Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

വിവ: മുഴങ്ങോട്ടുവിള കൃഷ്ണപിള്ള

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

കേരളഭാഷാഗാനം

(സംസ്കൃതമൂലത്തോടുകൂടി)

" Forwarded free of cost, and with the Compliments of the Department of Education, Government of India, New Delhi. "

ശ്രീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(Malayalam)

SREEMAD BHAGAVATHAM

With Sanskrit Original

Translated by
MUZHANGOTTUVILA KRISHNA PILLAI

Cover Design: M. Somu

First Published 1954
Reprinted 1962
Revised edition with Sanskrit Original June 1972
Reprinted March 1973
Revised Edition December 1973
Reprinted April 1990

PRINTED AT TAJ OFFSET PRINTERS, SIVAKASI

Price Rs. 300.00

Copyright
Sahitya Pravarthaka C. S. Ltd.

Publishers
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department
NATIONAL BOOK STALL
KOTTAYAM – TRIVANDRUM – ERNAKULAM – CANNANORE – TRICHUR
PALGHAT – QUILON – KOZHIKODE – ALLEPPEY – KALPETTA

Code No. P. 1590 01

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

D-7312

ശ്രീമദ് ഭാഗവതം

DONATION

കേരളഭാഷാഗാനം

(സംസ്കൃതമൂലത്തോടുകൂടി)

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

007312

വിവർത്തനം
മുഴങ്ങോട്ടുവിള കൃഷ്ണപിള്ള

" Forwarded free of cost, and with the Compliments of the Department of Education, Government of India, New Delhi."

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം ലിമിററഡ്

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 300.00

43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

S 5552 B 1802 1/89–90 6–3000 Code No. P. 43 1590 01

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

" Forwarded free of cost, and with the Compliments of the Department of Education, Government of India, New Delhi."

ഒന്നാംപതിപ്പിന്റെ

വാങ്മുഖസംക്ഷേപം

ഞാൻ ഭാഗവതം ഭാഷ കൊ.വ. 1123 ചിങ്ങം ആദ്യംമുതൽ എഴുതാൻ തുടങ്ങി. എന്നാൽ, ആ മാർഗ്ഗത്തെ നിരന്തരമായി തുടൎന്നുപോകാൻ തരമായില്ല. പരശ്ശതം കരണീയങ്ങളുടെ കയ്യേററവും മുഖപാഠത്തിലെ ചില ദുർഘടഘട്ടങ്ങൾ ഇടയ്ക്കിടയ്ക്കു തർജ്ജമസരണിയിൽ എന്നെ പിടിച്ചുനിർത്തിയതുമാണ് അതിന്റെ കാരണങ്ങൾ. അങ്ങനെ നിന്നും തുടൎന്നും ഭാഷാന്തരകർത്തവ്യം മുൻപോട്ടുമുൻപോട്ടു നീങ്ങി. ഇപ്പോഴാകട്ടെ എന്റെ ഉദ്യമമിതാ സമ്പൂർണ്ണമായിരിക്കുന്നു. പ്രഥമസ്കന്ധം മാത്രം 1125 വൃശ്ചികത്തിൽ പ്രസിദ്ധീകരിച്ചു.

എന്റെ അഭിവന്ദ്യഗുരുനാഥനായിരുന്ന പരമാനന്ദനാഥശ്രീ പന്നിശ്ശേരി നാണുപിള്ള അവർകൾ കേരളീയസഹൃദയലോകത്തിനു സുപരിചിതനാണ്. ആ ധന്യാത്മാവ് മുമ്പൊക്കെ ഭാഗവതപാരായണം നടക്കുന്ന ചില ഭവനങ്ങളിൽ അർത്ഥപ്രവചനാർത്ഥം ക്ഷണിക്കപ്പെടുക പതിവായിരുന്നു. തദവസരങ്ങളിൽ ചിലപ്പോഴൊക്കെ ഞാനുമുണ്ടാകും. ഗുരുപാദർ പ്രവചനമാർഗ്ഗത്തിൽ സഞ്ചരിക്കുന്നതിനിടയിൽ, ഇതസ്തതഃ മൂലഭാഗങ്ങൾ ഉദ്ധരിച്ച് അതിനെ പരിഭാഷയുമായി താരതമ്യപ്പെടുത്തി വിവർത്തകന്റെ അശക്തിയും തന്മൂലം ഗ്രന്ഥത്തിനുള്ള അപൂർണ്ണതയും പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ ഭാഗവതത്തിന് ഒരു ശരിയായ ഭാഷാന്തരം ഉണ്ടാക്കണമെന്ന് ഗുരുനാഥന് ഒരു താല്പര്യം ജനിച്ചു. വിനാവിളംബം ചതുശ്ശാസ്ത്രപണ്ഡിതനായ അദ്ദേഹവും അന്തേവാസിയായ ഞാനും ഈ ഭാഷാന്തരകൃത്യത്തിന് ഏർപ്പെടണമെന്നു തീരുമാനിക്കയും ഒരു ശുഭമുഹൂർത്തത്തിൽ പ്രഥമസ്കന്ധത്തിലെ പ്രഥമപദ്യം അദ്ദേഹവും ദ്വിതീയചരമഘട്ടം പത്തു പദ്യം ഞാനും എഴുതുകയുമുണ്ടായി. പക്ഷേ, ആ മഹനീയശ്രമം തുടൎന്നു മുഴമിക്കാൻ—പോരാ—തൃപ്തികരമായി, അല്പദൂരത്തോളമെങ്കിലും പോകാൻ, ദുർവ്വിധി അനുവദിച്ചില്ല. എന്തിനധികം, ആചാര്യപാദർ ആയിടതന്നെ—1118 ചിങ്ങം 4-ാംതീയതി—കാലയവനികയിൽ അന്തർഹിതനായെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ.

ഭാഷാന്തരത്തിന്റെ പൂർത്തീകരണത്തിൽ അദ്ദേഹം ഉൾക്കൊണ്ടിരുന്ന ആകാംക്ഷ കുറഞ്ഞൊന്നുമല്ലായിരുന്നില്ല. അതിന്റെ ഏകദേശരൂപം എനിക്കു വേണ്ടവണ്ണമറിയാമായിരുന്നു. എങ്കിലും തർജ്ജമവിഷയകമായ സമുദ്യമം തല്ക്കാലം അങ്ങനെ നിലച്ചുപോയി. അപ്പോഴേക്കു ഗുരുപാദർ തുടങ്ങിവച്ച ഭാഷാന്തരം മുഴുവനാക്കിയാൽക്കൊള്ളാമെന്ന് ഒരു പ്രേരണ എന്നെ ബലമായി ബാധിച്ചു. അതോടൊന്നന്നെ എന്റെ ഉത്തമസുഹൃത്തും ഗുരുനാഥപുത്രനുമായ ശ്രീനിവാസക്കുറുപ്പവർകൾ ആ വിഷയത്തിൽ എന്നെ നിർബ്ബന്ധിക്കുകയും ഗുരുനാഥൻ കുറിച്ചിട്ടിരുന്ന പ്രഥമസ്കന്ധത്തിലെ ഒന്നും രണ്ടും മൂന്നും ശ്ലോകങ്ങളുടെ പരിഭാഷ എന്നെ ഏല്പിക്കയുംചെയ്തു. ആ പദ്യങ്ങൾ മൂന്നെണ്ണവും അതേപടി ആദ്യം ചേർത്തുകൊണ്ട് ഗുരുപാദരുടെ അഭിലാഷത്തെ നിറവേററുന്നതിനു ഞാൻ സന്നദ്ധനായി. ഗുരുകാരുണ്യം നിർല്ലോഭമായി എനിക്കു ലഭിച്ചു എന്നാണെന്റെ വിശ്വാസം.

ശ്രീമഹാഭാഗവതത്തിന്റെ മാഹാത്മ്യം സർവ്വവിദിതമാണ്. ജനനമരണരൂപമായിപ്പരിവർത്തിക്കുന്ന പ്രപഞ്ചചക്രത്തിൽ ചുററിത്തിരിയുകയാണ് ജീവരാശികളെല്ലാം. അനിവാര്യദുഃഖഹേതുകമായ ഈ പരിഭ്രമണത്തിൽനിന്നു മുക്തിനേടുകയാണ് മനുഷ്യജീവിതത്തിന്റെ മുഖ്യലക്ഷ്യം. തത്വനിഷ്ഠവും തമസഃപരവുമായ പ്രസ്തുത പരമപുരുഷാർത്ഥം നേടിക്കൊടുക്കുന്നതിൽ ഭാഗവതമഹാപുരാണത്തിനു നിസർഗ്ഗസിദ്ധമായ നിപുണതയുണ്ട്. മുമുക്ഷുവായ പരീക്ഷിന്മഹാരാജാവ് ഭാഗവതശ്രവണംകൊണ്ടു മുക്തനായ കഥ ആർക്കും അറിഞ്ഞുകൂടാത്തതല്ല. അതും സപ്താഹംകൊണ്ടുമാത്രം. ഇങ്ങനെ പരമപുരുഷാർത്ഥസാധകമായ ഭാഗവതപുരാണം അതിന്റെ പൂർണ്ണരൂപത്തിലല്ലെങ്കിൽ തദഭിമുഖമായ പ്രയോജനം പൂജ്യമായിരിക്കും. ഇതു് ശരിയാണെങ്കിൽ ഭാഗവതത്തിന്റെ പരിപൂർണ്ണമായ ഭാഷാന്തരംതന്നെയാണ് കേരളീയർക്ക് ആവശ്യമെന്ന് ആരും സമ്മതിക്കതന്നെ ചെയ്യും. ഈ ഉദ്ദേശവും ഭാഗവതത്തെ ഭാഷപ്പെടുത്തുന്നതിൽ എന്നെ ശക്തിയായി പ്രേരിപ്പിച്ചിട്ടുണ്ട്. ''നാമൂലം ലിഖ്യതേ കിഞ്ചിത് നാനപേക്ഷിതമുച്യതേ'' എന്ന പരിഭാഷാനയത്തെ കഴിയുന്നത്ര അനുസരിക്കാൻ എന്റെ ശ്രമം വിനിയോഗിച്ചിട്ടുണ്ട്. മൂലത്തിലെ ഒരു വരിപോലും തർജ്ജമാധീനമാക്കാതെ തള്ളിക്കളഞ്ഞിട്ടില്ല. ഭാഷയുടെ ലാളിത്യത്തിലും സംസ്കരണത്തിലും ആകാവുന്നിടത്തോളം ശ്രദ്ധവച്ചിട്ടുണ്ട്. ഭാഗവതമാഹാത്മ്യത്തിൽ സന്ദർഭോചിതമായി 4-ം, 5-ം അദ്ധ്യായങ്ങളിൽ ചില വരികൾ കൂട്ടിച്ചേർത്തിട്ടുള്ളതു് സഹൃദയലോകം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

ഗുരുതരങ്ങളായ കൃത്യശതങ്ങൾക്കിടയിലും ഈ പരിഭാഷയെ മൂലകൃതിയുമായിച്ചേർത്തു വായിച്ച് ഉചിതങ്ങളായ ഉപദേശനിർദ്ദേശങ്ങൾ നല്കുകയും ഭാവഗംഭീരമായ ഒരവതാരികയാൽ എന്നെ സവിശേഷമനുഗ്രഹിക്കുകയുംചെയ്ത പണ്ഡിതാഖണ്ഡലനും സഹൃദയശിരോരത്നവുമായ മാ. രാ. രാ. എൻ. ഗോപാലപിള്ള അവർകൾ എം. എ. (സംസ്കൃതകോളേജ് പ്രിൻസിപ്പൽ)യോടു് ഞാൻ യാവജ്ജീവം കൃതജ്ഞനാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യക്തിപരമായ നിലയിൽ എനിക്കു സമുചിതങ്ങളായ ഉപദേശങ്ങൾ തന്നു സഹായിച്ച ശ്രീ പി. ബാലകൃഷ്ണപിള്ള എം. എ., ഡോ. പി. കെ. നാരായണപിള്ള എം. എ., പിഎച്ച്. ഡി., പണ്ഡിതമഹോപാദ്ധ്യായശിരോമണി കെ. ബാലരാമപ്പണിക്കർ, പി. ശേഷാദ്രി അയ്യർ എം. എ. എന്നിവരോടും എനിക്കുള്ള നന്ദിയെ ഞാൻ സസ്നേഹം പ്രകാശിപ്പിച്ചുകൊള്ളുന്നു.

തർജ്ജമ അപ്പോഴപ്പോഴായി വായിച്ചുകേട്ടഭിനന്ദിച്ചും സമീചീനങ്ങളായ നിർദ്ദേശങ്ങൾ നല്കിയും ഈ മഹോദ്യമത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയുംചെയ്തിട്ടുള്ള ഭാഷാഭിമാനികളും സഹൃദയരുമായ ശ്രീ വാഴപ്പിള്ളേത്തു കൊച്ചുരാമൻപിള്ള, ശ്രീ കവിദീപൻ എം. കെ. നാരായണപിള്ള, ഗുരുപുത്രൻ ശ്രീ പന്നിശ്ശേരിൽ ശ്രീനിവാസക്കുറുപ്പ്, ശ്രീവദ്ധനത്തു് എൻ. കൃഷ്ണപിള്ള എം. എ., പണ്ഡിതകവി കെ. കുഞ്ഞുപിള്ളപ്പണിക്കർ, ബ്രഹ്മശ്രീ വിദ്യാനന്ദതീർത്ഥപാദസ്വാമികൾ, സുപ്രസിദ്ധ ജോത്സ്യന്മാരും പണ്ഡിതന്മാരുമായ ശ്രീ മഠത്തിൽ ശങ്കുപ്പിള്ള മുൻഷി, ശ്രീ ചാങ്ങയിൽ ഗോപാലക്കുറുപ്പ് എന്നിവരോടും വിശേഷിച്ചു കമ്പളത്തു ശങ്കുപ്പിള്ള അവർകളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞതയും പ്രകടമാക്കിക്കൊണ്ടു് ഹൃദയാലുക്കളായ കേരളീയമഹാജനങ്ങളുടെ ദയാപൂർവ്വമായ അംഗീകാരത്തിനായി ഈ നവീന ഭാഷാഭാഗവതത്തെ പുറത്തയച്ചുകൊള്ളുന്നു.

കരുനാഗപ്പള്ളി
9-3-1954

പരിഭാഷകൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാംപതിപ്പിന്റെ

മുഖവുര

ഞാൻ മൂലത്തിനൊത്തു ഭാഷാന്തരംചെയ്ത ഭാഗവതം ഭാഷാഗാനം ദേവസ്വംബോർഡിന്റെ സഹായധനത്തോടുകൂടി 1954-ൽ ആണു് ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു്. അന്നുമുതൽ മൂലവുമായി വീണ്ടും ഓരോ പദ്യവും പരിശോധിച്ചു വേണ്ട ഭേദഗതികൾ ചെയ്തു തയാറാക്കിയ ഈ രണ്ടാംപതിപ്പു് കേരളസാഹിത്യ അക്കാഡമിയുടെ സഹായധനത്തോടുകൂടിയാണു് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്. കടലാസ്സിന്റെ വിലക്കൂടുതലും കൂലിക്കൂടുതലുംമൂലം അന്നത്തേതിൽ ഇരട്ടിച്ചെലവു് ഈ പതിപ്പിനു വേണ്ടിവന്നിട്ടുണ്ടു്.

സഹൃദയരായ ഭക്തജനങ്ങൾക്കു് ഇവിടെ ഒരു പ്രബലമായ സന്ദേഹം വരാം. മധുമയഫണിതികൾക്കു മാർഗ്ഗദർശിയായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ മഹാഭാഗവതം ഭാഷയുള്ളപ്പോൾ പിന്നെയൊരു ഭാഷാന്തരം എന്തിനെന്നു്, അതിലും വിശേഷിച്ചു് ഒരു സാധാരണക്കാരന്റേതു്. ഈ സന്ദേഹത്തിനു സമുചിതമായ പരിഹാരം ആവശ്യംതന്നെ. നിലവിലിരിക്കുന്ന ഭാഗവതം മൂലത്തിനൊത്ത ഭാഷാന്തരമല്ല. അതിപ്രൗഢങ്ങളും അവശ്യവിജ്ഞേയങ്ങളുമായ പല ഭാഗങ്ങളും എന്തുകൊണ്ടോ അതിൽ ഉൾപ്പെട്ടുകാണുന്നില്ല. എന്നുമാത്രമല്ല, മറ്റു ചില സന്ദർഭങ്ങളിൽ ആർത്ഥികവിഷയത്തിൽ അന്യഥാ ഭാഷപ്പെടുത്തിയും കാണുന്നു. സാധാരണക്കാർക്കുപോലും വരാൻ ഇടയില്ലാത്തതായ ഇത്തരം പ്രമാദങ്ങൾ അനുഗൃഹീതനും അഭിജ്ഞമൂർദ്ധന്യനുമായ രാമാനുജാചാര്യക്കു് സംഗതമാവാൻ ഇടയില്ലെന്നാണു് എന്റെ ബലമായ വിശ്വാസം. ഇതിലേക്കു്, കൊല്ലം ശ്രീരാമവിലാസം പ്രസ്സിൽനിന്നും 1956-ൽ പ്രസിദ്ധീകരിച്ച ഭാഗവതം 13-ാംപതിപ്പിന്റെ അവതാരികയിൽ ശ്രീമാൻ എം. കെ. ഗോവിന്ദപ്പിള്ളശാസ്ത്രി ''വശ്യവചസ്സായ എഴുത്തച്ഛന്റെ കാവ്യാമൃതത്തെ അദ്ധ്യാത്മരാമായണത്തിലും ഭാരതത്തിലും നിന്നു് ആസ്വദിക്കുവാൻ കഴിഞ്ഞിട്ടുള്ളവർ ഭാഗവതം കിളിപ്പാട്ടു് എഴുത്തച്ഛന്റേതെന്നു പറയുകയില്ല—വിശേഷിച്ചു സാധാരണനായ ഒരു കാവ്യജ്ഞനു തെററിപ്പോകാത്ത പല അബദ്ധങ്ങളും ഇതിന്റെ തർജ്ജമക്കാരനു വന്നുകൂടിട്ടുമുണ്ടു്'' എന്നു പറഞ്ഞിട്ടു് അതിലെ പല തെററുകളും എടുത്തുകാണിച്ചു് ഇതു് എഴുത്തച്ഛന്റേതെന്നു പറയുന്നവർ അദ്ദേഹത്തെ ആക്ഷേപിക്കയാണെന്നു രേഖപ്പെടുത്തിയിരിക്കുന്നതും, യശശ്ശരീരനായ സാഹിത്യപഞ്ചാനനൻ ശ്രീ പി. കെ. നാരായണപിള്ള അദ്ദേഹത്തിന്റെ 'എഴുത്തച്ഛൻ' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള നിരൂപണങ്ങളും മതിയായ തെളിവുകളാണു്.

മൂലത്തിനൊത്ത ഒരു ഭാഷാന്തരം വേണമെന്നുള്ള മലയാളികളുടെ ആഗ്രഹത്തെ മുൻനിർത്തി വളരെനാളത്തെ ശ്രമഫലമായി നിർവ്വഹിച്ചിട്ടുള്ള ഈ പുസ്തകത്തിന്റെ പ്രചരണത്തിനു വേണ്ടി അഭിപ്രായങ്ങളയച്ചുതന്നും മറ്റു പല വിധത്തിലും എന്നെ സഹായിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ ശ്രീ കമ്പളത്തു ശങ്കുപ്പിള്ള, കരുവാററാ ശ്രീ കേശവക്കുറുപ്പു വൈദ്യൻ, ബ്രഹ്മശ്രീ വിമലാനന്ദസ്വാമികൾ, വിദ്യാനന്ദതീർത്ഥപാദസ്വാമികൾ, യശശ്ശരീരനായ മല്ലശ്ശേരി മാധവൻപിള്ള, ഓണക്കോട്ടു വേലുപ്പിള്ള, പനച്ചക്കുളങ്ങര കേശവപിള്ള, കോളശ്ശേരിൽ ശ്രീ കെ. രാമക്കുറുപ്പു്, മലബാറിൽ കനകത്തടത്തിൽ ഒതേനൻനമ്പ്യാർ, തൈക്കാട്ടു വിമൻസ് ഹോസ്പിററൽ സർജൻ ശ്രീമതി കമലമ്മ, പുതുവീട്ടിൽ ശ്രീമതി മീനാക്ഷിഅമ്മ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ഇതിന്റെ പുനഃപ്രസിദ്ധീകരണത്തിനു് 2500 രൂപ അനുവദിച്ചുതന്ന മഹാനുഭാവനായ കേരളസാഹിത്യ അക്കാഡമി പ്രസിഡണ്ടു് അവർകളും, തൽപ്രവർത്തകന്മാരും, കൂടാതെ ഇതിന്റെ നിർവ്വഹണത്തിനു് വളരെയേറെ കഷ്ടനഷ്ടങ്ങൾ സഹിച്ചു് ആദ്യന്തം മൂലഗ്രന്ഥംവച്ചു പരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശോധിക്കുന്നതിൽ എന്നെ സഹായിച്ച പ്രസിദ്ധ ജ്യോത്സ്യവര്യൻ ചാങ്ങയിൽ ശ്രീ ഗോപാലക്കുറുപ്പും, സഹൃദയനും ഗുരുപുത്രനുമായ പന്നിശ്ശേരിൽ ശ്രീനിവാസക്കുറുപ്പും എന്റെ പ്രത്യേക കൃതജ്ഞതയ്ക്കു് അർഹരാണു്.

ഇതിന്റെ പുനഃപ്രസിദ്ധീകരണത്തിനു കേരളസാഹിത്യ അക്കാഡമി 2500 രൂപ അനുവദിച്ചപ്പോൾ കേരളത്തിലെ പ്രധാനപ്പെട്ട പല പ്രസിദ്ധീകരണക്കാരെയും ഞാൻ സമീപിച്ചു് അവസാനം പരാജയബോധത്തോടെ പിൻമടങ്ങുമ്പോൾ, പേപ്പർ വിലപോലും മുൻകൂട്ടി ആവശ്യപ്പെടാതെ ഇതിന്റെ പ്രസിദ്ധീകരണത്തിനു വേണ്ടുന്ന എല്ലാ സാമ്പത്തികസഹായങ്ങളും ചെയ്തുതന്നു സഹായിച്ച കൊല്ലം 'വിദ്യാഭിവർദ്ധിനി' പ്രസ്സുടമസ്ഥൻ ശ്രീ എം. ബാലകൃഷ്ണറെഡ്യാർ അവർകളോടും, തൽപ്രവർത്തകരോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

പരമാനന്ദനാഥഗുരുപാദസ്മരണയോടുകൂടി,
പരിഭാഷകൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒന്നാംപതിപ്പിൻെറ

അവതാരിക

പുരാതന ഭാരതീയസാഹിത്യത്തിൻെറ പ്രസിദ്ധവും വിപുലവുമായ ഒരു വിഭാഗമാണ് അഷ്ടാദശപുരാണങ്ങൾ. അവയുടെ അഞ്ചു ലക്ഷണങ്ങൾ—അവയുടെ ഉള്ളടക്കമായ അഞ്ചു വിഷയങ്ങൾ—സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം എന്നിവയാണെന്നും പ്രസിദ്ധമാണ്. സൃഷ്ടി, ലയംകഴിഞ്ഞുള്ള പുനഃസൃഷ്ടി, ഋഷിമാർ, ദേവന്മാർ തുടങ്ങിയവരുടെ വംശചരിതം, ഓരോരോ മനുക്കളുടെ കാലവും ചരിത്രവും, സൂര്യചന്ദ്രാദിപ്രഭവങ്ങളായ രാജവംശങ്ങളുടെ ചരിത്രം ഇവയാണ് പുരാണങ്ങളുടെ പ്രതിപാദ്യം എന്നു സാരം. യഥാർത്ഥത്തിൽ ഈ ലക്ഷണമെല്ലാം എല്ലാ പുരാണങ്ങൾക്കും ഒരുപോലെ പററുന്നതല്ല. എന്നാൽ, ശൈവമോ വൈഷ്ണവമോ ആയ ഒരു ദേവതയുടേയോ അവതാരത്തിൻേറയോ മാഹാത്മ്യത്തെ കീർത്തിക്കുക ഏതു പുരാണത്തിൻേറയും പ്രധാന ധർമ്മമാണ്. അതുകൊണ്ടുതന്നെയായിരിക്കണം ഭാഗവതാദികളായ ചില പുരാണങ്ങളിൽ മഹാപുരാണങ്ങൾക്കു പത്തു ലക്ഷണങ്ങൾ പറയുന്നത്. സർഗ്ഗം, വിസർഗ്ഗം, സ്ഥാനം, പോഷണം, മന്വന്തരം, മുക്തി, നിരോധം, ഈശകഥ, ഊതി, ആശ്രയം എന്നിവയാണ് ദശലക്ഷണങ്ങൾ എന്ന് ദ്വിതീയസ്കന്ധത്തിൽ പറയുന്ന ഭാഗവതത്തിൽ(സ്കന്ധം II, അദ്ധ്യായം X)ത്തന്നെ ദ്വാദശസ്കന്ധത്തിൽ (സ്കന്ധം XII, അദ്ധ്യായം VII) ചില വ്യതിയാനങ്ങളോടുകൂടി ലക്ഷണങ്ങൾ പറഞ്ഞു് സംഖ്യ പത്തും പററിച്ചിട്ടുണ്ട്. ഏതായാലും, സർവ്വാശ്രയവും അപാശ്രയവുമായ പരമാത്മാവിനെപ്പററിയുള്ള ബോധമാണ് പുരാണങ്ങളുടെയെല്ലാം പരമപ്രധാനമായ ധർമ്മമെന്നു സുസമ്മതമാണ്.

പതിനെട്ടു പുരാണങ്ങളുടേയും കർത്തൃത്വം കലിയുഗാരംഭത്തിൽ ജീവിച്ചിരുന്നുവെന്നു സങ്കല്പിതനായ വ്യാസമഹർഷിയിൽ ആരോപിതമായിരിക്കുന്നു. കലിയുഗാരംഭം മഹാഭാരതയുദ്ധാവസാനത്തിലാണെന്നാണ് സാമാന്യബോധം. വരാഹമിഹിരൻ തുടങ്ങിയ ചില പ്രാചീനപണ്ഡിതന്മാർ കലിവർഷം 653-ൽ മഹാഭാരതയുദ്ധം നടന്നുവെന്നും പ്രസ്താവിക്കുന്നില്ലെന്നില്ല. എങ്ങനെയായാലും, ഭാരതയുദ്ധവീരന്മാരുടെ സമകാലികനായ വ്യാസൻെറ പുരാണങ്ങളിലെ രാജവംശചരിത്രങ്ങൾ മഹാഭാരതകാലംവരെയുള്ള വസ്തുതകളിൽ വന്ന് അവസാനിക്കുന്നതുപോലെ തോന്നും. എന്നാലും ആ ചരിത്രം അനന്തരകാലത്തേക്കു തുടർന്നുപോകുന്നുണ്ട്. മാത്സ്യം, വായവം, ബ്രഹ്മാണ്ഡം, വൈഷ്ണവം, ഗാരുഡം, ഭവിഷ്യം, ഭാഗവതം എന്നീ പുരാണങ്ങളെല്ലാം ഭൂതകാലരാജവംശപരമ്പരയെ തുടർന്നു ഭവിഷ്യൽകാലവംശപരമ്പരയിലേക്കു കടന്നുപോകുന്നു. ഒന്നേയുള്ള വ്യത്യാസം. ഭവിഷ്യത് കഥാകഥനമെന്ന സങ്കല്പത്തിൽ അനന്തരചരിത്രം ഭവിഷ്യത്കാലക്രിയകൾ ഉപയോഗിച്ച് പ്രസ്തുതമാകുന്നു. ആർഷമായ ദീർഘദർശനമാണ് ഇവയെന്നു വിശ്വസിക്കുന്നതു ഹിതമല്ലേ? അങ്ങനെ, ഭാരതചരിത്രത്തിൽ അന്യഥാ സുവിദിതങ്ങളായ പല രാജവംശങ്ങളെപ്പററിയും പല വസ്തുതകളും ഈ പുരാണങ്ങളിൽനിന്നും നമുക്കു ലഭിക്കുന്നുണ്ട്. ശിശുനാഗന്മാർ, നന്ദന്മാർ, മൗര്യന്മാർ, ശുംഗന്മാർ, ആന്ധ്രന്മാർ ഗുപ്തന്മാർ എന്നിങ്ങനെ പ്രശസ്തങ്ങളായ രാജവംശങ്ങളെപ്പററി ചില അമൂല്യങ്ങളായ സത്യങ്ങൾ നമുക്കു ഗ്രഹിക്കാവുന്നതാണ്. ഗൗതമബുദ്ധൻെറ സമകാലികന്മാരായ ബിംബിസാരനും അജാതശത്രുവും ശിശുനാഗവംശീയരായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ക്രി. മു. 322-ൽ സിംഹാസനാരോഹണംചെയ്തെന്ന് ഗ്രീക്കുചരിത്രത്തിൽനിന്നും നിർണ്ണയിക്കാവുന്ന മൗര്യചന്ദ്രഗുപ്തൻെറ കാലംമുതൽ നാം സുനിശ്ചിതമായ ചരിത്രകാലഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്. ക്രിസ്തു: നാലാംശതകത്തിൽ വാണിരുന്ന ചന്ദ്രഗുപ്തൻെറ കാലംവരെ വായുപുരാണത്തിൽ കാണുന്നുണ്ട്. ഏതായാലും, ഏഴാംശതകംമുതൽ നാടുവാണ മഹാന്മാരായ ചക്രവർത്തിമാരെപ്പററി പ്രാചീനങ്ങളായ ഈ യഥാർത്ഥപുരാണങ്ങളിൽ കാണാത്തതുകൊണ്ട് അവയുടെ നിർമ്മാണകാലം ഏഴാംശതാബ്ദത്തിനു മുമ്പ് ആയിരിക്കണമെന്ന് ഊഹിക്കാവുന്നതാണ്. പ്രാചീനപുരാണങ്ങൾ അധികവും ക്രിസ്തുവർഷാരംഭത്തിനു ശേഷം നിർമ്മിതമല്ലെന്നു സാമാന്യേന തീർച്ചയാക്കാവുന്നതാണ്. ഈ പുരാണങ്ങളുടെ നിർമ്മാണകാലത്തെ വളരെ അടുത്തകാലത്തേക്ക്, ഇന്നേക്ക് ഒരു ആയിരമാണ്ടു മുമ്പേക്കു തള്ളിനീക്കുന്ന ആധുനികപണ്ഡിതന്മാർ അവയെ കലിയുഗാരംഭകാലത്തേക്ക് ഉന്തിക്കൊണ്ടുപോകുന്ന യാഥാസ്ഥിതികപണ്ഡിതന്മാരെപ്പോലെതന്നെ അയഥാർത്ഥവാദികളാണ്. ഒന്നു തീർച്ചയാണ്. കലിയുഗാരംഭഘട്ടത്തിലോ അതിനുമുമ്പോ നടന്നിരിക്കാവുന്ന ചരിത്രസംഭവങ്ങളുടേയും പരമ്പരാപ്രാപ്തങ്ങളായ വിവരങ്ങൾ ഈ ഗ്രന്ഥസമുച്ചയത്തിൽ കാണുന്നുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

അതിപുരാതനങ്ങളായ ഭാരതീയരാജവംശങ്ങളെപ്പററി അനർഘങ്ങളും അനന്യതോലഭ്യങ്ങളുമായ പല വസ്തുതകളും ഈ ഗ്രന്ഥങ്ങളിൽനിന്നും സംഭരിക്കാമെന്നു സൂചിപ്പിച്ചല്ലോ. ഭാരതീയങ്ങളായ മതഭേദങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, തത്ത്വസംഹിതകൾ, ധർമ്മസിദ്ധാന്തങ്ങൾ, ശാസ്ത്രചിന്തകൾ എന്നിവയെപ്പററി വിശദങ്ങളും വിശിഷ്ടങ്ങളുമായ പല വിവരങ്ങളും ഇവയിൽനിന്നും നമുക്കു ലഭിക്കുന്നുണ്ട്. എന്നാലും, സീമാതിലംഘിയായ അതിശയോക്തി എന്നൊരു ദോഷം അടിക്കടി നമുക്ക് അനുഭവപ്പെടും. ഉർവ്വശിയും പുരൂരവസ്സും ഒരുമിച്ചു രമിച്ചുകഴിയുന്ന നാലുവർഷത്തേക്ക് എന്ന് ഋഗ്വേദം പറയുമ്പോൾ, വിഷ്ണുപുരാണം അവരുടെ കാമലീലാവിലാസങ്ങൾ 61000 സംവത്സരക്കാലത്തേക്കു ദീർഘിപ്പിക്കുന്നു. പ്രാചീനപുരാണങ്ങൾ ഏഴ് നരകങ്ങളെ വർണ്ണിക്കുമ്പോൾ, ശതസഹസ്രം നരകങ്ങളെപ്പററി ഭാഗവതം വിവരിക്കുന്നു. കാലം പോയ പോക്കിനു വരുന്ന മാററങ്ങളാണ് ഇവയെല്ലാം. ഈ അത്യുക്തികളുടെ കാടും പടലുമെല്ലാം തെളിച്ചുനോക്കിയാൽ അനവദ്യങ്ങളായ അനവധി തത്വരത്നങ്ങൾ ഈ വിശാല കാന്താരങ്ങളിൽ തങ്ങിവിളങ്ങുന്നതു കാണാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാണങ്ങളിൽവച്ച് ഏററവും പ്രസിദ്ധിയും പ്രചാരവും സിദ്ധിച്ചിട്ടുള്ള കൃതി ഭാഗവതമാണ്. 12 സ്കന്ധങ്ങളിലായി 8000 ശ്ലോകങ്ങൾ അടങ്ങിയ ഈ ഗ്രന്ഥം ഇന്നും അനേകകോടി ഭാരതീയരുടെ നിത്യാരാധനയ്ക്കു പാത്രമായി വിജയിക്കുന്നു. മററെല്ലാ പുരാണങ്ങളുടേയും എന്നപോലെ ഭാഗവതത്തിന്റേയും കർത്തൃത്വം വ്യാസനിൽ ആരോപിതമാണ്. അസമീചീനങ്ങളായ ചില യുക്തികളെ ആശ്രയിച്ച് ആധുനികരായ ചില പാശ്ചാത്യപണ്ഡിതന്മാർ ഭാഗവതത്തിന്റെ കർത്തൃത്വം ക്രിസ്തുവഷം പതിമൂന്നാംശതകത്തിൽ ജീവിച്ചിരുന്ന വൈയാകരണനായ ബോപദേവനിൽ ചുമത്തുന്നുണ്ട്. ഭാഗവതത്തെ ഉപജീവിച്ചുള്ള 'മുക്താഫല'ത്തിന്റെയും ഭാഗവതാനുക്രമണിയായ 'ഹരിലീല'യുടെയും കത്താവാണ് ബോപദേവൻ എന്നതിൽക്കവിഞ്ഞ യുക്തികളൊന്നും ഈ വാദത്തിനു് ഉപോദ്ബലകമായിട്ടില്ല.

ഭാഗവതപുരാണത്തിന്റെ ആവിർഭാവം ഏതാണ്ട് ക്രിസ്തു: ഒമ്പതാംശതകത്തിനുശേഷമാണെന്ന് ഊഹിക്കാമെന്നു തോന്നുന്നു. ഒമ്പതാംശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ശങ്കരാചാര്യൻ ഇത്ര പ്രസിദ്ധമായ ഭാഗവതപുരാണത്തെ സ്മരിച്ചുകാണുന്നില്ല. പന്ത്രണ്ടാംശതകത്തിൽ ജീവിച്ചിരുന്ന ഗീതഗോവിന്ദകത്താവായ ജയദേവനു സുവിദിതമായിരുന്ന രാധാപ്രേമകഥ ഭാഗവതത്തിന് അജ്ഞാതമാണ്. ഇക്കാരണങ്ങൾകൊണ്ട് ഒമ്പതും പന്ത്രണ്ടും ശതാബ്ദങ്ങൾക്കിടയ്ക്കാണ് ഭാഗവതത്തിന്റെ ഉൽപത്തിയെന്ന് ഊഹിക്കുന്നുണ്ട്. എന്നാൽ അതിൽ പ്രതിപാദ്യങ്ങളായ പല വസ്തുതകളുടേയും പുരാതനത്വം അസന്ദിഗ്ദ്ധവുമാണ്.

ഭാഗവതത്തിൽ ഏററവും പ്രസിദ്ധമായ ഭാഗം കൃഷ്ണാവതാരകഥ വർണ്ണിക്കുന്ന ദശമസ്കന്ധമാണല്ലോ. 'ഹരിവംശ'ത്തിലും വിഷ്ണുപുരാണത്തിലുമുള്ള ശ്രീകൃഷ്ണചരിതത്തെക്കാൾ സവിസ്തരതരമായ വിവരണമാണ് ദശമസ്കന്ധത്തിൽ കാണുന്നതു്. എന്നാലും പില്ക്കാലത്ത് പ്രചാരപ്രാചുര്യം സിദ്ധിച്ച രാധാനുരാഗകഥ ഭാഗവതത്തിൽ കാണുന്നില്ല. അക്കഥ എങ്ങനെയോ പത്മപുരാണത്തിലും ബ്രഹ്മവൈവർത്തപുരാണത്തിലും കടന്നുകൂടിയിട്ടുമുണ്ട്. മഹാഭാരതത്തിലും ഹരിവംശത്തിലും ഭാഗവതത്തിലുമില്ലാത്ത ഒരു നൂതനകഥാപാത്രം ശ്രീകൃഷ്ണന്റെ ശക്തിസ്വരൂപിണിയായ രാധയുടെ രൂപത്തിൽ ബ്രഹ്മവൈവർത്തത്തിൽ പ്രത്യക്ഷമാകുന്നു. ജയദേവൻ, നിംബാക്കൻ, ചൈതന്യൻ തുടങ്ങിയ മഹാന്മാരുടേയും അനന്തരഭാരതീയജനപരമ്പരയുടേയും അകൈതവമായ ഭക്തിക്കും ആരാധനയ്ക്കും ആ അഭിനവദേവത ഭാജനമാകുന്നു. ഭാരതീയഭക്തിചരിത്രത്തിലെ അത്ഭുതാവഹമായ ഒരു സംഭവമാണ് ഇതു്.

ഭാഗവതപുരാണത്തിന് ഇന്നത്തെ രൂപത്തിൽ ഒരു ആയിരം വർഷത്തോളമേ പഴക്കമുള്ളുവെന്നു വാദിക്കാമെങ്കിലും അതിപ്രാചീനമാണ് ഭാഗവതമതം എന്നു സമ്മതിച്ചേ കഴിയൂ. ഛാന്ദോഗ്യോപനിഷത്തിൽ ആംഗിരസഗോത്രീയനായ ഘോരൻ എന്ന ഋഷിയുടെ ശിഷ്യനായി ദേവകീപുത്രനായ കൃഷ്ണൻ പ്രത്യക്ഷമാകുന്നുണ്ട്. ക്രി. മു. അഞ്ചാംശതകത്തിൽ ജീവിച്ചിരുന്ന പാണിനിയുടെ 'അഷ്ടാധ്യായി'യിൽ വാസുദേവാർജ്ജുനാഭ്യാം വുൻ' എന്ന സൂത്രംകൊണ്ട് 'വാസുദേവകൻ' എന്ന ശബ്ദത്തിന് വാസുദേവനിൽ ഭക്തിയുള്ളവൻ എന്ന് അത്ഥം വിധിക്കുന്നു. ക്രി. മു. രണ്ടാംശതകത്തിൽ ജീവിച്ചിരുന്ന പതഞ്ജലി 'മഹാഭാഷ്യ'ത്തിൽ 'ഭഗവാ'ന്റെ സംജ്ഞയാണ് ('സംജ്ഞൈഷാ ഭഗവതഃ') വാസുദേവശബ്ദം എന്നു പ്രസ്താവിക്കുന്നു. ഗ്വാളിയർ സംസ്ഥാനത്തിൽ ബേസ്നഗർ (ഭിൽസ) എന്ന സ്ഥലത്തു് ഇന്നും സ്ഥിതിചെയ്യുന്ന ഗരുഡധ്വജത്തിലുള്ള ബ്രാഹ്മീലിഖിതത്തിൽനിന്നും ആ ധ്വജപ്രതിഷ്ഠാകാലത്തു് ഭാഗവതമതം പ്രചരിച്ചിരുന്നുവെന്ന് അസംശയിതവ്യമായി വ്യക്തമാകുന്നു.

ക്രി. മു. രണ്ടാംശതകത്തിൽ (ക്രി. മു. 113-ൽ) ഭാഗഭദ്രൻ എന്ന രാജാവിന്റെ രാജധാനിയിൽ അന്തലികിതൻ (Antialcidas) എന്ന മഹാരാജാവിന്റെ ദൂതനായിവന്ന ഹേലിയോദോരൻ (Heliodores) എന്ന ഭാഗവതനായ യവനൻ ദേവദേവനായ വാസുദേവന് ഒരു ഗരുഡധ്വജം പ്രതിഷ്ഠിപ്പിച്ചുവെന്ന് ആ ലിഖിതത്തിൽ നിന്നും സ്പഷ്ടമാകുന്നു.

(''ദേവദേവസ്യ വാസുദേവസ്യ ഗരുഡധ്വജോഽയം കാരിതോ
ഹേലിയോദോരേണ ഭാഗവതേന ദിയസ്യ പുത്രേണ
തക്ഷശിലാകേന യോനദൂതേന ആഗതേന മഹാരാജസ്യ
അന്തലികിതസ്യ ഉപാന്താത് സകാശം രാജ്ഞഃ കാശീപുത്രസ്യ ഭാഗഭദ്രസ്യ'')

എന്നുള്ള ശിലാലിഖിതം നോക്കുക.

തൈത്തിരീയ ആരണ്യകത്തിലുള്ള ഗായത്രീമന്ത്രങ്ങളുടെകൂട്ടത്തിൽ,

''നാരായണായ വിദ്മഹേ
വാസുദേവായ ധീമഹി
തന്നോ വിഷ്ണുഃ പ്രചോദയാത്.''—പ്രപാഠകം X

എന്ന മന്ത്രം കാണുന്നുണ്ട്. വാസുദേവനു നാരായണനും വിഷ്ണുവുമായുള്ള അഭേദം ഇവിടെ സ്പഷ്ടമായി പ്രസ്തുതമാകുന്നു. വേദത്തിൽ സൂര്യദേവതയായി പ്രത്യക്ഷപ്പെടുന്ന വിഷ്ണു കാലാന്തരത്തിൽ വാസുദേവകൃഷ്ണനായി രൂപാന്തരപ്പെടുന്നതു കൗതുകാവഹമാണ്. വൈദികദേവതയായ വിഷ്ണുവിന്റെ ലക്ഷണങ്ങൾ പലതും പൗരാണികദേവതയായ വിഷ്ണുവിലും കൃഷ്ണനിലും സംക്രമിച്ചിരിക്കുന്നു. ത്രിവിക്രമനാണ് വിഷ്ണു—''യസ്യോരുഷു ത്രിഷുവിക്രമണേഷു, അധിക്ഷിയന്തി ഭുവനാനി വിശ്വാ'' ഋഗ്വേദം (1-154-2) വാമനാവതാരത്തിൽ വിഷ്ണു ത്രിവിക്രമനാകുന്നുണ്ടല്ലോ.

വേദത്തിൽ 'കചരൻ' ആണ്—കുത്സിതകർമ്മങ്ങൾ അനുഷ്ഠിക്കുന്നവനാണ്—വിഷ്ണു. വെണ്ണ മുതലായതു കവരുന്നവൻ എന്നു വർണ്ണിക്കുന്നുണ്ട്. വിഷ്ണുവിന്റെ വാസസ്ഥലങ്ങളെ (വാസ്തുക്കളെ) അനേകം കൊമ്പുകളും വേഗവുമുള്ള പശുക്കൾ ഉള്ളിടം (യാത്ര ഗാവോ ഭൂരിശൃംഗാ അയാസഃ) എന്നും വർണ്ണിക്കുന്നു. ഗോപാലൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്ന അർത്ഥത്തിൽ 'ഗോപാ' എന്ന വിശേഷണവും വിഷ്ണുവിനു കാണുന്നുണ്ട്. അങ്ങനെ നവനീതചോരനായി ഗോകുലവാസിയായ ഗോപാലനായി പുരാണങ്ങളിൽ പരിണമിക്കുന്ന കൃഷ്ണന്റെ ആദിരൂപം വൈദിക ദേവതയായ വിഷ്ണുവിൽ തെളിഞ്ഞുകാണാം.

മേൽക്കാണിച്ച വസ്തുതകളിൽനിന്നും, വൈദികകാലംതൊട്ടു ക്രമാനുഗതമായ വികാസവും അഭിവൃദ്ധിയും പ്രാപിച്ചിട്ടുള്ളതാണ് വാസുദേവകൃഷ്ണസങ്കല്പമെന്നും ഭാഗവതമതവും ആ മതത്തിന്റെ ജീവനായ ഭക്തിയും എല്ലാം ആ സങ്കല്പത്തോടു സംസക്തമായ പുരാതനഭാരതീയസംസ്കാരത്തിന്റെ നിസർഗ്ഗസംഫുല്ലമായ കുസുമമാണെന്നും തെളിയുന്നതാണ്. പക്ഷേ, ഭഗവദ്ഗീത പഠിച്ച ചില പാശ്ചാത്യപണ്ഡിതന്മാർ, ലാറിൻസർ (F. Lorinser), വെബെർ (A. Weber), ഹാപ്കിൻസ് (E. W. Hopkins) മുതലായ ചില വിദ്വാന്മാർ ക്രിസ്തുമതവേദപുസ്തകത്തിലെ ചില ആശയങ്ങളോട് ഗീതാതത്ത്വങ്ങളിൽ ചിലതിനു സാദൃശ്യം കാണുന്നുണ്ടെന്നും ആ സദൃശാശയങ്ങൾ ക്രൈസ്തവവേദത്തിൽനിന്നും സംക്രമിച്ചതായിരിക്കാമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ ഭാഗവതമതം വളരെ അർവ്വാചീനമായതുകൊണ്ട് പ്രാചീനമായ ക്രിസ്തുമതത്തിലെ ആശയങ്ങൾ ഇങ്ങോട്ടു പകർന്നതായിരിക്കണം എന്ന് ഊഹമായി. ക്രിസ്തുവിനുമുമ്പ് രണ്ടാംനൂററാണ്ടിലെ ഭാഗവതനായ ഗ്രീക്കുകാരൻ ഹേലിയോദോരൻ സ്ഥാപിച്ച ഗരുഡധ്വജത്തിന്റെ തെളിവു പുറത്തുവന്നതോടുകൂടി കാററു തിരിഞ്ഞടിക്കുമെന്നുള്ള മട്ടായി. പ്രാചീനമായി ഭാഗവതമതത്തിൽനിന്നും പകർത്തിയതായിരിക്കണം ആപേക്ഷികമായി അർവ്വാചീനമായ ക്രൈസ്തവമതത്തിലെ ആശയങ്ങൾ എന്നതു് ഒന്നുകൂടി യുക്തിയുക്തമെന്നു വന്നുകൂടി. ഇപ്പോൾ അതുകൊണ്ടു പല പാശ്ചാത്യപണ്ഡിതന്മാരും വാദിക്കുന്നതു് ഈ സാദൃശ്യങ്ങൾ അത്ര സാരമുള്ളവയല്ലെന്നും ആണെങ്കിൽത്തന്നെ സ്വതന്ത്രമായുള്ള വികാസത്തിൽ വിഭിന്നസാഹചര്യങ്ങളിൽപ്പോലും സമാനമായി സംഭവിക്കാവുന്നതേയുള്ളുവെന്നുമാണ്. ആയിക്കൊള്ളട്ടെ. ഈ സംരംഭത്തിന്റെ ഇങ്ങനെയുള്ള പരിണാമം കാണുമ്പോൾ ഓർമ്മവരുന്നതു് പതഞ്ജലിയുടെ പഴയ വാക്യമാണ്. ''ശ്വേതോ ധാവതി'' എന്ന്.

നാരായണാരാധന നടത്തിയിരുന്ന പാഞ്ചരാത്രികന്മാരുടേയും സാത്വതജനതയുടെ വിധിപ്രകാരം വാസുദേവാരാധന അനുഷ്ഠിച്ചിരുന്ന ഭാഗവതന്മാരുടേയും മതഭേദങ്ങൾ ഒന്നിച്ചു കാലാന്തരത്തിൽ വിശാലമായ വൈഷ്ണവമതമായി പരിണമിക്കുന്നുണ്ട്.

വൈഷ്ണവമതത്തിന്റേയും ഭാഗവതപുരാണത്തിന്റേയും പ്രാണനായി നിലകൊള്ളുന്നതു ഭഗവദ്ഭക്തിയാണെന്നു സൂചിപ്പിച്ചല്ലോ. ആ ഭക്തിയുടെ ഉൽപ്പത്തിയേയും സ്വരൂപത്തേയും ലക്ഷ്യത്തേയുംപററി കുറഞ്ഞൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ലോകജീവിതത്തിൽ ചിന്താശീലനായ മനുഷ്യൻ ആദികാലംതൊട്ടു യത്നിച്ചിട്ടുള്ളതു് അവയിൽനിന്നും മോചനംനേടാനുള്ള വഴി തേടാനാണ്. സകല മതങ്ങളുടേയും ധർമ്മസിദ്ധാന്തങ്ങളുടേയും ശാസ്ത്രങ്ങളുടേയും കലകളുടേയും എല്ലാം ലക്ഷ്യം അതുതന്നെയാണ്. ആസ്തികമതങ്ങൾ എല്ലാം അന്വേഷിച്ചന്വേഷിച്ചു ചെന്നുചേരുന്നതു് അഖണ്ഡാനന്ദരൂപമായ ഒരു സത്തയിലാണ്—സർവ്വഭൂതങ്ങൾക്കും ആധാരഭൂതമായി സർവ്വാന്തർയാമിയായി സർവ്വനിയന്താവായുള്ള ഒരു ചൈതന്യത്തിലാണ്. നാലുതരം ജനങ്ങളാണ് അതിനെ തേടുന്നതു്—ആ സത്തയെ ഭജിക്കുന്നതു് എന്നു ഗീത പ്രസ്താവിക്കുന്നു.

''ചതുർവ്വിധാ ഭജന്തേ മാം ജനാഃ സുകൃതിനോഽർജ്ജുന,
ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥീ ജ്ഞാനീ ച ഭരതർഷഭ!''

ആർത്തന്മാർ അർത്ഥാർത്ഥികൾ, ജിജ്ഞാസുക്കൾ, ജ്ഞാനികൾ എന്ന് അവരെ നാലായി തരംതിരിക്കുന്നു. ഓരോരോ ജീവിതക്ലേശങ്ങൾ അനുഭവിച്ച് അവയിൽനിന്നു രക്ഷപ്പെടണമെന്നുള്ളവർ, ഓരോ കാര്യസാദ്ധ്യം കരുതുന്നവർ, ജീവിതയാഥാർത്ഥ്യങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നവർ, അറിയേണ്ട കാര്യങ്ങളെപ്പററി അറിവുണർന്നവർ എന്നിങ്ങനെ നാലുകൂട്ടം ആളുകളാണ് ഭഗവദ്ഭക്തിപരായണർ എന്നു സാരം. ഭക്തിയുടെ വിഭിന്നങ്ങളായ പ്രേരകധർമ്മങ്ങളേയും വ്യക്തിഭേദം അനുസരിച്ചുള്ള അതിന്റെ ഉച്ചനീചാവസ്ഥകളേയുമാണ് ഇവിടെ പ്രതിപാദിച്ചതു്. ഇങ്ങനെ ആർത്തഭക്തിയിൽ തുടങ്ങി ജ്ഞാനിഭക്തിയിൽ ചെന്ന് അവസാനിക്കുന്ന ദശാവിശേഷങ്ങൾ ജീവിതത്തിൽ ദർശിക്കാവുന്നതാണ്.

ജീവിതദുഃഖങ്ങളിൽനിന്നുള്ള മോചനത്തിന്—മുക്തിക്ക്—ഗീത സാമാന്യമായി മൂന്നു മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. കർമ്മം, ജ്ഞാനം, ഭക്തി എന്ന്. ഇവയിൽ എല്ലാത്തിലും ഉൾപ്പെടാവുന്നതായ യോഗം എന്നൊരു മാർഗ്ഗംകൂടി പ്രത്യേകിച്ച് ഉപദേശിക്കുന്നുണ്ടെന്നും ചിലപ്പോൾ തോന്നും. പക്ഷേ, സാധാരണമായി ഗീതയിൽ അഷ്ടാംഗയോഗം എന്ന അർത്ഥത്തിലല്ല യോഗശബ്ദം പ്രയോഗിക്കുന്നതു്. പതഞ്ജലിമഹർഷിയാൽ അനന്തരകാലത്തു ക്രോഡീകൃതമായ അഷ്ടാംഗയോഗമാർഗ്ഗത്തിന്റെ പരിണതഫലങ്ങൾപോലും യഥാർത്ഥമായ രീതിയിൽ മററു മാർഗ്ഗങ്ങൾ അവലംബിക്കുന്നവർക്കു സാമാന്യേനയും ഭക്തിമാർഗ്ഗാനുയായികൾക്കു വിശേഷിച്ചും അനായാസേനയും ലബ്ധമാകുമെന്നു പല പ്രസ്താവങ്ങളിൽനിന്നും ഊഹിക്കാം.

''തപസ്വിഭ്യോഽധികോ യോഗീ ജ്ഞാനിഭ്യോഽപി മതോഽധികഃ
കർമ്മിഭ്യശ്ചാധികോ യോഗീ തസ്മാദ് യോഗീ ഭവാർജ്ജുന.
യോഗിനാമപി സർവ്വേഷാം മദ്ഗതേനാന്തരാത്മനാ
ശ്രദ്ധാവാൻ ഭജതേ യോ മാം സ മേ യുക്തതമോ മതഃ'' VI ഗീതാ 46-47

ജ്ഞാനികളെക്കാളും കർമ്മികളെക്കാളും മീതെ യോഗിയെ പ്രതിഷ്ഠിച്ചിട്ട്, യോഗികളിൽ ശ്രദ്ധയും ഭക്തിയുമുള്ളവനാണു ശ്രേഷ്ഠൻ എന്നു ഗീത പ്രസ്താവിക്കുന്നു. കർമ്മമാർഗ്ഗത്തേയും ജ്ഞാനമാർഗ്ഗത്തേയും കുറിച്ചു വിവരിക്കണമെന്ന് ഇപ്പോൾ ഇവിടെ ഉദ്ദേശിക്കുന്നില്ല. ഫലാപേക്ഷകൂടാതെ നിഷ്കാമമായ—അനാസക്തമായ—കർമ്മം, ലോകസംഗ്രഹംമാത്രം നോക്കിയുള്ള കർമ്മം, സാധാരണജീവിതത്തിൽ ദുഷ്പ്രാപമായ ഒരു മനോഭാവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിന്റെ സിദ്ധികൊണ്ടേ സാദ്ധ്യമാകയുള്ളുവെന്നു സ്പഷ്ടമാണ്. അതുപോലെതന്നെ ദുഷ്പ്രാപമാണ് യഥാർത്ഥ ജ്ഞാനം. ദ്വന്ദ്വാതീതമായ പാരമാർത്ഥികബോധം. ''സാംഖ്യയോഗൗ പൃഥഗ് ബാലാഃ പ്രവദന്തി ന പണ്ഡിതാഃ'' എന്നു ജ്ഞാനയോഗകർമ്മയോഗങ്ങളുടെ ഐക്യവും ഗീതയിൽത്തന്നെ വ്യക്തമാക്കുന്നു ക്ഷുദ്രങ്ങളും പ്രാകൃതങ്ങളുമായ ജന്തുവാസനകളെ നിയന്ത്രിച്ച് ആത്മശക്തിയെ ശുദ്ധിചെയ്തു സർവ്വഭൂതഹിതത്തിനുവേണ്ടി വിനിയോഗിക്കുകയെന്ന ദുഷ്കരമായ ധർമ്മം ഭക്തിമാർഗ്ഗത്തിൽക്കൂടിയേ സുകരമാകയുള്ളു. ജ്ഞാനിപോലും പ്രകൃതിക്ക് അനുസരിച്ചു പ്രവർത്തിക്കുന്നുവെന്നും ഇന്ദ്രിയനിഗ്രഹാദികൾ വിഫലീഭവിക്കുന്നുവെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു.

''സദൃശം ചേഷ്ടതേസ്വസ്യാഃ പ്രകൃതേർജ്ഞാനവാനപി
പ്രകൃതിം യാന്തി ഭൂതാനി നിഗ്രഹഃ കിം കരിഷ്യതി?''—ഗീതാ.

ആ പ്രകൃതിവാസനയെ അത്യന്തം നിയന്ത്രിക്കാൻ ശ്രമിക്കാതെ അതിനെ ലോകോപകാരകമായ—സമുദായക്ഷേമകരമായ—മാർഗ്ഗത്തിലൂടെ തിരിച്ചുവിടുകയാണ് ഭക്തിമാർഗ്ഗം ചെയ്യുന്നത്. മനുഷ്യനു മൗലികങ്ങളായ ചില വാസനകൾ ഉണ്ട്—മിഥുനഭാവം, മാതൃഭാവം തുടങ്ങിയവയിൽനിന്നും ഉദിക്കുന്ന ചില നിസർഗ്ഗഗുണവിശേഷങ്ങൾ ഉണ്ട്. അവയെ പുടപാകംചെയ്തു ശുദ്ധീകരിച്ച് ഒരു മഹാലക്ഷ്യത്തിലേക്ക് ആനയിക്കുകയാണ് ഭക്തികൊണ്ടു സാധിക്കുന്നത് പേമാരി പെയ്തു കലങ്ങിമറിഞ്ഞു പെരുകിവരുന്ന ജലപ്രവാഹത്തെ ഒന്നു തടഞ്ഞുനിർത്തി വീണ്ടും കീഴോട്ടു പായിച്ച് ഒരു ജനപദത്തിനു പ്രകാശം നല്കുന്ന വൈദ്യുതശക്തിയാക്കി മാററാം. നിലയ്ക്കുനിർത്തി ശുദ്ധീകരിച്ചു ബഹുജനങ്ങൾക്കു പാനയോഗ്യമായ സ്വച്ഛജലവുമാക്കാം. അതുപോലെതന്നെ പ്രാകൃതവാസനകളെ ശുദ്ധീകരിച്ചു ഭക്തിയെന്ന മഹനീയമനോഗുണമാക്കി മനുഷ്യസമുദായത്തിനു് ഉപകാരകമാക്കാം. ആ വാസനകളെ തടഞ്ഞുനിർത്തി നശിപ്പിക്കാനാണ് ഭക്തിസഹകൃതമല്ലാത്ത മററു മാർഗ്ഗങ്ങളിലൂടെ ശ്രമിക്കുന്നത്. ആ ശ്രമങ്ങൾ ഏതു ഘട്ടത്തിലും പരാജയമടഞ്ഞെന്നുവരാം.

ഏതൊന്നിന് ഉന്മുഖമായാണ് ഈ ഭക്തി പ്രവഹിക്കുന്നത്? ഇക്കാണുന്ന സകലതിന്റെയും ഉൽപത്തിക്കും സ്ഥിതിക്കും ഹേതു അന്വേഷിച്ചുപോകുന്ന മനുഷ്യബുദ്ധി ചെന്നുചേരുന്ന ഒരു സ്ഥാനമുണ്ടു—സങ്കല്പമുണ്ട്—എന്നു സൂചിപ്പിച്ചല്ലോ. അഥവാ, ഈ പരിമിതമായ മനുഷ്യബുദ്ധിക്ക് എത്തുംപിടിയുംകിട്ടാത്തതെന്നു ബോധ്യമാകുന്ന ഒരു സത്തയുണ്ട്. ആ അപരിമേയമായ സത്തയുടെ നേർക്കാണ് ആശ്ചര്യസ്തബ്ധനായ മനുഷ്യന്റെ ഭക്തി പ്രസരിക്കുന്നത്. അഖണ്ഡമായ അതിന്റെ സ്വരൂപമോ സ്വഭാവമോ പരിച്ഛേദിച്ചറിയാൻ അവനു കഴിവില്ല. എന്നാലും ആ മഹാസങ്കല്പത്തിനു മുമ്പിൽ അവൻ നമ്രശിരസ്കനാണ്. അവന് അതിനെ ആരാധിക്കണം. ഏതു രൂപത്തിലാണ് ആരാധിക്കുക? ഏതു രൂപമാണ് അതിന്റേതു്? തീർത്തുപറയാൻ വയ്യ. അവനവനു ഹിതമായ ഏതു രൂപത്തിലും ആരാധിക്കാമെന്ന് അറിവും അനുഭവവുമുള്ളവർ പറയുന്നു. അങ്ങനെ ആദികാലംതൊട്ട് ആരാധിച്ച് അത്ഭുതാവഹമായ ഫലസിദ്ധി എത്തിച്ചിട്ടുള്ള പല രൂപങ്ങളുമുണ്ട്.

''യോ യോ യാം യാം തനും ഭക്തഃ ശ്രദ്ധയാർച്ചിതുമിച്ഛതി
തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹം.''

എന്നു ഭഗവാൻ ഗീതയിൽ പ്രസ്താവിക്കുന്നു. ഏതേതു രൂപം വിശ്വാസത്തോടുകൂടി ഭക്തൻ പൂജിക്കാൻ ആഗ്രഹിക്കുന്നോ ആ രൂപത്തിൽ ഉറച്ച വിശ്വാസം ഭഗവാൻതന്നെ ഉണ്ടാക്കുന്നു. ഭഗവദ്രൂപം ഏതും ആകാം എന്നു സാരം. അതിൽ അചഞ്ചലമായ വിശ്വാസവും ഭക്തിയും വേണമെന്നേയുള്ളു ഏതു രൂപവും ആകാമെങ്കിൽ, ആകാവുന്നതിൽവച്ചു മനോഹരമായ രൂപമല്ലേ ആരാധനയ്ക്ക് അവലംബിക്കേണ്ടതു്? സൗന്ദര്യരസികമായ ഹൃദയമുള്ളവർക്ക് ഏററവും സുന്ദരമായ രൂപം ആരാധ്യമാകും. അതുകൊണ്ടാണ്,

''യത് ത്രൈലോക്യമഹീയസോഽപി മഹിതം സമ്മോഹനം മോഹനാത്
കാന്തം കാന്തിനിധാനതോഽപി മധുരം മാധുര്യധുര്യാദപി
സൗന്ദര്യോത്തരതോഽപി സുന്ദരതരം ത്വദ്രൂപമാശ്ചര്യതോഽ-
പ്യാശ്ചര്യം ഭുവനേ ന കസ്യ കുതുകം പുഷ്ണാതി വിഷ്ണോ! വിഭോ!''

എന്നു നാരായണഭട്ടതിരി ചോദിച്ചുപോകുന്നത്. മുരളീധരനായി ഗോപികാവല്ലഭനായ ഗോപാലകൃഷ്ണനു 'സാക്ഷാദ് മന്മഥമന്മഥ'നെന്നു വർണ്ണിക്കുമാറുള്ള അത്ഭുതസൗന്ദര്യമുണ്ടെന്നു സമ്മതിച്ചേ കഴിയൂ. വാത്സല്യരസം നിറഞ്ഞ ഹൃദയമുള്ളവർ ബാലകൃഷ്ണനായും പ്രേമരസലാലസന്മാർ ഗോപീകാമുകനായും സൗഹൃദരസികന്മാർ പാർത്ഥസാരഥിയായും അദ്ധ്യാത്മചിന്താനിരതന്മാർ ഗീതോപദേഷ്ടാവായും ഭഗവാനെ പല ഭാവങ്ങളിലും അധികാരഭേദവും രുചിഭേദവും അനുസരിച്ച് ആരാധിക്കും. അങ്ങനെ മനോഭാവഭേദവും അധികാരഭേദവും അനുശാസിക്കുന്നവിധം വിഭിന്നദേവതകളെ വിഭിന്നരൂപങ്ങളിൽ ഉപാസിച്ചു മഹാന്മാരായ ഭക്തന്മാർ അഭീപ്സിതസിദ്ധി അടയാറുണ്ട്.

ആത്മാനാത്മവിവേകരൂപമായ ജ്ഞാനത്തേക്കാളും നിഷ്കാമവും ലോകസംഗ്രഹപരവുമായ കർമ്മത്തേക്കാളും ഉത്തമമാണു ഭക്തിയെന്നു പ്രസ്താവിച്ചല്ലോ. പരാഭക്തി എന്നു പറയുന്ന ഉത്തമമായ ഭക്തിയാണ് അതു്. ആർത്തന്റെയും ജിജ്ഞാസുവിന്റെയും അർത്ഥാർത്ഥിയുടെയും ഭക്തി സകാമമാണ്. അതിനു് അപരാഭക്തിയെന്നു പറയും. ഉത്തമമായ ഭക്തി പരമപ്രേമരൂപമാണെന്നു നിർവ്വചിക്കുന്നുണ്ട്. ഗോപിമാർക്കു ശ്രീകൃഷ്ണനോടുള്ള ഭക്തി പരമപ്രേമരൂപമാണ്. ഗോപിമാരുടെ ശ്രീകൃഷ്ണപ്രേമം ആലങ്കാരികശൈലിയിലുള്ള തത്ത്വപ്രതിപാദനമാണെന്നു ഭാഗവതം, നാരായണീയം മുതലായ ഗ്രന്ഥങ്ങൾ നിഷ്കർഷിച്ചു ഗ്രഹിച്ചാൽ സ്പഷ്ടമാണ്. പരമാത്മാവിനോട് ഐക്യംപ്രാപിക്കുവാനുള്ള ജീവാത്മാവിന്റെ അഭിവാഞ്ഛയെ ഇതിനെക്കാളും ആസ്വാദ്യതരമായ ഒരു രൂപണംകൊണ്ടു വ്യക്തമാക്കാവുന്നതല്ല. ഏതായാലും ആ മനോഹരസങ്കല്പത്തിൽ മൗലികമായ ഒരു തത്ത്വം അന്തർഭൂതമായിട്ടുണ്ട്. പ്രേമരൂപമായ ഭക്തിയുടെ പല അവസ്ഥകളിൽ അത്യുത്തമമായ—പരമപ്രേമരൂപമായ—മാധുര്യഭക്തി ഇവിടെ നിർദ്ദിഷ്ടമായിരിക്കുന്നു. ജീവാത്മപരമാത്മബന്ധത്തിന്റെ—ഭക്തിയുടെ—ആദിദശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വസ്വാമിസംബന്ധരൂപമായ ദാസ്യാസക്തിയാണ്. അനന്തരദശ സുഹൃത്സംബന്ധരൂപമായ സഖ്യാസക്തി. ഒന്നുകൂടി ഉയൎന്ന് ഒന്നുകൂടി അടുത്തതാണ് പിതാപുത്രബന്ധരൂപമായ വാത്സല്യാസക്തി. വാത്സല്യവും കടന്ന് അടുത്തു് ഇണങ്ങുന്ന ജായാപതിബന്ധമെന്നോ കാമുകബന്ധമെന്നോ പറയാവുന്ന ദശയാണു കാന്താസക്തി. മാധുര്യം എന്നു വ്യപദിഷ്ടമായ ദശാവിശേഷവും അതുതന്നെയാണ്. ആ ദശ എത്തിക്കഴിഞ്ഞാൽ ഭക്തൻ ഈശ്വരന് സൎവ്വസ്വാൎപ്പണംചെയ്ത് ആത്മനിവേദനം അനുഷ്ഠിക്കുന്നു. പിന്നീടു വേറിട്ടുള്ള നിലവിട്ടു തന്മയീഭാവം ഉദിക്കുന്നു. ആ അവസ്ഥയുടെ തീവ്രഭാവത്തെയാണു പരമപ്രേമരൂപമായ ഭക്തിയെന്നു വ്യവഹരിക്കുന്നതു്. ആ അനുഭൂതിയിലാണു സാക്ഷാത്കാരം ഉദിക്കുന്നതു്.

''ഭിദ്യതേ ഹൃദയഗ്രന്ഥിഃ ഛിദ്യന്തേ സൎവ്വസംശയാഃ
ക്ഷീയന്തേ ചാസ്യ കൎമ്മാണി തസ്മിൻദൃഷ്ടേ പരാവരേ''

ജീവനെ സംസാരത്തോടു ചേൎത്തു ബന്ധിക്കുന്ന ഹൃദയത്തിന്റെ കെട്ടു പൊട്ടുന്നു. സംശയങ്ങൾ എല്ലാം തകൎന്നുറുങ്ങുന്നു. ജന്മത്തിനു് ഇടകൊടുക്കുന്ന കൎമ്മങ്ങൾ ഒടുങ്ങുന്നു—എന്നെല്ലാം ശ്രുതിയിൽ വൎണ്ണിക്കുന്നതു് ആ സാക്ഷാത്കാരാവസ്ഥയുടെ മഹിമ തെളിയിക്കുന്നു.

സംസാരയാത്രയിൽ ഉഴലുന്ന ജനങ്ങൾക്കു സമാദരണീയമായ ഭക്തിയുടെ മാഹാത്മ്യം വെളിവാക്കി മുക്തിയിലേക്കു മാൎഗ്ഗദൎശനംചെയ്യുന്ന മഹത്തമമായ ഗ്രന്ഥമാണു ശ്രീമഹാഭാഗവതം. വിപുലമായ ഭാഗവതപുരാണത്തെ ഉപജീവിച്ചുള്ള അനവധി ഗ്രന്ഥങ്ങൾ സംസ്കൃതത്തിലും മററു ഭാരതീയഭാഷകളിലും ഉണ്ടായിട്ടുണ്ടു്. ഭാഗവതത്തിന്റെതന്നെ സംഗ്രഹരൂപമായ മേൽപത്തൂരിന്റെ നാരായണീയം എന്ന സംസ്കൃതമഹാകാവ്യമോ അതിന്റെ ഭാഷാവിവൎത്തനങ്ങളോ പാരായണംചെയ്തിട്ടില്ലാത്ത സംസ്കാരസമ്പന്നർ കേരളത്തിൽ ചുരുക്കമാണ്. തുഞ്ചത്തു് ആചാൎയ്യനാൽ വിരചിതമെന്ന് എങ്ങനെയോ വിശ്വസിച്ചുപോരുന്ന സംഗ്രഹരൂപത്തിലുള്ള ഒരു ഭാഗവതം കിളിപ്പാട്ടു ഭാഷയ്ക്കു ലബ്ധമായിട്ടുണ്ടു്. പക്ഷേ, ആ ഗ്രന്ഥത്തിന്റെ കർതൃത്വംപോലെതന്നെ അതിന്റെ ആശയാനുവാദത്തിലുള്ള സാധുത്വവും സംശയിതവ്യമായിരിക്കുന്നു. സൎവ്വാദരണീയമായ മഹാഭാഗവതത്തിന്റെ അവികലവും വിശദവും ശുദ്ധവുമായ ഒരു ഭാഷാന്തരവാദത്തെ ഇത്രനാളും പ്രതീക്ഷിച്ചിരിക്കണം, ഭക്തിജ്ഞാനസമുത്സുകരായ കേരളീയർ. ആ ചിരപ്രതീക്ഷ ഇതേ സഫലമാകുന്നു. വിദ്വദ്വരേണ്യനായിരുന്ന ശ്രീ പന്നിശ്ശേരി നാണുപിള്ള അവർകളുടെ ശിഷ്യസംഘത്തിൽ പ്രമുഖനായ ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള അവർകൾ ലോകോപകാരകമായ ആ മഹാകൃത്യത്തിനു സന്നദ്ധനായി. ഭാഗവതപദ്യങ്ങളിലെ ഗഹനങ്ങളും മനോഹരങ്ങളുമായ ആശയങ്ങൾക്കു വൈകല്യം വരുത്താതെ ലളിതകോമളമായ മലയാളത്തിൽ തുഞ്ചന്റെ പൈങ്കിളി പാടിയ ആ രാഗപരിപാടിയിൽത്തന്നെ ശ്രീമഹാഭാഗവതം ഇതാ പ്രസാധിതമാകുന്നു. ഈ ഗ്രന്ഥം വായിക്കാനും ആസ്വദിക്കാനും അഭിനന്ദിക്കാനും എനിക്കു് ഉണ്ടായ അവസരം സഹൃദയരായ കേരളീയൎക്കു് എല്ലാം ഉണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ഈ മഹോദ്യമത്തിൽ സൎവ്വഥാ വിജയശ്രീലാളിതനായ വിദ്യാവയോവൃദ്ധൻ ശ്രീ കൃഷ്ണപിള്ളയെ ഞാൻ സൎവ്വാത്മനാ അഭിനന്ദിക്കുന്നു. അദ്ദേഹത്തിനു യോഗേശ്വരനായ കൃഷ്ണൻ സൎവ്വാനുഗ്രഹങ്ങളും വിതരണംചെയ്യട്ടെ!

ഈ സദ്ഗ്രന്ഥത്തിന്റെ പ്രസാധനത്തിനു വേണ്ടതു പ്രോത്സാഹനം നല്കിയ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളും ദേവസ്വം ഗ്രന്ഥപ്രസാധനസമിതിയും കേരളീയരുടെ അകൈതവമായ കൃതജ്ഞത അർഹിക്കുന്നുണ്ടു്.

തിരുവനന്തപുരം
26-3-1954

എൻ. ഗോപാലപിള്ള, എം. എ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിപ്രായങ്ങൾ

ഒന്നു്

പണ്ഡിതവരേണ്യനും ശ്രീമദ് ഭാഗവതാമൃതപാനപരിതുഷ്ടനുമായ മുഴങ്ങോട്ടുവിള ശ്രീ കൃഷ്ണപിള്ള അവർകൾ പത്തുദിവസം മുമ്പ് ഇവിടെ വരികയും തന്റെ പഞ്ചവൎഷപരിശ്രമഫലമായ ഭാഗവതമാഹാത്മ്യത്തോടുകൂടിയ ശ്രീമഹാഭാഗവതം കേരളഭാഷാഗാനം എന്ന അനൎഘമായ ഗ്രന്ഥരത്നത്തെ എനിക്കു തരികയും ചെയ്തു. ആ ഉപകാരത്തിനു് എന്റെ അകൈതവമായ കൃതജ്ഞതയെ ഞാൻ ആദ്യമായി രേഖപ്പെടുത്തുന്നു. അല്പമായ ഈ ദിവസങ്ങൾക്കുള്ളിൽ അവിടവിടെയായി ചില ഭാഗങ്ങളേ നോക്കി രസിക്കുവാൻ സാധിച്ചുള്ളു എങ്കിലും, ഗ്രന്ഥത്തിന്റെ ഗുണവിശേഷങ്ങൾ മനസ്സിലാക്കുവാൻ ധാരാളം സാധിച്ചു. ശ്രീ കൃഷ്ണപിള്ളയുടെ പരമമായ പരിശ്രമത്തിനു പരിപൂൎണ്ണമായ ഫലം ഉണ്ടായി എന്നു് നിസ്സന്ദേഹം പറയാം.

ശ്രീമദ് ഭാഗവതത്തിനു് പഴയതും പുതിയതുമായി രണ്ടുമൂന്നു തൎജ്ജമകൾ—കിളിപ്പാട്ടായിട്ടും വൃത്താനുവൃത്തമായിട്ടും—ഉള്ളപ്പോൾ ശ്രീ കൃഷ്ണപിള്ളയുടെ നൂതനോദ്യമം എന്തിനെന്നു ചിലർ ചോദിച്ചേക്കാം. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിനു കേരളഭാഷയിൽ നാലു വിവൎത്തനങ്ങൾ കവിവരന്മാർ നിൎമ്മിച്ചതു ഞാൻ വായിച്ചിട്ടുണ്ടു്. ഒന്നുകൊണ്ടു മറേറതിനു് തീരെ ഗതാൎത്ഥത വന്നതായി തോന്നിയിട്ടില്ല. ഓരോ ഗുണവിശേഷങ്ങൾ ഓരോന്നിൽ കാണും. എല്ലാം നമുക്കു സമാദരണീയംതന്നെ. ശ്രീമദ് ഭാഗവതത്തിന്റെ വിവൎത്തനങ്ങളുടെ സ്ഥിതിയും ഇതുതന്നെ. അതുകളുടെ ഗുണതാരതമ്യവിവേചനംചെയ്തു നോക്കത്തക്ക പാണ്ഡിത്യവും പരിചയവും അവസരവും ഔത്സുക്യവുമുള്ളവർ അതിനു ശ്രമിക്കട്ടെ.

സരസവും ഭക്തിസംവൎദ്ധകവുമായ ഈ ഗ്രന്ഥത്തെ ബഹുജനങ്ങൾക്കു് അനാരതം ഗാനംചെയ്തു് ആനന്ദിക്കുവാനും ഇതിന്റെ രണ്ടാംപതിപ്പു് അചിരേണ കാണുവാനും കവിക്കു് സൎവ്വശ്രേയസ്സുകളും ഉണ്ടാകുവാനും ജഗദീശ്വരനായ ശ്രീനാരായണന്റെ കരുണാകടാക്ഷം കളിയാടട്ടെ.

തൃപ്പൂണിത്തുറ
3-5-54

രാമവൎമ്മ പരീക്ഷിത്തു മഹാരാജാ

രണ്ടു്

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള അവർകൾ ഭാഷാന്തരംചെയ്ത ശ്രീമഹാഭാഗവതം കേരളഭാഷാഗാനം അവിടെയവിടെയായി ഒട്ടേറെ ഭാഗങ്ങൾ ഞാൻ വായിച്ചു. ഈ മഹത്തായ ഗാനപ്രബന്ധം അത്യന്തം ഹൃദയംഗമമായിട്ടുണ്ടെന്നും ഭാഷയിലെ ഉൽകൃഷ്ടങ്ങളായ സാഹിത്യങ്ങളുടെ കൂട്ടത്തിൽ അതിനു് ഒരു പ്രധാന സ്ഥാനം കിട്ടുമെന്നുമാണു് എന്റെ ദൃഢമായ അഭിപ്രായം. ഭാഷയുടെ പ്രസാദം, ശുദ്ധി, സുഗമത, സാരള്യം, മാധുൎയ്യം മുതലായ ഗുണങ്ങൾ പ്രസ്തുത കൃതിയിൽ ആപാദചൂഡം യാതൊരു ലോഭവുംകൂടാതെ കളിയാടുന്നുണ്ടു്. മൂലത്തിന്റെ മുഖ്യഗുണമായ ഭക്ത്യുൽകൎഷവും ഭാഷയിൽ സൎവ്വത്ര പരിശോഭിക്കുന്നു. അതുകൊണ്ടു് ഈ മഹാഗ്രന്ഥം സന്തോഷത്തോടുകൂടി സഹൃദയന്മാർ വായിക്കുന്നതായിരിക്കും. മുൻപു് പല വിശിഷ്ടകവികളും ഭാഗവതം തൎജ്ജമചെയ്തിട്ടുണ്ടു്. അവ ശ്ലാഘ്യങ്ങളാണു്. എന്നാൽ സംസ്കൃതാനഭിജ്ഞന്മാരായ മലയാളികൾക്കു മൂലാശയഗ്രഹണത്തിനു് ഇത്രയും പ്രയോജനപ്പെടുന്ന ഒരു ഭാഷാന്തരം വേറെയുണ്ടോ എന്നു സംശയമാകുന്നു.

ഭക്തിയെ സംബന്ധിച്ചിടത്തോളവും ഒരു അനൎഘമായ ശാസ്ത്രവും അതേസമയത്തുതന്നെ സരസവും ഗംഭീരവും ആയ ഒരു മഹാസാഹിത്യവുമാണു് ഭാഗവതം. ഭക്തിധൎമ്മപരമായി അതിൽ പറയാത്തതായ ഒരു തത്വം വേറെയുണ്ടെന്നു തോന്നുന്നില്ല. അതുപോലെ അതു കവിതയുടെ പരിശുദ്ധവും പരമോന്നതവും ആയ ഒരു മാതൃകയുമാകുന്നു. വായനക്കാരെ ശ്രീകൃഷ്ണഭഗവാന്റെ മാഹാത്മ്യം ഹൃദയാവൎജ്ജകമായവിധം പഠിപ്പിച്ചു് ഉഭയലോകശ്രേയസ്സിനും അൎഹന്മാരാക്കുന്നതിനു് ഒരു സവിശേഷപാടവം ഭാഗവതത്തിനുണ്ടു്. അനേകം ജനങ്ങൾ അതിന്റെ പാരായണംകൊണ്ടു് ആത്മനിർവൃതി നേടുന്നു എന്നതു് ഇക്കാലത്തും കണ്ടുവരുന്ന ഒരു വസ്തുതയാകുന്നു. എല്ലാ ദേശത്തും എല്ലാ കൂട്ടത്തിലും ഭാഗവതഭക്തന്മാർ ഉണ്ടായിരിക്കും. ഇപ്രകാരം ഉൽകൃഷ്ടമായിരിക്കുന്ന ഒരു പുരാണത്തെ അതിന്റെ സൎവ്വനാഡികളിലും സ്ഥിതിചെയ്യുന്ന സാഹിത്യത്തിന്റേയും ഭക്തിയുടെയും രസത്തെ നിലനിൎത്തിക്കൊണ്ടു് മനോഹരമായി ഭാഷയിൽ തൎജ്ജമചെയ്യുകയെന്നതു് അധികം ക്ലേശകരമായ ഒരു കാൎയ്യമാണു് അതു ഭഗവദനുഗ്രഹത്താൽ ശ്രീ കൃഷ്ണപിള്ള ഭംഗിയായി സാധിച്ചിരിക്കുന്നു. ഈ പരിഭാഷയുടെ കാൎയ്യത്തിൽ അന്യാദൃശമായ ഒരു വിജയം തൽകൎത്താവിനു കൈവന്നിട്ടുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കുന്നതായിരിക്കും. മഹാനായ തുഞ്ചത്തു് ആചാൎയ്യന്റെ കാലത്തിനുശേഷം, സംസ്കൃതപ്രബന്ധങ്ങളെ ദ്രാവിഡവൃത്തങ്ങളിൽ തൎജ്ജമചെയ്തു ഫലിപ്പിക്കുന്നതിനു വിരുതുനേടിയ കവികൾ പലരും ഉണ്ടായിട്ടുണ്ടു്. അവരിൽ നാലുപേരാണു് ഏററവും മുഖ്യന്മാർ. ഒന്നു് വരവൂർ ചിറ്റൂർ ശാമുമേനവൻ, രണ്ടു് ചാത്തുക്കുട്ടിമന്നാടിയാർ, മൂന്നു് പുറയന്നൂർ നമ്പൂരിപ്പാടു്. നാലു് കാത്തുള്ളി അച്യുതമേനവൻ. നമ്മുടെ ഭാഗവതപരിഭാഷകനായ കൃഷ്ണപിള്ളയ്ക്കും അവരുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനം കൊടുക്കാവുന്നതാണു്. അത്രയ്ക്കു് ഈ ഗാനം സഹൃദയഹൃദയാവൎജ്ജകമായിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്തുത ഗാനം ഒരു സ്വതന്ത്രമായ കൃതിയാണെന്നേ തോന്നുകയുള്ളു. അത്രയ്ക്കു സുഗമതയും ഹൃദ്യതയും അതിൽ പരിലസിക്കുന്നുണ്ട്. മൂലത്തിലെ ഭാവങ്ങളെ പ്രകാശിപ്പിക്കുന്നതിനു സമർത്ഥങ്ങളും സന്ദർഭോചിതങ്ങളും ആയ പദങ്ങൾ കവിക്ക് അത്യന്തം സ്വാധീനങ്ങളാണ്. മൂലത്തിലെ ആശയങ്ങളെ പുതുക്കിയും മിനുക്കിയും വിസ്തരിച്ചും പ്രതിപാദിക്കുന്നതിനു പരിഭാഷകനു നല്ല വിദഗ്ദ്ധതയുണ്ട്. അപ്രകാരം മനോധർമ്മം പ്രയോഗിച്ച് അനുചിതമാകാത്തവിധത്തിലുള്ള സ്വാതന്ത്ര്യം പരിഭാഷകൻ ചില സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം. അവ രസഭാവങ്ങൾക്കു പുഷ്ടിയെ ജനിപ്പിക്കുന്നതിനു നല്ലപോലെ പ്രയോജനപ്പെടുന്നതാണ്. കവിധർമ്മമർമ്മജ്ഞനായ ഒരു പണ്ഡിതനുമാത്രം രചിക്കുവാൻ സാധിക്കുന്നവയാണ് ആവക ഭാഗങ്ങൾ. മൂലത്തിലെ അപ്രതിമമായ കാവ്യശൈലിയുടെ സൗന്ദര്യത്തെ അഭംഗമായി സംരക്ഷിക്കുന്നതിനു പരിഭാഷകൻ വേണ്ടവിധം മനസ്സുവച്ചിരിക്കുന്നു. അതു നല്ലപോലെ ഫലിച്ചിട്ടുണ്ട്. വിസ്തരഭയത്താൽ ഉദാഹരണങ്ങൾ കാണിക്കുന്നില്ല. ഭാഗവതത്തിലെ സ്തോത്രങ്ങളും വിവിധശാസ്ത്രതത്വപ്രതിപാദിതങ്ങളായ ഭാഗങ്ങളും ധർമ്മോപദേശങ്ങളും പ്രകൃത്യാ ഗഹനതയേറിയവയാണ്. അവ ഏതു പരിഭാഷകനെയും വിഷമിപ്പിക്കുന്നവയത്രേ. ശ്രീ കൃഷ്ണപിള്ള അവയുടെ കാര്യത്തിലും അഭിനന്ദനീയമായ വിജയം കൈക്കലാക്കിയിരിക്കുന്നു.

ഭാഗവതത്തിന്റെ മാഹാത്മ്യത്തെ സംബന്ധിച്ച് ''ഭക്ത്യാ ഭാഗവതം ജ്ഞേയം'', ''വിദ്യാവതാം ഭാഗവതേ പരീക്ഷാ'' എന്നിങ്ങനെ അനേകം ആപ്തവാക്യങ്ങൾ പ്രസിദ്ധങ്ങളായിട്ടുണ്ട്. വിശിഷ്ടന്മാരായ ഭക്തന്മാർക്കും പണ്ഡിതന്മാർക്കും മാത്രമേ അതിനോട് അടുക്കുന്നതിനു സാധിക്കുകയുള്ളു. ശ്രുതിസാരസർവ്വസ്വമാണ് ഈ പുരാണം. സർവ്വധർമ്മങ്ങളേയും കുറിച്ച് അതിൽ പ്രതിപാദിച്ചിരിക്കുന്നു. അനേകം വ്യാഖ്യാനങ്ങളുടേയും ആചാര്യന്മാരുടേയും സാഹായ്യം ലഭിച്ചില്ലെങ്കിൽ ഭാവഗ്രഹണത്തിനു ക്ലേശത്തെ ജനിപ്പിക്കുന്ന ഒട്ടേറെ ഭാഗങ്ങൾ അതിലുണ്ട്. അവയുടെ സാരതത്വങ്ങൾ ശരിയായി ഗ്രഹിച്ചാലും മതിയാകുകയില്ല. മലയാളഭാഷയുമായി കൈകാര്യംചെയ്തു നല്ല തഴക്കവും പഴക്കവും വേണം. അതും പോരാ, ഒന്നുകൊണ്ടും മടുത്തു പിന്മാറാത്ത പരിശ്രമശീലവും ഉണ്ടായിരിക്കണം. അങ്ങനെയുള്ളവർക്കു മാത്രമേ ഏതാദൃശങ്ങളായ ബൃഹദ്വ്യവസായങ്ങളിൽ പ്രവേശിച്ചു വിജയശ്രീസമാശ്ലിഷ്ടന്മാരാകുന്നതിനു സാധിക്കുകയുള്ളു. ഭഗവദനുഗ്രഹത്താൽ പ്രസ്തുത ഗുണങ്ങൾ വേണ്ടിടത്തോളം കൈവന്നിരിക്കുന്ന ഒരു പുണ്യാത്മാവാണ് ശ്രീ കൃഷ്ണപിള്ള. ഈ മഹാഗ്രന്ഥം പ്രശസ്തന്മാരായ ഭക്തന്മാരുടേയും പണ്ഡിതന്മാരുടേയും കവികളുടേയും ഭാഷാഭിമാനികളുടേയും കൂട്ടത്തിൽ ശ്രീ പിള്ളയ്ക്ക് ഒരു ഉന്നതമായ സ്ഥാനം കൈക്കലാക്കിക്കൊടുത്തിരിക്കുന്നു. അത്രയ്ക്ക് അതിനു മേന്മയുണ്ട്.

ഈ പാവനമായ ഭാഗവതഗാനത്തിനു മലയാളികളുടെയിടയിൽ അഭംഗുരമായ പ്രചാരവും ആദരവും ലഭിക്കുമാറാകട്ടെ! ഇനിയും ഏതാദൃശങ്ങളായ ഗ്രന്ഥരത്നങ്ങൾ നിർമ്മിച്ച്, ഭാഷയെ പോഷിപ്പിക്കുന്നതിന് ശ്രീ കൃഷ്ണപിള്ളയ്ക്ക് ഇടയാകട്ടെ!

വൈക്കം
7-9-1129

കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ

മൂന്ന്

പുസ്തകം ആദ്യന്തം ശ്രദ്ധയാ ഞാൻ വായിച്ചു. മൂലഗ്രന്ഥത്തിന്റെ അനുപദതർജ്ജമയിൽ ഭാഗവതം പൂർണ്ണമായും മലയാളികളായ ഭക്തകോടികൾക്കു സിദ്ധിക്കുന്നതു മഹാഭാഗ്യമാണെന്നതിൽ സംശയമില്ല. ഭക്തിപ്രധാനമായ ഭാഗവതത്തിന് ഇതുപോലെ ശരിയായ ഒരു ഭാഷാഗാനം ഇതുവരെ ഉണ്ടായിട്ടില്ല എന്നതു് വിദ്വാന്മാർ സമ്മതിക്കും നിശ്ചയം. ഈ തർജ്ജമയാകട്ടെ, മൂലശ്ലോകങ്ങളിലെ ഗഹനമായ ഭാവത്തെയും ഭക്തിരസത്തേയും സ്പഷ്ടമായി പ്രകാശിപ്പിക്കുന്ന ലളിതഭാഷയിൽ അലംകൃതമായി കാണപ്പെടുന്നതിൽ അത്യന്തം ആഹ്ലാദിക്കുന്നു. ഭക്തജനങ്ങളുടെ ആന്തരമായ സഹായസഹകരണങ്ങളും ഭഗവദനുഗ്രഹവും വേണ്ടവിധത്തിൽ ഉണ്ടാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്ന ഞാൻ നിങ്ങളുടെ പരിശ്രമത്തിന് ഹൃദയപൂർവ്വം വിജയം ആശംസിക്കുകയും അചിരേണ ഗ്രന്ഥപൂർത്തിയെ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

കൊല്ലങ്കോട്
24-2-1950

സാഹിത്യകുശലൻ പണ്ഡിററ് പി. ഗോപാലൻനായർ

നാല്

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള അവർകൾ പരിഭാഷപ്പെടുത്തിയ ശ്രീമഹാഭാഗവതത്തിലെ പല ഭാഗങ്ങളും ഞാൻ മൂലഗ്രന്ഥവുമായി ഒത്തുനോക്കി. മൂലത്തിലെ ആശയത്തിനു കോട്ടംവരാതെ മലയാളഭാഷയിൽ കൊണ്ടുവരാൻ സാധിച്ചു എന്നു പറയുന്നതിൽ അനല്പമായ സന്തോഷമുണ്ട്. ഇന്ന് എഴുത്തച്ഛന്റെ പേരു ഘടിപ്പിച്ചുകൊണ്ട് പ്രസിദ്ധമായിരിക്കുന്ന ഭാഗവതത്തിൽ പല ഭാഗങ്ങൾ വിട്ടിട്ടുണ്ട്; ചില ഭാഗങ്ങൾ വികലമായി വിവർത്തനം ചെയ്തിട്ടുണ്ട്. അങ്ങനെ പല ന്യൂനതകളും അടങ്ങിയ അതു നോക്കുമ്പോഴെല്ലാം ഭാഗവതത്തിനും ശരിയായ ഒരു പരിഭാഷ ഉണ്ടാകേണ്ടതിന്റെ അത്യാവശ്യകത എനിക്കു നല്ലവണ്ണം ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്റെ ഈ ആഗ്രഹം കേരളത്തിലെ പല ഭക്തന്മാരുടേയും സഹൃദയന്മാരുടേയും ആഗ്രഹമാണെന്ന് എനിക്കറിയാം. ആ ആഗ്രഹം സഫലമാക്കിത്തീർത്ത ശ്രീ കൃഷ്ണപിള്ളയ്ക്കു നാമെല്ലാം കൃതജ്ഞത പ്രദർശിപ്പിക്കുക!

തിരുവനന്തപുരം
13-3-1950

പി. ശേഷാദ്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ചു്

ശ്രീമദ്ഭാഗവതം നിഗമകല്പദ്രുമത്തിന്റെ പരിണതഫലമായി പ്രശോഭിക്കുന്നു. അർജ്ജുനനു ഗീതയും ഉദ്ധവനു് അദ്ധ്യാത്മോപദേശവും അരുളിയ ശ്രീകൃഷ്ണഭഗവാൻ മാനുഷവിഗ്രഹത്തെ പ്രഭാസത്തിൽ ത്യജിച്ചിട്ടു് സ്വധാമത്തെ അടഞ്ഞപ്പോൾ കലിയുഗത്തിലെ ജനങ്ങളെ അനുഗ്രഹിപ്പാൻവേണ്ടി തന്റെ കലയെ ഈ പുരാണത്തിന്റെ പരിധിയിൽ നിക്ഷേപിച്ചതായി ഭക്തന്മാർ വിശ്വസിച്ചുവരുന്നു.

വേദമന്ത്രങ്ങളും ഉപനിഷദ്വാക്യങ്ങളും ഗീതാവചനങ്ങളും ബ്രഹ്മസൂത്രപദങ്ങളും ധർമ്മശാസ്ത്രസൂക്തികളും രാജർഷിചരിതങ്ങളും സമുജ്ജ്വലവും സമാകർഷകവുമായവിധം ഭാഗവതപദ്യങ്ങളിൽ വാക്കപ്പെട്ടിരിക്കുന്നു. ഇതരപുരാണങ്ങളിൽ ഒന്നിലുംതന്നെ ഈവിധം ആദ്യന്തം അനുസ്യൂതമായ ഏകവാക്യത, സർവ്വാംശങ്ങളിലും മുഖ്യപ്രതിപാദ്യത്തോടുള്ള അഭിമുഖീനത്വം, ശാസ്ത്രപ്രമേയബാഹുല്യം, വൃത്തവൈവിധ്യം, അപൂർവ്വപദവൈഭവം, കാവ്യശ്രീപരിലാളിതത്വം എന്നിവ കാണപ്പെടുന്നില്ല. വൈരാഗ്യതൈലം നിറച്ചിട്ടുള്ള പ്രബോധപാത്രത്തിൽ ഭക്തിയാകുന്ന വർത്തിയുടെ അഗ്രത്തിൽ പ്രകാശിക്കുന്ന ജ്ഞാനദീപമാണു് ഋഷിജുഷ്ടമായ ഈ സാത്വതസംഹിത. ശ്രീചൈതന്യദേവൻ ഇതിനെ ഉപജീവിച്ചു് അചിന്ത്യഭേദാഭേദസിദ്ധാന്തത്തെയും, ശ്രീവല്ലഭാചാര്യർ ഇതിനു് എഴുതിയ വിസ്തൃതഭാഷ്യംവഴി ശുദ്ധാദ്വൈതസമ്പ്രദായത്തെയും പ്രചരിപ്പിച്ചു. ഭാഗവതത്തെ ഉപജീവിച്ചു പല ദേശീയഭാഷകളും ശൈശവാവസ്ഥയിൽ പരിപുഷ്ടമായി. ക്ഷേത്രങ്ങളിലും ആസ്തികഗൃഹങ്ങളിലും പാരായണപ്രവചനങ്ങൾക്കായി ആയിരത്തോളം വർഷം സ്വീകരിക്കപ്പെട്ടിട്ടുള്ള ഈ പുരാണരത്നം പൂർണ്ണമായ ഒരു മതവിദ്യാഭ്യാസത്തിനു് ഉപയുക്തമായ ഒരു പാഠ്യപുസ്തകമായിത്തീർന്നിട്ടുണ്ടു്.

അവതാരസാരമായും ഗോഗോപഗോപീനയനാമൃതമായും മുനിമനഃപ്രത്യക്ഷചിന്മൂർത്തിയായും അമോഘവീര്യനിധിയായും സർവ്വാദർശസമന്വയനിരൂപിതനായി സർവ്വലോകമഹേശ്വരനായ ശ്രീകൃഷ്ണപരദേവതയുടെ ഒരു ക്ഷണപ്രഭാദർശനം ശ്രദ്ധാലുക്കളായ വാചകന്മാർക്കും ശ്രോതാക്കൾക്കും ഇതിൽനിന്നു് അനുപദം സിദ്ധിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന ഭക്തിരസഭരിതമായ ജ്ഞാനാമൃതം മൂലാനുയായിയായ ഗാനപംക്തികൾ മുഖേന ഇപ്പോൾ കേരളീയർക്കു നല്കപ്പെട്ടിരിക്കുന്നു. അത്യാസ്വാദ്യമായ ഈ മഹോപകാരം അവർ കൃതജ്ഞതാപൂരിതചിത്തരായി ചിരകാലം സ്മരിക്കാതെയിരിക്കയില്ല.

ആവർത്തനംകൊണ്ടു് വിവർത്തനങ്ങൾ പ്രവർദ്ധമാനഗുണങ്ങളായിത്തീരുന്നു. ഉപനിഷത്തുകൾ, ഗീത, ബൈബിൾ, ഗ്രീക്കുകാരുടെയും റോമക്കാരുടെയും ഇതിഹാസനാടകഗ്രന്ഥങ്ങൾ ഇവ ഇംഗ്ലീഷിലേക്കു് ഓരോ ശതാബ്ദത്തിലും പുതുപുതുതായി തർജ്ജമചെയ്യപ്പെട്ടിട്ടുണ്ടു്. അതിശ്രദ്ധയോടും സൂക്ഷ്മവീക്ഷണത്തോടുംകൂടി നിപുണന്മാർ ചെയ്തിട്ടുള്ള തർജ്ജമകൾ ഉത്തരോത്തരം മാററു കൂടിയവയായി കാണപ്പെടുന്നു. പൂർവ്വസൂരികളോടുള്ള കടപ്പാടു സ്വീകരിച്ചു് അവർക്കു നേരിട്ട കുറവുകളെ പരിഹരിച്ചു് ദോഷലേശശൂന്യമായ പൂർണ്ണത എന്ന അതുല്യലക്ഷ്യത്തിൽ തർജ്ജമയെ എത്തിക്കുന്നതിനുള്ള സംരംഭത്തിൽ ഭാവിതർജ്ജമക്കാരെ സഹായിക്കുന്നതിനുള്ള മനഃപൂർവ്വമായ പ്രയത്നമാണു് തന്റേതെന്നുള്ള ബോധത്തിലുമധികം ആനന്ദം നല്കുന്നതായി മറെറാരുദ്ദേശ്യം വിദ്യാവിനയസമ്പന്നനായ ഒരു തർജ്ജമക്കാരനു് ഉണ്ടായിരിക്കാൻ കഴിയുമോ എന്നു സംശയമാണു്.

വേദാർത്ഥസംബന്ധങ്ങളായ മതഗ്രന്ഥങ്ങളെ യഥാവിധി ഗുരുസമ്പ്രദായംവഴി അദ്ധ്യയനംചെയ്യാൻ കഴിവില്ലാതെയും അച്ചടിയും മൂലഗ്രന്ഥങ്ങളുടെ ശുദ്ധസംസ്കരണങ്ങൾ നിർമ്മിക്കുന്ന രീതിയും നാട്ടിൽ കടക്കാതെയും സംസ്കൃതഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികൾപോലും സുലഭമല്ലാതെയും ഇരുന്ന കാലഘട്ടത്തിൽ ശ്രോത്രീയപരിഷത്തുകളിൽ പ്രവേശമില്ലായ്കയാൽ അങ്ങുമിങ്ങും യാദൃച്ഛികമായി കേട്ടു ധരിച്ചോ കടംവാങ്ങിയ മൂലഗ്രന്ഥം ഓടിച്ചു വായിച്ചശേഷം ഓർമ്മയെമാത്രം അവലംബിച്ചോ എഴുത്തച്ഛനോ അദ്ദേഹത്തിന്റെ വർഗ്ഗത്തിൽപ്പെട്ട അനിർദ്ധാരിതനാമധേയനായ അന്യവ്യക്തിയോ നിർമ്മിച്ച ഭാഗവതഭാഷാഗാനത്തിലെ കുറവുകളും കുറ്റങ്ങളും നമ്മെ ദുഃഖിപ്പിക്കുന്നതിലുമധികം ആ കാലത്തിലും സാഹചര്യത്തിലും കൈരളീദേവിക്കു താദൃശമായ ഒരു പ്രശസ്ത ഭാഷാഗ്രന്ഥം സിദ്ധിച്ചല്ലോ എന്നുള്ള വിസ്മയകരമായ സംഗതി നമ്മെ സന്തോഷിപ്പിക്കാതെയിരിക്കയില്ല. ചരിത്രദൃഷ്ട്യാ പ്രാചീനഭാഷാഗാനത്തിന്റെ നില ഇതായാലും മൂലഗ്രന്ഥത്തിന്റെ തുലനാമൂലകങ്ങളായ അച്ചടിച്ച ഉത്തമസംസ്കാരങ്ങളും ഗംഭീരങ്ങളായ ഉത്തമവ്യാഖ്യാനങ്ങളും സർവ്വസുലഭമായിട്ടുള്ള ആധുനികകാലത്തു് ഒരു ശരിതർജ്ജമയ്ക്കുവേണ്ടി പരിശ്രമിച്ച നമ്മുടെ ഈ ഗ്രന്ഥകർത്താവു് നമ്മുടെ ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങളെ സർവ്വഥാ അർഹിക്കുന്നു.

ഒരു ഭാഷയുടെ മൂലസ്വത്തായി ചിരകാലംകൊണ്ടു പ്രചുരപ്രസിദ്ധി സിദ്ധിച്ചിട്ടുള്ള ഒരു ഗ്രന്ഥരത്നത്തെ കൃതിസമ്മതമായ രീതിയിൽ ഭാഷാന്തരംചെയ്ക എന്ന കൃത്യം പ്രതിഭാവാന്മാർക്കുപോലും സുസാദ്ധ്യമല്ലാത്ത ഒരു കലയാണു്. അഭിധേയത്തിൽ അതിവ്യാപ്തിയും അവ്യാപ്തിയുമില്ലാതെ ബിംബപ്രതിബിംബങ്ങൾപോലെയുള്ള ശരിതർജ്ജമകൾ മിക്കവാറും സാധാരണമല്ല. വലിയ വായുള്ള ഒരു കുപ്പിയിൽ സൂക്ഷിച്ചിരിക്കുന്ന ദ്രവപദാർത്ഥത്തെ ചെറിയ വായുള്ള ഒരു കുപ്പിയിലേക്കു പുറമേ ഒലിച്ചുപോകാതെ പകരുന്ന പ്രയത്നമാണു് പഴക്കംകൊണ്ടു ധ്വനിപൂർണ്ണവും സൂക്ഷ്മാർത്ഥജടിലവുമായിട്ടുള്ള സംസ്കൃതവാക്യങ്ങളെ മലയാളത്തിൽ സത്യതയോടെ വിവർത്തനംചെയ്യുന്ന ആൾക്കു സ്വീകരിക്കേണ്ടതായിട്ടുള്ളതു്. ഇത്തരം ദുർഘടങ്ങൾ ഓർക്കുമ്പോൾ മാത്രമേ തർജ്ജമയെപ്പററിയുള്ള ഒരു ശരിയായ മതിപ്പു് നമുക്കുണ്ടാവൂ. മുൻപേ ഗമിച്ച പഥികന്റെ ഓരോ കാലടിയിലും തന്റെ പാദം തെററാതെ വച്ചു നടക്കുക എന്നതു് നൃത്തനിപുണന്മാരെപ്പോലും വൈരസ്യപ്പെടുത്തുന്ന പ്രയത്നമാണല്ലോ ഒരു സ്വതന്ത്രകവിയേക്കാൾ കവിതകൊണ്ടു വിവർത്തനം നിർമ്മിക്കുന്ന കവി ഈ ദുസ്സാദ്ധ്യമായ പ്രവൃത്തിയിലേർപ്പെട്ടയാളാണു്.

ഒരു നിരൂപകനാകട്ടെ, എന്നാൽ ആദ്യമായി തർജ്ജമയിൽ തേടുന്നതു് മൂലഗ്രന്ഥത്തോടുള്ള വിശ്വാസമായ പൊരുത്തം അഥവാ യഥാർത്ഥത്തിൽ സർവ്വാംശത്തിലുമുള്ള ബിംബപ്രതിബിംബഭാവം. രണ്ടാമതായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുശ്രാവ്യത അഥവാ സുപാഠ്യത അല്ലെങ്കിൻ സുഗേയത. രണ്ടാമത്തെ അംശത്തിൽ ആലോചനാവിഷയമായ കൃതി നിരാക്ഷേപമായ വിജയം സമ്പാദിച്ചിട്ടുണ്ട് എന്നു നിഗമനംചെയ്യാൻ ഈ അഭിപ്രേതാവിനു സന്ദേഹലേശമില്ല. തർജ്ജമയുടെ പൊതുവേയുള്ള സമഗ്രതയും, സരളതയും പ്രയാസമുള്ള ഘട്ടങ്ങളിൽ പ്രകടിപ്പിച്ചിരിക്കുന്ന ഔചിത്യബോധവും സ്മരിക്കുമ്പോൾ ആദ്യത്തെ അംശത്തിലും വിജയം കഴിവുള്ളത്ര സമ്പാദിച്ചിട്ടുണ്ട് എന്നുതന്നെ പറയണം. വിദ്യാസ്ഥാനങ്ങളുടെ നിഷ്കൃഷ്ടസാരമായിട്ടുള്ളതും ഗഹനങ്ങളായ അർത്ഥങ്ങളെ അനുഷംഗംകൊണ്ടും അധ്യാഹാരംകൊണ്ടും പൂർത്തി വരുത്തേണ്ടതായിട്ടുള്ളതും വിരളങ്ങളായ ആർഷപദപ്രയോഗങ്ങൾകൊണ്ട് ദന്തുരിതമായിട്ടുള്ളതുമായ ഭാഗവതത്തെ സർവ്വവിപശ്ചിത്സമ്മതമായവിധം തർജ്ജമചെയ്യുകയെന്നതു് അസാദ്ധ്യകല്പമെന്നു സ്വീകരിക്കണം. അതിനു പുറമേ ഗാനബദ്ധമായ കൃതിയിൽ മൂലാക്ഷരങ്ങളുടെ വിവക്ഷിതാർത്ഥം അവശനായി ചിലയിടങ്ങളിൽ വിടുകയും ചുരുക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതായി വന്നിട്ടുണ്ടെങ്കിൽ അതും താൻ സ്വീകരിച്ച രചനാമാർഗ്ഗത്തിൽ അനിവാര്യമാണെന്നു സമ്മതിക്കേണ്ടതായിട്ടുണ്ട്.

സർവ്വോപരിയായി നോക്കുമ്പോൾ പ്രശംസാർഹമായിത്തീർന്നിട്ടുള്ള ഈ തർജ്ജമ വിദ്വജ്ജനമോദനീയനും വാസനാകവിയുമായ ഗ്രന്ഥകർത്താവിന്റെ നിപുണഹസ്തത്തിൽ മിനുക്കം മാററുമേറി അചിരേണ സർവ്വാനവദ്യമായിത്തീരുമെന്നു് പ്രത്യാശിക്കയും ഏതാദൃശധാർമ്മികകൃത്യങ്ങളിൽ സഹായവും നൈപുണ്യവും പൂർവ്വാധികം കൈവരുന്നതിനു വാഞ്ഛിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ സർവ്വസന്മംഗലങ്ങൾക്കുംവേണ്ടി ശ്രീകൃഷ്ണപരമാത്മാവിന്റെ ചരണയുഗളങ്ങളെ സ്മരിച്ചുകൊണ്ട് ഇതിവിടെ വിരമിപ്പിക്കുന്നു.

ഉത്തരകാശി (ഹിമാലയം)
12-5-1955

സ്വാമി വിമലാനന്ദപുരി

ആറ്

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ളയുടെ കിളിപ്പാട്ടുഭാഗവതം ഖണ്ഡശഃ പലേടത്തും വായിച്ചുനോക്കി. എന്റെ ദൃഷ്ടിയിൽ മാററത്തക്ക ന്യൂനതകൾ എവിടേയും കാണാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല, ഭക്തിരസത്തിന്റെ ഉദ്ദീപനം, പദങ്ങളുടെ ലാളിത്യം, ഒഴുക്ക്, പ്രസാദം, മൂലശ്ലോകങ്ങളുടെ അർത്ഥപരിധിയെ ഉല്ലംഘിക്കാതു, ഉള്ള അർത്ഥത്തെ ശരിക്കു പ്രകാശിപ്പിക്കൽ തുടങ്ങി ഒരു തർജ്ജമയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ മിക്കതും ഒത്തിണങ്ങിയ ഒരു നല്ല ഭാഷാഭാഗവതമായിട്ടുണ്ട് ശ്രീ കൃഷ്ണപിള്ളയുടെയെന്നാണെന്റെ അഭിപ്രായം. ഈ അഭിപ്രായപ്രകടനം വെറുതെ മററുള്ളവരെ പ്രീതിപ്പെടുത്താൻവേണ്ടി മാത്രം പറയുന്നതല്ല. വളരെയൊക്കെ ആലോചിച്ചും അനുഭവിച്ചും ബോദ്ധ്യപ്പെട്ട സത്യത്തെ തുറന്നു കാണിക്കലാണ്. ശ്രീ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ വൃത്താനുവൃത്തതർജ്ജമ ഇവിടെയുണ്ട്. അതും വായിച്ചുനോക്കിയിട്ടുണ്ട്. പലടത്തും അതിൽ മൂലാർത്ഥത്തിൽനിന്നു വ്യതിയാനമുണ്ട്. ഭാഷയും കവിതയും നന്നായിട്ടുണ്ട്. പക്ഷേ, അർത്ഥവിചാരത്തിനു പററില്ലെന്നാണു തോന്നിയതു്.

എന്നാൽ അങ്ങനെയുള്ള ദോഷം ഒരിടത്തുപോലും ശ്രീ കൃഷ്ണപിള്ളയുടെ തർജ്ജമയിൽ തോന്നിയില്ല... ഭാഗവതസ്വരൂപനായ ശ്രീഗോപാലകൃഷ്ണൻ ശ്രീ കൃഷ്ണപിള്ളയെ നന്നായനുഗ്രഹിച്ചിട്ടുണ്ട്. അദ്ദേഹത്തിനിനിയും ശ്രേയസ്സുണ്ടാകട്ടെ.

ജ്ഞാനാനന്ദാശ്രമം, പല്ലൂർ
1-8-1968

സ്വാമി ജ്ഞാനാനന്ദസരസ്വതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിഭാഷകനും കൃതിയും

മഹാത്മാക്കളുടെ ജന്മം വിശിഷ്ടമായ ഉദ്ദേശങ്ങളുടെ സാക്ഷാത്കാരത്തിനായിരിക്കും. മഹത്തായ ആ ലക്ഷ്യം നേടുന്നതോടെ ജീവിതത്തിന്റെ ഉദ്ദേശവും സഫലമാകുന്നു. പിന്നെ അശേഷം താമസമുണ്ടാവില്ല. ഈ ലോകത്തോടു യാത്രപറയുകയായി. ഇക്കാര്യം വളരെ കണിശമാണ്. ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ളയുടെ ജീവിതകഥ ഇതിനു ശരിയായ ദൃഷ്ടാന്തമത്രെ!

ഒരു വിദ്യാധരഗന്ധർവ്വനായിരുന്നു അദ്ദേഹം. അസാധാരണമായ ഒരുദ്ദേശവും ആ ജീവിതത്തിനുണ്ടായിരുന്നു. വേദവ്യാസവിരചിതമായ ശ്രീമഹാഭാഗവതം സംസ്കൃതം മൂലത്തിനു ശുദ്ധവും സമ്പൂർണ്ണവുമായ കേരളഭാഷാഗാനത്തിന്റെ നിർമ്മിതി! സർവ്വാദരണീയമായ വ്യാസകൃതി പൂർണ്ണരൂപത്തിൽ അന്യൂനമായി കൈരളിയുടെ പാദങ്ങളിൽ സമർപ്പിക്കാത്ത താമസം ആ പ്രതിഭാപ്രസരം പൊലിയുകയും ചെയ്തു! ശ്രീ മുഴങ്ങോട്ടുവിള കൈരളിക്കു കാഴ്ചവച്ച മലയാളഭാഗവതം ഒരു മഹാസംഭവമാണ്. അതിദീർഘമായ ഒരു ജീവിതം ഈ ഗ്രന്ഥത്തിനുവേണ്ടി മാത്രമായിരുന്നു. അവികലവും പൂർണ്ണവുമായ കേരളഭാഷാഗാനം. മൂലഗ്രന്ഥത്തിന്റെ അനുപദതർജ്ജമയിൽ ഭാഷാഗാനം കേരളീയരായ ഭക്തകോടികൾക്കു സിദ്ധിച്ചതു ഭാഗ്യംതന്നെ. ഭാഷയുടെ പ്രസാദം, ശുദ്ധി, സുഗമത ഭക്തിലഹരി, സാരള്യം മുതലായ എല്ലാ ഗുണങ്ങളും പ്രസ്തുത കൃതിയിൽ ലോപമെന്യേ കളിയാടുന്നു. ഭാഷയ്ക്കു ലഭിച്ച ഈ അമൂല്യനിധിക്ക് ആസ്തിക്യകേരളം ആ 'കേരളവേദവ്യാസ'നോടു കടപ്പെട്ടിരിക്കുന്നു.

ഓംകാരത്തിന്റെ വ്യാഖ്യാനമാണ് വേദങ്ങൾ. പ്രണവത്തിന്റെ വികാസമായ വേദങ്ങൾ സങ്കീർണ്ണങ്ങളായി—ദുർഗ്രഹങ്ങളായി—സാധാരണക്കാരായ ജനങ്ങളുമായി ബന്ധപ്പെടാതെ നിന്നു. അങ്ങനെ അകന്നുപൊയ്ക്കൊണ്ടിരിക്കുന്ന വേദങ്ങളെ ലോകോപകാരാർത്ഥം വേർതിരിച്ച് പകർത്തിയെഴുതിയത് കലിയുഗാരംഭത്തിൽ ജീവിച്ചിരുന്ന പ്രതിഭാശാലിയായ പരാശരപുത്രനാണ്. വേദങ്ങളെ വേർതിരിക്കുകയും വിസ്തരിച്ചു പ്രതിപാദിക്കുകയും ചെയ്കയാലാണ് അദ്ദേഹത്തെ വേദവ്യാസനെന്നു പ്രകീർത്തിക്കുന്നത്.

സാധാരണക്കാരനു പ്രയോജനപ്പെടാനാണു വേദങ്ങൾ പകർത്തിയെഴുതപ്പെട്ടത്. പക്ഷേ, ആ ഉദ്ദേശം സാധിച്ചു എന്നതിൽ അദ്ദേഹത്തിനുതന്നെ സന്ദേഹമുണ്ടായി. വേദങ്ങൾക്കു പല കാലങ്ങളിൽ പല ദേശങ്ങളിൽ ഋഷിമാരിൽനിന്നുമുണ്ടായ വിശദീകരണങ്ങളാണ് ഉപനിഷത്തുക്കളായി രൂപംകൊണ്ടത്. ഓരോ വേദത്തേയും അവലംബിച്ച് ഒട്ടാകെ 1180–ൽപരം ഉപനിഷത്തുക്കൾ ഉണ്ടായിട്ടുണ്ട്. ഇവ എല്ലാംതന്നെ വേദങ്ങളെ പിൻതുടർന്ന് സാമാന്യജനങ്ങളിൽനിന്നും അകന്നുപോയി. ഇതു മനസ്സിലാക്കിയ വേദവ്യാസൻ വേദസാഹിത്യത്തെ വിപ്ലവാത്മകമായ പ്രക്രിയയ്ക്കു വിധേയമാക്കി. വ്യാസന്റെ അത്ഭുതപ്രതിഭ അങ്ങനെ കഥാകഥനപ്രസ്ഥാനത്തിനു രൂപംകൊടുത്തു. വേദങ്ങളുടേയും ഉപനിഷത്തുക്കളുടേയും സത്തു പിഴിഞ്ഞെടുത്ത് ചമൽക്കാരരസം ചേർത്ത് പാകപ്പെടുത്തിയതാണു പുരാണങ്ങൾ. അദ്ദേഹം സാമാന്യജനങ്ങൾക്കു വേദോപനിഷത്തുക്കളുടെ സാരം തികച്ചും ആസ്വാദ്യകരമായി സമർപ്പിച്ചു. അങ്ങനെ പുരാണങ്ങളുണ്ടായി. വേദാന്തസാഹിത്യത്തിനു നഷ്ടപ്പെട്ട ശ്രോതാക്കളെ തിരിച്ചുകൊണ്ടുവരുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

വേദവ്യാസൻ 17 പുരാണങ്ങൾ ക്രമമായി രചിച്ച് ലോകത്തിനു സംഭാവനചെയ്തു. സപ്തദശപുരാണാനന്തരം വിശ്വമഹാകാവ്യമായ മഹാഭാരതം ചമച്ചിട്ടും മനസ്സിന്റെ അസ്വസ്ഥത മാറിക്കിട്ടായ്കയാലാണ് 17 പുരാണങ്ങളിലായി ചിതറിക്കിടക്കുന്ന ഈശ്വരമഹിമയെ ഒന്നിച്ചവതരിപ്പിച്ചുകൊണ്ട് ശ്രുതിസാരസർവ്വസ്വമായ ഭാഗവതം രചിച്ചത്. അതിനാൽ പുരാണേതിഹാസങ്ങളിൽവച്ചേറ്റവും ശ്രേഷ്ഠം അവസാനമായി രചിച്ച 18–ാമത്തെ പുരാണമായ മഹാഭാഗവതംതന്നെ!

'ജ്ഞാനയജ്ഞം' അന്വേഷിച്ചു ചെന്ന നാരദമഹർഷിക്ക് ആത്മശാന്തിവരുമാറ് സനൽകുമാരൻ ഉപദേശിച്ചതും ആത്മസംതൃപ്തിക്ക് ഉപായംതേടിയ ശൗനകാദി ഋഷിമാരുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് ശ്രോതാക്കളായ എൺപത്തെണ്ണായിരം മഹർഷിമാർക്ക് അന്തഃകരണശുദ്ധിവരുമാറ് സൂതൻ ഉപദേശിച്ചതും തക്ഷകദംശനംമൂലമുണ്ടാകുന്ന മൃത്യുവുമായി മുഖത്തോടുമുഖം നോക്കി ഗംഗാതീരത്ത് പ്രായോപവേശം വരിച്ചുകിടന്ന പരീക്ഷിത്തുമഹാരാജാവിന് ശ്രീശുകബ്രഹ്മർഷി ഉപദേശിച്ചതുമായ സാക്ഷാൽ ഈശ്വരമഹിമയാണ് 'മഹാഭാഗവതം'.

ശമികപുത്രനായ ഋഷികുമാരന്റെ ശാപമേറ്റ് തീർച്ചപ്പെട്ട മരണം മുന്നിൽ കണ്ടുകൊണ്ട് ഗംഗാനദീതീരത്തു പ്രായോപവേശം വരിച്ചുകിടന്ന രാജാവിന് മരണഭയത്തിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമായാണ് ഭാഗവതം ഉപദേശിച്ചത്. പരീക്ഷിത്തു രാജാവിനു മാത്രമല്ല എല്ലാ ജീവരാശികൾക്കും മരണമെന്ന ഭയത്തിൽനിന്നും രക്ഷ പ്രാപിക്കുവാനുള്ള മൃത്യുഞ്ജയമന്ത്രമാണ്—അമൃതമാണ്—ഭാഗവതം! ഈശ്വരമഹിമ മാത്രം ഉൾക്കൊള്ളുന്ന ഈ പുരാണം കലിയുഗത്തിനുവേണ്ടി പ്രത്യേകമായി വിഭാവനചെയ്തതുമാണ്. മുമുക്ഷുവിനുപോലും ആത്മശാന്തിക്കായി ഈ പുരാണപാരായണം അനിവാര്യമെന്നു സിദ്ധാന്തിക്കുന്നു!

12 സ്കന്ധങ്ങളും 335 അദ്ധ്യായങ്ങളും ഒട്ടാകെ പതിനെണ്ണായിരം ശ്ലോകങ്ങളും (ഗ്രന്ഥങ്ങളും) ഉൾക്കൊള്ളുന്നതാണ് ഈ മഹൽകൃതി.

പുരാണേതിഹാസങ്ങളിൽവച്ചേറ്റവും ശ്രേഷ്ഠമായി വേദവ്യാസൻ രചിച്ച മഹാഭാഗവതത്തിനു പൂർണ്ണമായ പരിഭാഷ മലയാളത്തിലില്ലാതെപോയതു കനത്ത പോരായ്മതന്നെയായിരുന്നു. സാഹിത്യപഞ്ചാനനൻ ശ്രീ പി. കെ. നാരായണപിള്ള, ശ്രീ എൻ. ഗോപാലപിള്ള എം. എ., ശ്രീ പി. ശേഷാദ്രി അയ്യർ തുടങ്ങിയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഹിത്യകേസരികൾ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ തുഞ്ചത്ത് ആചാര്യനാൽ വിരചിതമെന്ന് എങ്ങനെയോ വിശ്വസിച്ചുപോരുന്ന സംഗ്രഹരൂപത്തിലുള്ള ഒരു ഭാഗവതംകിളിപ്പാട്ട് പ്രചാരത്തിലുള്ളത് ഇവിടെ വിസ്മരിക്കുന്നില്ല. എഴുത്തച്ഛന്റെ പേരുമായി ബന്ധപ്പെടുത്തി പറയുന്നുവെങ്കിലും അദ്ദേഹത്തിന്റെ കൃതിയേ അല്ലെന്നുള്ളതാണ പണ്ഡിതമതം. എഴുത്തച്ഛന്റെ ബാലകൃതിയാണെന്ന് ഒരഭിപ്രായവുമുണ്ട്. അതെങ്ങനെയായാലും മൂലകൃതിയിലെ അതിപ്രൗഢങ്ങളും അവശ്യവിജ്ഞേയങ്ങളുമായ പല ഭാഗങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ചില ഭാഗങ്ങൾ തെററായി ഭാഷാന്തരം ചെയ്തിട്ടുമുണ്ട്.

ഇതാണ് സർവ്വാദരണീയമായ ഭാഗവതത്തിന് അവികലവും സമ്പൂർണ്ണവുമായ ഒരു പരിഭാഷ മലയാളത്തിൽ ഉണ്ടാകേണ്ടതു് ആവശ്യമാണെന്ന് പന്നിശ്ശേരിക്കും മുഴങ്ങോട്ടുവിളയ്ക്കും തോന്നുവാൻ കാരണം. അത്യന്തം ശ്രമാവഹമായ ആ ബൃഹത്‌വ്യവസായത്തിൽ അവർ പ്രവേശിക്കുകയും ചെയ്തു. പക്ഷെ, തുടക്കംകുറിക്കുവാനേ ശ്രീ പന്നിശ്ശേരിക്കു കഴിഞ്ഞുള്ളു. വിധി ആ പണ്ഡിതകവിയെ ക്ഷണം അപഹരിച്ചുകളഞ്ഞു. ഉററചങ്ങാതിയുടെ വേർപാട് ഒട്ടൊന്നുമല്ല ശ്രീ മുഴങ്ങോട്ടുവിളയെ വിഷമിപ്പിച്ചതു്. എന്നാലും മഹത്തായ ആ ഉദ്യമം സഫലീകരിക്കുക എന്നതിൽക്കവിഞ്ഞു് മറെറാരു ജീവിതവ്രതം തനിക്കില്ലെന്ന് അദ്ദേഹം തീരുമാനിക്കുകയും അതിനുവേണ്ടി സ്വജീവിതം അർപ്പിക്കുകയും ചെയ്തു.

ഭാഗവതം മൂലകൃതി നൂറുതവണയെങ്കിലും ശ്രദ്ധയോടെ വായിക്കുകയും സംസ്കൃതത്തിലും മലയാളത്തിലും വന്നിട്ടുള്ള വ്യാഖ്യാനങ്ങൾ എല്ലാംതന്നെ അദ്ദേഹം അതിനുവേണ്ടി പഠിക്കുകയും ചെയ്തു. കേരളത്തിലെ ആദ്ധ്യാത്മികഗുരുദേവന്മാരും പുരാണേതിഹാസപടുക്കളുമായ ചട്ടമ്പിസ്വാമിതിരുവടികൾ, നാരായണഗുരുസ്വാമികൾ, നീലകണ്ഠതീർത്ഥപാദസ്വാമികൾ, സ്വാമി വിമലാനന്ദപുരി, തീർത്ഥപാദപരമഹംസൻ, സ്വാമി ജ്ഞാനാനന്ദസരസ്വതികൾ തുടങ്ങിയ അവതാരപുരുഷന്മാരും സന്യാസിശ്രേഷ്ഠന്മാരുമായുള്ള സത്‌സംഗം കൊണ്ട് ഉത്തേജനം നേടുകയും സന്തതസഹചാരംകൊണ്ട് ആത്മീയചൈതന്യം സമ്പാദിക്കുകയും ചെയ്തശേഷമാണ് അത്യുന്നതമായ യത്നം അദ്ദേഹം ആരംഭിച്ചതു്. അതിമഹത്തായ ഭാഗവതഗാനസാഹിത്യസർവ്വസ്വം—വ്യാസപ്രതിഭയുടെ തനിരൂപം—അങ്ങനെ മലയാളഭാഷയ്ക്കു കൈവന്നു.

പരിഭാഷാരംഭത്തിൽ 1124 മിഥുനം 11-ാംതീയതി രാത്രിയുടെ അന്ത്യയാമത്തിൽ കവിക്ക് അതിവിശേഷമായൊരു സ്വപ്നമുണ്ടാകുകയും ഭഗവത്‌ദർശനം ലഭിക്കുകയും ചെയ്തു. അതിനുശേഷം പരിഭാഷ നടന്നുകൊണ്ടിരുന്ന കാലയളവിൽ തുടർച്ചയായി ഭഗവത്‌സാന്നിദ്ധ്യം ഉണ്ടായിരുന്നു എന്നതു് എടുത്തുപറയേണ്ട വിശേഷമാണ്. ബ്രാഹ്മമുഹൂർത്തങ്ങളിൽ മുഴങ്ങോട്ടുവിളഭവനത്തിന്റെ വിശാലമായ മണൽ വിരിച്ച മുററത്ത് ശ്യാമമനോഹരൻ നൃത്തംവച്ചിരുന്നതായി പറയപ്പെടുന്നു. ഭഗവാന്റെ സാന്നിദ്ധ്യംമൂലമുള്ള ആനന്ദലഹരിയിൽ മുഴുകിയാണ് കവി ഭാഷാന്തരം നിർവ്വഹിച്ചതു്.

''......പ്രസ്തുതഗാനം ഒരു സ്വതന്ത്രകൃതിയാണെന്നേ തോന്നൂ. അത്രയ്ക്കു സുഗമതയും ഹൃദ്യതയും അതിൽ പരിലസിക്കുന്നുണ്ട്. മൂലത്തിലെ അപ്രതിമമായ കാവ്യശൈലിയുടെ സൗന്ദര്യത്തെ ഭംഗിയായി സംരക്ഷിക്കുന്നതിനു പരിഭാഷകൻ വേണ്ടവണ്ണം മനസ്സുവച്ചിരിക്കുന്നു. അതു നല്ലതുപോലെ ഫലിച്ചിട്ടുണ്ട്! ഭഗവദനുഗ്രഹത്താൽ പ്രസ്തുത ഗുണങ്ങൾ വേണ്ടിടത്തോളം കൈവന്നിരിക്കുന്ന ഒരു പുണ്യാത്മാവാണ് ശ്രീകൃഷ്ണപിള്ള. അതുല്യതിനു മേന്മയുണ്ട്...''

കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മതിരുമനസ്സിലെ അഭിപ്രായമാണു മേലുദ്ധരിച്ചതു്.

ഉണ്ണിക്കൃഷ്ണന്റെ കമനീയമായ നൃത്തം സദാ മനസ്സിൽ കണ്ട് ആനന്ദലഹരിയിൽ മുഴുകിയ പുണ്യവാനു മാത്രമേ ഇപ്രകാരമൊരു ഭാഗവതഗാനം ചമയ്ക്കുവാൻ സാദ്ധ്യമാകൂ!

ഭാഗവതം ഭാഷാഗാനം ആദ്യമായി പ്രസിദ്ധീകരിച്ചതു് 1954-ലാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സഹായത്തോടാണിതുണ്ടായതു്. കേരളാ യൂണിവേർസിററിയും തിരു-കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ടും ഈ പ്രസിദ്ധീകരണത്തിനു സഹായിച്ചു എന്നതും പ്രസ്താവ്യമാണ്. രണ്ടാംപതിപ്പ് കേരള സാഹിത്യ അക്കാദമിയുടെ സഹായത്തോടെ 1964-ലും പ്രസിദ്ധീകരിച്ചു.

ദക്ഷിണേന്ത്യൻ സന്യാസിമാരിൽ തപശ്ശക്തികൊണ്ടും പാണ്ഡിത്യംകൊണ്ടും പ്രമുഖനായ സ്വാമി ജ്ഞാനാനന്ദസരസ്വതികൾ മുഴങ്ങോട്ടുവിളഭാഗവതം വായിക്കുകയും തികഞ്ഞ വാസനയും രചനാകൗശലവും തെളിഞ്ഞ വൈദുഷ്യവുംകൊണ്ട് അത്യാകർഷകമായ പരിഭാഷയിൽ ഹർഷപുളകിതനാകുകയുംചെയ്തു. 25-2-1969-ൽ അദ്ദേഹം മഹാകവിക്കയച്ച ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

''ഭാഗവതം സപ്താഹത്തോടനുബന്ധിച്ച് ആശ്രമത്തിൽ നല്ല പണ്ഡിതന്മാരെക്കൊണ്ട് ഭാഗവതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ചചെയ്യിക്കാറുണ്ട്. ആയതു് ഇക്കൊല്ലവുമുണ്ടായി. അതിൽ ഒരുദിവസം ഭാഗവതത്തിന്റെ 'വ്യാഖ്യാനങ്ങളും തർജ്ജമകളും' എന്നതായിരുന്നു വിഷയം. ആ വിഷയത്തെ വേണ്ടപോലെ കൈകാര്യംചെയ്യാൻ കഴിവുള്ള ശ്രീ കെ. പി. നാരായണപ്പിഷാരടി എന്ന പണ്ഡിതനായിരുന്നു അതിവിടെ ചർച്ചചെയ്തതു്. ഭാഗവതത്തിന് ഇന്നുവരെ മലയാളത്തിലുണ്ടായിട്ടുള്ള വ്യാഖ്യാനങ്ങളേയും തർജ്ജമകളേയും മുഴവൻ അദ്ദേഹം സദസ്സിന്റെ മുൻപിൽ നിരത്തിവച്ച് ഓരോന്നിന്റേയും ഗുണദോഷങ്ങളെ നിരൂപിച്ചു. അതിൽ അങ്ങയുടെ തർജ്ജമയാണ് സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടതു്. വാസ്തവത്തിൽ ഈ ഭാഗവത തർജ്ജമമുഖേന അങ്ങ് കേരളത്തിനു വലിയൊരു നേട്ടമാണുണ്ടാക്കിയിരിക്കുന്നതു്. കാലം ചെല്ലുംതോറും കൂടുതൽ ജനങ്ങളറിയാനും പ്രയോജനപ്പെടുത്താനും ഇടയാകുകയും ചെയ്യും...!''

കഴിഞ്ഞ രണ്ടു പതിപ്പുകളിലും വന്നിട്ടുള്ള അച്ചടിപ്പിശകുകൾ തീർത്തും പരിഭാഷ വീണ്ടും മൂലകൃതിയുമായി ഒത്തുനോക്കിയും പല വിദ്വത്‌കേസരികളുടേയും ശുപാർശകൾ കൈക്കൊണ്ട് പാഠഭേദം വേണ്ടിടത്തു ചെയ്ത് മിനുക്കുപണികൾ നടത്തിയും ഭാഗവതം വിമർശനാതീതമാക്കി മൂന്നാംപതിപ്പിന് ഒരുക്കിയശേഷമാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ കവിവര്യൻ ഈ ലോകത്തോടു വിടവാങ്ങിയതു്. മൂലം മലയാളലിപിയിലും സമാന്തരമായി പരിഭാഷയും ചേർത്താണു് മൂന്നാംപതിപ്പു് പ്രസിദ്ധീകരിക്കുന്നതു്. ഭാഷാന്തരത്തിൽ എത്രമാത്രം ധൈര്യവും വിശ്വാസവും കവിക്കുണ്ടെന്നു് വിളിച്ചറിയിക്കുവാൻ ഇതിൽപ്പരം തെളിവാവശ്യമില്ല. കേരളത്തിൽ ഇതേവരെ ആരും ധൈര്യപ്പെടാത്ത ഈ മഹാസംരംഭത്തിനു് ഇനി ആരെങ്കിലും തുനിയുമെന്നതു് പ്രതീക്ഷിക്കുകയും വേണ്ട.

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള കൊല്ലവർഷം 1062 മകരം 23-ാംതീയതി (1887 ഫെബ്രുവരി 4) തേവലക്കര ചെല്ലശ്ശേരി തറവാട്ടിൽ ജനിച്ചു. അച്ഛൻ തേവലക്കര ചെല്ലശ്ശേരി കേശവപിള്ളയും അമ്മ കരുനാഗപ്പള്ളി മുഴങ്ങോട്ടുവിള ചിരുതയമ്മയുമായിരുന്നു. ഈ പ്രതിഭാശാലിയുടെ വിദ്യാരംഭം നടത്തിയതു് തേവലക്കര പുത്തൻവീട്ടിൽ കൃഷ്ണപിള്ള ആശാനായിരുന്നു. പിതാവിന്റെ മരണശേഷം താമസം കരുനാഗപ്പള്ളിയിലേക്കു മാററപ്പെട്ടു. തുടന്നു് വിദ്യാഭ്യാസം കരുനാഗപ്പള്ളി പ്രാഥമികവിദ്യാലയത്തിലുമായി. അവിടത്തെ പഠിത്തം പൂർത്തിയാക്കിയതിനുശേഷം മകനെ ദൂരത്തയച്ചു പഠിപ്പിക്കുവാൻ അമ്മ വിസമ്മതിക്കുകയാണുണ്ടായതു്. മാത്രമല്ല ആയിടയ്ക്കുണ്ടായ ജ്യേഷ്ഠന്റെ വിയോഗവും ഉപരിവിദ്യാഭ്യാസത്തിനു തടസ്സമായിത്തീൎന്നു. അങ്ങനെ നിരാശയിലാണ്ടു കഴിയുമ്പോഴാണു് ഈശ്വരനിയോഗമെന്നവണ്ണം ഒരു പുതിയ മാൎഗ്ഗം മുന്നിൽ തെളിഞ്ഞുകണ്ടതു്.

ആയിടെയാണു് അഖിലേന്ത്യാപര്യടനം കഴിഞ്ഞു് തക്ക്വ്യാകരണവേദാന്താദി വിഷയങ്ങളിൽ വിദ്വജ്ജനാരാധിതനായി ശ്രീ കരിങ്ങാട്ടിൽ നാണുവാശാൻ (സ്വാമി വിരജാനന്ദഗിരി) മടങ്ങിയെത്തിയതു്. സ്വാമി മുഴങ്ങോട്ടുവിളയിലെ 'കൊച്ചുകൃഷ്ണനെ' കണ്ടുമുട്ടുവാൻ ഇടവരികയും ബാലനിൽ തെളിഞ്ഞുകണ്ട വിജ്ഞാനസമ്പാദനൗത്സുക്യത്തിൽ ആകൃഷ്ടനാകുകയും ചെയ്തു. അദ്ദേഹം 'കൊച്ചുകൃഷ്ണനെ' ശിഷ്യനായി സ്വീകരിച്ചു് സംസ്കൃതം പഠിപ്പിച്ചു. ബാല്യത്തിലേ ശിഷ്യനിൽ തെളിഞ്ഞുകണ്ട വിശേഷപ്രതിഭ ഗുരുവിനെ അമ്പരപ്പിക്കുകയും കാവ്യനാടകാലങ്കാരവ്യാകരണാദികളിൽ കറയററ വിജ്ഞാനം പകരുവാൻ അതു കാരണമാകുകയും ചെയ്തു. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിൽ പിന്നീടദ്ദേഹം സ്വപരിശ്രമംകൊണ്ടു് പ്രാവീണ്യം സമ്പാദിച്ചു.

കൊല്ലവർഷം 1080-ാമാണ്ടു് തേവലക്കര പെരുമ്പള്ളിൽ വീട്ടിൽ ശ്രീമതി നാരായണിയമ്മയെ അദ്ദേഹം വിവാഹംകഴിച്ചു. നാലു വ്യാഴവട്ടക്കാലം നിലനിന്ന ആ ദാമ്പത്യബന്ധത്തിൽ രണ്ടു സന്താനങ്ങളുണ്ടായി; മീനാക്ഷിഅമ്മയും നാണുപിള്ളയും. മീനാക്ഷിയമ്മ ഇന്നു ജീവിച്ചിരിപ്പില്ല; ദിവംഗതയായിട്ടു് രണ്ടുവർഷം തികയുന്നു. കരുനാഗപ്പള്ളിയിലെ മാതൃകാദ്ധ്യാപകനെന്നു പ്രസിദ്ധിനേടിയ ശ്രീ നാണുപിള്ളസ്സാറു് സൎക്കാർ സൎവ്വീസിൽനിന്നും പെൻഷൻപററി പിരിഞ്ഞുവെങ്കിലും നാട്ടിലെ സാമൂഹിക സാംസ്കാരികരംഗങ്ങളിൽ ഇന്നും മുൻപന്തിയിൽത്തന്നെയുണ്ടു്.

യുവത്വത്തിന്റെ അതിപ്രസരമേററു നില്ക്കുന്ന കാലത്താണു് ശ്രീ മുഴങ്ങോട്ടുവിള അനതിദൂരവാസിയും സുപ്രസിദ്ധ പണ്ഡിതനും കവിയുമായിരുന്ന ശ്രീ പന്നിശ്ശേരി നാണുപിള്ളയുമായി പരിചയപ്പെട്ടതു്. ക്ഷണത്തിൽ ആ വിദ്വൽകേസരികൾ സന്തതസഹചാരികളായിത്തീരുകയും ചെയ്തു.

ശ്രീ പന്നിശ്ശേരിയുമായുള്ള ബന്ധം സംസ്കൃതത്തിൽ ഉപരിപഠനത്തിനു സഹായിച്ചു എന്നു മാത്രമല്ല കവിയിൽ രൂഢമൂലമായിരുന്ന കവിതാവാസന വികസിക്കുവാൻ വേണ്ട പ്രേരണ ചെലുത്തുകയും ചെയ്തു.

സാഹിത്യപരവും ആത്മീയവുമായ കാര്യങ്ങളിൽ മാത്രമല്ല നാട്ടിലെ സാമൂഹിക സാംസ്കാരിക വികാസപ്രക്രിയകൾക്കു് സാരമായ സംഭാവന അദ്ദേഹം നൽകിയിരുന്നു എന്നതു് സ്മരിക്കപ്പെടേണ്ടതാണു്. താൻ കഴിഞ്ഞുകൂടിയ—ദൈനംദിനമിടപെട്ടിരുന്ന—നാടു് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നില്ക്കുന്നു എന്നതു് അദ്ദേഹത്തെ ദുഃഖിപ്പിച്ചു. സാംസ്കാരികമായ ഉൽക്കർഷത്തിനു് ഈ പിന്നോക്കാവസ്ഥ കനത്ത ആഘാതമേല്പിക്കുമെന്നു കണ്ടു് കവി സ്വന്തം പരിശ്രമഫലമായി 1113 ഇടവം 13-ാംതീയതി കരുനാഗപ്പള്ളി—കോഴിക്കോടു് ശ്രീകൃഷ്ണവിലാസം പ്രൈമറിസ്ക്കൂൾ ആരംഭിച്ചു. യാതൊരു ലാഭേച്ഛയുംകൂടാതെ സ്വന്തം സ്ഥലം വിട്ടുകൊടുത്തു് സ്വന്തമായി സ്ക്കൂൾ പണിയിച്ചു് അദ്ധ്യാപകൎക്കു ശമ്പളവും കൊടുത്താണു് ഈ വിദ്യാലയം നടത്തിയതു് എന്നോക്കുമ്പോൾ അതിന്റെ പിന്നിലെ നിസ്സ്വാർത്ഥതയ്ക്കു മുൻപിൽ ആരും കുമ്പിട്ടുപോകും. കൂടുതൽ അഭിവൃദ്ധി പ്രാപിക്കട്ടെ എന്ന ഉദ്ദേശത്തോടെ ഈ സ്ഥാപനം പ്രതിഫലം കൂടാതെ 1123-ൽ ഗവണ്മെന്റിനു വിട്ടുകൊടുക്കുകയും ചെയ്തു. ഇന്നതൊരു യു. പി. എസ്സാണു്. ഈ വിദ്യാലയം ഒരു ഹൈസ്ക്കൂളായി കണ്ടു സന്തോഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെങ്കിലും താമസംവിനാ ആ പ്രതീക്ഷ നിറവേറപ്പെടുമ്പോൾ ആ വഴിക്കു് അദ്ദേഹത്തിനുള്ള ഏററവും ഉചിതമായ സ്മാരകമായി അതു പ്രശോഭിക്കും.

മുഴങ്ങോട്ടുവിള ഭവനം കവികളുടേയും സാഹിത്യകാരന്മാരുടേയും സന്യാസിമാരുടേയും സന്ദൎശനംകൊണ്ടു് നിത്യവും തിരക്കേറിയിരുന്നു. ആ പ്രതിഭാപ്രസരം പൊലിയുന്നതുവരെ സാഹിത്യചൎച്ചകളും കവിതാപാരായണനിരൂപണങ്ങളുംകൊണ്ടു് ഗൃഹാന്തരീക്ഷം ശബ്ദായമാനമാകുക പതിവായിരുന്നു. സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും നല്ല സ്വാധീനത അദ്ദേഹം സമ്പാദിച്ചിരുന്നു. കവിസദസ്സുകൾ സംഗീതസദസ്സുകളായി രൂപംകൊള്ളുക അപൂൎവ്വമായിരുന്നില്ല.

സന്മാൎഗ്ഗനിരതരും ഭക്തന്മാരുമായ ആരാധകൎക്കു് ആ ഭവനം ഒരു തീൎത്ഥാടനകേന്ദ്രമായിരുന്നു. സന്യാസിമാർ, ഭക്തന്മാർ, പണ്ഡിതന്മാർ, ഭാഷാവിദ്യാൎത്ഥികൾ, സാധാരണക്കാർ—എല്ലാ തരക്കാരും അദ്ദേഹത്തിന്റെ ആരാധകരിൽപ്പെടുന്നു. കേരളീയരായ സന്യാസിമാൎക്കെല്ലാം ശ്രീ മുഴങ്ങോട്ടുവിള സുപരിചിതനാണു്. കേരളത്തിലെ എല്ലാ ആശ്രമങ്ങളുമായും ബന്ധപ്പെട്ടാണു് അദ്ദേഹം കഴിഞ്ഞിരുന്നതും. ജ്ഞാനാനന്ദാശ്രമ മഠാധിപതി സ്വാമി ജ്ഞാനാനന്ദസരസ്വതികൾ സ്വന്തം കൈകൾകൊണ്ടു നിൎമ്മിച്ച ഒരു തുളസീജപമാല സ്വശിഷ്യൻവശം കൊടുത്തയച്ചു് മഹാകവിയെ ആദരിച്ച വിവരം പ്രസ്താവ്യമാണു്. മരിക്കുന്നതുവരെ ആ ജപമാല അദ്ദേഹത്തിന്റെ സഹചാരിയായി വൎത്തിച്ചു.

കേരളത്തിൽ ആദ്ധ്യാത്മികചൈതന്യവും ജന്മസിദ്ധമായ കവിതാവാസനയും ഹേതുവാൽ ആചാര്യതുല്യം ആദരിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്തിട്ടുള്ള കവിയാണു് ശ്രീ മുഴങ്ങോട്ടുവിള.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'അന്യോക്ത്യുല്ലാസ'ത്തിന്റെ അവതാരികയിൽ പ്രസിദ്ധ സാഹിത്യകാരനായിരുന്ന ശ്രീ സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. എ. പറഞ്ഞിരിക്കുന്നതുപോലെ കാവ്യമാർഗ്ഗത്തിൽ കലിതപ്രചാരനാണെങ്കിലും ഈ പ്രൗഢകവി പ്രശസ്തിയെക്കുറിച്ച് അശേഷം ചിന്തിച്ചിരുന്നില്ല. അതുകൊണ്ടാവണം വിശിഷ്ട കൃതികൾ പലതും പ്രസിദ്ധീകൃതമാകാതെ ശേഷിക്കുന്നതും. മഹാഭാഗവതം കൂടാതെ ഭട്ടാരശതകം (സ്വർണ്ണമെഡൽ നേടിയ സ്വതന്ത്രകൃതി), ശ്രീകൃഷ്ണവിജയം മഹാകാവ്യം (തർജ്ജമ), അന്യോക്ത്യുല്ലാസം (ഭാഷ), മോഹമുദ്ഗരം (പരിഭാഷ), അന്യാപദേശശതകം (ഭാഷ), ശാകുന്തളം (ഭാഷ), നാരായണീയം കിളിപ്പാട്ട് എന്നീ കൃതികളും പരശ്ശതം ചെറുകവിതകളും ശ്ലോകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ശ്രീശങ്കരകവിയുടെ ശ്രീകൃഷ്ണവിജയം മഹാകാവ്യത്തിന്റെ തർജ്ജമ രണ്ടും മൂന്നും സർഗ്ഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്യാപദേശശതകം, ശാകുന്തളം, നാരായണീയം എന്നിവ അപ്രകാശിതകൃതികളായി ഇപ്പോഴും അദ്ദേഹത്തിന്റെ നോട്ടുബുക്കുകളിൽ വിശ്രമംകൊള്ളുകയാണ്.

അതിപ്രൗഢവും സർവ്വാദരണീയവുമായ 'നാരായണീയം' കാവ്യത്തിന് ലളിതകോമളശൈലിയിൽ അത്യന്തം ഹൃദയംഗമമായി അദ്ദേഹം ഭാഷാന്തരംചെയ്ത ഗാനപ്രബന്ധം വെളിച്ചം കാണാതെ കഴിയുന്നത് ആസ്തിക്യകേരളത്തിന് നഷ്ടംതന്നെയാണ്. നാരായണീയം കിളിപ്പാട്ടിലെ കവിയുടെ ശൈലി എത്ര അനായാസലളിതമാണെന്നു നോക്കുക:

നാരായണനാകമെന്നാൽ വിരചിതം
നാരായണ സൽക്കഥാപരിപൂരിതം
എന്നിതു രണ്ടിനാൽ നാരായണീയമായ്
തീർന്നൊരിതാഗമവാക്യാനുസാരമായ്
നിന്തിരുമേനിതൻ ജന്മം കഥിക്കയും
നിന്തിരുമേനിയെ സ്തുത്യനായ് ചൊൽകയും
നിന്തിരു ലീലാവതാരാദിയാലെയാ-
ദ്യന്തം സമലംകരിക്കയും ചെയ്കയാൽ
വായിപ്പവർക്കും ശ്രവിക്കുന്നവർക്കുമി-
തായുരാരോഗ്യ സൗഖ്യങ്ങളേകട്ടെ മേൽ.

007312

കാളിദാസപ്രതിഭ ഇത്ര സ്തുത്യർഹമായി മലയാളഭാഷയിലേക്കു പകർത്തിയ മറെറാരു തൂലികയുണ്ടോ എന്നു ചോദിച്ചുപോകും ശാകുന്തളം ഭാഷ വായിച്ചാൽ. ശാകുന്തളത്തിലെ ശ്രദ്ധേയമായൊരു ചിത്രം ശ്രീ മുഴങ്ങോട്ടുവിള പകർത്തിയതു നോക്കുക:

ചന്തത്തിൽ പിന്തിരിച്ചും ഗളമനുപദ-
    മെത്തും രഥത്തിങ്കൽ നേത്രം
ബന്ധിച്ചും പൃഷ്ഠഭാഗം ശരപതനഭയം
    കൊണ്ടു മുൻപാൽ മറച്ചും
ശ്രാന്ത്യാ വിണ്ടൊരു വക്ത്രംവഴി പകുതി ചവ-
    ച്ചുള്ള ദർഭം പൊഴിച്ചും
പന്ഥാവിൽ, ഭൂരിവാനിൽ ക്ഷണമിളയിലു-
    മായ്കാൺക ശീഘ്രപ്രയാണം.

ശ്രീ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രത്തെ അധികരിച്ചെഴുതിയ ഖണ്ഡകാവ്യമാണ് ഭട്ടാരശതകം. സ്വാമികളെക്കുറിച്ചു വന്നിട്ടുള്ള കാവ്യങ്ങളിൽവച്ചേററവും പ്രമുഖമായ കൃതി സ്വർണ്ണമെഡൽ നേടിയ ഈ ഭട്ടാരശതകമാണ്. സ്വാമികളുടെ സമാധികാലത്ത് അവിടത്തെ ശുശ്രൂഷിച്ചു താമസിച്ചിരുന്ന ശിഷ്യന്മാരിൽ ഒരാളായിരുന്ന കവി ആ അന്ത്യരംഗം 'ഭട്ടാരശതക'ത്തിൽ വർണ്ണിക്കുന്നതിങ്ങനെയാണ്:

ദീനത്വം കലരാതഹോ! മഹിതന-
    ന്നപ്പത്മനാഭാഖ്യനാം
പ്രാണാന്തിപ്രിയമാന്ന ശിഷ്യമണിതൻ
    ഹസ്താവലംബത്തൊടും
താനേ മെല്ലെയെണീററു നേക്കു ശരിയായ്
    പത്മാസനത്തിൽ ദൃഢ-
ധ്യാനത്തോടു കുറച്ചിരുന്നു പരചി-
    ദ്ധാമത്തിലാമഗ്നനായ് ...!

ശ്രീകൃഷ്ണവിജയം മഹാകാവ്യം ഒരുതവണയെങ്കിലും വായിച്ചിട്ടുള്ളവർക്ക് ഉണ്ണിക്കൃഷ്ണന്റെ ഈ രൂപം എങ്ങനെ മറക്കാനാവും?

ഇളകിന കമനീയമായ കണ്ണും
കളരുചി കാളിന കാർമുകിൽക്കറുപ്പും
കലരുമരിയ കുഞ്ഞു കാണികൾക്കു-
ള്ളളിരംഘസംഹതിയൊത്തുടൻ ഹരിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരുവിധമൊരു പീഠമിട്ടുകേറീ-
ട്ടറിയതിലങ്ങു പിടിച്ചപോളു പീഠം
പരിചിനൊട്ട മറിഞ്ഞുപോകമൂലം
പരവശനായവനാടിയൂഞ്ഞലിൽപ്പോൽ.

ജഗന്നാഥപണ്ഡിതരുടെ ദുർഗ്രഹമായ കാവ്യശൈലിയിൽ ചെന്നുമുട്ടി പല പണ്ഡിതന്മാരും പരാജയപ്പെട്ടു പിൻതിരിയുന്നതു കണ്ടു് ചുണ്ടത്തൊരു മന്ദഹാസവുമായി ശ്രീ മുഴങ്ങോട്ടുവിള പണ്ഡിതരാജൻെറ പ്രമുഖ കൃതിയായ ഭാമിനീവിലാസത്തിൽ കൈവച്ചു. ആരും ഭാഷാന്തരത്തിനു വിധേയമാക്കാത്ത അന്യോക്തുല്ലാസംതന്നെ അയത്നലളിതമായി അദ്ദേഹം കൈകാര്യംചെയ്തു. പരിഭാഷകനുള്ള അന്യാദൃശമായ ഹസ്തലാഘവത്തെ വിളംബരം ചെയ്യുന്നവയാണു് പരിഭാഷയിലെ ഓരോ പദ്യവും. അന്യോക്തുല്ലാസത്തിലെ പ്രസിദ്ധമായ മുപ്പതാമത്തു പദ്യത്തിൻെറ പരിഭാഷയാണു് താഴെ ഉദ്ധരിക്കുന്നതു്:

പൊട്ടിച്ചാടുന്ന ദാനാംബുവിലളികരം കളി-
    ക്കുന്ന വന്മത്തഹസ്തി-
ക്കൂട്ടം ഭീയാൽച്ചലിക്കും മിഴികളൊടുമുറ-
    ച്ചെങ്ങു നിന്നില്ല മുന്നം
മുത്തെങ്ങും ചിന്നിമിന്നും മൃതഹരിയുടെയ-
    ഗ്ഗൃഹവരദ്വാരഭൂവിൽ
കഷ്ടം! കഷ്ടം! നിതാന്തം കുറുനരിനിര കോ-
    ലാഹലം കൂട്ടമാറായ്.

കേരളത്തിൽ ആദ്ധ്യാത്മികചൈതന്യവും ജന്മസിദ്ധമായ കവിതാവാസനയും ഹേതുവാൽ ആചാര്യതുല്യം ആദരിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്തിരുന്ന ഈ മഹാകവിക്കു് കേന്ദ്രഗവണ്മെൻറിൽനിന്നും ഒരു സംസ്കൃതമഹാപണ്ഡിതഗ്രാൻറ് ആമരണം ലഭിച്ചിരുന്നുവെന്നതിൽ വിസ്മയിക്കേണ്ടതില്ലല്ലൊ?

സമൂലഭാഗവതഭാഷാഗാനത്തിൻെറ പ്രസിദ്ധീകരണജോലികളിൽ വ്യാപൃതനായിരുന്ന ഒടുവിലദ്ദേഹം. ഭാഗവതം മൂലം മലയാളലിപിയിലും ഭാഷാഗാനം സമാന്തരമായും ചേർത്തു് മൂന്നാം പതിപ്പു് പ്രസിദ്ധീകരിക്കുന്നതിനു് കേന്ദ്രഗവണ്മെൻറിൽനിന്നു് 16,620 രൂപ അനുവദിച്ചുത്തരവായപ്പോൾ 84 വയസ്സെത്തിയ മഹാകവിക്കു് ഒരു യുവാവിൻെറ ഉന്മേഷം തിരിച്ചുകിട്ടി. കഴിഞ്ഞ രണ്ടു പതിപ്പുകളിലും വന്നിട്ടുള്ള ന്യൂനതകൾ മാററി മൂലകൃതിയുമായി ഭാഷാന്തരം വീണ്ടും ഒത്തുനോക്കി മൂന്നാം പതിപ്പിനുള്ള പുസ്തകം തയ്യാറാക്കി. ഭാഷാന്തരം നിരൂപണാതീതവും മൂലകൃതിക്കൊപ്പം സദ്ദാദരണീയവുമാക്കി കൈരളിക്കു സമർപ്പിച്ചു. വിശ്രമിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തെല്ലു മങ്ങിവന്ന ആരോഗ്യസ്ഥിതി ക്ഷണം ഉൽക്കണ്ഠാകുലമാകുകയും അന്ത്യയാത്രയ്ക്കൊരു കാരണമെന്നോണം 1145 കർക്കിടകത്തിൻെറ അന്ത്യപാദത്തിൽ അദ്ദേഹം ശയ്യാവലംബിയാകുകയുംചെയ്തു. തുടർന്നു് രോഗം മൂർച്ഛിച്ചു് 84 വയസ്സു പൂർത്തിയായ 1146 ചിങ്ങം 1-ാംതീയതി (1970 ആഗസ്റ്റ് 17) അനുജന്മനക്ഷത്രനാളിൽ പുണ്യപുരുഷനായ കവി സാക്ഷാൽ ശ്രീകൃഷ്ണപദം ചേർന്നു!

ഭാഗവതം ഭാഷാഗാനം വായിച്ചുണ്ടായ ആനന്ദലഹരിയിൽ ഭക്തിപ്രശ്രയപൂർവ്വം അനുഗൃഹീതഭക്തകവി മലബാർ ശ്രീ എസ്. കെ. ഒതേനൻനമ്പ്യാർ എഴുതിയയച്ച ശ്ലോകങ്ങളിൽ ഒന്നു് ഇവിടെ സ്മരിച്ചുകൊണ്ടു് ഈ ജീവചരിത്രം സമാപിപ്പിക്കട്ടെ!

''ശ്രീമദ്ഭാഗവതാമൃതം സുമധുരം
    ഭക്ത്യൈവ പീത്വാ ചിരം
പ്രേമാനന്ദരസപ്രപൂർണ്ണഹൃദയോ
    യഃ ശ്രീഹരിപ്രേരണാൽ
കൃത്സ്നം തൽ കില കേരളീയജനതാം
    കാരുണ്യതോഽപായയൽ
തം ശ്രീകൃഷ്ണമഹാകവീന്ദ്രമനഘം
    വന്ദേ മുകുന്ദപ്രിയം.''

അഞ്ചൽ
ജനുവരി 1972

തോപ്പിൽ ശിവരാമൻനായർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആമുഖം

''പതിനെണ്ണായിരം ശ്ലോകങ്ങളും മുന്നൂററി മുപ്പത്തഞ്ചദ്ധ്യായങ്ങളും പന്ത്രണ്ടു സ്കന്ധങ്ങളുമാകുന്ന കരചരണാദ്യവയവങ്ങളോടും ഉപാവയവങ്ങളോടുംകൂടിയ പ്രത്യക്ഷശ്രീകൃഷ്ണസ്വരൂപമാണ് ശ്രീമൽഭാഗവതം! അതിനാൽ ശ്രീമൽഭാഗവതമഹാപുരാണഗ്രന്ഥത്തിന്റെ ദർശനം, സ്പർശനം, ശ്രവണം, മനനം, ദാനം, ആദാനം തുടങ്ങിയ ഏതൊരു സേവനവും ഒരുപ്രകാരത്തിൽ ശ്രീകൃഷ്ണാനുഭൂതിതന്നെയാണ്. ഭാഗവതവും ശ്രീകൃഷ്ണനും രണ്ടല്ലെന്ന കാരണത്താൽ ഭാഗവതദർശനം ശ്രീകൃഷ്ണദർശനംതന്നെ; ഭാഗവതാസ്വാദനം ശ്രീകൃഷ്ണാനുഭൂതിയും!...''

അങ്ങനെ സർവ്വാദരണീയവും മഹത്തമവുമായ ഭാഗവതപുരാണം ഭക്തിജ്ഞാനമാർഗ്ഗങ്ങളിൽ ഒരനർഘശാസ്ത്രവും പരമോന്നതമായ കവിതയാൽ ഒരു മഹാസാഹിത്യവുമാണ്. അത്ഭുതാനന്ദസ്വരൂപമായ ആ വ്യാസപ്രതിഭയുടെ അവികലവും പൂർണ്ണവുമായ ഛായ മലയാളഭാഷയിലില്ലാതെപോയി! തുഞ്ചത്താചാര്യനാൽ വിരചിതമെന്നു വിശ്വസിച്ചുവരുന്ന സംഗ്രഹരൂപത്തിലുള്ള ഒരു മലയാളഭാഗവതം നമുക്കു ലഭിച്ചിട്ടുണ്ടെന്നതു് ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, മൂലകൃതിയുടെ ശരിയായ രൂപമോ ഭാവമോ പ്രതിഫലിപ്പിക്കുവാൻ അതിനു കഴിയുന്നില്ലെന്നതോ പോകട്ടെ, പ്രസിദ്ധ പണ്ഡിതന്മാരും സാഹിത്യനായകന്മാരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നതുപോലെ മൂലത്തിലെ മർമ്മപ്രധാനമായ ചില ഭാഗങ്ങൾ വികൽപ്പമായി അതിൽ വിവർത്തനംചെയ്തിരിക്കുന്നുവെന്നതു് എങ്ങനെ വിസ്മരിക്കും! അതിപ്രൗഢങ്ങളും അവശ്യവിജ്ഞേയങ്ങളുമായ ഭാഗങ്ങൾ ഒട്ടു് ഉൾപ്പെടുത്തിയിട്ടുമില്ല!

അതിനാൽ വേദവ്യാസപ്രതിഭയുടെ ഈ തനിരൂപം വിശദവും ശുദ്ധവും പൂർണ്ണവുമായി കേരളീയർക്കു് അനുഭവയോഗ്യമാക്കിത്തീർക്കണമെന്ന പരമോന്നതമായ ഉദ്ദേശത്തോടെ എന്റെ വന്ദ്യപിതാവും അദ്ദേഹത്തിന്റെ ഗുരുനാഥനും സഹചാരിയുമായിരുന്ന പണ്ഡിതകവി ശ്രീ പന്നിശ്ശേരി നാണുപിള്ളയുംകൂടി പൂർണ്ണമായൊരു ഭാഷാന്തരത്തിനു മുതിരുകയാണുണ്ടായതു്. പക്ഷേ, ആ മഹനീയശ്രമം അവ്വിധം തുടരുവാൻ കഴിഞ്ഞില്ല എന്നു പറഞ്ഞാൽ മതിയല്ലോ! ചതുശ്ശാസ്ത്രപണ്ഡിതനായിരുന്ന ശ്രീ പന്നിശ്ശേരിയെ വിധി തടിതി അപഹരിച്ചുകളഞ്ഞു!...

അപ്രതിമമായ കാവ്യശൈലിയുടെ ഹൃദയഹാരിയായ സൗന്ദര്യംകൊണ്ടു് സർവ്വോത്കൃഷ്ടമാണ് മൂലകൃതി. മാത്രമല്ല; സ്തോത്രങ്ങളും, ധർമ്മോപദേശങ്ങളും ശാസ്ത്രതത്വങ്ങളുംകൊണ്ടു് നിബിഡവുമാണ്. അത്തരമൊരു മഹാനിബന്ധത്തെ ഭാഷാന്തരംചെയ്യുക ദുഷ്കരമാണെങ്കിലും സ്വജീവിതവ്രതമായി സ്വീകരിച്ച പരിപാടിയിൽനിന്നും പിൻതിരിയാതെ എന്റെ പിതാവ് ഏകനായി ഭാഷാന്തരകൃത്യത്തിൽ ഏർപ്പെട്ടു. ഗുരുകടാക്ഷത്താലും ദിവ്യശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ, ദിവ്യശ്രീ നാണുഗുരുസ്വാമികൾ, സ്വാമി വിമലാനന്ദപുരി, ശ്രീ നീലകണ്ഠതീർത്ഥസ്വാമികൾ എന്നീ അവതാരപുരുഷന്മാരുടെ അനുഗ്രഹാശിസ്സുകളാലും തർജ്ജമ അത്യന്തം ഹൃദ്യമായും ശ്രേഷ്ഠമായും മുഴമിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1954-ൽ ഭാഗവതം കേരളഭാഷാഗാനം തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ സഹായത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടു.

അതിനുശേഷം മൂലകൃതിയുമായി വീണ്ടും ഭാഷാന്തരം പരിശോധിച്ച് വേണ്ട ഭേദഗതികൾ ചെയ്തു. ഏതാണ്ടഞ്ചുവർഷത്തെ നിരന്തരശ്രമം ഈ ആവർത്തനപരിപാടിക്കുതന്നെ വേണ്ടിവന്നു. അങ്ങനെ പരിഷ്കരിച്ച രണ്ടാംപതിപ്പ് 1962-ൽ കേരളസാഹിത്യഅക്കാദമിയുടെ സഹായധനത്തോടെ പ്രസിദ്ധീകരിക്കുകയുണ്ടായി. അതോടെ അത്യുത്കൃഷ്ടമായ ഭാഗവതസാഹിത്യസർവ്വസ്വം—ഭഗവാൻ വേദവ്യാസന്റെ വിശേഷപ്രതിഭയുടെ രൂപരേഖ—അന്യൂനമായി, വിശദമായി, പൂർണ്ണമായി മലയാളഭാഷയ്ക്കു കൈവന്നു.

1-8-1968-ൽ ജ്ഞാനാനന്ദാശ്രമത്തിൽനിന്നും ബ്രഹ്മശ്രീ ജ്ഞാനാനന്ദസരസ്വതി സ്വാമികൾ അയച്ചുതന്ന ഒരു കത്തിലെ പ്രസക്തഭാഗം ഇവിടെ കുറിക്കുന്നതു് ഉചിതമാവും.

''...ഭക്തിരസത്തിന്റെ ഉദ്ദീപനം, പദങ്ങളുടെ ലാളിത്യം, ഒഴുക്ക്, പ്രസാദം, മൂലശ്ലോകങ്ങളുടെ അർത്ഥപരിധിയെ ഉല്ലംഘിക്കാതെ, ഉള്ള അർത്ഥത്തെ ശരിക്കു പ്രകാശിപ്പിക്കൽ തുടങ്ങി ഒരു തർജ്ജമയ്ക്കുണ്ടാകേണ്ട ഗുണങ്ങൾ എല്ലാം ഒത്തിണങ്ങിയ ഒരു നല്ല ഭാഷാഭാഗവത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായിട്ടുണ്ടു് ശ്രീ കൃഷ്ണപിള്ളയുടെ ഭാഗവതം എന്നാണെന്റെ അഭിപ്രായം. ഈ അഭിപ്രായപ്രകടനം വെറുതെ മററുള്ളവരെ പ്രീതിപ്പെടുത്താൻ മാത്രം പറയുന്നതല്ല. വളരെയൊക്കെ ആലോചിച്ചും അനുഭവിച്ചും ബോദ്ധ്യപ്പെട്ട സത്യത്തെ തുറന്നു കാണിക്കലാണു്.

ശ്രീ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ വൃത്താനുവൃത്ത തർജ്ജമ ഇവിടെയുണ്ടു്. അതും വായിച്ചുനോക്കിയിട്ടുണ്ടു്. പലേടത്തും അതിൽ മൂലാർത്ഥത്തിനു വ്യതിയാനമുണ്ടു്. ഭാഷയും കവിതയും നന്നായിട്ടുണ്ടു്. പക്ഷേ, അർത്ഥവിചാരത്തിനു പററില്ലെന്നാണു തോന്നിയതു്.

എന്നാൽ അങ്ങനെയുള്ള ദോഷം ഒരിടത്തുപോലും ശ്രീ കൃഷ്ണപിള്ളയുടെ തർജ്ജമയിൽ തോന്നിയില്ല. അച്ചടിയും ബയന്റിംഗും—പുസ്തകത്തിന്റെ ആകൃതിതന്നെ—കുറച്ചുകൂടി നന്നാക്കി സൗകര്യപ്പെടുത്തിയാൽ നന്നായിരിക്കുമെന്നു് അഭിപ്രായമുണ്ടു്. അടുത്ത പതിപ്പിൽ ശ്രദ്ധിച്ചാൽ നന്നായി. കാലംകൊണ്ടിതിനു നല്ല പ്രചാരം കിട്ടും. ഭാഗവതസ്വരൂപനായ ശ്രീഗോപാലകൃഷ്ണൻ ശ്രീ കൃഷ്ണപിള്ളയെ നന്നായി അനുഗ്രഹിച്ചിട്ടുണ്ടു്...''

ഭാഷാപണ്ഡിതന്മാരുടെയും പുരാണേതിഹാസനിപുണരായ യോഗിവര്യന്മാരുടേയും ഭാഗവതാമൃതപാനപരിതുഷ്ടരായ ഭക്തകോടികളുടെയും മുക്തകണ്ഠമായ പ്രശംസയും ആദരവും ഈ ഗാനപ്രബന്ധം ഇതിനകം നേടിക്കഴിഞ്ഞു. കേരളക്കരയിലെ സപ്താഹയജ്ഞങ്ങളിൽ മൂലകൃതിക്കു പകരം ഈ ഭാഷാന്തരം ഭക്തിപൂർവ്വം ഇന്നംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നതു് അതിനു മതിയായ തെളിവാണു്. ഈ കൃതി കുററമററതായി കാൺകയാൽ ദിവ്യശ്രീ ജ്ഞാനാനന്ദസരസ്വതികൾ വ്യാസകൃതിക്കൊപ്പമായോ പകരമായോ സപ്താഹയജ്ഞങ്ങളിലുപയോഗിക്കുവാൻ നിർദ്ദേശിക്കുകയും ജ്ഞാനാനന്ദാശ്രമംവഴിയായി 250-ൽപരം പ്രതികൾ സ്വാമികൾ ചെലവഴിക്കുകയും ചെയ്തു.

മൂലം മലയാളലിപിയിൽ ഇടതുവശത്തും ഭാഷാന്തരം സമാന്തരമായി വലതുവശത്തും ചേർത്തുകൊണ്ടുള്ള ഒരു പ്രസിദ്ധീകരണംകൊണ്ടു മാത്രമേ ഭാഷാഭാഗവതത്തിന്റെ ഉന്നതി പരിപൂർണ്ണമാകൂ എന്നദ്ദേഹം കണ്ടു. അതിന്നായി കഴിഞ്ഞ രണ്ടു പതിപ്പുകളിലും വന്നിട്ടുള്ള പിശകുകൾ തീർക്കുകയും മൂലവുമായി വീണ്ടും ഓരോ പദ്യവും പരിശോധിച്ചു വേണ്ട ഭേദഗതികൾ ചെയ്തു് ഭാഷാന്തരം അന്യൂനവും നിരൂപണാതീതവുമാക്കി മൂന്നാംപതിപ്പിനു് സജ്ജമാക്കുകയും ചെയ്തു.

കേന്ദ്രവിദ്യാഭ്യാസവകുപ്പിനു് ഈ പദ്ധതിയിൽ താല്പര്യം ജനിക്കുകയാൽ വിദഗ്ദ്ധകമ്മറ്റിയുടെ ശുപാർശകൾ സ്വീകരിച്ചുകൊണ്ടു് മൂന്നാംപതിപ്പിനു് സാമ്പത്തികസഹായം അനുവദിച്ചുത്തരവായി. കേന്ദ്രഗവണ്മെൻറിന്റെ ഈ ഉദ്യമത്തിൽ എന്റെ വന്ദ്യപിതാവു് സന്തോഷിക്കുകയും തന്റെ പരമമായ പരിശ്രമം പൂർണ്ണതയിൽ എത്തിക്കാണുകയാൽ അദ്ദേഹം ചരിതാർത്ഥനാകുകയും ചെയ്തു. കൃതകൃത്യനായ ആ പുണ്യപുരുഷൻ 84 വയസ്സെത്തിയ 1146 ചിങ്ങം 1-ാംതീയതി (17-8-1970) ഇഹലോകവാസം വെടിഞ്ഞു ശ്രീകൃഷ്ണപരമാത്മാവിൽ ലയിച്ചു!...

മൂന്നാംപതിപ്പു് പ്രസിദ്ധീകരിച്ചു കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ മഹത്തായ ആഗ്രഹപൂർത്തിയിൽ കവിഞ്ഞ തർപ്പണം ഞങ്ങൾക്കു മറെറാന്നില്ല. എന്റെ അപേക്ഷ കേന്ദ്രഗവണ്മെൻറ് സസന്തോഷം സ്വീകരിക്കുകയും നേരത്തെ വാഗ്ദാനംചെയ്തിരുന്ന സഹായം ആവർത്തിക്കുകയും കാലാവധി നീട്ടിത്തരികയുംചെയ്തു. അങ്ങനെ ഭാഗവതത്തിന്റെ മൂന്നാംപതിപ്പു് ഇതാ ലോകോപകാരാർത്ഥം ആ പുണ്യാത്മാവിന്റെ താല്പര്യംപോലെതന്നെ പ്രസിദ്ധീകൃതമാകുന്നു! അതിനുവേണ്ട പ്രേരണയും സഹായവുമെത്തിച്ച കേന്ദ്രഗവണ്മെന്റിനോടുള്ള ഹാർദ്ദമായ കൃതജ്ഞത ഞാനിവിടെ രേഖപ്പെടുത്തട്ടെ! അതിപ്രൗഢമായ ഒരവതാരികകൊണ്ടു് ഈ പതിപ്പിനു് പ്രൗഢി വർദ്ധിപ്പിച്ചുതന്ന ശ്രീമദ്‌വിദ്യാനന്ദതീർത്ഥപാദസ്വാമികൾക്കു് എന്റെ ഭക്തിനിർഭരമായ നമസ്കാരം അർപ്പിച്ചുകൊള്ളുന്നു. സമൂലഭാഗവതഭാഷാഗാനത്തിന്റെ പ്രസിദ്ധീകരണത്തിനു് അകമഴിഞ്ഞു സഹായിച്ച ശ്രീ പന്നിശ്ശേരി ശ്രീനിവാസക്കുറുപ്പിനോടു് എനിക്കുള്ള കടപ്പാടു് നിസ്സീമമാണു്.

കരുനാഗപ്പള്ളി
10-6-1972

മുഴങ്ങോട്ടുവിള ജി. നാണുപിള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിഷ്കരിച്ച മൂന്നാം പതിപ്പിന്റെ
അവതാരിക

മരണവും നിവാരണമാർഗ്ഗവും

ജനനവും മരണവും എല്ലാ ജന്തുക്കൾക്കുമുള്ള രണ്ട് അവസ്ഥകളാണ്. ഇവയിൽ ജനനം സന്തോഷത്തെയും മരണം സന്താപത്തെയും ഉളവാക്കുന്നു. പ്രാണികൾക്കെല്ലാം മരണത്തിൽ ഏറെക്കുറെ ഭയമുണ്ടെന്ന് അവയുടെ ചേഷ്ടകളിൽനിന്നു മനസ്സിലാക്കാം. എന്നാൽ ജന്തുക്കളിൽവെച്ച് ഏററവും വിവേകമുള്ള മനുഷ്യവർഗ്ഗത്തിനാണ് മരണവിഷയത്തിൽ കൂടുതൽ ഭയം ഉണ്ടാകുന്നതായിക്കാണപ്പെടുന്നത്. ''മൃത്യോർ മാ/മൃതം ഗമയ''1, ''മൃത്യോർ മുക്ഷീയമാ/മൃതാത്''2 എന്നു തുടങ്ങി, മരണത്തിൽനിന്നു രക്ഷപെടാനുള്ള അനേക പ്രാർത്ഥനകൾ അതിപുരാതനമായ വേദമന്ത്രങ്ങളിൽപ്പോലും കാണുന്നുണ്ട്. ഇതുകൊണ്ട് പുരാതനകാലത്തുതന്നെ മനുഷ്യർ മരണത്തെ ഭയപ്പെടുകയും അതിനെ ജയിക്കാൻ പരിശ്രമിക്കുകയും ചെയ്തിരുന്നതായി തെളിയുന്നു. പ്രാചീനമനുഷ്യരെപ്പോലെ ആധുനികമനുഷ്യരും മരണഭയം നീക്കുവാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുകൊണ്ടാണല്ലോ ഇരിക്കുന്നത്. അനാദികാലം മുതൽ ഇന്നുവരെ മനുഷ്യർ സമ്പാദിച്ചിട്ടുള്ള ആദ്ധ്യാത്മികവും ദൈവികവും ഭൗതികവുമായ ശാസ്ത്രങ്ങൾ, കലകൾ, വൈദ്യം, ജ്യോതിഷം, കൃഷി, കച്ചവടം തുടങ്ങി എല്ലാം തന്നെയും മരണത്തെ ജയിക്കുവാനുള്ള ഉപായങ്ങളാണെന്നു കാണാൻ പ്രയാസമില്ല. എന്നാൽ ഇന്നും മനുഷ്യനിൽനിന്നു മരണഭയം ഒട്ടുംതന്നെ നീങ്ങിയിട്ടില്ലെന്നുള്ളതാണു സത്യം. ചിന്തിച്ചുനോക്കിയാൽ ഈ മരണഭയം യുക്തിക്കും അനുഭവത്തിനും യോജിക്കാത്തതാണെന്നു മനസ്സിലാകും. കാരണം മരണത്തിന്റെ സ്വരൂപം ഇതുവരെയും ആരും അറിഞ്ഞിട്ടില്ല. എന്നാലും അജ്ഞാതമായ ആ മരണത്തെ എല്ലാ ജന്തുക്കളും രക്ഷപാനോ[illegible]കനായ ഭയങ്കരരാക്ഷസനെപ്പോലെ ഭയപ്പെട്ടുപോകുന്നു.

എന്താണ് ഈ മരണം? 'മൃ പ്രാണത്യാഗേ' എന്ന ധാതുവിൽനിന്നും ഉണ്ടായതാണു മരണശബ്ദം. പ്രാണൻ ദേഹത്തെ ത്യജിക്കുക എന്നാണിതിനർത്ഥം. പ്രാണശക്തി—ചൈതന്യം—ശരീരത്തെ വിട്ടുപോകുന്നതിനു മരണം എന്നു പറയുന്നു. അതോടുകൂടി ശരീരം നിശ്ചേഷ്ടമായി നശിക്കുന്നു. ഇതുകൊണ്ട് ഈ ശരീരം മാത്രമാണ് ആത്മാവെന്നു കരുതുന്ന ചാർവ്വാകാദി ഭൗതികവാദികൾ മരണത്തിൽ തങ്ങളുടെ ആത്യന്തികനാശമോർത്താണു ഭയപ്പെടുന്നത്. എന്നാൽ ശരീരഭിന്നമായി സനാതനവും സത്യവുമായ ഒരു ആത്മാവുണ്ടെന്നു വിശ്വസിക്കുന്ന ആസ്തികന്മാർ പ്രാണത്യാഗം—മരണം—എന്നതിന് പ്രാണപ്രധാനമായ സൂക്ഷ്മശരീരത്തോടുകൂടിയ ചൈതന്യം—ആത്മാവ്—ഈ സ്ഥൂലശരീരത്തെ ഉപേക്ഷിക്കുക എന്നാണർത്ഥം കല്പിച്ചിരിക്കുന്നത്. ജീവന് സ്ഥൂലം, സൂക്ഷ്മം, കാരണം ഇങ്ങനെ മൂന്നു ശരീരങ്ങളുണ്ടെന്നും മരണത്തിൽ സ്ഥൂലശരീരം മാത്രമേ നശിക്കുന്നുള്ളൂ എന്നും യോഗവേദാന്താദിശാസ്ത്രങ്ങൾ വെളിപ്പെടുത്തിത്തരുന്നു. സൂക്ഷ്മശരീരവും കാരണശരീരവും ഈശ്വരപ്രാപ്തിരൂപമായ മോക്ഷാവസ്ഥയിൽ മാത്രമേ നശിക്കുകയുള്ളൂ എന്നാണ് ആ ശാസ്ത്രങ്ങളുടെ സിദ്ധാന്തം. അതുവരെ സൂക്ഷ്മശരീരത്തോടും കാരണശരീരത്തോടും ചേർന്നിരിക്കുന്ന ജീവൻ സ്വകർമ്മത്തിനനുസരിച്ച് ഫലഭോഗത്തിനുവേണ്ടി ജനിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടിരിക്കും. സൂക്ഷ്മശരീരോപാധികമായ ജീവചൈതന്യം സ്ഥൂലശരീരത്തെ സ്വീകരിക്കുന്നതു ജനനവും ഉപേക്ഷിക്കുന്നതു മരണവുമാണെന്ന് ഭാരതീയദർശനങ്ങളെല്ലാം സമ്മതിക്കുന്നുണ്ട്. ഈ നിലയിൽ ജനനമുണ്ടെങ്കിൽ മരണമുണ്ടെന്നും, മരണമുണ്ടെങ്കിൽ ജനനമുണ്ടെന്നും തീരുമാനിക്കാം.

> ''ജാതസ്യ ഹി ധ്രുവോ മൃത്യുർധ്രുവം ജന്മ മൃതസ്യ ച
> തസ്മാദപരിഹാര്യേ/ർത്ഥേ ന ത്വം ശോചിതുമർഹസി''

എന്ന ഗീതാവാക്യത്തിന്റെ സാരവും ഇതുതന്നെയാണ്. ഈ ദൃഷ്ടിയിൽ, ജീവിച്ചിരിക്കുന്ന ഒരുത്തർക്കും മരണഭയമില്ലാതാക്കാൻ സാദ്ധ്യമല്ലെന്നു തെളിയുന്നുണ്ടല്ലോ. അങ്ങനെയാണെങ്കിലും മരണഭയത്തിൽനിന്നു രക്ഷ നേടാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. അതിന് ഈശ്വരപ്രാപ്തിയല്ലാതെ മറ്റൊരു വഴിയുമില്ലെന്നാണു വേദപുരാണേതിഹാസങ്ങൾ ഉദ്ബോധിപ്പിക്കുന്നത്. ''തമേവ വിദിത്വാ/തി മൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേ/യനായ'' എന്നു തുടങ്ങി അനേകം വേദമന്ത്രങ്ങൾ ഇതിനു പ്രമാണങ്ങളാണ്. ഈ കാണുന്ന പ്രപഞ്ചത്തിന്റെ സൃഷ്ടിക്കും സ്ഥിതിക്കും ലയത്തിനും ഹേതുഭൂതനായി, സച്ചിദാനന്ദസ്വരൂപനായി വിജയിച്ചരുളുന്ന ആ ഭഗവാനെ സാക്ഷാത്കരിച്ചെങ്കിൽ മാത്രമേ അവിദ്യാകാമകർമ്മരൂപമായ മരണത്തെ ജയിക്കുന്നതിനു സാധിക്കുകയുള്ളൂ. ഇതല്ലാതെ വേറൊരു മാർഗ്ഗവും മരണത്തെ തരണംചെയ്യുവാനില്ല എന്നാണു പ്രസ്തുത വേദമന്ത്രത്തിന്റെ സാരം. ഈശ്വരനും ജീവനും ജഗത്തും വേറെവേറെയാണെന്നുള്ള ബോധംകൊണ്ടാണ് മരണഭയമുണ്ടാകുന്നത്. എല്ലാം ഈശ്വരസ്വരൂപമാണെന്നറിഞ്ഞാൽ ജനനത്തോടൊപ്പം മരണവുമില്ലാതായി ജീവൻ അഭയസ്ഥാനമായ ഈശ്വരസ്വരൂപത്തിൽ എത്തിച്ചേരും എന്നാണ് മഹർഷിമാർ തങ്ങളുടെ അനുഭവത്തെ വൈദികസൂക്തങ്ങളിൽക്കൂടി പ്രകാശിപ്പിച്ചിരിക്കുന്നത്. പക്ഷേ, ആത്മാവ് നിത്യവും സച്ചിത്സുഖസ്വരൂപവുമായ ഈശ്വരനാ

---

1 അല്ലയോ ഈശ്വരാ, എന്നെ മരണത്തിൽനിന്നു മരണരഹിതമായ അവസ്ഥയിലേക്കു നയിക്കേണമേ!

2 ഞാൻ മരണത്തിൽനിന്നു മോചിക്കുമാറാകണം. എന്നാൽ മരണരഹിതമായ നിലയിൽനിന്നു മോചിക്കുകയുമരുത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണെന്നറിഞ്ഞു് മരണഭയമില്ലാതാക്കിയ മനുഷ്യർ തുലോം കുറവാണ്. അങ്ങനെയുള്ള അപൂർവ്വം ചില പുണ്യചരിതന്മാരിൽ ഒരാളായിരുന്ന പുരാണപ്രസിദ്ധനായ പരീക്ഷിത്തുചക്രവർത്തി.

പരീക്ഷിത്തിന്റെ അന്ത്യകാലവും ശ്രീശുകന്റെ ഭാഗവതോപദേശവും

ചന്ദ്രവംശത്തിലെ അത്യുത്തമനായ ഒരു രാജസിംഹമായിരുന്ന അർജ്ജുനപൗത്രനായ ശ്രീപരീക്ഷിത്ത്. അദ്ദേഹം ഒരിക്കൽ നായാട്ടിനായി വനത്തിൽ പോയി. അവിടെവച്ച് വിശപ്പും ദാഹവും നിമിത്തം ക്ഷീണിച്ച് ഒരു ആശ്രമത്തിൽ ചെന്ന് കുറച്ചു വെള്ളം ചോദിച്ചു. അപ്പോൾ ആ ആശ്രമത്തിൽ സമാധിവൃത്തിയിലിരുന്ന ശമീകൻ എന്ന മുനിവരൻ അതു കേട്ടില്ല. തന്നെ ധിക്കരിച്ചുകൊണ്ടാണ് ആ മുനി അങ്ങനെയിരിക്കുന്നതെന്നു തെറ്റിദ്ധരിച്ച രാജാവ് അടുത്തു ചത്തുകിടന്ന ഒരു പാമ്പിനെ വില്ലിന്റെ അഗ്രംകൊണ്ടെടുത്ത് ആ മുനിയുടെ കഴുത്തിൽ ഇട്ടിട്ട് അവിടെനിന്നും രാജധാനിയിലേക്കു പോയി. പക്ഷേ, ആ കഥ ആ മുനിവരൻ അറിഞ്ഞതേയില്ല. എന്നാൽ ആ മുനിയുടെ പുത്രൻ ഈ വിവരം അറിഞ്ഞ് വളരെ ദുഃഖിച്ചു. തുടർന്ന്, ''എന്റെ അച്ഛന്റെ കഴുത്തിൽ ചത്ത പാമ്പിനെ ഇട്ടതാരായാലും ശരി, അവൻ ഇന്നു മുതൽ ഏഴു ദിവസങ്ങൾക്കകം തക്ഷകന്റെ കടിയേറ്റു മരിക്കട്ടെ'' എന്നു കോപാവേശത്തോടുകൂടി ആ മുനിസുതൻ ശപിക്കുകയുംചെയ്തു. ആ ശാപവൃത്താന്തമറിഞ്ഞ ഉടനേതന്നെ പരീക്ഷിത്തുമഹാരാജാവ് രാജ്യഭാരമെല്ലാം മകനെയും മന്ത്രിമാരെയും ഏല്പിച്ചിട്ട സർവ്വസംഗപരിത്യാഗിയായി ഗംഗാതീരത്തു ചെന്ന് പ്രായോപവേശവ്രതം – മരിക്കുന്നിടംവരെ ആഹാരം കഴിക്കാതിരിക്കുക എന്ന വ്രതം—അനുഷ്ഠിച്ചു. ഈ വാർത്തയറിഞ്ഞ് അനേകം ഋഷീശ്വരന്മാരും യോഗികളും പരീക്ഷിത്തുരാജാവിനെ കാണാനായി അവിടെ വന്നുചേർന്നുകൊണ്ടിരുന്നു. ഏഴു ദിവസങ്ങൾക്കകം താൻ മരിക്കുമെന്ന് ആ രാജാവിനു നല്ല നിശ്ചയമുണ്ടായിരുന്നു. എന്നാൽ തക്ഷകന്റെ ദംശനത്തിൽനിന്നു മോചനംനേടാൻ അദ്ദേഹം ഒട്ടുംതന്നെ ആഗ്രഹിച്ചില്ല. ആസന്നമൃത്യുവായ ആ രാജാവിന് ''ശ്രേയോലാഭത്തിനുവേണ്ടി ഇനിയും എന്താണു ചെയ്യേണ്ടതു്?'' എന്ന ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു. ആ വിഷയത്തെക്കുറിച്ച് അവിടെ ഉണ്ടായിരുന്ന മഹർഷിമാരോടെല്ലാം അദ്ദേഹം ചോദിക്കുകയും ചെയ്തു. പക്ഷേ, ആരും അതിനു ശരിയായ ഉത്തരം പറഞ്ഞില്ല. അങ്ങനെയിരിക്കുമ്പോഴാണ് വ്യാസപുത്രനും പരമഹംസശ്രേഷ്ഠനുമായ ശ്രീശുകബ്രഹ്മർഷി യാദൃച്ഛികമായി അവിടെ ചെന്നുചേർന്നത്. ആ മഹാത്മാവിനെ കണ്ട ഉടനേതന്നെ അവിടെ ഉണ്ടായിരുന്ന എല്ലാവരും എഴുന്നേറ്റു വന്ദിച്ചു. പരീക്ഷിത്താകട്ടെ, ആ പരമഭാഗവതനെ ഭക്തിപൂർവ്വം പൂജിച്ചു ബദ്ധാഞ്ജലിയായി സവിനയം ചോദിച്ചു, ''മരണസമയത്തു ശ്രേയോലാഭത്തിനുവേണ്ടി എന്തു ചെയ്യണ''മെന്ന്. അതിനു ശുകബ്രഹ്മർഷി കൊടുത്ത മറുപടി ഇങ്ങനെയായിരുന്നു: ''ജ്ഞാനമോ ഭക്തിയോ, സ്വധർമ്മനിഷ്ഠയോ ഏതു മാർഗ്ഗം സ്വീകരിച്ചാലുംശരി ഈശ്വരസ്മരണത്തിനിടവരത്തക്കവണ്ണം ജീവിക്കണമെന്നതാണു മുഖ്യമായ കടമ. അതാണിപ്പോൾ നിങ്ങൾക്കു വേണ്ടതും. ഖട്വാംഗൻ മുതലായ രാജർഷികൾ അന്ത്യകാലത്തുമാത്രം ഭഗവാനെ സ്മരിച്ച് മുക്തന്മാരായിത്തീർന്നു. അല്ലയോ, പരീക്ഷിത്തുമഹാരാജാവേ, അങ്ങേയ്ക്കിനി ഏഴു ദിവസങ്ങൾകൂടിയുണ്ടല്ലോ. ഇതിനിടയ്ക്കു തന്റെ പരമശ്രേയസ്സിനു വേണ്ടതൊക്കെ അങ്ങേയ്ക്കു ചെയ്യാൻ കഴിയും. അതു ചെയ്യണം. മരണമടുക്കുമ്പോൾ പേടിക്കുകയോ പരിഭ്രമിക്കുകയോ ചെയ്യരുത്. വൈരാഗ്യമാകുന്ന വാൾകൊണ്ടു ശരീരത്തിലും അതോടു ബന്ധപ്പെട്ട വിഷയങ്ങളിലുമുള്ള മമതാബന്ധം ഛേദിച്ചുകളഞ്ഞു ഭഗവത്സ്വരൂപത്തിൽത്തന്നെ മനസ്സുറപ്പിക്കണം.'' തുടർന്ന് ഏഴുദിവസം ശുകബ്രഹ്മർഷി പരീക്ഷിത്തുമഹാരാജാവിനു മോക്ഷലബ്ധിക്കുള്ള ഉപദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. ആ ഉപദേശാമൃതം ആസ്വദിച്ചു സംതൃപ്തനായിത്തീർന്ന പരീക്ഷിത്തുമഹാരാജാവ് ശുകബ്രഹ്മർഷിയുടെ പാദപത്മങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: ''അല്ലയോ ഭഗവാനേ, അവിടുന്നെനിക്ക് അഭയം നല്കി, ബ്രഹ്മത്തിന്റേയും ആത്മാവിന്റേയും ഐക്യാനുഭൂതി ഉണ്ടാക്കിത്തന്നിരിക്കുന്നു. ഞാനിപ്പോൾ ശാന്തിസ്വരൂപമായ ബ്രഹ്മത്തിലെത്തിയിരിക്കുകയാണ്. എനിക്ക് ഇനി തക്ഷകനിൽനിന്നോ മറ്റുവല്ല മരണകാരണത്തിൽനിന്നോ മൃത്യുപരമ്പരയിൽനിന്നുതന്നെയോ അല്പംപോലും ഭയം ഉണ്ടാകുകയില്ല. ഞാൻ എന്റെ വാക്കുകളെയടക്കി മൗനംവരിച്ചു കാമനകളുടെ സംസ്കാരംപോലും ഇല്ലാതാക്കി ശുദ്ധമായ മനസ്സിനെ ഇന്ദ്രിയാതീതമായ പരമാത്മസ്വരൂപത്തിൽ ലയിപ്പിച്ചു പ്രാണങ്ങളെ ത്യജിക്കുന്നതിന് അവിടുന്ന് അനുജ്ഞതന്നാലും. അവിടുന്നെനിക്കുപദേശിച്ച ജ്ഞാനവിജ്ഞാനങ്ങൾകൊണ്ട് എന്റെ അജ്ഞാനം നിശ്ശേഷം നശിച്ചുകഴിഞ്ഞു. അവിടുന്ന് എനിക്കു ഭഗവാന്റെ പരമകല്യാണമയമായ സ്വരൂപം കാണിച്ചുതരികയും ചെയ്തുകഴിഞ്ഞല്ലോ.'' ഇതു കേട്ട് ശുകബ്രഹ്മർഷി സന്തുഷ്ടനായി അവിടെനിന്നും പോകുകയുംചെയ്തു.

ശ്രീശുകബ്രഹ്മർഷി പോയതിനുശേഷം പരീക്ഷിത്തുമഹാരാജാവ് ശുകൻ വെളിപ്പെടുത്തിക്കൊടുത്ത ജീവബ്രഹ്മൈക്യാനുഭൂതിയിലെത്തി ബാഹ്യാഭ്യന്തരബോധമില്ലാതെ ഒരു മരക്കുറ്റിപോലെ നിശ്ചേഷ്ടനായിരുന്നു. ആ അവസരത്തിൽ തക്ഷകൻ വന്നു പരീക്ഷിത്തിന്റെ ശരീരത്തിൽ കടിച്ചു. പക്ഷേ, അതിനുമുമ്പുതന്നെ അദ്ദേഹം ബ്രഹ്മസ്വരൂപത്തിലെത്തിയിരുന്നു. അതിനാൽ തക്ഷകന്റെ വിഷജ്വാലയിൽ തന്റെ ശരീരം കത്തിച്ചാമ്പലായതുപോലും ആ രാജാവറിഞ്ഞതേയില്ല. ആസന്നമൃത്യുവായ പരീക്ഷിത്തുമഹാരാജാവ് വെറും ഏഴു ദിവസം ശ്രീശുകബ്രഹ്മർഷി നൽകിയ ഉപദേശങ്ങൾ ശ്രവിച്ച് ഭയങ്കരമായ മരണത്തെ തൃണംപോലെ ഗണിച്ച് നിത്യവും സച്ചിത്സുഖസ്വരൂപവുമായ ബ്രഹ്മസ്വരൂപത്തെ പ്രാപിച്ച് ഇന്നും സർവ്വത്ര വിജയിക്കുന്നു.

ഇങ്ങനെ പരീക്ഷിത്തുമഹാരാജാവിന്റെ മരണഭയം നീക്കി അദ്ദേഹത്തെ അമൃതസ്വരൂപമായ മുക്തിഭാവത്തിലെത്തിച്ച മഹത്തായ ശുകോപദേശങ്ങളുടെ സംഗ്രഥനമാണ് ഇന്ന് ശ്രീമദ്ഭാഗവതം എന്ന പേരിൽ സുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന മഹാപുരാണം. പരീക്ഷിത്തുമഹാരാജാവിനെപ്പോലെ അനേകം മനുഷ്യരെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃത്യുഭീതിയിൽനിന്നു മോചിപ്പിച്ച് അവക്ക് ആനന്ദമയമായ അഭയസ്ഥാനമരുളിക്കൊണ്ട് ശ്രീമദ് ഭാഗവത മഹാപുരാണം ഭഗവാൻെറ ശബ്ദസ്വരൂപമായ അവതാരമെന്നനിലയിൽ ലോകകല്യാണപ്രദമായി പ്രശോഭിക്കുന്നു.

പുരാണങ്ങൾ

പതിനെട്ടു പുരാണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ശ്രീമദ്ഭാഗവതം. സനാതനധർമ്മത്തേയും പ്രാചീനഭാരതീയസംസ്കാരത്തേയും വിശ്വലോകചരിത്രവിജ്ഞാനത്തെത്തന്നെയും നാനാമുഖമായി പ്രകാശിപ്പിക്കുന്ന വിഷയത്തിൽ പുരാണങ്ങളോടു കിടനില്ക്കാൻ സംസ്കൃതഭാഷയിൽ മറെറാരു സാഹിത്യശാഖയ്ക്കും സാദ്ധ്യമല്ല. ശ്രുതികളേയും സ്മൃതികളേയും പുരാണങ്ങളേയുമാണല്ലോ ഹിന്ദുക്കൾ ധർമ്മവിഷയത്തിൽ പ്രമാണഗ്രന്ഥങ്ങളായി അംഗീകരിച്ചിരിക്കുന്നത്. ഇവയിൽ പുരാണങ്ങളെ മാത്രമേ സാമാന്യജനങ്ങൾ ധർമ്മവിഷയത്തിൽ പ്രമാണമായി സ്വീകരിക്കാറുള്ളു. വേദം പരമപ്രമാണമാണെങ്കിലും അതു പഠിക്കുന്നതിനും അതിൻെറ അർത്ഥം ഗ്രഹിച്ച് വിഹിതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും ബ്രാഹ്മണനു മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. ബ്രാഹ്മണരിൽത്തന്നെയും ബുദ്ധിവികാസം സിദ്ധിച്ച സംസ്കാരസമ്പന്നരായ കുറച്ചു പണ്ഡിതന്മാർ മാത്രമാണു വേദങ്ങളുടെ അർത്ഥം വേണ്ടതുപോലെ ധരിച്ചിരുന്നതും. ഇതുകൊണ്ടു സമുദായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും വൈദികജ്ഞാനം സമ്പാദിച്ചു ധാർമ്മികജീവിതം നയിച്ച് ശ്രേയസ്സു നേടാൻ അവസരമില്ലാതെവന്നു. ഈ കുറവു പരിഹരിക്കുന്നതിനുവേണ്ടിയാണ് സർവ്വജ്ഞനായ ഭഗവാൻ വ്യാസൻ പുരാണങ്ങൾ നിർമ്മിച്ചത്. വേദങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും ലൗകികങ്ങളും ദൈവികങ്ങളുമായ ആഖ്യാനോപാഖ്യാനങ്ങൾ വഴി മന്ദബുദ്ധികൾക്കുപോലും നല്ലതുപോലെ മനസ്സിലാകത്തക്കവണ്ണം സരസവും ലളിതവുമായ ഭാഷാരീതിയിൽ വിസ്തരിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥസമൂഹമാണു പുരാണങ്ങൾ. മഹാപുരാണമെന്നും ഉപപുരാണമെന്നും അവയ്ക്കു രണ്ടു ശാഖകളുണ്ട്. സർഗ്ഗം, വിസർഗ്ഗം, സ്ഥാനം, പോഷണം, ഊതി, മന്വന്തരങ്ങൾ, ഈശാനുകഥ, നിരോധം, മുക്തി, ആശ്രയം ഇങ്ങനെ പത്തു ലക്ഷണങ്ങളോടുകൂടിയവ മഹാപുരാണങ്ങളും, സർഗ്ഗം പ്രതിസർഗ്ഗം, വംശം, മന്വന്തരങ്ങൾ, വംശാനുചരിത്രങ്ങൾ, ഈ അഞ്ചു ലക്ഷണങ്ങളോടുകൂടിയവ ഉപപുരാണങ്ങളുമാണ്. ബ്രാഹ്മം, പാത്മം, വൈഷ്ണവം, വായവ്യം, ഭാഗവതം, നാരദീയം, മാർക്കണ്ഡേയം, ആഗ്നേയം, ഭവിഷ്യം, ബ്രഹ്മവൈവർത്തം, വാരാഹം, ലൈംഗം, സ്കാന്ദം, വാമനം, കൗർമ്മം, മാത്സ്യം, ഗാരുഡം, ബ്രഹ്മാണ്ഡം ഇങ്ങനെ പതിനെട്ടു ഗ്രന്ഥങ്ങളാണു മഹാപുരാണങ്ങളായി ഗണിക്കപ്പെടുന്നത്. എന്നാൽ ബ്രാഹ്മത്തിനു പകരം ശൈവപുരാണത്തെയാണു പദ്മപുരാണവുംമററും അംഗീകരിച്ചിരിക്കുന്നത്.

''മദ്വയം ഭദ്വയം ചൈവ ബ്രത്രയം വ ചതുഷ്ടയം
നാലിംപാഗ്നി പുരാണാനി ക്കൂസ്കം ഗാരുഡമേവ ച''
(അനാപലിംഗക്കൂസ്കാനി പുരാണാനി പൃഥക് പൃഥക്)

എന്നു പതിനെട്ടു പുരാണങ്ങളുടെ നാമങ്ങൾ സൂത്രരൂപത്തിൽ ദേവീഭാഗവതത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. 'മ' എന്നാദ്യക്ഷരമുള്ള രണ്ടു പുരാണങ്ങളും (മാത്സ്യം, മാർക്കണ്ഡേയം) 'ഭ' എന്ന് ആദ്യക്ഷരമുള്ള രണ്ടു പുരാണങ്ങളും (ഭാഗവതം, ഭവിഷ്യം), 'ബ്ര' എന്നാദ്യക്ഷരമുള്ള മൂന്നു പുരാണങ്ങളും (ബ്രഹ്മപുരാണം, ബ്രഹ്മവൈവർത്തപുരാണം, ബ്രഹ്മാണ്ഡപുരാണം), 'വ' എന്ന് ആദ്യക്ഷരമുള്ള നാലു പുരാണങ്ങളും (വരാഹപുരാണം, വായുപുരാണം, വാമനപുരാണം, വിഷ്ണുപുരാണം) 'ന' എന്ന് ആദ്യക്ഷരമുള്ള ഒരു പുരാണവും (നാരദീയപുരാണം), 'ലിം' ആദ്യക്ഷരമുള്ള ഒരു പുരാണവും ലിംഗപുരാണം), 'പ' എന്ന് ആദ്യക്ഷരമുള്ള ഒരു പുരാണവും (പത്മപുരാണം), അഗ്നിപുരാണവും 'കൂ' എന്ന് ആദ്യക്ഷരമുള്ള ഒരു പുരാണവും (കൂർമ്മപുരാണം), 'സ്കം' എന്ന് ആദ്യക്ഷരമുള്ള ഒരു പുരാണവും (സ്കന്ദപുരാണം) ഗാരുഡപുരാണവും ചേർന്നു പതിനെട്ടാണു മഹാപുരാണങ്ങളെന്ന് ഈ ശ്ലോകത്തിൽനിന്നു മനസ്സിലാക്കാം.

സനത്കുമാരം, നാരസിംഹം, നാരദീയം, ശിവപുരാണം, ദൗർവാസസം, കാപിലം, മാനവം, ഔശനസം, നാന്ദികേശ്വരം, വാരുണം, കാളികം, മാഹേശ്വരം, സാംബം, സൗരം, പാരാശര്യം, കല്ക്കി, മാരീചം, ഭാർഗ്ഗവം ഇവ പതിനെട്ടും ഉപപുരാണങ്ങളാണ്. ഉപപുരാണങ്ങളെക്കാൾ പ്രാമാണ്യവും പ്രാധാന്യവും മഹാപുരാണങ്ങൾക്കാണു കല്പിക്കപ്പെട്ടിട്ടുള്ളത്. മഹാപുരാണങ്ങളെല്ലാംതന്നെ വ്യാസനാണു നിർമ്മിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ഇരുപത്തിയെട്ടു വ്യാസന്മാരുടെ കഥ ചില പുരാണങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ ചതുര്യുഗത്തിലും ഉള്ള ദ്വാപരത്തിൽ ഭഗവാൻ ശ്രീനാരായണൻ വ്യാസരൂപത്തിൽ അവതരിച്ചു ധർമ്മസംസ്ഥാപനത്തിനുവേണ്ടി വേദപുരാണേതിഹാസങ്ങൾ പ്രചരിപ്പിക്കുന്നു എന്നാണു പൗരാണികന്മാരുടെ വിശ്വാസം. എന്നാൽ പുരാണങ്ങൾക്കു വലിയ പഴക്കമില്ലെന്നും അവ ക്രിസ്തുവർഷം ആയിരത്തിഇരുനൂറിനുശേഷം ഉണ്ടായതാണെന്നും വിത്സൺ മുതലായ പാശ്ചാത്യനിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ പാർജിഡർ മുതലായ പണ്ഡിതന്മാർ സംസ്കൃതസാഹിത്യം നല്ലതുപോലെ അദ്ധ്യയനംചെയ്തതിനുശേഷം എഴുതിയിട്ടുള്ളത്, പുരാണങ്ങളിൽ പലതും ക്രിസ്തുവിനു മുൻപുതന്നെ രചിക്കപ്പെട്ടിട്ടുള്ളതാണെന്നത്രേ. ആരണ്യകങ്ങളിലും ഉപനിഷത്തുകളിലും പുരാണത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്.

ഋചസ്സാമാനി ഛന്ദാംസി പുരാണം യജുഷാസഹ
ഉച്ഛിഷ്ടാജ്ജജ്ഞിരേ സർവ്വേ ദിവിദേവാ ദിവിശ്രിതഃ

എന്ന് അഥർവ്വവേദം പതിനൊന്നാം കാണ്ഡം ഏഴാം സൂക്തത്തിൽ വേദങ്ങളെപ്പോലെതന്നെ പുരാണങ്ങളും സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരനിൽനിന്നുതന്നെ ഉണ്ടായതായി വർണ്ണിച്ചിരിക്കുന്നു. ഇതുകൊണ്ടു മുൻപുണ്ടായിരുന്ന വേദങ്ങളെ ക്രമാനുബദ്ധമായി നിബന്ധിച്ചതുപോലെ ആദിമപുരാണത്തേയും യഥാക്രമം വികസിപ്പിച്ചു നിബന്ധിച്ചത് വേദവ്യാസനായതുകൊണ്ടു വേദങ്ങളുടെ കർത്താവെന്നതുപോലെ അദ്ദേഹം പുരാണങ്ങളുടെ കർത്താവായും അംഗീകരിക്കപ്പെട്ടിരിക്കുകയാണെന്നു തോന്നുന്നു. എന്നാൽ ഉപപുരാണങ്ങൾ പല മഹർഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർ പലപ്പോഴായി എഴുതിയതാണെന്നും അവയുടെ കർത്തൃത്വം വേദവ്യാസനില്ലെന്നും പ്രാമാണികന്മാരായ പല നിരൂപകന്മാരും അഭിപ്രായപ്പെടുന്നു. അവരിൽ മിക്കവരും മഹാപുരാണങ്ങളുടെ കർത്തൃത്വം വേദവ്യാസനിൽത്തന്നെയാണു കല്പിക്കുന്നത്.

പുരാണപദത്തിനു പണ്ടു സംഭവിച്ച കഥയെന്നും പണ്ടേ നിലനിന്നുപോരുന്ന തത്ത്വമെന്നും പല അർത്ഥങ്ങൾ നിഘണ്ടുക്കളിൽ കൊടുത്തിട്ടുണ്ട്.

യസ്മാത് പുരാഹ്യനിതീദം പുരാണം തേന ഹി സ്മൃതം
നിരുക്തമസ്യ യോ വേദ സർവ്വപാപൈഃ പ്രമുച്യതേ

എന്നു വായുപുരാണം ഒന്നാം അദ്ധ്യായം 203-ാം ശ്ലോകത്തിൽ പുരാണപദത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. പ്രാചീനകാലംമുതൽ നിലകൊള്ളുന്നത്—ഉയിർക്കൊള്ളുന്നത്—ആണ് പുരാണം എന്നു സ്മരിക്കപ്പെടുന്നു. പുരാണത്തിൻെറ ഈ നിർവ്വചനം അറിയുന്നവർ പാപങ്ങളിൽനിന്നെല്ലാം മോചിക്കപ്പെടുന്നു എന്നാണല്ലോ ഈ പുരാണവചനംകൊണ്ടു തെളിയുന്നത്. അതിനാൽ അനാദികാലംമുതൽ, ഈശ്വരൻെറ സ്വരൂപത്തേയും, അവതാരാദിലീലകളേയും, ഭക്തന്മാരുടെ ചരിത്രങ്ങളേയും മററും പ്രതിപാദിച്ചുവരുന്ന ഗ്രന്ഥസമൂഹങ്ങൾക്കു പുരാണമെന്നു പേരു സിദ്ധിച്ചതായി പരിഗണിക്കാവുന്നതാണ്.

സാത്വികം, രാജസം, താമസം എന്നു മഹാപുരാണങ്ങളെ മൂന്നായി വിഭജിച്ചിട്ടുണ്ട്. ഇവയിൽ മഹാവിഷ്ണുവിൻെറ സ്വരൂപവും അപദാനങ്ങളും മററും പ്രധാനമായി പ്രകീർത്തിക്കുന്ന വിഷ്ണുപുരാണം, നാരദീയപുരാണം, ഭാഗവതപുരാണം, ഗാരുഡപുരാണം, പത്മപുരാണം, വരാഹപുരാണം ഇവ ആറും സാത്വികങ്ങളും ബ്രഹ്മാവിൻെറ മാഹാത്മ്യം പ്രധാനമായി പ്രകീർത്തിക്കുന്ന ബ്രഹ്മാണ്ഡപുരാണം, ബ്രഹ്മവൈവർത്തപുരാണം, മാർക്കണ്ഡേയപുരാണം, ഭവിഷ്യപുരാണം, വാമനപുരാണം, വായുപുരാണം ഇവ ആറും രാജസങ്ങളും മഹാദേവൻെറ മഹത്വം പ്രധാനമായി വർണ്ണിക്കുന്ന മത്സ്യപുരാണം, കൂർമ്മപുരാണം, ലിംഗപുരാണം, ശൈവപുരാണം, സ്കാന്ദപുരാണം, ആഗ്നേയപുരാണം ഇവ ആറും താമസങ്ങളുമാണെന്നു പത്മപുരാണം ഉത്തരഖണ്ഡം 263-ാമദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഈ പുരാണങ്ങളെല്ലാംതന്നെ ഏകവും സച്ചിദാനന്ദസ്വരൂപവുമായ ബ്രഹ്മത്തെ—ഈശ്വരനെ—ത്തന്നെയാണു വിവിധരൂപത്തിൽ വർണ്ണിച്ചിരിക്കുന്നതെന്ന് അവ ശ്രദ്ധിച്ചു പരിശോധിച്ചാൽ വ്യക്തമാകും.

പുരാണങ്ങളിൽ ഭാഗവതത്തിനുള്ള സ്ഥാനം

പതിനെട്ടു മഹാപുരാണങ്ങളിൽവച്ച് മഹാപുരാണലക്ഷണങ്ങൾ പത്തും തികഞ്ഞു മഹത്തമമായി പ്രകാശിക്കുന്നതു നിഗമാഗമസാരഭൂതമായ ശ്രീമദ്ഭാഗവതമാണ്. പന്ത്രണ്ടു സ്കന്ധങ്ങളും മുന്നൂററിമുപ്പത്തിയഞ്ച് അദ്ധ്യായങ്ങളും പതിനെണ്ണായിരം ഗ്രന്ഥങ്ങളുമടങ്ങിയ ഭാഗവതമഹാപുരാണം ഭഗവാനെപ്പോലെതന്നെ ഭാരതീയർക്കു പരമാരാധ്യമായിത്തീർന്നിരിക്കുകയാണ്. ഭഗവാൻെറ—ഐശ്വര്യം, വീര്യം, യശസ്സ്,* ശ്രീ, ജ്ഞാനം, വൈരാഗ്യം ഈ ആറു ഗുണങ്ങളുള്ള ശ്രീകൃഷ്ണപരമാത്മാവിൻെറ—നിർഗ്ഗുണവും സഗുണവുമായ സ്വരൂപം, സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം, അവതാരങ്ങൾ, ഭക്തവാത്സല്യം, ഭഗവത്പ്രാപ്തിക്കുള്ള ഉപായങ്ങൾ, ഭക്തന്മാരുടെ ചരിത്രം തുടങ്ങി ജ്ഞാനവിജ്ഞാനമയങ്ങളായ നാനാവിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന പുരാണസംഹിതയാണു ശ്രീമദ്ഭാഗവതം ശ്രീമദ്ഭാഗവതത്തിൻെറ മഹത്വത്തെക്കുറിച്ചു മററു പുരാണങ്ങളിലും വർണ്ണിക്കുന്നുണ്ട്:

പുരാണേഷു ച സർവ്വേഷു ശ്രീമദ് ഭാഗവതം പരം
യത്ര പ്രതിപദം വിഷ്ണുർ ഗീയതേ ബഹുധർഷിഭിഃ

എന്നാണു പത്മപുരാണത്തിൽ പറയുന്നത്. എല്ലാ പുരാണങ്ങളിലുംവച്ചു ശ്രേഷ്ഠത്വം ശ്രീമദ്ഭാഗവതത്തിനാണുള്ളത്. എന്തെന്നാൽ, അതിലുള്ള ഓരോ പദത്തിലും വിഷ്ണുവിനെത്തന്നെ മഹർഷിമാർ പല രൂപത്തിൽ വർണ്ണിച്ചിരിക്കുന്നു എന്നാണ് ഈ പുരാണവാക്യത്തിൻെറ ചുരുക്കം.

അർത്ഥോഽയം ബ്രഹ്മസൂത്രാണാം ഭാരതാർത്ഥവിനിർണ്ണയഃ
ഗായത്രീ ഭാഷ്യരൂപോഽസൗ വേദാർത്ഥപരിബൃംഹിതഃ
പുരാണാനാം സാരരൂപഃ സാക്ഷാദ് ഭഗവതോദിതഃ
ദ്വാദശസ്കന്ധസംയുക്തഃ ശതവിച്ഛേദസംയുതഃ
ഗ്രന്ഥോഽഷ്ടാ ദശസാഹസ്രഃ ശ്രീമദ്ഭാഗവതാഭിധഃ

(പന്ത്രണ്ടു സ്കന്ധങ്ങളും നൂറു വിരാമങ്ങളും പതിനെണ്ണായിരം ശ്ലോകങ്ങളും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ശ്രീമദ്ഭാഗവതമെന്ന പേരിൽ അറിയപ്പെടുന്നു. ഇതിൽ ബ്രഹ്മസൂത്രങ്ങളുടെയെല്ലാം അർത്ഥവും, മഹാഭാരതത്തിൻെറ താത്പര്യനിർണ്ണയവും അടങ്ങിയിട്ടുണ്ട്. ഗ യത്രീമഹാമന്ത്രത്തിൻെറ ഭാഷ്യരൂപമായിട്ടാണിതു രചിച്ചിരിക്കുന്നത്. വേദത്തിൻെറ അർത്ഥം ഇതിൽ നല്ലതുപോലെ വെളിപ്പെടുത്തിയിട്ടുണ്ട്. സാക്ഷാത് ശ്രീനാരായണൻ തന്നെയാണ് ഈ ഭാഗവതസാരം ആദ്യം ഉപദേശിച്ചത്. എല്ലാ പുരാണങ്ങളുടേയും സാരം ഈ പുരാണത്തിലുണ്ട്) എന്നാണു ഗാരുഡപുരാണത്തിൽ ഭാഗവതത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചു പ്രശംസിക്കുന്നത്. ഇതുകൊണ്ടെല്ലാം തെളിയുന്നതു് മററു പുരാണങ്ങളെക്കാൾ എല്ലാം മേന്മ ശ്രീമദ്ഭാഗവതത്തിനുണ്ടെന്നാണല്ലോ.

പ്രതിപാദ്യവിഷയങ്ങൾ

മഹാപുരാണത്തിൻെറ പത്തു ലക്ഷണങ്ങളും ശ്രീമദ്ഭാഗവതത്തിലെപ്പോലെ മറെറാരു പുരാണത്തിലും വർണ്ണിച്ചുകാണുന്നില്ല. സർഗ്ഗം, വിസർഗ്ഗം, സ്ഥാനം, പോഷണം, ഊതി, മന്വന്തരം, ഈശാനുകഥ, നിരോധം, മുക്തി, ആശ്രയം ഇവയാണല്ലോ മഹാപുരാണലക്ഷണങ്ങൾ.

---

* ധർമ്മമെന്നും തേജസ്സെന്നും പക്ഷാന്തരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗാദി ലക്ഷണങ്ങൾ

സച്ചിദാനന്ദസ്വരൂപനായ ഈശ്വരൻ പ്രപഞ്ചഭാവത്തിൽ പ്രതിഭാസിക്കുന്നതിനാണ് സർഗ്ഗമെന്നു പറയുന്നതു്. അതായതു്, ബ്രഹ്മത്തെ—ഈശ്വരനെ—ആശ്രയിച്ചിരിക്കുന്ന ത്രിഗുണാത്മികയായ മായ ആകാശാദിപഞ്ചഭൂതങ്ങളായും, ശബ്ദാദിതന്മാത്രകളായും, അന്തഃകരണമായും, ഇന്ദ്രിയങ്ങളായും പരിണമിച്ചു് സൂക്ഷ്മപ്രപഞ്ചമായിത്തീരുന്നതാണ് സർഗ്ഗം. ഈ സൂക്ഷ്മപ്രപഞ്ചത്തിന്റെ നാനാവിധത്തിലുള്ള സ്ഥൂലമായ വികാസമാണ് വിസർഗ്ഗം. സർഗ്ഗത്തിനു സൃഷ്ടി എന്നും വിസർഗ്ഗത്തിനു വിശേഷരൂപത്തിലോ വിവിധരൂപത്തിലോ ഉള്ള സൃഷ്ടി എന്നുമർത്ഥം പറയാം. അചിന്ത്യമായി അപാരമായി ചരാചരാത്മകമായി നിലകൊള്ളുന്ന ബ്രഹ്മാണ്ഡമണ്ഡലത്തെയെല്ലാം തന്റെ ആജ്ഞയ്ക്കു വിധേയമായി വ്യവസ്ഥാനുരൂപം നിലനിർത്തുന്ന ഈശ്വരന്റെ പ്രഭാവമാണ് സ്ഥാനം. പല പേരുകളിലും പല രൂപങ്ങളിലും എല്ലാ ലോകത്തും ആരാധിക്കപ്പെടുന്ന ഉപാസ്യദേവതകൾ ഈശ്വരന്റെ സ്വരൂപംതന്നെയാണെന്നു് ഈ സ്ഥാനവർണ്ണനകൾകൊണ്ടു തെളിയുന്നു. ഭക്തന്മാരുടെ നേരേ ഭഗവാനുണ്ടാകുന്ന അനുഗ്രഹമാണു പോഷണം. എത്രതന്നെ മഹാപാപം ചെയ്താലും ഭഗവാനെ ശരണംപ്രാപിച്ചാൽ അവനെ അവിടുന്നനുഗ്രഹിക്കുമെന്നു് ഈ പോഷണവർണ്ണനകൊണ്ടു മനസ്സിലാക്കാം. 'വേഞ്—തന്തു സന്താനേ' എന്ന ധാതുവിൽനിന്നുണ്ടായ രൂപമാണ് 'ഊതി'ശബ്ദം. നൂലുകൊണ്ടുള്ള കെട്ടു് എന്നാണതിനർത്ഥം. പ്രകൃതത്തിൽ ഊതിശബ്ദത്തിനു് കർമ്മങ്ങളുടെ വാസനാരൂപമായ നൂലുകൊണ്ടുള്ള കെട്ടു് എന്നർത്ഥം പറയാം. മനുഷ്യന്റെ ഉത്കർഷത്തിനും അപകർഷത്തിനും കാരണം അവന്റെ പൂർവ്വകർമ്മവാസനയാണ്. അനാദിയായ കർമ്മവാസനനിമിത്തം ജീവൻ സംസാരത്തിൽക്കിടന്നു ദുഃഖിക്കുകയാണ്. ജീവനു് ശുഭവാസനകളും അശുഭവാസനകളുമുണ്ടു്. ഈശ്വരഭജനം മുതലായവകൊണ്ടു് അശുഭവാസനകളെ നീക്കി ശുഭവാസനകളെ വർദ്ധിപ്പിച്ചാൽ ശ്രേയസ്സു ലഭിക്കുമെന്നു് ഊതിവർണ്ണന വെളിപ്പെടുത്തുന്നു. സ്വായംഭുവൻ തുടങ്ങി ഓരോ മനുക്കളുടെ ആധിപത്യകാലവും അക്കാലത്തുനടന്ന പ്രധാനപ്പെട്ട സംഭവങ്ങളുമാണു മന്വന്തരവർണ്ണനകളിൽക്കൂടി വെളിപ്പെടുത്തുന്നതു്. ഭഗവാന്റെയും—ഭഗവദവതാരങ്ങളുടെയും—അവിടുത്തെ പാദഭക്തന്മാരായ മഹാത്മാക്കളുടെയും ചരിത്രമാണ് ഈശകഥ എന്ന പേരിൽ അറിയപ്പെടുന്നതു്. ഭഗവാനെ ശരണംപ്രാപിക്കുന്ന ഭക്തന്മാരുടെ യോഗക്ഷേമം അവിടുന്നു വഹിക്കുമെന്നു് ഈ കഥകളിൽക്കൂടി തെളിയുന്നുണ്ടു്. നിരോധം എന്നതിനു് ആത്യന്തികമായ പ്രളയം എന്നാണർത്ഥം. സാധാരണ പ്രളയത്തിൽ ലയിക്കുന്ന ലോകം വീണ്ടും തിരികെ വരും. എന്നാൽ ആത്യന്തികപ്രളയം എന്നു പറയുന്നതു് ഭഗവത്സ്വരൂപത്തിൽ ലയിക്കുന്നതാണ്. അതിനു പരിവർത്തനമില്ല. ഭഗവാന്റെ ദിവ്യങ്ങളായ ലീലകളും നാമങ്ങളും ശ്രവിച്ചും, കീർത്തിച്ചും, സ്മരിച്ചും ആ ഭഗവത്സ്വരൂപത്തിൽ ഭക്തനായ ജീവൻ ആമഗ്നനായിത്തീരുന്ന അവസ്ഥയെക്കുറിച്ചു പ്രതിപാദിക്കുന്നതാണു നിരോധം. അജ്ഞാനകല്പിതമായ ദേഹാത്മഭ്രമം ഉപേക്ഷിച്ചു് സത്യമായ പരമാത്മഭാവത്തിലെത്തുന്നതാണു മുക്തി. ഭക്തികൊണ്ടു് സഗുണപരമേശ്വരപ്രാപ്തി രൂപമായ സാലോക്യാദിമുക്തിയും അപരോക്ഷജ്ഞാനംകൊണ്ടു് നിർഗ്ഗുണബ്രഹ്മപ്രാപ്തിരൂപമായ വിദേഹമുക്തിയും സിദ്ധിക്കുമെന്നു മുക്തിവർണ്ണനയിൽ ഭാഗവതത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടു്. മനുഷ്യജന്മത്തിന്റെ മുഖ്യമായ ലക്ഷ്യം മുക്തിയാണ്. അതു ഗൗണമെന്നും മുഖ്യമെന്നും രണ്ടു വിധത്തിലുണ്ടു്. സാലോക്യം, സാരൂപ്യം, സാമീപ്യം, സായുജ്യം ഇവ ഗൗണമുക്തിയും ബ്രഹ്മസ്വരൂപപ്രാപ്തി മുഖ്യമുക്തിയുമാണ് എന്നും മുക്തിവർണ്ണനയിൽ സൂചിപ്പിച്ചിട്ടുണ്ടു്. അനർത്ഥനിവൃത്തിയും ആനന്ദപ്രാപ്തിയുമാണ് മുക്തിയുടെ ലക്ഷണം. ചരാചരാത്മകമായ ജഗത്തിന്റെ ഉത്പത്തിയും സ്ഥിതിയും നാശവും യാതൊന്നിലാണോ തോന്നുന്നതു്, സച്ചിത് സുഖരൂപമായ ആ ബ്രഹ്മമാണ് ആശ്രയമെന്ന പേരിൽ വർണ്ണിക്കപ്പെടുന്നതു്. രജ്ജുവിൽ സർപ്പംപോലെയും കാനലിൽ ജലംപോലെയും ബ്രഹ്മസ്വരൂപത്തിൽ അജ്ഞാനംനിമിത്തം ഈ പ്രപഞ്ചം തോന്നുകയാണ്. ഭക്തികൊണ്ടു ശുദ്ധമായ അന്തഃകരണത്തിൽ ഉദിക്കുന്ന അഖണ്ഡാകാരവൃത്തിരൂപമായ അപരോക്ഷജ്ഞാനത്താൽ ബ്രഹ്മസ്വരൂപം അനുഭവപ്പെടുമ്പോൾ എല്ലാ പ്രപഞ്ചവിഷയങ്ങളും ബ്രഹ്മസ്വരൂപമായി—സ്വസ്വരൂപമായി—പ്രകാശിക്കും എന്നു് ആശ്രയവർണ്ണനകൾവഴി ഭാഗവതത്തിൽ ഉപദേശിക്കുന്നുണ്ടു്. ഭാഗവതശ്രവണത്തിന്റെ ഫലം കൈവല്യമാണ്. ഉത്തമനായ ഗുരു അധികാരിയായ ശിഷ്യനു ഭാഗവതം ഉപദേശിച്ചുകൊടുത്തെങ്കിലേ ആ പ്രയോജനം ഉണ്ടാകുകയുള്ളു. അതുകൊണ്ടാണ് ഭാഗവതം ഒന്നാം സ്കന്ധത്തിൽ പ്രധാനമായും ഭാഗവതശ്രോതാവായ ശിഷ്യന്റേയും രണ്ടാമത്തെ സ്കന്ധത്തിൽ വക്താവായ ഗുരുവിന്റേയും ലക്ഷണം പരീക്ഷിത്തിൽക്കൂടിയും ശ്രീശുകബ്രഹ്മർഷിയിൽക്കൂടിയും വർണ്ണിച്ചിരിക്കുന്നതു്. അതുപോലെ മൂന്നാം സ്കന്ധത്തിൽ സർഗ്ഗവും, നാലാം സ്കന്ധത്തിൽ വിസർഗ്ഗവും, അഞ്ചാം സ്കന്ധത്തിൽ സ്ഥാനവും, ആറാം സ്കന്ധത്തിൽ പോഷണവും, ഏഴാം സ്കന്ധത്തിൽ ഊതിയും, എട്ടാം സ്കന്ധത്തിൽ മന്വന്തരങ്ങളും, ഒൻപതാം സ്കന്ധത്തിൽ ഈശാനുകഥകളും, പത്താം സ്കന്ധത്തിൽ നിരോധവും, പതിനൊന്നാം സ്കന്ധത്തിൽ മുക്തിയും, പന്ത്രണ്ടാം സ്കന്ധത്തിൽ ആശ്രയവും വർണ്ണിച്ചു് ഭഗവാന്റെ ബ്രഹ്മസ്വരൂപം വെളിപ്പെടുത്തിയിരിക്കുകയാണ്. സർഗ്ഗം മുതൽ മുക്തിവരെയുള്ള ഒൻപതു ലക്ഷണങ്ങൾ, ആശ്രയരൂപമായി വർണ്ണിക്കപ്പെട്ടിട്ടുള്ള ബ്രഹ്മത്തിന്റെ സ്വരൂപത്തെ പ്രകാശിപ്പിക്കുവാനാണു നിരൂപണംചെയ്തിരിക്കുന്നതെന്നു ഭാഗവതത്തിൽ തന്നെ എടുത്തു പറയുന്നുണ്ടു്

> വിശ്വസർഗ്ഗവിസർഗ്ഗാദി നവലക്ഷണലക്ഷിതം
> ശ്രീകൃഷ്ണാഖ്യം പരം ധാമ ജഗദ്ധാമ നമാമി തത്

എന്നിങ്ങനെ ഭാഗവത ടീകാകാരനായ ശ്രീ ശ്രീധരസ്വാമികൾ ശ്രീകൃഷ്ണനമസ്കാരരൂപത്തിൽ ഭാഗവതതാല്പര്യം നിർണ്ണയിച്ചിരിക്കുന്ന വസ്തുതകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. വിശ്വസൃഷ്ടി, വിസൃഷ്ടി തുടങ്ങിയ ഒമ്പതു ലക്ഷണങ്ങൾകൊണ്ടു് ലക്ഷീകരിക്കപ്പെട്ടു്, ജഗത്തിനാശ്രയമായി ശ്രീകൃഷ്ണൻ എന്ന പേരിൽ അറിയപ്പെടുന്ന ആ പരമചൈതന്യത്തെ ഞാൻ നമസ്കരിക്കുന്നു എന്ന ആശയംവരുന്ന പ്രസ്തുത ശ്ലോകത്തിൽ ഭാഗവതരഹസ്യവേദിയായ ശ്രീ ശ്രീധരാചാര്യർ ഭാഗവതാർത്ഥം മുഴുവൻ സംഗ്രഹിച്ചിരിക്കുന്നതായി അഭിജ്ഞന്മാർക്കറിയാൻ കഴിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗവതത്തിലെ തത്വവിചാരം

ഈശ്വരൻ, ജീവൻ, ജഗത്തു്, ബന്ധം, മോക്ഷം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള അന്വേഷണമാണല്ലോ തത്വവിചാരം. ശ്രീമദ്ഭാഗവതത്തിലെ പരമതത്വം ഭഗവാൻ ശ്രീകൃഷ്ണനാണ്. ഉപനിഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന ബ്രഹ്മംതന്നെയാണ് ഭാഗവതത്തിൽ വർണ്ണിക്കപ്പെടുന്ന ശ്രീകൃഷ്ണൻ എന്ന വസ്തുത ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞുകൊള്ളുന്നു.

ഭാഗവതവും അദ്വൈതസിദ്ധാന്തവും

വദന്തി തത്തത്വവിദസ്തത്വം യജ്ജ്ഞാനമദ്വയം
ബ്രഹ്മേതി പരമാത്മേതി ഭഗവാനിതി ശബ്ദ്യതേ

എന്നു ഭാഗവതം ഒന്നാംസ്കന്ധം രണ്ടാമദ്ധ്യായം പതിനൊന്നാംശ്ലോകത്തിൽ പറയുന്നുണ്ട്. തത്വജ്ഞാനികൾ ജ്ഞാനസ്വരൂപമായ പരമാത്മവസ്തുവിനെ ബ്രഹ്മമെന്നും, പരമാത്മാവെന്നും ഭഗവാനെന്നും പറയുന്നു എന്നാണല്ലോ ഇതിന്റെ സാരം.

കൃഷ്ണമേനമവേഹി ത്വമാത്മാനമഖിലാത്മനാം
ജഗദ്ധിതായ സോഽപ്യത്ര ദേഹീവാഭാതി മായയാ

എന്ന ശ്രീമദ്ഭാഗവതം ദശമസ്കന്ധം പതിന്നാലാമദ്ധ്യായം അൻപത്തഞ്ചാം ശ്ലോകത്തിൽ, ശ്രീശുകബ്രഹ്മർഷി പരീക്ഷിത്തുമഹാരാജാവിനോടു പറയുന്നതായി വർണ്ണിച്ചിരിക്കുന്നത്, ''അല്ലയോ പരീക്ഷിത്തുമഹാരാജാവേ, അങ്ങ് ഈ ശ്രീകൃഷ്ണനെ എല്ലാ ജീവജാലങ്ങളുടേയും ആത്മാവാണെന്നറിയുക. അദ്ദേഹം ലോകകല്യാണത്തിനുവേണ്ടി തന്റെ യോഗമായയുടെ പ്രഭാവംകൊണ്ടു് സാധാരണമനുഷ്യനെപ്പോലെ ഇവിടെ വിളങ്ങുന്നു'' എന്നാണ്. തുടർന്നു ശ്രീശുകൻ പറയുന്നു, ''ഈ ലോകത്തിൽ ചരമോ അചരമോ ആയി കാണപ്പെടുന്നതെല്ലാംതന്നെ വാസ്തവത്തിൽ ശ്രീകൃഷ്ണന്റെ സ്വരൂപമാണെന്നറിയണം. ആ ഭഗവാന്റെ സ്വരൂപമല്ലാതെ വേറൊരു വസ്തുവുമില്ല.'' ഇതുകൊണ്ടു് ഉപനിഷത്തുകളിൽ പ്രതിപാദിച്ചിരിക്കുന്ന ജ്ഞാനവും ബ്രഹ്മവും പരമാത്മാവും, വൈഷ്ണവതന്ത്രത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഭഗവാനും ഒരേ വസ്തുവാണെന്നു സിദ്ധിക്കുന്നു. ഈശ്വരാന്വേഷണപരങ്ങളായ ഭാരതീയദർശനങ്ങളുടെയെല്ലാം സാമാന്യതത്വം ഭാഗവതത്തിൽ അങ്ങിങ്ങായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ആദ്യവസാനം വിസ്തരിച്ചു വിവരിച്ചിരിക്കുന്നതു് അദ്വൈതസിദ്ധാന്തത്തിന്റേയും വൈഷ്ണവതന്ത്രത്തിന്റേയും സമഞ്ജസമായ സമന്വയമാണ്. ഭാരതീയസംസ്കാരത്തിന്റേയും ദർശനങ്ങളുടേയും പരിപൂർണ്ണത അദ്വൈതബ്രഹ്മദർശനത്തിലാണു കാണപ്പെടുന്നതു്. ആ ദർശനം ബ്രഹ്മതത്വമൊന്നു മാത്രമേ സത്യമായിട്ടുള്ളു എന്നും, അതു് സജാതീയമോ വിജാതീയമോ സ്വഗതമോ ആയ ഭേദം ലേശംപോലുമില്ലാത്തതാണെന്നും പ്രഖ്യാപിക്കുന്നുണ്ടു്. നാന തരത്തിൽ നാമരൂപാത്മകമായി കാണപ്പെടുന്ന ഈ പ്രപഞ്ചത്തിലെല്ലാം സദ്രൂപമായും ചിദ്രൂപമായും ആനന്ദരൂപമായും പ്രകാശിക്കുന്ന ആ ബ്രഹ്മത്തെ സ്വസ്വരൂപത്തിൽ ദർശിച്ചാൽ നിത്യകൈവല്യം നേടാൻ കഴിയുമെന്നാണ് അദ്വൈതദർശനത്തിന്റെ സിദ്ധാന്തപക്ഷം. അത്തരം അനുഭൂതി ഉണ്ടാക്കി, തന്നെ സർവ്വഭൂതങ്ങളിലും, സർവ്വഭൂതങ്ങളെ തന്നിലും ദർശിച്ചു് ശാന്തിയും ശ്രേയസ്സും നേടുകയാണ് മനുഷ്യന്റെ വ്യക്തിപരമായും സമൂഹപരമായുമുള്ള ഉൽക്കർഷമെന്നും അദ്വൈതികൾ ഉദ്ഘോഷിക്കുന്നു. ആ അദ്വൈതസിദ്ധാന്തംതന്നെയാണ് ഭാഗവതത്തിൽ ആദ്യവസാനം തെളിഞ്ഞുകാണുന്നതു്.

ജന്മാദ്യസ്യ യതോഽന്വയാദിതരതശ്ചാർത്ഥേഷ്വഭിജ്ഞഃസ്വരാട്
തേനേ ബ്രഹ്മഹൃദാ യ ആദികവയേ മുഹ്യന്തി യത് സൂരയഃ
തേജോവാരിമൃദാം യഥാവിനിമയോ യത്ര ത്രിസർഗ്ഗോമൃഷാ
ധാമ്നാ സ്വേന സദാ നിരസ്തകുഹകം സത്യം പരം ധീമഹി

(ഈ ജഗത്തിന്റെ സൃഷ്ടിയും സ്ഥിതിയും ലയവും ഏതൊന്നുകൊണ്ടാണോ ഉണ്ടാകുന്നതു്, ഏതൊന്നിന്റെ നിലനില്പിലാണോ ഈ ജഗത്തും നിലനില്ക്കുന്നതു്, ഈ ജഗത്തില്ലെങ്കിലും ഏതൊന്നാണോ സദ്രൂപത്തിൽ വർത്തിക്കുന്നതു്, ഇന്ദ്രിയങ്ങൾവഴി വിഷയങ്ങളെ അറിയുമ്പോഴും അവയെ എല്ലാം സാക്ഷിഭാവത്തിൽനിന്നു പ്രകാശിപ്പിച്ചു് ഏതൊന്നാണോ സ്വയം പ്രകാശിക്കുന്നതു്, സൃഷ്ടിയുടെ ആരംഭത്തിൽ സ്വസങ്കല്പംകൊണ്ടു വേദസ്വരൂപം ബ്രഹ്മദേവനാരാണോ വ്യക്തമാക്കിക്കൊടുത്തതു്, ആരെ അറിയുന്ന വിഷയത്തിലാണോ സമാധിസമ്പന്നന്മാരായ മഹർഷീശ്വരന്മാർപോലും മോഹിച്ചുപോകുന്നതു്, സൂര്യകിരണത്തിലും മൃദ്വികാരമായ കണ്ണാടിയിലും തോന്നിയ ജലംപോലെയും, ജലപ്പരപ്പിൽ തോന്നിയ സ്ഥലംപോലെയും, ത്രിഗുണാത്മകമായ ഈ പ്രപഞ്ചം ഏതൊരാളുടെ സ്വരൂപത്തിലാണോ മിഥ്യയായിരിക്കുന്നതു് മായാസ്പർശമേശാത്ത സത്യസ്വരൂപമായ ആ ബ്രഹ്മത്തെ നാം ധ്യാനിക്കുന്നു) ഇതു് ഭാഗവതത്തിലെ ഉപക്രമശ്ലോകമാണ്. ഇതിൽ അദ്വൈതവേദാന്തസിദ്ധാന്തങ്ങളെല്ലാം അടങ്ങിയിട്ടുണ്ടു്. ബ്രഹ്മസൂത്രങ്ങളിലെ സുപ്രസിദ്ധമായ ചതുഃസൂത്രിയുടെ ഭാഷ്യമായി വിദ്വാന്മാർ ഈ ശ്ലോകത്തെ വ്യാഖ്യാനിച്ചും കാണുന്നു. ഇതിൽനിന്നു ഭാഗവതം ഉപക്രമിക്കുന്നതുതന്നെ അദ്വൈതസിദ്ധാന്തത്തെ പ്രതിപാദിച്ചുകൊണ്ടാണെന്നു മനസ്സിലാക്കാം. ഇനിയും ഭാഗവതത്തിലെ ഉപസംഹാരശ്ലോകം ഒന്നു പരിശോധിക്കാം.

കസ്മൈയേന വിഭാസിതോഽയമതുലോ ജ്ഞാനപ്രദീപഃപുരാ
തദ്രൂപേണ ച നാരദായമുനയേ കൃഷ്ണായ തദ്രൂപിണാ
യോഗീന്ദ്രായ തദാത്മനാഥ ഭഗവദ്രാതായ കാരുണ്യത-
സ്തച്ഛുദ്ധം വിമലം വിശോകമമൃതം സത്യം പരം ധീമഹി

(ഭാ. 12 സ്ക. 13 അ. 19 ശ്ലോ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൃഷ്ടിയുടെയാരംഭത്തിൽ ബ്രഹ്മദേവന് ആരാണോ ഭാഗവതതത്ത്വം വെളിപ്പെടുത്തിക്കൊടുത്തത് ആ ഭഗവാൻ നാരായണൻതന്നെയാണ് ബ്രഹ്മാവിന്റെ രൂപത്തിൽ നാരദനും, നാരദന്റെ രൂപത്തിൽ വ്യാസമഹർഷിക്കും, വ്യാസരൂപത്തിൽ യോഗീന്ദ്രനായ ശുകബ്രഹ്മർഷിക്കും, ശുകബ്രഹ്മർഷിരൂപത്തിൽ രാജർഷിയായ പരീക്ഷിത്തു ചക്രവർത്തിക്കും ഭാഗവതരഹസ്യം ഉപദേശിച്ചുകൊടുത്തത്. അങ്ങനെയുള്ള പരിശുദ്ധനും, മായാപങ്കം കലരാത്തവനും, ശോകമില്ലാത്തവനും, നാശരഹിതനും സത്യസ്വരൂപനുമായ ആ പരമേശ്വരനെ—പരബ്രഹ്മത്തെ—ഞങ്ങൾ ധ്യാനിക്കുന്നു. ഈ ഉപസംഹാരശ്ലോകത്തിലും ഉപക്രമശ്ലോകത്തിലെപ്പോലെ 'സത്യം പരം ധീമഹി' എന്നാണ് ഭാഗവതകർത്താവു പ്രയോഗിച്ചിരിക്കുന്നത്. ഉപക്രമോപസംഹാരങ്ങൾ, അഭ്യാസം, അപൂർവ്വത, ഫലം, അർത്ഥവാദം, ഉപപത്തി ഈ ആറു ഹേതുക്കൾവഴിയാണ് വിദ്വാന്മാർ ശാസ്ത്രതാത്പര്യം നിർണ്ണയിക്കുന്നത്. അങ്ങനെ പരിശോധിച്ചാൽ ശ്രീമദ്ഭാഗവതത്തിന്റെ താത്പര്യം അദ്വൈതബ്രഹ്മതത്ത്വത്തിലാണെന്നു സ്പഷ്ടമാകും. വിസ്തരഭയത്താൽ ഉദാഹരണങ്ങൾ എടുത്തുകാണിക്കുവാൻ ഒരുങ്ങുന്നില്ല.

ഭഗവാൻ ഭാഗവതതത്ത്വം ആദ്യം ബ്രഹ്മാവിനാണുപദേശിച്ചുകൊടുത്തതെന്ന് ഇവിടെ ഉദ്ധരിച്ച ശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ ഉപദേശം ഭാഗവതം ദ്വിതീയസ്കന്ധം ഒൻപതാമദ്ധ്യായം 32, 33, 34, 35 ഈ ശ്ലോകങ്ങളിൽ ചേർത്തിട്ടുണ്ട്. ഭാഗവതതത്ത്വം മുഴുവൻ ആ നാലു ശ്ലോകങ്ങളിൽ അടങ്ങിയിട്ടുണ്ട്. അതിന്റെ വിപുലമായ വ്യാഖ്യാനമാണ് മഹത്തായ ഭാഗവതഗ്രന്ഥം മുഴുവനും.

അഹമേവാസമേവാഗ്രേ നാന്യദ്യത് സദസദ്പരം
പശ്ചാദഹം യദേതച്ച യോഽവശിഷ്യേത സോസ്മ്യഹം

സൃഷ്ടിക്കു മുമ്പ് ഞാൻ—ബ്രഹ്മസ്വരൂപമായ ശ്രീനാരായണൻ—മാത്രമേ ഉണ്ടായിരുന്നുള്ളൂ. സത്തായോ അസത്തായോ വേറെ യാതൊന്നും അപ്പോൾ ഇല്ലായിരുന്നു. പിന്നീട്, സൃഷ്ടിരൂപത്തിൽ കാണപ്പെടുന്ന ഈ പ്രപഞ്ചവും ഞാൻ മാത്രമാണ്. പ്രളയത്തിലും ഞാൻ മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇങ്ങനെയാണ് ചതുഃശ്ലോകിയിലെ ഒന്നാമത്തെ ശ്ലോകത്തിൽ പറയുന്നത്. സൃഷ്ടിക്കു മുമ്പും സൃഷ്ടികാലത്തിലും പ്രളയത്തിലും ഞാൻ—സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മം—മാത്രമേ വാസ്തവത്തിൽ ഉള്ളൂ എന്നും ബാക്കി ഭിന്നമായി തോന്നുന്നതെല്ലാം മായ മാത്രമാണെന്നും അടുത്ത ശ്ലോകത്തിൽ പറയുന്നു. ''ഏതൊരു തത്ത്വമാണോ എപ്പോഴും എല്ലായിടത്തും നിറഞ്ഞിരിക്കുന്നത് അതാണ് ബ്രഹ്മസ്വരൂപമെന്ന് അന്വയ വ്യതിരേകയുക്തികൾകൊണ്ട് തത്ത്വജിജ്ഞാസുക്കൾ അറിഞ്ഞാൽ മാത്രം മതി, അവർ കൃതാർത്ഥരായിത്തീരും,'' എന്നാണ് ചതുഃശ്ലോകി ഉപസംഹരിക്കുന്നത്. ബ്രഹ്മത്തോടു ചേർന്നേ പ്രപഞ്ചം ഇരിക്കൂ എന്നത് അന്വയയുക്തിയും, പ്രപഞ്ചം ഇല്ലെങ്കിലും ബ്രഹ്മം ഉണ്ടെന്നുള്ളത് വ്യതിരേകയുക്തിയുമാണ്. അന്വയപദത്തിനു തുടർന്നിരിക്കുന്നത് എന്നും വ്യതിരേകപദത്തിന് മാറിപ്പോകുന്നതെന്നുമാണ് വേദാന്തശാസ്ത്രത്തിൽ അർത്ഥം കല്പിച്ചിരിക്കുന്നത്. പ്രപഞ്ചം ദൃശ്യരൂപത്തിലും, ബ്രഹ്മം ദൃഗ്രൂപത്തിലുമാണ് പ്രകാശിക്കുന്നത്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി ഈ മൂന്നവസ്ഥകൾ നമുക്ക് അനുഭവപ്പെടുന്നു. ഇവയിൽ ജാഗ്രത്തിലും സ്വപ്നത്തിലും ദൃശ്യവും ദൃക്കും പ്രകാശിക്കുന്നുണ്ട്. എന്നാൽ, സുഷുപ്തിയിൽ ദൃശ്യം പ്രകാശിക്കുന്നില്ല. അങ്ങനെ പ്രകാശിക്കുന്നില്ല എന്നറിയുവാൻ അവിടെ ഒരു സാക്ഷി വേണം. ആ സാക്ഷിയാണ് ദൃഗ്രൂപമായ ബ്രഹ്മം. ജാഗ്രത്തിലും സ്വപ്നത്തിലും ആ ബ്രഹ്മത്തോടു ചേർന്നാണ് ദൃശ്യം നിലകൊള്ളുന്നത്. എന്നാൽ, സുഷുപ്തിയിൽ ആ ദൃശ്യം ഇല്ലാത്തപ്പോഴും ദൃഗ്രൂപമായ ബ്രഹ്മം തുടർന്നു നില്ക്കുന്നുണ്ട്. ആ ബ്രഹ്മം മൂന്നവസ്ഥകളിലും തുടർന്നു നില്ക്കുന്നതിനാൽ അതിന് അന്വയവും, പ്രപഞ്ചം സുഷുപ്തിയിൽ മറയുന്നതിനാൽ അതിനു വ്യതിരേകവും ഉണ്ടെന്നു തീരുമാനിക്കാം. 'അനുവർത്തിക്കുന്നതു സത്യവും വ്യാവർത്തിക്കുന്നതു മിഥ്യയുമാണെ'ന്നുള്ള വേദാന്തയുക്തിയനുസരിച്ച് പ്രപഞ്ചം, രജ്ജുവിൽ സർപ്പംപോലെ, ബ്രഹ്മത്തിൽ കല്പിതമാണെന്ന് അദ്വൈതികൾ സിദ്ധാന്തിക്കുന്നു. ഈ സിദ്ധാന്തമാണ് ഭാഗവതത്തിൽ മുഖ്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

ഈശ്വരതത്ത്വവും വൈഷ്ണവതന്ത്രവും

ബ്രഹ്മം പരമാർത്ഥത്തിൽ ഏകവും നിർഗ്ഗുണവും നിരാകാരവും പൂർണ്ണവുമാണെങ്കിലും, അതിൽ വിവർത്തിക്കുന്ന—പ്രതിഭാസിക്കുന്ന—പ്രപഞ്ചത്തിന്റെ കാരണമെന്ന നിലയിൽ വ്യാവഹാരികമായി സഗുണവും സാകാരവും മായാശക്തിയുക്തവുമാണെന്നുകൂടി ഭാഗവതത്തിൽ പ്രസ്താവിക്കുന്നുണ്ട്. അങ്ങനെയുള്ള സഗുണബ്രഹ്മത്തെ ഭഗവാൻ, വിഷ്ണു, വാസുദേവൻ തുടങ്ങി പല നാമങ്ങളിലാണ് ഭാഗവതത്തിൽ വർണ്ണിക്കുന്നത്. ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം, ബലം, വീര്യം, തേജസ്സ് ഈ ആറു ഗുണങ്ങളുള്ള സഗുണബ്രഹ്മത്തെ വൈഷ്ണവതന്ത്രമനുസരിച്ചാണ് ഭാഗവതത്തിൽ വർണ്ണിച്ചിരിക്കുന്നത് എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

വൈഷ്ണവന്മാരുടെ പരമപ്രമാണം പാഞ്ചരാത്രാഗമമാണ്. അതിന്റെ മൂലസിദ്ധാന്തം ശതപഥബ്രാഹ്മണത്തിലുള്ളതാണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പാഞ്ചരാത്രാഗമത്തിന് ഭാഗവതം എന്നും സാത്വതമെന്നുംകൂടി പേരുണ്ട്. ഈ സമ്പ്രദായത്തിന്റെ ആദിമഗുരു ഭഗവാൻ നാരായണനായതുകൊണ്ടാണ് ആ സിദ്ധാന്തത്തിനു ഭാഗവതം എന്ന പേരു സിദ്ധിച്ചത്. സാത്വതന്മാരുകളായ യാദവക്ഷത്രിയരുടെ ഇടയിലാണ് ഈ മതം ആദ്യം പ്രചരിച്ചതെന്നും, അതുകൊണ്ടിതിനു സാത്വതമതമെന്ന പേരു വന്നുചേർന്നു എന്നും ചില നിരൂപകന്മാർക്കു പക്ഷമുണ്ട്. എന്നാൽ, 'സാതയതി സുഖയതി ആശ്രിതാൻ ഇതി സാത്' എന്ന വ്യുത്പത്തിയനുസരിച്ച് സാത് എന്ന പദത്തിന് ആശ്രിതന്മാരെ സുഖിപ്പിക്കുന്ന പരമാത്മാവ് എന്നാണർത്ഥമെന്നും ആ പരമാത്മാവായ ശ്രീവാസുദേവനെ ആരാധിക്കുന്നവർ സാത്വതന്മാരാണെന്നും, അവർതന്നെയാണ് മഹാഭാഗവതന്മാരെന്നും പരാശരഭട്ടാചാര്യൻ അഭിപ്രായപ്പെടുന്നു. ജ്ഞാനം, യോഗം, ക്രിയ, ചര്യ ഇങ്ങനെ നാലു വിഷയങ്ങൾ പാഞ്ചരാത്രസംഹിതയിൽ വിവരിച്ചിട്ടുണ്ട്. ബ്രഹ്മം—ഈശ്വരൻ, ജീവൻ, ജഗത്ത്, ബന്ധം, മോക്ഷം ഇങ്ങനെയുള്ള തത്ത്വങ്ങളെ പ്രകാശിപ്പിക്കുന്നതു ജ്ഞാനമാകുന്നു. മുക്തിക്ക് സാധനഭൂതമായ ചിത്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരോധനാദികൾ യോഗമാണ്. ഭഗവത്പൂജയ്ക്കുവേണ്ടി ദേവാലയങ്ങൾ നിർമ്മിക്കുക, വിഗ്രഹങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ക്രിയയാണ്. ആഹ്നികക്രിയ, മൂർത്തിപൂജ, നിത്യനൈമിത്തികാദി കർമ്മങ്ങൾ, വർണ്ണാശ്രമധർമ്മപരിപാലനം മുതലായ കാര്യങ്ങൾ നിർവ്വഹിക്കുന്നതാണ് ചര്യ.

ഈശ്വരന്റെ പഞ്ചഭാവങ്ങൾ

പാഞ്ചരാത്രാഗമത്തെക്കൂടി ഉപജീവിച്ചാണല്ലോ ശ്രീമദ്ഭാഗവതം രചിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വൈഷ്ണവസമ്പ്രദായമനുസരിച്ചുള്ള ജ്ഞാനവും യോഗവും ക്രിയയും ചര്യയും ഭാഗവതത്തിലും വിവരിച്ചിട്ടുണ്ട്. വൈഷ്ണവതന്ത്രമനുസരിച്ച് ഭഗവാൻ നിർഗ്ഗുണനും നിരാകാരനുമാണെങ്കിലും തന്റെ ലീലാശക്തി നിമിത്തം സഗുണനും സാകാരനുമായിത്തീരുന്നു. അങ്ങനെയുള്ള ഭഗവാൻ പരം, വ്യൂഹം, വിഭവം, അർച്ച, അന്തര്യാമി എന്ന് അഞ്ചു ഭാവത്തിൽ വിജയിക്കുന്നുണ്ട്.

ഭഗവാന്റെ സഗുണസാകാരഭാവത്തിന് കാരണം ശക്തിയാണ്. ഷഡ്ഗുണങ്ങളിലൊന്നാണു ശക്തി. ജ്ഞാനം, ശക്തി, ഐശ്വര്യം, ബലം, വീര്യം, തേജസ്സ് ഇവയാണല്ലോ ഷഡ്ഗുണങ്ങൾ. ജഡമല്ലാത്തതും സ്വയംപ്രകാശവും നിത്യവും സർവ്വാവഗാഹിയുമായ ഗുണമാണ് ജ്ഞാനം. അത് ഭഗവാന്റെ സ്വരൂപമാണെങ്കിലും ഗുണമായിട്ടും വർണ്ണിക്കപ്പെടാറുണ്ട്. ശക്തി പ്രപഞ്ചത്തിന്റെ ഉപാദാനകാരണമാണ്. സ്വാതന്ത്ര്യശക്തികൊണ്ട് പ്രപഞ്ചം സൃഷ്ടിക്കുന്നതാണ് ഭഗവാന്റെ ഐശ്വര്യം. ഒരു പരിശ്രമവുമില്ലാതാണ് ഭഗവാൻ പ്രപഞ്ചരചനാലീല നടത്തുന്നത്. അങ്ങനെയുള്ള പരിശ്രമാഭാവത്തിന് വൈഷ്ണവന്മാർ ബലമെന്നു പറയുന്നു. ഭഗവാൻ ഈ ജഗത്തിന്റെ ഉപാദാനകാരണംകൂടിയാണല്ലോ. ഈ ലോകത്തിൽ കാര്യാവസ്ഥയിൽ കാരണങ്ങൾക്ക് വികാരമുള്ളതായി കാണപ്പെടുന്നുണ്ട്. അതുപോലെ പ്രപഞ്ചകാര്യോത്പാദനത്തിൽ കാരണമായ ഭഗവാന് ഒരു വികാരവുമുണ്ടാകാറില്ല. ഈ നിർവ്വികാരാവസ്ഥയാണ് വീര്യം. സാധനങ്ങൾ ഉണ്ടാക്കുന്നതിന് ശില്പിക്ക് ഉളി മുതലായ സഹകാരികാരണങ്ങൾ വേണമല്ലോ. എന്നാൽ, ഭഗവാൻ ഒരു സഹകാരികാരണവുമില്ലാതെയാണ് പ്രപഞ്ചം നിർമ്മിക്കുന്നത്. അങ്ങനെ മറ്റൊന്നും അപേക്ഷിക്കാതെ തനിയെ ചെയ്യാനുള്ള കഴിവാണ് തേജസ്സ്. ഈ ആറു ഗുണങ്ങളിൽ ശക്തിയും ഉൾപ്പെടുന്നുണ്ടെന്ന് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ശക്തിക്ക് ലക്ഷ്മി, ആനന്ദ, സ്വതന്ത്ര, ശ്രീ, പത്മ തുടങ്ങി പല പേരുകളും വൈഷ്ണവതന്ത്രത്തിൽ ഉണ്ട്. ലക്ഷ്മി ശക്തിയും ഭഗവാൻ ശക്തിമാനുമാണ്. ധർമ്മവും ധർമ്മിയുംപോലെയും, അഹന്തയും അഹംപോലെയും, ചന്ദ്രനും ചന്ദ്രികയുംപോലെയും, വെയിലും സൂര്യനുംപോലെയും ശക്തിയും ശക്തിമാനുംതമ്മിൽ അവിനാഭാവസംബന്ധരൂപത്തിലാണിരിക്കുന്നത്. എന്നാലും ലക്ഷ്മിയും ഭഗവാനും ഒന്നല്ലതാനും.

ഭഗവാന്റെ പരരൂപം

ഷഡ്ഗുണസമ്പന്നമായി, ചതുർബാഹുവായി, ശംഖചക്രഗദാപത്മധാരിയായി, അനന്തശായിയായി, ദിവ്യാഭരണവിഭൂഷിതമായി, ചിന്മയവിഗ്രഹമായി വിജയിച്ചരുളുന്ന വാസുദേവഭാവമാണ് ഭഗവാന്റെ പരരൂപം.

സൃഷ്ടിയുടെ ആരംഭത്തിൽ ഭഗവാനിൽ അടങ്ങിയിരുന്ന ശക്തി ഏതോ അചിന്ത്യകാരണത്താൽ ഉന്മേഷത്തെ പ്രാപിച്ച് പ്രപഞ്ചരചനയിൽ ഏർപ്പെടുന്നു. സൃഷ്ടികാലത്ത് ക്രിയാശക്തിയെന്നും ഭൂതശക്തിയെന്നും ഭഗവച്ഛക്തി രണ്ടു രൂപം കൈക്കൊള്ളുന്നു. ജഗത്തു സൃഷ്ടിക്കണമെന്നുള്ള ഭഗവദിച്ഛയാണ് ക്രിയാശക്തി. ഭഗവച്ഛക്തിയുടെ ജഗദ്രൂപത്തിലുള്ള പരിണാമം ഭൂതശക്തിയാകുന്നു. ശക്തിയുടെ ഒന്നാമത്തെ ആവിർഭാവം ശുദ്ധസൃഷ്ടിയാണ്. അലയില്ലാത്ത കടലിൽ ആദ്യമായി ഉണ്ടാകുന്ന തരംഗംപോലെ നിർഗ്ഗുണനായ ഭഗവാനിൽ ഒന്നാമതായി ഷഡ്ഗുണങ്ങൾ പ്രകടമാകുന്നു. ഈ ഗുണങ്ങളുടെ വികാസംകൊണ്ടാണ് സൃഷ്ടിയുണ്ടാകുന്നത്. ശുദ്ധമെന്നും അശുദ്ധമെന്നും സൃഷ്ടി രണ്ടുപ്രകാരത്തിലുണ്ട്. ശുദ്ധസത്വമയമാണ് ശുദ്ധസൃഷ്ടി. അത് അനശ്വരവും തേജോമയവുമാകുന്നു. ഭഗവാന്റെ ദിവ്യധാമമായ വൈകുണ്ഠം, പാലാഴി, വിഭൂതികളായ അനന്തൻ, ഗരുഡൻ മുതലായവയും ശംഖചക്രാദി ദിവ്യായുധങ്ങളേന്തിയ ചതുർബാഹുക്കളോടും, കടകകുണ്ഡലകിരീടാദി ദിവ്യവിഭൂഷണങ്ങളോടുംകൂടിയ ഭഗവാന്റെ ചിന്മയമായ ദിവ്യവിഗ്രഹവും ശുദ്ധസൃഷ്ടിയിൽ ഉൾപ്പെടുന്നു.

വ്യൂഹരൂപം

വാസുദേവനിൽനിന്ന് സംകർഷണനും, സംകർഷണനിൽനിന്ന് പ്രദ്യുമ്നനും, പ്രദ്യുമ്നനിൽനിന്ന് അനിരുദ്ധനും ക്രമേണയുണ്ടാകുന്നു. വാസുദേവനിൽ ഷഡ്ഗുണങ്ങളും സഹജമായി പ്രകാശിക്കുന്നു. എന്നാൽ, സംകർഷണനിൽ ജ്ഞാനവും ബലവും, പ്രദ്യുമ്നനിൽ ഐശ്വര്യവും വീര്യവും, അനിരുദ്ധനിൽ ശക്തിയും തേജസ്സും ആണ് മുഖ്യതലായി നിലകൊള്ളുന്നത്. സംകർഷണനും, പ്രദ്യുമ്നനും, അനിരുദ്ധനും ശുദ്ധസത്വമയവിഗ്രഹമാണുള്ളത്. അതിനാൽ അവരും ശുദ്ധസൃഷ്ടിയിൽപ്പെടും.

ജഗത്തു് സൃഷ്ടിക്കയും അതിൽ ഭാഗവതജ്ഞാനം പ്രചരിപ്പിക്കയും ചെയ്യുന്ന കൃത്യമാണ് സംകർഷണനുള്ളത്. പ്രദ്യുമ്നന്റെ കൃത്യം മോക്ഷസാധനമായ ക്രിയകൾ പരിശീലിപ്പിക്കുകയാണ്. ക്രിയാഫലമായ മോക്ഷതത്വം ലോകർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയാണ് അനിരുദ്ധന്റെ ജോലി. വാസുദേവനിൽനിന്ന് സംകർഷണനും, സംകർഷണനിൽനിന്ന് പ്രദ്യുമ്നനും, പ്രദ്യുമ്നനിൽനിന്ന് അനിരുദ്ധനും ഉണ്ടായതായി വൈഷ്ണവന്മാർ വിശ്വസിക്കുന്നു. വാസുദേവൻ, സംകർഷണൻ പ്രദ്യുമ്നൻ, അനിരുദ്ധൻ ഈ നാല് ഈശ്വരഭാവത്തേയും ചേർത്ത് ചതുർവ്യൂഹമെന്നാണ് വൈഷ്ണവതന്ത്രത്തിൽ വ്യവഹരിക്കപ്പെടുന്നത്. വാസുദേവൻ ഈശ്വരതത്വവും, സംകർഷണൻ ജീവതത്വവും, പ്രദ്യുമ്നൻ മനസ്തത്വവും, അനിരുദ്ധൻ അഹങ്കാരതത്വവുമാണ്. ചതുർവ്യൂഹകല്പന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈഷ്ണവസമ്പ്രദായത്തിലെ ഒരു പ്രധാന സിദ്ധാന്തമാണ്. എന്നാൽ, ഈ സിദ്ധാന്തത്തെ ശ്രീശങ്കരഭഗവത്പാദർ ബ്രഹ്മസൂത്രശാങ്കരഭാഷ്യത്തിൽ അവൈദികമാണെന്നു കാണിച്ച് ഖണ്ഡിക്കുന്നുണ്ട്. പക്ഷേ, ബ്രഹ്മസൂത്രരാമാനുജഭാഷ്യത്തിൽ, ശ്രീരാമാനുജാചാര്യർ ചതുർവ്യൂഹസിദ്ധാന്തം വൈദികമാണെന്നും, വ്യാസഭഗവാൻ ബ്രഹ്മസൂത്രങ്ങൾവഴി അതു സമർത്ഥിച്ചിട്ടുണ്ടെന്നും പ്രഖ്യാപിക്കുന്നു.

നമസ്തേ വാസുദേവായ നമഃ സംകർഷണായ ച
പ്രദ്യുമ്നായാനിരുദ്ധായ സാത്വതാംപതയേ നമഃ

എന്നു് ഭാഗവതം ദശമസ്കന്ധം നാല്പതാം അദ്ധ്യായത്തിൽ അക്രൂരൻ ഭഗവാനെ സ്തുതിക്കുന്ന ഘട്ടത്തിൽ വർണ്ണിച്ചിരിക്കുന്നതു് പ്രസ്തുതമായ ചതുർവ്യൂഹസിദ്ധാന്തത്തിൻെറ സമർത്ഥനമാണെന്നു് പരിഗണിക്കാവുന്നതാണ്.

വിഭവം

വിഭവം എന്ന പദത്തിനു് അവതാരം എന്നാണർത്ഥം. സച്ചിന്മയനായ ഭഗവാൻ ധർമ്മസംസ്ഥാപനത്തിനും അധർമ്മപരിഹാരത്തിനും സാധുസംരക്ഷണത്തിനുംവേണ്ടി വിവിധരൂപത്തിൽ ഉള്ള മായാവിഗ്രഹമെടുക്കുന്നതിനു് അവതാരമെന്നു പറയുന്നു.

അർച്ചാവതാരം

അർച്ചയിലുള്ള അവതാരത്തിനു് അർച്ചാവതാരം എന്നു പറയാം. വൈഷ്ണവതന്ത്രമനുസരിച്ച് പവിത്രീകരിക്കപ്പെട്ട ശിലാദി ഭഗവദ്വിഗ്രഹങ്ങളാണ് അർച്ചകൾ. ഭക്തിപൂർവ്വം ഭക്തൻ വിധിയനുസരിച്ച പൂജിക്കുമ്പോൾ ആ പൂജ സ്വീകരിക്കുന്നതിനുവേണ്ടി അർച്ചകളിൽ—വിഗ്രഹങ്ങളിൽ – ഭഗവാൻ ആവിർഭവിക്കുമെന്നാണ് വൈഷ്ണവരുടെ വിശ്വാസം. അങ്ങനെ അർച്ചകൾവഴി ആവിർഭവിക്കുന്ന ഭഗവദ്രൂപമാണ് അർച്ചാവതാരം.

അന്തര്യാമി

എല്ലാ ജീവജാലങ്ങളുടേയും ഹൃദയത്തിലിരുന്നുകൊണ്ടു് അവയുടെ വ്യാപാരങ്ങളെ നിയന്ത്രിക്കുകയും അറിയുകയും ചെയ്യുന്ന ഭഗവദ്രൂപം അന്തര്യാമിയാണ്. ഇങ്ങനെ പരരൂപം, വ്യൂഹരൂപം, വിഭവരൂപം, അർച്ചാരൂപം, അന്തര്യാമിരൂപം എന്നിപ്രകാരം അഞ്ചു ഭാവത്തിൽ ഭഗവാൻ പ്രകടമാകുന്നതായി ഭാഗവതത്തിൽ വ്യക്തമായി വർണ്ണിച്ചിട്ടുണ്ടു്. എന്നാൽ പുരുഷാവതാരം, ഗുണാവതാരം, ലീലാവതാരം, മന്വന്തരാവതാരം, കല്പാവതാരം, യുഗാവതാരം എന്നിങ്ങനെയുള്ള അവതാരങ്ങളെക്കുറിച്ചും ഭാഗവതത്തിൽ പലസ്ഥലത്തും വർണ്ണിക്കപ്പെട്ടുകാണുന്നു. ആ വിഷയത്തെക്കുറിച്ചുകൂടി അല്പം ഇവിടെ പരാമർശിക്കാം.

പുരുഷാവതാരം

ആദ്യോ*f* വതാരഃ പുരുഷഃ പരസ്യ

എന്നാണ് ഭാഗവതത്തിൽ പറയുന്നതു്. ഭഗവാൻെറ ആദ്യത്തെ അവതാരമാണ് പുരുഷനെന്നു് ഇതുകൊണ്ടു സിദ്ധിക്കുന്നു. ഭഗവാൻെറ അചിന്ത്യശക്തിയാണല്ലോ മായ. അതു് സത്വം, രജസ്സ്, തമസ്സ് ഈ മൂന്നു ഗുണങ്ങൾ ചേർന്നതാണ്. ആ ഗുണങ്ങൾ മായയിൽ സാമ്യമായും വൈഷമ്യമായും പ്രകടമാകാറുണ്ടു്. ഗുണസാമ്യാവസ്ഥ കലർന്ന മായോപാധിയിൽ പ്രകാശിക്കുന്ന ഭഗവദ്സ്വരൂപമാണു പുരുഷൻ. പ്രകൃതിയേയും അതിൽനിന്നുണ്ടായ കാര്യങ്ങളേയും വീക്ഷിക്കുക, പ്രവർത്തിപ്പിക്കുക, നിയന്ത്രിക്കുക മുതലായ വ്യാപാരങ്ങൾ പുരുഷനുണ്ടു്. മായയോടു ചേർന്നിരിക്കയാണെങ്കിലും അതിൽ മയങ്ങാതെ എപ്പോഴും ചിത്സ്വരൂപത്തിൽത്തന്നെയാണ് പുരുഷൻ വിരാജിക്കുന്നതു്. ഭഗവാൻെറ അവതാരങ്ങൾ എല്ലാം ഉണ്ടാകുന്നതും ലയിക്കുന്നതും ഈ പുരുഷനിലാണ്.

ഏതന്നാനാവതാരാണാം നിധാനം ബീജമവ്യയം
യസ്യാംശാംശേന സൃജ്യന്തേ ദേവതിര്യങ്നരാദയഃ

എന്നു് ഭാഗവതം പ്രഥമസ്കന്ധം മൂന്നാം അദ്ധ്യായം നാലാം ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു് ഇതിനു തെളിവാണ്. അവതാരങ്ങൾ മാത്രമല്ല ദേവൻ, അസുരൻ, മനുഷ്യൻ തുടങ്ങി സർവ്വജന്തുക്കളും ആ പുരുഷൻെറ അംശാംശങ്ങളിൽനിന്നാണുണ്ടാകുന്നതെന്നുകൂടി ഈ ശ്ലോകത്തിൽ വ്യക്തമാക്കിയിട്ടുണ്ടു് ഋഗ്വേദത്തിലെ സുപ്രസിദ്ധമായ പുരുഷസൂക്തത്തിൽ പ്രതിപാദിച്ചിരിക്കുന്ന പുരുഷനും, ഭാഗവതത്തിൽ വർണ്ണിക്കപ്പെടുന്ന പുരുഷനും ഒന്നുതന്നെയാണ്. പുരുഷസ്വരൂപം വിവിധരീതിയിൽ പുരാണങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ടു്. വിരാഡ്രൂപവും വിശ്വരൂപവുമെല്ലാം പുരുഷൻെറ വിവിധഭാവങ്ങളാണെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഭാഗവതദൃഷ്ടിയിൽ പ്രപഞ്ചത്തിൻെറ ഉപാദാനകാരണം പുരുഷനാണെന്നു കാണാവുന്നതാണ്.

ഗുണാവതാരങ്ങൾ

ഗുണങ്ങളിൽ ഉള്ള അവതാരമാണ് ഗുണാവതാരങ്ങൾ. മായയുടെ രജോഗുണപ്രധാനമായ ഉപാധിയോടുകൂടിയ ബ്രഹ്മാവും സത്വഗുണപ്രധാനമായ ഉപാധിയോടുകൂടിയ വിഷ്ണുവും തമോഗുണപ്രധാനമായ ഉപാധിയോടുകൂടിയ രുദ്രനുമാണു ഗുണാവതാരങ്ങൾ. ജഗത്തിൻെറ സൃഷ്ടികർത്താവു് ബ്രഹ്മാവും, സ്ഥിതികർത്താവു് വിഷ്ണുവും, സംഹാരകർത്താവു് രുദ്രനുമാകുന്നു. ത്രിമൂർത്തികളെന്നുകൂടി ഇവക്കു പേരുണ്ടു്. പുരുഷനും ത്രിമൂർത്തികളും ഉപാധിഭേദത്താൽ ഭിന്നമായി തോന്നപ്പെട്ടാലും ഉപഹിതാംശത്തിൽ അവ നാലും ഭഗവത്സ്വരൂപംതന്നെയാണ്. ആ നിലയിൽ ഭഗവാൻതന്നെയാണ് ഈ ജഗത്തിൻെറ ഉപാദാനകാരണവും നിമിത്തകാരണവും എന്നു സിദ്ധിക്കുന്നു.

ലീലാവതാരങ്ങൾ

ഭഗവാൻെറ ഏതവതാരങ്ങളിലാണോ വിശ്രമരഹിതവും വിവിധവും വിചിത്രവും നിത്യനൂതനവും സ്വാതന്ത്ര്യവുമായ കാര്യങ്ങൾ പ്രകടമാകുന്നതു് അവ ലീലാവതാരങ്ങൾ എന്നു പറയപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലീലാവതാരം ആവേശം, അംശം, പൂർണ്ണം എന്ന മൂന്നുപ്രകാരത്തിലുണ്ട്. കല്പാവതാരവും യുഗാവതാരവും ഈ മൂന്നിൽ അടങ്ങുന്നതായി സൂക്ഷ്മനിരീക്ഷണത്തിൽ കാണാം. എന്നാലും അവ പ്രത്യേകം പ്രതിപാദിക്കപ്പെടുന്നുണ്ട്. ഒരു കാലഘട്ടംവരെ ഭഗവദാവേശംകൊണ്ട് അലോകസാധാരണമായ പ്രവൃത്തികൾ ചെയ്യുന്നവരെയാണ് പൗരാണികന്മാർ ആവേശാവതാരമെന്ന പറയുന്നത്. പരശുരാമൻ അങ്ങനെയുള്ളൊരു അവതാരമായിരുന്നു. ഭഗവാൻെറ ഷഡ്ഗുണങ്ങളിൽ ചിലതുമാത്രം പ്രകടിപ്പിക്കുന്ന അവതാരങ്ങളാണ്, അംശാവതാരങ്ങൾ. വാമനാവതാരവും നരസിംഹാവതാരവും മററും അതിൽപ്പെടും. ഭഗവാൻെറ ഷഡ്ഗുണങ്ങൾ സർവ്വദാ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന അവതാരമാണ് പൂർണ്ണം. അവതാരങ്ങളിൽ ശ്രീകൃഷ്ണനെ മാത്രമേ പൂർണ്ണാവതാരമായി ഭാഗവതം അംഗീകരിച്ചിട്ടുള്ളു.

മന്വന്തരാവതാരങ്ങൾ

ഈ അവതാരങ്ങൾ പതിന്നാലു മനുക്കളുടെ കാലത്തു നടന്നതുകൊണ്ടാണ് അവയ്ക്കു മന്വന്തരാവതാരങ്ങളെന്ന പേരു സിദ്ധിച്ചത്. ഒരു ബ്രഹ്മാവിൻെറ പകൽ പതിന്നാലു മനുക്കളുടെ കാലമാണ്. ഒരു മനുവിൻെറ കാലം 72 ചതുർയുഗമാകുന്നു. ഓരോ മനുവിന്റെ കാലത്തും അധർമ്മോച്ചാടനത്തിനും, ധർമ്മസംസ്ഥാപനത്തിനും വേണ്ടി ഭഗവാൻ അവതരിക്കാറുണ്ട്. ആ അവതാരങ്ങളെയാണു മന്വന്തരാവതാരങ്ങൾ എന്നു പുരാണങ്ങൾ വിശേഷിപ്പിക്കുന്നത്. യജ്ഞൻ, വിഭു, സത്യസേനൻ, ഹരി, വൈകുണ്ഠൻ, അജിതൻ, വാമനൻ, സാർവ്വഭൗമൻ, ഋഷഭൻ, വിഷ്വക്സേനൻ, ധർമ്മസേതു, സുധാമാവ്, യോഗേശ്വരൻ, ബൃഹദ്ഭാനു ഇങ്ങനെ പതിന്നാലാണ് മന്വന്തരാവതാരങ്ങൾ. യജ്ഞൻ സ്വായംഭുവമന്വന്തരത്തിലും, വിഭു സ്വാരോചിഷമന്വന്തരത്തിലും, സത്യസേനൻ ഔത്തരീയമന്വന്തരത്തിലും, ഹരി താമസീയമന്വന്തരത്തിലും, വൈകുണ്ഠൻ രൈവതീയമന്വന്തരത്തിലും, അജിതൻ ചാക്ഷുഷീയമന്വന്തരത്തിലും, വാമനൻ വൈവസ്വതമന്വന്തരത്തിലും, സാർവ്വഭൗമൻ സാവർണ്ണീയമന്വന്തരത്തിലും, ഋഷഭൻ ദക്ഷസാവർണ്ണീയമന്വന്തരത്തിലും, വിഷ്വക്സേനൻ ബ്രഹ്മസാവർണ്ണീയമന്വന്തരത്തിലും, ധർമ്മസേതു ധർമ്മസാവർണ്ണീയമന്വന്തരത്തിലും, സുധാമാവ് രുദ്രസാവർണ്ണീയമന്വന്തരത്തിലും, യോഗേശ്വരൻ ദേവസാവർണ്ണീയമന്വന്തരത്തിലും, ബൃഹദ്ഭാനു ഇന്ദ്രസാവർണ്ണീയമന്വന്തരത്തിലുമാണ് അവതരിച്ചത്.

കല്പാവതാരം

ഇത് ഇരുപത്തിയഞ്ചായി ഗണിക്കപ്പെടുന്നു.

1. ചതുസ്സനാവതാരം: സനൽകുമാരൻ, സനകൻ, സനന്ദനൻ, സനാതനൻ ഈ നാലുപേരുമാണ് ചതുസ്സനാവതാരം.

2. നാരദൻ: ബ്രഹ്മാവിൻെറ മാനസപുത്രനായി ലോകത്തിൽ ആവിർഭവിച്ചു. ഈ രണ്ടവതാരവും ബ്രഹ്മകല്പത്തിൽ ആവിർഭവിച്ചതാണ്. എല്ലാ കല്പത്തിലും സനൽകുമാരനും, സനകനും, സനന്ദനനും, സനാതനനും, നാരദനും ധർമ്മോപദേഷ്ടാക്കളായി ലോകത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കും.

3. വാരാഹാവതാരം:

ഇതു ബ്രാഹ്മകല്പത്തിലെ സ്വായംഭുവമന്വന്തരത്തിൽ ബ്രഹ്മാവിൻെറ നാസാരന്ധ്രത്തിൽനിന്ന് ആദ്യമായും അതേ കല്പത്തിൽത്തന്നെ ചാക്ഷുഷമന്വന്തരത്തിൽ ജലത്തിൽനിന്നു രണ്ടാമതായും ആവിർഭവിച്ചതായി വർണ്ണിക്കപ്പെടുന്നു

4. മത്സ്യം, 5. യജ്ഞൻ, 6. നരനാരായണന്മാർ, 7. കപിലൻ, 8 ദത്താത്രേയൻ, 9. ഹയഗ്രീവൻ, 10. ഹംസം, 11. ധ്രുവപ്രിയൻ (പൃശ്നിഗർഭൻ), 12. ഋഷഭൻ, 13. പൃഥു.

ഈ പതിമ്മൂന്ന് അവതാരങ്ങളും സ്വായംഭുവമന്വന്തരത്തിലാണുണ്ടായത്.

14. നൃസിംഹം, 15. കൂർമ്മം, 16. ധന്വന്തരി, 17. മോഹിനി, 18. വാമനൻ, 19. പരശുരാമൻ, 20. ശ്രീരാമചന്ദ്രൻ, 21. വ്യാസൻ, 22. ബലരാമൻ, 23. ശ്രീകൃഷ്ണൻ, 24. ബുദ്ധൻ, 25. കൽക്കി.

ഒടുവിൽ പറഞ്ഞ എട്ട് അവതാരങ്ങൾ വൈവസ്വതമന്വന്തരത്തിലുള്ളതാണ്.

യുഗാവതാരം

ഇതു നാലാണ്. സത്യയുഗത്തിൽ ശുക്ലവർണ്ണത്തിലും ത്രേതായുഗത്തിൽ രക്തവർണ്ണത്തിലും ദ്വാപരയുഗത്തിൽ ശ്യാമവർണ്ണത്തിലും കലിയുഗത്തിൽ കൃഷ്ണവർണ്ണത്തിലുമാണ് ഭഗവാൻ അവതരിക്കുന്നത്. വർണ്ണത്തെ വെച്ചുകൊണ്ടാണ് യുഗാവതാരമെന്നു കല്പിക്കപ്പെട്ടിട്ടുള്ളത്. യജ്ഞനും വാമനനും മന്വന്തരാവതാരത്തിലും കല്പാവതാരത്തിലും ഉൾപ്പെടുന്നുണ്ട്. അവതാരങ്ങളുടെ സംഖ്യ നിർണ്ണയിക്കാൻ പ്രയാസമാണ്. ഭാഗവതത്തിൽ നാലു സ്കന്ധങ്ങളിൽ ഭഗവാൻെറ അവതാരങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പേരിനും സംഖ്യയ്ക്കും കുറച്ചെല്ലാം വ്യത്യാസങ്ങളുമുണ്ട്.

അവതാരാഹ്യസംഖ്യേയാ
ഹരേഃ സത്വനിധേർദ്വിജാ!
യഥാ *f* വിദാസിനഃ കുല്യാഃ
സരസസ്സ്യുസ്സഹസ്രശഃ
ഋഷയോ മനവോ ദേവാ മനുപുത്രാ മഹൗജസഃ
കലാഃ സർവ്വേ ഹരേരേവ സപ്രജാപതയസ്തഥാ

എന്നു ഭാഗവതത്തിൽത്തന്നെ പറയുന്നുണ്ട്. ''തത്വനിധിയായ ഭഗവാൻ ശ്രീഹരിക്ക്, എണ്ണമില്ലാത്ത അവതാരമുണ്ട്. അഗാധമായ സരസ്സിൽനിന്ന് ആയിരക്കണക്കിനു തോടുകൾ പുറപ്പെടുന്നുണ്ട്. അതുപോലെയാണ് അവതാരങ്ങളുടെ കഥയും. ഋഷികളും, മനുക്കളും, മനുപുത്രന്മാരും, ദേവന്മാരും, പ്രജാപതികളും അതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോലെ മഹാശക്തന്മാരായ പുരുഷന്മാരുമെല്ലാം ഭഗവാൻെറ—കലകൾ—അംശാവതാരങ്ങളാണ് എന്നാണല്ലോ പ്രസ്തുത ശ്ലോകത്തിൻെറ സാരം. വീണ്ടും ഭാഗവതം ഉദ്ഘോഷിക്കുന്നതു്,

ഏതേ ചാംശകലാഃ പുംസഃ കൃഷ്ണസ്തു ഭഗവാൻ സ്വയം

എന്നാണ്. ഇവരെല്ലാം ഭഗവാൻെറ അംശാവതാരമാണ്. എന്നാൽ ശ്രീകൃഷ്ണനോ, സ്വയം ഭഗവാൻതന്നെയാകുന്നു എന്നാണല്ലോ ഈ വാക്യം വ്യക്തമാക്കുന്നതു്.

ദശാവതാരങ്ങൾ

ഭാഗവതാദിപുരാണങ്ങളിൽ ഭഗവാൻെറ നാനാതരത്തിലുള്ള അവതാരങ്ങൾ വർണ്ണിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ പത്തു് അവതാരങ്ങൾക്കാണ് ജനങ്ങളുടെയിടയിൽ പ്രചാരം സിദ്ധിച്ചിരിക്കുന്നതു്.

മത്സ്യഃ കൂർമ്മോ വരാഹശ്ച നരസിംഹോ/ഥ വാമനഃ
രാമോ രാമശ്ച കൃഷ്ണശ്ച ബുദ്ധഃ കല്ക്കിശ്ച തേ ദശഃ

എന്ന പത്മപുരാണത്തിൽ ദശാവതാരങ്ങളെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നു. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം വാമനൻ പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബുദ്ധൻ, കല്ക്കി ഇവരാണ് ആ പത്തവതാരങ്ങൾ. ഇവിടെ ദശാവതാരങ്ങളുടെ കൂട്ടത്തിൽ ബലഭദ്രരാമനു സ്ഥാനം നല്കിയിട്ടില്ല എന്നാൽ മററു പല പുരാണഗ്രന്ഥങ്ങളിലും ഭാഗവതത്തിലും ബലഭദ്രരാമനെ ദശാവതാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

വനജൗ വനജൗ ഖർവ്വഃ ത്രിരാമീ സകൃപോ/കൃപഃ
അവതാരാ ദശൈവൈതേ കൃഷ്ണസ്തു ഭഗവാൻ സ്വയം

എന്ന പ്രമാണവാക്യത്തിൽ ബലഭദ്രരാമനെ ദശാവതാരത്തിൽപ്പെടുത്തിയിരിക്കയാണു ചെയ്യുന്നതു്.

വനജൗ = വനത്തിൽ—ജലത്തിൽ—ഉണ്ടായ രണ്ടവതാരങ്ങൾ—മത്സ്യവും കൂർമ്മവും.

വനജൗ = വനത്തിൽ—കാട്ടിൽ—ഉണ്ടായ രണ്ടവതാരങ്ങൾ—വരാഹവും നരസിംഹവും.

ഖർവ്വഃ = വാമനൻ.

ത്രിരാമീ = മൂന്നു രാമന്മാർ—പരശുരാമനും ശ്രീരാമനും ബലഭദ്രരാമനും.

സകൃപഃ = കൃപാലുവായ—കൃപയുള്ളതായ അവതാരം—ബുദ്ധൻ.

അകൃപഃ = കൃപയില്ലാത്തതായ അവതാരം—കല്ക്കി.

കൃഷ്ണസ്തു ഭഗവാൻ സ്വയം = ശ്രീകൃഷ്ണനാകട്ടെ ഭഗവാൻതന്നെയാകുന്നു. ഇതിൽനിന്നു ബലരാമനുൾപ്പെടെ മത്സ്യാദി പത്തും അവതാരങ്ങളും ശ്രീകൃഷ്ണൻ അവതാരിയായ ഭഗവാനും ആണെന്നു് വ്യക്തമാകുന്നുണ്ടല്ലോ. ഹിന്ദുമതവിദേഷിയായി ഗണിക്കപ്പെടുന്ന ശ്രീബുദ്ധനെ ദശാവതാരത്തിൽ ഉൾപ്പെടുത്തുകയും ശ്രീകൃഷ്ണൻ സാക്ഷാൽ ഭഗവാൻതന്നെയാണെന്നു വിശ്വസിക്കുകയും ചെയ്തതു് എന്നുമുതലാണെന്നുള്ളതിനെപ്പററി പണ്ഡിതന്മാർ ഗവേഷണം നടത്തിയിട്ടുണ്ടു്. പന്ത്രണ്ടാം നൂററാണ്ടിൽ ജയദേവൻ 'ഗീതഗോവിന്ദ'ത്തിൻെറ പ്രഥമസർഗ്ഗത്തിലും ക്ഷേമേന്ദ്രൻ 'ദശാവതാരചരിത'മഹാകാവ്യത്തിലും ബുദ്ധനെക്കൂടി ഉൾപ്പെടുത്തുന്നു. ഏഴാം നൂററാണ്ടിൻെറയും എട്ടാം നൂററാണ്ടിൻെറയും ഇടയ്ക്കു് ജീവിച്ചിരുന്നെന്നു ഗണിക്കപ്പെടുന്ന ശ്രീ കുമാരിലഭട്ടാചാര്യൻ ജൈമിനിസൂത്രങ്ങൾക്കു രചിച്ച തന്ത്രവാർത്തികത്തിൽ എഴുതിയിരിക്കുന്നതു് ''ഹിന്ദുധർമ്മത്തെ നശിപ്പിച്ച ഗൗതമബുദ്ധൻ തുടങ്ങിയവരുടെ ചരിത്രം കലികാലപ്രസംഗത്തിൽ പുരാണങ്ങളിൽ വർണ്ണിക്കും. പക്ഷേ, അതു് ആരു കേൾക്കും?'' എന്നാണ്.

സ്മര്യന്തേ ച പുരാണേഷു ധർമ്മ വിപ്ലുതിഹേതവഃ
കലൗ ശാക്യാദയസ്തേഷാം കോ വാക്യം ശ്രോതുമർഹതി

എന്നത്രേ ആ തന്ത്രവാർത്തികപദ്യം. ദശാവതാരങ്ങളുടെ കല്പന എട്ടും ഒമ്പതും ശതാബ്ദങ്ങളുടെ മദ്ധ്യത്തിൽ ആയിരിക്കണമെന്നും, ബുദ്ധനെ ദശാവതാരങ്ങളിൽപ്പെടുത്തിയതു് ഒമ്പതാം ശതാബ്ദത്തിലായിരിക്കണമെന്നുംകൂടി ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. മററു ചിലരുടെ അഭിപ്രായം ബുദ്ധൻെറ കാലത്തുതന്നെ അദ്ദേഹത്തെ ഭഗവാനെന്നു സംബോധനചെയ്തിരുന്നു എന്നും ക്രിസ്തുവിനു മുമ്പു് രണ്ടാംശതകത്തിലെങ്കിലും അദ്ദേഹത്തെ അവതാരമായി പരിഗണിച്ചിരിക്കുമെന്നുമാണ്. ജ്ഞാനവൈരാഗ്യാദിഗുണങ്ങളും അമാനുഷസിദ്ധികളും ഉള്ള വ്യക്തികളെയാണ് പുരാണങ്ങൾ അവതാരമായി കല്പിച്ചിരിക്കുന്നതു്. ഹിന്ദുമതപുരാണങ്ങളിൽ ബുദ്ധൻെറ അത്ഭുതസിദ്ധികളേയും അമാനുഷപ്രഭാവത്തേയും അധികം വർണ്ണിച്ചുകാണുന്നില്ല. എന്നാൽ ബുദ്ധമതാനുയായികൾ എഴുതിയ ഗ്രന്ഥങ്ങളിൽ ബുദ്ധനെ സർവ്വജ്ഞനായും ഷഡ്ഗുണസമ്പന്നനായും വർണ്ണിച്ചിട്ടുണ്ടു്. വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള ഹിംസാമയമായ കർമ്മകാണ്ഡത്തെ ഖണ്ഡിച്ചു്, അഹിംസാമയവും സദാചാരപരവും ആയ യോഗമാർഗ്ഗത്തെ സാമാന്യജനങ്ങളിൽ പ്രചരിപ്പിച്ചു് ഒരു നവീനപ്രസ്ഥാനം ഉദ്ഘാടനംചെയ്ത ഭഗവാൻ ബുദ്ധനെ പില്ക്കാലത്തു് ഹിന്ദുക്കളും ഭഗവാൻെറ അവതാരമായി അംഗീകരിച്ചതു മഹത്തായ ഒരു സംഭവമായി നിരൂപകന്മാർ രേഖപ്പെടുത്തിക്കാണുന്നു. ഇന്നു കുറെയാളുകൾക്കു് പ്രിയങ്കരനായിത്തോന്നുന്ന ഭക്തനേയോ ജ്ഞാനിയേയോ അവതാരമായി പരിഗണിച്ചു് പൂജിക്കുവാൻ സാമാന്യജനങ്ങൾക്കെല്ലാം താത്പര്യമുണ്ടു്. അതുകൊണ്ടു് ഭാരതത്തിൽ ജനസംഖ്യയെന്നപോലെ അവതാരങ്ങളുടെ സംഖ്യയും വർദ്ധിച്ചുവരുന്ന കാലമാണിതു്. പക്ഷേ, അവതാരവാദികളിൽ അധികംപേർക്കും അവതാരം എന്താണെന്നുപോലും അറിയാൻ പാടില്ലെന്നുള്ളതാണു വസ്തുത. ഒരു ദൃഷ്ടിയിൽ ജീവന്മാരെല്ലാം ഈശ്വരൻെറ അവതാരങ്ങളാണെന്നു പറയാം. കാരണം ഈശ്വരൻതന്നെയാണല്ലോ ദേഹാഭിമാനിയായ ജീവനായി കളിയാടുന്നതു്. ഈ സിദ്ധാന്തം ഓർക്കുമ്പോൾ നവീനാവതാരവാദികളോടു് ഒന്നും പറയാതെയിരിക്കുകയാണു നല്ലതെന്നു തോന്നുന്നു. എന്നാലും ജിജ്ഞാസുക്കളെ ഉദ്ദേശിച്ചു് പുരാണഗ്രന്ഥങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ള അവതാരസിദ്ധാന്തം വിവരിക്കാതിരിക്കുന്നതും ശരിയല്ലല്ലോ. അതുകൊണ്ടു് അവതാരസിദ്ധാന്തത്തെക്കുറിച്ചു് ഇവിടെ അല്പം ചിന്തിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവതാരവാദം 'ഹ്യ' എന്ന ധാതുവിനോട് 'ഘഞ്' എന്ന പ്രത്യയം ചേർന്നുണ്ടായ
'അവ' എന്ന ഉപസർഗ്ഗം മുമ്പിലുള്ള 'തൄ' എന്ന ധാതുവിനോട് ക്രിയയെന്നും ആ ക്രിയയ്ക്കാശ്രയമായ കർത്താ
ശബ്ദമാണ് അവതാരം. ഉപരിഭാഗത്തുനിന്നു താഴോട്ടിറങ്ങുന്ന ക്രിയയെന്നും ആ ക്രിയയ്ക്കാശ്രയമായ കർത്താ വെന്നും അവതാരശബ്ദത്തിന് അർത്ഥം പറയാം. പ്രകൃതത്തിൽ മഹോന്നതനായ ഭഗവാനോ മററു ദേവന്മാ
രോ ദിവ്യലോകങ്ങളിൽനിന്നു താഴെയുള്ള ലോകങ്ങളിലേക്ക് ഇറങ്ങിവരിക, മാനുഷികമോ അമാനുഷിക
മോ ആയ രൂപംധരിക്കുക എന്നാണ് അവതാരപദത്തിന്റെ മുഖ്യമായ അർത്ഥം. ഭഗവാൻ തന്റെ രൂപം ഉപേ
ക്ഷിച്ച് നവീനമായ ഒരു രൂപം സ്വീകരിക്കുക, പുതിയ ജന്മമെടുത്ത് ആ രൂപത്തിൽ മാതൃഗർഭംവഴി ലോക
ത്തിൽ വന്ന് സ്വന്തം കർത്തവ്യം നിർവ്വഹിക്കുന്നതുവരെ നിലനിൽക്കുക ഇങ്ങനെ രണ്ടുവിധത്തിലുള്ള അവതാ
രങ്ങൾ പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ആദ്യത്തേതിന് നരസിംഹാവതാരവും രണ്ടാമത്തേതിന്
ശ്രീരാമാവതാരവും ഉദാഹരണങ്ങളാണ്.
ഭഗവാന്റെ അവതാരങ്ങളെക്കുറിച്ച് നാനാതരത്തിലുള്ള അഭിപ്രായങ്ങൾ പുരാണങ്ങളിൽ പ്രകടിപ്പി
ക്കപ്പെട്ടിട്ടുണ്ട്. അവയിലോരോന്നും ചുരുക്കമായി അടിയിൽ വിവരിക്കുന്നു:

1. ഭഗവാൻ തന്റെ ദിവ്യവിഗ്രഹം നിശ്ശേഷം ഉപേക്ഷിച്ച് നവീനജന്മം സ്വീകരിക്കുന്നു എന്നതാണ് ഒന്നാമത്തെ അഭിപ്രായം. സാധാരണജനങ്ങൾ ഇങ്ങനെയാണല്ലോ വിശ്വസിക്കുന്നതും.

ത്യക്ത്വാ ദിവ്യാം തനും വിഷ്ണുർ മാനുഷേഷ്വിഹ ജായതേ
യുഗേ ത്വഥ പരാവൃത്തേ കാലേ പ്രശിഥിലേ പ്രഭുഃ

എന്ന് മത്സ്യപുരാണത്തിൽ പറയുന്നു. ഇത് ഒന്നാമത്തെ അഭിപ്രായത്തെ സ്ഥാപിക്കുകയാണു ചെയ്യുന്നത്.

2. ഭഗവാൻ തന്റെ ഒരംശംകൊണ്ട് (അതു പകുതിയോ, കാലോ, അരയ്ക്കാലോ ആകാം.) ഈ ഭൂമി യിൽ അവതരിക്കുന്നു. അപ്പോൾ അവതരിക്കാത്ത ഭാഗം മൂലസ്ഥാനത്തുതന്നെ ഇരിക്കുന്നുണ്ട്. ഇതാണ് രണ്ടാമത്തെ അഭിപ്രായം. ഈ അഭിപ്രായത്തിൽ അവതരിക്കപ്പെട്ട അംശവും, അവതരിക്കാത്ത അംശവും ഒരേകാലത്ത് വിഭിന്ന ധാർമ്മികപ്രവൃത്തികളിൽ ഏർപ്പെടുന്നതായും പുരാണങ്ങളിൽ വർണ്ണനയുണ്ട്. ശ്രീകൃഷ്ണാ വതാരകാലത്ത് വിഷ്ണു സ്വർഗ്ഗത്തിൽ ഭൂമിദേവിയോടു സല്ലപിക്കുന്നതായി മഹാഭാരതത്തിൽ കാണുന്നു. ഇതി ന്റെ ചുരുക്കം രണ്ടംശങ്ങളും ഒരേകാലത്ത് വിഭിന്നകർമ്മങ്ങൾ ചെയ്യുന്നു എന്നാണല്ലോ.

യദാ യദാ ഹ്യധർമ്മസ്യ വൃദ്ധിർ ഭവതി ഭോ ദ്വിജാഃ
ധർമ്മശ്ച ഹ്രാസമഭ്യേതി തദാ ദേവോ ജനാർദ്ദനഃ
അവതാരം കരോത്യത്ര ദ്വിധാകൃത്വാത്മനസ്തനും
സർവ്വദൈവ ജഗത്യർത്ഥേ സ സർവ്വാത്മാ ജഗന്മയഃ
സ്വല്പാംശേനാവതീര്യോർവ്യാം ധർമ്മസ്യ കുരുതേ സ്ഥിതിം

എന്നുള്ള ബ്രഹ്മപുരാണവചനം രണ്ടാമത്തെ പക്ഷത്തെയാണു സ്ഥാപിക്കുന്നത്.

3. ഭഗവാൻ വിഷ്ണു തന്റെ ദിവ്യവിഗ്രഹത്തെ രണ്ടായി ഭാഗിച്ചിട്ട്, അവയിൽ ഒരു ഭാഗംകൊണ്ട് ദേവലോകത്തിരുന്നു കഠിനമായ തപസ്സുചെയ്യുകയും, മറേറ ഭാഗംകൊണ്ട് യോഗനിദ്രയെ ആശ്രയിച്ചു പ്രജക ളുടെ സൃഷ്ടിസ്ഥിതിയെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നു. ആയിരം യുഗങ്ങൾവരെ പാലാഴിയിൽ ഇങ്ങനെ യോഗനിദ്രയിൽ മുഴുകിയിരിക്കും. അതിനുശേഷം യോഗനിദ്രയിൽനിന്നെഴുനേററ് ധർമ്മകാര്യങ്ങൾക്കനുകൂല മായ വിധത്തിൽ ലോകത്തിൽ ആവിർഭവിക്കുന്നു എന്നാണ് മൂന്നാമത്തെ അഭിപ്രായം.

തസ്യൈകാ ഹി, മഹാരാജ, മൂർത്തിർഭവതി സത്തമ,
നിത്യം ദിവിഷ്ഠാ,യാ രാജൻ തപശ്ചരതി ദുശ്ചരം
ദ്വിതീയാ ചാസ്യ ശയനേ നിദ്രായോഗമുപായയൗ
പ്രജാസംഹാരസംഗാർത്ഥം കിമധ്യാത്മവിചിന്തകം
സുപ്ത്വാ യുഗസഹസ്രം സ പ്രാദുർഭവതി കാര്യതഃ
പൂർണ്ണേയുഗസഹസ്രേ തു ദേവദേവോ ജഗത്പതിഃ

എന്ന് ഹരിവംശത്തിൽ മൂന്നാമത്തെ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു.

4. ഭഗവാൻ ലോകത്തിലെല്ലാം വ്യാപിച്ചിരിക്കുകയാണ്. എങ്കിലും, തന്റെ സ്വരൂപത്തെ അവിടു ന്നു നാലായി വിഭജിച്ചിരിക്കുന്നു. അവയിൽ ഒരംശം നിർഗ്ഗുണവും ബാക്കി മൂന്നംശങ്ങൾ സഗുണങ്ങളുമാണ്. നിർഗ്ഗുണാംശത്തിന്റെ പേര് വാസുദേവനെന്നാകുന്നു. ബാക്കി മൂന്നംശങ്ങൾക്ക് യഥാക്രമം സംകർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നാണു നാമം. ഈ നാലംശങ്ങളിൽ മൂന്നാമത്തെ അംശമായ പ്രദ്യുമ്നൻ അധർമ്മത്തെ നശിപ്പിച്ച്, ധർമ്മത്തെ സംരക്ഷിക്കുവാൻവേണ്ടി യഥാസമയം അവതരിക്കുന്നു എന്നാണ് നാലാമത്തെ അഭിപ്രായം.

സ ദേവോ ഭഗവാൻ സർവ്വം വ്യാപ്യ നാരായണോ വിഭുഃ
ചതുർധാ സംസ്ഥിതോ ബ്രഹ്മാ സഗുണോ നിർഗ്ഗുണസ്തഥാ
....
യാ തൃതീയാ ഹരേർ മൂർത്തിഃ പ്രജാപാലനതത്പരാ
സാധുധർമ്മവ്യവസ്ഥാനം കരോതി നിയതം ഭുവി
യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിസ്സമുപജായതേ
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജത്യസൗ
ഇതി സാ സാത്വകീമൂർത്തിരവതാരം കരോതി ച
പ്രദ്യുമ്നേതി സമാഖ്യാതാ രക്ഷാകർമ്മണ്യവസ്ഥിതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നുള്ള ബ്രഹ്മപുരാണവാക്യങ്ങൾ നാലാമത്തെ അഭിപ്രായത്തെയാണു സ്വീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാമത്തെ അഭിപ്രായം ഭഗവാൻ തന്റെ യഥാർത്ഥസ്വരൂപം ഉപേക്ഷിച്ചു പുതിയ ജന്മം സ്വീകരിക്കുന്നുവെന്നും ബാക്കി മൂന്നഭിപ്രായങ്ങളും ഭഗവാന്റെ അംശം മാത്രം ലോകത്തിൽ അവതാരരൂപത്തിൽ പ്രകടമാകുന്നു എന്നുമാണല്ലോ. ആദ്യത്തെ പക്ഷത്തേക്കാൾ മററു മൂന്നു പക്ഷങ്ങൾക്കുമാണു ഭക്തന്മാരുടെയിടയിൽ പ്രതിഷ്ഠ സിദ്ധിച്ചിട്ടുള്ളത്. ഭാഗവതത്തിലും അംശാവതാരത്തെക്കുറിച്ചു വർണ്ണിച്ചിട്ടുണ്ട്.

അഥാഹം അംശഭാഗേന ദേവക്യാഃ പുത്രതാം ശുഭേ
പ്രാപ്സ്യാമി ത്വം യശോദായാം നന്ദപത്ന്യാം ഭവിഷ്യസി

എന്ന് ഭാഗവതം ദശമസ്കന്ധം രണ്ടാമദ്ധ്യായം ഒമ്പതാംശ്ലോകത്തിൽ ഭഗവാൻ യോഗമായയോടു പറയുന്നതായി വർണ്ണിച്ചിരിക്കുന്നു. 'അല്ലയോ കല്യാണീ, ഞാൻ ഇപ്പോൾ അംശംകൊണ്ട് ദേവകിയുടെ പുത്രനായി ജനിക്കുന്നുണ്ട്. നീയും നന്ദഗോപരുടെ ഭാര്യയായ യശോദയിൽ ജനിക്കണം' എന്നാണല്ലോ ഇതിൽ പറയുന്നത്. ഇതുപോലെ അതേ സ്കന്ധം അതേ അദ്ധ്യായം 16-ാംശ്ലോകത്തിൽ കൃഷ്ണാവതാരത്തിന്റെ പശ്ചാത്തലം സൂചിപ്പിക്കുന്ന ഭാഗത്ത് പ്രതിപാദിക്കുന്നത്, ഭക്തന്മാർക്ക് അഭയങ്കരനായ ഭഗവാൻ വിശ്വാത്മകനാണെങ്കിലും വസുദേവരുടെ മനസ്സിൽ അംശഭാഗംകൊണ്ട് ആവേശിച്ചു എന്നാണ്. പക്ഷേ, വ്യാഖ്യാതാക്കളിൽ പലരും 'ആവിവേശാംശഭാഗേന' എന്നതിന് അംശഭാഗങ്ങളോട്—ഐശ്വര്യം, വീര്യം തുടങ്ങിയ ഗുണങ്ങളോടുകൂടി ആവേശിച്ചു എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, 'ഏതേ ചാംശകലാഃ പുംസഃ കൃഷ്ണസ്തു ഭഗവാൻ സ്വയം' എന്ന ഭാഗവതവചനത്തിൽ ശ്രീകൃഷ്ണൻ ഭഗവാൻതന്നെയാണെന്നും ബാക്കി അവതാരങ്ങളെല്ലാം ആ ഭഗവാന്റെ അംശങ്ങളാണെന്നും സിദ്ധാന്തിച്ചിരിക്കുന്നു. അംശാവതാരം അംഗീകരിക്കുമ്പോൾ ഭഗവാൻ അംശിയും അവതാരങ്ങൾ അംശങ്ങളുമാണെന്നു സമ്മതിക്കേണ്ടിവരും. അപ്പോൾ ഭഗവാൻ സഗുണനും സാകാരനും സാവയവനുമാണെന്നുകൂടി സമ്മതിക്കണം. 'യത്തദ് സാവയവം തത്തദ് കാര്യം അനിത്യം ച' എന്ന ന്യായമനുസരിച്ച് അവയവമുള്ള വസ്തു ഒരിക്കൽ ഉണ്ടായ കാര്യമാണെന്നും അതിനാൽ അതു നശിച്ചുപോകുമെന്നുംകൂടി സമ്മതിക്കേണ്ടിവരും. അതു വേദാന്തത്തിനു യോജിച്ച സിദ്ധാന്തമല്ല. നിഗമകല്പതരുവിന്റെ രസപൂർണ്ണമായ ഫലമായിട്ടാണല്ലോ ഭാഗവതം വർണ്ണിക്കപ്പെട്ടിട്ടുള്ളത്. അതിൽ വേദാന്തസിദ്ധാന്തത്തിനു വിരുദ്ധമായ ഭാഗം സിദ്ധാന്തപക്ഷമായി സ്വീകരിക്കുന്നതു ശരിയല്ല. അതുകൊണ്ട് അവതാരത്തെക്കുറിച്ചുള്ള ഭാഗവതപുരാണത്തിന്റെ മുഖ്യസിദ്ധാന്തം നിർഗ്ഗുണനും നിരാകാരനും പൂർണ്ണനുമായ ഭഗവാൻ സ്വമായാശക്തിയാൽ ദേഹമെടുത്തു ലോകത്തിൽ ജനിക്കുന്നതുപോലെ പ്രതിഭാസിക്കുന്നു എന്നുവേണം ഗ്രഹിക്കുവാൻ. ഭാഗവതം ദശമസ്കന്ധം 15-ാം അദ്ധ്യായം 55-ാം ശ്ലോകത്തിൽ പരീക്ഷിത്തുമഹാരാജാവിനോടു ശ്രീശുകൻ പറയുന്നത്, 'ജഗദ്ധിതായ സോപ്യത്ര ദേഹീവാഭാതി മായയാ' എന്നാണ്. ജനങ്ങളുടെ നന്മയ്ക്കുവേണ്ടി നിർഗ്ഗുണനും നിരാകാരനുമാണെങ്കിലും ആ ഭഗവാൻ ദേഹമുള്ളവനെപ്പോലെ വിളങ്ങുന്നു എന്ന ആശയമാണല്ലോ ശ്രീശുകൻ ഈ ശ്ലോകംവഴി പരീക്ഷിത്തിനു വെളിപ്പെടുത്തിക്കൊടുത്തത്. ഈ ആശയം ഭാഗവതത്തിൽ പല സ്ഥലത്തും പ്രകാശിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അവതാരവിഷയത്തിൽ ഭാഗവതത്തിന്റെ സിദ്ധാന്തപക്ഷം നിർഗ്ഗുണനായ ഭഗവാൻ ഒരു വികാരവുമില്ലാതെതന്നെ മായാശക്തിയാൽ സഗുണരൂപത്തിൽ പ്രകടമാകുന്നു എന്നാണ്.

അവതാരസിദ്ധാന്തം വൈദികമോ?

'പൂർണ്ണനായ ഭഗവാൻ ലോകത്തിൽ അവതരിക്കുമെങ്കിൽ പൂർണ്ണത്വം നശിക്കുകയും അതോടുകൂടി ആ ഭഗവാൻ പ്രപഞ്ചംപോലെ പരിച്ഛിന്നനും നശ്വരനുമായിത്തീരുകയും ചെയ്യും. ഇതുകൊണ്ട് അവതാരവാദം ശ്രുതിക്കും യുക്തിക്കും യോജിച്ചതല്ലെന്നു കാണാം. അവൈദികമായ ഈ അവതാരസിദ്ധാന്തം ഹിന്ദുക്കൾ ഒരിക്കലും അംഗീകരിക്കാനും പാടില്ല,' എന്ന് ഹിന്ദുമതപരിഷ്കർത്താക്കളെന്നു സ്വയമഭിമാനിക്കുന്ന ചില നവീനപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഈ വാദം ശരിയാണെന്ന് ഇന്നത്തെ യുക്തിവാദികളും സമ്മതിച്ചേക്കാം. പക്ഷേ, അവതാരരഹസ്യം ശാസ്ത്രങ്ങളിൽനിന്നും മഹാത്മാക്കളിൽനിന്നും മനസ്സിലാക്കിയാൽ ഈ പൂർവ്വപക്ഷം ശ്രുതിക്കും യുക്തിക്കും അനുഭവത്തിനും യോജിക്കുന്നില്ലെന്നു തെളിയും.

അവതാരസിദ്ധാന്തത്തെ വേദവും അംഗീകരിക്കുന്നുണ്ട്. അതിനാലതു് വൈദികമായ ഒരാശയത്തെയാണു പ്രകാശിപ്പിക്കുന്നതെന്നു വ്യക്തമാകും. 'അജായമാനോ ബഹുധാ വിജായതേ' എന്നു ശുക്ലയജുർവ്വേദത്തിൽ ഒരു മന്ത്രമുണ്ട്. ജന്മമില്ലാത്ത പരമാത്മാവും പല രൂപത്തിൽ ജനിക്കുന്നുവെന്നാണിതിനർത്ഥം. പരമാത്മാവായ ഭഗവാൻ നിർഗ്ഗുണനും നിരാകാരനും നിത്യനും നിരവയവനും സർവ്വാന്തര്യാമിയുമാണ്. അവിടുത്തേക്ക് ജന്മമേയില്ല. ആ നിലയിൽ ആ ഭഗവാൻ രാമകൃഷ്ണാദിവിവിധരൂപം കൈക്കൊണ്ട് എങ്ങനെ ജനിച്ചു? ആ ജനനം പരമാർത്ഥമാണോ? ആണെങ്കിൽ പ്രസ്തുത മന്ത്രത്തിലെ 'അജായമാനൻ' എന്ന പദം നിഷ്പ്രയോജനമായിത്തീരും. ശ്രുതിയിലുള്ള പദം പ്രയോജനരഹിതമായി വരാൻ പാടില്ല. അതുകൊണ്ടു ജനിക്കാത്ത ഭഗവാൻ ജനിച്ചു എന്നു പറയുന്നതിന്റെ അർത്ഥം മായാശക്തിനിമിത്തം ജനിച്ചതുപോലെ തോന്നി എന്നാണ്. 'ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ' എന്നുള്ള ഋഗ്വേദമന്ത്രം ഇന്ദ്രൻ—പരമേശ്വരൻ—മായകൾകൊണ്ടു പലരൂപം എടുക്കുന്നുവെന്നു സ്പഷ്ടമായിപ്പറഞ്ഞിരിക്കുന്നു. ശ്രീമദ്ഭഗവദ്ഗീത നാലാം അദ്ധ്യായം ആറാം ശ്ലോകത്തിൽ ഭഗവാൻ പറയുന്നത്, ''ഞാൻ ജനിക്കാത്തവനും നശിക്കാത്തവനും സർവ്വജീവജാലങ്ങളുടേയും അധീശനുമാണെങ്കിൽപ്പോലും എന്റെ മായകൊണ്ടു ത്രിഗുണാത്മികയായ പ്രകൃതിയെ വശീകരിച്ച് അവതരിക്കുന്നു'' എന്നാണ്. ഋഗ്വേദത്തിൽ സൂചിപ്പിച്ച ആശയംതന്നെയാണ് ഭഗവാൻ ഗീതയിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ഈ വിവരണംകൊണ്ട് അവതാരവാദം ഋഗ്വേദത്തിൽത്തന്നെ ബീജരൂപത്തിലുണ്ടെന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ. വേദത്തിന്റെ സംഹിതാഭാഗങ്ങളേക്കാൾ കൂടുതലായി ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും അവതാരങ്ങളെക്കുറിച്ചു വിവരിക്കുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മത്സ്യാവതാരത്തെക്കുറിച്ച് ശതപഥബ്രാഹ്മണത്തിലും, കൂർമ്മാവതാരത്തെക്കുറിച്ച് തൈത്തരീയാരണ്യകത്തിലും, വരാഹാവതാരത്തെക്കുറിച്ച് തൈത്തരീയസംഹിത, തൈത്തരീയബ്രാഹ്മണം, ശതപഥബ്രാഹ്മണം, ഇവയിലും വിവരണമുണ്ട്. നൃസിംഹാവതാരം തൈത്തരീയാരണ്യകത്തിൽ, നൃസിംഹഗായത്രീമന്ത്രംവഴി വർണ്ണിക്കുന്നതു കാണാം. ഋഗ്വേദത്തിലുള്ള അനേകം വിഷ്ണുസൂക്തങ്ങളിലും ശതപഥബ്രാഹ്മണത്തിലും വാമനാവതാരത്തെ സൂചിപ്പിക്കുന്നുണ്ട്. ശ്രീരാമാവതാരത്തെക്കുറിച്ച് വൈദികസാഹിത്യത്തിൽ സ്പഷ്ടമായി ഒന്നും പ്രതിപാദിച്ചിട്ടില്ല. എന്നാൽ 'ഇക്ഷ്വാക'ശബ്ദം ഋഗ്വേദത്തിലും അഥർവ്വവേദത്തിലും ഓരോ തവണ വന്നിട്ടുണ്ട്. ധാർമ്മികരാജാക്കന്മാരുടെ കൂട്ടത്തിൽ ദശരഥനേയും ഋഗ്വേദത്തിൽ പ്രശംസിക്കുന്നു. രാമനെന്ന പേരിൽ അനേകമാളുകളുടെ സൂചന വൈദികസാഹിത്യത്തിൽ കാണുന്നു. അവരിൽ ബ്രാഹ്മണരും ക്ഷത്രിയരുമുണ്ട്. വിദേഹരാജാവായ ജനകന്റെ പരിചയം തൈത്തരീയബ്രാഹ്മണത്തിൽനിന്നും ശതപഥബ്രാഹ്മണത്തിൽനിന്നും ലഭിക്കും. 'സീതാ'ശബ്ദം വേദങ്ങളിൽ പല സ്ഥലത്തും പ്രയോഗിച്ചിട്ടുണ്ട്. ഇതുകൊണ്ടെല്ലാം വേദപണ്ഡിതന്മാർ നിരൂപണംചെയ്തു തീരുമാനിച്ചിരിക്കുന്നത് വൈദികസാഹിത്യത്തിൽ രാമാവതാരകഥനം ഉണ്ടെന്നാണ്. എന്നാൽ കൃഷ്ണാവതാരത്തെക്കുറിച്ച് സംഹിതകളിലോ ബ്രാഹ്മണങ്ങളിലോ ആരണ്യകങ്ങളിലോ സൂചനയൊന്നുമില്ലെന്നാണ് പണ്ഡിതമതം. ഘോരാംഗിരസ്സിന്റെ ശിഷ്യനായി ദേവകീപുത്രനായ ഒരു കൃഷ്ണനെ ഛാന്ദോഗ്യോപനിഷത്ത് അവതരിപ്പിക്കുന്നുണ്ട്. ആ കൃഷ്ണൻതന്നെയാണ് ഭാഗവതാദി പുരാണങ്ങളിൽ ഭഗവാന്റെ പൂർണ്ണാവതാരമായും സാക്ഷാദ് ഭഗവദ്സ്വരൂപമായും മററും പ്രകീർത്തിക്കപ്പെടുന്ന ശ്രീകൃഷ്ണനെന്ന് തീരുമാനിക്കാം. ഇത്രയുംകൊണ്ട് അവതാരവാദം ശ്രുതിസമ്മതമായ ഒന്നാണെന്ന് തെളിഞ്ഞുകാണുമല്ലോ. വേദാനുഗൃഹീതമായ അവതാരസിദ്ധാന്തം, പൂർണ്ണനും നിർഗ്ഗുണനും നിരാകാരനുമായ ഭഗവാൻ സ്വമായാശക്തികൊണ്ട് അപൂർണ്ണനെപ്പോലെയും സഗുണനെപ്പോലെയും സാകാരനെപ്പോലെയും ലോകർക്കു തോന്നുമെങ്കിലും, അവിടത്തെ വാസ്തവസ്വരൂപത്തിന് അതുകൊണ്ട് ഒരു ഹാനിയും സംഭവിക്കുന്നില്ലെന്നാണ്. എന്നാൽ വൈഷ്ണവതന്ത്രമനുസരിച്ച് സഗുണനായ ഭഗവാനാണ് വിവിധതരത്തിലുള്ള അവതാരലീല കൈക്കൊള്ളുന്നത്. ആ തന്ത്രാഭിപ്രായവും ഭാഗവതത്തിൽ വിസ്തരിച്ചിട്ടുണ്ട്. പക്ഷേ, ഭഗവാന്റെ സഗുണരൂപം മായികമാണെന്നാണ് ഭാഗവതത്തിൽ സമർത്ഥിച്ചിരിക്കുന്നത്. എന്നാൽ വൈഷ്ണവതന്ത്രത്തിൽ ഭഗവാന്റെ സഗുണരൂപം നിത്യവും ചിന്മയവും ശുദ്ധസത്വമയവുമാണെന്ന നിർണ്ണയിച്ചിരിക്കുകയാണ്. ഭഗവാൻ ദിവ്യവിഗ്രഹമെടുക്കുന്നതു് ഭക്തജനങ്ങൾ അതിൽ മനസ്സുറപ്പിച്ച് ക്രമേണ ഭഗവാന്റെ യഥാർത്ഥഭാവത്തെ സാക്ഷാത്കരിക്കുന്നതിനുവേണ്ടിയാണെന്ന് ഭാഗവതത്തിൽ പല സ്ഥലത്തും പ്രതിപാദിച്ചിട്ടുണ്ട്.

അനുഗ്രഹായ ഭക്താനാം മാനുഷം ദേഹമാസ്ഥിതഃ
ഭജതേ താദൃശീഃ ക്രീഡാഃ യാഃ ശ്രുത്വാ തത്പരോ ഭവേത്

എന്ന് ഭാഗവതം ദശമസ്കന്ധം 33-ാം അദ്ധ്യായം 37-ാംശ്ലോകത്തിൽ ഈ വസ്തുതതന്നെ പ്രതിപാദിക്കുന്നു. 'ഏതു ലീലകൾ കേട്ടാലാണോ ഭക്തന്മാർ ഭഗവദ്ഭാവത്തിൽ തല്പരന്മാരായിത്തീരുന്നതു്, അങ്ങനെയുള്ള ലീലകൾ നടത്തി ഭക്തന്മാരെ അനുഗ്രഹിക്കുന്നതിനുവേണ്ടിയാണ് ഭഗവാൻ മനുഷ്യശരീരം എടുക്കുന്നതെ'ന്ന് ഇതിൽനിന്നു മനസ്സിലാക്കാം. അതുകൊണ്ട് മായികമായ ഭഗവദവതാരവിഗ്രഹം സത്യമല്ലെങ്കിലും ലോകാനുഗ്രഹപ്രദമാണെന്നു കാണാമല്ലോ.

അവതാരത്തിന്റെ ഉദ്ദേശ്യം

പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പ്രധാന വിഷയങ്ങളിലൊന്നാണ് അവതാരതത്ത്വം. ലോകത്തിൽ അധർമ്മം വർദ്ധിക്കയും ധർമ്മം ക്ഷയിക്കയും ചെയ്യുമ്പോഴെല്ലാം ഭഗവാൻ അവതരിക്കാറുണ്ട്. സജ്ജനങ്ങളെ പരിപാലിക്കുക, ദുർജ്ജനങ്ങളെ നശിപ്പിക്കുക, ധർമ്മത്തെ സംസ്ഥാപിക്കുക ഈ മൂന്നു കാര്യങ്ങൾ നിർവ്വഹിക്കുകയാണു ഭഗവദവതാരത്തിന്റെ ഉദ്ദേശ്യമെന്ന് ശ്രീമദ് ഭഗവദ്ഗീത നാലാം അദ്ധ്യായം എട്ടാം ശ്ലോകത്തിൽ പ്രതിപാദിക്കുന്നു. ഈ മൂന്നിൽ പ്രാധാന്യമർഹിക്കുന്ന കാര്യം ധർമ്മസംസ്ഥാപനമാണ്. ലോകത്തെ യഥാർഹം നിയന്ത്രിച്ചു നിലനിർത്തുന്ന തത്വമാണ് ധർമ്മം. ഭഗവാന്റെ ശക്തികൊണ്ടാണ് ധർമ്മം നിലനില്ക്കുന്നതും പുഷ്ടിപ്പെടുന്നതും. വ്യക്തികളുടേയും സമൂഹത്തിന്റേയും അഭ്യുദയത്തിനും നിഃശ്രേയസത്തിനുംവേണ്ടി വേദത്തിൽ വിധിച്ചിട്ടുള്ള കർമ്മങ്ങളും ആചാരവിചാരങ്ങളും ജ്ഞാനവിജ്ഞാനങ്ങളും ജനങ്ങളുടെ ജീവിതത്തിൽ കൊണ്ടുവരിക എന്നതാണു ധർമ്മസംസ്ഥാപനം. അതിന്റെ മുഖ്യമായ പ്രയോജനം സംസാരദുഃഖത്തിൽനിന്നുള്ള ജീവന്റെ മോചനമാണ്. ഭഗവൽപ്രാപ്തികൊണ്ടേ അതു സിദ്ധിക്കുകയുള്ളൂ. ദുഃഖനാശത്തിനും ഭഗവൽപ്രാപ്തിക്കുംകൂടി മുക്തി എന്ന പേരാണ് ശാസ്ത്രങ്ങൾ നല്കിയിരിക്കുന്നതു്. അതിനാൽ അവതാരത്തിന്റെ മുഖ്യമായ പ്രയോജനം ജീവന്മാരുടെ മുക്തിലാഭമാണെന്ന് സിദ്ധിക്കുന്നു. ശ്രീമദ് ഭാഗവതം ഈ പക്ഷമാണു സ്വീകരിച്ചിരിക്കുന്നതു്.

നൃണാം നിഃശ്രേയസാർത്ഥായ വ്യക്തിർ ഭഗവതോ, നൃപ,
അവ്യയസ്യാഽപ്രമേയസ്യ നിർഗ്ഗുണസ്യ ഗുണാത്മനഃ

ഇതു് ഭാഗവതം ദശമസ്കന്ധം 29-ാം അദ്ധ്യായം 14-ാം ശ്ലോകമാണ്. ശ്രീശുകബ്രഹ്മർഷി പരീക്ഷിത്തു മഹാരാജാവിനോടു പറയുകയാണ്, 'അല്ലയോ, രാജാവേ, ഭഗവാനു് വാസ്തവത്തിൽ പ്രകൃതിസംബന്ധമായ വൃദ്ധിയും വിനാശവുമില്ല. പ്രത്യക്ഷാദിപ്രമാണങ്ങൾക്ക് അവിടുന്ന് വിഷയവുമല്ല. ഗുണഗുണിഭാവസംബന്ധവും അവിടത്തേക്കില്ല. അവിടുന്ന് അചിന്ത്യനും അനന്തനും അപ്രാകൃതനും പരമകല്യാണസ്വരൂപനും ഗുണങ്ങൾക്ക് ആശ്രയഭൂതനുമാണ്. അങ്ങനെയുള്ള അവിടുന്ന് വ്യക്തീഭവിക്കുന്നതു്—അവതാരലീല കൈക്കൊള്ളുന്നതു്—ജീവന്മാർക്കു മോക്ഷം നല്കുന്നതിനുവേണ്ടി മാത്രമാണെന്നു മനസ്സിലാക്കണം.' ഇതുകൊണ്ട് അവതാരത്തിന്റെ മുഖ്യമായ ഉദ്ദേശ്യം ദുർജ്ജനങ്ങളേയും അധർമ്മത്തേയും നശിപ്പിച്ച് ധർമ്മപ്രചാരണംവഴി മനുഷ്യർക്ക് പരമപുരുഷാർത്ഥമായ കൈവല്യമുണ്ടാക്കിക്കൊടുക്കുകയാണെന്ന് സ്പഷ്ടമാകുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണസ്തു ഭഗവാൻ സ്വയം

ശ്രീമദ് ഭാഗവതത്തിലെ പ്രധാന പ്രതിപാദ്യവിഷയം ശ്രീകൃഷ്ണനാണ്. പുരുഷാവതാരംമുതൽ മററുള്ള അവതാരങ്ങളെല്ലാം സാമാന്യമായി വിവരിച്ചിട്ട്, ശ്രീകൃഷ്ണാവതാരത്തെക്കുറിച്ച് ഭാഗവതത്തിൽ വളരെ വിസ്തരിച്ചു വർണ്ണിച്ചിരിക്കുന്നു. ദശമസ്കന്ധത്തിലും ഏകാദശസ്കന്ധത്തിലുമാണ് ശ്രീകൃഷ്ണന്റെ ജീവനലീലകളും ദിവ്യോപദേശങ്ങളും കൂടുതലായി പ്രതിപാദിച്ചിരിക്കുന്നത്. അംശാവതാരമായിട്ടും പൂർണ്ണാവതാരമായിട്ടും അവതാരിയായ സാക്ഷാൽ ഭഗവാനായിട്ടും ഭാഗവതത്തിൽ ശ്രീകൃഷ്ണൻ വർണ്ണിക്കപ്പെടുന്നുണ്ട്.

ശ്രീകൃഷ്ണാവതാരകഥകൾ ഭാഗവതത്തിൽ മാത്രമല്ല വിഷ്ണുപുരാണം, ബ്രഹ്മവൈവർത്തപുരാണം, അഗ്നിപുരാണം തുടങ്ങി മററനേകം പുരാണങ്ങളിലും വളരെ വിസ്തരിച്ചിരിക്കുന്നു. എന്നാൽ ലൗകികദൃഷ്ടിയിലും, ആദ്ധ്യാത്മികദൃഷ്ടിയിലും പൂർണ്ണനായ ഒരു മനുഷ്യനായും സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മമായും ശ്രീകൃഷ്ണസ്വരൂപം ചിത്രീകരിച്ചു കാണിക്കുന്നതു ഭാഗവതപുരാണം മാത്രമാണ്. ശ്രീകൃഷ്ണന്റെ ആവിർഭാവത്തിനു മുമ്പ് ഈ ലോകത്തിൽ ആസുരതത്വം വളരെ വ്യാപിച്ചിരുന്നു. കംസൻ, ജരാസന്ധൻ, നരകാസുരൻ, ശിശുപാലൻ തുടങ്ങിയ ദുഷ്ടരാജാക്കന്മാരുടെ ഭരണമാണന്നു നടന്നിരുന്നത്. കംസൻ തന്റെ പിതാവായ ഉഗ്രസേനനെ പിടിച്ചു ജയിലിലാക്കി ബന്ധിച്ചിട്ട് സ്വയം രാജസിംഹാസനത്തിൽ കയറി രാജാവായി നാടു ഭരിക്കുവാൻ തുടങ്ങി. അതോടെ അരാജകത്വവും, നിരങ്കുശത്വവും, അത്യാചാരവും, അധർമ്മവും രാജ്യത്തു സർവ്വത്ര വ്യാപിച്ചു. സജ്ജനങ്ങൾ അസ്വസ്ഥരായിത്തീർന്നു. അവരിൽ വളരെ പേർ നാടുവിട്ടു ദൂരസ്ഥലങ്ങളിലേക്കു പോയി. അക്കാലത്തു് ഒരിക്കൽ കംസൻ തന്റെ പിതൃവ്യപുത്രിയായ ദേവകിയെ വസുദേവനെന്ന യാദവപ്രഭുവിനു വിവാഹംകഴിച്ചുകൊടുക്കുകയുണ്ടായി. നവവധുവിനേയുംകൊണ്ട് വസുദേവൻ സ്വഗൃഹത്തിലേക്കു പോകുമ്പോൾ സോദരീസ്നേഹംകൊണ്ട് കംസനാണ് തേരിലേററി ദേവകീവസുദേവന്മാരെ കൊണ്ടുപോയതു്. എന്നാൽ, ''ദേവകിയുടെ എട്ടാമത്തെ പുത്രൻ കംസനെ കൊല്ലും'' എന്നൊരു ആകാശവാണി വഴിയിൽവെച്ചു കംസനു കേൾക്കാനിടയായി. അതുകേട്ട് ഭീതിയും പരിഭ്രമവും വർദ്ധിച്ച കംസൻ ഉടനെതന്നെ സ്വസോദരിയെ കൊല്ലാനൊരുങ്ങി. എങ്കിലും വസുദേവന്റെ സാന്ത്വനവാക്കുകൊണ്ട് അപ്പോൾ കൊല്ലാതെ വിട്ടു. പിന്നീട് അന്നത്തെ കരാറനുസരിച്ച് ദേവകി പ്രസവിച്ച കുട്ടികളെയെല്ലാം വസുദേവൻ കംസനെ ഏല്പിക്കുകയും ഒരു കാരുണ്യവും സങ്കോചവുമില്ലാതെ ആ കുട്ടികളെയെല്ലാം ആ ദുഷ്ടൻ കൊല്ലുകയും ചെയ്തുകൊണ്ടിരുന്നു. ദേവകിയുടെ ഏഴാമത്തെ കുട്ടി ബലരാമനായിരുന്നു. ഭഗവാന്റെ യോഗമായാശക്തികൊണ്ട് ആ കുട്ടി രോഹിണിയുടെ മകനായി ആമ്പാടിയിലാണു ജനിച്ചതും വളർന്നതും.

ആകാശവാണി കേട്ടതിനുശേഷം കുറെക്കഴിഞ്ഞ് ദേവകിയേയും വസുദേവനേയും കംസൻ ജയിലിലടച്ചു ചങ്ങലകൊണ്ടു ബന്ധിച്ചിരിക്കുകയായിരുന്നു. ഇങ്ങനെ എല്ലാ പ്രകാരത്തിലും അധർമ്മം വർദ്ധിച്ച്, ധർമ്മം ക്ഷയിച്ചകാലത്താണു ദേവകിയുടെ എട്ടാമത്തെ പുത്രനായി ഭഗവാൻ അവതരിച്ചതു്.

ശ്രീകൃഷ്ണാഷ്ടമിയിൽ മേഘച്ഛന്നമായ അർദ്ധരാത്രിയിലാണ് ശ്രീകൃഷ്ണൻ ഭൂലോകത്തിൽ ആവിർഭവിച്ചതു്. 'കിഴക്കെ ദിക്കിൽ പതിനാറു കലകളോടുകൂടി പൂർണ്ണചന്ദ്രൻ ഉദിക്കുന്നതുപോലെ സകല ജീവജാലങ്ങളുടേയും ഹൃദയത്തിൽ പ്രകാശിക്കുന്ന വിഷ്ണു, ദേവരൂപിണിയായ ദേവകിയുടെ ഗർഭത്തിൽനിന്നു ഭൂലോകത്തിൽ അവതരിച്ചു'. ശംഖും ഗദയും ചക്രവും താമരയും നാലു തൃക്കൈകളിലും ധരിച്ച് കണ്ഠത്തിൽ കൗസ്തുഭമണിയും അണിഞ്ഞ് ദിവ്യാലങ്കാരവിഭൂഷിതനായി ശോഭിക്കുന്ന ഒരത്ഭുതബാലനെയാണ് അപ്പോൾ ദേവകിക്കും വസുദേവർക്കും കാണാൻ കഴിഞ്ഞതു്. വസുദേവനപ്പോൾ പറഞ്ഞതു്, 'അല്ലയോ ഭഗവാനെ, അങ്ങ് പ്രകൃതിക്കും അപ്പുറത്തുള്ള സാക്ഷാൽ പുരുഷോത്തമനും, അനുഭവാനന്ദസ്വരൂപനും, എല്ലാ ജീവജാലങ്ങളുടേയും ബുദ്ധിക്കു സാക്ഷിയും ആയി വിളങ്ങുന്ന പരമാത്മാവാണെന്നു് ഞാനറിയുന്നു' എന്നാണ്. 'അല്ലയോ പ്രഭോ വേദങ്ങൾ ഏതൊരു സ്വരൂപത്തെയാണോ അവ്യക്തമെന്നും എല്ലാററിനും കാരണമെന്നും പറഞ്ഞിട്ടുള്ളതു്, യാതൊന്നാണോ വ്യാപകവും ജ്യോതിസ്സ്വരൂപവും നിർഗ്ഗുണവും നിരാകാരവുമായിരിക്കുന്നതു്, യാതൊന്നാണോ കേവലമായി അനിർവ്വചനീയമായി, നിഷ്ക്രിയമായി, സത്താമാത്രസ്വരൂപമായി വർണ്ണിക്കപ്പെട്ടിട്ടുള്ളതു്, ബുദ്ധിയെ പ്രകാശിപ്പിക്കുന്ന ആ വിഷ്ണു—പരമാത്മാവ്—അങ്ങുതന്നെയാകുന്നു'* എന്ന് ദേവകീദേവിയും ഭഗവാനോടു പറഞ്ഞ് അദ്ദേഹത്തെ സ്തുതിച്ചു. മാതാപിതാക്കന്മാരുടെ അഭിപ്രായമനുസരിച്ചു സാധാരണ മർത്ത്യബാലരൂപം ഉടനെതന്നെ ഭഗവാൻ കൈക്കൊണ്ടു. അവിടുത്തെ നിർദ്ദേശമനുസരിച്ചു വസുദേവൻ ശ്രീകൃഷ്ണനെ ആമ്പാടിയിലുള്ള നന്ദഗോപരുടെ ഗൃഹത്തിൽ കൊണ്ടുപോയിക്കിടത്തിയിട്ട്, നന്ദഗോപപത്നി അപ്പോൾ പ്രസവിച്ച കന്യകയെ—മായാശക്തിയെ—മഥുരയിൽ കൊണ്ടുവന്ന് ദേവകീദേവിയുടെ സമീപത്തു കിടത്തി. ശ്രീകൃഷ്ണന്റെ അവതാരസമയത്തു് വസുദേവരുടേയും ദേവകിയുടേയും ബന്ധനം തനിയെ അഴിഞ്ഞു. ജയിലിന്റെ വാതിലുകൾ തനിയേ തുറക്കപ്പെടുകയും കാവൽക്കാരെല്ലാം ഉറങ്ങിപ്പോകുകയും ചെയ്തു. വസുദേവൻ തിരികെ ജയിലിൽ വന്ന് യശോദയുടെ കന്യകയെ ദേവകിയുടെ സമീപത്തു കിടത്തിയപ്പോൾ പഴയതുപോലെ വസുദേവനും ദേവകിയും ബന്ധനത്തിലാകുകയും ജയിലിന്റെ വാതിലുകളെല്ലാം അടയുകയും ചെയ്തു. കന്യകയുടെ കരച്ചിൽ ജയിലിൽനിന്നു പുറത്തു കേട്ടപ്പോഴാണ് കാവൽക്കാരെല്ലാം ഉണർന്നതു്. അവർ ഉടനെ വിവരം കംസനെ അറിയിച്ചു. കംസൻ അപ്പോൾ ഓടിവന്ന് ദേവകിയുടെ സമീപത്തു കിടക്കുന്ന കന്യകയെ കാലിൽ പിടിച്ചെടുത്തു പാറമേൽ അടിച്ചു കൊല്ലാൻ തുടങ്ങി. അപ്പോൾ ആ കന്യക കംസന്റെ കൈയിൽനിന്നു തനിയെ ആകാശത്തിലേക്കുയർന്നു ദിവ്യായുധങ്ങളോടുകൂടിയ ദുർഗ്ഗയുടെ രൂപം കൈക്കൊണ്ടു പറഞ്ഞതു്, ''അല്ലയോ ദുഷ്ടാ, നിന്നെ ഞാനിപ്പോൾ കൊല്ലുന്നില്ല, എന്നാൽ നിന്നെ കൊല്ലാനുള്ള ആൾ ഭൂമിയിൽ ജനിച്ചിട്ടുണ്ട്,'' എന്നാണ്. അതു കേട്ട കംസൻ വളരെ കൂടുതൽ ഭയപ്പെടുകയും തന്നെ കൊല്ലാൻ ജനിച്ച കുഞ്ഞിനെ കണ്ടുപിടിച്ചു നശിപ്പിക്കാൻ തന്റെ മന്ത്രിമാർക്കു കല്പന കൊടുക്കുകയും ചെയ്തു.

---

* ഭാഗവതം ദശമം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീകൃഷ്ണൻ ആമ്പാടിയിൽ നന്ദഗോപരുടേയും യശോദയുടേയും മകനായി ഇടയന്മാൎക്ക യോജിച്ച അന്തരീക്ഷത്തിലാണ പതിനൊന്ന വൎഷം കഴിച്ചുകൂട്ടിയതു്. അക്കാലത്തു് അദ്ദേഹം സാധാരണകുട്ടികൾ കാണിക്കാറുള്ള കസൃതിത്തരങ്ങളെല്ലാം കാണിച്ചിരുന്നുവെങ്കിലും, ഇടയ്ക്കിടയ്ക്കു് അലൗകികങ്ങളായ അത്ഭുതപ്രവൃത്തികളും അദ്ദേഹത്തിൽനിന്നുണ്ടായിക്കൊണ്ടിരുന്നു. തന്നെ കൊല്ലാൻ വന്ന പൂതന, ശകടാസുരൻ, ചുഴലിക്കാററായി വന്ന അസുരൻ തുടങ്ങിയ ശത്രുക്കളെ വെറും ബാലലീലയെന്ന നിലയിലാണ നിഷ്പ്രയാസം നശിപ്പിച്ചുകളഞ്ഞതു്. കുഞ്ഞു് മണ്ണുവാരി തിന്നുവെന്നറിഞ്ഞു് യശോദ വാപൊളിക്കാൻ പറഞ്ഞപ്പോൾ ആ കണ്ണനുണ്ണിയുടെ അകത്തു് അനേക ബ്രഹ്മാണ്ഡമണ്ഡലം യശോദയ്ക്കു കാണാനിടയായി. ഓടിനടക്കാൻ തുടങ്ങിയപ്പോൾ ആമ്പാടിയിൽ എല്ലാ വീടുകളിലും ചെന്നു് ഗോപികമാരുടെ വെണ്ണയോടൊപ്പം അവരുടെ കണ്ണും കരളുംകൂടി ആ ഉണ്ണിക്കണ്ണൻ കവൎന്നുകൊണ്ടിരുന്നു. ഈ കുചേഷ്ടിതങ്ങൾ കണ്ടു് യശോദ ഒരിക്കൽ ആ കുഞ്ഞിനെ ഉരലിൽ പിടിച്ചു കെട്ടിയിട്ടു് മററു ജോലികൾക്ക പോയി. അല്പം കഴിഞ്ഞപ്പോൾ ഒരു ഭയങ്കരശബ്ദം ഗോകുലവാസികളെയെല്ലാം നടുക്കിക്കളഞ്ഞു. ചെന്നു നോക്കിയപ്പോൾ അവിടെ നിന്നിരുന്ന രണ്ടു മഹാവൃക്ഷങ്ങളുടെ ഇടയിൽക്കൂടി കണ്ണൻ ഉരലും വലിച്ചുകൊണ്ടുപോയപ്പോൾ ആ വൃക്ഷങ്ങൾ ഒടിഞ്ഞു വീണപോയ ശബ്ദമാണു് തങ്ങൾ കേട്ടതെന്നു് അവൎക്കെല്ലാം മനസ്സിലായി. നാരദശാപംകൊണ്ടു വൃക്ഷമായിത്തീൎന്ന കുബേരപുത്രന്മാരെ ശാപമോക്ഷം നല്കി ഭഗവാൻ അനുഗ്രഹിക്കുകയായിരുന്നു അതു്. പക്ഷേ, ഗോകുലവാസികൾ ഈ പരമാൎത്ഥം അറിഞ്ഞില്ല. നന്ദഗോപരുടെ നിൎദ്ദേശമനുസരിച്ചു ഗോകുലവാസികളെല്ലാം ആ സംഭവത്തിനുശേഷം വൃന്ദാവനത്തിലേക്ക മാറി താമസിക്കുകയാണുണ്ടായതു്.

വൃന്ദാവനവും ഗോവൎദ്ധനപൎവ്വതവും യമുനാപുളിനങ്ങളും നന്ദകുമാരന്റെ ദിവ്യലീലകൾ പ്രകടിപ്പിക്കുന്നതിനുള്ള രംഗഭൂമികളായി മാറി. അവിടെവെച്ചു പശുക്കുട്ടികളെ മേയ്ക്കാനുള്ള ജോലിയിലാണു് ആ കുഞ്ഞു് ഏൎപ്പെട്ടതു്. മയിൽപ്പീലി തലയിൽ തിരുകി ഓടക്കുഴലുമെടുത്തു് ഉച്ചയ്ക്കു് ഉണ്ണാനുള്ള പൊതിച്ചോറുമേന്തി കൂട്ടുകാരുമൊത്തു പശുക്കുട്ടികളേയുംകൊണ്ടു മേച്ചിൽസ്ഥലങ്ങളിലേക്ക പോകുന്ന ഓമനക്കുട്ടനായ ആ ഉണ്ണിക്കൃഷ്ണന്റെ രൂപം എത്ര കണ്ടാലും വൃന്ദാവനവാസികൾക്ക തൃപ്തിവരികയില്ലായിരുന്നു. പക്ഷേ, ആ അവസരത്തിലും ആ കോമളഗോപകുമാരനെ കൊല്ലാൻ തക്കംനോക്കി കംസന്റെ അനുചരന്മാർ അങ്ങുമിങ്ങും ഗൂഢമായി സഞ്ചരിക്കുന്നുണ്ടായിരുന്നു. ബകാസുരൻ, വത്സാസുരൻ, അഘാസുരൻ മുതലായ മായാവികളായ ദുഷ്ടന്മാർ വിവിധരൂപം ധരിച്ചു് ആ നന്ദകുമാരനെ കൊല്ലാൻ വന്നു. പക്ഷേ, അപ്പോൾത്തന്നെ അവരെല്ലാം വിദേഹനിൎവ്വാണമടയുകയാണുണ്ടായതു്. ശ്രീകൃഷ്ണനെ ഈശ്വരനാണോ എന്നു പരീക്ഷിക്കാൻവേണ്ടി ഗോപബാലന്മാരേയും പശുക്കുട്ടികളേയും ബ്രഹ്മാവു് ഒരിക്കൽ അപഹരിച്ചു കൊണ്ടുപോയി. ശ്രീകൃഷ്ണൻ ആ കഥ അറിയാത്ത മട്ടിൽ അതേവിധത്തിലുള്ള അത്രയും ഗോപബാലന്മാരേയും പശുക്കുട്ടികളേയും സ്വസങ്കല്പംകൊണ്ടു സൃഷ്ടിച്ചു. അവരെ കണ്ടിട്ടു് വ്രജവാസികൾ നൂതനസൃഷ്ടികളാണെന്നു തിരിച്ചറിഞ്ഞതേയില്ല. ഇങ്ങനെ ഒരു വൎഷം കഴിഞ്ഞു. ബ്രഹ്മാവു്, എങ്ങനെയിരിക്കുന്നു എന്നറിയാൻ വന്നപ്പോൾ സൎവ്വഗോപകുമാരന്മാരും ശംഖുചക്രഗദാപത്മങ്ങളോടുകൂടിയ ചതുർബാഹുക്കളായി വിഷ്ണുവിന്റെ രൂപത്തിൽ വിരാജിക്കുന്നതാണദ്ദേഹം കണ്ടതു്. അത്രമാത്രമല്ല, അനേകം സൃഷ്ടികൎത്താക്കളോടുകൂടിയ അനന്തകോടി ബ്രഹ്മാണ്ഡങ്ങളും ശ്രീകൃഷ്ണന്റെ യോഗമായാശക്തികൊണ്ടു ബ്രഹ്മാവിനു കാണാൻ കഴിഞ്ഞു. ശ്രീകൃഷ്ണന്റെ സൎവ്വേശ്വരത്വവും തന്റെ നിസ്സാരത്വവും മനസ്സിലാക്കിയ ബ്രഹ്മാവു് ക്ഷമയാചിച്ചു പരമഭക്തിപൂൎവ്വം അദ്ദേഹത്തെ വന്ദിച്ചു സ്തുതിച്ചു. ശ്രീകൃഷ്ണൻ മറെറാരിക്കൽ ഇന്ദ്രന്റെ സ്ഥാനത്തു ഗോവൎദ്ധനപൎവ്വതത്തെ ഗോപന്മാരെക്കൊണ്ടു പൂജിപ്പിക്കുകനിമിത്തം കോപിഷ്ഠനായിത്തീൎന്ന ആ ഇന്ദ്രന്റെ കോപംകൊണ്ടു് ഉണ്ടായ അതിവൃഷ്ടിയിൽ ഗോകുലവാസികളെല്ലാം മുങ്ങിപ്പോകാൻ തുടങ്ങി. അപ്പോൾ ഗോവൎദ്ധനപൎവ്വതത്തെ കൈയിലെടുത്തു കുടയാക്കി ഗോപന്മാരെയും ഗോക്കളെയും എല്ലാം അദ്ദേഹം പരിരക്ഷിച്ചു. മുരളീനാദം മുഴക്കി സകല ജീവജാലങ്ങളേയും ആനന്ദിപ്പിക്കുക, ഗോപികമാരൊരുമിച്ചു നാനാശരീരമെടുത്തു രാസക്രീഡ നടത്തുക, കാളിയസൎപ്പത്തിന്റെ മുകളിൽ നൃത്തമാടുക, കാട്ടുതീയിൽനിന്നും പെരുമ്പാമ്പിൽനിന്നും ഗോപാലന്മാരെ രക്ഷിക്കുക, ഗോകുലവാസികൾക്കെല്ലാം വൈകുണ്ഠം കാണിച്ചുകൊടുക്കുക തുടങ്ങി അനേകമനേകം അത്ഭുതപ്രവൃത്തികൾ അക്കാലത്തു ശ്രീകൃഷ്ണൻ ബാലലീലാരൂപത്തിൽ നടത്തിയിട്ടുണ്ടു്.

ശ്രീകൃഷ്ണനെ കൊല്ലാൻ നിയോഗിക്കപ്പെട്ടവരെല്ലാം പെട്ടെന്നുതന്നെ മരണമടഞ്ഞുവെന്നുള്ള വാൎത്ത കംസനെ ഭയവിഹ്വലനാക്കിത്തീൎത്തു. മരുമക്കളെന്നനിലയിൽ അനുനയിപ്പിച്ചു മഥുരയിൽ വരുത്തി തന്റെ ആഗ്രഹം സാധിക്കാമെന്നാണു് ഒടുവിൽ കംസൻ നിശ്ചയിച്ചതു്. അതനുസരിച്ചു രാമകൃഷ്ണന്മാരെ കൊണ്ടുവരാൻ അക്രൂരനെ തന്റെ തേരുംകൊടുത്തു ഗോകുലത്തിലേക്കയച്ചു. അക്രൂരൻ മഹാഭക്തനും ശ്രീകൃഷ്ണൻ സാക്ഷാൽ ഭഗവാനാണെന്നു പൂൎണ്ണമായി വിശ്വസിച്ചിരുന്ന ഒരു സുകൃതിയുമായിരുന്നു. അദ്ദേഹത്തിന്റെകൂടെ രാമകൃഷ്ണന്മാർ മഥുരയിലേക്ക പോയി. ആ യാത്രയിൽ വഴിയിൽവെച്ചു കാളിന്ദിയിൽ ഇറങ്ങി മുങ്ങിയപ്പോൾ അക്രൂരനു സാക്ഷാൽ വിഷ്ണുരൂപം ദൎശിക്കുവാനുള്ള ഭാഗ്യമുണ്ടായി. വെള്ളത്തിൽനിന്നു പൊങ്ങിവന്നു തേരിലിരിക്കുന്ന ശ്രീകൃഷ്ണനെ നോക്കിയപ്പോൾ താൻ വെള്ളത്തിൽ കണ്ട അതേ വിഷ്ണുതന്നെയാണ തേരിലും വിജയിച്ചരുളുന്നതെന്നു് ആ ഭക്തനു മനസ്സിലാക്കാൻ കഴിഞ്ഞു. അക്രൂരൻ ഭക്തിപൂൎവ്വം ശ്രീകൃഷ്ണനെ വിഷ്ണു എന്ന നിലയിൽ സ്തുതിക്കയും വന്ദിക്കയുംചെയ്തു് തന്റെ ഹൃദയത്തെ കുളൎപ്പിച്ചു.

കംസൻ ഒരു ചാപപൂജ സംബന്ധിച്ചു നടത്തുന്ന ഉത്സവത്തിൽ പങ്കുകൊള്ളാനാണു് രാമകൃഷ്ണന്മാരേയും നന്ദഗോപൻ മുതലായ ഗോപന്മാരേയും ക്ഷണിച്ചതു്. അതനുസരിച്ചു് എല്ലാവരും മഥുരയിൽ ചെന്നുചേൎന്നു. ഗോപവേഷത്തിലാണു് രാമകൃഷ്ണന്മാർ മഥുരയിൽ എത്തിയതെങ്കിലും വഴിയിൽവെച്ചു് കംസന്റെ വസ്ത്രങ്ങൾ അലക്കിക്കൊണ്ടുപോയ രജകനെ കൊന്നു് ആ വസ്ത്രങ്ങളെല്ലാം അണിഞ്ഞു് രാജകുമാരന്മാരെപ്പോലെ ശോഭിച്ചു. കംസനു് കുറിക്കൂട്ടുംകൊണ്ടുപോയ കുബ്ജയോടു കളഭക്കൂട്ടു വാങ്ങി അണിഞ്ഞു് അവളുടെ കൂനു തീൎത്തു സുന്ദരിയാക്കി മാററാനും ശ്രീകൃഷ്ണൻ മടിച്ചില്ല. കംസൻ പൂജിച്ചുവച്ചിരുന്ന ശൈവചാപം നിഷ്പ്രയാസം ഒടിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂക്ഷിപ്പുകാരെയും വില്ലുമുറികൊണ്ടു കൊന്നു. ഉത്സവം സംബന്ധിച്ച് ഒരു മല്ലയുദ്ധം ഏർപ്പാടുചെയ്തിരുന്നു. ആ യുദ്ധരംഗത്തേക്കു ചെല്ലുമ്പോൾ രാമകൃഷ്ണന്മാരെ കൊല്ലാൻവേണ്ടി പ്രവേശനദ്വാരത്തിൽ കുവലയാപീഡം എന്നു പേരുള്ള വളരെ ബലമുള്ള ഒരു മദയാനയെ ഒരുക്കിനിർത്തിയിരുന്നു. രാമകൃഷ്ണന്മാർ ആ ആനയെ നിഷ്പ്രയാസം കൊന്ന് അതിന്റെ കൊമ്പുകളുമേന്തി മല്ലരംഗത്തു പ്രവേശിച്ചു. ചാണൂരൻ, മുഷ്ടികൻ, ശലൻ മുതലായ ബലശാലികളായ മല്ലന്മാരേയും കംസനേയും പെട്ടെന്നു കൊന്നതിനുശേഷം ശ്രീകൃഷ്ണൻ ഉഗ്രസേനനെ ജയിലിൽനിന്നു മോചിപ്പിച്ചു മഥുരാസാമ്രാജ്യത്തിലെ രാജാവാക്കി വാഴിക്കുകയാണ് ആദ്യമായി ചെയ്തതു്. പിന്നീടു ക്ഷത്രിയോചിതമായ ഉപനയനം കഴിഞ്ഞു ബലരാമനോടുകൂടി അവന്തിയിൽ—ഉജ്ജയിനിയിൽ—പോയി സാന്ദീപനിമഹർഷിയുടെ ഗുരുകുലത്തിൽ ചേരുകയും കുറച്ചു ദിവസംകൊണ്ട് എല്ലാ വിദ്യകളിലും കലകളിലും അസാമാന്യപാണ്ഡിത്യം നേടുകയുംചെയ്തു. സാന്ദീപനിയുടെ അഭിലാഷമനുസരിച്ചു മരിച്ചുപോയ സ്വപുത്രനെ ജീവിപ്പിച്ച് അദ്ദേഹത്തിനു ഗുരുദക്ഷിണകൊടുത്തു് അനുഗ്രഹം വാങ്ങിയിട്ടാണു ശ്രീകൃഷ്ണൻ മഥുരയിലേക്കു മടങ്ങിപ്പോയതു്. ആ അവസരത്തിൽ കംസന്റെ ശ്വശുരനായ ജരാസന്ധൻ മഥുരാരാജധാനി ആക്രമിച്ചു കീഴടക്കാൻ വന്നു. അദ്ദേഹത്തെ രാമകൃഷ്ണന്മാർ യുദ്ധത്തിൽ തിരിച്ചോടിച്ചു. അന്നു ജീവിച്ചിരുന്ന ഏററവും ശക്തനായ ഒരു രാജാവായിരുന്നു ജരാസന്ധൻ. അദ്ദേഹം തുടർന്നു പതിനേഴുവട്ടം ശ്രീകൃഷ്ണനോടേററുമുട്ടി, തോററു മടങ്ങിപ്പോകേണ്ടിവന്നു. പതിനെട്ടാമതും ജരാസന്ധൻ യുദ്ധത്തിനൊരുങ്ങി. അതേ അവസരത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തായ കാലയവനനും മഥുരാക്രമണത്തിനു പുറപ്പെട്ടു. ഇങ്ങനെയുള്ള യുദ്ധംകൊണ്ട് ജനങ്ങൾക്കു നാശമുണ്ടാകുമെന്നു വിചാരിച്ചു ശ്രീകൃഷ്ണൻ ശത്രുക്കൾക്ക് എത്തിച്ചേരാൻ പ്രയാസമുള്ള ദ്വാരകാനഗരം സമുദ്രമദ്ധ്യത്തിൽ ഉണ്ടാക്കി യാദവന്മാരെയെല്ലാം അങ്ങോട്ടുമാററി താമസിപ്പിച്ചിട്ട് യവനന്റെ മുമ്പിൽനിന്ന് ഭീതനെപ്പോലെ ഓടിപ്പോയി. അതുകണ്ട് ശ്രീകൃഷ്ണനെ പിന്തുടർന്നു കാലയവനന് കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം അപ്രത്യക്ഷനായിത്തീർന്നു. ആ യവനൻ കൃഷ്ണനെ അന്വേഷിച്ചു മുമ്പിൽ കണ്ട ഒരു പർവ്വതത്തിന്റെ ഗുഹയിൽ പ്രവേശിച്ചു പരിശോധിച്ചുനോക്കി. അപ്പോൾ ആ ഗുഹയിൽ ഒരാൾ കിടന്നുറങ്ങുന്നുണ്ടായിരുന്നു. അതു ശ്രീകൃഷ്ണനാണെന്നു തെററിദ്ധരിച്ച് ആ യവനരാജാവ് അവിടെ കിടന്നയാളിനെ ആഞ്ഞു ചവുട്ടി. സുപ്രസിദ്ധനായ മുചുകുന്ദനായിരുന്നു അവിടെ കിടന്നിരുന്നതു്. ആ ഉപദ്രവമേററ് ഉണർന്ന മുചുകുന്ദന്റെ നേത്രാഗ്നിയിൽ ആ യവനൻ പെട്ടെന്നുതന്നെ ഭസ്മമായിപ്പോയി. അതിനുശേഷം ശ്രീകൃഷ്ണൻ ദർശനം നല്കി മുചുകുന്ദനെ അനുഗ്രഹിച്ചു. ഭഗവൽഭക്തനായ ഒരു മഹാനായിരുന്നു മുചുകുന്ദൻ. ശ്രീകൃഷ്ണദർശനംകൊണ്ട് അദ്ദേഹം മുക്തിയടഞ്ഞു. ആ സംഭവംകഴിഞ്ഞു മടങ്ങിവരുമ്പോൾ ജരാസന്ധൻ സൈന്യങ്ങളോടൊത്തു പതിനെട്ടാമതും യുദ്ധത്തിനു വന്നുചേർന്നു. പക്ഷേ, ശ്രീകൃഷ്ണൻ യുദ്ധത്തിനൊരുങ്ങാതെ ബലരാമനോടുകൂടി ഓടിപ്പോയി പ്രവർഷണപർവ്വതത്തിൽ കയറി മറഞ്ഞു. എന്നാൽ പിന്നീടു മല്ലയുദ്ധത്തിൽ ഭീമസേനനെക്കൊണ്ടു ശ്രീകൃഷ്ണൻ ജരാസന്ധനെ കൊല്ലിക്കുകയുണ്ടായി. ഇങ്ങനെയുള്ള യുദ്ധത്തിനിടയിൽ ശത്രുക്കളെ പരാജയപ്പെടുത്തി പല രാജകുമാരികളേയും അദ്ദേഹം വിവാഹം കഴിക്കുകയുമുണ്ടായി.

രുക്മിണി, ജാംബവതി, സത്യഭാമ, കാളിന്ദി, ലക്ഷ്മണ, സത്യ, മിത്രവിന്ദ, ഭദ്ര ഈ എട്ടു സ്ത്രീരത്നങ്ങളാണ് ശ്രീകൃഷ്ണന്റെ പട്ടമഹിഷികളായിരുന്നതു്. ഇവരിൽ സത്യഭാമയുടെകൂടെ ചെന്നു ദുഷ്ടനായ ഭൗമാസുരനെ ശ്രീകൃഷ്ണൻ കൊന്നു. അയാൾ അടിമകളാക്കി വെച്ചിരുന്ന പതിനായിരത്തി ഒരുനൂറ് രാജകുമാരികളെ മോചിപ്പിച്ച് ദ്വാരകയിൽ കൊണ്ടുപോയി അവരെയെല്ലാം ഒരു മുഹൂർത്തത്തിൽ അവർക്കിണങ്ങുന്ന വരന്മാരുടെ വേഷംധരിച്ച് വിവാഹം കഴിച്ചുവെന്ന അത്ഭുതകൃത്യം, അവിടുന്ന് പ്രദർശിപ്പിച്ചു എന്നുള്ളതും പ്രസ്താവ്യമാണ്. ഭൗമാസുരനെ കൊന്നതിനുശേഷം സത്യഭാമയുമൊരുമിച്ച് ശ്രീകൃഷ്ണൻ സ്വർഗ്ഗത്തുപോയി ഇന്ദ്രാദി ദേവന്മാരുടെ സപര്യ സ്വീകരിക്കുകയും മടങ്ങി വരുമ്പോൾ സത്യഭാമയുടെ അഭിലാഷമനുസരിച്ചു പാരിജാതംകൂടി ദ്വാരകയിലേക്കു കൊണ്ടുപോരികയും ചെയ്തു. ആ പാരിജാതം സത്യഭാമയുടെ കൊട്ടാരത്തിനു സമീപമാണു സ്ഥാപിച്ചതു്. അതോടുകൂടി ദ്വാരകാപുരി ഇന്ദ്രന്റെ അമരാവതിയേക്കാളും പ്രശസ്തമായിത്തീർന്നു.

യുധിഷ്ഠിരൻ സുപ്രസിദ്ധമായ രാജസൂയയാഗം കഴിച്ചപ്പോൾ ആ യാഗത്തിൽ അഗ്ര്യപൂജയ്ക്കുവേണ്ടി ഭീഷ്മരുടെ നിർദ്ദേശമനുസരിച്ചു തെരഞ്ഞെടുക്കപ്പെട്ടതു് ശ്രീകൃഷ്ണനായിരുന്നു. അനേകം ബ്രഹ്മർഷികളും ക്ഷത്രിയർഷികളും സമ്മേളിച്ച ഒരു സദസ്സായിരുന്നു അതു്. അവിടെവെച്ച് ശ്രീകൃഷ്ണനെ അഗ്ര്യപൂജയ്ക്കു തെരഞ്ഞെടുക്കുകവഴി അദ്ദേഹത്തിന്റെ സകലലോകസമാരാദ്ധ്യത എല്ലാവരും അംഗീകരിക്കുകയായിരുന്നു. ശ്രീകൃഷ്ണനെ അഗ്ര്യപൂജയ്ക്കു തെരഞ്ഞെടുത്തപ്പോൾ ശിശുപാലൻ എതിർക്കുകയും നീചഭാഷയിൽ ശകാരിക്കുകയും ചെയ്തു. എന്നാൽ ശ്രീകൃഷ്ണൻ ശിശുപാലന്റെ നൂറു തെററുകൾ ക്ഷമിച്ചു. നൂററിയൊന്നാമത്തെ തവണ ചക്രായുധംകൊണ്ട് ശിശുപാലന്റെ ശിരസ്സ് ഛേദിച്ചുകളഞ്ഞു. ആ അവസരത്തിൽ ശിശുപാലന്റെ ശരീരത്തിൽനിന്ന് ഒരു ചൈതന്യം ഉയർന്നു ശ്രീകൃഷ്ണനിൽ ലയിക്കുന്ന അത്ഭുതകാഴ്ച സദസ്യർക്കെല്ലാവർക്കും കാണാമായിരുന്നു. വൈകുണ്ഠവാസിയായ ജയൻ സനകാദികളുടെ ശാപംകൊണ്ട് ഹിരണ്യാക്ഷനായും രാവണനായും ശിശുപാലനായും ജനിക്കേണ്ടിവന്നു. ശിശുപാലജനനം ശാപമുക്തിക്കുള്ളതായിരുന്നു. ആ മോചനമാണ് ശ്രീകൃഷ്ണനിൽ ലയിക്കുന്നതായി കാണാനിടയായതു്. തന്റെ ബന്ധുക്കളായ പാണ്ഡവന്മാരും കൗരവന്മാരും തമ്മിൽ യുദ്ധത്തിനൊരുങ്ങിയപ്പോൾ അവരെ യോജിപ്പിക്കുവാൻ ശ്രീകൃഷ്ണൻ വളരെ പരിശ്രമിച്ചു. പക്ഷേ, ദുഷ്ടനായ ദുര്യോധനന്റെ ദുർന്നയംകൊണ്ട് ആ പരിശ്രമം ഫലിച്ചില്ല. ന്യായവും ധർമ്മവും പാണ്ഡവപക്ഷത്തായിരുന്നതുകൊണ്ട് ഭഗവാൻ അവിടെ ചേർന്നു. അവിടുത്തെ സഹായവും അനുഗ്രഹവുംകൊണ്ട് ഭീഷ്മദ്രോണാദിമഹാരഥന്മാരുൾപ്പെട്ട കൗരവസൈന്യത്തെ പാണ്ഡവന്മാർക്കു നശിപ്പിക്കാൻ കഴിഞ്ഞു. യുദ്ധാനന്തരം അശ്വത്ഥാമാവിന്റെ ബ്രഹ്മാസ്ത്രത്തിൽനിന്ന് പാണ്ഡവന്മാരേയും ഉത്തരയുടെ ഗർഭത്തിലുണ്ടായിരുന്ന പരീക്ഷിത്തിനേയും സംരക്ഷിച്ച് കുരുവംശം നിലനിർത്തിയതും ശ്രീകൃഷ്ണൻതന്നെയാണ്. ഗോപികമാർ, ഉദ്ധവൻ, അർജ്ജുനൻ, ധർമ്മപുത്രൻ, പാഞ്ചാലി, കുന്തി തുടങ്ങി അനേകം ആളുകളെ ധർമ്മോപദേശംകൊണ്ടും ബ്രഹ്മോപദേശംകൊണ്ടും അവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടന്നു് അനുഗ്രഹിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ദുഷ്ടന്മാരെ നശിപ്പിച്ച് ശിഷ്ടന്മാരെ രക്ഷിക്കുന്നതിനും ധർമ്മം സംസ്ഥാപിക്കുന്നതിനും ശ്രീകൃഷ്ണനു കഴിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ പുത്രപൗത്രാദികളുംപ്പെട്ട യാദവന്മാർ മഹാശക്തന്മാരും മദോന്മത്തരുമായിത്തീർന്നു. അതും അവിടുത്തേക്കു് ഹിതമായില്ല. സ്വസങ്കല്പം മുനിശാപരൂപത്തിൽ പ്രകടിപ്പിക്കുകയും യാദവന്മാരെല്ലാം അതിന്റെ ഫലമായി തമ്മിൽത്തല്ലി നശിക്കുകയും ചെയ്തു. ഇങ്ങനെ തന്റെ അവതാരം ഫലിച്ചു എന്നു കണ്ടപ്പോൾ ഭഗവാൻ എല്ലാമുപേക്ഷിച്ച് ഏകാന്തത്തിൽ ഒരാലിന്റെ ചുവട്ടിൽ ആത്മാരാമനായി വർത്തിച്ചു. അപ്പോൾ ദാരുകൻ മുതലായ ഭക്തന്മാർ സാക്ഷാൽ വിഷ്ണുരൂപമായിട്ടാണ് അദ്ദേഹത്തെ കണ്ടതു്. വേട്ടയാടി നടന്ന ഒരു വ്യാധൻ ആ അവസരത്തിൽ കാട്ടിനിടയിൽക്കൂടി ശ്രീകൃഷ്ണന്റെ കാലു കാണുകയും അതൊരു മാനാണെന്നു ധരിച്ച് അമ്പയയ്ക്കുകയും ചെയ്തു. അടുത്തുചെന്നു നോക്കിയപ്പോൾ കാലിൽ മുറിവേററ ഭഗവാനെയാണ് വ്യാധൻ കണ്ടതു്. കരഞ്ഞുകൊണ്ടു് ആ കാട്ടാളൻ സമസ്താപരാധവും ക്ഷമിക്കണമെന്നു പറഞ്ഞു് ഭഗവാന്റെ മുമ്പിൽ നമസ്കരിച്ചു. കൃപാനിധിയായ അവിടുന്നു് ആ കാട്ടാളനെ അനുഗ്രഹിച്ച് സദ്ഗതി നല്കുകയുണ്ടായി. അതിനുശേഷം അവിടുന്നു് ഇഹലോകലീലകൾ അവസാനിപ്പിച്ച് സ്വധാമത്തിലെത്തിച്ചേർന്നു.

ലോകാഭിരാമാം സ്വതനും ധാരണാധ്യാനമംഗളം
യോഗധാരണയാഽഗ്നേയ്യാ ദഗ്ധ്വാ ധാമാവിശത് സ്വകം

എന്നാണ് ഭാഗവതം ഏകാദശസ്കന്ധം 31–ാം അദ്ധ്യായം 6–ാം ശ്ലോകത്തിൽ ശ്രീകൃഷ്ണന്റെ അന്തർദ്ധാനത്തെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നതു്. ഭഗവാൻ ഭക്തന്മാർക്കു് ധാരണാധ്യാനങ്ങളിൽ മംഗളത്തെ നൽകുന്നതും ലോകത്തിൽവെച്ചേററവും സുന്ദരതമവുമായ തന്റെ ദിവ്യശരീരത്തെ യോഗധാരണാജനിതമായ അഗ്നിയിൽ ദഹിപ്പിച്ചാണ് സ്വധാമത്തിൽ പ്രവേശിച്ചതു്—ഇഹലോകവാസം വെടിഞ്ഞു് ബ്രഹ്മസ്വരൂപം പ്രാപിച്ചതു്—എന്നാണ് ഈ വർണ്ണനയിൽനിന്നു മനസ്സിലാകുന്നതു്. 'അഗ്നേയ്യാ ദഗ്ധ്വാ' എന്ന പ്രയോഗത്തിൽ അഗ്നേയ്യാ അദഗ്ധ്വാ എന്നു പദം തിരിച്ച് ഭഗവാൻ യോഗാഗ്നിയിൽ ശരീരം ദഹിപ്പിക്കാതെ ആ ദിവ്യശരീരത്തോടുകൂടി വൈകുണ്ഠത്തിൽ പോയിയെന്നു് വൈഷ്ണവന്മാർ വ്യാഖ്യാനിക്കുന്നു. എന്നാൽ വേദാന്തികളുടെ അഭിപ്രായം ദഗ്ധ്വാ എന്നു പദം തിരിച്ചു ശരീരം യോഗാഗ്നിയിൽ ദഹിപ്പിച്ച് സ്വസ്വരൂപമായ ബ്രഹ്മത്തിൽ ലയിച്ചുവെന്നാണ്. ഭാഗവതത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ശ്രീകൃഷ്ണജീവനചരിതത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു.

ശ്രീകൃഷ്ണൻ ഏററവും പ്രതികൂലങ്ങളായ പരിതഃസ്ഥിതികളിലാണ് ജനിച്ചതും വളർന്നുവന്നതും. എന്നാൽ ഒരിക്കലും അദ്ദേഹം ദുഃഖിച്ചിട്ടില്ല. ജീവനത്തെ രസാത്മകമായ ലീലയാക്കിമാററാൻ അദ്ദേഹത്തിനു കഴിഞ്ഞതാണതിനു കാരണം. അതുകൊണ്ടുതന്നെയാണ് 'ലീലാപുരുഷോത്തമ'നെന്ന പേരിൽ അദ്ദേഹമിന്നും ലോകവിശ്രാന്തവിശ്രുതകീർത്തിയായി വിജയിച്ചരുളുന്നതും.

ജന്മംമുതൽ ജീവിതാന്തപര്യന്തം ശ്രീകൃഷ്ണന്റെ പ്രവൃത്തികളിലെല്ലാം ഭഗവദ്ഭാവം സഹജമായി പ്രകാശിച്ചിരുന്നതായി ഭാഗവതത്തിൽ രസനിഷ്യന്ദിയായ ഭാഷയിൽ വർണ്ണിച്ചിട്ടുണ്ടു്.

ഐശ്വര്യസ്യ സമഗ്രസ്യ വീര്യസ്യ യശസഃ ശ്രിയഃ
ജ്ഞാനവൈരാഗ്യയോശ്ചൈവ ഷണ്ണാം ഭഗ ഇതീംഗനാ

എന്നു് ഭഗവാന്റെ സഹജഗുണങ്ങളെക്കുറിച്ച് വിഷ്ണുപുരാണത്തിൽ പ്രതിപാദിക്കുന്നു. ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം ഈ ആറു ഗുണങ്ങളുടെ പൂർണ്ണതയ്ക്കു് ഭഗം എന്നാണു പേരു്. ഭഗമുള്ളവൻ ഭഗവാനാകുന്നു. ഈ ഗുണങ്ങൾ ജന്മനാ ശ്രീകൃഷ്ണനിൽ സഹജമായി പ്രകാശിച്ചിരുന്നതിനാലാണ് അദ്ദേഹം ഭഗവാനെന്ന പേരിൽ പ്രസിദ്ധനായിത്തീർന്നതു്.

ഐശ്വര്യം

ഭഗവാന്റെ ഒന്നാമത്തെ ഗുണം ഐശ്വര്യമാണല്ലോ. എല്ലാററിനേയും നിയന്ത്രിക്കുക, ശാസിക്കുക, എന്തും ചെയ്യുന്നതിനും ചെയ്യാതിരിക്കുന്നതിനും മററുവിധത്തിൽ ചെയ്യുന്നതിനും ശക്തിയുണ്ടായിരിക്കുക ഇതെല്ലാം ഐശ്വര്യമാണ്. ശ്രീകൃഷ്ണൻ ജനിച്ചപ്പോൾ മാതാപിതാക്കന്മാരുടെ ബന്ധനം അഴിഞ്ഞതും ജയിലിന്റെ വാതിലുകളെല്ലാം തുറക്കപ്പെട്ടതും കാവൽഭടന്മാർ ഉറങ്ങിപ്പോയതും നന്ദഗോപന്റെ ഗൃഹത്തിലേക്കു് ശ്രീകൃഷ്ണനേയുംകൊണ്ടു പോകുമ്പോൾ വഴിയിൽ കാളിന്ദിയിലെ വെള്ളം യാത്രയ്ക്കു തടസ്സമാകാതെ നീങ്ങിപ്പോയതും ആമ്പാടിയിൽ പ്രവേശിച്ചപ്പോൾ യശോദ തുടങ്ങിയവർ നിദ്രയിൽപ്പെട്ടുപോയതും ശ്രീകൃഷ്ണന്റെ ഐശ്വര്യത്തെയാണ് കാണിക്കുന്നതു്. വത്സസ്തേയത്തിൽ ബ്രഹ്മാവും ബാണയുദ്ധത്തിൽ രുദ്രനും ഗോവർദ്ധനോദ്ധാരണത്തിൽ ഇന്ദ്രനും വരുണലോകത്തിലേക്കു നീതനായ നന്ദഗോപനെ വീണ്ടെടുക്കുവാൻ ചെന്നപ്പോൾ വരുണനും തങ്ങളുടെ അപരാധങ്ങൾ ക്ഷമിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ശ്രീകൃഷ്ണനെ ഭക്തിപൂർവ്വം സ്തുതിക്കുന്നതു് അദ്ദേഹത്തിന്റെ ഈശ്വരഭാവത്തെ സ്പഷ്ടമാക്കുന്നുണ്ടു്. ആ സ്തുതികളിൽ സൃഷ്ടിസ്ഥിതിസംഹാരകർത്താക്കളായ ത്രിമൂർത്തികളെപ്പോലും നിയന്ത്രിക്കുന്ന സകലബ്രഹ്മസ്വരൂപനാണ് ശ്രീകൃഷ്ണനെന്നു് എല്ലാവരും സമ്മതിക്കുന്നുമുണ്ടു്. സാന്ദീപനിമഹർഷിക്കു് മൃതനായ പുത്രനെ വീണ്ടും ജീവിപ്പിച്ചുകൊടുത്തതും സന്താനഗോപാലവർണ്ണനയിൽ മൃതന്മാരായ സന്താനങ്ങളെ വൈകുണ്ഠത്തിൽപ്പോയി കൊണ്ടുവന്നു് അവരുടെ മാതാപിതാക്കന്മാർക്കു കൊടുത്തതും രാസലീലയിലും നാരദപരീക്ഷണത്തിലും അനേകശരീരമെടുത്തു് ലീലയാടിയതും ദേവകിക്കും വസുദേവനും ഉദ്ധവർക്കും ഗോകുലവാസികൾക്കും ജരാസന്ധന്റെ ജയിലിൽനിന്നും മോചിപ്പിക്കപ്പെട്ട അനേകം രാജാക്കന്മാർക്കും അന്ത്യകാലത്തു് ദാരുകനും വ്യാധനും വിഷ്ണുരൂപം കാട്ടിക്കൊടുത്തതും ശ്രീകൃഷ്ണന്റെ അദ്ഭുതജനകമായ ഐശ്വര്യത്തിന്റെ മതിയായ തെളിവാണ്. ഇതുപോലെ ഈശ്വരഭാവത്തെ തെളിയിക്കുന്ന അനേകം ലീലകൾ അവിടുന്നു പ്രദർശിപ്പിച്ചിട്ടുള്ളതായി ഭാഗവതത്തിൽനിന്നു മനസ്സിലാക്കാം.

വീര്യം

ഭഗവാന്റെ രണ്ടാമത്തെ ഗുണമാണല്ലോ വീര്യം. ഉത്സാഹം, ഫലനിഷ്പത്തിപര്യന്തമുള്ള ശക്തി പരാക്രമം എന്നിങ്ങനെ പല അർത്ഥങ്ങളും വീര്യപദത്തിനുണ്ടു്. ആ അർത്ഥങ്ങളെല്ലാം ശ്രീകൃഷ്ണന്റെ ജീവിതത്തിലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതു ഭാഗത്തും തെളിഞ്ഞുകാണാമായിരുന്നു. പൂതന മുതൽ ശിശുപാലൻ വരെയുള്ള ദുർജ്ജനങ്ങളെ നിഷ്പ്രയാസമായി ഒരു ലീലയെന്ന നിലയിൽ ഹനിച്ചതും ഭൗമാസുരൻ, ബാണാസുരൻ മുതലായ ബലശാലികളുമായി നടത്തിയ ഘോരയുദ്ധത്തിൽ കാണിച്ച പരാക്രമവും ശ്രീകൃഷ്ണന്റെ വീര്യത്തെ നല്ലതുപോലെ വെളിപ്പെടുത്തുന്നു. സ്വച്ഛന്ദമൃത്യുവായ ഭീഷ്മൻ തുടങ്ങിയ മഹാരഥന്മാരുടെ നേതൃത്വം ഉണ്ടായിരുന്നിട്ടും ദുര്യോധനാദികൾ പാണ്ഡവന്മാരോട് യുദ്ധത്തിൽ തോററ് നാമാവശേഷമായിത്തീർന്നതു ശ്രീകൃഷ്ണന്റെ വീര്യശക്തികൊണ്ടുമാത്രമാണ്. ഈ പരമാർത്ഥം കുന്തീദേവിയും യുധിഷ്ഠിരനും അർജ്ജുനനും ഭക്തിപാരവശ്യത്തോടുകൂടി പ്രഖ്യാപിക്കുന്ന രംഗം ഭാഗവതത്തിൽ ചമൽക്കാരജനകമായ ഭാഷയിൽ വർണ്ണിച്ചിട്ടുണ്ട്. അതുപോലെ അശ്വത്ഥാമാവിന്റെ അപ്രതിരോദ്ധ്യമായ ബ്രഹ്മാസ്ത്രത്തിൽനിന്ന് പാണ്ഡവന്മാരും പരീക്ഷിത്തും രക്ഷപ്പെട്ടതു് ശ്രീകൃഷ്ണന്റെ അലൗകികവും അദ്ഭുതകരവും അനുപമവുമായ വീര്യമൊന്നുകൊണ്ടു മാത്രമാണ്.

യശസ്സ്

മൂന്നാമത്തെ ഗുണം യശസ്സാണ്. നാനാതരത്തിലുള്ള അപദാനങ്ങൾ പ്രകീർത്തിക്കപ്പെടുന്നതാണ് യശസ്സ്. ശ്രീകൃഷ്ണൻ ലോകത്തിൽ ആവിർഭവിച്ചപ്പോൾത്തന്നെ അലൗകികവും ദിവ്യവുമായ വിഷ്ണുരൂപം കണ്ട് അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ ഒന്നാമതായി പ്രകീർത്തിച്ചതു് മാതാപിതാക്കളായ ദേവകീവസുദേവന്മാരാണ്. ബ്രഹ്മാദികളായ ദേവന്മാരും വ്യാസാദിമഹർഷിമാരും വിദുരാദിനീതിജ്ഞന്മാരും യുധിഷ്ഠിരാദി ധർമ്മനിഷ്ഠന്മാരും ധൃതരാഷ്ട്രാദിസ്വാർത്ഥികളും ഭീമാർജ്ജുനാദിമഹായോദ്ധാക്കളും സഹദേവാദിമഹാജ്ഞാനികളും ശ്രീകൃഷ്ണന്റെ മാഹാത്മ്യം എപ്പോഴും പ്രകീർത്തിച്ചുകൊണ്ടാണിരുന്നതു്. അതുപോലെ ഭീഷ്മരെപ്പോലെയുള്ള ബ്രഹ്മക്ഷത്രബലശാലികളായ മഹാപുരുഷന്മാരും കുന്തിയെപ്പോലെയുള്ള ജ്ഞാനവൃദ്ധകളായ സ്ത്രീകളും അപരിഷ്കൃതരും അനഭ്യസ്തവിദ്യകളുമായി ഗണിക്കപ്പെട്ടിരുന്ന ഗോപികമാരും സച്ചിദാനന്ദസ്വരൂപനായ പരമേശ്വരനെന്ന നിലയിൽ ശ്രീകൃഷ്ണനെ ഭജിക്കുകയും അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ വാഴ്ത്തുകയും ചെയ്തിരുന്നു. ശ്രീകൃഷ്ണനെപ്പോലെ നിത്യനൂതനമായ യശസ്സു സമ്പാദിച്ചിട്ടുള്ള ഒരു പുരാണപുരുഷൻ ഇതുവരെ ലോകത്തു ജനിച്ചിട്ടില്ല. ഇതു് വെറുമൊരു മനുഷ്യനു നേടാവുന്ന യശസ്സല്ല. ഭഗവാനു മാത്രമേ അങ്ങനെയുള്ള യശസ്സ് ഉണ്ടാവുകയുള്ളു.

ശ്രീ

നാലാമത്തെ ഭഗവദ്ഗുണം ശ്രീയാണല്ലോ. ലക്ഷ്മി, ശോഭ, സൗന്ദര്യം, സിദ്ധി മുതലായ അർത്ഥങ്ങൾ ഈ ശബ്ദത്തിനുണ്ട്. സമ്പദ്ദേവതയായ ലക്ഷ്മീഭഗവതി എപ്പോഴും ശ്രീകൃഷ്ണന്റെ പാദസേവ ചെയ്തുകൊണ്ടാണിരിക്കുന്നതു്.

ജയതി തേഽധികം ജന്മനാ വ്രജഃ
ശ്രയത ഇന്ദിരാ ശശ്വദത്രഹി

എന്ന് ഭാഗവതം ദശമസ്കന്ധം 31-ാം അദ്ധ്യായം ഒന്നാംശ്ലോകത്തിൽ ഗോപികമാർ പറയുന്നതായി വർണ്ണിച്ചിരിക്കുന്നു. പ്രിയതമനായ അല്ലയോ നന്ദകുമാരാ അങ്ങയുടെ ജനനംകൊണ്ട് ഞങ്ങളുടെ ആമ്പാടി ഇന്ന് വൈകുണ്ഠാദിദിവ്യലോകങ്ങളെക്കാളും മാഹാത്മ്യമുള്ളതായിത്തീർന്നിരിക്കുകയാണ്. കാരണം, സമ്പത്തിന്റെയും സൗന്ദര്യത്തിന്റെയും ദേവതയായ ലക്ഷ്മീഭഗവതി അങ്ങു ജനിച്ചപ്പോൾമുതൽ സ്വനിവാസസ്ഥാനമായ വൈകുണ്ഠമുപേക്ഷിച്ച് അങ്ങയെ സേവിക്കുവാൻ ആമ്പാടിയിലേക്കു താമസം മാററിയിരിക്കുന്നു. അപരിഷ്കൃതരായ ഇടയന്മാരുടെ അനവധി കുടിലുകൾ ഉൾക്കൊള്ളുന്ന ആമ്പാടി ശ്രീകൃഷ്ണന്റെ ജന്മംകൊണ്ട് സ്വർഗ്ഗത്തേക്കാൾ സമ്പദ്സമൃദ്ധവും സജ്ജനനിവാസയോഗ്യവുമായിത്തീർന്നുവെന്ന് ഈ പ്രസ്താവനയിൽനിന്നു തെളിയുന്നുണ്ടല്ലോ. അതുപോലെ മധുരയും ദ്വാരകയും അവിടുത്തെ സാന്നിദ്ധ്യംകൊണ്ട് ലക്ഷ്മീദേവിയുടെ കേളീരംഗമായി വിരാജിച്ചു. ലക്ഷ്മീവല്ലഭനായ ശ്രീകൃഷ്ണന്റെ അനുഗ്രഹംകൊണ്ടാണല്ലോ കുചേലൻ കുബേരനായിത്തീർന്നതു്. സകലവിധസമ്പത്തുകളും ശ്രീകൃഷ്ണന്റെ പാദധൂളിക്കധീനമാണെന്ന് ഭാഗവതം എടുത്തുപറയുന്നുണ്ട്.

ശോഭ അഥവാ സൗന്ദര്യം എന്ന അർത്ഥത്തിൽ ശ്രീശബ്ദത്തെ എടുത്താൽ അതും ശ്രീകൃഷ്ണനിൽ നല്ലതുപോലെ ഇണങ്ങിച്ചേരുന്നുണ്ട്.

''ഭൂഷണം ഭൂഷണാനാം'' എന്ന ഒരു ചെറിയ പദത്തിൽക്കൂടി അദ്ദേഹത്തിന്റെ ശരീരസൗന്ദര്യത്തിന്റെ സർവ്വാതിശായിത്വം ഭാഗവതകാരൻ വ്യക്തമാക്കിക്കാണിക്കുന്നു. എല്ലാവരും ആഭരണമണിയുന്നതു് ശരീരശോഭയ്ക്കുവേണ്ടിയാണല്ലോ. എന്നാൽ ശ്രീകൃഷ്ണനണിഞ്ഞ ആഭരണങ്ങൾ അദ്ദേഹത്തിന്റെ ശരീരകാന്തികൊണ്ട് സമുജ്ജ്വലിക്കുകയായിരുന്നുവെന്നാണ് ഈ പദം വ്യക്തമാക്കുന്നതു്. രാത്രിയിൽ വൃന്ദാവനത്തിൽവെച്ച് ശ്രീകൃഷ്ണനെ കാണാതെ സങ്കടപ്പെട്ടുകഴിയുന്ന ഗോപികമാരുടെ മദ്ധ്യത്തിൽ അവിടുന്നു പ്രത്യക്ഷപ്പെടുന്ന രംഗം ഭാഗവതകാരൻ വർണ്ണിക്കുന്നതിങ്ങനെയാണ്:

താസാമാവിരഭൂച്ഛൗരിഃ സ്മയമാനമുഖാംബുജഃ
പീതാംബരധരഃ സ്രഗ്വീ സാക്ഷാൽ മന്മഥമന്മഥഃ

''മഞ്ഞപ്പട്ടുവാടയുടുത്തു് പുഞ്ചിരിതൂകിക്കൊണ്ട് സൗന്ദര്യദേവതയായ കാമദേവന്റെ മനസ്സിനെപോലും വികല്പമുണ്ടാകത്തക്കവണ്ണമുള്ള സൗന്ദര്യത്തോടുകൂടി ശ്രീകൃഷ്ണൻ ആ ഗോപികമാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു'' വെന്നാണല്ലോ ഈ ശ്ലോകത്തിന്റെ ചുരുക്കം. ഈ ശ്ലോകത്തിലെ ''സാക്ഷാൽ മന്മഥമന്മഥഃ'' എന്ന പദം ശ്രീകൃഷ്ണന്റെ സൗന്ദര്യാതിശയത്തെ എത്ര ചമല്ക്കാരത്തോടുകൂടിയാണു വർണ്ണിച്ചിരിക്കുന്നതെന്ന് സഹൃദയന്മാർക്കു വായിച്ചറിയാൻ കഴിയും.

ത്രിഭുവനകമനം തമാലവർണ്ണം രവികരഗൗരവരാംബരം ദധാനേ
വപുരളകകുലാവൃതാനനാബ്ജം വിജയസഖേ രതിരസ്തു മേഽനവദ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്ന് ഭീഷ്മർ ശ്രീകൃഷ്ണനോട് പ്രാർത്ഥിക്കുന്നതായി ഭാഗവതം പ്രഥമസ്കന്ധം ഒൻപതാമദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. ഈ ശ്ലോകത്തിൽ പ്രയോഗിച്ചിരിക്കുന്ന ത്രിഭുവനകമനമെന്ന പദംതന്നെ സൗന്ദര്യത്തിൽ ശ്രീകൃഷ്ണനു കിടനില്പാൻ മൂന്നു ലോകത്തിലും ആരുമില്ലെന്നു കാണിക്കുന്നു. രാഗികളും വിരാഗികളും ബാലന്മാരും വൃദ്ധന്മാരും മാത്രമല്ല, പക്ഷിമൃഗാദികൾപോലും ശ്രീകൃഷ്ണൻെറ സൗന്ദര്യാസ്വാദനത്തിൽ ആമഗ്നചിത്തരായിപ്പോയിയെന്ന് ഭാഗവതത്തിൽ പറയുന്നുണ്ട്.

ജ്ഞാനം

അഞ്ചാമത്തെ ഭഗവദ്ഗുണമാണല്ലോ ജ്ഞാനം. എല്ലാം അറിയുവാനുള്ള സാമർത്ഥ്യമാണത്. സർവ്വശാസ്ത്രജ്ഞനും നിഖിലകലാവല്ലഭനുമായിരുന്നു ശ്രീകൃഷ്ണൻ. അദ്ദേഹം കുറച്ചുദിവസംകൊണ്ടു സാന്ദീപനിമഹർഷിയുടെ സമീപത്തുനിന്ന് വേദശാസ്ത്രാദി സകലവിദ്യകളും, 64 ദിവസംകൊണ്ട് 64 കലകളും അഭ്യസിച്ചുവെന്നാണ് ഭാഗവതത്തിൽ പറയുന്നത്. എന്നാൽ ഭാരതത്തിൽ വർണ്ണിക്കുന്നത് ശ്രീകൃഷ്ണൻ അറുപത്തിനാലുദിവസംകൊണ്ട് ജ്യോതിഷം, കല്പം, നിരുക്തം, ശിക്ഷ, വ്യാകരണം, ഛന്ദസ്സ് ഈ ആറംഗങ്ങളോടുകൂടി നാലു വേദങ്ങളും ആലേഖ്യവും സംഗീതവും വൈദ്യവും ഗണിതവും മുഴുവൻ പഠിച്ചുകഴിഞ്ഞുവെന്നാണ്. അതുപോലെ പന്ത്രണ്ടു ദിവസംകൊണ്ട് കുതിരയിലും ആനയിലും ഇഷ്ടംപോലെ സഞ്ചരിക്കാനും അവയെ യഥാവസരം ഇഷ്ടംപോലെ നിയന്ത്രിച്ചുകൊണ്ടുപോകുവാനും അദ്ദേഹം പരിശീലിച്ചു. പത്തംഗങ്ങളോടുകൂടിയ ധനുർവ്വേദം മുഴുവൻ പഠിച്ചു പ്രയോഗത്തിൽ കൊണ്ടുവരാൻ അൻപതു ദിവസമേ അദ്ദേഹത്തിനു വേണ്ടിയിരുന്നുള്ളു. ഭാരതത്തിലെ ഈ വർണ്ണന അതിശയോക്തിയായി ചിലർ കരുതിയേക്കാം. പക്ഷേ, ഇതുപോലെയുള്ള സംഭവങ്ങൾ ഇക്കാലത്തും നടക്കാറുണ്ടെന്നുള്ളതാണ് പരമാർത്ഥം. രണ്ടും മൂന്നും വയസ്സുള്ളപ്പോൾത്തന്നെ രാമായണം, ഭാരതം മുതലായ മഹാഗ്രന്ഥങ്ങൾ മുഴുവൻ കണ്ഠസ്ഥമാക്കി അവയിലെ വിഷയങ്ങളെക്കുറിച്ച് വിദ്വത്താപൂർണ്ണമായ പ്രവചനം നടത്തുന്ന കൊച്ചുകുട്ടികളുടെ ചരിത്രങ്ങളും ചിത്രങ്ങളും ചിലപ്പോഴെല്ലാം പത്രങ്ങളിൽ കാണാറുണ്ട്. ഏതു കണക്കും ഉടനെതന്നെ മനസ്സുകൊണ്ടു ചെയ്തു ശരിയായ ഉത്തരം കണ്ടുപിടിക്കുന്ന കുട്ടികളും അപൂർവ്വമാണെങ്കിലും ഇക്കാലത്തുമുണ്ട്. പൂർവ്വജന്മസംസ്കാരംകൊണ്ടാണ് അവക്ക് ഈ ജന്മം ജ്ഞാനവിജ്ഞാനവിഷയങ്ങളിൽ ഇങ്ങനെയുള്ള വൈദഗ്ദ്ധ്യം സിദ്ധിക്കുന്നത്. ഭഗവാൻ ജ്ഞാനസ്വരൂപനാണ്. മായാമയമായ ശുദ്ധസത്വമാണ് അവതാരശരീരം. അതു കർമ്മത്തിനതീതവും സ്വതന്ത്രവുമാണ്. സാധാരണ ജീവൻെറ ശരീരം അവിദ്യാമയവും പഞ്ചഭൂതനിർമ്മിതവും കർമ്മങ്ങൾക്കധീനവുമാണ്. അതുകൊണ്ട് ജ്ഞാനം പ്രതിബന്ധിക്കപ്പെട്ടിരിക്കും. അഭ്യാസജന്യമായ സംസ്കാരംകൊണ്ടേ പ്രതിബന്ധം നീങ്ങി അതു പ്രകാശിക്കുകയുള്ളു. എന്നാൽ സത്വമയശരീരിയായ അവതാരപുരുഷൻെറ ജ്ഞാനത്തിന് ഒരു പ്രതിബന്ധവുമില്ല. അതു തനിയെ പ്രകാശിക്കും. ലോകക്കൊരു പാഠമായിത്തീരട്ടെ എന്നു വിചാരിച്ച് ശ്രീകൃഷ്ണൻ സാന്ദീപനിയെ ഗുരുവായി വരിച്ചതാണ്. ഗുരുകുലത്തിൽ പോകുന്നതിനുമുമ്പ് അതിബാല്യത്തിൽപ്പോലും കലകളും ശാസ്ത്രങ്ങളും അദ്ദേഹത്തിൽ പ്രകാശിച്ചിരുന്നു. കാളിയൻെറ ഫണത്തിൽ നൃത്തമാടിയതും ഗോപികമാരുമൊത്തു രാസക്രീഡ നടത്തിയതും വിശ്വമോഹനമായ മുരളീഗാനം മുഴക്കി വൃന്ദാവനത്തിലെ പക്ഷിമൃഗാദികളെയും തരുലതാദികളെയുംപോലും രസിപ്പിച്ചതും അതിനു തെളിവാണല്ലോ. ഗാനവും നൃത്തവും അക്കാലത്ത് അദ്ദേഹം ആരിൽനിന്നും പരിശീലിച്ചിരുന്നില്ല. അതെല്ലാം തനിയേ പ്രകടമാവുകയായിരുന്നു. ശ്രീകൃഷ്ണൻ പ്രാചീനന്മാരായ നാലു സംഗീതാചാര്യന്മാരിൽ പ്രമുഖനായ ഒരു വ്യക്തിയായിരുന്നുവെന്ന് സംഗീതശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. താണ്ഡവം, ലാസ്യം എന്ന് പ്രാചീനനൃത്യം രണ്ടുവിധത്തിലുണ്ട്. ഇതു രണ്ടിൽനിന്നും ഭിന്നവും ആനന്ദജനകവുമായ ഒരു പുതിയ നൃത്തവിശേഷം ശ്രീകൃഷ്ണൻ ആവിഷ്കരിച്ചതായി പറയപ്പെടുന്നു.

ഭാരതീയസംഗീതത്തിൽ ഇന്നു നാലു സമ്പ്രദായങ്ങൾ നിലവിലുണ്ട്. അവയുടെ ആദിമാചാര്യന്മാർ നാരദനും ഭരതനും ഹനുമാനും ശ്രീകൃഷ്ണനുമാണ്. അതുകൊണ്ട് നാരദസംഗീതം, ഭരതസംഗീതം, ഹനുമത് സംഗീതം, ശ്രീകൃഷ്ണസംഗീതം എന്നീ പേരുകളിലാണ് അവ നാലും അറിയപ്പെടുന്നത്. അവയിൽ ശ്രീകൃഷ്ണൻ ആവിഷ്കരിച്ച സംഗീതസമ്പ്രദായം ഏററവും കഠിനവും എന്നാൽ മറെറല്ലാററിനെക്കാളും പരമാനന്ദപ്രദവുമാണെന്ന് സംഗീതവിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

ആയോധനവിദ്യ പരിശീലിക്കുന്നതിനുമുമ്പാണ് വൃന്ദാവനത്തിൽവെച്ച് പല അസുരന്മാരെ കൊന്നതും മഥുരയിൽ ചെന്ന് മല്ലയുദ്ധത്തിൽ ബലിഷ്ഠനായ ചാണൂരനെയും മററും പരാജയപ്പെടുത്തി കാലപുരത്തിനയച്ചതും. മല്ലയുദ്ധത്തിൽ പരിപാലിക്കേണ്ട നിയമങ്ങളെല്ലാം ഒട്ടും തെററിക്കാതെയാണ് ശ്രീകൃഷ്ണൻ തൻെറ യുദ്ധകലാവൈദഗ്ദ്ധ്യം പ്രകടിപ്പിച്ച് പ്രതിമല്ലന്മാരെ നിലത്തുവീഴ്ത്തിയത്.

ഇന്ദ്രൻെറ പ്രസാദംകൊണ്ടാണ് കാലാകാലങ്ങളിൽ മഴപെയ്യുന്നതെന്നു ധരിച്ചിരുന്ന ഗോപന്മാർ നന്ദഗോപൻെറ നേതൃത്വത്തിൽ ആണ്ടുതോറും ഇന്ദ്രപ്രീതിക്കുവേണ്ടി യജ്ഞംനടത്തുക പതിവായിരുന്നു. ആ ധാരണ തെററാണെന്നു സ്ഥാപിച്ച് കൃഷീവലന്മാരായ നമ്മൾ ജ്ഞാനികളായ ബ്രാഹ്മണരേയും പരിശുദ്ധകളായ പശുക്കളേയും പശുവിനു തീററതരുന്ന ഗോവർദ്ധനപർവ്വതത്തേയുമാണ് പൂജിക്കേണ്ടതെന്ന് ശ്രുതിക്കും യുക്തിക്കും അനുഭവത്തിനും ഇണങ്ങത്തക്കവണ്ണം സമർത്ഥിച്ചുകൊണ്ട് ശ്രീകൃഷ്ണൻ നടത്തിയ പ്രഭാഷണം ഭാഗവതം ദശമസ്കന്ധം ഇരുപത്തിനാലാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതു വായിച്ചാലറിയാം, പ്രകൃതിശാസ്ത്രം, കർമ്മവിജ്ഞാനം, ദേവതാജ്ഞാനം ബ്രഹ്മജ്ഞാനം മുതലായ വിഷയങ്ങളിൽ ആ ബാല്യകാലത്തുപോലും അദ്ദേഹത്തിന് അഗാധമായ വിജ്ഞാനമുണ്ടായിരുന്നുവെന്ന് ദശമത്തിൽ ശ്രീകൃഷ്ണൻ ഉദ്ധവർമുഖാന്തിരം യശോദയ്ക്കും നന്ദഗോപനും ഗോപികമാർക്കും ആത്മോപദേശം നല്കുന്നതായും ഏകാദശത്തിൽ ഉദ്ധവനും വസുദേവനും മോക്ഷലാഭത്തിനുവേണ്ടി നാനാവിധത്തിലുള്ള സാധനകളും യോഗവേദാന്താദിവിവിധശാസ്ത്രസിദ്ധാന്തങ്ങളും വിവരിച്ചുകൊടുക്കുന്നതായും വർണ്ണിച്ചിട്ടുണ്ട്. അതുപോലെ വർണ്ണധർമ്മങ്ങൾ, ആശ്രമധർമ്മങ്ങൾ, തുടങ്ങി വിവിധവിഷയങ്ങൾ അദ്ദേഹം പല ഘട്ടങ്ങളിലായി പലർക്കും ഉപദേശിച്ചുകൊടുത്തിട്ടുണ്ട്. അവ പരിശോധിച്ചുനോക്കിയാൽ ശ്രീകൃഷ്ണൻ യോഗേശ്വരൻ മാത്രമല്ല ജ്ഞാനേശ്വരൻകൂടിയായിരുന്നുവെന്നു സ്പഷ്ടമാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈരാഗ്യം

ഭഗവാൻെറ ആറാമത്തെ ഗുണമാണല്ലൊ വൈരാഗ്യം. വിഷയവൈതൃഷ്ണ്യമാണ് വൈരാഗ്യം. വിഷയസുഖങ്ങൾ ത്യജിക്കാനുള്ള സന്നദ്ധതയിലാണ് അതു പ്രകടമാകുന്നതു്. മാനാവമാനങ്ങളേയും സുഖദുഃഖങ്ങളേയും ലാഭാലാഭങ്ങളേയും തുല്യനിലയിൽ വീക്ഷിക്കുവാനുള്ള കരുത്ത് വൈരാഗ്യംകൊണ്ടേ ഉണ്ടാവുകയുള്ളൂ. ബാല്യകാലത്തു ഗോകുലവും വൃന്ദാവനവും ഗോകുലത്തിലെ ബാലന്മാരും ബാലികമാരും ആ നന്ദകുമാരനെ അത്യന്തം ആനന്ദിപ്പിച്ചിരുന്നു. പക്ഷേ, മഥുരയിൽ പോയതിനുശേഷം പിന്നൊരിക്കലും അദ്ദേഹം ആമ്പാടിയിലും വൃന്ദാവനത്തിലും വന്നിട്ടേയില്ല. കംസൻെറ മരണശേഷം മഥുരാസാമ്രാജ്യവും ദുര്യോധനാദികളുടെ പരാജയത്തിനുശേഷം കുരുസാമ്രാജ്യവും ശ്രീകൃഷ്ണൻെറ കാലടിക്കധീനമായി. പക്ഷേ, അദ്ദേഹം രാജസ്ഥാനം സ്വീകരിക്കാതെ മഥുരാനാഥനായി ഉഗ്രസേനനെയും കുരുനാട്ടിന്നധിപനായി യുധിഷ്ഠിരനേയുമാണു വാഴിച്ചതു്. അതുപോലെ ജരാസന്ധൻെറയും ഭൗമാസുരൻെറയും സാമ്രാജ്യവും അദ്ദേഹത്തിനു കൈവശപ്പെട്ടതാമായിരുന്നു. അങ്ങനെയൊന്നും ചെയ്തില്ലെന്നു മാത്രമല്ല ജീവിതാവസാനംവരെ എല്ലാ രാജാക്കന്മാരുടെയും ആരാധ്യപുരുഷനായ അദ്ദേഹം ഉഗ്രസേനമഹാരാജാവിൻെറ ഒരു പ്രജയെന്ന നിലയിലാണ് ജീവിച്ചിരുന്നതു്. ഈ സംഭവങ്ങളെല്ലാം ശ്രീകൃഷ്ണൻെറ പൂർണ്ണമായ വൈരാഗ്യത്തിൻെറ പ്രകടനമല്ലാതെ മറ്റൊന്നുമല്ല. ബാല്യകാലത്തു ഗോപികമാരോടൊത്തുചേർന്നു വിവിധലീലകളിൽ അവിടന്ന് ഏർപ്പെട്ടിരുന്നുവെങ്കിലും 'അവരുദ്ധസൗരതനായി'ത്തന്നെ വിജയിക്കുകയാണുണ്ടായതു്. അതുപോലെ ദ്വാരകയിൽ പതിനാറായിരത്തെട്ടു ഭാര്യമാരുമൊരുമിച്ചു ശ്രീകൃഷ്ണൻ കഴിഞ്ഞുകൂടിയെങ്കിലും ആ സുന്ദരികൾക്കു കടാക്ഷവീക്ഷണാദികൾകൊണ്ടും ഹാവഭാവാദികൾകൊണ്ടും അദ്ദേഹത്തിൻെറ മനസ്സിൽ ഒട്ടും വികാരമുണ്ടാക്കാൻ കഴിഞ്ഞില്ല.

പത്ന്യസ്തു ഷോഡശസഹസ്രമനംഗബാണൈ–
ര്യസ്യേന്ദ്രിയം വിമഥിതും കരണൈർന വിഭ്യഃ

എന്ന ഭാഗവതപ്രമാണംതന്നെ അതിനു തെളിവാണ്. ഇതു ശ്രീകൃഷ്ണൻെറ വൈരാഗ്യാത്മകമായ സംയമനത്തെയാണല്ലോ കാണിക്കുന്നതു്. അദ്ദേഹം അഖിലേശ്വരനായിരുന്നിട്ടും മഹർഷിശാപംകൊണ്ടു തൻെറ പുത്രപൗത്രാദിവംശപരമ്പര തമ്മിൽത്തല്ലി നശിക്കാതിരിക്കുന്നതിനുവേണ്ടി ഒന്നും പ്രവർത്തിച്ചില്ല. ഇതു് അദ്ദേഹത്തിൻെറ മമതാരാഹിത്യത്തെയാണു സൂചിപ്പിക്കുന്നതു്. ഇങ്ങനെ നോക്കിയാൽ ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം ഇവയുടെ പൂർണ്ണത ശ്രീകൃഷ്ണജീവിതത്തിൽ സഹജമായി പ്രകാശിച്ചിരുന്നുവെന്നു കാണാൻ കഴിയും. അതുകൊണ്ടാണ് ഭാഗവതകാരൻ പറഞ്ഞതു്, ''കൃഷ്ണസ്തു ഭഗവാൻ സ്വയം'' എന്നു്.

ഐശ്വര്യം ശങ്കരാദീശ്വരവിനിമയനം
　　വിശ്വതേജോഹരാണാം
തേജസ്സംഹാരി വീര്യം, വിമലമപി യശോ–
　　നിഃസ്പൃഹൈശ്ചോപഗീതം,
അംഗാസംഗാ സദാ ശ്രീ,രഖിലവിദസി,ന
　　ക്വാപി തേ സംഗവാർത്താ
തദ്വാതാഗാരവാസിൻ! മുരഹര! ഭഗവ–
　　ച്ഛബ്ദമുഖ്യാശ്രയോസി

എന്ന് ഭക്താഗ്രിമനായ ശ്രീനാരായണഭട്ടതിരിപ്പാട് ശ്രീകൃഷ്ണൻെറ ഭഗവദ്ഭാവത്തെക്കുറിച്ച് നാരായണീയം പ്രഥമദശകം പത്താംശ്ലോകത്തിൽ മനോഹരമായി വർണ്ണിച്ചിരിക്കുന്നു. ''അങ്ങേയ്ക്കു ശിവൻ മുതലായ ഈശ്വരന്മാരെ നിയമിക്കുന്നതിനുപോലുമുള്ള അധികാരമുണ്ടു്. ത്രൈലോക്യവിജയികളുടെ സകല ശക്തിയേയും സംഹരിക്കത്തക്കവണ്ണമുള്ള വീര്യവുമുണ്ടു്. അങ്ങയുടെ കീർത്തിയാകട്ടെ ചിത്തശുദ്ധികരവും നിസ്സംഗന്മാരായ മഹർഷിമാർപോലും പ്രകീർത്തിക്കുന്നതുമാണ്. എല്ലാം അങ്ങേയ്ക്കറിയാം ഒരു വിഷയത്തിലും അങ്ങേയ്ക്ക് ആസക്തിയുള്ളതായി കേട്ടിട്ടുപോലുമില്ല. ലക്ഷ്മീദേവി എപ്പോഴും അങ്ങയുടെ വക്ഷഃസ്ഥലത്താണിരിക്കുന്നതു്. ഇപ്രകാരം ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം എന്ന ആറു ലക്ഷണങ്ങളും തികഞ്ഞിരിക്കുന്നതിനാൽ അല്ലയോ ഗുരുവായൂരപ്പാ—കൃഷ്ണാ—അങ്ങയെത്തന്നെയാണ് ഭഗവാൻ എന്നു പറയേണ്ടതു്.'' എന്നാണ് പ്രസ്തുത ശ്ലോകത്തിൻെറ ആശയം.

ഭഗവൽഗുണങ്ങളോടൊപ്പംതന്നെ ഉത്തമങ്ങളായ മനുഷ്യഗുണങ്ങളും ശ്രീകൃഷ്ണനെ പൂർണ്ണമനുഷ്യനാക്കിത്തീർത്തിരുന്നു. താൻ ഷഡ്ഗുണസമ്പന്നനായ ഭഗവാനാണെന്നുള്ള വസ്തുത ശ്രീകൃഷ്ണൻ ഒരിക്കലും മറന്നിരുന്നില്ല. എന്നാൽ മാതാപിതാക്കന്മാരുടെ മുമ്പിൽ മാതൃകാപരമായ ഒരു പുത്രജീവിതവും ഗുരുജനങ്ങളുടെ മുമ്പിൽ ഉത്തമനായ ഒരു ശിഷ്യൻെറ ഭാവവും സ്നേഹിതന്മാരുടെ മുമ്പിൽ സ്നേഹബദ്ധനായ ഒരു സുഹൃത്തിൻെറ നിലയും ഭാര്യമാരുടെ മുമ്പിൽ പ്രണയൈകധാമമായ ഒരു ഭർത്താവിൻെറ സ്ഥിതിയും പുത്രന്മാരുടെ മുമ്പിൽ വാത്സല്യനിധിയായ ഒരു പിതാവിൻെറ ഭാവവും ശത്രുക്കളുടെ മുമ്പിൽ സംഹാരരുദ്രൻെറ വടിവും അദ്ദേഹം കൈക്കൊണ്ടിരുന്നു.

മല്ലാനാമശനിർ നൃണാം നരവരഃ, സ്ത്രീണാം സ്മരോ മൂർത്തിമാൻ,
ഗോപാനാം സ്വജനോ/സതാം ക്ഷിതിഭുജാം ശാസ്താ, സ്വപിത്രോഃ ശിശുഃ
മൃത്യുർഭോജപതേർവ്വിരാഡവിദുഷാം തത്ത്വം പരം യോഗിനാം
വൃഷ്ണീനാം പരദേവതേതി വിദിതോ രംഗം ഗതഃ സാഗ്രജഃ

എന്നാണ് കംസൻ ഏർപ്പെടുത്തിയ മല്ലയുദ്ധരംഗത്തേക്കു പ്രവേശിച്ച ശ്രീകൃഷ്ണനെ ഭാഗവതം ദശമസ്കന്ധം നാല്പത്തിമൂന്നാമദ്ധ്യായം പതിനേഴാം ശ്ലോകത്തിൽ ചിത്രീകരിച്ചിരിക്കുന്നതു്. ''രംഗഭൂവിൽ ബലരാമനോടുകൂടി പ്രവേശിച്ച ശ്രീകൃഷ്ണൻ മനുഷ്യർക്ക് മനുഷ്യശ്രേഷ്ഠൻെറ രൂപത്തിലും സ്ത്രീകൾക്ക് ശരീരമെടുത്ത കാമദേവൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപത്തിലും സുദാമാവ്, ശ്രീദാമാവ് തുടങ്ങിയ ഗോപന്മാക്ക സ്വജനത്തിൻെറ രൂപത്തിലും ദുഷ്ടന്മാരായ
രാജാക്കന്മാക്ക് ദണ്ഡമേല്പിക്കുന്ന ശാസകൻെറ രൂപത്തിലും യശോദ, ദേവകി, നന്ദഗോപൻ, വസുദേവൻ
ഇവക്ക തങ്ങളുടെ ഓമനക്കുഞ്ഞിൻെറ രൂപത്തിലും കംസന് പ്രത്യക്ഷമായ മൃത്യുവിൻെറ രൂപത്തിലും അജ്ഞാനി
കംക്ക വിരാഡ്രൂപത്തിലും യോഗികംക്ക പരംപൊരുളായ ബ്രഹ്മത്തിൻെറ രൂപത്തിലും യാദവന്മാക്ക് പര
ദേവതയുടെ രൂപത്തിലും അനുഭവപ്പെട്ടു. ഈ വണ്ണനയിൽ ശ്രീകൃഷ്ണപരമാത്മാവിൻെറ ശരിയായ രൂപം ഭാഗ
വതകാരൻ പ്രകടിപ്പിച്ചിട്ടുണ്ട്. അവിടുന്ന് എല്ലാവക്കും എല്ലാമായിരുന്നു. എന്നാൽ തൻെറ യഥാത്ഥഭാവം
മറച്ചുകൊണ്ടാണ് അദ്ദേഹം ജനങ്ങളോടു പെരുമാറിയിരുന്നത്. അതിനാൽ അതിബാലന്മാരും മുഗ്ദ്ധകളായ
സ്ത്രീകളും തുടങ്ങി സാക്ഷാത്കൃതപരമാത്മാക്കളായ വ്യാസാദിമഹഷിമാർവരെയുള്ള എല്ലാവരുംതന്നെ ശ്രീകൃ
ഷ്ണനെ ഭഗവാനെന്ന നിലയിലാണ് സമാരാധിച്ചിരുന്നത്. അവിടുന്നു ജ്ഞാനികംക്ക നിർഗ്ഗുണബ്രഹ്മവും
ഭക്തന്മാക്ക കൃപാനിധിയായ ഭഗവാനുമായിരുന്നു.

ശ്രീകൃഷ്ണൻെറ നിർഗ്ഗുണസഗുണഭാവങ്ങൾ

മററവതാരങ്ങളെ അപേക്ഷിച്ച് ഐശ്വര്യാദിഷഡ്ഗുണങ്ങൾ ശ്രീകൃഷ്ണനിൽ സഹജമായി വിളങ്ങിയിരുന്നതുകൊണ്ടാണ് ഋഷികൾ അദ്ദേഹത്തെ ഭഗവദ്രൂപത്തിൽ വണ്ണിച്ചിരിക്കുന്നത്. വൈഷ്ണവന്മാരിൽ ചിലർ വിഷ്ണുവിൻെറ അവതാരമായിട്ടാണ ശ്രീകൃഷ്ണനെ ദശിക്കുന്നത്. എന്നാൽ മററുചില വൈഷ്ണവന്മാർ വൈകുണ്ഠവാസിയായ വിഷ്ണുപോലും ഗോലോകവിഹാരിയായ കൃഷ്ണൻെറ അംശാവതാരമാണെന്നു വാദിക്കുന്നു. വൈഷ്ണവന്മാരെല്ലാവരും ഭഗവാൻെറ സഗുണവും സാകാരവുമായ ദിവ്യവിഗ്രഹം നിത്യമാണെന്നു വിശ്വസിക്കുന്നവരാണ്. ഭാഗവതം ശ്രദ്ധിച്ചു പഠിച്ചാൽ അതിൽ വണ്ണിച്ചിരിക്കുന്ന വിഷ്ണുവും കൃഷ്ണനും ഒന്നാണെന്നു മനസ്സിലാകും. നിർഗ്ഗുണവും നിരാകാരവുമായ ബ്രഹ്മസ്വരൂപമായും പീതാംബരനും ശ്രീവത്സാങ്കിതവക്ഷസ്സും ചതുർബാഹുവും ശംഖചക്രഗദാപത്മധാരിയുമായ വിഷ്ണുസ്വരൂപമായും മയിൽപ്പീലിയുമണിഞ്ഞു വൈജയന്തിമാലയും ധരിച്ച് ഓടക്കുഴലും വിളിച്ചുകൊണ്ടു പശുക്കളെ മേയ്ക്കുന്ന ഗോപബാലരൂപമായും ശ്രീകൃഷ്ണനെ ഭാഗവതത്തിൽ വണ്ണിച്ചിട്ടുണ്ട്.

ഹരിർഹി നിർഗ്ഗുണസ്സാക്ഷാൽ പുരുഷഃ പ്രകൃതേ പരഃ
സസവ്വദൃഗപദ്രഷ്ടാ തം ഭജന്നിർഗ്ഗുണോ ഭവേൽ (സ്ക. 10. അ. 88. ശ്ലോ 5)

എന്നു് ശ്രീകൃഷ്ണൻെറ നിർഗ്ഗുണഭാവം ശ്രീശുകബ്രഹ്മഷി പരീക്ഷിത്തിനു വ്യക്തമാക്കിക്കൊടുക്കുന്നു. ''അല്ലയോ പരീക്ഷിത്തുമഹാരാജാവേ! ഭഗവാൻ ശ്രീഹരിയാകട്ടെ മായയ്ക്കു് ഉപരിയായി നിർഗ്ഗുണഭാവത്തിൽ പ്രകാശിക്കുന്ന പൂണ്ണമായ ബ്രഹ്മമാണ്. ആ ബ്രഹ്മം അന്തഃകരണത്തിൽ സാക്ഷിരൂപത്തിൽ പ്രകാശിച്ച് എല്ലാററിനേയും അറിയുന്നുണ്ട്. നിർഗ്ഗുണമായ അതിനെ സ്വസ്വരൂപത്തിൽ ധ്യാനിക്കുന്നവൻ ഗുണാതീതനായി—മുക്തനായി—ത്തീരുന്നു എന്നാണ് പ്രകൃതശ്ലോകത്തിൻെറ സാരം.

അഹോ ഭാഗ്യമഹോ ഭാഗ്യം നന്ദഗോപവ്രജൗകസാം
യന്മിത്രം പരമാനന്ദം പൂണ്ണം ബ്രഹ്മസനാതനം (സ്ക. 10. അ. 14. ശ്ലോ. 32)

ബ്രഹ്മാവ് ശ്രീകൃഷ്ണനോടു പറയുകയാണ്. നന്ദഗോപൻ തുടങ്ങിയ ഗോകുലവാസികളുടെയെല്ലാം ഭാഗ്യം അത്ഭുതകരംതന്നെ. എന്തെന്നാൽ, സനാതനവും പരമാനന്ദസ്വരൂപവും പൂണ്ണവുമായ ബ്രഹ്മം അവക്ക മിത്രമായിത്തീന്നിരിക്കുന്നു എന്നത്ഥം. ''ഗൂഢം പരം ബ്രഹ്മമനുഷ്യലിംഗം'' എന്നും ഭാഗവതത്തിൽ ശ്രീകൃഷ്ണനെ വണ്ണിക്കുന്നുണ്ട്. സാക്ഷാൽ പരബ്രഹ്മംതന്നെ മനുഷ്യരൂപത്തിൽ ഒളിഞ്ഞിരിക്കുന്നുവെന്നാണല്ലോ ഇതു സൂചിപ്പിക്കുന്നത്. ഈ പ്രതിപാദനംകൊണ്ട് ശ്രീകൃഷ്ണൻെറ നിർഗ്ഗുണസ്വരൂപം സ്പഷ്ടമാകുന്നുണ്ടല്ലോ ഇനിയും സഗുണഭാവത്തെക്കുറിച്ചുകൂടി അല്പം പരാമശിക്കാം. ദശമം എഴുപത്തിമൂന്നാമദ്ധ്യായത്തിൽ ജരാസന്ധൻെറ കാരാഗൃഹത്തിൽനിന്നും മോചിപ്പിക്കപ്പെട്ട ഇരുപത്തിയെണ്ണായിരം രാജാക്കന്മാർ ശ്രീകൃഷ്ണനെ സാക്ഷാൽ വിഷ്ണുവായിക്കണ്ടു് ഭക്തിപൂവ്വം പ്രണമിക്കുന്ന ഭാഗമാണടിയിൽ ചേക്കുന്നത്.

....

ദദൃശു സ്തേ ഘനശ്യാമം പീതകൗശേയവാസസം
ശ്രീവത്സാങ്കം ചതുബ്ബാഹും പത്മഗർഭാരുണേക്ഷണം
ചാരുപ്രസന്നവദനം സ്ഫുരന്മകരകുണ്ഡലം
പത്മഹസ്തം ഗദാശംഖ രഥാംഗൈരുപലക്ഷിതം
കിരീടഹാരകടകകടിസൂത്രാംഗദാചിതം
ഭ്രാജദ്വരമണിഗ്രീവം നിവീതം വനമാലയാ
പിബന്ത ഇവ ചക്ഷുർഭ്യാം ലിഹന്ത ഇവ ജിഹ്വയാ
ജിഘ്രന്ത ഇവ നാസാഭ്യാം രംഭന്ത ഇവ ബാഹുഭിഃ
പ്രണേമുർഹത പാപ്മാനോ മൂദ്ധഭിഃ പാദയോർഹരേഃ

''വഷകാലത്തെ മേഘംപോലെ നീലവണ്ണമാന്ന ശരീരത്തോടും ഉടുത്തിരിക്കുന്ന മഞ്ഞപ്പട്ടോടും ഗദയും ചക്രവും ശംഖും പത്മവും ധരിച്ചിരിക്കുന്ന നാലു തൃക്കൈകളോടും മാറിടത്തിൽ വിളങ്ങുന്ന ശ്രീവത്സത്തോടും താമരപ്പൂവിൻെറ ഉള്ളിലുള്ള ദളംപോലെ ചുവന്ന കണ്ണുകളോടും കാതുകളിൽ അണിഞ്ഞിരിക്കുന്ന മകരകുണ്ഡലങ്ങളോടും പ്രസന്നമായ മുഖത്തോടും കിരീടം, മുത്തുമാല, കടകം, തോൾവള, അരഞ്ഞാൺ മുതലായ ദിവ്യാഭരണങ്ങളോടും കഴുത്തിലണിഞ്ഞിരിക്കുന്ന കൗസ്തുഭരത്നത്തോടും കണ്ഠംമുതൽ പാദംവരെ നീണ്ടുകിടക്കുന്ന വനമാലയോടുംകൂടി ശോഭിക്കുന്ന ശ്രീകൃഷ്ണനെ ആ രാജാക്കന്മാർ കണ്ടു. ആ കാഴ്ച നേത്രങ്ങൾകൊണ്ടു കുടിക്കുന്നതുപോലെയും നാക്കുകൾകൊണ്ടു നക്കുന്നതുപോലെയും മൂക്കുകൾകൊണ്ടു മണക്കുന്നതുപോലെയും ബാഹുക്കൾകൊണ്ടു് ആലിംഗനംചെയ്യുന്നതുപോലെയുമുള്ള അനുഭൂതിയാണ് അപ്പോൾ അവരുടെ ഹൃദയത്തിൽ ഉണ്ടാക്കിത്തീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തു്. ആ ദർശനംകൊണ്ടുതന്നെ മാലിന്യങ്ങളെല്ലാം നശിച്ചുപോയ രാജാക്കന്മാർ ശ്രീകൃഷ്ണന്റെ തൃപ്പാദങ്ങളിൽ ശിരസ്സുണച്ചു നമസ്കരിച്ചു.''

ഗോപസ്ത്രീകളുടെ മനസ്സിൽ പ്രേമവികാരം ഉളവാക്കുന്ന ശ്രീകൃഷ്ണസ്വരൂപം പരീക്ഷിത്തുമഹാരാജാവിനു് ശ്രീശുകൻ വിവരിച്ചുകൊടുക്കുന്നതാണു് അടിയിൽ കാണിക്കുന്നതു്.

ബർഹാപീഡം നടവരവപുഃ കർണ്ണയോഃ കർണ്ണികാരം
ബിഭ്രദ്വാസഃ കനകകപിശം വൈജയന്തീം ച മാലാം
രന്ധ്രാൻ വേണോരധരസുധയാ പൂരയൻ ഗോപവൃന്ദൈർ-
വൃന്ദാരണ്യം സ്വപദരമണം പ്രാവിശദ് ഗീതകീർത്തിഃ'' (സ്ക. 10. അ. 21. ശ്ലോ. 5)

''തലയിൽ മയിൽപ്പീലിയും കാതിൽ കൊന്നപ്പൂവും ശരീരത്തിൽ കനകനിറംപോലെയുള്ള പീതാംബരവും കഴുത്തിൽ മണമുള്ള അഞ്ചുതരം പൂക്കൾകൊണ്ടു കോർത്ത വൈജയന്തിമാലയുമണിഞ്ഞു് അഭിനയത്തിനുവേണ്ടി രംഗമഞ്ചത്തിൽ പ്രവേശിച്ച നല്ല നടനെപ്പോലെ സുന്ദരമായ വേഷത്തോടുകൂടി പൊന്നോടക്കുഴൽ ചുണ്ടോടുചേർത്തു് അധരസുധകൊണ്ടു് ആ കുഴലിന്റെ ദ്വാരങ്ങൾ നിറയ്ക്കുകയാണോ എന്നു തോന്നത്തക്കവണ്ണം ഗാനം മുഴക്കിക്കൊണ്ടു ശ്രീകൃഷ്ണൻ തന്റെ നാനാതരത്തിലുള്ള ലീലാമാഹാത്മ്യത്തെക്കുറിച്ചു പുകഴ്ത്തുന്ന ഗോപന്മാരോടുകൂടി സ്വപാദചിഹ്നംകൊണ്ടു് ഭക്തന്മാരുടെ ഹൃദയത്തെ രമിപ്പിക്കുന്ന വൃന്ദാവനത്തിൽ പ്രവേശിച്ചു'' എന്നാണല്ലോ ഈ ശ്ലോകത്തിന്റെ സാരം. ഇവിടെ വർണ്ണിക്കപ്പെട്ട ശ്രീകൃഷ്ണന്റെ മൂന്നു രൂപങ്ങളിൽ ഒന്നാമത്തേതു് പൂർണ്ണവും നിരാകാരവും നിർഗ്ഗുണവുമായ ബ്രഹ്മസ്വരൂപവും രണ്ടാമത്തേതു് സഗുണവും സാകാരവും ദിവ്യവുമായ വിഷ്ണുസ്വരൂപവും മൂന്നാമത്തേതു് സഗുണവും സാകാരവും സുന്ദരവുമായ മനുഷ്യസ്വരൂപവുമാണു്. ഇവയിൽ ബ്രഹ്മസ്വരൂപം സത്യവും ദേവരൂപവും മാനുഷരൂപവും മായാമയവുമാണെന്നു് ഭഗവതംതന്നെ പ്രഖ്യാപിക്കുന്നുണ്ടു്. ദേവകീവസുദേവന്മാരുടെ ആഗ്രഹമനുസരിച്ചു് ഭഗവാൻ വിഷ്ണുരൂപമുപേക്ഷിച്ചു് പ്രാകൃതശിശുവേഷം കൈക്കൊള്ളുന്നതായി ദശമസ്കന്ധം മൂന്നാം അദ്ധ്യായം നാൽപത്തിയാറാം ശ്ലോകത്തിൽ വിവരിച്ചിട്ടുണ്ടു്.

....

ഭഗവാനാത്മമായയാ
പിത്രോഃ സമ്പശ്യതോഃ സദ്യോ
ബഭൂവ പ്രാകൃതശ്ശിശുഃ

''മാതാപിതാക്കന്മാർ കണ്ടുകൊണ്ടിരിക്കെ ഭഗവാൻ തന്റെ യോഗമായാശക്തിയാൽ വിഷ്ണുസ്വരൂപമുപേക്ഷിച്ചു് സാധാരണ മനുഷ്യശിശുവായിത്തീർന്നു.'' എന്നാണിതിനർത്ഥം. ദിവ്യഭൂഷകളോടും ദിവ്യായുധങ്ങളോടും ചതുർബാഹുക്കളോടുംകൂടിയ വിഷ്ണു ദേവരൂപം ഉപേക്ഷിച്ചതു് മായകൊണ്ടാണെങ്കിൽ അതു സ്വീകരിച്ചതും ആ മായകൊണ്ടാണെന്നു തീരുമാനിക്കാമല്ലോ. ഇതുകൊണ്ടു് ശ്രീകൃഷ്ണന്റെ സാകാരമായ വിഷ്ണുസ്വരൂപവും മായാമയമാണെന്നു മനസ്സിലാക്കാം.

ഇനിയും ശ്രീകൃഷ്ണന്റെ മനുഷ്യരൂപത്തെക്കുറിച്ചുകൂടി പരിശോധിച്ചുനോക്കാം വത്സസ്തേയത്തിൽ ബ്രഹ്മാവിനു് പശുക്കുട്ടികളും ഗോപബാലന്മാരും വിഷ്ണുരൂപമായി അനുഭവപ്പെട്ടു. അതു കണ്ടു് ആശ്ചര്യചകിതനായി അദ്ദേഹം വീണ്ടും വൃന്ദാവനത്തിലേക്കു നോക്കിയപ്പോൾ പഴയതുപോലെ ശ്രീകൃഷ്ണനെത്തന്നെ കണ്ട വസ്തുതയാണു് ഇവിടെ വർണ്ണിക്കാൻപോകുന്നതു്.

തത്രോദ്വഹൽ പശുപവംശശിശുത്വനാട്യം
ബ്രഹ്മാദ്വയം പരമനന്തമഗാധബോധം
വത്സാൻ സഖീനിവ പുരാ പരിതോ വിചിന്വ-
ദേകം സപാണികവലം പരമേഷ്ഠ്യചഷ്ട. (സ്ക. 10. അ. 13. ശ്ലോ. 61)

ശ്രീശുകൻ പരീക്ഷിത്തുമഹാരാജാവിനോടു പറയുകയാണു്, ''ദേശംകൊണ്ടോ കാലംകൊണ്ടോ മറ്റു വസ്തുക്കൾ
കൊണ്ടോ നാശമില്ലാത്തതും സജാതീയമോ വിജാതീയമോ സ്വഗതമോ ആയ ഭേദം അല്പംപോലും ഏശാത്തതും
ഏകവും അഖണ്ഡബോധസ്വരൂപവുമാണു് ബ്രഹ്മം. അതു് ഗോപാലവേഷം നടിച്ചു് ചോററുരുള കൈയിലെടു
ത്തു പശുക്കിടാങ്ങളേയും കൂട്ടുകാരേയും അന്വേഷിച്ചുകൊണ്ടിരിക്കുന്നതു് പഴയതുപോലെ അവിടെ—വൃന്ദാവന
ത്തിൽ—ബ്രഹ്മാവു കണ്ടു'' എന്നു്. ഇവിടെ ബ്രഹ്മം സത്യവും ഗോപാലവേഷം മായികവുമാണെന്നു തെളിയു
ന്നുണ്ടല്ലോ. ബ്രഹ്മാവു് ആദ്യം വിഷ്ണുരൂപത്തിൽക്കണ്ടതും പിന്നീടു് ഗോരൂപത്തിലും ഗോപാലരൂപത്തിലും
കണ്ടതും സച്ചിന്മയമായ ബ്രഹ്മത്തെയാണെന്നു് ഈ പ്രകരണംകൊണ്ടു തെളിയുന്നു. ഭഗവാനു് നിർഗ്ഗുണമെന്നും
സഗുണമെന്നും രണ്ടു ഭാവമുണ്ടു്. നിർഗ്ഗുണഭാവം ശുദ്ധവും സച്ചിദാനന്ദസ്വരൂപവുമായ ബ്രഹ്മവും സഗുണഭാവം
ഷഡ്ഗുണസമ്പന്നനായ ഭഗവാൻമുതൽ കല്കിവരെയുള്ള അവതാരങ്ങളും ആകുന്നു. നിർഗ്ഗുണബ്രഹ്മത്തിൽ എല്ലാ
അവതാരങ്ങളും കല്പിതങ്ങളാണു്. എന്നാൽ, അധിഷ്ഠാനത്തിൽനിന്നു ഭിന്നമായി കല്പിതവസ്തുവിനു് സത്തയി
ല്ലെന്നുള്ള വേദാന്തസിദ്ധാന്തമനുസരിച്ചു് ആ അവതാരങ്ങളെല്ലാം ബ്രഹ്മസ്വരൂപമാണെന്നു സിദ്ധിക്കുന്നു. ആ
നിലയിൽ ശ്രീകൃഷ്ണനെ പരബ്രഹ്മമായിട്ടും സാക്ഷാൽ ഭഗവാനായിട്ടും പൂർണ്ണാവതാരമായിട്ടും സ്തുതിക്കുന്നതിൽ
യാതൊരു സിദ്ധാന്തഹാനിയുമില്ല. ആദ്ധ്യാത്മികദൃഷ്ടിയിൽ ബ്രഹ്മവും ആധിദൈവികദൃഷ്ടിയിൽ വിഷ്ണുവും
ലൗകികദൃഷ്ടിയിൽ പൂർണ്ണമനുഷ്യനുമാണു് ശ്രീകൃഷ്ണൻ.

രണ്ടു ശ്രീകൃഷ്ണന്മാരുണ്ടോ?

ശ്രീമദ്ഭാഗവതത്തിൽ ശ്രീകൃഷ്ണന്റെ ലൗകികഭാവത്തേക്കാൾ ദൈവികഭാവത്തിനും ആദ്ധ്യാത്മികഭാവ
ത്തിനുമാണു് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. എന്നാൽ മഹാഭാരതത്തിൽ അദ്ദേഹത്തിന്റെ ലൗകികഭാവം മു
ഴുതലായി പ്രകാശിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് മഹാഭാരതത്തിൽ വർണ്ണിച്ചിട്ടുള്ള ശ്രീകൃഷ്ണനും ശ്രീമദ് ഭാഗവ
തത്തിൽ വർണ്ണിച്ചിട്ടുള്ള ശ്രീകൃഷ്ണനും ഒന്നല്ലെന്നു ചില പണ്ഡിതന്മാർക്കു് അഭിപ്രായമുണ്ടു്. അവരിലധികവും
പാശ്ചാത്യരാണു്. ചെറുപ്പകാലത്തു് ആമ്പാടിയിൽ ഗോപിമാരുടെ വെണ്ണയും പാലും കവർന്നുതിന്നു് സ്വച്ഛ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ദം വിഹരിച്ചും വൃന്ദാവനത്തിൽ ഗോപിമാരുമായി രാസക്രീഡയിൽ രമിച്ചും ഒരു ദുർവൃത്തനെപ്പോലെ ജീവിച്ച ശ്രീകൃഷ്ണൻ മഹാഭാരതത്തിൽ അജ്ജുനൻെറ സാരഥ്യം വഹിക്കുന്നതിനും അലൗകികജ്ഞാനഭണ്ഡാഗാരമായ ഗീത അദ്ദേഹത്തിനുപദേശിച്ചുകൊടുക്കുന്നതിനും അർഹനല്ലെന്നാണ് അക്കൂട്ടരുടെ വാദം. അതുകൊണ്ട് ഭാരതത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന ശ്രീകൃഷ്ണനും ഭാഗവതപ്രതിപാദിതനായ ശ്രീകൃഷ്ണനും രണ്ടാണെന്ന നിഗമനത്തിലാണ് അവരെത്തിച്ചേർന്നിരിക്കുന്നത്. പക്ഷേ, ആ അഭിപ്രായത്തെ ഖണ്ഡിച്ച് ഭാരതത്തിലും ഭാഗവതത്തിലും വർണ്ണിക്കപ്പെട്ടിട്ടുള്ള ശ്രീകൃഷ്ണൻ ഒന്നുതന്നെയാണെന്ന് ഭാരതശ്ലോകങ്ങളും ഭാഗവതശ്ലോകങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് മഹാപണ്ഡിതന്മാരായ ചിലർ യുക്തിയുക്തം സമർത്ഥിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ശ്രീകൃഷ്ണനെ അഗ്ര്യപൂജയ്ക്കു തെരഞ്ഞെടുത്തപ്പോൾ ക്ഷുബ്ധനായിത്തീർന്ന ശിശുപാലൻ അദ്ദേഹത്തെ പലവിധത്തിൽ ശകാരിക്കുന്നതായി മഹാഭാരതം സഭാപർവ്വം നാൽപ്പത്തിയൊന്നാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ പരിഹാസരൂപത്തിൽ പൂതന, കേശി, വൃഷഭാസുരൻ, ശകടാസുരൻ ഇവരെ കൊന്നതും ഗോവർദ്ധനപർവ്വതം കൈകൊണ്ടെടുത്തതും സൂചിപ്പിക്കുന്നുണ്ട്. അതെല്ലാം വെറും നിസ്സാരങ്ങളാണെന്നാണ് ശിശുപാലൻ ചൂണ്ടിക്കാണിക്കുന്നത്. എങ്കിലും അതുകൊണ്ട് യുധിഷ്ഠിരൻെറ യജ്ഞത്തിൽ അഗ്ര്യപൂജയ്ക്കർഹനായിത്തീർന്ന ശ്രീകൃഷ്ണൻതന്നെയാണ് ബാല്യകാലത്ത് വ്രജത്തിലും വൃന്ദാവനത്തിലും ലീലാഗോപബാലനായി വിഹരിച്ചതെന്ന് സിദ്ധിക്കുന്നുണ്ട്. ധൃതരാഷ്ട്രർ ശ്രീകൃഷ്ണൻെറ മാഹാത്മ്യത്തെ സ്തുതിച്ച് സഞ്ജയനോടു പറയുന്നതായി ദ്രോണപർവ്വത്തിലും പ്രതിപാദിക്കുന്നുണ്ട്. ആ സ്തുതിയിലും ശ്രീകൃഷ്ണൻ ഗോകുലം, വൃന്ദാവനം, ഹസ്തിനപുരം തുടങ്ങിയ ധാമങ്ങളിൽ നടത്തിയ പ്രവൃത്തികളെ പരാമർശിക്കുന്നുണ്ട്. ഇതുകൊണ്ടെല്ലാം ശ്രീകൃഷ്ണൻ ഒന്നേ ഉണ്ടായിരുന്നുള്ളുവെന്നു തീരുമാനിക്കാവുന്നതാണ്.

ഭാഗവതകാരൻ ഈശ്വരൻെറ എല്ലാ ഭാവങ്ങളും ശ്രീകൃഷ്ണനിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിർഗ്ഗുണവും നിരാകാരവുമായ ബ്രഹ്മചൈതന്യത്തെ സ്വസ്വരൂപത്തിൽ സാക്ഷാത്കരിച്ചെങ്കിലേ കൈവല്യം സിദ്ധിക്കയുള്ളു. പക്ഷേ, അങ്ങനെ സാക്ഷാത്കരിക്കുവാൻ അപൂർവ്വം ചില ഉത്തമാധികാരികൾക്കു മാത്രമേ സാദ്ധ്യമാവുകയുള്ളു. മദ്ധ്യമാധികാരികളെയും അധമാധികാരികളെയുംകൂടി സഗുണസാകാരോപാസനകൾവഴി നിർഗ്ഗുണബ്രഹ്മഭാവത്തിലെത്തിക്കുവാനാണ് സഗുണബ്രഹ്മത്തിൻെറ വിവിധഭാവങ്ങൾകൂടി അവതാരങ്ങളെന്നനിലയിൽ ഋഷികൾ പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ തത്ത്വം മനസ്സിലാക്കിയാൽ ഭാഗവതത്തിൽ വർണ്ണിച്ചിരിക്കുന്ന ഈശ്വരഭാവങ്ങളെല്ലാം ജീവനു ശ്രേയോലാഭത്തിനുള്ളതാണെന്നു ഗ്രഹിക്കാൻ പ്രയാസമില്ല.

ജീവതത്ത്വം

ജീവൻ സർവ്വജ്ഞനും സർവ്വശക്തനും പൂർണ്ണനും ആണെങ്കിലും ഈശ്വരൻെറ തിരോധാനശക്തിനിമിത്തം കിഞ്ചിജ്ജ്ഞനും, കിഞ്ചിത്കരനും, അണുവുമായിത്തീർന്നിരിക്കയാണെന്ന് വൈഷ്ണവതന്ത്രമനുസരിച്ച് ഭാഗവതത്തിലും വർണ്ണിച്ചിട്ടുണ്ട്. കിഞ്ചിജ്ജ്ഞത്വം, കിഞ്ചിത്കരത്വം, അണുത്വം ഇവയ്ക്ക് മലം എന്നാണ് വൈഷ്ണവതന്ത്രത്തിലെ സാങ്കേതികസംജ്ഞ. മലമാണു ജീവനെ സംസാരത്തിൽ ബദ്ധനാക്കിത്തീർക്കുന്നത്. ജീവനും കർമ്മവും അനാദിയാണ്. അനാദിയായ കർമ്മമനുസരിച്ചു ജീവൻ എപ്പോഴും ജനിക്കുകയും മരിക്കുകയും ചെയ്തു ക്ലേശങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ക്ലേശങ്ങൾ കണ്ട് ഭഗവാൻെറ ഹൃദയത്തിൽ തനിയേ കൃപ ഉണ്ടാകുന്നു. ഈ കൃപയ്ക്ക് അനുഗ്രഹശക്തിയെന്നും ശക്തിപാതമെന്നും പേരുണ്ട്. തൻെറ സഹജമായ കാരുണ്യം ഈശ്വരൻ ആ ജീവന്മാരിൽ ചൊരിയുമ്പോൾ അവരുടെ ശുഭാശുഭകർമ്മങ്ങൾ സാമ്യാവസ്ഥയെ പ്രാപിച്ച് ഫലജനകമല്ലാതായിത്തീരും. അതോടുകൂടി വിവേകവും വൈരാഗ്യവും ഉണ്ടായി മോക്ഷലാഭത്തിനുവേണ്ടി—ഈശ്വരപ്രാപ്തിക്കുവേണ്ടി—ആ ജീവന്മാർ പ്രവർത്തിക്കാൻ തുടങ്ങും. ഇങ്ങനെയാണ് ജീവന്മാരുടെ സ്വരൂപത്തെപ്പററി ഭാഗവതത്തിൽ സൂചിപ്പിക്കുന്നത്. എന്നാൽ ജീവൻ ബ്രഹ്മംതന്നെയാണെന്നും സാധനചതുഷ്ടയസമ്പന്നനായ അധികാരിക്ക് സദ്ഗുരുവിന്റെ ഉപദേശംകൊണ്ട് അജ്ഞാനംനിമിത്തം തന്നിൽ വന്നുചേർന്ന സംസാരബന്ധം നീക്കി മുക്തനാകാൻ കഴിയും എന്നും ഉള്ള വേദാന്തസിദ്ധാന്തവും ഭാഗവതത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈശ്വരാനുഗ്രഹംകൊണ്ടു മാത്രമേ ജീവനു ബ്രഹ്മപ്രാപ്തി ഉണ്ടാകുകയുള്ളു എന്നുള്ളത് വ്യാവഹാരികമായി വേദാന്തികളും സമ്മതിക്കുന്നു.

ജീവൻ ഈശ്വരൻെറ അംശവും അണുവുമാണെന്ന് വൈഷ്ണവന്മാർ വാദിക്കുമ്പോൾ ആ ജീവൻ വിഭു—ഈശ്വരൻ—നിർഗ്ഗുണബ്രഹ്മം—തന്നെയുമാണെന്നും അജ്ഞാനംനിമിത്തമാണ് അണുത്വാഭിമാനം വന്നുചേർന്നതെന്നും വേദാന്തികൾ സിദ്ധാന്തിക്കുന്നു.

ജീവഭേദം

നിത്യൻ, ബദ്ധൻ, മുക്തൻ എന്നു ജീവന്മാർ മൂന്നുവിധത്തിലുണ്ടെന്ന് നിംബാർക്കമതാവലംബികളായ വൈഷ്ണവന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ വല്ലഭാചാര്യമതാവലംബികൾ ശുദ്ധൻ, സംസാരി, മുക്തൻ എന്നു മൂന്നായിട്ടാണ് ജീവന്മാരെ വിഭജിച്ചിരിക്കുന്നത്. എപ്പോഴും സംസാരത്തിൽനിന്നു വിമുക്തന്മാരായി ശുദ്ധസത്ത്വശരീരികളായി ഭഗവൽസാരൂപ്യം പ്രാപിച്ച് വൈകുണ്ഠത്തിൽ നിവസിക്കുന്ന ഭഗവദനുചരന്മാരാണ് നിത്യജീവന്മാർ. ഭഗവാൻെറ ഐശ്വര്യാദിഗുണങ്ങൾ അവർക്കുണ്ട്. എന്നാൽ സൃഷ്ടിസ്ഥിതിസംഹാരകർത്തൃത്വമോ ലക്ഷ്മീവല്ലഭത്വമോ അവർക്കില്ല. അതു രണ്ടും ഭഗവാനു മാത്രമേയുള്ളു. നിത്യജീവന്മാർക്ക് ഏതുലോകത്തും സഞ്ചരിക്കാൻ കഴിയും. വേഷഭൂഷാദികളും മററും അവർക്ക് വിഷ്ണുഭഗവാൻേറതുതന്നെയാണ്.

ദേഹാദിദൃശ്യവിഷയങ്ങളിൽ ആത്മബുദ്ധിയോടുകൂടി ഈ ലോകത്തിൽ സുഖദുഃഖങ്ങൾ അനുഭവിക്കുന്നവരാണ് ബദ്ധന്മാരായ ജീവന്മാർ. ബുഭുക്ഷുക്കളെന്നും മുമുക്ഷുക്കളെന്നും അവരിൽ രണ്ടുകൂട്ടരുണ്ട്. ഇഹപരലോകങ്ങളിലുള്ള സുഖമനുഭവിക്കാനാഗ്രഹിക്കുന്നവരാണ് ബുഭുക്ഷുക്കൾ. സദ്ഗുരുവിനെ ആശ്രയിച്ച് അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ച് ഈശ്വരഭജനം നടത്തുന്നവർ മുമുക്ഷുക്കളാണ്. ഭഗവാന്റെ അഹേതുകമായ കാരുണ്യം മുമുക്ഷുക്കളിലുണ്ടാകുമ്പോൾ അതിൻെറ പ്രാഭവംകൊണ്ട് അവർ പരമമുക്തന്മാരായിത്തീരും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവന്മുക്തന്മാരെന്നും പരമമുക്തന്മാരെന്നും മുക്തജീവന്മാരും രണ്ടു പ്രകാരത്തിലുണ്ട്. അവിദ്യ നശിക്കുമ്പോൾ ദേഹാഭിമാനം നശിച്ച് ഭഗവാനെ ആത്മസ്വരൂപത്തിൽ സാക്ഷാത്കരിക്കുന്നവരാണ് ജീവന്മുക്തന്മാർ. ഭഗവദനുഗ്രഹംകൊണ്ട് അർച്ചിരാദിമാർഗ്ഗമായി വൈകുണ്ഠത്തിൽ പ്രവേശിച്ച് ഭഗവദ്ഭാവം അടയുന്നവർ പരമമുക്തന്മാരാകുന്നു. ഈ ജീവഭേദം ഭാഗവതത്തിലും സൂചിപ്പിക്കുന്നുണ്ട്. അജാമിളോപാഖ്യാനത്തിൽ യമദൂതന്മാരെ ആട്ടിയോടിച്ച വിഷ്ണുപാർഷദന്മാർ നിത്യ-ശുദ്ധ-ജീവന്മാരാണ്. ദേഹാഭിമാനമില്ലാതെ ഭഗവൽസ്വരൂപരസത്തിൽ വിലീനചിത്തന്മാരായി സ്വച്ഛന്ദം വിഹരിക്കുന്ന ശുകാദി മഹർഷിമാർ ജീവന്മുക്തന്മാരാകുന്നു. പരീക്ഷിത്ത് ജീവദ്ദശയിൽ മുമുക്ഷുവും ദേഹവിയോഗാനന്തരം പരമമുക്തനുമായിട്ടാണ് വർണ്ണിക്കപ്പെട്ടിട്ടുള്ളത്. ഇഹപരസുഖങ്ങളിൽ മാത്രം ശ്രദ്ധിച്ചുകഴിയുന്ന സാധാരണ മനുഷ്യരാണ് ബദ്ധന്മാരായ ബുഭുക്ഷുക്കൾ.

മുക്തിക്കുള്ള സാധനസാമഗ്രികൾ

ജീവൻെറ പ്രഥമവും പ്രധാനവുമായ ധർമ്മം മുക്തിലാഭത്തിനുവേണ്ടി പരിശ്രമിക്കുകയാണെന്ന് ഭാഗവതത്തിൽ ആദ്യവസാനം തുടച്ചയായി പറയുന്നുണ്ട്. മുക്തിലാഭത്തിനുള്ള അനേകം സാധനാമാർഗ്ഗങ്ങളും വിശദമായി വിവരിക്കപ്പെട്ടിട്ടുമുണ്ട്. അവയിൽ ജ്ഞാനം, കർമ്മം, ഭക്തി ഈ മൂന്നു മാർഗ്ഗത്തിനാണ് കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. കർമ്മത്തിലും തത്ഫലത്തിലും ആസക്തിയില്ലാത്തവർ ജ്ഞാനയോഗത്തിനും അവയിൽ ആസക്തിയുള്ളവർ കർമ്മയോഗത്തിനും കർമ്മത്തിലും തത്ഫലത്തിലും അത്യന്തം രക്തിയോ വിരക്തിയോ ഇല്ലാത്തവർ ഭക്തിയോഗത്തിനും അധികാരികളാണെന്ന് ഏകാദശസ്കന്ധം ഇരുപതാമദ്ധ്യായത്തിൽ ഭഗവാൻ ഉദ്ധവരോടു പറയുന്നുണ്ട്. എന്നാൽ, കർമ്മങ്ങൾ ഈശ്വരാർപ്പണമായി നിഷ്കാമമായിച്ചെയ്താൽ മനഃശുദ്ധിയും തദ്ദ്വാരാ ഭക്തിയും ഉണ്ടാകുമെന്നുകൂടി ഭഗവാൻ ഉപദേശിക്കുന്നു. ഭക്തിയുടെ പാരമ്യത്തിൽ അപരോക്ഷാനുഭൂതിരൂപമായ ജ്ഞാനമുണ്ടാകുമെന്നാണ് ഭാഗവതസിദ്ധാന്തം. കർമ്മത്തെ ഭക്തിയുടെ സാധനമെന്ന നിലയിലും ജ്ഞാനത്തെ ഭക്തിയുടെ ഫലമെന്ന നിലയിലും കണ്ടുകൊണ്ട് ഭക്തിയോഗത്തെ ഭാഗവതത്തിൽ നാനാമുഖമായി വർണ്ണിക്കുന്നുണ്ട്.

ദാനവ്രതതപോഹോമജപസ്വാദ്ധ്യായസംയമൈഃ
ശ്രേയോഭിർവിവിധൈശ്ചാന്യൈഃ കൃഷ്ണേ ഭക്തിർഹി സാദ്ധ്യതേ.

(സ്ക. 10 അ. 47 ശ്ലോ. 24)

എന്ന് ഉദ്ധവർ പറയുന്നതായി ദശമത്തിൽ പ്രതിപാദിക്കുന്നു. ഇതിൻെറ അർത്ഥം ദാനം, വ്രതം, തപസ്സ്, ഹോമം, ജപം, വേദാദ്ധ്യയനം, ധ്യാനം, ധാരണ, സമാധി ഇവയും ശ്രേയസ്കരങ്ങളായ മററനേകം സാധനകളുംകൊണ്ട് സിദ്ധിക്കുന്ന ഫലം ഭഗവാൻ ശ്രീകൃഷ്ണനിൽ ഭക്തിയുണ്ടാകുകമാത്രമാണ് എന്നാകുന്നു. കായികവും വാചികവും മാനസികവുമായ കർമ്മങ്ങളെല്ലാം ഭക്തിയുണ്ടാകാനുള്ള സാധനകളാണെന്ന് ഇതുകൊണ്ടു സിദ്ധിക്കുന്നു. ഭക്തിയുടെ ഫലം വൈരാഗ്യവും ജ്ഞാനവുമാണെന്നും ഭാഗവതത്തിൽ പറയുന്നുണ്ട്.

വാസുദേവേ ഭഗവതി ഭക്തിയോഗഃ പ്രയോജിതഃ
ജനയത്യാശു വൈരാഗ്യം ജ്ഞാനം യദ് ബ്രഹ്മദർശനം.

ഇത് ഭാഗവതം തൃതീയസ്കന്ധം മുപ്പത്തിരണ്ടാമദ്ധ്യായത്തിൽ കപിലദേവൻ സ്വമാതാവിന് ഉപദേശിച്ചുകൊടുക്കുന്നതാണ്. ഭഗവാൻ വാസുദേവനിൽ ഭക്തി ഉറപ്പിച്ചാൽ പെട്ടെന്നുതന്നെ വിഷയസുഖങ്ങളിൽനിന്നു വൈരാഗ്യവും ബ്രഹ്മസാക്ഷാത്കാരരൂപമായ ജ്ഞാനവും ഉണ്ടാകുമെന്നാണിതിനർത്ഥം. ഭക്തി ജ്ഞാനോൽപാദനത്തിനുള്ള സാധനമാണെന്ന് ഇതുകൊണ്ടു തെളിയുന്നു. എന്നാൽ, ഭാഗവതത്തിൽത്തന്നെ ചില സ്ഥലത്തു ജ്ഞാനം ഭക്തിയുടെ സാധനമാണെന്നും പ്രതിപാദിച്ചുകാണുന്നു. അങ്ങനെയുള്ള സ്ഥലത്തു ജ്ഞാനശബ്ദത്തിന് പരോക്ഷജ്ഞാനമെന്നാണർത്ഥം കല്പിക്കേണ്ടത്. ഭക്തിസാധനകൊണ്ടുണ്ടാകുന്ന ജ്ഞാനം അപരോക്ഷമാണെന്നും ഗ്രഹിക്കണം.

കർമ്മവും പരോക്ഷജ്ഞാനവും ഭക്തിയോടു ചേർന്നെങ്കിലേ മുക്തിപ്രദമാകുകയുള്ളു. അതുകൊണ്ടു ഭാഗവതത്തിൽ ചില പ്രകരണങ്ങളിൽ സാധനവും സാധ്യവും ഒന്നാണെന്നു കല്പിച്ച് കർമ്മവും പരോക്ഷജ്ഞാനവും ഭക്തിയെന്ന പേരിലും നിർദ്ദേശിക്കപ്പെട്ടു കാണുന്നു.

ഭാഗവതവും ഭക്തിയോഗവും

മുക്തിലാഭത്തിനുള്ള സാധനസാമഗ്രികളിൽ ഭക്തിക്ക് മുഖ്യമായ ഒരു സ്ഥാനമാണ് ഭാഗവതത്തിൽ നല്കപ്പെട്ടിരിക്കുന്നത്. വേദത്തിലോ ഉപനിഷത്തുകളിലോ ഷഡ്ദർശനങ്ങളിലോ മോക്ഷസാധനമെന്ന നിലയിൽ ഭക്തിയോഗം അംഗീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ, വൈദികമായ ഉപാസനാകാണ്ഡത്തിൽ ഭാവനാരൂപമായി ഭക്തി അങ്കുരിക്കുന്നുണ്ടെന്ന് ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, ഭക്തി മോക്ഷസാധനമായി ഉപദേശിക്കപ്പെട്ടുകാണുന്നത് പുരാണേതിഹാസങ്ങളിലാണ്. ഭാഗവതത്തിൽ ഭക്തി ശാഖോപശാഖകളായി വളർന്നു നാലുപാടും ശാഖകൾ വിടർത്തി മുക്തിഫലങ്ങളെ പ്രദാനംചെയ്യുന്നതായി വർണ്ണിച്ചിരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ പരമാചാര്യന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ശ്രീനാരദമഹർഷിയും ശ്രീശാണ്ഡില്യമഹർഷിയും തങ്ങൾ വിരചിച്ച ഭക്തിസൂത്രങ്ങളിൽ ഭാഗവതത്തെയാണ് പ്രമാണഗ്രന്ഥമായി അംഗീകരിച്ചിരിക്കുന്നത്. വേദാന്താചാര്യനായ ശ്രീമധുസൂദനസരസ്വതിസ്വാമികൾ ഭഗവത്ഭക്തിരസായനവും വൈഷ്ണവാചാര്യനായ ശ്രീരൂപഗോസ്വാമികൾ ഭഗവദ്ഭക്തിരസാമൃതസിന്ധുവും ഭാഗവതത്തെ ഉപജീവിച്ചാണ് വിരചിച്ചിരിക്കുന്നതെന്നുള്ള വസ്തുതയും പ്രസ്താവ്യമാണ്. ഇതുകൊണ്ട് ഭാഗവതം ഭക്തിമാർഗ്ഗാവലംബികളുടെ മുഖ്യപ്രമാണഗ്രന്ഥമാണെന്നു സിദ്ധിക്കുന്നു.

'ഭജ സേവായാം' എന്ന ധാതുവിനോട് 'ക്തിൻ' പ്രത്യയം ചേർന്നുണ്ടായ ശബ്ദമാണ് ഭക്തി. ഇതിന് ഭാവാർത്ഥത്തിൽ ഭജനമെന്നും കരണാർത്ഥത്തിൽ ഭജിക്കാനുള്ള സാധനമെന്നും അർത്ഥം പറയാം. ഈ രണ്ടർത്ഥത്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധ്യഭക്തിയെന്നും സാധനഭക്തിയെന്നും ആചാര്യന്മാർ അർത്ഥം പറയാറുണ്ട്.
യും ചെയ്തു് ഭക്തിശബ്ദത്തിനു് സാധ്യഭക്തിയെന്നും സാധനഭക്തിയെന്നും ആചാര്യന്മാർ അർത്ഥം പറയാറുണ്ട്.
'ഭജനം, അന്തഃകരണസ്യ ഭഗവദാകാരതാരൂപം ഭക്തിരിതി ഭാവവ്യുൽപത്യാ ഭക്തിശബ്ദേന ഫലമഭിധീയ
തേ'. ഭജ്യതേ = 'സേവ്യതേ ഭഗവദാകാരമന്തഃകരണം ക്രിയതേ/നയേതി ഭാവവ്യുൽപത്യാ ഭക്തിശബ്ദേന
ശ്രവണകീർത്തനാദിസാധനമഭിധീയതേ' എന്നു് ഭക്തിരസായനത്തിൽ സാധ്യഭക്തിയേയും സാധനഭക്തിയേ
യും ശ്രീമധുസൂദനസരസ്വതിസ്വാമികൾ വേർതിരിച്ചു കാണിക്കുന്നു. അന്തഃകരണം ഭഗവദാകാരതരൂപം
കൈക്കൊള്ളുന്നതു് സാധ്യഭക്തിയാണെന്നും ഇങ്ങനെ അന്തഃകരണത്തെ ഭഗവദാകാരമാക്കിത്തീർക്കുന്ന കാരണ
ങ്ങൾ—ഭഗവാന്റെ മാഹാത്മ്യങ്ങൾ കേൾക്കുക, കീർത്തിക്കുക, സ്മരിക്കുക മുതലായവയാകയാൽ—ശ്രവണകീ
ർത്തനാദികൾ—സാധനഭക്തിയാണെന്നും ശ്രീമധുസൂദനസരസ്വതിസ്വാമികളുടെ വ്യാഖ്യാനംകൊണ്ടു് സ്പഷ്ടമാ
കുന്നുണ്ടല്ലോ.

സ്മരന്തഃ സ്മാരയന്തശ്ച മിഥോ/ഘൗഘഹരം ഹരിം
ഭക്ത്യാ സംജാതയാ ഭക്ത്യാ ബിഭ്രത്യുൽപുളകാംതനും. (സ്ക. 11 അ. 3 ശ്ലോ. 31)

എന്നു് പ്രബുദ്ധയോഗി ഉപദേശിക്കുന്നതായി ഭാഗവതം ഏകാദശത്തിൽ പ്രതിപാദിക്കുന്നു. 'അല്ലയോ രാജാ
വേ, എല്ലാവിധത്തിലുള്ള പാപങ്ങളേയും ഇല്ലാതാക്കുന്ന ശ്രീകൃഷ്ണനെ സ്മരിക്കുകയും അന്യരെ സ്മരിപ്പിക്കുകയും
ചെയ്യണം. ഇങ്ങനെയുള്ള സാധനഭക്തികൊണ്ടുണ്ടാകുന്ന സാധ്യഭക്തി — പരമപ്രേമരൂപമായ പരഭക്തി—നിമി
ത്തം ഭക്തന്മാരുടെ ശരീരത്തിൽ രോമാഞ്ചമുണ്ടാകും.' ഈ ശ്ലോകത്തിൽ ആദ്യം പ്രയോഗിച്ചിരിക്കുന്ന ഭക്തി
ശബ്ദം സാധനഭക്തിയേയും രണ്ടാമത്തേതു് സാധ്യഭക്തിയേയുമാണ സൂചിപ്പിക്കുന്നതു്. 'ഭഗവാന്റെ ലീലകൾ
അത്ഭുതങ്ങളും ജന്മവും കർമ്മവും ഗുണങ്ങളും ദിവ്യങ്ങളുമാണ്. അവയെല്ലാം ശ്രദ്ധാപുരസ്സരം ശ്രവിക്കുകയും കീ
ർത്തിക്കുകയും സ്മരിക്കുകയും ചെയ്യുക, ശരീരത്തിലെ ചേഷ്ടകൾ ഈശ്വരസേവയ്ക്കുവേണ്ടി ഉപയോഗിക്കുക,
യജ്ഞം, ദാനം, തപസ്സ്, ജപം, സദാചാരം ഇവ തെററാതെ ശ്രദ്ധയോടെ നിർവ്വഹിക്കുക, തനിക്കു പ്രിയമാ
യിത്തോന്നുന്ന വീട്, പുത്രന്മാർ, ഭാര്യ, പ്രാണൻ ഇതെല്ലാം ഈശ്വരനു സമർപ്പിക്കുക, ശ്രീകൃഷ്ണനെ സച്ചിദാ
നന്ദസ്വരൂപമായ ആത്മാവായും സ്വാമിയായും സാക്ഷാത്കരിച്ചിട്ടുള്ള ഭക്തന്മാരെ സ്നേഹിക്കുകയും സേവിക്കു
കയും ചെയ്യുക, സ്ഥാവരജംഗമരൂപത്തിലുള്ള പ്രാണികളെയെല്ലാം—അവയുടെ വളർച്ചയ്ക്കുവേണ്ടി—ഉപചരി
ക്കുക, ഭക്തന്മാർ തമ്മിൽ ഭഗവാന്റെ മാഹാത്മ്യത്തെക്കുറിച്ചു സംസാരിക്കുക, അവർ പരസ്പരം സ്നേഹിക്കുകയും
സന്തോഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുക, ലൗകികവിഷയങ്ങളിൽനിന്നു വിരക്തന്മാരായി ആത്മാ
നുഭൂതിക്കുവേണ്ടി സാധനകൾ പരിശീലിക്കുക' ഇവയെല്ലാമാണ് സാധനഭക്തിയെന്നു് പ്രബുദ്ധയോഗിതന്നെ
യദുമഹാരാജാവിനോടു പറയുന്നതായി ഏകാദശത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള സാധനകൾ
കൊണ്ടു് അന്തഃകരണമലിഞ്ഞു് ഈശ്വരാകാരമായിത്തീരുന്നതാണ് സാധ്യഭക്തി.

യർഹ്യബ്ജനാഭചരണൈഷണയോരുഭക്ത്യാ
ചേതോമലാനി വിധമേദ് ഗുണകർമ്മജാനി
തസ്മിൻ വിശുദ്ധ ഉപലഭ്യത ആത്മതത്വം
സാക്ഷാദ് യഥാമലദൃശോഃ സവിതൃപ്രകാശഃ

എന്നാണ് സാധ്യഭക്തിയുടെ ഫലത്തെപ്പററി പിപ്പലായനമഹർഷി യദുമഹാരാജാവിനോടു പറയുന്നതു്.
'ഈശ്വരനെ പ്രാപിക്കണമെന്നുള്ള അഭിലാഷംകൊണ്ടു് തീവ്രമായ ഭക്തി ഉണ്ടാകും. സത്വാദിഗുണങ്ങൾകൊ
ണ്ടും കാമ്യാദികർമ്മങ്ങൾകൊണ്ടും ചിത്തത്തിലുണ്ടാകുന്ന മാലിന്യങ്ങളെയെല്ലാം ആ ഭക്തി അഗ്നിയെപ്പോലെ
ദഹിപ്പിച്ചുകളയും. ചിത്തം ശുദ്ധമാകുമ്പോൾ അതിൽ ആത്മസ്വരൂപം അനുഭവപ്പെടുന്നതാണ്. നേത്രരോഗം
നീങ്ങിയവനു് സൂര്യപ്രകാശമെന്നപോലെ, ചിത്തം നിർമ്മലമായ മനുഷ്യനു് ആത്മസ്വരൂപം നിജസ്വരൂപമാ
യി അനുഭവപ്പെടും'. ഇത്രയും വിവരിച്ചതിൽനിന്നു സിദ്ധിക്കുന്നതു്, സാധനഭക്തിയുടെ ഫലം അന്തഃകരണം
ഭഗവദാകാരരൂപം കലരുന്ന സാധ്യഭക്തിയും അതിന്റെ ഫലം അന്തഃകരണശുദ്ധിയും ആ ശുദ്ധിയുടെ ഫലം
ആത്മസാക്ഷാത്കാരവും ആണെന്നത്രേ. ആത്മസാക്ഷാത്കാരം അപരോക്ഷജ്ഞാനമാണ്. അതുകൊണ്ടേ
അജ്ഞാനനാശവും മുക്തിലാഭവും ഉണ്ടാവുകയുള്ളു.

സാധ്യഭക്തിയുണ്ടാകുവാനുള്ള അനേകം മാർഗ്ഗങ്ങൾ ഭാഗവതത്തിൽ പ്രതിപാദിക്കപ്പെടുന്നു. ശ്രവണം,
കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം ഇവ ഒൻപതുമാ
ണു് അവയിൽ മുഖ്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. ആ സാധനകൾകൊണ്ടുതന്നെ ഭഗവൽപ്രാപ്തി സി
ദ്ധിച്ച മഹാന്മാരുടെ ചരിത്രവും ഭാഗവതത്തിലുണ്ട്. പക്ഷേ, സാധനാനുഷ്ഠാനത്തിൽത്തന്നെ പൂർവ്വസുകൃതംകൊ
ണ്ടു് ഫലവുമുണ്ടായി എന്നാണതിനർത്ഥം. സാധനഭക്തിയുടെ സാക്ഷാൽ ഫലം പരമപ്രേമരൂപമായ സാധ്യ
ഭക്തിതന്നെയാണ്. കർമ്മമിശ്രം, കർമ്മജ്ഞാനമിശ്രം, ജ്ഞാനമിശ്രം ഇങ്ങനെ ഭക്തിയെ മൂന്നായി ഭാഗവത
ത്തിൽ വിഭജിക്കുന്നു. അവ മൂന്നും ഗുണഭേദമനുസരിച്ചു് വീണ്ടും മൂന്നായി വിഭജിക്കപ്പെടുന്നുണ്ട്. അന്യരെ
ദ്രോഹിക്കുന്നതിനും തന്റെ പാപം മറച്ചുവെക്കുന്നതിനും മററുള്ളവരെപ്പോലെ താനും ഭക്തനാകണമെന്നു് ധരി
ക്കുന്നതിനുംവേണ്ടി ഈശ്വരപൂജ നടത്തുന്നതു് കർമ്മമിശ്രമായ താമസഭക്തിയാണ്. വിഷയലാഭത്തിനും യശ
സ്സിനും ഐശ്വര്യത്തിനുംവേണ്ടി ഈശ്വരപൂജ, ദാനം മുതലായവ ചെയ്യുന്നതാണ് കർമ്മമിശ്രമായ രാജസഭക്തി.
പാപനാശത്തിനോ ഭഗവൽപ്രീതിക്കോ തന്റെ കർത്തവ്യമെന്ന നിലയിലോ ഭഗവൽസേവ ചെയ്യുന്നതു് കർമ്മ
മിശ്രമായ സാത്വികഭക്തിയാണ്. കപിലമഹർഷി ഈ വിഷയം വിസ്തരിച്ചു് ദേവഹൂതിക്കു് ഉപദേശിച്ചുകൊ
ടുക്കുന്നുണ്ട്. മുമുക്ഷുക്കൾ ഇങ്ങനെയുള്ള ഭക്തിസാധനകൾ ഉപേക്ഷിക്കേണ്ടതാണ്.

കർമ്മത്തോടും ജ്ഞാനത്തോടും ചേർന്ന ഭക്തിയാണ് കർമ്മജ്ഞാനമിശ്രമായ ഭക്തി. ഉത്തമം, മദ്ധ്യമം, പ്രാ
കൃതം—അപകൃഷ്ടം—എന്നു് ആ ഭക്തിമാർഗ്ഗം മൂന്നുവിധത്തിലുണ്ടെന്നു് ഏകാദശത്തിൽ വിവരിക്കുന്നു. സർവ്വഭൂത
ങ്ങളിലും തന്റെ ഈശ്വരഭാവത്തെയും തന്നിൽ സർവ്വഭൂതങ്ങളേയും സാക്ഷാത്കരിക്കുന്നവന്റെ ഭക്തി ഉത്തമമാ
ണ്. ജഗൽപിതാവായ ഈശ്വരനിൽ പ്രേമവും ഈശ്വരഭക്തന്മാരിൽ മൈത്രിയും മൂഢന്മാരിൽ കാരുണ്യവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രുക്കളിൽ ഉദാസീനതയും പുലർത്തുന്നതാണ് മധ്യമഭക്തി. ക്ഷേത്രങ്ങളിലോ മറേറാ ഉള്ള വിഗ്രഹത്തിൽ മാത്രമേ ഈശ്വരനുള്ള എന്നു വിചാരിച്ച് ആ വിഗ്രഹത്തിൽ മാത്രം പൂജിക്കുകയും ഈശ്വരഭക്തന്മാരെയോ മററുള്ളവരെയോ പൂജിക്കാതിരിക്കുകയും ചെയ്യുന്നതാണ് പ്രാകൃതമായ ഭക്തി. ഈ പ്രാകൃതഭക്തി സജ്ജനസംസർഗ്ഗംകൊണ്ടും ജ്ഞാനംകൊണ്ടും ക്രമേണ വികസിച്ച് മധ്യമഭക്തിയിലും അതിൽ ദാർഢ്യംവന്നാൽ ഉത്തമഭക്തിയിലും എത്തിച്ചേരുന്നതാണ്. ക്ഷേത്രാരാധന പ്രാരംഭസാധനം മാത്രമാണ്. അതുവഴി പ്രേമരൂപമായ ഭക്തി വികസിച്ച് ചരാചരാത്മകമായ പ്രപഞ്ചത്തെ ഈശ്വരഭാവത്തിൽ വീക്ഷിച്ച് പ്രേമിക്കുന്നതിനും സേവിക്കുന്നതിനും കഴിയും.

ജ്ഞാനപ്രധാനമായ ഭക്തിയാണ് ജ്ഞാനമിശ്രഭക്തി.

മദ്ഗുണശ്രുതിമാത്രേണ മയി സർവ്വഗുഹാശയേ
മനോഗതിരവിച്ഛിന്നാ യഥാ ഗംഗാംഭസോംഽബുധൗ
ലക്ഷണം ഭക്തിയോഗസ്യ നിർഗ്ഗുണസ്യ ഹ്യുദാഹൃതം.

കപിലദേവൻ അനേകഭക്തിമാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശിക്കുന്നകൂട്ടത്തിൽ നിർഗ്ഗുണഭക്തിയെ എടുത്തു കാണിക്കുന്ന ഭാഗമാണിത്. 'എന്റെ ഗുണങ്ങൾ കേൾക്കുമ്പോൾത്തന്നെ സർവ്വജീവജാലങ്ങളുടെയും ഹൃദയത്തിൽ സച്ചിദാനന്ദസ്വരൂപമായി പ്രകാശിക്കുന്ന എന്നിൽ, സമുദ്രത്തിൽ ഗംഗാജലമെന്നപോലെ മനോവൃത്തി ചെന്നു ലയിക്കും. ഇതു് നിർഗ്ഗുണഭക്തിയുടെ ലക്ഷണമായി ഉദാഹരിക്കപ്പെടുന്നു. ഇവിടെ ഞാനെന്ന പ്രയോഗം പൂർണ്ണനും സച്ചിന്മയനുമായ ഭഗവാനെ ഉദ്ദേശിച്ചാണ്. ഭഗവത്തത്വം കേൾക്കുമ്പോൾ ഉത്തമാധികാരിയുടെ മനോവൃത്തി ഭഗവൽസ്വരൂപത്തിൽത്തന്നെ ലയിക്കും. നദീജലമെല്ലാം സമുദ്രത്തിനോടുചേർന്ന് അതിൽ ലയിക്കുകയാണല്ലോ ചെയ്യുന്നതു്. അതുപോലെയാണ് ഭക്തചിത്തം ഈശ്വരസ്വരൂപത്തിൽ ലയിക്കുന്നതും. ഭക്തി വിഗ്രഹാരാധന മുതൽ നിർഗ്ഗുണബ്രഹ്മാനുസന്ധാനംവരെ വികസിച്ച് മുക്തിഫലപ്രദായിനിയായി വിലസുന്നതു് ഭാഗവതത്തിലല്ലാതെ മറെറാരു ഗ്രന്ഥത്തിലും കാണാൻ സാദ്ധ്യമല്ല. അദ്വൈതബ്രഹ്മദർശനവും വൈഷ്ണവതന്ത്രവും സമന്വയിക്കുന്നതുപോലെ പരമാമൃതരൂപമായ ഭക്തിയും അപരോക്ഷബ്രഹ്മാനുഭൂതിയും പാലും പഞ്ചസാരയും പോലെ യോജിച്ച് ആനന്ദരൂപമാർന്നു വിജയിക്കുന്നതു് ഭാഗവതത്തിൽ പ്രതിപാദിക്കുന്ന തത്വശാസ്ത്രത്തിന്റെ അപൂർവ്വതയാണ്. ഇതുതന്നെയാണ് ശ്രീമദ് ഭാഗവതപുരാണത്തിന്റെ മഹത്വത്തിനു കാരണവും.

രാസക്രീഡയെക്കുറിച്ചുള്ള ആശങ്കയും സമാധാനവും

മനുഷ്യമനസ്സ് ഏതെങ്കിലുംവിധത്തിൽ ഈശ്വരന്റെ നേരെ തിരിഞ്ഞാൽ അതു ഭക്തിയായും മുക്തിപ്രദമായും തീരുമെന്നാണ് ഭാഗവതകാരന്റെ അഭിപ്രായം.

കാമാദ്ദ്വേഷാദ് ഭയാത് സ്നേഹാദ് യഥാഭക്ത്യേശ്വരേ മനഃ
ആവേശ്യ തദഘം ഹിത്വാ ബഹവസ്തദ്ഗതിം ഗതാഃ
ഗോപ്യഃ കാമാദ്, ഭയാത് കംസോ, ദ്വേഷാദ് ചൈദ്യാദയോ നൃപാഃ
സംബന്ധാദ് വൃഷ്ണയഃ, സ്നേഹാദ് യൂയം, ഭക്ത്യാ വയം വിഭോ!

എന്ന ഭാഗവതവാക്യങ്ങൾ ഈ വാസ്തവമാണല്ലോ പ്രഖ്യാപിക്കുന്നതു്. ''കാമംകൊണ്ടോ ദ്വേഷംകൊണ്ടോ ഭയംകൊണ്ടോ സ്നേഹംകൊണ്ടോ ഭക്തികൊണ്ടെന്നപോലെ ഈശ്വരനിൽ മനസ്സുറച്ച് സർവ്വപാപങ്ങളുംനശിച്ച് അനേകം ആളുകൾ സദ്ഗതി പ്രാപിച്ചിട്ടുണ്ട്. ശ്രീകൃഷ്ണന്റെനേരെയുള്ള കാമംകൊണ്ട് ഗോപികളും, വിദ്വേഷംകൊണ്ട് ശിശുപാലൻ മുതലായ രാജാക്കന്മാരും ഭയംകൊണ്ടു കംസനും സംബന്ധംകൊണ്ട് വൃഷ്ണികളും സ്നേഹംകൊണ്ട് നിങ്ങളും—പാണ്ഡവരും—ഭക്തികൊണ്ട് ഞങ്ങളും—ഋഷികളും—സദ്ഗതി പ്രാപിച്ചവരാണ്.'' എന്നാണ് നാരദൻ പ്രസ്തുത ശ്ലോകത്തിൽ പറയുന്നതു്. ഭക്തകളായ ഗോപികമാർക്ക് ഭഗവാന്റെനേരെ കാമമാണ് ആദ്യം ഉണ്ടായതെങ്കിലും ഒടുവിൽ ആ കാമം ഭഗവത്സേവകൊണ്ട് ശുദ്ധവും നിർമ്മലവുമായ പ്രേമമായി, ഭക്തിയുടെ ഉൽകൃഷ്ടഭാവമായ മാധുരിയിലെത്തിയതായി. ഭാഗവതത്തിൽ പ്രതിപാദിക്കുന്നു. എന്നാൽ ഗോപീപ്രേമവും രാസക്രീഡയും മററും ശ്രീകൃഷ്ണഭഗവാന്റെ ദുർവൃത്തിയായി വ്യാഖ്യാനിച്ച് ആ പരമാത്മാവിനെ അവഹേളിക്കുന്ന ദുർജ്ജനങ്ങൾ ധാരാളം ഉണ്ട്. ഭാഗവതം പഠിക്കുകയോ അതിൽ പ്രതിപാദിച്ചിരിക്കുന്ന തത്വം മനസ്സിലാക്കുകയോ ചെയ്യാത്തതാണ് അതിനു കാരണം.

ബ്രഹ്മാനുഭവസമ്പന്നാഃ ശാസ്ത്രജ്ഞാശ്ചാ നസൂയവഃ
താത്പര്യരസസാരജ്ഞാസ്ത ഏവാത്രാധികാരിണഃ

എന്നാണ് ആപ്തന്മാർ ഭാഗവതപഠനത്തിനുള്ള അധികാരികളെക്കുറിച്ചു നിർദ്ദേശിക്കുന്നതു്. ബ്രഹ്മാനുഭവം സിദ്ധിച്ചവരും, ശാസ്ത്രമറിഞ്ഞവരും, അസൂയയില്ലാത്തവരും, ഗ്രന്ഥത്തിന്റെ താത്പര്യത്തിൽ രസിക്കുന്നവരുമായ സജ്ജനങ്ങളാണ് ഭാഗവതത്തിന്റെ യഥാർത്ഥതത്വം അറിയുവാൻ കഴിവുള്ളവർ എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. 'വിദ്യാവതാം ഭാഗവതേ പരീക്ഷാ' എന്ന പണ്ഡിതാഭിപ്രായവും ഇവിടെ സ്മരണീയമാണ്. അതുകൊണ്ട് ഉപരിപ്ലവബുദ്ധിയോടുകൂടി ഭാഗവതം വായിക്കുന്നവർക്ക് അതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ സാരം ഗ്രഹിക്കുവാൻ സാദ്ധ്യമല്ലെന്നു തെളിയുന്നു. ഭക്തിശാസ്ത്രം വേണ്ട, സാഹിത്യശാസ്ത്രംപോലും സാമാന്യം ഗ്രഹിച്ചിട്ടുള്ളവർ രാസക്രീഡ അസഭ്യമായ ഒരു പ്രവർത്തനമാണെന്നു വിചാരിക്കുകയില്ല. രാസം എന്ന പദത്തിനു് ഗോപന്മാരുടെ നൃത്യവിശേഷം എന്നാണ് ശബ്ദകല്പദ്രുമകോശത്തിൽ അർത്ഥംകൊടുത്തിരിക്കുന്നതു്. ''രാസഃ—ദേവാനാം രസനം, ഈശ്വരസ്യ മായയാ സ്ത്രീസംഭോഗഃ, അനേക നർത്തകനർത്തകീയുക്തോ നൃത്യവിശേഷഃ'' എന്നു മൂന്നർത്ഥം രാസശബ്ദത്തിനു 'സർവ്വതന്ത്രസിദ്ധാന്തപദാർത്ഥലക്ഷണസംഗ്രഹ'ത്തിൽ കൊടുത്തിട്ടുണ്ട്. ഇവയിൽ ഒന്നാമത്തേതിനു് ദേവന്മാരുടെ ശബ്ദമെന്നോ ആസ്വാദനമെന്നോ ആണർത്ഥം. രണ്ടാമത്തേതിനു് ഈശ്വരൻ തന്റെ മായാശക്തിയിലൂടെ സ്ത്രീകളുമായി നടത്തുന്ന സമ്പർക്കം എന്നാണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്ഥം. അനേകം നർത്തകന്മാരും നർത്തകികളും ചേർന്ന് നടത്തുന്ന നൃത്യവിശേഷമെന്നാണ് മൂന്നാമത്തേതിന്റെ അർത്ഥം. ഇതിൽ രണ്ടാമത്തേതും മൂന്നാമത്തേതും ആയ അർത്ഥം പ്രകൃതത്തിൽ യോജിപ്പിക്കാവുന്നതാണ്. ദേവന്മാരും മററും ഭക്തകളായ സ്ത്രീകളുടെ അഭിലാഷം സാധിക്കുന്നതിനുവേണ്ടി മായികശരീരമെടുത്ത് അവരുമായി രമിച്ചതായി പാശ്ചാത്യപുരാണങ്ങളിൽപ്പോലും വർണ്ണിച്ചിട്ടുണ്ട്. അതുപോലെ ദേവന്മാരും മനുഷ്യസ്ത്രീകളുമായി സമ്പർക്കം ഉണ്ടായതായി നമ്മുടെ പുരാണങ്ങളിലും കാണാം. ശ്രീകൃഷ്ണൻ, പൂതനാമോക്ഷം, ശകടാസുരവധം, ഗോവർദ്ധനോദ്ധാരണം, കാളിയമർദ്ദനം തുടങ്ങിയ പ്രവർത്തനങ്ങൾവഴി വെറും മനുഷ്യനല്ലെന്നും ദേവന്മാരിൽ ആരോ ഈശ്വരൻതന്നെയോ മനുഷ്യരൂപം എടുത്തതാണെന്നും അക്കാലത്തു ഗോകുലത്തിൽ എല്ലാവരും വിശ്വസിച്ചിരുന്നതായി ഭാഗവതത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ബാലകൃഷ്ണനെ ഭർത്താവായി ലഭിക്കണമെന്നും അദ്ദേഹവുമായി രമിക്കണമെന്നും ഗോകുലത്തിലെ കുറെ സ്ത്രീകൾ ആഗ്രഹിക്കുകയും അതിനുവേണ്ടി കാത്യായനീവ്രതം അനുഷ്ഠിച്ച് ആ ദേവിയോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി ഭാഗവതത്തിൽ വർണ്ണനയുണ്ട്. കാത്യായനീവ്രതത്തിന്റെ അവസാനത്തിൽ, കളിച്ചുകൊണ്ടിരുന്ന ഗോപികമാരുടെ സമീപത്തിൽ ചെന്ന് അവരുടെ അഭിലാഷം സാധിച്ചുകൊടുക്കാമെന്നു ശ്രീകൃഷ്ണൻ സമ്മതിച്ചതായി ഭാഗവതത്തിൽ കാണുന്നു. അതിനുശേഷം ഒരു ദിവസം രാത്രിയിൽ ഭഗവാൻ മുരളീഗാനം മുഴക്കി ഗോപികമാരെ തന്റെ സാന്നിദ്ധ്യം വൃന്ദാവനത്തിലുണ്ടെന്നറിയിച്ചു. ആ മുരളീഗാനത്തിൽ മയങ്ങിയ ഗോപികമാർ തങ്ങളുടെ സർവ്വവും ഉപേക്ഷിച്ച് ശ്രീകൃഷ്ണസവിധത്തിലേക്ക് ഓടിച്ചെല്ലുകയാണുണ്ടായത്. അപ്പോൾ അവരെ പരീക്ഷിക്കുവാനാണോ എന്നു തോന്നുമാറ് സ്ത്രീധർമ്മമുപദേശിച്ചിട്ട്, ഭർത്തൃശുശ്രൂഷയ്ക്കും ശിശുപരിപാലനത്തിനും ബന്ധുസത്കാരത്തിനുംവേണ്ടി സ്ത്രീകൾ വീട്ടിൽ താമസിക്കണമെന്നും, വീടുവിട്ടുപോകുന്നതു ശരിയല്ലെന്നും പറഞ്ഞ്, മടങ്ങിപ്പോകുവാനവരോട് ഭഗവാൻ ആജ്ഞാപിച്ചു. ജാരസംസർഗ്ഗം കുലസ്ത്രീകൾക്കു ചേർന്നതല്ലെന്നും അദ്ദേഹം പറയുകയുണ്ടായി. അതു കേട്ടിട്ട് ഗോപികമാർ ഭഗവാനോടു പറഞ്ഞത്, 'അങ്ങു വെറും ഗോപബാലനല്ല. സകല ദേഹികളുടേയും ഉൾക്കണ്ണായ പരമാത്മാവാണ്. സർവ്വജന്തുക്കളുടേയും ബന്ധുവും പ്രേഷ്ഠനും അവിടുന്നുതന്നെയാണ്. അങ്ങനെയുള്ള അങ്ങയെ സർവ്വവും ഉപേക്ഷിച്ചു ഞങ്ങൾ ശരണംപ്രാപിക്കുകയാണ്. വീട്ടിലേക്കു മടങ്ങിപ്പോകുവാൻ ഞങ്ങളുടെ ശരീരത്തിനും മനസ്സിനും അല്പംപോലും ശക്തിയില്ല.' എന്നാണ്. അതിനുശേഷമാണ് ഭഗവാൻ ആ ഗോപികമാരും ഒരുമിച്ച് രാസക്രീഡനടത്തിയത്.

കൃത്വാ താവന്തമാത്മാനം യാവതീർ ഗോപയോഷിതഃ
രേമേ സ ഭഗവാംസ്താഭിരാത്മാരാമോപി ലീലയാ.

എന്നാണ് ഭാഗവതത്തിൽ രാസക്രീഡ വർണ്ണിച്ചിരിക്കുന്നത്. ഭഗവാൻ ആത്മാരാമനാണെങ്കിലും, ഗോപികമാരെത്രപേരുണ്ടായിരുന്നുവോ അത്രയും ശരീരം എടുത്ത് അവരും ഒരുമിച്ച് ലീലയായി രമിച്ചു എന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്. ആത്മാരാമൻ വിഷയാരാമനാകുകയില്ലെന്നു ശ്രുതികളിലും ഗീതയിലും പറയുന്നുണ്ട്. കൃഷ്ണൻ ഒന്നേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഗോപികമാർ വളരെപ്പേർ ഉണ്ടായിരുന്നു. രണ്ടു ഗോപികമാരുടെ ഇടയ്ക്ക് ഒരു കൃഷ്ണൻ, രണ്ടു കൃഷ്ണന്റെ ഇടയ്ക്ക് ഒരു ഗോപിക ഇങ്ങനെ മണ്ഡലാകാരമായി നിന്നാണു രാസക്രീഡ നടത്തിയത്. പഴയ കാലം മുതൽ ഇന്നും ഉത്തരഭാരതത്തിൽ വിശേഷിച്ചും വൃന്ദാവനം മുതലായ പുണ്യഭൂമികളിൽ, ഗോപന്മാർ ഇങ്ങനെയുള്ള നൃത്യവിശേഷങ്ങൾ നടത്തിവരുന്നുണ്ട്. അതു നിന്ദ്യമായി ആരും കരുതുന്നില്ല. പരിഷ്കൃതരായ പാശ്ചാത്യരും പൗരസ്ത്യരും മദ്യപാനംചെയ്തു മദോന്മത്തരായി സ്ത്രീകളൊരുമിച്ച് ക്ലബ്ബുകളിൽ ഡാൻസ്ചെയ്യുന്നതു സംസ്കാരത്തിന്റേയും പരിഷ്കാരത്തിന്റേയും ചിഹ്നമായിട്ടാണ് ഇന്നത്തെ ലോകം കാണുന്നത്. എന്നാൽ, പത്തുവയസ്സോളംമാത്രം പ്രായമുണ്ടായിരുന്ന ശ്രീകൃഷ്ണൻ അനേകശരീരം എടുത്തു ഗോപികമാരും ഒരുമിച്ച് നൃത്തംചെയ്തതു് ദുർവൃത്തിയായി വ്യാഖ്യാനിക്കുന്ന പരിഷ്കാരികളുടെ ആശയം വ്യക്തമാകുന്നില്ല. ഭഗവാൻ എന്ന പദത്തിന് ഷഡൈശ്വര്യസമ്പന്നൻ എന്നുകൂടി അർത്ഥമുണ്ട്. അദ്ദേഹം മായാശരീരം എടുത്താണു ക്രീഡിച്ചതെന്നും ഭാഗവതത്തിൽ വ്യക്തമായി പറയുന്നു. മാത്രമല്ല, രാസക്രീഡയിൽ ഭഗവാൻ നിർവ്വികാരനായിരുന്നു എന്നുകൂടി പരീക്ഷിത്തിനു ശുകൻ വെളിപ്പെടുത്തിക്കൊടുക്കുന്നുണ്ട്. ഈ നിലയിൽ രാസക്രീഡയിൽ ദുർവൃത്തി കാണുന്നത് ഒരുവിധത്തിലും ശരിയല്ല.

വീടുവിട്ടു ഗോപികമാർ കൃഷ്ണനുമൊത്തു രമിച്ച കഥ അവരുടെ ഭർത്താക്കന്മാരോ മററു ബന്ധുക്കളോ അറിഞ്ഞതേയില്ല. ആ സ്ത്രീകൾ തങ്ങളുടെ അടുത്തുണ്ടായിരുന്നു എന്നാണ് ഭർത്താക്കന്മാർക്കും മററും തോന്നിയിരുന്നതും. അതിനാൽ, ശ്രീകൃഷ്ണനിൽ ദോഷം ആരോപിക്കാൻപോലും ആരുമില്ല എന്നു സിദ്ധിക്കുന്നു.

നാസൂയൻ ഖലു കൃഷ്ണായ മോഹിതാസ്തസ്യ മായയാ
മന്യമാനാഃ സ്വ പാർശ്വസ്ഥാൻ സ്വാൻ സ്വാൻ ദാരാൻ വ്രജൗകസഃ.

എന്ന് ഭാഗവതം ദശമം മുപ്പത്തിമൂന്നാമദ്ധ്യായത്തിൽ പറയുന്നു. ഭഗവാന്റെ മായയിൽ മോഹിച്ച വ്രജവാസികളായ പുരുഷന്മാർ തങ്ങളുടെ ഭാര്യമാർ അടുത്തുണ്ടെന്നുതന്നെ വിചാരിച്ച്, കൃഷ്ണനിൽ ദോഷം ഒട്ടും ആരോപിച്ചില്ല എന്നാണല്ലോ ഈ ശ്ലോകംകൊണ്ടു മനസ്സിലാക്കാവുന്നത്. ഭഗവാനിൽ മനസ്സുറച്ചാൽ അവരുടെ വിഷയാഭിലാഷം —കാമം—ഫലിക്കുകയില്ലെന്നും, വറക്കുകയോ വേവിക്കുകയോ ചെയ്ത ധാന്യങ്ങൾ മുളയ്ക്കാത്തതുപോലെ മനസ്സു വാസനാരഹിതമായിത്തീരുമെന്നും ഭഗവാൻ ഗോപികമാരോടുതന്നെ പറയുന്നുണ്ട്,

ന മയ്യാവേശിതധിയാം കാമഃ കാമായ കല്പതേ
ഭർജ്ജിതാഃ ക്വഥിതാ ധാനാഃ പ്രായോ ബീജായ നേഷ്യതേ

എന്ന ശ്ലോകത്തിൽ. ഇത്രയും വിവരിച്ചതുകൊണ്ട് രാസക്രീഡ ശ്രീകൃഷ്ണഭഗവാന്റെ കാമകേളി അല്ലായിരുന്നു എന്നും ഷഡ്ഗുണസമ്പന്നനായ അവിടുന്ന് ഗോപികമാരുടെ കാമത്തെ ശുദ്ധവും നിർമ്മലവുമായ പ്രേമത്തിന്റെ മാധുരിയാക്കി മാററുന്നതിനുവേണ്ടിച്ചെയ്ത ലീലാരൂപമായ ഉപദേശമായിരുന്നു എന്നും ഗ്രഹിക്കേണ്ടതാണ്. തന്റെ വായിൽ യശോദയ്ക്കു ബ്രഹ്മാണ്ഡമണ്ഡലം കാണിച്ചുകൊടുക്കുകയും ബ്രഹ്മാവിന് അനേകം സൃഷ്ടികർത്താക്കളോടുകൂടിയ ലോകത്തെ പ്രത്യക്ഷമാക്കിക്കൊടുക്കുകയും ചെയ്ത ശ്രീകൃഷ്ണഭഗവാന്റെ യോഗമായാവിലാസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെയാണ് ഗോപികമാർ തങ്ങളുടെകൂടെ രാസമണ്ഡലത്തിൽ ക്രീഡിക്കുന്ന അനേകം ശ്രീകൃഷ്ണന്മാരുടെ രൂപം വെളിപ്പെടുത്തിക്കൊടുത്തതെന്ന് ഭാഗവതത്തിൽനിന്നു സ്പഷ്ടമായി മനസ്സിലാക്കാൻ കഴിയും. ഇതു് ശ്രീകൃഷ്ണന്റെ ഭഗവദ്സ്വഭാവത്തെയാണല്ലോ പ്രകടിപ്പിക്കുന്നതു്.

രാസക്രീഡ ലൗകികദൃഷ്ടിയിൽ ഗോപന്മാരുടെ ഇടയിൽ നടന്നുവരുന്ന നൃത്യവിശേഷമായും ദൈവികദൃഷ്ടിയിൽ ഏകനായ ഭഗവാൻ തന്റെ യോഗമായാശക്തികൊണ്ടു് അനേകം ഗോപികമാരുമൊരുമിച്ചു നടത്തിയ ക്രീഡയായും ആദ്ധ്യാത്മികദൃഷ്ടിയിൽ വിവിധ രൂപത്തിൽ പരിണമിക്കുന്ന അന്തഃകരണവൃത്തികളിൽ പ്രതിഫലിക്കുന്ന ഏകനായ ആത്മാവിന്റെ നാനാരൂപത്തിലുള്ള പ്രതിബിംബമായും മഹാത്മാക്കൾ വ്യാഖ്യാനിക്കാറുണ്ടു്. ഇതുകൊണ്ടു് രാസക്രീഡ സാധാരണജനങ്ങൾ കരുതുന്നതുപോലെയുള്ള ലൈംഗികവികാരപ്രകടനമാണെന്നു വിചാരശീലന്മാരാരും കരുതുകയില്ല. ഭക്തിശാസ്ത്രത്തെക്കുറിച്ചു്. അല്പംപോലും പരിജ്ഞാനമില്ലാത്തവരാണു രാസക്രീഡയിൽ ദോഷം കാണുന്നതു്.

ഗോപിമാരും മധുരരസവും

ഭക്തി ഒരു രസമാണെന്നു വൈഷ്ണവാചാര്യന്മാർ സ്ഥാപിച്ചിട്ടുണ്ടു്. "രസ്യതേ ആസ്വാദ്യതേ ഇതി രസഃ'' എന്നാണു രസശബ്ദത്തിന്റെ വ്യുത്പത്തി. രസിക്കപ്പെടുന്നതു് — ആസ്വദിക്കപ്പെടുന്നതു് — എന്നാണിതിനർത്ഥം. ഭഗവാന്റെ ഗുണഗണങ്ങളും അവതാരാദി ലീലാവിലാസങ്ങളും മാഹാത്മ്യങ്ങളും ഭഗവൽസ്വരൂപവർണ്ണനകളും മററും വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ സജ്ജനങ്ങളുടെ ഹൃദയത്തിൽ ഒരു പ്രീതി— രതി—ഉണ്ടാകാറുണ്ടു്. അതു് വിഭാവം, അനുഭാവം, സാത്വികം, വ്യഭിചാരി ഇവകൊണ്ടു പുഷ്ടിപ്പെട്ടു ഭക്തിരസമായിത്തീരുന്നു. അതു് ആനന്ദപൂർണ്ണവും ചമൽക്കാരയുക്തവുമാണു്. ആ ഭക്തിരസത്തിൽ ആമഗ്നന്മാരായിത്തീരുന്ന മനുഷ്യർ അതിനുമുമ്പു് അനുഭവിച്ചിട്ടില്ലാത്ത അനിർവ്വചനീയവും ദിവ്യവുമായ സുഖമാണു് ആസ്വദിക്കുന്നതു്. ആദ്യമായി ഹൃദയത്തിൽ അനുഭവപ്പെടുന്ന പ്രീതി ഭക്തിരസത്തിന്റെ സ്ഥായീഭാവമാണു്. അതുണ്ടാകുന്നതു വിഭാവംകൊണ്ടാകുന്നു. ഈ വിഭാവം ആലംബനവിഭാവം, ഉദ്ദീപനവിഭാവം എന്നു രണ്ടു പ്രകാരത്തിലുണ്ടു്. ആലംബനവിഭാവം വിഷയാലംബനമെന്നും ആശ്രയാലംബനമെന്നും വീണ്ടും രണ്ടായി പിരിയുന്നു. ഭഗവാന്റെ നേരെയാണു പ്രീതിയുണ്ടാകുന്നതു്. അതിനാൽ ആ പ്രീതിക്കു വിഷയം ഭഗവാനായതുകൊണ്ടു് അദ്ദേഹം വിഷയാലംബനമാണു്. ഭഗവദ്വിഷയകമായ പ്രീതി ആരിലാണോ ഉണ്ടാകുന്നതു് ആ ഭക്തൻ ആശ്രയാലംബനമാകുന്നു. ഏതൊന്നുകൊണ്ടാണോ ഭഗവൽപ്രീതി ഉദ്ദീപിക്കുന്നതു് അതാണു് ഉദ്ദീപനവിഭാവം. ഭഗവന്മാഹാത്മ്യശ്രവണം, മുരളീനാദം, ഭഗവൽസ്തോത്രപാരായണം, ഭക്തജനസംസർഗ്ഗം, പുണ്യധാമദർശനം മുതലായവ ഉദ്ദീപനവിഭാവമാണു്. ഭഗവാനോടുള്ള പ്രീതി പുറമേ പ്രകടിപ്പിക്കുന്ന ശാരീരികവും മാനസികവുമായ ചേഷ്ടകളാണു് അനുഭാവം. ഭഗവൽപ്രേമാധിക്യംനിമിത്തം ശരീരം നിശ്ചേഷ്ടമായിത്തീരുക മുതലായവ സാത്വികഭാവവും നിർവ്വേദം മുതലായവ വ്യഭിചാരീഭാവവുമാണു്. ഇങ്ങനെ ഭഗവദ്രതി വിഭാവാദികളിൽ വികസിച്ചു് ആസ്വാദ്യമായിത്തീരുന്നതാണു് ഭക്തിരസം. എന്നാൽ ഭരതാചാര്യൻ, ശ്രീജഗന്നാഥപണ്ഡിതൻ, ശ്രീവിശ്വനാഥകവിരാജൻ മുതലായ ആചാര്യന്മാർ ഭക്തിയെ ഒരു രസമായി അംഗീകരിച്ചിട്ടില്ല. ശൃംഗാരം, കരുണം, ശാന്തം, രൗദ്രം, വീരം, അത്ഭുതം, ഹാസ്യം, ഭയാനകം, ബീഭത്സം ഈ ഒൻപതു രസങ്ങൾ മാത്രമേ ഉള്ളുവെന്നാണു് അവരുടെ അഭിപ്രായം. ചില ആചാര്യന്മാർ ഭക്തി ശാന്തരസത്തിൽ ഉൾപ്പെടുന്നതാണെന്നു വാദിക്കുന്നു. എന്നാൽ ശ്രീമധുസൂദനസരസ്വതിസ്വാമി, ശ്രീരൂപഗോസ്വാമി തുടങ്ങിയ ആചാര്യന്മാർ ഭക്തി സ്വതന്ത്രവും മററു രസങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതും എല്ലാററിലുംവെച്ചു് ശ്രേഷ്ഠതമവുമാണെന്നു സ്ഥാപിച്ചിട്ടുണ്ടു്.

വിഭാവൈരനുഭാവൈശ്ച സാത്വികൈർ വ്യഭിചാരിഭിഃ
സ്വാദ്യത്വം ഹൃദി ഭക്താനാം ആനീതാ ശ്രവണാദിഭിഃ
ഏഷാ കൃഷ്ണരതിഃ സ്ഥായീഭാവോ ഭക്തിരസോ ഭവേത്.

എന്നു് ഭക്തിരസാമൃതസിന്ധുവിൽ ശ്രീരൂപഗോസ്വാമികൾ പറയുന്നു—ശ്രവണദർശനാദികൾകൊണ്ടു ഭക്തന്മാരുടെ ഹൃദയത്തിൽ അനുഭവിക്കപ്പെടുന്ന ശ്രീകൃഷ്ണരതിരൂപമായ സ്ഥായീഭാവം വിഭാവാനുഭാവാദികൾകൊണ്ടു ഭക്തിരസമായിത്തീരുന്നുവെന്നാണു് ഇതിന്റെ ചുരുക്കം. ഈ ഭക്തിരസം മുഖ്യമായി ശാന്തം, പ്രീതി, പ്രേയാൻ, വത്സലം മധുരം എന്നു് അഞ്ചായും ഗൗണമായി ഹാസ്യം, അത്ഭുതം, വീരം, കരുണം, രൗദ്രം, ഭയാനകം, ബീഭത്സം എന്നു് ഏഴായും ഭക്തിശാസ്ത്രങ്ങളിൽ വിഭജിക്കപ്പെട്ടിട്ടുണ്ടു്. അവയിൽ മുഖ്യമായ അഞ്ചിനെക്കുറിച്ചു് ഇവിടെ അല്പം പ്രതിപാദിക്കാം.

ശാന്തരസത്തിന്റെ സ്ഥായീഭാവം ശാന്തിരതിയും വിഷയാലംബനം സച്ചിദാനന്ദസ്വരൂപനായ ഭഗവാനും പ്രീതിരസത്തിന്റെ സ്ഥായീഭാവം സംഭ്രമപ്രീതിയും വിഷയാലംബനം ദ്വിഭുജനോ ചതുർഭുജനോ ആയ ശ്രീകൃഷ്ണനമാണു്. പ്രേയാൻ രസത്തിന്റെ സ്ഥായീഭാവം സഖ്യരതിയും ആലംബനം ദ്വിഭുജനായ ഹരിയും അദ്ദേഹത്തിന്റെ ക്കട്ടുകാരുമാണു്. വത്സലരസത്തിന്റെ സ്ഥായീഭാവം വാത്സല്യരതിയും ആലംബനം ശ്രീകൃഷ്ണനും അദ്ദേഹത്തിന്റെ ഗുരുജനങ്ങളും ആകുന്നു. മധുരരസത്തിന്റെ സ്ഥായീഭാവം മധുരരതിയും ആലംബനം ശ്രീകൃഷ്ണനും മധുരമായി കടാക്ഷിക്കുന്ന അദ്ദേഹത്തിന്റെ പ്രിയതമമാരുമാണു്. ശാന്തരസത്തിൽ ഈശ്വരനിഷ്ഠയും പ്രീതിരസത്തിൽ ഈശ്വരസേവയും പ്രേയാൻരസത്തിൽ സങ്കോചമില്ലായ്മയും — സമത്വവും—വത്സലരസത്തിൽ ലാളനവും മധുരരസത്തിൽ ആത്മസമർപ്പണവും പ്രധാനപ്പെട്ട ഗുണങ്ങളാണു്. വേദാന്തികൾ ശാന്തരസത്തിനാണു് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. എന്നാൽ ഭക്തിരസാസ്വാദകന്മാരായ വൈഷ്ണവാചാര്യന്മാർ മധുരരസത്തെ സർവ്വപ്രധാനമായി കരുതുന്നു. അവരുടെ പക്ഷം ശാന്തരസംമുതൽ മധുരരസംവരെ ഭക്തിരസം ഉത്തരോത്തരം വർദ്ധിച്ചുവരുന്നുവെന്നാണു്. ശാന്തരസത്തിൽ നിഷ്ഠമാത്രമേ ഉള്ളു. പ്രീതിരസത്തിൽ നിഷ്ഠയും സേവയും പ്രേയാൻരസത്തിൽ നിഷ്ഠയും സേവയും അസങ്കോചവും വത്സലരസത്തിൽ നിഷ്ഠയും സേവയു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസങ്കോചവും ലാളനവും മധുരരസത്തിൽ അവ നാലും ആത്മസമർപ്പണവുംകൂടി പ്രകാശിക്കുന്നുവെന്നാണ് വൈഷ്ണവസിദ്ധാന്തം. പ്രീതിരസത്തെ ദാസ്യരസമായും പ്രേയാൻരസത്തെ സഖ്യരസമായും ചില ആചാര്യന്മാർ വ്യവഹരിക്കാറുണ്ട്. വ്യാസൻ, നാരദർ ഭീഷ്മർ തുടങ്ങിയ മഹാത്മാക്കൾക്ക് ശ്രീകൃഷ്ണഭഗവാന്റെ നേരെയുള്ള ഭക്തി ശാന്തിരസവും അക്രൂരൻ, ഇന്ദ്രൻ, ബ്രഹ്മാവ് മുതലായവർക്ക് ഉണ്ടായ പ്രേമം പ്രീതിരസവുമാണ്. ഗോപകുമാരന്മാർ, കുചേലൻ, അർജ്ജുനൻ മുതലായവർക്കുണ്ടായ ഭഗവദ്ഭക്തി പ്രേയാൻരസവും വസുദേവൻ, ദേവകി, നന്ദഗോപൻ, യശോദ തുടങ്ങിയ ഗുരുജനങ്ങൾക്ക് ശ്രീകൃഷ്ണനിലുളവായി വന്ന പ്രേമം വത്സലരസവും ഗോപികമാർ, രുക്മിണി, സത്യഭാമ തുടങ്ങിയ പട്ടമഹിഷികൾ ഇവർക്കെല്ലാം ഭഗവാന്റെ നേരെ ഉണ്ടായ പ്രേമാതിരേകം മധുരരസവുമാണ്. അതിൽ നിഷ്ഠയും സേവനവും സങ്കോചരാഹിത്യവും ലാളനവും ആത്മസമർപ്പണവും പൂർണ്ണഭാവത്തിലുണ്ട്. ഗോപികമാർക്ക് സ്ത്രീത്വാഭിമാനംനിമിത്തം സങ്കോചമുണ്ടായിരുന്നു. അതുകൊണ്ട് സഖ്യരസത്തേയും വത്സലരസത്തേയും തരണംചെയ്ത് മധുരരസമാസ്വദിക്കുവാൻ പ്രയാസമാണെന്നു കണ്ടാണ് ഭഗവാൻ വസ്ത്രാപഹരണം നടത്തി അവരുടെ ദേഹാഭിമാനവും അതിൽനിന്നുണ്ടാകുന്ന ലജ്ജ മുതലായ വികാരങ്ങളും ഇല്ലാതാക്കിയത്. രാസക്രീഡയിൽ ശ്രേഷ്ഠമായ മധുരരസം പ്രകാശിക്കുന്നു. ഭാര്യമാർക്ക് ഭർത്താവിന്റെ നേരെ ഉണ്ടാകുന്നതുപോലെ ഭക്തന് ഈശ്വരന്റെ നേരെ ഉണ്ടാകുന്ന പരമമായ അനുരക്തിയാണ് മധുരരസം. ഇതിന് അനേകം ശാഖകളുണ്ട്. അവ വിവിധരൂപത്തിൽ ഭാഗവതത്തിൽ വർണ്ണിച്ചിരിക്കുന്നു. അവയിൽ സംയോഗത്തിനും വിപ്രലംഭത്തിനുമാണ് കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. രുക്മിണി മുതലായ ധർമ്മദാരങ്ങൾക്ക് സംയോഗമധുരരസവും ഗോപികമാർക്ക് വിപ്രലംഭമധുരരസവുമാണ് അനുഭവിക്കേണ്ടിവന്നത്. രാസക്രീഡയിൽ ഭഗവാനുമൊരുമിച്ചു രമിച്ച ഗോപികമാർ പിന്നീട് ആജീവനാന്തം ഭഗവാനോടു ചേർന്നു രമിച്ചിട്ടില്ല. ഭഗവൽസ്വരൂപത്തെ ചിന്തിച്ചുകൊണ്ട് അവർ വിരഹാർത്തകളായി കഴിയുകയായിരുന്നു. ഭാഗവതം ദശമസ്കന്ധം നാല്പത്തിനാലാമദ്ധ്യായം പതിനഞ്ചാംശ്ലോകത്തിൽ പറയുന്നത്— ''ഗോപികമാർ പശുവിനെ കറക്കുമ്പോഴും ധാന്യങ്ങൾ പൊടിക്കുമ്പോഴും തൈരു കലക്കുമ്പോഴും തിണ്ണമെഴുകുമ്പോഴും കുഞ്ഞുങ്ങളെ തൊട്ടിലിലിട്ടാട്ടുമ്പോഴും കരയുന്ന കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കുമ്പോഴും കെട്ടിടത്തിനകത്തും പുറത്തും തൂക്കുമ്പോഴും പ്രേമപൂർണ്ണമായ ചിത്തത്തോടും അശ്രുപൂർണ്ണങ്ങളായ നയനങ്ങളോടും ഗദ്ഗദം കലർന്ന വാണികളോടുംകൂടി ശ്രീകൃഷ്ണന്റെ മാഹാത്മ്യങ്ങൾ ഗാനംചെയ്തുകൊണ്ടിരുന്നു'' എന്നാണ്. ശ്രീകൃഷ്ണനിൽ മനസ്സുറച്ചുപോയ ഗോപികമാർ ധന്യകളാണ്. അവർ വിരഹിണികളെപ്പോലെ പുറമെ കാണപ്പെട്ടെങ്കിലും അകമേ ഭക്തിയുടെ പരമകാഷ്ഠയായ മധുരരസമാസ്വദിച്ച് ആത്മാരാമകളായി വിഹരിക്കുകയായിരുന്നു. ദശമം നാല്പത്തിയാറാമദ്ധ്യായം നാല്, അഞ്ച്, ആറ് ശ്ലോകങ്ങളിൽ—

താ മന്മനസ്കാ മത്പ്രാണാ—മദർത്ഥേ ത്യക്തദൈഹികാഃ
യേ ത്യക്ത ലോകധർമ്മാശ്ച—മദർത്ഥേ താൻ ബിഭർമ്യഹം —4
മയി,താഃ പ്രേയസാംപ്രേഷ്ഠേ—ദൂരസ്ഥേ ഗോകുലസ്ത്രീയഃ
സ്മരന്ത്യോഽംഗ വിമുഹ്യന്തി—വിരഹൗത്കണ്ഠ്യ വിഹ്വലാഃ —5
ധാരയന്ത്യതികൃച്ഛ്റേണ—പ്രായഃ പ്രാണാൻ കഥഞ്ചന,
പ്രത്യാഗമനസന്ദേശൈർ—വല്ലവ്യോ മേ മദാത്മികാഃ —6

എന്നു ഭഗവാൻ ഗോപികമാരുടെ സ്വഭാവം ഉദ്ധവർക്കു വിവരിച്ചുകൊടുക്കുന്നതായിക്കാണാം. ''അല്ലയോ ഉദ്ധവരേ! ഗോപികമാർ തങ്ങളുടെ മനസ്സും പ്രാണനും എനിക്കുവേണ്ടി സമർപ്പിച്ചുകഴിഞ്ഞു. എനിക്കുവേണ്ടി അവർ തങ്ങളുടെ ശരീരസംബന്ധികളെയും ലോകസുഖങ്ങളെയും ഉപേക്ഷിച്ച് എന്നിൽ അനുരക്തകളായിത്തീർന്നിരിക്കുകയാണ്. ഞാൻതന്നെയാണ് അവരുടെ സുഖവും ജീവിതവും. ആ ഗോകുലസ്ത്രീകൾക്ക് ഏററവും പ്രിയനാണ് ഞാൻ. ഞാൻ ദൂരെ നിവസിക്കുകയാൽ അവർ എന്നെത്തന്നെയോർത്തു വിരഹത്തിൽ; ഏററവും വിഹ്വലകളായും വിമോഹിതകളായും തീർന്നിരിക്കുകയാണ്. പക്ഷേ, ഞാൻ പെട്ടെന്ന് ഗോകുലത്തിൽ മടങ്ങിച്ചെല്ലുമെന്നുള്ള സന്ദേശത്തിൽ വിശ്വസിച്ചുകൊണ്ടാണ് അവർ പണിപ്പെട്ടു ജീവിതം നിലനിർത്തിക്കൊണ്ടിരിക്കുന്നത് '' ഇതു ഗോപസ്ത്രീകളുടെ വിപ്രലംഭഭാവത്തെയാണല്ലോ സൂചിപ്പിക്കുന്നത്. ഭക്തിയുടെ മധുരഭാവം വാക്കുകൊണ്ടു വർണ്ണിക്കുവാൻ സാദ്ധ്യമല്ല. മൂകാസ്വാദനംപോലെ അനുഭവൈകവേദ്യമാണതു്. ലൗകികഭാഷയിൽ അതു വർണ്ണിക്കുമ്പോൾ ശൃംഗാരരസംപോലെ തോന്നും. പുറമേ ശൃംഗാരരസത്തിന്റെ എല്ലാ ഭാവങ്ങളും മധുരരസത്തിൽ കാണാം. എന്നാൽ ശൃംഗാരരസത്തിൽ പ്രകടമാകുന്നതു കാമവും, മധുരഭാവത്തിൽ പ്രകടമാകുന്നത് ത്യാഗപൂർണ്ണമായ ശുദ്ധപ്രേമവുമാണ്. കാമം സ്വാർത്ഥപരവും പ്രേമം നിസ്സ്വാർത്ഥവുമാകുന്നു. ഗോപിമാർ പ്രേമസ്വരൂപനും സച്ചിന്മയനുമായ ശ്രീകൃഷ്ണനുവേണ്ടി സർവ്വവും സമർപ്പിച്ച് അദ്ദേഹത്തെ ശരണം പ്രാപിക്കയാണുണ്ടായതു്. വൃന്ദാവനത്തിൽവെച്ച് ഭഗവാനെക്കാണാതെ വിരഹാർത്തകളായിത്തീർന്ന ഗോപികമാർ പറയുകയാണ്: ''അല്ലയോ പ്രിയതമ, അങ്ങയുടെ ചരണകമലം ശരണാഗതന്മാരായ പ്രാണികളുടെ എല്ലാ പാപങ്ങളും നശിപ്പിച്ചുകളയുന്നു. അതു്—ആ പാദകമലം—എല്ലാ സൗന്ദര്യത്തിന്റേയും മാധുര്യത്തിന്റേയും വിളനിലമാണ്. ലക്ഷ്മീദേവിപോലും തനിയെതന്നെ അതു സേവിച്ചുകൊണ്ടിരിക്കുന്നു. അങ്ങ് ആ മൃദുലപാദങ്ങൾ കല്ലും മുള്ളും നിറഞ്ഞ സ്ഥലങ്ങളിൽ ഊന്നിക്കൊണ്ടാണ് ഞങ്ങളുടെ ഗോക്കളുടെ പിമ്പേ പോയതു്. ഞങ്ങൾക്കുവേണ്ടി ആ തൃപ്പാദം സർപ്പത്തിന്റെ ഫണത്തിൽ വെയ്ക്കാൻപോലും അവിടുന്നു മടിച്ചില്ല. ഞങ്ങളുടെ ഹൃദയം ഇപ്പോൾ അങ്ങയുടെ വിരഹാഗ്നിയിൽ നീറുകയാണ്. അങ്ങയോടു ചേരണമെന്നുള്ള ആകാംക്ഷ ഞങ്ങളെ തളർത്തിയിരിക്കുന്നു. അങ്ങയുടെ ആ തൃപ്പാദകമലം മാറിടത്തിൽവെച്ച് ഞങ്ങളുടെ ഹൃദയതാപത്തെ ശാന്തമാക്കണേ.'' ''അല്ലയോ പ്രിയതമ, പകൽസമയം അങ്ങു വനത്തിൽ വിഹരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ അങ്ങയെ കാണാതിരിക്കുന്ന ഞങ്ങൾക്ക് ഒരു ക്ഷണം യുഗംപോലെയാണു തോന്നുന്നതു്. എന്നാൽ അങ്ങു സന്ധ്യയ്ക്കു മടങ്ങിവരുമ്പോൾ ചുരുണ്ട കുറുനിരകൾകൊണ്ടു ശോഭിക്കുന്ന അങ്ങയുടെ പരമസുന്ദരമായ മുഖാരവിന്ദം ഞങ്ങൾ കാണുന്നു അങ്ങനെ കണ്ടുകൊണ്ടിരിക്കുമ്പോൾ ഞങ്ങളുടെ കണ്ണ് അടഞ്ഞുപോക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമാണ്. അപ്പോൾ കൺപോള സൃഷ്ടിച്ച ബ്രഹ്മാവിന്റെ മൂഢതയെപ്പററി ഞങ്ങൾ ഓർത്തുപോകും.'' ഇങ്ങനെ ഗോപികമാരുടെ മധുരഭക്തിരസം ഭാഗവതത്തിൽ ഹൃദയാവർജ്ജകമായ രീതിയിലാണ് വർണ്ണിച്ചിരിക്കുന്നത്. ഈ വർണ്ണനകൾ കണ്ടിട്ടായിരിക്കാം ശ്രീവല്ലഭാചാര്യർ പറഞ്ഞുപോയത്, 'ഭാഗവതം വേദവ്യാസന്റെ സമാധിഭാഷ'യാണെന്ന്.

ഗോപസ്ത്രീകളും ജ്ഞാനയോഗവും

ശ്രീകൃഷ്ണനും രാധയും ഗോപികമാരും ഗോക്കളും വൃന്ദാവനവും രാസക്രീഡയും നിത്യമാണെന്ന് വൈഷ്ണവന്മാരിൽ ചിലർ വിശ്വസിക്കുന്നുണ്ട്. ഭക്തിസാധനകൊണ്ടു ഗോപീഭാവത്തിലെത്തി നിത്യനികുഞ്ജവിഹാരികളായ രാധാമാധവന്മാരെ സേവിക്കുന്നതാണു അവരുടെ മുക്തി. പക്ഷേ, ഭാഗവതത്തിൽ ഈ സിദ്ധാന്തത്തിനനുരൂപമായി ഒന്നുംതന്നെ പ്രതിപാദിച്ചുകാണുന്നില്ല. ഭാഗവതത്തിലെ മുഖ്യസിദ്ധാന്തം അദ്വൈതബ്രഹ്മസാക്ഷാത്കാരമാണ്. ഭക്തിയുടെ ഉന്നതനിലയിലെത്തിയ ഗോപിമാരെപ്പോലും ഒടുവിൽ ജ്ഞാനോപദേശംകൊണ്ടു നിത്യവും നിരാകാരവും പൂർണ്ണവുമായ ബ്രഹ്മഭാവത്തിലെത്തിച്ച് അനുഗ്രഹിക്കുവാനുള്ള ഉപദേശമാണ് ഉദ്ധവർ മുഖാന്തിരം ഭഗവാൻ നല്കിയതെന്നു ഭാഗവതത്തിൽ വ്യക്തമായി പറയുന്നുണ്ട്. ഭാഗവതം ദശമം നാല്പത്തിയാറാമദ്ധ്യായത്തിൽ ഭഗവാൻ പറയുന്നതായി വർണ്ണിച്ചിരിക്കുന്നതിങ്ങനെയാണ്: ''അല്ലയോ ഗോപികളേ, ഞാൻ ഈ ചരാചരാത്മകമായ ലോകത്തിന്റെ ഉപാദാനകാരണമാണ്. അതുകൊണ്ട് എല്ലാ ലോകവും എന്റെ സ്വരൂപത്തിൽത്തന്നെ പ്രകാശിക്കുന്നു. ഇതുകൊണ്ടു നിങ്ങൾക്ക് എന്റെ വിയോഗം ഒരിക്കലും ഉണ്ടാകാൻ സാദ്ധ്യമല്ല. ഈ ലോകത്തിലെ ഭൗതികപദാർത്ഥങ്ങളെല്ലാം പഞ്ചഭൂതങ്ങളുടെ വികാരമാണ്. അതിനാൽ എല്ലാ പദാർത്ഥങ്ങളിലും ആകാശം, വായു, അഗ്നി, ജലം, പൃഥ്വി ഈ അഞ്ചു ഭൂതങ്ങളും വ്യാപിച്ചിരിക്കുന്നു. അതുപോലെയാണു ഞാൻ ലോകത്തിൽ വ്യാപിച്ചിരിക്കുന്നത്. ആത്മാവ്—ഞാൻ—മായയോടോ അതിന്റെ ഗുണങ്ങളോടോ ചേർന്നിരിക്കുന്നില്ല. ആത്മാവ്—ഞാൻ— വിശുദ്ധവും ജ്ഞാനസ്വരൂപവുമാണ്. സുഷുപ്തി, സ്വപ്നം, ജാഗ്രത്ത് ഇതു മൂന്നും മായയുടെ മൂന്നു വൃത്തികളാണ്. ഇവയാൽ അഖണ്ഡവും അനന്തവും ബോധസ്വരൂപവുമായ ആത്മാവ് ചിലപ്പോൾ പ്രാജ്ഞനായും ചിലപ്പോൾ തൈജസനായും ചിലപ്പോൾ വിശ്വനായും പ്രതീതമാകുന്നു. വാസ്തവത്തിൽ ആത്മാവ് ആ മൂന്നവസ്ഥകൾക്കും അവയെ അഭിമാനിക്കുന്ന ജീവന്മാർക്കും ആശ്രയവും സാക്ഷിയുമാണ്. സ്വപ്നത്തിൽ കാണപ്പെടുന്ന പദാർത്ഥങ്ങൾപോലെയാണു ജാഗ്രത്തിൽ ഇന്ദ്രിയങ്ങൾവഴി അനുഭവിക്കപ്പെടുന്ന വിഷയങ്ങളും. ഈ രണ്ടവസ്ഥകളും മിഥ്യയാണ്. അതുകൊണ്ട് ആ വിഷയങ്ങളെ അറിഞ്ഞു സങ്കല്പിക്കുന്ന മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിരോധിച്ച് ആത്മസ്വരൂപത്തിൽ ഉണരണം. അങ്ങനെ സ്വപ്നതുല്യമായ ജഗദ്‌വിഷയങ്ങളെയെല്ലാം ഉപേക്ഷിച്ച് എന്നെ പ്രാപിക്കുവിൻ. എല്ലാ നദികളും കറങ്ങിത്തിരിഞ്ഞു സമുദ്രത്തിലെത്തുന്നതുപോലെ വിദ്വാന്മാരുടെ വേദാഭ്യാസം, യോഗസാധന, ആത്മാനാത്മവിവേകം, ത്യാഗം, തപസ്യ, ഇന്ദ്രിയസംയമം, സത്യം മുതലായ എല്ലാ ധർമ്മങ്ങളും എന്നെ പ്രാപിക്കുന്നതിൽ—ബ്രഹ്മസ്വരൂപമായ എന്നോടു ചേർന്ന് മുക്തിയടയുന്നതിൽ—പര്യവസാനിക്കുന്നു.'' ഭഗവാന്റെ ഈ ഉപദേശങ്ങൾകൊണ്ടു മനസ്സിലാകുന്നത്, ഭക്തികൊണ്ടു നിർമ്മലചിത്തകളായിത്തീർന്ന ഗോപികമാർക്ക് ആത്മാവിന്റെ അനന്തവും അഖണ്ഡവും പൂർണ്ണവുമായ സ്വരൂപമാണ് ഉദ്ധവർമുഖാന്തിരം ഉപദേശിച്ചുകൊടുത്തതെന്നും ആ ഉപദേശംകൊണ്ടു മാത്രമേ അവരുടെ വിരഹക്ലേശം നീങ്ങുകയുള്ളുവെന്നുമാണ്. എന്നാൽ, ചിലരുടെ അഭിപ്രായം ഉദ്ധവരെ ഭഗവാൻ ഗോപിമാരുടെ സമീപത്തേക്കയച്ചതു് ഭക്തിയോഗപരിശീലനത്തിനാണെന്നത്രേ. അതു ശരിയല്ല.

ഗോപീനാം മദ്വിയോഗാധിം
മൽസന്ദേശൈർവിമോചയ

എന്നു പറഞ്ഞാണ് ഉദ്ധവരെ ഭഗവാൻ ഗോപികമാരുടെ സമീപത്തേക്കയയ്ക്കുന്നത്. ''ഗോപിമാർ എന്റെ വിരഹംനിമിത്തമുള്ള വ്യാധികൊണ്ടു വളരെ ദുഃഖിച്ചിരിക്കുകയാണ്. എന്റെ സന്ദേശം കേൾപ്പിച്ച് അവരുടെ ദുഃഖം ഇല്ലാതാക്കുക'' എന്നാണു ഭഗവാൻ ഉദ്ധവരോടു പറഞ്ഞതിന്റെ സാരം. അതനുസരിച്ച് ഉദ്ധവർ ഗോപികമാരോടു പറഞ്ഞത് ആത്മാവിന്റെ പൂർണ്ണവും നിത്യമുക്തവുമായ സ്വരൂപത്തെപ്പററിയാണ്. അതുവരെ ശ്രീകൃഷ്ണന്റെ സഗുണസാകാരഭാവത്തിൽ ഉറച്ചിരുന്ന ഗോപികമാരുടെ മനസ്സ് പൂർണ്ണമായ നിർഗ്ഗുണബ്രഹ്മഭാവത്തിലേക്കുയർത്തി വിരഹദുഃഖത്തിൽനിന്ന് അവരെ മോചിപ്പിക്കുകയാണ് ശ്രീകൃഷ്ണസന്ദേശത്തിന്റെ ഉദ്ദേശ്യമെന്ന് ആ പ്രകരണം വായിച്ചുനോക്കിയാൽ എല്ലാവർക്കും മനസ്സിലാകും. ഉദ്ധവർ ഗോപസ്ത്രീകളെ ഭക്തിപൂർവ്വം പ്രണമിക്കുന്നതുകൊണ്ടും അവരുടെ ഭക്തിയേയും പരിശുദ്ധിയേയും കുറിച്ച് മുക്തകണ്ഠം പ്രശംസിക്കുന്നതുകൊണ്ടും ജ്ഞാനോപദേശത്തിനവിടെ സ്ഥാനമില്ലെന്നുകൂടി ചിലർ വാദിക്കുന്നു. ഉദ്ധവർ ആത്മജ്ഞാനമുപദേശിച്ചെങ്കിൽ അദ്ദേഹം ഗോപികമാരെ പ്രണമിക്കുമോ എന്നാണ് ഒരു ഭക്തപ്രവരൻ ചോദിക്കുന്നത്. ഉദ്ധവർ ജ്ഞാനാചാര്യനായിട്ടല്ല, ഭഗവാന്റെ സന്ദേശവാഹകനായിട്ടു മാത്രമാണ് ഗോപികമാരുടെ അടുത്തു പോയതെന്ന വസ്തുത പ്രശ്നകർത്താവു മറന്നുപോയതാണ് ആ ചോദ്യം ഉന്നയിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നു തോന്നുന്നു.

ഭാഗവതം ദശമം എൺപത്തിരണ്ടാമദ്ധ്യായത്തിൽ ഗോപികമാരും ഭഗവാനുംകൂടി കുരുക്ഷേത്രത്തിലുള്ള സമന്തപഞ്ചകതീർത്ഥത്തിൽവെച്ചു പിന്നീടു കണ്ടുവെന്നു പറയുന്നു. ഉദ്ധവർമുഖേന ഭഗവാൻ നൽകിയ ഉപദേശം വേണ്ടപോലെ ഫലിച്ചില്ല എന്നുകണ്ട് അവിടെവെച്ച് ഗോപികമാരോടു ഭഗവാൻ ഇങ്ങനെ ഉപദേശിക്കുന്നു: ''അല്ലയോ സഖികളെ, എന്നിലുള്ള ഭക്തി എല്ലാ ജീവജാലങ്ങൾക്കും അമൃതത്വം നല്കുന്നതാണ്. നിങ്ങൾക്ക് എന്നിൽ സ്നേഹം—ഭക്തി— ഉണ്ടായതു് ഒരു മഹാഭാഗ്യമാണ്. അതു നിങ്ങളെ എന്നിലെത്തിക്കുന്നതുമാണ്. ഞാനാകട്ടെ എല്ലാ ഭൂതങ്ങളുടെയും ആദിയിലും അന്തത്തിലും ഉള്ളിലും പുറത്തുമുണ്ട്. ഘടം, പടം മുതലായ ഭൗതികപദാർത്ഥങ്ങൾ എത്രയുണ്ടോ അവയുടെയെല്ലാം മുൻപും പിമ്പും ഉള്ളിലും പുറത്തും അവസ്ഥ മൂല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരണമായ പഞ്ചഭൂതങ്ങൾ വ്യാപിച്ചിരിക്കുന്നതുപോലെ ഇക്കാണുന്ന എല്ലാ ഭൂതങ്ങളിലും ഞാൻ നിറഞ്ഞിരിക്കുന്നു. അവയുണ്ടാകുന്നതിനു മുമ്പും അവയ്ക്കിടയ്ക്കും അവ നശിച്ചാലും ഞാൻ പൂർണ്ണമായി നിലകൊള്ളുന്നുണ്ട്. ഇപ്രകാരം എല്ലാ പ്രാണികളുടെ ശരീരത്തിലും പഞ്ചഭൂതങ്ങൾ കാരണരൂപത്തിലും ആത്മാവ് ജീവരൂപത്തിലും നിലകൊള്ളുന്നു. എന്നാൽ ഞാൻ ഇവ രണ്ടിനും അപ്പുറത്തു വിളങ്ങുന്ന സത്യസ്വരൂപമാണ്. എന്നിൽ ഇവയെല്ലാം തോന്നുകമാത്രമാണ്. ഞാൻ സത്യവും ഇവ രണ്ടും എന്നിൽ കല്പിതവുമാകുന്നു. അതിനാൽ ബ്രഹ്മസ്വരൂപനായ എന്നെ നിങ്ങൾ നിജസ്വരൂപത്തിൽ സാക്ഷാത്കരിക്കണം.'' പ്രസ്തുതമായ ഉപദേശം വിവരിച്ചതിനുശേഷം പരീക്ഷിത്തുമഹാരാജാവിനോട് ശുകൻ പറഞ്ഞതിങ്ങനെയാണ്:

അദ്ധ്യാത്മശിക്ഷയാ ഗോപ്യ ഏവം കൃഷ്ണേന ശിക്ഷിതാഃ
തദനുസ്മരണധ്വസ്ത ജീവകോശാസ്തമദ്ധ്യഗൻ

''അല്ലയോ പരീക്ഷിത്തേ, ഭഗവാൻ കൃഷ്ണൻ ഇപ്രകാരം ഗോപിമാരെ അദ്ധ്യാത്മവിദ്യ പരിശീലിപ്പിച്ചു. ആ ഉപദേശം നിരന്തരം മനനംചെയ്യുകകൊണ്ട് ഗോപികമാരുടെ ജീവകോശം—ലിംഗശരീരം—നശിച്ചുപോവുകയും അവർ ഭഗവൽസ്വരൂപത്തെ പ്രാപിക്കുകയും ചെയ്തു.'' നന്ദകുമാരനിൽ തോന്നിയ രതി, മധുരരസമായി വികസിച്ച് ഭഗവാൻ ശ്രീകൃഷ്ണന്റെ ജ്ഞാനോപദേശംകൊണ്ട് അഖണ്ഡാകാരവൃത്തിരൂപമായ ബ്രഹ്മജ്ഞാനമായിപ്പരിണമിച്ച് ഗോപികമാരെ ജീവന്മുക്തിപദത്തിൽ എത്തിക്കുന്നതാണ് നാം ഭാഗവതത്തിൽ കാണുന്നത്. ഭാഗവതത്തിൽ അദ്വൈതാനുഭൂതിരൂപമായ ജ്ഞാനത്തെയും ഭക്തിരൂപത്തിൽ വർണ്ണിച്ചിട്ടുണ്ട്. 'ഏകാന്ത ഭക്തിർ ഗോവിന്ദേ യൽ സർവ്വത്ര തദീക്ഷണം' എന്നുതുടങ്ങിയ പ്രയോഗങ്ങൾ അതിനുദാഹരണങ്ങളാണ്. ശ്രീകൃഷ്ണാവതാരത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ശ്രീകൃഷ്ണനും ഗോപികമാരും തമ്മിലുള്ള ബന്ധം. വെറും മുഗ്ദ്ധകളായിരുന്ന ആ ഗോപികമാർ ഭഗവാന്റെ അനുഗ്രഹംകൊണ്ട് ബ്രഹ്മാനുഭവരസമനുഭവിച്ച് കൃതകൃത്യകളായിത്തീർന്നതാണ് ആ ബന്ധംകൊണ്ടുള്ള പ്രയോജനം. ഈശ്വരാനുഗ്രഹമുണ്ടായാൽ ആർക്കും അദ്വൈതാനുഭൂതി ഉണ്ടാകുമെന്ന് ഈ വിവരണംവഴി ഭാഗവതം പ്രഖ്യാപിക്കുന്നു.

ഈ പ്രകരണത്തിൽ ഈശ്വരതത്വം, ജീവതത്വം, സാധനസാമഗ്രികൾ ഈ മൂന്നു വിഷയങ്ങളാണു കൂടുതലായി പ്രതിപാദിക്കപ്പെട്ടതു്. സാധനകളുടെ ഫലമായി ജീവൻ സംസാരദുഃഖത്തിനു കാരണമായ അജ്ഞാനത്തെ നശിപ്പിച്ച് ഈശ്വരപ്രാപ്തിരൂപമായ മുക്തിയടയുന്നു. അതിനാൽ മുക്തിയാണ് ഇനി പ്രതിപാദിക്കേണ്ടതു്. എന്നാൽ ഭാഗവതത്തിന്റെ ദശലക്ഷണങ്ങൾ നിരൂപണംചെയ്തപ്പോൾ മുക്തിസ്വരൂപം വിവരിച്ചിട്ടുണ്ട്. അതുകൊണ്ട് ആ വിഷയം കൂടുതലായി ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യകതയില്ലെന്നു തോന്നുന്നു. വിവിധരൂപത്തിലുള്ള ഭക്തിസാധനകളുടെ മുഖ്യഫലം ആത്മജ്ഞാനവും അമുഖ്യഫലം സാലോക്യാദിഗൗണമുക്തിയുമാണ്. എന്നാൽ, ഉത്തമനായ ഭക്തൻ ഗൗണമുക്തിപോലും ആഗ്രഹിക്കാതെയാണ് ഭഗവാനെ സേവിക്കുന്നതു്. അതുകൊണ്ട് ആ സുകൃതിക്ക് ആത്മജ്ഞാനവും തദ്ദ്വാരാ ബ്രഹ്മപ്രാപ്തിരൂപമായ മുക്തിയും സിദ്ധിക്കും. ബ്രഹ്മപ്രാപ്തിക്കുള്ള വിവിധ ജ്ഞാനസാധനകളും ഭാഗവതത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാരോപാപവാദചിന്ത, ദൃഗ്ദൃശ്യവിവേകം, അവസ്ഥാത്രയസാക്ഷിപരിശോധന തുടങ്ങി ജ്ഞാനപരങ്ങളായ വിചാരക്രമങ്ങൾകൊണ്ട് ആത്മസാക്ഷാത്കാരത്തിനുള്ള വഴി ഭാഗവതത്തിൽ നല്ലതുപോലെ തെളിച്ചുകാണിക്കുന്നു. അധികാരിഭേദമനുസരിച്ച് കർമ്മവും ഭക്തിയും ജ്ഞാനവും ശ്രേയസ്കരമാണെന്നുതന്നെയാണ് ഭാഗവതത്തിന്റെ സിദ്ധാന്തം. മുക്തിക്കുവേണ്ടി മാത്രമല്ല, ഭുക്തിക്കുവേണ്ടിയുള്ള വിവിധമാർഗ്ഗങ്ങളും ഭാഗവതത്തിൽ ഉപദേശിക്കപ്പെടുന്നു. നിത്യം, നൈമിത്തികം, കാമ്യം, പ്രായശ്ചിത്തം മുതലായ കർമ്മങ്ങളും വർണ്ണാശ്രമധർമ്മങ്ങളും ഭാഗവതത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു ഗുരുവിന്റെ ഗൗരവവും സുഹൃത്തിന്റെ സ്നേഹവും ഭാര്യയുടെ പ്രേമവും ഭാഗവതോപദേശത്തിൽ സ്ഫുരിക്കുന്നു. വേദശ്രവണത്തിന്റെയും ധർമ്മശാസ്ത്രജ്ഞാനത്തിന്റെയും കാവ്യപരിശീലനത്തിന്റെയും ഫലം ഭാഗവതപഠനംകൊണ്ടു മാത്രം സിദ്ധിക്കുന്നതാണ്. വ്യക്തിയെ സമൂഹരൂപത്തിലും, ജീവനെ ഈശ്വരരൂപത്തിലും ഈശ്വരനെ സകലചരാചരാത്മരൂപത്തിലും ദർശിച്ച് ശാന്തിയും സമാധാനവും നേടാനുള്ള അനേകം മാർഗ്ഗങ്ങൾ ഭാഗവതം തെളിച്ചു കാണിക്കുന്നുണ്ട്. സത്യം, ദയ, തപസ്യ, ശൗചം, തിതിക്ഷ, സദസദ്വിചാരം, മനോനിയന്ത്രണം, ഇന്ദ്രിയസംയമം, അഹിംസ, ബ്രഹ്മചര്യം, ത്യാഗം, സ്വാദ്ധ്യായം, ആർജ്ജവം, സന്തോഷം, സജ്ജനസേവ, സാംസാരികഭോഗങ്ങളിൽനിന്ന് ക്രമേണയുള്ള നിവൃത്തി, മനുഷ്യരുടെ അഭിമാനപൂർണ്ണമായ പ്രയത്നങ്ങളുടെ ഫലം വിപരീതമായിത്തീരുമെന്നുള്ള വിചാരം, മൗനം, ആത്മചിന്തനം, പ്രാണികൾക്കുവേണ്ടി ആഹാരസാധനങ്ങളുടെ യഥായോഗ്യമായ വിതരണം, എല്ലാ പ്രാണികളിലും പരമാത്മചൈതന്യമുണ്ടെന്നുള്ള സങ്കല്പം, മഹാത്മാക്കളെ ആശ്രയിക്കുക, ഈശ്വരന്റെ നാമഗുണലീലാദികൾ കേൾക്കുക, കീർത്തിക്കുക, സ്മരിക്കുക, ഈശ്വരനെ പൂജിക്കുക, നമസ്കരിക്കുക താൻ ഈശ്വരന്റെ അടിമയാണെന്നു വിചാരിക്കുക, ഈശ്വരനുമായി സഖ്യം പുലർത്തുക, തന്റെ ശരീരത്തെ ഈശ്വരനുവേണ്ടി സമർപ്പിക്കുക ഇങ്ങനെ മുപ്പതു വിധത്തിലുള്ള ആചരണം എല്ലാ മനുഷ്യരുടെയും പരമധർമ്മമാണെന്നും ഇതു് പരിപാലിച്ചാൽ ഭഗവാൻ പ്രസാദിക്കുമെന്നും യുധിഷ്ഠിരമഹാരാജാവിനോട് നാരദമഹർഷി ഉപദേശിക്കുന്നതായി ഭാഗവതം ഏഴാം സ്കന്ധം പതിനൊന്നാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഈ ധർമ്മങ്ങൾ ആചരിക്കപ്പെട്ടാൽ ലോകത്തിൽ എന്നും ശാന്തിയും ക്ഷേമവും വളർത്താൻ കഴിയും. മനുഷ്യർ തമ്മിൽ കലഹിച്ചാൽ യാദവന്മാരെപ്പോലെ നശിക്കുകയും യോജിച്ചാൽ പാണ്ഡവന്മാരെപ്പോലെ ശ്രേയസ്സ് ലഭിക്കുകയും ചെയ്യുമെന്നു ഭാഗവതം ലോകത്തെ ഉദ്ബോധിപ്പിക്കുന്നു. ഭാഗവതമഹാപുരാണംപോലെ മാനവഹൃദയത്തിൽ ഭക്തിരസവും ജ്ഞാനപ്രകാശവും ചൊരിയുന്ന ഒരു ഗ്രന്ഥം ലോകത്തു് ഇതുവരെയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഭാരതത്തിലെ ഭക്തജനങ്ങൾ ഭഗവാന്റെ ശബ്ദമയമായ അവതാരമെന്നനിലയിൽ ഭാഗവതത്തെ സമാരാധിക്കുന്നു.

ഭാരതത്തിലുള്ള എല്ലാ പ്രാദേശികഭാഷകളിലും അവയുടെ പ്രാരംഭകാലംമുതൽ ഭാഗവതത്തിന്റെ പലതരത്തിലുള്ള വിവർത്തനങ്ങളാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. ഭാഗവതകഥകളെ ഉപജീവിച്ച് അനേകം കാവ്യങ്ങളും നാടകങ്ങളും ഭാരതീയഭാഷകളിൽ രചിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പണ്ഡിതന്മാർക്കും പാമരന്മാർക്കും ഭാഗവതപ്രതിപാദിതമായ കഥകളും തത്വങ്ങളും ഗ്രഹിക്കാൻ കഴിഞ്ഞിട്ടുമുണ്ട്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗവതവും മലയാളഭാഷയും

ഭാഗവതത്തോട് മലയാളികൾക്ക് വളരെയേറെ ആദരവുണ്ട്. അതുകൊണ്ടാണ് മലയാളഭാഷയുടെ പ്രാരംഭംമുതൽ ഭാഗവതകഥകളും അതിൽ പ്രവേശിക്കുവാൻ തുടങ്ങിയതു്. അറുനൂറുകൊല്ലംമുമ്പുതന്നെ കണ്ണശ്ശ ഭാഗവതം മലയാളത്തിലുണ്ടായി. അതിന്റെ കർത്താവ് പ്രസിദ്ധന്മാരായ നിരണംകവികളിൽ ഒരാളായ ശ്രീ രാമപ്പണിക്കരാണ്. നിരണംകവികൾക്ക് കണ്ണശ്ശപ്പണിക്കരന്മാർ എന്നൊരു സ്ഥാനപ്പേരുള്ളതുകൊണ്ട് അവർ എഴുതിയ ഗ്രന്ഥങ്ങൾക്കും കണ്ണശ്ശരാമായണം, കണ്ണശ്ശഭാരതം, കണ്ണശ്ശഭാഗവതം എന്നിങ്ങനെയുള്ള പേരും വന്നുചേർന്നു. ശ്രീ രാമപ്പണിക്കർ ഭാഗവതം ദശമമാണ് മലയാളത്തിലാക്കിയതു്. മലയാളത്തിൽ ആദ്യമായി ആവിർഭവിച്ച ഭാഗവതവിവർത്തനം അതായിരിക്കണം. തുടർന്ന് ചെറുശ്ശേരിനമ്പൂതിരി കൃഷ്ണഗാഥയും എഴുത്തച്ഛൻ ഭാഗവതം കിളിപ്പാട്ടും പുറയന്നൂർ നമ്പൂതിരിപ്പാട് ദശമം കിളിപ്പാട്ടും വിരചിച്ചിട്ടുണ്ട്. ചെറുശ്ശേരി നമ്പൂതിരി കൃഷ്ണഗാഥ രചിച്ചിട്ട് നാനൂററമ്പതു കൊല്ലവും എഴുത്തച്ഛൻ ഭാഗവതഭാഷാഗാനമെഴുതിയിട്ട് നാനൂറു കൊല്ലവും പുറയന്നൂർ നമ്പൂതിരിപ്പാട് ദശമം കിളിപ്പാട്ട് എഴുതിയിട്ട് നൂററിയെഴുപതു കൊല്ലവും കഴിഞ്ഞിട്ടുണ്ടെന്നാണ് ഗവേഷകന്മാർ അഭിപ്രായപ്പെടുന്നതു്. ആധുനികകാലത്തു് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, പെരുമനം കൃഷ്ണയ്യർ, മുഴങ്ങോട്ടുവിള കൃഷ്ണപിള്ള, ഭക്തകവിതിലകം താഴത്തുകാട്ട് സുബ്രഹ്മണ്യൻതിരുമുമ്പ് ഈ നാലു കവിശ്രേഷ്ഠന്മാർ ഭാഗവതം മുഴുവൻ മലയാളത്തിലേക്കു തർജ്ജമചെയ്തു. ഇവരിൽ ശ്രീ കൊച്ചുണ്ണിത്തമ്പുരാൻ മഞ്ജരീവൃത്തത്തിലും പെരുമനം കൃഷ്ണയ്യരും സുബ്രഹ്മണ്യൻതിരുമുമ്പും വൃത്താനുവൃത്തമായും ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള കിളിപ്പാട്ടുരീതിയിലുമാണ് തർജ്ജമചെയ്തതു്. എഴുവത്തു് ശ്രീ നാണുക്കുട്ടിമേനോൻ ഏകാദശം വിസ്തരിച്ചും മററുള്ള സ്കന്ധങ്ങൾ സംഗ്രഹിച്ചും കിളിപ്പാട്ടുരീതിയിൽ ഒരു ഭാഗവതം നിർമ്മിച്ചതായി കാണുന്നു. ദശമത്തിനുമാത്രം പഴയ മലയാളത്തിൽ അജ്ഞാതനാമാവായ ആരോ എഴുതിയ ഒരു ഗദ്യവിവർത്തനവും പണ്ഡിതർ ശ്രീ ഇ. വി. രാമൻനമ്പൂതിരിയുടെ പ്രഥമം, ഏകാദശം, ദ്വാദശം ഈ മൂന്നു സ്കന്ധങ്ങളുടെ ഗദ്യവിവർത്തനവും മലയാളത്തിൽ വന്നിട്ടുണ്ട് കൂടാതെ, ഭാഗവതകഥകളെ ഉപജീവിച്ച് മലയാളത്തിൽ പല കാവ്യങ്ങളും നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളം കാവ്യം, ഭാഗവതം ഇരുപത്തുനാലുവൃത്തം, കേശവീയം മുതലായവ അക്കൂട്ടത്തിലുൾപ്പെടും. കണ്ണശ്ശപ്പണിക്കർ, ചെറുശ്ശേരി നമ്പൂതിരി, എഴുത്തച്ഛൻ ഇവർ ഭാഗവതവിവർത്തനങ്ങളിൽ വളരെ സ്വാതന്ത്ര്യം പ്രകടിപ്പിച്ചിട്ടുണ്ട്. മൂലഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിടുന്നതിനും മൂലത്തിലില്ലാത്ത ചിലതു കൂട്ടതലായി ചേർക്കുന്നതിനും അവർക്കൊരു മടിയുമില്ലായിരുന്നു. എന്നാൽ ശ്രീ കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങി പിന്നീടു ഭാഗവതം തർജ്ജമചെയ്തവരെല്ലാം മൂലഗ്രന്ഥത്തിലെ ആശയങ്ങൾ അവരുടെ കഴിവനുസരിച്ച് മലയാളത്തിൽ പകർത്താൻ ശ്രമിച്ചതായി കാണുന്നു. ശ്രീ കൊച്ചുണ്ണിത്തമ്പുരാൻ പ്രഥമസ്കന്ധത്തിലെ ഒന്നാമദ്ധ്യായവും രണ്ടാമദ്ധ്യായത്തിൽ അഞ്ചു ശ്ലോകവും വൃത്താനുവൃത്തമായും ബാക്കി ഭാഗങ്ങളെല്ലാം മഞ്ജരീവൃത്തത്തിലുമാണ് രചിച്ചതു്. ശ്രീ പെരുമനം കൃഷ്ണയ്യരുടെ ഭാഗവതവിവർത്തനത്തിൽ വളരെ തെററുകൾ പററിപ്പോയി. എന്നാൽ ശ്രീ സുബ്രഹ്മണ്യൻതിരുമുമ്പിന്റെ ഭാഗവതത്തിന്റെ വൃത്താനുവൃത്തവിവർത്തനത്തെ പണ്ഡിതന്മാർ വളരെ പ്രശംസിക്കുന്നു. പക്ഷേ, വൃത്താനുവൃത്തവിവർത്തനമായതുകൊണ്ട് മൂലത്തിലെ ആശയങ്ങൾ സാമാന്യജനങ്ങൾക്കുകൂടി മനസ്സിലാകത്തക്കവണ്ണം സ്പഷ്ടമാക്കുവാൻ ശ്രീ സുബ്രഹ്മണ്യൻ തിരുമുമ്പിന് കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത വെളിപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ആ കുറവു പരിഹരിക്കുവാൻവേണ്ടി ദുർഗ്രഹമായ ഭാഗങ്ങൾക്ക് ഗദ്യത്തിൽ അദ്ദേഹം വിവരണം കൊടുത്തിട്ടുണ്ട്.

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ളയും ഭാഗവതവിവർത്തനവും

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള കിളിപ്പാട്ടുരീതിയിൽ വിവർത്തനംചെയ്തിരിക്കുന്ന ഭാഗവതം സാമാന്യജനങ്ങൾക്കുപോലും മനസ്സിലാകത്തക്കവണ്ണം ലളിതവും സുന്ദരവുമാണ്. സംസ്കൃതവൃത്തത്തെക്കാളും മഞ്ജരിയെക്കാളും കിളിപ്പാട്ടിനോടാണ് മലയാളികൾക്കു കൂടുതൽ പ്രീതി. അതുകൊണ്ട് നാനൂറുവർഷമായി എഴുത്തച്ഛന്റെ കിളിപ്പാട്ടുവഴി മലയാളികൾ ഭാഗവതകഥാമൃതം ആസ്വദിക്കുന്നു. ദേവമന്ദിരങ്ങളിലും തറവാടുകളിലും എഴുത്തച്ഛന്റെ ഭാഗവതംകിളിപ്പാട്ട് ഭക്തിരസോദ്ദീപകങ്ങളായ രംഗങ്ങളിൽ പാടി രസിക്കുന്ന പതിവ് സാമാന്യജനങ്ങളുടെ ഇടയിൽപ്പോലും ഇന്നും നിലവിലുണ്ട്. പക്ഷേ, മൂലഗ്രന്ഥത്തിലെ ആശയം മലയാളത്തിലേക്കു പകർത്തിയപ്പോൾ എഴുത്തച്ഛനു പല പാകപ്പിഴകളും വന്നുപോയിട്ടുണ്ടെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

''ഭാഗവതം പന്ത്രണ്ടു സ്കന്ധവും മലയാളത്തിൽ ആദ്യം തർജ്ജമചെയ്തതു് തുഞ്ചത്തു് എഴുത്തച്ഛനാണ്...ശ്രുതിഗീതയടക്കം ഭാഗവതം മുഴുവനും ഈ കിളിപ്പാട്ടിലുണ്ടെന്നു പറയാം. എന്നാൽ കൂട്ടലും കുറയ്ക്കലും വിട്ടുകളയലും ധാരാളം ചെയ്തിട്ടുമുണ്ട്. കഥ മുഴുവനും തർജ്ജമയിൽ വരുത്തിയിട്ടുണ്ട്. സ്തുതികളുമുണ്ട്. സ്തുതിക്കു പകരം ഒരു സ്തുതി കാണാമെന്നല്ലാതെ മൂലകൃതിയുടെ അർത്ഥം കിളിപ്പാട്ടിലുണ്ടെന്നോ ഉണ്ടാക്കാൻ എഴുത്തച്ഛൻ ശ്രമിച്ചിട്ടുണ്ടെന്നോ പറയാൻ വയ്യ. 'ധൂർജ്ജടിം ലോകൈകനാഥം നരസിംഹം' എന്നു തുടങ്ങുന്ന പ്രസിദ്ധമായ പ്രഹ്ലാദസ്തുതിയും ശ്രുതിഗീതയെന്നറിയപ്പെടുന്ന വേദസ്തുതിയും മാത്രം നോക്കിയാൽ അക്കാര്യം വ്യക്തമാകുന്നതാണ്. പ്രളയാവസാനത്തിൽ ശ്രുതികൾ ഭഗവാനെ സ്തുതിച്ചുണർത്തിയതിനെയാണ് ശ്രുതിഗീതയിൽ വർണ്ണിച്ചിട്ടുള്ളതെന്നുപോലും വിവർത്തകനു മനസ്സിലായില്ലെന്നു തോന്നും ആ ഭാഗം വായിച്ചുനോക്കിയാൽ. ശ്രുതിഗീത, മൂലം ഇരുപത്തിയെട്ടു ശ്ലോകമാണ്. അതിനെ നൂറിലേറെ ഈരടികളിലാണു വിവർത്തനം ചെയ്തിട്ടുള്ളതു്. ആദ്യത്തെ പദ്യം ഇതാണ്:

ജയജയ ജഹ്യജാമജിത ദോഷഗൃഭീതഗുണാം
ത്വമസി യദാത്മനാ സമവരുദ്ധ സമസ്ത ഭഗഃ
അഗജഗദോകസാമഖിലശക്ത്യവബോധക തേ
ക്വചിദജയാത്മനാ ച ചരതോനുചരേന്നിഗമഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതിനെ കിളിപ്പാട്ടിൽ തർജ്ജമചെയ്തിരിക്കുന്നത് ഇങ്ങനെയാണ്:

യോഗികൾക്കും ജയിച്ചീടാത ദോഷത്തെ
നാശം വരുത്തുവാനായ് സൽഗ്ഗുണമായി
വേറല്ലതും നിന്തിരുവടി താൻതന്നെ
വേറായ് വിരുദ്ധനാകുന്നതും നീതന്നെ
ഭിന്നമായും സമമാകുന്നതും ഭവാൻ
പിന്നെസ്സുഖദുഃഖമെന്നിവയൊക്കെയും.
സർവ്വത്തിനും ശക്തിബോധസ്വരൂപനായ്
നിർവ്വാണവിഗ്രഹനാകുന്നതും ഭവാൻ
ഒന്നിനാലും ജയിപ്പാനരുതാത്തതായ്
നിന്നിടുമാത്മസ്വരൂപനായുമഥ
എന്നുമചരനായാത്മാവിനാൽത്തന്നെ
നിന്നു ചരിക്കുന്നതും വേദമായതും.

മൂലഗ്രന്ഥത്തിലെ ചില ശ്ലോകങ്ങളെടുത്തു തനിക്കു തോന്നിയ ചിലതൊക്കെയങ്ങു പറഞ്ഞുവെന്നുമാത്രം. പദച്ഛേദംപോലും ശരിക്കു ധരിച്ചിട്ടല്ല വിവർത്തനം നിർവ്വഹിച്ചിട്ടുള്ളത്. 'ജയജയ ഹേ അജിത ദോഷഗൃഭീതഗുണാം അജാംജഹി' 'നിന്തിരുവടി സർവ്വോൽക്കർഷേണ വർത്തിച്ചാലും, സർവ്വോൽക്കർഷേണ വർത്തിച്ചാലും. നിന്തിരുവടിയെ ആർക്കും ഒരിക്കലും തോല്പിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള നിന്തിരുവടി, ഗുണങ്ങളെയെല്ലാം ദോഷങ്ങളെക്കൊണ്ടു മറച്ചു നിലകൊള്ളുന്ന ജനനരഹിതയായ മായയെ ഒഴിവാക്കേണമേ' എന്നാണല്ലോ ഒന്നാംപാദത്തിന്റെ അന്വയവും അർത്ഥവും. ഇതിലെ, മായയെ അകററണമേ എന്ന പ്രധാനപ്രാർത്ഥനപോലും തർജ്ജമയിൽ വന്നിട്ടില്ല. 'ജയജയ ജഹ്യജാം' എന്ന ആദ്യഭാഗം മുഴുവൻ വിട്ടു. 'അജിതദോഷഗൃഭീതഗുണാം' എന്നതു് ഒററപ്പദമായി എടുത്തു. അതിനു്—

യോഗികൾക്കും ജയിച്ചീടാത ദോഷത്തെ
നാശം വരുത്തുവാനായിസ്സൽഗ്ഗുണമായി

എന്നർത്ഥവും പറഞ്ഞു. അജിത, ദോഷ, ഗുണ എന്നീ മൂന്നു വാക്കുകളുടെ അർത്ഥം ഒരുവിധം ഇതിൽ ഉൾപ്പെടുത്തീട്ടുണ്ടെന്നുമാത്രം. 'ത്വമസിയദാത്മനാ സമവരുദ്ധ സമസ്തഭഗഃ' എന്ന രണ്ടാംപാദത്തിന്റെ തർജ്ജമയും ഒന്നാംപാദത്തിന്റേതിൽനിന്നു് ഒട്ടും ഭിന്നമല്ല. എന്തെന്നാൽ നിന്തിരുവടി സ്വയം എല്ലാ ഐശ്വര്യങ്ങളേയും സ്വാധീനപ്പെടുത്തിയവനാണ് എന്നത്രേ അതിന്റെ അർത്ഥം. ''യൽ ത്വം ആത്മനാ സമവരുദ്ധസമസ്ത ഭഗഃ അസി'' എന്നാണ് അന്വയം. ഭാഷയോ?

വേറല്ലതും നിന്തിരുവടി താൻതന്നെ
വേറായ് വിരുദ്ധനാകുന്നതും നീതന്നെ

മൂലത്തിലെ അർത്ഥമൊന്നും വന്നിട്ടില്ലെന്നതു പോകട്ടെ. 'സമവരുദ്ധ സമസ്ത ഭഗഃ' എന്ന പദത്തിൽ ഒരു വിരുദ്ധനെ കണ്ടുപിടിച്ചതു് അത്ഭുതമായിരിക്കുന്നു. മിക്കവാറും ശ്രുതിഗീതയുടെ വിവർത്തനം ഈ വിധമാണ്. അതിശക്തിയായ വാസനയും അതുപോലെതന്നെ നിർവ്യാജമായ ഭക്തിയും ഈശ്വരതത്വങ്ങളെക്കുറിച്ച് കുറെയൊക്കെ അറിവും സംസ്കൃതത്തിൽ സാമാന്യമായ വ്യുത്പത്തിയുമുള്ള എഴുത്തച്ഛൻ ചെറുപ്പകാലത്തു് വിവർത്തനംചെയ്ത പുരാണമാണു് ശ്രീമഹാഭാഗവതം......

കഥാഗതിയിലും മൂലത്തെ അപേക്ഷിച്ച് ചില ചില്ലറ മാററങ്ങൾ എഴുത്തച്ഛന്റെ ഭാഗവതത്തിൽ കാണാനുണ്ട്. ഒന്നുരണ്ടുദാഹരണം പറയാം. ധന്വന്തരിമൂർത്തിയുടെ കൈയിൽനിന്നു് അസുരന്മാർ തട്ടിക്കൊണ്ടുപോയ അമൃതം മഹാവിഷ്ണു മോഹിനീരൂപത്തിൽ ചെന്നു് ഭ്രമിപ്പിച്ചു കൈവശപ്പെടുത്തുകയാണല്ലോ ചെയ്തതു്. ദേവന്മാരെയും അസുരന്മാരെയും പന്തി തിരിച്ചിരുത്തി ദേവന്മാർക്ക് ആദ്യം വിളമ്പി അസുരന്മാരുടെ അടുത്തു് എത്തിയപ്പോഴേക്കും അമൃതു മുഴുവനും അവസാനിപ്പിച്ചു എന്നാണ് മൂലത്തിലുള്ളതു്. എഴുത്തച്ഛന്റെ ഭാഗവതത്തിലാകട്ടെ, അസുരന്മാരോടു കണ്ണടച്ചിരിക്കാൻ പറഞ്ഞുവെന്നും ഒടുവിൽ കണ്ണുമിഴിക്കുന്ന ആളാണ് തന്റെ ഭർത്താവെന്നും മോഹിനി അവരോടു പറഞ്ഞുവെന്നും അവരെല്ലാവരും കണ്ണടച്ചിരിക്കുമ്പോൾ മോഹിനി അമൃതകലശവുമെടുത്തു പോന്നു ദേവന്മാർക്കു കൊണ്ടുപോയിക്കൊടുത്തുവെന്നുമാണ് വിവരിച്ചിട്ടുള്ളതു്. അതുപോലെ വാമനൻ മഹാബലിയോടു മൂന്നടി ഭൂമി ചോദിച്ചപ്പോൾ ശുക്രാചാര്യർ കൊടുക്കരുതെന്നു വിലക്കിയെന്നും മഹാബലി അതു വകവയ്ക്കാതെ ദാനംചെയ്‌വാൻ തുടങ്ങിയപ്പോൾ ശുക്രൻ ഒരു കരടായി കിണ്ടിയുടെ മുരലിൽ വെള്ളം വരാത്തവിധം അടച്ചുകിടന്നുവെന്നും അപ്പോൾ കപടബ്രഹ്മചാരിയായ വാമനൻ ദർഭപ്പുല്ലിന്റെ കടകൊണ്ടു് കിണ്ടിയുടെ മുരലിൽ കുത്തിയെന്നും ശുക്രന്റെ ഒരു കണ്ണു പൊട്ടിയെന്നും കിളിപ്പാട്ടിൽ കാണുന്നുണ്ടു്. മൂലത്തിൽ അതില്ല. ഇതൊക്കെ ഫലിതപ്രിയന്മാരായ ചാക്യാന്മാരിൽനിന്നോ പാഠകക്കാരിൽനിന്നോ എവിടെനിന്നാണു് എഴുത്തച്ഛനു കിട്ടിയതെന്നു നിശ്ചയമില്ല. ഏതായാലും എഴുത്തച്ഛന്റെ കിളിപ്പാട്ട് മൂലാനുസാരിയായ തർജ്ജമയല്ലെന്ന കാര്യം തീർച്ചയാണ്. ഭാഗവതം മുഴുവനും ഇദംപ്രഥമമായി പദ്യരൂപേണ ഭാഷയിലാക്കിത്തന്നതു് എഴുത്തച്ഛനാണെന്ന കാര്യവും നിർവ്വിവാദമാണ്.'' എന്നാണ് പണ്ഡിതവരേണ്യനായ ശ്രീ കെ പി. നാരായണപ്പിഷാരോടി 1970 ഫെബ്രുവരി 22-ാംതീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ 'ഭാഗവതവിവർത്തനം' എന്ന ഉപന്യാസത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ശ്രീ പിഷാരോടി എടുത്തുകാണിച്ചതും അല്ലാത്തതുമായ അനേകം തെററുകൾ എഴുത്തച്ഛന്റെ വിവർത്തനത്തിൽ കാണപ്പെടുന്നുണ്ട്. അവയെല്ലാം പരിഹരിച്ച് ഭാഗവതപുരാണത്തിന്റെ ശരിയായ ആശയം മലയാളികൾക്കു കിളിപ്പാട്ടിൽത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുവാൻ ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ളയ്ക്കു നിഷ്പ്രയാസം സാധിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെന്നു പറയാം. അതുകൊണ്ടുതന്നെയാണ് ശ്രീ മുഴങ്ങോട്ടുവിളയുടെ വിവർത്തനത്തിനു ജനങ്ങളുടെയിടയിൽ ഇന്നു കൂടുതൽ പ്രചാരം സിദ്ധിച്ചിരിക്കുന്നതും. ആ വിവർത്തനത്തിൽ എല്ലാവിധത്തിലും ശ്രീ കൃഷ്ണപിള്ള വിജയശ്രീലാളിതനാവുകതന്നെ ചെയ്തു. ''തുഞ്ചത്തെഴുത്തച്ഛനുശേഷം കിളിപ്പാട്ടായിട്ടുള്ള ഒരു സമ്പൂർണ്ണഭാഗവത തർജ്ജമ ശ്രീ കൃഷ്ണപിള്ളയാണു നിർമ്മിച്ചതു്. തുഞ്ചൻെറ ഭാഗവതത്തെ അപേക്ഷിച്ചു വളരെ മാററമുണ്ടിതിനു്. വൃത്തം മാറിയിട്ടുണ്ടു് എന്നതൊഴിച്ചാൽ മൂലഭാഗവതത്തിൽനിന്നു് ഇതിനുള്ള വ്യത്യാസം, ഇതു മലയാളഭാഷയാണെന്നുള്ളതു മാത്രമാണു്. അദ്ധ്യായങ്ങൾ മാത്രമല്ല, ശ്ലോകങ്ങളും നമ്പരിട്ടു തിരിച്ചു കാണിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണമാണിതു്. നല്ല ഭാഷ, ഗദ്യംപോലെ സുഗ്രഹമായ വാക്യരചന, മൂലത്തിലെ അർത്ഥം മുഴുവനും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവർത്തനം. വൃത്തം മാറി സ്വീകരിച്ചതുതന്നെ അർത്ഥപ്രകാശനത്തിനു വേണ്ടിവന്നാൽ ഒന്നോ രണ്ടോ ഈരടികൂടി ഉപയോഗിക്കാമല്ലോ എന്നുവച്ചാവണം......ഏതായാലും അത്യന്തം ശ്ലാഘനീയമായ ഒരു പുണ്യകർമ്മമാണു് മുഴങ്ങോട്ടുവിള കൃഷ്ണപിള്ള ചെയ്തതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.'' ശ്രീ കെ. പി. നാരായണപ്പിഷാരോടിതന്നെ ശ്രീ മുഴങ്ങോട്ടുവിളയുടെ ഭാഗവതവിവർത്തനത്തെക്കുറിച്ചെഴുതിയ അഭിപ്രായമാണു് ഇവിടെ ചേർത്തിരിക്കുന്നതു്. എഴുത്തച്ഛൻെറ ഭാഗവതവിവർത്തനത്തെക്കാൾ എത്രയോ മേന്മയാണു് ശ്രീ മുഴങ്ങോട്ടുവിളയുടെ ഭാഗവതവിവർത്തനത്തിനു് ഭാഗവതപണ്ഡിതന്മാർ നല്കിയിരിക്കുന്നതെന്നു് ശ്രീ പിഷാരോടിയുടെ അഭിപ്രായപ്രകടനത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള പ്രസിദ്ധപ്പെടുത്തിയ ഭാഗവതഭാഷാഗാനം ആദ്യം രചിക്കാൻ തുടങ്ങിയതു പണ്ഡിതകേസരിയായ പന്നിശ്ശേരി ശ്രീ നാണുപിള്ള അവർകളായിരുന്നു. വിവിധ ഭാഷാപണ്ഡിതനും കവിശ്രേഷ്ഠനും കലാവല്ലഭനുമായിരുന്ന അദ്ദേഹം യോഗവേദാന്താദിദർശനങ്ങളിൽ ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികളുടെ ശിഷ്യനായിരുന്നു 'ശ്രീപരമാനന്ദനാഥ'നെന്ന ദീക്ഷാനാമവും 'അദ്വൈതവിദ്യാപന്നൻ' എന്ന ബിരുദവും നല്കി ശ്രീതീർത്ഥപാദസ്വാമികൾ ശ്രീ പന്നിശ്ശേരി നാണുപിള്ളയവർകളെ അനുഗ്രഹിച്ചിട്ടുണ്ടു്. പരമഗുരുപാദരായ ശ്രീചട്ടമ്പിസ്വാമിതിരുവടികളുടെ സന്നിധിയിൽനിന്നുകൂടി യോഗവേദാന്താദി വിവിധ ശാസ്ത്രരഹസ്യങ്ങൾ ഗ്രഹിക്കുകയും ശ്രീനാരായണഗുരുസ്വാമികളുമായി ആ വിഷയങ്ങളെപ്പറ്റി ചർച്ചചെയ്തുറപ്പിക്കുകയും ചെയ്ത ഒരു മഹാജ്ഞാനിയായിരുന്നു ശ്രീ പന്നിശ്ശേരി. അതുകൊണ്ടു ഭാഗവതം വിവർത്തനംചെയ്യുവാൻ എല്ലാ വിധത്തിലുമുള്ള അർഹതയും അദ്ദേഹത്തിനുണ്ടായിരുന്നുതാനും. പക്ഷേ, ഭാഗവതത്തിലെ ആദ്യത്തെ മൂന്നു ശ്ലോകം മാത്രമേ തർജ്ജമചെയ്യുവാൻ അദ്ദേഹത്തിനവസരം ലഭിച്ചുള്ളു. അപ്പോഴേക്കു്— കൊല്ലവർഷം ആയിരത്തിയൊരുനൂററിപ്പതിനെട്ടു് ചിങ്ങമാസം നാലാംതീയതി—അദ്ദേഹം കഥാവശേഷനായിത്തീർന്നുപോയി. ആ മഹാത്മാവു തുടങ്ങിവെച്ച ഭാഗവതവിവർത്തനം പൂർത്തിയാക്കുവാൻ അദ്ദേഹത്തിൻെറ ഏകപുത്രൻ പന്നിശ്ശേരി ശ്രീ ശ്രീനിവാസക്കുറുപ്പു മുമ്പോട്ടുവന്നു. പിതാവിനെപ്പോലെതന്നെ സാഹിത്യസംഗീതാദികലകളിലും കവനരചനയിലും നിപുണനായ ഒരു പണ്ഡിതനാണു് ശ്രീ ശ്രീനിവാസക്കുറുപ്പു്. അദ്ദേഹത്തിൻെറ തീവ്രമായ പ്രേരണയും സഹായസഹകരണങ്ങളും നിമിത്തമാണു് ശ്രീ മുഴങ്ങോട്ടുവിള ഭാഗവതവിവർത്തനം പൂർത്തിയാക്കിയതു്.

കരുനാഗപ്പള്ളി കോഴിക്കോട്ടു മുഴങ്ങോട്ടുവിള കുടുംബത്തിൽ ജനിച്ച ശ്രീ കൃഷ്ണപിള്ള ശ്രീ പന്നിശ്ശേരി നാണുപിള്ളയുടെ സന്തതസഹചാരിയും ശിഷ്യനുമായി കുറെക്കാലം കഴിഞ്ഞുകൂടിയിട്ടുണ്ടു്. കോഴിക്കോട്ടു കരിങ്ങാട്ടിൽ ശ്രീ നാണുആശാൻെറ അന്തേവാസിയായി കാവ്യനാടകാദികൾ പരിശീലിക്കുകയും ശ്രീ പന്നിശ്ശേരിയിൽനിന്നു വേദാന്തതത്ത്വം ഗ്രഹിക്കുകയുംചെയ്തു് ഒരു വിദ്വാനായിത്തീർന്ന ശ്രീ കൃഷ്ണപിള്ള കവിതാരചനയിലും സാഹിത്യരസാസ്വാദനത്തിലും വിചക്ഷണനായിരുന്നു.

ശ്രീഭട്ടാരശതകം, ശ്രീകൃഷ്ണവിജയം, അന്യോക്ത്യുല്ലാസം, മോഹമുദ്ഗരം (വൃത്താനുവൃത്തം തർജ്ജമ), നാരായണീയം ഭാഷാഗാനം, ശാകുന്തളം നാടകം—ഭാഷാവിവർത്തനം, അന്യാപദേശശതകം വിവർത്തനം തുടങ്ങി അനേകം കവിതകൾ ശ്രീ മുഴങ്ങോട്ടുവിള രചിച്ചിട്ടുണ്ടു്. ആ കവിതകളെക്കുറിച്ചു് ശ്രീ പന്നിശ്ശേരി നാണുപിള്ളക്കു് നല്ല മതിപ്പു തോന്നിയിരുന്നു. അതുകൊണ്ടു് ''ഭാഗവതത്തിലെ തത്ത്വഭാഗങ്ങൾ ഞാൻ വിവർത്തനംചെയ്യാം. കഥാഭാഗങ്ങൾ നിങ്ങളും വിവർത്തനംചെയ്തു ഗ്രന്ഥം മുഴമിക്കണം.'' എന്നു് ഒരിക്കൽ ശ്രീ പന്നിശ്ശേരിതന്നെ ശ്രീ മുഴങ്ങോട്ടുവിളയോടു പറയുകയുണ്ടായി. അതുകൊണ്ടുകൂടിയാണു് സ്വപിതാവിൻെറ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി പിതൃഭക്തനായ ശ്രീ ശ്രീനിവാസക്കുറുപ്പു് ഭാഗവതവിവർത്തനത്തിനു് ശ്രീ മുഴങ്ങോട്ടുവിളയെ പ്രേരിപ്പിച്ചതും, രണ്ടുപേരും ചേർന്നു് ആ പുസ്തകം പൂർത്തിയാക്കി അച്ചടിക്കുവാൻ പ്രയത്നിച്ചതും. ഭാഗവതവിവർത്തനത്തിൽ വിഷമകരമായ പല മൂലശ്ലോകങ്ങളും തർജ്ജമചെയ്തു് ശ്രീ മുഴങ്ങോട്ടുവിളയെ സഹായിച്ചതു് ശ്രീ ശ്രീനിവാസക്കുറുപ്പാണെന്നുള്ള പരമാർത്ഥം എനിക്കു് നല്ലതുപോലെ അറിയാം. പക്ഷേ, കവിയശഃപ്രാർത്ഥിയല്ലാത്ത ശ്രീ കുറുപ്പിനു് അതു പ്രകടമാക്കുന്നതു് ഇഷ്ടമല്ല.

തീർത്ഥപാദപരമ്പരയിൽ ശ്രീപരമാനന്ദനാഥൻ എന്ന പേരിൽ പ്രകീർത്തിതനായ ശ്രീ പന്നിശ്ശേരി നാണുപിള്ള അവർകൾ എൻെറ ശാസ്ത്രാചാര്യൻകൂടിയാണു്. അതുകൊണ്ടു് അദ്ദേഹവും, അദ്ദേഹത്തിൻെറ കാലശേഷം ശ്രീ മുഴങ്ങോട്ടുവിളയും ശ്രീ ശ്രീനിവാസക്കുറുപ്പും ഭാഗവതം തർജ്ജമചെയ്ത ഭാഗങ്ങൾ അപ്പഴപ്പോൾ എന്നെക്കൂടി കാണിച്ചിരുന്നു. ശ്രീ മുഴങ്ങോട്ടുവിളക്കു് കവനകലയിൽ അസാമാന്യമായ വാസനാസമ്പത്തും അതു പ്രകടിപ്പിക്കുവാനുള്ള സാമർത്ഥ്യവും നല്ലതുപോലെ ഉണ്ടായിരുന്നു. എന്നാൽ, കൃത്യാന്തരബാഹുല്യംകൊണ്ടു തുടർച്ചയായി കവിതകൾ രചിക്കുന്നതിനോ അവ പ്രസിദ്ധപ്പെടുത്തി 'മഹാകവിപ്പട്ടം' കൈവരിക്കുന്നതിനോ അദ്ദേഹത്തിനു കഴിഞ്ഞില്ല.

ശ്രീമദ്ഭാഗവതം തർജ്ജമചെയ്യാനൊരുങ്ങിയപ്പോൾ ശ്രീ മുഴങ്ങോട്ടുവിളയെക്കൊണ്ടു് അതു സാധിക്കുകയില്ലെന്നു് അന്നു പലരും പ്രവചിച്ചു എന്നാൽ ശ്രീ എൻ. ശ്രീനിവാസക്കുറുപ്പിൻെറ നിരന്തരമായ പ്രചോദനവും സാഹായ്യവുംകൊണ്ടു ശ്രീ മുഴങ്ങോട്ടുവിളയിലുണ്ടായ അടങ്ങാത്ത ഉത്സാഹം ശ്രീമദ്ഭാഗവതവും ഭാഗവത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാഹാത്മ്യവും മൂലത്തിലെ ആശയങ്ങൾക്ക് ഒരു കോട്ടവും തട്ടാതെ സ്പഷ്ടവും സരളവുമായ ഭാഷാശൈലിയിൽ സ്തുത്യർഹമായവിധം തികച്ചും വിവർത്തനംചെയ്യപ്പെടുവാൻ സംഗതിയാക്കിയെന്നുള്ള വസ്തുത ഇവിടെ പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളട്ടെ.

ശ്രീ ശ്രീധരസ്വാമികളുടെ വ്യാഖ്യാനമനുസരിച്ചാണ് ശ്രീ മുഴങ്ങോട്ടുവിള ഭാഗവതാർത്ഥം വിവർത്തനം ചെയ്തിരിക്കുന്നത്. ഈ വിവർത്തനംപോലെ മൂലശ്ലോകങ്ങളിലെ പദങ്ങളും ആശയങ്ങളും അല്പംപോലും വിട്ടുകളയാതെ ശരിയായും വ്യക്തമായും ഭാഗവതാർത്ഥം പ്രകാശിപ്പിക്കുന്ന വേറൊരു വിവർത്തനവും ഇതുവരെ മലയാളഭാഷയിലുണ്ടായിട്ടില്ലെന്നാണ് എന്റെയും പൂർണ്ണമായ വിശ്വാസം. ഉദാഹരണത്തിന് ആദ്യത്തെ ശ്ലോകം തന്നെ എടുക്കാം.

ജന്മാദ്യസ്യ യതോന്വയാദിതരതശ്ചാർത്ഥേഷ്വഭിജ്ഞഃ സ്വരാട്
തേനേ ബ്രഹ്മഹൃദാ യ ആദികവയേ മുഹ്യന്തി യത് സൂരയഃ
തേജോ വാരിമൃദാം യഥാ വിനിമയോ യത്ര ത്രിസർഗ്ഗോ ƒ മൃഷാ
ധാമ്നാ സ്വേന സദാ നിരസ്തകുഹകം സത്യം പരം ധീമഹി.''

തർജ്ജമകൾ:

സർവ്വജ്ഞനായി സർവ്വജഗത്കാരണനായി
സർവ്വഭൂതങ്ങൾക്കെല്ലാം ജ്ഞാനദസ്വരൂപനായ്
അപരിച്ഛിന്നമായി പരമാനന്ദമായ
പരമാത്മാവുതന്നെ ധ്യാനിക്കായ്‌വരേണമേ. (എഴുത്തച്ഛൻ)

അന്വയവ്യതിരേകമുറയ്ക്കു നോക്കുമ്പോളേ-
തൊന്നിനാലിപ്രപഞ്ചം തോന്നി, നിന്നൊടുങ്ങുന്നു
മന്നാദി ഭൂതങ്ങളിൽ ബോധരൂപമായ് വ്യാപി-
ച്ചന്യഭാസ്യമല്ലാതെ യാതൊന്നു ശോഭിക്കുന്നു,
ബ്രഹ്മാവിന്നാമ്നായങ്ങൾ വിശദം തോന്നിച്ചതും
സമ്മോഹമുളുക്കുമുന്മിഷിപ്പിക്കുന്നതും
ഉണ്മയുണ്ടഗ്നി, വെള്ളം, മുത്തുതൊട്ടവയ്ക്കെന്നു,-
മുണ്മയില്ലവയ്ക്കെന്നും ഭിന്നമായ് തോന്നിപ്പതും
സ്വീയമാമനപായ്യതേജസ്സുമൂലമെന്നും
മായയാം തിമിരത്തെത്തുരത്തിയിരിപ്പതും
യാതൊ,ന്നപ്പരമാർത്ഥസത്യവസ്തുവെബ്‌ഭവ-
യാതനയകലുവാൻ ധ്യാനിക്കായ്‌വരേണമേ. (മുഴങ്ങോട്ടുവിള)

ഈ തർജ്ജമകളിൽ എഴുത്തച്ഛന്റേതു മൂലത്തിന്റെ സംഗ്രഹം മാത്രമാണ്. എന്നാൽ മുഴങ്ങോട്ടുവിള പ്രസിദ്ധപ്പെടുത്തിയ ഭാഗവതത്തിൽനിന്നു ചേർത്തിരിക്കുന്ന വിവർത്തനത്തിൽ മൂലത്തിലെ ആശയം കുറേക്കൂടി വ്യക്തമാക്കിയിട്ടുണ്ട്. 'യത്ര ത്രിസർഗ്ഗോ മൃഷാ' എന്ന മൂലഭാഗത്തിലെ 'ത്രിസർഗ്ഗോ മൃഷാ'പദത്തെ ത്രിസർഗ്ഗഃ മൃഷാ എന്നും ത്രിസർഗ്ഗഃ അമൃഷാ എന്നും പദം തിരിച്ചു പ്രപഞ്ചം സത്യമെന്നും മിഥ്യയെന്നും പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ആ രണ്ടഭിപ്രായങ്ങളും 'ഉണ്മയുണ്ടഗ്നി വെള്ളം മുത്തു തൊട്ടവയ്ക്കെന്നും ഉണ്മയില്ലവയ്ക്കെന്നും ഭിന്നമായ് തോന്നിപ്പതും' എന്നു തർജ്ജമയിൽ വരുത്തിയിരിക്കുന്നതു് കവിയുടെ അസാധാരണമായ പാണ്ഡിത്യത്തിനും സഹജമായ കവിതാചാതുര്യത്തിനും ദൃഷ്ടാന്തമായിട്ടെടുക്കാവുന്നതാണ്. മുഴങ്ങോട്ടുവിള എഴുത്തച്ഛനെ ജയിക്കുന്ന ചില ഉദാഹരണങ്ങൾ അടിയിൽ ചേർക്കുന്നു:

സായന്തനം ശ്വസ്തനം വാ ന സംഗൃഹ്ണീത ഭിക്ഷിതം
പാണിപാത്രോദരാമത്രോ മക്ഷികേവ ന സംഗ്രഹീ.
(ഭാ. 11-അ. 8-ശ്ലോ. 11)

സായന്തനം ശ്വസ്തനം വാ ന സംഗൃഹ്ണീത ഭിക്ഷുകഃ
മക്ഷികാ ഇവ സംഗൃഹ്ണൻ സഹ തേന വിനശ്യതി.
(ഭാ. 11-അ 8-ശ്ലോ. 12)

തർജ്ജമ

മതിമാനായ ഭിക്ഷു പാണിമാത്രോദരനായ്
ക്ഷുദ്വിനാശാർത്ഥം ഭക്ഷിച്ചീടുന്നു മഹായോഗി
ക്ഷുത്തു തീർന്നീടിലിച്ചുപോലെ ഭക്ഷിക്കയില്ല
ഭക്ഷിക്കുന്നതുകൊണ്ടു തൽക്ഷണം നശിച്ചുപോം. (എഴുത്തച്ഛൻ)

ഭിക്ഷാന്നം നാളത്തേക്കോ സായംകാലത്തിലേക്കോ
സൂക്ഷിച്ചുവച്ചീടൊലാ, ഭക്ഷണം വാങ്ങീടുവാൻ
പാണിയാം ഭാജനവുമായതു സൂക്ഷിക്കുവാൻ
ക്ഷോണീശാ! വയറാകും പാത്രവുമത്രേ വേണ്ടു.
മക്ഷികമധുമട്ടിലന്നം സംഗ്രഹിച്ചീടും
ഭിക്ഷുകരതിനെപ്പോൽ നാശത്തെ പ്രാപിക്കുന്നു. (മുഴങ്ങോട്ടുവിള)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എഴുത്തച്ഛന്റെ തർജ്ജമയിൽ ഭിക്ഷിതം എന്നതു് ക്ഷേപിതം എന്നു തെററിദ്ധരിച്ചു് ക്ഷേപിച്ചീടുന്ന എന്നു് ഭാഷ
പ്പെടുത്തി ക്ഷേണപ്രയോജനത്തെ വൃഥാ 'ക്ഷുദ്വിനാശാത്ഥം' എന്നു വലിച്ചുനീട്ടി പ്രസ്താവിക്കുകയും 'വിശപ്പു
മാറിയാലും ഭക്ഷിച്ചാൽ നശിക്കും' എന്നൊക്കെ തോന്നിയതുപോലെ പറയുകയും ചെയ്തിരിക്കുകയാണു്. എ
ന്നാൽ മുഴങ്ങോട്ടുവിള മൂലത്തിലെ ആശയത്തെ ശരിയും ലളിതവുമായ ഭാഷയിൽ കൊണ്ടുവന്നിരിക്കുന്നു. അതു
പോലെ എഴുത്തച്ഛന്റെ തർജ്ജമയിൽ വന്ന മറെറാരു തെററുകൂടി ചൂണ്ടിക്കാണിക്കാം.

പദാപി യുവതീം ഭിക്ഷുഃ ന സ്പൃശേദ്ദാരവീമപി
സ്പൃശൻ കരീവ ബദ്ധ്യേത കരിണ്യാ അംഗസംഗതഃ (ഭാ. 11-അ. 8-ശ്ലോ. 13)

തർജ്ജമ:

ഭിക്ഷു നാരിയെ സ്പൃശിക്കരുതെന്നുപോലെന്നാൽ
അക്കനീ ജഗത്തെല്ലാം സ്പൃശിച്ചങ്ങിരുന്നാലും
അക്കനെത്തൊടുന്നില്ല ലോകങ്ങളെന്നപോലെ
യോഗി നാരിയെ സ്പൃശിച്ചീടുകിലാനപോലെ
ശോകിയായു് ബന്ധിക്കുന്ന മാനസമറിഞ്ഞാലും
ബുദ്ധിമാൻ സ്ത്രീയെ സ്പൃശിച്ചീടില്ലമാനപോലെ
ബദ്ധനായു് മൃത്യു ഭവിച്ചീടുന്നിതെന്നു നൂനം (എഴുത്തച്ഛൻ)

തടികൊണ്ടുണ്ടാക്കിയതാകിലും സ്ത്രീരൂപത്തെ-
ത്തൊടുവാൻ പാടില്ല കാൽകൊണ്ടുപോലുമേ ഭിക്ഷു
അഥവാ തൊട്ടീടുകിൽ കരിണീദേഹസംഗ-
മതിനാൽ കരിയെന്ന കണക്കേ ബദ്ധനായ്പ്പോം. (മുഴങ്ങോട്ടുവിള)

അവധൂതബ്രാഹ്മണൻ യദുമഹാരാജാവിനോടു് ഉപദേശിക്കുന്നതായി ഭഗവാൻ ശ്രീകൃഷ്ണൻ ഏകാദശത്തിൽ ഉദ്ധ
വരു വിവരിച്ചുകൊടുക്കുന്ന ഘട്ടത്തിലുള്ളതാണു് പ്രസ്തുത ശ്ലോകം. അവധൂതൻ ഇരുപത്തിനാലു ഗുരുക്കന്മാരുടെ
കൂട്ടത്തിൽ ആനയെയും ഉൾപ്പെടുത്തിയിട്ടുണ്ടു്. ആനയിൽനിന്നു പഠിച്ചതു് സ്പർശസുഖമനുഭവിക്കാനാഗ്രഹിച്ചാൽ
ആപത്തു വരുമെന്നാണു്. കൊപ്പത്തിനടുത്തു് മരക്കിടെ ടുത്ത പിടിയാനയെ നിത്തും. അതിനെ കണ്ടു മോഹി
ച്ചു് സ്പർശിക്കാൻവരുന്ന കാട്ടിലെ കൊമ്പനാന കൊപ്പത്തിൽ വീണു ബദ്ധനായിത്തീരുന്നു. അതുപോലെ മരം
കൊണ്ടുണ്ടാക്കിയ സ്ത്രീരൂപത്തെപ്പോലും സന്യാസി കാലുകൊണ്ടുകൂടെ തൊടരുതു്. തൊട്ടാൽ പിടിയാനയുടെ
ശരീരസംഗത്തെ ആഗ്രഹിച്ച കൊമ്പനാന കൊപ്പത്തിൽപ്പെട്ടു നശിക്കുന്നതുപോലെ സംസാരകൂപത്തിൽ വീണു
നശിക്കും. ഇതാണു് പ്രസ്തുത ശ്ലോകത്തിന്റെ അർത്ഥം. ഈ ശ്ലോകം തർജ്ജമചെയ്തതിൽ എഴുത്തച്ഛനു വളരെ തെററു
പററിയിട്ടുണ്ടു്. ദാരവീം എന്ന പദത്തെ രവീം എന്നു തെററിദ്ധരിച്ചു് അക്കൻ എന്നു തർജ്ജമചെയ്തതുകൊണ്ടാ
ണു് ആ തെററു വന്നുചേന്നതു്. 'ദാരവി' എന്ന പദത്തിനു് 'പെൺമരപ്പാവ' എന്നാണർത്ഥം. ശ്രീ മുഴങ്ങോട്ടു
വിളയുടെ തർജ്ജമയിൽ ഇങ്ങനെയുള്ള ദോഷങ്ങളും ഇല്ലെന്നു മാത്രമല്ല, മൂലശ്ലോകാർത്ഥത്തെ സ്പഷ്ടമാക്കുകകൂടി
ചെയ്യുന്നു. ഇത്രയും പ്രസ്താവിച്ചതു് എഴുത്തച്ഛന്റെ ഭാഗവതവിവർത്തനത്തെക്കാൾ എല്ലാ രീതിയിലും നന്നാ
യിട്ടുള്ളതു് ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ളയുടേതാണെന്നു കാണിക്കുവാനാണു്. നമ്മുടെ നാട്ടിൽ ഭാഗവത
പാരായണം നടത്തുന്നവരിൽ അധികംപേരും ഭക്തന്മാരാണു്. ഭഗവാന്റെ ഗുണഗണങ്ങളും ഗാനംചെയ്യണമെന്ന
ല്ലാതെ ഭാഗവതാശയം ഗ്രഹിക്കണമെന്നു് അവർ ആഗ്രഹിക്കാറില്ല. അങ്ങനെയുള്ളവർ എഴുത്തച്ഛന്റെ ഭാഗവ
തംതന്നെയാണു് എല്ലാ വിവർത്തനങ്ങളെക്കാളും നല്ലതെന്നു വിശ്വസിക്കുകയും മററു ഭാഗവതവിവർത്തനങ്ങളും
വായിക്കാതിരിക്കുകയുമാണു പതിവു്. പഴയതെല്ലാം നല്ലതും പുതിയതെല്ലാം മോശവുമാണെന്നുള്ള വിചാരം
ഇന്നും സാമാന്യജനങ്ങളിൽനിന്നു് നീങ്ങിയിട്ടില്ല എന്നാൽ പഴയതായാലും പുതിയതായാലും നല്ലതു സ്വീക
രിക്കാനുള്ള മനോഭാവം ഉണ്ടാകണം. അതാണു് വിചാരശീലന്മാരുടെ ലക്ഷണം. ഭാഗവതത്തിലെ ഏതു ഭാഗം
പരിശോധിച്ചുനോക്കിയാലും മുഴങ്ങോട്ടുവിളയുടെ തർജ്ജമയിൽ മൂലത്തിലെ ആശയം ശരിക്കും വന്നിട്ടുണ്ടെന്നു
കാണാൻ പ്രയാസമില്ല. കഥാഭാഗങ്ങളിലെന്നപോലെ തത്വഭാഗങ്ങളിലും മുഴങ്ങോട്ടുവിളയുടെ തർജ്ജമ ശ്ലാഘ്യ
മായിട്ടുണ്ടു്. ഭക്തികൊണ്ടു ബ്രഹ്മജ്ഞാനം എങ്ങനെയുണ്ടാകും എന്ന പ്രക്രിയ ഭാഗവതം ഏഴാംസ്കന്ധം ഏഴാം
അദ്ധ്യായം മുപ്പത്തിനാലു മുതൽ മുപ്പത്തേഴുവരെയുള്ള ശ്ലോകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. മുഴങ്ങോട്ടുവിള
ആ ഭാഗം വിവർത്തനംചെയ്തിരിക്കുന്നതു് ഇങ്ങനെയാണു്:

നിസ്തുലമാകും ഭഗവദ്ഗുണങ്ങളും
പൃഥ്വിയിലന്നന്നവതരിച്ചാന്നിട്ടും
നാനാപരാക്രമകർമ്മങ്ങളും ശ്രവി-
ച്ചാനന്ദരോമാഞ്ചബാഷ്പസമേതനായ്
പാടീടുമെപ്പൊഴുതുച്ചമായ്, ഗദ്ഗദ-
ത്തോടു കരഞ്ഞിടും, നത്തനംചെയ്തിടും. —34

ഭൂതം പിടിച്ചവനെന്നകണക്കേതു-
പോതിൽച്ചിരിക്കും പ്രലപനം ചെയ്തിടും
ധ്യാനിക്കുമെപ്പോഴും ജനത്തെ വന്ദിച്ചിടും
മാനസമാത്മാവിൽ നന്നായുറപ്പിച്ചു
പ്രാണനടക്കി ശ്വസിച്ചു കൂടെക്കൂടെ
നാണം വെടിഞ്ഞു ഹരേ! ജഗന്നായകാ!
നാരായണ! ഭക്തവത്സലാ! എന്നുള്ള
പേരുകളെപ്പോളുറക്കെ വിളിച്ചിടും. —35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോൾ പുമാൻ സർവ്വബന്ധവിമുക്തനായ്
തദ്ഭാവഭാവനം മുററുകമൂലമായ്
തദ്രൂപവും തദീയാശയവും പൂണ്ടു
വിദ്രുതമജ്ഞാനവും വാസനാളിയും
അക്ഷയഭക്തിയോഗത്താലൊഴിവാക്കി
അച്യുതദേവനെ പ്രാപിച്ചിടുന്നിതേ. —36

പാരിലശുഭാശയരാം നരർക്കു സം-
സാരവിനാശകമായിരിക്കുന്നതു
നാരായണസ്പർശമാണതിനെബ്ബുധ-
രോരുന്നിതേ ബ്രഹ്മനിർവ്വാണസൗഖ്യമായ്
എന്നതിനാൽ ഹൃദയത്തിലെല്ലാവരും
നന്നായ് ഹൃദയേശ്വരനെബ്ഭജിക്കുവിൻ. —37

മൂലത്തിലെ പദങ്ങൾക്കും ആശയങ്ങൾക്കും ഒരു കോട്ടവും ഈ വിവർത്തനത്തിൽ സംഭവിച്ചിട്ടില്ല. വായിക്കുമ്പോൾ ഒരു സ്വതന്ത്രകൃതിയായിട്ടേ തോന്നുകയുമുള്ളു.

ആറാംസ്കന്ധം പതിനാറാം അദ്ധ്യായം 53 മുതൽ 55 വരെയുള്ള ശ്ലോകങ്ങളിൽ അവസ്ഥാത്രയപരിശോധനവഴി ബ്രഹ്മസാക്ഷാത്കാരം നേടാനുള്ള മാർഗ്ഗം ഉപദേശിക്കുന്നതു് മുഴങ്ങോട്ടുവിള അടിയിൽ എഴുതിയിരിക്കുന്നപ്രകാരമാണു വിവർത്തനംചെയ്തിരിക്കുന്നതു്:

സുപ്തനായിട്ടും പുമാൻ തന്നിലിപ്രപഞ്ചത്തെ
സ്വപ്നത്തിലീക്ഷിക്കുന്നിതുണർന്നു നോക്കീടുമ്പോൾ
തനിയെയൊരുകോണിൽത്താൻ ശയിച്ചീടുന്നതാ-
യനുഭൂതിയിൽ പെടുമെന്നതുപോലെതന്നെ
ജീവസ്ഥാനങ്ങളാകും ജാഗ്രത്തുതൊട്ടുള്ളവ
കേവലമാത്മമായാമാത്രങ്ങളാണെന്നതും
അവററിൻ ദ്രഷ്ടാവായി സ്ഥിതിചെയ്തിടുമാത്മാ-
വവയിൽനിന്നു ഭിന്നനാണെന്നും ധരിക്കുക. —53-54

ഉറങ്ങും പുരുഷങ്കലുണർന്നിരിക്കുമാത്മാ-
വറിയുമാ നിദ്രയെയാത്മാവിൻ സുഖത്തെയും
സത്വാദിഗുണത്രയാതീതമായ് ബ്രഹ്മമായി
വർത്തിച്ചീടുമപ്പരമാത്മാവു ഞാനെന്നോർക്ക —55

ഇവിടെ ജാഗ്രത്തും സ്വപ്നവും സുഷുപ്തിയും മായാമാത്രമാണെന്നും അവയെ അറിയുന്ന സാക്ഷിബോധം ബ്രഹ്മമാണെന്നും സമർത്ഥിച്ചിരിക്കുന്നു. സാധാരണക്കാർക്കു് ഇങ്ങനെയുള്ള പ്രക്രിയകൾ വിവർത്തനംചെയ്യുമ്പോൾ തെററു പററാറുണ്ടു്. എന്നാൽ ഇവിടെയും ശ്രീ മുഴങ്ങോട്ടുവിള വിജയിച്ചിരിക്കുകയാണു്.

സംസ്കൃതഭാഷയ്ക്കുമാത്രം കഴിവുള്ളതെന്നു വിശ്വസിച്ചുപോരുന്ന അന്വയവിശേഷത പദദരിദ്രമെന്നു പഴിച്ചുവരുന്ന മലയാളത്തിലും പ്രയോഗിക്കുവാൻ അനുഗൃഹീതകവികൾക്കു കഴിയുമെന്നു് ശ്രീ മുഴങ്ങോട്ടുവിള കാണിച്ചുതരുന്ന ഒരുദാഹരണം അടിയിൽ ചേർക്കുന്നു:

''രജന്യേഷാ ഘോരരൂപാ–ഘോരസത്ത്വനിഷേവിതാ
പ്രതിയാത വ്രജം നേഹ–സ്ഥേയം സ്ത്രീഭിഃ സുമധ്യമാഃ''

(മൂലം ദശമം–അ. 29. ശ്ലോ. 19)

ശ്രീകൃഷ്ണന്റെ മുരളീഗാനം കേട്ടു് രാത്രിയിൽ അദ്ദേഹത്തിന്റെ സമീപത്തിലേക്കു വരുന്ന ഗോപികമാരോടു് അവിടുന്നു പറയുന്നതാണു് ഈ ശ്ലോകം.

ഘോരസത്വാസേവിതയല്ലിതഘോരരൂപാ
സ്ത്രീരത്നങ്ങളേ! വ്രജം ഗമ്യമല്ലിഹ സ്ഥേയം. (മുഴങ്ങോട്ടുവിള)

എന്നാണു് മുഴങ്ങോട്ടുവിള അതു വിവർത്തനംചെയ്തിരിക്കുന്നതു്. ഏഷാ രജനി-ഈ രാത്രി. ഘോരരൂപാ-ഭയങ്കരമാണു്. ഘോരസത്വനിഷേവിതാ = ഭയങ്കരപ്രാണികൾ സഞ്ചരിക്കുന്നതുമാണു്. സുമദ്ധ്യമാഃ - അല്ലയോ സുന്ദരികളേ, സ്ത്രീഭിഃ ഇഹ ന സ്ഥേയം = സ്ത്രീകളാൽ ഇവിടെ നിൽക്കപ്പെടാൻ പാടില്ല. വ്രജം പ്രതിയാത = നിങ്ങൾ ഗോകുലത്തിലേക്കു മടങ്ങിപ്പോകുവിൻ എന്നാണു് പ്രഥമശ്രവണത്തിൽ തോന്നുന്ന അർത്ഥം. എന്നാൽ ഗോപികൾക്കനുകൂലമായിവരത്തക്കവണ്ണം മറെറാരർത്ഥംകൂടി പറയാവുന്നതാണു്. ഏഷാ രജനി = ഈ രാത്രി. അഘോരരൂപാ-ഭയങ്കരമല്ല. അഘോരസത്വനിഷേവിതാ-ഭയങ്കരജന്തുക്കൾ സഞ്ചരിക്കുന്നതുമല്ല. ഇഹ സ്ത്രീഭിഃ സ്ഥേയം - ഇവിടെ സ്ത്രീകൾക്കു നിൽക്കാം. വ്രജം ന പ്രതിയാത = ഗോകുലത്തിലേക്കു മടങ്ങിപ്പോകേണ്ട. ഈ രണ്ടർത്ഥവും ശ്രീ മുഴങ്ങോട്ടുവിള വിവർത്തനത്തിൽ വരുത്തിയിട്ടുണ്ടു്. വ്രജം ഗമ്യം, വ്രജത്തിലേക്കു പോകണം ഇഹ സ്ഥേയമല്ല ഇവിടെ നിൽക്കാൻ പാടില്ല എന്നും വ്രജം ഗമ്യമല്ല ഇഹ സ്ഥേയം വ്രജത്തിലേക്കു പോകണ്ട ഇവിടെ നില്ക്കണം എന്നും വിവർത്തനത്തിലും സഭംഗശ്ലേഷം വരുത്തിയിട്ടുണ്ടു്. ഇതുപോലെയുള്ള പ്രയോഗങ്ങൾ സംസ്കൃതസാഹിത്യരസികന്മാർക്കു രുചിക്കും. എന്നാൽ ഇന്നത്തെ അഭ്യസ്തവിദ്യരായ ജനങ്ങൾക്കു് അരോചകമായിത്തോന്നാം. ഇങ്ങനെ നോക്കിയാൽ ശ്രീ മുഴങ്ങോട്ടുവിളയുടെ ഭാഗവതവിവർത്തനം വളരെ നന്നായിട്ടുണ്ടെന്നു പറയുവാനേ തരമുള്ളു. ഇക്കാലത്തിനിടയ്ക്കു തന്റെ ഭാഗവതവിവർത്തനത്തിന്റെ ഒന്നും രണ്ടും പതിപ്പുകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസിദ്ധപ്പെടുത്തുവാനുള്ള ഭാഗ്യം ശ്രീ കൃഷ്ണപിള്ളയ്ക്കുണ്ടായി. ഒന്നാംപതിപ്പിൽ തോന്നിയ കുറവുകൾ പരിഹരിച്ചാണു രണ്ടാംപതിപ്പു പ്രസിദ്ധപ്പെടുത്തിയതു്. മൂന്നാംപതിപ്പു് മൂലശ്ലോകങ്ങൾ ചേർത്തു പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിച്ചു് ശ്രീ കൃഷ്ണപിള്ള പരിശ്രമിക്കുകയായിരുന്നു. അങ്ങനെ കഴിയുന്നതും പരിശുദ്ധമായ ഒരു ഭാഷാഭാഗവതം പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടി ധനസാഹായ്യവും കേന്ദ്രസർക്കാരിൽനിന്നു് അനുവദിച്ചു. ആ ഘട്ടത്തിൽ അദ്ദേഹം വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ഇഹലോകവാസം വെടിഞ്ഞുപോയി. ശ്രീ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള ഭൗതികശരീരം ഉപേക്ഷിച്ചെങ്കിലും ഭാഗവതവിവർത്തനം ഒന്നുകൊണ്ടുതന്നെ ഒരു മഹാകവിയെന്ന നിലയിൽ അദ്ദേഹത്തിന്റെ യശശ്ശരീരം മലയാളഭാഷ ഉള്ളിടത്തോളംകാലം നിത്യനൂതനമായി പ്രകാശിക്കുമെന്നാണു് എന്റെ വിശ്വാസം.

ഉപസംഹാരം

ശ്രീ മുഴങ്ങോട്ടുവിള ചരമഗതിയടഞ്ഞെങ്കിലും അദ്ദേഹത്തിന്റെ മകൻ ശ്രീ മുഴങ്ങോട്ടുവിള നാണുപിള്ള സ്വപിതാവിന്റെ ഹിതമനുസരിച്ചു മൂലശ്ലോകങ്ങൾ ചേർത്തു ഭാഗവതം ഭാഷാഗാനം ഇപ്പോൾ കേന്ദ്രഗവണ്മെന്റിന്റെ ധനസഹായത്തോടെ അച്ചടിപ്പിച്ചുകഴിഞ്ഞു. മൂലകൃതിയും ഭാഷാഗാനവും കൂടിച്ചേർത്തു് ഒരു പുരാണഗ്രന്ഥം മലയാളഭാഷയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തുകയാണെന്നു തോന്നുന്നു. ഈ ഗ്രന്ഥം മലയാളികൾക്കു ലഭിക്കുന്ന അനന്തമായ ഒരു ജ്ഞാനഭണ്ഡാരമാണു്. ഒരു മനുഷ്യൻ യഥാർത്ഥമനുഷ്യനായി ജീവിക്കുവാനുള്ള എല്ലാ വഴികളും ഭാഗവതം ചൂണ്ടിക്കാണിക്കുന്നു. പക്ഷേ, ഇന്നുള്ള ആളുകളിൽ അധികംപേർക്കും ഭാഗവതം തുടങ്ങിയ പുരാണങ്ങൾ വായിക്കാൻ തീരെ ഇഷ്ടമില്ല. പ്രാചീനങ്ങളായ പുരാണേതിഹാസങ്ങൾ അന്ധവിശ്വാസങ്ങളുടെ ഇരുട്ടറകളാണെന്നത്രേ അവർ പ്രഖ്യാപിക്കുന്നതു്. എന്നാൽ കഴിഞ്ഞകാലത്തുണ്ടായിരുന്ന ഭാരതത്തിലെ നേതാക്കന്മാരെല്ലാംതന്നെ പുരാണേതിഹാസങ്ങൾ വായിച്ചും അവയിലെ തത്വങ്ങൾ ഗ്രഹിച്ചുമാണു് ത്യാഗശാലികളായ മഹാന്മാരായിത്തീർന്നതു്. പണ്ഡിത മദനമോഹനമാളവ്യജി ഭാഗവതത്തെക്കുറിച്ചു് ഇങ്ങനെ എഴുതുന്നു: ''എനിക്കു് ശ്രീമദ്ഭാഗവതത്തിൽ അത്യധികം പ്രേമമുണ്ടു്. എന്റെ വിശ്വാസവും അനുഭവവും, ഇതു വായിക്കയും കേൾക്കുകയും ചെയ്യുന്നതുകൊണ്ടു്, മനുഷ്യനു് ഈശ്വരനെപ്പറ്റിയുള്ള പരമാർത്ഥജ്ഞാനം സിദ്ധിക്കുന്നുവെന്നാണു്. എന്നു മാത്രമല്ല, ഭഗവാന്റെ ചരണകമലങ്ങളിൽ അചഞ്ചലമായ ഭക്തിയും സംഭവിക്കുന്നു. ഈ പ്രപഞ്ചത്തെ നിർമ്മിക്കുവാനും രക്ഷിക്കുവാനുമായി, സർവ്വവ്യാപകമായ ഒരു മഹാശക്തിയുണ്ടെന്നു് ഈ ഭാഗവതം വായിച്ചാൽ മനുഷ്യർക്കു ദൃഢനിശ്ചയം ഉണ്ടാകുന്നതാണു്. ഈ ഒരു ശക്തിയെത്തന്നെ ജനങ്ങൾ ഈശ്വരനെന്നും ബ്രഹ്മമെന്നും പരമാത്മാവെന്നും ഉള്ള വിവിധനാമങ്ങളിൽ വ്യവഹരിച്ചുവരുന്നു....

ഒരുത്തൻ ഭാഗവതം വായിക്കാതിരിക്കുകയും, അതിൽ ശ്രദ്ധവെയ്ക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം അവന്നു് ഈ മഹത്തമഗ്രന്ഥം ജ്ഞാന-ഭക്തി-വൈരാഗ്യങ്ങളുടെ എത്ര വലിയ ഒരു സമുദ്രമാണെന്നുള്ളതു് അറിയാൻ കഴിയുന്നതല്ല. ഒരേ പരമാത്മാവുതന്നെ സർവ്വപ്രാണികളിലും സ്ഥിതിചെയ്യുന്നു എന്നുള്ള വിശുദ്ധജ്ഞാനം. ഭാഗവതപരിശീലനംകൊണ്ടു് ഒരുവന്നു കിട്ടുന്നതാണു്. ആ ജ്ഞാനം സിദ്ധിച്ചാൽ പിന്നെ, മനുഷ്യൻ അധർമ്മംചെയ്യാൻ ഒരുമ്പെട്ടുകൊണ്ടിരിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ, മറ്റുള്ളവരെ ഉപദ്രവിക്കുന്നതു് തന്നെത്തന്നെ ഉപദ്രവിക്കുന്നതിനു തുല്യമാണെന്നു് അവൻ അപ്പോൾ അറിയുമല്ലോ! ഈ അറിവുണ്ടായാൽ മനുഷ്യൻ സത്യത്തിലും ധർമ്മത്തിലും സ്ഥിരമായിത്തന്നെ നിന്നുകൊള്ളുന്നതാണു്. ദയാധർമ്മാദിയെ പാലിക്കാൻ സ്വാഭാവികമായിത്തന്നെ അവൻ ശീലിക്കുന്നതുമാണു്; യാതൊരു അഹിംസകപ്രാണിയേയും ഉപദ്രവിക്കാൻ അവൻ ഇച്ഛവയ്ക്കുന്നതുമല്ല. മനുഷ്യരുടെ ഇടയ്ക്കു പരസ്പരപ്രേമം ഉളവാക്കുന്നതിനും, സർവ്വജീവികളിലും ദയ ഉദിപ്പിക്കുന്നതിന്നും ഇതിനെക്കാൾ വലുതായി ഒന്നുംതന്നെയില്ല. ഇക്കാലത്താകട്ടെ -- ലോകത്തിലെ ഒട്ടധികം സ്ഥലങ്ങളിലും അശാന്തിയും കലഹവും തുടർന്നുനില്ക്കുന്ന ഇക്കാലത്താകട്ടെ—മനുഷ്യർക്കെല്ലാംതന്നെ ഈ മഹനീയധർമ്മത്തിന്റെ ഉപദേശം അതീവകല്യാണകരമായി ഭവിക്കുന്നതാണു്. ഭഗവദ്ഭക്തന്മാരായിട്ടുള്ളവർ ആരാണോ, ശ്രീമദ്ഭാഗവതത്തിന്റെ മഹത്വം അറിഞ്ഞിട്ടുള്ളവർ ആരാണോ, അവരുടെ കർത്തവ്യം ഇന്നു് ഇതാണു്—ലൗകികമായും പാരലൗകികമായും പരമഗുണംചെയ്യുന്ന ഈ പവിത്രഗ്രന്ഥത്തെ സകലദേശഭാഷകളിലും വിവർത്തനംചെയ്തു പ്രചരിപ്പിച്ചുകൊണ്ടിരിക്കുകതന്നെ.''*

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഭാഗവതത്തിന്റെ മഹിമയെക്കുറിച്ചു് ഒരിടത്തു രേഖപ്പെടുത്തിയിരിക്കുന്നതാണു് അടിയിൽ എഴുതുന്നതു്: ''ധർമ്മരസത്തെ ഉദിപ്പിക്കുവാൻ കഴിവുള്ള ഒരു ഗ്രന്ഥമാണു് 'ഭാഗവതം' എന്നു് ഇന്നു ഞാൻ മനസ്സിലാക്കുന്നു. ഗുജറാത്തിയിൽ ഉള്ള ഭാഗവതത്തെ ഞാൻ വളരെ രസത്തോടുകൂടി വായിച്ചിട്ടുണ്ടു്. എന്നാൽ എന്റെ 21 ദിവസത്തെ ഉപവാസത്തിനിടയ്ക്കു് ഭാരതഭൂഷണം പണ്ഡിതമദനമോഹനമാളവ്യജിയുടെ മുഖത്തുനിന്നു് ഭാഗവതത്തിൽ കുറച്ചുഭാഗം കേട്ടപ്പോൾ എനിക്കു തോന്നി, കുട്ടിക്കാലത്തുതന്നെ ഇദ്ദേഹത്തെപ്പോലെയുള്ള ഭാഗവതഭക്തന്മാരുടെ മുഖത്തുനിന്നു് ഭാഗവതം കേട്ടിരുന്നുവെങ്കിൽ അന്നുമുതല്ക്കേ എനിക്കു ഭാഗവതത്തിൽ പ്രീതി നല്ലവണ്ണം സിദ്ധിക്കുമായിരുന്നുവല്ലോ എന്നു്. ആ പ്രായത്തിൽ ഉണ്ടാവുന്ന ശുഭാശുഭസംസ്കാരം വളരെ ആഴത്തിൽ അടിയുറച്ചു കിട്ടുന്നതാണു്. ഇതെനിക്കു നല്ല അനുഭവമായിട്ടുണ്ടു്. കുട്ടിക്കാലത്തു് എത്രയോ ഉത്തമഗ്രന്ഥങ്ങൾ വായിക്കേണ്ടിയിരുന്നതു വായിച്ചില്ലല്ലോ എന്നു് എനിക്കിപ്പോൾ ഖേദം തോന്നുന്നു.'' പണ്ഡിതമാളവ്യജിയും മഹാത്മജിയും ഭാരതത്തിന്റെ രണ്ടു ദിവ്യവിഭൂതികളാണു്. ആ മഹാപുരുഷന്മാർ ഭാഗവതമഹാപുരാണത്തെ ഏതു രീതിയിലാണു വീക്ഷിച്ചിരുന്നതെന്നു് അവരുടെ പ്രസ്താവനകളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. അശുഭവാസനകളില്ലാതാക്കി ശുഭവാസനകൾ വളർത്തിയെടുത്തു് യഥാർത്ഥമനുഷ്യരായി ജീവിക്കുന്നതിനുവേണ്ടി നമ്മുടെ വീടുകളിലും പാഠശാലകളിലുംവെച്ചു്, ഭാവിപൗരന്മാരാ

---

* പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരിയുടെ ശ്രീമദ്ഭാഗവതം ഗദ്യവിവർത്തനത്തിന്റെ അവതാരികയിൽനിന്നു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാൻപോകുന്ന ശിശുക്കളേയും വിദ്യാർത്ഥികളേയും ഭാഗവതത്തിലെ കഥകളും തത്ത്വങ്ങളും പഠിപ്പിക്കേണ്ടതാണ്. അതോടൊപ്പം പ്രായംചെന്നവരും ഭാഗവതം ശ്രദ്ധിച്ചു പഠിച്ചാൽ വീട്ടിലും നാട്ടിലും ശാന്തിയും സമാധാനവും ഉണ്ടാകും. അതുകൊണ്ടാണ് എല്ലാ വീട്ടിലും ഭാഗവതം ഉണ്ടായിരിക്കണമെന്നു പ്രാചീനാചാര്യന്മാർ അനുശാസിച്ചതു്.

കലിയിൽ, ഭാഗവതമാ–രുടെ ഗേഹത്തിലില്ലയോ
അവനു യമപാശത്തിൽ–നിന്നു മുക്തിവരാ ദൃഢം.
ഗൃഹത്തിൽ ഭാഗവതമില്ലാ–ത്തോൻ വൈഷ്ണവനാകുമോ?
കലികാലത്തി,ലാ മർത്ത്യൻ–ശ്വപചാധികനീചനാം.
എൻ പ്രീതിക്കായെത്തു നല്കി–യിട്ടും ഭാഗവതം സദാ
വാങ്ങിച്ചുവെയ്ക്കണം മർത്ത്യൻ–ഭക്ത്യാ ലോകേശ! പുത്രക!
കലിയിൽ, പുണ്യമാം ഭാഗ–വതമെങ്ങെങ്ങു വാണിടും
അങ്ങങ്ങെപ്പോഴുമേ ഞാനും–ദേവന്മാരൊത്തു വാണിടും.

എന്നു് സ്കന്ദപുരാണം വിഷ്ണുഖണ്ഡത്തിൽ ശ്രീവിഷ്ണുഭഗവാൻ ബ്രഹ്മദേവനോടു പറയുന്നതായി വർണ്ണിച്ചിരിക്കുന്നു. ഭാഗവതപുരാണം ഓരോ വീട്ടിലും ഉണ്ടായിരിക്കണമെന്നും അങ്ങനെയുള്ള വീടുകളിൽ ദേവന്മാരോടുകൂടി ഭഗവാന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുമെന്നുമാണല്ലോ ഇതിൽ പറഞ്ഞിരിക്കുന്നതു്. ഭാഗവതപുരാണം ഇഹത്തിലും പരത്തിലും ശ്രേയസ്സു നല്കുന്നതാണ്. അത്ര വിശിഷ്ടമായ ഭാഗവതമഹാപുരാണത്തിന്റെ ശരിയായ ആശയം പ്രതിഫലിക്കുന്ന ഒരു മഹത്തായ ഗ്രന്ഥമാണ് ശ്രീ മുഴങ്ങോട്ടുവിള രചിച്ച ഭാഗവതം ഭാഷാഗാനം. ആ ഗ്രന്ഥം മൂലശ്ലോകങ്ങളും ചേർത്തു് ശ്രീ മുഴങ്ങോട്ടുവിള നാണുപിള്ള പ്രസിദ്ധപ്പെടുത്താൻ പോവുകയാണ്. അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ചു പ്രസ്തുത ഗ്രന്ഥരത്നം കേരളീയരായ ഭക്തജനങ്ങളുടെ മുമ്പിൽ നാരായണസ്മരണയോടുകൂടി ഞാൻ സാദരം അവതരിപ്പിച്ചുകൊള്ളുന്നു. എല്ലാ മലയാളികളുടേയും ഹൃദയത്തിൽ ഭഗവാനെപ്പോലെ ഈ ഭാഷാഗാനത്തിനും സുപ്രതിഷ്ഠ ലഭിക്കുമാറാകട്ടെ!

നിഗമകല്പതരോർഗ്ഗളിതം ഫലം
ശുകമുഖാദമൃതദ്രവസംയുതം
പിബത ഭാഗവതം രസമാലയം
മുഹുരഹോ! രസികാ ഭുവി ഭാവുകാഃ

''ഭക്തന്മാരും രസികന്മാരുമായ അല്ലയോ സജ്ജനങ്ങളേ, ഈ ശ്രീമദ്ഭാഗവതം വേദമാകുന്ന കല്പവൃക്ഷത്തിൽ നിന്നു പൊഴിഞ്ഞ ഫലമാണ്. ശുകബ്രഹ്മർഷിയുടെ മുഖത്തോടു സംബന്ധപ്പെടുകനിമിത്തം ഇതിൽ പരമാനന്ദാമൃതരസം നിറഞ്ഞിരിക്കുന്നു. ദേഹം നിലനില്ക്കുന്നിടംവരെയും സംസാരബന്ധം അഴിഞ്ഞുപോകുന്നിടംവരെയും നിങ്ങൾ ദിവ്യമായ ഈ ഭാഗവതരസം തുടർന്നു് ആസ്വദിച്ചുകൊണ്ടിരിക്കുവിൻ'' എന്നു മഹാജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ടു് ഈ അവതാരിക ഞാൻ ഉപസംഹരിക്കുന്നു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

തീർത്ഥപാദാശ്രമം, തീർത്ഥപാദപുരം
വാഴൂർ, കോട്ടയം
2-1-1973

ശ്രീവിദ്യാനന്ദതീർത്ഥപാദസ്വാമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

ശ്രീമദ്ഭാഗവതവും പാരായണവിധിയും

മഹാപുരാണങ്ങളിൽവച്ചു മഹാപുരാണമാണ് ശ്രീമദ്ഭാഗവതം. മററുള്ളവയെ അപേക്ഷിച്ച് അതിനു
പല സവിശേഷതകൾ ഉണ്ടെന്നർത്ഥം. അതിൻെറ അനിതരസാധാരണമായ ഉത്പത്തിയും പരമ്പരാക്രമത്തി
ലുള്ള പ്രചാരവും അവ തെളിയിക്കുന്നു.

പ്രപഞ്ചസൃഷ്ടിക്കു മാർഗ്ഗംകാണാതെ മോഹംപ്രാപിച്ചുഴന്ന ബ്രഹ്മാവിനു സാക്ഷാൽ ശ്രീനാരായണൻ
നാലു ശ്ലോകങ്ങളിൽ ഉപദേശിച്ചതുവഴി[1] ചതുഃശ്ലോകീഭാഗവതമായാണ് അതിൻെറ ആവിർഭാവം. പിന്നീട്,
സ്വമാനസപുത്രനായ ശ്രീനാരദമഹർഷിക്ക്, അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം, ബ്രഹ്മാവ് അതു് ഉപദേശി
ച്ചുകൊടുത്തു. പുരാണങ്ങൾ ബാക്കിയെല്ലാം തീർത്തുകഴിഞ്ഞു് മഹാഭാരതമെന്ന ലോകമഹാനിബന്ധമായ
ഇതിഹാസവും എഴുതിയിട്ടും മനഃശാന്തി കിട്ടാതെ ക്ലേശിച്ച ശ്രീ വേദവ്യാസമഹർഷിയെ ഭഗവത്കഥ വിസ്ത
രിച്ചു വർണ്ണിച്ചാൽ ഖേദമൊഴിക്കാൻ കഴിയുമെന്നു് ധരിപ്പിക്കുകയും അതിനുതകുമാറ് അതേ ചതുഃശ്ലോകങ്ങൾ
ശ്രീനാരദൻ ഗ്രഹിപ്പിക്കുകയുംചെയ്യുന്നു. അതു വിടർത്ത് പതിനെണ്ണായിരം ഗ്രന്ഥങ്ങളിൽ സർവ്വത്ര ഭഗവന്നാമ
പരിപൂരിതമാക്കി, അനന്തരം, അദ്ദേഹം നിർമ്മിച്ചതാണ് നമുക്കു ലബ്ധമായിരിക്കുന്ന ഈ ദിവ്യഗ്രന്ഥം. അതോ
ടെ അദ്ദേഹം പൂർണ്ണമനഃശാന്തിയും നേടി. അതു് പിന്നെ, ആജന്മനിവൃത്തിനിരതനായ സ്വപുത്രൻ ശ്രീശുക
ബ്രഹ്മർഷിയെ പഠിപ്പിച്ചു. അദ്ദേഹമാകട്ടെ, പ്രായോപവിഷ്ടനായി ഗംഗക്കരയിൽ ഇരുന്നിരുന്ന പരീക്ഷിത്തു
ചക്രവർത്തിക്ക് ഏഴുദിവസംകൊണ്ടുപദേശിച്ചുകൊടുത്തു. അദ്ദേഹത്തെ സ്വശരീരപാതമറിയാതിരിക്കത്തക്ക
വണ്ണം വിരക്തിജ്ഞാനസമ്പന്നനാക്കി വിദേഹമുക്തനുമാക്കി. ഭാഗവതത്തിൻെറ ആദ്യസപ്താഹം അതായി
രുന്നു. അന്നു് അവിടെവച്ചു ലോമഹർഷണസുതനായ സൂതൻ അഭ്യസിച്ചു. ആ സൂതനാണു പിന്നീടതു ശൗനകാ
ദിമഹർഷികൾക്കു് വിസ്തരിക്കുന്നതു്. അങ്ങനെ അതു് എവിടെയും പ്രചരിച്ചു...മഹാപാതകങ്ങൾ ചെയ്തു
ദുർവൃത്തികൾക്കിടയായി മഹാപ്രേതമായിത്തീർന്ന ധുന്ധുകാരിയെ ആ നിലയിൽനിന്നു മോചിപ്പിച്ചു ശ്രീമഹാവിഷ്ണു
സാരൂപ്യവാനാക്കി വൈകുണ്ഠപ്രാപ്തി നല്കിയതു ഗോകർണ്ണൻെറ ഒരു ഭാഗവതസപ്താഹമായിരുന്നു. അതാണു്
രണ്ടാംസപ്താഹം. പിന്നീട്, നാരദാർത്ഥനപ്രകാരം സനകാദികൾ, വൃദ്ധതുല്യരായി ചൈതന്യരഹിതരായി
ക്കിടന്ന ജ്ഞാനവൈരാഗ്യസുതന്മാരാൽ ആർത്തയായ ഭക്തിക്ക് അവരെ ഉജ്ജീവിപ്പിച്ചു യുവാക്കളാക്കിക്കൊടു
ത്തു് സന്തോഷം ചേർത്തു മറെറാരു സപ്താഹംമുഖേന. അങ്ങനെ ബ്രഹ്മാവുമുതൽ താഴോട്ടു സകലർക്കും മോഹം
തീർത്തു പരമനിർവൃതി നല്കാൻ പരമാവധി പ്രയോജനപ്പെട്ടതു് ഈയൊരു പ്രമുഖ പുരാണോത്തമമാകുന്നു.

സർവ്വവേദസാരസർവ്വസ്വമാണ് ഈ ശ്രീമദ്ഭാഗവതം. കർമ്മോപാസനാജ്ഞാനകാണ്ഡത്രയത്താൽ
'ത്രയി' എന്നറിയപ്പെടുന്ന വേദത്തിൻെറ ആ കാണ്ഡങ്ങൾ മൂന്നും ഇതിൽ ഒന്നൊഴിയാതെ വഴിപോലെ അവി
ടവിടെ വിവരിക്കപ്പെട്ടിട്ടുണ്ട്. വേദകല്പവൃക്ഷത്തിൻെറ സാക്ഷാൽ രസരൂപഫലമാണിതു്. ഉപേക്ഷിക്കേണ്ട
തൊലിയോ കുരുവോ ഒന്നുമില്ലാതെ തനി വൃക്ഷരസം കട്ടിപിടിച്ചുണ്ടായ ഫലമെന്നു സാരം.. അതിൽ ഏതു
ഭാഗവും, അതിനാൽ, അമൃതാധികം ആസ്വാദനീയംതന്നെ.[2] അങ്ങനെ വേദത്തിലും മികച്ചതായി അതു് വിള
ങ്ങുന്നു. ''രസോ വൈസഃ'' എന്ന ഉപനിഷദ്വചനപ്രകാരം രസമെന്നതു് ബ്രഹ്മമത്രെ. അപ്പോൾ ഭാഗവതം
പരബ്രഹ്മവസ്തുവാണെന്നും വന്നു. അതാണു ജീവന്മുക്തന്മാരായി സാക്ഷാൽ ആത്മാരാമന്മാരായ ശ്രീശുകനാര
ദാദികൾ, തീരെ നിർവിണ്ണരായിരുന്നിട്ടും ഇതു പാടിനടക്കുന്നതു്. അതിനു മറെറാരു തെളിവ്, പ്രസ്ഥാന
ത്രയിയിലെ ബ്രഹ്മസൂത്രം പ്രഥമാധ്യായം പ്രഥമപാദം ദ്വിതീയാധികരണം ദ്വിതീയസൂത്രമായ ''ജന്മാദ്യസ്യ
യതഃ'' എന്ന വാക്യത്തിലാണ് ഭാഗവതപ്രഥമസ്കന്ധപ്രഥമാധ്യായം പ്രഥമപദ്യം ആരംഭിക്കുന്നതു് എന്നതാ
ണ്. കൂടാതെ, മററു രണ്ടു സൂത്രങ്ങളായ ''ശാസ്ത്രയോനിത്വാത്'', ''തത്തുസമന്വയാത്'' എന്നിവയും ആ
പദ്യത്തിൽത്തന്നെ അടക്കിയിരിക്കുന്നതായും കാണാം. മാത്രമല്ല, ഗാതാവിനെ (ചൊല്ലുന്നവനെ) ത്രാണനം
(രക്ഷണം)ചെയ്യുന്ന ഒരു മഹാമന്ത്രമായ ഗായത്രിയും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ''ധീമഹി''യിൽ ആ
പദ്യം അവസാനിക്കുന്നതു കാണുക. അതുപോലെ ഗ്രന്ഥം അവസാനിക്കുന്നതും അതിലത്രെ. അങ്ങനെ, ഉപ
ക്രമവും ഉപസംഹാരവും ഗായത്രിയായിരിക്കയാൽ, ഗ്രന്ഥവിഷയം മറെറാന്നല്ല, ആമന്ത്രവിഷയമായ
ബ്രഹ്മംതന്നെ എന്നു വന്നുകൂടുന്നു. തന്നെയോ, ഏകാക്ഷരമന്ത്രമായ പ്രണവംമുതൽ വലിയ മാലാമന്ത്രങ്ങൾവരെ
പലേടത്തായി അടക്കംചെയ്തിരിക്കുന്ന ഒരു മന്ത്രമഹോദധിയുമാണ് ഈ വരപുരാണം.

അശേഷശാസ്ത്രങ്ങളും അവയുടെ അംഗങ്ങളൊത്തു് ഒരു തട്ടിലും ഭാഗവതം മാത്രം മറുതട്ടിലും വച്ചു പണ്ടു
ബ്രഹ്മാവു തൂക്കിനോക്കിയപ്പോൾ കാര്യസാരഭാരംകൊണ്ട് ഭാഗവതം വച്ച തട്ടാണ് കൂടുതൽ തൂങ്ങിയതെന്നു
പത്മപുരാണം പ്രസ്താവിക്കുന്നു. ശ്രീമദ് ഭാഗവതത്തിൻെറ സർവ്വശാസ്ത്രാതീതമായ ഗുരുതത്വത്തിന് അതൊരൊ
ത്ത തെളിവാണല്ലോ. മരണമകററുന്ന അമൃതത്തേക്കാളും ഇതു് അത്യന്തം ശ്രേഷ്ഠവും പാവനവുമെന്നും അതിൽ
പറയുന്നുണ്ട്. ശ്രീശുകബ്രഹ്മർഷി പരീക്ഷിത്തിനോടു ഭാഗവതം ഉപദേശിക്കാൻ സദസ്സിൽ ഇരിക്കുന്നതു കണ്ടു
ദേവേന്ദ്രൻ തുടങ്ങിയോർ അമൃതകുംഭവുമായിച്ചെന്നു് അതു സേവിച്ചു രാജാവ് മരണത്തിൽനിന്നു മോചിക്ക

1 ദ്വിതീയസ്കന്ധം, ഒൻപതാമദ്ധ്യായം, 31 മുതൽ നാലു ശ്ലോകങ്ങൾ.

2 അതിനു പ്രമാണം: ''കർമ്മഭക്തിജ്ഞാനഭേദാ-ഭേദാ കാണ്ഡത്രയാത്മകാഃ
തേഭ്യഃ ശ്രേഷ്ഠതരാ ചേയം-സുഖമോക്ഷപ്രദായിനീ''
കർമ്മഭക്തിജ്ഞാനങ്ങളാകുന്ന കാണ്ഡത്രയങ്ങളൊത്തതാണ് വേദങ്ങൾ. സുഖമായി മോക്ഷത്തെ സാധിപ്പിക്കുന്ന
ഈ ഭാഗവതം അവയിൽ ശ്രേഷ്ഠതരമാണെന്നു സാരം.

Digitized by Arya Samaj Foundation Chennai and eGangotri

ട്ടെ, ഭാഗവതം അവർക്ക് കൊടുക്കണം എന്നർത്ഥിക്കുന്നു. എന്നാൽ, മനഃശുദ്ധിയില്ലായ്കയാൽ അർഹരല്ലാത്ത അവരുമായി ഈ വിനിമയത്തിന് അദ്ദേഹം തയ്യാറാകുന്നില്ല. അങ്ങനെ ഭാഗവതശ്രൈഷ്ഠ്യം അതു് ഒന്നുകൂടി ഇരട്ടിപ്പിക്കുന്നു.

ഭഗവാൻ ശ്രീകൃഷ്ണപരമാത്മാവിന്റെ വാങ്മയീമൂർത്തികൂടിയാണ് ശ്രീമദ്ഭാഗവതം. അദ്ദേഹം സർവ്വമന്ത്രസ്വരൂപിയും,

''യസ്മിൻ സർവ്വം വിലീയേത-വസ്തു തത്പരമാർത്ഥകം
ഏതദ്ദൃശം പരംബ്രഹ്മ-രാധാകൃഷ്ണോ ന സംശയഃ''

—ഏതൊന്നിൽ എല്ലാം ലയിക്കുന്നുവോ അതു പരമാർത്ഥവസ്തുവാകുന്നു. അത്തരം പരബ്രഹ്മമാണു രാധാകൃഷ്ണൻ എന്നതിനു സംശയമില്ല—എന്നുള്ളതുകൊണ്ടു പരബ്രഹ്മമൂർത്തിയും ആകുന്നു എന്നിരിക്കയാൽ ഭാഗവതത്തിന്റെ ശ്രീകൃഷ്ണമൂർത്തിത്വം അതിന്റെ മന്ത്രാകാരത്വത്തിനും പരബ്രഹ്മാകാരത്വത്തിനും അപവാദമാകുന്നില്ല. ശ്രീകൃഷ്ണഭഗവാൻ സ്വർഗ്ഗാരോഹണത്തിനനന്തരതായറിഞ്ഞ് ഭഗവത്പരമപ്രിയനായ ഉദ്ധവർ അസഹ്യഖേദത്തോടുകൂടി ചെന്ന്, ''നിന്തിരുവടി ഭൂമി ഉപേക്ഷിച്ചുപോയാൽ നിന്തിരുവടിതന്നെ ഏകശരണമെന്നുറച്ചുകഴിയുന്ന സാധുക്കൾക്ക് ആരാണൊരവലംബം?'' എന്നു ചോദിക്കുന്നു. അതിനാൽ, അങ്ങനെയുള്ളവർക്ക് അവലംബമാകട്ടെ എന്നു കരുതി സ്വന്തതേജസ്സെല്ലാം ഭാഗവതത്തിലാക്കിവച്ചാണ് ഭഗവാൻ മറഞ്ഞതു്. അതുകൊണ്ടാണ്,

''ശ്രീമദ്ഭാഗവതസ്യാഥ-ശ്രീമദ്ഭഗവതഃ സദാ
സ്വരൂപമേകമേവാസ്തി-...''

എന്നു ഭാഗവതത്തിന്റെയും ഭഗവാന്റെയും സ്വരൂപമൊന്നെന്നു പ്രഖ്യാപിച്ചിരിക്കുന്നതും. അങ്ങനെ,

''ഗ്രന്ഥോഽഷ്ടാദശ സാഹസ്രോ-യോഽസൗ ഭാഗവതാഭിധാ
കലിഗ്രാഹഗൃഹീതാനാം സ ഏവ പരമാശ്രയഃ''

എന്ന പുരാണവചനപ്രകാരം ഈ കലികാലമാകുന്ന മുതല വിഴുങ്ങിക്കളഞ്ഞ മന്ദമതികൾക്കു പരമാശ്രയമായി ഭഗവാൻതന്നെ പതിനെണ്ണായിരം ഗ്രന്ഥങ്ങളടങ്ങിയ ഭാഗവതമെന്ന പേരിൽ പരിലസിക്കയാണ്. ഇവിടെ ഈ അടിസ്ഥാനത്തിൽ ഇതിലെ പന്ത്രണ്ടു സ്കന്ധങ്ങളും ഭഗവാന്റെ പന്ത്രണ്ടു ശരീരാവയവങ്ങളായി വിവരിക്കപ്പെട്ടിരിക്കുന്നു—

* 1. ''പാദൗ തു പ്രഥമസ്കന്ധോ-ദ്വിതീയോ ജാനുനീ സ്മൃതഃ
തൃതീയഃ സക്ഥിനീ ജ്ഞേയഃ-ചതുർത്ഥഃ കടിരുച്യതേ.

2. നാഭിം തു പഞ്ചമം വിദ്യാത്-ഹൃദയം ഷഷ്ഠ ഈരിതഃ
സപ്തമസ്യ ഉരഃ പ്രോക്തം-അഷ്ടമം കണ്ഠ ഉച്യതേ.

3. സ്കന്ധൗ തു നവമസ്കന്ധം- ദശമോ മുഖ ഈരിതഃ
കർണ്ണാക്ഷിനാസികായുക്തം-സർവ്വാർത്ഥപരിപൂരിതം

4. ഏകാദശസ്തൂത്തമാംഗം-ദ്വാദശോ ബ്രഹ്മരന്ധ്രകം
ഏവം ഭാഗവതം ശാസ്ത്രം-വിഷ്ണുമൂർത്തിം പ്രകീർത്തിതം'' —എന്നിങ്ങനെ.

ഇങ്ങനെ പല നിലയിലും—വേദമന്ത്രാത്മകത്വത്തിലും ശ്രീകൃഷ്ണപരബ്രഹ്മമൂർത്തിത്വത്തിലും മറ്റും—സർവ്വവേദശാസ്ത്രപുരാണേതിഹാസഗ്രന്ഥങ്ങളിൽവച്ച് അത്യന്തപ്രാധാന്യമർഹിക്കുന്നതാണ് ശ്രീമദ്ഭാഗവതമെന്നു സിദ്ധിച്ചു. ഇതിന്റെ ദർശനംതന്നെ സുകൃതദായകമാണ്. അപ്പോൾ സ്പർശനസേവനങ്ങൾകൊണ്ടുളവാകുന്ന ഫലം പറഞ്ഞറിയിക്കാവുന്നതല്ല. ഇതു പാരായണംചെയ്യയോ ശ്രവിക്കയോ ചെയ്യുവാൻ ഉദ്ദേശിക്കുമ്പോഴേ, ആ പുണ്യവാന്മാരുടെ ഉള്ളിൽ ഭഗവാൻ ആദ്ധ്യാത്മികാദി താപത്രയങ്ങൾ വേരോടെ നശിപ്പിച്ചശേഷം സ്ഥിരമായി കുടികൊള്ളാൻ തുടങ്ങുന്നു.

''ലാഭസ്തേഷാം ജയസ്തേഷാം-കുതസ്തേഷാം പരാഭവഃ
യേഷാമിന്ദീവരശ്യാമോ-ഹൃദയസ്ഥോ ജനാർദ്ദനഃ''

അങ്ങനെ, നീലാംബുജവർണ്ണനായ സാക്ഷാൽ ജനാർദ്ദനൻ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നവർക്ക് ഏതു കർമ്മത്തിലും ലാഭവും ജയവുമല്ലാതെ പരാജയമെവിടെ എന്നു സാരം. മാത്രമല്ല അവർ,

''ഇഹലോകേ വരാൻ ഭുക്ത്വാ-ഭോഗാൻ വൈ മനസേപ്സിതാൻ
ശ്രീഭാഗവതസങ്ഗേന-യാത്യന്തേ ശ്രീഹരേഃ പദം.''

ഈ ലോകത്തു് ഇഷ്ടമുള്ള സർവ്വവിശിഷ്ടഭോഗങ്ങളും ഭുജിച്ചിട്ട് ശ്രീഭാഗവതസങ്ഗമാഹാത്മ്യത്താൽ ഒടുവിൽ ശ്രീവിഷ്ണുപദം പ്രാപിക്കുകയും ചെയ്യുന്നു—എന്ന് എടുത്തുപറയുകയും ചെയ്യുന്നു.

ഇപ്രകാരം അതുലമാഹാത്മ്യമുള്ള ഭാഗവതം ആരും സേവിക്കേണ്ടതാണ്. നിത്യപാരായണത്തുടക്കത്തിന് ഉത്തമമായ മാസം മാഘം ആകുന്നു. എന്നാൽ, ദിവസനിയമമില്ല, എന്നുമാകാം, അധികാരിഭേദമില്ല, ആർക്കുമാകാം എന്നും പക്ഷമുണ്ട്. അങ്ങനെയാണെങ്കിലും പാരായണവും ശ്രവണവും ആഗ്രഹിക്കുന്നവർ ഭക്തി, ശ്രദ്ധ, ശുദ്ധി, വൃത്തി ഒക്കെ ദീക്ഷിക്കുന്നവരായിരിക്കുന്നതു് ഉദ്ദിഷ്ടഫലപ്രാപ്തിക്കു നന്നേ ഉതകും. അതുപോലെ പാരായണത്തിനു പറഞ്ഞിട്ടുള്ള വിധികൾ അനുസരിക്കുന്നതും ആവശ്യമാണ്.

---

* ഭഗവാന്റെ പാദം ഭാഗവതത്തിലെ പ്രഥമസ്കന്ധവും, കാൽമുട്ടുകൾ ദ്വിതീയസ്കന്ധവും, തുടകൾ തൃതീയസ്കന്ധവും, അരക്കെട്ട് ചതുർത്ഥസ്കന്ധവും, നാഭി പഞ്ചമസ്കന്ധവും, ഹൃദയം ഷഷ്ഠസ്കന്ധവും നെഞ്ച് സപ്തമസ്കന്ധവും, കഴുത്ത് അഷ്ടമസ്കന്ധവും ആകുന്നു എന്നു പറയപ്പെടുന്നു. ചുമലുകൾ നവമസ്കന്ധവും, സർവ്വപ്രയോജനകരമായ ചെവിയും കണ്ണും മൂക്കുമെല്ലാമുള്ള മുഖം ദശമസ്കന്ധവും, തല ഏകാദശസ്കന്ധവും, ഉച്ചി ദ്വാദശസ്കന്ധവുമത്രേ. ഇങ്ങനെ ഭാഗവതശാസ്ത്രത്തെ വിഷ്ണുമൂർത്തിയായി കീർത്തിക്കപ്പെട്ടിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''സംവിധാനാൽ ഫലം പൂർണ്ണം – തദ്ധീനേതു തദല്പതാ'' എന്ന വിദ്വദുക്തി നിയമത്തിന്റെ പൂർണ്ണമായ അനുസരണം പൂർണ്ണഫലത്തെച്ചെയ്യും. ഇല്ലെങ്കിൽ അത്രയും കുറയും എന്നു കാണിക്കുന്നു. അതുകൊണ്ട്, നിത്യപാരായണവിധിയും സപ്താഹവിധിയും വക്തൃശ്രോതൃകാര്യങ്ങളും താഴെ ക്രമപ്രകാരം വിവരിക്കുന്നു—ആവശ്യക്കാർക്ക് ഉതകുമാറാകട്ടെ എന്ന ഏകോദ്ദേശത്തോടുകൂടി. ശാസ്ത്രവിധിയും ശിഷ്ടാചാരക്രമവും, രണ്ടും ഇതിൽ സ്വീകരിച്ചിട്ടുണ്ട്.

നിത്യപാരായണവിധി

സകലശ്രുതിസ്മൃതിസാരസത്താകയാൽ, പരബ്രഹ്മാകാരത നിർഗ്ഗുണപരമായും ശ്രീകൃഷ്ണമൂർത്തിത്വം സഗുണപരമായും ഘടിക്കുന്ന ശ്രീമദ്ഭാഗവതമഹാപുരാണം നിഷ്കാമന്മാർക്കും സകാമന്മാർക്കും ശ്രദ്ധാശക്തിയനുസരിച്ച് സർവ്വപ്രേയസ്സും ശ്രേയസ്സും ദാനംചെയ്യുന്നതാണ്. ഒരക്ഷരപ്പിശകോ ഇടച്ച്യുതിയോ അർത്ഥതിരോധാനമോ വരുത്താതെ, സുവ്യക്തമായി ശുദ്ധകണ്ഠത്തിൽ, ഉച്ചമോ നീചമോ ആകാതെ മൃദുവും സ്വച്ഛവും, എന്നാൽ ഗംഭീര(മദ്ധ്യമ)വുമായ സ്വരത്തിൽ വേണം വായിക്കുവാൻ. പുസ്തകപ്പലകയിൽവച്ചേ വായിക്കാവൂ. കൈയിൽവച്ചായാൽ അർദ്ധഫലമേയുള്ളൂ. പാട്ടിൻമട്ടിലോ അതിവേഗമോ തലകലുക്കിക്കൊണ്ടോ വായിക്കരുത്. കൈയെഴുത്തുഗ്രന്ഥവും വായിക്കരുത്.

നിത്യകൃത്യങ്ങൾ കഴിച്ചു കുളിച്ചു ശുചിയായി വന്ന് പ്രാണനിയന്ത്രണം[1] ചെയ്തു മൂന്നുവട്ടം ആചമനം[2] കഴിച്ച് മംഗലസ്തോത്രം[3] ചൊല്ലി ഭഗവാനെ നമസ്കരിക്കണം. അതിനുശേഷം ഷോഡശോപചാരങ്ങൾ[4] കൊണ്ടു ബാഹ്യമായോ മാനസികമായോ ശ്രീവേദവ്യാസമഹർഷിയേയും ശ്രീശുകബ്രഹ്മർഷിയേയും ശ്രീവാസുദേവഭഗവാനെയും ശ്രീമദ്ഭാഗവതഗ്രന്ഥത്തേയും പൂജിക്കണം, ഭക്തിവിനയാദരങ്ങളോടുകൂടി. പിന്നീട്, ''ഓം നമോ ഭഗവതേ വാസുദേവായ'' (''ഓം നമോ ഭഗവതേ ശ്രീകൃഷ്ണചന്ദ്രായ'') എന്ന ദ്വാദശാക്ഷരിമന്ത്രം 108 ഉരു ജപിക്കണം. പിന്നെ വിനിയോഗം.

ഓം അസ്യ ശ്രീമദ്ഭാഗവതാഖ്യസ്തോത്രമന്ത്രസ്യ 'നാരദ ഋഷിഃ ബൃഹതീ ഛന്ദഃ ശ്രീകൃഷ്ണപരമാത്മാ ദേവതാ. ബ്രഹ്മബീജം, ഭക്തിഃ ശക്തിഃ ജ്ഞാനവൈരാഗ്യേ കീലകം, മമ ശ്രീമദ്ഭഗവത്പ്രസാദസിദ്ധ്യർത്ഥം പാഠേ വിനിയോഗഃ

ഋഷ്യാദിന്യാസം

നാരദർഷയേ നമഃ–ശിരസി, (എന്നു ശിരസ്സിൽ)
ബൃഹതീഛന്ദസേ നമഃ–മുഖേ. (എന്നു മുഖത്തിൽ ഇത്യാദി)
ശ്രീകൃഷ്ണ പരമാത്മദേവതായൈ നമഃ–ഹൃദി
ബ്രഹ്മബീജായ നമഃ–ഗുഹ്യേ
ഭക്തി ശക്തയേ നമഃ–പാദയോഃ
ജ്ഞാനവൈരാഗ്യകീലകായ നമഃ–നാഭൗ
ശ്രീമദ് ഭഗവത്പ്രസാദസിദ്ധ്യർത്ഥകപാഠവിനിയോഗായ നമഃ–സർവ്വാംഗേ

---

1. സുഖമായി നിവർന്നിരുന്ന്, വായടച്ച് അഞ്ചുവിരലുംകൊണ്ടു മൂക്കിന്റെ അറ്റംപിടിച്ചിട്ട് വലത്തേക്കൈയുടെ അണിവിരലും കുഞ്ഞുവിരലുംകൊണ്ട് ഇടത്തേ മൂക്കടച്ച് വലത്തുമൂക്കിൽക്കൂടി ശ്വാസം എട്ടുതവണ 'ഓം' എന്നു മനസ്സിൽ ജപിച്ചുകൊണ്ടു പിടിച്ചുകയററണം. ആ മന്ത്രം 16 തവണ ജപിക്കുംവരെ ശ്വാസം പിടിച്ചുനിർത്തണം. പിന്നെ വലത്തുകൈത്തള്ളവിരൽകൊണ്ട് വലത്തുമൂക്കടച്ചുകൊണ്ട് ഇടത്തുമൂക്കു തുറന്ന് എട്ടുതവണ 'ഓം' എന്നു മനസാ ജപിച്ചുകൊണ്ട് ശ്വാസം സാവധാനം വിടുക. ഇങ്ങനെ കുറഞ്ഞതു മൂന്നുതവണ ശ്വാസംപിടിക്കുകയും നിർത്തുകയും വിടുകയുംചെയ്യുന്നതു പ്രാണായാമം.

2. കൈവെള്ള പശുച്ചെവിയുടെ ആകൃതിയിൽ പിടിച്ച് മദ്ധ്യരേഖയിൽ കൊള്ളുന്നിടത്തോളം ജലമെടുത്ത് 'ഓം കേശവായ നമഃ', 'ഓം നാരായണായ നമഃ', 'ഓം മാധവായ നമഃ' എന്നു ജപിച്ച് മൂന്നുപ്രാവശ്യം കുടിക്കുക, കൈകഴുകുക, കാലിലും ശിരസ്സിലും തളിക്കുക എന്നതു് ആചമനം.

3. ശ്രീകൃഷ്ണസ്തോത്രമേതെങ്കിലും ചൊല്ലുക.

4. ആസനം, സ്വാഗതം, പാദ്യം, അർഘ്യം, ആചമനം, മധുപർക്കം ആചമനീയം, സ്നാനം, വസ്ത്രം, ആഭരണം, ഗന്ധം, പുഷ്പം ധൂപം, ദീപം, നൈവേദ്യം, ചന്ദനം—ഇങ്ങനെ ഉപചാരങ്ങൾ പതിനാറു കൂടുന്നതാണ് ഷോഡശോപചാരമെന്നറിയപ്പെടുന്നതു്. ഇതു ബാഹ്യമായോ അതിനു സൗകര്യമില്ലാത്തവർ മനസ്സുകൊണ്ടു സങ്കല്പിച്ച് മാനസികമായോ നടത്താം ബാഹ്യമായിട്ടാണെങ്കിൽ വേണ്ട എല്ലാ സാമഗ്രികളുംകൂട്ടിവേണം നടത്താൻ. ഈ കലികാലത്തു് ക്രിയകൾക്കു ന്യൂനത വരാൻ എളുപ്പമുള്ളതുകൊണ്ട് ആചമനാദിസർവ്വവും സങ്കല്പംകൊണ്ടു സഭക്തികംചെയ്യുകയാണു കൂടുതൽ നന്ന്. ആസനം = ഇരിപ്പിടം. പാദ്യം - കാലിൽ ജലം പകരുക. അർഘ്യം = കൈയിൽ ജലം ഒഴിക്ക. മധുപർക്കം - തൈരു്, നെയ്യ്, തേൻ, ജലം, പഞ്ചസാര എന്നിവ ചേർക്കുന്ന നിവേദ്യം മുഖത്തർപ്പിക്കുക. ആചമനം = മുഖം കഴുകാൻ ജലം സമർപ്പിക്ക. സ്നാനം = കുളി. ഗന്ധം = ചന്ദനം, പച്ചക്കർപ്പൂരം. ഗോരോചന, കുങ്കുമപ്പൂവ് ഇവ ചേർത്തരച്ചതു നൽകുക.

5. 'ഋഷിഃ' എന്നുച്ചരിക്കുമ്പോൾ തള്ളവിരൽ മേലോട്ടു തള്ളി ബാക്കി വിരലുകൾ ചേർത്ത് അകത്തേക്ക് അല്പം കുനിച്ച് ഉച്ചിയിലും 'ഛന്ദസ്സ്' എന്നിടത്തു് വായുടെ നേരെയും. ദേവതയ്ക്കു റെ ഞത്തും 'ബീജ'ത്തിന്നു് ആ വിരലുകൾ കീഴാക്കി ഗുഹ്യത്തിലും 'ശക്തി'ക്കു കാലുകളിലും ചേർത്തും 'കീലക'ത്തിന്നു രണ്ടു കൈകൊണ്ടും പ്രത്യേകം ദേഹമാസകലം വ്യാപകംചെയ്തും മുദ്ര കാണിക്കുക. ഋഷ്യാദിന്യാസം, അംഗന്യാസം, കരന്യാസം ഇവ കാണിക്കേണ്ട വിവരം വിസ്തരഭയത്താൽ വർണ്ണിക്കുന്നില്ല. അവ അത്യാവശ്യമുള്ളതുമല്ല. വേണമെന്നുള്ളവർ അവ അറിയുന്നവരോടു മനസ്സിലാക്കി ചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നീട് ദ്വാദശാക്ഷരിമന്ത്രംകൊണ്ടോ താഴെപ്പറയുന്ന രീതിക്കോ ഹൃദയാദ്യങ്ഗന്യാസവും കരന്യാസവും ചെയ്യുക.

അങ്ഗന്യാസം

ഓം ക്ലാം ഹൃദയായ നമഃ
ഓം ക്ലീം ശിരസേ സ്വാഹാ,
ഓം ക്ലൂം ശിഖായൈ വഷട്,
ഓം ക്ലൈം കവചായ ഹും
ഓം ക്ലൗം നേത്രത്രയായ വൗഷട്,
ഓം ക്ലഃ അസ്ത്രായ ഫട്

കരന്യാസം:

ഓം ക്ലാം അംഗുഷ്ഠാഭ്യാം നമഃ
ഓം ക്ലീം തർജ്ജനീഭ്യാം നമഃ
ഓം ക്ലൂം മധ്യമാഭ്യാം നമഃ
ഓം ക്ലൈം അനാമികാഭ്യാം നമഃ
ഓം ക്ലൗം കനിഷ്ഠികാഭ്യാം നമഃ
ഓം ക്ലഃ കരതല കരപൃഷ്ഠാഭ്യാം നമഃ

ധ്യാനം:

*കൃഷ്ണം ഭാസ്വത് കിരീടാങ്ഗദവലയകലാകല്പഹാരോദരാങ്ഘ്രിം
ശ്രേണീഭൃതം സ്വവക്ഷോമണിമകരമഹാകണ്ഡലാമണ്ഡിതാസ്യം
ഹസ്തോദ്യച്ഛങ്ഖചക്രാംബുജഗദമമലം പീതകൗശേയവാസം
വിദ്യുദ്ഭാസം സമുദ്യദ്ദിനകരസദൃശം പദ്മസംസ്ഥം നമാമി—

എന്നു ധ്യാനിക്കുക. ദ്വാദശാക്ഷരിമന്ത്രം മനസാ സ്മരിക്കുക. പിന്നെ ഭാഗവതം ഒന്നാംസ്കന്ധം ഒന്നാമദ്ധ്യായം ഒന്നും രണ്ടും മൂന്നും ശ്ലോകങ്ങളും രണ്ടാമദ്ധ്യായത്തിലെ രണ്ടും മൂന്നും നാലും ശ്ലോകങ്ങളും ചൊല്ലിയിട്ട് ക്രമപ്രകാരം വായിച്ചുകൊള്ളുക. ഓരോ അദ്ധ്യായം തീരുമ്പോഴും താഴെ കൊടുക്കുന്ന അഷ്ടമന്ത്രം ഉച്ചരിക്കണം.

1. ഓം വിഷ്ണവേ നമഃ
2. ഓം നാരായണായ നമഃ
3. ഓം ബ്രഹ്മണേ നമഃ
4. ഓം ശിവായ നമഃ
5. ഓം വാസുദേവായ നമഃ
6. ഓം പ്രദ്യുമ്നായ നമഃ
7. ഓം അനിരുദ്ധായ നമഃ
8. ഓം സങ്കർഷണായ നമഃ

പാരായണം അന്നന്നു തീരുമ്പോൾ, വിഷ്ണുസഹസ്രനാമം ജപിക്കയും ഗീത പാരായണംചെയ്കയും ചെയ്യണം. ഒരദ്ധ്യായം അവസാനിക്കാതെ നിറുത്തരുത്. നിറുത്തേണ്ടിവന്നാൽ അദ്ധ്യായാദിമുതൽ വീണ്ടും തുടങ്ങണം.

ഭാഗവതസപ്താഹപാരായണവിധി

മനസ്സടക്കാൻ മേലാത്ത, വൈഷ്ണവവ്രതം നോല്ക്കാൻ പററാത്ത മുതലായവകൊണ്ടു വിഷമിക്കുന്നവക്കും, രോഗം, അല്പായുസ്സ് എന്നിവയാലും മററും നിത്യപാരായണം മുടങ്ങാതെ നടത്താൻ കഴിയാത്തവക്കുംവേണ്ടിയാണ്, എല്ലാവക്കും ഒരുപോലെ ഉതകുന്ന, സപ്താഹവിധി ഏപ്പെടുത്തിയതു്. നിത്യനൈമിത്തികങ്ങളായ യജ്ഞാദികമ്മങ്ങൾ, തപസ്സ്, യോഗം മുതലായവ വിധിപൂവ്വം അനുഷ്ഠിക്കാൻ ജീവിതവ്യഗ്രരായ കലികാല മനുഷ്യക്കു സാദ്ധ്യമല്ല. അവക്കുവേണ്ടിയാണ് ഭാഗവതം അവതരിച്ചതു്. അതിന്റെ പാരായണശ്രവണങ്ങൾ, വിശേഷിച്ചു സപ്താഹത്തിന്റെ ശ്രവണം, മോക്ഷപ്രദമാകുന്നു. മാഘമാസത്തിലും നഭോമാസത്തിലും ഭാഗവതകഥ നല്ല ശ്രദ്ധയോടു കേൾക്കുന്നവക്കുണ്ടാകുന്ന ഫലം ഒരു സപ്താഹം മുഴുവൻ കേൾക്കുന്നതുകൊണ്ടു കിട്ടും. യോഗതപസ്സമാധികളാൽ സിദ്ധമാകുന്ന ഫലവും അതു നല്കും. അതുമൂലമാണ് ആക്കും എപ്പോഴും എളുതായ ഭഗവന്നാമകീത്തനംകൊണ്ടു പരമപദം കിട്ടുന്ന ഈ കലികാലത്തു സപ്താഹം സവ്വപ്രധാനമായി വന്നതു്.

ദുഷ്ടന്മാർ, ദുരാചാരർ, കോപിഷ്ഠർ, കാമികൾ, നിന്ദ്യകമ്മാക്കൾ, അസത്യവാദികൾ, മാതൃപിതൃദൂഷകർ, അത്യാഗ്രഹികൾ, വഞ്ചകർ, ഹിംസകന്മാർ, മത്സരബുദ്ധികൾ പഞ്ചമഹാപാപികൾ, പരധനമപഹരിക്കുന്നവർ, ശഠന്മാർ, മലിനർ, ദരിദ്രർ, ക്ഷയരോഗികൾ, ഭാഗ്യഹീനർ, സന്താനമററവർ ശരിപ്രായത്തിൽ ഋതുവാകാത്തവർ ഒന്നു പെററിട്ടു പിന്നെ പ്രസവിക്കാത്തവർ പ്രസവിക്കുമ്പോഴേ കുഞ്ഞുങ്ങളെല്ലാം മരിക്കുന്നവർ, ഗർഭം അലസുന്നവർ, വെറും വന്ധ്യകൾ, മോക്ഷം മാത്രം കാംക്ഷിക്കുന്നവർ തുടങ്ങിയവരെല്ലാം കോടിയാഗത്തിന്റെ ഫലം നല്കുന്ന സപ്താഹം ഒട്ടും വിടാതെ കേൾക്കണം. എന്നാൽ, അവക്ക് ആഗ്രഹലാഭമുണ്ടാകയും സവ്വോപരി ജനനമരണദുഃഖമൊഴികയും ചെയ്യും.

ശ്രീകൃഷ്ണഭഗവാന്റെ സ്വഗ്ഗാരോഹണം കഴിഞ്ഞു് കലിവഷം മുപ്പതുചെന്ന മാഘമാസം (കുംഭം) വെളുത്ത പക്ഷത്തിലെ നവമിദിവസമായ വ്യാഴാഴ്ചയാണ് പരീക്ഷിത്തിനോടു ശ്രീശുകൻ ഭാഗവതകഥ പറയാൻ തുട

---

* തിളങ്ങുന്ന കിരീടം, തോൾവള, വള, മുത്തുമാല, അരഞ്ഞാൺ, തണ്ടപ്പതപ്പുകൾ മുതലായ ആഭരണങ്ങളാൽ യഥാക്രമം വിളങ്ങുന്ന ശിരസ്സ്, കൈകൾ, മാറിടം, വയർ, കാലുകൾ എന്നീ അവയവങ്ങളോടും സുന്ദരമായ ഇടപ്പോടും ഉരസ്സിൽ കൗസ്തുഭരത്നത്തോടും മകരക്കുഴകളാൽ ശോഭിക്കുന്ന മുഖത്തോടും ശങ്ഖചക്രപദ്മഗദകൾ ധരിക്കുന്ന ചതുർബാഹുക്കളോടും മഞ്ഞപ്പട്ടുടയാടയോടുംകൂടി ഏററവും പ്രകാശിക്കുന്ന സൂര്യനും മിന്നൽപ്പിണറിനും തുല്യനായി പദ്മാസനസ്ഥനായിരിക്കുന്ന കൃഷ്ണനെ ഞാൻ നമസ്കരിക്കുന്നു എന്നു സാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങിയതു്. വെളുത്തവാവുന്നാൾ, അതായതു് ഏഴു നാൾകൊണ്ടു്, പറഞ്ഞുതീർക്കുകയുംചെയ്തു. അതിനുശേഷം ഇരുനൂറു കലിവർഷം കഴിഞ്ഞ കൊല്ലം ശുചി[1] (കർക്കിടക)മാസത്തിലെ വെളുത്തപക്ഷനവമിയിലാണു ഗോകർണ്ണൻ സപ്താഹം നടത്തിയതു്. അതുകഴിഞ്ഞു മുപ്പതു കലിവർഷം ചെന്നശേഷം വന്ന കാർത്തിക (വൃശ്ചിക)മാസത്തിലെ വെളുത്തനവമിക്കു് സനകാദികൾ, നാരദാവശ്യപ്രകാരം സപ്താഹം നടത്തി. ബ്രഹ്മാവിനു മഹാവിഷ്ണു ചതുഃശ്ലോകീഭാഗവതം ഉപദേശിച്ചതു് ഒരു നഭസ്യ (കന്നി)മാസത്തിലെ വെളുത്തനവമി ചേർന്ന വ്യാഴാഴ്ചയും നാരദൻ വ്യാസനെ കേൾപ്പിച്ചതു് കാർത്തികമാസത്തിലും ശ്രീവ്യാസൻ ശുകനെ പഠിപ്പിച്ചതു് മാർഗ്ഗശീർഷ (ധനു)മാസത്തിലുമായിരുന്നു. അതുകൊണ്ടു മാഘം, ശുചി. നഭസ്യം, കാർത്തിക. മാർഗ്ഗശീർഷം എന്നീ മാസങ്ങൾ സപ്താഹയജ്ഞത്തിനു് അത്യുത്തമമെന്നു പറയാം. അതിൽ മാഘമാസത്തിനു് അതിവൈശിഷ്ട്യം കല്പിക്കപ്പെടുന്നു. ''മാഘമാസോഽതിധന്യോഽയം-സപ്താഹശ്രവണേമതം'' എന്നു പ്രമാണം., ''സർവ്വേ മാസാഃ ശുഭാഃ പ്രോക്താ-പൗഷചൈത്രവിവർജ്ജിതാഃ'' എന്നു് ഒരു പൊതുപ്രമാണം കാണുന്നതിനാൽ, പൗഷചൈത്ര(മകരമേട)മാസങ്ങൾ ഒഴിച്ചുള്ള എല്ലാ മാസവും സപ്താഹത്തിനു കൊള്ളാം എന്നു വരുന്നു. ചൊവ്വ, ശനി എന്നീ ആഴ്ചകൾ, അധിമാസങ്ങൾ, ഗ്രഹയുദ്ധമുള്ള മാസങ്ങൾ എന്നിവ കൊള്ളുകില്ല. ചിത്തിര, രേവതി, മകയിരം, അനിഴം എന്നീ മൃദുനക്ഷത്രങ്ങൾ, ഉത്രം, ഉത്രാടം, ഉത്രട്ടാതി, രോഹിണി എന്നീ സ്ഥിരനക്ഷത്രങ്ങൾ എന്നിവ സപ്താഹം തുടങ്ങാൻ കൊള്ളാവുന്നവയാണു്. ഇങ്ങനെയൊക്കെയിരുന്നാലും, ആപദ്ധർമ്മമായി നടത്തേണ്ടിവരുമ്പോൾ ഇതൊന്നും നോക്കേണ്ട.

ചുരുക്കിപ്പറഞ്ഞാൽ സപ്താഹം നടത്താനൊരുങ്ങുന്ന ആൾ ഒരു നല്ല പണ്ഡിതനും ശാസ്ത്രാനുസാരചര്യാനിരതനുമായ ഒരു ജ്യോത്സ്യനെ വരുത്തി ചുഴിഞ്ഞു ചിന്തിപ്പിച്ചു് ഏററവും ഉത്തമമായ ഒരു മുഹൂർത്തം നിശ്ചയിപ്പിക്കണം. ആ സമയത്തുതന്നെ പാരായണച്ചടങ്ങുകൾ തുടങ്ങണം. ദൂരദേശത്തുള്ളവരെപ്പോലും, ഈ യജ്ഞത്തിനു് ഒരുനാളെങ്കിലും കൂടത്തക്കവണ്ണം, എഴുത്തയച്ചും ആളയച്ചും വരുത്തണം. വിഷയവിരക്തർ, കൃഷ്ണഭക്തർ, പുരാണതല്പരർ ഇവർ എവിടെയുണ്ടെങ്കിലും അവശ്യമായും ക്ഷണിച്ചുവരുത്തി ഇതിൽ സംബന്ധിപ്പിക്കണം. എല്ലാവരേയും സുഖമായി പാർപ്പിക്കണം. പുണ്യസ്ഥലങ്ങളിലും വനങ്ങളിലും സ്വന്തവീട്ടിലുംവച്ചു് ഇതു നടത്താം. വീട്ടിലാണെങ്കിൽ ഒരു വലിയ മാനസപ്പന്തൽ നിർമ്മിക്കണം എന്നേ ഉള്ളു. കഥ നടക്കാൻ ഒരുയർന്ന വേദി അതിൽ തയ്യാർചെയ്യണം. ചാണകത്താൽ മെഴുകി പഞ്ചഗവ്യത്താൽ ശുദ്ധിചെയ്തു ധാതുക്കളാൽ ആ വേദിയിൽ കളമെഴുതണം. പട്ടുപൊതിഞ്ഞു് കൊടിക്കൂറകൾ പാറുന്ന കൊടിമരങ്ങൾ നാലുമൂലയ്ക്കും നാട്ടണം. കുലവാഴ, കുരുത്തോല മുതലായവയാൽ മണ്ഡപത്തിൻെറ നാലുപുറം വസ്ത്രം, പൂമാല, ആലില, ഫലങ്ങൾ തുടങ്ങിയവയാൽ മേൽഭാഗവും ഭംഗിയായി അലങ്കരിക്കണം. അതിനു മുകളിൽ ഭൂമിതൊട്ടു ഏഴു ലോകങ്ങൾ മനസ്സിൽ ഭാവിക്കണം. അവിടെയുള്ള മഹാത്മാക്കൾ അനുഗ്രഹിക്കാൻ മനസാ പ്രാർത്ഥിക്കണം. പിന്നെ വിധിപോലെ മാല, ചന്ദനം ആദിയായവകൊണ്ടലങ്കരിച്ച വാടാവിളക്കു കൊളുത്തി യഥാസ്ഥാനം വയ്ക്കണം. അതിനു മുൻപിൽ ഒരു പീഠത്തിൽ ഭാഗവതം പുഷ്പമിട്ടർച്ചിച്ചുവച്ചിരിക്കണം. നാലുവശവും ചന്ദനം പൂശി നൂൽ വരിഞ്ഞ ഒരു ലോഹക്കുടത്തിൽ നിറയെ വെള്ളമെടുത്തു് അതിൽ നവധാന്യങ്ങൾ, വെള്ളിനാണയങ്ങൾ, സ്വർണ്ണമോ വെള്ളിയോ കൊണ്ടു നിർമ്മിച്ച ദശാവതാരഹ്രസ്വരൂപങ്ങൾ ഇവ നിക്ഷേപിച്ചു് മാവു്, ആലു്, ചമത ഇവയുടെ തുപ്പു് ദർഭകൊണ്ടു ചുവടു വരിഞ്ഞു് കുടത്തിൻവായിൽ ഞെരുങ്ങിച്ചെല്ലത്തക്കവണ്ണം കീഴോട്ടിട്ടു് ഭാഗവതത്തിൻമുന്നിൽ വയ്ക്കുക. മുഖ്യശ്രോതാവിനെ മന്ത്രപൂർവ്വം അവഭൃഥസ്നാനത്തിനു് ആറാടിക്കുവാനാണതു്. വായിക്കുന്ന ആളിനിരിക്കാൻ ആ വേദിയിൽ ഒരുയർന്ന സുഖമായ ആസനം തയ്യാർചെയ്തിരിക്കണം. വായന തുടങ്ങുംമുമ്പേ പന്തലിൽ നല്ല വിരിപ്പുകൾ നിരത്തി വിരിച്ചിരിക്കണം. പന്തലിന്റെ ഇടതുവശം സ്ത്രീകൾക്കും വലതുവശം പുരുഷന്മാർക്കും കരുതണം. സജ്ജനശ്രേഷ്ഠരായ ശ്രോതാക്കളെ ഏററവും മുന്നിൽത്തന്നെ ഇരുത്തണം. വായനക്കാരൻ വടക്കോട്ടിരുന്നാൽ കേൾവിക്കാർ കിഴക്കോട്ടും, മറിച്ചു് വക്താവു കിഴക്കോട്ടാണെങ്കിൽ അവർ വടക്കോട്ടും ഇരിക്കണം. വായിക്കുന്ന ആളിനെ ക്ഷീണത്തിൽ സഹായിക്കുവാൻ അദ്ദേഹത്തോടു തുല്യനായ ഒരു വിദ്വാനെക്കൂടി കരുതണം. യജ്ഞത്തിൻെറ നിർവിഘ്നസമാപ്തിക്കു ദിവസവും വെളുപ്പിനു ഗണപതിഹോമം നടത്തണം. വായനാമണ്ഡപത്തിൻെറ മദ്ധ്യം കളമെഴുതിയ ഇടത്തിനു പിൻപിൽ ശ്രീകൃഷ്ണവിഗ്രഹമോ ചിത്രമോ വച്ചു് കാലങ്ങളിൽ വേണ്ട പൂജ നടത്തണം. സർവ്വപൂജയും വശമുള്ള ഭക്തിവിശ്വാസധന്യനായ ഒരു പൂജാകാരിയെ അതിനെല്ലാം ഏൽപ്പെടുത്തണം.

വായിക്കുന്ന ആൾ എന്നും വെളുപ്പിനെ എഴുന്നേററു് ദിനകൃത്യങ്ങളെല്ലാം സൂര്യോദയത്തിനുമുമ്പു ചുരുക്കിക്കഴിച്ചു് സന്ധ്യാവന്ദനവും പിതൃതർപ്പണവും ലഘുവായി നടത്തണം. അനന്തരം ശ്രീകൃഷ്ണഭഗവാനെയും ഭാഗവതത്തെയും പ്രദക്ഷിണംവച്ചിട്ടു്,

[2]''സംസാരസാഗരേ മഗ്നം-ദീനം മാം കരുണാനിധേ!
കർമ്മഗ്രാഹഗൃഹീതാങ്ഗം-മാമുദ്ധര ഭവാർണ്ണവാത്''

എന്നു ചൊല്ലി പീഠത്തിൽ വച്ചിരിക്കുന്ന ഭാഗവതത്തെ ഭക്തിയോടെ പുഷ്പമിട്ടുപൂജിക്കണം. പിന്നെ നാളികേരമർപ്പിച്ചു പൂജിച്ചു നമസ്കരിക്കണം. പിന്നീടു് യജ്ഞം നടത്തുന്ന മുഖ്യശ്രോതാവു്,

---

1 മലയാളമാസങ്ങൾ കൊടുത്തിരിക്കുന്നതു് സംസ്കൃതമാസത്തിനു് തികച്ചും തുല്യമായിട്ടല്ല. ഒരറിവിനുവേണ്ടിമാത്രം. വിസ്തരിച്ചു്, പഞ്ചാംഗംനോക്കി അറിയണം.

2 അല്ലയോ കൃപാനിധേ! ജനനമരണരൂപമായ പ്രപഞ്ചക്കടലിൽ അടിഞ്ഞു കർമ്മങ്ങളാകുന്ന മുതലകൾ പിടികൂടിക്കഴിഞ്ഞ ദീനനായ എന്നെ കരയേററി രക്ഷിക്കണമേ എന്നു സാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

1 ''ശ്രീമദ്ഭാഗവതാഖ്യോയം-പ്രത്യക്ഷഃ കൃഷ്ണ ഏവ ഹി
സ്വീകൃതോസി മയാ നാഥ!-മുക്ത്യത്ഥം ഭവസാഗരേ.
മനോരഥോ മദീയോയം-സഫലഃ സവ്വഥാ ത്വയാ
നിർവിഘ്നേനൈവ കത്തവ്യോ- ദാസോഹം തവ കേശവ!''

എന്നു സ്തുതിച്ച് വക്താവിനെ തനി വെള്ളവസ്ത്രം, പൂമാല, കളഭം മുതലായവ അണിയിച്ചു പൂജിച്ച്,

2 ''ശുകരൂപ! പ്രബോധജ്ഞ! സവ്വശാസ്ത്രവിശാരദ!
ഏതത് കഥാപ്രകാശേന- മദജ്ഞാനം വിനാശയ.'' എന്നു സ്തുതിച്ചു പ്രാത്ഥിച്ച് വക്താവു സാക്ഷാൽ ശുകനാണെന്നുതന്നെ ഉറച്ചു ബഹുഭക്തിയോടുകൂടി നമസ്കരിക്കണം. പിന്നെ, അഞ്ചു പരിശുദ്ധഭക്തരെക്കൊണ്ടു ദ്വാദശാക്ഷരിമന്ത്രം (ഓം നമോ ഭഗവതേ വാസുദേവായ) 108 ഉരു ജപിപ്പിക്കണം. അനന്തരം അവരെ നമസ്കരിച്ചു സ്വന്തം ഇരിപ്പിടത്തിലിരിക്കണം. മറെറാരു ചിന്തയും കൂടാതെ പാരായണപ്രവചനങ്ങൾ ആദിമുതലേ ഒട്ടും വിടാതെ ഉററുകേൾക്കണം. എന്നും സൂര്യോദയത്തിനുതന്നെ വക്താവു വായന തുടങ്ങണം. ഭാഗവത പ്രഥമസ്കന്ധപ്രഥമാദ്ധ്യായപ്രഥമപദ്യങ്ങൾ മൂന്ന്, മാഹാത്മ്യം ആദ്യാദ്ധ്യായാവസാനപദ്യം, ദ്വിതീയാദ്ധ്യായദ്വിതീയതൃതീയചതുത്ഥപദ്യങ്ങൾ എന്നിവ നിത്യം ചൊല്ലി വായന തുടങ്ങുക നന്ന്. ഇല്ലെങ്കിൽ പ്രഥമപദ്യമെങ്കിലും ചൊല്ലിയിരിക്കണം. ഉച്ചയ്ക്കു രണ്ടു നാഴിക നിറുത്തണം. അപ്പോൾ കൃഷ്ണഭക്തർ നല്ല സ്വരത്തിൽ ശുദ്ധരാഗതാളങ്ങളോടെ ആക്കം ശുദ്ധഭക്തി വളത്തുംവിധം കീത്തനങ്ങൾ ഭാവവ്യക്തം ആലപിച്ചുകൊണ്ടിരിക്കണം. വൈകിട്ട് ഒന്നരനാഴികപകലുള്ളപ്പോൾ വായന നിറുത്താം. ആകെ മൂന്നര യാമം (26½ നാഴിക) ദിവസവും വായിക്കണമെന്നു വിധി. വായനയ്ക്കിടയ്ക്ക് ആരും എഴുനേററുപോകാൻ പാടില്ല. നിത്യപാരായണവിധിയിൽ സൂചിപ്പിച്ചതുപോലെ, ഓരോ അദ്ധ്യായം നിത്തുമ്പോഴും അഷ്ടമന്ത്രം വക്താവു ചൊല്ലുകയും ശ്രോതാക്കൾ കേട്ടുചൊല്ലുകയുമാവാം.

3 ആദ്യദിവസം വരാഹാവതാരം. (സ്കന്ധം-3, അദ്ധ്യായം-13, ശ്ലോകം-18) വരെയും,

രണ്ടാംദിവസം ജഡഭരതന്റെ കഥ (സ്കന്ധം-5, അദ്ധ്യായം-14) വരെയും

മൂന്നാംദിവസം നരസിംഹാവതാരം (സ്കന്ധം-7, അദ്ധ്യായം-8, ശ്ലോകം-18)വരെയും

നാലാംദിവസം വംശവണ്ണനം (സ്കന്ധം-9) അഥവാ പൂതനാമോക്ഷം (സ്കന്ധം-10, അദ്ധ്യായം-6)വരെയും

അഞ്ചാംദിവസം ഗുരുദക്ഷിണ (സ്കന്ധം-10, അദ്ധ്യായം-45) അഥവാ അഷ്ടമഹിഷീവിവാഹം (സ്കന്ധം-10, അദ്ധ്യായം 58)വരെയും

ആറാംദിവസം ലീലാസമാപനം (സ്കന്ധം-10, അദ്ധ്യായം-90)അഥവാ ഭിക്ഷുസംവാദം (സ്കന്ധം-11 അദ്ധ്യായം-9)വരെയും

ഏഴാംദിവസം ശുകപൂജ അതായതു് ഗ്രന്ഥാവസാനംവരെയും വായിക്കുക എന്നു നിയമം.

''മനുകദ്ദമസംവാദപര്യന്തം പ്രഥമേഽഹനി
ഭരതാഖ്യാനപര്യന്തം ദ്വിതീയേഽഹനിവാചയേത്.
തൃതീയേ ദിവസേ കര്യാത് സപ്തമസ്കന്ധപൂരണം
കൃഷ്ണാവിർഭാവപര്യന്തം- ചതുത്ഥേദിവസേ വദേത്
രുക്മിണ്യുദ്വാഹപര്യന്തം-പഞ്ചമേഽഹനി ശസ്യതേ
ശ്രീഹംസാഖ്യാനപര്യന്തം-ഷഷ്ഠേഽനിഹ വദേത്സുധീഃ
സപ്തമേ തു ദിനേ കര്യാത്-പൂത്തിം ഭാഗവതസ്യ വൈ
ഏവം നിർവിഘ്നതാസിദ്ധിർ-വിപര്യയ ഇതോന്യഥാ''

എന്നും പ്രമാണമുണ്ടു്. അതായതു് ഒന്നിൽ മനുകദ്ദമസംഭാഷണം, രണ്ടിൽ ഭരതകഥ, മൂന്നിൽ സപ്തമസ്കന്ധം മുഴവൻ, നാലിൽ കൃഷ്ണാവതാരം, അഞ്ചിൽ രുക്മിണീവിവാഹം, ആറിൽ ഹംസാഖ്യാനം, ഏഴിൽ അവസാനംവരെയും എന്നത്ഥം. ഇങ്ങനെയായാൽ നിവ്വിഘ്നഫലം സിദ്ധിക്കും. ഇല്ലെങ്കിൽ വിപരീതഫലമെന്നും സാരം. രാത്രിതോറും സന്ധ്യയ്ക്കു ദീപാരാധനാദി കഴിഞ്ഞു് ഭജന, മതപ്രവചനമൊക്കെയൊവാം—9 മണിവരെ. ഭാഗവതദശമസ്കന്ധപൂവ്വാദ്ധം വായിച്ചവസാനിക്കുമ്പോൾ ബ്രഹ്മസ്തുതി ചൊല്ലിക്കൊണ്ടും ഉത്തരാദ്ധം തീരുമ്പോൾ ശ്രുതിഗീത ചൊല്ലിക്കൊണ്ടും ഹോമം നടത്തണം. ആദ്യംമുതൽ ശ്ലോകംപ്രതി നെയ് ഹോമിക്കയുമാവാം. നിഷ്കിഞ്ചനരല്ലാത്തവർ (വിരക്തരല്ലാത്തവർ) ഉദ്യാപനവിധി (യജ്ഞാവസാനകമ്മം) നടത്തണം. ശ്രോതാവു് പുരാണത്തെയും വക്താവിനെയും അച്ചിക്കുക, നമസ്കരിക്കുക, വക്താവിനു ധനധാന്യാദിയാൽ തൃപ്തിപ്പെടുത്തുക, തുളസിമാലകൾ, മോദകം തുടങ്ങിയവ സഹശ്രോതാക്കൾക്കു കൊടുക്കുക, താളമേളമൃദംഗാദിക

---

1 ശ്രീമദ്ഭാഗവതമെന്ന ഈ ഗ്രന്ഥം പ്രത്യക്ഷീഭവിച്ച കൃഷ്ണൻതന്നെയാണു്. അല്ലയോ നാഥ! സംസാരസമുദ്രത്തിൽനിന്നു കയറാനായിട്ടു ഞാനങ്ങയെ സ്വീകരിച്ചിരിക്കുന്നു. അല്ലയോ കേശവ! ഞാനങ്ങയുടെ ദാസനാണേ! നിവ്വിഘ്നം എന്റെ ഈ മനോരഥത്തെ അവിടുന്നു നിറവേററിത്തരേണമേ.

2 അല്ലയോ ശുകസ്വരൂപനായ ജ്ഞാനമൂത്തേ, സവ്വശാസ്ത്രവിദ്വന്മണേ, ഈ കഥ വേണ്ടവണ്ണം പ്രകാശിപ്പിച്ച് എന്റെ അജ്ഞാനം നശിപ്പിക്കേണമേ എന്നു സാരം.

3 ''പ്രഥമേഹ്നിവരാഹാന്തം-ദ്വിതീയേ ഭരതാന്തകം
തൃതീയേ ശ്രീനൃസിംഹാന്തം-ചതുത്ഥേ വംശവണ്ണനം
പഞ്ചമേ ഗുരുലീലാന്തം-ഷഷ്ഠേ ലീലാ സമാപനം
സപ്തമേ ശുകപൂജാന്തം-സപ്താഹക്രമ ഈരിതഃ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളോടുകൂടി ഭക്തിപൂർവ്വം ശ്രീകൃഷ്ണകീർത്തനം പാടുക, ശംഖുവിളിച്ചുകൊണ്ട് 'ജയജയ ഗോവിന്ദ', 'കൃഷ്ണായ നമോനമഃ' എന്ന് അടിക്കടി ചൊല്ലുക, ആഹാരവും പൊന്നും പണങ്ങളും ശരിയായ ബ്രാഹ്മണർക്കും യാചകർക്കും കൊടുക്കുക എന്നിവ അതിൽപ്പെടും. ഭാര്യാപുത്രാദിയിൽ താല്പര്യമില്ലാത്ത വിരക്തനാണു ശ്രോതാവെങ്കിൽ എട്ടാംദിവസം ഗീത തീർത്തും വായിക്കണം. അതല്ലെങ്കിൽ, ദശമസ്കന്ധപദ്യങ്ങൾ ഓരോന്നു ചൊല്ലി നെയ്യ്, കറുത്ത എള്ള്, യവാദിധാന്യങ്ങൾ, ശർക്കരപ്പായസം, തേൻ ഇവകൊണ്ടു ഹോമിക്കണം (ഹോമിപ്പിക്കണം). ഹോമം കഴിക്കുവാൻ അശക്തനെങ്കിൽ ഹോമദ്രവ്യങ്ങൾ ദാനം കഴിക്കണം. വായനയിലും പ്രവചനത്തിലും വന്ന ഏറ്റക്കുറവുകൾ, വിഘ്നങ്ങൾ എന്നിവയുടെ പരിഹാരത്തിനായി വിഷ്ണുസഹസ്രനാമം ജപിക്കണം. ഹോമശേഷം പന്ത്രണ്ട് ഉത്തമബ്രാഹ്മണർക്കു കാൽകഴുകിച്ചൂട്ടു നല്ലി ഗോധനധാന്യാദികൾ സമർപ്പിക്കണം. കഴിവുണ്ടെങ്കിൽ മൂന്നു പലം പൊന്നുകൊണ്ട് സിംഹാസനം തീർപ്പിച്ച്, തെററില്ലാതെ ഭംഗിയായി എഴുതിയ ഭാഗവതം അതിൽവച്ച് അർച്ചിച്ച്, വക്താവിനെ വസ്ത്രാലങ്കാരസുഗന്ധദ്രവ്യങ്ങൾ ചാർത്തിച്ചു പൂജിച്ചു കമ്പിട്ടുകുപ്പി വിരക്തനായ അദ്ദേഹത്തിന് ദക്ഷിണയോടുകൂടി ദാനംചെയ്യുക.

അവഭൃഥസ്നാനം നടത്തേണ്ടതു്, 7–ാംദിവസം വായനതീർന്നാലുടനെ ശ്രീകൃഷ്ണചിത്രമെഴുന്നള്ളിച്ച് ധൂപദീപവാദ്യമേളങ്ങളോടുകൂടി വക്താക്കളും ശ്രോതാക്കളുമൊന്നോടെ ചെന്ന് കരയ്ക്കു പടംവച്ച് ആചമനാദി കഴിച്ചു ജലാശയത്തിലിറങ്ങി വട്ടത്തിൽനിന്നു ദ്വാദശാക്ഷരിമന്ത്രം ജപിച്ചുകൊണ്ട് മൂന്നു മുങ്ങിയാണ്. പിന്നീട് ഭഗവത്പൂജകഴിച്ചു നാമജപത്തോടും 'ജയനമ' ശബ്ദങ്ങളോടും ക്ഷേത്രദർശനം നടത്തി തിരിച്ചുവന്നു പഴയപടി എല്ലാവരുമിരുന്നശേഷം, വക്താവ് ശ്രീകൃഷ്ണാവതാരപദ്യങ്ങളോ ഗോവിന്ദപട്ടാഭിഷേകഭാഗമോ വായിച്ചു സമർപ്പിക്കുക.

വക്താവും ശ്രോതാവും

വക്താവ് നല്ല വാഗ്മിയും വ്യാസന്റെ അഭിപ്രായഗതി ശരിക്കു മനസ്സിലാക്കി സന്ദർഭാനുസാരം ആശയങ്ങൾ വിടർത്തും ചുരുക്കിയും കേൾക്കുന്നവർക്ക് ഉള്ളിൽത്തട്ടുംവിധം ഭക്തിസംവർദ്ധകമായി അതതു ഭാഗങ്ങൾ പറഞ്ഞു് സംശയങ്ങളേതും തീർത്തുകൊടുക്കുവാൻതക്ക സർവ്വശാസ്ത്രനിപുണനും ഭഗവദ്ഭക്തമുഖ്യനും കഥാച്ചരടു പൊട്ടിക്കാതെ ജനങ്ങളെ പിടിച്ചിരുത്തുന്ന രസികനും സദാ സന്തോഷസ്വഭാവിയും അംഗവൈകല്യവിഹീനനും സത്യവാദിയും ധർമ്മിഷ്ഠനും ആയിരിക്കണം. ഈശ്വരവിശ്വാസരഹിതനും പരിഭ്രമബുദ്ധിയും സ്ത്രീലമ്പടനുമായ ആൾ മററെന്തൊക്കെ ഗുണങ്ങളുള്ള മഹാപണ്ഡിതസരസവാഗ്മിയായാലും വക്താവാകാൻ തീരെ യോഗ്യനല്ല. കേൾക്കുന്നവർക്കു ഭാഗവതവിഷയബോധം ശരിക്കു ജനിപ്പിക്കത്തക്ക പ്രഭാഷണചാതുരിയും സംതുഷ്ടിയും ദൃഢശ്രദ്ധയും ശുദ്ധചര്യയും തികഞ്ഞിരിക്കണം ഒരു വക്താവിൽ എന്നു ചുരുക്കം.

ശ്രോതാക്കൾ രണ്ടുവിധത്തിലുണ്ട്: 1. പ്രവരർ, 2. അവരർ എന്നിങ്ങനെ. അവരിൽ ചാതകജാതികൾ, ഹംസജാതികൾ, ശുകജാതികൾ, മീനജാതികൾ മുതലായവർ പ്രവരരും വൃകജാതികൾ, ഭുരുണ്ഡജാതികൾ, വൃഷജാതികൾ, ഉഷ്ട്രജാതികൾ മുതലായവർ അവരരുമാകുന്നു. മേഘം വർഷിക്കുമ്പോൾ ചാതകങ്ങൾ (വേഴാമ്പലുകൾ) എന്നവിധം എല്ലാം ഉപേക്ഷിച്ചും കൃഷ്ണകഥ കേൾക്കാൻ ദീക്ഷിക്കുന്നവർ ചാതകജാതികളും, വെള്ളംചേർന്ന പാലിൽനിന്നു ശുദ്ധമായ പാൽമാത്രം നുകരുന്ന ഹംസങ്ങൾ (അന്നങ്ങൾ) എന്നപോലെ ഭാഗവതത്തിലെ വിവിധകഥകളിൽനിന്നും സാരംമാത്രം ഗ്രഹിക്കുന്നവർ ഹംസജാതികളും, വെറും പഠിച്ചിട്ടുള്ളതുമാത്രം അതുപോലെ ചൊല്ലി പഠിപ്പിച്ചവനേയും അടുത്തുള്ളവരെയും സന്തോഷിപ്പിക്കുന്ന ശുകങ്ങൾ (തത്തകൾ) എന്ന മട്ടിൽ പഠിപ്പിച്ചയാളിനും സന്തോഷജനകമായ തരത്തിൽ നന്നായും മിതമായും വിവരിക്കുന്നതിൽ ഹർഷിക്കുന്നവർ ശുകജാതികളും, മീൻ പാൽപ്പുഴയിലെന്നവണ്ണം വലിയ ശബ്ദമുണ്ടാക്കാതെ കണ്ണും മിഴിച്ചിരുന്നു കഥാരസം ആസ്വദിക്കുന്നവർ മീനജാതികളുമത്രെ. ഓടൽക്കുഴൽവിളിയിൽ രസിക്കുന്ന മാനുകളെ വൃകങ്ങൾ (ചെന്നായ്ക്കൾ) എന്നവിധം കഥാരസമഗ്നരായ ശ്രോതാക്കളെ ഉപദ്രവിക്കുന്ന അജ്ഞരായ ശ്രോതാക്കൾ വൃകജാതികളും, ഹിമാലയപർവ്വതത്തിന്റെ മുടിയിൽ കാണുന്ന ഭുരുണ്ഡപ്പക്ഷികളെന്നവണ്ണം ഭാഗവതം കേട്ട് അതിലെ ഉപദേശങ്ങൾ സ്വയം ആചരിക്കാതെ അന്യരെ പഠിപ്പിക്കുവാൻ മിടുക്കുകാണിക്കുന്നവർ ഭുരുണ്ഡജാതികളും, സ്വാദുള്ള മുന്തിരിങ്ങയേയും വെറും പിണ്ണാക്കിനേയും വ്യത്യാസമില്ലാതെ വിഴുങ്ങുന്ന വൃഷങ്ങൾ (കാളകൾ) എന്നപോലെ സാരാസാരവിവേചനമില്ലാതെ കേൾക്കുന്നതെല്ലാം സ്വീകരിക്കുന്നവർ വൃഷജാതികളും, ഒരു മുട്ടിൽ ഒന്നിച്ചുവളരുന്ന തേന്മാവിനെത്തള്ളി വേപ്പിനെ കൈക്കൊള്ളുന്ന ഉഷ്ട്രങ്ങൾ (ഒട്ടകങ്ങൾ) എന്ന മട്ടിൽ മധുരമായ പ്രതിപാദ്യങ്ങളെത്തള്ളി വിപരീത(കയ്പുററ)ഭാഗങ്ങളെ ആശ്രയിക്കുന്നവർ ഉഷ്ട്രജാതികളുമാകുന്നു. ഭൃംഗജാതികൾ, ഖരജാതികൾ മുതലായി പിന്നെയും അവ രണ്ടിലും പലജാതികളുണ്ട്. ഇവരിൽ പ്രവരവകുപ്പിൽപ്പെട്ട ഹംസജാതികളാണ് ഉത്തമശ്രോതാക്കൾ.

ചുരുക്കത്തിൽ, വക്താവിലും ഭാഗവതത്തിലും സർവ്വോപരി ഭഗവാനിലും നിശ്ചലഭക്തിവിശ്വാസങ്ങൾ ഉണ്ടായിരിക്കുക, കഥയിൽ അത്യന്തശ്രദ്ധപുലർത്തുക, അഹങ്കാരമില്ലാതിരിക്കുക, മനസ്സിളക്കമില്ലാതിരിക്കുക, വേണ്ടതു മാത്രം ചോദിച്ചറിയുന്നവനായിരിക്കുക, നന്നേ പഠിച്ചവനും അലസതയില്ലാത്തവനുമായിരിക്കുക, ദാനശീലം, ശുചിത്വം, വഞ്ചനാരാഹിത്യം എന്നിവ ഉണ്ടായിരിക്കുക, ഭാഗവതകഥകളൊഴിച്ചു മററു കഥകളിൽ ശ്രദ്ധിക്കാതിരിക്കുക, സാമർത്ഥ്യം ഉണ്ടായിരിക്കുക എന്നീ ഗുണങ്ങൾ ഒരു ശ്രോതാവിന് അനുപേക്ഷണീയങ്ങളായി വേണ്ടവയത്രേ. ഏഴുദിവസവും കഥ ഒരക്ഷരംപോലും വിടാതെ കേൾക്കത്തക്ക ദിനചര്യ വേണം അയാൾ സ്വീകരിക്കുവാൻ. മലമൂത്രവിസർജ്ജനശല്യം മുറയ്ക്കുണ്ടാക്കിയും മയക്കം വരുത്തിയും കഥാശ്രവണവിച്ഛേദം വരുത്തുന്നതരം ആഹാരമൊന്നും ഉപയോഗിക്കരുത്. ശക്തിയുണ്ടെങ്കിൽ ഏഴുനാളും ഉപവസിച്ചു കേൾക്കുന്നതു് അത്യുത്തമം. സാത്വികാഹാരങ്ങളേ ഉപയോഗിക്കാവൂ. ബ്രഹ്മചര്യം, കാമക്രോധാദിവികാരമില്ലായ്മ എന്നിവ സൂക്ഷിച്ചു ദീക്ഷിക്കണം. കൂടുതൽ വിസ്തരിച്ച നിയമങ്ങൾ അനുസരിക്കാൻ ശ്രദ്ധയുള്ളവർ ഭാഗവതമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹാത്മ്യം ആറാം അദ്ധ്യായം 45 മുതൽ 53 വരെ(2-ം ഉൾപ്പെടെ)യുള്ള ശ്ലോകങ്ങൾ വായിച്ചറിഞ്ഞനുഷ്ഠിച്ചുകൊൾക.

ശ്രീമദ്ഭാഗവതാസ്വാദനം നാലുതരത്തിലുണ്ട്—സാത്വികം, രാജസം, താമസം, നിർഗ്ഗുണം എന്ന്. മാസങ്ങൾതോറുമോ ഋതുക്കൾതോറുമോ അഭിരുചിയോടും അനായാസമായും ആനന്ദം വളരുമാറും ആസ്വദിക്കുന്നതു സാത്വികമാകുന്നു. യജ്ഞത്തെപ്പോലെ വളരെ ശ്രമിച്ചും ബദ്ധപ്പെട്ടും ബഹുപൂജാദികളോടും ശോഭനമായി സേവിക്കുക രാജസവും ഒരുകൊല്ലംകൊണ്ട് അലസതയോടും ഓർമ്മയും മറവിയും ഇടകലർന്നും എന്നാൽ ശ്രദ്ധയോടും സുഖകരമായും സേവിക്കുക താമസവുമാണ്. എന്നാൾ, നിർഗ്ഗുണാസ്വാദനമാകട്ടെ, വർഷമാസാദിനിയമങ്ങളൊന്നും കൂടാതെ സദാ പ്രേമഭക്തിപ്രകർഷത്തോടുകൂടി അനുഷ്ഠിക്കുന്നതാകുന്നു. ശ്രീപരീക്ഷിച്ഛുകസംവാദത്തിൽ ഈ നിർഗ്ഗുണസേവനമാണ് നാം കാണുന്നത്. അതാണ് എല്ലാററിലും ഉത്തമമായ ആസ്വാദനവും.

കൃഷ്ണാർത്ഥി, ധനാർത്ഥി എന്ന രണ്ടുതരക്കാരുണ്ട് വക്താക്കളും ശ്രോതാക്കളും. വക്താവ് ഇതിൽ ഏതുതരക്കാരനോ ആ തരക്കാരനായിരിക്കണം ശ്രോതാവും. രണ്ടുപേരും രണ്ടുതരക്കാരായിരുന്നാൽ രസഹാനിയും ഫലരാഹിത്യവുമായിരിക്കും ഫലം. ശ്രീകൃഷ്ണഭഗവാൻ സ്വന്തമായിത്തീരുക എന്നതല്ലാതെ കൃഷ്ണാർത്ഥിക്കു മറെറാരുദ്ദേശ്യവുമില്ല. ധനാർത്ഥിക്ക് ഐഹികഭോഗത്തിനുതകുന്ന ധനം മാത്രം മതിതാനും. കൃഷ്ണാർത്ഥിക്കു കാലംകൊണ്ടു ഫലസിദ്ധി ഉണ്ടാകുന്നു. ധനാർത്ഥിക്കാകട്ടെ, സമ്പൂർണ്ണമായും വിധി അനുസരിച്ചു പാരായണശ്രവണങ്ങൾ നടത്തുന്നതുകൊണ്ടു ഫലസിദ്ധി ഉടൻ കൈവരുന്നു. നിർഗ്ഗുണനായ കൃഷ്ണാർത്ഥിക്കു പ്രത്യേക വിധികളൊന്നുമില്ല. നിഷ്കളങ്കഭഗവത്പ്രേമം ഒന്നുതന്നെ അദ്ദേഹത്തിന് ഉത്തമവിധി. സകാമൻ (ഫലം ഇച്ഛിക്കുന്നവൻ) പാരായണശ്രവണവിധി അന്ത്യംവരെ സ്വയം സമ്പൂർണ്ണമായും അനുസരിക്കണം. എന്നാൽ, രോഗിയായി ശയ്യാവലംബിയായ ഒരാളാണു ശ്രോതാവെങ്കിൽ, ആ ആളിനെ ഉദ്ദേശിച്ചാണു സപ്താഹം നടത്തുന്നതെങ്കിൽ, ആ ശ്രോതാവിനെ ആപദ്ധർമ്മരീതിയിൽ സർവ്വവിധികളിൽനിന്നും ഒഴിവാക്കുന്നുമുണ്ട്. അതിനു കാലവും മററും നോക്കേണ്ടതായുമില്ല. അല്ലാത്ത സ്വസ്ഥരും കഴിവും ധനവും ഉള്ളവരുമായവർക്കുവേണ്ടിയാണു വിധി ഏർപ്പെടുത്തിയിരിക്കുന്നത്. അവർ ഈമാതിരി ഉത്തമയജ്ഞങ്ങളിൽ ഒട്ടും ലോഭംകൂടാതെ കൈയയച്ചുതന്നെ ചെലവുചെയ്യണം. അല്ലാതായാൽ ഫലമില്ല എന്നു തീർത്തു പറയാം. സത്സംഗതികൾക്കു ചെയ്യുന്ന വ്യയം ഒരിക്കലും നഷ്ടമായിക്കലാശിക്കയില്ലെന്ന് ഉറയ്ക്കണം. ആ ഉറപ്പുവരാത്തവർക്ക് ഈ യജ്ഞത്തിലും ഭഗവാനിലും വിശ്വാസമില്ലെന്നർത്ഥം. അവർക്കു ഫലസിദ്ധിയും പൂജ്യം.

മുഖ്യശ്രോതാക്കളെക്കുറിച്ചുള്ള വിധികൾ മേൽ സാമാന്യമായി വിവരിച്ചുകഴിഞ്ഞു. ഇനി പൊതുവേ എല്ലാ ശ്രോതാക്കളും അനുസരിക്കേണ്ട കാര്യങ്ങൾ പറയുന്നു ഭക്തിയില്ലാതെയും കഴിവിനൊത്തു ഗ്രന്ഥത്തെയും വക്താവിനെയും പൂജിക്കാതെയും പാരായണം കേൾക്കരുത്. കഥ വായിക്കുമ്പോൾ എഴുനേററു പോകാൻ പാടില്ല. തലയിൽക്കെട്ടിക്കൊണ്ടും മുറുക്കിക്കൊണ്ടും പുകവലിച്ചും ഇരുന്നു കഥ കേൾക്കരുത്. കഥാമണ്ഡപത്തേക്കാൾ ഉയർന്നിരുന്നും വക്താവിനു സമമായിരുന്നും വീരാസനത്തിൽ (കാലിന്മേൽ കാൽകയററി) ഇരുന്നും ശ്രവണം ചെയ്യരുത്. രോഗിയല്ലാത്തവൻ കിടന്നുകൊണ്ടും കേൾക്കാൻ പാടില്ല. വക്താവിനേയും കഥയേയും നിന്ദിച്ചും വക്താവിനെ നമസ്കരിക്കാതെയും ശ്രവിക്കരുത്. കഥയ്ക്കിടയ്ക്കു കുതർക്കം കൊണ്ടുവരരുത്. കഥയ്ക്കു തടസ്സമുണ്ടാക്കുകയും അരുത്. ഇതിനൊക്കെ വിപരീതം ചെയ്യുന്നവർ യഥാക്രമം ദരിദ്രരായും ഭാര്യാദികൾ നശിച്ചവരായും കുലദ്രോഹികളായ സന്താനമുള്ളവരായും മലംതീനികളായും കാക്കകളായും ഗുരുപത്നിയെ സ്വീകരിക്കുന്നവക്കൊത്ത പാപികളായും വിഷവൃക്ഷങ്ങളായും നീർമരുതുകളായും പെരുമ്പാമ്പുകളായും നായ്ക്കളായും കഴുതകളായും കാട്ടുപന്നികളായും മററും തീരുമെന്നു സ്കാന്ദപുരാണം പറയുന്നു. ഏതായാലും, അനാചാരങ്ങളെല്ലാമൊഴിച്ചു ഭഗവത്കഥയിൽത്തന്നെ മുഴുകിയിരുന്നു ശ്രവണംചെയ്താൽ സർവ്വപ്രാപഞ്ചികശ്രേയസ്സുകളും അന്ത്യം ജനനമരണമോചനരൂപമായ വിദേഹമുക്തിയും യഥാകാമം കൈവരുമെന്നതിൽ പക്ഷാന്തരമില്ല എന്നതിനു ധുന്ധുകാരിപ്രേതം, ശ്രീപരീക്ഷിത്തു മുതലായവർ ഉത്തമസാക്ഷ്യം വഹിക്കുന്നു. സ്വഭാവദൗർബ്ബല്യത്താൽ ചില ദുരാചാരമേതെങ്കിലും ഇരുന്നാലും ആ ശ്രോതാവ് ഈ പുരാണകഥയിൽ ഏകാന്തശ്രദ്ധ പുലർത്തുന്നവനായിരുന്നാൽ മാത്രം മതി എന്നു സാരം.

ലോകത്തെ നിലനിർത്തുന്നതു് ശ്രദ്ധയൊന്നു മാത്രമാണ്. ഏതൊരു സാധാരണകാര്യങ്ങൾ വിജയിക്കണമെങ്കിൽത്തന്നെയും ശ്രദ്ധ കൂടിയേകഴിയൂ. അപ്പോൾ, ഇത്തരം സുപ്രധാനകർമ്മങ്ങളിൽ ശ്രദ്ധയ്ക്കുള്ള സ്ഥാനം എടുത്തുപറയേണ്ടതില്ലല്ലോ. അതിനൊരുദാഹരണം ഭാഗവതമാഹാത്മ്യത്തിൽ പ്രത്യേകം വിസ്തരിക്കുന്നുണ്ട്. അമ്മയെക്കൊന്ന മഹാദുഷ്ടനും കവർച്ചയും കൊള്ളയും കളവും സദാ തൊഴിലാക്കിയവനും വേശ്യകൾക്കു നിരന്തരം അടിമയുമായി നടന്ന മഹാപാപി ധുന്ധുകാരി എന്ന ബ്രാഹ്മണയുവാവ് ആ വേശ്യമാരാൽ ബഹുകഷ്ടതരമായി കൊല്ലപ്പെടുന്നു. അങ്ങനെ ഒരു മഹാപ്രേതമായിത്തീർന്ന അയാളെ ഉദ്ധരിക്കാൻ അയാളുടെ ഒരു സഹോദരൻ ഗോകർണ്ണൻ ഗയാദിശ്രാദ്ധങ്ങൾ കഴിച്ചിട്ടും സാധിക്കാതെ സൂര്യോപദേശമനുസരിച്ച് ഒരു സപ്താഹം നടത്തുന്നു. ഏഴുദിവസവും ഉപവസിച്ചുകൊണ്ടു പരിപൂർണ്ണശ്രദ്ധാലുവായി പാരായണം ശ്രവണംചെയ്തുകൊണ്ടിരുന്ന പ്രേതം ഏഴാംദിവസം വിഷ്ണുസാരൂപ്യം നേടി വിഷ്ണുപാർഷദന്മാർ കൊണ്ടുവന്ന സ്വർണ്ണവിമാനത്തിൽ വൈകുണ്ഠത്തിലേക്കു പുറപ്പെടുന്നു. പാരായണം കേട്ടിരുന്ന ആ സദസ്സിലെ മററാരെയും കൊണ്ടുപോകാതെ, അവരിൽ അങ്ങേയററം മഹാപാതകിയായ ധുന്ധുകാരിയെ മാത്രം കൊണ്ടുപോകുന്നതിൻെറ കാരണം വിഷ്ണുപാർഷദരോടു ഗോകർണ്ണൻ ആരായുന്നു. ആ പ്രേതത്തെപ്പോലെ ഉററശ്രദ്ധ മറെറാരുവർക്കും ഉണ്ടായിരുന്നില്ല എന്നതാണ് അതിനു ഹേതുവെന്ന് അവരിൽനിന്നു മനസ്സിലാക്കിയ ഗോകർണ്ണൻ ശ്രദ്ധയുടെ എതിരററ വില അങ്ങനെ ബോധിക്കുന്നു. അടുത്തുതന്നെ വീണ്ടും ഒരു സപ്താഹംകൂടി നടത്തിയതിൽവച്ച് മേൽപ്പറഞ്ഞ കുറവു നിശ്ശേഷം നികത്തി എല്ലാവരും ഒരുപോലെ വൈകുണ്ഠഗതി നേടി എന്നുമാണു കഥ. അതുകൊണ്ട്, ഏതിനും സർവ്വപ്രധാനം ശ്രദ്ധതന്നെ എന്നു സിദ്ധിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ശ്രദ്ധാമയോഽയം പുരുഷോ
യോ യച്ഛ്റദ്ധഃ സ ഏവ സഃ'' എന്നാണു ഗീതയും ശ്രദ്ധയെ വിലയിരുത്തുന്നതു. അതായതു് ഈ ലൗകികനായ മനുഷ്യൻ ശ്രദ്ധാമയനാണു്; അവൻെറ ശ്രദ്ധ ഏതുവിധമിരിക്കുമോ അവൻ ആ വിധംതന്നെയായി വരുന്നു എന്നർത്ഥം. മാത്രമല്ല,

''അശ്രദ്ധയാ ഹുതം ദത്തം—തപസ്തപ്തം കൃതം ച യത്
അസദിത്യുച്യതേ പാർത്ഥ-ന ച തത് പ്രേത്യ നോ ഇഹ'' എന്നു് അതിലെ 17-ാമധ്യായത്തിൽ അന്ത്യശ്ലോകം അശ്രദ്ധയുടെ ദൂഷ്യത്തെയും പ്രസ്താവിക്കുന്നു. ''അശ്രദ്ധയായി (കണ്ടമാനം) ചെയ്യുന്ന ഹോമവും ദാനവും തപസ്സും എല്ലാം അസത്തു് (സാരമില്ലാത്തതു്) എന്നു പറയപ്പെടുന്നു. അത്തരം കർമ്മം ചെയ്യുന്നവനു് ഈ ലോകവും ഇല്ല; പരലോകവുമില്ല.''—രണ്ടിടത്തും ഒരു സ്ഥാനവും സുഖവുമില്ല എന്നു സാരം. അങ്ങനെ ഏതു വേദശാസ്ത്രപുരാണാദികളും ശ്രദ്ധയുടെ മാഹാത്മ്യമാണു് ഉദ്ഘോഷിക്കുന്നതു്. മറെറന്തിലും ശ്രദ്ധയത്രേ പരമമായി, ഇത്തരം ആത്മവിഷയങ്ങളിൽ പ്രത്യേകിച്ചും, മുഖ്യമെന്നു സിദ്ധം. അതിനാൽ എല്ലാവരേയും ശ്രേയഃസിദ്ധ്യർത്ഥം ശ്രദ്ധാഭഗവതി കടാക്ഷിക്കുമാറാകട്ടെ.

അവതാരപൂജാപുഷ്പനിവേദ്യങ്ങൾ

ഓരോ അവതാരങ്ങൾ വായിക്കുമ്പോഴും അതാതിനു വേണ്ട പൂജകളും നിവേദ്യങ്ങളും സമർപ്പിക്കണം. ആ അവതാരങ്ങൾ ഭാഗവതത്തിൽ വരുന്ന മുറയ്ക്കു് സ്കന്ധം, അദ്ധ്യായം, ശ്ലോകം ഇവ അവയുടികെ ചേർത്തു അവയ്ക്കു നേരെ ഓരോന്നിൻെറയും പൂജാപുഷ്പങ്ങൾ, നിവേദ്യങ്ങൾ ഇവ കാണിച്ചിരിക്കുന്നു. കൂടാതെ പൂജ വേണ്ട ഗോവിന്ദപട്ടാഭിഷേകം, രുക്മിണീസ്വയംവരം, കുചേലോപാഖ്യാനം ഇവയ്ക്കു വേണ്ടതും കൊടുത്തിട്ടുണ്ടു്. അതാതു പദ്യം വായിക്കുമ്പോഴാണു് അവ സമർപ്പിക്കേണ്ടതു്. ചിലേടത്തു് പക്ഷഭേദങ്ങളും കാണിച്ചിരിക്കുന്നു. അവിടെ കർത്താവിൻെറ ഹിതംപോലെ ആകാം.

	അവതാരങ്ങൾ	പൂജാപുഷ്പങ്ങൾ	നിവേദ്യങ്ങൾ
1	വരാഹാവതാരം (സ്കന്ധം-3 അദ്ധ്യായം-13 ശ്ലോകം 18)	തുളസിയുടെ ഇളംകതിർ	ശർക്കരപ്പായസം
2	നരസിംഹാവതാരം (സ്ക. 7 അ. 8 ശ്ലോ. 18)	തെററിപ്പൂവു്	പഞ്ചസാരപ്പായസം (പാനകം)
3	കൂർമ്മാവതാരം (സ്ക. 8 അ. 7 ശ്ലോ. 8)	തെററിപ്പൂമൊട്ടു്	ത്രിമധുരം
4	വാമനാവതാരം (സ്ക. 8 അ. 18 ശ്ലോ. 1)	വാടാക്കുറുഞ്ഞിപ്പൂവു്	കദളിപ്പഴം (പാൽപ്പായസം)
5	മത്സ്യാവതാരം (സ്ക. 8 അ. 24 ശ്ലോ. 12)	മന്ദാരപ്പൂവു്	നെയ്പ്പായസം (കദളിപ്പഴം)
6	ശ്രീരാമാവതാരം (സ്ക. 9 അ. 10 ശ്ലോ. 2)	മുല്ലമൊട്ടു്	പാൽപ്പായസം (പഞ്ചസാരപ്പായസം)
7	പരശുരാമാവതാരം (സ്ക. 9 അ. 15 ശ്ലോ. 13)	രാമത്തുളസിയില	അവൽ കുഴച്ചതു്
8	ബലഭദ്രരാമാവതാരം (സ്ക. 10 അ. 2 ശ്ലോ. 15)	വെളുത്ത ശംഖുപുഷ്പം	ഇടിച്ചുപിഴിഞ്ഞ പായസം
9	ശ്രീകൃഷ്ണാവതാരം (സ്ക. 10 അ. 3 ശ്ലോ. 8)	കറുത്ത ശംഖുപുഷ്പം	പാലു്, വെണ്ണ
10	കല്ക്യവതാരം (സ്ക. 12 അ. 2 ശ്ലോ. 18)	നന്ത്യാർവട്ടപ്പൂവു്	തേൻ
	ഗോവിന്ദപട്ടാഭിഷേകം (സ്ക. 10 അ. 27 ശ്ലോ. 23)	തുളസിമാല	പാലഭിഷേകം
	രുക്മിണീസ്വയംവരം [സ്ക. 10 അ. 53(54) ശ്ലോ. 55(53)]	പുഷ്പമാല കുറിക്കൂട്ടു്	പായസം (മോദകാദിപലഹാരം)
	കുചേലോപാഖ്യാനം (സ്ക. 10 അ. 81 ശ്ലോ. 10)	പനിനീർ കുറിക്കൂട്ടു്	അവിൽ

3-24-6 കപിലാവതാരം
8-3-30 ഹര്യാവിർഭാവം—ഗജേന്ദ്രമോക്ഷം
8-8-31 പാലാഴിമഥനം—ധന്വന്തര്യാവിർഭാവം
10-32-2 രാസക്രീഡ—ഗോപീമധ്യം ഭഗവദാവിർഭാവം. ഈ ഭാഗങ്ങളിൽ നീരാജനം പതിവുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദമന്ത്രാർത്ഥപരബ്രഹ്മസ്വരൂപമായ ശ്രീമദ്ഭാഗവതത്തിലെ ഒരു വാക്കെങ്കിലും അർത്ഥമറിയാതെയായാലും ചെവിയിൽ കയറിയാൽ സദ്യോഗസത്ഫലപ്രദമെന്നു പറയപ്പെടുന്നുണ്ടു്. അപ്പോൾ അർത്ഥമറിഞ്ഞു് അതു പാരായണംചെയ്കയും കേൾക്കയും ചെയ്യുന്നതു് എത്ര ഫലവത്തമമെന്നു് ഊഹിക്കാവുന്നതേയുള്ളു. അർത്ഥവിചാരത്തിന്റെ ആവശ്യം ശ്രീമച്ഛങ്കരാചാര്യസ്വാമികൾ ''തേനാസ്യ ശ്രവണാത്തദർത്ഥമനനാദ്ധ്യാനാച്ച സംകീർത്തനാത്''—ഇതു ശ്രവിക്കുക, അർത്ഥം ചിന്തിക്കുക, ധ്യാനിക്കുക, കീർത്തിക്കുക എന്നിവയാൽ—ഫലപ്രാപ്തി കൈവരുന്നു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു വ്യക്തമാകുന്നു. ആ നിലയ്ക്കു നോക്കുമ്പോൾ മൂലശ്ലോകങ്ങൾ നമ്പരിട്ടു് ഇടതുവശത്തും അതേ നമ്പരിൽ തർജ്ജമ വലതുവശത്തും ചേർത്തു ചെയ്യുന്ന ഈ പ്രസിദ്ധീകരണം ജിജ്ഞാസുക്കളായ സജ്ജനങ്ങൾക്കു് ഒരനുഗ്രഹമാണെന്നുള്ളതിനു തർക്കമില്ല. പ്രായേണ അനുപദതർജ്ജമകൂടിയായ ഈ കിളിപ്പാട്ടിൽ അപൂർവ്വം വരുന്ന സംസ്കൃതപദങ്ങൾക്കും മുഖ്യവേദാന്തഘട്ടങ്ങൾക്കും ഒരു ടിപ്പണവും വിവരണവും ഉള്ളതു് അർത്ഥഗ്രഹണത്തിനുള്ള അനായാസത വർദ്ധിപ്പിക്കുന്നുമുണ്ടു്. അങ്ങനെ ആസ്തികലോകം ഈ മഹാഗ്രന്ഥം ഇഹപരശ്രേയസ്സുകൾക്കു പ്രയോജനപ്പെടുത്തി പ്രചുരമായി പ്രചരിച്ചുകാണുമാറാകട്ടെ! കരകാണാത്ത ഭാഗവതമഹിമ, പാരായണവിധി, വക്തൃശ്രോതൃവിവരണം ഇവ യഥാമതി ഇവിടെ കുത്തിക്കുറിച്ചിരിക്കുന്നതു ഭാഗവതപാരായണലോലരായ ഭക്തകോടികൾക്കു ചെറുതരത്തിലെങ്കിലും ഉപകാരകമാകുമെങ്കിൽ കൃതാർത്ഥതയ്ക്കു് അത്രയ്ക്കു വകയുണ്ടു്. അതിലേക്കു സർവ്വാന്തര്യാമിയായ ശ്രീകൃഷ്ണപരമാത്മാവു് പ്രസാദിക്കട്ടെ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയവിവരം

ഭാഗവതമാഹാത്മ്യം 81—139

ഭക്തിനാരദസംവാദം
നാരദസനകസംവാദം
സപ്താഹശ്രവണമാഹാത്മ്യം
ആത്മദേവോപാഖ്യാനം
സപ്താഹവിധി

പ്രഥമസ്കന്ധം 143—239

മംഗലാചരണം
ഗ്രന്ഥാരംഭവും വിരാട്പുരുഷോത്പത്തിയും
ഭഗവദവതാരവിവരണം
കഥാപ്രാരംഭം
വ്യാസവൈക്ലബ്യം
നാരദന്റെ പൂർവ്വജന്മവിവരണം
അശ്വത്ഥാമാവിന്റെ തേജോവധം
കുന്തീസ്തുതി
ഭീഷ്മസമാധി
കുരുയുദ്ധം കഴിഞ്ഞുള്ള ഭഗവാന്റെ ദ്വാരകാഗമനം
പരീക്ഷിത്തിന്റെ ജനനം
ധൃതരാഷ്ട്ര-ഗാന്ധാരീ നിഷ്ക്രമണം
ധർമ്മജനിർവ്വേദം
അർജ്ജുനവിഷാദം
പാണ്ഡവപ്രസ്ഥാനം
ധർമ്മദേവപരീക്ഷിത്സന്ദർശനം
ഭൂദേവീപരിതാപം
പരീക്ഷിത്തു് കലിയെ ശാസിക്കുന്നതു്
പരീക്ഷിത്തിനു വിപ്രശാപം
പരീക്ഷിത്തിന്റെ പ്രായോപവേശം

ദ്വിതീയസ്കന്ധം 240—291

വിരാഡ്രൂപവർണ്ണനം
മുക്തിവിവരണം
ദേവോപാസനാവിവേചനം
ശ്രീശുകന്റെ ഭഗവൽസ്തുതി
ബ്രഹ്മനാരദസംവാദം
ഭഗവത്പ്രാദുർഭാവം
സദ്യോമുക്തിമാർഗ്ഗോപദേശം

തൃതീയസ്കന്ധം 292—463

വിദുരതീർത്ഥാടനം
ശ്രീകൃഷ്ണലീലാനുസ്മരണം
വിദുരോദ്ധവസന്ദർശനം
സൃഷ്ടിവർണ്ണനം
വിരാഡ്രൂപാവിർഭാവം
വിദുരപ്രശ്നം
പിതാമഹോദ്ഭവം
ബ്രഹ്മാവിന്റെ ഭഗവൽസ്തുതി
സർഗ്ഗനിരൂപണം
കാലസ്വരൂപനിരൂപണം
അജസൃഷ്ടിക്രമം
വരാഹാവതാരം
ദിതിഗർഭാധാനം
ജയവിജയശാപകഥ
ഹിരണ്യസോദരജനനം
വരാഹാവതാരം
ഹിരണ്യാക്ഷവധം
മഹദാദിസർഗ്ഗനിരൂപണം
കർദ്ദമചരിതം
കർദ്ദമവിവാഹം
കർദ്ദമഗാർഹസ്ഥ്യം
കപിലാവതാരം
കപിലോപദേശം
ദേവഹൂതീമോക്ഷപ്രാപ്തി

ചതുർത്ഥസ്കന്ധം 464—637

മനുവംശപരമ്പര
ശിവ-ദക്ഷ വിദ്വേഷകാരണം
സതിയുടെ ദക്ഷയാഗദിദൃക്ഷ
സതിയുടെ ദേഹത്യാഗം
ദക്ഷയാഗവിഘ്നം
ബ്രഹ്മാദികളുടെ പ്രാർത്ഥന
യാഗപൂർത്തിയും ദേവാദികളുടെ സ്തുതിയും
മനുവംശം-ധ്രുവചരിതം
ഭഗവദ്ദർശനവും ധ്രുവസ്തുതിയും
ധ്രുവ-യക്ഷയുദ്ധം
മനുവിന്റെ ഉപദേശവും യുദ്ധവിരാമവും
ധ്രുവശരീരത്യാഗം
വേനന്റെ ജനനം
വേനചരിതം
പൃഥുചരിതം
സനകാദികളുടെ ഉപദേശം
പൃഥുവിന്റെയും പത്നിയുടെയും മോക്ഷപ്രാപ്തി
പ്രചേതസ്സുകളുടെ ചരിത്രം
പുരഞ്ജനചരിതം
ജീവേശതത്ത്വം
പ്രചേതസ്സുകളുടെ ഗതി

പഞ്ചമസ്കന്ധം 638—761

പ്രിയവ്രതചരിതം
അഗ്നീദ്ധ്രചരിതം
നാഭിചരിതവും ഋഷഭാവതാരവും
ഋഷഭചരിതം
ഋഷഭന്റെ ദേഹത്യാഗം
ഭരതോപാഖ്യാനം
ഭരതന്റെ മൃഗജന്മവും ദേഹത്യാഗവും
ഭരതന്റെ ബ്രാഹ്മണജന്മം
ഭരതൻ രഹൂഗണനു ചെയ്യുന്ന ജ്ഞാനോപദേശം
ഭരതന്റെ പൂർവ്വജന്മപ്രശംസ
സംസാരാരണ്യവർണ്ണനം
ഭരതവംശവർണ്ണനം
ഭൂഗോളവർണ്ണനം
ഗംഗാവിവരണം
ഭൂഖണ്ഡങ്ങളിലെ ഉപാസനാരീതി
ഭാരതവർണ്ണനം
പ്ലക്ഷദ്വീപത്തിന്റെയും ലോകാലോക
പർവ്വതത്തിന്റെയും വർണ്ണന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകാശഗോളവിവരണം
ചന്ദ്രാദിഗോളസ്ഥിതിവിവരണം
ശിശുമാരചക്രവൎണ്ണനം
അധോലോകവൎണ്ണനം
സങ്കൎഷണസ്തുതി
നരകവൎണ്ണനം

ഷഷ്ഠസ്കന്ധം 762—863

അജാമിളചരിതം
അജാമിളമോക്ഷം
സിദ്ധാന്തനിരൂപണം
ദക്ഷതപസ്സ്
നാരദനു ദക്ഷശാപം
ദക്ഷപരമ്പര
വിശ്വരൂപന്റെ സുരാചാര്യത്വം
നാരായണകവചനിരൂപണം
വൃത്രവധോപായകഥനം
വൃത്രയുദ്ധം
വൃത്രഭക്തി
വൃത്രവധം
ബ്രഹ്മഹത്യാമോചനം
ചിത്രകേതൂപാഖ്യാനം
മരുദ്ദേവോദ്ഭവം
പുംസവനവ്രതവൎണ്ണനം

സപ്തമസ്കന്ധം 864—953

ജയവിജയപൂൎവ്വജന്മനിരൂപണം
ദിതിസാന്ത്വനം
ഹിരണ്യതപസ്സ്
പ്രഹ്ലാദചരിതം
വൎണ്ണാശ്രമധൎമ്മനിരൂപണം
ധൎമ്മനിരൂപണം

അഷ്ടമസ്കന്ധം 954—1065

മനുവംശവിവരണം
ഗജേന്ദ്രമോക്ഷം
പാലാഴിമഥനം
സുരാസുരയുദ്ധം
മോഹിനീ-ശിവസമാഗമം
മന്വന്തരനിരൂപണം
കല്പവികല്പകാലാവധിവിവരണം
മഹാബലിയുടെ സ്വൎഗ്ഗവിജയം
പയോവ്രതനിരൂപണം
അദിതിസ്തുതി
വാമനാവതാരം
ബലിബന്ധനം
വരദാനനിരൂപണം
മത്സ്യാവതാരനിരൂപണം

നവമസ്കന്ധം 1066—1169

സുദ്യുമ്നചരിതം
സുകന്യോപാഖ്യാനം
കവിചരിതം
അംബരീഷചരിതം
അംബരീഷവംശവൎണ്ണനം
ഹരിശ്ചന്ദ്രോപാഖ്യാനം
സഗരചരിതം
ഗംഗാവതരണം
സൗദാസചരിതം
ഖട്വാംഗനിൎവ്വാണം
രാമായണം
ഉത്തരരാമായണം
ശ്രീരാമവംശവൎണ്ണനം
നിമിവംശചരിതം
സോമവംശവൎണ്ണനം
പരശുരാമചരിതം
ക്ഷത്രവൃദ്ധവംശപരമ്പര
ദേവയാനീചരിതം
ദേവയാനീനിൎവ്വാണപ്രാപ്തി
ശകുന്തളോപാഖ്യാനം
ഭരദ്വാജവംശാനുവൎണ്ണനം
സോമവംശപരമ്പര
യദുവംശവിസ്താരം
യദുവംശനിരൂപണം

ദശമസ്കന്ധം 1170—1641

ശ്രീകൃഷ്ണാവതാരകാരണനിരൂപണം
കംസമൎദ്ദനം—അജസ്തുതി
ഭഗവദവതാരം—ദേവകി-വസുദേവസ്തുതി
അശരീരിയും വധോദ്യമവും
അവതാരമഹോത്സവം-നന്ദന്റെ മഥുരയാത്ര
പൂതനാമോക്ഷം
ശകടതൃണാവൎത്തവധം-വിശ്വരൂപപ്രദൎശനം
നാമകരണം-ബാലലീലാനിരൂപണം
ഉലൂഖലബന്ധനം
നളകൂബരമോക്ഷം
വത്സവൃകവധം
അഘാസുരമോക്ഷം
വത്സസ്തേയം
ബ്രഹ്മസ്തുതി
വൃക്ഷമാഹാത്മ്യം-ധേനുകവധം
കാളിയമൎദ്ദനം
ദാവാഗ്നിപാനലീല
വൃന്ദാവനലീല-പ്രലംബവധം
ദാവാഗ്നിപാനം വീണ്ടും
ഋതുവൎണ്ണന
വേണുഗാനനിരൂപണം
ഗോപികളുടെ വസ്ത്രാപഹരണം
വിപ്രപത്ന്യനുഗ്രഹലീല
ഇന്ദ്രയജ്ഞഭംഗം
ഗോവൎദ്ധനോദ്ധാരണം
ഗോപന്മാരുടെ കൃഷ്ണാപദാനവൎണ്ണനം
ഇന്ദ്രസ്തുതി-ഗോവിന്ദാഭിഷേകം
നന്ദാപഹരണം
വേണുഗാനം-ഗോപീജനാഗമനം-ഭഗവദന്തൎദ്ധാനം
കൃഷ്ണാന്വേഷണം-കൃഷ്ണാനുകരണം
ഗോപികാഗീതം
ഭഗവദാവിർഭാവം-ഗോപികാനന്ദനം
രാസക്രീഡ
നന്ദമോക്ഷണം_ശംഖചൂഡവധം
ഗോപികളുടെ യുഗളഗീതം
അരിഷ്ടാസുരവധം-മല്ലയുദ്ധസന്നാഹം
കേശിവധം-നാരദസ്തുതി-വ്യോമാസുരവധം
അക്രൂരഗോകുലയാത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവാന്റെ മധുരയാത്ര–അക്രൂരന്റെ വൈകുണ്ഠദർശനം–ഗോപീവിരഹം
അക്രൂരസ്തുതി
മധുരാപ്രവേശം–രജകവധാദിലീലകൾ
ത്രിവക്രയെ സുന്ദരിയാക്കുന്നതും മററും
കുവലയാപീഡവധം-മല്ലരംഗം
കംസവധം
മാതൃപിതൃസാന്ത്വനം
ഉദ്ധവന്റെ ഗോകുലയാത്ര
ഭ്രമരഗീതം–ഉദ്ധവപ്രത്യാഗമനം
കബ്ജാനന്ദനം–അക്രൂരഗൃഹാഗമനം
അക്രൂരന്റെ ഹസ്തിനയാത്ര
ദ്വാരകാനിർമ്മാണം
കാലയവനവധം
രുക്മിണിയുടെ ബ്രാഹ്മണദൗത്യം
രുക്മിണീഹരണം
രുക്മിണീവിവാഹോത്സവം
പ്രദ്യുമ്നജനനം
ജാംബവതീഹരണം
ശതധന്വവധവും അപവാദവിമോചനവും
കാളിന്ദീവിവാഹം
നരകാസുരവധം
രുക്മിണീപ്രണയകലഹം
അനിരുദ്ധവിവാഹം—രുക്മിവധം
ബാണയുദ്ധം
ശിവജ്വരസ്തുതി
നൃഗമോക്ഷം
കാളിന്ദീഭേദനം
പൗണ്ഡ്രകവധം
ദ്വിവിദവധം
ബലഭദ്രക്രോധം
നാരദപരീക്ഷ
ദിനചര്യാവർണ്ണനം
ഇന്ദ്രപ്രസ്ഥയാത്ര
ഭീമജരാസന്ധയുദ്ധം
നൃപവൃന്ദമോചനം
ശിശുപാലവധം
ദുര്യോധന സ്ഥലജലഭ്രാന്തി
സാല്വയുദ്ധം
സാല്വവധം
ദന്തവക്ത്രവധം
ബലന്റെ തീർത്ഥയാത്ര–ബല്വലവധം
കുചേലവൃത്തം
നന്ദാദികളെ ആനന്ദിപ്പിച്ചത്
ഭഗവത്പത്നിമാരുടെ വിവാഹവൃത്താന്തവർണ്ണനം
ഋഷിഭഗവത്സ്തുതി–വസുദേവയാഗം
മൃതപുത്രദർശനം
സുഭദ്രാഹരണം
ശ്രുതിഗീത
ഹരിഭക്തിപ്രാധാന്യം
ത്രിമൂർത്തികളിൽ ഭൃഗുമുനിയുടെ മാഹാത്മ്യപരീക്ഷ
യദുവംശവിവരണം

ഏകാദശസ്കന്ധം 1642—1799
നാരദ-വസുദേവ, നിമി-നവയോഗിസംവാദം
മായാതരണമാർഗ്ഗം
ദശാവതാരവിവരണം
ഭക്തിഹീനന്മാരുടെ ഗതി, പൂജാനിരൂപണം
അജാദിപ്രാർത്ഥന, ഉദ്ധവാഭ്യർത്ഥന
ഉദ്ധവനോടുള്ള ഉപദേശം
അവധൂതന്റെ ഒൻപതു ഗുരുക്കന്മാർ
യദുവിന്റെ ചിത്തശാന്തി
സംസാരനിരൂപണം
ഉദ്ധവന്റെ ചോദ്യത്തിനു ഭഗവാന്റെ മറുപടി
സാധുസംസർഗ്ഗമാഹാത്മ്യം
സനകാദികളുടെ ചോദ്യവും ബ്രഹ്മാവിന്റെ ഉത്തരവും
ഭക്തിയോഗവിവരണം
യോഗസിദ്ധിനിരൂപണം
ഭഗവദ്വിഭൂതിവർണ്ണനം
വർണ്ണാശ്രമധർമ്മനിരൂപണം
സാധനത്യാഗം
അധികാരിഭേദം
ജ്ഞാനാനധികാരിനിരൂപണം
തത്ത്വസംഖ്യാനിരൂപണം
ഭിക്ഷുചരിതനിരൂപണം
ഭിക്ഷുഗീത
മനോമോഹനിരൂപണം
ഗുണവൃത്തിനിരൂപണം
പുരൂരവസ്സിന്റെ ചരിത്രം
പൂജാക്രമനിരൂപണം
ജ്ഞാനയോഗനിരൂപണം
ഭക്തിയോഗനിരൂപണം
യദുകുലവിനാശനിരൂപണം
ഭഗവത്സ്വർഗ്ഗാരോഹണം

ദ്വാദശസ്കന്ധം 1800—1861
കലികാലനൃപപരമ്പര
കലികാലവർണ്ണനം
കല്ക്യവതാരം
ചതുര്യുഗവർണ്ണനം
കല്പലയസ്വരൂപവിവരണം
പരീക്ഷിത്സാന്ത്വനം
പരീക്ഷിന്മൃതി
സർപ്പസത്രം–വേദോപവിഭജനകഥ
പുരാണലക്ഷണം
മാർക്കണ്ഡേയചരിത്രം
വിഷ്ണുവിഭൂതികഥനം
സൂര്യവിഭൂതിവർണ്ണനം
സനാതനധർമ്മവിവരണം
പുരാണശ്ലോകസംഖ്യാവിവരണം

ഭാഗവതം പ്രഥമപദ്യത്തിന്റെ സംക്ഷിപ്തവിവരണവും, സൂചിപ്പിച്ചിരിക്കുന്ന കഥകളുടെ വിവരണവും മന്ത്രങ്ങളുടെ അർത്ഥവും ദുർഗ്രാഹ്യമായ വാക്യങ്ങൾക്ക് ടിപ്പണവും അവസാനം ചേർത്തിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസാധകക്കുറിപ്പ്

ശ്രീമദ് ഭാഗവതം കേരളഭാഷാഗാനത്തിന്റെ ആറാം പതിപ്പാണിതു്. പണ്ഡിതനും പാമരനും ഒരുപോലെ ബഹുമാനിച്ചാദരിക്കുന്ന ഈ വിശിഷ്ട ഗ്രന്ഥം ഒട്ടേറെ വായനക്കാരുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ചു് ഞങ്ങൾ വീണ്ടും പ്രകാശിപ്പിക്കുകയാണു്.

ശ്രീമദ് വിദ്യാനന്ദതീർത്ഥപാദസ്വാമികളുടെയും ഭാഗവതത്തിൽ സദാ നിഷ്ണാതനായ വിദ്വദ് വയോധികൻ ശ്രീ പരമാനന്ദതീർത്ഥപാദസ്വാമികളുടെയും വിലപ്പെട്ട സേവനം ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ ലഭിച്ചിരുന്നു. മൂന്നു നാലു സംസ്കൃതഭാഗവതങ്ങൾ നിഷ്കർഷയോടെ അവർ വായിച്ചു പരിശോധിച്ചു് ആവുന്നത്ര ശുദ്ധമൂലപാഠംതന്നെ ഇവിടെ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പ്രഥമസ്കന്ധം പ്രഥമാദ്ധ്യായത്തിലെ ആദ്യത്തെ മൂന്നു ശ്ലോകങ്ങളുടെ വിവർത്തനപാഠഭേദവും മററു ചില വ്യത്യസ്ത പാഠങ്ങളും വളരെ നിഷ്കൃഷ്ടമായ പരിശോധനയിൽ കണ്ടുകിട്ടി ചേർത്തിട്ടുള്ളതാണു്.

ശ്രമാവഹമായ ഈ കർത്തവ്യം ഒരു തപസ്യപോലെ ഏറെറടുത്തു് ഭംഗിയായി നിർവ്വഹിച്ച ശ്രീ പന്നിശ്ശേരിൽ ശ്രീനിവാസക്കുറുപ്പിനോടും ഇതു പരിശോധിച്ചു കുറവുകൾ പരിഹരിക്കുവാൻ സഹായിച്ച ശ്രീ ആർ. കൃഷ്ണൻതമ്പി (പൈങ്കുളം, കന്യാകുമാരി ജില്ല)യോടും സംഘത്തിനുള്ള നന്ദി വാഗതീതമാണു്.

നിരവധികാലമായി വിപണിയിൽ ലഭ്യമല്ലാതിരുന്ന ഈ ഗ്രന്ഥം കൂടുതൽ വായനക്കാരുടെ കൈകളിൽ എത്തിക്കുന്നതിനു് ഞങ്ങൾ പ്രീ-പബ്ലിക്കേഷൻ സൗജന്യം ഏർപ്പെടുത്തിയിരുന്നു. അഭൂതപൂർവ്വമായ സ്വീകരണമാണു് വായനക്കാരിൽനിന്നു ലഭിച്ചതെന്ന വിവരം സഹർഷം അറിയിക്കട്ടെ. പ്രീ-പബ്ലിക്കേഷൻ പദ്ധതിയോടു സർവ്വാത്മനാ സഹകരിക്കുകയും അതുവഴി സംഘത്തിന്റെ സാംസ്കാരികപ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നല്കുകയും ചെയ്ത പ്രബുദ്ധരായ വായനക്കാരുടെ മുന്നിൽ ഈ ഗ്രന്ഥം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ഏപ്രിൽ 14, 1990

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

കേരളഭാഷാഗാനം

(സംസ്കൃതമൂലത്തോടുകൂടിയതു്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓം നമോ ഭഗവതേ വാസുദേവായ

ശ്രീമദ്ഭാഗവതമാഹാത്മ്യം

മൂലം

കൃഷ്ണം നാരായണം വന്ദേ കൃഷ്ണം വന്ദേ വ്രജപ്രിയം
കൃഷ്ണം ദ്വൈപായനം വന്ദേ കൃഷ്ണം വന്ദേ പൃഥാസുതം

അഥ പ്രഥമോഽധ്യായഃ

സച്ചിദാനന്ദരൂപായ വിശ്വോത്പത്ത്യാദിഹേതവേ
താപത്രയവിനാശായ ശ്രീകൃഷ്ണായ വയം നമഃ 1

യം പ്രവ്രജന്തമനപേതമപേതകൃത്യം
ദ്വൈപായനോ വിരഹകാതര ആജുഹാവ
പുത്രേതി തന്മയതയാ തരവോഽഭിനേദു-
സ്തം സർവ്വഭൂതഹൃദയം മുനിമാനതോഽസ്മി. 2

നൈമിഷേ സൂതമാസീനമഭിവാദ്യ മഹാമതിം
കഥാമൃതരസാസ്വാദകുശലഃ ശൗനകോഽബ്രവീത് 3

ശൗനക ഉവാച

അജ്ഞാനധ്വാന്തവിധ്വംസകോടിസൂര്യസമപ്രഭ!
സൂതാഖ്യാഹി കഥാസാരം മമ കർണ്ണരസായനം. 4

ഭക്തിജ്ഞാനവിരാഗാപ്തോ വിവേകോ വർദ്ധതേ മഹാൻ
മായാമോഹനിരാസശ്ച വൈഷ്ണവൈഃ ക്രിയതേ കഥം? 5

ഇഹ ഘോരേ കലൗ *പ്രാപ്തേ ജീവശ്ചാസുരതാം ഗതഃ
ക്ലേശാക്രാന്തസ്യ തസ്യൈവ ശോധനേ കിം പരായണം? 6

ശ്രേയസാം യദ്ഭവേച്ഛ്രേയഃ പാവനാനാം ച പാവനം
കൃഷ്ണപ്രാപ്തികരം ശശ്വത്സാധനം തദ്വദാധുനാ. 7

ചിന്താമണിർല്ലോകസുഖം സുരേന്ദ്രഃ സ്വർഗ്ഗസമ്പദം
പ്രയച്ഛതി ഗുരുഃ പ്രീതോ വൈകുണ്ഠം യോഗിദുർല്ലഭം. 8

---

* പ്രായോ—ഇതിപാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓം തത് സത്

ശ്രീമദ്ഭാഗവതമാഹാത്മ്യം

ഭാഷാഗാനം

ശ്രീ 'പരമാനന്ദനാഥ'നായദ്വൈത–ദീപമായ് മോക്ഷേച്ഛുവൃന്ദമന്ദാരമായ്
കാരുണ്യവാരിധിയായ് വിബുധേശനാം–നാരായണൻ മമ മന്ദത മാററണം.

അദ്ധ്യായം 1

(കാകളി)

നാരദസനകസംവാദം
ഭക്തിനാരദസമാഗമകഥനം

സച്ചിദാനന്ദസ്വരൂപനായ് മിന്നിടും
വിശ്വസൃഷ്ട്യാദ്യനിദാനഭൂതാ! ഹരേ!
ആദ്ധ്യാത്മികാദിതാപത്രയത്തെത്തീർത്തു–
കാത്തിടും ശ്രീകൃഷ്ണമൂർത്തേ! നമോസ്തുതേ. 1

സന്ന്യസിച്ചിട്ടനപേതനായ്ക്കൃത്യാംശ–
മെന്യേ പിരിഞ്ഞുപോമേതൊരു ദിവ്യനെ
മുന്നം വിരഹാർത്തനായ് വ്യാസമാമുനി
നന്ദനാ! എന്നൊന്നു നീട്ടിവിളിക്കവേ
വൃക്ഷങ്ങൾ തന്മയമായ് വിളി കേട്ടുവോ
വിശ്വഹൃത്താമമ്മുനിയേ നമിപ്പു ഞാൻ. 2

നൈമിശാരണ്യാശ്രമത്തിലിരുന്നിടും
ധീമത്പ്രമുഖനാം സൂതനെ വന്ദിച്ചു
ചോദിച്ചിതു സച്ചരിതാമൃതരസാ–
സ്വാദനദക്ഷനാം ശൗനകനീവിധം. 3

ശൗനകൻ പറഞ്ഞു

ക്ലിഷ്ടമജ്ഞാനാന്ധകാരമകററിടും
കോടിമാർത്താണ്ഡസമപ്രഭാമണ്ഡലാ!
കർണ്ണരസായനമായിബ്ഭവിക്കുന്ന
പുണ്യകഥാസാരമെന്നോടു ചൊല്ലുക. 4

ഭക്തിയും ജ്ഞാനവും വൈരാഗ്യവുംമൂല–
മെത്തും വിവേകം വളരുന്നതെങ്ങിനെ?
എങ്ങിനെ പോക്കുന്നു വൈഷ്ണവർ മായയാൽ
സംഗതമാകും വിവേകമില്ലായ്മയെ. 5

ഘോരം കലിയുഗം വന്നു ബാധിക്കയാൽ
പാരിലസുരത്വമാർന്നിതു ജീവികൾ
മാലിൽ മുഴുകുന്ന ജീവനു മോചന–
മേലുവാനുത്തമോപായമെന്തുള്ളതും? 6

ശ്രേയസ്കരങ്ങളിലേതാണതിശ്രേഷ്ഠ–
മായ,തേതൊന്നതി പാവനപാവനം,
ശ്രീകൃഷ്ണദേവാപ്തിസാധനമേതിവ–
യാകെയിടവിടാതെന്നോടു ചൊല്ലുക. 7

ചിന്താമണി, ലോകസൗഖ്യവുമാവിധ–
മിന്ദ്രൻ, സമസ്തമാം സ്വർഗ്ഗവിഭൂതിയും
ഏകുന്നു, സന്തുഷ്ടനാകുമാചാര്യനോ,
യോഗിദുരാപവൈകുണ്ഠപദത്തെയും: 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത ഉവാച

പ്രീതിഃ ശൗനക, ചിത്തേ തേ ഹ്യതോ വച്മി വിചാര്യ ച
സർവ്വസിദ്ധാന്തനിഷ്പന്നം സംസാരഭയനാശനം. 9

ഭക്ത്യോഘവർദ്ധനം യച്ച കൃഷ്ണസന്തോഷഹേതുകം
തദഹം തേഽഭിധാസ്യാമി സാവധാനതയാ ശൃണു. 10

കാലവ്യാളമുഖഗ്രാസത്രാസനിർണ്ണാശഹേതവേ
ശ്രീമദ്ഭാഗവതം ശാസ്ത്രം കലൗ കീരേണ ഭാഷിതം. 11

ഏതസ്മാദപരം കിഞ്ചിന്മനഃശുദ്ധ്യൈ ന വിദ്യതേ
ജന്മാന്തരേ ഭവേത് പുണ്യം തദാ ഭാഗവതം ലഭേത്. 12

പരീക്ഷിതേ കഥാം വക്തും സഭായാം സംസ്ഥിതേ ശുകേ
സുധാകുംഭം ഗൃഹീത്വൈവ ദേവാസ്തത്ര സമാഗമൻ. 13

ശുകം നത്വാ വദൻ സർവ്വേ സ്വകാര്യകുശലാഃ സുരാഃ
''കഥാസുധാം പ്രയച്ഛസ്വ ഗൃഹീത്വൈവ സുധാമിമാം. 14

ഏവം വിനിമയേ ജാതേ സുധാ രാജ്ഞാ പ്രപീയതാം
പ്രപാസ്യാമോ വയം സർവ്വേ ശ്രീമദ്ഭാഗവതാമൃതം.'' 15

ക്വ സുധാ! ക്വ കഥാ! ലോകേ ക്വ കാചഃ ക്വ മണിർമ്മഹാൻ
ബ്രഹ്മരാതോ വിചാര്യൈവം തദാ ദേവാഞ്ജഹാസ ഹ. 16

അഭക്താംസ്താംശ്ച വിജ്ഞായ ന ദദൗ സ കഥാമൃതം
ശ്രീമദ്ഭാഗവതീ വാർത്താ സുരാണാമപി ദുർല്ലഭാ. 17

രാജ്ഞോ മോക്ഷം തഥാ വീക്ഷ്യ പുരാ ധാതാപി വിസ്മിതഃ
സത്യലോകേ തുലാം ബദ്ധ്വാഽതോലയത്സാധനാന്യജഃ. 18

ലഘൂന്യന്യാനി ജാതാനി ഗൗരവേണ ഇദം മഹത്
തദാ ഋഷിഗണാഃ സർവ്വേ വിസ്മയം പരമം യയുഃ. 19

മേനിരേ ഭഗവദ്രൂപം ശാസ്ത്രം ഭാഗവതം കലൗ
പഠനാച്ഛ്റവണാത്സദ്യോ വൈകുണ്ഠഫലദായകം. 20

സപ്താഹേന ശ്രുതം ചൈതത് സർവ്വഥാ മുക്തിദായകം
സനകാദ്യൈഃ പുരാ പ്രോക്തം നാരദായ ദയാപരൈഃ. 21

യദ്യപി ബ്രഹ്മസംബന്ധാച്ഛ്റുതമേതത് സുരർഷിണാ
സപ്താഹശ്രവണവിധിഃ കുമാരൈസ്തസ്യ ഭാഷിതഃ. 22

ശൗനക ഉവാച

ലോകവിഗ്രഹ[1]യുക്തസ്യ നാരദസ്യാസ്ഥിരസ്യ ച
വിധിശ്രവേ കുതഃ പ്രീതിഃ സംയോഗഃ കുത്ര തൈഃ സഹ. 23

സൂത ഉവാച

അത്ര തേ കീർത്തയിഷ്യാമി[2] ഭക്തിപുഷ്ടം കഥാനകം
ശുകേന മമ യത്പ്രോക്തം രഹഃ ശിഷ്യം വിചാര്യ ച. 24

ഏകദാ ഹി വിശാലായാം ചത്വാര ഋഷയോഽമലാഃ
സത്സങ്ഗാർത്ഥം സമായാതാ ദദൃശുസ്തത്ര നാരദം. 25

കുമാരാ ഊചുഃ

കഥം ബ്രഹ്മന്ദീനമുഖഃ കുതശ്ചിന്താപരോ ഭവാൻ?
ത്വരിതം ഗമ്യതേ കുത്ര കുതശ്ചാഗമനം തവ? 26

ഇദാനീം ശൂന്യചിത്തോഽസി ഗതവിത്തോ യഥാ ജനഃ
തവേദം മുക്തസങ്ഗസ്യ നോചിതം, വദ കാരണം. 27

---

1 മുക്തസ്യ–ഇതി പാഠഃ 2 ഭക്തിയുക്തം–ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂതൻ പറഞ്ഞു

സത്ക്കഥ കേൾക്കുവാനങ്ങേയ്ക്കുകതാരി-
ലുത്കണ്ഠയുണ്ടെന്നു കാൺകനിമിത്തമായ്
നല്ലപോൽ ചിന്തിച്ചു ചൊല്ലാം ഭവഭീതി-
യില്ലാതെയാക്കുന്ന സിദ്ധാന്തപദ്ധതി. 9

ഭക്തിസംവർദ്ധകമായിബ്ഭഗവാനു
ചിത്തസന്തോഷം നിതാന്തം വളർത്തിടും
തത്വം ഭവാനോടരുളുന്നു ഞാൻ പരം
ശ്രദ്ധയോടും കേട്ടുകൊള്ളുക മാമുനേ! 10

ഇക്കലികാലത്തു കാലസർപ്പഗ്രാസ-
മുഖ്യഭയത്തെയശേഷം തുരത്തുവാൻ
ശ്രീമഹാഭാഗവതം പുരാണം ശുക-
മാമുനിശ്രേഷ്ഠനരുൾചെയ്തിരിക്കുന്നു. 11

ചിത്തശുദ്ധിക്കിതിനേക്കാൾ വരിഷ്ഠമായ്
സിദ്ധിക്കുവാനില്ല മറ്റൊന്നുമെങ്ങുമേ
ജന്മാന്തരപുണ്യമൊന്നിനാലെന്നിയേ-
യിമ്മഹാഭാഗവതം ലഭിക്കാ ദൃഢം. 12

മന്നൻ പരീക്ഷിത്തിനോടിതു ചൊല്ലുവാൻ
മുന്നം സഭയിൽ ശുകനിരുന്നീടവേ
പീയൂഷകുംഭമെടുത്തുകൊണ്ടുസ്ഥല-
ത്തായാതരായാരമർത്ത്യരശേഷവും. 13

സ്വാർത്ഥകുശലരാം വിണ്ണവരമ്മുനി-
ശ്രേഷ്ഠനെ വന്ദിച്ചറിയിച്ചു സാദരം:
''ഇന്നിസ്സുധാകുംഭമേററു പകരമായ്-
ത്തന്നാലുമങ്ങു ഞങ്ങൾക്കക്കഥാമൃതം. 14

ഏററം ഗുണകരം രണ്ടുകൂട്ടർക്കുമീ-
മാററം; പരീക്ഷിത്തമൃതം ഭുജിച്ചുടൻ
മൃത്യുവൊഴിക്കട്ടെ, ഭാഗവതാമൃത-
മൊത്താസ്വദിക്കട്ടെ ഞങ്ങൾ നിരന്തരം.'' 15

സല്ക്കഥ പാർക്കിൽ സുധയെത്ര മോശമെ-
ങ്ങുതത്കൃഷ്ടരത്നം ശിലാഖണ്ഡമെങ്ങുവാൻ?
എന്നിങ്ങനെ വിചാരിച്ചുശ്ശുകമുനി
വിണ്ണവരെ ഹസിച്ചീടിനാനക്ഷണം. 16

ഭക്തരല്ലക്കൂട്ടരെന്നു കണ്ടുമ്മുനി-
മുഖ്യൻ കൊടുത്തില്ലവർക്കക്കഥാസുധ.
നല്ല ഭഗവത്ചരിതങ്ങൾ കേൾക്കുവാ-
നില്ല ദേവന്മാർക്കുമർഹത പാർക്കുകിൽ. 17

അപ്പരീക്ഷിത്തുതന്മോക്ഷമീക്ഷിക്കയാ-
ലല്ലേതരാദ്ഭുതമാന്നു പിതാമഹൻ
സത്യലോകത്തുവച്ചെല്ലാ പദാർത്ഥവും
തൃത്യമായ്ത്തൂക്കിയറിഞ്ഞു പണ്ടേകദാ. 18

ഭാഗവതമൊരുതട്ടിലുമന്യമാ-
മാഗമശാസ്ത്രാദികൾ മറുതട്ടിലും
വച്ചുനോക്കിദ്ധരിച്ചാനിപ്പുരാണമാം
മെച്ചമെന്നുള്ളതലം ഗുരുത്വത്തിനാൽ
അന്നിതുകണ്ടുനിന്നോരൃഷിപുങ്ഗവ-
വൃന്ദവുമേവരുമദ്ഭുതാധീനരായ്. 19

ഇപ്പ്രബന്ധം ശ്രീഹരിതൻ സ്വരൂപമെ-
ന്നൊപ്പമവരന്നു ചിന്തിച്ചുറച്ചിതു.
ശാസ്ത്രമിതെന്നും പഠിക്കയും കേൾക്കയും
മാത്രമേ വേണ്ടു വൈകുണ്ഠം ലഭിക്കുവാൻ. 20

സപ്തദിനമിതു കേട്ടാൽ മതി പര-
ചിത്പദം പ്രാപിപ്പതിന്നെന്നു വാസ്തവം
ആർദ്രമതികളാമസ്സനകാദികൾ
കീർത്തിച്ചു നാരദനോടൊരിക്കൽപ്പുരാ. 21

അച്ഛനാകും പരമേഷ്ഠിയിൽനിന്നുമി-
സ്സച്ചരിതം മുമ്പു കേട്ടതാണെങ്കിലും
സപ്താഹപാരായണം കേൾപ്പതിൻ വിധി-
യപ്പോഴത്രേയമ്മുനീന്ദ്രൻ ഗ്രഹിച്ചതും. 22

ശൗനകൻ പറഞ്ഞു

അസ്ഥിരനും കലഹപ്രിയഹൃത്തുമായ്
വർത്തിക്കുമമ്മുനി സപ്തപാരായണം
ഇഷ്ടപ്പെട്ടമോ? സനകാദ്യരമ്മുനി-
ശ്രേഷ്ഠനോടായിതെവിടെവച്ചോതിയോ? 23

സൂതൻ പറഞ്ഞു

എന്നെയൊരേകാന്തശിഷ്യനാണെന്നുതാ-
നന്നിശ്ശുകനുപദേശിച്ചപോലെതാൻ
ഭക്തിസംവർദ്ധകമിക്കഥാതല്ലജം
കേൾക്കുക നേരേ,യരുൾചെയ്തിടുന്നു ഞാൻ. 24

നാലു മഹർഷിമാർ സാധുസമാഗമ-
ലോലരായ് പണ്ടു വിശാലാപുരാന്തികം
എത്തിയങ്ങിങ്ങു ചരിക്കവേ, മുന്നിലായ്
പ്രത്യക്ഷനായിതു നാരദമാമുനി. 25

കുമാരന്മാർ പറഞ്ഞു

ബ്രഹ്മജ്ഞ! നിന്മുഖം വാടിയിരിപ്പതെ-
ന്തുണ്മലരാർന്ന മാലെന്തതിൻബന്ധവും?
എങ്ങോട്ടു പോകയാണിപ്പോളതിദ്രുത-
മെങ്ങുനിന്നാണു വരുന്നതും? ചൊല്ലുക. 26

സമ്പത്തൊടുങ്ങിയ മർത്ത്യനെപ്പോൽ ഭവാ-
നമ്പരന്നീടുന്നു ശൂന്യമനസ്കനായ്
സങ്ഗവിഹീനൻ ഭവാനിതനുചിതം,
സങ്ഗതി ഞങ്ങളോടെല്ലാമുരയ്ക്കുക. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാരദ ഉവാച

അഹം തു പൃഥിവീം യാതോ ജ്ഞാത്വാ സർവ്വോത്തമാമിതി
പുഷ്കരം ച പ്രയാഗം ച കാശീം ഗോദാവരീം തഥാ. 28
ഹരിക്ഷേത്രം കുരുക്ഷേത്രം ശ്രീരങ്ഗം സേതുബന്ധനം
ഏവമാദിഷു തീർത്ഥേഷു ഭ്രമമാണ ഇതസ്തതഃ. 29
നാപശ്യം കുത്രചിച്ഛർമ്മ മനസ്സന്തോഷകാരകം
കലിനാധർമ്മമിത്രേണ ധരേയം ബാധിതാധുനാ. 30
സത്യം നാസ്തി തപഃശൗചം ദയാ ദാനം ന വിദ്യതേ
ഉദരംഭരിണോ ജീവാ വരാകാഃ കൂടഭാഷിണഃ 31
മന്ദാഃ സുമന്ദമതയോ മന്ദഭാഗ്യാ ഹ്യുപദ്രുതാഃ
പാഖണ്ഡനിരതാഃ സന്തോ വിരക്താഃ സപരിഗ്രഹാഃ. 32
തരുണീപ്രഭുതാ ഗേഹേ ശ്യാലകോ ബുദ്ധിദായകഃ
കന്യാവിക്രയിണോ ലോഭാദ്ദമ്പതീനാം ച കല്കനം. 33
ആശ്രമാ യവനൈ രുദ്ധാസ്തീർത്ഥാനി സരിതസ്തഥാ
ദേവതായതനാന്യത്ര ദുഷ്ടൈർന്നഷ്ടാനി ഭൂരിശഃ. 34
ന യോഗീ നൈവ സിദ്ധോ വാ ന ജ്ഞാനീ സത്ക്രിയോ നരഃ
കലിദാവാനലേനാദ്യ സാധനം ഭസ്മതാം ഗതം. 35
[1]അട്ടശൂലാ ജനപദാഃ ശിവശൂലാ ദ്വിജാതയഃ
കാമിന്യഃ കേശശൂലിന്യഃ സംഭവന്തി കലാവിഹ. 36
ഏവം പശ്യൻ കലേർദ്ദോഷാൻ പര്യടന്നവനീമഹം
യാമുനം തടമാപന്നോ യത്ര ലീലാ ഹരേരഭൂത്. 37
തത്രാശ്ചര്യം മയാ ദൃഷ്ടം ശ്രൂയതാം തന്മുനീശ്വരാ,
ഏകാ തു തരുണീ തത്ര നിഷണ്ണാ ഖിന്നമാനസാ. 38
വൃദ്ധൗ ദ്വൗ പതിതൗ പാർശ്വേ നിശ്ശ്വസന്താവചേതനൗ
ശുശ്രൂഷന്തീ പ്രബോധന്തീ രുദന്തീ ച തയോഃ പുരഃ. 39
ദശദിക്ഷു നിരീക്ഷന്തീ രക്ഷിതാരം നിജം വപുഃ
വീജ്യമാനാ ശതസ്ത്രീഭിർബ്ബോധ്യമാനാ മുഹുർമുഹുഃ. 40
ദൃഷ്ട്വാ ദൂരാദ്ഗതഃ സോഽഹം കൗതുകേന തദന്തികം
മാം ദൃഷ്ട്വാ ചോത്ഥിതാ ബാലാ വിഹ്വലാ ചാബ്രവീദ്വചഃ. 41

ബാലോവാച

ഭോ ഭോഃ സാധോ, ക്ഷണം തിഷ്ഠ മച്ചിന്താമപി നാശയ
ദർശനം തവ ലോകസ്യ സർവ്വധാഘഹരം പരം. 42
ബഹുധാ തവ വാക്യേന ദുഃഖശാന്തിർഭവിഷ്യതി
യദാ ഭാഗ്യം ഭവേദ്ഭൂരി ഭവതോ ദർശനം തദാ. 43

നാരദ ഉവാച

കാസി ത്വം? കാവിമൗ? ചേമാ നാര്യഃ കാഃ പദ്മലോചനാഃ?
വദ ദേവി സവിസ്താരം സ്വസ്യ ദുഃഖസ്യ കാരണം. 44

ബാലോവാച

അഹം ഭക്തിരിതി ഖ്യാതാ ഇമൗ മേ തനയൗ മതൗ
ജ്ഞാനവൈരാഗ്യനാമാനൗ കാലയോഗേന ജർജ്ജരൗ. 45
ഗംഗാദ്യാഃ സരിതശ്ചേമാ മത്സേവാർത്ഥം സമാഗതാഃ
തഥാപി ന ച മേ ശ്രേയഃ സേവിതായാഃ സുരൈരപി. 46
ഇദാനീം ശൃണു മദ്വാർത്താം [2]സചിന്തസ്ത്വം തപോധന!
വാർത്താ മേ വിതതാപ്യസ്തി താം ശ്രുത്വാ സുഖമാവഹ. 47

---

1 അട്ടമന്നം ശിവോ വേദഃ ശൂലോ വിക്രയ ഉച്യതേ
കേശോ ഭഗമിതിപ്രോക്തമൃഷിഭിസ്തത്ത്വദർശിഭിഃ.

2 സചിത്തസ്ത്വം—ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാരദൻ പറഞ്ഞു

അന്യലോകങ്ങളിൽ ശ്രേഷ്ഠമിബ്ഭൂലോക-
മെന്നുവിചാരിച്ചിറങ്ങിനേൻ ഭൂമിയിൽ.
ഗോദാവരി, കാശി, പുഷ്കരം, ശ്രീരംഗ-
സേതു പ്രയാഗകളും, ഹരിക്ഷേത്രവും,
അക്രൂരക്ഷേത്രമിത്യാദി തീർത്ഥങ്ങളിൽ-
പ്പക്കച്ചുററീടിനേൻ പിന്നെപ്പലേടവും
കണ്ടതില്ലെങ്ങുമാനന്ദമെന്നുമാത്താരി-
ന്നുണ്ടാക്കിടുമാ യഥാർത്ഥസുഖം ലവം.
എന്ന,ല്ലധർമ്മസുഹൃത്താം കലിയിതാ
വന്നു ധരിത്രിയെബ്ബാധിക്കയും ചെയ്തു. 28–30

സത്യതപശ്ശൗചദാനദയാദികം
മർത്ത്യരിലാരിലും കാണുന്നതില്ലഹോ!
പള്ളനിറയ്ക്കണമെന്നേ നിനവുള്ള
കള്ളമതിനായ് പറയുന്നതെപ്പൊഴും.
മന്ദ,രാചാരരഹിത,രശക്തരെ-
യെന്നുമതിയായുപദ്രവിച്ചീടുവോർ,
വേദവിരുദ്ധരാചാരതല്പരർ,
ചൂതാടിനിന്ദ്യനരായലഞ്ഞീടുവോർ,
ഭാര്യാനപിതരായ് വിരക്തർവിധം ഗൃഹാ-
ചാരധർമ്മം കൈവെടിഞ്ഞു നടക്കുവോർ,
എന്നിത്തരക്കാർ നിറഞ്ഞു ധരിത്രിയി;-
ലിന്നില്ല യോഗിയും ജ്ഞാനിയും സിദ്ധനും.
വീട്ടുമൂപ്പിപ്പോളബലകൾക്കായിതു;
കഷ്ടം! പിതാക്കൾ വില്ക്കുന്നു പെണ്മക്കളെ.
നിത്യകൃത്യം ജന്തുഹിംസയാക്കീടുവോൻ
ബുദ്ധിപറയാനടുത്തു കൂടുന്നിതു.
ദമ്പതിമാർ തമ്മിലെപ്പൊഴും ശണ്ഠയാ-
ണമ്പലമെല്ലാം മുടിക്കുന്നു ദുർജ്ജനം.
പുണ്യാശ്രമങ്ങൾ തീർത്ഥങ്ങൾ സരിത്തുക-
ളെന്നിവയും നിരോധിക്കുന്നിതഖ്ഖലർ.
എന്തിന്നു? ശ്രേയസ്സുരമാം പദാർത്ഥങ്ങൾ
വെന്തുവെണ്ണീറായ്ക്കലിയാം ദവാഗ്നിയിൽ,
ചോറുവില്ക്കുന്നു ദേശംപ്രതി; വേദങ്ങൾ
തീറുകൊടുക്കുന്നു നീചർക്കിളാസുരർ.
വിത്താശയാൽ മത്തകാശിനീസഞ്ചയം
നിത്യം വ്യഭിചാരവൃത്തി തുടരുന്നു.
ഇത്ഥം കലികാലദോഷങ്ങൾ കൃത്യമാ-
യെത്രയെന്നെണ്ണിപ്പറയാനസാദ്ധ്യമാം. 31–36

ഏവം കലിദോഷമോരോന്നു വീക്ഷിച്ചു
ഭൂവിലെങ്ങും സഞ്ചരിച്ചു ഞാനന്ത്യമായ്
ദൈത്യാരിദേവവിഹരണസ്ഥാനമാം
മിത്രതനയാതടത്തിൽക്കടന്നിതു. 37

അത്ഭുതസംഭവമൊന്നങ്ങു കണ്ടതു
കേൾപ്പിനൃഷീന്ദ്രരേ! ഞാനരുളീടുവൻ.
ഖിന്നയായോരു തന്വംഗിയാളങ്ങിരി-
ക്കു,ന്നിരുവൃദ്ധർ കിടപ്പു പാർശ്വങ്ങളിൽ.
ശ്വാസമുണ്ടെങ്കിലും, ചൈതന്യമില്ലവ-
ർക്കാശ്വാസമേകുന്നു ശുശ്രൂഷയാലവൾ,
ബോധമററുള്ള കിടപ്പതു ക,ണ്ടവ-
ളാധിയാൽ കണ്ണീരൊഴുക്കിക്കരയുന്നു.
തന്നുടെ ദേഹരക്ഷയ്ക്കിനിയാരുള്ള-
തെന്നവൾ നോക്കുന്നു കീഴ്മേൽച്ചുഴലവും
ആരെയും കാണാഞ്ഞു മൂർച്ഛിച്ചു
വീണുപോയ്,
നാരിമാർ വീശുന്നവളെയുണർത്തുവാൻ.
എന്തെന്നറിയുവാൻ ഞാനെത്തവേ, ബോധ-
മേന്തിയെഴുന്നേറ്റു ചൊല്ലിനാളിങ്ങനെ. 38–41

ബാല പറഞ്ഞു

സാധോ! കുറച്ചിട നില്ക്കുക, നീക്കുകെ-
ന്നാധിയും; നിൻകാഴ്ച ലോകപാപാപഹം. 42

ദുഃഖമെല്ലാം ഭവദ്വാക്യമൊഴിക്കുന്നു;
ഭാഗ്യഹീനക്കു നിൻ ദർശനം ലഭ്യമോ? 43

നാരദൻ പറഞ്ഞു

ആരു നീ? ദേവി! യാരീരണ്ടുപേരു? മീ-
നാരിമാരേതെന്തു നിൻദുഃഖഹേതുവും? 44

ബാല പറഞ്ഞു

ഞാനാണു ഭക്തി,യിവരിരുപേരുമാം
ജ്ഞാനവും വൈരാഗ്യവുമെന്ന മത്സുതർ.
കാലവിശേഷത്തിനാലിവരീവിധം
മാലിലാ,ണ്ടിസ്ത്രീകൾ ഗംഗതുടങ്ങിയോർ.
ദേവവൃന്ദത്താലുമാസേവ്യയാകിലു,-
മീവിധം മാഴ്കയാം ശ്രേയസ്സെഴാതെ ഞാൻ.
45–46

ഹേ മുനേ! ചിന്തകനാം ഭവാൻ കേൾക്കുക
മാമകവൃത്താന്തമത്യന്തവിസ്തൃതം.
ശ്രദ്ധിച്ചിതെല്ലാം ശ്രവിച്ചവിടുന്നുട-
നത്തലകലുമുപായമോതീടുക. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്പന്നാ ദ്രവിഡേ ചാഹം, വൃദ്ധിം കർണ്ണാടകേ ഗതാ,
ക്വചിത്ക്വചിന്മഹാരാഷ്ട്രേ, ഗുർജ്ജരേ ജീർണ്ണതാം ഗതാ. 48
തത്ര ഘോരകലേര്യോഗാത് പാഖണ്ഡൈഃ ഖണ്ഡിതാങ്ഗകാ
ദുർബ്ബലാഹം ചിരം യാതാ പുത്രാഭ്യാം സഹ മന്ദതാം. 49
വൃന്ദാവനം പുനഃ പ്രാപ്യ നവീനേവ സ്വരൂപിണീ
ജാതാഹം യുവതീ സമ്യക് പ്രേഷ്ഠരൂപാ തു സാമ്പ്രതം. 50
ഇമൗ തു ശയിതാവത്ര സുതൗ മേ ക്ലിശ്യതഃ ശ്രമാത്
ഇദം സ്ഥാനം പരിത്യജ്യ വിദേശം ഗമ്യതേ മയാ. 51
ജരഠത്വം സമായാതൗ തേന ദുഃഖേന ദുഃഖിതാ
സാഹം തു തരുണീ കസ്മാത് സുതൗ വൃദ്ധാവിമൗ കുതഃ 52
ത്രയാണാം സഹചാരിത്വാദ്വൈപരീത്യം കുതഃ സ്ഥിതം
ഘടതേ ജരഠാ മാതാ തരുണൗ തനയാവിതി. 53
അതഃ ശോചാമി ചാത്മാനം വിസ്മയാവിഷ്ടമാനസാ
വദ, യോഗനിധേ, ധീമൻ, കാരണം ചാത്ര കിം ഭവേത്. 54

നാരദ ഉവാച

ജ്ഞാനേനാത്മനി പശ്യാമി സർവ്വമേതത്തവാനഘേ,
ന വിഷാദസ്ത്വയാ കാര്യോ ഹരിഃ ശം തേ കരിഷ്യതി. 55

സൂത ഉവാച

ക്ഷണമാത്രേണ തജ്ജ്ഞാത്വാ വാക്യമൂചേ മുനീശ്വരഃ. 56

നാരദ ഉവാച

ശൃണുഷ്വാവഹിതാ ബാലേ യുഗോഽയം ദാരുണഃ കലിഃ
തേന ലുപ്തഃ സദാചാരോ യോഗമാർഗ്ഗസ്തപാംസി ച. 57
ജനാ അഘാസുരായന്തേ ശാഠ്യദുഷ്കർമ്മകാരിണഃ
ഇഹ സന്തോ വിഷീദന്തി പ്രഹൃഷ്യന്തി ഹ്യസാധവഃ
ധത്തേ ധൈര്യം തു യോ ധീമാൻ സ ധീരഃ പണ്ഡിതോഽഥവാ. 58
അസ്പൃശ്യാനവലോക്യേയം ശേഷഭാരകരീ ധരാ
വർഷേ വർഷേ ക്രമാജ്ജാതാ മങ്ഗളം നാപി ദൃശ്യതേ. 59
ന ത്വാമപി സുതൈഃ സാകം കോഽപി പശ്യതി സാമ്പ്രതം
ഉപേക്ഷിതാനുരാഗാന്ധൈർജ്ജർജ്ജരത്വേന സംസ്ഥിതാ. 60
വൃന്ദാവനസ്യ സംയോഗാത് പുനസ്ത്വം തരുണീ നവാ
ധന്യം വൃന്ദാവനം തേന ഭക്തിർനൃത്യതി യത്ര ച. 61
അത്രേമൗ ഗ്രാഹകാഭാവാന്ന ജരാമപി മുഞ്ചതഃ
കിഞ്ചിദാത്മസുഖേനേഹ പ്രസുപ്തിർമ്മന്യതേഽനയോഃ 62

ഭക്തിരുവാച

കഥം പരീക്ഷിതാ രാജ്ഞാ സ്ഥാപിതോ ഹ്യശുചിഃ കലിഃ
പ്രവൃത്തേ തു കലൗ സർവ്വസാരഃ കുത്ര ഗതോ മഹാൻ? 63
കരുണാപരേണ ഹരിണാപ്യധർമ്മഃ കഥമീക്ഷ്യതേ?
ഇമം മേ സംശയം ഛിന്ധി, ത്വദ്വാചാ സുഖിതാസ്മ്യഹം. 64

നാരദ ഉവാച

യദി പൃഷ്ടസ്ത്വയാ, ബാലേ, പ്രേമതഃ ശ്രവണം കുരു
സർവ്വം വക്ഷ്യാമി തേ, ഭദ്രേ, കശ്മലം തേ ഗമിഷ്യതി. 65
യദാ മുകുന്ദോ ഭഗവാൻ ക്ഷ്മാം ത്യക്ത്വാ സ്വപദം ഗതഃ
തദ്ദിനാത് കലിരായാതഃ സർവ്വസാധനബാധകഃ. 66
ദൃഷ്ടോ ദിഗ്വിജയേ രാജ്ഞാ ദീനവച്ഛരണം ഗതഃ
ന മയാ മാരണീയോഽയം സാരങ്ഗ ഇവ സാരഭുക്. 67
യത് ഫലം നാസ്തി തപസാ ന യോഗേന സമാധിനാ
തത് ഫലം ലഭതേ സമ്യക്കലൗ കേശവകീർത്തനാത്. 68

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്രാവിഡരാജ്യത്തുദിച്ചു, കർണ്ണാടക-
ഭൂവിൽ വളർന്നേൻ, മഹാരാഷ്ട്രഭൂവിലും
മററു ചിലേടത്തുമുണ്ടായ്ളിവൃദ്ധി,
പററീ പരുക്കുകൾ ഗുജ്ജരത്തിൽ പരം.
അസ്ഥലത്തിൽക്കലിബാധയേറി ശ്രുതി-
ശത്രുക്കൾ പാഖണ്ഡരെന്മയ് മുറിച്ചഹോ!
ദുർബലയായി ഞാൻ മക്കളൊത്തേറെനാ-
ളുൾപ്പീഡിതയായവിടെക്കഴിച്ചഥ
വൃന്ദാവനത്തിൽക്കടന്നേൻ നവദേഹ-
മൊന്നാർന്നട്ടടൻ സൗന്ദര്യയുക്തയായ്,
നല്ലയുവതിയായ്ത്തീർന്നു, കമനീയ-
മല്ലയോ കാൺകിശ്ശരീരമിപ്പോൾ മുനേ!
എന്നാലുമിസ്സുതർ വീണുപോയല്ലലാ-
ലന്യദിക്കാളുവാനാശിച്ചിടുന്ന ഞാൻ.
ഇന്നിലങ്ങെങ്ങനെ പോകേണ്ടു മാഴ്കവേ-
നിന്നു തരുണി ഞാൻ, മക്കളോ വൃദ്ധരും.
ഭിന്നരല്ലീ ഞങ്ങൾ, മൂവരുമൊന്നുതാൻ
പിന്നെന്തുമൂലമോ മാലിവർക്കേല്പവാൻ?
വൃദ്ധ ഞാനിന്നു യുവതി, മറിച്ചെൻെറ
പുത്രർ നരച്ചുകുരച്ചിതെന്തത്ഭുതം!
ഇക്കാര്യമോർത്തു ഞാനെന്നേക്കുറിച്ചുതാൻ
ദുഃഖിച്ചിടുന്നു സവിസ്മയം മാമുനേ!
ബുദ്ധിമാനാകുമങ്ങെന്തിതിൻഹേതുവെ-
ന്നിത്തുവ്വിലെന്നോടരുൾചെയ്തിടേണമേ. 48-54

നാരദൻ പറഞ്ഞു

ജ്ഞാനചക്ഷുസ്സിനാൽ നിന്നഴലൊക്കെയും
ഞാനറിയുന്നുണ്ടു നേരേയകിൽബ്ബിഷേ!
ദുഃഖിച്ചിടായ്ക സുകൃതിനി! ശ്രീഹരി
സൗഖ്യം ഭവതിക്കു ചേർത്തിടും നിർണ്ണയം. 55

സൂതൻ പറഞ്ഞു

മാത്രയാൽ ഭക്തിതൻ ദുഃഖമശേഷവും
പാർത്തുരുളീടിനാൻ ദേവമുനീശ്വരൻ. 56

കേൾക്കുക ബാലേ! കലിയുഗമാണിതെ-
ന്നോക്കുക, തത്പ്രഭാവത്തിനാലൂഴിയിൽ
ദുഷ്ടദൈത്യാവലിക്കൊപ്പമായ് വഞ്ചന-
തൊട്ടു ദുഷ്കൃത്യങ്ങൾ കാട്ടുന്നിതേവരും.
യോഗമാർഗ്ഗം, സദാചാരം, തപസ്സിവ-
യാകവേ തീരെ നശിച്ചുപോയെങ്ങുമേ
സജ്ജനസഞ്ചയമത്തലിൻ പാത്രമായ്,
ദുർജ്ജനൗഘം മദിച്ചാർത്തിടുന്നേററവും.
ചിന്തയാലിക്കാലമേതൊരു ബുദ്ധിമാ-
നേന്തുന്നു ധൈര്യ,മവൻതന്നെ
പണ്ഡിതൻ. 57-58

മേദിനി ദർശനസ്പർശനയോഗ്യത-
യേതും പെടാതെ ക്രമത്തിൽ ദുഷിച്ചഹോ!
ശേഷിച്ച വസ്തുകം താദൃശത്തവർണ്ണമായ്,
ശേഷിച്ചിടുന്നതില്ലെങ്ങുമേ മംഗലം. 59

നിന്നെയും നിൻജ്ഞാനവൈരാഗ്യനന്ദനർ
തന്നെയുമാരും തിരിഞ്ഞുനോക്കാതെയായ്,
ബോധമേററോർ വിഷയാശയാൽ തള്ളിയ
ഹേതുവാൽ വൃദ്ധയായ്ത്തീർന്നിതു ഭക്തി നീ. 60

വൃന്ദാവനസഹവാസത്തിനാൽ തവ
വന്നിതു രണ്ടാമതും നവയൗവ്വനം.
എന്നുമേ ഭക്തിതൻ നർത്തനസ്ഥാനമാം
വൃന്ദാവനം മന്നിലെത്രയും ധന്യമാം. 61

അസ്ഥലത്തും തവ പുത്രരെ വേണ്ടുന്ന
മർത്ത്യരില്ലാഞ്ഞൊട്ടങ്ങിലീ തദ്വൃദ്ധത.
ഇങ്ങു വന്നീടവേ,യാത്മസുഖം ലവം
തങ്ങുകയാലുറങ്ങീടുന്ന ഭംഗിയായ്. 62

ഭക്തി പറഞ്ഞു

ഹീനനാകും കലിയെപ്പരീക്ഷിത്ക്ഷമാ-
ജാനി ഹനിക്കായ്വതിനെന്തുകാരണം?
പാരിൽക്കലി,കാലുവച്ചപ്പൊഴേ വസ്തു-
സാരം സമസ്തവുമെങ്ങോട്ടുപോയിതു? 63

ഈയധർമ്മങ്ങളെക്കാണുവതെങ്ങനെ
മായാമയൻ കൃപാവാരിധി കേശവൻ?
സന്ദേഹമിന്നിതു തീർത്തുതന്നീടണം;
ചേർന്നിടുന്നു സുഖം തവ്ദവചനത്തിനാൽ. 64

നാരദൻ പറഞ്ഞു

ബാലേ! സരാഗം ഭവതി ചോദിക്കുക-
മൂലം കഥിക്കാമഖിലം, ശ്രവിക്ക നീ.
സശ്രദ്ധമിന്നിതു കേട്ടാൽ നിനക്കെഴും
കശ്മലമെല്ലാമൊഴിഞ്ഞിടും നിശ്ചയം. 65

മാധവൻ മന്നുവെടിഞ്ഞപ്പൊഴേ സർവ്വ-
സാധനബാധകനാം കലികേറിനാൻ. 66

ദിഗ്വിജയത്തിൽ നൃപനവനെക്കണ്ടു;
കാൽക്കൽവീണാൻ ദീനനെന്നമട്ടങ്ങവൻ.
വണ്ടുപോൽ സാരംഗ്രഹിക്കമെബ്ഭൂപതി-
യുണ്ടിഗ്ഗുണമക്കലിക്കുമെന്നീക്ഷിച്ചു
നേരേ നിയന്ത്രിച്ചവനെയനാകുലം
പാരിൽ വിട്ടീടിനാൻ സംഹരിക്കാതെതാൻ. 67

യോഗം, സമാധി, തപസ്സെന്നിതുകളാ-
ലാഗതമല്ലാത്ത സത്ഫലമാകവേ
സിദ്ധമായീടുന്നു പെട്ടെന്നു കേശവ-
കീർത്തനത്താൽ മാത്രമിക്കലിയിൽ ദൃഢം, 68

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാകാരം കലിം ദൃഷ്ട്വാ സാരവത് സാരനീരസം
വിഷ്ണുരാതഃ സ്ഥാപിതവാൻ കലിജാനാം സുഖായ ച. 69
കുകർമ്മാചരണാത് സാരഃ സർവ്വതോ നിർഗ്ഗതോഽധുനാ
പദാർത്ഥാഃ സംസ്ഥിതാ ഭൂമൗ ബീജഹീനാസ്തുഷാ യഥാ. 70
വിപ്രൈർഭാഗവതീ വാർത്താ ഗേഹേ ഗേഹേ ജനേ ജനേ
കാരിതാ കണലോഭേന കഥാസാരസ്തതോ ഗതഃ. 71
അത്യുഗ്രഭൂരികർമ്മാണോ നാസ്തികാ രൗരവാ ജനാഃ
തേഽപി തിഷ്ഠന്തി തീർത്ഥേഷു തീർത്ഥസാരസ്തതോ ഗതഃ 72
കാമക്രോധമഹാലോഭതൃഷ്ണാവ്യാകുലചേതസഃ
തേഽപി തിഷ്ഠന്തി തപസി തപഃസാരസ്തതോ ഗതഃ 73
മനസശ്ചാജയാല്ലോഭാദ്ദംഭാത് പാഖണ്ഡസംശ്രയാത്
ശാസ്ത്രാനഭ്യസനാച്ചൈവ ധ്യാനയോഗഫലം ഗതം. 74
പണ്ഡിതാസ്തു കളത്രേണ രമന്തേ, മഹിഷാ ഇവ,
പുത്രസ്യോത്പാദനേ ദക്ഷാ, അദക്ഷാ മുക്തിസാധനേ. 75
ന ഹി വൈഷ്ണവതാ കുത്ര സംപ്രദായപുരഃസരാ
ഏവം പ്രളയതാം പ്രാപ്തോ വസ്തുസാരഃ സ്ഥലേ സ്ഥലേ. 76
അയം തു യുഗധർമ്മോ ഹി വർത്തതേ കസ്യ ദൂഷണം
അതസ്തു പുണ്ഡരീകാക്ഷഃ സഹതേ നികടേ സ്ഥിതഃ 77

സൂത ഉവാച

ഇതി തദ്വചനം ശ്രുത്വാ വിസ്മയം പരമം ഗതാ
ഭക്തിരൂചേ വചോ ഭൂയഃ ശ്രൂയതാം തച്ച ശൗനക. 78

ഭക്തിരുവാച

സുരർഷേ,ത്വം ഹി ധന്യോഽസി മദ്ഭാഗ്യേന സമാഗതഃ
സാധൂനാം ദർശനം ലോകേ സർവ്വസിദ്ധികരം പരം. 79
ജയതി [1]ജയതി മായാം യസ്യ കായാധവസ്തേ
വചനരചനമേകം കേവലം ചാകലയ്യ
ധ്രുവപദമപി യാതോ യത്കൃപാതോ ധ്രുവോഽയം
സകലകുശലപാത്രം ബ്രഹ്മപുത്രം നതാസ്മി. 80

ഇതി ശ്രീപത്മപുരാണേ ഉത്തരഖണ്ഡേ ശ്രീമദ്ഭാഗവതമാഹാത്മ്യേ
ഭക്തിനാരദസമാഗമോ നാമ പ്രഥമോഽധ്യായഃ

അഥ ദ്വിതീയോഽധ്യായഃ

നാരദ ഉവാച

വൃഥാ ഖേദയസേ ബാലേ അഹോ ചിന്താതുരാ കഥം
ശ്രീകൃഷ്ണചരണാംഭോജം സ്മര ദുഃഖം ഗമിഷ്യതി. 1
ദ്രൗപദീ ച പരിത്രാതാ യേന കൗരവകശ്മലാത്
പാലിതാ ഗോപസുന്ദര്യഃ സ കൃഷ്ണഃ ക്വാപി നോ ഗതഃ. 2
ത്വം തു ഭക്തേ! പ്രിയാ തസ്യ സതതം പ്രാണതോഽധികാ
ത്വയാഽഽഹൂതസ്തു ഭഗവാൻ യാതി നീചഗൃഹേഷ്വപി. 3
സത്യാദി ത്രിയുഗേ ബോധവൈരാഗ്യൗ മുക്തിസാധകൗ
കലൗ തു കേവലാ ഭക്തിർബ്രഹ്മസായുജ്യകാരിണീ. 4
ഇതി നിശ്ചിത്യ ചിദ്രൂപഃ [2]സദ്രൂപാം ത്വാം സസർജ്ജ ഹ
പരമാനന്ദചിന്മൂർത്തിഃ സുന്ദരീം കൃഷ്ണവല്ലഭാം. 5

1 ജഗതി–ഇതി പാഠഃ
2 സദ്രൂപാം–ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഷ്പ്രയാസം പരമംഫലം നല്കുവാൻ
കെൽപ്പു കലിക്കൊപ്പമാക്കുമില്ലെന്നതു
സാരജ്ഞവൃന്ദാഗ്രിമനാം പരീക്ഷിത്തു
തേറിയാണാദ്ദുഷ്ടനെ വൃഥാ വിട്ടതും. 69

കുത്സിതകർമ്മാചരണത്തിനാൽ സർവ്വ-
സത്സാരവും നഷ്ടമായിക്കഴിഞ്ഞിതു.
തീരെയരിയററതാമുമിയെന്നപോൽ
സാരാംശഹീനമായ് സത്ക്കഥാസഞ്ചയം. 70

വീടുകൾതോറും നടന്നാരണർ പണം
നേടുവാൻ ഭാഗവതം കഥിക്കുന്നിതേ.
താല്പര്യമെന്നിയേ ഭൂസുരനിർബ്ബന്ധ-
വാശ്ശിനാൽ കേൾക്കയും ചെയ്യുന്നിതു ചിലർ.
ആകയാ,ലീയിതുകൂട്ടരുമൊട്ടുമേ
പൂകിടാ ശ്രീഹരികീർത്തനസത്ഫലം. 71

രൗരവഘോരനരകത്തിൽനിന്നുമി-
പ്പാരിൽ ജനിയാർന്ന നാസ്തികമണ്ഡലം
ശുദ്ധതീർത്ഥങ്ങളിലെത്തി വസിക്കയാ-
ലസ്തംഗതമായി തീർത്ഥസാരം പരം. 72

കാമലോഭക്രോധമോഹാഹതർക്കെഴും
കാമ്യതപസ്സാൽ നശിച്ചു തപഃഫലം 73

ചിത്തമടക്കാൻ കഴിയാത്തമൂലവും,
ശാസ്ത്രാഭ്യസനമില്ലായ്ക നിമിത്തവും,
നാസ്തികസംശ്രയംമൂലവും, ലോഭദം-
ഭാസ്ഥയാലും നഷ്ടമായ് ധ്യാനയോഗവും. 74

പോത്തുകളെപ്പോൽ, വിധിനിഷേധങ്ങൾചെ-
റോർത്തിടാതെപ്പൊഴും പണ്ഡിതമണ്ഡലം
ജായമാരൊത്തു, രമിക്കുന്നു, കാട്ടുന്നി-
തായവരർഭകനിർമ്മാണചാതുരി.
മുക്തിനേടാനുള്ള സാമർത്ഥ്യവുമതിൽ
സക്തിയുമിക്കാലമില്ലവർക്കേതുമേ. 75

സമ്പ്രദായത്തിനൊത്തെങ്ങുമേ ഭൂമിയിൽ
സാമ്പ്രതം കാണ്മീല വൈഷ്ണവധർമ്മവും
വസ്തുസാരങ്ങൾ സമസ്തവുമിങ്ങനെ-
യസ്തമിച്ചാണു കാണുന്നതെല്ലാടവും. 76

കുററപ്പെടുത്തേണ്ടതില്ല നാമാരെയും,
മുററും യുഗധർമ്മമാണിതു നിർണ്ണയം.
കാലസ്വഭാവമെന്നാകയാൽ സന്നിധി-
യാളും രമാപതി കണ്ടു സഹിക്കയാം. 77

സൂതൻ പറഞ്ഞു

നാരദഗീരിതുമട്ടു കേട്ടദ്ഭുത-
വാരിധിമഗ്നയായ് ഭക്തി ചൊല്ലീടിനാൾ. 78

ദേവമുനേ! ധന്യനത്രേ ഭവാൻ മമ-
ഭാവുകത്താലിവിടാഗതനായതാം.
സാധുസന്ദർശനംതന്നെയല്ലോ സർവ്വ-
സാധകം മേദിനീമണ്ഡലത്തിൽ ധ്രുവം. 79

നിന്തിരുമേനിതൻ നാരായണനാമ-
മന്ത്രോപദേശത്തെ മാനിച്ചനുഷ്ഠിച്ചു
ദൈത്യേന്ദ്രപുത്രനാം പ്രഹ്ലാദബാലക-
നത്യരംവെന്നിതു ദുസ്തരമായയെ.
ഔത്താനപാദിയും ത്വത്കൃപാമൂലമാ-
യത്യുന്നതം ധ്രുവസ്ഥാനമണഞ്ഞിതേ.
അങ്ങനെ മങ്ഗലാംഗമായ് മിന്നിടു-
മങ്ങയെ ബ്രഹ്മാത്മജാ! നമിക്കുന്നു ഞാൻ. 80

അദ്ധ്യായം 2

നാരദഭക്തിസംവാദം

സനകാദിഭാഗവതമഹിമാബോധനം

നാരദൻ പറഞ്ഞു

എന്തിനു ബാലികേ! ഖേദിച്ചിടുന്നു നീ
ചിന്തിക്കുകിലെന്തിതിനാൽ പ്രയോജനം?
ശ്രീകൃഷ്ണപാദാരവിന്ദം സ്മരിക്കുക,
ശോകങ്ങളാകെയതിനാലകന്നുപോം. 1

കൗരവനീചകൃത്യങ്ങളിൽനിന്നുട-
നാരു രക്ഷിച്ചിതപ്പാഞ്ചാലപുത്രിയെ,
ശംഖചൂഡാദ്യരെക്കൊന്നു ഗോപാംഗനാ-
സംഘത്തെയും കാത്തതേതു കാരുണ്യവാൻ,
എങ്ങും നിറഞ്ഞൊരക്കൃഷ്ണപരമാത്മാ-
വെങ്ങുമേ പോയില്ലെവിടെയുമുണ്ടു കേൾ. 2

ഭക്തീ! ഭവതിയിൽ പ്രാണാധികപ്രീതി-
യക്കൃഷ്ണദേവനുണ്ടെപ്പൊഴും ശോഭനേ!
നിൻവിളികേട്ടു നീചാലയംതന്നിലു-
മാ വിഭുവോടിയെത്താറുണ്ടു നിർണ്ണയം. 3

ജ്ഞാനവും വൈരാഗ്യവും മുക്തിഹേതുക-
മാണു കൃതാദിയാം മൂന്നു യുഗങ്ങളിൽ
എന്നാൽ കലിയുടെ കാലത്തിലബ്ഭക്തി-
യൊന്നുതാൻ ബ്രഹ്മസായൂജ്യപ്രദായിനി. 4

എന്നാച്ചപ്പരമാനന്ദ ചിന്മൂർത്തി
നിന്നെ സ്വസന്നിഭവല്ലഭയാക്കിനാൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബദ്ധാഞ്ജലിം ത്വയാ പൃഷ്ടം കിം കരോമീതി ചൈകദാ
ത്വാം തദാ/ജ്ഞാപയത് കൃഷ്ണോ മദ്ഭക്താൻ പോഷയേതി ച. 6
അങ്ഗീകൃതം ത്വയാ തദ്വൈ പ്രസന്നോ/ഭൂദ്ധരിസ്തദാ
മുക്തിം ദാസീം ദദൗ തുഭ്യം ജ്ഞാനവൈരാഗ്യകാവിമൗ. 7
പോഷണം സ്വേന രൂപേണ വൈകുണ്ഠേ ത്വം കരോഷി ച
ഭൂമൗ ഭക്തവിപോഷായ ഛായാരൂപം ത്വയാ കൃതം. 8
മുക്തിം ജ്ഞാനം വിരക്തിം ച സഹ കൃത്വാ ഗതാ ഭുവി
കൃതാദിദ്വാപരസ്യാന്തം മഹാനന്ദേന സംസ്ഥിതാ. 9
കലൗ മുക്തിഃ ക്ഷയം പ്രാപ്താ പാഖണ്ഡാമയപീഡിതാ
ത്വദാജ്ഞയാ ഗതാ ശീഘ്രം വൈകുണ്ഠം പുനരേവ സാ. 10
സ്മൃതാ ത്വയാപി ചാത്രൈവ മുക്തിരായാതി യാതി ച
പുത്രീകൃത്യ ത്വയേമൗ ച പാർശ്വേ സ്വസ്യൈവ രക്ഷിതൗ. 11
ഉപേക്ഷാതഃ കലൗ മന്ദൗ വൃദ്ധൗ ജാതൗ സുതൗ തവ
തഥാപി ചിന്താം മുഞ്ച ത്വമുപായം ചിന്തയാമ്യഹം. 12
കലിനാ സദൃശഃ കോ/പി യുഗോ നാസ്തി, വരാനനേ,
തസ്മിംസ്ത്വാം സ്ഥാപയിഷ്യാമി ഗേഹേ ഗേഹേ ജനേ ജനേ. 13
അന്യധർമ്മാംസ്തിരസ്കൃത്യ പുരസ്കൃത്യ മഹോത്സവാൻ
തദാ നാഹം ഹരേർദാസോ ലോകേ ത്വാം ന പ്രവർത്തയേ. 14
ത്വദന്വിതാശ്ച യേ ജീവാ ഭവിഷ്യന്തി കലാവിഹ
പാപിനോ/പി ഗമിഷ്യന്തി നിർഭയം കൃഷ്ണമന്ദിരം. 15
യേഷാം ചിത്തേ വസേദ് ഭക്തിഃ സർവ്വദാ പ്രേമരൂപിണീ
ന തേ പശ്യന്തി കീനാശം സ്വപ്നേ/പ്യമലമൂർത്തയഃ 16
ന പ്രേതോ ന പിശാചോ വാ രാക്ഷസോ വാസുരോ/പി വാ
ഭക്തിയുക്തമനസ്കാനാം സ്പർശനേ ന പ്രഭുർഭവേത്. 17
ന തപോഭിർന്ന വേദൈശ്ച ന ജ്ഞാനേനാപി കർമ്മണാ
ഹരിർഹി സാധ്യതേ ഭക്ത്യാ പ്രമാണം തത്ര ഗോപികാഃ 18
നൃണാം ജന്മസഹസ്രേണ ഭക്തൗ പ്രീതിർഹി ജായതേ
കലൗ ഭക്തിഃ കലൗ ഭക്തിർഭക്ത്യാ കൃഷ്ണഃ പുരഃ സ്ഥിതഃ 19
ഭക്തിദ്രോഹകരാ യേ ച തേ സീദന്തി ജഗത്ത്രയേ
ദുർവ്വാസാ ദുഃഖമാപന്നഃ പുരാ ഭക്തവിനിന്ദകഃ 20
അലം വ്രതൈരലം തീർത്ഥൈരലം യോഗൈരലം മഖൈഃ
അലം ജ്ഞാനകഥാലാപൈർഭക്തിരേകൈവ മുക്തിദാ. 21

സൂത ഉവാച

ഇതി നാരദനിർണ്ണീതം സ്വമാഹാത്മ്യം നിശമ്യ സാ
സർവ്വാംഗപുഷ്ടിസംയുക്താ നാരദം വാക്യമബ്രവീത്. 22

ഭക്തിരുവാച

അഹോ, നാരദ, ധന്യോ/സി, പ്രീതിസ്തേ മയി നിശ്ചലാ,
ന കദാചിദ്വിമുഞ്ചാമി, ചിത്തേ സ്ഥാസ്യാമി സർവ്വദാ. 23
കൃപാലുനാ ത്വയാ, സാധോ, മദ്ബാധാ ധ്വംസിതാ ക്ഷണാത്
പുത്രയോശ്ചേതനാ നാസ്തി, തതോ ബോധയ ബോധയ. 24

സൂത ഉവാച

തസ്യാ വചഃ സമാകർണ്ണ്യ കാരുണ്യം നാരദോ ഗതഃ
തയോർബ്ബോധനമാരേഭേ കരാഗ്രേണ വിമർദ്ദയൻ. 25
മുഖം സ യോജ്യ കർണ്ണാന്തേ ശബ്ദമുച്ചൈഃ സമുച്ചരൻ
''ജ്ഞാന,പ്രബുധ്യതാം ശീഘ്രം,രേ വൈരാഗ്യ,പ്രബുധ്യതാം.'' 26
വേദവേദാന്തഘോഷൈശ്ച ഗീതാപാഠൈർമുഹുർമുഹുഃ
ബോധ്യമാനൗ തദാ തേന കഥംചിത് ചോത്ഥിതൗ ബലാത് 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബദ്ധാഞ്ജലിയായൊരു ദിനം നീ കൃഷ്ണ-
മൂർത്തിയോടെന്തു ഞാൻ വേണ്ടതിവിടെന്നു-
ചോദിച്ചവാറ,ബ് ഭഗവാനരുളിനാൻ
സാദരം ഭക്തസംപോഷണം ചെയ്യുവാൻ. 6

അങ്ഗീകരിച്ചു നീയക്കല്പന തദാ,
ശാർങ്ഗിഭഗവാൻ ഭവതിയിൽത്തുഷ്ടനായ്
പുത്രരായ് ജ്ഞാനവൈരാഗ്യയുഗ്മത്തെയും,
ഭൃത്യയായ് മുക്തിദേവിയെയും നിനക്കേകിനാൻ. 7

നിൻ തനിരൂപം ധരിച്ചു നീ ഭക്തരെ
സന്തതം പോററുന്ന വൈകുണ്ഠഭൂവതിൽ.
ഛായാസ്വരൂപിണിയായിദ്ധരയിലും
നീയാചരിപ്പൂ ഹരിഭക്തപോഷണം. 8

മുക്തിയോടും ജ്ഞാനവൈരാഗ്യനന്ദന-
യുഗ്മത്തോടും മന്നിൽ വന്നു വാഴും തവ
ഉന്നതാനന്ദമോയിരുന്നില്ലയോ
മുന്നിലെ മൂന്നു യുഗങ്ങളും ശോഭനേ! 9

ദുഷ്ട കലിപ്രവേശത്തിലപ്പാഖണ്ഡ-
കഷ്ടമതരോഗബാധനിമിത്തമായ്
കേട്ടനേരിട്ടൊരാമുക്തി തവാനുജ്ഞ-
യോടുടൻ വൈകുണ്ഠലോകമണഞ്ഞുതേ. 10

നീ വിചാരിക്കുമ്പൊഴൊക്കെയാ മുക്തിയീ-
ഭൂവിൽ വരികയും പോകയുംചെയ്യിടും
മക്കളായ്ക്കല്പിച്ചു പോററുന്ന പാശ്വസ്ഥ-
രാക്കിയിജ്ഞാനവൈരാഗ്യയുഗ്മത്തെ നീ. 11

മന്ദരും വൃദ്ധരുമായി കലിയിലീ-
നന്ദനന്മാർ നിന്നുപേക്ഷയാലീവിധം.
എങ്കിലും ചിന്തവെടിയുക നീ; ഗുണം-
തങ്കുമുപായമാലോചിച്ചിടട്ടെ ഞാൻ. 12

ഒന്നുമില്ലന്യം കലിസന്നിഭം യുഗം;
സുന്ദരീ! നിന്നെയിക്കാലത്തുതന്നെ ഞാൻ
ഓരോ ഗൃഹത്തിലുമോരോ ജനത്തിലും
നേരേ പ്രതിഷ്ഠിക്കുവൻ വിളംബംവിനാ. 13

അന്യധർമ്മങ്ങളാം തിരസ്കരിച്ചും, ഹരി
നന്ദിച്ചിടുന്ന മഹങ്ങളാം മുന്നിർത്തിയും,
നിന്നെസ്സമുദ്ധരിച്ചീടുവ;നല്ലായ്കി-
ലന്നുപേക്ഷിപ്പൻ ഹരിദാസനെന്ന പേർ. 14

പാപിഷ്ഠനാകിലും, ഭക്തിയുക്തൻ ജീവ-
നാപിച്ചിടുന്നു വൈകുണ്ഠം ഭയംവിനാ. 15

പ്രേമസ്വരൂപിണി ഭക്തിക്കു മാനസം
താമസിപ്പാനായരുളും വിശുദ്ധർക്ക്
കാലനെ സ്വപ്നത്തിലും ഭയമെന്നിയേ
സ്വാലയമാലയം വാഴാമനാവിലം. 16

പ്രേത,മസുരൻ, പിശാചു രക്ഷസ്സാദി
ഭൂതങ്ങളാം തീണ്ടിടാ ഭക്തനെബ്ഭീതിയാൽ. 17

വേദപഠനം, തപസ്സും, വിവേകവും,
ശ്രുതകർമ്മങ്ങളുമെന്നുമാന്നീടിലും,
പ്രീതനാകാ ഹരി; ഭക്തിയാലെന്നി, നി-
വാദം,പ്രമാണമതിന്നു ഗോപീജനം. 18

ജന്മസഹസ്ര സുകൃതം ഫലിക്കിലേ
ഉണ്മയായ് ഭക്തിയിൽ സക്തിയാകും വരൂ.
ഭക്തിയാണിക്കലികാലത്തിലുത്തമം
വ്യക്തമായ്ക്കണ്ടിടാം മുന്നിലക്കൃഷ്ണനെ. 19

ഭക്തിയെ ദ്രോഹിപ്പവർക്കു മുപ്പാരിലു-
മുത്കടമാകും പരാജയംപററിടും.
പണ്ടംബരീഷനൃപനെ നിന്ദിക്കുക-
കൊണ്ടു ദുർവ്വാസാവു ദുഃഖിച്ചു വേണ്ടപോൽ. 20

വേണ്ടാ വ്രതങ്ങളാടേണ്ട തീർത്ഥങ്ങളും;
വേണ്ട യോഗങ്ങളാം യാഗങ്ങളും ജ്ഞാനവും,
വേണ്ടതൊന്നുണ്ടിഹ ഭക്തിയത്രേ;യതു-
പൂണ്ടിടുന്നോൻ സ്വയം മുക്തനായ്ത്തീർന്നിടും. 21

സൂതൻ പറഞ്ഞു

ഈവ്വണ്ണം തന്മഹിമാനമാ നാരദ-
നോതുന്നതു കേട്ട സർവ്വാങ്ഗപോഷണം
സിദ്ധിച്ച ഭക്തിയാ ദേവർഷിയോടുട-
നിത്തരമുത്തരം മുത്താൻചൊല്ലിനാൾ. 22

ഭക്തി പറഞ്ഞു

ചിത്രം! പിതാമഹപുത്രമുനേ! ഭവാ-
നെത്രയും ധന്യനതിനില്ല സംശയം.
പ്രീതിയങ്ങേക്കെന്നിലുണ്ടതിനാൽത്തവ-
ചേതസ്സിലാവസിക്കുന്നേനനാരതം. 23

കാരുണ്യവാനാം ഭവാനെന്നെയവമു-
ദ്ധാരണംചെയ്തു വമ്പാലിൽനിന്നിക്ഷണം.
ചൈതന്യമറ്റുകിടക്കുന്നിതാ സുതർ
ബോധവാന്മാരാക്കിയാലുമിവരെയും. 24

സൂതൻ പറഞ്ഞു

ഗീരിതു കേട്ട തന്നുംക്കാമ്പിലേററവും
കാരുണി വീണ്ടും വളർന്ന വീണാധരൻ
ജ്ഞാനവൈരാഗ്യങ്ങളാം തത്തനുജരെ-
ത്താനേതടവിയുണർത്താനൊരുങ്ങിനാൻ. 25

തത്കർണ്ണസന്നിധിയാനനംചേർത്തു സു-
വ്യക്തമായ് ''ജ്ഞാനവൈരാഗ്യങ്ങളേ! നിങ്ങളാം
വേഗമുണരുവി''നെന്നുറച്ചോതിനാ-
നാഗമക്കാതലായീടുമാ മാമുനി. 26

വേദവേദാന്തങ്ങളുച്ചമടിക്കടി-
ക്കോതിയും ഗീതവായിച്ചുമുദ്ബോധനം
നാരദനേകവേ ദുർബ്ബലരാമവർ
പാരം പണിപ്പെട്ടുണർന്നെഴുന്നേററിതേ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേത്രൈരനവലോകന്തൗ ജൃംഭന്തൗ സാലസാവുഭൗ
ബകവത് പലിതൗ പ്രായഃ ശുഷ്കകാഷ്ഠസമാങ്ഗകൗ. 28
ക്ഷുത്ക്ഷാമൗ തൗ നിരീക്ഷ്യൈവ പുനഃ സ്വാപപരായണൗ
ഋഷിശ്ചിന്താപരോ ജാതഃ കിം വിധേയം മയേതി ച? 29
അഹോ നിദ്രാ കഥം യാതി വൃദ്ധത്വം ച മഹത്തരം
ചിന്തയന്നിതി ഗോവിന്ദം സ്മാരയാമാസ, ഭാർഗ്ഗവ! 30
വ്യോമവാണീ തദൈവാഭൂ''ന്മാ ഋഷേ ഖിദ്യതാമിതി
ഉദ്യമഃ സഫലസ്തേ ഹി ഭവിഷ്യതി ന സംശയഃ 31
ഏതദർത്ഥം തു സത്കർമ്മ, സുരർഷേ,ത്വം സമാചര
തത്തേ കർമ്മാഭിധാസ്യന്തി സാധവഃ സാധുഭൂഷണാഃ 32
സത്കർമ്മണി കൃതേ തസ്മിൻ സനിദ്രാ വൃദ്ധതാനയോഃ
ഗമിഷ്യതി ക്ഷണാദ്ഭക്തിഃ സർവ്വതഃ പ്രസരിഷ്യതി.'' 33
ഇത്യാകാശവചഃ സ്പഷ്ടം തത് സർവ്വൈരപി വിശ്രുതം
നാരദോ വിസ്മയം ലേഭേ നേദം ജ്ഞാതമിതി ബ്രുവൻ. 34
നാരദ ഉവാച
അനയാഽഽകാശവാണ്യാപി ഗോപ്യത്വേന നിരൂപിതം
കിം വാ തത്സാധനം കാര്യം യേന കാര്യം ഭവേത്തയോഃ. 35
ക്വ ഭവിഷ്യന്തി സന്തസ്തേ കഥം ദാസ്യന്തി സാധനം
മയാത്ര കിം പ്രകർത്തവ്യം യദുക്തം വ്യോമഭാഷയാ. 36
സൂത ഉവാച
തത്ര ദ്വാവപി സംസ്ഥാപ്യ നിർഗ്ഗതോ നാരദോ മുനിഃ
തീർത്ഥം തീർത്ഥം വിനിഷ്ക്രമ്യ പൃച്ഛന്മാർഗ്ഗേ മുനീശ്വരാൻ. 37
വൃത്താന്തഃ ശ്രൂയതേ സർവ്വൈഃ കിഞ്ചിന്നിശ്ചിത്യ നോച്യതേ
അസാധ്യം കേചന പ്രോചുർദുർജ്ഞേയമിതി ചാപരേ 38
മൂകീഭൂതാസ്തഥാന്യേ തു കിയന്തസ്തു പലായിതാഃ
ഹാഹാകാരോ മഹാനാസീത് ത്രൈലോക്യേ വിസ്മയാവഹഃ 39
വേദവേദാന്തഘോഷൈശ്ച ഗീതാപാഠൈർവിബോധിതം
ഭക്തിജ്ഞാനവിരാഗാണാം നോദതിഷ്ഠത് ത്രികം യദാ 40
ഉപായോ നാപരോഽസ്തീതി കർണ്ണേ കർണ്ണേഽജപഞ്ജനാഃ
യോഗിനാ നാരദേനാപി സ്വയം ന ജ്ഞായതേ തു യത്. 41
തത് കഥം ശക്യതേ വക്തുമിതരൈരിഹ മാനുഷൈഃ
ഏവമൃഷിഗണൈഃ പൃഷ്ടൈർന്നിർണ്ണീയോക്തം ദുരാസദം. 42
തതശ്ചിന്താതുരഃ സോഽഥ ബദരീവനമാഗതഃ
തപശ്ചരാമി ചാത്രേതി തദർത്ഥം കൃതനിശ്ചയഃ 43
താവദ് ദദർശ പുരതഃ സനകാദീന്മുനീശ്വരാൻ
കോടിസൂര്യസമാഭാസാനുവാച മുനിസത്തമഃ 44
നാരദ ഉവാച
ഇദാനീം ഭൂരിഭാഗ്യേന ഭവദ്ഭിഃ സങ്ഗമോഽഭവത്
കുമാരാ ബ്രുവതാം ശീഘ്രം കൃപാം കൃത്വാ മമോപരി. 45
ഭവന്തോ യോഗിനഃ സർവ്വേ ബുദ്ധിമന്തോ ബഹുശ്രുതാഃ
പഞ്ചഹായനസംയുക്താഃ പൂർവ്വേഷാമപി പൂർവ്വജാഃ 46
സദാ വൈകുണ്ഠനിലയാ ഹരികീർത്തനതത്പരാഃ
ലീലാമൃതരസോന്മത്താഃ കഥാമാത്രൈകജീവിനഃ 47
ഹരിഃ ശരണമേവം ഹി നിത്യം യേഷാം മുഖേ വചഃ
അതഃ കാലസമാദിഷ്ടാ ജരാ യുഷ്മാൻ ന ബാധതേ. 48
യേഷാം ഭ്രൂഭങ്ഗമാത്രേണ ദ്വാരപാലൗ ഹരേഃ പുരാ
ഭൂമൗ നിപതിതൗ സദ്യോ യത് കൃപാതഃ പുരം ഗതൗ. 49
അഹോ ഭാഗ്യസ്യ യോഗേന ദർശനം ഭവതാമിഹ
അനുഗ്രഹസ്തു കർത്തവ്യോ മയി ദീനേ ദയാപരൈഃ 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്കിലും കൺമിഴിക്കാതെ വിവശത–
തങ്കിയും കോട്ടുവായിട്ടുമലസരായ്
വെൺകൊററിപോലെ നരച്ചുണക്കച്ചുള്ളി–
തൻകണക്കസ്ഥിമാത്രാങ്ഗരായ്
നിന്നിതേ. 28

ക്ഷുത്തിനാൽ ക്ഷീണിച്ചു വീണ്ടുമുറങ്ങുവാ–
നുദ്യമിക്കുന്നതു കണ്ടമ്മുനീശ്വരൻ
ക്ഷീണമിവക്കൊഴിപ്പാനിദാനീമെന്തു–
വേണമെന്നായുററു ചിന്തചെയ്തീടിനാൻ. 29

കഷ്ടമീ നിദ്രയും വൃദ്ധസ്ഥിതിയുമെ–
മ്മട്ടൊഴിക്കാവതെന്നെത്ര ചിന്തിക്കിലും
കിട്ടിടാതുയുപായം, പുനരമ്മുനി–
ശ്രേഷ്ഠൻ സ്മരിച്ചു ചിന്മൂർത്തിയാം കൃഷ്ണനെ. 30

ആകാശവാണിയുടൻ കേട്ടു: ''മാമുനേ!
ശോകമെന്തി,ന്നുദ്യമം തവ സാദ്ധ്യമാം. 31

സത്ക്കർമ്മമങ്ങിതിനാചരിച്ചീടണ–
മുത്കൃഷ്ടസാധുക്കളോതുമതിനുവഴി. 32

മങ്ഗലകർമ്മങ്ങൾ കൊണ്ടൊഴിക്കാമിവ–
ക്കങ്ഗവൈകല്യ വാദ്ധക്യനിദ്രാദികൾ.
ഭക്തിയുമെങ്ങും പ്രസരിക്കുമൊന്നുപോൽ
തക്കമതിനില്ല നാരദമാമുനേ!'' 33

സ്പഷ്ടമായേവരും കേട്ടിതു വിസ്മയ–
പ്പെട്ടാൻ മുനി കർമ്മമജ്ഞാതമാകയാൽ. 34

നാരദൻ പറഞ്ഞു

ആകാശവാക്കിലടക്കിയ കർമ്മമെ–
ന്താകാ,മതല്ലോയിവക്കു രക്ഷാകരം. 35

സാധുക്കളാരോ പറഞ്ഞുതരുംപോലു–
മേതുദിക്കിൽച്ചെന്നവരെ ഞാൻ കണ്ടിടും?
കണ്ടാലുമെങ്ങനെ നിർണ്ണയിച്ചോതിടും?
വേണ്ടതെന്താണിനി,യെന്നുഴന്നാൻ മുനി. 36

സൂതൻ പറഞ്ഞു

അസ്ഥലംവിട്ടു പോകായ്വാനവക്കഥ
നിർദ്ദേശമേകിപ്പുറപ്പെട്ടു നാരദൻ.
തീർത്ഥങ്ങൾതോറുമസ്സാധുക്കളെത്തേടി
വാർത്തയിതെങ്ങും കഥിച്ചു കഴിച്ചു നാൾ. 37

കാര്യമിതു പല സാധുക്കൾ കേൾക്കിലു–
മാരുമുറപ്പിച്ചു ചൊന്നതില്ലൊന്നുമേ.
സാധിച്ചിടാതുള്ള സങ്ഗതിയാണിതെ–
ന്നോതീ ചിലരന്യരജ്ഞേയമെന്നതും. 38

മിണ്ടിയില്ലാ ചിലരൊന്നും, ചില ജനം
മണ്ടുകയും ചെയ്തു കേട്ടൊരാ മാത്രയിൽ.
അത്ഭുതമിക്കഥ കേട്ടതുമൂലമായ്
മുപ്പാരിലും പൊങ്ങിയങ്ങു ഹാഹാരവം. 39

ഗീത വായിച്ചു വേദാന്തം ശ്രവിപ്പിച്ചു
വേദവുമോതിയെന്നിട്ടുമിരുവരും
ഉന്നിദ്രരായതില്ലെന്നതു ചിന്തിച്ചു–
തന്നെയാണത്ഭുതപ്പെട്ടതെല്ലാവരും. 40

യോഗീന്ദ്രനാം നാരദന്നറിഞ്ഞീടുവാ–
നാകാത്തകാര്യമവനിയിലെന്തുവാൻ!
ചിന്തിക്കിലില്ലന്യമാശ്ചര്യമെന്നേവരും
മന്ത്രിച്ചു മെല്ലെച്ചെവിയിൽ പരസ്പരം. 41

ദേവമുനിയറിയാത്ത കാര്യം നര–
ന്നാവതുണ്ടോ ധരിക്കാനൃഷിയാകിലും!
എന്നിങ്ങനെ നിനച്ചമ്മുനിസഞ്ചയ–
മൊന്നിച്ചു ചൊന്നാരസാധ്യമിതെന്നുതാൻ. 42

ചിന്താതുരനായ് ബദര്യാശ്രമംതന്നി–
ലന്ത്യമെത്തിച്ചേർന്നു ദേവമുനീശ്വരൻ.
എന്താകിലുമീ വിഷമമൊഴിക്കുവാൻ
വൻതപംതന്നെ തുടങ്ങാനൊരുങ്ങിനാൻ. 43

കണ്ടു മുന്നിൽത്തദാ കോടിസൂര്യപ്രഭ–
യാണ്ട സനകാദ്യരെ, കഥിച്ചാൻ മുനി. 44

നാരദൻ പറഞ്ഞു

തുംഗമാം ഭാഗ്യംനിമിത്തമെനിക്കിഹ
സംഗമം നിങ്ങളുമായൊത്തു നിർണ്ണയം
അല്ലയോ ധന്യകമാരമുനീന്ദ്രരേ!
ചൊല്ലുവിൻ കാരുണ്യമെന്നിൽച്ചൊരിയുവിൻ!
നിങ്ങളോ യോഗീശ്വരന്മാർ ബഹുശ്രുതർ
മംഗലന്മാർ മതിമാന്മാർ യശസ്വികൾ
എന്നുമീയഞ്ചുവയസ്സിൽ കുമാരരായ്
മിന്നുവോർ പൂർവ്വജർക്കൊക്കെയും പൂർവ്വജർ
നിത്യവും വൈകുണ്ഠലോകത്തു വാഴുവോർ
ദൈത്യാരിനാമസങ്കീർത്തനതല്പരർ
എന്നും ഭഗവാൻ ഹരിതാൻ ശരണമെ–
ന്നന്നി ഹരിനാമകീർത്തനം പാടുവോർ
ഏതുമേ കാലത്തിനാലെ വരും ജരാ–
ബാധ തീണ്ടാതെ സമുല്ലസിച്ചീടുവോർ.
മാധവലീലാവതാരകഥാമൃതാ-
സ്വാദനാനന്ദമനുഭവിച്ചീടുവോർ.
ഗീരില്ല നിങ്ങൾതൻമഹത്വമാഖ്യാൻ, ഹരി–
ദ്വാരപരെബ്ഭ്രൂചലനമാത്രത്തിനാൽ
മന്നിൽ ജനിപ്പിച്ചു മൂന്നു ജന്മംകൊണ്ടു
പിന്നെയലിഞ്ഞവർക്കേകി പൂർവ്വം പദം.
അത്രമേൽ മാഹാത്മ്യമേറും ഭവാന്മാരെ–
യത്ര ദർശിച്ചു ഞാൻ പുണ്യപൂരത്തിനാൽ.
ദുഃഖിതനായീടുമെന്നെക്കൃപാർദ്രരിൽ
മുഖ്യരാം നിങ്ങളനുഗ്രഹിച്ചീടുവിൻ.
എന്തൊരു കർമ്മത്തെയാണശരീരിയിൽ
ബന്ധിച്ചു ഗൂഢമായ് വച്ചിരിക്കുന്നതും, 45–50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അശരീരഗിരോക്തം യത്തത് കിം സാധനമുച്യതാം
അനുഷ്ഠേയം കഥം താവത് പ്രബ്രുവന്തു സവിസ്തരം. 51
ഭക്തിജ്ഞാനവിരാഗാണാം സുഖമുത്പദ്യതേ കഥം
സ്ഥാപനം സർവവർണ്ണേഷു പ്രേമപൂർവം പ്രയത്നതഃ 52

കുമാരാ ഊചുഃ

മാ ചിന്താം കുരു, ദേവർഷേ, ഹർഷം ചിത്തേ സമാവഹ
ഉപായഃ സുഖസാധ്യോ/ത്ര വർത്തതേ പൂർവ ഏവ ഹി. 53
അഹോ, നാരദ, ധന്യോ/സി വിരക്താനാം ശിരോമണിഃ
സദാ ശ്രീകൃഷ്ണദാസാനാമഗ്രണീര്യോഗഭാസ്കരഃ 54
ത്വയി ചിത്രം ന മന്തവ്യം ഭക്ത്യർത്ഥമനുവർത്തിനി
ഘടതേ കൃഷ്ണദാസസ്യ ഭക്തേഃ സംസ്ഥാപനാ സദാ. 55
ഋഷിഭിർബ്ബഹവോ ലോകേ പന്ഥാനഃ പ്രകടീകൃതാഃ
ശ്രമസാധ്യാശ്ച തേ സർവേ പ്രായഃ സ്വർഗ്ഗഫലപ്രദാഃ 56
വൈകുണ്ഠസാധകഃ പന്ഥാ സ തു ഗോപ്യോ ഹി വർത്തതേ
തസ്യോപദേഷ്ടാ പുരുഷഃ പ്രായോ ഭാഗ്യേന ലഭ്യതേ. 57
സത്കർമ്മ തവ നിർദ്ദിഷ്ടം വ്യോമവാചാ തു യത് പുരാ
തദുച്യതേ ശൃണുഷ്വാദ്യ സ്ഥിരചിത്തഃ പ്രസന്നധീഃ 58
ദ്രവ്യയജ്ഞാസ്തപോയജ്ഞാ യോഗയജ്ഞാസ്തഥാപരേ
സ്വാധ്യായജ്ഞാനയജ്ഞാശ്ച തേ തു കർമ്മവിസൂചികാഃ 59
സത്കർമ്മസൂചകോ നൂനം ജ്ഞാനയജ്ഞഃ സ്മൃതോ ബുധൈഃ
ശ്രീമദ്ഭാഗവതാലാപഃ സ തു ഗീതഃ ശുകാദിഭിഃ 60
ഭക്തിജ്ഞാനവിരാഗാണാം തദ്ഘോഷേണ ബലം മഹത്,
വ്രജിഷ്യതി ദ്വയോഃ കഷ്ടം, സുഖം ഭക്തേർഭവിഷ്യതി. 61
പ്രളയം ഹി ഗമിഷ്യന്തി, ശ്രീമദ് ഭാഗവതധ്വനേ;
കലേർദ്ദോഷാ ഇമേ സർവ്വേ സിംഹശബ്ദാദ്വൃകാ ഇവ. 62
ജ്ഞാനവൈരാഗ്യസംയുക്താ ഭക്തിഃ പ്രേമരസാവഹാ
പ്രതിഗേഹം പ്രതിജനം തതഃ ക്രീഡാം കരിഷ്യതി. 63

നാരദ ഉവാച

വേദവേദാന്തഘോഷൈശ്ച ഗീതാപാഠൈഃ പ്രബോധിതം
ഭക്തിജ്ഞാനവിരാഗാണാം നോദതിഷ്ഠത് ത്രികം യദാ. 64
ശ്രീമദ്ഭാഗവതാലാപാത് തത് കഥം ബോധമേഷ്യതി
തത് കഥാസു തു വേദാർത്ഥഃ ശ്ലോകേ ശ്ലോകേ പദേ പദേ. 65
ഛിന്ദന്തു സംശയം ഹ്യേനം ഭവന്തോ/മോഘദർശനാഃ
വിളംബോ നാത്ര കർത്തവ്യഃ ശരണാഗതവത്സലാഃ 66

കുമാരാ ഊചുഃ

വേദോപനിഷദാം സാരാജ്ജാതാ ഭാഗവതീ കഥാ
അത്യുത്തമാ തതോ ഭാതി പൃഥഗ്ഭൂതാ[1] ഫലോന്നതിഃ 67
ആമൂലാഗ്രം രസസ്തിഷ്ഠന്നാസ്തേ ന സ്വാദ്യതേ യഥാ
സ ഭൂയഃ സംപൃഥഗ്ഭൂതഃ ഫലേ വിശ്വമനോഹരഃ 68
യഥാ ദുഗ്ധേ സ്ഥിതം സർപ്പിർന്ന സ്വാദായോപകല്പതേ
പൃഥഗ്ഭൂതം ഹി[2] തദ്ദിവ്യം ദേവാനാം രസവർദ്ധനം. 69
ഇക്ഷൂണാമാദിമധ്യാന്തം ശർക്കരാ വ്യാപ്യ തിഷ്ഠതി
പൃഥഗ്ഭൂതാ ച സാ മിഷ്ടാ തഥാ ഭാഗവതീ കഥാ. 70
ഇദം ഭാഗവതം നാമ പുരാണം ബ്രഹ്മസമ്മിതം
ഭക്തിജ്ഞാനവിരാഗാണാം സ്ഥാപനായ പ്രകാശിതം. 71

---

1 ഫലാകൃതി-ഇതി പാഠഃ 2 തദ്ഗവ്യം-ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്ങനെ ഞാനതു ചെയ്യണമെന്നതും
നിങ്ങൾ സവിസ്തരമെന്നോടു ചൊല്ലുവിൻ!
ഭക്തിയും ജ്ഞാനവൈരാഗ്യങ്ങളും പരം
സൗഖ്യമായ് വാഴുവാനെന്തു ചെയ്യേണം?
നാലുവർണ്ണത്തിലുമീ മൂന്നുപേരെയും
ചേലായുറപ്പിച്ചിടാനുമെന്താം വഴി? 51-52

സനകാദികൾ പറഞ്ഞു

ചിന്തവേണ്ടാ നാരദർഷേ! ലവം, മന-
സ്സന്തുഷ്ടിയോടും ഭവാൻ വസിച്ചീടുക!
വേണ്ടുമുപായം സുഖസാധ്യമൊന്നിതി-
ന്നുണ്ടു പണ്ടേയുറപ്പിച്ചുവച്ചുള്ളതായ്.
ഭക്തിയോഗം പരക്കെ പ്രകാശിപ്പിക്കു-
മക്കനാമങ്ങു വിരക്താഗ്രഗണ്യനാം.
ഭക്തിസംസ്ഥാപനത്തിന്നു ഹരിദാസ-
മുഖ്യൻ ഭവാൻ പ്രയത്നിപ്പതു യോഗ്യമാം.
ഭിന്നമാർഗ്ഗങ്ങൾ കാട്ടീട്ടുണ്ടൃഷികളീ-
മന്നി,ലവ തുലോം കൃച്ഛ്റസാദ്ധ്യങ്ങൾ
താൻ. 53-55

ഏകുന്നു തുച്ഛമാം സ്വർഗ്ഗഫലമവ,
വൈകുണ്ഠമാർഗ്ഗമിന്നും രഹസ്യം മുനേ!
ആക്കമാ മാർഗ്ഗോപദേശിയാം ധന്യനെ
ഭാഗ്യമുണ്ടെങ്കിലേ കാണ്മാനിടവരൂ.
ആകാശവാക്കിലടക്കിയ കർമ്മവും
ശ്രീകാന്തഭക്ത! കേൾ സാവധാനം
ഭവാൻ. 56-58

ദ്രവ്യയജ്ഞം, യോഗയജ്ഞം, തപോയജ്ഞ-
മാവിധം സ്വാധ്യായജ്ഞാനയജ്ഞങ്ങളും
നിർമ്മലാത്മൻ! ദുഃഖസാധ്യങ്ങളാകയാൽ
കർമ്മവിഷൂചികാഭിഖ്യങ്ങളാണവ. 59

സത്ക്കർമ്മസൂചകജ്ഞാനയജ്ഞം പുരാ
തക്കമെന്യേ നിശ്ചയിച്ചു മനീഷികൾ.
ഭാഗവതാലാപമെന്നതാണാ ശ്രേഷ്ഠ-
യാഗം, ശുകാദികൾ പാടിയതാം മുനേ! 60

ഭക്തിയും ജ്ഞാനവൈരാഗ്യങ്ങളുമതു
കേൾക്കുമ്പൊഴേ മഹച്ഛക്തി കൈക്കൊണ്ടിടും.
കഷ്ടതയററുപോം ജ്ഞാനവിരക്തികൾ,-
ക്കേററം സുഖം കൈവരിച്ചിടും ഭക്തിയും. 61

ഭാഗവതസ്വനം കേൾക്കിൽക്കലിബാധ-
പോകും,ഹരിസ്വരംകേട്ട ചെന്നായപോൽ. 62

ഈ മഹാഗ്രന്ഥപാരായണമൊന്നിനാൽ
പ്രേമരസാവഹയാം ഭക്തിഭാമിനി
നർത്തനം ചെയ്യുമിപ്പുത്രരൊത്തോരോരു-
പത്തനംതോറും ജനംതോറുമനപഹം. 63

നാരദൻ പറഞ്ഞു

വേദഗീതോപനിഷത്തുകൾ വേണ്ടപോ-
ലോതിയിട്ടും ബോധമററുകിടന്നിടും
ഭക്തിയും പുത്രരും ഭാഗവതത്തിനാൽ
ചിക്കെന്നുണരുമെന്നൂഹിപ്പതെങ്ങിനെ?
ഓരോ പദത്തിലും പദ്യത്തിലുമതിൽ
വേദാർത്ഥമല്ലയോ സ ഗ്രഹിച്ചുള്ളതും,
ഇന്നു കരുണാനിധികളാം നിങ്ങളീ
സന്ദേഹവുമുടൻ തീർത്തുതന്നീടണം. 64-66

സനകാദികൾ പറഞ്ഞു

വേദവേദാന്തസാരങ്ങളിൽനിന്നുതാൻ
ജാതമായീ മഹാഭാഗവതം മുനേ!
എന്നതിനാലേററമുത്തമമായിതു
മിന്നുന്നു, തത്ഫലമോ പരമോന്നതം. 67

തേന്മാവുതൊട്ടു മരങ്ങളിലാമൂല-
മുന്മഗ്നമായ് വ്യാപരിച്ചീടുമാരസം
ഭ്രമൻ! ഫലമായ് ബഹിർഗ്ഗമിച്ചീടാതെ
നാമാസ്വദിപ്പതുമെങ്ങിനെ മാമുനേ!
ഈ മഹാസംഹിതയാഗമകല്പക-
ഭ്രമീതഹരസത്രുപഫലം ദൃഢം. 68

പാലിലെ വെണ്ണയരങ്ങിയെടുക്കാതെ-
യാളുകൾക്കാസ്വദിക്കാൻ കഴിഞ്ഞീടുമോ?
വേറുതിരിച്ചെടുത്താൽ സുരക്ഷം കൊതി
പാരം വളർത്തുമതേററവും ദിവ്യമാം. 69

ചക്കിലിട്ടാട്ടിക്കരിമ്പിലിരിക്കുമാ-
ശക്കര വേർതിരിച്ചിങ്ങെടുക്കും വിധം
വേദസാരത്തെയെടുത്തു രചിച്ചതാ-
ണീ ദിവ്യസത്കഥയെത്രയുമുത്തമം.
ശക്കരയും കരിമ്പിന്നുമെഴും ഭേ-
മിക്കൃതിക്കും ശ്രുതികൾക്കുമുണ്ടാം ദൃഢം. 70

ഭക്തിയും ജ്ഞാനവൈരാഗ്യങ്ങളുമിഹ
സത്കൃതരായ് സുസ്ഥിതിയാന്നു മേവിടാൻ
നിർമ്മിച്ചു നിർമ്മലൻ ദ്വൈപായനൻ ബ്രഹ്മ-
സമ്മിതമാകമീ ഭാഗവതംകഥ. 71

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദാന്തവേദസുസ്നാതേ ഗീതായാ അപി കർത്തരി
പരിതാപവതി വ്യാസേ മുഹ്യത്യജ്ഞാനസാഗരേ. 72
തദാ ത്വയാ പുരാ പ്രോക്തം ചതുഃശ്ലോകസമന്വിതം
തദീയശ്രവണാത് സദ്യോ നിർബ്ബാധോ ബാദരായണഃ 73
തത്ര തേ വിസ്മയഃ കേന യതഃ പ്രശ്നകരോ ഭവാൻ
ശ്രീമദ്ഭാഗവതം ശ്രാവ്യം ശോകദുഃഖവിനാശനം. 74

നാരദ ഉവാച

യദ്ദർശനം ച വിനിഹന്ത്യശുഭാനി സദ്യഃ
ശ്രേയസ്തനോതി ഭവദുഃഖദവാർദ്ദിതാനാം
നിഃശേഷശേഷമുഖഗീതകഥൈകപാനാഃ
പ്രേമപ്രകാശകൃതയേ ശരണം ഗതോഽസ്മി. 75

ഭാഗ്യോദയേന ബഹുജന്മസമാർജ്ജിതേന
സത്സങ്ഗമം ച ലഭതേ പുരുഷോ യദാ വൈ
അജ്ഞാനഹേതുകൃതമോഹമദാന്ധകാര-
നാശം വിധായ ഹി തദോദയതേ വിവേകഃ. 76

ഇതി ശ്രീ പത്മപുരാണേ ഉത്തരഖണ്ഡേ ശ്രീമദ്ഭാഗവതമാഹാത്മ്യേ
കുമാരനാരദസംവാദോ നാമ ദ്വിതീയോഽധ്യായഃ

അഥ തൃതീയോഽധ്യായഃ

നാരദ ഉവാച

ജ്ഞാനയജ്ഞം കരിഷ്യാമി ശുകശാസ്ത്രകഥോജ്ജ്വലം
ഭക്തിജ്ഞാനവിരാഗാണാം സ്ഥാപനാർത്ഥം പ്രയത്നതഃ 1
കുത്ര കാര്യോ മയാ യജ്ഞഃ സ്ഥലം തദ്വാച്യതാമിഹ
മഹിമാ ശുകശാസ്ത്രസ്യ വക്തവ്യോ വേദപാരഗൈഃ 2
കിയദ്ഭിർദിവസൈഃ ശ്രാവ്യാ ശ്രീമദ്ഭാഗവതീ കഥാ
കോ വിധിസ്തത്ര കർത്തവ്യോ മമേദം ബ്രുവതാമിതഃ 3

കുമാരാ ഊചുഃ

ശൃണു, നാരദ, വക്ഷ്യാമോ വിനമ്രായ വിവേകിനേ
ഗങ്ഗാദ്വാരസമീപേ തു തടമാനന്ദനാമകം. 4
നാനാഋഷിഗണൈർജ്ജുഷ്ടം ദേവസിദ്ധനിഷേവിതം
നാനാതരുലതാകീർണ്ണം നവകോമളവാലുകം. 5
രമ്യമേകാന്തദേശസ്ഥം ഹേമപദ്മസുശോഭിതം
യത്സമീപസ്ഥജീവാനാം വൈരം ചേതസി ന സ്ഥിതം. 6
ജ്ഞാനയജ്ഞസ്ത്വയാ തത്ര കർത്തവ്യോ ഹ്യപ്രയത്നതഃ
അപൂർവ്വാ രസരൂപാ ച കഥാ തത്ര ഭവിഷ്യതി. 7
പുരഃസ്ഥം നിർബ്ബലം ചൈവ ജരാജീർണകളേബരം
തദ്ദ്വയം ച പുരസ്കൃത്യ ഭക്തിസ്തത്രാഗമിഷ്യതി. 8
യത്ര ഭാഗവതീ വാർത്താ തത്ര ഭക്ത്യാദികം വ്രജേത്
കഥാശബ്ദം സമാകർണ്ണ്യ തത്ത്രികം തരുണായതേ. 9

സൂത ഉവാച

ഏവമുക്ത്വാ കുമാരാസ്തേ നാരദേന സമം തതഃ
ഗങ്ഗാതടം സമാജഗ്മുഃ കഥാപാനായ സത്വരാഃ 10
യദാ യാതാസ്തടം തേ തു തദാ കോലാഹലോഽപ്യഭൂത്
ഭൂർല്ലോകേ ദേവലോകേ ച ബ്രഹ്മലോകേ തഥൈവ ച. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദവേദാന്തേതിഹാസപുരാണൗഘ-
ഗീതാദ്യഖിലോത്തമഗ്രന്ഥകാരകൻ
വ്യാസനൊരുനാൾ മനശ്ശാന്തിയെന്നിയേ
ക്ലേശിച്ചിരിക്കവേയിക്കഥാസത്തുടൻ
നാലുപദ്യത്തിലടക്കിയരുളിയ-
മ്മാലമ്മഹാനവിട്ടന്നൊഴിച്ചീലയോ?
എന്തു പിന്നിപ്പുരാണത്തിൻമഹിമയിൽ
ചിന്താകുലനായ് ഭവിച്ചതിപ്പോൾ ഭവാൻ
ശങ്കവേണ്ടായിക്കഥാശ്രവണം മതി
സങ്കടം സർവ്വമകന്നു സുഖിക്കുവാൻ. 72–74

സൂതൻ പറഞ്ഞു

വിസ്തൃതമായൊരഗ്രന്ഥമഹിമാന-
മസ്സുരർഷികളുള്ളിൽ വീണ്ടും വിളങ്ങവേ
അത്ഭുതമഗ്നനായമ്മുനിശ്രേഷ്ഠരോ-
ടിപ്രകാരം കഥിച്ചീടിനാൻ ഗീശുകം.

നാരദൻ പറഞ്ഞു

ശേഷാനനങ്ങളിൽനിന്നൊഴുകും കഥാ-
യൂഷം സ്വദിച്ചു രമിക്കും യതീന്ദ്രരേ!
നിങ്ങളിസ്സംസാരദുഃഖദാവാഗ്നിയിൽ
തങ്ങും ജനങ്ങൾക്കഭദ്രമൊഴിക്കുന്നു.
നിങ്ങളെ ഞാൻ ശരണം ഗമിച്ചീടുന്നു
ഭംഗിയായി പ്രകാശിപ്പിക്ക ഭക്തിയെ. 75

ഏറിയജന്മങ്ങളിൽ ചെയ്ത സത്കർമ്മ-
പൂരത്തിനുള്ള ഫലം പരിപക്വമായ്
തീരുമ്പൊഴേ ലഭിച്ചീടൂ മനുഷ്യനു
സാരമായീടുന്ന സജ്ജനസങ്ഗമം.
സാധുസങ്ഗം ഭവിച്ചാലുടനജ്ഞാന-
ജാതമാം മോഹാന്ധകാരമശേഷവും
ഉന്മൂലനംചെയ്തുദിച്ചുയരും ദൃഢം
നിർമ്മലമാനസത്തിൽ ജ്ഞാനഭാനുമാൻ. 76

അദ്ധ്യായം 3

സനകസപ്താഹം—ഭക്തികഷ്ടനിവൃത്തി

നാരദൻ പറഞ്ഞു

ശ്രീശുകശാസ്ത്രത്തിലുജ്ജ്വലമാം വിധം
ഭാഷിതമാം ജ്ഞാനയജ്ഞം മുനീന്ദ്രരേ!
ഞാനനുഷ്ഠിച്ചിടാം ക്ലേശം സഹിച്ചുമാ-
ജ്ഞാനവൈരാഗ്യഭക്തി പ്രതിഷ്ഠാർത്ഥമായ്. 1

ആ ശുഭകൃത്യത്തിനുത്തമസ്ഥാനമേ-
താശു ചൊൽവിൻ ശുകശാസ്ത്രമഹത്വവും. 2

എത്രനാൾകൊണ്ടതു കേൾക്കേണ്ടതാണതിൽ
ശ്രദ്ധേയമാകും വിധികളെന്തൊക്കെയാം? 3

കുമാരമുനികൾ പറഞ്ഞു

ജ്ഞാനവിനയാദിസദ്ഗുണരാശിയാം
ഹേ നാരദർഷേ! കഥിക്കാം ശ്രവിക്കുക.
കാണാം ഹരിദ്വാരസന്നിധിതന്നിലാ-
യാനന്ദമെന്ന തടം പരിപാവനം
വൃക്ഷലതാദി നിറഞ്ഞുണ്ടവിടത്തി-
ലക്ഷിമനോജ്ഞം നവമൊരു മൺതറ.
ഇല്ലവിടെജ്ജന ബാധ, വിരിഞ്ഞു സ-
മുല്ലസിക്കുന്നു ചെന്താമരത്താരുകൾ.
നാനാമുനിജനവൃന്ദവിലസിതം,
വാനവസിദ്ധനിഷേവിതമസ്ഥലം
അന്തികസംസ്ഥിതജന്തുവൃന്ദത്തിനി-
ല്ലന്തഃകരണത്തിൽ വൈരമശേഷവും.
എന്നുമങ്ങുണ്ടാമപൂർവ്വവും സദ്രസ-
പൂർണ്ണവുമായിടുമിത്തരം സത്കഥ.
അപ്പുണ്യഭൂമിയിൽവച്ചു നടത്തുക
നിശ്ശ്രേയസം ഭവാനീയജ്ഞമുത്തമം. 4–7

മെയ്യും ജരിതമായ്,ത്തീരെ നടക്കുവാൻ-
വയ്യാതെ, വാടിത്തളർന്നു കിടന്നിടും;
മക്കളെമായ് ഭക്തിയെത്തിടുമക്കഥ-
കേൾക്കുവാനങ്ങവർക്കെത്തും യുവത്വവും.
ഭാഗവതസ്വനം കേൾക്കുന്നിടത്തവർ
പോകയും താരുണ്യമേല്ക്കയും ചെയ്തിടും. 8–9

സൂതൻ പറഞ്ഞു

എന്നീവിധം കഥിച്ചാശു ദേവർഷിയു-
മൊന്നിച്ചു മന്ദാകിനീതടഭൂമിയിൽ
നന്ദാത്മജചരിതാമൃതലോലരായ്
ചെന്നുചേർന്നാർ സനകാദികൾ സത്വരം. 10

ഭൂലോകവും നാകവും സത്യലോകവും
കോലാഹലത്താൽ നിറഞ്ഞിതു തത്ക്ഷണം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭാഗവതപീയൂഷപാനായ രസലമ്പടാഃ
ധാവന്തോഽപ്യായയുഃ സർവ്വേ പ്രഥമം യേ ച വൈഷ്ണവാഃ 12
ഭൃഗുർവ്വസിഷ്ഠശ്ച്യവനശ്ച ഗൗതമോ
മേധാതിഥിർദ്ദേവലദേവരാതൗ
രാമസ്തഥാ ഗാധിസുതശ്ച ശാകലോ
മൃകണ്ഡുപുത്രോഽത്രിജപിപ്പലാദാഃ 13
യോഗേശ്വരൗ വ്യാസപരാശരൗ ച
ഛായാശുകോ ജാജലിജഹ്നുമുഖ്യാഃ
സർവ്വേഽപ്യമീ മുനിഗണാഃ സഹപുത്രശിഷ്യാഃ
സ്വസ്ത്രീഭിരായയുരതിപ്രണയേന യുക്താഃ 14
വേദാന്താനി ച വേദാശ്ച മന്ത്രാസ്തന്ത്രാഃ സമൂർത്തയഃ
ദശസപ്തപുരാണാനി ഷട്ശാസ്ത്രാണി തഥാഽഽയയുഃ 15
ഗംഗാദ്യാഃ സരിതസ്തത്ര പുഷ്കരാദിസരാംസി ച
ക്ഷേത്രാണി ച ദിശഃ സർവ്വാ ദണ്ഡകാദിവനാനി ച. 16
നഗാദയോ യയുസ്തത്ര ദേവഗന്ധർവ്വകിന്നരാഃ
ഗുരുത്വാത്തത്ര നായാതാൻ ഭൃഗുഃ സംബോധ്യ ചാനയത്. 17
ദീക്ഷിതാ നാരദേനാഥ ദത്തമാസനമുത്തമം
കുമാരാ വന്ദിതാഃ സർവ്വൈർന്നിഷേദുഃ കൃഷ്ണതത്പരാഃ 18
വൈഷ്ണവാശ്ച വിരക്താശ്ച ന്യാസിനോ ബ്രഹ്മചാരിണഃ
മുഖഭാഗേ സ്ഥിതാസ്തേ ച തദഗ്രേ നാരദഃ സ്ഥിതഃ 19
ഏകഭാഗേ ഋഷിഗണാസ്തദന്യത്ര ദിവൗകസഃ
വേദോപനിഷദോഽന്യത്ര തീർത്ഥാന്യത്ര സ്ത്രിയോഽന്യതഃ 20
ജയശബ്ദോ നമഃശബ്ദഃ ശങ്ഖശബ്ദസ്തഥൈവ ച
ചൂർണ്ണലാജാപ്രസൂനാനാം നിക്ഷേപഃ സുമഹാനഭൂത് 21
വിമാനാനി സമാരുഹ്യ കിയന്തോ ദേവനായകാഃ
കല്പവൃക്ഷപ്രസൂനൈസ്താൻ സർവ്വാംസ്തത്ര സമാകിരൻ. 22

സൂത ഉവാച

ഏവം തേഷ്വേകചിത്തേഷു ശ്രീമദ്ഭാഗവതസ്യ ച
മാഹാത്മ്യമൂചിരേ സ്പഷ്ടം നാരദായ മഹാത്മനേ. 23

കുമാരാ ഊചുഃ

അഥ തേ *സംപ്രവക്ഷ്യാമോ മഹിമാ ശുകശാസ്ത്രജഃ
യസ്യ ശ്രവണമാത്രേണ മുക്തിഃ കരതലേ സ്ഥിതാ. 24
സദാ സേവ്യാ സദാ സേവ്യാ ശ്രീമദ്ഭാഗവതീ കഥാ
യസ്യാഃ ശ്രവണമാത്രേണ ഹരിശ്ചിത്തം തമാശ്രയേത്. 25
ഗ്രന്ഥോഽഷ്ടാദശസാഹസ്രോ ദ്വാദശസ്കന്ധസമ്മിതഃ
പരീക്ഷിച്ഛുകസംവാദഃ ശൃണു ഭാഗവതം ച തത്. 26
താവത്സംസാരചക്രേഽസ്മിൻ ഭ്രമതേഽജ്ഞാനതഃ പുമാൻ
യാവത് കർണ്ണഗതാ നാസ്തി ശുകശാസ്ത്രകഥാ ക്ഷണം. 27
കിം ശ്രുതൈർബ്ബഹുഭിഃ ശാസ്ത്രൈഃ പുരാണൈശ്ച ഭ്രമാവഹൈഃ
ഏകം ഭാഗവതം ശാസ്ത്രം മുക്തിദാനേന ഗർജ്ജതി. 28
കഥാ ഭാഗവതസ്യാപി നിത്യം ഭവതി യദ്ഗൃഹേ
തദ്ഗൃഹം തീർത്ഥരൂപം ഹി വസതാം പാപനാശനം. 29
അശ്വമേധസഹസ്രാണി വാജപേയശതാനി ച
ശുകശാസ്ത്രകഥായാശ്ച കലാം നാർഹന്തി ഷോഡശീം. 30
താവത് പാപാനി ദേഹേസ്മിൻ നിവസന്തി തപോധനാഃ
യാവന്ന ശ്രൂയതേ സമ്യക് ശ്രീമദ് ഭാഗവതം നരൈഃ 31

* വർണ്ണ്യതേഽസ്മാഭിഃ ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണകഥാസുധാസ്വാദനലോലരാം
വൈഷ്ണവരോടിയെത്തീടിനാരാദ്യമായ്. 12

ദേവലൻ, മേധാതിഥി, വസിഷ്ഠൻ, ഭൃഗു,
ദേവരാതൻ, ഗാഥിപുത്രൻ, മൃകണ്ഡുജൻ,
ശാകലൻ ജാംജലി പിപ്പലാദൻ ജഹ്നു
യോഗേശ്വരൻ രാമനത്രിജൻ ഗൗതമൻ
വ്യാസഭഗവാൻ, ച്യവനൻ, പരാശരൻ,
ശ്രീശുകനിത്യാദി മുഖ്യമുനീശ്വരർ
പുത്രകളത്രശിഷ്യാന്വിതമസ്ഥല-
ത്തെത്തിനാർ സന്തുഷ്ടരായവിളംബിതം.
13-14

വേദവേദാന്തങ്ങൾ ശാസ്ത്രങ്ങൾ മന്ത്രത-
ന്ത്രാദി പതിനേഴിതരപുരാണവും
തങ്ങൾതങ്ങൾക്കുള്ളധിഷ്ഠാനദേവതാ-
മങ്ഗലരൂപത്തിൽ വന്നങ്ങിരുന്നിതേ.
ഗങ്ഗതൊട്ടുള്ള സരിത്തുകൾ പുഷ്കരാ-
ദ്യങ്ങൾ സരസ്സുകൾ ക്ഷേത്രങ്ങൾ ദിക്കുകൾ
ദണ്ഡകംതൊട്ട വനങ്ങൾ ഗിരികളും
കിന്നരദേവഗന്ധർവ്വസമൂഹവും
വന്നുനിറഞ്ഞു, വിഷയാശയാൽ തത്ര
ചേർന്നിടാൻ പററാത്ത പാമരന്മാരെയും
ചെന്നു പറഞ്ഞു വരുത്തീ ഭൃഗുമുനി
തന്നുടെ ലോകഗുരുത്വംനിമിത്തമായ്. 15-17

നാരദനാവിഷ്ടഭക്തക്ക്ശേഷവും
പാരാതെയാസനം നല്കിയിരുത്തിനാൻ.
വന്ദിച്ചു പിന്നെക്കുമാരമുനീന്ദ്രരെ
നന്ദജഭക്തരുമമ്മുനിയും മുദാ. 18

മുന്നിലായ് വൈഷ്ണവരപ്പുറം വൈരാഗ്യ-
മാർന്ന വിവേകികൾ പിൻപു സന്ന്യാസികൾ
പിന്നെയാബ്രഹ്മചാരിവ്രജമേററവും
മുന്നിലായ് നാരദൻതാനമിരുന്നതേ. 19

ഏകഭാഗത്തു മഹർഷീന്ദ്രരു,മന്യ-
ഭാഗത്തിലായ് ദിവൗകസ്സുകളും, തഥാ
പിന്നെയൊരേടത്തു വേദവേദാന്തങ്ങ,-
ളന്യത്ര തീർത്ഥങ്ങ,ളേകത്ര നാരിമാർ. 20

അപ്പോൾ ജയ ജയ കൃഷ്ണ! നമോ നമഃ
ശബ്ദങ്ങൾ പൊങ്ങി, മുഴങ്ങി ശംഖധ്വനി.
നന്നായ് പൊഴിഞ്ഞു സുഗന്ധവസ്തുക്കൾതൻ
ചൂർണ്ണങ്ങളും മലരും മലർക്കൂട്ടവും. 21

ദേവാധിപന്മാർ വിമാനങ്ങളിൽ വന്നു
തൂവീ കണക്കററ കല്പകപ്പൂമഴ. 22

സൂതൻ പറഞ്ഞു
ഈവിധം ശ്രോതാക്കളേകാഗ്രചിത്തരാ-
യാവസിച്ചീടവേയസ്സനകാദികൾ
ഭാഗവതത്തിൻ മഹത്ത്വം സവിസ്തരം
നാകമുനിവരനോട്ട ചൊല്ലീടിനാർ. 23

സനകാദികൾ പറഞ്ഞു
കേൾക്കും നിമിഷത്തിലേതൊരു ജീവനും
മുക്തികരസ്ഥമാമെന്നു വിഖ്യാതമാം
ശ്രീശുകശാസ്ത്രമാഹാത്മ്യം ഭവാനോട്ട
ഭാഷണംചെയ്യുന്നു വിസ്താരമായ് മുനേ! 24

സത്തുക്കളാൽ നിത്യമാസേവ്യമാകമീ-
ശുദ്ധകഥാസ്വാദമിന്നപ്പൊഴെന്നില്ല,
എപ്പോഴുമാവാം; ശ്രവിക്കവോർതന്നുള്ളി-
ലപ്പൊഴേ വന്നു കുടികൊണ്ടിടും ഹരി. 25

ഖണ്ഡിതദ്വാദശസ്കന്ധങ്ങളിൽപ്പതി-
നെണ്ണായിരം ഹൃദ്യപദ്യങ്ങൾ ചേർന്നതായ്
ശ്രീപരീക്ഷിച്ഛുകമാമുനി സംവാദ-
രൂപത്തിലാളുമിസ്സത്കഥ കേൾക്കുക. 26

മാത്രയെന്നാലുമിസ്സംഹിത കേൾക്കുവാൻ
മർത്ത്യനെന്നാണിടയാവതന്നോളവും
മുക്തനാകുന്നില്ലവൻ ദൃഢം സംസാര-
ചക്രഭ്രമണത്തിൽനിന്നെന്നറിയുക. 27

ഇമ്മഹാസംഹിതയൊന്നിനാൽതാൻ ജനം
നിർമ്മുക്തരായിടുമെന്നിരുന്നീടവേ,
മാനസത്തെ വിവിധം ഭ്രമിപ്പിച്ചിടും
നാനാപുരാണങ്ങളെന്തിനു കേൾക്കണം! 28

ആരുടെ ഗേഹത്തിൽ നിത്യവും മാധവ-
ചാരുചരിതപ്രസങ്ഗം നടന്നിടും
ശുദ്ധതീർത്ഥസ്ഥാനമാണാഗൃഹമതിൽ-
പ്പാർത്തീടുവോരെ നിഴലിടാ ദുഷ്കൃതം. 29

ആയിരമശ്വമേധങ്ങൾ ശതവാജ-
പേയങ്ങളും ശ്രമപ്പെട്ടനുഷ്ഠിക്കിലും
ഭാഗവതത്തിൻ പതിനാറിനാലൊരു-
ഭാഗത്തിനുള്ള ഫലമില്ല നിശ്ചയം. 30

ഇപ്രബന്ധം കേട്ടിടുംവരെ മാത്രമേ
നില്പതുള്ളൂ ദുരിതങ്ങൾ മനുഷ്യനിൽ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന ഗംഗാ ന ഗയാ കാശീ പുഷ്കരം ന പ്രയാഗകം
ശുകശാസ്ത്രകഥായാശ്ച ഫലേന സമതാം നയേത്. 32
ശ്ലോകാർദ്ധം ശ്ലോകപാദം വാ നിത്യം ഭാഗവതോദ്ഭവം
പഠസ്വ സ്വമുഖേനൈവ യദീച്ഛസി പരാം ഗതിം. 33
വേദാദിർവ്വേദമാതാ ച പൗരുഷം സൂക്തമേവ ച
ത്രയീ ഭാഗവതം ചൈവ ദ്വാദശാക്ഷര ഏവ ച. 34
ദ്വാദശാത്മാ പ്രയാഗശ്ച കാലഃ സംവത്സരാത്മകഃ
ബ്രാഹ്മണാശ്ചാഗ്നിഹോത്രം ച സുരഭിർദ്വാദശീ തഥാ. 35
തുളസീ ച വസന്തശ്ച പുരുഷോത്തമ ഏവ ച
ഏതേഷാം തത്ത്വതഃ പ്രാജ്ഞൈർന്ന പൃഥഗ്ഭാവ ഇഷ്യതേ. 36
യശ്ച ഭാഗവതം ശാസ്ത്രം വാചയേദർത്ഥതോഽനിശം
ജന്മകോടികൃതം പാപം നശ്യതേ നാത്ര സംശയഃ 37
ശ്ലോകാർദ്ധം ശ്ലോകപാദം വാ പഠേദ് ഭാഗവതം ച യഃ
നിത്യം പുണ്യമവാപ്നോതി രാജസൂയാശ്വമേധയോഃ 38
ഉക്തം ഭാഗവതം നിത്യം കൃതം ച ഹരിചിന്തനം
തുളസീപോഷണം ചൈവ ധേനൂനാം സേവനം സമം. 39
അന്തകാലേ തു യേനൈവ ശ്രൂയതേ ശുകശാസ്ത്രവാക്
പ്രീത്യാ തസ്യൈവ വൈകുണ്ഠം ഗോവിന്ദോഽപി പ്രയച്ഛതി. 40
ഹേമസിംഹയുതം ചൈതദ്വൈഷ്ണവായ ദദാതി ച
കൃഷ്ണേന സഹ സായൂജ്യം സ പുമാൻ ലഭതേ ധ്രുവം. 41

ആജന്മമാത്രമപി യേന ശഠേന കിംചിത്
ചിത്തം വിധായ ശുകശാസ്ത്രകഥാ ന പീതാ
ചാണ്ഡാലവച്ച ഖരവദ് ബത തേന നീതം
മിഥ്യാ സ്വജന്മ ജനനീജനിദുഃഖഭാജാ. 42
ജീവച്ഛവോ നിഗദിതഃ സ തു പാപകർമ്മാ
യേന ശ്രുതം ശുകകഥാവചനം ന കിംചിത്
ധിക് തം നരം പശുസമം ഭുവി ഭാരരൂപം
ഏവം വദന്തി ദിവി ദേവസമാജമുഖ്യാഃ 43

ദുർല്ലഭൈവ കഥാ ലോകേ ശ്രീമദ്ഭാഗവതോദ്ഭവാ
കോടിജന്മസമുത്ഥേന പുണ്യേനൈവ തു ലഭ്യതേ. 44
തേന യോഗനിധേ, ധീമൻ, ശ്രോതവ്യാ സാ പ്രയത്നതഃ
ദിനാനാം നിയമോ നാസ്തി സർവ്വദാ ശ്രവണം മതം. 45
സത്യേന ബ്രഹ്മചര്യേണ സർവ്വദാ ശ്രവണം മതം
അശക്യത്വാത് കലൗ ബോധ്യോ വിശേഷോഽത്ര ശുകാജ്ഞയാ.
മനോവൃത്തിജയശ്ചൈവ നിയമാചരണം തഥാ
ദീക്ഷാം കർത്തുമശക്യത്വാത് സപ്താഹശ്രവണം മതം. 47
ശ്രദ്ധാതഃ ശ്രവണേ നിത്യം മാഘേ താവദ്ധി യത് ഫലം
തത് ഫലം ശുകദേവേന സപ്താഹശ്രവണേ കൃതം. 48
മനസശ്ചാജയാദ്രോഗാത് പുംസാം ചൈവായുഷഃ ക്ഷയാത്
കലേർദ്ദോഷബഹുത്വാച്ച സപ്താഹശ്രവണം മതം. 49
യത് ഫലം നാസ്തി തപസാ ന യോഗേന സമാധിനാ
അനായാസേന തത്സർവ്വം സപ്താഹശ്രവണേ ലഭേത്. 50
യജ്ഞാദ് ഗർജ്ജതി സപ്താഹഃ സപ്താഹോ ഗർജ്ജതി വ്രതാത്
തപസോ ഗർജ്ജതി പ്രോച്ചൈസ്തീർത്ഥാന്നിത്യം ഹി ഗർജ്ജതി. 51
യോഗാദ് ഗർജ്ജതി സപ്താഹോ ധ്യാനാജ്ജ്ഞാനാച്ച ഗർജ്ജതി
കിം ബ്രൂമോ ഗർജ്ജനം തസ്യ രേ രേ ഗർജ്ജതി ഗർജ്ജതി. 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗംഗ,ഗയ,പുഷ്കരം, പ്രയാഗം, പ്രകാ-
പൊങ്ങുമക്കാശിയിവയ്യൊന്നിനും തന്നെ
ചൊല്ലേറുമിമ്മഹാഭാഗവതത്തോടു
തുല്യമായുള്ള മാഹാത്മ്യമുണ്ടായ്‌വരാ.
ഇപ്പുരാണത്തിൽപ്പെട്ടമൊരു പദ്യമോ
താല്പര്യമോടു പദ്യാർത്ഥമോ പാദമോ
മോക്ഷേച്ഛുവായവൻ തൻമുഖത്താലന്യ-
കാങ്ക്ഷവെടിഞ്ഞുരുവിട്ടു പഠിക്കണം. 33

വേദാദിയായിട്ടമോങ്കാര,മാഗമ-
മാതാവു ഗായത്രി, മൂന്നു വേദങ്ങളും,
ഭാഗവതം, ദ്വാദശാക്ഷരിമന്ത്രം, പ്ര-
യാഗ, പുരുഷസൂക്തം, ദ്വാദശി തിഥി,
ദ്വാദശാത്മാവു, സുരഭി, വസന്തത്തു,
ഭൂദേവ,രഗ്നിഹോത്രം, പുരുഷോത്തമൻ,
സംവത്സരാത്മകം കാലം, തുളസിയെ-
ന്നീവകയൊപ്പമെന്നോതുന്നിതു ബുധർ. 34-36

ആരിശ്ശുകകഥയർത്ഥസമന്വിതം
പാരായണംചെയ്യിട്ടുന്നുണ്ടു നിത്യവും
അപ്പുമാൻ കോടിജന്മംചെയ്ത പാപഫല-
മപ്പോഴേ തന്നെ നശിച്ചുപോം നിശ്ചയം. 37

ഇപ്രബന്ധശ്ലോകമൊന്നോ പകുതിയോ
കാൽബ്ഭാഗമോ പഠിച്ചീടുന്ന പുണ്യവാൻ
നിത്യവുമശ്വമേധം, രാജസൂയവും
കൃത്യമായ് ചെയ്യാലെഴും ഫലമാർന്നിടും. 38

ശ്രീശുകനിർമ്മിതസത്കഥാകീർത്തനം,
കേശവരൂപത്തിലേകാഗ്രചിന്തനം,
തണ്ണീർതളിച്ചു തുളസിവളർത്തൽ, ഗോ-
വൃന്ദത്തെയംബുതൃണാദിയാൽ പോററുക,
എന്നിവയെല്ലാം സമാനഫലങ്ങളി-
ങ്ങന്യൂനമേകുന്ന കർമ്മങ്ങളാംതന്നെയാം. 39

അന്ത്യകാലത്തിലാരിസ്സംഹിതയന്യ-
ചിന്തയൊഴിഞ്ഞു കേൾക്കു,ന്നസ്സുകൃതിയെ
ശ്രീകൃഷ്ണമൂർത്തിയതിപ്രേമയുക്തനായ്
വൈകുണ്ഠലോകമണച്ചീടുമക്ഷണം. 40

സ്വർണ്ണസിംഹാസനം തീർത്തതിൽ വച്ചതി-
ധന്യമാം ഭാഗവതഗ്രന്ഥതല്ലജം
ദാനം ഹരിഭക്തനേകും മനുഷ്യന
നൂനം മുകുന്ദസായുജ്യം ലഭിച്ചിടും. 41

മാത്രപോലും ജീവിതത്തിൽ ഹരികഥാ-
സത്താസ്വദിക്കാത്ത ദുഷ്കൃതൻതൻ ജനി
ഗർഭചണ്ഡാളജന്മസമം വെറും-
വ്യർത്ഥമാ,ണായവനെപ്പെററുപോററുവാൻ—
അത്തലനേകം സഹിച്ച മാതാവിൻെറ
കൃത്യമെല്ലാമവൻ പാഴിലാക്കുന്നിതു. 42

അല്പം ഭഗവച്ചരിതം ശ്രവിക്കാത്ത
ദുഷ്പുരുഷൻ വെറും ജീവച്ഛവം മുനേ!
നിന്ദ്യനായിപ്പശുപ്രായനാമപ്പാപി
മന്നിനൊരു ഭാരമായും ഭവിച്ചിടും.
എന്നിങ്ങനെ ദേവസംഘപ്രധാനികൾ
വിണ്ണിൽ പ്രസംഗിച്ചിടുന്നു സഭകളിൽ. 43
സത്കഥാശ്രദ്ധ കുറഞ്ഞുപോയുഴിയി-
ലിക്കാലമാത്മജ്ഞ മാമുനിശ്രേഷ്ഠ! കേൾ
എണ്ണമററുള്ള ജന്മങ്ങളാൽ നേടിയ
പുണ്യഫലത്തിനാലേയതു കൈവരൂ. 44
ആകയാൽ പാരം പണിപ്പെട്ടുമിക്കഥ
യോഗനിധേ! ശ്രവിക്കേണ്ടതുതന്നെയാം.
ഇല്ല ദിവസനിയമമിതിന്നേതു-
മെല്ലായ്പ്പൊഴും കേട്ടിടേണ്ടതെന്നാം ബുധർ. 45
സത്യസംഭാഷണ ബ്രഹ്മചര്യവ്രത-
യുക്തനായ്ത്താനീ ഭഗവത്കഥ സദാ
കേൾക്കണമെന്നാണഭിജ്ഞഗീരെങ്കിലും
ദുഷ്കരംതന്നെയതിക്കലിയിൽ ദൃഢം.
എന്നു കരുതിശ്ശുകൻ വിശേഷാൽ വിധി-
യൊന്നു കല്പിച്ചതറിഞ്ഞിരിക്കേണ്ടതാം. 46
ചിത്തചാഞ്ചല്യമൊഴിക്കുക, വൈഷ്ണവ-
ക്കൊത്തതാം സദ്വ്രതദീക്ഷയെടുക്കുക,
ഷഷ്ഠമദ്ധ്യായത്തിലോതും നിയമത്തിൽ
നിഷ്ഠവ,ച്ചെന്നിവ ദുഷ്കരമാവുകിൽ
സപ്തദിനാവധി സത്കഥ കേൾക്കുവാൻ
കല്പിച്ചു സാധാരണക്കായ് മുഹാമുനി. 47
മാഘമാസത്തിലും ശ്രാവണംതന്നിലു-
മീ കഥ നല്ലപോൽ ശ്രദ്ധിച്ചു കേൾക്കുകിൽ
തങ്ങും ഫലം സപ്തപാരായണംകൊണ്ടു
സങ്ഗതമെന്നുമാചാര്യൻ കഥിച്ചിതു. 48
നാനാമയപീഡകൊണ്ടും നരക്കഹോ!
മാനസം വെല്ലാൻ കഴിയായ്മമൂലവും
ആയുഃക്ഷയം കലിദോഷമിവയാലു-
മായാസമായ്‌വരും നിത്യപാരായണം.
അക്കാരണത്താലരുളീയഖിലർക്കു-
മൊക്കുമിസ്സപ്താഹപാരായണവിധി. 49
യോഗം, സമാധി തപസ്സെന്നിതുകളാൽ
വേഗംലഭിക്കാതിരിക്കും ഫലമെതോ
അപ്പരമം ഫലംതന്നെ ലഭിക്കുന്നു
നിഷ്പ്രയാസം സപ്തപാരായണത്തിനാൽ. 50
തീർത്ഥവ്രതതപോയാഗങ്ങളിലഹം
മേത്തരമെന്നു സപ്താഹമുദ്ഘോഷിപ്പു. 51
''ജ്ഞാനയോഗധ്യാനയോഗയോഗങ്ങളിൽ
ഞാനെത്രമെച്ച,മവ തുലോം തുച്ഛമാം''
ഉച്ചത്തിലിങ്ങനെ ഗർജ്ജനംചെയ്യുന്നു
നിച്ചലും സപ്താഹ,മദ്ഭുതം തദ്ബലം. 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൗനക ഉവാച

സാശ്ചര്യമേതത് കഥിതം കഥാനകം
ജ്ഞാനാദിധർമ്മാൻ വിഗണയ്യ സാമ്പ്രതം.
നിഃശ്രേയസേ ഭാഗവതം പുരാണം
ജാതം കുതോ യോഗവിദാദിസൂചകം. 53

സൂത ഉവാച

യദാ കൃഷ്ണോ ധരാം ത്യക്ത്വാ സ്വപദം ഗന്തുമുദ്യതഃ
ഏകാദശം പരിശ്രുത്യാപ്യുദ്ധവോ വാക്യമബ്രവീത്. 54

ഉദ്ധവ ഉവാച

ത്വം തു യാസ്യസി, ഗോവിന്ദ, ഭക്തകാര്യം വിധായ ച
മച്ചിത്തേ മഹതീ ചിന്താ, താം ശ്രുത്വാ സുഖമാവഹ. 55
ആഗതോഽയം കലിർഘോരോ ഭവിഷ്യന്തി പുനഃ ഖലാഃ
തത്സങ്ഗേനൈവ സന്തോഽപി ഗമിഷ്യന്ത്യുഗ്രതാം യദാ. 56
തദാ ഭാരവതീ ഭൂമിർഗ്ഗോരൂപേയം കമാശ്രയേത്
അന്യോ ന ദൃശ്യതേ ത്രാതാ ത്വത്തഃ കമലലോചന. 57
അതഃ സത്സു ദയാം കൃത്വാ, ഭക്തവത്സല, മാ വ്രജ
ഭക്താർത്ഥം സഗുണോ ജാതോ നിരാകാരോഽപി ചിന്മയഃ. 58
ത്വദ്വിയോഗേന തേ ഭക്താഃ കഥം സ്ഥാസ്യന്തി ഭൂതലേ
നിർഗ്ഗുണോപാസനേ കഷ്ടമതഃ കിഞ്ചിദ്വിചാരയ. 59
ഇത്യുദ്ധവവചഃ ശ്രുത്വാ പ്രഭാസേഽചിന്തയദ്ധരിഃ
ഭക്താവലംബനാർത്ഥായ കിം വിധേയം മയേതി ച. 60
സ്വകീയം യദ്ഭവേത്തേജസ്തച്ച ഭാഗവതേഽദധാത്
തിരോധായ പ്രവിഷ്ടോഽയം ശ്രീമദ്ഭാഗവതാർണ്ണവം. 61
തേനേയം വാങ്മയീ മൂർത്തിഃ പ്രത്യക്ഷാവർത്തതേ ഹരേഃ
സേവനാച്ഛ്റവണാത് പാഠാദ്ദർശനാത് പാപനാശിനീ. 62
സപ്താഹശ്രവണം തേന സർവ്വേഭ്യോപ്യധികം കൃതം
സാധനാനി തിരസ്കൃത്യ കലൗ ധർമ്മോഽയമീരിതഃ 63
ദുഃഖദാരിദ്ര്യദൗർഭാഗ്യപാപപ്രക്ഷാളനായ ച
കാമക്രോധജയാർത്ഥം ഹി കലൗ ധർമ്മോഽയമീരിതഃ 64
അന്യഥാ വൈഷ്ണവീ മായാ ദേവൈരപി സുദുസ്ത്യജാ
കഥം ത്യാജ്യാ ഭവേത് പുംഭിഃ സപ്താഹോതഃ പ്രകീർത്തിതഃ 65

സൂത ഉവാച

ഏവം നഗാഹശ്രവണോരുധർമ്മേ
പ്രകാശ്യമാനേ ഋഷിഭിഃ സഭായാം
ആശ്ചര്യമേകം സമഭൂത്തദാനീം
തദുച്യതേ സംശൃണു ശൗനക ത്വം. 66
ഭക്തിഃ സുതൗ തൗ തരുണൗ ഗൃഹീത്വാ
പ്രേമൈകരൂപാ സഹസാഽഽവിരാസീത്
ശ്രീകൃഷ്ണ ഗോവിന്ദ ഹരേ മുരാരേ
നാഥേതി നാമാനി മുഹുർവ്വദന്തീ. 67
താം ചാഗതാം ഭാഗവതാർത്ഥഭൂഷാം
സുചാരുവേഷാം ദദൃശുഃ സദസ്യാഃ
കഥം പ്രവിഷ്ടാ കഥമാഗതേയം
മധ്യേ മുനീനാമിതി തർക്കയന്തഃ 68
ഊചുഃ കുമാരാ വചനം തദാനീം
കഥാർത്ഥതോ നിഷ്പതിതാധുനേയം
ഏവം ഗിരഃ സാ സസുതാ നിശമ്യ
സനത്കുമാരം നിജഗാദ നമ്രാ. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൗനകൻ പറഞ്ഞു

ജ്ഞാനാദിയെ വിഗണിച്ചുമെന്നാലവ-
യ്ക്കൂനമിയലാതെ സൂചനനല്കിയും
മുക്തിദമായുമാശ്ചര്യമാമ്മാറെഴ-
മിക്കഥയെങ്ങിനെയുദ്ഭൂതമായിതു? 53

സൂതൻ പറഞ്ഞു

ശ്രീകൃഷ്ണനൂഴിയുപേക്ഷിച്ചു വൈകുണ്ഠ-
ലോകം ഗമിക്കുവാനായങ്ങൊരുങ്ങവേ
ഏകാദശത്തിലരുളിടും തത്ത്വങ്ങ-
ളാകവേ കേട്ടതിൽപ്പിന്നെയുമുദ്ധവൻ
ശങ്കാകുലനായ് ഭഗവാനൊടീവിധം
സങ്കടത്തോടുകൂടിക്കഥിച്ചീടിനാൻ. 54

ഉദ്ധവൻ പറഞ്ഞു

അല്ലയോ ഗോവിന്ദ! ഭക്തജനേച്ഛക-
ളെല്ലാം ശരിയായ് നിറവേററിയിക്ഷണം
അങ്ങു മറയാൻ തുനികയാണിപ്പൊഴെൻ-
തുങ്ഗസന്ദേഹമൊഴിച്ചേകണം ശുഭം. 55

ഘോരനാകും കലി വന്നിരിക്കുന്നിതു
പാരിൽപ്പരക്കുമിനിദ്ദുർജ്ജനോത്ക്കരം.
ക്രൂരരായ്ത്തീരുന്ന സാധുജനങ്ങളും
പാരാതസത്തുക്കളോടുള്ള ചേർച്ചയാൽ.
ഭൂരിഭാരാർത്തിയാൽ ഗോരൂപമായ് ധരാ-
യാരെശ്ശരണം ഗമിച്ചിടും ഭാവിയിൽ?
നിന്നെയൊഴിഞ്ഞന്യനാം രക്ഷിതാവിനെ
മന്നിലൊരേടവും കാണുന്നതില്ല ഞാൻ. 56–57

ആകയാൽ സാധുക്കളിൽക്കൃപയാൽ ഭവാൻ
പോകൊലാ മന്നിൽനിന്നും ഭക്തവത്സലാ!
ജ്ഞാനാകൃതി ഭവാൻ സത്ത്വഗുണംപൂണ്ടു
ദീനാവനത്തിനായല്ലോ പിറന്നതും. 58

നിന്തിരുമേനിതൻ വേർപാടിതൊട്ടുമാ-
ഹന്ത! സഹിക്കാ ഭവത്ഭക്തർ നിർണ്ണയം
ഭാവത്ക്ക നിർഗ്ഗുണരൂപസേവയ്ക്കിവ-
ക്കാവതുണ്ടോ ഭവാനായതോക്കേണമേയോ? 59

ഉദ്ധവരേവമുരച്ചെ, പ്രഭാസത്തിൽ
വർത്തിച്ചിട്ടമബ്ഭഗവാൻ രമാപതി
ഭക്തജനാലംബനത്തിനിസ്സന്ധിയിൽ
യുക്തമായ് വേണ്ടതെന്തെന്നു ചിന്തിച്ചതേ. 60

എങ്ങും വിളങ്ങിടും തൻമഹസ്സാകവേ
മങ്ങാതെ ഭാഗവതത്തിലുറപ്പിച്ചു
പിന്നെത്തിരോഭൂതനായ് ഭഗവാൻ ഹരി
ചെന്നിരുന്നാൻ മഹാഭാഗവതാബ്ധിയിൽ.
എന്നതിനാലെയിഗ്രന്ഥമുക്താമണി
മിന്നുന്ന ഗോവിന്ദവാങ്മയീ മൂർത്തിയായ്.
പ്രത്യക്ഷമാമിബ്ഭഗവത്സ്വരൂപത്തെ
നിത്യവും സേവിക്ക, ദർശനം ചെയ്യുക,
അദ്ധ്യയനം ചെയ്യു, കേംക്കുകയിത്തരം
വൃത്തികളാൽ ദുരിതൗഘമൊടുങ്ങിടും. 61-62

ആകയാലിക്കലികാലത്തു സപ്താഹ-
യാഗമഖിലപ്രധാനമാക്കി ബുധർ. 63

ദുഃഖദാരിദ്ര്യദൗർഭാഗ്യദുരിതൗഘ-
മൊക്കെയകററുവാനും ക്രോധകാമാദി-
നിഷ്കാസനം ചെയ്യുവാനുമഭിജ്ഞരാൽ
പ്രഖ്യാപിതമിതു സപ്തപാരായണം. 64

വിഷ്ണുവക്കും ദുസ്ത്യജയായ മായയെ
വെന്നീടുവാൻ നരക്കെങ്ങിനെയൊത്തിടും?
പിന്നെയതിന്നു ചിന്തിച്ചു വിധിച്ചതാ-
ണുന്നതമാകുമിസ്സപ്താഹമാം മഖം. 65

സൂതൻ പറഞ്ഞു

ഇങ്ങിനെയിമ്മഹാ യജ്ഞധർമ്മം സഭാ-
രങ്ഗത്തിലമ്മഹർഷീന്ദ്രർ പറത്തവേ,
അങ്ങൊരു വിസ്മയമുണ്ടായി മാമുനി-
പുങ്ഗവാ! ശൗനകാ! ചൊല്ലാം ശ്രവിക്കുക. 66

''ശ്രീകൃഷ്ണ! ഗോവിന്ദ! ഹേ മുരാരേ! ഹരേ!
ലോകപതേ!'' എന്നടിക്കടി ചൊന്നുടൻ
പ്രേമൈകരൂപിണി ഭക്തി തരുണരാ-
മാമക്കളേയും പിടിച്ചവിടെത്തിനാൻ. 67

ഭാഗവതാർത്ഥഭൂഷാമനോജ്ഞാംഗിയാ-
യാഗതയാം ഭക്തിയെക്കണ്ടഖിലരും
ആരിവ,ളെങ്ങിനെ വന്നിമ്മുനിമദ്ധ്യ-
മേറിയെ,ന്നങ്ങിനെ നോക്കിയിരുന്നിതേ. 68

''ഭാഗവതാർത്ഥശ്രവണത്തിനാലിവി-
ടാഗതയാകിയ ഭക്തിയത്രേയിവൾ''
എന്നകുമാരമുനീന്ദ്രർ ചൊല്ലീടവേ
ചെന്നവരേ നമിച്ചിട്ടവളോതിനാൾ. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തിരുവാച

ഭവദ്ഭിരദ്യൈവ കൃതാസ്മി പുഷ്ടാ
കലിപ്രണഷ്ടാപി കഥാരസേന
ക്വാഹം തു തിഷ്ഠാമ്യധുനാ ബ്രുവന്തു
ബ്രാഹ്മ്യാ ഇദം താം ഗിരമൂചിരേ തേ 70

ഭക്തേഷു ഗോവിന്ദസരൂപകർത്രീ
പ്രേമൈകധർത്രീ ഭവരോഗഹന്ത്രീ
സാ ത്വം ച തിഷ്ഠസ്വ സുധൈര്യസംശ്രയാ
നിരന്തരം വൈഷ്ണവമാനസാനി. 71

തതോഽപി ദോഷാഃ കലിജാ ഇമേ ത്വാം
ദ്രഷ്ടും ന ശക്താഃ പ്രഭവോഽപി ലോകേ
ഏവം തദാജ്ഞാവസരേഽപി ഭക്തിഃ
തദാ നിഷണ്ണാ ഹരിദാസചിത്തേ. 72

സകലഭുവനമധ്യേ നിർധനാസ്തേഽപി ധന്യാ
നിവസതി ഹൃദി യേഷാം ശ്രീഹരേർഭക്തിരേകാ
ഹരിരപി നിജലോകം സർവ്വഥാതോ വിഹായ
പ്രവിശതി ഹൃദി തേഷാം ഭക്തിസൂത്രോപനദ്ധഃ 73

ബ്രൂമോഽദ്യ തേ കിമധികം മഹിമാനമേവം
ബ്രഹ്മാത്മകസ്യ ഭുവി ഭാഗവതാഭിധസ്യ
യത്സംശ്രയാന്നിഗദിതേ ലഭതേ സുവക്താ
ശ്രോതാപി കൃഷ്ണസമതാമലമന്യധർമ്മൈഃ 74

ഇതി ശ്രീപത്മപുരാണേ ഉത്തരഖണ്ഡേ ശ്രീമദ്ഭാഗവതമാഹാത്മ്യേ
ഭക്തികഷ്ടനിവർത്തനം നാമ തൃതീയോഽധ്യായഃ

അഥ ചതുർത്ഥോഽധ്യായഃ

സൂത ഉവാച

അഥ വൈഷ്ണവചിത്തേഷു ദൃഷ്ട്വാ ഭക്തിമലൗകികീം
നിജലോകം പരിത്യജ്യ ഭഗവാൻ ഭക്തവത്സലഃ 1

വനമാലീ ഘനശ്യാമഃ പീതവാസാ മനോഹരഃ
കാഞ്ചീകലാപരുചിരോ ലസന്മുകുടകുണ്ഡലഃ 2

ത്രിഭങ്ഗലലിതശ്ചാരുകൗസ്തുഭേന വിരാജിതഃ
കോടിമന്മഥലാവണ്യോ ഹരിചന്ദനചർച്ചിതഃ 3

പരമാനന്ദചിന്മൂർത്തിർമ്മധുരോ മുരളീധരഃ
ആവിവേശ സ്വഭക്താനാം ഹൃദയാന്യമലാനി ച. 4

വൈകുണ്ഠവാസിനോ യേ ച വൈഷ്ണവാ ഉദ്ധവാദയഃ
തത്കഥാശ്രവണാർത്ഥം തേ ഗൂഢരൂപേണ സംസ്ഥിതാഃ 5

തദാ ജയജയാരാവോ രസപുഷ്ടിരലൗകികീ
ചൂർണ്ണപ്രസൂനവൃഷ്ടിശ്ച മുഹുഃ ശങ്ഖരവോഽപ്യഭൂത് 6

തത്സഭാസംസ്ഥിതാനാം ച ദേഹഗേഹാത്മവിസ്മൃതിഃ
ദൃഷ്ട്വാ ച തന്മയാവസ്ഥാം നാരദോ വാക്യമബ്രവീത്. 7

അലൗകികോഽയം മഹിമാ മുനീശ്വരാഃ
സപ്താഹജന്യോഽദ്യ വിലോകിതോ മയാ
മൂഢാഃ ശഠാ യേ പശുപക്ഷിണോഽത്ര
സർവ്വേഽപി നിഷ്പാപതമാ ഭവന്തി. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തി പറഞ്ഞു

ദൃഷ്ടനായിടും കലിയുടെ പീഡയാൽ
നഷ്ടമെന്നങ്ഗം ചരിതരസത്തിനാൽ
പുഷ്ടമാക്കീ കൃപാശാലികൾ നിങ്ങളി-
മ്മട്ടി,ലിനി ഞാനെവിടിരുന്നീടണം?
ഇമ്മട്ട ഭക്തിതൻ ചോദ്യത്തിനിത്തരം
ബ്രഹ്മാത്മജമുനിശ്രേഷ്ഠർ ചൊല്ലീടിനാർ. 70

പ്രേമൈകരൂപിണിയായ് ഹരിദാസരിൽ
ശ്രീമാധവാകൃതിപൂണ്ട ഭവാമയം
ഉന്മൂലനംചെയ്തു വാഴ്ക ധൈര്യത്തൊടും
നിർമ്മലേ വൈഷ്ണവഹൃത്തിൽ നീ
സന്തതം. 71

ലോകമെങ്ങും സ്വപ്രഭാവപ്രകാശന-
പ്രാഗല്ഭ്യമേറും കലിയുടെ പീഡകൾ
നിന്നെ നിഴലിടാ, എന്ന തദാജ്ഞയാൽ-
ച്ചെന്നു വാണാൾ ഹരിദാസാശയങ്ങളിൽ. 72

ആരുടെയുള്ളിൽ ഹരിഭക്തി മേൽക്കുമേൽ
വേരുറച്ചേറ്റെപ്പരിപുഷ്ടിയാർന്നിടും
അപ്പുരുഷൻ പരം നിർദ്ധനനാകില്ല-
മിപ്പാരിലേററവും ഭാഗ്യവാൻതന്നെയാം.
ഭക്തിപാശാബദ്ധനായ് ഭഗവാൻ ഹരി
ചൊൽക്കൊണ്ടിടും നിജവൈകുണ്ഠസത്പദം
ചിക്കെന്നുപേക്ഷിച്ചു ഭക്തജനങ്ങൾത-
ന്നുൾക്കാമ്പിൽ വന്നു വസിക്കുന്നു
നിത്യവും. 73

ബ്രഹ്മസമാനമാം ഭാഗവതത്തിൻെറ
മേന്മയെന്തിന്നധികം കഥിക്കുന്നു ഞാൻ.
ഏതവനിക്കഥ ചൊൽകയോ കേൾക്കയോ
സാധുതരം വിവരിക്കയോ ചെയ്തിടും,
ആ നരനാനന്ദമൂർത്തിയാമാരമാ-
ജാനിക്കു തുല്യനായ് മന്നിതിൽ
മിന്നിടും. 74

അദ്ധ്യായം 4

ഭാഗവതമാഹാത്മ്യകഥ

സൂതൻ പറഞ്ഞു

ലോലാമലവനമാലാലസിതനായ്,
നീലമേഘാഭനായ്, ചേതോഹരനായി,
കാഞ്ചീകലാപനായ് പീതവസനനനാ-
യഞ്ചിതകുണ്ഡലസത്കിരീടാഭനായ്,
ഉന്നതകൗസ്തുഭശോഭിതനായ്, ഹരി-
ചന്ദനശീതപങ്കാലംകൃതനായി,
രമ്യത്രിവലീവിലസിതനായ്,കോടി-
മന്മഥതുല്യലാവണ്യമനോജ്ഞനായ്,
ചാരുമുരളീധരനായ്, മധുരിമ
ചോരുമുദാനായ്, പരമാനന്ദമൂർത്തിയാം
നാരായണൻ ഭഗവാൻ ഭക്തവത്സലൻ
ക്ഷുറൊട്ടും വൈഷ്ണവ ശുദ്ധചിത്തങ്ങളിൽ
ലോകസുദുർല്ലഭഭക്തി പാർത്തിട്ടടൻ
വൈകുണ്ഠലോകം ത്യജിച്ചെത്തി വാസമായ്.
1–4

ശുദ്ധവേഷം ധരിച്ചിക്കഥ കേൾക്കുവാൻ
കൂടിയങ്ങുദ്ധവാദ്യുത്തമഭക്തരും. 5

അപ്പോളവിടെ മുഴങ്ങീ ജയജയ-
ശബ്ദവും മങ്ഗലശംഖനാദങ്ങളും.
ഉണ്ടായലൗകികമാം രസപുഷ്ടിയും
വേണ്ടപോൽ ധൂളീപ്രസൂനവർഷങ്ങളും. 6

ആഗാരദേഹധനങ്ങളും വിസ്മരി-
ച്ചേകാഗ്രതയോടിരിക്കും സദസ്യരെ
ആകെയൊന്നീക്ഷിച്ചു തന്മയപ്പെട്ടതായ്
നാകിമുനീശ്വരൻ പാർത്തു ചൊല്ലീടിനാൻ. 7

സപ്താഹജാതമാമത്ഭുത മാഹാത്മ്യ-
മിപ്പോഴെനിക്കു കാണായി മുനീന്ദ്രരേ!
ഇങ്ങെഴും മൂഢശഠപശുപക്ഷികൾ
തങ്ങൾതൻ പാപങ്ങളററു ശോഭിപ്പതേ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതോ നൃലോകേ നനു നാസ്തി കിഞ്ചിത്
ചിത്തസ്യ ശോധായ കലൗ പവിത്രം
അഘൗഘവിധ്വംസകരം തഥൈവ
കഥാസമാനം ഭുവി നാസ്തി ചാന്യത്. 9
കേ കേ വിശുദ്ധ്യന്തി വദന്തു മഹ്യം
സപ്താഹയജ്ഞേന കഥാമയേന
കൃപാലുഭിർല്ലോകഹിതം വിചാര്യ
പ്രകാശിതഃ കോഽപി നവീനമാർഗ്ഗഃ 10

കുമാരാ ഊചുഃ

യേ മാനവാഃ പാപകൃതസ്തു സർവ്വദാ
സദാ ദുരാചാരരതാ വിമാർഗ്ഗഗാഃ
ക്രോധാഗ്നിദഗ്ധാഃ കുടിലാശ്ച കാമിനഃ
സപ്താഹയജ്ഞേന കലൗ പുനന്തി തേ. 11
സത്യേന ഹീനാഃ പിതൃമാതൃദൂഷകാ-
സ്തൃഷ്ണാകുലാശ്ചാശ്രമധർമ്മവർജ്ജിതാഃ
യേ ദാംഭികാ മത്സരിണോഽപി ഹിംസകാഃ
സപ്താഹയജ്ഞേന കലൗ പുനന്തി തേ. 12
പഞ്ചോഗ്രപാപാശ്ഛലഛദ്മകാരിണഃ
ക്രൂരാഃ പിശാചാ ഇവ നിർദ്ദയാശ്ച യേ
ബ്രഹ്മസ്വപുഷ്ടാ വ്യഭിചാരകാരിണഃ
സപ്താഹയജ്ഞേന കലൗ പുനന്തി തേ. 13
കായേന വാചാ മനസാപി പാതകം
നിത്യം പ്രകുർവ്വന്തി ശഠാ ഹഠേന യേ
പരസ്വപുഷ്ടാ മലിനാ ദുരാശയാഃ
സപ്താഹയജ്ഞേന കലൗ പുനന്തി തേ. 14

ആത്മദേവോപാഖ്യാനം

അത്ര തേ കീർത്തയിഷ്യാമ ഇതിഹാസം പുരാതനം
യസ്യ ശ്രവണമാത്രേണ പാപഹാനിഃ പ്രജായതേ. 15
തുംഗഭദ്രാതടേ പൂർവ്വമഭൂത് പത്തനമുത്തമം
യത്ര വർണ്ണാഃ സ്വധർമ്മേണ സത്യസത്കർമ്മതത്പരാഃ 16
ആത്മദേവഃ പുരേ തസ്മിൻ സർവ്വവേദവിശാരദഃ
ശ്രൗതസ്മാർത്തേഷു നിഷ്ണാതോ ദ്വിതീയ ഇവ ഭാസ്കരഃ 17
ഭിക്ഷുകോ വിത്തവാൻ ലോകേ തത്പ്രിയാ ധുന്ധുലീ സ്മൃതാ
സ്വവാക്യസ്ഥാപികാ നിത്യം സുന്ദരീ സുകുലോദ്ഭവാ. 18
ലോകവാർത്താരതാ ക്രൂരാ പ്രായശോ ബഹുജല്പികാ
ശൂരാ ച ഗൃഹകൃത്യേഷു കൃപണാ കലഹപ്രിയാ. 19
ഏവം നിവസതോഃ പ്രേമ്ണാ ദമ്പത്യോ*രനപത്യയോഃ
അർത്ഥാഃ കാമാസ്തയോരാസന്നസുഖായ ഗൃഹാദികം. 20
പശ്ചാദ്ധർമ്മാഃ സമാരബ്ധാസ്താഭ്യാം സന്താനഹേതവേ
ഗോഭൂഹിരണ്യവാസാംസി ദീനേഭ്യോ യച്ഛതഃ സദാ. 21
ധനാർത്ഥം ധർമ്മമാർഗ്ഗേണ താഭ്യാം നീതം തഥാപി ച
ന പുത്രോ നാപി വാ പുത്രീ തതശ്ചിന്താതുരൗ ഭൃശം. 22
ഏകദാ സ ദ്വിജോ ദുഃഖാദ് ഗൃഹം ത്യക്ത്വാ വനം ഗതഃ
മദ്ധ്യാഹ്നേ തൃഷിതോ ജാതസ്തഡാഗം സമുപേയിവാൻ. 23
പീത്വാ ജലം നിഷണ്ണസ്തു പ്രജാദുഃഖേന കർശിതഃ
മുഹൂർത്താദപി തത്രൈവ സംന്യാസീ കശ്ചിദാഗതഃ 24

* രമമാണയോഃ ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്നിതിനാലിക്കലിയിൽ മനശ്ശുദ്ധി-
വന്നിടാനും ദുരിതൗഘനാശത്തിനും
ഭാഗവതകഥാപ്രസ്താവതുല്യമി-
ല്ലേകകർമ്മം മന്നിലെന്നുറപ്പായി മേ. 9

എന്നാൽ കഥാശ്രുപപാരായണത്തിനാൽ
മന്നിലേതേതുവിധമെഴും പാപികൾ
പാവനമാനസന്മാരായ് ഭവിക്കുമെ-
ന്നാവിരാനന്ദമെന്നോടരുളീടണം.
ലോകഹിതാർത്ഥം കൃപാത്മാക്കൾ നിങ്ങളീ-
യേകമാം നൂതനപന്ഥാവു കാട്ടിനാർ. 10

കുമാരന്മാർ പറഞ്ഞു

ദുഷ്ടതകാട്ടുവോരും, ദുരാചാരത്തി-
ലിഷ്ടമുള്ളോരു,മരിശാഗ്നിയിൽ വീണു
നഷ്ടമാവോരും, നിഷിദ്ധകർമ്മാക്കളെ-
മേററം കുടിലരും, കാമീനികരവും
പെട്ടെന്നു ശുദ്ധരാമിക്കലിതന്നിലുത്-
കൃഷ്ടമാം സപ്താഹയജ്ഞത്തിനാൽ ദൃഢം. 11

സത്യം വെടിഞ്ഞവർ, മാതാപിതാക്കളെ
നിത്യം ദുഷിപ്പു,വരത്യാഗ്രഹികളും
വഞ്ചകന്മാ,രതാതാശ്രമധർമ്മത്തെ-
യഞ്ചാതെവിട്ടവർ, ജന്തുഹന്താക്കളും,
മാത്സര്യമേറുവോരും, പരിശുദ്ധരാ-
മിസ്സപ്തപാരായണയജ്ഞമൊന്നിനാൽ. 12

പഞ്ചോഗ്രപാതകകൃത്തുകൾ, കള്ളവും
വഞ്ചനയും നുണയും തൊഴിലാക്കിയോർ,
ക്രൂരചിത്തന്മാർ, പിശാചപ്രകൃതികൾ
തീരെക്കരുണയററോർ, പരസ്ത്രീഗതർ,
ബ്രഹ്മധനാഹരണത്താൽ തടിച്ചവ-
രിമ്മട്ടുകാരുമിതിനാൽ വിമുക്തരാം. 13

കായവാങ്മാനസവൃത്തികളാലഘം
ഭൂയോപിചെയ്‌വോർ, പരസ്വത്തിനാൽ
ത്തനു-
പുഷ്ടമാക്കുന്നോർ ശഠന്മാർ, മലിനരും,
ദുഷ്ടാശയരു,മിതിനാൽ വിശുദ്ധരാം. 14

ആത്മദേവോപാഖ്യാനം

കേൾക്കുന്നമാത്രയിൽ സർവ്വപാപങ്ങളും
പോക്കുന്നതായിതിനൊത്ത ദൃഷ്ടാന്തമായ്
ചൊല്ലാം പുരാതനമാമിതിഹാസമൊ-
ന്നുല്ലാസപൂർവ്വം ശ്രവിക്കുക മാമുനേ! 15

തെക്കുദിക്കിൽത്തുംഗഭദ്രാനദിയുടെ
വക്കിലുണ്ടായിരുന്നേകപുരം പുരാ.
സത്യശൗചാദി സദാചാരമാകവേ
കൃത്യമായ് പാലിച്ചു ധർമ്മനിഷ്ഠാതരായ്
ഭദ്രം വസിച്ചിരുന്നസ്ഥലത്തന്യോന്യ-
മൈത്രിയോടും പല ജാതിയിൽപ്പെട്ടവർ. 16

വേദസ്മൃതിവിധിശ്രദ്ധാലുവായ് സർവ്വ-
വേദജ്ഞനായവിടാത്മദേവാഖ്യനായ്
ഉണ്ടായിരുന്നൊരു ഭാസുരഭൂസുരൻ,
രണ്ടാമനാകുമഹസ്കരനെന്നപോൽ. 17

ഭിക്ഷുവത്രേയവീയുലകത്തിൽ വിത്തവാ-
നക്ഷയം തന്നെയുവന്റെ ധനം ദൃഢം.
ആദ്ധ്യ സമ്പന്നനാമാത്മദേവനു-
ണ്ടോമനധുന്ധുലിയെന്നൊരു ഭാമിനി. 18

സുന്ദരിയാമവളുത്കൃഷ്ടവംശജ,
ചൊന്നവാക്കേററം മുറുകെപ്പിടിക്കുവോൾ,
ഏറെപ്പറഞ്ഞീടുവോൾ, കലഹപ്രിയ,
പാരം പരഗുണദോഷവിമർശക
ക്രൂരയും പാരം കൃപണയുമെങ്കിലു-
മേറെച്ചുണക്കുട്ടി വീട്ടുകാര്യങ്ങളിൽ. 19

എന്തുചെയ്യാം, പ്രേമയുക്തരവർക്കൊരു
സന്താനമുണ്ടായതി,ല്ലതുകാരണം
ദുഃഖമയമായ് ഭവിച്ചു ഗേഹാദിയാ-
മുത്കൃഷ്ടഭോഗവിഷയാർത്ഥമാകവേ. 20

ഉണ്ണിയുണ്ടാകുവാനന്നിപ്പുനാവ-
രെണ്ണമെന്യേ ഗോക്കൾ ഭൂമി വസ്ത്രങ്ങളും
സ്വർണ്ണവും മററു വസ്തുക്കളും യാചക-
ർക്കെന്നും കൊടുത്തിതു പിന്നെയും
പിന്നെയും. 21

വീട്ടുമുതലിൽ പകുതിയും പെട്ടെന്നു
നഷ്ടമായ് ദാനധർമ്മങ്ങളാലെങ്കിലും,
കിട്ടീലൊരു മകനെയോ മകളെയോ
കഷ്ട! മതിനാൽ മുഴത്തിതവർക്കഴൽ. 22

ആടലിലാണ്ടുധരാസുരനേകദാ
കാടുകേറിച്ചരിച്ചീടവേ, നേരവും
നട്ടുച്ചയായ് ദാഹമേറിജ്ജലത്തിനായ്
പെട്ടെന്നൊരു തടാകത്തിലണഞ്ഞുതേ. 23

നീരം കുടിച്ചിട്ടു സന്താനമില്ലാത്ത
കാര്യം നിനച്ചല്ലലാർന്നങ്ങിരിക്കവേ,
വന്നാൻ മുഹൂർത്തത്തിനുള്ളിലവിടൊരു
സന്യാസിവര്യനെവിടെനിന്നോ ദ്രുതം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഷ്ട്വാ പീതജലം തം തു വിപ്രോ യാതസ്തദന്തികം
നത്വാ ച പാദയോസ്തസ്യ നിഃശ്വസൻ സംസ്ഥിതഃ പുരഃ 25

യതിരുവാച

കഥം രോഷിദി വിപ്ര ത്വം? കാ തേ ചിന്താ ബലീയസീ?
വദ ത്വം സത്വരം മഹ്യം സ്വസ്യ ദുഃഖസ്യ കാരണം. 26

ബ്രാഹ്മണ ഉവാച

''കിം ബ്രവീമി, ഋഷേ, ദുഃഖം പൂർവ്വപാപേന സഞ്ചിതം
മദീയാഃ പൂർവ്വജാസ്തോയം കവോഷ്ണമുപഭുഞ്ജതേ. 27
മദ്ദത്തം നൈവ ഗൃഹ്ണന്തി പ്രീത്യാ ദേവാ ദ്വിജാതയഃ
പ്രജാദുഃഖേന ശൂന്യോऽഹം പ്രാണാംസ്ത്യക്തുമിഹാഗതഃ 28
ധിഗ് ജീവിതം പ്രജാഹീനം; ധിഗ് ഗൃഹം ച പ്രജാം വിനാ,
ധിഗ് ധനം ചാനപത്യസ്യ ധിക്കുലം സന്തതിം വിനാ. 29
പാല്യതേ യാ മയാ ധേനുഃ സാ വന്ധ്യാ സർവ്വഥാ ഭവേത്
യോ മയാ രോപിതോ വൃക്ഷഃ സോऽപി
വന്ധ്യത്വമാശ്രയേത്. 30
യത് ഫലം മദ്ഗൃഹായാതം തച്ച ശീഘ്രം വിനശ്യതി
നിർഭാഗ്യസ്യാനപത്യസ്യ കിമതോ ജീവിതേന മേ.'' 31
ഇത്യുക്ത്വാ സ രുരോദോച്ചൈസ്തത്പാർശ്വം ദുഃഖപീഡിതഃ
തദാ തസ്യ യതേശ്ചിത്തേ കരുണാഭൂദ് ഗരീയസീ. 32
തത്ഫാലാക്ഷരമാലാം ച വാചയാമാസ യോഗവാൻ
സർവ്വം ജ്ഞാത്വാ യതിഃ പശ്ചാദ്വിപ്രമൂചേ സവിസ്തരം. 33

യതിരുവാച

മുഞ്ചാജ്ഞാനം പ്രജാരൂപം ബലിഷ്ഠാ കർമ്മണോ ഗതിഃ
വിവേകം തു സമാസാദ്യ ത്യജ സംസാരവാസനാം. 34
ശൃണു, വിപ്ര, മയാ തേऽദ്യ പ്രാരബ്ധം തു വിലോകിതം,
സപ്തജന്മാവധി തവ പുത്രോ നൈവ ച നൈവ ച. 35
സന്തതേഃ സഗരോ ദുഃഖമവാപാങ്ഗഃ പുരാ തഥാ
രേ മുഞ്ചാദ്യ കുടുംബാശാം സംന്യാസേ സർവ്വഥാ സുഖം. 36

ബ്രാഹ്മണ ഉവാച

''വിവേകേന ഭവേത് കിം മേ പുത്രം ദേഹി ബലാദപി,
നോ ചേത്ത്യജാമ്യഹം പ്രാണാംസ്ത്വദഗ്രേ ശോകമൂർച്ഛിതഃ 37
പുത്രാദിസുഖഹീനോऽയം സംന്യാസഃ ശുഷ്ക ഏവ ഹി
ഗൃഹസ്ഥഃ സരസോ ലോകേ പുത്രപൗത്രസമന്വിതഃ'' 38
ഇതി വിപ്രാഗ്രഹം ദൃഷ്ട്വാ പ്രാബ്രവീത്സ തപോധനഃ
''ചിത്രകേതുർഗ്ഗതഃ കഷ്ടം വിധിലേഖവിമാർജ്ജനാത്. 39
ന യാസ്യസി സുഖം പുത്രാദ്യഥാ ദൈവഹതോദ്യമഃ
അതോ ഹഠേന യുക്തോऽസി;'' ''ഹ്യർത്ഥിനം കിം വദാമ്യഹം. 40
തസ്യാഗ്രഹം സമാലോക്യ ഫലമേകം സ ദത്തവാൻ
''ഇദം ഭക്ഷയ പത്ന്യാ ത്വം തതഃ പുത്രോ ഭവിഷ്യതി. 41
സത്യം ശൗചം ദയാ ദാനമേകഭക്തം തു ഭോജനം
വർഷാവധി സ്ത്രീയാ കാര്യം തേന പുത്രോऽതിനിർമ്മലഃ'' 42
ഏവമുക്ത്വാ യയൗ യോഗീ വിപ്രസ്തു ഗൃഹമാഗതഃ
പത്ന്യാഃ പാണൗ ഫലം ദത്വാ സ്വയം യാതസ്തു കുത്രചിത്. 43
തരുണീ കുടിലാ തസ്യ സഖ്യഗ്രേ ച രുരോദ ഹ
അഹോ ചിന്താ മമോത്പന്നാ ഫലം ചാഹം ന ഭക്ഷയേ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെള്ളംകുടിച്ചങ്ങൊരിടത്തു വിശ്രമം-
കൊള്ളമസ്സന്ന്യാസിതന്നടുത്തക്ഷണം
ചെന്നു പാദപ്രണാമംചെയ്തഭിമുഖം
നിന്നാൻ വിഷണ്ണനായ് നിശ്വാസപൂർവ്വകം. 25

സന്ന്യാസി പറഞ്ഞു

ഹേ മഹീദേവാ! വലുതാം വ്യസനത്തി-
ലാമഗ്നനായ് ഭവാനെന്നു തോന്നുന്നു മേ.
ചിന്തിപ്പതെന്താണധികം? കരയുന്ന-
തെന്തിനു? സന്താപകാരണമെന്തു തേ? 26

ബ്രാഹ്മണൻ പറഞ്ഞു

എന്തുചൊല്ലീടേണ്ടു മാമുനേ! ഞാ,നെന്റെ
വൻതുയിർ ജന്മാന്തരകർമ്മജം ദൃഢം.
അല്ലോപ്പമാക്കാതെ മല്പിതൃക്കൾക്കെന്റെ
തർപ്പണനീർ കുടിപ്പാൻ കഴിയാതെയായ്. 27

ഞാനേകിടും ജലം ദേവദ്വിജാദികൾ
മാനസതൃപ്തിയോടല്ല കൈക്കൊൾവതും.
സന്താനശൂന്യൻ മൃതസമൻ, ജീവിപ്പ-
തെന്തി,നിറങ്ങിനേനാത്മഹത്യയ്ക്കുതാൻ. 28

പുത്രഹീനൻതൻ കുലം, ധനം, ജീവിതം,
പത്തനമെന്നിതെല്ലാം തുലോം നിന്ദിതം. 29

ഞാൻ വളർത്തും പശു വന്ധ്യയായ്ത്തീർന്നിടും,
ഭുവിൽ ഞാൻ നട്ടിടും വൃക്ഷവും കായ്ച്ചിടാ. 30

പുഷ്പഫലങ്ങളെൻ ഗേഹത്തിലെത്തുകി-
ലപ്പൊഴേതന്നെയുണങ്ങിക്കരിഞ്ഞുപോം.
അത്രമേൽ നിർഭാഗ്യവാനമപുത്രനും
പൃഥ്വിയിലെന്തിനു ജീവിച്ചിരിക്കണം! 31

എന്നിത്രയുംപറഞ്ഞദ്വിജൻ യോഗിതൻ
മുന്നിൽനിന്നങ്ങു വാവിട്ടുകരഞ്ഞിതു
ഉന്നതകാരുണ്യമന്നേരമമ്മഹാൻ
തന്നുൾത്തളിരിൽ നിറഞ്ഞു വഴിഞ്ഞിതു. 32

അക്ഷമാദേവന്റെ മൗലിലിഖിതമാ-
മക്ഷരമാല വായിച്ചറിഞ്ഞാനുടൻ
അത്രമേൽ യോഗപ്രഭാവനാമമ്മുനി
വിസ്തരിച്ചദ്ദ്വിജനോടഥ ചൊല്ലിനാൻ. 33

സന്ന്യാസി പറഞ്ഞു

അല്ലയോ ഭൂസുരാ! പുത്രേച്ഛയങ്ങേയ്ക്കു
തെല്ലുമാത്മജ്ഞാനമില്ലായ്കമൂലമാം.
നേടു വിവേകം, വിടു ഭവവാസന,-
യീടാർക്കു കർമ്മഗതിതടഞ്ഞീടുവാൻ? 34

ക്ഷോണീസുരാ! ഭവാൻ ശ്രദ്ധിച്ചുകേൾക്കുക,
കാണുന്നു ഞാൻ ഭവത്പ്രാരബ്ധമാകവേ.
കില്ലില്ല, മേലിനിയേഴുജന്മത്തേക്കു-
മില്ലതാ,നില്ലതാനങ്ങേയ്ക്കു സന്തതി. 35

മക്കൾമൂലം സഗരന്നനർത്ഥങ്ങളെ-
ന്തൊക്കെയുണ്ടായ്‌വന്നിതങ്ങ്ഗഭൂപാലനും
വംശം നിലനിറുത്താനെഴമീയാശ-
മോശമാം, സർവ്വഥാ സന്ന്യാസമുത്തമം. 36

ബ്രാഹ്മണൻ പറഞ്ഞു

എന്തു ഫലം വിവേകത്താ,ലെനിക്കൊരു
സന്താനമേകു ഭവാൻ യോഗശക്തിയാൽ.
അല്ലെങ്കിലല്ലലാൽ മൂർച്ഛിതനാമിവൻ
കില്ലില്ല, നിൻമുന്നിലിപ്പോൾ മരിക്കുവൻ. 37

പുത്രാദിസൗഖ്യവിഹീനമാം സന്ന്യാസ-
മെത്രയോ ശുഷ്കം നിരൂപിച്ചു കാണുകിൽ.
പുത്രകളത്രാദിയൊത്ത ഗൃഹസ്ഥനാം
പൃഥ്വിയിലേറ്റം സരസ,നസംശയം. 38

നന്ദനലാഭത്തിലാശയേറും മഹീ-
വിണ്ണവനോടായ് പറഞ്ഞു വീണ്ടും മുനി:-
''മുന്നം വിധിലിഖിതം ചിത്രകേതുവാം
മന്നൻ നിഷേധിച്ചു കഷ്ടത്തിലാണ്ടുപോയ്. 39

പുത്രനുണ്ടാകിലങ്ങേക്കവൻമൂലമാ-
യെത്താ സുഖം വിധിവൈപരീത്യത്തിനാൽ.
എന്നതിനാലിതിലാശവിടുകയാം
ന,ന്നർത്ഥിയോടിതിലേറെയെന്തോതിടും?'' 40

വീണ്ടും ദ്വിജന്റെ നിർബ്ബന്ധം ബലിഷ്ഠമായ്-
ക്ക,ണ്ടൊരു മാമ്പഴമേകിനാൻ മാമുനി.
കൊണ്ടുപോയ് പത്നിക്കു നല്കി-
ബ്ഭുജിപ്പിക്ക-
യുണ്ടായിടും തവ നന്ദനൻ നിർണ്ണയം. 41

സത്യസംഭാഷണം, ദീനദാനം, ദേഹ-
ശുദ്ധി, കരുണ,യൊരു കറി ഭക്ഷണം;
എന്നീ വ്രതങ്ങളാണ്ടൊന്നു മുടങ്ങാതെ
തന്വി നോററാൽ പുത്രനുത്തമനായിടും.'' 42

പോയാനിതു ചൊല്ലിയോഗി, ധരാസുരൻ
ജായയ്ക്കിതു കൊടുത്തങ്ങോ ഗമിച്ചിതു. 43

പിന്നെക്കുടിലയാം ഭൂസുരഭാമിനി
തന്നുടെയുററസഖിയെസ്സമീപിച്ചു
ക്രന്ദനം ചെയ്യാൻ തുടങ്ങിനാൾ, ''സോദരീ!
വന്നുകൂടീ നമുക്കിന്നൊരത്യാഹിതം.
പുത്രലാഭത്തിനെനിക്കൊരു മാമ്പഴ,
ഭർത്താവു തന്നിരിക്കുന്നു ഭുജിക്കുവാൻ.
തിന്നുകയില്ലതു മേലിൽ വരും ഫല-
മൊന്നുമോരാതെ ഞാൻ ത്രസ്തു ഭോഷയോ? 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലഭക്ഷേണ ഗർഭഃ സ്യാദ് ഗർഭേണോദരവൃദ്ധിതാ
സ്വല്പഭക്ഷം തതോഽശക്തിർഗൃഹകാര്യം കഥം ഭവേത്. 45

ദൈവാദ്ധാടീംവ്രജേദ് ഗ്രാമേ പലായേദ് ഗർഭിണീ കഥം
ശുകവന്നിവസേദ്ഗർഭസ്തം കുക്ഷേഃ കഥമുദ്സൃജേത്. 46

തിര്യക് ചേദാഗതോ ഗർഭസ്തദാ മേ മരണം ഭവേൽ,
പ്രസൂതൗ ദാരുണം ദുഃഖം സുകുമാരീ കഥം സഹേ? 47

മന്ദായാം മയി സർവ്വസ്വം നനാന്ദാ സംഹരേത്തദാ,
സത്യശൗചാദിനിയമോ ദുരാരാധ്യഃ സദൃശ്യതേ. 48

ലാളനേ പാലനേ ദുഃഖം പ്രസൂതായാശ്ച വർത്തതേ
വന്ധ്യാ വാ വിധവാ നാരീ സുഖിനീ ചേതി മേ മതിഃ 49

ഏവം കുതർക്കയോഗേന തത്ഫലം നൈവ ഭക്ഷിതം
പത്യാ പൃഷ്ടം ''ഫലം ഭുക്തം ഭുക്തം'' ചേതി തയേരിതം. 50

ഏകദാ ഭഗിനീ തസ്യാ-
സ്തദ്ഗൃഹം സ്വേച്ഛയാഽഽഗതാ
തദഗ്രേ കഥിതം സർവ്വം,
''ചിന്തേയം മഹതീ ഹി മേ. 51

ദുർബ്ബലാ തേന ദുഃഖേന
ഹ്യനുജേ കരവാണി കിം?''
സാബ്രവീ''ന്മമ ഗർഭോഽസ്തി
തം ദാസ്യാമി പ്രസൂതിതഃ 52

താവത്കാലം സഗർഭേവ
ഗുപ്താ തിഷ്ഠ ഗൃഹേ സുഖം,
വിത്തം ത്വം മത്പതേര്യച്ഛ,
സ തേ ദാസ്യതി ബാലകം. 53

ഷാണ്മാസികോ മൃതോ ബാല
ഇതി ലോകോ വദിഷ്യതി
തം ബാലം പോഷയിഷ്യാമി
നിത്യമാഗത്യ തേ ഗൃഹേ. 54

ഫലമർപ്പയ ധേനൈ്വ ത്വം
പരീക്ഷാർത്ഥം തു സാമ്പ്രതം''
തത്തദാചരിതം സർവ്വം
തഥൈവ സ്ത്രീസ്വഭാവതഃ 55

അഥ കാലേന സാ നാരീ
പ്രസൂതാ ബാലകം തദാ
ആനീയ ജനകോ ബാലം
രഹസ്യേ ധുന്ധുളീം ദദൗ. 56

തയാ ച കഥിതം ഭർത്രേ
പ്രസൂതഃ സുഖമർഭകഃ
ലോകസ്യ സുഖമുത്പന്ന-
മാത്മദേവപ്രജോദയാത്. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാനിതു തിന്നാലുടൻ ഗർഭധാരണം
നൂനം ഭവിക്കും, വയർവീർത്തുവന്നിടും,
ഭക്ഷണമല്പമേ ചെല്ലൂ, ശരീരവു-
മക്ഷണം ശോഷിച്ചശക്തയായ്ത്തീർന്നിടും.
വീട്ടുപണിയെടുക്കാനുമാവാതൊരു-
ഗോഷ്ഠിയെന്നായ്‌വരും കാണികൾക്കൊ
ക്കെയും. 45

വണ്ടിയിഗ്രാമത്തിൽ വന്നീടി,ലെങ്ങനെ
മണ്ടി വഴിയൊഴിഞ്ഞീടുമിഗ്ഗർഭിണി?
പക്ഷേ, ശുകനെന്നപോൽ പതിനാറാണ്ടു
കുക്ഷിയിൽത്തന്നെ കിടന്നെന്നുമാം ശിശു.
അങ്ങനെവന്നാകിൽ ഞാനതിനെപ്പിന്നെ-
യെങ്ങനെ തള്ളും പുറത്തു സഹോദരീ! 46

സൂതികാലത്തു വിലങ്ങത്തിലായ്‌വരും
പോതമെന്നാലെൻ കഥയന്നു തീർന്നിടും.
ഏററം വിപത്തു വേറൊന്നുണ്ടു നാരികൾ-
ക്കീററനോവിസ്സുകുമാരി സഹിക്കുമോ? 47

വീട്ടുപണികളിൽനിന്നും വിരമിച്ചു
പേററുനോവേററു ഞാൻ വട്ടംകറങ്ങവേ,
ഭർത്തൃസഹോദരി വന്നെന്മുതലുക-
ളത്രയും കത്തിക്കവർന്നുകടന്നിടും,
എന്നല്ല ചൊന്നപോൽ സത്യശൗചാദിക-
ളെന്നുമനുഷ്ഠിപ്പതിന്നും പ്രയാസമാം. 48

ഉണ്ണിയെക്കാത്തു ലാളിച്ചു വളർത്തുക-
യെന്നതും നിത്യദുഃഖത്തിനു ഹേതുവാം
അന്തമറേറാരു ദുരിതങ്ങളോക്കവേ
വന്ധ്യാവിധവകൾതന്നെയാം ധന്യകൾ''. 49

ഇങ്ങനെയോരോ ദുരാലോചനകളിൽ
മുങ്ങിയാ മാമ്പഴം തിന്നില്ല തന്വിയാൾ
തിന്നോ പഴമെന്ന ഭർത്തൃചോദ്യത്തിനു
തിന്നു ഞാൻ തിന്നു ഞാനെന്നു ചൊന്നാളവൾ.

പിന്നെയൊരുനാളനുജത്തി ഗേഹത്തിൽ
വന്നിതന്യോന്യമുണ്ടായി സംഭാഷണം. 50–51

ഉള്ളംതുറന്നവളോടഖിലം ചൊല്ലി
കള്ളം കണവനോടോതിയതും വൃഥാ
തന്മൂലമായ് വ്യസനിപ്പതുമിപ്പോളൊ-
രുന്മേഷമൊന്നിലുമില്ലാതിരിപ്പതും.
എന്താണിതിന്നുപശാന്തിയെന്നന്ത്യമായ്
ധുന്ധുലി ചോദിച്ചു, ചൊന്നാൾ സഹോദരി:
''വേണ്ടാ വിഷാദം സഹജേ! പരിഹാര-
മുണ്ടൊരുപായം പറയാം ശ്രവിക്കുക.
ഗർഭമുണ്ടിപ്പോളെനിക്കശ്ശിശുവിനെ-
യുദ്ഭവിച്ചോട്ടുകഴിഞ്ഞു ഞാനേകിടാം

അന്നുവരെയൊരു ഗർഭിണിയാണെന്നു
തന്നെ നടിച്ചൊളിഞ്ഞിങ്ങു വസിക്കുക
എൻപതി സമ്മതിക്കേണമതിന്നു നീ
മുൻപേ കുറേപ്പണമേകിയെന്നാൽമതി.
നാട്ടുകാരോടാറുമാസം കഴിഞ്ഞെൻെറ
കുട്ടി മരിച്ചുപോയെന്നു ഞാൻ ചൊന്നിടാം.
ലോകരതു വിശ്വസിച്ചിടും, കൊണ്ടുവ-
ന്നേകാം നിനക്കശ്ശിശുവിനെ ഗൂഢമായ്
എന്നുമിവിടെ ഞാൻ വന്നു മുലകൊടു-
ത്തുണ്ണിയെ രക്ഷിച്ചുകൊൾകയും
ചെയ്തിടാം. 52–54

എന്നാൽ ഫലമിതു തിന്നാൽ വരുംഫല-
മൊന്നുനോക്കാം പശുവിന്നു കൊടുത്തിടാം''
എന്നനുജത്തി പറഞ്ഞപോൽ ചെയ്തിതു;
വന്നുപോം സ്ത്രീസ്വഭാവത്താലിതൊക്കെയും.
കാലമായപ്പോൾ പ്രസവിച്ചു സോദരി
ബാലനെപ്പിന്നൊരുനാളപ്പിതാവുതാൻ
ആരുമറിയാതെടുത്തങ്ങുകൊണ്ടുചെ-
ന്നാ രമണിക്കു കൊടുത്തു കരാറുപോൽ. 55–56

പിറേറന്നുഷസ്സിലെഴുന്നേററു ധുന്ധുലി
ചെററുമേ ക്ലേശാതെ കാന്തനോടോതിനാൾ:
''ഇന്നലെ രാത്രിയിൽ പെറേറനൊരാമയ-
മെന്നിയേ സൗഖ്യമായ് ഞാനെൻ പ്രിയതമാ!
പുഞ്ചിരിപ്പാലൊളിതൂവിയബ്ബാലകൻ
മഞ്ചതലത്തിലതാ കിടക്കുന്നിതു
പ്രാണനാഥാ, ഭവാൻ വന്നൊന്നു കണ്ടുട-
നാനന്ദവാരാന്നിധിയിലാറാടുക
പേററുനോവെന്നതെന്തെന്നറിഞ്ഞീലെനി-
ക്കേറെറില്ല മററൊരു പീഡയും വല്ലഭാ!
അങ്ഗങ്ങളെല്ലാം കൊഴുത്തുമിനുത്തതി-
ഭംഗിയിൽ മുങ്ങിവിളങ്ങുമിക്കുഞ്ഞിനെ
കുറാന്റെടുത്തണച്ചുമ്മവെച്ചിട്ടുട-
നാറുമാസപ്രായമാരും മതിച്ചിടും
മാമ്പഴത്തിൻെറ മാഹാത്മ്യമാണീവിധം
സംഭവിച്ചെന്നതിലില്ലൊരു സംശയം.
ഏറെനാളായ് നാമനുഷ്ഠിച്ച സത്ക്കർമ്മ-
പൂരവുമിന്നു സഫലമായ്ത്തീർന്നിതു.
ഭവ്യമിതുവിധം നമ്മൾക്കു ചേർത്താര-
ദ്ദിവ്യനാം യോഗിതൻ തൃക്കഴൽപ്പൂംപൊടി
എന്നിടിലത്തിലണിയാനസാധ്യമായ്
വന്നതോർത്തുള്ള വിഷാദമേയുള്ളു മേ.''
എന്നാ പ്രിയപത്നി ചൊന്ന വാക്യങ്ങളിൽ
സന്ദേഹലേശമേശാതമ്മഹീസുരൻ
നന്ദനനെച്ചെന്നെടുത്തണച്ചാനന്ദ-
തുന്ദിലനായ് പുണർന്നീടിനാൻ പിന്നെയും.
ആത്മജനാത്മദേവന്നുളവായതി-
ലാത്മപ്രസാദം പ്രകടമാക്കീ ജനം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദദൗ ദാനം ദ്വിജാതിഭ്യോ ജാതകർമ്മ വിധായ ച
ഗീതവാദിത്രഘോഷോഽഭൂത്തദ്വാരേ മങ്ഗളം ബഹു. 58

ഭർത്തുരഗ്രേഽബ്രവീദ്വാക്യം, ''സ്തന്യം നാസ്തി കുചേ മമ
അന്യസ്തന്യേന നിർദ്ദുഗ്ധാ കഥം പുഷ്ണാമി ബാലകം? 59

മത്സ്വസുശ്ച പ്രസൂതായാ മൃതോ ബാലസ്തു വർത്തതേ
താമാകാര്യ ഗൃഹേ രക്ഷ സാ തേഽർഭം പോഷയിഷ്യതി.'' 60

പതിനാ തത്കൃതം സർവ്വം പുത്രരക്ഷണഹേതവേ;
പുത്രസ്യ ധുന്ധുകാരീതി നാമമാത്രാ പ്രതിഷ്ഠിതം. 61

ത്രിമാസേ നിർഗ്ഗതേ ചാഥ സാ ധേനുഃ സുഷുവേഽർഭകം
സർവ്വാങ്ഗസുന്ദരം ദിവ്യം നിർമ്മലം കനകപ്രഭം. 62

ദൃഷ്ട്വാ പ്രസന്നോ വിപ്രസ്തു സംസ്കാരാൻ സ്വയമാദധേ
മത്വാഽഽശ്ചര്യം ജനാഃ സർവ്വേ ദിദൃക്ഷാർത്ഥം സമാഗതാഃ 63

''ഭാഗ്യോദയോഽധുനാ ജാത ആത്മദേവസ്യ പശ്യത
ധേന്വാ ബാലഃ പ്രസൂതസ്തു ദേവരൂ''പീതി കൗതുകം. 64

ന ജ്ഞാതം തദ്രഹസ്യം തു കേനാപി വിധിയോഗതഃ
ഗോകർണ്ണം തം സുതം ദൃഷ്ട്വാ ഗോകർണ്ണം നാമ ചാകരോത്. 65

കിയത്കാലേന തൗ ജാതൗ തരുണൗ തനയാവുഭൗ
ഗോകർണ്ണഃ പണ്ഡിതോ ജ്ഞാനീ, ധുന്ധുകാരീ മഹാഖലഃ 66

സ്നാനശൗചക്രിയാഹീനോ ദുർഭക്ഷീ ക്രോധവർദ്ധിതഃ
ദുഷ്ടരിഗ്രഹകർത്താ ച ശവഹസ്തേന ഭോജനം. 67

ചൗരഃ സർവ്വജനദ്വേഷീ, പരവേശ്മപ്രദീപകഃ
ലാളനായാർഭകാൻ ധൃത്വാ സദ്യഃ കൂപേ ന്യപാതയത്. 68

ഹിംസകഃ ശസ്ത്രധാരീ ച ദീനാന്ധാനാം പ്രപീഡകഃ
ചാണ്ഡാളാഭിരതോ നിത്യം പാശഹസ്തഃ ശ്വസങ്ഗതഃ 69

തേന വേശ്യാകുസങ്ഗേന പൈതൃകം വിത്തം തു നാശിതം
ഏകദാ പിതരൗ താഡ്യ പാത്രാണി സ്വയമാഹരത്. 70

തത്പിതാ കൃപണഃ പ്രോച്ചൈർദ്ധനഹീനോ രുരോദ ഹ,
''വന്ധ്യത്വം തു സമീചീനം, കുപുത്രോ ദുഃഖദായകഃ 71

ക്വ തിഷ്ഠാമി? ക്വ ഗച്ഛാമി? കോ മേ ദുഃഖം വ്യപോഹയേത്?
പ്രാണാംസ്ത്യജാമി ദുഃഖേന ഹാ, കഷ്ടം! മമ സംസ്ഥിതം.'' 72

തദാനീം തു സമാഗത്യ ഗോകർണ്ണോ ജ്ഞാനസംയുതഃ
ബോധയാമാസ ജനകം വൈരാഗ്യം പരിദർശയൻ. 73

''അസാരഃ ഖലു സംസാരോ ദുഃഖരൂപീ വിമോഹകഃ
സുതഃ കസ്യ? ധനം കസ്യ? സ്നേഹവാൻ ജ്വലതേഽനിശം. 74

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാനം മഹീസുരർക്കേകിയാഘോഷിച്ചു
സൂനുവിൻ ജാതകർമ്മം കേമമായ് ദ്വിജൻ
സംഗീതമംഗലവാദ്യഘോഷധ്വനി
പൊങ്ങിയങ്ങാത്മദേവാലയത്തിൽ സദാ. 58

പിന്നെയൊരുദിനം ധുന്ധുലി കാന്തൻെറ
സന്നിധിതന്നിലണഞ്ഞു ചൊല്ലീടിനാൾ:
''പാലൊരുത്തുള്ളിയുമില്ലെന്മുലകളിൽ
ബാലനെയെങ്ങനെ പിന്നെ വളർത്തിടും?
വല്ലവരും വന്നിവിടെ വല്ലപ്പൊഴും
തെല്ലു പാലേകിയാലാവില്ല വല്ലഭാ! 59

ഒട്ടനാളായനുജത്തി പെററിട്ടഥ
കുട്ടി മരിച്ചുപോയ് പാലുണ്ടു വേണ്ടപോൽ
എന്നോടൊരുമിച്ചവളുമീ ഗേഹത്തിൽ
വന്നു വസിച്ചു വളർത്തട്ടെ ബാലനെ
അങ്ങൊന്നനുവദിച്ചാൽ വരസമ്മതം
വാങ്ങിവരാമെന്നവൾ ചൊല്ലിയിന്നലെ.'' 60

തത്പതിതൻെറയീവാക്കിലും തെല്ലുമൊ-
രപ്രിയംകാട്ടിയില്ലപ്പുത്രവത്സലൻ
ആനയിച്ചാളനുജത്തിയെയക്ഷണം;
സൂനുവിനും ധുന്ധുകാരിയെന്നിട്ടുപേർ. 61

സർവ്വാംഗസുന്ദരനായതിദിവ്യനായ്,
സൗവർണ്ണസുപ്രഭനോയ് പരിശുദ്ധനായ്,
മിന്നുമൊരാൺകുഞ്ഞിനെ പ്രസവിച്ചിതു
മൂന്നുമാസം കഴിഞ്ഞപ്പൊഴുതപ്പശു. 62

അക്കുഞ്ഞിനെ ദ്വിജൻ കണ്ടു സന്തുഷ്ടനായ്
സംസ്കാരകർമ്മങ്ങൾ താനേ നടത്തിനാൻ.
അദ്ഭുതസംഭവം കേട്ടുകാണ്മാനവി-
ടെപ്പൊഴും വന്നുപൊയ്ക്കൊണ്ടിരുന്നു ജനം. 63

''കാണുവിനാത്മദേവൻെറ ഭാഗ്യോദയം
ധേനുവിൽനിന്നു കിട്ടീ ദിവ്യബാലനെ.'' 64

അന്യോന്യമീവിധമെല്ലാം പറഞ്ഞഭി-
നന്ദിച്ചു വിപ്രനെസ്സർവ്വജനങ്ങളും.
സംഗതിതൻ രഹസ്യങ്ങളജ്ഞാതമായ്
മങ്ങിക്കിടന്നിതേ ദൈവയോഗത്തിനാൽ.
ഗോകർണ്ണതുല്യശ്രവണനപ്പുത്രനു
ഗോകർണ്ണനെന്നുതാനിട്ടു നാമവും. 65
കാലക്രമത്തിൽ വളർന്നു യുവതയിൽ
കാലുവച്ചീടിനാരാ രണ്ടു ബാലരും
മിന്നിനാൻ ജ്ഞാനവിജ്ഞാനാദിയാലെ ഗോ-
കർണ്ണ,നന്യൻ മഹാദുഷ്ടനുമായിതു. 66

സ്നാനശൗചാദിരഹിതനായ്, രുഷ്ടനായ്,
ഹീനപദാർത്ഥം ഭുജിക്കുന്നവനുമായ്,
ദുഷ്ടാംഗനകളെയാന്നീടുക, മററ-
വിട്ടിടത്തെക്കരംകൊണ്ടു ഭക്ഷിക്കുക. 67

ലാളിക്കുവാനെന്നമട്ടിൽ വിളിച്ചുടൻ
ബാലകരെക്കിണററിൽ തള്ളിവീഴ്ക്കുക,
നാനായുധങ്ങൾ ധരിച്ചു നടക്കുക,
ദീനാന്ധപാളിയെ മർദ്ദനംചെയ്യുക.
കള്ളം ജനദ്വേഷവും, ഹിംസ, വീടുകൾ
കൊള്ളിവയ്ക്കലെന്നിവ ചെയ്യുന്നവനുമായ്
ക്രൂരചണ്ഡാലസഹവാസിയായ്, പാശ-
ധാരിയായും തീർന്നു ധുന്ധുകാരിദ്വിജൻ. 68–69

താതസമ്പത്തു മുടിച്ചു മുഴുക്കെയി-
പ്പാതകി വേശ്യാസമാഗമംമൂലമായ്
വീട്ടുസാമാനങ്ങളോരോന്നു കൊണ്ടുപോയ്
വിററു ചൂതാടിക്കളഞ്ഞുകളിച്ചവൻ.
പിന്നൊരുനാൾ ഗണികാലയയാത്രയിൽ
വന്നു ചിലതെടുത്തപ്പോൾ തടുക്കയാൽ,
മാതാപിതാക്കളെ ദണ്ഡിച്ചു വേണ്ടപോൽ
ബോധംകെടുത്തിയിട്ടിട്ടതിരുഷ്ടനായ്
ആലയസാധനമൊന്നിട്ടിടാതുട-
നാലയിപ്പിച്ചിതു വേശ്യാലയങ്ങളിൽ. 70

പുത്രദുർവൃത്തികൾ കണ്ടുകണ്ടാർത്തനാ-
യിത്ഥമത്താതനൊരിക്കൽ കരഞ്ഞുപോയ്
''കഷ്ടമേ! ദുഷ്ടനാം പുത്രൻ ജനിപ്പതിൽ-
ശ്രേഷ്ഠം ജനിക്കാതിരിപ്പതുതാൻ ദൃഢം. 71

എങ്ങുപോകേണ്ടു ഞാ,നെങ്ങിരിക്കേണ്ടതി-
ത്തുംഗവ്യഥ ശമിപ്പിക്കുന്നതേതൊരാൾ?
ദുഃഖം സഹിക്കാനരുതിക്കണക്കിനി-
പ്പോക്കിടാം വല്ലവിധത്തിലും ജീവനെ.'' 72

ജ്ഞാനിയായീടുന്ന ഗോകർണ്ണനപ്പൊഴ-
സ്ഥാനത്തിലെത്തിപ്പിതൃദുഃസ്ഥിതി-
കണ്ടു വൈരാഗ്യമാർഗ്ഗം പ്രദർശിപ്പിച്ചു
വേണ്ടപോലുള്ള വിവേകമുണ്ടാക്കിനാൻ. 73

''എത്ര നിസ്സാരമിസ്സംസാരമോർക്കുകി-
ലത്തലും മോഹവുമേററുന്നിതേവനും
ആരുടെ നന്ദന? നാരുടെ സമ്പത്തി?—
തോരു,കിതുകളോടെന്തു സംബന്ധമാം?
കത്തിജ്ജ്വലിക്കുന്നിതെപ്പൊഴും സ്നേഹവാൻ,
ധാത്രീസുരമണേ! താതമഹാമതേ! 74

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന ചേന്ദ്രസ്യ സുഖം കിഞ്ചിത്, ന സുഖം ചക്രവത്തിനഃ
സുഖമസ്തി വിരക്തസ്യ മുനേരേകാന്തജീവിനഃ 75

മുഞ്ചാജ്ഞാനം പ്രജാരൂപം മോഹതോ നരകേ ഗതിഃ
നിപതിഷ്യതി ദേഹോഽയം സർവ്വം ത്യക്ത്വാ വനം വ്രജ.'' 76

തദ്വാക്യം തു സമാകർണ്യ ഗന്തുകാമഃ പിതാബ്രവീത്:
''കിം കർത്തവ്യം വനേ, താത, തത്വം വദ സവിസ്തരം. 77

അന്ധകൂപേ സ്നേഹപാശേ ബദ്ധഃ പങ്ഗുരഹം ശഠഃ
കർമ്മണാ പതിതോ നൂനം മാമുദ്ധര ദയാനിധേ.'' 78

ഗോകർണ്ണ ഉവാച

''ദേഹേഽസ്ഥിമാംസരുധിരേഽഭിമതിം ത്യജ ത്വം
ജായാസുതാദിഷു സദാ മമതാം വിമുഞ്ച
പശ്യാനിശം ജഗദിദം ക്ഷണഭങ്ഗനിഷ്ഠം,
വൈരാഗ്യരാഗരസികോ ഭവ ഭക്തിനിഷ്ഠഃ 79

ധർമ്മം ഭജസ്വ, സതതം, ത്യജ ലോകധർമ്മാൻ,
സേവസ്വ സാധുപുരുഷാൻ, ജഹി കാമതൃഷ്ണാം
അന്യസ്യ ദോഷഗുണചിന്തനമാശു മുക്ത്വാ
*ശൈവീകഥാരസമഹോ നിതരാം പിബ ത്വം.'' 80

ഏവം സുതോക്തിവശതോഽപി ഗൃഹം വിഹായ
യാതോ വനം സ്ഥിരമതിർഗ്ഗതഷഷ്ടിവഷഃ
യുക്തോ ഹരേരനുദിനം പരിചര്യയാസൗ
ശ്രീകൃഷ്ണമാപ നിയതം ദശമസ്യ പാഠാത്. 81

ഇതി ശ്രീപത്മപുരാണേ ഉത്തരഖണ്ഡേ ശ്രീമദ്ഭാഗവതമാഹാത്മ്യേ
വിപ്രമോക്ഷോ നാമ ചതുർത്ഥോഽധ്യായഃ

അഥ പഞ്ചമോഽധ്യായഃ

സൂത ഉവാച

പിതര്യുപരതേ തേന ജനനീ താഡിതാ ഭൃശം
''ക്വ വിത്തം തിഷ്ഠതി ബ്രൂഹി ഹനിഷ്യേ ലത്തയാ ന
ചേത്.'' 1

ഇതി തദ്വാക്യസംത്രാസാജ്ജനന്യാ പുത്രദുഃഖതഃ
കൂപേ പാതഃ കൃതോ രാത്രൗ തേന സാ നിധനം ഗതാ. 2

ഗോകർണ്ണസ്തീർത്ഥയാത്രാർത്ഥം നിർഗ്ഗതോ യോഗസംസ്ഥിതഃ
ന ദുഃഖം ന സുഖം തസ്യ ന വൈരീ നാപി ബാന്ധവഃ 3

ധുന്ധുകാരീ ഗൃഹേഽതിഷ്ഠത് പഞ്ചപണ്യവധൂവൃതഃ
അത്യുഗ്രകർമ്മകർത്താ ച തത്പോഷണവിമൂഢധീഃ 4

ഏകദാ കലടാസ്താസ്തു ഭൂഷണാന്യഭിലിപ്സവഃ
തദർത്ഥം നിർഗ്ഗതോ ഗേഹാത് കാമാന്ധോ മൃത്യുമസ്മരൻ. 5

* സേവാകഥ-ഇതിപാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗഖ്യം തരിമ്പുമില്ലിന്ദ്രനുമിമ്മഹീ-
ചക്രമടക്കിയ ചക്രവർത്തിക്കുമേ
പിന്നെ,യത്തുള്ളതു സംസാരദുഃഖത്തിൽ-
നിന്നൊഴിഞ്ഞോരേകാന്ത മുനിക്കുതാൻ. 75

താത,നതിനാ,ലിദാനീം സുതസ്നേഹ-
ജാതമജ്ഞാനമശേഷം ത്യജിക്കണം.
പുത്രാദ്യഭിമാനമജ്ഞതമൂലമാ-
യെത്തു,ന്നതാഴ്ത്തുന്നഹോ! നരകത്തിലും.
പ്രാരബ്ധകർമ്മാവസാനത്തിലീയുടൽ
പാരിൽ പതിച്ചുപോമില്ലൊരു സംശയം.
എന്നതിനാൽ ഭവാൻ സർവ്വവും സന്ത്യജി-
ച്ചിന്നുതന്നേ വനത്തിന്നു പോയീടണം. 76

ആ വാക്കു കാര്യമായ് കൈക്കൊണ്ടു കാനന-
മാവസിപ്പാൻ വെമ്പിയോതിനാൻ ഭൂസുരൻ:-
''നന്ദനാ! കാട്ടിലണഞ്ഞു ഞാൻ വേണ്ടതെ-
ന്തെന്നതും വിസ്തരിച്ചെന്നോടു ചൊല്ലുക! 77

സ്നേഹപാശാബദ്ധനായന്ധകൂപത്തി-
ലാഹന്ത! പംഗുവുമായ് ശഠനാമിവൻ
കർമ്മദോഷത്താൽ പതിച്ചുപോയീവിധ,-
മെന്മകനേ! കനിഞ്ഞെന്നെക്കരേറ്റുക.'' 78

ഗോകർണ്ണൻ പറഞ്ഞു

തള്ളണമാത്മാഭിമാനമിദ്ദേഹത്തി-
ലുള്ളത,തസ്ഥിമാംസാസൃഗവിനിർമ്മിതം.
തീരെ ത്യജിക്ക മമത്വം സുതാദിയിൽ,
വൈരാഗ്യഭക്തികൾ നിത്യം വളർത്തുക,
ഇപ്രപഞ്ചം ക്ഷണഭങ്ഗുരമാണെന്ന-
തുൾപ്പൂവിലെപ്പൊഴും ചിന്തിച്ചുകൊള്ളുക. 79

സക്തിയും ധർമ്മത്തി,ലന്യധർമ്മാദ്യനാ-
സക്തിയു,മേററം വിഷയവിരക്തിയും,
അന്യഗുണദോഷചിന്താവിമുക്തിയും,
ധന്യമാമീശകഥാമൃതഭുക്തിയും,
സാധുജനൗഘസംസേവനശക്തിയും,
സ്വാധീനമാക്കണമങ്ങവിളംബിതം. 80

എന്നിങ്ങനെ നിജഗോകർണ്ണനന്ദനൻ
ചൊന്ന വാക്യം കേട്ടുറപ്പിച്ചു മാനസം
ഷഷ്ടിവയസ്സനാമാത്മദേവദ്വിജൻ
പെട്ടെന്നു കാനനംതന്നിൽ പ്രവേശിച്ചു
അന്തരങ്ഗം ചലിപ്പിക്കാതെയിന്ദിരാ-
കാന്താർച്ചനയിൽ മുഴുകിയുമന്വഹം,
ഭാഗവതദശമസ്കന്ധവായന-
രാഗയുതമനുഷ്ഠിച്ചും വഴിപോലെ
കാലം ഹരിസേവയാലെ നയിച്ചന്ത്യ-
കാലം ഭഗവാൻ മുകുന്ദനിൽ ചേർന്നുതേ. 81

അദ്ധ്യായം 5

ആത്മദേവോപാഖ്യാനം-തുടർച്ച
(ഗോകർണ്ണമോക്ഷം)

സൂതൻ പറഞ്ഞു

''ദുഷ്ടേ! ധനമൊക്കെയെങ്ങെടീ! നീ കഴി-
ച്ചിട്ടിരിക്കുന്നതു ചൊല്ലെടീ! വാസ്തവം
അല്ലെങ്കിലിക്ഷണം ദാക്ഷിണ്യമെന്നിയേ
കൊല്ലുമടിച്ചു ഞാ''നെന്നു ചൊല്ലീട്ടുടൻ
തൻതാതനിര്യാണശേഷമൊരിക്കലാ-
ധുന്ധുലിയെദ്ധുന്ധുകാരി താഡിച്ചുതേ. 1

പുത്രദുർവ്വാക്യവും താഡനപീഡയും
നിത്യവുമേററു സഹിക്കരുതാതെയായ്
അന്ധകൂപത്തിലെടുത്തുചാടി ദ്രുതം
ധുന്ധുലി ജീവൻ വെടിഞ്ഞാളൊരുദിനം. 2

തത്ത്വജ്ഞനാകുമാ ഗോകർണ്ണയോഗിയും
തീർത്ഥാടനത്തിനിറങ്ങിത്തിരിച്ചിതു.
ഇല്ലവനേതുമേ ദുഃഖവും സൗഖ്യവു,-
മില്ല വിരോധിയും ബന്ധുവുമെങ്ങുമേ. 3

ചൊൽപ്പൊങ്ങുമഞ്ചു കുലടാമണികളെ
പാർപ്പിച്ചു വീട്ടിലദ്ധുന്ധുകാരി ദ്വിജൻ.
തത്പ്രീതി നേടുവാനേതു ദുഷ്കൃത്യവു-
മപ്പൊഴേ ചെയ്യാൻ മടിച്ചില്ല മൂഢധീ. 4

പ്രത്യേകമായ്ച്ചില ഭൂഷാവിശേഷത്തി-
ലത്യനവധികൾക്കാശയെത്തുകമൂലമായ്
പെട്ടെന്നു കൊണ്ടുവന്നീടുവാൻ വീട്ടു-
വിട്ടു പുറത്തുപോയ്ക്കാമാന്ധനാമവൻ
മൃത്യുവിനേയും മറന്നലഞ്ഞങ്ങിങ്ങു-
ചുററിത്തിരിഞ്ഞു പലതും കവർന്നുടൻ
അഞ്ചാറുനാൾക്കകം കൊണ്ടുവന്നേകി മാ-
നഞ്ചുംമിഴികൾക്കു വസ്ത്രവിഭൂഷകൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യതസ്തതശ്ച സംഹൃത്യ
വിത്തം വേശ്മ പുനർഗ്ഗതഃ
താഭ്യോഽയച്ഛത് സുവസ്ത്രാണി
ഭൂഷണാനി കിയന്തി ച. 6

ബഹുവിത്തചയം ദൃഷ്ട്വാ
രാത്രൗ നാര്യോഽവിചാരയൻ
''ചൗര്യം കരോത്യസൗ നിത്യ-
മതോ രാജാ ഗ്രഹീഷ്യതി. 7

വിത്തം ഹൃത്വാ പുനശ്ചൈനം
മാരയിഷ്യതി നിശ്ചിതം
അതോഽർത്ഥഗുപ്തയേ ഗൂഢ-
മസ്മാഭിഃ കിം ന ഹന്യതേ. 8

നിഹത്യൈനം ഗൃഹീത്വാർത്ഥം
യാസ്യാമോ യത്ര കുത്രചിത്''
ഇതി താ നിശ്ചയം കൃത്വാ
സുപ്തം സംബധ്യ രശ്മിഭിഃ 9

പാശം കണ്ഠേ നിധായാസ്യ
തന്മൃത്യുമുപചക്രമുഃ
ത്വരിതം ന മമാരാസൗ
ചിന്തായുക്താസ്തദാഭവൻ. 10

തപ്താങ്ഗാരസമൂഹാംശ്ച
തന്മുഖേ ഹി വിചിക്ഷിപുഃ
അഗ്നിജ്ജ്വാലാതിദുഃഖേന
വ്യാകുലോ നിധനം ഗതഃ 11

തം ദേഹം മുമുചുർഗ്ഗർത്തേ
പ്രായഃ സാഹസികാഃ സ്ത്രിയഃ
ന ജ്ഞാതം തദ്രഹസ്യം തു
കേനാപീദം തഥൈവ ച. 12

ലോകൈഃ പൃഷ്ടാ വദന്തി സ്മ,
''ദൂരം യാതഃ പ്രിയോ ഹി നഃ
ആഗമിഷ്യതി വർഷേഽസ്മിൻ
വിത്തലോഭവികർഷിതഃ'' 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ വിത്തഭാണ്ഡമഴിച്ചുനോക്കിദ്രുതം
തേവിടിശ്ശിക്കൂട്ടമദ്ഭുതവിഭ്രമം
തേടി,യാരാത്രിയിലൊന്നിച്ചു ഗൂഢമായ്-
ക്കൂടിക്കഴിച്ചൊരു കൂടിയാലോചന.
''മോഷണമെന്നും നടത്തുന്നതുണ്ടിവൻ
ദൂഷണമുണ്ടാമിതിനാൽ നമുക്കഹോ!
ഇത്രയേറെദ്ധനം പോയോരിളയ്ക്കയി;-
ല്ലത്യരം ചെന്നറിയിക്കും നൃപാലനെ
ആരായുമാജ്ഞാകരർ, പിടികൂടിയി-
ച്ചോരനെ കാരാഗൃഹത്തിലടച്ചിടും,
പണ്ടങ്ങളും കൊണ്ടുപോക,മൊട്ടുവിലി-
ക്കണ്ടകനെക്കഴുവേററിയെന്നും വരും.
ഇദ്ധനം കാത്തുരക്ഷിക്കവാനായുട-
നുത്തമോപായമെന്തെന്നു ചിന്തിക്ക നാം.''
എന്നീവിധത്തിലൊരുത്തി കഥിച്ചതിൽ
നന്ദിച്ചുചൊന്നാളപരയാം സുന്ദരി:-
''സത്യമത്രേയനജത്തി പറഞ്ഞതു;
ബുദ്ധിപോയില്ല ഞങ്ങൾക്കിതിലിത്രയും.
നല്ലതായുള്ളോരുപായമിതി,നെൻെറ-
യുള്ളത്തിലിപ്പോളുദിച്ചയതുന്ന കേരം
ചൊല്ലാ,മിതല്ലാതെ മററൊരു മാർഗ്ഗമീ-
യല്ലലൊഴിക്കുവാൻ കാണുന്നതില്ല ഞാൻ
ഞെട്ടരുതാരുമീവാക്കു കേട്ടാലുടൻ;
പെട്ടെന്നിവനെ വധിക്കുകതന്നെ നാം.
ഒട്ടും മടിക്കരുതീരാത്രിയിൽ തല-
തട്ടിയിവനെക്കുഴിച്ചുമൂടീടണം.
ആഭരണങ്ങളുമാശു മറയ്ക്കണം;
സ്വാഭാവികസ്ഥൈര്യമാർന്നു വസിക്കണം.
പൊട്ടിക്കരുതു രഹസ്യമൊരിക്കലും;
നഷ്ടമായ്പ്പോയിടും നമ്മുടെ ജീവിതം.
പഞ്ചതയിങ്ങൊരു ദുഷ്ടനു ചേർത്തഞ്ചു-
ചഞ്ചലാക്ഷീമണിമാരുടെ ജീവനെ
രക്ഷിപ്പതിലെന്തുദോഷം, വധമാത്മ-
രക്ഷയ്ക്കുനുവദിക്കുന്നു നിയമവും.
ദൂരദേശത്തിലെവിടെയോ പോയൊരു
കാര്യസിദ്ധിക്കായിവനെന്നു ചൊല്ലിടാം.
ഒട്ടനാം പ്രത്യാഗമനം കൊതിച്ചിടും
മട്ടിലിവിടെക്കഴിച്ചുകൂട്ടീട്ടഥ
പണ്ടങ്ങളെല്ലാം പകുത്തെടുത്തിട്ടതും-
കൊണ്ടു നമുക്കിവിടുന്നു കടന്നിടാം.''
കട്ടിക്കരംഗാക്ഷിമാരവരൈവരും
നിട്ടിലീമട്ടു മന്ത്രിച്ചിരുന്നീടവേ,
കേട്ടൊരു നീണ്ട ശബ്ദം പേർത്തുമോർത്തത-
ദ്ദുഷ്ടൻെറ കൂർക്കംവലിയെന്നറിഞ്ഞവർ,
എത്രയോ നാളായുറങ്ങാതിവൻ ഗാഢ-
നിദ്രയിലാണ്ടതാണെന്നുമുറപ്പിച്ചു,

പെട്ടെന്നവൻെറ കഥ തീർക്കുവാനുള്ള
വട്ടമായിപ്പരിഭ്രാന്തരായാരവർ
കത്തിയൊരുത്തി തിരയു,ന്നിതന്യ പോയ്
കുത്തുവാനുള്ള കഠാരയാരായുയായ്.
കാകോളമേകുവാൻ തേടുന്നു പേടക-
മേക, ബഹളമായാകെയീ വെമ്പലിൽ,
നീണ്ടോരു പാശമൊരുത്തി കൊണ്ടന്നു തത്-
കണ്ഠത്തിലിട്ടു കുരുക്കിക്കഴിഞ്ഞിതേ.
ഊക്കോടിരുപേരിടംവലം നിന്നുകൊ-
ണ്ടക്കയർ നന്നായ് വലിച്ചുമുറുക്കിനാർ.
പിന്നെയും മാറിമാറിപ്പിടിച്ചാവതി-
ന്നുന്നം വലിച്ചുമുറുക്കീട്ടുമങ്ങവൻ,
കണ്ണുതള്ളിച്ചു കൈകാൽകളുമിട്ടടി-
ച്ചന്യർ ഭയന്നുപോംമട്ടെഴും ഗോഷ്ഠികൾ
കാട്ടി വല്ലാത്ത ശബ്ദത്തൊടും വീർപ്പുകൾ
മുട്ടിക്കിടന്നു പിടയ്ക്കുന്നതെന്നിയേ,
പ്രാണൻ പറിയുന്ന ലക്ഷണം കാണാഞ്ഞൊ-
രേണാക്ഷിയാം കനൽക്കട്ടകൾകൊണ്ടുടൻ
തന്മുഖം മൂടിയാ യാതനയും സഹി-
ച്ചമ്മൂർഖനക്കാത്മജാലയം പൂകിനാൻ. 5-11

വേശ്യമാർ പിന്നെക്കുഴിയൊന്നു തീർത്തതി-
ലശ്ശവമിട്ടു മണ്ണിട്ടു മൂടീടിനാർ.
മങ്കമാരിങ്ങനെ ചെയ്യുമോ എന്നൊരു
ശങ്കവേണ്ടാ; ബഹുസാഹസക്കാരവർ.
ആരുമിപ്പാരിലറിഞ്ഞതില്ലിഗ്ഗൂഢ-
കാര്യം, മറഞ്ഞുകിടന്നു വിധിവശാൽ. 12

ധുന്ധുകാരാഭിജനെക്കാണ്മതി,ല്ലവ-
നെന്തുപററീ? പരമാർത്ഥം പറയുവിൻ!
എന്നയൽവാസികൾ ചോദിക്കവേ,യൊരു-
സുന്ദരി വാഗ്ധാടി കാട്ടിനാളീവിധം:-
''ഭർത്താവു പോയ് ദൂരദേശത്തെവിടെയോ,
കത്തുന്നതോർത്തെനിക്കുൾത്തടം ലോകരേ!
എത്തിടും താമസിയാതെ, തത്പ്രാണനി-
പ്പത്തനത്തിൽക്കിടക്കുന്ന ധനത്തിലും.
കാണിനേരം പിരിഞ്ഞാൽ പൊറുക്കാത്തൊരി-
പ്രാണപ്രിയകളും ഞങ്ങളെയോർക്കകിൽ,
വാണീടുമോ മറുദേശത്തുമാത്രയും;
കാണാൻ കഴിയുന്നതില്ലിതിൻ കാരണം.
പോകുന്ന ദിക്കും മടങ്ങുന്ന നേരവും
ചൊൽക പതിവില്ല മുൻപുമീ വല്ലഭൻ.
ഗോകർണ്ണകർണ്ണനായ് ഗോവുപെററിട്ടൊരു
ഗോകർണ്ണനാമകസോദരനുണ്ടുപോൽ,
പണ്ഡിതനും യോഗിവര്യനുമാണുപോൽ—
പെണ്ണുങ്ങളെക്കണ്ടുകൂടാത്തൊരാളുപോൽ,
ഒന്നു കാണ്മാൻ കൊതിക്കുന്നെന്മിഴികള-
പ്പൊന്നനുജൻെറ വിചിത്രതരാകൃതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രീണാം നൈവ തു വിശ്വാസം മൃതാനാം കാരയേദ് ബുധഃ
വിശ്വാസേ യഃ സ്ഥിതോ മൂഢഃ സ ദുഃഖൈഃ പരിഭൂയതേ. 14

സുധാമയം വചോ യാസാം കാമിനാം രസവർദ്ധനം,
ഹൃദയം ക്ഷുരധാരാഭം പ്രിയഃ കോ നാമ യോഷിതാം? 15

സംഹൃത്യ വിത്തം താ യാതാഃ കുലടാ ബഹുഭർത്തൃകാഃ
ധുന്ധുകാരീ ബഭൂവാഥ മഹാൻ പ്രേതഃ കുകർമ്മതഃ 16

വാത്യാരൂപധരോ നിത്യം ധാവന്ദശദിശോഽന്തരം
ശീതാതപപരിക്ലിഷ്ടോ നിരാഹാരഃ പിപാസിതഃ 17

ന ലേഭേ ശരണം ക്വാപി ഹാ ദൈവേതി മുഹുർവ്വദൻ
കിയത് കാലേന ഗോകർണ്ണോ മൃതം ലോകാദബുധ്യത. 18

അനാഥം തം വിദിത്വൈവ ഗയാശ്രാദ്ധമചീകരത്
യസ്മിംസ്തീർത്ഥേ തു സംയാതി തത്ര ശ്രാദ്ധം പ്രവർത്തയൻ. 19

ഏവം ഭ്രമൻ സ ഗോകർണ്ണഃ സ്വപുരം സമുപേയിവാൻ
രാത്രൗ ഗൃഹാങ്കണേ സ്വപ്തുമാഗതോഽലക്ഷിതഃ പരൈഃ 20

തത്ര സുപ്തം സ വിജ്ഞായ ധുന്ധുകാരീ സ്വബാന്ധവം
നിശീഥേ ദർശയാമാസ മഹാരൗദ്രതരം വപുഃ 21

സകൃന്മേഷഃ സകൃദ്ധസ്തീ സകൃച്ച മഹിഷോഽഭവത്
സകൃദിന്ദ്രഃ സകൃച്ചാഗ്നിഃ പുനശ്ച പുരുഷോഽഭവത്. 22

വൈപരീത്യമിദം ദൃഷ്ട്വാ ഗോകർണ്ണോ ധൈര്യസംയുതഃ
അയം ദുർഗ്ഗതികഃ കോഽപി നിശ്ചിത്യാഥ തമബ്രവീത്. 23

ഗോകർണ്ണ ഉവാച

കസ്ത്വമുഗ്രതരോ രാത്രൗ കുതോ യാതോ ദശാമിമാം
കിം വാ പ്രേതഃ പിശാചോ വാ രാക്ഷസോഽസീതി ശംസ നഃ 24

സൂത ഉവാച

ഏവം പൃഷ്ടസ്തദാ തേന രുരോദോച്ചൈഃ പുനഃ പുനഃ
അശക്തോ വചനോച്ചാരേ സംജ്ഞാമാത്രം ചകാര ഹ. 25

തതോഽഞ്ജലൗ ജലം കൃത്വാ ഗോകർണ്ണസ്തമുദൈരയത്
തത്സേകഹതപാപോഽസൗ പ്രവക്തുമുപചക്രമേ. 26

പ്രേത ഉവാച

''അഹം ഭ്രാതാ ത്വദീയോഽസ്മി ധുന്ധുകാരീതി നാമതഃ
സ്വകീയേനൈവ ദോഷേണ ബ്രഹ്മത്വം നാശിതം മയാ. 27

കർമ്മണോ നാസ്തി സംഖ്യാ മേ മഹാജ്ഞാനേ വിവർത്തിനഃ
ലോകാനാം ഹിംസകഃ സോഽഹം സ്ത്രീഭിർദുഃഖേന മാരിതഃ 28

അതഃ പ്രേതത്വമാപന്നോ ദുർദ്ദശാം ച വഹാമ്യഹം
വാതാഹാരേണ ജീവാമി ദൈവാധീന ഫലോദയാത്. 29

അഹോ ബന്ധോ കൃപാസിന്ധോ ഭ്രാതർമ്മാമാശു മോചയ''
ഗോകർണ്ണോ വചനം ശ്രുത്വാ തസ്മൈ വാക്യമഥാബ്രവീത്. 30

ഗോകർണ്ണ ഉവാച

ത്വദർത്ഥം തു ഗയാപിണ്ഡോ മയാ ദത്തോ വിധാനതഃ
തത് കഥം നൈവ മുക്തോഽസി മമാശ്ചര്യമിദം മഹത്. 31

ഗയാശ്രാദ്ധാന്ന മുക്തിശ്ചേദുപായോ നാപരസ്ത്വിഹ
കിം വിധേയം മയാ, പ്രേത, തത്ത്വം വദ സവിസ്തരം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമ്മ ധനത്തെത്തേടിയോടിയതായ്‌വരാം
സമ്പത്തി, സത്യവ്രതൻ, പ്രാണനായകൻ
അച്ഛനെപ്പോലണ്ണനേയുമോരോന്നുപ–
ദേശിച്ചവൻ കാട്ടുകേററിയെന്നുംവരാം
മററുള്ള വേശ്യമാരും വിയോഗവ്യഥ–
യേററം നടിച്ചു വരഗുണം വാഴ്ത്തിനാർ. 13

ആരുമേ വിശ്വസിച്ചീടരുതംഗന–
മാരേ മരിച്ചുകിടക്കുന്നളവിലും;
നേരേമറിച്ചവരേ വിശ്വസിക്കുന്ന
പുരുഷൻ നിത്യദുഃഖത്തിനു പാത്രമാം. 14

കാമികൾക്കേററം രസപ്രദമാം സുധാ–
സാമ്യമാം വാക്കും, ക്ഷുരകൻെറ കത്തിപോൽ,
മൂർച്ചയേറീടും ഹൃദയവുമാന്നിടും
പുംശ്ചലിമാർക്കു പാർക്കിൽ പ്രിയനാരഹോ! 15

പിന്നെയുമൊട്ടുനാൾകൂടിയാ മന്ദിരം–
തന്നിൽക്കഴിച്ചതിൻ ശേഷമാ യോഷകൾ
പണ്ടങ്ങൾ പങ്കിട്ടു നേടിയ വിത്തവും–
കൊണ്ടുസ്ഥലം വെടിഞ്ഞങ്ങു പോയീടിനാർ.
നിന്ദ്യകർമ്മങ്ങളാൽ ധുന്ധുകാരിദ്വിജ–
നന്നതപ്രേതമായിട്ടു ഭവിച്ചിതു. 16

നിത്യമവൻ ചുഴൽക്കാററിൻ വടിവാർന്നു
പത്തുദിക്കിങ്കലും ശീതാതപങ്ങളും,
തുട്ടും, വിശപ്പും സഹിച്ചവലംബന–
മററു ചുററിപ്പാഞ്ഞലഞ്ഞു 'ഹാ! ദൈവമേ!
ഏവമെനിക്കധഃപാതമല്ലോ ഭവി,–
ച്ചീവിധം വീണ്ടും പറഞ്ഞു കരഞ്ഞിതേ.
ഇങ്ങനെ കാലം കുറേക്കഴിഞ്ഞീടവേ,–
യങ്ങൊരുനാൾ ധുന്ധുകാരി മരിച്ചതായ്
ലോകരിൽനിന്നറിഞ്ഞാൻ തീർത്ഥയാത്രയിൽ
യോഗിവരേണ്യനാം ഗോകർണ്ണഭൂസുരൻ. 17-18

ആരുമില്ലാപാരലൗകികകർമ്മത്തി–
നോരുകിൽ ധുന്ധുകാരിക്കെന്നു കണ്ടുടൻ
തദ്ഗതിക്കായ് ഗയാശ്രാദ്ധപൂർവ്വം പല–
മുഖ്യതീർത്ഥശ്രാദ്ധവും കഴിച്ചാനവൻ
പിന്നെ സ്വദേശമണഞ്ഞൊരുനാൾ നിജ–
മന്ദിരത്തിൽക്കടന്നാരുമറിയാതെ
അങ്കണംതന്നിൽ നിദ്രസ്ഥനായ് ശയിച്ചുതേ
ശങ്കാവിഹീനമാ ധേനുജാതദ്വിജൻ. 19–20

ബന്ധുവീവണ്ണമുറങ്ങാൻ കിടന്നതാ–
ധുന്ധുകാരിദ്വിജപ്രേതം ധരിച്ചുടൻ
വന്നുകാട്ടീടിനാനന്നർദ്ധരാത്രിയിൽ
തന്നുടെയുന്നത ഘോരരൗദ്രാകൃതി. 21

ആനയാ, യാടായ്, മഹിഷമായ്, മർത്ത്യനായ്,
വാനവർകോനായ്, വിവിധതരാകൃതി
ഓരോന്നു മാറിമാറി പ്രദർശിപ്പിച്ചു–
മാറാതെ കൂത്താടിയാടികളിച്ചുതേ. 22

ഭിന്നരൂപങ്ങളെയിപ്രകാരം കണ്ടു
പിന്നെസ്സുധൈര്യനായ് ഗോകർണ്ണപണ്ഡിതൻ
സദ്ഗതികിട്ടാതുഴന്നിടും പ്രേതമാ–
ണിക്കൂത്തുകാട്ടുന്നതെന്നുറച്ചോതിനാൻ:– 23

ഗോകർണ്ണൻ പറഞ്ഞു

ഈ വിധം ഘോരസ്വരൂപനാം നീയാര്?
രാവിലിങ്ങെത്തുവാനെന്താണു കാരണം?
വന്നതെവിടുന്നു നീ? പിശാചോ പ്രേത–
മെന്നതോ രാക്ഷസനോ കഥിച്ചീടുക! 24

സൂതൻ പറഞ്ഞു

എന്ന ഗോകർണ്ണവാക്യം കേട്ടു പിന്നെയും
പിന്നെയുമുച്ചം വിലപിച്ചുകൊണ്ടവൻ
ഉച്ചാരണശേഷിയില്ലാഞ്ഞയാലതി–
നിച്ഛയാ ഗൃങ്ങൾമൂലം വെളിവാക്കിനാൻ. 25

പിന്നെയപ്രേതത്തിനെ പ്രോക്ഷണംചെയ്തു
തണ്ണീരിനാലവ,നപ്പോളഘംവിട്ടു.

പ്രേതം പറഞ്ഞു.

പ്രേതം കഥിച്ചാ''നഹം ധുന്ധുകാരി നിൻ
ഭ്രാതാവു, ഞാനെൻ ദ്വിജത്വം ഹനിച്ചിതേ.
26–27

കയ്യുംകണക്കുമെന്യേ പരദ്രോഹങ്ങ–
ളയ്യോ! മഹാപാപിയായ ഞാൻ ചെയ്തുപോയ്
തത്ഫലമായെന്നെ വേശ്യാജനം പിന്നെ
നിർദ്ദയം കഷ്ടത്തിലാക്കി വധിച്ചിതേ. 28

പ്രേതമായിങ്ങനെ ദുർദ്ദശയാർന്നു ഞാൻ
വാതാശനനായ്ക്കഴിപ്പൂ വിധിബലാൽ. 29

ബന്ധോ! കൃപാപൂർണ്ണസിന്ധോ! ഭവാനെന്നെ–
യന്ധകൂപത്തിൽനിന്നുദ്ധരിക്കേണമേ.''

ഗോകർണ്ണൻ പറഞ്ഞു

എന്നതു കേട്ടു ഗോകർണ്ണനവനോടു
ചൊന്നാനിത്ഥംവിധം സത്വരം പിന്നെയും.
30–31

നിന്നുടെയുദ്ഗതിയുന്നിട്ടയാപിണ്ഡ–
മന്നേ നടത്തി ഞാൻ, പിന്നെന്തുകൊണ്ടു നീ
മുക്തനായി,ല്ലതു വിസ്മയ,മില്ലൊരു
മാർഗ്ഗമിതിൽപരം പ്രേതശുദ്ധിക്കിഹ.
ഞാനെന്തു വേണ്ടതു നീതന്നെ ചൊല്ലുക–
വേണം പരമാർത്ഥമെല്ലാം മടിയാതെ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേത ഉവാച
ഗയാശ്രാദ്ധശതേനാപി മുക്തിർമ്മേ ന ഭവിഷ്യതി
ഉപായമപരം കംചിത്ത്വം വിചാരയ സാമ്പ്രതം.'' 33

ഇതി തദ്വാക്യമാകർണ്യ ഗോകർണ്ണോ വിസ്മയം ഗതഃ
''ശതശ്രാദ്ധൈർന്ന മുക്തിശ്ചേദസാധ്യം മോചനം തവ. 34

ഇദാനീം തു നിജം സ്ഥാനമാതിഷ്ഠ പ്രേത നിർഭയഃ
ത്വന്മുക്തിസാധകം കിഞ്ചിദാചരിഷ്യേ വിചാര്യ ച.'' 35

ധുന്ധുകാരീ നിജസ്ഥാനം തേനാദിഷ്ടസ്തതോ ഗതഃ
ഗോകർണ്ണശ്ചിന്തയാമാസ താം രാത്രിം ന തദധ്യഗാത്. 36

പ്രാതസ്തമാഗതം ദൃഷ്ട്വാ ലോകാഃ പ്രീത്യാ സമാഗതാഃ
തത്സർവ്വം കഥിതം തേന യജ്ജാതം ച യഥാ നിശി. 37

വിദ്വാംസോ യോഗനിഷ്ഠാശ്ച ജ്ഞാനിനോ ബ്രഹ്മവാദിനഃ
തന്മുക്തിം നൈവ തേഽപശ്യൻ പശ്യന്തഃ ശാസ്ത്രസഞ്ചയാൻ. 38

തതഃ സർവ്വൈഃ സൂര്യവാക്യം തന്മുക്തൗ സ്ഥാപിതം പരം
ഗോകർണ്ണഃ സ്തംഭനം ചക്രേ സൂര്യവേഗസ്യ വൈ തദാ. 39

''തുഭ്യം നമോ, ജഗത്സാക്ഷിൻ, ബ്രൂഹി മേ മുക്തിഹേതുകം''
തച്ഛ്രുത്വാ ദൂരതഃ സൂര്യഃ സ്ഫുടമിത്യഭ്യഭാഷത. 40

''ശ്രീമദ്ഭാഗവതാന്മുക്തിഃ സപ്താഹം വാചനം കുരു''
ഇതി സൂര്യവചഃ സർവ്വൈർദ്ധർമ്മരൂപം തു വിശ്രുതം. 41

സർവ്വേഽബ്രുവൻ, ''പ്രയത്നേന കർത്തവ്യം സുകരം ത്വിദം''
ഗോകർണ്ണോ നിശ്ചയം കൃത്വാ വാചനാർത്ഥം പ്രവർത്തിതഃ 42

തത്ര സംശ്രവണാർത്ഥായ ദേശഗ്രാമാജ്ജനാ യയുഃ
പങ്ഗ്വന്ധവൃദ്ധമന്ദാശ്ച തേഽപി പാപക്ഷയായ വൈ 43

സമാജസ്തു മഹാഞ്ജാതോ ദേവവിസ്മയകാരകഃ
യദൈവാസനമാസ്ഥായ ഗോകർണ്ണോഽകഥയത് കഥാം. 44

സ പ്രേതോഽപി തദാഽഽയാതഃ സ്ഥാനം പശ്യന്നിതസ്തതഃ
സപ്തഗ്രന്ഥിയുതം തത്രാപശ്യത് കീചകമുച്ഛ്റിതം. 45

തന്മൂലഛിദ്രമാവിശ്യ ശ്രവണാർത്ഥം സ്ഥിതോ ഹ്യസൗ;
വാതരൂപീ സ്ഥിതിം കർത്തുമശക്തോ വംശമാവിശത്. 46

വൈഷ്ണവം ബ്രാഹ്മണം മുഖ്യം ശ്രോതാരം പരികല്പ്യ സഃ
പ്രഥമസ്കന്ധതഃ സ്പഷ്ടമാഖ്യാനം ധേനുജോഽകരോത് 47

ദിനാന്തേ രക്ഷിതാ ഗാഥാ തദാ ചിത്രം ബഭൂവ ഹ
വംശൈകഗ്രന്ഥിഭേദോഽഭൂത്സശബ്ദം പശ്യതാം സതാം. 48

ദ്വിതീയേഽഹ്നി തഥാ സായം ദ്വിതീയഗ്രന്ഥിഭേദനം
തൃതീയേഽഹ്നി തഥാ സായം തൃതീയഗ്രന്ഥിഭേദനം. 49

ഏവം സപ്തദിനൈശ്ചൈവ സപ്തഗ്രന്ഥിവിഭേദനം
കൃത്വാ സ ദ്വാദശസ്കന്ധശ്രവണാത് പ്രേതതാം ജഹൗ. 50

ദിവ്യരൂപധരോ ജാതസ്തുളസീദാമമണ്ഡിതഃ
പീതവാസാ ഘനശ്യാമോ മുകുടീകുണ്ഡലാന്വിതഃ 51

നനാമ ഭ്രാതരം സദ്യോ ഗോകർണ്ണമിതി ചാബ്രവീത്
''ത്വയാഹം മോചിതോ ബന്ധോ കൃപയാ പ്രേതകശ്മലാത്. 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേതം പറഞ്ഞു

നൂറു ഗയാശ്രാദ്ധമങ്ങു കഴിക്കിലും
മാറുകില്ലിസ്ഥിതി, ഞാനത്രപാപിതാൻ
വേറെയുപായമെന്തെങ്കിലും, ഞാൻ കര-
കേറുവാൻ തക്കതു, ചിന്തിച്ചുചെയ്യുക. 33

ഈവിധം പ്രേതവചസ്സു കേട്ടത്ഭുതം-
താവിന ഗോകർണ്ണനോതിനാൻ; പിന്നെയും.
ഇല്ല ശതഗയാശ്രാദ്ധത്തിലും മുക്തി
തെല്ലുമെന്നാ,ലിതസാധ്യമെന്നേവരു. 34

ആട്ടെ, നിൻസ്ഥാനത്തിരിക്ക നീ നിർഭയം
ശ്രേഷ്ഠമുപായമെന്തെന്നു ചിന്തിച്ചിടാം 35

സോദരവാക്കിതു കേട്ടങ്ങിരുന്നിതാ
പ്രേത,മുറങ്ങാതെ രാത്രിമുഴുവനും.
ഉററുചിന്തിച്ചിട്ടുമദ്ധേനുജാതനു
കിട്ടിയില്ലാ പ്രേതമോചനത്തിൻവഴി. 36

തീർത്ഥാടനം കഴിഞ്ഞാലയത്തിൽ തിരി-
ച്ചെത്തി ഗോകർണ്ണനെന്നുള്ളതു കേൾക്കയാൽ,
രാവിലേ വന്നവരോടായിരവിലെ-
യാ വിശേഷങ്ങളവൻ കഥിച്ചീടിനാൻ. 37

ജ്ഞാനികൾ, യോഗികൾ, വേദാന്തവിദ്വരർ,
നാനാവിഷയവിജ്ഞാനവിദഗ്ദ്ധരും.
ശാസ്ത്രമെല്ലാം പരിശോധിച്ചുനോക്കീട്ടു-
മുത്തമോപായമിതിനു കാണായ്കയാൽ,
സൂര്യനിൽനിന്നു മനസ്സിലാക്കേണ്ടതാം
കാര്യമിതെന്നേകപക്ഷമായിട്ടവർ
തീരുമാനിച്ചുടൻ യോഗബലത്തിനാൽ
വാരണംചെയ്താനിനഗതി ഗോസുതൻ. 38–39

“ത്രൈലോക്യസാക്ഷിൻ! ഭഗവൻ! ദിനേശ്വരാ!
പാലിക്കണം മാം, നമസ്കരിക്കുന്നു ഞാൻ.
ധുന്ധുകാരിപ്രേതമോചനത്തിന്നിവ-
നെന്താണുവേണ്ടതെന്നോതീടണം ഭവാൻ.''
ഗോസൂനുവാക്യമിതു കേട്ടകലെനി-
ന്നാ സൂര്യദേവനുച്ചത്തിലോതീടിനാൻ: 40

''മുക്തിലഭിച്ചിടും ഭാഗവതത്തിനാൽ
സപ്തദിനംകൊണ്ടു വായിച്ചുതീർക്കുക!''
ഇമ്മട്ടു സൂര്യഗീരെല്ലാവരും കേട്ടു
ധർമ്മസ്വരൂപമതെന്നുമുറപ്പിച്ചു,
''പാടുപെട്ടാലുമുടനേയിതു നട-
ത്തീടണ''മെന്നു ചൊല്ലീടിനാരേവരും
എന്നാലിതു നിഷ്പ്രയാസം നടത്താവ-
തൊന്നാണുതാനും മനസ്സുള്ളവർക്കുടൻ.

ഏഴുനാൾകൊണ്ടതു താൻതന്നെ വായിച്ചു
കേഴുമപ്രേതത്തെ മുക്തനാക്കീടുവാൻ
നിശ്ചയംചെയ്തതിലേക്കൊരുങ്ങീടിനാൻ
വിശ്രുതനാകുമാ ഗോകർണ്ണപണ്ഡിതൻ. 41–42

ആ ഗ്രാമദേശനഗരങ്ങളിൽനിന്നു
കേൾക്കാനുമാളുകൾ ചെന്നു ധാരാളമായ്.
അന്ധർ, മുടന്തർ, മൂഢന്മാർ, കിഴവരും,
സ്വന്തപാപൗഘം തുലയ്ക്കുവാനെത്തിനാർ. 43

വിണ്ണവരും പാരമദ്ഭുതപ്പെട്ടിടും-
വണ്ണം മഹത്തരമായിരുന്നു സഭ.
വ്യാസപീഠത്തിൽ കയറിയഗ്ഗോസുത-
ഭൂസുരൻ വായിക്കുവാനിരുന്നീടവേ,
സന്ധിക്കുവാനിടമങ്ങിങ്ങുനോക്കിയ-
ദ്ധുന്ധുകാരിപ്രേതവുമവിടെത്തിനാൻ.
വേണുവൊന്നേറെയുയർന്നേഴുമുട്ടൊത്തു
കാണാം കഥാവേദിതന്നന്തികത്തി-
ലായ്. 44–45

അമ്മുളമുട്ടിൽപ്പുഴതൊന്നുക,ണ്ടതിൽ
ചെമ്മേ ശ്രവിപ്പാനിരുന്നിതപ്രേതവും.
തഞ്ചമായിക്കഥ കേൾക്കാൻ സ്ഥിരപദം
തഞ്ചാതെ വാതാത്മകനു സാധിക്കുമോ? 46

വൈദികവൈഷ്ണവവിപ്രനെയേകനെ
ശ്രോതൃപ്രമുഖനായ് വാഴിച്ചനന്തരം
സ്പഷ്ടമായാക്കുമത്മം ഗ്രഹിക്കത്തക്ക-
മട്ടി,ലങ്ങാദിമസ്കന്ധംമുതൽതന്നെ
ധേനുജാതൻ തുടങ്ങീ കഥ, സന്ധ്യയെ
മാനിച്ചു പിന്നെ നിറുത്തിനാൻ വായന.
അപ്പോളവിടെയൊരത്ഭുതസംഭവ-
മപ്പുരുഷാരസമക്ഷം ഭവിച്ചിതു.
പൊട്ടിവീണമ്മുളതൻ പ്രഥമഗ്രന്ഥി;
പെട്ടെന്നു വിസ്മയസ്തബ്ധരായേവരും. 47–48

രണ്ടാംദിനം ദ്വിതീയഗ്രന്ഥിയിങ്ങനെ
വിണ്ടു തദ്ഗ്രന്ഥിയേഴേ,ഴുനാളിന്നകം
ദ്വാദശസ്കന്ധപര്യന്തമിസ്സംഹിത
സാദരം ശ്രദ്ധിച്ചു കേട്ടതിൻമൂലമായ്
പാതകമാകെത്തുലഞ്ഞാ നിമിഷമ-
പ്രേതമാന്നാനൊരു ചാരുദിവ്യാകൃതി. 49–50

മഞ്ഞനിറപ്പട്ടുടുത്തു, തുളസിതൻ
മഞ്ജുളമാല ധരിച്ചു മനോജ്ഞനായ്-
ചാരുകിരീടവും കുണ്ഡലദ്വന്ദ്വവും
നേരേയണിഞ്ഞു, ഘനശ്യാമളാഭനായ്,
ധേനുജഭ്രാതാവുതൻ കാലിണകളിൽ
വീണുനമസ്കരിച്ചീവണ്ണമോതിനാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധന്യാ ഭാഗവതീ വാർത്താ പ്രേതപീഡാവിനാശിനീ
സപ്താഹോഽപി തഥാ ധന്യഃ കൃഷ്ണലോകഫലപ്രദഃ 53

കമ്പന്തേ സർവ്വപാപാനി സപ്താഹശ്രവണേ സ്ഥിതേ
അസ്മാകം പ്രളയം സദ്യഃ കഥാ ചേയം കരിഷ്യതി. 54

ആർദ്രം ശുഷ്കം ലഘു സ്ഥൂലം വാങ്മനഃകർമ്മഭിഃ കൃതം
ശ്രവണം വിദഹേത് പാപം പാവകഃ സമിധോ യഥാ. 55

അസ്മിൻ വൈ ഭാരതേ വർഷേ സൂരിഭിർദ്ദേവസംസദി
അകഥാശ്രാവിണാം പുംസാം നിഷ്ഫലം ജന്മകീർത്തിതം. 56

കിം മോഹതോ രക്ഷിതേന സുപുഷ്ടേന ബലീയസാ
അധ്രുവേണ ശരീരേണ ശുകശാസ്ത്രകഥാം വിനാ? 57

അസ്ഥിസ്തംഭം സ്നായുബദ്ധം മാംസശോണിതലേപിതം
ചർമ്മാവനദ്ധം ദുർഗ്ഗന്ധം പാത്രം മൂത്രപുരീഷയോഃ 58

ജരാശോകവിപാകാർത്തം രോഗമന്ദിരമാതുരം
ദുഷ്പൂരം ദുർധരം ദുഷ്ടം സദോഷം ക്ഷണഭംഗുരം. 59

കൃമിവിഡ്ഭസ്മസംജ്ഞാന്തം ശരീരമിതി വർണ്ണിതം
അസ്ഥിരേണ സ്ഥിരം കർമ്മ കുതോഽയം സാധയേന്നഹി. 60

യത് പ്രാതഃ സംസ്കൃതം ചാന്നം സായം തച്ച വിനശ്യതി
തദീയരസസമ്പുഷ്ടേ കായേ കാ നാമ നിത്യതാ? 61

സപ്താഹശ്രവണാല്ലോകേ പ്രാപ്യതേ നികടേ ഹരിഃ
അതോ ദോഷനിവൃത്ത്യർത്ഥമേതദേവ ഹി സാധനം. 62

ബുദ്ബുദാ ഇവ തോയേഷു മശകാ ഇവ ജന്തുഷു
ജായന്തേ മരണായൈവ കഥാശ്രവണവർജ്ജിതാഃ 63

ജഡസ്യ ശുഷ്കവംശസ്യ യത്ര ഗ്രന്ഥിവിഭേദനം
ചിത്രം കിമു തദാ ചിത്തഗ്രന്ഥിഭേദഃ കഥാശ്രവാത്. 64

ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവ്വസംശയാഃ
ക്ഷീയന്തേ ചാസ്യ കർമ്മാണി സപ്താഹശ്രവണേ കൃതേ. 65

സംസാരകർദമാലേപപ്രക്ഷാളനപടീയസി
കഥാതീർത്ഥേ സ്ഥിതേ ചിത്തേ മുക്തിരേവ ബുധൈഃ സ്മൃതാ.'' 66

ഏവം ബ്രുവതി വൈ തസ്മിൻ വിമാനമഗമത്തദാ
വൈകുണ്ഠവാസിഭിര്യുക്തം പ്രസ്ഫുരദ്ദീപ്തിമണ്ഡലം. 67

സർവ്വേഷാം പശ്യതാം ഭേജേ വിമാനം ധുന്ധുലീസുതഃ
വിമാനേ വൈഷ്ണവാൻ വീക്ഷ്യ ഗോകർണ്ണോ വാക്യമബ്രവീത്. 68

ഗോകർണ്ണ ഉവാച

അത്രൈവ ബഹവഃ സന്തി ശ്രോതാരോ മമ നിർമ്മലാഃ
ആനീതാനി വിമാനാനി ന തേഷാം യുഗപത് കുതഃ 69

ശ്രവണം സമഭാഗേന സർവ്വേഷാമിഹ ദൃശ്യതേ
ഫലഭേദഃ കുതോ ജാതഃ പ്രബ്രുവന്തു ഹരിപ്രിയാഃ 70

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''മാമകബന്ധോ, ഭവത്കൃപമൂലമാ-
യീ മഹാപാപത്തിൽനിന്നു മോചിച്ചു ഞാൻ
പ്രേതവിശുദ്ധിക്കു ഭാഗവതത്തിന്റെ
ചാതുര്യമന്യാദൃശംതന്നെ സോദരാ!
കേൾപ്പവർക്കും ശ്രീഹരിപദമേകിടും
സപ്താഹപാരായണം ധന്യധന്യമാം. 51–53

ഇന്നിസ്സദസ്യർതന്നുന്നതദുഷ്കൃത-
സന്ദോഹമെല്ലാം വിറപ്പു കിടുകിടെ.
ശ്രദ്ധയോടിക്കഥ കേട്ടിരിക്കുന്നൊരീ-
മർത്ത്യരിൽ മാത്രപോലും വസിച്ചീടുവാൻ
കെല്പില്ല ഞങ്ങൾക്കു ലേശവും, ഞങ്ങളെ-
യിപ്പൊഴുമുച്ചോ തുലച്ചിടുമിക്കഥ.''
ഇത്തരം ഭീതിപൂർവ്വം പ്രലപിപ്പതാ-
യാർദ്രലഘുസ്ഥൂലശുഷ്കതരങ്ങളായ്,
വാക്കു, മനം, മെയ്യിവകൊണ്ടു ചെയ്വതായ്,
വാഴും സകലവിധം ദുരിതത്തെയും,
തീക്കട്ട ദാരുക്കളെയെന്നപോലവേ
ശീഘ്രം ഹനിക്കുന്നിതിക്കഥാകീർത്തനം. 54–55

ഇബ്ഭാരതാവനിതന്നിലസ്സത്കഥ
താല്പര്യമോടു കേൾക്കാത്തവർ തൻജനി
നിഷ്ഫലംതാനെന്നമർത്ത്യസഭയിലഗ്രി-
ഗ്രീഷ്പതിതൊട്ടവർ കീർത്തിച്ചിരിക്കുന്നു. 56

മോഹംനിമിത്തമായ് കാത്തു വളർത്തുമി-
ദ്ദേഹം നശിച്ചുപോകുന്നതെന്നാകയാൽ,
ശ്രീശുകശാസ്ത്രശ്രവണത്തിനായ്ത്തന്നെ-
യീശരീരം വിനിയോഗിക്കുവൻ ദൃഢം. 57

എൽത്തുണുകളിൽ ഞരമ്പുകയർകൊണ്ടു
കെട്ടിയുറപ്പിച്ചു, രക്തവും മാംസവും
തേച്ചുകൊഴുപ്പിച്ചു ചേലായ് തൊലികൊണ്ടു
മാച്ചുമറച്ചു, മലമൂത്രപാത്രമായ്,
നാറുന്നതായ്, നര, രോഗം, ജര,യിവ
കേറി മുറയ്ക്കാക്രമിച്ചുഴൽചേർപ്പതായ്,
ഏറെറംദൂഷിച്ചതായ്, തൃപ്തിവരാത്തതായ്,
ചെററും ധരിപ്പാൻ പ്രയാസമേറുന്നതായ്,
അന്ത്യം മലമോ പുഴക്കളോ ചാരമോ
എന്തെങ്കിലുമായ്ക്കലാശിച്ചിടുന്നതായ്,
നാശം ക്ഷണത്തിലണയുന്നതായ് മഹാ-
മോശമായ് ദേഹത്തെ വഞ്ചിച്ചിരിപ്പതേ.
നശ്യമാമിത്തനുവാൽ ജനമെന്തഹോ!
ശാശ്വതകർമ്മമനുഷ്ഠിച്ചിടാത്തതും? 58–60

രാവിലേ പാകപ്പെടുത്തുമന്നാദികൾ
രാവിലേക്കാറിവളിച്ചു നശിച്ചുപോം.
ഇത്രവേഗം കെട്ടമന്നരസത്തിനാൽ
വീർത്ത ദേഹം ക്ഷതിപററാതിരിക്കുമോ? 61

മർത്ത്യനിതോർത്തു നിമിഷം കളയാതെ,
നിത്യപദലക്ഷ്യകൃത്യങ്ങൾ ചെയ്യണം.
സപ്തപാരായണാകർണ്ണനമൊന്നിനാൽ
ക്ഷിപ്രമരികത്തണഞ്ഞിടും ശ്രീഹരി.
പാപശമനത്തിനേവനുമെന്നുമി-
ശ്രീപതിസത്കഥ കേൾക്കയാണുത്തമം. 62

അച്ചരിതം ശ്രവിക്കാത്തവർ തൻജനു,-
സ്സീച്ച കൊളുകകൾതൻജനിപോലെയും
നീർപ്പോളമട്ടിലും നാശം വരിക്കുന്നു
ചിത്പദപ്രാപ്തിക്കുപകരിക്കാതഹോ! 63

ഏതൊന്നു കേൾക്കവേ നീരസമായ്ജഡ-
ഭൂതമാം വേണുവിൻ ഗ്രന്ഥി തകർന്നുപോ-
ആ സത്കഥകേൾക്കിലുള്ളം നിറഞ്ഞെഴും
വാസനക്കെട്ടു പൊട്ടുന്നതു ചിത്രമോ? 64

സപ്താഹപാരായണം കേട്ടിരിപ്പവ-
ർക്കിപ്പൊഴേയററുപോം സർവ്വബന്ധങ്ങളും
സന്ദേഹമെല്ലാമൊടുങ്ങുന്നിതു, കർമ്മ-
സന്ദോഹവും നശിക്കുന്നു നിശ്ശേഷമായ്. 65

വാഴ്കുമസ്സംസാരമാം ചെളിയാകവേ
പോക്കുന്ന സത്കഥാതീർത്ഥമിരിക്കവേ,
ആശയത്തിൽ ചെററഴുക്കുപുരണ്ടിടാൻ
ലേശവും സങ്ഗതിയില്ലെന്നു
ചൊൽവുതേ'' 66

ചന്തമേറും ദിവ്യരൂപം ധരിച്ചൊരാ-
ധുന്ധുകാരി ദ്വിജനിത്ഥം ചൊല്ലവേ
കാണായൊരു സുപ്രഭം വിമാനം വന്നു
താണതു വിഷ്ണുപരിഷദവാഹിയായ്. 67

ഏവരും കാൺകവേ ധുന്ധുലീപുത്രനെ-
യാ വിഷ്ണുപാർഷദരേററീടിനാരതിൽ.
അപ്പോളവരെസ്സമീപിച്ചു ചൊല്ലിനാ-
നിപ്രകാരം ധേനുകർണ്ണമഹീസുരൻ. 68

ഗോകർണ്ണൻ പറഞ്ഞു.

പാരായണംകേട്ടിവിടെയിരിക്കുന്നു
ധാരാളമാളുകൾ നിർമ്മലമാനസർ,
ഒന്നായഖിലരേയും കൊണ്ടുപോകുവാ-
നിന്നെന്തുകൊണ്ടു വരാഞ്ഞതു വാഹനം? 69

ഒന്നുപോലേവരും കേട്ടവരാണിവർ,
ഭിന്നമായ്ക്കാണുവാനെന്താണിതിൻഫലം?
വന്ദ്യഹരിദാസമുഖ്യരേ! സന്ദേഹ-
മിന്നെനിക്കുണ്ടിതിൽ, തീർക്കണമിക്ഷണം. 70

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിദാസാ ഊചുഃ

''ശ്രവണസ്യ വിഭേദേന ഫലഭേദോഽത്ര സംസ്ഥിതഃ
ശ്രവണം തു കൃതം സർവൈർന്ന തഥാ മനനം കൃതം. 71

ഫലഭേദസ്തതോ ജാതോ ഭജനാദപി മാനദ!
സപ്തരാത്രമുപോഷ്യൈവ പ്രേതേന ശ്രവണം കൃതം. 72

മനനാദി തഥാ തേന സ്ഥിരചിത്തേ കൃതം ഭൃശം
അദൃഢം ച ഹതം ജ്ഞാനം, പ്രമാദേന ഹതം ശ്രുതം. 73

സന്ദിഗ്ദ്ധോ ഹി ഹതോ മന്ത്രോ, വ്യഗ്രചിത്തോ ഹതോജപഃ
അവൈഷ്ണവോ ഹതോ ദേശോ, ഹതം ശ്രാദ്ധമപാത്രകം. 74

ഹതമശ്രോത്രിയേ ദാനമനാചാരം ഹതം കുലം
വിശ്വാസോ ഗുരുവാക്യേഷു സ്വസ്മിൻ ദീനത്വഭാവനാ. 75

മനോദോഷജയശ്ചൈവ കഥായാം നിശ്ചലാ മതിഃ
ഏവമാദി കൃതം ചേത് സ്യാത്തദാ വൈ ശ്രവണേ ഫലം. 76

പുനഃ ശ്രവാന്തേ സർവ്വേഷാം വൈകുണ്ഠേ വസതിർധ്രുവം
ഗോകർണ്ണ തവ ഗോവിന്ദോ ഗോലോകം ദാസ്യതി സ്വയം.'' 77

ഏവമുക്ത്വാ യയുഃ സർവ്വേ വൈകുണ്ഠം ഹരികീർത്തനാഃ
ശ്രാവണേ മാസി ഗോകർണ്ണഃ കഥാമൂചേ തഥാ പുനഃ 78

സപ്തരാത്രവതീം ഭൂയഃ ശ്രവണം തൈഃ കൃതം പുനഃ
കഥാസമാപ്തൗ യജ്ജാതം ശ്രൂയതാം തച്ച, നാരദ. 79

വിമാനൈഃ സഹ ഭക്തൈശ്ച ഹരിരാവിർബ്ബഭൂവ ഹ
ജയശബ്ദാ നമഃശബ്ദാസ്തത്രാസൻ ബഹവസ്തദാ. 80

പാഞ്ചജന്യധ്വനിം ചക്രേ ഹർഷാത്തത്ര സ്വയം ഹരിഃ
ഗോകർണ്ണം തു സമാലിങ്ഗ്യാകരോത്സ്വ സദൃശം ഹരിഃ 81

ശ്രോതൄനന്യാൻ ഘനശ്യാമാൻ പീതകൗശേയവാസസഃ
കിരീടിനഃ കുണ്ഡലിനസ്തഥാ ചക്രേ ഹരിഃ ക്ഷണാത്. 82

തദ്ഗ്രാമേ യേ സ്ഥിതാ ജീവാ ആശ്വചാണ്ഡാളജായതഃ
വിമാനേ സ്ഥാപിതാസ്തേഽപി ഗോകർണ്ണകൃപയാ തദാ. 83

പ്രേഷിതാ ഹരിലോകേ തേ യത്ര ഗച്ഛന്തി യോഗിനഃ
ഗോകർണ്ണേന സ ഗോപാലോ ഗോലോകം ഗോപവല്ലഭം. 84

കഥാശ്രവണതഃ പ്രീതോ നിര്യയൗ ഭക്തവത്സലഃ
അയോദ്ധ്യാവാസിനഃ പൂർവ്വം യഥാ രാമേണ സങ്ഗതാഃ
തഥാ കൃഷ്ണേന തേ നീതാ ഗോലോകം യോഗിദുർല്ലഭം 85

യത്ര സൂര്യസ്യ സോമസ്യ സിദ്ധാനാം ന ഗതിഃ കദാ,
തം ലോകം ഹി ഗതാസ്തേ തു ശ്രീമദ്ഭാഗവതശ്രവാത്. 86

സനത്കുമാര ഉവാച

ബ്രൂമോഽത്ര തേ കിം ഫലവൃന്ദമുജ്ജ്വലം
സപ്താഹയജ്ഞേന കഥാസു സഞ്ചിതം
കർണ്ണേന ഗോകർണ്ണകഥാക്ഷരോ യൈഃ
പീതശ്ച തേ ഗർഭഗതാ ന ഭൂയഃ 87

വാതാംബുപർണ്ണാശനദേഹശോഷണൈ-
സ്തപോഭിരുഗ്രൈശ്ചിരകാലസഞ്ചിതൈഃ
യോഗൈശ്ച സംയാന്തി ന താം ഗതിം വൈ
സപ്താഹഗാഥാശ്രവണേന യാന്തി യാം. 88

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷ്ണുപാർഷദർ പറഞ്ഞു

ഭേദം ശ്രവണത്തിൽ വന്നതുപോലെതാൻ
ജാതമായീ ഫലഭേദവും ഭൂസുരാ!
എല്ലാവരും കഥകേട്ടിതന്നീടില്ല-
മുള്ളമൂന്നീലതിലേവരുമൊന്നുപോൽ. 71

പ്രേതമുപവസിച്ചീയേഴുനാളിലും
ചേതസ്സുവച്ചുതാൻ കേട്ടിരിക്കുന്നിതു. 72

പിന്നെ മനനനിദിദ്ധ്യാസനാദിയും
നന്നായവനനുഷ്ഠിച്ചാനചഞ്ചലം.
ജ്ഞാനോദയത്തിനിതുകളാവശ്യമാ-
ണൂനം ഭവിക്കമല്ലായ്കിലെല്ലാററിനും.
സന്ദേഹമൊന്നിലും പാടില്ല സംശയം
വന്നാൽ ഫലിക്കാതെപോയിടും മന്ത്രവും
ചിത്തമേകാഗ്രമല്ലെങ്കിൽ ജപത്തിനും
സിദ്ധിച്ചിടാ ഫലം ധാത്രീസുരമണേ!
ശ്രീവിഷ്ണുഭക്തർ വിളങ്ങാത്ത ദേശമോ
ഹേ വിപ്രവര്യാ! നശിച്ചതാം നിശ്ചയം.
ഉത്തമവിപ്രനു ഭക്ഷണമേകാത്ത
ശ്രാദ്ധം പിതൃപ്രീതിദായകമായിടാ. 73–74

ദാനമശ്രോത്രിയന്നേകുന്നതു ഫല-
ഹീന,മനാചാരമോ കുലനാശനം
ദേശികവാക്കിൽ വിശ്വാസ,മയം സ്വയം
മോശമെന്നുള്ള വിചാരം, മനസ്സിനെ
ചഞ്ചലിപ്പിച്ചിടും ക്രോധകാമാദിയെ
തഞ്ചമായ് വെല്ലുക, സത്കഥാശ്രദ്ധയും
ഒന്നുപോൽ ചേർന്നിണങ്ങിടുന്നവന്നുടൻ
വന്നിടും സച്ചരിതാകർണ്ണനഫലം. 75–76

ഒന്നുകൂടിസ്സപ്തപാരായണം കേൾക്കി-
ലന്നിവർക്കൊക്കെയും മുക്തി കരസ്ഥമാം
ഗോകർണ്ണഭൂസുരാ! ഗോവിന്ദനങ്ങേക്കു
നല്കും സ്വയമുടൻ ഗോലോകമുത്തമം.'' 77

എന്നോതി വൈകുണ്ഠലോകത്തിലേക്കുടൻ
തന്നെ പോയാർ ഹരികീർത്തനത്തോടവർ.
രണ്ടാമതും ചിങ്ങമാസത്തിലക്കഥ
കൊണ്ടുപിടിച്ചു നടത്തിയദ്ധേനജൻ. 78

വീണ്ടും ജനം കൂടി വായന കേട്ടന്നു-
ണ്ടായ് വിശേഷമതും കേൾക്ക മാമുനേ! 79

ഒട്ടധികം വിമാനങ്ങളിൽ പാർഷദ-
ശ്രേഷ്ഠരുമായ് ഭഗവാൻ വന്നിറങ്ങിനാൻ.
അപ്പോളവിടെ മുഴങ്ങീ 'ജയ ജയ'-
ശബ്ദങ്ങളും 'നമ'ശ്ശബ്ദങ്ങളും പരം. 80

ഹർഷാതിരേകത്തിനാൽ ഭഗവാനുടൻ
ഭേഷായ് ധ്വനിപ്പിച്ചു പാഞ്ചജന്യം സ്വയം
പിന്നെയഗ്ഗോകർണ്ണനെപ്പുണർന്നിട്ടാത്മ-
സന്നിഭം രൂപമവന്നരുളീടിനാൻ. 81

ശ്രോതാക്കളേയും ക്ഷണത്താൽ മുകിൽനിറം,
പീതവസ്ത്രം, കിരീടം, കർണ്ണഭൂഷകം,
എന്നിവയെല്ലാമിണക്കിയന്യാദൃശ-
സുന്ദരരൂപികളാക്കിനാൻ ചിദ്ഘനൻ. 82

എന്നല്ല, തദ്ഗ്രാമവാസികളായ് സർവ്വ-
വർണ്ണത്തിലും പെട്ടമേവരേയും തഥാ
ചണ്ഡാലരേയും ശ്വപചരേപ്പോലുമ-
ന്നന്യനഗോസ്വതപ്രേമംനിമിത്തമായ്
ആ വിമാനങ്ങളിലേററിയണച്ചുതേ
കേവലൻ യോഗീന്ദ്രഗമ്യം നിജപദം.
പണ്ടയോദ്ധ്യാവാസിമർത്ത്യരെയാകെ വൈ-
കുണ്ഠത്തിലദ്ദശകണ്ഠാരിയെന്നപോൽ.
ഗോപാലനാമത്തിനാൽ സുപ്രസിദ്ധനാം
ശ്രീപതി തത്കഥ കേട്ടവരിൽ പരം
സക്തനായേവർക്കുമൊന്നുപോൽ സാലോക്യ-
മുക്തിയരുളിയനുഗ്രഹിച്ചീടിനാൻ.
ഗോകർണ്ണസംയുതനായ് ഭഗവാനഥ
യോഗീന്ദ്രദുർല്ലഭ ഗോലോകമാർന്നുതേ. 83–85

ശീതാംശുവിന്നും, രവിക്കു,മസ്സിദ്ധർക്കു-
മേതുലോകത്തിൽ പ്രവേശനമില്ലയോ
ആ ലോകമല്ലോ ജനതതിക്കിച്ചരി-
താലാപനം കേൾക്കമൂലം ലഭിച്ചതും. 86

സനൽകുമാരൻ പറഞ്ഞു

സപ്താഹയജ്ഞത്തിലുൾപ്പെട്ട വായന-
യല്ലും ശ്രവിക്കവോർക്കുള്ള പുണ്യോച്ചയം
വിസ്തരിച്ചീടാനെനിക്കില്ല കെല്പെന്ന
വാസ്തവം നേരേ ധരിക്കുക നാരദാ!
ഒന്നു ഞാൻ തീർത്തരുളീടാം പശുജാത-
പണ്ഡിതൻ ചെയ്യു കഥാപ്രസംഗങ്ങളിൽ
ഒററപ്പദമെങ്കിലും ശ്രവണങ്ങളിൽ
പററിയവർക്കില്ല പിന്നെപ്പുനർജ്ജനി. 87

കാററോ, ജലമോ, ദലമോ ഭുജിച്ചുഴ-
ലേററമേ,ററസ്ഥിമാത്രാംഗരായി,ച്ചിരം
വൻതപം ചെയ്യുന്നവർക്കും പവനനി-
യന്ത്രണം സാധിച്ചവർക്കുമൊരിക്കലും
സിദ്ധിച്ചിടാത്ത പദവിയിലിക്കഥ
ശ്രദ്ധയോടും ശ്രവിക്കുന്നവരെത്തിടും. 88

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതിഹാസമിമം പുണ്യം ശാണ്ഡില്യോऽപി മുനീശ്വരഃ
പഠതേ ചിത്രകൂടസ്ഥോ ബ്രഹ്മാനന്ദപരിപ്ലുതഃ 89
ആഖ്യാനമേതത് പരമം പവിത്രം
ശ്രുതം സകൃദ്വൈ വിദഹേദഘൗഘം
ശ്രാദ്ധേ പ്രയുക്തം പിതൃതൃപ്തിമാവഹേത്
നിത്യം സുപാഠാദപുനർഭവം ച. 90

ഇതി ശ്രീപത്മപുരാണേ ഉത്തരഖണ്ഡേ ശ്രീമദ്ഭാഗവതമാഹാത്മ്യേ
ഗോകർണ്ണമോക്ഷവർണ്ണനം നാമ പഞ്ചമോऽധ്യായഃ

അഥ ഷഷ്ഠോऽധ്യായഃ

സപ്താഹവിധി

കുമാരാ ഊചുഃ

അഥ തേ സമ്പ്രവക്ഷ്യാമഃ സപ്താഹശ്രവണേ വിധിം
സഹായൈർവ്വസുഭിശ്ചൈവ പ്രായഃ സാധ്യോ വിധിഃ സ്മൃതഃ 1
ദൈവജ്ഞം തു സമാഹൂയ മുഹൂർത്തം പൃച്ഛ്യ യത്നതഃ
വിവാഹേ യാദൃശം ചിത്തം താദൃശം പരികല്പയേത്. 2
നഭസ്യ ആശ്വിനോർജ്ജൗ ച മാർഗ്ഗശീർഷഃ ശുചിർന്നഭാഃ
ഏതേ മാസാഃ കഥാരംഭേ ശ്രോതൄണാം മോക്ഷസൂചകാഃ 3
മാസാനാം വിഗ്രഹേ യാനി താനി ത്യാജ്യാനി സർവ്വഥാ
സഹായാശ്ചേതരേ തത്ര കർത്തവ്യാഃ സോദ്യമാശ്ച യേ. 4
ദേശേ ദേശേ തഥാ സേയം വാർത്താ പ്രേഷ്യാ പ്രയത്നതഃ
ഭവിഷ്യതി കഥാ ചാത്ര ആഗന്തവ്യം കുടുംബിഭിഃ 5
ദൂരേ ഹരികഥാഃ കേചിദ് ദൂരേ ചാച്യുതകീർത്തനാഃ
സ്ത്രിയഃ ശൂദ്രാദയോ യേ ച തേഷാം ബോധോ യതോ ഭവേത്. 6
ദേശേ ദേശേ വിരക്താ യേ വൈഷ്ണവാഃ കീർത്തനോത്സുകാഃ
തേഷ്വേവ പത്രം പ്രേഷ്യം ച തല്ലേഖനമിതീരിതം. 7
''സതാം സമാജോ ഭവിതാ സപ്തരാത്രം സുദുർല്ലഭഃ
അപൂർവ്വരസരൂപൈവ കഥാ ചാത്ര ഭവിഷ്യതി. 8
ശ്രീഭാഗവതപീയൂഷപാനായ രസലമ്പടാഃ
ഭവന്തശ്ച തഥാ ശീഘ്രമായാത പ്രേമതത്പരാഃ 9
നാവകാശഃ കദാചിച്ചേദ്ദിനമാത്രം തഥാപി തു
സർവ്വഥാऽऽഗമനം കാര്യം ക്ഷണോऽത്രൈവ സുദുർല്ലഭഃ'' 10
ഏവമാകാരണം തേഷാം കർത്തവ്യം വിനയേന ച
ആഗന്തുകാനാം സർവ്വേഷാം വാസസ്ഥാനാനി കല്പയേത്. 11
തീർത്ഥേ വാപി വനേ വാപി ഗൃഹേ വാ ശ്രവണം മതം,
വിശാലാ വസുധാ യത്ര കർത്തവ്യം തത്കഥാസ്ഥലം. 12
ശോധനം മാർജ്ജനം ഭൂമേർല്ലേപനം ധാതുമണ്ഡനം,
ഗൃഹോപസ്കരമുദ്ധൃത്യ ഗൃഹകോണേ നിവേശയേത്. 13
അർവ്വാക് പഞ്ചാഹതോ യത്നാദാസ്തീർണ്ണാനി പ്രമേളയേത്
കർത്തവ്യോ മണ്ഡപഃ പ്രോച്ചൈഃ കദളീഖണ്ഡമണ്ഡിതഃ 14
ഫലപുഷ്പദലൈർവ്വിഷ്വഗ്വിതാനേന വിരാജിതഃ
ചതുർദ്ദിക്ഷു ധ്വജാരോപോ ബഹുസമ്പദ്വിരാജിതഃ 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മസാക്ഷാത്കൃതി സിദ്ധിച്ച ശാണ്ഡില്യ-
നിർമ്മലമാമുനിതാനും ദിനംപ്രതി
ചിത്രകൂടത്തിലിരുന്നീയിതിഹാസ-
മെത്രയും ശ്രദ്ധയോടിന്നും പഠിക്കുന്നു. 89

ഉത്കൃഷ്ടമായ് പരിപാവനമാകുമീ-
യാഖ്യാനമൊററത്തവണ കേൾപ്പോനെഴും
അന്തമററുള്ള ദുരിതമഹാവനം
വെന്തുവെണ്ണീറായ്ച്ചമഞ്ഞിടും നിർണ്ണയം.
കീർത്തിപ്പതാം ശ്രാദ്ധകാലത്തിലെങ്കിലോ
തൃപ്തരായ്ത്തീരുമുടൻ പിതൃസങ്കലം.
എന്നുമിഗ്രന്ഥം പഠിക്കുന്നവനില്ല
പിന്നെയൊരിക്കലും ഗർഭവാസവ്യഥ. 90

അദ്ധ്യായം 6

സപ്താഹവിധി

കുമാരന്മാർ പറഞ്ഞു

ചൊല്ലാം മുനേ! കേൾക്ക; സപ്താഹയജ്ഞത്തി-
ലെല്ലാരുമാദരിക്കേണ്ട വിധികളെ.
എട്ടുവിധം സഹായം ലഭിച്ചാൽ വിധി-
ക്കൊത്തിതു മിക്കവാറും നടത്താവതാം. 1

ചൊല്ലെഴും ദൈവജ്ഞനെ വരുത്തിബ്ബുധി
ചെല്ലുംവോളം ചർച്ചചെയ്തുചിതമാം-
നല്ല മുഹൂർത്തം കുറിക്കണമാദ്യമായ്,
കല്യാണകാലസന്തോഷ സമന്വിതം. 2

കന്നി തുലാം ധനു വൃശ്ചികം കർക്കട-
മെന്നല്ല ചിങ്ങവും ശ്രോതൃമോക്ഷപ്രദം 3

നന്നല്ല കേൾപ്പാൻ ഗ്രഹങ്ങൾ തമ്മിൽ ജന്യ-
മാന്നിടും മാസങ്ങളിലിതെന്നാൽ മുനേ!
സപ്താഹപാരായണത്തിന്നധിമാസ-
മെപ്പൊഴും വർജ്ജിക്കയെന്നതുപോലുമേ
മാഘമാസം മുഴുക്കെസ്സുചരിത്രമി-
തേകാഗ്രതയോടു കേൾക്കിലെഴും ഫലം
സപ്താഹപാരായണമൊന്നിനാൽതന്നെ
സിദ്ധിക്കുമെന്നുമാചാര്യൻ വിധിച്ചിതു
എല്ലാവരുമിതിൻ നിർവ്വഹണത്തിനായ്
നല്ലവണ്ണം ബഹുധാ സഹായിക്കണം. 4

ഓരോരുദേശത്തുമീശുഭവാർത്തയെ
പാരം പണിപ്പെട്ടുമെത്തിച്ചിടേണ്ടതാം
ദൂരദേശത്തുമിസ്സുചരിതാരംഭ-
കാര്യമെഴുത്തയച്ചും പരത്തീടണം
സ്ത്രീശൂദ്രാദികൾ ബോധോദയാർത്ഥം കുറി-
യാളു ദൂതന്മാർവഴിയയച്ചീടണം.
''ഇജ്ജനം നിശ്ചയംചെയ്തിരിക്കുന്നൊരു
സജ്ജനസമ്മേളനം നടത്തീടുവാൻ
ഏഴുനാളോളമിതു നീണ്ടുനിന്നിടു-
മൂഴിയിലിത്തരം സത്സംഗ ദുർല്ലഭം
ആനന്ദദമാമപൂർവ്വരസമയ-
നാനാകഥാപ്രസംഗങ്ങളുണ്ടാമിതിൽ. 5-8

ഭാഗവതചരിതാമൃതാസ്വാദന-
രാഗവാന്മാരാം രസികരേ! നിങ്ങളും
യോഗമിതിൽ പങ്കുകൊണ്ടിടണം, വേഗ-
മാഗമിക്കേണം കുടുംബസമന്വിതം. 9

ഏഴുദിനവുമിവിടെക്കഴിക്കുവാ-
നാഴമനവധിക്കില്ലെന്നിരിക്കിലോ,
ഏകനാളെങ്കിലും സംഗമിച്ചിട്ടങ്ങു
പോകാം, വരേണമെന്നുള്ളതു മുഖ്യമാം.
എത്രയും സ്നേഹവിനയപുരസ്സരം
മിത്രമറിയിച്ചിടും കുറിയാവതു.'' 10

പാരം വിഷയവിരക്തരും, മാധവ-
ചാരുകഥാസുധാസ്വാദനലോലരും,
ആരാരെവിടൊക്കെയുണ്ടവർക്കൊക്കെയു-
മീരീതിയിൽ കത്തയച്ചു വരുത്തണം.
എത്തുവോർ തൻസുഖസൗകര്യമോർത്തുടൻ
പത്തനംതൊട്ടതും സജ്ജമാക്കീടണം. 11

തീർത്ഥപദമോ വനമോ ഭവനമോ
പേർത്തും ശ്രവണോചിതമെന്നു സമ്മതം
വിസ്തൃതഭൂവിൽ വിശാലമാം പന്തലൊ-
ന്നിട്ടാൽ സുഖമായിരുന്നു കേൾക്കാവതാം. 12

ശോധനചെയ്തുകഥാവേദി പഞ്ചഗ-
വ്യാദിയാൽ വേണ്ടപോൽ ശുദ്ധമാക്കീടണം.
ചാലവേ ചാണകംകൊണ്ടു മെഴുകീട്ടു
കോലമിട്ടീടണം ഗൈരികധൂളിയാൽ.
കാണരുതാരു,മതുകണക്കങ്ങൊരു
കോണിലാക്കേണം ഗൃഹോപകരണങ്ങൾ. 13

ആസ്തരണങ്ങൾ കരുതണം മുന്നമേ
വൃത്തിയായ്ത്തക്കസമയം വിരിക്കണം.
ഉന്നതമണ്ഡപം തീർത്തു കുലവാഴ-
തന്നാലലങ്കരിച്ചീടണം ഭംഗിയായ്. 14

നല്ല ഫലദലപുഷ്പങ്ങളാലതു-
ല്യമില്ലാത്തവണ്ണം വിതാനിക്കണം.
ചേലെഴും വസ്ത്രങ്ങളാൽ ഭൂഷിതങ്ങളായ്
നാലുഭാഗത്തും ധ്വജങ്ങൾ നാട്ടീടണം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊദ്ധ്വം സപ്തൈവ ലോകാശ്ച കല്പനീയാഃ സവിസ്തരം
തേഷു വിപ്രാ വിരക്താശ്ച സ്ഥാപനീയാഃ പ്രബോധ്യ ച. 16
പൂർവ്വം തേഷാമാസനാനി കർത്തവ്യാനി യഥോത്തരം
വക്തുശ്ചാപി തദാ ദിവ്യമാസനം പരികല്പയേത്. 17
ഉദങ്മുഖോ ഭവേദ്വക്താ ശ്രോതാ വൈ പ്രാങ്മുഖസ്തദാ,
പ്രാങ്മുഖശ്ചേദ്ഭവേദ്വക്താ ശ്രോതാ ചോദങ്മുഖസ്തദാ. 18
അഥവാ പൂർവ്വദിഗ്ജ്ഞേയാ പൂജ്യപൂജകമധ്യതഃ
ശ്രോതൄണാമാഗമേ പ്രോക്താ ദേശകാലാദികോവിദൈഃ 19
വിരക്തോ വൈഷ്ണവോ വിപ്രോ വേദശാസ്ത്രവിശുദ്ധികൃത്
ദൃഷ്ടാന്തകുശലോ ധീരോ വക്താ കാര്യോഽതിനിഃസ്പൃഹഃ 20
അനേകധർമ്മവിഭ്രാന്താഃ സ്ത്രൈണാഃ പാഖണ്ഡവാദിനഃ
ശുകശാസ്ത്രകഥോച്ചാരേ ത്യാജ്യാസ്തേ യദി പണ്ഡിതാഃ 21
വക്തുഃ പാർശ്വേ സഹായാർത്ഥമന്യഃ സ്ഥാപ്യസ്തഥാവിധഃ
പണ്ഡിതഃ സംശയച്ഛേത്താ ലോകബോധനതത്പരഃ 22
വക്ത്രാ ക്ഷൗരം പ്രകർത്തവ്യം ദിനാദർവ്വാഗ്വ്രതാപ്തയേ
അരുണോദയേഽസൗ നിർവ്വർത്ത്യ ശൗചം സ്നാനം സമാചരേത്. 23
നിത്യം സംക്ഷേപതഃ കൃത്വാ സന്ധ്യാദ്യം സ്വം പ്രയത്നതഃ
കഥാവിഘ്നവിഘാതായ ഗണനാഥം പ്രപൂജയേത്. 24
പിതൄൻ സന്തർപ്യ ശുദ്ധ്യർത്ഥം പ്രായശ്ചിത്തം സമാചരേത്
മണ്ഡലം ച പ്രകർത്തവ്യം തത്ര സ്ഥാപ്യോ ഹരിസ്തഥാ. 25
കൃഷ്ണമുദ്ദിശ്യ മന്ത്രേണ ചരേത് പൂജാവിധിം ക്രമാത്
പ്രദക്ഷിണനമസ്കാരാൻ പൂജാന്തേ സ്തുതിമാചരേത്. 26
''സംസാരസാഗരേ മഗ്നം ദീനം മാം കരുണാനിധേ
കർമ്മഗ്രാഹഗൃഹീതാങ്ഗം മാമുദ്ധര ഭവാർണ്ണവാത്.'' 27
ശ്രീമദ്ഭാഗവതസ്യാപി തതഃ പൂജാ പ്രയത്നതഃ
കർത്തവ്യാ വിധിനാ പ്രീത്യാ ധൂപദീപസമന്വിതാ. 28
തതസ്തു ശ്രീഫലം ധൃത്വാ നമസ്കാരം സമാചരേത്
സ്തുതിഃ പ്രസന്നചിത്തേന കർത്തവ്യാ കേവലം തദാ. 29
''ശ്രീമദ്ഭാഗവതാഖ്യോഽയം പ്രത്യക്ഷഃ കൃഷ്ണ ഏവ ഹി
സ്വീകൃതോഽസി മയാ നാഥ മുക്ത്യർത്ഥം ഭവസാഗരേ. 30
മനോരഥോ മദീയോഽയം സഫലഃ സർവ്വഥാ ത്വയാ
നിർവ്വിഘ്നേനൈവ കർത്തവ്യോ ദാസോഽഹം തവ കേശവ.'' 31
ഏവം ദീനവചഃ പ്രോച്യ വക്താരം ചാഥ പൂജയേത്
സംഭൂഷ്യ വസ്ത്രഭൂഷാഭിഃ പൂജാന്തേ തം ച സംസ്തവേത്. 32
''ശുകരൂപ, പ്രബോധജ്ഞ, സർവ്വശാസ്ത്രവിശാരദ
ഏതത്കഥാപ്രകാശേന മദജ്ഞാനം വിനാശയ.'' 33
തദഗ്രേ നിയമഃ പശ്ചാത് കർത്തവ്യഃ ശ്രേയസേ മുദാ
സപ്തരാത്രം യഥാശക്ത്യാ ധാരണീയഃ സ ഏവ ഹി 34
വരണം പഞ്ചവിപ്രാണാം കഥാഭങ്ഗനിവൃത്തയേ
കർത്തവ്യം തൈർഹരേർജ്ജാപ്യം ദ്വാദശാക്ഷരവിദ്യയാ. 35
ബ്രാഹ്മണാൻ വൈഷ്ണവാംശ്ചാന്യാംസ്തഥാ കീർത്തനകാരിണഃ
നത്വാ സംപൂജ്യ ദത്താജ്ഞഃ സ്വയമാസനമാവിശേത്. 36
ലോകവിത്തധനാഗാരപുത്രചിന്താം വ്യുദസ്യ ച
കഥാചിത്തഃ ശുദ്ധമതിഃ സ ലഭേത് ഫലമുത്തമം. 37
ആസൂര്യോദയമാരഭ്യ സാർദ്ധത്രിപ്രഹരാന്തകം
വാചനീയാ കഥാ സമ്യക് ധീരകണ്ഠം സുധീമതാ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗസ്ഥലത്തിൻമുകളിലായ് ഭൂമ്യാദി–
ലോകമേഴും പരികല്പനം ചെയ്യണം.
തത്സ്ഥാനസംസ്ഥവിരക്തദ്വിജാദിയെ
പ്രാർത്ഥിക്കണം തദനുഗ്രഹാർത്ഥംപരം. 16

ഭൂസുരശ്രേഷ്ഠരാം ശ്രോതാക്കളെ മുന്നി–
ലാസനം നൽകിയിരുത്തണമാദ്യമായ്.
വായനക്കാരനാം വിദ്വാനതിദിവ്യ–
മായീടുമാസനമൊന്നു കല്പിക്കണം. 17

വാചികൻ നേരേ വടക്കോട്ടിരിക്കുകിൽ
പ്രാചിയിൽ നോക്കിയിരിക്കണം കേൾക്കു–
വോർ.

അല്ല പൂർവ്വാഭിമുഖനാണയാളെങ്കി–
ലെല്ലാവരും വടക്കോട്ടിരുന്നീടണം. 18

വക്താവു പൂജ്യൻ, ശ്രവിക്കുവോർ പൂജക–
രിക്കൂട്ടർതൻ മദ്ധ്യഭാഗത്തെയാണിഹ
പൂർവ്വദിക്കെന്നു വിവരിച്ചിരിപ്പതു
സർവ്വദിക്കാലവിജ്ഞന്മാർ മനീഷികൾ. 19

പുത്രകളത്രധനാദ്യങ്ങളിലനാ–
സക്തനും, മാധവഭക്തനും, ധീരനും,
വേദശാസ്ത്രാഭ്യസനത്തിനാൽ പൂതമാം
ചേതസ്സിയലുവോനും, ശ്രോതൃരമ്യമാം
ദൃഷ്ടാന്തമോതാൻ സമർത്ഥനു,മാഗ്രഹം
വിട്ടോനുമായിരിക്കേണമാ വാചികൻ. 20

നാനാവിധധർമ്മവിഭ്രമചിത്തരും,
മീനാക്ഷിമാരിൽ മയങ്ങും മനുഷ്യരും,
പാഖണ്ഡരും, പരം പണ്ഡിതരാകിലും
സ്വീകൃതരാകരുതിക്കഥാവേദിയിൽ. 21

വക്താവിനെത്തുണയ്ക്കാൻ തത്സമനൊരു
വിഖ്യാതപണ്ഡിതനെക്കൂടി വയ്ക്കണം.
കേൾപ്പവർക്കുള്ള സന്ദേഹമൊഴിക്കുവാൻ
കെല്പുമായാൾ ക്കലമുണ്ടായിരിക്കണം. 22

പാരായണം ചെയ്യുവോൻ തലേനാളിലേ
ക്ഷൗരംകഴിപ്പിച്ചിടേണം വ്രതാർത്ഥമായ്
സൂര്യോദയത്തിനു മുൻപേററു ശൗചാദി
കാര്യങ്ങളെല്ലാം കഴിച്ചു കുളിക്കണം. 23

സന്ധ്യയെ വന്ദിച്ചു, വിഘ്നശാന്തിക്കുടൻ
ദന്തിമുഖനെ മുറയ്ക്കു പൂജിക്കണം. 24

തൻപിതൃക്കൾക്കു സന്തർപ്പണം ചെയ്തതിൻ
പിമ്പു പ്രായശ്ചിത്തവും കഴിച്ചീടണം.
മണ്ഡപത്തിൻ മദ്ധ്യഭാഗത്തു പിന്നൊരു
മണ്ഡലംതീ,ർത്തതിൽ മന്ത്രപുരസ്സരം
ആവാഹനംചെയ്തിരുത്തി മുകുന്ദനാം
ദേവനെയർച്ചനംചെയ്യണം വാചികൻ

പിന്നെ പ്രദക്ഷിണംവച്ചു നമിച്ചു ഗോ–
വിന്ദമന്ത്രങ്ങൾ ചൊല്ലിസ്തുതിച്ചീടണം. 25–26

''അല്ലയോ മാധവാ! സംസാരവാരിധി–
ക്കുള്ളിൽ വീണല്ലലാളും മത്കളേബരം
കർമ്മനക്രങ്ങൾ വിഴുങ്ങിക്കളഞ്ഞു, മാം
നിർമ്മുക്തനാക്കുവാനർത്ഥിച്ചിടുന്നു ഞാൻ.'' 27

ഭാഗവതഗ്രന്ഥമർച്ചനം ചെയ്യണം
രാഗപൂർവ്വം ധൂപദീപസമന്വിതം. 28

പിന്നെ നാളീകേരമർപ്പിച്ചു കുമ്പിട്ടു
നന്ദിച്ചു ഭക്തിപൂർവ്വം സ്തുതിച്ചീടണം. 29

''പൃഥ്വിയിലിങ്ങനെ ഭാഗവതാഖ്യയിൽ
പ്രത്യക്ഷനാം ഭഗവൻ! കേശവാ! വിഭോ!
സംസാരസാഗരംതന്നിൽനിന്നേറുവാൻ
സംശ്രയിക്കുന്നയേ നാഥാ; ഭവാനെ ഞാൻ.
ദാസനാമെന്നഭിലാഷമശേഷവു–
മീഷലെന്യേ നിറവേററിത്തരേണമേ.'' 30-31

ഏവമർത്ഥിച്ചു, വക്താവിനെ ശ്രോതാവു
ശുഭ്രവെള്ളവസ്ത്രം വിഭൂഷണമാദിയാൽ
രാജിതനാക്കിക്കളഭമണിയിച്ചു
പൂജിച്ചു മന്ത്രമിതോതി നമിക്കണം. 32

''ശ്രീശുകരൂപസർവ്വജ്ഞ! മദജ്ഞാന–
മാശു പോക്കേണം കഥാപ്രകാശത്തി–
നാൽ.'' 33

വിഘ്നമെന്യേയേഴുനാളും തുടരുവാൻ
തക്ക നിയമമാർന്നാൽ മതി വാചികൻ. 34

ഉർവ്വീസുരന്മാരൈയവരെക്കൊണ്ടിതിൻ
നിർവ്വിഘ്നപൂർത്തിക്കു വൈകുണ്ഠമുഖ്യമാം
മന്ത്രം ജപിപ്പിക്കണം ദ്വാദശാക്ഷരി–
യന്തഃകരണത്തിൽ വിശ്വാസപൂർവ്വകം. 35

മാധവകീർത്തനംചെയ്യുന്ന മററുള്ള
ഭൂദേവവൃന്ദത്തെയും നമിച്ചിട്ടുടൻ
ശ്രോതാവവരുടെയാജ്ഞയോടും സ്വയം
പൂതമാം തന്നാസനത്തിലിരിക്കണം. 36

വിത്തം, സുഹൃത്തുക്കൾ, രത്നങ്ങൾ, പത്തന–
പുത്രകളത്രാദിയെന്നതിൽനിന്നുടൻ
ചിത്തംവിടുർത്തിക്കഥയിൽനിർത്തീടുകി–
ലെത്തിടുമുത്തമമാം ഫലം നിർണ്ണയം. 37

സൂര്യോദയംമുതൽ മൂന്നരയാമമാം
നേരം കഥാവായനയ്ക്കു സമുചിതം.
ഉച്ചനീചസ്വരം വിട്ടു മുദ്ദതര–
സ്വച്ഛഗംഭീരസ്വരത്തിൽ വായിക്കണം. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഥാവിരാമഃ കർത്തവ്യോ മദ്ധ്യാഹ്നേ ഘടികാദ്വയം
തത്കഥാമനുകാര്യം വൈ കീർത്തനം വൈഷ്ണവൈസ്തദാ. 39
മലമൂത്രജയാർത്ഥം ഹി ലഘ്വാഹാരഃ സുഖാവഹഃ
ഹവിഷ്യാന്നേന കർത്തവ്യോ ഹ്യേകവാരം കഥാർത്ഥിനാ. 40
ഉപോഷ്യ സപ്തരാത്രം വൈ ശക്തിശ്ചേത് ശൃണുയാത്തദാ
ഘൃതപാനം പയഃപാനം കൃത്വാ വൈ ശൃണുയാത് സുഖം. 41
ഫലാഹാരേണ വാ ശ്രാവ്യമേകഭുക്തേന വാ പുനഃ
സുഖസാധ്യം ഭവേദ്യത്തു കർത്തവ്യം ശ്രവണായ തത്. 42
ഭോജനം തു വരം മന്യേ കഥാശ്രവണകാരകം
നോപവാസോ വരഃ പ്രോക്തഃ കഥാവിഘ്നകരോ യദി. 43
സപ്താഹവ്രതിനാം പുംസാം നിയമാഞ്ഛൃണു, നാരദ,
വിഷ്ണുദീക്ഷാവിഹീനാനാം നാധികാരഃ കഥാശ്രവേ. 44
ബ്രഹ്മചര്യമധഃസുപ്തിഃ പത്രാവല്യാം ച ഭോജനം
കഥാസമാപ്തൗ ഭുക്തിം ച കുര്യാന്നിത്യം കഥാവ്രതീ. 45
ദ്വിദളം മധു തൈലം ച ഗരിഷ്ഠാന്നം തഥൈവ ച
ഭാവദുഷ്ടം പര്യുഷിതം ജഹ്യാന്നിത്യം കഥാവ്രതീ. 46
വൃന്താകം, ച കലിംജം, ച ദഗ്ധമന്നം, മസൂരികാ,
നിഷ്പാവാദ്യാമിഷം, ചൈവ വർജ്ജയേദ്യഃ കഥാവ്രതീ 47
പലാണ്ഡും, ലശുനം, ഹിംഗു, മൂലകം, ഗൃഞ്ജനം തഥാ
നാളികാമൂലകുശ്മാണ്ഡം നൈവാദ്യാദ്യഃ കഥാവ്രതീ 48
ദ്വിപാചിതം, സൂതകാന്നം, ലവണം, ലവണം തഥാ
മത്സ്യമാംസ,മജാദുഗ്ധം പലലലോദം ച വർജ്ജയേത് 49
കാമം ക്രോധം മദം മാനം മത്സരം ലോഭമേവ ച
ദംഭം മോഹം തഥാ ദ്വേഷം ദൂരയേച്ച കഥാവ്രതീ. 50
വേദവൈഷ്ണവവിപ്രാണാം ഗുരുഗോവ്രതിനാം തഥാ
സ്ത്രീരാജമഹതാം നിന്ദാം വർജ്ജയേദ്യഃ കഥാവ്രതി. 51
രജസ്വലാന്ത്യജമ്ലേച്ഛപതിതവ്രാത്യകൈസ്തദാ
ദ്വിജദ്വിട്‌വേദബാഹ്യൈശ്ച ന വദേദ്യഃ കഥാവ്രതീ. 52
സത്യം ശൗചം ദയാം മൗനമാർജ്ജവം വിനയം തഥാ
ഉദാരമാനസം തദ്വദേവം കുര്യാത് കഥാവ്രതീ. 53
ദരിദ്രശ്ച ക്ഷയീ രോഗീ നിർഭാഗ്യഃ പാപകർമ്മവാൻ
അനപത്യോ മോക്ഷകാമഃ ശൃണുയാച്ച കഥാമിമാം. 54
അപുഷ്പാ കാകവന്ധ്യാ ച വന്ധ്യാ യാ ച മൃതാർഭകാ
സ്രവദ് ഗർഭാ ച യാ നാരീ തയാ ശ്രാവ്യാ പ്രയത്നതഃ 55
ഏതേന വിധിനാ ശ്രാവേ തദക്ഷയതരം ഭവേത്
അത്യുത്തമാ കഥാ ദിവ്യാ കോടിയജ്ഞഫലപ്രദാ. 56
ഏവം കൃത്വാ വ്രതവിധിമുദ്യാപനമഥാചരേത്
ജന്മാഷ്ടമീവ്രതമിവ കർത്തവ്യം ഫലകാംക്ഷിഭിഃ 57
അകിഞ്ചനേഷു ഭക്തേഷു പ്രായോ നോദ്യാപനാഗ്രഹഃ
ശ്രവണേനൈവ പൂതാസ്തേ നിഷ്കാമാ വൈഷ്ണവാ യതഃ 58
ഏവം നഗാഹയജ്ഞേ/സ്മിൻ സമാപ്തേ ശ്രോതൃഭിസ്തദാ
പുസ്തകസ്യ ച വക്തുശ്ച പൂജാ കാര്യാതിഭക്തിതഃ 59
പ്രസാദതുളസീമാലാ ശ്രോതൃഭ്യശ്ചാഥ ദീയതാം
മൃദംഗതാളലലിതം കർത്തവ്യം കീർത്തനം തതഃ 60

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉച്ചയ്ക്കു നാഴിക രണ്ടിക്കഥനിർത്തി-
വെച്ചു ഹരിഭക്തരാമവനീസുരർ
കീർത്തനം ഭംഗിയായ് പാടിസ്സദസ്യരെ-
പ്പേർത്തുമാനന്ദമനുഭവിപ്പിക്കണം. 39

നല്ലതല്ലാഹാരമാണു, മലമൂത്ര-
ശല്യമെന്യേ, കഥ കേട്ടിരുന്നീടുവാൻ.
ഇഷ്ടമാം ധാന്യം പചിച്ചു ഭഗവാനു
തുഷ്ട്യാ നിവേദിച്ചൊരിക്കൽ ഭുജിക്കണം. 40

ദേഹബലമുള്ളപക്ഷമീനാളേഴു-
മാഹാരമെന്യേ കഥ കേൾപ്പതുത്തമം.
ക്ഷീരമോ നെയ്യോ കഴിക്കാം വിരോധമി-
ല്ലാരും സുഖമാ ിരുന്നു കേട്ടാൽമതി. 41

സത്ഫലം ഭക്ഷിക്കിലും ന,ന്നൊരുകറി
തൃപ്തിയായുണ്ണണമെങ്കിലുമായിടാം
എപ്പൊഴും ഭോജനശ്രദ്ധയാലിക്കഥാ-
തല്പരത്വം പോകരുതതേയുള്ളിതിൽ. 42

ഈശകഥാശ്രദ്ധ പോക്കമെന്നാലുപ-
വാസമുപേക്ഷിക്കതന്നെയാണുത്തമം
ശ്രദ്ധയോടും കഥ കേട്ടിരുന്നീടുവാൻ
യുക്തമാം ഭോജ്യമേ ഭക്ഷിച്ചിടാവു കേൾ. 43

സപ്താഹസദ്വ്രതമാചരിക്കുന്നോർക്കു-
കല്പിച്ചതാം നിയമങ്ങളും കേൾക്കുക.
തന്ത്രോക്തമാകും ഹരിദീക്ഷ വേണ്ടപോൽ
സന്ധിച്ചിടാത്തോന ധികാരിയല്ലിതിൽ. 44

അംഗനാസംഗമം പാടില്ല, മണ്ണിലേ-
യെങ്ങും ശയിക്കാവൂ, നിത്യം ഹരികഥ-
കേട്ടുകഴിഞ്ഞേ ഭുജിച്ചിടാവൂ, നോമ്പു-
നോററീടുവോനിലയിട്ടുതാനുണ്ണണം. 45

എണ്ണ, നെയ്, ശക്കരതൊട്ട ഗുരുദ്രവ്യ-
മൊന്നുമശിച്ചീടൊലാ പയർവർഗ്ഗവും,
ഉപ്പുരേകുന്നതും മുൻനാൾ പചിച്ചതു-
മൊട്ടും ഭുജിക്കാതുടനപേക്ഷിക്കണം.
കപ്പക്കയ,മമരയ്ക്കയും, കഞ്ചാവു,-
മപ്രകാരം കരിഞ്ഞുള്ള ഭക്ഷ്യങ്ങളും,
ഉള്ളി, വഴുതിനങ്ങാ, മു ിങ്ങക്കയ,-
മുള്ളങ്കിയും, ബിസവും, കുമ്പളങ്ങയും,
കായവും, രണ്ടുതവണ പ ാകംചെയ്ത-
തായ ഭോജ്യങ്ങളും, മത്സ്യമാംസങ്ങളും,
പെററവീട്ടിൽ പചിച്ചുള്ളതു,മിന്തുപ്പു,-
മാട്ടിന്റെ പാ,ലുപ്പു, പലവലവാരിയും, 46–49

ദ്വേഷകാമക്രോധലോഭമദമാന-
മത്സരദംഭങ്ങളും സന്ത്യജിക്കണം. 50

ഭൂദേവർ, വൈഷ്ണവർ, സാധ്വികൾ, രാജാക്കൾ,
ഗോദേശികഭക്തരെന്നുള്ളവരെയും
വേദങ്ങളെയുമവമതിച്ചീടരു-
തേതുമൊട്ടും കഥാവ്രതദീക്ഷിതൻ. 51

ചണ്ഡാലരോടും, രജസ്വലയാകിയ
പെണ്ണിനോടും, പതിതസംസ്കൃതരൊടും,
വേദദ്വിജദ്വേഷിവർഗ്ഗത്തൊടും, മ്ലേച്ഛ-
ജാതിയോടും മിണ്ടരുതവനൊന്നുമേ. 52

സത്യ,മുദാരത, കാരുണ്യവും, ദേഹ-
ശുദ്ധി, വിനയ,മവക്രത, മൗനവും
മററു ഗുണങ്ങളും ശീലിച്ചിരിക്കണം
മററും കഥകേൾക്കുവാൻ നോമ്പുനില്ക്കുവോൻ. 53

ദാരിദ്ര്യവാൻ, ക്ഷയരോഗി, നിർഭാഗ്യവാൻ,
പാരിച്ച പാപി,യപത്യമില്ലാത്തവൻ,
മോക്ഷത്തിലാശയുള്ളോ,നിവരൊക്കെയും
സാക്ഷാൽ കഥയിതു കേൾക്കേണ്ടവർ ധ്രുവം. 54

തക്കകാലത്തുതുവാകാത്തവൾ പ്രസ-
വിക്കവേ കുട്ടികളൊക്കെ മരിക്കുവോൾ
ഒന്നുപെററിട്ടഥ പേറുമാറിക്കാക-
വന്ധ്യയായ്ത്തീർന്നോൾ പ്രസവിച്ചിടാത്തവൾ
ഗർഭം സ്രവിക്കുവോ,ളിത്തരം നാരിക-
ളെപ്പൊഴും കേൾക്കുകവേണ്ടതാണിക്കഥ. 55

ഇച്ചൊന്ന മട്ടിതു കേൾക്കുവാനൊക്കുകി-
ലക്ഷയമാകും ഫലമുളവായിടും.
കോടിയജ്ഞം നടത്തീടിലുണ്ടാം ഫലം
നേടിത്തരുമിച്ചരിതമത്യുത്തമം. 56

സദ്വ്രതങ്ങൾ സമ്പൂർണ്ണഫലത്തിനാ-
യുദ്യാപനംചെയ്തു ദീക്ഷയൊഴിക്കണം
ജന്മാഷ്ടമിവ്രതംപോൾ തുടങ്ങിത്തീർക്കിൽ
നന്മേട്ടു പൂർണ്ണശ്രവണഫലം വരും. 57

നിഷ്കിഞ്ചനഭക്തനുദ്യാപനവിധി
കൈക്കൊൾകവേണ്ട, കാങ്ക്ഷിക്കയുമില്ലവൻ.
നിഷ്കാമനാമവനിക്കഥ കേൾക്കകി-
ലുൾക്കാമ്പുടൻ പരിശുദ്ധമാകുന്നിതേ. 58

സപ്താഹമേവം സമാപ്തമായാലുട,-
നപ്പുരാണത്തെയും വാചികൻതന്നെയും
കേൾക്കുവോരച്ചിച്ചു ധാന്യധനാദിയാൽ
വക്താവിനെപ്പരം തുഷ്ടനാക്കീടണം. 59

മോദകാദ്യങ്ങൾ തുളസിമാല്യങ്ങളും
ശ്രോതൃജനത്തിനു നല്കണം സാദരം
താളമേളം മൃദംഗധ്വനിയെന്നിവ
മേളിച്ചു മാധവകീർത്തനം പാടണം. 60

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജയശബ്ദം നമഃശബ്ദം ശങ്ഖശബ്ദം ച കാരയേത്
വിപ്രേഭ്യോ യാചകേഭ്യശ്ച വിത്തമന്നം ച ദീയതാം. 61
വിരക്തശ്ചേദ് ഭവേച്ഛ്രോതാ ഗീതാ വാച്യാ പരേഽഹനി
ഗൃഹസ്ഥശ്ചേത്തദാ ഹോമഃ കർത്തവ്യഃ കർമ്മശാന്തയേ. 62
പ്രതിശ്ലോകം തു ജുഹുയാദ്വിധിനാ ദശമസ്യ ച
പായസം മധു സർപ്പിശ്ച തിലാന്നാദികസംയുതം. 63
അഥവാ ഹവനം കുര്യാദ് ഗായത്ര്യാ സുസമാഹിതഃ
തന്മയത്വാത് പുരാണസ്യ പരമസ്യ ച തത്ത്വതഃ 64
ഹോമാശക്തൌ ബുധോ ഹൌമ്യം ദദ്യാത്തത്ഫലസിദ്ധയേ.
നാനാച്ഛിദ്രനിരോധാർത്ഥം ന്യൂനതാധികതാനയോഃ 65
ദോഷയോഃ പ്രശമാർത്ഥം ച പഠേന്നാമസഹസ്രകം.
തേന സ്യാത്സഫലം സർവ്വം നാസ്ത്യസ്മാദധികം യതഃ 66
ദ്വാദശ ബ്രാഹ്മണാൻ പശ്ചാദ്ഭോജയേന്മധുപായസൈഃ
ദദ്യാത് സുവർണ്ണം ധേനും ച വ്രതപൂർണ്ണത്വഹേതവേ. 67
ശക്തൌ പലത്രയമിതം സ്വർണ്ണസിംഹം വിധായ ച
തത്രാസ്യ പുസ്തകം സ്ഥാപ്യം ലിഖിതം ലളിതാക്ഷരം. 68
സംപൂജ്യാവാഹനാദ്യൈരുപചാരൈഃ സദക്ഷിണം
വസ്ത്രഭൂഷണഗന്ധാദ്യൈഃ പൂജിതായ യതാത്മനേ. 69
ആചാര്യായ സുധീർദത്വാ മുക്തഃ സ്യാദ് ഭവബന്ധനൈഃ
ഏവം കൃതേ വിധാനേ ച സർവ്വപാപനിവാരണേ. 70
ഫലദം സ്യാത് പുരാണം തു ശ്രീമദ്ഭാഗവതം ശുഭം
ധർമ്മകാമാർത്ഥമോക്ഷാണാം സാധനം സ്യാന്ന സംശയഃ 71

കുമാരാ ഊചുഃ

ഇതി തേ കഥിതം സർവ്വം കിം ഭൂയഃ ശ്രോതുമിച്ഛസി
ശ്രീമദ്ഭാഗവതേനൈവ ഭുക്തിമുക്തീ കരേ സ്ഥിതേ. 72

സൂത ഉവാച

ഇത്യുക്ത്വാ തേ മഹാത്മാനഃ പ്രോചുർഭാഗവതീം കഥാം
സർവ്വപാപഹരാം പുണ്യാം ഭുക്തിമുക്തിപ്രദായിനീം. 73
ശൃണ്വതാം സർവ്വഭൂതാനാം സപ്താഹം നിയതാത്മനാം
യഥാവിധി തതോ ദേവം തുഷ്ടുവുഃ പുരുഷോത്തമം. 74
തദന്തേ ജ്ഞാനവൈരാഗ്യഭക്തീനാം പുഷ്ടതാ പരാ
താരുണ്യം പരമം ചാഭൂത്സർവ്വഭൂതമനോഹരം. 75
നാരദശ്ച കൃതാർത്ഥോഽഭൂത്സിദ്ധേ സ്വീയേ മനോരഥേ
പുളകീകൃതസർവ്വാങ്ഗഃ പരമാനന്ദസംഭൃതഃ 76
ഏവം കഥാം സമാകർണ്യ നാരദോ ഭഗവത്പ്രിയഃ
പ്രേമഗദ്ഗദയാ വാചാ താനുവാച കൃതാഞ്ജലിഃ 77

നാരദ ഉവാച

ധന്യോഽസ്മ്യനുഗൃഹീതോഽസ്മി ഭവദ്ഭിഃ കരുണാപരൈഃ
അദ്യ മേ ഭഗവാൻ ലബ്ധഃ സർവ്വപാപഹരോ ഹരിഃ 78
ശ്രവണം സർവ്വധർമ്മേഭ്യോ വരം മന്യേ തപോധനാഃ
വൈകുണ്ഠസ്ഥോ യതഃ കൃഷ്ണഃ ശ്രവണാദ്യസ്യ ലഭ്യതേ. 79

സൂത ഉവാച

ഏവം ബ്രുവതി വൈ തത്ര നാരദേ വൈഷ്ണവോത്തമേ
പരിഭ്രമൻ സമായാതഃ ശുകോ യോഗേശ്വരസ്തദാ. 80
തത്രായയൌ ഷോഡശവാർഷികസ്തദാ
വ്യാസാത്മജോ ജ്ഞാനമഹാബ്ധിചന്ദ്രമാഃ
കഥാവസാനേ നിജലാഭപൂർണ്ണഃ
പ്രേമ്ണാ പഠൻ ഭാഗവതം ശനൈഃ ശനൈഃ 81

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്കുരാനന്ദം, ജയനമശ്ശബ്ദങ്ങൾ
ശംഖനാദങ്ങളുമപ്പോൾ മുഴങ്ങണം
ഭൂസുരക്കും യാചകക്കുമേകീടണ-
മാശപോലന്നവും പൊന്നും പണങ്ങളും. 61

ശ്രോതാവുതാനും വിരക്തനെന്നാകിലോ,
ഗീതയെട്ടാംദിനം വായിച്ചുതീക്കണം.
നമ്മട്ടെഴും ഗൃഹസ്ഥാശ്രമിയെങ്കിലോ,
കമ്മശാന്തിക്കു ഹോമം നടത്തീടണം. 62

നേരേ ദശമമാംസ്കന്ധത്തിലെപ്പദ്യ-
മോരോന്നു ചൊല്ലിഗ്ഘൃതവും, തിലാന്നവും,
ശക്കര, പായസം, തേനെന്നിതുകളാൽ
ഭക്ത്യാ വിധിക്കൊത്തു ഹോമിച്ചിടേണ്ടതാം. 63

ഏകാഗ്രചിത്തനായ് ഗായത്രിയോതിയി-
ട്ടാകിലും പോരുമീ ഹോമമെന്നോക്കണം.
ഇപ്പുരാണത്തോടു തന്മയപ്പെട്ടതാ-
ണെപ്പൊഴും ഗായത്രിമന്ത്രമത്യുത്തമം. 64

ഹോമംനടത്താനശക്തനെന്നാകിലോ,
ഹോമപദാത്ഥങ്ങൾ ദാനംകഴിക്കണം.
ന്യൂനാധികദോഷവിഘ്നദോഷങ്ങൾ തൻ-
ഹാനിക്കു വിഷ്ണുസഹസ്രനാമങ്ങളെ
പിന്നെ,ജ്ജപിക്കണം, സർവ്വം സഫലമാ;-
മൊന്നുമില്ലന്യമിതിൽക്കവിഞ്ഞെങ്ങുമേ.
65-66

ഹോമം കഴിഞ്ഞുടൻ മുഷ്ടമായ് ദ്വാദശ-
ഭൂമീസുരന്മാക്കു സദ്യകൊടുക്കണം,
ഗോധനധാന്യവിഭവദാനത്തോടു-
മീധന്യയാഗസമ്പൂത്തി വരുത്തണം. 67

ശേഷിയുണ്ടെങ്കിലോ, മുപ്പലം പൊന്നിനാൽ
ഭാസുരസിംഹാസനം വിരചിച്ചതിൽ
വ്യക്താക്ഷരസ്ഫുരത് ഭാഗവതംവച്ചു,
ഭക്തിയോടച്ചിച്ചുപചാരപൂർവ്വകം
വസ്ത്രാഭരണപരിമളാലേപന-
വസ്തുക്കൾ ചാത്തിച്ചുകൂപ്പി, വിരക്തനാം-
ആചാര്യദേവനു ദക്ഷിണയും നല്കി-
യാചരിച്ചീടണം ഗ്രന്ഥദാനത്തെയും.
ഇങ്ങനെ സപ്താഹയജ്ഞസമാപ്തിക്കു
സങ്ഗതിവന്ന സുകൃതിയാം പണ്ഡിതൻ
സംസാരബന്ധവിമുക്തനായ്ക്കശ്മല-
ലേശരഹിതനായ്ത്തീരുവതെന്നിയേ
നാലുവിധപുരുഷാത്ഥവും സാധിച്ചു
ലാലസിച്ചീടുമതിനില്ല സംശയം. 68-71

കുമാരന്മാർ പറഞ്ഞു

സപ്താഹകാര്യങ്ങളെല്ലാം വിശദമാ-
യിപ്പോഴംക്കഥിച്ചേ,നിനിയെന്തു കേൾക്കണം?
ഭുക്തിയും മുക്തിയുമൊന്നിച്ചു നല്കുവാൻ
ശക്തമാം ഭാഗവതമിരുന്നീടവേ. 72

സൂതൻ പറഞ്ഞു

ഏവം മഹാത്മാക്കളാം സനകാദികൾ
ദേവമുനീശ്വരനോടു സവിസ്തരം
പുണ്യദം, പാപഹം, ഭുക്തിമുക്തിപ്രദം
ധന്യശുകശാസ്ത്രമോതീടിനാർ മുദാ. 73

സപ്താഹമേകാഗ്രതയോടു കേൾക്കുമ-
സ്സഭ്യരെയാകെസ്സനകാദ്യർ വേണ്ടപോൽ
ഭാഗവതത്തിന്മഹിമ ബോധിപ്പിച്ചു
ശ്രീകൃഷ്ണകീത്തനം പാടിസ്തുതിച്ചിതു. 74

ജ്ഞാനവൈരാഗ്യഭക്തിത്രയവും, സർവ്വ-
മാനസത്തേജമാകഷിച്ചിടും വിധം,
അംഗസംപുഷ്ടിയും താരുണ്യവും പരം
തിങ്ങിവിളങ്ങിയസ്സപ്താഹപൂത്തിയിൽ. 75

നാരദൻതാനുമഭിലാഷസിദ്ധിയിൽ
പാരം കൃതാത്ഥനായങ്ഗമശേഷവും
രോമാഞ്ചകഞ്ചുകമഞ്ചാതണിഞ്ഞു-
ന്നാമഗ്നനായിതാനന്ദപാരാശിയിൽ. 76

സത്കഥയിങ്ങനെ കേട്ട ഹരിഭക്ത-
മുഖ്യനാം നാരദൻ സാഞ്ജലിയായഥ
ഇക്കണക്കുള്ള വചസ്സുകളെ പ്രേമ-
ഗദ്ഗദത്തോടുകൂടിക്കഥിച്ചീടിനാൻ. 77

നാരദൻ പറഞ്ഞു

ധന്യനായേൻ കൃപാത്മാക്കളാം നിങ്ങളീ-
യെന്നെയനുഗ്രഹിച്ചീടുക മൂലമായ്.
എന്നല്ലെനിക്കു സിദ്ധിച്ചു ദുരിതൗഘ-
മൊന്നായൊടുക്കും ഭഗവാൻ ഹരിയെയും. 78

ഇക്കഥ കേൾപ്പതു സർവ്വധമ്മത്തിലും
മുഖ്യമാണെന്നു വിചാരിച്ചിടുന്നു ഞാൻ
കമ്മമിതൊന്നിനാൽ വൈകുണ്ഠവാസിയാം
ബ്രഹ്മസ്വരൂപനെ പ്രാപിച്ചിടാം ദൃഢം. 79

സൂതൻ പറഞ്ഞു

ഏവമാവൈഷ്ണവമുഖ്യൻ കഥിക്കവേ
ഭുവിലെങ്ങും ചുററിടുന്ന യോഗീശ്വരൻ
എന്നും വയസ്സു പതിനാറിലേറാതെ
മിന്നിടും ജ്ഞാനമഹാബ്ധി സുധാകരൻ,
ശ്രീബാദരായണസൂനു, നിതാന്താത്മ-
ലാഭപൂർണ്ണാനന്ദനിർല്ലീനമാനസൻ,
ശ്രീശുകബ്രഹ്മഷി ഭാഗവതാമൃതം
വഷിച്ചുകൊണ്ടങ്ങു മെല്ലെവന്നേറിനാൻ 80-81

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഷ്ട്വാ സദസ്യാഃ പരമോരുതേജസം
സദ്യഃ സമുത്ഥായ ദദുർമ്മഹാസനം
പ്രീത്യാ സുരർഷിസ്തമപൂജയത് സുഖം
സ്ഥിതോഽവദത്സംശൃണുതാമലാം ഗിരം. 82

ശ്രീശുക ഉവാച

നിഗമകല്പതരോർഗളിതം ഫലം
ശുകമുഖാദമൃതദ്രവസംയുതം
പിബത ഭാഗവതം രസമാലയം
മുഹുരഹോ രസികാ ഭുവി ഭാവുകാഃ 83

ധർമ്മഃ പ്രോജ്ഝിതകൈതവോഽത്ര പരമോ
നിർമ്മത്സരാണാം സതാം
വേദ്യം വാസ്തവമത്ര വസ്തു ശിവദം
താപത്രയോന്മൂലനം
ശ്രീമദ്ഭാഗവതേ മഹാമുനികൃതേ
കിം വാ പരൈരീശ്വരഃ
സദ്യോ ഹൃദ്യവരുധ്യതേഽത്ര കൃതിഭിഃ
ശുശ്രൂഷുഭിസ്തത്ക്ഷണാത്. 84

ശ്രീമദ്ഭാഗവതം പുരാണതിലകം
യദ്വൈഷ്ണവാനാം ധനം
യസ്മിൻ പാരമഹംസ്യമേവമമലം
ജ്ഞാനം പരം ഗീയതേ
യത്ര ജ്ഞാനവിരാഗഭക്തിസഹിതം
നൈഷ്കർമ്മ്യമാവിഷ്കൃതം
തച്ഛൃണ്വൻ പ്രപഠൻ വിചാരണപരോ
ഭക്ത്യാ വിമുച്യേന്നരഃ 85

സ്വർഗ്ഗേ സത്യേ ച കൈലാസേ വൈകുണ്ഠേ നാസ്ത്യയം രസഃ
അതഃ പിബന്തു സദ്ഭാഗ്യാ മാ മാ മുഞ്ചത കർഹിചിത് 86

സൂത ഉവാച

ഏവം ബ്രുവാണേ സതി ബാദരായണൗ
മധ്യേ സഭായാം ഹരിരാവിരാസീത്
പ്രഹ്ലാദബല്യുദ്ധവഫാല്ഗുനാദിഭിർ-
വൃതഃ സുരർഷിസ്തമപൂജയച്ച താൻ. 87

ദൃഷ്ട്വാ പ്രസന്നം മഹദാസനേ ഹരിം
തേ ചക്രിരേ കീർത്തനമഗ്രതസ്തദാ
ഭവോ ഭവാന്യാ കമലാസനസ്തു
തത്രാഗമത് കീർത്തനദർശനായ. 88

പ്രഹ്ലാദസ്താലധാരീ, തരളഗതിതയാ
ചോദ്ധവഃ കാംസ്യധാരീ,
വീണാധാരീ സുരർഷിഃ സ്വരകുശലതയാ
രാഗകർത്താർജ്ജുനോഽഭൂത്,
ഇന്ദ്രോഽവാദീന്മൃദംഗം, ജയജയസുകരാഃ
കീർത്തനേ തേ കുമാരാ;
യത്രാഗ്രേ ഭാവവക്താ, സരസരചനതയാ
വ്യാസപുത്രോ ബഭൂവ. 89

നനർത്ത മധ്യേ ത്രികമേവ തത്ര
ഭക്ത്യാദികാനാം നടവത് സുതേജസാം
അലൗകികം കീർത്തനമേതദീക്ഷ്യ
ഹരിഃ പ്രസന്നോഽപി വചോഽബ്രവീത്തത്. 90

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മതേജസ്വിയാമമ്മുനിയെക്കണ്ടു
ചെമ്മേയെണീററാരഖിലജനങ്ങളും,
അർഘ്യപാദ്യാദിയരുളിയാ നാരദ-
നഗ്രാസനമണച്ചർച്ചനം ചെയ്യതേ
സൗഖ്യമായങ്ങിരുന്നശ്ശുകനോതിയ
വാക്കമരുളിടാം കേരംക്കവിൻ വിപ്രരേ! 82

ശുകൻ പറഞ്ഞു

വേദമന്ദാരഗളിതമായിശ്ശുക-
പൂതവക്ത്രംവഴിയായ് പൊഴിഞ്ഞാർദ്രമായ്,
പീയൂഷമൊത്തതും സദ്രസരൂപവു-
മായിട്ടും ഭാഗവതം ഫലം പിന്നെയും-
പിന്നെയും ഭാഗ്യവാന്മാരാം രസികരേ!
നന്നായ്സ്വാദിക്കുവിൻ മുക്തരായീടിലും. 83

നിർമ്മൽസാരാം സുജനങ്ങളാകവേ
നമ്മട്ടറിയേണ്ടതായ്, പരം ധർമ്മമായ്
താപത്രയങ്ങരം പാടേ നശിപ്പിപ്പതായ്,
കാപട്യഹീനമായ് വ്യാസരചിതമായ്,
നിത്യശുഭദമാം ഭാഗവതത്തില-
സ്സത്യസ്വരൂപം സമർത്ഥിച്ചിരിക്കയാൽ
ഇക്കഥ കേരംക്കാൻ കൊതിക്കും സുകൃതികരം-
ക്കരംക്കാമ്പിലപ്പൊഴേ വന്നു വാഴും ഹരി.
അന്യശാസ്ത്രങ്ങളെന്തിന്നിശ്ശുകശാസ്ത്ര-
മൊന്നഖിലാർത്ഥവുമേകാനിരിക്കവേ. 84

ഏതപ്പുരാണതിലകമായ് മിന്നുവ,-
തേതൊന്നു വൈഷ്ണവർതൻ ധനമായതും,
ഏതിൽ പരമഹംസന്മാർക്കു ഗമ്യമാം
ബോധസ്വരൂപം വിവരിച്ചിരിപ്പതും,
ഏതിലാം ജ്ഞാനവൈരാഗ്യഭക്ത്യന്വിതം
സാധുവായ് നൈഷ്കർമ്യമാവിഷ്കരിച്ചതും.
ആ മഹാഭാഗവതം കേട്ടിരിക്കയും
പ്രേമപൂർവ്വം മനംവെച്ചു പഠിക്കയും.
ചിന്തിക്കയും ചെയ്തിടുന്ന മർത്ത്യന്നു,ടൻ
ബന്ധവിമുക്തി കൈവന്നിടും നിർണ്ണയം. 85

വിണ്ണിലും സത്യലോകത്തിലും കൈലാസ-
പുണ്യഗിരിയിലും വൈകുണ്ഠലോകത്തും
കിട്ടുകയില്ലിക്കഥാരസം, ധന്യരേ!
ഒട്ടുമേ തള്ളരുതാസ്വദിച്ചീടുവിൻ! 86

സൂതൻ പറഞ്ഞു

ഇത്ഥം ശുകനരുളീടവേ,യുദ്ധവ-
പാർത്ഥമഹാബലി പ്രഹ്ലാദമുഖ്യരാൽ
ആവൃതനായസ്സഭയിൽ മഹാവിഷ്ണു-
വാവിർഭവിച്ചു, പൂജിച്ചിതു നാരദൻ, 87

അങ്ങു മഹദാസനത്തിൽ പ്രസന്നനായ്
ശാർങ്ഗിയിരിക്കവേ, കീർത്തിച്ചിതായവർ.
എത്തീടിനാരസ്ഥലംതന്നിലക്ഷണം
രുദ്രാണിയൊത്ത ഹരനും വിരിഞ്ചനും.
കാണുവാനും ഭഗവാനെബ്ഭജിപ്പാനു-
മാണാഗമിച്ചതവർ മൂവരും തദാ. 88

താളമടിച്ചിതപ്രഹ്ലാദനപ്പൊഴേ,
ചേലിലച്ചേർമംഗലപിടിച്ചുദ്ധവൻ,
വീണവായിച്ചിതു നാരദമാമുനി,
വാനവർനാഥൻ മൃദംഗമടിച്ചിതു,
രാഗമാലാപിച്ചു സപ്തസ്വരപടു-
വാകും ധനഞ്ജയൻ കർണ്ണപീയൂഷമായ്,
അച്ഛാശയരാം സനൽക്കുമാരാദിക-
ളുച്ചതരം ജയഘോഷം മുഴക്കിനാർ,
തത്പുരോഭാഗസ്ഥിതനായ് ശുകമുനി-
യദ്ഭുതമാമ്മാറു പത്തു രസങ്ങളും
നേരേയതാതുഘട്ടത്തിൽ സ്ഫുരിപ്പിച്ചു
സാരഭാവങ്ങളരുളിയിരുന്നിതു. 89

പാരം മനോജ്ഞമായ് ഭക്തിയും ജ്ഞാനവും
വൈരാഗ്യവും ദിവ്യരൂപംധരിച്ചുടൻ
ആനന്ദനർത്തനംചെയ്താർ സദസ്സില-
ന്യനം പ്രഥിതനടനപടുക്കരംപോൽ
ശ്രേഷ്ഠമാം കീർത്തനനൃത്തവാദ്യങ്ങളാൽ
തുഷ്ടനായിബ്ഭഗവാനരുളീടിനാൻ. 90

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മത്തോ വരം ഭാവവൃതാദ് വൃണധ്വം
പ്രീതഃ കഥാകീർത്തനതോഽസ്മി സാമ്പ്രതം
ശ്രുത്വേതി തദ്വാക്യമതിപ്രസന്നാഃ
പ്രേമാർദ്രചിത്താ ഹരിമൂചിരേ തേ. 91

നഗാഹഗാഥാസു ച സർവ്വഭക്തൈ-
രേഭിസ്ത്വയാ ഭാവ്യമിതി പ്രയത്നാത്
മനോരഥോഽയം പരിപൂരണീയ-
സ്തഥേതി ചോക്ത്വാന്തരധീയതാച്യുതഃ 92

തതോഽനമത്തച്ചരണേഷു നാരദ-
സ്തഥാ ശുകാദീനപി താപസാംശ്ച
അഥ പ്രഹൃഷ്ടാഃ പരിനഷ്ടമോഹാഃ
സർവ്വേ യയുഃ പീതകഥാമൃതാസ്തേ. 93

ഭക്തിഃ സുതാഭ്യാം സഹ രക്ഷിതാ സാ
ശാസ്ത്രേ സ്വകീയേഽപി തദാ ശുകേന
അതോ ഹരിർഭാഗവതസ്യ സേവനാത്
ചിത്തം സമായാതി ഹി വൈഷ്ണവാനാം. 94

ദാരിദ്ര്യദുഃഖജ്വരദാഹിതാനാം
മായാപിശാചീപരിമർദ്ദിതാനാം
സംസാരസിന്ധൗ പരിപാതിതാനാം
ക്ഷേമായ വൈ ഭാഗവതം പ്രഗർജ്ജതി. 95

ശൗനക ഉവാച

ശുകേനോക്തം കദാ രാജ്ഞേ? ഗോകർണ്ണേന കദാ പുനഃ
സുരർഷയേ കദാ ബ്രാഹ്മൈശ്ഛിന്ധി മേ സംശയം ത്വിമം. 96

സൂത ഉവാച

ആകൃഷ്ണനിർഗ്ഗമാത് ത്രിംശദ്വർഷാധികഗതേ കലൗ
നവമീതോ നഭസ്യേ ച കഥാരംഭം ശുകോഽകരോത്. 97

പരീക്ഷിച്ഛ്രവണാന്തേ ച കലൗ വർഷശതദ്വയേ
ശുദ്ധേ ശുചൗ നവമ്യാം ച ധേനുജോഽകഥയത് കഥാം. 98

തസ്മാദപി കലൗ പ്രാപ്തേ ത്രിംശദ്വർഷഗതേ സതി
ഊചുരൂർജ്ജേ സിതേ പക്ഷേ നവമ്യാം ബ്രഹ്മണഃ സുതാഃ 99

ഇത്യേതത്തേ സമാഖ്യാതം യത്പൃഷ്ടോഽഹം ത്വയാനഘ
കലൗ ഭാഗവതീ വാർത്താ ഭവരോഗവിനാശിനീ. 100

കൃഷ്ണപ്രിയം സകലകല്മഷനാശനം ച
മുക്ത്യേകഹേതുമിഹ ഭക്തിവിലാസകാരി
സന്തഃ കഥാനകമിദം പിബതാദരേണ
ലോകേഽപിതാത്ഥപരിശീലനസേവയാ കിം। 101

സ്വപുരുഷമപി വീക്ഷ്യ പാശഹസ്തം
വദതി യമഃ കില തസ്യ കർണ്ണമൂലേ
പരിഹര ഭഗവത്കഥാസു മത്താൻ-
പ്രഭുരഹമന്യനൃണാം ന വൈഷ്ണവാനാം. 102

അസാരേ സംസാരേ വിഷയവിഷസങ്ഗാകലധിയഃ
ക്ഷണാർദ്ധം ക്ഷേമാർത്ഥം പിബത ശുകഗാഥാതുലസുധാം
കിമർത്ഥം വ്യർത്ഥം ഭോ വ്രജത കുപഥേ കുത്സിതകഥേ
പരീക്ഷിത്സാക്ഷീയച്ഛ്രവണഗതമുക്ത്യുക്തികഥനേ. 103

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ചോദിച്ചുകൊള്ളുക വേണ്ടുംവരങ്ങളെ,
പ്രീതനായേൻ ഗീതനൃത്തങ്ങളാലെ ഞാൻ''
പ്രേമാർദ്രമാനസരായവർ തുഷ്ടരാ–
യീമട്ടുടൻ ഭഗവാനോടു ചൊല്ലിനാർ. 91

''സപ്താഹപാരായണാകർണ്ണനാധിക–
തല്പരരിൽ ഭവാൻ വന്നു വാണീടണം
ഞങ്ങൾക്കതേ വേണ്ടതുള്ളൂ'' ഭഗവാനു–
''മങ്ങനെതന്നെ''യെന്നോതി മറഞ്ഞിതേ. 92

പിന്നെ നമിച്ചാരവരെയും ശ്രീശുകാ–
ദ്യന്യതപോധനന്മാരെയും നാരദൻ.
ഇക്കണക്കദ്ദിവ്യസത്കഥാപീയൂഷ–
ഭുക്തിയാൽ മാനസമോഹമകന്നുടൻ
എല്ലാവരും പിന്നെയക്കഥാവേദിവി–
ട്ടുല്ലാസമോടു പിരിഞ്ഞുപോയീടിനാർ. 93

ജ്ഞാനവൈരാഗ്യസഹിതയാം ഭക്തിയെ
മാനിച്ചു ഭാഗവതത്തിൽ ശുകൻ സുഖം
സ്ഥാപിച്ചുമൂലമായ് ഭാഗവതാഢ്യരിൽ
ശ്രീപതി വന്നു വസിക്കുന്നു സുസ്ഥിരം. 94

ദാരിദ്ര്യദുഃഖജ്വരം ദഹിപ്പോരെയും
ഘോരമായാബാധ ബാധിപ്പവരെയും
അന്തമററുള്ള സംസാരസമുദ്രത്തിൽ
നീന്തിത്തുഴഞ്ഞു കുഴഞ്ഞ ജനത്തെയും
''ഏകയാം ഞാനുണ്ടു രക്ഷിപ്പതി''നെന്നു
ഭാഗവതംകഥ ഗർജ്ജിച്ചിടുന്നിതേ. 95

ശൗനകൻ പറഞ്ഞു

ശ്രീശുകനപ്പരീക്ഷിത്തിനും ഗോകർണ്ണ–
ഭൂസുരൻ ധുന്ധുകാരിക്കും സനകാദ്യർ–
ദേവമുനിക്കുമേസ്സപ്താഹമാം മഖം
നിർവ്വഹിച്ചുള്ളതെന്നൊക്കെയെന്നോതുക! 96

സൂതൻ പറഞ്ഞു

കൃഷ്ണൻ ധരവിട്ടു മുപ്പതാകുംകലി–
വർഷത്തിലേക്കന്നിമാസത്തിൽ മുഖ്യമാം
ശുക്ലനവമീദിനത്തിൽ പരീക്ഷിത്തോ–
ടിക്കഥ ചൊല്ലിനാൻ ശ്രീശുകമാമുനി. 97

അപ്പരീക്ഷിത്തിച്ചരിതം ശ്രവിച്ചതിൻ–
പിപ്പാടിരുന്നൂറു കല്യബ്ദമെത്തവേ
കർക്കടശുക്ലനവമിയിൽ ഗോകർണ്ണ–
നിക്കഥ പാരായണം ചെയ്തു മാമുനേ! 98

പിന്നെക്കലിസമമുപ്പതുപോകവേ
ചൊന്നാർ സനാദ്യർ സിതോർജ്ജ–
നവമിയിൽ 99

ശുദ്ധനാം ശൗനകമാമുനേ! ചോദ്യത്തി–
നുത്തരമിത്തരം ചൊല്ലിക്കഴിഞ്ഞു ഞാൻ
ഇക്കലിയിൽ കഥാകർണ്ണനം സംസാര–
രുക്കിനുതക്ക സിദ്ധൗഷധംതാൻ മുനേ! 100

സത്തുക്കളേ! നിങ്ങൾ ഭാഗവതംകഥ
നിത്യം മുടങ്ങാതെ സേവിച്ചുകൊള്ളുവിൻ.
ദുഃഖമകററി ദൃഢമിതു കൃഷ്ണനിൽ
ഭക്തിവളർത്തിയരുളിടും മുക്തിയും,
ദുഃഖദമർത്ഥം സമാർജ്ജിപ്പതിലെഴു–
മാഗ്രഹം തള്ളിയിതാസ്വദിച്ചീടുവിൻ. 101

അന്തകൻ പാശധരരാം സ്വഭൃത്യരെ–
യന്തികത്തിങ്കൽ വിളിച്ചോരിക്കൽ പുരാ,
''പിന്നൊരുകാര്യമാണോർത്തുകൊൾവിൻ
നിങ്ങൾ
ചെന്നു തൊട്ടേക്കരുതേ ഹരിദാസരേ.
അന്യരിലേയധികാരമുള്ളൂ നമു–''
ക്കെന്നു കർണ്ണങ്ങളിൽ മന്ത്രിച്ചിരിപ്പിതേ. 102

ഹീനമായീടുമിസ്സംസാരവാരിധിയിൽ
നാനാവിഷയവിഷങ്ങൾതൻ വ്യാപ്തിയാൽ
അത്തൽപ്പെടും മർത്ത്യരേ! മാത്രനേരമീ–
ഹൃദ്യകഥാമൃതം നിങ്ങൾ സേവിക്കുവിൻ.
നിങ്ങൾക്കതുപരം ശ്രേയസ്സിയററിടും;
ഭംഗിയററുള്ള ദുഷിച്ച കഥകളാൽ
തുങ്ഗമാമന്യശാസ്ത്രങ്ങളെന്തിന്നവ
നിങ്ങളെയങ്ങപഥത്തിൽ നയിച്ചിടും.
ഇക്കഥാകർണ്ണനംകൊണ്ടുടൻ സിദ്ധമാം
മുക്തി,യതിനപ്പരീക്ഷിത്തു സാക്ഷിതാൻ. 103

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രസപ്രവാഹസംസ്ഥേന ശ്രീശുകേനേരിതാ കഥാ
കണ്ഠേ സംബധ്യതേ യേന സ വൈകുണ്ഠപ്രഭുർഭവേത് 104

ഇതി ച പരമഗുഹ്യം സർവ്വസിദ്ധാന്തസിദ്ധം
സപദി നിഗദിതം തേ ശാസ്ത്രപുഞ്ജം വിലോക്യ
ജഗതി ശുകകഥാതോ നിർമ്മലം നാസ്തികിഞ്ചിത്
പിബ പരസുഖഹേതോർദ്വാദശസ്കന്ധസാരം. 105

ഏതാം യോ നിയതതയാ ശൃണോതി ഭക്ത്യാ
യശ്ചൈനാം കഥയതി ശുദ്ധവൈഷ്ണവാഗ്രേ
തൗ സമ്യഗ്വിധികരണാത് ഫലം ലഭേതേ
യാഥാർത്ഥ്യാന്നഹി ഭുവനേ കിമപ്യസാധ്യം. 106

ഇതി ശ്രീപത്മപുരാണേ ഉത്തരഖണ്ഡേ ശ്രീമദ്ഭാഗവതമാഹാത്മ്യേ
ശ്രവണവിധികഥനം നാമ ഷഷ്ഠോഽധ്യായഃ

സമാപ്തമിദം ശ്രീമദ്ഭാഗവതമാഹാത്മ്യം
ഹരിഃ ഓം തത്സത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഛിദ്രസനിർദ്ധരസ്ഥൻ ശ്രുകൻ ചൊന്നൊരി–
ബ് ഭദ്രകഥാരസം കണ്ഠസ്ഥിതമാക്കി.
വേണ്ടപോൽ സൂക്ഷിച്ചിടും നരനാശു വൈ–
കുണ്ഠലോകപ്രഭുവായ് ഭവിക്കും ധ്രുവം. 104

ഇത്ഥം പരമരഹസ്യമായിസ്സർവ്വ–
സിദ്ധാന്തസിദ്ധമായീടുമിസ്സംഹിത
ചൊല്ലീടിനേ,നിത്ര നിർമ്മലമായ് ശാസ്ത്ര–
മില്ല മററൊന്നും ജഗത്തി,തിലാകയാൽ
സ്കന്ധങ്ങളാം പന്ത്രണ്ടിലുമെഴും സാരമൃതം–
ക്കൊണ്ടീടുവിൻ, പരമാനന്ദമാളുവിൻ! 105

ശുദ്ധരാം വൈഷ്ണവന്മാരുടെ മുന്നിലായ്
ശ്രദ്ധയോടിക്കഥ കീർത്തിച്ചിടുന്നവൻ
ഉന്നതഭക്തിയോടെന്നും ശ്രവിപ്പവ–
നെന്നീയിരുവരും ചെയ്യുചെയ്യേണ്ടവ.
നൂനമിവർ പരമംപദം നേടിടും;
ജ്ഞാനത്തിനാലിവിടെന്തു സാധിച്ചിടാ! 106

ഭാഗവതമാഹാത്മ്യം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

വിവർത്തകപ്രാർത്ഥന

'ഓങ്കാരസ്വരൂപമാ'യന്തരായോർവ്വീ[1]ധര-
സങ്കുലകുലിശമായ് ക്ഷിപ്രപ്രസാദിയായി
ശങ്കരപുത്രപുണ്യഫലമാം ഗണേശൻ [2]നി-
രങ്കുശമിഷ്ടസിദ്ധിക്കനുഗ്രഹിച്ചീടണം
ശാരദേ! കുചകുംഭഗളിതപീയൂഷത്താൽ
പാരാകും പാദപത്തിൻ തിക്തകഫലങ്ങളെ
മാധുര്യമയമാക്കും ഭവതി കനിഞ്ഞെന്നു-
മീ ദാസനുടെ നാവിൽ നർത്തനംചെയ്യേണമേ
ബ്രഹ്മാദിസുരന്മാരും നാരദമുനീന്ദ്രനും,
ബ്രഹ്മർഷിമുഖ്യന്മാരും, മത്പിതൃജനങ്ങളും;
ആഗമംവിഭജിച്ചു, പുരാണങ്ങളെത്തീർത്തു
ലോകാനുഗ്രഹംചെയ്ത ഭഗവാൻ വ്യാസൻതാനും;
ശ്രീമഹാഭാഗവതമരുളിപ്പരീക്ഷിത്താം
ഭൂമിപാലനെ മുക്തനാക്കിയ മഹായോഗി,
നൈഷ്ഠികബ്രഹ്മചാരി [3]യാത്മാഭിരാമൻ, ഭേദ-
ദൃഷ്ടിവിട്ടുള്ള മഹാൻ ശ്രീശുകബ്രഹ്മർഷിയും;
അമ്പേററു പിടയുന്ന പക്ഷിയെക്കണ്ടുദിച്ചോ-
രൻ,പാദികാവ്യമായിട്ടുതിന്നതാരിൽനിന്നോ
'ചെമ്മേ ശ്രീറാം റാംറാ'മെന്നേറെനാളിരുന്നോതി
വല്മീകാവൃതനായോരമ്മുനിപ്രവേകനും,
മന്ദനാമിവൻറെയിസ്സാഹസികോദ്യമത്തി-
ലൊന്നുപോൽ തെളിഞ്ഞാശിസ്സേകുവാനർത്ഥിക്കുന്നേൻ.
അദ്വൈതരശ്മിവീശി ദുർമ്മതാന്ധകാരത്തെ
സത്വരം നീക്കി ലോകനേത്രങ്ങൾ തെളിച്ചിന്നും
ഉജ്ജ്വലതേജസ്വിയായുയർന്നുവിളങ്ങുമാ-
പ്രജ്ഞാനഭാനുമാനെൻ പ്രജ്ഞയെയുണർത്തട്ടെ.
ചൊൽക്കൊള്ളുമഭിനവശങ്കരൻ 'ഭട്ടാരക'
സദ്ഗുരു, 'നീലകണ്ഠതീർത്ഥ'പാദാഖ്യയോഗി
'ശ്രീനാരായണഗുരു'വെന്നീ മഹാത്മാക്കളെൻ
മാനസമണ്ഡപത്തിൽ കുടികൊണ്ടരുളേണം.
ഏതൊരു മഹോന്നതസ്ഥാനത്തുനിന്നും പുതു-
മാതിരി മലയാളഭാഷയാം ഭാഗീരഥി
ഉദ്ഭവിച്ചസംഖ്യേയ കേരളീയാത്മാക്കളെ-
ത്തർപ്പണംചെയ്തു നിത്യനിർവൃതരാക്കുന്നുവോ
ഏതൊരു മഹാത്മാവിൻ മടിയിൽ വാണുവാണീ-
മാതാവിൻമണിത്തത്ത സംഗീതം പൊഴിച്ചുവോ,
ആരുടെ ചാരുപദവിന്യാസമനുകരി-
ച്ചോരു സൂരീന്ദ്രർക്കെല്ലാം പററിയോ പരാജയം
അബ്ഭക്തശിരോമണി തുഞ്ചത്താചാര്യനെ,ങ്ങെ-
ങ്ങിപ്പാവം! കാകൻ മാവിലേറിയാൽക്കുയിലാമോ?
തത്പദം കയ്യടക്കാമെന്ന മോഹത്താല,ല്ലീ-
യല്പജ്ഞനിപ്പോഴേവമിപ്പണിക്കേർപ്പെട്ടതും.
പിന്നെയോ, മമ ഗുരുദേവാഭിലാഷപൂർത്തി-
യൊന്നുന്നിയിവനിതിൽ ചാടിവീണെന്നേയുള്ളൂ.
ദേശികപ്രസാദം കൈവന്നീടുന്നവനു സ-
ർവ്വാശിസ്സും കരതലാമലകംതന്നെയല്ലോ.
'വേദാന്തഭാഗമെല്ലാം ഞാൻ തീർക്കാം, കഥാഭാഗം
മോദേന തീർക്കു താനു'മെന്നയേ ഗുരോ! ഭവാൻ
അരുളി വിഷ്ണുകഥാംഭോധിയിലെന്നെപ്പിടി-
ച്ചിറക്കി, മറഞ്ഞുനിന്നെൻ പ്രാണപരാക്രമം-
കാണാതെ കനിഞ്ഞുടൻ നിൻതിരുകടാക്ഷപ്പൊൻ-
തോണിയിലെന്നെശ്ശീഘ്രമക്കരപററിച്ചാലും.
ബുദ്ധൻെറ കാരുണ്യവും ശങ്കരാചാര്യരുടെ
ബുദ്ധിയും ജഗന്നാഥപണ്ഡിതപാണ്ഡിത്യവും
കാക്കശ്ശേരിതൻ തർക്കയുക്തിയും സർവ്വകലോ-
ദഗ്രബോധവും യോഗസിദ്ധികൾ സമസ്തവും
ഒക്കെയ്യുംമീതേയാത്മജ്ഞാനവും ചേർന്ന യാജ്ഞ-
വല്ക്യനെപ്പോലെ വാണോരദ്വൈതവിദ്യാപണ!
പരമാനന്ദനാഥ! സദ്ഗുരോ! ഭവാനെന്നിൽ
ചൊരിഞ്ഞീടണം സർവ്വശ്രേയസ്സുരാശിസ്സുകൾ.
മോഹിനീമഹേശ്വരപ്രേമധാമമേ! കലി-
ഗ്രാഹാസ്യഗതദീനപാലനപരായണ!
മാനദംഭാദിദുഷ്ടമൃഗസംപൂർണ്ണചിത്ത-
കാനനദാവാനലാ! താരകബ്രഹ്മമൂർത്തേ!
വേണുവിൻകുട്ടം പിഴതെറിഞ്ഞുമദ്ദേശാഭി-
മാനം കാത്തസ്മദീയഗ്രാമദൈവതമായി
അലസഭാവംവിട്ടു നാട്ടാരെ സംരക്ഷിച്ചു
വിലസും 'കോഴിക്കോട്ടു ശാസ്താവേ!' തുണച്ചാലും
അധർമ്മമെങ്ങും നടമാടുമ്പോൾ സാധുജന-
തതിതൻ രക്ഷയ്ക്കീശനോരോകാലത്തുമാളും
നാനാവതാരങ്ങളിൽ ശ്രേഷ്ഠമായ് സത്വഗുണാ-
സ്ഥാനമാം യദുകുലമാണിക്യം മാലൊഴിക്ക.
സത്ക്കവിപ്രമുഖരും മററു സജ്ജനങ്ങളു-
മിക്കൃതി സത്ക്കൃതിയായ്ക്കനിഞ്ഞു
കൈക്കൊള്ളണം.

---

1 വിഘ്നമാകുന്ന പർവ്വതത്തിനു വജ്രായുധം 2 തടവില്ലാതെ 3 ആത്മാവിൽ അഭിരമിക്കുന്നവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

മൂലം

പ്രഥമസ്കന്ധഃ

പ്രഥമോഽധ്യായഃ

ഹരിശ്രീ ഗണപതയേ നമഃ

ജന്മാദ്യസ്യ യതോന്വയാദിതരത-
ശ്ചാർത്ഥേഷ്വഭിജ്ഞഃ സ്വരാട്
തേനേ ബ്രഹ്മഹൃദാ യ ആദികവയേ
മുഹ്യന്തി യത് സൂരയഃ
തേജോവാരിമൃദാം യഥാ വിനിമയോ
യത്ര ത്രിസർഗ്ഗോഽമൃഷാ
ധാമ്നാ സ്വേന സദാ നിരസ്തകുഹകം
സത്യം പരം ധീമഹി. 1

ധർമ്മഃ പ്രോജ്ഝിതകൈതവോത്ര പരമോ
നിർമ്മത്സരാണാം സതാം
വേദ്യം വാസ്തവമത്ര വസ്തു ശിവദം
താപത്രയോന്മൂലനം
ശ്രീമദ്ഭാഗവതേ മഹാമുനികൃതേ
കിം വാ പരൈരീശ്വര-
സ്സദ്യോ ഹൃദ്യവരുധ്യതേത്ര കൃതിഭിഃ
ശുശ്രൂഷുഭിസ്തത്ക്ഷണാത്. 2

നിഗമകല്പതരോർഗ്ഗളിതം ഫലം
ശുകമുഖാദമൃതദ്രവസംയുതം
പിബത ഭാഗവതം രസമാലയം
മുഹുരഹോ രസികാ ഭുവി ഭാവുകാഃ 3

നൈമിശേഽനിമിഷക്ഷേത്രേ ഋഷയശ്ശൗനകാദയഃ
സത്രം സ്വർഗ്ഗായ ലോകായ സഹസ്രസമമാസത. 4

ത ഏകദാ തു മുനയഃ പ്രാതർഹുതഹുതാഗ്നയഃ
സത്കൃതം സൂതമാസീനം പപ്രച്ഛുരിദമാദരാത്. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ് ഭാഗവതം

ഭാഷ

പ്രഥമസ്കന്ധം

അദ്ധ്യായം 1

ഭാഗവതവിഷയപ്രശ്നം

അന്വയവ്യതിരേകമുറസ്സു നോക്കുമ്പോളേ-
തൊന്നിനാലിപ്രപഞ്ചം തോന്നി,നിന്നൊടു
ങ്ങുന്നു
മന്നാദിഭൂതങ്ങളിൽ ബോധരൂപമായ് വ്യാപി-
ച്ചന്യഭാസ്യമല്ലാതെ യാതൊന്നു ശോഭിക്കുന്നു,
ബ്രഹ്മാവിനാമ്നായങ്ങൾ വിശദം തോന്നിച്ചതും,
സമ്മോഹം സൂരികൾക്കുമുന്മിഷിപ്പിക്കുന്നതും,
ഉണ്മയുണ്ടഗ്നി, വെള്ളം, മുത്തുതൊട്ടവയ്ക്കെന്നു,-
മുണ്മയില്ലവയ്ക്കെന്നും ഭിന്നമായ് തോന്നിപ്പതും,
സ്വീയമാമനപാഖ്യതേജസ്സു മൂലമെന്നും
മായയാം തിമിരത്തെത്തുരത്തിയിരിപ്പതും
യാതൊ,ന്നപ്പരമാർത്ഥസത്യവസ്തുവെബ്ഭവ-
യാതനയകലുവാൻ ധ്യാനിക്കായ്വരേണമേ.*1

വഞ്ചോഹഗാഢതമസ്സകററാൻ മഹാമുനി
നിർമ്മിച്ചതായീടുമീ ശ്രീമദ്ഭാഗവതത്തിൽ
നിർമ്മത്സരന്മാരാകും സജ്ജനങ്ങൾക്കുള്ളതാം
കാമ്യകാപട്യഹീനപരമധർമ്മം ചൊൽവു.
എന്നുമല്ലാധ്യാത്മികാദ്യങ്ങളാം താപത്രയം
പിന്നെബ്ബാധിച്ചീടാതവണ്ണമെന്നേക്കും നീക്കും.
നിത്യസൗഖ്യദമായ വാസ്തവബ്രഹ്മതത്ത്വം
ബുദ്ധിമുട്ടീടാതെ കണ്ടിതിൽനിന്നറിഞ്ഞിടാം.
അന്യശാസ്ത്രങ്ങളെന്തി,ന്നവയാലീശ്വരന്റെ
സാന്നിധ്യം പെട്ടെന്നകത്തുണ്ടാകാവതല്ലെ
ന്നാൽ.
പുണ്യമാർന്നിതു കേൾക്കാനുന്നോരുടെയുള്ളി-
ലന്നേരംതന്നെയീശൻ സുസ്ഥിരം കുടികൊള്ളും
ഇങ്ങനെ കർമ്മജ്ഞാനദേവതാകാണ്ഡത്രയ-
സംഗതവിഷയങ്ങളെല്ലാംക്കൊള്ളും ഗ്രന്ഥങ്ങളിൽ
ശ്രേഷ്ഠമാകയാൽ മാത്രമല്ലിതു സേവ്യം; സർവ്വ-
ശാസ്ത്രസത്ഫലരൂപമായതുകൊണ്ടുമെന്നും
ഏത്രയും ശ്രദ്ധയിതിൽ വേണ്ടതാണെന്നു
മൂന്നാം-
പദ്യത്താൽ സരസമായുദ്ബോധിപ്പി-
ച്ചീടുന്നു. 2
രസവിശേഷഭാവനത്തിനു വിരുതേറും
രസികന്മാരേ! നിങ്ങളുന്നതാവഹം മന്നിൽ
ശുകവക്ത്രത്തിൽനിന്നു,ന്നമൃതദ്രവം ചേർന്നു,
നിഗമകല്പദ്രുമഫലകല്പമായ് മിന്നും
ഭാഗവതാഖ്യരസം തുടർന്നു, സർവ്വസംഗ-
ത്യാഗരൂപമാം സായുജ്യത്തിലും നുകർന്നാലും. 3

ഗ്രന്ഥാരംഭം

നൈമിശമെന്നു പേരാം വിഷ്ണുക്ഷേത്രത്തിൽ
വെച്ചു-
മ്മാമുനിവരന്മാരാം ശൗനകാദികൾകൂടി.
പണ്ടു വൈകുണ്ഠപ്രാപ്തിക്കായിരം സംവത്സരം
നീണ്ടുനിന്നീടും മഹാസത്രമൊന്നാരംഭിച്ചാർ. 4
ഒരുനാളുഷസ്സിങ്കൽ സ്നാനഹോമാദിയെല്ലാം
ശരിയായ് നിർവ്വഹിച്ചു മുനിമാരൊത്തുകൂടി
മോദിച്ചു സത്ക്കാരമേറ്റവിടെ സ്ഥിതിചെയ്യും
സൂതനെസ്സമീപിച്ചു സാദരം ചോദിച്ചിതു. 5

---

* ഒന്നാംശ്ലോകം തർജ്ജമയുടെ പാഠാന്തരം:
ആകാശാദിയിലി 'തുണ്ടുണ്ടെ'ന്നായന്വയിച്ചു-
മാകാശസുമാദിയുമായ് വ്യതിരേകപ്പെട്ടും
അഥവാ, വ്യാവൃത്തിയാൽ കാര്യമാം ഘടാദ്യങ്ങൾ-
ക്കവയിലനുവൃത്തമൂതസുവർണ്ണാദിമട്ടും
വിശ്വപത്തിന്നു വിത്തായ്; പ്രകൃതിമുമ്പാം ജഡ-
വസ്തുക്കൾമട്ടു തെല്ലുമില്ലാതെ ചിദ്രൂപമായ്
ജീവനെക്കവിഞ്ഞിട്ടു സ്വപ്രകാശമായ്, സ്വയം-
ഭൂവിന്നു വേദമെല്ലാം വിശദം തോന്നിച്ചതായ്,
വിദ്വാന്മാരായവർക്കും, വസ്തുത വിചാരിക്കി-
ല്ലന്തോരിലതിമാത്രം വ്യാമോഹമേകുന്നതായ്,
തേജസ്സ്,ജലം,മൃത്തെന്നിവയെ, വികല്പത്താൽ
വ്യാജമായൊന്നു മറ്റൊന്നായിട്ടു കാണുംപോലെ,
നിജസത്യതമൂലം ത്രിഗുണാത്മകസൃഷ്ടി
നിജമായുള്ളതെന്നു തോന്നിച്ചീടുന്നതായി,
അഥവാ, പരമാർത്ഥദൃഷ്ടിയാൽ നോക്കീടുകി-
ലണുവും ത്രിസർഗ്ഗത്തിൻ കലനയില്ലാത്തതായ്,
സ്വന്തതേജസ്സിനാലെ മായയാം തിമിരത്തി-
ന്നന്തത്തെയവികലമരുളീടുന്നതായി
സന്തതം വിളങ്ങുന്ന പരമസത്യവസ്തു-
വന്തരംഗത്തിലെന്നും ധ്യാനിക്കായ്വരേണമേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷയ ഊചുഃ

ത്വയാ ഖലു പുരാണാനി സേതിഹാസാനി ചാനഘ!
ആഖ്യാതാന്യപ്യധീതാനി ധർമ്മശാസ്ത്രാണി യാന്യുത 6
യാനി വേദ വിദാംശ്രേഷ്ഠോ ഭഗവാൻ ബാദരായണഃ
അന്യേ ച മുനയഃ സൂത! പരാവരവിദോ വിദുഃ 7
വേത്ഥ ത്വം സൗമ്യ! തത് സർവ്വം തത്ത്വതസ്തദനുഗ്രഹാത്
ബ്രൂയുഃ സ്നിഗ്ദ്ധസ്യ ശിഷ്യസ്യ ഗുരവോ ഗുഹ്യമപ്യുത. 8
തത്ര തത്രാഞ്ജസാഽയുഷ്മൻ! ഭവതാ യദ്വിനിശ്ചിതം
പുംസാമേകാന്തതഃ ശ്രേയസ്തന്നശ്ശംസിതുമർഹസി. 9
പ്രായേണാല്പായുഷസ്സഭ്യ! കലാവസ്മിൻ യുഗേ ജനാഃ
മന്ദാസ്സുമന്ദമതയോ മന്ദഭാഗ്യാഹ്യുപദ്രുതാഃ 10
ഭൂരീണി ഭൂരികർമ്മാണി ശ്രോതവ്യാനി വിഭാഗശഃ
അതസ്സാധോഽത്ര യത് സാരം സമുദ്ധൃത്യ മനീഷയാ
ബ്രൂഹി നഃ ശ്രദ്ദധാനാനാം യേനാത്മാ സംപ്രസീദതി. 11
സൂത ജാനാസി ഭദ്രം തേ, ഭഗവാൻ സാത്വതാം പതിഃ
ദേവക്യാം വസുദേവസ്യ ജാതോ യസ്യ ചികീർഷയാ. 12
തന്നഃ ശുശ്രൂഷമാണാനാമർഹസ്യങ്ഗാനുവർണ്ണിതും
യസ്യാവതാരോ ഭൂതാനാം ക്ഷേമായ ച ഭവായ ച. 13
ആപന്നസ്സംസൃതിം ഘോരാം യന്നാമ വിവശോ ഗൃണൻ
തതസ്സദ്യോ വിമുച്യേത യദ്ബിഭേതി സ്വയം ഭയം. 14
യത്പാദസംശ്രയാഃ സൂത! മുനയഃ പ്രശമായനാഃ
സദ്യഃ പുനന്ത്യുപസ്പൃഷ്ടാസ്സ്വർദ്ധുന്യാപോഽനുസേവയാ. 15
കോ വാ ഭഗവതസ്തസ്യ പുണ്യശ്ലോകേഡ്യകർമ്മണഃ
ശുദ്ധികാമോ ന ശൃണുയാദ്യശഃ കലിമലാപഹം. 16
തസ്യ കർമ്മാണ്യുദാരാണി പരിഗീതാനി സൂരിഭിഃ
ബ്രൂഹി നഃ ശ്രദ്ദധാനാനാം ലീലയാ ദധതഃ കലാഃ 17
അഥാഽഖ്യാഹി ഹരേർദ്ധീമൻ! അവതാരകഥാഃ ശുഭാഃ
ലീലാ വിദധതഃ സ്വൈരമീശ്വരസ്യാത്മമായയാ. 18
വയം തു ന വിതൃപ്യാമ ഉത്തമശ്ലോകവിക്രമേ
യച്ഛൃണ്വതാം രസജ്ഞാനാം സ്വാദു സ്വാദു പദേ പദേ. 19
കൃതവാൻ കില വീര്യാണി സഹ രാമേണ കേശവഃ
അതിമർത്ത്യാനി ഭഗവാൻ ഗൂഢഃ കപടമാനുഷഃ 20
കലിമാഗതമാജ്ഞായ ക്ഷേത്രേഽസ്മിൻ വൈഷ്ണവേ വയം
ആസീനാഃ ദീർഘസത്രേണ കഥായാം സക്ഷണാ ഹരേഃ 21
ത്വം നസ്സന്ദർശിതോ ധാത്രാ ദുസ്തരം നിസ്തിതീർഷതാം
കലിം സത്വഹരം പുംസാം കർണ്ണധാര ഇവാർണ്ണവം. 22
ബ്രൂഹി യോഗേശ്വരേ കൃഷ്ണേ ബ്രഹ്മണ്യേ ധർമ്മവർമ്മണി
സ്വാം കാഷ്ഠാമധുനോപേതേ ധർമ്മഃ കം ശരണം ഗതഃ 23

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പാരമഹംസ്യാം സംഹിതായാം
പ്രഥമസ്കന്ധേ നൈമിഷീയോപാഖ്യാനേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

വ്യാസ ഉവാച

ഇതി സംപ്രശ്നസംഹൃഷ്ടോ വിപ്രാണാം രൗമഹർഷണിഃ
പ്രതിപൂജ്യ വചസ്തേഷാം പ്രവക്തുമുപചക്രമേ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മശാസ്ത്രങ്ങ,ളിതിഹാസങ്ങൾ, പുരാണങ്ങ-
ളിവയിട്ടിലെല്ലാം ഭവാൻ പഠിച്ചു പഠിപ്പിച്ചു. 6

വേദജ്ഞോത്തമൻ വേദവ്യാസനും പരാവര-
ബോധവാന്മാരാം മററു മാമുനിവരന്മാരും.
അറിഞ്ഞതെല്ലാമങ്ങുമറിയു; മാചാര്യന്മാ-
രതുളും രഹസ്യവും വത്സലശിഷ്യരോടായ്.
7–8

ആയുഷ്മൻ! ഗ്രന്ഥങ്ങളിൽനിന്നു മർത്ത്യന്നു നിത്യ-
ശ്രേയസ്സിന്നവിനാശമാർഗ്ഗമതങ്ങു കണ്ടു
അതു ഞങ്ങൾക്കു നേരെയരുളിച്ചെയ്തീടണം
മതിമാനായീടുമങ്ങല്ലാതാരിതിന്നർഹൻ? 9

ഇക്കലിയുഗത്തിങ്കൽ മാനവർ മിക്കവാറും
ദുഃഖിതരായു,മേററം മന്ദബുദ്ധികളായും,
മന്ദഭാഗ്യന്മാരായു,മല്പായുസ്സുകളായും,
മന്ദന്മാരായുമാണു കാണുമാറുള്ളതെന്നാൽ—
എണ്ണമററുള്ള കർമ്മകാണ്ഡങ്ങളുംകൊണ്ടീടു-
മന്യശാസ്ത്രങ്ങൾ—അറിയേണ്ടവ—യസം-
ഖ്യമാം. 10

അതിനാൽ ശ്രദ്ധയേറും ഞങ്ങളോടതിൻസാരം
മതിയാൽ സംഗ്രഹിച്ചു ചൊല്ലുകവേണം ഭവാൻ.
അതൊന്നു കേട്ടാലുടനാത്മപ്രസാദമാക്കു-
മതിയായുണ്ടായീടുമെന്നതു സുപ്രസിദ്ധം. 11

മങ്ഗലംഭവിക്കട്ടെയങ്ങേയ്ക്കു മേന്മൽ സൂതാ!
ഭംഗിയായ് ഭവാനെല്ലാമറിയും ദിവ്യനല്ലോ.
ഭക്തവത്സലനായ ഭഗവാൻ നാരായണൻ
മുഖ്യമായേതുകാര്യം സാധിപ്പാനായിട്ടാണോ
ദേവകീദേവിതന്നിൽ വസുദേവജനായി
ഭുവിതിൽ ജാതനായ,തക്കഥ സവിസ്തരം
കേൾക്കുവാനിച്ഛിക്കുന്ന ഞങ്ങളോടനുക്രമ-
മാഖ്യാനംചെയ്തീടുക സജ്ജനപൂജ്യാ! ഭവാൻ.
ജീവിജാലങ്ങൾക്കെല്ലാം രക്ഷയും സമൃദ്ധിയും
കൈവരുത്തുവാനല്ലോ ഭഗവദവതാരം. 12–13

ഘോരഭവബദ്ധനായവൻ വൈവശ്യത്തോ-
ടേതൊരു നാമം ചൊല്ലുംമാത്രയിൽ മുക്തനാമോ,
നിയതം മഹത്താകുമാ വിഷ്ണുനാമത്തിനെ-
ബ് ഭയന്നു ഭയം സ്വയമകന്നീടുന്നുവല്ലോ 14

ഗങ്ഗതൻ സലിലത്തിലേറെനാൾ മുഴകീട്ടു
സങ്ഗതമായീടുന്ന സംശുദ്ധി, നിമിഷത്താൽ
മങ്ഗലന്മാരായ് വിഷ്ണുഭക്തരാം മുനിമാർതൻ-
സങ്ഗമംകൊണ്ടു സിദ്ധിച്ചീടുന്നു
സകലർക്കും. 15

പുണ്യശ്ലോകർക്കു പരികീർത്തനയോഗ്യമാകും
ഗണ്യകർമ്മങ്ങളാലും ശ്രീകൃഷ്ണഭഗവാൻെറ
കലിദോഷഘ്നങ്ങളാം കഥകൾ കേട്ടീടുവാ-
നതാകിൽ ശുദ്ധികാമന്മാരെല്ലാം
കൊതിക്കുന്നു. 16

ലീലയായ് കലകളെധരിച്ചു ശോഭിക്കുമി-
ക്കാളായവല്ലവൻതൻെറ സൂരിസ്തുത്യഹങ്ങളാം
സൃഷ്ട്യാദി വിശിഷ്ടകാര്യങ്ങളും ചൊല്ലീടണം;
ശ്രദ്ധയോടതു കേൾപ്പാൻ കാത്തിരിക്കുന്നു
ഞങ്ങൾ. 17

പിന്നെ തന്മായ കൊണ്ടു കളിക്കുമീശ്വരൻെറ
ഗണ്യദിവ്യാവതാരകഥകൾ ചൊല്ലു ധീമൻ! 18

കേട്ടിടുംതോറും രസം സജ്ഞർക്കേററും യദു-
ശ്രേഷ്ഠവിക്രമം കേട്ടാൽ ഞങ്ങൾക്കു
തൃപ്തിയാകാ. 19

കപടമനുഷ്യനായജ്ഞേയനാകും രക്ഷാ-
നിപുണൻ വാസുദേവൻ ബലദേവനുമായി
മർത്ത്യരാലസാധ്യമാമെത്രയോ പരാക്രമ-
കൃത്യങ്ങൾ ചെയ്തുവല്ലോ സാധു-
സംരക്ഷണാർത്ഥം. 20

കലിതൻകാലംവന്നെന്നറിഞ്ഞീവിഷ്ണുക്ഷേത്ര-
തലത്തിലെത്തി ദീർഘസത്രമൊന്നാരംഭിച്ചു.
നന്ദനന്ദനദിവ്യചരിതം കേട്ടീടുവാൻ
സന്ദർഭം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു
ഞങ്ങൾ. 21

നരൻെറ സത്ത്വഗുണം ഹരിച്ചു,മാക്കും തീരെ-
ത്തരണംചെയ്യാനരുതാതെയും സ്ഥിതിചെയ്യും
കലിയാം കടലിനെക്കടക്കാൻ, കർണ്ണധാര-
നിലയിൽ, ഞങ്ങൾക്കങ്ങേക്കാണിച്ചുതന്നു
ദൈവം. 22

ബ്രാഹ്മണാഖിലകാമദാതാവും യോഗേശനും
ധർമ്മരക്ഷകനുമായ് ശോഭിച്ച കൃഷ്ണനിപ്പോൾ
തന്നുടെ ധാമംതന്നിൽ മുഴുകിയിരിക്കവേ
പിന്നെയധർമ്മമാരേയാശ്രയിച്ചതും ചൊല്ലു. 23

അദ്ധ്യായം 2

ഭക്തിമാഹാത്മ്യം

വ്യാസൻ പറഞ്ഞു

വിപ്രവൃന്ദത്തിൻെറയീ നല്ല ചോദ്യങ്ങൾ
കേട്ടി-
ട്ടപ്പുണ്യകർമ്മാക്കളെയഭിനന്ദിച്ചു പാരം
രോമഹർഷണസുതനാകുമസ്സൂതൻ പിന്നെ-
യാമോദത്തോടുകൂടിയരുളനാരംഭിച്ചാൻ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത ഉവാച

യം പ്രവ്രജന്തമനുപേതമപേതകൃത്യം
ദ്വൈപായനോ വിരഹകാതര ആജുഹാവ
'പുത്രേ'തി തന്മയതയാ തരവോഽഭിനേദു-
സ്തം സർവ്വഭൂതഹൃദയം മുനിമാനതോഽസ്മി. 2
യഃ സ്വാനുഭാവമഖിലശ്രുതിസാരമേക-
മധ്യാത്മദീപമതിതിതീർഷതാം തമോന്ധം
സംസാരിണാം കരുണയാഹ പുരാണഗുഹ്യം
തം വ്യാസസൂനുമുപയാമി ഗുരും മുനീനാം. 3
നാരായണം നമസ്കൃത്യ നരഞ്ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേത്. 4
മുനയസ്സാധു പൃഷ്ടോഽഹം ഭവദ്ഭിർല്ലോകമങ്ഗളം
യത് കൃതഃ കൃഷ്ണസംപ്രശ്നോ യേനാത്മാ സുപ്രസീദതി. 5
സ വൈ പുംസാം പരോ ധർമ്മോ യതോ ഭക്തിരധോക്ഷജേ
അഹൈതുക്യപ്രതിഹതാ യയാത്മാ സംപ്രസീദതി. 6
വാസുദേവേ ഭഗവതി ഭക്തിയോഗഃ പ്രയോജിതഃ
ജനയത്യാശു വൈരാഗ്യം ജ്ഞാനം യത്തദഹൈതുകം. 7
ധർമ്മസ്സ്വനുഷ്ഠിതഃ പുംസാം വിഷ്വക്സേനകഥാസു യഃ
നോത്പാദയേദ്യദി രതിം ശ്രമ ഏവ ഹി കേവലം. 8
ധർമ്മസ്യ ഹ്യാപവർഗ്ഗ്യസ്യ നാർത്ഥോഽർത്ഥായോപകല്പതേ
നാർത്ഥസ്യ ധർമ്മൈകാന്തസ്യ കാമോ ലാഭായ ഹി സ്മൃതഃ 9
കാമസ്യ നേന്ദ്രിയപ്രീതിർല്ലാഭോ ജീവേത യാവതാ
ജീവസ്യ തത്ത്വജിജ്ഞാസാ നാർത്ഥോ യശ്ചേഹ കർമ്മഭിഃ 10
വദന്തി തത്തത്ത്വവിദസ്തത്ത്വം യജ്ജ്ഞാനമദ്വയം
ബ്രഹ്മേതി പരമാത്മേതി ഭഗവാനിതി ശബ്ദ്യതേ. 11
തച്ഛ്രദ്ദധാനാ മുനയോ ജ്ഞാനവൈരാഗ്യയുക്തയാ
പശ്യന്ത്യാത്മനി ചാത്മാനം ഭക്ത്യാ ശ്രുതിഗൃഹീതയാ. 12
അതഃ പുംഭിർദ്വിജശ്രേഷ്ഠാ വർണ്ണാശ്രമവിഭാഗശഃ
സ്വനുഷ്ഠിതസ്യ ധർമ്മസ്യ സംസിദ്ധിർ ഹരിതോഷണം. 13
തസ്മാദേകേന മനസാ ഭഗവാൻ സാത്വതാം പതിഃ
ശ്രോതവ്യഃ കീർത്തിതവ്യശ്ച ധ്യേയഃ പൂജ്യശ്ച നിത്യദാ. 14
യദനുധ്യാസിനാ യുക്താഃ കർമ്മ ഗ്രന്ഥിനിബന്ധനം
ഛിന്ദന്തി കോവിദാസ്തസ്യ കോ ന കുര്യാത് കഥാരതിം. 15
ശുശ്രൂഷോഃ ശ്രദ്ദധാനസ്യ വാസുദേവകഥാരുചിഃ
സ്യാന്മഹത്സേവയാ വിപ്രാഃ പുണ്യതീർത്ഥനിഷേവണാത്. 16
ശൃണ്വതാം സ്വകഥാം കൃഷ്ണഃ പുണ്യശ്രവണകീർത്തനഃ
ഹൃദ്യന്തസ്ഥോ ഹ്യഭദ്രാണി വിധുനോതി സുഹൃത് സതാം. 17
നഷ്ടപ്രായേഷ്വഭദ്രേഷു നിത്യം ഭാഗവതസേവയാ
ഭഗവത്യുത്തമശ്ലോകേ ഭക്തിർഭവതി നൈഷ്ഠികീ. 18
തദാ രജസ്തമോ ഭാവാഃ കാമലോഭാദയശ്ച യേ
ചേത ഏതൈരനാവിദ്ധം സ്ഥിതം സത്വേ പ്രസീദതി. 19
ഏവം പ്രസന്നമനസോ ഭഗവദ്ഭക്തിയോഗതഃ
ഭഗവത്തത്ത്വവിജ്ഞാനം മുക്തസങ്ഗസ്യ ജായതേ. 20
ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവ്വസംശയാഃ
ക്ഷീയന്തേ ചാസ്യ കർമ്മാണി ദൃഷ്ട ഏവാത്മനീശ്വരേ. 21
അതോ വൈ കവയോ നിത്യം ഭക്തിം പരമയാ മുദാ
വാസുദേവേ ഭഗവതി കുർവന്ത്യാത്മപ്രസാദനീം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃത്യാംശമെന്യേയനപേതനായ് സന്ന്യസിച്ച
പ്രസ്ഥാനം ചെയ്തീടുമേതതിമാനുഷനിതന്നെ
നിഗമജ്ഞനാം വ്യാസൻ വിരഹാതുരനായി
മകനേ! എന്നു നീട്ടിയുച്ചത്തിൽ വിളിക്കവേ,
വൃക്ഷങ്ങളാംതന്മയപ്പെട്ടുക്ഷണം വിളികേട്ടോ
വിശ്വഭൃതാത്മാവാമമ്മുനിയെ നമിക്കുന്നേൻ. 2

മാഹാത്മ്യമേറുന്നതായ് സംസാരക്ലിഷ്ടന്മാർക്കു
മോഹാന്ധകാരംപോക്കുമധ്യാത്മപ്രദീപമായ്,
അദ്വിതീയമായ് സർവ്വവേദാർത്ഥസാരമായി,
ഹൃദ്യമായിരിക്കുന്ന പുരാണഗുഹ്യം നേരേ
കരുണാപൂർവ്വം ചൊന്ന മാമുനിജനാചാര്യ-
വരനാം ശ്രീശുകനെശ്ശരണംഗമിക്കുന്നേൻ. 3

ശ്രീനാരായണനേയും പുരുഷോത്തമനാകു-
മാ നരനേയും വാഗീശ്വരിയാം ദേവിയേയും
ബാദരായണമുനിതന്നെയും നമസ്കരി-
ച്ചാദരപുരസ്സരം 'ജയ'മോതിടുന്നു ഞാൻ. 4

അല്ലയോ മുനീന്ദ്രരേ! ഇച്ചോദ്യം നല്ലതല്ലോ
മല്ലവൈരിതൻ കാര്യമാകയാൽ വിശേഷിച്ചും
കല്യാണംവളർത്തുന്ന വേണ്ടപോലിതു ലോക-
ക്കെല്ലാർക്കുമേകീടുന്നുണ്ടാത്മപ്രസാദത്തെയും. 5

ഹരിയിലകാരണമുള്ളവായനാരതം
പെരുകും പ്രേമമത്രേ പരമംധർമ്മം പാർത്താൽ
മർത്ത്യനാവിധം ഭക്തിയെത്തുകിൽ സത്ത്വ
ഗുണ-
വൃദ്ധിയാലാത്മാനന്ദസിദ്ധി കൈവരും
നൂനം. 6

വാസുദേവനില്പററ ഭക്തിയുണ്ടാകുന്നവ-
നാശു വൈരാഗ്യം വർദ്ധിച്ചാത്മജ്ഞാനിയായ്–
ത്തീരും. 7

വഴിയാംവണ്ണം ധർമ്മമനുഷ്ഠിച്ചാലുമെല്ലാം
പഴതേതന്നെ വിഷ്ണുഭക്തിയോടല്ലെന്നാകിൽ. 8

കേവലം ധനാർജ്ജനമെന്നുള്ളതല്ല, നിത്യ-
കൈവല്യപ്രാപ്തിയല്ലോ ധർമ്മത്തിൻപ്രയോ
ജനം.
അല്ലാതെ, നാനാഭോഗസാധനഭ്രമംമൂലം
വല്ലതും പ്രവർത്തിച്ചാലധർമ്മമെന്നേവരു 9

ഇന്ദ്രിയപ്രീതിയല്ല കാമത്തിൻ ലക്ഷ്യം ജീവ-
തന്തുവേ നിലനിർത്താൻ മാത്രമേയതു വേണ്ടു
ജീവിതോദ്ദേശ്യം തത്ത്വജ്ഞാനലാഭത്തി-
ട്ടാവതും ശ്രദ്ധാപൂർവ്വം പ്രവർത്തി- [നായി-
ക്കെന്നതത്രേ. 10

തത്ത്വരൂപത്തെ നേരേയറിയും മഹർഷിമാ-
രദ്വയജ്ഞാനമെന്നായതിനെ പ്പറയുന്നു.
ഭഗവാൻ, പരമാത്മാ, ബ്രഹ്മമിങ്ങനെ ചിലർ
നിഗദിച്ചീടുന്നതുമതിനെത്തന്നെയല്ലോ 11

ജ്ഞാനവൈരാഗ്യശ്രുതസംയുതമായീടുമ-
ന്യൂനഭക്തിയാൽ പരമാത്മാവെയാത്മാവിങ്കൽ
കാണുന്നു ശ്രദ്ധാലുക്കൾ; ജീവനും പരനുമൊ-
ന്നാണെന്നുമനുഭവംകൊണ്ടവരറിയുന്നു. 12

ഹരിപ്രീതിക്കാകണം പുനഃവർണ്ണാശ്രമ-
മുറയിൽ നന്നായ് ചെയ്യും ധർമ്മം ദ്വിജേ
ന്ദ്രരേ! 13

അതിനാലേകാഗ്രമായെപ്പൊഴും ഹരികഥ
കഥിക്ക, കേൾക്ക, ചെയ്ക തദ്ധ്യാനപൂജന
ങ്ങളും. 14

ദൈത്യാരിധ്യാനമാകും ഖഡ്ഗത്താലഹങ്കാര-
ബദ്ധകർമ്മങ്ങളെല്ലാം ഖണ്ഡിപ്പു പണ്ഡിതന്മാർ
അത്ര മാഹാത്മ്യമേറുമഖിലദേവേശന്റെ-
യുത്തമചരിത്രത്തിലാസക്തിയാർക്കുണ്ടാകാ? 15

പാവനതീർത്ഥസേവകൊണ്ടേലമകന്നോനു
കൈവരും സത്സംഗമ,തുകാരണമായി-
ശ്രദ്ധയും പിന്നെ ശ്രവണേച്ഛയും വന്നുകൂടി-
സ്സിദ്ധമാം വാസുദേവസത്ക്കഥാരുചി മേ-
ന്മേൽ. 16

ഉന്നതഭക്ത്യാ തന്റെ ചരിതം ചൊല്ലിക്കേൾക്കും
പുണ്യവാന്മാർതൻ ശുദ്ധമനസ്സിൽ സ്ഥിതി
ചെയ്തു
സജ്ജനഹിതകരൻ, ഭഗവാൻ കൃഷ്ണൻ പ്രഭോ-
വോജ്ജ്വലനൊഴിക്കുന്നിതവർതന്നഭദ്രങ്ങൾ.17

നിത്യവും ഭാഗവതന്മാരുടെ പാദസേവാ-
കൃത്യത്താലമംഗലമാകവേയൊടുങ്ങുമ്പോൾ,
ഉത്തമശ്ലോകനാകുമിന്ദിരാമണാളനിൽ
സുസ്ഥിരഭക്തിയാർക്കു നിസ്തർക്കം ഭവിച്ചിടും.18

കൈവിട്ടുമേവും ഭക്തിദാർഢ്യത്താൽ രജസ്തമോ-
ഭാവങ്ങൾ കാമക്രോധലോഭമോഹാദ്യങ്ങളും
സത്ത്വമാംഗുണമപ്പോൾ വളരെ വർദ്ധിച്ചീടും
ചിത്തത്തിനാനന്ദവും സിദ്ധിക്കുമസംശയം. 19

ഭക്തിയാൽ പ്രസന്നാത്മാവായീടുമസംഗനു
മുക്തിസാധകമാകും തത്ത്വവിജ്ഞാനമുണ്ടാം.20

ഈശനാത്മാവായുള്ളോനാണോ,നറുംഹൃദ്ഗ്രന്ഥി-
സംശയാദികളും തീരും, കർമ്മവുമൊടുങ്ങീടും [സർവ്വ-
അതിനാൽപണ്ഡിതന്മാരമിതപ്രേമാന്വിതം22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്ത്വം രജസ്തമ ഇതി പ്രകൃതേർഗ്ഗുണാസ്തൈ-
ര്യുക്തഃ പരഃ പുരുഷ ഏക ഇഹാസ്യ ധത്തേ
സ്ഥിത്യാദയേ ഹരിവിരിഞ്ചിഹരേതി സംജ്ഞാഃ
ശ്രേയാംസി തത്ര ഖലു സത്ത്വതനോർന്നൃണാം സ്യുഃ 23
പാർത്ഥിവാദ്ദാരുണോ ധൂമസ്തസ്മാദഗ്നിസ്ത്രയീമയഃ
തമസസ്തു രജസ്തസ്മാത് സത്ത്വം യദ് ബ്രഹ്മദർശനം. 24
ഭേജിരേ മുനയോഽഥാഗ്രേ ഭഗവന്തമധോക്ഷജം
സത്ത്വം വിശുദ്ധം ക്ഷേമായ കല്പന്തേ യേഽനു താനിഹ. 25
മുമുക്ഷവോ ഘോരരൂപാൻ ഹിത്വാ ഭൂതപതീനഥ
നാരായണകലാഃ ശാന്താഃ ഭജന്തി ഹ്യനസൂയവഃ 26
രജസ്തമഃപ്രകൃതയസ്സമശീലാ ഭജന്തി വൈ
പിതൃഭൂതപ്രജേശാദീഞ് ശ്രിയൈശ്വര്യപ്രജേപ്സവഃ 27
വാസുദേവപരാ വേദാ വാസുദേവപരാ മഖാഃ
വാസുദേവപരാ യോഗാ വാസുദേവപരാഃക്രിയാഃ 28
വാസുദേവപരം ജ്ഞാനം വാസുദേവപരം തപഃ
വാസുദേവപരോ ധർമ്മോ വാസുദേവപരാ ഗതിഃ 29
സ ഏവേദം സസർജ്ജാഗ്രേ ഭഗവാനാത്മമായയാ
സദസദ്രൂപയാ ചാസൗ ഗുണമയ്യാഽഗുണോ വിഭുഃ 30
തയാ വിലസിതേഷ്വേഷു ഗുണേഷു ഗുണവാനിവ
അന്തഃ പ്രവിഷ്ട ആഭാതി വിജ്ഞാനേന വിജൃംഭിതഃ 31
യഥാ ഹ്യവഹിതോ വഹ്നിർദ്ദാരുഷ്വേകഃ സ്വയോനിഷു
നാനേവ ഭാതി വിശ്വാത്മാ ഭൂതേഷു ച തഥാ പുമാൻ. 32
അസൗ ഗുണമയൈർഭാവൈർഭൂതസൂക്ഷ്മേന്ദ്രിയാത്മഭിഃ
സ്വനിർമ്മിതേഷു നിർവ്വിഷ്ടോ ഭുങ്ക്തേ ഭൂതേഷു തദ്ഗുണാൻ. 33
ഭാവയത്യേഷ സത്ത്വേന ലോകാൻ വൈ ലോകഭാവനഃ
ലീലാവതാരാനുരതോ ദേവതിര്യങ്നരാദിഷു. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
പ്രഥമസ്കന്ധേ നൈമിഷീയോപാഖ്യാനേ ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

സൂത ഉവാച
ജഗൃഹേ പൗരുഷം രൂപം ഭഗവാൻ മഹദാദിഭിഃ
സംഭൂതം ഷോഡശകലമാദൗ ലോകസിസൃക്ഷയാ. 1
യസ്യാംഭസി ശയാനസ്യ യോഗനിദ്രാം വിതന്വതഃ
നാഭിഹ്രദാംബുജാദാസീദ് ബ്രഹ്മാ വിശ്വസൃജാം പതിഃ 2
യസ്യാവയവസംസ്ഥാനൈഃ കല്പിതോ ലോകവിസ്തരഃ
തദ്വൈ ഭഗവതോ രൂപം വിശുദ്ധം സത്ത്വമൂർജ്ജിതം. 3

പശ്യന്ത്യദോ രൂപമദഭ്രചക്ഷുഷാ
സഹസ്രപാദോരുഭുജാനനാദ്ഭുതം
സഹസ്രമൂർദ്ധശ്രവണാക്ഷിനാസികം
സഹസ്രമൗല്യംബരകുണ്ഡലോല്ലസത്. 4

ഏതന്നാനാവതാരാണാം നിധാനം ബീജമവ്യയം
യസ്യാംശാംശേന സൃജ്യന്തേ ദേവതിര്യങ്നരാദയഃ 5
സ ഏവ പ്രഥമം ദേവഃ കൗമാരം സർഗ്ഗമാസ്ഥിതഃ
ചചാര ദുശ്ചരം ബ്രഹ്മാ ബ്രഹ്മചര്യമഖണ്ഡിതം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സതതം ഭജിക്കുന്നു വാസുദേവനെത്തന്നെ,
സത്വാദിയായീടുമാ പ്രകൃതിഗുണങ്ങളോ-
ടൊത്തിഹ പരൻപുമാനേകനായ്നിന്നുകൊണ്ടു
ലോകത്തിൻസ്ഥിതി സൃഷ്ടിസംഹാരകൃത്യ-
ങ്ങൾക്കായ്
ലോകേശവിധിരുദ്രനാമങ്ങൾ ധരിക്കുന്നു
അവരിൽ ശ്രേഷ്ഠനാകും സത്വമൂർത്തി-
യെബ്ഭജി-
പ്പവർക്കു ഭവിച്ചീടും ശ്രേയസ്സ മേന്മേൽദൃഢം. 23
ചമതക്കെന്യുരണ്ടു തമ്മിൽ മട്ടിച്ചാ,ലാദ്യം
വമിക്കും പുക പിന്നെയുണ്ടാകും യാഗവഹ്നി
ധൂമംകാണുമ്പോളഗ്നിയുണ്ടാമെന്നുറച്ചുടൻ
ഭൂമീസുരന്മാർ യാഗം കഴിക്കാനൊരുങ്ങുന്നു,
തമസ്സിൽ സദ്ഭാവവും രജസ്സിൽസച്ചിദ്ഭാവം
സുമതേ! സത്വത്തിൽ സച്ചിദാനന്ദവുമുണ്ടാം
തമസ്സും രജസ്സുമസ്സത്വവും ബ്രഹ്മത്തിനെ
ക്രമത്തിൽ കൂട്ടിക്കൂട്ടി പ്രകാശിപ്പിച്ചീടുന്നു. 24
ആദ്യമേയതുകൊണ്ടാണൃഷികൾ ഭജിച്ചതു-
സ്സാത്വികഗുണ പരിപൂർണ്ണനാം ഭഗവാനെ.
അവരേയനുസരിച്ചീടുന്ന പുണ്യവാന്മാ-
ർക്കിവിടെക്ഷേമമല്ലാതല്ലലിന്നിടയുണ്ടോ! 25
സദ്ഗതിയിച്ഛിക്കുവോർ ഘോരരൂപരാംഭൂത-
വർഗ്ഗനായകന്മാരെയാരെയും സേവിക്കാതെ,
ശ്രീവാസുദേവനേയും തത്കലാംശങ്ങളാകും
ദേവന്മാരെയുമീർഷ്യയെന്നിയേയർച്ചിക്കുന്നു. 26
സന്താന,മൈശ്വര്യം,ശ്രീയിവയിലാശാവിഷ്ട-
സ്വാന്തരാം രജസ്തമോഗുണശീലന്മാർക്കെങ്കിൽ
സ്പഷ്ടമായ് തദ്ഗുണങ്ങളിണങ്ങും പിതൃഭൂത-
സ്രഷ്ടാക്കൾതൊട്ടോരത്രേയെന്നുമാരാധനീ-
യർ. 27
ആഗമം, യോഗം, കർമ്മം, തപസ്സ്, ധർമ്മം,
ജ്ഞാനം,
യാഗം, സദ്ഗതി,യിവ മാധവപരങ്ങളാം.
ഗുണയുക്തയായ് കാര്യകാരണാത്മികയാകും
തനതുമായയാലീയുലകമനായാസം
സകലഗുണാതീതൻ നിഖിലലോകവ്യാപി-
ഭഗവാൻ നാരായണനുളവാക്കി-
നാനാദ്യം. 28–31
തന്മായാഗുണസങ്ഗനെന്നപോൽ
തോന്നിച്ചാലു-
മുണ്മയിൽ ജ്ഞാനമൂർത്തിയീശ്വരനെങ്ങു-
സങ്ഗം!
ഏകനായ് സ്വയോനിയാം ദാരുവിലാളുമഗ്നി-
പാകത്തിൽ നാനാകാഷ്ഠശ്രേണിയിൽ
വിളങ്ങുംപോൽ
സർവ്വാത്മാവാകും പരൻപുരുഷൻ ചരാചര-
സർവ്വാന്തഃസ്ഥനായ് ബഹുരൂപനായ്
ശോഭിക്കുന്നു. 32
ചേതസ്സ്, പഞ്ചേന്ദ്രിയ,മാകാശാദിയാം സൂക്ഷ്മ-
ഭൂതങ്ങളിവയെക്കൊണ്ടീശ്വരൻ, ഗുണങ്ങളാൽ,
നിർമ്മിച്ചഭൂതങ്ങളിൽ കടന്നു, തത്തദ്വർഗ്ഗ-
കർമ്മാനുരൂപഫലമോരോന്നും ഭുജിക്കുന്നു. 33
അത്യന്തലോകാത്കൃഷ്ടവാഞ്ഛിതംമൂലം
ദേവ-
മർത്ത്യതിര്യഗാദിയാം ജാതിയിൽപ്പലേമട്ടിൽ
ലീലാവതാരംപൂണ്ടു സാത്വികഗുണംകൊണ്ടു
പാലനംചെയ്തീടുന്നു ലോകത്തെയേക-
നാഥൻ. 34

അദ്ധ്യായം 3

ഇരുപത്തിനാല് അവതാരങ്ങൾ

സൂതൻ പറഞ്ഞു

മഹത്തത്വാദിയാൽ സംഭൃതമായ് ഷോഡ-
ശാംശ-
സഹിതമാകും വിരാട്പുരുഷാവതാരത്തെ
സ്വീകരിച്ചീടിനാനബ്ഭഗവാനാദ്യമായി
ലോകസൃഷ്ടിയിലിച്ഛയുളവായതുമൂലം 1
യോഗനിദ്രയുംപൂണ്ടു ജലശായിയായ്വാഴും
വൈകുണ്ഠൻതന്റെ നാഭിച്ചുഴിപ്പൊൽത്താ-
രിൽനിന്നും.
ഭുവനനിർമ്മാണത്തിൽ സാമർത്ഥ്യമേറും മുനി-
നിവഹപ്രധാനനാം ബ്രഹ്മാവുദ്ഭവിച്ചിതു 2
വിരാട്ടിന്നംഗങ്ങൾതൻ വിഭാഗം
നിമിത്തമായ്
ശരിയായ്കല്പിതംതാൻ ലോകങ്ങൾ
പതിന്നാലും
അത്യന്തമുജ്ജ്വലത്തായ് പരമപവിത്രമാം
സത്വമാത്രംതാൻ നൂനമിബ്ഭഗവത്-
സ്വരൂപം. 3
ആയിരം കൈ,കാൽ, തുട,യാനനം, നാസ,
കണ്ണു,-
മായിരം തല, കർണ്ണം ചേർന്നു വിസ്മയമേറും
നാനാകിരീടാംബരകുണ്ഡലങ്ങളാൽ ദ്യോത-
മാനമീ വിശ്വരൂപമുൾക്കണ്ണുകൊണ്ടു കാൺമൂ. 4
ഈയാദിനാരായണരൂപം നാനാവതാര-
സ്ഥായിസ്ഥാനവും നാശമററ ബീജവുമത്രേ. 5
ഇബ്ഭഗവാൻറയംശഭൂതനാം
ബ്രഹ്മാവിൽനി-
ന്നുദ്ഭവിച്ചുള്ള മരീച്യാദ്യരാം പ്രജേശരാൽ
മർത്ത്യന്മാരമർത്ത്യന്മാർ പക്ഷികൾ മൃഗങ്ങളെ-
ന്നിത്യാദി ജീവജാലം സൃഷ്ടിക്കപ്പെട്ടുന്നിതു. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയം തു ഭവായാസ്യ രസാതലഗതാം മഹീം
ഉദ്ധരിഷ്യന്നുപാദത്ത യജ്ഞേശഃ സൗകരം വപുഃ 7
തൃതീയമൃഷിസർഗ്ഗം ച ദേവർഷിത്വമുപേത്യ സഃ
തന്ത്രം സാത്വതമാചഷ്ട നൈഷ്കർമ്മ്യം കർമ്മണാം യതഃ 8
തുര്യേ ധർമ്മകലാസർഗ്ഗേ നരനാരായണാവൃഷീ
ഭൂത്വാത്മോപശമോപേതമകരോദ്ദുശ്ചരം തപഃ 9
പഞ്ചമഃ കപിലോ നാമ സിദ്ധേശഃ കാലവിപ്ലുതം
പ്രോവാചാസുരയേ സാംഖ്യം തത്ത്വഗ്രാമവിനിർണ്ണയം. 10
ഷഷ്ഠമത്രേരപത്യത്വം വൃതഃ പ്രാപ്തോഽനസൂയയാ
ആന്വീക്ഷികീമലർക്കായ പ്രഹ്ലാദാദിഭ്യ ഊചിവാൻ. 11
തതസ്സപ്തമ ആകൂത്യാം രുചേര്യജ്ഞോഭ്യജായത
സ യാമാദ്യൈസ്സുരഗണൈരപാത് സ്വായംഭുവാന്തരം. 12
അഷ്ടമേ മേരുദേവ്യാം തു നാഭേർജ്ജാത ഉരുക്രമഃ
ദർശയൻ വർത്മ ധീരാണാം സർവ്വാശ്രമനമസ്കൃതം. 13
ഋഷിഭിര്യാചിതോ ഭേജേ നവമം പാർത്ഥിവം വപുഃ
ദുഗ്ദ്ധേമാമോഷധീർവ്വിപ്രാസ്തേനായം സ ഉശത്തമഃ 14
രൂപം സ ജഗൃഹേ മാത്സ്യം ചാക്ഷുഷോദധിസംപ്ലവേ
നാവ്യാരോപ്യ മഹീമയ്യാമപാദ് വൈവസ്വതം മനും. 15
സുരാസുരാണാമുദധിം മഥ്നതാം മന്ദരാചലം
ദധ്രേ കമഠരൂപേണ പൃഷ്ഠ ഏകാദശേ വിഭുഃ 16
ധാന്വന്തരം ദ്വാദശമം ത്രയോദശമമേവ ച
അപായയത് സുരാനന്യാൻ മോഹിന്യാ മോഹയൻ സ്ത്രിയാ. 17
ചതുർദ്ദശം നാരസിംഹം ബിഭ്രദ്ദൈത്യേന്ദ്രമൂർജ്ജിതം
ദദാര കരജൈർവ്വക്ഷസ്യേരകാം കടകൃദ്യഥാ. 18
പഞ്ചദശം വാമനകം കൃത്വാഽഗാദധ്വരം ബലേഃ
പദത്രയം യാചമാനഃ പ്രത്യാദിത്സുസ്ത്രിവിഷ്ടപം. 19
അവതാരേ ഷോഡശമേ പശ്യൻ ബ്രഹ്മദ്രുഹോ നൃപാൻ
ത്രിസ്സപ്തകൃത്വഃ കുപിതോ നിഃക്ഷത്രാമകരോന്മഹീം. 20
തതസ്സപ്തദശേ ജാതസ്സത്യവത്യാം പരാശരാത്
ചക്രേ വേദതരോശ്ശാഖാ ദൃഷ്ട്വാ പുംസോല്പമേധസഃ 21
നരദേവത്വമാപന്നസ്സുരകാര്യചികീർഷയാ
സമുദ്രനിഗ്രഹാദീനി ചക്രേ വീര്യാണ്യതഃ പരം. 22
ഏകോനവിംശേ വിംശതിമേ വൃഷ്ണിഷു പ്രാപ്യ ജന്മനീ
രാമകൃഷ്ണാവിതി ഭുവോ ഭഗവാനഹരദ്ഭരം. 23
തതഃ കലൗ സമ്പ്രവൃത്തേ സമ്മോഹായ സുരദ്വിഷാം
ബുദ്ധോ നാമ്നാഽജനസുതഃ കീകടേഷു ഭവിഷ്യതി. 24
അഥാസൗ യുഗസന്ധ്യായാം ദസ്യുപ്രായേഷു രാജസു
ജനിതാ വിഷ്ണുയശസോ നാമ്നാ കൽക്കിർജ്ജഗത്പതിഃ 25
അവതാരാ ഹ്യസംഖ്യേയാ ഹരേഃ സത്ത്വനിധേർദ്വിജാഃ
യഥാഽവിദാസിനഃ കുല്യാഃ സരസസ്സ്യുഃ സഹസ്രശഃ 26
ഋഷയോ മനവോ ദേവാ മനുപുത്രാ മഹൗജസഃ
കലാഃ സർവ്വേ ഹരേരേവ സപ്രജാപതയസ്തഥാ. 27
ഏതേ ചാംശകലാഃ പുംസഃ കൃഷ്ണസ്തു ഭഗവാൻ സ്വയം
ഇന്ദ്രാരിവ്യാകുലം ലോകം മൃഡയന്തി യുഗേ യുഗേ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിയിൽ സനല്കുമാരദ്വിജനായിജ്ജനി-
ച്ചീദേവനനുഷ്ഠിച്ചു ദുശ്ചരം ബ്രഹ്മചര്യം
പിന്നെ,യാ യജ്ഞേശ്വരൻ പാതാളപ്രാപ്തമായ
മന്നിനെയുയർത്തുവാൻ സൂകരജന്മമാർന്നാൻ. 7
മൂന്നാമതൃഷിജന്മമീശനാരംഭിച്ചു,തി-
ലൊന്നല്ലോ ദേവർഷിയാം നാരദമഹാമുനി
അന്നു നാരദ പഞ്ചരാത്ര വൈഷ്ണവതന്ത്ര-
മൊന്നുതീർത്തുരപ്പിച്ചാൻ നൈഷ്കർമ്മ്യം
കർമ്മങ്ങളിൽ. 8
ധർമ്മപത്നിയിൽ, നരനാരായണന്മാരായി-
ജ്ജന്മമാർന്നുഗ്രതപശ്ശക്തി സുവ്യക്തമാക്കി, 9
അഞ്ചാമ,തസ്സിദ്ധേശകപിലനായിത്തത്വ-
സഞ്ചയനിർണ്ണായകമാകിന സാംഖ്യശാസ്ത്രം
കാലത്താൽ നഷ്ടപ്പെട്ടതാസുരിയെന്ന നാമ-
മേലുന്ന ഭൂദേവനായുപദേശിച്ചീടിനാൻ. 10
ആറാമതനസൂയാപേക്ഷയാലത്തനപിയിൽ
കൂറാർന്നിട്ടത്രിപുത്രദത്താത്രേയനായ്ത്തീർന്നു
അലർക്കാഖ്യനും തഥാ പ്രഹ്ലാദപ്രമുഖർക്കു-
മരിവാർന്നരുളിച്ചെയ്തീടിനാനാത്മജ്ഞാനം. 11
ആകൂതിയെന്ന രുചിഭാര്യയിലേഴാമതായ്
ശ്രീകാന്തൻ യജ്ഞാഖ്യനായ്വന്നവതരിച്ചഥ
യാമാദിദേവന്മാരാം നന്ദനന്മാരോടൊത്ത-
ക്ഷാമമാസ്വായംഭുവമന്വന്തരത്തെക്കാത്താൻ.
12
മേരുദേവിയിൽ നാഭിക്കൃഷഭനെന്ന പേരിൽ
കാരണപുമാനെട്ടാമവതാരത്തെയാർന്നു
പരമഹംസഗമ്യമായീടുമന്ത്യാശ്രമ-
സരണി വിദ്വാന്മാർക്കു തെളിച്ചു കാട്ടീടിനാൻ.
13
അഥ, മാമുനിമാർതന്നർത്ഥനാഫലമായി
പൃഥുചക്രവർത്തിയായ്പ്പിറന്നു മുനീന്ദ്രരേ!
ഭൂമിയിൽനിന്നു കറന്നെടുത്താനൗഷധങ്ങ-
ളാ മഹാനതുമൂലമാകർഷണീയനായാൻ. 14
ചാക്ഷുഷമന്വന്തരപ്രളയകാലത്തിങ്കൽ
മത്സ്യമായവതാരമെടുത്താനടുത്തതായ്
ഇക്ഷോണി തോണിയാക്കിയക്ഷണമതിലേറ്റി
രക്ഷിച്ചാൻ വൈവസ്വതനായീടും മനു-
വിനെ. 15
പാലാഴി സുരാസുരന്മാരൊത്തു കടഞ്ഞീടും-
കാലത്തൊരാമയായിട്ടാവിർഭവിച്ചമേയൻ
പാകത്തിൽപൃഷ്ഠംകൊണ്ടു മന്ദരാദ്രിയെപ്പൊക്കി
ഏകാദശാവതാരകാര്യവും നിർവ്വഹിച്ചാൻ. 16
അടുത്തതല്ലോ ധന്വന്തരിതന്നവതാര-
മെടുത്തു പിന്നെയൊരു മോഹിനീവേഷം
ഭേഷായ്.
അസുരന്മാരെയെല്ലാം മയക്കിയമൃതത്തെ
പ്രസഭം വീണ്ടെടുത്തുകൊടുത്താനമർത്ത്യ-
ർക്കായ്. 17

പതിന്നാലാമതായി,ബ് ഭഗവാൻ ഭക്തദാസ-
നതിഭീകരം നാരസിംഹാവതാരമാർന്നു
കീറിനാൻ ഹിരണ്യന്റെ മാറിടം നഖങ്ങളാ,-
ലേരകപ്പുല്ലുപായ്നെയ്യുവോനെന്ന-
പോലെ. 18
വാമനമൂർത്തിയായിപ്പിന്നെയജ്ജഗന്മയ-
നാ മഹാബലിയുടെ യാഗശാലയിൽപ്പുക്കു
മൂന്നടിമണ്ണിരന്നു സമ്മതംവാങ്ങിച്ചുകൊ-
ണ്ടൊന്നായളന്നെടുത്താൻ ത്രൈലോക്യത്തേയും
പതിനാറാമതീശൻപരശുരാമനായി [ദ്രുതം. 19
ക്ഷിതിപാലരെ വിപ്രദ്രോഹികളായിക്കണ്ടു,
ചൊടിച്ചുഖ്ഖലന്മാരെയാകെ മൂവേഴുവട്ടം
മുടിച്ചിക്ഷമാതലമക്ഷത്രമാക്കിത്തീർത്താൻ. 20
പതിനേഴാമതാകുമവതാരംതാൻ സത്യ-
വതിയിൽപ്പരാശരന്നുണ്ടായ വേദവ്യാസൻ.
മന്ദബുദ്ധികളായ്പ്പോയ് മനുഷ്യരെന്നു കണ്ടു-
പ്പണ്ഡിതൻ വേദശാഖി ചതുശ്ശാഖാഢ്യ-
മാക്കി. 21
തദനന്തരം, ദാശരഥിയായ് ജന്മ കൈക്കൊ-
ണ്ടുദധി ബന്ധിച്ചുടൻ ലങ്കയിൽക്കടന്നങ്കം-
തുടർന്നു ദുഷ്ടനായ രാവണൻതന്നെക്കൊന്നു
സ്പഷ്ടമാക്കിനാനീശനവാര്യം ബാഹുവീര്യം. 22
വൃഷ്ണിവംശത്തിൽപ്പിന്നെപ്പിറന്നു ദേവൻ രാമ-
കൃഷ്ണന്മാരായിധരാഭാരമാകവേ തീർത്തു. 23
കപിലവസ്തുവിങ്കൽ ഭഗവാൻ ഹരി,ദേവ-
രിപുവൃന്ദത്തെ മോഹിപ്പിക്കുവാനിനിമേലിൽ,
ബുദ്ധനെന്നുള്ള നാമം ധരിച്ചിട്ടജനന്റെ
പുത്രനായ്പിറന്നീടും കലിതൻ
വ്യാപ്തിയിങ്കൽ. 24
ക്ഷോണിപാലന്മാർ ദസ്യുപ്രായരായ്പ്രജകളെ-
ക്കാണികാരുണ്യമെന്യേ മർദ്ദനംചെയ്തീടുമ്പോൾ
ചിദ്ഘനൻ വിഷ്ണുയശസ്സെന്ന
വിപ്രനിൽനിന്നും
കല്ക്കിയായ് ജനിച്ചീടും കലികാലാന്ത്യ-
ത്തിങ്കൽ. 25
അക്ഷയസരസ്സിൽനിന്നായിരക്കണക്കിനു
നിഷ്ക്രമിച്ചീടും ചെറുചാലുകളെന്നപോലെ,
സത്ത്വഭൂവാകും സ്വഭൂവിങ്കൽനിന്നവതാര-
മെത്രയെന്നെണ്ണീടുവാനാർക്കാനുമെളുതാമോ!
മനുക്കളൃഷിമാരും വിക്രമപ്രഖ്യാതരാം
മനുപുത്രരും, പ്രജാപതികൾ, ദേവന്മാരും,
ഏവരും ധരാസുരമുഖ്യരേ! മുകുന്ദനാം
ദേവന്റെ കലകളാം താനില്ല സംശയമേതും.
26–27
എല്ലാരുമച്യുതാംശാംശങ്ങളാണിവ,രമ്മ-
ട്ടല്ല നിശ്ചയം, കൃഷ്ണൻ വിഷ്ണുവിൻ തനിരൂപം.
ദുഷ്ടരെ നിഗ്രഹിച്ചു വിഷ്ടപം രക്ഷിക്കേണ്ടും
ഘട്ടത്തിൽ യുഗംതോറുമീശാവതാരമുണ്ടാം 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജന്മ ഗുഹ്യം ഭഗവതോ യ ഏതത് പ്രയതോ നരഃ
സായം പ്രാതർഗൃണൻ ഭക്ത്യാ ദുഃഖഗ്രാമാദ്വിമുച്യതേ. 29
ഏതദ്രൂപം ഭഗവതോ ഹ്യരൂപസ്യ ചിദാത്മനഃ
മായാഗുണൈർവ്വിരചിതം മഹദാദിഭിരാത്മനി. 30
യഥാ നഭസി മേഘൗഘോ രേണുർവ്വാ പാർത്ഥിവോഽനിലേ
ഏവം ദ്രഷ്ടരി ദൃശ്യത്വമാരോപിതമബുദ്ധിഭിഃ 31
അതഃ പരം യദവ്യക്തം അവ്യൂഢഗുണവ്യൂഹിതം
അദൃഷ്ടാശ്രുതവസ്തുത്വാത് സ ജീവോ യത് പുനർഭവഃ 32
യത്രേമേ സദസദ്രൂപേ പ്രതിഷിദ്ധേ സ്വസംവിദാ
അവിദ്യയാഽത്മനി കൃതേ ഇതി തത് ബ്രഹ്മദർശനം 33
യദ്യേഷോപരതാ ദേവീ മായാ വൈശാരദീ മതിഃ
സമ്പന്ന ഏവേതി വിദുർമ്മഹിമ്നി സ്വേ മഹീയതേ. 34
ഏവം ജന്മാനി കർമ്മാണി ഹ്യകർത്തുരജനസ്യ ച
വർണ്ണയന്തി സ്മ കവയോ വേദഗുഹ്യാനി ഹൃത്പതേഃ 35
സ വാ ഇദം വിശ്വമമോഘലീലഃ
സൃജത്യവത്യത്തി ന സജ്ജതേഽസ്മിൻ
ഭൂതേഷു ചാന്തർഹിത ആത്മതന്ത്രഃ
ഷാഡ്വർഗ്ഗികം ജിഘ്രതി ഷഡ്ഗുണേശഃ 36
ന ചാസ്യ കശ്ചിന്നിപുണേന ധാതു–
രവൈതി ജന്തുഃ കുമനീഷ ഊതീഃ
നാമാനി രൂപാണി മനോവചോഭി–
സ്സന്തന്വതോ നടചര്യാമിവാജ്ഞഃ 37
സ വേദ ധാതുഃ പദവീം പരസ്യ
ദുരന്തവീര്യസ്യ രഥാങ്ഗപാണേഃ
യോഽമായയാ സന്തതയാഽനുവൃത്യാ
ഭജേത തത്പാദസരോജഗന്ധം. 38
അഥേഹ ധന്യാ ഭഗവന്ത ഇത്ഥം–യദ്വാസുദേവേഽഖിലലോകനാഥേ
കുർവ്വന്തി സർവ്വാത്മകമാത്മഭാവം–ന യത്ര ഭൂയഃ പരിവർത്ത ഉഗ്രഃ 39
ഇദം ഭാഗവതം നാമ പുരാണം ബ്രഹ്മസമ്മിതം
ഉത്തമശ്ലോകചരിതം ചകാര ഭഗവാനൃഷിഃ 40
നിഃശ്രേയസായ ലോകസ്യ ധന്യം സ്വസ്ത്യയനം മഹത്
തദിദം ഗ്രാഹയാമാസ സുതമാത്മവതാം വരം. 41
സർവ്വവേദേതിഹാസാനാം സാരം സാരം സമുദ്ധൃതം
സ തു സംശ്രാവയാമാസ മഹാരാജം പരീക്ഷിതം. 42
പ്രായോപവിഷ്ടം ഗങ്ഗായാം പരീതം പരമർഷിഭിഃ
തത്രകീർത്തയതോ വിപ്രാവിപ്രർഷേർ ഭൂരിതേജസഃ 43
അഹം ചാധ്യഗമം തത്ര നിവിഷ്ടസ്തദനുഗ്രഹാത്
സോഹം വഃശ്രാവയിഷ്യാമി യഥാധീതം യഥാമതി. 44
കൃഷ്ണേ സ്വധാമോപഗതേ ധർമ്മജ്ഞാനാദിഭിസ്സഹ
കലൗ നഷ്ടദൃശാമേഷ പുരാണാർക്കോ ധുനോദിതഃ 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
പ്രഥമസ്കന്ധേ നൈമിഷീയോപാഖ്യാനേ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

വ്യാസ ഉവാച
ഇതി ബ്രുവാണം സംസ്തൂയ മുനീനാം ദീർഘസത്രിണാം
വൃദ്ധഃ കുലപതിഃ സൂതം ബഹ്വൃചശ്ശൗനകോഽബ്രവീത് 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമരഹസ്യമിബ്ഭഗവദവതാരം
പരിശുദ്ധനായേത്തു മനുജൻ സന്ധ്യതോറും
പെരുകും ഭക്തിപൂർവ്വം പരികീർത്തിച്ചീടു,മ-
പ്പുരുഷനില്ല പിന്നെയൊരുകാലവും ദുഃഖം. 29

രൂപഹീനനും ചിത്സ്വരൂപനുമായീടുമി-
ശ്രീപതിഭഗവാൻെറയീവിധമുള്ള രൂപം
മായാഗുണങ്ങളാകും മഹത്തത്ത്വാദിയാലെ
സ്വീയമാമാത്മാവിങ്കൽ കല്പിതം മുനിമാരേ!
30

കൊണ്ടലിൻനിരയെക്കണ്ടാകാശമെന്നും, ധരാ-
മണ്ഡലത്തിലെപ്പൊടി കാറെറന്നും നിനയ്ക്കും-
പോൽ,
ദ്രഷ്ടാവിൽ ദൃശ്യാരോപം ചെയ്യുന്നു
കഷ്ടം! മതി-
കെട്ടമാനുഷരെല്ലാം വാസ്തവമറിയാതെ. 31

സ്ഥൂലമാം ദേഹമെന്യേ കണ്ടുകേട്ടറിഞ്ഞീടാൻ
മേലാതെ,യവ്യക്തമായംഗങ്ങളും തെളിയാതെ,
സൂക്ഷ്മാംഗമെന്നൊന്നിനേക്കൂടിയുമാരോപിപ്പു;
സൂക്ഷ്മത്തിലതാം പുനർജ്ജനനത്തിന്നുപാധി. 32

ആത്മാവിലവിദ്യയാൽ കല്പിക്കപ്പെട്ടും
സ്ഥൂല-
സൂക്ഷ്മദേഹങ്ങളും രണ്ടുമദ്ധ്യാത്മ-
ജ്ഞാനത്തിനാൽ
പ്രതിഷേധിച്ചാലുടൻ, ജീവൻെറ പരബ്രഹ്മ-
സ്ഥിതിസന്ദേഹമെന്യേ ധരിക്കാമാകുംതന്നെ.
33

അവിദ്യാസ്വരൂപയാമീശ്വരമായ ഭക്തി-
പ്രവണന്മാർക്കു വിദ്യാരൂപിണിയായി മാറി
വിളങ്ങു,മപ്പോൾ സ്വന്തമാഹാത്മ്യം
നിമിത്തമായ്
തെളിഞ്ഞുകാണും ബ്രഹ്മം താൻതന്നെ-
യെന്ന തത്ത്വം. 34

ഈവിധമജന്മാവുമന്തര്യാമിയുമാമീ
ദേവന്നു വേദരഹസ്യങ്ങളാം ജന്മങ്ങളും
അകർത്താവാകുമവന്നനന്തകർമ്മങ്ങളും
സുകവിപ്രൗഢർ വർണ്ണിച്ചിരിപ്പൂ മഹർഷിമാർ.
35

ഫലസംയുതലീലാലാലസനാകുമീശ-
നലകം രചിച്ചുകാത്തഴിപ്പൂ നിസ്സംഗനായ്.
ഭൂതാന്തഃസ്ഥിതനായ് നിന്നാറിന്ദ്രിയങ്ങളേയും
ബാധിക്കും വിഷയങ്ങളും ഘ്രാണിപ്പൂ-
സ്വതന്ത്രനായ് 36

അജ്ഞനു നടചര്യപോൽ, മനോവാക്യങ്ങളാ-
ലിജ്ജഗത്തിങ്കൽ നാമരൂപവർണ്ണനം ചെയ്യും
സ്രഷ്ടാവാമീശ്വരൻതൻ ലീലകളാകുംതന്നെ
തിട്ടമി,ല്ലജ്ഞരയംതാൻ തർക്കയുക്ത്യാദി-
യാലും. 37

ഏതവൻ നിരന്തരം നിഷ്കായമീദേവൻെറ
പാദപങ്കജഗന്ധം സേവിച്ചീടുന്നു നിത്യം
ഉത്തമനാമബ്ഭക്തൻ മായാതീതനായ് സൃഷ്ടി-
കർത്താവാം ചക്രപാണിതത്ത്വമറിയുന്നു. 38

സകലലോകേശനാം വാസുദേവനിൽ പര-
മകതാരുറപ്പിച്ചോർക്കില്ലല്ലോ പുനർജ്ജന്മം.
അതിനാലിസ്ഥലത്തു വാണീടും നിങ്ങളെല്ലാ-
മതിധന്യന്മാർതന്നെ മഹർഷിശ്രേഷ്ഠന്മാരേ! 39

ആദിനായക കഥാശ്രേണിയാൽ മഹത്തായി
വേദസമ്മിതമായിബ്ഭാഗവതാഖ്യമായി
ഈ മഹാപുരാണത്തെസ്സർവ്വജ്ഞനായീടുന്ന
മാമുനിവേദവ്യാസൻ നന്മട്ടു നിർമ്മിച്ചിതു. 40

ബ്രഹ്മവിദ്വരമൗലിരത്നമാം ശുകനെന്ന
തന്മകൻതന്നെബ്ബാദരായണകവീശ്വരൻ
മങ്ഗലകരമായി ശ്രേഷ്ഠമാമിതുപിന്നെ-
ബ്ഭംഗിയായ് പഠിപ്പിച്ചാൻ ലോകാനുഗ്ര-
ഹത്തിനായ്. 41

സർവ്വവേദേതിഹാസസാരമാമിതശ്ശുകൻ
നിർവ്വചിച്ചീടിനാനപ്പരീക്ഷിത്തിനോ-
ടായി. 42

പരമഹംസർച്ചൂഴ്ന്ന ഗംഗാതീരത്തു മുനി-
വരെയ്യുമുപവാസംപൂണ്ടേഴും നൃപനോടായ്
ഭൂരിതേജസ്വിയാമബ്രഹ്മജ്ഞനരുളീടും
നേരം തദനുഗ്രഹംമൂലമായഭ്യസിച്ചേൻ
അന്നു കേട്ടതുമട്ടു,മെന്നുടെ ബുദ്ധിക്കൊത്തു-
മിന്നു ഞാൻ നിങ്ങളോടു ചൊല്ലുന്നു വിപ്ര
ന്മാരേ! 43-44

ധർമ്മജ്ഞാനാദി സർവ്വസദ്ഗുണഗണമൊത്തു
ചിന്മയനാകും കൃഷ്ണൻ സ്വസ്ഥാനം പ്രാപി-
ക്കവേ,
കലികാലത്തിലന്ധരായവർക്കായുദിച്ചു
വിലസീടുന്നു നേരേയിമ്മഹാപുരാണാർക്കൻ.
45

അദ്ധ്യായം 4

വ്യാസചിന്ത-നാരദാഗമനം

വ്യാസൻ പറഞ്ഞു

ഇങ്ങനെ കഥിച്ചിടും സൂതനെ സ്തുതിചെയ്തു-
മ്മംഗലയാഗംചെയ്യും മഹർഷിമാരിൽ വൃദ്ധൻ
തദ്ഗുരുകുലപതിരൃഗ്വേദവേദിമുഖ്യൻ
ചൊൽക്കൊള്ളുമശ്ശൗനകൻ ചൊല്ലിനാനീ-
വിധത്തിൽ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൗനക ഉവാച

സൂത! സൂത!! മഹാഭാഗ!!! വദ നോ വദതാം വര!
കഥാം ഭാഗവതീം പുണ്യാം യദാഹ ഭഗവാഞ്ഛുകഃ 2

കസ്മിൻ യുഗേ പ്രവൃത്തേയം സ്ഥാനേ വാ കേന ഹേതുനാ
കുതഃ സംചോദിതഃ കൃഷ്ണഃ കൃതവാൻ സംഹിതാം മുനിഃ 3

തസ്യ പുത്രോ മഹായോഗീ സമദൃങ്ങ്നിർവ്വികല്പകഃ
ഏകാന്തമതിരുന്നിദ്രോ ഗൂഢോ മൂഢ ഇവേയതേ. 4

ദൃഷ്ട്വാനുയാന്തമൃഷിമാത്മജമപ്യനഗ്നം
ദേവ്യോ ഹ്രിയാ പരിദധുർന്ന സുതസ്യ ചിത്രം
തദ്വീക്ഷ്യ പൃച്ഛതി മുനൗ ജഗദുസ്തവാസ്തി
സ്ത്രീപുംഭിദാ ന തു സുതസ്യ വിവിക്തദൃഷ്ടേഃ 5

കഥമാലക്ഷിതഃ പൗരൈഃ സമ്പ്രാപ്തഃ കുരുജാങ്ഗലാൻ
ഉന്മത്തമൂകജഡവദ്വിചരൻ ഗജസാഹ്വയേ. 6

കഥം വാ പാണ്ഡവേയസ്യ രാജർഷേർമ്മുനിനാ സഹ
സംവാദഃ സമഭൂത്താത യത്രൈഷാ സാത്വതീ ശ്രുതിഃ 7

സ ഗോദോഹനമാത്രം ഹി ഗൃഹേഷു ഗൃഹമേധിനാം
അവേക്ഷതേ മഹാഭാഗസ്തീർത്ഥീകുർവ്വംസ്തദാശ്രമം. 8

അഭിമന്യുസുതം സൂത! പ്രാഹുർഭാഗവതോത്തമം
തസ്യ ജന്മ മഹാശ്ചര്യം കർമ്മാണി ച ഗൃണീഹി നഃ 9

സ സമ്രാട് കസ്യ വാ ഹേതോഃ പാണ്ഡൂനാം മാനവർദ്ധനഃ
പ്രായോപവിഷ്ടോ ഗംഗായാമനാദൃത്യാധിരാട് ശ്രിയം. 10

നമന്തി യത്പാദനികേതമാത്മനഃ
ശിവായ ഹാനീയ ധനാനി ശത്രവഃ
കഥം സ വീരഃ ശ്രിയമങ്ഗ! ദുസ്ത്യജാം
യുവൈഷതോത്സ്രഷ്ടുമഹോ സഹാസുഭിഃ 11

ശിവായ ലോകസ്യ ഭവായ ഭൂതയേ
യ ഉത്തമശ്ലോകപരായണാ ജനാഃ
ജീവന്തി നാത്മാർത്ഥമസൗ പരാശ്രയം
മുമോച നിർവ്വിദ്യ കുതഃ കളേബരം. 12

തത് സർവ്വം നസ്സമാചക്ഷ്വ പൃഷ്ടോ യദിഹ കിംചന
മന്യേ ത്വാം വിഷയേ വാചാം സ്നാതമന്യത്ര ഛാന്ദസാത്. 13

സൂത ഉവാച

ദ്വാപരേ സമനുപ്രാപ്തേ തൃതീയേ യുഗപര്യയേ
ജാതഃ പരാശരാദ്യോഗീ വാസവ്യാം കലയാ ഹരേഃ 14

സ കദാചിത് സരസ്വത്യാ ഉപസ്പൃശ്യ ജലം ശുചിഃ
വിവിക്ത ഏക ആസീന ഉദിതേ രവിമണ്ഡലേ. 15

പരാവരജ്ഞസ്സ ഋഷിഃ കാലേനാവ്യക്തരംഹസാ
യുഗധർമ്മവ്യതികരം പ്രാപ്തം ഭുവി യുഗേ യുഗേ. 16

ഭൗതികാനാം ച ഭാവാനാം ശക്തിഹ്രാസം ച തത്കൃതം
അശ്രദ്ദധാനാൻ നിസ്സത്വാൻ ദുർമ്മേധാൻ ഹ്രസിതായുഷഃ 17

ദുർഭഗാംശ്ച ജനാൻ വീക്ഷ്യ മുനിർദ്ദിവ്യേന ചക്ഷുഷാ
സർവ്വവർണ്ണാശ്രമാണാം യദ്ദധ്യൗ ഹിതമമോഘദൃക്. 18

ചാതുർഹോത്രം കർമ്മ ശുദ്ധം പ്രജാനാം വീക്ഷ്യ വൈദികം
വ്യദധാദ്യജ്ഞസന്തത്യൈ വേദമേകം ചതുർവ്വിധം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൗനകൻ പറഞ്ഞു

ഹേ സൂതാ! മഹാഭാഗ! വാഗ്മിമാർ മുക്താ-
മണേ
ശ്രീശുകൻ ചൊന്ന പുണ്യവർദ്ധകം ഭാഗവതം. 2

എന്തിനായെവിടെവച്ചേതൊരു യുഗത്തന്നി-
ലെന്തിനാൽ പ്രേരിതനായ് രചിച്ചു വേദ-
വ്യാസൻ. 3

ഏകാന്തമതിയായി നിർവ്വികല്പനായ് മഹാ-
യോഗിയായുന്നിദ്രനായ് സമദർശനനായി.
ഗൂഢനായ്ച്ചരിക്കുമബ്ബാദരായണസൂനു
മൂഢനെപ്പോലെയല്ലോ കാണപ്പെട്ടു-
ന്നതെങ്ങും. 4

ദേവിമാർ ജലക്രീഡചെയ്യുമ്പോളാവഴിക്കു
പോവും തൻ നഗ്നനാകും പുത്രനെപ്പാർത്തിട്ടവർ.
ഗണ്യമാക്കാതെ, പിൻപേയനഗ്നനായിച്ചെല്ലും
തന്നെക്കണ്ടുടൻഭ്രമിച്ചേറ്റവും ലജ്ജപൂണ്ടു
വസ്ത്രങ്ങൾ ധരിച്ചതു വീക്ഷിച്ച വേദവ്യാസൻ
വിസ്മയിച്ചതിൻ ഹേതുവെന്തെന്നു ചോദിച്ച-
പ്പോൾ
''നിനക്കസ്ത്രീപുംഭേദദൃഷ്ടിവിട്ടിട്ടില്ല നിൻ-
തനയൻ ശുദ്ധദൃക്കാ''ണെന്നവരന്നു ചൊ-
ന്നാർ. 5

ഹസ്തിനപുരം കുരുജാംഗലദേശങ്ങളെ-
ന്നിസ്ഥലങ്ങളിൽ ഭ്രാന്തൻപോലെയും മൂകന്മട്ടും;
ചിലപ്പോൾ ജഡന്മട്ടും ചരിക്കും ശുകനെയാ-
നിലയിൽ ജനം തിരിച്ചറിഞ്ഞതേതുമട്ടിൽ. 6

എങ്ങനെ സംഭവിച്ചു പാണ്ഡുവംശജഭൂപ-
പുംഗവന്നിമ്മുനീന്ദ്രൻ താനുമായ് സംഭാഷണം
ആ മഹാസംവാദത്തിൻസത്ഫലമാ-
ണല്ലോയീ-
ശ്രീമഹാഭാഗവതസംഹിത മഹാഭാഗ! 7

പാദപാംസുവാൽ ഗൃഹസ്ഥാശ്രമീഭവനങ്ങൾ
പൂതമാക്കുമമ്മഹാഭാഗനങ്ങെങ്ങും തന്നെ
പശുക്കറക്കുവാൻവേണ്ടുമല്ല മാത്രകളെന്യേ
നില്ക്കുക പതിവില്ലെന്നാണല്ലോ ചൊല്ലി-
ക്കേൾപ്പൂ. 8

അഭിമന്യുവിൻ പുത്രനാകിയ പരീക്ഷിത്തു-
നൃപതി ഭാഗവതമുഖ്യനെന്നല്ലോ ചൊൽവൂ.
ആശ്ചര്യകരമാമമ്മഹാന്റെയുല്പത്തിയും
നിശ്ശേഷകർമ്മങ്ങളും ഞങ്ങളെക്കേൾപ്പി-
ച്ചാലും! 9

ചൊൽക്കൊള്ളും പാണ്ഡുവംശ്യഭൂപാലന്മാ-
ർക്കൊക്കെയു-
മൗത്കൃഷ്ട്യമിയറ്റീടുമദ്ധരാപാലമൗലി.
ചക്രവർത്തിത്വംതള്ളിപ്പുണ്യഗംഗാസരിത്തിൻ-
വക്കിൽപ്പോയെന്തിനായി പ്രായോപവേശം-
ചെയ്തു? 10

ശത്രുക്കൾ ഭയന്നുടൻ ഭൂതിക്കായ്‌വിത്തങ്ങളൊ-
ത്തെത്തിയാരുടെ പാദപീഠത്തെ നമിക്കുന്നു?
വീരനും യുവാവുമാമന്നൃപൻ കാമ്യസമ്പത്-
പൂരവും പ്രാണനും ഹാ! ത്യജിപ്പാനെ-
ന്തുമൂലം? 11

ഉത്തമശ്ലോകപരായണന്മാർ ലോകത്തിന്റെ
വൃദ്ധിക്കും സുഖത്തിനുമൈശ്വര്യത്തിനുമായി
ജീവിപ്പൂ,സ്വാർത്ഥത്തിന,ല്ലിബ്ഭൂപൻ വിര-
ക്തനായ്
കൈവെടിഞ്ഞീടാനെന്തു പരാർത്ഥസ്വജീ-
വിതം. 12

ഞങ്ങളോടിക്കാര്യങ്ങൾ ഭംഗിയായരുളേണ-
മങ്ങു വൈദികേതരവാഗ്‌രാശിപാ-
രംഗതൻ. 13

വ്യാസവൈക്ലബ്യം

സൂതൻ പറഞ്ഞു

ഹരിതൻ കലകൊണ്ടു വാസവിതന്നിൽ
പരാ-
ശരമാമുനീന്ദ്രൻതൻമകനായ് വേദവ്യാസൻ
മൂന്നാമതാകും യുഗപരിവർത്തനകാലത്തിലെ
മൂന്നാംയുഗാരംഭത്തിൽ വന്നവതരിച്ചിതു. 14

ഒരുസുപ്രഭാതത്തിലാ യോഗി സരസ്വതീ-
സരിത്തിൽകുളിച്ചുടൻ നിത്യകൃത്യവും ചെയ്തു
ശുദ്ധനായാശ്രമത്തിലേകാന്തസ്ഥലംതന്നിൽ
ചിത്തമേകാഗ്രമാക്കിയേകനായ്‌സ്ഥിതി-
ചെയ്താൻ. 15

കാലപ്പാച്ചിലാൽ മന്നിലോരോരോ യുഗ-
ത്തിലു-
മേലുന്ന യുഗധർമ്മസങ്കരത്തെയും തഥാ
വീതഭാഗ്യരായ് ബുദ്ധിഹീനരായശ്രദ്ധരായ്
സാദമാന്നാരോഗ്യമറ്റല്പായുസ്സുകളായി
മർത്ത്യകോടികളേയും ശക്തിഹീനമായ് സർവ്വ-
വസ്തുസഞ്ചയത്തെയും,തൻദിവ്യദൃക്കാൽ കണ്ടു
പരാവരജ്ഞൻമുനി വർണ്ണാശ്രമങ്ങൾക്കെല്ലാ-
മൊരുപോൽ ഹിതമായതറിയാൻ ചിന്ത-
ചെയ്താൻ. 16–18

കർമ്മശുദ്ധിക്കായാഗമോക്തമാം ചാതുർഹോത്ര-
നിർമ്മലകർമ്മം നന്നാം ജനതയ്ക്കെന്നു പാർത്തു
ബാദരായണമുനിയാ യജ്ഞം നിലനിർത്താൻ
വേദത്തെ നാലായ്പ്പകുത്തീടിനാൻ-
യഥോചിതം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഗ്യജുസ്സാമാഥർവ്വാഖ്യാ വേദാശ്ചത്വാര ഉദ്ധൃതാഃ
ഇതീഹാസപുരാണം ച പഞ്ചമോ വേദ ഉച്യതേ. 20
തത്രർഗ്വേദധരോ പൈലസ്സാമഗോ ജൈമിനിഃ കവിഃ
വൈശമ്പായന ഏവൈകോ നിഷ്ണാതോ യജുഷാമുത. 21
അഥർവ്വാങ്ഗിരസാമാസീത്സുമന്തുർദ്ദാരുണോ മുനിഃ
ഇതിഹാസപുരാണാനാം പിതാ മേ രോമഹർഷണഃ 22
ത ഏത ഋഷയോ വേദം സ്വം സ്വം വ്യസ്യന്നനേകധാ
ശിഷ്യൈഃ പ്രശിഷ്യൈസ്തച്ഛിഷ്യൈർവ്വേദാസ്തേ
ശാഖിനോഽഭവൻ. 23
ത ഏവ വേദാ ദുർമ്മേധൈർദ്ധാര്യന്തേ പുരുഷൈര്യഥാ
ഏവം ചകാര ഭഗവാൻ വ്യാസഃ കൃപണവത്സലഃ 24
സ്ത്രീശൂദ്രദ്വിജബന്ധൂനാം ത്രയീ ന ശ്രുതിഗോചരാ
കർമ്മശ്രേയസി മൂഢാനാം ശ്രേയ ഏവം ഭവേദിഹ
ഇതി ഭാരതമാഖ്യാനം കൃപയാ മുനിനാ കൃതം. 25
ഏവം പ്രവൃത്തസ്യ സദാ ഭൂതാനാം ശ്രേയസി ദ്വിജാഃ
സർവ്വാത്മകേനാപി യദാ നാതുഷ്യദ്ധൃദയം തതഃ 26
നാതിപ്രസീദദ്ധൃദയസ്സരസ്വത്യാസ്തടേ ശുചൗ
വിതർക്കയൻ വിവിക്തസ്ഥ ഇദം പ്രോവാച ധർമ്മവിത്. 27
''ധൃതവ്രതേന ഹി മയാ ഛന്ദാംസി ഗുരവോഽഗ്നയഃ
മാനിതാ നിർവ്യളീകേന ഗൃഹീതം ചാനുശാസനം. 28
ഭാരതവ്യപദേശേന ഹ്യാമ്നായാർത്ഥശ്ച ദർശിതഃ
ദൃശ്യതേ യത്ര ധർമ്മാദി സ്ത്രീശൂദ്രാദിഭിരപ്യുത. 29
അഥാപി ബത മേ ദൈഹ്യോ ഹ്യാത്മാ ചൈവാത്മനാ വിഭുഃ
അസമ്പന്ന ഇവാഭാതി ബ്രഹ്മവർച്ചസ്യ സത്തമഃ 30
കിം വാ ഭാഗവതാ ധർമ്മാ ന പ്രായേണ നിരൂപിതാഃ
പ്രിയാഃ പരമഹംസാനാം ത ഏവ ഹ്യച്യുതപ്രിയാഃ'' 31
തസ്യൈവം ഖിലമാത്മാനം മന്യമാനസ്യ ഖിദ്യതഃ
കൃഷ്ണസ്യ നാരദോഽഭ്യാഗാദാശ്രമം പ്രാഗുദാഹൃതം. 32
തമഭിജ്ഞായ സഹസാ പ്രത്യുത്ഥായാഗതം മുനിഃ
പൂജയാമാസ വിധിവന്നാരദം സുരപൂജിതം. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
നൈമിഷീയോപാഖ്യാനേ ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

സൂത ഉവാച

അഥ തം സുഖമാസീന ഉപാസീനം ബൃഹച്ഛ്രവാഃ
ദേവർഷിഃ പ്രാഹ വിപ്രർഷിം വീണാപാണിഃ സ്മയന്നിവ 1

നാരദ ഉവാച

പാരാശര്യ! മഹാഭാഗ!! ഭവതഃ കച്ചിദാത്മനാ
പരിതുഷ്യതി ശാരീര ആത്മാ മാനസ ഏവ വാ. 2
ജിജ്ഞാസിതം സുസമ്പന്നമപി തേ മഹദദ്ഭുതം
കൃതവാൻ ഭാരതം യസ്ത്വം സർവ്വാർത്ഥപരിബൃംഹിതം 3
ജിജ്ഞാസിതമധീതം ച യത്തദ്ബ്രഹ്മ സനാതനം
അഥാപി ശോചസ്യാത്മാനമകൃതാർത്ഥ ഇവ പ്രഭോ! 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഗ്യജുസ്സാമാഥർവ്വാഭിഖ്യങ്ങളവ മുനി–
മുഖ്യരേ! പുരാണേതിഹാസങ്ങളഞ്ചാംവേദം.
20

ഋഗ്വേദം പൈലനേയും സാമം ജൈമിനി–
യേയു–
മക്കാലം യജുർവ്വേദം വൈശമ്പായനനേയും
പാഠിപ്പിച്ചാനഥർവ്വം ക്രൂരനാം സുമന്തുവെ–
ത്തുടർന്നങ്ങഞ്ചാംവേദം രോമഹർഷണനേയും
സ്വന്തവേദങ്ങളം പിന്നെപ്പലതായ് വിഭജിച്ചു
താന്താങ്ങളം ശിഷ്യപരമ്പരയ്ക്കു നല്കീടിനാർ.
21–23

മന്ദരും പഠിക്കട്ടെയിതെന്നു ചിന്തിച്ചശ്രേ–
യന്നേവം പകുത്തു ദീനവത്സലൻ വ്യാസൻ.
24

എന്നിട്ടും സ്ത്രീകൾ, ശൂദ്രർ, വിപ്രാധമന്മാരിവ–
ർക്കൊന്നുമാഗമസാരം മനസ്സിലാകായ്കയാൽ
നിർമ്മിച്ചാനവർക്കെല്ലാം കർമ്മശ്രേയസ്സിനായി–
ട്ടമ്മഹാഭാരതാഖ്യാനത്തെയും കൃപാശാലി. 25

ഇമ്മട്ടു ലോകഹിതം സർവ്വഥാ ചെയ്തീടിലു–
മമ്മുനിക്കുണ്ടായീല വേണ്ടപോലാത്മതുഷ്ടി. 26

തൻമൂലമറിവാനന്നിർമ്മലനദിവക്കിൽ
ധർമ്മവിത്തവനൊററയ്ക്കിരുന്നു ചിന്തിച്ചേവം.
27

ഞാനെന്നും വ്രതനിഷ്ഠയോടു നിർവ്യാജമായി
മാനിച്ചു വേദങ്ങളെ, അഗ്നിയെ, ആചാര്യനെ.
ദേശികാനുശാസനമക്ഷരംപ്രതിയനു–
വാസരമപ്പൊഴപ്പോഴാദരിക്കയും ചെയ്തേൻ. 28

സ്ത്രീശൂദ്രാദികൾക്കും ധർമ്മബോധാർത്ഥം വേദാ
ർത്ഥംപ്ര–
കാശിപ്പിച്ചിതുനേരേ'ഭാരത'രൂപത്തിൽ
ഞാൻ. 29

ഇമ്മട്ടെൻ ജീവാത്മാവു പരിപൂർണ്ണനും പര–
ബ്രഹ്മവർച്ചസ്യന്മാരിൽ ശ്രേഷ്ഠനുമാണെങ്കിലും

സ്വസ്വരൂപത്തോടു സംയോജിക്കാത്തവനെ–
പ്പോൽ
ഹ്രസ്വസംതൃപ്തനായിത്തോന്നുവാൻ കാര്യ–
മെന്തോ! 30

ഉത്തമഭാഗവതധർമ്മം ഞാൻ വഴിപോലെ
വിസ്തരിച്ചില്ല,ധർമ്മം പരമഹംസപ്രിയം.
മല്ലവൈരികർമ്മമതു വർണ്ണിക്കുന്നതാണിഷ്ടം,
വല്ലായ്മയെനിക്കതു മൂലമായിരിക്കുമോ! 31

എന്നൊക്കെത്തൻ ന്യൂനതാചിന്തയാൽ തദാ–
ശ്രമം
തന്നിലമ്മുനി ദുഃഖിച്ചിരിക്കും സന്ദർഭത്തിൽ,
വന്നിതു സുരാർച്ചിതൻ നാരദർ പെട്ടെന്നതാ–
രെന്നറിഞ്ഞെഴുന്നേററു പൂജിച്ചാൻ യഥാവിധി.
32–33

അദ്ധ്യായം 5

ഭഗവത്കഥാസത്സംഗമാഹാത്മ്യവർണ്ണനം

സൂതൻ പറഞ്ഞു

സൗഖ്യമായങ്ങിരുന്നിട്ടടനാ വിപ്രർഷിയെ
നോക്കിസ്സുസ്മിതം ചൊന്നാൻ ദേവർഷി വീണാ–
പാണി 1

നാരദൻ പറഞ്ഞു

നിന്നുടെ ദേഹത്തിനും ഹൃത്തിനുമാത്മാവിനു–
മൊന്നുപോലിപ്പോഴും സുഖം തന്നെയോ മഹാ–
ഭാഗ! 2

എന്തെല്ലാമറിയേണ്ടതായുണ്ടീ ലോകത്തിങ്കൽ
വേണ്ടപോലവയെല്ലാമറിഞ്ഞ മഹാൻ ഭവാൻ.
മഹത്താ,യാശ്ചര്യമായ് സർവ്വാർത്ഥസമ്പൂർണ്ണമാം
മഹാഭാരതമതു നിർമ്മിച്ചു സമ്മാനിച്ചു. 3

നാശമററുള്ളതാകും ബ്രഹ്മത്തെയറിഞ്ഞിടാ–
നാശിച്ചു, ചിന്തചെയ്തു, സാധിച്ചുതത്–
പ്രാപ്തിയും
എന്നാലു,മകൃതാർത്ഥനെന്നപോലാത്മാവിനെ–
യുന്നി നീയുഴലുന്നമട്ടുകാണുന്നുവല്ലോ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാസ ഉവാച

അസ്ത്യേവ മേ സർവ്വമിദം ത്വയോക്തം
തഥാപി നാത്മാ പരിതുഷ്യതേ മേ
തന്മൂലമവ്യക്തമഗാധബോധം
പൃച്ഛാമഹേ ത്വാഽഽത്മഭവാത്മഭൂതം. 5
സ വൈ ഭവാൻ വേദസമസ്തഗുഹ്യ-
മുപാസിതോ യത് പുരുഷഃ പുരാണഃ
പരാവരേശോ മനസൈവ വിശ്വം
സൃജത്യവത്യത്തി ഗുണൈരസംഗഃ 6
ത്വം പര്യടന്നർക്ക ഇവ ത്രിലോകീ-
മന്തശ്ചരോ വായുരിവാത്മസാക്ഷീ
പരാവരേ ബ്രഹ്മണി ധർമ്മതോ വ്രതൈഃ
സ്നാതസ്യ മേ ന്യൂനമലം വിചക്ഷ്വ. 7

ശ്രീ നാരദ ഉവാച

ഭവതാഽനുദിതപ്രായം യശോ ഭഗവതോഽമലം
യേനൈവാസൗ ന തുഷ്യേത,മന്യേ തദ്ദർശനം ഖിലം. 8
യഥാ ധർമ്മാദയശ്ചാർത്ഥാ മുനിവര്യാനുകീർത്തിതാഃ
ന തഥാ വാസുദേവസ്യ മഹിമാ ഹ്യനുവർണ്ണിതഃ 9
ന യദ്വചശ്ചിത്രപദം ഹരേര്യശോ
ജഗത്പവിത്രം പ്രഗൃണീത കർഹിചിത്
തദ്വായസം തീർത്ഥമുശന്തി മാനസാ
ന യത്ര ഹംസാ നിരമന്ത്യുശിക്ക്ഷയാഃ 10
തദ്വാഗ്വിസർഗ്ഗോ ജനതാഘവിപ്ലവോ
യസ്മിൻ പ്രതിശ്ലോകമബദ്ധവത്യപി
നാമാന്യനന്തസ്യ യശോങ്കിതാനി യ-
ച്ഛൃണ്വന്തി ഗായന്തി ഗൃണന്തി സാധവഃ 11
നൈഷ്കർമ്മ്യമപ്യച്യുതഭാവവർജ്ജിതം
ന ശോഭതേ ജ്ഞാനമലം നിരഞ്ജനം .
കുതഃ പുനശ്ശശ്വദഭദ്രമീശ്വരേ
ന ചാർപ്പിതം കർമ്മ യദപ്യകാരണം. 12
അഥോ മഹാഭാഗ! ഭവാനമോഘദൃക്
ശുചിശ്രവാസ്സത്യരതോ ധൃതവ്രതഃ
ഉരുക്രമസ്യാഖിലബന്ധമുക്തയേ
സമാധിനാഽനുസ്മര തദ്വിചേഷ്ടിതം. 13
തതോഽന്യഥാ കിഞ്ചന യദ്വിവക്ഷതഃ
പൃഥഗ്ദൃശസ്തത്കൃതരൂപനാമഭിഃ
ന കുത്രചിത് ക്വാപി ച ദുഃസ്ഥിതാ മതിർ-
ല്ലഭേത വാതാഹതനൗരിവാസ്പദം. 14
ജുഗുപ്സിതം ധർമ്മകൃതേഽനുശാസതഃ
സ്വഭാവരക്തസ്യ മഹാൻ വ്യതിക്രമഃ
യദ്വാക്യതോ ധർമ്മ ഇതീതരഃ സ്ഥിതോ
ന മന്യതേ തസ്യ നിവാരണം ജനഃ 15
വിചക്ഷണോഽസ്യാർഹതി വേദിതും വിഭോ-
രനന്തപാരസ്യ നിവൃത്തിതസ്സുഖം
പ്രവർത്തമാനസ്യ ഗുണൈരനാത്മന-
സ്തതോ ഭവാൻ ദർശയ ചേഷ്ടിതം വിഭോഃ 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാസൻ പറഞ്ഞു

വാസ്തവം ഭവാൻ ചൊന്ന ഗുണങ്ങളുണ്ടെങ്കിലും
സിദ്ധമായില്ലെനിക്കു വേണ്ടുംമട്ടാത്മാനന്ദം
അറിയാൻ കഴിയുന്നില്ലതിൻകാരണം സർവ്വ-
മറിയും മഹാമുനേ! യെന്തതെന്നരുൾചെയ്ക. 5

സത്വാദിഗുണങ്ങളാൽ സൃഷ്ടിസ്ഥി-
ത്യന്തങ്ങളാം
കൃത്യങ്ങൾ സങ്കല്പത്താൽത്തന്നെ നിർവ്വഹിച്ചീടും
പരാവരേശനാമപ്പുരാണപുരുഷന്റെ
ചരണദാസൻ ഭവാൻ സർവ്വഗുഹ്യജ്ഞനല്ലോ. 6

അങ്ങക്കെന്നെന്നമട്ടിൽ, ത്രൈലോക്യ-
സഞ്ചാരിയാ;-
ണങ്ങു സർവ്വാന്തശ്ചരവായുതുല്യനമല്ലോ.
ധർമ്മവ്രതങ്ങളാലെ പരാവരബ്രഹ്മത്തിൽ
നിമഗ്നനായോരെന്റെ സന്ദേഹമശേഷവും
ആത്മസാക്ഷിയാം ഭവാൻ തീർത്തുതന്നീടു-
കെന്നാ-
യാത്മാർത്ഥമർത്ഥിച്ചതു കേട്ടു നാരദൻ
ചൊന്നാൻ. 7

ശ്രീനാരദൻ പറഞ്ഞു

ഭഗവച്ചരിതം നീ വേണ്ടപോലിന്നോളവും
ജഗത്തിൽ ദ്യോതിപ്പിച്ചില്ലദ്ദേവനതിനാലെ
നിന്നിൽ പ്രസാദിച്ചീല, നിന്നറിവപൂർണ്ണമാ-
ണെന്നുതാനതുമൂലം വിചാരിച്ചീടുന്നു ഞാൻ 8

നിർണ്ണയം മഹാമുനേ! ധർമ്മാദികാര്യ-
ങ്ങൾപോൽ
പൂർണ്ണമായ് വാസുദേവചരിതം പാടീല നീ. 9

പാരിടം പൂതമാക്കും ഹരികീർത്തനത്തോടു
ചേരാത്തവാക്കലങ്കാരാന്വിതമെന്നാകിലും
കാമിവൃന്ദമാം കാകസന്ദോഹം രമിച്ചീടും
വ്യാമിശ്രമലീമസതീർത്ഥമാണെന്നല്ലാതെ
കാമനീയകബ്രഹ്മമാനസാവാസിഹംസ-
സ്തോമരമ്യമാം ശുദ്ധതീർത്ഥമാവില്ല നൂനം. 10

ആദ്യന്തമബദ്ധമാണെങ്കിലും ഭഗവാൻതൻ-
കീർത്തിയാൽ ശ്ലോകമെല്ലാം മുദ്രിതമാണെ-
ന്നാകിൽ
ദുഷ്കൃതം പോക്കീടു,മസ്സത്കൃതിവിദ്വജ്ജനം
ഭക്തിപൂർവ്വകം കേൾക്കും, കീർത്തിക്കും,
ഗാനംചെയ്യും. 11

നൈഷ്കർമ്മ്യമായ ജ്ഞാനധ്വംസിയാം ജ്ഞാ-
നം ഹരി-
ഭക്തിസംയുക്തമല്ലെന്നാലലംശോഭിച്ചീടാ.
നിത്യവുമഭദ്രവുമകാരണവുമാകും
കൃത്യങ്ങളീശാർപ്പിതമല്ലെന്നാൽ ഫലമെന്തോ 12

അതിനാൽ വ്രതിയായി നിർമ്മലയ-
ശസ്വിയായ്
യഥാർത്ഥദൃക്കായ് സത്യതല്പരനാകും ഭവാൻ
അഖിലബന്ധമുക്തിക്കച്യുതവിക്രമങ്ങ-
ളകമേ ചിന്തിച്ചുടൻ വർണ്ണിക്ക മഹാഭാഗ! 13

ഋഷിസത്തമാ! വിഷ്ണുകീർത്തനമൊഴിച്ചന്യ-
വിഷയപ്രതിപാദനേച്ഛുവിന്നന്തരംഗം
ഈശ്വരസൃഷ്ടനാനാനാമരൂപഭേദത്താൽ
ക്ലേശങ്ങളടിക്കടിയനുഭവിക്കുന്നതായ്
കാററടിച്ചങ്ങിങ്ങുഴന്നീടുന്ന കപ്പലിന്റെ
മട്ടിലാലക്ഷ്യം പ്രാപിച്ചീടുന്നില്ലൊ-
രിക്കലും. 14

നികാമം നിന്ദ്യങ്ങളാം കാമ്യകർമ്മങ്ങ-
ളിൽത്താൻ
പ്രകൃത്യാ രമിച്ചീടും ജനരാശിയോടായി
അതുതാൻ ധർമ്മമെന്നായുപദേശിച്ചെന്നതിൽ
മതിമൻ! മഹാബദ്ധമങ്ങേറ്റു പററിപ്പോയി
അതിലുള്ളുറപ്പിച്ചോർ നിവൃത്തിമാർഗ്ഗംകാട്ടും
ശ്രുതിവാക്യത്തെപ്പാടേയനാദരിക്കുമല്ലോ. 15

അപരിച്ഛിന്നനായ വിഭുവിൻതനിരൂപം
നിപുണന്മാർക്കേ കണ്ടു സുഖിക്കാൻ സാധിച്ചീടൂ.
അതിനാൽ ഗുണകർമ്മരതാം ദേഹാത്മധീ-
യുതരേ ദർശിപ്പിക്കു ഭഗവച്ചേഷ്ടിതങ്ങൾ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്യക്ത്വാ സ്വധർമ്മം ചരണാംബുജം ഹരേ-
ർഭജന്നപക്വോഽഥ പതേത്തതോ യദി
യത്ര ക്വ വാഭദ്രമഭൂദമുഷ്യ കിം
കോ വാർത്ഥ ആപ്തോഽഭജതാം സ്വധർമ്മതഃ 17
തസ്യൈവ ഹേതോഃ പ്രയതേത കോവിദോ
ന ലഭ്യതേ യദ്ഭ്രമതാമുപര്യധഃ
തല്ലഭ്യതേ ദുഃഖവദന്യതഃ സുഖം
കാലേന സർവ്വത്ര ഗഭീരരംഹസാ. 18
ന വൈ ജനോ ജാതു കഥഞ്ചനാവ്രജേ-
ന്മുകുന്ദസേവ്യന്യവദങ്ഗ സംസൃതിം
സ്മരൻ മുകുന്ദാംഘ്ര്യുപഗൂഹനം പുന-
ർവ്വിഹാതുമിച്ഛേന്ന രസഗ്രഹോ യതഃ 19
ഇദം ഹി വിശ്വം ഭഗവാനിവേതരോ
യതോ ജഗത്സ്ഥാനനിരോധസംഭവാഃ
തദ്ധി സ്വയം വേദ ഭവാംസ്തഥാപി വൈ
പ്രാദേശമാത്രം ഭവതഃ പ്രദർശിതം. 20
ത്വമാത്മനാഽഽത്മാനമവേഹ്യമോഘദൃക്
പരസ്യ പുംസഃ പരമാത്മനഃ കലാം
അജം പ്രജാതം ജഗതശ്ശിവായ ത-
ന്മഹാനുഭാവാഭ്യുദയോഽധിഗണ്യതാം. 21
ഇദം ഹി പുംസസ്തപസഃ ശ്രുതസ്യ വാ
സ്വിഷ്ടസ്യ സൂക്തസ്യ ച ബുദ്ധിദത്തയോഃ
അവിച്യുതോഽർത്ഥഃ കവിഭിർന്നിരൂപിതോ
യദുത്തമശ്ലോകഗുണാനുവർണ്ണനം. 22
അഹം പുരാഽതീതഭവേഽഭവം മുനേ!
ദാസ്യാസ്തു കസ്യാശ്ചന വേദവാദിനാം
നിരൂപിതോ ബാലക ഏവ യോഗിനാം
ശുശ്രൂഷണേ പ്രാവൃഷി നിർവ്വിവിക്ഷതാം. 23
തേ മയ്യപേതാഖിലചാപലേഽർഭകേ
ദാന്തേഽധൃതക്രീഡനകേഽനുവർത്തിനി
ചക്രുഃ കൃപാം യദ്യപി തുല്യദർശനാഃ
ശുശ്രൂഷമാണേ മുനയോഽല്പഭാഷിണി. 24
ഉച്ഛിഷ്ടലേപാനനുമോദിതോ ദ്വിജൈഃ
സകൃത് സ്മ ഭുഞ്ജേ തദപാസ്തകില്ബിഷഃ
ഏവം പ്രവൃത്തസ്യ വിശുദ്ധചേതസ-
സ്തദ്ധർമ്മ ഏവാത്മരുചിഃ പ്രജായതേ. 25
തത്രാന്വഹം കൃഷ്ണകഥാഃ പ്രഗായതാ-
മനുഗ്രഹേണാശൃണവം മനോഹരാഃ
താഃ ശ്രദ്ധയാ മേഽനുപദം വിശൃണ്വതഃ
പ്രിയശ്രവസ്യങ്ഗ മമാഭവദ്രുചിഃ 26
തസ്മിംസ്തദാ ലബ്ധരുചേർമ്മഹാമുനേ!
പ്രിയശ്രവസ്യസ്ഖലിതാ മതിർമ്മമ
യയാഹമേതത് സദസത് സ്വമായയാ
പശ്യേ മയി ബ്രഹ്മണി കല്പിതം പരേ. 27
ഇത്ഥം ശരത്പ്രാവൃഷികാവൃതൂ ഹരേ-
ർവ്വിശൃണ്വതോ മേഽനുസവം യശോഽമലം
സങ്കീർത്ത്യമാനം മുനിഭിർമ്മഹാത്മഭി-
ർഭക്തിഃ പ്രവൃത്താഽഽത്മരജസ്തമോപഹാ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വധർമ്മം വിട്ടും വിഷ്ണുപാദപത്മത്തിലേററം
രതിയാൎന്നാനപക്വാവസ്ഥയിൽ മരിച്ചാലും
അവനു മങ്ഗലംതാൻ ധൎമ്മിഷ്ഠനെന്നാകിലു-
മെവിടെ ലഭിക്കുന്നു ഭക്തിഹീനനു
സൗഖ്യം! 17

ബ്രഹ്മാദി പിപീലികാപര്യന്തം ജീവിജാല-
മെമ്മട്ടിൽ ശ്രമിക്കിലും ലഭിയാത്ത-
തൊന്നേതോ,
അതു കൈവരുത്തുവാനായിരിക്കണം നിത്യം
മതിമാനായീടുന്ന ഭവാൻെറ പരിശ്രമം.
അതിശക്തിമത്തായ കാലത്താൽ കൎമ്മം-
കൊണ്ടി-
ക്ഷിതിയിൽ സുഖംപോലെ ദുഃഖവുമെങ്ങും-
കാണ്മൂ. 18

എന്നുമാമുകുന്ദനെയാശ്രയിക്കുന്നോൎക്കപി-
ന്നന്യർമട്ടൊരിക്കലുമുണ്ടാകാ ഭവഭീതി
തത്പദസേവാരസസ്വാദറിഞ്ഞവനുണ്ടോ
അല്പവുമതിൽനിന്നു പിന്മാറാനിച്ഛിക്കുന്നു! 19

ഈ ലോകം ഭഗവാൻതാൻ, തദ്ഭിന്നനായി-
നിന്നു
ലീലയായതു തീൎത്തു, കാ,ത്തഴിച്ചീടുന്നിതു
അങ്ങറിയുന്നുണ്ടുള്ളവണ്ണമൊക്കെയും പിന്നെ
ഭംഗിവാക്കായേയിതു കരുതേണ്ടതുമല്ല. 20

അങ്ങുജനമോഘദൃക്കാത്മസ്വരൂപൻ ലോക-
മങ്ഗലത്തിനുവന്നു ജനിച്ചിരിക്കുന്നതേ.
പരമാത്മാവിൻ കലാഭൂതനാണെന്നതോൎത്ത-
പ്പരൻെറ പരാക്രമം വൎണ്ണിക്കു
വേണ്ടുംവിധം. 21

ശ്രവണം, യാഗം, സൂക്തി, തപസ്സു, ബുദ്ധി,
ദാന-
മിവയാൽ പുമാനെഴും ശാശ്വതപ്രയോജനം
ഉത്തമശ്ലോകഗുണകീൎത്തനംകൊണ്ടുമാത്ര-
മെത്തുമെന്നറിവുള്ളോർ സിദ്ധാന്തിച്ചിരി-
ക്കുന്നു. 22

നാരദപൂർവജന്മകഥ

കഴിഞ്ഞ ജന്മം പൂർവ്വയുഗത്തിൽ വേദിയന്മാ-
ൎക്കിയലുന്നോരു ദാസിതന്മകനായ് പിറന്നേൻ
കുട്ടിക്കാലത്തുതന്നെയെന്നെയേകത്ര യോഗി-
ശ്രേഷ്ഠരെശ്ശുശ്രൂഷിപ്പാൻ വിട്ടിതു വൎഷത്തു-
വിൽ. 23

അടങ്ങിയൊതുങ്ങി ഞാൻ മിതഭാഷിയായുളി-
വെടിഞ്ഞിംഗിതം ധരിച്ചവരെ-
ശ്ശുശ്രൂഷിക്കെ
ബാലനാമെന്നിൽ സമദൎശികളായിട്ടുമ-
ക്കാലജ്ഞൎക്കലിവേറിവന്നിതു നാളിൽ
നാളിൽ. 24

ഉച്ഛിഷ്ടമൊരുനേരം ഭുജിച്ച പാപം പോക്കി-
യച്ഛമാനസനായിത്തത്പ്രീതിനേടി വാഴും
എനിക്കുമവൎക്കേഴും ഭക്തിദാർഢ്യത്തിലാശ
ജനിച്ചിട്ടനുക്രമമതു വൎദ്ധിച്ചുവന്നു. 25

അവിടെയവർ നിത്യം കൃഷ്ണലീലകൾ പാട്ടു-
മിവനും സശ്രദ്ധനായതു കേട്ടാനന്ദിക്കും.
ചേതോഹരങ്ങളാമഗ്ഗാനങ്ങൾ കേട്ടെനിക്കു
മാധവൻതങ്കലഭിനിവേശമേറിവന്നു. 26

അതിനാലെൻ്റെ ബുദ്ധി നിശ്ചലമായിതപ്പോൾ
യതിസത്തമാ! പരബ്രഹ്മമായീടുമെന്നിൽ.
സ്ഥൂലസൂക്ഷ്മാംഗമിതു മായാകല്പിതമായി-
ച്ചാലവേ, കണ്ടു തെളിഞ്ഞീടിനേൻ
നല്ലവണ്ണം. 27

വൎഷകാലത്തും ശരത്ക്കാലത്തും സന്ധ്യതോറും
ഹൎഷംപൂണ്ടൃഷിവൃന്ദമച്യുതയശസ്സിനെ
ഗാനംചെയ്വതു പരം ശ്രദ്ധിച്ചുകേൾക്കയാലെ
മാനസരജസ്തമോമാലിന്യമൊഴിക്കുന്ന
ശുദ്ധമാം ഹരിഭക്തിയെനിക്കുദിച്ചു മേന്മേൽ,
വൎദ്ധിച്ചു നിത്യാനന്ദപാത്രമായ്ത്തീൎന്നീടി-
നേൻ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈവം മേ/നരക്തസ്യ പ്രശ്രിതസ്യ ഹതൈനസഃ
ശ്രദ്ദധാനസ്യ ബാലസ്യ ദാന്തസ്യാനുചരസ്യ ച. 29

ജ്ഞാനം ഗുഹ്യതമം യത്തത് സാക്ഷാദ്ഭഗവതോദിതം
അന്വവോചൻ ഗമിഷ്യന്തഃ കൃപയാ ദീനവത്സലാഃ 30

യേനൈവാഹം ഭഗവതോ വാസുദേവസ്യ വേധസഃ
മായാനുഭാവമവിദം യേന ഗച്ഛന്തി തത്പദം. 31

ഏതത്സംസൂചിതം ബ്രഹ്മം! സ്താപത്രയചികിത്സിതം
യദീശ്വരേ ഭഗവതി കർമ്മ ബ്രഹ്മണി ഭാവിതം. 32

ആമയോ യശ്ച ഭൂതാനാം ജായതേ യേന സുവ്രത
തദേവ ഹ്യാമയം ദ്രവ്യം ന പുനാതി ചികിത്സിതം. 33

ഏവം നൃണാം ക്രിയായോഗാസ്സർവ്വേ സംസൃതിഹേതവഃ
ത ഏവാത്മവിനാശായ കല്പന്തേ കല്പിതാഃ പരേ. 34

യദത്ര ക്രിയതേ കർമ്മ ഭഗവത്പരിതോഷണം
ജ്ഞാനം യത്തദധീനം ഹി ഭക്തിയോഗസമന്വിതം. 35

കുർവ്വാണാ യത്ര കർമ്മാണി ഭഗവച്ഛിക്ഷയാസകൃത്
ഗൃണന്തി ഗുണനാമാനി കൃഷ്ണസ്യാനുസ്മരന്തി ച. 36

നമോ ഭഗവതേ തുഭ്യം വാസുദേവായ ധീമഹി
പ്രദ്യുമ്നായാനിരുദ്ധായ നമഃ സങ്കർഷണായ ച. 37

ഇതി മൂർത്ത്യഭിധാനേന മന്ത്രമൂർത്തിമമൂർത്തികം
യജതേ യജ്ഞപുരുഷം സ സമ്യഗ്ദർശനം പുമാൻ. 38

ഇമം സ്വനിഗമം ബ്രഹ്മന്നവേത്യ മദനുഷ്ഠിതം
അദാന്മേ ജ്ഞാനമൈശ്വര്യം സ്വസ്മിൻ ഭാവം ച കേശവഃ 39

ത്വമപ്യദഭ്രശ്രുത! വിശ്രുതം വിഭോഃ
സമാപ്യതേ യേന വിദാം ബുഭുത്സിതം
പ്രഖ്യാഹി ദുഃഖൈർമ്മുഹുരർദ്ദിതാത്മനാം
യത്ക്ലേശനിർവ്വാണമുശന്തി നാന്യഥാ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
വ്യാസനാരദസംവാദേ പഞ്ചമോ/ധ്യായഃ

ഷഷ്ഠോ/ധ്യായഃ

സൂത ഉവാച

ഏവം നിശമ്യ ഭഗവാൻ ദേവർഷേർജ്ജന്മ കർമ്മ ച
ഭൂയഃ പപ്രച്ഛ തം ബ്രഹ്മൻ! വ്യാസഃ സത്യവതീസുതഃ 1

വ്യാസ ഉവാച

ഭിക്ഷുഭിർവ്വിപ്രവസിതേ വിജ്ഞാനാദേഷ്ടൃഭിസ്തവ
വർത്തമാനോ വയസ്യാദ്യേ തതഃ കിമകരോദ്ഭവാൻ. 2

സ്വായംഭുവ കയാ വൃത്ത്യാ വർത്തിതം തേ പരം വയഃ
കഥം ചേദമുദസ്രാക്ഷീഃ കാലേ പ്രാപ്തേ കളേബരം. 3

പ്രാക്കല്പവിഷയാമേതാം സ്മൃതിം തേ സുരസത്തമ!
നഹ്യേഷ വ്യവധാത് കാല ഏഷ സർവ്വനിരാകൃതിഃ 4

നാരദ ഉവാച .

ഭിക്ഷുഭിർവ്വിപ്രവസിതേ വിജ്ഞാനാദേഷ്ടൃഭിർമ്മമ
വർത്തമാനോ വയസ്യാദ്യേ തത കാരഷം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്തരമന്തരക്തി പാപമോചനം പരം
ശ്രദ്ധ,യിന്ദ്രിയഗ്രാമദമനം, വിനീതിയും
ഒത്തുചേർന്നു പിമ്പേചെല്ലുമിബ്ബാലൻപേരി-
ലും ത്താരിലലിവാർന്നിട്ടുദീനവത്സലന്മാർ.
യാത്രയ്ക്കു ഭാവിച്ചപ്പോളെനിക്കു നാരായണ-
പ്രോക്തമാം ഗുഹ്യതമജ്ഞാനം പ്രദാനം-
ചെയ്താർ. 29-30

ഈയുപദേശംമൂലമറിഞ്ഞേൻ വാസുദേവ-
മായാവൈഭവങ്ങളെയൊക്കെയും മഹാമതേ!
ആവിധമറിവെത്തീടുന്നവൻ നിത്യനാമ-
ദ്ദേവന്റെ പാദമൂലം പ്രാപിച്ചീടുന്നുവല്ലൊ. 31

നിഖിലം നിയന്ത്രിക്കും ബ്രഹ്മത്തിൽ സമർപ്പി-
സകലവിധമായ കർമ്മവുമയേ ബ്രഹ്മൻ! [ക്കും
ആധ്യാത്മികാദിതാപത്രയത്തെശ്ശമിപ്പിക്കും
സിദ്ധൗഷധംതാനെന്നുമുപദേശിച്ചാരവർ 32

രോഗഹേതുവാം ദ്രവ്യം തദ്ഗദശമനത്തി-
നാകില്ല സംസ്കരിച്ചു കൊടുത്താൽ ഫലമേകും
അതുപോൽ ഭവമൂലമാകിയ കർമ്മമീശാ-
ർപ്പിതമായെന്നാലതിൻ നാശത്തിനായ്ഭവിപ്പൂ.
33-34

ഭഗവത്പ്രീതിക്കായിച്ചെയ്യുന്ന കർമ്മം ഭക്തി-
സുഗമമാക്കും, ജ്ഞാനമതിൽനിന്നുദിച്ചിടും. 35

കേശവോപദേശത്തെയാദരിച്ചനാരത-
മാശയശുദ്ധിയോടും കർമ്മങ്ങൾ ചെയ്യുന്നവൻ
ഭഗവദ്ഗുണനാമഗണങ്ങൾ കീർത്തിച്ചും ത-
ന്നകതാരിങ്കലനുസ്മരിച്ചും കഴിയുന്നു. 36

''വാസുദേവാനിരുദ്ധപ്രദ്യുമ്നസങ്കർഷണ-
ഭാസുരരൂപചതുഷ്ടയത്തിൽ പ്രശോഭിക്കും
അല്ലയോ ഭഗവാനേ! നിൻതിരുവടിയെ ഞാ-
നല്പസദ്ഭക്തിപൂർവ്വമന്തരാ നമിക്കുന്നു. 37

ഇങ്ങനെ മന്ത്രാംഗനായാകാരവിഹീനനായ്
മങ്ഗലനാകും യജ്ഞപുമാനായ് വിളങ്ങീടും
ഹരിയെ മൂർത്തിനാമമുച്ചരിച്ചർച്ചിച്ചീടും
നരനു യഥാർത്ഥമാം തത്ത്വാനുഭൂതിയുണ്ടാം 38

സ്വാന്തമാം നിശ്ചയത്തിനൊത്തെല്ലാം ഞാൻ
ചെയ്കതിൽ
സന്തോഷിച്ചസ്സുജ്ഞൻ കേശവൻ ഭക്തദാസൻ
ഭക്തിയുമമാമാർഗ്ഗമായ് മുഖ്യജ്ഞാനവും നേരേ-
യും കൃപാപൂർവ്വംതെളിഞ്ഞെനിക്കിങ്ങേകീടി-
നാൻ. 39

മുറ്റു പീഡിതരായവർക്കു ദുഃഖശാന്തി-
കരമായ് വിദ്വത്ജ്ഞാനതൃഷ്ണയെശ്ശമിപ്പിക്കും
മഹത്താംഭഗവത്സത്കീർത്തിയെ പ്രഖ്യാ-
പിക്കു
ബഹുശ്രുതാഗ്ര്യാ! മറ്റു മാർഗ്ഗമില്ലിതി-
നൊന്നും. 40

അദ്ധ്യായം 6

നാരദപൂർവജന്മകഥ

സൂതൻ പറഞ്ഞു

ഏവമദ്ദേവർഷിതൻ ജന്മകർമ്മങ്ങൾ കേട്ടി-
ട്ടീവിധം വീണ്ടും വ്യാസഭഗവാൻ ചോദ്യം-
ചെയ്താൻ. 1

വ്യാസൻ പറഞ്ഞു

ജ്ഞാനോപദേശമങ്ങേയ്ക്കേകി,യായോഗി-
സ്ഥാനം വിട്ടപ്പോളെന്തു ചെയ്തിതു [മാരാ-
ബാലൻഭവാൻ. 2

എങ്ങനെ കഴിച്ചങ്ങു ശേഷിച്ച കാലമിമർത്ത്യ-
മങ്ഗം സന്ത്യജിച്ചതുമെമ്മട്ടിൽ സ്വായംഭുവ! 3

സർവ്വസംഹാരശക്തികലരും കാലം ഭവത്-
പൂർവ്വജന്മത്തിൻ സ്മൃതികെടുത്തിയില്ലയല്ലോ. 4

നാരദൻ പറഞ്ഞു

അന്നവർ പോയശേഷം ബാലനാം ഞാൻ
ചെയ്തവ-
യൊന്നൊഴിയാതെ ചൊല്ലിത്തരുന്നു, കേട്ടു-
കൊൾക. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാത്മജാ മേ ജനനീ യോഷിന്മൂഢാ ച കിങ്കരീ
മയ്യാത്മജേഽനന്യഗതൗ ചക്രേ സ്നേഹാനുബന്ധനം. 6
സാഽസ്വതന്ത്രാ ന കല്പാഽസീദ്യോഗക്ഷേമം മമേച്ഛതീ
ഈശസ്യ ഹി വശേ ലോകോ യോഷാ ദാരുമയീ യഥാ. 7
അഹം ച തദ്ബ്രഹ്മകുലേ ഊഷിവാംസ്തദപേക്ഷയാ
ദിഗ്ദേശകാലാവ്യുത്പന്നോ ബാലകഃ പഞ്ചഹായനഃ 8
ഏകദാ നിർഗ്ഗതാം ഗേഹാദ്ദുഹന്തീം നിശി ഗാം പഥി
സർപ്പോഽദശത് പദാ സ്പൃഷ്ടഃ കൃപണാം കാലചോദിതഃ 9
തദാ തദഹമീശസ്യ ഭക്താനാം ശമഭീപ്സതഃ
അനുഗ്രഹം മന്യമാനഃ പ്രാതിഷ്ഠം ദിശമുത്തരാം. 10
സ്ഫീതാഞ്ജനപദാംസ്തത്ര പുരഗ്രാമവ്രജാകരാൻ
ഖേടഖർവ്വടവാടീശ്ച വനാന്യുപവനാനി ച. 11
ചിത്രധാതുവിചിത്രാദ്രീനിഭഭഗ്നഭുജദ്രുമാൻ
ജലാശയാഞ്ഛിവജലാൻ നളിനീസ്സുരസേവിതാഃ 12
ചിത്രസ്വനൈഃ പത്രരഥൈർവ്വിഭ്രമദ്ഭ്രമരശ്രിയഃ
നളവേണുശരസ്തംബകുശകീചകഗഹ്വരം 13
ഏക ഏവാതിയാതോഽഹമദ്രാക്ഷം വിപിനം മഹത്
ഘോരം പ്രതിഭയാകാരം വ്യാളോലൂകശിവാജിരം. 14
പരിശ്രാന്തേന്ദ്രിയാത്മാഽഹം തൃട്പരീതോ ബുഭുക്ഷിതഃ
സ്നാത്വാ പീത്വാ ഹ്രദേ നദ്യാ ഉപസ്പൃഷ്ടോ ഗതശ്രമഃ 15
തസ്മിൻ നിർമ്മനുജേഽരണ്യേ പിപ്പലോപസ്ഥ ആസ്ഥിതഃ
ആത്മനാത്മാനമാത്മസ്ഥം യഥാശ്രുതമചിന്തയം 16
ധ്യായതശ്ചരണാംഭോജം ഭാവനിർജ്ജിതചേതസാ
ഔത്കണ്ഠ്യാശ്രുകലാക്ഷസ്യ ഹൃദ്യാസീന്മേ ശനൈർഹരിഃ 17
പ്രേമാതിഭരനിർഭിന്നപുളകാംഗോഽതിനിർവൃതഃ
ആനന്ദസംപ്ലവേ ലീനോ നാപശ്യമുഭയം മുനേ. 18
രൂപം ഭഗവതോ യത്തന്മനഃകാന്തം ശുചാപഹം
അപശ്യൻ സഹസോത്തസ്ഥേ വൈക്ലവ്യാദ്ദുർമ്മനാ ഇവ. 19
ദിദൃക്ഷുസ്തദഹം ഭൂയഃ പ്രണിധായ മനോ ഹൃദി
വീക്ഷമാണോഽപി നാപശ്യമവിതൃപ്ത ഇവാതുരഃ 20
ഏവം യതന്തം വിജനേ മാമാഹാഗോചരോ ഗിരാം
ഗംഭീരശ്ലക്ഷ്ണയാ വാചാ ശുചഃ പ്രശമയന്നിവ. 21
''ഹന്താസ്മിൻ ജന്മനി ഭവാൻ ന മാം ദ്രഷ്ടുമിഹാർഹതി
അവിപക്വകഷായാണാം ദുർദ്ദർശോഽഹം കുയോഗിനാം. 22
സകൃദ്യദ്ദർശിതം രൂപമേതത് കാമായ തേഽനഘ
മത്കാമശ്ശനകൈസ്സാധുഃ സർവ്വാൻ മുഞ്ചതി ഹൃച്ഛയാൻ. 23
സത്സേവയാഽദീർഘയാ തേ ജാതാ മയി ദൃഢാ മതിഃ
ഹിത്വാഽവദ്യമിമം ലോകം ഗന്താ മജ്ജനതാമസി. 24
മതിർമ്മയി നിബദ്ധേയം ന വിപദ്യേത കർഹിചിത്
പ്രജാസർഗ്ഗനിരോധേഽപി സ്മൃതിശ്ച മദനുഗ്രഹാത്.'' 25

ഏതാവദുക്ത്വോപരരാമ തന്മഹദ്-
ഭൂതം നഭോലിംഗമലിംഗമീശ്വരം
അഹം ച തസ്മൈ മഹതാം മഹീയസേ
ശീർഷ്ണാവനാമം വിദധേഽനുകമ്പിതഃ 26
നാമാന്യനന്തസ്യ ഹതത്രപഃ പഠൻ
ഗുഹ്യാനി ഭദ്രാണി കൃതാനി ച സ്മരൻ
ഗാം പര്യടംസ്തുഷ്ടമനാ ഗതസ്പൃഹഃ
കാലം പ്രതീക്ഷൻ വിമദോ വിമത്സരഃ 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂഢയുമേകപുത്രവതിയും ദാസിയുമാം
മാതാവു ഗാഢസ്നേഹമെന്നിൽത്താൻ
വിക്ഷേപിച്ചാൾ. 6
എന്നുടെയോഗക്ഷേമമാരായ്‌വാനാശിക്കമ-
ഥന്യസ്തസ്വാതന്ത്ര്യംനിമിത്തമസാധ്യമായ്.
പെൺമരപ്പാവമട്ടിൽ പരതന്ത്രമീലോകം .
ചിന്മയനാകുമീശന്തന്നധീനത്തിലല്ലോ. 7
കാലദിഗ്ദേശജ്ഞാനമററഞ്ചുവയസ്സേലും
ബാലനായീടുന്ന ഞാൻ മാതൃസ്നേഹത്തെയുന്നി
വസിച്ചേനവിടെയബ്രാഹ്മണകുലത്തിൽത്താ-
നസന്തുഷ്ടാത്മാവായിക്കുറെച്ചുകാലംകൂടി. 8
ഒരുനാൾ പൈക്കറപ്പാനിരവിൽ പോം-
വഴിക്കൊ-
രുരഗംകടിച്ചമ്മ പൂകിനാൾ പരലോകം. 9
ഭക്തവത്സലൻതന്റെ കാരുണ്യമാണിതെന്നെ-
ന്നുൾക്കാമ്പിലോർത്തുത്തരദിക്കിലേക്കാശു
പോയേൻ. 10
ഫലഭൂയിഷ്ഠങ്ങളാം പല ദേശങ്ങൾ; പിന്നെ-
പ്പല വിപ്രാലയങ്ങൾ, പുരങ്ങൾ,
ഗോകുലങ്ങൾ,
കർഷകനിവാസങ്ങൾ, പർവ്വതതടഗ്രാമ-
രാശി, തോട്ടങ്ങൾ, മഹാരണ്യങ്ങ,ളാരാമങ്ങൾ,
നാനാവിചിത്രധാതുശോഭിതമഹാദ്രിക-
ളാനകൾ ശാഖയാകെയൊടിച്ച പാദപങ്ങൾ,
അളികൾ ചലിപ്പതായ്ക്കിളികൾ
ചിലപ്പതായ്
വിലസും സുരസേവിതങ്ങളാം നളിനികൾ
സ്വച്ഛരത്നാകരങ്ങൾ നിർമ്മലസരസ്സുക-
ളെന്നിവ കണ്ടുകനായ് നടന്നുചെന്നൊടുക്കം
ഈറകൾ, കുശശരസ്തംബങ്ങൾ, മുളകളും
കേറിവാച്ചഗമ്യമായ്, മൂങ്ങയും കുറുക്കനും
ഭോഗിവൃന്ദവുമെന്നും ക്രീഡചെയ്യുമീടുന്നൊരു
ഭീകരമാകും മഹാവിപിനം കണ്ടീടിനേൻ.
11–14
വളർന്ന പൈദാഹത്താൽത്തളർന്ന ഞാനൊ-
രാററിൽ-
ക്കുളിച്ചാചമിച്ചു നീർകുടിച്ചെൻ ക്ഷീണം
തീർത്തേൻ. 15
ജനഹീനമാ വനംതന്നിലൊരശ്വത്ഥത്തിൻ-
തണലിലിരുന്നുടൻ ഹൃദയസ്ഥിതനാകും
ഈശനെ ബുദ്ധികൊണ്ടുമാമകദേശികോപ-
ദേശാനുസാരം നേരേ മനനംചെയ്തീടിനേൻ. 16
ഭക്തിനിർജ്ജിതചേതസ്സായിത്തത്-
പാദാംബുജ-
മുത്കടം ധ്യാനിക്കവേ,യുത്ക്കണ്ഠാതിരേ-
കത്താൽ
അശ്രുപൂർണ്ണാക്ഷനാകുമെന്നുടെ ഹൃദയത്തി-
ലച്യുതൻ മന്ദംമന്ദം പ്രത്യക്ഷപ്പെട്ടീടിനാൻ. 17
പ്രേമാതിരേകത്തിനാൽ കോൾമയിർക്കൊണ്ടു
പാരം,
സീമാധികാനന്ദത്തിൽ മുഴുകി ലയിച്ചു ഞാൻ
ഇരിക്കുന്നളവിലെന്തത്ഭുതം! ശരീരവും
ഹരിയും മറഞ്ഞിതെൻ സ്മൃതിമാർഗ്ഗത്തിൽ
നിന്നും. 18
ഖേദനാശനമാമമ്മോഹനരൂപമെന്റെ
മോദത്തോടൊരുത്തു മറഞ്ഞീടവേ വൈക്ല-
ബ്യത്താൽ
അതൃപ്തനെന്നമട്ടിലായിഞാ,നെന്നാലുമാ-
സ്ഥിതി പെട്ടെന്നു മാറിബ്ബോധവാനാ-
യെണീറേറൻ. 19
പിന്നെയുമാ രൂപത്തെക്കാണുവാനാശയേറു-
മാറഹോ! ഹൃദയത്തിൽ മനസ്സുനിർത്തി-
പ്പാർത്തേൻ
എന്നിട്ടായതു വ്യഥാശ്രമമായ്ത്തീർന്നു, തൃപ്തി-
വന്നിടായ്കയാലൊരു ദുഃഖിതൻമട്ടിലായേൻ 20
ഏകനായ് വീണ്ടുമേകാന്തഃസ്ഥനായ്
ധ്യാനിച്ചപ്പോൾ
വാഗഗോചരനാമബ്ഭഗവാൻ സുവ്യക്തമായ്
മൃദുവും ഗംഭീരവുമാകുമീ വാക്യങ്ങളെൻ
ഹൃദയക്ലേശംതീർക്കാനെന്നമട്ടരുൾചെയ്താൻ. 21
''ബാലകാ! നിനക്കെന്നെയീ ജന്മം
കാണ്മാൻ സാധി-
ക്കില ജ്ഞാനപക്വകഷായൻ കുയോഗിക്കും. 22
ഒരിക്കൽ കാട്ടിത്തന്നേനെന്നുടെ രൂപം നിന്നെ
ധരിക്കനീയതത്ര്യക്ഷ്യാഗ്രഹിക്കയാലെന്നായ്.
എന്നെബ്ഭജിക്കും സാധുജനങ്ങൾ
കാമക്രോധാ-
ദ്യന്തരദോഷങ്ങളിൽനിന്നു മോചിപ്പൂ
ക്രമാൽ. 23
സത്സംഗമല്പകാലം നിനക്കു സിദ്ധിക്കയാൽ
വത്സാ! നിന്മതിയെന്നിലുറച്ചെന്നറിയുന്നേൻ
നിന്ദ്യമാമിശ്ശരീരം വെടിഞ്ഞിട്ടിനിജ്ജന്മ-
മൊന്നു കൈക്കൊണ്ടാൽ നീയെൻ ഭക്തമുഖ്യ-
നായ്ത്തീരും. 24
എന്നിലുന്നീടും നിന്റെ ഭക്തിക്കുമാ സ്മൃതിക്കു-
മെന്നുമേ നാശംവരില്ലെന്നനുഗ്രഹത്തി-
നാൽ.'' 25
ആകാശതലസ്ഥനായെനിക്കു ദർശിക്കവാ-
നാകാത്തൊരച്ചിന്മൂർത്തിയിത്രയും ചൊല്ലിത്തീ
ർന്നു
ഞാനതു കേട്ടസ്സത്യവസ്തുതന്നനുകമ്പാ-
ധീനനായ്ത്തലകുനിച്ചതിനെ നമിച്ചുടൻ. 26
ലജ്ജവിട്ടെന്നിയേ ഹരികീർത്തനം പാടിയനു-
വാസരം തന്മംഗലകർമ്മങ്ങൾ ചിന്തചെയ്തു
മദമാത്സര്യങ്ങളും സ്പൃഹയും കൈവെടിഞ്ഞു
മൃതികാലത്തെപ്പാർത്തുതുഷ്ടനായ് നാൾ
നയിച്ചേൻ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം കൃഷ്ണമതേർബ്രഹ്മന്നസക്തസ്യാഽമലാത്മനഃ
കാലഃ പ്രാദുരഭൂത് കാലേ വിദ്യുത്സൗദാമിനീ യഥാ. 28
പ്രയുജ്യമാനേ മയി താം ശുദ്ധാം ഭാഗവതീം തനും
ആരബ്ധകർമ്മനിർവ്വാണോ ന്യപതത് പാഞ്ചഭൗതികഃ 29
കല്പാന്ത ഇദമാദായ ശയാനേഽഭസ്യുദന്വതഃ
ശിശയിഷോരനുപ്രാണം വിവിശേഽന്തരഹം വിഭോഃ 30
സഹസ്രയുഗപര്യന്ത ഉത്ഥായേദം സിസൃക്ഷതഃ
മരീചിമുഖ്യാ ഋഷയഃ പ്രാണേഭ്യോഽഹം ച ജജ്ഞിരേ. 31
അന്തർബ്ബഹിശ്ച ലോകാംസ്ത്രീൻ പര്യേമ്യസ്കന്ദിതവ്രതഃ
അനുഗ്രഹാന്മഹാവിഷ്ണോരവിഘാതഗതിഃ ക്വചിത്. 32
ദേവദത്താമിമാം വീണാം സ്വരബ്രഹ്മവിഭൂഷിതാം
മൂർച്ഛയിത്വാ ഹരികഥാം ഗായമാനശ്ചരാമ്യഹം. 33
പ്രഗായതഃ സ്വവീര്യാണി തീർത്ഥപാദഃ പ്രിയശ്രവാഃ
ആഹൂത ഇവ മേ ശീഘ്രം ദർശനം യാതി ചേതസി. 34
ഏതദ്ധ്യാതുരചിത്താനാം മാത്രാസ്പർശേച്ഛയാ മുഹുഃ
ഭവസിന്ധുപ്ലവോ ദൃഷ്ടോ ഹരിചര്യാനുവർണ്ണനം. 35
യമാദിഭിര്യോഗപഥൈഃ കാമലോഭഹതോ മുഹുഃ
മുകുന്ദസേവയാ യദ്വത്തഥാഽത്മാദ്ധാ ന ശാമ്യതി. 36
സർവ്വം തദിദമാഖ്യാതം യത്പൃഷ്ടോഽഹം ത്വയാനഘ!
ജന്മകർമ്മരഹസ്യം മേ ഭവതശ്ചാത്മതോഷണം. 37

സൂത ഉവാച

ഏവം സംഭാഷ്യ ഭഗവാൻ നാരദോ വാസവീസുതം
ആമന്ത്ര്യ വീണാം രണയൻ യയൗ യാദൃച്ഛികോ മുനിഃ 38
അഹോ ദേവർഷിർദ്ധന്യോയം യത്കീർത്തിം ശാർങ്ഗധന്വനഃ
ഗായന്മാദ്യന്നിദം തന്ത്ര്യാ രമയത്യാതുരം ജഗത്. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
വ്യാസനാരദസംവാദേ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ശൗനക ഉവാച

നിർഗ്ഗതേ നാരദേ സൂത! ഭഗവാൻ ബാദരായണഃ
ശ്രുതവാംസ്തദഭിപ്രേതം തതഃ കിമകരോദ്വിഭുഃ 1

സൂത ഉവാച

ബ്രഹ്മനദ്യാം സരസ്വത്യാമാശ്രമഃ പശ്ചിമേ തടേ
ശമ്യാപ്രാസ ഇതി പ്രോക്ത ഋഷീണാം സത്രവർദ്ധനഃ 2
തസ്മിൻ സ്വ ആശ്രമേ വ്യാസോ ബദരീഷണ്ഡമണ്ഡിതേ
ആസീനോഽപ ഉപസ്പൃശ്യ പ്രണിദധ്യൗ മനഃ സ്വയം. 3
ഭക്തിയോഗേന മനസി സമ്യക് പ്രണിഹിതേഽമലേ
അപശ്യത് പുരുഷം പൂർവ്വം മായാം ച തദപാശ്രയാം. 4
യയാ സമ്മോഹിതോ ജീവ ആത്മാനം ത്രിഗുണാത്മകം
പരോപി മനുതേഽനർത്ഥം തത്കൃതം ചാഭിപദ്യതേ. 5
അനർത്ഥോപശമം സാക്ഷാദ് ഭക്തിയോഗമധോക്ഷജേ
ലോകസ്യാജാനതോ വിദ്വാംശ്ചക്രേ സാത്വതസംഹിതാം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മജ്ഞ! ഹരിലീലാലോലനായസക്തനായ്
നിർമ്മലഹൃദന്തനാമെന്നുടെ മുന്നിൽ കാലൻ–
കാലമായപ്പോളാവിർഭവിച്ചാൻ,
കാർകൊണ്ടലിൻ
മാലയിൽനിന്നു മിന്നൽപ്പിണരെന്നതു
പോലെ. 28

എനിക്കായ് പരിശുദ്ധവിഷ്ണുപാർഷദൻതന്റെ
തനുവേകുവാൻ ദേവൻ ഭാവിച്ചനിമിഷത്തിൽ
പ്രാരബ്ധമൊടുങ്ങീടുമെൻ പഞ്ചഭൂതദേഹം
പാരാതെ, പാരിടത്തിലോരാതെ
പതിച്ചിതു. 29

കല്പാന്തകാലത്തെല്ലാം സംഹരിച്ചബ്ധിനീര–
തല്പശായിയാം വിഷ്ണുദേവനിലാവേശിപ്പാൻ
ഇച്ഛിക്കുംനാന്മുഖൻ തൻപ്രാണനോടൊത്തു–
ഞാനു–
മച്യുതാന്തർഭാഗത്തിൽ പ്രവേശിച്ചിതുനേരേ. 30

സഹസ്രം ചതുര്യുഗമിങ്ങനെ കഴിഞ്ഞിട്ടു
സഹസാ നിദ്രവിട്ടു സൃഷ്ടിക്ക വട്ടംകൂട്ടും
ധാതാവിന്നിന്ദ്രിയങ്ങളോരോന്നിൽനിന്നും
മരീ–
ച്യാദിമാമുനിമാരും ഞാനുമുദ്ഭൂതരായി. 31

ശ്രീനിവാസാനുഗ്രഹംമൂലമെൻ
വ്രതങ്ങളാക്കൊ–
ന്നുനമെന്നിയേ മൂന്നുലോകത്തുമിഷ്ടംപോലെ
ഭൂതജാലാന്തർബ്ബഹിർഭാഗത്തിലെല്ലാടവു–
മേതുമേതടവററു സഞ്ചരിച്ചീടുന്നു ഞാൻ. 32

ദേവദത്തമായ് സ്വരബ്രഹ്മഭൂഷിതമാകു–
മീ വീണ നേരേമീട്ടിത്തച്ഛ്രുതിയൊപ്പിച്ചു
ഞാൻ
ഹരികീർത്തനങ്ങളെഗ്ഗാനംചെയ്തെല്ലാടവും
ചരിച്ചീടുന്നേൻ പരമാനന്ദനിലീനനായ്. 33

തന്റെ കീർത്തനങ്ങളെ വർണ്ണിച്ചുപാടീടുവോ–
രെന്റെ ചിത്തത്തിൽ സ്പഷ്ടം വിളിക്കപ്പെ–
ട്ടോൻമട്ടിൽ
പ്രത്യക്ഷപ്പെട്ടു പെട്ടെന്നത്തീർത്ഥപാദൻഹരി
പ്രത്യഹം ദർശനത്തെത്തരുന്നു പാരാശര്യ! 34

വിഷയേച്ഛയാൽ വീണ്ടും വിഷമിപ്പവർക്കീശ–
വിഷയം ഭവസിന്ധുപ്ലവമായല്ലോ കാണ്മൂ. 35

കാമലോഭാദിയാലെ പിന്നെയും ഹതമായോ–
രാമനം ഹൃഷീകേശസേവയാലെന്നപോലെ
യോഗമാർഗ്ഗങ്ങളാകും യമാദ്യങ്ങളാലത്ര–
വേഗത്തിൽസാക്ഷാൽ ശാന്തിപ്രാപിക്കുന്നില്ല–
നൂനം. 36

അനഘാ! ഞാനീമട്ടു നിൻ പ്രസാദത്തിനാ–
യെൻ–
ജനിയും കർമ്മങ്ങളും ചൊല്ലിനേൻ ചോദിക്ക–
യാൽ. 37

സൂതൻ പറഞ്ഞു

വ്യാസമാമുനിയോടായീവിധം ചൊല്ലി
ദാസൻ നിസ്സ്വാർത്ഥൻമുനി വീണയും [വിഷ്ണു–
മീട്ടിപ്പോയാൻ. 38

ദേവർഷിയാമദ്ദേഹമെത്രയും ധന്യൻ! വാസു–
ദേവന്റെ കീർത്തി വീണാകാണത്താൽ–
ധ്വനിപ്പിച്ചു
ഉത്കടദുഃഖമഗ്നലോകത്തിന്നഴലെല്ലാം
നീക്കിയാനന്ദമാർന്നു സഞ്ചരിക്കുന്നുവല്ലോ. 39

അദ്ധ്യായം 7

ഭാഗവതനിർമ്മിതി-ദ്രൗണ്യപാലംഭം

ശൗനകൻ പറഞ്ഞു

നാരദൻ പോയശേഷം തദ്വചനങ്ങളാ കേട്ടി–
ട്ടാര്യനാം വ്യാസനെന്തുചെയ്തെന്നു ചൊൽക–
സൂതാ. 1

സൂതൻ പറഞ്ഞു

ബ്രഹ്മവാഹിനിസരസ്വതിതൻ പടിഞ്ഞാറേ
വെണ്മണൽത്തിട്ടിൽ സത്രവർദ്ധന,മൃഷ്യാശ്രമം,
ശമ്യാപ്രാസാഖ്യ,മേകംബദരീതരുക്കളാൽ
രമ്യമായ്ക്കാണാം,മതിൽ ദേഹശുദ്ധിയുംചെയ്തു
മനസ്സുമുകുന്ദനിലേകാഗ്രമാക്കിത്തപോ–
ധനനാം വേദവ്യാസൻ നിശ്ചലം നിവസി–
ച്ചാൻ. 2–3

ഭക്തിയോഗത്താൽ പരിപൂതമായുറപ്പാർന്ന
നിഷ്കളമാനസത്തിലാദ്യമായീശനേയും
തരസാ കൂടെപ്പിന്നെത്തദാലംബനയായി–
ട്ടിരിക്കുംമായയേയും തെളിഞ്ഞുകണ്ടീടിനാൻ. 4

സത്യത്തിൽ ജീവൻ പരമാത്മാവാണെന്നാ–
കിലും
സത്ത്വാദിരൂപനെന്നായ് മായാമോഹത്തി–
നാലെ
നിനയ്ക്കുന്നെന്നല്ല തത്കൃതമാമനർത്ഥങ്ങളാ
തനിയേയനുഭവിക്കുകയും ചെയ്യുന്നാഹാ! 5

ശ്രീമഹാവിഷ്ണുഭക്തിയോഗമൊന്നുതാൻ ജന–
ക്ഷേമത്തിൻമുഖ്യമാർഗ്ഗമെന്നുകണ്ടറിഞ്ഞുടൻ
അജ്ഞന്മാർക്കനർത്ഥങ്ങളൊഴിവാക്കുവാനായി
വിജ്ഞനാം വ്യാസൻ ഭാഗവതത്തെ
നിർമ്മിച്ചിതു. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യാം വൈ ശ്രൂയമാണായാം കൃഷ്ണേ പരമപൂരുഷേ
ഭക്തിരുത്പദ്യതേ പുംസശ്ശോകമോഹഭയാപഹാ. 7

സ സംഹിതാം ഭാഗവതീം കൃത്വാനുക്രമ്യ ചാത്മജം
ശുകമദ്ധ്യാപയാമാസ നിവൃത്തിനിരതം മുനിഃ 8

ശൗനക ഉവാച

സ വൈ നിവൃത്തിനിരതസ്സർവ്വത്രോപേക്ഷകോ മുനിഃ
കസ്യ വാ ബൃഹതീമേതാമാത്മാരാമസ്സമഭ്യസത്. 9

സൂത ഉവാച

ആത്മാരാമാശ്ച മുനയോ നിർഗ്രന്ഥാ അപ്യുരുക്രമേ
കുർവ്വന്ത്യഹൈതുകീം ഭക്തിമിത്ഥംഭൂതഗുണോ ഹരിഃ 10

ഹരേർഗ്ഗുണാക്ഷിപ്തമതിർഭഗവാൻ ബാദരായണിഃ
അദ്ധ്യഗാന്മഹദാഖ്യാനം നിത്യം വിഷ്ണുജനപ്രിയഃ 11

പരീക്ഷിതോഥ രാജർഷേർജ്ജന്മകർമ്മവിലായനം
സംസ്ഥാം ച പാണ്ഡുപുത്രാണാം വക്ഷ്യേ കൃഷ്ണകഥോദയം. 12

യദാ മൃധേ കൗരവസൃഞ്ജയാനാം
വീരേഷ്വഥോ വീരഗതിം ഗതേഷു
വൃകോദരാവിദ്ധഗദാഭിമർശ-
ഭഗ്നോരുദണ്ഡേ ധൃതരാഷ്ട്രപുത്രേ. 13

ഭർത്തുഃ പ്രിയം ദ്രൗണിരിതി സ്മ പശ്യൻ
കൃഷ്ണാസുതാനാം സ്വപതാം ശിരാംസി
ഉപാഹരദ്വിപ്രിയമേവ തസ്യ ത-
ജ്ജുഗുപ്സിതം കർമ്മ വിഗർഹയന്തി. 14

മാതാ ശിശൂനാം നിധനം സുതാനാം
നിശമ്യ ഘോരം പരിതപ്യമാനാ
തദാരുദദ്ബാഷ്പകലാകുലാക്ഷീ
താം സാന്ത്വയന്നാഹ കിരീടമാലീ. 15

തദാ ശുചസ്തേ പ്രമൃജാമി ഭദ്രേ!
യദ്ബ്രഹ്മബന്ധോശ്ശിര ആതതായിനഃ
ഗാണ്ഡീവമുക്തൈർവ്വിശിഖൈരുപാഹരേ
ത്വാക്രമ്യ യത് സ്നാസ്യസി ദഗ്ദ്ധപുത്രാ. 16

ഇതി പ്രിയാം വല്ഗുവിചിത്രജല്പൈ-
സ്സ സാന്ത്വയിത്വാച്യുതമിത്രസൂതഃ
അന്വാദ്രവദ്ദംശിത ഉഗ്രധന്വാ
കപിദ്ധ്വജോ ഗുരുപുത്രം രഥേന. 17

തമാപതന്തം സ വിലക്ഷ്യ ദൂരാത്
കുമാരഹോദ്വിഗ്നമനാ രഥേന
പരാദ്രവത് പ്രാണപരീപ്സുരുർവ്യാം
യാവദ്ഗമം രുദ്രഭയാദ്യഥാ കഃ 18

യദാശരണമാത്മാനമൈക്ഷത ശ്രാന്തവാജിനം
അസ്ത്രം ബ്രഹ്മശിരോ മേനേ ആത്മത്രാണം ദ്വിജാത്മജഃ 19

അഥോപസ്പൃശ്യ സലിലം സന്ദധേ തത്സമാഹിതഃ
അജാനന്നുപസംഹാരം പ്രാണകൃച്ഛ്ര ഉപസ്ഥിതേ. 20

തതഃ പ്രാദുഷ്കൃതം തേജഃ പ്രചണ്ഡം സർവ്വതോദിശം
പ്രാണാപദമഭിപ്രേക്ഷ്യ വിഷ്ണും ജിഷ്ണുരുവാച ഹ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുകേട്ടീടുന്നവനുടനേ മുകുന്ദനി-
ലതിയായ് ശോകമോഹഹരമാം ഭക്തി-
യുണ്ടാം. 7

ശ്രീമഹാഭാഗവതം നിർമ്മിച്ചു പരിശോധി-
ച്ചാ മുനിമുഖ്യൻ പരം നിവൃത്തിനിരതനാം
തന്നുടെ പുത്രനമാം ശ്രീശുകബ്രഹ്മർഷിയെ
നന്നായതാകെപ്പിന്നെപ്പഠിപ്പിക്കയും ചെ-
യ്യാൻ. 8

ശൗനകൻ പറഞ്ഞു

ആത്മാരാമനായുദാസീനനായ് മുനിയായി
നിർമ്മലനിവൃത്തിസന്മാർഗ്ഗത്തിൽ സഞ്ചരിക്കും
ശ്രീശുകബ്രഹ്മർഷിയീബൃഹൽസംഹിത-
യെല്ലാം
ഹേ സൂതാ! മിനക്കെട്ടു പഠിച്ചതെന്തിനായി? 9

സൂതൻ പറഞ്ഞു

അഹന്താഗ്രന്ഥിയറ്റോരാത്മാരാമന്മാരാകും
മഹാന്മാർക്കകാരണം ശ്രീകൃഷ്ണഭഗവാനിൽ
നിശ്ചലഭക്തിയുണ്ടാം; ഭഗവദ്ഗുണങ്ങളിൽ
മെച്ചമേറിടുന്നതൊന്നിതാണു വിപ്രന്മാരേ!
ശ്രീഹരിഭക്തപ്രിയൻ ഭഗവദ്ഗുണങ്ങളാ-
ലാഹൃതചിത്തൻ വ്യാസപുത്രനാംമുനീശ്വരൻ
ഈമഹദാഖ്യാനത്തെപ്പഠിച്ചു പാടി നിത്യ-
മാമോദാബ്ധിയിൽ ഭക്തന്മാരെയാറാടി-
ച്ചിതു. 11

ചക്രിതൻവിക്രമങ്ങളും കീർത്തിക്കാൻ ഹേതു-
വാകും
ചക്രവർത്തിയാം പരീക്ഷിത്തുതന്നുത്പത്തിയും
പുണ്യകർമ്മങ്ങളും തന്മോക്ഷപ്രാപ്തിയും പിന്നെ
പാണ്ഡവപ്രസ്ഥാനവും പറയാം, കേട്ടുകൊള്ളു-
വിൻ! 12

ദ്രൗണിതേജോവധം

ഭാരതായോധനത്തിലിരുഭാഗത്തുമുള്ള
വീരന്മാരെല്ലാം വീരസ്വർഗ്ഗത്തെ പ്രാപിക്കവേ,
അനിലാത്മജഗദാപ്രഹരമേറ്റു ദുര്യോ-
ധനൻതൻതുട തകർന്നവശംവീണീടവേ, 13

ദ്രോണജൻതൽസ്വാമിയെ പ്രീതനാക്കുവാൻ
നിദ്രാ-
ധീനരായ്ക്കിടന്നീടും പാഞ്ചാലീസുതന്മാർതൻ-
ശിരസ്സൊക്കെയുമറുത്തസ്സുയോധനൻ മുമ്പിൽ
നിരത്തിവച്ചതവന്നിഷ്ടമായില്ലെന്നല്ല,
വെറുത്താനക്കൃത്യത്തെ, ഗർഹണീയമാംകർമ്മം
പരക്കെപ്പാരിൽ ജനം പ്രതിഷേധിക്കുമ-
ല്ലോ. 14

ഉറങ്ങിക്കിടന്ന തന്നോമനക്കുഞ്ഞുങ്ങളെ-
യരിഞ്ഞെന്നറിഞ്ഞകംനിറഞ്ഞ ദുഃഖംമൂലം
മിഴിനീർവാർത്തു പാരം കൺകലങ്ങിച്ചുവന്നി-
ട്ടുഴലും കൃഷ്ണയാശ്വാസത്തിനായ് പാർത്ഥൻ
ചൊന്നാൻ: 15

''ആതതായിയാമബ്രഹ്മദേവനീചൻതൻ ശിര-
സ്സേതത്ഗാണ്ഡീവമുക്തബാണത്താൽ ഛേദി-
ച്ചിപ്പോൾ
നിന്നടുത്താനയിക്കാം, മതിമേലിരുന്നു നീ
നന്ദനദാഹകൃത്യം നടത്തി സ്നാനംചെയ്യു.
നിന്നുടെ കണ്ണീർ പിന്നേ ഞാൻ തുടയ്ക്കുന്നതുള്ളൂ
വന്നതുവന്നു, ദുഃഖം ത്യജിക്ക മനസ്വിനി!'' 16

ഇത്തരം വിചിത്രമാം വാക്യങ്ങളാലെ പത്നി-
ക്കാശ്വാസമത്തലല്പമാററിയക്കപിധ്വജൻ-
കേശവൻ തേരാളിയും സുഹൃത്തുമായോൻ-
പാർത്ഥ-
നാളു സജ്ജനായ് തന്റെ ഗാണ്ഡീവചാപം-
പൂട്ടി
ചേണാർന്ന തൻ സ്യന്ദനംതന്നിൽക്കയറി-
പ്പെന്ന-
ദ്രോണപുത്രനാമശ്വത്ഥാമാവെപ്പിന്തുടർന്നാൻ. 17

തേരേറിത്തന്റെനേരേ പാഞ്ഞെത്തും കിരീ-
ടിയെ
ദൂരത്തിൽക്കണ്ടു പേടിച്ചാ ലോലബാലഹന്താ
പ്രാണരക്ഷയ്ക്കായാവതോളവുമോടീടിനാൻ
സ്ഥാണുഭീതിയാൽപ്പണ്ടു നാന്മുഖനെന്ന-
പോലെ. 18

അശ്വങ്ങളോടി വാടിത്തളർന്നുപോയതായി-
ട്ടശ്വത്ഥാമാവു കണ്ടിട്ടനന്യാശ്രയനായി
ആത്മരക്ഷണത്തിനു തൻകൈവശത്തിലാളും
ബ്രഹ്മാസ്ത്രംതൊടുത്തുടൻ വിടുവാൻ നിശ്ചയി-
ച്ചാൻ. 19

പിന്നവൻ സലിലത്താലുപസ്പർശനംചെയ്തു
നന്നായ് ധ്യാനിച്ചു, ജീവസന്ദേഹസംഭ്രാന്ത-
നായ്,
ഉപസംഹാരമന്ത്രമറിയാൻ വയ്യാഞ്ഞിട്ടും
സപദിയജാസ്ത്രത്തെത്തൊടുത്തുവിട്ടീടി-
നാൻ. 20

അതിൽനിന്നെങ്ങും വ്യാപ്തമാകുമുച്ചണ്ഡതേജ-
സ്സുധുനാ ജീവഹാനിവരുത്തും, തനിക്കെന്നായ്
വ്യാകുലചേതസ്സായപ്പാകശാസനപുത്രൻ
ശ്രീകൃഷ്ണഭഗവാനോടിങ്ങനെ ചൊല്ലീടി-
നാൻ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അര്ജ്ജുന ഉവാച
കൃഷ്ണ കൃഷ്ണ മഹാഭാഗ! ഭക്താനാമഭയങ്കര!
ത്വമേകോ ദഹ്യമാനാനാമപവര്ഗ്ഗോസി സംസൃതേഃ 22
ത്വമാദ്യഃ പുരുഷഃ സാക്ഷാദീശ്വരഃ പ്രകൃതേഃ പരഃ
മായാം വ്യുദസ്യ ചിച്ഛക്ത്യാ കൈവല്യേ സ്ഥിത ആത്മനി. 23
സ ഏവ ജീവലോകസ്യ മായാമോഹിതചേതസഃ
വിധത്സേ സ്വേന വീര്യേണ ശ്രേയോ ധര്മ്മാദിലക്ഷണം. 24
തഥായം ചാവതാരസ്തേ ഭുവോ ഭാരജിഹീര്ഷയാ
സ്വാനാം ചാനന്യഭാവാനാമനുധ്യാനായ ചാസകൃത്. 25
കിമിദം സ്വിത് കുതോ വേതി ദേവ ദേവ ന വേദ്മ്യഹം
സര്വ്വതോമുഖമായാതി തേജഃ പരമദാരുണം. 26
ശ്രീഭഗവാനുവാച
വേത്ഥേദം ദ്രോണപുത്രസ്യ ബ്രാഹ്മമസ്ത്രം പ്രദര്ശിതം
നൈവാസൗ വേദ സംഹാരം പ്രാണബാധ ഉപസ്ഥിതേ. 27
ന ഹ്യസ്യാന്യതമം കിഞ്ചിദസ്ത്രം പ്രത്യവകര്ശനം
ജഹ്യസ്ത്രതേജ ഉന്നദ്ധമസ്ത്രജ്ഞോ ഹ്യസ്ത്രതേജസാ. 28
സൂത ഉവാച
ശ്രുത്വാ ഭഗവതാ പ്രോക്തം ഫാല്ഗുനഃ പരവീരഹാ
സ്പൃഷ്ട്വാപസ്തം പരിക്രമ്യ ബ്രാഹ്മം ബ്രാഹ്മായ സന്ദധേ. 29
സംഹത്യാന്യോന്യമുഭയോസ്തേജസീ ശരസംവൃതേ
ആവൃത്യ രോദസീ ഖം ച വവൃധാതേഽർക്കവഹ്നിവത്. 30
ദൃഷ്ട്വാസ്ത്രതേജസ്തു തയോസ്ത്രീൻ ലോകാൻ പ്രദഹന്മഹത്
ദഹ്യമാനാഃ പ്രജാസ്സര്വ്വാസാംവര്ത്തകമമംസത. 31
പ്രജോപപ്ലവമാലക്ഷ്യ ലോകവ്യതികരഞ്ച തം
മതം ച വാസുദേവസ്യ സഞ്ജഹാരാര്ജ്ജുനോ ദ്വയം. 32
തത ആസാദ്യ തരസാ ദാരുണം ഗൗതമീസുതം
ബബന്ധാമര്ഷതാമ്രാക്ഷഃ പശും രശനയാ യഥാ 33
ശിബിരായ നിനീഷന്തം ദാമ്നാ ബദ്ധ്വാ രിപും ബലാത്
പ്രാഹാര്ജ്ജുനം പ്രകുപിതോ ഭഗവാനംബുജേക്ഷണഃ 34
''മൈനം പാര്ത്ഥാര്ഹസി ത്രാതും ബ്രഹ്മബന്ധുമിമം ജഹി
യോഽസാവനാഗസഃ സുപ്താനവധീന്നിശി ബാലകാൻ. 35
മത്തം പ്രമത്തമുന്മത്തം സുപ്തം ബാലം സ്ത്രിയം ജഡം
പ്രപന്നം വിരഥം ഭീതം ന രിപും ഹന്തി ധര്മ്മവിത്. 36
സ്വപ്രാണാൻ യഃ പരപ്രാണൈഃ പ്രപുഷ്ണാത്യഘൃണഃ ഖലഃ
തദ്വധസ്തസ്യ ഹി ശ്രേയോ യദ്ദോഷാദ്യാത്യധഃ പുമാൻ. 37
പ്രതിശ്രുതം ച ഭവതാ പാഞ്ചാല്യൈ ശൃണ്വതോ മമ
''ആഹരിഷ്യേ ശിരസ്തസ്യ യസ്തേ മാനിനി പുത്രഹാ.'' 38
തദസൗ വധ്യതാം പാപ ആതതായ്യാത്മബന്ധുഹാ
ഭര്ത്തുശ്ച വിപ്രിയം വീര! കൃതവാൻ കുലപാംസനഃ'' 39
സൂത ഉവാച
ഏവം പരീക്ഷതാ ധര്മ്മം പാര്ത്ഥഃ കൃഷ്ണേന ചോദിതഃ
നൈച്ഛദ്ധന്തും ഗുരുസുതം യദ്യപ്യാത്മഹനം മഹാൻ. 40
അഥോപേത്യ സ്വശിബിരം ഗോവിന്ദപ്രിയസാരഥിഃ
ന്യവേദയത്തം പ്രിയായൈ ശോചന്ത്യാ ആത്മജാൻ ഹതാൻ. 41

തഥാഽഽഹൃതം പശുവത് പാശബദ്ധ-
മവാങ്മുഖം കര്മ്മ ജുഗുപ്സിതേന
നിരീക്ഷ്യ കൃഷ്ണാപകൃതം ഗുരോസ്സുതം
വാമസ്വഭാവാ കൃപയാ നനാമ ച. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർജ്ജുനൻ പറഞ്ഞു

ഹേ കൃഷ്ണ! വിഷ്ണോ! മഹാമഹിമശാലിൻ–
ഭക്ത–
ലോകത്തിനെല്ലാമെന്നുമഭയം നല്കും ഹരേ!
സംസാരാഗ്നിയിൽ വെന്തുനീറുന്ന മർത്ത്യർക്ക് നി-
സ്സംശയം, ഭവാനേകൻതാനല്ലോ മുക്തി–
പ്രദൻ. 22

നീയത്രേ പുമാനാദ്യൻ, സാക്ഷാലീശ്വരൻ
നീയേ,
നീയത്രേ പാർത്തീടുകിൽ പ്രകൃതിവിഭിന്നനും
ജ്ഞാനശക്തിയാൽ നിജമായയേയുപേക്ഷിച്ചു
താനേ കേവലാത്മാവായ് വിലസുന്നവനും
നീ. 23

സ്വീയവീര്യത്താൽ ശ്രേഷ്ഠധർമ്മാദി പുരു–
ഷാർത്ഥം
മായാമോഹിത ജീവജാലത്തിനേകുന്നു നീ. 24

ഭൂമിതൻ ഭാരം പാടേ ഹരിച്ചീടാനും ഭക്ത–
സ്തോമാനുധ്യാനത്തിനുമത്രേയീയവതാരം. 25

എങ്ങുമേ നിറഞ്ഞേററം ഭീകരമൊരു തേജ–
സ്സിങ്ങോട്ടു നേരേ വരുന്നെന്തോന്നിതെങ്ങു–
നിന്നോ? 26

ശ്രീ ഭഗവാൻ പറഞ്ഞു

ദ്രോണനന്ദനനുപസംഹാരമറിയാതെ
പ്രാണഭീതിയാൽ വിട്ടോരസ്ത്രമിതർജ്ജുന! 27

ബ്രഹ്മാസ്ത്രം തടുക്കുവാനന്യാസ്ത്രം പോരായ്കയാ–
ലമ്മട്ടിലതുതന്നെയങ്ങോട്ടുമയയ്ക്കു നീ.
സർവ്വാസ്ത്രപ്രയോഗവും സംഹാരമുറയും നീ
സർവ്വഥാ ഗ്രഹിച്ചവനല്ലയോ ധനഞ്ജയാ. 28

സൂതൻ പറഞ്ഞു

ഇത്തരം ഹരിവാക്യം കേട്ടുടൻ ജലസ്പർശ–
ശുദ്ധനായ് ശത്രുവീരസംഹാരദക്ഷൻ **പാർത്ഥൻ**
കൃഷ്ണനെ പ്രദക്ഷിണംവച്ചു വന്ദി**ച്ചശേഷം**
തീക്ഷ്ണമാം ബ്രഹ്മാസ്ത്രത്തെത്തൊടുത്തു വിട്ടീ-
ടിനാൻ. 29

ഉഭയബാണോജ്ജ്വലതേജസ്സു തമ്മിൽ മുട്ടി–
സ്സപദി സംക്രമിച്ചിബ് ഭൂമിയുമാകാശവും.
സഹസാമര,ച്ചക്ക്വെഹ്നികളൊന്നിച്ചപോൽ,
ബഹുധാ ഭയാനകമാംവിധം വദ്ധിച്ചതേ. 30

അസ്ത്രതേജസ്സു രണ്ടുമൊന്നായിജ്വലിച്ചുകൊ–
ണ്ടിത്രിലോകത്തെപ്പാടേ ദഹിപ്പിക്കുന്നതായി
കണ്ടിട്ടുദ്ദഹ്യമാനജനസഞ്ചയമത്യത്–
ക്കണ്ഠയോടിതു കല്പകാലാഗ്നിയെന്നുറച്ചാർ. 31

ജനപീഡയും ലോകനാശവും ഭഗവാന്റെ
മനവും പാർത്തു പാർത്ഥനടക്കീ രണ്ടസ്ത്രവും. 32

രോഷതാമ്രാക്ഷനാകുമർജ്ജുനനുടൻതന്നെ
പാശത്താലാ ദ്രൗണിയെ ബന്ധിച്ചാൻ,
ഗോവിനെപ്പോൽ. 33

കയറാൽ വലിച്ചിഴച്ചവനെപ്പടക്കുടിൽ
നയിക്കാൻ ശ്രമിച്ചീടും കിരീടിതന്നെ നോക്കി
അമർഷത്തോടുകൂടിയരുളിച്ചെയ്തീടിനാൻ
കമലേക്ഷണനാകും കപടമർത്ത്യൻ കൃഷ്ണൻ. 34

അപരാധാപേതരായുറങ്ങും കുഞ്ഞുങ്ങളെ
കൃപയററിരവിലിബ്രാഹ്മണാധമൻ കൊന്നാൻ
അതിനാലിവൻ വധശിക്ഷാർഹൻതന്നെ നൂനം;
മതിമൻ! മടിയാതെ സംഹരിക്കുക വേഗം. 35

മത്തൻ, പ്രമത്തൻ, സുപ്തൻ, ബാലകൻ, ജഡൻ,
സ്ത്രീയു–
ന്മത്തൻ, വിരഥൻ, ഭീരു,വഭയമർത്ഥിപ്പോനും.
ശത്രുവർഗ്ഗത്തിൽത്തന്നെ പെട്ടിരിക്കിലും ധർമ്മ–
വിത്തമരിക്കൂട്ടരെക്കൊല്ലുമാറില്ലയല്ലൊ. 36

പരപ്രാണൻപിടുങ്ങിത്തൻപ്രാണൻ പുഷ്ടമാക്കും
പുരുപാപിതൻ വധമവനു ഗുണത്തിനാം.
സന്ദേഹമി,ല്ലല്ലെന്നാൽ നിർദ്ദയനാമാഖല–
നെന്നെന്നേക്കുമായധഃപതിച്ചുപോകുന്നിതു. 37
''മാനിനി! നിൻപുത്രരെക്കൊന്ന ദുഷ്ടന്റെ തല
ഞാനറുത്തമ്പിനാലിക്ഷണമിങ്ങാനയിപ്പൻ–''
എന്നൊരു ശപഥം നീ പാഞ്ചാലിതന്നോ–
ടായി–
ച്ചൊന്നതു ഞാനും കേട്ടതല്ലയോ ധന–
ഞ്ജയാ? 38

അതിനാൽ, നിൻ പുത്രരെക്കൊന്നൊരാതതാ–
യിയാ–
മതിപാപിയെ വധിച്ചീടുക വീരാഗ്രിമാ!
കുലനാശകനാകുമിഖ്ഖലൻ തത്സ്വാമിതൻ
വല്യതാമനിഷ്ടവും നേടിനാനിതുമൂലം. 39

സൂതൻ പറഞ്ഞു

ഹരിയീവിധം നൃരാജനന്ദനധർമ്മം
പരിശോധിക്കാൻ ചൊന്ന ചോദനാവാക്യ–
ങ്ങളെ
ശരിയായ് ധരിച്ചുടൻ മതിമാൻ ധനഞ്ജയൻ
ഗുരുപുത്രനെപ്പിന്നെക്കൊല്ലുവാനിച്ഛിച്ചില്ല. 40

കണ്ണനാമസ്സഖാവോടൊന്നിച്ചു കുടീരത്തിൽ–
ച്ചെന്നങ്ങു മൃതരാം തൻപുത്രരെയോർത്തു കേഴും
തൻ പത്നിയായീടുമപ്പാഞ്ചാലതനൂജതൻ–
മുമ്പിലായ് നിറുത്തിനാനാഘാതകനെ–
പ്പാർത്ഥൻ. 41

പശുവിനുട്ടിൽ പാശബദ്ധനായാനീതനാ–
യശുഭകർമ്മംമൂലം തലയും താഴ്ത്തിനില്ക്കും
ഗുരുപുത്രനെക്കണ്ടിട്ടപകാരിയെന്നാലും
കരുണാപൂർവ്വം നമസ്കരിച്ചാളസ്സുശീല. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉവാച ചാസഹന്ത്യസ്യ ബന്ധനാനയനം സതീ,
''മുച്യതാം, മുച്യതാമേഷ ബ്രാഹ്മണോ നിതരാം ഗുരുഃ 43
സരഹസ്യോ ധനുർവ്വേദസ്സവിസർഗ്ഗോപസംയമഃ
അസ്ത്രഗ്രാമശ്ച ഭവതാ ശിക്ഷിതോ യദനുഗ്രഹാത് 44
സ ഏഷ ഭഗവാൻ ദ്രോണഃ പ്രജാരൂപേണ വർത്തതേ
തസ്യാത്മനോഽർദ്ധം പത്ന്യാസ്തേ നാന്വഗാദ്വീരസൂഃ കൃപീ. 45
തദ്ധർമ്മജ്ഞ! മഹാഭാഗ! ഭവദ്ഭിർഗ്ഗൗരവം കുലം
വൃജിനം നാർഹതി പ്രാപ്തും പൂജ്യം വന്ദ്യമഭീക്ഷ്ണശഃ 46
മാ രോദീദസ്യ ജനനീ ഗൗതമീ പതിദേവതാ
യഥാഹം മൃതവത്സാഽഽർത്താ രോദിമ്യശ്രുമുഖീ മുഹുഃ 47
യൈഃ കോപിതം ബ്രഹ്മകുലം രാജന്യൈരകൃതാത്മഭിഃ
തത്കുലം പ്രദഹത്യാശു സാനുബന്ധം ശുചാർപ്പിതം.'' 48

സൂത ഉവാച

ധർമ്മ്യം ന്യായ്യം സകരുണം നിർവ്വ്യളീകം സമം മഹത്
രാജാ ധർമ്മസുതോ രാജ്ഞ്യാഃ പ്രത്യനന്ദദ്വചോ ദ്വിജാഃ 49
നകുലസ്സഹദേവശ്ച യുയുധാനോ ധനഞ്ജയഃ
ഭഗവാൻ ദേവകീപുത്രോ യേ ചാന്യേ യാശ്ച യോഷിതഃ 50
തത്രാഹാമർഷിതോ ഭീമ''സ്തസ്യ ശ്രേയാൻ വധഃ സ്മൃതഃ
ന ഭർത്തുർന്നാത്മനശ്ചാർത്ഥേ യോഽഹൻ സുപ്താൻ ശിശൂൻ വൃഥാ.'' 51
നിശമ്യ ഭീമഗദിതം ദ്രൗപദ്യാശ്ച ചതുർഭുജഃ
ആലോക്യ വദനം സഖ്യുരിദമാഹ ഹസന്നിവ. 52

ശ്രീഭഗവാൻ ഉവാച

ബ്രഹ്മബന്ധുർന്ന ഹന്തവ്യ ആതതായീ വധാർഹണഃ
മയൈവോഭയമാമ്നാതം പരിപാഹ്യനുശാസനം. 53
കുരു പ്രതിശ്രുതം സത്യം യത്തത് സാന്ത്വയതാ പ്രിയാം
പ്രിയം ച ഭീമസേനസ്യ പാഞ്ചാല്യാ മഹ്യമേവ ച. 54

സൂത ഉവാച

അർജ്ജുനസ്സഹസാഽഽജ്ഞായ ഹരേർഹാർദ്ദമഥാസിനാ
മണിം ജഹാര മൂർദ്ധന്യം ദ്വിജസ്യ സഹമൂർദ്ധജം. 55
വിമുച്യ രശനാബദ്ധം ബാലഹത്യാഹതപ്രഭം
തേജസാ മണിനാ ഹീനം ശിബിരാന്നിരയാപയത്. 56
വപനം ദ്രവിണാദാനം സ്ഥാനാന്നിര്യാപണം തഥാ
ഏഷ ഹി ബ്രഹ്മബന്ധൂനാം വധോ നാന്യോഽസ്തി ദൈഹികഃ 57
പുത്രശോകാതുരാസ്സർവ്വേ പാണ്ഡവാസ്സഹ കൃഷ്ണയാ
സ്വാനാം മൃതാനാം യത് കൃത്യം ചക്രുർന്നിർഹരണാദികം. 58

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
പ്രഥമസ്കന്ധേ ദ്രൗണിനിഗ്രഹോ നാമ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

സൂത ഉവാച

അഥ തേ സംപരേതാനാം സ്വാനാമുദകമിച്ഛതാം
ദാതും സകൃഷ്ണാ ഗംഗായാം പുരസ്കൃത്യ യയുഃ സ്ത്രിയഃ 1
തേ നിനീയോദകം സർവേ വിലപ്യ ച ഭൃശം പുനഃ
ആപ്ലുതാ ഹരിപാദാബ്ജരജഃപൂതസരിജ്ജലേ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുവും ഭൂദേവനുമായീടുമവനെത്ത-
ന്നരികിൽക്കെട്ടികൊണ്ടു വന്നതു സഹിക്കാതെ
''അഴിച്ചുവിട്ടാലും ചെന്നഴിച്ചുവിട്ടാലു''മെ-
ന്നഴറേറാടാവർത്തിച്ചു ചൊല്ലിയമ്മല്ലാ-
ക്ഷിയാം. 43

തൊടുത്തുവിടുവാനമസ്ത്രങ്ങളടക്കാനും
പടുത്വമോടുംകൂടിഗ് ഗൂഢമാം ധനുർവ്വേദം
ഏതൊരു മഹാശയൻതന്നനുഗ്രഹത്തിനാ-
ലാദിതൊട്ടന്തംവരെ,യഭ്യസിച്ചുവോ
ഭവാൻ. 44

ആദ്രോണഭഗവാൻതാൻപുത്രരൂപത്തിൽ മിന്നു-
മിദ്ദേഹം നമുക്കെന്നുമാദരണീയനല്ലോ.
അദ്ദേശികാംഗാർദ്ധമാം കൃപയിപ്പുത്രൻമൂല-
മത്രേ കാന്തനെയനുഗമിക്കാതിരുന്നതും. 45

അതിനാൽ, ധർമ്മവിജ്ഞ! ഭർത്താവേ! ഗുരുവംശ-
ക്ഷതിക്കിന്നങ്ങൊന്നൊരുങ്ങുന്നതു ഭംഗിയല്ല
നമ്മളാൽ ഗുരുകുലം ദുഃഖിതമായിക്കൂടാ;
നമ്മട്ടിലെല്ലാമ്പൊഴും പൂജിക്കപ്പെടേണ്ടതാം. 46

പതിദേവതയാമഗ്ഗൗതമിയാത്മജൻെറ
വധത്താൽ വീണ്ടും കണ്ണീർവാർത്തിട്ടുത്യാ-
ർത്തയായി
കാണ്ണിടുവാനിടയാക്കരുതെന്നെപ്പോലെ-
യറിഞ്ഞീടുന്നവല്ലോ ധർമ്മങ്ങളങ്ങു നേരേ. 47
ദുഷ്ടഭൂപന്മാർ കോപിപ്പിച്ചിടും ബ്രഹ്മവംശം
പെട്ടെന്നു ദഹിപ്പിക്കുമവരെക്കുലത്തൊടും. 48

സൂതൻ പറഞ്ഞു

ധർമ്മ്യമായ് നീതിയുക്തമായലിവോലുന്നതാ-
യുണ്മയും മഹത്വവും സമഭാവവും ചേരും
രാജ്ഞിപാഞ്ചാലി ചൊന്നൊരീ മഞ്ജു-
വാക്യങ്ങളെ
പ്രാജ്ഞനാം ധർമ്മാത്മജനഭിനന്ദിച്ചീടിനാൻ 49

നകുലൻ, സഹദേവൻ, സാത്യകി, ധനഞ്ജയൻ,
ഭഗവാൻ കൃഷ്ണൻ, പിന്നെയന്യസ്ത്രീപുമാന്മാരും
സകല ജനങ്ങളും ദ്രുപദാത്മജാനന-
വിഗളദ്വാക്യാമൃതമൊന്നുപോലാസ്വദിച്ചാർ.
50

വല്ലാതമർഷംപൂണ്ടങ്ങിരിക്കും ഭീമൻ ചൊന്നാ-
''നല്ലിലിങ്ങുറക്കത്തിൽക്കിടന്ന കുഞ്ഞുങ്ങളെ
തല്ലാഭത്തിനും നിജസ്വാമിതൻ പ്രിയത്തിനു-
മല്ലാതെ കൊലചെയ്ത ഘാതകൻതന്നെയി-
പ്പോഴാം
കൊല്ലാതെ വിടുവാനോ കൂടിയാലോചനകൾ!
കൊള്ളാം! വധിപ്പതത്രേയവനും ശ്രേയസ്കരം''
ഭീമൻെറ ചൊല്ലും കൃഷ്ണാവാക്യവും കേട്ടാ ശ്യാമ-
കോമളൻ സ്മിതംതൂകിപ്പാർത്ഥനെ നോക്കിച്ചൊ-
ന്നാൻ. 51-52

ശ്രീഭഗവാൻ പറഞ്ഞു

ബ്രാഹ്മണൻ ഹന്തവ്യനല്ല,തതായിയായു-
ള്ളോൻ
ബ്രഹ്മജ്ഞാനിയാം ദ്വിജനാകിലും വധ്യനത്രേ.
എന്നിതു രണ്ടുമെൻെറ ശാസനം ശാസ്ത്രയുക്ത-
മിന്നിവ തെററിക്കാതെ പററിക്ക കാര്യം
പാർത്ഥാ! 53

പ്രിയയെശ്ശാന്തയാക്കാൻ ചൊല്ലിയ ചൊല്ലി-
നേതു-
മയവുവരുത്താതെ ഭീമനും പാഞ്ചാലിക്കും
എനിക്കും ഹിതമായിട്ടിരിക്കത്തക്കവണ്ണം
നിനയ്ക്കു, ഭംഗിയായിസ്സംഗതി നിവ്വ-
ഹിക്കു. 54

സൂതൻ പറഞ്ഞു

ഹരിതന്നന്തർഗ്ഗതം മനസ്സിലാക്കിനേരേ
തരസാ വാളാലശ്വത്ഥാമാവിൻ ശിരോരത്നം
മുടിയോടൊത്തു ചുഴന്നെടുത്താൻ ജന്യശൂര-
മുടിരത്നമായീടുമാ ദേവാധിരാജാത്മജൻ. 55

ബാലഹത്യയാൽ നഷ്ടതേജസ്സായ് പാശത്തി-
നാൽ
ചാലവേ സംബദ്ധനായ ശിരോമണിയാകും
ദ്രോണപുത്രനെപ്പിന്നെശ്ശിബിരംതന്നിൽ-
നിന്നും
കാണിവൈകാതെകയറഴിച്ചുവിട്ടീടിനാൻ. 56

പിഴയിട്ടീടാക്കുക, കേശച്ഛേദനം ചെയ്തു-
യൊഴിവാക്കുക നാട്ടിൽനി,ന്നെന്നീശിക്ഷ
മൂന്നിൽ
ഒന്നിനാൽ ദ്വിജാധമൻതന്നെ ദൈഹികവധം
തന്നിൽനിന്നൊഴിച്ചീടാമെന്നുണ്ടു പണ്ടേ
വിധി. 57

ഖിന്നരാം പാണ്ഡവന്മാർ പാഞ്ചാലിയോടു-
കൂടി-
പ്പിന്നെത്തത്മൃതബാലസംസ്കാരം നടത്തി-
നാർ. 58

അദ്ധ്യായം 8

ഉത്തരാഗർഭപാലനം—കുന്തീസ്തുതി

സൂതൻ പറഞ്ഞു

പിന്നെയപ്പാണ്ഡവന്മാർ കൃഷ്ണനോടൊത്തു
നന്ദനക്ഷുദകപ്രദാനകർമ്മം നടത്താൻ [മൃത-
അംഗനമാരെയെല്ലാം മുൻനടത്തിച്ചുകൊണ്ടു-
ഗ്ഗംഗതൻ തീരത്തിങ്കൽ മന്ദമായ്ച്ചെന്നണ-
ഞ്ഞാർ. 1
കരഞ്ഞുകൊണ്ടെല്ലാരും നീരേകി വീണ്ടും മുങ്ങി
ഹരിപാദാബ്ജധൂളീശുദ്ധമാം ഗംഗാംഭസ്സിൽ 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്രാസീനം കുരുപതിം ധൃതരാഷ്ട്രം സഹാനുജം
ഗാന്ധാരീം പുത്രശോകാർത്താം പൃഥാം കൃഷ്ണാം ച മാധവഃ 3
സാന്ത്വയാമാസ മുനിഭിർഹതബന്ധൂൻ ശുചാർപ്പിതാൻ
ഭൂതേഷു കാലസ്യ ഗതിം ദർശയന്നപ്രതിക്രിയാം. 4
സാധയിത്വാജാതശത്രോഃ സ്വം രാജ്യം കിതവൈർഹൃതം
ഘാതയിത്വാസതോ രാജ്ഞഃ കചസ്പർശക്ഷതായുഷഃ 5
യാജയിത്വാശ്വമേധൈസ്തം ത്രിഭിരുത്തമകല്പകൈഃ
തദ്യശഃ പാവനം ദിക്ഷു ശതമന്യോരിവാതനോത്. 6
ആമന്ത്ര്യ പാണ്ഡുപുത്രാംശ്ച ശൈനേയോദ്ധവസംയുതഃ
ദ്വൈപായനാദിഭിർവിപ്രൈഃ പൂജിതൈഃ പ്രതിപൂജിതഃ 7
ഗന്തും കൃതമതിർബ്രഹ്മൻ! ദ്വാരകാം രഥമാസ്ഥിതഃ
ഉപലേഭേഽഭിധാവന്തീമുത്തരാം ഭയവിഹ്വലാം. 8

ഉത്തരോവാച

പാഹി പാഹി മഹായോഗിൻ ദേവ ദേവ ജഗത്പതേ!
നാന്യം ത്വദഭയം പശ്യേ യത്ര മൃത്യുഃ പരസ്പരം. 9
അഭിദ്രവതി മാമീശ! ശരസ്തപ്തായസോ വിഭോ!
കാമം ദഹതു മാം നാഥ മാ മേ ഗർഭോ നിപാത്യതാം. 10

സൂത ഉവാച

ഉപധാര്യ വചസ്തസ്യാ ഭഗവാൻ ഭക്തവത്സലഃ
അപാണ്ഡവമിദം കർത്തും ദ്രൗണേരസ്ത്രമബുദ്ധ്യത. 11
തർഹ്യേവാഥ മുനിശ്രേഷ്ഠ! പാണ്ഡവാഃ പഞ്ചസായകാൻ
ആത്മനോഽഭിമുഖാൻ ദീപ്താനാലക്ഷ്യാസ്ത്രാണ്യുപാദദുഃ 12
വ്യസനം വീക്ഷ്യ തത്തേഷാമനന്യവിഷയാത്മനാം
സുദർശനേന സ്വാസ്ത്രേണ സ്വാനാം രക്ഷാം വ്യധാദ്വിഭുഃ 13
അന്തഃസ്ഥഃ സർവ്വഭൂതാനാമാത്മാ യോഗേശ്വരോ ഹരിഃ
സ്വമായയാഽഽവൃണോദ്ഗർഭം വൈരാട്യാഃ കുരുതന്തവേ. 14
യദ്യപ്യസ്ത്രം ബ്രഹ്മശിരസ്ത്വമോഘം ചാപ്രതിക്രിയം
വൈഷ്ണവം തേജ ആസാദ്യ സമശാമ്യദ് ഭൃഗൂദ്വഹ! 15
മാമംസ്ഥാ ഹ്യേതദാശ്ചര്യം സർവ്വാശ്ചര്യമയേഽച്യുതേ
യ ഇദം മായയാ ദേവ്യാ സൃജത്യവതി ഹന്ത്യജഃ 16
ബ്രഹ്മതേജോവിനിർമ്മുക്തൈരാത്മജൈസ്സഹ കൃഷ്ണയാ
പ്രയാണാഭിമുഖം കൃഷ്ണമിദമാഹ പൃഥാ സതീ. 17

കുന്ത്യുവാച

നമസ്യേ പുരുഷന്ത്വാഽഽദ്യമീശ്വരം പ്രകൃതേഃ പരം
അലക്ഷ്യം സർവ്വഭൂതാനാമന്തർബ്ബഹിരവസ്ഥിതം. 18
മായാജവനികാച്ഛന്നമജ്ഞാധോക്ഷജമവ്യയം
ന ലക്ഷ്യസേ മൂഢദൃശാ, നടോ നാട്യധരോ യഥാ. 19
തഥാ പരമഹംസാനാം മുനീനാമമലാത്മനാം
ഭക്തിയോഗവിധാനാർത്ഥം കഥം പശ്യേമ ഹി സ്ത്രിയഃ 20
കൃഷ്ണായ വാസുദേവായ ദേവകീനന്ദനായ ച
നന്ദഗോപകുമാരായ ഗോവിന്ദായ നമോ നമഃ 21
നമഃ പങ്കജനാഭായ നമഃ പങ്കജമാലിനേ
നമഃ പങ്കജനേത്രായ നമസ്തേ പങ്കജാംഘ്രയേ. 22
യഥാ ഹൃഷീകേശ ഖലേന ദേവകീ
കംസേന രുദ്ധാതിചിരം ശുചാർപ്പിതാ
വിമോചിതാഹം ച സഹാത്മജാ വിഭോ
ത്വയൈവ നാഥേന മുഹുർവ്വിപദ്ഗണാത്. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോദരസമന്വിതം തത്രമേവീടും ധർമ്മ-
ജാതഭൂപാലനേയുമാ ധൃതരാഷ്ട്രരേയും
പുത്രശോകാർത്തയാകും ഗാന്ധാരി, കുന്തീദേവി-
യൊത്ത പാഞ്ചാലാത്മജയെന്നിവരെയും
പിന്നെ 3

ബന്ധുക്കളൊടുങ്ങിയ മററു ദുഃഖിതരേയും
ബന്ധഹീനരാം മുനിമാരെയൊത്ത ദൈത്യാരാതി
കാലത്തിൻഗതിയാർക്കുമവാര്യമെന്ന തത്ത്വം
ചേലായിസ്സ്പഷ്ടമാക്കിയാശ്വസിപ്പി-
ച്ചീടിനാൻ. 4

വഞ്ചകാഹൃതംരാജ്യം വീണ്ടു ധർമ്മജന്നേകി
പാഞ്ചാലീകേശംതൊട്ട ദുഷ്ടർക്കും നാശംചേർത്തു
അശ്വമേധങ്ങൾ മൂന്നു നടത്തിച്ചദ്ദേഹത്തിൻ-
ശാശ്വതകീർത്തിയിന്ദ്രന്നൊപ്പമായ്
വ്യാപിപ്പിച്ചു.
പാണ്ഡവരോടു യാത്രചൊല്ലി വ്യാസാദി-
പ്രതി-
വന്ദനങ്ങളുമേററു തൻപുരം പൂകാൻ കൃഷ്ണൻ
ഉദ്ധവസാത്യകിമാരൊത്തൊരു തേരേറവേ-
യുത്തര കരഞ്ഞു പാഞ്ഞെത്തുന്നതായിക്ക-
ണ്ടാൻ. 5–8

ഉത്തര പറഞ്ഞു

ദേവദേവേശാ! ജഗദീശ്വരാ! യോഗേശാ!
യി-
പ്പാവത്തെയവിടുന്നു രക്ഷിച്ചുകൊള്ളേണമേ.
എനിക്കങ്ങല്ലാതില്ലൊരാലംബമന്യരെല്ലാം
നിനയ്ക്കിൽ മൃതിഭീതിയുള്ളവർതന്നെയല്ലോ. 9

ചുട്ടിരുമ്പമ്പൊന്നിതാ വരുന്നുണ്ടെൻറനേരേ,
പെട്ടെന്നതെന്നെദ്ദഹിപ്പിക്കട്ടെ,യെന്നാൽ മമ
ഗർഭസ്ഥശിശുവിന്നു ലേശമതേശീടാതെ
മൂപ്പാരിൻപതേ! ഭവാൻ കാത്തരുളീട
വേണം. 10

സൂതൻ പറഞ്ഞു

ഏണാക്ഷീവാക്യംകേ,ട്ടിബ്ഭുവപാണ്ഡവ-
മാക്കാൻ
ദ്രോണജൻ വിട്ട ബാണമാണതെന്നീശൻ
പാർത്താൻ. 11

പഞ്ചപാണ്ഡവന്മാരുമവരെ നേരിട്ടീടു-
മഞ്ചുജ്ജ്വലാസ്ത്രത്തെക്കണ്ടമ്പുകളെടു-
ത്തുതേ. 12

അനന്യചിന്തകളെന്യേ തന്നേത്താൻ ഭജിക്കുമീ-
യുന്നതഭക്തന്മാർക്കു വന്നതാം ദുഃഖംപാർത്തു
തന്നുടെ മഹനീയസുദർശനായുധത്തെ-
യൊന്നു വിട്ടധോക്ഷജനവരെ രക്ഷിച്ചിതു. 13

യോഗേശനായിസ്സർവ്വഭൂതാന്തഃസ്ഥിതനാകും
ശ്രീകാന്തൻ കുരുവംശം നിലനിർത്തുവാനായി
ആക്രാംഗിയാം വിരാടാത്മജതൻെറ ഗർഭം
വേഗത്തിൽ സ്വമായയാൽ മറച്ചുകാത്തു
കൊണ്ടാൻ. 14

തന്മഹാസുദർശനമഹസ്സിലമർന്നുപോയ്
ബ്രഹ്മാസ്ത്രമമോഘമാണെങ്കിലും ഭൃഗുദ്വഹ! 15
നിജമായയാൽ വിശ്വം സൃഷ്ടിച്ചു കാത്തഴിക്കു-
മജൻതൻ കളികളിലത്ഭുതപ്പെടാനുണ്ടോ! 16
ബ്രഹ്മാസ്ത്രനിർമ്മുക്തരാം തൻതനയ-
ന്മാരൊടും
പെൺമണി കൃഷ്ണയോടുംകൂടിയ കുന്തീദേവി
യാത്രയ്ക്കു ഭാവിച്ചീടും ഭഗവാൻതന്നന്തിക-
മെത്തിയെത്രയും ഭക്തിവിനയപൂർവ്വം
ചൊന്നാൾ. 17

കുന്തീസ്തുതി

കുന്തി പറഞ്ഞു

സകലചരാചരാന്തർബഹിഃസ്ഥിതനായി,
പ്രകൃതിതന്നിൽനിന്നു ഭിന്നനായ്,
നിയന്താവായ്
പരിപൂർണ്ണനാ,യഗോചരനാ,യാദ്യനാകും
പരദൈവമേ! ഹരേ! നമസ്കരിക്കുന്നു ഞാൻ. 18

മായയാം മറയാലാച്ഛന്നനായധോക്ഷജ-
നായ നീ വേഷംകെട്ടിയാടുന്ന നടനെപ്പോൽ
കേവലമജ്ഞദൃഷ്ടിക്കദൃശ്യനത്രേ പാർത്താൽ
ഹേ വിഭോ! നാശഹീനാ! മൂഢ ഞാൻ
നമിക്കുന്നു. 19

പരമഹംസന്മാരും മനനംശീലിച്ചുള്ള
വരമാമുനിമാരുമമലചിത്തന്മാരും
അറിയാതിരിക്കുമ്പോൾ ഭക്തിയോഗ-
ത്താൽ നിന്നെ-
യറിവറെറഴും സ്ത്രീകൾ ഞങ്ങളെങ്ങനെ
കാണും. 20

ഹേ വാസുദേവാ! കൃഷ്ണാ! ദേവകീദേവീ-
സൂനോ!
ഗോവിന്ദാ! നന്ദഗോപകുമാരാ! നമസ്കാരം. 21
നമസ്തേ! പത്മനാഭാ! നമസ്തേ പത്മമാലിൻ!
നമസ്തേ പത്മനേത്രാ! നമസ്തേ പത്മ-
പാദാ! 22

ദുഷ്ടാഗ്ര്യനാകും കംസൻ പിടിച്ചുകെട്ടിയിട്ടു
കഷ്ടംപ്പെടുത്തിയോരു നിന്നമ്മ ദേവകിയെ
രക്ഷിച്ചപോലെന്നെയുമെൻ തനുജന്മാരെയു-
മക്ഷയകീർത്തേ! ഭവാൻ രക്ഷിച്ചു വീണ്ടും
വീണ്ടും. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷാന്മഹാഗ്നേഃ പുരുഷാദദർശനാ-
ദസത്സഭായാ വനവാസകൃച്ഛ്രതഃ
മൃധേ മൃധേ/നേകമഹാരഥാസ്ത്രതോ
ദ്രൗണ്യ സ്ത്രതശ്ചാസ്മ ഹരേ/ഭിരക്ഷിതാഃ 24

സുയോധന നിസ്സൃഷ്ടോ ന-
ശ്ശാപായാമഷ്ണോ മുനിഃ
പത്യൈശ്ചാതൃപ്യത സഹ
ത്രിലോകൈകശ്വരതാം വനേ. 25

വിപദസ്സന്തു നശ്ശശ്വത്തത്ര തത്ര ജഗദ്ഗുരോ!
ഭവതോ ദർശനം യത് സ്യാദപുനർഭവദർശനം. 26

ജന്മൈശ്വര്യശ്രുതശ്രീഭിരേധമാനമദഃ പുമാൻ
നൈവാർഹത്യഭിധാതും വൈ ത്വാമകിഞ്ചനഗോചരം. 27

നമോ/കിഞ്ചനവിത്തായ നിവൃത്തഗുണവൃത്തയേ
ആത്മാരാമായ ശാന്തായ കൈവല്യപതയേ നമഃ 28

മന്യേ ത്വാം കാലമീശാനമനാദിനിധനം വിഭും
സമം ചരന്തം സർവ്വത്ര ഭൂതാനാം യന്മിഥഃ കലിഃ 29

ന വേദ കശ്ചിദ് ഭഗവംശ്ചികീർഷിതം
തവേഹമാനസ്യ നൃണാം വിഡംബനം
ന യസ്യ കശ്ചിദ് ദയിതോസ്തി കർഹിചിദ്
ദ്വേഷ്യശ്ച യസ്മിൻ വിഷമാ മതിർന്നൃണാം. 30

ജന്മ കർമ്മ ച വിശ്വാത്മന്നജസ്യാകർത്തുരാത്മനഃ
തിര്യങ്നൃഷിഷു യാദസ്സു തദത്യന്തവിഡംബനം. 31

ഗോപ്യാദദേ ത്വയി കൃതാഗസി ദാമ താവദ്
യാ തേ ദശാ/ശ്രുകലിലാഞ്ജനസംഭ്രമാക്ഷം
വക്ത്രം നിനീയ ഭയഭാവനയാ സ്ഥിതസ്യ
സാ മാം വിമോഹയതി ഭീരപി യദ്ബിഭേതി. 32

കേചിദാഹുരജം ജാതം പുണ്യശ്ലോകസ്യ കീർത്തയേ
യദോഃ പ്രിയസ്യാന്വവായേ മലയസ്യേവ ചന്ദനം. 33

അപരേ വസുദേവസ്യ ദേവക്യാം യാചിതോ/ഭ്യഗാത്
അജസ്ത്വമസ്യ ക്ഷേമായ വധായ ച സുരദ്വിഷാം. 34

ഭാരാവതരണായാന്യേ ഭുവോ നാവ ഇവോദധൗ
സീദന്ത്യാ ഭൂരിഭാരേണ ജാതോ ഹ്യാത്മഭുവാർത്ഥിതഃ 35

ഭവേ/സ്മിൻ ക്ലിശ്യമാനാനാമവിദ്യാകാമകർമ്മഭിഃ
ശ്രവണസ്മരണാർഹാണി കരിഷ്യന്നിതി കേചന. 36

ശൃണ്വന്തി ഗായന്തി ഗൃണന്ത്യഭീക്ഷ്ണശഃ
സ്മരന്തി നന്ദന്തി തവേഹിതം ജനാഃ
ത ഏവ പശ്യന്ത്യചിരേണ താവകം
ഭവപ്രവാഹോപരമം പദാംബുജം. 37

അപ്യദ്യ നസ്ത്വം സ്വകൃതേഹിത പ്രഭോ,
ജിഹാസസി സ്വിത് സുഹൃദോ/നുജീവിനഃ
യേഷാം ന ചാന്യദ് ഭവതഃ പദാംബുജാത്
പരായണം രാജസു യോജിതാംഹസാം. 38

കേ വയം നാമരൂപാഭ്യാം യദുഭിസ്സഹ പാണ്ഡവാഃ
ഭവതോ/ദർശനം യർഹി ഹൃഷീകാണാമിവേശിതുഃ 39

നേയം ശോഭിഷ്യതേ തത്ര യഥേദാനീം ഗദാധര
ത്വത്പദൈരങ്കിതാ ഭാതി സ്വലക്ഷണവിലക്ഷിതൈഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാനനനിവാസത്തിൻ ക്ലേശത്തിൽനിന്നും
ദുഷ്ട-
മാനവന്മാർതൻ സഭാമണ്ഡപംതന്നിൽനിന്നും
ഉഗ്രമാം വിഷത്തിലും തീയിലുംനിന്നും മഹാ-
രാക്ഷസന്മാരിൽനിന്നുമോരോരോ യുദ്ധത്തിലും
വാച്ചോരു മഹാരഥാസ്ത്രങ്ങളിൽനിന്നും വിശേ-
ഷിച്ചുമശ്വത്ഥാമാവിന്നുജ്ജ്വലാസ്ത്രത്തിൽ
നിന്നും
അല്ലയോ ഹരേ! കൃഷ്ണാ! നിന്തിരുവടിതന്നെ-
യല്ലയോ രക്ഷിച്ചതു ഞങ്ങളെയപ്പോഴ
പ്പോഴ്. 24
വനത്തിൽ വാഴുംകാലം ശാപമേല്പിക്കാൻ
ദുര്യോ-
ധനനക്കോപശീലനായ ദുർവ്വാസസ്സിനെ
വിട്ടതായറിഞ്ഞെത്തിയങ്ങല്ലും ചീരതിന്നു-
തുഷ്ടനാക്കിനാനങ്ങമ്മുനിയെ മുപ്പാരൊടും. 25
ആപത്തിങ്ങടിക്കടിയെത്തട്ടെ,യപ്പോഴെല്ലാം
ശ്രീപതേ! മുക്തിദം ത്വദ്ദർശനം കിട്ടുമല്ലോ. 26
സത്കുലം, പ്രഭുത്വം, ശ്രീ, പാണ്ഡിത്യമിവ-
മൂലം
മുഷ്ടിയലുന്നവർക്ക ഭക്തദൃശ്യനാം നിന്നെ
കാണുവാൻ സാധിക്കയില്ലെന്നല്ല, ഭവദഭി-
ധാനമെന്നോതുവാനുമവർക്കില്ലവകാശം! 27
ആത്മാരാമനായ് സദാ കൈവല്യനാഥനായി
ധർമ്മാർത്ഥകാമാദിയിലാശയററവനായി
ശാന്തനായകിഞ്ചനധനമാം ഹൃഷീകേശാ!
നിന്തിരുമേനിക്കിതാ പിന്നെയും
നമസ്കാരം. 28
നീതന്നെ നിയന്താവും വിഭുവും പാർത്തുകാണ്കി-
ലാദിയുമന്തവുമററവനുമങ്ങുതന്നെ
കാലസ്വരൂപനും നീ സർവ്വത്രസഞ്ചാരിയായ്
ലാലസിപ്പതും ഭവാനെന്നുതാൻ നിനയ്ക്കുന്നേൻ.
ഭൂതജാലങ്ങൾക്കത്രേയന്യോന്യം കലഹങ്ങ;-
ളേതുമില്ലല്ലോ ഭേദഭാവന ഭവാനോർത്താൽ. 29
മനുഷ്യമട്ടിൽ ഭവാൻ കാണിക്കും കൈകളൊന്നും
മനസ്സിലാക്കീടുവാൻ മർത്ത്യനില്ലല്ലോ ശേഷി.
പ്രിയനും വിരോധിയുമില്ലാത്ത ഭവാനിലും
നിയതം ഭേദബുദ്ധി ജനങ്ങൾ കല്പിക്കുന്നു. 30
നിനയ്ക്കിലജന്മാവായ കർത്താവാകും ഭവാൻ
മനുജൻ, തിര്യ,ക്കൃഷി,യാദസ്സെന്നീ
ജാതിയിൽ
അനന്തജന്മങ്ങളുമദ്ഭുതകർമ്മങ്ങളു-
മനിശമാർന്നു നിജലീല നിർവ്വഹിക്കുന്നു. 31
തൈക്കലം തകർക്കയാൽ ഭവാനെക്കെട്ടാൻ
കയർ
കൈക്കൊണ്ടു യശോദ വന്നടുത്ത സമയത്തിൽ
കണ്ണീരിൽ കലങ്ങിയ മഷിയൊത്തുച്ചലിക്കും
കണ്ണുകളെഴും മുഖംകുനിച്ചു ഭീതടിച്ചു
നിന്നോരാകൃതിയോർത്തു ഞാനിതാ മോഹി
ക്കുന്നു,
ഉന്നതവേദങ്ങൾക്കും ഭവാനെബ്ഭയമല്ലോ. 32
പുണ്യശ്ലോകനാം ധർമ്മജന്മാവിൻ
കീർത്തിക്കായി-
ട്ടന്യനപ്രിയരെഴും യാദവാന്വയംതന്നിൽ,
ഉന്നതമലയമാമലയിൽച്ചന്ദനംപോൽ,
വന്നു ജാതനായജനങ്ങെന്നു ചിലർ
ചൊൽവൂ. 33
ജന്മഹീനനാം ഭവാനീ ലോകക്ഷേമത്തിനു-
മുന്മൂലനാശം ദൈത്യരാശിക്കു ചേർത്തീടാനും
പ്രാർത്ഥിതനാകയാലും ദേവകീവസുദേവ-
പുത്രനായവതരിച്ചെന്നിങ്ങു വേറേ ചിലർ. 34
ഭൂരിഭാരത്താൽത്താഴാൻ ഭാവിക്കും ഭൂദേവിതൻ-
ധുരിനെ,സ്സമുദ്രത്തിൽ കപ്പലിൻഭാരംപോലെ,
കുറയ്ക്കാൻ ബ്രഹ്മാവപേക്ഷിക്കമൂലമായി-
പ്പിറന്ന സർവ്വേശനാണങ്ങെന്നും ചൊൽവൂ
ചിലർ. 35
കാമ,മജ്ഞാനം, കർമ്മമിവയാൽ ബാധയി-
ലാമഗ്നരായി ക്ലേശിച്ചീടുന്ന മർത്ത്യർക്കെന്നും
കേൾക്കാനും സ്മരിക്കാനും യോഗ്യമാം
കർമ്മങ്ങൾതൻ
മാർഗ്ഗദർശിയായ് ജന്മംവരിച്ചെന്നൊരുകൂട്ടർ. 36
ഏതവൻ സദാ ഭവച്ചരിതം ശ്രവിക്കയും
സാദരം പാടുകയും ചൊല്ലുയും സ്മരിക്കയും
സന്തോഷിക്കയും ചെയ്യുന്നു,ണ്ടവൻ സംസാ-
രത്തി-
ന്നന്തമേകീടും ഭവത്പാദാബ്ജമുടൻ
കാണും. 37
സ്വജനാഭിലാഷങ്ങളഖിലം സാധിപ്പിക്കും
വിജയസഖേ! വിഭോ! ഭവദാശ്രിതരാകും
ഞങ്ങളെ വെടിഞ്ഞിപ്പോൾ പോകുവാൻ
ഭാവിപ്പതു
ഭംഗിയോ ഭഗവാനേ! രാജാക്കന്മാർക്കശേഷം
തുംഗമാം ദ്വേഷംചേർത്ത ഞങ്ങൾക്കിന്നോർത്തീ-
ടുകി-
ലങ്ങൊഴിഞ്ഞവലംബമാതുള്ളതഖിലേശാ! 38
ഇന്ദ്രിയജാലം ജീവാഭാവത്തിലെന്നപോൽ,
ത്വത്-
സന്ദർശനാഭാവത്തിലീയദുപാണ്ഡവന്മാർ
ചലനം വിട്ടു ബലഹീനരായ് വൃഥാവലേ
വിലയില്ലാത്ത നാമരൂപങ്ങൾ ധരിക്കുന്നു. 39
ഹേ കൃഷ്ണാ! ഗദാധരാ! ഭാഗ്യലക്ഷണങ്ങളാ-
ലാകർഷകങ്ങളാകുമങ്ങേക്കാൽച്ചുവടുകൾ
അണിഞ്ഞു ശോഭിക്കുമീബ്ഭൂദേവി ഭവാൻ
പോയാൽ
കണികപോലും ഭംഗിതടവി വിളങ്ങീടാ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇമേ ജനപദാഃ സ്വൃദ്ധാഃ സുപക്വൗഷധിവീരുധഃ
വനാദ്രിനദ്യുദന്വന്തോ ഹ്യേധന്തേ തവ വീക്ഷിതൈഃ 41

അഥ വിശ്വേശ, വിശ്വാത്മൻ, വിശ്വമൂർത്തേ, സ്വകേഷു മേ
സ്നേഹപാശമിമം ഛിന്ധി ദൃഢം പാണ്ഡുഷു വൃഷ്ണിഷു. 42

ത്വയി മേഽനന്യവിഷയാ മതിർമ്മധുപതേഽസകൃത്
രതിമുദ്വഹതാദദ്ധാ ഗംഗേവൗഘമുദന്വതി. 43

ശ്രീകൃഷ്ണ കൃഷ്ണസഖ വൃഷ്ണ്യൃഷഭാവനിധ്രു-
ഗ്രാജന്യവംശദഹനാനപവർഗ്ഗവീര്യ!
ഗോവിന്ദ ഗോദ്വിജസുരാർത്തിഹരാവതാര!
യോഗേശ്വരാഖിലഗുരോ ഭഗവൻ! നമസ്തേ. 44

സൂത ഉവാച
പൃഥയേത്ഥം കളപദൈഃ പരിണൂതാഖിലോദയഃ
മന്ദം ജഹാസ വൈകുണ്ഠോ മോഹയന്നിവ മായയാ. 45

താം ബാഢമിത്യുപാമന്ത്ര്യ പ്രവിശ്യ ഗജസാഹ്വയം
സ്ത്രിയശ്ച സ്വപുരം യാസ്യൻ പ്രേമ്ണാ രാജ്ഞാ നിവാരിതഃ 46

വ്യാസാദ്യൈരീശ്വരേഹാജ്ഞൈഃ കൃഷ്ണേനാദ്ഭുതകർമ്മണാ
പ്രബോധിതോഽപീതിഹാസൈർന്നാബുദ്ധ്യത ശുചാർപ്പിതഃ 47

ആഹ രാജാ ധർമ്മസുതശ്ചിന്തയൻ സുഹൃദാം വധം
പ്രാകൃതേനാത്മനാ വിപ്രാഃ സ്നേഹമോഹവശംഗതഃ 48

''അഹോ മേ പശ്യതാജ്ഞാനം ഹൃദി രൂഢം ദുരാത്മനഃ
പാരക്യസ്യൈവ ദേഹസ്യ ബഹ്വ്യോ മേഽക്ഷൗഹിണീർഹതാഃ 49

ബാലദ്വിജസുഹൃന്മിത്രപിതൃഭ്രാതൃഗുരുദ്രുഹഃ
ന മേ സ്യാന്നിരയാന്മോക്ഷോ ഹ്യപി വർഷായുതായുതൈഃ 50

നൈനോ രാജ്ഞഃ പ്രജാഭർത്തുർധർമ്മയുദ്ധേ വധോ ദ്വിഷാം
ഇതി മേ ന തു ബോധായ കല്പതേ ശാസനം വചഃ 51

സ്ത്രീണാം മദ്ധതബന്ധൂനാം ദ്രോഹോ യോഽസാവിഹോത്ഥിതഃ
കർമ്മഭിർഗ്ഗൃഹമേധീയൈർന്നാഹം കല്പോ വ്യപോഹിതും 52

യഥാ പങ്കേന പങ്കാംഭഃ സുരയാ വാ സുരാകൃതം
ഭൂതഹത്യാം തഥൈവൈകാം ന യജ്ഞൈർമ്മാർഷ്ടുമർഹതി. 53

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
പ്രഥമസ്കന്ധേ കുന്തീസ്തുതിര്യുധിഷ്ഠിരാനുതാപോ നാമാഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

സൂത ഉവാച
ഇതി ഭീതഃ പ്രജാദ്രോഹാത് സർവ്വധർമ്മവിവിത്സയാ
തതോ വിനശനം പ്രാഗാദ്യത്ര ദേവവ്രതോഽപതത്. 1

തദാ തേ ഭ്രാതരഃ സർവ്വേ സദശ്വൈഃ സ്വർണ്ണഭൂഷിതൈഃ
അന്വഗച്ഛൻ രഥൈർവിപ്രാ വ്യാസധൗമ്യാദയസ്തഥാ. 2

ഭഗവാനപി വിപ്രർഷേ രഥേന സധനഞ്ജയഃ
സ തൈർവ്യരോചത നൃപഃ കുബേര ഇവ ഗുഹ്യകൈഃ 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാരാളം പക്വൗഷധച്ചെടികൾ വനാദ്രികൾ
സാരസസരസ്സുകൾ നദികളെന്നിതെല്ലാം
ചേരുമിപ്രദേശങ്ങളങ്ങേക്കടാക്ഷങ്ങളാൽ
ഭൂരിസമൃദ്ധങ്ങളായ് സമ്പന്നങ്ങളായ്-
ത്തീർന്നു 41

ഇസ്ഥലമങ്ങുവിട്ടാൽ പാണ്ഡവന്മാർക്കഭദ്രം
സുസ്ഥിരമിങ്ങു വാണാൽ യാദവന്മാർക്കു ദുഃഖം
രണ്ടുമോർക്കുമ്പോഴെനിക്കിണ്ടലേറുന്ന മേന്മേൽ
കൊണ്ടൽനേർവർണ്ണാ! വിശ്വനായകാ! വിശ്വാ-
ത്മാവേ

അതിനാലെനിക്കൊപ്പമുഭയപക്ഷത്തിലും
പതിയും സ്നേഹപാശം ഛേദിക്ക വിശ്വ-
മൂർത്തേ! 42

അല്ലയോ മധുപതേ മന്മതി മറ്റൊന്നിലും
ചെല്ലാതബ്ധിയിലേക്കു ഗംഗാപ്രവാഹം
പോലെ
നിന്തിരുമേനിതന്നേക്കെപ്പൊഴും രാഗവാസ്സോ-
ടന്തരമേതുമെന്യേ പ്രവഹിച്ചീടേണമേ. 43

ഹേ കൃഷ്ണാ! ജിഷ്ണുപ്രിയാ! വൃഷ്ണിരത്നമേ!-
വിഷ്ണോ!
വൈകുണ്ഠാ! ഭൂമിദ്രോഹിഭൂപാലവനവഹ്നേ!
ഗോവിന്ദാ! പശുദ്വിജദേവാർത്തിഹരാ! ഹരേ!
ദേവേശാ! യോഗേശ്വരാ! ഭഗവൻ!
നമസ്കാരം. 44

സൂതൻ പറഞ്ഞു

കുന്തിയാലിപ്രകാരം മധുരപദങ്ങളാൽ
പന്തിയായ് ബഹുവിധംകീർത്തിതൻ ശ്രീമുകുന്ദൻ
സ്വാന്തമായയാൽ മോഹിപ്പിക്കുവോനെന്ന
മട്ടിൽ
ബന്ധുരമാമ്മാറൊരു പുഞ്ചിരിയിട്ടീടിനാൻ. 45

''അങ്ങിനെതന്നേയെന്നിൽ ഭവതിക്കുണ്ടാകട്ടെ
തുംഗമാം പ്രേമ''മെന്നായവളോടോതിപ്പിന്നെ
മല്ലാക്ഷിമാരോടെല്ലാമകത്തു ചെന്നു യാത്ര-
ചൊല്ലിപ്പിന്നെയും പുറപ്പെടുവാൻ തുടങ്ങു-
മ്പോൾ
തടഞ്ഞുധർമ്മാത്മജൻ ''പോകരുതിപ്പോൾ
മടങ്ങാമല്പംകൂടിക്കഴിഞ്ഞി''ട്ടെന്നു [ഭവാൻ,
ചൊന്നാൻ. 46

ഈശാഭിലാഷം നേരേ മനസ്സിലാക്കീടാതെ
വ്യാസമുഖ്യരും ശ്രേഷ്ഠകർമ്മാവാം കൃഷ്ണൻ താനും
ഇതിഹാസങ്ങൾമൂലം ബോധിപ്പിക്കിലും
വീണ്ടും
മതിശാന്തതയുണ്ടായില്ല ധർമ്മജനേതും. 47

ഉത്തമദ്വിജന്മാരേ! രാജാവാമജാതാരി
യുദ്ധത്തിൽ സുഹൃദ്വധംചെയ്തു പേർത്തുമോർത്തു
സ്നേഹമോഹങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്ന
സ്ഥിതിയിൽ
സാഹസവചനങ്ങൾ പറഞ്ഞു തുടങ്ങിനാൻ. 48

കഷ്ടം! ഞാനതിദുഷ്ടൻതന്നെ,യെന്നുള്ളിലുന്നം
ദൗഷ്ട്യവുമജ്ഞാനവുമെത്രയെന്നീക്ഷിക്കുവിൻ!
ജന്തുക്കൾക്കാഹാരമാകേണ്ടുമീ മെയ്യ്ക്കുവേണ്ടി
ഹന്ത! ഞാനക്ഷൗഹിണിയസംഖ്യം
നശിപ്പിച്ചേൻ. 49

എണ്ണമറ്റുള്ള ബാലന്മാരെയും ദ്വിജരെയും
ഗണ്യരാം പിതൃഭ്രാതൃസുഹൃദ്ദേശികരേയും
കൊന്നൊടുക്കിയോരെനിക്കയുതായുതം വർഷം
ചെന്നാലും നരകത്തിൽനിന്നേറാൻ സാധി-
ക്കുമോ? 50

ശത്രുഹത്യയാൽ പാപം ഭൂഭൃത്തിനില്ലധർമ്മ-
യുദ്ധത്തിലെന്നു ചൊല്ലും സ്മൃതിമേശാന്തി-
ക്കാകാ. 51

ഇപ്പോരിൽ ബന്ധുവധംനിമിത്തം പാവ-
പ്പെട്ടോ-
രുല്പലാക്ഷികൾക്കേറ്റിവച്ച ദുഃഖത്തിൽനിന്നും
ഉദ്ധൃതം കിൽബിഷൗഘം പോക്കുവാൻ-
ഗൃഹാശ്രമ-
കല്പിതകർമ്മമൊന്നും പര്യാപ്തമാകാ ദൃഢം. 52

ചെളിവെള്ളത്താൽ ചേർന്ന മാലിന്യമൊഴി-
ക്കുവാൻ
ചെളിവെള്ളത്താൽത്തന്നെ കഴുകും വിധത്തിലും
മദ്യത്തിൻ മത്തുമാറാനളവറ്റുള്ളിൽ വീണ്ടും
മദ്യംതാൻ ചെലുത്തുന്നപോലെയും നിരൂ-
പിച്ചാൽ
ഫലഹീനംതാനൊരു ജന്തുവെക്കൊന്ന പാപം
തുലയാൻ പല യാഗം ചെയ്‌വതെന്നാ-
ണെന്മതം. 53

അദ്ധ്യായം 9

ഭീഷ്മനിര്യാണം

സൂതൻ പറഞ്ഞു

യുദ്ധത്താൽ ജനദ്രോഹമധികംതാൻ ചെയ്തതാ-
യുൾത്തുടർന്ന ഭീതിമൂലമസ്വസ്ഥചിത്തനായി
സകലധർമ്മങ്ങളും വഴിപോൽ ധരിക്കുവാ-
നകതാരിങ്കലാശ വളർന്ന ധർമ്മജാതൻ
ഉയിർകൈവിടാൻ ഭീഷ്മരുത്തരായണം കാത്തു-
ശയിക്കും കുരുക്ഷേത്രം പൂകിനാനുടൻതന്നെ. 1

അനുജന്മാരുമനുഗമിച്ചാരെല്ലാവരും
കനകരഥങ്ങളിൽക്കയറി മന്ദേതരം
ധൗമ്യനും വ്യാസന്താനും മറ്റു മാമുനിമാരും
സമ്മോദപരസ്പരമെത്തിനാരസ്ഥലത്തിൽ. 2

ഉജ്ജ്വലതേജസ്വിയാം ശ്രീകൃഷ്ണഭഗവാനു-
മർജ്ജുനനൊത്തു തേരിൽക്കയറിപ്പുറപ്പെട്ടാൻ.
മന്നവൻയുധിഷ്ഠിരനിവരോടൊത്തുചേർന്നു
മിന്നിനാൻ, ഗുഹ്യകന്മാർ ചൂഴുമക്കുബേരൻ
പോൽ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഷ്ട്വാ നിപതിതം ഭൂമൌ ദിവശ്ച്യുതമിവാമരം
പ്രണേമുഃ പാണ്ഡവാ ഭീഷ്മം സാനുഗാസ്സഹ ചക്രിണാ. 4

തത്ര ബ്രഹ്മർഷയസ്സർവ്വേ ദേവർഷയശ്ച സത്തമ
രാജർഷയശ്ച തത്രാസന്ദ്രഷ്ടും ഭരതപുംഗവം. 5

പർവ്വതോ നാരദോ ധൌമ്യോ ഭഗവാൻ ബാദരായണഃ
ബൃഹദശ്വോ ഭരദ്വാജസ്സശിഷ്യോ രേണുകാസുതഃ 6

വസിഷ്ഠ ഇന്ദ്രപ്രമദസ്ത്രിതോ ഗൃത്സമദോ/സിതഃ
കക്ഷീവാൻ ഗൌതമോ/ത്രിശ്ച കൌശികോ/ഥ സുദർശനഃ 7

അന്യേ ച മുനയോ ബ്രഹ്മൻ ബ്രഹ്മരാതാദയോ/മലാഃ
ശിഷ്യൈരുപേതാ ആജഗ്മുഃ കശ്യപാങ്ഗിരസാദയഃ 8

താൻ സമേതാൻ മഹാഭാഗാനുപലഭ്യ വസൂത്തമഃ
പൂജയാമാസ ധർമ്മജ്ഞോ ദേശകാലവിഭാഗവിത്. 9

കൃഷ്ണം ച തത്പ്രഭാവജ്ഞ ആസീനം ജഗദീശ്വരം
ഹൃദിസ്ഥം പൂജയാമാസ മായയോപാത്തവിഗ്രഹം. 10

പാണ്ഡുപുത്രാനുപാസീനാൻ പ്രശ്രയപ്രേമസംഗതാൻ
അഭ്യാചഷ്ടാനുരാഗാസ്രൈരന്ധീഭൂതേന ചക്ഷുഷാ. 11

''അഹോ കഷ്ടമഹോ/ന്യായ്യം യദ്യൂയം ധർമ്മനന്ദനാഃ
ജീവിതും നാർഹഥ ക്ലിഷ്ടം വിപ്രധർമ്മാച്യുതാശ്രയാഃ 12

സംസ്ഥിതേ/തിരഥേ പാണ്ഡൌ പൃഥാ ബാലപ്രജാ വധൂഃ
യുഷ്മത്കൃതേ ബഹൂൻ ക്ലേശാൻ പ്രാപ്താ തോകവതീ മുഹുഃ 13

സർവ്വം കാലകൃതം മന്യേ ഭവതാം ച യദപ്രിയം
സപാലോ യദ്വശേ ലോകോ വായോരിവ ഘനാവലിഃ 14

യത്ര ധർമ്മസുതോ രാജാ ഗദാപാണിർവൃകോദരഃ
കൃഷ്ണോ/സ്ത്രീ ഗാണ്ഡിവം ചാപം സുഹൃത്
കൃഷ്ണസ്തതോ വിപത്. 15

ന ഹ്യസ്യ കർഹിചിദ്രാജൻ പുമാൻ വേദ വിധിത്സിതം
യദ്വിജിജ്ഞാസയാ യുക്താ മുഹ്യന്തി കവയോപി ഹി. 16

തസ്മാദിദം ദൈവതന്ത്രം വ്യവസ്യ ഭരതർഷഭ!
തസ്യാനുവിഹിതോ/നാഥാ നാഥ പാഹി പ്രജാഃ പ്രഭോഃ 17

ഏഷ വൈ ഭഗവാൻ സാക്ഷാദാദ്യോ നാരായണഃ പുമാൻ
മോഹയൻ മായയാ ലോകം ഗൂഢശ്ചരതി വൃഷ്ണിഷു. 18

അസ്യാനുഭാവം ഭഗവാൻ വേദ ഗുഹ്യതമം ശിവഃ
ദേവർഷിർന്നാരദസ്സാക്ഷാദ് ഭഗവാൻ കപിലോ നൃപ. 19

യം മന്യസേ മാതുലേയം പ്രിയം മിത്രം സുഹൃത്തമം
അകരോഃ സചിവം ദൂതം സൌഹൃദാദഥ സാരഥിം. 20

സർവ്വാത്മനഃ സമദൃശോ ഹ്യദ്വയസ്യാനഹംകൃതേഃ
തത്കൃതം മതിവൈഷമ്യം നിരവദ്യസ്യ ന ക്വചിത്. 21

തഥാപ്യേകാന്തഭക്തേഷു പശ്യ ഭൂപാനുകമ്പിതം
യന്മേ/സൂംസ്ത്യജതഃ സാക്ഷാത് കൃഷ്ണോ ദർശനമാഗതഃ 22

ഭക്ത്യാ//വേശ്യ മനോ യസ്മിൻ വാചാ യന്നാമ കീർത്തയൻ
ത്യജൻ കളേബരം യോഗീമുച്യതേ കാമകർമ്മഭിഃ 23

സ ദേവദേവോ ഭഗവാൻ പ്രതീക്ഷതാം
കളേബരം യാവദിദം ഹിനോമ്യഹം
പ്രസന്നഹാസാരുണലോചനോല്ലസ-
ന്മുഖാംബുജോ ധ്യാനപഥശ്ചതുർഭുജഃ'' 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിണ്ണിൽനിന്നിങ്ങു മന്നിൽ പതിച്ച ദേവ–
ന്മട്ടിൽ
മിന്നുമാഗാംഗേയനെ വന്ദിച്ചാരവരെല്ലാം. 4

ഭരതശ്രേഷ്ഠൻതന്നെക്കാണ്മാനായങ്ങെത്തിനാർ
സുരർഷിബ്രഹ്മർഷിമാർ രാജർഷിമാരുമപ്പോൾ. 5

പാരാതെ വേദവ്യാസൻ,പർവ്വതൻ,ധൗമ്യൻ–
താനും
നാരദൻ, ഭരദ്വാജൻ,ഭാർഗ്ഗവൻ.ബൃഹദശ്വൻ,
വസിഷ്ഠൻ,ത്രിതൻ,ഗൃത്സമദേന്ദ്രപ്രമദന്മാ–
രസിതൻ, കക്ഷീവാനും, ഗൗതമനത്രിതാനും
കൗശികൻ, സുദർശനൻ, ശ്രീശുക്രൻ, ബൃഹസ്പതി,
കശ്യപൻതൊട്ടു മററു ദിവ്യമാമുനിമാരും
അന്തേവാസികളുമായ് വളരെവളരെപ്പേർ
സന്ധിച്ചാരവിടത്തിലക്കാലം ദ്വിജന്മാരേ!
6–8

ഇമ്മട്ടു മഹാത്മാക്കൾ സമ്മേളിച്ചതുകണ്ടു
ധർമ്മജ്ഞൻ ദേശകാലഭേദജ്ഞൻ ഗംഗാദത്തൻ
അക്കിടപ്പിലുമുള്ളംകൊണ്ടുമാംഗ്യാദിയാലും
സത്ക്കരിച്ചേവരേയും പൂജിച്ചാൻ യഥോ–
ചിതം. 9

ഹൃദയസ്ഥിതനായി, മായാമർത്ത്യനായ്,
ലോക-
ത്രിതയത്തിനുമീശനാകിയ കൃഷ്ണനേയും
തന്നരികത്തു കണ്ടു തത് പ്രഭാവജ്ഞൻഭീഷ്മ–
രുന്നതഭക്തിപൂർവ്വമർച്ചിച്ചാൻ വേണ്ടുംമട്ടിൽ. 10

ചാരത്തായ് സ്നേഹഭക്ത്യാദരങ്ങളോടു നില്ക്കും
വീരാഗ്രഗണ്യന്മാരാം പാണ്ഡുനന്ദനന്മാരെ
പ്രേമബാഷ്പത്താലന്ധമാകിയ നേത്രങ്ങളാ–
ലാമഹാനൊന്നു നോക്കിച്ചൊല്ലിനാനി–
പ്രകാരം 11

ഹരിയും വിപ്രന്മാരും ധർമ്മവുമാലംബമായ്–
ക്കരുതിവാണീടുന്ന ധർമ്മനന്ദനന്മാരേ!
ദുഃഖിച്ചുകഴിയേണ്ടോരല്ലല്ലോ നിങ്ങൾ, പിന്നെ
ദുഃഖിപ്പതഹോ കഷ്ടം! മന്യായംതന്നെപാ–
ത്താൽ! 12

ജന്യശൂരനായതിരഥനായീടും പാണ്ഡു–
മന്നവൻ മരിക്കവേ, കുഞ്ഞുങ്ങളായിരുന്ന–
നിങ്ങൾക്കുവേണ്ടിയെന്തു ദുഃഖങ്ങൾ സഹിച്ചു
പോ–
യംഗനാതിലകമാമമ്മയക്കുന്തീദേവി. 13

ഇന്നീയനർത്ഥമെല്ലാം നിങ്ങൾക്കു കാലംചെയ്തു–
തെന്നത്രേ വിചാരിപ്പാൻ സംഗതികാണുന്നുള്ളു.
കാലത്തിന്നധീനംതാൻ ലോകങ്ങൾ
പതിന്നാലും,
ചാലവേ മേഘാവലിവായുവിനെന്ന
പോലെ. 14

എവിടെ ധർമ്മസൂനു രാജാവു, ഗദാധാരി–
പവനാത്മജൻ,ഗാണ്ഡീവാന്വിതൻ ധനഞ്ജയൻ,
ഭുവനേശ്വരനായ ഭഗവാൻ കൃഷ്ണൻ ബന്ധു–
വവിടെ വിപത്തെന്താലെന്തു ചൊല്ലേണ്ടു
പിന്നെ! 15

ഈശനാമിവന്നേഴമിച്ചുയെന്തൊക്കെയെന്നു–
ലേശവുമാക്കുമറിഞ്ഞീടുവാനരുതല്ലോ.
അക്കാര്യമറിഞ്ഞിടാനാഗ്രഹിച്ചിരിക്കുന്ന
സത്ക്കവിപ്രൗഢന്മാരുമാഹന്ത മോഹിക്കുന്നു.
16

അതിനാലിതു ദൈവനിശ്ചയമെന്നുറച്ചി–
ട്ടതിനെയനുസരിച്ചീടുവാൻ തീർച്ചയാക്കി
അല്ലയോ രാജൻ! ഭവാനനാഥജനങ്ങളെ
നല്ലപോൽ പരിപാലിച്ചീടുക മടിയാതെ. 17

ഇവൻതാൻ സാക്ഷാലാദ്യനീശ്വരൻ നാരാ–
യണൻ
ഭുവനം പാടേ നിജമായയാൽ മോഹിപ്പിച്ചു. 18

സ്വന്തരൂപം മറച്ചു യാദവന്മാർക്കിടയിൽ
സന്തതം സഞ്ചരിപ്പു മനുഷ്യനെന്നമട്ടിൽ
ശിവനും നാരദർഷി കപിലൻതാനുമത്രേ
ഇവന്റെ ഗുഹ്യതമമാഹാത്മ്യമറിയുന്നോർ. 19

നീ വിചാരിക്കുന്നിവൻ മാതുലപുത്രനെന്നും
കേവലമൊരു മിത്രം സുഹൃത്തുമെന്നുമെല്ലാം
തേർതെളിപ്പാനും മന്ത്രിയായിട്ടുമിവനെ നീ,
ദൂതിനും നിയോഗിപ്പു ചിലപ്പോൾ സൗഹൃദ–
ത്താൽ. 20

ഏകനായ്, സർവ്വാത്മാവായനഹംകൃതിയായി,
രാഗഹീനനായി, സമദൃക്കമിവ,നോർത്താൽ
സ്വകൃതകാര്യങ്ങൾ തൻ നീചോച്ചഭേദങ്ങളാൽ
വികൃതിക്കധീനനായ്ത്തീരുന്നില്ലൊരി–
ക്കലും. 21

എങ്കിലും, ശുദ്ധഭക്തന്മാരിലിമ്പ് ഭഗവാൻ
വൻകാരുണ്യത്തെക്കാൺക ഭൂപാല– [തൻ–
ശിരോമണേ!
പ്രാണനെത്തള്ളാനോർക്കുമെനിക്കു തത്സ്വരൂപം
കാണിപ്പാനായിട്ടിപ്പോളിങ്ങെഴുന്നള്ളി–
യല്ലോ. 22

പ്രേമപൂർവ്വകമുൾപ്പൂവാരിലങ്ങർപ്പിച്ചു ത–
ന്നാമകീർത്തനത്തോടുമുയിർ കൈവിടും യോഗി
കാമ്യകർമ്മങ്ങളിൽനിന്നുടനേ വിമുക്തനാം,
അമ്മഹാവൈരിദേവദേവൻ സുധ്യാനദൃശ്യൻ,
തെളിഞ്ഞ പുഞ്ചിരിപ്പൂനിലാവുമിളഞ്ചോപ്പാ–
ർന്നിളകം മിഴികളും വിളങ്ങും മുഖാബ്ജവും
ചതുർബാഹുവുംചേർന്നു കടാക്ഷവർഷമെന്നി–
ലുതിർത്തു നില്ക്കേണമീദേഹം ഞാൻ വിടും–
വരെ. 23–24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത ഉവാച

യുധിഷ്ഠിരസ്തദാകർണ്യ ശയാനം ശരപഞ്ജരേ
അപൃച്ഛദ്വിവിധാൻ ധർമ്മാനൃഷീണാഞ്ചാനുശൃണ്വതാം. 25
പുരുഷസ്വഭാവവിഹിതാൻ യഥാവർണ്ണം യഥാശ്രമം
വൈരാഗ്യരാഗോപാധിഭ്യാമാമ്നാതോഭയലക്ഷണാൻ 26
ദാനധർമ്മാൻ രാജധർമ്മാൻ മോക്ഷധർമ്മാൻ വിഭാഗശഃ
സ്ത്രീധർമ്മാൻ ഭഗവദ്ധർമ്മാൻ സമാസവ്യാസയോഗതഃ 27
ധർമ്മാർത്ഥകാമമോക്ഷാംശ്ച സഹോപായാൻ യഥാ മുനേ!
നാനാഖ്യാനേതിഹാസേഷു വർണ്ണയാമാസ തത്ത്വവിത് 28
ധർമ്മം പ്രവദതസ്തസ്യ സ കാലഃ പ്രത്യുപസ്ഥിതഃ
യോ യോഗിനശ്ഛന്ദമൃത്യോർവ്വാഞ്ഛിതസ്തൂത്തരായണഃ 29
തദോപസംഹൃത്യ ഗിരസ്സഹസ്രണീ-
ർവ്വിമുക്തസംഗം മന ആദിപൂരുഷേ
കൃഷ്ണേ ലസത്പീതപടേ ചതുർഭുജേ
പുരഃസ്ഥിതേഽമീലിതദൃഗവ്യധാരയത്. 30
വിശുദ്ധയാ ധാരണയാ ഹതാശുഭ-
സ്തദീക്ഷയൈവാശു ഗതായുധ വ്യഥഃ
നിവൃത്തസർവ്വേന്ദ്രിയവൃത്തിവിഭ്രമ-
സ്തുഷ്ടാവ ജന്യം വിസൃജൻ ജനാർദ്ദനം. 31

ശ്രീഭീഷ്മ ഉവാച

ഇതി മതിരുപകല്പിതാ വിതൃഷ്ണാ
ഭഗവതി സാത്വതപുംഗവേ വിഭൂമ്നി
സ്വസുഖമുപഗതേ ക്വചിദ്വിഹർത്തും
പ്രകൃതിമുപേയുഷി യദ്ഭവപ്രവാഹഃ 32
ത്രിഭുവനകമനം തമാലവർണ്ണം
രവികരഗൗരവരാംബരം ദധാനേ
വപുരളകകുലാവൃതാനനാബ്ജം
വിജയസഖേ രതിരസ്തു മേഽനവദ്യാ. 33
യുധി തുരഗരജോവിധൂമ്രവിഷ്വ-
ക്കചലുളിതശ്രമവാര്യലംകൃതാസ്യേ
മമ നിശിതശരൈർവ്വിഭിദ്യമാന-
ത്വചി വിലസത്കവചേഽസ്തു കൃഷ്ണ ആത്മാ. 34
സപദി സഖിവചോ നിശമ്യ മധ്യേ
നിജപരയോർബ്ബലയോ രഥം നിവേശ്യ
സ്ഥിതവതി പരസൈനികായുരക്ഷ്ണാ
ഹൃതവതി പാർത്ഥസഖേ രതിർമ്മമാസ്തു. 35
വ്യവഹിതപൃതനാമുഖം നിരീക്ഷ്യ
സ്വജനവധാദ്വിമുഖസ്യ ദോഷബുദ്ധ്യാ
കുമതിമഹരദാത്മവിദ്യയാ യ-
ശ്ചരണരതിഃ പരമസ്യ തസ്യ മേഽസ്തു. 36
സ്വനിഗമമപഹായ മത്പ്രതിജ്ഞാ-
മൃതമധികർത്തുമവപ്ലുതോ രഥസ്ഥഃ
ധൃതരഥചരണോഽഭ്യയാച്ചലദ്ഗുർ-
ഹരിരിവ ഹന്തുമിഭം ഗതോത്തരീയഃ 37
ശിതവിശിഖഹതോ വിശീർണ്ണദംശഃ
ക്ഷതജപരിപ്ലുത ആതതായിനോ മേ
പ്രസഭമഭിസസാര മദ്വധാർത്ഥം
സ ഭവതു മേ ഭഗവാൻ ഗതിർമ്മുകുന്ദഃ 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂതൻ പറഞ്ഞു

ധർമ്മജനിതു കേട്ടബ്ബാണപഞ്ജരശായി-
ഭീഷ്മരോടപേക്ഷിച്ചാനൃഷികളെല്ലാം
കേൾക്കെ,

വിവിധധർമ്മങ്ങളും വിസ്തരിച്ചരുൾചെയ്ത-
ങ്ങിവന്റെ സന്ദേഹത്തെത്തീർത്തരുളേണ-
മെന്നായ്. 25

പുരുഷധർമ്മം ജാതിധർമ്മമാശ്രമധർമ്മം
പുരുരാഗിക്കും രാഗഹീനനുമെഴും ധർമ്മം. 26

ദാനധർമ്മവും രാജധർമ്മവും മോക്ഷധർമ്മം
മാനിനീധർമ്മം, പിന്നെബ്ഭഗവദ്ധർമ്മങ്ങളും,
ഓരോന്നും ചുരുക്കിയും വിട്ടത്തും ചൊല്ലീടി-
നാൻ

സാരജ്ഞൻ വീരമർത്ത്യമാണിക്യം ഭീഷ്മാ-
ചാര്യൻ. 27

ധർമ്മാർത്ഥകാമമോക്ഷമർമ്മങ്ങളറിയേണ്ടും
സന്മാർഗ്ഗം, പുനരിതിഹാസങ്ങളാഖ്യാനങ്ങൾ
ഇത്തരം പലതുമന്നരുളിച്ചെയ്തീടിനാൻ
തത്ത്വവിത്സമുദയപുംഗവൻ ഗംഗാദത്തൻ. 28

സ്വച്ഛന്ദമൃതിക്കായി യോഗീന്ദ്രരശേഷവു-
മിച്ഛിക്കും നല്ലൊരുത്തരായണകാലമായി. 29

ധർമ്മപ്രവക്താവാകുമമ്മഹാപുമാനടൻ
തന്നെയ്യുപേക്ഷിക്കുവാനുള്ളത്തിലുറച്ചിതേ
സഹസ്രം രഥികളെപ്പാലിച്ച വീരാഗ്രണി
സഹസാ സംഭാഷണം നിറുത്തിയാദ്യനായി
ചതുഷ്പാണിയായ്പീതവാസസ്സായ് മുമ്പിൽ
നില്ക്കും
വിധുവിൽ നിർവികാരമാനസമുറപ്പിച്ചാൻ. 30

അപ്പൊഴേയശുഭങ്ങളകന്നു ശസ്ത്രക്ഷത-
മല്പവുമറിയാതായ് ഭഗവത്കടാക്ഷത്താൽ
ഇന്ദ്രിയവ്യാപാരങ്ങളടക്കിത്തനുതള്ളാൻ
ചിന്തിച്ചീവിധം രമാകാന്തനെ സ്തുതിച്ചിതു. 31

ഭീഷ്മസ്തുതി

ഭീഷ്മൻ പറഞ്ഞു

ബ്രഹ്മാനന്ദനായ് സുഖരൂപനായ് സൃഷ്ട്യാ-
ദിക്കായ്
തന്മായയെച്ചിലപ്പോൾ ലീലയായ് സ്വീക-
രിക്കും
യാദവേശ്വരൻതന്നിൽ തൃഷ്ണാവിഹീനമാമെൻ
ചേതസ്സിപ്രകാരം ഞാൻ സമർപ്പിച്ചിരി-
ക്കുന്നു. 32

നീലവർണ്ണവും രവിരശ്മികൾ മങ്ങും പീത-
ചേലയുമളകാളിയിളകും മുഖാബ്ജവും
ത്രൈലോക്യസൗന്ദര്യവും കലർന്നപാർത്ഥപ്രിയൻ
ലീലാമർത്ത്യനിൽ ശുദ്ധപ്രേമമുണ്ടാകട്ടെ മേ. 33

അടരിലശ്വധൂളിപററിധൂമ്രമാം തല-
മുടികൾ പാറിച്ചിന്നി വിയർത്ത കോമളാസ്യം
ക്രൂരമ്പാൽ മുറിഞ്ഞ മെയ് ലാലസത്കവചവും
ചേരുമാ മുകുന്ദനിലെന്മനം പതിയട്ടേ. 34

മിത്രത്തിൻചൊല്ലുകേട്ട സേനകൾ രണ്ടിന്റെയും
മധ്യത്തിൽ പൊട്ടന്നനേ സ്യന്ദനം നിർത്തിനിന്നു
ശത്രുസേനതൻ പ്രാണൻ നോട്ടത്താൽ ഹരി-
ച്ചൊരു
പാർത്ഥസാരഥിതന്നിലെൻപ്രേമമേറീടണം. 35

ദൂരത്തായെതിർസൈന്യമുന്നണിനോക്കിപ്പാ-
പഭീരുവായ്സ്വജനത്തെക്കൊല്ലാൻ മടിച്ചു
നില്ക്കും
പാർത്ഥന്റെ മന്ദീഭാവം തത്ത്വോപദേശത്തി-
നാൽ
തീർത്ത ദേവന്റെ പാദഭക്തനായ്ത്തീരട്ടെ
ഞാൻ. 36

സ്വന്തമാം പ്രതിജ്ഞയെത്തെററിച്ചുമെന്റെ
സത്യം
സന്ധിക്കാൻ രഥത്തിൽനിന്നെടുത്തു താഴെ-
ച്ചാടി
ഉത്തരീയവും പോയിബ്ഭ്രചലിപ്പിച്ചു ചക്ര-
ഹസ്തനായ്, മത്തേഭത്തെ ഹനിപ്പാൻ സിംഹം
മട്ടിൽ 37

ക്രൂരമ്പാൽത്തൻചട്ടയുമംഗവുമെങ്ങും കീറി-
ച്ചോരയുമൊലിപ്പിച്ചു മദ്വധത്തിനായുന്നി
ആതതായിയായീടുമെൻനേരേ ബലാൽക്കാര-
മായ് ദ്രുതം പാഞ്ഞെത്തിയ ഭഗവാനാശ്ര-
യം മേ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിജയരഥകുടുംബ ആത്തതോത്രേ
ധൃതഹയരശ്മിനി തച്ഛ്രിയേക്ഷണീയേ
ഭഗവതി രതിരസ്തു മേ മുമൂർഷോ-
ര്യമിഹ നിരീക്ഷ്യ ഹതാ ഗതാസ്സ്വരൂപം. 39

ലളിതഗതിവിലാസവല്ഗുഹാസ-
പ്രണയനിരീക്ഷണ കല്പിതോരുമാനാഃ
കൃതമനുകൃതവത്യ ഉന്മദാന്ധാഃ
പ്രകൃതിമഗൻ കില യസ്യ ഗോപവധ്വഃ 40

മുനിഗണനൃപവര്യസംകുലേഽന്ത-
സ്സദസി യുധിഷ്ഠിരരാജസൂയ ഏഷാം
അർഹണമുപപേദ ഈക്ഷണീയോ
മമ ദൃശി ഗോചര ഏഷ ആവിരാത്മാ. 41

തമിമമഹമജം ശരീരഭാജാം
ഹൃദി ഹൃദി ധിഷ്ഠിതമാത്മകല്പിതാനാം
പ്രതിദൃശമിവ നൈകധാഽർക്കമേകം
സമധിഗതോഽസ്മി വിധൂതഭേദമോഹഃ 42

ക്ഷിതിഭരമവരോപിതും കുരൂണാം
ശ്വസന ഇവാസൃജദക്ഷവംശവഹ്നിം
തമിമമഹമനുവ്രതാർത്തിഹാംഘ്രിം
ഹൃദി പരിരഭ്യ ജിഹാമി മർത്ത്യനീഡം. 43

സൂത ഉവാച

കൃഷ്ണ ഏവം ഭഗവതി മനോവാഗ്ദൃഷ്ടിവൃത്തിഭിഃ
ആത്മന്യാത്മാനമാവേശ്യ സോഽന്തശ്ശ്വാസ ഉപാരമത്. 44
സമ്പദ്യമാനമാജ്ഞായ ഭീഷ്മം ബ്രഹ്മണി നിഷ്കളേ
സർവ്വേ ബഭൂവുസ്തേ തൂഷ്ണീം വയാംസീവ ദിനാത്യയേ. 45
തത്ര ദുന്ദുഭയോ നേദുർദേവമാനവവാദിതാഃ
ശശംസുസ്സാധവോ രാജ്ഞാം ഖാത് പേതുഃ പുഷ്പവൃഷ്ടയഃ 46
തസ്യ നിർഹരണാദീനി സംപരേതസ്യ ഭാർഗ്ഗവ!
യുധിഷ്ഠിരഃ കാരയിത്വാ മുഹൂർത്തം ദുഃഖിതോഽഭവത്. 47
തുഷ്ടുവുർമുനയോ ഹൃഷ്ടാഃ കൃഷ്ണം തദ്ഗുഹ്യനാമഭിഃ
തതസ്തേ കൃഷ്ണഹൃദയാഃ സ്വാശ്രമാൻ പ്രയയുഃ പുനഃ 48
തതോ യുധിഷ്ഠിരോ ഗത്വാ സഹകൃഷ്ണോ ഗജാഹ്വയം
പിതരം സാന്ത്വയാമാസ ഗാന്ധാരീം ച തപസ്വിനീം. 49
പിത്രാ ചാനുമതോ രാജാ വാസുദേവാനുമോദിതഃ
ചകാര രാജ്യം ധർമ്മേണ പിതൃപൈതാമഹം വിഭുഃ 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
യുധിഷ്ഠിരരാജ്യപ്രലംഭോ നാമ നവമോഽധ്യായഃ

ദശമോഽധ്യായഃ

ശൗനക ഉവാച

ഹത്വാ സ്വരിക്ഥസ്പൃധ ആതതായിനോ
യുധിഷ്ഠിരോ ധർമ്മഭൃതാം വരിഷ്ഠഃ
സഹാനുജൈഃ പ്രത്യവരുദ്ധഭോജനഃ
കഥം പ്രവൃത്തഃ കിമകാരഷീത്തതഃ 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു കൈത്താരിൽ കടിഞ്ഞാൺ പിടി,ച്ച-
ന്യ പാണി
സരസീരുഹംതന്നിൽ ചമ്മട്ടിയോടുകൂടി
പാർത്ഥസ്യന്ദനം നിജകുടുംബമാക്കി വാണ-
നേത്രാഭിരാമരൂപനാകുമബ് ഭഗവാനിൽ,
മരണം വരിക്കുവാനിച്ഛിക്കുമെനിക്കുടൻ,
പെരുതായീടും രതി വളർന്നുവന്നീടണം. 39

ആരുടെ ദർശനത്താൽ യുദ്ധത്തിൽ മൃതരായ
വീരന്മാരെല്ലാമുടൻ സാരൂപ്യം പ്രാപിച്ചുവോ
ലളിതചാരുയാനം; ശുമന്ദഹാസം, രാഗോദ്-
ഗളിതകടാക്ഷവുംകൊണ്ടേതു ഭഗവാനെ
വളരെ മാനിച്ചോരു മദാന്ധകളാം ഗോപ-
ലലനാജനവും തല്ലീലകളോരോന്നുമേ
മാരച്ചൂടാററാനനുകരിച്ച മഹത്താം ത-
ത്സാരൂപ്യമെളുപ്പത്തിൽ പ്രാപിച്ചിരി-
ക്കുന്നുവോ
ധർമ്മജരാജസൂയംതന്നിൽ മാമുനീന്ദ്രരു-
മമ്മഹീശരുംചേർന്ന വൻസഭതൻ മദ്ധ്യത്തിൽ
ഈക്ഷണീയനാമാരെയഗ്രാസനത്തി-
ലേററി- 40-41

യർച്ചിച്ചിതാത്മാവാമാ ദേവനെദ്ദർശിച്ച ഞാൻ
താനേ നിർമ്മിച്ച ജീവിജാലത്തിൻചിത്തം
വാസ-
സ്ഥാനമാക്കിയ ജന്മഹീനനാം ഭഗവാനെ,
ബഹുധാ ദൃക്കുതോറും ശോഭിക്കുമേകാർക്കൻ-
പോൽ
വിഹതഭേദമോഹൻ ഞാൻ കണ്ടുങ്ങാല-
യിപ്പേൻ. 42

ഇക്ഷമാഭാരം പോക്കാൻ കൗരവസമൂഹത്തി-
ലക്ഷവംശാഗ്നി, വായുവെന്നപോൽ
ജ്വലിപ്പിച്ച
ഭക്തപാലനംചെയ്ത ഭഗവാൻ ഗോവിന്ദനെ-
യുരംക്കമെലത്തിൽ ചേർത്തെൻ ശരീരം
വെടിയുന്നേൻ. 43

സൂതൻ പറഞ്ഞു

കരണത്രയവൃത്തിയൊത്തേവമാത്മാവിനെ
ശരിയായ് സർവ്വാത്മാവാം ഭഗവാൻ
ഹരിതന്നിൽ
പ്രവേശിപ്പിച്ചു നേരേയടക്കി ശ്വാസമുള്ളിൽ
പ്രവൃദ്ധമോദമുപരമിച്ചാൻ ഭീഷ്മാചാര്യൻ. 44

നിഷ്കളബ്രഹ്മംതന്നിൽ മുഴുകീ ഭീഷ്മരെന്ന
മുഖ്യമാം വർത്തമാനമറിഞ്ഞങ്ങെല്ലാവരും
മൗനമാചരിച്ചിരുന്നീടിനാരേറെനേരം,
സ്വാനമററന്തിയിൽ കൂടേറിയ ഖഗങ്ങൾ
പോൽ. 45

പൊഴിഞ്ഞു വിണ്ണിൽനിന്നും പൂമഴയങ്ങു പാരം
മുഴക്കീ ദുന്ദുഭികൾ വിണ്ണോരും മനുഷ്യരും
പൃഥ്വീശ്വരന്മാരുടെ സംഘത്തിൽ ബ്രഹ്മ-
ജ്ഞാന-
സിദ്ധിയാർന്നവർ ഭീഷ്മമൃതിയെപ്പു-
കഴ്ത്തിനാർ. 46

ധർമ്മജനമ്മഹാന്റെ സംസ്കാരകർമ്മം കഴി-
ച്ചുണ്മലർവാടിയിരുന്നീടിനാനൊട്ടുനേരം. 47

മഹർഷിമാരെല്ലാരും മോദമോടംബുജാക്ഷ-
രഹസ്യനാമങ്ങളെക്കീർത്തിച്ചുകൊണ്ടു പിന്നെ
ആശയം ദൈത്യാരിയിൽ സ്ഥാപിച്ചു
താന്താങ്ങൾത-
ന്നാശ്രമങ്ങളിലെത്തിപ്പാർത്തിതു പണ്ട-
പ്പോലെ. 48

ധർമ്മജൻ കൃഷ്ണനൊത്തു ഹസ്തിനപുരത്തെത്തി-
യമ്മ,ഗാന്ധാരി,യച്ഛനിവർക്കാശ്വാ-
സമേകി. 49

പിന്നീടു നന്ദജാനമോദനത്തോടും താതൻ-
തന്നനുവാദത്തോടുംകൂടിയൊട്ടേറെക്കാലം
സുന്ദരം പരമ്പരാഗതമാം രാജ്യം ധർമ്മ-
മന്ദിരമാക്കിത്തീർത്തു കാത്തിതു കീർത്ത-
നീയൻ. 50

അദ്ധ്യായം 10

ശ്രീകൃഷ്ണദ്വാരകാഗമനം

ശൗനകൻ പറഞ്ഞു

സമ്പത്തടക്കാൻ പോരിന്നൊരുമ്പെ-
ട്ടവരെത്തൻ-
തമ്പിമാരൊത്തൊടുക്കി വീണ്ടും ഭുവാണ്ട-
ശേഷം
എന്തുമട്ടെന്തൊക്കെയും ചെയ്തെന്നു ചൊൽക
സൂതാ!
നീതിനിഷ്ഠരിൽ ശ്രേഷ്ഠനാകുമദ്ധർമ്മാ-
ത്മജൻ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത ഉവാച

വംശം കുരോർവ്വംശദവാഹനിനിർഹൃതം
സംരോഹയിത്വാ ഭവഭാവനോ ഹരിഃ
നിവേശയിത്വാ നിജരാജ്യ ഈശ്വരോ
യുധിഷ്ഠിരം പ്രീതമനാ ബഭൂവ ഹ. 2
നിശമ്യ ഭീഷ്മോക്തമഥാച്യുതോക്തം
പ്രവൃത്തവിജ്ഞാനവിധൂതവിഭ്രമഃ
ശശാസ ഗാമിന്ദ്ര ഇവാജിതാശ്രയഃ
പരിധ്യുപാന്താമനുജാനുവത്തിതഃ 3
കാമം വവഷ പജ്ജന്യസ്സർവ്വകാമദുഘാ മഹീ
സിഷിചുഃ സ്മ വ്രജാൻ ഗാവഃ പയസോധസ്വതീർമ്മുദാ. 4
നദ്യസ്സമുദ്രാ ഗിരയസ്സവനസ്പതിവീരുധഃ
ഫലന്ത്യോഷധയസ്സർവ്വാഃ കാമമന്വൃതു തസ്യ വൈ. 5
നാധയോ വ്യാധയഃ ക്ലേശാ ദൈവഭൂതാത്മഹേതവഃ
അജാതശത്രാവഭവൻ ജന്തൂനാം രാജ്ഞി കർഹിചിത്. 6
ഉഷിത്വാ ഹാസ്തിനപുരേ മാസാൻ കതിപയാൻ ഹരിഃ
സുഹൃദാം ച വിശോകായ സ്വസുശ്ച പ്രിയകാമ്യയാ. 7
ആമന്ത്ര്യ ചാഭ്യനുജ്ഞാതഃ പരിഷ്വജ്യാഭിവാദ്യ തം
ആരുരോഹ രഥം കൈശ്ചിത് പരിഷ്വക്തോഽഭിവാദിതഃ 8
സുഭദ്രാ ദ്രൗപദീ കുന്തീ വിരാടതനയാ തഥാ
ഗാന്ധാരീ ധൃതരാഷ്ട്രശ്ച യുയുത്സുർഗ്ഗൗതമോ യമൗ. 9
വൃകോദരശ്ച ധൗമ്യശ്ച സ്ത്രീയോ മത്സ്യസുതാദയഃ
ന സേഹിരേ വിമുഹ്യന്തോ വിരഹം ശാർങ്ഗധന്വനഃ 10
സത്സങ്ഗാന്മുക്തദുസ്സങ്ഗോ ഹാതും നോത്സഹതേ ബുധഃ
കീർത്ത്യമാനം യശോ യസ്യ സകൃദാകർണ്യ രോചനം. 11
തസ്മിൻ ന്യസ്തധിയഃ പാർത്ഥാസ്സഹേരൻ വിരഹം കഥം
ദർശനസ്പർശസല്ലാപശയനാസനഭോജനൈഃ 12
സർവ്വേ തേഽനിമിഷൈരക്ഷൈസ്തമനുദ്രുതചേതസഃ
വീക്ഷന്തഃ സ്നേഹസംബദ്ധാ വിചേലുസ്തത്ര തത്ര ഹ. 13
ന്യരുന്ധന്നുദ്ഗലദ്ബാഷ്പമൗത്കണ്ഠ്യാദ്ദേവകീസുതേ
നിര്യാത്യഗാരാന്നോഽഭദ്രമിതി സ്യാദ്ബാന്ധവസ്ത്രിയഃ 14
മൃദങ്ഗശംഖഭേര്യശ്ച വീണാപണവഗോമുഖാഃ
ധുന്ധുര്യാനകഘണ്ടാദ്യാ നേദുർദുന്ദുഭയസ്തഥാ. 15
പ്രാസാദശിഖരാരൂഢാഃ കുരുനാര്യോ ദിദൃക്ഷയാ
വവൃഷുഃ കുസുമൈഃ കൃഷ്ണേ പ്രേമവ്രീഡാസ്മിതേക്ഷണാഃ 16
സിതാതപത്രം ജഗ്രാഹ മുക്താദാമവിഭൂഷിതം
രത്നദണ്ഡം ഗുഡാകേശഃ പ്രിയഃ പ്രിയതമസ്യ ഹ. 17
ഉദ്ധവസ്സാത്യകിശ്ചൈവ വ്യജനേ പരമാദ്ഭുതേ
വികീര്യമാണഃ കുസുമൈഃ രേജേ മധുപതിഃ പഥി. 18
അശ്രൂയന്താശിഷസ്സത്യാസ്തത്ര തത്ര ദ്വിജേരിതാഃ
നാനുരൂപാനുരൂപാശ്ച നിർഗ്ഗുണസ്യ ഗുണാത്മനഃ 19
അന്യോന്യമാസീത് സഞ്ജല്പ ഉത്തമശ്ലോകചേതസാം
കൗരവേന്ദ്രപുരസ്ത്രീണാം സർവ്വശ്രുതിമനോഹരഃ 20
"സ വൈ കിലായം പുരുഷഃ പുരാതനോ
യ ഏക ആസീദവിശേഷ ആത്മനി
അഗ്രേ ഗുണേഭ്യോ ജഗദാത്മനീശ്വരേ
നിമീലിതാത്മന്നിശി സുപ്തശക്തിഷു. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂതൻ പറഞ്ഞു

വംശദാവാഗ്നി ചുട്ടു ചാമ്പലാക്കിയ കുരു-
വംശത്തെ ലോകവൃദ്ധിക്കായ് ഗ്രഹം വാസുദേവൻ,
നന്നായി മുളപ്പിച്ചു ധർമ്മജാതനെസ്സ്വന്തം-
മന്നിനു നാഥനാക്കിവാഴിക്കാൻ സാധിച്ചതിൽ
സന്തുഷ്ടചിത്തനായിക്കൃതകൃത്യനായ്-
ത്തീർന്നാൻ
ചിന്തിതചിന്താമണി ഭഗവാൻ വാസുദേവൻ. 2

ഈശനാം കൃഷ്ണന്റെയും ഗാങ്ഗേയന്റെയുമുപ-
ദേശങ്ങൾ കേട്ടു മോഹമകന്നു ധർമ്മാത്മജൻ
തമ്പിമാരൊത്തച്യുതാശ്രയനായാഴിചൂഴും
തൻ ഭൂമി വലവൈരിവിണ്ണുപോൽ,
പാലിച്ചതേ. 3

കൊണ്ടലിൻനിര വേണ്ടുംവിധത്തിൽ
വർഷിച്ചു ഭൂ-
മണ്ഡലം സസ്യഫലസമ്പൂർണ്ണമായിത്തീർന്നു.
തുങ്ങീടുമകിടാർന്ന പശുക്കൾ ഗോശാലക-
ളെങ്ങും തത്ക്ഷീരത്തിനാൽ സേചനം ചെയ്തു
മോദാൽ. 4

നദികൾ സമുദ്രങ്ങൾ ഗിരികൾ തരുക്കളും
ലതകൾ ചെടികളും സർവ്വർത്തുഫലങ്ങളായ്. 5

ആധിയുമില്ലക്കാലം വ്യാധിയുമില്ലെങ്ങുമേ
ഭൂതങ്ങൾ ദൈവമാത്മാവിവയാലില്ലൊര-
ല്ലൽ. 6

പാണ്ഡവന്മാർക്കും സ്വസോദരിക്കും ദുഃഖം-
തീർക്കാൻ.
നന്ദജൻ കുറേ മാസം വസിച്ചാൻ ഹസ്തിന-
ത്തിൽ. 7

അന്യോന്യം പിന്നെ വന്ദിച്ചാശ്ലേഷം ചെയ്തു-
യാത്ര-
ചൊന്നു തദനുവാദത്തോടുടൻ തേരേറിനാൻ. 8

സുഭദ്ര, പാഞ്ചാലിയും, കുന്തിയുത്തരതാനും
കൃപരും, ഗാന്ധാരിയും, ധൃതരാഷ്ട്രരും പിന്നെ,
ഭീമനും, യുയുത്സുവും, നകുലൻ, സഹദേവൻ,
ധൗമ്യനും, സത്യവതി, മറ്റു സ്ത്രീജനങ്ങളും
ശ്രീവത്സലാഞ്ഛനന്റെ വേർപാടു സഹിക്കവാ-
നാവതല്ലാഞ്ഞിട്ടഹോ മോഹിതരായ് ഭ-
വിച്ചാർ. 9–10

ദുസ്സംഗം സത്സംഗത്താലൊഴിച്ച വിദ്വാൻ ഭക്ത-
വത്സലമാഹാത്മ്യത്തെസ്സത്തുക്കൾ കീർത്തിക്കു-
മ്പോൾ,
ഒരിക്കൽ കേൾക്കാനിടയായാൽ പിന്നതിൽ-
നിന്നു
തിരിക്കുമാറില്ല തൻമാനസമെന്നിരിക്കെ. 11

ദർശനം, സംഭാഷണമാസനശയനങ്ങൾ
സ്പർശനമാഹാരവുമൊന്നിച്ചു താൻ കഴിച്ചു
ചിത്തമർപ്പിച്ച പാണ്ഡവർക്കു തദ്വിയോഗത്താ-
ലെത്തീടുമത്തൽ പാർത്താലെങ്ങനെ-
സഹ്യമാവും! 12

രാഗബദ്ധരായനുരക്തചിത്തരാമവ-
രാഗമക്കാതലായോരമ്മായാമനുഷ്യനെ
കണ്ണിമയ്ക്കാതെനോക്കിക്കൊണ്ടവിടങ്ങുമിങ്ങും
മന്ദം നടന്നും നിന്നും സമയം നയിച്ചതേ. 13

യാത്രയ്ക്കു ഭാവിക്കുമ്പോൾ കരഞ്ഞാലഭദ്രമെ-
ന്നോർത്തകത്തടക്കിനാർ മാൽ സുഭദ്രാദി
സ്ത്രീകൾ 14

ചെണ്ട, മദ്ദളം, ശംഖം, ഗോമുഖം, തകിൽ,
വീണ,
ഘണ്ട, ധുന്ധുരി ഭേരിപണവമിവയൊത്തു
മറ്റുള്ള വാദ്യങ്ങളുമൊന്നുപോൽ മുഴക്കിനാർ
ചുററിനും നിന്നു വാദ്യപ്രയോഗകുശലന്മാർ. 15

കണ്ണനെക്കാണാനിച്ഛവർദ്ധിച്ച കുരുസ്ത്രീക-
ളുന്നതസൗധങ്ങളിൽ മസ്സരാസ്യമാരായേറി-
നിന്നുടൻ ലജ്ജാപ്രേമവിസ്മരത്കടാക്ഷത്തോ-
ടൊന്നിച്ചു മലർമാരി ചൊരിഞ്ഞാത്തമ്മേനി-
യിൽ. 16

മുത്തുമാലകൾ മിന്നി മണിക്കാലിയന്നവെൺ-
കൊററപ്പൂങ്കുട പിടിച്ചീടിനാൻ പ്രിയൻ.
പാർത്ഥൻ. 17

ഉദ്ധവസാത്യകിമാർ വെഞ്ചാമരങ്ങൾ വീശി-
യധ്വാവിലെല്ലാം നാട്ടാർ കൃഷ്ണനിൽ പൂചൊ-
രിഞ്ഞാർ. 18

ഗുണാത്മാ തനിക്കോർത്താൽ നിർഗ്ഗുണബ്രഹ്മ-
നില-
യ്ക്കിണങ്ങാസ്സിലും മർത്ത്യമട്ടിനു യോജിപ്പതായ്
ഭൂസുരന്മാരിൽനിന്നു സഫലങ്ങളാം മങ്ഗ-
ലാശിസ്സുകളുമെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. 19

ഉത്തമശ്ലോകാർപ്പിതചിത്തരാം കുരുരാജ്യ-
മത്തകാശിനികൾ മറെറാന്നിലുമേർപ്പെടാതെ
അന്യോന്യം ശ്രുതിമനോമോഹനം സംഭാഷണം
നന്ദജാതനേപ്പററിത്തുടർന്നുകൊണ്ടാരേവം. 20

നിർവിശേഷാത്മാവിങ്കൽ ത്രിഗുണത്തിനു
മുൻപേ
സർവലോകാത്മാവായി വിളങ്ങുമീശനായും
മായയാലാവൃതനായിരിക്കയാലെ ജീവ-
നായും, ലയത്തിൽ ഗുണശക്തികൾ ലയിക്കവേ
തനിരൂപത്തിലേകനായിട്ടു സ്ഥിതൻ പുരാ-
തനപൂരുഷനാണീക്കൃഷ്ണനെൻ സഖിമാരേ! 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏവ ഭൂയോ നിജവീര്യചോദിതാം
സ്വജീവമായാം പ്രകൃതിം സിസൃക്ഷതീം
അനാമരൂപാത്മനി രൂപനാമനീ
വിധിത്സമാനോഽനുസസാര ശാസ്ത്രകൃത്. 22

സ വാ അയം യത്പദമത്ര സൂരയോ
ജിതേന്ദ്രിയാ നിർജ്ജിതമാതരിശ്വനഃ
പശ്യന്തി ഭക്ത്യുത്കലിതാമലാത്മനാ
നന്വേഷ സത്വം പരിമാർഷ്ടുമർഹതി. 23

സ വാ അയം സഖ്യനുഗീതസത്കഥോ
വേദേഷു ഗുഹ്യേഷു ച ഗുഹ്യവാദിഭിഃ
യ ഏക ഈശോ ജഗദാത്മലീലയാ
സൃജത്യവത്യത്തി ന തത്ര സജ്ജതേ. 24

യദാ ഹ്യധർമ്മേണ തമോധിയോ നൃപാ
ജീവന്തി തത്രൈഷ ഹി സത്വതഃ കില
ധത്തേ ഭഗം സത്യമൃതം ദയാം യശോ
ഭവായ രൂപാണി ദധദ്യുഗേ യുഗേ. 25

അഹോ അലം ശ്ലാഘ്യതമം യദോഃ കുല-
മഹോ അലം പുണ്യതമം മധോർവ്വനം
യദേഷ പുംസാമൃഷഭഃ ശ്രിയഃ പതിഃ
സ്വജന്മനാ ചംക്രമണേന ചാഞ്ചതി. 26

അഹോ ബത സ്വര്യശസസ്തിരസ്കരീ
കുശസ്ഥലീ പുണ്യയശസ്കരീ ഭുവഃ
പശ്യന്തി നിത്യം യദനുഗ്രഹേഷിത-
സ്മിതാവലോകം സ്വപതിം സ്മ യത്പ്രജാഃ 27

നൂനം വ്രതസ്നാനഹുതാദിനേശ്വര-
സ്സമർച്ചിതോ ഹ്യസ്യ ഗൃഹീതപാണിഭിഃ
പിബന്തി യാസ്സഖ്യധരാമൃതം മുഹുർ-
വ്രജസ്ത്രിയസ്സംമുമുഹുര്യദാശയാഃ 28

യാ വീര്യശുൽക്കേന ഹൃതാസ്സ്വയംവരേ
പ്രമഥ്യ ചൈദ്യപ്രമുഖാൻ ഹി ശുഷ്മിണഃ
പ്രദ്യുമ്നസാംബാംബസുതാദയോഽപരാ
യാശ്ചാഹൃതാ ഭൗമവധേ സഹസ്രശഃ 29

ഏതാഃ പരം സ്ത്രീത്വമപാസ്തപേശലം
നിരസ്തശൗചം ബത സാധു കുർവ്വതേ
യാസാം ഗൃഹാത് പുഷ്കരലോചനഃ പതിർ-
ന ജാത്വപൈത്യാഹൃതിഭിർഹൃദി സ്പൃശൻ. 30

ഏവംവിധാ ഗദന്തീനാം സ ഗിരഃ പുരയോഷിതാം
നിരീക്ഷണേനാഭിനന്ദൻ സസ്മിതേന യയൗ ഹരിഃ 31

അജാതശത്രുഃ പൃതനാം ഗോപീഥായ മധുദ്വിഷഃ
പരേഭ്യശ്ശങ്കിതഃ സ്നേഹാത് പ്രായുങ്ക്ത ചതുരംഗിണീം. 32

അഥ ദൂരാഗതാഞ്ഛൗരിഃ കൗരവാൻ വിരഹാതുരാൻ
സംനിവർത്ത്യ ദൃഢം സ്നിഗ്ദ്ധാൻ പ്രായാത്സ്വനഗരീം പ്രിയൈഃ 33

കുരുജാംഗലപാഞ്ചാലാൻ ശൂരസേനാൻ സയാമുനാൻ
ബ്രഹ്മാവർത്തം കുരുക്ഷേത്രം മത്സ്യാൻ സാരസ്വതാനഥ. 34

മരുധന്വമതിക്രമ്യ സൗവീരാഭീരയോഃ പരാൻ
ആനർത്താൻ ഭാർഗ്ഗവോപാഗാച്ഛ്രാന്തവാഹോ മനാഗ്വിഭുഃ 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവൻതാൻ വീണ്ടും, നിജശക്തിരൂപിണി-
യായി,
ഭുവനവിനിർമ്മാണകർമ്മലോലുപയായി,
തന്നംശമായീടിന ജീവനെ സ്വപ്രേരണ-
തന്നാലെ മോഹിപ്പിക്കും തൻപ്രകൃതിയെ നേരേ
നാമരൂപങ്ങളററ തനിക്കതുണ്ടാക്കുവാൻ
കാമിച്ചു കൈക്കൊള്ളുന്നു ശാസ്ത്രവും രചി-
ക്കുന്നു. 22

ആരുടെ പാദാംബുജം, വിജിതേന്ദ്രിയന്മാരായ്
മാരുതൻതന്നെ നന്നായഭ്യാസംകൊണ്ടു വെല്ലും
ഭക്തിസംശുദ്ധചിത്തർ വിദ്വാന്മാർ കാണ്മൂ,
മനം-
ശുദ്ധിയാക്കീട്ടവാനക്കൃഷ്ണനേ കഴിവുള്ളു. 23

ഏകനാമേതീശ്വരൻ ലീലയായ് ലോകം
[സൃഷ്ടി-
ച്ചാകവേ കാത്തഴിക്കുന്നൊന്നിലും
സങ്ഗമെന്യേ
വേദവേദാന്തഗീതചരിതനായിട്ടവോ-
രാദിതേയേശനാമാ നാരായണൻതാനിവൻ 24

മന്നവർ തമോന്ധരായധർമ്മിഷ്ഠരായ്ത്തീരും
സന്ദർഭങ്ങളിലെല്ലാം ലോകസംരക്ഷണാർത്ഥം
ഓരോരോ യുഗത്തിലും സത്ത്വപൂർണ്ണനായവ-
താരമാണൈശ്വര്യവും സത്യവും കാരുണ്യവും
കീർത്തിയും യഥാർത്ഥോപദേശകത്വവും സമം
വിഷ്ടപങ്ങളിലെല്ലാം വിസ്തരിച്ചിട്ടുന്നിതേ. 25

എന്തൊരു മഹാഭാഗ്യം യാദവവംശത്തിനാ-
ഹന്ത! കൈവന്നതിപ്പോളാ മധുവനത്തിനും!
സ്വന്തമാം ജന്മംകൊണ്ടും സഞ്ചാരത്താലുമവ-
ശ്യന്തമററുള്ള കീർത്തിചാർത്തിയീ രമാജാനി. 26

ദ്വാരക വിണ്ണിനേയും താഴ്ത്തുന്ന പുണ്യയശഃ-
പൂരത്തെഭ്ധരണിക്കും ധാരാളം വളർത്തുന്നു.
അപ്പുരത്തിലെജ്ജനം തത്പതികൃഷ്ണങ്കൽനി-
ന്നെപ്പോഴുമനുഗ്രഹസ്മിതാവലോകമേൽപ്പു. 27

സ്നാനഹോമവ്രതാദി വേണ്ടപോലനുഷ്ഠിച്ചു-
കാണുമിക്കാർവർണ്ണൻെറ കാന്തമാരസംശയം
ഏതൊന്നു ലഭിക്കാഞ്ഞു മൂർച്ഛിച്ചോ ഗോപി-
മാരാ-
മാധവാധരാമൃതം സ്വദിപ്പോരവർ നിത്യം. 28

വീരരാം ചേദീശാദിദുഷ്ടരെ നിഗ്രഹിച്ചു
വീര്യമാംപണയത്താലിക്കൃഷ്ണൻ സ്വീകരിച്ചു-
സാംബപ്രദ്യുമ്നാംബാംബമാരായിപ്പുകഴുന്നീടും
ഭാമാരുക്മിണീനാഗ്നിജിത്യാദിനാരിമാർക്കും
നാകാസുരൻതന്നെ നിഗ്രഹം ചെയ്തുകാല-
ത്തുരരീകരിച്ചുള്ളോരനേകാംഗനമാർക്കും
കാമിതമെല്ലാമേകിദ്ധാമത്തിലവരൊത്തു
താമസിച്ചിവൻ സദാ സുഖിപ്പിച്ചതുമൂലം.
അത്യശ്രുദ്ധവുമസ്വതന്ത്രവുമാകുമസ്മദ്-
സ്ത്രീത്വമെത്രയും ശ്രേഷ്ഠമെന്നവർ കാട്ടി-
ത്തന്നു. 29–30

ഇത്തരം ചൊല്ലും പുരസ്ത്രീകളെ നോക്കിച്ചിരി-
ച്ചത്യന്തമഭിനന്ദിച്ചംബുജാക്ഷൻ ഗമിച്ചാൻ. 31

ശത്രുശങ്കയാൽ മുരവൈരിരക്ഷയ്ക്കായ് വിട്ടി-
ത്തത്തുവിൻ ചതുരംഗസേനയെയജാതാരി. 32

ഏറിയദൂരംവരെ സ്നേഹിതന്മാരുമായി-
ക്കൂറാൻ്റ ചെന്ന വിരഹാർത്തരാം പാർത്ഥന്മാരെ
വാരണംചെയ്തു തിരിച്ചയച്ചിട്ടനാകലം
ദ്വാരകാപുരിക്കെഴുന്നള്ളിനാൻ നന്ദാത്മജൻ. 33

കുരുദേശവും, പിന്നെപ്പാഞ്ചാലം, ശൂരസേനം,
പരിചോടാജാംഗലം, യാമുനം, ബ്രഹ്മാവർത്തം,
കുരുക്ഷേത്രവും മത്സ്യദേശങ്ങളും, സരസ്വതീ-
സരിത്തീരസ്ഥലങ്ങളും, മണൽക്കാട്ടുകളേ-
വം. 34

ഓരോന്നു കടന്നശ്വക്ഷീണത്താൽ പിന്നെ-
യസ്സൗ-
വീരാഭീരാനർത്തസിന്ധ്വാഭിഖ്യരാജ്യങ്ങ-
ളിൽ, 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര തത്ര ഹ തത്രത്യൈർഹരിഃ പ്രത്യുദ്യതാർഹണഃ
സായം ഭേജേ ദിശം പശ്ചാദ്ഗവിഷ്ഠോ ഗാം ഗതസ്തദാ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
ശ്രീകൃഷ്ണദ്വാരകാഗമനം നാമ ദശമോ/ധ്യായഃ

ഏകാദശോ/ധ്യായഃ

സൂത ഉവാച
ആനർത്താൻ സ ഉപവ്രജ്യ സ്വൃദ്ധാൻ ജനപദാൻ സ്വകാൻ
ദധ്മൗ ദരവരം തേഷാം വിഷാദം ശമയന്നിവ. 1

സ ഉച്ചകാശേ ധവളോദരോ ദരോ/
പ്യുരുക്രമസ്യാധരശോണശോണിമാ
ദാധ്മായമാനഃ കരകഞ്ജസമ്പുടേ
യഥാബ്ജഖണ്ഡേ കളഹംസ ഉത്സ്വനഃ 2

തമുപശ്രുത്യ നിനദം ജഗദ്ഭയഭയാവഹം
പ്രത്യുദ്യയുഃ പ്രജാസ്സർവ്വാ ഭർത്തൃദർശനലാലസാഃ. 3

തത്രോപനീതബലയോ രവേർദ്ദീപമിവാദൃതാഃ
ആത്മാരാമം പൂർണ്ണകാമം നിജലാഭേന നിത്യദാ. 4

പ്രീത്യുത്ഫുല്ലമുഖാഃ പ്രോചുർഹർഷഗദ്ഗദയാഗിരാ
പിതരം സർവസുഹൃദമവിതാരമിവാർഭകാഃ 5

''നതാഃ സ്മ തേ നാഥ സദാംഘ്രിപങ്കജം
വിരിഞ്ചവൈരിഞ്ച്യസുരേന്ദ്രവന്ദിതം
പരായണം ക്ഷേമമിഹേച്ഛതാം പരം
ന യത്ര കാലഃ പ്രഭവേത് പരപ്രഭുഃ. 6

ഭവായ നസ്ത്വം ഭവ വിശ്വഭാവന
ത്വമേവ മാതാഥ സുഹൃത് പതിഃ പിതാ
ത്വം സദ്ഗുരുർനഃ പരമം ച ദൈവതം
യസ്യാനുവൃത്ത്യാ കൃതിനോ ബഭൂവിമ. 7

അഹോ സനാഥാ ഭവതാ സ്മ യദ്വയം
ത്രൈവിഷ്ടപാനാമപി ദൂരദർശനം
പ്രേമസ്മിതസ്നിഗ്ദ്ധനിരീക്ഷണാനനം
പശ്യേമ രൂപം തവ സർവ്വസൗഭഗം. 8

യർഹ്യംബുജാക്ഷാപസസാര ഭോ ഭവാൻ
കുരൂൻ മധൂൻ വാഥ സുഹൃദ്ദിദൃക്ഷയാ
തത്രാബ്ദകോടിപ്രതിമഃ ക്ഷണോ ഭവേ-
ദ്രവിം വിനാക്ഷ്ണോരിവ നസ്തവാച്യുത!'' 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്രസ്ഥപ്രജാവൃന്ദമാമ്മോദനിമഗ്നരായ്
സ്തുത്യർമാമ്മാരേകും പൂജകൾ സ്വീകരിച്ചു
മന്ദമായ് ചരിച്ചത്രേ പശ്ചിമദിക്കണഞ്ഞ–
തിന്ദിരാമണവാളനംശുമാലിയോടൊപ്പം. 36

അദ്ധ്യായം 11

ശ്രീകൃഷ്ണദ്വാരകാപ്രവേശം

സൂതൻ പറഞ്ഞു

തഴച്ചതന്നാനർത്തവിഷയമടുക്കവേ,
മുഴത്ത മോദത്തോടൊന്നൂതിനാൻ ശംഖം ശൗരി,
തന്നെക്കാണാഞ്ഞുമൂലം കേണീടും സ്വജനത്തിൻ
ഖിന്നത ശമിപ്പിക്കാനെന്നാക്കും തോന്നും–
വിധം. 1

പൂരിതമായി,ശ്ശുഭ്രോദരമായ്, ശോണാധരം
ചേരവേ ചുവപ്പാന്ന കരാബ്ജപുടസ്ഥമാം
ആ ശംഖം ശോഭിച്ചിതു, പത്മഷണ്ഡത്തിൽ
ശബ്ദ–
ഘോഷത്തോടാവസിക്കും രാജഹംസത്തെ–
പ്പോലെ. 2

ലോകത്തിൻഭയം ഭയപ്പെട്ടമശ്ശബ്ദം ജന–
മാകവേ സമീപത്തായ് കേട്ടടനോടിക്കൂടി
ലോകനായകൻതന്നെക്കാണാനായടുത്തെത്തി
സ്വാഗതമോതിയെതിരേററു പൂജിച്ചുമോദാൽ. 3

ആത്മാരാമനായ് സർവ്വസ്വഹൃത്തായ് രക്ഷി–
താവാ–
യാത്മലാഭത്താൽ പരിപൂർണ്ണനാം ഹരിക്കായി
അക്കനെ ദീപം,മട്ടിൽ,ക്കാഴ്ചദ്രവ്യങ്ങൾ വച്ചു,
മക്കളച്ഛനോടേതുവിധമാണതുപോലെ.
സന്തോഷാധിക്യമാളമജ്ജനാവലിയിൽ നി–
ന്നന്തരാ പുറപ്പെട്ട ഗദ്ഗദവാക്യമേവം. 4–5

വിധിയും തത്പുത്രരുമിന്ദ്രനും വന്ദിപ്പതായ്
നിതരാം ക്ഷേമേച്ഛുക്കൾക്കാശ്രയസ്ഥാ–
നമാകും
ഭവത്പാദാബ്ജം സദാ ഞങ്ങൾ കുപ്പുന്നു–
നാഥാ!
ഭവാൻതാൻ പരപ്രഭുവായ കാലത്തിൻ പ്രഭു. 6

അങ്ങത്രേ ഞങ്ങൾക്കമ്മയച്ഛനാചാര്യൻ സുഹൃ–
ത്തങ്ങത്രേ പരനാകും ദൈവതം രക്ഷിതാവും
അങ്ങേക്കിങ്കരരായ ഞങ്ങളോ കൃതകൃത്യർ,
ഞങ്ങളെ നന്മയ്ക്കായിട്ടനുഗ്രഹിക്കേണമേ. 7

സുരക്കമദൃശ്യമായ് പ്രേമകാരുണ്യസ്മിത–
സ്സുരത്ക്കടാക്ഷരമ്യമുഖവും ചാർവ്വംഗവും
നേരിട്ടു നിത്യം കാണ്മാൻ ഭാഗ്യം സിദ്ധിച്ച
ഞങ്ങ–
ളാരിലും മികച്ചവർ സനാഥർ ഭവാൻമൂലം. 8

പുഷ്കരേക്ഷണാ! സുഹൃജ്ജനത്തെക്കാണാൻ–
ഭവാ–
നക്കുരുദേശത്തിലോ മധുരാപുരത്തിലോ
പൊയ്ക്കൊണ്ടാൽ ഞങ്ങൾക്കൊരുനിമേഷം
കോടിയാണ്ടായ്
ദീർഘിപ്പൂ, നേത്രങ്ങൾക്ക മാർത്താണ്ഡാഭാ–
വത്തിൽപ്പോൽ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ചോദീരിതാ വാചഃ പ്രജാനാം ഭക്തവത്സലഃ
ശൃണ്വാനോഽനുഗ്രഹം ദൃഷ്ട്യാ വിതന്വൻ പ്രാവിശത് പുരീം. 10
മധുഭോജദശാർഹാർഹകുകുരാന്ധകവൃഷ്ണിഭിഃ
ആത്മതുല്യബലൈർഗുപ്താം നാഗൈർഭോഗവതീമിവ. 11
സർവ്വർത്തുസർവ്വവിഭവപുണ്യവൃക്ഷലതാശ്രമൈഃ
ഉദ്യാനോപവനാരാമൈർവൃതപദ്മാകരശ്രിയം. 12
ഗോപുരദ്വാരമാർഗ്ഗേഷു കൃതകൗതുകതോരണാം
ചിത്രധ്വജപതാകാഗ്രൈരന്തഃപ്രതിഹതാതപാം. 13
സമ്മാർജ്ജിതമഹാമാർഗ്ഗരഥ്യാപണകചത്വരാം
സിക്താം ഗന്ധജലൈരുപ്താം ഫലപുഷ്പാക്ഷതാങ്കുരൈഃ 14
ദ്വാരി ദ്വാരി ഗൃഹാണാം ച ദധ്യക്ഷതഫലേക്ഷുഭിഃ
അലംകൃതാം പൂർണ്ണകുംഭൈർബ്ബലിഭിർധൂപദീപകൈഃ 15
നിശമ്യ പ്രേഷ്ഠമായാന്തം വസുദേവോ മഹാമനാഃ
അക്രൂരശ്ചോഗ്രസേനശ്ച രാമശ്ചാദ്ഭുതവിക്രമഃ 16
പ്രദ്യുമ്നശ്ചാരുദേഷ്ണശ്ച സാംബോ ജാംബവതീസുതഃ
പ്രഹർഷവേഗോച്ഛ്വശിതശയനാസനഭോജനാഃ 17
വാരണേന്ദ്രം പുരസ്കൃത്യ ബ്രാഹ്മണൈസ്സസുമംഗലൈഃ
ശംഖതൂര്യനിനാദേന ബ്രഹ്മഘോഷേണ ചാദൃതാഃ
പ്രത്യുജ്ജഗ്മൂ രഥൈർഹൃഷ്ടാഃ പ്രണയാഗതസാധ്വസാഃ 18
വാരമുഖ്യാശ്ച ശതശോ യാനൈസ്തദ്ദർശനോത്സുകാഃ
ലസത്കുണ്ഡലനിർഭാതകപോലവദനശ്രിയഃ 19
നടനർത്തകഗന്ധർവ്വാഃ സൂതമാഗധവന്ദിനഃ
ഗായന്തി ചോത്തമശ്ലോകചരിതാന്യദ്ഭുതാനി ച. 20
ഭഗവാംസ്തത്ര ബന്ധൂനാം പൗരാണാമനുവർത്തിനാം
യഥാവിധ്യുപസങ്ഗമ്യ സർവ്വേഷാം മാനമാദധേ. 21
പ്രഹ്വാഭിവാദനാശ്ലേഷകരസ്പർശസ്മിതേക്ഷണൈഃ
ആശ്വാസ്യ ചാശ്വപാകേഭ്യോ വരൈശ്ചാഭിമതൈർവ്വിഭുഃ 22
സ്വയം ച ഗുരുഭിർവ്വിപ്രൈസ്സദാരൈഃ സ്ഥവിരൈരപി
ആശീർഭിര്യുജ്യമാനോഽന്യൈർബ്ബന്ദിഭിശ്ചാവിശത് പുരം. 23
രാജമാർഗ്ഗം ഗതേ കൃഷ്ണേ ദ്വാരകായാഃ കുലസ്ത്രിയഃ
ഹർമ്മ്യാണ്യാരുരുഹുർവ്വിപ്ര തദീക്ഷണമഹോത്സവാഃ. 24
നിത്യം നിരീക്ഷമാണാനാം യദപി ദ്വാരകൗകസാം
ന വിതൃപ്യന്തി ഹി ദൃശഃ ശ്രിയോ ധാമാങ്ഗമച്യുതം. 25
ശ്രിയോ നിവാസോ യസ്യോരഃ പാനപാത്രം മുഖം ദൃശാം
ബാഹവോ ലോകപാലാനാം സാരങ്ഗാണാം പദാംബുജം. 26

സിതാതപത്രവ്യജനൈരുപസ്കൃതഃ
പ്രസൂനവർഷൈരഭിവർഷിതഃ പഥി
പിശങ്ഗവാസാ വനമാലയാ ബഭൗ
ഘനോ യഥാർക്കോഡുപചാപവൈദ്യുതൈഃ. 27

പ്രവിഷ്ടസ്തു ഗൃഹം പിത്രോഃ പരിഷ്വക്തസ്സ്വമാതൃഭിഃ
വവന്ദേ ശിരസാ സപ്ത ദേവകീപ്രമുഖാ മുദാ. 28
താഃ പുത്രമങ്കമാരോപ്യ സ്നേഹസ്നുതപയോധരാഃ
ഹർഷവിഹ്വലിതാത്മാനസ്സിഷിചുർന്നേത്രജൈർജലൈഃ 29
അഥാവിശത് സ്വഭവനം സർവ്വകാമമനുത്തമം
പ്രാസാദാ യത്ര പത്നീനാം സഹസ്രാണി ച ഷോഡശ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം പ്രജാവാക്യം കേട്ടുതൻ കടാക്ഷത്താൽ
ത്തുവിനാനനുഗ്രഹമവരിൽ ഭക്തദാസൻ
മധുഭോജാർഹാന്ധകർ ദാശാർഹർ, കുരുക്കളും,
യദുവീരരും ഭോഗവതിയെസ്സുപ്പ്ങ്ങളുംപോൽ,
രക്ഷിപ്പതായിസ്സമസ്തർത്തുസമ്പന്നവല്ലീ-
വൃക്ഷോപവനോദ്യാനാരാമങ്ങളും ചുഴന്നീടും
സാരസാകരങ്ങളും ഗോപുരദ്വാരങ്ങളിൽ
പാറുന്ന തോരണങ്ങൾ, ചൂടകത്തേശീടാതെ-
തടുക്കും ചിത്രധ്വജഭാസുര പതാകകൾ,
അടിച്ചുതളിച്ചുള്ള വഴികളങ്കണങ്ങൾ,
തിളങ്ങും തെരുവുകളിവയാൽ മോടിതേടി-
ത്തളിക്കും ജലത്തിൽനിന്നുതിരും നത്സുഗന്ധം
കലന്ന ഫലങ്ങളുമക്ഷതം പുഷ്പങ്ങളും
തളിരും വിതറി, തൈത്തർ, കരിമ്പു, ഫലജാലം
പൂർണ്ണകുംഭങ്ങൾ ധൂപദീപങ്ങളിവയാൽ സ-
മ്പൂർണ്ണമായ് വിളങ്ങുമാ ദ്വാരകാപുരിയാന്നാൻ.
10–15

അക്രൂരൻ, വസുദേവ, നുഗ്രസേനനു, മതി-
വിക്രമി രാമൻ സാംബൻ പ്രദ്യുമ്നൻ ചാരു-
ദേഷ്ണൻ
ഈ മഹത്തുക്കൾ കൃഷ്ണൻ വരുന്നുണ്ടെന്നു കേട്ടോ-
രാമാത്രയ്ക്കുണം ശയനാസനങ്ങളും തള്ളി
അമ്പാരി മുൻപേനിത്തി മങ്ഗലപദാർത്ഥങ്ങ-
ളുമ്പോടന്തണരൊക്കൊണ്ടെടുപ്പിച്ചുത്സാഹമായ്
ആദരസമന്വിതം മുറയ്ക്കു വേദംചൊല്ലി
പ്രീതിയും പ്രേമവും സംവൃദ്ധമായ് സസംഭ്രമം
ശംഖതൂര്യാദി വാദ്യഘോഷങ്ങളോടുകൂടി-
പ്പൊൻകാന്തിചിന്നും തേരിൽ ചെന്നെതിരേറ്റു-
കൊണ്ടാർ. 16–18

കർണ്ണഭൂഷയാൽ മിന്നും ഗണ്ഡപ്രദേശങ്ങൾതൻ
വർണ്ണശോഭയാൽ ജ്വലദാനനശ്രീയാന്നിട്ടും
വേശ്യമാരെല്ലാവരും ശ്രീശനെസ്സന്ദർശിക്കാ-
നാശയോടോരോതരം വാഹനങ്ങളിൽ
വന്നാർ. 19

നടന്മാർ നർത്തകന്മാർ ഗന്ധർവ്വർ സൂതന്മാരും
തുടരെ മാഗധന്മാർ സ്തുതിപാഠകന്മാരും
ഉത്തമപുരുഷൻതന്നത്ഭുതചരിത്രങ്ങൾ
കീർത്തിച്ചു വീണ്ടും വീണ്ടും പാടി നർത്തനം
ചെയ്താർ. 20

ഹരിയപ്പൗരമുഖ്യന്മാരോടു യഥായോഗ്യം
പെരുമാറിനാൻപരം സൗഹാർദ്ദത്തോടുകൂടി
ചിലരെക്കൈപിടിച്ചും വന്ദിച്ചുമാശ്ലേഷിച്ചും
ചിലരിൽ സ്മിതം തൂകിക്കണ്ണിട്ടും സ്വീകരിച്ചാൻ

ഈവണ്ണം ചണ്ഡാലാന്തമാശിച്ചവരം കണ്ണ-
നേവർക്കുമേകി മാനിച്ചാശ്വസിപ്പിച്ചീടിനാൻ.
21–22

വൃദ്ധന്മാർ തത്പത്നികൾ വിപ്രരാചാര്യന്മാരും
സത്യമായ് വന്ദികളുമേകീടുമനുഗ്രഹം
കൈക്കൊണ്ടു ഭഗവാൻ ശ്രീമുകുന്ദൻ പാരംമോദ-
മുൾക്കൊണ്ടു പിന്നെ പ്രാപിച്ചീടിനാൻ തൻ
പത്തനം. 23

ദ്വാരകാപുരത്തിലെക്കുലസ്ത്രീജനം മധു-
വൈരിയാം ശൗരി രാജവീഥിയിലെത്തിയ-
പ്പോൾ
ആളിമാരൊത്തു മണിമാളികമുകളേറി
നാളീകനേത്രദർശനോത്സവം കൊണ്ടാടി-
നാർ. 24

എപ്പോഴും കണ്ടുകൊണ്ടാണിരിപ്പതെന്നാകില-
മ്മല്ലാക്ഷൻതൻ ലക്ഷ്മീലാലസത്കളേബരം
തത്പുരവാസികൾതൻ കണ്ണുകൾക്കൊരി-
ക്കലു-
മല്പവുമലംഭാവമുണ്ടാക്കുന്നില്ല ചിത്രം! 25

ഈ മുഗ്ദ്ധൻതന്മാറിടം ശ്രീദേവീധാമമല്ലോ;
കോമള തന്നാനനംലോചനപാനപാത്രം
ചേണാർന്ന തത്പാണികൾ ലോകപാലക-
ന്മാർക്കും
ശോണമാം പാദാംബുജം ഭക്തർക്കും വാസ-
സ്ഥാനം. 26

വെഞ്ചാമരങ്ങൾ നല്ല വെൺകൊററക്കുടകളും
തഞ്ചിപ്പുമഴയേറ്റു വനമാലകൾ പൂണ്ടു
പീതാംബരൻ മുകുന്ദൻ മിന്നി, മിന്നലും വില്ലു-
മാദിത്യചന്ദ്രന്മാരുമൊത്ത കാർമുകിൽ
പോലെ. 27

ആദ്യമേ പിതൃഗേഹം പ്രാപിച്ച്, ജനനിമാ-
രൊത്തുടനാശ്ലേഷിച്ചാർ വാത്സല്യപുരസ്സരം
ദേവകിതുടങ്ങിയോരമ്മമാരേഴിനേയും
ശ്രീവാസുദേവൻ തലകുനിച്ചു വന്ദിച്ചതേ. 28

പ്രേമത്താൽ ചുരന്നൊഴുകീടുന്ന കുചങ്ങളോ-
ടാമോദവിവശരായവരത്തനുജനെ
പിടിച്ചു മടിയേററിയിരുത്തി മാറിമാറി-
ത്തുടരെക്കണ്ണീർവീഴ്ത്തി നനച്ചുതിരുവുടൽ. 29

പതിനാറായിരത്തെട്ടുത്തമപത്നിമാരും
പതിവായ് പാർക്കും മണിമന്ദിരവൃന്ദംചേർന്നു
സമസ്തവിഭവങ്ങളുൾച്ചേരുന്നതായ് ശ്രേഷ്ഠ-
തമംതൻരാജധാനി ഭഗവാനഥ പുക്കാൻ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്ന്യഃ പതിം പ്രോഷ്യ ഗൃഹാനുപാഗതം
വിലോക്യ സംജാതമനോമഹോത്സവാഃ
ഉത്തസ്ഥുരാരാത്സഹസാഽഽസനാശയാത്
സാകം വ്രതൈർവ്രീഡിതലോചനാനനാഃ. 31

തമാത്മജൈർദൃഷ്ടിഭിരന്തരാത്മനാ
ദുരന്തഭാവാഃ പരിരേഭിരേ പതിം
നിരുദ്ധമപ്യാസ്രവദംബു നേത്രയോ-
ർവ്വിലജ്ജതീനാം ഭൃഗുവര്യ വൈക്ലവാത്. 32

യദ്യപ്യസൗ പാർശ്വഗതോ രഹോഗത-
സ്തഥാപി തസ്യാംഘ്രിയുഗം നവം നവം
പദേ പദേ കാ വിരമേത തത്പദാ-
ച്ചലാപി യച്ഛ്രീർന്ന ജഹാതി കർഹിചിത്. 33

ഏവം നൃപാണാം ക്ഷിതിഭാരജന്മനാ-
മക്ഷൗഹിണീഭിഃ പരിവൃത്തതേജസാം
വിധായ വൈരം ശ്വസനോ യഥാനലം
മിഥോ വധേനോപരതോ നിരായുധഃ 34

സ ഏഷ നരലോകേഽസ്മിന്നവതീർണ്ണഃ സ്വമായയാ
രേമേ സ്ത്രീരത്നകൂടസ്ഥോ ഭഗവാൻ പ്രാകൃതോ യഥാ. 35

ഉദ്ദാമഭാവപിശുനാമലവല്ഗുഹാസ-
വ്രീഡാവലോകനിഹതോ മദനോഽപി യാസാം
സമ്മുഹ്യ ചാപമജഹാത് പ്രമദോത്തമാസ്താ
യസ്യേന്ദ്രിയം വിമഥിതും കുഹകൈർന്ന ശേകുഃ. 36

തമയം മന്യതേ ലോകോ ഹ്യസംഗമപി സംഗിനം
ആത്മൗപമ്യേന മനുജം വ്യാപൃണ്വാനം യതോഽബുധഃ 37

ഏതദീശനമീശസ്യ പ്രകൃതിസ്ഥോഽപി തദ്ഗുണൈഃ
ന യുജ്യതേ സദാഽഽത്മസ്ഥൈര്യഥാ ബുദ്ധിസ്തദാശ്രയാ. 38

തം മേനിരേഽബലാ മൂഢാ സ്ത്രൈണം ചാനുവ്രതം രഹഃ
അപ്രമാണവിദോ ഭർത്തുരീശ്വരം മതയോ യഥാ. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
ശ്രീകൃഷ്ണദ്വാരകാപ്രവേശോ നാമ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

ശൗനക ഉവാച

അശ്വത്ഥാമ്നോപസൃഷ്ടേന ബ്രഹ്മശീർഷ്ണോരുതേജസാ
ഉത്തരായാ ഹതോ ഗർഭ ഈശേനാജീവിതഃ പുനഃ 1

തസ്യ ജന്മ മഹാബുദ്ധേഃ കർമ്മാണി ച മഹാത്മനഃ
നിധനം ച യഥൈവാസീത് സ പ്രേത്യ ഗതവാൻ യഥാ. 2

തദിദം ശ്രോതുമിച്ഛാമി ഗദിതും യദി മന്യസേ
ബ്രൂഹി നഃ ശ്രദ്ദധാനാനാം യസ്യ ജ്ഞാനമദാച്ഛുകഃ 3

സൂത ഉവാച

അപീപലദ്ധർമ്മരാജഃ പിതൃവദ്രഞ്ജയൻ പ്രജാഃ
നിസ്പൃഹസ്സർവ്വകാമേഭ്യഃ കൃഷ്ണപാദാനുസേവയാ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൂരദേശത്തു പാർത്തിട്ടെത്തിടും ഭർത്താവിനെ
നാരിമാർ ദൂരെക്കണ്ടു മാനസോത്സവത്തോടും
ഭാസുരാനനം താഴ്ത്തി ലജ്ജയാൽ പ്രതാന്വിത-
മാസനാശയങ്ങളെവിട്ടെഴുന്നേററു വേഗം. 31

അന്തരാത്മാവുകൊണ്ടും കണ്ണുകൾകൊണ്ടും-പിന്നെ
സ്വന്തപുത്രരേക്കൊണ്ടുമാശ്ലേഷം നേടിക്കൊ-ണ്ടവർ
വമ്പിച്ച വിയോഗമാലായവരടക്കീട്ടും
മുമ്പിലതശ്രുവായിവാന്നഹോ വൈക്ലബ്യ-ത്താൽ. 32

ചാരത്തും രഹസ്സിലും വാഴ്കിലും മുകുന്ദൻെറ
ചാരുപാദങ്ങളവർക്കെപ്പൊഴും പുത്തനത്രേ
ചഞ്ചലചിത്തയാകും ശ്രീപോലുമതിൽ സ്ഥിരം
തഞ്ചമായ് വസിക്കുമ്പോൾ പിന്നേവം വിട്ടുമാറും? 33

ഭൂമിക്കു ഭാരത്തിനായ് പിറന്ന സേനാബല
സീമാതിക്രമാക്രമപ്രക്രമർഭൂപക്കെല്ലാം
വഹ്നിക്കു കാററെന്നപോൽ വളർത്തി വൈരം പര-
മന്യോന്യം വധിപ്പിച്ചിട്ടടങ്ങീനിരായുധൻ. 34

അങ്ങനെയിരിക്കുന്നോരിക്കൃഷ്ണൻ തന്മായയാൽ
ഭംഗിയായ് മർത്ത്യദേഹം ധരിച്ചിദ്ധരിത്രിയിൽ
പ്രാകൃതനെന്നമട്ടിൽ സ്ത്രീരത്നസംഘമധ്യ-
ഭാഗത്തു വസിച്ചവരൊത്തലം രമിച്ചതേ. 35

ആരുടെ സാരാശയസൂചകം വ്രീളാചാരു-
സ്മേരേക്ഷണങ്ങൾകൊണ്ടു ഹതനായ് പൂവമ്പനും
തള്ളിനാൻ തൻചാപ,മാപ്രമദോത്തമകൾക്കും
വെല്ലുവാൻ കഴിഞ്ഞീലമ്മായാമർത്ത്യൻെറ ചിത്തം. 36

അറിവററുള്ള ലോകരസംഗനാമീമധു-
ഹരനെത്തങ്ങളോടു സാദൃശ്യം ദർശിക്കയാൽ
സംഗസംയുതനെന്നും കൃത്യവ്യാപൃതനെന്നും
സംഗതിയറിയാതെ നിനപ്പൂ മർത്ത്യനെന്നും. 37

ആത്മാവിൽ സ്ഥിതിചെയ്യുമാബുദ്ധിയെല്ലാ-യ്പോഴു-
മാത്മാവിൻ ഗുണങ്ങളെയാശ്രയിച്ചീടാത്ത-പോൽ
പ്രകൃതിസ്ഥിതനാണെന്നാകിലും തദ്ഗുണൗഘ-
വികൃതിക്കധീനനാവില്ലൊരിക്കലുമീശൻ. 38

ആത്മാവെയഹംധീകളറിയാത്തപോൽ കാന്തൻ
തന്മേന്മ ധരിക്കാതിപ്പരചിത്സ്വരൂപനെ
മൂഢനാരിമാ,രവർക്കധീനനെന്നു,മിവൻ
ഗൂഢമായനുസരിക്കുന്നവനെന്നുമോർത്താർ. 39

അദ്ധ്യായം 12

പരീക്ഷിജ്ജനനം

ശൗനകൻ പറഞ്ഞു

അശ്വത്ഥാമാവയച്ചോരുജ്ജ്വലബ്രഹ്മാ-സ്ത്രത്താൽ
നിശ്ശേഷം ഹതമായോരുത്തരാഗർഭം വീണ്ടും
നന്ദജൻ ജീവിപ്പിച്ചെന്നങ്ങു ചൊന്നല്ലോമുന്ന-
മെന്നാലും മഹാധീമാനാകുമമ്മഹാത്മാവിൻ-
ജന്മകർമ്മങ്ങളേയുമന്ത്യത്തിൽ ദേഹംവിട്ട-
തെമ്മട്ടിലെന്നുംകൂടിക്കനിഞ്ഞു കേൾപ്പിക്കു-കിൽ
ശ്രദ്ധിച്ചു കേട്ടുകൊള്ളാമദ്ദേഹത്തിനോടല്ലോ
വിസ്തരിച്ചോതീ ശുകബ്രഹ്മർഷിതത്ത്വ-ജ്ഞാനം. 1-3

സൂതൻ പറഞ്ഞു

ധർമ്മജൻ മാധവാംഘ്രിസേവയാൽ സർവ്വകാമ-
നിർമ്മുക്തൻ പ്രജകളെപ്പാലിച്ചാൻ പിതാവു-പോൽ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംപദഃ ക്രതവോ ലോകാ മഹിഷീ ഭ്രാതരോ മഹീ
ജംബൂദ്വീപാധിപത്യം ച യശശ്ച ത്രിദിവം ഗതം. 5
കിം തേ കാമാസ്സുരസ്പാർഹാ മുകുന്ദമനസോ ദ്വിജാഃ
അധിജഹ്രുർമുദം രാജ്ഞഃ ക്ഷുധിതസ്യ യഥേതരേ. 6
മാതുർഗർഭഗതോ വീരസ്സ തദാ ഭൃഗുനന്ദന!
ദദർശ പുരുഷം കഞ്ചിദ് ദഹ്യമാനോഽസ്ത്രതേജസാ. 7
അംഗുഷ്ഠമാത്രമമലം സ്ഫുരത്പുരടമൗലിനം
അപീച്യദർശനം ശ്യാമം തഡിദ്വാസസമച്യുതം 8
ശ്രീമദ്ദീർഘചതുർബ്ബാഹും തപ്തകാഞ്ചനകുണ്ഡലം
ക്ഷതജാക്ഷം ഗദാപാണിമാത്മനസ്സർവ്വതോദിശം
പരിഭ്രമന്തമുത്കാഭാം ഭ്രാമയന്തം ഗദാം മുഹുഃ 9
അസ്ത്രതേജഃ സ്വഗദയാ നീഹാരമിവ ഗോപതിഃ
വിധമന്തം സന്നികർഷേ പര്യൈക്ഷത ക ഇത്യസൗ. 10
വിധൂയ തദമേയാത്മാ ഭഗവാൻ ധർമ്മഗുബ്വിഭുഃ
മിഷതോ ദശമാസ്യസ്യ തത്രൈവാന്തർദധേ ഹരിഃ 11
തതസ്സർവഗുണോദർക്കേ സാനുകൂലഗ്രഹോദയേ
ജജ്ഞേ വംശധരഃ പാണ്ഡോർഭൂയഃ പാണ്ഡുരിവൗജസാ. 12
തസ്യ പ്രീതമനാ രാജാ വിപ്രൈർധൗമ്യകൃപാദിഭിഃ
ജാതകം കാരയാമാസ വാചയിത്വാ ച മംഗളം. 13
ഹിരണ്യം ഗാം മഹീം ഗ്രാമാൻ ഹസ്ത്യശ്വാന്നൃപതിർവരാൻ
പ്രാദാത് സ്വന്നം ച വിപ്രേഭ്യഃ പ്രജാതീർത്ഥേ
സ തീർത്ഥവിത്. 14
തമൂചുർബ്രാഹ്മണാസ്തുഷ്ടാ രാജാനം പ്രശ്രയാന്വിതം
''ഏഷ ഹ്യസ്മിൻ പ്രജാതന്തൗ പുരൂണാം പൗരവർഷഭ 15
ദൈവേനാ പ്രതിഘാതേന ശുക്ലേ സംസ്ഥാമുപേയുഷി
രാതോ വോഽനുഗ്രഹാർത്ഥായ വിഷ്ണുനാ പ്രഭവിഷ്ണുനാ. 16
തസ്മാന്നാമ്നാ വിഷ്ണുരാത ഇതി ലോകേ ബൃഹച്ഛ്രവാഃ
ഭവിഷ്യതി ന സന്ദേഹോ മഹാഭാഗവതോ മഹാൻ.'' 17
യുധിഷ്ഠിര ഉവാച
അപ്യേഷ വംശ്യാൻ രാജർഷീൻ പുണ്യശ്ലോകാന്മഹാത്മനഃ
അനുവർത്തിതാ സ്വിദ്യശസാ സാധുവാദേന സത്തമാഃ 18
ബ്രാഹ്മണാ ഊചുഃ
''പാർത്ഥ, പ്രജാവിതാ സാക്ഷാദിക്ഷ്വാകുരിവ മാനവഃ
ബ്രഹ്മണ്യസ്സത്യസന്ധശ്ച രാമോ ദാശരഥിര്യഥാ. 19
ഏഷ ദാതാ ശരണ്യശ്ച യഥാ ഹ്യൗശീനരഃ ശിബിഃ
യശോ വിതനിതാ സ്വാനാം ദൗഷ്യന്തിരിവ യജ്വനാം. 20
ധന്വിനാമഗ്രണീരേഷ തുല്യശ്ചാർജ്ജുനയോർദ്വയോഃ
ഹുതാശ ഇവ ദുർദ്ധർഷസ്സമുദ്ര ഇവ ദുസ്തരഃ 21
മൃഗേന്ദ്ര ഇവ വിക്രാന്തോ നിഷേവ്യോ ഹിമവാനിവ
തിതിക്ഷുർവസുധേവാസൗ സഹിഷ്ണുഃ പിതരാവിവ. 22
പിതാമഹസമഃ സാമ്യേ പ്രസാദേ ഗിരിശോപമഃ
ആശ്രയസ്സർവ്വഭൂതാനാം യഥാ ദേവോ രമാശ്രയഃ 23
സർവസദ്ഗുണമാഹാത്മ്യ ഏഷ കൃഷ്ണമനുവ്രതഃ
രന്തിദേവ ഇവോദാരോ യയാതിരിവ ധാർമ്മികഃ 24
ധൃത്യാ ബലിസമഃ കൃഷ്ണേ പ്രഹ്ളാദ ഇവ സദ്ഗ്രഹഃ
ആഹർത്തൈഷോഽശ്വമേധാനാം വൃദ്ധാനാം പര്യുപാസകഃ 25
രാജർഷീണാം ജനയിതാ ശാസ്താ ചോത്പഥഗാമിനാം
നിഗ്രഹീതാ കലേരേഷ ഭുവോ ധർമ്മസ്യ കാരണാത്. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമ്പത്തും യാഗങ്ങളും ലോകങ്ങളും യോഗങ്ങളും
ജംബുദ്വീപേശത്വവും ഭാര്യയും ഭ്രാതാക്കളും
ക്ഷിതിയും സ്വർഗ്ഗമെത്തും കീർത്തിയുമമരന്മാർ-
കൊതിക്കുമാ വസ്തുക്കളൊന്നുമേതന്നെ ചെററും
മുകുന്ദദത്തചിത്തനാകുമാ നരപാല-
ന്നകമേ ചേർത്തതില്ല മോദം ക്ഷുധാർത്തന്നു
പോൽ. 5-6

പൂജനീയരേ! മാതൃഗർഭത്തിൽക്കിടന്നസ്ത്ര-
തേജസ്സാൽ വെന്തീടവേ വീരനാം വിഷ്ണുരാതൻ,
അംഗുഷ്ഠപ്രായനായി ശുദ്ധനായ്പ്പൊൽക്കിരീടം
ഭംഗിയായ് ധരിച്ചതിമനോജ്ഞരൂപനായി
നീലവർണ്ണനായ് പീതവസനധാരിയായി
ചേലൊത്ത നാലു നീണ്ട ബാഹുക്കളൊത്തിണങ്ങി
സുവർണ്ണകുണ്ഡലങ്ങളണിഞ്ഞു ചോരപോലെ
ചുവന്ന നയനങ്ങളാർന്നു നിർവ്വികാരനായ്
തീക്കൊള്ളിക്കൊക്കും ഗദ ചുഴററി വീണ്ടും വീണ്ടും
ശീഘ്രത്തിൽത്തന്നെച്ചുററും പുരുഷൻ തന്നെ-
ക്കണ്ടാൻ 7-9

ഭാസ്കരൻ ഹിമത്തെപ്പോലസ്ത്രതേജസ്സശേഷ-
മഗ്ഗദകൊണ്ടടക്കിത്തൻ ചുററും സഞ്ചരിക്കും
അത്ഭുതപുമാനാരെന്നറിയാനുററുപാർത്ത-
ഗ്ഗർഭസ്ഥശിശു കിടന്നീടിനാനേററനേരം. 10

ധർമ്മസംരക്ഷിതാവായമേയനാകും വിഭു-
വിമ്മട്ടിലസ്ത്രവീര്യം കെടുത്തിയനന്തരം
സ്പഷ്ടമായ് പത്തുമാസം ചെന്നൊരബ്ബാലൻ കാൺകെ
സത്വരം മറഞ്ഞിതഗ്ഗർഭത്തിൽത്തന്നെ
ചിത്രം! 11

നല്ല ലഗ്നത്തിൽപ്പിന്നെ ഗ്രഹങ്ങൾ സാനുകൂലം
കല്യാണപ്രദങ്ങളായ് നിൽക്കെയസ്സത്ക്കാ-
ലത്തിൽ
പാണ്ഡുപ്രതാപവാനായ് തദ്വംശം നില-
നിർത്തും
ധന്യനാം പരീക്ഷിത്തുമന്നവൻ ജാതനാ-
യാൻ. 12

തുഷ്ടനായ് ധർമ്മപുത്രഭൂമിപൻ ധൌമ്യകൃപാ-
ദ്യുത്തമഭൂദേവരെക്കൊണ്ടുടൻ ബാലകന്നു
വേദമന്ത്രങ്ങളാശിസ്സെന്നിവ ചൊല്ലിപ്പിച്ചു
ജാതകർമ്മവും കഴിച്ചീടിനാൻ യഥാവിധി. 13

തീർത്ഥവിത്തന്നൃപാലനുണ്ണിയുണ്ടായ പുണ്യ-
വദ്ധ്കമുഹൂർത്തത്തിൽ ബ്രാഹ്മണർക്കാകമാനം
വിഭവസമൃദ്ധമാമന്നവും ഭൂവും പൊന്നു-
മിഭാശ്വഗോവൃന്ദവും വളരെദ്ദാനംചെയ്താൻ. 14

മോദിച്ചു ഭൂദേവന്മാരപ്പൊഴാ വിനീതനാം
മേദിനീശ്വരനോടായോതിനാരീ വിധത്തിൽ.
''ചൊൽക്കൊള്ളും പൂരുവംശ്യപാവനകുല-
വിക്ഷേപ്തു ദൈവയോഗാൽ നാശത്തെ [തന്നു-
പ്രാപിക്കവേ
നിങ്ങളെയനുഗ്രഹിച്ചീടുവാൻ ഭക്തപ്രിയ-
നിങ്ങു വന്നു,തിന്നെസ്സംരക്ഷിച്ചതന്നുവല്ലോ
അതിനാൽ വിഷ്ണുരാതനെന്ന പേരാർന്നു ഭാഗ-
വതനായിവൻ കീർത്തിപരത്തി വാഴും ദൃഢം.''
15-17

യുധിഷ്ഠിരൻ പറഞ്ഞു

സാധുക്കൾ വാഴ്ത്തുമാറു പൂർവ്വജർക്കൊത്തിബ്ബാ-
ലൻ
മേദിനി കാത്തു കീർത്തിചാർത്തുമോ വിപ്ര-
ന്മാരേ! 18

ബ്രാഹ്മണൻ പറഞ്ഞു

പാരിവൻ മനുപുത്രജനിക്ഷ്വാകുമട്ടു വാഴും,
ശ്രീരാമനൊപ്പം ബ്രഹ്മഭക്തനായ് സത്യം
കാക്കും 19

ശരണ്യൻ ദാതാവുമാം ശിബിക്കു തുല്യം, കീർത്തി
ഭരതൻപോൽ പരത്തും സ്വീയർക്കും യജ്വാ-
ക്കൾക്കും 20

അർജ്ജുനന്മാരെപ്പോലെ വില്ലാളിയായ് ഭവിക്കു-
മുജ്ജ്വലവഹ്നിയെപ്പോലപ്രധൃഷ്യനായ്ത്തീരും.
അംഭോധികണക്കന്നത്തീര്യനായ്വരും, സിംഹ-
ഗാംഭീര്യവീര്യശൗര്യവിക്രമങ്ങളുമാളും.
ഹിമവാന്മട്ടിൽ സേവ്യനായിടും, ഭൂദേവിക്കു-
സമമായ് ക്ഷമാശീലം കൈക്കൊണ്ടു വിള-
ങ്ങീടും
പൊറുക്കും പിതൃതുല്യം പ്രജാപരാധങ്ങളെ
ധരിക്കും സമബുദ്ധി സ്വരജ്യേഷ്ഠനു തുല്യം
മുപ്പുരാരാതിമട്ടിൽ തുഷ്ടനാം ക്ഷിപ്രം, ശ്രീശ-
ന്നൊപ്പമായീടും സർവ്വഭൂതാവലംബനത്താൻ.
21-23

നാനാസദ്ഗുണങ്ങളാൽ ശ്രീകൃഷ്ണനോടു തുല്യൻ
ദാനശീലത്താൽ രന്തിദേവനു സമനാകും
ധർമ്മത്തിൽ യയാതിപോൽ, ധൈര്യത്തിൽ
മഹാബലി-
സമ്മിതൻ പ്രഹ്ലാദൻപോൽ വിഷ്ണുഭക്താ-
ഗ്രേസരൻ
അശ്വമേധങ്ങൾ സംഖ്യയററിവൻ നടത്തീടും
നിശ്ചയം വൃദ്ധന്മാരെസ്സേവിക്കും, സുശീലനാം
ഇവനിൽനിന്നുണ്ടാകുമനേകം രാജർഷിക-
ളിവൻ ശിക്ഷിക്കും ധർമ്മമാർഗ്ഗമുല്ലംഘിപ്പോരെ
ഉലകിൽ ധർമ്മം നിലനിർത്തുവാനായിപ്പിന്നെ-
ക്കലിതൻ ശാസിതാവുമായിവൻ ശോഭി-
ച്ചീടും. 24-26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തക്ഷകാദാത്മനോ മൃത്യും ദ്വിജപുത്രോപസർജ്ജിതാത്
പ്രപത്സ്യത ഉപശ്രുത്യ മുക്തസങ്ഗഃ പദം ഹരേഃ 27
ജിജ്ഞാസിതാത്മയാഥാത്മ്യോ മുനേർവ്യാസസുതാദസൗ
ഹിത്വേദം നൃപ! ഗങ്ഗായാം യാസ്യത്യദ്ധാകുതോഭയം.'' 28
ഇതി രാജ്ഞ ഉപാദിശ്യ വിപ്രാ ജാതകകോവിദാഃ
ലബ്ധാപചിതയസ്സർവേ പ്രതിജഗ്മുസ്സ്വകാൻ ഗൃഹാൻ. 29
സ ഏഷ ലോകവിഖ്യാതഃ പരീക്ഷിദിതി യത് പ്രഭുഃ
ഗർഭദൃഷ്ടമനുധ്യായൻ പരീക്ഷേത നരേഷ്വിഹ. 30
സ രാജപുത്രോ വവൃധേ ആശു ശുക്ല ഇവോഡുപഃ
ആപൂര്യമാണഃ പിതൃഭിഃ കാഷ്ഠാഭിരിവ സോഽന്വഹം. 31
യക്ഷ്യമാണോഽശ്വമേധേന ജ്ഞാതിദ്രോഹജിഹാസയാ
രാജാലബ്ധധനോ ദധ്യാവന്യത്ര കരദണ്ഡയോഃ. 32
തദഭിപ്രേതമാലക്ഷ്യ ഭ്രാതരോഽച്യുതചോദിതാഃ
ധനം പ്രഹീണമാജഹ്രുരുദീച്യാം ദിശി ഭൂരിശഃ 33
തേന സംഭൃതസംഭാരോ ധർമ്മപുത്രോ യുധിഷ്ഠിരഃ
വാജിമേധൈസ്ത്രിഭിർഭീതോ യജ്ഞൈസ്സമയജദ്ധരിം 34
ആഹൂതോ ഭഗവാൻ രാജ്ഞാ യാജയിത്വാ ദ്വിജൈർനൃപം
ഉവാസ കതിചിന്മാസാൻ സുഹൃദാം പ്രിയകാമ്യയാ. 35
തതോ രാജ്ഞാഭ്യനുജ്ഞാതഃ കൃഷ്ണയാ സഹ ബന്ധുഭിഃ
യയൗ ദ്വാരവതീം ബ്രഹ്മൻ സാർജ്ജുനോ യദുഭിർവൃതഃ 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
പരീക്ഷിജ്ജന്മാദ്യുത്കർഷോ നാമ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

സൂത ഉവാച
വിദുരസ്തീർത്ഥയാത്രായാം മൈത്രേയാദാത്മനോ ഗതിം
ജ്ഞാത്വാഗാദ്ധാസ്തിനപുരം തയാവാപ്തവിവിത്സിതഃ 1
യാവതഃ കൃതവാൻ പ്രശ്നാൻ ക്ഷത്താ കൗഷാരവാഗ്രതഃ
ജാതൈകഭക്തിർഗോവിന്ദേ തേഭ്യശ്ചോപരരാമ ഹ. 2
തം ബന്ധുമാഗതം ദൃഷ്ട്വാ ധർമ്മപുത്രഃ സഹാനുജഃ
ധൃതരാഷ്ട്രോ യുയുത്സുശ്ച സൂതഃ ശാരദ്വതഃ പൃഥാ. 3
ഗാന്ധാരീ ദ്രൗപദീ ബ്രഹ്മൻ! സുഭദ്രാ ചോത്തരാ കൃപീ
അന്യാശ്ച ജാമയഃ പാണ്ഡോർജ്ഞാതയഃ സസുതാഃ സ്ത്രിയഃ 4
പ്രത്യുജ്ജഗ്മുഃ പ്രഹർഷേണ പ്രാണം തന്വ ഇവാഗതം
അഭിസങ്ഗമ്യ വിധിവത് പരിഷ്വങ്ഗാഭിവാദനൈഃ 5
മുമുചുഃ പ്രേമബാഷ്പൗഘം വിരഹൗത്കണ്ഠ്യകാതരാഃ
രാജാ തമർഹയാഞ്ചക്രേ കൃതാസനപരിഗ്രഹം. 6
തം ഭുക്തവന്തമാസീനം വിശ്രാന്തം സുഖമാസനേ
പ്രശ്രയാവനതോ രാജാ പ്രാഹ ന്വാനാം വിശൃണ്വതാം. 7
യുധിഷ്ഠിര ഉവാച
''അപി സ്മരഥ നോ യുഷ്മത്പക്ഷച്ഛായാസമേധിതാൻ
വിപദ്ഗണാദ്വിഷാഗ്ന്യാദേർമ്മോചിതാ യത് സമാതൃകാഃ 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂസുരതനൂജനാൽ പ്രേരിതൻ തക്ഷകൻതൻ–
ദംശനംമൂലം മൃതിഭവിക്കും തനിക്കെന്നായ്
അറിഞ്ഞു സർവ്വസംഗപരിത്യാഗിയായ് കൃഷ്ണ–
ചരണം,രക്ഷാചണം ശരണംപ്രാപിച്ചിട്ടും. 27

ശുകബ്രഹ്മർഷിയിൽനിന്നാത്മാവിൻ യാഥാ–
ർത്ഥ്യത്തെ–
ത്തികച്ചുമറിഞ്ഞിവൻ തെളിഞ്ഞു ധർമ്മസൂനോ!
ഗംഗയിൽ സുന്ദരമാം തന്നംഗമനായാസ–
മങ്ങുപേക്ഷിച്ചബ് ഭയരഹിതസ്ഥാനം
പൂകും. 28

ജ്യോതിശ്ശാസ്ത്രത്തിൽ ബഹുസമർത്ഥന്മാരാം
ദ്വിജർ
ജാതകഫലമേവം രാജാവിനോടുണർത്തി
കിട്ടിയ സംഭാവനയൊക്കെയും സ്വീകരിച്ചു
കെട്ടിക്കൊണ്ടവരവർക്കുള്ള ഗേഹങ്ങളാന്നാർ. 29

മാതൃഗർഭത്തിൽ കണ്ട രൂപത്തെ സ്മരിച്ചുകൊ–
ണ്ടേതൊരുത്തനിലുണ്ട രൂപമീവിധമെന്നായ്
നേരേ പരീക്ഷിക്കുകമൂലമായിബ്ബാലനു
പേരെങ്ങും പരീക്ഷിത്തെന്നുള്ളതും പ്രസി–
ദ്ധമായ്. 30

കലകളാലുമച്ഛനമ്മമാക്കേഴും സ്നേഹ–
ലളിതനാനാതരപരിലാളനയാലും,
വെളുത്ത പക്ഷത്തിലെച്ചന്ദ്രനെപ്പോലിബ്ബാലൻ
വളർന്നുവന്നു മനോഹരനായ് നാളിൽ
നാളിൽ. 31

ബാന്ധവദ്രോഹത്തിനാൽ സന്ധിക്കും പാപം–
പോക്കാൻ
പന്തിയായശ്വമേധം നടത്താനാശയേറി
കരദണ്ഡങ്ങളാൽ സ്വീകൃതമാം ധനമെന്യേ
വരവു വേറേയില്ലാതരചൻ വിഷമിച്ചാൻ. 32

സോദരർ നിജവാഞ്ഛയറിഞ്ഞു ഭഗവാനാൽ
ചോദിതരായി നേരേ വടക്കൻദിക്കിൽ പോയി
മരുത്തനുപേക്ഷിച്ച ധാരാളം ധനം ചേർത്തു
തിരിച്ചുവന്നു മന്നൻതന്മുന്നിൽ വെച്ചു
നിന്നാർ. 33

അതിനാൽ സംഭരിച്ചാൻ സമസ്തവസ്തുക്കളും
ക്ഷിതിപാലകൻ കുറവെന്നിയേ വേണ്ടമട്ടിൽ
പാപഭീതനായ്പ്പിന്നെ മൂന്നശ്വമേധംകൊണ്ടു
താപാപഹാരിയാകും ഹരിയെയർച്ചിച്ചിതു. 34

ക്ഷണിച്ചുവന്നുടൻ താൻ ഭഗവാൻ കൃഷ്ണൻദ്വിജ–
ഗണത്തെക്കൊണ്ടാ യാഗം വെടിപ്പായ്
നടത്തിച്ചു
പ്രേമാതിരേകത്തിനാലവിടെക്കുറേ മാസം
താമസിക്കയും ചെയ്താൻ ബാന്ധവഹിതത്തി–
നായ്. 35

പിന്നെയായുധിഷ്ഠിരൻ, പാഞ്ചാലി,
ബന്ധുജന–
മെന്നിവരോടു പണിപ്പെട്ടു സമ്മതം വാങ്ങി
നന്ദജൻ, കിരീടിയും യാദവസംഘങ്ങളു–
മൊന്നിച്ചുവന്നു നിജമന്ദിരം പൂകീടിനാൻ. 36

അദ്ധ്യായം 13

വിദുരാഗമനം—ധൃതരാഷ്ട്രപ്രയാണം

സൂതൻ പറഞ്ഞു

വിദുരൻ മൈത്രേയമാമുനിയോടാത്മാവിന്റെ
ഗതിയെത്തീർത്ഥയാത്രാവേളയിൽ ധരിച്ചുടൻ
അറിയാനുള്ളതറിഞ്ഞെന്നൊരു തൃപ്തിയോടും
തിരിയെക്കുരുരാജധാനിക്കു മടങ്ങിനാൻ. 1

അത്തപ്പിലേറെച്ചോദിച്ചീടിലുമൊന്നുരണ്ടി–
ന്നുത്തരമാ മൈത്രേയമഹർഷി പറഞ്ഞപ്പോൾ
ക്ഷത്താവിനകാരണ ശ്രീഹരിഭക്തിയുള്ളിൽ
വർദ്ധിച്ചു ശേഷം കേൾക്കാൻ നില്ക്കാതെ തിരി–
ച്ചുതേ. 2

ശൗനകമഹാമുനേ! യുയുത്സു, ധൃതരാഷ്ട്രൻ,
സാനുജയുധിഷ്ഠിരൻ, സഞ്ജയൻ, കൃപാചാര്യർ,
കുന്തി, ഗാന്ധാരി, പാഞ്ചാലാത്മജ, സുഭദ്രയും
ബന്ധുദാരങ്ങൾ മററു.മുത്തര, കൃപിതാനും
പാണ്ഡുവിൻ ബന്ധുക്കളുമന്യരാം സസന്താന–
തനാംഗിമാരും ക്ഷത്താവെത്തിയതെന്ന–
റിഞ്ഞു.
മോഹത്തെക്കൈവിട്ടിട്ടും പ്രാണനെയംഗങ്ങൾ
പോൽ
സ്നേഹത്താലെതിരേററു വന്ദിച്ചുമാശ്ലേഷിച്ചും
മേൽക്കുമേലാനന്ദാശ്രുവർഷിച്ചാർ വിരഹത്താ–
ലുൽക്കണ്ഠ പൂണ്ടു ഭൂപനിരുത്തിമാനിച്ചിതു
3–6

ഊണിനുശേഷം സുഖംപ്രീതനായാസനത്തിൽ
ക്ഷീണവുമകന്നങ്ങു വാണീടും ക്ഷത്താവിനെ
വിനയാന്വിതം താണുവണങ്ങി ധർമ്മാത്മജ,–
നനുജർ ബന്ധുക്കളും കേൾക്കവേ ചൊല്ലീടി–
നാൻ. 7

യുധിഷ്ഠിരൻ പറഞ്ഞു

പക്ഷികൾ പോതങ്ങളെപ്പക്ഷങ്ങൾക്കിട
യിൽവെ–
ച്ചക്ഷാമം വളർത്തുംപോലങ്ങുന്നു വളർത്തിയ
ഞങ്ങളെയോർക്കുന്നുണ്ടോ? വിഷം, തീ, ശത്രു–
പീഡ–
യിങ്ങനെയുള്ളതിൽനിന്നങ്ങല്ലോ
രക്ഷിച്ചതും. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയാ വൃത്ത്യാ വർത്തിതം വശ്ചരദ്ഭിഃ ക്ഷിതിമണ്ഡലം
തീർത്ഥാനി ക്ഷേത്രമുഖ്യാനി സേവിതാനീഹ ഭൂതലേ? 9

ഭവദ്വിധാ ഭാഗവതാസ്തീർത്ഥഭൂതാഃ സ്വയം വിഭോ
തീർത്ഥീകുർവന്തി തീർത്ഥാനി സ്വാന്തസ്ഥേന ഗദാഭൃതാ. 10

അപി നഃ സുഹൃദസ്താതബാന്ധവാഃ കൃഷ്ണദേവതാഃ
ദൃഷ്ടാഃശ്രുതാ വാ യദവഃ സ്വപുര്യാം സുഖമാസതേ.'' 11

ഇത്യുക്തോ ധർമ്മരാജേന സർവ്വം തത് സമവർണ്ണയത്
യഥാനുഭൂതം ക്രമശോ വിനാ യദുകുലക്ഷയം. 12

നന്വപ്രിയം ദുർവിഷഹം നൃണാം സ്വയമുപസ്ഥിതം
നാവേദയത്സകരുണോ ദുഃഖിതാൻ ദ്രഷ്ടുമക്ഷമഃ 13

കഞ്ചിത് കാലമഥാവാത്സീത് സത്കൃതോ ദേവവത് സുഖം
ഭ്രാതുർജ്യേഷ്ഠസ്യ ശ്രേയസ്കൃത് സർവ്വേഷാം പ്രീതിമാവഹൻ. 14

അബിഭ്രദര്യമാ ദണ്ഡം യഥാവദഘകാരിഷു
യാവദ്ദധാര ശൂദ്രത്വം ശാപാദ്വർഷശതം യമഃ 15

യുധിഷ്ഠിരോ ലബ്ധരാജ്യോ ദൃഷ്ട്വാ പൗത്രം കുലന്ധരം
ഭ്രാതൃഭിർല്ലോകപാലാഭൈർമ്മുമുദേ പരയാ ശ്രിയാ. 16

ഏവം ഗൃഹേഷു സക്താനാം പ്രമത്താനാം തദീഹയാ
അത്യക്രാമദവിജ്ഞാതഃ കാലഃ പരമദുസ്തരഃ 17

വിദുരസ്തദഭിപ്രേത്യ ധൃതരാഷ്ട്രമഭാഷത,
''രാജൻ! നിർഗ്ഗമ്യതാം ശീഘ്രം, പശ്യേദം ഭയമാഗതം. 18

പ്രതിക്രിയാ ന യസ്യേഹ കുതശ്ചിത് കർഹിചിത് പ്രഭോ!
സ ഏവ ഭഗവാൻ കാലസ്സർവ്വേഷാം നസ്സമാഗതഃ 19

യേന ചൈവാഭിപന്നോയം പ്രാണൈഃ പ്രിയതമൈരപി
ജനസ്സദ്യോ വിയുജ്യേത, കിമുതാന്യൈർധനാദിഭിഃ 20

പിതൃഭ്രാതൃസുഹൃത്പുത്രാ ഹതാസ്തേ വിഗതം വയഃ
ആത്മാ ച ജരയാ ഗ്രസ്തഃ പരഗേഹമുപാസസേ. 21

അഹോ മഹീയസീ ജന്തോർജീവിതാശാ യയാ ഭവാൻ
ഭീമേനാവർജ്ജിതം പിണ്ഡമാദത്തേ ഗൃഹപാലവത്. 22

അഗ്നിർന്നിസൃഷ്ടോ, ദത്തശ്ച ഗരോ, ദാരാശ്ച ദൂഷിതാഃ
ഹൃതം ക്ഷേത്രം ധനം യേഷാം, തദ്ദത്തൈരസുഭിഃ കിയത്. 23

തസ്യാപി തവ ദേഹോഽയം കൃപണസ്യ ജിജീവിഷോഃ
പരൈത്യനിച്ഛതോ ജീർണ്ണോ ജരയാ വാസസീ ഇവ. 24

ഗതസ്വാർത്ഥമിമം ദേഹം വിരക്തോ മുക്തബന്ധനഃ
അവിജ്ഞാതഗതിർജ്ജഹ്യാത് സ വൈ ധീര ഉദാഹൃതഃ 25

യഃ സ്വകാത് പരതോ വേഹ ജാതനിർവേദ ആത്മവാൻ
ഹൃദി കൃത്വാ ഹരിം ഗേഹാത് പ്രവ്രജേത്സനരോത്തമഃ 26

അഥോദീചീം ദിശം യാതു സ്വൈരജ്ഞാതഗതിർഭവാൻ
ഇതോഽർവാക് പ്രായശഃ കാലഃ പുംസാം ഗുണവികർഷണഃ'' 27

ഏവം രാജാ വിദുരേണാനുജേന
പ്രജ്ഞാചക്ഷുർബോധിതോ ഹ്യാജമീഢഃ
ഛിത്വാ സ്വേഷു സ്നേഹപാശാൻ ദ്രഢിമ്നോ
നിശ്ചക്രാമ ഭ്രാതൃസന്ദർശിതാദ്ധ്വാ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേദിനി ചുററിസ്സദാ ചരിക്കും ഭവാൻ പുന-
രേതുവൃത്തിയാലുപജീവിച്ചിതിത്രനാളും?
ഏതെല്ലാം സുപ്രധാനക്ഷേത്രങ്ങൾ സന്ദർശിച്ചെ-
ന്നോതുക തീർത്ഥമേതേതൊക്കെയാം സേവി-
ച്ചതും? 9
ത്വാദൃശന്മാരാം ഭാഗവതന്മാർ സ്വയം തീർത്ഥ-
ഭൂതന്മാർതന്നെയല്ലൊ നിങ്ങൾതൻ ഹൃദയ-
ത്തിൽ
സുസ്ഥിരം നാരായണൻ വസിക്കനിമിത്ത
ത്തീർത്ഥങ്ങളെല്ലാം ശുദ്ധമാക്കിത്തീർക്കുന്നു [മാത്-
നിങ്ങൾ 10
കൃഷ്ണദൈവതയുക്തരസ്മത് സുഹൃത്തുക്കളാം
വൃഷ്ണികൾ തത്പുരത്തിൽ സുഖമായ് വസി-
ക്കുന്നോ?
അവരെക്കണ്ടോ ഭവാനാരേയെങ്കിലും? പിന്നെ-
യവരെപ്പററിയുള്ള വാർത്ത വല്ലതും കേട്ടോ? 11
വിദുരരിതു കേട്ടു താനറിഞ്ഞതും തനി-
ക്കതിയായനുഭവപ്പെട്ടതും യഥാക്രമം
ക്ഷിതിനായകനോടു വിവരിച്ചോതീടിനാൻ
യദുവംശക്ഷയത്തിൻ കാര്യമൊന്നൊഴി-
ച്ചെല്ലാം. 12
സഹസാ സംഭവിച്ചീടുന്നതായൊട്ടുംതന്നെ
സഹിപ്പാനാകുമായീടാത്തതാം ദുർദൃഷ്ടം
ദുഃഖിതന്മാരെക്കാണ്മാനുംകരുത്തില്ലാത്തുള്ളോ-
രക്കൃപാത്മാക്കളരുതുംചെയ്യുവാൻ പാടി-
ല്ലല്ലോ. 13
ധർമ്മജാദ്യരാൽ ദേവതുല്യം സത്കൃതനായി
മേന്മേലേവർക്കും പ്രീതിവളർത്തുന്നവനായി
ജ്യേഷ്ഠനാം ധൃതരാഷ്ട്രർക്കുപദേഷ്ടാവുമായി-
ട്ടൊട്ടുനാൾ തത്ര വാണാൻ വിദുരൻ സുഖ-
മായി. 14
ധർമ്മനാം ദേവൻ ശാപംകൊണ്ടു നൂറാണ്ടു ശൂദ്ര-
ജന്മംവരിച്ചതാണീ വിദുരൻ വിദ്വന്മണി
അക്കാലമെല്ലാം ദണ്ഡനയത്താൽ പാപന്മാരെ-
യർക്കൻതാൻ ഭരിച്ചുകൊണ്ടീടിനാൻ വഴി-
പോലെ. 15
നഷ്ടമാം രാഷ്ട്രം വീണ്ടും കിട്ടിയ യുധിഷ്ഠിരൻ
ശ്രേഷ്ഠരാം ലോകപാലതുല്യഭ്രാതാക്കളോടും
കീർത്തനീയമാം നിജകുലത്തെ നിലനിർത്തും
പൗത്രനെപ്പാർത്തു പാരം സന്തോഷമാർന്നു
വാണാൻ. 16
ഇങ്ങനെ ഗൃഹാസക്തരായിത്തദ്വ്യാപാരത്താൽ
തുംഗമാം മദംപൂണ്ടു വാഴവേ കൗരവ്യ്യാലം
കടന്നു പോകുന്നവരറിഞ്ഞീടാതെതന്നെ
തടഞ്ഞുനിർത്തീടാവതല്ല കാലത്തിൻ ഗതി. 17
കാലമായെന്നറിഞ്ഞാ വിദുരൻ ജ്യേഷ്ഠമഹീ-
പാലനോടരുളിച്ചെയ്തീടിനാനീവിധത്തിൽ:

''പുറപ്പെട്ടീടാം ശീഘ്രം, മിവിടെബ്ഭയം വന്നു
നിറയുന്നുണ്ടു പാരം, പാർത്തുകൊള്ളുക രാജൻ! 18
എമ്മട്ടുമെപ്പോതിലുമപ്രതിരോധ്യൻ കാലൻ
നമ്മുടെ സമീപത്തിലെത്തിക്കഴിഞ്ഞു-
വല്ലോ. 19
കാലൻറെ പിടിയിൽപ്പെട്ടീടുകിൽ പ്രിയപ്രാ-
പോലുമേ ത്യജിക്കണം പിന്നെന്തു [ണൻ-
ധനാദികം! 20
നിന്നച്ഛൻ, സഹോദരർ. സ്നേഹിതർ, സുത-
ന്മാരും
ജന്യത്തിൽ ശത്രുക്കളാൽ ഹതരായ്ക്കഴി-
ഞ്ഞല്ലൊ.
വൃദ്ധനുമായീ ഭവാൻ ജരബാധിച്ചു മെയ്യി-
ലിസ്ഥിതിയിലും പരഗേഹത്തിലല്ലോ
വാസം. 21
ജീവികൾക്കെല്ലാമുള്ള ജീവിതവാഞ്ഛ വിസ്മ-
യാവഹംതന്നെ പാർത്താലതൊന്നുകൊണ്ടല്ല-
മക്കളെക്കൊന്ന ഭീമസേനൻ തരുന്ന ചോറു [യോ
നാളെയൊപ്പം നക്കിത്തിന്നുകൊണ്ടിങ്ങു കിട-
പ്പതും. 22
ആരുടെ ഗൃഹത്തിനു തീകൊളുത്തി നീ പിന്നെ-
യാരെക്കൊല്ലുവാനായിക്കൊടുത്തു കാകോളവും,
ആരുടെ ദാരങ്ങൾതൻ വസനമഴിപ്പിച്ചു-
ന്ങാരുടെ ധനധാന്യസമ്പത്തുമടക്കി നീ
അവരേയാശ്രയിച്ചു ജീവിതം നയിപ്പതിൽ-
ക്കവിഞ്ഞൊരവമാനമെന്തുള്ള തവനീശാ! 23
ഇമ്മട്ടിൽ ദയനീയജീവിതമിച്ഛിച്ചീടും
നിന്മേനി ജരാജീർണ്ണം പൊലിയും വസനം-
പോൽ. 24
വിഷയവിരക്തനായേതൊരാൾക്കുമേയേതു-
വിഷയഗതൻ താനെന്നറിവുകൊടുക്കാതെ
തനിക്കു പ്രയോജനം തെല്ലുമില്ലാത്തതാമി-
ത്തനുവെത്താനേ തള്ളീടുന്നവൻ ധീരനല്ലൊ. 25
സ്വീയധീയാലോ ദേശികോപദേശത്തി-
നാലോ
കായാഭിമാനം വെടിഞ്ഞധ്യാത്മജ്ഞാനം നേടി
മായാമർത്യനെയുൾച്ചേർത്തന്നേക്കും വീടുവിട്ടു-
പോയീടുന്നവൻതന്നെയുത്തമൻ മർത്യന്മാ-
രിൽ. 26
എങ്ങുപോയെന്നതാരുമറിയാത്തുള്ള വഴി-
ക്കങ്ങുടൻ പോയീടുകയുത്തരദിക്കിലേക്കായ്
ഇനിമേലുള്ള കാലം നന്നല്ല, പുരുഷൻറെ
ഗുണങ്ങളെല്ലാമൊന്നായ് നശിപ്പിക്കുന്ന-
തത്രേ.'' 27
വിദുരോക്തികളേവം കേട്ടടനജമീഢ-
പ്രഥിതവംശജാതനന്ധനാം ധൃതരാഷ്ട്രൻ
സ്വജനബദ്ധം സ്നേഹപാശത്തെച്ഛേദിച്ചുടൻ
നിജസോദരൻ കാട്ടും വഴിയേ നടകൊണ്ടാൻ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിം പ്രയാന്തം സുബലസ്യ പുത്രീ
പതിവ്രതാ ചാനുജഗാമ സാധ്വീ
ഹിമാലയം ന്യസ്തദണ്ഡപ്രഹർഷം
മനസ്വിനാമിവ സത്സമ്പ്രഹാരഃ 29
അജാതശത്രുഃ കൃതമൈത്രോ ഹുതാഗ്നിർ
വിപ്രാന്നത്വാ തിലഗോഭൂമിരുക്മൈഃ
ഗൃഹം പ്രവിഷ്ടോ ഗുരുവന്ദനായ
ന ചാപശ്യത് പിതരൗ സൗബലീം ച. 30
തത്ര സഞ്ജയമാസീനം പപ്രച്ഛോദ്വിഗ്നമാനസഃ
''ഗാവല്ഗണേ, ക്വ നസ്താതോ വൃദ്ധോ ഹീനശ്ച
നേത്രയോഃ 31
അംബാ ച ഹതപുത്രാഽഽർത്താ പിതൃവ്യഃ ക്വ ഗതസ്സുഹൃത്?
അപി മയ്യകൃതപ്രജ്ഞേ ഹതബന്ധുഃ സഭാര്യയാ
ആശംസമാനശ്ശമലം ഗംഗായാം ദുഃഖിതോഽപതത്? 32
പിതര്യുപരതേ പാണ്ഡൗ സർവാന്നസ്സുഹൃദശ്ശിശൂൻ
അരക്ഷതാം വ്യസനതഃ പിതൃവ്യൗ ക്വ ഗതാവിതഃ'' 33
സൂത ഉവാച
കൃപയാ സ്നേഹവൈക്ലവ്യാത് സൂതോ വിരഹകർശിതഃ
ആത്മേശ്വരമചക്ഷാണോ ന പ്രത്യാഹാതിപീഡിതഃ 34
വിമൃജ്യാശ്രൂണി പാണിഭ്യാം വിഷ്ടഭ്യാത്മാനമാത്മനാ
അജാതശത്രും പ്രത്യൂചേ പ്രഭോഃ പാദാവനുസ്മരൻ. 35
സഞ്ജയ ഉവാച
''നാഹം വേദ വ്യവസിതം പിത്രോർവഃ കുലനന്ദന!
ഗാന്ധാര്യാ വാ മഹാബാഹോ, മുഷിതോഽസ്മി മഹാത്മഭിഃ'' 36
അഥാ ജഗാമ ഭഗവാന്നാരദസ്സഹതുംബുരുഃ
പ്രത്യുത്ഥായാഭിവാദ്യാഹ സാനുജോഽഭ്യർച്ചയന്നിവ. 37
യുധിഷ്ഠിര ഉവാച
''നാഹം വേദ ഗതിം പിത്രോർഭഗവൻ, ക്വ ഗതാവിതഃ
അംബാ വാ ഹതപുത്രാഽഽർത്താ ക്വ ഗതാ ച തപസ്വിനീ? 38
കർണ്ണധാര ഇവാപാരേ ഭഗവാൻ പാരദർശകഃ''
അഥാ ബഭാഷേ ഭഗവാൻ നാരദോ മുനിസത്തമഃ 39
''മാ കഞ്ചന ശുചോ രാജൻ, യദീശ്വരവശം ജഗത്
ലോകാസ്സപാലാ യസ്യേമേ വഹന്തി ബലിമീശിതുഃ
സ സംയുനക്തി ഭൂതാനി സ ഏവ വിയുനക്തി ച 40
യഥാ ഗാവോ നസിപ്രോതാസ്തന്ത്യാം ബദ്ധാസ്സ്വദാമഭിഃ
വാക്തന്ത്യാം നാമഭിർബ്ബദ്ധാ വഹന്തി ബലിമീശിതുഃ 41
യഥാ ക്രീഡോപസ്കരാണാം സംയോഗവിഗമാവിഹ
ഇച്ഛയാ ക്രീഡിതുഃ സ്യാതാം തഥൈവേശേച്ഛയാ നൃണാം. 42
യന്മന്യസേ ധ്രുവം ലോകമധ്രുവം വാ നചോഭയം
സർവ്വഥാ ന ഹി ശോച്യാസ്തേ, സ്നേഹാദന്യത്ര മോഹജാത്. 43
തസ്മാജ്ജഹ്യങ്ഗ വൈക്ലവ്യമജ്ഞാനകൃതമാത്മനഃ
കഥം ത്വനാഥാഃ കൃപണാ വർത്തേരംസ്തേ ചമാംവിനാ? 44
കാലകർമ്മഗുണാധീനോ ദേഹോഽയം പാഞ്ചഭൗതികഃ
കഥമന്യാംസ്തു ഗോപായേത് സർപ്പഗ്രസ്തോ യഥാ പരം. 45
അഹസ്താനി സഹസ്താനാമപദാനി ചതുഷ്പദാം
ഫല്ഗൂനി തത്ര മഹതാം; ജീവോ ജീവസ്യ ജീവനം. 46
തദിദം ഭഗവാൻ രാജന്നേക ആത്മാഽഽത്മനാം സ്വദൃക്
അന്തരോഽനന്തരോ ഭാതി, പശ്യ തം മായയോരുധാ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധീരക്കായോധനംപോൽ ന്യസ്തദണ്ഡന്മാ-
ക്കെല്ലാം
ഭൂരിമോദത്തെച്ചേർക്കും ഹിമവാനിലേക്കായി
പോകും തൻകാന്തൻ പിൻപേ സതിയും
സുശീലയു-
മാകുമഗ്ഗാന്ധാരിയുമിറങ്ങിപ്പുറപ്പെട്ടാം. 29
അക്കനെ വന്ദിച്ചഗ്നിഹോത്രം ചെയ്തുള്ളും
പൊന്നും
ഗോക്കളും ഭൂവുമേകി നമിച്ചു ഭൂദേവരെ
ഗുരുവന്ദനത്തിനായ് ധർമ്മജൻ മന്ദിരത്തിൽ
വരവേകണ്ടില്ലവിടച്ഛനെയമ്മയേയും. 30
അങ്ങു ദുഃഖിച്ചിരിക്കും സഞ്ജയൻതന്നോടായി-
ട്ടെങ്ങെടോ ഞങ്ങൾക്കെഴുമന്ധവൃദ്ധനാമച്ഛൻ
പുത്രനഷ്ടത്താൽ കേഴുമമ്മയും മമപ്രേമ-
പാത്രമാം കൊച്ചച്ഛനുമെങ്ങു പോയെന്നു
ചൊല്ലൂ! 31
ഇങ്ങപവാദം ചേർക്കാനായിട്ടു നിരാശരായ്
ഗംഗയിൽ ചെന്നു ചാടിച്ചത്തെന്നു
വന്നീടുമോ. 32
അച്ഛനന്തരിക്കവേ കുഞ്ഞുങ്ങളാം ഞങ്ങളെ
മെച്ചമായ് സൂക്ഷിച്ചല്ലലല്പവുമേശീടാതെ
സ്നേഹിച്ചു വളർത്തിയ പിതൃവ്യരിരുപേരും
സാഹസം! നമ്മെത്തള്ളിയേതു ദിക്കിനു
പോയോ. 33

സൂതൻ പറഞ്ഞു

തൻപ്രിയസ്വാമിതന്നെക്കാണാഞ്ഞ വൈ-
ഷമ്യവും
സാമ്പ്രതം, കൃപാസ്നേഹപാരവശ്യവുമൊത്തു
തദ്വിരഹാർത്തനാമസ്സഞ്ജയനതിനൊന്നു-
മുത്തരമുരിയാടാൻ ശക്തനാകാതെ നിന്നാൻ. 34
രണ്ടു കൈകൊണ്ടും കുടക്കുടെക്കണ്ണീർ തുടച്ചു-
കൊണ്ടൊരുമട്ടിൽ ധീയാൽ മാനസമുറപ്പിച്ചു
തത്പ്രഭുപാദപത്മയുഗളം സ്മരിച്ചുകൊ-
ണ്ടല്പവാക്കിനാലേവമുത്തരം പറഞ്ഞിതു. 35

സഞ്ജയൻ പറഞ്ഞു

അവനീശ്വരാ! പിതൃജനവും ഗാന്ധാരിയു-
മെവിടെപ്പോയെന്നു ഞാനേതുമേയറിഞ്ഞില്ല
എന്നെയും വഞ്ചിച്ചത്രേ പോയതമ്മഹാത്മാക്ക-
ളിന്നിവൻ നിരാശ്രയനെന്നതും വന്നുകൂടി. 36
പിന്നൊരുദിനം തത്ര തുംബുരുമുനിയൊത്തു
വന്നിതബ്രഹ്മാത്മജൻ നാരദമഹാമുനി
ഖിന്നനാം മന്നനനുജാതരൊത്തെഴുന്നേറ്റു
വന്ദനംചെയ്തു ചൊന്നാനർച്ചിക്കുന്നവന്മ-
ട്ടിൽ. 37

യുധിഷ്ഠിരൻ പറഞ്ഞു

പിതൃവ്യന്മാരും മൃതപുത്രാർത്ത ഗാന്ധാരിയാം
സതിയുമെങ്ങു പോയെന്നറിഞ്ഞുകൂടാ മുനേ!
അതിരറ്റൊരീയഴലാഴിയിൽനിന്നേറുവാ-
നധുനാ ഭവാൻ കർണ്ണധാരനായ് വന്നിതല്ലോ. 38
അരുളിച്ചെയ്താനുടൻ നാരദമഹാമുനി-
യരുതേ വിഷാദം തേ വിശാലമതേ നൃപ!
പാരെന്നും പരമേശാധീനമാണതുമൂല-
മാരുമാരെയുംപറ്റി ദുഃഖിക്കാൻ കാര്യമില്ല.
ലോകമിതിന്ദ്രാദി ദിക്പാലകന്മാരോടൊത്തു
നല്കുന്നു ബലിയേകനാകുമീശ്വരനായി
ഭൂതജാലത്തെയവനൊന്നിച്ചു ചേർത്തിണക്കും
ബോധിച്ചപോലെ പിന്നെ വേർപിരിക്കയും
ചെയ്യും. 39–40
മൂരികളുടെ മൂക്കു തുളച്ചു കയർ കെട്ടി-
ബ്ഭാരവണ്ടികൾ വലിപ്പിക്കുന്നമട്ടിലീശൻ
വേദവാക്തന്തിതന്നിൽ ജാതിനാമങ്ങൾ
കൊണ്ടു-
ങ്ങാദിയേ കെട്ടി സ്വേച്ഛം മർത്ത്യരേ
യത്നിപ്പിപ്പൂ. 41
കളിക്കാരന്റെയിഷ്ടംപോലെതാനടപ്പിക്കാം
കളിക്കോപ്പുകളെല്ലാമകറ്റാമണക്കാൽ
മർത്ത്യർക്കു സംയോഗവും മുറ്റു വിയോഗവു-
മെത്തുന്നുണ്ടീശ്വരന്റെയിച്ഛയ്ക്കുതക്കവണ്ണം. 42
പാരിതു നശ്യമെന്നോ നശിച്ചീടാത്തതെന്നോ
ഈ രണ്ടുവിധത്തിലുമല്ലാത്തതെന്നോ
ചൊന്നാൽ
നേരാണതെല്ലാ,മവർ ശോച്യന്മാരല്ല നൃപ-
ഹീരമേ! മോഹജന്യസ്നേഹമറ്റവരെങ്കിൽ. 43
അതിനാലനാഥരായ് ക്ലിഷ്ടരാമവർ ധരാ-
പതിയാമങ്ങേക്കെഴും രക്ഷയിൽനിന്നു വിട്ടാൽ
എങ്ങനെ കഴിക്കുമെന്നുള്ള വൈക്ലബ്യംവിട്ടു
അങ്ങേക്കതാത്മജ്ഞാനഹീനത-
നിമിത്തമാം. 44
പാഞ്ചഭൗതികമായ ഗുണങ്ങൾ, കാലം, കർമ്മ-
സഞ്ചയമെന്നിവറ്റിന്നെപ്പോഴുമധീനമാം
ദേഹമത്തരമന്യദേഹത്തെ രക്ഷിക്കുമോ?
വാഹസഗ്രസ്തനായോൻ തത്സമാനനെ-
പ്പോലെ. 45
കാലുള്ള ജന്തുക്കൾക്കു കാലില്ലാത്തവ,യതു-
പോലെതാൻ കയ്യുള്ളവയ്ക്കാവകയില്ലാത്തവ,
വലുതിന്നഹോ ചെറു,തസുവിന്നസു,വേവ-
മുലകിൽ സുലഭംതാൻ ഭക്ഷണസാധനങ്ങൾ. 46
താനേതാൻ വിളങ്ങുവോനാത്മാക്കൾക്കാത്മാ-
വായോൻ
ഭൂനാഥമൗലേയുള്ളും പുറവും വ്യാപിച്ചവൻ
ഏകനീശ്വരൻതന്നെയീലോക,മാലോകനം-
ചെയ്യു നീയാ നിത്യനെ, നാനാത്വം
മായാകൃതം. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽയമദ്യ മഹാരാജ, ഭഗവാൻ ഭൂതഭാവനഃ
കാലരൂപോഽവതീർണ്ണോഽസ്യാമഭവായ സുരദ്വിഷാം. 48
നിഷ്പാദിതം ദേവകൃത്യമവശേഷം പ്രതീക്ഷതേ
താവദ്യൂയമവേക്ഷധ്വം ഭവേദ്യാവദിഹേശ്വരഃ 49
ധൃതരാഷ്ട്രസ്സഹ ഭ്രാത്രാ ഗാന്ധാര്യാ ച സ്വഭാര്യയാ
ദക്ഷിണേന ഹിമവത ഋഷീണാമാശ്രമം ഗതഃ 50
സ്രോതോഭിസ്സപ്തഭിര്യാ വൈ സ്വർധുനീ സപ്തധാ വ്യധാത്
സപ്താനാം പ്രീതയേ നാനാസപ്തസ്രോതഃ പ്രചക്ഷതേ. 51
സ്നാത്വാനുസവനം തസ്മിൻ ഹുത്വാ ചാഗ്നീൻ യഥാവിധി
അബ്ഭക്ഷ ഉപശാന്താത്മാ സ ആസ്തേ വിഗതൈഷണഃ 52
ജിതാസനോ ജിതശ്വാസഃ പ്രത്യാഹൃതഷഡിന്ദ്രിയഃ
ഹരിഭാവനയാ ധ്വസ്തരജസ്സത്വതമോമലഃ 53
വിജ്ഞാനാത്മനി സംയോജ്യ ക്ഷേത്രജ്ഞേ പ്രവിലാപ്യതം
ബ്രഹ്മണ്യാത്മാനമാധാരേ ഘടാംബരമിവാംബരേ. 54
ധ്വസ്തമായാഗുണോദർക്കോ നിരുദ്ധകരണാശയഃ
നിവർത്തിതാഖിലാഹാര ആസ്തേ സ്ഥാണുരിവാചലഃ 55
തസ്യാന്തരായോ മൈവാഭൂസ്സംന്യസ്താഖിലകർമ്മണഃ
സ വാ അദ്യതനാദ്രാജൻ പരതഃ പഞ്ചമേഽഹനി
കളേബരം ഹാസ്യതി സ്വം, തച്ച ഭസ്മീഭവിഷ്യതി. 56
ദഹ്യമാനേഽഗ്നിഭിർദേഹേ പത്യുഃ പത്നീ സഹോടജേ
ബഹിഃ സ്ഥിതാ പതിം സാധ്വീ തമഗ്നിമനുവേക്ഷ്യതിഃ 57
വിദുരസ്തു തദാശ്ചര്യം നിശാമ്യ കുരുനന്ദന!
ഹർഷശോകയുതസ്തസ്മാദ് ഗന്താ തീർത്ഥനിഷേവകഃ'' 58
ഇത്യുക്ത്വാഥാരുഹത് സ്വർഗ്ഗം നാരദസ്സഹതുംബുരുഃ
യുധിഷ്ഠിരോ വചസ്തസ്യ ഹൃദി കൃത്വാഽജഹാച്ഛുചഃ 59

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
നൈമിഷീയോപാഖ്യാനേ ത്രയോദശോഽധ്യായഃ

ചതുർദശോഽധ്യായഃ

സൂത ഉവാച
സംപ്രസ്ഥിതേ ദ്വാരകായാം ജിഷ്ണൗ ബന്ധുദിദൃക്ഷയാ
ജ്ഞാതും ച പുണ്യശ്ലോകസ്യ കൃഷ്ണസ്യ ച വിചേഷ്ടിതം. 1
വ്യതീതാഃ കതിചിന്മാസാസ്തദാ നായാത്തതോഽർജ്ജുനഃ
ദദർശ ഘോരരൂപാണി നിമിത്താനി കുരൂദ്വഹഃ 2
കാലസ്യ ച ഗതിം രൗദ്രാം വിപര്യസ്തർത്തുധർമ്മിണഃ
പാപീയസീം നൃണാം വാർത്താം ക്രോധലോഭാനൃതാത്മനാം. 3
ജിഹ്മപ്രായം വ്യവഹൃതം ശാഠ്യമിശ്രം ച സൗഹൃദം
പിതൃമാതൃസുഹൃദ്ഭ്രാതൃദമ്പതീനാം ച കല്പനം 4
കന്യാവിക്രയിണം താതം സുതംപിത്രോരപോഷകം
ബ്രാഹ്മണാൻ വേദവിമുഖാൻ ശൂദ്രാൻ വൈ ബ്രഹ്മവാദിനഃ 5
നിമിത്താന്യത്യരിഷ്ടാനി കാലേ ത്വനുഗതേ നൃണാം
ലോഭാദ്യധർമ്മ പ്രകൃതിം ദൃഷ്ട്വാവാചാനുജം നൃപഃ 6
യുധിഷ്ഠിര ഉവാച
''സംപ്രേഷിതോ ദ്വാരകായാം ജിഷ്ണുർബന്ധുദിദൃക്ഷയാ
ജ്ഞാതും ച പുണ്യശ്ലോകസ്യ കൃഷ്ണസ്യ ച വിചേഷ്ടിതം. 7
ഗതാഃ സപ്താധുനാ മാസാ ഭീമസേന! തവാനുജഃ
നായാതി കസ്യ വാ ഹേതോർന്നാഹം വേദേദമഞ്ജസാ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ മഹാരാജൻ! പ്രാണിവർഗ്ഗത്തിന്നനുഗ്രഹ-
ക്ഷേമപ്രദാതാവാം കാലസ്വരൂപൻ ദേവൻ
ദേവവിദ്വേഷിമാരെ വിധ്വംസിക്കുവാനായി
ഭൂവിൽവന്നവതരിച്ചിരിപ്പൂ ധരിക്ക നീ. 48

ദേവകാര്യങ്ങളെല്ലാം സാധിച്ചു, ശേഷിച്ചതും
കേവലൻ നിമിഷത്തിൽ നിർവ്വഹിച്ചീടും നൂനം.
മറയും മുറയിട്ടമപ്പുരാനനന്തരം
മറയു,മതിന്മുമ്പേ സദ്ഗതികണ്ടീടുവിൻ. 49

വിദുരരോടും കാന്ത ഗാന്ധാരിയോടുംകൂടി
പിതൃവ്യൻ ഹിമവാനിലെത്തി ഋഷ്യാ-
ശ്രമത്തിൽ
സപ്തർഷിപ്രീതിക്കായിപ്പാവനഗംഗാനദി
സപ്തമാർഗ്ഗങ്ങളായിത്തിരിഞ്ഞു പോകുന്നിടം
സപ്തസ്രോതസ്സെന്നപേരിണങ്ങിച്ചേരുന്നിടം,
കിൽബിഷഹരം, പരമപ്പുണ്യാശ്രമ-
സ്ഥാനം. 50-51

അവിടെസ്സന്ധ്യതോറും കുളിച്ചു വിധിപോലാ-
ന്നവരനഗ്നിപൂജകഴിച്ചു ശാന്താത്മാവായ്
സലിലം മാത്രം ഭുജിച്ചേഷണത്രയംവിട്ടു
ചലനമേതുമെന്യേ സുഖമായിരിക്കുന്നു. 52

ആസനങ്ങളെയെല്ലാമഭ്യസിച്ചവിളംബം
ശ്വാസത്തെ വെന്നിന്ദ്രിയഗണത്തെ നിയന്ത്രിച്ചു
ഹരിധ്യാനത്താൽ ഗുണത്രിതയക്ഷോഭോ-
ത്ഥിതം
പുരുമാലിന്യം ഹനിച്ചാ മഹാൻ
ശോഭിക്കുന്നു. 53

മാനസോപാധിബദ്ധനായീടും സ്വജീവനെ-
യൂനമെന്നിയേ സാക്ഷിചൈതന്യക്ഷേത്രജ്ഞ-
നിൽ
ചിത്തത്തിൻലയംവഴി യോജിപ്പിച്ചാത്മാ-
വിനെ,
സത്വരം ഘടാകാശം മഹാകാശത്തിൽപോലെ,
ബ്രഹ്മത്തിലഭേദമാമ്മാറുടൻ ലയിപ്പിച്ചു
തന്മായാഗുണങ്ങളും വാസനകളും പോക്കി
കൊററും വിട്ടടക്കിത്തൻ കരണങ്ങളും ഏത്തും
കുററിപോലിളക്കമററങ്ങവനിരിക്കുന്നു. 54 55

സന്യാസിയായിസ്സർവ്വകർമ്മവും ത്യജിച്ചോര-
ധന്യനൊരന്തരായമായിത്തീരരുതാരും.
ഇന്നുതൊട്ടഞ്ചാംദിനമദ്ദേഹംവെടിഞ്ഞീടും
തന്നുടെ ശരീര,മതുടനേ ഭസ്മമായ്പോം. 56

പർണ്ണശാലയും ഭർത്തൃദേഹവും യാഗയോഗ-
വഹ്നിയിൽ ദഹിക്കുമ്പോഴും വെളിക്കു കണ്ടു
നില്ക്കും
സ്വത്യർഹപതിവ്രതാരത്നമാം ഗാന്ധാരിയും
സത്വരമതിൽച്ചാടികാന്തനുയാനം ചെയ്യും. 57

ആശ്ചര്യമതു കണ്ടു വിദുരൻ തോഷശോക-
മിശ്രചേതസ്സായ് തീർത്ഥസേവയ്ക്കു
നടകൊള്ളും 58

ബ്രഹ്മജനേവംചൊല്ലിധർമ്മജദുഃഖമാററി-
ത്തുംബുരുവോടുകൂടിസ്സമ്മോദാൽ സ്വർഗ്ഗം
പുക്കാൻ. 59

അദ്ധ്യായം 14

യുധിഷ്ഠിര ദുശ്ശകുനം—അർജ്ജുനാഗമനം

സൂതൻ പറഞ്ഞു

ദ്വാരകതന്നിൽബന്ധുദർശനത്തിനും കൃഷ്ണ-
വീരകൃത്യങ്ങളറിഞ്ഞീടാനും പോയ പാർത്ഥൻ
അവിടെത്തന്നെ പാർത്താൻ കുറച്ചു മാസമപ്പോഴാ
വിവിധം ദുർന്നിമിത്തം കണ്ടിതു ധർമ്മജന്മാ. 1-2

കാലത്തിൻ കഠോരമാം ഗതിയു,മൃതുധർമ്മം
പാലിക്കായ്കയും ക്രോധലോഭാനൃതാദ്യങ്ങളാൽ
ദൂഷിച്ച മർത്ത്യരെല്ലാം പാപികളായും പിന്നെ
അസത്യംകൊണ്ടുമാത്രമന്യോന്യം വ്യാപാരവും
വഞ്ചനകലർന്നീടും സ്നേഹവും സുഹൃദ്ഭ്രാതൃ-
സഞ്ചയമമ്മയച്ഛൻ ദമ്പതിമാരെന്നിവർ
തമ്മിലെപ്പിണക്കവും കന്യയെത്താതൻ വിറ്റു-
തിന്മതും പിതാവിനെത്തനയൻ നോക്കാത്തതും
ബ്രാഹ്മണൻ വേദാഭ്യാസവിമുഖനാകുന്നതും
നാന്മറയെല്ലാം ശൂദ്രൻ പഠിച്ചുനടപ്പതും,
ഇങ്ങനെ വിപരീതദുർല്ലക്ഷണങ്ങളേയു-
മെങ്ങുമേയധർമ്മദുഷ്കൃത്യങ്ങളേയും കണ്ടു
മങ്ങിയാ യുധിഷ്ഠിരൻ സോദരന്മാരോടിനി
മംഗളമില്ല, കലികാലമായെന്നു
ചൊന്നാൻ. 3-6

യുധിഷ്ഠിരൻ പറഞ്ഞു

ബന്ധുദർശനത്തിനും ദ്വാരകയിലക്കൃഷ്ണ-
നെന്തു ചെയ്യുന്നെന്നറിഞ്ഞീടാനും കിരീടിയെ
അയച്ചിട്ടേഴുമാസമായിട്ടുമിതേവരെ
പ്രിയസോദരാ! വരാതിരിക്കാനെന്തു
കാര്യം? 7-8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപി ദേവർഷിണാഽഽദിഷ്ടഃ സ കാലോഽയമുപസ്ഥിതഃ
യദാഽഽത്മനോഽങ്ഗമാക്രീഡം ഭഗവാനുത്സിസൃക്ഷതി. 9
യസ്മാന്നഃ സമ്പദോ രാജ്യം ദാരാഃ പ്രാണാഃ കുലം പ്രജാഃ
ആസൻ സപത്നവിജയോ ലോകാശ്ച യദനുഗ്രഹാത്. 10
പശ്യോത്പാതാൻ നരവ്യാഘ്ര! ദിവ്യാൻ ഭൗമാൻ സദൈഹികാൻ
ദാരുണാൻ ശംസതോഽദൂരാദ് ഭയം നോ ബുദ്ധിമോഹനം. 11
ഊർവക്ഷിബാഹവോ മഹ്യം സ്ഫുരന്ത്യങ്ഗ പുനഃ പുനഃ
വേപഥുശ്ചാപി ഹൃദയ ആരാദ്ദാസ്യന്തി വിപ്രിയം. 12
ശിവൈഷോദ്യന്തമാദിത്യമഭിരൗത്യനലാനനാ
മാമങ്ഗ സാരമേയോഽയമഭിരൗതി ഹ്യഭീരുവത്. 13
ശസ്താഃ കുർവന്തി മാം സവ്യം ദക്ഷിണം പശവോഽപരേ
വാഹാംശ്ച പുരുഷവ്യാഘ്ര ലക്ഷയേ രുദതോ മമ. 14
മൃത്യുദൂതഃ കപോതോഽയമുലൂകഃ കമ്പയൻ മനഃ
പ്രത്യുലൂകശ്ച കുഹ്വാനൈരനിദ്രൗ ശൂന്യമിച്ഛതഃ 15
ധൂമ്രാ ദിശഃ പരിധയഃ കമ്പതേഽഭൂഃ സഹാദ്രിഭിഃ
നിർഘാതശ്ച മഹാനാസീത് സാകം ച സ്തനയിത്നുഭിഃ 16
വായുർവാതി ഖരസ്പർശോ രജസാ വിസൃജംസ്തമഃ
വർഷന്തി ജലദാ രക്തം ബീഭത്സമിവ സർവതഃ 17
സൂര്യം ഹതപ്രഭം പശ്യ ഗ്രഹമർദം മിഥോ ദിവി
സസംകുലൈർഭൂതഗണൈർജ്ജ്വലിതേ ഇവ രോദസീ. 18
നദ്യോ നദാശ്ച ക്ഷുഭിതാസ്സരാംസി ച മനാംസി ച
ന ജ്വലത്യഗ്നിരാജ്യേന കാലോഽയം കിം വിധാസ്യതി. 19
ന പിബന്തി സ്തനം വത്സാ, ന ദുഹ്യന്തി ച മാതരഃ
രുദന്ത്യശ്രുമുഖാ ഗാവോ, ന ഹൃഷ്യന്ത്യൃഷഭാ വ്രജേ. 20
ദൈവതാനി രുദന്തീവ സ്വിദ്യന്തി ഹ്യുച്ചലന്തി ച,
ഇമേ ജനപദാ ഗ്രാമാഃ പുരോദ്യാനാകരാശ്രമാഃ
ഭ്രഷ്ടശ്രിയോ നിരാനന്ദാഃ, കിമഘം ദർശയന്തി നഃ 21
മന്യ ഏതൈർമ്മഹോത്പാതൈർനൂനം ഭഗവതഃ പദൈഃ
അനന്യപുരുഷശ്രീഭിർഹീനാ ഭൂർഹതസൗഭഗാ.'' 22
ഇതി ചിന്തയതസ്തസ്യ ദൃഷ്ടാരിഷ്ടേന ചേതസാ
രാജ്ഞഃ പ്രത്യാഗമദ് ബ്രഹ്മൻ! യദുപുര്യാഃ കപിധ്വജഃ 23
തം പാദയോർന്നിപതിതമയഥാപൂർവമാതുരം
അധോവദനമബ്ബിന്ദൂൻ മുഞ്ചന്തം നയനാബ്ജയോഃ 24
വിലോക്യോദ്വിഗ്നഹൃദയോ വിച്ഛായമനുജം നൃപഃ
പൃച്ഛതി സ്മ സുഹൃന്മദ്ധ്യേ സംസ്മരൻ നാരദേരിതം. 25

യുധിഷ്ഠിര ഉവാച

കച്ചിദാനർത്തപുര്യാം നസ്സ്വജനാസ്സുഖമാസതേ
മധുഭോജദശാർഹാർഹസാത്വതാന്ധകവൃഷ്ണയഃ? 26
ശൂരോ മാതാമഹഃ കച്ചിത് സ്വസ്ത്യാസ്തേ വാഽഥ മാരിഷഃ?
മാതുലസ്സാനുജഃ കച്ചിത് കുശല്യാനകദുന്ദുഭിഃ 27
സപ്ത സ്വസാരസ്തത്പത്ന്യോ മാതുലാന്യസ്സഹാത്മജാഃ
ആസതേ സസ്നുഷാഃ ക്ഷേമം ദേവകീപ്രമുഖാസ്സ്വയം? 28
കച്ചിദ്രാജാഽഽഹുകോ ജീവത്യസത്പുത്രോഽസ്യ ചാനുജഃ
ഹൃദീകസ്സസുതോഽക്രൂരോ ജയന്തഗദസാരണാഃ? 29
ആസതേ കുശലം കച്ചിദ്യേ ച ശത്രുജിദാദയഃ
കച്ചിദാസ്തേ സുഖം രാമോ ഭഗവാൻ സാത്വതാം പ്രഭുഃ? 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഗമജ്ഞനാം മുനി നാരദൻ ചൊന്നപോലെ–
ബ്ഭഗവാൻ നിജദേഹം തള്ളുവാൻ കാല–
മായോ? 9
നമ്മുടെ സമ്പത്തുകൾ, പ്രാണങ്ങൾ, രാജ്യം,
കുലം,
നന്മ, ഭാമിനി, കീർത്തി, പുണ്യലോകങ്ങ,–
ളെല്ലാം
പുണ്യശ്ലോകനാം കൃഷ്ണൻതന്നുടെയനുഗ്രഹ–
മൊന്നിനാലുണ്ടായ് വന്നതല്ലയോ
സഹോദരാ 10
ആകാശത്തിലും ഭൂമിതന്നിലും ദേഹത്തിലും
നീ കാൺക ഭയമേറുമോരോ ദുർല്ലക്ഷണ–
ങ്ങൾ. 11
തുടിക്കുന്നെനിക്കിടംതുട കൈ കണ്ണെന്നിവ
തുടരെബ്ഭയം മമ ഹൃത്തിലുമുദിക്കുന്നു.
ഈ ലക്ഷണങ്ങൾ മൂലമെനിക്കു കഷ്ടം വിപത്–
കാലമാസന്നമെന്ന സംഗതി തീർച്ചതന്നെ. 12
അഗ്നിയും തുപ്പിക്കൊണ്ടിക്കുറുക്കനിപ്പോളുദ–
യാർക്കനുനേരേനിന്നു കൂവുന്നു കൂസലെന്യേ
ഇപ്പട്ടിയെന്നെ നോക്കിയേറ്റുമേ ഭീതികൂടാ–
തെപ്പൊഴും കുരയ്ക്കുന്നു കാൺക സഹജാ നീ. 13
വന്ദ്യഗോസന്ദോഹമെൻവലത്തായിട്ടും പിന്നെ
നിന്ദ്യങ്ങൾ ഗർദ്ദഭാദിമൃഗങ്ങളിടത്തായും
ചരിക്കുന്നെന്നെ നോക്കിയശ്വങ്ങൾ കരയുന്നു;
ദുരിതാഗമത്തിന്റെ ചിഹ്നങ്ങളാണി–
തെല്ലാം. 14
മൃത്യുദൂതൻപോൽ മാടപ്രാവുമെത്തുന്നു നിദ്ര–
വിട്ടു കാകോലൂകങ്ങൾ ഭീകരം ശബ്ദിക്കുന്നു
അതു കേട്ടെന്റെ ചിത്തം വിറപ്പൂ, സർവ്വം ശൂന്യ–
ഗതമായീടുമെന്നു തോന്നുന്നു നിസ്സന്ദേഹം. 15
ദിക്കുകൾ ധൂമ്രവർണ്ണമേലുന്നു പരിവേഷ–
യുക്തരായ് ഭവിക്കുന്നു ചന്ദ്രനുമാദിത്യനും
കൊണ്ടലൊന്നിയേയിടിമിന്നലും കൂടെക്കൂടെ–
യുണ്ടായീടുന്നുണ്ടിതാ കുണ്ഠതയേറുംവിധം. 16
ഊറ്റമാം കാറ്റുവീശിപ്പൊടികളെങ്ങുമേറ്റ–
മേറ്റിയിട്ടെട്ടുദിക്കുമിരുട്ടടപ്പിക്കുന്നു
ചൊരിഞ്ഞീടുന്നു ചോര ധാരാളമെങ്ങും മേഘ–
നിരകൾ ഭയങ്കരമാകുമാറൊരുപോലെ. 17
മങ്ങുന്നു സൂര്യപ്രഭ, ഗ്രഹങ്ങളാകാശത്തു
തങ്ങളിൽ കലഹിച്ചുനില്ക്കുന്നു വായുസൂനോ!
പ്രാണിസഞ്ചയസ്ഥാണുഭൂതസമ്മേളനത്താൽ
ക്ഷോണിയുമാകാശവും ജ്വലിക്കുംമട്ടിൽ
കാണ്മൂ. 18
നദികൾ, തടാകങ്ങൾ, നദങ്ങൾ, ചിത്തങ്ങളു-
മതിയായ് നിരന്തരം കലങ്ങിമറിയുന്നു.
നെയ്യൊഴിച്ചിട്ടുമഗ്നി കാളുന്നതില്ലിക്കാലം
ചെയ്യുവാനിരിക്കുന്നതെന്തൊക്കെയാണോ
മേലിൽ! 19
കൊടുക്കുന്നില്ല ഗോക്കൾ പാലു കുട്ടികൾക്കവ
കുടിക്കുന്നതുമില്ലെന്നല്ല അപ്പശുവൃന്ദം
കണ്ണീരൊഴുക്കയുച്ചം ക്രന്ദിപ്പൂ വ്രജങ്ങളിൽ
നന്ദിച്ചീടുന്നതില്ല വൃഷഭങ്ങളുമേതും. 20
ദേവബിംബങ്ങൾ വിയർത്തൊലിപ്പൂ കണ്ണുനീരു–
മുരുവുംപോലവ ചലിക്കുന്നുമുണ്ടതിയായ!
ഈ ദേശങ്ങളും ഗ്രാമനഗരോദ്യാനാശ്രമ–
വ്രാതവും രത്നാദികൾ വിളയും ഖനികളും
സ്വപ്രകാശങ്ങളറ്റു മങ്ങുംപോൽ കണ്ടീടുന്നീ,–
യുല്ലാസമെല്ലാം കാട്ടുമാപത്തെന്തൊക്കെ–
യാമോ? 21
മറ്റാർക്കും ലഭിക്കാത്ത ലക്ഷണമശേഷവു–
മൊത്തുള്ള ഭഗവച്ഛ്രീചരണപങ്കജങ്ങൾ
നഷ്ടമായ് സൗന്ദര്യവുമറ്റുപോയ് ഭൂവിനെ–
ന്നായ്
സ്പഷ്ടമാക്കുന്നിക്കൊടും ദുർന്നിമിത്തങ്ങൾ
നൂനം. 22
ഈവിധം യുധിഷ്ഠിരൻ വിഷമിച്ചിരിക്കു–
മ്പോൾ
ദേവരാജാത്മജാതൻ വന്നടിവണങ്ങിനാൻ. 23
ദുഃഖാധിക്യത്താലധോമുഖനായ് കാന്തി മങ്ങി
നീക്കണം നീർത്താർമിഴിയിണയിൽ നിന്നു–
തിർത്തു
പാദത്തിൽ നമിപ്പോനെ നോക്കി നാരദ–
വാക്യോ–
ത്ഥോതിനാൻ സുഹൃന്മദ്ധ്യമുദ്വിഗ്നചിത്തൻ–
നൃപൻ. 24–25

യുധിഷ്ഠിരൻ പറഞ്ഞു

അധുനാ വൃഷ്ണ്യന്ധകർ ദാശാർഹർ സാത്വ–
തന്മാർ
മധുക്കൾ ഭോജന്മാരെന്നിത്യാദിസ്വജനങ്ങൾ
ആനർത്തപുരിതന്നിലൈശ്വര്യസമേതരാ–
യാനന്ദത്തോടുതന്നെയർജ്ജുനാ, വസി–
ക്കുന്നോ? 26
വന്ദ്യനായ് വീരനാകും മാതൃതാതനു സുഖം–
തന്നെയോ വസുദേവമാതുലന്നനുജർക്കും. 27
സോദരിമാരായ് ശൗരീവല്ലഭമാരാം ദേവ–
ക്യാദിയാമമ്മാവിമാർക്കേഴിനും സുഖമാണോ?
തത്പുത്രന്മാരും മരുമക്കളുമെല്ലാവരു–
മല്ലവുമല്ലലില്ലാതുല്ലസിച്ചീടുന്നുവോ? 28
ജീവിക്കുന്നുവോ കംസതാതനാമുഗ്രസേനൻ?
ദേവകൻ കൃതവർമ്മാ തത്താതൻ ഹൃഷീകനും
ജയന്തസാരണന്മാരക്രൂരൻ ഗദൻതാനും
നിയതം സൗഖ്യമായി നിവസിച്ചീടു–
ന്നുവോ? 29
ശത്രുജിത്തിനും മറ്റുള്ളവർക്കും ക്ഷേമംതാനോ?
അത്തലില്ലല്ലോ യദുപ്രഭുവാം മുസലിക്കും? 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രദ്യുമ്നസ്സർവവൃഷ്ണീനാം സുഖമാസ്തേ മഹാരഥഃ
ഗംഭീരരയോഽനിരുദ്ധോ വർദ്ധതേ ഭഗവാനുത? 31
സുഷേണശ്ചാരുദേഷ്ണശ്ച സാംബോ ജാംബവതീസുതഃ
അന്യേ ച കാർഷ്ണിപ്രവരാസ്സപുത്രാ ഋഷഭാദയഃ 32
തഥൈവാനുചരാശ്ശൗരേഃ ശ്രുതദേവോദ്ധവാദയഃ
സുനന്ദനന്ദശീർഷണ്യാ യേ ചാന്യേ സാത്വതർഷഭാഃ 33
അപി സ്വസ്ത്യാസതേ സർവേ രാമകൃഷ്ണഭുജാശ്രയാഃ
അപി സ്മരന്തി കുശലമസ്മാകം ബദ്ധസൗഹൃദാഃ 34
ഭഗവാനപി ഗോവിന്ദോ ബ്രഹ്മണ്യോ ഭക്തവത്സലഃ
കച്ചിത് പുരേ സുധർമ്മായാം സുഖമാസ്തേ സുഹൃദ്വൃതഃ 35
മംഗളായ ച ലോകാനാം ക്ഷേമായ ച ഭവായ ച
ആസ്തേ യദുകുലാംഭോധാവാദ്യോഽനന്തസഖഃ പുമാൻ. 36
യദ്ബാഹുദണ്ഡഗുപ്തായാം സ്വപുര്യാം യദവോഽർച്ചിതാഃ
ക്രീഡന്തി പരമാനന്ദം മഹാപൗരുഷികാ ഇവ. 37

യത്പാദശുശ്രൂഷണമുഖ്യകർമ്മണാ
സത്യാദയോ ദ്വ്യഷ്ടസഹസ്രയോഷിതഃ
നിർജ്ജിത്യ സംഖ്യേ ത്രിദശാംസ്തദാശിഷോ
ഹരന്തി വജ്രായുധവല്ലഭോചിതാഃ 38
യദ്ബാഹുദണ്ഡാഭ്യുദയാനുജീവിനോ
യദുപ്രവീരാ ഹ്യകുതോഭയാ മുഹുഃ
അധിക്രമന്ത്യംഘ്രിഭിരാഹൃതാം ബലാത്
സഭാം സുധർമ്മാം സുരസത്തമോചിതാം. 39

കച്ചിത്തേഽനാമയം താത ഭ്രഷ്ടതേജാ വിഭാസി മേ
അലബ്ധമാനോഽവജ്ഞാതഃ കിം വാ താത ചിരോഷിതഃ 40
കച്ചിന്നാഭിഹതോഽഭാവൈശ്ശബ്ദാദിഭിരമംഗളൈഃ
ന ദത്തമുക്തമർത്ഥിഭ്യ ആശയാ യത് പ്രതിശ്രുതം. 41
കച്ചിത്ത്വം ബ്രാഹ്മണം ബാലം ഗാം വൃദ്ധം രോഗിണം സ്ത്രിയം
ശരണോപസൃതം സത്വം നാത്യാക്ഷീശ്ശരണപ്രദഃ 42
കച്ചിത്ത്വം നാഗമോഽഗമ്യാം ഗമ്യാം വാഽസത്കൃതാം സ്ത്രിയം
പരാജിതോ വാഥ ഭവാന്നോത്തമൈർന്നാഽസമൈഃ പഥി? 43
അപി സ്വിത് പര്യഭുങ്ക്ഥാസ്ത്വം
സംഭോജ്യാന് വൃദ്ധബാലകാൻ
ജുഗുപ്സിതം കർമ്മ കിഞ്ചിത് കൃതവാന്ന യദക്ഷമം? 44
കച്ചിത് പ്രേഷ്ഠതമേനാഥ ഹൃദയേനാത്മബന്ധുനാ
ശൂന്യോഽസ്മി രഹിതോ നിത്യം മന്യസേ തേഽന്യഥാ ന രുക്. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
യുധിഷ്ഠിരവിതർക്കോ നാമ ചതുർദശോഽധ്യായഃ.

പഞ്ചദശോഽധ്യായഃ

സൂത ഉവാച

ഏവം കൃഷ്ണസഖഃ കൃഷ്ണോ ഭ്രാത്രാ രാജ്ഞാ വികല്പിതഃ
നാനാശങ്കാസ്പദം രൂപം കൃഷ്ണവിശ്ലേഷകർശിതഃ. 1
ശോകേന ശുഷ്യദ്വദനഹൃത്സരോജോ ഹതപ്രഭഃ
വിഭും തമേവാനുധ്യായൻ നാശക്നോത് പ്രതിഭാഷിതും. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷ്ണിവൃന്ദത്തിൽ മഹാരഥനാം പ്രദ്യുമ്നനും
തീക്ഷ്ണവിക്രമിയനിരുദ്ധനും
സുഖമാണോ? 31

സുഷേണൻ ചാരുദേഷ്ണൻ ജാംബവത്യാത്മ-
ജാതൻ
പ്രസിദ്ധൻ സാംബൻ കൃഷ്ണനന്ദനർ മററു-
ള്ളോരും.
ഋഷഭൻ തത്പുത്രരും രാമഗോവിന്ദഭുജാ-
ശ്രിതന്മാരായീടും സുനന്ദനന്ദാദ്യന്മാരും. 32-33

ഉദ്ധവാദ്യരാം ഭക്തന്മാരുമെല്ലാരും നമ്മിൽ
സുസ്ഥിരസ്നേഹമുള്ളോർ നമ്മളെച്ചോദി-
ച്ചില്ലേ? 34

ആക്കുള്ള ബാഹുവീര്യത്തണലിൽത്തങ്ങും യാദ-
വോത്കരം സുഖിക്കുന്ന വിഷ്ണുപാർഷദരെ-
പ്പോൽ
സുരവൃന്ദത്തെപ്പോരിൽ ജയിച്ച പാരിജാതം
ഹരിച്ചു തൽപുരത്തിൽ സ്ഥാപിച്ചുലസിച്ചീടും
ആരുടെ പാദസേവാ കർമ്മത്താൽ ഭാമാദിയാം
വാ ഒററ പതിനാറു സഹസ്രം പത്നിമാരും
ദേവേന്ദ്രദാരങ്ങൾക്കുമാത്രമുള്ളതാം സർവ്വ-
ദിവ്യഭോഗങ്ങളേയുമടക്കി വാഴുന്നുവോ?
ഭക്തവത്സലനാമബ്രഹ്മണ്യൻ ഗോവിന്ദനും
സൗഖ്യമായ് ദ്വാരകയിൽ സുധർമ്മാസഭ-
തന്നിൽ
സുഹൃൽസഞ്ചയംചൂഴ്ന്നു സസുഖം വസി-
ക്കുന്നോ?
സഹജാ! ലോകക്ഷേമമംഗലശ്രേയസ്സുകം
കൈവരുത്തുവാനായി യദുവംശാംഭോധിയിൽ
ദേവദേവനാമാദിപുരുഷനമ്മാധവൻ
ജാതനായനന്താവതാരമാം ബലഭദ്ര-
സോദരനൊത്തു ലോകാനുഗ്രഹം
ചെയ്യുവല്ലോ. 35-39

അനുജാ! നിനക്കെന്താണസുഖം? മുഖംമങ്ങി-
ത്തനുശോഭയുമററു കാണുന്ന കാര്യമെന്തോ!

അവിടെ നാളേറെ നീ വാഴ്കയാലാരെങ്കിലു-
മവജ്ഞതോന്നിയനാദരിച്ചോ? നിന്ദി-
ച്ചുവോ? 40

ക്രൂരഘോരമംഗലവാക്കാലോ ഭാവത്താലോ
പീറകളാരെങ്കിലും വല്ലതും ശല്യംചെയ്തോ?
അർത്ഥികളാശിച്ചതു കൊടുക്കാതിരുന്നോ നിൻ
സത്യത്തിനൊത്തവണ്ണമെപ്പൊഴെങ്കിലും-
തന്നെ? 41

വിപ്രന്മാർ, ബാലർ, പശു, കിഴവൻ, സ്ത്രീ,
രോഗിയെ-
ന്നിപ്പറഞ്ഞവരോ മറെറാരു ജന്തുവോ നിന്നെ
ശരണംഗമിക്കവേ വല്ലവരേയുമതിൽ-
പരിപാലിച്ചില്ലയോ ശരണപ്രദനാം നീ? 42

വരിച്ചോ നീയഗമ്യയായ നാരിയെത്തിര-
സ്കരിച്ചോ ഗമ്യസ്ത്രീയേ സംസ്കാരഹീനയെ-
ന്നായ് ?
മാർഗ്ഗത്തിൽ തുല്യന്മാരോ ബലഹീനരോ വന്നു
പോർക്കണഞ്ഞെതിരിട്ടു തോല്പിച്ചുവിട്ടോ
നിന്നെ? 43

വിജയാ! വൃദ്ധന്മാർക്കും ബാലർക്കുമേകാതെ നീ
ഭുജിച്ചോ? മററു വല്ല നിന്ദ്യകർമ്മവും
ചെയ്തോ? 44

സന്തതബന്ധുവായി പ്രേമധാമമാം മുര-
ഹന്താവു പിരിഞ്ഞു ഞാൻ ഹൃദയശൂന്യനായേൻ
എന്നു നീ സ്വയം നിനയ്ക്കുന്ന ലക്ഷണമുണ്ടീ-
യുന്നതദുഃഖം നിനക്കന്യഥാ സംഭവിക്കാ. 45

അദ്ധ്യായം 15

യദുനാശകഥനം—പാണ്ഡവപ്രസ്ഥാനം

സൂതൻ പറഞ്ഞു

ഈവിധം പല പല സംശയം ഭാവത്താല-
ബ്ഭ്രുവലാരിക്കുചേർത്തോരക്കൃഷ്ണസഖൻ തദാ.
ശ്രീകൃഷ്ണവിയോഗത്താൽ കാർശ്യമാർന്നാമമങ്ങി-
യാക്രാന്തനഹൃദയാംബുജങ്ങളും വാടി
ആ വിഭുവിനെ ധ്യാനിച്ചുത്തരമുരയ്ക്കുവാ-
നാവതില്ലാതെയിരുന്നീടിനാനല്പനേരം. 1-2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃച്ഛ്റേണ സംസ്തഭ്യ ശുചഃ പാണിനാഽഽമൃജ്യ നേത്രയോഃ
പരോക്ഷേണ സമുന്നദ്ധപ്രണയൗത്കണ്ഠ്യകാതരഃ 3
സഖ്യം മൈത്രീം സൗഹൃദം ച സാരഥ്യാദിഷു സംസ്മരൻ
നൃപമഗ്രജമിത്യാഹ ബാഷ്പഗദ്ഗദയാ ഗിരാ. 4

അർജ്ജുന ഉവാച

വഞ്ചിതോഽഹം, മഹാരാജ, ഹരിണാ ബന്ധുരൂപിണാ
യേന മേഽപഹൃതം തേജോ ദേവവിസ്മാപനം മഹത്. 5
യസ്യ ക്ഷണവിയോഗേന ലോകോ ഹ്യപ്രിയദർശനഃ
ഉക്ഥേന രഹിതോ ഹ്യേഷ മൃതകഃ പ്രോച്യതേ യഥാ. 6

യത്സംശ്രയാദ്ദ്രുപദഗേഹമുപാഗതാനാം
രാജ്ഞാം സ്വയംവരമുഖേ സ്മരദുർമ്മദാനാം
തേജോ ഹൃതം ഖലു മയാഭിഹതശ്ച മത്സ്യ-
സ്സജ്ജീകൃതേന ധനുഷാഽധിഗതാ ച കൃഷ്ണാ. 7
യത്സന്നിധാവഹമു ഖാണ്ഡവമഗ്നയേഽദാ-
മിന്ദ്രം ച സാമരഗണം തരസാ വിജിത്യ
ലബ്ധാ സഭാ മയകൃതാദ്ഭുതശില്പമായാ
ദിഗ്ഭ്യോഽഹരൻ നൃപതയോ ബലിമധ്വരേ തേ. 8
യത്തേജസാ നൃപശിരോങ്ഘ്രിമഹൻ മഖാർത്ഥ
ആര്യോഽനുജസ്തവ ഗജായുതസത്ത്വവീര്യഃ
തേനാഹൃതാഃ പ്രമഥനാഥമഖായ ഭൂപാ
യന്മോചിതാസ്തദനയൻ ബലിമധ്വരേ തേ. 9
പത്ന്യാസ്തവാധിമഖക്ലൃപ്തമഹാഭിഷേക-
ശ്ലാഘിഷ്ഠചാരുകബരം കിതവൈസ്സഭായാം
സ്പൃഷ്ട്വാ വികീര്യ പദയോഃ പതിതാശ്രുമുഖ്യാ
യൈസ്തത് സ്ത്രിയോഽകൃത ഹതേശ വിമുക്തകേശാഃ 10
യോ നോ ജുഗോപ വനമേത്യ ദുരന്തകൃച്ഛ്റാ-
ദ്ദുർവാസസോഽരിവിഹിതാദയുതാഗ്രഭുഗ്യഃ
ശാകാന്നശിഷ്ടമുപഭുജ്യ യതസ്ത്രിലോകീം
തൃപ്താമമംസ്ത സലിലേ വിനിമഗ്നസംഘഃ 11
യത്തേജസാഥ ഭഗവാൻ യുധി ശൂലപാണി-
ർവ്വിസ്മാപിതഃ സഗിരിജോഽസ്ത്രമദാന്നിജം മേ
അന്യേപി ചാഹമമുനൈവ കളേബരേണ
പ്രാപ്തോ മഹേന്ദ്രഭവനേ മഹദാസനാർദ്ധം. 12
തത്രൈവ മേ വിഹരതോ ഭുജദണ്ഡയുഗ്മം
ഗാണ്ഡീവലക്ഷണമരാതിവധായ ദേവാഃ
സേന്ദ്രാ ശ്രിതാ യദനുഭാവിതമാജമീഢ
തേനാഹമദ്യ മുഷിതഃ പുരുഷേണ ഭൂമ്നാ. 13
യദ്ബാന്ധവഃ കുരുബലാബ്ധിമനന്തപാര-
മേകോ രഥേന തതരേഽഹമതീര്യസത്ത്വം
പ്രത്യാഹൃതം ബഹുധനം ച മയാ പരേഷാം
തേജാസ്പദം മണിമയം ച ഹൃതം ശിരോഭ്യഃ 14
യോ ഭീഷ്മകർണ്ണഗുരുശല്യചമൂഷ്വദഭ്ര-
രാജന്യവര്യരഥമണ്ഡലമണ്ഡിതാസു
അഗ്രേചരോ മമ വിഭോ രഥയൂഥപാനാ-
മായുർമ്മനാംസി ച ദൃശാ സഹ ഓജ ആർച്ഛത്. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടൊക്കെ പ്രയത്നപ്പെട്ടടക്കിക്കണ്ണുനീർ പി-
ന്നൊട്ടുതൻ കൈകളാംകൊണ്ടു തുടച്ചു ശക്രാത്മജൻ
അപ്രത്യക്ഷനാം മുരപ്രദ്വേഷിതന്നിൽ പ്രേമ-
വാശ്ചമത്യുത്കണ്ഠയും ചേർന്ന വൈവശ്യ-
മാർന്നു. 3

സഖ്യസൗഹൃദങ്ങളും മൈത്രിയും സാരഥ്യാദി
മുഖ്യമാം കർമ്മങ്ങളുമോരോന്നായ് സംസ്മരിച്ചു
മിഴിനീർ തുരുതുരെത്തൂവിക്കൊണ്ടിടറീടും
മൊഴികളോതീടിനാൻ ജ്യേഷ്ഠബ്ഭ്രാ-
താവിനോടായ്. 4

അർജ്ജുനവാക്യം

അർജ്ജുനൻ പറഞ്ഞു

ആഹന്ത! വഞ്ചിച്ചിതു ബാന്ധവരൂപനാകും
ശ്രീഹരിയെന്നെ രസാധീശ്വരശിഖാമണേ!
അബ്ജോത്ഭവാദ്യന്മാരുമത്ഭുതപ്പെട്ടുള്ള മത്-
സുപ്രഭാപുഞ്ജത്തെയും ഹരിച്ചാനപ്പാടവൻ. 5

പ്രാണനെവിട്ട ദേഹം സ്വജനങ്ങൾക്കുപോലും
കാണുവാൻ തീരെയിഷ്ടമില്ലാതെയിരിക്കും
പോൽ
ഭഗവാനെന്നേക്കുമായ് പിരിഞ്ഞപ്പോഴേ-
ക്കെന്നെ
ജഗദ്വാസികൾക്കും കണ്ടുകൂടാതെയായി. 6

പൊന്മയദ്രൗപദേയപുരത്തിൽ സ്വയംവര-
വന്മഹപ്രാരംഭത്തിലെന്മഹാചാപം പൂട്ടി
മന്മഥമർമ്മഭാന്ധരമ്മഹീപാലരെല്ലാം
കണ്മിഴിച്ചിരിക്കവേ തന്മഹസ്സടക്കിത്താൻ
യന്ത്രമത്സ്യത്തെബ്ഭേദിച്ചക്ഷണം പാഞ്ചാ-
ലിതൻ
ബന്ധത്തിലേപ്പെട്ടീടാൻ ബന്ധമബ്ബ-
ന്ധുവല്ലേ? 7

ദേവേന്ദ്രനേയും ദേവന്മാരെയും ബലാൽ വെന്നു
പാവകന്നേകിടിനേൻ ഖാണ്ഡവകാനനം
ഞാൻ
മയനദ്ഭുതമായാശില്പങ്ങളാം ചേർത്തുപാരം
പ്രയത്നപ്പെട്ടു സഭതീർത്തു നമ്മങ്ങൾക്കു നൽകി
മന്നവരെല്ലാമങ്ങേയാഗത്തിനേകീബലി-
യെന്നിവയെല്ലാം ഹേതുഭൂതനദ്ദേഹമല്ലോ. 8

പതിനായിരമാനയ്ക്കൊപ്പം ബലിഷ്ഠൻ വായു-
സുതനാംജ്യേഷ്ഠൻ പിന്നെ രാജസൂയത്തിനായി,
ഭൂപതിമാരെ നമിപ്പിച്ചോരു ജരാസന്ധ-
പാപിയെ വധിച്ചതും, കാലഭൈരവന്നവൻ
കുരുതികൊടുപ്പാനായ് പിടിച്ചുകെട്ടിയിട്ട
ധരണീനാഥന്മാരെയഴിച്ചുവിട്ടുള്ളതും
അവരുമുപായനം യാഗത്തിനർപ്പിച്ചതും
ഭുവനേശ്വരൻതന്റെ കാരുണ്യം-
കൊണ്ടല്ലയോ? 9

അധ്വരാഭിഷേകത്താൽ ശ്ലാഘിഷ്ഠമായി-
ക്കാന്തി-
മത്താകും ഭവത്പ്രിയപ്രേയസീകേശപാശം
നിശ്ശങ്കം പിടിച്ചഴിച്ചസ്സഭതന്നിൽവച്ചു
ദുശ്ശാസനാദി ധൂർത്തരവമാനിച്ച കാര്യം
അശ്രുക്കൾ തൂകിക്കൊണ്ടക്കൃഷ്ണൻതൻ
പാദങ്ങളെ-
യാശ്രയിച്ചന്നു കൃഷ്ണ ധരിപ്പിക്കയാലല്ലോ
ഭർത്തൃനിഗ്രഹംമൂലമാ ദുഷ്ടക്കൂട്ടത്തിന്റെ
പത്നിമാർ കേശച്ഛേദം ചെയ്യേണ്ടതായി
വന്നു. 10

പതിനായിരമാളിന്നഗ്രത്തിലിരുന്നുണ-
പതിവാക്കിയ മഹാമുനിയാം ദുർവ്വാസാവ്
ഒരുനാൾ പാഞ്ചാലിയുമശനം കഴിഞ്ഞപ്പോ-
ളരിപ്രേരണമൂലം ശിഷ്യന്മാരൊത്തു കാട്ടിൽ
അതിഥിയായിട്ടെത്തിക്കുളിക്കാൻ
പോകവേയി-
ച്ഛതിയങ്ങറിഞ്ഞുടൻ വിപിനംതന്നിലെത്തി
പാത്രത്തിൽ കണ്ട ചീരക്കഷണമൊന്നു തിന്നു
മാത്രയ്ക്കുള്ളിൽ ത്രൈലോക്യഭൂതോദരങ്ങളുമൊപ്പം
വീർപ്പിച്ചു തൃപ്തിയേകിയങ്ങേയ്ക്കു മുന്യാശിസ്സു-
മേൽപ്പിച്ചു രക്ഷിച്ചതസ്സർവ്വാന്തര്യാമിയ-
മാരാരിമലമങ്കയൊത്തു വന്നടരാടി [ശ്ലോ. 11
പാരാതെ വിസ്മയിച്ചതന്നസ്സുമേനിക്കേകി
അന്യദേവതകളുമായുധങ്ങളെത്തന്നാ,-
രെന്നതല്ലീ വേഷത്തിലീ മേനിയോടുകൂടി
വിണ്ണേറിയതിമുഖ്യമാകമിന്ദ്രാർദ്ധാസന-
മാർന്നു ഞാനിതൊക്കെയും തത്പ്രഭാവത്താ-
ലല്ലോ. 12

വിണ്ണിൽ ഞാൻ വിഹരിക്കെ ഗാണ്ഡീ-
വപാണിയാക-
മെന്നെത്താൻ ദേവവൃന്ദം ശത്രുസംഹാരത്തി-
നായ്
വന്നാശ്രയിക്കത്തക്ക വൈഭവമെനിക്കേററി-
ത്തന്നൊരപ്പുരുഷൻ ഹാ! വഞ്ചിച്ചാനെന്നെ-
യിപ്പോൾ. 13

തരിപ്പാനരുതാതെ ജന്തുക്കൾ തിങ്ങിവിങ്ങി-
ക്കരകാണാത്തതാമക്ഷൗഹിണീസൈന്യാംഭോനിധി.
ഹരിസഖ്യത്താൽത്തേരിലേകനായ്
സഞ്ചരിച്ചേൻ
ഹരിച്ചേനരിധനം മണിക്കിരീടങ്ങളും. 14

നാനാനൃപസ്യന്ദനം മിന്നിടും ഭീഷ്മകർണ്ണ-
ദ്രോണശല്യാദ്യരുടെ സേനയിൽ മുമ്പക്കേഴും
ആയുസ്സും മനസ്സും തദോജസ്സുമുത്സാഹവും
കായശക്തിയുമെല്ലാമല്ലയോ മഹീപതേ!
തന്തിരുവടിയെന്റെ തേർമുഖത്തിരുന്നുകൊ-
ണ്ടെന്തൊരത്ഭുതം! ഹരിച്ചീലയോ നേട്ട-
ങ്ങളാൽ? 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്ദോഷ്ഷു മാ പ്രണിഹിതം ഗുരുഭീഷ്മകർണ്ണ–
ദ്രൗണിത്രിഗർത്തശലസൈന്ധവബാഹ്ലികാദ്യൈഃ
അസ്ത്രാണ്യമോഘമഹിമാനി നിരൂപിതാനി
നോപസ്പൃശുർനൃഹരിദാസമിവാഽസുരാണി. 16

സൗത്യേ വൃതഃ കുമതിനാഽഽത്മദ ഈശ്വരോ മേ
യത്പാദപദ്മമഭവായ ഭജന്തി ഭവ്യാഃ
മാം ശ്രാന്തവാഹമരയോ രഥിനോ ഭുവിഷ്ഠം
ന പ്രാഹരൻ യദനുഭാവനിരസ്തചിത്താഃ 17

നർമ്മാണ്യുദാരരുചിരസ്മിതശോഭിതാനി
ഹേ പാർത്ഥ, ഹേഽർജ്ജുന, സഖേ, കുരുനന്ദനേതി
സംജല്പിതാനി നരദേവ ഹൃദിസ്പൃശാനി
സ്മർത്തുർല്ലുഠന്തി ഹൃദയം മമ മാധവസ്യ. 18

ശയ്യാസനാടനവികത്ഥനഭോജനാദി–
ഷ്വൈക്യാദ്വയസ്യ ഋതവാനിതി വിപ്രലബ്ധഃ
സഖ്യുഃ സഖേവ പിതൃവത്തനയസ്യ സർവ്വം
സേഹേ മഹാൻ മഹിതയാ കുമതേരഘം മേ. 19

സോഽഹം നൃപേന്ദ്ര! രഹിതഃ പുരുഷോത്തമേന
സഖ്യാ പ്രിയേണ സുഹൃദാ ഹൃദയേന ശൂന്യഃ
അധ്വന്യുരുക്രമപരിഗ്രഹമംഗ! രക്ഷൻ
ഗോപൈരസദ്ഭിരബലേവ വിനിർജ്ജിതോഽസ്മി. 20

തദ്വൈ ധനുസ്ത ഇഷവഃ സ രഥോ ഹയാസ്തേ
സോഽഹം രഥീ നൃപതയോ യത ആനമന്തി
സർവം ക്ഷണേന തദഭൂദസദീശരിക്തം
ഭസ്മൻഹുതം കുഹകരാദ്ധമിവോപ്തമൂഷ്യാം. 21

രാജംസ്ത്വയാഭിപൃഷ്ടാനാം സുഹൃദാം നസ്സുഹൃത്പുരേ
വിപ്രശാപവിമൂഢാനാം നിഘ്നതാം മുഷ്ടിഭിർമ്മിഥഃ 22

വാരുണീം മദിരാം പീത്വാ മദോന്മഥിതചേതസാം
അജാനതാമിവാന്യോന്യം ചതുഷ്പഞ്ചാവശേഷിതാഃ 23

പ്രായേണൈതത് ഭഗവത ഈശ്വരസ്യ വിചേഷ്ടിതം
മിഥോ നിഘ്നന്തി ഭൂതാനി, ഭാവയന്തി ച യന്മിഥഃ 24

ജലൗകസാം ജലേ യദ്വന്മഹാന്തോഽദന്ത്യണീയസഃ
ദുർബലാൻ ബലിനോ രാജൻ, മഹാന്തോ ബലിനോ മിഥഃ 25

ഏവം ബലിഷ്ഠൈർയ്യദുഭിർമ്മഹദ്ഭിരിതരാൻ വിഭുഃ
യദൂൻ യദുഭിരന്യോന്യം ഭൂഭാരാൻ സംജഹാര ഹ. 26

ദേശകാലാർത്ഥയുക്താനി ഹൃത്താപോപശമാനി ച
ഹരന്തി സ്മരതശ്ചിത്തം ഗോവിന്ദാഭിഹിതാനി മേ. 27

സൂത ഉവാച

ഏവം ചിന്തയതോ ജിഷ്ണോഃ കൃഷ്ണപാദസരോരുഹം
സൗഹാർദ്ദേനാതിഗാഢേന ശാന്താഽഽസീദ്വിമലാ മതിഃ 28

വാസുദേവാങ്ഘ്ര്യനുധ്യാനപരിബൃംഹിതരംഹസാ
ഭക്ത്യാ നിർമ്മഥിതാശേഷകഷായധിഷണോഽർജ്ജുനഃ 29

ഗീതം ഭഗവതാ ജ്ഞാനം യത്തത്സംഗ്രാമമൂർദ്ധനി
കാലകർമ്മതമോരുദ്ധം പുനരധ്യഗമദ്വിഭുഃ 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്യരാം ഭീഷ്മദ്രോണരശ്വത്ഥാമാവു കർണ്ണൻ
ശല്യരജ്ജയദ്രഥൻ സുശർമ്മാ ബാഹ്ലീകയൻ
ഇത്തരം വീരന്മാരെൻനേക്കയച്ചോരമോഘ-
ശസ്ത്രങ്ങളൊന്നും തന്നെയാരുടെയധീനത്തിൽ
വർത്തിക്കുമെന്നി,ലാ സുരാസ്ത്രങ്ങാം നാര-
സിംഹ-
ഭക്തനാം പ്രഹ്ലാദനിലെന്നപോ,ലേററി-
ല്ലയോ. 16
ക്ഷീണിച്ച കതിരകംക്കൊട്ടിളവേകീടുവാൻ
ക്ഷോണിയിലിറങ്ങി ഞാൻ നിന്നിടും സന്ദർഭ-
ത്തിൽ
തേരിൽ വാണീടും ശത്രുശ്രേണിതൻ ചിത്തം-
കവ-
ന്നാരന്നന്നാരാചൗഘശല്യത്തിൽനിന്നുകാ-
ത്തോ
ഉത്തമരായോർ മുക്തിക്കാക്കേഴും പാദങ്ങളെ
നിത്യവും ഭക്തിപൂർവ്വം ഭജിച്ചുവരുന്നുവോ,
ഓരാതാത്മദനാമപ്പരനെ ദുർബുദ്ധി ഞാൻ
സാരഥ്യപ്പണിക്കാക്കിയെന്നോർത്തു ലജ്ജി-
ക്കുന്നു. 17
പുഞ്ചിരിപൂണ്ടു നാനാരസഭാവങ്ങാം ചിന്തി-
യഞ്ചിതമാമ്മാറാക്കും ഹൃദയസ്പൃക്കാംവിധം
അല്ലയോ സഖേ! കുരുനന്ദനാ! മമ പാർത്ഥാ!
ചൊല്ലേറുമജ്ജുനാ! എന്നിങ്ങിനെ തുടന്നിട്ടും
മല്ലവൈരിതൻ നമ്മമധുരവാക്യങ്ങളോ-
ർത്തുള്ളെനിക്കുരുകുന്നു കല്യാണഗുണാകരാ! 18
നടപ്പു, കിടപ്പി,രി,പ്പശനവിനോദാദി
തുടന്നൊന്നായ്ക്കഴിച്ചകാലത്തിലൈക്യ-
ത്തിനാൽ
അഹിതമവിവേകംകൊണ്ടു ഞാൻ ചെയ്തു-
തെല്ലാം
സുഹൃത്തിൻ കുററമന്യസുഹൃത്തെന്നുള്ളമട്ടും
പുത്രാപരാധം താതൻവിധവും മാഹാത്മ്യത്താ-
ലത്രയും സഹിച്ചു 'നീ സത്യവാൻ സഖേ'-
യെന്നായ്
വിപരീതാർത്ഥത്തിലപ്പരമപ്പമാനെന്നെ-
യപഹസിക്കും ചിലനേരമെന്നതേയുള്ളു. 19
പ്രിയനും സഖനും സൽസുഹൃത്തുമായ മായാ-
മയൻ വേർപിരിഞ്ഞ ഞാൻ ഹതമാനസ-
നട്ടിൽ
വധുവിൻവധുക്കളെക്ക കൂട്ടായിവരുംവഴി-
ക്കെതിരി,ട്ടസത്തുക്കളെബലാജനത്തെപ്പോൽ
ഗോപന്മാരെന്നെ വെന്നാ സ്ത്രീകളെ ഹരി-
ച്ചിതേ;
ആപത്തെന്തിതിൽപരം സംഭവിക്കുവാ-
നുള്ളു! 20
വില്ലു,മമ്പരചന്മാരെല്ലാരും നമിക്കുമാ-
വില്ലതാ,നമ്പുമതുതന്നെയാ,ണശ്വങ്ങളും
രഥവുമതുതാനാ ഞാൻതന്നെ പൊരുതതും
കഥയെന്തഖിലവും ഭഗവാൻ പിരിഞ്ഞപ്പോഴം
മതഭൂവിലെ വിത്തും ഭസ്മഹോമവും നീച-
ക്കേളും ധനവുംപോൽ നിഷ്ഫലമായി-
ത്തീന്നു. 21
ഭൂപതേ! ഭവാൻ ബന്ധുകുശലം ചോദിച്ചല്ലോ,
ശാപം ഭൂദേവരിൽനിന്നേററവർ മൂഢന്മാരായ്
വാരുണി കണക്കററു കുടിച്ചുമദിച്ചോർ
കാരണമെന്യേ തമ്മിൽക്കലഹം തുടന്നഥ
തനയൻ താതനേയും താതനാത്മജനേയ-
മനുജൻ ജ്യേഷ്ഠനേയും ജ്യേഷ്ഠൻ കനിഷ്ഠനേയും,
അടിച്ചും ബോധമററു തമ്മിൽ കുത്തിയുമാകെ-
യൊടുങ്ങിയിനിയങ്ങു നാലഞ്ചുപേരേ-
യുള്ളു. 22–23
പിണങ്ങിത്തമ്മിത്തല്ലി നശിക്കുന്നതും ജന-
മിണങ്ങിച്ചേന്നു സുഖിക്കുന്നതും പാർത്തുകണ്ടാൽ
മിക്കതും സൃഷ്ടിസ്ഥിതിസംഹാരകത്താവായി
നില്ക്കുമീശ്വരൻതൻെറ ലീലാവിലാസം-
ദ്ധ്വം. 24
വലിയ മത്സ്യം ചെറുമത്സ്യത്തെയെന്നപോലെ
വലിയോനെളിയോനെ നശിപ്പിച്ചീടുന്നഹോ!
ഇരുകക്ഷിയും തുല്യബലമുള്ളവരെന്നാൽ
പൊരുതിത്തമ്മിൽ നശിക്കുന്നതും സ്വഭാ-
വമാം. 25
ഇങ്ങനെ ബലിഷ്ഠരാം യാദവന്മാരെക്കൊണ്ടു
തുങ്ഗമാം നാശമന്യന്മാക്കു സംഗമിപ്പിച്ചു
പിന്നെയക്കൂട്ടരേയുമന്യോന്യം നശിപ്പിച്ചു
മന്നിൻെറ ഭാരമാകെയൊഴിച്ചീടിനാൻ
വിഭു. 26
ദേശകാലങ്ങളാക്കൊത്തു ഫലദായകമായി
ക്ലേശനാശകമാകും ഭഗവദ്വാക്യങ്ങളെ
ആശയന്തന്നിലോക്കുംതോറുമീയെൻെറ ചിത്തം
ഭൃശാസിതാവേ! പരവശമായ് ഭവിക്കുന്നു. 27

പാണ്ഡവപ്രസ്ഥാനം

സൂതൻ പറഞ്ഞു

ഹരിപാദാബ്ജങ്ങളെപ്പാഢസ്നേഹത്തോ-
ടേവം
സൂരിക്കുമജ്ജുനൻതൻധീശുദ്ധശാന്തമായി. 28
സന്തതം ഗോവിന്ദാംഘ്രിചിന്തയാൽ ഭക്തി
വർദ്ധി-
ച്ചന്തരംഗത്തിൽനിന്നും രോഷാദിദോഷം
നീക്കി. 29
ശുദ്ധബുദ്ധിയായ് മുന്നം യുദ്ധക്കളത്തിൽവച്ചു
ദൈത്യശത്രുവാം കൃഷ്ണനരുളിക്കേട്ട പിന്നെ
കാലത്താൽ കമ്മത്താലും മോഹത്തിനാലും മറ-
ഞ്ഞാളുന്നതാകും ജ്ഞാനംതന്നുള്ളിലുദി-
ച്ചിതു. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശോകോ ബ്രഹ്മസമ്പത്ത്യാ സംച്ഛിന്നദ്വൈതസംശയഃ
ലീനപ്രകൃതിനൈർഗ്ഗുണ്യാദലിംഗത്വാദസംഭവഃ 31
നിശമ്യ ഭഗവന്മാർഗ്ഗം സംസ്ഥാം യദുകുലസ്യ ച
സ്വഃ പഥായ മതിം ചക്രേ നിഭൃതാത്മാ യുധിഷ്ഠിരഃ 32

പൃഥാപ്യനുശ്രുത്യ ധനഞ്ജയോദിതം
നാശം യദൂനാം ഭഗവദ്ഗതിം ച താം
ഏകാന്തഭക്ത്യാ ഭഗവത്യധോക്ഷജേ
നിവേശിതാത്മോപരരാമ സംസൃതേഃ 33

യയാഹരദ്ഭുവോ ഭാരം താം തനും വിജഹാവജഃ
കണ്ടകം കണ്ടകേനേവ ദ്വയം ചാപീശിതുസ്സമം. 34
യഥാ മത്സ്യാദിരൂപാണി ധത്തേ ജഹ്യാദ്യഥാ നടഃ
ഭൂഭാരഃ ക്ഷപിതോ യേന ജഹൗ തച്ച കളേബരം. 35

യദാ മുകുന്ദോ ഭഗവാനിമാം മഹീം
ജഹൗ സ്വതന്വാ ശ്രവണീയസത്കഥഃ
തദാഹരേവാ പ്രതിബുദ്ധചേതസാ–
മധർമ്മഹേതുഃ കലിരന്വവർത്തത. 36
യുധിഷ്ഠിരസ്തത് പരിസർപ്പണം ബുധഃ
പുരേ ച രാഷ്ട്രേ ച ഗൃഹേ തദാത്മനി
വിഭാവ്യ ലോഭാനൃതജിഹ്മഹിംസനാ–
ദ്യധർമ്മചക്രം ഗമനായ പര്യധാത്. 37

സ്വരാട്പൗത്രം വിനയിനമാത്മനസ്സുസമം ഗുണൈഃ
തോയനീവ്യാഃ പതിം ഭൂമേരഭ്യഷിഞ്ചദ് ഗജാഹ്വയേ. 38
മഥുരായാം തഥാ വജ്രം ശൂരസേനപതിം തതഃ
പ്രാജാപത്യാം നിരൂപ്യേഷ്ടിമഗ്നീനപിബദീശ്വരഃ 39
വിസൃജ്യ തത്ര തത് സർവ്വം ദുകൂലവലയാദികം
നിർമ്മമോ നിരഹംകാരസ്സംഛിന്നാശേഷബന്ധനഃ 40
വാചം ജുഹാവ മനസി, തത് പ്രാണ ഇതരേ ച തം,
മൃത്യാവപാനം സോത്സർഗ്ഗം, തം പഞ്ചത്വേ ഹ്യജോ ഹവീത്.
ത്രിത്വേ ഹുത്വാഥ പഞ്ചത്വം, തച്ചൈകത്വേഽജുഹോന്മുനിഃ
സർവ്വമാത്മന്യജുഹവീത് ബ്രഹ്മണ്യാത്മാനമവ്യയേ. 42
ചീരവാസാ, നിരാഹാരോ, ബദ്ധവാങ്മുക്തമൂർദ്ധജഃ
ദർശയന്നാത്മനോ രൂപം ജഡോന്മത്തപിശാചവത്. 43
അനവേക്ഷമാണോ നിരഗാദശൃണ്വൻ ബധിരോ യഥാ
ഉദീചീം പ്രവിവേശാശാം ഗതപൂർവ്വാം മഹാത്മഭിഃ
ഹൃദി ബ്രഹ്മ പരം ധ്യായൻ നാവർത്തേത യതോ ഗതഃ 44
സർവേ തമനുനിർജ്ജഗ്മുർഭ്രാതരഃ കൃതനിശ്ചയാഃ
കലിനാധർമ്മമിത്രേണ ദൃഷ്ട്വാ സ്പൃഷ്ടാഃ പ്രജാ ഭുവി. 45
തേ സാധുകൃതസർവ്വാർത്ഥാ ജ്ഞാത്വാത്യന്തികമാത്മനഃ
മനസാ ധാരയാമാസുർവൈകുണ്ഠചരണാംബുജം. 46
തദ്ധ്യാനോദ്രിക്തയാ ഭക്ത്യാ വിശുദ്ധധിഷണാഃ പരേ
തസ്മിൻ നാരായണപദേ ഏകാന്തമതയോ ഗതിം. 47
അവാപുർദുരവാപാം തേ അസദ്ഭിർവ്വിഷയാത്മഭിഃ
വിധൂതകല്മഷാ സ്ഥാനം വിരജേനാത്മനൈവ ഹി. 48
വിദുരോപി പരിത്യജ്യ പ്രഭാസേ ദേഹമാത്മവാൻ
കൃഷ്ണാവേശേന തച്ചിത്തഃ പിതൃഭിഃ സ്വക്ഷയം യയൗ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേതസ്സിൽ തത്ത്വജ്ഞാനമുദയം ചെയ്കമൂലം
ദ്വൈതഭാവനനീങ്ങിയവിദ്യയകന്നവൻ
ഗുണഹീനനായ് ലിംഗദേഹവും പിന്നെ
സ്ഥൂല-
തനുവു മറന്നു ലാലസിച്ചു വിശോകനായ്. 31

അച്യുതസമാധിയും യദുനാശവും കേട്ടു
നിശ്ചലചിത്തൻ ഭൂപൻ സ്വർഗ്ഗതിക്കാശവ-
ച്ചാൻ. 32

കുന്തിയുമീ വാർത്തകളറിഞ്ഞു മനം മുര-
ഹന്താവിൽ ബന്ധിച്ചൊഴിച്ചീടിനാൾ ഭവ
ബന്ധം. 33

മുള്ളൊന്നു കൊണ്ടാലതു വേറൊന്നുകൊണ്ടെടുത്തു
തള്ളുന്നാ മുള്ളു രണ്ടുമെന്നപോലധോക്ഷജൻ
മന്നിന്റെ ഭാരം തീർക്കാൻ തുണച്ച യദുക്കളെ-
യൊന്നായൊടുക്കി സ്വന്തദേഹവുമുപേക്ഷി-
ച്ചാൻ. 34

വേഷമോരോന്നും നടൻ മാറുംപോൽ മത്സ്യാ-
ദിതൻ-
ഭാഷയിൽ ഭഗവാൻ ശ്രീനിവാസനോരോരൂപം
ഭൂമിതൻ ഭാരം തീർപ്പാനോരോരോ കാലത്തെടു-
ത്താ മഹാകാര്യം സാധിച്ചുടനേ വെടിയുന്നു. 35

പാവനചരിത്രനാം മുകുന്ദൻ ദേഹത്തോടും
ഭുവിനെ വെടിഞ്ഞതാമന്നിമിഷത്തിൽതന്നെ
കടന്നുകേറീ അജ്ഞലോകത്തിലധർമ്മത്തെ-
പ്പടർത്താൻ പടുതചമേറീടുമക്കലികാലം. 36

നാട്ടിലും പുരത്തിലും വീട്ടിലും മനസ്സിലും
പെട്ടെന്നു ലോഭാനൃതഹിംസാവഞ്ചനാദിയാം
അധർമ്മസമൂഹത്തിൻസന്തതവാഴ്ച കണ്ടു
സദനംവിട്ടു പോകാൻ ധർമ്മജൻ നിശ്ചയി-
ച്ചാൻ. 37

ചക്രവർത്തിയാം ധർമ്മനന്ദനൻ, തനിക്കൊപ്പം
സദ്ഗുണരാശിയാമാവിനീതൻ പൌത്രൻതന്നെ
അബ്ധിമേഖലയാകും തൻഭൂമിക്കധീശനായ്
ഹസ്തിനമാകും മഹാനഗരംതന്നിൽവച്ചും
വജ്രനെശ്ശൂരസേനാപതിയായ് മഥുരയിൽ
വെച്ചുമക്ഷണംതന്നെ കഴിച്ചാനഭിഷേകം.
പിന്നീടപ്രാജാപത്യയാഗം നടത്തി നന്നായ്
തന്നുള്ളിലടക്കിനാനാമഹാനഗ്നി-
യേയും. 38-39

ആ യാഗവഹ്നിതന്നിൽ മന്നവചിഹ്നങ്ങളാം
ശ്രീയ.ളും വസ്ത്രങ്ങളും ഹോമിച്ചാൻ ഭൂഷാദിയും.
അഹന്തയറ്റു, ഞാൻ, നീയെന്നഭേദവും വിട്ടു
സഹസാ സർവ്വവിധബന്ധവും ഛേദിച്ചിതു. 40

വാക്കിനെ മനസ്സിലും മാനസം പ്രാണങ്കലു-
മാക്കി പ്രാണനെയപാനങ്കലുമപാനനെ
മൃത്യുവിങ്കലും പിന്നെ മൃത്യുവെ പഞ്ചഭൂത-
യുക്തമാം നിജശരീരത്തിലും ഹോമിച്ചവൻ. 41

പിന്നെയശ്ശരീരത്തെ ത്രിഗുണത്തിലും ഗുണം
മൂന്നുമേകമായീടുമവിദ്യയിലും തഥാ
സർവ്വാരോപത്തിൻഹേതുവതിനെജ്ജീവങ്കലും
ജീവാത്മാവിനെ ബ്രഹ്മംതന്നിലും ഹോമി-
ച്ചിതു. 42

മരത്തോലുടുത്തിട്ടു ഭക്ഷണംവിട്ടു മൌനം
വരിച്ചു തലമുടിയഴിച്ചിട്ടുന്മത്തനായ്
ജഡനായ് ബധിരനായ് പിശാചായ്
പിൻനോക്കാതെ
നടന്നു സുവ്യക്തമായാത്മസ്വരൂപം കാട്ടി. 43

ബ്രഹ്മത്തെ ധ്യാനിച്ചുകൊണ്ടുത്തരദിക്കണ-
ഞ്ഞാൻ
തന്മഹാപൂർവ്വികന്മാർ പോയൊരപ്പുണ്യ-
സ്ഥാനം. 44

അനുജന്മാരുമനുഗമിച്ചാരാ മഹാനെ
ജനരാശിയെക്കലിബാധിച്ചുകാൺകമൂലം. 45

പുരുഷാർത്ഥങ്ങളെല്ലാം വഴിപോലനുഷ്ഠിച്ച
പുരുഷരത്നങ്ങളാമവരേവരും പിന്നെ
ഹരിതൻപാദാംബുജം നിത്യാലംബനമായി-
ക്കരുതി ധ്യാനിച്ചുതുംക്കളത്തിലുറപ്പിച്ചാർ. 46

തദ്ധ്യാനപ്രവൃദ്ധമാം ഭക്തിയാലവർ ശുദ്ധ-
ബുദ്ധികളായിശ്ശ്രേഷ്ഠമപ്പദത്തിൽത്താൻ
നില്പും
നിർമ്മലഹൃത്താൽതന്നെ വിഷയൈഷ്യ
പ്രാപ്യം നി-
ഷ്ക്കന്മഷം പരം പദം പ്രാപിച്ചീടിനാർ
സുഖം. 47-48

ജ്ഞാനിയാം വിദുരനും പ്രഭാസതീർത്ഥത്തിൽവ-
ച്ചാനകദുന്ദുഭ്യാത്മജാതനിൽച്ചിത്തം നിർത്തി
തന്നുടലുപേക്ഷിച്ചു പിതൃദേവന്മാരോടു-
മൊന്നിച്ചു സ്വസ്ഥാനത്തെ പ്രാപിച്ചാനനാ-
കലം. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്രൗപദീ ച തദാഽജ്ഞായ പതീനാമനപേക്ഷതാം
വാസുദേവേ ഭഗവതി ഹ്യേകാന്തമതിരാപ തം. 50

യഃ ശ്രദ്ധയൈതദ് ഭഗവത്പ്രിയാണാം
പാണ്ഡോഃ സുതാനാമിതി സംപ്രയാണം
ശൃണോത്യലം സ്വസ്ത്യയനം പവിത്രം
ലബ്ധ്വാ ഹരൗ ഭക്തിമുപൈതി സിദ്ധിം. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
പാണ്ഡവസ്വർഗ്ഗാരോഹണം നാമ പഞ്ചദശോഽധ്യായഃ.

ഷോഡശോഽധ്യായഃ

സൂത ഉവാച

തതഃ പരീക്ഷിദ് ദ്വിജവര്യശിക്ഷയാ
മഹീം മഹാഭാഗവതശ്ശശാസ ഹ
യഥാ ഹി സൂത്യാമഭിജാതകോവിദാ-
സ്സമാദിശൻ വിപ്ര മഹദ്ഗുണസ്തഥാ 1

സ ഉത്തരസ്യ തനയാമുപയേമ ഇരാവതീം
ജനമേജയാദീംശ്ചതുരസ്തസ്യാമുത്പാദയത് സുതാൻ. 2

ആജഹാരാശ്വമേധാംസ്ത്രീൻ ഗംഗായാം ഭൂരിദക്ഷിണാൻ
ശാരദ്വതം ഗുരും കൃത്വാ ദേവാ യത്രാക്ഷിഗോചരാഃ 3

നിജഗ്രാഹൗജസാ വീരഃ കലിം ദിഗ്വിജയേ ക്വചിത്
നൃപലിംഗധരം ശൂദ്രം ഘ്നന്തം ഗോമിഥുനം പദാ. 4

ശൗനക ഉവാച

കസ്യ ഹേതോർന്നിജഗ്രാഹ കലിം ദിഗ്വിജയേ നൃപഃ
നൃദേവചിഹ്നധൃക് ശൂദ്രഃ കോഽസൗ ഗാം യഃ പദാഹനത്. 5

തത് കഥ്യതാം മഹാഭാഗ യദി കൃഷ്ണകഥാശ്രയം
അഥവാസ്യ പദാംഭോജമകരന്ദലിഹാം സതാം. 6

കിമന്യൈരസദാലാപൈരായുഷോ യദസദ്വ്യയഃ
ക്ഷുദ്രായുഷാം നൃണാമംഗ, മർത്ത്യാനാമൃതമിച്ഛതാം. 7

ഇഹോപഹൂതോ ഭഗവാൻ മൃത്യുശ്ശാമിത്രകർമ്മണി
ന കശ്ചിത്മ്രിയതേ താവദ്യാവദാസ്ത ഇഹാന്തകഃ 8

ഏതദർത്ഥം ഹി ഭഗവാനാഹൂതഃ പരമർഷിഭിഃ
അഹോ നൃലോകേ പീയേത ഹരിലീലാമൃതം വചഃ 9

മന്ദസ്യ മന്ദപ്രജ്ഞസ്യ വയോ മന്ദായുഷശ്ച വൈ
നിദ്രയാ ഹ്രിയതേ നക്തം ദിവാ ച വ്യർത്ഥകർമ്മഭിഃ 10

സൂത ഉവാച

യദാ പരീക്ഷിത് കുരുജാംഗലേവസൻ
കലിം പ്രവിഷ്ടം നിജചക്രവർത്തിതേ
നിശമ്യ വാർത്താമനതിപ്രിയാം തത-
ശ്ശരാസനം സംയുഗശൗണ്ഡിരാദദേ. 11

സ്വലംകൃതം ശ്യാമതുരംഗയോജിതം
രഥം മൃഗേന്ദ്രധ്വജമാശ്രിതഃ പുരാത്
വൃതോ രഥാശ്വദ്വിപപത്തിയുക്തയാ
സ്വസേനയാ ദിഗ്വിജയായ നിർഗ്ഗതഃ 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാഞ്ചാലിതാനം ഭർത്തൃദൃഷ്ടിമേലില്ലെന്നറി-
ഞ്ഞഞ്ചാതെ ഭക്ത്യാ ലയിച്ചീടിനാം ഭഗവാ-
നിൽ. 50

ദൈത്യാരിപ്രിയന്മാരാം പാണ്ഡുപുത്രന്മാരുടെ
ശുദ്ധവും സുഖദവും ശുഭവുമായിരിക്കും
ഇമ്മഹാപ്രസ്ഥാനത്തെ സശ്രദ്ധം കേൾക്കു-
ന്നവൻ
ചിന്മയഭക്തനായി മുക്തനായ്ത്തീരും
ദൃഢം. 51

അദ്ധ്യായം 16

പരീക്ഷ ദിഗ്വിജയം—ധർമ്മഭൂമിസംവാദം

സൂതൻ പറഞ്ഞു

ഹേ വിപ്രവര്യാ! സൂതികാലത്തിലഭിജാത-
കോവിദർ നോക്കിച്ചൊന്നവാക്കുപോൽ
ഭൂമണ്ഡലം
സദ്ഗുണസമ്പന്നനായ് ഭക്തനാം പരീക്ഷിത്തു
മുഖ്യദ്വിജോപദേശംകൈക്കൊണ്ടു പാലിച്ച
തേ 1

ഉത്തരപുത്രിയിരാവതിയെ വേട്ടാനവൻ
പുത്രരും നാലുണ്ടായി ജനമേജയാദികൾ. 2

ഭൂരിദക്ഷിണനല്ലി മൂന്നശ്വമേധം ഗംഗാ-
തീരത്തുവച്ചു കൃപൻതന്നെയാചാര്യനാക്കി
പിന്നവൻ നടത്തിനാൻ വിണ്ണവരതിലല്ലോ
ചെന്നെല്ലാവരും കാൺകെ ഹവിസ്സു ഭുജി-
ച്ചതും. 3

വീരനാമിന്നൃപൻ ദിഗ്ജയത്തിലൊരേടത്തു
ചാരുഭൂപാലവേഷം ധരിച്ച ശൂദ്രൻ കലി
ഗോമിഥുനത്തെക്കാലാൽത്തൊഴിക്കുന്നതു കണ്ടു-
ദ്ദാമവിക്രമത്തിനാലവനേയടക്കിനാൻ. 4

ശൗനകൻ പറഞ്ഞു

ഊനമെന്നിയേ ചെയ്ത ദിഗ്ജയസഞ്ചാ-
രത്തി-
ലാനൃപനെന്തിനായിക്കലിയെ ഹിംസിച്ചീല?
പാദത്താൽ പശുവിനെച്ചവിട്ടിമർദ്ദിച്ചോരു
പാതകി രാജചിഹ്നധാരിയശ്ശൂദ്രനാരാം? 5

സദ്ഗുണാംബുധേ! സൂതാ! ചൊല്ലിത്തു മുകു-
സല്ലപ്രഥയുംകൊണ്ടവരുതന്നെയോ- [ന്ദന്റെ
അല്ലെന്നാകിൽ
തത്പാദാംബുജമകരന്ദമാസ്വദിച്ചീടു-
മബ്ഭക്തന്മാരെക്കുറിച്ചാകിലും കേട്ടീടണം. 6

ഞങ്ങളോ നരർ, ചലായുസ്സുകരം മൃതിവശം
തങ്ങുവോർ സത്യമിച്ഛിക്കുന്നവർ സാധുക്കളാം
ദൂഷിച്ചതായ മറ്റു കഥകൾ കേട്ടാൽ ഞങ്ങൾ
മൂഷിയും സമയവും പഴുതേപോകുമല്ലൊ. 7

അന്തക,നെന്നാലിപ്പോൾ ശാമിത്രകർമ്മത്തിനു
ബന്ധുരമൂർത്തേ! ക്ഷണിച്ചിവിടെ വന്നിരിപ്പു.
ഇവിടെശ്ശ്രാദ്ധദേവൻ വസിക്കും
കാലത്തോള-
മവനിവാസീജന മൃതിയെപ്പേടിക്കേണ്ടാ. 8

ഇതിനായത്രേ ദണ്ഡധരനെ മഹർഷികൾ
ക്ഷിതിയിലാനയിച്ചതെന്നറിയുക സൂതാ!
ശ്രീകൃഷ്ണലീലാവാക്യപീയൂഷം നിത്യം മർത്ത്യ-
രാകവേ നിരന്തരം പാനംചെയ്യേണ്ടതല്ലോ. 9

മന്ദന്മല്ലായുസ്സും ബുദ്ധിഹീനന്മാക-
മിന്നരന്നായുസ്സോത്താൽ നിശയിൽ
നിദ്രയാലും
പകലൊക്കെയും വെറും നിഷ്പ്രയോജനകർമ്മ-
നികരത്താലും കഷ്ടം! പഴുതേ കളയുന്നു. 10

സൂതൻ പറഞ്ഞു

ജനതയ്ക്കെങ്ങും കലിബാധയായെന്നു തനി-
ക്കനതിപ്രിയമായ വൃത്താന്തം ശ്രവിക്കയാൽ
സ്വസൈന്യം സംരക്ഷിക്കും കുരുജാംഗല-
ങ്ങളിൽ
വസിക്കുമബ്ഭൂജാനിയെടുത്തു ശരാസനം. 11

അലങ്കരിച്ച പച്ചക്കുതിരകളെപ്പൂട്ടി-
ത്തിളങ്ങും സിംഹധ്വജയുക്തമാം തേരിലേറി
ഹസ്ത്യശ്വരഥപത്തിയുക്തമാം സൈന്യം
ചൂഴ്ന്നു
സത്വരം ദിഗ്ജയത്തിന്നിറങ്ങിപ്പുറ-
പ്പെട്ടാൻ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭദ്രാശ്വം കേതുമാലം ച ഭാരതം ചോത്തരാൻ കുരൂൻ
കിംപുരുഷാദീനി വർഷാണി വിജിത്യ ജഗൃഹേ ബലിം. 13

തത്ര തത്രോപശൃണ്വാനഃ സ്വപൂർവേഷാം മഹാത്മനാം
പ്രഗീയമാണാം ച യശഃ കൃഷ്ണമാഹാത്മ്യസൂചകം. 14

ആത്മാനം ച പരിത്രാതമശ്വത്ഥാമ്നോഽസ്ത്രതേജസഃ
സ്നേഹം ച വൃഷ്ണിപാർത്ഥാനാം തേഷാം ഭക്തിം ച കേശവേ. 15

തേഭ്യഃ പരമസന്തുഷ്ടഃ പ്രീത്യുജ്ജൃംഭിതലോചനഃ
മഹാധനാനി വാസാംസി ദദൗ ഹാരാന്മഹാമനാഃ 16

സാരഥ്യ പാരഷദസേവനസഖ്യദൗത്യ-
വീരാസനാനുഗമനസ്തവനപ്രണാമം
സ്നിഗ്ധേഷു പാണ്ഡുഷു ജഗത്പ്രണതിം ച വിഷ്ണോ-
ർഭക്തിം കരോതി നൃപതിശ്ചരണാരവിന്ദേ. 17

തസ്യൈവം വർത്തമാനസ്യ പൂർവേഷാം വൃത്തിമന്വഹം
നാതിദൂരേ കിലാശ്ചര്യം യദാസീത്തന്നിബോധ മേ. 18

ധർമ്മഃ പദൈകേന ചരൻ വിച്ഛായാമുപലഭ്യ ഗാം
പൃച്ഛതി സ്മാഽശ്രുവദനാം വിവത്സാമിവ മാതരം. 19

ധർമ്മ ഉവാച

കച്ചിദ്ഭദ്രേഽനാമയമാത്മനസ്തേ
വിച്ഛായാസി മ്ലായതേഷന്മുഖേന
ആലക്ഷയേ ഭവതീമന്തരാധിം
ദൂരേ ബന്ധും ശോചസി കംചനാംബ! 20

പാദൈർന്യൂനം ശോചസി മൈകപാദ-
മാത്മാനം വാ വൃഷളൈർഭോക്ഷ്യമാണം
ആഹോ സുരാദീൻ ഹൃതയജ്ഞഭാഗാൻ
പ്രജാ ഉതസ്വിന്മഘവത്യവർഷതി. 21

അരക്ഷ്യമാണാഃ സ്ത്രിയ ഉർവി ബാലാൻ
ശോചസ്യഥോ പുരുഷാദൈരിവാർത്താൻ
വാചം ദേവീം ബ്രഹ്മകുലേ കുകർമ്മ-
ണ്യബ്രഹ്മണ്യേ രാജകുലേ കുലാഗ്ര്യാൻ. 22

കിം ക്ഷത്രബന്ധൂൻ കലിനോപസൃഷ്ടാൻ
രാഷ്ട്രാണി വാ തൈരവരോപിതാനി
ഇതസ്തതോ വാഽശനപാനവാസ-
സ്നാനവ്യവായോന്മുഖജീവലോകം. 23

യദ്വാംബ,തേ ഭൂരിഭരാവതാര-
കൃതാവതാരസ്യ ഹരേർധരിത്രി!
അന്തർഹിതസ്യ സ്മരതീ വിസൃഷ്ടാ
കർമ്മാണി നിർവാണവിളംബിതാനി. 24

ഇദം മമാചക്ഷ്വ തവാധിമൂലം
വസുന്ധരേ! യേന വികർശിതാസി
കാലേന വാ തേ ബലിനാം ബലീയസാ
സുരാർച്ചിതം കിം ഹൃതമംബ, സൗഭഗം. 25

ധരണ്യുവാച

''ഭവാൻ ഹി വേദ തത് സർവം യന്മാം ധർമ്മാനുപൃച്ഛസി
ചതുർഭിർവർത്തസേ യേന പാദൈർല്ലോകസുഖാവഹൈഃ 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭദ്രാശ്വം കേതുമാലം ഭാരതം കിംപുരുഷ-
മുത്തരകുരുദേശമിത്യാദിരാജ്യങ്ങളെ
ജയിച്ചിട്ടതാതു ഭൂപതിമാരേകം ദ്രവ്യ-
ചയരൂപമാം പൂജയാകവേ സ്വീകരിച്ചാൻ. 13

അസ്ഥലങ്ങളിലെല്ലാം ശ്രീകൃഷ്ണമാഹാത്മ്യവും
തൽസ്ഥിരഭക്തരാംതൻ പൂർവ്വികർതൻകീ-
ർത്തിയും
അശ്വത്ഥാമാവിന്നസ്ത്രവഹ്നിയിൽനിന്നു തന്നെ
വിശേശൻ രക്ഷിച്ചതും പാണ്ഡവയാദവന്മാർ
അന്യോന്യം ദൃഢമായി സ്നേഹിച്ചെന്നതുമവ-
ർക്കന്യൂനഭക്തി വാസുദേവനിൽ ഭവിച്ചതും
വിസ്തരം ജനതതി പുകഴ്ത്തിപ്പാടുന്നതിൽ
ശ്രദ്ധിച്ചുകൊണ്ടു നൃപനഞ്ചിതം സഞ്ചരിച്ചാൻ.
14–15

ഇങ്ങനെ ഗാനംചെയ്ത പണ്ഡിതന്മാർക്കശേഷം
തിങ്ങിന മോദംപൂണ്ടു ഫുല്ലലോചനനായി
സന്മനസ്സോടുംകൂടി ധനവും വിലയേറും
നന്മണിമാല്യങ്ങളും നല്കിനാൻ വസ്ത്രങ്ങളും. 16

ഇഷ്ടരാം പാണ്ഡവർക്കായ് കൃഷ്ണനാലനുഷ്ഠിക്ക-
പ്പെട്ട സാരഥ്യം, ദൗത്യം, സഭാധിപത്യം,
സഖ്യം,
നിത്യസേവനമനുഗമനം വാളുമായി
രാത്രിയിൽക്കാത്തിരിപ്പു, ഹരിസന്നതി, നുതി
പാണ്ഡവപ്രശംസതൊട്ടൊക്കെയും കേട്ടുകേട്ടു-
മ്മന്നനു വിഷ്ണുപാദഭക്തി വർദ്ധിച്ചുവന്നു. 17

ഇങ്ങനെ പൂർവ്വികർതൻമാർഗ്ഗത്തിലെന്നും രാജ്യം
ഭംഗിയായ് ഭരിച്ചീടും ഭൂപതിവിഷ്ണുരാതൻ
ഒരുനാൾ പോകുംവഴിക്കധികം ദൂരത്തല്ലാ-
തൊരു വിസ്മയം കണ്ടതോതിടാം കേട്ടു-
കൊൾക. 18

കുട്ടിനഷ്ടമാമമ്മമട്ടശ്രുമുഖിയായി
തപിട്ടററു തീരെക്കഷ്ടപ്പെട്ടോരു പശുവിനെ
ഒററക്കാലിൽച്ചരിക്കും ധർമ്മരാജാവു കണ്ടു-
ട്ടാർദ്രനായതിനോടായ് ചോദിച്ചാനീവിധ-
ത്തിൽ. 19

ധർമ്മദേവൻ പറഞ്ഞു

നിന്മുഖം വാടിയാഭയററു കാണുന്നതെന്തേ
നിന്മേനി നിരാമയമല്ലയോ കല്യാണാംഗീ!
അന്തരംഗാധിയിതു ദൂരസ്ഥരായ വല്ല
ബന്ധുക്കളെയും പററിച്ചിന്തിച്ചുദിച്ചതോ-
ചൊൽ. 20

മൂന്നു പാദങ്ങളും പോയൊററക്കാലിൽച്ചരിക്കു-
മെന്നെക്കണ്ടധികമായ് കാരുണ്യം കലർന്നിട്ടോ?
ധർമ്മഹീനന്മാരാം ദുർമ്മദാന്ധർഭൂപാലന്മാർ
നിന്മണവാളരാകാൻ പോകുന്നകാര്യമോർത്തോ?
അല്ലെങ്കിൽ, ഹവിർഭാഗം ദൈത്യന്മാർ
ഹരിക്കയാൽ
തെല്ലുമേ ലഭിക്കാത്ത വിണ്ണോരെ നിനച്ചിട്ടോ
അതുമല്ലെങ്കിൽപ്പിന്നെ, മരുത്വാൻ മഴയേകാ-
തതിരററുഴന്നിടും മർത്യരെ നിരൂപിച്ചോ? 21

അല്ലയോ ഭൂമീദേവീ! ഭവതി ദുഃഖിപ്പതു
വല്ലഭരുപേക്ഷിച്ച മല്ലാക്ഷിമാരെയോർത്തോ?
അല്ലെങ്കിൽ നരാശനരെന്നപോൽ രക്ഷകന്മാ-
രല്ലലപ്പെടുത്തും ചെറുബാലരെക്കുറിച്ചാണോ
വാണീദേവിതൻ ഭാവിസ്ഥിതിയോർത്തിട്ടോ?
നീച-
ക്ഷോണീശദാസ്യമാളും ദ്വിജശ്രേഷ്ഠരെ-
പ്പാർത്തോ? 22

കലിപൂണ്ടീടും ക്ഷത്രിയാധമരേയവർ
ബലത്താൽ മുടിച്ചീടും രാഷ്ട്രങ്ങളേയുമോർത്തോ
കണ്ടമാനം നടന്നു കിട്ടുന്നതെല്ലാം തിന്നു
കണ്ടിലൊക്കെക്കളിച്ചു, മുണ്ടുതെണ്ടിധരിച്ചു
കണ്ടപെണ്ണിനെപ്പുണർന്നു, കാമസൗഖ്യങ്ങളാണ്ടു
തിണ്ടാടും ജനങ്ങളെ നാലുഭാഗത്തിലും നീ
കണ്ടിട്ടോ സഹിക്കുവാനാവതല്ലാഞ്ഞമട്ടി-
ലിണ്ടലാൽ മിഴിനീരുമൊഴുക്കിക്കരയുന്നു? 23

ഭദ്രേ! നിൻഭാരം പോക്കാൻ വന്നവതരിച്ചിഹ
നിത്യനിർവാണകരകർമ്മങ്ങളാചരിച്ചു
ഭഗവാൻ ഭവതിയെ ത്യജിച്ചുമറഞ്ഞതോ-
ർത്തകമേയൊതുങ്ങാത്ത വേദനകൊണ്ടോ
ദേവീ? 24

ബലവാന്മാരിൽ ബലികാലം നിൻസുരാ-
ർച്ചിതാ-
തുലിതസൗഭാഗ്യത്തെ ഹരിച്ചുകളഞ്ഞുവോ?
എന്താണിങ്ങനെ നിന്റെ ശരീരം ക്ഷയി-
പ്പിച്ച-
സന്താപം? മടിവെടിഞ്ഞോതുക ഭൂതധാത്രി! 25

ഭൂദേവി പറഞ്ഞു

ധർമ്മരാജാവേ! ഭവാനറിയുന്നുണ്ടശേഷ-
മെന്മാലെന്നാലും ചോദിച്ചതിനാലുരുളാം
ഞാൻ.
ലോകസൗഖ്യങ്ങളാം നാലുകാലൊത്തു ഭവാൻ
വ്യാകലഹീനം വാണതേതൊരാൾമൂല-
മാണോ, 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യം ശൗചം ദയാ ക്ഷാന്തിസ്ത്യാഗസ്സന്തോഷ ആർജ്ജവം
ശമോ ദമസ്തപസ്സാമ്യം തിതിക്ഷോപരതിഃ ശ്രുതം. 27
ജ്ഞാനം വിരക്തിരൈശ്വര്യം ശൗര്യം തേജോ ബലം സ്മൃതിഃ
സ്വാതന്ത്ര്യം കൗശലം കാന്തിർധൈര്യം മാർദ്ദവമേവ ച. 28
പ്രാഗല്ഭ്യം പ്രശ്രയശ്ശീലം സഹ ഓജോ ബലം ഭഗഃ
ഗാംഭീര്യം സ്ഥൈര്യമാസ്തികൃം കീർത്തിർമ്മാനോഽനഹംകൃതിഃ 29
ഏതേ ചാന്യേ ച ഭഗവന്നിത്യാ യത്ര മഹാഗുണാഃ
പ്രാർത്ഥ്യാ മഹത്വമിച്ഛദ്ഭിർന്ന വിയന്തി സ്മ കർഹിചിത്. 30
തേനാഹം ഗുണപാത്രേണ ശ്രീനിവാസേന സാമ്പ്രതം
ശോചാമി രഹിതം ലോകം പാപ്മനാ കലിനേക്ഷിതം. 31
ആത്മാനം ചാനുശോചാമി ഭവന്തം ചാമരോത്തമം
ദേവാനൃഷീൻ പിതൄൻ സാധൂൻ സർവാൻ വർണ്ണാംസ്തഥാഽശ്രമാൻ. 32

ബ്രഹ്മാദയോ ബഹുതിഥം യദപാങ്ഗമോക്ഷ-
കാമാസ്തപസ്സമചരൻ ഭഗവത്പ്രപന്നാഃ
സാ ശ്രീഃ സ്വവാസമരവിന്ദവനം വിഹായ
യത്പാദസൗഭഗമലം ഭജതേഽനുരക്താ. 33
തസ്യാഹമബ്ജകലിശാങ്കുശകേതുകേതൈഃ
ശ്രീമത്പദൈർഭഗവതഃ സമലംകൃതാങ്ഗീ
ത്രീനത്യരോച ഉപലഭ്യ തതോ വിഭൂതിം
ലോകാൻ സ മാം വ്യസൃജദുത്സ്മയതീം തദന്തേ. 34
യോ വൈ മമാതിഭരമാസുരവംശരാജ്ഞാ-
മക്ഷൗഹിണീശതമപാനുദദാത്മതന്ത്രഃ
ത്വാം ദുഃസ്ഥമൂനപദമാത്മനി പൗരുഷേണ
സംപാദയൻ യദുഷു രമ്യമബിഭ്രദംഗം. 35
കാ വാ സഹേത വിരഹം പുരുഷോത്തമസ്യ
പ്രേമാവലോകരുചിരസ്മിതവല്ഗുജല്പൈഃ
സ്ഥൈര്യം സമാനമഹരന്മധുമാനിനീനാം
രോമോത്സവോ മമ യദംഘ്രിവിടങ്കിതായാഃ'' 36
തയോരേവം കഥയതോഃ പൃഥിവീധർമ്മയോസ്തദാ
പരീക്ഷിന്നാമ രാജർഷിഃ പ്രാപ്തഃ പ്രാചീം സരസ്വതീം. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
പൃഥിവീധർമ്മസംവാദോ നാമ ഷോഡശോഽധ്യായഃ

സപ്തദശോഽധ്യായഃ

സൂത ഉവാച
തത്ര ഗോമിഥുനം രാജാ ഹന്യമാനമനാഥവത്
ദണ്ഡഹസ്തം ച വൃഷലം ദദൃശേ നൃപലാഞ്ഛനം. 1
വൃഷം മൃണാലധവളം മേഹന്തമിവ ബിഭ്യതം
വേപമാനം പദൈകേന സീദന്തം ശൂദ്രതാഡിതം. 2
ഗാം ച ധർമ്മദുഘാം ദീനാം ഭൃശം ശൂദ്രപദാഹതാം
വിവത്സാം സാശ്രുവദനാം ക്ഷാമാം യവസമിച്ഛതീം. 3
പപ്രച്ഛ രഥമാരൂഢഃ കാർത്തസ്വരപരിച്ഛദം
മേഘഗംഭീരയാ വാചാ സമാരോപിതകാർമ്മുകഃ 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളതു ചൊല്ലീടുക പുറവുമുള്ളും ശ്രദ്ധി-
യുള്ളതാക്കുക, പരദുഃഖത്തിലലിയുക
അടക്കീടുക കോപം, യാചകർക്കിഷ്ടംപോലെ
കൊടുക്ക, സംതൃപ്തിയോടെപ്പൊഴുമിരിക്കുക,
സത്പഥത്തിൽച്ചരിക്ക,യുംപ്പു ചലി-
പ്പിക്കായ്ക
കെല്ലൊടും ബാഹ്യേന്ദ്രിയവ്യാപാരമൊ-
തുക്കുക,
തള്ളുക ശത്രുമിത്രഭേദഭാവന, കററ-
മെല്ലാമേ പൊറുക്കുക, ചിന്തിക്ക ശാസ്ത്രതത്ത്വം,
സ്വരൂപജ്ഞാനം, ബന്ധ്യബന്ധനാഖണ്ഡ-
ശക്തി
പരാധീനനാകായ്ക, തൃഷ്ണയില്ലാതിരിക്ക,
സ്വധർമ്മമനുഷ്ഠിക്ക,മഹിമ,യുദ്ധോത്സാഹം
സുധൈര്യം സാമർത്ഥ്യവും ലാഭാഗമൗദാസീന്യം
ക്ഷിപ്രപ്രവൃത്തിക്കുള്ള മതികൗശലം, കാന്തി-
യുംപ്പുവിനമ്രലത്വം വണക്കം, സുശീലത്വം
പ്രാഗല്ഭ്യം, ജ്ഞാനകർമ്മേന്ദ്രിയമാനസ-
ശക്തി,
ലോകസംപൂജ്യത്വ,മക്ഷോഭ്യത, ശൗര്യം
സ്മൃതി,
ശ്രദ്ധയുമനഹന്ത സത്കീർത്തി, സുഖസ്ഥിതി,-
യിത്രയും, മഹാന്മാർ തൻ മററു സദ്ഗുണങ്ങളും
നിത്യം ചേർന്നിണങ്ങുമബ്ഭഗവാൻ ശ്രീനി-
വാസൻ
കഷ്ടമീയഗതിയെയോരാതെ ധരാവാസം-
വിട്ടുപായ്മറഞ്ഞതും പാപിഷ്ഠൻ കലി-
വിഷ്ടപം മുടിപ്പതും പാർത്തു ഞാനാ- [വന്നീ
ത്തയായേൻ. 27–31

എന്നെയും ദേവോത്തമനാകുന്ന ഭവാനെയും
വിണ്ണവർ, മഹർഷികൾ, പിതൃക്കളിവരേയും
വർണ്ണാശ്രമസ്ഥരേയും സാധുക്കളേയുമോർത്തീ-
വണ്ണം ഞാനത്തലിന്നു പാത്രമായ് ശ്രാദ്ധ-
ദേവാ! 32

ബ്രഹ്മാദിദേവന്മാരുമാരുടെ മനോജ്ഞമാം
കൺമുനയേല്പാൻ ചിരം തപസ്സുചെയ്തീടുന്നു
ആ മഹാലക്ഷ്മിദേവി വാരിജവനംവിട്ടു
പ്രേമമാർന്നു പാദസൗഭാഗ്യം ഭജിക്കുന്ന
സരോജം, ധ്വജം, വജ്ര,മങ്കുശമിച്ചിഹ്നങ്ങൾ
പരിശോഭിച്ചീടുമച്ചാരുതൃക്കാൽപ്പാടുകൾ
സർവാങ്ഗത്തിലുമണിഞ്ഞൈശ്വര്യ-
കേന്ദ്രമായി
ഭൂവലകത്തിനേയും താഴ്ത്തി ഞാൻ ലസിച്ചിതു
ഒടുവിൽ ഗർവിഷ്ഠയാമെന്നെയബ്ഭഗവാൻ
കൈ-
വെടിഞ്ഞാൻ, കഷ്ട!മിനിയാരെനി-
ക്കവലംബം? 33–34

ത്രക്ഷരാക്ഷസനൃപസംരക്ഷിതാക്ഷൗഹിണീ-
ലക്ഷമാം വലുതായ മദ്ഭാരം തീർത്തീടാനും
കാലമൂന്നററിട്ടോട്ടും നില്പുവാനാകാത്ത നിൻ
കാലാകെ മാററിയാത്മപൗരുഷമേകീടാനും
സ്വതന്ത്രൻ വിഷ്ണു യദുവംശത്തിൽ
സ്വീകരിച്ചാ-
നതികോമളമേഘശ്യാമളകളേബരം. 35

പ്രേമമൂർന്നീടും കടാക്ഷങ്ങളും മനോജ്ഞമാം
മന്ദഹാസങ്ങളും വക്രമാം വാക്കുംമൂലം
ഭാമാദി മധുവംശവാമാളി മനഃസ്ഥൈര്യ-
മാമൂലം ഹരിച്ചതാ,രാരുടെ പാദതാരാൽ
സമലംകൃതയായ് ഞാൻ പുളകംപൂണ്ടിരുന്നാ-
ക്കമലേശൻെറ വേർപാടെങ്ങനെ സഹി-
ച്ചീടും? 36

ഇങ്ങനെ ധർമ്മദേവൻതാനുമബ്ഭൂദേവിയും
തങ്ങളിൽ സംഭാഷണം ചെയ്തുനിൽക്കുന്നനേരം
കിഴക്കോട്ടൊഴുകിപ്പോയീടുമാ സരസ്വതി-
പ്പുഴതൻ കരയ്ക്കെത്തി രാജർഷി വിഷ്ണുരാതൻ. 37

അദ്ധ്യായം 17

പരീക്ഷിദ്ധർമ്മസംവാദം—കലിനിഗ്രഹം

സൂതൻ പറഞ്ഞു

കരത്തിലൊരുകോലുമെടുത്തു നൃപചിഹ്നം
ധരിച്ച ശൂദ്രനേകനങ്ങു ഗോമിഥുനത്തെ
തുടരെക്കഠോരമായ് നാഥനററവരെപ്പോ-
ലടിച്ചുപീഡിപ്പിച്ചീടുന്നതു കണ്ടാൻ നൃപൻ. 1

താമരവളയംപോൽ വെളുത്തനിറംപൂണ്ടു
സീമാതിരേകഭീയാൽ വിറച്ചു മൂത്രംവാർത്തു
ഏകപാദനായ് ശൂദ്രതാഡനമേററുംഗ-
മാകവേ തളർന്നതാമാ വൃഷഭത്തിനേയും 2

ധർമ്മഹേതുവാം ദ്രവ്യം കറപ്പതായിദ്ദുഃഖ-
സമ്മിളിതയായ് ശൂദ്രപാദാഹതാർത്തയായി
നില്ലാതമിഴിനീരുമൊഴുക്കിക്കിടുവ്യയന്യേ
എല്ലുന്തിപ്പുല്ലാശിക്കും പശുവിനേയും
പാർത്താൻ. 3

പൊൻകോപ്പണിഞ്ഞു കാന്തിചിന്നുന്ന രഥം
തന്നിൽ
തങ്കുന്ന പരീക്ഷിത്തു ഭൂത്തു വില്ലെടുത്തു
പെട്ടെന്നു ഞാൺ വലിച്ചു കെട്ടിക്കൊണ്ടി-
ടിവെട്ടും-
മട്ടതിഗംഭീരമായീവിധം ചോദ്യംചെയ്താൻ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കസ്ത്വം മച്ഛരണേ ലോകേ ബലാദ്ധംസ്യബലാൻ ബലീ
നരദേവോഽസി വേഷേണ നടവത് കർമ്മണാഽദ്വിജഃ 5
കസ്ത്വം കൃഷ്ണേ ഗതേ ദൂരം സഹ ഗാണ്ഡീവധന്വനാ
ശോച്യോഽസ്യ ശോച്യാൻ രഹസി പ്രഹരൻ വധമർഹസി. 6
ത്വം വാ മൃണാളധവളഃ പാദൈർന്യൂനഃ പദാ ചരൻ
വൃഷരൂപേണ കിം കശ്ചിദ്ദേവോ നഃ പരിഖേദയൻ. 7
ന ജാതു പൗരവേന്ദ്രാണാം ദോർദ്ദണ്ഡപരിരംഭിതേ
ഭൂതലേഽനുപതന്ത്യസ്മിൻ വിനാ തേ പ്രാണിനാം ശുചഃ 8
മാ സൗരഭേയാനുശുചോ, വ്യേതു തേ വൃഷലാദ്ഭയം,
മാ രോദീരംബ, ഭദ്രം തേ ഖലാനാം മയി ശാസ്തരി. 9
യസ്യ രാഷ്ട്രേ പ്രജാസ്സർവ്വാസ്ത്രസ്യന്തേ സാധ്വ്യസാധുഭിഃ
തസ്യ മത്തസ്യ നശ്യന്തി കീർത്തിരായുർഭഗോ ഗതിഃ 10
ഏഷ രാജ്ഞാം പരോ ധർമ്മോ ഹ്യാർത്താനാമാർത്തിനിഗ്രഹഃ
അത ഏനം വധിഷ്യാമി ഭൂതദ്രുഹമസത്തമം. 11
കോഽവൃശ്ചത്തവ പാദാംസ്ത്രീൻ സൗരഭേയ ചതുഷ്പദഃ
മാഭൂവംസ്ത്വാദൃശാ രാഷ്ട്രേ രാജ്ഞാം കൃഷ്ണാനുവർത്തിനാം. 12
ആഖ്യാഹി വൃഷ ഭദ്രം വഃ സാധൂനാമകൃതാഗസാം
ആത്മവൈരൂപ്യകർത്താരം പാർത്ഥാനാം കീർത്തിദൂഷണം. 13
ജനേഽനാഗസ്യഘം യുഞ്ജൻ സർവ്വതോഽസ്യ ച മദ്ഭയം
സാധൂനാം ഭദ്രമേവ സ്യാദസാധുദമനേ കൃതേ. 14
അനാഗസ്സ്വിഹ ഭൂതേഷു യ ആഗസ്കൃന്നിരങ്കുശഃ
ആഹർത്താസ്മി ഭുജം സാക്ഷാദമർത്ത്യസ്യാപി സാംഗദം. 15
രാജ്ഞോ ഹി പരമോ ധർമ്മഃ സ്വധർമ്മസ്ഥാനുപാലനം
ശാസതോഽന്യാൻ യഥാശാസ്ത്രമനാപദ്യുത്പഥാനിഹ.'' 16

ധർമ്മ ഉവാച

''ഏതദ്വഃ പാണ്ഡവേയാനാം യുക്തമാർത്താഭയം വചഃ
യേഷാം ഗുണഗണൈഃ കൃഷ്ണോ ദൗത്യാദൗ ഭഗവാൻ കൃതഃ 17
ന വയം ക്ലേശബീജാനി യതസ്സ്യുഃ പുരുഷർഷഭ!
പുരുഷം തം വിജാനീമോ വാക്യഭേദവിമോഹിതാഃ 18
കേചിദ്വികല്പവസനാ ആഹുരാത്മാനമാത്മനഃ
ദൈവമന്യേ, പരേ കർമ്മ, സ്വഭാവമപരേ പ്രഭും. 19
അപ്രതർക്ക്യാദനിർദ്ദേശ്യാദിതി കേഷ്വപി നിശ്ചയഃ
അത്രാനുരൂപം രാജർഷേ വിമൃശ സ്വമനീഷയാ.'' 20
ഏവം ധർമ്മേ പ്രവദതി സ സമ്രാട് ദ്വിജസത്തമ!
സമാഹിതേന മനസാ വിഖേദഃ പര്യചഷ്ട തം. 21

രാജോവാച

''ധർമ്മം ബ്രവീഷി ധർമ്മജ്ഞ ധർമ്മോഽസി വൃഷരൂപധൃക്
യദധർമ്മകൃതഃ സ്ഥാനം സൂചകസ്യാപി തദ്ഭവേത്. 22
അഥവാ ദേവമായായാ നൂനം ഗതിരഗോചരാ
ചേതസോ വചസശ്ചാപി ഭൂതാനാമിതി നിശ്ചയഃ 23
തപശ്ശൗചം ദയാ സത്യമിതി പാദാഃ പ്രകീർത്തിതാഃ
അധർമ്മാംശൈസ്ത്രയോ ഭഗ്നാ സ്മയസംഗമദൈസ്തവ. 24
ഇദാനീം ധർമ്മ പാദസ്തേ സത്യം നിർവ്വർത്തയേദ്യതഃ
തം ജിഘൃക്ഷത്യധർമ്മോഽയമനൃതേനൈധിതഃ കലിഃ 25
ഇയം ച ഭൂർഭഗവതാ ന്യാസിതോരുഭരാ സതീ
ശ്രീമദ്ഭിസ്തത്പദന്യാസൈസ്സർവതഃ കൃതകൗതുകാ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''എന്നുടെ രാജ്യത്തേറി ഞാൻ പോററുമസ്സൽ-
പ്രജാ-
വൃന്ദത്തെ ദണ്ഡിക്കാനുംകൂടെയോനാരെടാ നീ?
ചടച്ചസാധുവൃന്ദത്തോടോ നിൻതടിമിടു-
ക്കെട്ടത്തീടുന്നതിങ്ങു പൊണ്ണനായിരിക്കും നീ?
ആട്ടക്കാരനെപ്പോലെ രാജാവിൻവേഷംകെട്ടി
ദുഷ്ടതകാട്ടും നീചാ! നീയാരു നേരേ ചൊല്ലു! 5
ഗാണ്ഡീവധന്വാവാകുമർജ്ജുനനോടുംകൂടി
നന്ദജൻ മന്നുവിട്ടുമറഞ്ഞ തക്കംനോക്കി
വന്നഹോ! രഹസ്സിങ്കൽ സാധുമർദ്ദനംചെയ്യും
നിന്നെ ഞാൻ, ഖലാ! വൃഥാ വിട്ടേക്കുമെന്നോ
ഭാവം? 6
തണ്ടാരിൻതണ്ടിൻവെണ്മയാന്നു, കാൽ മൂന്നു-
പോയി-
ത്തിണ്ടാടിയൊററക്കാലിലൂന്നുന്ന വൃഷശ്രേഷ്ഠാ!
എനിക്കു പരിഖേദമിയററാനായീവേഷ-
മണിഞ്ഞു വന്നണഞ്ഞ വല്ല ദേവനുമോ നീ? 7
പൃഥുവംശജഭൂപബാഹുദണ്ഡച്ഛായയിൽ
ചേരുമിദ്ധരിത്രിയിലിന്നോളം വൃഷഭേന്ദ്രാ!
നിന്നുടെ മിഴിനീരല്ലാതൊരു തുള്ളിപോലു-
മന്യജന്തുവിൻകണ്ണീർ വീണതായറിവില്ല. 8
കരഞ്ഞീടായ്ക കാമധേനുവിൻ സന്താനമേ!
തരിമ്പും ക്ഷുദ്രഭീതി നിനക്കില്ലിനിമേലിൽ
ദുഷ്ടശാസകനായ ഞാനിരിക്കുന്നനാളി-
ലൊട്ടുമേ ഖേദം വേണ്ട മാതാവേ! മങ്ഗ-
ലം തേ. 9
ഏതൊരു രാജാവിൻെറ രാജ്യത്തിൽ ജനം ദുഷ്ട-
ഭീതിയാൽ വിറച്ചീടാനിടയായീടുന്നുവോ
മത്തനാമന്നൃപൻെറ ഭാഗ്യവു, സത്കീർത്തിയും
മുക്തിയുമായുസ്സും ഹാ! നശിച്ചുപോകും
ദൃഢം. 10
ആർത്തരക്ഷണം രാജധർമ്മമാണതിനാല-
ധൃത്തനെ—ജ്ജന്തുദ്രോഹിക്ഷുദ്രനെ—വധിക്കു-
ന്നേൻ. 11
സുരഭീസൂനോ! നിൻെറ മൂന്നുകാൽമുറിച്ചതാ-
രുതുനിന്മട്ടുള്ളോർ ഹരിഭക്തർതൻ നാട്ടിൽ. 12
മംഗലംഭവിക്കട്ടെയപരാധാപേതരാം
നിങ്ങൾക്കു രണ്ടുപേക്കുമിങ്ങനെയംഗഭംഗം
സംഗമിപ്പിച്ചു പാരമവനീശ്വരകീർത്തി
മങ്ങിച്ച ഖലമൗലിയാരെന്നു നേരേ ചൊല്ലു. 13
തെററുചെയ്യീടാത്തവർക്കുത്തലേററീടുന്നവ-
രേററവും ഭയപ്പെടുന്നുണ്ടെന്നെയെങ്ങുംതന്നെ.
ദുർജ്ജനങ്ങളിൽ ദണ്ഡനീതിയെ പ്രയോഗിച്ചാൽ
സജ്ജനങ്ങൾക്കു ഭദ്രമകലാതിരിക്കുമോ? 14
യാതൊന്നുമപരാധം ചെയ്യാത്ത ജന്തുക്കളെ
ഏതുമേ മടിക്കാതെ പീഡനംചെയ്യുന്നവൻ
ദേവേന്ദ്രനായീടിലുമവൻെറ കരങ്ങളെ
തോൾവളയോടുകൂടിയരിയും ചുവടേ ഞാൻ. 15
ആപത്തില്ലാത്തനാളിൽ ധർമ്മാധ്വാവുല്ലം-
ഘിക്കും
പാപിയെശ്ശാസിപ്പതും, ധർമ്മപന്ഥാവിൽ-
ത്തന്നെ
ശാസ്ത്രപ്രകാരമെന്നും ചരിക്കും മനുഷ്യരെ-
ക്കാത്തിടുന്നതും ഭൂപപരമധർമ്മമല്ലോ.'' 16

ധർമ്മദേവൻ പറഞ്ഞു

''സന്തതം മുരവൈരി ദൗത്യാദികർമ്മങ്ങളും
സന്തോഷപൂർവ്വം സമാചരിക്കത്തക്കവണ്ണം
ഗുണപൂരങ്ങൾചേരും പാണ്ഡവർ തൻകുല-
ത്തിൽ
ജനിച്ച ഭവാനാർത്തപാലനമിതുയുക്തം. 17
താർക്കികർതൻ ഖണ്ഡനമണ്ഡനസമേതമാം
വാക്യഭേദങ്ങൾമൂലം മോഹിതരായ ഞങ്ങൾ
ദുഃഖകാരണഭൂതനാകുമപ്പുമാനാരെ-
ന്നിക്കാലമറിയുന്നതില്ലൊട്ടും നരേശ്വര! 18
സന്ദേഹാവൃതരായി ദുഃഖകാരണം താൻതാ-
നെന്നുതാനു ചിലർ പറഞ്ഞീടുന്നു, വേറേ
ചിലർ
ഓതാനൂഹിപ്പാനുമാവാതെ ദൈവമെന്നും
വാദിപ്പൂ, ചിലർ കർമ്മം, സ്വഭാവമെന്നൊ-
ക്കെയും. 19
അല്ലയോ മഹീപതേ! നിശ്ചയമില്ലൊന്നിലും
നല്ലപോൽ സ്വബുദ്ധിയാലങ്ങൂഹിച്ചറി-
ഞ്ഞാലും.'' 20
കാലനീവിധം ചൊല്ലെ ശാന്തഹൃത്താമമ്മഹീ-
പാലകൻ ദുഃഖമുക്തനായുടനരുൾചെയ്താൻ. 21

രാജാവു പറഞ്ഞു

''ധർമ്മത്തെ വഴിപോലെ ധർമ്മജ്ഞാ! നീ-
ചൊല്ലയാൽ
ധർമ്മദേവൻ നീ വൃഷമായതെന്നറിയുന്നേൻ
അധർമ്മകൃത്തിനുള്ള നരകമവന്നെഴും
കഥചൊല്ലീടുവോനും പുകീടുമെന്നുണ്ടല്ലോ. 22
അല്ലെങ്കിലീശമായാവ്യാപാരം ഭൂതാളിത-
ന്നുള്ളിനും വചസ്സിനും വിഷയമല്ലാത്തതാം. 23
അധർമ്മാംശങ്ങൾ സംഗമദഗർവ്വങ്ങളറു-
ത്തിതു നിൻശൗചം,ദയ, തപസ്സീമൂന്നുപാദം
സത്യമാമൊരു കാലാണുള്ളതിപ്പോഴക്കാലിൽ
വർത്തിച്ചു യത്നിച്ചും നിൻശരീരം നിലനിർത്തു.
അക്കാലുംഹരിക്കുവാനസത്യത്തിനാൽ പുഷ്ടി-
കൈക്കൊണ്ടധർമ്മമൂർത്തിയുത്സാഹിക്കുന്നു
കലി. 24-25
ഗോരൂപം ധരിച്ചുനിന്നീടുമിബ്ഭൂദേവിതൻ-
ഭാരത്തെത്തീർത്തു കാത്ത ഭഗവാൻ ശ്രീകൃഷ്ണൻെറ
പാദപങ്കജങ്ങൾതൻ ചുവടാം ഭൂഷണങ്ങൾ
മോദമോടണിഞ്ഞിവൾ ശോഭിച്ചിരുന്നു
പാരം. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശോചത്യശ്രുകലാ സാധ്വീ ദുർഭഗേവോജ്ഝിതാധുനാ
അബ്രഹ്മണ്യാ നൃപവ്യാജാഃ ശൂദ്രാ ഭോക്ഷ്യന്തി മാമിതി.'' 27
ഇതി ധർമ്മം മഹീം ചൈവ സാന്ത്വയിത്വാ മഹാരഥഃ
നിശാതമാദദേ ഖഡ്ഗം കലയേഽധർമ്മഹേതവേ. 28
തം ജിഘാംസുമഭിപ്രേത്യ വിഹായ നൃപലാഞ്ഛനം
തത്പാദമൂലം ശിരസാ സമഗാദ്ഭയവിഹ്വലഃ 29
പതിതം പാദയോർവീക്ഷ്യ കൃപയാ ദീനവത്സലഃ
ശരണ്യോ നാവധീച്ഛ്ലോക്യ ആഹ ചേദം ഹസന്നിവ. 30

രാജോവാച

ന തേ ഗുഡാകേശയശോധരാണാം
ബദ്ധാഞ്ജലേർവൈ ഭയമസ്തി കിഞ്ചിത്
ന വർത്തിതവ്യം ഭവതാ കഥഞ്ചന
ക്ഷേത്രേ മദീയേ ത്വമധർമ്മബന്ധുഃ 31
ത്വാം വർത്തമാനം നരദേവദേഹേ-
ഷ്വനു പ്രവൃത്തോഽയമധർമ്മപൂഗഃ
ലോഭോഽനൃതം ചൗര്യമനാര്യമംഹോ
ജ്യേഷ്ഠാ ച മായാ കലഹശ്ച ദംഭഃ 32
ന വർത്തിതവ്യം തദധർമ്മബന്ധോ!
ധർമ്മേണ സത്യേന ച വർത്തിതവ്യേ
ബ്രഹ്മാവർത്തേ യത്ര യജന്തി യജ്ഞൈ-
ര്യജ്ഞേശ്വരം യജ്ഞവിതാനവിജ്ഞാഃ 33
യസ്മിൻ ഹരിർഭഗവാനിജ്യമാനഃ
ഇജ്യാമൂർത്തിര്യജതാം ശന്തനോതി
കാമാനമോഘാൻ സ്ഥിരജങ്ഗമാനാ-
മന്തർബ്ബഹിർവായുരിവൈഷ ആത്മാ. 34

സൂത ഉവാച

പരീക്ഷിതൈവമാദിഷ്ടസ്സ കലിർജാതവേപഥുഃ
തമുദ്യതാസിമാഹേദം ദണ്ഡപാണിമിവോദ്യതം. 35

കലിരുവാച

യത്ര ക്വചന വത്സ്യാമി സാർവഭൗമ തവാജ്ഞയാ
ലക്ഷയേ തത്ര തത്രാപി ത്വാമാത്തേഷുശരാസനം. 36
തന്മേ ധർമ്മഭൃതാം ശ്രേഷ്ഠ സ്ഥാനം നിർദ്ദേഷ്ടുമർഹസി
യത്രൈവ നിയതോ വത്സ്യ ആതിഷ്ഠംസ്തേഽനുശാസനം. 37

സൂത ഉവാച

അഭ്യർത്ഥിതസ്തദാ തസ്മൈ സ്ഥാനാനി കലയേ ദദൗ
ദ്യൂതം പാനം സ്ത്രിയഃ സൂനാ യത്രാധർമ്മശ്ചതുർവിധഃ 38
പുനശ്ച യാചമാനായ ജാതരൂപമദാത്പ്രഭുഃ
തതോഽനൃതം മദം കാമം രജോ വൈരം ച പഞ്ചമം. 39
അമൂനി പഞ്ച സ്ഥാനാനി ഹ്യധർമ്മപ്രഭവഃ കലിഃ
ഔത്തരേയേണ ദത്താനി ന്യവസത്തന്നിദേശകൃത്. 40
അഥൈതാനി ന സേവേത ബുഭൂഷുഃ പുരുഷഃ ക്വചിത്
വിശേഷതോ ധർമ്മശീലോ രാജാ ലോകപതിർഗ്ഗുരുഃ 41
വൃഷസ്യ നഷ്ടാംസ്ത്രീൻ പാദാംസ്തപശ്ശൗചം ദയാമിതി
പ്രതിസംദധ ആശ്വാസ്യ മഹീം ച സമവർദ്ധയത്. 42
സ ഏഷ ഏതർഹ്യധ്യാസ്ത ആസനം പാർത്ഥിവോചിതം
പിതാമഹേനോപന്യസ്തം രാജ്ഞാരണ്യം വിവിക്ഷതാ. 43
ആസ്തേഽധുനാ സ രാജർഷിഃ കൗരവേന്ദ്രശ്രിയോല്ലസൻ
ഗജാഹ്വയേ മഹാഭാഗശ്ചക്രവർത്തീ ബൃഹച്ഛ്രവാഃ 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവാൻ സന്ത്യജിച്ച സതിയാമിവളിപ്പോ-
ളഗതിയായി ഭാഗ്യഹീനയായിനിമേലിൽ
പാർത്ഥിവവേഷമാർന്ന ഭൂസുരഭക്തിയററ-
ശക്തരാകിയ ശൂദ്രപ്പരിഷ കടന്നേറി
ഭക്ഷിച്ചീടുമെന്നോർത്തു വശിച്ച ഭയത്തിനാ-
ലക്ഷികളം നിറഞ്ഞശ്രുവൊഴുക്കിക്കേ-
ണീടുന്നു. 27

അന്തകനേയും ധരാദേവിതന്നെയുമേവം
സാന്ത്വനംചെയ്തമ്മഹാരഥനാം മഹീപാലൻ
അധർമ്മഹേതുഭൂതൻ കലിതൻനേർക്കതന്റെ
ശിതധാരയാം വാളമൂരിപ്പിടിച്ചടുത്താൻ. 28
കൊന്നുപോം തന്നെയെന്നു ഭയന്നു കലി ഭൂപ-
ചിഹ്നംവെടിഞ്ഞു വീണാൻ തത്പദംതന്നി-
ലപ്പോൾ. 29
ശ്ലാഘ്യനും ശരണ്യനുമാകുമദ്ദീനബന്ധു
കാൽക്കൽവീണഭയത്തെത്തേടുവോൻതന്നെ
നോക്കി
വധിച്ചില്ലെന്നല്ലനുകമ്പയാർന്നുടൻ മന്ദ-
സ്മിതത്തോടെന്നമട്ടിലരുളിച്ചെയ്താനേവം. 30

രാജാവു പറഞ്ഞു

കിരീടി നേടിവച്ച കീർത്തിയെപ്പോററും
നമ്മെ
കരങ്ങൾ കൂപ്പി നില്ക്കും നീയൊട്ടും പേടിക്കേണ്ട.
പ്രാണനെ വേണമെങ്കിൽ നമ്മുടെ നാട്ടിൽ
നിന്നെ-
ക്കാണരുതിനിമേൽ, നീയധർമ്മബന്ധു-
വല്ലോ. 31
ഭൂപാലാംഗങ്ങളിൽ നീയാവേശിക്കുമ്പോൾ
തന്നെ
ലോഭാനൃതങ്ങൾ, ചൗര്യ, മനാര്യം പാപാ-
സക്തി,
ജ്യേഷ്ഠ, മായയും, ദംഭം, കലഹം തൊട്ട നിന്റെ
കൂട്ടവും നിന്നോടൊത്തു കടന്നുകൂടീടുന്നു. 32
അധർമ്മബന്ധോ! കലേ! യതിനാൽ സത്യധർമ്മ-
യുതമായ് വിളങ്ങീടുമിബ്രഹ്മാവർത്തത്തിൽ നീ
ഇരുന്നുകൂടാ, യാഗവിജ്ഞന്മാർ യജ്ഞങ്ങളാൽ
മുറയ്ക്കായജ്ഞേശനെപ്പൂജിപ്പതാണിദ്ദേശം. 33
യാഗമൂർത്തിയാം വിഷ്ണുദേവനെയിന്നാട്ടുകാർ
യാഗങ്ങൾ നിരന്തരം നടത്തിപ്പൂജിക്കുന്നു.
അവിടെസ്സുഖവും തത്സർവാഭിലാഷങ്ങളു-
മവർക്കേകുന്നു ഭഗവാൻ ഭക്തദാസൻ,
പവനൻ ചരാചരാന്തർബഹിർഭാഗമെങ്ങും
നിവസിപ്പതുപോലിദ്ദേവൻ സർവ്വാത്മാ-
വല്ലോ. 34

സൂതൻ പറഞ്ഞു

പരീക്ഷിത്തിനാലേവമാജ്ഞപ്പനാമക്കലി
പരിഭ്രാന്തനായ് പാരം വിറയലോടുകൂടി
കരവാൾ പൊക്കിപ്പിടിച്ചന്തകന്മട്ട കൊല്ലാ-
നൊരുങ്ങിനിൽക്കും ധരാധവനോടോതീടി-
നാൻ. 35

കലി പറഞ്ഞു

ഹേ സാർവ്വഭൗമാ! ഭവാൻ പാലിക്കും ഭുവി-
ലെന്റെ
വാസമേ പാടില്ലെന്നതല്ലയോ കല്പിച്ചതും
എവിടെ ഞാൻ ചെന്നാലും വില്ലുമമ്പുമായങ്ങേ-
യവിടെയെല്ലാം കാൺമൂ പിന്നെങ്ങു വാഴേണ്ടു
ഞാൻ? 36
ധർമ്മജ്ഞാ! ഭവദാജ്ഞയാദരിച്ചചഞ്ചല-
മിമ്മന്നിൽ ഞാൻ വാഴേണ്ടും സ്ഥലമേതെന്നു
ചൊൽക. 37

സൂതൻ പറഞ്ഞു

ഏവമഭ്യർത്ഥിച്ചിട്ടും ദുഷ്ടനാം കലിക്കിങ്ങു
മേവിടാൻ സ്ഥാനം നാലു കല്പിച്ചാനപ്പാ-
ർത്ഥിവൻ
ചൂതാട്ടമിടത്തിലും സ്ത്രീസേവയുള്ളിടത്തും
മദ്യപാനസ്ഥലത്തും നിത്യഹത്യസ്ഥലത്തും
പിന്നെയും യാചിക്കയാലവനായവനീശൻ
സ്വർണ്ണവുമഞ്ചാംവാസസ്ഥാനമായ് കല്പി-
ച്ചിതു.
അതിൽനിന്നസത്യവും കാമവും മദം ഹിംസ-
യിതെല്ലാമെന്യേ പിന്നെ വൈരവുമുണ്ടാ-
യിതു. 38-39
ഉത്തരാപുത്രദത്തമിപ്പഞ്ചസ്ഥാനത്തിലു-
മെത്തിയിക്കലിയിങ്ങു വാഴ്വു തദാജ്ഞ-
യാലെ. 40
അതിനാലനൃതാദിയഞ്ചും തന്നുൽക്കർഷത്തിൽ
കൊതിക്കും മനുഷ്യനു സേവ്യമല്ലൊരിക്കലും.
ഗുരുവും ലോകേശനും ധർമ്മശീലനുമാകു-
മരചന്നിവ വർജ്യംതന്നെയാം വിശേ-
ഷിച്ചും. 41
കാളക്കു നഷ്ടപ്പെട്ട തപശ്ശൗചാർദ്രങ്ങളാം
കാലുകളുടൻ മൂന്നും യോജിപ്പിച്ചിളാകാന്തൻ
ഭൂവിനും സമാശ്വാസം സാന്ത്വനങ്ങളാലേകി
ഭാവിഭീതിയുംതീർത്തു സംവൃദ്ധിചേർത്തീടി-
നാൻ. 42
അപ്പരീക്ഷിത്തീവിധം വാണല്ലോ വനഗത-
തത്പിതാമഹദത്ത രാജോചിതാസന-
ത്തിൽ. 43
ക്ഷിതിമണ്ഡലചക്രവർത്തിയായ്,
കീർത്തിമാനാ-
യതിഭാഗ്യവാന്മാരിലഗ്രഗണ്യനുമായി
കുരുശ്രേഷ്ഠ ശ്രീയോടും ഹസ്തിനപുരംതന്നിൽ
മരുവീടിനാൻ പരമാനന്ദത്തോടുകൂടി. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്ഥം ഭൂതാനുഭാവോഽയമഭിമന്യുസുതോ നൃപഃ
യസ്യ പാലയതഃ ക്ഷോണീം യൂയം സത്രായ ദീക്ഷിതാഃ 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
കലിനിഗ്രഹോ നാമ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

സൂത ഉവാച

യോ വൈ ദ്രൗണ്യസ്ത്രവിപ്ലുഷ്ടോ ന മാതുരുദരേ മൃതഃ
അനുഗ്രഹാദ്ഭഗവതഃ കൃഷ്ണസ്യാദ്ഭുതകർമ്മണഃ 1
ബ്രഹ്മകോപോത്ഥിതാദ്യസ്തു തക്ഷകാത് പ്രാണവിപ്ലവാത്
ന സമ്മുമോഹോരുഭയാദ് ഭഗവത്യർപ്പിതാശയഃ 2
ഉത്സൃജ്യ സർവതസ്സംഗം വിജ്ഞാതാജിതസംസ്ഥിതിഃ
വൈയാസകേർജ്ജഹൗ ശിഷ്യോ ഗംഗായാം സ്വം കളേബരം.
നോത്തമശ്ലോകവാർത്താനാം ജുഷതാം തത്കഥാമൃതം
സ്യാത് സംഭ്രമോഽന്തകാലേഽപി സ്മരതാം തത്പദാംബുജം. 4
താവത് കലിർന്ന പ്രഭവേത് പ്രവിഷ്ടോപീഹ സർവതഃ
യാവദീശോ മഹാനുർവ്യാമാഭിമന്യവ ഏകരാട്. 5
യസ്മിന്നഹനി യർഹ്യേവ ഭഗവാനുത്സസർജ്ജ ഗാം
തദൈവേഹാനുവൃത്തോഽസാവധർമ്മപ്രഭവഃ കലിഃ 6
നാനുദ്വേഷ്ടി കലിം സമ്രാട് സാരംഗ ഇവ സാരഭുക്
കുശലാന്യാശു സിദ്ധ്യന്തി നേതരാണി കൃതാനി യത്. 7
കിന്നു ബാലേഷു ശൂരേണ കലിനാ ധീരഭീരുണാ
അപ്രമത്തഃ പ്രമത്തേഷു യോ വൃകോ നൃഷു വർത്തതേ? 8
ഉപവർണ്ണിതമേതദ്വഃ പുണ്യം പാരീക്ഷിതം മയാ
വാസുദേവകഥോപേതമാഖ്യാനം യദപൃച്ഛത. 9
യാ യാഃ കഥാ ഭഗവതഃ കഥനീയോരുകർമ്മണഃ
ഗുണകർമ്മാശ്രയാഃ പുംഭിസ്സംസേവ്യാസ്താ ബുഭൂഷുഭിഃ 10

ഋഷയ ഊചുഃ

സൂത! ജീവ സമാസ്സൗമ്യ! ശാശ്വതീർവ്വിശദം യശഃ
യസ്ത്വം ശംസസി കൃഷ്ണസ്യ മർത്ത്യാനാമമൃതം ഹി നഃ 11
കർമ്മണ്യസ്മിന്നനാശ്വാസേ ധൂമധൂമ്രാത്മനാം ഭവാൻ
ആപായയതി ഗോവിന്ദപാദപത്മാസവം മധു. 12
തുലയാമ ലവേനാപി ന സ്വർഗ്ഗം നാപുനർഭവം
ഭഗവത്സംഗിസംഗസ്യ മർത്ത്യാനാം കിമുതാശിഷഃ 13

കോ നാമ തൃപ്യേദ്രസവിത് കഥായാം
മഹത്തമൈകാന്തപരായണസ്യ
നാന്തം ഗുണാനാമഗുണസ്യ ജഗ്മു-
ര്യോഗേശ്വരാ യേ ഭവപദ്മമുഖ്യാഃ 14
തന്നോ ഭവാൻ വൈ ഭഗവത്പ്രധാനോ
മഹത്തമൈകാന്തപരായണസ്യ
ഹരേരുദാരം ചരിതം വിശുദ്ധം
ശുശ്രൂഷതാം നോ വിതനോതു വിദ്വൻ. 15
സ വൈ മഹാഭാഗവതഃ പരീക്ഷി-
ദ്യേനാപവർഗ്ഗാഖ്യമദഭ്രബുദ്ധിഃ
ജ്ഞാനേന വൈയാസകിശബ്ദിതേന
ഭേജേ ഖഗേന്ദ്രധ്വജപാദമൂലം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിമന്യുവിൻ പുത്രനനുഭാവാഢ്യൻ നൃപൻ
വിഭവസമ്പൂർണ്ണനിക്ഷിതിരക്ഷികും കാലം
നിങ്ങളിദ്ദീർഘസത്രമാരംഭിച്ചതും യുക്തം
ഭംഗമുണ്ടാകയില്ല മങ്ഗലം ഭവിച്ചീടും. 45

അദ്ധ്യായം 18

പരീക്ഷിത്തിന്റെ ബ്രാഹ്മണശാപം

സൂതൻ പറഞ്ഞു

നാനാവിധാത്യത്ഭുതലീലകൾ കാട്ടീടിന
ദാനവാരിയാം ഹരിതന്നനുഗ്രഹത്തിനാൽ
മാതൃഗർഭത്തിൽ ദ്രോണപുത്രാസ്ത്രദഗ്ദ്ധനായി
മേദിനീപതിചാകാതക്കാലം രക്ഷപെട്ടാൻ. 1

മാനസംമാജാനിയിലപ്പിച്ച ഭൂജാനിഭൂ-
വാനവശാപത്തിനാൽ തക്ഷകന്തന്നിൽനിന്നും
നേരിടും മൃതി തനിക്കെന്നുള്ള ഭയത്തിലും
തീരെ മോഹിച്ചീടാതെ ധീരനായ്ത്തന്നെ
വാണാൻ. 2

ആ മന്നൻ സർവ്വസംഗപരിത്യാഗിയായ്
ശുക-
മാമുനിവരേണ്യൻതൻ ശിഷ്യനായീശതത്ത്വം
നേരേ ചിന്തിച്ചറിഞ്ഞു തൻചാരുശരീരം നി-
സ്സാരമായ് തള്ളിക്കളഞ്ഞീടിനാൻ ഗംഗാം-
ഭസ്സിൽ. 3

ഉത്തമപുമാൻ തന്നെക്കുറിച്ചു കീർത്തിക്കയും
നിത്യം തത്ക്കഥാമൃതം പാനംചെയ്കയും പാരം
ഹൃത്തിൽ തത്പദാബ്ജങ്ങൾ സംസ്മരിക്കയും
ചെയ്യും
മർത്ത്യനുണ്ടാകയില്ല സമ്മോഹമന്ത്യത്തിലും. 4

ഏകസമ്രാട്ടായ് മഹാനാകുമപ്പരീക്ഷിത്തു
ലോകത്തെപ്പരിപാലിച്ചീടിന കാലത്തോളം
വേശിച്ചീടിലും കലിയെങ്ങുമിദ്ധരിത്രിയി-
ലീശനായ് ഭവിച്ചതില്ലെന്നതുമറിഞ്ഞാലും. 5

ദൈത്യാരിഭഗവാനീ മേദിനിവിട്ടതാമാ-
മാത്രയിൽത്തന്നെയിങ്ങു കടന്നുകേറീ കലി. 6

ഭ്രമരംമട്ടിൽ സാരഗ്രാഹിയായീടുമിബ്ഭൂ-
രമണൻ വധിക്കാതെയവനേ വിട്ടയച്ചാൻ.
സത്ക്കർമ്മഫലമുടൻ ലഭിക്കും കലിയിങ്കൽ
ദുഷ്കർമ്മഫലം പിടിപെടുകില്ലത്രവേഗം. 7

ബാലന്മാരുടെനേരേ ശൂരനായ്, ധീരർ മുമ്പിൽ
ഭീരുവാം കലിയാലെന്തിപ്പരീക്ഷിത്തിനോ-
ത്താൽ
മത്താം മനുഷ്യരിലുത്സാഹത്തോടുകൂടി
സത്വരം ചെന്നായ്മട്ടിൽച്ചാടിവീഴുന്നിതി-
വൻ. 8

എന്നോടപ്പരീക്ഷിത്തിൻ സങ്ഗതി
ചോദിക്കയാൽ
ചൊന്നേൻ ശ്രീകൃഷ്ണകഥാപുഷ്ടമാമച്ചരിത്രം. 9

വർണ്ണ്യമാം നാനാഗുണകർമ്മമാഹാത്മ്യങ്ങളാ-
ലന്യസത്ക്കഥകളിലൊക്കെയുമുത്കൃഷ്ടമാം
നന്ദനന്ദനദിവ്യചരിതമത്രേ പര-
മോന്നതിയുന്നീടുന്ന മനുഷ്യനെന്നും
സേവ്യം. 10

മുനിമാർ പറഞ്ഞു

സൗമ്യനാം സൂതാ! ഭവാൻ വളരെക്കാലം
സുഖ-
മിമ്മഹീതലംതന്നിൽ ജീവിച്ചിരുന്നീടുക.
മർത്ത്യരാം ഞങ്ങൾക്കെല്ലാം പീയൂഷമാകും
ശുദ്ധ-
ദൈത്യാരിവൃത്തമങ്ങു ഭംഗിയായരുളുന്നു. 11

ഫലവത്താകുമാറു സമാപിപ്പിച്ചീടുവാൻ
വളരെ പ്രയാസമാമിമ്മഹായജ്ഞത്തിങ്കൽ
പുകയേററംകറുത്തോരു ഞങ്ങളെബ്ഭവാൻ
ഭഗവത്പാദാബ്ജമധ്വാസവം
സേവിപ്പിപ്പൂ. 12

മാധവഭക്തന്മാരാം ത്വാദൃശന്മാർതൻ സംഗ-
ഭൂതിയോടൊപ്പമാകാ സ്വർഗ്ഗാപവർഗ്ഗസൗഖ്യം
പിന്നെയീ നരക്കിഹഭോഗസാധനങ്ങളിൽ-
നിന്നുണ്ടാം സുഖമെത്രമേൽ ശമാണോർത്തീ-
ടുകിൽ. 13

മഹത്തമന്മാർക്കേകാശ്രയനാം ഭഗവാന്റെ
മഹത്താം കഥ കേട്ടാൽ രസജ്ഞൻ തൃപ്തനാകാ.
പ്രാകൃതഗുണാപേതനാകുമീ ഹരിതന്ന-
പ്യാകൃതഗുണസീമയറിയാ ബ്രഹ്മാദ്യരും. 14

ഈ സഭാമധ്യത്തിങ്കൽ ഭഗവത്പ്രധാനനാം
ഹേ സൂതാ! സൂരീശ്വരമകടചൂഡാമണേ!
മഹത്തമൈകാശ്രയനായിടും ഭഗവാൻതൻ-
മഹിതോദാരം വൃത്തമോതുക സവിസ്തരം. 15

ഉത്തമഭക്തനായ് സദ്ബുദ്ധിയാംപരീക്ഷിത്തു
ശുദ്ധചിത്തനായ് ശുകബ്രഹ്മഷിതന്നിൽ
നിന്നും
ഏതൊരുവിധം ജ്ഞാനം നേടിയാ നിർവാ-
ണാഖ്യ-
മാധവപാദമൂലം പ്രാപിച്ചു ചൊല്ലീടുക. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നഃ പരം പുണ്യമസംവൃതാർത്ഥ-
മാഖ്യാനമത്യദ്ഭുതയോഗനിഷ്ഠം
ആഖ്യാഹ്യനന്താചരിതോപപന്നം
പാരീക്ഷിതം ഭാഗവതാഭിരാമം. 17

സൂത ഉവാച

അഹോ വയം ജന്മഭൃതോഽദ്യ ഹാസ്മ
വൃദ്ധാനുവൃത്ത്യാപി വിലോമജാതാഃ
ദൗഷ്കുല്യമാധിം വിധുനോതി ശീഘ്രം
മഹത്തമാനാമഭിധാനയോഗഃ 18
കുതഃ പുനർഗൃണതോ നാമ തസ്യ
മഹത്തമൈകാന്തപരായണസ്യ
യോഽനന്തശക്തിർഭഗവാനനന്തോ
മഹദ്ഗുണത്വാദ്യമനന്തമാഹുഃ 19
ഏതാവതാലം നനു സൂചിതേന
ഗുണൈരസാമ്യാനതിശായനസ്യ
ഹിത്വേതരാൻ പ്രാർത്ഥയതോ വിഭൂതി-
ര്യസ്യാങ്ഘ്രിരേണും ജുഷതേഽനഭീപ്സോഃ 20
അഥാപി യത്പാദനഖാവസൃഷ്ടം
ജഗദ്വിരിഞ്ചോപഹൃതാർഹണാംഭഃ
സേശം പുനാത്യന്യതമോ മുകുന്ദാത്
കോ നാമ ലോകേ ഭഗവത്പദാർത്ഥഃ 21
യത്രാനുരക്താസ്സഹസൈവ ധീരാ
വ്യപോഹ്യ ദേഹാദിഷു സംഗമൂഢം
വ്രജന്തി തത് പാരമഹംസ്യമന്ത്യം
യസ്മിന്നഹിംസോപശമസ്സ്വധർമ്മഃ 22
അഹം ഹി പൃഷ്ടോഽര്യമണോ ഭവദ്ഭി-
രാചക്ഷ ആത്മാവഗമോഽത്ര യാവാൻ
നഭഃ പതന്ത്യാത്മസമം പതത്രിണ-
സ്തഥാ സമം വിഷ്ണുഗതിം വിപശ്ചിതഃ 23
ഏകദാ ധനുരുദ്യമ്യ വിചരൻ മൃഗയാം വനേ
മൃഗാനനുഗതഃ ശ്രാന്തഃ ക്ഷുധിതസ്തൃഷിതോ ഭൃശം. 24
ജലാശയമചക്ഷാണഃ പ്രവിവേശ തമാശ്രമം
ദദർശ മുനിമാസീനം ശാന്തം മീലിതലോചനം. 25
പ്രതിരുദ്ധേന്ദ്രിയപ്രാണമനോബുദ്ധിമുപാരതം
സ്ഥാനത്രയാത് പരം പ്രാപ്തം ബ്രഹ്മഭൂതമവിക്രിയം. 26
വിപ്രകീർണ്ണജടാച്ഛന്നം രൗരവേണാജിനേന ച
വിശുഷ്യത്താലുരുദകം തഥാഭൂതമയാചത. 27
അലബ്ധതൃണഭൂമ്യാദിരസംപ്രാപ്താർഘ്യസൂനൃതഃ
അവജ്ഞാതമിവാത്മാനം മന്യമാനശ്ചുകോപ ഹ. 28
അഭൂതപൂർവ്വസ്സഹസാ ക്ഷുത്തൃഡ്ഭ്യാമർദ്ദിതാത്മനഃ
ബ്രാഹ്മണം പ്രത്യഭൂദ്ബ്രഹ്മൻ! മത്സരോ മന്യുരേവ ച. 29
സ തു ബ്രഹ്മഋഷേരംസേ ഗതാസുമുരഗം രുഷാ
വിനിര്യൻ ധനുഷ്കോട്യാ നിധായ പുരമാഗമത്. 30
ഏഷ കിം നിഭൃതാശേഷകരണോ മീലിതേക്ഷണഃ
മൃഷാ സമാധിരാഹോസ്വിത് കിന്നു സ്യാത് ക്ഷത്രബന്ധുഭിഃ
തസ്യ പുത്രോഽതിതേജസ്വീ വിഹരൻ ബാലകോഽർഭകൈഃ
രാജ്ഞാഘം പ്രാപിതം താതം ശ്രുത്വാ തത്രേദമബ്രവീത്. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ഭുതയോഗനിഷ്ഠയായി സുസ്പഷ്ടാ-
ർത്ഥമായ്-
ക്കിലബ്ബിഷം ഹരിപ്പതായനന്തകർമ്മാ-
ഢ്യമായ്
ഭക്താനന്ദദമാകുമക്കഥ പരീക്ഷിത്തോ-
ടുക്തമായതുപോലെ ഞങ്ങൾക്കു കേട്ടേതീരൂ. 17

സൂതൻ പറഞ്ഞു

വിസ്മയം വിപ്രേന്ദ്രരേ! താണജാതിയിൽ
ജാത-
രസ്മദാദികൾ ജന്മസാഫല്യമാർന്നിതിപ്പോൾ
ജ്ഞാനവൃദ്ധരാം നിങ്ങളെന്നെയും
ശുകോക്തിയും
മാനിച്ചു സേവിച്ചു സംഭാഷണംചെയ്കമൂലം
ഹീനജാതനെന്നുള്ള കുറവുമതോർത്തുള്ള
പീനദുഃഖവും തീർന്നെന്നഭിമാനിക്കുന്നു
ഞാൻ. 18

അനന്തശക്തി,യനിർവ്വചനീയത്വം, പിന്നെ-
യനന്തഗുണങ്ങളുമനന്തമാഹാത്മ്യവും
എല്ലാംചേർന്നനന്താഖ്യയാർന്നോനു,
തന്നാമങ്ങൾ
ചൊല്ലുവോൻ തന്റെ ജാതിനിന്ദ്യത നീക്കാൻ
പാടോ? 19

തന്നോടു തുല്യനായും തന്നേക്കാൾ ഗുണങ്ങളാ-
ലുന്നതനായുമാരുമില്ലാത്തതേതു ദേവൻ
ശ്രീമഹാലക്ഷ്മിയർത്ഥിച്ചിട്ടുമന്യരെത്തള്ളി-
ക്കാമിക്കാതിരുന്നീടുമാരെച്ചെന്നാശ്രയിച്ചു. 20

തത്പാദപത്മപാംസു നിത്യവും
സേവിക്കുന്നി-
തപ്പരംപുരുഷനെ വർണ്ണിപ്പാൻ വാക്കാലാകാ.
എന്നല്ല, തത്പാദത്തിൽനിന്നൊഴുകീടു-
ന്നതായ്
നന്ദിയോടബ്ജോത്ഭവനർപ്പിച്ചോരർഘ്യനീരം
പാവനമാക്കീടുന്നു പാരിനെശ്ശിവനോടൊ-
ത്തേവനുണ്ടന്യദേവൻ ഭഗവത്പദാ-
ർത്ഥാർഹൻ. 21

അബ്ഭഗവാനിൽ പ്രേമമുററവർ ധീരരായി
നിർഭരം നിസ്സംഗരായ് ശമവുമഹിംസയും
പരിശീലിച്ചിട്ടന്ത്യം പരമഹംസവൃത്തി
പരിചിൽ പ്രാപിച്ചേററം പരിശോ-
ഭിച്ചിടുന്നു. 22

വേദസ്വരൂപന്മാരാം ഭൂസുരന്മാരേ! നിങ്ങ-
ളാദേശിച്ചല്ലോ ഹരിചരിതം കഥിക്കുവാൻ
അറുതിയില്ലാത്തതാണക്കഥ; ശക്തിക്കൊത്തു
പറവക്കൂട്ടം വിണ്ണിൽ പറന്നീടുന്നപോലെ
വിദ്വാന്മാർ കഥിക്കുന്നു; ഞാനുമവ്വണ്ണമെന്റെ
ബുദ്ധിയിലെത്തുംവിധം പറഞ്ഞുകേൾപ്പി-
ച്ചീടാം! 23

ബ്രാഹ്മണനൃപശാപം

ഒരുനാൾ വില്ലുമമ്പുമെടുത്തു പരീക്ഷിത്തു
തരസാ വനമേറി നായാടി മൃഗങ്ങളെ
ഇളക്കിയോടിച്ചനുഗമിച്ചു പൈദാഹത്താൽ
തളർന്നു വിവശനായ് ഭവിച്ചാനതിലോലം. 24

തണ്ണീരുതേടിച്ചെന്നൊരാശ്രമന്തന്നിൽ തത്ര
കണ്ണടച്ചിന്ദ്രിയങ്ങൾ പ്രാണങ്ങൾ
ചിത്തം ധീയും
ഒതുക്കി സ്ഥാനത്രയംതന്നിൽനിന്നങ്ങുതുര്യം-
ഗതനായുപരതിപ്രാപ്തനായ് ബ്രഹ്മമായി
നിഷ്ക്രിയനായിജ്ജടാപടലാച്ഛന്നനായി
ശുഷ്കനിർമ്മലരുരുചർമ്മവാസസ്സുമായി
ശാന്തനായിരിക്കുന്ന മുനിയേക്കണ്ടു ദാഹാ-
ക്രാന്തനാമവൻ ചോദിച്ചീടിനാൻ കുറേ-
ജ്ജലം. 25–27

ഇരിക്കാനൊരു പുല്ലുപായോ ഭൂമിയോ മാന്യ-
മുറയ്ക്കർഘ്യമോ നൽകീലെന്നല്ല മര്യാദയായ്
ചൊന്നതില്ലൊരുവാക്കുമാകയാൽ മുനി, തന്നേ
നിന്ദിച്ചതാണെന്നോർത്തു കോപിഷ്ഠനായാൻ
നൃപൻ. 28

ദാഹവും ക്ഷുത്തുമേററം വർദ്ധിക്കമൂലം ബുദ്ധി-
മോഹിച്ചു തനിക്കു മുമ്പുണ്ടായിടാത്തമട്ടിൽ
പെട്ടെന്നദ്വിജേന്ദ്രനിൽ കോപവും മാത്സര്യവു-
മുറ്റു രാജാവു വെറുമന്ധനെപ്പോലെയായാൻ. 29

പോരുമ്പോൾ ചാരത്തെഴും ചത്തപാമ്പിനെ
വില്ലാൽ
കോരിത്തദ്ഗളത്തിലിട്ടരചൻ പുരി-
പുക്കാൻ. 30

കണ്ണടച്ചിരിപ്പതെന്തീ മുനി സമാധിയിൽ
തന്നെയോ, നൃക്കെന്തു നൃപനീചന്മാരാലെ
എന്ന ഭാവമോ രണ്ടിലൊന്നറിഞ്ഞീടാനാവാം
മന്നനീവിധം നിന്ദ്യകർമ്മമാചരിച്ചതും. 31

ക്രൂരരായ്ക്കളിക്കുമ്പോൾ തത്സുതനതിതേജോ-
മൂർത്തിയിക്കാര്യം ധരിച്ചോതിനാനവ-
രോടായ്. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അഹോ അധർമ്മഃ പാലാനാം പീവ്നാം ബലിഭുജാമിവ
സ്വാമിന്യഘം യദ്ദാസാനാം ദ്വാരപാനാം ശുനാമിവ. 33

ബ്രാഹ്മണൈഃ ക്ഷത്രബന്ധുർഹി ദ്വാരപാലോ നിരൂപിതഃ
സ കഥം തദ് ഗൃഹേ ദ്വാഃസ്ഥസ്സഭാണ്ഡം ഭോക്തുമർഹതി. 34

കൃഷ്ണേ ഗതേ ഭഗവതി ശാസ്തര്യുത്പഥഗാമിനാം
തദ്ഭിന്നസേതൂനദ്യാഹം ശാസ്മി; പശ്യത മേ ബലം.'' 35

ഇത്യുക്ത്വാ രോഷതാമ്രാക്ഷോ വയസ്യാനൃഷിബാലകാൻ
കൗശിക്യാപ ഉപസ്പൃശ്യ വാഗ്വജ്രം വിസസർജ്ജ ഹ. 36

''ഇതി ലംഘിതമര്യാദം തക്ഷകഃ സപ്തമേഽഹനി
ദങ്ക്ഷ്യതിസ്മ കുലാങ്ഗാരം ചോദിതോ മേ തതദ്രുഹം.'' 37

തതോഽഭ്യേത്യാശ്രമം ബാലോ ഗളേ സർപ്പകളേബരം
പിതരം വീക്ഷ്യ ദുഃഖാർത്തോ മുക്തകണ്ഠോ രുരോദ ഹ. 38

സ വാ ആങ്ഗിരസോ ബ്രഹ്മൻ, ശ്രുത്വാ സുതവിലാപനം
ഉന്മീല്യ ശനകൈർന്നേത്രേ ദൃഷ്ട്വാ സ്വാംസേ മൃതോരഗം. 39

വിസൃജ്യ പുത്രം പപ്രച്ഛ, ''വത്സ! കസ്മാദ്ധി രോദിഷി
കേന വാ തേ പ്രതികൃത''മിത്യുക്തസ്സ ന്യവേദയത്. 40

നിശമ്യ ശപ്തമതദർഹം നരേന്ദ്രം
സ ബ്രാഹ്മണോ നാത്മജമഭ്യനന്ദത്
''അഹോ ബതാംഹോ മഹദജ്ഞ തേ കൃത-
മല്പീയസി ദ്രോഹ ഉരുർദ്ദമോ ധൃതഃ 41

ന വൈ നൃഭിർന്നരദേവം പരാഖ്യം
സമ്മാതുമർഹസ്യവിപക്വബുദ്ധേ!
യത്തേജസാ ദുർവിഷഹേണ ഗുപ്താ
വിന്ദന്തി ഭദ്രാണ്യകുതോഭയാഃ പ്രജാഃ 42

അലക്ഷ്യമാണേ നരദേവനാമ്നി
രഥാങ്ഗപാണാവയമങ്ഗ, ലോകഃ
തദാ ഹി ചോരപ്രചുരോ വിനങ്ക്ഷ്യ-
ത്യരക്ഷ്യമാണോഽവിവരൂഥവത് ക്ഷണാത്. 43

തദദ്യ നഃ പാപമുപൈത്യനന്വയം
യന്നഷ്ടനാഥസ്യ വസോർവിലുമ്പകാത്
പരസ്പരം ഘ്നന്തി ശപന്തി വൃഞ്ജതേ
പശൂൻ സ്ത്രിയോഽർത്ഥാൻ പുരുദസ്യവോ ജനാഃ 44

തദാഽര്യധർമ്മശ്ച വിലീയതേ നൃണാം
വർണ്ണാശ്രമാചാരയുതസ്ത്രയീമയഃ
തതോഽർത്ഥകാമാഭിനിവേശിതാത്മനാം
ശുനാം കപീനാമിവ വർണ്ണസങ്കരഃ 45

ധർമ്മപാലോ നരപതിസ്സ തു സമ്രാട് ബൃഹച്ഛ്രവാഃ
സാക്ഷാന്മഹാഭാഗവതോ രാജർഷിർഹയമേധയാട്
ക്ഷുത്തൃട്ശ്രമയുതോ ദീനോ നൈവാസ്മച്ഛാപമർഹതി. 46

അപാപേഷു സ്വഭൃത്യേഷു ബാലേനാപക്വബുദ്ധിനാ
പാപം കൃതം തദ് ഭഗവാൻ സർവ്വാത്മാ ക്ഷന്തുമർഹതി. 47

തിരസ്കൃതാ വിപ്രലബ്ധാശ്ശപ്താഃ ക്ഷിപ്താ ഹതാ അപി
നാസ്യ തത് പ്രതികുർവന്തി തദ്ഭക്താഃ പ്രഭവോപി
ഹി.'' 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പടികാക്കുന്ന പട്ടി തത്സ്വാമിദ്രോഹം ചെയ്യം-
പടിയും കാകൻ കടന്നാക്രമിക്കുന്നമട്ടം
കഷ്ടമിപ്പൊളുണ്ണന്മാരാം ഭൂപാലാധമർ കാട്ടം
ദൗഷ്ട്യവുമധർമ്മവുമെങ്ങനെ സഹിച്ചീടും? 33

ഉണ്മയിലൊരു വാതൽക്കാവൽക്കാരനായിട്ടേ
ബ്രാഹ്മണൻ ക്ഷത്രിയനെക്കണക്കാക്കിയിട്ടുള്ളു.
അവനങ്ങകത്തേറിപ്പാത്രത്തോടന്നമെല്ലാം
കവന്നു തിന്നീടുവാനെന്താണൊരധികാരം? 34

ദുർമ്മാർഗ്ഗചരന്മാർതൻ ശാസിതാവാകം കൃഷ്ണ-
നിമ്മന്നുവിട്ടീടവേ തദ്ധർമ്മമുല്ലംഘിക്കും
അപ്പരിഷയെയെല്ലാം ശിക്ഷിപ്പ,നിപ്പോഴണ്ട
കെല്പതിനെന്നി,ക്കെന്റെ കഴിവു കണ്ടു-
കൊൾവിൻ. 35

സൂതൻ പറഞ്ഞു

ഇഷ്ടരാമൃഷിബാലന്മാരോടായേവം ചൊല്ലി
രുഷ്ടനായ് കണ്ണുരണ്ടും ചുവപ്പിച്ചുടൻതന്നെ
കൗശികീനദീജലംകൊണ്ടുപസ്പർശം ചെയ്തി-
ട്ടാശു വാഗ്വജ്രായുധം വിട്ടാനമ്മുനിബാലൻ. 36

''ഇങ്ങനെ മര്യാദയെ ലംഘിച്ചെൻ
പിതാവിനു-
ത്തുംഗമാം ദ്രോഹംചെയ്ത പാപിയെയേഴാം-
നാളിൽ
മത്പ്രചോദിതനാകും തക്ഷകൻ ചെന്നു ദംശി-
ച്ചപ്പൊഴേ മൃതിചേക്കുമില്ല സംശയമേതും.'' 37

പിന്നെയാമുനിബാലൻ പർണ്ണശാലയിൽച്ചെന്നു
വർണ്ണിച്ചവാഹസത്തിൻ ശവത്തെച്ചുമക്കുന്ന
തന്നുടെ താതൻതന്നെക്കണ്ടിട്ടു ദുഃഖാർത്തനായ്
കണ്ണീരിൽ മുങ്ങിക്കരഞ്ഞീടിനാൻ
മുക്തകണ്ഠം. 38

അംഗിരസ്സിന്റെ പുത്രൻ ശമീകാഖ്യനമ്മുനി-
പുംഗവൻ കരച്ചിൽ കേട്ടക്ഷി മെല്ലെത്തുറന്നു
തൻ തോളിൽക്കണ്ട മൃതഭോഗിയെ ദൂരത്തെറി-
''ഞ്ഞെന്താണു കുഞ്ഞേ! കരഞ്ഞീടുവതെ-
ന്തിന്നു നീ?
നിനക്കപ്രിയം ചെയ്തതാ''രെന്നു ചോദിക്കവേ
തനയനറിയിച്ചാൻ നടന്നകാര്യമെല്ലാം. 39–40

കുപിതനായിശ്ശാപാനർഹനാം ഭൂപാലനെ
ശപിച്ചെന്നറിഞ്ഞതിൽ സന്തോഷിച്ചില്ല-
മ്മുനി.

പുത്രാ! നീയറിവറ്റോക്കൊക്കെയുമഗ്രേസര,-
നെത്രയോ മഹാപാപമാണു നീ ചെയ്തതി-
പ്പോൾ.

അല്പമാം ദ്രോഹത്തിനീയനല്പമാകും ശിക്ഷ
കല്പിച്ചതതിമാത്രം സാഹസമായിപ്പോയി. 41

പരനെന്നാഖ്യയാളും നരദേവനേ വെറും
നരനു തുല്യമായിക്കരുതീടരുതേ നീ.
അപക്വബുദ്ധേ! ബാലാ! നിസ്തുലതേജസ്സി-
നാൽ
നൃപാലൻ പോററും ജനം നിർഭയം ശുഭ-
മേൽപ്പൂ. 42

നരദേവാഖ്യയാളും ശ്രീമഹാവിഷ്ണുവിന്റെ
തിരുസാന്നിദ്ധ്യമില്ലെന്നാവുകിലിപ്രപഞ്ചം
അക്ഷണം നശിച്ചുപോം തസ്കരന്മാർനിമിത്തം,
രക്ഷകനില്ലാതുള്ള മേഷരാശിയെപ്പോലെ. 43

ആകയാലരാജകാവസ്ഥയിൽ പെട്ടതാമീ-
ലോകമാകവേ ദുഷ്ടദസ്യുക്കൾ നിറഞ്ഞീടും.
ജനങ്ങളന്യോന്യം സംഹരിക്കും, ശപിച്ചീടും
ധനസ്ത്രീജനപശുരാശിയെ ഹരിച്ചീടും. 44

അതിൽനിന്നെഴും പാപം നമ്മെയും പിടികൂടു-
മധുനാ! സൂനോ! നമ്മോടു സംബന്ധിച്ചീടാ-
യ്കിലും
ക്ഷിതിപാലാഭാവത്തിൽ വർണ്ണാശ്രമാചാരസം-
യുതമായാഗമാനുസാരിയാമാര്യധർമ്മം-
നശിക്കും, വരും വർണ്ണസങ്കരം കുരങ്ങിനു-
മശങ്കം ശ്വാവിനുംപോ,ലർത്ഥകാമാശമൂലം. 45

ഇമ്മന്നൻ ധർമ്മപരിപാലകൻ ചക്രവർത്തി
നിർമ്മലയശോമൂർത്തിയുത്തമവിഷ്ണുഭക്തൻ
അശ്വമേധത്തിനാലെ ഭഗവാനേ യജിച്ച
വിശ്വവിശ്രുതനായ രാജർഷി പൂജനീയൻ.
ദാഹിച്ചു വിശന്നേറെത്തളർന്നുവശംകെട്ട
മോഹത്താലൊരു തെററു ചെയ്തുപോയെ-
ന്നാകിലും
നമ്മളാൽ ശപിക്കപ്പെട്ടീടുവാനർഹന,ല്ലി-
തെന്മകൻ ചെയ്യേണ്ടതല്ലായിരുന്നൊരി-
ക്കലും. 46

ഈശ്വരൻ സർവ്വശക്തൻ പൊറുക്കട്ടെപാപനാം
ദാസനിലപക്വനാം ബാലകൻ ചെയ്ത
കുററം. 47

ഹരിഭക്തരെശ്ശല്യംചെയ്യട്ടെ ശപിക്കട്ടെ
വെറുതേ ഹസിക്കട്ടെ ചതിക്കട്ടടിക്കട്ടെ
എന്തൊക്കെയായാലുമില്ലവർക്കു പ്രതികാര-
ചിന്ത,യെന്തിനുമവർ ശക്തരെന്നിരി-
ക്കിലും. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി പുത്രകൃതാഘേന സോഽന്തതപ്തോ മഹാമുനിഃ
സ്വയം വിപ്രകൃതോ രാജ്ഞാ നൈവാഘം തദചിന്തയത്. 49
പ്രായശസ്സാധവോ ലോകേ പരൈർദ്വന്ദ്വേഷു യോജിതാഃ
ന വ്യഥന്തി ന ഹൃഷ്യന്തി യത ആത്മാഽഗുണാശ്രയഃ 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
വിപ്രശാപോപലംഭനം നാമാഷ്ടാദശോഽധ്യായഃ

ഏകോനവിംശോഽധ്യായഃ

സൂത ഉവാച

മഹീപതിസ്ത്വഥ തത് കർമ്മ ഗർഹ്യം
വിചിന്തയന്നാത്മകൃതം സുദുർമ്മനാഃ
''അഹോ മയാ നീചമനാര്യവത് കൃതം
നിരാഗസീ ബ്രഹ്മണി ഗൂഢതേജസി. 1

ധ്രുവം തതോ മേ കൃതദേവഹേളനാത്
ദുരത്യയം വ്യസനം നാതിദീർഘാത്
തദസ്തു കാമം ത്വഘനിഷ്കൃതായ മേ
യഥാ ന കുര്യാം പുനരേവമദ്ധാ. 2

അദ്യൈവ രാജ്യം ബലമൃദ്ധകോശം
പ്രകോപിതബ്രഹ്മകുലാനലോ മേ
ദഹത്വഭദ്രസ്യ പുനർന്ന മേഽഭൂത്
പാപീയസീ ധീർദ്വിജദേവഗോഭ്യഃ'' 3

സ ചിന്തയന്നിത്ഥമഥാശൃണോദ്യഥാ
മുനേസ്സുതോക്തോ നിരൃതിസ്തക്ഷകാഖ്യഃ
സ സാധു മേനേ ന ചിരേണ തക്ഷകാ-
നലം പ്രസക്തസ്യ വിരക്തികാരണം. 4

അഥോ വിഹായേമമമും ച ലോകം
വിമർശിതൗ ഹേയതയാ പുരസ്താത്
കൃഷ്ണാംഘ്രിസേവാമധിമന്യമാന
ഉപാവിശത് പ്രായമമർത്ത്യനദ്യാം. 5

''യാ വൈ ലസച്ഛ്രീതുളസീവിമിശ്ര-
കൃഷ്ണാംഘ്രിരേണ്വഭ്യധികാംബുനേത്രി
പുനാതി ലോകാനുഭയത്ര സേശാൻ
കസ്താം ന സേവേത മരിഷ്യമാണഃ'' 6

ഇതി വ്യവച്ഛിദ്യ സ പാണ്ഡവേയഃ
പ്രായോപവേശം പ്രതി വിഷ്ണുപദ്യാം
ദധ്യൗ മുകുന്ദാംഘ്രിമനന്യഭാവോ
മുനിവ്രതോ മുക്തസമസ്തസംഗഃ 7

തത്രോപജഗ്മുർഭുവനം പുനാനാ
മഹാനുഭാവാ മുനയസ്സശിഷ്യാഃ
പ്രായേണ തീർത്ഥാഭിഗമാപദേശൈ-
സ്സ്വയം ഹി തീർത്ഥാനി പുനന്തി സന്തഃ 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂതൻ പറഞ്ഞു
ഈവിധം പുത്രകൃതാഘലാന്തതപ്തനാം മുനി
ഭൃവരൻ ചെയ്ത പീഡ പാപമായ്
ഗണിച്ചീല. 49

സാധുക്കളന്യന്മാരിൽനിന്നുണ്ടാം ഗുണങ്ങളിൽ
മോദിക്കയില്ല,തീരെത്തപിക്കാ ദോഷത്തിലും
ആത്മാവു ഗുണാശ്രയനല്ലായ്കകൊണ്ടത്തര-
മാത്മാവിനില്ല ബാധ സുഖദുഃഖങ്ങരാമൂലം. 50

അദ്ധ്യായം 19

പരീക്ഷിൽപ്രായോപവേശവും ശുകാഗമനവും

സൂതൻ പറഞ്ഞു
പിന്നെയപ്പരീക്ഷിത്തുമന്നവൻ താൻ-
ചെയ്തൊരാ
നിന്ദ്യകർമ്മത്തെപ്പററിച്ചിന്തിച്ചു സന്തപിച്ചാൻ
''കഷ്ടം ഞാൻ പിഴയററഗൂഢതേജസ്സാം ദ്വിജ-
ശ്രേഷ്ഠനിൽ ദുഷ്ടമട്ടിൽ ചെയ്തുപോയ് നീച-
കൃത്യം. 1

ദേവനിന്ദയാലുടനെനിക്കു തടുക്കുവാ-
നാവതല്ലാത്ത മഹാവിപത്തു നേരിട്ടീടും.
അതിനാലെൻെറ പാപം തുലയട്ടെന്നുതന്ന-
ല്ലിതുപോലിനിയൊന്നും ഞാൻ ചെയ്യാതിരി-
ക്കട്ടെ.'' 2

ഇമ്മട്ടു കേണീടവേ ക്ഷോണീശൻ ശ്രവിച്ചാന-
ബ്രാഹ്മണനന്ദനൻെറ ശാപത്താലേഴാംനാളിൽ
തക്ഷകൻ വന്നു തന്നെദ്ദംശിച്ചാ വിഷവഹ്നി-
യക്ഷണം ദഹിപ്പിക്കുമെന്നുള്ള ദുരദൃഷ്ടം. 3

ഇക്ഷണമുത്ക്ഷോഭിത ബ്രഹ്മവംശമാമാശു-
ശുക്ഷണിഭക്ഷിക്കട്ടെൻ രാജ്യവും വൻകോശവും
സൈന്യവുമെല്ലാംതന്നെ, ഹീനനാമെനി-
ക്കിനി-
ത്തോന്നരുതൊരിക്കലുമീശഗോദ്വിജദ്രോഹം.
വിഷയാസക്തനാംതൻ വിരക്തികത്തെക്ഷക-
വിഷത്തീയേതായാലും സഹായമെന്നുമോ-
ർത്താൻ. 4

മുന്നേയീലോകത്തെയും പിന്നാലെ പരലോകം
തന്നെയുമുപേക്ഷിപ്പാൻ സന്നദ്ധനായന്നൃപൻ
അനുഹം ശ്രീകൃഷ്ണാംഘ്രിസേവാതല്പരനായ-
മ്മന്ദാകിനീതടത്തിൽ പ്രായോപവേശം
ചെയ്യാൻ. 5

ശ്രീലസത്തുളസീസമ്മിളിതകൃഷ്ണപാദ-
ധൂളിയാലുത്കൃഷ്ടമാം സലിലം കലർന്നിട്ടും
ദേവവാഹിനി രണ്ടുഭാഗത്തും ലോകങ്ങളെ
പാവനമാക്കീടുന്നു ലോകപാലന്മാരെയും
അങ്ങനെയിരിക്കുമ്പോഠം മരണമടുത്തവ-
നെങ്ങനെ പിന്നെഗ്ഗംഗാനദിയെ വിട്ടുമാറും? 6

ഇവണ്ണമുറച്ചുപവസിച്ചു മുനിവ്രത-
മവലംബിച്ചു സർവ്വസംഗവുമുപേക്ഷിച്ചു
അന്യഭാവങ്ങളററമ്മുകുന്ദപാദാംബുജം
നന്നായ് ധ്യാനിച്ചുകൊണ്ടഗ്ഗങ്ഗാതീരത്തു
വാണാൻ. 7

ഭുവനം പൂതമാക്കും മഹാനുഭാവന്മാരാ-
മവധൂതന്മാർ ശിഷ്യയുക്തരാം മുനിമാരും
അവിടെത്തിനാർ തീർത്ഥയാത്രയ്ക്കെന്നുള്ളമട്ടി-
ലവർ തന്നത്താൻ തീർത്ഥം ശുദ്ധമാക്കുവോ-
രല്ലോ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്രിർവസിഷ്ഠശ്ച്യവനശ്ശരദ്വാ–
നരിഷ്ടനേമിർഭൃഗുരംഗിരാശ്ച
പരാശരോ ഗാധിസുതോഽഥ രാമ
ഉതത്ഥ്യ ഇന്ദ്രപ്രമദേധ്മവാഹൌ. 9

മേധാതിഥിർദ്ദേവല ആർഷ്ടിഷേണോ
ഭാരദ്വാജോ ഗൗതമഃ പിപ്പലാദഃ
മൈത്രേയ ഔർവഃ കവഷഃ കുംഭയോനിർ–
ദ്വൈപായനോ ഭഗവാന്നാരദശ്ച. 10

അന്യേ ച ദേവർഷിബ്രഹ്മർഷിവര്യാ
രാജർഷിവര്യാ അരുണാദയശ്ച
നാനാർഷേയപ്രവരാൻ സമേതാ–
നഭ്യർച്ച്യ രാജാ ശിരസാ വവന്ദേ. 11

സുഖോപവിഷ്ടേഷ്വഥ തേഷു ഭൂയഃ
കൃതപ്രണാമഃ സ്വചികീർഷിതം യത്
വിജ്ഞാപയാമാസ വിവിക്തചേതാ
ഉപസ്ഥിതോഽഗ്രേഽഭിഗൃഹീതപാണിഃ 12

രാജോവാച

''അഹോ വയം ധന്യതമാ നൃപാണാം
മഹത്തമാനുഗ്രഹണീയശീലാഃ
രാജ്ഞാം കുലം ബ്രാഹ്മണപാദശൗചാത്
ദൂരാദ്വിസൃഷ്ടം ബത ഗർഹ്യകർമ്മ. 13

തസ്യൈവ മേഽഘസ്യ പരാവരേശോ
വ്യാസക്തചിത്തസ്യ ഗൃഹേഷ്വഭീക്ഷ്ണം
നിർവേദമൂലോ ദ്വിജശാപരൂപോ
യത്ര പ്രസക്തോ ഭയമാശു ധത്തേ. 14

തം മോപയാതം പ്രതിയന്തു വിപ്രാ
ഗംഗാ ച ദേവീ ധൃതചിത്തമീശേ
ദ്വിജോപസൃഷ്ടഃ കുഹകസ്തക്ഷകോ വാ
ദശത്വലം ഗായത വിഷ്ണുഗാഥാഃ 15

പുനശ്ച ഭൂയാദ് ഭഗവത്യനന്തേ
രതിഃ പ്രസംഗശ്ച തദാശ്രയേഷു
മഹത്സു യാം യാമുപയാമി സൃഷ്ടിം
മൈത്ര്യസ്തു സർവ്വത്ര നമോ ദ്വിജേഭ്യഃ'' 16

ഇതി സ്മ രാജാഽധ്യവസായയുക്തഃ
പ്രാചീനമൂലേഷു കുശേഷു ധീരഃ
ഉദങ്മുഖോ ദക്ഷിണകൂല ആസ്തേ
സമുദ്രപത്ന്യാസ്സ്വസുതന്യസ്തഭാരഃ 17

ഏവം ച തസ്മിൻ നരദേവദേവേ
പ്രായോപവിഷ്ടേ ദിവി ദേവസംഘാഃ
പ്രശസ്യ ഭൂമൗ വ്യകിരൻ പ്രസൂനൈ–
ർമ്മുദാ മുഹുർദുന്ദുഭയശ്ച നേദുഃ 18

മഹർഷയോ വൈ സമുപാഗതാ യേ
പ്രശസ്യ സാധ്വിത്യനുമോദമാനാഃ
ഊചുഃ പ്രജാനുഗ്രഹശീലസാരാ
യദുത്തമശ്ലോകഗുണാഭിരൂപം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്രിയുമംഗിരസ്സും വസിഷ്ഠൻതാനും വിശ്വാ–
മിത്രഗൗതമന്മാരുമരിഷ്ടനേമിതാനും
ഉതത്ഥ്യൻ, രാമ,നിന്ദ്രപ്രമദൻ, ഭൃഗു, മേധാ–
തിഥി, മൈത്രേയ,നൗർവ്വൻ, ദേവലൻ,
പിപ്പലാദൻ,
ച്യവന,നിധ്മവാഹൻ, ശരദ്വാൻ, ഭരദ്വാജൻ
കവഷൻ, പരാശര,നഗസ്ത്യനാർഷ്ടിഷേണൻ
ബാദരായണൻ നാരദാദിദേവർഷിമാരും
വേദജ്ഞബ്രഹ്മർഷികൾ രാജർഷിസമൂഹവും
ആരുണന്മാരുമായിട്ടങ്ങുടൻ തിങ്ങിക്കൂടി
ധാരാളം ജനം; നൃപൻ പൂജിച്ചാനെല്ലാ–
രെയും 9–11

മുനിമാർ സുഖാസനാസീനരായപ്പോൾ വീണ്ടും
വിനയാന്വിതം നമസ്കരിച്ചമ്മഹീപാലൻ
മുകുളീകൃതപാണിയായവർ നടക്കിരു–
ന്നകളങ്കിതം മനോരഥമങ്ങറിയിച്ചാൻ. 12

രാജാവു പറഞ്ഞു

ആശ്ചര്യം! മഹത്തമാനുഗ്രഹയോഗ്യമാകും
സൗശീല്യമെഴും ഞങ്ങൾ മന്നരിൽ ധന്യരല്ലൊ
ധർമ്മാതിക്രമകർമ്മദൂഷിതം രാജവംശം
ബ്രാഹ്മണൻ കാൽകഴകും നീരിലും ദൂരെ ത്യാ–
ജ്യം. 13

ഭുവനം ഗൃഹാദിയിലത്യാസക്തനും മഹാ–
പാപനുമായോരെന്നെപ്പരാവരേശൻപരാൻ
വൈരാഗ്യഹേതുവാകും ഭൂസുരശാപംവഴി
നേരിട്ടു പക്ഷേയനുഗ്രഹിച്ചതായും വരാം. 14

ഭൂസുരശ്രേഷ്ഠന്മാരേ! മങ്ഗലേ! ഗങ്ഗാ–
ദേവീ!
ഈ സാധുവയോർത്ഥിയാണെന്നൊന്നോർക്കേ–
ണമേ
പുരുശാപത്താലെന്നെത്തക്ഷകൻ കടിച്ചോട്ടെ
ഹരികീർത്തനം ഗാനംചെയ്യുവിൻ നിങ്ങ–
ളെല്ലാം. 15

എത്രയുണ്ടിനിജ്ജന്മമെനിക്കായതിലെല്ലാം
ദൈത്യാരിതന്നിൽ പ്രേമം വളർന്നുവന്നീടട്ടെ
എത്തട്ടെ നിത്യം വിഷ്ണുഭക്തസംഗമ,മെങ്ങും
മൈത്രിയും വർദ്ധിക്കട്ടെ വിപ്രരേ!
നമസ്കാരം. 16

പുത്രനിൽ ധരാഭരം ചുമത്തിദ്ധീരനബ്ഭൂ–
ഭൃത്തേവം നിശ്ചയിച്ചു ഗംഗതൻ തെൻതീര–
ത്തിൽ
കിഴക്കു തുഞ്ചാക്കിയ നല്ലശാസ്തരണത്തി–
ലഴകിലുത്തരാഭിമുഖനായിരുന്നുതേ. 17

ഏവമാ രാജരാജൻ പ്രായോപവേശംചെയ്കെ
ദേവന്മാരാവിർമ്മോദമവനെ പ്രശംസിച്ചു
മന്നിടമെങ്ങും പുഷ്പവർഷവുംചെയ്തു പിന്നെ
ദുന്ദുഭിധ്വാനങ്ങളും മുഴക്കീ വീണ്ടും വീണ്ടും. 18

ജനാനുഗ്രഹശീലന്മാരായിത്തത്ര ചേർന്ന
മുനിമാരെല്ലാമിതു നന്നെന്നുതന്നെ ചൊല്ലി
അനുമോദിച്ചു പാരം പുകഴ്ത്തീ യദൂത്തമ–
ഗുണമോഹനമാകമാഖ്യാനം വ്യാഖ്യാനി–
ച്ചാർ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ന വാ ഇദം രാജർഷിവര്യ! ചിത്രം
ഭവത്സു കൃഷ്ണം സമനുവ്രതേഷു
യേ ധ്യാസനം രാജകിരീടജുഷ്ടം
സദ്യോ ജഹുർഭഗവത്പാർശ്വകാമാഃ 20
സർവേ വയം താവദിഹാസ്മഹേഽദ്യ
കളേബരം യാവദസൗ വിഹായ
ലോകം പരം വിരജസ്കം വിശോകം
യാസ്യത്യയം ഭാഗവതപ്രധാനഃ'' 21
ആശ്രുത്യ തദൃഷിഗണവചഃ പരീക്ഷിത്
സമം മധുച്യുദ്ഗുരു ചാവ്യളീകം
ആഭാഷതൈതാനഭിനന്ദ്യ യുക്തം
ശുശ്രൂഷമാണശ്ചരിതാനി വിഷ്ണോഃ 22
''സമാഗതാസ്സർവത ഏവ സർവേ
വേദാ യഥാ മൂർത്തിധരാസ്ത്രിപൃഷ്ഠേ
നേഹാഽഥവാഽമുത്ര ച കശ്ചനാർത്ഥ
ഋതേ പരാനുഗ്രഹമാത്മശീലം. 23
തതശ്ച വഃ പൃച്ഛ്യമിമം വിപൃച്ഛേ
വിശ്രഭ്യ വിപ്രാ ഇതി കൃത്യതായാം
സർവ്വാത്മനാ മ്രിയമാണൈശ്ച കൃത്യം
ശുദ്ധം ച തത്രാമൃശതാഭിയുക്താഃ'' 24
തത്രാഭവദ്ഭഗവാൻ വ്യാസപുത്രോ
യദൃച്ഛയാ ഗാമടമാനോഽനപേക്ഷഃ
അലക്ഷ്യലിംഗോ നിജലാഭതുഷ്ടോ
വൃതസ്ത്രീബാലൈരവധൂതവേഷഃ 25
തം ദ്വ്യഷ്ടവർഷം സുകുമാരപാദ-
കരോരുബാഹ്വംസകപോലഗാത്രം
ചാർവായതാക്ഷോന്നസതുല്യകർണ്ണ-
സുഭ്ര്വാനനം കംബുസുജാതകണ്ഠം. 26
നിഗൂഢജത്രും പൃഥുതുംഗവക്ഷസ-
മാവർത്തനാഭിം വലിവല്ഗൂദരം ച
ദിഗംബരം വക്ത്രവികീർണ്ണകേശം
പ്രലംബബാഹും സ്വമരോത്തമാഭം. 27
ശ്യാമം സദാഽപീച്യവയോംഗലക്ഷ്മ്യാ
സ്ത്രീണാം മനോജ്ഞം രുചിരസ്മിതേന
പ്രത്യുത്ഥിതാസ്തേ മുനയഃ സ്വാസനേഭ്യ-
സ്തല്ലക്ഷണജ്ഞാ അപി ഗൂഢവർച്ചസം. 28
സ വിഷ്ണുരാതോഽതിഥയ ആഗതായ
തസ്മൈ സപര്യാം ശിരസാഽഽജഹാര
തതോ നിവൃത്താ ഹ ബുധാ സ്ത്രിയോഽർഭകാ
മഹാസനേ സോഽപവിവേശപൂജിതഃ 29
സ സംവൃതസ്തത്ര മഹാൻ മഹീയസാം
ബ്രഹ്മർഷിരാജർഷിദേവർഷിസംഘൈഃ
വ്യരോചതാലം ഭഗവാൻ യഥേന്ദുർ-
ഗ്രഹർക്ഷതാരാനികരൈഃ പരീതഃ 30
പ്രശാന്തമാസീനമകുണ്ഠമേധസം
മുനിം നൃപോ ഭാഗവതോഽഭ്യുപേത്യ
പ്രണമ്യ മൂർധ്നാവഹിതഃ കൃതാഞ്ജലിർ-
നത്വാ ഗിരാ സൂനൃതയാഽന്വപൃച്ഛത്. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജർഷിവര്യാ! പരമ്പരയായ് മുകുന്ദനെ
പൂജിച്ചാശ്രയിക്കും ഭൂവാസവവംശംതന്നിൽ
ജനിച്ച ഭവാനിൽനിന്നിന്നിതദ്ഭുതമായി
നിനക്കില്ലാരും ദ്രുഢം, ഭഗവത്സന്നിധാനം
ആശിച്ച കിരീടസംശോഭിതം സിംഹാസന-
മാശ്രുസന്ത്യജിച്ചോർതാൻ നിന്നുടെ പൂർവ്വ-
ന്മാരും. 20

ഭാഗവതപ്രധാനനാകുമീ മന്നൻ ദേഹ-
ത്യാഗംചെയ്കശോകമായ് രാജസാപേതമായി
പരമാംപദം പ്രാപിപ്പോളവും നമുക്കെല്ലാ-
മിരിക്കാമിവിടെന്നുമുരച്ചാരമ്മുനീന്ദ്രർ. 21

പീയൂഷം സ്രവിപ്പതായ് സമമായ്
ഗംഭീരമായ്
മായാപേതമായ് യുക്തമാകുമീ ഋഷിവാക്യം
മന്നവൻ പരീക്ഷിത്തു കേട്ടഭിനന്ദിച്ചുടൻ
നന്ദജകഥാശ്രവണോത്കനായോതീടി-
നാൻ. 22

അന്യരേയനുഗ്രഹിച്ചീടുവതൊഴിഞ്ഞുമ-
റ്റൊന്നിഹത്തിലും പരലോകത്തുമററ നിങ്ങൾ
സത്യലോകത്തുനിന്നു വേദങ്ങൾ മൂർത്തി-
യാർന്നി-
ങ്ങെത്തിയമട്ടിസ്ഥലത്തൊത്തു-
ചേർന്നുല്ലസിപ്പൂ. 23

അതിനാലഭിയുക്തബ്രാഹ്മണവരേണ്യരേ!
ഇതികർത്തവ്യമൂഢൻ ഞാനൊന്നു ചോദിക്കുന്നു
മതിയാൽച്ചിന്തിച്ചുടനാസന്നമൃത്യുവാമെൻ
ചിതമാംകൃത്യമെന്തെന്നെന്നോടു ചൊന്നീടു-
വിൻ. 24

ശ്രീശുകാഗമനം

ആശാപേതനായ് തിരിച്ചറിയാൻ ലക്ഷ്യ-
മെന്യേ
പേശലബാലന്മാരും സ്ത്രീകളും ചുററിക്കൂടി
അവധൂതനായാത്മാനന്ദാനുഭവസ്ഥനാ-
യവനിചുററിച്ചരിച്ചീടുമാ വ്യാസാത്മജൻ
ഭുവനപ്രസിദ്ധനാം ശ്രീശുകമുനീശ്വര-
നവിടെ വന്നുകേറിയക്ഷണം യദൃച്ഛയായ്. 25

ഷോഡശവയസ്കനായ് നിസ്തുലസൗകമാര്യം
തേടും, കൈ, കാൽ, തോൾ, തുട, കവിൾത്തട-
ങ്ങളുംഗം
ഭാസുരങ്ങളാം നീണ്ടകണ്ണുകളുയർന്നൊരാ-
നാസിക, ചാരു ചില്ലി, സമമാം കർണ്ണദ്വയം
നല്ലൊരു മാംസാച്ഛാദിതാസ്ഥികൾ, പരന്നുയ-
ർന്നുള്ള മാറിടം, ചുഴിയാർന്നാഴ്ന്ന നാഭീദേശം
ത്രിവലീമനോജ്ഞമാമുദരം, കംബുഗ്രീവ-
യിവയൊക്കെയും സവിശേഷമായൊത്തി-
ണങ്ങി
നീണ്ട കൈകളും പാറിപ്പറക്കും കേശങ്ങളും
പൂണ്ട നഗ്നനായ് നാരായണസുപ്രഭയാണ്ട
ശ്യാമളവർണ്ണനായി യുവകോമളത്വത്താൽ
വാമാക്ഷീജനമനസ്സിളക്കുന്നവനായി
സുസ്മിതനായി ഗൂഢവർച്ചസ്സാം ശുകർഷിയെ
വീക്ഷിച്ചേറ്റെതിരേററാർ മുനിമാർ ലക്ഷ-
ണജ്ഞർ. 26-28

അന്തികമെത്തീടുമാ മഹാത്മാവിനെ നൃപൻ
തൻ തലകുനിച്ചുടൻ വന്ദിച്ചു പൂജിച്ചിതേ
അതുകണ്ടനുഗതർ ബാലന്മാരെല്ലാമോടി,
പതുങ്ങിയെങ്ങോ കൂടണഞ്ഞെത്തിയ നാരിമാരും.
അഖിലാരാധ്യനാമബ്ബ്രഹ്മർഷിവരിഷ്ഠനെ
സുഖമായിരുത്തിനാൻ മഹദാസനം
തന്നിൽ. 29

ദേവർഷിരാജർഷിമാർ ബ്രഹ്മർഷിമാരും ചൂഴ്ന്നു
മേവിടും മഹാന്മാരിൽ മഹാനാം ശ്രീശുകർഷി
താരങ്ങൾ ഗ്രഹങ്ങളും നക്ഷത്രങ്ങളും ചുററും
ചേരുന്ന പൂർണ്ണചന്ദ്രനെന്നപോൽ, വിളങ്ങി-
നാൻ. 30

ശാന്തനം സൂക്ഷ്മധീയുമാകുമാ മുനീന്ദ്രൻത-
ന്നന്തികമാർന്നു നമസ്കരിച്ചാ വിഷ്ണുഭക്തൻ
പിന്നെയുമൊന്നുകൂടി നമിച്ചു കയ്യുംകൂപ്പി
നിന്നേവം ചൊല്ലീടിനാൻ സൂനൃതവാക്യ-
ങ്ങളാൽ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അഹോ അദ്യ വയം, ബ്രഹ്മൻ, സത്സേവ്യാഃ ക്ഷത്രബന്ധവഃ
കൃപയാഽതിഥിരൂപേണ ഭവദ്ഭിസ്തീർത്ഥകാഃ കൃതാഃ . 32

യേഷാം സംസ്മരണാത് പുംസാം സദ്യഃശുദ്ധ്യന്തി വൈ ഗൃഹാഃ
കിം പുനർദർശനസ്പർശപാദശൗചാസനാദിഭിഃ 33

സാന്നിധ്യാത്തേ മഹായോഗിൻ പാതകാനി മഹാന്ത്യപി
സദ്യോ നശ്യന്തി വൈ പുംസാം വിഷ്ണോരിവ സുരേതരാഃ 34

അപി മേ ഭഗവാൻ പ്രീതഃ കൃഷ്ണഃ പാണ്ഡുസുതപ്രിയഃ
പൈതൃഷ്വസ്രേയപ്രീത്യർത്ഥം തദ്ഗോത്രസ്യാത്തബാന്ധവഃ 35

അന്യഥാ തേഽവ്യക്തഗതേർദർശനം നഃ കഥം നൃണാം
നിതരാം മ്രിയമാണാനാം സംസിദ്ധസ്യ വനീയസഃ 36

അതഃ പൃച്ഛാമി സംസിദ്ധിം യോഗിനാം പരമം ഗുരും
പുരുഷസ്യേഹ യത് കാര്യം മ്രിയമാണസ്യ സർവഥാ. 37

യച്ഛ്രോതവ്യമഥോ ജാപ്യം യത് കർത്തവ്യം നൃഭിഃ പ്രഭോ
സ്മർത്തവ്യം ഭജനീയം വാ ബ്രൂഹി യദ്വാ വിപര്യയം. 38

നൂനം ഭഗവതോ, ബ്രഹ്മൻ, ഗൃഹേഷു ഗൃഹമേധിനാം
ന ലക്ഷ്യതേ ഹ്യവസ്ഥാനമപി ഗോദോഹനം ക്വചിത്. 39

സൂത ഉവാച
ഏവമാഭാഷിതഃ പൃഷ്ടഃ സ രാജ്ഞാ ശ്ലക്ഷ്ണയാ ഗിരാ
പ്രത്യഭാഷത ധർമ്മജ്ഞോ ഭഗവാൻ ബാദരായണിഃ 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പ്രഥമസ്കന്ധേ
ശുകാഗമനം നാമ ഏകോനവിംശോഽധ്യായഃ

സമാപ്തോഽയം പ്രഥമസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

മഹത്തുക്കളാം നിങ്ങളാതിഥ്യം സ്വീകരിച്ചി–
ട്ടിഹവന്നനുഗ്രഹിച്ചെന്നതുമൂലമായി
കെല്പേറും വിപ്രന്മാരേ! ക്ഷത്രിയാധമരാകു–
മിപ്പരിഷകളിപ്പോൾ സത്സേവ്യരായി–
ത്തീർന്നു. 32

സാധുക്കളെ സ്മരിച്ചാൽ മതി, മർത്ത്യന്റെ ഗേഹം
പൂതമാകുവാ,നത്ര മാഹാത്മ്യമിയന്നിടും
അവരെ സ്പർശിക്കയും കാൺകയും നമിക്കയു–
മവർതൻ പാദങ്ങളെക്കഴുകിത്തുടയ്ക്കയും
ആസനം നല്കിപ്പൂജിക്കുകയും ചെയ്തീടുവോ–
നാസാദിച്ചീടും ശുദ്ധിയെത്രയെന്നോതേ–
ണമോ? 33

അല്ലയോ മഹാത്മാവേ! യോഗീന്ദ്രമുക്താമണേ!
ദുർല്ലഭം ത്വത്സാന്നിദ്ധ്യം നിമിത്തം മർത്ത്യർക്കെഴും
രൂക്ഷമാം പാപങ്ങളും ശ്രീവിഷ്ണുസാമീ–
പ്യത്താൽ
രാക്ഷസരെന്നമട്ടിൽ പെട്ടെന്നു
നശിച്ചുപോം. 34

പാണ്ഡുനന്ദനസുഹൃത്തായിടും ഭഗവാൻ ശ്രീ–
പുണ്ഡരീകാക്ഷൻ നിജ സോദരീപുത്രർക്കെഴും
പ്രീതിക്കായ് ത്വദ്വംശ്യനാമീയെന്നാൽ ബന്ധു–
കൃത്യം
സാധിച്ചുമോദിച്ചനുഗ്രഹിച്ചുവെന്നും വരാം. 35

അല്ലെങ്കിലുദാരനായ് സിദ്ധനായ് ശുദ്ധനാം
നിൻ
ദുർല്ലഭദർശനമീമർത്ത്യർക്കു സിദ്ധിക്കുമോ? 36
ആകയാലിഹ ജന്മസാഫല്യത്തോടും മിന്നും
യോഗീന്ദ്രസമൂഹത്തിൻ പരമാചാര്യദേവാ!
മരണമടുത്തവനനുഷ്ഠിക്കേണ്ടും കൃത്യ–
മറിയാനുത്കണ്ഠയാൽ സാദരം ചോദിക്കു–
ന്നേൻ. 37
മനുജൻ ശ്രവണം ചെയ്യേണ്ടതാം വിഷയമേ–
തനവാസരം ജപിക്കേണ്ടുന്ന മന്ത്രമേതോ
പ്രത്യഹം സ്മരിക്കേണ്ടതെന്തു? ചെയ്യേണ്ട–
തെന്തു്?
നിത്യവും പൂജിക്കേണ്ടും സ്വരൂപമേതാകുന്നു?
ഇതിനൊക്കെയും വിപരീതമായവയും മ–
ന്മതിയിൽ പതിയുമാറരുളിച്ചെയ്യേണമേ. 38
പൈക്കറക്കുവാൻ വേണ്ടസമയമെന്യേ മാത്ര–
യിൽ ഗൃഹാശ്രമികൾതൻ ഗേഹത്തിൽ നി–
ന്നീടാത്ത
നിന്തിരുമേനിയിപ്പോളിങ്ങുവന്നിത്രനേരം
സന്തോഷപൂർവ്വമിരുന്നെന്നതെൻ ഭാഗ്യം
തന്നെ. 39

സൂതൻ പറഞ്ഞു

ഇത്തരം ഭക്തിപൂർവ്വം മന്നവൻ ചോദിച്ചതി–
നുത്തരം ധർമ്മജ്ഞനാം ബ്രഹ്മർഷി ചൊന്നാ–
നേവം. 40

പ്രഥമസ്കന്ധം സമാപ്തം.

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയസ്കന്ധഃ

പ്രഥമോഽധ്യായഃ

ശ്രീശുക ഉവാച

വരീയാനേഷ തേ പ്രശ്നഃ കൃതോ ലോകഹിതം നൃപ!
ആത്മവിത്സമ്മതഃ പുംസാം ശ്രോതവ്യാദിഷു യഃ പരഃ 1
ശ്രോതവ്യാദീനി രാജേന്ദ്ര നൃണാം സന്തി സഹസ്രശഃ
അപശ്യതാമാത്മതത്ത്വം ഗൃഹേഷു ഗൃഹമേധിനാം. 2
നിദ്രയാ ഹ്രിയതേ നക്തം വ്യവായേന ച വാ വയഃ
ദിവാ ചാർത്ഥേഹയാ രാജൻ! കുടുംബഭരണേന വാ. 3
ദേഹാപത്യകളത്രാദിഷ്വാത്മസൈന്യേഷ്വസത്സ്വപി
തേഷാം പ്രമത്തോ നിധനം പശ്യന്നപി ന പശ്യതി. 4
തസ്മാദ് ഭാരത! സർവ്വാത്മാ ഭഗവാൻ ഹരിരീശ്വരഃ
ശ്രോതവ്യഃ കീർത്തിതവ്യശ്ച സ്മർത്തവ്യശ്ചേച്ഛതാഭയം. 5
ഏതാവാൻ സാംഖ്യയോഗാഭ്യാം സ്വധർമ്മപരിനിഷ്ഠയാ
ജന്മലാഭഃ പരഃ പുംസാമന്തേ നാരായണസ്മൃതിഃ 6
പ്രായേണ മുനയോ രാജൻ! നിവൃത്താ വിധിഷേധതഃ
നൈർഗ്ഗുണ്യസ്ഥാ രമന്തേ സ്മ ഗുണാനുകഥനേ ഹരേഃ 7
ഇദം ഭാഗവതം നാമ പുരാണം ബ്രഹ്മസമ്മിതം
അധീതവാൻ ദ്വാപരാദൗ പിതുർദ്വൈപായനാദഹം. 8
പരിനിഷ്ഠിതോഽപി നൈർഗ്ഗുണ്യ ഉത്തമശ്ലോകലീലയാ
ഗൃഹീതചേതാ രാജർഷേ! ആഖ്യാനം യദധീതവാൻ. 9
തദഹം തേഽഭിധാസ്യാമി മഹാപൗരുഷികോ ഭവാൻ
യസ്യ ശ്രദ്ദധതാമാശു സ്യാന്മുകുന്ദേ മതിസ്സതീ. 10
ഏതന്നിർവ്വിദ്യമാനാനാമിച്ഛതാമകുതോഭയം
യോഗിനാം നൃപ! നിർണ്ണീതം ഹരേർന്നാമാനുകീർത്തനം. 11
കിം പ്രമത്തസ്യ ബഹുഭിഃ പരോക്ഷൈർഹായനൈരിഹ
വരം മുഹൂർത്തം വിദിതം ഘടതേ ശ്രേയസേ യതഃ 12
ഖട്വാംഗോ നാമ രാജർഷിർജ്ഞാത്വേയത്താമിഹായുഷഃ
മുഹൂർത്താത് സർവ്വമുത്സൃജ്യ ഗതവാനഭയം ഹരിം. 13
തവാപ്യേതർഹി കൗരവ്യ സപ്താഹം ജീവിതാവധിഃ
ഉപകല്പയ തത്സർവ്വം താവദ്യത്സാമ്പരായികം. 14
അന്തകാലേ തു പുരുഷ ആഗതേ ഗതസാധ്വസഃ
ഛിന്ദ്യാദസംഗശസ്ത്രേണ സ്പൃഹാം ദേഹേഽനു യേ ച തം. 15
ഗൃഹാത്പ്രവ്രജിതോ ധീരഃ പുണ്യതീർത്ഥജലാപ്ലുതഃ
ശുചൗ വിവിക്ത ആസീനോ വിധിവത് കല്പിതാസനേ. 16
അഭ്യസേന്മനസാ ശുദ്ധം ത്രിവൃദ്ബ്രഹ്മാക്ഷരം പരം
മനോ യച്ഛേജ്ജിതശ്വാസോ ബ്രഹ്മബീജമവിസ്മരൻ. 17
നിയച്ഛേദ്വിഷയേഭ്യോഽക്ഷാന്മനസാ ബുദ്ധിസാരഥിഃ
മനഃ കർമ്മഭിരാക്ഷിപ്തം ശുഭാർത്ഥേ ധാരയേദ്ധിയാ. 18
തത്രൈകാവയവം ധ്യായേദവ്യുച്ഛിന്നേന ചേതസാ
മനോ നിർവ്വിഷയം യുങ്ക്ത്വാ തതഃ കിഞ്ചന ന സ്മരേത്. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയസ്കന്ധം

അദ്ധ്യായം 1

ഈശമനനധാരണാദ്ധ്യാനങ്ങൾ

ശ്രീശുകൻ പറഞ്ഞു
പെരികെ ശ്ലാഘനീയമത്രേയിബ്ഭഗവത്-
പ്രശ്നം
പരവസ്തുവെക്കുറിച്ചാകയാൽ വിശേഷിച്ചും.
ശ്രോതവ്യാദിയിൽ ശ്രേഷ്ഠം ലോകത്തിൻ
ഹിതം ബ്രഹ്മ-
വേദികൾക്കശേഷവും സമ്മതവും താൻ നൃപാ! 1
ആയിരക്കണക്കിനുണ്ടാത്മതത്ത്വാനഭിജ്ഞ-
രായിട്ടും ഗൃഹസ്ഥന്മാരറിഞ്ഞിരിക്കേണ്ടവ. 2
രാവിലൊക്കെയും നിദ്രമൂലമോ, നാരീജന-
സേവനംകൊണ്ടോ, പകൽ ധനചിന്തന-
ത്താലോ,
ആലയകാര്യഭാരംമൂലമോ തദീയായു-
ഷ്കാലം ഹാ! പാഴിലായിപ്പോകുന്നു
ഭൂകാമുകാ! 3
സന്താനദാരശരീരാദിയാം സ്വസൈന്യത്തി-
ന്നന്തത്തെ പ്രമത്തന്മാർ കാൺകിലും കാണു-
ന്നില്ല. 4
അതിനാലൈശ്വര്യസംപൂർണ്ണനായ് സർവ്വാ-
ത്മാവാം
ദിതിജപ്രമാഥിതൻ കഥകൾ കീർത്തിക്കയും
നിഭൃതം ശ്രവിക്കയും സംസ്മരിക്കയുമത്രേ
അഭയമാശിച്ചീടും മനുജന്തന്റെ കൃത്യം. 5
സ്വധർമ്മനിഷ്ഠ, യോഗം, സാങ്ഖ്യമെന്നിവ
വിഷ്ണു-
സ്മൃതിക്കന്ത്യത്തിലുപകരിക്കുമെന്നേയുള്ളൂ. 6
വിധിയും നിഷേധവുംവിട്ടു നിർഗ്ഗുണബ്രഹ്മ-
സ്ഥിതി കൈവന്ന മഹർഷീശ്വരർ മിക്കവാറും
ദനുജവിദ്വേഷിയാം വിഷ്ണുരശ്രവസ്സിന്റെ
ഗുണകീർത്തനത്തിങ്കലന്വഹം രമിക്കുന്നു. 7
ആഗമസമാനമായത്യന്തം ശ്രേഷ്ഠമാമി-
ബ്ഭാഗവതം പുരാണം ദ്വാപരയുഗാന്തത്തിൽ
എന്നുടെ പിതാവാകും ബാദരായണമുനി-
തന്നോടുനേരാംവണ്ണം ശ്രദ്ധയോടഭ്യസിച്ചേൻ 8
നിർഗ്ഗുണബ്രഹ്മനിഷ്ഠമാകിലുമെന്മാനസം
സദ്ഗുണരാശേ! കൃഷ്ണലീലയാലാകൃഷ്ടമായ്
തത്കഥയുൾക്കൊള്ളുമിപ്പുരാണതല്ലജത്തെ
നിഷ്ഠയോടുതന്നെ പഠിച്ചുകൊണ്ടീടിനേൻ. 9
ഭക്താഗ്ര്യൻ ഭവാനോടായതു ഞാൻ ചൊല്ലാ-
ശ്രദ്ധിപ്പോർക്കുടൻതന്നെയീശനിൽ [മതിൽ
മതിയുണ്ടാം 10

വിരക്തന്മാർക്കുമിച്ഛയുള്ളോർക്കും യോഗികൾക്കും
തരസാ ഭയം തീർത്തു കാമിതമേതുമേകാൻ
ഹരികീർത്തനത്തേപ്പോൽ ശക്തമായ് മറ്റൊ-
ന്നില്ലെ-
ന്നറിവുള്ളവരെല്ലാം സമ്മതിച്ചിരിക്കുന്നു. 11
പ്രമത്തനായോനായുസ്സേത്രയെന്നറിയാതി-
ക്ഷമയിൽ ദീർഘകാലമിരുന്നാൽ ഫലമെന്തേ?
നിമിഷമല്ലാതില്ല ജീവിതമെന്നറിഞ്ഞാൽ
ശ്രമിക്കാമവനതെല്ലിട, തൻ ശ്രേയസ്സി-
നായ്. 12
ഖട്വാംഗനെന്നു പേരാം രാജർഷിയല്ലും മുൻപേ-
തിട്ടമായായുഷ്കാലമറിഞ്ഞു മുഹൂർത്തത്താൽ
പെട്ടെന്നു സർവം ത്യജിച്ചഭയസ്ഥാനമാമുത്-
കൃഷ്ടവിഷ്ണുപാധീശപദത്തെ പ്രാപിച്ചിതു. 13
ഏഴുനാളായുസ്സുണ്ടേക്കിനിയുമുണ്ടല്ലോ, യീ-
യുഴമപ്പരലോകശ്രേയസ്സിനുദ്യമിക്കു. 14
മൃതിയോടടുത്തവൻ സ്വകളേബരത്തിലും
സുതദാരാദിയോടുമിയലും സ്നേഹബന്ധം
ഒന്നാമതായിട്ടസംഗായുധംകൊണ്ടു
നന്നായിച്ഛേദിക്കണം നിർഭയം കൗരവേന്ദ്രാ! 15
വീടുവിട്ടിറങ്ങിപ്പോയ് പുണ്യതീർത്ഥങ്ങളെല്ലാ-
മാടിയിട്ടതിശുദ്ധവിജനപ്രദേശത്തിൽ
ചാരുവായ് വിധിക്കൊത്തു കല്പിച്ചോരാസന-
ത്തിൽ
ധീരനായിരുന്നങ്ങു മനനംചെയ്യീടണം. 16
പരിശുദ്ധമായ്, മാത്രമൂന്നേലു'മോ'മെന്നുള്ള
വരിഷ്ഠമന്ത്രാക്ഷരം ശീലിക്ക മാനസത്താൽ.
ബ്രഹ്മബീജത്തിൻ സ്മൃതിയോടുതൻ ശ്വാസം
വെന്നു
തന്മനസ്സിനെ ക്രമാലടക്കീടുകവേണം. 17
സ്വന്തബുദ്ധിയെപ്പിന്നെസ്സാരഥിയാക്കി,
ഹൃത്താ-
ലിന്ദ്രിയങ്ങളെ വീണ്ടു വിഷയങ്ങളിൽനിന്നു,
ശുദ്ധവസ്തുവിൽത്താനബ്ബുദ്ധിയെ നില-
നിർത്തി-
ക്കൃത്യചാഞ്ചല്യമെന്യേ വസിച്ചീടുക
വേണം. 18
അച്യുതാവയവങ്ങളോരോന്നും പ്രത്യേകമായ്
നിശ്ചലധീയാൽപ്പിന്നെ ധ്യാനിച്ചുറപ്പിക്കണം.
അതിനാൽ മനസ്സു നിർവിഷയമായാനന്ദാ-
കൃതിയായ് മാറു, മപ്പോൾ ധ്യാനിക്കാതിരി-
ക്കണം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദം തത് പരമം വിഷ്ണോർമ്മനോ യത്ര പ്രസീദതി
രജസ്തമോഭ്യാമാക്ഷിപ്തം വിമൂഢം മന ആത്മനഃ
യച്ഛദ്ധാരണയാ ധീരോ ഹന്തി യാ തത്കൃതം മലം. 20
യതഃ സംധാര്യമാണായാം യോഗിനോ ഭക്തിലക്ഷണഃ
ആശു സമ്പദ്യതേ യോഗ ആശ്രയം ഭദ്രമീക്ഷതഃ 21

രാജോവാച

യഥാ സന്ധാര്യതേ ബ്രഹ്മൻ! ധാരണാ യത്ര സമ്മതാ
യാദൃശീ വാ ഹരേദാശു പുരുഷസ്യ മനോമലം. 22

ശ്രീശുക ഉവാച

ജിതാസനോ ജിതശ്വാസോ ജിതസങ്ഗോ ജിതേന്ദ്രിയഃ
സ്ഥൂലേ ഭഗവതോ രൂപേ മനസ്സന്ധാരയേദ്ധിയാ. 23
വിശേഷസ്തസ്യ ദേഹോഽയം സ്ഥവിഷ്ഠശ്ച സ്ഥവീയസാം
യത്രേദം ദൃശ്യതേ വിശ്വം ഭൂതം ഭവ്യം ഭവച്ച സത്. 24
ആണ്ഡകോശേ ശരീരേഽസ്മിൻ സപ്താവരണസംയുതേ
വൈരാജഃ പുരുഷോ യോഽസൗ ഭഗവാൻ ധാരണാശ്രയഃ 25
പാതാളമേതസ്യ ഹി പാദമൂലം
പഠന്തി പാഷ്ണിപ്രപദേ രസാതലം
മഹാതലം വിശ്വസൃജോഽഥ ഗുല്ഫൗ
തലാതലം വൈ പുരുഷസ്യ ജങ്ഘേ. 26
ദ്വേ ജാനുനീ സുതലം വിശ്വമൂർത്ത-
രൂരുദ്വയം വിതലം ചാതലം ച
മഹീതലം തജ്ജഘനം, മഹീപതേ,
നഭസ്ഥലം നാഭിസരോ ഗൃണന്തി. 27
ഉരഃസ്ഥലം ജ്യോതിരനീകമസ്യ
ഗ്രീവാ മഹർവ്വദനം വൈ ജനോഽസ്യ
തപോ രരാടീം വിദുരാദിപുംസഃ
സ്സത്യം തു ശീർഷാണി സഹസ്രശീർഷ്ണഃ 28
ഇന്ദ്രാദയോ ബാഹവ ആഹുരുസ്രാഃ
കർണ്ണൗ ദിശഃ ശ്രോത്രമമുഷ്യ ശബ്ദഃ
നാസത്യദസ്രൗ പരമസ്യ നാസേ
ഘ്രാണോഽസ്യ ഗന്ധോ മുഖമഗ്നിരിദ്ധഃ 29
ദ്യൗരക്ഷിണീ ചക്ഷുരഭൂത് പതങ്ഗഃ
പക്ഷ്മാണി വിഷ്ണോരഹനീ ഉഭേ ച
തദ്ഭ്രൂവിജൃംഭഃ പരമേഷ്ഠിധിഷ്ണ്യ-
മാപോഽസ്യ താലൂ രസ ഏവ ജിഹ്വാ. 30
ഛന്ദാംസ്യനന്തസ്യ ശിരോ ഗൃണന്തി
ദംഷ്ട്രാ യമഃ സ്നേഹകലാ ദ്വിജാനി
ഹാസോ ജനോന്മാദകരീ ച മായാ
ദുരന്തസർഗ്ഗോ യദപാങ്ഗമോക്ഷഃ 31
വ്രീഡോത്തരോഷ്ഠോഽധര ഏവ ലോഭോ
ധർമ്മഃ സ്തനോഽധർമ്മപഥോഽസ്യ പൃഷ്ഠം
കസ്തസ്യ മേഢ്രം വൃഷണൗ ച മിത്രൗ
കുക്ഷിസ്സമുദ്രാ ഗിരയോഽസ്ഥിസങ്ഘാഃ 32
നദ്യോഽസ്യ നാഡ്യോഽഥ തനൂരുഹാണി
മഹീരുഹാ വിശ്വതനോർന്നൃപേന്ദ്ര!
അനന്തവീര്യഃ ശ്വസിതം മാതരിശ്വാ
ഗതിർവ്വയഃ കർമ്മ ഗുണപ്രവാഹഃ 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സു പാരം പ്രസാദിക്കുന്നതെവിടെയാം
നിനക്കിലതുതന്നെ വിഷ്ണുവിൻ പരംപദം
ഈടെഴും രജസ്തമോഗുണങ്ങൾ ചലിപ്പിക്കും
മൂഢമാം ചേതസ്സിനെധീരനായിട്ടും പുമാൻ
ധാരണകൊണ്ടു ജയിച്ചീടണ,മവമൂലം
ചേരുന്ന ദോഷമെല്ലാമെപ്പൊഴേ
നശിച്ചുപോം 20

ശരിയാം ധാരണയാൽ സുഖരൂപമായിട്ടു-
മൊരു നല്ലവലംബം കാണുന്ന യോഗിക്കിഹ
ഭക്തിലക്ഷണത്തോടുകൂടിയതായയോഗം
കൈക്കലായീടും ശീഘ്ര,മില്ല സംശയം
നൃപാ! 21

രാജാവു പറഞ്ഞു

എങ്ങനെ, യേതി,ലേതുവിധധാരണ-
യാന്നാ-
ലിങ്ങു മർത്യനു മനോമാലിന്യമവിളംബം
അസ്തപ്രായമായീടുമെന്നതിൽ സതസമ്മതം
സിദ്ധിച്ച മാർഗ്ഗമതു ചൊന്നാലും
ബ്രഹ്മവിജ്ഞാ! 22

വിരാഡ്രൂപവർണ്ണന

ശ്രീശുകൻ പറഞ്ഞു

ആസനമിന്ദ്രിയൗഘം ശ്വാസമെന്നിവ
വെന്നു
ഭാസുരകീർത്തേ! സംഗമെന്നിയേ ഭഗവാന്റെ
സ്ഥൂലമായീടും വിരാഡ്രൂപത്തെ
ബുദ്ധിയൊത്തു
ചാലവേ മാനസവും നിറുത്തി ധ്യാനി-
ക്കണം. 23

ഈശന്റെ വിശിഷ്ടമായീടുമീ രൂപം ധരാ-
ധീശ്വരാ! സ്ഥൂലങ്ങളിൽവച്ചേററം സ്ഥൂല-
മല്ലോ.
മൂന്നുകാലത്തുമുള്ള കാര്യരൂപമാമിതിൽ-
ച്ചേർന്നു കാണപ്പെടുന്നു ലോകങ്ങൾ പതി-
ന്നാലും. 24

ആവരണങ്ങളേഴൊത്തണ്ഡകോശാഭിഖ്യയി-
ലേവരും കീർത്തിക്കുമീബ്ഭഗവത്സ്വരൂ-
പത്തെ
ധാരണചെയ്യുന്നവക്ക്വലംബനമായി
വൈരാജനെന്നു പേരാം പുരുഷൻ
വിളങ്ങുന്നു. 25

ഇവന്റെ പാദമൂലം പാതാളം പാർത്തുകണ്ടാൽ,
നൃവരാ! പ്രപദവും പാർഷ്ണിയും രസാതലം,
വിശ്വകൃത്താമിവന്റെ ഗുൽഫങ്ങൾ മഹാതലം
വിശ്വസിക്കുന്നു ജംഘയത്തലാതലമെന്നും. 26

സുതലം ജാനുദ്വയം, ജഘനം ഭൂമിയെന്നു,-
മതലവിതലങ്ങളൂരുക്കളെന്നും, പിന്നെ
ആകാശം നാഭീസരസ്സെന്നുമുദ്ഘോഷിക്കുന്നീ
ലോകത്തിലറിവേറും മാനുഷർ മഹീപതേ! 27

വക്ഷസ്സാണിന്ദ്രലോകം, കഴുത്തു മഹർലോകം,
സുക്ഷമാദ്ഭുതാത്ത! പുനരാനനം ജനർല്ലോകം;
ലലാടം തപോലോകമിശ്ശീഷ്സഹസ്രന്റെ
തലകൾ സത്യലോകമെന്നും പ്രകീർത്തി-
ക്കുന്നു. 28

പാണികളിന്ദ്രാദികൾ, കർണ്ണങ്ങൾ ദിക്കുകളു-
മാണു, തച്ഛ്രോത്രേന്ദ്രിയം ശബ്ദവും ശുഭ-
കീർത്തേ!
ഗന്ധംതാൻ ഘ്രാണേന്ദ്രിയം, ദീപ്താഗ്നിമുഖം,-
നാസാ-
രന്ധ്രങ്ങൾ രണ്ടുമത്രേയശ്വിനീദേവദ്വയം. 29

കണ്ണാണു സൂര്യൻ, നേത്രഗോളങ്ങളന്തരിക്ഷ-
മെണ്ണിടാം കൺപോളകൾ പകലുമല്ലുമെന്നായ്
പുരാകം ബ്രഹ്മലോകമണ്ണാക്കുതണ്ണീരു,മി-
പ്പുരുഷൻതന്റെ ജിഹ്വരസമെന്നതുമോർക്ക. 30

വേദങ്ങൾ ശിരസ്സുകൾ, ദംഷ്ട്രയന്തകൻ, ദന്ത-
വ്രാതമോ സ്ഫീതസ്നേഹകലകൾതന്നെ-
യല്ലോ
പുഞ്ചിരി ജനങ്ങളെ മയക്കും മായതന്നെ-
യഞ്ചിതകടാക്ഷമാണനന്തമാകും സൃഷ്ടി. 31
അധരം ലോഭം, മുകൾച്ചുണ്ടുതാൻ നാണം പുന-
രധർമ്മം പൃഷ്ഠം, ധർമ്മം സ്തനവുമെന്നോർക്കുക
ബ്രഹ്മാവു ഗുഹ്യം, മിത്രാവരുണർ വൃഷണങ്ങ-
ളംബുധി കുക്ഷി, ഗിരിനിചയമസ്ഥിക്കൂട്ടം. 32

നാഡികൾ നദീഗണം, രോമങ്ങൾ പാദപങ്ങ-
ളീടാളും വായുവത്രേ ശ്വാസോച്ഛ്വാസങ്ങൾ
ഭൂപാ!
കാലത്തിൻഗതിയത്രേ വയസ്സു, ഭഗവാന്റെ
ലീലകൾ പാർക്കിൽ ഗുണപ്രവാഹംതന്നെ-
യല്ലോ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശസ്യ കേശാൻ വിദുരംബുവാഹാൻ,
വാസസ്തു സന്ധ്യാം കുരുവര്യ ഭൂമ്നഃ
അവ്യക്തമാഹുർഹൃദയം, മനശ്ച
സ ചന്ദ്രമാസ്സർവ്വവികാരകോശഃ 34
വിജ്ഞാനശക്തിം മഹിമാമനന്തി,
സർവ്വാത്മനോഽന്തഃകരണം ഗിരിത്രം,
അശ്വാശ്വതര്യുഷ്ട്രഗജാ നഖാനി
സർവ്വേ മൃഗാഃ പശവഃ ശ്രോണിദേശേ, 35
വയാംസി തദ്വ്യാകരണം വിചിത്രം,
മനുർമ്മനീഷാ മനുജോ നിവാസഃ
ഗന്ധർവ്വവിദ്യാധരചാരണാപ്സര-
സ്സ്വരസ്മൃതീരസുരാനീകവീര്യഃ 36
ബ്രഹ്മാനനം ക്ഷത്രഭുജോ മഹാത്മാ
വിഡൂരുരങ്ഘ്രിശ്രിതകൃഷ്ണവർണ്ണഃ
നാനാഭിധാഭീജ്യഗണോപപന്നോ
ദ്രവ്യാത്മകഃ കർമ്മവിതാനയോഗഃ 37
ഇയാനസാവീശ്വരവിഗ്രഹസ്യ
യസ്സന്നിവേശഃ കഥിതോ മയാ തേ
സന്ധാര്യതേഽസ്മിൻ വപുഷി സ്ഥവിഷ്ഠേ
മനസ്സ്വബുദ്ധ്യാ ന യതോഽസ്തി കിഞ്ചിത്. 38
സ സർവ്വധീവൃത്ത്യനുഭൂതസർവ്വ
ആത്മാ യഥാ സ്വപ്നജനേക്ഷിതൈകഃ
തം സത്യമാനന്ദനിധിം ഭജേത
നാന്യത്ര സജ്ജേദ്യത ആത്മപാതഃ 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
മഹാപുരുഷസംസ്ഥാനവർണ്ണനേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച
ഏവം പുരാ ധാരണയാഽഽത്മയോനിർ-
നഷ്ടാം സ്മൃതിം പ്രത്യവരുധ്യ തുഷ്ടാത്
തഥാ സസർജ്ജേദമമോഘദൃഷ്ടി-
ര്യഥാപ്യയാത് പ്രാഗ്വ്യവസായബുദ്ധിഃ 1
ശാബ്ദസ്യ ഹി ബ്രഹ്മണ ഏഷ പന്ഥാ
യന്നാമഭിർദ്ധ്യായതി ധീരപാർത്ഥൈഃ
പരിഭ്രമംസ്തത്ര ന വിന്ദതേഽർത്ഥാൻ
മായാമയേ വാസനയാ ശയാനഃ 2
അതഃ കവിർന്നാമസു യാവദർത്ഥഃ
സ്യാദപ്രമത്തോ വ്യവസായബുദ്ധിഃ
സിദ്ധേഽന്യഥാർത്ഥേ ന യതേത തത്ര
പരിശ്രമം തത്ര സമീക്ഷമാണഃ 3
സത്യാം ക്ഷിതൗ കിം കശിപോഃ പ്രയാസൈ-
ർബ്ബാഹൗ സ്വസിദ്ധേ ഹ്യുപബർഹണൈഃ കിം
സത്യഞ്ജലൗ കിം പുരുധാന്നപാത്ര്യാ
ദിഗ്വല്ക്കലാദൗ സതി കിം ദുകൂലൈഃ 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേശങ്ങളംബുദങ്ങ,ളംബരം സന്ധ്യ, പിന്നെ–
യീശ്വരഹൃദയംതാനവ്യക്തം മുഖ്യതത്ത്വം
വികാരങ്ങൾക്കശേഷം നിധാനമെന്നായ്
ലോകം
പുകഴ്ന്നും നിശാകരൻ മാനസമെന്നും
ചൊൽവൂ. 34

ചിത്തമാമഹത്തത്ത്വംതന്നെയാണഹങ്കാരം
രുദ്രനാണശ്വതരിയൊട്ടകം ഗജമശ്വം
എന്നീ മൃഗങ്ങളെല്ലാം നഖങ്ങളത്രേ പശ്ച–
വൃന്ദങ്ങളരക്കെട്ടിൻ മുൻപിൻവശങ്ങളല്ലോ. 35

പതംഗവർഗ്ഗം ചിത്രശില്പവിദ്യക,ളാദ്യൻ–
പ്രഥിതൻ മനു ബുദ്ധി, മനുഷ്യൻ വാസഗേഹം
ഗന്ധർവ്വാദികളെല്ലാം സപ്തസ്വരങ്ങൾ, ദൈത്യ–
സൈന്യവീര്യോപേതനാം പ്രഹ്ലാദൻ സ്മൃതി–
യത്രേ. 36

ബ്രാഹ്മണൻമുഖം, ഭുജം ക്ഷത്രിയൻ, വൈശ്യനൂരു
സന്മതേ! ശൂദ്രൻ പാദതലവുംതന്നെയല്ലോ
വിവിധദ്രവ്യമൊത്തു വസുരുദ്രാദ്യർ ചേന്ന
വിവിധാഖ്യയിൽച്ചെയ്യും യാഗങ്ങൾ കർമ്മ–
ങ്ങളാം. 37

ഈശ്വരശരീരത്തിൻ വിവരമിത്രത്തോളം
ശാശ്വതകീർത്തേ! ഭവാനോടു ഞാൻ കഥിച്ചിതു.
ഇതിൽനിന്നന്യമായിട്ടില്ലൊന്നുമെങ്ങുംതന്നെ–
യതിസ്ഥൂലമാമിതിലുറപ്പിക്കണം ചിത്തം
ധീവൃത്തിമൂലമാക്കമനുഭവത്തിൽപ്പെട്ടും
സർവ്വവുമേകനാമീയാത്മാവുതന്നെയല്ലോ
നാനാത്വം സ്വപ്നതുല്യം കല്പിതമെന്നാകയാ–
ലാനന്ദനിധാനനാമിവനെബ്ഭജിക്കണം
അന്യമായതിൽ മനംവയ്ക്കുവോനധോഗതി
തന്നെയാം സംസാരത്തിൽക്കിടന്നു കേഴാ–
മെന്നും. 38–39

അദ്ധ്യായം 2

മുക്തിവിവരണം

ശ്രീശുകൻ പറഞ്ഞു

സ്രഷ്ടാവു പണ്ടിത്തരം ധാരണയാലെ മുര–
ദ്വിട്ടിനെത്തുഷ്ടനാക്കി നഷ്ടമാം സ്മൃതി വീണ്ടും
കൈക്കൊണ്ടു, ബുദ്ധിനേരേയുറപ്പിച്ചമോ–
ഘമാം–
ദൃക്കാൻ്റു പഴേമട്ടു വിശ്വപം സൃഷ്ടിച്ചിതു. 1

കർമ്മങ്ങളേതും ഫലയുക്തങ്ങളെന്നു ശബ്ദ–
ബ്രഹ്മമുദ്ഘോഷിക്കുന്നുണ്ടെങ്കിലും മഹീ–
പതേ!
മായാരൂപമാമതിൽ ഭ്രമിച്ച വാസനയാ–
ലായതിൽത്താനടിഞ്ഞു കിടപ്പോൻ മുക്ത–
നാകാ. 2

അതിനാൽ, വിവേകിയായുള്ളവൻ മദമെന്യേ
സ്വതന്ത്രനിത്താൻ വേണ്ടും കർമ്മമേ ചെയ്തീടേണ്ടൂ
ദേഹരക്ഷണം മററുവിധത്തിൽ സാധിക്കു–
മ്പോൾ
സാഹസകൃത്യങ്ങളിൽപ്പെട്ടുഴലേണ്ടതുണ്ടോ? 3

ക്ഷോണിയുള്ളപ്പോൾ ശയ്യയ്ക്കെന്തിനായ്
ശ്രമിക്കണം?
പാണിയുള്ളപ്പോൾത്തലയണകൊണ്ടെന്തു
കാര്യം?
കൈക്കുമ്പിളിരിക്കുമ്പോൾ ഭാജനമെന്തിനോ–
ർത്താൽ?
വല്ക്കലങ്ങളും ദിക്കുമുണ്ടെങ്കിൽ മുണ്ടെന്തിനോ? 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചീരാണി കിം പഥി ന സന്തി, ദിശന്തി ഭിക്ഷാം
നൈവാംഘ്രിപാഃ പരഭൃതസ്സരിതോഽപ്യശുഷ്യൻ,
രുദ്ധാ ഗുഹാഃ കിമജിതോഽവതി നോപസന്നാൻ
കസ്മാദ് ഭജന്തി കവയോ ധനദുർമ്മദാന്ധാൻ? 5
ഏവം സ്വചിത്തേ സ്വത ഏവ സിദ്ധ
ആത്മാ പ്രിയോഽർത്ഥോ ഭഗവാനനന്തഃ
തം നിർവൃതോ നിയതാർത്ഥോ ഭജേത
സംസാരഹേതൂപരമശ്ച യത്ര. 6
കസ്താം ത്വനാദൃത്യ പരാനുചിന്താ-
മൃതേ പശൂനസതീം നാമ യുഞ്ജ്യാത്
പശ്യൻ ജനം പതിതം വൈതരണ്യാം
സ്വകർമ്മജാൻ പരിതാപാൻ ജുഷാണം. 7
കേചിത് സ്വദേഹാന്തർഹൃദയാവകാശേ
പ്രാദേശമാത്രം പുരുഷം വസന്തം
ചതുർഭുജം കഞ്ജരഥാങ്ഗശംഖ-
ഗദാധരം ധാരണയാ സ്മരന്തി. 8
പ്രസന്നവക്ത്രം നളിനായതേക്ഷണം
കദംബകിഞ്ജൽകപിശംഗവാസസം
ലസന്മഹാരത്നഹിരണ്മയാങ്ഗദം
സ്ഫുരന്മഹാരത്നകിരീടകുണ്ഡലം. 9
ഉന്നിദ്രഹൃത്പങ്കജകർണ്ണികാലയേ
യോഗേശ്വരാസ്ഥാപിത പാദപല്ലവം
ശ്രീലക്ഷ്മണം കൗസ്തുഭരത്നകന്ധര-
മമ്ലാനലക്ഷ്മ്യാ വനമാലയാഽഞ്ചിതം. 10
വിഭൂഷിതം മേഖലയാങ്ഗുലീയകൈ-
ർമ്മഹാധനൈർന്നൂപുരകങ്കണാദിഭിഃ
സ്നിഗ്ദ്ധാമലാകുഞ്ചിത നീലകുന്തളൈ-
ർവ്വിരോചമാനാനനഹാസപേശലം. 11
അദീനലീലാഹസിതേക്ഷണോല്ലസദ്
ഭ്രൂഭങ്ഗസംസൂചിതഭൂര്യനുഗ്രഹം
ഈക്ഷേത ചിന്താമയമേനമീശ്വരം
യാവന്മനോ ധാരണയാവതിഷ്ഠതേ. 12
ഏകൈകശോഽങ്ഗാനി ധിയാഽനുഭാവയേത്
പാദാദി യാവദ്ധസിതം ഗദാഭൃതഃ
ജിതം ജിതം സ്ഥാനമപോഹ്യ ധാരയേത്
പരം പരം ശുദ്ധ്യതി ധീര്യഥാ യഥാ. 13
യാവന്ന ജായേത പരാവരേഽസ്മിൻ
വിശ്വേശ്വരേ ദ്രഷ്ടരി ഭക്തിയോഗഃ
താവത് സ്ഥവീയഃ പുരുഷസ്യ രൂപം
ക്രിയാവസാനേ പ്രയതഃ സ്മരേത. 14
സ്ഥിരം സുഖം ചാസനമാശ്രിതോ യതി-
ര്യദാ ജിഹാസുരിമമങ്ഗലോകം
കാലേ ച ദേശേ ച മനോ ന സജ്ജയേത്
പ്രാണം നിയച്ഛേന്മനസാ ജിതാസുഃ 15
മനസ്സ്വബുദ്ധ്യാമലയാ നിയമ്യ
ക്ഷേത്രജ്ഞ ഏതാം നിനയേത്തമാത്മനി
ആത്മാനമാത്മന്യവരുധ്യ ധീരോ
ലബ്ധോപശാന്തിർവ്വിരമേത കൃത്യാത്. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉടുക്കാൻ കീറത്തുണി വഴിയിൽകിടപ്പില്ലേ?
കിടപ്പാൻ ഗുഹാമുഖമടഞ്ഞുപോയില്ലല്ലോ
തരുന്നവല്ലോ ഫലം പരാർത്ഥം ജീവിച്ചിടും
തരുക്കൾ, നദിയെല്ലാം വരണ്ടുപോയില്ലല്ലോ,
സന്തതം പാലിക്കുന്ന ഭഗവാൻ ഭക്തരെ,പ്പി-
ന്നെന്തിനു സേവിക്കണം ധനദുർമ്മദാന്ധരെ? 5

ഇമ്മട്ടു വിരക്തനായ് നിശ്ചിതസ്വരൂപനാം
സന്മതി, നിജ ഹൃത്തിൽ സ്വയമേ കുടികൊള്ളും
അനന്തൻ സത്യപ്രേമസ്വരൂപൻ ഭഗവാനെ-
യനിശം ഭജിക്കണം സംസാരമതോടെ പോം. 6

പരമാത്മാവിനെ സംസേവിക്കാതെന്നുമേ
വൈ-
തരണിതന്നിൽ ജനം കർമ്മത്തിൻഫലമായി,
സങ്കടപ്പെടുന്നതു കണ്ടുകൊണ്ടകൃത്യത്തിൽ-
പ്പങ്കെടുക്കുമോ പശുപ്രായനല്ലാത്ത മർത്ത്യൻ? 7

ഹൃദയാകാശംതന്നിൽ വസിക്കുന്നവനായി,
മുദിതാനനനായിട്ടംഗുഷ്ഠപ്രായനായി,
ചതുഷ്പാണിയിൽ ശംഖം ചക്രവും സരോജവും
ഗദയും ധരിച്ചേററം വിളങ്ങുന്നവനായി,
നളിനായതാക്ഷനായ്ക്കടമ്പിൻതാരല്ലിത-
ന്നൊളിയാർന്നീടും മഞ്ഞപ്പട്ടുടയാട ചാർത്തി,
ഉന്നതമണിലസത് കുണ്ഡലകിരീടങ്ങൾ
മിന്നിടും രത്നോല്ലസത്സുവർണ്ണാംഗദങ്ങളും
യോഗത്താലുന്നിദ്രമാം ഹൃത്പത്മകേസര-
ത്തിൽ
യോഗീന്ദ്രരുറപ്പിച്ച പാദപല്ലവങ്ങളും
ലക്ഷ്മീലക്ഷ്മവും, ഗളതലത്തിൽ ശോഭിച്ചിടും
കൗസ്തുഭം, വാടാവനമാലയുമൊത്തിണങ്ങി,
അരഞ്ഞാൺ, മോതിരങ്ങൾ, നൂപുരകങ്കണ-
ങ്ങൾ,
വരഭൂഷണങ്ങളുമണിഞ്ഞു മോടികൂടി,
ചുരുണ്ടുമിനുത്തുള്ള നീലകുന്തളങ്ങളാൽ
പരിശോഭിക്കും കോമളാനനംതന്നിൽനിന്നും
ചൊരിയും മന്ദഹാസത്തോടൊത്തു കടക്കണ്ണും
പുരികങ്ങളും മെല്ലെ വിളക്കിയനുഗ്രഹം
അരുളും ചിന്താമയനാകുമബ്ഭഗവാനെ
ശരിയായുറച്ചുള്ളിൽ നില്പോളം
ധ്യാനിക്കുക 8-12

നേരേയപ്പാദംതൊട്ടു ഹാസാന്തമവയവ-
മോരോന്നും ചേതസ്സിനാലനുഭാവനംചെയ്തു
തെളിഞ്ഞ ഭാഗം വിട്ടു മറെറാന്നിങ്ങനെ തുട-
ന്നലം തൻ ബുദ്ധി ശുദ്ധമാവോളം
ധ്യാനിക്കുക. 13

വിശേശനായിപ്പരാവരനാമിദ്രഷ്ടാവിൽ
ശാശ്വതഭക്തിയോഗം സംഭവിച്ചീടുവോളം
നിയതചേതസ്സായിട്ടാ ക്രിയാവസാനത്തിൽ
നിയതം സ്മരിക്കണം വിരാട്ടിൻ
സ്ഥൂലരൂപം. 14

ജിതപ്രാണനാം യോഗി ശരീരം ത്യജിക്കുവാൻ
കൊതിക്കിൽ, സുഖമായ് സുസ്ഥിരമാമാസ-
നത്തിൽ
ഇരുന്നു ദേശം കാലമിവയിൽനിന്നു ചിത്തം
വിരമിപ്പിച്ചിട്ടുള്ളിൽ പ്രാണനെയടക്കണം. 15

ശുദ്ധമായീടും ധീയാൽ മാനസമടക്കിത്തൻ-
ബുദ്ധിയെപ്പരം ജീവാത്മാവോടു യോജിപ്പിച്ചു
പരമാത്മാവിൽ പിന്നെജ്ജീവനെ
ലയിപ്പിച്ച-
പ്പരമാത്മാവു വേറൊന്നല്ല താൻതന്നെയെ-
ന്നായ്. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന യത്ര കാലോ/നിമിഷാം പരഃ പ്രഭുഃ
കുതോ നു ദേവാ ജഗതാം യ ഈശിരേ
ന യത്ര സത്വം ന രജസ്തമശ്ച
ന വൈ വികാരോ ന മഹാൻ പ്രധാനം. 17
പരം പദം വൈഷ്ണവമാമനന്തി ത-
ദ്യന്നേതി നേതീത്യതദുത്സിസൃക്ഷവഃ
വിസൃജ്യ ദൗരാത്മ്യമനന്യസൗഹൃദാ
ഹൃദോപഗുഹ്യാർഹപദം പദേ പദേ. 18
ഇത്ഥം മുനിസ്തൂപരമേദ്വ്യവസ്ഥിതോ
വിജ്ഞാനദൃഗ്വീര്യസുരന്ധിതാശയഃ
സ്വപാർഷ്ണിനാ//പീഡ്യ ഗുദം തതോ/നിലം
സ്ഥാനേഷു ഷട്സൂന്നമയേജ്ജിതക്ലമഃ 19
നാഭ്യാം സ്ഥിതം ഹൃദ്യധിരോപ്യ തസ്മാ-
ദുദാനഗത്യോരസി തം നയേന്മുനിഃ
തതോ/നുസന്ധായ ധിയാ മനസ്വീ
സ്വതാലുമൂലം ശനകൈർന്നയേത. 20
തസ്മാദ് ഭ്രുവോരന്തരമുന്നയേത
നിരുദ്ധസപ്താസ്വയനോ/നപേക്ഷഃ
സ്ഥിത്വാ മുഹൂർത്താർദ്ധമകുണ്ഠദൃഷ്ടി-
ർന്നിർഭിദ്യ മൂർധൻ വിസൃജേത് പരം ഗതഃ 21
യദി പ്രയാസ്യൻ നൃപ പാരമേഷ്ഠ്യം
വൈഹായസാനാമുത യദ്വിഹാരം
അഷ്ടാധിപത്യം ഗുണസന്നിവായേ
സഹൈവ ഗച്ഛേന്മനസേന്ദ്രിയൈശ്ച. 22
യോഗേശ്വരാണാം ഗതിമാഹുരന്ത-
ർബ്ബഹിസ്ത്രിലോക്യാഃ പവനാന്തരാത്മനാം
ന കർമഭിസ്താം ഗതിമാപ്നുവന്തി
വിദ്യാതപോയോഗസമാധിഭാജാം. 23
വൈശ്വാനരം യാതി വിഹായസാ ഗത-
സ്സുഷുമ്നയാ ബ്രഹ്മപഥേന ശോചിഷാ
വിധൂതകല്ക്കോ/ഥ ഹരേരുദസ്താത്
പ്രയാതി ചക്രം നൃപ! ശൈശുമാരം. 24
തദ്വിശ്വനാഭിം ത്വതിവർത്ത്യ വിഷ്ണോ-
രണീയസാ വിരജേനാത്മനൈകഃ
നമസ്കൃതം ബ്രഹ്മവിദാമുപൈതി
കല്പായുഷോ യദ്വിബുധാ രമന്തേ. 25
അഥോ അനന്തസ്യ മുഖാനലേന
ദന്ദഹ്യമാനം സ നിരീക്ഷ്യ വിശ്വം
നിര്യാതി സിദ്ധേശ്വരജുഷ്ടധിഷ്ണ്യം
യദ്ദ്വൈപരാർധ്യം തദു പാരമേഷ്ഠ്യം. 26
ന യത്ര ശോകോ ന ജരാ ന മൃത്യു-
ർന്നാർത്തിർന്ന ചോദ്വേഗ ഋതേ കുതശ്ചിത്
യച്ചിത്തതോ/ദഃ കൃപയാനിദംവിദാം
ദുരന്തദുഃഖപ്രഭവാനുദർശനാത് 27
തതോ വിശേഷം പ്രതിപദ്യ നിർഭയ-
സ്തേനാത്മനാപോ/നലമൂർത്തിരത്വരൻ
ജ്യോതിർമ്മയോ വായുമുപേത്യ കാലേ
വായ്വാത്മനാ ഖം ബൃഹദാത്മലിങ്ഗം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉറപ്പിച്ചുപരതിയാന്നിടും ധീരന്നു പി–
ന്നൊരു കൃത്യവും ശേഷിക്കുന്നില്ല നരർഷഭാ!
അവനെദ്ദേവപ്രഭുകാലവും ബാധിക്കയി–
ല്ലവനില്ലല്ലോ പിന്നെയൊരുനാളിലും നാശം,
കാലചോദിതന്മാരാം വിണ്ണോരുമാരുമൊരു–
കാലത്തുമവനോടു കാട്ടുവാനൊന്നുമില്ല.
മഹത്തത്ത്വവും ഗുണത്രിതയമവ്യക്തവു–
മഹങ്കാരവുമൊന്നുമാ നില വന്നോനില്ല. 17

കായാഭിമാനം വെടിഞ്ഞോരോരു ജഡത്തേയു–
മായതല്ലായതല്ലല്ലെന്നു കണ്ടുപേക്ഷിച്ചു
ചിത്തത്താൽ പൂജ്യവിഷ്ണുപാദത്തെയാ–
ശ്ലേഷിച്ചു,
നിത്യമാം സ്ഥാനമതാണെന്നവനറിയുന്നു. 18

ഈദൃശമുറപ്പിച്ചു ശാസ്ത്രാഭ്യാസത്താലാളും
ബോധദൃഗ്വീര്യത്തിനാൽ വിഷയവാ–
സനൗഘം
നശിപ്പിച്ചുപരമിച്ചീടണം മുനി യോഗ–
വശനായ് ഗുദം കുതികാലുകൊണ്ടടച്ചഥ
അവിടെനിന്നു മേല്പോട്ടായാസമെന്യേ മെല്ലെ-
പ്പവമാനനെ സ്ഥാനമാറിലും കയററണം. 19

നാഭിയിൽ സ്ഥിതനാകും വായുവേ ഹൃത്തി–
ലേററി–
യാ ഭാഗം തന്നിൽനിന്നു മുദാ നാന്മുഗനാക്കി
ഉരസ്സിൽ കയററണം, മനസ്വിയവിടേന്നും
മുറയ്ക്കു നിജ ധീയാലനുസന്ധാനംചെയ്തു,
മെല്ലെമെല്ലവേ പിന്നെ വിശുദ്ധിചക്രാഗ്രമാ–
യുള്ള തൻ താലുമൂലംതന്നിലാനയിക്കണം. 20

പ്രാണനെപ്പിന്നെത്താലുമൂലത്തിൽനിന്നു
മെല്ലെ–
ത്താനേതാൻ ശ്രോത്രനേത്രാദ്യങ്ങളാം മാർഗ്ഗമേഴും
അടച്ചിട്ടാജ്ഞാചക്രമായിടും ഭ്രൂ മദ്ധ്യത്തിൽ
തടഞ്ഞുനിർത്തി,യർദ്ധമുഹൂർത്തനേരംമാത്രം
സുസ്ഥിരം സ്ഥിതിചെയ്തി,ട്ടകുണ്ഠദൃഷ്ടിയായി
മൂർദ്ധാവുമാർഗ്ഗം ബ്രഹ്മഗതനായ്ത്തള്ളണം
മെയ്. 21

അംബുജാസനൻതൻെറയുച്ചസ്ഥാനത്തെ–
യോ പി–
ന്നംബരചരസിദ്ധവിഹാരപദത്തെയോ,
ഗുണസാമ്യരൂപമാകുമിബ്രഹ്മാണ്ഡത്തി–
ലണിമാദ്യൈശ്വര്യാധിഷ്ഠാനസ്ഥാന–
ത്തെയോ
കിട്ടണമെന്നുള്ളവൻ മാനസേന്ദ്രിയങ്ങളെ
വിട്ടിടാതിരിക്കണമെങ്കിലേ സാധിച്ചീടൂ. 22

വിദ്യയും, തപസ്സതും, യോഗവും, സമാധിയും
സിദ്ധമായ് മാരുതാന്തർഭാഗത്തു സൂക്ഷ്മദേഹം
ധരിക്കും യോഗീന്ദ്രർക്കീ മൂപ്പാരിന്നകം പുറം
ചരിക്കാമൊപ്പമത്ര മററു കർമ്മത്താലാകാ. 23

മഹസ്സുകലന്നിടും സുഷുമ്നാമാർഗ്ഗമായി
വിഹായസ്സിലും പിന്നെയജപന്ഥാവിലൂടെ
വഹ്നിതന്നിലുമെത്തി,യഴുക്കററുൽധ്വസ്ഥം മേ-
കന്ദമാം ശൈശുമാരചക്രത്തെ പ്രാപിക്കുന്നു. 24

ലോകത്തിൻ നാഭിയാകുമാ വിഷ്ണുസ്ഥാനംകട–
ന്നേകനായണുവാകും പാവനദേഹത്തോടും
ആരുമേ നമിച്ചീടും ബ്രഹ്മജ്ഞാവാസസ്ഥാന–
ത്തേറുന്നിതങ്ങു വാഴ്വൂകല്പകാലായുസ്സാകാം. 25

പിന്നീടായവനങ്ങുനിന്നാദിശേഷാനന–
വഹ്നിതന്നസഹ്യമാം ജ്വാലയാൽ നിരന്തരം
ഭുവനം പാടേ ദഹ്യമാനമായ്ക്കണ്ടുടൻ താ–
നവിടംതള്ളി ബ്രഹ്മലോകത്തെ പ്രാപിക്കുന്നു.
പരാർദ്ധദ്വയം, നിലനിന്നീടുന്നതും, സിദ്ധേ–
ശ്വരവാസസ്ഥാനവും, ശ്രേഷ്ഠവുമാണീ
ലോകം. 26

അവിടെ ദുഃഖമില്ല, മൃതിഭീതികളില്ല,
ലവവും ജ്വരാനരതൊട്ടു പീഡയുമില്ല
ആത്മാനഭിജ്ഞന്മാർതൻ ദുരന്താർത്തിയിൽ
കൃപാർ–
ദ്രാത്മാക്കളായുദിക്കും വല്ലായ്മയൊന്നല്ലാതെ. 27

അവിടെനിന്നു പൃഥ്വീരൂപനായ് ഭയഹീനം
സ്വവപുസ്സോടും ജലാത്മകത്വം പ്രാപിച്ചഥ
സംഭ്രമമെന്യേ ജ്യോതിർമ്മയനായ്, കാല–
മാമ്പോ,–
ളമ്പോടു വായുസ്വരൂപത്തെയുമാർന്നു, പിന്നെ
ധരണീപതേ! യാത്മലക്ഷ്യവും ബൃഹത്തുമാ–
യിരിക്കുമാകാശത്തിൻരൂപവും പ്രാപി–
ക്കുന്നു 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘ്രാണേന ഗന്ധം, രസനേന വൈ രസം,
രൂപം തു ദൃഷ്ട്യാ ശ്വസനം ത്വചൈവ,
ശ്രോത്രേണ ചോപേത്യ നഭോഗുണത്വം
പ്രാണേന ചാകൂതിമുപൈതി യോഗീ. 29
സ ഭൂതസൂക്ഷ്മേന്ദ്രിയസന്നികർഷം
മനോമയം ദേവമയം വികാര്യം
സംസാദ്യ ഗത്യാ സഹ തേന യാതി
വിജ്ഞാനതത്ത്വം ഗുണസന്നിരോധം. 30
തേനാത്മനാ//ത്മാനമുപൈതി ശാന്ത-
മാനന്ദമാനന്ദമയോ/വസാനേ
ഏതാം ഗതിം ഭാഗവതീം ഗതോ യ-
സ്സ വൈ പുനർന്നേഹ വിഷജ്ജതേ/ങ്ഗ. 31
ഏതേ സൃതീ തേ നൃപ! വേദഗീതേ
ത്വയാഭിപൃഷ്ടേ ഹ സനാതനേ ച
യേ വൈ പുരാ ബ്രഹ്മണ ആഹ പൃഷ്ട
ആരാധിതോ ഭഗവാൻ വാസുദേവഃ. 32
നഹ്യതോ/ന്യശ്ശിവഃ പന്ഥാ വിശതസ്സംസൃതാവിഹ
വാസുദേവേ ഭഗവതി ഭക്തിയോഗോ യതോ ഭവേത്. 33
ഭഗവാൻ ബ്രഹ്മ കാർത്സ്ന്യേന ത്രിരന്വീക്ഷ്യ മനീഷയാ
തദധ്യവസ്യത് കൂടസ്ഥോ രതിരാത്മൻ യതോ ഭവേത്. 34
ഭഗവാൻ സർവ്വഭൂതേഷു ലക്ഷിതഃ സ്വാത്മനാ ഹരിഃ
ദൃശ്യൈർബുദ്ധ്യാദിഭിർദ്രഷ്ടാ ലക്ഷണൈരനുമാപകൈഃ 35
തസ്മാത് സർവ്വാത്മനാ രാജൻ ഹരിസ്സർവ്വത്ര സർവ്വദാ
ശ്രോതവ്യഃ കീർത്തിതവ്യശ്ച സ്മർത്തവ്യോ ഭഗവാന്നൃണാം. 36
പിബന്തി യേ ഭഗവത ആത്മനസ്സതാം
കഥാമൃതം ശ്രവണപുടേഷു സംഭൃതം
പുനന്തി തേ വിഷയവിദൂഷിതാശയം
വ്രജന്തി തച്ചരണസരോരുഹാന്തികം. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
പുരുഷസംസ്ഥാവർണ്ണനം നാമ ദ്വിതീയോ/ധ്യായഃ

തൃതീയോ/ധ്യായഃ

ശ്രീശുക ഉവാച
ഏവമേതന്നിഗദിതം പൃഷ്ടവാൻ യദ്ഭവാന്മമ
നൃണാം യൻമ്രിയമാണാനാം മനുഷ്യേഷു മനീഷിണാം. 1
ബ്രഹ്മവർച്ചസകാമസ്തു യജേത ബ്രഹ്മണസ്പതിം,
ഇന്ദ്രമിന്ദ്രിയകാമസ്തു, പ്രജാകാമഃ പ്രജാപതീൻ. 2
ദേവീം മായാം തു ശ്രീകാമസ്തേജസ്കാമോ വിഭാവസും,
വസുകാമോ വസൂൻ രുദ്രാൻ, വീര്യകാമോ/ഥ വീര്യവാൻ. 3
അന്നാദ്യകാമസ്ത്വദിതിം, സ്വർഗ്ഗകാമോ/ദിതേസ്സുതാൻ,
വിശ്വാൻ ദേവാൻ രാജ്യകാമസ്സാധ്യാൻ സംസാധകോ വിശാം. 4
ആയുഷ്കാമോ/ശ്വിനൗ ദേവൗ പുഷ്ടികാമ ഇളാം യജേത്
പ്രതിഷ്ഠാകാമഃ പുരുഷോ രോദസീ ലോകമാതരൗ. 5
രൂപാഭികാമോ ഗന്ധർവ്വാൻ സ്ത്രീകാമോ/പ്സര ഉർവ്വശീം
ആധിപത്യകാമസ്സർവ്വേഷാം യജേത പരമേഷ്ഠിനം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂക്കിനാൽ ഗന്ധം, രസം നാവിനാൽ,
രൂപം കണ്ണാൽ,
ത്വക്കിനാൽ സ്പർശം, ശ്രോത്രേന്ദ്രിയത്താൽ
ശബ്ദത്തെയും,
ജയിച്ചിട്ടഥ പഞ്ചേന്ദ്രിയങ്ങൾകൊണ്ടതാതിൻ-
ക്രിയകൾ നിർവ്വഹിച്ചീടുന്നിതാ യോഗീ-
ശ്വരൻ. 29

ചേതോരൂപമായ് ദേവമയമായ് സ്ഥൂലസൂക്ഷ്മ-
ഭൂതേന്ദ്രിയങ്ങൾക്കെല്ലാം ലയസ്ഥാനവുമാകും
അഹംതത്ത്വത്തോടൊത്തുചേർന്നതിൽ പിന്നീ-
ടതിൻ-
സഹഗാമിയായതോടൊപ്പമഗ്ഗുണങ്ങൾതൻ
ലയസ്ഥാനമായീടും, വിജ്ഞാനതത്ത്വത്തിനെ
പ്രയത്നമെന്യേ പ്രാപിക്കുന്നിതാ യോഗി-
വര്യൻ. 30

ഭൂപതേ! യിപ്രകാരമീയോഗിമുഖ്യതത്ത്വ-
രൂപത്തോടാനന്ദസ്വരൂപനായന്ത്യത്തിങ്കൽ
വിരഹിതോപാധിയായ് ശാന്തമായാനന്ദമാ-
യിരിക്കും പരമാത്മാവായിട്ടു ഭവിക്കുന്നു.
ഈവിധം ഭഗവത്സ്വരൂപസംബന്ധസ്ഥിതി
കൈവന്നവന്നു പിന്നെയില്ല സംസാര-
ബന്ധം. 31

വേദത്തിൽ വിധിച്ചതും നീ ചോദിച്ചതും പുന-
രേതുകാലത്തും സ്ഥിതിചെയ്‌വതുമായിരിക്കും
സദ്യോമുക്തിയും ക്രമമുക്തിയും രണ്ടുമിപ്പോൾ
പൃഥ്വീശശിഖാമണേ! നിന്നോടിങ്ങനെ-
ചൊന്നേൻ
രണ്ടു മാർഗ്ഗവുമിതു പണ്ടു നാന്മുഖനോടു
പുണ്ഡരീകാക്ഷൻതന്നെയരുളിച്ചെയ്തതല്ലോ. 32

ഏതൊന്നിൽനിന്നും വാസുദേവനിൽ ഭക്തി-
യോഗം
ജാതമായീടുമതുപോലെളുതായ മാർഗ്ഗം
ഭൂതലംതന്നിൽബദ്ധവേദഃഖിതന്മാർക്കു വേറേ
യാതൊന്നുമില്ലെന്നറിഞ്ഞീടുക ധരാപതേ! 33

നാന്മുഖനേകാഗ്രമാം മാനസത്തോടിരുന്നു
തന്മനീഷയാൽ വേദം മുഴവൻ മൂന്നാവൃത്തി
പരിശോധിച്ചു സർവ്വാത്മാവാം ശ്രീഹരി-
യിലെ
പരമപ്രേമംതന്നെയത് കൃഷ്ടമെന്നുറച്ചാൻ. 34

ജ്ഞാനാദിപൂർണ്ണനായിസ്സമസ്തചരാചര-
പ്രാണനാമന്തശ്ചരൻ ഹരിയെ ദ്രഷ്ടാവെന്നായ്
ജഡബുദ്ധ്യാദിയാലുമനുമാനത്തിനുള്ള
ദൃഢലക്ഷണത്താലുമറിയപ്പെട്ടിരിപ്പൂ. 35

അല്ലയോ രാജൻ! ഭോനതിനാ,ലെല്ലാങ്ങൊഴും
കാല്ലെന്യേ സർവ്വത്തിലും സർവ്വാത്മഭാവ-
ത്തോടും
നരകൾ കേട്ടീടാനും സതതം കീർത്തിക്കാനും
സ്മരിക്കവാനും യോഗ്യൻ ഹരിയെന്നുറയ്ക്കുക. 36

സജ്ജനഹൃദയാന്തർവാസിയാം ഭഗവാൻതൻ
സ്വച്ഛമാം കഥാമൃതം ശ്രവണപുടങ്ങളിൽ
നിറച്ചു പാനംചെയ്‌വോർ വിഷയദൂഷി-
താന്തഃ-
കരണം ശുദ്ധമാക്കി പ്രാപിപ്പൂ തത്പദാ-
ബ്ജം. 37

അദ്ധ്യായം 3

ദേവതോപാസന

ശ്രീശുകൻ പറഞ്ഞു

മർത്ത്യരിൽവെച്ചാസന്നമൃത്യുവാം മനീഷി-
തൻ
കർത്തവ്യമേവം ഭവാൻ ചോദിക്കയാലേ ചൊ-
ന്നേൻ. 1

ബ്രഹ്മതേജസ്സിനാശവല്ലവോൻ ബ്രഹ്മനേയു-
മമ്മട്ടു ഭോഗസൗഖ്യം കാമിപ്പോനിന്ദ്രനേയും
സന്താനം വേണ്ടുന്നവൻ പ്രജേശവൃന്ദത്തെയു-
മന്തരമെന്യേ ഭജിച്ചീടണം നിരന്തരം. 2

ഐശ്വര്യത്തിനായ് ദുർഗ്ഗാദേവിതന്നെയും തേജ-
സ്സാശിപ്പോനഗ്നിയേയും വിത്തത്തെയാ-
ഗ്രഹിപ്പോൻ
വസുക്കളെട്ടിനേയും വീര്യേച്ഛു ഘോരകർമ്മ-
വശനായ് ഘോരരുദ്രന്മാരെയും പൂജിക്കണം. 3

അന്നാദിയാശിക്കവോനദിതീദേവിയേയും
വിണ്ണേറാൻ കൊതിക്കവോനാദിതേയ-
ന്മാരെയും
രാജ്യാർത്ഥി വിശ്വേദേവന്മാരെയും ജനങ്ങൾ-
തൻ-
പൂജ്യത്വത്തിനു സാദ്ധ്യന്മാരെയും പൂജി-
ക്കണം. 4

ആയുസ്സിനിച്ഛിക്കവോനശ്വിനീദേവന്മാരും
സ്വീയാഭിവൃദ്ധിയോപ്പോനവനീദേവിതാനും
കേവലം പ്രതിഷ്ഠയ്ക്കായ് ലോകമാതാക്കളാകും
ദ്യാവാഭൂദേവിമാരും സേവ്യരാണർവ്വീപതേ! 5

സൗന്ദര്യമിച്ഛിക്കവോൻ ഗന്ധർവ്വഗണത്തെയും
തന്വിയെക്കാമിക്കവോനർവ്വശീദേവിയേയും
സർവ്വാധിപതിയാവാൻ വെമ്പവോനജനേയും
നിർവ്വിഘ്നം ഭക്തിയുക്തം യജിച്ചീടുകവേണം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞം യജേദ്യശസ്കാമഃ, കോശകാമഃ പ്രചേതസം,
വിദ്യാകാമസ്തു ഗിരിശം, ദാമ്പത്യാർത്ഥ ഉമാം സതീം. 7

ധർമ്മാർത്ഥ ഉത്തമശ്ലോകം, തന്തും തന്വൻ പിതൄൻ യജേത്,
രക്ഷാകാമഃ പുണ്യജനാനോജസ്കാമോ മരുദ്ഗണാൻ. 8

രാജ്യകാമോ മന്വൻ ദേവാൻ, നിരൃതിം ത്വഭിചരൻ യജേത്,
കാമകാമോ യജേത് സോമ,മകാമഃ പുരുഷം പരം. 9

അകാമസ്സർവ്വകാമോ വാ മോക്ഷകാമ ഉദാരധീഃ
തീവ്രേണ ഭക്തിയോഗേന യജേത പുരുഷം പരം. 10

ഏതാവാനേവ യജതാമിഹ നിഃശ്രേയസോദയഃ
ഭഗവത്യചലോ ഭാവോ യദ്ഭാഗവതസങ്ഗതഃ. 11

ജ്ഞാനം യദാ പ്രതിനിവൃത്തഗുണോർമ്മിചക്ര-
മാത്മപ്രസാദ ഉത യത്ര ഗുണേഷ്വസംഗഃ
കൈവല്യസമ്മതപഥസ്ത്വഥ ഭക്തിയോഗഃ
കോ നിർവൃതോ ഹരികഥാസു രതിം ന കുര്യാത്. 12

ശൗനക ഉവാച

ഇത്യഭിവ്യാഹൃതം രാജാ നിശമ്യ ഭരതർഷഭഃ
കിമന്യത് പൃഷ്ടവാൻ ഭൂയോ വൈയാസകിമൃഷിം കവിം. 13

ഏതച്ഛുശ്രൂഷതാം വിദ്വൻ സൂത! നോഽർഹസി ഭാഷിതും
കഥാ ഹരികഥോദർക്കാസ്സതാം സ്യുസ്സദസി ധ്രുവം. 14

സ വൈ ഭാഗവതോ രാജാ പാണ്ഡവേയോ മഹാരഥഃ
ബാലക്രീഡനകൈഃ ക്രീഡൻ കൃഷ്ണക്രീഡാം യ ആദദേ. 15

വൈയാസകിശ്ച ഭഗവാൻ വാസുദേവപരായണഃ
ഉരുഗായഗുണോദാരാസ്സതാം സ്യുർഹി സമാഗമേ. 16

ആയുർഹരതി വൈ പുംസാമുദ്യന്നസ്തം ച യന്നസൗ
തസ്യർതേ യത്ക്ഷണോ നീത ഉത്തമശ്ലോകവാർത്തയാ. 17

തരവഃ കിം ന ജീവന്തി? ഭസ്ത്രാഃ കിം ന ശ്വസന്ത്യുത?
ന ഖാദന്തി ന മേഹന്തി കിം ഗ്രാമപശവോഽപരേ? 18

ശ്വവിഡ്വരാഹോഷ്ട്രഖരൈസ്സംസ്തുതഃ പുരുഷഃ പശുഃ
ന യത്കർണ്ണപഥോപേതോ ജാതു നാമ ഗദാഗ്രജഃ. 19

ബിലേ ബതോരുക്രമവിക്രമാൻ യേ
ന ശൃണ്വതഃ കർണ്ണപുടേ നരസ്യ
ജിഹ്വാസതീ ദാർദ്ദുരികേവ സൂത
ന ചോപഗായത്യുരുഗായ ഗാഥാഃ. 20

ഭാരഃ പരം പട്ടകിരീടജുഷ്ട-
മപ്യുത്തമാങ്ഗം ന നമേന്മുകുന്ദം
ശാവൗ കരൗ നോ കുരുതസ്സപര്യാം
ഹരേർല്ലസത്കാഞ്ചനകങ്കണൗ വാ. 21

ബർഹായിതേ തേ നയനേ നരാണാം
ലിംഗാനി വിഷ്ണോർന്ന നിരീക്ഷതോ യേ
പാദൗ നൃണാം തൗ ദ്രുമജന്മഭാജൗ
ക്ഷേത്രാണി നാനുവ്രജതോ ഹരേര്യൗ. 22

ജീവഞ്ഛവോ ഭാഗവതാങ്ഘ്രിരേണും
ന ജാതു മർത്ത്യോഽഭിലഭേത യസ്തു
ശ്രീവിഷ്ണുപദ്യാ മനുജസ്തുളസ്യാ-
ശ്ശ്വസച്ഛവോ യസ്തു ന വേദ ഗന്ധം. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കീർത്തിയാശിക്കുന്നവൻ യജ്ഞേശനേയും
കോശ-
വൃദ്ധിയാഗ്രഹിക്കുവോൻ വരുണദേവനേയും
വിദ്യയർത്ഥിപ്പോൻ ശിവൻതന്നെയും ദാമ്പ-
ത്യസം-
സിദ്ധിയിച്ഛിപ്പോൻ പതിവ്രതയാ-
മുമയേയും. 7

ധർമ്മാർത്ഥിയുത്തമനാം വിഷ്ണുവിനെയും കുലം
നന്മയിൽ നിലനിർത്താൻ പിതൃദേവന്മാരെയും
രക്ഷയാശിപ്പോൻ പുണ്യജനങ്ങളേയുമോജഃ-
കാങ്ക്ഷിയായീടുന്നവൻ മരുദ്ദേവന്മാരെയും 8

പൃഥ്വീശനാകാനോപ്പോൻ മനുദേവന്മാരെയും
ശത്രുനാശാഭിലാഷി വരുണദേവനേയും
കാമത്തെക്കാമിക്കുവോൻ സോമദേവനേയും
നി-
ഷ്കാമൻ ശ്രീമഹാവിഷ്ണുതന്നെയും യജിക്കണം 9

ആശയൊന്നിലുമില്ലാത്തവനും സമസ്തവു-
മാശിക്കുവോനുമുദാരാശയൻ മോക്ഷാർത്ഥിയും
അത്യന്തതീവ്രമായ ഭക്തിയോഗത്തിനാൽത്താ-
നുത്തമപുമാനാം ശ്രീഹരിയെ യജിക്കണം. 10

ദേവതാസേവയേതും ഭഗവത്ഭക്തസംഗം
കൈവന്നീടുന്നതിന്നുമാവഴി ഭഗവാനിൽ
നിശ്ചലഭക്തിയുളവാകാനുമുതകുന്ന
നിശ്ചയ,മതാണിതിൻ പരമപ്രയോജനം. 11

ഏതൊന്നിൻബോധത്തിനാൽ ഗുണോർമ്മി-
യക്ഷുബ്ധമാ-
മേതൊന്നാൽ മനസ്സിനു സംശുദ്ധിയുണ്ടാകുന്നു
ഏതിനാൽ ഗുണസംഗംവിട്ടു വൈരാഗ്യമുണ്ടാ-
മേതു കൈവല്യതുല്യഭക്തിയോഗം വളർത്തും
ആ വിഷ്ണുചരിതത്തിലാനന്ദിച്ചിരുന്നീടു-
മേവനാണതിൽനിന്നു പിന്നെപ്പിന്മാറുന്ന-
വൻ. 12

ശൗനകൻ പറഞ്ഞു

ഈവിധമരുളീടും കവിയാമൃഷിയോട-
ബ്ഭൂവലാരാതി വേറേയെന്തെല്ലാം ചോദി-
ച്ചിതു? 13

ഉത്സുകർ ഞങ്ങളോടായങ്ങതു ചൊല്ലു സൂതാ
സത്സദസ്സിങ്കൽ ഹരികഥകൾക്കിടമുണ്ടാം. 14

പാണ്ഡവേയനും മഹാരഥനുമാമന്നൃപൻ
പുണ്ഡരീകാക്ഷഭക്തനെന്നതു സുപ്രസിദ്ധം.
കുട്ടിക്കാലത്തുമിബ്ഭൂപാലകൻ ഹരിലീല
കാട്ടിത്തന്നെയാം കളിയാടിയതെന്നും
കേൾപ്പൂ. 15

ഭഗവാൻ വ്യാസാത്മജൻതാനും ശ്രീവാസുദേവ-
ഭഗവത്പരായണൻതന്നെയാകുന്നുവല്ലോ.
താദൃശസത്തുക്കൾ തൻ സമ്മേളനത്തിലുണ്ടാം
മാധവഗുണോത്കൃഷ്ടകഥകളേറെ, നൂനം. 16

ഉത്തമശ്ലോകകഥാകീർത്തനത്തിനാലൊരു-
മാത്രയെങ്കിലുംനേരം നയിക്കാത്തവരാകും
മർത്ത്യന്മാർതന്നായുസ്സു മാത്രമേ നിത്യമുദ-
യാസ്തമയങ്ങളാലും ഭാനുമാൻ ഹരിച്ചീടൂ. 17

ജീവിച്ചീടുന്നതില്ലേ പാദപങ്ങളും പാർത്താൽ?
കേവലം തുരുത്തികൾപോലുമേ ശ്വസിപ്പീലേ?
തിന്നുന്നതില്ലേ ഗ്രാമംതോറുമപ്പശുവൃന്ദ-
മെന്നുമാളുന്നതില്ലേ വിഷയസുഖങ്ങളും? 18

നന്ദജനാമം കാതിൽക്കടന്നിട്ടില്ലാത്തവൻ
പന്നിയൊട്ടകം ഖരം നായിവയ്ക്കൊപ്പം
മൃഗം. 19

ഗോപികാകിശോരൻതൻ വിക്രമം കേട്ടിടാത്ത
പാപിതൻ കർണ്ണദ്വാരം കേവലം വിലമത്രേ.
അവന്റെ കൃത്യങ്ങളെ വാഴ്ത്താത്ത രസനയും
തവളയുടെ നാവും തമ്മിലെന്തുള്ള ഭേദം? 20

ഹരിയെ നമിക്കാത്ത ഭൂപാലശിരസ്സിനു
കിരീടം വെറുമൊരു ചുമടെന്നതേയുള്ളൂ.
ഭുവനേശ്വരൻതന്നെക്കൂപ്പാത്ത കരങ്ങളോ
സുവർണ്ണഭൂഷിതങ്ങളെന്നാലും ശവക്കൈകൾ. 21

ചേണാർന്ന വാസുദേവഭഗവദ്വിഗ്രഹങ്ങൾ
കാണാത്ത കണ്ണു മയിൽപ്പീലിക്കണ്ണിനു തുല്യം.
പരിപാവനഹരിക്ഷേത്രസന്നിധിതോറും
ചരിച്ചീടാത്ത പാദം ഭജിപ്പൂ തരുജന്മം. 22

ഹരിഭക്തന്മാരുടെ പാദപാംസുക്കളേൽക്കാ-
നൊരുകാലവും സാധിക്കാത്തവൻ ജീവച്ഛവം.
ഭക്തദാസാംഘ്രിലഗ്നതുളസിതൻ സുഗന്ധ-
മാഘ്രാണിച്ചീടാത്തവൻ ശ്വസിക്കും ശവ-
മത്രേ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദശ്മസാരം ഹൃദയം ബതേദം
യദ്ഗൃഹ്യമാണൈർ ഹരിനാമധേയൈഃ
ന വിക്രിയേതാഥ യദാ വികാരോ
നേത്രേ ജലം ഗാത്രരുഹേഷു ഹർഷഃ 24
അഥാഭിധേഹ്യങ്ഗ! മനോഽനുകൂലം
പ്രഭാഷസേ ഭാഗവതപ്രധാനഃ
യദാഹ വൈയാസകിരാത്മവിദ്യാ-
വിശാരദോ നൃപതിം സാധുപൃഷ്ടഃ. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

സൂത ഉവാച
വൈയാസകേരിതി വചസ്തത്വനിശ്ചയമാത്മനഃ
ഉപധാര്യ മതിം കൃഷ്ണേ ഔത്തരേയഃ സതീം വ്യധാത്. 1
ആത്മജായാസുതാഗാരപശുദ്രവിണബന്ധുഷു
രാജ്യേ ചാവികലേ നിത്യം വിരൂഢാം മമതാം ജഹൗ. 2
പപ്രച്ഛ ചേമമേവാർത്ഥം യന്മാം പൃച്ഛഥ സത്തമാഃ
കൃഷ്ണാനുഭാവശ്രവണേ ശ്രദ്ദധാനോ മഹാമനാഃ. 3
സംസ്ഥാം വിജ്ഞായ സംന്യസ്യ കർമ്മ ത്രൈവർഗ്ഗികം ച യത്
വാസുദേവേ ഭഗവതി ആത്മഭാവം ദൃഢം ഗതഃ. 4
രാജോവാച
സമീചീനം വചോ ബ്രഹ്മൻ! സർവ്വജ്ഞസ്യ തവാനഘ!
തമോ വിശീര്യതേ മഹ്യം ഹരേഃ കഥയതഃ കഥാം. 5
ഭൂയ ഏവ വിവിത്സാമി ഭഗവാനാത്മമായയാ
യഥേദം സൃജതേ വിശ്വം ദുർവ്വിഭാവ്യമധീശ്വരൈഃ
യഥാ ഗോപായതി വിഭുര്യഥാ സംയച്ഛതേ പുനഃ 6
യാം യാം ശക്തിമുപാശ്രിത്യ പുരുശക്തിഃ പരഃ പുമാൻ
ആത്മാനം ക്രീഡയൻ ക്രീഡൻ, കരോതി വികരോതി ച. 7
നൂനം ഭഗവതോ ബ്രഹ്മൻ! ഹരേരദ്ഭുതകർമ്മണഃ
ദുർവ്വിഭാവ്യമിവാഭാതി കവിഭിശ്ചാപി ചേഷ്ടിതം. 8
യഥാ ഗുണാംസ്തു പ്രകൃതേര്യുഗപത് ക്രമശോഽപി വാ
ബിഭർത്തി ഭൂരിശസ്ത്വേകഃ കുർവ്വൻ കർമ്മാണി ജന്മഭിഃ. 9
വിചികിത്സിതമേതന്മേ ബ്രവീതു ഭഗവാൻ യഥാ
ശാബ്ദേ ബ്രഹ്മണി നിഷ്ണാതഃ പരസ്മിംശ്ച ഭവാൻ ഖലു. 10
സൂത ഉവാച
ഇത്യുപാമന്ത്രിതോ രാജ്ഞാ ഗുണാനുകഥനേ ഹരേഃ
ഹൃഷീകേശമനുസ്മൃത്യ പ്രതിവക്തും പ്രചക്രമേ. 11
ശ്രീശുക ഉവാച
നമഃ പരസ്മൈ പുരുഷായ ഭൂയസേ
സദുദ്ഭവസ്ഥാനനിരോധലീലയാ
ഗൃഹീതശക്തിത്രിതയായ ദേഹിനാ-
മന്തർഭവായാനുപലക്ഷ്യവർത്മനേ. 12
ഭൂയോ നമസ്സദ്വൃജിനച്ഛിദേഽസതാ-
മസംഭവായാഖിലസത്ത്വമൂർത്തയേ
പുംസാം പുനഃ പാരമഹംസ്യ ആശ്രമേ
വ്യവസ്ഥിതാനാമനുമൃഗ്യദാശുഷേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേശവനാമങ്ങളാൽത്തരളമായിക്കുളിർ–
പൂശിയാനന്ദാശ്രുക്കൾ വീഴ്ത്താത്തവന്റെ ചിത്തം
കല്ലിനേക്കാളേറെറം കടുപ്പംകലരുന്ന
വല്ലതുമൊരു വസ്തുവെന്നതേ ചൊല്ലിക്കൂട്ടു. 24.

ആകയാലാത്മവിദ്യാകോവിദൻ ശുകൻ ചൊന്ന–
താകവേ ഞങ്ങളോടു ചൊല്ലുക പൂജ്യപാദാ!
ഭക്തമുഖ്യനാം ഭവാൻ ഞങ്ങടെ മനസ്സിനു
യുക്തമാംവിധമല്ലോ ഭാഷണംചെയ്യുന്നതും. 25

അദ്ധ്യായം 4

ശുകപ്രാർത്ഥന

സൂതൻ പറഞ്ഞു

ഉത്തരാത്മജൻപിന്നെ ശ്രീശുകമുനി ചൊന്ന
തത്ത്വനിശ്ചയവാക്യം ശ്രവിച്ചു ശ്രദ്ധയോടും
ശുദ്ധമായീടും നിജ ബുദ്ധിയെ ദൈത്യാരിയാം
സത്ത്വമൂർത്തിയിൽ സ്ഥിരംനിറുത്തി ധ്യാനം–ചെയ്യാൻ. 1

എന്നുടെ ദേഹം ഗേഹം സമ്പത്തു രാജ്യം ഭാര്യ
നന്ദനർ ഗജാദികൾ ബന്ധുക്കളെന്നൊക്കെയും
പൂർണ്ണമായുള്ളിലുറച്ചുള്ളോരു മമത്വമ–
മ്മന്നവനെന്നെന്നേക്കുമായുടനുപേക്ഷിച്ചാൻ. 2

ശ്രീമഹാവിഷ്ണുവീര്യം കേൾക്കുവാൻ ശ്രദ്ധാലുവാ–
യാ മഹാമനസ്സനാം പരീക്ഷിത്ക്ഷമാപതി
സത്തമന്മാരേ! നിങ്ങളെന്നോടു ചോദിച്ചൊരി–
ച്ചോദ്യംതാൻ ശുകമുനിതന്നോടു ചോദിച്ചിതു. 3

തന്മൃതികാലം സൂക്ഷ്മമറിഞ്ഞമ്മഹീധവൻ
ധർമ്മാർത്ഥകാമപരകർമ്മങ്ങളശേഷവും
വെടിഞ്ഞു ഭഗവാൻ ശ്രീകൃഷ്ണനിലാത്മഭാവം
ദൃഢമായുറപ്പിച്ചു ചോദിച്ചാൻ ശുകനോടായ്. 4

രാജാവു പറഞ്ഞു

ബ്രഹ്മർഷേ! ഹരികഥാശുദ്ധമാം ഭവദ്വാക്യം
മന്മഹാതമസ്സിനെത്തുരത്തീടുന്നുവല്ലോ. 5
ഈ വരന്മാർക്കുപോലും ദുർജ്ഞേയമാമീ വിശ്വം
അച്യുതൻ സ്വമായയാൽ സൃഷ്ടിപ്പതേതുമട്ടിൽ?
വീണ്ടുമക്കാര്യം നേരേയറിയാനാഗ്രഹിക്കു–
മെന്റെ ജിജ്ഞാസയങ്ങു നിറവേറ്റീടേണമേ. 6

ഏതേതു ശക്തി കൈക്കൊണ്ടെങ്ങുമേ വ്യാ–പ്തനാകും
മേദുരശക്തൻ പരംപുരുഷൻ ജഗത്ത്രയം
കാത്തഴിക്കുന്നു? ബഹുവിധത്തിലാത്മാവിനെ–
ത്തീർത്തുമട്ടിൽ തന്റെ ലീല നിർവ്വഹി–ക്കുന്നു? 7

സാരജ്ഞാ! വിഭുവിന്റെ വിസ്മയവിചേഷ്ടിതം
സുരേന്ദ്രന്മാരാലും ദുരൂഹംപോൽ വിളങ്ങുന്നു. 8

ഏകനായ് ജന്മങ്ങളാലനേകകർമ്മം ചെയ്യു–
തേകകാലത്തുതാനോ പല സന്ദർഭത്തിലോ?
പ്രകൃതിഗ്ഗുണങ്ങളെയെങ്ങനെ ഭരിക്കുന്നു
ഭഗവാൻ ഭക്തജനപാലകൻ പരാവരൻ?
പരബ്രഹ്മത്തിന്റെയും ശബ്ദബ്രഹ്മത്തിന്റെയും
കരകണ്ടോരു ഭവാൻ തീർത്താലുമിസ്സന്ദേഹം. 10

സൂതൻ പറഞ്ഞു

ഈവിധം ഹരിവീര്യം കീർത്തിക്കാനർത്ഥി–ച്ചിടും
ഭൂപാലാരിയോടായബ്ബാദരായണപുത്രൻ
ഇന്ദ്രിയവ്യാപാരസംചോദകൻ ശ്രീകൃഷ്ണനെ–
യന്തരംഗത്തിലോർത്തു പറയാൻ–തുടങ്ങിനാൻ. 11

ശ്രീശുകൻ പറഞ്ഞു

ഈ ലോകമുളവാക്കിക്കാത്തു സംഹരിക്കുന്ന
ലീലയാൽ ശക്തിത്രയം സ്വീകരിച്ചവനായി
ദേഹികൾക്കന്തർഭാഗത്തിരിക്കുന്നവനായി–
ട്ടൂഹിച്ചും ധരിക്കുവാനാർക്കുമേയാകാത്തോനായ്
പരിച്ഛേദിച്ചീടുവാനരുതാത്തവനാമ–
പ്പരമപുമാനായിക്കൊണ്ടിതാ നമസ്കാരം. 12

സജ്ജനപാപാപഹാ! കരുണാവാരിരാശേ!
ദുർജ്ജനദണ്ഡപാണേ! നിഖിലസത്ത്വമൂർത്തേ!
പരമഹംസാശ്രമംതന്നിൽ സുസ്ഥിരം വാഴും
പുരുഷർക്കല്ലോവർ തിരയും തത്സ്വരൂപം
കരുണാപൂർവ്വം കാട്ടും ഭഗവൻ! വാസുദേവാ!
പരമഗുരോ! വീണ്ടും മാമകം നമസ്കാരം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമോ നമസ്തേഽസ്ത്വൃഷഭായ സാത്വതാം
വിദൂരകാഷ്ഠായ മുഹുഃ കുയോഗിനാം
നിരസ്തസാമ്യാതിശയേന രാധസാ
സ്വധാമനി ബ്രഹ്മണി രംസ്യതേ നമഃ. 14

യത്കീർത്തനം യത്സ്മരണം യദീക്ഷണം
യദ്വന്ദനം യച്ഛ്രവണം യദർഹണം
ലോകസ്യ സദ്യോ വിധുനോതി കല്മഷം
തസ്മൈ സുഭദ്രശ്രവസേ നമോ നമഃ. 15

വിചക്ഷണാ യച്ചരണോപസാദനാത്
സംഗം വ്യുദസ്യോഭയതോഽന്തരാത്മനഃ
വിന്ദന്തി ഹി ബ്രഹ്മഗതിം ഗതക്ലമാ-
സ്തസ്മൈ സുഭദ്രശ്രവസേ നമോ നമഃ. 16

തപസ്വിനോ ദാനപരാ യശസ്വിനോ
മനസ്വിനോ മന്ത്രവിദഃ സുമംഗളാഃ
ക്ഷേമം ന വിന്ദന്തി വിനാ യദർപ്പണം
തസ്മൈ സുഭദ്രശ്രവസേ നമോ നമഃ. 17

കിരാതഹൂണാന്ധ്രപുളിന്ദപുല്ക്കസാ
ആഭീരകങ്കാ യവനാഃ ഖസാദയഃ
യേഽന്യേ ച പാപാ യദുപാശ്രയാശ്രയാഃ
ശുദ്ധ്യന്തി തസ്മൈ പ്രഭവിഷ്ണവേ നമഃ. 18

സ ഏഷ ആത്മാഽഽത്മവതാമധീശ്വര-
സ്ത്രയീമയോ ധർമ്മമയസ്തപോമയഃ
ഗതവ്യളീകൈരജശങ്കരാദിഭി-
ർവ്വിതർക്ക്യലിംഗോ ഭഗവാൻ പ്രസീദതാം. 19

ശ്രിയഃപതിര്യജ്ഞപതിഃ പ്രജാപതിർ-
ധിയാം പതിർല്ലോകപതിർദ്ധരാപതിഃ
പതിർഗ്ഗതിശ്ചാന്ധകവൃഷ്ണിസാത്വതാം
പ്രസീദതാം മേ ഭഗവാൻ സതാംപതിഃ. 20

യദങ്ഘ്ര്യനുധ്യാനസമാധിധൗതയാ
ധിയാനുപശ്യന്തി ഹി തത്ത്വമാത്മനഃ
വദന്തി ചൈതത് കവയോ യഥാരുചം
സ മേ മുകുന്ദോ ഭഗവാൻ പ്രസീദതാം. 21

പ്രചോദിതാ യേന പുരാ സരസ്വതീ
വിതന്വതാജസ്യ സതീം സ്മൃതിം ഹൃദി
സ്വലക്ഷണാ പ്രാദുരഭൂത് കിലാസ്യതഃ
സ മേ ഋഷീണാമൃഷഭഃ പ്രസീദതാം. 22

ഭൂതൈർമ്മഹദ്ഭിര്യ ഇമാഃ പുരോ വിഭുർ-
ന്നിർമ്മായ ശേതേ യദമൂഷു പൂരുഷഃ
ഭുങ്ക്തേ ഗുണാൻ ഷോഡശ ഷോഡശാത്മകഃ
സോഽലം കൃഷീഷ്ട ഭഗവാൻ വചാംസി മേ. 23

നമസ്തസ്മൈ ഭഗവതേ വ്യാസായാമിതതേജസേ
പപുർജ്ഞാനമയം സൗമ്യാ യന്മുഖാംബുരുഹാസവം. 24

ഏതദേവാത്മഭൂ രാജൻ നാരദായ വിപൃച്ഛതേ
വേദഗർഭോഽഭ്യധാത് സാക്ഷാദ്യദാഹ ഹരിരാത്മനഃ. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
ചതുർത്ഥോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാത്ത്വികക്ക്ാത്മജ്ഞാനപ്രദനായ് കുയോ-
ഗികൾ-
ക്കെത്തുവാൻ കഴിയാത്ത ദൂരത്തിൽ സ്ഥിത-
നായി
തുല്യാധികാപേതമാം ഭൂതിയാൽ സ്വധാമത്തി-
ലുല്ലസിച്ചീടുമങ്ങേക്കായ് വീണ്ടും
നമസ്കാരം. 14

ആരുടെ കഥ ചൊല്ലു കേൾക്കയും സ്മരിക്കയു-
മാരുടെ മൂർത്തി കണ്ടു വന്ദിച്ചു പൂജിക്കയും
ചെയ്യുന്ന മനുഷ്യന്റെ പാപമോചനമുടൻ
കയ്യിലാമാശു കീർത്തിധാമമേ! നമസ്കാരം. 15

ആരുടെ പാദമാശ്രയിക്കയാലറിവാന്ന
പൂരുഷനിഹ പരഭോഗാശയശേഷവും
വെടിഞ്ഞിട്ടനാകുലം പരബ്രഹ്മാത്മഭാവ-
മടയുമാ ദേവനെയെപ്പോഴും നമിക്കുന്നേൻ. 16

യശസ്വി, ദാനസക്തൻ, തപസ്വി,
മന്ത്രവിത്തും;
വിശുദ്ധയോഗി, സദാചാരനിഷ്ഠനുമെല്ലാം
ഏതു ദേവനിൽ സർവ്വം സമർപ്പിക്കാതിരിക്കും-
പോതിലേതുമേ ക്ഷേമം സംഭവിക്കുന്നി-
ല്ലയോ. 17

ഹൂണന്മാർ, കിരാതന്മാർ, പുളിന്ദർ,
പുല്ക്കസന്മാർ,
കാണികൾ; ഖസ, രാന്ധ്രകങ്കന്മാർ, യവനന്മാർ
മററു പാപിഷ്ഠന്മാരുമാരുടെ ഭക്തന്മാരോ-
ടററ സംസർഗ്ഗത്തിനാൽ ദുഷ്ടതം പോക്കുന്നുവോ,
സർവ്വശക്തനായീടുമാ മഹാപ്രഭുവിന്നായ്
സർവ്വാത്മഭാവത്തോടും ഞാനിതാ
നമിക്കുന്നു. 18

വേദരൂപനായ് ധീരക്ക്ാത്മാവായ് ശുദ്ധ-
ന്മാരാം
ധാതൃശങ്കരാദിക്കും വിതർക്ക്യാകൃതിയായി
ധർമ്മമൂർത്തിയായ് തപോമയനായ് വിളങ്ങിട്ടു-
മമ്മുകുന്ദനാം ദേവൻ പ്രസാദിച്ചരുളേണം. 19

ശ്രീപതേ! ക്രതുപതേ! സർവ്വസജ്ജനപതേ!
ക്ഷ്മാപതേ! പ്രജാപതേ! ധീപതേ!
ജഗത്പതേ!
വൃഷ്ണ്യന്ധകാദിഭക്തവൃന്ദത്തിൻ പ്രഭോ!-
മഹാ-
വിഷ്ണോ! പ്രാപ്യസ്ഥാനമേ! പ്രസാദിച്ചീ-
ടേണമേ. 20

യാതൊരുവന്റെ പാദധ്യാനമാം സമാധിയാൽ
ശോധനചെയ്യപ്പെട്ട മതിയാലാത്മാവിനെ
കാണുന്ന കവിവൃന്ദം തത്ത്വസാരമാരെ-
യാണു വർണ്ണിപ്പതാ ശ്രീനിവാസൻ
പ്രസാദിക്ക. 21

ആദിയിലജഹൃത്തിൽ സൃഷ്ടിതൻ സ്മൃതിയാരാം
ജാതമാക്കിയതാരു ചോദനചെയ്കയാലെ
വേദവാക്യങ്ങൾ ധാതൃമുഖത്തുനിന്നുമുന്നി-
താ ദിവ്യനൃഷികൾതന്നൃഷഭൻ
പ്രസാദിക്ക. 22

മഹദ്ഭൂതങ്ങളാലിശ്ശരീരമശേഷവും
സ്വഹിതത്തിനു തീർക്കമതത്തത്ത്വസ്വരൂപനായ്
ഗുണങ്ങൾ പതിനാറുമന്തരങ്ഗാവാസിയാ-
യനുഭവിക്കും ദേവൻ വാക്കിനു രസം ചേർക്ക. 23

ആരുടെ മുഖാബ്ജത്തിൽനിന്നോലും
ജ്ഞാനാസവം
ധാരാളമായിശ്ശാന്തസ്വാന്തന്മാർ പാനംചെയ്യോ
ആ മഹാതേജസ്വിയും ജ്ഞാനപൂർണ്ണനുമാകും
ശ്രീമദ്ബാദരായണമുനിക്കു നമസ്കാരം. 21

ഇച്ചോദ്യം ദേവർഷിയാം നാരദൻ മുന്നം തന്റെ-
യച്ഛനാമജനോടു ചോദിച്ചതല്ലോ ഭൂപാ!
കല്പാന്തകാലത്തിലാ വിഷ്ണുവിൽനിന്നറിഞ്ഞ-
തെപ്പേരുമപ്പുത്രനായുപദേശിച്ചാനജൻ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചമോഽദ്ധ്യായഃ

നാരദ ഉവാച

ദേവ ദേവ നമസ്തേഽസ്തു ഭൂതഭാവന പൂർവ്വജ,
തദ്വിജാനീഹി യജ്ജ്ഞാനമാത്മതത്ത്വനിദർശനം. 1

യദ്രൂപം യദധിഷ്ഠാനം യതസ്സൃഷ്ടമിദം പ്രഭോ!
യത്സംസ്ഥം യത്പരം യച്ച തത്തത്ത്വം വദ തത്ത്വതഃ 2

സർവ്വം ഹ്യേതദ് ഭവാൻ വേദ ഭൂതഭവ്യഭവത്പ്രഭുഃ
കരാമലകവദ്വിശ്വം വിജ്ഞാനാവസിതം തവ. 3

യദ്വിജ്ഞാനോ യദാധാരോ യത്പരസ്ത്വം യദാത്മകഃ
ഏകസ്സൃജസി ഭൂതാനി ഭൂതൈരേവാത്മമായയാ. 4

ആത്മൻ, ഭാവയസേ താനി ന പരാഭാവയൻ സ്വയം
ആത്മശക്തിമവഷ്ടഭ്യ ഊർണ്ണനാഭിരിവാക്ലമഃ. 5

നാഹം വേദ പരം ഹ്യസ്മിൻ നാപരം ന സമം വിഭോ
നാമരൂപഗുണൈർഭാവ്യം സദസത് കിഞ്ചിദന്യതഃ 6

സ ഭവാനചരദ്ഘോരം യത്തപഃ സുസമാഹിതഃ
തേന ഖേദയസേ നസ്ത്വം പരാശങ്കാം പ്രയച്ഛസി. 7

ഏതന്മേ പൃച്ഛതസ്സർവ്വം സർവ്വജ്ഞ, സകലേശ്വര,
വിജാനീഹി യഥൈവേദമഹം ബുദ്ധ്യേഽനുശാസിതഃ. 8

ബ്രഹ്മോവാച

സമ്യക് കാരുണികസ്യേദം, വത്സ, തേ വിചികിത്സിതം
യദഹം ചോദിതസ്സൗമ്യ, പരധർമ്മപ്രദർശനേ. 9

നാനൃതം തവ തച്ചാപി യഥാ മാം പ്രബ്രവീഷി ഭോഃ
അവിജ്ഞായ പരം മത്ത ഏതാവത്ത്വം യതോ ഹി മേ. 10

യേന സ്വരോചിഷാ വിശ്വം രോചിതം രോചയാമ്യഹം
യഥാർക്കോഽഗ്നിര്യഥാ സോമോ യഥർക്ഷഗ്രഹതാരകാഃ 11

തസ്മൈ നമോ ഭഗവതേ വാസുദേവായ ധീമഹി
യന്മായയാ ദുർജ്ജയയാ മാം ബ്രുവന്തി ജഗദ്ഗുരും. 12

വിലജ്ജമാനയാ യസ്യ സ്ഥാതുമീക്ഷാപഥേഽമുയാ
വിമോഹിതാ വികത്ഥന്തേ മമാഹമിതി ദുർധിയഃ. 13

ദ്രവ്യം കർമ്മ ച കാലശ്ച സ്വഭാവോ ജീവ ഏവ ച
വാസുദേവാത്പരോ ബ്രഹ്മന്ന ചാന്യോഽർത്ഥോഽസ്തി തത്ത്വതഃ. 14

നാരായണപരാ വേദാ ദേവാ നാരായണാംശജാഃ
നാരായണപരാ ലോകാ നാരായണപരാ മഖാഃ 15

നാരായണപരോ യോഗോ നാരായണപരം തപഃ
നാരായണപരം ജ്ഞാനം നാരായണപരാ ഗതിഃ. 16

തസ്യാപി ദ്രഷ്ടുരീശസ്യ കൂടസ്ഥസ്യാഽഖിലാത്മനഃ
സൃജ്യം സൃജാമി സൃഷ്ടോഽഹമീക്ഷയൈവാഭിചോദിതഃ. 17

സത്വം രജസ്തമ ഇതി നിർഗ്ഗുണസ്യ ഗുണാസ്ത്രയഃ
സ്ഥിതിസർഗ്ഗനിരോധേഷു ഗൃഹീതാ മായയാ വിഭോഃ 18

കാര്യകാരണകർത്തൃത്വേ ദ്രവ്യജ്ഞാനക്രിയാശ്രയാഃ
ബധ്നന്തി നിത്യദാ മുക്തം മായിനം പുരുഷം ഗുണാഃ 19

സ ഏഷ ഭഗവാൻ ലിംഗൈസ്ത്രിഭിരേഭിരധോക്ഷജഃ
സ്വലക്ഷിതഗതിർ,ബ്രഹ്മൻ, സർവ്വേഷാം മമ ചേശ്വരഃ 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 5

സർഗ്ഗം—വിരാഡ്രൂപവർണ്ണനം

നാരദൻ പറഞ്ഞു

ജീവിസന്ദോഹവൃദ്ധിപ്രദനായാദ്യനായി
ദേവദേവനായ് മിന്നും നാന്മുഖാ! നമസ്കാരം.
അവിടുന്നാത്മതത്ത്വമറിയേണ്ടതാം ജ്ഞാന-
മിവനായുപദേശിച്ചീടണം വ്യക്തമായി. 1

ഇപ്രപഞ്ചത്തിൻ രൂപമെന്താ,ണിതീവണ്ണമാ-
രുദ്ഭവിപ്പിച്ചു പിന്നെയാരിതിന്നവലംബം
ഏതൊന്നിനധീനമി താരിലാം ലയിപ്പതു-
മോതണമാത്മാവിതിനാരെന്നും
യഥാർത്ഥമായ്. 2

ത്രികാലജ്ഞനാമങ്ങ വിജ്ഞാനത്തിനാൽ
തീർത്ത
ജഗത്തു തവ കരാമലകംതന്നെയല്ലോ. 3

എങ്ങനിന്നാർജ്ജിച്ചങ്ങിപ്രപഞ്ചസൃഷ്ടിജ്ഞാന-
മങ്ങേ സ്വരൂപമെന്തു മേധാവിയുണ്ടോ തവ?
ഏകനായ് സ്വശക്തിയാൽ പഞ്ചഭൂതങ്ങ-
ളെക്കൊ-
ണ്ടാകെയിപ്രാണികളെയങ്ങല്ലേ
സൃഷ്ടിച്ചതും? 4

എട്ടുകാലിയെപ്പോലെയക്ലമനായിട്ടാത്മ-
ശക്തിയെയാശ്രയിച്ചു, പററാതെ പരാഭവം
ശരിയായവററിനെയാത്മാവിൽത്താനിരുത്തി-
പ്പരിപാലിച്ചീടുന്ന നിന്തിരുമേനിതാനേ. 5

ഉത്തമമദ്ധ്യമങ്ങളധമങ്ങളും ദേവ-
മർത്ത്യതിര്യങ്മൃഗാദിവർഗ്ഗവുമെല്ലാംതന്നെ
നിന്തിരുവടിയിൽനിന്നുണ്ടായിട്ടുള്ളതാണെ-
ന്നന്തരംഗത്തിലിവൻ വിശ്വസിച്ചിരിക്കുന്നു. 6

എന്നാലും ഭവാൻ സമാഹിതനായ്ത്തപസ്സുചെ-
യ്യുന്നതു ദുഃഖിപ്പിപ്പു ഞങ്ങളെയയി പ്രഭോ!
അതിനാലാരാദ്ധ്യനായുണ്ടൊരാളങ്ങേയ്ക്കുമെ-
ന്നുദിപ്പിച്ചീടുന്നിതു സന്ദേഹം ഞങ്ങൾക്കു-
ള്ളിൽ. 7

സകലേശ്വരനായി സർവ്വജ്ഞനാകുമങ്ങെ-
ന്നകതാരിങ്കൽത്തങ്കുമീ ശങ്ക തീർത്തീടണം. 8

ബ്രഹ്മാവു പറഞ്ഞു

കരുണാത്മാവാം നിന്റെയിസ്സന്ദേഹജപ്രശ്നം
പെരികെ നന്നുതന്നെ നന്ദനാ! സാധുശീലാ!
പരനാം പൂരുഷൻതൻ ധർമ്മം പ്രദർശിപ്പിക്കാൻ
വരമിച്ചോദ്യമെന്നെ പ്രേരണചെയ്യുന്നല്ലോ. 9

നീയെന്നെസ്സർവ്വേശ്വരനെന്നെല്ലാം വാഴ്ത്തിയതു
പൊയ്യാകാ ഞാനത്രയ്ക്കു മാഹാത്മ്യമുള്ളവൻ
താൻ
എന്നാലുമെന്നെക്കാളും ശ്രേഷ്ഠനായൊരുത്തനു-
ണ്ടെന്നതു ധരിക്കാതെയല്ലോ നീ
സംസാരിപ്പൂ. 10

സ്വന്തഭാസ്സാലദ്ദേവൻ വിളക്കും വിശ്വം സൂര്യ-
ചന്ദ്രാഗ്നിതാരഗ്രഹർക്ഷങ്ങളുമെപ്രകാരം
ശോഭിപ്പിക്കുന്നിതതുപോലെ മാത്രമേ ഞാനു-
മാഭചേർത്തീടുന്നുള്ളൂ ലോകത്തിനാത്മജാതാ. 11

വെല്ലുവാനശക്യയാം തന്മായയാൽ മയങ്ങി-
യെല്ലാരും ജഗദ്ഗുരുവെന്നെന്നെ കീർത്തി-
ക്കുവാൻ
ശക്തിയിങ്ങേകീടിന ഭഗവൻ! വാസുദേവാ!
ഭക്തിയോടങ്ങയേ ഞാൻ നമിപ്പൂ ഹൃദയ-
ത്താൽ. 12

ആരുടെ കൺമുമ്പിലായ് നില്പവാൻ ലജ്ജി-
ച്ചീടു-
ന്നോരു മായയാൽ മോഹമഗ്നരാം ദുർബുദ്ധികൾ
ഞാനെന്നുമെന്റെ പുത്രദാരാദിയെന്നുമഭി-
മാനിച്ചു വികത്ഥനംചെയ്യുന്നു മുനീശ്വരാ! 13

കൃത്യവും ശീലം കാലം ജീവൻ ദ്രവ്യവുമെല്ലാം
സത്യസ്വരൂപൻ വാസുദേവൻതാൻ മറെറാ-
ന്നല്ല. 14

വേദങ്ങൾ നാരായണപരങ്ങൾ ദേവന്മാരു-
മാ ദേവദേവൻതന്റെയംശജാതന്മാരല്ലോ.
ലോകങ്ങൾ യാഗങ്ങളും ജ്ഞാനവും തപസ്സതും
യോഗവും നിർവാണവും വൈഷ്ണവമത്രേ
പുത്രാ! 15-16

സർവ്വസാക്ഷിയും സർവ്വേശ്വരനും കൂടസ്ഥനും
സർവ്വഭൂതാത്മാവുമാം ഹരിതൻ കടാക്ഷത്താൽ
ചോദിതനായി സൃഷ്ടിയോഗ്യമാം വസ്തുക്കളെ
സാദരം സൃഷ്ടിക്കുന്ന തന്നാഭിജാതനാം
ഞാൻ. 17

നിർഗ്ഗുണനെന്നാകിലും സർവ്വേശൻ നിജ
മായാ-
യുക്തനായ് സത്ത്വാദിയായീടുന്ന ഗുണത്രയം
വിഷ്ടപസൃഷ്ടിസ്ഥിതിസംഹാരകാര്യങ്ങൾ-
ക്കായ്
സ്പഷ്ടമംഗീകരിക്കുന്നെന്നതു ധരിച്ചാലും. 18

ഇന്ദ്രിയങ്ങൾക്കും മഹാഭൂതരാശിക്കും സുര-
സന്ദോഹത്തിനും ഹേതുവാകുമീത്രിഗുണങ്ങൾ
മുക്തനെങ്കിലും മായായുക്തജീവനെബ്ബദ്ധ-
നാക്കിയാദ്ധ്യാത്മികാദിതാപത്തിൽത്തള്ളീ-
ടുന്നു. 19

ഇന്ദ്രിയാതീതനായി വർത്തിക്കുമദ്ദേവന്റെ-
യന്തമററുള്ള തത്ത്വം ത്രിഗുണലക്ഷ്യങ്ങളാൽ
തദ്ഭക്തജനം ധരിച്ചീടുന്നു നാരദർഷേ-
യബ്ഭഗവാനാണീശനെനിക്കുമെല്ലാ-
വർക്കും. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലം കർമ്മ സ്വഭാവം ച മായേശോ മായയാ സ്വയാ
ആത്മന്യദൃച്ഛയാ പ്രാപ്തം വിബുഭൂഷുരുപാദദേ. 21

കാലാദ്ഗുണവ്യതികരഃ പരിണാമഃ സ്വഭാവതഃ
കർമ്മണോ ജന്മ മഹതഃ പുരുഷാധിഷ്ഠിതാദഭൂത്. 22

മഹതസ്തു വികുർവ്വാണാദ്രജസ്സത്വോപബൃംഹിതാത്
തമഃപ്രധാനസ്ത്വഭവദ് ദ്രവ്യജ്ഞാനക്രിയാത്മകഃ 23

സോഽഹംകാര ഇതി പ്രോക്തോ വികുർവ്വൻ സമഭൂത് ത്രിധാ
വൈകാരികസ്തൈജസശ്ച താമസശ്ചേതി യദ്ഭിദാ
ദ്രവ്യശക്തിഃ ക്രിയാശക്തിർജ്ഞാനശക്തിരിതി പ്രഭോ. 24

താമസാദപി ഭൂതാദേർവ്വികുർവ്വാണാദഭൂന്നഭഃ
തസ്യ മാത്രാ ഗുണശ്ശബ്ദോ ലിംഗം യദ്ദ്രഷ്ടൃദൃശ്യയോഃ 25

നഭസോഽഥ വികുർവ്വാണാദഭൂത് സ്പർശഗുണോഽനിലഃ
പരാന്വയാച്ഛബ്ദവാംശ്ച പ്രാണ ഓജസ്സഹോ ബലം. 26

വായോരപി വികുർവ്വാണാത് കാലകർമ്മസ്വഭാവതഃ
ഉദപദ്യത തേജോ വൈ രൂപവത് സ്പർശശബ്ദവത്. 27

തേജസസ്തു വികുർവ്വാണാദാസീദംഭോ രസാത്മകം
രൂപവത് സ്പർശവച്ചാംഭോ ഘോഷവച്ച പരാന്വയാത്. 28

വിശേഷസ്തു വികുർവ്വാണാദംഭസോ ഗന്ധവാനഭൂത്
പരാന്വയാദ്രസസ്പർശശബ്ദരൂപഗുണാന്വിതഃ 29

വൈകാരികാന്മനോ ജജ്ഞേ ദേവാ വൈകാരികാ ദശ
ദിഗ്വാതാർക്കപ്രചേതോഽശ്വിവഹ്നീന്ദ്രോപേന്ദ്രമിത്രകാഃ 30

തൈജസാത്തു വികുർവ്വാണാദിന്ദ്രിയാണി ദശാഭവൻ
ജ്ഞാനശക്തിഃ ക്രിയാശക്തിർബ്ബുദ്ധിഃ പ്രാണസ്തു തൈജസൗ
ശ്രോത്രം ത്വഗ് ഘ്രാണദൃഗ്ജിഹ്വാ വാഗ്ദോർമ്മേഢ്റാങ്ഘ്രി-
പായവഃ 31

യദൈതേഽസംഗതാ ഭാവാ ഭൂതേന്ദ്രിയമനോഗുണാഃ
യദായതനനിർമ്മാണേ ന ശേകുർബ്രഹ്മവിത്തമ! 32

തദാ സംഹത്യ ചാന്യോന്യം ഭഗവച്ഛക്തിചോദിതാഃ
സദസത്വമുപാദായ ചോഭയം സസൃജുർഹ്യദഃ. 33

വർഷപൂഗസഹസ്രാന്തേ തദണ്ഡമുദകേശയം
കാലകർമ്മസ്വഭാവസ്ഥോ ജീവോഽജീവമജീവയത്. 34

സ ഏവ പുരുഷസ്തസ്മാദണ്ഡം നിർഭിദ്യ നിർഗ്ഗതഃ
സഹസ്രോർവ്വങ്ഘ്രിബാഹ്വക്ഷസ്സഹസ്രാനനശീർഷവാൻ. 35

യസ്യേഹാവയവൈർല്ലോകാൻ കല്പയന്തി മനീഷിണഃ
കട്യാദിഭിരധസ്സപ്ത, സപ്തോർദ്ധ്വം ജഘനാദിഭിഃ. 36

പുരുഷസ്യ മുഖം ബ്രഹ്മ, ക്ഷത്രമേതസ്യ ബാഹവഃ
ഊർവ്വോർവ്വൈശ്യോ, ഭഗവതഃ പദ്ഭ്യാം ശൂദ്രോഽഭ്യജായത. 37

ഭൂർല്ലോകഃ കല്പിതഃ പദ്ഭ്യാം, ഭുവർലോകോഽസ്യ നാഭിതഃ
ഹൃദാ സ്വർല്ലോക, ഉരസാ മഹർല്ലോകോ മഹാത്മനഃ 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായേശനവൻ നിജ മായയാൽ ബഹുരൂപ-
നായിത്തീരുവാനിച്ഛകലന്നിട്ടനായാസം
തന്നോട്ട വശാൽ ചേന്നകാലം സ്വഭാവം കർമ്മ-
മെന്നിവയെല്ലാം മടിയെന്നിയേ സ്വീകരി-
ച്ചാൻ. 21

കാലത്തിൽനിന്നു ഗുണക്ഷോഭവുമതുപോലെ
ചാലവേ സ്വഭാവത്തിൽനിന്നന്യരൂപപ്രാപ്തിയും
കർമ്മത്തിൽനിന്നു പിന്നെ മഹത്തത്ത്വോത്പ-
ത്തിയും
നിർമ്മലമതേ! ഭവിച്ചീടുന്നെന്നറിഞ്ഞാലും. 22

രജസ്സത്ത്വങ്ങൾ വർദ്ധിച്ചതിനാൽ വികാരത്തെ
ഭജിച്ചീടുന്ന മഹത്തത്ത്വത്തിൽനിന്നു പിന്നെ
താമസമെന്യേ ദ്രവ്യജ്ഞാനക്രിയാരൂപമാം
താമസമുഖ്യമഹങ്കാരതത്ത്വവുമുണ്ടായ്. 23

മഹർഷേ! വൈകാരികൻ, തൈജസൻ, താമ-
സനെ-
ന്നഹന്ത വികാരത്തെയാളുന്ന മൂന്നിനത്തിൽ
നിയതമോതീടുന്നുണ്ടിവയെ ജ്ഞാനശക്തി-
ക്രിയാശക്തിയും ദ്രവ്യശക്തിയുമെന്നും
ക്രമാൽ. 24

മാമുനേ! ഭൂതാദിയായ് വികാരംപ്രാപിച്ചുള്ള
താമസാഹങ്കാരത്തിൽനിന്നുമാകാശമുണ്ടായ്
തന്മാത്രാഗുണമാകും ശബ്ദംതാൻ ദ്രഷ്ടാവിനും
ബ്രഹ്മജ്ഞാ! ദൃശ്യത്തിനും ലക്ഷ്യമായ് ഭവി-
ക്കുന്നു. 25

സവികാരാകാശത്തിൽനിന്നുടൻ സ്പർശഗുണൻ
പവനൻ തീർന്നു ശബ്ദഗുണവൃത്തിയുമൊത്തു
പ്രാണധാരണത്തിനുമിന്ദ്രിയമനഃകായാ-
ന്യൂനശക്തിക്കുമിതു കാരണമായ് ഭവിപ്പൂ. 26

സ്വഭാവം കാലം കർമ്മമിവയാൽ വികാരിയാം
പ്രഭഞ്ജനങ്കൽനിന്നു രൂപമാം ഗുണമാളും
തേജസ്സുണ്ടായി ശബ്ദസ്പർശങ്ങൾ ഗുണങ്ങളും
യോജിച്ചാകാശാനിലഭൂതസങ്കലനത്താൽ. 27

ആകാശം വായു വഹ്നിയിവററിൻഗുണങ്ങളു-
മേകമാം സ്വന്തരസഗുണവുംചേർന്നു പിന്നെ
സലിലം സംജാതമായ് സവികാരിയായ്
മിന്നും
ജ്വലനൻതന്നിൽനിന്നെന്നറിക മുനീശ്വരാ! 28

വികൃതാംഭസ്സിൽനിന്നു ഭൂവുണ്ടായ് ഗന്ധമാകും
സ്വഗുണമാർന്നന്യശബ്ദാദിഗുണംചേർന്നും. 29

സാത്ത്വികാഹങ്കാരത്തിൽനിന്നു ചേതസ്സു-
മതിൻ-
റത്തിദേവതയാകും ചന്ദ്രനുമുണ്ടായ് പിന്നെ
ദിക്കു മാരുതൻ സൂര്യൻ വരുണനശ്വിനിക-
ളഗ്നിയിന്ദ്രോപേന്ദ്രന്മാർ മിത്രനുമജൻ-
താനും. 30

രാജസാഹങ്കാരത്തിൽനിന്നിന്ദ്രിയങ്ങൾ പത്തും
സംജാതമായി ജ്ഞാനശക്തിയാർന്നിട്ടും ധീയും
കൃത്യത്തിൽ ശക്തിയാളും പ്രാണനുമുണ്ടായിതു
ശ്രോത്രവും കണ്ണും മൂക്കും തൊലിയും നാവുമേവം
ജ്ഞാനേന്ദ്രിയങ്ങളഞ്ചും വചനം മേഢ്രം ഗുദം
പാണിപാദവുമേവം കർമ്മേന്ദ്രിയങ്ങളഞ്ചും. 31

ദേവർഷേ! ഭൂതേന്ദ്രിയമാനസഗുണങ്ങളാം
ഭാവങ്ങൾതമ്മിലേതുമൊത്തുചേർന്നിണങ്ങാതെ
ബ്രഹ്മജ്ഞാ! ബ്രഹ്മാണ്ഡസ്വരൂപമാം
ശരീരത്തെ
നിർമ്മിക്കാനവയ്ക്കൊട്ടും ശക്തിയില്ലായി-
രുന്നു. 32

പിന്നെയങ്ങീശശക്തിപ്രേരണംകാരണത്താ-
ലന്യോന്യമൊത്തിണങ്ങി സ്ഥൂലസൂക്ഷ്മങ്ങ-
ളാകും
രണ്ടു ഭാവങ്ങളാന്നസ്സമഷ്ടി ശരീരവു-
മുണ്ടാക്കി വേണ്ടുംവിധം വ്യഷ്ടിദേഹവും
മുനേ! 33

എണ്ണമററുള്ള സഹസ്രാബ്ദങ്ങൾ കഴിഞ്ഞ-
പ്പോൾ
തണ്ണീരിൽ ശയിക്കുമീയചേതനാണ്ഡത്തിനെ
കാലകർമ്മസ്വഭാവസ്ഥിതനാം പരൻപുമാൻ
ചാലവേ സചേതനമാക്കിയെന്നറി-
ഞ്ഞാലും. 34

അണ്ഡത്തെബ്ഭേദിച്ചുടൻ വെളിപ്പെട്ടാനപ്പു-
മാനെണ്ണമററൂരു കൈ കാൽ കൺ മുഖം ശിര-
സ്സോടും. 35

വിദ്വാന്മാരിക്കണ്ടിടുമൊക്കെയ്ക്കുമടിസ്ഥാന-
മിദ്ദേവനെന്നുമവന്നരയ്ക്കു കീഴെബ്ഭാഗം
അതലാദികളെന്നും ജഘനോപരിഭാഗ-
മിതരമേഴലോകമെന്നുമുദ്ഘോഷിക്കുന്നു. 36

ഇപ്പുമാൻതന്നാനനം ബ്രാഹ്മണനത്രേ പാർത്താൽ
കല്പിപ്പൂ തദ്ഭുജങ്ങൾ ക്ഷത്രിയനെന്നും തഥാ
ഇവന്റെയൂരുക്കളിൽനിന്നു വൈശ്യനുമാവി-
ർഭവിച്ചു പാദങ്ങളിൽനിന്നഥ ശൂദ്രന്താനും. 37

മഹാത്മാവാമിപ്പരംപുമാന്റെ പാദങ്ങളിൽ
മഹിയും നാഭിയിങ്കൽ ഭുവർല്ലോകവും പിന്നെ
ഹൃദയത്തിങ്കൽ സുവർല്ലോകവും മാറിടത്തിൽ
സുധികൾ കല്പിക്കുന്നു മഹർല്ലോകവും മുനേ! 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രീവായാം ജനലോകശ്ച തപോലോകഃ സ്തനദ്വയാത്
മൂർദ്ധഭിസ്സത്യലോകസ്തു ബ്രഹ്മലോകസ്സനാതനഃ. 39
തത്കട്യാം ചാതലം ക്ലൃപ്തമൂരുഭ്യാം വിതലം വിഭോഃ
ജാനുഭ്യാം സുതലം ശുദ്ധം, ജംഘാഭ്യാം തു തലാതലം, 40
മഹാതലം തു ഗുല്ഫാഭ്യാം പ്രപദാഭ്യാം രസാതലം
പാതാളം പാദതലത ഇതി ലോകമയഃ പുമാൻ. 41
ഭൂർല്ലോകഃ കല്പിതഃ പദ്ഭ്യാം, ഭുവർല്ലോകോഽസ്യ നാഭിതഃ
സ്വർല്ലോകഃ കല്പിതോ മൂർദ്ധ്നാ, ഇതി വാ ലോകകല്പനാ. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

ബ്രഹ്മോവാച

വാചാം വഹ്നേർമുഖം ക്ഷേത്രം ഛന്ദസാം സപ്ത ധാതവഃ
ഹവ്യകവ്യാമൃതാന്നാനാം ജിഹ്വാ സർവ്വരസസ്യ ച. 1
സർവ്വാസൂനാം ച വായോശ്ച തന്നാസേ പരമായനേ
അശ്വിനോരോഷധീനാം ച ഘ്രാണോ മോദപ്രമോദയോഃ 2
രൂപാണാം തേജസാം ചക്ഷുർദ്ദിവസ്സൂര്യസ്യ ചാക്ഷിണീ
കർണ്ണൗ ദിശാം ച തീർത്ഥാനാം ശ്രോത്രമാകാശശബ്ദയോഃ 3
തദ്ഗാത്രം വസ്തുസാരാണാം സൗഭഗസ്യ ച ഭാജനം
ത്വഗസ്യ സ്പർശവായോശ്ച സർവ്വമേധസ്യ ചൈവ ഹി. 4
രോമാണ്യുദ്ഭിജ്ജജാതീനാം യൈർവ്വാ യജ്ഞസ്തു സംഭൃതഃ
കേശശ്മശ്രുനഖാന്യസ്യ ശിലാലോഹാഭ്രവിദ്യുതാം. 5
ബാഹവോ ലോകപാലാനാം പ്രായശഃ ക്ഷേമകർമ്മണാം
വിക്രമോ ഭൂർഭുവഃ സ്വശ്ച ക്ഷേമസ്യ ശരണസ്യ ച 6
സർവ്വകാമവരസ്യാപി ഹരേശ്ചരണ ആസ്പദം
അപാം വീര്യസ്യ സർഗ്ഗസ്യ പർജ്ജന്യസ്യ പ്രജാപതേഃ 7
പുംസശ്ശിശ്ന ഉപസ്ഥസ്തു പ്രജാത്യാനന്ദനിർവ്വൃതേഃ
പായുര്യമസ്യ മിത്രസ്യ പരിമോക്ഷസ്യ നാരദ! 8
ഹിംസായാ നിരൃതേർമൃത്യോർനിരയസ്യ ഗുദഃ സ്മൃതഃ
പരാഭൂതേരധർമ്മസ്യ തമസശ്ചാപി പശ്ചിമഃ 9
നാഡ്യോ നദനദീനാം തു, ഗോത്രാണാമസ്ഥിസംഹതിഃ
അവ്യക്തരസസിന്ധൂനാം ഭൂതാനാം നിധനസ്യ ച. 10
ഉദരം വിദിതം പുംസോ ഹൃദയം മനസഃ പദം. 11
ധർമ്മസ്യ മമ തുഭ്യം ച കുമാരാണാം ഭവസ്യ ച
വിജ്ഞാനസ്യ ച സത്വസ്യ പരസ്യാത്മാ പരായണം. 12
അഹം ഭവാൻ ഭവശ്ചൈവ ത ഇമേ മുനയോഽഗ്രജാഃ
സുരാസുരനരാ നാഗാഃ ഖഗാ മൃഗസരീസൃപാഃ 13
ഗന്ധർവ്വാപ്സരസോ യക്ഷാ രക്ഷോഭൂതഗണോരഗാഃ
പശവഃ പിതരസ്സിദ്ധാ വിദ്യാധ്രാശ്ചാരണാ ദ്രുമാഃ 14
അന്യേ ച വിവിധാ ജീവാ ജലസ്ഥലനഭൗകസഃ
ഗ്രഹർക്ഷകേതവസ്താരാസ്തഡിതഃ സ്തനയിത്നവഃ 15
സർവ്വം പുരുഷ ഏവേദം ഭൂതം ഭവ്യം ഭവച്ച യത്
തേനേദമാവൃതം വിശ്വം വിതസ്തിമധിതിഷ്ഠതി. 16
സ്വധിഷ്ണ്യം പ്രതപൻ പ്രാണോ ബഹിശ്ച പ്രതപത്യസൗ
ഏവം വിരാജം പ്രതപംസ്തപത്യന്തർബ്ബഹിഃ പുമാൻ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്തനദ്വയത്തിൽ തപോലോകവും ഗ്രീവതന്നിൽ
ജനർല്ലോകവും പിന്നെത്തദുത്തമാംഗംതന്നിൽ
വൈകുണ്ഠാഖ്യമായ് സനാതനമായീടും ബ്രഹ്മ-
ലോകവു,മരക്കെട്ടിലതല,മുരുക്കളിൽ
വിതലമെന്ന ലോകം ജാനുദ്വയത്തിൽ പിന്നെ-
യതിപാവനമാകും സുതലലോകത്തെയും
കണങ്കാൽകളിൽ തലാതലവും ഗുല്ഫങ്ങളി-
ലനഘാ! മഹാതലം പ്രപദങ്ങളിൽ പിന്നെ
രസാതലാഖ്യവും കാലടിയിൽപ്പാതാളവു-
മൃഷീന്ദ്രാ! കല്പിതമീമട്ടിവൻ ലോകരൂപൻ.
39–41

മന്നു പാദവും ഭുവർല്ലോകം നാഭിയും തഥാ
വിണ്ണു മൂർദ്ധാവുമെന്നു മൂന്നായും കല്പിക്കുന്നു. 42

അദ്ധ്യായം 6

വിരാഡ്രൂപവർണ്ണനം–തുടർച്ച

ബ്രഹ്മാവു പറഞ്ഞു

ഇപ്പുരുഷൻതന്മുഖം വഹ്നിക്കും വാക്കുകൾക്കും
സപ്തധാതുക്കൾ പരം ഛന്ദസ്സുകൾക്കും സ്ഥാനം
ഹവ്യകവ്യങ്ങൾ, സുധ, മർത്ത്യാന്നം രസങ്ങളെ-
ന്നീവക ജിഹ്വേന്ദ്രിയംതന്നിൽനിന്നുണ്ടാ-
യിതു. 1

ഇവന്റെ നാസികകൾ സമസ്തപ്രാണങ്ങൾക്കും
പവമാനനും, ഘ്രാണേന്ദ്രിയമതൗഷധിക്കും
വിശേഷഗന്ധത്തിനും സാമാന്യഗന്ധത്തിനു-
മശ്വിനികൾക്കും സ്ഥാനമാണെന്നു ധരി-
ച്ചാലും. 2

ചക്ഷുരിന്ദ്രിയം രൂപതേജസ്സുകൾക്കും പുന-
രക്ഷികൾ നഭസ്സിനും ദിവസനായകനും
ശ്രോത്രേന്ദ്രിയങ്ങൾ ദിക്കു പത്തിനും തീർത്ഥ-
ങ്ങൾക്കും
ശ്രോത്രമാകാശത്തിനും സ്ഥാനമാം ശബ്ദത്തിനും
തദ്ഗാത്രം വസ്തുസാരം സൗന്ദര്യമിവററിനും
ത്വക്കനിലനും സ്പർശത്തിനുമദ്ധ്വരങ്ങൾക്കും
രോമങ്ങൾ വൃക്ഷങ്ങൾക്കും യാഗസാധനങ്ങൾ-
ക്കും
വാർമുടി കാർമുകിൽക്കും ശ്മശ്രുക്കൾ മിന്ന-
ലിന്നും 3–4

കാൽനഖം കല്ലുകൾക്കും കൈനഖം ലോഹ-
ങ്ങൾക്കും
സ്ഥാനമെന്നതും ധരിച്ചീടുക മുനീശ്വരാ. 5

തത്പദന്യാസം സ്വർഗ്ഗഭൂർഭുവർല്ലോകങ്ങൾക്കും
നിർഭയത്വത്തിനും സുക്ഷേമത്തിനും, കരങ്ങൾ 6
ലോകപാലകന്മാർക്കും, പാദങ്ങൾ സർവ്വാഭീഷ്ട-
സ്വീകാരത്തിനും, ലിംഗം സൃഷ്ടിക്കും ശുക്ല-
ത്തിനും
പ്രജാപതിക്കും മേഘതതിക്കും ജലത്തിനും
സൃജനിസ്ഥാനമെന്നു നാരദാ! ധരിച്ചാലും. 7

ഇപ്പുമാൻതന്നുപസ്ഥം സന്താനലാഭത്തിനാ-
യേറ്റവോർക്കു സംയോഗാനന്ദനിർവൃതിക്കും
പായുവാമിന്ദ്രിയം വിസർജ്ജനത്തിനും ഭൂത-
സംയമനന്തകനും മിത്രനും ജന്മസ്ഥാനം. 8

നരകം ഹിംസ മൃത്യുവിവക്കും പാശിക്കുമി-
പ്പുരുഷഗുദം സ്ഥാനം പിൻഭാഗമജ്ഞതക്കും
അവമതിക്കുമധർമ്മത്തിനും നിദാനമായ്
ഭവിച്ചീടുന്നു ദേവമാമുനേ! മത്തനൂജാ! 9

നാഡികൾ നദീനദസമൂഹത്തിനുമസ്ഥി-
കൂടമദ്രിക്കും കുക്ഷിയവ്യക്തരസത്തിനും
അബ്ധിക്കും ലയത്തിനും ഭൂതസഞ്ചയത്തിനു-
മുത്പത്തിസ്ഥാനമത്രേ ഹൃദയം മനസ്സിനും.
10–11

ഇമ്മഹാപുരുഷന്റെ ചേതസ്സു സത്വത്തിനു-
മമ്മഹേശനും ധർമ്മം വിജ്ഞാനമിതുകൾക്കും
എനിക്കും നിങ്ങൾക്കുമസ്സനൽക്കുമാരന്മാരാം
മുനീന്ദ്രന്മാർക്കും പരം പ്രഭവസ്ഥാനമല്ലോ. 12

ഞാനും നീതാനും സനകാദിമാമുനീന്ദ്രരും
മാനുഷദേവാസുരനാഗഗന്ധർവ്വന്മാരും
ഉരഗാപ്സരോ യക്ഷരാക്ഷസസരീസൃപ-
ഹരഭൂതാളിപക്ഷിമൃഗഗോവൃന്ദങ്ങളും.
ചാരണസിദ്ധവിദ്യാധരന്മാർ പിതൃക്കളും
ഭൂരുഹങ്ങളും ജലസ്ഥലസ്ഥജന്തുക്കളും
വ്യോമചാരികളശ്വിന്യാദിതാരങ്ങൾ ഗ്രഹ-
സ്തോമങ്ങൾ ധൂമകേത്വാദ്യുത്പാതഗ്രഹങ്ങളും
അന്യനക്ഷത്രങ്ങളുമിടിമിന്നലുകളും
മുന്നമുണ്ടായുള്ളതുമുണ്ടായ്ക്കൊണ്ടിരിപ്പതും
ഇന്നിമേലുണ്ടാവതുമായുള്ളതശേഷവു-
മെന്നതല്ലിപ്രപഞ്ചമഖിലമിപ്പുമാൻതാൻ.
ഇവനാലാവൃതമിജ്ജഗത്തിന്നധിഷ്ഠാന-
മിവന്റെ ദശാംഗുലപ്രമാണപ്രദേശം-
താൻ. 13–16

ആദിത്യൻ സ്വമണ്ഡലംതന്നെയും ബഹിരംഗ-
സാധനചയത്തെയും പ്രകാശിപ്പിക്കുന്നപോൽ
വിളക്കുന്നിപ്പുമാൻതൻ ദേഹവും ബ്രഹ്മാണ്ഡ-
ത്തിൻ
വെളിക്കുമകമേയുമിയലും സർവ്വത്തെയും. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽമൃതസ്യാഭയസ്യേശോ മർത്ത്യമന്നം യദത്യഗാത്
മഹിമൈഷ തതോ ബ്രഹ്മൻ പുരുഷസ്യ ദുരത്യയഃ. 18
പാദേഷു സർവ്വഭൂതാനി പുംസഃ സ്ഥിതിപദോ വിദുഃ
അമൃതം ക്ഷേമമഭയം ത്രിമൂർദ്ധ്നോഽധായി മൂർദ്ധസു. 19
പാദാസ്ത്രയോ ബഹിസ്ത്വാസന്നപ്രജാനാം യ ആശ്രമാഃ
അന്തസ്ത്രിലോക്യാസ്ത്വപരോ ഗൃഹമേധോഽബൃഹദ്വ്രതഃ 20
സൃതീ വിചക്രമേ വിഷ്വങ് സാശനാനശനേ ഉഭേ
യദവിദ്യാ ച വിദ്യാ ച പുരുഷസ്തൂഭയാശ്രയഃ. 21
യസ്മാദണ്ഡം വിരാഡ് ജജ്ഞേ ഭൂതേന്ദ്രിയഗുണാത്മകഃ
തദ്ദ്രവ്യമത്യഗാദ്വിശ്വം ഗോഭിസ്സൂര്യ ഇവാതപം. 22
യദാസ്യ നാഭ്യാന്നളിനാദഹമാസം മഹാത്മനഃ
നാവിദം യജ്ഞസംഭാരാൻ പുരുഷാവയവാദൃതേ. 23
തേഷു യജ്ഞസ്യ പശവഃ സവനസ്പതയഃ കുശാഃ
ഇദം ച ദേവയജനം കാലശ്ചോരുഗുണാന്വിതഃ 24
വസ്തൂന്യോഷധയഃ സ്നേഹാ രസലോഹമൃദോ ജലം
ഋചോ യജൂംഷി സാമാനി ചാതുർഹോത്രം ച സത്തമ! 25
നാമധേയാനി മന്ത്രാശ്ച ദക്ഷിണാശ്ച വ്രതാനി ച
ദേവതാനുക്രമഃ കല്പസ്സങ്കല്പസ്തന്ത്രമേവ ച. 26
ഗതയോ മതയഃ ശ്രദ്ധാ പ്രായശ്ചിത്തം സമർപ്പണം
പുരുഷാവയവൈരേതേ സംഭാരാസ്സംഭൃതാ മയാ. 27
ഇതി സംഭൃതസംഭാരഃ പുരുഷാവയവൈരഹം
തമേവ പുരുഷം യജ്ഞം തേനൈവായജമീശ്വരം. 28
തതസ്തേ ഭ്രാതര ഇമേ പ്രജാനാം പതയോ നവ
അയജൻ വ്യക്തമവ്യക്തം പുരുഷം സുസമാഹിതാഃ. 29
തതശ്ച മനവഃ കാലേ ഈജിരേ ഋഷയോഽപരേ
പിതരോ വിബുധാ ദൈത്യാ മനുഷ്യാഃ ക്രതുഭിർവ്വിഭും. 30
നാരായണേ ഭഗവതി തദിദം വിശ്വമാഹിതം
ഗൃഹീതമായോരുഗുണസ്സർഗ്ഗാദാവഗുണസ്സ്വതഃ. 31
സൃജാമി തന്നിയുക്തോഽഹം ഹരോ ഹരതി തദ്വശഃ
വിശ്വം പുരുഷരൂപേണ പരിപാതി ത്രിശക്തിധൃക്. 32
ഇതി തേഽഭിഹിതം താത യഥേദമനുപൃച്ഛസി
നാന്യദ് ഭഗവതഃ കിഞ്ചിത് ഭാവ്യം സദസദാത്മകം. 33

ന ഭാരതീ മേഽങ്ഗ മൃഷോപലക്ഷ്യതേ
ന കർഹിചിന്മേ മനസോ മൃഷാ ഗതിഃ
നമേ ഹൃഷീകാണി പതന്ത്യസത്പഥേ
യന്മേ ഹൃദൗത്കണ്ഠ്യവതാ ധൃതോ ഹരിഃ. 34
സോഽഹം സമാമ്നായമയസ്തപോമയഃ
പ്രജാപതീനാമഭിവന്ദിതഃ പതിഃ
ആസ്ഥായ യോഗം നിപുണം സമാഹിത–
സ്തം നാധ്യഗച്ഛം യത ആത്മസംഭവഃ. 35
നതോസ്മ്യഹം തച്ചരണം സമീയുഷാം
ഭവച്ഛിദം സ്വസ്ത്യയനം സുമങ്ഗളം
യോ ഹ്യാത്മമായാവിഭവം സ്മ പര്യഗാ–
ദ്യഥാ നഭസ്സ്വാന്തമഥാപരേ കുതഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എപ്പൊഴും നിർഭയമാമാനന്ദത്തിനമീശ–
നിപ്പുമാൻ മൃതിധർമ്മകർമ്മാതിക്രാന്തനല്ലോ
അതിനാലിദ്ദേവൻെറ മഹിമയ്ക്കുളവില്ലി–
ക്ഷിതിയിൽ നേരെയതു ധരിക്കാനാകാ–
മാകാ. 18

സ്ഥിതിവിത്തുകൾ നേരേയോതുന്നുണ്ടി–
പ്പുമാൻെറ
പദസംസ്ഥിതമത്രേ ലോകങ്ങളെല്ലാമെന്നായ്.
ത്രൈലോക്യമൂർദ്ധാവാകും മഹർല്ലോകത്തി–
ന്മേലാ–
യാളുന്ന ജനസ്തപോലോകങ്ങൾ രണ്ടിങ്കലും
സത്യലോകത്തും ക്രമാലമൃതം ക്ഷേമം മോക്ഷ–
മിത്രയും വേണ്ടുംവണ്ണം സിദ്ധിപ്പു
മുനീശ്വരാ! 19

സ്പഷ്ടമായ് പ്രജാത്മമാം ഗൃഹസ്ഥധർമ്മംവിട്ട
നൈഷ്ഠികബ്രഹ്മചാരി സന്ന്യാസി
വാനപ്രസ്ഥൻ
എന്നിവർതന്നാശ്രമത്രിതയം ലോകത്രയ–
ത്തിന്നു ബാഹ്യത്തിലാളും പുരുഷപാദ–
ത്രയം. 20

ബ്രഹ്മചര്യത്തെവിട്ട ഗൃഹസ്ഥൻതന്നാശ്രമ–
മിമ്മഹാൻതൻ ത്രിലോകോദരസ്ഥമേകപാദം.
സാശനമനശനമിങ്ങനെ രണ്ടു പന്ഥാ–
വീശകല്പിതം ഭോഗമോക്ഷസാധനങ്ങളായ്.
കർമ്മരൂപവുമുപാസനാരൂപവുമാക–
മിമ്മാർഗ്ഗം രണ്ടിന്നുമിപ്പുരുഷൻതാനാശ്രയം. 21

ബ്രഹ്മാണ്ഡമാരിൽനിന്നുമുണ്ടായിതാരിൽനിന്നു
ഭൂമ്യാദിഭൂതങ്ങളും സത്വാദിഗുണങ്ങളും
നേത്രാദീന്ദ്രിയങ്ങളും സ്വരൂപമാർന്നതായി–
ക്കീർത്തിക്കപ്പെട്ടവിരാൾപുരുഷൻതാനുമുണ്ടായ്
അദ്ദേവൻ സർവ്വവ്യാപിയായിപ്പാരിടം ഭാസ്സാൽ
മാർത്താണ്ഡനംശുക്കളാൽപോലതിക്രമി–
ക്കുന്നു. 22

അമ്മഹാത്മാവിൻ നാഭിനളിനത്തിങ്കൽനിന്നു
ജന്മമാർന്നപ്പോളെനിക്കമ്മഹാപുരുഷൻെറ
അംഗകങ്ങളെയെന്യേ യജ്ഞസാധനങ്ങളാ–
യെങ്ങുമേയൊന്നുംതന്നെ കാണുവാൻ
കഴിഞ്ഞീല. 23

കണ്ടേനിപ്പുരുഷൻതന്നവയവങ്ങൾക്കുള്ളിൽ
വേണ്ടിടത്തോളം യജ്ഞവസ്തുക്കളെല്ലാം പിന്നെ
പശുക്കൾ യൂപങ്ങളും ദർഭകൾ യാഗഭൂവും
വസന്താദ്യനുകൂലകാലങ്ങൾ പാത്രങ്ങളും 24

ഔഷധികളും നെയ്യും രസവസ്തുക്കൾമറ്റും
ഭാസുരസുവർണ്ണാദിലോഹങ്ങൾ തണ്ണീർ മണ്ണും
ഋഗ്യജുസ്സാമങ്ങളും ചാതുർഹോത്രങ്ങളാകും
സത്കർമ്മങ്ങളും ജ്യോതിഷ്ടോമാദിഹോമ–
ങ്ങളും. 25

ദക്ഷിണകളും സ്വാഹാകാരാദിമന്ത്രങ്ങളു–
മക്ഷയവ്രതങ്ങളും ദേവതോദ്ദേശങ്ങളും
സങ്കല്പം കർമ്മകാണ്ഡഗ്രന്ഥങ്ങളനുഷ്ഠാന–
മെൻ കുമാരകാ! വിഷ്ണുക്രമാദിഗതിഭേദം
ദേവതകളെ ധ്യാനംചെയ്യേണ്ട സമ്പ്രദായം
ദേവർഷേ! പ്രായശ്ചിത്തമർപ്പണം ശ്രദ്ധയേവം
ഇപ്പുരുഷാംഗകങ്ങൾതന്നിൽനിന്നാർന്നീടിനേ–
നെപ്പേരും യാഗത്തിനു വേണ്ടുന്ന സാധന–
ങ്ങൾ. 26–27

അവയാൽ യജ്ഞരൂപനാകുമദ്ദേവനെത്താ–
നിവൻ നിത്യവും പൂജിച്ചീടുന്നു നാരദാ!
കേൾ. 28

നിന്നുടെ സഹോദരരീ നവപ്രജേശരും
നന്ദിയോടവധാനപൂർവ്വ,മവ്യക്തനായി
ഇന്ദ്രാദിദേവരൂപഗണത്താൽ വ്യക്തനായി
മിന്നുമിപ്പുരുഷനെപ്പൂജിച്ചാർ വഴിപോലെ. 29

സ്വായംഭുവാദി മനുഭൂപതിമാരുമാദി–
തേയന്മാർ ദൈത്യന്മാരും പിതൃക്കൾ മനുഷ്യരും
അവരുള്ളോരു കാലം മുഴവൻ വിഭുവാക–
മിവനെത്തന്നെ ഭക്തിപൂർവ്വകമാരാധിച്ചാർ. 30

ദൈത്യാരിദേവങ്കലിപ്രപഞ്ചമടങ്ങുന്നു,
സത്വാദിഗുണങ്ങളോടില്ലവനേതും ബന്ധം.
അങ്ങനെയിരിക്കിലും സൃഷ്ടിക്കു തുടങ്ങുമ്പോ–
ളംഗീകരിക്കുന്നുണ്ടു മായതൻ ഗുണങ്ങളെ. 31

തന്നിയുക്തനാം ഞാനിപ്രപഞ്ചം സൃഷ്ടിക്കുന്നു
പിന്നെത്തദധീനനായ് സംഹരിക്കുന്നു ഹരൻ
ത്രിശക്തിയുക്തനായി വിഷ്ണുരൂപത്തിൽ സ്വയ–
മശേഷലോകത്തെയുമിവൻ സംരക്ഷിക്കുന്നു. 32

കാര്യകാരണരൂപമായുള്ളതൊന്നുംതന്നെ
നാരദാ! ഭഗവാനിൽനിന്നന്യമായതല്ല.
എന്നോടു നീ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം–
തന്നെ
ചൊന്നിതു ഞാനുത്തരമിത്തരം മുനീശ്വരാ! 33

സുരർഷേ! മമ വാക്കു പൊളിയായ് ഭവിച്ചീടാ
ചരിക്കില്ലസത്യത്തിലെന്മനമൊരിക്കലും
ദുർമ്മാർഗ്ഗപ്രവേശനമില്ലെൻെറയിന്ദ്രിയങ്ങൾ–
ക്കെന്മനസ്സിനാൽ ഭക്ത്യാ ഹരിയെബ്ഭജി–
ക്കുന്നേൻ. 34

വേദരൂപനും തപോമൂർത്തിയും കശ്യപാദി–
സാധുവന്ദിതനാകും നാഥനുമാകുന്നു ഞാൻ.
യോഗമേകാഗ്ര്യനായിട്ടനുഷ്ഠിച്ചിട്ടും താത–
നാകുമദ്ദേഹത്തെ ഞാനുള്ളപോലറിഞ്ഞീല. 35

ഭക്തന്മാർക്കെല്ലാം ഭവസങ്കടം തീർത്തു സൗഖ്യം
ചേർക്കുന്നതായിശ്ശുഭകരമാം തത്പദാബ്ജം
ആനമിപ്പു ഞാൻ, മമ താതനാമദ്ദേഹവും
വാനപ്രദേശം സ്വന്തസീമയെയെന്നപോലെ
തന്മായാപ്രഭാവത്തെയറിയാതിരിക്കുമ്പോ–
ളെമ്മട്ടിലറിഞ്ഞീടുമന്യന്മാരായുള്ളവർ? 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഹം ന യൂയം യദൃതാം ഗതിം വിദുർ–
ന വാമദേവഃ കിമുതാപരേ സുരാഃ
തന്മായയാ മോഹിതബുദ്ധയസ്ത്വിദം
വിനിർമ്മിതം ചാത്മസമം വിചക്ഷ്മഹേ. 37
യസ്യാവതാരകർമ്മാണി ഗായന്തി ഹ്യസ്മദാദയഃ
ന യം വിദന്തി തത്ത്വേന തസ്മൈ ഭഗവതേ നമഃ. 38
സ ഏഷ ആദ്യഃ പുരുഷഃ കല്പേ കല്പേ സൃജത്യജഃ
ആത്മാഽഽത്മന്യാത്മനാഽഽത്മാനം സംയച്ഛതി ച പാതി ച. 39
വിശുദ്ധം കേവലം ജ്ഞാനം പ്രത്യക് സമ്യഗവസ്ഥിതം
സത്യം പൂർണ്ണമനാദ്യന്തം നിർഗ്ഗുണം നിത്യമദ്വയം. 40
ഋഷേ വിദന്തി മുനയഃ പ്രശാന്താത്മേന്ദ്രിയാശയാഃ
യദാ തദേവാസത്തർക്കൈസ്തിരോധീയേത വിപ്ലുതം. 41
ആദ്യോഽവതാരഃ പുരുഷഃ പരസ്യ
കാലഃ സ്വഭാവഃ സദസന്മനശ്ച
ദ്രവ്യം വികാരോ ഗുണ ഇന്ദ്രിയാണി
വിരാട് സ്വരാട് സ്ഥാസ്നു ചരിഷ്ണു ഭൂമ്നഃ. 42
അഹം ഭവോ യജ്ഞ ഇമേ പ്രജേശാ
ദക്ഷാദയോ യേ ഭവദാദയശ്ച
സ്വർല്ലോകപാലാഃ ഖഗലോകപാലാ
നൃലോകപാലാസ്തലലോകപാലാഃ. 43
ഗന്ധർവ്വവിദ്യാധരചാരണേശാ
യേ യക്ഷരക്ഷോരഗനാഗനാഥാഃ
യേ വാ ഋഷീണാമൃഷഭാഃ പിതൄണാം
ദൈത്യേന്ദ്രസിദ്ധേശ്വരദാനവേന്ദ്രാഃ 44
അന്യേ ച യേ പ്രേതപിശാചഭൂത–
കൂശ്മാണ്ഡയാദോമൃഗപക്ഷ്യധീശാഃ
യത്കിഞ്ച ലോകേ ഭഗവന്മഹസ്വ–
ദോജസ്സഹസ്വത് ബലവത് ക്ഷമാവത്. 45
ശ്രീഹ്രീവിഭൂത്യാത്മവദദ്ഭുതാർണ്ണം
തത്ത്വം പരം രൂപവദസ്വരൂപം
പ്രാധാന്യതോ യാനൃഷ ആമനന്തി
ലീലാവതാരാൻ പുരുഷസ്യ ഭൂമ്നഃ
ആപീയതാം കർണ്ണകഷായശോഷാ–
നനുക്രമിഷ്യേ ത ഇമാൻ സുപേശാൻ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ബ്രഹ്മോവാച
യത്രോദ്യതഃ ക്ഷിതിതലോദ്ധരണായ ബിഭ്രത്
ക്രൗഡീം തനും സകലയജ്ഞമയീമനന്തഃ
അന്തർമ്മഹാർണ്ണവ ഉപാഗതമാദിദൈത്യം
തം ദംഷ്ട്രയാദ്രിമിവ വജ്രധരോ ദദാര. 1
ജാതോ രുചേരജനയത് സുയമാൻ സുയജ്ഞ
ആകൂതിസൂനുരമരാനഥ ദക്ഷിണായാം
ലോകത്രയസ്യ മഹതീമഹരദ്യദാർത്തിം
സ്വായംഭുവേന മനുനാ ഹരിരിത്യനൂക്തഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിങ്ങളും ഞാനും വാമദേവനാം ഭഗവാനും
ശാർങ്ഗിതന്മായയാലേ മോഹിതധീകളായി
അവന്റെ പരമാത്മസ്വരൂപം കാണ്മീലവ-
രവരീ വിശ്വം സ്വസ്വബുദ്ധ്യനുരൂപം
കാണ്മു. 37

നമ്മളാരുടെ ജന്മലീലാസച്ചരിതങ്ങളം
നന്മട്ടിൽക്കീർത്തിച്ചേററം സ്തുതിച്ചീടുന്നു നിത്യം
എന്നിട്ടും തന്മാഹാത്മ്യമറിയുന്നില്ല നേരേ
ഇന്ദിരാപതിയാമദ്ദേവനായ് നമസ്കാരം. 38

ആദ്യനാമജനിവൻ,തന്നിൽത്താൻതന്നെതന്നേ,
തീർത്തുകാത്തഴിക്കുന്നു തന്നാലെ കല്പന്തോറും. 39

ശാന്തമാനസദേഹേന്ദ്രിയങ്ങളെഴും മുനി-
വൃന്ദം, വിശുദ്ധമായിസ്സർവ്വാന്തരാത്മാവായി
സത്യമായ് സുസ്ഥിരമായെങ്ങുമേ നിറഞ്ഞ
തായ്
നിത്യമായദ്വയമായ് ഗുണാതിക്രാന്തമായി
ജ്ഞാനരൂപമായനാദ്യന്തമായേകമായി-
ബ്ഭാനിക്കുമക്കേവലബ്രഹ്മത്തെയറിയുന്നു.
എന്നാൽ, കുതർക്കങ്ങളാൽ ബുദ്ധിയാകുലമാകും
സന്ദർഭങ്ങളിലെല്ലാം മറഞ്ഞുപോകുംതാനും.
40-41

തത്ത്വജ്ഞാ! സർവ്വവ്യാപിയാകുമിബ്ഭഗ-
വാന്റെ-
ന്നാദ്യമാമവതാരമീ വിരാട്പുരുഷൻതാൻ.
കാലം സ്വഭാവം സ്ഥൂലം സൂക്ഷ്മമെന്നിവയായി
ലാലസിച്ചീടുന്നതിബ്ഭഗവാൻതന്നെയല്ലോ.
സത്ത്വാദിഗുണങ്ങളുമിന്ദ്രിയങ്ങളും മഹ-
ത്തത്ത്വവും വികാരവും വ്യഷ്ടിയും സമഷ്ടിയും
നാരദാ! ചരാചരജാലവും പൃഥിവ്യാദി-
യോരോരോഭൂതങ്ങളുമിപ്പുമാൻതന്നെയല്ലോ. 42

ഞാൻ, രുദ്രൻ, വിഷ്ണു, ദക്ഷാദ്യന്മാരാം പ്രജേ-
ശന്മാർ
നീ മുൻപാം മുനീശ്വരർ ഖഗേശർ നാകപാലർ
നരലോകാധീശരും പാതാളാധിപന്മാരു-
മുരഗപ്രധാനരും നാഗനായകന്മാരും. 43

ഗന്ധർവ്വവിദ്യാധരചാരണശ്രേഷ്ഠന്മാരും
പങ്ക്തികണ്ഠാദി രാക്ഷസേശരും യക്ഷേശരും.
പിതൃശ്രേഷ്ഠന്മാ,രൃഷിവര്യന്മാർ പ്രഹ്ലാദാദി
ദിതിജേശ്വരർ, സിദ്ധേശ്വരരാം കപിലാദ്യർ
അസുരേശരും കൂശ്മാണ്ഡശരുമന്യന്മാരാം
പിശാചശ്രേഷ്ഠർ ഭൂതവരിഷ്ഠർ പ്രേതാധിപർ
ജലജം മൃഗം പക്ഷിവിവററിലുൽകൃഷ്ടങ്ങ-
ളുലകംതന്നിലേററമൈശ്വര്യമിയന്നവ
തേജ,സ്സിന്ദ്രിയശക്തി, സാമർത്ഥ്യം, മനശ്ശക്തി-
യോജസ്സും ക്ഷമയുമാർന്നുള്ളവയെന്നുവേണ്ടാ.
44-45

ശോഭ, മാഹാത്മ്യം, ലജ്ജ, ധീയിവയേറുന്നവ
രൂപമുള്ളവ, വർണ്ണമുള്ളവയില്ലാത്തവ
കേളിവയെല്ലാം പരം തത്ത്വംതാൻ പാർത്തീ
ടിലീ-
ലീലാവതാരം സർവ്വം ജ്ഞാനികളറിയുന്നു.
കേൾക്കുക, കർണ്ണം ശുദ്ധമാക്കുമീ മനോഹര-
സൽക്കഥ, ചൊല്ലാം മുറയ്ക്കാ സുധ നുക-
ർന്നാലും! 46

അദ്ധ്യായം 7

അവതാരകീർത്തനം

ബ്രഹ്മാവു പറഞ്ഞു

ഭൂതലോദ്ധാരണത്തിന്നനന്തൻകൃഷ്ണൻ സർവ്വ-
മേധരൂപമാം വരാഹാകൃതിയാർന്നു പിന്നെ
കടലിന്നുള്ളിൽക്കടന്നദ്രിയെ വജ്രീമട്ടിൽ-
ക്കുടംദംഷ്ട്രയാലാദിദൈത്യനെപ്പിളർന്നിതു. 1

രുചിനാമകപ്രജാപതിക്കാകൂതിതന്നി-
ലചിരാൽ സുയജ്ഞാഖ്യസുതനായ് ജന്മമാർന്നു;
പിന്നെയദ്ദക്ഷിണയാം നാരിയിൽ സുയമന്മാ-
രെന്നുള്ള ദേവന്മാരെജ്ജനിപ്പി,ച്ചവർമൂലം
ത്രൈലോക്യദുഃഖം തീർത്താൻ മോദിച്ചാ
സ്വായംഭുവൻ
ചാലവേ ഹരി! ഹരി!യെന്നു കീർത്തിച്ചു
പാരം. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജജ്ഞേ ച കർദമഗൃഹേ ദ്വിജ ദേവഹൂത്യാം
സ്ത്രീഭിസ്സമം നവഭിരാത്മഗതിം സ്വമാത്രേ
ഊചേ യയാഽഽത്മശമലം ഗുണസങ്ഗപങ്ക-
മസ്മിൻ വിധൂയ കപിലസ്യ ഗതിം പ്രപേദേ. 3
അത്രേരപത്യമഭികാംക്ഷത ആഹ തുഷ്ടോ
''ദത്തോ മയാഹ''മിതി യദ്ഭഗവാൻ സ ദത്തഃ
യത്പാദപങ്കജപരാഗപവിത്രദേഹാ
യോഗർദ്ധിമാപുരുഭയീം യദുഹൈഹയാദ്യാഃ. 4
തപ്തം തപോവിവിധലോകസിസൃക്ഷയാ മേ
ആദൗ സനാത് സ്വതപസസ്സ ചതുസ്സനോഽഭൂത്
പ്രാക്കല്പസംപ്ലവവിനഷ്ടമിഹാത്മതത്ത്വം
സമ്യഗ്ജഗാദ മുനയോ യദചക്ഷതാത്മൻ. 5
ധർമ്മസ്യ ദക്ഷദുഹിതര്യജനിഷ്ട മൂർത്ത്യാം
നാരായണോ നര ഇതി സ്വതപഃപ്രഭാവഃ
ദൃഷ്ട്വാഽഽത്മനോ ഭഗവതോ നിയമാവലോപം
ദേവ്യസ്ത്വനംഗപൃതനാ ഘടിതും ന ശേകുഃ. 6
കാമം ദഹന്തി കൃതിനോ നനു രോഷദൃഷ്ട്യാ
രോഷം ദഹന്തമുത തേ ന ദഹന്ത്യസഹ്യം
സോഽയം യദന്തരമലം നിവിശൻ ബിഭേതി
കാമഃ കഥം നു പുനരസ്യ മനഃ ശ്രയേത. 7
വിദ്ധഃ സപത്ന്യുദിതപത്രിഭിരന്തി രാജ്ഞോ
ബാലോഽപി സന്നുപഗതസ്തപസേ വനാനി
തസ്മാ അദാദ്ധ്രുവഗതിം ഗൃണതേ പ്രസന്നോ
ദിവ്യാഃ സ്തുവന്തി മുനയോ യദുപര്യധസ്താത്. 8
യദ്വേനമുത്പഥഗതം ദ്വിജവാക്യവജ്ര-
വിപ്ലുഷ്ടപൗരുഷഭഗം നിരയേ പതന്തം
ത്രാത്വാഽർത്ഥിതോ ജഗതി പുത്രപദം ച ലേഭേ
ദുഗ്ദ്ധാ വസൂനി വസുധാ സകലാനി യേന. 9
നാഭേരസാവൃഷഭ ആസ സുദേവിസൂനു-
ര്യോ വൈ ചചാര സമദൃഗ്ജഡയോഗചര്യാം
യത് പാരമഹംസ്യമൃഷയഃ പദമാമനന്തി
സ്വസ്ഥഃ പ്രശാന്തകരണഃ പരിമുക്തസങ്ഗഃ. 10
സത്രേ മമാസ ഭഗവാൻ ഹയശീരഷാഥോ
സാക്ഷാത് സ യജ്ഞപുരുഷസ്തപനീയവർണ്ണഃ
ഛന്ദോമയോ മഖമയോഽഖിലദേവതാത്മാ
വാചോ ബഭൂവുരുശതീശ്ശ്വസതോഽസ്യ നസ്തഃ. 11
മത്സ്യോ യുഗാന്തസമയേ മനുനോപലബ്ധഃ
ക്ഷോണീമയോ നിഖിലജീവനികായകേതഃ
വിസ്രംസിതാനുരുഭയേ സലിലേ മുഖാന്മേ
ആദായ തത്ര വിജഹാര ഹ വേദമാർഗ്ഗാൻ. 12
ക്ഷീരോദധാവമരദാനവയൂഥപാനാ-
മുന്മഥ്നതാമമൃതലബ്ധയ ആദിദേവഃ
പൃഷ്ഠേന കച്ഛപവപുർവ്വിദധാര ഗോത്രം
നിദ്രാക്ഷണോഽദ്രിപരിവർത്തകഷാണകണ്ഡൂഃ. 13
ത്രൈവിഷ്ടപോരുഭയഹാ സ നൃസിംഹരൂപം
കൃത്വാ ഭ്രമദ്ഭ്രുകുടിദംഷ്ട്രകരാളവക്ത്രം
ദൈത്യേന്ദ്രമാശു ഗദയാഭിപതന്തമാരാ-
ദൂരൗ നിപാത്യ വിദദാര നഖൈഃ സ്ഫുരന്തം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാധവൻ പിന്നെക്കർദ്ദമാലയംതന്നിൽ ദേവ-
ഹൂതിയിൽ നവസ്ത്രീകൾക്കേകസോദരനായി
കപിലാഖ്യനായ് പിറന്നമ്മയ്ക്കായ് ബ്രഹ്മ
ജ്ഞാന-
മുപദേശിച്ചാ,നതു ധരിച്ചമ്മനസ്വിനി
മാനസം ശുദ്ധമാക്കി വിഷയസംഗം നീക്കി-
യാനന്ദപൂർണ്ണം മോക്ഷമടഞ്ഞാളജ്ജന്മത്തിൽ. 3

പുത്രാർത്ഥിയാമത്രിയിൽത്തുഷ്ടനായ്ത്തീർന്നി-
ട്ടെന്നാൽ
ദത്തനായ് നിനക്കു ഞാനെന്നു ചൊന്നതുമൂലം
ദത്തനെന്നുള്ള നാമം കൈക്കൊണ്ടു ജനിച്ചൊര-
ദ്ദൈത്യാരിതൻ പദാബ്ജപാംസുവാൽ
ശുദ്ധാംഗരാം
യദുഹൈഹയാദികളിരുമട്ടെഴും യോഗ-
പഥത്തിലഭിവൃദ്ധി നേടിനാർ നാൾക്കു-
നാളിൽ. 4

ജഗത്സംസൃഷ്ട്യാശയാൽ തപസ്സനുഷ്ഠിച്ചിതു
ഭഗവത്സമർപ്പണത്തോടാദികാലത്തു ഞാൻ
അതുകാരണം 'സന'നാമത്തിൽ നാലു മൂർത്തി
ദിതിജമാഥിപൂണ്ടു സനൽകുമാരന്മാരായ്
കഴിഞ്ഞ കല്പംതന്നിൽ മറഞ്ഞ തത്ത്വം നേരേ
മൊഴിഞ്ഞാനതു മുനിമാർക്കുള്ളിൽ തെളി-
ഞ്ഞിതു. 5

ധർമ്മകാന്തയാം ദക്ഷനന്ദിനിമൂർത്തിതന്നിൽ
ചിന്മയൻ നരനാരായണരായ് ജന്മമാർന്നു
കാട്ടിനാൻ തപോവീര്യമങ്ങതു മുടക്കുവാ-
നെത്തിയ കാമസേനാംഗങ്ങളാം സുരസ്ത്രീകൾ
ഭഗവത്തനുജാതരാകും തത്സദൃശസ്ത്രീ-
നികരത്തിനെക്കണ്ടു ലജ്ജിച്ചു മടങ്ങിനാർ. 6

മഹാന്മാർ രോഷദൃക്കാൽച്ചുടുന്നു കാമ,മെന്നാൽ
സഹിപ്പാനാകാത്തതായ് ദഹിപ്പിച്ചീടുന്നതാം
കടുംക്രോധത്തെ മുടിച്ചീടുവാൻ തക്കവണ്ണം
പടുത്വമവർക്കുമില്ലത്തരമുള്ള കോപം
ആരുടെയുള്ളിലേറാനേററവും ഭയപ്പെടു-
മാ രമാരമണനോടടുത്തീടുമോ കാമം? 7

അച്ഛൻെറ സമീപത്തിൽവച്ചുതാൻ കൊച്ചു-
ന്നാൾ തൻ
കൊച്ചമ്മവിട്ട തീക്ഷ്ണവാക്ശരപൂരമേററു
ഹൃത്തടം കീറി വനംപ്രാപിച്ചു തപംചെയ്തോ-
രൗത്താനപാദിതന്നിലാർദ്രനായ് രമാകാന്തൻ
പ്രത്യേകം ധ്രുവലോകമൊന്നു തീർത്തവന്നേകീ-
യാസ്ഥാനമിന്നും സർവ്വസ്തുതമായ് ശോഭി-
ക്കുന്നു.

അതിൻകീഴ്ഭാഗത്തിലുമുപരിഭാഗത്തിലും
സ്ഥിതരായൃഷീശ്വരനവനെ സ്തുതിക്കുന്നു. 8

ദുഷ്ടഥസഞ്ചാരിയായ് ബ്രാഹ്മണശാപവജ്ര-
വിപ്ളുഷ്ടഭാഗ്യനായിപ്പൗരുഷമെല്ലാമററു
നരകംഗമിക്കുവാൻ ഭാവിക്കും വേനൻതന്നെ-
പ്പാരിരക്ഷിച്ചു ലോകരക്ഷയ്ക്കായർത്ഥിക്കയാൽ
തൽപുത്രനായിപ്പൃഥുനാമംപൂണ്ടവതരി-
ച്ചിബ്ഭുവിൽനിന്നും കറന്നെടുത്താൻ വേണ്ടും-
ധനം. 9

പിന്നെസ്സുദേവിതന്നിലൃഷഭനെന്നപേരിൽ
മന്നനാം നാഭിതൻെറ പുത്രനായുത്ഭവിച്ചു
സമദർശനനായിട്ടാത്മസംസ്ഥിതനായി
ദമിതേന്ദ്രിയനായിസ്സംഗഹീനനുമായി
പരമഹംസമാർഗ്ഗമെന്നൃഷിവർഗ്ഗം വാഴ്ത്തും
വരമാം ജഡയോഗചര്യയെയനുഷ്ഠിച്ചാൻ. 10

സ്വർണ്ണവർണ്ണനായ്ഛന്ദോമയനായ് യാഗരൂപ-
മാർന്നു നിശ്ശേഷദേവാത്മകനായ് വിളങ്ങീടും
യജ്ഞപൂരുഷൻ ഹയഗ്രീവമൂർത്തിയായ് വന്നെൻ
യജ്ഞത്തിൽ വേദവാക്യം ചൊരിഞ്ഞാൻ
ശ്വാസനത്താൽ. 11

കല്പാന്തത്തിങ്കൽ മനുവിന്നു ഗോചരനായി-
ട്ടിപ്പാരിൽപെടും സർവ്വജീവികൾക്കുമാലംബമായ്
ഭ്രമയനായീടുമിബ്ഭഗവാൻ മത്സ്യമായി-
ബ്ഭീമമാം ഭയത്തിനാസ്ഥാനമാം സലി-
ലത്തിൽ
മനുഖോദ്ഗളിതമാം വേദഭാഗങ്ങളെല്ലാം
ചെമ്മേ സംഗ്രഹിച്ചേററം ക്രീഡിച്ചാൻ
വിസ്മയംതാൻ. 12

പീയൂഷലാഭത്തിനായ് സുരാസുരന്മാർ
ചേർന്നി-
ട്ടായാസപ്പെട്ടു പയഃപയോധി മഥിക്കവേ
നിദ്രാണനായിട്ടൊരു കച്ഛപാകൃതിയായ് വ-
ന്നദ്രീശഭ്രമണത്താൽച്ചൊറിച്ചിൽ ശമിപ്പിച്ചു
താനേ തൻ പൃഷ്ഠത്താലമ്മന്ദരപർവ്വതത്തെ-
ത്താണുപോകാതെ താങ്ങിനിർത്തിനാനാ-
ദിദേവൻ. 13

അമർത്ത്യമഹാഭയമമർത്തും ഹരി പിന്നെ
ഭ്രമദ്ഭ്രൂകുടീദംഷ്ട്രായുഗ്മളകരാളമാം
വദനമാളും നരസിംഹത്തിൻ രൂപംപൂണ്ടു,
ഗദയുംചുഴററിത്തൻനേർക്കു വന്നടുത്തിടും
അസുരപ്രവീരനെപ്പിടിച്ചു തന്നൂരുവിൽ
പ്രസഭം വിള്ളിപ്പിളർന്നിട്ടിതു നഖങ്ങളാൽ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തസ്സരസ്യുരുബലേന പദേ ഗൃഹീതോ
ഗ്രാഹേണ യൂഥപതിരംബുജഹസ്ത ആത്തഃ
ആഹേദ''മാദിപുരുഷാഖിലലോകനാഥ!
തീർത്ഥശ്രവഃ ശ്രവണമംഗളനാമധേയ!'' 15
ശ്രുത്വാ ഹരിസ്തമരണാർത്ഥിനമപ്രമേയ-
ശ്ചക്രായുധഃ പതഗരാജഭുജാധിരൂഢഃ
ചക്രേണ നക്രവദനം വിനിപാട്യ തസ്മാ-
ദ്ധസ്തേ പ്രഗൃഹ്യ ഭഗവാൻ കൃപയോജ്ജഹാര. 16
ജ്യായാൻ ഗുണൈരവരജോ/പ്യദിതേസ്സുതാനാം
ലോകാൻ വിചക്രമ ഇമാൻ യദഥാധിയജ്ഞഃ
ക്ഷ്മാം വാമനേന ജഗൃഹേ ത്രിപദച്ഛലേന
യാച്ഞാമൃതേ പഥി ചരൻ പ്രഭുഭിർന്ന ചാല്യഃ. 17
നാർത്ഥോ ബലേരയമുരുക്രമപാദശൗച-
മാപഃ ശിഖാ ധൃതവതോ വിബുധാധിപത്യം
യോ വൈ പ്രതിശ്രുതമൃതേ ന ചികീർഷദന്യ-
ദാത്മാനമങ്ഗ ശിരസാ ഹരയേ/ഭിമേനേ. 18
തുഭ്യം ച നാരദ ഭൃശം ഭഗവാൻ വിവൃദ്ധ-
ഭാവേന സാധു പരിതുഷ്ട ഉവാച യോഗം
ജ്ഞാനം ച ഭാഗവതമാത്മസതത്ത്വദീപം
യദ്വാസുദേവശരണാ വിദുരഞ്ജസൈവ. 19
ചക്രം ച ദിക്ഷ്വവിഹതം ദശസു സ്വതേജോ
മന്വന്തരേഷു മനുവംശധരോ ബിഭർത്തി
ദുഷ്ടേഷു രാജസു ദമം വ്യദധാത് സ്വകീർത്തിം
സത്യേ ത്രിപൃഷ്ഠ ഉശതീം പ്രഥയംശ്ചരിത്രൈഃ. 20
ധന്വന്തരിശ്ച ഭഗവാൻ സ്വയമേവ കീർത്തി-
ർന്നാമ്നാ നൃണാം പുരുരുജാം രുജ ആശു ഹന്തി
യജ്ഞേ ച ഭാഗമമൃതായുരവാവരുന്ധ
ആയുഷ്യവേദമനുശാസ്ത്യവതീര്യ ലോകേ. 21
ക്ഷത്രം ക്ഷയായ വിധിനോപഭൃതം മഹാത്മാ
ബ്രഹ്മധ്രുഗുജ്ഝിതപഥം നരകാർത്തിലിപ്സു
ഉദ്ധന്ത്യസാവവനികണ്ടകമുഗ്രവീര്യ-
സ്ത്രിസ്സപ്തകൃത്വ ഉരുധാരപരശ്വധേന. 22
അസ്മത്പ്രസാദസുമുഖഃ കലയാ കലേശ
ഇക്ഷ്വാകുവംശ അവതീര്യ ഗുരോർന്നിദേശേ
തിഷ്ഠൻ വനം സദയിതാനുജ ആവിവേശ
യസ്മിൻ വിരുദ്ധ്യ ദശകന്ധര ആർത്തിമാർച്ഛത്. 23
യസ്മാ അദാദുദധിരൂഢഭയാങ്ഗവേപോ
മാർഗ്ഗം സപദ്യരിപുരം ഹരവദ്ദിധക്ഷോഃ
ദൂരേ സുഹൃന്മഥിതരോഷസുശോണദൃഷ്ട്യാ
താതപ്യമാനമകരോരഗനക്രചക്രഃ. 24
വക്ഷഃസ്ഥലസ്പർശരുഗ്ണമഹേന്ദ്രവാഹ-
ദന്തൈർവ്വിഡംബിതകകുബ്ജുഷ ഊഢഹാസം
സദ്യോ/സുഭിസ്സഹ വിനേഷ്യതി ദാരഹർത്തു-
ർവ്വിസ്ഫൂർജിതൈർധനുഷ ഉച്ചരതോ/ധിസൈന്യേ. 25
ഭൂമേസ്സുരേതരവരൂഥവിമർദ്ദിതായാഃ
ക്ലേശവ്യയായ കലയാ സിതകൃഷ്ണകേശഃ
ജാതഃ കരിഷ്യതി ജനാനുപലക്ഷ്യമാർഗ്ഗഃ
കർമ്മാണി ചാത്മമഹിമോപനിബന്ധനാനി. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താമരപ്പൊയ്കയിൽവച്ചുക്കേറുമൊരു നക്രം
സാമജനാഥപാദം കടിച്ചുവലിക്കയാൽ
താമരപ്പൂവും കൈയിൽധരിച്ചഗ്ഗജശ്രേഷ്ഠൻ
സ്വാമിൻ ഹേ സർവ്വലോകനായകാ!
ശുഭകീർത്തേ!
ആദിപൂരുഷാ! കൃപാവാരിധേ! പാലിക്കെന്നാ-
യാദരപൂർവ്വമാർത്ത്യാ സ്തുതിച്ചാൻ ഭഗവാനെ. 15

അപ്രമേയനായ് ചക്രധാരിയായീടും ഹരി-
യപ്പൊഴേ പത്രീന്ദ്രന്മേൽക്കയറി പ്രത്യക്ഷനായ്
ചക്രത്താൽ നക്രവക്ത്രം പിളർന്നു പിടിച്ചേററി-
യക്കരിവീരൻതന്നെ രക്ഷിച്ചാൻ കൃപാ-
നിധി. 16

സത്രാദൈവതമായ ഭഗവാനദിതിതൻ-
പുത്രരിൽക്കനിഷ്ഠനെന്നാകിലും ഗുണങ്ങളാൽ
മൂത്തവനെന്നുറയ്ക്കാം ഛലത്തിൽ മൂവടിഭൂ-
മാത്രമർത്ഥിച്ച ദേവൻ വാമനാവതാരത്തിൽ
ഇത്രിലോകവുമളന്നെടുത്താൻ, യാച്ഞ-
കൊണ്ടേ
സത്തരേ പ്രഭുവിനും ചലിപ്പിക്കുവാനൊക്കൂ. 17

ഹരിപാദാഭിഷേകതീർത്ഥം തൻ ശിരസ്സിങ്കൽ
ധരിച്ച മഹാബലിക്കെന്തിനാണൈന്ദ്രംപദം?
ശൗരിക്കായ് ശരീരവും നമിച്ചു സമർപ്പിച്ചു
നാരദാ! സത്യംപരിപാലിച്ചാനമ്മഹാത്മാ. 18

ശ്രീപതി നിൻെറയുററഭക്തികണ്ടാത്മതത്ത്വ-
ദീപകം വിവേകവും യോഗവും സന്തുഷ്ടനായ്
ഉപദേശിച്ചാൻ നിനക്കായതബ്ഭഗവാനെ-
യഭയംതേടുന്നവർക്കപ്പൊഴേ വിളങ്ങീടും. 19

മനുവിൻ പരമ്പര നിലനിർത്തുവാൻ പിന്നെ
മനുവായ് മന്വന്തരംതോറും തന്നാജ്ഞാചക്രം
പത്തുദിക്കിലും തടവെന്നിയേ നടപ്പാക്കി
ദുഷ്ടഭൂപരെദ്ധ്വംസിച്ചാത്മസച്ചരിതത്താൽ
ചിത്തരമ്യമാം പുകഴ് മുപ്പാരിൻമേലായ് മിന്നും
സത്യലോകത്തിങ്കലും വ്യാപിപ്പിച്ചിതു
പാരം. 20

പിന്നെത്താൻ സ്വയം കീർത്തിമൂർത്തിയായ്-
ധന്വന്തരി-
തന്നവതാരമാർന്നു വിളങ്ങിയീലോകത്തിൽ
മാനവന്മാരെബ്ബഹുവിധത്തിൽപ്പീഡിപ്പിക്കും
നാനാ രോഗങ്ങളേയും സത്വരമൊടുക്കുന്നു.

ചിരഞ്ജീവിയിദ്ദേവൻ യാഗഭാഗവും നേടി
ശരിയായായുർവ്വേദം പ്രചരിപ്പിച്ചീടുന്നു. 21

ലോകഹാനിക്കു വിധി വർദ്ധിപ്പിച്ചതായ്
ദ്വിജ-
ക്കാകുലമേററുന്നതായ് സന്മാർഗ്ഗംവെടിഞ്ഞ-
തായ്
നരകമിച്ഛിപ്പതായ് ധരയ്ക്കു കണ്ടകമാ-
യിരിക്കും ക്ഷത്രവംശമിരുപത്തൊന്നുവട്ടം
മൂർച്ചയേറീടും നിജ പരശ്വായുധത്തിനാൽ
വിച്ഛേദിച്ചൊടുക്കുന്നിതബ്ഭഗവാനുഗ്ര-
വീര്യൻ. 22

ഞങ്ങൾക്കാത്മപ്രസാദമരുളാൻ തന്നംശത്താൽ
മംഗലൻ മായാപതി സുമുഖനായിപ്പിന്നെ
ഇക്ഷ്വാകുവംശംതന്നിൽ പിറന്നു പിതൃവാക്യം
രക്ഷിപ്പാൻ ഭാര്യാസഹജാന്വിതം വനമാർന്നു
അഹിതംചെയ്ത മഹാദുഷ്ടനാം ദശാസ്യനെ
ബൃഹത്താം ദുഃഖാബ്ധിയിൽ നിമഗ്നനാക്കു-
ന്നിതു. 23

ഹരന്മുപുരിപുരം ചുട്ടെരിക്കുവാനന്നും
ഹരി, തൻ പ്രേമധാമം ദൂരത്തായതുമൂലം
പുരുരോഷത്താൽ ചോന്ന ദൃഷ്ടിയാൽ
നോക്കീടവേ
പരിതപ്തമായ് നക്രമകരോരഗാദിയാൽ
പൂർണ്ണമാമംഭോനിധി പേടിച്ചുവിറച്ചുടൻ-
തന്നെയദ്ദേഹത്തിനു മാർഗ്ഗത്തെയരുളുന്നു. 24

സ്വന്തവക്ഷസ്സു തട്ടിത്തകർന്നോരൈരാവത-
ദന്തീന്ദ്രദന്തഖണ്ഡം ചിതറി വെണ്മതേടും
ദിക്കുകൾ ഭരിപ്പോനായ് ദാരാപഹാരിയായി
ധിക്കാരിയായിസ്സൈന്യമദ്ധ്യസഞ്ചാരി-
യാകും
രാവണൻതൻെറ ഗർവ്വും തത്പ്രാണനോടുകൂടി-
സ്സർവവും നശിപ്പിക്കും ചാപടങ്കാരത്തി-
നാൽ. 25

ആശരസൈന്യങ്ങളാൽ മർദ്ദിതയായ ഭൂവിൻ-
ക്ലേശത്തിൻ ശാന്തിക്കായി സ്വാംശത്താല-
നന്തരം
കറുപ്പും വെളുപ്പും ചേർന്നുള്ള വാർമുടിയൊടു-
മറിയാനാക്കമാകാതിരിക്കും മാർഗ്ഗത്തൊടും
അവതരിച്ചു നിജമാഹാത്മ്യം സൂചിപ്പിക്കു-
മവധിയററ നാനാകർമ്മങ്ങൾചെയ്യും വിഭു. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തോകേന ജീവഹരണം യദുലൂകികായാ-
സ്ത്രൈമാസികസ്യ ച പദാ ശകടോപവൃത്തഃ
യദ്രിങ്ഗതാന്തരഗതേന ദിവിസ്പൃശോർവ്വാ
ഉന്മൂലനം ത്വിതരഥാർജ്ജുനയോർന്ന ഭാവ്യം. 27
യദ്വൈ വ്രജേ വ്രജപശൂൻ വിഷതോയപീഥാൻ
പാലാംസ്ത്വജീവയദനുഗ്രഹദൃഷ്ടിവൃഷ്ട്യാ
തച്ഛുദ്ധയേഽതിവിഷവീര്യവിലോലജിഹ്വ-
മുച്ചാടയിഷ്യദുരഗം വിഹരൻ ഹ്രദിന്യാം. 28
തത് കർമ്മ ദിവ്യമിവ യന്നിശി നിശ്ശയാനം
ദാവാഗ്നിനാ ശുചിവനേ പരിദഹ്യമാനേ
ഉന്നേഷ്യതി വ്രജമതോഽവസിതാന്തകാലം
നേത്രേ പിധായ്യ സബലോഽനധിഗമ്യവീര്യഃ. 29
ഗൃഹ്ണീത യദ്യദുപബന്ധമമുഷ്യ മാതാ
ശുൽബം സുതസ്യ ന തു തത്തദമുഷ്യ മാതി
യജ്ജൃംഭതോഽസ്യ വദനേ ഭുവനാനി ഗോപീ
സംവീക്ഷ്യ ശങ്കിതമനാഃ പ്രതിബോധിതാഽഽസീത്. 30
നന്ദം ച മോക്ഷ്യതി ഭയാദ്വരുണസ്യ പാശാത്
ഗോപാൻ ബിലേഷു പിഹിതാൻ മയസൂനുനാ ച
അഹ്ന്യാപൃതം നിശി ശയാനമതിശ്രമേണ
ലോകേ വികുണ്ഠമുപനേഷ്യതി ഗോകുലം സ്മ. 31
ഗോപൈർമ്മഖേ പ്രതിഹതേ വ്രജവിപ്ലവായ
ദേവേഽഭിവർഷതി പശൂൻ കൃപയാ രിരക്ഷുഃ
ധർത്തോച്ഛിലീന്ധ്രമിവ സപ്തദിനാനി സപ്ത-
വർഷോ മഹീധ്രമനഘൈകകരേ സലീലം. 32
ക്രീഡൻ വനേ നിശി നിശാകരരശ്മിഗൗര്യാം
രാസോന്മുഖഃ കളപദായതമൂർച്ഛിതേന
ഉദ്ദീപിതസ്മരരുജാം വ്രജഭൃദ്വധൂനാം
ഹർത്തുർഹരിഷ്യതി ശിരോ ധനദാനുഗസ്യ. 33
യേ ച പ്രലംബഖരദർദ്ദുരകേശ്യരിഷ്ട-
മല്ലേഭകംസയവനാഃ കുജപൗണ്ഡ്രകാദ്യാഃ
അന്യേ ച സാല്വകപിബല്വലദന്തവക്ത്ര-
സപ്തോക്ഷശംബരവിദൂരഥരുക്മിമുഖ്യാഃ 34
യേ വാ മൃധേ സമിതിശാലിന ആത്തചാപാഃ
കാംബോജമത്സ്യകുരുസൃഞ്ജയകൈകയാദ്യാഃ
യാസ്യന്ത്യദർശനമലം ബലഭീമപാർത്ഥ-
വ്യാജാഹ്വയേന ഹരിണാ നിലയം തദീയം. 35
കാലേന മീലിതധിയാമവമൃശ്യ നൄണാം
സ്തോകായുഷാം സ്വനിഗമോ ബത ദൂരപാരഃ
ആവിർഹിതസ്ത്വനുയുഗം സ ഹി സത്യവത്യാം
വേദദ്രുമം വിടപശോ വിഭജിഷ്യതി സ്മ. 36
ദേവദ്വിഷാം നിഗമവർത്മനി നിഷ്ഠിതാനാം
പൂർഭിർമ്മയേന വിഹിതാഭിരദൃശ്യതൂർഭിഃ
ലോകാൻ ഘ്നതാം മതിവിമോഹമതിപ്രലോഭം
വേഷം വിധായ ബഹു ഭാഷ്യത ഔപധർമ്യം. 37
യർഹ്യാലയേഷ്വപി സതാം ന ഹരേഃ കഥാ സ്യുഃ
പാഖണ്ഡിനോ ദ്വിജജനാ വൃഷലാ നൃദേവാഃ
സ്വാഹാ സ്വധാ വഷഡിതി സ്മ ഗിരോ ന യത്ര
ശാസ്താ ഭവിഷ്യതി കലേർഭഗവാൻ യുഗാന്തേ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്ലെങ്കിൽ മുലകുടിപ്രായത്തിൽപ്പൂതനയെ
കൊല്ലാനും കാൽകൊണ്ടുള്ള ശകടസംഹാരവും
ഇടയ്ക്കുചെന്നേറി വിണ്ണുതമ്മും മരുതാം വൻ–
വിടപി രണ്ടും തള്ളിയിടാനും സാധി–
ക്കുമോ? 27

ഗോകുലവാസകാലം വിഷനീർ കുടിച്ചുള്ള
ഗോകുലത്തെയും പശുപാലബാലന്മാരെയും
കടാക്ഷാമൃതവർഷംകൊണ്ടു ജീവിപ്പിച്ചതു–
മുടനജ്ജലശുദ്ധിക്കെജ്ജതൻ കയത്തിൽ
വിഹരി, ച്ചുഗ്രവിഷം വമിക്കും നാവിളക്കു–
മഹിയെപ്പായിച്ചതും സംഭവിക്കാവതല്ല. 28

കാട്ടുതീ പിടിപെട്ടു ഗ്രീഷ്മരാത്രിയിൽ വനം
ചുട്ടെരിക്കവേയങ്ങു കഥതീർന്നെന്നുറച്ചു
ശയിക്കും ഗോപന്മാരോ 'ടടയ്ക്കിൻ കണ്ണെ'–
ന്നോതി–
യയത്നം ബലയുതനജ്ഞേയപരാക്രമൻ
ഭഗവാൻ മായാമയനത്തീ വിഴുങ്ങിക്കാത്താൻ
സകലരേയു, മോർത്താലക്കർമ്മമലൗകികം. 29

ഇവനെക്കെട്ടാൻ കയറെത്രയോ കൊണ്ടുവന്നിട്ടു–
മവ പോരാതെയമ്മ വിഷമിക്കേണ്ടിവന്നു.
കോട്ടുവായിട്ടീടവേയിവന്റെ വദനത്തിൽ
സ്പഷ്ടമായ് ലോകമെല്ലാമാ യശോദാംബ കണ്ടു
ശങ്കിതമനസ്സയായെങ്കിലു ബോധമുള്ളി–
ലങ്കുരിച്ചിട്ടറിഞ്ഞാരം തന്മഹിമാനമെല്ലാം. 30

നന്ദനെ മോചിപ്പിക്കും വരുണപാശത്തിൽനി–
ന്നെന്നല്ല മായാത്മജൻ വിലത്തിലടച്ചിട്ട
ഗോപന്മാരെയും മുക്തരാക്കിടും പകലത്തെ
വ്യാപാരങ്ങളാലംഗം തളർന്നു നിശതന്നിൽ
ഉറങ്ങും ഗോകുലത്തെ വൈകുണ്ഠം പ്രാപി–
പ്പിക്കും
പരമാത്ഭുതംതന്നെ പാർത്തീടിലിക്കൃത്യവും. 31

യാഗവിഘ്നത്താലിന്ദ്രൻ കോപിച്ചു പേമാരി–
യാൽ
ഗോകുലമാകമാനം മുടിക്കാൻ ഭാവിക്കവേ
ഗോഷ്ഠത്തെക്കാരുണ്യത്താൽ കാക്കുവാനിച്ഛി–
ച്ചുട–
നൊററക്കൈകൊണ്ടുതന്നെ ലീലയായ് ക്കുണെ–
ന്നപോൽ
ഗോവർദ്ധനാദ്രി പൊക്കിപ്പിടിച്ചു നിലകൊള്ളും
കേവലമേഴാണ്ടാമബ്ബാലനേഴഹോരാത്രം. 32

ചന്ദ്രികാധവളമാമിരവിൽ കാനനത്തിൽ
സന്ധിച്ചു രാസക്രീഡ തുടരും മനോഹരൻ
മോഹനമാകും നിജ വേണുഗാനത്താൽ കാമ–
ദാഹാർത്തരായീടിന ഗോപികാംഗനമാരെ
ഹരിച്ചു കൊണ്ടുപോകും ധനദഭൃത്യൻതന്റെ
ശിരസ്സുമറുത്തിടും തരസാ മുരാന്തകൻ. 33

പ്രലംബൻ, ഖരരൂപിധേനുകൻ, ബകൻ, കേശി
ഖലചാണൂരമുഷ്ടികാരിഷ്ടർതൊട്ടു മല്ലർ,
കുവലയാപീഡാഖ്യവാരണവരൻ, കംസൻ
യവനാധിപൻ മൂന്നുകോടി സൈന്യങ്ങൾ–
ക്കീശൻ,
നരകൻ, ദന്തവക്ത്രൻ, പൗണ്ഡ്രകൻ,
ബലബലാഖ്യൻ,
പെരിയ വൃഷരൂപരേഴപേർ രാക്ഷസന്മാർ,
ശംബരൻ, വിദൂരഥൻ, രുഗ്മ്യാദ്യർ, വില്ല–
ന്മാരാം
കാംബോജകുരുമാത്സ്യസൃഞ്ജയകേകയന്മാർ
എന്നിവർക്കെല്ലാം രാമഭീമാർജ്ജുനച്ഛലാഖ്യ–
യാന്നിടും ഹരിയേകമദൃശ്യം നിജസ്ഥാനം.
34-35

ആയുസ്സും ധീയും ക്രമാൽ യുഗംതോറും കുറഞ്ഞു–
പോയീടും മനുഷ്യർക്കു വേദസാരം ധരിക്കാൻ
ഇദ്ദേവൻ സത്യവതീപുത്രനായ് വേദദ്രുമം
സത്വരം നാനാശാഖാപ്രഫുല്ലമാക്കി–
ത്തീർക്കും. 36

ദേവവിദ്വേഷിമാരാണെങ്കിലും വേദമാർഗ്ഗ–
സേവാനിഷ്ഠരായ് മയൻ നിർമ്മിച്ചുകൊടുത്തതാം
അദൃശ്യവേഗമാളും മുപ്പുരങ്ങളാൽ ജഗ–
ത്ത്രിതയം മുടിച്ചീടും ദൈത്യരെ മോഹിപ്പിച്ചു
മതിവഞ്ചിക്കും വേഷം ധരിച്ചു പാഖണ്ഡമാം
മതമങ്ങവർക്കുപദേശിക്കും ഹൃഷീകേശൻ. 37

എപ്പോഴോ ഹരികഥ സജ്ജനാലയങ്ങളി–
ലല്പവുമില്ലാതെയാം ദ്വിജന്മാർ പാഖണ്ഡരാം.
എപ്പൊഴോ ഭൂപന്മാരായ്ത്തീരുന്നു ശൂദ്രവർഗ്ഗം
എപ്പോഴാം സ്വാഹാസ്വധാവഷഡ്വാക്യമി–
ല്ലാതെയാം
അപ്പോഴാം ശ്രീമഹാവിഷ്ണു കല്കിയായ്ക്കല്ലാ–
ന്തത്തി–
ലുത്ഭവിച്ചീടുന്നിതു കലിതൻ ശാസിതാ–
വായ്. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗേ തപോഽഹമൃഷയോ നവ യേ പ്രജേശാഃ
സ്ഥാനേ ച ധർമ്മമഖമനുമരാവനീശാഃ
അന്തേ ത്വധർമ്മഹരമന്യുവശാ സുരാദ്യാ
മായാവിഭൂതയ ഇമാഃ പുരുശക്തിഭാജഃ. 39

വിഷ്ണോർന്നു വീര്യഗണനാം കതമോർഹതീഹ
യഃ പാർത്ഥിവാന്യപി കവിർവ്വിമമേ രജാംസി
ചസ്കംഭ യസ്സ്വരംഹസാഽസ്ഖലതാത്രിപൃഷ്ഠം
യസ്മാത് ത്രിസാമ്യസദനാദുരു കമ്പയാനം. 40

നാന്തം വിദാമ്യഹമമീ മുനയോഽഗ്രജാസ്തേ
മായാബലസ്യ പുരുഷസ്യ കുതോഽപരേ യേ
ഗായൻ ഗുണാൻ ദശശതാനന ആദിദേവ–
ശ്ശേഷോഽധുനാപി സമവസ്യതി നാസ്യ പാരം. 41

യേഷാം സ ഏവ ഭഗവാൻ ദയയേദനന്ത–
സ്സർവ്വാത്മനാഽഽശ്രിതപദോ യദി നിർവ്യളീകം
തേ ദുസ്തരാമതിതരന്തി ച ദേവമായാം
നൈഷാം മമാഹമിതി ധീഃ ശ്വസൃഗാലഭക്ഷ്യേ. 42

വേദാഹമംഗ പരമസ്യ ഹി യോഗമായാം
യൂയം ഭവശ്ച ഭഗവാനഥ ദൈത്യവര്യഃ
പത്നീ മനോസ്സ ച മനുശ്ച തദാത്മജാശ്ച
പ്രാചീനബർഹിരൃഭുരംഗ ഉത ധ്രുവശ്ച. 43

ഇക്ഷ്വാകുരൈളമുചുകുന്ദവിദേഹഗാധി–
രഘ്വംബരീഷസഗരാ ഗയനാഹുഷാദ്യാഃ
മാന്ധാത്രളർക്കശതധന്വനുരന്തിദേവാ
ദേവവ്രതോ ബലിരമൂർത്തരയോ ദിലീപഃ. 44

സൗഭര്യുതങ്കശിബിദേവലപിപ്പലാദ–
സാരസ്വതോദ്ധവപരാശരഭൂരിഷേണാഃ
യേഽന്യേ വിഭീഷണഹനൂമദുപേന്ദ്രദത്ത–
പാർത്ഥാർഷ്ടിഷേണവിദുര ശ്രുതദേവവര്യാഃ 45

തേ വൈ വിദന്ത്യതിതരന്തി ച ദേവമായാം
സ്ത്രീശൂദ്രഹൂണശബരാ അപി പാപജീവാഃ
യദ്യദ്ഭുതക്രമപരായണശീലശിക്ഷാ–
സ്തിര്യഗ്ജനാ അപി കിമു ശ്രുതധാരണാ യേ. 46

ശശ്വത് പ്രശാന്തമഭയം പ്രതിബോധമാത്രം
ശുദ്ധം സമം സദസതഃ പരമാത്മതത്ത്വം
ശബ്ദോ ന യത്ര പുരുകാരകവാൻ ക്രിയാർത്ഥോ
മായാ പരൈത്യഭിമുഖേ ച വിലജ്ജമാനാ. 47

തദ്വൈ പദം ഭഗവതഃ പരമസ്യ പുംസോ
ബ്രഹ്മേതി യദ്വിദുരജസ്രസുഖം വിശോകം
സധ്ര്യങ്നിയമ്യ യതയോ യമകർത്തഹേതിം
ജഹ്യുഃ സ്വരാഡിവ നിപാനഖനിത്രമിന്ദ്രഃ. 48

സ ശ്രേയസാമപി വിഭുർഭഗവാൻ യതോഽസ്യ
ഭാവസ്വഭാവവിഹിതസ്യ സതഃ പ്രസിദ്ധിഃ
ദേഹേ സ്വധാതുവിഗമേഽനുവിശീര്യമാണേ
വ്യോമേവ തത്ര പുരുഷോ ന വിശീര്യതേഽജഃ. 49

സോഽയം തേഽഭിഹിതസ്താത! ഭഗവാൻ വിശ്വഭാവനഃ
സമാസേന ഹരേർന്നാന്യദന്യസ്മാത് സദസച്ച യത്. 50

ഇദം ഭാഗവതം നാമ യന്മേ ഭഗവതോദിതം
സംഗ്രഹോഽയം വിഭൂതീനാം; ത്വമേതദ്വിപുലീകുരു. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൃഷ്ടിയിൽത്തപോരൂപനാകിയ ഞാനുമൃഷി–
ശ്രേഷ്ഠരും പ്രജേശന്മാരൊൻപതുപേരും പിന്നെ
പരിപാലനത്തിങ്കൽ മനക്കറം, യാഗം, ധർമ്മം
സുരന്മാർ ഭൂപാലന്മാരിവരും സംഹാരത്തിൽ
അധർമ്മം രുദ്രൻ ദിതിപുത്രരും സർപ്പാദിയു–
മതിശക്തനാമീശൻ തന്മായാവിഭൂതികഠം. 39

മന്നിലെ മണൽത്തരിയെണ്ണുവാൻപോരും
ബുധ–
വൃന്ദവും മടക്കുന്ന തദ്വീര്യം ഗണിപ്പതിൽ.
ഗുണങ്ങറം മൂന്നും ക്ഷോഭംവെടിഞ്ഞു സമനില–
യ്ക്കുണയുമുത്കൃഷ്ടമാം സ്ഥാനത്തെയപേ–
ക്ഷിച്ച
അത്യന്തചലമാകം സർഗ്ഗവും ധരിക്കുന്നി–
തിദ്ദേവൻ തടവററ തദ്ബലവേഗത്തി–
നാൽ. 40

ഇപ്പുരുഷൻെറ മായാബലാന്തമറിയാ ഞാൻ
ത്വത്പൂർവ്വജന്മാരാകം മുനിമാരന്യന്മാരും.
ആയിരമാനനത്താലനന്തൻ കീർത്തിച്ചിട്ടു–
മായിട്ടില്ലൊന്നും കരകണ്ടിട്ടില്ലിന്നോളവും. 41

അവ്യയനായീടമിദ്ദേവൻെറ പാദാംബുജം
സർവ്വാത്മഭാവത്തോടുമാശ്രയിച്ചീടുന്നവൻ
തത്കൃപാകടാക്ഷത്താൽ ദുസ്തരദേവമായാ–
ദുർഘടമതിക്രമിച്ചീടുന്നിതവിളംബം. 42

നരിക്കും നായ്ക്കും ഭക്ഷ്യമാകേണ്ടും ശരീരത്തിൽ
തരിമ്പുമഹംഭാവമവന്നു ഭവിച്ചിടാ.
ആനന്ദനിധേ! മുനേ! പരൻതൻ യോഗശക്തി
ഞാനും നിങ്ങളും പിന്നെബ്ഭഗവാൻ
പുരാരിയും
മാനവാം സ്വായംഭുവൻതാനും തദ്ദാരങ്ങളു–
മനഘൻ പ്രഹ്ലാദനും മനുനന്ദനന്മാരും
ധ്രുവൻപ്രാചീനബർഹിസ്സുഭൂവാം മഹർഷിയെ–
ന്നിവരുമംഗഭൂമീധവനുമറിയുന്നു. 43

അലർക്കനൈളൻ ഗാഥിയിക്ഷ്വാകു മുചുകുന്ദൻ
ദിലീപനംബരീഷൻ വിദേഹൻ ഗയൻ രഘു
ശന്തനു രന്തിദേവൻ സഗരൻ ഭീഷ്മൻ ബലി
മാന്ധാതാ,വനു ശുകനമൂർത്തരയൻ, ശിബി. 44

ഉദ്ധവൻ പിപ്പലാദൻ ദേവലൻ സാരസ്വതൻ
പാർത്ഥന്മാരാർഷ്ടിഷേണൻ നാഹുഷൻ ശ്രുത–
ദേവൻ
വിദുരൻ വിഭീഷണൻ ഹനുമാൻ പരാശരാ–
ത്മജൻ ശതധന്വാ സൗഭരിയാർഷ്ടിഷേണൻ
എന്നിവരറിയുന്നു, പാപികളായീടിലും
തന്വികഠം ശൂദ്രഹൂണശബരവർഗ്ഗക്കാരും

ജായ സമ്പാതിതൊട്ടുള്ള തിര്യക്കുകളും
തടവുററിഞ്ഞിരിക്കുന്നിതിബ്ഭഗവാനെ.
ആരെന്നില്ലിന്നജാതിയെന്നില്ലിമ്മുകുന്ദനെ
നേരേയസ്സമ്പ്രദായമഭ്യസിച്ചാരാധിക്കിൽ
അവനപ്പൊഴേ ദേവമായയെക്കടന്നിടാം
വിവിധശാസ്ത്രജ്ഞാനികളെന്തുകൊണ്ടാകാ
പിന്നെ? 45–46

എപ്പൊഴും പ്രശാന്തമായ് ജ്ഞാനസ്വരൂപമായി
നിർഭയമായിത്തത്ത്വരൂപമായ് സമമായി
ചേതനാചേതനാന്യമായിസ്സദാനന്ദമാ–
മേതൊരു പരിശുദ്ധവസ്തുവിൻ മാഹാത്മ്യത്തെ
മുനിമാരറിയുമാ ബ്രഹ്മമിബ്ഭഗവാൻതൻ–
തനിരൂപമാണതിൻമുമ്പിൽ നാണിച്ചു മായ–
യണയാ, സകാരകധാത്വർത്ഥശബ്ദങ്ങളൊ–
ത്തിണങ്ങ, വേദത്തിനുമിതിനേ വാച്യ–
നാകാ. 47

ജ്ഞാനികഠം മഹാത്മാക്കളിബ്ഭഗവാനിൽ–
ത്തന്നെ
മാനസം നല്ലപോലെ നിശ്ചലമാക്കിനിർത്തി
നിഷ്പ്രയോജനങ്ങളാം കർമ്മസാധനങ്ങളെ–
യപ്പൊഴേ തള്ളുന്നിന്ദ്രൻ ഘനനായുധം വിധം.48

മഹത്തത്ത്വാദിയും തത്പരിണാമജമായി
മഹത്തായീടും വ്യഷ്ടിസമഷ്ടിപ്രപഞ്ചവും
ഉണ്ടായതാരിൽനിന്നാപുരുഷാർത്ഥങ്ങറം നാലും
വേണ്ടപോലേകീടുവാൻ ശക്തനബ്ഭഗവാൻ–
താൻ.
ശരീരം തദ്ധാതുക്കറം ലയിച്ചീടവേ നാശം
വരിക്കുന്നുണ്ടെങ്കിലുമതിലാവസിച്ചീടും
ജനനഹീനൻ ജീവൻ, തീപ്പെട്ടു വെന്ത നില–
യനത്തിലാകാശംപോൽ നശിക്കാതിരി–
ക്കുന്നു. 49

നാരദാ! പ്രപഞ്ചോൽപത്യാദിഹേതുവാം
പരൻ–
പൂരുഷൻതന്നെപ്പററിക്കഥിച്ചേൻ ചുരുക്കി
ഞാൻ.
അവനെയൊഴിച്ചന്യമായിട്ടില്ലൊന്നുംതന്നെ;
ഭവിക്കുന്നില്ലയല്ലോ കാരണമെന്യേ കാര്യം 50

ഭഗവദവതാരൈശ്വര്യസംഗ്രഹമിതു
നിഗദിക്കുന്നു ഭാഗവതമെന്നായിജ്ജനം.
ഇതു മുൻപെനിക്കുപദേശിച്ചു നാരായണ–
നതിയായ് ഭവാനിതു വിസ്തരിച്ചോതി–
ക്കൊറംക. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാ ഹരൗ ഭഗവതി നൃണാം ഭക്തിർഭവിഷ്യതി
സർവ്വാത്മന്യഖിലാധാര ഇതി സങ്കല്പ്യ വർണ്ണയ. 52
നൃജന്മനി ന തുഷ്യേത കിം കായമന്നനശ്വരൈഃ
കൃഷ്ണേ യദ്യപവർഗ്ഗേശേ ഭക്തിഃ സ്യാദനപായിനീ. 53
കിംസ്യാദ്വർണ്ണാശ്രമാചാരൈഃ കിം ദാനൈഃ കിം തപഃശ്രുതൈഃ
സർവ്വാഘഘ്നോത്തമശ്ലോകേ ന ചേത് ഭക്തിരധോക്ഷജേ. 54
ലീലാം വർണ്ണയതോഽമുഷ്യ ഈശ്വരസ്യാനുമോദിതുഃ
ശൃണ്വതഃ ശ്രദ്ധയാ നിത്യം മായയാഽഽത്മാ ന മുഹ്യതി. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
ബ്രഹ്മനാരദസംവാദേ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

രാജോവാച
ബ്രഹ്മണാ ചോദിതോ, ബ്രഹ്മൻ, ഗുണാഖ്യാനേഽഗുണസ്യ ച
യസ്മൈ യസ്മൈ യഥാ പ്രാഹ നാരദോ ദേവദർശനഃ. 1
ഏതദ്വേദിതുമിച്ഛാമി തത്ത്വം, തത്ത്വവിദാം വര!
ഹരേരദ്ഭുതവീര്യസ്യ കഥാ ലോകസുമംഗളാഃ. 2
കഥയസ്വ, മഹാഭാഗ, യഥാഹമഖിലാത്മനി
കൃഷ്ണേ നിവേശ്യ നിസ്സങ്ഗം മനസ്ത്യക്ഷ്യേ കളേബരം. 3
ശൃണ്വതഃ ശ്രദ്ധയാ നിത്യം ഗൃണതശ്ച സ്വചേഷ്ടിതം
കാലേന നാതിദീർഘേണ ഭഗവാൻ വിശതേ ഹൃദി. 4
പ്രവിഷ്ടഃ കർണ്ണരന്ധ്രേണ സ്വാനാം ഭാവസരോരുഹം
ധുനോതി ശമലം കൃഷ്ണഃ സലിലസ്യ യഥാ ശരത്. 5
ധൗതാത്മാ പുരുഷഃ കൃഷ്ണപാദമൂലം ന മുഞ്ചതി
മുക്തസർവ്വപരിക്ലേശഃ പാന്ഥസ്സ്വശരണം യഥാ. 6
യദധാതുമതോ ബ്രഹ്മൻ! ദേഹാരംഭോഽസ്യ ധാതുഭിഃ
യദൃച്ഛയാ ഹേതുനാ വാ ഭവന്തോ ജാനതേ യഥാ. 7
ആസീദ്യദുദരാത് പദ്മം ലോകസംസ്ഥാനലക്ഷണം
യാവാനയം വൈ പുരുഷ ഇയത്താവയവൈഃ പൃഥക്
താവാനസാവിതി പ്രോക്തഃ സംസ്ഥാവയവവാനിവ. 8
അജഃ സൃജതി ഭൂതാനി ഭൂതാത്മായദനുഗ്രഹാത്
ദദൃശേ യേന തദ്രൂപം നാഭിപദ്മസമുദ്ഭവഃ. 9
സ ചാപി യത്ര പുരുഷോ വിശ്വസ്ഥിത്യുദ്ഭവാപ്യയഃ
മുക്ത്വാഽഽത്മമായാം മായേശഃ ശേതേ സർവ്വഗുഹാശയഃ. 10
പുരുഷാവയവൈർല്ലോകാസ്സപാലാഃ പൂർവ്വകല്പിതാഃ
ലോകൈരമുഷ്യാവയവാസ്സപാലൈരിതി ശുശ്രുമ. 11
യാവാൻ കല്പോ വികല്പോ വാ യഥാ കാലോഽനുമീയതേ
ഭൂതഭവ്യഭവച്ഛബ്ദ ആയുർമ്മാനം ച യത്സതഃ 12
കാലസ്യാനുഗതിര്യാ തു ലക്ഷ്യതേണ്വീ ബൃഹത്യപി
യാവത്യഃ കർമ്മഗതയോ യാദൃശീർദ്വിജസത്തമ! 13
യസ്മിൻ കർമ്മസമാവായോ യഥാ യേനോപഗൃഹ്യതേ
ഗുണാനാം ഗുണിനാം ചൈവ പരിണാമമഭീപ്സതാം. 14
ഭൂപാതാളകകുബ്വ്യോമഗ്രഹനക്ഷത്രഭൂഭൃതാം
സരിത്സമുദ്രദ്വീപാനാം സംഭവശ്ചൈതദോകസാം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരനായ് സർവ്വാത്മാവായ് സർവ്വാധാരവു-
മാകും
ഹരിയിൽ ഭക്തി വാച്ചുംവിധത്തിൽ വർണ്ണി-
ച്ചാലും.
നരജന്മത്തിലീശൻ സന്തോഷിക്കുന്നില്ലെങ്കിൽ
ശരീരത്തോടൊട്ടുണ്ടും ധർമ്മാദിയാലെന്തുള്ളൂ? 52
മുക്തിസാധനം കൃഷ്ണപരമാത്മാവിൽ ദൃഢ-
ഭക്തിയുറംകാമ്പിൽ മുററിബ്ഭഗവാൻ
തോഷിക്കായ്കിൽ
പിന്നെ നശ്വരങ്ങളാമിപ്പദാർത്ഥങ്ങളെക്കൊ-
ണ്ടൊന്നുമില്ലുപയോഗമെന്നറിഞ്ഞാലും
ധീമൻ! 53
ഉത്തമശ്ലോകനായിസ്സർവ്വപാപഘ്നനാകും
ദൈത്യാരിതന്നിൽ ഭക്തിയില്ലാതെ-
വന്നീടുകിൽ
വർണ്ണാശ്രമാചാരങ്ങളും ശാസ്ത്രപാഠങ്ങളും ദാന-
മുന്നതതപസ്സിവകൊണ്ടെന്താം പ്രയോജനം? 54
ഹരിലീലകൾ നിത്യം സശ്രദ്ധം ശ്രവിക്കയോ
പരിചോടനുമോദിക്കുകയോ കീർത്തിക്കയോ
ചെയ്യുന്നവൻെറ ചിത്തം മായാമോഹത്തിൽ-
നിന്നും
കയ്യോടെ മോചിച്ചീടുമില്ല സംശയമേതും. 55

അദ്ധ്യായം 8

പരീക്ഷിത്തിൻെറ ചോദ്യം

രാജാവു പറഞ്ഞു

ബ്രഹ്മർഷേ! ഭഗവാൻെറ ഗുണവർണ്ണനത്തി-
നായ്
ബ്രഹ്മപ്രേരിതനായിദ്ദേവദർശനനാകും
നാരദനാരോടൊക്കെയേതേതുവിധത്തിലാ-
ണീരണംചെയ്തതെന്നു ചൊന്നാലുമെന്നോടിപ്പോ-
പ്പോൾ. 1
അത്ഭുതവീര്യവാനാം ഹരിതൻ സച്ചരിത്രം
മുപ്പാരിന്നതിശുഭദായകമെന്നാകയാൽ
തത്ത്വവിദ്വരാ! ഭവാനിത്തത്ത്വമറിഞ്ഞിടാ-
നത്യന്തമാഗ്രഹിക്കും ഞങ്ങളോടോതിയാലും. 2
ഹേ മുനേ! സർവ്വാത്മാവാം കൃഷ്ണനിൽ
നിസ്സംഗമാം
മാമകമനം സ്ഥിരമായി നിന്നീടുവാനും
അന്യചിന്തകളെന്യേ തന്നെ തള്ളാനുംതക്ക-
വണ്ണമങ്ങരുളിച്ചെയ്തീടണം കാരുണ്യാബ്ധേ! 3
വിഷ്ടരശ്രവസ്സുതൻ ചേഷ്ടിതം ശ്രദ്ധയോടു
കേട്ടിരിപ്പവൻെറയും ചൊല്ലിടുന്നവൻെറയും
ഹൃത്തിലബ്ഭഗവാൻ ശ്രീവല്ലഭനേപ്പോഴും-
ത്തന്നെ-
യെത്തിസ്സുസ്ഥിരം കുടികൊള്ളുന്നു മഹാമുനേ! 4
ഭഗവാൻ ഭക്തന്മാർതൻ കർണ്ണരന്ധ്രങ്ങൾവഴി-
യകതാരിങ്കൽ പററിക്കൂടിത്തദ്ദുരിതങ്ങൾ
ശരിക്കു ശരൽക്കാലം സലിലദോഷമെല്ലാം
ഹരിക്കുന്നതുപോലെ ഹനിപ്പൂ നിശ്ശേഷ-
മായ്. 5
ധൗതാത്മാവായി മുക്തക്ലേശനാം പുമാൻ കൃഷ്ണ-
പാദാബ്ജമൂലം വിടാ, സ്വഗേഹം പാന്ഥ-
ന്മട്ടിൽ. 6
ധാതുസംബന്ധമേതുമില്ലാത്തോരാത്മാവിലീ-
ധാതുനിർമ്മിതദേഹമെങ്ങനെയുണ്ടായിതു?
കാരണമെന്തെങ്കിലും കാണുമെന്നതോ സർവ്വ-
കാര്യവും ധരിച്ചവർതാനല്ലോ യുഷ്മാദൃശർ. 7
ആരുടെയുദരത്തിൽനിന്നും ത്രൈലോക്യരൂപ-
സാരസമുണ്ടായ് വന്നിതാക്കേഴമംഗകങ്ങൾ
മർത്ത്യൻതന്നവയവസംഖ്യയോളവുംതന്നെ-
യൊത്തതാ,ണെന്തവനും നരനുംതമ്മിൽ ഭേദം? 8
ഭൂതാത്മാവായ പത്മജാതനാം പിതാമഹൻ
ഭൂതസംസൃഷ്ടിചെയ്വതാരനുഗ്രഹിക്കയാൽ
ആരുടെ കൃപാകടാക്ഷത്തിനാൽ തത്സ്വരൂപം
നേരേ സന്ദർശിക്കയുംചെയ്യുന്നു മുനീശ്വരാ! 9
മായേശനായി സൃഷ്ടിസ്ഥിതിസംഹാരകർത്താ-
വായിസ്സർവ്വാന്തരംഗഗഹ്വരവാസിയാകും
പുരുഷൻ സ്വമായയെവിട്ടെങ്ങാം ശയിപ്പതു-
മരുളിച്ചെയ്തീടണമവിടുന്നെന്നോടിപ്പോൾ. 10
പുരുഷാംഗകങ്ങളാൽ പാലകരൊത്തീലോകം
പുരാ കല്പിതമെന്നും സപാലലോകങ്ങളാൽ
പുരുഷാവയവങ്ങൾ സങ്കല്പിതങ്ങളെന്നു-
മിരുപക്ഷാഭിപ്രായമുള്ളതായ്ക്കേൾപ്പൂ
ഞങ്ങൾ. 11
കല്പത്തിൻ കാലപരിമാണമെന്തവാന്തര-
കല്പകാലവുമെത്ര? കഴിഞ്ഞ കാലമെത്ര?
എത്രയാം വർത്തമാനഭാവികാലങ്ങളെന്നും
വ്യക്തമായരുളേണമായുർമ്മാനവും ഭവാൻ. 12
സൂക്ഷ്മവും മഹത്തുമാം കാലത്തിൻ വ്യാപാരത്തെ
തീക്ഷ്ണധീമാനാം മുനേ! യെങ്ങനെയറിയുന്നു?
കർമ്മത്താൽ പ്രാപ്യങ്ങളാം സ്ഥാനങ്ങളെ-
ത്രയെന്നു-
മെമ്മട്ടിലെല്ലാമവയിരിപ്പതെന്നും ചൊൽക. 13
സത്ത്വാദിഗുണപരിണാമദേവാദിഭാവ-
സിദ്ധിക്കായ് ജീവാത്മാക്കൾ ചെയ്യേണ്ട-
കർമ്മമെന്തേ?
ആരിൽ സമർപ്പിക്കണം കർമ്മങ്ങളെല്ലാം?
പിന്നെ-
യാരേതുമട്ടിലവ, ഗ്രഹിക്കപ്പെടുന്നിതു? 14
ഭൂമി, പാതാളം, ദിക്കുമാകാശം, ഗ്രഹങ്ങളും
ഭൂമിഭൃത്സരിത്താരാസമുദ്രദ്വീപങ്ങളും
അവയിലെഴും പ്രാണികുലവു,മുണ്ടായതിൻ-
വിവരങ്ങളും കഥിച്ചീടണം സവിസ്തരം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമാണമണ്ഡകോശസ്യ ബാഹ്യാഭ്യന്തരഭേദതഃ
മഹതാം ചാനുചരിതം വർണ്ണാശ്രമവിനിശ്ചയഃ 16
അവതാരാനുചരിതം യദാശ്ചര്യതമം ഹരേഃ
യുഗാനി യുഗമാനം ച ധർമ്മോ യശ്ച യുഗേ യുഗേ. 17
നൃണാം സാധാരണോ ധർമ്മസ്സവിശേഷശ്ച യാദൃശഃ
ശ്രേണീനാം രാജർഷീണാം ച ധർമ്മഃ കൃച്ഛ്റേഷു ജീവതാം. 18
തത്ത്വാനാം പരിസംഖ്യാനം ലക്ഷണം ഹേതുലക്ഷണം
പുരുഷാരാധനവിധിര്യോഗസ്യാദ്ധ്യാത്മികസ്യ ച. 19
യോഗേശ്വരൈശ്വര്യഗതിർല്ലിംഗഭംഗസ്തു യോഗിനാം
വേദോപവേദധർമ്മാണാമിതിഹാസപുരാണയോഃ 20
സംഭവസ്സർവ്വഭൂതാനാം വിക്രമഃ പ്രതിസംക്രമഃ
ഇഷ്ടാപൂർത്തസ്യ കാമ്യാനാം ത്രിവർഗ്ഗസ്യ ച യോ വിധിഃ 21
യശ്ചാനുശായിനാം സർഗ്ഗഃ പാഖണ്ഡസ്യ ച സംഭവഃ
ആത്മനോ ബന്ധമോക്ഷൗ ച വ്യവസ്ഥാനം സ്വരൂപതഃ 22
യഥാഽത്മതന്ത്രോ ഭഗവാൻ വിക്രീഡത്യാത്മമായയാ
വിസൃജ്യ വാ യഥാ മായാമുദാസ്തേ സാക്ഷിവദ്വിഭുഃ. 23
സർവ്വമേതച്ച, ഭഗവൻ, പൃച്ഛതേ മേഽനുപൂർവ്വശഃ
തത്ത്വതോഽർഹസ്യുദാഹർത്തും പ്രപന്നായ മഹാമുനേ! 24
അത്ര പ്രമാണം ഹി ഭവാൻ പരമേഷ്ഠീ യഥാഽത്മഭൂഃ
പരേ ചേഹാനുതിഷ്ഠന്തി പൂർവ്വേഷാം പൂർവ്വജൈഃ കൃതം. 25
ന മേഽസവഃ പരായന്തി ബ്രഹ്മന്നനശനാദമീ
പിബതോഽച്യുതപീയൂഷം തദ്വാക്യാബ്ജവിനിഃസൃതം. 26

സൂത ഉവാച

സ ഉപാമന്ത്രിതോ രാജ്ഞാ കഥായാമിതി സത്പതേഃ
ബ്രഹ്മരാതോ ഭൃശം പ്രീതോ വിഷ്ണുരാതേന സംസദി. 27
പ്രാഹ ഭാഗവതം നാമ പുരാണം ബ്രഹ്മസമ്മിതം
ബ്രഹ്മണേ ഭഗവത്പ്രോക്തം ബ്രഹ്മകല്പ ഉപാഗതേ. 28
യദ്യത് പരീക്ഷിദൃഷഭഃ പാണ്ഡൂനാമനുപൃച്ഛതി
ആനുപൂർവ്വ്യേണ തത്സർവ്വമാഖ്യാതുമുപചക്രമേ. 29

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
പ്രശ്നവിധിർന്നാമാഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ശ്രീശുക ഉവാച

ആത്മമായാമൃതേ രാജൻ! പരസ്യാനുഭവാത്മനഃ
ന ഘടേതാർത്ഥസംബന്ധഃ സ്വപ്നദ്രഷ്ടുരിവാഞ്ജസാ. 1
ബഹുരൂപ ഇവാഭാതി മായയാ ബഹുരൂപയാ
രമമാണോ ഗുണേഷ്വസ്യാ മമാഹമിതി മന്യതേ. 2
യർഹി വാവ മഹിമ്നി സ്വേ പരസ്മിൻ കാലമായയോഃ
രമേത ഗതസമ്മോഹസ്ത്യക്ത്വോദാസ്തേ തദോഭയം. 3
ആത്മതത്ത്വവിശുദ്ധ്യർത്ഥം യദാഹ ഭഗവാനൃതം
ബ്രഹ്മണേ ദർശയൻ രൂപമവ്യളീകവ്രതാദൃതഃ. 4
സ ആദിദേവോ ജഗതാം പരോ ഗുരുഃ
സ്വധിഷ്ണ്യമാസ്ഥായ സിസൃക്ഷയൈക്ഷത
താം നാധ്യഗച്ഛദ്ദൃശമത്ര സമ്മതാം
പ്രപഞ്ചനിർമ്മാണവിധിര്യയാ ഭവേത്. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അണ്ഡകോശത്തിൻ ബാഹ്യാഭ്യന്തര-
പരിമാണം,
വർണ്ണമാശ്രമമിവയ്ക്കുള്ള ലക്ഷണം പിന്നെ
മഹാന്മാരുടെ ജീവചരിത്രം, ശ്രീവിഷ്ണുവിൻ-
മഹദത്ഭുതജന്മകർമ്മങ്ങൾ, യുഗങ്ങളും,
യുഗങ്ങളുടെ കണ,ക്കോരോരോ യുഗത്തിലും
പകരുന്നതാം ധർമ്മവിശേഷങ്ങളും
ചൊൽക. 16-17

മർത്ത്യന്റെ സത്യംതൊട്ട സാമാന്യധർമ്മം
പിന്നെ
പ്രത്യേകം ശമാദിയാം വിശേഷധർമ്മങ്ങളും.
ജാതിഭേദോക്തധർമ്മം രാജർഷിധർമ്മങ്ങള-
മാതുരന്മാരായ് മേവും മാനുഷരുടെ ധർമ്മം.
പ്രകൃതി മുതലായ തത്ത്വത്തിൻസംഖ്യ,യതിൻ-
തികവാം ചിഹ്നം പിന്നെ ഹേതുലക്ഷണം
തഥാ
ഈശ്വരപൂജയ്ക്കുള്ള വിധികളാത്മാവിനെ
ദർശിച്ചീടുവാനുള്ള യോഗസമ്പ്രദായവും. 18-19

യോഗേശ്വരൈശ്വര്യങ്ങൾ തദ്ഗതിയ്ക്കും-
പിന്നെ
യോഗിമാരുടെ ലിംഗശരീരസന്ത്യാഗവും,
വേദേതിഹാസധർമ്മശാസ്ത്രങ്ങൾ, പുരാണോപ-
വേദങ്ങളെന്നിവററിന്നിയലും സ്വഭാവവും
ഭൂമ്യാദി സർവ്വഭൂതോത്പത്തിസ്ഥിത്യന്തങ്ങളും
കാമ്യകർമ്മങ്ങളിഷ്ടാപൂർത്താദികർമ്മങ്ങളും
ധർമ്മാർത്ഥകാമങ്ങളാം പുരുഷാർത്ഥങ്ങൾ മൂന്നും
തന്മുഖ്യവിധികളുമരുളിച്ചെയ്യേണം. 20-21

കർമ്മശേഷത്തോടൊത്തു പരലോകത്തുനിന്നു-
മിമ്മന്നിൽ വന്നുചേരും ജീവന്മാരുടെ ജന്മം
പാഖണ്ഡോത്ഭവം ജീവബന്ധമോക്ഷങ്ങൾ
മുക്ത-
നാകിന ജീവാത്മാവിൻ സ്വരൂപമെന്തെ-
ന്നതും 22

സ്വതന്ത്രനീശൻ മായായുതനായ്ക്രീഡിപ്പതിൻ-
വിധവും മായവിട്ട സാക്ഷിപോൽ നില്ക്കു-
ന്നതും 23

ജ്ഞാനാംബുനിധേ! ഭവാൻ ശരണാഗതനാമി-
ദ്ദീനനോടെല്ലാം മുറയ്ക്കരുളിച്ചെയ്യേണമേ. 24

അജാത്മഭൂവിനൊപ്പം സർവ്വവുമറിയുന്നോ-
നിങ്ങിയന്നിട്ടും മററു മാമുനീന്ദ്രന്മാരെല്ലാം
മുൻപിലേയുള്ളതനകരിപ്പോരെന്നല്ലാതെ
സമ്പ്രദായക്രമത്തിലഭ്യസിച്ചവരല്ല. 25

ത്വന്മുഖേന്ദുവിൽനിന്നുമൊഴുകും പീയൂഷത്തെ
സമ്മോദത്തോടുള്ളുടിപ്പാനംചെയ്യിടന്നിട്ടും
മത്പ്രാണങ്ങൾക്കിദാനീം പ്രായോപവേശ-
ത്തിനാ-
ലല്പവും ക്ഷീണമില്ലെന്നുള്ളതുമറിഞ്ഞാലും. 26

സൂതൻ പറഞ്ഞു

ഈവിധം സത്തുക്കൾതൻ നാഥനാം
ഭഗവാന്റെ
പാവനചരിതത്തെ വിഷ്ണുരാതനാം നൃപൻ
സദസ്സിൽവെച്ചർത്ഥിക്കകൊണ്ടതിസന്തോ-
ഷാംബു-
നിധിയിൽ മഗ്നനായാൻ ബാദരായണസൂനു. 27
ബ്രഹ്മകല്പത്തിൽപ്പുരാ ഭഗവാൻ ശ്രീനിവാസൻ
ബ്രഹ്മാവിന്നരുളിയ വേദസന്നിഭമാകും
ഭാഗവതാഖ്യം മുഖ്യപുരാണം പരീക്ഷിത്താം
ഭൂകാന്തനോടായ് ശുകമാമുനിയരുൾ-
ചെയ്താൻ. 28
പാണ്ഡവേയനാം പരീക്ഷിത്തുതൻ ചോദ്യ-
ങ്ങൾക്കു-
ത്തരമോതാൻ തുടങ്ങീയനുക്രമം. 29

അദ്ധ്യായം 9

ബ്രഹ്മാവിനു ഭാഗവതോപദേശം

ശ്രീശുകൻ പറഞ്ഞു

മന്നവശിഖാമണേ! പരനായ് മായാബന്ധ-
മെന്നിയേയനുഭവരൂപനായ് ലസിച്ചീടും
ജീവനു ദേഹാദിയിൽ സ്വപ്നനാസ്വപ്നത്തിലെ
വൈവിധ്യവസ്തുക്കളോടുള്ള ബന്ധമേയുള്ളു. 1
ബഹുരൂപയാം മായനിമിത്തം ജീവനെന്നും
ബഹുരൂപൻപോൽ കാണപ്പെടുന്നു ധരേശ്വരാ!
മായതൻ ഗുണങ്ങളിൽ മുഴുകി ഞാനെന്നുമെൻ-
ജായാദിയെന്നുമെന്നുമഭിമാനിച്ചിടുന്നു. 2
പുരുഷങ്കലും തഥാ പ്രകൃതിയിലുംനിന്നു
പരനാം ഭഗവാനിൽ ഗതമോഹനായ് ജീവൻ
രമിച്ചീടുന്നതെപ്പോൾ രണ്ടിനേയും ത്യജിച്ചി-
ട്ടമന്നീടുന്നിതുദാസീനനായപ്പോളവൻ. 3
സത്യമാം വ്രതത്തിനാൽ സേവിതൻ ഹരി-
നിജ-
സത്യസ്വരൂപം കാട്ടിക്കൊടുത്തിട്ടാത്മജ്ഞാനം
മുന്നം ബ്രഹ്മാവിനോടു വർണ്ണിച്ചുചൊന്നാനതു-
തന്നെ ഞാൻ ഭവാനോടു ചൊല്ലുന്നു കേട്ടു-
കൊൾക. 4
ആദിദേവനായ് ലോകപരമാചാര്യനാകും
വേധാവു സ്വധാമത്തിൽ സ്ഥിതനായ് സൃഷ്ടി-
ക്കായി
ഭാവിച്ചു ചിന്തിച്ചതിൽ പ്രപഞ്ചനിർമ്മാണ
ത്തിൻ-
ഭാവനാദൃഷ്ടി സിദ്ധിച്ചില്ലെന്നേ പറയേണ്ടു. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ചിന്തയൻ ദ്വ്യക്ഷരമേകദാംഭ-
സ്യുപാശൃണോദ്ദ്വിർഗ്ഗദിതം വചോ വിഭുഃ
സ്പർശേഷു യത് ഷോഡശമേകവിംശം
നിഷ്കിഞ്ചനാനാം നൃപ യദ്ധനം വിദുഃ. 6
നിശമ്യ തദ്വക്തൃദിദൃക്ഷയാ ദിശോ
വിലോക്യ തത്രാന്യദപശ്യമാനഃ
സ്വധിഷ്ണ്യമാസ്ഥായ വിമൃശ്യ തദ്ധിതം
തപസ്യുപാദിഷ്ട ഇവാദധേ മനഃ. 7
ദിവ്യം സഹസ്രാബ്ദമമോഘദർശനോ
ജിതാനിലാത്മാ വിജിതോഭയേന്ദ്രിയഃ
അതപ്യത സ്മാഖിലലോകതാപനം
തപസ്തപീയാംസ്തപതാം സമാഹിതഃ. 8
തസ്മൈ സ്വലോകം ഭഗവാൻ സഭാജിതഃ
സന്ദർശയാമാസ പരം ന യത്പരം
വ്യപേതസംക്ലേശവിമോഹസാധ്വസം
സ്വദൃഷ്ടവദ്ഭിർവ്വിബുധൈരഭിഷ്ടുതം. 9
പ്രവർത്തതേ യത്ര രജസ്തമസ്തയോ-
സ്സത്വം ച മിശ്രം ന ച കാലവിക്രമഃ
ന യത്ര മായാ കിമുതാപരേ ഹരേ-
രനുവ്രതാ യത്ര സുരാസുരാർച്ചിതാഃ. 10
ശ്യാമാവദാതാശ്ശതപത്രലോചനാഃ
പിശംഗവസ്ത്രാസ്സുരുചസ്സുപേശസഃ
സർവ്വേ ചതുർബ്ബാഹവ ഉന്മിഷന്മണി-
പ്രവേകനിഷ്കാഭരണാസ്സുവർച്ചസഃ
പ്രവാളവൈഡൂര്യമൃണാളവർച്ചസഃ
പരിസ്ഫുരത്കുണ്ഡലമൗലിമാലിനഃ 11
ഭ്രാജിഷ്ണുഭിര്യഃ പരിതോ വിരാജതേ-
ലസദ്വിമാനാവലിഭിർമ്മഹാത്മനാം
വിദ്യോതമാനഃ പ്രമദോത്തമാദ്യുഭി-
സ്സവിദ്യുദഭ്രാവലിഭിര്യഥാ നഭഃ 12
ശ്രീര്യത്ര രൂപിണ്യുരുഗായപാദയോഃ
കരോതി മാനം ബഹുധാ വിഭൂതിഭിഃ
പ്രേങ്ഖം ശ്രിതാ യാ കുസുമാകരാനുഗൈർ-
വിഗീയമാനാ പ്രിയകർമ്മ ഗായതീ. 13
ദദർശ തത്രാഖിലസാത്വതാംപതിം
ശ്രിയഃപതിം യജ്ഞപതിം ജഗത്പതിം
സുനന്ദനന്ദപ്രബലാർഹണാദിഭി-
സ്സ്വപാർഷദമുഖ്യൈഃ പരിസേവിതം വിഭും. 14
ഭൃത്യപ്രസാദാഭിമുഖം ദൃഗാസവം
പ്രസന്നഹാസാരുണലോചനാനനം
കിരീടിനം കുണ്ഡലിനം ചതുർഭുജം
പീതാംബരം വക്ഷസി ലക്ഷിതം ശ്രിയാ. 15
അധ്യർഹണീയാസനമാസ്ഥിതം പരം
വൃതം ചതുഃഷോഡശപഞ്ചശക്തിഭിഃ
യുക്തം ഭഗൈസ്സ്വൈരിതരത്ര ചാധ്രുവൈ-
സ്സ്വ ഏവ ധാമൻ രമമാണമീശ്വരം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്തരമുററു ചിന്തിച്ചിരിക്കെയൊരിക്കലാ
സ്രഷ്ടാവു രണ്ടാവൃത്തിയടുത്തായ് കേട്ടാൻ
നീരിൽ.
'തപസ്സുചെയ്തീടു നീ'യെന്നത്ഥമിയന്നിടും
'തപ' 'തപേ'തി ദ്വിതയാക്ഷരം ചേന്ന
വാക്യം.
ലോകത്തു പാത്തുകണ്ടാൽ നിഷ്കിഞ്ചനന്മാക്കേഴ
മേകമായീടും ധനം തപസ്സുതന്നെയല്ലോ. 6

അപ്പറഞ്ഞവനാരെന്നറിയാനജൻ ചുററും
നിഷ്ഫലം നോക്കിപ്പിന്നെ സ്വധാമസ്ഥിത-
നായി
ആരോ തൻ കാര്യസിദ്ധിക്കുപദേശിച്ചിതെ-
ത്താരിലോത്തുടനുറച്ചീടിനാൻ തപം [ന്നും-
ചെയ്‌വാൻ. 7

സഫലദൃക്കായ് സമാഹിതനായ് പ്രാണൻ
ചിത്ത-
മുഭയേന്ദ്രിയങ്ങളെന്നിവയെ വെന്നു നേരേ
ദഹിച്ചുപോം മുപ്പാരുമെന്നമട്ടുഗ്രമായി
സഹസ്രദിവ്യവഷം തപസ്സാചരിച്ചിതു. 8

അനപഹമജനാൽ സംപൂജിതൻ വാസുദേവൻ
പുണ്യമേറീടും ദേവസന്ദോഹം സ്തുതിപ്പതായ്
ഉന്നതപഞ്ചക്ലേശസമ്മോഹഭയങ്ങളി-
ലൊന്നുമേയൊരിക്കലും കടന്നുകൂടാത്തതായ്
ധന്യമാ,യതിൽ ശ്രേഷ്ഠമന്യമൊന്നില്ലാത്തതാം
തന്നുടെ വൈകുണ്ഠത്തെക്കാട്ടിനാൻ ബ്രഹ്മാ-
വിനെ. 9

വിളങ്ങാ രജസ്തമോഗുണങ്ങളവിടെത്ത-
ന്മിളിതമാകും സത്ത്വഗുണവും ലവലേശം
പ്രവത്തിപ്പീല കാലവിക്രമം മായതാനു-
മവിടെപ്പിന്നെയെന്തു ചെയ്യുന്നു മററുള്ളവ!
സുരരും ദൈത്യന്മാരുമനപഹമർച്ചിച്ചീടും
ഹരിപാഷദർ തത്ര സുഖമായ് വിഹരിപ്പൂ. 10

ശ്യാമളവണ്ണംപൂണ്ട താമരക്കണ്ണിയന്നു
കാമനീയകസാരശരീരാഞ്ചിതരായി
ചതുബ്ബാഹുക്കളാൻ ഗളത്തിൽ ജ്വലന്മണി-
പ്പതക്കങ്ങളാലധികരിച്ച തേജസ്സൊടും
പവിഴവൈഡൂര്യങ്ങൾ താമരത്തണ്ടിവററിൻ-
സവിശേഷാഭയൊത്തു, വിസ്സുരൽ കുണ്ഡല-
ങ്ങൾ,
മിന്നിടും മൗലിമാല, പീതവാസസ്സെന്നിവ
നന്നായണിഞ്ഞു ശോഭിക്കുന്നിതങ്ങവ-
രെല്ലാം. 11

മഹാത്മാക്കൾതൻ ദീപ്രവിമാനനിവഹത്തിൻ-
മഹസ്സാലെല്ലാമ്പൊഴുമീലോകമുല്ലസിപ്പൂ
സുദതീരത്നാഭയാലവിടം മിന്നൽപ്പിണർ
വിതറും മേഘങ്ങളാൽ വിണ്ണുപോൽ വിള-
ങ്ങുന്നു. 12

അതിസുന്ദരി ലക്ഷ്മി ഭഗവൽപ്പദങ്ങളിൽ
പതിവായ് പൂജിക്കുന്നു വിവിധവിഭൂതിയാൽ
ഉഴിഞ്ഞാലാടീടുമദ്ദേവിക്കായ് സ്തുതിഗീതം
പൊഴിപ്പൂ വസന്തകിങ്കരരാം കോകിലാദ്യർ
എന്നാലുമവരും നിജ കാന്തന്റെ കർമ്മങ്ങളെ-
ത്തന്നെ നിത്യവുമേററം സ്തുതിച്ചു ഗാനം-
ചെയ്‌വൂ. 13

അവിടെപ്പിന്നെസ്സർവഭക്തരക്ഷകനായി
ഭുവനേശനായ് ക്രതുപതിയായ് ശ്രീകാന്ത-
നായ്
സുനന്ദനന്ദാർഹണപ്രബലപാർഷദാദ്യ-
രനുവാസരം സേവിപ്പവനായ് വിഭുവായി
ഭൃത്യവൃന്ദാനുഗ്രഹഭാവസംയുക്തനായി
നേത്രാസവത്താൽപ്പരം മദിപ്പിക്കുവോനായി
പുഞ്ചിരിപ്പൂനിലാവും ചെന്തണ്ടാർമിഴികളും
തഞ്ചിടും മുഖാബ്ജവും നാലു തൃക്കരങ്ങളും
ഇണങ്ങിക്കിരീടവും കണ്ഠഭൂഷണങ്ങളു-
മണിഞ്ഞു പൂമാതിനെദ്ധരിച്ച മാറിടത്തിൽ
ശ്രേഷ്ഠനായ് പൂജ്യസിംഹാസനത്തിൽ
സ്ഥിതനായി
ചുററുമായ് നാലു തത്ത്വം, പതിനൊന്നിന്ദ്രി-
യങ്ങൾ,
പഞ്ചതന്മാത്ര. പഞ്ചഭൂതവും സേവിപ്പോനായ്
തഞ്ചമായ് മറെറങ്ങുമേയുറച്ചുനില്ക്കാത്തതും
തന്നെ വേർവിടാത്തതുമായിടും ജ്ഞാനാദിയാം
തന്നുടെ ഷഡ്ഗുണത്താൽപ്പരിപൂണ്ണനുമായി
നിജാനന്ദത്തിങ്കലാരമിക്കുമീശൻതന്നെ-
യജൻ സുസ്പഷ്ടം കണ്ടിട്ടാനന്ദമഗ്നനായാൻ.
14–16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്ദർശനാഹ്ലാദപരിപ്ലുതാന്തരോ
ഹൃഷ്യത്തനുഃ പ്രേമഭരാശ്രുലോചനഃ
നനാമ പാദാംബുജമസ്യ വിശ്വസൃ-
ഗ്യത് പാരമഹംസ്യേന പഥാധിഗമ്യതേ. 17
തം പ്രീയമാണം സമുപസ്ഥിതം തദാ
പ്രജാവിസർഗ്ഗേ നിജശാസനാർഹണം
ബഭാഷ ഈഷത്സ്മിതശോചിഷാ ഗിരാ
പ്രിയഃ പ്രിയം പ്രീതമനാഃ കരേ സ്പൃശൻ. 18

ശ്രീഭഗവാനുവാച

ത്വയാഹം തോഷിതഃ സമ്യഗ്വേദഗർഭ, സിസൃക്ഷയാ
ചിരം ഭൃതേന തപസാ ദുസ്തോഷഃ കൂടയോഗിനാം. 19
വരം വരയ ഭദ്രം തേ വരേശം മാഭിവാഞ്ഛിതം
ബ്രഹ്മൻ, ശ്രേയഃ പരിശ്രാമഃ പുംസാം മദ്ദർശനാവധിഃ. 20
മനീഷിതാനുഭാവോ/യം മമ ലോകാവലോകനം
യദുപശ്രുത്യ രഹസി ചകർത്ഥ പരമം തപഃ. 21
പ്രത്യാദിഷ്ടം മയാ തത്ര ത്വയി കർമ്മവിമോഹിതേ
തപോ മേ ഹൃദയം സാക്ഷാദാത്മാഹം തപസോ/നഘ! 22
സൃജാമി തപസൈവേദം, ഗ്രസാമി തപസാ പുനഃ
ബിഭർമ്മി തപസാ വിശ്വം, വീര്യം മേ ദുശ്ചരം തപഃ. 23

ബ്രഹ്മോവാച

ഭഗവൻ! സർവ്വഭൂതാനാമധ്യക്ഷോ/വസ്ഥിതോ ഗുഹാം
വേദ ഹ്യപ്രതിരുദ്ധേന പ്രജ്ഞാനേന ചികീർഷിതം. 24
തഥാപി നാഥമാനസ്യ, നാഥ, നാഥയ നാഥിതം
പരാവരേ യഥാ രൂപേ ജാനീയാം തേ ത്വരൂപിണഃ. 25
യഥാ//ത്മമായായോഗേന നാനാശക്ത്യുപബൃംഹിതം
വിലുമ്പൻ വിസൃജൻ ഗൃഹ്ണൻ ബിഭ്രദാത്മാനമാത്മനാ. 26
ക്രീഡസ്യമോഘസങ്കല്പ ഊർണ്ണനാഭിര്യഥോർണ്ണുതേ
തഥാ തദ്വിഷയാം ധേഹി മനീഷാം മയി മാധവ! 27
ഭഗവച്ഛിക്ഷിതമഹം കരവാണി ഹ്യതന്ദ്രിതഃ
നേഹമാനഃ പ്രജാസർഗ്ഗം ബദ്ധ്യേയം യദനുഗ്രഹാത്. 28
യാവത് സഖാ സഖ്യുരിവേശ തേ കൃതഃ
പ്രജാവിസർഗ്ഗേ വിഭജാമി ഭോ! ജനം
അവിക്ലബസ്തേ പരികർമ്മണി സ്ഥിതോ
മാ മേ സമുന്നദ്ധമദോ/ജമാനിനഃ. 29

ശ്രീഭഗവാനുവാച

ജ്ഞാനം പരമഗുഹ്യം മേ യദ്വിജ്ഞാനസമന്വിതം
സരഹസ്യം തദംഗം ച ഗൃഹാണ ഗദിതം മയാ. 30
യാവാനഹം യഥാഭാവോ യദ്രൂപഗുണകർമ്മകഃ
തഥൈവ തത്ത്വവിജ്ഞാനമസ്തു തേ മദനുഗ്രഹാത്. 31
അഹമേവാസമേവാഗ്രേ നാന്യദ്യത് സദസത് പരം
പശ്ചാദഹം യദേതച്ച യോ/വശിഷ്യേത സോസ്മ്യഹം. 32
ഋതേ/ർത്ഥം യത് പ്രതീയേത ന പ്രതീയേത ചാത്മനി
തദ്വിദ്യാദാത്മനോ മായാം യഥാ//ഭാസോ യഥാ തമഃ 33
യഥാ മഹാന്തി ഭൂതാനി ഭൂതേഷൂച്ചാവചേഷ്വനു
പ്രവിഷ്ടാന്യപ്രവിഷ്ടാനി തഥാ തേഷു ന തേഷ്വഹം. 34
ഏതാവദേവ ജിജ്ഞാസ്യം തത്ത്വജിജ്ഞാസുനാ//ത്മനഃ
അന്വയവ്യതിരേകാഭ്യാം യത് സ്യാത് സർവ്വത്ര സർവ്വദാ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവദ്ദർശനത്താലാഹ്ലാദം നിറഞ്ഞിട്ട-
കതാരൊടും ഹർഷരോമാഞ്ചിതാംഗത്തൊടും
പ്രേമാശ്രുപൂർണ്ണാക്ഷനായ് പരമഹംസഗമ്യ-
മാ മഹാവിഷ്ണുപാദം ദർശിച്ചു നമിച്ചിതേ. 17
ഇഷ്ടനായ്ത്തൻസമീപം സ്ഥിതിചെയ്യുവോ-
നായി
സൃഷ്ടിക്കായ് നിയോഗിക്കാനത്യന്തം യോഗ്യ-
നാകും
സ്രഷ്ടാവിൽ പരം തുഷ്ടനായല്പമന്ദസ്മിത-
ത്വിട്ടോലും വാക്കോതിനാൻ തത്കരംപിടി-
ച്ചീശൻ. 18

ശ്രീഭഗവാൻ പറഞ്ഞു

സൃഷ്ട്യാശകൊണ്ടു നീണാളു നീ ചെയ്ത തപ-
സ്സിനാൽ
തുഷ്ടനായി ഞാൻ വേദഗർഭനാം ചതുർമ്മുഖാ!
എന്നെ പ്രസന്നനാക്കാൻ കപടയോഗികൾക്കു
നിർണ്ണയം സാധിക്കുകയില്ലെന്നു ധരിക്ക നീ. 19
ബ്രഹ്മാവേ! ഭവിക്കട്ടെ മങ്ഗലം, വരേശനാം
നമ്മോടു വാങ്ങിക്കൊൾക വാഞ്ഛപോൽ വരം
ഭവാൻ
പുരുഷശ്രമമെന്നെക്കാണുവോളമേ വേണ്ടൂ
വരുമെൻദർശനത്താൽ സർവ്വശ്രേയസ്സും ദൃഢം. 20
മാമകസങ്കല്പത്തിൻ ഫലമായത്രേ നിന-
ക്കീ മമലോകം കാണ്മാനിടയായതു പാർത്താൽ.
സന്തുഷ്ടനായേനെൻവാക്കേകാന്തം ശ്രവിച്ചു നീ
വൻതപസ്സുടൻ തന്നെയനുഷ്ഠിച്ചെന്നുള്ളതിൽ. 21
സൃഷ്ടികർമ്മത്തിൻ വഴി കിട്ടുവാൻ ഭവാൻ ബുദ്ധി-
മുട്ടവേ ഞാനാണങ്ങേ പ്രേരണചെയ്തതന്നാൾ
തപസ്സാണെന്റെ സാക്ഷാദ്ധൃദയം ശുദ്ധ-
ബുദ്ധേ!
തപസ്സുതന്നെയാണെൻ വാസ്തവസ്വരൂ-
പവും. 22
തപസ്സാൽത്താനീ ലോകം തീർത്തു കാത്ത-
ഴിപ്പു ഞാ-
നപാരം മമ വീര്യം ദുശ്ചരം തപസ്സല്ലോ. 23

ബ്രഹ്മാവു പറഞ്ഞു

ഭഗവൻ! ഭവാൻ സർവ്വഭൂതാന്തർഗ്ഗതഗുഹ-
യ്ക്കകത്തു വസിച്ചിട്ടുമദ്ധ്യക്ഷൻതന്നെയല്ലോ.
ഭവജ്ജ്ഞാനത്തിനില്ല തടസ്സമൊരേടവു-
മിവന്റെയഭിലാഷമങ്ങറിഞ്ഞിരിക്കുന്നു. 24
ഹേ ലക്ഷ്മീവല്ലഭാ! ഞാനർത്ഥിച്ചിടുന്നു ഭവത്-
സ്ഥൂലസൂക്ഷ്മസ്വരൂപജ്ഞാനലാഭത്തിനായി
എങ്ങിനെയായാൽ രൂപഹീനനാം ഭവാനെയീ
ഞങ്ങളുള്ളതുപോലെയറിഞ്ഞുകൊണ്ടീടുന്നു? 25
ചിലന്തി, തന്നിൽനിന്നു വേണ്ടുന്ന നൂലുണ്ടാക്കി
വല നിർമ്മിച്ചിട്ടതിൽ സുഖമായ് വസിക്കും-
പോൽ
സ്വമായായോഗത്തിനാൽ വിവിധശക്തിയാളും
നാന്മുഖാദിസ്വരൂപം ധരിച്ചു ലോകങ്ങളെ
സൃഷ്ടിച്ചു കാത്തഴിച്ചു കളിക്കും സമ്പ്രദായം
സ്പഷ്ടമായറിയുവാൻ തക്കതാം
മതിയേകു. 26-27
നിന്തിരുവടിതന്റെ കല്പനയെന്താകിലും
തന്ദ്രിയെന്നിയേ നിർവ്വഹിക്കുവനിപ്പൊഴേ
ഞാൻ.
സൃഷ്ടി ഞാനിച്ഛയ്ക്കൊത്തു ചെയ്കിലുമഹന്താദി-
ബദ്ധനായ്ഭവിക്കായ്‌വാനങ്ങനുഗ്രഹി-
ച്ചാലും. 28
ഇഷ്ടനെയിഷ്ടമട്ടിലങ്ങു മാനിക്കയാൽ സ-
ന്തുഷ്ടനായവ്യാകുലം ത്വത്പരികർമ്മിയായി
ഉത്തമമദ്ധ്യമാദിഭേദത്താൽ പ്രജാളിയെ
സൃഷ്ടിച്ചു ഭോജനവും ഭാഗിക്കാ മത്രോളവും
ഞാനുമൊരജനാണെന്നകമേ വായ്ക്കുമഭി-
മാനത്താലുണ്ടാകൊലാ വന്മദമെനിക്കീശാ! 29

ശ്രീഭഗവാൻ പറഞ്ഞു

പരമഗുഹ്യമാമെൻ വിജ്ഞാനയുക്തജ്ഞാന-
മരുളാം തദംഗവും ശ്രദ്ധിച്ചു കേട്ടുകൊൾക. 30
മത്ഭാവരൂപഗുണകർമ്മവിജ്ഞാനം നിന-
ക്കാംപ്പൂവിൽത്തെളിഞ്ഞീടാൻ ഞാനനുഗ്രഹി-
ക്കുന്നു. 31

(ചതുശ്ശ്ലോകീഭാഗവതം)

ആദിയിൽ ഞാനെന്നിയേയസത്തും
സത്തുമായി
യാതൊന്നുംതന്നെയില്ലായിരുന്നു പിതാ-
മഹാ! 32
സൃഷ്ടിക്കുശേഷം കാണപ്പെട്ടിടും ലോകരൂപം
മറ്റൊന്നല്ലഹമത്രേ ഞാൻതന്നെ ശേഷിപ്പോനും
ഇല്ലാത്തതുള്ളതായും ഉള്ളതായീടുമാത്മാ-
വില്ലെന്നും തോന്നിപ്പതാണെന്മായതൻ
സ്വരൂപം.
കണ്ണാടിയിലെ ഛായ വാസ്തവരൂപമെന്നും
മണ്ഡലസ്ഥനാം തമസ്സില്ലെന്നും തോന്നും-
പോലെ. 33
നീചോച്ചഭൂതങ്ങളിൽ മഹാഭൂതങ്ങളനു-
വേശിച്ചിരുന്നീടിലും വേശിപ്പതല്ലാവിധം
ജീവരൂപനായ് വേശിച്ചെന്നുതാൻ തോ-
ന്നീടിലും
സർവ്വരൂപി ഞാൻ, പ്രവേശിക്കുന്നില്ലൊ-
ന്നിങ്കലും. 34
തത്ത്വജിജ്ഞാസുവായോനറിഞ്ഞിരിക്കേ-
ണ്ടുന്ന-
തിത്രമാത്രമേയുള്ള ചിന്തിച്ചുനോക്കീടുകിൽ.
അന്വയവ്യതിരേകമട്ടിലെപ്പോഴുമെങ്ങു-
മന്യൂനമിരിപ്പതേതതാണാത്മസ്വരൂപം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതന്മതം സമാതിഷ്ഠ പരമേണ സമാധിനാ
ഭവാൻ കല്പവികല്പേഷു ന വിമുഹ്യതി കർഹിചിത്. 36

ശ്രീശുക ഉവാച
സംപ്രദിശ്യൈവമജനോ ജനാനാം പരമേഷ്ഠിനം
പശ്യതസ്തസ്യ തദ്രൂപമാത്മനോ ന്യരുണദ്ധരിഃ. 37
അന്തർഹിതേന്ദ്രിയാത്ഥായ ഹരയേ വിഹിതാഞ്ജലിഃ
സർവ്വഭൂതമയോ വിശ്വം സസർജ്ജേദം സ പൂർവ്വവത്. 38
പ്രജാപതിർദ്ധർമ്മപതിരേകദാ നിയമാൻ യമാൻ
ഭദ്രം പ്രജാനാമന്വിച്ഛന്നാതിഷ്ഠത് സ്വാത്ഥകാമ്യയാ. 39
തം നാരദഃ പ്രിയതമോ രിക്ഥാദാനാമനുവ്രതഃ
ശുശ്രൂഷമാണശ്ശീലേന പ്രശ്രയേണ ദമേന ച. 40
മായാം വിവിദിഷൻ വിഷ്ണോർമ്മായേശസ്യ മഹാമുനിഃ
മഹാഭാഗവതോ രാജൻ പിതരം പര്യതോഷയത്. 41
തുഷ്ടം നിശാമ്യ പിതരം ലോകാനാം പ്രപിതാമഹം
ദേവർഷിഃ പരിപപ്രച്ഛ ഭവാൻ യന്മാനുപൃച്ഛതി. 42
തസ്മാ ഇദം ഭാഗവതം പുരാണം ദശലക്ഷണം
പ്രോക്തം ഭഗവതാ പ്രാഹ പ്രീതഃ പുത്രായ ഭൂതകൃത്. 43
നാരദഃ പ്രാഹ മുനയേ സരസ്വത്യാസ്തടേ നൃപ
ധ്യായതേ ബ്രഹ്മ പരമം വ്യാസായാമിതതേജസേ. 44
യദുതാഹം ത്വയാ പൃഷ്ടോ വൈരാജാത് പുരുഷാദിദം
യഥാऽऽസീത്തദുപാഖ്യാസ്യേ പ്രശ്നാനന്യാംശ്ച കൃത്സ്നശഃ. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
നവമോऽധ്യായഃ

ദശമോऽധ്യായഃ

ശ്രീശുക ഉവാച
അത്ര സർഗ്ഗോ വിസർഗ്ഗശ്ച സ്ഥാനം പോഷണമൂതയഃ
മന്വന്തരേശാനുകഥാ നിരോധോ മുക്തിരാശ്രയഃ 1
ദശമസ്യ വിശുദ്ധ്യർത്ഥം നവാനാമിഹ ലക്ഷണം
വർണ്ണയന്തി മഹാത്മാനഃ ശ്രുതേനാർത്ഥേന ചാഞ്ജസാ. 2
ഭൂതമാത്രേന്ദ്രിയധിയാം ജന്മ സർഗ്ഗ ഉദാഹൃതഃ
ബ്രഹ്മണോ ഗുണവൈഷമ്യാദ്വിസർഗ്ഗഃ പൗരുഷഃ സ്മൃതഃ. 3
സ്ഥിതിർവ്വൈകുണ്ഠവിജയഃ പോഷണം തദനുഗ്രഹഃ
മന്വന്തരാണി സദ്ധർമ്മ, ഊതയഃ കർമ്മവാസനാഃ. 4
അവതാരാനുചരിതം ഹരേശ്ചാസ്യാനുവർത്തിനാം,
പുംസാമീശകഥാഃ പ്രോക്താ നാനാഖ്യാനോപബൃംഹിതാഃ 5
നിരോധോऽസ്യാനുശയനമാത്മനസ്സഹശക്തിഭിഃ
മുക്തിർഹിത്വാന്യഥാരൂപം സ്വരൂപേണ വ്യവസ്ഥിതിഃ 6
ആഭാസശ്ച നിരോധശ്ച യതശ്ചാധ്യവസീയതേ
സ ആശ്രയഃ പരം ബ്രഹ്മ പരമാത്മേതി ശബ്ദ്യതേ. 7
യോऽദ്ധ്യാത്മികോऽയം പുരുഷസ്സോऽസാവേവാധിദൈവികഃ
യസ്തത്രോഭയവിച്ഛേദഃ പുരുഷോ ഹ്യാധിഭൗതികഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമസമാധിയിലിരുന്നീ മതം നേരേ-
പരിചിന്തനംചെയ്ക നീ നിരന്തരമെന്നാൽ
വരികയില്ല കല്പവികല്പങ്ങളിൽപ്പിന്നെ-
യൊരുകാലത്തും തവ സമ്മോഹം വിധാ-
താവേ! 36

ശ്രീശുകൻ പറഞ്ഞു

ഇത്രയും ചൊല്ലി മറഞ്ഞീടിനാനജൻ ഹരി-
തത്രതാൻ, ജനേശനാം ധാതാവു നോക്കി-
നില്ക്കെ. 37

അപ്രത്യക്ഷനാം പരൻപുമാനെക്കുപ്പി
മുൻപോൽ
മുപ്പാരും തീർത്താൻ സർവ്വഭൂതസ്വരൂപൻ
വിധി. 38

ധർമ്മപാലനം പ്രജാധീശനമായീടുമ-
ബ്രഹ്മാവൊരിക്കൽപ്പിന്നെ പ്രജകൾക്കശേ-
ഷവും
ക്ഷേമവും സ്വന്തം പ്രയോജനവുമുദ്ദേശിച്ച
കാമ്യമായ് യമനിയമാദികളനുഷ്ഠിച്ചാൻ. 39

ഇന്ദ്രിയനിയന്ത്രണം, വിനയം, സൽസ്വഭാവ-
മെന്നിവകൊണ്ടു നിത്യം പിതൃശുശ്രൂഷചെയ്യും
തനയശ്രേഷ്ഠനായിബ് ഭാഗവതാഗ്ര്യനായ് മാ-
മുനിയായനുവ്രതനായിടും ശ്രീനാരദൻ
മായേശനാരായണമായയെ ഗ്രഹിക്കുവാ-
നായ്ത്തിത്തൻപിതാവിനെയതിയായ് പ്രീണി-
പ്പിച്ചാൻ. 40-41

പിതാവായ് ഭുവനത്തിൻ പ്രപിതാമഹനജൻ
മുദിതനെന്നുകണ്ടു ഭവാൻറെയിച്ചോദ്യംതാൻ
നാരദൻ ചോദിച്ചാനന്നേരത്തു ഭഗവച്ഛ്രീ-
നാരായണോക്തം മുഖ്യദശലക്ഷണയുക്തം
ഭാഗവതാഖ്യമാമിപ്പുരാണം പുത്രനായി
ലോകേശനരുളിച്ചെയ്തീടിനാൻ പ്രേമ-
പൂർവ്വം. 42-43

നരനായകാ! സരസ്വതിതൻ തീരത്തിങ്കൽ
പരബ്രഹ്മത്തെപ്പരം ധ്യാനംചെയ്തിരുന്നിടും
അതുലതേജസ്വിയാം വ്യാസമാമുനിക്കായി-
ട്ടു നാരദൻ പിന്നെയുപദേശിച്ചീടിനാൻ. 44

ഈ വിശ്വം വൈരാജനാം പുരുഷൻതന്നിൽ-
നിന്നു-
മാവിർഭവിച്ചതെമ്മട്ടെന്ന നിൻ ചോദ്യത്തിനും
ഇതരപ്രശ്നങ്ങൾക്കുമുത്തരം സമ്പൂർണ്ണമാ-
യരുളിച്ചെയ്തീടുന്ന സശ്രദ്ധം കേട്ടുകൊൾക. 45

അദ്ധ്യായം 10

പുരാണലക്ഷണകഥനം

ശ്രീശുകൻ പറഞ്ഞു

സർഗ്ഗം വിസർഗ്ഗം സ്ഥാനം പോഷണം
മന്വന്തരം
മുക്തിയമീശാനകഥയൂതിയും നിരോധവും
ആശ്രയമെന്നീവിധം പത്തു ലക്ഷണങ്ങളെ-
യാശ്രയിച്ചുള്ളതല്ലോ മഹാപുരാണം നൃപാ! 1

എന്നതിൽ പത്താമതാമാശ്രയത്തിൻ
വിശുദ്ധി-
ക്കന്യൂനം സർഗ്ഗാദിതന്നൊൻപതു ലക്ഷണങ്ങൾ
വിസ്തരിച്ചിരിക്കുന്നു ലഘുബോധനത്തിനാ-
യർത്ഥമാഗമമിവമൂലമായ് മഹാത്മാക്കൾ. 2

ഭൂതങ്ങൾ തന്മാത്രകൾ നയനാദീന്ദ്രിയങ്ങൾ
ചേതസ്സതൊട്ടുള്ളവ ഗുണക്ഷോഭത്തിനാലെ
ബ്രഹ്മത്തിൽനിന്നു ജനിപ്പതിനു സർഗ്ഗമെന്നും
ബ്രഹ്മാവുതൻ സൃഷ്ടിക്കു വിസർഗ്ഗമെന്നും
പിന്നെ 3

ഭഗവദ്ധൃത് കൃഷ്ണാവതാരത്തെ സ്ഥാനമെന്നും
ഭഗവദാശിസ്സിനെപ്പോഷണമെന്നും ചൊൽവൂ.
സദ്ധർമ്മങ്ങൾക്കു മന്വന്തരങ്ങളെന്നും തഥാ
സിദ്ധമായിടും കർമ്മവാസനയ്ക്കൂതിയെന്നും. 4

ഹരിതന്നവതാരകഥയ്ക്കും ശ്രീകാന്താനു-
ചരന്മാരായീടുന്ന ഭാഗവതന്മാരുടെ
നാനാവിധാഖ്യാനത്താൽ വിപുലമാകും കഥാ-
ശ്രേണിക്കും മുറയ്ക്കീശചരിതമെന്നോതുന്നു. 5

നിരോധമെന്നാൽ ജീവൻ നിജ ശക്തികളോടു-
മൊരുമിച്ചാലയിക്കുമവസ്ഥതന്നെയല്ലോ.
മായയാൽ ശരീരത്തിലാത്മാവെന്നുണ്ടാം ബുദ്ധി
പോയി സ്വരൂപത്തിൽത്താൻ സ്ഥിതി-
ചെയ്‌വതു മുക്തി. 6

വിശ്വത്തിന്നുത്പത്തിയും സ്ഥിതിയുമേതൊ-
ന്നിനെ-
യാശ്രയിച്ചിരിക്കു, ന്നിതേതിനെക്കുറിച്ചാണോ
പരമാത്മാവു പരബ്രഹ്മമെന്നിപ്രകാരം
പറയുന്നിതാവസ്തുവാശ്രയമായീടുന്നു. 7

ഇന്ദ്രിയമാർഗ്ഗമായിട്ടറിവതധ്യാത്മവു-
മിന്ദ്രിയങ്ങളിൽ ദ്യോതിച്ചു മരുമാദിത്യാദി
അധിദൈവവുമിതുരണ്ടുംചേർന്നുള്ള മെയ്യിൽ
സ്ഥിതിചെയ്യുവതധിഭൂതവുംതന്നെ
പാർത്താൽ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകമേകതരാഭാവേ യദാ നോപലഭാമഹേ
ത്രിതയം തത്ര യോ വേദ സ ആത്മാ സ്വാശ്രയാശ്രയഃ. 9

പുരുഷോഽണ്ഡം വിനിർഭിദ്യ യദാസൗ സ വിനിർഗ്ഗതഃ
ആത്മനോഽയനമന്വിച്ഛന്നപോഽസ്രാക്ഷീച്ഛുചിഃ ശുചീഃ. 10

താസ്വവാത്സീത് സ്വസൃഷ്ടാസു സഹസ്രപരിവത്സരാൻ
തേന നാരായണോ നാമ യദാപഃ പുരുഷോദ്ഭവാഃ. 11

ദ്രവ്യം കർമ്മ ച കാലശ്ച സ്വഭാവോ ജീവ ഏവ ച
യദനുഗ്രഹതസ്സന്തി, ന സന്തി യദുപേക്ഷയാ. 12

ഏകോ നാനാത്വമന്വിച്ഛൻ യോഗതല്പാത് സമുത്ഥിതഃ
വീര്യം ഹിരണ്മയോ ദേവോ മായയാ വ്യസൃജത്ത്രിധാ. 13

അധിദൈവമഥാധ്യാത്മമധിഭൂതമിതി പ്രഭുഃ
അഥൈകം പൗരുഷം വീര്യം ത്രിധാ ഭിദ്യത തച്ഛൃണു. 14

അന്തശ്ശരീര ആകാശാത് പുരുഷസ്യ വിചേഷ്ടതഃ
ഓജസ്സഹോ ബലം ജജ്ഞേ തതഃ പ്രാണോ മഹാനസുഃ. 15

അനുപ്രാണന്തി യം പ്രാണാഃ പ്രാണന്തം സർവ്വജന്തുഷു
അപാനന്തമപാനന്തി നരദേവമിവാനുഗാഃ. 16

പ്രാണേന ക്ഷിപതാ ക്ഷുത്തൃഡന്തരാ ജായതേ പ്രഭോഃ
പിപാസതോ ജക്ഷതശ്ച പ്രാങ്മുഖം നിരഭിദ്യത. 17

മുഖതസ്താലു നിർഭിന്നം ജിഹ്വാ തത്രോപജായതേ
തതോ നാനാരസോ ജജ്ഞേ ജിഹ്വയാ യോഽധിഗമ്യതേ. 18

വിവക്ഷോർമ്മുഖതോ ഭൂമ്നോ വഹ്നിർവ്വാഗ്വ്യാഹൃതം തയോഃ
ജലേ വൈ തസ്യ സുചിരം നിരോധഃ സമജായത. 19

നാസികേ നിരഭിദ്യേതാം ദോധൂയതി നഭസ്വതി
തത്ര വായുർഗ്ഗന്ധവഹോ ഘ്രാണോ നസി ജിഘൃക്ഷതഃ. 20

യദാഽഽത്മനി നിരാലോകമാത്മാനം ച ദിദൃക്ഷതഃ
നിർഭിന്നേ ഹ്യക്ഷിണീ തസ്യ ജ്യോതിശ്ചക്ഷുർഗ്ഗുണഗ്രഹഃ. 21

ബോധ്യമാനസ്യ ഋഷിഭിഃ ആത്മനസ്തജ്ജിഘൃക്ഷതഃ
കർണ്ണൗ ച നിരഭിദ്യേതാം ദിശഃ ശ്രോത്രം ഗുണഗ്രഹഃ. 22

വസ്തുനോ മൃദുകാഠിന്യലഘുഗുർവ്വോഷ്ണശീതതാം
ജിഘൃക്ഷതസ്ത്വങ് നിർഭിന്നാ തസ്യാം ലോമമഹീരുഹാഃ
തത്ര ചാന്തർബ്ബഹിർവ്വാതസ്ത്വചാ ലബ്ധഗുണോ വൃതഃ. 23

ഹസ്തൗ രുരുഹതുസ്തസ്യ നാനാകർമ്മചികീർഷയാ
തയോസ്തു ബലവാനിന്ദ്രശ്ച ആദാനം ഉഭയാശ്രയം. 24

ഗതിം ജിഗീഷതഃ പാദൗ രുരുഹാതേഽഭികാമികാം
പദ്ഭ്യാം യജ്ഞസ്സ്വയം ഹവ്യം കർമ്മഭിഃ ക്രിയതേ നൃഭിഃ. 25

നിരഭിദ്യത ശിശ്നോ വൈ പ്രജാനന്ദാമൃതാർത്ഥിനഃ
ഉപസ്ഥ ആസീത് കാമാനാം പ്രിയം തദുഭയാശ്രയം. 26

ഉത്സിസൃക്ഷോർധാതുമലം നിരഭിദ്യത വൈ ഗുദം
തതഃ പായുസ്തതോ മിത്ര ഉത്സർഗ്ഗ ഉഭയാശ്രയഃ. 27

ആസിസൃപ്സോഃ പുരഃ പുര്യാ നാഭിദ്വാരമപാനതഃ
തത്രാപാനസ്തതോ മൃത്യുഃ പൃഥക്ത്വമുഭയാശ്രയം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇമ്മൂന്നിലൊന്നിനേ മറ്റൊന്നിന്റെയഭാവ-
ത്തിൽ
കാണ്മതില്ലെപ്പോൾത്തദാ തത്ര സംസ്ഥിത-
നായി
സ്വാശ്രയാശ്രയനാമാരീക്ഷിപ്പു മൂന്നിനേയും
നിശ്ചയമവനത്രേയാത്മാവു നരേശ്വരാ! 9
അണ്ഡത്തെപ്പിളർന്നിട്ടീ വിരാട്ടു വെളിക്കുവ-
ന്നന്നാലോചിച്ചാൻ തനിക്കിരുന്നീടുവാൻ
സ്ഥാനം.
ശുദ്ധനാമവൻ ശുദ്ധജലം തീർത്തുതന്നെ-
യാസ്ഥാനമാക്കി വാണാനായിരം സംവത്സരം.
അതിനാൽ നാരായണനെന്നുള്ള നാമധേയം
ദിതിജപ്രമാഥിയാൽ വിളങ്ങിയന്നാൾമുതൽ.
ഇപ്പുരുഷനാം നരൻതന്നിൽനിന്നിപ്രകാര-
മുദ്ഭവിക്കയാലല്ലോ നാരമായതും
നീരം. 10–11
ദ്രവ്യം, സ്വഭാവം, കാലം, ജീവൻ, കർമ്മവും
തൊട്ടു
സർവ്വവുമുണ്ടാകുന്നതാരനുഗ്രഹിക്കയാൽ
ആരുദാസീനനായിട്ടിരുന്നീടുന്നതാകിൽ
കാര്യനിർവ്വഹണത്തിന്നിവറ്റിന്നില്ല ശക്തി.12
ഏകനദ്ദേവൻ നാനാഭാവത്തിലാശയോടും
യോഗശയ്യയിൽനിന്നുമെപ്പൊഴുതെഴുന്നേറ്റോ
അപ്പോൾ സുവർണ്ണാഭനാമദ്ദേഹം സ്വമായയാൽ
മുപ്പങ്കായ് സ്വവീര്യത്തെബ്ഭാഗിച്ചീടിനാൻ
സ്വയം. 13
കല്പിച്ചിതധിദൈവമധ്യാത്മമധിഭൂത-
മിപ്പടി നാമങ്ങളുമവയ്ക്കെന്നറിഞ്ഞാലും. 14
ഇന്ദ്രിയശക്തി മനശ്ശക്തിയും ദേഹശക്തി
പിന്നെയങ്ങണുവായി മഹാനാം പ്രാണൻ-
താനും
പല ചേഷ്ടകളാലുമമ്മഹാപുരുഷൻതൻ
കളേബരാന്തർഭാഗാകാശത്തിൽനിന്നു-
ണ്ടായി. 15
ക്ഷോണീപാലനെബ്ഭൃത്യരെന്നമട്ടിന്ദ്രിയ-
ങ്ങൾ
പ്രാണനെയനുസരിച്ചാണത്രേ ചേഷ്ടിപ്പതും
അവന്റെ ചേഷ്ടയില്ലെന്നാകിലിന്ദ്രിയങ്ങളും
പ്രവർത്തിച്ചീടുന്നതില്ലാകയാലവൻ മുഖ്യൻ. 16
ദേഹമദ്ധ്യത്തിൽ പ്രാണൻ ചരിച്ചീടുന്നനേരം
ദാഹവും വിശപ്പുമാ പ്രഭുവിനുണ്ടാകുന്നു.
അതിനാൽ പാനത്തിനും ഭോജനത്തിനുമാശ-
യുദിച്ചനേരത്തവന്നാദ്യത്തെ മുഖമുണ്ടായ്.
വദനംതന്നിലിന്ദ്രിയാധിഷ്ഠാനമാം താലു-
വുദിതമായി, ജിഹ്വയതിൽനിന്നുണ്ടായിതു.
പിന്നെ നാനാരസങ്ങളതിൽനിന്നുദ്ഭൂതമായ്
വന്നിതു, രസങ്ങളെ നാവിനാലറിയുന്നു.
17–18

കഥിപ്പാനിച്ഛിച്ചിടും പ്രഭുവിൻമുഖത്തുനി-
ന്നുദിച്ചു തീയും വാക്കുമവയിൽനിന്നു പിന്നെ
ഭവിച്ചു സംഭാഷണം പ്രാണമാരുതരോധ-
മിവന്നു ചിരം ഭവിച്ചിരുന്നു സലിലത്തിൽ. 19
ഘ്രാണേച്ഛു പുരുഷൻ തൻപ്രാണനുച്ചലി-
ച്ചപ്പോൾ
ക്ഷോണീശാ! നാസാരന്ധ്രദ്വിതയമുണ്ടായിതു.
അവയിൽനിന്നും ഘ്രാണേന്ദ്രിയവും ഗന്ധ-
വാഹി
പവമാനനുമുളവായെന്നു ധരിച്ചാലും. 20
സ്വന്തദേഹവും മറ്റും കാണുവാനിച്ഛിച്ചപ്പോ-
ളുണ്ടായിവന്നു വിരാട്പുരുഷന്നു,ക്ഷിരണ്ടും
ജ്യോതിസ്സു നേത്രേന്ദ്രിയം രൂപത്തിൻ ഗ്രഹ-
ണവും
ജാതമായിതു വിനാവിളംബം മേദിനീശാ! 21
ഉണർത്താനാഗമൗഘം സ്തോത്രംചെയ്‌വതു
കേൾപ്പാൻ
നിനയ്ക്കും പ്രഭുവിനു ഭവിച്ചു കർണ്ണങ്ങളും
ദിക്കുകൾ കർണ്ണേന്ദ്രിയം ശബ്ദത്തിൻ ഗ്രഹണമെ-
ന്നൊക്കെയുമതോടൊപ്പമുദ്ഭവിച്ചെന്നേ-
വേണ്ടു. 22
വസ്തുക്കൾതൻ മാർദ്ദവം, കാഠിന്യം, ലഘുത്വവും,
ശൈത്യവു,മുഷ്ണസ്ഥിതി, ഗുരുത്വമെന്നിതെല്ലാം
ഗ്രഹിപ്പാനിച്ഛിച്ചിടും പുമാനുണ്ടായി ത്വക്കു-
മഹീരുഹൗഘരോമനിരയുമതിൽനിന്നും.
അങ്ങനെ ബഹിരന്തസ്സ്പർശം ഗ്രഹിക്കുമൂലം
സംഗമിച്ചു ത്വഗാഖ്യ വായു തദ്ദേവതതാൻ. 23
നാനാകർമ്മാശയാൽ കൈ രണ്ടുളവായതിന്ദ്ര-
സ്ഥാനമായുക്കുംചേർന്നിട്ടാദാനശക്തമായി. 24
ഗമനമിച്ഛിച്ചപ്പോൾ പാദങ്ങളുണ്ടായവ-
നിമിത്തം മർത്ത്യർ മഹീതലത്തിൽ സഞ്ചരിച്ചു
യാഗദ്രവ്യങ്ങൾ നേടിയീ വിരാട്ടിനെത്താനേ-
യാഗമവിധിക്കൊത്തു യജനംചെയ്തിടുന്നു. 25
പ്രജാനന്ദാമൃതാർത്ഥി വിരാട്ടിന്നഥ ശിശ്നം
പ്രജാതമായുപസ്ഥേന്ദ്രിയവുമുണ്ടായിതു.
ഇവറ്റ രണ്ടിനേയുമാശ്രയിച്ചിരിക്കയോ-
ണവന,ീശ്വരാ! കാമിജനത്തിൻ പ്രിയ-
മെല്ലാം. 26
അന്നാദി ധാതുമലോത്സർജ്ജനമാശിച്ചപ്പോൾ
തീർന്നിതു ഗുദ,മതിൽ പായുവുദ്ഭൂതമായി
അതിനു മിത്രനെന്നദേവത ഭവിച്ചിതി-
ദ്വിതയത്തിനെ ശ്രയിച്ചിരിപ്പു വിസർജ്ജനം.27
പുരിവിട്ടന്യപുരി പുകുവാനിച്ഛിച്ചിടും
പുരുഷനുണ്ടായപാനാധിഷ്ഠാനമാം നാഭി
അതിൽനിന്നുണ്ടായപാനേന്ദ്രിയ,മതിൽനിന്നു
മൃതിദേവതയും സംഭവിച്ചു മൃതിതാനും. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിത്സോരന്നപാനാനാമാസൻ കുക്ഷ്യന്ത്രനാഡയഃ
നദ്യസ്സമുദ്രാശ്ച തയോസ്തുഷ്ടിഃ പുഷ്ടിസ്തദാശ്രയേ. 29

നിദിധ്യാസോരാത്മമായാം ഹൃദയം നിരഭിദ്യത,
തതോ മനസ്തതശ്ചന്ദ്രസ്സങ്കല്പഃ കാമ ഏവ ച. 30

ത്വക്ചമ്മമാംസരുധിരമേദോമജ്ജാസ്ഥിധാതവഃ
ഭൂമ്യപ്തേജോമയാസ്സപ്ത പ്രാണോ വ്യോമാംബുവായുഭിഃ. 31

ഗുണാത്മകാനീന്ദ്രിയാണി ഭൂതാദിപ്രഭവാ ഗുണാഃ
മനസ്സർവ്വവികാരാത്മാ ബുദ്ധിർവ്വിജ്ഞാനരൂപിണീ. 32

ഏതദ്ഭഗവതോ രൂപം സ്ഥൂലം തേ വ്യാഹൃതം മയാ
മഹ്യാദിഭിശ്ചാവരണൈരഷ്ടഭിർബ്ബഹിരാവൃതം. 33

അതഃ പരം സൂക്ഷ്മതമമവ്യക്തം നിർവ്വിശേഷണം
അനാദിമദ്ധ്യനിധനം നിത്യം വാങ്മനസഃ പരം. 34

അമൂനീ ഭഗവദ്രൂപേ മയാ തേ അനുവർണ്ണിതേ
ഉഭേ അപി ന ഗൃഹ്ണന്തി മായാസൃഷ്ടേ വിപശ്ചിതഃ. 35

സ വാച്യവാചകതയാ ഭഗവാൻ ബ്രഹ്മരൂപധൃക്
നാമരൂപക്രിയാ ധത്തേ സകമ്മാകമ്മകഃ പരഃ. 36

പ്രജാപതീൻ മനൂൻ ദേവാനൃഷീൻ പിതൃഗണാൻ പൃഥക്
സിദ്ധചാരണഗന്ധർവ്വാൻ വിദ്യാധ്രാസുരഗുഹ്യകാൻ. 37

കിന്നരാപ്സരസോ നാഗാൻ സപ്പാൻ കിംപുരുഷോരഗാൻ
മാതൃരക്ഷഃപിശാചാംശ്ച പ്രേതഭൂതവിനായകാൻ. 38

കൂഷ്മാണ്ഡോന്മാദവേതാളാൻ യാതുധാനാൻ ഗ്രഹാനപി
ഖഗാൻ മൃഗാൻ പശൂൻ വൃക്ഷാൻ ഗിരീൻ നൃപ! സരീസൃപാൻ. 39

ദ്വിവിധാശ്ചതുർവ്വിധാ യേഽന്യേ ജലസ്ഥലനഭൗകസഃ
കുശലാകുശലാ മിശ്രാഃ കമ്മണാം ഗതയസ്ത്വിമാഃ. 40

സത്വം രജസ്തമ ഇതി തിസ്രസ്സുരനൃനാരകാഃ
തത്രാപ്യേകൈകശോ രാജൻ ഭിദ്യന്തേ ഗതയസ്ത്രിധാ. 41

യദൈകൈകതരോഽന്യാഭ്യാം സ്വഭാവ ഉപഹന്യതേ. 42

സ ഏവേദം ജഗദ്ധാതാ ഭഗവാൻ ധമ്മരൂപധൃക്
പുഷ്ണാതി സ്ഥാപയൻ വിശ്വം തിര്യങ്നരസുരാത്മഭിഃ. 43

തതഃ കാലാഗ്നിരുദ്രാത്മാ യത് സൃഷ്ടമിദമാത്മനഃ
സന്നിയച്ഛതി കാലേന ഘനാനീകമിവാനിലഃ. 44

ഇത്ഥംഭാവേന കഥിതോ ഭഗവാൻ ഭഗവത്തമഃ,
നേത്ഥംഭാവേന ഹി പരം ദ്രഷ്ടുമർഹന്തി സൂരയഃ. 45

നാസ്യ കമ്മണി ജന്മാദൗ പരസ്യാനുവിധീയതേ
കർത്തൃത്വപ്രതിഷേധാത്ഥം മായയാരോപിതം ഹി തത്. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്നപേയാദാനാശയാന്നപ്പോളാന്ത്രനാഡീ-
വൃന്ദവും കുക്ഷിയുമപ്പുരുഷനുണ്ടായിതു.
കുക്ഷിദേവതയായിട്ടാഴിയും നാഡീഗണ-
രക്ഷാദൈവതങ്ങളായ് വാഹിനീപൂരങ്ങളും
പരിചോടാരണ്ടിൽനിന്നവയെസ്സമാശ്രയി-
ച്ചിരിക്കും സന്തുഷ്ടിയും തുഷ്ടിയും ഭവിച്ചിതു. 29
ഉണ്ടായി ഹൃദയം, തൻമായയെപ്പററിച്ചിന്ത-
പൂണ്ടപ്പോൾ ഹൃത്തിൽനിന്നും മതവു,മതിൽ-
തിങ്കളായീടുന്നതാം ദേവതയഭീഷ്ടവും [നിന്നു
സങ്കല്പമതും മുറയ്ക്കുത്ഭവിച്ചൂർവ്വീശ്വരാ! 30
ത്വക്കു ചർമ്മവും മാംസം രക്തം മേദസ്സു മജ്ജ-
യസ്ഥിയുമിപ്രകാരമേഴു ധാതുക്കൾ പിന്നെ
ജാതമായിതു ഭൂമിയഗ്നിയപ്പെന്നീ മൂന്നു
ഭൂതങ്ങൾതൻ വികാരമായതിന്നനന്തരം
സമീരൻ വ്യോമം ജലമെന്നുള്ള മൂന്നിൻെറയും
സമഷ്ടിരൂപമായി പ്രാണനുമുത്ഭവിച്ചു. 31
ഗുണകാര്യങ്ങളത്രേ പാർക്കുകിലിന്ദ്രിയങ്ങൾ
ഗുണങ്ങൾ ഭൂതാദിയിലുളവായവയല്ലോ.
മാനസം സത്ത്വവികാരാത്മാവും ബുദ്ധി സർവ്വ-
ജ്ഞാനസ്വരൂപവുമാണെന്നതു ധരിച്ചാലും. 32
മഹിതൊട്ടുള്ളതാമെട്ടാവരണങ്ങൾകൊണ്ടു
ബഹിർഭാഗത്തെ മറച്ചരുളും ഭഗവാൻെറ
സ്ഥൂലമാമിസ്വരൂപം ഭവാനോടിപ്പോൾ
വേണ്ട-
പോലിപ്രകാരം കഥിച്ചീടിനേൻ ധരാ-
പതേ! 33
അതിൽനിന്നന്യമായ് സുസൂക്ഷ്മമായ് ലക്ഷ-
ണങ്ങൾ
കഥിപ്പാനാകാത്തതായ് നിത്യമായവ്യക്തമായ്
അനാദിമദ്ധ്യാന്തമായ് വാക്കിനും മനസ്സിനും
നിനയ്ക്കിലതീതംതാൻ തത്സമഷ്ടിസ്വരൂപം. 34
മാലോകർക്കുപാസനാമാർഗ്ഗമായീശ്വരൻതൻ-
സ്ഥൂലസൂക്ഷ്മസ്വരൂപം ക്രമത്തിൽച്ചൊന്നേ,-
നെന്നാൽ
സൂരീന്ദ്രർ യഥാർത്ഥത്തിൽ സ്വീകരിച്ചീടുമാറി-
ല്ലീരൂപം രണ്ടും മായാസൃഷ്ടങ്ങളെന്നാക-
യാൽ .35
പ്രകൃതിവിഭിന്നനായകർമ്മാവായീടുന്ന
ഭഗവാൻ ചതുർമ്മുഖസ്വരൂപധരനായി
വ്യാപാരോപേതനായി വാച്യവാചകങ്ങളാം
രൂപങ്ങൾ നാമങ്ങളും ധരിപ്പു കർമ്മങ്ങളും. 36
ദേവന്മാർ, മഹർഷിമാർ, മനുക്കൾ, പ്രജേശന്മാർ,
ഭൂവരാ! പിതൃസംഘം, സിദ്ധന്മാർ,
ചാരണന്മാർ,
കിന്നരർ, വിദ്യാധര,രസുരർ, ഗന്ധർവ്വന്മാർ,
പിന്നെയപ്സരസ്സുകൾ, ഗുഹ്യകർ, കിംപൂരുഷർ,
സർപ്പങ്ങ,ളുരഗങ്ങൾ, നാഗങ്ങൾ, രാക്ഷസന്മാ,-
രപ്പിശാചുക്കൾ, ഭൂതപ്രേതങ്ങൾ, വേതാളങ്ങൾ,
കൂശ്മാണ്ഡഗ്രഹങ്ങളുന്മാദദേവതാവലി,
പശുപാലം, വിനായകൻ, ഗ്രഹങ്ങൾ, യാതു-
ധാനർ,
മലമ്പാമ്പുകൾ, വൃക്ഷനിവഹം, മഹാഗിരി-
തലങ്ങൾ, മൃഗപക്ഷിവൃന്ദങ്ങളെന്നിങ്ങനെ.
37–39
ചരാചരങ്ങളായിയപ്സ്ഥലാകാശങ്ങളായ്
ജരായുജാണ്ഡജസ്വേദജോത്ഭിജ്ജങ്ങളായും
പറയാവുന്ന സൃഷ്ടിവർഗ്ഗങ്ങളേയും വിധി
വിരചിക്കുന്നു സർവ്വനാമരൂപങ്ങളേയും
ഉത്തമപ്രാണിവർഗ്ഗം സത്വാധിക്യത്താൽ
ശ്രേഷ്ഠം,
വർദ്ധിച്ച തമസ്സിനാലധമവർഗ്ഗം നീചം,
ത്രിഗുണമിശ്രമല്ലോ മദ്ധ്യമവർഗ്ഗം ജീവ-
സുകൃതദുഷ്കൃതങ്ങളാണതിൻ മൂലം രാജൻ!
കർമ്മത്തിൻഗതിനോക്കിസ്സൃഷ്ടിചെയ്യെന്നുള്ളതു
ബ്രഹ്മാവിന്നധികാരസീമയിൽപ്പെട്ടതത്രേ. 40
സത്ത്വാദിഗുണങ്ങളാലമർത്ത്യൻ മർത്ത്യൻ തിര്യ-
ക്കിത്തരം മൂന്നു ഗതിഭേദങ്ങൾ ഭവിക്കുന്നു.
പുണ്യകർമ്മങ്ങൾ ചെയ്തീടുന്നവൻ ദേവനാകും;
പുണ്യദുഷ്കൃതിമിശ്രകർമ്മാവു മർത്ത്യനത്രേ.
തമസ്സേറുന്ന ജീവൻ തിര്യക്കായ്ത്തീർന്നീടുമി-
ക്രമത്തിൽ കാണുക സ്വർഭൂനരകങ്ങൾക്കു ഭേദം. 41
ഭുവനകർത്താവാമബ്ഭഗവാൻ വിഷ്ണുരൂപ-
മവലംബിച്ചു ലോകമോരോന്നുമതാതിൻെറ
നിലയ്ക്കുനിർത്തിപ്പരിപാലിച്ചു തിര്യഗാദി-
പല ജാതിയിൽ രൂപം ധരിപ്പു തത്ഥമായ്.
ഒരു ഗുണത്തെയന്യമായിടും ഗുണം രണ്ടും
നിരോധിക്കുന്നതായിവരുന്ന സമയത്തിൽ
അതുകളോരോന്നിനും മുമ്മൂന്നുവിധമായ
ഗതിഭേദങ്ങൾ ഭവിച്ചീടുമെന്നറിഞ്ഞാലും.
42–43
തന്നത്താൻ രചിച്ചതാമീ വിശ്വം വിശ്വംഭരൻ-
തന്നിൽത്താൻ കാലം വഹ്നി രുദ്രനെന്നീ-
വിധത്തിൽ,
മൂന്നു രൂപത്തെപ്പൂണ്ടുനിന്നുകൊണ്ടടക്കുന്നി-
തൊന്നോടെ മേഘങ്ങളെ മാരുതനെന്ന-
പോലെ. 44
ഭഗവത്തമനാഭിബ്ഭഗവാൻതൻ സ്വരൂപം
നിഗദിച്ചീടിനേനീവിധത്തിൽ ഭൂവാസവാ!
ഈരൂപമീഭാവത്തിലല്ല സന്ദർശിപ്പത-
സ്സൂരീശ്വരന്മാരെന്നും ധരിച്ചീടണം ഭവാൻ. 45
ലോകത്തിൻ സൃഷ്ടിസ്ഥിതിസംഹാരകാര്യ-
ങ്ങളി-
ലേകനാം ഭഗവാനു സംബന്ധമേതുമില്ല.
ആയതിൻ കർത്തൃത്വമപ്പരൻപൂരുഷൻതന്നിൽ
മായയാലാരോപിതമാണെന്നും വിധിച്ചിതു. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം തു ബ്രഹ്മണഃ കല്പസ്സവികല്പ ഉദാഹൃതഃ
വിധിസ്സാധാരണോ യത്ര സർഗ്ഗാഃ പ്രാകൃതവൈകൃതാഃ. 47

പരിമാണം ച കാലസ്യ കല്പലക്ഷണവിഗ്രഹം
യഥാ പുരസ്താദ്വ്യാഖ്യാസ്യേ പാദ്മം കല്പമഥോ ശൃണു. 48

ശൗനക ഉവാച

യദാഹ നോ ഭവാൻ സൂത! ക്ഷത്താ ഭാഗവതോത്തമഃ
ചചാര തീർത്ഥാനി ഭുവസ്ത്യക്ത്വാ ബന്ധൂൻ സുദുസ്ത്യജാൻ. 49

കുത്ര കൗഷാരവേസ്തസ്യ സംവാദോഽധ്യാത്മസംശ്രിതഃ
യദ്വാ സ ഭഗവാൻ തസ്മൈ പൃഷ്ടസ്തത്ത്വമുവാച ഹ. 50

ബ്രൂഹി നസ്തദിദം സൗമ്യ! വിദുരസ്യ വിചേഷ്ടിതം
ബന്ധുത്യാഗനിമിത്തം ച തഥൈവാഗതവാൻ പുനഃ. 51

സൂത ഉവാച

രാജ്ഞാ പരീക്ഷിതാ പൃഷ്ടോ യദവോചന്മഹാമുനിഃ
തദ്വോഽഭിധാസ്യേ ശൃണുത രാജ്ഞഃ പ്രശ്നാനുസാരതഃ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
പുരുഷസംസ്ഥാനവർണ്ണനം നാമ ദശമോഽധ്യായഃ

സമാപ്തോഽയം ദ്വിതീയസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതുതാൻ സവികല്പമായിട്ടും ബ്രഹ്മകല്പ-
മിതിനു മഹാകല്പമെന്നുമുണ്ടായി നാമം.
ഇതിന്റെ സാധാരണധർമ്മംതാൻ പ്രാകൃതവൈ-
കൃതങ്ങളായിട്ടുന്ന സൃഷ്ടികറം സമസ്തവും. 47
കാലത്തിൻ പരിമാണം കല്പത്തിൻ ചിഹ്നം
രൂപം
ചാലവേ പാത്മകല്പലക്ഷണമെന്നിതെല്ലാം
നിഗദിച്ചീടുന്നു ഞാനിനിമേൽ സവിസ്തരം
ഭഗവത്ഭക്തോത്തമാ! ഭൂപതേ! ശ്രവിച്ചാലും. 48

ശൗനകൻ പറഞ്ഞു

വിദുരൻ സുദുസ്ത്യജബന്ധുവർഗ്ഗത്തെത്തള്ളി-
ഗ്ഗതനായ് ത്തീർത്ഥമാടാനെന്നല്ലോ ചൊല്ലീ
ഭവാൻ. 49
മൈത്രേയമഹർഷിയും വിദുരൻതാനുംതമ്മി-
ലാദ്ധ്യാത്മികാഭാഷണമെങ്ങവച്ചുണ്ടായിതു?
ക്ഷത്താവു ചോദിച്ചതെ,ന്തതിനാ മഹർഷിയെ-
ന്തുത്തരം ചൊല്ലി,യെല്ലാം വിസ്തരിച്ചോതി-
യാലും. 50
ക്ഷത്താവിൻ പ്രവൃത്തിയും ബന്ധുവർഗ്ഗത്തെ-
ത്തള്ളി-
യദ്ദേഹം പോയീടുവാനുള്ള കാരണങ്ങളും
മടങ്ങി വീണ്ടും വരാനെന്തു സംഗതിയെന്നും
തുടർന്നു ചൊല്ലീടുക സൗമ്യനാം സൂതാ!
ഭവാൻ. 51

സൂതൻ പറഞ്ഞു

മഹർഷീന്ദ്രരേ! പരീക്ഷിത്തിന്റെ-
ചോദ്യങ്ങറക്ക
മഹാത്മാ ശുകൻ ചൊന്നപോലിഹ ചൊല്ലാം
കേറപ്പിൻ. 52

ദ്വിതീയസ്കന്ധം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയസ്കന്ധഃ

പ്രഥമോഽധ്യായഃ

ശ്രീശുക ഉവാച

ഏവമേതത് പുരാ പൃഷ്ടോ മൈത്രേയോ ഭഗവാൻ കില
ക്ഷത്ത്രാ വനം പ്രവിഷ്ടേന ത്യക്ത്വാ സ്വഗൃഹമൃദ്ധിമത്. 1
യദ്വാ അയം മന്ത്രകൃദ്വോ ഭഗവാനഖിലേശ്വരഃ
പൗരവേന്ദ്രഗൃഹം ഹിത്വാ പ്രവിവേശാത്മസാത്കൃതം. 2

രാജോവാച

കുത്ര ക്ഷത്തുർഭഗവതാ മൈത്രേയേണാസ സംഗമഃ?
കദാ വാ സഹ സംവാദ? ഏതദ്വർണ്ണയ നഃ പ്രഭോ. 3
ന ഹ്യല്പാർത്ഥോദയസ്തസ്യ വിദുരസ്യാമലാത്മനഃ
തസ്മിൻ വരീയസി പ്രശ്നസ്സാധുവാദോപബൃംഹിതഃ. 4

സൂത ഉവാച

സ ഏവമൃഷിവര്യോഽയം പൃഷ്ടോ രാജ്ഞാ പരീക്ഷിതാ
പ്രത്യാഹ തം സുബഹുവിത് പ്രീതാത്മാ ശ്രൂയതാമിതി. 5

യദാ തു രാജാ സ്വസുതാനസാധൂൻ
പുഷ്ണന്നധർമ്മേണ വിനഷ്ടദൃഷ്ടിഃ
ഭ്രാതുര്യവിഷ്ഠസ്യ സുതാൻ വിബന്ധൂൻ
പ്രവേശ്യ ലാക്ഷാഭവനേ ദദാഹ. 6
യദാ സഭായാം കുരുദേവദേവ്യാഃ
കേശാഭിമർശം സുതകർമ്മ ഗർഹ്യം
ന വാരയാമാസ നൃപഃ സ്നുഷായാഃ
സ്വാസ്രൈർഹരന്ത്യാഃ കുചകുങ്കുമാനി. 7
ദ്യൂതേ ത്വധർമ്മേണ ജിതസ്യ സാധോ-
സ്സത്യാവലംബസ്യ വനാഗതസ്യ
ന യാചതോഽദാത് സമയേന ദായം
തമോ ജൂഷാണോ യദജാതശത്രോഃ. 8
യദാ ച പാർത്ഥപ്രഹിതസ്സഭായാം
ജഗദ്ഗുരുര്യാനി ജഗാദ കൃഷ്ണഃ
ന താനി പുംസാമമൃതായനാനി
രാജോരു മേനേ ക്ഷതപുണ്യലേശഃ. 9
യദോപഹൂതോ ഭവനം പ്രവിഷ്ടോ
മന്ത്രായ പൃഷ്ടഃ കില പൂർവ്വജേന
അഥാഹ തന്മന്ത്രദൃശാം വരീയാൻ
യന്മന്ത്രിണോ വൈദുരികം വദന്തി. 10
''അജാതശത്രോഃ പ്രതിയച്ഛ ദായം
തിതിക്ഷതോ ദുർവ്വിഷഹം തവാഗഃ
സഹാനുജോ യത്ര വൃകോദരാഹിഃ
ശ്വസൻ രുഷാ യത്ത്വമലം ബിഭേഷി. 11
പാർത്ഥാംസ്തു ദേവോ ഭഗവാൻ മുകുന്ദോ
ഗൃഹീതവാൻ സക്ഷിതിദേവദേവഃ
ആസ്തേ സ്വപുര്യാം യദുദേവദേവോ
വിനിർജ്ജിതാശേഷനൃദേവദേവഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയസ്കന്ധം

അദ്ധ്യായം 1

വിദുരോദ്ധവസമാഗമം

ശ്രീശുകൻ പറഞ്ഞു

ദുർദ്ധമാം തന്നുടെ ഗേഹമുപേക്ഷിച്ചു
ചിത്തചാഞ്ചല്യമെന്യേ വനമേറിയ
ക്ഷത്താവു മുന്നമിച്ചോദ്യം മഹാനായ
മൈത്രേയമാമുനിയോടു ചോദിച്ചിതു. 1

നിങ്ങടെ ദൗത്യം വഹിച്ചഖിലേശനാം
ശാർങ്ഗിയാ ഹസ്തിനമെത്തിയവേളയിൽ
ദുര്യോധനാലയം തള്ളിത്തനതെന്ന
ധീയോടു വാണതക്ഷത്തൃഗേഹത്തിലാം. 2

രാജാവു പറഞ്ഞു

കണ്ടതവർതമ്മിലേതൊരിടത്തുവ-
ച്ചുണ്ടായതുമെപ്പൊഴാണു സംഭാഷണം?
ശുദ്ധമനസ്സനാമാ വിദുരൻതന്റെ
ചോദ്യവുമല്പാർത്ഥകമായിടാ മുനേ!
സാധുജനത്തിനാനന്ദമേറും പരി-
പൂതകഥകം നിറഞ്ഞതായേ വരൂ. 3-4

സൂതൻ പറഞ്ഞു

ഈവിധം ശ്രീശുകനോടപ്പരീക്ഷിത്തു-
ഭൂവരൻ ചോദിക്കവേ പരിതുഷ്ടനായ്
കാര്യങ്ങളേറെയറിഞ്ഞീടുമാമുനി-
വര്യനെന്നാൽ കേട്ടുകൊള്ളുകെന്നോതിനാൻ. 5

അന്ധനാം ഭൂപനസത്തുക്കളാം നിജ-
നന്ദനരെയധർമ്മത്താൽ തടിപ്പിച്ചു
നഷ്ടബന്ധുക്കളാം സോദരപുത്രരെ-
യിട്ടരക്കില്ലത്തിലങ്ങു ചുട്ടീടവേ, 6

കണ്ണീരിനാൽ കചകങ്കുമം മാച്ചതി-
ഖിന്നതതേടിന ധർമ്മജപത്നിയാം

സ്വന്തം മരുമകൾക്കുള്ള തലമുടി
തൻ തനയന്മാർ സഭയിലചഞ്ചലം
ചെന്നു പിടിച്ചങ്ങഴിച്ചവമാനിച്ച
നിന്ദ്യകർമ്മം തടയാതിരുന്നീടവേ
ചൂതിൽച്ചതിയായ് പരാജിതനായതി-
സാധുവായ്, സത്യാവലംബിയായ്,
ശുദ്ധനായ്,
കാനനത്തിൽനിന്നു വന്ന യുധിഷ്ഠിരൻ
ദീനനായിസ്സുപഥത്തെയോ'ർത്തോഹരി-
തന്നാല്യ'മെന്നിരന്നീടിലുമജ്ഞാന-
പൂർണ്ണൻ നൃവരൻ കൊടുക്കാതിരിക്കവേ. 7-8

പാണ്ഡവദൂതനായ് ലോകഗുരുവായ
നന്ദജൻ ചെന്നു സഭയിൽപ്പറഞ്ഞതാം
പീയൂഷതുല്യവാക്യങ്ങളും പുണ്യംകെട്ടു-
പോയ രാജാവു മാനിക്കാതിരിക്കവേ, 9

സന്ധി ചിന്തിക്കാൻ ക്ഷണിച്ചവരുത്തിയ
മന്ത്രചക്ഷുസ്സുകൾക്കൊക്കെയും മുഖ്യനാം
ക്ഷത്താവവനോടു ചൊന്നതു മന്ത്രജ്ഞർ
കീർത്തിച്ചിടുന്ന വിദുരനയോക്തിയായ്. 10

''അങ്ങേയസഹ്യമായീടുമപരാധ-
മങ്ങു സഹിച്ചിരിക്കും ധർമ്മജാതനു
ദായം കൊടുക്കുകവേണ,മതിക്രുദ്ധ-
നായിസ്സുദീർഘം ശ്വസിച്ചുകൊണ്ടങ്ങനെ
ഭീ നിനക്കുണ്ടാക്കിടും ഭീമപന്നഗം
സാനുജനായിരുന്നീടുന്നു ഭൂമിപാ! 11

ദേവഭൂദേവസമേതൻ, യദുജന-
ദേവൻ, ജിതാഖിലഭൂപാലനിർജ്ജരൻ,
ശൗരി,യപ്പാണ്ഡുതനയരെക്കൊണ്ടുപോയ്
ദ്വാരാവതിതന്നിൽ വച്ചിരിക്കുന്നിതു. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏഷ ദോഷഃ പുരുഷദ്വിഡാസ്തേ
ഗൃഹാൻ പ്രവിഷ്ടോ/യമപത്യമത്യാ
പുഷ്ണാസി കൃഷ്ണാദ്വിമുഖോ ഗതശ്രീ-
സ്ത്യജാശ്വശൈവം കുലകൗശലായ.'' 13
ഇത്യൂചിവാംസ്തത്ര സുയോധനേന
പ്രവൃദ്ധകോപസ്ഫുരിതാധരേണ
അസത്കൃതസ്സത്സ്പൃഹണീയശീലഃ
ക്ഷത്താ സകർണ്ണാനുജസൗബലേന. 14
''ക ഏനമത്രോപജുഹാവ ജിഹ്മം
ദാസ്യാസ്സുതം യദ്ബലിനൈവ പുഷ്ടഃ
തസ്മിൻ പ്രതീപഃ പരകൃത്യ ആസ്തേ
നിർവ്വാസ്യതാമാശു പുരാച്ഛ്വസാനഃ''. 15
സ ഇത്ഥമത്യുല്ബണകർണ്ണബാണൈർ-
ഭ്രാതുഃ പുരോ മർമ്മസു താഡിതോ/പി
സ്വയം ധനുർ ദ്വാരി നിധായ മായാം
ഗതവ്യഥോ/യാദുരുമാനയാനഃ. 16
സ നിർഗ്ഗതഃ കൗരവപുണ്യലബ്ധോ
ഗജാഹ്വയാത്തീർത്ഥപദഃ പദാനി
അന്വാക്രമത് പുണ്യചികീർഷയോർവ്യാം
സ്വധിഷ്ഠിതോ യാനി സഹസ്രമൂർത്തിഃ. 17
പുരേഷു പുണ്യോപവനാദ്രികുഞ്ജേ-
ഷ്വപങ്കതോയേഷു സരിത്സരസ്സു
അനന്തലിംഗൈസ്സമലംകൃതേഷു
ചചാര തീർത്ഥായതനേഷ്വനന്യഃ. 18
ഗാം പര്യടൻ മേധ്യവിവിക്തവൃത്തി-
സ്സദാ//പ്ലുതോ/ധശ്ശയനോ/വധൂതഃ
അലക്ഷിതഃ സ്വൈരവധൂതവേഷോ
വ്രതാനി ചേരേ ഹരിതോഷണാനി. 19
ഇത്ഥം വ്രജൻ ഭാരതമേവ വർഷം
കാലേന യാവദ് ഗതവാൻ പ്രഭാസം
താവച്ഛശാസ ക്ഷിതിമേകചക്രാ-
മേകാതപത്രാമജിതേന പാർത്ഥഃ. 20
തത്രാഥ ശുശ്രാവ സുഹൃദ്വിനഷ്ടിം
വനം യഥാ വേണുജവഹ്നിസംശ്രയം
സംസ്പർദ്ധയാ ദഗ്ദ്ധമഥാനുശോചൻ
സരസ്വതീം പ്രത്യഗിയായ തൂഷ്ണീം. 21
തസ്യാം ത്രിതസ്യോശനസോ മനോശ്ച
പൃഥോരഥാഗ്നേരസിതസ്യ വായോഃ
തീർത്ഥം സുദാസസ്യ ഗവാം ഗുഹസ്യ
യച്ഛ്രാദ്ധദേവസ്യ സ ആസിഷേവേ. 22
അന്യാനി ചേഹ ദ്വിജദേവദേവൈഃ
കൃതാനി നാനായതനാനി വിഷ്ണോഃ
പ്രത്യംഗമുഖ്യാങ്കിതമന്ദിരാണി
യദ്ദർശനാത് കൃഷ്ണമനുസ്മരന്തി. 23
തതസ്ത്വതിവ്രജ്യ സുരാഷ്ട്രമൃദ്ധം
സൗവീരമത്സ്യാൻ കുരുജാംഗലാംശ്ച
കാലേന താവദ്യമുനാമുപേത്യ
തത്രോദ്ധവം ഭാഗവതം ദദർശ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുത്രഭാവത്തിൽ നീ വീട്ടിൽ വളർത്തുവോൻ
ദൈത്യാരിവൈരി, സമസ്തദോഷാകരം
വംശരക്ഷയ്ക്കായ്ഭദ്രനവനെ നീ
സംശയമെന്യേയുപേക്ഷിക്ക സത്വരം.
അല്ലെങ്കിലച്യുതശത്രുതയാൽ ഭൂതി-
യെല്ലാം നശിച്ചു നീ സങ്കടപ്പെട്ടിടും.'' 13

ഇങ്ങനെ കാര്യം പറഞ്ഞ സൗശീല്യാദി-
രങ്ഗമായീടും വിദുരനെയക്ഷണം
ദുഷ്ടദുശ്ശാസനകർണ്ണശകുന്യാദ്യർ
കൂട്ടുകാരൊത്തങ്ങിരിക്കും സുയോധനൻ
രുഷ്ടനായ്ച്ചുണ്ടുകളും വിറപ്പിച്ചു സ്വ-
സ്വപ്നം കണക്കററു ഭർത്സനംചെയ്തിതേ. 14

''ആരു വിളിച്ചിതിവിടിക്കബുദ്ധിയെ
നേരററ ദാസീസുതനായ നീചനെ
ചോറു കൊടുത്തു വളർത്തവരേ വിട്ടു-
മാറിത്തുണയ്ക്കുന്നു ശത്രുക്കളെയിവൻ.
പാരം കൃതഘ്നനിവൻ പ്രാണമാത്രനായ്-
ത്തീരുമാറാക്കി വെളിക്കു തള്ളീടുവിൻ.'' 15

സോദരൻമുൻപിൽവച്ചുണ്ടായ വാക്ശര-
പൂരം സ്വമർമ്മം പിളർന്നുവെന്നാകിലും
അന്തരങ്ഗാധിയടക്കിയിട്ടപ്പൊഴേ
സ്വന്തമാം വില്ലു പടിവാതിലിൽ വച്ചു
മായാവിലാസത്തെ മാനിച്ചുകൊണ്ടങ്ങു
പോയാനിറങ്ങി വിദുരൻ മഹാശയൻ. 16

കൗരവപുണ്യോച്ചയത്തിനാൽക്കിട്ടിയ
സൂരിയീവണ്ണമപ്പട്ടണം വിട്ടുപോയ്
പുണ്യകർമ്മേച്ഛയാൽ തീർത്ഥപാദൻ ഹരി-
തന്നധിഷ്ഠാനസ്ഥലങ്ങളോരോന്നിലും
ചെന്നു സേവിച്ചും ഭജിച്ചുമങ്ങാനന്ദ-
തുന്ദിലനായിച്ചരിച്ചാൻ പലേടവും. 17

നാനാ പുരങ്ങളിലും പുണ്യപർവ്വത-
കാനനാരാമകുഞ്ജങ്ങളിലും തഥാ
പങ്കരഹിതസലിലസരിത്തുകാം-
തങ്കലും ചാരുസരസ്സുകൾതന്നിലും

ശ്രീകൃഷ്ണലിംഗപ്രതിഷ്ഠകളാലേററ-
മാകർഷകങ്ങളാം മററുപലേടവും
ഏകാഗ്രചിത്തനായ് ശ്രീകാന്തചിന്തയോ-
ടേകനായങ്ങനെ സഞ്ചരിച്ചീടിനാൻ. 18

അന്യമാം വൃത്തിവെടിഞ്ഞു പരിശുദ്ധ-
സന്ന്യാസമാർന്നു, സദാ കുളിച്ചീടുക
മന്നിൽ ശയിക്ക,യവധൂതനൊക്കുന്ന-
വണ്ണം സ്വവേഷം ധരിക്കയീമട്ടിലായ്
ജ്ഞാതിജനത്തിനുമജ്ഞേയനായ് ഹരി-
പ്രീതിദമാം വ്രതമാർന്നുഴിചുററിനാൻ. 19

ഭാരതഭൂവെങ്ങുമിങ്ങനെ സഞ്ചരി-
ച്ചോരു വിദുരൻ പ്രഭാസമെത്തീടവേ,
കാത്താൻ ധരയേകചക്രയുമേകാത-
പത്രയുമാക്കി സകൃഷ്ണനാം ധർമ്മജൻ. 20

കേട്ടാനവിടത്തിൽവച്ചു, മുള തമ്മിൽ
മുട്ടിയുണ്ടാം തീ വിപിനത്തെയെന്നപോൽ,
ദുർമ്മദമാത്സര്യമാർന്നു സുഹൃത്തുക്കൾ
തമ്മിലിടഞ്ഞു യദുക്കൾ നശിച്ചതായ്.
മൗനംഭജിച്ചനുതാപവിവശനായ്
താനേ പടിഞ്ഞാറുദിക്കു നോക്കി ദ്രുതം
പുണ്യസരസ്വതീവാഹിനിതൻ തടം-
തന്നിലേക്കായി നടന്നുതുടങ്ങിനാൻ. 21

പിന്നെയാ വാഹിനിതന്നിലായന്തക-
മന്വഗ്നിവായുസുദാസപൃഥുത്രിതർ
ഗോക്കളുശനസ്സുസിതൻ ഗുഹനമി-
ത്യാഖ്യകളാർന്നിടും തീർത്ഥങ്ങളാടിനാൻ. 22

ദേവധരണീസുരകൃതമായ്, വാസു-
ദേവചക്രായുധലക്ഷണയുക്തമായ്,
നാരായണസ്തുതി ചേർക്കുന്നതാം പല
ചാരുതരായതനങ്ങൾ സേവിച്ചിതു. 23

ശ്രീസമൃദ്ധം സുരാഷ്ട്രം മത്സ്യസൗവീര-
ദേശങ്ങളും കുരുജാംഗലഭൂമിയും
പിന്നിട്ടു കാലക്രമേണ കാളിന്ദിയിൽ
ചെന്നു കണ്ടാൻ ഭക്തനുദ്ധവനേ വശാൽ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ വാസുദേവാനുചരം പ്രശാന്തം
ബൃഹസ്പതേഃ പ്രാക്തനയം പ്രതീതം
ആലിംഗ്യ ഗാഢം പ്രണയേന ഭദ്രം
സ്വാനാമപൃച്ഛദ് ഭഗവത്പ്രജാനാം. 25
''കച്ചിത് പുരാണൗ പുരുഷൗ സ്വനാഭ്യ-
പാദ്മാനുവൃത്ത്യേഹ കിലാവതീർണ്ണൗ
ആസാത ഉർവ്യാഃ കുശലം വിധായ
കൃതക്ഷണൗ കുശലം ശൂരഗേഹേ. 26
കച്ചിത് കുരൂണാം പരമസ്സുഹൃന്നോ
ഭാമസ്സ ആസ്തേ സുഖമംഗ ശൗരിഃ
യോ വൈ സ്വസൄണാം പിതൃവദ്ദദാതി
വരാൻ വദാന്യോ വരതർപ്പണേന. 27
കച്ചിദ്വരൂഥാധിപതിര്യദൂനാം
പ്രദ്യുമ്ന ആസ്തേ സുഖമംഗ വീരഃ
യം രുക്മിണീ ഭഗവതോഽഭിലേഭേ
ആരാധ്യ വിപ്രാൻ സ്മരമാദിസർഗ്ഗേ. 28
കച്ചിത് സുഖം സാത്വതവൃഷ്ണിഭോജ-
ദാശാർഹകാണാമധിപഃ സ ആസ്തേ
യമഭ്യഷിഞ്ചച്ഛതപത്രനേത്രോ
നൃപാസനാശാം പരിഹൃത്യ ദൂരാത്. 29
കച്ചിദ്ധരേസ്സൗമ്യ! സുതസ്സദൃക്ഷ
ആസ്തേഽഗ്രണീ രഥിനാം സാധു സാംബഃ
അസൂത യം ജാംബവതീ വ്രതാഢ്യാ
ദേവം ഗുഹം യോംഽബികയാ ധൃതോഽഗ്രേ. 30
ക്ഷേമം സ കച്ചിദ്യുയുധാന ആസ്തേ
യഃ ഫാൽഗുനാല്ലബ്ധധനുരഹസ്യഃ
ലേഭേഽഞ്ജസാധോക്ഷജസേവയൈവ
ഗതിം തദീയാം യതിഭിർദ്ദുരാപാം. 31
കച്ചിത് ബുധഃ സ്വസ്ത്യനമീവ ആസ്തേ
ശ്വഫല്കപുത്രോ ഭഗവത്പ്രപന്നഃ
യഃ കൃഷ്ണപാദാങ്കിതമാർഗ്ഗപാംസു-
ഷ്വചേഷ്ടത പ്രേമവിഭിന്നധൈര്യഃ. 32
കച്ചിച്ഛിവം ദേവകഭോജപുത്ര്യാ
വിഷ്ണുപ്രജായാ ഇവ ദേവമാതുഃ
യാ വൈ സ്വഗർഭേണ ദധാര ദേവം
ത്രയീ യഥാ യജ്ഞവിതാനമർത്ഥം. 33
അപി സ്വിദാസ്തേ ഭഗവാൻ സുഖം വോ
യസ്സാത്വതാം കാമദുഘോഽനിരുദ്ധഃ
യമാമനന്തി സ്മ ഹ ശബ്ദയോനിം
മനോമയം സത്ത്വതുരീയതത്ത്വം. 34
അപി സ്വിദന്യേ ച നിജാത്മദൈവ-
മനന്യവൃത്ത്യാ സമനുവ്രതാ യേ
ഹൃദീകസത്യാത്മജചാരുദേഷ്ണ-
ഗദാദയഃ സ്വസ്തി ചരന്തി? സൗമ്യ! 35
അപി സ്വദോർഭ്യാം വിജയാച്യുതാഭ്യാം
ധർമ്മേണ ധർമ്മഃ പരിപാതി സേതും
ദുര്യോധനോഽതപ്യത യത്സഭായാം
സാമ്രാജ്യലക്ഷ്മ്യാ വിജയാനുവൃത്ത്യാ? 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വജന്മത്തിൽ ബൃഹസ്പതിശിഷ്യനായ്
സർവ്വദാ കൃഷ്ണാനുഗനായ് പ്രശാന്തനാം
ഉദ്ധവനെക്കണ്ടമാത്രയിൽ ഗാഢമായ്
കെട്ടിപ്പിടിച്ചു വിദുരൻ മഹാമതി
ചോദിച്ചിതു വാസുദേവപ്രജകളാം
ജ്ഞാതികൾതൻ കുശലസ്ഥിതി സാദരം. 25

തന്നാഭിപങ്കജജാതനാകും വിധി-
തന്നർത്ഥനയാലവതാരമാർന്നെഴും
രാമകൃഷ്ണാഖ്യർ പുരാണരാംപൂരുഷർ
ഭൂമിയിൽ ക്ഷേമം വളർത്തിയൊരുപോലെ
വിശ്രമശീലരായിപ്പോഴും വസുദേവ-
വിശ്രുതഗേഹത്തിൽ വാണിടുന്നോ സുഖം? 26

ഏററവും പൂജ്യനും കൗരവർ ഞങ്ങൾത-
ന്നുററസുഹൃത്തുമാകും വസുദേവനു
സൗഖ്യമോ? ദാനോത്സുകനവൻ സോദരി-
മാർക്കു പിതാവുമട്ടിഷ്ടപദാർത്ഥങ്ങൾ
ഇങ്ഗിതംപോലരുളീടുന്നതില്ലയോ?
ഭങ്ഗമതിന്നു ഭവിച്ചിടാ നിർണ്ണയം. 27

വീരനും യാദവസേനേശനുമാകു-
മാരെയാ രുഗ്മിണി ദേവദ്വിജാർച്ചയാൽ
നന്ദനനായിബ്ഭഗവാൻ മുകുന്ദനിൽ
നിന്നു വരിച്ചോ കഴിഞ്ഞ ജനുസ്സതിൽ
ചിത്തജനായിപ്പരിലസിച്ചുള്ളൊരാ-
പ്രദ്യുമ്നനും സുഖമായ് വസിക്കുന്നുവോ? 28

സിംഹാസനാഗ്രഹം ദൂരെ ത്യജിച്ചു സ-
സ്നേഹം ഭഗവാൻ നൃപാസനമേററിയ
ദാശാർഹസാത്വതവൃഷ്ണിഭോജപ്രജാ-
ധീശനാമുഗ്രസേനനും കുശലമോ? 29

പ്രാക്തനജന്മത്തിലംബികാസൂനുവായ്
വർത്തിച്ചിരുന്ന സുബ്രഹ്മണ്യദേവനെ
സദ്വ്രതനിഷ്ഠയാൽ ജാംബവതീദേവി-
പുത്രനായാർന്ന, മല്ലാരിസദൃശനായ്
ശൂരനായ് കൃഷ്ണസുതനായ് മഹാരഥ-
ഹീരമായ് മിന്നുമസ്സാംബനും സൗഖ്യമോ? 30

പാർത്ഥനോടായ് ധനുർവ്വേദരഹസ്യങ്ങൾ
പേർത്തും ധരിച്ച ദാമോദരസേവകൻ
സാത്യകി, മററു യതികൾക്കലഭ്യമാം
സിദ്ധികലർന്ന, സുഖിച്ചിരിക്കുന്നിതോ? 31

സൂരിയായ്, പ്രേമത്തിനാൽ ഭിന്നധൈര്യ-
നായ്,
നാരായണാശ്രയനായി, നിഷ്പാപനായ്,
ശാർങ്ഗിതൻ പാദം പതിഞ്ഞ മണ്ണിൽക്കിട-
ന്നങ്ങുരുണ്ടുള്ളൊരക്രൂരനും സൗഖ്യമോ? 32

യാഗത്തിനുള്ള സമഗ്രമാമർത്ഥത്തെ-
യാഗമമെന്നപോൽ, സ്വന്തഗർഭത്തിലായ്
മല്ലാരിയെയാവഹിച്ച സുരമാതൃ-
തുല്യയാം ദേവകിക്കും സുഖംതന്നെയോ? 33

അന്തഃകരണചതുർത്ഥവിഭാഗത്തി-
ലേത്തുന്ന ദൈവതമായ് മനോരൂപനായ്
ശാസ്ത്രഭൂവായ് ഭക്തകാമദനാമനി-
രുദ്ധനുമിപ്പോഴും സുഖമോ? യദൂത്തമാ! 34

സ്വന്തമാത്മാവിൻപ്രകാശമേകും മുര-
ഹന്താവുതന്നുടെയേകാന്തഭക്തരാം
ഭാമാസുതനും ഗദനും ഹൃദീകനും
ക്ഷേമമാണോ ചാരുദേഷ്ണനും? ചൊല്ലുക! 35

ആരുടെ ചാരുസഭയിൽ സുയോധന-
നേററവേ,യർജ്ജുനവീര്യാനുഗാമിനി
സാമ്രാജ്യലക്ഷ്മിയെക്കണ്ടവൻ കേണി,താ-
ധർമ്മജന്മാവ് തനതുകരങ്ങളായ്
മിന്നിടും മാധവഫല്ഗുനന്മാരോടു-
മൊന്നിച്ചു ധർമ്മത്തെ രക്ഷിച്ചിടുന്നുവോ! 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിം വാ കൃതാഘേഷ്വഘമത്യമർഷീ
ഭീമോഽഹിവദ്ദീർഘതമം വ്യമുഞ്ചൻ
യസ്യാങ്ഘ്രിപാതം രണഭൂർന്ന സേഹേ
മാർഗ്ഗം ഗദായാശ്ചരതോ വിചിത്രം. 37

കച്ചിദ്യശോധാ രഥയൂഥപാനാം
ഗാണ്ഡീവധന്വോപരതാരിരാസ്തേ
അലക്ഷിതോ യച്ഛരകൂടഗൂഢോ
മായാകിരാതോ ഗിരിശസ്തുതോഷ? 38

യമാവുതസ്വിത്തനയൗ പൃഥായാഃ
പാർത്ഥൈർവൃതൗ പക്ഷ്മഭിരക്ഷിണീവ
രേമാത ഉദ്ദായമൃധേ സ്വരിക്ഥം
പരാത് സുപർണ്ണാവിവ വജ്രിവക്ത്രാത്. 39

അഹോ പൃഥാപി ധ്രിയതേഽർഭകാർത്ഥേ
രാജർഷിവര്യേണ വിനാപി തേന
യസ്ത്വേകവീരോഽധിരഥോ വിജിഗ്യേ
ധനുർദ്വിതീയഃ കകുഭശ്ചതസ്രഃ. 40

സൗമ്യാനുശോചേ തമധഃപതന്തം
ഭ്രാത്രേ പരേതായ വിദുദ്രുഹേ യഃ
നിര്യാപിതോ യേന സുഹൃത്സ്വപുര്യാ
അഹം സ്വപുത്രാൻ സമനുവ്രതേന. 41

സോഽഹം ഹരേർമ്മർത്ത്യവിഡംബനേന
ദൃശോ നൃണാം ചാലയതോ വിധാതുഃ
നാന്യോപലക്ഷ്യഃ പദവീം പ്രസാദാ-
ച്ചരാമി പശ്യൻ ഗതവിസ്മയോഽത്ര. 42

നൂനം നൃപാണാം ത്രിമദോത്പഥാനാം
മഹീം മുഹുശ്ചാലയതാം ചമൂഭിഃ
വധാത് പ്രപന്നാർത്തിജിഹീർഷയേശോ-
പ്യുപൈക്ഷതാഘം ഭഗവാൻ കുരൂണാം. 43

അജസ്യ ജന്മോത്പഥനാശനായ
കർമ്മാണ്യകർത്തുർഗ്രഹണായ പുംസാം
നന്വന്യഥാ കോഽർഹതി ദേഹയോഗം
പരോ ഗുണാനാമുത കർമ്മതന്ത്രം. 44

തസ്യ പ്രപന്നാഖിലലോകപാനാം
അവസ്ഥിതാനാമനുശാസനേ സ്വേ
അർത്ഥായ ജാതസ്യ യദുഷ്വജസ്യ
വാർത്താം സഖേ! കീർത്തയ തീർത്ഥകീർത്തേഃ'' 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
വിദുരോദ്ധവസംവാദേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച

ഇതി ഭാഗവതഃ പൃഷ്ടഃ ക്ഷത്രാ വാർത്താം പ്രിയാശ്രയാം.
പ്രതിവക്തും ന ചോത്സേഹ ഔത്കണ്ഠ്യാത് സ്മാരിതേശ്വരഃ
യഃ പഞ്ചഹായനോ മാത്രാ പ്രാതരാശായ യാചിതഃ
തന്നൈച്ഛദ്രചയൻ യസ്യ സപര്യാം ബാലലീലയാ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആക്കുള്ള പാദപ്രപാതം സഹിച്ചില്ല
പോക്കുള,മാരാം ഗദാരണകോവിദൻ,
സപ്താതിരുഷ്ടനബ് ഭീമൻ വിപക്ഷരിൽ
കല്പിച്ചിരുന്നപോൽ ദണ്ഡമേല്പി-
ച്ചിതോ? 37

ജായാസമേതനായാക്കുമജ്ഞേയനാം
മായാകിരാതസ്വരൂപൻ പുരാന്തകൻ
ആരുടെയസ്ത്രപ്രയോഗത്തിൽ മോദിച്ചി,-
താരാണു ഗാണ്ഡീവമഗ്നിയൊടാന്നതും
ആ ദേവരാജതനയനരാതിസം-
ഘാതം മുടിച്ചു സുഖിച്ചുവാഴുന്നിതോ? 38

നേത്രങ്ങളെപ്പോളകാംമട്ടു കുന്തിതൻ-
പുത്രർ പോററും നകുലൻ സഹദേവനും
ഇന്ദ്രനിൽനിന്നു താർക്ഷ്യഭയംപോൽ-
ബലാൽ
തന്നംശമാന്നു സുഖിച്ചിരിക്കുന്നുവോ? 39

വില്ലിനാൽത്തന്നെ ദിക്കെല്ലാം ജയിച്ച നി-
സ്തുല്യമഹാരഥൻ പാണ്ഡുമഹീപതി
വിണ്ണണഞ്ഞിട്ടുമിമ്മക്കാംക്കുവേണ്ടിയ-
പ്പുണ്യവതി കുന്തി ജീവിച്ചിടുന്നഹോ! 40

ഉദ്ധതരാം സ്വസുതർതന്നനീതികാം-
കൊത്തിരു,നാത്മജദ്രോഹത്തിനാൽ സൗമ്യ!
തന്മൃതസോദരനോടപരാധങ്ങൾ
നമ്മട്ടുചെയ്ത സുഹൃത്താകമെന്നെയും
പട്ടണത്തിൽനിന്നുമാട്ടിപ്പുറത്താക്കി-
വിട്ട ധൃതരാഷ്ട്രനെയോത്തു കേഴവേൻ. 41

മർത്ത്യവിഡംബനത്താലതിവിസ്മയ-
കൃത്യങ്ങൾ കാട്ടി, വളത്തി മതിഭ്രമം,
ഇത്ത്രിലോകം തീത്തുകാത്തഴിക്കും കൃഷ്ണ-
മൂത്തിതൻ കാരുണികൊണ്ടു തത്പ്രാഭവം
പാത്തറി,ഞ്ഞത്ഭുതമെന്യേ, ചരിക്കുന്നു
പാത്ഥലം ചുററി ഞാനന്യദുർജ്ഞേയ-
നായ്. 42

വിത്തം, കുലം, വിദ്യയെന്നിവമൂലമായ്
മത്തരായ്, മര്യാദവിട്ടു, സൈന്യങ്ങളാൽ
പൃഥ്വിയെച്ചഞ്ചലിപ്പിച്ചു, പരിച്ചിടും
ധാത്രീശ്വരരെ നിശ്ശേഷം നശിപ്പിച്ചു
ആത്തക്ഷയം കൊടുക്കുവാൻ ഭക്തനാം
കീത്തനീയൻ ഹരി കൗരവകാര്യത്തിൽ
അൽപ്പമലസത കാണിച്ചു നിശ്ചയം
തത്പാപകൃത്യങ്ങളിൽക്കണ്ണടച്ചിതു. 43

ജന്മരഹിതനെന്നാലും ഖലകുല-
മുന്മൂലനംചെയ്‌വതിന്നു ജന്മങ്ങളും
കമ്മരഹിതനായിട്ടും ജനങ്ങൾക്കു
സന്മാർഗ്ഗബോധനത്തിന്നു കമ്മങ്ങളും
കൈവരിച്ചീടുന്നു നൂനം പരൻപുമാ-
നാവിധമല്ലെങ്കിൽ നിർഗ്ഗുണനായിട്ടും
ഏതവനേപ്പെട്ടും ദേഹബന്ധത്തിലും
ഖേദകരമായ കർമ്മതന്ത്രത്തിലും? 44

ആശ്രിതരാം ലോകപാലകക്കും തഥാ
സ്വശ്രുതിമാർഗ്ഗപരരാം ജനത്തിനും
പാരം പ്രയോജനത്തിന്നു മനുഷ്യനായ്
പാരിൽ യദുകുലംതന്നിൽപ്പിറന്നൊരു
ജന്മവിഹീനൻ ഭഗവാൻ മുകുന്ദന്റെ
നിമ്മലമാം കഥ വിസ്മരിക്കു സഖേ! 45

അദ്ധ്യായം 2

ഉദ്ധവവിദുരസംവാദം

ശ്രീശുകൻ പറഞ്ഞു

ക്ഷത്താവിതുവിധം തത്പ്രിയബാന്ധവ-
വൃത്തമാരായവേ,യീശസ്മരണയാൽ
ഭക്തനാമുദ്ധവനത്കണ്ഠപൂണ്ടതി-
നുത്തരമേകാനശക്തനായ്ത്തീർന്നിതേ. 1

അഞ്ചാംവയസ്സിലൊരുദിനം പ്രാതലി-
നഞ്ചാതെ ചെല്ലുവാനമ്മ കെഞ്ചീടിലും
ഇച്ഛയശനത്തിൽവിട്ടിമ്മഹാഭക്ത-
നച്യുതബിംബമൊന്നച്ചുമായ് നിമ്മിച്ചു
കൊച്ചുസഖരോടുമൊന്നിച്ചുവിടത്തു
വച്ചു പൂജിച്ചു കളിച്ചാൻ തുടച്ചയായ്. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ കഥം സേവയാ തസ്യ കാലേന ജരസം ഗതഃ
പൃഷ്ടോ വാർത്താം പ്രതിബ്രൂയാദ് ഭർത്തുഃ പാദാവനുസ്മരൻ. 3
സ മുഹൂർത്തമഭൂത് തൂഷ്ണീം കൃഷ്ണാംങ്ഘ്രിസുധയാ ഭൃശം
തീവ്രേണ ഭക്തിയോഗേന നിമഗ്നസ്സാധു നിർവൃതഃ 4
പുളകോദ്ഭിന്നസർവ്വാംങ്ഗോ മുഞ്ചന്മീലദ്ദൃശാ ശുചഃ
പൂർണ്ണാർത്ഥോ ലക്ഷിതസ്തേന സ്നേഹപ്രസരസംപ്ലുതഃ. 5
ശനകൈർഭഗവല്ലോകാന്നൃലോകം പുനരാഗതഃ
വിമൃജ്യ നേത്രേ വിദുരം പ്രത്യാഹോദ്ധവ ഉത്സ്മയൻ. 6

ഉദ്ധവ ഉവാച

കൃഷ്ണദ്യുമണിനിമ്ലോചേ ഗീർണ്ണേഷ്വജഗരേണ ഹ
കിന്നു നഃ കുശലം ബ്രൂയാം ഗതശ്രീഷു ഗൃഹേഷ്വഹം. 7
ദുർഭഗോ ബത ലോകോ/യം യദവോ നിതരാമപി
യേ സംവസന്തോ ന വിദുർഹരിം മീനാ ഇവോഡുപം. 8
ഇംങ്ഗിതജ്ഞാഃ പുരുപ്രൗഢാ ഏകാരാമാശ്ച സാത്വതാഃ
സാത്വതാമൃഷഭം സർവ്വേ ഭൂതാവാസമമംസത. 9
ദേവസ്യ മായയാ സ്പൃഷ്ടാ യേ ചാന്യദസദാശ്രിതാഃ
ഭ്രാമ്യതേ ധീർന തദ്വാക്യൈരാത്മന്യുപ്താത്മനോ ഹരൗ. 10
പ്രദർശ്യാതപ്തതപസാമവിതൃപ്തദൃശാം നൃണാം
ആദായാന്തരധാദ്യസ്തു സ്വബിംബം ലോകലോചനം. 11

യന്മർത്ത്യലീലൗപയികം സ്വയോഗ–
മായാബലം ദർശയതാ ഗൃഹീതം
വിസ്മാപനം സ്വസ്യ ച സൗഭഗർദ്ധേഃ
പരം പദം ഭൂഷണഭൂഷണാംങ്ഗം. 12
യദ്ധർമ്മസൂനോർബ്ബത രാജസൂയേ
നിരീക്ഷ്യ ദൃക്സ്വസ്ത്യയനം ത്രിലോകഃ
കാർത്സ്ന്യേന ചാദ്യേഹ ഗതം വിധാതു–
രർവ്വാക്സൃതൗ കൗശലമിത്യമന്യത. 13
യസ്യാനുരാഗപ്ലുതഹാസരാസ–
ലീലാവലോകപ്രതിലബ്ധമാനാഃ
വ്രജസ്ത്രിയോ ദൃഗ്ഭിരനുപ്രവൃത്ത–
ധിയോ/വതസ്ഥുഃ കില കൃത്യശേഷാഃ. 14
സ്വശാന്തരൂപേഷ്വിതരൈഃ സ്വരൂപൈ–
രഭ്യർദ്യമാനേഷ്വനുകമ്പിതാത്മാ
പരാവരേശോ മഹദംശയുക്തോ
ഹ്യജോ/പി ജാതോ ഭഗവാൻ യഥാഗ്നിഃ. 15
മാം ഖേദയത്യേതദജസ്യ ജന്മ–
വിഡംബനം യദ്വസുദേവഗേഹേ
വ്രജേ ച വാസോ/രിഭയാദിവ സ്വയം
പുരാദ്വ്യവാത്സീദ്യദനന്തവീര്യഃ. 16
ദുനോതി ചേതഃ സ്മരതോ മമൈത–
ദ്യദാഹ പാദാവഭിവന്ദ്യ പിത്രോഃ
താതാംബ കംസാദുരുശങ്കിതാനാം
പ്രസീദതം നോ/കൃതനിഷ്കൃതീനാം. 17
കോ വാ അമുഷ്യാംങ്ഘ്രിസരോജരേണും
വിസ്മർത്തുമീശീത പുമാൻ വിജിഘ്രൻ
യോ വിസ്ഫുരദ്ഭ്രൂവിടപേന ഭൂമേ–
ർഭാരം കൃതാന്തേന തിരശ്ചകാര. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിഞ്ചുനാൾതൊട്ടു നരച്ചുവരെ ഹരി–
തച്ചരണം സേവചെയ്തോരിബ്ഭക്തന
ചോദ്യത്തിനാൽ കൃഷ്ണപാദമൂലസ്മൃതി–
യെത്തി, പിന്നെങ്ങനെയുത്തരമോതിടും? 3

നന്ദജപാദാമൃതൗഘലഹരിയി–
ലുന്നതഭക്തിയോഗത്താൽ നിമഗ്നനായ്
ആനന്ദനിർവൃതനായ് പിന്നെയുദ്ധവൻ
മൗനംഭജിച്ചിരുന്നീടിനാനൊട്ടിട. 4

ഗാത്രം പുളകമണിഞ്ഞു, മടച്ചതാം–
നേത്രങ്ങളിലൂടെയശ്രുവൊഴുക്കിയും
പ്രേമപ്രവാഹത്തിൽ വീണൊഴുകുന്നതാ–
യാ മാന്യനെ വിദുരൻ നിരീക്ഷിച്ചിതേ. 5

ഉദ്ധവൻ മെല്ലെസ്സമാധിയിൽനിന്നു നി–
വൃത്തനായ്, സാധാരണഭാവയുക്തനായ്
കൺതുറന്നശ്രുകലകൾ തുടച്ചഥ
മന്ദസ്മിതംചെയ്തു ചൊല്ലിനാനുത്തരം. 6

ശ്രീകൃഷ്ണലീലാനുസ്മരണം

ഉദ്ധവൻ പറഞ്ഞു

ക്ഷിപ്രമകൃഷ്ണാർക്കനസ്തമിക്കെ, ക്കാല–
സർപ്പവക്ത്രത്തിലണഞ്ഞോരശ്രീകരാം
ബന്ധുജനത്തിൻ കുശലമിന്നങ്ങയോ–
ടെന്താണു ഞാൻ പറയേണ്ടതു സന്മതേ! 7

പാർക്കിലീലോകർ നിർഭാഗ്യർ, വിശേഷിച്ചു
ഭാഗ്യം തരിമ്പുമില്ലാത്തവർ യാദവർ.
ക്ഷീരാബ്ധിമത്സ്യഗണം സമീപസ്ഥനാം
താരാധിപൻെറ ഗുണമറിയാത്തപോൽ,
ഒന്നിച്ചുവാഴ്കിലും നന്ദജമാഹാത്മ്യ–
മൊന്നുമറിഞ്ഞീലഹോ! മന്ദർ യാദവർ. 8

ഇങ്ഗിതജ്ഞന്മാരതിപ്രൗഢ, രേകത്തി–
ലൊത്തു രമിക്കുവോർ, സാത്വതരിങ്ങനെ,
ഏവരും കൃഷ്ണനെ സ്സർവ്വഭൂതത്തിലു–
മാവസിക്കും പരബ്രഹ്മമെന്നുന്നിനാർ. 9

മായാവിമോഹിതയാദവമാനസം
പായുന്ന നാനാവിഷയങ്ങളിൽ സദാ
ഉള്ളമാത്മാവാം ഹരിയിലൂന്നീടുവോ–
ർക്കില്ല മതിഭ്രമം തദ്വചനങ്ങളാൽ. 10

വൻതപം ചെയ്യാതെ, തൻെറ രൂപം കണ്ടു
സംതൃപ്തരാകാതെ, വാഴും ജനത്തിനു
സുന്ദരം തന്മേനി കാട്ടീട്ടവരുടെ
കണ്ണും കവർന്നു മറഞ്ഞുകൊണ്ടാൻ പരൻ. 11

യോഗമായാബലം കാട്ടും പരൻപുമാൻ
സ്വീകരിച്ചോരതികോമളവിഗ്രഹം
സൗന്ദര്യസത്തുതാനത്യദ്ഭുതം സ്വയം
തോന്നിപ്പതും മർത്ത്യലീലയ്ക്കു ചേർന്നതും
ഭൂഷണങ്ങൾക്കും വിഭൂഷണമായ് ബഹു–
ശോഭാകരങ്ഗങ്ങളൊത്തതുമാം ദൃഢം. 12

ധർമ്മജരാജസൂയത്തിൽ മിഴികൾക്കു
ശർമ്മമരുളിയോരാമേനി കാൺകവേ,
'ഇന്നോളവുമജസൃഷ്ടിയിൽപ്പെട്ടതിൽ
പൂർണ്ണതയാർന്നതായ്ക്കാണ്മതില്ലൊന്നുതാൻ'
എന്നു ജഗത്ത്രിതയത്തിലുമുള്ളവ–
രൊന്നായ് നിരൂപിച്ചു വിസ്മയാധീന–
രായ്. 13

രാസക്കളികളിലീ മോഹനാങ്ഗൻെറ
ഭാസുരസുസ്മിതപ്രേമകടാക്ഷങ്ങൾ
ഏററ ഗോപീജനം കണ്ണിവനിൽത്തച്ചു
മറ്റൊക്കെ വിസ്മരിച്ചങ്ങനെ നിന്നുപോയ്. 14

ക്രൂരരാമന്യസ്വരൂപരാൽ മർദ്ദിത–
ന്മാരാം സ്വശാന്തരൂപന്മാരിലാർദ്രനായ്
ഈശ്വരനുഴിയിൽ വഹ്നിപോൽത്തന്മഹ–
ദംശത്തൊടും ജനിച്ചാനജനാകിലും. 15

ശ്രീവസുദേവഗൃഹത്തിൽ ജനിച്ചു പി–
ന്നാ വ്രജംതന്നിൽ വളർന്നുവെന്നുള്ളതും
വൈരിയെപ്പേടിച്ചുമട്ടിൽ സ്വപട്ടണം
വീര്യവാൻ വിട്ടതുമോർത്തു ദുഃഖിപ്പു ഞാൻ. 16

മാതാപിതാക്കൾതൻ പാദങ്ങളിൽ പ്രണി–
പാതംകഴിച്ചഥ രാമനും കൃഷ്ണനും
'അമ്മേ! പിതാവേ! യിതുവരെക്കംസനാം
ദുർമ്മതിയെബ്ഭയപ്പെട്ടു വസിക്കയാൽ
നിങ്ങൾക്കു ചെയ്യേണ്ടതൊന്നുമേ ചെയ്യാത്ത
ഞങ്ങളിൽ നന്നായ് പ്രസാദിച്ചിടേണമേ'
എന്നു വിനയാദരാന്വിതം ഭങ്ഗിയിൽ–
ച്ചൊന്ന വാക്യങ്ങളും ഖേദമേററുന്നു മേ. 17

തന്നുടെ ചഞ്ചലച്ചില്ലിയാം കാലനാൽ
മന്നിൻെറ ഭാരമൊഴിച്ച ഭഗവാൻെറ
പാദധൂളീസുഗന്ധം സ്വദിച്ചീടുവോ–
നേതൊരുകാലത്തു വിസ്മരിച്ചിടും? 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഷ്ട്വാ ഭവദ്ഭിർനനു രാജസൂയേ
ചൈദ്യസ്യ കൃഷ്ണം ദ്വിഷതോഽപി സിദ്ധിഃ
യാം യോഗിനസ്സംസ്പൃഹയന്തി സമ്യക്
യോഗേന കസ്തദ്വിരഹം സഹേത? 19

തഥൈവ ചാന്യേ നരലോകവീരാ
യ ആഹവേ കൃഷ്ണമുഖാരവിന്ദം
നേത്രൈഃ പിബന്തോ നയനാഭിരാമം
പാർത്ഥാസ്ത്രപൂതാഃ പദമാപുരസ്യ. 20

സ്വയം ത്വസാമ്യാതിശയസ്ത്ര്യധീശഃ
സ്വാരാജ്യലക്ഷ്മ്യാപ്തസമസ്തകാമഃ
ബലിം ഹരദ്ഭിശ്ചിരലോകപാലൈഃ
കിരീടകോട്യേഡിതപാദപീഠഃ. 21

തത്തസ്യ കൈങ്കര്യമലം ഭൃതാന്നോ
വിഗ്ലാപയത്യങ്ഗ യദുഗ്രസേനം
തിഷ്ഠൻ നിഷണ്ണം പരമേഷ്ഠിധിഷ്ണ്യേ
ന്യബോധയദ്ദേവ നിധാരയേതി. 22

അഹോ ബകീയം സ്തനകാളകൂടം
ജിഘാംസയാ പായയദപ്യസാധ്വീ
ലേഭേ ഗതിം ധാത്ര്യുചിതാം തതോഽന്യം
കം വാ ദയാലും ശരണം വ്രജേമ. 23

മന്യേഽസുരാൻ ഭാഗവതാംസ്ത്ര്യധീശേ
സംരംഭമാർഗ്ഗാഭിനിവിഷ്ടചിത്താൻ
യേ സംയുഗേഽചക്ഷത താർക്ഷ്യപുത്ര-
മംസേ സുനാഭായുധമാപതന്തം. 24

വസുദേവസ്യ ദേവക്യാം ജാതോ ഭോജേന്ദ്രബന്ധനേ
ചികീർഷുർഭഗവാനസ്യാശ്ശമജേനാഭിയാചിതഃ. 25

തതോ നന്ദവ്രജമിതഃ പിത്രാ കംസാദ്വിബിഭ്യതാ
ഏകാദശസമാസ്തത്ര ഗൂഢാർച്ചിസ്സബലോഽവസത്. 26

പരീതോ വത്സപൈർവ്വത്സാംശ്ചാരയൻ വ്യഹരദ്വിഭുഃ
യമുനോപവനേ കൂജദ്ദ്വിജസങ്കുലിതാങ്ഘ്രിപേ. 27

കൗമാരീം ദർശയംശ്ചേഷ്ടാം പ്രേക്ഷണീയാം വ്രജൗകസാം
രുദന്നിവ ഹസന്മുഗ്ദ്ധബാലസിംഹാവലോകനഃ. 28

സ ഏവ ഗോധനം ലക്ഷ്മ്യാ നികേതം സിതഗോവൃഷം
ചാരയന്നനുഗാൻ ഗോപാൻ രണദ്വേണുരരീരമത്. 29

പ്രയുക്താൻ ഭോജരാജേന മായിനഃ കാമരൂപിണഃ
ലീലയാ വ്യനുദത്താംസ്താൻ ബാലഃ ക്രീഡനകാനിവ. 30

വിപന്നാൻ വിഷപാനേന നിഗൃഹ്യ ഭുജഗാധിപം
ഉത്ഥാപ്യാഽപായയദ് ഗാവസ്തത്തോയം പ്രകൃതിസ്ഥിതം. 31

അയാജയദ് ഗോസവേന ഗോപരാജം ദ്വിജോത്തമൈഃ
വിത്തസ്യ ചോരുഭാരസ്യ ചികീർഷൻ സദ്വ്യയം വിഭുഃ. 32

വർഷതീന്ദ്രേ വ്രജഃ കോപാദ് ഭഗ്നമാനേഽതിവിഹ്വലഃ
ഗോത്രലീലാതപത്രേണ ത്രാതോ ഭദ്രാനുഗൃഹ്ണതാ. 33

ശരച്ഛശികരൈർമൃഷ്ടം മാനയൻ രജനീമുഖം
ഗായൻ കളപദം രേമേ സ്ത്രീണാം മണ്ഡലമണ്ഡനഃ. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
വിദുരോദ്ധവസംവാദേ ദ്വിതീയോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജസൂയത്തിലാ യോഗികൾതൻ സിദ്ധി-
യാജന്മശത്രുവാം ചേദിപനേകിയ
സങ്ഗതി നിങ്ങളും കണ്ടതില്ലേ? യത്ര
തുങ്ഗകാരുണ്യപയോനിധിയായിട്ടും
മങ്ഗലദേവതാകാന്തന്റെ വേർപാടി-
തെങ്ങനെയാരു സഹിക്കുന്നതീശ്വരാ! 19

ആഹവത്തിൽപ്പല വീരാഗ്ര്യരും മനോ-
മോഹനമാകുമക്കൃഷ്ണമുഖാംബുജം
നേത്രങ്ങളാൽ നുകർന്നർജ്ജുനബാണസം-
വിദ്ധരായ് പ്രാപിച്ചു വൈകുണ്ഠമാം പദം. 20

നിസ്തുല്യനായ്, ഭുവനത്രയാധീശനായ്,
നിത്യനായി, സ്സ്വരൂപാനന്ദലബ്ധിയാൽ
പൂരിതകാമനായ് ലോകപാലർക്കേഴും
വാരുററ രത്നകിരീടനിരകളാൽ
ഈഡിതമായുള്ള പാദപീഠത്തോടു
കൂടും പ്രഭുവായ് ലസിച്ചിരുന്നിപ്പരൻ. 21

ഉഗ്രസേനാഖ്യനെസ്സിംഹാസനമേററി-
യഗ്രഭാഗത്തു വണങ്ങിനിന്നാ വിഭു
'ദേവ! കല്പിച്ചാലു'മെന്നു ചൊല്ലിട്ടാസ-
ഭാവമിയന്നതിൽ ഖിന്നരിക്കിങ്കരർ. 22

തന്നെ നിഹനിപ്പതിന്നു വന്നമ്മുല-
ക്കണ്ണിൽ വിഷംതേച്ചു പാൽ കൊടുത്തീടിലും,
ദുഷ്ടയാം പൂതനയ്ക്കും വളർത്തമ്മതൻ-
ശ്രേഷ്ഠഗതിതാനരുളിയതോർക്കിലോ
ആ രമാജാനിയെത്തള്ളി മറേറതൊരു
കാരുണ്യമൂർത്തിയെയാശ്രയിക്കേണ്ടു നാം? 23

അത്യന്തവിദ്വേഷബുദ്ധി ഭഗവാനിൽ
നിത്തിക്കഴിച്ചോരസുരാധിപരെയും
ഭക്തരെന്നെണ്ണാം, നിനയ്ക്കിലക്കൂട്ടരു-
മുഗ്രയുദ്ധത്തിലച്ചക്രായുധൻ ഹരി
പക്ഷീശ്വരാംസത്തിലേറിവരും വര-
വീക്ഷിച്ചവർതന്നെയല്ലോ സകൗതുകം. 24

ബ്രഹ്മാവിനാലർത്ഥിതനായ് ജഗത്തിനു
ശർമ്മമേകാൻ വസുദേവതനൂജനായ്
ദേവകിതന്നിലവതരിച്ചാൻ വിഷ്ണു-
ദേവനക്കംസകാരാലയത്തിൽ സഖേ! 25

കംസനെപ്പേടിച്ചു താതമാതാക്കളീ-
വത്സനെ നന്ദവ്രജത്തിലെത്തിക്കയാൽ
ഛന്നപ്രഭനായവിടെ വാണാൻ പതി-
നൊന്നു സംവത്സരം രാമസമേതനായ്. 26

ഗോപാലബാലകർ ചൂഴ്ന്നീടുമാ വിഭു
ഗോപാലനത്തിനു സഞ്ചരിച്ചങ്ങനെ
പക്ഷികൾ ശബ്ദഘോഷത്തോടിരിക്കുന്ന
വൃക്ഷനിരകളാലക്ഷിമനോജ്ഞമാം
സൂര്യതനയാതടവിപിനങ്ങളിൽ
പാരം വിഹരിച്ചിതു കൂട്ടുകാരുമായ്. 27

മുഗ്ദ്ധനാം കേസരിക്കുട്ടിതൻ നോട്ടവും
സ്നിഗ്ദ്ധസ്മിതവും ചിലപ്പോൾ കരച്ചിലും
ഇങ്ങനെ രമ്യമാം കൗമാരചേഷ്ടക-
ളങ്ങാ വ്രജസ്ഥർക്കു കാട്ടിക്കൊടുത്തിതു. 28

അല്പം മുതിരവേ വെള്ളനിറമുള്ള
നൽ പശുരാശിയും വൻവൃഷഭങ്ങളും
ഉൾപ്പെടും ഗോക്കളെ, മേച്ചവൻ കൂട്ടരേ-
യൊപ്പം രമിപ്പിച്ചു വേണുഗാനത്തിനാൽ. 29

സ്വീയവധത്തിനായ് ഭോജരാജൻ വിട്ട
മായാവികളായ കാമരൂപന്മാരെ
ലീലയായ്ത്താനിക്കുമാരൻ മുടിച്ചിതു
ചാലവേ തൻ കളിക്കോപ്പുകളെന്നപോൽ. 30

കാകോളനീരം കുടിച്ചു മൂർച്ഛിച്ചുള്ള
ഗോകുലഗോപഗണത്തെയെണീപ്പിച്ചു;
കാളിയഭോഗിയെപ്പോക്കി, യമുനാംബു
ചേലിലുപയോഗയോഗ്യമാക്കീടിനാൻ. 31

ലുബ്ധമാം നന്ദഗോപന്റെ ധനഭരം
സദ്വിനിയോഗത്തിനാൽക്കുറച്ചീടുവാൻ
ഭൂസുരന്മാരെ വരുത്തിയനന്തരം
ഗോസവമെന്നുള്ള യാഗം നടത്തിനാൻ. 32

മാനഭംഗത്തിനാൽ ക്രുദ്ധനായശ്ശചീ-
ജാനി പേമാരിയാൽ ഗോഷ്ഠം മുടിക്കുവാൻ
ഭാവിക്കവേ, പരംഭീതമാം ഗോപാല-
ഗോവൃന്ദമാത്രു സംരക്ഷണംചെയ്യുവാൻ
ഗോവർദ്ധനാദ്രിയെ ലീലാതപത്രമാ-
യാ വിഭു പൊക്കിയെടുത്തുപിടിച്ചിതു. 33

പാരിടം ശാരദചന്ദ്രനംശുക്കളാൽ
പാരം പരിശുദ്ധമാക്കുവോരന്തിയിൽ
സന്ധ്യയെ മാനിച്ചു ചാരുപദങ്ങളാൽ
ചന്തമായ് പാടവേയങ്ങതു കേട്ടുടൻ.
വന്നുചേർന്നീടിന മാനിനീമണ്ഡല-
ത്തിന്നലങ്കാരമായ് ലാലസിച്ചീടിനാൻ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയോऽധ്യായഃ

ഉദ്ധവ ഉവാച

തതസ്സ ആഗത്യ പുരം സ്വപിത്രോ-
ശ്ചികീർഷയാ ശം ബലദേവസംയുതഃ
നിപാത്യ തുങ്ഗാദ്രിപുയൂഥനാഥം
ഹതം വ്യകർഷദ്വ്യസുമോജസോർവ്യാം. 1

സാന്ദീപനേസ്സകൃത് പ്രോക്തം ബ്രഹ്മാധീത്യ സവിസ്തരം
തസ്മൈ പ്രാദാദ്വരം പുത്രം മൃതം പഞ്ചജനോദരാത്. 2

സമാഹുതാ ഭീഷ്മകകന്യയാ യേ
ശ്രിയസ്സവർണ്ണേന ബുഭൂഷയൈഷാം
ഗാന്ധർവ്വവൃത്ത്യാ മിഷതാം സ്വഭാഗം
ജഹ്രേ പദം മൂർധ്നി ദധത്സുപർണ്ണഃ. 3

കകുദ്മതോऽവിദ്ധനസോ ദമിത്വാ
സ്വയംവരേ നാഗ്നജിതീമുവാഹ
തദ്ഭഗ്നമാനാനപി ഗൃധ്യതോऽജ്ഞാൻ
ജഘ്നേऽക്ഷതശ്ശസ്ത്രഭൃതസ്സ്വശസ്ത്രൈഃ. 4

പ്രിയം പ്രഭുർഗ്രാമ്യ ഇവ പ്രിയായാ
വിധിത്സുരാർച്ഛദ്ദ്യുതരും യദർത്ഥേ
വജ്ര്യാദ്രവത്തം സഗണോ രുഷാന്ധഃ
ക്രീഡാമൃഗോ നൂനമയം വധൂനാം. 5

സുതം മൃധേ ഖം വപുഷാ ഗ്രസന്തം
ദൃഷ്ട്വാ സുനാഭോന്മഥിതം ധരിത്ര്യാ
ആമന്ത്രിതസ്തത്തനയായ ശേഷം
ദത്ത്വാ തദന്തഃപുരമാവിവേശ. 6

തത്രാഹൃതാസ്താ നരദേവകന്യാഃ
കുജേന ദൃഷ്ട്വാ ഹരിമാർത്തബന്ധും
ഉത്ഥായ സദ്യോ ജഗൃഹുഃ പ്രഹർഷ-
വ്രീഡാനുരാഗപ്രഹിതാവലോകൈഃ. 7

ആസാം മുഹൂർത്ത ഏകസ്മിന്നാനാഗാരേഷു യോഷിതാം
സവിധം ജഗൃഹേ പാണീനനുരൂപസ്സ്വമായയാ. 8

താസ്വപത്യാന്യജനയദാത്മതുല്യാനി സർവ്വതഃ
ഏകൈകസ്യാം ദശ ദശ പ്രകൃതേർവ്വിബുഭൂഷയാ. 9

കാലമാഗധസാല്വാദീനനീകൈ രുന്ധതഃ പുരം
അജീഘനത് സ്വയം ദിവ്യം സ്വപുംസാം തേജ ആദിശത്.10

ശംബരം ദ്വിവിദം ബാണം മുരം ബല്വലമേവ ച
അന്യാംശ്ച ദന്തവക്ത്രാദീനവധീത് കാംശ്ച ഘാതയത്. 11

അഥ തേ ഭ്രാതൃപുത്രാണാം പക്ഷയോഃ പതിതാന്നൃപാൻ
ച ചാല ഭൂഃ കുരുക്ഷേത്രം യേഷാമാപതതാം ബലൈഃ. 12

സകർണ്ണദുശ്ശാസനസൗബലാനാം
കുമന്ത്രപാകേന ഹതശ്രിയായുഷം
സുയോധനം സാനുചരം ശയാനം
ഭഗ്നോരുമുർവ്യാം ന നനന്ദ പശ്യൻ. 13

കിയാൻ ഭുവോऽയം ക്ഷപിതോരുഭാരോ
യദ്ദ്രോണഭീഷ്മാർജ്ജുനഭീമമൂലൈഃ
അഷ്ടാദശാക്ഷൗഹിണികോ മദംശൈ-
രാസ്തേ ബലം ദുർവ്വിഷഹം യദൂനാം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

ശ്രീകൃഷ്ണലീലാനുസ്മരണം—തുടർച്ച

ഉദ്ധവൻ പറഞ്ഞു

ക്ഷേമം സ്വമാതാപിതാക്കൾക്കു ചെയ്‌വാൻ
രാമനോടൊത്തുചേർന്നു ഭക്തവത്സലൻ
പട്ടണത്തിൽക്കടന്നുച്ചത്തിൽനിന്നുമ-
ശ്ശത്രുപ്രവരനെത്തള്ളി നിലത്തിട്ടു
പ്രാണവിഹീനനാക്കീട്ടും സഹിക്കാതെ
ക്ഷോണിയിൽ പിന്നെ വലിച്ചിഴച്ചീടി-
നാൻ. 1

സാന്ദീപനിയോടു വേദപാഠം സർവ്വ-
മൊന്നു കേട്ടുള്ളിൽധരിച്ചു സവിസ്തരം
തൻഗുരുപുത്രനെപ്പഞ്ചജനോദര-
ത്തിങ്കേന്നു വീണ്ടെടുകിനാൻ ഗുരുദക്ഷിണ. 2

ഭീഷ്മകാഹൂതരായ് വന്ന വൈദർഭിയെ
ലക്ഷ്മീസമം കണ്ടു കാങ്ക്ഷ മുഴുക്കയാൽ
ആവേശമോടു നോക്കിക്കൊണ്ടിരുന്നൊരു
ഭൂവരർതൻ ശിരസ്സിൽ പദം വച്ചുടൻ,
താർക്ഷ്യനമൃതത്തെയെന്നപോൽ സ്വാംശമാം
ലക്ഷ്മിയെഗ്ഗാന്ധർവ്വമട്ടിൽ ഹരിച്ചിതു. 3

മൂക്കു തുളയ്ക്കാത്ത മത്തവൃഷങ്ങളെ
ശീഘ്രം നിയന്ത്രിച്ചു കെട്ടിയിട്ടിമ്മഹാൻ
നാഗ്നിജിതിയെ വരിക്കുകമൂലമായ്
ഭഗ്നാഭിമാനികളെങ്കിലും മാരമാൽ
വദ്ധിച്ച ശസ്ത്രഭൃത്തുക്കളാമജ്ഞരെ
ശസ്ത്രക്ഷതമേററിടാതെ കൊന്നീടിനാൻ. 4

ഭോഗേച്ഛുവും, പ്രിയയ്ക്കിഷ്ടമെന്താകിലു-
മേകുന്നവനുമെന്നുള്ളമട്ടിപ്പുതു
പാരിജാതത്തെയവൾക്കായ് പിഴുതുടൻ
പോരവേ രുഷ്ടനായ് വജ്രി, സൈന്യാന്വിതം
വന്നു വഴിക്കു തടുത്താൻ, നിനയ്ക്കുകിൽ
തന്വംഗിമാർക്കു കളിക്കുരങ്ങാണവൻ. 5

പോരിലാകാശവുംകൂടെ വിഴുങ്ങുവാൻ
പോരും മഹാമൂർത്തിയാർന്നിട്ടും ഭൗമനാം
പുത്രനെച്ചക്രത്തിനാൽക്കൊന്നതു കണ്ടു
പൃഥ്വി വന്നർത്ഥനചെയ്കതുമൂലമായ്
അന്നരകാത്മജന്നായവശിഷ്ടമാം
മന്നഭിഷേകംകഴിച്ചു കൊട്ടത്തഥ—
അന്തഃപുരമേറുമീയാർത്തബന്ധുവെ
ബന്ധനത്തിൽപ്പെട്ട തന്വംഗിമാർ കണ്ടു
പെട്ടെന്നെഴുന്നേററു തോഷലജ്ജാപ്രേമ-
യുക്തകടാക്ഷങ്ങളാലെ വരിച്ചിതേ. 6–7

നാനാഗൃഹങ്ങളിലായ് വസിച്ചീടുമ-
പ്പീനസ്തനികൾതൻ പാരത്തണഞ്ഞിവൻ
തന്മായയാലനുരൂപനായ്നിന്നൊരേ-
സ്സമുഹൂർത്തത്തിൽപ്പരിഗ്രഹിച്ചീടിനാൻ. 8

മായാവിവിധതകാട്ടാൻ കൊതിച്ചൊരു
ജായയിൽപ്പത്തുപേരെന്നകണക്കിനു
തന്നോടുതുല്യരായ്ത്തന്നെ ജനിപ്പിച്ചു
നന്ദനന്മാരെയെല്ലാരിലും നന്ദജൻ. 9

തൻപുരം കാലജരാസന്ധസാല്വാദി-
ദാംഭികർ വമ്പിച്ച സേനയുമായ് വന്നു
രോധിക്കവേ, ദിവ്യശക്തി നല്കിബ്ഭക്ത-
യൂഥത്തിനാലൊടുക്കിച്ചിതൊന്നോടെതാൻ. 10

ശംബരൻ, ബല്വലൻ, ബാണൻ, ദ്വിവിദാഖ്യ-
നമ്മുരൻതൊട്ടു ദുഷ്ടാസുരന്മാരെയും
അന്യരാം ദന്തവക്ത്രാദ്യരേയും സ്വയം
കൊന്നും വധിപ്പിച്ചുമാകെ മുടിച്ചിതു. 11

തുംഗമാമാരുടെ സേനയാലക്കുരു-
സംഗരഭൂമിയധികം ചലിച്ചുവോ
താവകസോദരനന്ദനപക്ഷത്തു
താവുമുന്മത്തരാമന്യനൃപന്മാരെയും
തന്നുടെ ശക്തികലർന്നോരെതൃപക്ഷ-
സൈന്യങ്ങളെക്കൊണ്ടു കൊല്ലിച്ചു കേശവൻ. 12

കർണ്ണശകുനിദുശ്ശാസനമുഖ്യരാം
കർണ്ണേജപരുടെ മന്ത്രഫലമായി
ആയുസ്സമർത്ഥ്യമന്യമാം സർവ്വവും
പോയിത്തുടയിലടിയേററവശനായ്
വീണുകിടന്നിട്ടും ദുര്യോധനനെയും
പ്രാണൻവെടിഞ്ഞോരനുചരന്മാരെയും
കണ്ടിട്ടുമേതുമേ സന്തുഷ്ടനായീല
കൊണ്ടൽനേർവർണ്ണനാം നന്ദകിശോരകൻ. 13

''ഇത്രയുംകൊണ്ടൊന്നുമായില്ല ഭൂഭാര-
മെത്രയോ തുച്ഛമായേ തുലഞ്ഞിട്ടുള്ളു
ദ്രോണഭീഷ്മാർജ്ജുനഭീമാദിമൂലമാം
ക്ഷോണീഭരവും കുറഞ്ഞില്ല ലേശവും
എന്നംശജരാം യദുക്കൾതൻ ദുസ്സഹ-
സൈന്യവുംകൂടി നശിക്കിലേ പററിടൂ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിഥോ യദൈഷാം ഭവിതാ വിവാദോ
മധ്വാമദാതാമ്രവിലോചനാനാം
നൈഷാം വധോപായ ഇയാനതോഽന്യോ
മയ്യുദ്യതേഽന്തർദ്ധതേ സ്വയം സ്മ. 15

ഏവം സഞ്ചിന്ത്യ ഭഗവാൻ സ്വരാജ്യേ സ്ഥാപ്യ ധർമ്മജം
നന്ദയാമാസ സുഹൃദസ്സാധൂനാം വർത്മ ദർശയൻ. 16

ഉത്തരായാം ധൃതഃ പൂരോർവംശസ്സാധ്വഭിമന്യുനാ
സാ വൈ ദ്രൗണ്യസ്ത്രസംഛിന്നഃ പുനർഭഗവതാ ധൃതഃ. 17

അയാജയദ്ധർമ്മസുതമശ്വമേധൈസ്ത്രിഭിർവ്വിഭുഃ
സോഽപി ക്ഷ്മാമനുജൈ രക്ഷൻ രേമേ കൃഷ്ണമനുവ്രതഃ. 18

ഭഗവാനപി വിശ്വാത്മാ ലോകവേദപഥാനുഗഃ
കാമാൻ സിഷേവേ ദ്വാർവ്വത്യാമസക്തസ്സാംഖ്യമാസ്ഥിതഃ. 19

സ്നിഗ്ദ്ധസ്മിതാവലോകേന വാചാ പീയൂഷകല്പയാ
ചരിത്രേണാനവദ്യേന ശ്രീനികേതേന ചാത്മനാ. 20

ഇമം ലോകമമും ചൈവ രമയൻ സുതരാം യദൂൻ
രേമേ ക്ഷണദയാ ദത്തക്ഷണസ്ത്രീക്ഷണസൗഹൃദഃ. 21

തസ്യൈവം രമമാണസ്യ സംവത്സരഗണാൻ ബഹൂൻ
ഗൃഹമേധേഷു യോഗേഷു വിരാഗസ്സമജായത. 22

ദൈവാധീനേഷു കാമേഷു ദൈവാധീനഃ സ്വയം പുമാൻ
കോ വിസ്രംഭേത യോഗേന യോഗേശ്വരമനുവ്രതഃ. 23

പുര്യാം കദാചിത് ക്രീഡദ്ഭിര്യദുഭോജകുമാരകൈഃ
കോപിതാ മുനയഃ ശേപുർഭഗവന്മതകോവിദാഃ. 24

തതഃ കതിപയൈർമ്മാസൈർവൃഷ്ണിഭോജാന്ധകാദയഃ
യയുഃ പ്രഭാസം സംഹൃഷ്ടാ രഥൈർദേവവിമോഹിതാഃ. 25

തത്ര സ്നാത്വാ പിതൄൻ ദേവാനൃഷീംശ്ചൈവ തദംഭസാ
തർപ്പയിത്വാഥ വിപ്രേഭ്യോ ഗാവോ ബഹുഗുണാ ദദുഃ. 26

ഹിരണ്യം രജതം ശയ്യാവാസാംസ്യജിനകംബളാൻ
യാനം രഥാനിഭാൻ കന്യാ ധരാം വൃത്തികരീമപി. 27

അന്നം ചോരുരസം തേഭ്യോ ദത്വാ ഭഗവദർപ്പണം
ഗോവിപ്രാർത്ഥാസവഃ ശൂരാഃ പ്രണേമുർഭുവി മൂർദ്ധഭിഃ. 28

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
വിദുരോദ്ധവസംവാദേ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

ഉദ്ധവ ഉവാച

അഥ തേ തദനുജ്ഞാതാ ഭുക്ത്വാ പീത്വാ ച വാരുണീം
തയാ വിഭ്രംശിതജ്ഞാനാ ദുരുക്തൈർമ്മർമ്മ പസ്പൃശുഃ. 1

തേഷാം മൈരേയദോഷേണ വിഷമീകൃതചേതസാം
നിമ്ലോചതി രവാവാസീദ്വേണൂനാമിവ മർദ്ദനം. 2

ഭഗവാൻ സ്വാത്മമായായാ ഗതിം താമവലോക്യ സഃ
സരസ്വതീമുപസ്പൃശ്യ വൃക്ഷമൂലമുപാവിശത്. 3

അഹം ചോക്തോ ഭഗവതാ പ്രപന്നാർത്തിഹരേണ ഹ
''ബദരീം ത്വം പ്രയാഹീ''തി സ്വകുലം സംജിഹീർഷുണാ. 4

അഥാപി തദഭിപ്രേതം ജാനന്നഹമരിന്ദമ!
പൃഷ്ഠതോഽന്വഗമം ഭർത്തുഃ പാദവിശ്ലേഷണാക്ഷമഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മദ്യലഹരിയാൽക്കൺചുവപ്പിച്ചതി–
ക്രുദ്ധരായ് ശണ്ഠ വർദ്ധിച്ചു പരസ്പരം
കത്തിയാൽ കുത്തിത്തുലയട്ടെ യാദവ–
രസ്തമിപ്പേന്നതിനില്ല വേറേ വഴി.'' 15

ഇത്ഥം നിരൂപിച്ചു ധർമ്മജന്മാവിനെ
പൃഥ്വിക്കധിപതിയാക്കി വാഴിച്ചഥ
സാധുമാർഗ്ഗം പ്രദർശിപ്പിച്ചു തോഴരെ
പ്രീതരാക്കീ ഭഗവാൻ മധുസൂദനൻ. 16

പിന്നെയങ്ങുത്തരതന്നിലൂടേയഭി–
മന്യുവാൽപ്പുരുവംശം നിലനിർത്തുവാൻ
ദ്രോണജാസ്ത്രാഹതമഗ്ഗർഭമക്ഷണം
ത്രാണനംചെയ്തീടിനാനിക്കൃപാനിധി. 17

മൂന്നശ്വമേധമധർമ്മജനെക്കൊണ്ടു
പിന്നെ നടത്തിച്ചു ഭംഗിയായീ വിഭു
മാധവമാർഗ്ഗാനുസാരിയാമന്നൃപൻ
സോദരന്മാരൊത്തു രാജ്യം ഭരിച്ചിതു. 18

വിശ്വത്തിനാത്മാവു ലോകശാസ്ത്രാനുഗ–
നച്യുതനത് കൃഷ്ണസാംഖ്യമാർഗ്ഗസ്ഥിതൻ
ദ്വാരാവതിപുക്കനാസക്തനായ്ത്തന്നെ
ഭൂരിഭോഗങ്ങളും ഭുജിച്ചു വാണീടിനാൻ. 19

ചാരുസ്മിതേക്ഷണം പീയൂഷതുല്യവാ–
ക്കാരോമലാം തനു, ചാരിത്രമാദിയാൽ
തന്നാഗമനം പ്രതീക്ഷിച്ചിരുന്നോരു
സുന്ദരാംഗീനിവഹത്തെയുമാവിധം
ചാലേയിഹപരലോകത്തെയും യദു–
ജാലത്തെയും രമിപ്പിച്ചു രമിച്ചിതേ. 20–21

ഏറിയവത്സരമേവം രമിക്കവേ
ശൗരി ഭഗവാൻ വിരക്തനായാനതിൽ. 22

ഭോഗപദാർത്ഥങ്ങളും ദൈവവശത്തിലെ–
ന്നാകയാൽ ഭോഗിയും ദൈവതാധീനനാം
യോഗേശ്വരനെയനുസരിച്ചീടുവോൻ
രാഗമാർന്നീടാ വിഷയസുഖങ്ങളിൽ. 23

ലീലാരസത്തിൽ മുഴുകി യദുഭോജ–
ബാലരൊരുനാൾ ഹരിഹിതവിജ്ഞരാം
മാമുനിമാരെക്കുപിതരാക്കീടിനാ–
രാമഹാത്മാക്കളവരെശ്ശപിച്ചിതു. 24

ഈവിധം മാസം കുറേക്കഴിഞ്ഞീടവേ
ദൈവവിമോഹിതർ വൃഷ്ണിഭോജാന്ധകർ
ഹൃഷ്ടരായ്ത്തേരുകളേറി പ്രഭാസമാം
ശ്രേഷ്ഠതീർത്ഥസ്ഥലത്തെത്തിനാരത്വരം! 25

സ്നാനംകഴിച്ചുടൻ തജ്ജലത്താൽ പിതൃ–
വാനവരേയുമൃഷിവരന്മാരെയും
തർപ്പണംചെയ്തു ഗുണഗണയുക്തമാം
നൽപശുരാശിയെ വിപ്രർക്കു നല്കിനാർ. 26

ഭൂദേവഗോപാലനത്തിന്നുടലാർന്ന
യാദവന്മാരഥ പൊന്നും രജതവും
നാനാജിനവസ്ത്രകംബളശയ്യക–
ളാനതേർതൊട്ടുള്ള യാനഗണങ്ങളും
നല്ല വിളഭൂമി കന്യ രുച്യന്നമെ–
ന്നെല്ലാം ഭഗവത്പ്രസാദനവാഞ്ഛയാൽ
ദാനമായ് ബ്രാഹ്മണർക്കേകി,യദ്ദിവ്യരെ
വീണുടൻ ദണ്ഡനമസ്കൃതിചെയ്തിതു. 27–28

അദ്ധ്യായം 4

ശ്രീകൃഷ്ണലീലാനുസ്മരണം—തുടർച്ച

ഉദ്ധവൻ പറഞ്ഞു

ആരണാനുജ്ഞയോടൂണുകഴിച്ചവർ
വാരുണീപാനവുംചെയ്തു ധാരാളമായ്
ബോധം നശിച്ചു ദുർവാക്യങ്ങളന്യോന്യ–
മോതി മർമ്മങ്ങളെബ്ഭേദനംചെയ്തിതു. 1

മദ്യമദംനിമിത്തം കലുഷീകൃത–
ചിത്തരവർക്കിനനസ്തമിച്ചീടവേ,
വേണുനിരയ്ക്കു പരസ്പരമെന്നപോൽ,
നാനാവിധം സംഭവിച്ചു സംഘട്ടനം. 2

തന്മായതൻ ഗതി കണ്ടു തോഷിച്ചിതു
ചിന്മൂർത്തിയാമബ്ഭഗവാൻ ജനാർദ്ദനൻ
എത്തി സരസ്വതീതീരത്തുപസ്പൃശ്–
ശുദ്ധനായ്ച്ചെന്നൊരാൽച്ചോട്ടിലിരുന്നിതു. 3

തൻകുലനാശത്തിനനുവോ, നാശ്രിത–
സങ്കടംതീർത്തു പാലിപ്പോൻ, ദയാപരൻ,
എന്നോടു നീ ബദര്യാശ്രമത്തിൽപ്പോക–
യെന്നു ചൊന്നാൻ ദ്വാരകയിൽവെച്ചാവിഭു. 4

എന്നെയകറ്റുവാൻ ചൊന്ന വാക്കിന്നുഴ–
മുന്നമെന്നെന്നു മനസ്സിലാക്കീട്ടുടൻ
നന്ദജപാദാംബുജം വിട്ടുപോവതിൽ
ഖിന്നതയോടു പിന്നാലെ ചെന്നീടിനേൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്രാക്ഷമേകമാസീനം വിചിന്വൻ ദയിതം പതിം
ശ്രീനികേതം സരസ്വത്യാം കൃതകേതമകേതനം. 6
ശ്യാമാവദാതം വിരജം പ്രശാന്താരുണലോചനം
ദോർഭിശ്ചതുർഭിർവ്വിദിതം പീതകൗശാംബരേണ ച. 7
വാമ ഊരാവധിശ്രിത്യ ദക്ഷിണാങ്ഘ്രിസരോരുഹം
അപാശ്രിതാർഭകാ/ശ്വത്ഥമകൃശം ത്യക്തപിപ്പലം. 8
തസ്മിൻ മഹാഭാഗവതോ ദ്വൈപായനസുഹൃത്സഖാ
ലോകാനനുചരൻ സിദ്ധ ആസസാദ യദൃച്ഛയാ. 9

തസ്യാനുരക്തസ്യ മുനേർമ്മുകുന്ദഃ
പ്രമോദഭാരാനതകന്ധരസ്യ
ആശൃണ്വതോ മാമനുരാഗഹാസ-
സമീക്ഷയാ വിശ്രമയന്നുവാച. 10

ശ്രീഭഗവാനുവാച

വേദാഹമന്തർമ്മനസീപ്സിതം തേ
ദദാമി യത്തദ്ദുരവാപമന്യൈഃ
സത്രേ പുരാ വിശ്വസൃജാം വസൂനാം
മത്സിദ്ധികാമേന വസോ ത്വയേഷ്ടഃ. 11
സ ഏഷ ഭാവശ്ചരമോ ഭവാനാ-
മാസാദിതസ്തേ മദനുഗ്രഹോ യത്
യന്മാം നൃലോകാൻ രഹ ഉത്സൃജന്തം
ദിഷ്ട്യാ ദദൃശ്വാൻ വിശദാനുവൃത്ത്യാ. 12
പുരാ മയാ പ്രോക്തമജായ നാഭ്യേ
പദ്മേ നിഷണ്ണായ മമാദിസർഗ്ഗേ
ജ്ഞാനം പരം മന്മഹിമാവഭാസം
യത്സൂരയോ ഭാഗവതം വദന്തി. 13
ഇത്യാദൃതോക്തഃ പരമസ്യ പുംസഃ
പ്രതിക്ഷണാനുഗ്രഹഭാജനോ/ഹം
സ്നേഹോത്ഥരോമാ സ്ഖലിതാക്ഷരസ്തം
മുഞ്ചൻ ശുചഃ പ്രാഞ്ജലിരാബഭാഷേ. 14
''കോ ന്വീശ തേ പാദസരോജഭാജാം
സുദുർല്ലഭോ/ർത്ഥേഷു ചതുർഷ്വപീഹ
തഥാപി നാഹം പ്രവൃണോമി ഭൂമൻ
ഭവത്പദാംഭോജനിഷേവണോത്സുകഃ. 15
കർമ്മാണ്യനീഹസ്യ ഭവോ/ഭവസ്യ തേ
ദുർഗ്ഗാശ്രയോ/ഥാരിഭയാത് പലായനം
കാലാത്മനോ യത് പ്രമദായുതാശ്രയഃ
സ്വാത്മൻ രതേഃ ഖിദ്യതി ധീർവ്വിദാമിഹ. 16
മന്ത്രേഷു മാം വാ ഉപഹൂയ യത്ത്വ-
മകുണ്ഠിതാഖണ്ഡസദാത്മബോധഃ
പൃച്ഛേഃ പ്രഭോ മുഗ്ദ്ധ ഇവാപ്രമത്ത-
സ്തന്നോ മനോ മോഹയതീവ ദേവ. 17
ജ്ഞാനം പരം സ്വാത്മരഹഃപ്രകാശം
പ്രോവാച കസ്മൈ ഭഗവാൻ സമഗ്രം
അപി ക്ഷമം നോ ഗ്രഹണായ ഭർത്ത-
ർവ്വദാഞ്ജസാ യദ്വൃജിനം തരേമ.'' 18

ഇത്യാവേദിതഹാർദ്ദായ മഹ്യം സ ഭഗവാൻ പരഃ
ആദിദേശാരവിന്ദാക്ഷ ആത്മനഃ പരമാം സ്ഥിതിം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേമധാമം, ശ്രീനിവാസൻ, സ്വയാശ്രയൻ,
മാമകസ്വാമിയെങ്ങെന്നു തിരഞ്ഞു ഞാൻ
ചെന്നു സരസ്വതീതീരത്തഗേഹന-
ധന്യനൊറ്റയ്ക്കങ്ങിരിപ്പതു കണ്ടിതു. 6

ശ്യാമളവർണ്ണനായ്, ശാന്താരുണാക്ഷനായ്,
ശ്രീമച്ചതുഷ്പാണിയായ്, പീതവസ്ത്രനായ്,
രാജസാപേതനായ്, സാത്ത്വികമൂർത്തിയായ്,
തേജോമയനായിരുന്നാൻ പരാവരൻ. 7

നേരേയിടത്തുതുടമേൽ വലത്തുകാൽ-
ത്താരേററിവെച്ചിട്ടകൃശനകർമ്മകൻ
വിശേശ്വരൻ സമീപസ്ഥിതമായുള്ളൊ-
രശ്വത്ഥദാരുവിൽച്ചാരിയിരുന്നിതേ. 8

ലോകമെങ്ങും ക്രമാൽ ചുററിച്ചരിച്ചിടും
ഭാഗവതൻ ബാദരായണസ്നേഹിതൻ
മൈത്രേയമാമുനിശ്രേഷ്ഠൻ പൊടുന്നനെ-
യെത്തീടിനാനസ്ഥലത്തു കരുദ്വഹാ! 9

കൃഷ്ണഭഗവാന്റെ സന്ദർശനത്തിനാൽ
പൃഷ്ടസന്തോഷഭരാനതഗ്രീവനാം
ആ മുനി കേൾക്കെയെൻ യാത്രാക്രമംപോക്ക-
മാമട്ടിലിങ്ങനെ ചൊല്ലിനാൻ ശ്രീഹരി. 10

ശ്രീഭഗവാൻ പറഞ്ഞു

നിന്നുള്ളിലാളുമഭിലാഷമെന്തെന്നു
നന്നായറിഞ്ഞിരിക്കുന്നു ഞാനുദ്ധവാ
എന്നൈക്യമാശിച്ചു വിശ്വസ്രഷ്ടാക്കളാം
ധന്യവസുക്കൾതൻ സത്രത്തിൽ നീ വസോ!
മുന്നേ യജിച്ചിതതിനാൽ നിനക്കു ഞാ-
നന്യർക്കലഭ്യമതുതാൻ തരുന്നിതു. 11

ജന്മം നിനക്കിനിയുണ്ടാകയില്ല ഞാ-
നിമ്മർത്ത്യലോകം വെടിയുന്നവേളയിൽ
ഭക്തിദാർഢ്യം വെളിവാക്കി,യെൻ ദർശനം
സിദ്ധിച്ചതോർക്കിൽ മഹാഭാഗ്യമല്ലയോ? 12

സൃഷ്ടിക്കുമുന്നമെൻ നാഭിപദ്മസ്ഥനാം
സ്രഷ്ടാവിനോടെൻ മഹത്ത്വം സ്മരിച്ചിടും
ഭാഗവതജ്ഞാനമോതീടിനേനിപ്പോ-
ളേകിടാമങ്ങേയ്ക്കു മായതുതന്നെ ഞാൻ. 13

അപ്പരാനീദൃശമാദ്ദൃതവാക്കുകൾ
കല്പിക്കവേ, തദനുഗ്രഹപാത്രമാം
ഇപ്പാവമുൾപ്പൂവൊതുങ്ങാത്ത സൗഹൃദ-
വായ്പിനാൽ രോമാഞ്ചമാർന്നു കരം കൂപ്പി
ബാഷ്പം തുരുതുരെത്തൂവിസ്സഗദ്ഗദ-
മിപ്രകാരം ഭഗവാനോടുണർത്തിനേൻ: 14

''നാലുവിധപുരുഷാർത്ഥങ്ങളും തവ
കാലിണകൂപ്പവോർക്കാശു സിദ്ധിക്കിലും
ത്വത്പദാംഭോജസേവാരതനാമെനി-
ക്കിപ്പോളതെന്നിയേ വേണ്ട മററൊന്നുമേ! 15

കർത്തൃത്വമററ ഭവാന്റെ കർമ്മങ്ങളും
പേർത്തുമജനാം ഭവാന്റെ ജന്മങ്ങളും
കാലരൂപൻ തിരുമേനിയരിഭീതി-
മൂലം ചിലപ്പോൾ പലായനംചെയ്‌വതും
സ്വസ്വരൂപസ്ഥിതനാം ഭവാൻ സ്ത്രീകളി-
ലുത്സുകനായിട്ടവരെ വരിപ്പതും
പാർത്തുനോക്കീടുകിൽത്തത്ത്വജ്ഞസത്തമ-
ബുദ്ധിയും നിശ്ചയമെന്യേ കുഴങ്ങിടും. 16

ഏതിലുമെത്തും പരിപൂർണ്ണപക്വമാം
ബോധമിയന്ന ഭവാൻ ചില സന്ധിയിൽ
എന്നെ വിളിച്ചു സന്ദേഹങ്ങൾ ചോദിക്ക-
യെന്ന നാട്യം മതിമോഹമേകുന്നു മേ. 17

ആത്മരഹസ്യം വെളിവാക്കിടും ജ്ഞാന-
മാത്മഭൂവോടങ്ങരുൾചെയ്തതില്ലയോ
ഞങ്ങളുമായതറിയുവാൻ യോഗ്യരെ-
ന്നങ്ങേയ്ക്കു തോന്നുകിൽച്ചൊല്ലിത്തരേണമേ
ശങ്കയില്ലായതുകൊണ്ടുതാൻ ഞങ്ങളും
സങ്കടവങ്കടൽതൻ കരയേറിടാം.'' 18

ഏവം തുറന്നഭിപ്രായം കഥിക്കവേ
ദേവനാത്മാവിൻ രഹസ്യമോതീടിനാൻ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏവമാരാധിതപാദതീർത്ഥാ-
ദധീതതത്ത്വാത്മവിബോധമാർഗ്ഗഃ
പ്രണമ്യ പാദൗ പരിവൃത്യ ദേവ-
മിഹാഗതോഽഹം വിരഹാതുരാത്മാ. 20
സോഽഹം തദ്ദർശനാഹ്ലാദവിയോഗാർത്തിയുതഃ പ്രഭോഃ
ഗമിഷ്യേ ദയിതം തസ്യ ബദര്യാശ്രമമണ്ഡലം. 21
യത്ര നാരായണോ ദേവോ നരശ്ച ഭഗവാനൃഷിഃ
മൃദു തീവ്രം തപോ ദീർഘം തേപാതേ ലോകഭാവനൗ. 22

ശ്രീശുക ഉവാച

ഇത്യുദ്ധവാദുപാകർണ്യ സുഹൃദാം ദുസ്സഹം വധം
ജ്ഞാനേനാശമയത് ക്ഷത്താ ശോകമുത്പതിതം ബുധഃ. 23
സ തം മഹാഭാഗവതം വ്രജന്തം കൗരവർഷഭഃ
വിസ്രംഭാദഭ്യധത്തേദം മുഖ്യം കൃഷ്ണപരിഗ്രഹേ. 24

വിദുര ഉവാച

ജ്ഞാനം പരം സ്വാത്മരഹഃപ്രകാശം
യദാഹ യോഗേശ്വര ഈശ്വരസ്തേ
വക്തും ഭവാന്നോഽർഹതി യദ്ധി വിഷ്ണോർ-
ഭൃത്യാഃ സ്വഭൃത്യാർത്ഥകൃതശ്ചരന്തി. 25

ഉദ്ധവ ഉവാച

നനു തേ തത്ത്വസംരാധ്യ ഋഷിഃ കൗഷാരവോഽന്തി മേ
സാക്ഷാദ് ഭഗവതാദിഷ്ടോ മർത്ത്യലോകം ജിഹാസതാ. 26

ശ്രീശുക ഉവാച

ഇതി സഹ വിദുരേണ വിശ്വമൂർത്തേർ-
ഗുണകഥയാ സുധയാ പ്ലാവിതോരുതാപഃ
ക്ഷണമിവ പുലിനേ യമസ്വസുസ്താം
സമുഷിത ഔപഗവിർന്നിശാം തതോഽഗാത്. 27

രാജോവാച

നിധനമുപഗതേഷു വൃഷ്ണിഭോജേ-
ഷ്വധിരഥയൂഥപയൂഥപേഷു മുഖ്യഃ
സ തു കഥമവശിഷ്ട ഉദ്ധവോ യ-
ദ്ധരിരപി തത്യജ ആകൃതിം ത്ര്യധീശഃ. 28

ശ്രീശുക ഉവാച

ബ്രഹ്മശാപാപദേശേന കാലേനാമോഘവാഞ്ഛിതഃ
സംഹൃത്യ സ്വകുലം നൂനം ത്യക്ഷ്യൻ ദേഹമചിന്തയത്. 29
''അസ്മാല്ലോകാദുപരതേ മയി ജ്ഞാനം മദാശ്രയം
അർഹത്യുദ്ധവ ഏവാദ്ധാ സംപ്രത്യാത്മവതാം വര. 30
നോദ്ധവോഽണ്വപി മന്ന്യൂനോ യദ്ഗുണൈർന്നാർദിതഃ പ്രഭുഃ
അതോ മദ്വയുനം ലോകം ഗ്രാഹയന്നിഹ തിഷ്ഠതു.'' 31
ഏവം ത്രിലോകഗുരുണാ സന്ദിഷ്ടഃ ശബ്ദയോനിനാ
ബദര്യാശ്രമമാസാദ്യ ഹരിമീജേ സമാധിനാ. 32
വിദുരോഽപ്യുദ്ധവാച്ഛ്രുത്വാ കൃഷ്ണസ്യ പരമാത്മനഃ
ക്രീഡയോപാത്തദേഹസ്യ കർമ്മാണി ശ്ലാഘിതാനി ച. 33
ദേഹന്യാസം ച തസ്യൈവം ധീരാണാം ധൈര്യവർദ്ധനം
അന്യേഷാം ദുഷ്കരതരം പശൂനാം വിക്ലവാത്മനാം. 34
ആത്മാനം ച കുരുശ്രേഷ്ഠ! കൃഷ്ണേന മനസേക്ഷിതം
ധ്യായൻ ഗതേ ഭാഗവതേ രുരോദ പ്രേമവിഹ്വലഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം പൂജിതപാവനപാദനാം
ദേവനിൽനിന്നാത്മബോധം ഗ്രഹിച്ചുടൻ
തത്പദപത്മം പ്രദക്ഷിണംവെച്ചു ഞാൻ
കൂപ്പി വിരഹാർത്തനായിവിടെത്തിനേൻ. 20

ഗോവിന്ദദർശനാമോദഭരത്തൊടു-
മാ വിശ്വമൂർത്തി പിരിഞ്ഞ ദുഃഖത്തൊടും
വിശ്രുതമായ്ത്തത്പ്രിയതമമാം ബദ-
ര്യാശ്രമത്തിങ്കലേക്കാശു പോകുന്നു ഞാൻ. 21

നാരായണനരന്മാരായനുഗ്രഹം
പാരിന്നരുളാനൃഷിയാം പരാവരൻ
കായംധരിച്ചു മൃദുതീവ്രദീർഘങ്ങ-
ളായ തപസ്സാചരിച്ചങ്ങിരിപ്പൂതേ. 22

ശ്രീശുകൻ പറഞ്ഞു

ഉദ്ധവൻതന്നിൽനിന്നേററമസഹ്യമാം
മിത്രവംശത്തിൻ വധവാർത്ത കേൾക്കവേ
അത്തലുണ്ടായതു വിദ്വാൻ വിദുരനും
തത്ത്വവിചാരത്തിനാലൊഴിവാക്കിനാൻ. 23

ഭാഗവതാഗ്ര്യനായ് ശ്രീകൃഷ്ണഭക്തപ്ര-
വേകനാമുദ്ധവൻ പോകാൻ തുടങ്ങവേ
അത്യന്തവിശ്വാസമുള്ളതുമൂലമായ്
ക്ഷത്താവവനോടു ചൊല്ലിനാനീവിധം. 24

വിദുരൻ പറഞ്ഞു

ആത്മരഹസ്യം വെളിപ്പെടുത്തും പര-
മാത്മതത്ത്വം തവ യോഗേശനീശ്വരൻ
ചൊന്നതെന്നോടരുളേണം, ഹരിഭക്ത-
രെന്നും സ്വഭൃത്യഹിതകരരല്ലയോ? 25

ഉദ്ധവൻ പറഞ്ഞു

മർത്ത്യലോകത്തെ ത്യജിപ്പാനൊരുച്ചോരു
ദൈത്യാരി,യെന്നന്തികത്തിലിരുന്നിട്ടും
മൈത്രേയമാമുനിയോടു കല്പിച്ചിതു
തത്ത്വോപദേശമങ്ങേക്കരുളീടുവാൻ. 26

ശ്രീശുകൻ പറഞ്ഞു

ഉദ്ധവരേവം ഭഗവത്കഥാമൃതം
ക്ഷത്താവുമൊരരാന്നവിടെയക്ലിഷ്ടനായ്
ആ രാവു പോക്കി ക്ഷണസമം രാവിലെ
നേരേ ബദര്യാശ്രമത്തിനു പോയിതു. 27

രാജാവു പറഞ്ഞു

വീരരും സേനാപതികളുംതൻ നായക-
ന്മാരുമായുള്ള യദുഭോജവൃന്ദവും
ലോകത്രയേശൻ ഹരിയും ധര വിട്ടു-
പോകവേയുദ്ധവൻ ശേഷിച്ചതെങ്ങനെ? 28

ശ്രീശുകൻ പറഞ്ഞു

ഭൂസുരശാപച്ഛലകാലശക്തിയാ-
ലാശ്രുതൻ വംശം മുടിച്ചു ശരീരവും
തള്ളുവാനിച്ഛിച്ചു സത്യസങ്കല്പനാം
മല്ലാരിയീവിധം ചിന്തിച്ചു ഭൂപതേ! 29

ഞാനിമ്മഹി വിട്ടനേരം മദീയമാം
ജ്ഞാനം പരത്താനൊരാൾവേണമൂഴിയിൽ
ഉദ്ധവനെപ്പോലെയാത്മസാക്ഷാൽകൃതി-
സിദ്ധിച്ച മർത്ത്യനെ മററു കാണ്മീല ഞാൻ. 30

എന്നിലുമുദ്ധവൻ മോശമല്ലൊട്ടു,മ-
ദ്ധന്യൻ ഗുണങ്ങളാലാന്നിട്ടന്നില്ലുഴൽ
മാമകജ്ഞാനമീലോകർക്കു നല്കിയി-
ബ്ഭൂമിയിൽത്തന്നെ വസിക്കട്ടെയ-
മ്മഹാൻ!'' 31

വേദനിദാനനാം ലോകഗുരുവിൻെറ-
യാദേശമപ്പടിയാദരിച്ചുദ്ധവൻ
സ്വച്ഛമായീടും ബദര്യാശ്രമമെത്തി-
യച്ച്യിച്ചിതച്യുതൻതന്നെസ്സമാധിയാൽ. 32

ലീലയായ് ദേഹംധരിച്ച ഭഗവാൻെറ
പേലവകർമ്മങ്ങളേയുമതേവിധം
ധീരർക്കു ധൈര്യാവഹമായ് പശുപ്രായ-
പൂരുഷന്മാർക്കതിദുഷ്കരമായിടും
തത്തനുത്യാഗവുമുദ്ധവരോടറി-
ഞ്ഞുത്തമൻ ക്ഷത്താവു കൃഷ്ണനു തന്നിലെ
രാഗവായ്പുള്ളിൽ സ്മരിച്ചുകൊണ്ടുദ്ധവർ
പോകവേ വിഹ്വലനായ്ക്കരഞ്ഞീടിനാൻ.
33–35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാളിന്ദ്യാഃ കതിഭിസ്സിദ്ധ അഹോഭിർഭരതർഷഭഃ
പ്രാപദ്യത സ്വഃസ്സരിതം യത്ര മിത്രാസുതോ മുനിഃ. 36

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
വിദുരോദ്ധവസംവാദേ ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

ശ്രീശുക ഉവാച

ദ്വാരി ദ്യുനദ്യാ ഋഷഭഃ കുരൂണാം മൈത്രേയമാസീനമഗാധബോധം
ക്ഷത്തോപസൃത്യാച്യുതഭാവശുദ്ധഃ പപ്രച്ഛ സൗശീല്യഗുണാഭിതൃപ്തഃ 1

വിദുര ഉവാച

''സുഖായ കർമ്മാണി കരോതി ലോകോ
ന തൈഃ സുഖം വാന്യദുപാരമം വാ
വിന്ദേത ഭൂയസ്തത ഏവ ദുഃഖം
യദത്ര യുക്തം ഭഗവാൻ വദേന്നഃ. 2
ജനസ്യ കൃഷ്ണാദ്വിമുഖസ്യ ദൈവാ-
ദധർമ്മശീലസ്യ സുദുഃഖിതസ്യ
അനുഗ്രഹായേഹ ചരന്തി നൂനം
ഭൂതാനി ഭവ്യാനി ജനാർദ്ദനസ്യ. 3
തത്സാധുവര്യാദിശ വർത്മ ശം ന-
സ്സംരാധിതോ ഭഗവാൻ യേന പുംസാം
ഹൃദി സ്ഥിതോ യച്ഛതി ഭക്തിപൂതേ
ജ്ഞാനം സ തത്ത്വാധിഗമം പുരാണം. 4
കരോതി കർമ്മാണി കൃതാവതാരോ
യാന്യാത്മതന്ത്രോ ഭഗവാംസ്ത്ര്യധീശഃ
യഥാ സസർജ്ജാഗ്ര ഇദം നിരീഹ-
സ്സംസ്ഥാപ്യ വൃത്തിം ജഗതോ വിധത്തേ. 5
യഥാ പുനസ്സ്വേ ഖ ഇദം നിവേശ്യ
ശേതേ ഗുഹായാം സ നിവൃത്തവൃത്തിഃ
യോഗേശ്വരാധീശ്വര ഏക ഏത-
ദനുപ്രവിഷ്ടോ ബഹുധാ യഥാഽഽസീത്. 6
ക്രീഡൻ വിധത്തേ ദ്വിജഗോസുരാണാം
ക്ഷേമായ കർമ്മാണ്യവതാരഭേദൈഃ
മനോ ന തൃപ്യത്യപി ശൃണ്വതാം നഃ
സുശ്ലോകമൗലേശ്ചരിതാമൃതാനി. 7
യൈസ്തത്ത്വഭേദൈരധിലോകനാഥോ
ലോകാനലോകാൻ സഹ ലോകപാലാൻ
അചീക്ലൃപദ്യത്ര ഹി സർവ്വസത്ത്വ-
നികായഭേദോഽധികൃതഃ പ്രതീതഃ. 8
യേന പ്രജാനാമുത ആത്മകർമ്മ-
രൂപാഭിധാനാം ച ഭിദാം വ്യധത്ത
നാരായണോ വിശ്വസൃഡാത്മയോനി-
രേതച്ച നോ വർണ്ണയ വിപ്രവര്യ! 9
പരാവരേഷാം ഭഗവൻ വ്രതാനി
ശ്രുതാനി മേ വ്യാസമുഖാദഭീക്ഷ്ണം
അതൃപ്നുമ ക്ഷുല്ലസുഖാവഹാനാം
തേഷാമൃതേ കൃഷ്ണകഥാമൃതൗഘാത്. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിദ്ധനാമബ്ഭരതർഷഭൻ പിന്നീട
തത്സ്ഥലംവിട്ടു കുറച്ചുനാംകളിലായ്
മൈത്രേയമാമുനിശ്രേഷ്ഠൻ വസിച്ചിടും
ശുദ്ധമാം ഗംഗാനദീതീരമെത്തിനാൻ. 36

അദ്ധ്യായം 5

ഭൂതസൃഷ്ടി-ദേവപ്രാർത്ഥന

ശ്രീശുകൻ പറഞ്ഞു

അച്യുതഭാവസംശുദ്ധനാം കൗരവൻ
നിശ്ചലജ്ഞാനിയാമമ്മഹർഷീന്ദ്രൻെറ
ചാരത്തു ചെന്നു തച്ഛീലഗുണാദിക-
ണ്ടേറെത്തെളിഞ്ഞീവിധം കഥിച്ചീടിനാൻ: 1

വിദുരൻ പറഞ്ഞു

ലോകം സുഖത്തിനായ്ച്ചെയ്യുന്ന കമ്മങ്ങൾ,
പൂകുന്നതില്ല സുഖമെന്നതല്ലഹോ!
അക്കർമ്മകാരണമായജ്ജനാവലി
ദുഃഖമനുഭവിക്കുന്നതായ്ക്കാൺമു നാം
ആകയാലങ്ങു ഞങ്ങൾക്കരുളേണമീ-
ലോകത്തു ശോകനിർമ്മുക്തമാം പദ്ധതി. 2

സാധുപ്രവരാ! ജനങ്ങളീയൂഴിയി-
ലേതുമട്ടർച്ചിക്കുകിൽ ഭഗവാൻ ഹരി
ഭക്തിസംശുദ്ധമനോവാസിയായ്തത്ത്വ-
യുക്തം പുരാതനജ്ഞാനമരുളിടും,
സൗഖ്യകരമാകുമാവഴി ഞങ്ങളോ-
ടിക്കാലമങ്ങുപദേശിച്ചിടേണമേ.
മുപ്പാരിനീശൻ സ്വതന്ത്രൻ ഹരിഭുവി-
ലുദ്ഭവിച്ചേതേതു കമ്മങ്ങൾചെയ്തിതു
എങ്ങനെ തീർത്തിജ്ജഗത്താദിയിൽ? വൃത്തി-
യങ്ങുറപ്പിച്ചു രക്ഷിച്ചതുമെങ്ങനെ?
കമ്മദോഷത്താൽ ഹരിഭക്തിഹീനരായ്
ധമ്മേതരക്രിയാതത്പരന്മാരുമായ്
ഘോരദുഃഖാക്രാന്തരാകും ജനങ്ങളെ
നേരേയനുഗ്രഹിച്ചീടുവാനല്ലയോ
ശുദ്ധകമ്മാക്കളാമച്യുതഭക്തരി-
ദ്ധാത്രിയിലിങ്ങനെ സഞ്ചരിക്കുന്നതും! 3-5

പിന്നെ, സ്വരൂപനഭസ്സിലീലോകത്തെ-
യൊന്നായ്, ലയിപ്പിച്ചു, വൃത്തിവിഹീന-
നായ്,
ഏതുവിധത്തിലാം യോഗേശ്വരക്കധി-
നാഥനിവൻ ഗുഹയിൽ ശയിക്കുന്നതും? 6

എമ്മട്ടിലേകനിതിലനുവേശിച്ചു
കാണ്മതും നാനാസ്വരൂപനായിങ്ങനെ
ബ്രാഹ്മണഗോദേവസംരക്ഷണത്തിനായ്
ജന്മങ്ങളോരോന്നെടുത്തു ലീലാത്മമായ്
കമ്മങ്ങൾചെയ്യുന്ന നമ്മട്ടിലീശ്വരൻ,
വെണ്മങ്ങുകീർത്തി ചാർത്തീടുമദ്ദേവൻെറ
സത്കഥാപീയൂഷമാന്നിടും ഞങ്ങടെ-
യുൾക്കാമ്പിലുണ്ടായിടുന്നില്ലലംമതി. 7

എല്ലാവിധ ജീവിജാലഭേദങ്ങളും
നല്ലപോൽ പ്രത്യക്ഷമാം ഭുവനത്തെയും
തത്പാലരേയും ബഹിർല്ലോകരാശിയു-
മുദ്ഭവിപ്പിച്ചതുമേതു തത്ത്വങ്ങളാൽ? 8

ബ്രാഹ്മണശ്രേഷ്ഠാ! പ്രജകൾക്കു ജീവനും
കമ്മവും രൂപവും നാമവുമൊക്കവേ
വിശ്വസ്രഷ്ടാവായിടുമസ്സ്വയംഭൂവു
നിശ്ചയിച്ചുള്ളതുമേതടിസ്ഥാനത്തിൽ? 9

ഉത്തമനീചജനങ്ങൾതൻ ധമ്മങ്ങൾ
കേട്ടിതേ വ്യാസനിൽനിന്നു പലപ്പൊഴും
ക്ഷുല്ലസുഖദങ്ങളാമവയാസ്വാദ്യ-
മല്ല, ഹരിചരിതാമൃതമെന്നി മേ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കസ്തൃപ്നുയാത്തീർത്ഥപദോഽഭിധാനാത്
സത്രേഷു വഃ സൂരിഭിരീഡ്യമാനാത്
യഃ കർണ്ണനാഡീം പുരുഷസ്യ യാതോ
ഭവപ്രദാം ഗേഹരതിം ഛിനത്തി. 11
മുനിർവ്വിവക്ഷുർഭഗവദ്ഗുണാനാം
സഖാപി തേ ഭാരതമാഹ കൃഷ്ണഃ
യസ്മിന്നൃണാം ഗ്രാമ്യസുഖാനുവാദൈ-
ർമ്മതിർഗൃഹീതാ നു ഹരേഃ കഥായാം. 12
സാ ശ്രദ്ദധാനസ്യ വിവർദ്ധമാനാ
വിരക്തിമന്യത്ര കരോതി പുംസഃ
ഹരേഃ പദാനുസ്മൃതിനിർവൃതസ്യ
സമസ്തദുഃഖാത്യയമാശു ധത്തേ. 13
താൻ ശോച്യശോച്യാനവിദോഽനുശോചേ
ഹരേഃ കഥായാം വിമുഖാനഘേന
ക്ഷിണോതി ദേവോഽനിമിഷസ്തു യേഷാ-
മായുർവൃഥാവാദഗതി സ്മൃതീനാം. 14
തദസ്യ കൗഷാരവ ശർമ്മദാതു-
ർഹരേഃ കഥാമേവ കഥാസു സാരം
ഉദ്ധൃത്യ പുഷ്പേഭ്യ ഇവാർത്തബന്ധോ
ശിവായ നഃ കീർത്തയ തീർത്ഥകീർത്തേഃ. 15
സ വിശ്വജന്മസ്ഥിതിസംയമാർത്ഥേ
കൃതാവതാരഃ പ്രഗൃഹീതശക്തിഃ
ചകാര കർമ്മാണ്യതിപൂരുഷാണി
യാനീശ്വരഃ കീർത്തയ താനി മഹ്യം. 16

ശ്രീശുക ഉവാച

സ ഏവം ഭഗവാൻ പൃഷ്ടഃ ക്ഷത്ത്രാ കൗഷാരവിർമ്മുനിഃ
പുംസാം നിഃശ്രേയസാർത്ഥേന തമാഹ ബഹു മാനയൻ. 17

മൈത്രേയ ഉവാച

സാധു പൃഷ്ടം ത്വയാ സാധോ ലോകാൻ സാധ്വനുഗൃഹ്ണതാ
കീർത്തിം വിതന്വതാ ലോകേ ആത്മനോഽധോക്ഷജാത്മനഃ. 18
നൈതച്ചിത്രം ത്വയി ക്ഷത്തർബ്ബാദരായണവീര്യജേ
ഗൃഹീതോഽനന്യഭാവേന യത്ത്വയാ ഹരിരീശ്വരഃ. 19
മാണ്ഡവ്യശാപാദ് ഭഗവാൻ പ്രജാസംയമനോ യമഃ
ഭ്രാതുഃ ക്ഷേത്രേ ഭുജിഷ്യായാം ജാതസ്സത്യവതീസുതാത്. 20
ഭവാൻ ഭഗവതോ നിത്യം സമ്മതസ്സാനുഗസ്യ ച
യസ്യ ജ്ഞാനോപദേശായ മാഽഽദിശദ് ഭഗവാൻ വ്രജൻ. 21
അഥ തേ ഭഗവല്ലീലായോഗമായോപബൃംഹിതാഃ
വിശ്വസ്ഥിത്യുദ്ഭവാന്താർത്ഥാ വർണ്ണയാമ്യനുപൂർവ്വശഃ. 22
ഭഗവാനേക ആസേദമഗ്ര ആത്മാഽഽത്മനാം വിഭുഃ
ആത്മേച്ഛാനുഗതാവാത്മാ നാനാമത്യുപലക്ഷണഃ. 23
സ വാ ഏഷ തദാ ദ്രഷ്ടാ നാപശ്യദ്ദൃശ്യമേകരാട്
മേനേഽസന്തമിവാത്മാനം സുപ്തശക്തിരസുപ്തദൃക്. 24
സാ വാ ഏതസ്യ സംദ്രഷ്ടുഃ ശക്തിസ്സദസദാത്മികാ
മായാ നാമ മഹാഭാഗ യയേദം നിർമ്മമേ വിഭുഃ. 25
കാലവൃത്ത്യാ തു മായായാം ഗുണമയ്യാമധോക്ഷജഃ
പുരുഷേണാത്മഭൂതേന വീര്യമാധത്ത വീര്യവാൻ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജന്മമൃതിഹേതു ഗേഹസുഖാസക്തി-
യുന്മൂലഖണ്ഡനംചെയ്‌വതേതൊന്നുതാൻ,
സൂരികൾ യുഷ്മത്സഭാമണ്ഡപങ്ങളിൽ
നേരേ പ്രകീർത്തിപ്പതേതു ചരിത്രമോ,
ആ വാസുദേവചരിതപീയൂഷത്തി-
ലേവനുണ്ടാകും മതിയെന്നൊരു മതി? 11

വ്യാസൻ ഭവത്സുഹൃത്തീശഗുണവർണ്ണ-
നാശയോടും മഹാഭാരതം തീർത്തിതു.
അക്കൃതിമൂലം ജനങ്ങളെ ഗ്രാമ്യമാം
സൗഖ്യങ്ങൾ നശ്വരമെന്നു ധരിപ്പിച്ചു
ശ്രീകാന്തചാരുചരിതത്തിലേക്കു താ-
നാകർഷണംചെയ്തു തന്മാനസത്തെയും. 12

ശ്രദ്ധാന്വിതമാം ഹരിപാദസംസ്മര-
ണത്തിനാൽ നിർവൃതനായവൻതൻ മതി
ലൗകികഭോഗസുഖാശ വെടിഞ്ഞിടും
ശോകനിർമ്മുക്തവുമായിടും നിർണ്ണയം. 13

പാപത്തിനാൽ തത്‌കഥാസക്തിഹീനരായ്
താപനിമഗ്നരാം മൂഢജനങ്ങളെ
ഓർത്തു ദുഃഖിക്കുന്നു ഞാ,നിവർക്കുള്ള ദു-
ഷ്കൃത്യങ്ങളും വൃഥാവാദവുമീശനിൽ
അസൂതിയും പാർത്തനിമേഷനാം പരൻ
വിസ്മയംതാൻ, തദായുസ്സു ഹരിപ്പതേ. 14

ആകയാൽ കൗഷാരവമുനേ! ശർമ്മത്തെ-
യേകിടും ദുഃഖിതബന്ധുവാം കൃഷ്ണൻെറ
പുണ്യകർമ്മങ്ങളിൽനിന്നു, പുഷ്പങ്ങളിൽ-
നിന്നുപോൽ സാരം തിരഞ്ഞെടുത്തിട്ടിഹ
ഞങ്ങൾക്കു മംഗലത്തിന്നായവിടുന്നു
ഭംഗിയായിപ്പോളരുൾചെയ്തിടേണമേ. 15

ലോകം രചിച്ചു രക്ഷിച്ചൊടുക്കീടുവാൻ
സ്വീകരിച്ചോരോരു രൂപവും ശക്തിയും
മർത്ത്യർക്കസാധ്യമാം ഭിന്നകർമ്മങ്ങളെ
ദൈത്യാരി ചെയ്തതും വിസ്തരിച്ചോതണം. 16

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ നിസ്സ്വാർത്ഥമായിജ്ജഗത്തിനു
മംഗലദായകമായുള്ള ചോദ്യങ്ങൾ
മൈത്രേയമാമുനി കേട്ടു വിദുരനെ-
യെത്രയും മാനിച്ചു ചൊല്ലിനാനീവിധം. 17

സൃഷ്ടിവർണ്ണനം

മൈത്രേയൻ പറഞ്ഞു

ചിത്തം ഹരിയിലർപ്പിച്ചു വാഴും തവ
കീർത്തി പരക്കും സമസ്തലോകത്തിലും
സാധോ! ജനങ്ങൾക്കശേഷമനുഗ്രഹ-
ഹേതുവാമിച്ചോദ്യമേററവും ശ്രേഷ്ഠമാം. 18

അന്യമാം ഭാവനയെന്നിയേ കൃഷ്ണനെ
നിന്നുടെയുള്ളിൽ ധരിച്ച നീയെന്നതിൽ
അത്ഭുതമില്ലതാൻ, വ്യാസബീജത്തിൽനി-
ന്നുത്ഭവിച്ചുള്ളവൻ നീയെന്നിരിക്കയാൽ. 19

നന്നായ് പ്രജാസംയമംചെയ്യുമന്തകൻ
മാണ്ഡവ്യമാമുനിതൻ ശാപശക്തിയാൽ
വ്യാസസഹോദരഭാര്യയാം ദാസിയിൽ
വ്യാസസുതനായ് പിറന്നവൻതാൻ ഭവാൻ. 20

സാനുഗനാകും ഭഗവാനു സമ്മത-
നാണങ്ങു നിത്യം, ഭഗവാൻ ധരവിട്ടു-
പോകാൻതുടങ്ങവേ കല്പിച്ചിതങ്ങേയ്ക്കു
നല്ലണം ജ്ഞാനോപദേശമെന്നെന്നൊടായ്. 21

ആകയാൽത്തൻ യോഗമായയാലുത്ഭവം
ലോകസൃഷ്ടിസ്ഥിതിനാശാത്മകവുമാം
ശ്രീവാസുദേവൻെറ ലീലാവിശേഷങ്ങ-
ളാവോളവും വിസ്തരിച്ചുകഥിച്ചിടാം. 22

പ്രാണേശനായ്, പരമാത്മസ്വരൂപനായ്
നാനാത്വബുദ്ധിനിമിത്തമദൃശ്യനായ്,
മിന്നുമാത്മാവു മായാബന്ധമെന്നിയേ
മുന്നമിപ്പുണ്യൊത്തിരുന്നിരുന്നേകനായ്. 23

ഏകനായുന്മേഷദൃക്കായ്, സ്വശക്തിയെ-
യാകവേയുൾച്ചേർത്തു സാക്ഷിയായ് മിന്നിടും
ഇപ്പരൻ സത്തായതന്നെയസത്തുപോൽ
കല്പിച്ചദൃശ്യനായി സ്ഥിതിചെയ്തിതു. 24

പാരം രചനാശയാളമിദ്ദേവൻെറ
കാരണകാര്യസ്വരൂപയാം ശക്തിക്കു
മായയെന്നത്രേയഭിധാന,മിപ്രഭു-
വായവളെക്കൊണ്ടുലകം രചിപ്പിച്ചു, 25

കാലാഖ്യശക്തിനിമിത്തം ഗുണരൂപ-
മേലുമീ മായയിൽ,ത്തന്നിൽനിന്നുണ്ടായ
പുരുഷൻമൂലം സ്വവീര്യംകലർത്തിനാൻ
വീര്യവാനാകും ഭഗവാനധോക്ഷജൻ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോഽഭവൻ മഹത്തത്ത്വമവ്യക്താത് കാലചോദിതാത്
വിജ്ഞാനാത്മാഽഽത്മദേഹസ്ഥം വിശ്വം വ്യഞ്ജംസ്തമോനുദഃ. 27
സോഽപ്യംശഗുണകാലാത്മാ ഭഗവദ്ദൃഷ്ടിഗോചരഃ
ആത്മാനം വ്യകരോദാത്മാ വിശ്വസ്യാസ്യ സിസൃക്ഷയാ. 28
മഹത്തത്ത്വാദ്വികുർവ്വാണാദഹംതത്ത്വം വ്യജായത
കാര്യകാരണകർത്ത്രാത്മാ ഭൂതേന്ദ്രിയമനോമയഃ. 29
വൈകാരികസ്തൈജസശ്ച താമസശ്ചേത്യഹം ത്രിധാ. 30
അഹംതത്ത്വാദ്വികുർവ്വാണാന്മനോ വൈകാരികാദഭൂത്
വൈകാരികാശ്ച യേ ദേവാ അർത്ഥാഭിവ്യഞ്ജനം യതഃ. 31
തൈജസാനീന്ദ്രിയാണ്യേവ ജ്ഞാനകർമ്മമയാനി ച
താമസോ ഭൂതസൂക്ഷ്മാദിര്യതഃ ഖം ലിങ്ഗമാത്മനഃ 32
കാലമായാംശയോഗേന ഭഗവദ്വീക്ഷിതം നഭഃ
നഭസോഽനുസൃതം സ്പർശം വികുർവ്വൻ നിർമ്മമേഽനിലം. 33
അനിലോഽപി വികുർവ്വാണോ നഭസോരുബലാന്വിതഃ
സസർജ്ജ രൂപതന്മാത്രം ജ്യോതിർല്ലോകസ്യ ലോചനം. 34
അനിലേനാന്വിതം ജ്യോതിർവ്വികുർവ്വത് പരവീക്ഷിതം
ആധത്താംഭോ രസമയം കാലമായാംശയോഗതഃ. 35
ജ്യോതിഷാംഭോഽനുസംസൃഷ്ടം വികുർവ്വദ് ബ്രഹ്മവീക്ഷിതം
മഹീം ഗന്ധഗുണാമാധാത് കാലമായാംശയോഗതഃ. 36
ഭൂതാനാം നഭ ആദീനാം യദ്യദ് ഭവ്യാവരാവരം
തേഷാം പരാനുസംസർഗ്ഗാദ്യഥാസംഖ്യം ഗുണാൻ വിദുഃ. 37
ഏതേ ദേവാഃ കലാ വിഷ്ണോഃ കാലമായാംശലിങ്ഗിനഃ
നാനാത്വാത് സ്വക്രിയാനീശാഃ പ്രോചുഃ പ്രാഞ്ജലയോ വിഭും. 38

ദേവാ ഊചുഃ

നമാമ തേ ദേവ പദാരവിന്ദം
പ്രപന്നതാപോപശമാതപത്രം
യന്മൂലകേതാ യതയോഽഞ്ജസോരു-
സംസാരദുഃഖം ബഹിരുത്ക്ഷിപന്തി. 39
ഋതേ യദസ്മിൻ ഭവ ഈശ ജീവാ-
സ്താപത്രയേണോപഹതാ ന ശർമ്മ
ആത്മൻ ലഭന്തേ ഭഗവംസ്തവാങ്ഘ്രി-
ച്ഛായാം സവിദ്യാമത ആശ്രയേമ. 40
മാർഗ്ഗന്തി യത്തേ മുഖപദ്മനീഡൈ-
ശ്ഛന്ദസ്സുപർണ്ണൈരൃഷയോ വിവിക്തേ
യസ്യാഘമർഷോദസരിദ്വരായാഃ
പദം പദം തീർത്ഥപദഃ പ്രപന്നാഃ. 41
യച്ഛ്രദ്ധയാ ശ്രുതവത്യാ ച ഭക്ത്യാ
സംമൃജ്യമാനേ ഹൃദയേഽവധാര്യ
ജ്ഞാനേന വൈരാഗ്യബലേന ധീരാ
വ്രജേമ തത്തേഽങ്ഘ്രിസരോജപീഠം. 42
വിശ്വസ്യ ജന്മസ്ഥിതിസംയമാർത്ഥേ
കൃതാവതാരസ്യ പദാംബുജം തേ
വ്രജേമ സർവ്വേ ശരണം യദീശ
സ്മൃതം പ്രയച്ഛത്യഭയം സ്വപുംസാം. 43
യത്സാനുബന്ധേഽസതി ദേഹഗേഹേ
മമാഹമിത്യൂഢദുരാഗ്രഹാണാം
പുംസാം സുദൂരം വസതോഽപി പുര്യാം
ഭജേമ തത്തേ ഭഗവൻ പദാബ്ജം. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലപ്രചോദിതാവ്യക്തത്തിൽനിന്നഥ
ചാലവേയമ്മഹത്തത്ത്വമുണ്ടായിതു.
വിജ്ഞാനരൂപം തമോപഹം തത്ത്വമി-
തിജ്ജഗത്താത്മദേഹത്തിൽ വിളങ്ങുന്നു. 27

സ്വാംശഗുണകാലരൂപമായ് പിന്നെയീ-
വിശ്വൈകകാരണഭൂതമായിട്ടിതും
ഈശ്വരദൃഷ്ടിവിഷയമായാത്മാവി-
ലാശ്രു ചേർക്കുന്ന വികൃതി സൃഷ്ട്യാശയാൽ. 28

പിന്നെ വികാരമാളും മഹത്തത്ത്വത്തിൽ-
നിന്നുളവായിതഹങ്കാരതത്ത്വവും
കാര്യവും ഹേതുകർത്താവുമാം രൂപമാ-
ന്നോരിതു ഭൂതേന്ദ്രിയമനോരൂപമാം. 29

സാത്ത്വികം, രാജസം, താമസമെന്നഹം-
തത്ത്വം പിരിയുന്നു മൂന്നു വിധത്തിലായ്
വൈകാരികൻ, തൈജസൻ, താമസനെന്ന-
താകുന്നു പേരുകളിമ്മൂന്നിനും ക്രമാൽ. 30

ഇത്ഥം വിവിധവികാരമിയന്നതായ്
സത്ത്വാഭിവൃദ്ധമായ് വൈകാരികാഖ്യമാം
തത്ത്വത്തിൽനിന്നു മനസ്സുമതോടൊപ്പ-
മർത്ഥബോധപ്രദാമർത്ത്യരും തീർന്നിതു. 31

ജ്ഞാനകർമ്മങ്ങൾതൻ രൂപമിയന്നിടും
ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും
തൈജസനെന്നഭിധാനമിയന്നിടും
രാജസാഹന്തയിൽനിന്നുളവായിതു.
താമസാഹംകൃതിതന്നിൽനിന്നും സ്ഥൂല-
സൂക്ഷ്മഭൂതങ്ങൾ പുനരുളവായിതു.
ശബ്ദഗുണമെഴും വ്യോമമമാത്മാവിന്റെ
നിർദ്ദിഷ്ടചിഹ്നമാകും പരംതത്ത്വമാം. 32

കാലമായാംശത്തൊടും, ഭഗവദ്വീക്ഷ-
യാലും നഭസ്സിലാം സ്പർശമുണ്ടായതും.
പിന്നെയസ്പർശം വികാരമിയന്നഥ
തെന്നലിനെജ്ജനിപ്പിച്ചു മഹാമതേ! 33

വായുവികാരമാന്നാകാശസംയുത-
നായി പ്രബലനായപ്പോൾ,ഉതിൽനിന്നും
രൂപതന്മാത്രസഹിതമാം തേജസ്സു
ഭൂപതേ! ലോകചക്ഷുസ്സായ് ജനിച്ചിതു. 34

അപ്പവമാനനൊത്തഗ്നിയധീശസ-
ങ്കല്പവിഷയമായിസ്സവികാരമായ്
കാലമായാംശയുതമായ്, രസരൂപ-
മാളും സലിലമുളവാക്കി, സന്മതേ! 35

ജ്യോതിസ്സിനോടുകലർന്നു പിന്നെജ്ജലം
ജ്യോതിന്നിരീക്ഷിതമായ് സവികാരമായ്
കാലഗുണാംശസഹിതമായ് ഭൂമിയെ-
ച്ചാലവേ ഗന്ധഗുണത്തൊടും തീർത്തിതു. 36

മുൻപുമുൻപുണ്ടായ ഭൂതഗണങ്ങളും
പിൻപുളവായ ഭൂതങ്ങൾക്കു സിദ്ധമാം.
പിന്നെ, വിഷ്ണ്വംശങ്ങളായ്ക്കാലമായാംശ-
ചിഹ്നമാളും സുരർ, നാനാത്വഹേതുവാൽ,
സ്വന്ത കൃത്യത്തിലശക്തരായഞ്ജലി-
ബന്ധിച്ചുനിന്നു ഭഗവാനൊടോതിനാർ. 37–38

ദേവന്മാർ പറഞ്ഞു

അല്ലയോ ദേവാ! ശരണാഗതതാപ-
മില്ലാതെയാക്കും കുടയാം ഭവത്പദം
കുമ്പുന്നു ഞങ്ങളതിനെയുപാസിച്ചു
തീർപ്പൂ ജനിമൃതിസങ്കടം യോഗികൾ. 39

താപത്രയത്തിനാലബ്ഭവത്തിൽപ്പര-
മാപന്നിമഗ്നരാം ജീവരാശിക്കിഹ
ഏതൊന്നിനെയാശ്രയിച്ചിട്ടായ്തിൽ സുഖ-
മേതും ഭഗവൻ! ഭവിച്ചിടുന്നില്ലയോ,
വിദ്യായുതമാം തിരുമേനിതന്റെയാ-
ഹൃദ്യപദച്ഛായയാശ്രയിക്കുന്നിതേ. 40

യന്ത്രങ്ങൾതന്നുപജ്ഞാതാക്കളാമൃഷി-
വൃന്ദമേകാന്തത്തിൽ, നിന്തിരുമേനിതൻ-
പൂതവദനാബ്ജനീഡത്തിൽ വാണിടും
വേദവിഹംഗങ്ങൾതൻ സഹായത്തൊടും
ഏതിനെയാരാഞ്ഞിടുന്നിതു തീർത്ഥമാ-
മേതൊന്നു, പാപഹരമായ് പുകഴുന്ന-
ഗംഗതൻ ജന്മപദമായ് വിളങ്ങുന്നു
ഞങ്ങളതിനെസ്സരണംഗമിച്ചിതേ. 41

ശ്രദ്ധയാലും ശ്രവണത്തിൽനിന്നുണ്ടായ
ഭക്തിയാലും ശുദ്ധഹൃത്തിലേതൊന്നിനെ
ധ്യാനിച്ചുദിച്ച വൈരാഗ്യസംവൃദ്ധമാം
ജ്ഞാനത്തിനാൽ ധീരരാത്മജ്ഞരാകുമോ,
അങ്ങേക്കിയലുമപ്പാദാബ്ജപീഠത്തെ
ഞങ്ങളിദാനീം സമാശ്രയിക്കുന്നിതാ. 42

വിശ്വസൃഷ്ടിസ്ഥിതിസംഹാരലീലയ്ക്കു
വിശ്രുതം ജന്മം വരിച്ച ഭവാനുടെ
ഭക്തജനാവനസ്ഥാനമായീടുമ-
ത്യുക്കാലിണയാണിവർക്കവലംബനം. 43

പുത്രമിത്രാദ്യനുബന്ധസമേതമായ്
സത്യമല്ലാതുള്ള ദേഹഗേഹാദിയിൽ
പാരമഹംമമേത്യാദി ഭാവംപെട്ടും
പൂരുഷർതൻ മനസ്സിൽ സ്ഥിതമെങ്കിലും,
ഏതൊന്നവർക്കതിദൂരസ്ഥ,മബ്ഭവത്-
പാദസരോജം പണിയുന്നു ഞങ്ങളും. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താൻ വൈ അസദ്വൃത്തിഭിരക്ഷിഭിര്യേ
പരാഹൃതാന്തർമ്മനസഃ പരേശ!
അഥോ ന പശ്യന്ത്യുരുഗായ നൂനം
യേ തേ പദന്യാസവിലാസലക്ഷ്മ്യാഃ. 45
പാനേന തേ ദേവ കഥാസുധായാഃ
പ്രവൃദ്ധഭക്ത്യാ വിശദാശയാ യേ
വൈരാഗ്യസാരം പ്രതിലഭ്യ ബോധം
യഥാഞ്ജസാന്വീയുരകുണ്ഠധിഷ്ണ്യം. 46
തഥാപരേ ചാത്മസമാധിയോഗ–
ബലേന ജിത്വാ പ്രകൃതിം ബലിഷ്ഠാം
ത്വാമേവ ധീരാഃ പുരുഷം വിശന്തി
തേഷാം ശ്രമസ്സ്യാന്ന തു സേവയാ തേ. 47
തത്തേ വയം ലോകസിസൃക്ഷയാദ്യ
ത്വയാഽനസൃഷ്ടാസ്ത്രിഭിരാത്മഭിഃ സ്മ
സർവ്വേ വിയുക്താഃ സ്വവിഹാരതന്ത്രം
ന ശക്നുമസ്തത് പ്രതിഹർത്തവേ തേ. 48
യാവദ് ബലിം തേഽജ ഹരാമ കാലേ
യഥാ വയം ചാന്നമദാമ യത്ര
യഥോഭയേഷാം ത ഇമേ ഹി ലോകാ
ബലിം ഹരന്തോഽന്നമദന്ത്യനൂഹാഃ. 49
ത്വം നഃ സുരാണാമസി സാന്വയാനാം
കൂടസ്ഥ ആദ്യഃ പുരുഷഃ പുരാണഃ
ത്വം ദേവ ശക്ത്യാം ഗുണകർമ്മയോനൗ
രേതസ്ത്വജായാം കവിമാദധേഽജഃ. 50
തതോ വയം സത്പ്രമുഖാ യദർത്ഥേ
ബഭൂവിമാത്മൻ, കരവാമ കിം തേ
ത്വം നഃ സ്വചക്ഷുഃ പരിദേഹി ശക്ത്യാ
ദേവ ക്രിയാർത്ഥേ യദനുഗ്രഹാണാം. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

ഋഷിരുവാച
ഇതി താസാം സ്വശക്തീനാം സതീനാമസമേത്യ സഃ
പ്രസുപ്തലോകതന്ത്രാണാം നിശാമ്യ ഗതിമീശ്വരഃ 1
കാലസംജ്ഞാം തദാ ദേവീം ബിഭ്രച്ഛക്തിമുരുക്രമഃ
ത്രയോവിംശതിതത്ത്വാനാം ഗണം യുഗപദാവിശത്. 2
സോഽനുപ്രവിഷ്ടോ ഭഗവാംശ്ചേഷ്ടാരൂപേണ തം ഗണം
ഭിന്നം സംയോജയാമാസ സുപ്തം കർമ്മ പ്രബോധയൻ. 3
പ്രബുദ്ധകർമ്മാ ദൈവേന ത്രയോവിംശതികോ ഗണഃ
പ്രേരിതോഽജനയത് സ്വാഭിർമ്മാത്രാഭിരധിപൂരുഷം. 4
പരേണ വിശതാ സ്വസ്മിൻ മാത്രയാ വിശ്വസൃഗ്ഗണഃ
ചുക്ഷോഭാന്യോന്യമാസാദ്യ യസ്മിൻ ലോകാശ്ചരാചരാഃ. 5
ഹിരണ്മയസ്സ പുരുഷഃ സഹസ്രപരിവത്സരാൻ
ആണ്ഡകോശ ഉവാസാപ്സു സർവ്വസത്ത്വോപബൃംഹിതഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാദ്യധീശ്വരാ! ഭക്തപ്രകീർത്തിതാ!
ദുർമ്മാർഗ്ഗചാരികളായവർക്കൊക്കമേ
ജ്ഞാനാനുഭൂതിയെഴും തവ ഭക്തരെ-
ക്കാണുവാനും സാദ്ധ്യമാകില്ലൊരിക്കലും. 45

ഉത്തമാ! നിൻചരിതാമൃതം സേവിച്ചു
വർദ്ധിച്ച ഭക്തിയാൽ പാവനചിത്തരാം
നിന്തിരുഭക്തർ വൈരാഗ്യബലത്തിനാ-
ലന്തരമെന്നിയേ ജ്ഞാനസമ്പന്നരായ്
ലേശവും കഷ്ടപ്പെടാതെ പൊടുന്നനെ
നാശരഹിതം പദമണയുന്നിതേ. 46

അന്യധീരന്മാരുമാത്മാവിൽ മാനസ-
മൂന്നും സമാധിയോഗത്തിൻ ബലത്തിനാൽ
തിണ്ണം ബലിഷ്ഠയായീടുന്ന മായയെ
വെന്നു പുരുഷനാം നിന്നിലെത്തുന്നിതേ.
ഉണ്ടാം പ്രയത്നമവർക്കു നിൻ സേവനം-
കൊണ്ടതു സാധിച്ചിടാം പ്രയാസംവിനാ.
ആകയാൽത്താവകസംബന്ധികൾ ഞങ്ങ-
ളേകനാമങ്ങയെത്താൻ ഭജിക്കുന്നിതേ. 47

ലോകസൃഷ്ട്യാശനിമിത്തം ഭവത്കല-
യേകി ത്രിഗുണങ്ങൾകൊണ്ടങ്ങു ഞങ്ങളെ
സൃഷ്ടിക്കിലുമഗ്ഗുണങ്ങൾക്കൊരേകത
കിട്ടായ്കമൂലമങ്ങേയ്ക്കു കളിക്കുവാൻ
ബ്രഹ്മാണ്ഡമുണ്ടാക്കി നൽകുവാൻ ഞങ്ങൾക്കു
ചിന്മയാ! വേണ്ടുന്ന ശക്തിയില്ലാതെ-
യായ്. 48

അച്ചാസമയത്തു പൂജാപദാർത്ഥങ്ങൾ
വച്ചു ഭവാനെയീ ഞങ്ങളർച്ചിക്കണം.
ജീവിച്ചിരിക്കുവാൻ ഞങ്ങൾക്കശിക്കണ-
മാവശ്യമുള്ളിടത്തോളവുമന്നവും
ലോകർ ഞങ്ങൾക്കുമങ്ങേയ്ക്കുമൊരുപോലെ
ലോകേശ്വരാ! സമർപ്പിക്കണം പൂജകൾ.
എന്നിതെല്ലാം നിർവ്വഹിച്ചീടുവാൻതക്ക-
വണ്ണമനുഗ്രഹിച്ചീടുക ഞങ്ങളെ. 49

അന്വയയുക്തരാം ഞങ്ങളേക്കാൾ പരം
മുന്നമേയുള്ള പുരാണപുമാനായി
കൂടസ്ഥനായ്, നിത്യനായ്, ജന്മഹീനനാ-
യീടുമങ്ങുന്നു, ഗുണകർമ്മയോനിയാം
ത്വന്മായയിൽ ബോധരൂപവീര്യം സ്വയം
നന്മട്ടുതന്നെ നിക്ഷേപിച്ചിരിപ്പതേ. 50

ഏതൊരു കാര്യസിദ്ധിക്കായി ഞങ്ങളുദ്-
ഭൂതരായോ ഭഗവൻ? പരമാത്മകാ!
ബ്രഹ്മാണ്ഡനിർമ്മാണമായീടുമമ്മഹാ-
കർമ്മത്തിനില്ല കഴിവിവർക്കേതുമേ.
ആകയാൽ ജ്ഞാനചക്ഷുസ്സതിനായിവ-
ർക്കേകിയനുഗ്രഹിച്ചീടുക ശക്തിയാൽ.

അദ്ധ്യായം 6

വിരാഡ്രൂപാവിർഭാവം

ഋഷി പറഞ്ഞു

തെല്ലുമിത്തത്ത്വഗണത്തിനൈക്യം തമ്മി-
ലുമില്ലാതെ സുപ്തമായ് ലോകതന്ത്രം കണ്ടു
കാലാഖ്യമായിടും തന്നുടെ ശക്തിയെ
ചാലവേയാർന്നു നിഖിലശക്തൻ ഹരി
പിന്നെ, മഹത്തത്ത്വമാദിയിരുപത്തി-
മൂന്നു തത്ത്വത്തിലും വേശിച്ചിതൊപ്പമായ്. 1–2

തത്ത്വങ്ങളിലേകകാലം പ്രവേശിച്ച
നിത്യനാം ദേവൻ ക്രിയാശക്തിയുക്തനായ്
പ്രാണികളിൽ പൂർവ്വജന്മകർമ്മങ്ങൾ തൻ
ചേർന്നോന്ന വാസനയുജ്ജ്വലിപ്പിച്ചഥ
ഭിന്നമാം തത്ത്വഗണത്തെയശേഷവും
നന്നായിണക്കി യോജിപ്പിച്ചുകൊണ്ടിതു. 3

ഈശ്വരപ്രേരിതമായി മുജ്ജന്മത്തെ
വാസനചേർന്നുള്ള തത്ത്വസമുച്ചയം
നിർമ്മിച്ചിതു നിജതന്മാത്രകളാലെ
ചേമ്മേ വിരാട്ടാം പുരുഷനെയാദിയിൽ.
ഈശൻ നിജാംശത്തിനാലെ തത്ത്വങ്ങളിൽ
വേശിച്ചവയേയിണക്കിപ്പരസ്പരം
തന്നുടെയംശങ്ങളാൽ വിരാഡ്രൂപമായ്-
ത്തീർന്നാൻ ചരാചരം സർവ്വമതിൽപ്പെടും. 4–5

നീരസ്ഥിതാണ്ഡകോശത്തിൽ ഹിരണ്മയ-
പുരുഷൻ നിശ്ശേഷജീവിജാലത്തൊടും
ആയിരമായതവത്സരം പിന്നന-
പായം നിവസിച്ചു സജ്ജനഭൂഷണാ! 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ വൈ വിശ്വസൃജാം ഗർഭോ ദേവകർമ്മാത്മശക്തിമാൻ
വിബഭാജാത്മനാഽഽത്മാനമേകധാ ദശധാ ത്രിധാ. 7
ഏഷ ഹ്യശേഷസത്വാനാമാത്മാംശഃ പരമാത്മനഃ
ആദ്യോഽവതാരോ യത്രാസൗ ഭൂതഗ്രാമോ വിഭാവ്യതേ. 8
സാധ്യാത്മസ്സാധിദൈവശ്ച സാധിഭൂത ഇതി ത്രിധാ
വിരാട് പ്രാണോ ദശവിധ ഏകധാ ഹൃദയേന ച. 9
സ്മരൻ വിശ്വസൃജാമീശോ വിജ്ഞാപിതമധോക്ഷജഃ
വിരാജമതപത് സ്വേന തേജസൈഷാം വിവൃത്തയേ. 10
അഥ തസ്യാഭിതപ്തസ്യ കതി ചായതനാനി ഹ
നിരഭിദ്യന്ത ദേവാനാം താനി മേ ഗദതഃ ശൃണു. 11
തസ്യാഗ്നിരാസ്യം നിർഭിന്നം ലോകപാലോഽവിശത് പദം
വാചാ സ്വാംശേന വക്തവ്യം യയാസൗ പ്രതിപദ്യതേ. 12
നിർഭിന്നം താലു വരുണോ ലോകപാലോഽവിശദ്ധരേഃ
ജിഹ്വയാംശേന ച രസം യയാസൗ പ്രതിപദ്യതേ. 13
നിർഭിന്നേ അശ്വിനൗ നാസേ വിഷ്ണോരാവിശതാം പദം
ഘ്രാണേനാംശേന ഗന്ധസ്യ പ്രതിപത്തിര്യതോ ഭവേത്. 14
നിർഭിന്നേ അക്ഷിണീ ത്വഷ്ടാ ലോകപാലോഽവിശദ്വിഭോഃ
ചക്ഷുഷാംശേന രൂപാണാം പ്രതിപത്തിര്യതോ ഭവേത്. 15
നിർഭിന്നാന്യസ്യ ചർമ്മാണി ലോകപാലോഽനിലോഽവിശത്
പ്രാണേനാംശേന സംസ്പർശം യേനാസൗ പ്രതിപദ്യതേ. 16
കർണ്ണാവസ്യ വിനിർഭിന്നൗ ധിഷ്ണ്യം സ്വം വിവിശുർദിശഃ
ശ്രോത്രേണാംശേന ശബ്ദസ്യ സിദ്ധിം യേന പ്രപദ്യതേ. 17
ത്വചമസ്യ വിനിർഭിന്നാം വിവിശുർധിഷ്ണ്യമോഷധീഃ
അംശേന രോമഭിഃ കണ്ഡൂം യൈരസൗ പ്രതിപദ്യതേ. 18
മേഢ്റം തസ്യ വിനിർഭിന്നം സ്വധിഷ്ണ്യം ക ഉപാവിശത്
രേതസാംശേന യേനാസാവാനന്ദം പ്രതിപദ്യതേ. 19
ഗുദം പുംസോ വിനിർഭിന്നം മിത്രോ ലോകേശ ആവിശത്
പായുനാംശേന യേനാസൗ വിസർഗ്ഗം പ്രതിപദ്യതേ. 20
ഹസ്താവസ്യ വിനിർഭിന്നാവിന്ദ്രഃ സ്വഃപ്പതിരാവിശത്
വാർത്തയാംശേന പുരുഷോ യയാ വൃത്തിം പ്രപദ്യതേ. 21
പാദാവസ്യ വിനിർഭിന്നൗ ലോകേശോ വിഷ്ണുരാവിശത്
ഗത്യാ സ്വാംശേന പുരുഷോ യയാ പ്രാപ്യം പ്രപദ്യതേ. 22
ബുദ്ധിം ചാസ്യ വിനിർഭിന്നാം വാഗീശോ ധിഷ്ണ്യമാവിശത്
ബോധേനാംശേന ബോദ്ധവ്യം പ്രതിപത്തിര്യതോ ഭവേത്. 23
ഹൃദയം ചാസ്യ നിർഭിന്നം ചന്ദ്രമാ ധിഷ്ണ്യമാവിശത്
മനസാംശേന യേനാസൗ വിക്രിയാം പ്രതിപദ്യതേ. 24
ആത്മാനം ചാസ്യ നിർഭിന്നമഭിമാനോഽവിശത് പദം
കർമ്മണാംശേന യേനാസൗ കർത്തവ്യം പ്രതിപദ്യതേ. 25
സത്ത്വം ചാസ്യ വിനിർഭിന്നം മഹാൻ ധിഷ്ണ്യമുപാവിശത്
ചിത്തേനാംശേന യേനാസൗ വിജ്ഞാനം പ്രതിപദ്യതേ. 26
ശീർഷ്ണോഽസ്യ ദ്യൗർധരാ പദ്ഭ്യാം ഖം നാഭേരുദപദ്യത
ഗുണാനാം വൃത്തയോ യേഷു പ്രതീയന്തേ സുരാദയഃ. 27
ആത്യന്തികേന സത്ത്വേന ദിവം ദേവാഃ പ്രപേദിരേ
ധരാം രജസ്സ്വഭാവേന പണയോ യേ ച താനനു. 28
താർത്തീയേന സ്വഭാവേന ഭഗവന്നാഭിമാശ്രിതാഃ
ഉഭയോരന്തരം വ്യോമ യേ രുദ്രപാർഷദാം ഗണാഃ. 29
മുഖതോഽവർത്തത ബ്രഹ്മ പുരുഷസ്യ കുരൂദ്വഹ!
യസ്തൂന്മുഖത്വാദ്വർണ്ണാനാം മുഖ്യോഽഭൂദ് ബ്രാഹ്മണോ ഗുരുഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവകർമ്മാത്മകശക്തിസമേതനി-
ദ്ദേവൻ സ്വയംതൻ സമഷ്ടിരൂപത്തിനെ
ഏകം ദശം ത്രയമെന്നു പകുത്തതി-
ലേകമായുള്ളതു ചൈതന്യമെന്നതാം.
പഞ്ചേന്ദ്രിയങ്ങളവയ്ക്കുഴും വൃത്തിക-
ളു,ഞ്ചിങ്ങനെ പത്തു, മൂന്നു താപത്രയം. 7
ഇമ്മഹാപൂരുഷൻ ജീവികൾക്കൊക്കെയു-
മാത്മാവുമപ്പരാത്മാംശവുംതന്നെയാം.
ഭൂതസമൂഹമശേഷമടങ്ങീടു-
മാദിപുരുഷനാകുന്നതിദ്ദേവനാം. 8
ഈവിരാട്ടാത്മാശ്രയേന്ദ്രിയൗഘത്തൊടും
സർവ്വഭൂതാലംബവ്യഷ്ടിദേഹത്തൊടും
വിണ്ണോരൊടൊത്തു മൂന്നായ് ദശപ്രാണ-
നൊന്നിച്ചു പത്തായ് ഹൃദയമൊത്തൊന്നു-
മായ്. 9

പിന്നെ, മഹദാദിയായിടും ഭൂതങ്ങൾ
തന്നർത്ഥനയാൽ, ഭഗവാനധോക്ഷജൻ
സ്വന്തതേജസ്സാലിവയ്ക്കു ബഹുവൃത്തി
സന്ധിക്കുവാൻ ചിന്തചെയ്താൻ വിരാട്ടിനെ. 10
ശ്രീഹരി ഭാവനംചെയ്യും വിരാട്ടിന്റെ
ദേഹത്തിലാദിതേയന്മാർക്കിരിക്കുവാൻ
സ്ഥാനങ്ങളെത്രയുണ്ടെന്നതും വർണ്ണിച്ചു
ഞാനോതുവൻ ഭവാൻ കേട്ടുകൊണ്ടീടുക. 11
മുൻപേ വിരാട്ടാംപുരുഷന്നു ജാതമായ്
സംഭാഷണത്തിനുതകീടുമാനനം.
സ്വാംശമായീടിന വാക്കുകളൊത്തതിൽ
വൈശ്വാനരൻ ലോകപാലൻ കടന്നിതു. 12
താലുവാം സ്ഥാനമുണ്ടായി, പിന്നജ്ജഗത്-
പാലകൻ പാശി, രസജ്ഞാനമാർന്നതായ്.
തന്നംശമാകും രസനയോടുംകൂടി-
യൊന്നിച്ചതിൽക്കടന്നാവസിച്ചീടിനാൻ. 13
പിന്നിപ്പുരുഷനു നാസികയുണ്ടായി-
വന്നിതതുകൊണ്ടു ഗന്ധമറിഞ്ഞിടാം.
സ്വാംശമാം ഘ്രാണത്തൊടൊത്തു
തത്സ്ഥാനത്തി-
ലശ്വിനീദേവരിരുവർ വസിച്ചിതു. 14
കണ്ണുകളുദ്ഭൂതമായ് വിഭുവിന്നുടൻ
മന്ദതയെന്നിയേ രൂപപ്രതിപത്തി-
നന്നായണച്ചിടും തന്നംശചക്ഷുസ്സോ-
ടൊന്നിച്ചതുകളിൽവന്നു വാണാനിനൻ. 15
തീർന്നിതു ചർമ്മമംശപ്രാണനൊത്തതിൽ
ചെന്നുടൻ സ്പർശഗുണൻ വാണു മാരുതൻ. 16
സ്വാനം ശ്രവിക്കും ശ്രവണങ്ങൾ തീർന്നതിൽ
വാണിതു ദിഗ്ദേവതകളംശത്തൊടും. 17
ത്വക്കുളവായുടനൗഷധദേവതാ-
വർഗ്ഗമതിൽക്കടന്നാവസിച്ചീടിനാർ.
കണ്ഡൂയനത്തിൻ പരിജ്ഞാനമാർന്നുള്ള
തന്നംശഭൂതമാം രോമഗണത്തൊടും. 18
ലിംഗപദം ജാതമായി, പ്രജാപതി
തങ്ങിയുപസ്ഥേന്ദ്രിയംവഴിയായതിൽ
രേതസ്സദിക്കുമാസ്ഥാനംവഴി ജീവി-
വ്രാതം രതിസുഖമാസ്വദിക്കുന്നിതു. 19
പിന്നെബ്ഭവിച്ചു ഗുദമതിൽപ്പായുവാ-
മിന്ദ്രിയത്തിൽക്കൂടി മിത്രൻ കടന്നിതു.
ജീവനിസ്ഥാനത്തിലൂടെയാണെന്നുമേ
ചെയ്‌വതു നേരേ പുരീഷവിസർജ്ജനം. 20
വൃത്തിക്കുതകുന്ന ഹസ്തങ്ങൾ തീർന്നതി-
ലത്രേ വസിപ്പതമർത്ത്യാധിനായകൻ.
ജീവനിക്കൈകൾതൻ കൃത്യങ്ങളാലുപ-
ജീവനം സാധിച്ചിടുന്നു ദിനംപ്രതി. 21
കാലുകളുണ്ടായ്, നിജാംശഗതിയൊടും
ത്രൈലോക്യനായകൻ വിഷ്ണു വാണാനതിൽ.
സഞ്ചാരശക്തിയാൽ ജീവനിതുകളാ-
ലഞ്ചാതെ ചെല്ലുന്നു ചെല്ലേണ്ടിടങ്ങളിൽ. 22
ബുദ്ധി പിന്നെജ്ജാതമായതിൽ ബോധമോ-
ടൊത്തുടനാത്മഭൂവാവസിച്ചീടിനാൻ.
ബുദ്ധിനിമിത്തമറിയേണ്ട കാര്യങ്ങ-
ളത്രയും നല്ലതുപോലറിയുന്നിതു. 23
പിന്നെ വിരാട്ടിനുണ്ടായിതു ഹൃത്തതി-
ലിന്ദു സങ്കല്പവികല്പസുശക്തവും
തന്നംശവുമായ മാനസത്തോടൊത്തു-
വന്നധിരോഹണംചെയ്തു വസിച്ചിതു. 24
പിന്നെയഹങ്കാരമുണ്ടായുടൻ തന്നെ
വന്നു രുദ്രൻ വസിച്ചീടിനാനായതിൽ.
ചിത്തമുണ്ടായിതു, ചൈതന്യമോടൊത്തു
സ്വസ്ഥാനമാക്കി വരിച്ചിതു നാന്മുഖൻ.
കൈവരുന്നുണ്ടു വിശേഷമാം ജ്ഞാനമ-
ജ്ജീവനിച്ചൈതന്യശക്തിനിമിത്തമായ്.
25-26

ഈ വിരാട്ടിന്നുത്തമാംഗത്തിൽ നിന്നുമാ-
ദ്യോവും പദങ്ങളിൽനിന്നു ധരിത്രിയും
ജാതമായ്, നാഭിജാതാന്തരിക്ഷത്തിലുദ്-
ഭൂതരായ് ദേവാദികൾ ഗുണവൃത്തികൾ. 27
സത്ത്വഗുണം ഭൂരിചേരുന്ന വിണ്ണവ-
രുത്തമം ദേവലോകത്തിലണഞ്ഞിതു.
യാഗാദികർമ്മരതരായ് രജോഗുണം
പൂകും മനുഷ്യാദി ഭൂവിൽ വസിച്ചിതു. 28
താമസശീലരാം രുദ്രപരിഷദ-
രീമഹാപൂരുഷനാഭിദേശാശ്രിതർ
ഭൂസ്വർഗ്ഗമധ്യസ്ഥിതാന്തരിക്ഷത്തിങ്ക-
ലാസാദിതരായ് നിവസിച്ചിടുന്നിതു. 29
തന്മുഖത്തിങ്കൽനിന്നുണ്ടായിതാഗമം-
ബ്രാഹ്മണനും മുഖജാതനെന്നാകയാൽ,
പാരിൽ പ്രമുഖതയും ഗുരുസ്ഥാനവു-
മാരണന്നുണ്ടായിവന്നിതു ഭൂപതേ! 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാഹുഭ്യോഽവർത്തത ക്ഷത്രം ക്ഷത്രിയസ്തദനുവ്രതഃ
യോ ജാതസ്ത്രായതേ വർണ്ണാൻ പൗരുഷഃ കണ്ടകക്ഷതാത്. 31
വിശോഽവർത്തന്ത തസ്യോർവ്വോർല്ലോകവൃത്തികരീർവിഭോഃ
വൈശ്യസ്തദുദ്ഭവോ വാർത്താം നൃണാം യസ്സമവർത്തയത്. 32
പദ്ഭ്യാം ഭഗവതോ ജജ്ഞേ ശുശ്രൂഷാ ധർമ്മസിദ്ധയേ
തസ്യാം ജാതഃ പുരാ ശൂദ്രോ യദ്വൃത്ത്യാ തുഷ്യതേ ഹരിഃ. 33
ഏതേ വർണ്ണാസ്സ്വധർമ്മേണ യജന്തി സ്വഗുരും ഹരിം
ശ്രദ്ധയാഽഽത്മവിശുദ്ധ്യർത്ഥം യജ്ജാതാസ്സഹവൃത്തിഭിഃ. 34
ഏതത് ക്ഷത്തർഭഗവതോ ദൈവകർമ്മാത്മരൂപിണഃ
കഃ ശ്രദ്ദധ്യാദുപാകർത്തും യോഗമായാബലോദയം. 35
അഥാപി കീർത്തയാമ്യംഗ! യഥാമതി യഥാശ്രുതം
കീർത്തിം ഹരേഃ സ്വാം സത്കർത്തും ഗിരമന്യാഭിധാസതീം. 36

ഏകാന്തലാഭം വചസോ നു പുംസാം
സുശ്ലോകമൗലേർഗ്ഗുണവാദമാഹുഃ
ശ്രുതേശ്ച വിദ്വദ്ഭിരുപാകൃതായാം
കഥാസുധായാമുപസംപ്രയോഗം. 37

ആത്മനോഽവസിതോ വത്സ! മഹിമാ കവിനാഽഽദിനാ
സംവത്സരസഹസ്രാന്തേ ധിയാ യോഗവിപക്വയാ. 38
അതോ ഭഗവതോ മായാ മായിനാമപി മോഹിനീ
യത്സ്വയം ചാത്മവർത്മാത്മാ ന വേദ കിമുതാപരേ. 39
യതോഽപ്രാപ്യ ന്യവർത്തന്തേ വാചശ്ച മനസാ സഹ
അഹം ചാന്യ ഇമേ ദേവാസ്തസ്മൈ ഭഗവതേ നമഃ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ശ്രീശുക ഉവാച

ഏവം ബ്രുവാണം മൈത്രേയം ദ്വൈപായനസുതോ ബുധഃ
പ്രീണയന്നിവ ഭാരത്യാ വിദുരഃ പ്രത്യഭാഷത. 1

വിദുര ഉവാച

ബ്രഹ്മൻ കഥം ഭഗവതശ്ചിന്മാത്രസ്യാവികാരിണഃ
ലീലയാ ചാപി യുജ്യേരൻ നിർഗ്ഗുണസ്യ ഗുണാഃ ക്രിയാഃ. 2
ക്രീഡായാമുദ്യമോഽർഭസ്യ കാമശ്ചിക്രീഡിഷാന്യതഃ
സ്വതസ്തൃപ്തസ്യ ച കഥം നിവൃത്തസ്യ സദാന്യതഃ. 3
അസ്രാക്ഷീത് ഭഗവാൻ വിശ്വം ഗുണമയ്യാഽഽത്മമായയാ
തയാ സംസ്ഥാപയത്യേതദ് ഭൂയഃ പ്രത്യപിധാസ്യതി. 4
ദേശതഃ കാലതോ യോഽസാവവസ്ഥാതഃ സ്വതോഽന്യതഃ
അവിലുപ്താവബോധാത്മാ സ യുജ്യേതാജയാ കഥം? 5
ഭഗവാനേക ഏവൈഷ സർവ്വക്ഷേത്രേഷ്വവസ്ഥിതഃ
അമുഷ്യ ദുർഭഗത്വം വാ ക്ലേശോ വാ കർമ്മഭിഃ കുതഃ. 6
ഏതസ്മിൻ മേ മനോ വിദ്വൻ! ഖിദ്യതേഽജ്ഞാനസങ്കടേ
തന്നഃ പരാണുദ വിഭോ! കശ്മലം മാനസം മഹത്. 7

ശ്രീശുക ഉവാച

സ ഇത്ഥം ചോദിതഃ ക്ഷത്ത്രാ തത്ത്വജിജ്ഞാസുനാ മുനിഃ
പ്രത്യാഹ ഭഗവച്ചിത്തഃ സ്മയന്നിവ ഗതസ്മയഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷത്രിയനും പരിപാലനധർമ്മവു-
മുത്ഥിതമായിതു കൈകളിൽനിന്നഥ.

പൗരുഷത്താലവൻ വർണ്ണത്തെയൊക്കെയും
വൈരിഭയം തീർത്തു രക്ഷിച്ചിടുന്നിതു. 31

ഊരുവിൽനിന്നുളവായീ ജനതയ്ക്കു
നേരേയുപജീവനവൃത്തി നേടിടും

വൈശ്യനും, മാനുഷജീവനദ്രവ്യങ്ങ-
ളാശു ലഭിക്കും വ്യവസായവുമുടൻ. 32

കർമ്മസിദ്ധിക്കെഴും സേവനത്തോടും സ്വ-
ധർമ്മപരനായ ശൂദ്രനനന്തരം

പാദത്തിൽനിന്നുളവായി, തത്സേവയിൽ
പ്രീതനായീടുന്നിതേ ഭഗവാൻ ഹരി. 33

വൃത്തിയൊത്തിന്നാലുജാതിയിലും പെട്ടും
മർത്ത്യരെല്ലാം രക്ഷിതാവും പിതാവുമാം

ഇന്ദിരാവല്ലഭനെയാത്മശുദ്ധ്യർത്ഥ-
മെന്നും ഭജിക്കുന്നു ഭക്തിപുരസ്സരം. 34

കാലകർമ്മസ്വഭാവങ്ങൾക്കെഴും ത്രൂപ-
മാളും ഭഗവാന്റെ യോഗമായാബലം

ആകവേ വർണ്ണനംചെയ്യാനൊരുത്തനു-
മാകാ യഥാർത്ഥത്തിലെന്നു ധരിക്കുക. 35

അന്യവിഷയവ്യവഹാരദുഷ്ടമാ-
മെന്നുടെ വാണികൾ ശുദ്ധീകരിക്കുവാൻ

കേട്ടതുപോലെയും മാമകശേമുഷി-
ക്കൊത്തും ഹരികീർത്തി കീർത്തിച്ചിടുന്നു
ഞാൻ. 36

മർത്ത്യർതൻ വാക്കിനും ശ്രോതസ്സിനുമെഴും
വ്യക്തമായീടും പരമപ്രയോജനം

കീർത്തനീയൻ ഭഗവാന്റെ വീര്യങ്ങളെ
വാഴ്ത്തുന്നതും ശ്രവിക്കുന്നതുംതന്നെയാം. 37

ആയിരംവർഷം തപസ്സുചെയ്തുതൃപ്ത-
മായിട്ട, ബുദ്ധിയാലാ ബ്രഹ്മദേവനും

അപ്പരമാത്മാവിനുള്ള മാഹാത്മ്യങ്ങ-
ളൽപ്പാടറിയുവാൻ കെല്പിയന്നീലതാൻ. 38

ഇബ്ഭഗവാനുടെ മായാവിലാസങ്ങൾ
ക്ഷിപ്രം മയക്കുന്നു മായാവിമാരെയും

അദ്ദേഹവുമറിയുന്നില്ലതിൻസീമ-
യസ്ഥിതിക്കന്യരറിയുന്നതെങ്ങനെ? 39

വേദവാക്യങ്ങൾക്കു,മെന്റെയുമാത്മഭൂ-
വാദിസുരന്മാരുടേയും മനസ്സിനും
നേരേ വിഷയമാകാതെ വിളങ്ങുമാ-
നാരായണനെ നമസ്കരിക്കുന്നു ഞാൻ. 40

അദ്ധ്യായം 7

മായാലക്ഷണം

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ ചൊല്ലിടും മൈത്രേയമാമുനി-
പുംഗവനുംപ്രീതി വർദ്ധിച്ചിടുംവിധം
വ്യാസാത്മജനായ് വിദുരനാം പണ്ഡിതൻ
ഭാഷണംചെയ്യാൻ മധുരവാക്യങ്ങളാൽ. 1

വിദുരൻ പറഞ്ഞു

ജ്ഞാനാത്മകനായവികാരിയായ് ഗുണ-
ഹീനനായീടുമാ വിഷ്ണുഭഗവാനിൽ
നേരേ ഗുണകാര്യമാം ജന്മകർമ്മങ്ങൾ
ചേരുന്നതെങ്ങനെ ലീലാർത്ഥമാകിലും? 2

കുട്ടികൾക്കാഗ്രഹം ലീലയിൽ വന്നിടാം
കൂട്ടർ കൂടുമ്പൊഴോ, പക്ഷേ, തനിയേയോ.
നിത്യമുക്തൻ സ്വരൂപാനന്ദതൃപ്തന-
ദ്ദൈത്യാരിയിലതു ചേരുന്നതെങ്ങനെ? 3

മായാഗുണങ്ങളാൽ ലോകം മുറയ്ക്കു തീ-
ർത്തായതു പാലിച്ചഴിക്കുന്നിതീശ്വരൻ. 4

ദേശകാലങ്ങ,ളവസ്ഥ,യാക്കും സ്വയ-
മേക്രമൗദാസീന്യ,മന്യസംബന്ധവും
തീണ്ടാത്ത ബോധസ്വരൂപനാമീശനി-
ലുണ്ടാവതെങ്ങനെ മായാനുയോജനം? 5

എന്നതല്ലേകനാം ചിദ്രൂപനീശ്വരൻ
മിന്നുന്നു സർവ്വദേഹത്തിലും ജീവനായ്
എന്നിരിക്കെബ്ഭാഗ്യദോഷമോ, കർമ്മത്തിൽ-
നിന്നെഴും ക്ലേശമോ ജീവനു ചേരുമോ? 6

അജ്ഞാനരൂപമാമിസ്സങ്കടത്തിലെൻ-
പ്രജ്ഞ മുങ്ങുന്നു, ഖേദിക്കുന്നു മാനസം.
എന്മാനസത്തിലിയലും വലുതായ
കല്മഷംപോക്കുക വിദ്വന്മണേ! ഭവാൻ. 7

ശ്രീശുകൻ പറഞ്ഞു

തത്ത്വഗ്രഹണാശയാളും വിദുരന്റെ
ചോദ്യത്തിലദ്ഭുതപ്പെട്ടില്ല മാമുനി.
മാധവൻതങ്കൽ മനസ്സർപ്പിച്ചുകൊ-
ണ്ടോതിനാൻ മന്ദസ്മിതപൂർവ്വമുത്തരം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയ ഉവാച

സേയം ഭഗവതോ മായാ യന്നയേന വിരുദ്ധ്യതേ
ഈശ്വരസ്യ വിമുക്തസ്യ കാർപ്പണ്യമുത ബന്ധനം. 9
യദർത്ഥേന വിനാമുഷ്യ പുംസ ആത്മവിപര്യയഃ
പ്രതീയത ഉപദ്രഷ്ടുസ്സ്വശിരശ്ഛേദനാദികഃ. 10
യഥാ ജലേ ചന്ദ്രമസഃ കമ്പാദിസ്തത്കൃതോ ഗുണഃ
ദൃശ്യതേഽസന്നപി ദ്രഷ്ടുരാത്മനോ നാത്മനോ ഗുണഃ. 11
സ വൈ നിവൃത്തിധർമ്മേണ വാസുദേവാനുകമ്പയാ
ഭഗവദ്ഭക്തിയോഗേന തിരോധത്തേ ശനൈരിഹ. 12
യദേന്ദ്രിയോപരാമോഽഥ ദ്രഷ്ട്രാത്മനി പരേ ഹരൗ
വിലീയന്തേ തദാ ക്ലേശാസ്സംസുപ്തസ്യേവ കൃത്സ്നശഃ. 13

അശേഷസംക്ലേശശമം വിധത്തേ
ഗുണാനുവാദശ്രവണം മുരാരേഃ
കുതഃ പുനസ്തച്ചരണാരവിന്ദ-
പരാഗസേവാരതിരാത്മലബ്ധാ. 14

വിദുര ഉവാച

സംഛിന്നസ്സംശയോ മഹ്യം തവ സൂക്താസിനാ വിഭോ!
ഉഭയത്രാപി, ഭഗവൻ, മനോ മേ സംപ്രധാവതി. 15
സാധ്വേതദ്വ്യാഹൃതം വിദ്വന്നാത്മമായായനം ഹരേഃ
ആഭാത്യപാർത്ഥം നിർമ്മൂലം വിശ്വമൂലം ന യദ്ബഹിഃ. 16
യശ്ച മൂഢതമോ ലോകേ യശ്ച ബുദ്ധേഃ പരം ഗതഃ
താവുഭൗ സുഖമേധേതേ; ക്ലിശ്യത്യന്തരിതോ ജനഃ. 17
അർത്ഥാഭാവം വിനിശ്ചിത്യ പ്രതീതസ്യാപി നാത്മനഃ
താം ചാപി യുഷ്മച്ചരണസേവയാഹം പരാണുദേ. 18
യത്സേവയാ ഭഗവതഃ കൂടസ്ഥസ്യ മധുദ്വിഷഃ
രതിരാസോ ഭവേത്തീവ്രഃ പാദയോർവ്യസനാർദനഃ. 19
ദുരാപാ ഹ്യല്പതപസസ്സേവാ വൈകുണ്ഠവർത്മസു
യത്രോപഗീയതേ നിത്യം ദേവദേവോ ജനാർദ്ദനഃ. 20
സൃഷ്ട്വാഗ്രേ മഹദാദീനി സവികാരാണ്യനുക്രമാത്
തേഭ്യോ വിരാജമുദ്ധൃത്യ തമനു പ്രാവിശദ്വിഭുഃ 21
യമാഹുരാദ്യം പുരുഷം സഹസ്രാങ്ഘ്ര്യൂരുബാഹുകം
യത്ര വിശ്വ ഇമേ ലോകാസ്സവികാസം സമാസതേ. 22
യസ്മിൻ ദശവിധഃ പ്രാണഃ സേന്ദ്രിയാർത്ഥേന്ദ്രിയസ്ത്രിവൃത്
ത്വയേരിതോ യതോ വർണ്ണാസ്തദ്വിഭൂതീർവ്വദസ്വ നഃ. 23
യത്ര പുത്രൈശ്ച പൗത്രൈശ്ച നപ്തൃഭിസ്സഹ ഗോത്രജൈഃ
പ്രജാ വിചിത്രാകൃതയ ആസൻ യാഭിരിദം തതം. 24
പ്രജാപതീനാം സ പതിശ്ചക്ലൃപേ കാൻ പ്രജാപതീൻ
സർഗ്ഗാംശ്ചൈവാനുസർഗ്ഗാംശ്ച മനൂന്മന്വന്തരാധിപാൻ
ഏതേഷാമപി വംശാംശ്ച വംശ്യാനുചരിതാനി ച. 25
ഉപര്യധശ്ച യേ ലോകാ ഭൂമേർമിത്രാത്മജാസതേ
തേഷാം സംസ്ഥാം പ്രമാണം ച ഭൂർല്ലോകസ്യ ച വർണ്ണയ. 26
തിര്യങ്മാനുഷദേവാനാം സരീസൃപപതത്രിണാം
വദ നസ്സർഗ്ഗസംവ്യൂഹം ഗാർഭസ്വേദദ്വിജോദ്ഭിദാം. 27
ഗുണാവതാരൈർവ്വിശ്വസ്യ സർഗ്ഗസ്ഥിത്യപ്യയാശ്രയം
സൃജതഃ ശ്രീനിവാസസ്യ വ്യാചക്ഷ്വോദാരവിക്രമം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയൻ പറഞ്ഞു

മുക്തനാമീശനിൽ ദൈന്യവും ബന്ധവും
യുക്തിക്കു യോജിച്ചിടാതെ കാണുന്നതു
ഈശ്വരേച്ഛാശക്തിയാലുള്ള മായതൻ
ശാശ്വതലക്ഷണമെന്നു ധരിക്കണം. 9
സത്യത്തിലില്ല ജീവാത്മാവിനു ജന്മ-
മൃത്യുദുഃഖം, വെറും ഭ്രാന്തിയാൽ തോന്നുന്നു.
സ്വപ്നത്തിലാത്മശിരച്ഛേദനാദികൾ
സ്വപ്നു തോന്നുന്നവല്ലോ യഥാർത്ഥമായ്. 10
നീരിൻചലനവും തത്കൃതധർമ്മവും
താരാധിനായകനില്ലെന്നിരിക്കിലും,
അങ്ങനെ തോന്നുന്നു; ദേഹാദിതൻ ഗുണ-
സംഗവും ജീവനു കാണുന്നിതാവിധം. 11
ഇത്ഥം ശരീരാദിയിലെഴുമധ്യാസ-
മുത്തമശ്ലോകകൃപാവീക്ഷമൂലവും
തദ്ഭക്തിയാലും നിവൃത്തിമാർഗ്ഗംകൊണ്ടു-
മല്പാല്പമായിത്തിരോഭവിക്കും ദൃഢം. 12
ദ്രഷ്ടാവുമൊത്തിന്ദ്രിയോപരമം ബ്രഹ്മ-
വസ്തുവാം കൃഷ്ണനിലെപ്പോൾ ഭവിക്കുമോ,
അപ്പോൾ സുഷുപ്തിസ്ഥിതന്നെന്നപോൽ, ദുഃഖ-
മപ്പാടെയങ്ങു വിലയം ഗമിച്ചിടും. 13
ശ്രീമഹാവിഷ്ണുവിൻ ശ്രേഷ്ഠഗുണങ്ങൾ സ-
പ്രേമം ശ്രവിക്കയും ചൊല്ലുകയുംകൊണ്ടുതാൻ
ക്ലേശവിനാശം ഭവിക്കുകിൽ, തത്പദ-
പാംസുസേവാരതിതൻ ഫലമെന്തയാം? 14

വിദുരപ്രശ്നം

വിദുരൻ പറഞ്ഞു

മാമുനേ! താവകസൂക്തിഖഡ്ഗത്തിനാൽ
മാമകസംശയം ഛിന്നമായീ വിഭോ!
ഈശൻ സ്വതന്ത്രനും ജീവൻ പരവശ-
ക്ലേശയുതനുമെന്നായ് ധരിച്ചീടിനേൻ. 15
വിശ്വനിദാനനാമിന്ദിരാജാനിത-
ന്നാശ്ചര്യദമായ മായാവിലാസങ്ങൾ
താനെന്നിയേ ഹേതുവില്ലാത്തതുമർത്ഥ-
ഹീനവുമെന്നു സുസ്പഷ്ടമാക്കീ ഭവാൻ. 16
ഏറ്റവും മൂഢനും ജ്ഞാനിയും ലോകത്തി-
ലത്യന്തസൗഖ്യമിയന്നു ജീവിക്കുന്നു.
എന്നാലിടമട്ടുകാരനായുള്ളവ-
നെന്നുമഴലിൽ മുഴുകിക്കഴിയുന്നു. 17
ഉള്ളതായ്ത്തോന്നീടുകിലുമനാത്മാവി-
നുള്ള നിരർത്ഥത നേരേ ധരിച്ചു ഞാൻ
നിന്തിരുപ്പാദസരോജസംസേവയാൽ
സന്ത്യജിച്ചീടുമുടനാ പ്രതീതിയും. 18
ദോഷം ഹനിച്ചിടും കൂടസ്ഥനാം മധു-
ദ്വേഷിഭഗവാനിലാക്കും നിനയ്ക്കുകിൽ
പ്രേമസുലക്ഷണഭക്തിയുണ്ടായ് വരാ
ധീമദ്ഗുരുപാദസേവകൊണ്ടെന്നിയേ. 19
വൈകുണ്ഠലബ്ധിക്കു വേണ്ട മാർഗ്ഗങ്ങളീ-
ലോകർക്കരുളും ഭവാദൃശദിവ്യരെ
സേവിക്കുവാനല്പമാം തപംചെയ്യോർക്കു
കൈവരാ ഭാഗ്യമെന്നെങ്ങും പ്രസിദ്ധമാം.
താദൃശന്മാർ ദേവദേവനാം വിഷ്ണുവിൻ
പൂതഗീതം സദാ പാടുവോരല്ലയോ? 20
ആദിയിലീശൻ രചിച്ചുകൊണ്ടോൻ മഹ-
ദാദിതത്ത്വങ്ങളതുകളിൽനിന്നഥ
ഉദ്ഭവിപ്പിച്ചു വിരാട്ടിനെ,പ്പിന്നതി-
ലുംപ്രവേശിച്ചാൻ മുനികുലോത്തംസമേ! 21
ആയിരമായിരം കൈകാൽ തുടകളു-
മായെഴുമാരെയാണാദ്യാവതാരമായ്
ചൊല്ലുന്നു,തദ്ദേവനിൽത്തന്നെയീ ലോക-
മെല്ലാം സുഖമായ് നിവസിച്ചിടുന്നതും. 22
പത്തിന്ദ്രിയങ്ങളും പ്രാണങ്ങൾ പത്തുമൊ-
പ്പെട്ട സത്വാദിഗുണത്രയരൂപമാം
എല്ലാം നിവസിക്കുമീ ദേവനിൽത്തന്നെ-
യല്ലോ ചതുർവർണ്ണമുദ്ഭവിച്ചുള്ളതും
ആ വിരാട്ടിൻറെ വിഭൂതികൾ ഞങ്ങളോ-
ടാവിരാനന്ദമരുളീടണം ഭവാൻ. 23
പുത്രരും പൗത്രരും തത്പുത്രപൗത്രരും
ഗോത്രജന്മാരുമായി പ്രജാസഞ്ചയം
ചിത്രതരമായ് നിറഞ്ഞുമജ്ജഗ-
ത്തോർത്തീടിലീശവിഭൂതിയാൽ ജാതമാം. 24
മുപ്പാരുതീർപ്പതിനാരേ നിയമിച്ചു
കെല്ലേറിടും പ്രജാധീശാഗ്രിമനജൻ
ആയവർതൻ സൃഷ്ടിയു,മനുസൃഷ്ടിയും
സ്വായംഭുവാദികളേയു,മവരുടെ
കാലവും, മന്വന്തരാധിപന്മാരെയും
ചേലായി വിസ്തരിച്ചോതീടണം ഭവാൻ.
മിത്രാസുതമുനേ! യമ്മഹീപാലർതൻ
ഗോത്രവും, വംശജസച്ചരിതങ്ങളും
മന്നിനുകീഴ് മേലെഴുന്ന ലോകങ്ങളും,
പിന്നെയവററിൻ സ്ഥിതിപരിമാണവും,
ഭൂവിൻ വലിപ്പം, വിഹംഗമവർഗ്ഗങ്ങൾ;
ദേവമനുഷ്യർ, തിര്യക്കിഴജാതികൾ
ഗർഭം, വിയർപ്പു,മണ്ഡമിവയിൽനി-
ന്നുത്ഭവിച്ചീടുമഖിലത്തിനുമെഴും
സൃഷ്ടിക്രമങ്ങളും ചൊല്ലീടണം പിന്നെ
വിഷ്ണുപസൃഷ്ടിരക്ഷാനാശഹേതുവാം
ഉത്തമശ്ലോകഗുണാവതാരത്തിൻറെ
സാത്ത്വികമാം വിക്രമങ്ങളും ചൊല്ലുക. 25-28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണാശ്രമവിഭാഗാംശ്ച രൂപശീലസ്വഭാവതഃ
ഋഷീണാം ജന്മകർമ്മാദി വേദസ്യ ച വികർഷണം 29
യജ്ഞസ്യ ച വിതാനാനി യോഗസ്യ ച പഥഃ പ്രഭോ!
നൈഷ്കർമ്മ്യസ്യ ച സാംഖ്യസ്യ തന്ത്രം വാ ഭഗവത്സ്മൃതം. 30
പാഖണ്ഡപഥവൈഷമ്യം പ്രതിലോമനിവേശനം
ജീവസ്യ ഗതയോ യാശ്ച യാവതീർഗ്ഗുണകർമ്മജാഃ 31
ധർമ്മാർത്ഥകാമമോക്ഷാണാം നിമിത്താന്യവിരോധതഃ
വാർത്തായാ ദണ്ഡനീതേശ്ച ശ്രുതസ്യ ച വിധിം പൃഥക്. 32
ശ്രാദ്ധസ്യ ച വിധിം ബ്രഹ്മൻ പിതൄണാം സർഗ്ഗമേവ ച
ഗ്രഹനക്ഷത്രതാരാണാം കാലാവയവസംസ്ഥിതിം. 33
ദാനസ്യ തപസോ വാപി യച്ചേഷ്ടാപൂർത്തയോഃ ഫലം
പ്രവാസസ്ഥസ്യ യോ ധർമ്മോ യശ്ച പുംസ ഉതാപദി. 34
യേന വാ ഭഗവാംസ്തുഷ്യേദ്ധർമ്മയോനിർജ്ജനാർദ്ദനഃ
സംപ്രസീദതി വാ യേഷാമേതദാഖ്യാഹി ചാനഘ! 35
അനുവ്രതാനാം ശിഷ്യാണാം പുത്രാണാം ച ദ്വിജോത്തമ!
അനാപൃഷ്ടമപി ബ്രൂയുർഗ്ഗുരവോ ദീനവത്സലാഃ. 36
തത്ത്വാനാം ഭഗവംസ്തേഷാം കതിധാ പ്രതിസംക്രമഃ
തത്രേമം ക ഉപാസീരൻ ക ഉ സ്വിദനുശേരതേ. 37
പുരുഷസ്യ ച സംസ്ഥാനം സ്വരൂപം വാ പരസ്യ ച
ജ്ഞാനം ച നൈഗമം യത്തദ് ഗുരുശിഷ്യപ്രയോജനം. 38
നിമിത്താനി ച തസ്യേഹ പ്രോക്താന്യനഘ സൂരിഭിഃ
സ്വതോ ജ്ഞാനം കുതഃ പുംസാം ഭക്തിർവ്വൈരാഗ്യമേവ വാ. 39
ഏതാന്മേ പൃച്ഛതഃ പ്രശ്നാൻ ഹരേഃ കർമ്മവിവിത്സയാ
ബ്രൂഹി മേഽജ്ഞസ്യ മിത്രത്വാദജയാ നഷ്ടചക്ഷുഷഃ. 40
സർവ്വേ വേദാശ്ച യജ്ഞാശ്ച തപോ ദാനാനി ചാനഘ!
ജീവാഭയപ്രദാനസ്യ ന കുർവ്വീരൻ കലാമപി. 41

ശ്രീശുക ഉവാച
സ ഇത്ഥമാപൃഷ്ടപുരാണകല്പഃ കുരുപ്രധാനേന മുനിപ്രധാനഃ
പ്രവൃദ്ധഹർഷോ ഭഗവത്കഥായാം സംചോദിതസ്തം—
പ്രഹസന്നിവാഹ. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

മൈത്രേയ ഉവാച
സത്സേവനീയോ ബത പൂരുവംശോ
യല്ലോകപാലോ ഭഗവത്പ്രധാനഃ
ബഭൂവിഥേഹാജിതകീർത്തിമാലാം
പദേ പദേ നൂതനയസ്യഭീക്ഷ്ണം. 1
സോഽഹം നൃണാം ക്ഷുല്ലസുഖായ ദുഃഖം
മഹദ്ഗതാനാം വിരമായ തസ്യ
പ്രവർത്തയേ ഭാഗവതം പുരാണം
യദാഹ സാക്ഷാദ് ഭഗവാനൃഷിഭ്യഃ. 2
ആസീനമുർവ്യാം ഭഗവന്തമാദ്യം സങ്കർഷണം ദേവമകുണ്ഠസത്ത്വം
വിവിത്സവസ്തത്ത്വമതഃ പരസ്യ കുമാരമുഖ്യാ മുനയോഽന്വപൃച്ഛൻ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണാശ്രമവിഭാഗങ്ങളും, തദാകൃതി,
പിന്നെ,യവയുടെ ശീലമാചാരവും

മാമുനിമാരുടെ ജന്മകർമ്മാദിയും
മാമറതൻ പിരിവും ഫലകാംക്ഷിതം

ഉൾക്കൊണ്ടിടാത്ത കർമ്മത്തിൻ വിഭാഗവും,
സാംഖ്യയോഗം, ഭക്തിയോഗമീരണ്ടിൻെറ

സമ്പ്രദായങ്ങളും, നിരീശമതമിങ്ങു
വൻപിച്ച ദോഷം ജനതയ്ക്കുണപ്പതും

ചണ്ഡാലജാതിതന്നുദ്ഭവ,മേതൊരു
വർണ്ണത്തിലെണ്ണണമക്കൂട്ടരേയതും

സ്വീകൃതമാം ഗുണകർമ്മങ്ങളാൽ ജീവി–
നാകനരകങ്ങളും പൂകിടുന്നെന്നതും

ധർമ്മാർത്ഥകാമമോക്ഷങ്ങളും വിരോധമ–
റെറമ്മട്ടിണക്കിയനുഷ്ഠേയമെന്നതും,

കൃഷ്യാദിവ്യാപാരനിർവ്വഹണക്രമം,
നിശ്ചിതശ്രാദ്ധക്രമം, ദണ്ഡനീതിയും,

താരനക്ഷത്രഗ്രഹങ്ങൾനിമിത്തമായ്
ചേരുന്ന കാലവിഭാഗസ്വഭാവവും,

ദാനക്രമം, തപസ്സമ്പ്രദായങ്ങ,ളു–
ന്നൃനയാഗാദി സത്കർമ്മഫലങ്ങളും

അന്യദേശാവാസിതന്നനുഷ്ഠാനങ്ങളും,
പിന്നെ,യാപത്കാലചര്യാക്രമങ്ങളും,

ധർമ്മഫലപ്രദനാകും ഹരിയാരി–
ലെമ്മട്ടിലാണു തോഷിപ്പതുമോതുക. 29–35

ആശ്രയിച്ചീടുന്ന ശിഷ്യവർഗ്ഗത്തിനും
തത്സുതന്മാർക്കും കൃപാർദ്രരാം ദേശികർ,

ചോദിച്ചിടായ്കിലുമാത്മതത്ത്വങ്ങളെ–
യാദേശിച്ചീടുന്നുവല്ലോ ദ്വിജോത്തമാ! 36

സർവ്വജ്ഞമാമുനേ! തത്ത്വഗണങ്ങളി–
ലുർവ്യാദികൾതൻ ലയമെത്രമാതിരി.

ഏതതിൽ സേവിച്ചുനിൽപ്പൂ ഭഗവാനെ–
യേതു നേരേ ലയിക്കുന്നു ഭഗവാനിൽ; 37

ഈശ്വരരൂപവും ജീവൻെറ തത്ത്വവും
ദേശികശിഷ്യമുറകൾ പാലിച്ചിടും

വേദോക്തമാം ജ്ഞാനമാർഗ്ഗവും ഞങ്ങളോ–
ടോതീടണം ഭവാൻ വാത്സല്യപൂർവ്വകം! 38

വേദവിധിക്കൊത്ത ബോധത്തിനുള്ളോരു
ഹേതുക്കളെന്തൊക്കെയോതുന്നു സൂരികൾ?

മർത്ത്യർക്കറിവും വിരക്തിയും ഭക്തിയും
സത്വരമെത്തുവതെങ്ങനെയെന്നതും,

വിഷ്ണുതത്ത്വഗ്രഹണത്തിനായത്യന്ത–
തൃഷ്ണയോടൊക്കെയും ചോദിച്ചിടുന്നു ഞാൻ.

മായാവിമോഹത്തിനാൽ ബോധഹീനനാ–
മീയിവനോടിവ വിസ്തരിച്ചോതണം. 39–40

ആഗമമാകെപ്പഠിക്കിലു,മെത്രയോ
യാഗം കഴിക്കിലും, വൻതപംചെയ്കിലും,

മർത്ത്യർക്കു സംസാരദുഃഖമൊഴിച്ചിടും
തത്ത്വോപദേശത്തിനൊപ്പമുണ്ടോ ഫലം? 41

ശ്രീശുകൻ പറഞ്ഞു

ഇത്ഥം പുരാണസാരസ്പർശിയായിടും
ക്ഷത്തൃചോദ്യം കേട്ടു തത്ത്വജ്ഞനമ്മുനി

എല്ലാം ഹരികഥാബദ്ധങ്ങളാകയാൽ,
നല്ലോരവസരം സത്കഥ ചൊല്ലുവാൻ

സിദ്ധിച്ചതിനാലതീവ സന്തുഷ്ടനാ–
യുത്തമം മന്ദഹാസത്തോടോതീടിനാൻ. 42

അദ്ധ്യായം 8

ബ്രഹ്മാവിൻെറ ആവിർഭാവം

മൈത്രേയൻ പറഞ്ഞു

ലോകപാലന്മാരിലേകനും പേരാർന്ന
ഭാഗവതാഗ്രസാനുമായ് മിന്നിടും

സൂര്യാത്മജൻ ഭവാൻ ജന്മമെടുക്കയാൽ
പൂരുവംശം സജ്ജനസേവനീയമായ്

ഓരോ പദത്തിലും നാരായണയശഃ–
പൂരം പുതുക്കിടും ചോദ്യങ്ങളെത്തന്നെ

പിന്നെയുംപിന്നെയും ചോദിക്കുകമൂല–
മുന്നതമോദമുളവായിടുന്നു മേ. 1

അല്പസുഖത്തിനായ്ത്തീവ്രദുഃഖങ്ങളി–
ലാപ്പെട്ടവർക്കുപശാന്തിക്കെഴും വഴി

നാരായണനരുളീട്ടുണ്ടു മാമുനി–
മാരോ,ടതിൻ സാരമെല്ലാമടങ്ങിടും

ശ്രീമഹാഭാഗവതപുരാണംതന്നെ
ധീമൻ! ഭവാനോടുരചെയ്കിടുന്നു ഞാൻ. 2

ആദ്യനായുർവ്വിയിലാസീനനായ്സ്സർവ–
വേദ്യനാകും ഭഗവാനാദിശേഷനെ

ശുശ്രൂഷിപ്പരനുടെ തത്ത്വം ധരിക്കുവാൻ
താത്പര്യമോടു ചോദിച്ചു സനാദികൾ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വമേവ ധിഷ്ണ്യം ബഹു മാനയന്തം
യം വാസുദേവാഭിധമാമനന്തി
പ്രത്യഗ്ധൃതാക്ഷാംബുജകോശമീഷ-
ദുന്മീലയന്തം വിബുധോദയായ. 4
സ്വർധുന്യുദാർദ്രൈഃ സ്വജടാകലാപൈ-
രുപസ്പൃശന്തശ്ചരണോപധാനം
പദ്മം യദർച്ചന്ത്യഹിരാജകന്യാഃ
സപ്രേമനാനാബലിഭിർവ്വരാർത്ഥാഃ. 5
മുഹുർഗൃണന്തോ വചസാനുരാഗ-
സ്ഖലത്പദേന്യാസകൃതാനി തജ്ജ്ഞാഃ
കിരീടസാഹസ്രമണിപ്രവേക-
പ്രദ്യോതിതോദ്ദാമഫണാ സഹസ്രം. 6
പ്രോക്തം കിലൈതദ് ഭഗവത്തമേന
നിവൃത്തിധർമ്മാഭിരതായ തേന
സനത്കുമാരായ സ ചാഹ പൃഷ്ടഃ
സാംഖ്യായനായാങ്ഗ! ധൃതവ്രതായ. 7
സാംഖ്യായനഃ പാരമഹംസ്യമുഖ്യോ
വിവക്ഷമാണോ ഭഗവദ്വിഭൂതീഃ
ജഗാദ സോഽസ്മദ് ഗുരവേഽന്വിതായ
പരാശരായാഥ ബൃഹസ്പതേശ്ച. 8
പ്രോവാച മഹ്യം സ ദയാലുരുക്തോ
മുനിഃ പുലസ്ത്യേന പുരാണമാദ്യം
സോഽഹം തവൈതത് കഥയാമി വത്സ!
ശ്രദ്ധാലവേ നിത്യമനുവ്രതായ. 9
ഉദാപ്ലുതം വിശ്വമിദം തദാസീ-
ദ്യന്നിദ്രയാമീലിതദൃങ്ന്യമീലയത്
അഹീന്ദ്രതല്പേഽധിശയാന ഏകഃ
കൃതക്ഷണഃ സ്വാത്മരതൗ നിരീഹഃ 10
സോഽന്തശ്ശരീരേഽർപ്പിതഭൂതസൂക്ഷ്മഃ
കാലാത്മികാം ശക്തിമുദീരയാണഃ
ഉവാസ തസ്മിൻ സലിലേ പദേ സ്വേ
യഥാനലോ ദാരുണി രുദ്ധവീര്യഃ 11
ചതുര്യുഗാനാം ച സഹസ്രമപ്സു
സ്വപൻ സ്വയോദീരിതയാ സ്വശക്ത്യാ
കാലാഖ്യയാഽസാദിതകർമ്മതന്ത്രോ
ലോകാനപീതാൻ ദദൃശേ സ്വദേഹേ. 12
തസ്യാർത്ഥസൂക്ഷ്മാഭിനിവിഷ്ടദൃഷ്ടേ-
രന്തർഗ്ഗതോഽർത്ഥോ രജസാ തനീയാൻ
ഗുണേന കാലാനുഗതേന വിദ്ധഃ
സൂഷ്യംസ്തദാഭിദ്യത നാഭിദേശാത്. 13
സ പദ്മകോശഃ സഹസോദതിഷ്ഠത്
കാലേന കർമ്മപ്രതിബോധനേന
സ്വരോചിഷാ തത്സലിലം വിശാലം
വിദ്യോതയന്നർക്ക ഇവാത്മയോനിഃ. 14
തല്ലോകപദ്മം സ ഉ ഏവ വിഷ്ണുഃ
പ്രാവീവിശത്സർവ്വഗുണാവഭാസം
തസ്മിൻ സ്വയം വേദമയോ വിധാതാ
സ്വയംഭുവം യം സ്മ വദന്തി സോഽഭൂത്. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താനേ നിജാശ്രയമാം വാസുദേവനെ
ധ്യാനിച്ചു ദേവോത്തമോദയാസക്തനായ്

പ്രത്യഗാത്മാവിലുറപ്പിച്ചിരിക്കുമാ-
നേത്രസരോരുഹകോരകം മെല്ലവേ

അമ്മുനിമാരുടെനേക്കു തിരിച്ചുചെ-
റ്റുന്മീലനംചെയ്തിരുന്നരുളീടിനാൻ. 4

ഗംഗയിൽ മുങ്ങിജ്ജലമൊലിക്കും ജട-
യങ്ങബ്ഭഗവത്പദാശ്രയാബ്ജത്തിലായ്

തങ്ങിടുമാറു നമിച്ചുകൊണ്ടായിരു-
ന്നിങ്ങനെ ചോദിച്ചതസ്സനകാദികൾ.

സപ്പേന്ദ്രകന്യമാർ കാമുകലാഭത്തി-
നിപ്പദ്മമച്ചിപ്പു നാനാബലികളാൽ. 5

ആയിരം മൗലിയിൽച്ചേരും മണികാന്ത-
ന്നായതദീപ്തിയാലേററം വിളങ്ങിടും

ആയിരം പത്തിയെഴും ശേഷമൂത്തിയെ-
ഗ്ഗേയാപദാനങ്ങൾ രാഗപുരസ്സരം

തൊണ്ടയിടറും മൊഴികളാൽ വണ്ണിച്ചു-
കൊണ്ടുമന്ത്രയിതു ചോദിച്ചതങ്ങവർ. 6

ബ്രഹ്മസ്വരൂപനാമാദിശേഷൻ മോക്ഷ-
ധമ്മേച്ഛുവാം കുമാരഷിയോടാർദ്രനായ്

ഭാഗവതത്തെയരുൾചെയ്തുവെന്നതു
ലോകപ്രസിദ്ധമാം; പിന്നെയസ്സംഹിത,

ചോദിക്കയാ,ലസ്സനൽക്കുമാരൻ മുനി-
യോതീ വ്രതിയായ സാംഖ്യായനനൊടും. 7

പിന്നെപ്പരമഹംസാഗ്രനാമമ്മഹാ-
നന്നതശിഷ്യഗുണങ്ങളിണങ്ങിടും

വന്ദ്യനാമസ്മദ്ഗുരുവാം പരാശരൻ-
തന്നൊടും ഗീഷ്പതിയോടും കഥിച്ചിതു. 8

ഉത്തമമിക്കഥ പിന്നെ,പ്പുലസ്ത്യനാൽ
ദത്തമാകും വരമൊത്ത, പരാശരൻ

എന്നോടലിഞ്ഞരുളീയതു ചൊല്ലിടാ-
മൊന്നിച്ചുവാണിടും നിന്നോടു വത്സ! ഞാൻ. 9

പിതാമഹോദ്ഭവം

ശേഷതല്പത്തിൽ ശയാനനായ് ലോകത്ര-
യേശനാമേകൻ ഭഗവാൻ ജനാർദ്ദനൻ

സൃഷ്ട്യാദിലീലകളല്പനേരത്തേക്കു
വിട്ടിട്ടു പള്ളിക്കുറുപ്പുകൊണ്ടീടുവാൻ

അദ്ധനിമീലിതനേത്രനായീടിന
മാത്രയിലിജ്ജഗത്താണ്ടുപോയംബുവിൽ. 10

ശക്തിയകത്തടക്കീട്ടരണിക്കുള്ളിൽ
മഗ്നമാമഗ്നിയെപ്പോ,ലഖിലേശ്വരൻ

ഭൂതസൂക്ഷ്മങ്ങളശേഷമുദരത്തി-
ലാതങ്കമെന്യെയൊതുക്കിയും, പിന്നെയും,

സ്ഥൂലശരീരമവയ്ക്കരുളീടുവാൻ
കാലമാം ശക്തിയെ പ്രേരണചെയ്തുമേ

സ്വസ്ഥാനമാം സലിലത്തിൽ ശയിച്ചിത-
ങ്ങദ്ധനിമീലിതനേത്രനായങ്ങനെ. 11

ഏവം ഭഗവാൻ സഹസ്രം ചതുര്യുഗം
മേവുന്നു ചിച്ഛക്തിയുക്തനായ് നീരതിൽ.

ബ്രഹ്മാവുതൻ നിശയും കഴിയുന്നട-
നന്മേഷമാന്നു സൃഷ്ടിക്കുവാൻ പിന്നെയും,

തൻകാലശക്തിയുണത്തുന്നു, കാണുന്നു
തങ്കലടങ്ങിയ ജീവജാലത്തെയും. 12

തന്നുടെ സങ്കല്പശക്തിപ്രവത്തനം-
തന്നാലതിസൂക്ഷ്മഭൂതസമുച്ചയം

കാലപ്രചോദിതമായി, രജോഗുണം
മൂലമായ് ക്ഷോഭംകലന്നു ജന്മത്തിനായ്

അബ്ഭഗവന്നാഭി ഭേദിച്ചു വന്നിതു
നല്പദ്മകോശാകൃതിയിൽ വെളിക്കുടൻ. 13

നാരായണാത്മാവിൽനിന്നുളവായ് ജീവ-
പൂരത്തിനുള്ള സമഷ്ടിസ്വരൂപമാം

അപ്പദ്മ,മെങ്ങും രവിസമം ദീപ്തിയാൽ
കല്പജലം പ്രകാശിപ്പിച്ചുകൊണ്ടുടൻ

കമ്മങ്ങളെയുണത്തും കാലചോദന-
തന്മൂലമപ്പിലുയന്നു ശോഭിച്ചിതു. 14

ചേലായ് ഗുണങ്ങളെ പ്രസ്പഷ്ടമാക്കിടു-
മാലോകരൂപാംബുജത്തിൽ സ്വയം ഹരി

മെല്ലെക്കടന്നാൻ, വിചിത്ര,മതിൽനിന്നു-
മുല്ലസത്സവ്വവേദാകൃതിയായഥ

ഉദ്ഭവിച്ചാൻ സ്വയംഭൂവെന്നഖിലരും
കല്പിച്ചുപോരും വിഭുവാം പിതാമഹൻ. 15

അത്താമരതൻ നടുക്കെഴും ധാതാവു
സത്വരം നോക്കിനാൻ പൂർവ്വലോകങ്ങളെ

കാണാഞ്ഞു, ചുററിനും വിണ്ണിലും വിട്ടു ക,-
ണ്ണാനനം നാലവനുണ്ടായിതക്ഷണം. 16.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യാം സ ചാംഭോരുഹകർണ്ണികായാ-
മവസ്ഥിതോ ലോകമപശ്യമാനഃ
പരിക്രമൻ വ്യോമ്നി വിവൃത്തനേത്ര-
ശ്ചത്വാരി ലേഭേऽനുദിശം മുഖാനി. 16
തസ്മാദ്യുഗാന്തശ്വസനാവഘൂർണ്ണ-
ജലോർമ്മിചക്രാത് സലിലാദ്വിരൂഢം
ഉപാശ്രിതഃ കഞ്ജമു ലോകതത്ത്വം
നാത്മാനമദ്ധാവിദദാദിദേവഃ. 17
ക ഏഷ യോസാവഹമബ്ജപൃഷ്ഠ
ഏതത് കുതോ വാബ്ജമനന്യദപ്സു
അസ്തി ഹ്യധസ്താദിഹ കിഞ്ചനൈത-
ദധിഷ്ഠിതം യത്ര സതാനുഭാവ്യം. 18
സ ഇത്ഥമുദ്വീക്ഷ്യ തദബ്ജനാള-
നാഡീഭിരന്തർജ്ജലമാവിവേശ
നാർവ്വാഗ്ഗതസ്തത്ഖരനാളനാള-
നാഭിം വിചിന്വംസ്തദവിന്ദതാജഃ. 19
തമസ്യപാരേ വിദുരാത്മസർഗ്ഗം
വിചിന്വതോऽഭൂത് സുമഹാംസ്ത്രിണേമിഃ
യോ ദേഹഭാജാം ഭയമീരയാണഃ
പരിക്ഷിണോത്യായുരജസ്യ ഹേതിഃ. 20
തതോ നിവൃത്തോऽപ്രതിലബ്ധകാമഃ
സ്വധിഷ്ണ്യമാസാദ്യ പുനഃ സ ദേവഃ
ശനൈർജ്ജിതശ്വാസനിവൃത്തചിത്തോ
ന്യഷീദദാരൂഢസമാധിയോഗഃ. 21
കാലേന സോऽജഃ പുരുഷായുഷാഭി-
പ്രവൃത്തയോഗേന വിരൂഢബോധഃ
സ്വയം തദന്തർഹൃദയേऽവഭാത
മപശ്യതാപശ്യത യന്ന പൂർവ്വം. 22
മൃണാളഗൗരായതശേഷഭോഗ-
പര്യങ്ക ഏകം പുരുഷം ശയാനം
ഫണാതപത്രായുതമൂർദ്ധരത്ന-
ദ്യുഭിർഹതധ്വാന്തയുഗാന്തതോയേ. 23
പ്രേക്ഷാം ക്ഷിപന്തം ഹരിതോപലാദ്രേഃ
സന്ധ്യാഭ്രനീവേരുരുരുക്മമൂർദ്ധ്നഃ
രത്നോദധാരൗഷധിസൗമനസ്യ-
വനസ്രജോ വേണുഭുജാങ്ഘ്രിപാങ്ഘ്രേഃ. 24
ആയാമതോ വിസ്തരതഃ സ്വമാന-
ദേഹേന ലോകത്രയസംഗ്രഹേണ
വിചിത്രദിവ്യാഭരണാംശുകാനാം
കൃതശ്രിയാപാശ്രിതവേഷദേഹം. 25
പുംസാം സ്വകാമായ വിവിക്തമാർഗ്ഗൈ-
രഭ്യർച്ചതാം കാമദുഘാങ്ഘ്രിപദ്മം
പ്രദർശയന്തം കൃപയാ നഖേന്ദു-
മയൂഖഭിന്നാംഗുലിചാരുപത്രം. 26
മുഖേന ലോകാർത്തിഹരസ്മിതേന
പരിസ്ഫുരത്കുണ്ഡലമണ്ഡിതേന
ശോണായിതേനാധരബിംബഭാസാ
പ്രത്യർഹയന്തം സുനസേന സുഭ്രൂവാ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്പാന്തകാലത്തിലെക്കൊടുങ്കാററിനാ–
ലല്ലേതരമിളകും തരംഗങ്ങളിൽ

ജാതമാം ലോകതത്ത്വാബ്ജത്തിലാളുമീ–
യാദിദേവൻ ധരിച്ചീലയാത്മാവിനെ. 17

അബ്ജത്തിലാസ്ഥിതൻ ഞാനാ,രിവിടെയീ–
യപ്പിലന്യാശ്രയമെന്യേയിരുന്നിടും

ഇപ്പദ്മമെങ്ങനെയുണ്ടായി, തിന്നടി–
ക്കുത്പത്തിഹേതുവായൊന്നുണ്ടു നിശ്ചയം. 18

ഇങ്ങനെ ചിന്തിച്ചു പദ്മനാളംവഴി–
യങ്ങതിരിഞ്ഞജ്ജലാന്തരമാകവേ

ഉദ്ഭവസ്ഥാനം മനസ്സിലാക്കീടുവാൻ
നിഷ്ഫലമായി ശ്രമിച്ചാൻ പിതാമഹൻ. 19

സ്രഷ്ടാവു, തൻ സൃഷ്ടികർത്താവിനെക്കണ്ടു–
മുട്ടാൻ നിജായുസ്സുഴിച്ചാൻ മുഴുവനും

പ്രാണികളിൽ ഭയമേററിത്തദായുസ്സി–
നൂനംവരുത്തുവതേതൊരുകാലമോ,

ആ നൂറുദിവ്യസംവത്സരമീവിധം
താനേ തിരഞ്ഞുനടന്നിതു നാന്മുഖൻ. 20

ബാഹ്യഭാഗാന്വേഷണം ഫലഹീനമെ–
ന്നൂഹിച്ചു പിന്നതിൽനിന്നു വിരമിച്ചു

തൻതാമരപ്പൂവിൽ വന്നിരുന്നിട്ടട–
നന്തരംഗം നല്ലവണ്ണം നിയന്ത്രിച്ചു

ശ്വാസം ക്രമത്തിലടക്കിസ്സമാധിയി–
ലാസീനനായാൻ സരസിജസംഭവൻ. 21

നൂറാണ്ടിതുവിധം യോഗക്രമങ്ങളെ
മാറാതനുഷ്ഠിച്ചു ബോധവാനായജൻ

മുമ്പു കാണാതെയിരുന്നൊരച്ചിത്പ്രഭ–
യമ്പോടകമേ തെളിഞ്ഞുകണ്ടീടിനാൻ. 22

വിസ്തൃതമാകും ഫണാതപത്രത്തിലെ
രത്നാഭയാൽ പ്രളയാന്താന്ധ്യമററെഴും

നീരിൽ, ബിസസമശുഭ്രമായ്, നീണ്ടതായ്,
ചാരുവാം ശേഷശരീരതല്പംതന്നിൽ

നിദ്രാണനായിശ്ശയിച്ചീടുമേകനാം
ഭദ്രപുരുഷനെക്കണ്ടാൻ പിതാമഹൻ. 23

സന്ധ്യാഭ്രകാന്തിയെപ്പീതവസനവു–
മന്തസ്സുവർണ്ണാഭയെപ്പൊൽക്കിരീടവും

ചിന്നും മണിപ്രഭയെക്കൗസ്തുഭാഭയും,
ബന്ധുരനീരൊളിയേ രത്നമാല്യവും,

സൗരഭ്യസൂനം തുളസീസുമാല്യവും,
ചാരുവേണുക്കളെബ്ബാഹുദണ്ഡങ്ങളും,

പിന്നെത്തരുക്കളെ പാദങ്ങളുംകൊണ്ടു
വെന്നു മരതകാദ്രിക്കൊത്തു മിന്നിനാൻ. 24

മുപ്പാരടക്കവാൻതക്ക വിസ്താരമോ–
ടൊപ്പമായ് ദൈർഘ്യവുമാന്നു വിചിത്രമാം

വസ്ത്രാഭരണാഭയാലേ മരതക–
ധാത്രീധരത്തെ നിന്ദിക്കും വപുസ്സോടും,

ഏതുതരം തനുവാളാൻ നിനച്ചിടും–
പോതിലെല്ലാമതുണ്ടാകും പ്രഭാവവും

താവിടുന്നോരു പുരുഷോത്തമനെയാ–
ണാ വിധാതാവു വീക്ഷിച്ചതസ്സന്ധിയിൽ. 25

ശുദ്ധമാം മാർഗ്ഗത്തിലൂടെയഭീഷ്ടസം–
സിദ്ധിക്കുതന്നെയർച്ചിച്ചിടുന്നോർക്കുടൻ

ചിന്തിതമേകുന്നതായി നഖേന്ദുവിൻ–
കാന്തിയേററിട്ടു വിടർന്ന വിരലിതം–

ചേർന്നു വിളങ്ങിടുമപ്പദപങ്കജ–
ദ്വന്ദ്വം പരം പ്രദർശിപ്പിച്ചിരുന്നിതേ. 26

ചാരുവാം നാസിക, ചില്ലീയുഗളവും
ചേരുവതായ്,ക്കണ്ണുഭൂഷാലസിതമായ്,

തൊണ്ടിപ്പഴംപോൽ,ച്ചുവന്ന ചുണ്ടിൻപ്രഭ–
കൊണ്ടു, നിണംപോൽ,ത്തുടുത്തു മുപ്പാരിനും

പുഞ്ചിരിയാലിണ്ടലാററി പ്രതിപൂജ–
യഞ്ചാതെയാചരിച്ചീടുമാസ്യത്തൊടും 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കദംബകിഞ്ജൽകപിശംഗവാസസാ
സ്വലംകൃതം മേഖലയാ നിതംബേ
ഹാരേണ ചാനന്തധനേന വത്സ
ശ്രീവത്സവക്ഷഃസ്ഥലവല്ലഭേന. 28

പരാർദ്ധ്യകേയൂരമണിപ്രവേക-
പര്യസ്തദോർദ്ദണ്ഡസഹസ്രശാഖം
അവ്യക്തമൂലം ഭുവനാങ്ഘ്രിപേന്ദ്ര-
മഹീന്ദ്രഭോഗൈരധിവീതവല്ശം. 29

ചരാചരൗകോ ഭഗവന്മഹീധ്ര-
മഹീന്ദ്രബന്ധും സലിലോപഗൂഢം
കിരീടസാഹസ്രഹിരണ്യശൃംഗ-
മാവിർഭവത്കൗസ്തുഭരത്നഗർഭം. 30

നിവീതമാമ്നായമധുവ്രതശ്രിയാ
സ്വകീർത്തിമയ്യാ വനമാലയാ ഹരിം
സൂര്യേന്ദുവായ്വഗ്ന്യഗമം ത്രിധാമഭിഃ
പരിക്രമത്പ്രാധനികൈർദ്ദുരാസദം. 31

തർഹ്യേവ തന്നാഭിസരസ്സരോജ-
മാത്മാനമംഭഃ ശ്വസനം വിയച്ച
ദദർശ ദേവോ ജഗതോ വിധാതാ
നാതഃപരം ലോകവിസർഗ്ഗദൃഷ്ടിഃ. 32

സ കർമ്മബീജം രജസോപരക്തഃ
പ്രജാസ്സിസൃക്ഷന്നിയദേവ ദൃഷ്ട്വാ
അസ്തൗദ്വിസർഗ്ഗാഭിമുഖസ്തമീഡ്യ-
മവ്യക്തവർത്മന്യഭിവേശിതാത്മാ. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
അഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ബ്രഹ്മോവാച

ജ്ഞാതോഽസി മേഽദ്യ സുചിരാന്നനു ദേഹഭാജാം
ന ജ്ഞായതേ ഭഗവതോ ഗതിരിത്യവദ്യം
നാന്യത്ത്വദസ്തി ഭഗവന്നപി തന്ന ശുദ്ധം
മായാഗുണവ്യതികരാദ്യദുരുർവ്വിഭാസി. 1

രൂപം യദേതദവബോധരസോദയേന
ശശ്വന്നിവൃത്തതമസസ്സദനുഗ്രഹായ
ആദൗ ഗൃഹീതമവതാരശതൈകബീജം
യന്നാഭിപദ്മഭവനാദഹമാവിരാസം. 2

നാതഃപരം പരമ യദ്ഭവതസ്സ്വരൂപ-
മാനന്ദമാത്രമവികല്പമവിദ്ധവർച്ചഃ
പശ്യാമി വിശ്വസൃജമേകമവിശ്വമാത്മൻ
ഭൂതേന്ദ്രിയാത്മകമദസ്ത ഉപാശ്രിതോഽസ്മി. 3

തദ്വാ ഇദം, ഭുവനമംഗള, മംഗളായ
ധ്യാനേ സ്മ നോ ദർശിതം ത ഉപാസകാനാം
തസ്മൈ നമോ ഭഗവതേഽനുവിധേമ തുഭ്യം
യോഽനാദൃതോ നരകഭാഗ്ഭിരസത്പ്രസംഗൈഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വത്സാ! കടമ്പിന്മലരല്ലിതൻ പുത-
ഭാസ്സെഴും ചേലയും രത്നം പതിച്ചുള്ള

പൊന്നരഞ്ഞാണമരയിൽ ധരിച്ചഥ,
തന്നുടെ മാറിലെ ശ്രീവത്സലാഞ്ഛനം

നന്നായ്ത്തിളങ്ങും വിധത്തിലമൂല്യമായ്
മിന്നും മണിമാലയാലെ വിളങ്ങിയും. 28

ഉന്നതരത്നങ്ങൾ ചേർന്ന കേയൂരങ്ങ-
ളാർന്നിടും നാനാഭുജശാഖകളൊടും

സ്പഷ്ടമല്ലാത്ത മൂലത്തൊടും, ശേഷനാൽ
ചുററപ്പെടും സ്കന്ധമൊത്തു, ലോകാകൃതി

കൈക്കൊണ്ടനല്പം ലാലസിക്കുന്നതാ-
മുത്കൃഷ്ടഭൂമീധരത്തെ വീക്ഷിച്ചിതു. 29

നീരമദ്ധ്യസ്ഥമായ് മൗലിസഹസ്രമാം
ചാരുസ്വർണ്ണക്കൊടുമുടി ചേർന്നതായ്,

ഭോഗീന്ദ്രബന്ധുവായ് മാറിലക്കൗസ്തുഭ-
മാകുന്ന രത്നത്തൊടൊത്തു മിളത്പ്രഭം

എല്ലാച്ചരാചരങ്ങൾക്കും വസിക്കുവാ-
നുള്ള ഭഗവന്മഹീധരം കണ്ടിതു. 30

വേദമധുവ്രതശ്രീയാലെ തൻ യശഃ-
ദ്യോതകമാം വനമാലയാൽ വ്യാപ്തനായ്

സൂര്യൻ, ശശി, കാററു, തീയെന്നിതുകളാൽ-
ത്തീരെയപ്രാപ്യനായ് മൂന്നുലകത്തിലും

കാന്തിചിന്തിച്ചുററിനും സഞ്ചരിച്ചിടും
സ്വന്തശസ്ത്രങ്ങളാൽ മിന്നീയഗമ്യനായ്. 31

ധാതാവുടനപ്പുമാന്റെ നാഭീസരോ-
ജാതമായീടുമപ്പങ്കേരുഹത്തെയും

അപ്പങ്കജത്തിലിരുന്നിടും തന്നെയും,
കല്പനീർ, കാററുമാകാശവും കണ്ടിതു;

എന്നിവയല്ലാതെ കണ്ടില്ല സൃഷ്ടിയി-
ലുന്നിയിരിക്കുമപ്പദ്മജനൊന്നുമേ. 32

ഏററം രജോഗുണയുക്തനായി പ്രജാ-
സൃഷ്ടിയിലുദ്യുക്തനാമപ്പിതാമഹൻ

ആരുമറിയാത്ത മാർഗ്ഗമിയന്നൊരി-
പ്പൂരുഷൻതാൻ തൻ ജനിഹേതുവെന്നുടൻ

നിശ്ചയിച്ചീഡ്യനാമദ്ദേവനെയുള്ളിൽ
വെച്ചർപ്പിച്ചു വാഴ്ത്തിത്തുടങ്ങീടിനാൻ. 33

അദ്ധ്യായം 9

ഭഗവത്സ്തുതി

ബ്രഹ്മാവു പറഞ്ഞു

ഇപ്പോഴറിഞ്ഞേൻ ഭവാനെച്ചിരാലിവ-
നിപ്പാരിലാരുമറിയാ ഭവദ്ഗതി

ദോഷമാണായതു ദേഹികൾക്കൊക്കെയു,-
മീശാ! ഭവാനൊഴിഞ്ഞൊന്നുമില്ലന്യമായ്.

കാണുന്നതെല്ലാം ഭവദ്രൂപഭേദങ്ങ-
ളാണെങ്കിലും പരിശുദ്ധമല്ലൊന്നുമേ.

മായാഗുണബന്ധമൂലം ബഹുരൂപ-
നായിബ്ഭവാൻ വിളങ്ങീടുന്നു, നിർണ്ണയം. 1

ബോധാമൃതപ്രവാഹത്താലവിദ്യാന്ധ്യ-
ബാധാവിഹീനമീരൂപമങ്ങാദിയിൽ

കൈക്കൊണ്ടു സജ്ജനാനുഗ്രഹത്തി,ന്നിതു
പാക്കിൽ നാനാവതാരത്തിനു ബീജമാം

ത്വന്നാഭിയിങ്കൽ വിളങ്ങും സരോരുഹം-
തന്നിൽനിന്നല്ലോ പിറന്നതും ഞാൻ പ്രഭോ! 2

ആനന്ദമാത്രമായ്, ഭേദരഹിതമാ,-
യൂനവിഹീനചൈതന്യസംയുക്തമായ്,

മിന്നുമീ നിന്നുടെ രൂപത്തിലും കവി-
ഞ്ഞൊന്നുമേ കാണ്മതില്ലീ ഞാൻ ജഗത്പതേ!

ലോകവിലക്ഷണമായ് ലോകഹേതുവാ-
യേകമായ് ഭൂതേന്ദ്രിയാത്മകമായിടും

നിന്തിരുമേനിതൻ ശ്രേഷ്ഠമാമീരൂപ-
മന്തരമെന്യേയുപാശ്രയിക്കുന്നു ഞാൻ. 3

മംഗലാത്മാവേ! ഭഗവൻ! ഭുവനത്തിനാ-
യങ്ങേയുപാസകന്മാരായിടുമിവർ

ധ്യാനിക്കവേ ഭവാൻ കാട്ടുവതാമിച്ചി-
ദാനന്ദരൂപമസത്സംഗമത്തിനാൽ

ശീലം ദൂഷിച്ചു നരകത്തിലേക്കുതാൻ
കാലുവെയ്ക്കും ദുർമ്മതികൾ മാനിച്ചിടാ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ തു ത്വദീയചരണാംബുജകോശഗന്ധം
ജിഘ്രന്തി കർണ്ണവിവരൈഃ ശ്രുതിവാതനീതം
ഭക്ത്യാ ഗൃഹീതചരണഃ പരയാ ച തേഷാം
നാപൈഷി നാഥ ഹൃദയാംബുരുഹാത് സ്വപുംസാം. 5
താവദ് ഭയം ദ്രവിണഗേഹസുഹൃന്നിമിത്തം
ശോകസ്പൃഹാപരിഭവോ വിപുലശ്ച ലോഭഃ
താവന്മമേത്യസദവഗ്രഹ ആർത്തിമൂലം
യാവന്ന തേഽങ്ഘ്രിമഭയം പ്രവൃണീത ലോകഃ. 6
ദൈവേന തേ ഹതധിയോ ഭവതഃ പ്രസങ്ഗാത്
സർവ്വാശുഭോപശമനാദ്വിമുഖേന്ദ്രിയാ യേ
കുർവ്വന്തി കാമസുഖലേശലവായ ദീനാ
ലോഭാഭിഭൂതമനസോഽകുശലാനി ശശ്വത്. 7
ക്ഷുത്തൃട്ത്രിധാതുഭിരിമാ മുഹുരർദ്യമാനാഃ
ശീതോഷ്ണവാതവർഷൈരിതരേതരാച്ച
കാമാഗ്നിനാച്യുത രുഷാ ച സുദുർഭരേണ
സംപശ്യതോ മന ഉരുക്രമ സീദതേ മേ. 8
യാവത് പൃഥക്ത്വമിദമാത്മന ഇന്ദ്രിയാർത്ഥ-
മായാബലം ഭഗവതോ ജന ഈശ പശ്യേത്
താവന്ന സംസൃതിരസൗ പ്രതിസംക്രമേത
വ്യർത്ഥാപി ദുഃഖനിവഹം വഹതീ ക്രിയാർത്ഥാ. 9
അഹ്ന്യാപൃതാർത്തകരണാ നിശി നിശ്ശയാനാ
നാനാമനോരഥധിയാ ക്ഷണഭഗ്നനിദ്രാഃ
ദൈവാഹതാർത്ഥരചനാ ഋഷയോഽപി ദേവ
യുഷ്മത്പ്രസംഗവിമുഖാ ഇഹ സംസരന്തി. 10
ത്വം ഭാവയോഗപരിഭാവിതഹൃത്സരോജ
ആസ്സേ ശ്രുതേക്ഷിതപഥോ നനു നാഥ പുംസാം
യദ്യദ്ധിയാ ത ഉരുഗായ വിഭാവയന്തി
തത്തദ്വപുഃ പ്രണയസേ സദനുഗ്രഹായ. 11
നാതിപ്രസീദതി തഥോപചിതോപചാരൈ-
രാരാധിതസ്സുരഗണൈർഹൃദി ബദ്ധകാമൈഃ
യത്സർവ്വഭൂതദയയാസദലഭ്യയൈകോ
നാനാജനേഷ്വവഹിതസ്സുഹൃദന്തരാത്മാ. 12
പുംസാമതോ വിവിധകർമ്മഭിരധ്വരാദ്യൈർ-
ദാനേന ചോഗ്രതപസാ വ്രതചര്യയാ ച
ആരാധനം ഭഗവതസ്തവ സത്ക്രിയാർത്ഥോ
ധർമ്മോഽർപ്പിതഃ കർഹിചിദ് ധ്രിയതേ ന യത്ര. 13
ശശ്വത്സ്വരൂപമഹസൈവ നിപീതഭേദ-
മോഹായ ബോധധിഷണായ നമഃ പരസ്മൈ
വിശ്വോദ്ഭവസ്ഥിതിലയേഷു നിമിത്തലീലാ-
രാസായ തേ നമ ഇദം ചകൃമേശ്വരായ. 14
യസ്യാവതാരഗുണകർമ്മവിഡംബനാനി
നാമാനി യേഽസുവിഗമേ വിവശാ ഗൃണന്തി
തേ നൈകജന്മശമലം സഹസൈവ ഹിത്വാ
സംയാന്ത്യപാവൃതമൃതം തമജം പ്രപദ്യേ. 15
യോ വാ അഹം ച ഗിരിശശ്ച വിഭുഃ സ്വയം ച
സ്ഥിത്യുദ്ഭവപ്രളയഹേതവ ആത്മമൂലം
ഭിത്വാ ത്രിപാദ്വവൃധ ഏക ഉരുപ്രരോഹ-
സ്തസ്മൈ നമോ ഭഗവതേ ഭുവനദ്രുമായ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞങ്ങളയേ ഭഗവാനേ! ഭവാന്റെയീ
മംഗലരൂപത്തെയാനമിക്കുന്നിതേ.

വേദാനിലനടത്തെത്തിച്ചിടും തവ
പാദാബ്ജഗന്ധം ശ്രവണങ്ങൾമാർഗ്ഗമായ്

പ്രാണികൾക്കവോൻ പ്രേമവാസ്ഥാലൊരിക്കലും
ഭേണാളുരപ്പാദപദ്മം മറന്നിടാ.

അങ്ങും തദന്തരംഗത്തെ വിടുന്നതി-
ല്ലങ്ങനെയാണു മഹാത്മാരുടെ നില. 5

എന്നവരെജ്ജനം ഭീതിവിഹീനമാം
നിന്നുടെ പാദമൂലത്തെ ശ്രയിച്ചിടാ

ഞാനെന്നെഴുമഭിമാനവും ലോഭവും
മാനവമാനസ്പൃഹകളും ഭീതിയും

പുത്രകളത്രമിത്രാദികളാലെഴു-
മത്തലുമന്നോളവുമിട്ടലട്ടിടും. 6

എല്ലാ വിപത്തുമൊഴിച്ചിടുമങ്ങയി-
ലുള്ളമർപ്പിച്ചു സഹകരിക്കാത്തവൻ

ദൈവാഹതനായി ലുബ്ധനായാർത്തനായ്-
ച്ചെയ്‌വൂ മതിമങ്ങി നിത്യവും ദുഷ്കൃതം. 7

ക്ഷുത്തു ദാഹം വാതപിത്തകഫങ്ങളു-
മൊത്തു ശീതാതപവാതവർഷാദിയും

കാമാഗ്നിയും നശിക്കാത്തുള്ള കോപവും
മാമകസന്താനസഞ്ചയമേററഹോ!

കഷ്ടപ്പെടുന്നതു കാൺകയാലെന്മനം
പൊട്ടിത്തകർന്നു തളിരുന്നിതേററവും. 8

ഇന്ദ്രിയമഞ്ചുമാകാശഭ്രമ്യാദിയും
നിന്തിരുമേനിതൻ മായാവിനിർമ്മിതം

എന്നോളവുമവ നിന്നിൽനിന്നന്യമായ്-
ത്തന്നെ കാണുന്നു, ജനങ്ങളന്നാൾവരെ

ദുഃഖസമൂഹം വഹിക്കുന്ന നിഷ്ഫല-
ദുഷ്കർമ്മയുക്തസംസാരത്തെ വിട്ടിടാ. 9

നിൻകഥ കേൾക്ക, കീർത്തിക്കയിത്യാദിയിൽ
പങ്കെടുക്കാത്തോർ, മഹർഷികളാകിലും,

നിത്യം പകൽ ഗൃഹകാര്യനിരന്തര-
വൃത്തിയാലേററവും ക്ഷീണിച്ചു, രാത്രിയിൽ

നാനാമനോരഥമഗ്നരായ് നിദ്രയിൽ
വീണു പൊടുന്നനെ ഞെട്ടിയുണർന്നഹോ!

അർത്ഥാർജ്ജനശ്രമം വിഘ്നങ്ങൾ കാരണം
വ്യർത്ഥമായ് പാർത്തു മുങ്ങുന്നു ഭവാബ്ധിയിൽ. 10

അല്ലയോ സർവ്വസംരക്ഷകാ! ശാസ്ത്രങ്ങ-
ളെല്ലാം ബഹുവിധം കീർത്തിച്ചിടും വിഭോ!

ഭക്തിമാർഗ്ഗത്താൽ ഭവത്പ്രാപ്തി സാധിച്ചു
സത്കഥ കേട്ടു ധരിച്ചു വേണ്ടുംവിധം

തൃക്കഴലാശ്രയിച്ചീടും ജനങ്ങൾത-
ന്നാൾക്കമലത്തിൽ വസിച്ചിടുന്നു ഭവാൻ.

പേർത്തും തദിച്ഛാനുരൂപരൂപത്തൊടും
പ്രത്യക്ഷനായങ്ങനുഗ്രഹിക്കുന്നിതേ. 11

ജീവജാലങ്ങളിലെല്ലാം വസിച്ചിടും
സർവ്വാന്തര്യാമിയായീടും തിരുമേനി

തെല്ലുമസജ്ജനത്തിന്നിഷ്ടലാത്തതാ-
യുള്ള സർവ്വപ്രാണികാരുണ്യവാനെഴും

ധന്യരെ നന്ദിച്ചിടുംപോൽ, സകാമരാം
വിണ്ണവരങ്ങേയുപചാരപൂർവ്വകം

ആരാധനം വഴിപോലാചരിക്കിലും
നേരേയവരിൽ പ്രസാദിച്ചിടാ ഭവാൻ. 12

ആകയാൽ, വൻതപം യാഗമിവയാലു-
മേകാദശ്യാദിവ്രതചര്യയാലുമേ

സിദ്ധമാവാനാരുമാശിച്ചിടും ഫലം
ദൈത്യശത്രോ! തവ കാരുണ്യമെന്നിയേ

ലഭ്യമല്ലേതുമൊരിക്കലുമങ്ങയി-
ലർപ്പിതകർമ്മങ്ങൾ നിഷ്ഫലമായിടാ. 13

മോഹാന്ധകാരം സ്വരൂപമഹസ്സിനാൽ
സംഹരിച്ചിട്ടു ചൈതന്യധീയെഴുന്നുതാൻ

മിന്നും പരമപുരുഷനാമങ്ങയെ-
യിന്നു നമസ്കരിച്ചീടുന്നു ഞാനിതാ.

സൃഷ്ടിസ്ഥിതിലയഹേതുവാം നിന്മായ
കാട്ടും കളിയോടുകൂടിടുമീശനായ്

പ്രാകൃതന്മാരിൽനിന്നേറെ വിലക്ഷണ-
നാകും ഭവാനെ നമിക്കുന്നു പിന്നെയും. 14

പ്രാണവിയോഗകാലത്തവശസ്ഥിതി-
യാണെങ്കിലും, ഭവന്നാമഗുണങ്ങളെ

കീർത്തനംചെയ്യുന്നവർ തദ്ദുരിതങ്ങ-
ളുന്മൂലിപ്പിച്ചിട്ടപാവൃതമായിടും

സത്യമാം വസ്തുവിലെത്തുന്നിതേ, ജന്മ-
മററ ഭവാനെ നമസ്കരിക്കുന്നു ഞാൻ. 15

ഏകൻ ഭവാനാത്മമൂലം പിളർന്നുടൻ
ലോകേശനാം ഞാൻ, ഹരി,ഹര,നിങ്ങനെ

സൃഷ്ടിസ്ഥിതിലയങ്ങൾക്കു മൂന്നായഥ
പൊട്ടിപ്പല ശാഖയായി വിടർന്നിടും

ലോകവിടപിസ്വരൂപനായ് മിന്നുന്നു;
ഹേ കൃഷ്ണമൂർത്തി! നമിക്കുന്നിതങ്ങയെ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകോ വികർമ്മനിരതഃ കുശലേ പ്രമത്തഃ
കർമ്മണ്യയം ത്വദുദിതേ ഭവദർച്ചനേ സ്വേ
യസ്താവദസ്യ ബലവാനിഹ ജീവിതാശാം
സദ്യഃ ഛിനത്ത്യനിമിഷായ നമോഽസ്തു തസ്മൈ. 17
യസ്മാദ്ബിഭേമ്യഹമപി ദ്വിപരാർദ്ധധിഷ്ണ്യ-
മധ്യാസിതഃ സകലലോകനമസ്കൃതം യത്
തേപേ തപോ ബഹുസവോഽവരുരുത്സമാന-
സ്തസ്മൈ നമോ ഭഗവതേഽധിമഖായ തുഭ്യം. 18
തിര്യങ്മനുഷ്യവിബുധാദിഷു ജീവയോനി-
ഷ്വാത്മേച്ഛയാഽഽത്മകൃതസേതുപരീപ്സയാ യഃ
രേമേ നിരസ്തരതിരപ്യവരുദ്ധദേഹ-
സ്തസ്മൈ നമോ ഭഗവതേ പുരുഷോത്തമായ. 19
യോഽവിദ്യയാനുപഹതോഽപി ദശാർദ്ധവൃത്ത്യാ
നിദ്രാമുവാഹ ജഠരീകൃതലോകയാത്രഃ
അന്തർജ്ജലേഽഹികശിപുസ്പർശാനുകൂലാം
ഭീമോർമ്മിമാലിനി ജനസ്യ സുഖം വിവൃണ്വൻ. 20
യന്നാഭിപദ്മഭവനാദഹമാസമീഡ്യ
ലോകത്രയോപകരണോ യദനുഗ്രഹേണ
തസ്മൈ നമസ്ത ഉദരസ്ഥഭവായ യോഗ-
നിദ്രാവസാനവികസന്നളിനേക്ഷണായ. 21
സോഽയം സമസ്തജഗതാം സുഹൃദേക ആത്മാ
സത്ത്വേന യന്മൃഡയതേ ഭഗവാൻ ഭഗേന
തേനൈവ മേ ദൃശമനുസ്പൃശതാദ്യഥാഹം
സ്രക്ഷ്യാമി പൂർവ്വവദിദം പ്രണതപ്രിയോഽസൗ. 22
ഏഷ പ്രപന്നവരദോ രമയാഽഽത്മശക്ത്യാ
യദ്യത് കരിഷ്യതി ഗൃഹീതഗുണാവതാരഃ
തസ്മിൻ സ്വവിക്രമമിദം സൃജതോഽപി ചേതോ
യുഞ്ജീത കർമ്മശമലം ച യഥാ വിജഹ്യാം. 23
നാഭിഹ്രദാദിഹ സതോഽംഭസി യസ്യ പുംസോ
വിജ്ഞാനശക്തിരഹമാസമനന്തശക്തേഃ
രൂപം വിചിത്രമിദമസ്യ വിവൃണ്വതോ മേ
മാ രീരിഷീഷ്ട നിഗമസ്യ ഗിരാം വിസർഗ്ഗഃ. 24
സോഽസാവദഭ്രകരുണോ ഭഗവാൻ വിവൃദ്ധ-
പ്രേമസ്മിതേന നയനാംബുരുഹം വിജൃംഭൻ
ഉത്ഥായ വിശ്വവിജയായ ച നോ വിഷാദം
മാധ്വ്യാ ഗിരാപനയതാത് പുരുഷഃ പുരാണഃ. 25

മൈത്രേയ ഉവാച

സ്വസംഭവം നിശാമ്യൈവം തപോവിദ്യാസമാധിഭിഃ
യാവന്മനോവചഃ സ്തുത്വാ വിരരാമ സ ഖിന്നവത്. 26
അഥാഭിപ്രേതമന്വീക്ഷ്യ ബ്രഹ്മണോ മധുസൂദനഃ
വിഷണ്ണചേതസം തേന കല്പവ്യതികരാംഭസാ. 27
ലോകസംസ്ഥാനവിജ്ഞാന ആത്മനഃ പരിഖിദ്യതഃ
തമാഹാഗാധയാ വാചാ കശ്മലം ശമയന്നിവ. 28

ശ്രീഭഗവാനുവാച

മാ വേദഗർഭ ഗാസ്തന്ദ്രീം സർഗ്ഗ ഉദ്യമമാവഹ
തന്മയാഽഽപാദിതം ഹ്യഗ്രേ യന്മാം പ്രാർത്ഥയതേ ഭവാൻ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാരിൽ ജനത ഭവാൻ ചൊന്ന യോഗ്യമാ-
മാരാധനാമാർഗ്ഗമൊന്നും ഗണിക്കാതെ,
ദേഹാഭിമാനത്തിനാലുളവാം ഭോഗ-
ദാഹമടക്കാൻ കണക്കററു ദുഷ്ക്രിയ
കാട്ടിക്കഴിക്കുംവരെയവക്കുന്ന
പെട്ടെന്നു ജീവിതകാമം ഹരിച്ചിടും
കാലാകൃതിയായനിമേഷനായ് പരം
ലാലസിപ്പൂ; നമിക്കുന്നു ഭവാനെ ഞാൻ. 17
നിസ്തുലമായ് ദ്വിപരാർദ്ധം വിളങ്ങിടും
സത്യലോകത്തു വാഴുന്ന ഞാൻതന്നെയും
കാലസ്വരൂപനാമങ്ങേബ് ഭയന്നനു-
വേലം പലവിധയാഗം തപസ്സതും
ഊനമററാചരിച്ചേനഘോരഫല-
ദാനസമർത്ഥൻ ഭവാനു നമസ്കൃതി. 18
ജന്തുവൃന്ദാനുഗ്രഹത്തിനു വച്ചതാം
സ്വന്തമര്യാദ നിലനിറുത്തീടുവാൻ
താനേ മൃഗപക്ഷിദേവമനുഷ്യാദി-
യോനികളിൽ സ്വേച്ഛയാലേ ജനിച്ചിടും
സ്വാനന്ദസംതൃപ്തനും സുഖകാംക്ഷാവി-
ഹീനനും കാലകർമ്മൗഘസ്വരൂപനും
മായതൻ ബാധയൊഴിഞ്ഞോരസംഗനു-
മായ ഭവാനെ നമസ്കരിക്കുന്നു ഞാൻ 19
വൃത്തിയഞ്ചാളുമവിദ്യയാലങ്ങുന്നു
ബദ്ധനല്ലെങ്കിലും, ലോകം സ്വകുക്ഷിയിൽ
ആവഹിച്ചുന്നതമാം തിരമാലകാം
താവും സലിലമദ്ധ്യത്തിലനന്തനാം-
ശയ്യയിൽ സ്പർശസുഖത്തിന്നനുരൂപ-
മായിജ്ജനസുഖം നേരേ വിവരിച്ചു
നിദ്രചെയ്യും ഭവാൻതന്നനുകമ്പയാ-
ലിത്രിലോകോപകരണങ്ങളോടൊത്തു
ജാതനായേൻ, തവ നാഭിജമാംസരോ-
ജാതവസതിയിൽനിന്നു മീഡ്യോത്തമാ!
യോഗനിദ്രാവസാനത്തിൽ സമസ്തമാം
ലോകത്തെയും സമനുഗ്രഹിച്ചീടുവാൻ
നേത്രാംബുജങ്ങൾ വിടർത്തി വിളങ്ങിടു-
മാർത്തിഹന്താവേ! നമസ്കരിക്കുന്നു ഞാൻ. 20-21
ലോകസുഹൃത്തുമഖിലാന്തരാത്മാവു-
മേകനുമാം ഭവാൻ സത്ത്വവിഭൂതിയാൽ
ആനന്ദമീയുലകത്തിനു ചേർത്തിടും
ജ്ഞാനമെനിക്കും കനിഞ്ഞരുളീടണം.
അല്ലാതെ മുന്തട്ട ലോകം രചിക്കുവാ-
നില്ലിപ്പൊഴല്പവും കെല്പെനിക്കീശ്വരാ!
ഏററം പ്രണതപ്രിയനാം ഭവാനെ ഞാ-
നററഭക്ത്യാ നമിച്ചീടുന്നു പിന്നെയും. 22

സർവ്വജ്ഞതതൊട്ട തൻഗുണസഞ്ചയം
കൈവിട്ടിടാതാത്മശക്തിയാം ശ്രീയൊടും
ആശ്രിതക്കിഷ്ടവരദനാകും ഭവാ-
നാശ്രയിക്കുന്ന സമസ്തരൂപത്തിലും
താവകവിക്രമംതന്നെ വിളങ്ങുന്നി-
തീ വിശ്വമെല്ലാം രചിച്ചീടുമെന്നുടെ
കർമ്മങ്ങളിൽ ദോഷലേശമേശീടാതെ
മന്മനം നേരേ നയിച്ചീടണം ഭവാൻ. 23
വെള്ളമതിൽപ്പള്ളികൊള്ളു,മനന്തമാ-
യുള്ള ബലംപെടുമേതു പുമാനുടെ
നാഭീഹ്രദത്തിൽനിന്നുണ്ടായി ഞാൻ പര-
മാഭയോടും പുരുവിജ്ഞാനസംയുതം.
ചിത്രതരമാമവന്റെ രൂപം പരം
വിസ്തരിച്ചീടുവാനന്നീടുമെന്നുടെ
മാനസതാരിൽ മറക്കാതിരിക്കുക-
വേണം വിശിഷ്ടമാം വേദവചസ്സുകൾ. 24
കാരുണ്യവാരാന്നിധിയായ് പുരാതന
പൂരുഷനായ് വിളങ്ങും ഭഗവൻ! ഹരേ!
മങ്ങാതെഴുന്നേററു സപ്രേമസുസ്മിതം
ഭങ്ഗിയേറും നയനാബ്ജദലങ്ങളെ
നന്നായ് വിടർത്തു, ഭുവനം രചിക്കുവാ-
നന്നിയുഴലുമെൻ ഖിന്നതയാകവേ
മാധുര്യവാക്യങ്ങളാൽ ശമിപ്പിക്കുവാ-
നേതും വിളംബം വരുത്താതിരിക്കണം. 25

മൈത്രേയൻ പറഞ്ഞു

സ്വന്തം പിതാവിനെയിങ്ങനെ കണ്ടജൻ
പൊന്തും തപസ്സ്,ഉരുവിദ്യ, സമാധിയും
സന്ധിച്ച വാക്കിനും ചേതസ്സിനും ബല-
മെന്തുമാത്രം വരുമെന്നാലതത്രയും
നല്ലവണ്ണം വിനിയോഗിച്ചു,താൻ സ്തുതി-
ചൊല്ലി! വിരമിച്ചു ഖിന്നനെന്നുള്ളപോൽ. 26
പിന്നെ മധുരിപു പദ്മജൻതന്മതം
നന്നായ് ധരിച്ചി,ട്ടഖിലസംഹാരിയാം
കല്പജലത്തിൽക്കിടന്നു ദുഃഖിച്ചതും,
സ്വപ്രേരണയാലെ മുപ്പാരു തീർക്കുവാൻ
ഓർത്തിട്ടതിൻ വഴികിട്ടാതുഴൽവതും,
പാർത്തലിഞ്ഞത്തലകററുവാനെന്നപോ-
ലർത്ഥഗംഭീരവചസ്സുകളോതിനാൻ. 27-28

ശ്രീഭഗവാൻ പറഞ്ഞു

വേദഗർഭംകൊള്ളുംവിധേ! ലോകസൃഷ്ടിയി-
ലേതും മടിക്കാതെ നീ പ്രവർത്തിക്കുക.
എന്നോടു നീയിന്നിരന്നിടും ജ്ഞാനവും
മുന്നേ തവ ഹൃദയത്തിലർപ്പിച്ചു ഞാൻ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂയസ്ത്വം തപ ആതിഷ്ഠ വിദ്യാം ചൈവ മദാശ്രയാം
താഭ്യാമന്തർഹൃദി, ബ്രഹ്മൻ, ലോകാൻ ദ്രക്ഷ്യസ്യപാവൃതാൻ. 30
തത ആത്മനി ലോകേ ച ഭക്തിയുക്തഃ സമാഹിതഃ
ദ്രഷ്ടാസി മാം തതം ബ്രഹ്മൻ മയി ലോകാംസ്ത്വമാത്മനഃ. 31
യദാ തു സർവ്വഭൂതേഷു ദാരുഷ്വഗ്നിമിവ സ്ഥിതം
പ്രതിചക്ഷീത മാം ലോകോ ജഹ്യാത്തർഹ്യേവ കശ്മലം. 32
യദാ രഹിതമാത്മാനം ഭൂതേന്ദ്രിയഗുണാശയൈഃ
സ്വരൂപേണ മയോപേതം പശ്യൻ സ്വാരാജ്യമൃച്ഛതി. 33
നാനാകർമ്മവിതാനേന പ്രജാ ബഹ്വീസ്സിസൃക്ഷതഃ
നാത്മാവസീദത്യസ്മിംസ്തേ വർഷീയാൻ മദനുഗ്രഹഃ. 34
ഋഷിമാദ്യം ന ബധ്നാതി പാപീയാംസ്ത്വാം രജോഗുണഃ
യന്മനോ മയി നിർബ്ബദ്ധം പ്രജാഃ സംസൃജതോഽപി തേ 35
ജ്ഞാതോഽഹം ഭവതാ ത്വദ്യ ദുർവ്വിജ്ഞേയോഽപി ദേഹിനാം
യന്മാം ത്വം മന്യസേഽയുക്തം ഭൂതേന്ദ്രിയഗുണാത്മഭിഃ. 36
തുഭ്യം മദ്വിചികിത്സായാമാത്മാ മേ ദർശിതോഽബഹിഃ
നാളേന സലിലേ മൂലം പുഷ്കരസ്യ വിചിന്വതഃ 37
യച്ചകർത്ഥാംഗ മത്സ്തോത്രം മത്കഥാഭ്യുദയാങ്കിതം
യദ്വാ തപസി തേ നിഷ്ഠാ സ ഏഷ മദനുഗ്രഹഃ. 38
പ്രീതോഽഹമസ്തു ഭദ്രം തേ ലോകാനാം വിജയേച്ഛയാ
യദസ്തൗഷീർഗ്ഗുണമയം നിർഗ്ഗുണം മാനുവർണ്ണയൻ. 39
യ ഏതേന പുമാന്നിത്യം സ്തുത്വാ സ്തോത്രേണ മാം ഭജേത്
തസ്യാശു സംപ്രസീദേയം സർവ്വകാമവരേശ്വരഃ. 40
പൂർത്തേന തപസാ യജ്ഞൈർദ്ദാനൈര്യോഗസമാധിനാ
രാദ്ധം നിഃശ്രേയസം പുംസാം മത്പ്രീതിസ്തത്ത്വവിന്മതം. 41
അഹമാത്മാഽഽത്മനാം ധാതഃ പ്രേഷ്ഠഃ സൻ പ്രേയസാമപി
അതോ മയി രതിം കുര്യാദ്ദേഹാദിര്യത്കൃതേ പ്രിയഃ. 42
സർവ്വവേദമയേനേദമാത്മനാഽഽത്മാഽഽത്മയോനിനാ
പ്രജാഃ സൃജ യഥാപൂർവ്വം യാശ്ച മയ്യനുശേരതേ 43

മൈത്രേയ ഉവാച

തസ്മാ ഏവം ജഗത്സ്രഷ്ട്രേ പ്രധാനപുരുഷേശ്വരഃ
വ്യജ്യേദം സ്വേന രൂപേണ കഞ്ജനാഭസ്തിരോദധേ. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
നവമോഽധ്യായഃ.

ദശമോഽധ്യായഃ

വിദുര ഉവാച

അന്തർഹിതേ ഭഗവതി ബ്രഹ്മാ ലോകപിതാമഹഃ
പ്രജാസ്സസർജ്ജ കതിധാ ദൈഹികീർമ്മാനസീർവ്വിഭുഃ. 1
യേ ച മേ, ഭഗവൻ, പൃഷ്ടാസ്ത്വയ്യർത്ഥാ ബഹുവിത്തമ
താൻ വദസ്വാനുപൂർവ്വ്യേണ ഛിന്ധി നസ്സർവ്വസംശയാൻ. 2

സൂത ഉവാച

ഏവം സംചോദിതസ്തേന ക്ഷത്ത്രാ കൗഷാരവോ മുനിഃ
പ്രീതഃ പ്രത്യാഹ താൻ പ്രശ്നാൻ ഹൃദിസ്ഥാനഥ ഭാർഗ്ഗവ. 3

മൈത്രേയ ഉവാച

വിരിഞ്ചോഽപി തഥാ ചക്രേ ദിവ്യം വർഷശതം തപഃ
ആത്മന്യാത്മാനമാവേശ്യ യദാഹ ഭഗവാനജഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മൻ! തപസ്സും മദാശ്രയവിദ്യയും
നമ്മട്ടനുഷ്ഠിക്ക വീണ്ടു,മതൊന്നിനാൽ

ഉള്ളിൽ മറവററിരിക്കും പ്രപഞ്ചത്തെ
നല്ലതുപോൽത്തവ കാണായ്‌വരും ദൃഢം. 30

പിന്നെയുമെന്നിൽ സമാഹിതചിത്തനാ-
യുന്നതപ്രേമമിയലുമങ്ങേയ്ക്കുടൻ

തന്നിലും ലോകത്തിലും വ്യാപ്തനായീടു-
മെന്നെയുമെന്നിലെഴും ഭുവനത്തെയും

എണ്ണമററുള്ള ജീവാത്മാക്കളേയുമേ
കണ്ണിനു കാണായ്‌വരും ചതുരാനന! 31

കാഷ്ഠങ്ങളിലഗ്നിമട്ടിൽ, ചരാചര-
മൊട്ടുക്കിരിക്കുന്നതായെന്നെയെപ്പൊഴോ

കാണുന്നിതു ജന,മപ്പൊഴേ കശ്മല-
ശ്രേണി പാടേ നശിച്ചീടുന്നതുള്ള കേം. 32

ഭൂതേന്ദ്രിയാന്തഃകരണഗുണങ്ങളോ-
ടേതുമേ ബന്ധമെനിക്കില്ലയെങ്കിലും,

എന്നോടു യോജിച്ചവയിരിക്കുന്നതായ്
തോന്നുന്നതധ്യാസമൂലമത്രേ വിധേ!

എന്നും സ്വയം ഭാസ്യനായൊരു നാശവു-
മെന്നിയേ മിന്നുമാത്മാവു ഞാനെന്നതു

നന്നായ് ധരിച്ചാലഖിലബന്ധങ്ങളിൽ-
നിന്നു നിർമ്മോചനം ജീവനു സിദ്ധമാം. 33

നാനാവിധകർമ്മവിസ്തരത്താൽ ബഹു-
പ്രാണിരചനയിലുൽസുകം തേ മനം

ക്ഷീണമിയലാതിരിപ്പതുമോർക്കുകിൽ
ഞാനേകിയ മഹാനുഗ്രഹംകൊണ്ടുതാൻ. 34

സൃഷ്ടിചെയ്യുമ്പൊഴും നിന്മാനസമെന്നെ
വിട്ടുപോകാതെയിരിപ്പതുകാരണം

ആദിമുനിയാം ഭവാനെ മഹാപാപ-
ഹേതുരജോഗുണം ബാധിച്ചിടാ ലവം. 35

പൃഥ്വ്യാദിഭൂതങ്ങളും, പഞ്ചേന്ദ്രിയങ്ങളും,
സത്ത്വാദിയാം ഗുണമന്തഃകരണവും

തീരെക്കലരാത്തവനാണു ഞാനെന്ന-
താരുമറിയാ ഭവാനൊരാളെന്നിയേ. 36

അബ്ജോജനാളത്തിലൂടവേ, മൂലത്തെ-
യന്വേഷണംചെയ്തുഴലും നിനക്കുടൻ

മാമകരൂപമകത്തു കാണിച്ചു നി-
ന്നാമയമാകവേ ഞാനൊഴിച്ചീലയോ? 37

എൻപ്രഭാവം പ്രകാശിപ്പിച്ചിടും കഥ-
യൻപോടുചൊല്ലിബ് ഭവാൻ സ്തുതിച്ചെന്നതും,

വൻതപോനിഷ്ഠ നിനക്കു ഭവിച്ചതും,
ബന്ധുവാമെൻെറയനുഗ്രഹംകൊണ്ടുതാൻ. 38

ലോകരക്ഷയ്ക്കാണു ഞാൻ ഗുണസംയുത-
നാകുന്ന,തായതറിഞ്ഞു കീർത്തിക്കയാൽ
ഉല്ലാസവാനായ്ച്ചമഞ്ഞു ഞാൻ നാൻമുഖാ!
കല്യാണമങ്ങേയ്ക്കുളവായിടട്ടെ മേൽ! 39

ഇസ്തുതി ചൊല്ലിയെന്നെബ് ഭജിക്കുന്നവൻ
സത്വരം മത്പ്രസാദത്തെ നേടുന്നിതു.
ഇഷ്ടാപൂർത്താണവനെന്നാ,ലലിഞ്ഞതും
പെട്ടെന്നതുളും വരേശ്വരനായ ഞാൻ. 40

യാഗം, സമാധി, ദാനം, തപശ്ചര്യയും,
യോഗവും, കൂപസുമവനവാപികം
അന്യോപകാരത്തിനായ് രചിക്കുന്നതു,-
മെന്നെ പ്രസന്നനാക്കുന്നതായ് സമ്മതം. 41

ഞാനഖിലാത്മാക്കളും തന്നാത്മഭൂതനാം
ഞാനാം പരമമാം പ്രേമവിഷയവും
എന്നതിനാൽ ജീവരാശിക്കതിപ്രിയ-
മെന്നിലുണ്ടാം, ദേഹമല്ലെങ്കിലെന്തിനാം. 42

വേദമയനാകമാത്മയോനേ! ഭവാൻ
ബോധവാനായൊരു ഭേദവുമെന്നിയേ
എന്നിൽ ശയിക്കും പ്രജകളെയൊക്കെയും
മുന്നേക്കണക്കു നിർമ്മിക്കാൻ തുടങ്ങുക. 43

മൈത്രേയൻ പറഞ്ഞു

ജീവകോടിക്കുമാമായയ്ക്കുമീശനായ്
മേവിടും ശ്രീപദ്മനാഭദേവൻ സ്വയം
സൃഷ്ട്യപായം കഥിച്ചീവിധം നാൻമുഖ-
ദൃഷ്ടിയിൽനിന്നും സ്വരൂപം മറച്ചിതു.

അദ്ധ്യായം 10

സർഗ്ഗനിരൂപണം

വിദുരൻ പറഞ്ഞു

വൈകുണ്ഠദേവനന്തർഹിതനാകവേ,
ലോകത്രയാദിപിതാവാം പിതാമഹൻ
ചിത്തസങ്കല്പത്തിനാലും തനുവാലു-
മെത്രവിധം സൃഷ്ടിചെയ്തു? മഹാമുനേ!
അല്ലയോ സർവജ്ഞ! മാമകസംശയ-
മെല്ലാമൊഴിക്കുമാറോതീടണം ഭവാൻ. 1–2

സൂതൻ പറഞ്ഞു

ഇത്ഥം വിദുരനാൽ പ്രേരിതനാം മുനി
മുത്തോടുത്തരം ചൊല്ലീടിനാൻ ക്രമാൽ. 3

മൈത്രേയൻ പറഞ്ഞു

ജന്മവിഹീനനാ,യാനന്ദരൂപനാ,-
മമ്മഹാവിഷ്ണുതന്നാജ്ഞാനുസാരിയായ്
ധാതാവു പിന്നെയുമദിവ്യവത്സരം
ചെയ്തീടിനാൻ തപസ്സേകാഗ്രചിത്തനായ്. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്വിലോക്യാബ്ജസംഭൂതോ വായുനാ യദധിഷ്ഠിതഃ
പദ്മമംഭശ്ച തത്കാല കൃതവീര്യേണ കമ്പിതം. 5

തപസാ ഹ്യേധമാനേന വിദ്യയാ ചാത്മസംസ്ഥയാ
വിവൃദ്ധവിജ്ഞാനബലോ ന്യപാദ്വായും സഹാംഭസാ. 6

തദ്വിലോക്യ വിയദ്വ്യാപി പുഷ്കരം യദധിഷ്ഠിതം
അനേന ലോകാൻ പ്രാഗ്ലീനാൻ കല്പിതാസ്മീത്യചിന്തയത്. 7

പദ്മകോശം തദാഽഽവിശ്യ ഭഗവത്കർമ്മചോദിതഃ
ഏകം വ്യഭാങ്ക്ഷീദുരുധാ ത്രിധാ ഭാവ്യം ദ്വിസപ്തധാ. 8

ഏതാവാൻ ജീവലോകസ്യ സംസ്ഥാഭേദസ്സമാഹൃതഃ
ധർമ്മസ്യ ഹ്യനിമിത്തസ്യ വിപാകഃ പരമേഷ്ഠ്യസൗ. 9

വിദുര ഉവാച
യദാത്ഥ ബഹുരൂപസ്യ ഹരേരദ്ഭുതകർമ്മണഃ
കാലാഖ്യം ലക്ഷണം, ബ്രഹ്മൻ യഥാ വർണ്ണയ നഃ പ്രഭോ. 10

മൈത്രേയ ഉവാച
ഗുണവ്യതികരാകാരോ നിർവ്വിശേഷോഽപ്രതിഷ്ഠിതഃ
പുരുഷസ്തദുപാദാനമാത്മാനം ലീലയാഽസൃജത്. 11

വിശ്വം വൈ ബ്രഹ്മതന്മാത്രം സംസ്ഥിതം വിഷ്ണുമായയാ
ഈശ്വരേണ പരിച്ഛിന്നം കാലേനാവ്യക്തമൂർത്തിനാ. 12

യഥേദാനീം തഥാഗ്രേ ച പശ്ചാദപ്യേതദീദൃശം
സർഗ്ഗോ നവവിധസ്തസ്യ പ്രാകൃതോ വൈകൃതസ്തു യഃ. 13

കാലദ്രവ്യഗുണൈരസ്യ ത്രിവിധഃ പ്രതിസംക്രമഃ
ആദ്യസ്തു മഹതസ്സർഗ്ഗോ ഗുണവൈഷമ്യമാത്മനഃ. 14

ദ്വിതീയസ്ത്വഹമോ യത്ര ദ്രവ്യജ്ഞാനക്രിയോദയഃ
ഭൂതസർഗ്ഗസ്തൃതീയസ്തു തന്മാത്രോ ദ്രവ്യശക്തിമാൻ. 15

ചതുർത്ഥ ഐന്ദ്രിയസ്സർഗ്ഗോ യസ്തു ജ്ഞാനക്രിയാത്മകഃ
വൈകാരികോ ദേവസർഗ്ഗഃ പഞ്ചമോ യന്മയം മനഃ 16

ഷഷ്ഠസ്തു തമസസ്സർഗ്ഗോ യസ്ത്വബുദ്ധികൃതഃ പ്രഭോ
ഷഡിമേ പ്രാകൃതാസ്സർഗ്ഗാ വൈകൃതാനപി മേ ശൃണു. 17

രജോഭാജോ ഭഗവതോ ലീലേയം ഹരിമേധസഃ
സപ്തമോ മുഖ്യസർഗ്ഗസ്തു ഷഡ്വിധസ്തസ്ഥുഷാം ചയഃ. 18

വനസ്പത്യോഷധിലതാത്വക്സാരാ വീരുധോ ദ്രുമാഃ
ഉത്സ്രോതസസ്തമഃപ്രായാ അന്തഃസ്പൃശാ വിശേഷിണഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താനിരുന്നീടുമപ്പദ്മവുമായതിൻ
സ്ഥാനമാം നീരവും കല്പാന്തവാത്യയാൽ
കമ്പിതമാവതു കണ്ടു പിതാമഹൻ
ജൃംഭിതമാം തപോവിദ്യകാംമൂലമായ്
വദ്ധിച്ച വിജ്ഞാനശക്തിയാൽ കാററിനോ-
ടൊത്തടക്കീയകത്തക്കാരണാംബുവും. 5-6
നീരമൊട്ടുങ്ങവേ താൻ സ്ഥിതിചെയ്തിട്ടും
സാരസം മാത്രമാകാശം നിറഞ്ഞതായ്
കണ്ടു, പണ്ടേ ലയിച്ചുള്ള ജഗത്തിതി-
ലു,ണ്ടതിനാൽ രചിക്കാമെന്നുറച്ചിതു. 7
നാരായണനാൽ സ്വസൃഷ്ടികമ്മത്തിനായ്
പ്രേരിതനാമജനസ്സരസീരുഹം
മൂന്നായ്പ്പകുത്താൻ ചതുർദ്ദശഭാഗമോ
പിന്നെത്രിഭാഗമോ ആക്കാവതെങ്കിലും. 8
ജീവലോകത്തിൻ രചനാവിശേഷമീ
മൂവുലകിൻ നിമ്മിതിയിലൊതുങ്ങിടും
ലോകനിമ്മാതാവു നിഷ്കാമധമ്മഫല-
പാകഫലമാണതിനില്ല സംശയം. 9

വിദുരൻ പറഞ്ഞു

അദ്ഭുതകമ്മകൃത്തായ്, വിവിധാകൃതി-
യപ്പൊഴപ്പോഴം ധരിച്ചീടുന്ന വിഷ്ണുവിൻ-
കാലസ്വരൂപത്തെയെന്നോടശേഷവും
ചേലായറിയും ഭവാൻ കഥിച്ചീടണം. 10

മൈത്രേയൻ പറഞ്ഞു

സത്ത്വാദിസമ്മേളനത്തിനാലാകൃതി
സിദ്ധിച്ചവനായ്, വിശേഷവിഹീനനായ്,
പര്യവസാനരഹിതനാകും കാല-
പൂരുഷൻ താനാമുപാദാനമോട്ടുതാൻ
ആത്മാവിനെ സ്സ്വയംലീലയാൽ സൃഷ്ടിച്ചു
ചെമ്മേ ജഗത്ത്രയരൂപത്തിലിങ്ങനെ. 11
മായാഹതമാമുലകിതു ചിദ്രൂപ-
മായിരുന്നു പിന്നെയായതധീശ്വരൻ
ബ്രഹ്മത്തിൽനിന്നു പരിച്ഛിന്നമാക്കിനാൻ
നമ്മട്ടിലവ്യക്തകാലരൂപൻ പരൻ. 12
ഇപ്പൊഴത്തെപ്പോലെതന്നെയാമീലോക-
മിപ്പ്രളയത്തിനുമുമ്പിനിമേലിലും
ലോകരചന നവവിധമുണ്ടതിൽ
പ്രാകൃതം, വൈകൃതമെന്നിവ മുഖ്യമാം.
എന്നതിൽ പ്രാകൃതമാറുവിധത്തിലും,
മൂന്നുവിധത്തിലാ വൈകൃതസൃഷ്ടിയും
പിന്നെയുഭയാത്മകമായൊരുതര-
മെന്നീവിധം സൃഷ്ടി പത്തുതരത്തിലാം. 13
കാലകൃതം, ദ്രവ്യകാരണവും, ഗുണ-
മൂലവുമെന്നു മൂമ്മട്ടാം പ്രളയവും
നിത്യനൈമിത്തികപ്രാകൃതികങ്ങളെ-
ന്നിത്തരം ഭേദകം ചൊല്ലുന്നു മൂന്നിനും.
ആത്മാവിൽനിന്നു ഗുണങ്ങൾക്കു വൈഷമ്യ-
മെത്തവേ,യാദ്യം മഹത്തത്ത്വമുണ്ടായി. 14
രണ്ടാമതാമഹംതത്ത്വത്തിൽനിന്നുട-
നുണ്ടായി കമ്മജ്ഞാനേന്ദ്രിയദ്രവ്യാദി
ഭൂതസംസൃഷ്ടിക്കു ശക്തമാം തന്മാത്ര-
ജാതമായാ സൃഷ്ടി മൂന്നാമതായിടും
ശബ്ദാദിയായ തന്മാത്രകളിൽനിന്നു-
ദ്ഭവിക്കുന്നിതാകാശാദി ഭൂതങ്ങൾ. 15
ജ്ഞാനക്രിയാശക്തിസംയുക്തമായുള്ള-
താണു നാലാമതാമിന്ദ്രിയസൃഷ്ടി കേൾ.
സാത്ത്വികാഹന്തയിൽനിന്നുള്ള ദേവതാ-
സൃഷ്ടിയഞ്ചാമ,തതിൽപ്പെടും ചിത്തവും. 16
ആവരണം കൈവരുത്തുന്നതാം തമ-
സ്സാവിർഭവിപ്പതു ഷഷ്ഠമാം സൃഷ്ടി കേൾ.
എന്നിതാറും ഭഗവാൻെറ സങ്കല്പമ-
തൊന്നാൽ പ്രകൃതിയിൽനിന്നുമുണ്ടായതാം
വൈകൃതസൃഷ്ടിയും ചൊല്ലാം, രജോഗുണം
സ്വീകരിച്ചിട്ടു ഹരിചിന്തനത്തൊടും
സ്രഷ്ടാവു ലീലയായ് നിർവഹിച്ചീടുമാ
സർഗ്ഗവിധവും വിദുരാ! ശ്രവിക്കുക.
ഭക്ഷ്യപദാത്ഥസംസൃഷ്ടിയേഴാമതായ്
വാച്യമാം, സ്ഥാവരമെന്നാണതിന്നു പേർ.
ആറുവിധം പിരിവുണ്ടിതിനായതും
നേരേ വിവരിച്ചിടുന്നു കേട്ടീടുക. 17-18
പൂക്കാതെ കായ്ക്കുമാൽതൊട്ടുള്ള വൃക്ഷങ്ങ-
ളൊക്കെ വനസ്പതിവർഗ്ഗത്തിലുൾപ്പെടും
കായ്കൾ മൂക്കുമ്പോൾ നശിപ്പവയും ധാന്യ-
വർഗ്ഗവുമോഷധീജാതിയിലായിടും
പൃഥ്വീരുഹത്തിൽപ്പടരുന്ന കമ്പളം
മത്തനമാലതാവർഗ്ഗത്തിലുൾപ്പെടും.
കട്ടിയായ്ത്തോലെഴും വേണുതൊട്ടുള്ളവ
പെട്ടിടും ത്വക്സാരവർഗ്ഗത്തിലുത്തമാ!
വല്ലികൾപോലെയിരിക്കിലും, കാഠിന്യ-
മുള്ളതായ് മേൽ പടരാത്ത ചെടികളെ
വീരുത്തിനത്തിൽ ഗണിക്കുന്നു, പൂത്തുടൻ
നേരേ ഫലിക്കും മരത്തെ ദ്രുമത്തിലും,
മേലോട്ടിതുകൾ വലിച്ചെടുക്കുന്നിതു
ചാലവേ ഭക്ഷ്യരസങ്ങ,ളവ്യക്തമാം
ചൈതന്യമുണ്ടാമിവററിനന്തഃസ്പർശ-
ബോധമല്ലാതില്ല മററിവൊന്നുമേ.
ഭേദം പലതുണ്ടവയ്ക്കുന്നിരിക്കിലും,
സാധാരണധമ്മമൊന്നാക്കിയെന്നതാം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിരശ്ചാമഷ്ടമസ്സർഗ്ഗസ്സോഽഷ്ടാവിംശദ്വിധോ മതഃ
അവിദോ ഭൂരിതമസോ ഘ്രാണജ്ഞാ ഹൃദ്യവേദിനഃ. 20

ഗൗരജോ മഹിഷഃ കൃഷ്ണസ്സൂകരോ ഗവയോ രുരുഃ
ദ്വിശഫാഃ പശവശ്ചേമേ അവിരുഷ്ട്രശ്ച സത്തമ. 21

ഖരോഽശ്വോഽശ്വതരോ ഗൗരശ്ശരഭശ്ചമരീ തഥാ
ഏതേ ചൈകശഫാഃ ക്ഷത്തഃ ശൃണു പഞ്ചനഖാൻ പശൂൻ. 22

ശ്വാ സൃഗാലോ വൃകോ വ്യാഘ്രോ മാർജ്ജാരശ്ശശശല്ലകൗ
സിംഹഃ കപിർഗ്ഗജഃ കൂർമ്മോ ഗോധാ ച മകരാദയഃ 23

കങ്കഗൃധ്രവടശ്യേനഭാസഭല്ലൂകബർഹിണഃ
ഹംസസാരസചക്രാഹ്വകാകോലൂകാദയഃ ഖഗാഃ 24

അർവാക്സ്രോതസ്തു നവമഃ ക്ഷത്തരേകവിധോ നൃണാം
രജോഽധികാഃ കർമ്മപരാ ദുഃഖേ ച സുഖമാനിനഃ 25

വൈകൃതാസ്ത്രയ ഏവൈതേ ദേവസർഗ്ഗശ്ച സത്തമ!
വൈകാരികസ്തു യഃ പ്രോക്തഃ കൗമാരസ്തൂഭയാത്മകഃ. 26

ദേവസർഗ്ഗശ്ചാഷ്ടവിധോ വിബുധാഃ പിതരോഽസുരാഃ
ഗന്ധർവ്വാപ്സരസസ്സിദ്ധാ യക്ഷരക്ഷാംസി ചാരണാഃ
ഭൂതപ്രേതപിശാചാശ്ച വിദ്യാധ്രാഃ കിന്നരാദയഃ. 27

ദശൈതേ വിദുരാഖ്യാതാസ്സർഗ്ഗാസ്തേ വിശ്വസൃക്കൃതാഃ
അതഃപരം പ്രവക്ഷ്യാമി വംശാൻ മന്വന്തരാണി ച. 28

ഏവം രജഃപ്ലുതഃ സ്രഷ്ടാ കല്പാദിഷ്വാത്മഭൂർഹരിഃ
സൃജത്യമോഘസങ്കല്പ ആത്മൈവാത്മാനമാത്മനാ. 29

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

മൈത്രേയ ഉവാച

ചരമസ്സദ്വിശേഷാണാമനേകോഽസംയുതസ്സദാ
പരമാണുസ്സ വിജ്ഞേയോ നൃണാമൈക്യഭ്രമോ യതഃ. 1

സത ഏവ പദാർത്ഥസ്യ സ്വരൂപാവസ്ഥിതസ്യ യത്
കൈവല്യം പരമമഹാനവിശേഷോ നിരന്തരഃ 2

ഏവം കാലോഽപ്യനുമിതസ്സൗക്ഷ്മ്യേ സ്ഥൗല്യേ ച സത്തമ
സംസ്ഥാനഭുക്ത്യാ ഭഗവാനവ്യക്തോ വ്യക്തഭുഗ്വിഭുഃ 3

സ കാലഃ പരമാണുർവ്വൈ യോ ഭുങ്ക്തേ പരമാണുതാം
സതോഽവിശേഷഭുഗ്യസ്തു സ കാലഃ പരമോ മഹാൻ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഷ്ടമം തിര്യഗ്രചനയിതുപത്തി-
യെട്ടുവിധം നിശ്ചയിച്ചിരിക്കുന്നിതു.

ഇന്നലെയെന്നുമിന്നെന്നുമടുത്തനാ-
ളെന്നുമവസ്ഥയില്ല, കീഴിൽക്കഴിഞ്ഞതോ

മേലിൽ വരുന്നതോ ചിന്തിക്കയില്ല, തത്-
ക്കാലഭോജ്യം നിദ്രമൈഥുനമെന്നതിൽ

മാത്രമല്ലാതറിവില്ല മററൊന്നിലു-
മിഷ്ടപദാർത്ഥം മണത്തറിയുന്നിതു.

ദുഃഖസുഖസ്മൃതിവിട്ടിട്ടും പെട്ടെന്നി-
തൊക്കെയിവയുടെ സാമാന്യധർമ്മമാം. 20

ആടും, പശുവും, ഗവയവും, ചെമ്മരി-
യാടും, മഹിഷവും, കൃഷ്ണമൃഗങ്ങളും,

പന്നിയു,മൊട്ടകവും, രുരുവർഗ്ഗവു-
മെന്നിരട്ടക്കുളമ്പുള്ള മൃഗങ്ങളെ

ഒൻപതിനേയും പശുവെന്നു ചൊന്നിടു-
മൻപവയോടാർക്കുമുണ്ടായിടേണ്ടതാം.

അശ്വം, കഴുതയും, ഗൗരം, ചമരിയു-
മശ്വതരവും, ശരഭവുമാറിവ

ഒററക്കുളമ്പുള്ളവയാണിതുവിധം
മററുതരവും വിവരിച്ചു ചൊല്ലുവൻ.

നായ്, നരി, ചെന്നായ്, കുറുനരി, ശല്ലകം,
വാനരമാനയുമാമയും പൂച്ചയും

പഞ്ചാനനൻ, മുയൽ, ഗോധയിപ്പന്ത്രണ്ടു-
മഞ്ചുനഖങ്ങളാർന്നീടും മൃഗങ്ങളാം.

മത്സ്യവർഗ്ഗത്തിൽപ്പെടുന്ന മകരാദി
വത്സാ! ജലചരമാണിതിലുൾപ്പെടാ. 21–23

കങ്കം, കഴുകൻ, വടഭാസഭല്ലുക-
സംഘം, പരുന്തു, മയി,ലിപ്പതത്രികം

ഭൂമിയിൽ സഞ്ചരിക്കുന്നവയാകയാ-
ലാമൃഗജാതിയിൽത്താനുൾപ്പെടുന്നിതു.

പിന്നെക്കുളക്കോഴി, ചക്രവാകം, കാക,-
നന്നവും, കൂമനും, പക്ഷികളെങ്കിലും

മന്നോടടുത്തേ പറന്നിട്ടു തൻമൂല-
മെണ്ണുന്നു തിര്യക്കിലാക്കിയവററയും. 24

ഒൻപതാമത്തു മാനുഷസൃഷ്ടിയെ-
ന്നൻപിയലും കുരുശ്രേഷ്ഠാ! ധരിക്ക നീ.

കീഴോട്ടു ഭക്ഷ്യരസങ്ങളിറക്കുക-
യൂഴിയിൽ മർത്ത്യസാധാരണധർമ്മമാം.

ഭൂരിരജോഗുണം ചേരും നരർ കർമ്മ-
കാരികളായഴൽ സൗഖ്യമെന്നോരുന്നു! 25

വൈകൃതസർഗ്ഗമാണിച്ചൊന്ന മൂന്നുമാ-
നാകികം സൃഷ്ടിയുമാവിധംതന്നെയാം.

പ്രാകൃതം, വൈകൃതം രണ്ടും കലന്നതാ-
ണാകുമാരാദിമഹർഷീന്ദ്രനിർമ്മിതി. 26

എട്ടുവിഭാഗം സുരന്മാരിലു,ണ്ടതും
ശിഷ്യാഗ്രണേ! ഭവാൻ കേട്ടുകൊണ്ടീടുക.

വിണ്ണോർ, പിതൃക്ക,ളസുരരുമപ്സരോ-
വൃന്ദത്തൊടൊത്തുള്ള ഗന്ധർവവർഗ്ഗവും,

സിദ്ധവിദ്യാധരചാരണന്മാർ, യക്ഷ-
രക്ഷസ്സുകൾ, ഭൂതപ്രേതപിശാചുകൾ,

കിന്നരകിംപുരുഷന്മാരുമാണവ
ചൊന്നേൻ ദശവിധസൃഷ്ടിയുമീവിധം. 27

ചൊല്ലാമിനി വംശമന്വന്തരത്തെയും,
മല്ലാരിദേവൻ രജോഗുണയുക്തനായ്

കല്പകാലാദിയിലാത്മഭൂവായിസ്സ-
മുദ്ഭവിച്ചിട്ടുതൻ സങ്കല്പശക്തിയാൽ

തന്നെ സ്വയം തന്നിൽനിന്നുതാൻ സൃഷ്ടിച്ചു;
മിന്നുന്നു ഭിന്നസ്വരൂപനായിങ്ങനെ. 28–29

അദ്ധ്യായം 11

കാലസ്വരൂപവിവരണം

മൈത്രേയൻ പറഞ്ഞു

ഏററവും സൂക്ഷ്മമായാർക്കുമംശിക്കുവാൻ
പററാത്തതായ് ചേർന്നിടാതെയിരുന്നതായ്

എണ്ണമററീടുന്നതിന്നു പരമാണു-
വെന്നഭിധാനമരുളപ്പെടുന്നിതു.

മർത്ത്യർക്കശേഷമുലകിലൈക്യഭ്രമ-
മെത്തുന്നതിപ്പരമാണുവിൽനിന്നുതാൻ. 1

നാനാപരമാണുപുഞ്ജങ്ങൾ യോജിച്ച-
താണു നാം കാണും പ്രപഞ്ചം സമസ്തവും

ഭേദവുമേതും വിശേഷവുമെന്നിയേ
ദ്യോതിച്ചിടുമതിൻരൂപം മഹത്തരം. 2

ഏവമിക്കാലത്തെയും സ്ഥൂലസൂക്ഷ്മാഖ്യ-
ഭാവങ്ങളിലനുമാനിച്ചിടുന്നിതേ.

വ്യക്തനല്ലാത്ത ഭഗവാനവയവ-
ഭുക്തിയോടും വ്യക്തനായ് ഭവിക്കുന്നു. 3

കാലസ്വരൂപനാം സൂര്യന്റെ രശ്മികൾ
ചേലായ് പരമാണുവിനെക്കടക്കുവാൻ

വേണ്ടിവരുന്നതായുള്ള കാലത്തിനു
പണ്ഡിതന്മാർ പരമാണുവെന്നോതുന്നു.

അപ്പരമാണുസംയോഗസ്വരൂപമാ-
മിപ്രപഞ്ചത്തിലെല്ലാമക്കരശ്മികൾ

നേരേപരക്കുവാൻ വേണ്ടകാലത്തിനു
പേരുമഹത്ക്കാലമെന്നരുളുന്നിതു. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അണുർദ്വൗ പരമാണൂ സ്യാത് ത്രസരേണുസ്ത്രയഃ സ്മൃതഃ
ജാലാർക്കരശ്മ്യവഗതഃ ഖമേവാനുപതന്നഗാത്. 5

ത്രസരേണുത്രികം ഭുങ്ക്തേ യഃ കാലസ്സ ത്രുടിഃ സ്മൃതഃ
ശതഭാഗസ്തു വേധസ്സ്യാത്തൈസ്ത്രിഭിസ്തു ലവഃ സ്മൃതഃ. 6

നിമേഷസ്ത്രിലവോ ജ്ഞേയ ആമ്നാതസ്തേ ത്രയഃ ക്ഷണഃ
ക്ഷണാൻ പഞ്ച വിദുഃ കാഷ്ഠാം ലഘു താ ദശ പഞ്ച ച. 7

ലഘൂനി വൈ സമാമ്നാതാ ദശ പഞ്ച ച നാഡികാ
തേ ദ്വേ മുഹൂർത്തഃ പ്രഹരഃ ഷഡ്യാമസ്സപ്ത വാ നൃണാം. 8

ദ്വാദശാർദ്ധപലോന്മാനം ചതുർഭിശ്ചതുരംഗുലൈഃ
സ്വർണ്ണമാഷൈഃ കൃതച്ഛിദ്രം യാവത് പ്രസ്ഥജലപ്ലുതം. 9

യാമാശ്ചത്വാരശ്ചത്വാരോ മർത്ത്യാനാമഹനീ ഉഭേ
പക്ഷഃ പഞ്ചദശാഹാനി ശുക്ലഃ കൃഷ്ണശ്ച മാനദ. 10

തയോസ്സമുച്ചയോ മാസഃ പിതൄണാം തദഹർന്നിശം
ദ്വൗ താവൃതുഃ ഷഡയനം ദക്ഷിണം ചോത്തരം ദിവി. 11

അയനേ ചാഹനീ പ്രാഹുർവ്വത്സരോ ദ്വാദശ സ്മൃതഃ
സംവത്സരശതം നൄണാം പരമായുർന്നിരൂപിതം. 12

ഗ്രഹർക്ഷതാരാചക്രസ്ഥഃ പരമാണ്വാദിനാ ജഗത്
സംവത്സരാവസാനേന പര്യേത്യനിമിഷോ വിഭുഃ. 13

സംവത്സരഃ പരിവത്സര ഇഡാവത്സര ഏവ ച
അനുവത്സരോ വത്സരശ്ച വിദുരൈവം പ്രഭാഷ്യതേ. 14

യഃ സൃജ്യശക്തിമുരുധോച്ഛ്വസയൻ സ്വശക്ത്യാ
പുംസോഽഭ്രമായ ദിവി ധാവതി ഭൂതഭേദഃ
കാലാഖ്യയാ ഗുണമയം ക്രതുഭിർവ്വിതന്വം-
സ്തസ്മൈ ബലിം ഹരത വത്സരപഞ്ചകായ. 15

വിദുര ഉവാച

പിതൃദേവമനുഷ്യാണാമായുഃ പരമിദം സ്മൃതം
പരേഷാം ഗതിമാചക്ഷ്വ യേ സ്യുഃ കല്പാദ്ബഹിർവ്വിദഃ. 16

ഭഗവാൻ വേദ കാലസ്യ ഗതിം ഭഗവതോ നനു
വിശ്വം വിചക്ഷതേ ധീരാ യോഗരാദ്ധേന ചക്ഷുഷാ. 17

മൈത്രേയ ഉവാച

കൃതം ത്രേതാ ദ്വാപരം ച കലിശ്ചേതി ചതുര്യുഗം
ദിവ്യൈർദ്വാദശഭിർവ്വർഷൈസ്സാവധാനം നിരൂപിതം. 18

ചത്വാരി ത്രീണി ദ്വേ ചൈകം കൃതാദിഷു യഥാക്രമം
സംഖ്യാതാനി സഹസ്രാണി ദ്വിഗുണാനി ശതാനി ച. 19

സന്ധ്യാംശയോരന്തരേണ യഃ കാലശ്ശതസംഖ്യയോഃ
തമേവാഹുര്യുഗം തജ്ജ്ഞാ യത്ര ധർമ്മോ വിധീയതേ. 20

ധർമ്മശ്ചതുഷ്പാന്മനുജാൻ കൃതേ സമനുവർത്തതേ
സ ഏവാന്യേഷ്വധർമ്മേണ വ്യേതി പാദേന വർദ്ധതാ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടു പരമാണു ചേർന്നാലണുവെന്നു
കണ്ടുകൊൾ, മൂന്നുചേർന്നാൽ ത്രസരേണുവായ്
കാണാവതല്ലതിസൂക്ഷ്മങ്ങളാം പര-
മാണുക്കളെന്നാൽ ത്രസരേണു ദൃശ്യമാം.
ജാലകവ്യാപ്താർക്കരശ്മികളിൽക്കൂടി
മേലോട്ടു പൊങ്ങും പൊടിതാൻ ത്രസരേണു.
ആയതിനെക്കടക്കും സമയത്തിനു-
മായതുതാനഭിധാനമെന്നോർക്കുക. 5
പിന്നെ, ത്രസരേണു മൂന്നു ചേർന്നാൽ ത്രുടി-
യൊന്നാം; ശതത്രുടി വേധമൊന്നായിടും.
വേധത്രിതയമൊരു ലവമാണെന്നു
ബോധിക്ക, മൂന്നു ലവമാം നിമേഷവും.
മൂന്നു നിമേഷമത്രേ ക്ഷണ, മഞ്ചതു
ചേർന്നിടും കാഷ്ഠ, പതിനഞ്ചുതാൻ ലഘു
നാഴികയൊന്നു ലഘു പതിനഞ്ചുതാൻ,
നാഴിക രണ്ടു ചേർന്നീടിൽ മുഹൂർത്തമാം.
നാഴികയാറോ ചിലപ്പോളേഴോ ചേരു-
മൂഴമാം യാമമഥവാ പ്രഹരവും. 6–8
ആറു പലം ചെമ്പുകൊണ്ടൊരിടങ്ങഴി-
യാരചിച്ചഞ്ചു പണവടപ്പൊന്നിനാൽ
തീർത്ത ചതുരംഗുലിയാം ശലാകയാൽ
മദ്ധ്യം തുളച്ചു വെള്ളത്തിലിട്ടീടണം.
നീരം നിറഞ്ഞതു മുങ്ങുവാൻ വേണ്ടുന്ന
നേരമൊരു നാഴികയായ് ഗണിച്ചിടാം. 9
നാലുയാമം പകലൊന്നു നര,ക്കതു
പോലെതാൻ രാവും, പതിനഞ്ചുരാപ്പകൽ
ചേർന്നാലൊരു പക്ഷ,മായിരുപക്ഷങ്ങ-
ളൊന്നിപ്പതു മാസമൊന്നു ചൊല്ലുന്നിതു.
ആ രണ്ടുപക്ഷം പിതൃക്കൾക്കു രാപ്പക-
ലീരണ്ടു മാസങ്ങൾ ചേരുന്നതാണൃതു.
ആറാറുമാസങ്ങൾ ചേർന്നയനങ്ങളായ്-
ത്തീരുന്നിതുത്തര ദക്ഷിണാഭിഖ്യയിൽ. 10–11
രണ്ടയനം സുരന്മാർക്കൊരഹോരാത്ര,-
മാണ്ടുതാൻ പന്ത്രണ്ടുമാസത്തിനുള്ള പേർ.
പാരിൽ നരന്മാർക്കേഴും പരമായുസ്സു
നൂറു സംവത്സരമെന്നു നിരൂപിതം. 12
താരഗ്രഹാദി ചക്രസ്ഥിതനാകുമാ-
നാരായണൻ കാലരൂപനായ് മിന്നിന
സൂര്യൻ പരമാണുതൊട്ടൊക്കെയുൾപ്പെടും
പാരിനെയോരാണ്ടുകൊണ്ടൊന്നു ചുററിടും. 13
സംവത്സരം, പരിവത്സരം, വത്സര-
മേവമിഡാവത്സരമനുവത്സരം
എന്നിങ്ങനെ ഭിന്നനാമങ്ങൾ വത്സര-
ത്തിന്നു ചൊൽവൂ ഗ്രഹഭേദഗതികളാൽ. 14
ഭൂതങ്ങളിൽ ബാല്യയൗവനവാർദ്ധക്യ-
ഭേദത്തിനാരുതാൻ കാരണമായതു
കാലമാംശക്തിയാലായുസ്സു പോക്കുന്ന-
മൂലം പുരുഷോത്തമാശ്രു സാധിക്കുവാൻ
ആക്കമേ മുന്നറിവേകുവാൻ വ്യോമത്തി-
ലക്കന്നെസ്സഞ്ചരിപ്പിക്കുന്നതാരുവാൻ,
യാഗാദിയാൽ മഹത്സ്വർഗ്ഗഫലങ്ങളെ
പൂകാനമാരു തുണനിന്നിടുന്നുവോ,
മാർത്താണ്ഡമണ്ഡലാന്തഃ സ്ഥിതനാകുമാ-
ദൈത്യാരിദേവനെയർച്ചനം ചെയ്യുവിൻ!
ആക്കമരുളുന്ന സംവത്സരപഞ്ച-
കാഖ്യനാമീ രവി ഭോഗവും മോക്ഷവും. 15

വിദുരൻ പറഞ്ഞു

വിണ്ണവരും, നരന്മാരും, പിതൃക്കളു-
മാന്റീടുമപ്പരമായുസ്സിതുവിധം
ചൊന്നുവല്ലോ, ചൊൽക ലോകങ്ങളെ വിട്ടു
ധന്യരാം ജ്ഞാനികൾക്കുള്ള വയസ്സതും. 16
കാലരൂപൻ ഭഗവാന്റെ ഗതി ഭവാൻ
ചേലായറിയുന്നതിലില്ലൊരത്ഭുതം
ജ്ഞാനചക്ഷുസ്സിനാൽ ധീരരാം യോഗികൾ
നൂന,മറിഞ്ഞിടുന്നുണ്ടു സമസ്തവും. 17

മൈത്രേയൻ പറഞ്ഞു

ജ്ഞാനികൾതൻ വയോജ്ഞാനമിന്നായുഗ-
മാനംധരിച്ചിരിക്കേണ്ടതാവശ്യമാം.
നാലായിരം ദിവ്യവർഷം കൃതയുഗ-
കാലമാണെന്നറിഞ്ഞീടുക സന്മതേ!
നാലു ശതാബ്ദമോരോ സന്ധ്യയുംപ്പെടെ
നാലായിരത്തിയെണ്ണൂറു ദിവ്യാബ്ദമാം
ദേവവർഷം, ത്രേതയാകും യുഗത്തിനു
മൂവായിരം, സന്ധ്യകൾക്കറുനൂറുമാം.
രണ്ടായിരം ദിവ്യവത്സരം ദ്വാപര-
ത്തുണ്ടു നാന്നൂറാണ്ടു സന്ധ്യകൾ രണ്ടിനും
ആയിരമബ്ദം കലിക്കുണ്ടു സന്ധ്യാംശ-
മായതുക്കൂടാതിരുനൂറു വർഷവും,
യാഗാദികൾക്കു പണ്ടേതന്നെ സന്ധ്യതൻ-
ഭാഗകാലം നിഷേധിച്ചതുകാരണം
കാലജ്ഞരായവർ സന്ധ്യയൊഴിച്ചുള്ള
കാലത്തെയത്രേ യുഗമായ് ഗണിപ്പതും
സാധാരണ ഭഗവത്കഥ ചൊൽകയും
സാദരം കേൾക്കയും ചെയ്യുന്ന സന്ധ്യ-
യിൽ. 18–20
നാലുപാദംപെടും ധർമ്മം കൃതയുഗ-
കാലത്തിലേ വിളങ്ങീടൂ മനുഷ്യനിൽ.
മററു യുഗങ്ങളിലോരോപദം മറ-
ഞ്ഞുററു കലിയിങ്കലേകപദത്തിലാം
ധർമ്മം ക്രമത്തിൽ കലിയിൽക്കുറഞ്ഞിട്ടു
ചെമ്മേയധർമ്മം മുഴുത്തുചമഞ്ഞിടും. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രിലോക്യാ യുഗസാഹസ്രം ബഹിരാബ്രഹ്മണോ ദിനം
താവത്യേവ നിശാ താത യന്നിമീലതി വിശ്വസൃക്. 22

നിശാവസാന ആരബ്ധോ ലോകകല്പോഽനുവർത്തതേ
യാവദ്ദിനം ഭഗവതോ മനൂൻ ഭുഞ്ജംശ്ചതുർദ്ദശ
സ്വം സ്വം കാലം മനുർഭുങ്ക്തേ സാധികാം ഹ്യേകസപ്തതിം. 23

മന്വന്തരേഷു മനവസ്തദ്വംശ്യാ ഋഷയസ്സുരാഃ
ഭവന്തി ചൈവ യുഗപത് സുരേശാശ്ചാനു യേ ച താൻ. 24

ഏഷ ദൈനന്ദിനസ്സർഗ്ഗോ ബ്രാഹ്മസ്ത്രൈലോക്യവർത്തനഃ
തിര്യങ്നൃപിതൃദേവാനാം സംഭവോ യത്ര കർമ്മഭിഃ. 25

മന്വന്തരേഷു ഭഗവാൻ ബിഭ്രത്സത്ത്വം സ്വമൂർത്തിഭിഃ
മന്വാദിഭിരിദം വിശ്വമവത്യുദിതപൗരുഷഃ. 26

തമോമാത്രാമുപാദായ പ്രതിസംരുദ്ധവിക്രമഃ
കാലേനാനുഗതാശേഷ ആസ്തേ തൂഷ്ണീം ദിനാത്യയേ. 27

തമേവാന്വപിധീയന്തേ ലോകാ ഭൂരാദയസ്ത്രയഃ
നിശായാമനുവൃത്തായാം നിർമ്മുക്തശശിഭാസ്കരം. 28

ത്രിലോക്യാം ദഹ്യമാനായാം ശക്ത്യാ സങ്കർഷണാഗ്നിനാ
യാന്ത്യൂഷ്മണാ മഹർല്ലോകാജ്ജനം ഭൃഗ്വാദയോഽർദ്ദിതാഃ. 29

താവത് ത്രിഭുവനം സദ്യ കല്പാന്തൈധിതസിന്ധവഃ
പ്ലാവയന്ത്യുത്കടാടോപചണ്ഡവാതേരിതോർമ്മയഃ. 30

അന്തസ്സ തസ്മിൻ സലില ആസ്തേഽനന്താസനോ ഹരിഃ
യോഗനിദ്രാനിമീലാക്ഷഃ സ്തൂയമാനോ ജനാലയൈഃ. 31

ഏവംവിധൈരഹോരാത്രൈഃ കാലഗത്യോപലക്ഷിതൈഃ
അപക്ഷിതമിവാഽസ്യാപി പരമായുർവ്വയശ്ശതം. 32

യദർദ്ധമായുഷസ്തസ്യ പരാർദ്ധമഭിധീയതേ
പൂർവ്വഃ പരാർദ്ധോഽപക്രാന്തോ ഹ്യപരോഽദ്യ പ്രവർത്തതേ. 33

പൂർവ്വസ്യാദൗ പരാർദ്ധസ്യ ബ്രാഹ്മോ നാമ മഹാനഭൂത്
കല്പോ യത്രാഭവദ്ബ്രഹ്മാ ശബ്ദബ്രഹ്മേതി യം വിദുഃ. 34

തസ്യൈവ ചാന്തേ കല്പോഽഭൂദ്യം പാദ്മമഭിചക്ഷതേ
യദ്ധരേർന്നാഭിസരസ ആസീല്ലോകസരോരുഹം. 35

അയം തു കഥിതഃ കല്പോ ദ്വിതീയസ്യാപി ഭാരത
വാരാഹ ഇതി വിഖ്യാതോ യത്രാസീത് സൂകരോ ഹരിഃ. 36

കാലോഽയം ദ്വിപരാർദ്ധാഖ്യോ നിമേഷ ഉപചര്യതേ
അവ്യാകൃതസ്യാനന്തസ്യ അനാദേർജ്ജഗദാത്മനഃ. 37

കാലോഽയം പരമാണ്വാദിർദ്വിപരാർദ്ധാന്ത ഈശ്വരഃ
നൈവേശിതും പ്രഭുർഭൂമ്ന ഈശ്വരോ ധാമമാനിനാം. 38

വികാരൈസ്സഹിതോ യുക്തൈർവ്വിശേഷാദിഭിരാവൃതഃ
ആണ്ഡകോശോ ബഹിരയം പഞ്ചാശത്കോടിവിസ്തൃതഃ. 39

ദശോത്തരാധികൈര്യത്ര പ്രവിഷ്ടഃ പരമാണുവത്
ലക്ഷ്യതേഽന്തർഗ്ഗതാശ്ചാന്യേ കോടിശോ ഹ്യണ്ഡരാശയഃ. 40

തദാഹുരക്ഷരം ബ്രഹ്മ സർവ്വകാരണകാരണം
വിഷ്ണോർദ്ധാമ പരം സാക്ഷാത് പുരുഷസ്യ മഹാത്മനഃ. 41

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഏകാദശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്രിലോകത്തിൽ സഹസ്രം ചതുര്യുഗം
പൂർത്തിയായീടവേ തദ്ബഹിർഭൂതമായ്
വർത്തിച്ചിടും മഹർല്ലോകാദിയിലഹ-
സ്സൊത്തിടുന്നൊന്നത്രകാലം നിശയുമാം.
ധാതാവുറക്കമാണാ രാത്രികാലത്തി-
നോത്തും പ്രലയമെന്നായതിനാഖ്യയും. 22
എപ്പോൾ നിശ തീരുമപ്പോളജൻ വീണ്ടു-
മേർപ്പെടുന്നാ സൃഷ്ടിജോലി തുടർന്നിടാൻ.
ബ്രഹ്മദിനമാം സഹസ്രം ചതുര്യുഗം
ചെമ്മേ മനുക്കൾ പതിന്നാൽവർ പാരിടം
പാലിച്ചിടുന്നെഴുപത്തിയൊന്നിൽപരം
കാലം ചതുര്യുഗംവീതമെന്നോർക്കുക. 23
മന്വന്തരത്തിൽ മനുക്കൾ, തദ്വംശജ-
മന്നവന്മാർ, സുരന്മാരുമൃഷികളും,
പിന്നെത്തദനുചിതരാമമർത്ത്യേശരു-
മൊന്നിച്ചൊരേകാലമുദ്ഭവിക്കുന്നിതേ. 24
ബ്രഹ്മാവു,തൻപകലെല്ലാം തുടർന്നി-
തിമ്മട്ടു ദൈനന്ദിനസൃഷ്ടി പിന്നെയും.
ദേവപിതൃനരപക്ഷിമൃഗാദിക-
ളേവരും തങ്ങടെ കർമ്മാനുസാരമായ്
ആവിർഭവിക്കയുമന്തംവരിക്കയും
ചെയ്‌വതത്രേ പതിവെന്നു ധരിക്കുക. 25
മന്വന്തരങ്ങളിലെല്ലാമവതാര-
മാർന്നിടും സത്ത്വഗുണമൂർത്തിയാം ഹരി,
അന്നന്നു വാഴും മനുക്കളോടൊത്തുചേ-
ർന്നന്യൂനമായിടും തത്പൗരുഷത്തിനാൽ
നന്നായ് മറഞ്ഞിടും ധർമ്മം സമുദ്ധരി-
ച്ചെന്നും നിലനിറുത്തീടുന്നു വേണ്ടപോൽ. 26
രാത്രിയായാൽ സ്വയം വ്യാപാരമൊക്കെയും
നിർത്തിത്തമോഗുണം സ്വീകരിച്ചപ്പരൻ
കാലബലത്താലഖിലവും തന്നുള്ളി-
ലാലയിപ്പിച്ചു കിടന്നുറങ്ങുന്നിതേ. 27
ലോകത്രയവും ദിനേശനും ചന്ദ്രനു-
മേകനാമബ്ഭഗവാനിലടങ്ങുന്നു. 28
ആദിശേഷാനനവഹ്നിയാൽ മൂപ്പാരു-
ദംദഹ്യമാനമായീടവേ, ചൂടിനാൽ
ഭൃഗ്വാദികൾ മഹർല്ലോകം വെടിഞ്ഞതി-
ശീഘ്രം ജനർലോകമെത്തി വാഴുന്നിതു. 29
ഏറവും ക്ഷോഭിച്ചിളകിക്കൊടുങ്കാററി-
ലൂററമായ്പ്പൊങ്ങും തരങ്ഗങ്ങൾ തിങ്ങിടും
കല്പാന്തസാഗരംതന്നിൽപ്പൊടുന്നനെ
മുപ്പാരുമങ്ങു മുക്കുന്നു മുരാന്തകൻ. 30
പിന്നെയക്കല്പാന്തനീരമദ്ധ്യത്തിലായ്
പന്നഗശയ്യയിൽതാൻ യോഗനിദ്രയാൽ
കണ്ണടച്ചജ്ജനർലോകസ്ഥരാം മുനി-
വൃന്ദങ്ങളാൽ സ്തുതനായ് ശയിക്കുന്നിതേ. 31

ഈവിധം നാളതൊട്ടു സംവത്സരംവരെ-
ത്താവും കണക്കുകളാലെ യുഗങ്ങളും
സൃഷ്ടികർത്താവിൻെറ രാപ്പകലും കഴി-
ഞ്ഞിട്ടു പിന്നെപ്പുരുഷായുസ്സിലും പരം
കൂടുതലാം ശതവത്സരാജായുസ്സു
കേടുപെട്ടീടുന്നു കാലക്രമത്തിനാൽ.
പേരജായുസ്സിനുണ്ടു പരാർദ്ധമെ-
ന്നോരണമാദ്യപരാർദ്ധം കഴിഞ്ഞുപോയ്
ഇപ്പോളപരമായീടും പരാർദ്ധമാം
ചൊല്ലെഴുന്നീടും ഹരിഭക്തശിഖാമണേ! 32–33
ഒന്നാമതാം പരാർദ്ധത്തിൻെറയാദിയിൽ
വന്ന കല്പത്തിനാം ബ്രാഹ്മമെന്നുള്ള പേർ
ശബ്ദമയബ്രഹ്മമുദ്ഭൂതമായതു-
മപ്പൊഴാണെന്നു ധരിക്കുക കൗരവാ! 34
അപ്പരാർദ്ധാന്ത്യകാലത്തിലുമുണ്ടായി
കല്പമതിന്നു പേർ പാത്മമെന്നായിതു.
അന്നാണു ലോകമയാബ്ജം മഹാവിഷ്ണു
തന്നുടെ നാഭിയിൽനിന്നുളവായതും. 35
രണ്ടാമതാം പരാർദ്ധത്തിൻെറയാദിയി-
ലുണ്ടായ കല്പമാം വാരാഹമെന്നതും.
അക്കാലമല്ലോ വരാഹാവതാരമാ-
ചിത്കാതലാം ഭഗവാൻ സ്വീകരിച്ചതും. 36
ഇദ്വിപരാർദ്ധാഖ്യകാലമനാദ്യന്ത-
വസ്തുവിന്നേകനിമിഷമെന്നല്ലാതെ
അക്ഷരബ്രഹ്മത്തിനായുസ്സു ചൊല്ലുവാൻ
ദക്ഷതപാർക്കിലില്ലാർക്കുമൊരിക്കലും. 37
അപ്പരമാണുമുതൽ ദ്വിപരാർദ്ധാന്ത-
മുൾപ്പെട്ട കാലസ്വരൂപനാമീശ്വരൻ
എന്നും ഗൃഹാദ്യഭിമാനികൾക്കീശനാ-
ണെന്നാലുമക്ഷരബ്രഹ്മേശനായിടാ. 38
പഞ്ചഭൂതങ്ങളും, ജ്ഞാനേന്ദ്രിയങ്ങളു-
മഞ്ചു കർമ്മേന്ദ്രിയം, ചിത്തം, പ്രകൃതിയും
പിന്നെ മഹത്തത്ത്വവുമഹംതത്ത്വവു-
മെന്നല്ല പഞ്ചതന്മാത്രയുമിങ്ങനെ
തത്ത്വമിരുപത്തിനാലുമവതീർത്ത
വസ്തുജാലങ്ങളുമുൾപ്പെട്ടിരിപ്പതും
അൻപതുകോടിയാം യോജനവിസ്തൃതി-
യമ്പുന്നതുമാകുമീയണ്ഡകോശവും
പിന്നെയതിൻപുറവുമായുത്തരോത്തര-
മൊന്നിനെക്കാൾ പത്തിരട്ടി വലിപ്പമായ്,
മണ്ണാദിയേഴാവരണങ്ങൾ ചേർന്നതാ-
മെണ്ണമററുള്ള മററണ്ഡസമൂഹവും
നീതിനിധേ! പരമാണുവിൻമാതിരി-
യേതൊന്നിലാണോ ലയിച്ചിരിക്കുന്നതു്
ആ മഹദക്ഷരബ്രഹ്മം ഹരിയുടെ
ധാമമെന്നായരുളുന്നു മനീഷികൾ.
എല്ലാററിനുമധിഷ്ഠാനമാമായതിൻ
തുല്യമായും ബൃഹത്തായുമില്ലൊന്നുമേ. 39-41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാദശോഽധ്യായഃ

മൈത്രേയ ഉവാച

ഇതി തേ വർണ്ണിതഃ ക്ഷത്തഃ കാലാഖ്യഃ പരമാത്മനഃ
മഹിമാ വേദഗർഭോഽഥ യഥാസ്രാക്ഷീന്നിബോധ മേ. 1
സസർജ്ജാഗ്രേഽന്ധതാമിസ്രമഥ താമിസ്രമാദികൃത്
മഹാമോഹം ച മോഹം ച തമശ്ചാജ്ഞാനവൃത്തയഃ. 2
ദൃഷ്ട്വാ പാപീയസീം സൃഷ്ടിം നാത്മാനം ബഹ്വമന്യത
ഭഗവദ്ധ്യാനപൂതേന മനസാന്യാംസ്തതോഽസൃജത്. 3
സനകം ച സനന്ദം ച സനാതനമഥാത്മഭൂഃ
സനത്കുമാരം ച മുനീൻ നിഷ്ക്രിയാനൂർധ്വരേതസഃ 4
താൻ ബഭാഷേ സ്വഭൂഃ പുത്രാൻ ''പ്രജാഃ സൃജത പുത്രകാഃ''
തന്നൈച്ഛന്മോക്ഷധർമ്മാണോ വാസുദേവപരായണാഃ. 5
സോഽവധ്യാതഃ സുതൈരേവം പ്രത്യാഖ്യാതാനുശാസനൈഃ
ക്രോധം ദുർവ്വിഷഹം ജാതം നിയന്തുമുപചക്രമേ. 6
ധിയാ നിഗൃഹ്യമാണോഽപി ഭ്രുവോർമ്മധ്യാത് പ്രജാപതേഃ
സദ്യോഽജായത തന്മന്യുഃ കുമാരോ നീലലോഹിതഃ. 7
സ വൈ രുരോദ ''ദേവാനാം പൂർവ്വജോ ഭഗവാൻ ഭവഃ
നാമാനി കുരു മേ ധാതഃ സ്ഥാനാനി ച ജഗദ്ഗുരോ.'' 8
ഇതി തസ്യ വചഃ പാദ്മോ ഭഗവാൻ പരിപാലയൻ
അഭ്യധാദ്ഭദ്രയാ വാചാ ''മാ രോദീസ്തത് കരോമി തേ. 9
യദരോദീഃ സുരശ്രേഷ്ഠ സോദ്വേഗ ഇവ ബാലകഃ
തതസ്ത്വാമഭിധാസ്യന്തി നാമ്നാ രുദ്ര ഇതി പ്രജാഃ. 10
ഹൃദിന്ദ്രിയാണ്യസുർവ്യോമ വായുരഗ്നിർജ്ജലം മഹീ
സൂര്യശ്ചന്ദ്രസ്തപശ്ചൈവ സ്ഥാനാന്യഗ്രേ കൃതാനി മേ. 11
മന്യുർമ്മനുർമ്മഹിനസോ മഹാൻ ശിവ ഋതുധ്വജഃ
ഉഗ്രരേതാ ഭവഃ കാലോ വാമദേവോ ധൃതവ്രതഃ. 12
ധീർവൃത്തിരുശനോമാ ച നിയുത്സർപ്പിരിളാംബികാ
ഇരാവതീ സുധാ ദീക്ഷാ രുദ്രാണ്യോ രുദ്ര തേ സ്ത്രിയഃ. 13
ഗൃഹാണൈതാനി നാമാനി സ്ഥാനാനി ച സയോഷണഃ
ഏഭിഃ സൃജ പ്രജാ ബഹ്വീഃ പ്രജാനാമസി യത്പതിഃ.'' 14
ഇത്യാദിഷ്ടസ്സ ഗുരുണാ ഭഗവാൻ നീലലോഹിതഃ
സത്വാകൃതിസ്വഭാവേന സസർജ്ജാത്മസമാഃ പ്രജാഃ. 15
രുദ്രാണാം രുദ്രസൃഷ്ടാനാം സമന്താദ്ഗ്രസതാം ജഗത്
നിശാമ്യാസംഖ്യശോ യൂഥാൻ പ്രജാപതിരശങ്കത. 16
''അലം പ്രജാഭിഃ സൃഷ്ടാഭിരീദൃശീഭിസ്സുരോത്തമ!
മയാ സഹ ദഹന്തീഭിർദിശശ്ചക്ഷുർഭിരുല്ബണൈഃ. 17
തപ ആതിഷ്ഠ ഭദ്രം തേ സർവ്വഭൂതസുഖാവഹം
തപസൈവ യഥാപൂർവ്വം സ്രഷ്ടാ വിശ്വമിദം ഭവാൻ. 18
തപസൈവ പരം ജ്യോതിർഭഗവന്തമധോക്ഷജം
സർവ്വഭൂതഗുഹാവാസമഞ്ജസാ വിന്ദതേ പുമാൻ.'' 19

മൈത്രേയ ഉവാച

ഏവമാത്മഭുവാഽഽദിഷ്ടഃ പരിക്രമ്യ ഗിരാം പതിം
ബാഢമിത്യമുമാമന്ത്ര്യ വിവേശ തപസേ വനം. 20
അഥാഭിധ്യായതഃ സർഗ്ഗം ദശ പുത്രാഃ പ്രജജ്ഞിരേ
ഭഗവച്ഛക്തിയുക്തസ്യ ലോകസന്താനഹേതവഃ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 12

അമസൃഷ്ടിക്രമം

മൈത്രേയൻ പറഞ്ഞു

കാലഭഗവന്മഹിമാനമീവിധം
ചേലായ് വിവരിച്ചരുളിനേൻ ഞാ,നിനി
ധാതാവുതന്നുടെ സൃഷ്ടിക്രമങ്ങളു-
മോതുന്നു, കേട്ടു മനസ്സിലാക്കീടുക. 1

അന്ധതാമിസ്രതാമിസ്രങ്ങളും, മോഹ-
മന്ധകാരം, മഹാമോഹവുമിങ്ങനെ
അഞ്ചുവിധമെഴമജ്ഞാനവൃത്തിക-
ളഞ്ചാതുളവാക്കി നാന്മുഖനാദിയിൽ. 2

ജീവജാലത്തെ നരകത്തിലാക്കിടു-
മീവിധസൃഷ്ടിയെപ്പററിയോർത്തിട്ടജൻ
ദീനനായ് വൈകുണ്ഠവാസിയാം ദേവനെ
ധ്യാനിച്ചു ശുദ്ധമായീടും മനസ്സിനാൽ
നിർമ്മിച്ചിതു പുനരജ്ഞാനവൃത്തിതൻ
നിർമ്മാജ്ജനത്തിനുതകുന്നവരെയും. 3

മുന്നേ സനകസനന്ദസനാതനർ
തീർന്നു സനൽക്കുമാരർഷിയുമങ്ങനെ
നിഷ്ക്രിയരും വിജിതേന്ദ്രിയന്മാരുമായ്
വിഖ്യാതരാമിവർ മാനസപുത്രരാം. 4

''മക്കളേ! നിങ്ങൾ പ്രജാസൃഷ്ടിചെയ്യുവിൻ
കേൾക്കുവിനെന്റെ വാ''ക്കെന്നജൻ ചൊല്ലവേ,
മുക്തിലക്ഷ്യത്താൽ ഹരിസേവയാന്നവർ
ധിക്കരിച്ചീടിനാരപ്പിതൃശാസനം. 5

നന്ദനന്മാരാജ്ഞ കേൾക്കാതിരുന്നതു
തന്നെ നിന്ദിച്ചതായോർത്തു പിതാമഹൻ
കോപമസഹ്യമായ്ത്തീർന്നതടക്കുവാൻ
ചേതോനിയന്ത്രണത്തിന്നു യത്നിച്ചിതു. 6

ധീയാലൊരുമട്ടടക്കിലും ക്രോധമാ-
ഭ്രൂയുഗമദ്ധ്യത്തുനിന്നും പൊടുന്നനെ
നീലവും ശോണവുമാം നിറംചേർന്നൊരു
ബാലകരൂപത്തിലായ് വെളിപ്പെട്ടിതു. 7

ഉമ്പർകുലത്തിനു പൂർവജനായ് ജ്ഞാന-
സമ്പന്നനാം ഭവനാണക്കുമാരകൻ.
''താതാ! ജഗദ്ഗുരോ! നാമവും സ്ഥാനവു-
മോതുകെനി''ക്കെന്നു രോദിച്ചുചൊല്ലിനാൻ. 8

ആയതു കേട്ടവന്നാശ്വാസമേകുവാ-
നായജൻ ഭദ്രവചസ്സുകളോതിനാൻ.
''നീ കരയേണ്ട ചോദിച്ചതെല്ലാം നിന-
ക്കേകിടാമിക്ഷണംതന്നെ കുമാരകാ! 9

ദേവോത്തമാ! നീ ഭയപ്പെട്ടു കുട്ടിമ-
ട്ടീവിധം രോദിച്ചിടുന്നതുമൂലമായ്
എല്ലാ ജനങ്ങളുമാത്മജാ! രുദ്രനെ-
ന്നുള്ളൊരു നാമത്തിൽ നിന്നെ വിളിച്ചിടും. 10

ഹൃ,ത്തിന്ദ്രിയ തപഃപ്രാണനഭസ്സുകൾ
പൃഥ്വി,യർക്കേന്ദുക്കൾ, കാററു, തീ, വെള്ളവും,
നിന്നത്ഥനസ്സുമുന്നേതാൻ നിനക്കായി
നന്ദനാ! നിർമ്മിച്ചുവച്ചിരിക്കുന്നിതു. 11

മന്യു,മനു,മഹാൻ,കാല,ഋതുദ്ധ്വജൻ
പിന്നെശ്ശിവൻ വാമദേവൻ ധൃതവ്രതൻ
ഉഗ്രരേതസ്സുമഹിനസനും ഭവ-
നിത്രയും നാമങ്ങളും നിനക്കുള്ളതാം. 12

രുദ്രാ! നിനക്കു ധീ,സർപ്പി,സ്സമ,യിള
വൃത്തി,യുശന,നിയു,സ്സുംബിക,സുധ
ദീക്ഷ,യിരാവതിയെന്ന രുദ്രാണിമാർ
സാക്ഷാൽ പ്രിയതമമാരെന്നുമോരുക. 13

നാമപദങ്ങളെയാൻ നീയിച്ചൊന്ന
വാമമാരൊത്തു സുഖമായനാരതം
ധാരാളമായ് പ്രജാസൃഷ്ടിചെയ്തീടുക
തീരും പ്രജാപതിയായിട്ടുതന്നെ നീ.'' 14

ഈവിധം താതനാലാജ്ഞപ്തനാം രുദ്ര-
ദേവൻ ബലശീലരൂപഗുണാദിയാൽ
തന്നോടുതുല്യതചമാളും പ്രജകളെ-
യെണ്ണമെന്യേ ജനിപ്പിച്ചു വിട്ടീടിനാൻ. 15

രുദ്രസൃഷ്ടപ്രജാസംഘത്തെയെങ്ങുമേ
രൗദ്രപ്രകൃത്യാകൃതികളായ് പദ്മജൻ
പാർത്തിവർ ലോകം നശിപ്പിച്ചിടുമെന്ന-
തോർത്തു ശങ്കാകുലനായ് ഭവിച്ചീടിനാൻ. 16

എന്നെയും ദിക്കുകളൊക്കെയുമിപ്രജാ-
വൃന്ദം ചുടുന്നിതുഗ്രാലോകനങ്ങളാൽ
ആകയാൽ നിന്റെയീ സൃഷ്ടി നിർത്തീടുക
ലോകഹിതത്തിനായ് വൃന്ദാരകോത്തമ! 17

''സൗഖ്യം സമസ്തഭൂതങ്ങൾക്കുമേകുവാൻ
തക്കതാകും തപസ്സാചരിച്ചീടു നീ
മങ്ഗലമുണ്ടാം പഴയമട്ടിൽത്തന്നെ-
യങ്ങേയ്ക്കു സംസൃഷ്ടിചെയ്യാൻ കഴിഞ്ഞിടും. 18

ജ്യോതിസ്സ്വരൂപനായ് ജ്ഞാനാത്മകനായി
ഭൂതസർവ്വാന്തഃസ്ഥിതനാകുമീശനെ
നിത്യവും പൂരുഷൻ പ്രാപിക്കുവാനുള്ളൊ-
രുത്തമോപായമല്ലോ തപസ്സായതും.'' 19

മൈത്രേയൻ പറഞ്ഞു

ബ്രഹ്മാജ്ഞയീവിധം രുദ്രൻ ശ്രവിച്ചതു
സമ്മതിച്ചബ്ജോദ്ഭവനെ പ്രദക്ഷിണം
വച്ചു വന്ദിച്ചു തപസ്സുചെയ്തീടുവാ-
നപ്പിന്നമോദം വനത്തിനു പോയിതു. 20

എങ്ങനെയാണിനി ലോകനിർമ്മാണമെ-
ന്നിങ്ങനെ പദ്മജൻ ചിന്തിച്ചിരിക്കവേ
വൈകുണ്ഠശക്തിയുതന്നവന്നുണ്ടായി
ലോകസന്താനനിദാനർ പുത്രാത്മജർ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരീചിരത്ര്യംഗിരസൗ പുലസ്ത്യഃ പുലഹഃ ക്രതുഃ
ഭൃഗുർവ്വസിഷ്ഠോ ദക്ഷശ്ച ദശമസ്തത്ര നാരദഃ 22

ഉത്സംഗാന്നാരദോ ജജ്ഞേ ദക്ഷോഽങ്ഗുഷ്ഠാത് സ്വയംഭുവഃ
പ്രാണാദ്വസിഷ്ഠസ്സംജാതോ ഭൃഗുസ്ത്വചി കരാത് ക്രതുഃ. 23

പുലഹോ നാഭിതോ ജജ്ഞേ പുലസ്ത്യഃ കർണ്ണയോഃ ഋഷിഃ
അംഗിരാ മുഖതോഽക്ഷ്ണോഽത്രിർമ്മരീചിർമ്മനസോഽഭവത്. 24

ധർമ്മഃ സ്തനാദ്ദക്ഷിണതോ യത്ര നാരായണഃ സ്വയം
അധർമ്മഃ പൃഷ്ഠതോ യസ്മാന്മൃത്യുർല്ലോകഭയങ്കരഃ. 25

ഹൃദി കാമോ, ഭ്രുവഃ ക്രോധോ, ലോഭശ്ചാധരദച്ഛദാത്
ആസ്യാദ്വാക് സിന്ധവോ മേഢ്റാന്നിരൃതിഃ
പായോരഘാശ്രയഃ. 26

ഛായായാഃ കർദ്ദമോ ജജ്ഞേ ദേവഹൂത്യാഃ പതിഃ പ്രഭുഃ
മനസോ ദേഹതശ്ചേദം ജജ്ഞേ വിശ്വകൃതോ ജഗത്. 27

വാചം ദുഹിതരം തന്വീം സ്വയംഭൂർഹരതീം മനഃ
അകാമാം ചകമേ ക്ഷത്തസ്സകാമ ഇതി നഃ ശ്രുതം. 28

തമധർമ്മേ കൃതമതിം വിലോക്യ പിതരം സുതാഃ
മരീചിമുഖ്യാ മുനയോ വിശ്രംഭാത് പ്രത്യബോധയൻ. 29

''നൈതത്പൂർവ്വൈഃ കൃതം ത്വദ്യ ന കരിഷ്യന്തി ചാപരേ
യത്ത്വം ദുഹിതരം ഗച്ഛേരനിഗൃഹ്യാങ്ഗജം പ്രഭുഃ. 30

തേജീയസാമപി ഹ്യേതന്ന സുശ്ലോക്യം ജഗദ്ഗുരോ
യദ്വൃത്തമനുതിഷ്ഠൻ വൈ ലോകഃ ക്ഷേമായ കല്പതേ. 31

തസ്മൈ നമോ ഭഗവതേ യ ഇദം സ്വേന രോചിഷാ
ആത്മസ്ഥം വ്യഞ്ജയാമാസ സ ധർമ്മം പാതുമർഹതി.'' 32

സ ഇത്ഥം ഗൃണതഃ പുത്രാൻ പുരോ ദൃഷ്ട്വാ പ്രജാപതീൻ
പ്രജാപതിപതിസ്തന്വം തത്യാജ വ്രീഡിതസ്തദാ
താം ദിശോ ജഗൃഹുർഘോരാം നീഹാരം യദ്വിദുസ്തമഃ. 33

കദാചിദ്ധ്യായതഃ സ്രഷ്ടുർവ്വേദാ ആസംശ്ചതുർമ്മുഖാത്
കഥം സ്രക്ഷ്യാമ്യഹം ലോകാൻ സമവേതാൻ യഥാ പുരാ. 34

ചാതുർഹോത്രം കർമ്മതന്ത്രമുപവേദനയൈസ്സഹ
ധർമ്മസ്യ പാദാശ്ചത്വാരസ്തഥൈവാശ്രമവൃത്തയഃ. 35

വിദുര ഉവാച

സ വൈ വിശ്വസൃജാമീശോ വേദാദീന്മുഖതോഽസൃജത്
യദ്യദ്യേനാസൃജദ്ദേവസ്തന്മേ ബ്രൂഹി തപോധന. 36

മൈത്രേയ ഉവാച

ഋഗ്യജുസ്സാമാഥർവ്വാഖ്യാൻ വേദാൻ പൂർവ്വാദിഭിർമ്മുഖൈഃ
ശസ്ത്രമിജ്യാം സ്തുതിസ്തോമം പ്രായശ്ചിത്തം വ്യധാത് ക്രമാത്. 37

ആയുർവ്വേദം ധനുർവ്വേദം ഗാന്ധർവ്വം വേദമാത്മനഃ
സ്ഥാപത്യം ചാസൃജദ്വേദം ക്രമാത് പൂർവ്വാദിഭിർമ്മുഖൈഃ. 38

ഇതിഹാസപുരാണാനി പഞ്ചമം വേദമീശ്വരഃ
സർവ്വേഭ്യ ഏവ വക്ത്രേഭ്യസ്സസൃജേ സർവ്വദർശനഃ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്രി, മരീചി, പുലഹൻ, പുലസ്ത്യൻ, വ-
സിഷ്ഠൻ, ക്രതു, വംഗിരസ്സ, ദക്ഷൻ, ഭൃഗു,
പത്താമനായ് നാരദനുമാണിച്ചൊന്ന-
പത്തു തനൂജരെന്നോർക്ക കൗരവാ! 22

സാരസസംഭവാങ്കത്തിൽനിന്നുണ്ടായി
നാരദ, നങ്ഗുഷ്ഠജാതനായ് ദക്ഷനും
പ്രാണനിൽനിന്നു വസിഷ്ഠനുമാവിധം
പാണിയിൽനിന്നു ക്രതുവുമുണ്ടായിതു.
ത്വക്ക് ഭൃഗുവിനും, നാഭി പുലഹനും,
തത് കർണ്ണരന്ധ്രങ്ങളങ്ങു പുലസ്ത്യനും
മാനസമമ്മരീചി, ക്കക്ഷിയത്രിക്കു-
മാനനമംഗിരസ്സിന്നു മുത്പത്തിഭൂ. 23–24

വീണ്ടുമജദക്ഷിണസ്തനം തന്നിൽനി-
ന്നുണ്ടായിതു ധമ്മനാകമൃഷീശ്വരൻ
ചൊൽപ്പൊങ്ങിടുന്നൊരാ നാരായണർഷിത-
ന്നുദ്ഭവസ്ഥാനമീധർമ്മമഹർഷിതാൻ.
പൃഷ്ഠത്തിൽനിന്നുമധമ്മം ജനിച്ചു, ഭീ-
ർയേററും മൃതിയതിൽനിന്നുളവായതാം. 25

ഹൃത്തിൽനിന്നും കാമ, മപ്പുരികദ്വിത-
യത്തിൽനിന്നും ക്രുധ, കീഴ്ച്ചുണ്ടിൽനിന്നഥ
ലോഭം, വദനത്തിൽനിന്നു വാഗ്ദേവിയു-
മുദ്ഭൂതമായി മേഢ്റത്തിൽനിന്നബ്ധിയും.
പായുവിൽനിന്നു പാപത്തിലേക്കായങ്ങു
പായിച്ചിടുന്ന നിരൃതിയും ജാതമായ്. 26

ധാതൃതനുച്ഛായതന്നിൽനിന്നും ദേവ-
ഹൂതീപതികർദ്ദമനാം തപോധനൻ
ജാതനായീവിധം ലോകകൃത്തിൻദേഹ-
ചേതസ്സുകളിൽനിന്നിജ്ജഗത്തുണ്ടായി. 27

ചേതോഹരയായ്, സുതയായകാമയാം
വാഗ്ദേവതയെസ്സരസീരുഹാസനൻ
കാമിച്ചധികം പരവശനായതായ്
നാമിങ്ങു കേട്ടിരിക്കുന്നു കുരൂദ്വഹാ! 28

ഉച്ചമായീടുമധമ്മത്തിൽ മാനസം
വച്ചപിതാവിനെപ്പിൻതിരിപ്പിക്കുവാൻ
വിശ്വാസമാർന്നു മരീച്യാദിനന്ദന-
രിച്ഛയജനോടറിയിച്ചിതീവിധം. 29

''കാമവികാരമടക്കാതെ തന്നുടെ-
യോമനപ്പുത്രിയെ പ്രാപിക്കയെന്നതാം-
നിന്ദ്യകമ്മം ഭവത്പൂർവ്വജർ ചെയ്തില്ല-
തിന്നിമേൽച്ചെയ്യുകയുമില്ലനുഗാമികൾ. 30

നിങ്ങളെപ്പോലതിതേജോനിധികളി-
ലിങ്ങനെയുള്ള ദുഷ്കൃത്യമൊരിക്കലും
ഭംഗിയല്ലെന്നല്ലമലയശസ്വിയാ-
മങ്ങേക്കിതേററമനുചിതമല്ലയോ?
പാരിൽ സദാചാരമെന്നും നിരന്തരം
പാരം നിലനിറുത്തേണ്ടും ഭവാദൃശർ
നേരേയിതുമട്ടകൃത്യങ്ങൾ കാട്ടിയാൽ-
പ്പാരാതധമ്മം പടരുകയില്ലയോ? 31

തന്നിലടങ്ങിയിരിക്കുന്ന ലോകമി-
തന്യനമാം സ്വതേജഃപ്രഭാവത്തിനാൽ
ഭിന്നമാക്കി പ്രകാശിപ്പിച്ചു മിന്നിടും
പുണ്ഡരീകാക്ഷാ! ഭവാനെ നമിച്ചിടാം.
അങ്ങുന്നജമനസ്സീയധർമ്മത്തിൽനി-
ന്നങ്ങു തിരിപ്പിച്ചു ധർമ്മം ജഗത്തിതിൽ
എങ്ങും നിലനിർത്തിടേണ'', മെന്നമ്മുനി-
പുംഗവർ നാരായണനോടിരന്നിതേ. 32

ഏവം കഥിക്കും തനയരെ മുന്നിലാ-
യാവിധി വീക്ഷിച്ചു ലജ്ജിതനായുടൻ
ദേഹം ത്യജിച്ചതാ, ന്നാശക, ളത്തമോ-
നീഹാരമായതതെന്നു ചൊല്ലുന്നിതു. 33

സങ്കല്പശക്തിയാൽ നവ്യം തനുവൊന്നു
ശങ്കാവിഹീനം ധരിച്ചപ്പിതാമഹൻ
ഏകമാംലോകം പലതായ് പഴേമട്ടി-
ലാകുവാൻ മാർഗ്ഗമാലോചിച്ചിരുന്നിതു.
അപ്പോഴവനുടെ നാലാനനത്തിൽനി-
ന്നുദ്ഭൂതമായിതു നാലു വേദങ്ങളും. 34

ചാതുർഹോത്രം, കർമ്മതന്ത്രങ്ങളു;മുപ-
വേദങ്ങളും, നീതിശാസ്ത്രങ്ങളും, പുരാണങ്ങളും,
ധർമ്മശാസ്ത്രം, ന്യായശാസ്ത്രവും, മീമാംസ,
ധർമ്മപാദങ്ങളാം സത്യദയാദിയും,
ബ്രഹ്മചര്യാദിചതുരാശ്രമങ്ങളും
ബ്രഹ്മാനനങ്ങളിൽനിന്നുളവായിതു. 35

വിദുരൻ പറഞ്ഞു

അല്ലയോ മാമുനേ! കശ്യപാദിപ്രജാ-
വല്ലഭക്കീശനാം ധാതാവുതന്നുടെ
ഏതേതു വക്ത്രങ്ങളിൽനിന്നുമേതേതു
വേദങ്ങളാണുളവായതെന്നോതുക. 36

മൈത്രേയൻ പറഞ്ഞു

പ്രാഗ്ദക്ഷിണപശ്ചിമോത്തരാസ്യങ്ങളി-
ന്നൃഗ്യജുസ്സാമാഥർവങ്ങളുണ്ടായ് ക്രമാൽ.
ശസ്ത്രം സ്തുതിസ്തോമ, മിജ്യതാനും പ്രായ-
ശ്ചിത്തവുമുദ്ഭൂതമായി നയാംബുധേ! 37

പിന്നെ, മുറയ്ക്കു തദ്വക്ത്രങ്ങളിൽനിന്നു
തീർന്നിതായുർവേദവും ധനുർവ്വേദവും.
ഗാന്ധർവവേദാഖ്യസംഗീതശാസ്ത്രവു-
മുണ്ടായിതു ശില്പശാസ്ത്രവും സന്മതേ! 38

പഞ്ചമവേദമെന്നോതുമിതിഹാസ-
സഞ്ചയത്തേയും പുരാണവൃന്ദത്തെയും
എല്ലാ മുഖങ്ങളിൽനിന്നും രചിച്ചിതു
കില്ലെന്നിയേ സർവദർശനനാമജൻ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷോഡശ്യുക്ഥൌ പൂർവ്വവക്ത്രാത് പുരീഷ്യഗ്നിഷ്ടുതാവഥ
ആപ്തോര്യാമാതിരാത്രൌ ച വാജപേയം സഗോസവം. 40

വിദ്യാ, ദാനം, തപ,സ്സത്യം, ധർമ്മസ്യേതി പദാനി ച
ആശ്രമാംശ്ച യഥാസംഖ്യമസൃജത്സഹ വൃത്തിഭിഃ. 41

സാവിത്രം പ്രാജാപത്യം ച ബ്രാഹ്മം ചാഥ ബൃഹത്തഥാ
വാർത്താസഞ്ചയശാലീനശിലോഞ്ഛ ഇതി വൈ ഗൃഹേ. 42

വൈഖാനസാ വാലഖില്യൌദുംബരാഃ ഫേനപാ വനേ
ന്യാസേ കുടീചകഃ പൂർവ്വം ബഹ്വോദോ ഹംസനിഷ്ക്രിയൌ. 43

ആന്വീക്ഷികീ ത്രയീ വാർത്താ ദണ്ഡനീതിസ്തഥൈവ ച
ഏവം വ്യാഹൃതയശ്ചാസൻ പ്രണവോ ഹ്യസ്യ ദഹ്രതഃ. 44

തസ്യോഷ്ണിഗാസീല്ലോമഭ്യോ ഗായത്രീ ച ത്വചോ വിഭോഃ
ത്രിഷ്ടുമ്മാംസാത്സ്നുതോഽനുഷ്ടുബ്ജഗത്യസ്ഥ്നഃ
പ്രജാപതേഃ. 45

മജ്ജായാഃ പങ്ക്തിരുത്പന്നാ ബൃഹതീ പ്രാണതോഽഭവത്
സ്പർശസ്തസ്യാഭവജ്ജീവസ്സ്വരോ ദേഹ ഉദാഹൃതഃ. 46

ഊഷ്മാണമിന്ദ്രിയാണ്യാഹുരന്തഃസ്ഥാ ബലമാത്മനഃ
സ്വരാസ്സപ്ത വിഹാരേണ ഭവന്തി സ്മ പ്രജാപതേഃ. 47

ശബ്ദബ്രഹ്മാത്മനസ്തസ്യ വ്യക്താവ്യക്താത്മനഃ പരഃ
ബ്രഹ്മാവഭാതി വിതതോ നാനാശക്ത്യുപബൃംഹിതഃ 48

തതോഽപരാമുപാദായ സ സർഗ്ഗായ മനോ ദധേ. 49

ഋഷീണാം ഭൂരിവീര്യാണാമപി സർഗ്ഗമവിസ്തൃതം
ജ്ഞാത്വാ തദ്ധൃദയേ ഭൂയശ്ചിന്തയാമാസ കൌരവ! 50

''അഹോ അദ്ഭുതമേതന്മേ വ്യാപൃതസ്യാപി നിത്യദാ
ന ഹ്യേധന്തേ പ്രജാ നൂനം ദൈവമത്ര വിഘാതകം.'' 51

ഏവം യുക്തകൃതസ്തസ്യ ദൈവം ചാവേക്ഷതസ്തദാ
കസ്യ രൂപമഭൂദ് ദ്വേധാ യത്കായമഭിചക്ഷതേ. 52

താഭ്യാം രൂപവിഭാഗാഭ്യാം മിഥുനം സമപദ്യത
യസ്തു തത്ര പുമാൻ സോഽഭൂന്മനുസ്സ്വായംഭുവഃ സ്വരാട്
സ്ത്രീ യാഽഽസീച്ഛതരൂപാഖ്യാ മഹിഷ്യസ്യ മഹാത്മനഃ. 53

തദാ മിഥുനധർമ്മേണ പ്രജാ ഹ്യേധാംബഭൂവിരേ. 54

സ ചാപി ശതരൂപായാം പഞ്ചാപത്യാന്യജീജനത്
പ്രിയവ്രതോത്താനപാദൌ തിസ്രഃ കന്യാശ്ച ഭാരത
ആകൂതിർദ്ദേവഹൂതിശ്ച പ്രസൂതിരിതി സത്തമ. 55

ആകൂതിം രുചയേ പ്രാദാത് കർദ്ദമായ തു മധ്യമാം
ദക്ഷായാദാത് പ്രസൂതിം ച യത ആപൂരിതം ജഗത്. 56

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

ശ്രീശുക ഉവാച

നിശമ്യ വാചം വദതോ മുനേഃ പുണ്യതമാം നൃപ!
ഭൂയഃ പപ്രച്ഛ കൌരവ്യോ വാസുദേവകഥാദൃതഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷോഡശി, ഉക്ഥമെന്നുള്ള കർമ്മദ്വയം-
കൂടെയപ്പൂർവ്വാനനത്തിൽനിന്നുണ്ടായി
നേരേ പുരീഷിയഗ്നികഷിത്തിതുവിധം
പേരെഴും കർമ്മങ്ങൾ ദക്ഷിണാസ്യത്തിലും,
നേരിലാപ്തോര്യാമമോടതിരാത്രവും
പാരാതെ പശ്ചിമമാകും മുഖത്തിലും,
ഗോസവവാജപേയങ്ങൾ വടക്കെഴു-
മാസ്യത്തിലുംനിന്നുളവാക്കി നാന്മുഖൻ. 40

വിദ്യയും, ദാനം, തപസ്സതും, സത്യവു-
മിത്തരം ധർമ്മപാദങ്ങളും ജാതമായ്
വൃത്തിസഹിതം ചതുരാശ്രമങ്ങളും
സത്വരമോരോ മുഖത്തിൽനിന്നും ക്രമാൽ. 41

ഒന്നാമതാം ബ്രഹ്മചര്യാശ്രമത്തിനു
ഭിന്നമായ് നാലു വിഭാഗം ഭവിക്കുന്നു.
സാവിത്രവും പ്രാജാപത്യവും ബ്രാഹ്മവു-
മാവിധം പിന്നെ ബൃഹത്തുമെന്നിങ്ങനെ.
വാർത്ത, ശാലീനം, ശിലോഞ്ഛവും സഞ്ചയ-
മിത്ഥം ഗൃഹാശ്രമവൃത്തിയും നാലുതാൻ. 42

വാനപ്രസ്ഥത്തിലുമുണ്ടു വൈഖാനസൻ,
ഫേനപ,നൗദുംബരൻ, വാലഖില്യനും.
സംന്യാസിമാർ നാലുമാതിരിയുണ്ടതി-
ലൊന്നു കുടീചകൻ, പിന്നെ ബഹൂദനും,
മൂന്നാമതു ഹംസ,നന്തിമൻ നിഷ്ക്രിയ-
നെന്നിങ്ങനെ ധരിച്ചീടുക സന്മതേ! 43

ആന്വീക്ഷികിയും ത്രയിയുമാവാർത്തയും
ദണ്ഡം വിവരിച്ചിടും ദണ്ഡനീതിയും
ബ്രഹ്മപൂർവ്വാദിവദനങ്ങളിൽനിന്നു
ചെമ്മേ ക്രമാൽ വ്യാഹൃതികളും ജാതമായ്.
പുണ്ഡരീകാസനഹൃദവിഹായസ്സിങ്കൽ-
നിന്നുളവായീ പ്രണവവും കൗരവാ! 44

പിന്നെ വിഭുവാമജന്റെ രോമങ്ങളിൽ-
നിന്നുമുഷ്ണിക്കെന്നു പേരെഴും ഛന്ദസ്സും
ത്വങ്മാംസസ്നായുക്കളസ്ഥിയിവയിൽനി-
ന്നങ്ങു ഗായത്രിയും ത്രിഷ്ടുപ്പനുഷ്ടുപ്പും
പിന്നെജ്ജഗതിയെന്നിങ്ങിനെ പേരെഴും
ഛന്ദസ്സുകളും മുറയ്ക്കുളവായിതേ. 45

ഉദ്ഭൂതമായ് മജ്ജയിൽനിന്നുമക്ഷരം
നാല്പതുചേരുന്ന പങ്ക്തിയാം ഛന്ദസ്സും
പ്രാണനിൽനിന്നു മുപ്പത്തിയാറക്ഷരം
പൂണും ബൃഹതിയാം ഛന്ദസ്സുമുണ്ടായി.
ജീവനിൽനിന്നു കകാരംമുതൽ സ്പർശ-
മാവിർഭവിച്ചു മകാരാന്തമാം ലിപി
പുണ്ഡരീകോദ്ഭവൻതൻ ശരീരത്തിൽനി-
ന്നുണ്ടായിതങ്ങകാരാദിസ്വരങ്ങളും. 46

പിന്നെ 'ശ ഷ സ ഹ' നാലക്ഷരങ്ങളെ
തന്നിന്ദ്രിയങ്ങളാണെന്നു ചൊല്ലുന്നിതു.

ബ്രഹ്മബലത്തിൽനിന്നുദ്ഭൂതമായഥ
ചെമ്മേ 'യ വ ര ല' നാലക്ഷരങ്ങളും
അപ്പരമേഷ്ഠിതൻ ക്രീഡകളിൽനിന്നു
സപ്തസ്വരങ്ങളുമപ്പോളുദിച്ചിതു. 47
വ്യക്തനുമവ്യക്തനുമാം വിധിക്കെഴും
ശബ്ദമയമായിരിക്കുമാത്മാവിങ്കൽ
നാനാബലയുതനായ് സർവ്വവ്യാപിയായ്
ഭാനിച്ചിടും ഭഗവാൻ വസിക്കുന്നിതു. 48
പിന്നെ വിധാതാവു നവ്യമാകും തനു-
വാന്നു വീണ്ടും രചനയ്ക്കൊരുങ്ങീടിനാൻ. 49
ഭൂരിവീര്യത്തോടും ലോകസൃഷ്ടിക്കവൻ
നേരേ മരീച്യാദ്യരെ രചിച്ചീടിലും
തീരെപ്പുരോഗതിപൂണ്ടില്ല പാരെന്ന
കാര്യം നിനച്ചു ചിന്താക്രാന്തനായിതു. 50
''എന്നും പ്രജാഭിവൃദ്ധിക്കുതാനീയിവൻ
മുന്നിട്ടുനിന്നലം യത്നിക്കിലുമഹോ!
ഉന്നിയമട്ടിൽപ്പുരോഗതിയെന്നിയേ
വന്നതു തൻ കാലദോഷ''മെന്നോർത്തിതു. 51
യുക്തകൃതനും നിജ ഭാഗ്യകാലത്തെ-
യോർക്കുന്നവനുമാം ധാതാവുതൻ തനു
രണ്ടായ് ഭവിച്ചിതതുകാരണമതി-
നുണ്ടായി കായാഭിധയെന്നു ചൊൽവുതേ. 52
ആ ദേഹഭാഗത്തിലൊന്നു പുമാ,നതാ-
ണാദിരാട്ടായിടും സ്വായംഭുവമനു
സ്ത്രീയായ് ശതരൂപയെന്നപേരിൽപ്പാതി-
മെയ്യുമ്മഹാന്റെ മഹിഷിയുമായിതു. 53
ആ മിഥുനത്തിന്റെ സങ്ഗമംമൂലമായ്
കാമാഭിവൃദ്ധമായ് പ്രജാസഞ്ചയം. 54
സ്വായംഭുവമനുവശ്ശതരൂപയാം
ജായയിൽത്തീർത്തിതഞ്ചപത്യത്തിനെ
പുത്രരതിൽ പുകളാളും പ്രിയവ്രത,-
നുത്താനപാദനെന്നീ രണ്ടുപേരുമാം.
പുത്രിമാരാകൂതിയും ദേവഹൂതിയും
ശുദ്ധഹൃദയ! പ്രസൂതിയുമാണു കേൾ. 55
ആകൂതിയെ ബ്രഹ്മപുത്രനാകും രുചി-
ക്കേകിനാൻ, കർദ്ദമനായ് ദേവഹൂതിയെ,
നല്കീ പ്രസൂതിയെദ്ദക്ഷനായും പിന്നെ
ലോകം നിറഞ്ഞു തൽസന്തതിമൂലമായ്. 56

അദ്ധ്യായം 13

വരാഹാവതാരം

ശ്രീശുകൻ പറഞ്ഞു
പുണ്യതമമാം മുനിവചസ്സേവമാ-
കർണ്ണനംചെയ്തഭിനന്ദിച്ചു സാദരം
നന്ദജസച്ചരിതാദ്ഭുതൻ കൗരവൻ
പിന്നെയും മൈത്രേയനോടു ചോദിച്ചിതു. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദുര ഉവാച
സ വൈ സ്വായംഭുവസ്സമ്രാട്പ്രിയഃ പുത്രസ്സ്വയംഭുവഃ
പ്രതിലഭ്യ പ്രിയാം പത്നീം കിം ചകാര തതോ മുനേ! 2
ചരിതം തസ്യ രാജർഷേരാദിരാജസ്യ സത്തമ!
ബ്രൂഹി മേ ശ്രദ്ദധാനായ വിഷ്വക്സേനാശ്രയോ ഹ്യസൗ. 3
ശ്രുതസ്യ പുംസാം സുചിരശ്രമസ്യ
നന്വഞ്ജസാ സൂരിഭിരീഡിതോഽർത്ഥഃ
യത്തദ്ഗുണാനുശ്രവണം മുകുന്ദ-
പാദാരവിന്ദം ഹൃദയേഷു യേഷാം. 4

ശ്രീശുക ഉവാച
ഇതി ബ്രുവാണം വിദുരം വിനീതം
സഹസ്രശീർഷ്ണശ്ചരണോപധാനം
പ്രഹൃഷ്ടരോമാ ഭഗവത്കഥായാം
പ്രണീയമാനോ മുനിരഭ്യചഷ്ട. 5

മൈത്രേയ ഉവാച
യദാ സ്വഭാര്യയാ സാകം ജാതസ്സ്വായംഭുവോ മനുഃ
പ്രാഞ്ജലിഃ പ്രണതശ്ചേദം വേദഗർഭമഭാഷത. 6
''ത്വമേകസ്സർവ്വഭൂതാനാം ജന്മകൃദ്വൃത്തിദഃ പിതാ
അഥാപി നഃ പ്രജാനാം തേ ശുശ്രൂഷാ കേന വാ ഭവേത്. 7
തദ്വിധേഹി നമസ്തുഭ്യം കർമ്മസ്വീഡ്യാത്മശക്തിഷു
യത് കൃത്വേഹ യശോ വിഷ്വഗമുത്ര ച ഭവേദ് ഗതിഃ'' 8

ബ്രഹ്മോവാച
പ്രീതസ്തുഭ്യമഹം താത സ്വസ്തി സ്താദ്വാം ക്ഷിതീശ്വര!
യന്നിർവ്യളീകേന ഹൃദാ ശാധി മേത്യാത്മനാർപ്പിതം. 9
ഏതാവത്യാത്മജൈർവ്വീര! കാര്യാ ഹ്യപചിതിർഗ്ഗുരൗ
ശക്ത്യാപ്രമത്തൈർഗൃഹ്യേത സാദരം ഗതമത്സരൈഃ. 10
സ ത്വമസ്യാമപത്യാനി സദൃശാന്യാത്മനോ ഗുണൈഃ
ഉത്പാദ്യ ശാസ ധർമ്മേണ ഗാം, യജ്ഞൈഃ പുരുഷം യജ. 11
പരം ശുശ്രൂഷണം മഹ്യം സ്യാത് പ്രജാരക്ഷയാ നൃപ!
ഭഗവാംസ്തേ പ്രജാഭർത്തുർഹൃഷീകേശോ ന തുഷ്യതി. 12
യേഷാം ന തുഷ്ടോ ഭഗവാൻ യജ്ഞലിങ്ഗോ ജനാർദ്ദനഃ
തേഷാം ശ്രമോ ഹ്യപാർത്ഥായ യദാത്മാ നാദൃതഃ സ്വയം. 13

മനുരുവാച
ആദേശേഽഹം ഭഗവതോ വർത്തേയാമീവസൂദന!
സ്ഥാനം ത്വിഹാനുജാനീഹി പ്രജാനാം മമ ച പ്രഭോ! 14
യദോകസ്സർവ്വസത്വാനാം മഹീ മഗ്നാ മഹാംഭസി
അസ്യാ ഉദ്ധരണേ യത്നോ ദേവ ദേവ്യാ വിധീയതാം. 15

മൈത്രേയ ഉവാച
പരമേഷ്ഠീ ത്വപാംമദ്ധ്യേ തഥാ സന്നാമവേക്ഷ്യ ഗാം
കഥമേനാം സമുന്നേഷ്യ ഇതി ദദ്ധ്യൗ ധിയാ ചിരം. 16
''സൃജതോ മേ ക്ഷിതിർവ്വാർഭിഃ പ്ലാവ്യമാനാ രസാം ഗതാ
അഥാത്ര കിമനുഷ്ഠേയമസ്മാഭിസ്സർഗ്ഗയോജിതൈഃ. 17
യസ്യാഹം ഹൃദയാദാസം സ ഈശോ വിദധാതു മേ
കർത്തവ്യം കരുണാസിന്ധുസ്തീർത്ഥകീർത്തിരധോക്ഷജഃ''. 18
ഇത്യഭിദ്ധ്യായതോ നാസാവിവരാത് സഹസാനഘ!
വരാഹതോകോ നിരഗാദങ്ഗുഷ്ഠപരിമാണകഃ. 19
തസ്യാഭിപശ്യതഃ ഖസ്ഥഃ ക്ഷണേന കില ഭാരത!
ഗജമാത്രഃ പ്രവവൃധേ തദദ്ഭുതമഭൂന്മഹത്. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദുരൻ പറഞ്ഞു

പ്രേയസീലാഭശേഷം ബ്രഹ്മപുത്രനാം
സ്വായംഭുവൻ ചെയ്തതെന്തെന്നു ചൊല്ലുക. 2

ആദിരാട്ടാകുമാരാജർഷിതന്നുടെ
പൂതചരിതം ശ്രവിക്കുവാനുത്കനാം
എന്നോടശേഷമരുളണ; മദ്ദേഹ-
മൊന്നാമനല്ലയോ വൈകുണ്ഠഭക്തരിൽ. 3

ഏറെനാളത്തെ ശ്രമഫലമായ് നര-
ന്മാരിയലേണ്ടും പരമപ്രയോജനം
ദൈത്യാരിഭക്തകഥാകർണ്ണനത്തിനാ-
ലെത്തുമെന്നത്രേ ബുധന്മാരുടെ മതം. 4

ശ്രീശുകൻ പറഞ്ഞു

വേദം സഹസ്രസ്രോത്തമാങ്ഗനെന്നോതിടും
ദൈതേയവൈരി ഭഗവാന്റെ കാലിണ
അങ്കമേററിത്തടവിത്തദനുഗ്രഹം
തങ്കിപ്പരം വിനയാനതനായിടും
കൗരവശ്രേഷ്ഠന്റെ ചോദ്യമിതു കേട്ടു
നാരായണകഥാചർച്ചയ്ക്കവസരം
ചേരുകയാൽത്തുഷ്ടനായികുളിർപൂണ്ടു
പാരാതെ ചൊല്ലിനാൻ മൈത്രേയമാമുനി. 5

മൈത്രേയൻ പറഞ്ഞു

ജായയോടൊന്നിച്ചുളവായളവി, ല-
സ്സ്വായംഭുവനജനെത്തൊഴുതോതിനാൻ: 6
''എല്ലാച്ചരാചരങ്ങൾക്കുമങ്ങന്നേക-
നല്ലോ ജനകനും രക്ഷിതാവും വിഭോ!
എന്നാകയാൽ, തവത്പ്രജകളാമീയിവ-
രെന്നും ഭവാനെപ്പരിചരിക്കേണ്ടവർ.
ആവിധമുള്ള കർമ്മത്തിനു ഞങ്ങളെ
ഹേ വിധാതാവേ! നിയോഗിക്കണം ഭവാൻ. 7

ശക്ത്യനുസാരമേതൊന്നു ചെയ്താലിഹ
വിഖ്യാതിയൊത്തു പരഗതി പാട്ടിലാം
അപ്രകാരം പ്രവർത്തിക്കുവാൻ ഞങ്ങളെ-
ക്കല്പിച്ചിടേണം, നമിപ്പൂ ഭവാനെ ഞാൻ.'' 8

ബ്രഹ്മാവു പറഞ്ഞു

എള്ളോളവും കപടം കലന്നീടാതെ-
യുള്ളം തുറന്നയേ സാർവ്വഭൗമാ! ഭവാൻ
'കല്പിച്ചിടേണ'മെന്നെന്നിൽത്തവതനു-
വർപ്പിച്ചമട്ടിലെന്നോടപേക്ഷിക്കയാൽ
തിങ്ങുന്നെനിക്കുള്ളിൽ മോദം, ഭവിക്കട്ടെ
നിങ്ങൾക്കു രണ്ടുപേർക്കും പരം മങ്ഗലം! 9

മത്തരാകാതെ മാത്സര്യവുമെന്നിയേ
പുത്രർവിനീതരായിഗ്ഗുരുപൂജനം
നേരേ നടത്തേണ്ടതുതാ, നിവിടുതു
വീരാ! ഭവാൻ നിർവഹിച്ചുകഴിഞ്ഞിതു. 10

എൻചൊല്ലു കേൾപ്പാനുറച്ചു നീയെങ്കിലി-
ച്ചഞ്ചലനേത്രയിൽത്തുല്യഗുണംപെടും
സന്തതിജാലം ജനിപ്പിച്ചു ഭൂമിയെ-
സ്സന്തതം ശാസ്ത്രരീതിക്കു സംരക്ഷിച്ചു,
ധർമ്മത്തിനൊത്തയജ്ഞങ്ങളാലീശനെ
നന്മട്ടു പൂജനം ചെയ്തു വാണീടുക. 11

ധർമ്മം നൃപതേ! പ്രജാപാലനം തവ
നന്മട്ടതുചെയ്കിലെന്നെയർച്ചിച്ചതായ്.
ഇന്ദ്രിയപ്രേരകനാം ഹൃഷീകേശനും
സന്തുഷ്ടനാകും ഭവാനിലെല്ലായ്പ്പൊഴും. 12

യാഗാങ്ഗനാമജ്ജനാർദ്ദനൻതൻ പ്രേമ-
ഭാഗഭാക്കാകാത്തവന്റെ പരിശ്രമം
നിഷ്ഫലമാ, ണതിൽ സ്വന്തമാത്മാവിനു-
മല്പമൊരാദരവുണ്ടായിടാ ദൃഢം. 13

മനു പറഞ്ഞു

ദുഷ്കൃതഹാരിൻ! ഭഗവൻ! ഭവാനുടെ
ചൊൽക്കീഴിൽ ഞാൻ പ്രവർത്തിച്ചുകൊള്ളാം
വിഭോ!
വാണീടുവാനെനിക്കും പ്രജകൾക്കുമാ-
സ്ഥാനമേതെന്നു കല്പിച്ചരുളീടണം. 14

സർവഭൂതങ്ങളുമാവസിക്കാനുള്ള
സർവംസഹ നീരിലാണ്ടുകിടപ്പതേ.
വല്ലവിധവുമതുന്നമിപ്പിക്കുവാൻ
നല്ലപോൽ ദേവാ! ഭവാൻ ശ്രമിച്ചീടുക. 15

മൈത്രേയൻ പറഞ്ഞു

ബ്രഹ്മദേവൻ മനുവാക്യം ശ്രവിച്ചംബു-
നിമഗ്നയാം ഭൂമിയെന്നുകണ്ടക്ഷണം
എന്താണതിനെയുയർത്താൻ വഴിയെന്നു
ചിന്തചെയ്താനേറെനേരമിരുന്നഥ. 16

''ഞാൻ പ്രജാസൃഷ്ടിചെയ്തീടവേ, മേദിനി
സാമ്പ്രതം നീരാണ്ടുപുക്കു രസാതലം.
ഞങ്ങളെസ്സൃഷ്ടിക്കു വിട്ട സർവേശ്വര,-
നിങ്ങിനിയെന്താണു ഞങ്ങൾ ചെയ്യേണ്ടതും.
ഒന്നുമേ ചെയ്യായ്കിലീശാജ്ഞ ലംഘിച്ചു-
വെന്ന ദോഷത്തിനു പാത്രമായ്ത്തീർന്നിടും. 17

ആരുടെ ചിത്തത്തിൽനിന്നു ജനിച്ചു ഞാൻ,
കാരുണ്യസിന്ധുവും സത്കീർത്തിമാനുമാം
ആ മുകുന്ദൻതാനിതി,ന്നൊരുപായവും
മാമകഹൃത്തിൽ പ്രകടമാക്കീടണം.'' 18

ഈവിധമുറച്ചിന്തിച്ചിരിക്കും വിധാ-
താവിന്റെ നാസാസുഷിരത്തിൽനിന്നുടൻ
ചാടീ വെളിക്കു പെരുവിരൽപ്രായത്തി-
ലീടേറിടുമൊരു പന്നിതൻ പോതകം. 19

ആകാശവീഥിയിലച്ചെറുപന്നിയെ
ലോകേശനീക്ഷിച്ചമാത്രയി, ലായതും
ആനയോളം വലിപ്പത്തിലായ്ത്തീ,ർന്നതി-
ലാ നാന്മുഖൻ പരമദ്ഭുതാധീനനായ്. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരീചിപ്രമുഖൈർവിപ്രൈഃ കുമാരൈർമ്മനുനാ സഹ
ദൃഷ്ട്വാ തത് സൗകരം രൂപം തർക്കയാമാസ ചിത്രധാ. 21

''കിമേതത് സൗകരവ്യാജം സത്ത്വം ദിവ്യമവസ്ഥിതം
അഹോ ബതാശ്ചര്യമിദം നാസായാ മേ വിനിഃസൃതം. 22

ദൃഷ്ടോഽങ്ഗുഷ്ഠശിരോമാത്രഃ ക്ഷണാദ്ഗണ്ഡശിലാസമഃ
അപി സ്വിദ് ഭഗവാനേഷ യജ്ഞോ മേ ഖേദയൻ മനഃ'' 23

ഇതി മീമാംസതസ്തസ്യ ബ്രഹ്മണസ്സഹ സൂനുഭിഃ
ഭഗവാൻ യജ്ഞപുരുഷോ ജഗർജ്ജാഗേന്ദ്രസന്നിഭഃ. 24

ബ്രഹ്മാണം ഹർഷയാമാസ ഹരിസ്താംശ്ച ദ്വിജോത്തമാൻ
സ്വഗർജ്ജിതേന കകുഭഃ പ്രതിസ്വനയതാ വിഭുഃ. 25

നിശമ്യ തേ ഘർഘരിതം സ്വഖേദ-
ക്ഷയിഷ്ണു മായാമയസൂകരസ്യ
ജനസ്തപസ്സത്യനിവാസിനസ്തേ
ത്രിഭിഃ പവിത്രൈർമ്മുനയോഽഗൃണൻ സ്മ. 26

തേഷാം സതാം വേദവിതാനമൂർത്തിർ-
ബ്രഹ്മാവധാര്യാത്മഗുണാനുവാദം
വിനദ്യ ഭൂയോ വിബുധോദയായ
ഗജേന്ദ്രലീലോ ജലമാവിവേശ. 27

ഉത്ക്ഷിപ്തവാലഃ ഖചരഃ കഠോരഃ
സടാ വിധുന്വൻ ഖരരോമശത്വക്
ഖുരാഹതാഭ്രസ്സിതദംഷ്ട്ര ഈക്ഷാ
ജ്യോതിർബഭാസേ ഭഗവാന്മഹീധ്രഃ. 28

ഘ്രാണേന പൃഥ്വ്യാഃ പദവീം വിജിഘ്രൻ
ക്രോഡാപദേശസ്സ്വയമധ്വരാങ്ഗഃ
കരാളദംഷ്ട്രോഽപ്യകരാളദൃഗ്ഭ്യാ-
മുദ്വീക്ഷ്യ വിപ്രാൻ ഗൃണതോഽവിശത് കം. 29

സ വജ്രകൂടാങ്ഗനിപാതവേഗ-
വിശീർണ്ണകുക്ഷിഃ സ്തനയന്നുദന്വാൻ
ഉത്സൃഷ്ടദീർഘോർമ്മിഭുജൈരിവാർത്ത-
ശ്ചുക്രോശ, ''യജ്ഞേശ്വര പാഹി''മേതി. 30

ഖുരൈഃ ക്ഷുരപ്രൈർദരയംസ്തദാഽഽപ
ഉത്പാരപാരം ത്രിപരൂ രസായാം
ദദർശ ഗാം തത്ര സുഷുപ്സുരഗ്രേ
യാം ജീവധാനീം സ്വയമഭ്യധത്ത. 31

സ്വദംഷ്ട്രയോദ്ധൃത്യ മഹീം നിമഗ്നാം
സ ഉത്ഥിതസ്സംരുരുചേ രസായാഃ
തത്രാദിദൈത്യം ഗദയാഽഽപതന്തം
സുനാഭസന്ദീപിതതീവ്രമന്യുഃ. 32

ജഘാന രുന്ധാനമസഹ്യവിക്രമം
സ ലീലയേഭം മൃഗരാഡിവാംഭസി
തദ്രക്തപങ്കാങ്കിതഗണ്ഡതുണ്ഡോ
യഥാ ഗജേന്ദ്രോ ജഗതീം വിഭിന്ദൻ. 33

തമാലനീലം സിതദന്തകോട്യാ
ക്ഷ്മാമുത്ക്ഷിപന്തം ഗജലീലയാങ്ഗ!
പ്രജ്ഞായ ബദ്ധാഞ്ജലയോഽനുവാകൈ-
ർവ്വിരിഞ്ചിമുഖ്യാ ഉപതസ്ഥുരീശം. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാതാവുടൻ മനുവും മരീചീസന-
കാദിയാം മാമുനിശ്രേഷ്ഠരുമായൊത്തു
സൂകരമൂർത്തിയെ വീക്ഷിച്ചു വിസ്മയോ-
ദ്രേകം ബഹുവിധം ചിന്തതുടങ്ങിനാൻ: 21

“അദ്ഭുതംതന്നെ! യിസ്സൂകരവേഷത്തിൽ
നില്പതേതോ ദിവ്യമായുള്ളതൊന്നുതാൻ
എന്നുടെ നാസികാദ്വാരത്തിൽനിന്നിതു
വന്നതോർത്തീടുകിലദ്ഭുതമേററവും. 22

സ്പഷ്ടമായ്ക്കണ്ടേൻ വിരൽപ്രായമാമിതു
പെട്ടെന്നു ശൈലശൃംഗോപമമായ്ത്തും
യജ്ഞസ്വരൂപൻ ഭഗവാനിതേവിധ-
മജ്ഞനാമെൻമനം വേദനിപ്പിക്കയോ?” 23

ഇങ്ങനെ പുത്രരൊരാത്തോരോന്നു ചിന്തിച്ചു
മങ്ങിയജനിരുന്നീടുമാവേളയിൽ,
പർവ്വതതുല്യമഹാശരീരംപൂണ്ടു
സർവ്വധർമ്മക്രിയാസത്ഫലദായിയായ്
ഭൂമിയെയുദ്ധരിപ്പാനായൊരുമ്പെട്ടും
ശ്രീമാനിനീജാനി ഗർജ്ജനംചെയ്തിതേ. 24

ഭക്തസന്താപഹരണദക്ഷൻ ഹരി
ദിക്കുകളെല്ലാം പ്രതിധ്വനിക്കുംവിധം
ഗംഭീരഗർജ്ജനംചെയ്തുജാദ്യക്കേഴ-
മമ്പരപ്പാററിയാഹ്ളാദമേററീടിനാൻ. 25

മായയാൽ സൂകരവേഷമാർന്നീവിധം
സ്വീയകദനമൊഴിക്കുവാൻതക്കതാം
അത്യന്തഘർഘരശബ്ദം ജനസ്തപ-
സ്സത്യലോകസ്ഥിതമാമുനിമാർ കേട്ടു
ഋഗ്യജുസ്സാമസൂക്തങ്ങളാൽ മാധവ-
വിക്രമം പാരം പുകഴ്ത്തിസ്തുതിച്ചിതേ. 26

വേദോക്തധർമ്മങ്ങളേതൊരു ദേവനെ
പ്രീതനാക്കാനനുഷ്ഠിപ്പൂ മഹാജനം
അന്നിഖിലേശൻ നിജഗുണം കേട്ടതിൽ
നന്ദിച്ചു വിണ്ണവർതന്നുദയത്തിനായ്
ഒന്നുകൂടിഗ്ഗർജ്ജനംചെയ്തിഭലീല-
യാർന്നു വെള്ളത്തിലെടുത്തുചാടീടിനാൻ. 27

വാലുയർത്തിഖേചരനായ്, കുടുംവപു-
സ്സാളുന്നവനായ്, സ്സടയും വിറപ്പിച്ചു,
അങ്ഗമെങ്ങും കഠിനങ്ങളാം രോമങ്ങൾ
തിങ്ങി, കുളമ്പടിയാലെ മേഘങ്ങളെ
എങ്ങും പറപ്പിച്ചു, വെൺദംഷ്ട്ര കാണിച്ചു,
ഭങ്ഗിയായ്ക്കണ്ണുകൾ രണ്ടും ചുവപ്പിച്ചു,
പൃഥ്വിയെയുദ്ധരിക്കാനുന്നമാ യജ്ഞ-
മൂർത്തി ഭഗവാൻ വിരാജിച്ചിതേററവും. 28

ക്ഷോണിയെങ്ങെന്നു മണത്തറിയുംമട്ടു-
കാണിച്ചു, നാസാപുടങ്ങളും വിടർത്തലും,
പന്നിയെന്നുള്ളഭാവത്തിൽക്കുടുംദംഷ്ട്ര-
യാർന്നിരുന്നീടിലും, തന്നെ സ്തുതിച്ചിടും
വിപ്രമുനികളെസ്സൗമ്യമായ് നോക്കിയാ-
ണപ്പിൽ മുഴുകിയതാ യജ്ഞപൂരുഷൻ. 29

അത്യുഗ്രവജ്രഗിരിപോൽ, ക്കടുപ്പവു-
മുത്തുംഗതയുമാർന്നീടുമസ്സൂകരം
അപ്പിലൂക്കോടു പതിക്കെ,യന്തർഭാഗ-
മൊപ്പം തകർന്നാഴി നീണ്ട തിരക്കൈകൾ
നാലുഭാഗത്തിലുമിട്ടടിച്ചിട്ടു തത്-
കാലദോഷം വെളിവാക്കുംവിധത്തിലായ്
ഉച്ചമിരമ്പുന്ന ശബ്ദം ശ്രവിക്കുകി-
ലച്യുതാ! യജ്ഞശരീര! പാലിക്ക മാം
എന്നീവിധം കേണപേക്ഷിക്കയാണെന്നു
തന്നെ വിചാരിച്ചുപോകുമാരും ദൃഢം. 30

എങ്ങുംനിറഞ്ഞ ജലത്തിൽക്കരതെളി-
ഞ്ഞങ്ങിങ്ങു കാണുംവിധത്തിൽ ഖുരങ്ങളാൽ
തല്ലിത്തകർത്തു കടന്നുകണ്ടീടിനാൻ
കില്ലററു പാതാളമെത്തിയ പൃഥ്വിയെ.
ജീവികൾക്കാധാരമാമിതിനെപ്പുരാൻ
പൂർവ്വം ധരിച്ചിരുന്നാൻ നിജകുക്ഷിയിൽ. 31

പാതാളലോകത്തുനിന്നും നിമഗ്നയാം
മേദിനിയെത്തേററമേലേററിവച്ചുടൻ
പൊങ്ങിവരുമാ വരാഹമൂർത്തിക്കെഴും
ഭങ്ഗിയേറും വരവെങ്ങനെ വാഴ്ത്തിടും!
അങ്ങതിവിക്രമിയായെതിർത്തീടുവാൻ
തുംഗഗദയുമായ്ച്ചാടിയടുത്തിടും
ആദിദൈതേയനെച്ചക്രായുധത്തിനാൽ
സംദീപിതതീവ്രമന്യുവായംബുവിൽ,
പഞ്ചാസ്യനാനയെയെന്നപോൽ ക്രീഡയാൽ
പിഞ്ചിതചേത്താൻ വരാഹരൂപൻ ഹരി.
വക്ത്രവും ഗണ്ഡസ്ഥലങ്ങളും നല്ലപോൽ
തദ്രക്തപങ്കമണിഞ്ഞുകൊണ്ടങ്ങനെ
അദ്രിതടഭൂമി കത്തിപ്പിളർന്നട-
നെത്തും മദഗജംമട്ടു, വിളങ്ങിനാൻ. 32-33

ഹസ്തീന്ദ്രലീലയാൽ തേററമേൽ ഭൂവിനെ-
യുദ്ധരിച്ചുററതമാലനീലാഭനായ്
നീരത്തിൽനിന്നുമുയർന്നുവരുന്നതാ-
നാരായണസ്വാമിതന്നെയാണെന്നു
നേരേ ധരിച്ചു ചതുരാനനാദികൾ
ധാരാളമായ് സ്തുതിചെയ്തു സൂക്തങ്ങളാൽ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷയ ഊചുഃ
ജിതം ജിതം തേഽജിത യജ്ഞഭാവന!
ത്രയീം തനും സ്വാം പരിധുന്വതേ നമഃ
യദ്രോമഗർത്തേഷു നിലില്യുരദ്ധ്വരാ-
സ്തസ്മൈ നമഃ കാരണസൂകരായ തേ. 35

രൂപം തവൈതന്നനു ദുഷ്കൃതാത്മനാം
ദുർദ്ദർശനം ദേവ യദദ്ധ്വരാത്മകം
ഛന്ദാംസി യസ്യ ത്വചി, ബർഹിരോമ,
സ്വാജ്യം ദൃശി,ത്വങ്ഘ്രിഷു ചാതുർഹോത്രം. 36

സ്രുക്തുണ്ഡ ആസീത്, സ്രുവ ഈശനാസയോ-
രിഡോദരേ, ചമസാഃ കർണ്ണരന്ധ്രേ,
പ്രാശിത്രമാസ്യേ, ഗ്രസനേ ഗ്രഹാ,സ്തു തേ
യച്ചർവ്വണം തേ ഭഗവന്നഗ്നിഹോത്രം. 37

ദീക്ഷാനുജന്മോപസദശ്ശിരോധരം
ത്വം പ്രായണീയോദയനീയദംഷ്ട്രഃ
ജിഹ്വാ പ്രവർഗ്ഗ്യസ്തവ ശീർഷകം ക്രതോ-
സ്സഭ്യാവസത്ഥ്യം ചിതയോഽസവോ ഹി തേ. 38

സോമസ്തു രേതസ്സവനാന്യവസ്ഥിതി-
സ്സംസ്ഥാവിഭേദാസ്തവ ദേവ! ധാതവഃ
സത്രാണി സർവ്വാണി ശരീരസന്ധി-
സ്ത്വം സർവ്വയജ്ഞക്രതുരിഷ്ടിബന്ധനഃ. 39

നമോ നമസ്തേഽഖിലമന്ത്രദേവതാ
ദ്രവ്യായ സർവ്വക്രതവേ ക്രിയാത്മനേ
വൈരാഗ്യഭക്ത്യാത്മജയാനുഭാവിത-
ജ്ഞാനായ വിദ്യാഗുരവേ നമോ നമഃ. 40

ദംഷ്ട്രാഗ്രകോട്യാ ഭഗവംസ്ത്വയാ ധൃതാ
വിരാജതേ ഭൂധര ഭൂസ്സഭൂധരാ
യഥാ വനാന്നിസ്സരതോ ദതാ ധൃതാ
മതങ്ഗജേന്ദ്രസ്യ സപത്രപദ്മിനീ. 41

ത്രയീമയം രൂപമിദം ച സൗകരം
ഭൂമണ്ഡലേനാഥ ദതാ ധൃതേന തേ
ചകാസ്തി ശൃംഗോഢഘനേന ഭൂയസാ
കുലാചലേന്ദ്രസ്യ യഥൈവ വിഭ്രമഃ. 42

സംസ്ഥാപയൈനാം ജഗതാം സതസ്ഥുഷാം
ലോകായ പത്നീമസി മാതരം പിതാ
വിധേമ ചാസ്യൈ നമസാ സഹ ത്വയാ
യസ്യാം സ്വതേജോഽഗ്നിമിവാരണാവധാഃ 43

കഃ ശ്രദ്ദധീതാന്യതമസ്തവ പ്രഭോ
രസാം ഗതായാ ഭുവ ഉദ്വിബർഹണം
ന വിസ്മയോസൗ ത്വയി വിശ്വവിസ്മയേ
യോ മായയേദം സസൃജേഽതിവിസ്മയം. 44

വിധുന്വതാ വേദമയം നിജം വപു-
ർജ്ജനസ്തപസ്സത്യനിവാസിനോ വയം
സടാശിഖോദ്ധൂതശിവാംബുബിന്ദുഭി-
ർവ്വിമൃജ്യമാനാ ഭൃശമീശ പാവിതാഃ. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷികൾ പറഞ്ഞു

ദേവാ! ജയിച്ചു ജയിപ്പു ഭവാൻ യജ്ഞ-
ഭാവനാ! പാക്കിലജിതനല്ലോ ഭവാൻ

തന്നാഗമതനു ചുററും ചലിപ്പിച്ചു-
മിന്നും മുരാരേ! ഭവാനു നമസ്കൃതി.

ആകെഴും രോമകൂപങ്ങളിലായിട്ടു-
മൂടംകൊണ്ടിരിക്കുന്നതദ്ധ്വരമാകവേ,

കാരണസൂകരമായിബ്ഭവിച്ചൊരാ-
ശൂരേ! ഭഗവൻ! നമസ്സരിക്കുന്നിതാ. 35

ആകെഴും ത്വക്കിലാം ഛന്ദസ്സിരിപ്പൂ,ത-
ങ്ങാക്കുള്ള രോമസമൂഹത്തിലാം കുശ,

പാത്തീടിലാക്കുള്ള കണ്ണിലാജ്യം, ചാതുർ-
ഹോത്രം സ്ഥിതിചെയ്വതാരുടെകാൽകളിൽ

ശ്രീപതിയാമബ്ഭവാൻെറ യാഗാത്മക-
രൂപമീക്ഷിക്കുവാൻ പാപികാംക്കൊക്കുമോ! 36

ഈശാ! ഭവന്മുഖാഗ്രത്തിൽ ജുഹൂവതും,
നാസികാരന്ധ്രങ്ങളിൽ സ്രുവമെന്നതും

നിന്നുദരത്തിലിഡയെന്ന പാത്രവും,
കണ്ണരന്ധ്രങ്ങളിൽ സോമപാത്രങ്ങളും,

ആനനദ്വാരത്തിലായ് ഗ്രഹപാത്രങ്ങ-
ളാനനം തന്നിലായ് പ്രാശിത്രപാത്രവും

ചേന്നിരിക്കുന്നവല്ലോ ഭവൽച്ചർവണ-
മെന്നതത്രേയഗ്നിഹോത്രവും ശ്രീഹരേ! 37

നിന്നനുജന്മമാം ദീക്ഷ,യുപസത്തു
മൂന്നുവിധമുള്ളതല്ലോ തവ ഗളം.

പ്രായണീയോദയനീയങ്ങും ദംഷ്ട്രക-
ളായതു, നാവോ പ്രവഗ്ഗ്യമാമിഷ്ടിതാൻ

സഭ്യോവസത്ഥ്യാഗ്നികാം രണ്ടുമാം ശിര-
സ്സുദ്ഭൂതമൂത്തേ! ചമത നിൻ പ്രാണനും. 38

സോമാഖ്യമായിടും സുപ്രസിദ്ധൗഷധം
ദാമോദരാ! ഭവദീയരേതസ്സുതാൻ.

സായമുഷസ്സുച്ചയിമ്മൂന്നുസന്ധ്യയി-
ലായനുഷ്ടിക്കുന്ന കമ്മം സവനമാം

ശ്രീമണാളാ! സപ്തധാതുക്കളാണഗ്നി-
ഷ്ടോമാദിയായിടുമേഴു കമ്മങ്ങളും

സർവ്വസത്രങ്ങളും ത്വത്സന്ധികാം, ഭവാൻ
സർവ്വയജ്ഞക്രതുതന്നിഷ്ടിബന്ധനൻ. 39

സവ്വവിധമന്ത്രദേവതാസംയുതാ!
സർവ്വക്രതോ ക്രിയാത്മാവേ! നമസ്തുതി.

ഭക്തിവൈരാഗ്യങ്ങളാത്മജയമെന്നി-
തൊക്കെയും മൂലമനുവേപ്പെട്ടിടും

ജ്ഞാനമാംരൂപമാളുന്ന വിദ്യാഗുരോ!
വീണുനമിക്കുന്നിതങ്ങയെ ഞങ്ങളും. 40

സ്വാമിൻ! സലിലത്തിൽനിന്നുമത്തേററമേൽ
മാമലചേരും ധരയെദ്ധരിക്കയാൽ

താമര ചോടേ പറിച്ചു കൊമ്പേററിടും
സാമജനാഥനോടൊപ്പം ലസിപ്പുതേ. 41

മേദിനിയെത്തേററയേററിയുയത്തിടും
വേദസ്വരൂപമീ സൗകരമാംതനു

മിന്നുന്നു, കൊണ്ടലിൻകൂട്ടം കൊടുമുടി-
തന്നിൽത്തിളങ്ങും കുലഗിരിയെന്നപോൽ. 42

ലോകമാതാവും ഭവത്പത്നിയും ഭൂത-
ലോകവസതിയുമാമിദ്ധരിത്രിയെ

നേരേയുറപ്പിച്ചുവച്ചീടണം ഭവാ,-
നോരുകിലങ്ങു ജഗത്പിതാവല്ലയോ?

ഭാവൽക്കവീര്യവും ചേത്തുവല്ലോ ഭവാൻ
ഭുവി,ലരണിയിലഗ്നികണക്കിനെ. 43

സത്തമ! പാതാളമഗ്നയാംഭൂമിത-
ന്നുദ്ധരണത്തിൽ മറേറതവനേപ്പെട്ടും!

വിശ്വാദ്ഭുതനാം ഭവാൻെറ കൃത്യത്തിലി-
ല്ലാശ്ചര്യ,മങ്ങിതു മായയാൽത്തീത്തവൻ. 44

ഭൂവുയത്തിജ്ജലത്തിൽനിന്നുത്ഥിതം
താവകം വേദമയമാം തിരുവുടൽ

ഒന്നു കുടഞ്ഞസമയം സടകളിൽ-
നിന്നു തെറിച്ച സംശുദ്ധനീത്തുള്ളികാം

സത്യജനസ്തപോലോകങ്ങളിൽച്ചിരം
പാത്തീടുമീ ഞങ്ങടെതൻ ശരീരങ്ങളിൽ

ധാരാളമായ് വീണു മാജ്ജനംചെയ്കയാൽ
പാരം പരിശുദ്ധരായിതു ഞങ്ങളും. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ വൈ ബത ഭ്രഷ്ടമതിസ്തവൈഷ തേ
യഃ കർമ്മണാം പാരമപാരകർമ്മണഃ
യദ്യോഗമായാഗുണയോഗമോഹിതം
വിശ്വം സമസ്തം ഭഗവൻ വിധേഹി ശം. 46

മൈത്രേയ ഉവാച
ഇത്യുപസ്ഥീയമാനസ്തൈർമ്മുനിഭിർബ്രഹ്മവാദിഭിഃ
സലിലേ സ്വഖുരാക്രാന്ത ഉപാധത്താവിതാവനിം. 47
സ ഇത്ഥം ഭഗവാനുർവ്വീം വിഷ്വക്സേനഃ പ്രജാപതിഃ
രസായാ ലീലയോന്നീതാമപ്സു ന്യസ്യ യയൗ ഹരിഃ. 48
യ ഏവമേതാം ഹരിമേധസോ ഹരേഃ
കഥാം സുഭദ്രാം കഥനീയമായിനഃ
ശൃണ്വീത ഭക്ത്യാ ശ്രവയേത വോശതീം
ജനാർദ്ദനോഽസ്യാശു ഹൃദി പ്രസീദതി. 49
തസ്മിൻ പ്രസന്നേ സകലാശിഷാം പ്രഭോ
കിം ദുർല്ലഭം താഭിരലം ലവാത്മഭിഃ
അനന്യദൃഷ്ട്യാ ഭജതാം ഗുഹാശയഃ
സ്വയം വിധത്തേ സ്വഗതിം പരഃ പരാം. 50
കോ നാമ ലോകേ പുരുഷാർത്ഥസാരവിത്
പുരാകഥാനാം ഭഗവത്കഥാസുധാം
ആപീയ കർണ്ണാഞ്ജലിഭിർഭവാപഹാ-
മഹോ വിരജ്യേത വിനാ നരേതരം. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
വരാഹപ്രാദുർഭാവാനുവർണ്ണനേ ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

ശ്രീശുക ഉവാച
നിശമ്യ കൗഷാരവിണോപവർണ്ണിതാം
ഹരേഃ കഥാം കാരണസൂകരാത്മനഃ
പുനസ്സ പപ്രച്ഛ തമുദ്യതാഞ്ജലി-
ർന്ന ചാതിതൃപ്തോ വിദുരോ ധൃതവ്രതഃ. 1
തേനൈവ തു മുനിശ്രേഷ്ഠ ഹരിണാ യജ്ഞമൂർത്തിനാ
ആദിദൈത്യോ ഹിരണ്യാക്ഷോ ഹത ഇത്യനുശുശ്രുമ. 2
തസ്യ ചോദ്ധരതഃ ക്ഷോണീം സ്വദംഷ്ട്രാഗ്രേണ ലീലയാ
ദൈത്യരാജസ്യ ച, ബ്രഹ്മൻ, കസ്മാദ്ധേതോരഭൂൻമൃധഃ? 3
മൈത്രേയ ഉവാച
സാധു, വീര, ത്വയാ പൃഷ്ടമവതാരകഥാം ഹരേഃ
യത്ത്വം പൃച്ഛസി മർത്ത്യാനാം മൃത്യുപാശവിശാതനീം. 4
യയോത്താനപദഃ പുത്രോ മുനിനാ ഗീതയാർഭകഃ
മൃത്യോഃ കൃത്വൈവ മൂർധ്ന്യങ്ഘ്രിമാരുരോഹ ഹരേഃ പദം. 5
അഥാത്രാപീതിഹാസോഽയം ശ്രുതോ മേ വർണ്ണിതഃ പുരാ
ബ്രഹ്മണാ ദേവദേവേന ദേവാനാമനുപൃച്ഛതാം. 6
ദിതിർദ്ദാക്ഷായണീ ക്ഷത്തർമ്മാരീചം കശ്യപം പതിം
അപത്യകാമാ ചകമേ സന്ധ്യായാം ഹൃച്ഛയാർദ്ദിതാ. 7
ഇഷ്ട്വാഗ്നിജിഹ്വം പയസാ പുരുഷം യജുഷാം പതിം
നിമ്ലോചത്യർക്ക ആസീനമഗ്ന്യഗാരേ സമാഹിതം. 8
ദിതിരുവാച
''ഏഷ മാം ത്വത്കൃതേ, വിദ്വൻ, കാമ ആത്തശരാസനഃ
ദുനോതി ദീനാം വിക്രമ്യ രംഭാമിവ മതംഗജഃ 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തമററുള്ള ഭവത്കർമ്മകോടിത-
ന്നന്തമീക്ഷിക്കുവാനുന്നവോൻ ശേഷനാം

നിന്നുടെ മായാഗ്ഗുണത്താലതിലാശ-
വന്നിതു, ലോകം വിമോഹിതം മായയാൽ

അങ്ങയെ ഞങ്ങൾ ശരണംഗമിക്കുന്നു
ഞങ്ങൾക്കു മോക്ഷമരുളീടണം ഭവാൻ. 46

മൈത്രേയൻ പറഞ്ഞു

ഇത്ഥം ശ്രുതിസമവാക്യങ്ങളാൽ മുനി-
സത്തമർ വാഴ്ത്തുമാ ലോകസംരക്ഷകൻ

തൻഖുരാക്രാന്തമാം നീരിൽധരിത്രിയെ
ചിക്കെന്നുറപ്പിച്ചശേഷം മറഞ്ഞിതു. 47–48

ദുഃഖസംഹാരിയായ് വിസ്തരിച്ചോതുവാൻ-
തക്ക മായാഗ്ഗുണംതാവുമിദ്ദേവന്റെ

സത്ക്കഥ ഭക്തിപുരസ്സരം ചൊല്ലയും
കേൾക്കയും ചെയ്തിടുമേതൊരുവന്റെയും

ഉൾക്കമലത്തിലബ്ഭക്തദാസൻ ഹരി
പുക്കുടൻ പാരം പ്രസാദിച്ചിടുന്നിതു. 49

ആശിസ്സുകൾക്കഖിലം പ്രഭുവാകമീ-
യീശൻ പ്രസാദിക്കിലെന്തുള്ള ദുർല്ലഭം!

തുച്ഛമാമാശിസ്സുകളെന്തി, നന്യമാ-
മിച്ഛകൂടാതെ ഭജിക്കുന്നവരുടെ

ഹൃദ്ഗുഹതന്നിൽ വസിക്കും പരൻപുമാ-
നൽകൃഷ്ണമാം തത്പദമവക്കേകിടും. 50

പാരിൽ പുരുഷാർത്ഥസാരം ഗ്രഹിച്ചവ-
നാരാകിലും മൃഗമല്ലവനെങ്കിലോ,

അന്തമില്ലാതുള്ള സംസാരദുഃഖത്തി-
നന്തമേകീടും ഹരിസത്കഥാമൃതം

സ്വന്തം ശ്രവണപുടങ്ങളാൽ സേവിച്ചു
സന്തതം മിന്നും വിഷയവിരക്തനായ്. 51

അദ്ധ്യായം 14

ദിതിഗർഭാധാനം

ശ്രീശുകൻ പറഞ്ഞു

ഏവം വരാഹാവതാരഹരികഥ
സുവ്രതനാകും വിദുരൻ മഹാശയൻ

മൈത്രേയമാമുനി വർണ്ണിച്ചതു കേട്ടു
തൃപ്തനാകാതെ വീണ്ടും തൊഴുതോതിനാൻ. 1

ആദിദൈത്യൻ ഹിരണ്യാക്ഷനെ യജ്ഞാംഗ-
ഭൂതൻ ഹരി. വധിച്ചെന്നു ചൊല്ലീ ഭവാൻ

തേററമേൽ ഭ്രുവാന്തയന്ന യജ്ഞാംഗനാ-
ദൈത്യേന്ദ്രനോടു പോരാടിയതെന്തിനായ്. 2-3

മൈത്രേയൻ പറഞ്ഞു

മർത്ത്യർതൻ മൃത്യുപാശത്തെയറുത്തിടും
ദൈത്യാരിസച്ചരിതത്തെക്കുറിച്ചുതാൻ

എന്നോടവിടുന്നു ചോദിച്ചുവെന്നതു,
സന്ദേഹമില്ല, സമുചിതമെത്രയും. 4

ഉത്താനപാദജനാം ധ്രുവബാലക-
നത്യരം നാരദമാമുനീന്ദ്രോക്തിയാൽ

ധീരനായ് മൃത്യുമൂർദ്ധാവിൽ പദം വച്ചു-
മാരോഹണംചെയ്തതില്ലേ ഹരിപദം? 5

ആദിദൈതേയഹിരണ്യാക്ഷനെക്കൊന്ന-
ഹേതുവെന്തെന്നതും കേട്ടുകൊണ്ടീടുക.

പണ്ടു ദേവന്മാരൊടായജൻ ചൊല്ലിയി-
ട്ടുണ്ടീയിതിഹാസ, മോർമ്മയുണ്ടോതിടാം. 6

ദക്ഷസുതയാം ദിതി മദനാർത്തിയാ-
ലക്ഷമയായ് പ്രജാകാംക്ഷയോടേകദാ

കശ്യപനാകും വരൻതൻ സമീപത്തി-
ലിച്ഛയറിയിക്കുവാൻ ചെന്നു സന്ധ്യയിൽ. 7

അസ്തമനാനന്തരമഗ്നിശാലയി-
ലെത്തീട്ടു യജ്ഞപുമാനെപ്പയസ്സിനാൽ

അച്ചനംചെയ്തു ദൃഢമാം സമാധിയാൽ
നിശ്ചലനായിരുന്നപ്പൊഴുതമ്മുനി. 8

ദിതി പറഞ്ഞു

''വില്ലുംകലച്ചുടത്തെത്തി സ്മരനെന്നെ-
യല്ലൽപ്പെടുത്തുന്നിതങ്ങുനിമിത്തമായ്

മത്തമാതംഗം കദളിയെയെന്നപോൽ,
മർദ്ദിച്ചിടുന്നു നിതാന്തമിദ്ദീനയെ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്ഭവാൻ ദഹ്യമാനായാം സപത്നീനാം സമൃദ്ധിഭിഃ
പ്രജാവതീനാം ഭദ്രം തേ മയ്യായുങ്ക്താമനുഗ്രഹം. 10

ഭർത്ര്യാപ്ലോരുമാനാനാം ലോകാനാവിശതേ യശഃ
പതിർഭവദ്വിധോ യാസാം പ്രജയാ നനു ജായതേ. 11

പുരാ പിതാ നോ, ഭഗവൻ, ദക്ഷോ ദുഹിതൃവത്സലഃ
കം വൃണീത വരം വത്സാ ഇത്യപൃച്ഛത നഃ പൃഥക്. 12

സ വിദിത്വാഽഽത്മജാനാം നോ ഭാവം സന്താനഭാവനഃ
ത്രയോദശാദദാത്താസാം യാസ്തേ ശീലമനുവ്രതാഃ. 13

അഥ മേ കുരു കല്യാണ കാമം കഞ്ജവിലോചന!
ആർത്തോപസർപ്പണം ഭൂമന്നമോഘം ഹി മഹീയസി.'' 14

ഇതി താം വീര മാരീചഃ കൃപണാം ബഹുഭാഷിണീം
പ്രത്യാഹാനുനയൻ വാചാ പ്രവൃദ്ധാനങ്ഗകശ്മലാം. 15

''ഏഷ തേഽഹം വിധാസ്യാമി പ്രിയം ഭീരു യദിച്ഛസി
തസ്യാഃ കാമം ന കഃ കുര്യാത്സിദ്ധിസ്ത്രൈവർഗ്ഗികീ യതഃ. 16

സർവ്വാശ്രമാനുപാദായ സ്വാശ്രമേണ കളത്രവാൻ
വ്യസനാർണ്ണവമത്യേതി ജലയാനൈര്യഥാർണ്ണവം. 17

യാമാഹുരാത്മനോ ഹ്യർദ്ധം ശ്രേയസ്കാമസ്യ മാനിനി
യസ്യാം സ്വധുരമധ്യസ്യ പുമാംശ്ചരതി വിജ്വരഃ. 18

യാമാശ്രിത്യേന്ദ്രിയാരാതീൻ ദുർജ്ജയാനിതരാശ്രമൈഃ
വയം ജയേമ ഹേലാഭിർദ്ദസ്യൂൻ ദുർഗ്ഗപതിര്യഥാ. 19

ന വയം പ്രഭവസ്താം ത്വാമനുകർത്തും ഗൃഹേശ്വരി!
അപ്യായുഷാ വാ കാർത്സ്ന്യേന യേ ചാന്യേ ഗുണ-
ഗൃധ്നവഃ. 20

അഥാപി കാമമേതം തേ പ്രജാത്യൈ കരവാണ്യലം
യഥാ മാം നാതിവോചന്തി മുഹൂർത്തം പ്രതിപാലയ. 21

ഏഷാ ഘോരതമാ വേളാ ഘോരാണാം ഘോരദർശനാ
ചരന്തി യസ്യാം ഭൂതാനി ഭൂതേശാനുചരാണി ഹ. 22

ഏതസ്യാം, സാധ്വി, സന്ധ്യായാം ഭഗവാൻ ഭൂതഭാവനഃ
പരീതോ ഭൂതപർഷദ്ഭിർവൃഷേണാടതി ഭൂതരാട്. 23

ശ്മശാനചക്രാനിലധൂളിധൂമ്ര-
വികീർണ്ണവിദ്യോതജടാകലാപഃ
ഭസ്മാവഗുണ്ഠാമലരുക്മദേഹോ
ദേവസ്ത്രിഭിഃ പശ്യതി ദേവരസ്തേ. 24

ന യസ്യ ലോകേ സ്വജനഃ പരോ വാ
നാത്യാദൃതോ നോത കശ്ചിദ്വിഗർഹ്യഃ
വയം വ്രതൈര്യച്ചരണാപവിദ്ധാ-
മാശാസ്മഹേഽജാം ബത ഭുക്തഭോഗാം. 25

യസ്യാനവദ്യാചരിതം മനീഷിണോ
ഗൃണന്ത്യവിദ്യാപടലം ബിഭിത്സവഃ
നിരസ്തസാമ്യാതിശയോഽപി യത് സ്വയം
പിശാചചര്യാമചരത് ഗതിസ്സതാം. 26

ഹസന്തി യസ്യാചരിതം ഹി ദുർഭഗാഃ
സ്വാത്മൻ രതസ്യാവിദുഷസ്സമീഹിതം
യൈർവ്വസ്ത്രമാല്യാഭരണാനുലേപനൈഃ
ശ്വഭോജനം സ്വാത്മതയോപലാളിതം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്താനമൊത്ത സപത്നികളാർന്നിടു-
മന്തസ്സുമൈശ്വര്യവും കണ്ടു ദുഃഖയാം
എന്നെയവിടുന്നനുഗ്രഹിച്ചീടണം;
വന്നീടുമങ്ങേയ്ക്കു മംഗളം മേല്ക്കുമേൽ. 10
ഭർത്തൃജനം സത്കരിച്ചിടും സ്ത്രീകൾതൻ-
കീർത്തിയെന്നും നിലനില്ക്കുന്നു പാരിതിൽ
പുത്രരൂപത്തിൽ ജനിക്കുമാറുണ്ടല്ലോ
പാർത്താൽ ഭവാദൃശരായ ഭർത്താക്കളും. 11
ആരേ വരനായ് വരിക്കുന്നു നീയെന്ന-
തോരോ തനയമാരോടു വെവ്വേറെയായ്
വന്നു വിളിച്ചു ചോദിച്ചറിഞ്ഞീടിനാൻ
നന്ദിനീവത്സലൻ ദക്ഷൻ മമ പിതാ. 12
അങ്ങേ സ്വഭാവഗുണത്തിലാണാദരം
ഞങ്ങൾക്കുളവായതെന്നറിഞ്ഞക്ഷണം
സ്വന്തം പതിമൂന്നു കന്യകമാരെയും
സന്തോഷപൂർവ്വം ഭവാനുതാനേകിനാൻ. 13
താമരസാക്ഷ! ഭവാനതിനാൽ മമ
കാമിതം സാധിതപ്രായമാക്കീടുക.
ദുഃഖിതയാച്ഞ വിഫലമാക്കാ മഹാ-
ത്മാക്കളെന്നാണാപ്തവാക്യം ശുഭാകൃതേ!'' 14
മാരതാപം പ്രദർശിപ്പിച്ചിടും വച-
സ്സേറെയിതുപോൽ കഥിക്കും സ്വപത്നിയെ
ശാന്തയാക്കീടുവാനായ് വിജിതേന്ദ്രിയ-
സ്വാന്തനാം കശ്യപൻ ചൊല്ലിനാനീവിധം: 15
''തെല്ലും ഭയം തേടിടായ്കയേ ഭീരു! നീ
കില്ലില്ല നിന്നഭീഷ്ടം നിറവേറ്റുവൻ.
ധർമ്മാർത്ഥകാമങ്ങൾ നേടാൻ പുരുഷനെ
നിർമ്മായമായിസ്സദാ സഹായിച്ചിടും
പെണ്മണിതന്നഭിലാഷമെന്താകിലു-
മെമ്മട്ടിലും സാദ്ധ്യമാക്കാത്തതേതവൻ? 16
എന്നും കളത്രവാൻ തന്നാശ്രമത്തിനോ-
ടന്യാശ്രമങ്ങളും സ്വീകരിച്ചക്ഷണം
നീരധിയെജ്ജലയാനംവഴി കർണ്ണ-
ധാരൻവിധം, തരിക്കുന്നു ദുഃഖാർണ്ണവം. 17
ആരെയാം ശ്രേയോഭിലാഷിപുമാനുടെ
നേരേ പകുതി മെയ്യെന്നു ചൊല്ലുന്നതും,
ആരിൽ ഭരം ചുമത്തീട്ടാണു പൂരുഷൻ
കാര്യങ്ങളിൽ ചിന്തയെന്യേ നടപ്പതും. 18
അന്യാശ്രമങ്ങളാൽ വെല്ലാൻ പ്രയാസമാ-
മിന്ദ്രിയശത്രുക്കളെഗ്ഗൃഹസ്ഥാശ്രമി
ആരുടെ സാഹ്യത്തിനാൽ ജയിച്ചീടുന്നു,
ചോരരെദ്ദുർഗ്ഗപതിയെന്നപോലവേ. 19
അത്തരം ധർമ്മദാരങ്ങൾക്കെഴുമണി--
മുത്താം നിനക്കൊത്ത നിഷ്കൃതിചെയ്യുവാൻ
ഞങ്ങളുമുത്തമപത്നീഗുണോത്കരം
ഭംഗിയായിത്താൻ ധരിച്ചിടുമന്യതം
ആയുരന്തം ശ്രമിച്ചാലും പലജന്മ-
മായാസമാർന്നാലുമാകാ ഗൃഹേശ്വരീ! 20
നേരിതെന്നാകിലും, നിൻപ്രജാവാഞ്ഛിത-
മാര്യേ! കണിശമായ് സാദ്ധ്യമാക്കീടുവൻ
സന്ധ്യയിതൊന്നു കഴിയട്ടെ,യീവേള-
യെന്താകിലും പ്രജോത്പത്തിക്കു നിന്ദ്യമാം. 21
ശങ്കരൻതൻ പിശാചപ്രേതഭൂതാദി-
കിങ്കരർ സഞ്ചരിക്കുംവേളയാകയാൽ,
ഈ സമയത്തെയുറപ്പു ഭയങ്കര-
ദർശനകാലമെന്നായറിവുള്ളവർ. 22
എന്നല്ല, രുദ്രഭഗവാൻ വൃഷോപരി-
യുന്നതഭൂതസമൂഹപരീതനായ്
സഞ്ചരിച്ചീടും സമയവുമാണിതെ-
ന്നഞ്ചാതെ സാദ്ധ്വീമണേ! നീ ധരിക്കുക. 23
പട്ടടച്ചുറ്റിടും കാറ്റിൽപ്പെട്ടും പൊടി-
പാറിപ്പരിധൂമ്രമായ് ചിതറിച്ചിന്നി
മിന്നും ജടാമൗലിഭൂഷയോടും ഭസ്മ-
മന്യൂനമാർന്ന സുവർണ്ണദേഹത്തോടും
മുക്കണ്ണനാം ത്വത്സഹോദരീവല്ലഭ-
നിക്കാലമീക്ഷിച്ചിടുന്നു മൂന്നക്ഷിയാൽ. 24
ആക്കില്ലയോ സ്വപരഭേദവും ചെറു-
മാക്കില്ല നിന്ദ്യനമാദരണീയനും
ഏവൻ തൊഴിച്ചുതള്ളീടിന മായയാം
ദേവിയെ ഞങ്ങൾ വ്രതങ്ങളാൽ സേവിച്ചു
തുഷ്ടയാക്കീട്ടു ലഭിച്ചീടുമൈശ്വര്യ-
പുഷ്ടിയാലാനന്ദമായ്ക്കഴിയുന്നവോ,
കാമാരിയാമബ്ഭഗവാനെ വേണ്ടപോൽ
നാമാദരിക്കാതിരിക്കാവതോ പ്രിയേ! 25
ഏതു ദേവൻതൻ ത്രിപുരദാഹാദിയാം
സ്ഫീതപരാക്രമം വാഴ്ത്തുന്നു നിത്യവും
ജീവന്റെ മായാവരണവിഭേദനം
കൈവരുത്താൻ ശ്രമിച്ചീടും മനീഷികൾ.
തന്നോടുതുല്യനും തന്നിലൊരല്പവു-
മുന്നതനും പാർക്കിലില്ലാത്തതാകുതാൻ,
സജ്ജനഗമ്യനാമബ്ഭഗവാൻ ശിവൻ
സ്വേച്ഛയായാർന്നാൻ പിശാചിന്റെ ചര്യകൾ. 26
പട്ടിയും മറ്റും ഭുജിക്കേണ്ടതാകുമി-
ക്കെട്ടദേഹത്തിലാത്മാഭിമാനത്തിനാൽ
വസ്ത്രമാല്യാഭരണാദികൾ ചാർത്തിയി-
ട്ടെത്രയും ലാളിച്ചിടുന്ന മൂഢാത്മാക്കൾ
അപ്പാപിവൃന്ദമീശോദ്ദേശമോരാതെ-
യൊപ്പം ഹസിപ്പൂ തദാചരിതം പരം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാദയോ യത്കൃതസേതുപാലാ
യത്കാരണം വിശ്വമിദം ച മായാ
ആജ്ഞാകരീ തസ്യ പിശാചചര്യാ,
അഹോ വിഭൂമ്നശ്ചരിതം വിഡംബനം.'' 28

മൈത്രേയ ഉവാച
സൈവം സംവിദിതേ ഭർത്രാ മന്മഥോന്മഥിതേന്ദ്രിയാ
ജഗ്രാഹ വാസോ ബ്രഹ്മർഷേർവൃഷലീവ ഗതത്രപാ. 29
സ വിദിത്വാഥ ഭാര്യായാസ്തം നിർബ്ബന്ധം വികർമ്മണി
നത്വാ ദിഷ്ടായ രഹസി തയാഥോപവിവേശ ഹ. 30
അഥോപസ്പൃശ്യ സലിലം പ്രാണാനായമ്യ വാഗ്യതഃ
ധ്യായഞ്ജജാപ വിരജം ബ്രഹ്മ ജ്യോതിസ്സനാതനം. 31
ദിതിസ്തു വ്രീഡിതാ തേന കർമ്മാവദ്യേന ഭാരത
ഉപസംഗമ്യ വിപ്രർഷിമധോമുഖ്യഭ്യഭാഷത. 32

ദിതിരുവാച
മാ മേ ഗർഭമിമം, ബ്രഹ്മൻ, ഭൂതാനാമൃഷഭോഽവധീത്
രുദ്രഃ പതിർഹി ഭൂതാനാം യസ്യാകരവമംഹസം. 33
നമോ രുദ്രായ മഹതേ ദേവായോഗ്രായ മീഢുഷേ
ശിവായ ന്യസ്തദണ്ഡായ ധൃതദണ്ഡായ മന്യവേ. 34
സ നഃ പ്രസീദതാം ഭാമോ ഭഗവാനുർവ്വനുഗ്രഹഃ
വ്യാധസ്യാപ്യനുകമ്പ്യാനാം സ്ത്രീണാം ദേവസ്സതീപതിഃ. 35

മൈത്രേയ ഉവാച
സ്വസർഗ്ഗസ്യാശിഷം ലോക്യാമാശാസാനാം പ്രവേപതീം
നിവൃത്തസന്ധ്യാനിയമോ ഭാര്യാമാഹ പ്രജാപതിഃ. 36

കശ്യപോവാച
അപ്രായത്യാദാത്മനസ്തേ ദോഷാന്മൗഹൂർത്തികാദുത
മന്നിദേശാതിചാരേണ ദേവാനാം ചാതിഹേളനാത്. 37
ഭവിഷ്യതസ്തവാഭദ്രാവഭദ്രേ ജാരാധമൗ
ലോകാൻ സപാലാംസ്ത്രീംശ്ചണ്ഡി,മുഹുരാക്രന്ദയിഷ്യതഃ. 38
പ്രാണിനാം ഹന്യമാനാനാം ദീനാനാമകൃതാഗസാം
സ്ത്രീണാം നിഗൃഹ്യമാണാനാം കോപിതേഷു മഹാത്മസു. 39
തദാ വിശ്വേശ്വരഃ ക്രുദ്ധോ ഭഗവാൻ ലോകഭാവനഃ
ഹനിഷ്യത്യവതീര്യാസൗ യഥാദ്രീൻ ശതപർവ്വധൃക്. 40

ദിതിരുവാച
വധം ഭഗവതാ സാക്ഷാത് സുനാഭോദാരബാഹുനാ
ആശാസേ പുത്രയോർമ്മഹ്യം മാ ക്രുദ്ധാദ്ബ്രാഹ്മണാദ്വിഭോ. 41
ന ബ്രഹ്മദണ്ഡദഗ്ധസ്യ ന ഭൂതഭയദസ്യ ച
നാരകാശ്ചാനുഗൃഹ്ണന്തി യാം യാം യോനിമസൗ ഗതഃ. 42

കശ്യപ ഉവാച
കൃതശോകാനുതാപേന സദ്യഃ പ്രത്യവമർശനാത്
ഭഗവത്യുരുമാനാച്ച ഭവേ മയ്യപി ചാദരാത്. 43
പുത്രസ്യൈവ തു പുത്രാണാം ഭവിതൈകസ്സതാം മതഃ
ഗാസ്യന്തി യദ്യശഃ ശുദ്ധം ഭഗവദ്യശസാ സമം. 44
യോഗൈർഹേമേവ ദുർവ്വർണ്ണം ഭാവയിഷ്യന്തി സാധവഃ
നിർവ്വൈരാദിഭിരാത്മാനം യച്ഛീലമനുവർത്തിതും. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്കൂട്ടരെപ്പാറിപ്പിക്കുവാനായ്‌വരാം
മുക്കണ്ണൻ പട്ടടച്ചാരം ധരിപ്പതും
സ്രഷ്ടാവുതൊട്ടവരേയും നിയന്ത്രിച്ച
വിശ്വപമൂലമായ് മായയെത്തന്നെയും
തൻപാട്ടിലാക്കി വിളങ്ങും മഹേശന്റെ
വൻപിച്ച പൈശാചികചര്യയദ്ഭുതം!
ലോകരനുകരിച്ചീടുവാനായുള്ള-
താകുന്നു തത്സർവ്വകൃത്യവുമുത്തമേ! 28

മൈത്രേയൻ പറഞ്ഞു

ഈമട്ടു ഭർത്തൃവചനം ശ്രവിക്കവേ,
കാമാർത്തി മൂത്തു വിവേകമററദ്ദിതി
ബ്രഹ്മർഷിയാമാവരന്റെ വസ്ത്രത്തിനു-
ചെമ്മേ കടന്നുപിടിച്ചിതു വേശ്യപോൽ. 29
സന്ധ്യാസമയം നിഷിദ്ധകർമ്മത്തിനായ്
കാന്തയാം തന്നോടു ഞെരുക്കുകയാലുടൻ,
ഈശനെയാനമിച്ചാവഹനീശാലവി-
ട്ടാശു പുക്കാനവളൊത്തു രഹഃസ്ഥലം. 30
പിന്നെക്കുളിച്ചുടൻ പ്രാണായാമം ചെയ്തു
നന്നായി മൗനംഭജിച്ചു മുനീശ്വരൻ
ഹൃത്താൽ സനാതനമായ് നിർവ്വികാരമാം
വസ്തുവെ ധ്യാനിച്ചിരുന്നു ജപിച്ചിതു. 31
നിന്ദ്യകർമ്മം ചെയ്തുപോയതുകാരണ-
മുന്നതലജ്ജാഭരംവഹിച്ചദ്ദിതി
മന്ദമധോമുഖിയായമ്മുനീന്ദ്രന്റെ
സന്നിധാനത്തിലണഞ്ഞു ചൊല്ലീടിനാൾ. 32

ദിതി പറഞ്ഞു

ഭൂതേശനായിടും രുദ്രനോടായിവൾ
ചെയ്തുപോയീയപരാധ,മെന്താകിലും
മാമകഗർഭമദ്ദേവൻ ഹനിക്കാതെ
മാമുനേ! വേണ്ടവിധം പ്രവർത്തിക്കണം. 33
ദണ്ഡ്യരെദ്ദണ്ഡിപ്പവനും, സ്വഭക്തരെ
നന്നായനുഗ്രഹിച്ചീടുന്നവനുമായ്
ക്രോധാകൃതിയായ്, ഭയാനകനായ്, മോക്ഷ-
ഹേതുവാമദ്ദേവനായ് നമിക്കുന്നു ഞാൻ. 34
സോദരീകാന്തനായ്, ക്രീഡോൽക്കനായ്,
സതീ-
നാഥനായ്, പാരമനുഗ്രഹശക്തനാം
രുദ്ര! ഭഗവൻ! കടുംവ്യാധചിത്തവ്യ-
മാർദ്രമാക്കീടുമബലമാരായിടും
ഞങ്ങളെയങ്ങനങ്ഗാരേ! കൃപാകടാ-
ക്ഷങ്ങളാൽ നേരേയനുഗ്രഹിക്കേണമേ. 35

മൈത്രേയൻ പറഞ്ഞു

സ്വീയസന്താനത്തിനാശിസ്സിരന്നുഗ്ര-
ഭീയാൽ വിറയ്ക്കുമപ്രേയസിതന്നോടായ്
സന്ധ്യാർച്ചനാദികൃത്യങ്ങൾ കഴിച്ചതി-
ശാന്തനായിപ്രകാരം പറഞ്ഞാൻ മുനി. 36

കശ്യപൻ പറഞ്ഞു

ചണ്ഡീ! പ്രജോത്പത്തിനേരത്തു നിന്മനം
നന്നായിരുന്നില്ല, നേരവും നിന്ദ്യമാം
എന്നാജ്ഞയാദരിച്ചില്ല നീ, നിർജ്ജര-
വൃന്ദത്തിനെദ്ധിക്കരിക്കയും ചെയ്തിതു. 37
എന്നതുമൂലമമങ്ഗലരൂപരാം
നന്ദനയുഗ്മം നിനക്കുളവായിടും.
ദിക്പാലരൊത്ത ജഗത്ത്രയത്തേയവ-
രാക്രമിച്ചേററമുപദ്രവിക്കും ദൃഢം. 38
കെല്ലേറുമാനിൻസുതന്മാരപരാധ-
മല്പവും ചെയ്യാത്തവരെ ഹനിക്കയും,
നാരീജനത്തെ ഹരിക്കുകയും മഹാ-
ന്മാരിൽ ക്രുധജനിപ്പിക്കയും ചെയ്തിടും. 39
അത്തല്പിലച്യുതസ്വാമിയവതരി-
ച്ചദ്രിതൻ പക്ഷങ്ങളെപ്പാകവൈരിപോൽ,
നിന്നാത്മജന്മാരിരുപേരെയും ജവം
ഖണ്ഡനംചെയ്തു കഥകഴിക്കും ദൃഢം. 40

ദിതി പറഞ്ഞു

ചക്രം സുദർശനം കയ്യിൽ ധരിക്കുമ-
ച്ചക്രിയെൻ പുത്രരെ സംഹരിച്ചീടുകിൽ
മുക്തരാമായവർ, ക്രുദ്ധരാം വിപ്രരെൻ
മക്കളെക്കൊല്ലാതിരുന്നാൽമതി വിഭോ. 41
ഭൂതങ്ങളിൽ ഭീതിചേർക്കുവോരും ദ്വിജ-
ക്രോധംനിമിത്തം ദഹിച്ചിടും മർത്ത്യരും
ഘോരനരകസ്ഥിതർക്കും കൃപാർഹരായ്-
ത്തീരുന്നതില്ലേതു യോനിജരാകിലും. 42

കശ്യപൻ പറഞ്ഞു

നിന്ദ്യകർമ്മത്തിൽ നീ പശ്ചാത്തപിക്കയും,
നന്നായ് ഭഗവന്നമസ്കൃതിചെയ്കയും,
എന്നെയും രുദ്രഭഗവാനെയും പരം
വന്ദിച്ചു സാദരമർച്ചിച്ചുകൊൾകയും,
പ്രായശ്ചിത്തം വഴിപോലനുഷ്ഠിക്കയും
ചെയ്തു, തന്മൂലമായെൻ പ്രാണനായികേ!
നിന്നാത്മജന്മാരിലേകന്റെ പുത്രരി-
ലൊന്നൊരു നാരായണഭക്തനായ്‌വരും.
കീർത്തിച്ചിടുമബ്ഭഗവദ്യശസ്സിനോ-
ടൊത്തു ജനങ്ങളവന്റെ സത്കീർത്തിയും; 43-44
തത്സ്വഭാവത്തെയനുകരിച്ചീടുവാ-
നുത്സുകരായ് സജ്ജനങ്ങളാത്മാവിനെ
ശുദ്ധമാക്കും യോഗവിജ്ഞർ നിർവൈരാദി-
വിദ്യയാൽ ദുർവർണ്ണഹേമത്തെയെന്നപോൽ. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്പ്രസാദാദിദം വിശ്വം പ്രസീദതി യദാത്മകം
സ സ്വദൃഗ്ഭഗവാൻ യസ്യ തോഷ്യതേഽനന്യയാ ദൃശാ. 46

സ വൈ മഹാഭാഗവതോ മഹാത്മാ
മഹാനുഭാവോ മഹതാം മഹിഷ്ഠഃ
പ്രവൃദ്ധഭക്ത്യാ ഹ്യനുഭാവിതാശയേ
നിവേശ്യ വൈകുണ്ഠമിമം വിഹാസ്യതി. 47

അലമ്പടശ്ശീലധരോ ഗുണാകരോ
ഹൃഷ്ടഃ പരർദ്ധ്യാ വ്യഥിതോ ദുഃഖിതേഷു
അഭൂതശത്രുർജ്ജഗതശ്ശോകഹർത്താ
നൈദാഘികം താപമിവോഡുരാജഃ. 48

അന്തർബ്ബഹിശ്ചാമലമബ്ജനേത്രം
സ്വപൂരുഷേച്ഛാനുഗൃഹീതരൂപം
പൗത്രസ്തവ ശ്രീലലനാലലാമം
ദ്രഷ്ടാ സ്ഫുരത്കുണ്ഡലമണ്ഡിതാനനം. 49

മൈത്രേയ ഉവാച
ശ്രുത്വാ ഭാഗവതം പൗത്രമമോദത ദിതിർഭൃശം
പുത്രയോശ്ച വധം കൃഷ്ണാദ്വിദിത്വാഽഽസീന്മഹാമനാഃ. 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ദിതികശ്യപസംവാദേ ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

മൈത്രേയ ഉവാച
പ്രാജാപത്യം തു തത്തേജഃ പരതേജോഹനം ദിതിഃ
ദധാര വർഷാണി ശതം ശങ്കമാനാ സുരാർദ്ദനാത്. 1

ലോകേ തേന ഹതാലോകേ ലോകപാലാ ഹതൗജസഃ
ന്യവേദയൻ വിശ്വസൃജേ ധ്വാന്തവ്യതികരം ദിശാം. 2

ദേവാ ഊചുഃ
തമ ഏതദ്വിഭോ വേത്ഥ സംവിഗ്നാ യദ്വയം ഭൃശം
ന ഹ്യവ്യക്തം ഭഗവതഃ കാലേനാസ്പൃഷ്ടവർത്മനഃ. 3

ദേവദേവ, ജഗദ്ധാതർല്ലോകനാഥശിഖാമണേ!
പരേഷാമപരേഷാം ത്വം ഭൂതാനാമസി ഭാവവിത്. 4

നമോ വിജ്ഞാനവീര്യായ മായയേദമുപേയുഷേ
ഗൃഹീതഗുണഭേദായ നമസ്തേഽവ്യക്തയോനയേ. 5

യേ ത്വാനന്യേന ഭാവേന ഭാവയന്ത്യാത്മഭാവനം
ആത്മനി പ്രോതഭുവനം പരം സദസദാത്മകം. 6

തേഷാം സുപക്വയോഗാനാം ജിതശ്വാസേന്ദ്രിയാത്മനാം
ലബ്ധയുഷ്മത്പ്രസാദാനാം ന കുതശ്ചിത് പരാഭവഃ. 7

യസ്യ വാചാ പ്രജാസ്സർവ്വാ ഗാവസ്തന്ത്യേവ യന്ത്രിതാഃ
ഹരന്തി ബലിമായത്താസ്തസ്മൈ മുഖ്യായ തേ നമഃ. 8

സ ത്വം വിധത്സ്വ ശം ഭൂമംസ്തമസാ ലുപ്തകർമ്മണാം
അദഭ്രദയയാ ദൃഷ്ട്യാ ആപന്നാനർഹസീക്ഷിതും. 9

ഏഷ ദേവ ദിതേർഗർഭ ഓജഃ കാശ്യപമർപ്പിതം
ദിശസ്തിമിരയൻ സർവ്വാ വർദ്ധതേഽഗ്നിരിവൈധസി. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകാത്മകനായ്, പ്രസാദം ഭുവനത്തി-
നേകവോനായ് സർവ്വസാക്ഷിയാം ശ്രീഹരി

നിൻപൗത്രനാളമനന്യഭാവത്തിനാൽ
സമ്പ്രീതനാകമവനിലതിദ്രുതം. 46

സന്മനോഭാവം, മഹത്ത്വ,മളവററ
നിർമ്മലമാധവഭക്തിയിവററിനാൽ

എല്ലാ മഹാന്മാരിലും മഹാനായവ-
നല്പസി,ച്ചെന്നും ഭഗവാൻ മുകുന്ദനെ

നല്ലപോലുള്ളിലുറപ്പിച്ചു സേവിച്ചു
ദുർല്ലഭം വൈകുണ്ഠലോകമണഞ്ഞിടും. 47

നിന്നുടെ പൗത്രൻ വിഷയവിരക്തനു-
മന്യാഭിവൃദ്ധിരതനും സുശീലനും

ശത്രുവിഹീനനുമാത്മജനങ്ങളെ-
യോർത്തു ദുഃഖിപ്പവനും നിദാഘേന്ദുപോൽ,

ലോകതാപത്തെശ്ശമിപ്പിച്ചു സംസാര-
ശോകമശേഷമൊഴിച്ചിടുവോനുമാം. 48

അത്യന്തശുദ്ധനായംബുജനേത്രനായ്
ഭക്തേച്ഛപോൽ സ്വരൂപം ധരിപ്പോനുമായ്

മിന്നുന്ന കുണ്ഡലദ്വന്ദ്വത്തിനാൽ പരി-
മണ്ഡിതമായീടുമാനനമാർന്നിടും

ചേണാർന്ന പദ്മാലയാപതിയേയവൻ
കാണുമകത്തും പുറമെയുമൊന്നുപോൽ. 49

മൈത്രേയൻ പറഞ്ഞു

പൗത്രൻ ഹരിഭക്തനാകുമെന്നും നിജ-
പുത്രഹന്താവു ഭഗവാൻ ഹരിയെന്നും

കേട്ടു മോദിച്ചാൾ ദിതി, തനയന്മാർക്കു
കിട്ടുമല്ലോ മോക്ഷമെന്നു നിനസ്സുയാൽ. 50

അദ്ധ്യായം 15

ജയവിജയശാപകഥ

മൈത്രേയൻ പറഞ്ഞു

അന്യമാം തേജസ്സഖിലം ഹരിക്കുമാ-
മുന്യുഗ്രവീര്യം ദിതി ദക്ഷനന്ദിനി

നൂറുവർഷം ധരിച്ചാൾ നിജകുക്ഷിയി-
ലേറുമമരൗഘപീഡനശങ്കയാൽ. 1

സൂര്യാദിഗോളപ്രഭ തീരെ മങ്ങിയാ
വീര്യത്തിൽനിന്നു ചിന്തീടുമോജസ്സിനാൽ

തെക്കും വടക്കും തിരിയാതെയായിതു
ദിക്കിലെങ്ങും തിങ്ങിയന്ധകാരോത്കരം

അസ്വപ്രദരായ ദിക്പാലരത്തമോ-
വ്യാപ്തി വിരിഞ്ചനെച്ചെന്നറിയിച്ചിതു. 2

ദേവന്മാർ പറഞ്ഞു

ബന്ധോ! സകലജ്ഞ! സർവ്വത്ര ചൂഴമീ-
യന്ധകാര ഭവാൻ കാണുന്നതില്ലയോ

കാലം മറയ്ക്കാത്ത ബോധമാളും ഭവാൻ
ചേലായറിയാത്ത കാര്യമില്ലൊന്നുമേ.

എന്തിതെന്നേതുമറിയാഞ്ഞു ഭീതിയുൾ-
ച്ചിന്തുന്ന ഞങ്ങൾക്കഭയമേകീടുക. 3

അല്ലയോ ദേവദേവാ' ജഗത്സൃഷ്ടിയിൽ
നല്ല സാമർത്ഥ്യമിയലും പ്രജാപതേ!

പൂർവ്വികന്മാർക്കുമിന്നുള്ളവർക്കുംപെടും
സർവ്വമതവുമറിഞ്ഞിരിപ്പോൻ ഭവാൻ. 4

താനേ സ്വമായയാലീരൂപമാർന്ന വി-
ജ്ഞാനയുതനായ് ഗുണഭേദയുക്തനായ്

അജ്ഞാതയോനിയാം നിന്തിരുമേനിയെ-
യജ്ഞരാം ഞങ്ങൾ നമസ്കരിക്കുന്നിതേ. 5

ആരുടെയാത്മാവിലാണോർത്തുകാൺകിലി-
പ്പാരിടമെല്ലാം കൊരുത്തിട്ടിരിപ്പതും,

ആരാണു പാരിതിൻ കാരണം കാര്യവു,-
മാരിപ്രപഞ്ചവിഭിന്നനായ് നിന്നിഹ

ജീവിജാലത്തെയനുഗ്രഹിക്കുന്നതു-
മാ വിശ്വസൃക്കാം ഭവാനെയഭേദമായ്

ശ്വാസേന്ദ്രിയാത്മാക്കളെജ്ജയിച്ചുച്ചിക്ക-
മാ സാധു താൻ പക്വഭക്തിയോഗസ്ഥിതൻ,

പ്രീതനാണങ്ങത്തരക്കാരിലെപ്പൊഴും
ഭീതിയന്യന്മാരിൽനിന്നവർക്കെത്തിടാ. 6–7

മൂക്കുകയറാൽ വൃഷങ്ങളെപ്പോൽ, വേദ-
സൂക്തിയാലങ്ങു ബന്ധിപ്പു പ്രജാളിയെ

ഏകനിതേ സാവധാനം ബലിയവ-
രേകനാമങ്ങേയ്ക്കു വീണ്ടും നമസ്കൃതി. 8

എങ്ങുംനിറഞ്ഞോരിരുളിതുമൂലമായ്
ഭംഗമായ് ഞങ്ങൾക്കു നിത്യകൃത്യങ്ങളും,

അല്ലലിതു വല്ലവാറുമൊഴിച്ചുട-
നെല്ലാർക്കുമാത്മസുഖമരുളീടണം

ഞങ്ങളതിനായ് ശരണംഗമിച്ചതാ-
ണങ്ങേക്കരുണാകടാക്ഷാർഹരാണിവർ. 9

കശ്യപമാമുനി കാന്തയിലർപ്പിച്ച
വിശ്വതേജോഹരവീര്യമത്തന്വിയിൽ

ഗർഭമായ് ദിക്കുകളാന്ധ്യത്തിലാക്കിയി-
ട്ടഗ്നികണക്കു വളർപ്പു ദിനംപ്രതി. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയ ഉവാച

സ പ്രഹസ്യ,. മഹാബാഹോ, ഭഗവാൻ ശബ്ദഗോചരഃ
പ്രത്യാചഷ്ടാത്മ ഭൂർദ്ദേവാൻ പ്രീണൻ രുചിരയാ ഗിരാ. 11

ബ്രഹ്മോവാച

മാനസാ മേ സുതാ യുഷ്മത്പൂർവ്വജാസ്സനകാദയഃ
ചേരുർവ്വിഹായസാ ലോകാൻ ലോകേഷു വിഗതസ്പൃഹാഃ. 12

ത ഏകദാ ഭഗവതോ വൈകുണ്ഠസ്യാമലാത്മനഃ
യയുർവ്വൈകുണ്ഠനിലയം സർവ്വലോകനമസ്കൃതം. 13

വസന്തി യത്ര പുരുഷാസ്സർവ്വേ വൈകുണ്ഠമൂർത്തയഃ
യേഽനിമിത്തനിമിത്തേന ധർമ്മേണാരാധയൻ ഹരിം. 14

യത്ര ചാദ്യഃ പുമാനാസ്തേ ഭഗവാൻ ശബ്ദഗോചരഃ
സത്ത്വം വിഷ്ടഭ്യ വിരജം സ്വാനാം നോ മൃഡയൻ വൃഷഃ. 15

യത്ര നൈഃശ്രേയസം നാമ വനം കാമദുഘൈർദ്രുമൈഃ
സർവ്വർത്തുശ്രീഭിർവ്വിഭ്രാജത് കൈവല്യമിവ മൂർത്തിമത്. 16

വൈമാനികാസ്സലലനാശ്ചരിതാനി യത്ര
ഗായന്തി ലോകശമലക്ഷപണാനി ഭർത്തുഃ
അന്തർജ്ജലേഽനുവികസന്മധുമാധവീനാം
ഗന്ധേന ഖണ്ഡിതധിയോഽപ്യനിലം ക്ഷിപന്തഃ. 17

പാരാവതാന്യഭൃതസാരസചക്രവാക-
ദാത്യൂഹഹംസശുകതിത്തിരിബർഹിണാം യഃ
കോലാഹലോ വിരമതേഽചിരമാത്രമുച്ചൈർ-
ഭൃങ്ഗാധിപേ ഹരികഥാമിവ ഗായമാനേ. 18

മന്ദാരകുന്ദകുരബോത്പലചമ്പകാർണ്ണ-
പുന്നാഗനാഗബകുലാംബുജപാരിജാതാഃ
ഗന്ധേഽർച്ചിതേ തുളസികാഭരണേന തസ്യാ
യസ്മിംസ്തപസ്സുമനസോ ബഹു മാനയന്തി. 19

തത്സങ്കുലം ഹരിപദാനതിമാത്രദൃഷ്ടൈർ-
വ്വൈഡൂര്യമാരകതഹേമമയൈർവ്വിമാനൈഃ
യേഷാം ബൃഹത്കടിതടാഃ സ്മിതശോഭിമുഖ്യഃ
കൃഷ്ണാത്മനാം ന രജ ആദധുരുത്സ്മയാദ്യൈഃ. 20

ശ്രീരൂപിണീ ക്വണയതീ ചരണാരവിന്ദം
ലീലാംബുജേന ഹരിസദ്മനി മുക്തദോഷാ
സംലക്ഷ്യതേ സ്ഫടികകുഡ്യ ഉപേതഹേമ്നി
സമ്മാർജ്ജതീവ യദനുഗ്രഹണേഽന്യയത്നഃ. 21

വാപീഷു വിദ്രുമതടാസ്വമലാമൃതാപ്സു
പ്രേഷ്യാന്വിതാ നിജവനേ തുളസീഭിരീശം
അഭ്യർച്ചതീ സ്വളകമുന്നസമീക്ഷ്യ വക്ത്ര-
മുച്ഛേഷിതം ഭഗവതേത്യമതാങ്ഗ യച്ഛ്രീഃ. 22

യന്ന വ്രജന്ത്യഘഭിദോ രചനാനുവാദാ-
ച്ഛൃണ്വന്തി യേഽന്യവിഷയാഃ കുകഥാ മതിഘ്നീഃ
യാസ്തു ശ്രുതാ ഹതഭഗൈർന്നൃഭിരാത്തസാരാ-
സ്താംസ്താൻ ക്ഷിപന്ത്യശരണേഷു തമസ്സു ഹന്ത. 23

യേഽഭ്യർത്ഥിതാമപി ച നോ നൃഗതിം പ്രപന്നാ
ജ്ഞാനം ച തത്ത്വവിഷയം സഹധർമ്മ യത്ര
നാരാധനം ഭഗവതോ വിതരന്ത്യമുഷ്യ
സമ്മോഹിതാ വിതതയാ ബത മായയാ തേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയൻ പറഞ്ഞു

ആഗമവർണ്ണ്യനായ് ജ്ഞാനസ്വരൂപനാം
ലോകേശനേററം മധുരവാക്യങ്ങളാൽ
മന്ദസ്മിതത്തോടുമിന്ദ്രാദ്യർ തുഷ്ടരായ്-
ത്തീർന്നീടുമാററുളീടിനാനീവിധം. 11

ബ്രഹ്മാവു പറഞ്ഞു

മാമകമാനസപുത്രർ, സനകാദി-
നാമകർ, നിങ്ങൾതൻ പൂർവ്വജരായവർ
ലോകത്തിലാശവിട്ടാകാശമാർഗ്ഗമായ്
ലോകങ്ങൾ ചുററിച്ചരിച്ചുകൊണ്ടങ്ങനെ, 12
നിർമ്മലമാനസനാം ഭഗവാൻ ഹരി
ചെമ്മേ നിവസിപ്പതായതിശ്രേഷ്ഠമായ്
ലോകങ്ങളെല്ലാം നമസ്കൃതിചെയ്യുമാ-
വൈകുണ്ഠസദ്മത്തിലേകദാ ചെന്നിതു. 13
മജ്ഞാതകാരണമായുദിച്ചീടുമു-
ത്തുംഗമാം ഭക്തിയെയാശ്രയിച്ചനഘം
നാരായണരൂപമാർന്നിട്ടഖിലരും
നേരേ ഭഗവാനെയർച്ചിപ്പതേതിടം, 14
ആദ്യനായിശ്ശബ്ദഗോചരനാം പുമാൻ
ശുദ്ധസത്ത്വാശ്രയനായി സ്വകീയരാം
ഞങ്ങൾക്കഭീഷ്ടപ്രദാനത്തിനാലന്ത-
രംഗം കുളുർപ്പിച്ചു വാഴുന്നതെങ്ങുതാൻ, 15
ഓരോരൃതുക്കൾതോറും ഭവിക്കും നവ-
ചാരുദലഫലപുഷ്പങ്ങൾ ചേർന്നതായ്,
കാമിതവർഷം നിതാന്തം ചൊരിഞ്ഞിടും
ഭൂമീരുഹങ്ങളാലുല്ലസിക്കുന്നതായ്,
മൂർത്തിമത്തായ കൈവല്യമോ എന്നാരു-
മോർത്തുപോം നൈശ്രേയസോദ്യാനമെങ്ങു-
താൻ, 16
ഭാര്യാന്വിതരാം വിമാനനിവാസികൾ
നീരമദ്ധ്യത്തിൽ വിടർന്നുനില്ക്കുന്നതാം
തേനുററ സൂനങ്ങളിൽനിന്നെഴും പവ-
മാനനെ മാനിച്ചിടാതെ കാമാദിയാം
ദോഷമശേഷമൊഴിക്കും ഹരികഥ
യോഷമാരൊത്തു പാടുന്നതെങ്ങാം സദാ. 17
അച്യുതകീർത്തനമുച്ചമളിശ്രേഷ്ഠ-
രുച്ചരിക്കുന്നതു കേൾപ്പതിനെന്നപോൽ;
ഏതു ലോകത്തിലാം പ്രാവു, കളക്കോഴി,
ചാതക,മന്നം, ശുകം, മയിൽ, തിത്തിരി,
ചക്രവാകം, കുയിൽതൊട്ട ഖഗങ്ങൾത-
ന്നുദ്ഘോഷണമല്പനേരം നിറുത്തുന്നു, 18
മന്ദാരകുന്ദകുരംബോത്പലങ്ങളും
പുന്നാഗനാഗബകുളാംബുജങ്ങളും
ചെമ്പകപാരിജാതാർണ്ണങ്ങളും മററു-
വൻ പാദപങ്ങൾ ചെടികൾ ലതകളും
പൂക്കളും ശ്രീഹരിയാളും തുളസിതൻ-
ഭാഗ്യത്തെയാദരിച്ചീടുവതേതിടം, 19
ഹേമവൈഡൂര്യമരതകസ്വപ്നമായ്
ഭാമാപതിസേവയാൽത്താൻ ലഭിപ്പതാം
വ്യോമയാനങ്ങൾ നിറഞ്ഞു, പൃഥുലമാ-
മോമന്നിതംബഭരവും, മനോജ്ഞമാം
ത്തുമന്ദഹാസാനനവും കലർന്നിടും
വാമാമണികൾതൻ ഹാസഭാവാദികൾ
നാരായണശുദ്ധഭക്തർതന്മാനസം
തീരെച്ചലിപ്പിച്ചിടാത്തതേതാം പദം, 20
ആരുടെ ചാരുകടാക്ഷം ലഭിക്കുവാൻ
പാരം പണിപ്പെടുന്നന്യരശേഷവും
ആ രമാദേവി സുഭഗാംഗിയായ് പദ-
താരണിപ്പൊൽച്ചിലമ്പൊച്ചചേർത്തങ്ങനെ
ചേണാർന്ന കേളീസരോജം ധരിക്കുമ-
പ്പാണികൾ നീട്ടി മന്ദം നടനാലയം
വൃത്തിയാക്കീടുകതന്നെയോ എന്നൊരു
ചിത്തസന്ദേഹമരുളിടുംമാതിരി
ശുദ്ധസുവർണ്ണം പതിച്ചോരാസ്ഥാടിക-
ഭിത്തികളിൽ പ്രതിബിംബിപ്പതെങ്ങഹോ! 21
ഏതുലോകത്തു പവിഴംപടുത്തമൃ-
തോദകതുല്യജലം നിറഞ്ഞുള്ളതാം
ചാരു തടാകങ്ങളിൽക്കമലാദേവി
നേരേ നിജമുഖഭംഗി നോക്കിക്കണ്ടു
തുല്യമറേറാരളകാഭയും നാസിക-
യുള്ള മനോഹാരിതയുമിത്രയ്ക്കുമേൽ
വദ്ധിച്ചുകാണുവാൻ കാരണം കാന്തനാൽ
ദത്തമാം ചുംബനമെന്നോർത്തു പൂവനം
എത്തിയെങ്ങാം ശ്രീശനെദ്ദാസിമാരൊത്തു
നിത്യമർച്ചിപ്പൂ തുളസീദലങ്ങളാൽ. 22
ദുഷ്കൃതഭിത്താം ഭഗവാൻെറ സൃഷ്ട്യാദി-
സത്കലയുൾക്കൊണ്ടിടാതെ ദൂഷിച്ചതാം
ചിന്താഹതാന്യവിഷയസംപൂർണ്ണനി-
ബന്ധങ്ങൾ കേൾക്കുന്ന പാപികൾക്കാർക്കുമേ
തീരെപ്രവേശനമില്ലാതിരിപ്പതാ-
ണാരമ്യനമ്യമായീടും മഹൽപദം. 23
ധർമ്മവുമപ്പരവസ്തുവിൻ ജ്ഞാനവു-
മുണ്മയിൽ നേടുവാൻ സാധിച്ചിടുന്നതായ്
ഞങ്ങളുമിച്ഛിച്ചിടുന്ന നരജനി
സംഗതമായിട്ടുമാഹൃഷീകേശനെ
ആരാധനംചെയ്തിടാതെയിരിപ്പവർ
നാരായണമായയാൽ ഹതന്മാരഹോ! 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യച്ച വ്രജന്ത്യനിമിഷാമൃഷഭാനുവൃത്ത്യാ
ദൂരേയമാ ഹ്യുപരി നഃ സ്പൃഹണീയശീലാഃ
ഭർത്തുർമ്മിഥഃ സുയശസഃ കഥനാനുരാഗ-
വൈക്ലവ്യബാഷ്പകലയാ പുളകീകൃതാംഗാഃ 25
തദ്വിശ്വഗുർവ്വധികൃതം ഭുവനൈകവന്ദ്യം
ദിവ്യം വിചിത്രവിബുധാഗ്ര്യവിമാനശോചിഃ
ആപുഃ പരാം മുദമപൂർവ്വമുപേത്യ യോഗ-
മായാബലേന മുനയസ്തദഥോ വികുണ്ഠം. 26
തസ്മിന്നതീത്യ മുനയഃ ഷഡസജ്ജമാനാഃ
കക്ഷാഃ സമാനവയസാവഥ സപ്തമായാം
ദേവാവചക്ഷത ഗൃഹീതഗദൗ പരാർദ്ധ്യ-
കേയൂരകുണ്ഡലകിരീടവിടങ്കവേഷൗ. 27
മത്തദ്വിരേഫവനമാലികയാ നിവീതൗ
വിന്യസ്തയാസിതചതുഷ്ടയബാഹുമദ്ധ്യേ
വക്ത്രം ഭ്രുവാ കുടിലയാ സ്ഫുടനിർഗ്ഗമാഭ്യാം
രക്തേക്ഷണേന ച മനാഗ്രഭസം ദധാനൗ. 28
ദ്വാര്യേതയോർന്നിവിവിശുർമ്മിഷതോരപൃഷ്ട്വാ
പൂർവ്വാ യഥാ പുരടവജ്രകപാടികാ യാഃ
സർവ്വത്ര തേഽവിഷമയാ മുനയഃ സ്വദൃഷ്ട്യാ
യേ സഞ്ചരന്ത്യവിഹതാ വിഗതാഭിശങ്കാഃ. 29
താൻ വീക്ഷ്യ വാതരശനാംശ്ചതുരഃ കുമാരാൻ
വൃദ്ധാൻ ദശാർദ്ധവയസോ വിദിതാത്മതത്ത്വാൻ
വേത്രേണ ചാസ്ഖലയതാമതദർഹണാംസ്തൗ
തേജോ വിഹസ്യ ഭഗവത്പ്രതികൂലശീലൗ. 30
താഭ്യാം മിഷത്സ്വനിമിഷേഷു നിഷിദ്ധ്യമാനാഃ
സ്വർഹത്തമാ ഹ്യപി ഹരേഃ പ്രതിഹാരപാഭ്യാം
ഊചുഃ സുഹൃത്തമദിദൃക്ഷിതഭംഗ ഈഷത്-
കാമാനുജേന സഹസാ ത ഉപപ്ലുതാക്ഷാഃ. 31
മുനയ ഊചുഃ
''കോ വാമിഹൈത്യ ഭഗവത് പരിചര്യയോച്ചൈ-
സ്തദ്ധർമ്മിണാം നിവസതാം വിഷമഃ സ്വഭാവഃ
തസ്മിൻ പ്രശാന്തപുരുഷേ ഗതവിഗ്രഹേ വാം
കോ വാഽഽത്മവത്കുഹകയോഃ പരിശങ്കനീയഃ 32
ന ഹ്യന്തരം ഭഗവതീഹ സമസ്തകുക്ഷാ-
വാത്മാനമാത്മനി നഭോ നഭസീവ ധീരാഃ
പശ്യന്തി യത്ര യുവയോഃ സുരലിംഗിനോഃ കിം
വ്യുത്പാദിതം ഹ്യുദരഭേദി ഭയം യതോഽസ്യ. 33
തദ്വാമമുഷ്യ പരമസ്യ വികുണ്ഠഭർത്തുഃ
കർത്തും പ്രകൃഷ്ടമിഹ ധീമഹി മന്ദധീഭ്യാം
ലോകാനിതോ വ്രജതമന്തരഭാവദൃഷ്ട്യാ
പാപീയസസ്ത്രയ ഇമേ രിപവോഽസ്യ യത്ര.'' 34
തേഷാമിതീരിതമുഭാവവധാര്യ ഘോരം
തം ബ്രഹ്മദണ്ഡമനിവാരണമസ്ത്രപൂഗൈഃ
സദ്യോ ഹരേരനുചരാവുരു ബിഭ്യതസ്തത്
പാദഗ്രഹാവപതതാമതികാതരേണ. 35
ഭൂയാദഘോനി ഭഗവദ്ഭിരകാരി ദണ്ഡോ
യോ നൗ ഹരേത സുരഹേളനമപ്യശേഷം
മാ വോഽനുതാപകലയാ ഭഗവത് സ്മൃതിഘ്നോ
മോഹോ ഭവേദിഹ തു നൗ വ്രജതോരധോഽധഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവർഷഭനാം ഭഗവാന്റെ കീർത്തിക-
ളാവർത്തനംചെയ്തഹങ്കാരഹീനരായ്
ഞങ്ങൾതൻ സ്ഥാനത്തിനേക്കാളുമേററമു-
ത്തുംഗമാമപ്പദമാശിച്ചു, ശാർങ്ഗിയാം
സ്വാമിതൻ നാമശ്രവണാദിയാലെഴും
പ്രേമവാപ്തിൻ ലക്ഷണമായുദിച്ചിടും
ആനന്ദബാഷ്പത്തൊടൊത്തു രോമാഞ്ചവും
മേനിയിൽപ്പൂണ്ടവരെത്തിടുമിപ്പദം. 25
മായാബലംകൊണ്ടു ലോകഗുരുവാലെ-
യായാസഹീനം രചിതമായ് ദിവ്യമായ്
നാകീവിചിത്രവിമാനാഭപൂർണ്ണതായ്
ലോകൈകവന്ദ്യമീ വൈകുണ്ഠമാം പദം
നിസ്തുലരാമസ്സനകാദ്യരെത്തവേ-
യത്യന്തമോദമവർക്കേവായിതു. 26
ആസക്തിഹീനരവരസ്ഥലഭംഗി
ലേശമോരാതെ ഭഗവദ്ദിദൃക്ഷയാൽ
ആറു മതിൽച്ചുററുകൾ കടന്നിട്ടങ്ങ-
കേറിയേഴാമതിൻ വാതിലിലെത്തവേ
മിന്നുംകിരീടവും കേയൂരകുണ്ഡല-
ദ്വന്ദ്വങ്ങളുമാർന്നു തുല്യവയസ്സരായ്
ഉന്നതമാം ഗദ കയ്യിൽ ധരിച്ചിട്ടു
നിന്നിരുന്നു തത്ര രണ്ടുപേർ നിർജ്ജരർ. 27
നീലനിറംപെടും നാലു കൈകൾക്കിടെ
ചേലെഴും മാറിലായ് മത്തഭ്രമരാളി-
പാറും വനമാലയാർന്നു, ചില്ലീയുഗ-
മേറെവളച്ചക്ഷിയുഗ്മം ചുവപ്പിച്ചു,
ശ്വാസവേഗത്തിനാൽ നാസാപുടങ്ങളും
വ്യാസമാക്കീട്ടവർ ക്രുദ്ധരായ്നില്ക്കയാൽ
ഈഷൽക്കുപിതരിവരെന്നതക്ഷണ-
മാസനകാദികൾ നിശ്ചയിച്ചീടിനാർ. 28
ഭേദഭാവം വെടിഞ്ഞെങ്ങും തടവററു
സ്വാതന്ത്ര്യമായ് സഞ്ചരിക്കുമാ യോഗികൾ
സ്വർണ്ണവജ്രങ്ങളാൽ കെട്ടിപ്പടുത്തതായ്
മിന്നുമാദ്വാരങ്ങളാറു കടന്നപോൽ
ചോദിച്ചിടാതെയസ്സപ്തമദ്വാര പ്ര-
ഭേദവുംചെയ്തു പോയീടിനാരക്ഷണം. 29
വൃദ്ധരെന്നാകിലും ജ്ഞാനികളാകയാൽ
നിത്യവും പഞ്ചവയസ്ക്കരായ് മിന്നിടും
വസ്ത്രാവരണവിഹീനരാമമ്മുനി-
സത്തമരാ വാതിലേവം കടക്കവേ
ശീലത്തിലച്യുതഭിന്നരാമാദ്വാര-
പാലർ നോക്കിത്തത്പ്രഭാവം വിഗണിച്ചു
വാക്കുകൊണ്ടും ഗദകൊണ്ടും തടഞ്ഞിതു
ശീഘ്രമവരെത്തദർഹരല്ലെങ്കിലും. 30

പ്രേഷ്ഠനാകും ഭഗവാനെ വീക്ഷിക്കുവാൻ
തുഷ്ടിപൂണ്ടസ്സനകാദ്യർ പോയീടവേ
ധിക്കാരമാർന്നവരീവിധം വിണ്ണവർ
നോക്കിനില്ക്കെ,ത്തടഞ്ഞീടുകമൂലമായ്
അല്പകോപം മിഴിയിൽ സ്ഫുരിപ്പിച്ചുകൊ-
ണ്ടിപ്രകാരം ശാപവാക്കുകളോതിനാർ. 31

മുനിമാർ പറഞ്ഞു

''ഏറിയജന്മം ഭഗവാന്റെ ശുശ്രൂഷ
മാറാതെ ശീലിച്ചമൂലമായിപ്പദം
ഏറ്റവാൻ സാധിച്ച നിങ്ങൾക്കു തദ്ഗുണം
തീരെയില്ലാതായ്‌വരാനെന്തു കാരണം?
ആരിലും ദ്വേഷമറ്റേററം പ്രശാന്തനാം
ശൗരിയെക്കാപട്യമാർന്നീടുവോർ നിങ്ങൾ
പാരം ദുഷിക്കുന്നി,താത്മസമാനരാ-
യോരുന്നു മററുള്ളവരെയും ദുർജ്ജനം. 32
എല്ലാം സ്വകുക്ഷിയിൽക്കൊള്ളിച്ചു ജീവനാ-
യുല്ലസിച്ചീടും ഭഗവാൻ മുകുന്ദനിൽ
ബോധമുള്ളോർ നഭസ്സിങ്കൽ നഭസ്സുപോൽ
ഭേദമില്ലാതെ കാണുന്നിതാത്മാവിനെ!
എന്നാലനിമിഷവേഷം ചമഞ്ഞിഹ
നിന്നിടും നിങ്ങൾ ദേഹാഭിമാനത്തിനാൽ
വല്ലാതുളവായ് വളർന്നിടും ഭീതിയെ-
യല്ലയോ കാണിച്ചതുമിവിടിക്ഷണം. 33
ആകയാൽ മന്ദമതികളാം നിങ്ങളാൽ
വൈകുണ്ഠദേവനു ഭദ്രം വരുത്തുവാൻ
ഞങ്ങളാശിക്കുന്നു, ഭേദ്യക്കാർന്നിടും
നിങ്ങൾ ഗമിക്കുവിൻ പാപലോകങ്ങളിൽ
വർത്തിച്ചിടുന്നുണ്ടു കാമലോഭക്രോധ-
ശത്രുക്കൾ മൂന്നുമവിടെ നിങ്ങൾക്കു, കേൾ.''
ഘോരമാമമ്മുനീന്ദ്രോക്തികളേവമ-
ദ്ദ്വാരപാലന്മാരിരുവരും കേട്ടുടൻ
എത്തീ മഹീസുരശാപമെന്നും പിന്ന-
തസ്ത്രങ്ങളാലനിവാര്യമെന്നും പാർത്തു
ഭീതിയും ദുഃഖവുമുൾക്കൊണ്ടവരുടെ
പാദങ്ങളിൽ പതിച്ചോതിനാരീവിധം. 35
തെററിവർ ചെയ്തതിനിങ്ങനെ ശിക്ഷയു-
മേററിയതിനില്ല കുററം മുനീന്ദ്രരേ!
മേലിൽ സ്വരാവമാനത്തിന്നിവർക്കൊരു-
കാലവും വാസനയുണ്ടായിവന്നിടാ.
എന്നാലുമിന്നധഃപാതം ഭവിച്ചാരീ-
നിന്ദ്യരിൽച്ചെററനുതാപമുദിച്ചുടൻ
ഈശസ്തുതി നശിപ്പിക്കുന്ന മോഹമി-
ങ്ങേശായ്‌വതിന്നായനുഗ്രഹിച്ചീടുവിൻ! 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം തദൈവ ഭഗവാനരവിന്ദനാഭഃ
സ്വാനാം വിബുധ്യ സദതിക്രമമാര്യഹൃദ്യഃ
തസ്മിൻ യയൗ പരമഹംസമഹാമുനീനാ-
മന്വേഷണീയചരണൗ ചലയൻ സഹശ്രീഃ. 37

തം ത്വാഗതം പ്രതിഹൃതൗപയികം സ്വപുംഭി-
സ്തേഽചക്ഷതാക്ഷവിഷയം സ്വസമാധിഭാഗ്യം
ഹംസശ്രിയോർവ്യജനയോശ്ശിവവായുലോല-
ച്ഛുഭ്രാതപത്രശശികേസരശീകരാംബും. 38

കൃത്സ്നപ്രസാദസുമുഖം സ്പൃഹണീയധാമ-
സ്നേഹാവലോകകലയാ ഹൃദി സംസ്പൃശന്തം
ശ്യാമേ പൃഥാവുരസി ശോഭിതയാ ശ്രിയാ സ്വ-
ശ്ചൂഡാമണിം സുഭഗയന്തമിവാത്മധിഷ്ണ്യം. 39

പീതാംശുകേ പൃഥുനിതംബിനി വിസ്ഫുരന്ത്യാ
കാഞ്ച്യാളിഭിർവ്വിരുതയാ വനമാലയാ ച
വല്ഗുപ്രകോഷ്ഠവലയം വിനതാസുതാംസേ
വിന്യസ്തഹസ്തമിതരേണ ധുനാനമബ്ജം. 40

വിദ്യുത്ക്ഷിപന്മകരകുണ്ഡലമണ്ഡനാർഹ-
ഗണ്ഡസ്ഥലോന്നസമുഖം മണിമത്കിരീടം
ദോർദ്ദണ്ഡഷണ്ഡവിവരേ ഹരതാ പരാർദ്ധ്യ-
ഹാരേണ കന്ധരഗതേന ച കൗസ്തുഭേന. 41

അത്രോപസൃഷ്ടമിതി ചോത്സ്മിതമിന്ദിരായാഃ
സ്വാനാം ധിയാ വിരചിതം ബഹുസൗഷ്ഠവാഢ്യം
മഹ്യം ഭവസ്യ ഭവതാം ച ഭജന്തമങ്ഗം
നേമുർന്നിരീക്ഷ്യ നവിതൃപ്തദൃശോ മുദാ കൈഃ. 42

തസ്യാരവിന്ദനയനസ്യ പദാരവിന്ദ-
കിഞ്ജല്കമിശ്രതുളസീമകരന്ദവായുഃ
അന്തർഗ്ഗതഃ സ്വവിവരേണ ചകാര തേഷാം
സംക്ഷോഭമക്ഷരജുഷാമപി ചിത്തതന്വോഃ. 43

തേ വാ അമുഷ്യ വദനാസിതപദ്മകോശ-
മുദ്വീക്ഷ്യ സുന്ദരതരാധരകുന്ദഹാസം
ലബ്ധാശിഷഃ പുനരവേക്ഷ്യ തദീയമങ്ഘ്രി-
ദ്വന്ദ്വം നഖാരുണമണിശ്രയണം നിദധ്യുഃ. 44

പുംസാം ഗതിം മൃഗയതാമിഹ യോഗമാർഗ്ഗൈഃ
ധ്യാനാസ്പദം ബഹുമതം നയനാഭിരാമം
പൗംസ്നം വപുർദ്ദർശയാനമനന്യസിദ്ധൈ-
രൗത്പത്തികൈസ്സമഗൃണൻ യുതമഷ്ടഭോഗൈഃ. 45

കുമാരാ ഊചുഃ

യോഽന്തർഹിതോ ഹൃദി ഗതോഽപി ദുരാത്മനാം ത്വം
സോഽദ്യൈവ നോ നയനമൂലമനന്ത രാദ്ധഃ
യർഹ്യേവ കർണ്ണവിവരേണ ഗുഹാം ഗതോ നഃ
പിത്രാനുവർണ്ണിതരഹാ ഭവദുദ്ഭവേന. 46

തം ത്വാംവിദാമ, ഭഗവൻ, പരമാത്മതത്ത്വം
സത്ത്വേന സമ്പ്രതി രതിം രചയന്തമേഷാം
യത്തേഽനുതാപവിദിതൈർദൃഢഭക്തിയോഗൈ-
രുദ്ഗ്രന്ഥയോ ഹൃദി വിദുർമ്മുനയോ വിരാഗാഃ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുഷ്ടീവിധം നിജഭൃത്യർ കാണിച്ചതു
ചിൽക്കാതലാമമ്പ്ഭഗവാൻ ധരിക്കയാൽ

ഉൽക്കണ്ഠയോടുടൻ മംഗലദേവതാ-
യുക്തനായപ്പൂർവ്വഗോപുരസന്നിധി

പുക്കാൻ പരമഹംസന്മാർ തിരഞ്ഞിടും
തൃക്കാലുകൾ ചലിപ്പിച്ചുകൊണ്ടങ്ങനെ. 37

ചാമരച്ഛത്രാദി കയ്യിലാർന്നോരനു-
ഗാമികളാം ഭൃത്യരൊത്തു, ഹംസാഭമാം

ചാമരരാജിതൻ കാറ്റേററിളകിടും
സോമസമാനാതപത്രമണിഞ്ഞിടും

ആ രത്നമാലയിൽനിന്നിററുവീണിടും
നീരകണങ്ങൾ ദേഹത്തിലേ,ററത്യരം

ചാരത്തണഞ്ഞ നാരായണസ്വാമിയെ-
യാരാൽ സമാധിയിൽ മാത്രമീക്ഷിച്ചിടും

സാരജ്ഞരാം സനകാദികൾ മുന്നിലായ്
നേരെയടുത്തു തെളിഞ്ഞുകണ്ടീടിനാർ. 38

ആരെയും നന്നായനുഗ്രഹിച്ചീടുവാൻ
പോരുമാസ്യത്തൊടും സദ്ഗുണപൂർണ്ണനായ്

പ്രേമേക്ഷണങ്ങളാൽ ഭക്തഹൃത്സ്പർശിയായ്
കോമളസ്വർഗ്ഗാതിശായിയാം സ്വാലയം

വിസ്തൃതോരഃസ്ഥലശ്രീയാൽ നിരന്തര-
മത്യന്തഭാസുരമാക്കി മിന്നീടിനാൻ. 39

സ്ഫീതനിതംബസ്ഥപീതവസ്ത്രത്തിനു-
മീതേയണിഞ്ഞിടും പൊന്നരഞ്ഞാണൊടും,

സ്വർണ്ണവളകളെഴും വലംകൈ പക്ഷി-
വൃന്ദരാജന്റെ തോളത്തണച്ചും മുദാ.

വാമകരത്തിനാൽ കേളീസരോരുഹ-
മാമോദമോടു ചലിപ്പിച്ചടിക്കടി

വണ്ടുകൾ വാസനയാലെ ശബ്ദിച്ചുകൊ-
ണ്ടാണ്ടിടുമാവനമാലയിണക്കിയും. 40

മിന്നൽപ്രഭ മങ്ങിടുന്ന മകരസൽ-
ക്കുണ്ഡലശോഭി ഗണ്ഡങ്ങൾ സുനാസയും

ചേരുമച്ചാരുമുഖവു,മുരുണ്ടുനീ-
ണ്ടോരു കരങ്ങൾതൻ മദ്ധ്യത്തു മാറിലായ്

പേറും മണിമാലയും, ഗളത്തിന്നല-
ങ്കാരമാം കൗസ്തുഭരത്നവും പൂണ്ടുമേ

ഇന്ദിരാദേവിതൻ സൗന്ദര്യഗർവ്വമി-
സ്സുന്ദരരൂപത്തിലസ്തമിച്ചെന്നുതാൻ

തോന്നുന്നമട്ടവളാശ്രയിക്കുന്നതാ-
യെന്നുമെനിക്കും ഹരനും ഭവാന്മാർക്കു-

മെന്നുവേണ്ടാ, ഭജിക്കുന്നവർക്കൊക്കെയും
നന്നായഭിലാഷമേതുമേകീടുവാൻ

പോന്നതായത്യന്തസൗന്ദര്യമാർന്നതായ്
മിന്നുമാ വിഷ്ണുരൂപം കണ്ടലംമതി
വന്നിടാതായതിൽത്തന്നെ നേത്രങ്ങളെ
നന്നായുറപ്പിച്ചുകൊണ്ടു നമിച്ചിതേ. 41–42

താമരസാക്ഷനായീടും ഭഗവാന്റെ
താമരയല്ലിയൊക്കും കാൽവിരൽകളിൽ
ചിന്നും തുളസീമകരന്ദസൗരഭ-
ത്തെന്നലന്നാസികാദ്വാരങ്ങൾമാർഗ്ഗമായ്
ഉള്ളിൽക്കടക്കവേ, നിർഗ്ഗുണബ്രഹ്മത്തി-
ലുള്ളുറപ്പിച്ചവരാണെന്നിരിക്കിലും,
തിങ്ങി മനസ്സിലാനന്ദം, പുളകവു-
മംഗങ്ങളിലണിഞ്ഞീടിനാരങ്ങവർ. 43

ചെഞ്ചൊടിതന്നിൽപ്പരന്നൊളിയാർന്നിടും
പുഞ്ചിരിതഞ്ചുമാ നീലാംബുജാനനം

പാർത്തു നേരേയഭിലാഷമശേഷവും
സാദ്ധ്യമായെന്നവരോർത്തിട്ടു പിന്നെയും

മാണിക്യതുല്യനഖരങ്ങളാർന്നിടും
ചേണററതൽപദം ധ്യാനിച്ചിതു പരം. 44

യോഗപന്ഥാവിലൂടുദ്ഗതിയാരാഞ്ഞു
പോകുന്നവർക്കു സദ്ധ്യാനവിഷയമായ്

നേത്രാഭിരാമമാ,യന്യരിലാർക്കുമേ-
യെത്താത്ത ജന്മസംസിദ്ധമാം ഭൂതികൾ

എട്ടുമെഴുമാപ്പുരുഷരൂപം തദാ
കാട്ടും ഹരിയെ സ്തുതിച്ചാർ സനാദികൾ. 45

കുമാരർ പറഞ്ഞു

നിന്നിൽനിന്നുദ്ഭൂതനസ്മത്പിതാവജൻ
ചൊന്ന നിൻഗൂഢതത്ത്വം ശ്രവണംവഴി

ചിത്തഗുഹയ്ക്കകമെത്തിയനാൾമുതൽ
ത്വദ്രൂപമുള്ളിലീക്ഷിച്ചിടുന്നുണ്ടിവർ

ചേണാളുമാരൂപമിന്നനുകമ്പയാൽ
കാണിച്ചതന്നുവല്ലോ ഭവാൻ ഞങ്ങളെ.

ദുർമ്മതിമാർതന്മനസ്സിലും വാക്കിലും
നിന്മൂർത്തി കാണ്മാനവർക്കു സാധിച്ചിടാ. 46

'തുച്ഛമായീടുന്ന സംസാരസൗഖ്യത്തി-
ലിച്ഛിച്ചു കാലം വെറുതേകളഞ്ഞഹോ'

എന്നു പശ്ചാത്തപിച്ചാലുടനേ ഭക്തി-
വന്നുദി,ച്ചമ്മനനശ്രവണാദിയാൽ

ദേഹാദിയിലഭിമാനം നശിച്ചു, സ-
മ്മോഹമകന്നു, വൈരാഗ്യമാളുന്നിതേ.

ആ നിലയെത്തിയ മാമുനിസത്തമർ
ധ്യാനയോഗത്തിനാൽ സാക്ഷാത്കരിച്ചിടും

അപ്പരമാത്മാവുതന്നെയാണങ്ങെന്ന-
തുൾപ്പൂവിൽ ഞങ്ങൾക്കറിയാമജോക്തി-
യാൽ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാത്യന്തികം വിഗണയന്ത്യപി തേ പ്രസാദം
കിംത്വന്യദർപ്പിതഭയം ഭ്രുവ ഉന്നയൈസ്തേ
യേങ്ഗ ത്വദങ്ഘ്രിശരണാ ഭവതഃ കഥായാഃ
കീർത്തന്യതീർത്ഥയശസഃ കുശലാ രസജ്ഞാഃ. 48
കാമം ഭവഃ സ്വവൃജിനൈർന്നിരയേഷു നഃ സ്താ-
ച്ചേതോഽളിവദ്യദി ന തേ പദയോ രമേത
വാചശ്ച നസ്തുളസിവദ്യദി തേഽങ്ഘ്രിശോഭാഃ
പൂര്യേത തേ ഗുണഗണൈര്യദി കർണ്ണരന്ധ്രഃ. 49
പ്രാദുശ്ചകർത്ഥ യദിദം പുരുഹൂത രൂപം
തേനേശ നിർവൃതിമവാപുരലം ദൃശോ നഃ
തസ്മാ ഇദം ഭഗവതേ നമ ഇദ്വിധേമ
യോഽനാത്മനാം ദുരുദയോ ഭഗവാൻ പ്രതീതഃ. 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
സനകാദിശാപോ നാമ പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

ബ്രഹ്മോവാച

ഇതി തദ്ഗൃണതാം തേഷാം മുനീനാം യോഗധർമ്മിണാം
പ്രതിനന്ദ്യ ജഗാദേദം വികുണ്ഠനിലയോ വിഭുഃ. 1

ശ്രീഭഗവാനുവാച

ഏതൗ തൗ പാർഷദൗ മഹ്യം ജയോ വിജയ ഏവ ച
കദർത്ഥീകൃത്യ മാം യദ്വോ ബഹ്വക്രാതാമതിക്രമം. 2
യസ്ത്വേതയോർധൃതോ ദണ്ഡോ ഭവദ്ഭിർമ്മാമനുവ്രതൈഃ
സ ഏവാനുമതോഽസ്മാഭിർമ്മുനയോ ദേവഹേളനാത്. 3
തദ്വഃ പ്രസാദയാമ്യദ്യ ബ്രഹ്മ ദൈവം പരം ഹി മേ
തദ്ധീത്യാത്മകൃതം മന്യേ യത്സ്വപുംഭിരസത്കൃതാഃ. 4
യന്നാമാനി ച ഗൃഹ്ണാതി ലോകോ ഭൃത്യേ കൃതാഗസി
സോഽസാധുവാദസ്തത്കീർത്തിം ഹന്തി ത്വചമിവാമയഃ. 5
യസ്യാമൃതാമലയശഃശ്രവണാവഗാഹഃ
സദ്യഃ പുനാതി ജഗദാ ശ്വപചാദ്വികുണ്ഠഃ
സോഽഹം ഭവദ്ഭ്യ ഉപലബ്ധസുതീർത്ഥകീർത്തിഃ
ഛിന്ദ്യാം സ്വബാഹുമപി വഃ പ്രതികൂലവൃത്തിം. 6
യത്സേവയാ ചരണപദ്മപവിത്രരേണും
സദ്യഃ ക്ഷതാഖിലമലം പ്രതിലബ്ധശീലം
ന ശ്രീർവ്വിരക്തമപി മാം വിജഹാതി യസ്യാഃ
പ്രേക്ഷാലവാർത്ഥ ഇതരേ നിയമാൻ വഹന്തി. 7
നാഹം തഥാദ്മി യജമാനഹവിർവ്വിതാനേ
ശ്ച്യോതദ്ഘൃതപ്ലുതമദൻ ഹുതഭുങ്മുഖേന
യദ് ബ്രാഹ്മണസ്യ മുഖതശ്ചരതോഽനുഘാസം
തുഷ്ടസ്യ മയ്യവഹിതൈർന്നിജകർമ്മപാകൈഃ. 8
യേഷാം ബിഭർമ്മ്യഹമഖണ്ഡവികുണ്ഠയോഗ-
മായാവിഭൂതിരമലാങ്ഘ്രിരജഃ കിരീടൈഃ
വിപ്രാംസ്തു കോ ന വിഷഹേത യദർഹണാംഭ-
സ്സദ്യഃ പുനാതി സഹചന്ദ്രലലാമലോകാൻ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കീർത്തനയോഗ്യമായ് ശുദ്ധിദമാം ഭവൽ-
ക്കീർത്തിയുകൾക്കൊള്ളും കഥകൾക്കെഴും രസം

നേരേയറിയും പടുക്കളങ്ങേപ്പദ-
സാരസത്തെശ്ശരണംഗമിക്കുന്നിതു.

അന്യമായുള്ള സമസ്തവും നിർവാണ-
മെന്ന സനാതനമാം പദംകൂടിയും

തള്ളിക്കളഞ്ഞവർ നിൻഭ്രൂ ചലനത്തി-
ലില്ലാതെയാമന്യസിദ്ധി കൊതിക്കുമോ? 48

ഞങ്ങടെ മാനസം ഭൃംഗങ്ങളെന്നപോ-
ലങ്ങേപ്പദാബ്ജങ്ങളിലാരമിക്കുകിൽ,

ഗീരു, തുളസിപോൽ, ത്വത്പാദശോഭയെ-
യീരണംചെയ്തു പുകഴ്ത്തുന്നതാവുകിൽ

കർണ്ണങ്ങളങ്ങേഗ്ഗുണശ്രവണത്തിനാൽ
പൂർണ്ണങ്ങളായിബ്ഭവിക്കിൽ, മേലാലിവർ

ഏതുവിധനീചയോനിയിലും ചെന്നു
ജാതരായാലുമതിലില്ല കുണ്ഠിതം. 49

ദൈത്യരിപോ! ഹരേ! കാണിച്ചു ഞങ്ങളെ
കീർത്തികരമാം ഭവത്സ്വരൂപം ഭവാൻ.

കിട്ടുകയില്ല വിഷയാഗ്രഹത്തിനാൽ
വട്ടംചുഴലുവോർക്കിദ്ദിവ്യദർശനം,

ദുർല്ലഭമാകുമീ രൂപമീക്ഷിക്കുവാ-
നല്ലാതെ മററൊന്നിനുമല്ല വന്നതും.

അക്കാര്യമൊത്തു സഫലമായീ മിഴി
ചിത്കാതലാകും ഭവാനു നമസ്കൃതി. 50

അദ്ധ്യായം 16

ജയവിജയശാപകഥ—തുടർച്ച

ബ്രഹ്മാവു പറഞ്ഞു

ജ്ഞാനികളാം സനകാദികൾ ഭക്തിയെ
മാനിച്ചതന്നേയിവണ്ണം സ്തുതിച്ചതു

കേട്ടഭിനന്ദിച്ചു വൈകുണ്ഠവാസിയാം
വിഷ്ണുപേശൻ ഭഗവാനരുളീടിനാൻ. 1

മൽക്കിങ്കരരീ ജയവിജയാഹ്വയർ
ധിക്കൃതി നിങ്ങളോടിന്നു കാണിച്ചതു

എന്നെ നിസ്സാരനാക്കി പ്രവർത്തിച്ചതാ-
ണെന്നുതന്നേ ദൃഢമായ്ക്കരുതുന്നു ഞാൻ. 2

ദേവവിനിന്ദനംചെയ്തതിനാലിവ-
ർക്കീവിധം യുക്തമായീടിന ദണ്ഡനം

മന്മതാഭിജ്ഞരാം നിങ്ങൾ കല്പിച്ചതു
സമ്മതംതന്നെ നമുക്കും മുനീന്ദ്രരേ! 3

ദൈവമെനിക്കു ഭൂദേവരെന്നാകയാൽ
കൈവരുത്താം പ്രസാദം ഭവാന്മാർക്കു ഞാൻ.

എന്നുടെ ഭൃത്യർ ചെയ്തോരീയപരാധ-
മിന്നു ഞാൻ ചെയ്തതായ്ത്തന്നെ നിനയ്ക്കുവൻ. 4

ഭൃത്യാപരാധമെന്താകിലും സ്വാമിയി-
ലത്രേ ചുമത്തു ജനങ്ങൾ സാധാരണ.

അത്തരം ദുഷ്പ്രവാദം യജമാനന്റെ
കീർത്തിയെ,ക്കുഷ്ഠമങ്ഗാഭയെയെന്നപോൽ,

തീരെക്കെടുത്തിക്കളയുമെന്നാകയാൽ
നേരേ ക്ഷമായാചനംചെയ്തിടുന്നു ഞാൻ. 5

എന്നമൃതാമലകീർത്തി കേട്ടാലുടൻ
ചണ്ഡാലപര്യന്തലോകം പവിത്രമാം.

അത്ര മഹത്തരനായീടുമെന്നുടെ
കീർത്തി ഭവാന്മാരിൽനിന്നുമുണ്ടായതാം.

ചെയ്യും ഭവാന്മാർക്കഹിതമെന്നാകി,ലെൻ
കയ്യും മുറിച്ചു കളയുവനക്ഷണം. 6

നിങ്ങളെസ്സേവിച്ചു പാദാബ്ജധൂളിതൻ
സങ്ഗമത്താൽ ദോഷമററു സുഖിച്ചിടും

എന്നെ വിരക്തനായിട്ടും രമാദേവി
വന്നാശ്രയിക്കുന്നു വിട്ടുപിരിയാതെ.

അന്യദേവന്മാർ നൊയമ്പുനോല്ക്കുന്നതു-
ണ്ടെന്നുമേ തൽക്കടാക്ഷം ലഭിച്ചിടുവാൻ. 7

എന്നിൽ ക്രിയാഫലമർപ്പിച്ചു തുഷ്ടനായ്
മിന്നും ധരാസുരൻ തൻവദനംവഴി

ആളുമന്നത്തിലെപ്പോൽ തോഷമാർന്നിടു-
ന്നീല ഞാൻ വഹ്ന്യാനനഹവിസ്സിങ്കലും. 8

ഭങ്ഗമെന്യേ യോഗമായാവിഭൂതികൾ
തങ്ങുന്ന ഞാൻ മമ പാദോദകംവഴി

ഗങ്ഗാധരയുതസർവ്വലോകത്തെയും
മങ്ഗലമാക്കു,ന്നിതാ ഞാൻ നിരന്തരം.

ഭൂസുരപാദപാംസുക്കൾ ചൂടീടവേ,
ഞാൻ സഹിക്കാ ദ്വിജദ്രോഹമൊരിക്കലും. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ മേ തനൂർദ്വിജവരാന്ദുഹതീർമ്മദീയാ
ഭൂതാന്യലബ്ധശരണാനി ച ഭേദബുദ്ധ്യാ
ദ്രക്ഷ്യന്ത്യഘക്ഷതദൃശോ ഹ്യഹിമന്യവസ്താൻ
ഗൃദ്ധ്രാ രുഷാ മമ കുഷന്ത്യധിദണ്ഡനേതുഃ. 10

യേ ബ്രാഹ്മണാൻ മയി ധിയാക്ഷിപതോഽർച്ചയന്ത-
സ്തുഷ്യദ്ധൃദഃ സ്മിതസുധോക്ഷിതപദ്മവക്ത്രാഃ
വാണ്യാനുരാഗകലയാഽഽത്മജവദ്ഗൃണന്ത-
സ്സംബോധയന്ത്യഹമിവാഹമുപാഹൃതസ്തൈഃ. 11

തന്മേ സ്വഭർത്തുരവസായമലക്ഷമാണൗ
യുഷ്മദ്വ്യതിക്രമഗതിം പ്രതിപദ്യ സദ്യഃ
ഭൂയോ മമാന്തികമിതാം തദനുഗ്രഹോ മേ
യത് കല്പതാമചിരതോ ഭൃതയോർവിവാസഃ. 12

ബ്രഹ്മോവാച

അഥ തസ്യോശതീം ദേവീമൃഷികല്യാം സരസ്വതീം
നാസ്വാദ്യ മന്യുദഷ്ടാനാം തേഷാമാത്മാപ്യതൃപ്യത. 13

സതീം വ്യാദായ ശൃണ്വന്തോ ലഘ്വീം ഗുർവ്വർത്ഥഗഹ്വരാം
വിഗാഹ്യാഗാധഗംഭീരാം ന വിദുസ്തച്ചികീർഷിതം. 14

തേ യോഗമായയാഽഽരബ്ധപാരമേഷ്ഠ്യമഹോദയം
പ്രോചുഃ പ്രാഞ്ജലയോ വിപ്രാഃ പ്രഹൃഷ്ടാഃ ക്ഷുഭിതത്വചഃ. 15

ഋഷയ ഊചുഃ

ന വയം, ഭഗവൻ, വിദ്മസ്തവ, ദേവ, ചികീർഷിതം
കൃതോ മേഽനുഗ്രഹശ്ചേതി യദധ്യക്ഷഃ പ്രഭാഷസേ. 16

ബ്രഹ്മണ്യസ്യ പരം ദൈവം ബ്രാഹ്മണാഃ കില തേ, പ്രഭോ,
വിപ്രാണാം ദേവദേവാനാം ഭഗവാനാത്മദൈവതം. 17

ത്വത്തസ്സനാതനോ ധർമ്മോ രക്ഷ്യതേ തനുഭിസ്തവ
ധർമ്മസ്യ പരമോ ഗുഹ്യോ നിർവ്വികാരോ ഭവാന്മതഃ. 18

തരന്തി ഹ്യഞ്ജസാ മൃത്യും നിവൃത്താ യദനുഗ്രഹാത്
യോഗിനസ്സ ഭവാൻ കിംസ്വിദനുഗൃഹ്യേത യത്പരൈഃ. 19

യം വൈ വിഭൂതിരുപയാത്യനുവേലമന്യൈ-
രർത്ഥാർത്ഥിഭിസ്സ്വശിരസാ ധൃതപാദരേണുഃ
ധന്യാർപ്പിതാങ്ഘ്രിതുളസീനവദാമധാമ്നോ
ലോകം മധുവ്രതപതേരിവ കാമയാനാ. 20

യസ്ത്വാം വിവിക്തചരിതൈരനുവർത്തമാനാം
നാത്യാദ്രിയത്പരമഭാഗവതപ്രസങ്ഗഃ
സ ത്വം ദ്വിജാനുപഥപുണ്യരജഃ പുനീതഃ
ശ്രീവത്സലക്ഷ്മ കിമഗാ ഭഗഭാജനസ്ത്വം. 21

ധർമ്മസ്യ തേ ഭഗവതസ്ത്രിയുഗ! ത്രിഭിഃ സ്വൈഃ
പദ്ഭിശ്ചരാചരമിദം ദ്വിജദേവതാർത്ഥം
നൂനം ഭൃതം തദഭിഘാതി രജസ്തമശ്ച
സത്ത്വേന നോ വരദയാ തനുവാ നിരസ്യ. 22

ന ത്വം ദ്വിജോത്തമകുലം യദിഹാത്മഗോപം
ഗോപ്താ വൃഷഃ സ്വർഹണേന സസൂനൃതേന
തർഹ്യേവ നങ്ക്ഷ്യതി ശിവസ്തവ, ദേവ, പന്ഥാ
ലോകോഽഗ്രഹീഷ്യദൃഷഭസ്യ ഹി തത്പ്രമാണം. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രജ്ഞരാം ഭൂസുരർ,മാർജ്യാദികൾ
സന്തതം യജ്ഞത്തിനേകം പശുക്കളും,
രക്ഷിതാവില്ലാത്ത സർവ്വഭൂതങ്ങളു-
മക്ഷയനാമെൻെറ മൂർത്തികൾതാൻ ദൃഢം.
ഭേദഭാവത്തോടവരെ നോക്കീടുന്ന
പാതകിയെദ്ദണ്ഡനേശനാമെന്നുടെ
ഗൃദ്ധ്രമുഖരുമഹിക്രുദ്ധരുമായ
ഭൃത്യരണഞ്ഞുടൻ കൊത്തിനുറുക്കിടും. 10
വിപ്രനൊരുവേള നിന്ദനം ചെയ്കിലും
മദ്ഭാവനയാൽ സഹിച്ചവനെ ദ്രുതം
മന്ദസ്മിതത്തോടു വാഴ്ത്തിയർച്ചിക്കുവോ-
നെന്നെ വശീകരിക്കുന്നവൻ നിർണ്ണയം. 11
ഇങ്ങനെയൊക്കെയാണെന്മതമെന്നുള്ള-
തങ്ങറിയാതിവർ ചെയ്ത തെററിൻ ഫലം
എങ്ങനെയെങ്കിലും വേഗമനുഭവി-
ച്ചിങ്ങു വരുവാനനുഗ്രഹിച്ചീടുവിൻ;
ഭൃത്യവിയോഗമധികകാലം മുനി-
സത്തമരേ! ഞാൻ സഹിക്കാ ധരിക്കുവിൻ. 12

ബ്രഹ്മാവു പറഞ്ഞു

ചിത്തം ഹരിപ്പതായ് മന്ത്രസമാനമാ-
യർത്ഥഗാംഭീര്യപ്രശോഭിതമായിടും
വൈകുണ്ഠവാക്കിതു കേട്ടിട്ടതിൽ തൃപ്ത-
മാകാതെയായ്, ക്രുദ്ധമെങ്കിലും തന്മനം. 13
നിർദ്ദോഷമായിഗ്ഗുരുതരമായിടു-
മർത്ഥഗുഹയോടു ചേർന്നതായ്, ലഘ്വിയായ്,
പാരംഗഭീരമായീടും ഭഗവാൻെറ
ഗീരിതു നേരാംവിധം ശ്രവിച്ചീടിലും
ആ വാക്കിനാലെന്തു ചെയ്യുന്നതിനാണു
ഭാവിപ്പതെന്നു മനസ്സിലാക്കീലവർ. 14
യോഗമായാപ്രഭാവത്താലുളവായ
ഭാഗധേയത്തിൻെറ ജന്മഭൂവായിടും
അപ്പുരാനേയവർ കണ്ടു മോദിച്ചു കൈ-
കൂപ്പി രോമാഞ്ചമിയന്നു ചൊല്ലീടിനാർ. 15

ഋഷികൾ പറഞ്ഞു

അങ്ങയേ ഞങ്ങളനുഗ്രഹിച്ചെന്നതാ-
യിങ്ങു ചൊന്നല്ലോ നിഖിലജ്ഞനാം ഭവാൻ.
ആ വാക്കിലങ്ങുന്നടക്കിയിരിക്കുന്ന
ഭാവമെന്തെന്നു ധരിപ്പാൻ പ്രയാസമാം. 16
വേദോക്തകർമ്മങ്ങളേയുമതുകളെ-
യാദരിച്ചാചരിക്കും ദ്വിജന്മാരെയും
എല്ലാവരും ബഹുമാനിച്ചിടേണ്ടതെ-
ന്നുള്ളമതമുറപ്പിക്കുവാനല്ലയോ
വേദവും ഭൂദേവരും ഭവദ്ദൈവമെ-
ന്നോതീ ഭവാൻ പരമാർത്ഥമോർത്തീടുകിൽ
ദേവദേവന്മാർക്കു ദേവനായുള്ള ഭൂ-
ദേവനു ദൈവവുമാത്മാവുമങ്ങുതാൻ. 17
നിന്നിൽനിന്നുണ്ടായ് സനാതനധർമ്മ,മ-
തെന്നും നിലനിർത്തിടുന്നു നിന്മൂർത്തികൾ.
തത്പരമം രഹസ്യം ഫലവും നിർവ്വി-
കല്പനാമങ്ങയെ പ്രാപിക്കയെന്നതാം. 18
ധർമ്മാർത്ഥകാമവിരക്തരായ് ജ്ഞാനാദി-
ധർമ്മപരരായ യോഗികളത്യരം
ആരൊരുവൻെറയനുഗ്രഹത്താലെ സം-
സാരാംബുധി കടക്കുന്നിതദ്ദേവനെ
അന്യരനുഗ്രഹിച്ചീടുവാൻ ശക്തരാ-
കുന്നതുമെങ്ങനെയെന്നറിയാൻ പണി! 19
അർത്ഥമർത്ഥിച്ചുകൊണ്ടന്യരശേഷവും
പത്തിൽ പതിച്ചു, പദപാംസു മൗലിയിൽ
മുത്തൊടും ചാർത്തി നമിക്കും രമാദേവി
നിത്യവും സേവിപ്പു നിൻതിരുമേനിയെ.
ഭക്തോത്തമപരനായ് സമസ്തൈശ്വര്യ-
യുക്തനാമങ്ങയിൽ ധന്യരർപ്പിച്ചിടും
പുത്തൻതുളസീദലമാലയിലെഴും
മത്തഭൃംഗത്തിൻ മഹനീയമാം പദം
ഇച്ഛിച്ചവളെന്നമട്ടിലനാരതം
സ്വച്ഛാചരണങ്ങളാലെ സേവിച്ചിടും
ഇന്ദിരയേയും സമാദരിക്കാത്തൊരാ-
നിൻതിരുമേനിയെശ്ശുദ്ധനാക്കീടുവാൻ
ബ്രാഹ്മണപാദരജസ്സുകൾ വേണമോ?
തന്മൂലമോ ഭവാൻ ശ്രീവത്സമാർന്നതും? 20–21
മൂന്നു യുഗത്തിലുമോരോരവതാര-
മാർന്നിടും ദേവ! ഭവത്സത്വമൂർത്തിയാൽ
ത്വദ്ധർമ്മപാദത്രയനാശകങ്ങളായ്
വർദ്ധിച്ചിടുമാരജസ്തമോഭാവവും
അസ്തമിപ്പിച്ചു ദ്വിജദേവതകൾക്കു-
മിഷ്ടസമ്പൂർത്തിവരുത്തിജ്ജഗത്തിതു
നിൻതിരുമേനി ഭരിക്കുന്നു വേണ്ടപോ-
ലന്തരമി,ല്ലതുമേററം സമുചിതം. 22
ലോകത്തു ധർമ്മമാർഗ്ഗം നിലനിർത്തുവാൻ
പ്രാഗല്ഭ്യമേറുന്ന വിപ്രവംശത്തിനെ
ഉത്കൃഷ്ടനാം ഭവാനിഷ്ടവാക്യാദിയാൽ
സൽക്കരിച്ചീവിധം രക്ഷിച്ചിടായ്കിലോ
അങ്ങേയ്ക്കെഴും ശുഭവേദോക്തമാർഗ്ഗങ്ങൾ
മങ്ങിമാഞ്ഞീയുലകത്തിലില്ലാതെയാം. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്തേഽനഭീഷ്ടമിവ സത്ത്വനിധേർവിധിത്സോഃ
ക്ഷേമം ജനായ നിജശക്തിഭിരുദ്ധൃതാരേഃ
നൈതാവതാ ത്ര്യധിപതേർബ്ബത! വിശ്വഭർത്തു-
സ്തേജഃ ക്ഷതം ത്വവനതസ്യ സ തേ വിനോദഃ. 24
യം വാനയോർദ്ദമമധീശ ഭവാൻ വിധത്തേ
വൃത്തിം നു വാ തദനുമന്മഹി നിർവ്യളീകം
അസ്മാസു വാ യ ഉചിതോ ധ്രിയതാം സ ദണ്ഡോ
യേഽനാഗസൗ വയമയുങ്ക്ഷ്മഹി കില്ബിഷേണ. 25

ശ്രീഭഗവാനുവാച

ഏതൗ സുരേതരഗതിം പ്രതിപദ്യ സദ്യ-
സ്സംരംഭസംഭൃതസമാധ്യനുബദ്ധയോഗൗ
ഭൂയസ്സകാശമുപയാസ്യത ആശു യോ വഃ
ശാപോ മയൈവ നിമിതസ്തദവൈത വിപ്രാഃ 26

ബ്രഹ്മോവാച

അഥ തേ മുനയോ ദൃഷ്ട്വാ നയനാനന്ദഭാജനം
വൈകുണ്ഠം തദധിഷ്ഠാനം വൈകുണ്ഠം ച സ്വയംപ്രഭം. 27
ഭഗവന്തം പരിക്രമ്യ പ്രണിപത്യാനുമാന്യ ച
പ്രതിജഗ്മുഃ പ്രമുദിതാശ്ശംസന്തോ വൈഷ്ണവീം ശ്രിയം. 28
ഭഗവാനനുഗാവാഹ, ''യാതം മാ ഭൈഷ്ടമസ്തു ശം
ബ്രഹ്മതേജസ്സമർത്ഥോഽപി ഹന്തും നേച്ഛേ മതം തു മേ. 29
ഏതത് പുരൈവ നിർദ്ദിഷ്ടം രമയാ ക്രുദ്ധയാ യദാ
പുരാപവാരിതാ ദ്വാരി വിശന്തീ മയ്യുപാരതേ. 30
മയി സംരംഭയോഗേന നിസ്തീര്യ ബ്രഹ്മഹേളനം
പ്രത്യേഷ്യതം നികാശം മേ കാലേനാല്പീയസാ പുനഃ'' 31
ദ്വാസ്ഥാവാദിശ്യ ഭഗവാൻ വിമാനശ്രേണിഭൂഷണം
സർവ്വാതിശയയാ ലക്ഷ്മ്യാ ജുഷ്ടം സ്വം ധിഷ്ണ്യമാവിശത്. 32
തൗ തു ഗീർവ്വാണഋഷഭൗ ദുസ്തരാദ്ധരിലോകതഃ
ഹതശ്രിയൗ ബ്രഹ്മശാപാദഭൂതാം വിഗതസ്മയൗ. 33
തദാ വികുണ്ഠധിഷണാത്തയോർന്നിപതമാനയോഃ
ഹാഹാകാരോ മഹാനാസീദ്വിമാനാഗ്ര്യേഷു പുത്രകാഃ. 34
താവേവ ഹ്യധുനാ പ്രാപ്തൗ പാർഷദപ്രവരൗ ഹരേഃ
ദിതേർജ്ജഠരനിർവ്വിഷ്ടം കാശ്യപം തേജ ഉല്ബണം. 35
തയോരസുരയോരദ്യ തേജസാ യമയോർഹി വഃ
ആക്ഷിപ്തം തേജ ഏതർഹി ഭഗവാംസ്തദ്വിധിത്സതി. 36
വിശ്വസ്യ യഃ സ്ഥിതിലയോദ്ഭവഹേതുരാദ്യോ
യോഗേശ്വരൈരപി ദുരത്യയയോഗമായഃ
ക്ഷേമം വിധാസ്യതി സ നോ ഭഗവാംസ്ത്ര്യധീശ-
സ്തത്രാസ്മദീയവിമൃശേന കിയാനിഹാർത്ഥഃ. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഷോഡശോഽധ്യായഃ

സപ്തദശോഽധ്യായഃ

മൈത്രേയ ഉവാച

നിശമ്യാത്മഭുവാ ഗീതം കാരണം ശങ്കയോജ്ഝിതാഃ
തതസ്സർവ്വേ ന്യവർത്തന്ത ത്രിദിവായ ദിവൗകസഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകസുഖേച്ഛയാൽ സ്വന്തരിപുക്കളെ–
യാകെ ഹനിച്ചോരു സത്ത്വനിധാനനാം
അങ്ങേയ്ക്കു ധർമ്മനാശം പ്രിയമല്ലെന്നു
ഞങ്ങൾക്കറിയാം, ഗുണത്രയാധീശനും
വിശ്വഭർത്താവുമാമങ്ങേപ്രഭാവവും
നശ്യമല്ലിത്രമാത്രംകൊണ്ടു നിർണ്ണയം.
ഓരുകിലങ്ങുന്നനുഷ്ഠിക്കുമീ നമ–
സ്കാരവുമങ്ങേയ്ക്കൊരു ലീലതന്നെയാം. 24
ഈ രണ്ടുഭൃത്യർക്കു ദണ്ഡമോ വൃത്തിയോ
പാരിന്നധീശാ! ഭവാനരുളാവതാം
നിർദ്ദോഷികളാമിവർക്കീവിധമഴൽ
ചേർത്തുപോയ് ഞങ്ങ,ളതുകൊണ്ടു ഞങ്ങളെ
ശിക്ഷിച്ചുകൊള്ളുക വേണ്ടവിധം ഭവാ–
നിക്ഷണം സമ്മതംതാ,നില്ലൊരപ്രിയം. 25

ഭഗവാൻ പറഞ്ഞു

എന്നാലിവരിരുപേരുമിപ്പോൾമുതൽ
നിന്ദ്യമാമാസുരഭാവം ഭജിച്ചഥ
എന്നിൽ കുപിതരായ് ക്രോധം സമാധിയാൽ
നന്നായുറപ്പിച്ചു, താമസമെന്നിയേ
വന്നിടട്ടേ വീണ്ടുമെന്നരികത്തുതാ–
നെന്നതാണെന്നഭിപ്രായം ദ്വിജേന്ദ്രരേ!
പിന്നെ,ബ്ഭവാന്മാരിവരെശ്ശപിച്ചതു–
മെന്നുടെയിച്ഛയനുസരിച്ചാകയാൽ
ഞാൻ ശപിച്ചുള്ളതുതന്നെ, നിങ്ങൾക്കതിൽ
ദോഷമശേഷമില്ലെന്നു ധരിക്കുവിൻ. 26

ബ്രഹ്മാവു പറഞ്ഞു

പിന്നെ,സ്സനകാദിമാമുനിമാർ, മിഴി–
ക്കുന്നതാനന്ദമരുളുവതായ് സ്വയം
മിന്നുമാ വൈകുണ്ഠലോകത്തെയുമതി–
ലന്വഹം വാണരുളും ഭഗവാനെയും
വീണ്ടും നമിച്ചു ഹരിയെ വലംവച്ചു
സന്തുഷ്ടരായ്ത്തദനുജ്ഞയും കൈക്കൊണ്ടു
വിഷ്ണുവിഭൂതികളാവതോളം വാഴ്ത്തി
വന്നവഴിക്കു തിരിച്ചുപോയീടിനാർ. 27–28
പിന്നെബ്ഭഗവാനരുളിനാൻ ഭൃത്യരോ–
''ടിന്നു പൊയ്ക്കൊൾവിൻ, ഭവികം ഭവിച്ചിടും.
തെല്ലും ഭയം വേണ്ട, വിപ്രശാപത്തിനെ–
യില്ലാതെയാക്കാനെനിക്കു കഴിഞ്ഞിടും.
എന്നാലുമങ്ങനെ ചെയ്യുന്നതില്ലതു–
മെന്നുടെയിച്ഛയനുസരിച്ചാകയാൽ. 29
പണ്ടു ഞാൻ യോഗനിദ്രാധീനനാകെ വൈ–
കുണ്ഠപുരദ്വാരമാർന്നു പൂമാതിനെ
നിങ്ങൾ തടഞ്ഞതിൽ കോപിച്ചവളിതു
നിങ്ങളോടന്നേയരുളിയതാണിഹ. 30
ആസുരയോനികളിൽ പോയ് ജനിയാർന്നു
ഭൂസുരശാപമനുഭവിച്ചിട്ടുടൻ
ഈശനാമെന്നിലമർഷം മുളച്ചനു–
വാസരം വർദ്ധിച്ചു വർദ്ധിച്ചു മേല്ക്കുമേൽ
വിദ്വേഷരൂപസമാധിയോഗത്തിനാ–
ലെത്തീടുവിനവിളംബമെന്നന്തികം.'' 31
എന്നീവിധമവരോടരുൾചെയ്തുടൻ–
തന്നെ നാനാവിമാനാലംകൃതമായി,
സമ്പത്സമൃദ്ധമായ് സർവ്വാതിശായിയാം
തൻപുരം പൂകിനാനിന്ദിരാവല്ലഭൻ. 32
ദേവർഷഭരിരുപേരുമമ്മേദിനീ–
ദേവശാപത്തിനാലാഭയററക്ഷണം
വൈകുണ്ഠലോകത്തുനിന്നു ഗർവ്വററധോ–
ലോകത്തിലേക്കു നിപതിച്ചു വിസ്മയം. 33
ശ്രേഷ്ഠവിമാനനിവാസികളാം സുര–
ക്കൂട്ട,മിവരീവിധം പതിക്കുന്നതു
കണ്ടഹോ കഷ്ടമേ! കഷ്ടമെന്നായഴ–
ലാണ്ടു നിലവിളിച്ചീടിനാരേററവും. 34
ശ്രീവിഷ്ണുപാർഷദമുഖ്യരാമാരണ്ടു–
ദേവപ്രധാനരുമാണിപ്പൊളുഗ്രമാം
കശ്യപവീര്യമിയന്നു ദിതിഗർഭ–
മാശ്രയിച്ചീടുന്ന രണ്ടു ദൈത്യേന്ദ്രരും. 35
ഒന്നിച്ചുദിച്ചീടുമാരണ്ടസുരർത–
ന്നുന്നതതേജസ്സിനാൽ ഭവാന്മാരുടെ
തേജസ്സിദാനീം ഹതമാ,യവരിൽനി–
ന്നീജനപീഡ ഭഗവാൻെറയിച്ഛതാൻ. 36
യോഗീശ്വരന്മാർക്കുപോലും ദുരത്യയ–
മാകുന്ന മായാപ്രഭാവമാർന്നീടുവോൻ
സൃഷ്ടിസ്ഥിതിലയകാരണ,നാദ്യ,നാ–
വിഷ്ടപേശൻ നമുക്കേകിടട്ടേ സുഖം!
അല്ലാതെ നാമീവിഷയം വിമർശിക്കി–
ലില്ലിവിടിപ്പോൾ വിശേഷാൽ–
പ്രയോജനം. 37

അദ്ധ്യായം 17

ഹിരണ്യന്മാരുടെ ജനനം

മൈത്രേയൻ പറഞ്ഞു

ഈമട്ടിലാത്മഭുവദ്ദിതിഗർഭഗ–
ധാമപ്രഭാവനിദാനം കഥിച്ചതു
കേട്ടു സന്ദേഹമകന്നജലോകത്തെ
വിട്ടുപോയാർ വിണ്ണിലേക്കസ്സുരാന്വയം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിതിസ്തു ഭർത്തുരാദേശാദപത്യപരിശങ്കിനീ
പൂർണ്ണേ വർഷശതേ സാധ്വീ പുത്രൗ പ്രസുഷുവേ യമൗ. 2
ഉത്പാതാ ബഹവസ്തത്ര നിപേതുർജ്ജായമാനയോഃ
ദിവി ഭുവ്യന്തരിക്ഷേ ച ലോകസ്യോരുഭയാവഹാഃ. 3
സഹാചലാ ഭുവശ്ചേലുർദിശസ്സർവ്വാഃ പ്രജജ്വലുഃ
സോല്കാശ്ചാശനയഃ പേതുഃ കേതവശ്ചാർത്തിഹേതവഃ. 4
വവൗ വായുസ്സുദുസ്സ്പർശഃ ഫൂത്കാരാനീരയൻ മുഹുഃ
ഉന്മൂലയൻ നഗപതീൻ വാത്യാനീകോ രജോധ്വജഃ. 5
ഉദ്ധസത്തഡിദംഭോദഘടയാ നഷ്ടഭാഗണേ
വ്യോമ്നി പ്രവിഷ്ടതമസാ ന സ്മ വ്യാദൃശ്യതേ പദം. 6
ചുക്രോശ വിമനാ വാർദ്ധിരുദൂർമ്മിഃ ക്ഷുഭിതോദരഃ
സോദപാനാശ്ച സരിതശ്ചുക്ഷുഭുഃ ശുഷ്കപങ്കജാഃ. 7
മുഹുഃ പരിധയോഽഭൂവൻ സരാഹോശ്ശശിസൂര്യയോഃ
നിർഘാതാ രഥനിർഹ്രാദാ വിവരേഭ്യഃ പ്രജജ്ഞിരേ. 8
അന്തർഗ്രാമേഷു മുഖതോ വമന്ത്യോ വഹ്നിമുല്ബണം
സൃഗാലോലൂകടങ്കാരൈഃ പ്രണേദുരശിവം ശിവാഃ. 9
സംഗീതവദ്രോദനവദുന്നമയ്യ ശിരോധരാം
വ്യമുഞ്ചൻ വിവിധാ വാചോ ഗ്രാമസിംഹാസ്തതസ്തതഃ. 10
ഖരാശ്ച കർക്കശൈഃ ക്ഷത്തഃ ഖുരൈർഘ്നന്തോ ധരാതലം
ഖാർക്കാരരഭസാ മത്താഃ പര്യധാവൻ വരൂഥശഃ. 11
രുദന്തോ രാസഭത്രസ്താ നീഡാദുദപതൻ ഖഗാഃ
ഘോഷേഽരണ്യേ ച പശവശ്ശകൃന്മൂത്രമകുർവ്വത. 12
ഗാവോഽത്രസന്നസൃഗ്ദോഹാസ്തോയദാഃ പൂയവർഷിണഃ
വ്യരുദന്ദേവലിങ്ഗാനി ദ്രുമാഃ പേതുർവിനാനിലം. 13
ഗ്രഹാൻ പുണ്യതമാനന്യേ ഭഗണാംശ്ചാപി ദീപിതാഃ
അതിചേരുർവക്രഗത്യാ യുയുധുശ്ച പരസ്പരം. 14
ദൃഷ്ട്വാന്യാംശ്ച മഹോത്പാതാനതത്തത്ത്വവിദഃ പ്രജാഃ
ബ്രഹ്മപുത്രാനൃതേ ഭീതാ മേനിരേ വിശ്വസംപ്ലവം. 15
താവാദിദൈത്യൗ സഹസാ വ്യജ്യമാനാത്മപൗരുഷൗ
വവൃധാതേഽശ്മസാരേണ കായേനാദ്രിപതീ ഇവ. 16

ദിവിസ്പൃശൗ ഹേമകിരീടകോടിഭിർ–
ന്നിരുദ്ധകാഷ്ഠൗ സ്ഫുരദങ്ഗദാഭുജൗ
ഗാം കമ്പയന്തൗ ചരണൈഃ പദേ പദേ
കട്യാ സുകാഞ്ച്യാർക്കമതീത്യ തസ്ഥതുഃ. 17
പ്രജാപതിർന്നാമ തയോരകാർഷീ–
ദ്യഃ പ്രാക് സ്വദേഹാദ്യമയോരജായത
തം വൈ ഹിരണ്യകശിപും വിദുഃ പ്രജാ
യം തം ഹിരണ്യാക്ഷമസൂത സാഗ്രതഃ. 18

ചക്രേ ഹിരണ്യകശിപുർദ്ദോർഭ്യാം ബ്രഹ്മവരേണ ച
വശേ സപാലാംല്ലോകാംസ്ത്രീനകുതോമൃത്യുരുദ്ധതഃ. 19
ഹിരണ്യാക്ഷോഽനുജസ്തസ്യ പ്രിയഃ പ്രീതികൃദന്വഹം
ഗദാപാണിർദിവം യാതോ യുയുത്സുർമൃഗയൻ രണം. 20
തം വീക്ഷ്യ ദുസ്സഹജവം രണത്കാഞ്ചനനൂപുരം
വൈജയന്ത്യാ സ്രജാ ജുഷ്ടമംസന്യസ്തമഹാഗദം. 21
മനോവീര്യവരോത്സിക്തമസൃണ്യമകുതോഭയം
ഭീതാ നിലില്യിരേ ദേവാഃ താർക്ഷ്യത്രസ്താ ഇവാഹയഃ. 22
സ വൈ തിരോഹിതാൻ ദൃഷ്ട്വാ മഹസാ സ്വേന ദൈത്യരാട്
സേന്ദ്രാൻ ദേവഗണാൻ ക്ഷീബാനപശ്യൻ വ്യനദദ്ഭൃശം. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധ്വി,ദുരപത്യശങ്കാകുലദിതി,
ഭർത്തൃനിദേശാനുസാരമനന്തരം
നൂറുസംവത്സരം പൂർത്തിയായോരള-
വാരണ്ടു പുത്രരെപ്പെററിതൊന്നിച്ചുതാൻ. 2
ഇപ്പുത്രരുദ്ഭൂതരായോരുവേളയി-
ലുത്പാതമുണ്ടായി നാനാവിധത്തിലും
ലോകക്കഹോ! മഹാഭീതിജനിക്കമാ-
റാകാശഭൂമ്യന്തരിക്ഷതലങ്ങളിൽ. 3
ശൈലങ്ങളൊത്തിളകീയിളാഭാഗങ്ങ-
ളാളീ ശിഖിയങ്ങഖിലദിക്കിങ്കലും
ഉല്ക്കകളൊത്തിടിത്തീവീണു, കാണായി
ദുഃഖസംസൂചകം ധൂമകേതൂദയം. 4
വീശീ കൊടുങ്കാററു ഹുൽക്കാരഭേരിയൊ-
ത്താശ്രു ചുഴലിയെന്നുള്ള സൈന്യത്തൊടും
ധൂളിക്കൊടികളുയർത്തിധരണിയിൽ
നീളെ മരങ്ങൾ മറിച്ചുകൊണ്ടങ്ങനെ. 5
മിന്നലൊത്താകാശമെങ്ങും മുകിൽനിര
വന്നുനിരന്നു, മറഞ്ഞു താരങ്ങളും
ഘോരാന്ധകാരം നിറഞ്ഞൊരുവസ്തുവും
നേരേ തിരിച്ചറിയാൻ കഴിയാതെയായ്. 6
തുംഗതരംഗനിരകളുയർന്നന്ത-
രംഗം കലങ്ങി വിമനസ്കനായപോൽ
ക്രന്ദിച്ചു വാരിധി, ശുഷ്കപദ്മോത്ക്കരം
ചിന്നിച്ചലിച്ചു നദീതടാകങ്ങളും. 7
സൂര്യചന്ദ്രന്മാർ മുറയ്ക്കു രാഹുഗ്രസ്തർ,
ചേരുന്നതുണ്ടവരിൽ പരിവേഷവും
ഘോരം മുഴങ്ങീയിടികളടിക്കടി
തേരൊലിപൊങ്ങീ ഗുഹകളിലെങ്ങുമേ. 8
വക്ത്രത്തിൽനിന്നഗ്നിയുദ്വമിക്കും ശിവാ-
വർഗ്ഗവും ഗ്രാമങ്ങൾതോറും പ്രവേശിച്ചു
ക്രൂരർ, കുറുക്കനിവയൊത്തമങ്ഗല-
ഭീമനിനാദം മുഴക്കുന്നു സന്തതം. 9
നാട്ടിൻപുറങ്ങളിൽ നായ്ക്കളൊക്കെത്തല-
നീട്ടിയുയർത്തിപ്പിടിച്ചുനിന്നങ്ങനെ
സംഗീതമട്ടും കരയുംവിധത്തിലും
മോങ്ങിദ്ധ്വനിപ്പിച്ചിടുന്നു നാനാസ്വനം. 10
അഖ്ഖരക്കൂട്ടവും കർക്കശം തത്ഖുര-
ചക്രമടിക്കടി താഴത്തടിച്ചഥ
ഉൽക്കടമാം മദംപൂണ്ടു സംഘംചേർന്നു
ഖർഖരശബ്ദത്തൊടെങ്ങും ചരിച്ചിതു. 11
ഗർദ്ദഭശബ്ദം ശ്രവിച്ചു ഭയപ്പെട്ടു
പത്രികൾ കൂടുവെടിഞ്ഞു മേല്പോട്ടുപോയ്
ഗോശാലയിലും വനത്തിലുമുള്ള ഗോ-
രാശി ഭീയാലൊഴിച്ചു മലം മൂത്രവും. 12
പേടിയാലുള്ളം തകർന്നീടിന പശ്രു-
പാടലി ചോരചുരത്തീ തുരുതുരെ.
ദുവിയമേധ്യം ജലദങ്ങളുഴിയിൽ,
ദേവബിംബങ്ങൾ കണ്ണീരൊലിപ്പിച്ചിതേ.
കാററു തീരെച്ചലിക്കാത്തപ്പൊഴും തറ-
പററിത്തുടങ്ങീ തരുനിര നീളവേ. 13
ഭൂരിപ്രഭയെഴും ക്രൂരഗ്രഹതാര-
പൂരം ശുഭഗ്രഹതാരജാലങ്ങളെ
വക്രഗതിയാലതിക്രമിച്ചാക്രമി-
ച്ചുഗ്രമാം യുദ്ധവുമുണ്ടായി തങ്ങളിൽ. 14
എന്നിവയും മററു ദോഷങ്ങളും മുറ-
യ്ക്കുന്നന്നു കണ്ടതിൻ ഹേതുവറിയാതെ
ലോകനാശാരംഭമെന്നായ് ഭ്രമിച്ചേറെ
മാഴ്കീ സനകാദ്യരെന്നിയെല്ലാവരും. 15
ആദിദൈത്യന്മാരവരിരുപേരുമ-
ന്യാദൃശസ്വപ്രഭാവം പ്രകാശിപ്പിച്ചു
കല്ലൊത്തുറച്ച ശരീരവുമായദ്രി-
തുല്യം ക്രമത്തിൽ വളർന്നുവന്നീടിനാർ, 16
പൊൻകിരീടാഗ്രമാകാശത്തു മുട്ടിച്ചു-
ശങ്കം നിരോധിച്ചു ദിഗ്വിഭാഗങ്ങളെ
വിസ്തൃതദ്ബാഹുക്കളൊയങ്ഗദങ്ങളു-
മൊപ്പമണിഞ്ഞടിവച്ചിലോരോന്നിലും
ഭൂകമ്പമേററിസ്സുകാഞ്ചിചേരും മദ്ധ്യ-
ഭാഗത്തിനാലക്കനൈത്താഴ്ത്തിമിന്നിനാർ. 17
തന്നിൽനിന്നാദ്യം പുറപ്പെട്ട വീര്യത്തിൽ-
നിന്നു ജനിച്ചോരുവിൽ ദിതി പെററതാം
ജ്യേഷ്ഠനു നാമം ഹിരണ്യകശിപുവെ-
ന്നിട്ടാൻ മുനി ഹിരണ്യാക്ഷാഖ്യയന്യനും. 18
കശ്യപക്കിനാലുമജവരത്താലുമ-
ജയ്യനും മൃത്യുവിഹീനനുമായിട്ടും
ജ്യേഷ്ഠനാകുന്ന ഹിരണ്യകശിപു, തൻ-
പാട്ടിലടക്കീ സപാലലോകത്രയം. 19
തൻപ്രിയപാത്രവും സ്വപ്രിയകൃത്തുമായ്
വൻപനാമാ ഹിരണ്യാക്ഷാഖ്യസോദരൻ
യുദ്ധേച്ഛുവായ് രണമാരാഞ്ഞൊരുനാളി-
ലിദ്ധഗർവ്വം ദേവലോകത്തിലെത്തിനാൻ. 20
അദ്ഭുതവേഗത്തൊടും സ്വർണ്ണനൂപുര-
ശബ്ദത്തൊടും വൈജയന്തിയാം മാലയാൽ
മിന്നുന്നവനായ് പെരുതായിട്ടും ഗദ-
യൊന്നു തോളിൽ ധരിച്ചൊന്നിലുമാരിലും
പേടിയെന്യേ തടവററു കടന്നുചെ-
ന്നീടുന്നതു കണ്ടു ഭീതരായ് വിണ്ണവർ
താർക്ഷ്യനെക്കണ്ടു ഭുജഗങ്ങളെന്നപോ-
ലക്ഷണമോടിയൊളിച്ചിതെല്ലാവരും. 21-22
സ്വപ്രഭാവം കണ്ടമർത്ത്യരശേഷവു-
മപ്പൊഴേ പേടിച്ചൊളിച്ചതുമൂലമായ്
എത്രയും ദുർബ്ബലരിന്ദ്രാദികളെന്നു
പാർത്തുച്ചമൊട്ടു ഹസിച്ചീടിനാനവൻ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ നിവൃത്തഃ ക്രീഡിഷ്യൻ ഗംഭീരം ഭീമനിസ്വനം
വിജഗാഹേ മഹാസത്ത്വോ വാർധിം മത്ത ഇവ ദ്വിപഃ. 24
തസ്മിൻ പ്രവിഷ്ടേ വരുണസ്യ സൈനികാ
യാദോഗണാസ്സന്നധിയഃ സസാധ്വസാഃ
അഹന്യമാനാ അപി തസ്യ വർച്ചസാ
പ്രധർഷിതാ ദൂരതരം പ്രദുദ്രുവുഃ. 25
സ വർഷപൂഗാനുദധൗ മഹാബല–
ശ്ചരന്മഹോർമീഞ്ഛ്വസനേരിതാൻ മുഹുഃ
മൗർവ്യാഭിജഘ്നേ ഗദയാ വിഭാവരീ–
മാസേദിവാംസ്താതപുരീം പ്രചേതസഃ. 26
തത്രോപലഭ്യാസുരലോകപാലകം
യാദോഗണാനാമൃഷഭം പ്രചേതസം
സ്മയൻ പ്രലബ്ധും പ്രണിപത്യ നീചവ–
ജ്ജഗാദ, ''മേ ദേഹ്യധിരാജ സംയുഗം. 27
ത്വം ലോകപാലോഽധിപതിർബൃഹച്ഛ്രവാ
വീര്യാപഹോ ദുർമദവീരമാനിനാം
വിജിത്യ ലോകേഽഖിലദൈത്യദാനവാൻ
യദ്രാജസൂയേന പുരായജത് പ്രഭോ!'' 28
സ ഏവമുത്സിക്തമദേന വിദ്വിഷാ
ദൃഢം പ്രലബ്ധോ ഭഗവാനപാംപതിഃ
രോഷം സമുത്ഥം ശമയൻ സ്വയാ ധിയാ
വ്യവോച, ''ദങ്ഗോപശമം ഗതാ വയം. 29
പശ്യാമി നാന്യം പുരുഷാത് പുരാതനാ–
ദ്യസ്സംയുഗേത്വാം രണമാർഗ്ഗകോവിദം
ആരാധയിഷ്യത്യസുരർഷഭേഹി തം
മനസ്വിനോ യം ഗൃണതേ ഭവാദൃശാഃ.'' 30
തം വീരമാരാദഭിപദ്യ വിസ്മയ–
ശ്ശയിഷ്യസേ വീരശയേ ശ്വഭിർവൃതഃ
യസ്ത്വദ്വിധാനാമസതാം പ്രശാന്തയേ
ത്രൂപാണി ധത്തേ സദനുഗ്രഹേച്ഛയാ. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഹിരണ്യാക്ഷദിഗ്വിജയേ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

മൈത്രേയ ഉവാച
തദേവമാകർണ്യ ജലേശഭാഷിതം
മഹാമനാസ്തദ്വിഗണയ്യ ദുർമദഃ
ഹരേർവിദിത്വാ ഗതിമങ്ഗ നാരദാ–
ദ്രസാതലം നിർവിവിശേ ത്വരാന്വിതഃ. 1
ദദർശ തത്രാഭിജിതം ധരാധരം
പ്രോന്നീയമാനാവനിമഗ്രദംഷ്ട്രയാ
മുഷ്ണന്തമക്ഷ്ണാ സ്വരുചോഽരുണശ്രിയാ
ജഹാസ, ''ചാഹോ വനഗോചരോ മൃഗഃ'' 2
ആഹൈന,''മേഹ്യജ്ഞ, മഹീം വിമുഞ്ച നോ
രസൗകസാം വിശ്വസൃജേയമർപ്പിതാ
ന സ്വസ്തി യാസ്യസ്യനയാ മമേക്ഷത–
സ്സുരാധമാസാദിതസൂകരാകൃതേ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിണ്ണിൽനിന്നും മടങ്ങുമ്പോഴ് വിനോദത്തി–
ന്നന്നിദ്ധരയെ രസാതലമെത്തിച്ചു–

ക്ഷുബ്ധാംബുധിയിലിറങ്ങിടിനാൻ മഹാ–
സത്ത്വാംബുധി മത്തവാരണസന്നിഭം. 24

അപ്പൊഴുതപ്പതിതൻ സൈന്യസംഘത്തി–
ലുൾപ്പെട്ട യാദോഗണം തന്മഹസ്സിനാൽ

ധിക്കൃതമായ് ധൃതിയററു പാഞ്ഞു ദൂര–
ദിക്കിൽ ഭയപ്പെട്ടുപീഡിതമാകിലും. 25

ഏററവെഷം ഹിരണ്യാക്ഷാസുരനാഴി–
നീരിൽക്കളിച്ചു തൻ ശ്വാസവേഗത്തിനാൽ

പൊങ്ങുമലകളെ ഗദയാലടിച്ചുട–
ച്ചങ്ങാ വിഭാവരിയിൽച്ചെന്നു കേറിനാൻ. 26

യാദോഗണസ്വാമിയായിട്ടും പാശിയ–
ച്ചേതോഹരപുരിതന്നിലിരിപ്പതു

കണ്ടു ഹസിച്ചു ചതിയായ് നമിച്ചൊരു
കണ്ടകന്മട്ടടരിന്നു വിളിച്ചിതു. 27

''അങ്ങുന്ന ലോകപാലാധിപൻ കീർത്തിമാൻ
സംഗരവീരവീര്യാപഹരൻ ദൃഢം.

മുന്നം ഭവാൻ ദൈത്യദാനവസംഘത്തെ
വെന്നല്ലയോ രാജസൂയംകഴിച്ചതും.'' 28

ശത്രുവിന്മട്ടിലഹങ്കാരവാഗ്ഗിനാൽ
മത്തനായ്ത്തന്നെ ഹസിക്കയാലുണ്ടായ

ക്രോധമൊരുമട്ടടക്കിയദ്ദൈത്യനോ–
ടോതീടിനാൻ വരുണൻ സാവധാനമായ്:

''വന്ദനീയാ! ഭവാൻ ചൊന്നതു വാസ്തവ–
മെന്നാലുമാജിയിലിന്നാശയില്ല മേ. 29

യുദ്ധപടുവാം തവ തുഷ്ടിചേർത്തിടാ–
നൊത്ത രണമാർഗ്ഗകോവിദനായിഹ

സാക്ഷാൽ പരൻപുമാനേകനെയെന്നിയേ
വീക്ഷിച്ചിട്ടന്നതില്ലങ്ങോട്ടു ചെല്ലു നീ

ധീരരാം യുഷ്മാദൃശരമ്മഹാനോട
പോരിൽ മടങ്ങി പ്രശംസിച്ചിട്ടന്നിതു. 30

ചെന്നുടൻ നീയുമാ വീരാഗ്ര്യനോടിട–
ഞ്ഞെന്നാൽ ശമിക്കുമഹങ്കാരമൊക്കെയും.

വീരശയ്യാസ്ഥാനമാം രണഭൂമിയി–
ലാരാൽ ശയിക്കും നരികളം ചുഴന്നു നീ.

താദൃശദർപ്പശമനത്തിനും പരം
സാധുരക്ഷയ്ക്കുമുടലാർന്നിതപ്പരൻ.'' 31

അദ്ധ്യായം 18

വരാഹാവതാരം

മൈത്രേയൻ പറഞ്ഞു

പാശിതൻ വാക്കുകളീവിധം കേട്ടതിൻ–
ദോഷഭാഗങ്ങളം ഗണിക്കാതെ ദുഷ്ടൻ

നാരദനോടു ഹരിനിവാസസ്ഥല–
മാരാഞ്ഞു സത്വരമെത്തീ രസാതലം. 1

അങ്ങു ചെന്നപ്പോളവനിയെത്തേററമേൽ–
ത്താങ്ങി മഹാദ്രിസമാനശരീരനായ്

നേത്രാരുണാഭയാൽ തൻപുരുകാന്തിയെ–
ത്താഴ്ത്തി വിളങ്ങും വിഭുവിനെ വീക്ഷിച്ചു

''കഷ്ടം! മിതു വനവാസിമൃഗ''മെന്നു
ധൃഷ്ടനായ്ച്ചൊല്ലിപ്പരിഹസിച്ചാനവൻ. 2

''വാടാസുരാധമാ! പന്നിവേഷംധരി–
ച്ചീടുമജ്ഞാ! ധരവിട്ടു നീ പോരിനായ്

കൊണ്ടുപോവാനോ തുനിവതു നീയിതു
വേണ്ടില്ല ഞങ്ങളും നോക്കിയിരിക്കവേ

പാതാളവാസികളായ ഞങ്ങൾക്കിതു
ധാതാവു തന്നതാണെന്നു ധരിക്കുക.

നീയിളയുംകൊണ്ടിദാനീമിവിടുന്നു
പോയിപ്പിഴയ്ക്കുന്നമട്ടല്ല കാണ്മതും. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം നസ്സപത്നൈരഭവായ കിം ഭൃതോ
യോ മായയാ ഹന്ത്യസുരാൻ പരോക്ഷജിത്
ത്വാം യോഗമായാബലമല്പപൗരുഷം
സംസ്ഥാപ്യ മൂഢ പ്രമൃജേ സുഹൃച്ഛുചഃ. 4
ത്വയി സംസ്ഥിതേ ഗദയാ ശീർണ്ണശീർഷ്-
ണ്യസ്മദ്ഭുജച്യുതയാ യേ ച തുഭ്യം
ബലിം ഹരന്ത്യൃഷയോ യേ ച ദേവാഃ
സ്വയം സർവ്വേ ന ഭവിഷ്യന്ത്യമൂലാഃ.'' 5
സ തുദ്യമാനോഽരിദുരുക്തതോമരൈർ-
ദംഷ്ട്രാഗ്രഗാം ഗാമുപലക്ഷ്യ ഭീതാം
തോദം മൃഷന്നിരഗാദംബുമധ്യാദ്-
ഗ്രാഹാഹതസ്സകരേണുര്യഥേഭഃ. 6
തം നിസ്സരന്തം സലിലാദനുദ്രുതോ
ഹിരണ്യകേശോ ദ്വിരദം യഥാ ഝഷഃ
കരാളദംഷ്ട്രോഽശനിനിസ്സ്വനോബ്രവീദ്-
ഗതഹ്രിയാം കിന്ത്വസതാം വിഗർഹിതം. 7
സ ഗാമുദസ്താത്സലിലസ്യ ഗോചരേ
വിന്യസ്യ തസ്യാമദധാത്സ്വസത്ത്വം
അഭിഷ്ടുതോ വിശ്വസൃജാ പ്രസൂനൈ-
രാപൂര്യമാണോ വിബുധൈഃ പശ്യതോഽരേഃ. 8
പരാനുഷക്തം തപനീയോപകല്പം
മഹാഗദം കാഞ്ചനചിത്രദംശം
മർമ്മാണ്യഭീക്ഷ്ണം പ്രതുദന്തം ദുരുക്തൈഃ
പ്രചണ്ഡമന്യുഃ പ്രഹസംസ്തം ബഭാഷേ. 9

ശ്രീഭഗവാനുവാച

സത്യം വയം ഭോ വനഗോചരാ മൃഗാ
യുഷ്മദ്വിധാൻ മൃഗയേ ഗ്രാമസിംഹാൻ
ന മൃത്യുപാശൈഃ പ്രതിമുക്തസ്യ വീരാ
വികത്ഥനം തവ ഗൃഹ്ണന്ത്യഭദ്ര! 10
ഏതേ വയം ന്യാസഹരാ രസൗകസാം
ഗതഹ്രിയോ ഗദയാ ദ്രാവിതാസ്തേ
തിഷ്ഠാമഹേഽഥാപി കഥഞ്ചിദാജൗ
സ്ഥേയം ക്വ യാമോ ബലിനോത്പാദ്യ വൈരം. 11
ത്വം പദ്രഥാനാം കില യൂഥപാധിപോ
ഘടസ്വ നോഽസ്വസ്തയ ആശ്വനൂഹഃ
സംസ്ഥാപ്യ ചാസ്മാൻ പ്രമൃജാശ്രു സ്വകാനാം
യഃ സ്വാം പ്രതിജ്ഞാം നാതിപിപർത്ത്യസഭ്യഃ. 12

മൈത്രേയ ഉവാച

സോഽധിക്ഷിപ്തോ ഭഗവതാ പ്രലബ്ധശ്ച രുഷാ ഭൃശം
ആജഹാരോല്ബണം ക്രോധം ക്രീഡ്യമാനോഽഹിരാഡിവ. 13
സൃജന്നമർഷിതഃ ശ്വാസാൻ മന്യുപ്രചലിതേന്ദ്രിയഃ
ആസാദ്യ തരസാ ദൈത്യോ ഗദയാഭ്യഹനദ്ധരിം. 14
ഭഗവാംസ്തു ഗദാവേഗം വിസൃഷ്ടം രിപുണോരസി
അവഞ്ചയത്തിരശ്ചീനോ യോഗാരൂഢ ഇവാന്തകം. 15
പുനർഗ്ഗദാം സ്വാമാദായ ഭ്രാമയന്തമഭീക്ഷ്ണശഃ
അഭ്യധാവദ്ധരിഃ ക്രുദ്ധസ്സംരംഭാദ്ദഷ്ടദച്ഛദഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞങ്ങാംക്കഭവമണയ്ക്കുവാൻ ശത്രുക്ക-
ളങ്ങവന്നാശ്രയിച്ചോ? തന്നിമിത്തമോ?

നീയുമസുരരെയേവം പരോക്ഷമായ്
മായാവപുസ്സുധരിച്ചു കൊല്ലുന്നതും.

മായാബലമല്പപൗരുഷവും പെട്ടം
നീയജ്ഞതോഷദൻ, നിന്നെ നിഹനിച്ചു

നിഷ്ഠുരമാം നിൻ പ്രവൃത്തിയാൽ മാലിലാ-
പ്പെട്ട ബന്ധുക്കാംതൻ കണ്ണീർ തുടയ്ക്കുവൻ. 4

ഉന്നതമാമെൻ ഗദാഹതിയാൽത്തല
ഭിന്നമായ് നീ നശിച്ചീടുന്നവേളയിൽ

നിന്നെയർച്ചിക്കുമൃഷികളും മാമുനി-
വൃന്ദവും താനേ നിരാശ്രയരായിടും.'' 5

ശത്രുവിൻ ദുർവ്വചനായുധത്താൽ നിജ-
ചിത്തം ചലിക്കിലും ഭീതയാംഭൂവിനെ

പാർത്തു വിഷമം സഹിച്ചു, പിടിയാന-
യൊത്ത നക്രഗ്രസ്തഹസ്തീന്ദ്രനെന്നപോൽ

വേഗത്തിലംബുമദ്ധ്യത്തിങ്കൽനിന്നുമ-
സ്സുകരമൂത്തി വിനിർഗ്ഗമിച്ചീടിനാൻ. 6

നീരത്തിൽനിന്നുദ്ഗമിക്കുമപ്പന്നിയെ
ഘോരമാം ദംഷ്ട്രകാം കാണിച്ചിടിസമം-

ഗജ്ജിച്ചനുഗമിച്ചാ ദൈത്യനോതിനാൻ,
''ലജ്ജയറേറാന വയ്യാത്തതെന്തെ''ന്നുടൻ. 7

നീരോപരി തക്കദിക്കിൽ ധരിത്രിയെ
നേരേയുറപ്പിച്ചു,തിൽ സ്വവീര്യം ചേർത്തു

നിൽക്കും ഹരിയെയജാദികാം ദൈത്യനും
പാർക്കെ മലർമാരിതൂവി സ്തുതിച്ചിതു. 8

സ്വർണ്ണാഭരണങ്ങാം പൊൻതോാംവളകളും
പൊന്നിൻകവചവും പൂണ്ടു, ദുർവാക്യങ്ങാം

ചൊന്നു മർമ്മങ്ങളെബ്ഭേദിച്ചനുഗമി-
ക്കുന്ന ദൈത്യേന്ദ്രനോടുച്ചണ്ഡമായിട്ടും

മന്യുവുണ്ടാകിലുമായതടക്കിയീ-
വണ്ണം ഭഗവാൻ ഹസിച്ചരുളീടിനാൻ. 9

ശ്രീഭഗവാൻ പറഞ്ഞു

നേരാണമങ്ഗലമൂർത്തേ! യഹം വന-
ചാരിയൊരു മൃഗമെന്നു നീ ചൊന്നതും.

നിന്നെക്കണക്കെഴും ഗ്രാമസിംഹങ്ങളെ-
യന്വേഷണംചെയ്തു സഞ്ചരിക്കുന്ന ഞാൻ.

മൃത്യുവടത്ത നിൻ പൊങ്ങച്ചവാക്കുകാം
യുദ്ധവീരന്മാർ ഗണിക്കില്ല കാര്യമായ്. 10

നിങ്ങാംക്കുജൻ തന്ന മന്ദ നാണിച്ചിടാ-
തിങ്ങു കവന്നവരും നിൻഗദ കണ്ടു

തുംഗഭയ പൂണ്ടു പാഞ്ഞവരുംതന്നെ
ഞങ്ങളെന്നുള്ളതു വാസ്തവമെങ്കിലും

എങ്ങു പോകാനാണ്, നിന്നിടാം നിന്നോടു-
സംഗരത്തിന്നിഹ വല്ലവിധത്തിലും

ശക്തനിൽ വൈരം വളർത്തിയിട്ടേതൊരു-
ദിക്കിനു പോകിലുമൊക്കുമോ ജീവിതം? 11

നീയപ്പദചരസേനാധിപക്ഷീശ-
നായുള്ളവനെന്നു ലോകപ്രസിദ്ധനാം

മന്ദതവിട്ടു നീ ഞങ്ങളെ മട്ടിച്ചു-
കൊന്നു നിൻക്കൂട്ടർതൻ കണ്ണീർ തുടയ്ക്കുക,

സ്വന്തം പ്രതിജ്ഞ പാലിക്കാത്ത പൂരുഷൻ
ചിന്തിക്കുകിൽ സഭായോഗ്യനായ്-
ത്തീന്നിടാ. 12

മൈത്രേയൻ പറഞ്ഞു

ക്രുദ്ധനായാക്ഷേപവാക്കാം മാധവ-
നിത്ഥമരുളിപ്പരിഹസിച്ചീടവേ,

ക്രീഡനംചെയ്യിച്ചിടുമഹിരാട്ടുപോൽ
ഗാഢകോപാവിഷ്ടനായി ദൈത്യേന്ദ്രനും. 13

ഈർഷ്യയതിക്രമിച്ചേററവും കഷ്ടനായ്
ശ്വാസവേഗത്തിനാൽ ദീർഘംശ്വസിച്ചുടൻ

ശീഘ്രത്തിലോടിയടുത്തു ഭഗവാനെ-
യുക്കൻഗദകൊണ്ടവനൊന്നടിച്ചിതു. 14

വിറോടസമാനവേഗത്തിലായ് തന്റെ
മാറിനുനേക്കു വിട്ടോരുഗ്ദാഹതി

അന്തകനെക്കളിപ്പിച്ചപോൽച്ചാഞ്ഞൊഴി-
ഞ്ഞെന്തദ്ഭുതം! നിന്നു യോഗസിദ്ധൻ
ഹരി. 15

പിന്നെയും വട്ടം ഗദ ചുഴററിത്തര-
മുന്നമസുരൻറനേക്തി ക്രുദ്ധനായ്

ചുണ്ടും കടിച്ചുപിടിച്ചു ഞൊടിയിട-
കൊണ്ടു പാഞ്ഞങ്ങടുത്താനാ വരാഹവും. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതശ്ച ഗദയാരാതിം ദക്ഷിണസ്യാം ഭ്രുവി പ്രഭുഃ
ആജഘ്നേ സ തു താം സൗമ്യ ഗദയാ കോവിദോഽഹനത്. 17
ഏവം ഗദാഭ്യാം ഗുർവ്വീഭ്യാം ഹര്യക്ഷോ ഹരിരേവ ച
ജിഗീഷയാ സുസംരബ്ധാവന്യോന്യമഭിജഘ്നതുഃ. 18
തയോഃ സ്പൃധോസ്തിഗ്മഗദാഹതാങ്ഗയോഃ
ക്ഷതാസ്രവഘ്രാണവിവൃദ്ധമന്യ്വോഃ
വിചിത്രമാർഗ്ഗാംശ്ചരതോർജ്ജിഗീഷയാ
വ്യഭാദിളായാമിവ ശുഷ്മിണോർമൃധഃ. 19
ദൈത്യസ്യ യജ്ഞാവയവസ്യ മായാ–
ഗൃഹീതവാരാഹതനോർമ്മഹാത്മനഃ
കൗരവ്യ മഹ്യാം ദ്വിഷതോർവിമർദ്ദനം
ദിദൃക്ഷുരാഗാദൃഷിഭിർവൃതസ്സ്വരാട്. 20
ആസന്നശൗണ്ഡീരമപേതസാധ്വസം
കൃതപ്രതീകാരമഹാര്യവിക്രമം
വിലക്ഷ്യ ദൈത്യം ഭഗവാൻ സഹസ്രണീ–
ർജ്ജഗാദ നാരായണമാദിസൂകരം. 21

ബ്രഹ്മ ഉവാച

ഏഷ തേ ദേവദേവാനാമങ്ഘ്രിമൂലമുപേയുഷാം
വിപ്രാണാം സൗരഭേയീണാം ഭൂതാനാമപ്യനാഗസാം. 22
ആഗസ്കൃദ്ഭയകൃദ്ദുഷ്കൃദസ്മദ്രാദ്ധവരോഽസുരഃ
അന്വേഷന്നപ്രതിരഥോ ലോകാനടതി കണ്ടകഃ. 23
മൈനം മായാവിനം ദൃപ്തം നിരങ്കുശമസത്തമം
ആക്രീഡ ബാലവദ്ദേവ യഥാഽഽശീവിഷമുത്ഥിതം. 24
ന യാവദേഷ വർദ്ധേത സ്വാം വേലാം പ്രാപ്യ ദാരുണഃ
സ്വാം ദേവ മായാമാസ്ഥായ താവജ്ജഹ്യഘമച്യുത. 25
ഏഷാ ഘോരതമാ സന്ധ്യാ ലോകച്ഛംബട്കരീ പ്രഭോ!
ഉപസർപതി, സർവ്വാത്മൻ, സുരാണാം ജയമാവഹ. 26
അധുനൈഷോഽഭിജിന്നാമ യോഗോ മൗഹൂർതികോ ഹ്യഗാത്
ശിവായ നസ്ത്വം സുഹൃദാമാശു നിസ്തര ദുസ്തരം. 27
ദിഷ്ട്യാ ത്വാം വിഹിതം മൃത്യുമയമാസാദിതഃ സ്വയം
വിക്രമ്യൈനം മൃധേ ഹത്വാ ലോകാനാധേഹി ശർമ്മണി. 28

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഹിരണ്യാക്ഷവധേ അഷ്ടാദശോഽധ്യായഃ

ഏകോനവിംശോഽധ്യായഃ

മൈത്രേയ ഉവാച

അവധാര്യ വിരിഞ്ചസ്യ നിർവ്യളീകാമൃതം വചഃ
പ്രഹസ്യ പ്രേമഗർഭേണ തദപാങ്ഗേന സോഽഗ്രഹീത്. 1
തതസ്സപത്നം മുഖതശ്ചരന്തമകുതോഭയം
ജഘാനോത്പത്യ ഗദയാ ഹനാവസുരമക്ഷജഃ. 2
സാ ഹതാ തേന ഗദയാ വിഹതാ ഭഗവത്കരാത്
വിഘൂർണ്ണിതാപതദ്രേജേ തദദ്ഭുതമിവാഭവത്. 3
സ തദാ ലബ്ധതീർത്ഥോഽപി ന ബബാധേ നിരായുധം
മാനയൻ സ മൃധേ ധർമ്മം വിഷ്വക്സേനം പ്രകോപയൻ. 4
ഗദായാമപവിദ്ധായാം ഹാഹാകാരേ വിനിർഗ്ഗതേ
മാനയാമാസ തദ്ധർമ്മം സുനാഭം ചാസ്മരദ്വിഭുഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിണ്ണമവൻെറ വലത്തേപ്പുരികത്തി-
ലൊന്നടിച്ചാൻ ഭഗവാൻ ഗദകൊണ്ടുതാൻ.

പാടവമത്യധികം സമരത്തിനു-
ള്ളൂടമസുരൻ തടുത്താനതക്ഷണം. 17

ഇത്ഥം ജയേച്ഛയാൽ ചക്രിയും ദൈത്യനും
ക്രുദ്ധരായ്ത്തമ്മിൽ ഗദകൊണ്ടു തല്ലിനാർ. 18

മൂർച്ചയേറും ധാരയാളും ഗദകളാൽ
തച്ചുപൊട്ടിച്ചാടിടും നിണത്തിൻമണം

ഘ്രാണിച്ചിരട്ടിച്ച കോപഭരത്തോടും
ക്ഷോണിക്കുവേണ്ടി വിജയേച്ഛയോടവർ

നാനാതരം നവസമ്പ്രദായങ്ങളെ-
ക്കാണിച്ചു വാശിയിൽ ചെയ്യുമിസ്സംഗരം

ഗോവിനുവേണ്ടി മദിച്ച വൃഷദ്വയം
ചെയ്‌വതാമാഹവത്തിന്നുസമാനമാം. 19

യാഗശരീരനായ് മായാബലത്തിനാൽ
സ്വീകൃതമാകും വരാഹരൂപത്തോടും

മിന്നും ഹരിയുമസുരനുമായുള്ള
ജന്യമിതു കാണ്മതിന്നേറുമിച്ഛയാൽ

വന്നീടിനാനവിടപ്പോരം പിതാമഹൻ
തന്നെച്ചുഴലുമൃഷിസമൂഹത്തോടും. 20

നിർഭരശൗണ്ഡീര്യമോടുമടിക്കുടൻ
കെല്പോടടിതാൻ കൊടുത്തപക്ഷീണനായ്

നിർഭയനായിപ്പരാക്രമത്തോടവൻ
നില്പതുകണ്ടജൻ സ്വന്തം പിതാവായി

എല്ലാവരേയുമടക്കാൻ മിടുക്കെഴും
മല്ലാരിയാം ഭഗവാനോടു ചൊല്ലിനാൻ. 21

ബ്രഹ്മാവു പറഞ്ഞു

അല്ലയോ ദേവാ! ഭവദങ്ഘ്രിമൂലത്തി-
ലുല്ലസിക്കും ദേവഗോഭൂസുരാദിയാം

എല്ലാത്തരം ജീവിജാലത്തിനും പിഴ-
തെല്ലുമില്ലാതപരാധമാരോപിച്ച

പീഡയേററീടുമിദ്ദുഷ്ടദൈത്യൻ തപോ-
ധാടിയാലെന്നിൽനിന്നും വര വാങ്ങിച്ചു,

കൂടുംമദത്തോടെതിരാളിയെങ്ങെന്നു
തേടിനടക്കുന്നു സർവ്വലോകത്തിലും. 22-23

ദൃപ്തനായ് മായാവിയായ്ച്ചെററുമാരെയും
കുട്ടിപോൽ കൂട്ടാക്കിടാതെ നടന്നിടും

ഇദ്ദുഷ്ടനോടു കളിക്കരുതേ ഭവാൻ
പത്തിവിടുർത്തിയ പാമ്പിനോടെന്നപോൽ. 24

ദാരുണനാണിവനുഗ്രക്കിവക്കേറിടും
നേരമടുത്തിടുന്നു,ണ്ടതിനുമുന്നമേ

മായയെ സ്വീകരിച്ചിമ്മഹാപാപിയെ-
യായാസമെന്യേ വധിച്ചീടണം ഭവാൻ. 25

ലോകവിനാശകമായിബ്ഭയങ്കര-
മാകുമാസ്സന്ധ്യാസമയമടുത്തുപോയ്

സർവ്വഭൂതത്തിനും ജീവനാമങ്ങുടൻ
ഗീർവ്വാണരാജിക്കരുളീടണം ജയം. 26

മൗഹൂർത്തികമായഭിജിദഭിധാന-
വ്യാഹൃതയോഗം കഴിയാറുമായിതു

ശീഘ്രമതിൻമുമ്പു ദുർജ്ജയനാകുമി-
മ്മൂർഖനെക്കൊന്നു ജഗദ്രക്ഷ ചെയ്യുക. 27

ഉദ്ഭവകാലത്തു തൽക്കാലനായ് മുനി-
യുദ്ഭാവനംചെയ്ത നിന്തിരുമേനിയെ

ആരാഞ്ഞവൻതന്നെ വന്നു ഭാഗ്യത്തിനാൽ
ചാരത്തണഞ്ഞു, ഭവാനവനെദ്ധ്രുതം

പോരിൽ പരാക്രമംകാട്ടി നിഹനിച്ചു
പാരിനു പാരം സുഖം വളർത്തീടുക. 28

അദ്ധ്യായം 19

ഹിരണ്യാക്ഷവധം

മൈത്രേയൻ പറഞ്ഞു

പീയൂഷതുല്യമായ് സത്യമാമാവാക്കു
മായാവരാഹസ്വരൂപൻ ശ്രവിച്ചഥ

മന്ദഹാസത്തോടും പ്രേമഗർഭങ്ങളാ-
മന്നയനങ്ങളാലങ്ഗീകരിച്ചിതേ. 1

പിന്നെ മുന്നിൽ ഭയമെന്യേ ചരിച്ചിടു-
മുന്നതശത്രുവാമദ്ദിതിജേന്ദ്രനെ

അക്ഷജനാകുമസ്സൗ കരമുത്പതി-
ച്ചക്ഷണം താടിയിലൊന്നു താഡിച്ചിതു. 2

തട്ടിനാനായതു തൻ ഗദകൊണ്ടവൻ
പെട്ടെന്നതോടു ഭഗവാൻെറയഗ്ഗദ-

വട്ടംകറങ്ങി നിലംപററി,യദ്ഭുത-
പ്പെട്ടുപോയീ കണ്ടുനിന്നവരൊക്കെയും. 3

തല്ലാൻ തരംകിട്ടിയപ്പൊഴെന്നാകിലും
മല്ലിലെധർമ്മത്തെയാദരിച്ചിട്ടവൻ

തല്ലിയില്ലായുധഹീനനാം ശാർങ്ഗിയെ-
ച്ചൊല്ലിനാലേററം കുപിതനാക്കീടിനാൻ. 4

പാണിപദ്മത്തിൽനിന്നും ഭഗവദ്ഗദ
വീണതുകണ്ടജാദ്യാദിതേയാന്വയം

ഹാഹാരവം ദിക്കിലെങ്ങും മുഴക്കവേ-
യാഹിരണ്യാക്ഷൻെറ യുദ്ധധർമ്മം പാർത്തു

സ്നേഹാദരാകലനാകിലുമക്ഷണം
ശ്രീഹരി ചക്രായുധത്തെ സ്മരിച്ചിതു. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം വ്യഗ്രചക്രം ദിതിപുത്രാധമേന
സ്വപാർഷദമുഖ്യേന വിഷജ്ജമാനം
ചിത്രാ വാചോഽതദ്വിദാം ഖേചരാണാം
തത്രാസ്മാസൻ സ്വസ്തി തേഽമും ജഹീതി. 6

സ തം നിശാമ്യാത്തരഥാങ്ഗമഗ്രതോ
വ്യവസ്ഥിതം പദ്മപലാശലോചനം
വിലോക്യ ചാമർഷപരിപ്ലുതേന്ദ്രിയോ
രുഷാ സ്വദന്തച്ഛദമാദശച്ഛ്വസൻ. 7

കരാളദംഷ്ട്രശ്ചക്ഷുർഭ്യാം സംചക്ഷാണോ ദഹന്നിവ
അഭിപ്ലുത്യ സ്വഗദയാ ''ഹതോഽസീ''ത്യാഹനദ്ധരിം. 8

പദാ സവ്യേന താം സാധോ ഭഗവാൻ യജ്ഞസൂകരഃ
ലീലയാ മിഷതശ്ശത്രോഃ പ്രാഹരദ്വാതരംഹസം. 9

ആഹ, ചാ''യുധമാധത്സ്വ ഘടസ്വ ത്വം ജിഗീഷസി''
ഇത്യുക്തസ്സ തയാ ഭൂയസ്താഡയൻ വ്യനദദ്ഭൃശം. 10

താം സ ആപതതീം വീക്ഷ്യ ഭഗവാൻ സമവസ്ഥിതഃ
ജഗ്രാഹ ലീലയാ പ്രാപ്താം ഗരുത്മാനിവ പന്നഗീം. 11

സ്വപൗരുഷേ പ്രതിഹതേ ഹതമാനോ മഹാസുരഃ
നൈച്ഛദ്ഗദാം ദീയമാനാം ഹരിണാ വിഗതപ്രഭഃ. 12

ജഗ്രാഹ ത്രിശിഖം ശൂലം ജ്വലജ്ജ്വലനലോലുപം
യജ്ഞായ ധൃതരൂപായ വിപ്രായാഭിചരൻ യഥാ. 13

തദോജസാ ദൈത്യമഹാഭടാർപ്പിതം
ചകാസദന്തഃഖ ഉദീർണ്ണദീധിതി
ചക്രേണ ചിച്ഛേദ നിശാതനേമിനാ
ഹരിര്യഥാ താർക്ഷ്യപതത്രമുജ്ഝിതം. 14

വൃക്ണേ സ്വശൂലേ ബഹുധാരിണാ ഹരേഃ
പ്രത്യേത്യ വിസ്തീർണ്ണമുരോ വിഭൂതിമത്
പ്രവൃദ്ധരോഷസ്സ കഠോരമുഷ്ടിനാ
നദൻ പ്രഹൃത്യാന്തരധീയതാസുരഃ. 15

തേനേത്ഥമാഹതഃ ക്ഷത്തർഭഗവാനാദിസൂകരഃ
നാകമ്പത മനാക് ക്വാപി സ്രജാഹത ഇവ ദ്വിപഃ. 16

അഥോരുധാസൃജന്മായാം യോഗമായേശ്വരേ ഹരൗ
യാം വിലോക്യ പ്രജാസ്ത്രസ്താ മേനിരേഽസ്യോപസംയമം. 17

പ്രവവുർവായവശ്ചണ്ഡാസ്തമഃ പാംസവമൈരയൻ
ദിഗ്ഭ്യോ നിപേതുഃ ഗ്രാവാണഃ ക്ഷേപണൈഃ പ്രഹിതാ
ഇവ. 18

ദ്യൗർന്നഷ്ടഭഗണാഭ്രൗഘൈഃ സവിദ്യുത്സ്തനയിത്നുഭിഃ
വർഷദ്ഭിഃ പൂയകേശാസൃഗ്വിൺമൂത്രാസ്ഥീനി ചാസകൃത്. 19

ഗിരയഃ പ്രത്യദൃശ്യന്ത നാനായുധമുചോഽനഘ!
ദിഗ്വാസസോ യാതുധാന്യഃ ശൂലിന്യോ മുക്തമൂർദ്ധജാഃ. 20

ബഹുഭിര്യക്ഷരക്ഷോഭിഃ പത്ത്യശ്വരഥകുഞ്ജരൈഃ
ആതതായിഭിരുത്സൃഷ്ടാ ഹിംസ്രാ വാചോഽതിവൈശസാഃ. 21

പ്രാദുഷ്കൃതാനാം മായാനാമാസുരീണാം വിനാശയത്
സുദർശനാസ്ത്രം ഭഗവാൻ പ്രായുങ്ക്ത ദയിതം ത്രിപാത്. 22

തദാ ദിതേസ്സമഭവത് സഹസാ ഹൃദി വേപഥുഃ
സ്മരന്ത്യാ ഭർത്തുരാദേശം സ്തനാച്ചാസൃക് പ്രസുസ്രുവേ. 23

വിനഷ്ടാസു സ്വമായാസു ഭൂയശ്ചാവ്രജ്യ കേശവം
രുഷോപഗൂഹമാനോഽമും ദദൃശേഽവസ്ഥിതം ബഹിഃ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഗ്രഹിക്കേണ്ടുന്നവനെയറിഞ്ഞിടാൻ
വ്യഗ്രതപൂണ്ട സുദർശനമെത്തവേ,

ഇന്നു ദൈത്യാധമനെങ്കിലും പാഷദ-
നെന്ന വാത്സല്യത്തൊടായവൻതാനുമായ്

സംഗരക്രീഡ ഭഗവാൻ തുടരവേ
തുംഗമാം തൻ മഹിമാനത്തിലജ്ഞരാം

അംബരചാരികൾ സംഭ്രമത്തോടവി-
ളംബമവനെ വധിക്കെന്നു ചൊല്ലിനാർ. 6

ചക്രവും കയ്യിൽ ധരിച്ചു തന്മുന്നിലായ്
നില്ക്കുമസ്സൂകരഭീകരമൂർത്തിയെ

കണ്ടിട്ടടിമുടി വീണ്ടും നിരീക്ഷിച്ചു
ചുണ്ടുംകടിച്ചമഷം സഹിക്കായ്കയാൽ, 7

ഭീകരദംഷ്ട്രകളോടു ദഹിപ്പിക്ക-
മാകെയെന്നുള്ളമട്ടൊന്നു നോക്കീട്ടവൻ

ചാടിയടുത്തിതിനാൽ നിൻ കഥകഴി-
ഞ്ഞീടുമെന്നോതിയുക്കോടൊന്നടിച്ചിതു. 8

വാതവേഗത്തിൽ വരുമഗ്ഗദയിടം-
പാദത്തിനാൽ നിഷ്പ്രയാസം തടുത്തുടൻ

ക്ഷോണിയിൽ വീഴ്ത്തിനാൻ ശത്രുവും കാണവേ
ചേണാളുമാ യജ്ഞസൂകരമൂർത്തിതാൻ. 9

ശ്രീഭഗവാൻ പറഞ്ഞു

ആയുധം കയ്യിലെടുക്ക, യത്നിക്കുക
നീയാജിയിൽ ജയമാശിച്ചിടുന്നവൻ

എന്നായ് ഹരി ചൊൽകെയഗ്ഗദയാന്നവൻ
പിന്നെയുമാഞ്ഞൊന്നടിച്ചലറീടിനാൻ. 10

നേരേവരുമഗ്ഗദയെ നോക്കിക്കൊണ്ടു
ധൈര്യസമേതമുറച്ചുനിന്നാ വിഭു

മെയ്യിൽത്തൊടുന്നതിന്മുമ്പതിനെ ദ്രുതം
കയ്യടക്കീ ഫണിയെഗ്ഗരുഡൻവിധം. 11

നഷ്ടമായ് പൗരുഷം ഗർവ്വമകന്നാഭ-
യററ ദൈത്യേന്ദ്രനായായുധം മാധവൻ

ഏകിയെന്നാകിലുമായതങ്ങോ മഹാൻ
സ്വീകരിച്ചില്ലഭിമാനംനിമിത്തമായ്. 12

കത്തും കനൽക്കൊത്ത ശത്രുസംഹാരിയായ്
മെത്തും ത്രിശിഖമാം ശൂലമെടുത്തുടൻ

വിപ്രൻെറനേക്കാഭിചാരപ്രയോക്താവി-
നൊപ്പം ഭഗവാൻെറനേക്കയച്ചീടിനാൻ. 13

ശൂലമതോജസ്സോടാകാശമദ്ധ്യത്തു
ചാലവേ സുപ്രഭ ചിന്നി മിന്നീടവേ

മൂർച്ചയേറും ധാരയാളും സുദർശന-
ത്തുച്ചക്രമാശു വിട്ടീടിനാൻ ശ്രീഹരി.

ശൂലം ഗരുഡൻെറ തൂവൽപോൽ ഖണ്ഡിച്ച-
വേളയിൽ ക്രോധം മുഴത്തടുത്തക്ഷണം

ശ്രീയാന്ന തദ്വിസ്തൃതോരസ്സിൽ മുഷ്ടിയാ-
ലായവൻ താഡിച്ചലറിമറഞ്ഞിതു. 14-15

ആ മുഷ്ടിഘാതം ഹരിയെയിളക്കീല
പൂമാലയാലടിയാനയെയെന്നപോൽ. 16

പിന്നെ മായാപ്രയോഗം തുടങ്ങീടിനാ-
നുന്നതയോഗമായേശ്വരനോടവൻ.

കണ്ട ജനങ്ങളെല്ലാവരുമീജഗ-
ത്തന്നിമിഷത്തിൽ നശിക്കുമെന്നോർത്തിതു. 17

ഊററമായ്ക്കാററുവീശീ ദിക്കിലൊക്കെയും
തൂററീ ശിലകൾ കവിണേറുമാതിരി.

ധൂളിപൊങ്ങിക്കൂരിരുട്ടായിതെങ്ങുമേ
കോളായിവന്നുമസുരൻെറ മായകൾ. 18

മിന്നലോടൊത്തു തുടന്നു ഗജ്ജിച്ചിടു-
മുന്നതമേഘാളി വിണ്ണിൽ നിരന്നിതു.

താരപ്രഭ മങ്ങി മൂത്രമലങ്ങളും
ചോരയുമസ്ഥികൾ രോമസമൂഹവും

ധാരാളമായിത്തുരുതുരെ വഷിച്ചു
നീരദപാളി കടുത്ത ദുർഗ്ഗന്ധവും. 19

നാനാവിധായുധജാലം പ്രയോഗിച്ചു
കാണായി പർവ്വതശ്രേണിയസംഖ്യമായ്

കേശമഴിച്ചിട്ടു നഗ്നരായ് ശൂലമാ-
ന്നാശരനാരീജനത്തെയും കണ്ടിതു. 20

ആന, തേർ, കാലാൾപ്പടയെന്നിവയൊത്തു
ഹീനസ്വഭാവരാം യക്ഷരക്ഷസ്സുകൾ

കൂട്ടമായ് വന്നതു കാണായ് രണോത്സാഹ-
മേററുമതിക്രൂരവാക്കുകൾ കേൾക്കയായ്. 21

പ്രത്യക്ഷമാകുമീയാസുരമായതൻ
വിദ്ധ്വംസനത്തിനു യജ്ഞരൂപൻ പരൻ

തൻപ്രേമഭാജനമായിക്കരതാരി-
ലമ്പും സുദർശനത്തെ പ്രയോഗിച്ചിതേ. 22

ഭർത്തൃവാക്കപ്പോൾ ദിതിക്കോർമ്മവ,ന്നഴൽ-
മൂത്തു, മുലകളിൽനിന്നു വാർന്നു നിണം. 23

നിഷ്ഫലമായ് നിജ മായകളെന്നുക-
ണ്ടപ്പോൾ പിടിച്ചു മാർചേർത്തമർത്തീടിലും

അദ്ഭുതമാമ്മാറൊഴിഞ്ഞു തന്മുന്നിലായ്
നില്പതു കണ്ടാൻ ഭഗവാനെയങ്ങവൻ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം മുഷ്ടിഭിർവിനിഘ്നന്തം വജ്രസാരൈരധോക്ഷജഃ
കരേണ കർണ്ണമൂലേƒഹൻ യഥാ ത്വാഷ്ട്രം മരുത്പതിഃ. 25

സ ആഹതോ വിശ്വജിതാ ഹ്യവജ്ഞയാ
പരിഭ്രമദ്ഗാത്രഉദസ്തലോചനഃ
വിശീർണ്ണബാഹ്വങ്ഘ്രിശിരോരുഹോ/പത-
ദ്യഥാ നഗേന്ദ്രോ ലുളിതോ നഭസ്വതാ. 26

ക്ഷിതൗ ശയാനം തമകുണ്ഠവർച്ചസം
കരാളദംഷ്ട്രം പരിദഷ്ടദച്ഛദം
അജാദയോ വീക്ഷ്യ ശശംസുരാഗതാ
''അഹോ ഇമാം കോ ന ലഭേത സംസ്ഥിതിം.'' 27

യം യോഗിനോ യോഗസമാധിനാ രഹോ
ധ്യായന്തി ലിങ്ഗാദസതോ മുമുക്ഷയാ
തസ്യൈഷ ദൈത്യർഷഭഃ പദാഹതോ
മുഖം പ്രപശ്യംസ്തനുമുത്സസർജ്ജ ഹ. 28

ഏതൗ തൗ പാർഷദാവസ്യ ശാപാദ്യാതാവസദ്ഗതിം
പുനഃ കതിപയൈഃ സ്ഥാനം പ്രപത്സ്യേതേ ഹ ജന്മഭിഃ. 29

ദേവാ ഊചുഃ

നമോ നമസ്തേ/ഖിലയജ്ഞതന്തവേ
സ്ഥിതൗ ഗൃഹീതാമലസത്ത്വമൂർത്തയേ
ദിഷ്ട്യാ ഹതോ/യം ജഗതാമരുന്തുദ-
സ്ത്വത്പാദഭക്ത്യാ വയമീശ നിർവൃതാഃ. 30

മൈത്രേയ ഉവാച

ഏവം ഹിരണ്യാക്ഷമസഹ്യവിക്രമം
സ സാദയിത്വാ ഹരിരാദിസൂകരഃ
ജഗാമ ലോകം സ്വമഖണ്ഡിതോത്സവം
സമീഡിതഃ പുഷ്കരവിഷ്ടരാദിഭിഃ. 31

മയാ യഥാനൂക്തമവാദി തേ ഹരേഃ
കൃതാവതാരസ്യ സുമിത്ര ചേഷ്ടിതം
യഥാ ഹിരണ്യാക്ഷ ഉദാരവിക്രമോ
മഹാമൃധേ ക്രീഡനവന്നിരാകൃതഃ. 32

സൂത ഉവാച

ഇതി കൗഷാരവാഖ്യാതാമാശ്രുത്യ ഭഗവത്കഥാം
ക്ഷത്താ//നന്ദം പരം ലേഭേ മഹാഭാഗവതോ ദ്വിജ. 33

അന്യേഷാം പുണ്യശ്ലോകാനാം ഉദ്ദാമയശസാം സതാം
ഉപശ്രുത്യ ഭവേന്മോദഃ ശ്രീവത്സാങ്കസ്യ കിം പുനഃ. 34

യോ ഗജേന്ദ്രം ഝഷഗ്രസ്തം ധ്യായന്തം ചരണാംബുജം
ക്രോശന്തീനാം കരേണൂനാം കൃച്ഛ്റതോ/മോചയദ്ദ്രുതം. 35

തം സുഖാരാധ്യമൃജുഭിരനന്യശരണൈർനൃഭിഃ
കൃതജ്ഞഃ കോ ന സേവേത ദുരാരാധ്യമസാധുഭിഃ. 36

യോ വൈ ഹിരണ്യാക്ഷവധം മഹാദ്ഭുതം
വിക്രീഡിതം കാരണസൂകരാത്മനഃ
ശൃണോതി ഗായത്യനുമോദതേ/ഞ്ജസാ
വിമുച്യതേ ബ്രഹ്മവധാദപി ദ്വിജാഃ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വജ്രകഠോരമാം മുഷ്ടി ചുരുട്ടീട്ടു
തർജ്ജനം ചെയ്യുമസുരനെയച്യുതൻ

ഇന്ദ്രനാ വൃത്രനെയെന്നപോൽ കൈകൊണ്ടു
കർണ്ണമൂലത്തിലേല്പിച്ചൊരു താഡനം. 25

ലോകം ജയിച്ച പരൻപുമാൻ ലീലയാ-
യേകമടിയേററു വട്ടം ചുഴന്നുടൻ

കണ്ണുകൾ തള്ളിച്ചു കൈകാൽകൾ കേശവും
ചിന്നിച്ചിതറിക്കൊട്ടങ്കാററടിയേററു

വേരോടുകൂടി മറിയും മരംപോലെ
പാരിൽ പതിച്ചാൻ ഭയങ്കരനാമവൻ. 26

ഓഷ്ഠം കടിച്ചുപിടിച്ചു ഭയങ്കര-
ദംഷ്ട്രകൾകാട്ടിക്കിടക്കുമദ്ദൈത്യനിൽ

ഉജ്ജ്വലിക്കും മഹാതേജസ്സജാദ്യരാം
നിർജ്ജരന്മാർ കണ്ടു വിസ്മയംപൂണ്ടുടൻ

''പാർക്കുകിലാർക്കു ലഭിച്ചീടുമിത്തരം
ഭാഗ്യ''മെന്നേറ്റം പ്രശംസിച്ചുചൊല്ലിനാർ. 27

സത്തായിടാത്ത ശരീരം വെടിഞ്ഞിടാൻ
നിത്യവും യോഗസമാധി ശീലിച്ചിട്ടും

യോഗികൾ ധ്യാനിക്കുമബ്ഭഗവാനുടെ
കൈകാൽകൾകൊണ്ടടികൊണ്ടും തദാനനം

കണ്ടുകൊണ്ടും ശരീരം വെടിയാൻ ഭാഗ്യ-
മുണ്ടായസുരേന്ദ്രനെന്നതെന്തദ്ഭുതം! 28

ഈ ഹിരണ്യാക്ഷൻ, ഹിരണ്യകശിപുവും
ശ്രീഹരിഭൃത്യർ ജയവിജയാഖ്യർതാൻ

ബ്രാഹ്മണശാപത്തിനാൽ നീചയോനിയിൽ
ജന്മമാന്നാർ, ചില ജന്മങ്ങളാലിനി

വീണ്ടും പഴയപോൽ വൈകുണ്ഠസന്നിധി-
യാണ്ടു തൽസേവനകൃത്യത്തിലേർപ്പെടും. 29

ദേവന്മാർ പറഞ്ഞു

ലോകാവനത്തിനു സത്ത്വാകൃതിയായി
യാഗത്തിനാകെ നിദാനവുമായിടും

മംഗലമൂർത്തേ! മുകുന്ദാ! ഭവാനെയീ-
ഞങ്ങൾ നമസ്കരിക്കുന്നിതു പിന്നെയും.

ത്രൈലോക്യമർമ്മവിച്ഛേദിയാം ദൈത്യനെ-
ക്കാലപുരിക്കങ്ങയച്ചു ദിഷ്ടത്തിനാൽ

ഞങ്ങൾ ഭവാനെബ്ഭജിച്ചതുമൂലമാ-
യിങ്ങനെ ദുഃഖമൊഴിച്ചരുളീ സുഖം. 30

മൈത്രേയൻ പറഞ്ഞു

ഇത്ഥമസഹ്യപരാക്രമിയാകുമാ-
ദൈത്യനെക്കൊന്നാദിസൂകരമാം ഹരി

ശാശ്വതാനന്ദോത്സവപൂർണ്ണമാം നിജ-
വേശ്മം ഗമിച്ചാൻ, സ്തുതിച്ചാരജാദികൾ. 31

ബന്ധോ! വിദുരാ! വരാഹാവതാരത്തെ-
യേന്തിയതെന്തിനാണച്യുതനെന്നതും

തുംഗബലവീര്യനാം ഹിരണ്യാക്ഷനെ-
യെങ്ങനെ കൊന്നു കളിപ്പാവമട്ടതും

മാമകദേശികനെന്നോടു ചൊല്ലിയോ-
രാമട്ടു ഞാൻ ഭവാനോടും കഥിച്ചിതേ. 32

സൂതൻ പറഞ്ഞു

ഇത്തരം മൈത്രേയമാമുനി ചൊല്ലിയ
ദൈത്യാരിദേവചരിതം ശ്രവിക്കയാൽ

ഭക്തനാം ക്ഷത്താവിനാനന്ദമേററവും
വർദ്ധിച്ചുവന്നിതു ശൗനകമാമുനേ! 33

കീർത്തിമാന്മാരാമിതരസത്തുക്കൾതൻ-
വാർത്തയിലും പരിതോഷമാർന്നീടുകിൽ

ശ്രീവത്സലാഞ്ഛനസൽക്കഥ കേൾക്കവേ-
യേവനാനന്ദനിമഗ്നനായ്ത്തീർന്നിടാ? 34

കാലിൽ മുതല കടിച്ചുപിടിച്ചതി-
വേലം രുജയാൻഴലും കരീന്ദ്രനെ

ചുററും കരഞ്ഞു കരിണികൾ നില്ക്കവേ
തെറ്റെന്നഴലൊഴിച്ചാരു രക്ഷിച്ചുവോ; 35

കള്ളമുള്ളത്തിലെഴാതെയനന്യാശ്രയ-
മില്ലാത്ത സജ്ജനങ്ങൾക്കു സംസേവ്യനായ്

ദുഷ്ടജനങ്ങൾക്കനാരാദ്ധ്യനായിടും
വിഷ്ടപനാഥനാമാവിഷ്ണുദേവനെ

നേരേ കൃതജ്ഞനാമേതൊരുപൂരുഷ-
നാരാധനംചെയ്യാതിടാതെയിരുന്നിടും? 36

പന്നിയായിദ്ധരയുദ്ധരിച്ചീടുവാൻ
വന്നവതാരമെടുത്ത ഭഗവാന്റെ

മോഹനലീലാവിശിഷ്ടം ഹിരണ്യാക്ഷ-
സംഹാരവൃത്തം ശ്രവിക്കയോ ചൊൽകയോ

നന്മട്ടു മാനിക്കയോ ചെയ്യുവോനുടൻ
ബ്രഹ്മഹത്യാപാപനിർമ്മുക്തനായിടും. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതന്മഹാപുണ്യമലം പവിത്രം
ധന്യം യശസ്യം പദമായുരാശിഷാം
പ്രാണേന്ദ്രിയാണാം യുധി ശൗര്യവർദ്ധനം
നാരായണോഽന്തേ ഗതിരങ്ഗ ശൃണ്വതാം. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഹിരണ്യാക്ഷവധോ നാമൈകോനവിംശോഽധ്യായഃ

വിംശതിതമോഽധ്യായഃ

ശൗനക ഉവാച

മഹീം പ്രതിഷ്ഠാമധ്യസ്യ സൗതേ സ്വായംഭുവോ മനുഃ
കാന്യന്വതിഷ്ഠദ്ദ്വാരാണി മാർഗ്ഗായാവരജന്മനാം. 1
ക്ഷത്താ മഹാഭാഗവതഃ കൃഷ്ണസ്യൈകാന്തികഃ സുഹൃത്
യസ്തത്യാജാഗ്രജം കൃഷ്ണേ സാപത്യമഘവാനിതി. 2
ദ്വൈപായനാദനവരോ മഹിത്വേ തസ്യ ദേഹജഃ
സർവ്വാത്മനാ ശ്രിതഃ കൃഷ്ണം തത്പരാംശ്ചാപ്യനുവ്രതഃ. 3
കിമന്വപൃച്ഛന്മൈത്രേയം വിരജാസ്തീർത്ഥസേവയാ
ഉപഗമ്യ കുശാവർത്ത ആസീനം തത്ത്വവിത്തമം. 4
തയോഃ സംവദതോഃ സൂത പ്രവൃത്താ ഹ്യമലാഃ കഥാഃ
ആപോ ഗാങ്ഗാ ഇവാഘഘ്നീർഹരേഃ പാദാംബുജാശ്രയാഃ. 5
താ നഃ കീർത്തയ ഭദ്രം തേ കീർത്തന്യോദാരകർമ്മണഃ
രസജ്ഞഃ കോ നു തൃപ്യേത ഹരിലീലാമൃതം പിബൻ. 6
ഏവമുഗ്രശ്രവാഃ പൃഷ്ട ഋഷിഭിർനൈമിഷായനൈഃ
ഭഗവത്യർപ്പിതാധ്യാത്മസ്താനാഹ ശ്രൂയതാമിതി. 7

സൂത ഉവാച

ഹരേർധൃതക്രോഡതനോഃ സ്വമായയാ
നിശമ്യ ഗോരുദ്ധരണം രസാതലാത്
ലീലാം ഹിരണ്യാക്ഷമവജ്ഞയാ ഹതം
സംജാതഹർഷോ മുനിമാഹ ഭാരതഃ. 8

പ്രജാപതിപതിഃ സൃഷ്ട്വാ പ്രജാസർഗ്ഗേ പ്രജാപതീൻ
കിമാരഭത മേ ബ്രഹ്മൻ പ്രബ്രൂഹ്യവ്യക്തമാർഗ്ഗവിത്. 9
യേ മരീച്യാദയോ വിപ്രാ യസ്തു സ്വായംഭുവോ മനുഃ
തേ വൈ ബ്രഹ്മണ ആദേശാത് കഥമേതദഭാവയൻ. 10
സദ്വിതീയാഃ കിമസൃജൻ സ്വതന്ത്രാ ഉത കർമ്മസു
ആഹോസ്വിത് സംഹതാഃ സർവ്വ ഇദം സ്മ സമകല്പയൻ. 11

മൈത്രേയ ഉവാച

ദൈവേന ദുർവ്വിതർക്ക്യേണ പരേണാനിമിഷേണ ച
ജാതക്ഷോഭാദ് ഭഗവതോ മഹാനാസീദ്ഗുണത്രയാത്. 12
രജഃപ്രധാനാന്മഹതസ്ത്രിലിങ്ഗോ ദൈവചോദിതാത്
ജാതസ്സസർജ്ജ ഭൂതാദിർവിയദാദീനി പഞ്ചശഃ. 13
താനി ചൈകൈകശഃ സ്രഷ്ടുമസമർത്ഥാനി ഭൗതികം
സംഹത്യ ദൈവയോഗേന ഹൈമമണ്ഡമവാസൃജൻ. 14
സോഽശയിഷ്ടാബ്ധിസലിലേ ആണ്ഡകോശോ നിരാത്മകഃ
സാഗ്രം വൈ വർഷസാഹസ്രമന്വവാത്സീത്തമീശ്വരഃ. 15
തസ്യ നാഭേരഭൂത് പദ്മം സഹസ്രാർക്കോരുദീധിതി
സർവ്വജീവനികായൗകോ യത്ര സ്വയമഭൂത് സ്വരാട്. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുണ്യസംവർദ്ധകമായിപ്പവിത്രമായ്
ധന്യമായ് സൽക്കീർത്തിദായകമായ്പരം
ആയുസ്സുമാശിസ്സുകളുമേകുന്നതാ-
യാജിയിൽ പ്രാണേന്ദ്രിയശൗര്യമേററിടും
ഇച്ചരിതം ശ്രവിക്കുന്നവർക്കന്ത്യത്തി-
ലച്യുതദേവനിൽത്തന്നെ ലയിച്ചിടാം. 38

അദ്ധ്യായം 20

മഹദാദിസർഗ്ഗനിരൂപണം

ശൗനകൻ പറഞ്ഞു

സൂതാ! മതിമൻ! നിവാസോചിതമായ
ഭൂതലമേവം ലഭിച്ചതിൻശേഷവും
സ്വായംഭുവമനു മേലിൽ ജനിക്കേണ്ട-
തായിടും ജീവിജാലത്തെയശേഷവും
ജാതമാക്കീടുവാനായനുവർത്തിച്ച-
തേതുപായങ്ങളാണെന്നു ചൊല്ലീടുക? 1
ഭാഗവതോത്തമനായ് മധുവൈരിത-
ന്നൈകാന്തികസുഹൃത്തായി മഹിമയിൽ
വ്യാസസമാനനായ്ത്തദ്ബീജജാതനായ്
കേശവനെത്താൻ ശ്രയിക്കുന്നവനുമായ്
തീർത്ഥസംസേവനംകൊണ്ടു രജോഗുണ-
മത്രയും പോക്കിത്തെളിഞ്ഞവിശുദ്ധനാം
ക്ഷത്താവു ഗംഗാതരംഗിണിദ്വാരത്തി-
ലാസ്ഥിതനായ്ത്തത്ത്വവിത്തമനായിടും
മൈത്രേയമാമുനിയോടു ചോദിച്ചതു-
മുത്തരമമ്മഹാൻ ചൊന്നതുമായ്ത്തന്നെ
പ്രസ്തുതകാര്യവും കേൾപ്പിക്കണമത്ര-
ശുദ്ധമാകാ മററുരീതിയിലോതിയാൽ.
ക്ഷത്താവിനെപ്പോൽപ്പരിശുദ്ധനായൊരു
ദൈത്യാരിഭക്തനില്ലെന്നതു നിർണ്ണയം.
ആദരിച്ചില്ല ഭഗവദ്വചസ്സെന്ന
ഹേതുവാൽ ജ്യേഷ്ഠധൃതരാഷ്ട്രഭൂപനെ
മക്കളോടൊത്തുപേക്ഷിച്ചു നാടുംവിട്ടു
പൊയ്ക്കളഞ്ഞല്ലോ വിദുരൻ മഹാശയൻ
സംപൂജ്യരാമിവർതമ്മിലുണ്ടായുള്ള
സംഭാഷണങ്ങളിൽ ഗംഗാംബുപോലവേ
നിഷ്കലമാകും ഹരിചരിതാമൃതം
ചെമ്മേ പ്രവഹിച്ചുകാണു,മാസ്വാദ്യമാം
അമ്മാതിരിക്കഥ കേൾപ്പതിലെന്നിയേ-
യുന്മുഖമാകയില്ലസ്മാദൃശമനം.
അക്കൃഷ്ണലീലാമൃതത്തിലലംമതി-
യാകും ഭവിക്കാ, ഭവാനു സന്മംഗലം. 2–6
ഇപ്രകാരം നൈമിശാരണ്യവാസികൾ
വിപ്രമുനികൾതൻ വാക്കുകൾ കേൾക്കയാൽ
പൗരാണികനെന്നു പേരെഴും സൂതനാ-
നാരായണനനിൽ മനംവച്ചു ചൊല്ലിനാൻ. 7

സൂതൻ പറഞ്ഞു

ദൈത്യാരി, മായാവരാഹരൂപം ധരി-
ച്ചെത്തി രസാതലംതന്നിൽനിന്നശ്രമം
പൃഥ്വിയെയുദ്ധരിച്ചെന്നും ഹിരണ്യാക്ഷ-
ദൈത്യനെക്കൊന്നെന്നുമുള്ളതാം ലീലകൾ
കേട്ടതിതുഷ്ടനായ് മൈത്രേയമാമുനി-
ശ്രേഷ്ഠനോടായതുൾചെയ്തിതു കൗരവൻ: 8
''ഇപ്രപഞ്ചം രചിച്ചീടാൻ പ്രജേശരെ-
യുദ്ഭവിപ്പിച്ചതിൽപ്പിന്നെപ്പിതാമഹൻ
അവ്യക്തമാർഗ്ഗവിത്തായ് ഹരിപൂജനം
നിർവ്വഹിച്ചുള്ളതുമേതുവിധത്തിലാം? 9
ചൊൽക്കൊള്ളുമമ്മരീച്യാദ്യരാം വിപ്രരും
വിഖ്യാതനായിടും സ്വായംഭുവാഖ്യനും
നാലാനനാജ്ഞാനുസാരമീലോകമ-
ക്കാലമങ്ങുദ്ഭവിപ്പിച്ചതുമെങ്ങനെ? 10
ഭാര്യമാരേ വരിച്ചിട്ടോ? പ്രജാപതി-
മാരവർസങ്കല്പശക്തിനിമിത്തമോ?
തീർത്തു ജഗ,ത്തൊത്തുകൂടിയാലോചിച്ചോ?
പേർത്തും സ്വതന്ത്രപ്രവർത്തനംമൂലമോ? ' 11

മൈത്രേയൻ പറഞ്ഞു

ജീവൻെറ ദുർവിതർക്ക്യാദൃഷ്ടഹേതുവാൽ
കേവലകാലസ്വരൂപനാമീശനാൽ
ക്ഷോഭിതമാകും ത്രിഗുണത്തിൽനിന്നുതാൻ
ഹേ ഭാരതാ! മഹത്തത്ത്വമുണ്ടായിതു. 12
കാലസ്വരൂപൻ ഭഗവാൻെറ ചോദന-
മൂലം രജോഗുണമേറിയിരുന്നതാം
അമ്മഹത്തത്ത്വത്തിൽനിന്നും ഗുണത്രയ-
സമ്മിളിതമഹംതത്ത്വവും ജാതമായ്
പിന്നതിൽനിന്നുമാകാശാദിയാം ഭൂത-
വൃന്ദവും ശബ്ദാദിയാം വിഷയങ്ങളും
ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളു-
മൂനമെന്യേയഞ്ചുവീതം ഭവിച്ചിതു. 13
ഭൂതങ്ങളഞ്ചിലോരോന്നിനും താൻ സ്വയം
ഭൗതികസൃഷ്ടിക്കു ശക്തിയില്ലായ്കയാൽ
ദൈവയോഗത്തിനാൽ യോജിച്ചവ തീർത്തു
സൗവർണ്ണസുപ്രഭമണ്ഡമൊന്നക്ഷണം. 14
ആയിരത്തിൽപ്പരം വർഷം കിടന്നിത-
ങ്ങായതചേതനമായ് പ്രളയാംബുവിൽ
പിന്നെയപ്പൊന്മയാണ്ഡത്തിൽക്കടന്നീശ-
നെന്നതിനാൽ വന്നു നാരായണാഖ്യയും. 15
നാരായണനുടെ നാഭിയിൽനിന്നുടൻ
സൂര്യസഹസ്രസമാനദ്യുതിയൊടും
ജീവസമൂഹനികേതമാം താമര-
പ്പൂവൊന്നുളവായതിൽ ജനിച്ചാനജൻ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽനുവിഷ്ടോ ഭഗവതാ യശ്ശേതേ സലിലാശയേ
ലോകസംസ്ഥാം യഥാപൂർവ്വം നിർമ്മമേ സംസ്ഥയാ സ്വയാ. 17

സസർജ്ജ ഛായയാഽവിദ്യാം പഞ്ചപർവ്വാണമഗ്രതഃ
താമിസ്രമന്ധതാമിസ്രം തമോ മോഹോ മഹാതമഃ. 18

വിസസർജ്ജാത്മനഃ കായം നാഽഭിനന്ദംസ്തമോമയം
ജഗൃഹുര്യക്ഷരക്ഷാംസി രാത്രിം ക്ഷുത്തൃട്സമുദ്ഭവാം. 19

ക്ഷുത്തൃഡ്ഭ്യാമുപസൃഷ്ടാസ്തേ തം ജഗ്ധുമഭിദ്രുവുഃ
മാ രക്ഷതൈനം ജക്ഷധ്വമിത്യൂചുഃ ക്ഷുത്തൃഡർദ്ദിതാഃ. 20

ദേവസ്താനാഹ സംവിഗ്നോ, ''മാ മാം ജക്ഷത രക്ഷത
അഹോ മേ യക്ഷരക്ഷാംസി പ്രജാ യൂയം ബഭൂവിഥ.'' 21

ദേവതാ പ്രഭയാ യാ യാ ദീവ്യൻ പ്രമുഖതോഽസൃജത്
തേ അഹാർഷുർദ്ദേവയന്തോ വിസൃഷ്ടാം താം പ്രഭാമഹഃ. 22

ദേവോഽദേവാഞ്ജഘനതഃ സൃജതി സ്മാതിലോലുപാൻ
ത ഏനം ലോലുപതയാ മൈഥുനായാഭിപേദിരേ. 23

തതോ ഹസൻ സ ഭഗവാനസുരൈർന്നിരപത്രപൈഃ
അന്വീയമാനസ്തരസാ ക്രുദ്ധോ ഭീതഃ പരാപതത്. 24

സ ഉപവ്രജ്യ വരദം പ്രപന്നാർത്തിഹരം ഹരിം
അനുഗ്രഹായ ഭക്താനാമനുരൂപാത്മദർശനം. 25

പാഹി മാം പരമാത്മംസ്തേ പ്രേഷണേനാസൃജം പ്രജാഃ
താ ഇമാ യഭിതും പാപാ ഉപാക്രാമന്തി മാം പ്രഭോ! 26

ത്വമേകഃ കില ലോകാനാം ക്ലിഷ്ടാനാം ക്ലേശനാശനഃ
ത്വമേകഃ ക്ലേശദസ്തേഷാമനാസന്നപദാം തവ. 27

സോഽവധാര്യാസ്യ കാർപ്പണ്യം വിവിക്താദ്ധ്യാത്മദർശനഃ
വിമുഞ്ചാത്മതനും ഘോരാമിത്യുക്തോ വിമുമോച ഹ. 28

താം ക്വണച്ചരണാംഭോജാം മദവിഹ്വലലോചനാം
കാഞ്ചീകലാപവിലസദ്ദുകൂലച്ഛന്നരോധസം 29

അന്യോന്യശ്ലേഷയോത്തുംഗനിരന്തരപയോധരാം
സുനാസാം സുദ്വിജാം സ്നിഗ്ദ്ധഹാസലീലാവലോകനാം 30

ഗൂഹന്തീം വ്രീഡയാഽഽത്മാനം നീലാളകവരൂഥിനീം
ഉപലഭ്യാസുരാ ധർമ്മ! സർവ്വേ സമ്മുമുഹുഃ സ്ത്രിയം. 31

''അഹോ രൂപമഹോ ധൈര്യമഹോ അസ്യാ നവം വയഃ
മദ്ധ്യേ കാമയമാനാനാമകാമേവ വിസർപ്പതി.'' 32

വിതർക്കയന്തോ ബഹുധാ താം സന്ധ്യാം പ്രമദാകൃതിം
അഭിസംഭാവ്യ വിശ്രംഭാത് പര്യപൃച്ഛൻ കുമേധസഃ. 33

''കാസി കസ്യാസി, രംഭോരു, കോ വാർത്ഥസ്തേഽത്ര ഭാമിനി
രൂപദ്രവിണപണ്യേന ദുർഭഗാന്നോ വിബാധസേ. 34

യാ വാ കാചിത്ത്വമബലേ ദിഷ്ട്യാ സന്ദർശനം തവ
ഉത്സുനോഷീക്ഷമാണാനാം കന്ദുകക്രീഡയാ മനഃ 35

നൈകത്ര തേ ജയതി ശാലിനി പാദപദ്മം
ഘ്നന്ത്യാ മുഹുഃ കരതലേന പതത്പതങ്ഗം
മദ്ധ്യം വിഷീദതി ബൃഹത്സ്തനഭാരഭീതം
ശാന്തേവ ദൃഷ്ടിരമലാ സുശിഖാസമൂഹഃ'' 36

ഇതി സായന്തനീം സന്ധ്യാമസുരാഃ പ്രമദായതീം
പ്രലോഭയന്തീം ജഗൃഹുർമ്മത്വാ മൂഢധിയഃ സ്ത്രിയം. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെജ്ജലശായിദേവൻ, പിതാമഹൻ-
തന്നുടെയുള്ളിൽക്കടന്നു വസിച്ചിതു.
ഓർമ്മിച്ചജൻ പൂർവ്വകല്പസൃഷ്ടിക്രമ-
മമ്മട്ടു സൃഷ്ടിച്ചു ലോകമശേഷവും. 17
താമിസ്രമന്ധതാമിസ്രം തമസ്സതു-
മാമട്ടു മോഹം മഹാമോഹമിങ്ങനെ,
സന്ധിയഞ്ചാളുമവിദ്യയെയാദ്യമായ്
തൻ തനുച്ഛായയാൽ നിർമ്മിച്ചു നാന്മുഖൻ. 18
അന്ധകാരസ്വരൂപത്തെയാർന്നുള്ളതാം
സ്വന്തവപുസ്സിലവജ്ഞതോന്നീട്ടജൻ
തള്ളവേ ക്ഷുത്പിപാസാദിയുദിപ്പതാ-
യല്ലിൻസ്വരൂപമായിത്തമോരൂപമാം
ആ ശരീരത്തിനെ യക്ഷരക്ഷസ്സുക-
ളാശാനുസാരമുടൻ സ്വീകരിച്ചിതു. 19
ക്ഷുത്തും തൃഷയും വളർന്നവർ പാഞ്ഞടു-
ത്തെത്തിയജനെയശിപ്പതിനായ് ദ്രുതം
''രക്ഷിച്ചിടേണ്ട, ഭക്ഷിപ്പിനിവനെ''യെ-
ന്നക്ഷമരായി മുറവിളികൂട്ടിനാർ. 20
''ഭക്ഷിക്കരുതെന്നെ നിങ്ങളിപ്പോഴും യക്ഷ-
രക്ഷസ്സുകളേ! യിവൻ പിതാവല്ലയോ
രക്ഷിക്കി''യെന്നു പേടിച്ചു വിറച്ചുകൊ-
ണ്ടക്ഷണം ബ്രഹ്മാവവരോടിരന്നിതേ. 21
പിന്നീടു സത്ത്വഗുണാഢ്യനായ് ദേവതാ-
വൃന്ദത്തെ മുഖ്യമായ് സൃഷ്ടിച്ചു നാന്മുഖൻ
സ്രഷ്ടാവു തള്ളിയ തേജോമയം തനു
തുഷ്ട്യാ പകലായ് ഗ്രഹിച്ചു കളിച്ചവർ. 22
സ്ത്രീവിഷയാസക്തരാകുമസുരരെ
ദേവൻ ജഘനത്തിൽനിന്നു രചിച്ചിതു.
ജൃംഭിതകാമരായ് മുൻപേയജന്റെനേ-
ർക്കമ്പോടു സംഭോഗമാളാനടുത്തിതു. 23
വാണീവരനതു കണ്ടു ചിരിച്ചുപോയ്
നാണം വെടിഞ്ഞു ബലാൽക്കാരമായവർ
പിന്നാലെ വീണ്ടും വരുന്നതിൽ കോപിച്ചു,
പിന്നെബ്ഭയപ്പെട്ടു മണ്ടിത്തുടങ്ങിനാൻ. 24
ഓടിയണച്ചജൻ ചെന്നഭയാർത്ഥികൾ-
ക്കാടലശേഷമകറ്റുവാൻ സക്തനായ്
ധ്യാനിച്ചിടുന്നവടിവിൽ വെളിപ്പെടും
ശ്രീനിവാസൻ ഭഗവാനൊടർത്ഥിച്ചിതു: 25
''പാലിക്കണം പരമാത്മൻ! ഭവദാജ്ഞ-
മൂലമീലോകം ചമച്ചിതു ഞാൻ പ്രഭോ!
പാപികളാമിവർ മൈഥുനത്തിന്നു മാം
പ്രാപിക്കുവാനായ് വരുന്നു രക്ഷിക്കുക. 26
നമ്പുവോർ തുമ്പംതുലച്ചു രക്ഷിച്ചിടും
തമ്പുരാൻ നിന്തിരുമേനിയേകൻ ദൃഢം
നിൻപദം കുമ്പിടാത്തോർക്കഴലേറ്റിയി-
ട്ടമ്പരപ്പിപ്പതുമങ്ങുതാനല്ലയോ? 27

പാരം പരഹൃദയജ്ഞനാമപ്പര-
പൂരുഷൻ ധാതൃദീനാവസ്ഥ പാർത്തു ...
തള്ളുക രാജസമുഖ്യമിമ്മെയ്യെന്നു
ചൊല്ലിയതുകേട്ടജൻ ത്യജിച്ചാനുടൽ. 28
പാദാബ്ജശോഭിയാം പാദസരങ്ങളാം തൻ-
നാദംകലർന്നു മദാലസനേത്രയായ്
കാഞ്ചീകലാപാഞ്ചിതയായ് മൃദുവസ-
നാഞ്ചലാച്ഛന്നഘനജഘനാഢ്യയായ് 29
ഉന്നതമായൊത്തുയർന്ന തിങ്ങും കുച-
ബന്ധമിയന്നു സുനാസാലസിതയായ്
ചേലൊത്ത പല്ലുകൾ പുഞ്ചിരിപ്പാലൊളി
ലീലാവലോകനമെന്നിവ യോജിച്ചു, 30
നീലാളകനിരയോടും ലസിപ്പോരു
ലോലാങ്ഗിയെയങ്ങു കാണുകയാലക്ഷണം
സമ്മോഹമാർന്നാരസുരരശേഷവും
ധർമ്മദേവൻ ജന്മമാർന്ന മഹാമതേ! 31
''അദ്ഭുതമാണിവൾക്കുള്ള സൗന്ദര്യമ-
ത്യദ്ഭുതംതന്നെയിവളുടെ ധൈര്യവും
പ്രായവും കൊള്ളാമിവളിൽ ഭ്രമിച്ചെഴു-
മീയുള്ളവരിലകാമയെന്നുള്ളപോൽ
നമ്മൾക്കിടയിലങ്ങോട്ടുമിങ്ങോട്ടുമി-
പ്പെണ്മണി ലാത്തുന്നു കൂസാതെ ലോലവും.'' 32
സ്ത്രീരൂപമാളുമസ്സന്ധ്യ വശത്തിലായ്-
ത്തീരുമവളെന്നു വിശ്വാസമോടവർ
അക്കൂട്ടബുദ്ധികൾ തമ്മിലാലോചിച്ചു
സൽക്കാരപൂർവ്വം കുശലങ്ങളോതിനാർ. 33
''രംഭോരു! നീയേതുജാതിയിൽപ്പെട്ടവൾ?
നിൻ പിതാവാരിഹ വന്നതുമെന്തിനായ്?
ഉത്തമേ! നീയീ വിലപെറും സൗന്ദര്യ-
വസ്തു ദരിദ്രരായീടുമീ ഞങ്ങളെ-
ക്കാണിച്ചു കാമംവളർത്തി വലയ്ക്കുന്നി-
തേണാക്ഷിമാർകുലമൗലിമുക്താമണേ! 34
ആരാകിലും നിന്റെ സന്ദർശനം ഭാഗ്യ-
പൂരത്തിനാലിവർക്കിന്നൊത്തു സുന്ദരീ!
ഞങ്ങളുടേ മനം നീ കളിപ്പന്തുപോ-
ലങ്ങോട്ടുമിങ്ങോട്ടുമിട്ടു തട്ടുന്നിതേ. 35
പൊങ്ങിവീഴും പന്തു വീണ്ടുമടിക്കുവാ-
നങ്ങിളകീടുന്ന നിൻ പാദപങ്കജം
നാനാമനോജ്ഞഗതിവിലാസങ്ങളെ-
ക്കാണിപ്പതിൽപ്പരമുത്കൃഷ്ടമോമനേ!
പീനസ്തനഭരം താങ്ങാൻ കഴിയാതെ
ദീനസ്ഥിതിയിലായ് നിന്റെ മദ്ധ്യസ്ഥലം
നിർമ്മലം നിന്മിഴി ശാന്ത്യാസ്പദവുമായ്-
ക്കാൺമൂ, തവ കേശഭംഗിയും നിസ്തുലം.'' 36
ഇങ്ങനെ കാമവികാരമേറീടവേ-
രങ്ഗനാരത്നമായ് സായന്തനസന്ധ്യ-
മിന്നവേ മൂഢരസുരർ വെറുമൊരു
തന്വങ്ഗിയെന്നോർത്തവളെപ്പിടിച്ചിതേ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഹസ്യ ഭാവഗംഭീരം ജിഘ്രന്ത്യാത്മാനമാത്മനാ
കാന്ത്യാ സസർജ്ജ ഭഗവാൻ ഗന്ധർവ്വാപ്സരസാം ഗണാൻ. 38
വിസസർജ്ജ തനും താം വൈ ജ്യോത്സ്നാം കാന്തിമതീം പ്രിയാം
ത ഏവ ചാദദുഃ പ്രീത്യാ വിശ്വാവസുപുരോഗമാഃ. 39
സൃഷ്ട്വാ ഭൂതപിശാചാംശ്ച ഭഗവാനാത്മതന്ദ്രിണാ
ദിഗ്വാസസോ മുക്തകേശാൻ വീക്ഷ്യ ചാമീലയദ്ദൃശൗ. 40
ജഗൃഹുസ്തദ്വിസൃഷ്ടാം താം ജൃംഭണാഖ്യാം തനും പ്രഭോഃ
നിദ്രാമിന്ദ്രിയവിക്ലേദോ യയാ ഭൂതേഷു ദൃശ്യതേ. 41
യേനോച്ഛിഷ്ടാൻ ധർഷയന്തി തമുന്മാദം പ്രചക്ഷതേ. 42
ഊർജ്ജസ്വന്തം മന്യമാന ആത്മാനം ഭഗവാനജഃ
സാദ്ധ്യാൻ ഗണാൻ പിതൃഗണാൻ പരോക്ഷേണാസൃജത് പ്രഭുഃ 43
ത ആത്മസർഗ്ഗം തം കായം പിതരഃ പ്രതിപേദിരേ
സാദ്ധ്യേഭ്യശ്ച പിതൃഭ്യശ്ച കവയോ യദ്വിതന്വതേ. 44
സിദ്ധാൻ വിദ്യാധരാംശ്ചൈവ തിരോധാനേന സോഽസൃജത്
തേഭ്യോഽദദാത്തമാത്മാനമന്തർദ്ധാനാഖ്യമദ്ഭുതം. 45
സ കിന്നരാൻ കിംപുരുഷാൻ പ്രത്യാത്മ്യേനാസൃജത് പ്രഭുഃ
മാനയന്നാത്മനാഽഽത്മാനമാത്മാഭാസം വിലോകയൻ. 46
തേ തു തജ്ജഗൃഹു രൂപം ത്യക്തം യത് പരമേഷ്ഠിനാ
മിഥുനീഭൂയ ഗായന്തസ്തമേവോഷസി കർമ്മഭിഃ. 47
ദേഹേന വൈ ഭോഗവതാ ശയാനോ ബഹുചിന്തയാ
സർഗ്ഗേഽനുപചിതേ ക്രോധാദുത്സസർജ്ജ ഹ തദ്വപുഃ. 48
യേഽഹീയന്താമുതഃ കേശാ അഹയസ്തേഽംഗ ജജ്ഞിരേ
സർപ്പാഃ പ്രസർപ്പതഃ ക്രൂരാ നാഗാ ഭോഗോരുകന്ധരാഃ. 49
സ ആത്മാനം മന്യമാനഃ കൃതകൃത്യമിവാത്മഭൂഃ
തദാ മനൂൻ സസർജ്ജാന്തേ മനസാ ലോകഭാവനാൻ. 50
തേഭ്യസ്സോഽത്യസൃജത് സ്വീയം പുരം പുരുഷമാത്മവാൻ
താൻ ദൃഷ്ട്വാ യേ പുരാ സൃഷ്ടാഃ പ്രശശംസുഃ പ്രജാപതിം. 51
''അഹോ ഏതജ്ജഗത്സ്രഷ്ടസ്സുകൃതം ബത തേ കൃതം
പ്രതിഷ്ഠിതാഃ ക്രിയാ യസ്മിൻ സാകമന്നമദാമഹേ.'' 52
തപസാ വിദ്യയാ യുക്തോ യോഗേന സുസമാധിനാ
ഋഷീനൃഷിർഹൃഷീകേശസ്സസർജ്ജാഭിമതാഃ പ്രജാഃ. 53
തേഭ്യശ്ചൈകൈകശഃ സ്വസ്യ ദേഹസ്യാംശമദാദജഃ
യത്തത് സമാധിയോഗർദ്ധിതപോവിദ്യാവിരക്തിമത്. 54

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
വിംശതിതമോഽധ്യായഃ

ഏകവിംശതിതമോഽധ്യായഃ

വിദുര ഉവാച
സ്വായംഭുവസ്യ ച മനോർവംശഃ പരമസമ്മതഃ
കഥ്യതാം ഭഗവൻ യത്ര മൈഥുനേനൈധിരേ പ്രജാഃ. 1
പ്രിയവ്രതോത്താനപാദൗ സുതൗ സ്വായംഭുവസ്യ വൈ
യഥാധർമ്മം ജുഗുപതുസ്സപ്തദ്വീപവതീം മഹീം. 2
തസ്യ വൈ ദുഹിതാ ബ്രഹ്മൻ ദേവഹൂതീതി വിശ്രുതാ
പത്നീ പ്രജാപതേരുക്താ കർദ്ദമസ്യ ത്വയാനഘ. 3
തസ്യാം സ വൈ മഹായോഗീ യുക്തായാം യോഗലക്ഷണൈഃ
സസർജ്ജ കതിധാ വീര്യം തന്മേ ശുശ്രൂഷവേ വദ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാവഗംഭീരയായ് പൊട്ടിച്ചിരിച്ചവാം
പൂവൽമെയ് താനേ മണത്തു മറഞ്ഞിതു
പിന്നെപ്പിതാമഹനപ്പരോഗന്ധർവ്വ-
വൃന്ദത്തിനെക്കാന്തികൊണ്ടു സൃഷ്ടിച്ചിതു. 38
കാന്തിസ്വരൂപമാമാ പ്രിയദേഹവും
സന്ത്യജിച്ചാനുടൻതന്നെ ചതുർമ്മുഖൻ.
ആ ശോഭ ചന്ദ്രികയായ്ത്തീർന്നതിനെയാ-
വിശ്വാവസുമുഖർ ഗന്ധർവ്വരാന്നിതേ. 39
ധാതാവു പിന്നീടലസഭാവംകൊണ്ടു
ഭൂതപിശാചുക്കളെ രചിച്ചീടിനാൻ.
അക്കൂട്ടർ നഗ്നരായ് കേശമഴിച്ചിട്ടു
നില്ക്കുന്നതായ്ക്കണ്ടു കണ്ണടച്ചാനവൻ. 40
ആലസ്യരൂപമാമത്തനുവും തള്ളി
നാലാസ്യ,നായതാന്നാർ പിശാചാദികൾ.
നിദ്രയായിട്ടതു തീർന്നു ജന്തുക്കളി-
ലിന്ദ്രിയസാദമതാണു കാണുന്നതും. 41
ഏതു ദോഷത്താൽ വയറിളക്കം ഛർദ്ദി-
യാദിയാൽ ജീവികൾ പീഡിതരാകവേ
ഭൂതപിശാചുക്കൾ ബാധിച്ചിടുന്നുവോ
ആ ദോഷമുന്മാദമെന്നായ് പ്രകീർത്തിതം. 42
ഐശ്വര്യസമ്പൂർണ്ണനായ് പ്രഭുവാമജൻ
ദൃശ്യമല്ലാത്ത രൂപത്തൊടാത്മാവിനെ
അത്യന്തശക്തനായ് ഭാവിച്ചു നിർമ്മിച്ചു
സാദ്ധ്യസംഘത്തെപ്പിതൃസമൂഹത്തെയും. 43
ആത്മജന്മത്തിനു കാരണമായിടു-
മാത്മഭൂവിൻ ഭാവരൂപമാമത്തനു
അങ്ഗീകരിച്ചു പിതൃക്കളും സാദ്ധ്യരു-
മിങ്ങവർക്കായനുഷ്ഠിപ്പു നാം ശ്രാദ്ധാദി. 44
സിദ്ധവിദ്യാധരന്മാരെയനന്തര-
മത്തിരോധാനത്തിനാലുളവാക്കിനാൻ.
കാണാവതല്ലാത്തൊരത്ഭുതമാം തിരോ-
ധാനാഖ്യദേഹമവർക്കേകിനാനജൻ. 45
പിന്നെയജൻ സ്വകീയച്ഛായ വീക്ഷിച്ചു
നന്നായിരിക്കുന്നതായഭിമാനിച്ചു
തന്നുടെയാ പ്രതിബിംബരൂപത്തിനാൽ
കിന്നരകിംപുരുഷരെ രചിച്ചിതു. 45
ബ്രഹ്മാവുപേക്ഷിച്ചൊരാശരീരം പരം
സമ്മോദമോടവരംഗീകരിച്ചിതു
കാന്തായുതരായജകരകൗശലം
ചന്തമായിട്ടവർ പാടുന്നുഷസ്സതിൽ. 47
സൃഷ്ടികർമ്മം പുഷ്ടമാകാത്തകാരണം
സ്രഷ്ടാവു ചിന്താകുലനായ് ശയിക്കവേ
പെട്ടെന്നു കോപമദ്ദേവനുദിക്കയാൽ
വിട്ടുകളഞ്ഞീടിനാനശ്ശരീരവും. 48
ചിന്തിച്ചജൻ കിടന്നീടിനവേളയിൽ
ബന്ധമഴിഞ്ഞ കേശത്തിൽനിന്നുണ്ടായി
പാമ്പുകളും ദ്രുതഗാമിസർപ്പങ്ങളും
വൻപത്തി ശീർഷ്ങ്ങൾചേർന്ന നാഗങ്ങളും. 49
ആത്മഭൂ താനേ കൃതകൃത്യനായ താ-
യാത്മാവിനെക്കുറിച്ചെപ്പോൾ മതിച്ചുവോ
അപ്പോൾ മനംകൊണ്ടു ലോകസംരക്ഷയ്ക്കു
കെല്പിയലുന്ന മനുക്കളെത്തീർത്തിതു. 50
ജീവജാലത്തിൻ സമഷ്ടിസ്വരൂപനാ-
മാവിധി തന്റെ പുരുഷരൂപത്തിനെ
ഏകിയവ,ർക്കതു കണ്ടു സുരാദികൾ
ലോകേശനെപ്പുകഴ്ത്തീടിനാരേററവും: 51
''ലോകസ്രഷ്ടാവേ! ഭഗവൻ ഭവാനുടെ-
യീ കർമ്മമെത്ര സുശോഭനമോതുകിൽ
അങ്ങിതുമൂലം ക്രിയകളുറപ്പിച്ചു,
ഞങ്ങളുമന്നമിവരൊത്തു രിച്ചിടാം.'' 52
ജ്ഞാനാത്മകമാം തപസ്സൊടും ശ്രീരമാ-
ജാനിസേവായോഗ്യവിദ്യയോടും തഥാ
ധ്യാനസമാധിയോഗത്തൊടുംകൂടിയ
വാണീവരനാമൃഷീന്ദ്രൻ പരമേഷ്ഠി
തന്നോടുതുല്യരായ് സമ്മതന്മാരുമായ്
മിന്നുമൃഷികളെപ്പിന്നെ സ്രജിച്ചിതു. 53
യോഗം, സമാധി, വിവേകവിരക്തികൾ,
ശ്രീകൃഷ്ണസേവയിവററിൻ സമൂഹമാം
സ്വന്തദേഹത്തെപ്പകുത്തൃഷികൾക്കുടൻ
സന്തോഷപൂർവ്വം കൊടുത്തിതു നാന്മുഖൻ. 54

അദ്ധ്യായം 21

കർദ്ദമചരിതം

വിദുരൻ പറഞ്ഞു

ബ്രഹ്മജ്ഞമാമുനേ! ബ്രഹ്മാത്മജനാകു-
മമ്മനുവിൻ പരമോത്കൃഷ്ടമാം കുലം
സ്ത്രീപുംസമാഗമത്താൽത്താനഭിവൃദ്ധി-
പ്രാപിച്ചുവെന്നു കഥിച്ചുവല്ലോ ഭവാൻ.
അമ്മനുവംശചരിതം മഹത്തരം
നമ്മട്ടിലെന്നോടരുളണം വിസ്തരം. 1
സ്വായംഭുവനാം മനുവിനു നന്ദന-
രായിപ്പുകഴും പ്രിയവ്രതാഭിഖ്യനും
ഉത്താനപാദനും ദ്വീപേഴടങ്ങിയ
വിസ്തൃതഭൂവിനെധർമ്മാനുസാരമായ്
കാത്തതുമെങ്ങനെയെന്നു ലോകോപകാ-
രാർത്ഥമെന്നോടരുൾചെയ്തീടണം ഭവാൻ. 2
കീർത്തിമതി ദേവഹൂതിമനുവാത്മജ
കർദ്ദമപത്നിയാണെന്നുമോതീലയോ? 3
യോഗീന്ദ്രനായിടുമക്കർദ്ദമൻ പിന്നെ
യോഗിനിയാം ദേവഹൂതിമഹിഷിയിൽ
എത്ര സുതരെജ്ജനിപ്പിച്ചുവെന്നുള്ള
വാർത്തയറിയാനുമാശിച്ചിടുന്നു ഞാൻ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുചിര്യോ ഭഗവാൻ, ബ്രഹ്മൻ, ദക്ഷോ വാ ബ്രഹ്മണസ്സുതഃ
യഥാ സസർജ്ജ ഭൂതാനി ലബ്ധ്വാ ഭാര്യാം ച മാനവീം. 5

മൈത്രേയ ഉവാച
പ്രജാഃ സൃജേതി ഭഗവാൻ കർദ്ദമോ ബ്രഹ്മണോദിതഃ
സരസ്വത്യാം തപസ്തേപേ സഹസ്രാണാം സമാ ദശ. 6
തതസ്സമാധിയുക്തേന ക്രിയായോഗേന കർദ്ദമഃ
സംപ്രപേദേ ഹരിം ഭക്ത്യാ പ്രപന്നവരദാശുഷം. 7
താവത് പ്രസന്നോ ഭഗവാൻ പുഷ്കരാക്ഷഃ കൃതേ യുഗേ
ദർശയാമാസ തം ക്ഷത്തശ്ശാബ്ദം ബ്രഹ്മ ദധദ്വപുഃ. 8
സ തം വിരജമർക്കാഭം സിതപദ്മോത്പലസ്രജം
സ്നിഗ്ദ്ധനീലാളകവ്രാതവക്ത്രാബ്ജം വിരജോഽംബരം. 9
കിരീടിനം കുണ്ഡലിനം ശംഖചക്രഗദാധരം
ശ്വേതോത്പലക്രീഡനകം മനസ്സ്പർശസ്മിതേക്ഷണം. 10
വിന്യസ്തചരണാംഭോജമംസദേശേ ഗരുത്മതഃ
ദൃഷ്ട്വാ ഖേഽവസ്ഥിതം വക്ഷഃശ്രിയം കൗസ്തുഭകന്ധരം. 11
ജാതഹർഷോഽപതന്മൂർദ്ധ്നാ ക്ഷിതൗ ലബ്ധമനോരഥഃ
ഗീർഭിസ്ത്വഭ്യഗൃണാത് പ്രീതിസ്വഭാവാത്മാ കൃതാഞ്ജലിഃ. 12

ജുഷ്ടം ബതാദ്യാഖിലസത്ത്വരാശേ-
സ്സാംസിദ്ധ്യമക്ഷ്ണോസ്തവ ദർശനാന്നഃ
യദ്ദർശനം ജന്മഭിരീഡ്യ സദ്ഭി-
രാശാസതേ യോഗിനോ രൂഢയോഗാഃ. 13

യേ മായയാ തേ ഹതമേധസസ്ത്വത്-
പാദാരവിന്ദം ഭവസിന്ധുപോതം
ഉപാസതേ കാമലവായ തേഷാം
രാസീശ കാമാന്നിരയേഽപി യേ സ്യുഃ. 14

തഥാ സ ചാഹം പരിവോഢുകാമഃ
സമാനശീലാം ഗൃഹമേധധേനും
ഉപേയിവാൻ മൂലമശേഷമൂലം
ദുരാശയഃ കാമദുഘാംഘ്രിപസ്യ. 15

പ്രജാപതേസ്തേ വചസാധീശ തന്ത്യാ
ലോകഃ കിലായം കാമഹതോഽനുബദ്ധഃ
അഹം ച ലോകാനുഗതോ വഹാമി
ബലിം ച ശുക്ലാനിമിഷായ തുഭ്യം. 16

ലോകാംശ്ച ലോകാനുഗതാൻ പശൂംശ്ച
ഹിത്വാ ശ്രിതാസ്തേ ചരണാതപത്രം
പരസ്പരം ത്വദ്ഗുണവാദസീധു-
പീയൂഷനിര്യാപിതദേഹധർമ്മാഃ. 17

ന തേഽജരാക്ഷഭ്രമിരായുരേഷാം
ത്രയോദശാരം ത്രിശതം ഷഷ്ടിപർവ്വ
ഷൺനേമ്യനന്തച്ഛദി യത് ത്രിണാഭി
കരാളസ്രോതോ ജഗദാച്ഛിദ്യ ധാവത്. 18

ഏകഃ സ്വയം സഞ്ജഗതസ്സിസൃക്ഷയാ
ദ്വിതീയയാഽഽത്മന്നധിയോഗമായയാ
സൃജസ്യദഃ പാസി പുനർഗ്രസിഷ്യസേ
യഥോർണ്ണനാഭിർഭഗവൻ സ്വശക്തിഭിഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാത്മജരാം രുചിയുമദ്ദക്ഷന–
മമ്മനുവിന്റെ തനയമാരിൽപ്പിന്നെ
എങ്ങനെ സന്താനവൃദ്ധിചേർത്തെന്നതും
മങ്ങാതരുളുക, മൈത്രേയമാമുനേ! 5

മൈത്രേയൻ പറഞ്ഞു

''സൃഷ്ടിക്കുക നീ പ്രജകളെ''യെന്നുള്ള
സ്രഷ്ടാവുതൻ വാക്കു കേട്ടിട്ടു കർദ്ദമൻ
ചാരു സരസ്വതീവാഹിനീതീരത്തു
നേരയയുതമാണ്ടാചരിച്ചാൻ തപം. 6
പിന്നെസ്സമാധിയുതക്രിയായോഗവു–
മന്യൂനഭക്തിയും കൈക്കൊണ്ടു കർദ്ദമൻ
ചിത്തമുറപ്പിച്ചഭീഷ്ടപ്രദനായ
ദൈത്യാരിദേവനെസ്സേവനംചെയ്തിതു. 7
ഏവം കൃതത്തിൽ പതിനായിരമാണ്ടു
ജീവലോകാർത്തിഹരനാം മുകുന്ദനെ
അർച്ചിച്ചവാറവനിൽ പ്രസാദിച്ചു തത്
സച്ചിദാനന്ദസ്വരൂപവും കാട്ടിനാൻ. 8
ബാലാരുണാഭനായ് നിർമ്മലഗാത്രനായ്
നീലസിതാംബുരുഹദലമാലിയായ്
ലോലനീലാളകജാലവദനാബ്ജ–
ലാലസനായ് ശുദ്ധവസ്ത്രപരീതനായ്
ചാരുകിരീടവും കുണ്ഡലദ്വന്ദ്വവും
നേരേയണിഞ്ഞു വിളങ്ങുന്നവനായി
ശംഖം, ഗദ, ചക്രമെന്നിവയാർന്നു വെൺ–
പങ്കജകേളീകുസുമസമേതനായ്
ചിത്തസ്പൃശന്മന്ദഹാസേക്ഷണനായി
പത്രീശ്വരഗളനിക്ഷിപ്തപാദനായ്
കൗസ്തുഭകണ്ഠനായിന്ദിരാദേവിയെ
വിസ്തൃതവക്ഷസ്സിലാർന്നു ഗഗനത്തിൽ
മിന്നുന്ന വിഷ്ണുഭഗവാനെ വീക്ഷിച്ചു
വന്നിതഭീഷ്ടമെന്നോർത്തതിഹൃഷ്ടനായ്
പ്രേമസ്വഭാവാന്തരംഗനാം കർദ്ദമൻ
ഭൂമിയിൽവീണു കൈകൂപ്പി സ്തുതിച്ചിതേ: 9–12
''സ്തുത്യർഹനാകും ഭഗവൻ! മുരാന്തകാ!
സത്ത്വാകൃതിയാം ഭവാനെ വീക്ഷിക്കയാൽ
എൻനയനങ്ങളും സഫലീകൃതങ്ങളായ്
പുണ്യജന്മങ്ങളനേകമായോഗികൾ
രൂഢയോഗത്തിനാൽ സംസ്കാരസമ്പത്തു
നേടിയുമാശിപ്പതേ ഭവദ്ദർശനം. 13
ക്ഷിപ്രം ഭവസാഗരത്തെക്കടത്തുന്ന
കപ്പലായീടും ഭവത്പാദപങ്കജം
അല്പമായീടും വിഷയസുഖം പരി–
കല്പിച്ചുമാത്രമുപാസനചെയ്യുവോർ
നിന്മായയാൽ ഹതബുദ്ധികളാം, ദുഃഖ–
മമ്മൂഢർ ഘോരനരകജന്മത്തിലും
കാമാർത്ഥമങ്ങേബ്ഭജിക്കുന്നു നിത്യവും
കാമമതുതാനവർക്കങ്ങുമേകുന്നു. 14
ഞാനും സകാമഭക്താനന്വയത്തെപ്പോലെ
ഹീനചിത്തൻതന്നെ, തുല്യഗുണാഢ്യയായ്
ചാരുഗൃഹസ്ഥാശ്രമകാമധേനുവാം
നാരിയെ വേൾക്കുവാനാഗ്രഹിക്കുന്നിതേ.
ആകയാൽ കാമമരുളും ഭവാനായ
നാകതരുമൂലമാശ്രയിക്കുന്നു ഞാൻ. 15
തൽക്കിങ്കരനാം പിതാമഹൻതന്നുടെ
വാക്കിതന്തിതന്നിലനുബദ്ധമല്ലയോ
കാമാഹതമാകുമീയുലകാകവേ?
സ്വാമിൻ! ജഗദ്ധർമ്മകാര്യാനുസാരിയായ്
ഞാനുമിപ്പോഴക്കാലരൂപനാം നിന്തിരു–
മേനിക്കു പൂജ സമർപ്പിച്ചിടുന്നിതാ. 16
ലോകങ്ങളേയുമവയുടെ പിന്നാലെ
പോകുന്ന മൂഢജനത്തെയും കൈവിട്ടു
ത്വച്ചരണച്ഛത്രമാലംബനമെന്നു
നിശ്ചയിച്ചായതിൻകീഴമർന്നീടുവോർ
ഭക്തവാത്സല്യാദിയാകും ഭവദീയ–
സദ്ഗുണൗഘം പുകഴ്ത്തിത്തമ്മിലോതുന്ന
വാക്കാം സുധയാൽ വിശപ്പുമദ്ദാഹവും
പോക്കിസ്സദാ സുഖമായ് വസിക്കുന്നിതേ. 17
നാശമററുള്ള ഭവാനാമധിഷ്ഠാന–
മാശ്രയിച്ചെപ്പൊഴും ചുററിത്തിരിവതായ്
മുന്നൂറററുപതു വട്ടകളും പതി–
മ്മൂന്നാരവുമാറു നേമിയുമുള്ളതായ്
എണ്ണമററുള്ള ദലങ്ങളും ത്രിനാഭിയു–
മാർന്നു ലോകത്തെയാകർഷിച്ചതിദ്രുതം
പായുമച്ചക്രമിബ്ഭക്തജനങ്ങൾത–
ന്നായുസ്സിലംശം ഹരിച്ചിടാ നിർണ്ണയം. 18
സ്പഷ്ടം ഭഗവൻ! ഭവാനേകനെങ്കിലും
സൃഷ്ട്യാശയാൽ തന്നിൽനിന്നും സ്വമായയാൽ
വിഷ്ടപം സൃഷ്ടിച്ചു കാത്തഴിച്ചീടുന്നി–
തെട്ടുകാലിപ്രാണിമട്ടിൽ സ്വശക്തിയാൽ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൈതദ്ബതാധീശ! പദം തവേപ്സിതം
യന്മായയാ നസ്തനുഷേ ഭൂതസൂക്ഷ്മം
അനുഗ്രഹായാസ്ത്വപി യര്‍ഹി മായയാ
ലസത്തുളസ്യാ തനുവാ വിലക്ഷിതഃ. 20

തം ത്വാനുഭൂത്യോപരതക്രിയാര്‍ത്ഥം
സ്വമായയാ വര്‍ത്തിതലോകതന്ത്രം
നമാമ്യഭീക്ഷ്ണം നമനീയപാദ-
സരോജമല്പീയസി കാമവര്‍ഷം. 21

മൈത്രേയ ഉവാച

ഇത്യവ്യളീകം പ്രണുതോഽബ്ജനാഭ-
സ്തമാബഭാഷേ വചസാമൃതേന
സുപര്‍ണ്ണപക്ഷോപരി രോചമാനഃ
പ്രേമസ്മിതോദ്വീക്ഷണവിഭ്രമദ്ഭ്രൂഃ. 22

"വിദിത്വാ തവ ചൈത്യം മേ പുരൈവ സമയോജി തത്
യദര്‍ത്ഥമാത്മനിയമൈസ്ത്വയൈവാഹം സമര്‍ച്ചിതഃ 23

ന വൈ ജാതു മൃഷൈവ സ്യാത് പ്രജാധ്യക്ഷ! മദര്‍ഹണം
ഭവദ്വിധേഷ്വതിതരാം മയി സംഗൃഭിതാത്മനാം. 24

പ്രജാപതിസുതസ്സമ്രാണ്മനുര്‍വിഖ്യാതമങ്ഗളഃ
ബ്രഹ്മാവര്‍ത്തം യോഽധിവസന്‍ ശാസ്തി സപ്താര്‍ണ്ണവാം മഹീം. 25

സ ചേഹ വിപ്ര രാജര്‍ഷിര്‍മ്മഹിഷ്യാ ശതരൂപയാ
ആയാസ്യതി ദിദൃക്ഷുസ്ത്വാം പരശ്വോ ധര്‍മ്മകോവിദഃ. 26

ആത്മജാമസിതാപാങ്ഗീം വയശ്ശീലഗുണാന്വിതാം
മൃഗയന്തീം പതിം ദാസ്യത്യനുരൂപായ തേ പ്രഭോ! 27

സമാഹിതം തേ ഹൃദയം യത്രേമാന്‍ പരിവത്സരാന്‍
സാ ത്വാം, ബ്രഹ്മന്‍, നൃപവധൂഃ കാമമാശു ഭജിഷ്യതി. 28

യാ ത ആത്മഭൃതം വീര്യം നവധാ പ്രസവിഷ്യതി
വീര്യേ ത്വദീയേ ഋഷയ ആധാസ്യന്ത്യഞ്ജസാഽഽത്മനഃ. 29

ത്വം ച സമ്യഗനുഷ്ഠായ നിദേശം മ ഉശത്തമഃ
മയി തീര്‍ത്ഥീകൃതാശേഷക്രിയാര്‍ത്ഥോ മാം പ്രപത്സ്യസേ. 30

കൃത്വാ ദയാം ച ജീവേഷു ദത്വാ ചാഭയമാത്മവാന്‍
മയ്യാത്മാനം സഹ ജഗദ്ദ്രക്ഷ്യസ്യാത്മനി ചാപി മാം. 31

സഹാഹം സ്വാംശകലയാ ത്വദ്വീര്യേണ, മഹാമുനേ
തവ ക്ഷേത്രേ ദേവഹൂത്യാം പ്രണേഷ്യേ തത്ത്വസംഹിതാം." 32

മൈത്രേയ ഉവാച

ഏവം തമനുഭാഷ്യാഥ ഭഗവാന്‍ പ്രത്യഗക്ഷജഃ
ജഗാമ ബിന്ദുസരസസ്സരസ്വത്യാ പരിശ്രിതാത്. 33

നിരീക്ഷതസ്തസ്യ യയാവശേഷ-
സിദ്ധേശ്വരാഭിഷ്ടുതസിദ്ധമാര്‍ഗ്ഗഃ
ആകര്‍ണ്ണയന്‍ പത്രരഥേന്ദ്രപക്ഷൈ-
രുച്ചാരിതം സ്തോമമുദീര്‍ണ്ണസാമ. 34

അഥ സംപ്രസ്ഥിതേ ശുക്ലേ കര്‍ദ്ദമോ ഭഗവാനൃഷിഃ
ആസ്തേ സ്മ ബിന്ദുസരസി തം കാലം പ്രതിപാലയന്‍. 35

മനുഃ സ്യന്ദനമാസ്ഥായ ശാതകൗംഭപരിച്ഛദം
ആരോപ്യ സ്വാം ദുഹിതരം സഭാര്യഃ പര്യടന്‍ മഹീം. 36

തസ്മിന്‍ സുധന്വന്നഹനി ഭഗവാന്‍ യത് സമാദിശത്
ഉപായാദാശ്രമപദം മുനേശ്ശാന്തവ്രതസ്യ തത്. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാനാഗ്രഹിച്ചിട്ടമിഗ്ഗൃഹസ്ഥാശ്രമ-
സ്ഥാനം ഭവാനിഷ്ടമായിബ്ഭവിച്ചിടാ.
എങ്കിലും മററാരുമല്ല വിഷയാശ-
തങ്കം മനോജ്ഞവസ്തുക്കാം സൃഷ്ടിച്ചതും.
നൽത്തുളസീമാല പൂണ്ടതിദിവ്യമാ-
മിത്തനു കാണുവാൻ സങ്ഗതിയായിതു.
ഞങ്ങാകതാശിസ്സിനായിബ്ഭവിക്കട്ടെ
തങ്ങട്ടിവരിലാ മൂന്നു പുമർത്ഥവും! 20
ആനന്ദമൂർത്തിയാണങ്ങതുമൂലമായ്
നൂനമാശിച്ചിടാ കർമ്മസാദ്ധ്യം ഫലം
ലോകനിർമ്മാണത്തിനാവശ്യമായവ-
യാകെ യാജ്ജിക്കുന്നിതങ്ങുന്ന മായയാൽ.
അല്പമായർച്ചിപ്പവനെയും കാമിത-
മെപ്പേരുമേകിയനുഗ്രഹിപ്പൂ ഭവാൻ.
സ്വാനന്ദസംതൃപ്തനായുപകാരിയാം
ശ്രീനിവാസാ! ഞാൻ നമിക്കുന്നു
പിന്നെയും.'' 21

മൈത്രേയൻ പറഞ്ഞു

കർദ്ദമൻതന്നുടെ കാപട്യഹീനമാ-
മിസ്തുതിവാക്യങ്ങളാം കേട്ടതിതുഷ്ടനായ്
പ്രേമസ്മിതവ്യാപ്തമുഖേക്ഷണങ്ങളാൽ
കാമം സ്വചില്ലീയുഗളം ചലിപ്പിച്ചു
പക്ഷിപ്രവരോപരിസ്ഥനാം പുണ്ഡരീ-
കാക്ഷൻ ഭഗവാനരുളിനാനീവിധം: 22
''നേരേ യമനിയമങ്ങളോടേതൊരു
കാര്യത്തിനായെന്നെയർച്ചിച്ചുവോ ഭവാൻ
മുന്നേയറിഞ്ഞതു സാധിക്കുവാൻ വേണ്ട-
സന്നാഹമൊക്കെയൊരുക്കികഴിഞ്ഞു ഞാൻ. 23
ഉള്ളറപ്പിച്ചെന്നെയാരു ഭജിക്കിലും
തെല്ലും വിഫലമായ്ത്തീരാ പ്രജാപതേ!
പിന്നെ വിശേഷിച്ചുമങ്ങയെപ്പോലുള്ള
ധന്യരർച്ചിക്കിലുണ്ടാം ഫലമെന്തുതാൻ? 24
ബ്രഹ്മജനം ചക്രവർത്തിയും മങ്ഗല-
കർമ്മയുതനുമാമേതൊരുകീർത്തിമാൻ
അംബുധിയേഴും ചുഴലുമീയൂഴിയെ
ബ്രഹ്മാവർത്തത്തിൽ വസിച്ചു കാക്കുന്നുവോ, 25
ധർമ്മജ്ഞനനൃഷിമുഖ്യനുമായീടു-
മമ്മഹാൻ പത്നി ശതരൂപയോടുത്തുതാൻ
ഇന്നേക്കു മൂന്നാംദിനം വിപ്രസത്തമാ!
വന്നീടുമങ്ങയെക്കാണ്മതിന്നായിഹ. 26
പ്രായവും ശീലവുമൊത്തിണങ്ങിസ്സ്വയം
പ്രേയാനെയാരാഞ്ഞിടുന്ന തൽപുത്രിയെ
പാരമനുരൂപനാകുമങ്ങേക്കവ-
നേറെ മോദത്തോടുമേകിടും നിർണ്ണയം. 27

ഇപ്പതിനായിരമാണ്ടും ഭവാനെതൊ-
രുൽപ്പലനേത്രയിൽ ചിത്തമർപ്പിച്ചുവോ,
ഏതൊരുനാരി നിൻ വീര്യമാർന്നോർപതു
പോതങ്ങളെ പ്രസവിക്കുമോ ഭാവിയിൽ,
ആ രാജപുത്രി ഭവാനെബ്ഭജിച്ചിടും
നേരേയനുരാഗപൂർവ്വമനാരതം.
ത വകബീജത്തിൽനിന്നു പിറന്നിടു-
മാ വധൂരത്നങ്ങളൊൻപതിനേയുമേ
വേടംകളം മരീച്യാദി മാമുനിമാർ, ജാത-
രാക്കുമവർക്കൊത്ത സത്സുതന്മാരെയും. 28-29
എന്നാജ്ഞയങ്ങിതനുഷ്ഠിച്ചു വേണ്ടപോ-
ലെന്നിലഖിലം ക്രിയാഫലമർപ്പിച്ചു
മൂന്നുവിധമാമൃണവുമൊഴിച്ചങ്ങു
ചേർന്നീടുമെന്നോടൊടുവിൽ പ്രജാപതേ! 30
പ്രാണികളിൽ ദയകാണിച്ചഭയമ-
ദ്ദീനക്കരുളും ജിതേന്ദ്രിയനാം ഭവാൻ
എന്നിൽ ഭവാനെയും ലോകത്തെയുമതിൻ-
വണ്ണമാത്മാവിലായെന്നെയും കണ്ടിടും. 31
എന്നുടെയംശകല ഭവദ്ബീജത്തൊ-
ടൊന്നുചേർന്നദ്ദേവഹൂതിയാം ഭാര്യയിൽ
സംക്രമിപ്പിച്ചു ഞാൻ വന്നു പിറന്നിടും
സാംഖ്യയോഗത്തെജ്ജഗത്തിൽ-
പ്പരത്തുവാൻ.'' 32

മൈത്രേയൻ പറഞ്ഞു

ഏവം ജിതേന്ദ്രിയന്മാർക്കു നിരീക്ഷ്യനാം
ദേവൻ കഥിച്ചസ്സരസ്വതീവാഹിനി-
ചുററുന്ന ബിന്ദുസരസ്സിനടുത്തുള്ള
കർദ്ദമമുന്യാശ്രമം വിട്ടുപോയിതു. 33
സിദ്ധേശ്വരന്മാരഖിലം സ്തുതിയോടു
നിത്യവുമാരാഞ്ഞിടും ഭഗവാൻ ഹരി
സാമവേദം താർക്ഷ്യപക്ഷങ്ങളിൽനിന്നു
കാമം ധ്വനിപ്പിച്ചുകൊണ്ടു ഗമിച്ചിതേ. 34
സത്യസ്വരൂപൻ ഭഗവാൻ മറയവേ
കർദ്ദമനദ്ദേഹമോതിയ കാലവും
കാത്തു തനിക്കുള്ള ബിന്ദുസരസ്സിലെ
ശുദ്ധാശ്രമംതന്നിലാവസിച്ചീടിനാൻ. 35
സ്വർണ്ണമയമാമലങ്കരണങ്ങളാൽ
മിന്നും രഥംതന്നിലേററി സ്വപുത്രിയെ
ഭാര്യയുമൊത്തു മകരക്കൊത്ത കാന്തനെ-
യാരാഞ്ഞു പാരിടം ചുററിടുമമ്മനു
ദൈത്യാരി ചൊന്ന സമയത്തുതന്നെയ-
ക്കർദ്ദമമുന്യാശ്രമത്തിലെത്തീടിനാൻ. 36-37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്മിൻ ഭഗവതോ നേത്രാന്ന്യപതന്നശ്രുബിന്ദവഃ
കൃപയാ സമ്പരീതസ്യ പ്രപന്നേഽർപ്പിതയാ ഭൃശം. 38
തദ്വൈ ബിന്ദുസരോ നാമ സരസ്വത്യാ പരിശ്രുതം
പുണ്യം ശിവാമൃതജലം മഹർഷിഗണസേവിതം. 39
പുണ്യദ്രുമലതാജാലൈഃ കൂജത്പുണ്യമൃഗദ്വിജൈഃ
സർവ്വർത്തുഫലപുഷ്പാഢ്യം വനരാജിശ്രിയാന്വിതം. 40
മത്തദ്വിജഗണൈർഘുഷ്ടം മത്തഭ്രമരവിഭ്രമം
മത്തബർഹിനടാടോപമാഹ്വയൻ മത്തകോകിലം. 41
കദംബചമ്പകാശോകകരഞ്ജബകുളാസനൈഃ
കുന്ദമന്ദാരകുടജൈശ്ചൂതപോതൈരലംകൃതം. 42
കാരണ്ഡവൈഃ പ്ലവൈർഹംസൈഃ കുരരൈർജ്ജലകുക്കുടൈഃ
സാരസൈശ്ചക്രവാകൈശ്ച ചകോരൈർവല്ഗു കൂജിതം. 43
തഥൈവ ഹരിണൈഃ ക്രോഡൈഃ ശ്വാവിദ്ഗവയകുഞ്ജരൈഃ
ഗോപുച്ഛൈർഹരിഭിർമ്മർക്കൈർന്നകുലൈർന്നാഭിഭിർവൃതം. 44
പ്രവിശ്യ തത്തീർത്ഥവരമാദിരാജഃ സഹാത്മജഃ
ദദർശ മുനിമാസീനം തസ്മിൻ ഹുതഹുതാശനം. 45
വിദ്യോതമാനം വപുഷാ തപസ്യുഗ്രയുജാ ചിരം
നാതിക്ഷാമം ഭഗവതഃ സ്നിഗ്ദ്ധാപാങ്ഗാവലോകനാത്.
തദ്വ്യാഹൃതാമൃതകലാപീയൂഷശ്രവണേന ച. 46
പ്രാംശും പദ്മപലാശാക്ഷം ജടിലം ചീരവാസസം
ഉപസംസൃത്യ മലിനം യഥാർഹണമസംസ്കൃതം 47
അഥോടജമുപായാതം നൃദേവം പ്രണതം പുരഃ
സപര്യയാ പര്യഗൃഹ്ണാത് പ്രതിനന്ദ്യാനുരൂപയാ. 48
ഗൃഹീതാർഹണമാസീനം സംയതം പ്രീണയൻ മുനിഃ
സ്മരൻ ഭഗവദാദേശമിത്യാഹ ശ്ലക്ഷ്ണയാ ഗിരാ. 49
''നൂനം ചംക്രമണം ദേവ സതാം സംരക്ഷണായ തേ
വധായ ചാസതാം യസ്ത്വം ഹരേശ്ശക്തിർഹി പാലിനീ. 50
യോഽർക്കേന്ദ്വഗ്നീന്ദ്രവായൂനാം യമധർമ്മപ്രചേതസാം
രൂപാണി സ്ഥാന ആധത്സേ തസ്മൈ ശുക്ലായ തേ നമഃ. 51
ന യദാ രഥമാസ്ഥായ ജൈത്രം മണിഗണാർപ്പിതം
വിസ്ഫൂർജ്ജച്ചണ്ഡകോദണ്ഡോ രഥേന ത്രാസയന്നഘാൻ. 52
സ്വസൈന്യചരണക്ഷുണ്ണം വേപയൻ മണ്ഡലം ഭുവഃ
വികർഷൻ ബൃഹതീം സേനാം പര്യടസ്യംശുമാനിവ, 53
തദൈവ സേതവസ്സർവ്വേ വർണ്ണാശ്രമനിബന്ധനാഃ
ഭഗവദ്രചിതാ രാജൻ ഭിദ്യേരൻ ബത ദസ്യുഭിഃ. 54
അധർമ്മശ്ച സമേധേത ലോലുപൈർവ്യങ്കുശൈർനൃഭിഃ
ശയാനേ ത്വയി ലോകോഽയം ദസ്യുഗ്രസ്തോ വിനങ്ക്ഷ്യതി. 55
അഥാപി പൃച്ഛേ ത്വാം, വീര, യദർത്ഥം ത്വമിഹാഗതഃ
തദ്വയം നിർവ്യളീകേന പ്രതിപദ്യാമഹേ ഹൃദാ.'' 56

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഏകവിംശതിതമോഽധ്യായഃ

ദ്വാവിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച
ഏവമാവിഷ്കൃതാശേഷഗുണകർമ്മോദയോ മുനിം
സവ്രീഡ ഇവ തം സമ്രാഡുപാരതമുവാച ഹ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശ്രിതവാത്സല്യവായ്പാൽ ഭഗവാന്റെ-
യശ്രുകണങ്ങൾ പതിച്ചതുമൂലമായ്
ബിന്ദുസരസ്സെന്ന പേരായ് സരസ്വതി-
യെന്ന നദിയാൽ പരിവേഷ്ടിതമായി.
പുണ്യപ്രദമായ് ശിവമായ് സുധയൊത്ത
തണ്ണീരുചേർന്നൃഷിവൃന്ദനിഷേവ്യ-
മായ്, 38-39

പുണ്യദ്രുമലതാജാലലസിതമായ്,
ധന്യപേിജമൃഗശബ്ദായമാനമായ്,
സർവ്വർത്തുപുഷ്പഫലരമണീയമായ്,
ഗർവ്വിതപക്ഷിഗണകൂജിതമായി,
മത്തഭ്രമരങ്ങൾ പാറുന്നതായ് മദം-
മെത്തും മയിലുകൾ നൃത്തമാടുന്നതായ്
മാന്തളിർ തിന്നു മദിച്ച കുയിലിണ
ചന്തമായ്ക്കൂവിയന്യോന്യം വിളി-
പ്പതായ് 40–41

വേങ്ങ, കടമ്പ, ശോകം, കടജം, കന്ദ-
മുണ്ട, മന്ദാര, മിലഞ്ഞി, നൽച്ചെമ്പകം,
ചൂതപോതങ്ങളുംകൊണ്ടു ശോഭിപ്പതായ്
മോദിച്ചു കാരണ്ഡവചകോരോൽക്കരം
മാനസമോഹനകൂജനംചെയ്‌വതാ-
യാന, മുള്ളൻപന്നി, പന്നി, ഗവയവും
മാന, മർഗ്ഗോപുച്ഛജാതിമൃഗങ്ങളും
നാനാതരം കപിവർഗ്ഗം ചമരിയും
കീരിയും സിംഹവുമൊക്കെ നിറഞ്ഞ-
തായ്, 42-44

പേരാളുമാ ശ്രേഷ്ഠതീർത്ഥപദമതിൽ
പുത്രിയൊത്താദിരാജൻ ചെല്ലവേയഗ്നി-
ഹോത്രംകഴിഞ്ഞതി ശാന്തഹൃദന്തനായ്
ഉഗ്രതപോനിഷ്ഠയാൽ വിളങ്ങീടുമാ
വിഗ്രഹം കാർശ്യമിയന്നിരുന്നീടിലും
ഭാസുരശ്രീഹരിതൻ സ്നേഹവീക്ഷണം
ഭാഷണപീയൂഷസദ്രസാസ്വാദനം
എന്നിവയാലേ കൃശത്വവിഹീനനാ-
യുന്നതനായ് സാരസദലനേത്രനായ്
വൽക്കലവും ജടയും പൂണ്ടിരിക്കുമാ-
ച്ചോൽക്കൊണ്ട കർദ്ദമമാമുനിശ്രേഷ്ഠനെ
ചാരത്തണഞ്ഞു കണ്ടീടിനാനാകരം-
ചേരുമസംസ്കൃതരത്നത്തെയെന്നപോൽ. 45–47
പർണ്ണശാലയ്ക്കുള്ളിലേറിസ്സവിനയം
തന്നെ നമിച്ചിടുമാദിരാജാവിനെ
ആശീർവ്വദിച്ചനുരൂപസൽക്കാരങ്ങ-
ളാശുചെയ്തങ്ഗീകരിച്ചിതു കർദ്ദമൻ. 48
ഇന്ദ്രിയനിഗ്രഹത്തോടു തൽസത്കൃതി
നന്ദിപൂർവ്വം സ്വീകരിച്ചങ്ങിരുന്നിടും
മന്നനെത്തുഷ്ടനാക്കാനമ്മുനി ഹരി
ചൊന്ന വാക്യം സ്മരിച്ചോതി മധുരമായ്: 49
''സാധുസംരക്ഷണത്തിന്നുമസജ്ജന-
ബാധ തീർക്കാനും ചരിച്ചിടുന്നു ഭവാൻ
അങ്ങുന്നഖിലലോകാവനംചെയ്യുമാ
ശാർങ്ഗി ഭഗവാന്റെ പാലനശക്തിതാൻ. 50
അർക്കൻ, യമൻ, ധർമ്മ, നിന്ദു, വിന്ദ്രൻ, വായു-
വഗ്നി, വരുണ, നെന്നീയെട്ടുപേരെഴും
അംശങ്ങളെ ലോകരക്ഷയ്ക്കു പൂണ്ടിടു-
മീശ്വരാ! വിഷ്ണോ! നമസ്കരിക്കുന്നു ഞാൻ. 51
മുത്തെണ്ണമററു പതിച്ചു ശോഭിച്ചിടും
ജൈത്രരഥംതന്നിലാസ്ഥിതനായ് ഭവാൻ
ഭീതിജനകമാം കോദണ്ഡമാന്നതിൻ-
നാദവിശേഷം ധ്വനിപ്പിച്ചു ദുഷ്ടരിൽ
ത്രാസമേററി സ്വസേനാപദക്ഷുണ്ണയാം
കാശ്യപിയേ വിറപ്പിച്ചു കിടുകിടെ
സേനാബലത്തെ വർദ്ധിപ്പിച്ചു വേണ്ടപോൽ
ഭാനുമാനെപ്പോലെ ലോകാവനത്തിനായ്
എങ്ങും ഭവാൻ ചരിക്കാതിരുന്നീടുകി-
ലിങ്ങപ്പൊഴേ ഭഗവാൻ നിശ്ചയിച്ചതാം
വർണ്ണാശ്രമോചിതമര്യാദകൾ ഖല-
വൃന്ദമുല്ലംഘിക്കുമായിരുന്നു ദൃഢം. 52-54
അർത്ഥനമ്രേഷ്ടനായ്ത്തീരുകിലക്ഷണ-
മെങ്ങും നിരങ്കുശരാം ധനലുബ്ധരാൽ
ബാധിതമാം സാധുലോകമധർമ്മവും
ഭൂതലംതന്നിൽ മുഴുത്തു മുടിഞ്ഞുപോം. 55
എങ്കിലും വീരമുക്താമണേ! മന്നവാ!
താങ്കളെന്നാശ്രമംതന്നിലിപ്പോൾ വരാൻ
സംഗതിയെന്തെന്നറിയിക്ക, നിർവ്യാജ-
മംഗീകരിച്ചിടാം ഞാനതെന്താകിലും.'' 56

അദ്ധ്യായം 22

കർദ്ദമവിവാഹം

മൈത്രേയൻ പറഞ്ഞു

ഈവിധം തൻഗുണകർമ്മവൈശിഷ്ട്യങ്ങ-
ളാവിഷ്കരിച്ചു നിതരാം സ്തുതിപ്പതു
ആദിനൃപൻ മന ലജ്ജിതനായിട്ടു കേ-
ട്ടോതീയു പാരതനാം മുനിയോടുടൻ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനുരുവാച

ബ്രഹ്മാസൃജത് സ്വമുഖതോ യുഷ്മാനാത്മപരീപ്സയാ
ഛന്ദോമയസ്തപോവിദ്യായോഗയുക്താനലമ്പടാൻ. 2

തത്ത്രാണായാസൃജച്ചാസ്മാന്ദോസ്സഹസ്രാത്സഹസ്രപാത്
ഹൃദയം തസ്യ ഹി ബ്രഹ്മ ക്ഷത്രമങ്ഗം പ്രചക്ഷതേ. 3

അതോ ഹ്യന്യോന്യമാത്മാനം ബ്രഹ്മ ക്ഷത്രം ച രക്ഷതഃ
രക്ഷതി സ്മാവ്യയോ ദേവസ്സ യസ്സദസദാത്മകഃ. 4

തവ സന്ദർശനാദേവച്ഛിന്നാ മേ സർവ്വസംശയാഃ
യത്സ്വയം ഭഗവാൻ പ്രീത്യാ ധർമ്മമാഹ രിരക്ഷിഷോഃ. 5

ദിഷ്ട്യാ മേ ഭഗവാൻ ദൃഷ്ടോ ദുർദ്ദർശോ യോഽകൃതാത്മനാം
ദിഷ്ട്യാ പാദരജഃ സ്പൃഷ്ടം ശീർഷ്ണാ മേ ഭവതഃ ശിവം. 6

ദിഷ്ട്യാ ത്വയാനുശിഷ്ടോഽഹം കൃതശ്ചാനുഗ്രഹോ മഹാൻ
അപാവൃതൈഃ കർണ്ണരന്ധ്രൈർജ്ജുഷ്ടാ ദിഷ്ട്യാശതീർഗ്ഗിരഃ. 7

സ ഭവാൻ ദുഹിതൃസ്നേഹപരിക്ലിഷ്ടാത്മനോ മമ
ശ്രോതുമർഹസി ദീനസ്യ ശ്രാവിതം കൃപയാ മുനേ! 8

പ്രിയവ്രതോത്താനപദോഃ സ്വസേയം ദുഹിതാ മമ
അന്വിച്ഛതി പതിം യുക്തം വയശ്ശീലഗുണാദിഭിഃ. 9

യദാ തു ഭവതഃ ശീലശ്രുതരൂപവയോഗുണാൻ
അശൃണോന്നാരദാദേഷാ ത്വയ്യാസീത് കൃതനിശ്ചയാ. 10

തത്പ്രതീച്ഛ ദ്വിജാഗ്ര്യേഽമാം ശ്രദ്ധയോപഹൃതാം മയാ
സർവ്വാത്മനാനുരൂപാം തേ ഗൃഹമേധിഷു കർമ്മസു. 11

ഉദ്യതസ്യ ഹി കാമസ്യ പ്രതിവാദോ ന ശസ്യതേ
അപി നിർമ്മുക്തസങ്ഗസ്യ കാമരക്തസ്യ കിം പുനഃ. 12

യ ഉദ്യതമനാദൃത്യ കീനാശമഭിയാചതേ
ക്ഷീയതേ തദ്യശഃ സ്ഫീതം മാനശ്ച വജ്ഞയാ ഹതഃ. 13

അഹം ത്വാശൃണവം വിദ്വൻ വിവാഹാർത്ഥം സമുദ്യതം
അതസ്ത്വമുപകർവ്വാണഃ പ്രത്താം പ്രതിഗൃഹാണ മേ. 14

ഋഷിരുവാച

ബാഢമുദ്വോഢുകാമോഽഹമപ്രത്താ ച തവാത്മജാ
ആവയോരനുരൂപോഽസാവാദ്യോ വൈവാഹികോ വിധിഃ. 15

കാമസ്സ ഭൂയാന്നരദേവ തേഽസ്യാഃ
പുത്ര്യാസ്സമാമ്നായവിധൗ പ്രതീതഃ
ക ഏവ തേ തനയാം നാദ്രിയേത
സ്വയാങ്ഗകാന്ത്യാ ക്ഷിപതീമിവ ശ്രിയം. 16

യാം ഹർമ്മ്യപൃഷ്ഠേ ക്വണദങ്ഘ്രിശോഭാം
വിക്രീഡതീം കന്ദുകവിഹ്വലാക്ഷീം
വിശ്വാവസുർന്യപതത് സ്വാദ്വിമാനാ-
ദ്വിലോക്യ സമ്മോഹവിമൂഢചേതാഃ. 17

താം പ്രാർത്ഥയന്തീം ലലനാലലാമ-
മസേവിതശ്രീചരണൈരദൃഷ്ടാം
വത്സാം മനോരുച്ചപദഃ സ്വസാരം
കോ നാനുമന്യേത ബുധോഽഭിയാതാം. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനു പറഞ്ഞു

ലോകാവനേച്ഛയാൽ തന്നാനനത്തിൽനി-
ന്നാഗമമൂർത്തിയായീടും പിതാമഹൻ
യോഗതപോവിദ്യകളൊത്തനാസക്ത-
രാകും ഭവാന്മാരെയിങ്ങുളവാക്കിനാൻ. 2
ആയിരം പാദങ്ങളാളും ഭഗവാന്റെ-
യായിരം കൈകളിൽനിന്നുമീ ഞങ്ങളെ
പിന്നെ രചിച്ചാൻ ദ്വിജരായ നിങ്ങളെ
നന്നായ് പരിപാലനംചെയ്യുവാൻ മുനേ!
ഭൂദേവനീശഹൃദയവും ക്ഷത്രിയ-
ജാതി,തദ്ദേഹവുമെന്നു ചൊൽവൂ ബുധർ. 3
ക്ഷത്രിയനാത്മരക്ഷയ്ക്കും ദ്വിജകുലം
കാത്തിടാനും ശക്തിയേകുന്നിതീശ്വരൻ.
അപ്പോലെ വേദപ്രചരണത്തിന്നുള്ള
കെല്പു വിപ്രർക്കുമദ്ദേവനേകുന്നിതു.
ഏവമന്യോന്യാവനവും സ്വരക്ഷയും
കൈവരുത്തിദ്ദ്വിജക്ഷത്രവംശങ്ങളെ
അവ്യയനും നിഖിലാത്മാവുമായിടും
ദൈവതം രക്ഷിച്ചിടുന്നു വേണ്ടുംവിധം. 4
അദ്ഭുതവീര്യാ! പ്രജാപരിപാലന-
തത്പരനാമെനിക്കങ്ങയെക്കാൺകയാൽ
മാമകമാനസസന്ദേഹമാകവേ
നാമാവശേഷമായ്ത്തീർന്നിതു മാമുനേ!
ഉന്നതമോദമോടെന്റെ ധർമ്മം സ്വയ-
മിന്നുപദേശിച്ചുതന്നുവല്ലോ ഭവാൻ. 5
ധ്യാനത്തിനാൽ മനം സ്വാധീനമാക്കാതെ
വാണീടുവോർക്കു കാണാൻകഴിയാതെഴും
ജ്ഞാനാത്മകനാകുമങ്ങയെയിങ്ങനെ
കാണുവാനും പരം പാവനമായിടും
ത്വൽപാദപാംസുക്കൾ മൗലിയിൽ ചൂടാനു-
മിപ്പോളെനിക്കിടയായി ഭാഗ്യത്തിനാൽ. 6
സാരോപദേശമരുളിബ്ഭവാനെന്നെ
നേരേയനുഗ്രഹിച്ചെന്നതും ശോഭനം.
കർണ്ണരന്ധ്രംവഴി നിൻ ചാരുവാക്കുക-
ളെന്നുള്ളിലേററതുമേററവും ഭാവുകം. 7
അങ്ങനെയുള്ള ഭവാൻ സുതാകാമുക-
സംഗതിയാലതിക്ലേശമനസ്സനും
ദീനനുമാമെന്റെ വിജ്ഞാപനമിന്നു
സാനുഭാവം ശ്രവിപ്പാനപേക്ഷിപ്പു ഞാൻ. 8
ഉത്താനപാദൻ പ്രിയവ്രതനെന്ന മത്-
പുത്രരിരുവർക്കു സോദരിയായിടും
എന്മകളാമിവൾ ശീലഗുണാദിയാൽ
സമ്മിതൻ കാന്തനെയാഗ്രഹിക്കുന്നിതേ. 9
അങ്ങേക്കെഴും വിദ്യ, സത്സ്വഭാവം രൂപ-
ഭംഗി, തരുണിമ, ഭക്തിദാർഢ്യാദിയും
നാരദൻ ചൊല്ലിധരിച്ചപ്പൊഴേയിവൾ
വേറൊരു ഭർത്താവു വേണ്ടെന്നുവച്ചിതു. 10
എന്നതിനാൽ ഭവദ്ഗേഹകൃത്യങ്ങൾക്കു
നന്നായിണങ്ങുവോളായന്തരൂപയായ്
ഞാനാനയിച്ചൊരിക്കന്യകയേ മുദാ
ജ്ഞാനാംബുധേ! ഭവാൻ സ്വീകരിച്ചീടുക. 11
ചാരത്തു താനേയണയുന്നതായിടും
ചാരുതചേരുന്ന ഭോഗവസ്തുക്കളെ
തള്ളുക നിസ്സംഗനും യോഗ്യമല്ല മ-
റ്റുള്ളവർതൻ കഥ പിന്നെയോതേണമോ? 12
താനേവരും ഭോഗസാധനം തള്ളീട്ടു
ഹീനനോടായർത്ഥിക്കുന്നവരുടെ
സ്സ്ഫീതമാം ഖ്യാതി നശിക്കു,മനാദര-
ഹേതുവാൽ നഷ്ടമാമാത്മാഭിമാനവും. 13
വിദ്വന്മണേ! വിവാഹംകഴിച്ചീടുവാ-
നുദ്യമിക്കുന്നു ഭവാനെന്നു കേട്ടു ഞാൻ
അന്നോളവും മതിയിബ്രഹ്മചര്യവു-
മെന്നുന്നുമങ്ങെൻ മകളെ വേട്ടീടുക. 14

ഋഷി പറഞ്ഞു

നേരുതാൻ കാമിപ്പു ഞാൻ വിവാഹത്തിനായ്,
ആരോടുമേററതില്ലാത്മജാദാനവും
നാംതമ്മിലുള്ളൊരീ വൈവാഹികവേഴ്ച-
യെന്തുകൊണ്ടും ന,ന്നെനിക്കും സുസമ്മതം. 15
പാരമനുരൂപനാം വരനേകണ-
മാരും സ്വകന്യയെയെന്ന വേദോക്തിയെ
ആദരിക്കുന്ന ഭവാന്റെയഭീപ്സിതം
മേദിനീശാ! ഭവിക്കട്ടെ സഫലമായ്.
അംഗാഭയാലെയലങ്കരണങ്ങൾതൻ
ഭംഗിയെത്താഴ്ത്തി വിളങ്ങും വിശിഷ്ടയാം
അങ്ങേത്തനൂജയെ യാതൊരാളാദരി-
ച്ചംഗീകരിക്കാതിരിക്കുമീയൂഴിയിൽ? 16
കാലു, ചിലമ്പൊലിയൊത്തു ചലിപ്പിച്ചു
ലോലമിഴികളെപ്പന്തിൽ പതിപ്പിച്ചു
മാളികമേലാളിമാരൊത്തു പന്താടി
മേളിച്ചിടുമാക്കെഴുമഴകീക്ഷിച്ചു
സ്വന്തം വിമാനത്തിൽനിന്നു വിശ്വാവസു-
ഗന്ധർവ്വനൂഴിയിൽ മോഹിച്ചുവീണുവോ, 17
കാർവേണിമാർക്കു തിലകമായ് മംഗല-
ദേവതാസേവകർക്കിന്നിയദൃശ്യയായ്
ഉത്താനപാദസഹജയായന്തിക-
മെത്തിസ്സ്വയമേവമർത്ഥനചെയ്തിടും
മംഗലയായിടുമിബ്ഭവത്പുത്രിയെ-
യംഗീകരിക്കാതിരിക്കുമോ ബുദ്ധിമാൻ? 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതോ ഭജിഷ്യേ സമയേന സാധ്വീം
യാവത്തേജോ ബിഭൃയാദാത്മനോ മേ
അതോ ധർമ്മാൻ പാരമഹംസ്യമുഖ്യാൻ
ശുക്ലപ്രോക്താൻ ബഹു മന്യേ/വിഹിംസ്രാൻ. 19
യതോ/ഭവദ്വിശ്വമിദം വിചിത്രം
സംസ്ഥാസ്യതേ യത്ര ച വാവതിഷ്ഠതേ
പ്രജാപതീനാം പതിരേഷ മഹ്യം
പരം പ്രമാണം ഭഗവാനനന്തഃ. 20

മൈത്രേയ ഉവാച
സ ഉഗ്രധന്വന്നിയദേവാബഭാഷേ
ആസീച്ച തൂഷ്ണീമരവിന്ദനാഭം
ധിയോപഗൃഹ്ണൻ സ്മിതശോഭിതേന
മുഖേന ചേതോ ലുലുഭേ ദേവഹൂത്യാഃ. 21
സോ/നുജ്ഞാത്വാ വ്യവസിതം മഹിഷ്യാ ദുഹിതുഃ സ്ഫുടം
തസ്മൈ ഗുണഗണാഢ്യായ ദദൗ തുല്യാം പ്രഹർഷിതഃ. 22
ശതരൂപാ മഹാരാജ്ഞീ പാരിബർഹാൻ മഹാധനാൻ
ദമ്പത്യോഃ പര്യദാത് പ്രീത്യാ ഭൂഷാവാസഃ പരിച്ഛദാൻ. 23
പ്രത്താം ദുഹിതരം സമ്രാട് സദൃക്ഷായ ഗതവ്യഥഃ
ഉപഗുഹ്യ ച ബാഹുഭ്യാമൗത്കണ്ഠ്യോന്മഥിതാശയഃ. 24
അശക്നുവംസ്തദ്വിരഹം മുഞ്ചൻ ബാഷ്പകലാം മുഹുഃ
ആസിഞ്ച''ദംബ, വത്സേ''തി നേത്രോദൈർദുഹിതുശ്ശിഖാഃ 25
ആമന്ത്ര്യ തം മുനിവരമനുജ്ഞാതസ്സഹാനുഗഃ
പ്രതസ്ഥേ രഥമാരുഹ്യ സഭാര്യഃ സ്വപുരം നൃപഃ. 26
ഉഭയോരൃഷികുല്യായാസ്സരസ്വത്യാസ്സുരോധസോഃ
ഋഷീണാമുപശാന്താനാം പശ്യന്നാശ്രമസമ്പദഃ. 27
തമായാന്തമഭിപ്രേത്യ ബ്രഹ്മാവർത്താത് പ്രജാഃ പതിം
ഗീതസംസ്തുതിവാദിത്രൈഃ പ്രത്യുദീയുഃ പ്രഹർഷിതാഃ. 28
ബർഹിഷ്മതീ നാമ പുരീ സർവ്വസമ്പത്സമന്വിതാ
ന്യപതന്യത്ര രോമാണി യജ്ഞസ്യാംഗം വിധുന്വതഃ. 29
കുശാഃ കാശാസ്ത ഏവാസൻ ശശ്വദ്ധരിതവർച്ചസഃ
ഋഷയോ യൈഃ പരാഭാവ്യ യജ്ഞഘ്നാൻ യജ്ഞമീജിരേ. 30
കുശകാശമയം ബർഹിരാസ്തീര്യ ഭഗവാൻ മനുഃ
അയജദ്യജ്ഞപുരുഷം ലബ്ധ്വാ സ്ഥാനം യതോ ഭുവം. 31
ബർഹിഷ്മതീം നാമ വിഭുര്യാം നിർവ്വിശ്യ സമാവസത്
തസ്യാം പ്രവിഷ്ടോ ഭവനം താപത്രയവിനാശനം. 32
സഭാര്യസ്സപ്രജഃ കാമാൻ ബുഭുജേ/ന്യവിരോധതഃ
സംഗീയമാനസത്കീർത്തിസ്സസ്ത്രീഭിഃ സുരഗായകൈഃ
പ്രത്യൂഷേഷ്വനുബദ്ധേന ഹൃദാ ശൃണ്വൻ ഹരേഃ കഥാഃ. 33
നിഷ്ണാതം യോഗമായാസു മുനിം സ്വായംഭുവം മനും
യദാ ഭ്രംശയിതും ഭോഗാ ന ശേകുർഭഗവത്പരം. 34
അയാതയാമാസ്തസ്യാസൻ യാമാഃ സ്വാന്തരയാപനാഃ
ശൃണ്വതോ ധ്യായതോ വിഷ്ണോഃ കുർവ്വതോ ബ്രുവതഃ കഥാഃ. 35
സ ഏവം സ്വാന്തരം നിന്യേ യുഗാനാമേകസപ്തതിം
വാസുദേവപ്രസംഗേന പരിഭൂതഗതിത്രയഃ. 36
ശാരീരാ മാനസാ ദിവ്യാ വൈയാസേ യേ ച മാനുഷാഃ
ഭൗതികാശ്ച കഥം ക്ലേശാ ബാധന്തേ ഹരിസംശ്രയം. 37
യഃ പൃഷ്ടോ മുനിഭിഃ പ്രാഹ ധർമ്മാന്നാനാവിധാൻ ശുഭാൻ
നൃണാം വർണ്ണാശ്രമാണാം ച സർവ്വഭൂതഹിതസ്സദാ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകയാലിന്നിപ്പതിവ്രതാമൗലിയെ
സ്വീകരിക്കാമിക്കരാറോടുകൂടി ഞാൻ
എന്നുടെ ബീജം ഗ്രഹിക്കുന്നതെന്നിവ-
ളുന്നോളവും ഭാര്യയാക്കാമിവളെ ഞാൻ.
പിന്നെബ്ഭഗവാൻ ഹരിയരുൾചെയ്തതായ്
നിന്ദ്യമാം ഹിംസാദിദോഷമേശാത്തതായ്
ധന്യപരമഹംസാശ്രമമുഖ്യമായ്-
ത്തീർന്നിടും ധർമ്മങ്ങളെ സ്വീകരിക്കുവൻ. 19
ഏതൊന്നിൽനിന്നീ വിചിത്രമാം വിശ്വമുദ്-
ഭൂതമാ,യേതിൽ നിലനിന്നൊടുങ്ങുന്നു,
നിത്യമായ് ബ്രഹ്മാദ്യരേയും നയിക്കുമാ-
വസ്തുവൊന്നത്രേ പരം പ്രമാണം മമ. 20

മൈത്രേയൻ പറഞ്ഞു

കർദ്ദമനിത്രയും ചൊല്ലി വിഷ്ണുസ്മൃതി-
യുക്തനായ് മൗനംഭജിച്ചിരുന്നീടിലും
ദേവഹൂതിക്കുള്ളിൽ മോഹം വളർത്തിനാൻ
കേവലം മന്ദസ്മിതാഞ്ചിതാസ്യത്തിനാൽ. 21
ഇമ്മുനിയേ മതി പുത്രിക്കു, ഭാര്യയും
സമ്മതിക്കുന്നു,ണ്ടതുമൂലമമ്മനു
തുഷ്ടനായേകി ഗുണാഢ്യനാമമ്മുനി-
ക്കേറ്റമനുരൂപയാകുമപ്പുത്രിയെ. 22
അമ്മ മഹാരാജ്ഞിയാമശ്ശതരൂപ
ചെമ്മേ വിലയാർന്ന വസ്ത്രഭൂഷാദിയും
പാത്രങ്ങളും മറ്റു വസ്തുക്കളും തോഷ-
പൂർത്തിയിൽ ദമ്പതിമാർക്കരുളീടിനാൾ. 23
ഉത്തമകാന്തനിൽ പുത്രിയെച്ചേർക്കയാ-
ലത്തലശേഷമരചനകന്നിതു.
തന്മകളെപ്പിരിയേണമെന്നോർക്കയാ-
ലമ്മഹാനശ്രുപൊഴിഞ്ഞു തുരുതുരെ
രണ്ടുകൈകൊണ്ടും പിടിച്ചു വീണ്ടും നൃപൻ
പൂണ്ടു ''നിന്നെപ്പിരിയേണ്ടിവന്നോമലേ''
കുണ്ഠതയോടേവമോതി മിഴിനീരു-
കൊണ്ടു നനച്ചാനവളുടെ കുന്തളം 24-25
അമ്മുനിയോടഥ യാത്രപറഞ്ഞുടൻ
സമ്മതംവാങ്ങിയനുചരന്മാരൊടും
പ്രേയസിയൊത്തു രഥത്തിലേറീട്ടങ്ങു
പോയാൻ നിജരാജധാനിക്കു ഭൂമിപൻ. 26
മാമുനിയോജ്യം സരസ്വതിയാറുതൻ
ത്തുമതേടും രണ്ടുവക്കിലും വാണിടും
ശാന്തരായീടുമൃഷീന്ദ്രർതന്നാശ്രമ-
പ്രാന്തങ്ങളിൽ വിഷ്ണുപൂജോപചിതങ്ങളാം
സാധനത്തിൻ വൃദ്ധി കണ്ടുകണ്ടുന്നത-
മോദത്തൊടായിരുന്നു പോയതന്നൃപൻ. 27
രക്ഷകനാം ചക്രവർത്തി മടങ്ങുന്ന-
തക്ഷണം കേട്ടു ജനങ്ങൾ സന്തുഷ്ടരായ്
ഹൃദ്യസംഗീതവാദ്യാദിയൊടും ബ്രഹ്മാ-
വർത്തത്തിലെത്തിയെതിരേറ്റു വേണ്ടപോൽ. 28

വാരാഹമൂർത്തി ശരീരം കുടഞ്ഞോരു-
നേരമേറ്റം രോമരാജി പതിക്കയാൽ
പേരു ബർഹിഷ്മതിയെന്നാർന്നു സമ്പൽപ്ര-
പൂരിതമാം രാജധാനിയങ്ങാണു കേൾ. 29
പച്ചക്കുശകളും കാശതൃണങ്ങളു-
മച്യുതസ്വാമിതൻ രോമങ്ങളാം ദൃഢം.
യജ്ഞം മുടക്കുന്നവരെയിവറ്റിനാൽ
തർജ്ജിച്ചൃഷികൾ യജിപ്പു യജ്ഞാ-
ങ്ഗനെ. 30
ക്ഷോണിയാം സ്ഥാനം തനിക്കിരുന്നീടുവാൻ
ദാനമായേകിയോരാ യജ്ഞമൂർത്തിയെ
കാശകുശങ്ങൾ വിരിച്ചു നിത്യം ലോപ-
ലേശമെന്യേ യജിച്ചീടുന്നിതമ്മനു. 31
സാമർത്ഥ്യമേറും നൃപതി ബർഹിഷ്മതീ-
നാമകമാം നഗരത്തിൽ തനിക്കെഴും
പത്തനമെത്തി വസിച്ചാൻ സുഖ,മതിൽ
പാർത്തീടുവോർക്കു താപത്രയം നേരിടാ. 32
ധർമ്മാർത്ഥമോക്ഷത്രയത്തിനിണങ്ങിടു-
മമ്മട്ടു പുത്രകളത്രസമേതനായ്
തൻപുകൾ ഗന്ധർവ്വദമ്പതിമാർ നിത്യ-
മൻപോടു കീർത്തിപ്പതു കേട്ടു തുഷ്ടനായ്
എന്നുമുഷസ്സിൽ ഹരികഥ കേട്ടുകൊ-
ണ്ടന്യൂനമായ് വിഷയങ്ങൾ ഭുജിച്ചിതേ. 33
ശ്രീഹരിമായാവിഭൂതികളായിടു-
മൈഹികഭോഗവസ്തുക്കളെ നേടുവാൻ
പാടവമുണ്ടെങ്കിലും വിഷ്ണുഭക്തിയും
കൂടും വിവേചനാബുദ്ധിയുമാർന്നിടും
സ്വായംഭുവനാം മനുവിനു ബാധക-
മായില്ല ഭോഗവിഷയങ്ങളൊന്നുമേ. 34
ധ്യാനിക്കയും ഭഗവൽക്കഥ കേൾക്കയും
താനേ കഥിക്കയും സേവിക്കയുംചെയ്തു
മന്വന്തരകാലയാമമോരോന്നുമാ-
നന്ദമയമായ്ക്കഴിച്ചിതബ്ഭൂമിപൻ. 35
വാസുദേവൻതൻ കഥാപ്രസംഗത്തിനാൽ
ലേശവും താപത്രയബാധയെന്നിയേ
തന്നുടെ കാലയളവാമെഴുപത്തി-
യൊന്നു ചതുര്യുഗംപോക്കിയേവം മനു. 36
നാനാന്യജീവികളേയുമലട്ടിടും
മാനസികദൈവികഭൗതികങ്ങളാം
ക്ലേശങ്ങളെങ്ങനെ തീണ്ടിടും ശുദ്ധനാം
കേശവഭക്തനായീടുമൊരുത്തനെ. 37
ഭൂതജാലത്തിന്നഖിലം ഹിതമായ-
മാതിരി ജീവിച്ചൊരാദിരാജൻ മനു
വർണ്ണാശ്രമങ്ങൾതൻ ധർമ്മവും മാനുഷ-
വൃന്ദത്തിനുള്ള സാധാരണധർമ്മവും
അന്യധർമ്മങ്ങളും മാമുനിമാരോടു
ചൊന്നതത്രേ മനുസംഹിതയെന്നതും. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതത്ത ആദിരാജസ്യ മനോശ്ചരിതമദ്ഭുതം
വർണ്ണിതം വർണ്ണനീയസ്യ തദപത്യോദയം ശൃണു. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ദ്വാവിംശതിതമോഽധ്യായഃ

ത്രയോവിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച

പിതൃഭ്യാം പ്രസ്ഥിതേ സാധ്വീ പതിമിങ്ഗിതകോവിദാ
നിത്യം പര്യചരത് പ്രീത്യാ ഭവാനീവ ഭവം പ്രഭും. 1
വിശ്രംഭേണാത്മശൗചേന ഗൗരവേണ ദമേന ച
ശുശ്രൂഷയാ സൗഹൃദേന വാചാ മധുരയാ ച ഭോഃ 2
വിസൃജ്യ കാമം ദംഭം ച ദ്വേഷം ലോഭമഘം മദം
അപ്രമത്തോദ്യതാ നിത്യം തേജീയാംസമതോഷയത്. 3
സ വൈ ദേവർഷിവര്യസ്താം മാനവീം സമനുവ്രതാം
ദൈവാദ് ഗരീയസഃ പത്യുരാശാസാനാം മഹാശിഷഃ 4
കാലേന ഭൂയസാ ക്ഷാമാം കർശിതാം വ്രതചര്യയാ
പ്രേമഗദ്ഗദയാ വാചാ പീഡിതഃ കൃപയാബ്രവീത്. 5

കർദ്ദമ ഉവാച

തുഷ്ടോഽഹമദ്യ തവ മാനവി മാനദായാഃ
ശുശ്രൂഷയാ പരമയാ പരയാ ച ഭക്ത്യാ
യോ ദേഹിനാമയമതീവ സുഹൃത്സ്വദേഹോ
നാവേക്ഷിതഃ സമുചിതഃ ക്ഷപിതും മദർത്ഥേ. 6
യേ മേ സ്വധർമ്മനിരതസ്യ തപസ്സമാധി-
വിദ്യാത്മയോഗവിജിതാ ഭഗവത്പ്രസാദാഃ
താനേവ തേ മദനുസേവനയാവരുദ്ധാൻ
ദൃഷ്ടിം പ്രപശ്യ വിതരാമ്യഭയാനശോകാൻ. 7
അന്യേ പുനർഭഗവതോ ഭ്രുവ ഉദ്വിജൃംഭ-
വിഭ്രംശിതാർത്ഥരചനാഃ കിമുരുക്രമസ്യ
സിദ്ധാസി ഭുങ്ക്ഷ്വ വിഭവാന്നിജധർമ്മദോഹാ-
ന്ദിവ്യാന്നരൈർദ്ദുരധിഗാൻ നൃപവിക്രിയാഭിഃ. 8
ഏവം ബ്രുവാണമബലാഖിലയോഗമായാ-
വിദ്യാവിചക്ഷണമവേക്ഷ്യ ഗതാധിരാസീത്
സംപ്രശ്രയപ്രണയവിഹ്വലയാ ഗിരേഷദ്-
വ്രീഡാവലോകവിലസദ്ധസിതാനനാഽഽഹ. 9

ദേവഹൂതിരുവാച

രാദ്ധം ബത ദ്വിജവൃഷൈതദമോഘയോഗ-
മായാധിപേ ത്വയി, വിഭോ, തദവൈമി ഭർത്തഃ
യസ്തേഽഭ്യധായി സമയസ്സകൃദങ്ഗസങ്ഗോ
ഭൂയാദ്ഗരീയസി ഗുണഃ പ്രസവസ്സതീനാം. 10
തത്രേതികൃത്യമുപശിക്ഷ യഥോപദേശം
യേനൈഷ മേ കർശിതോഽതിരിരംസയാഽഽത്മാ
സിദ്ധ്യേത തേ കൃതമനോഭവധർഷിതായാ
ദീനസ്തദീശ ഭവനം സദൃശം വിചക്ഷ്വ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിരാജാവാം മനുവിൻെറയദ്ഭുത-
ഖ്യാതമാം വർണ്ണ്യചരിത്രമിതേവിധം
ഓതിനേനമ്മഹാൻ തൻമകളാം ദേവ-
ഹൂതിതൻ വൃദ്ധി കഥിച്ചിടുന്നേനിനി. 39

അദ്ധ്യായം 23

കർദ്ദമഗാർഹസ്ഥ്യം

മൈത്രേയൻ പറഞ്ഞു

താതനുമമ്മയും പോയശേഷം, ദേവ-
ഹൂതി പറയാതറിഞ്ഞു കാന്തേച്ഛകൾ
ഭക്തിപൂർവ്വം വേണ്ട ശുശ്രൂഷകൾ മുനി-
മുഖ്യനു ചെയ്താൾ സതി ശിവന്നെന്നപോൽ. 1
ആദരം, വിശ്വാസ,മാത്മശുചിത്വവും
മാധുര്യവാക്കു, ദമനവും ശുശ്രൂഷ
പ്രേമവും, മററു ഗുണങ്ങളും, കൈക്കൊണ്ടു
കാമലോഭദ്വേഷദംഭദുരിതങ്ങൾ
കാമിനീസ്തോമലലാമമായ് മിന്നുമ-
ക്കോമളഗാത്രി വെടി,ഞ്ഞപ്രമത്തയായ്
നിത്യം പണിപ്പെട്ടു തേജസ്വിയാം നിജ-
ഭർത്താവിനെത്തുഷ്ടനാക്കി വാണീടിനാൾ. 2–3
സ്വായംഭുവനന്ദനയായ് സ്വസേവന-
മായവണ്ണം നിർവ്വഹിക്കുന്നവളായി
തന്നിൽനിന്നുത്തമസന്താനലാഭത്തെ
യൂന്നുന്നവളായ് ചിരവ്രതചര്യയാൽ
തീരെശ്ശരീരം ചടച്ചതിക്ഷീണവും
ചേരുന്ന ദീനയാം തന്നുടെ കാന്തയെ
കണ്ടുഴലാണ്ടു ദേവർഷിയാമമ്മഹാൻ
തൊണ്ടയിടറിയീമട്ടരുളീടിനാൻ. 4–5

കർദ്ദമൻ പറഞ്ഞു

അന്യൂനരാഗപുരസ്സരമെന്നെ നീ
നന്നായി മാനിച്ചു ശുശ്രൂഷചെയ്കയാൽ
നിന്നിലതിപ്രീതനായിബ്ഭവിച്ചു ഞാൻ
മനുവാത്മജേ! മമപ്രാണാധിനായികേ!
ഗേഹിനീ! ദേഹികൾക്കൊക്കെ പ്രിയമെഴും
ദേഹമൊന്നത്രേ പുരുഷാർത്ഥസാധകം
അങ്ങനെയുള്ള ശരീരത്തെയും ലേശ-
മങ്ഗനാരത്നമേ! നോക്കാതെയെന്നെ നീ
സേവനംചെയ്കതിൽനിന്നും നിനക്കെഴും
പാവനമാം ഭക്തിദാർഢ്യവും ബോദ്ധ്യമായ്. 6
ഇന്നു സഫലമായ് നിൻ വ്രതചര്യക-
ളെന്നതിലില്ലൊരു സംശയം വല്ലഭേ!
വർണ്ണാശ്രമാചാരമേതുമേ തെററാതെ-
തന്നെ ഞാൻ നോററ വ്രതങ്ങളുപാസന,
ധ്യാനം തുടങ്ങിയ സത്കർമ്മകോടിയാൽ
ഞാനുപാർജ്ജിച്ച ഭഗവൽപ്രസാദങ്ങൾ
എന്നെ നിതാന്തമതിനു സഹായിച്ച
തന്വീമണേ! നിനക്കും ലഭിച്ചു ദൃഢം.
നന്നായവ കാണ്മതിനു ഞാൻ ദിവ്യദൃ-
ക്കിന്നു തരുന്നു നിനക്കു പതിവ്രതേ!
നശ്യങ്ങളല്ലീ വിഭൂതികളേതുമാ-
വിശ്വവിഷയഭോഗങ്ങളെപ്പോലവേ;
ശോകവും ഭീതിയും സംക്രമിച്ചീടാത്ത-
താകുന്നവയെന്നു നീ ധരിച്ചീടുക. 7
കാലാത്മകഭ്രൂ ചലിക്കിൽ തുലഞ്ഞുപോ-
മീ ലോകഭോഗമനോരഥമാകവേ
ഇന്നു നിനക്കു സിദ്ധിച്ചൊരിസ്സിദ്ധിക-
ളെന്നുമേ നാശമില്ലാത്തതാണോമലേ!
നന്നായിണങ്ങി നിൻ മോക്ഷകാലംവരെ
നിന്നെയിവ പരിസേവനംചെയ്തിടും
ഭവ്യാത്മികേ! സതീത്വത്തിനാൽ ചേർന്നൊരി-
ദ്ദിവ്യഭോഗത്തെയനുഭവിച്ചീടു നീ.
'സാർവ്വഭൗമൻ ഞാനെനിക്കെന്തസാധ്യ'മി-
ദ്ഗർവ്വം കലർന്നോനു കിട്ടുന്നതല്ലിവ. 8
ഇത്തരം യോഗമായാവിഭവാകമ-
ബ്ഭർത്താവു ചൊന്നതു കേട്ടസ്സതീമണി!
അത്തലകന്നു വിനീതയായി പ്രേമ-
ബദ്ധയായ് പാരം വിവശയായക്ഷണം
തെല്ലു നാണംപൂണ്ടു കാന്താസ്യമീക്ഷിച്ചു
ചൊല്ലിനാൾ പുഞ്ചിരിയോടും സഗദ്ഗദം. 9

ദേവഹൂതി പറഞ്ഞു

എല്ലാററിനും ശേഷിയാർന്നിടും മാമക-
വല്ലഭാ! സാധനമെല്ലാം ഫലാന്വിതം
സൃഷ്ടിച്ചിടും മായതൻ നായകാ! സർവ-
സിദ്ധിയുമൊത്തോൻ ഭവാനെന്നറിഞ്ഞു ഞാൻ.
'നിന്നോടൊരുകുറി സംഗമിച്ചീടുവ'-
നെന്നങ്ങു ചൊന്നതു പാലിച്ചിടേണമേ.
സാദ്ധ്വികൾക്കുത്കൃഷ്ടമല്ലോ മഹാനായ
ഭർത്താവിൽനിന്നുള്ള പുത്രലാഭം വിഭോ! 10
ആകയാലങ്ങു രതിക്കു ശാസ്ത്രോക്തമാം
ഭോഗപദാർത്ഥങ്ങളാദ്യം ചമയ്ക്കണം.
അങ്ങുനിമിത്തമനങ്ഗാർത്തി വർദ്ധിച്ച
ഭങ്ഗമാമെൻ മെയ് പഴയപോൽ പുഷ്ടിയും
ഭംഗിയുമുള്ളതാക്കീടിന ഭോജ്യങ്ങൾ
മങ്ങാതെ സംഭരിച്ചീടണമിക്ഷണം
അല്ലാതെയിക്കൃശഗാത്രി രതിസുഖം
നല്ലപോലാസ്വദിച്ചീടുവതെങ്ങനെ?
ഉണ്ടാകണമുടൻ മാരലീലയ്ക്കിങ്ങു
വേണ്ടും ഗൃഹങ്ങളുപകരണങ്ങളും
ശങ്ക വെടിഞ്ഞിവയെല്ലാം കൃപയാർന്നു
സങ്കല്പശക്തിയാൽ തീർക്കാൻ മടിക്കൊലാ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയ ഉവാച

പ്രിയായാഃ പ്രിയമന്വിച്ഛൻ കർദ്ദമോ യോഗമാസ്ഥിതഃ
വിമാനം കാമഗം ക്ഷത്തസ്തർഹ്യേവാവിരചീകരത്. 12
സർവ്വകാമദുഘം ദിവ്യം സർവ്വരത്നസമന്വിതം
സർവ്വർദ്ധ്യുപചയോദർക്കം മണിസ്തംഭൈരുപസ്കൃതം. 13
ദിവ്യോപകരണോപേതം സർവ്വകാലസുഖാവഹം
പട്ടികാഭിഃ പതാകാഭിർവിചിത്രാഭിരലംകൃതം 14
സ്രഗ്ഭിർവിചിത്രമാല്യാഭിർമ്മഞ്ജുശിഞ്ജത്ഷഡങ്ഘ്രിഭിഃ
ദുകൂലക്ഷൗമകൗശേയൈർന്നാനാവസ്ത്രൈർവിരാജിതം. 15
ഉപര്യുപരി വിന്യസ്തനിലയേഷു പൃഥക് പൃഥക്
ക്ഷിപ്തൈഃ കശിപുഭിഃ കാന്തം പര്യങ്കവ്യജനാസനൈഃ. 16
തത്ര തത്ര വിനിക്ഷിപ്തനാനാശില്പോപശോഭിതം
മഹാമരകതസ്ഥല്യാ ജുഷ്ടം വിദ്രുമവേദിഭിഃ. 17
ദ്വാഃസു വിദ്രുമദേഹല്യാ ഭാതം വജ്രകപാടവത്
ശിഖരേഷ്വിന്ദ്രനീലേഷു ഹേമകുംഭൈരധിശ്രിതം. 18
ചക്ഷുഷ്മത്പത്മരാഗാഗ്ര്യൈർവജ്രഭിത്തിഷു നിർമ്മിതൈഃ
ജുഷ്ടം വിചിത്രവൈതാനൈർമ്മഹാർഹൈർഹേമതോരണൈഃ. 19
ഹംസപാരാവതവ്രാതൈസ്തത്ര തത്ര നികൂജിതം
കൃത്രിമാൻ മന്യമാനൈസ്സ്വാനധിരുഹ്യാധിരുഹ്യ ച. 20
വിഹാരസ്ഥാനവിശ്രാമസംവേശപ്രാങ്ഗണാജിരൈഃ
യഥോപജോഷം രചിതൈർവിസ്മാപനമിവാത്മനഃ 21
ഈദൃഗ്ഗൃഹം തത് പശ്യന്തീം നാതിപ്രീതേന ചേതസാ
സർവ്വഭൂതാശയാഭിജ്ഞഃ പ്രാവോചത് കർദ്ദമഃ സ്വയം: 22
''നിമജ്ജ്യാസ്മിൻ ഹ്രദേ ഭീരു വിമാനമിദമാരുഹ
ഇദം ശുക്ലകൃതം തീർത്ഥമാശിഷാം യാപകം നൃണാം.'' 23
സാ തദ്ഭർത്തുസ്സമാദായ വചഃ കുവലയേക്ഷണാ
സരജം ബിഭ്രതീ വാസോ വേണീഭൂതാംശ്ച മൂർദ്ധജാൻ. 24
അങ്ഗം ച മലപങ്കേന സംച്ഛന്നം ശബലസ്തനം
ആവിവേശ സരസ്വത്യാസ്സരശ്ശിവജലാശയം. 25
സാന്തസ്സരസി വേശ്മസ്ഥാശ്ശതാനി ദശ കന്യകാഃ
സർവ്വാഃ കിശോരവയസോ ദദർശോത്പലഗന്ധയഃ. 26
താം ദൃഷ്ട്വാ സഹസോത്ഥായ പ്രോചുഃ പ്രാഞ്ജലയഃ സ്ത്രിയഃ
വയം കർമ്മകരീസ്തുഭ്യം, ശാധി നഃ കരവാമ കിം? 27
സ്നാനേന താം മഹാർഹേണ സ്നാപയിത്വാ മനസ്വിനീം
ദുകൂലേ നിർമ്മലേ നൂത്നേ ദദുരസ്യൈ ച മാനദാഃ. 28
ഭൂഷണാനി പരാർദ്ധ്യാനി വരീയാംസി ദ്യുമന്തി ച
അന്നം സർവ്വഗുണോപേതം പാനം ചൈവാമൃതാസവം. 29
അഥാദർശേ സ്വമാത്മാനം സ്രഗ്വിണം വിരജാംബരം
വിരജം കൃതസ്വസ്ത്യയനം കന്യാഭിർബ്ബഹുമാനിതം. 30
സ്നാതം കൃതശിരഃസ്നാനം സർവ്വാഭരണഭൂഷിതം
നിഷ്കഗ്രീവം വലയിനം കൂജത്കാഞ്ചനനൂപുരം. 31
ശ്രോണ്യോരധ്യസ്തയാ കാഞ്ച്യാ കാഞ്ചന്യാ ബഹുരത്നയാ
ഹാരേണ ച മഹാർഹേണ രുചകേന ച ഭൂഷിതം. 32
സുദതാ സുഭ്രുവാ ശ്ലക്ഷ്ണസ്നിഗ്ധാപാംഗേന ചക്ഷുഷാ
പദ്മകോശസ്പൃധാ നീലൈരളകൈശ്ച ലസന്മുഖം. 33
യദാ സസ്മാര ഋഷഭമൃഷീണാം ദയിതം പതിം
തത്ര ചാസ്തേ സഹ സ്ത്രീഭിര്യത്രാസ്തേ സ പ്രജാപതിഃ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയൻ പറഞ്ഞു
കാന്തതൻ കാമസമ്പൂർത്തിവരുത്തുവാൻ
ചിന്തിച്ചിരുന്നാൻ സമാധിയിൽക്കർദ്ദമൻ
കാമഗമാകും വിമാനമൊന്നാശ്രമ-
ഭൂമിയിലക്ഷണമാവിർഭവിച്ചിതേ. 12
നാനാമണിസ്തംഭയുക്തമായ്, മുക്തക-
ശ്രേണി പതിച്ചതായ്, സമ്പത്സമൃദ്ധമായ്,
ചാരുതരമാ വിമാനം, മനതാരി-
ലോരുവതെല്ലാമരുളാൻ സമർത്ഥമാം. 13
ശ്രേഷ്ഠമാം വീട്ടുസാമാനങ്ങൾചേർന്നതായ്
പുഷ്പസുഖമേതുനാളുമേകുന്നതായ്
ചിത്രമാം പട്ടുതുണികളാൽ തീർത്തുള്ള
പട്ടികാപങ്ക്തിപതാകകളും ചേർന്നു
നാനാനിറമെഴും പൂക്കളൊൽക്കെട്ടിയ
ചേണാർന്ന മാലയിൽ വണ്ടുകൾ മേളിച്ചു
പട്ടുപ്പുഴന്നൂൽ, ചണം, രോമമാദിയാൽ
സുഷ്ഠുവായ് നെയ്തുള്ള പട്ടണിയുന്നതായ്,
മേല്ക്കുമേലുള്ള നിലകളിൽ വീജനം,
നൽക്കട്ടിലാസനം ശയ്യയും ചേർന്നതായ്,14-16
കോലായ്കൾ നല്ലവിഴത്തിനാലും തറ
ചേലായ് മരതകംകൊണ്ടും രചിച്ചതായ്,
അങ്ങിങ്ങു ശില്പകലാകൗശലങ്ങളാൽ
തുംഗപ്രഭവീശി ലാലസിക്കുന്നതായ്
ദ്വാരങ്ങളിലുള്ള വാതിൽ വജ്രങ്ങളാ-
ലാരചിച്ചമ്മരം നല്ലവിഴത്തിലും
ഇന്ദ്രനീലാഭമാം പ്രാസാദമൗലിയിൽ
പൊൻതാഴികക്കുടമൊത്തു ലസിപ്പതായ്,
17-18
നേത്രങ്ങളോ എന്നു തോന്നുംവിധം വജ്ര-
ഭിത്തികളിൽ പദ്മരാഗങ്ങൾ ചേർന്നതായ്,
ചിത്രവിതാനങ്ങൾ പൊൻതോരണങ്ങളു-
മൊത്തിതു നിസ്തുലം ശോഭിച്ചിരുന്നിതു. 19
കൃത്രിമമായതിൽ പ്രാ,വന്നമാദിയാം
പത്രിഗണത്തെ വരച്ചിരിക്കുന്നതു
പാർത്തുടൻ ഗോത്രജരെന്നോർത്തു ചെന്നങ്ങു
പാർത്തു പതത്രികൾ ചേർപ്പു കളസ്വനം. 20
കേളിസ്ഥലം, വിശ്രമത്തിന്നിടം, നിദ്ര-
യാളാൻ പദ,മങ്കണം, പുറമുററവും
ഇച്ഛിച്ചമട്ടൊക്കെയൊത്തുചേർന്നുള്ളതാ-
ണച്ചതരമാകമാ വിമാനോത്തമം.
മാമുനിശ്രേഷ്ഠനാം കർദ്ദമൻ തന്നെയു-
മാമഗ്നനാക്കി,യതദ്ഭുതാംഭോധിയിൽ. 21
നല്പതാമസ്സുദനത്തെയുമുൾത്തെളി-
വില്ലാതെ നില്ക്കുന്ന നല്ലാർമണിയെയും
കണ്ടുടനന്യവിചാരം ധരിക്കുവാൻ
പണ്ടേ സമർത്ഥനാമമ്മുനിയോതിനാൻ: 22
''ബിന്ദുസരസ്സാണിതു ഭഗവത്കൃതം
ചെന്നിറങ്ങിബ്ഭീരു! നേരേ കളിച്ചു നീ
വന്നീ വിമാനത്തിലേറുക തീർത്ഥമി-
തെന്നും മനുഷ്യാഭിലാഷപ്രദായകം.'' 23
മുണ്ടു മുഷിഞ്ഞു, മുടി ജടയാർന്നു,ഴ-
ക്കാണ്ടു ശരീരമശേഷം, കുചങ്ങളും
പാരം വിളർത്തു, വിഷമിച്ചു നിന്നിടും
സാരസലോചന ഭർത്തൃവാക്യം കേട്ടു
നേരേ സരസ്വതീവാഹിനിയിൽപെടും
പേരാർന്ന ബിന്ദുസരസ്സിലിറങ്ങിനാൾ. 24-25
മുങ്ങീടവേയവൾ കണ്ടാളതിലൊരു
ഭംഗിയേറീടും ഭവനവുമായതിൽ
കായത്തിൽനിന്നു നല്ലുത്പലപ്പൂമണം
പായിക്കുമായിരം കന്യകമാരെയും. 26
ആയവളെക്കണ്ടു പെട്ടെന്നെണീററവർ
മായമെന്യേ തൊഴുതേററം വിനീതരായ്
''ഞങ്ങൾ ഭവതിതൻ ദാസികൾ വേണ്ടതെ-
ന്തിങ്ങു കല്പിച്ചാലു''മെന്നു ചൊന്നീടിനാർ. 27
ബന്ധുരമാം തച്ഛരീരത്തിൽ നല്ലപോൽ
ഗന്ധതൈലം പുരട്ടിക്കുളിപ്പിച്ചവർ
സന്തുഷ്ടയാക്കീട്ടവൾക്കു കൊടുത്തിതു
ചന്തമേറും രണ്ടു നല്ല വെൺപട്ടുകൾ. 28
ഉൽകൃഷ്ടമായ് വിലനിർണ്ണയിച്ചീടുവാ-
നൊക്കാത്ത ഭൂഷകളാലണിയിച്ചഥ
മൃഷ്ടമായിഗ്ഗുണസംയുക്തമാമന്ന-
മൂട്ടിക്കുടിപ്പിച്ചു പാരം സുധാസവം. 29
കണ്ണാടിയിലവൾ പിന്നെ നോക്കിക്കണ്ടു
മിന്നുന്ന തന്നംഗമോരോന്നുമങ്ങനെ
മാലയണിഞ്ഞതിനിർമ്മലമായിടും
ചേല ധരിച്ചു കൃതശുഭവേഷയായ്
കന്യകമാരാൽ ബഹുമാനിതയുമാ-
യെണ്ണതേച്ചുത്തമാംഗസ്നാനശുദ്ധയായ്
ഭൂഷണമെല്ലാമണിഞ്ഞും ഗളമതിൽ
ഭാസുരനിഷ്കം, വളകൾ കരങ്ങളിൽ,
മിന്നുന്ന രത്നങ്ങളേറെപ്പതിച്ചുള്ള
പൊന്നരഞ്ഞാണരതന്നിലും ചേർത്തഥ
മൂല്യമേറും മുത്തുമാലയാർന്നും തുല്യ-
മില്ലാത്ത ഗന്ധകുളിക്കൂട്ടു ചാർത്തിയും
ചാരുദന്തങ്ങൾ നൽച്ചില്ലികളും പദ്മ-
കോരകം മഞ്ജും കടാക്ഷവിക്ഷേപവും
ചേർന്നു ലസിക്കും മുഖമൊത്തിണങ്ങിടും
പൂർണ്ണദിവ്യാകൃതി കണ്ണാടിയിൽ നോക്കി
തന്നിൽപ്പരം പ്രേമമാളുമൃഷീന്ദ്രനാം
തന്നാത്മനാഥനെയോർമ്മിച്ചമാത്രയിൽ
കിങ്കരിമാരൊത്തു താൻ നിന്നിടുന്നതു
തൻകണവൻെറ ചാരത്തെന്നറിഞ്ഞിതു. 30-34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭർത്തുഃ പുരസ്താദാത്മാനം സ്ത്രീസഹസ്രവൃതം തദാ
നിശാമ്യ തദ്യോഗഗതിം സംശയം പ്രത്യപദ്യത. 35
സ താം കൃതമലസ്നാനാം വിഭ്രാജന്തീമപൂർവ്വവത്
ആത്മനോ ബിഭ്രതീം രൂപം സംവീതരുചിരസ്തനീം. 36
വിദ്യാധരീസഹസ്രേണ സേവ്യമാനാം സുവാസസം
ജാതഭാവോ വിമാനം തദാരോഹയദമിത്രഹൻ. 37

തസ്മിന്നലുപ്തമഹിമാ പ്രിയയാനുരക്തോ
വിദ്യാധരീഭിരുപചീർണ്ണവപുർവിമാനേ
ബഭ്രാജ ഉത്കചകുമുദ്ഗണവാനപീച്യ-
സ്താരാഭിരാവൃത ഇവോഡുപതിർനഭഃസ്ഥഃ. 38
തേനാഷ്ടലോകപവിഹാരകുലാചലേന്ദ്ര-
ദ്രോണീഷ്വനംഗസഖമാരുതസൗഭഗാസു
സിദ്ധൈർനുതോ ദ്യുധുനിപാതശിവസ്വനാസു
രേമേ ചിരം ധനദവല്ലലനാവരൂഥീ. 39

വൈശ്രംഭകേ സുരസനേ നന്ദനേ പുഷ്പഭദ്രകേ
മാനസേ ചൈത്രരഥ്യേ ച സ രേമേ രാമയാ രതഃ. 40
ഭ്രാജിഷ്ണുനാ വിമാനേന കാമഗേന മഹീയസാ
വൈമാനികാനത്യശേത ചരംല്ലോകാൻ യഥാനിലഃ. 41
കിം ദുരാപാദനം തേഷാം പുംസാമുദ്ദാമചേതസാം
യൈരാശ്രിതസ്തീർത്ഥപദശ്ചരണോ വ്യസനാത്യയഃ 42
പ്രേക്ഷയിത്വാ ഭുവോ ഗോളം പത്ന്യൈ യാവാൻ സ്വസംസ്ഥയാ
ബഹ്വാശ്ചര്യം മഹായോഗീ സ്വാശ്രമായ ന്യവർത്തത. 43
വിഭജ്യ നവധാഽഽത്മാനം മാനവീം സുരതോത്സുകാം
രാമാം നിരമയൻ രേമേ വർഷപൂഗാൻ മുഹൂർത്തവത്. 44
തസ്മിൻ വിമാന ഉത്കൃഷ്ടാം ശയ്യാം രതികരീം ശ്രിതാ
ന ചാബുദ്ധ്യത തം കാലം പത്യാപീച്യേന സംഗതാ. 45
ഏവം യോഗാനുഭാവേന ദമ്പത്യോ രമമാണയോഃ
ശതം വ്യതീയുശ്ശരദഃ കാമലാലസയോർമ്മനാക്. 46
തസ്യാമാധത്ത രേതസ്താം ഭാവയന്നാത്മനാഽഽത്മവിത്
നോധാ വിധായ രൂപം സ്വം സർവ്വസങ്കല്പവിദ്വിഭുഃ. 47;
അതസ്സാ സുഷുവേ സദ്യോ ദേവഹൂതിഃ സ്ത്രിയഃ പ്രജാഃ
സർവ്വാസ്താശ്ചാരുസർവ്വാംഗ്യോ ലോഹിതോത്പലഗ-
ന്ധയഃ 48
പതിം സാ പ്രവ്രജിഷ്യന്തം തദാഽഽലക്ഷ്യോശതീ സതീ
സ്മയമാനാ വിക്ലവേന ഹൃദയേന വിദൂയതാ. 49
ലിഖന്ത്യധോമുഖീ ഭൂമിം പദാ നഖമണിശ്രിയാ
ഉവാച ലളിതാം വാചം നിരുധ്യാശ്രുകലാം ശനൈഃ. 50

ദേവഹൂതിരുവാച

സർവ്വം തദ്ഭഗവാൻ മഹ്യമുപോവാഹ പ്രതിശ്രുതം
അഥാപി മേ പ്രപന്നായാ അഭയം ദാതുമർഹസി. 51
ബ്രഹ്മൻ, ദുഹിതൃഭിസ്തുഭ്യം വിമൃഗ്യാഃ പതയസ്സമാഃ
കശ്ചിത് സ്യാന്മേ വിശോകായ ത്വയി പ്രവ്രജിതേ വനം. 52
ഏതാവതാലം കാലേന വ്യതിക്രാന്തേന മേ പ്രഭോ!
ഇന്ദ്രിയാർത്ഥ പ്രസംഗേന പരിത്യക്തപരാത്മനഃ. 53
ഇന്ദ്രിയാർത്ഥേഷു സജ്ജന്ത്യാ പ്രസംഗഃ ത്വയി മേ കൃതഃ
അജാനന്ത്യാ പരം ഭാവം തഥാപ്യസ്ത്വഭയായ മേ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയിരം ദാസികളൊത്തുതാൻ നില്പത-
പ്പ്രേയാൻെറ മുമ്പിലടുത്തുതാനെന്നതും
അമ്മഹാനുള്ള യോഗപ്രഭാവത്തെയും
തന്മനതാരിൽ നിനച്ചപ്പതിവ്രത
ഇക്കാണ്മതൊക്കെപ്പരമാത്മമോയെന്നു
ചിക്കെന്നു ശങ്കാകുലയായ് ഭവിച്ചിതു. 35
മുന്നേതിലുംപരം ശോഭിതയായ് കുച-
ക്കുന്നു മറച്ചു മൂടലവസ്ത്രത്തിനാൽ
നിസ്തുലമാം പൂർവ്വസൗന്ദര്യവും വീണ്ടു
വിദ്യാധരീസഹസ്രാരാധ്യമാനയായ്
അഞ്ചിതവസ്ത്രാഢ്യയാമവളെക്കണ്ടു
പഞ്ചബാണാമയംപൂണ്ടജിതേന്ദ്രിയൻ
ആ വിമാനത്തിൽ കയററിയിരുത്തിനാൻ
ഹേ വിദുരാ! വിസ്മയപ്പെടാനില്ലിതിൽ.36-37
ഏറെ മാഹാത്മ്യമിയന്നു തൻ പത്നിയിൽ
പാരമനുരാഗമാന്നു മനോജ്ഞനായ്
കിന്നരീസേവിതനായാ വിമാനത്തിൽ
നന്നായ് വിളങ്ങിനാനാ മുനിനായകൻ
ഫുല്ലകമുദാഢ്യനായൃക്ഷമദ്ധ്യത്തി-
ലുല്ലസിക്കും നഭഃസ്ഥൻ ശശിയെന്നപോൽ. 38
സന്തമാമാ വിമാനത്തിലനംഗനു-
ബന്ധുവാം കാററേറ്റുതി മനോജ്ഞാംഗനായ്
വിണ്ണാറൊഴുക്കിൻ ശുഭകളനാദമൊ-
ത്തെന്നുമട്ടിൽപാലലീലാപ്രദേശമായ്
മിന്നും മഹാമേരുവിൻ കുഹരങ്ങളിൽ
നന്ദിതസിദ്ധസംഘസ്തുതനായ് ചിരം
സുന്ദരീവൃന്ദാനപിതനായ് രമിച്ചിതു
കിന്നരേശന്നുസമാനനായമ്മുനി. 39
പിന്നെയവളൊത്തു തുഷ്ടനായ് മാനസം,
നന്ദനം, ചൈത്രരഥം, പുഷ്പഭദ്രകം,
ചാരുസുരസനം, വൈശ്രംഭകമെന്ന
പേരാന്ന പൂവനംതോറും രമിച്ചിതു. 40
ആശപോലെങ്ങുമെത്തുന്നതായ് സുപ്രഭ
വീശുന്നതായ് മഹത്താമതിലങ്ങനെ
സഞ്ചരിച്ചിട്ടാ വിമാനചരക്കെഴും
സഞ്ചയത്തേയുമതിശയിച്ചീടിനാൻ. 41
ആർത്തിയകററും ഭഗവാൻ മുകുന്ദൻെറ
തീർത്ഥപദസരോജങ്ങളിൽ മാനസം
ചേർത്തുറപ്പിച്ചോരു മർത്ത്യന്നു പാക്കിലീ-
പാർത്ഥലംതന്നിലസാദ്ധ്യമെന്തുള്ളതും? 42
അന്തമററദ്ഭുതമേററുന്ന ഭൂഗോള-
കാന്തി, തൻകാന്തയെക്കാട്ടിയിട്ടേററവും
സന്തുഷ്ടയാക്കിയൊടുവിൽ നിജാശ്രമ-
പ്രാന്തത്തിലേക്കു മടങ്ങിവന്നീടിനാൻ. 43
ആരമിപ്പിക്കാൻ സമർത്ഥയായൗത്സുക്യ-
മാരതിക്രീഡയിൽ വാച്ചും മനുജയെ
തൃപ്പയാക്കാനൊൻ പതാകാരമാന്നനേ-
കാബ്ദം ക്ഷണംപോൽ രമിപ്പിച്ചിതേ മുനി. 44
ആ വിമാനത്തിലെ,ക്കാമംവളത്തിടം
പൂവണിമെത്തയിൽ സുന്ദരനായിട്ടം
കാന്തനുമായ് ക്രീഡചെയ്തു രമിക്കയാൽ
ചിന്തിച്ചതില്ല നാംപോയതേതും സതി. 45
ഇങ്ങനെ യോഗപ്രഭാവത്തിനാൽ ക്രമ-
മംഗത്തിനേലാതെ സംഭോഗലോലരായ്
സംഗമസൗഖ്യത്തിലാണ്ടു നൂറാണ്ടുവ-
ക്കങ്ങനെ പോയിതു മാത്രസ്സുതുല്യമായ്. 46
സർവ്വസങ്കല്പവും പാത്തു സമസ്തവും
നിർവ്വഹിക്കാൻ പടുവായാത്മവിജ്ഞനാം
ആ യോഗി ദേഹാദ്ധഭാവനയോടു പി-
ന്നായവളിൽത്തൻെറ വീര്യമർപ്പിച്ചിതു. 47
ആകയാലൊൻപതു കന്യകളേയവ-
ളാകുലമററാശു പെററിതൊന്നിച്ചുതാൻ.
ചെന്താമരപ്പൂമണവുമനന്യമാം
ചന്തവും ചേർന്നു വിളങ്ങീടിനാരവർ. 48
അപ്പോൾ സുശീലയാം സാദ്ധ്വീമണിയവൾ
തത്പതി വിട്ടുഃപാവാന്തുടങ്ങുന്നതു
പാത്തു പുറമേ ചിരിച്ചു പരവശ-
ചിത്തയായ്ത്തൻ നഖരത്നപ്രഭയെഴും
കാലിനാൽ മന്നിൽ വരച്ചു കുനിഞ്ഞുനി-
ന്നോലും മിഴിനീരൊതുക്കിയോതീടി-
നാൾ. 49-50

ദേവഹൂതി പറഞ്ഞു

എല്ലാം പ്രതിജ്ഞപോൽ സർവ്വത്തിനും കഴി-
വുള്ള ഭവാനിഹ സാധിച്ചതന്നു മേ
എന്നാലുമങ്ങൊഴിഞ്ഞാശ്രയമററെഴ-
മെന്നെയിനിബ്ഭയം തീണ്ടാതെ പോറ്റുക. 51
ബ്രഹ്മജ്ഞമാമുനേ! ഞാൻ പറയാതെതാൻ
കാണ്മാൻകഴിവുണ്ടവിടേക്കശേഷവും
നിന്തിരുമേനിതൻ പുത്രികാംക്കൊത്തുള്ള
കാന്തരെത്തേടേണ്ട ഭാരവുമെന്നിലായ്
ആകയാലങ്ങു വനംഗമിച്ചീടവേ
ശോകശാന്തിക്കൊരു പുത്രനെയേകണം. 52
നിത്യമല്ലാത്ത വിഷയസുഖങ്ങളിൽ
മാത്രം മതിവച്ചു മോക്ഷേച്ഛയെന്നിയേ
ഇത്രയുംകാലം കഴിച്ചതുപോരുമെ-
ന്നത്രേ വിചാരിപ്പു ഞാനുമിപ്പോൾ പ്രഭോ! 53
മുക്തിനൽകീടുവാൻ നിന്തിരുമേനിക്കു
ശക്തിയുണ്ടെന്നറിയാതെ ഞാൻ കേവലം
ഇന്ദ്രിയാനന്ദത്തിനായ് ത്വത്സമാഗമം
ഹന്ത,പാഴാക്കിക്കളഞ്ഞെന്നിരിക്കിലും
എന്നഭയത്തിനായ്ത്തന്നെ ഭവിക്കട്ടെ!
ഇന്നിമേലെന്നുടെയാസക്തിയങ്ങയിൽ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഗോ യസ്സംസൃതേർഹേതുരസത്സു വിഹിതോ/ധിയാ
സ ഏവ സാധുഷു കൃതോ നിസ്സംഗത്വായ കല്പതേ. 55
നേഹ യത്കർമ്മ ധർമ്മായ ന വിരാഗായ കല്പതേ
ന തീർത്ഥപദസേവായൈ ജീവന്നപി മൃതോ ഹി സഃ. 56
സാഹം ഭഗവതോ നൂനം വഞ്ചിതാ മായയാ ദൃഢം
യത്ത്വാം വിമുക്തിദം പ്രാപ്യ ന മുമുക്ഷേയ ബന്ധനാത്. 57

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ത്രയോവിംശതിതമോ/ധ്യായഃ

ചതുർവ്വിംശതിതമോ/ധ്യായഃ

മൈത്രേയ ഉവാച
നിർവ്വേദവാദിനീമേവം മനോർദുഹിതരം മുനിഃ
ദയാലുശ്ശാലിനീമാഹ ശുക്ലാഭിവ്യാഹൃതം സ്മരൻ. 1

ഋഷിരുവാച
മാ ഖിദോ രാജപുത്രീത്ഥമാത്മാനം പ്രത്യനിന്ദിതേ
ഭഗവാംസ്തേ/ക്ഷരോ ഗർഭമദൂരാത്സംപ്രപത്സ്യതേ. 2
ധൃതവ്രതാസി ഭദ്രം തേ ദമേന നിയമേന ച
തപോദ്രവിണദാനൈശ്ച ശ്രദ്ധയാ ചേശ്വരം ഭജ. 3
സ ത്വയാ//രാധിതഃ ശുക്ലോ വിതന്വൻ മാമകം യശഃ
ഛേത്താ തേ ഹൃദയഗ്രന്ഥിമൗദര്യോ ബ്രഹ്മഭാവനഃ. 4

മൈത്രേയ ഉവാച
ദേവഹൂത്യപി സന്ദേശം ഗൗരവേണ പ്രജാപതേഃ
സമ്യക് ശ്രദ്ധായ പുരുഷം കൂടസ്ഥമഭജദ്ഗുരും. 5
തസ്യാം ബഹുതിഥേ കാലേ ഭഗവാൻ മധുസൂദനഃ
കാർദ്ദമം വീര്യമാപന്നോ ജജ്ഞേ/ഗ്നിരിവ ദാരുണി. 6
അവാദയംസ്തദാ വ്യോമ്നി വാദിത്രാണി ഘനാഘനാഃ
ഗായന്തി തം സ്മ ഗന്ധർവ്വാ നൃത്യന്ത്യപ്സരസോ മുദാ. 7
പേതുസ്സുമനസോ ദിവ്യാഃ ഖേചരൈരപവർജ്ജിതാഃ
പ്രസേദുശ്ച ദിശസ്സർവ്വാ അംഭാംസി ച മനാംസി ച. 8
തത്കർദ്ദമാശ്രമപദം സരസ്വത്യാ പരിശ്രിതം
സ്വയംഭൂസ്സാകമൃഷിഭിർമ്മരീച്യാദിഭിരഭ്യയാത്. 9
ഭഗവന്തം പരം ബ്രഹ്മ സത്ത്വേനാംശേന ശത്രുഹൻ
തത്ത്വസംഖ്യാനവിജ്ഞപ്ത്യൈ ജാതം വിദ്വാനജഃ സ്വരാട്. 10
സഭാജയൻ വിശുദ്ധേന ചേതസാ തച്ചികീർഷിതം
പ്രഹൃഷ്യമാണൈരസുഭിഃ കർദ്ദമം ചേദമഭ്യധാത്. 11

ബ്രഹ്മോവാച
ത്വയാ മേ/പചിതിസ്താത കല്പിതാ നിർവ്യളീകതഃ
യന്മേ സഞ്ജഗൃഹേ വാക്യം ഭവാന്മാനദ മാനയൻ. 12
ഏതാവത്യേവ ശുശ്രൂഷാ കാര്യാ പിതരി പുത്രകൈഃ
ബാഢമിത്യനുമന്യേത ഗൗരവേണ ഗുരോർവ്വചഃ. 13
ഇമാ ദുഹിതരസ്സഭ്യ തവ, വത്സ, സുമധ്യമാഃ
സർഗ്ഗമേതം പ്രഭാവൈഃ സ്വൈർബൃംഹയിഷ്യന്ത്യനേകധാ. 14
അതസ്ത്വമൃഷിമുഖ്യേഭ്യോ യഥാശീലം യഥാരുചി
ആത്മജാഃ പരിദേഹ്യദ്യ വിസ്തൃണീഹി യശോ ഭുവി. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഷ്ടസംസർഗ്ഗം ഭവദുഃഖഹേതുവാം
ശിഷ്ടസമാഗമം ക്ലേശവിനാശകം

ആകയാലങ്ങുമായുള്ള മത്സംഗമ–
മേകുമെനിക്കു നിസ്സംഗത്വനിർവൃതി. 55

ധർമ്മത്തിനായും വിരക്തിക്കുവേണ്ടിയും
നിർമ്മലവിഷ്ണുപദസേവനത്തിനും

ആരുടെ ജന്മം ഭവിച്ചിട്ടന്നില്ലയോ
പാരിലവൻ മൃതൻതാ,നില്ല സംശയം. 56

വഞ്ചിതയായ് ഭഗവന്മായയാലെ ഞാ–
നഞ്ചിതമൂർത്തേ! യതിനില്ല സംശയം

മുക്തിയരുളും ഭവാനെ ലഭിച്ചിട്ടു–
മക്കാര്യമൊക്കാതെപോയിതല്ലോ മുനേ! 57

അദ്ധ്യായം 24

കപിലാവതാരം

മൈത്രേയൻ പറഞ്ഞു

നിർവ്വേദവാദിനിയായ് സുശീലത്തിനാൽ
സർവ്വാദൃതയാകുമമ്മനുപുത്രിയിൽ

പേർത്തും കനിഞ്ഞു ഭഗവാന്റെ വാക്കുക–
ളോർത്തീവിധം കഥിച്ചീടിനാൻ കർദ്ദമൻ. 1

ഋഷി പറഞ്ഞു

ഖേദിച്ചിടായ്ക വെറുതേ നൃപാത്മജേ!
നീ ദോഷമററവളും ഭാഗ്യവതി ദൃഢം

അക്ഷയനാകും ഭഗവാൻ ഹരി നിന്റെ
കുക്ഷിസ്ഥിതനായ്‌വരും താമസംവിനാ. 2

നേരേ വ്രതം മുൻപനുഷ്ഠിച്ച നീ ദൃഢം;
നേരുന്നിതു ഞാൻ നിനക്കു സന്മങ്ഗലം!

ദാനം ദമനിയമങ്ങളും തപസ്സതും
താനേയനുഷ്ഠിച്ചു സേവിക്കകീശനെ. 3

ഈവിധം നിന്നാൽ പ്രപൂജിതനാം വിഷ്ണു–
ദേവൻ തവ ജഠരത്തിൽ ജനിച്ചിടും

കർദ്ദമപുത്രനായ് ദൈത്യാരി തീർന്നെന്ന
കീർത്തിചാർത്തിക്കുമെനി,ക്കെന്നതല്ലവൻ

ബ്രഹ്മതത്ത്വത്തെ നിനക്കുപദേശിച്ചു
നന്മട്ടിലജ്ഞാനമൂലമറുത്തിടും. 4

മൈത്രേയൻ പറഞ്ഞു

കർദ്ദമസന്ദേശമെത്രയും ശ്രദ്ധയോ–
ടുത്തമയാമമ്മനുനന്ദിനി കേട്ടു

കൂടസ്ഥനാം പരൻപൂരുഷനെബ്ഭക്തി–
യോടു നിതാന്തം ഭജിച്ചു വാണീടിനാൾ. 5

ഏറെനാളിങ്ങനെ പോകവേ കർദ്ദമ–
വീര്യമാപിച്ചു ഭഗവാൻ ജനാർദ്ദനൻ

മന്വാത്മജയിൽ പിറന്നാ,നരണിയിൽ
നിന്നു വൈശ്വാനരനെന്നതുപോലവേ. 6

ദുന്ദുഭിതൊട്ട വാദ്യങ്ങളപ്പോഴും സുര–
വൃന്ദം മുഴക്കീ ഘനസ്വനസന്നിഭം.

കിന്നരന്മാർ പാടി വൈകുണ്ഠവിക്രമം,
കിന്നരിമാർ നൃത്തമാടിനാർ തുഷ്ടിയാൽ. 7

പൂമലർതൂകീ സുരന്മാരതൊക്കെയും
ഭൂമിയിലെങ്ങും പതിച്ചു തെരുതെരെ.

ദിക്കു,ജലാശയം, ജീവിജാലങ്ങളന്ത–
രംഗക്കാമ്പിവയൊക്കെ നന്നായ്ത്തെളി–
ഞ്ഞിതു. 8

ശ്രദ്ധസരസ്വതീവാഹിനിചൂഴമാ
കർദ്ദമപുണ്യാശ്രമപദം പാവനം

എത്തിനാരാദരപൂർവ്വം മരീച്യാദ്യ–
രൊത്തു സന്തുഷ്ടനായ് സാരസസംഭവൻ. 9

ശത്രുജിത്തായ വിദുര! കഥിച്ചിടാം
തത്ര വിധാതാവു വന്നതിൻ കാര്യവും

സത്ത്വാംശയുക്തനായ് തത്ത്വചിന്തയ്ക്കു സ–
മർത്ഥമാം ശാസ്ത്രം പ്രകാശനംചെയ്യുവാൻ

കർദ്ദമപുത്രനായീശൻ ജനിച്ചുള്ള–
തോർത്തപ്പരിപാടി വാഴ്ത്തുവാൻ മാത്രമാം.

ഈശകൃത്യത്തെപ്പരമഭിനന്ദിച്ചു
ഭാഷിച്ചു കർദ്ദമനോടു പിതാമഹൻ. 10–11

ബ്രഹ്മാവു പറഞ്ഞു

എന്നുടെ കല്പന മാനിച്ചു കേട്ട നീ
നന്ദനാ! വാത്സല്യമേറുന്നു നിന്നിൽ മേ.

സ്വന്തം പിതാവിനോടാത്മജൻ ചെയ്യേണ്ട–
തെ,ന്തതു നിർവ്യാജമായ് നിർവഹിച്ചു നീ. 12

താതാജ്ഞയേതായിരിക്കിലുമക്ഷണം
സാദരം കേൾപ്പതത്രേ പുത്രധർമ്മവും. 13

ത്വൽപുത്രിമാരാകുമിസ്സുന്ദരാങ്ഗികൾ
സ്വപ്രഭാവത്താൽ ഭുവനനിർമ്മാണത്തിൽ

നാനാവിധത്തിൽ സഹായിച്ചനിശമെൻ
സൂനോ! വലുതാമഭിവൃദ്ധിചേർത്തിടും. 14

മക്കളെത്തച്ചീലരൂപാദിയൊക്കെയു–
മൊക്കും മരീച്യാദി മാമുനിമാർക്കു നീ

സാദരം മോദാലരുളിപ്പരുപ്പുകൾ
മേദിനിതന്നിൽപ്പരത്തുകെന്നാത്മജാ! 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദാഹമാദ്യം പുരുഷമവതീർണ്ണം സ്വമായയാ
ഭൂതാനാം ശേവധിം ദേഹം ബിഭ്രാണം കപിലം മുനേ! 16
ജ്ഞാനവിജ്ഞാനയോഗേന കർമ്മണാമുദ്ധരൻ ജടാഃ
ഹിരണ്യകേശഃ പദ്മാക്ഷഃ പദ്മമുദ്രാപദാംബുജഃ 17
ഏഷ മാനവി തേ ഗർഭം പ്രവിഷ്ടഃ കൈടഭാർദ്ദനഃ
അവിദ്യാസംശയഗ്രന്ഥിം ഛിത്ത്വാ ഗാം വിചരിഷ്യതി. 18
അയം സിദ്ധഗണാധീശസ്സാംഖ്യാചാര്യൈഃ സുസമ്മതഃ
ലോകേ കപില ഇത്യാഖ്യാം ഗന്താ തേ കീർത്തിവർദ്ധനഃ. 19

മൈത്രേയ ഉവാച
താവാശ്വാസ്യ ജഗത്സ്രഷ്ടാ കുമാരൈസ്സഹനാരദഃ
ഹംസോ ഹംസേന യാനേന ത്രിധാമപരമം യയൗ. 20
ഗതേ ശതധൃതൗ ക്ഷത്തഃ കർദ്ദമസ്തേന ചോദിതഃ
യഥോദിതം സ്വദുഹിതൄഃ പ്രാദാദ്വിശ്വസൃജാം തതഃ. 21
മരീചയേ കലാം പ്രാദാദനസൂയാമഥാത്രയേ,
ശ്രദ്ധാമംഗിരസേഽയച്ഛത്, പുലസ്ത്യായ ഹവിർഭുവം. 22
പുലഹായ ഗതിം, യുക്താം ക്രതവേ ച ക്രിയാം സതീം
ഖ്യാതിം ച ഭൃഗവേഽയച്ഛദ്വസിഷ്ഠായാപ്യരുന്ധതീം. 23
അഥർവ്വണേഽദദാച്ഛാന്തിം യയാ യജ്ഞോ വിതന്യതേ
വിപ്രർഷഭാൻ കൃതോദ്വാഹാൻ സദാരാൻ സമലാളയത്. 24
തതസ്ത ഋഷയഃ ക്ഷത്തഃ കൃതദാരാ നിമന്ത്ര്യ തം
പ്രാതിഷ്ഠന്നന്ദിമാപന്നാഃ സ്വം സ്വമാശ്രമമണ്ഡലം. 25
സ ചാവതീർണ്ണം ത്രിയുഗമാജ്ഞായ വിബുധർഷഭം
വിവിക്ത ഉപസംഗമ്യ പ്രണമ്യ സമഭാഷത. 26
''അഹോ പാപച്യമാനാനാം നിരയേ സ്വൈരമംഗളൈഃ
കാലേന ഭൂയസാ നൂനം പ്രസീദന്തീഹ ദേവതാഃ. 27
ബഹുജന്മവിപക്വേന സമ്യഗ്യോഗസമാധിനാ
ദ്രഷ്ടും യതന്തേ യതയഃ ശൂന്യാഗാരേഷു യത്പദം. 28
സ ഏവ ഭഗവാനദ്യ ഹേളനം നഗണയ്യ നഃ
ഗൃഹേഷു ജാതോ ഗ്രാമ്യാണാം യഃ സ്വാനാം പക്ഷപോഷണഃ 29
സ്വീയം വാക്യമൃതം കർത്തുമവതീർണ്ണോഽസി മേ ഗൃഹേ
ചികീർഷുർഭഗവാൻ ജ്ഞാനം ഭക്താനാം മാനവർദ്ധനഃ. 30
താന്യേവ തേഽഭിരൂപാണി രൂപാണി ഭഗവംസ്തവ
യാനി യാനി ച രോചന്തേ സ്വജനാനാമരൂപിണഃ. 31

ത്വാം സൂരിഭിസ്തത്ത്വബുഭുത്സയാദ്ധാ
സദാഭിവാദാർഹണപാദപീഠം
ഐശ്വര്യവൈരാഗ്യയശോഽവബോധ-
വീര്യശ്രിയാ പൂർത്തമഹം പ്രപദ്യേ. 32
പരം പ്രധാനം പുരുഷം മഹാന്തം
കാലം കവിം ത്രിവൃതം ലോകപാലം
ആത്മാനുഭൂത്യാനുഗതപ്രപഞ്ചം
സ്വച്ഛന്ദശക്തിം കപിലം പ്രപദ്യേ. 33
ആസ്മാഭിപൃച്ഛേഽദ്യ പതിം പ്രജാനാം
ത്വയാവതീർണ്ണർണ്ണ ഉതാപ്തകാമഃ
പരിവ്രജത്പദവീമാസ്ഥിതോഽഹം
ചരിഷ്യേ ത്വാം ഹൃദി യുഞ്ജൻ വിശോകഃ.'' 34

ശ്രീഭഗവാനുവാച
മയാ പ്രോക്തം ഹി ലോകസ്യ പ്രമാണം സത്യലൗകികേ
അഥാജനി മയാ തുഭ്യം യദവോചമൃതം മുനേ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാണികൾക്കെല്ലാം നിധിസമം നിർവാണ-
ദാനകുശലം കപിലകളേബരം
മായയാലംഗീകരിച്ചാദിപൂരുഷ-
നീയാലയത്തിൽ ജനിച്ചെന്നറിഞ്ഞു ഞാൻ. 16
ജ്ഞാനവിജ്ഞാനയോഗോപദേശങ്ങളാൽ
നാനാവിധകർമ്മവാസന പോക്കുവാൻ
കാരുണ്യമാർന്നു സുവർണ്ണവർണ്ണം പെടും
ചാരുകേശം സരസീരുഹലോചനം
സാരസരേഖാവിരാജിതമാം പദ-
താരിവയൊത്തു നിൻ ഗർഭഗതനായ
നാരായണസ്വാമി നിന്നുടെയജ്ഞത
ദൂരീകരിച്ചു സന്ദേഹങ്ങളും തീർത്തു
നിന്നെയിസ്സംസാരദുഃഖത്തിൽനിന്നേററി
മന്നിലെങ്ങും സഞ്ചരിക്കും മനസ്വതേ! 17-18
പാരിൽക്കപിലനെന്നാകുമിദ്ദേവനു
പേരു, സാംഖ്യാചാര്യസമ്മതനാമിവൻ.
സിദ്ധഗണത്തിന്നധീശ്വരനും തവ
കീർത്തിപരത്തുന്നവനുമായ്ത്തീർന്നിടും. 19

മൈത്രേയൻ പറഞ്ഞു

കർദ്ദമൻതന്നെയും പത്നിയേയും ജ്ഞാന-
മൂർത്തി വിരിഞ്ചൻ സമാശ്വസിപ്പിച്ചഥ
നാരദനും സനകാദ്യരുമൊത്തന്ന-
മേറി നിജ സത്യലോകമണഞ്ഞിതു. 20
ബ്രഹ്മാജ്ഞയാദരിച്ചമ്മുനിപുംഗവൻ
സമ്മോദമാർന്നു ഭുവനവൃദ്ധ്യർത്ഥമായ്
അമ്മരീച്യാദ്യരാം മാമുനീന്ദ്രന്മാർക്കു
തന്മക്കളെപ്പിന്നെ നൽകീ യഥോചിതം. 21
അത്രിക്കനസൂയയെ,യംഗിരസ്സിനായ്
ശ്രദ്ധയെ,യമ്മരീചിക്കു കലയെയും
പിന്നെപ്പുലസ്ത്യമുനിക്കായ് ഹവിർഭ്രുവ-
തന്നെയു,മപ്പുലഹന്നു ഗതിയെയും
പിന്നെ ക്രതുവിനു സാദ്ധ്വിയാകും ക്രിയ
തന്നെ,ബ്ഭൃഗുവിനായ് ഖ്യാതിയേയും തഥാ
ശ്രീവസിഷ്ഠന്നായരുന്ധതിയേ,യഥ-
ർവ്വാവിനായദ്ധ്വരശ്രദ്ധ വളർത്തിടും
ശാന്തിയേയും മുദാ നൽകീട്ടു മാമുനി
കാന്തായുതരാമവരെ ലാളിച്ചിതു. 22-24
ഭാര്യമാരെസ്സ്വീകരിച്ചമ്മഹർഷിമാർ
പാരാതെ കർദ്ദമൻതന്നോടു യാത്രയും
ചൊല്ലി മുദിതരായിട്ടു താതാശ്രമ-
മുല്ലാസപൂർവ്വമണഞ്ഞാർ കുരുദ്വഹാ! 25
മൂന്നു യുഗത്തിലും നാനാവതാരങ്ങ-
ളാർന്നു ലോകം പരിപാലിച്ചിടും പരൻ
പുത്രനായിട്ടുവതീർണ്ണനെന്നായറി-
ഞ്ഞെത്തിയേകാന്തം നമിച്ചോതി കർദ്ദമൻ. 26
''കർമ്മദോഷത്താൽ നരകത്തിൽ വീണഹോ!
ചെമ്മേ ദഹിക്കും ജനങ്ങളങ്ങേററെനാൾ
ആരാധനംചെയ്യിട്ടപ്പൊഴദ്ദേവതാ-
പൂരം പ്രസാദിച്ചിട്ടുന്നതു ഭാഗ്യമാം. 27
ഏറിയകാലമനുഷ്ഠിച്ചു പാകമാ-
യോരു സമാധിയോഗത്താൽ യതീശ്വരർ
ആരുടെ പാദമേകാന്തസ്ഥലംതന്നിൽ
നേരേ നിരീക്ഷിക്കുവാൻ ശ്രമിക്കുന്നുവോ
അബ്ഭഗവാൻ വെറും പ്രാകൃതർ ഞങ്ങൾത-
ന്നല്പത്വമോരാതെയസ്മദ്ഗൃഹങ്ങളിൽ
ഇപ്പോൾ ജനിച്ചുവല്ലോ, ഭക്തപക്ഷത്തെ-
യെപ്പൊഴും പുഷ്ടമാക്കുന്ന കൃപാനിധി. 28-29
നിന്നുടെ പുത്രനായ് ഞാൻ ജനിച്ചീടുവ-
നെന്ന തൻ വാക്കു പാലിക്കുവാനും തഥാ
ഭക്താഗ്രഗണ്യരാം ഞങ്ങളിൽ വേണ്ടപോ-
ലുൾക്കനിവാർന്നു സമ്മാനദാനത്തിനും
ജ്ഞാനമൂലകിൽ വെളിപ്പെടുത്താനുമാ-
യാനന്ദമൂർത്തേ! ഭവാനിങ്ങു ജാതനായ്. 30
ഭക്തജനാശിസ്സിനായരൂപൻ ഭവാൻ
കൈക്കൊള്ളുമോരോരു രൂപവും യുക്തമാം. 31
ജ്ഞാനേച്ഛയേറിടും സൂരികളാൽ നിത്യ-
മാനമ്യമായുള്ള പാദപീഠത്തൊടും
വൈരാഗ്യഭൂതികൾ കീർത്തിയും ജ്ഞാനവും
വീര്യവും, ശ്രീയും നിറഞ്ഞു വിളങ്ങിടും
ഈശ്വരനായിടും നിന്തിരുമേനിയെ-
യാശ്രയിക്കുന്നു നിരാലംബനാമിവൻ. 32
കാലാത്മകനായ് പരനായ് പ്രകൃതിക്കൊ-
രാലംബനമായി മായാസ്വരൂപനായ്
സത്ത്വാദിയാം ത്രിഗുണങ്ങൾ ചേർന്നോരഹം-
തത്ത്വാകൃതിയായ് മഹത്തത്ത്വരൂപനായ്
ലോകാത്മകനായ് ജഗദ്രക്ഷിതാവുമാ-
യേകനായ് ജ്ഞാനാനുഭൂതിസ്വരൂപനായ്
സങ്കല്പമാത്രത്തിനാൽ സർവ്വലോകവും
തങ്കലടക്കിടും സംഹാരമൂർത്തിയായ്
സംഗതമാം സർവ്വശക്തിയുമൊത്തുള്ളോ-
രങ്ങയെ ഞാൻ ശരണംഗമിക്കുന്നിതേ. 33
പുത്രനായങ്ങു ജനിക്കയാൽ ഞാനൃണ-
മുക്തനായ്, സാധിച്ചിതെന്നഭിലാഷവും
ഞാനിനിസ്സന്ന്യാസമാർഗ്ഗമണഞ്ഞു നിൻ-
ജ്ഞാനസ്വരൂപം നിരന്തരം ധ്യാനിച്ചു
അജ്ഞതാഗ്രന്ഥിയറുത്തഴലെന്നിയേ-
യിജ്ജഗത്തെങ്ങുമേ സഞ്ചരിക്കട്ടെയോ?'' 34

ഭഗവാൻ കപിലൻ പറഞ്ഞു

ലൗകികവൈദികകാര്യങ്ങളിൽ സദാ
ലോകത്തിലെന്നുടെ വാക്യം പ്രമാണമാം
അങ്ങയോടോതിയ ഗീരു നേരാക്കുവാ-
നിങ്ങു വന്നിപ്പോൾ ജനിച്ചു ഞാൻ മാമുനേ! 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതന്മേ ജന്മ ലോകേ/സ്മിൻ മുമുക്ഷൂണാം ദുരാശയാത്
പ്രസംഖ്യാനായ തത്ത്വാനാം സമ്മതായാത്മദർശനേ. 36
ഏഷ ആത്മപഥോ/വ്യക്തോ നഷ്ടഃ കാലേന ഭൂയസാ
തം പ്രവർത്തയിതും ദേഹമിമം വിദ്ധി മയാ ഭൃതം. 37
ഗച്ഛ കാമം മയാ പൃഷ്ടോ മയി സന്ന്യസ്തകർമ്മണാ
ജിത്വാ സുദുർജ്ജയം മൃത്യുമമൃതത്വായ മാം ഭജ. 38
മാമാത്മാനം സ്വയംജ്യോതിസ്സർവ്വഭൂതഗുഹാശയം
ആത്മന്യേവാത്മനാ വീക്ഷ്യ വിശോകോ/ഭയമൃച്ഛസി. 39
മാത്രേ ആദ്ധ്യാത്മികീം വിദ്യാം ശമനീം സർവ്വകർമ്മണാം
വിതരിഷ്യേ യയാ ചാസൗ ഭയം ചാതിതരിഷ്യതി. 40

മൈത്രേയ ഉവാച

ഏവം സമുദിതസ്തേന കപിലേന പ്രജാപതിഃ
ദക്ഷിണീകൃത്യ തം പ്രീതോ വനമേവ ജഗാമ ഹ. 41
വ്രതം സ ആസ്ഥിതോ മൗനമാത്മൈകശരണോ മുനിഃ
നിസ്സങ്ഗോ വ്യചരത് ക്ഷോണീമനഗ്നിരനികേതനഃ. 42
മനോ ബ്രഹ്മണി യുഞ്ജാനോ യത്തത് സദസതഃ പരം
ഗുണാവഭാസേ വിഗുണ ഏകഭക്ത്യാനുഭാവിതേ. 43
നിരഹങ്കൃതിർന്നിർമ്മമശ്ച നിർദ്വന്ദ്വസ്സമദൃക് സ്വദൃക്
പ്രത്യക്പ്രശാന്തധീർധീരഃ പ്രശാന്തോർമ്മിരിവോദധിഃ. 44
വാസുദേവേ ഭഗവതി സർവ്വജ്ഞേ പ്രത്യഗാത്മനി
പരേണ ഭക്തിഭാവേന ലബ്ധാത്മാ മുക്തബന്ധനഃ. 45
ആത്മാനം സർവ്വഭൂതേഷു ഭഗവന്തമവസ്ഥിതം
അപശ്യത് സർവ്വഭൂതാനി ഭഗവത്യപി ചാത്മനി 46
ഇച്ഛാദ്വേഷവിഹീനേന സർവ്വത്ര സമചേതസാ
ഭഗവദ്ഭക്തിയുക്തേന പ്രാപ്താ ഭാഗവതീ ഗതിഃ. 47

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ചതുർവ്വിംശതിതമോ/ധ്യായഃ

പഞ്ചവിംശതിതമോ/ധ്യായഃ

ശൗനക ഉവാച

കപിലസ്തത്ത്വസംഖ്യാതാ ഭഗവാനാത്മമായയാ
ജാതഃ സ്വയമജസ്സാക്ഷാദാത്മപ്രജ്ഞപ്തയേ നൃണാം. 1
ന ഹ്യസ്യ വർഷ്മണഃ പുംസാം വരിമ്ണസ്സർവ്വയോഗിനാം
വിശ്രുതൗ ശ്രുതദേവസ്യ ഭൂരി തൃപ്യന്തി മേ/സവഃ. 2
യദ്യദ്വിധത്തേ ഭഗവാൻ സ്വച്ഛന്ദാത്മാ//ത്മമായയാ
താനി മേ ശ്രദ്ദധാനസ്യ കീർത്തന്യാന്യനുകീർത്തയ. 3

സൂത ഉവാച

ദ്വൈപായനസഖസ്ത്വേവം മൈത്രേയോ ഭഗവാംസ്തഥാ
പ്രാഹേദം വിദുരം പ്രീത ആന്വീക്ഷിക്യാം പ്രചോദിതഃ. 4

മൈത്രേയ ഉവാച

പിതരി പ്രസ്ഥിതേ/രണ്യം മാതുഃ പ്രിയചികീർഷയാ
തസ്മിൻ ബിന്ദുസരേ/വാത്സീത് ഭഗവാൻ കപിലഃ കില. 5
തമാസീനമകർമ്മാണം തത്ത്വമാർഗ്ഗാഗ്രദർശനം
സ്വസുതം ദേവഹൂത്യാഹ ധാതുസ്സംസ്മരതീ വചഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേഹാത്മഭാവം വെടിഞ്ഞു നിർവ്വാണത്തെ
മോഹിപ്പവർക്കാത്മസന്ദർശനത്തിനായ്

പൃഥ്വിയിൽ തത്ത്വനിർണ്ണായകമാം സാംഖ്യ-
ശാസ്ത്രം പറഞ്ഞുവാൻതന്നെയാണിജ്ജനി. 36

പണ്ടുമുണ്ടിജ്ഞാനമാർഗ്ഗമെന്നാകിലും
നീണ്ടനാളംകൊണ്ടതു മെല്ലെ മറഞ്ഞുപോയ്

ആയതുദ്ധാരണംചെയ്യുവാനായി ഞാ-
നീയുടലാർന്നതാണെന്നറിഞ്ഞീടുക. 37

പോകണം സന്ന്യസിപ്പാനെങ്കിലങ്ങേയ്ക്കു-
താകാം യഥേഷ്ടം,മെന്നാൽ സർവ്വകർമ്മവും

എന്നിലർപ്പിച്ചു സുദുർജ്ജയമൃത്യുവെ
വെന്നമൃതത്വവുമാർന്നീടുക ഭവാൻ. 38

ഭൂതജാലാന്തർഗ്ഗുഹയിൽ ശയിച്ചിടും
ജ്യോതിർമ്മയനും പരാത്മാവുമായിടും

എന്നെബ്ഭവാൻ ബുദ്ധിയാലങ്ങയിൽക്കണ്ടു
ചേർന്നിടും നിർഭയസ്ഥാനം വിശോകനായ്. 39

അമ്മയ്ക്കു ഭീഹരം ഞാനരുളീടുവൻ
കർമ്മശാന്തിക്കുള്ളൊരാ ബ്രഹ്മവിദ്യയെ. 40

മൈത്രേയൻ പറഞ്ഞു

ഏവം കപിലൻ കഥിക്കെ പ്രദക്ഷിണ-
പൂർവ്വം വനം ഗമിച്ചീടിനാൻ കർദ്ദമൻ. 41

മൗനവ്രതത്തൊടും സങ്ഗവിഹീനനായ്
താനേ വെടിഞ്ഞു ഗൃഹസ്ഥധർമ്മത്തെയും

ആത്മാവിനെ മാത്രമാശ്രയമാക്കിയും
സദ്മം നിയതമായ് സ്വീകരിക്കാതെയും

അഞ്ചാതെ മന്നിൽ മുനിയായനഗ്നിയായ്
സഞ്ചരിച്ചാനാ പ്രജാപതി കർദ്ദമൻ. 42

സത്തസത്തെന്നുള്ള ഭാവങ്ങളെ വിട്ടു
വർത്തിപ്പതായ് ഗുണകാര്യനിദാനമായ്

നിർഗ്ഗുണമായേകഭക്തിയാൽ പ്രത്യക്ഷ-
മാക്കാവതാമപ്പരബ്രഹ്മവസ്തുവിൽ

ചിത്തമുറപ്പിച്ചു നിർത്തി ഞാ,നെൻെറയെ-
ന്നിത്തരമാമഹന്താഭിമാനങ്ങളും

വിട്ടു നിർദ്വന്ദ്വനായ് തുല്യദൃക്കായി സു-
സ്പഷ്ടമായ് സ്വസ്വരൂപം കാണുമവനായി

ധീരനായിത്തിരമാലയടങ്ങിടും
വാരിധിപോലതിശാന്താന്തരങ്ഗനായ്

പ്രത്യഗാത്മാവായഖിലജ്ഞനാം മുര-
പ്രദ്വേഷിയിലെഴും നിർമ്മലഭക്തിയാൽ

ബന്ധവിമുക്തനായാത്മാനുഭൂതിയും
സന്ധിച്ചു സർവ്വഭൂതസ്ഥിതനാം പരൻ

താൻതന്നെയെന്നു കണ്ടിച്ഛയും ദ്വേഷവു-
മേന്താത്തതായ് നിർഭരഭക്തിയുക്തമായ്

എല്ലാം സമമെന്നു കാണും മനമാർന്നു
മല്ലാരിതുല്യനായുല്ലസിച്ചീടിനാൻ. 43-47

അദ്ധ്യായം 25

കപിലോപദേശം

ശൗനകൻ പറഞ്ഞു

ജന്മവിഹീനൻ കപിലദേവൻ സ്വയം
ചെമ്മേ നരർക്കു പരമാത്മബോധനം

കൈവരുത്താൻ കൃപയാൽ സാംഖ്യശാസ്ത്രമി-
ബ്ഭൂവിലുറപ്പിക്കുവാനായ് ജനിച്ചിതേ. 1

കേട്ടിടുംതോറും പ്രകാശരൂപത്തിലും-
ത്തട്ടിൽ വിളങ്ങും പുരുഷോത്തമനായി

യോഗേശനാകുമദ്ദിവ്യൻെറ മാഹാത്മ്യ-
ഭാഗം ശ്രവിച്ചതിൽ തൃപ്തിയായില്ല മേ. 2

ജീവിജാലാനുഗ്രഹത്തിനായ് സ്വേച്ഛയാൽ
ഭൂവിലവതാരമാർന്ന ഭഗവാൻെറ

കീർത്തനീയങ്ങളാം കൃത്യങ്ങളെ ക്രമാൽ
ശ്രദ്ധയേറീടുമെന്നോടരുളീടുക. 3

സൂതൻ പറഞ്ഞു

ഹേ ശൗനകാ! സാംഖ്യശാസ്ത്രം പ്രപൃഷ്ടനായ്
വ്യാസസഖനായ മൈത്രേയമാമുനി

ചൊല്ലിയിട്ടുണ്ടു വിദുരനോടായതു
തെല്ലും വിടാതെ ഭവാനോടു ചൊല്ലിടാം. 4

മൈത്രേയൻ പറഞ്ഞു

കർദ്ദമൻ കാടാർന്നശേഷമമ്മയ്ക്കെഴു-
മിഷ്ടപൂർത്തിക്കായ്ക്കപിലൻ കൃപാർദ്രനായ്

ബിന്ദുസരസ്സിൻകരയ്ക്കിയലുന്നൊരാ-
മുന്യാശ്രമംതന്നിലാവസിച്ചീടിനാൻ. 5

കർമ്മനിവൃത്തനായത്തത്ത്വപദ്ധതി
നന്നു കാട്ടും നിജസുതനേകദാ

സ്വസ്ഥനായിട്ടിരുന്നീടവേ ബ്രഹ്മവാ-
ക്കോർത്തുകൊണ്ടദ്ദേവഹൂതിയോതീടിനാൾ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവഹൂതിരുവാച

നിർവ്വിണ്ണാ നിതരാം ഭൂമന്നസദിന്ദ്രിയതർഷണാത്
യേന സംഭാവ്യമാനേന പ്രപന്നാന്ധം തമഃ പ്രഭോ. 7
തസ്യ ത്വം തമസോഽന്ധസ്യ ദുഷ്പാരസ്യാദ്യ പാരഗം
സച്ചക്ഷുർജ്ജന്മനാമന്തേ ലബ്ധം മേ ത്വദനുഗ്രഹാത്. 8
യ ആദ്യോ ഭഗവാൻ പുംസാമീശ്വരോ വൈ ഭവാൻ കില
ലോകസ്യ തമസാന്ധസ്യ ചക്ഷുഃ സൂര്യ ഇവോദിതഃ. 9
അഥ മേ ദേവസമ്മോഹമപാക്രഷ്ടും ത്വമർഹസി
യോഽവഗ്രഹോഽഹംമമേതീത്യേതസ്മിൻ യോജിതസ്ത്വയാ. 10
തം ത്വാ ഗതാഹം ശരണം ശരണ്യം
സ്വഭൃത്യസംസാരതരോഃ കുഠാരം
ജിജ്ഞാസയാഹം പ്രകൃതേഃ പൂരുഷസ്യ
നമാമി സദ്ധർമ്മവിദാം വരിഷ്ഠം. 11

മൈത്രേയ ഉവാച

ഇതി സ്വമാതുർന്നിരവദ്യമീപ്സിതം
നിശമ്യ പുംസാമപവർഗ്ഗവർദ്ധനം
ധിയാഭിനന്ദ്യാത്മവതാം സതാം ഗതി-
ർബ്ബഭാഷ ഈഷത്സ്മിതശോഭിതാനനഃ. 12

ശ്രീഭഗവാനുവാച

യോഗ ആദ്ധ്യാത്മികഃ പുംസാം മതോ നിഃശ്രേയസായ മേ
അത്യന്തോപരതിര്യത്ര ദുഃഖസ്യ ച സുഖസ്യ ച. 13
തമിമം തേ പ്രവക്ഷ്യാമി യമവോചം പുരാനഘേ!
ഋഷീണാം ശ്രോതുകാമാനാം യോഗം സർവ്വാംഗനൈപുണം. 14
ചേതഃ ഖല്വസ്യ ബന്ധായ മുക്തയേ ചാത്മനോ മതം
ഗുണേഷു സക്തം ബന്ധായ രതം വാ പുംസി മുക്തയേ. 15
അഹംമമാഭിമാനോത്ഥൈഃ കാമലോഭാദിഭിർമ്മലൈഃ
വീതം യദാ മനഃ ശുദ്ധമദുഃഖമസുഖം സമം. 16
തദാ പുരുഷ ആത്മാനം കേവലം പ്രകൃതേഃ പരം
നിരന്തരം സ്വയംജ്യോതിരണിമാനമഖണ്ഡിതം. 17
ജ്ഞാനവൈരാഗ്യയുക്തേന ഭക്തിയുക്തേന ചാത്മനാ
പരിപശ്യത്യുദാസീനം പ്രകൃതിം ച ഹതൗജസം. 18
ന യുജ്യമാനയാ ഭക്ത്യാ ഭഗവത്യഖിലാത്മനി
സദൃശോഽസ്തി ശിവഃ പന്ഥാ യോഗിനാം ബ്രഹ്മസിദ്ധയേ. 19
പ്രസംഗമജരം പാശമാത്മനഃ കവയോ വിദുഃ
സ ഏവ സാധുഷു കൃതോ മോക്ഷദ്വാരമപാവൃതം. 20
തിതിക്ഷവഃ കാരുണികാഃ സുഹൃദസ്സർവ്വദേഹിനാം
അജാതശത്രവശ്ശാന്താസ്സാധവസ്സാധുഭൂഷണാഃ. 21
മയ്യനന്യേന ഭാവേന ഭക്തിം കുർവ്വന്തി യേ ദൃഢാം
മത്കൃതേ ത്യക്തകർമ്മാണസ്ത്യക്തസ്വജനബാന്ധവാഃ 22
മദാശ്രയാഃ കഥാ മൃഷ്ടാഃ ശൃണ്വന്തി കഥയന്തി ച
തപന്തി വിവിധാസ്താപാ നൈതാന്മദ്ഗതചേതസഃ. 23
ത ഏതേ സാധവസ്സാധ്വി, സർവ്വസംഗവിവർജ്ജിതാഃ
സംഗസ്തേഷ്വഥ തേ പ്രാർത്ഥ്യസ്സംഗദോഷഹരാ ഹി തേ. 24
സതാം പ്രസംഗാന്മമ വീര്യസംവിദോ
ഭവന്തി ഹൃത്കർണ്ണരസായനാഃ കഥാഃ
തജ്ജോഷണാദാശ്വപവർഗ്ഗവർത്മനി
ശ്രദ്ധാ രതിർഭക്തിരനുക്രമിഷ്യതി. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവഹൂതി പറഞ്ഞു

എങ്ങുംനിറഞ്ഞ പരമേശ! ചൊല്ലുവേ–
നങ്ങറിയാതെയില്ലൊന്നുമെന്നാകിലും
ഹീനമാമിന്ദ്രിയൗഘത്തിന്നധീനയായ്
വീണുപോയല്ലോ മഹാന്ധം തമസ്സിൽ ഞാൻ.
ക്ഷീണമധികമത്തുമൂലമെന്നുടെ
മാനസത്തിന്നു ഭവിച്ചിരിക്കുന്നിതു. 7
പാരമററാഴമാളുന്ന തമസ്സിൽനി–
ന്നേറുവാനൽകൃഷ്ടദൃഷ്ടിയാമങ്ങയെ
ജന്മങ്ങൾ തന്നവസാനത്തെനിക്കിങ്ങു
നിന്മഹാനുഗ്രഹത്താലെ ലഭിച്ചിതു. 8
ആദ്യനാകും ഭഗവൻ! ഭവാ,നജ്ഞാന–
വൃദ്ധിയാൽ കണ്ണുകാണാതെയുഴന്നിടും
ലോകക്കശേഷമഹസ്കരനായ്ത്തന്നെ–
യാകുന്നിദാനീമുദിച്ചിരിക്കുന്നതും. 9
ഞാനെൻേറയെന്നീവിധമെഴമാത്മാഭി–
മാനം ജനിപ്പിച്ച ജന്തുക്കളിൽ ഭവാൻ.
ആയതിവളിലില്ലാതാക്കുവാനാദി–
തേയാ! ഭവാനൊഴിഞ്ഞന്യനാളാകുമോ? 10
ഭൃത്യസംസാരവൃക്ഷത്തിൻ കഠാരമാ–
യാർത്തശരണാർഹനാകും ഭവാനെ ഞാൻ
ആരാൽ ശരണംഗമിച്ചിടുന്നേൻ വിഭോ!
നേരേ പ്രകൃതിപുരുഷ ജിജ്ഞാസയാൽ.
സദ്ധർമ്മവിത്തുകൾക്കഗ്രേസരനായ
ദൈത്യരിപോ! ഞാൻ നമിക്കുന്നിതങ്ങയെ. 11

മൈത്രേയൻ പറഞ്ഞു

നിർമ്മലമായ് മോക്ഷകാംക്ഷയുൾക്കൊണ്ടതാ–
മമ്മതന്നിങ്ഗിതം കേട്ടഭിനന്ദിച്ചു
മന്ദസ്മിതംപൂണ്ടു ചൊല്ലിനാൻ സേവക–
വൃന്ദത്തിനെന്നും ശരണ്യനാമാ വിഭു. 12

ശ്രീഭഗവാൻ പറഞ്ഞു

മർത്യനു ദുഃഖസുഖങ്ങൾക്കു മോചനം
സിദ്ധിക്കുവാനുള്ളൊരുത്തമമാർഗ്ഗമാം
മോക്ഷത്തിനു ഹേതുവാത്മസാക്ഷാൽക്കാര–
ലക്ഷണയോഗമത്രേയെനിക്കും ഹിതം. 13
മുക്തിമാർഗ്ഗശ്രവണോത്സുകരാമൃഷി–
വർഗ്ഗത്തിനോടു ഞാൻ മുമ്പരുൾചെയ്തതാം
സർവ്വാങ്ഗയുക്തയോഗത്തെബ്ഭവതിക്കു
നിർവ്വചിച്ചീടാമനഘേ ശ്രവിക്കുക. 14
ജീവനു ബന്ധമോക്ഷങ്ങൾക്കു കാരണ–
മാവതു മാനസമെന്നാണു മന്മതം.
ചിത്തം വിഷയവശഗമെന്നാൽ ബന്ധ–
മെത്തിടു,മീശരതമാകിൽ മുക്തിയും. 15
മാനസമെപ്പോ,ളഹം,മമേത്യാദ്യഭി–
മാനത്തിൽനിന്നുമുദിച്ച വളർന്നിടും
കാമലോഭാദ്യങ്ങളിൽനിന്നു മുക്തമാ–
മാ മുഹൂർത്തത്തിലതേററം പവിത്രമായ്
ദുഃഖസുഖങ്ങളൊഴിഞ്ഞു സമനില–
കൈക്കൊണ്ടചഞ്ചലമായിബ്ഭവിച്ചിടും. 16
ശുദ്ധമാകും ഹൃത്തിലപ്പോളുറച്ചിടും
ഭക്തിയും ജ്ഞാനവും വൈരാഗ്യവും പരം
അപ്പോളണുവായഖണ്ഡമായ് നാശമ–
ററപ്രതിമസ്വയംജ്യോതിസ്വരൂപമായ്
അന്യസങ്ഗാപേതമായി പ്രകൃതിയിൽ–
നിന്നുവിഭിന്നമായ് വ്യാപാരമററതാം
അപ്പരമാത്മാവിനേയുമതേജസ്സു–
പൊയ്പ്പോയ മായയേയും സ്പഷ്ടം കണ്ടിടാം. 17-18
യോഗികൾക്കാബ്രഹ്മസിദ്ധിക്കുതക്കതാ–
യാഗമം മാർഗ്ഗം വിവിധമോതീടിലും
സർവ്വാത്മകനിലുറച്ചെഴും ഭക്തിപോൽ
നേർവഴിയില്ലന്യമായി,ശ്ശുഭപ്രദം. 19
സങ്ഗം മനസ്സിനു ബന്ധനിദാനമെ–
ന്നിങ്ങറിയുന്നുണ്ടു പണ്ഡിതമണ്ഡലം
പാക്കിലതു സജ്ജനത്തിനോടാവുകിൽ
മുക്തികവാടം തുറപ്പിച്ചിടുന്നിതേ. 20
അന്യാപരാധമശേഷം സഹിച്ചുകൊ–
ണ്ടൊന്നും പ്രതിക്രിയചെയ്യാതിരിക്കുക,
സ്വന്തമാം കാര്യമോരാതെ പരദുഃഖ-
ശാന്തിക്കതൊന്തം പരിശ്രമിച്ചീടുക,
ക്ഷേമമേവർക്കും ഭവിക്കണമെന്നുള്ള
കാമമോടും സർവ്വമിത്രമായ് വാഴുക,
ശത്രുവിഹീനത ശാന്തതയെന്നിവ–
യൊത്തവർ സാധുക്കൾ സാധുവിഭൂഷണർ. 21
എന്നിലനന്യഭാവത്തോടകതാരി–
ലൂന്നിയ ഭക്തിദാർഢ്യത്താൽ മദർത്ഥമായ്
സ്വന്തകർമ്മങ്ങളെയും സ്വജനത്തെയും
ബന്ധുക്കളേയുമുപേക്ഷിച്ച കൂട്ടരും, 22
അന്യവിഷയപ്രതിപാദനം വെടി–
ഞ്ഞെന്നുടെ സൽക്കഥ കേൾക്കയും ചൊല്ലുയും
നിത്യവും ചെയ്യും ജനങ്ങളും സാധുക്ക–
ളത്രേയവരെ മാലാററി ഞാൻ പോററിടും. 23
അന്യവിഷയസംഗം സന്ത്യജിച്ചിടും
ധന്യരോടുള്ള സംസർഗ്ഗംനിമിത്തമായ്.
ദുഷ്ടസമാഗമംകൊണ്ടുള്ള ദോഷങ്ങ–
ളററുപോം, സത്സംഗമാകയാൽ കാമ്യമാം. 24
സത്തുക്കളെൻ വിക്രമങ്ങൾ കീർത്തിക്കവേ–
യുത്തമമാകും കഥകളിടയ്ക്കിടെ
ചിത്തശ്രവണരസായനമട്ടിൽ വ–
ന്നെത്തു,മതിൻസേവനത്താലനുക്രമം
മുക്തിമാർഗ്ഗത്തിൽ വിശ്വാസവും പ്രീതിയും
ഭക്തിയും വന്നനുരഞ്ജിച്ചിടും ജവം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ത്യാ പുമാഞ്ജാതവിരാഗ ഐന്ദ്രിയാ-
ദ്ദൃഷ്ടശ്രുതാന്മദ്രചനാനുചിന്തയാ
ചിത്തസ്യ യത്തോ ഗ്രഹണേ യോഗയുക്തോ
യതിഷ്യതേ ഋജുഭിര്യോഗമാർഗ്ഗൈഃ. 26

അസേവയായം പ്രകൃതേർഗ്ഗുണാനാം
ജ്ഞാനേന വൈരാഗ്യവിജൃംഭിതേന
യോഗേന മയ്യർപ്പിതയാ ച ഭക്ത്യാ
മാം പ്രത്യഗാത്മാനമിഹാവരുന്ധേ. 27

ദേവഹൂതിരുവാച

കാചിത്ത്വയ്യുചിതാ ഭക്തിഃ കീദൃശീ മമ ഗോചരാ?
യയാ പദം തേ നിർവ്വാണമഞ്ജസാന്വാശ്നവാ അഹം. 28

യോ യോഗോ ഭഗവദ്ബാണോ നിർവ്വാണാത്മംസ്ത്വയോദിതഃ
കീദൃശഃ കതി ചാങ്ഗാനി യതസ്തത്ത്വാവബോധനം? 29

തദേതന്മേ വിജാനീഹി യഥാഹം മന്ദധീർഹരേ
സുഖം ബുദ്ധ്യേയ ദുർബ്ബോധം യോഷാ ഭവദനുഗ്രഹാത്. 30

മൈത്രേയ ഉവാച

വിദിത്വാർത്ഥം കപിലോ മാതുരിത്ഥം
ജാതസ്നേഹോ യത്ര തന്വാഭിജാതഃ
തത്ത്വാമ്നായം യത് പ്രവദന്തി സാംഖ്യം
പ്രോവാച വൈ ഭക്തിവിതാനയോഗം. 31

ശ്രീഭഗവാനുവാച

ദേവാനാം ഗുണലിങ്ഗാനാമാനുശ്രവികകർമ്മണാം
സത്ത്വ ഏവൈകമനസോ വൃത്തിഃ സ്വാഭാവികീ തു യാ. 32

അനിമിത്താ ഭാഗവതീ ഭക്തിസ്സിദ്ധേർഗ്ഗരീയസീ
ജരയത്യാശു യാ കോശം നിഗീർണ്ണമനലോ യഥാ. 33

നൈകാത്മതാം മേ സ്പൃഹയന്തി കേചി-
ന്മത്പാദസേവാഭിരതാ മദീഹാഃ
യേഽന്യോന്യതോ ഭാഗവതാഃ പ്രസജ്യ
സഭാജയന്തേ മമ പൗരുഷാണി. 34

പശ്യന്തി തേ മേ രുചിരാണ്യംബ സന്തഃ
പ്രസന്നവക്ത്രാരുണലോചനാനി
രൂപാണി ദിവ്യാനി വരപ്രദാനി
സാകം വാചം സ്പൃഹണീയാം വദന്തി. 35

തൈർദർശനീയാവയവൈരുദാര-
വിലാസഹാസേക്ഷിതവാമസൂക്തൈഃ
ഹൃതാത്മനോ ഹൃതപ്രാണാംശ്ച ഭക്തി-
രനിച്ഛതോ മേ ഗതിമണ്വീം പ്രയുങ്ക്തേ. 36

അഥോ വിഭൂതിം മമ മായാവിനസ്താ-
മൈശ്വര്യമഷ്ടാങ്ഗമനുപ്രവൃത്തം
ശ്രിയം ഭാഗവതീം വാ സ്പൃഹയന്തി ഭദ്രാം
പരസ്യ മേ തേഽശ്നുവതേ തു ലോകേ. 37

ന കർഹിചിന്മത്പരാശ്ശാന്തരൂപേ
നങ്ക്ഷ്യന്തി നോ മേഽനിമിഷോ ലേഢി ഹേതിഃ
യേഷാമഹം പ്രിയ ആത്മാ സുതശ്ച
സഖാ ഗുരുഃ സുഹൃദോ ദൈവമിഷ്ടം. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൽക്കഥാസക്തമനസ്സിനെൻ സൃഷ്ട്യാദി
മുഖ്യപ്രവൃത്തികാം ചിന്താവിഷയമാം

എന്നിലപ്പോാം പ്രേമമേറിയിട്ടിന്ദ്രിയാ-
നന്ദഭോഗാശവിട്ട വിരാഗനായ്

ഭക്തിയോഗംവഴി മാനസം ചാഞ്ചല്യ-
രിക്തമാക്കീടാൻ പുമാൻ പ്രയത്നിച്ചിടും. 26

നശ്യഭോഗങ്ങാം സന്ത്യാജ്യങ്ങളെന്നുള്ള
വിശ്വാസദാർഢ്യത്തിനാലെ വിരക്തിയും

മുററും വിരക്തിയാൽ വൃദ്ധമാം ജ്ഞാനവു-
മഷ്ടാംഗയോഗത്തിനാലുററഭക്തിയും

ഒന്നിക്കമപ്പുമാൻ പ്രത്യഗാത്മാവാക-
മെന്നോടുതന്നെ ചേർന്നീടുന്നു സുവ്രതേ! 27

ദേവഹൂതി പറഞ്ഞു

മുക്തിപ്രദായകമായിടും ഭക്തിതൻ
വ്യക്തസ്വരൂപമെന്താണു? വിശേഷിച്ചു,

പെണ്ണാമെനിക്കുതകീടുന്ന ഭക്തിയെ-
വ്വണ്ണമിരിപ്പതാം? മുക്തിസ്വരൂപനാം

അങ്ങേപ്പദം നിഷ്പ്രയാസം ലഭിക്കുവാ-
നെങ്ങനെയായാലെനിക്കു സാധിച്ചിടും? 28

തത്ത്വാവബോധകമായങ്ങു ചൊല്ലിയ
പദ്ധതിയേ,തെത്രമാതിരിയുണ്ടതും? 29

മന്ദധീയും സ്ത്രീയുമായ ഞാൻ പാടുപെ-
ട്ടെന്നാകിലും ധരിച്ചീടാൻ പ്രയാസമാം

ആ സാംഖ്യയോഗം ത്വദനുഗ്രഹത്തിനാ-
ലാശു നേരേ ഞാൻ ധരിക്കുമാറോതുക. 30

മൈത്രേയൻ പറഞ്ഞു

അമ്മ തൻ വാക്കുകളിങ്ങനെ കേട്ടതൻ
ജന്മപദത്തിൽക്കപിലൻ കൃപാർദ്രനായ്

ചൊല്ലിഴും സാംഖ്യാഖ്യമാം തത്ത്വശാസ്ത്രവും
ചൊല്ലിനാൻ ഭക്തിയും യോഗക്രമങ്ങളും. 31

ശ്രീഭഗവാൻ പറഞ്ഞു

ശബ്ദാദികളേയറിവതായാഗമ-
കല്പിതകർമ്മങ്ങാം നിർവ്വഹിക്കുന്നതാം

ഇന്ദ്രിയവൃത്തിയകാരണമായ് സ്വതേ-
തന്നെ സത്ത്വത്തിൽ പതിവായ് പതിയുകിൽ

ആ ഭക്തിസിദ്ധിയേക്കാളും വരിഷ്ഠമായ്-
ത്താൻ ഭവിക്കുന്നെന്നറിക മനസ്വിനീ!

വേഗമതന്തികവസ്തുവെയഗ്നിപോ-
ലേകമനസ്സന്റെ കോശം ചുടുന്നിതു. 32-33

എന്നിലൈക്യംഗമിച്ചാനന്ദരൂപമായ്
മിന്നിടും സായുജ്യമുക്തിപദത്തെയും

തെല്ലുമിച്ഛിക്കാതെ മദ്ഭക്തരിൽച്ചിലർ
സോല്ലാസമെൻ പദസേവനലോലരായ്

ഒത്തുചേർന്നെൻ വിക്രമങ്ങളെ വാഴ്ത്തിയെൻ
മൂർത്തിഭേദാർച്ചനംചെയ്തു വാഴുന്നിതേ. 34

അമ്മേ! പ്രസന്നനാമെന്റെ മുഖാബ്ജവും
നന്മട്ടരുണമാമെൻ ലോചനങ്ങളും

ഒത്തിഷ്ടമേകുന്ന മദ്ദിവ്യരൂപങ്ങാം
പാ,ർത്തവരെന്നോടു ഭാഷിപ്പു മഞ്ജുവായ്.35

എൻദർശനീയാംഗകങ്ങ,ളുദാരമാം
മന്ദഹാസം, ലീല,യീക്ഷണം, ഭാഷണം

എന്നിവയാൽ ഹൃതാത്മേന്ദ്രിയരായവ-
ർക്കെന്നിലെ പ്രേമമന്ത്യം മുക്തിയേകിടും 36

മൽപരൻ മായാവിയാമെൻ വിഭൂതിയു-
മദ്ഭുതദായിയാമഷ്ടാംഗസിദ്ധിയും

വൈകുണ്ഠഭൂതിയുമാഗ്രഹിപ്പീലയെ-
ന്നാകിലും ശ്രേഷ്ഠനാമെന്നുടെ ലോകത്തു

ദുഃഖകണികകലർന്നു കാണാത്തുള്ള
പുഷ്കലാനന്ദമനുഭവിക്കുന്നിതു. 37

ശാന്തമാം മാമകലോകത്തു മൽപര-
രന്തമണഞ്ഞിടുകില്ലൊരു കാലവും.

ഞാനവർക്കേററം പ്രിയങ്കര,നാത്മാവു,
സൂനു, സഖൻ, സുഹൃ,ത്താചാര്യദേവനും,

ഇഷ്ടമരുളുന്ന ദൈവവുമായിട്ടു
വിഷ്ടപംതന്നിൽ സദാ വിളങ്ങീടവേ

കണ്ണിമയ്ക്കാതെ മത്കാലചക്രായുധ-
മെന്നുമേ സ്പർശിക്കയില്ലവരെദ്ദൃഢം. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇമം ലോകം തഥൈവാമുമാത്മാനമുഭയായിനം
ആത്മാനമനു യേ ചേഹ യേ രായഃ പശവോ ഗൃഹാഃ 39
വിസൃജ്യ സർവ്വാനന്യാംശ്ച മാമേവം വിശ്വതോമുഖം
ഭജന്ത്യനന്യയാ ഭക്ത്യാ താൻ മൃത്യോരതിപാരയേ. 40
നാന്യത്ര മദ്ഭഗവതഃ പ്രധാനപുരുഷേശ്വരാത്
ആത്മനസ്സർവ്വഭൂതാനാം ഭയം തീവ്രം നിവർത്തതേ. 41
മദ്ഭയാദ്വാതി വാതോഽയം സൂര്യസ്തപതി മദ്ഭയാത്
വർഷതീന്ദ്രോ, ദഹത്യഗ്നി,ർമ്മൃത്യുശ്ചരതി മദ്ഭയാത്. 42
ജ്ഞാനവൈരാഗ്യയുക്തേന ഭക്തിയോഗേന യോഗിനഃ
ക്ഷേമായ പാദമൂലം മേ പ്രവിശന്ത്യകുതോഭയം. 43
ഏതാവാനേവ ലോകേഽസ്മിൻ പുംസാം നിഃശ്രേയസോദയഃ
തീവ്രേണ ഭക്തിയോഗേന മനോ മയ്യർപ്പിതം സ്ഥിരം. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ പഞ്ചവിംശതിതമോഽധ്യായഃ

ഷഡ്വിംശതിതമോഽധ്യായഃ

ശ്രീഭഗവാനുവാച

അഥ തേ സമ്പ്രവക്ഷ്യാമി തത്ത്വാനാം ലക്ഷണം പൃഥക്
യദ്വിദിത്വാ വിമുച്യേത പുരുഷഃ പ്രാകൃതൈർഗ്ഗുണൈഃ. 1
ജ്ഞാനം നിഃശ്രേയസാർത്ഥായ പുരുഷസ്യാത്മദർശനം
യദാഹുർവ്വർണ്ണയേ തത്തേ ഹൃദയഗ്രന്ഥിഭേദനം. 2
അനാദിരാത്മാ പുരുഷോ നിർഗ്ഗുണഃ പ്രകൃതേഃ പരഃ
പ്രത്യഗ്ധാമാ സ്വയംജ്യോതിർവിശ്വം യേന സമന്വിതം. 3
സ ഏഷ പ്രകൃതിം സൂക്ഷ്മാം ദൈവീം ഗുണമയീം വിഭുഃ
യദൃച്ഛയൈവോപഗതാമഭ്യപദ്യത ലീലയാ. 4
ഗുണൈർവിചിത്രാഃ സൃജതീം സരൂപാഃ പ്രകൃതിം പ്രജാഃ
വിലോക്യ മുമുഹേ സദ്യസ്സ ഇഹ ജ്ഞാനഗൂഹയാ. 5
ഏവം പരാഭിധ്യാനേന കർത്തൃത്വം പ്രകൃതേഃ പുമാൻ
കർമ്മസു ക്രിയമാണേഷു ഗുണൈരാത്മനി മന്യതേ. 6
തദസ്യ സംസൃതിർബ്ബന്ധഃ പാരതന്ത്ര്യം ച തത്കൃതം
ഭവത്യകർത്തുരീശസ്യ സാക്ഷിണോ നിർവൃതാത്മനഃ 7
കാര്യകാരണകർത്തൃത്വേ കാരണം പ്രകൃതിം വിദുഃ
ഭോക്തൃത്വേ സുഖദുഃഖാനാം പുരുഷം പ്രകൃതേഃ പരം. 8

ദേവഹൂതിരുവാച

പ്രകൃതേഃ പുരുഷസ്യാപി ലക്ഷണം പുരുഷോത്തമ
ബ്രൂഹി കാരണയോരസ്യ സദസച്ച യദാത്മകം. 9

ശ്രീഭഗവാനുവാച

യത്തത്ത്രിഗുണമവ്യക്തം നിത്യം സദസദാത്മകം
പ്രധാനം പ്രകൃതിം പ്രാഹുരവിശേഷം വിശേഷവത്. 10
പഞ്ചഭിഃ പഞ്ചഭിർബ്രഹ്മ ചതുർഭിർദ്ദശഭിസ്തഥാ
ഏതച്ചതുർവ്വിംശതികം ഗണം പ്രാധാനികം വിദുഃ 11
മഹാഭൂതാനി പഞ്ചൈവ ഭൂരാപോഽഗ്നിർമ്മരുന്നഭഃ
തന്മാത്രാണി ച താവന്തി ഗന്ധാദീനി മതാനി മേ. 12
ഇന്ദ്രിയാണി ദശ ശ്രോത്രം ത്വഗ്ദൃഗ്രസനനാസികാഃ
വാക്കരൗ ചരണൗ മേഢ്രം പായുർദ്ദശമ ഉച്യതേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ ലോകവും പരലോകവുമാറ്റിടും
സ്ഥൂലസൂക്ഷ്മാങ്ഗങ്ങളിലെ മമത്വവും
തൻധനധാന്യപശുഭൃത്യപത്തന-
ബന്ധ്വാദിയിലഭിമാനവുമെന്നിയേ
സർവസ്വമായ് മിന്നുമെന്നെയൊരുത്തനെ
സർവദാ ഏകാന്തഭക്തിപുരസ്സരം
നേരേ ഭജിക്കുന്നവരെബ്ഭവഭയ-
വാരിധിതന്നിൽനിന്നേററും കരേറ്റും ഞാൻ. 39–40

സർവ്വഭൂതാന്തഃസ്ഥനായ് ഭഗവദ്ഗുണം
താവും പ്രകൃതിപുരുഷാധിനാഥനാം
എന്നെ വന്നാശ്രയിപ്പോർക്കേ ഭവഭയം
തീർന്നിട്ടു, ഭീതരാണന്യരശേഷവും. 41

വീശുന്നു വായു, തപിക്കുന്നു ഭാനുമാൻ,
വർഷിച്ചിടുന്നിന്ദ്ര,നഗ്നി ദഹിക്കുന്നു,
കാലൻ സ്വധർമ്മമനുഷ്ഠിച്ചിടുന്നു, സു-
ശീലേ! യിതൊക്കെയുമെന്നെബ്ഭയന്നുതാൻ. 42

ജ്ഞാനവൈരാഗ്യസഹിതമായീടുമ-
ന്യൂനമാം ഭക്തിതൻ വൃദ്ധിയാൽ യോഗികൾ
ക്ഷേമത്തിനായ് ഭയശങ്കകളററതാ-
മീമൽപ്പദമൂലമാശ്രയിക്കുന്നിതേ. 43

ശുദ്ധമാം ഭക്തിയോഗത്തിനാലെന്നില-
ച്ചിത്തം ചലിക്കാതുറപ്പിച്ചുവയ്ക്കുകിൽ
മർത്ത്യലോകത്തിന്നതുപോൽ പുരുഷാർത്ഥ-
സിദ്ധിക്കു മററില്ല നിർദ്ദോഷമാം വഴി. 44

അദ്ധ്യായം 26

കപിലോപദേശം—തത്ത്വലക്ഷണം

ശ്രീഭഗവാൻ പറഞ്ഞു

ഞാനരുളീടാം തിരിച്ചുതിരിച്ചിനി
മാനിനീമൗക്തികമേ! തത്ത്വലക്ഷണം
നന്നായറിയാം പ്രകൃതിഗുണങ്ങളിൽ
നിന്നു പുമാൻ ഭിന്നനെന്നതുകൊണ്ടുതാൻ. 1

ഏതൊന്നിനാൽ ഹൃദയഗ്രന്ഥിയററുപോ-
മേതിനാലാത്മാവിനെ നേർക്കു കണ്ടിടാം
താനേ പുരുഷാർത്ഥസാധകമാകുമാ-
ജ്ഞാനയോഗംതന്നെ വർണ്ണിച്ചിടുന്നു ഞാൻ. 2

ആദിയററെങ്ങും നിറഞ്ഞു ഗുണത്രയാ-
തീതനായ്ത്താനേ വിളങ്ങുന്നവനായി
ആന്തരധാമാവുമാം പുമാനിൽ ദൃഢം
ബന്ധിച്ചിരിക്കയാണീലോകമാകവേ. 3

ആ വിഭു,വവ്യക്തയായ് ഗുണരൂപയായ്
ദൈവികശക്തിയായ്ച്ചാരേ യദൃച്ഛയായ്
ആഗമിച്ചോരാപ്രകൃതിയെ ലീലയായ്
സ്വീകരിച്ചെന്നതേയുള്ളൂ പതിവ്രതേ! 4

സത്ത്വാദിയാൽ സമാനാകൃതിയാർന്നു വി-
ചിത്രതരമാം പ്രജകളെത്തീർത്തിടും
മായയെക്കണ്ടു വിവേകത്തിനുമറ-
വായുടൻ ജീവൻ വിമോഹിതനായിതു. 5

ഏവം പ്രകൃതിഗുണവികാരങ്ങളാൽ
ചെയ്‌വതാം കർമ്മങ്ങൾതാൻ ചെയ്യുതായവൻ
അദ്ധ്യാസമൂലം വൃഥാ ധരിച്ചീടുന്നു
കർത്തൃത്വവും തന്നിൽ വന്നുചേരുന്നിതു. 6

എന്നതിനാലകർത്താവായ് സ്വതന്ത്രനാ-
യുന്നതാനന്ദസ്വരൂപനായ് സാക്ഷിയാം
ജീവനു ബന്ധവും സംസാരവും പുന-
രാവിർഭവിക്കുന്നിതസ്വതന്ത്രത്വവും. 7

കാര്യകർത്തൃത്വഹേതുക്കൾ പുരുഷനു-
ചേരാൻ പ്രകൃതിയാം കാരണമെന്നതും
ഭോക്തൃഭാവത്തിൽ പ്രകൃതിഭിന്നൻ പുമാ-
നത്രേ നിമിത്തമെന്നും ധരിപ്പൂ ബുധർ. 8

ദേവഹൂതി പറഞ്ഞു

സ്ഥൂലവും സൂക്ഷ്മവുമാം സ്വരൂപത്തൊടു-
മീലോകകാരണമാതാപിതാക്കളായ്
മിന്നും പ്രകൃതിപുരുഷർതൻ ലക്ഷണ-
മെന്നോടരുൾചെയ്കയേ! പുരുഷോത്തമാ! 9

ശ്രീഭഗവാൻ പറഞ്ഞു

നിത്യമായവ്യക്തമായിഗ്ഗുണത്രയ-
മൂർത്തിയായ് രൂപവിശേഷമില്ലാത്തതായ്
സ്ഥൂലസൂക്ഷ്മാകൃതിയാളുന്നതായ് ചില-
കാലം വിശേഷങ്ങളെയാശ്രയിപ്പതായ്
എല്ലാററിനും കാരണമായിരിപ്പതി-
നല്ലോ പ്രകൃതിയെന്നുള്ള പേർ ചൊൽവതും. 10

അഞ്ചഞ്ചു,നാലു,പത്തെന്നീവിധം ക്രമാൽ
തഞ്ചുമിരുപത്തിനാലുതത്ത്വങ്ങളെ
പ്രാധാനികമായ്ക്കരുതുന്നു പണ്ഡിത-
വ്രാതമെന്നായ് ധരിച്ചീടുക സുവ്രതേ! 11

ഭൂമി,ജല,മഗ്നി,വായു,വാകാശമെ-
ന്നീമട്ടിലഞ്ചാം മഹാഭൂതമായതും
ഗന്ധരസരൂപസ്പർശശബ്ദങ്ങൾതാൻ
ബന്ധുരേ! യഞ്ചു തന്മാത്രകളെന്നതും. 12

കാതു, തൊലി, കണ്ണു, നാസ,നാവീയഞ്ചി-
നോതിടും ജ്ഞാനേന്ദ്രിയങ്ങളെന്നുള്ള പേർ.
വാക്കു,കൈ,കാൽ,മേഢ്ര,പായുക്കളിങ്ങനെ
കേൾക്ക കർമ്മേന്ദ്രിയമഞ്ചീയിരുപതും. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനോബുദ്ധിരഹങ്കാരശ്ചിത്തമിത്യന്തരാത്മകം
ചതുർധാ ലക്ഷ്യതേ ഭേദോ വൃത്ത്യാ ലക്ഷണരൂപയാ. 14

ഏതാവാനേവ സംഖ്യാതോ ബ്രഹ്മണസ്സഗുണസ്യ ഹ
സന്നിവേശോ മയാ പ്രോക്തോ യഃ കാലഃ പഞ്ചവിംശകഃ. 15

പ്രഭാവം പൗരുഷം പ്രാഹുഃ കാലമേകേ യതോ ഭയം
അഹങ്കാരവിമൂഢസ്യ കർത്തുഃ പ്രകൃതിമീയുഷഃ. 16

പ്രകൃതേർഗ്ഗുണസാമ്യസ്യ നിർവ്വിശേഷസ്യ മാനവി
ചേഷ്ടാ യതസ്സ ഭഗവാൻ കാല ഇത്യുപലക്ഷിതഃ. 17

അന്തഃ പുരുഷരൂപേണ കാലരൂപേണ യോ ബഹിഃ
സമന്വേത്യേഷ സത്ത്വാനാം ഭഗവാനാത്മമായയാ. 18

ദൈവാത് ക്ഷുഭിതധർമ്മിണ്യാം സ്വസ്യാം യോനൗ പരഃ പുമാൻ
ആധത്ത വീര്യം സാസൂത മഹത്തത്ത്വം ഹിരണ്മയം. 19

വിശ്വമാത്മഗതം വ്യഞ്ജൻ കൂടസ്ഥോ ജഗദങ്കുരഃ
സ്വതേജസാ പിബത്തീവ്രമാത്മപ്രസ്വാപനം തമഃ. 20

യത്തത് സത്ത്വഗുണം സ്വച്ഛം ശാന്തം ഭഗവതഃ പദം
യദാഹുർവാസുദേവാഖ്യം ചിത്തം തന്മഹദാത്മകം. 21

സ്വച്ഛത്വമവികാരിത്വം ശാന്തത്വമിതി ചേതസഃ
വൃത്തിഭിർലക്ഷണം പ്രോക്തം യഥാപാം പ്രകൃതിഃ പരാ. 22

മഹത്തത്ത്വാദ്വികുർവ്വാണാദ് ഭഗവദ്വീര്യസംഭവാത്
ക്രിയാശക്തിരഹങ്കാരസ്ത്രിവിധസ്സമപദ്യത. 23

വൈകാരികസ്തൈജസശ്ച താമസശ്ച യതോ ഭവഃ
മനസശ്ചേന്ദ്രിയാണാം ച ഭൂതാനാം മഹതാമപി. 24

സഹസ്രശിരസം സാക്ഷാദ്യമനന്തം പ്രചക്ഷതേ
സങ്കർഷണാഖ്യം പുരുഷം ഭൂതേന്ദ്രിയമനോമയം. 25

കർതൃത്വം കരണത്വം ച കാര്യത്വം ചേതി ലക്ഷണം
ശാന്തഘോരവിമൂഢത്വമിതി വാ സ്യാദഹംകൃതേഃ 26

വൈകാരികാദ്വികുർവ്വാണാന്മനസ്തത്ത്വമജായത
യത്സങ്കല്പവികല്പാഭ്യാം വർത്തതേ കാമസംഭവഃ. 27

യദ്വിദുർഹ്യനിരുദ്ധാഖ്യം ഹൃഷീകാണാമധീശ്വരം
ശാരദേന്ദീവരശ്യാമം സംരാധ്യം യോഗിഭിശ്ശനൈഃ. 28

തൈജസാത്തു വികുർവ്വാണാദ്ബുദ്ധിതത്ത്വമഭൂത് സതി
ദ്രവ്യസ്ഫുരണവിജ്ഞാനമിന്ദ്രിയാണാമനുഗ്രഹഃ. 29

സംശയോഽഥ വിപര്യാസോ നിശ്ചയഃ സ്മൃതിരേവ ച
സ്വാപ ഇത്യുച്യതേ ബുദ്ധേർലക്ഷണം വൃത്തിതഃ പൃഥക്. 30

തൈജസാനീന്ദ്രിയാണ്യേവ ക്രിയാജ്ഞാനവിഭാഗശഃ
പ്രാണസ്യ ഹി ക്രിയാ ശക്തിർബ്ബുദ്ധേർവ്വിജ്ഞാനശക്തിതാ. 31

താമസാച്ച വികുർവ്വാണാദ്ഭഗവദ്വീര്യചോദിതാത്
ശബ്ദമാത്രമഭൂത്തസ്മാന്നഭഃ ശ്രോത്രം തു ശബ്ദഗം. 32

അർത്ഥാശ്രയത്വം ശബ്ദസ്യ ദ്രഷ്ടുർല്ലിങ്ഗത്വമേവ ച
തന്മാത്രത്വം ച നഭസോ ലക്ഷണം കവയോ വിദുഃ. 33

ഭൂതാനാം ഛിദ്രദാതൃത്വം ബഹിരന്തരമേവ ച
പ്രാണേന്ദ്രിയാത്മധിഷ്ണ്യത്വം നഭസോ വൃത്തിലക്ഷണം. 34

നഭസശ്ശബ്ദതന്മാത്രാത് കാലഗത്യാ വികുർവ്വതഃ
സ്പർശോഽഭവത്തതോ വായുസ്ത്വക് സ്പർശസ്യ ച സംഗ്രഹഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തഃകരണവും ചേർത്താണു തത്ത്വത്തി-
നെണ്ണമിരുപത്തിനാലെന്നു ചൊന്നതും.
മാനസം, ബുദ്ധി, യഹംകൃതി, ചിത്തമെ-
ന്നീനാലുമൊത്തതന്തഃകരണാഭിധം.
സങ്കല്പനിശ്ചയാത്മാഭിമാനങ്ങളും
മങ്കമാർമൗലികേ! ചിന്തയുമിങ്ങനെ
ഏകമാമന്തഃകരണത്തെ നാലായ് വി-
ഭാഗിച്ചു വൃത്തിഭേദത്താൽ ജനനി! കേൾ. 14
സത്ത്വാദിസംയുതബ്രഹ്മസ്ഥിതിചൊന്ന-
തിത്രയുമാചാര്യസമ്മതിയുള്ളതാം.
തായേ! യിതുപത്തിയഞ്ചാമതാം തത്ത്വ-
മായിട്ടു കാലം കഥിക്കപ്പെടുന്നിതു.
കാലം പുരുഷപ്രഭാവമെന്നായ് ശുഭ-
ശീലേ! പറഞ്ഞിടുന്നുണ്ടു ചിലജനം.
മായയെ പ്രാപിച്ചഹന്തമൂലം ഭ്രാന്ത-
നായവൻ പേടിച്ചിടുന്നു കാലത്തിനെ. 15-16
മനുപുത്രജേ! ഗുണസാമ്യവിശിഷ്ടയായ്
മിന്നും വിശേഷരഹിതയാം മായയെ
ആരു ചേഷ്ടിപ്പിച്ചിടുന്നു, ഭഗവാൻ്റെ
പേരതു കാലമെന്നാം നിശ്ചയിച്ചതും. 17
സത്ത്വജാലത്തിനകത്തു പുമാനായി
വർത്തിച്ചു, കാലനായ് ബാഹ്യഭാഗത്തിലും
തന്മായയാലന്വയിക്കപ്പെടും പരൻ-
താൻ മൂന്നു ലോകത്തിനുമേകനായകൻ. 18
താനേ ഗുണക്ഷോഭമാളും പ്രകൃതിതൻ
യോനിയിൽ വീര്യമണച്ചാൻ പരൻപുമാൻ.
തത്ഫലമായിട്ടതിപ്രകാശത്തൊടു-
മുദ്ഭൂതമായ് മഹത്തത്ത്വം മനുസുതേ! 19
നാശവിഹീനവും ലോകാങ്കുരവുമായ്
ഭാസിച്ചിടുമതു തന്നുള്ളിലാർന്നിടും
പാരിൻ പ്രകാശനത്തിന്നു, തന്നേ മറ-
ച്ചോരു തമസ്സിനെപ്പോക്കീ സ്വഭാസ്സിനാൽ. 20
ശാന്തമായ് നിർമ്മലമായീശ്വരാകൃതി
ചിന്തിച്ചറിയേണ്ടതാകുമുപാധിയാം
സത്ത്വഗുണവുമാ വാസുദേവാഖ്യമാം
ചിത്തവുമത്രേ മഹത്തത്ത്വമായതും. 21
സ്വച്ഛമായ് നിശ്ചഞ്ചലമായ് പ്രശാന്തമാ-
യച്ഛജലത്തിൻ്റെയാദിശീലംപോലെ
ചിത്തത്തിനുള്ളതാം ലക്ഷണം സൂക്ഷിച്ചു
ബുദ്ധിമാന്മാരരുളിച്ചെയ്തിരിക്കുന്നിതു. 22
ദൈത്യാരിവീര്യജമായ് വികാരങ്ങളോ-
ടൊത്ത മഹത്തത്ത്വമെന്നതിൽനിന്നഥ
ഉണ്ടായഹങ്കാരതത്ത്വം ക്രിയാബലം-
പൂണ്ടതായ് മൂന്നുവിധവിഭാഗത്തൊടും. 23
വൈകാരികം, തൈജസം, താമസമെന്ന-
താകുന്നു നാമമമ്മൂന്നിനും മാനവി!
സത്ത്വപ്രധാനമാം വൈകാരികം, രജോ-
വൃദ്ധി കലർന്നിരിക്കുന്നതു തൈജസം,
ഏറ്റെത്തമസ്സിയലുന്നതു താമസം
നേരേ ധരിക്കുകിതിൻ ഭേദമീവിധം.
തീർന്നിതിലോരോന്നിൽനിന്നും ക്രമാൽ മന-
സ്സിന്ദ്രിയജാലം, മഹാഭൂതങ്ങളെന്നിവ. 24
ഭൂതേന്ദ്രിയമനോരൂപമായ് യാതൊന്നു
ജാത, മതത്ത്വമോ സങ്കർഷണാഖ്യയിൽ
എന്നും സഹസ്രശിരസ്സോടുപാസ്യനായ്
മിന്നുന്നതുണ്ടപരിച്ഛിന്നനായ് സ്വയം. 25
കർത്തൃഭാവം, കരണസ്ഥിതി, കാര്യമായ്
വർത്തിച്ചിടും നിലയെന്നീവിധത്തിലും
ശാന്തവും ഘോരവും മൂഢവുമെന്നുള്ള
പന്തിക്കുമോതാമഹങ്കാരലക്ഷണം. 26
സാത്ത്വികാഹങ്കാരതത്ത്വം വികൃതമാ-
യതതിൽ മാനസമുദ്ഭൂതമായിതു. 27
മാനസത്തിൻ്റെ സങ്കല്പവികല്പങ്ങൾ
മാനവി! കാമമൂലവാക്കിടുന്നിതു.
ശാരദേന്ദീവരശ്യാമളനായ് പര-
മാരാധ്യനായിന്ദ്രിയാധിപനായിടും
ശ്രീമദനിരുദ്ധനാമകദേവനെ-
ക്കാമമായോഗികളർച്ചിച്ചിടുന്നിതേ. 28
പിന്നെ വികൃതമാം തൈജസാഹങ്കൃതി-
തന്നിൽനിന്നുണ്ടായിതു ബുദ്ധിതത്ത്വവും
വസ്തുവിജ്ഞാനമിതിൻ്റെയനുഗ്രഹം
സിദ്ധിക്കിലേയിന്ദ്രിയങ്ങൾക്കു കിട്ടിടൂ. 29
സംശയം, സ്വാപം, വിപര്യാസവും, സ്മൃതി,
നിശ്ചയ, മഞ്ചിവ ബുദ്ധിതൻ വൃത്തികൾ. 30
ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും
മാനവീ! രാജസാഹങ്കാരജങ്ങൾതാൻ
കർമ്മത്തിനു ശക്തി ജീവനാണുള്ളതു
നന്മട്ടു കാര്യമറിവതു ബുദ്ധിതാൻ. 31
ഈശവീര്യപ്രേരിതമായ് വികൃതിയെ
വേശിച്ച താമസാഹന്തയിൽനിന്നഥ
ശബ്ദമുണ്ടാ, യതിൽനിന്നുമാകാശവും,
ശബ്ദം ശ്രവണേന്ദ്രിയത്താൽ ഗ്രഹിച്ചിടാം. 32
ദ്രവ്യബോധത്തെത്തരുന്നതു ശബ്ദമാം
സുവ്യക്തമാക്കാമുദാഹരണത്തിനാൽ
ആന പോകുന്നിതാ എന്നേകനോതിയാൽ
കാണാതെതന്നെയറിയുന്നിതന്യനും
ആകാശസൂക്ഷ്മരൂപം ശബ്ദമെന്നതീ
ലോകത്തു പണ്ഡിതന്മാരറിയുന്നിതു. 33
ഉള്ളും പുറമീ വ്യവഹൃതിചേർപ്പതു-
മെല്ലാററിനും പഴുതങ്ങരുളുന്നതും
പ്രാണേന്ദ്രിയമാനസാധിവാസത്തിനാ-
സ്ഥാനമേകുന്നതുമാകാശവൃത്തിയാം. 34
കാലഗതിമൂലമായിവികാരത്തെ-
യാളും നഭസ്സിനാൽ സ്പർശം രചിതമായ്
പിന്നെയിസ്പർശത്തിൽനിന്നു സമീരണൻ
തീർന്നിതേ സ്പർശം ഗ്രഹിപ്പൂ ത്വഗിന്ദ്രിയം 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃദുത്വം കഠിനത്വം ച ശൈത്യമുഷ്ണത്വമേവ ച
ഏതത്സ്പർശസ്യ സ്പർശത്വം തന്മാത്രത്വം നഭസ്വതഃ. 36

ചാലനം വ്യൂഹനം പ്രാപ്തിർനേതൃത്വം ദ്രവ്യശബ്ദയോഃ
സർവ്വേന്ദ്രിയാണാമാത്മത്വം വായോഃ കർമ്മാഭിലക്ഷണം. 37

വായോശ്ച സ്പർശതന്മാത്രാദ്രൂപം ദൈവേരിതാദഭൂത്
സമുത്ഥിതം തതസ്തേജശ്ചക്ഷൂ രൂപോപലംഭനം. 38

ദ്രവ്യാകൃതിത്വം ഗുണതാ വ്യക്തിസംസ്ഥാത്വമേവ ച
തേജസ്ത്വം തേജസസ്സാദ്ധ്വി, രൂപമാത്രസ്യ വൃത്തയഃ. 39

ദ്യോതനം പചനം പാനമദനം ഹിമമർദ്ദനം
തേജസോ വൃത്തയസ്ത്വേതാശ്ശോഷണം ക്ഷുത്തൃഡേവ ച. 40

രൂപമാത്രാദ്വികുർവ്വാണാത്തേജസോ ദൈവചോദിതാത്
രസമാത്രമഭൂത്തസ്മാദംഭോ, ജിഹ്വാ രസഗ്രഹഃ. 41

കഷായോ മധുരസ്തിക്തഃ കട്വമ്ല ഇതി നൈകധാ
ഭൗതികാനാം വികാരേണ രസ ഏകോ വിഭിദ്യതേ. 42

ക്ലേദനം പിണ്ഡനം തൃപ്തിഃ പ്രാണനാപ്യായനോന്ദനം
താപാപനോദോ ഭൂയസ്ത്വമംഭസോ വൃത്തയസ്ത്വിമാഃ. 43

രസമാത്രാദ്വികുർവ്വാണാദംഭസോ ദൈവചോദിതാത്
ഗന്ധമാത്രമഭൂത്തസ്മാത് പൃഥ്വീ, ഘ്രാണസ്തു ഗന്ധഗഃ. 44

കരംഭപൂതിസൗരഭ്യശാന്തോഗ്രാമ്ലാദിഭിഃ പൃഥക്
ദ്രവ്യാവയവവൈഷമ്യാദ് ഗന്ധ ഏകോ വിഭിദ്യതേ. 45

ഭാവനം ബ്രഹ്മണഃ സ്ഥാനം ധാരണം സദ്വിശേഷണം
സർവ്വസത്ത്വഗുണോദ്ഭേദഃ പൃഥിവീവൃത്തിലക്ഷണം. 46

നഭോഗുണവിശേഷോഽർത്ഥോ യസ്യ തച്ഛ്രോത്രമുച്യതേ
വായോർഗ്ഗുണവിശേഷോഽർത്ഥോ യസ്യ തത്സ്പർശനം വിദുഃ. 47

തേജോഗുണവിശേഷോഽർത്ഥോ യസ്യ തച്ചക്ഷുരുച്യതേ
അംഭോഗുണവിശേഷോഽർത്ഥോ യസ്യ തദ്രസനം വിദുഃ.
ഭൂമേർഗ്ഗുണവിശേഷോഽർത്ഥോ യസ്യ സ ഘ്രാണ ഉച്യതേ. 48

പരസ്യ ദൃശ്യതേ ധർമ്മോ ഹ്യപരസ്മിൻ സമന്വയാത്
അതോ വിശേഷോ ഭാവാനാം ഭൂമാവേവോപലക്ഷ്യതേ. 49

ഏതാന്യസംഹത്യ യദാ മഹദാദീനി സപ്ത വൈ
കാലകർമ്മഗുണോപേതോ ജഗദാദിരുപാവിശത്. 50

തതസ്തേനാനുവിദ്ധേഭ്യോ യുക്തേഭ്യോഽണ്ഡമചേതനം
ഉത്ഥിതം പുരുഷോ യസ്മാദുദതിഷ്ഠദസൗ വിരാട്. 51

ഏതദണ്ഡം വിശേഷാഖ്യം ക്രമവൃദ്ധൈർദ്ദശോത്തരൈഃ
തോയാദിഭിഃ പരിവൃതം പ്രധാനേനാവൃതൈർബ്ബഹിഃ
യത്ര ലോകവിതാനോഽയം രൂപം ഭഗവതോ ഹരേഃ 52

ഹിരണ്മയാദണ്ഡകോശാദുത്ഥായ സലിലേശയാത്
തമാവിശ്യ മഹാദേവോ ബഹുധാ നിർബ്ബിഭേദ ഖം. 53

നിരഭിദ്യതാസ്യ പ്രഥമം മുഖം, വാണീ തതോഽഭവത്,
വാണ്യാ വഹ്നിരഥോ, നാസേ പ്രാണോഽതോ ഘ്രാണ
ഏതയോഃ. 54

ഘ്രാണാദ്വായുരഭിദ്യേതാമക്ഷിണീ ചക്ഷുരേതയോഃ
തസ്മാത് സൂര്യോന്യഭിദ്യേതാം കർണ്ണൗ ശ്രോത്രം തതോ ദിശഃ 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർദ്ദവകാഠിന്യശീതോഷ്ണഭാവങ്ങ–
ളിത്രയും വായുവിൻ സൂക്ഷ്മസ്വരൂപമാം 36
ചാലനംചെയ്യുക,യൊന്നിച്ചുചേർക്കുക,
ചാലവേ പ്രാപിക്കുക, നയിച്ചീടുക,
ഇന്ദ്രിയങ്ങൾക്കു ബലം കലർത്തീടുക
എന്നിവ തെന്നലിൻ ലക്ഷണകർമ്മമാം. 37
സ്പർശതന്മാത്രമാം വായുവിൽനിന്നീശ്വ–
രേച്ഛാനുസാരമായ് രൂപമുണ്ടായിതു.
തേജസ്സു രൂപത്തിൽനിന്നുളവായി സത്–
പൂജനീയേ! മിഴി രൂപം ഗ്രഹിക്കുന്നു. 38
രൂപം പദാർത്ഥത്തിനേകീടുക, ഗുണ–
വ്യാപകമാക്കുക വസ്തുക്കളൊക്കെയും,
വ്യക്തിരൂപദ്രവ്യതുല്യമാമാകൃതി
കൈക്കൊൾക, തേജസ്ത്വവും രൂപലക്ഷണം. 39
ദ്യോതനം, പാനം, പചനാശനങ്ങളും
ശീതശമനവും, ശോഷണവും, തഥാ
ക്ഷുത്തും, പിപാസയുമുണ്ടാക്കുകയെന്ന–
തിത്രയുമാണു തേജസ്സിന്റെ ലക്ഷണം. 40
ദൈവതചോദനചേർന്നു വികാരത്തെ–
യാവഹിച്ചീടിന തേജസ്സിൽനിന്നഥ
ജാതമായീ രസ,മായതിൽനിന്നുമുദ്–
ഭൂതമായ് നീരം, രസഗ്രാഹി നാവുതാൻ. 41
തിക്തകഷായകടുമധുരാമ്ലങ്ങ–
ളുക്കണക്കപ്പുമനേകവിധത്തിലും
ഏകമായീടും രസം പദാർത്ഥങ്ങൾതൻ
യോഗംനിമിത്തം വിഭാഗിച്ചിടുന്നിതു. 42
ആർദ്രമാക്കീടുക, പിണ്ഡമാക്കിച്ചെയ്തു
പേർത്തു മലമ്മതിചേർക്ക, ജീവിപ്പിക്ക,
മാർദ്ദവമാക്കുക. ചൂടു ശമിപ്പിക്ക,
തീർത്തുവിട്ടീടുക സാദമശേഷവും
താഴ്ന്നസ്ഥലങ്ങളിൽ വർദ്ധിച്ചിരിക്കുക–
യിച്ചൊന്നതെല്ലാം ജലത്തിന്റെ ലക്ഷണം. 43
കാലാത്മകാവേശമൂലം വികാരത്തെ–
യാളും രസരൂപനീരത്തിൽനിന്നുടൻ
ഗന്ധമുളവാ,യതിൽനിന്നു ഭൂമിയു–
മുണ്ടായി, ഗന്ധം ഗ്രഹിക്കുന്നു നാസിക. 44
ഏകമാം ഗന്ധം വിവിധവസ്തുക്കൾതൻ
യോഗത്തിനാൽ പല ധർമ്മമാളുന്നിതേ
പൂതി,സൗരഭ്യം,കരംഭ,മുഗ്ര,മമ്ലശാ–
ന്താദിയത്രേ ഗന്ധലക്ഷണമായതും. 45
ബ്രഹ്മാർച്ചനയ്ക്കുള്ള മൂർത്തിഭേദങ്ങളെ
നിർമ്മിക്കുവാൻ വേണ്ടവണ്ണം തുണയ്ക്കുക,
അന്യഭൂതാശ്രയമെന്യേ സ്വയം നില്ക്ക,
തണ്ണീരുതൊട്ടവസ്ത്വാധാരമാവുക,
അന്യഭൂതാവധി കാട്ടുവാൻ പറ്റിടും–
വസ്തുമവച്ഛേദകമായിരിക്കുക,
ഭൂതാളിയിൽ സ്ത്രീപുരുഷഭേദങ്ങൾ വി–
ദ്യോതിക്കുമാറു പരിണമിച്ചീടുക,

എന്നിവ ഭൂവിന്റെ ലക്ഷണംതന്നെയി–
ച്ചൊന്ന കാര്യങ്ങൾക്കു കാരണം ഭൂമിതാൻ. 46
ആകാശഭൂതഗുണവിശേഷം സ്വനം
സ്വീകരിക്കുന്നതിൻ പേർ ശ്രവണേന്ദ്രിയം.
തെന്നലിൻസ്പർശം ഗ്രഹിച്ചിടുമിന്ദ്രിയ–
ത്തിന്നാം ത്വഗിന്ദ്രിയമെന്നു ചൊല്ലുന്നതും. 47
തേജോഗുണമായ രൂപം ഗ്രഹിക്കുന്ന
ഹേ ജനയിത്രീ! നയനേന്ദ്രിയം തഥാ
നീരഗുണമാം രസം ജിഹ്വയും മഹീ–
സാരഗന്ധം ഘ്രാണവും ഗ്രഹിക്കുന്നിതേ. 48
മുൻപുമുൻപുണ്ടായതായ ഭൂതങ്ങളിൽ
പിൻപെഴും ഭൂതങ്ങൾ പേരുകമൂലമായ്
തൻഗുണത്തിന്നു പുറമെയോരോന്നിലും
സംക്രമിപ്പൂ മറ്റു ഭൂതഗുണങ്ങളും
ഏവം നഭസ്സു പരഗുണാപേതമായ്;
ഭൂവിനു സിദ്ധിച്ചിതഞ്ചുഗുണങ്ങളും. 49
ആ മഹത്തത്ത്വമഹങ്കാരതത്ത്വവും
ഭൂമ്യാദിയും സംഘടിക്കാതിരിക്കവേ,
കാലഗുണകർമ്മയുക്തനാമീശ്വരൻ
പാലാഴിശായിയവയിൽക്കടന്നിതു. 50
ഈശ്വരാനപ്രവേശത്തിനാൽ ഭിന്നത–
യാശു വിട്ടന്യോന്യമൊത്തിവ ചേർന്നിതു.
പിന്നെയിസ്സപ്തപദാർത്ഥങ്ങളിൽനിന്നൊ–
രണ്ഡമചേതനമായുത്ഭവിച്ചിതു.
പിന്നെയതിൽനിന്നുമുണ്ടായിവന്നിതു
ധന്യേ! വിരാൾപുമാനെന്നറിഞ്ഞീടുക. 51
ഏതൊന്നിലോ സർവ്വലോകവിതാനമാം
ദൈതേയവൈരിതൻ രൂപമുൾക്കൊള്ളുന്നു,
ആ വിശേഷാഖ്യമാമണ്ഡം ദശഗുണ–
സംവൃദ്ധനീരാദിയാൽ ചൂഴ്ന്നിരുന്നിതു. 52
സ്വർണ്ണപ്രഭമായ് ജലത്തിൽ കിടക്കുമീ–
യണ്ഡകോശംതന്നിൽനിന്നുമനന്തരം
തത്രസ്ഥനാം മഹാദേവനെഴുന്നേറ്റു
പെട്ടെന്നതിലങ്ങുമിങ്ങും പലേവിധം
ദ്വാരങ്ങൾ ചേർത്താ,നവയാ വിരാൾപുമാ–
നോരോന്നുമങ്ങിന്ദ്രിയങ്ങളായ്ത്തീർന്നിതു. 53
ആദിയിലാനനദ്വാരമാ ദേവനു
ജാതമാ,യാസ്യത്തിൽനിന്നു വാക്കഗ്നിയും
പിന്നെയുണ്ടായ് നാസ,തദ്വയദ്വാരത്തിൽ–
നിന്നുമഗ്ഘ്രാണേന്ദ്രിയം പ്രാണസംയുതം. 54
പിന്നെയഗ്ഘ്രാണേന്ദ്രിയത്തിൽനിന്നുണ്ടായി
വന്നിതു വായുവും ലോചനയുഗ്മവും.
നേത്രദ്വയദ്വാരഭാഗങ്ങളിൽനിന്നു
നേത്രേന്ദ്രിയ,മതിൽ നിന്നു മാർത്താണ്ഡനും
കർണ്ണങ്ങളും, കർണ്ണരന്ധ്രങ്ങളിൽനിന്നു
കർണ്ണേന്ദ്രിയവുമുണ്ടായി ദിശകളും. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർഭിദ്യേതേ വിരാജസ്ത്വഗ്രോമശ്മശ്ര്വാദയസ്തതഃ
തത ഓഷധയശ്ചാസൻ ശിശ്നം നിർബിഭിദേ തതഃ. 56
രേതഃ,സ്തസ്മാദാപ ആസ,ന്നിരഭിദ്യത വൈ ഗുദം,
ഗുദാദപാ,നോഽപാനാച്ച മൃത്യുർലോകഭയങ്കരഃ. 57
ഹസ്തൗ ച നിരഭിദ്യേതാം, ബലം താഭ്യാം, തതഃ സ്വരാട്
പാദൗ ച നിരഭിദ്യേതാം, ഗതിസ്താഭ്യാം, തതോ ഹരിഃ. 58
നാഡ്യോഽസ്യ നിരഭിദ്യന്ത, താഭ്യോ ലോഹിതമാഭൃതം
നദ്യസ്തതസ്സമഭവ,ന്നുദരം നിരഭിദ്യത. 59
ക്ഷുത്പിപാസേ തതസ്സ്യാതാം, സമുദ്രസ്ത്വേതയോരഭൂത്
അഥാസ്യ ഹൃദയം ഭിന്നം, ഹൃദയാന്മന ഉത്ഥിതം. 60
മനസശ്ചന്ദ്രമാ ജാതോ ബുദ്ധിർ,ബുദ്ധേർഗ്ഗിരാം പതിഃ
അഹങ്കാര,സ്തതോ രുദ്ര,ശ്ചിത്തം ചൈത്യ,സ്തതോഽഭവത്. 61
ഏതേ ഹ്യഭ്യുത്ഥിതാ ദേവാ നൈവാസ്യോത്ഥാപനേഽശകൻ
പുനരാവിവിശുഃ ഖാനി തമുത്ഥാപയിതും ക്രമാത്. 62
വഹ്നിർവാചാ മുഖം ഭേജേ,നോദതിഷ്ഠത്തദാ വിരാട്,
ഘ്രാണേന നാസികേ വായു,ർന്നോദതിഷ്ഠത്തദാ വിരാട്. 63
അക്ഷിണീ ചക്ഷുഷാഽഽദിത്യോ, നോദതിഷ്ഠത്തദാ വിരാട്,
ശ്രോത്രേണ കർണ്ണൗ ച ദിശോ, നോദതിഷ്ഠത്തദാ വിരാട്. 64
ത്വചം രോമഭിരോഷധ്യോ,നോദതിഷ്ഠത്തദാ വിരാട്.
രേതസാ ശിശ്നമാപസ്തു, നോദതിഷ്ഠത്തദാ വിരാട്. 65
ഗുദം മൃത്യുരപാനേന, നോദതിഷ്ഠത്തദാ വിരാട്.
ഹസ്താവിന്ദ്രോ ബലേനൈവ, നോദതിഷ്ഠത്തദാ വിരാട്. 66
വിഷ്ണുർഗ്ഗത്യൈവ ചരണൗ, നോദതിഷ്ഠത്തദാ വിരാട്
നാഡീർന്നദ്യോ ലോഹിതേന, നോദതിഷ്ഠത്തദാ വിരാട്. 67
ക്ഷുത്തൃഡ്ഭ്യാമുദരം സിന്ധു,ർന്നോദതിഷ്ഠത്തദാ വിരാട്.
ഹൃദയം മനസാ ചന്ദ്രോ, നോദതിഷ്ഠത്തദാ വിരാട്. 68
ബുദ്ധ്യാ ബ്രഹ്മാപി ഹൃദയം, നോദതിഷ്ഠത്തദാ വിരാട്.
രുദ്രോഽഭിമത്യാ ഹൃദയം, നോദതിഷ്ഠത്തദാ വിരാട്. 69
ചിത്തേന ഹൃദയം ചൈത്യഃക്ഷേത്രജ്ഞഃ പ്രാവിശദ്യദാ
വിരാട് തദൈവ പുരുഷസ്സലിലാദുദതിഷ്ഠത. 70
യഥാ പ്രസുപ്തം പുരുഷം പ്രാണേന്ദ്രിയമനോധിയഃ
പ്രഭവന്തി വിനാ യേന നോത്ഥാപയിതുമോജസാ. 71
തമസ്മിൻ പ്രത്യഗാത്മാനം ധിയാ യോഗപ്രവൃത്തയാ
ഭക്ത്യാ വിരക്ത്യാ ജ്ഞാനേന വിവിച്യാത്മനി ചിന്തയേത്. 72

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയേ തത്ത്വസമാമ്നായേ ഷഡ്വിംശതിതമോഽധ്യായഃ

സപ്തവിംശതിതമോഽധ്യായഃ

ശ്രീഭഗവാനുവാച
പ്രകൃതിസ്ഥോഽപി പുരുഷോ നാജ്യതേ പ്രാകൃതൈർഗ്ഗുണൈഃ
അവികാരാദകർത്തൃത്വാന്നിർഗ്ഗുണത്വാജ്ജലാർക്കവത്. 1
സ ഏഷ യർഹി പ്രകൃതേർഗ്ഗുണേഷ്വഭിവിഷജ്ജതേ
അഹംക്രിയാവിമൂഢാത്മാ കർത്താസ്മീത്യഭിമന്യതേ. 2
തേന സംസാരപദവീമവശോഽഭ്യേത്യ നിർവൃതഃ
പ്രാസംഗികൈഃ കർമ്മദോഷൈസ്സദസന്മിശ്രയോനിഷു. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെയുദ്ഭൂതമായ് ത്വക്കാമധിഷ്ഠാന-
മെന്നതിൽനിന്നു രോമം ശ്മശ്രുതൊട്ടതും
തീർന്നിതു അംശങ്ങളിൽനിന്നുമോഷധി-
വൃന്ദങ്ങളും ശിശ്നമാമധിഷ്ഠാനവും. 56
രേതസ്സ ശിശ്നത്തിൽനിന്നുളവായിതു
ജാതമായ് രേതസ്സിൽനിന്നുടനംബുവും.
പിന്നെഗ്ഗുദദ്വാരമുദ്ഭൂതമായതിൽ-
നിന്നുളവായിതപാനനാം വായുവും.
മർത്ത്യക്കശേഷം ഭയം വളർത്തീടമാ
മൃത്യുവപാനനിൽനിന്നഥ ജാതമായ്. 57
കൈരണ്ടുമുണ്ടായവററിൽനിന്നും ബലം
പാരാതുളവായതിൽനിന്നു ശക്രനും
പാദങ്ങളുണ്ടായ്, ഗമനമുണ്ടായതിൽ,
ജാതനായ് പിന്നെയതിൽനിന്നു വിഷ്ണുവും. 58
പിന്നെ വിരാട്ടിനു നാഡികളുണ്ടായി
തീർന്നിതതിൽനിന്നു ലോഹിതമിന്ദ്രിയം.
ആയതിൽനിന്നു നദികളുണ്ടാ,യുള-
വായിതു പിന്നെയുദരവും മാനവീ! 59
ക്ഷുത്തും പിപാസയുമായതിൽനിന്നുദ-
ച്ചബ്ധിയതുകളിൽനിന്നു ജനിച്ചിതു.
പിന്നെയവനു ഹൃദയമുണ്ടാ,യതിൽ-
നിന്നുമുളവായി മാനസവും ക്രമാൽ. 60
മാനസത്തിങ്കൽനിന്നിന്ദുവുണ്ടായ്; ബുദ്ധി
താനും ഭവിച്ചതിൽനിന്നജൻ ജാതനായ്.
പിന്നെ ഹൃദയത്തിൽനിന്നുമഹംകൃതി
തീർന്നിതതിൽനിന്നു ജാതനായ് രുദ്രനും.
ചിത്തമുണ്ടായി ഹൃദയത്തിൽനിന്നഥ
ചൈത്യനതിൽനിന്നു സംജാതനായിതു. 61
ജാതരാമിസ്സുരക്കില്ലാതെയായ് ശക്തി-
യേതും വിരാട്ടിനെയൊന്നെണീപ്പിക്കുവാൻ
പിന്നെയുമാവസിച്ചാരതിന്നായവ-
രുന്നിദ്രരായധിഷ്ഠാനപദങ്ങളിൽ. 62
വഹ്നിവാക്കൊത്തു വസിച്ചു വദനത്തി-
ലെന്നിട്ടെണീററതില്ലാ വിരാൾപൂരുഷൻ.
വായുവാഘ്രാണേന്ദ്രിയമൊത്തു മൂക്കിൽ വാ-
ണായതും നിഷ്ഫലമായിബ്ഭവിച്ചിതു. 63
നേത്രേന്ദ്രിയമൊത്തിനൻ നയനങ്ങളിൽ
പാർത്തിതു, ദിഗ്ദേവതകൾ കണ്ണങ്ങളിൽ
ശ്രോത്രേന്ദ്രിയത്തോടുകൂടി നിവസിച്ചു
വ്യർത്ഥമായ്ത്തന്നെ ഭവിച്ചു സമസ്തവും. 64
രോമങ്ങളൊത്തോഷധികൾ ത്വക്കിങ്കലായ്
താമസമെന്നാൽ വിരാട്ടുണർന്നീലഹോ!
രേതസ്സമായ് ജലം വാണു ശിശ്നംതന്നി-
ലേതും പ്രയോജനപ്പെട്ടതില്ലായതും. 65
മൃത്യുവപാനസഹിതം ഗുദത്തെയും
വൃത്രാരി, ശക്തിയോടൊത്തു ഹസ്തത്തെയും
വിഷ്ണു, ഗതിയൊത്തു പാദയുഗത്തെയും
ധിഷ്ണ്യമാക്കീടും വിരാട്ടുണർന്നില്ലഹോ!
ലോഹിതമൊത്തു തന്നാഡികളിൽ തങ്ങി
വാഹിനീപൂരമതും പാഴിലായിതേ. 66–67
ക്ഷുൽപിപാസാന്വിതം കക്ഷിയിലാവസി-
ച്ചബ്ധി, ശശാങ്കൻ മനമൊത്തു ഹൃത്തിലും. 68
ബുദ്ധിസമേതമജനുമഭിമാന-
മൊത്തു ഹരനും ഹൃദയമാവേശിച്ചു.
ഒന്നും ഫലമായതില്ല വിരാൾപുമാ-
നന്നിദ്രനായതില്ലെന്നേ പറയേണ്ടൂ. 69
എപ്പോൾ സചേതനൻ ജീവൻ ഹൃദയത്തി-
ലംപ്രവേശിച്ചുവോ ചിത്തസമന്വിതം
അപ്പോൾ സലിലത്തിൽനിന്നാവിരാൾപുമാൻ
കെല്പോടുണന്നെഴുന്നേററിതു മാനവീ! 70
പ്രാണേന്ദ്രിയമനോബുദ്ധികൾ ചൈതന്യ-
വാനായ ജീവനോടൊത്തുചേർന്നീടാതെ
ഗാഢനിദ്രാവശനായവനെയുണ-
ർത്തീടാനശക്തങ്ങളായ്ഭവിക്കുംവിധം.
അഗ്ന്യാദ്യർ ജീവനെ വിട്ടു യതിക്കയാൽ
ശക്തരായീലുണർത്താനാ വിരാട്ടിനെ. 71
ഭക്തി, വിരക്തി, യോഗാഭ്യസനോത്സുക-
ബുദ്ധി, വിവേകമിവകൊണ്ടു മെയ്യിതിൽ
പ്രത്യഗാത്മാവായ് വിളങ്ങീടുമീശനെ
പ്രത്യേകമായ് വേർതിരിച്ചു ചിന്തിക്കണം. 72

അദ്ധ്യായം 27

കപിലോപദേശം—മോക്ഷനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

ജീവൻ പ്രകൃതിസ്ഥനെങ്കിലും കർത്തുതാ-
ഭാവ,മവികാരിത, നിർഗ്ഗുണത്വവും
പേറി മായാഗുണാസ്പൃശ്യനായ് മിന്നുന്നു
നീരിൽ നിഴലിക്കുമാദിത്യനെന്നപോൽ. 1
എപ്പൊഴജ്ജീവൻ പ്രകൃതിഗ്ഗുണങ്ങളിൽ
തത്പരനായിടുമപ്പോളഹന്തയാൽ
സ്വന്തമാം രൂപം മറന്നുടൻ കർത്താവു
താൻതന്നെയെന്നഭിമാനിച്ചിടുന്നിതേ. 2
ഇങ്ങനെ കർമ്മദോഷത്തിനാൽ സ്വാതന്ത്ര്യ-
ഭംഗം ഭവിച്ചു സുഖമേതുമെന്നിയേ
ചെന്നുത്തമാധമമിശ്രനാനാജന്മ-
മാന്നു ജീവൻ ഭവമാർഗ്ഗം ഗമിപ്പതേ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അര്‍ഥേ ഹ്യവിദ്യമാനേഽപി സംസൃതിര്‍ന നിവര്‍ത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേഽനര്‍ത്ഥാഗമോ യഥാ. 4
അത ഏവ ശനൈശ്ചിത്തം പ്രസക്തമസതാം പഥി
ഭക്തിയോഗേന തീവ്രേണ വിരക്ത്യാ ച നയേദ്വശം. 5
യമാദിഭിര്യോഗപഥൈരഭ്യസന്‍ ശ്രദ്ധയാന്വിതഃ
മയി ഭാവേന സത്യേന മത്കഥാശ്രവണേന ച. 6
സര്‍വ്വഭൂതസമത്വേന നിര്‍വ്വൈരേണാപ്രസങ്ഗതഃ
ബ്രഹ്മചര്യേണ മൗനേന സ്വധര്‍മ്മേണ ബലീയസാ. 7
യദൃച്ഛയോപലബ്ധേന സന്തുഷ്ടോ മിതഭുങ്മുനിഃ
വിവിക്തശരണശ്ശാന്തോ മൈത്രഃ കരുണ ആത്മവാന്‍. 8
സാനുബന്ധേ ച ദേഹേഽസ്മിന്നകുര്‍വ്വന്നസദാഗ്രഹം
ജ്ഞാനേന ദൃഷ്ടതത്ത്വേന പ്രകൃതേഃ പുരുഷസ്യ ച. 9
നിവൃത്തബുദ്ധ്യവസ്ഥാനോ ദൂരീഭൂതാന്യദര്‍ശനഃ
ഉപലഭ്യാത്മനാഽഽത്മാനം ചക്ഷുഷേവാര്‍ക്കമാത്മദൃക്, 10
മുക്തലിങ്ഗം സദാഭാസമസതി പ്രതിപദ്യതേ
സതോ ബന്ധുമസച്ചക്ഷുസ്സര്‍വ്വാനുസ്യൂതമദ്വയം. 11
യഥാ ജലസ്ഥ ആഭാസഃ സ്ഥലസ്ഥേനാവദൃശ്യതേ
സ്വാഭാസേന തഥാ സൂര്യോ ജലസ്ഥേന ദിവി സ്ഥിതഃ. 12
ഏവം ത്രിവൃദഹങ്കാരോ ഭൂതേന്ദ്രിയമനോമയൈഃ
സ്വാഭാസൈര്‍ലക്ഷിതോഽനേന സദാഭാസേന സത്യദൃക്, 13
ഭൂതസൂക്ഷ്മേന്ദ്രിയമനോബുദ്ധ്യാദിഷ്വിഹ നിദ്രയാ
ലീനേഷ്വസതി യസ്തത്ര വിനിദ്രോ നിരഹംക്രിയഃ. 14
മന്യമാനസ്തദാഽഽത്മാനമനഷ്ടോ നഷ്ടവന്മൃഷാ
നഷ്ടേഽഹംകരണേ ദ്രഷ്ടാ നഷ്ടവിത്ത ഇവാതുരഃ. 15
ഏവം പ്രത്യവമൃശ്യാസാവാത്മാനം പ്രതിപദ്യതേ
സാഹങ്കാരസ്യ ദ്രവ്യസ്യ യോഽവസ്ഥാനമനുഗ്രഹഃ 16

ദേവഹൂതിരുവാച

പുരുഷം പ്രകൃതിര്‍ബ്രഹ്മന്‍ ന വിമുഞ്ചതി കര്‍ഹിചിത്
അന്യോന്യാപാശ്രയത്വാച്ച നിത്യത്വാദനയോഃ പ്രഭോ. 17
യഥാ ഗന്ധസ്യ ഭൂമേശ്ച ന ഭാവോ വ്യതിരേകതഃ
അപാം രസസ്യ ച യഥാ തഥാ ബുദ്ധേഃ പരസ്യ ച. 18
അകര്‍ത്തുഃ കര്‍മ്മബന്ധോഽയം പുരുഷസ്യ യദാശ്രയഃ
ഗുണേഷു സത്സു പ്രകൃതേഃ കൈവല്യം തേഷ്വതഃ കഥം. 19
ക്വചിത്തത്ത്വാവമര്‍ശേന നിവൃത്തം ഭയമുല്‍ബണം
അനിമിത്തനിമിത്തത്വാത് പുനഃ പ്രത്യവതിഷ്ഠതേ. 20

ശ്രീഭഗവാനുവാച

അനിമിത്തനിമിത്തേന സ്വധര്‍മ്മേണാമലാത്മനാ
തീവ്രയാ മയി ഭക്ത്യാ ച ശ്രുതസംഭൃതയാ ചിരം. 21
ജ്ഞാനേന ദൃഷ്ടതത്ത്വേന വൈരാഗ്യേണ ബലീയസാ
തപോയുക്തേന യോഗേന തീവ്രേണാത്മസമാധിനാ. 22
പ്രകൃതിഃ പുരുഷസ്യേഹ ദഹ്യമാനാ ത്വഹര്‍ന്നിശം
തിരോഭവിത്രീ ശനകൈരഗ്നേര്യോനിരിവാരണിഃ. 23
ഭുക്തഭോഗാ പരിത്യക്താ ദൃഷ്ടദോഷാ ച നിത്യശഃ
നേശ്വരസ്യാശുഭം ധത്തേ സ്വേ മഹിമ്നി സ്ഥിതസ്യ ച. 24
യഥാ ഹ്യപ്രതിബുദ്ധസ്യ പ്രസ്വാപോ ബഹ്വനര്‍ത്ഥഭൃത്
സ ഏവ പ്രതിബുദ്ധസ്യ ന വൈ മോഹായ കല്പതേ. 25
ഏവം വിദിതതത്ത്വസ്യ പ്രകൃതിര്‍മ്മയി മാനസം
യുഞ്ജതോ നാപകുരുത ആത്മാരാമസ്യ കര്‍ഹിചിത്. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാര്യമില്ലാത്തതെന്നാലും വിഷയൈഷീ–
പൂരുഷൻ സംസാരമോചിതനായിടാ,
സ്വപ്നത്തിലുണ്ടാമനർത്ഥങ്ങളിൽനിന്നു
സുപ്തനായോൻ വിരമിക്കാത്തപോലവേ. 4
എന്നാകയാലസന്മാർഗ്ഗസഞ്ചാരിയായ്–
ത്തീർന്നിടും മാനസത്തെ ദൃഢമായിടും
ഭക്തിവൈരാഗ്യങ്ങൾകൊണ്ടു മന്ദം വശ–
ത്താക്കാൻ ശ്രമിക്ക നരപാലനന്ദിനീ! 5
ശ്രദ്ധാസമേതം യമനിയമാദിയോ–
ടൊത്തിടും യോഗം ശരിയായ് പഠിക്കയും
എന്നെക്കപടമൊഴിഞ്ഞു ഭാവിക്കയു–
മെന്നുദന്തം ശ്രവണംചെയ്തിരിക്കയും
സർവഭൂതങ്ങളിലും സമദൃഷ്ടിയും
നിർവൈരഭാവവും കൈക്കൊണ്ടിരിക്കയും
ആസക്തി കൈവിട്ടു ബ്രഹ്മചര്യംനോററു
ഭാഷണം നന്നെക്കുറച്ചായിരിക്കയും
മുട്ടാതെ പാലിക്കയും സ്വധർമ്മം, വശാൽ
കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുകയും
ചിന്താപരനായിരിക്കയുമല്പമാ–
യെന്തെങ്കിലും കഴിച്ചിട്ടു ജീവിക്കയും
ഏകാന്തവാസിയായേററവും ശാന്തനായ്
ലോകർക്കശേഷം ഹിതം നിരൂപിക്കയും
നേരേ പ്രകൃതിപുരുഷർതൻ ഭേദത്തെ
വേറേ തിരിച്ചറിയേണ്ടതാം ജ്ഞാനവും
പേറിയിതരസന്ദർശനംവിട്ടലി–
വേറിസ്സുധീരനായ് വർത്തിക്കയുംചെയ്തു
ബുദ്ധ്യവസ്ഥാനം നിവർത്തിച്ചു പുത്രാദി–
യൊത്തൊരീ മെയ്യിലസദാഗ്രഹം വിട്ടു
സൂര്യാഭയാൽ കാഴ്ചയാർന്നിടും കണ്ണിനാൽ
സൂര്യനെ നേരേ നിരീക്ഷിച്ചിടുംവിധം
ലിംഗദേഹത്തെ വിട്ടിട്ടസത്താമന്ത–
രംഗത്തിലദ്വയസദ്രൂപനായ് സദാ
സത്തിനനുബന്ധുവസദ്ദ്യോതകവുമായ്
വർത്തിക്കുമാത്മാവിനെക്കണ്ടിരിക്കുക. 6–11
നീരപ്രതിബിംബവ്യാപൃതിയാൽ ഭിത്തി–
ചേരുംപ്രകാശം ഗൃഹസ്ഥിതൻ കണ്ടുടൻ
അംബുപ്രതിബിംബമീക്ഷിച്ചഥ വാനിൽ
നന്മട്ടിലർക്കനെക്കാണുന്നപോലവേ
ഭൂതേന്ദ്രിയമാനസപ്രതിച്ഛായയാൽ
സാധ്വീ! ത്രിഗുണാത്മകാഹംകൃതിയെയും
സത്തിൻ പ്രതിരൂപമാമതിലൂടവേ
സത്യമാം ബ്രഹ്മരൂപത്തെയും കണ്ടിടാം. 12–13
നിദ്രയിൽ ഭൂതസൂക്ഷ്മേന്ദ്രിയചിത്തധീ,
തൊട്ടവയവ്യാകൃതത്തിൽ മുങ്ങീടവേ
ഏവൻ നിരഹംകൃതിയായ് വിനിദ്രനായ്
മേവിടുമാത്മാവവൻതന്നെ സുവ്രതേ! 14
ദ്രഷ്ടാവഹംകൃതി നഷ്ടമായീടവേ
വിത്തം നശിച്ചു വിഷാദിക്കുവോനീവിധം
നഷ്ടമൊന്നും തനിക്കുണ്ടായിടായ്കിലും
വ്യർത്ഥം നശിച്ചതായ് പാർത്തു ദുഃഖിക്കുന്നു. 15
അന്നേരമായവനാത്മാവിനെപ്പററി
നന്നായ്‌വിചാരിച്ചിടുന്നു സതീമണേ!
ഇത്ഥം വിമർശനം ചെയ്തിട്ടഹങ്കാര–
യുക്തമാം ദേഹത്തിനാശ്രയഭൂതനായ്
എന്നുമതിനെ വിളക്കീടുമിജ്ജീവ–
നാർന്നിടുന്നു പരമാത്മഭാവം സതീ! 16

ദേവഹൂതി പറഞ്ഞു

അന്യോന്യബന്ധവും നിത്യത്വവുംകൊണ്ടു
മന്നും മണവും രസവും സലിലവും
ഭിന്നസ്ഥിതിയററു ചേർന്നിരിക്കുന്നപോ–
ലൊന്നിച്ചിരിപ്പു പ്രകൃതിയും ജീവനും
വേർവിട്ടിരിക്കുന്നതില്ലൊരുകാലവു–
മേവമകർത്താവിനു കർമ്മസംബന്ധം
ഏകും പ്രകൃതിഗുണങ്ങളൊരുപോലെ
ലോകത്തിലെല്ലാവരിലും വിളങ്ങവേ
കൈവല്യമേതുവിധത്തിൽ ഭവിച്ചിടും
ജീവനെന്നായ് സംശയിക്കുന്നു ഞാൻ പ്രഭോ!
ദുർല്ലഭം വല്ലവർക്കും തത്ത്വചിന്തയാൽ
തെല്ലു ഗുണഭീതി കുറഞ്ഞെന്നുവന്നിടാം.
കാരണനാശം ഭവിക്കാതിരിക്കയാൽ
ചേരുന്നു ദുഃഖമിജ്ജീവനു പിന്നെയും. 17–20

ശ്രീഭഗവാൻ പറഞ്ഞു

രാവും പകലും പുരുഷനെയൊന്നുപോൽ
വേവിച്ചുകൊണ്ടിരുന്നീടുമവിദ്യയെ
കർമ്മഫലാപേതമാകും സ്വധർമ്മവും
നിർമ്മലമായീടുമന്തഃകരണവും
ഏറിയനാളെൻ ചരിതം ശ്രവിക്കയാൽ
വേരുറച്ചോരു വിശുദ്ധമാംഭക്തിയും
ദൃഷ്ടതത്ത്വത്തോടു ചേരും വിവേകവു–
മുററവിഷയവിരക്തിയുമാവിധം
തീവ്രതപോയുതമായിടും യോഗവും
നിർവ്വിഘ്നമായിടുമാത്മസമാധിയും
ഒന്നിച്ചു മെല്ലെമെല്ലെദ്ദഹിപ്പിച്ചിടും
വഹ്നിയരണിയെയെന്നതുപോലവേ. 21–23
ഭുക്തഭോഗാന്വിതയായിസ്സദാ പരി–
ത്യക്തയായ് ദോഷവതിയായ മായയാൽ
സ്വന്തമഹിമയിൽ സുസ്ഥിതനായിസ്സ്വ–
തന്ത്രനാമീശനശുഭമേലാ ദൃഢം. 24
സുപ്തനു നാനാവിധമാമനർത്ഥമാ–
സ്വപ്നത്തിലുണ്ടാമതൊന്നും പ്രബുദ്ധനെ
അല്പവും സംഭ്രമിപ്പിക്കുന്നതില്ലതു
സുപ്രസിദ്ധം തന്നെയല്ലോ മനുസുതേ! 25
എന്നുള്ള തത്ത്വമറിഞ്ഞെന്നിൽ മാനസ–
മൂന്നിയങ്ങാത്മാവിലേററം രമിച്ചിടും
ധന്യനാമപ്പുരുഷന്നൊരുകാലവു–
മൊന്നും പ്രകൃതിയപകൃതിചെയ്തിടാ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദൈവമദ്ധ്യാത്മരതഃ കാലേന ബഹുജന്മനാ
സർവ്വത്ര ജാതവൈരാഗ്യ ആബ്രഹ്മഭുവനാന്മുനിഃ 27

മദ്ഭക്തഃ പ്രതിബുദ്ധാത്ഥാ മത്പ്രസാദേന ഭൂയസാ
നിഃശ്രേയസം സ്വസംസ്ഥാനം കൈവല്യാഖ്യം മദാശ്രയം. 28

പ്രാപ്നോതീഹാഞ്ജസാ ധീരഃ സ്വദൃശാച്ഛിന്നസംശയഃ
യദ്ഗത്വാ ന നിവർത്തേത യോഗീ ലിങ്ഗാദ്വിനിർഗ്ഗമേ. 29

യദാ ന യോഗോപചിതാസു ചേതോ
മായാസു സിദ്ധസ്യ വിഷജ്ജതേ/മ്ബ!
അനന്യഹേതുഷ്വഥ മേ ഗതിസ്സ്യാ-
ദാത്യന്തികീ യത്ര ന മൃത്യുഹാസഃ. 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ സപ്തവിംശതിതമോ/ധ്യായഃ

അഷ്ടാവിംശതിതമോ/ധ്യായഃ

ശ്രീഭഗവാനുവാച

യോഗസ്യ ലക്ഷണം വക്ഷ്യേ സബീജസ്യ, നൃപാത്മജേ,
മനോ യേനൈവ വിധിനാ പ്രസന്നം യാതി സത്പഥം. 1

സ്വധർമ്മാചരണം ശക്ത്യാ വിധർമ്മാച്ച നിവർത്തനം
ദൈവാല്ലബ്ധേന സന്തോഷ ആത്മവിച്ചരണാർച്ചനം. 2

ഗ്രാമ്യധർമ്മനിവൃത്തിശ്ച മോക്ഷധർമ്മരതിസ്തഥാ
മിതമേദ്ധ്യാദനം ശശ്വദ്വിവിക്തക്ഷേമസേവനം. 3

അഹിംസാ സത്യമസ്തേയം യാവദർത്ഥപരിഗ്രഹഃ
ബ്രഹ്മചര്യം തപശ്ശൗചം സ്വാധ്യായഃ പുരുഷാർച്ചനം. 4

മൗനം സദാ//സനജയഃ സ്ഥൈര്യം പ്രാണജയശ്ശനൈഃ
പ്രത്യാഹാരശ്ചേന്ദ്രിയാണാം വിഷയാന്മനസാ ഹൃദി. 5

സ്വധിഷ്ണ്യാനാമേകദേശേ മനസാ പ്രാണധാരണം
വൈകുണ്ഠലീലാഭിദ്ധ്യാനം സമാധാനം തഥാ//ത്മനഃ 6

ഏതൈരന്യൈശ്ച പഥിഭിർമ്മനോ ദുഷ്ടമസത്പഥം
ബുദ്ധ്യാ യുഞ്ജീത ശനൈർജ്ജിതപ്രാണോ ഹ്യതന്ദ്രിതഃ. 7

ശുചൗ ദേശേ പ്രതിഷ്ഠാപ്യ വിജിതാസന ആസനം
തസ്മിൻ സ്വസ്തി സമാസീന ഋജുകായസ്സമഭ്യസേത്. 8

പ്രാണസ്യ ശോധയേന്മാർഗ്ഗം പൂരകുംഭകരേചകൈഃ
പ്രതികൂലേന വാ ചിത്തം യഥാ സ്ഥിരമചഞ്ചലം. 9

മനോ/ചിരാത് സ്യാദ്വിരജം ജിതശ്വാസസ്യ യോഗിനഃ
വായ്വഗ്നിഭ്യാം യഥാ ലോഹം ധ്മാതം ത്യജതി വൈ മലം. 10

പ്രാണായാമൈർദ്ദഹേദ്ദോഷാൻ ധാരണാഭിശ്ച കില്ബിഷാൻ
പ്രത്യാഹാരേണ സംസർഗ്ഗാൻ ധ്യാനേനാനീശ്വരാൻ ഗുണാൻ. 11

യദാ മനഃ സ്വം വിരജം യോഗേന സുസമാഹിതം
കാഷ്ഠാം ഭഗവതോ ധ്യായേത് സ്വനാസാഗ്രാവലോകനഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏറിയജന്മംകഴിഞ്ഞേതുകാലമോ
പൂരുഷനാത്മരതനായ് മുനിയായി

ബ്രഹ്മലോകാദി സമസ്തലോകത്തിലും
നമ്മട്ട വൈരാഗ്യമാൻ മദ് ഭക്തനായ്

അത്ഥജ്ഞനായ് സ്വരൂപത്തെയറിഞ്ഞുടൻ
ചിത്തസന്ദേഹമശേഷവും ഛേദിച്ച

ധീരനായ് വദ്ധിച്ച മത്പ്രസാദത്തിനാൽ
നേരേമദാശ്രയമായ് സത്യരൂപമായ്

കൈവല്യനാമകമായ നിശ്ശ്രേയസം
കൈവരിക്കുന്നിതിജ്ജന്മത്തിൽ നിർമ്മലേ!

ലിംഗവിമുക്തനാമാമർത്ത്യന പിന്നെ-
യെങ്ങനെയുണ്ടായിടുന്നു പുനർജ്ജനി. 27–29

മുക്തിക്ക വിഘ്നം വരുത്തുമണിമാദി-
സിദ്ധികൾ യോഗമഹത്വത്തിനാൽ വരും.

യോഗമൊഴിഞ്ഞന്യകാരണത്താൽ പ്രാപ്യ-
മാകാത്തതാണവയമ്മേ! സുമംഗലേ!

മായാവിലാസമാമാവകസിദ്ധിയിൽ
പായാതെയാം സിദ്ധമാനസമെപ്പൊഴോ

അപ്പൊഴേതന്നെയതിൽ പരമില്ലാത്ത
മൽപ്പരയാം ഗതി സിദ്ധിച്ചിടും ദൃഢം.

പിന്നെയവന്നു മൃതിയുടെ പുഞ്ചിരി
കണ്ണിന്നു തീരെ വിഷയമായ്ത്തീന്നിടാ. 30

അദ്ധ്യായം 28

കപിലോപദേശം—വൈഷ്ണവയോഗ നിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

ആലംബനയുക്തമായുമല്ലാതെയു-
മാളുന്ന യോഗക്രമം രണ്ടുമാതിരി

ഏതിനാൽ ചിത്തം പ്രസന്നമായീശ്വര-
പാതയെ പ്രാപിച്ചിടുന്നുവോ പൂരുഷൻ

ആലംബയുക്തമാമായോഗപദ്ധതി
ചേലായ് ഭവതിയോടായരുളുന്നു ഞാൻ. 1

ശക്ത്യനുസാരം സ്വവര്‍ണ്ണാശ്രമത്തിനു-
യുക്തമാം ധമ്മം ഫലകാംക്ഷയെന്നിയേ

തക്കകാലത്താചരിക്കണം പ്രാരബ്ധ-
മൊക്കമാറെത്തിടും ഭക്ഷ്യാദിവസ്തുക്കൾ

തുഷ്ടിയോടും സ്വീകരിക്കണമാത്മപ്ര-
ബുദ്ധരെസ്സാദരം സേവനംചെയ്യണം.

അന്യപുരുഷാത്ഥസക്തിയെന്യേ മോക്ഷ-
മൊന്നിൽമാത്രം രതനായ് ശുചിയായിടും

അന്നം മിതമായ് ഭുജിച്ചു രഹഃസ്ഥലം-
തന്നിലിരിക്കണം വഞ്ചനയെന്നിയേ,

വേണ്ട പദാത്ഥമേ സ്വീകരിച്ചീടാവൂ,
വേണ്ടെന്നുവയ്ക്കണം സ്ത്രീപ്രസംഗാദിയും,

നോമ്പുകൾ നോൽക്ക,വേദങ്ങൾ പഠിക്കുക,
സമ്പൂജനംചെയ്കയീശനെ,ദേഹവും

മാനസവും ശുദ്ധമാക്കിവച്ചീടുക;
മൗനം കഴിവതും പാലിച്ചുകൊള്ളുക,

ആസനംശീലിച്ചു, നിശ്ചലദേഹത്തോ-
ടാസീനനായ് പ്രാണനെ വശത്താക്കുക,

പഞ്ചേന്ദ്രിയത്തെ വിഷയങ്ങളിൽനിന്നു-
മഞ്ചാതെ മാനസത്താൽ പിന്തിരിച്ചുടൻ

ഹൃത്തിലടക്കുക, പ്രാണനെ മാനസ-
മൊത്തു തത്സ്ഥാനങ്ങളിലൊന്നിൽ നിർത്തുക,

ധ്യാനിക്ക വൈകുണ്ഠലീലാവിധങ്ങളെ,
മാനസത്തെയുറപ്പിക്കുക നല്ലപോൽ,

എന്നിവയും മററുമാര്‍ഗ്ഗങ്ങളുംകൊണ്ടു-
തന്നെ ദുർമ്മാർഗ്ഗചരമാം മനസ്സിനെ

തെല്ലുമാലസ്യമിയലാതബുദ്ധിയാൽ
മെല്ലെപ്പരാത്മാവൊടു ചേർത്തുകൊള്ളുക. 2–7

ശുദ്ധസ്ഥലത്തിലൊരാസനം സ്ഥാപിച്ചു
നിത്യവുമാസനമഭ്യസിക്കുന്നവൻ

തീരെ വളയാതുജ്ജുകായനായതിൽ
നേരെയിരുന്നു ശീലിക്കണം സ്വസ്തികം. 8

പൂരകംകുംഭകംരേചകമെന്നുള്ള
പേരിൽ ത്രിമാർഗ്ഗമാം പ്രാണശുദ്ധിക്കിവ

ചിത്തമചഞ്ചലമാമ്മാറു ചെയ്യിടാം;
മററും വിപര്യയമായുമാകാവതാം. 9

ശ്വാസത്തെവെന്നിടും യോഗിതന്മാനസ-
മാശു രജോബന്ധഹീനമായ്ത്തീന്നിടും

കാററും കനലും തപിപ്പിച്ചു മാലിന്യ-
മററു മിന്നീടുന്ന പൊന്നെന്നപോലവേ. 10

വാമാമണേ! ത്രിദോഷങ്ങളെയിപ്രാണാ-
യാമങ്ങളാലും, ദുരിതങ്ങളാകവേ

ധാരണകൊണ്ടും, വിഷയബന്ധങ്ങളെ
ദൂരവേ പ്രത്യാഹാരത്തിനാലും തഥാ,

ഈശാച്ചനാവിഘ്നഹേതുവാം രാഗാദി-
ദോഷമാ ധ്യാനത്തിനാലുമൊഴിക്കുക. 11

യോഗത്തിനാൽ മനം നിമ്മലമായ് ശാന്ത-
മാകുംസമയം ഭഗവത്സ്വരൂപത്തെ

നാസികാഗ്രന്തന്നിലക്ഷിയയച്ചുകൊ-
ണ്ടാസനസംസ്ഥനായ് ധ്യാനിച്ചുകൊള്ളുക. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസന്നവദനാംഭോജം പദ്മഗർഭാരുണേക്ഷണം
നീലോത്പലദലശ്യാമം ശംഖചക്രഗദാധരം. 13

ലസത്പങ്കജകിഞ്ജല്കപീതകൗശേയവാസസം
ശ്രീവത്സവക്ഷസം ഭ്രാജത്കൗസ്തുഭാമുക്തകന്ധരം. 14

മത്തദ്വിരേഫകലയാ പരീതം വനമാലയാ
പരാർദ്ധ്യഹാരവലയകിരീടാംഗദനൂപുരം. 15

കാഞ്ചീഗുണോല്ലസച്ഛ്റോണീം ഹൃദയാംഭോജവിഷ്ടരം
ദർശനീയതമം ശാന്തം മനോനയനവർദ്ധനം. 16

അപീച്യദർശനം ശശ്വത്സർവ്വലോകനമസ്കൃതം
സന്തം വയസി കൈശോരേ ഭൃത്യാനുഗ്രഹകാതരം. 17

കീർത്തന്യതീർത്ഥയശസം പുണ്യശ്ലോകയശസ്കരം
ധ്യായേദ്ദേവം സമഗ്രാംഗം യാവന്ന ച്യവതേ മനഃ. 18

സ്ഥിതം വ്രജന്തമാസീനം ശയാനം വാ ഗുഹാശയം
പ്രേക്ഷണീയേഹിതം ധ്യായേച്ഛുദ്ധഭാവേന ചേതസാ. 19

തസ്മിംല്ലബ്ധപദം ചിത്തം സർവ്വാവയവസംസ്ഥിതം
വിലക്ഷ്യൈകത്ര സംയുജ്യാദംഗേ ഭഗവതോ മുനിഃ. 20

സഞ്ചിന്തയേദ്ഭഗവതശ്ചരണാരവിന്ദം
വജ്രാങ്കുശധ്വജസരോരുഹലാഞ്ഛനാഢ്യം
ഉത്തുംഗരക്തവിലസന്നഖചക്രവാള-
ജ്യോത്സ്നാഭിരാഹതമഹദ്ധൃദയാന്ധകാരം. 21

യച്ഛൗചനിഃസൃതസരിത്പ്രവരോദകേന
തീർത്ഥേന മൂർദ്ധ്ന്യധികൃതേന ശിവശ്ശിവോഽഭൂത്
ധ്യാതുർമ്മനശ്ശമലശൈലനിസൃഷ്ടവജ്രം
ധ്യായേച്ചിരം ഭഗവതശ്ചരണാരവിന്ദം. 22

ജാനുദ്വയം ജലജലോചനയാ ജനന്യാ
ലക്ഷ്മ്യാഖിലസ്യ സുരവന്ദിതയാ വിധാതുഃ
ഊർവ്വോർന്നിധായ കരപല്ലവരോചിഷാ യത്
സംലാളിതം ഹൃദി വിഭോരഭവസ്യ കുര്യാത്. 23

ഊരൂ സുപർണ്ണഭുജയോരധിശോഭമാനാ-
വോജോനിധീ അതസികാകുസുമാവഭാസൗ
വ്യാലംബിപീതവരവാസസി വർത്തമാന-
കാഞ്ചീകലാപപരിരംഭിനിതംബബിംബം. 24

നാഭിഹ്രദം ഭുവനകോശഗുഹോദരസ്ഥം
യത്രാത്മയോനിധിഷണാഖിലലോകപദ്മം
വ്യൂഢം ഹരിന്മണിവൃഷസ്തനയോരമുഷ്യ
ധ്യായേദ്ദ്വയം വിശദഹാരമയൂഖഗൗരം. 25

വക്ഷോഽധിവാസമൃഷഭസ്യ മഹാവിഭൂതേഃ
പുംസാം മനോനയനനിർവൃതിമാദധാനം
കണ്ഠം ച കൗസ്തുഭമണേരധിഭൂഷണാർത്ഥം
കുര്യാന്മനസ്യഖിലലോകനമസ്കൃതസ്യ. 26

ബാഹൂംശ്ച മന്ദരഗിരേഃ പരിവർത്തനേന
നിർണ്ണിക്തബാഹുവലയാനധിലോകപാലാൻ
സഞ്ചിന്തയേദ്ദശശതാരമസഹ്യതേജഃ
ശംഖം ച തത്കരസരോരുഹരാജഹംസം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്നായ് വികസിച്ച താമരയെന്നപോൽ
സുന്ദരമായി പ്രസന്നമാമാനനം
ചെന്താമരപ്പൂവിനുള്ളിലെഴും നിറ-
മേറ്റും മനോഹരമായ നേത്രങ്ങളും
നീലോൽപലദലശ്യാമളമാം നിറം
ചേലെഴും ശംഖു,ചക്രം,ഗദ,പങ്കജം
എന്നിവ ചേർന്നിടും നാലു കരങ്ങളും
നന്നായ്‌വിടർന്നു നിതരാം വിളങ്ങിടും
താമരയല്ലിപോൽ മഞ്ഞനിറംപൂണ്ട-
കോമളവസ്ത്രം ധരിച്ചു, വക്ഷസ്സതിൽ
ശ്രീവത്സലക്ഷ്മമിയന്നു, കണ്ഠസ്ഥല-
ശ്രീവായ്ക്കുമാറാർന്നു കൗസ്തുഭരത്നവും
വണ്ടു മദിച്ചു മുരളും വനമാല
പൂണ്ടു, വിലസന്മണിമാല, കൈവള-
തോൾവള, നൽക്കിരീടം, കാൽച്ചിലമ്പാദി-
വൈവിദ്ധ്യചാരുവിഭൂഷാവിശേഷവും,
പൊന്നരഞ്ഞാണമിണങ്ങിടും മദ്ധ്യവും
തന്നുത്തമഭക്തചിത്തത്തിൽ വാസവും,
കണ്ണും കരളും കവരുന്നതായതി-
സുന്ദരമായ് ദർശനീയതമമായി
ശാന്തമാം ഭാവവും, സർവ്വലോകങ്ങളും
സന്തതം ഭക്ത്യാ നമിക്കും പദാബ്ജവും,
കൈശോരമാം പ്രായമൊത്തങ്ങനുഗ്രഹ-
വർഷം സ്വഭക്തരിൽ ഭൂരിപൊഴിപ്പതായ്
സൽക്കീർത്തിയെന്നുമബ്ഭക്തജനങ്ങളിൽ
നില്ക്കുവാൻതക്കതാം വാത്സല്യഭാവവും,
സർവ്വവുമീവണ്ണമൊത്തിണങ്ങുന്നതാം
ദേവന്റെയാസ്വരൂപത്തെയചഞ്ചലം
ധ്യാനിക്കണം മനം ലേശമിളകാതെ
താനേശരിയായുറച്ചിടുവോളവും. 13–18

നില്ക്കയോ പോകയോ പിന്നെയിരിക്കയോ
പുക്കു ഗുഹാന്തരംതന്നിൽ ശയിക്കയോ
ക്രീഡിക്കയോ ചെയ്തിടും വടിവിൽ ശുദ്ധി-
ക്കൂടും മനസ്സിനാൽ ധ്യാനിച്ചിരിക്കുക. 19

രൂപമതിന്നങ്ഗകങ്ങളോരോന്നിലും
സ്ഥാപിച്ചതാം മാനസത്തെയനന്തരം
ആയതിലേകഭാഗത്തു നിർത്തിശ്ശുദ്ധ-
മായ ചിത്തത്തിനാൽ ധ്യാനിച്ചുകൊള്ളുക. 20

അങ്കുശവജ്രധ്വജസരോജങ്ങളാ-
ലങ്കിതമായിട്ടുയർന്നു തുടുത്തതായ്
തുനഖപാളിതൻ ചന്ദ്രികയാൽ മഹ-
ത്മാനസാജ്ഞാനാന്ധകാരമൊഴിപ്പതാം
ശ്രീമദ്ഭഗവത്ചരണസരോരുഹം
പ്രേമപുരസ്സരം ധ്യാനിച്ചുകൊള്ളണം. 21

ആരുടെ പാദം കഴുകിയ നീരിനാൽ
പേരെഴും ഗങ്ഗതൻതീർത്ഥത്തെ മൗലിയിൽ
ചാർത്തിബ്ഭഗവാൻ പരമേശ്വരൻ കൃത-
കൃത്യനെന്നായഭിമാനിച്ചിടുന്നുവോ,
ഏതിലാം ധ്യാതൃമനഃകല്മഷാചല-
ച്ഛേദിവജ്രായുധരേഖ ലസിപ്പതും,
ശ്രീനിവാസന്റെയപ്പാദാംബുജം ചിരം
ധ്യാനിക്കണം സർവ്വദോഷശാന്ത്യർത്ഥമായ്. 22

സർവ്വസ്രഷ്ടാവാം വിധാതാവിനമ്മയായ്
ഗീർവ്വാണവന്ദിതയായ് പദ്മനേത്രയാം
ഇന്ദിരതന്നുരുമേൽവച്ചു കൈത്തളിർ-
തന്നൊളിയാലലം ലാളിച്ചിടുന്നതാം
ജന്മരഹിതൻ വിഭുവിൻകണങ്കാൽകളം
നമ്മട്ടിലുള്ളിലുറപ്പിച്ചുകൊള്ളണം. 23

താർക്ഷ്യഭുജോപരി ലാലസിക്കുന്നതാ-
യക്ഷയമാം ബലത്തിന്നു നിധാനമായ്
പാരംപരക്കുമതസികാസൂനാഭ-
ചേരുമുരുദ്വിതയത്തെയുമാവിധം
വ്യാലംബിയായ് ശ്രേഷ്ഠപീതവസ്ത്രോപരി
ലാലസിക്കുന്ന കാഞ്ചീകലാപത്തിനാൽ
ചുംബിതമാകും നിതംബബിംബത്തെയും
നമ്മട്ടു ഹൃത്തിലുറപ്പിച്ചുകൊള്ളണം. 24

മൂലോകമൂലംകൊണ്ടിടും ഗുഹാകുക്ഷിയി-
ലാളും ഹ്രദോപമനാഭിദേശത്തെയും
നാഭിജമായ് ധാതൃജന്മനികേതമായ്
ശോഭാനിധാനമായ് ലോകസ്വരൂപമാം
താമരപ്പൂവിനേയും നന്മരതക-
കോമളവക്ഷഃസ്ഥലത്തിൽത്തിളങ്ങിടും
മുത്തുമാലയ്ക്കെഴും സംഗമത്താൽ വെൺമ
സിദ്ധമോ എന്നൊരു ശങ്കയുദിപ്പതായ്
മിന്നും ഭഗവത്സ്തനദ്വിതയത്തെയും
നന്നായ് നിരന്തരം ധ്യാനിച്ചുകൊള്ളണം. 25

ഐശ്വര്യദേവതയാവസിക്കുന്നതാ-
യീശ്വരഭക്തർതൻ ഹൃത്തിനും കണ്ണിനും
ആനന്ദമേററിടും സുന്ദരമാകുമാ-
ശ്രീനിവാസൻതന്റെ വക്ഷഃസ്ഥലത്തെയും
കൗസ്തുഭാലംകൃതമായ് സർവ്വലോകവും
നിത്യം നമിക്കുന്ന കണ്ഠതലത്തെയും 26

ലോകപാലാഭയസ്ഥാനമായ് മന്ദര-
വേഗഭ്രമണജ്വലദംഗദാഭമാം
ബാഹുക്കളേയുമുദഗ്രതേജസ്സാല-
സഹ്യമാ,യായിരമാരങ്ങളാർന്നിടും
ചക്രവും കൈത്താരിൽ രാജഹംസം വന്നു
പാർക്കുംവിധം വിളങ്ങുന്ന ശംഖത്തെയും 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൗമോദകീം ഭഗവതോ ദയിതാം സ്മരേത
ദിഗ്ധാമരാതിഭടശോണിതകർദ്ദമേന
മാലാം മധുവ്രതവരൂഥഗിരോപഘുഷ്ടാം
ചൈത്യസ്യ തത്ത്വമമലം മണിമസ്യ കണ്ഠേ. 28
ഭൃത്യാനുകമ്പിതധിയേഹ ഗൃഹീതമൂർത്തേഃ
സഞ്ചിന്തയേദ് ഭഗവതോ വദനാരവിന്ദം
യദ്വിസ്ഫുരന്മകരകുണ്ഡലവൽഗിതേന
വിദ്യോതിതാമലകപോലമുദാരനാസം. 29
യച്ഛ്രീനികേതമളിഭിഃ പരിസേവ്യമാനം
ഭൂത്യാ സ്വയാ കുടിലകുന്തളവൃന്ദജുഷ്ടം
മീനദ്വയാശ്രയമധിക്ഷിപദബ്ജനേത്രം
ധ്യായേന്മനോമയമതന്ദ്രിത ഉല്ലസദ്ഭ്രു. 30
തസ്യാവലോകമധികം കൃപയാതിഘോര-
താപത്രയോപശമനായ നിസൃഷ്ടമക്ഷ്ണോഃ
സ്നിഗ്ധസ്മിതാനുഗുണിതം വിപുലപ്രസാദം
ധ്യായേച്ചിരം വിപുലഭാവനയാ ഗുഹായാം. 31
ഹാസം ഹരേരവനതാഖിലലോകതീവ്ര-
ശോകാശ്രുസാഗരവിശോഷണമത്യുദാരം
സമ്മോഹനായ രചിതം നിജമായയാസ്യ
ഭ്രൂമണ്ഡലം മുനികൃതേ മകരധ്വജസ്യ. 32
ധ്യാനായനം പ്രഹസിതം ബഹുളാധരോഷ്ഠ-
ഭാസാരുണായിതതനുദ്വിജകുന്ദപങ്ക്തി
ധ്യായേത് സ്വദേഹകുഹരേഽവസിതസ്യ വിഷ്ണോ-
ർഭക്ത്യാഽഽർദ്രയാർപ്പിതമനാ ന പൃഥഗ് ദിദൃക്ഷേത്. 33
ഏവം ഹരൗ ഭഗവതി പ്രതിലബ്ധഭാവോ
ഭക്ത്യാ ദ്രവദ്ധൃദയ ഉത്പുളകഃ പ്രമോദാത്
ഔത്കണ്ഠ്യബാഷ്പകലയാ മുഹുരർദ്ദ്യമാന-
സ്തച്ചാപി ചിത്തബഡിശം ശനകൈർവിയുങ്ക്തേ. 34
മുക്താശ്രയം യർഹി നിർവ്വിഷയം വിരക്തം
നിർവ്വാണമൃച്ഛതി മനസ്സഹസാ യഥാർച്ചിഃ
ആത്മാനമത്ര പുരുഷോഽവ്യവധാനമേക-
മന്വീക്ഷതേ പ്രതിനിവൃത്തഗുണപ്രവാഹഃ. 35
സോഽപ്യേതയാ ചരമയാ മനസോ നിവൃത്ത്യാ
തസ്മിൻ മഹിമ്ന്യവസിതഃ സുഖദുഃഖബാഹ്യേ
ഹേതുത്വമപ്യസതി കർത്തരി ദുഃഖയോര്യത്
സ്വാത്മൻ വിധത്ത ഉപലബ്ധപരാത്മകാഷ്ഠഃ. 36
ദേഹം ച തം ന ചരമഃ സ്ഥിതമുത്ഥിതം വാ
സിദ്ധോ വിപശ്യതി യതോഽധ്യഗമത് സ്വരൂപം
ദൈവാദുപേതമഥ ദൈവവശാദപേതം
വാസോ യഥാ പരികൃതം മദിരാമദാന്ധഃ. 37
ദേഹോഽപി ദൈവവശഗഃ ഖലു കർമ്മ യാവത്
സ്വാരംഭകം പ്രതിസമീക്ഷത ഏവ സാസുഃ
തം സപ്രപഞ്ചമധിരൂഢസമാധിയോഗഃ
സ്വാപ്നം പുനർന്ന ഭജതേ പ്രതിബുദ്ധവസ്തുഃ. 38
യഥാ പുത്രാച്ച വിത്താച്ച പൃഥങ്മർത്ത്യഃ പ്രതീയതേ
അപ്യാത്മത്വേനാഭിമതാദ്ദേഹാദേഃ പുരുഷസ്തഥാ. 39
യഥോല്മുകാദ്വിസ്ഫുലിങ്ഗാദ്ധൂമാദ്വാപി സ്വസംഭവാത്
അപ്യാത്മത്വേനാഭിമതാദ്യഥാഗ്നിഃ പൃഥഗുല്മുകാത്. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രുടേനിണംപററി മാലിന്യമാ-
ന്നെത്രയും പ്രേമം ഭഗവാനിയന്നതാം

കൗമോദകീ ഗദയേയും മധുകര-
സ്തോമംമുരണ്ടേഴും മാലയേയും തഥാ

ജീവൻെറ സൂക്ഷ്മസ്വരൂപമാം ശ്രീപതി-
ദേവൻെറ നിർമ്മലകൌസ്തുഭത്തെയും 28

ഭൃത്യരിൽക്കാരുണ്യമേറിദ്ധരിത്രിയിൽ
മൂർത്തി ധരിച്ചു ചരിച്ച ഭഗവാൻെറ

ചഞ്ചലച്ചാരുമകരകുണ്ഡലാഭര-
ണാഞ്ചിതഗണ്ഡങ്ങളുന്നതനാസയും

കാമമിണങ്ങി സ്വകാന്തിയാൽ സൗന്ദര്യ-
ധാമമായ് നന്നായിരുണ്ടു ചുരുണ്ടതാം-

വാർമുടി,യുല്ലസച്ചില്ലികരം, കോമള-
ത്താമരക്കണ്ണുകളെന്നിവയാൽ പരം-

മിന്നുന്നതായ്, മനോഗ്രാഹ്യമായ്, മീനിണ്-
തന്നാശ്രയസ്ഥാനമായി ലസിച്ചിടും

സാരസത്തേ ഹസിച്ചീടുന്നതാകുമ-
പ്പാരുമുഖത്തെയും ധ്യാനിക്ക വേണ്ട-
പോൽ. 29-30

ഘോരതാപത്രയം ഭക്തർക്ക തീർക്കുവാൻ
കാരുണ്യവാത്സല്യാൽ നയനപ്രയുക്തമായ്

മന്ദസ്മിതത്തോടിടകലർന്നുള്ളതാ-
യെന്നുമനുഗ്രഹസൂചകമായിടും

ഇന്ദിരാകാന്തകടാക്ഷത്തെയുരംക്കാമ്പിൽ
നന്നായ് ചിരം പ്രേമപൂർവ്വം സ്മരിക്കണം. 31

തന്നെബ്ഭജിച്ചിടും പ്രാണികൾക്കൊക്കെയു-
മുന്നതദുഃഖമായ കണ്ണീർക്കടൽ

തീരെ വരട്ടുന്നതായ്, പുരുഷാർത്ഥങ്ങൾ
നേരേയരുളുന്നതായ്, കാമദായിയാം

മന്ദഹാസത്തെയും മാമുനിമാർമനം
നന്നായ്ച്ചലിപ്പിച്ചിടുന്ന മനോജ്ഞനം

മോഹമേററാൻ മായ തീർത്ത വില്ലെന്നപോൽ
മോഹനമായിടും ചില്ലീയുഗത്തെയും 32

വദ്ധിച്ചിടുമധരാഭയാൽ ശോണിമാ-
വെത്തിയ നല്ല പല്ലിൻനിരചേർന്നതായ്

ധ്യാനാസ്പദമാം മനോഗുഹാവാസി മാ-
ജാനി പ്രഹാസത്തെയും ദൃഢഭക്തിയാൽ

അന്യമായൊന്നുമേ കാണ്മവാനാഗ്രഹ-
മെന്നിയേ നല്ലപോൽ ധ്യാനിച്ചുകൊ-
ള്ളണം. 33

ഏവം ഭഗവാൻ ഹരിയിൽ സ്ഥിരപ്രേമ-
ഭാവമിയന്ന നിസ്തുല്യമാം ഭക്തിയാൽ

സ്വാന്തമഹന്തയശേഷവും ഹിന്നമായ്
സന്തോഷവായ്പാലണിഞ്ഞു രോമാഞ്ചവും

ആനന്ദബാഷ്പത്തിൽ മുങ്ങി വീണ്ടും മെല്ലെ
മാനസച്ചൂണ്ടലും വേർപെട്ടിടുന്നതേ. 34

ആശ്രയംവിട്ട വിഷയവിരക്തമാ-
മാശയമെപ്പോൾ വിലയം ഗമിക്കുമോ

അപ്പോൾ ഗുണംവിട്ട ജീവനെയേകനാ-
മപ്പരാത്മാവായ് മറവററു കണ്ടിടാം. 35

ഈവിധമന്ത്യമായ്ച്ചിത്തം നിവർത്തിച്ച-
ജീവൻ സുഖദുഃഖഭാവമില്ലാത്തതാം

അമ്മഹിമാവിലവസിതനാകുന്ന
ചെമ്മേ പരമാത്മബോധം തെളിഞ്ഞവൻ

താനല്ല ദുഃഖസുഖങ്ങൾക്കു കർത്താവു
മാനസാഹങ്കാരമെന്നു കാണുന്നിതു. 36

ഇത്ഥമാത്മാവിനെസ്സാക്ഷാൽക്കരിച്ചിടും
സിദ്ധനു പിന്നെജ്ജനനമില്ലായ്കയാൽ

അന്തിമമായ ശരീരം വഹിക്കുന്നു
സ്വാന്തമാം പ്രാരബ്ധമററിടും നാൾവരെ

എന്നുന്നു ദേഹമെന്നാലുമതിനേയു-
മെന്താണതു ചെയ്വതെന്നുമറിഞ്ഞിടാ-

മദ്യമദാന്ധനവൻ ധരിച്ചീടുന്ന
വസ്ത്രത്തെയേതുമറിയാത്തമാതിരി. 37

എന്തുകൊണ്ടെന്നാലവൻ പരാനന്ദമാം
സ്വാന്തരൂപത്തെയാപിച്ചിരിക്കുന്നിതു.

അങ്ങനെയായാൽ ശരീരം നിലനില്പ-
തെങ്ങനെയെന്നൊരു ശങ്കയുണ്ടാകൊലാ

കർമ്മസംസ്കാരമതിലേക്കു വേണ്ടതു-
മെമ്മട്ടിലും നടത്തീടുമസംശയം

തത്ത്വം ശരിയായറിഞ്ഞു സമാധിയിൽ
സംസ്ഥിതനാമവൻ പിന്നീടൊരിക്കലും

സ്വപ്നപദാർത്ഥത്തെയുന്നിദ്രനെന്നപോൽ
സപ്രപഞ്ചം ശരീരത്തെബ്ഭജിച്ചിടാ. 38

പുത്രരിലും വിത്തരാശിയിലുംനിന്നു
മർത്ത്യൻ വിഭിന്നനാണെന്നറിയുന്നവൻ

ദേഹമാത്മാവെന്നതാമഭിമാനവും
മോഹത്തിനാലെന്നു കാണുന്നു നല്ലപോൽ. 39

തന്നിൽനിന്നുണ്ടാം പുകയിലും തീപ്പൊരി-
തന്നിലും കൊള്ളിയിലുംനിന്നു പാവകൻ

എങ്ങനെ വേറായിരുന്നിടുമാവിധ-
മങ്ഗാഭിമാനിയാത്മാവും വിഭിന്നനാം. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതേന്ദ്രിയാന്തഃകരണാത് പ്രധാനാജ്ജീവസംജ്ഞിതാത്
ആത്മാ തഥാ പൃഥഗ്ദ്രഷ്ടാ ഭഗവാൻ ബ്രഹ്മസംജ്ഞിതഃ 41
സർവ്വഭൂതേഷു ചാത്മാനം സർവ്വഭൂതാനി ചാത്മനി
ഈക്ഷേതാനന്യഭാവേന ഭൂതേഷ്വിവ തദാത്മതാം. 42
സ്വയോനിഷു യഥാ ജ്യോതിരേകം നാനാ പ്രതീയതേ
യോനീനാം ഗുണവൈഷമ്യാത് തഥാഽത്മാ പ്രകൃതൗ സ്ഥിതഃ
തസ്മാദിമാം സ്വാം പ്രകൃതിം ദൈവീം സദസദാത്മികാം
ദുർവിഭാവ്യാം പരാഭാവ്യ സ്വരൂപേണാവതിഷ്ഠതേ. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ കാപിലേയോപാഖ്യാനേ സാധനാനുഷ്ഠാനം നാമാഷ്ടാവിംശതിതമോഽധ്യായഃ

ഏകോനത്രിംശത്തമോഽധ്യായഃ

ദേവഹൂതിരുവാച

ലക്ഷണം മഹദാദീനാം പ്രകൃതേഃ പുരുഷസ്യ ച
സ്വരൂപം ലക്ഷ്യതേഽമീഷാം യേന തത് പാരമാർത്ഥികം. 1
യഥാ സാംഖ്യേഷു കഥിതം യന്മൂലം തത് പ്രചക്ഷതേ
ഭക്തിയോഗസ്യ മേ മാർഗ്ഗം ബ്രൂഹി വിസ്തരശഃ പ്രഭോ. 2
വിരാഗോ യേന പുരുഷോ ഭഗവൻ സർവ്വതോ ഭവേത്
ആചക്ഷ്വ ജീവലോകസ്യ വിവിധാ മമ സംസൃതീഃ. 3
കാലസ്യേശ്വരരൂപസ്യ പരേഷാം ച പരസ്യ തേ
സ്വരൂപം ബത കുർവ്വന്തി യദ്ധേതോഃ കുശലം ജനാഃ. 4
ലോകസ്യ മിഥ്യാഭിമതേരചക്ഷുഷ-
ശ്ചിരം പ്രസുപ്തസ്യ തമസ്യനാശ്രയേ
ശ്രാന്തസ്യ കർമ്മസ്വനുവിദ്ധയാ ധിയാ
ത്വമാവിരാസീഃ കില യോഗഭാസ്കരഃ. 5

മൈത്രേയ ഉവാച

ഇതി മാതുർവചഃ ശ്ലക്ഷ്ണം പ്രതിനന്ദ്യ മഹാമുനിഃ
ആബഭാഷേ കുരുശ്രേഷ്ഠ പ്രീതസ്താം കരുണാർദ്ദിതഃ. 6

ശ്രീഭഗവാനുവാച

ഭക്തിയോഗോ ബഹുവിധോ മാർഗ്ഗൈർഭാമിനി, ഭാവ്യതേ
സ്വഭാവഗുണമാർഗ്ഗേണ പുംസാം ഭാവോ വിഭിദ്യതേ. 7
അഭിസന്ധായ യോ ഹിംസാം ദംഭം മാത്സര്യമേവ വാ
സംരംഭീ ഭിന്നദൃഗ്ഭാവം മയി കുര്യാത് സ താമസഃ. 8
വിഷയാനഭിസന്ധായ യശ ഐശ്വര്യമേവ വാ
അർച്ചാദാവർച്ചയേദ്യോ മാം പൃഥഗ്ഭാവഃ സ രാജസഃ. 9
കർമ്മനിർഹാരമുദ്ദിശ്യ പരസ്മിൻ വാ തദർപ്പണം
യജേദ്യഷ്ടവ്യമിതി വാ പൃഥഗ്ഭാവഃ സ സാത്ത്വികഃ. 10
മദ്ഗുണശ്രുതിമാത്രേണ മയി സർവ്വഗുഹാശയേ
മനോഗതിരവിച്ഛിന്നാ യഥാ ഗംഗാംഭസോഽംബുധൗ. 11
ലക്ഷണം ഭക്തിയോഗസ്യ നിർഗ്ഗുണസ്യ ഹ്യുദാഹൃതം
അഹൈതുക്യവ്യവഹിതാ യാ ഭക്തിഃ പുരുഷോത്തമേ. 12
സാലോക്യസാർഷ്ടിസാമീപ്യസാരൂപ്യൈകത്വമപ്യുത
ദീയമാനം ന ഗൃഹ്ണന്തി വിനാ മത്സേവനം ജനാഃ. 13
സ ഏവ ഭക്തിയോഗാഖ്യ ആത്യന്തിക ഉദാഹൃതഃ
യേനാതിവ്രജ്യ ത്രിഗുണം മദ്ഭാവായോപപദ്യതേ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നപോൽ ഭൂതേന്ദ്രിയമനോരൂപമായ്–
ത്തീർന്നിരിക്കും പ്രകൃതീശ്വരിതന്നിലും
ജീവനിലുംനിന്നു ഭിന്നനാം ദ്രഷ്ടാവു
കേവലം ബ്രഹ്മവും ജ്ഞാനാത്മകനുമാം. 41

സർവ്വഭൂതത്തിലുമാത്മാവെയുമതിൽ
സർവ്വഭൂതത്തെയും കാൺകയഭേദമായ്. 42

യോനിഭേദത്തിനാലേകമാകും വഹ്നി
നാനാതരമായിട്ടുംവിധം മായയാൽ
ദേവമനുഷ്യഗോപക്ഷിമൃഗാദിയിൽ
താവുമാത്മാവും വിഭിന്നനായ്ത്തോന്നുന്നു. 43

ആകയാൽ വൈരാഗ്യഭക്തിവിവേകങ്ങൾ
പാകത്തിനാർന്നു ഹരിഭക്തസത്തമൻ
ദേവമനുഷ്യാദിദേഹനിമിത്തമായ്
ജീവനു മോഹം ജനിപ്പിച്ചിടുന്നതായ്
ചിന്ത്യമല്ലാത്തൊരാ മായയെ വെന്നു നി–
താന്തം പരബ്രഹ്മരൂപനായ് മിന്നിടും. 44

അദ്ധ്യായം 29

കപിലോപദേശം—കാലപ്രഭാവകഥനം

ദേവഹൂതി പറഞ്ഞു

സാംഖ്യശാസ്ത്രത്തിൽ കഥിക്കുംവിധം ഭവാ–
നെങ്കൽക്കനിഞ്ഞു മഹദാദിതത്ത്വവും
നന്നായ് പ്രകൃതിപുരുഷകാര്യങ്ങളു–
മെന്നോടു ചൊല്ലിദ്ധരിപ്പിച്ചനതുള്ളപോൽ.
എന്നാലതിൻമൂലഭൂതമാകും ഭക്തി–
യെന്നോടു വിസ്തരമായ് കഥിച്ചീടുക. 1–2

ഏതൊന്നറിഞ്ഞുകഴിഞ്ഞാൽ പുരുഷനു
യാതൊന്നിലും രാഗമില്ലാതെയായ്വരും
ജീവികൾക്കുള്ളൊരാ നാനാഭവഗതി
സർവ്വജ്ഞനാമങ്ങിവർക്കരുളീടണം. 3

ബ്രഹ്മാദികൾക്കും പ്രധാനനായീശനായ്
നന്മട്ടഖിലത്തിനും കെല്പിയന്നിടും
നിന്തിരുമേനിതൻ കാലസ്വരൂപത്തെ–
യന്തരമെന്യേ കനിഞ്ഞരുൾചെയ്യുക.
എന്തൊരു ഭാഗ്യമതിനെബ്ഭയന്നല്ലോ
ജന്തുജാലം സൽക്രിയകൾ ചെയ്യുന്നതും. 4

മിഥ്യയാകും ശരീരത്തിലഭിമാന–
മെത്തിപ്പരമാർത്ഥവസ്തുവറിയാതെ
ആലംബനമറ്റൊരന്ധകാരത്തിലായ്
കാലം വളരെക്കിടന്നു കഷ്ടപ്പെട്ടു
ഭോഗാശയാൽ കർമ്മബദ്ധരായെപ്പൊഴും
വ്യാകുലപ്പെട്ടു മതികെട്ടുഴന്നിടും
ലോകർക്കു യോഗപ്രകാശത്തെയേകിടു–
മേകനാം ഭാസ്കരനായുദിച്ചു ഭവാൻ. 5

മൈത്രേയൻ പറഞ്ഞു

കൗരവശ്രേഷ്ഠ! ജനയിത്രിതന്നുടെ
ചാരുഗീരീവിധം കേട്ടു സന്തുഷ്ടനായ്
കാരുണ്യമാർന്നു കപിലമുനീശ്വരൻ
പാരാതെ മാതാവിനോടരുളീടിനാൻ. 6

ശ്രീഭഗവാൻ പറഞ്ഞു

ഭക്തിയോഗം പലമട്ടിൽ ഭവിക്കുന്നു
മാർഗ്ഗഭേദംനിമിത്തം ജനയിത്രി കേൾ.
മർത്ത്യശീലത്തിനു കാരണമായുള്ള
സത്ത്വാദിയാകും ഗുണത്രയമാകയാൽ
ഭിന്നമായിട്ടേ നരർക്കു സങ്കല്പവും
വന്നുകൂടാൻ വഴിയുള്ളു മനസ്വതേ! 7

ഹിംസയോ ദംഭമോ മാത്സര്യമോ വള–
ർന്നീർഷ്യയോടുംകൂടിയേതൊരു പൂരുഷൻ
ഭിന്നദൃഗ്ഭാവസങ്കല്പമർപ്പിച്ചിടു–
മെന്നിലവൻതാൻ തമോഗുണമേറിയോൻ. 8

സ്രക്ചന്ദനവനിതാദിയോ വിത്തമോ
സത്കീർത്തിയോ വേണമെന്നു സങ്കല്പിച്ചു
ഭിന്നഭാവത്തൊടുമെന്നെ പ്രതിമാദി–
തന്നിലർച്ചിപ്പവൻ ഭൂരിരജോഗുണി. 9

പാപക്ഷയത്തിനോ കർമ്മമശേഷവും
ശ്രീപതിയാമെന്നിലർപ്പിക്കയെന്നതോ
വേദോക്തിപോൽ പ്രവർത്തിക്കണമെന്നതോ
ചേതസ്സിലുന്നിപ്പൃഥഗ്ഭാവനയൊടും
എന്നെ യജിക്കുവോൻ സത്ത്വഗുണം ഭൂരി–
ചേർന്നുവിളങ്ങുവോൻതന്നെ മന്വാത്മജേ! 10

മൽക്കഥാകർണ്ണനംകൊണ്ടുമാത്രം സർവ്വ–
ഭക്തമനോഗുഹാവാസിയാമീയെന്നിൽ
ഗംഗാപ്രവാഹം സമുദ്രത്തിലെന്നപോൽ
ഭംഗമറ്റുണ്ടാം മനോഗതി പാർക്കിലോ.
നിർഗ്ഗുണഭക്തിയോഗത്തിൻെറ ലക്ഷണം
വ്യക്തമായ്ത്തന്നെയുദാഹരിക്കുന്നിതു.
ഭേദഭാവംവിട്ടഹേതുകമായിടും
മാധവഭക്തി നിർവാണസമാനതാൻ. 11–12

സാലോക്യസാർഷ്ട്യസാമീപ്യസാരൂപ്യങ്ങൾ
നാലുമേകത്വവുമീയഞ്ചു മുക്തിയും
എന്നുടെ ഭക്തർക്കു തീരെ വേണ്ടാ ഭക്തി–
യെന്യേ, തരാമെന്നു ഞാൻതന്നെ ചൊ–
ല്ലിലും. 13

യാതൊന്നിനാൽ ത്രിഗുണാതീതനായ്പരം
പൂതമനസ്കനായെന്നോടു ചേർന്നിടും
ഭക്തിയോഗാഖ്യമായീടുമതുതന്നെ
മുഖ്യമെല്ലാററിലുമെന്നറിഞ്ഞീടണം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഷേവിതേനാനിമിത്തേന സ്വധർമ്മേണ മഹീയസാ
ക്രിയായോഗേന ശസ്തേന നാതിഹിംസ്രേണ നിത്യശഃ 15
മദ്ധിഷ്ണ്യദർശനസ്പർശപൂജാസ്തുത്യഭിവന്ദനൈഃ
ഭൂതേഷു മദ്ഭാവനയാ സത്ത്വേനാസങ്ഗമേന ച. 16
മഹതാം ബഹുമാനേന ദീനാനാമനുകമ്പയാ
മൈത്ര്യാ ചൈവാത്മതുല്യേഷു യമേന നിയമേന ച. 17
ആദ്ധ്യാത്മികാനുശ്രവണാന്നാമസങ്കീർത്തനാച്ച മേ
ആർജ്ജവേനാര്യസങ്ഗേന നിരഹംക്രിയയാ തഥാ. 18
മദ്ധർമ്മണോ ഗുണൈരേതൈഃ പരിസംശുദ്ധ ആശയഃ
പുരുഷസ്യഞ്ജസാഭ്യേതി ശ്രുതമാത്രഗുണം ഹി മാം. 19
യഥാ വാതരഥോ ഘ്രാണമാവൃങ്ക്തേ ഗന്ധ ആശയാത്
ഏവം യോഗരതം ചേത ആത്മാനമവികാരി യത്. 20
അഹം സർവ്വേഷു ഭൂതേഷു ഭൂതാത്മാവസ്ഥിതസ്സദാ
തമവജ്ഞായ മാം മർത്ത്യഃ കുരുതേഽർച്ചാവിഡംബനം. 21
യോ മാം സർവ്വേഷു ഭൂതേഷു സന്തമാത്മാനമീശ്വരം
ഹിത്വാർച്ചാം ഭജതേ മൌഢ്യാദ് ഭസ്മന്യേവ ജുഹോതി സഃ. 22
ദ്വിഷതഃ പരകായേ മാം മാനിനോ ഭിന്നദർശിനഃ
ഭൂതേഷു ബദ്ധവൈരസ്യ ന മനശ്ശാന്തിമൃച്ഛതി. 23
അഹമുച്ചാവചൈർദ്രവ്യൈഃ ക്രിയയോത്പന്നയാനഘേ
നൈവ തുഷ്യേഽർച്ചിതോഽർച്ചായാം ഭൂതഗ്രാമാവമാനിനഃ. 24
അർച്ചാദാവർച്ചയേത്താവദീശ്വരം മാം സ്വകർമ്മകൃത്
യാവന്ന വേദ സ്വഹൃദി സർവ്വഭൂതേഷ്വവസ്ഥിതം. 25
ആത്മനശ്ച പരസ്യാപി യഃ കരോത്യന്തരോദരം
തസ്യ ഭിന്നദൃശോ മൃത്യുർവിദധേ ഭയമുല്ബണം. 26
അഥ മാം സർവ്വഭൂതേഷു ഭൂതാത്മാനം കൃതാലയം
അർഹയേദ്ദാനമാനാഭ്യാം മൈത്ര്യാഭിന്നേന ചക്ഷുഷാ. 27
ജീവാഃ ശ്രേഷ്ഠാ ഹ്യജീവാനാം തതഃ പ്രാണഭൃതഃ ശുഭേ
തതസ്സചിത്താഃ പ്രവരാസ്തതശ്ചേന്ദ്രിയവൃത്തയഃ. 28
തത്രാപി സ്പർശവേദിഭ്യഃ പ്രവരാ രസവേദിനഃ
തേഭ്യോ ഗന്ധവിദഃ ശ്രേഷ്ഠാസ്തതശ്ശബ്ദവിദോ വരാഃ. 29
രൂപഭേദവിദസ്തത്ര തതശ്ചോഭയതോദതഃ
തേഷാം ബഹുപദാഃ ശ്രേഷ്ഠാശ്ചതുഷ്പാദസ്തതോ ദ്വിപാത്. 30
തതോ വർണ്ണാശ്ച ചത്വാരസ്തേഷാം ബ്രാഹ്മണ ഉത്തമഃ
ബ്രാഹ്മണേഷ്വപി വേദജ്ഞോ ഹ്യർത്ഥജ്ഞോഽഭ്യധികസ്തതഃ. 31
അർത്ഥജ്ഞാത് സംശയച്ഛേത്താ തതഃ ശ്രേയാൻ സ്വകർമ്മകൃത്
മുക്തസങ്ഗസ്തതോ ഭൂയാനദോഗ്ധാ ധർമ്മമാത്മനഃ 32
തസ്മാന്മയ്യർപ്പിതാശേഷക്രിയാർത്ഥാത്മാ നിരന്തരഃ
മയ്യർപ്പിതാത്മനഃ പുംസോ മയി സന്ന്യസ്തകർമ്മണഃ
ന പശ്യാമി പരം ഭൂതമകർത്തുസ്സമദർശനാത്. 33
മനസൈതാനി ഭൂതാനി പ്രണമേത് ബഹു മാനയൻ
ഈശ്വരോ ജീവകലയാ പ്രവിഷ്ടോ ഭഗവാനിതി. 34
ഭക്തിയോഗശ്ച യോഗശ്ച മയാ മാനവ്യുദീരിതഃ
യയോരേകതരേണൈവ പുരുഷഃ പുരുഷം വ്രജേത്. 35
ഏതദ്ഭഗവതോ രൂപം ബ്രഹ്മണഃ പരമാത്മനഃ
പരം പ്രധാനം പുരുഷം ദൈവം കർമ്മവിചേഷ്ടിതം. 36
രൂപഭേദാസ്പദം ദിവ്യം കാല ഇത്യഭിധീയതേ
ഭൂതാനാം മഹദാദീനാം യതോ ഭിന്നദൃശാം ഭയം. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർമ്മലേ സങ്കല്പമററതാം മുഖ്യസ്വ–
ധർമ്മം വഴിപോലെയാചരിച്ചീടുക
ഒട്ടുമേ ഹിംസകലരാത്തതായതി–
ശ്രേഷ്ഠമാം കർമ്മങ്ങൾചെയ്തു വാണീടുക.
എൻപ്രതിബിംബസന്ദർശനസ്പർശന–
സമ്പൂജനങ്ങൾ സ്തുതി നതിയെന്നിവ
ഒന്നും മുടങ്ങാതെയെന്നുമനുഷ്ഠിക്ക
എന്നെസ്സകലഭൂതത്തിലും ഭാവിക്ക.
ചിത്തത്തിലാസക്തിയാർന്നിടായ്കൊന്നിലും,
സത്തുക്കളെബ്ബഹുമാനിച്ചുകൊള്ളുക,
ദുഃഖിതന്മാരിലനുകമ്പയാളുക;
സഖ്യം സമന്മാരിലെന്നും വളർത്തുക;
നിത്യം യമനിയമങ്ങൾ പാലിക്കുക
അദ്ധ്യാത്മശാസ്ത്രം ശ്രവിക്ക നിരന്തരം.
എൻനാമകീർത്തനം സജ്ജനസംഗമ–
മന്യൂനമാം പരമാർത്ഥാചരണവും
കൈക്കൊൾക ദേഹമാത്മാവെന്ന ഭാവന–
യുൾക്കാമ്പിൽ വയ്ക്കാതിരിക്കുക ലേശവും,
ഈവിധമുള്ള പുരുഷഗുണോത്കരം
താവുമെന്നാകിലതൊന്നുനിമിത്തമായ്
യോഗരതമായവികാരിയായ് പരി–
പാകമാം പാവനചിത്തമെന്നിൽ ദ്രുതം
ചേർന്നാർന്ന വാതരഥയുക്തമാം മണം
ഘ്രാണേന്ദ്രിയത്തിലെന്നോണം പതിഞ്ഞിടും. 15–20

ഉള്ളത്തിൽ വാണീടുമെന്നെയറിയാതെ–
യല്ലോ നടിപ്പത,ർച്ചിപ്പതായേവരും. 21
സർവ്വപ്രചോദകനായ് സമസ്തത്തിലു–
മാവസിച്ചീടുമീയെന്നെയുപേക്ഷിച്ചു
മൂഢജനം മൽപ്രതിബിംബപൂജചെ–
യ്തീടുന്നു ഭസ്മഹോമംകണക്കേ വൃഥാ. 22
ഭിന്നദൃക്കായിശ്ശരീരാഭിമാനിയാ–
യന്യദേഹത്തിലീയെന്നെക്കഠോരമായ്
ദ്വേഷിച്ചിടുന്നവൻതന്നുടെ മാനസം
ലേശവും ശാന്തിയിയന്നിടാ നിർണ്ണയം. 23
ശുദ്ധാശയേ! പരദ്രോഹങ്ങളാലാർന്ന
വസ്തുക്കളാലെന്നെയർച്ചനചെയ്തിടും
ഭൂതജാലദ്രോഹിയായോരവനിൽ ഞാൻ
പ്രീതനായിബ്ഭവിക്കില്ലൊരുകാലവും. 24
ധന്യേ! സമസ്തഭൂതാന്തഃസ്ഥനായ ഞാൻ
തന്നുള്ളിൽ വാഴുന്നുവെന്നറിയുംവരെ
വിഗ്രഹാരാധനയാവശ്യമാണതു
ധിക്കരിക്കാവതല്ലാർക്കും സുമങ്ഗലേ! 25
തന്നിൽ വസിച്ചിടും ജീവനും സർവ്വത്ര–
മിന്നും പരനുമൊന്നെന്നറിയാതെഴും
ഭിന്നദൃക്കിന്നു മൃതിരൂപനായ ഞാ–
നുന്നതഭീതിപ്രദനായ് ഭവിച്ചിടും. 26
എന്നതിനാൽ സർവ്വഭൂതനിവാസിയാ–
മെന്നെയീശ്വരിയായറിഞ്ഞിട്ടഭേദമാം
ദൃഷ്ടിയോടും ദാനമാനങ്ങൾ മൈത്രിയും
പൂർവ്വമാക്കീട്ടെന്നുമർച്ചനംചെയ്യണം. 27
ചേതനാഹീനമാം മുൾച്ചിലാദ്യങ്ങളിൽ
ചൈതന്യമുള്ള വൃക്ഷാദികൾ മെച്ചമാം,
ശ്വാസമുച്ഛ്വാസവുമാർന്നിടും ജംഗമ–
രാശിയതിലുമുൽക്കൃഷ്ട,മതിൽപരം
ജ്ഞാനമിയന്നവതന്നെ,യതിൽ ശ്രേഷ്ഠ–
മാണിന്ദ്രിയവൃത്തിയുള്ളവയൊക്കെയും. 28
സ്പർശരസഗന്ധശബ്ദങ്ങളിൽ ജ്ഞാന–
മേശുന്നവയതിൽ മെച്ചമാം മേല്ക്കുമേൽ. 29
രൂപഭേദങ്ങളറിയുന്ന കാകാദി
കോപവിഹീനേ! വരിഷ്ഠമവററിലും
രണ്ടുവരിപ്പല്ലിയന്നിടും ജീവികൾ
പൂണ്ടിടുന്നുണ്ടു കാകാദിയിൽ ശ്രേഷ്ഠത.
കാലു പലതുള്ളവയതിൽ മെച്ചമാം
നാലു കാലുള്ളവ മെച്ചമവററിലും
രണ്ടു കാലിൽച്ചരിക്കുന്ന മർത്ത്യാവലി–
ക്കുണ്ടിതിലൊക്കെയും മാഹാത്മ്യമേററവും. 30
മർത്ത്യരിൽ നാലുവർണ്ണങ്ങളിൽപ്പെട്ടവ–
രത്രേ വരിഷ്ഠ,രതിൽ ദ്വിജൻ ശ്രേഷ്ഠനാം
ഭൂസുരന്മാരിൽ വേദജ്ഞൻ പ്രധാനിതാൻ
ഭേഷായ് തദർത്ഥമറിഞ്ഞോനതിൽ വരൻ. 31
അർത്ഥജ്ഞനേക്കാൾ പ്രമാണിയാം സന്ദേഹ–
ഹർത്താ,വതിലും സ്വധർമ്മകൃത്തുത്തമൻ.
ഉൽക്കൃഷ്ടനത്രേയസംഗനവനിലും
നിഷ്കാമകർമ്മിയവനിലുമുന്നതൻ. 32
കർമ്മങ്ങളും ശരീരാദിസംഘാതവു–
മാത്മാവുമെന്നിലർപ്പിച്ചു വിളങ്ങിടും
തുല്യദൃക്കാകും പുരുഷനേക്കാൾ മേന്മ–
യുള്ളവനായ്ക്കാണ്മതില്ല മററാരെയും. 33
എല്ലാം നിയന്ത്രിക്കുമീശ്വരൻ ജീവനാ–
യുല്ലസിക്കുന്നഖിലത്തിലുമെന്നെഴും
ജ്ഞാനമാർന്നിബ്ഭൂതജാലത്തെയൊക്കെയും
മാനസംകൊണ്ടു മാനിച്ചു നമിക്കണം. 34
ഞാനരുളീ ഭക്തിയോഗവും സാംഖ്യവും
നൂനം മുമുക്ഷുവിതൊന്നിനാൽ മുക്തനാം. 35
മുന്നം മഹത്തത്ത്വമായി പ്രകൃതിയായ്
പിന്നെപ്പുരുഷനായ് ദേവതാവർഗ്ഗമായ്
കർമ്മത്തിനും രൂപഭേദത്തിനും ഹേതു–
ബ്രഹ്മമായിപ്പരാത്മാവാം ഭഗവാൻെറ
കാലരൂപം, ഭേദദൃഷ്ടി കലർന്നിടു–
മാളുകൾക്കൊക്കെയും ഭീതിപ്രദായകം. 36–37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഽന്തഃ പ്രവിശ്യ ഭൂതാനി ഭൂതൈരത്ത്യഖിലാശ്രയഃ
സ വിഷ്ണ്വാഖ്യോഽധിയജ്ഞോഽസൗ കാലഃ കലയതാം പ്രഭുഃ. 38
ന ചാസ്യ കശ്ചിദ്ദയിതോ ന ദ്വേഷ്യോ ന ച ബാന്ധവഃ
ആവിശത്യപ്രമത്തോഽസൗ പ്രമത്തം ജനമന്തകൃത്. 39
യദ്ഭയാദ്വാതി വാതോഽയം സൂര്യസ്തപതി യദ്ഭയാത്
യദ്ഭയാദ്വർഷതേ ദേവോ ഭഗണോ ഭാതി യദ്ഭയാത്. 40
യദ്വനസ്പതയോ ഭീതാ ലതാശ്ചൗഷധിഭിസ്സഹ
സ്വേ സ്വേ കാലേഽഭിഗൃഹ്ണന്തി പുഷ്പാണി ച ഫലാനി ച. 41
സ്രവന്തി സരിതോ ഭീതാ നോത്സർപ്പത്യുദധിര്യതഃ
അഗ്നിരിന്ധേ സഗിരിഭിർഭൂർന്ന മജ്ജതി യദ്ഭയാത്. 42
നഭോ ദദാതി ശ്വസതാം പദം യന്നിയമാദദഃ
ലോകം സ്വദേഹം തനുതേ മഹാൻ സപ്തഭിരാവൃതം. 43
ഗുണാഭിമാനിനോ ദേവാസ്സർഗ്ഗാദിഷ്വസ്യ യദ്ഭയാത്
വർത്തന്തേഽനുയുഗം യേഷാം വശ ഏതച്ചരാചരം. 44
സോഽനന്തോഽന്തകരഃ കാലോഽനാദിരാദികൃദവ്യയഃ
ജനം ജനേന ജനയൻ മാരയൻ മൃത്യുനാന്തകം. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ഏകോനത്രിംശത്തമോഽധ്യായഃ

ത്രിംശത്തമോഽധ്യായഃ

കപില ഉവാച

തസ്യൈതസ്യ ജനോ നൂനം നായം വേദോരുവിക്രമം
കാല്യമാനോപി ബലിനോ വായോരിവ ഘനാവലിഃ. 1
യം യമർത്ഥമുപാദത്തേ ദുഃഖേന സുഖഹേതവേ
തം തം ധുനോതി ഭഗവാൻ പുമാൻ ശോചതി യത്കൃതേ. 2
യദധ്രുവസ്യ ദേഹസ്യ സാനുബന്ധസ്യ ദുർമ്മതിഃ
ധ്രുവാണി മന്യതേ മോഹാദ് ഗൃഹക്ഷേത്രവസൂനി ച. 3
ജന്തുർവൈ ഭവ ഏതസ്മിൻ യാം യാം യോനിമനുവ്രജേത്
തസ്യാം തസ്യാം സ ലഭതേ നിർവൃതിം ന വിരജ്യതേ. 4
നരകസ്ഥോഽപി ദേഹം വൈ ന പുമാംസ്ത്യക്തുമിച്ഛതി
നാരക്യാം നിർവൃതൗ സത്യാം ദേവമായാവിമോഹിതഃ. 5
ആത്മജായാസുതാഗാരപശുദ്രവിണബന്ധുഷു
നിരൂഢമൂലഹൃദയ ആത്മാനം ബഹു മന്യതേ. 6
സന്ദഹ്യമാനസർവ്വാംഗ ഏഷാമുദ്വഹനാധിനാ
കരോത്യവിരതം മൂഢോ ദുരിതാനി ദുരാശയഃ. 7
ആക്ഷിപ്താത്മേന്ദ്രിയഃ സ്ത്രീണാമസതീനാം ച മായയാ
രഹോരചിതയാലാപൈശ്ശിശൂനാം കളഭാഷിണാം. 8
ഗൃഹേഷു കൂടധർമ്മേഷു ദുഃഖതന്ത്രേഷ്വതന്ദ്രിതഃ
കുർവ്വൻദുഃഖപ്രതീകാരം സുഖവന്മന്യതേ ഗൃഹീ. 9
അർത്ഥൈരാപാദിതൈർഗുർവ്യാ ഹിംസയേതസ്തതശ്ച താൻ
പുഷ്ണാതി യേഷാം പോഷേണ ശേഷഭുഗ്യാത്യധഃ സ്വയം. 10
വാർത്തായാം ലുപ്യമാനായാമാരബ്ധായാം പുനഃ പുനഃ
ലോഭാഭിഭൂതോ നിസ്സത്ത്വഃ പരാർത്ഥേ കുരുതേ സ്പൃഹാം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളിലേതൊന്നു കടന്നു ഭൂതങ്ങളെ–
യെല്ലാം മുടിപ്പു ഭൂതങ്ങളെക്കൊണ്ടുതാൻ,
കാലാഖ്യനബ്ഭഗവാൻ സമസ്തത്തിനു–
മാലംബവു,മഖിലം വശത്താക്കിടും
ബ്രഹ്മാദികൾക്കീശനും, യജ്ഞസത്ഫലം
ചെമ്മേയരുളുമാ വിഷ്ണുവുമാണു കേൾ. 38
ഇഷ്ടനായേകനവനില്ലരാതിയാ–
യിട്ടുമാരും ബന്ധുവായും കഥിക്കുവാൻ
സന്തതമുന്മേഷവാനായ് സ്വരൂപവി–
ചിന്തനംചെയ്യാത്ത മത്തനാം മർത്ത്യനെ
അന്തകൃത്തായ പ്രമത്തനാമദ്ദേവ–
നന്തരമെന്യേ നശിപ്പിച്ചിടുന്നുതേ. 39
ആരെബ്ഭയന്നാണു കാററുവീശുന്നതും
സൂര്യഭഗവാൻ പരം തപിക്കുന്നതും
ഇന്ദ്രൻ മഴ യഥാകാലം പൊഴിപ്പതും
ചന്ദ്രനും താരങ്ങളും പ്രകാശിപ്പതും 40
വൃക്ഷലതാദികൾ കാലംകളയാതെ
പുഷ്പഫലങ്ങൾ മുറയ്ക്കരുളുന്നതും 41
ആറുകളെല്ലാമൊഴുകുന്നതും കര–
കേറാതെയാഴി നിലയ്ക്കുനില്ക്കുന്നതും
ആരെബ്ഭയന്നാണു വഹ്നി കത്തുന്നതും
പാരിടമദ്രികളൊത്തു താഴാത്തതും 42
ആരുടെയാജ്ഞയാലാകാശമേകുന്നു
പാരിതിൽ പ്രാണികൾക്കാവസിപ്പാനിടം
ഏവൻ സ്വദേഹം മഹത്തത്ത്വമാദിയേ–
ഴാവരണംപെടും ലോകമാക്കുന്നുവോ, 43
കാലസ്വരൂപനാമദ്ദേവനിൽ ഭീതി–
മൂലം ഗുണാഭിമാനോപേതരായിടും
ബ്രഹ്മാദിദേവപ്രധാനരും സൃഷ്ട്യാദി
കർമ്മങ്ങളിലേർപ്പെടുന്നു കല്പംപ്രതി.
ഇക്കണ്ടിടുന്ന ചരാചരം പാർക്കിൽ–
ലൊക്കെയവന്നധീനം മന്നനന്ദിനീ! 44
അന്തകനായവികാരിയായാദിയു–
മന്തവുമററവനായാദികൃത്തുമാം
കാലരൂപൻതാൻ ജനജനനത്തിനു–
മൂലവു,ദുഷ്ടചോരാദികൾക്കു മൃത്യുവും. 45

അദ്ധ്യായം 30

കപിലോപദേശം—താമസഗതി നിരൂപണം

ശ്രീ കപിലൻ പറഞ്ഞു

ഊക്കേഴുംകാലംനിമിത്തം ചലിക്കിലും
പാർക്കുന്നതില്ലതിൻ വിക്രമമാരുമേ
കാററേറു പാറിപ്പറന്നിടും മേഘങ്ങൾ
ചെററും സമീരബലമറിയാത്തപോൽ. 1
മർത്ത്യൻ സുഖത്തിനായ് പാടുപെട്ടാർജ്ജിക്കു–
മർത്ഥമശേഷമീ കാലം ഹനിപ്പതേ.
ആയതുമൂലം മനുജനെല്ലാപ്പൊഴും
മായാത്ത മാലിൽ മുഴുകിക്കഴിയുന്നു. 2
പുത്രാദിയുക്തശരീരസംബന്ധിയായ്
നിത്യമല്ലാത്ത ഗൃഹധനക്ഷേത്രാദി
ശാശ്വതമാണെന്നു തെററിദ്ധരിക്കയാൽ
ക്ലേശമതിൻവിനാശത്തിൽ ഭവിക്കുന്നു. 3
ഏതേതുവർഗ്ഗത്തിലിബ്ഭവത്തിൽ പുമാൻ
ജാതനായീടുമതാതിടത്തിൽത്തന്നെ
സൗഖ്യമീക്ഷിച്ചു കഴിക്കുന്നതല്ലാതെ
കൈക്കൊൾവതില്ല വിരക്തിയൊരിക്കലും. 4
കീടാദിയോനിനരകങ്ങളിൽച്ചെന്നു
കൂടുകിലങ്ങും പുമാൻ സുഖം കാൺകയാൽ
മായാവിലാസത്തിനാലേ തനിക്കുള്ള
കായംവെടിഞ്ഞിടാനിച്ഛിപ്പതില്ലഹോ. 5
ഗേഹം സ്വദേഹം കളത്രം സുതൻ ബന്ധു
വാഹനം ഗോ ഭൂമി ധാന്യധനാദിയും
ആനന്ദവസ്തുക്കളെന്നായ് സ്വയമഭി–
മാനത്തിനാൽ ഞെളിയുന്നിതജ്ഞൻ പരം. 6
ദാരിദ്ര്യമാളും കുടുംബം പുലർത്തുവാൻ
ഭൂരിശ്രമത്താൽ സ്വദേഹം ദഹിക്കിലും
ദുർമ്മനസ്സാം മൂഢമർത്ത്യനെന്നും പാപ–
കർമ്മങ്ങൾ ചെയ്യുന്നു പിന്നെയും പിന്നെയും. 7
പാതിവ്രത്യംവിററ ഭാര്യതന്നേകാന്ത–
ചൂതാസ്ത്രലീലാവിലാസരസത്തിലും
കുഞ്ഞുങ്ങൾ മഞ്ജുളമാമ്മാറടിക്കടി
കൊഞ്ചിയരുളും കളഭാഷണത്തിലും
ചിത്തേന്ദ്രിയങ്ങൾ മയങ്ങിഗ്ഗൃഹികൂട–
വൃത്തികൾചേർന്നും ദുഃഖമയവുമാം
പത്തനത്തിൽ ജാഗരൂകനായെപ്പൊഴു–
മത്തലകല്പമുപായമാലോചിച്ചു
നിത്യവും ദേഹാഭിമാനിയായ് വാഴുന്നു
വാസ്തവമാം സുഖമോരാതെ മായയാൽ. 8–9
ചൂഴവും വാഴുവോരേഴകളെപ്പരം
കേഴമാറാക്കിയുപദ്രവിച്ചാർന്നിടും
കോഴയാൽ കേഴമാൻകണ്ണിയെ പുത്രരൊ–
ത്താഴിമാതെന്നുന്നി നന്നായ് തടിപ്പിച്ചു
ഉച്ഛിഷ്ടമുണ്ടുണ്ടുദരവും വീർപ്പിച്ചു
പിച്ചൻ നരകക്കുഴിയിൽ വീഴുന്നഹോ! 10
അല്ലലാററാൻ വീണ്ടുമാർന്നീടുമിശ്രമ–
മെല്ലാം വൃഥാവിലായ് ശക്തിവിഹീനനായ്
ലോഭാഭിഭൂതനായന്യധനാശയും
സ്വാഭാവികമായ് വളർന്നുവരും ദൃഢം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുടുംബഭരണാകല്പോ മന്ദഭാഗ്യോ വൃഥോദ്യമഃ
ശ്രിയാ വിഹീനഃ കൃപണോ ധ്യായൻ ശ്വസിതി മൂഢധീഃ. 12

ഏവം സ്വഭരണാകല്പം തത്കളത്രാദയസ്തഥാ
നാദ്രിയന്തേ യഥാപൂർവ്വം കീനാശാ ഇവ ഗോജരം. 13

തത്രാപ്യജാതനിർവ്വേദോ ഭ്രിയമാണസ്വയംഭൃതൈഃ
ജരയോപാത്തവൈരൂപ്യോ മരണാഭിമുഖോ ഗൃഹേ. 14

ആസ്തേഽവമത്യോപന്യസ്തം ഗൃഹപാല ഇവാഹരൻ
ആമയാവ്യപ്രദീപ്താഗ്നിരല്പാഹാരോഽല്പചേഷ്ടിതഃ. 15

വായുനോത്ക്രമതോത്താരഃ കഫസംരുദ്ധനാഡികഃ
കാസശ്വാസകൃതായാസഃ കണ്ഠേ ഘുരഘുരായതേ. 16

ശയാനഃ പരിശോചദ്ഭിഃ പരിവീതഃ സ്വബന്ധുഭിഃ
വാച്യമാനോഽപി ന ബ്രൂതേ കാലപാശവശംഗതഃ. 17

ഏവം കുടുംബഭരണേ വ്യാപൃതാത്മാജിതേന്ദ്രിയഃ
മ്രിയതേ രുദതാം സ്വാനാമുരുവേദനയാസ്തധീഃ. 18

യമദൂതൗ തദാ പ്രാപ്തൗ ഭീമൗ സരഭസേക്ഷണൗ
സ ദൃഷ്ട്വാ ത്രസ്തഹൃദയശ്ശകൃന്മൂത്രം വിമുഞ്ചതി. 19

യാതനാദേഹ ആവൃത്യ പാശൈർബ്ബദ്ധ്വാ ഗളേ ബലാത്
നയതോ ദീർഘമധ്വാനം ദണ്ഡ്യം രാജഭടാ യഥാ. 20

തയോർന്നിർഭിന്നഹൃദയസ്തർജ്ജനൈർജാതവേപഥുഃ
പഥി ശ്വഭിർഭക്ഷ്യമാണ ആർത്തോഽഘം സ്വമനുസ്മരൻ. 21

ക്ഷുത്തൃട്പരീതോഽർക്കദവാനലാനിലൈ-
സ്സന്തപ്യമാനഃ പഥി തപ്തവാലുകേ
കൃച്ഛ്റേണ പൃഷ്ഠേ കശയാ ച താഡിത-
ശ്ചലത്യശക്തോഽപി നിരാശ്രമോദകേ. 22

തത്ര തത്ര പതൻ ശ്രാന്തോ മൂർച്ഛിതഃ പുനരുത്ഥിതഃ
പഥാ പാപീയസാ നീതസ്തമസാ യമസാദനം. 23

യോജനാനാം സഹസ്രാണി നവതിം നവ ചാധ്വനഃ
ത്രിഭിർമ്മുഹൂർത്തൈർദ്വാഭ്യാം വാ നീതഃ പ്രാപ്നോതി
യാതനാഃ. 24

ആദീപനം സ്വഗാത്രാണാം വേഷ്ടയിത്വോല്മുകാദിഭിഃ
ആത്മമാംസാദനം ക്വാപി സ്വകൃത്തം പരതോഽപി വാ. 25

ജീവതശ്ചാന്ത്രാഭ്യുദ്ധാരഃ ശ്വഗൃദ്ധ്രൈര്യമസാദനേ
സർപ്പവൃശ്ചികദംശാദ്യൈർദശദ്ഭിശ്ചാത്മവൈശസം. 26

കൃന്തനം ചാവയവശോ ഗജാദിഭ്യോ ഭിദാപനം
പാതനം ഗിരിശൃംഗേഭ്യോ രോധനം ചാംബുഗർത്തയോഃ 27

യാസ്താമിസ്രാന്ധതാമിസ്രാ രൗരവാദ്യാശ്ച യാതനാഃ
ഭുങ്ക്തേ നരോ വാ നാരീ വാ മിഥസ്സംഗേന നിർമ്മിതാഃ. 28

അത്രൈവ നരകഃ സ്വർഗ്ഗ ഇതി മാതഃ പ്രചക്ഷതേ
യാ യാതനാ വൈ നാരക്യസ്താ ഇഹാപ്യുപലക്ഷിതാഃ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗ്യവിഹീനനായശ്രീകനായ് ഗൃഹ-
യോഗകർമ്മത്തിലപ്രാപ്തനായ് മൂഢനായ്
നാനാമനോരഥംതന്നിൽ മുങ്ങിസ്സദാ
ദീനതയാനനത്തിൽ പ്രകാശിപ്പിച്ചു
കുമ്പതടവി മേല്പോട്ടു നോക്കിപ്പര-
മമ്പരന്നെന്നും നെടുവീർപ്പിടുന്നതേ. 12
ഇപ്രകാരം തൻ കുടുംബഭരണത്തി-
ലല്പവും കെല്പിയലാത്ത മനുഷ്യനെ
ആട്ടിയകററിടും ജായാസുതാദികൾ
ദുഷ്ടകൃഷിക്കാർ മൂത്തകാളയേവിധം. 13
കഷ്ടമാമിസ്ഥിതി വന്നുകൂടീടിലു-
മൊട്ടും വിഷയവിരക്തനായീടാതെ
താൻ പുലർത്തീടിന ജായാസുതാദിയെ
നമ്പിക്കഴിച്ചു ജരയുംപിടിപെട്ടു
അങ്ഗംമെലിഞ്ഞെല്ലുമുന്തി വൈരൂപ്യവു-
മെങ്ങും ഭവിച്ചു മൃതിയെ മാത്രം പാർത്തു
നിന്ദയോടും സമീപത്തു മുമ്പിൽ കൊണ്ടു-
വന്നു വച്ചും ഭക്ഷണം ശ്വാനനെന്നപോൽ
തിന്നു വയറുവീർപ്പിച്ചാമദോഷവും
വന്നു ദഹനവും തീരെയില്ലാതെയായ്
വല്ലതുമല്പം കഴിച്ചു കർമ്മങ്ങളി-
ലുല്ലാസമററു കഫമേറെ വദ്ധിച്ചു
നാഡികളെല്ലാമടഞ്ഞു കാസശ്വാസ-
രുദ്ധാമയങ്ങളിടഞ്ഞു വിവശനായ്
ഉത്ക്രമിച്ചീടുന്ന വായുതടഞ്ഞേഴും
വ്യഗ്രതയാലെ പൊന്തിച്ചു കൺതാരകൾ
കണ്ടിടുന്നോർക്കു ഭയം വളർക്കുംവിധം
കണ്ഠനാളത്തിൽ കുറുകുറുപ്പായിടും. 14–16
അത്തൽ മുഴുത്തു കണ്ണീർവാർത്തു ബാന്ധവ-
പുത്രദാരാദിചുഴന്നു കിടന്നിടും
വൃദ്ധനെ വീണ്ടും വിളിക്കിലുമില്ലതി-
ന്നുത്തരം കാലപാശാധീനനാകയാൽ. 17
ഏവം ഗൃഹഭരണത്തിലേർപ്പെട്ടുതൻ-
ജീവിതം പാഴാക്കിയോരജിതേന്ദ്രിയൻ
സ്വന്തം ജനത്തിൻ കരച്ചിലും കണ്ടുക-
ണ്ടന്തരംഗം വെന്തു ഹന്ത ചാവുന്നിതേ. 18
കണ്ണുരുട്ടിബ്ഭയങ്കരരൂപരായ്
ദണ്ഡമെടുത്തടുത്തായ് നിലകൊണ്ടിടും
രണ്ടു യമഭടരെക്കണ്ടു ഭീതിപൂ-
ണ്ടുണ്ടായിടും മലമൂത്രവിസർജ്ജനം. 19
ജീവനെ യാതനാദേഹത്തിലാക്കീട്ടു
കൈവശമുള്ള കയർ കഴുത്തിൽ ബലാൽ
ഇട്ടു വലിച്ചു നെടുവഴിയേ രണ്ടു-
ദൂതർ ദണ്ഡാർഹനെയെന്നപോൽക്കൊണ്ടു-
പോം. 20

കൊണ്ടുപോകുമ്പോൾ യമഭടന്മാരിൽനി-
ന്നുണ്ടാം ഭയങ്കരഭർത്സനം കേൾക്കയാൽ
പേടിച്ചു പാരം വിറച്ചു ഹൃദയമ-
പ്പാടേ തകർന്നതിദീർഘമാർഗ്ഗങ്ങളിൽ
നായ്ക്കളിട്ടങ്ങു കടിച്ചതിന്നന്നേര-
മോർക്കുമോരോന്നുമേ താൻ ചെയ്ത ദുഷ്കൃതം. 21
ക്ഷുത്തും തൃഷയും വളർന്ന, ദാവാഗ്നിയും
മിത്രനും വാതൃയും ചുട്ടുപഴുപ്പിച്ചു
ള്ളമണൽ തിങ്ങും വഴിയിലേററം തപി-
ച്ചാമുഷ്ടരന്മാർ കശകൊണ്ടടിക്കടി
പൃഷ്ഠത്തിലേകുമടികളുമേററേററു
കഷ്ടമൊരല്പവും കെല്പുമിയലാതെ
വിശ്രമത്തിന്നാശ്രമമോ, കുടിക്കുവാ-
നിത്തിരി നീരോ ലഭിക്കാത്ത മാർഗ്ഗങ്ങളിൽ
വയ്യാ തരിമ്പും നടക്കുവാനെങ്കിലു-
മയ്യോ! ഭയന്നു ഭയന്നു നടന്നിടും. 22
അല്ലലാലങ്ങിങ്ങു മൂർച്ഛിച്ചു തൻതല
കല്ലിലടിച്ചു പതിച്ചുമെണീററുമേ
താന്തനായാന്ധ്യം നിറഞ്ഞോരുദുർഘട-
പന്ഥാവിലൂടെയെത്തുന്നു കാലാലയം. 23
വെമ്പലാൽ ദ്വിത്രിമുഹൂർത്തത്തിനുള്ളില-
ങ്ങൊരാൻപതിനായിരത്തൊൻപതുയോജന
ദൂരം നടത്തിച്ചവിടവരെത്തിച്ചു
ഘോരമനുഭവിപ്പിക്കുന്നു യാതന. 24
തീക്കൊള്ളികൾകൊണ്ടു കത്തേല്ലു ദേഹത്തി-
ലൊക്കെയും, തന്മെയ്യിൽനിന്നു മാംസം പരം
താനേയറുത്തെടുത്തോ പരന്മാരറു-
ത്തുനമറേറകുന്നതാന്നോ ഭുജിക്കുക, 23
നായും കഴുകനും പാമ്പുതേളീച്ചയും
മെയ്യിൽക്കടിച്ചു വലിച്ചു കുടൽമാല
വീറോടുകൂടി വെളിക്കെടുക്കുംപൊഴു-
തേറുമസഹ്യമാം ദുഃഖം സഹിക്കുക, 26
അങ്ഗമോരോന്നു മുറിക്ക, ഗജാദിയാ-
ലങ്ങു ചവുട്ടിക്ക, ശൈലശൃംഗങ്ങളിൽ
ഏററിട്ടു തള്ളുക, കണ്ടിലും ദുർജ്ജല-
ക്കെട്ടിലുമിട്ടങ്ങു വീർപ്പുമുട്ടിക്കുക, 27
താമിസ്രമന്ധതാമിസ്രവും, രൌരവ-
മീമട്ടെഴും ഘോരമാം നരകങ്ങളിൽ
ഏതേതു യാതനയുണ്ടതെല്ലാമനു-
ഭൂതമായീടുന്നു കർമ്മഫലത്തിനാൽ. 28
പണ്ടേയവനിയിൽത്തന്നെയാസ്വർഗ്ഗവു-
മുണ്ടു നരകവുമെന്നു ചൊല്ലുന്നിതു
കണ്ടിടുന്നുണ്ടു നാം കീടംകൃമിയാദി-
യാണ്ടിടും സങ്കടാവസ്ഥയെയിങ്ങുമേ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം കുടുംബം ബിഭ്രാണ ഉദരംഭര ഏവ വാ
വിസൃജ്യേഹോഭയം പ്രേത്യ ഭുങ്ക്തേ തത്ഫലമീദൃശം. 30

ഏകഃ പ്രപദ്യതേ ധ്വാന്തം ഹിത്വേദം സ്വകളേബരം
കുശലേതരപാഥേയോ ഭൂതദ്രോഹേണ യദ് ഭൃതം. 31

ദൈവേനാസാദിതം തസ്യ ശമലം നിരയേ പുമാൻ
ഭുങ്ക്തേ കുടുംബപോഷസ്യ ഹൃതവിത്ത ഇവാതുരഃ. 32

കേവലേന ഹ്യധർമ്മേണ കുടുംബഭരണോത്സുകഃ
യാതി ജീവോഽന്ധതാമിസ്രം ചരമം തമസഃ പദം. 33

അധസ്താന്നരലോകസ്യ യാവതീര്യാതനാദയഃ
ക്രമശസ്സമനുക്രമ്യ പുനരത്രാവ്രജേച്ഛുചിഃ. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ കർമ്മവിപാകോ നാമ ത്രിംശത്തമോഽധ്യായഃ

ഏകത്രിംശത്തമോഽധ്യായഃ

ശ്രീഭഗവാനുവാച

കർമ്മണാ ദൈവനേത്രേണ ജന്തുർദേഹോപപത്തയേ
സ്ത്രിയാഃ പ്രവിഷ്ട ഉദരം പുംസോ രേതഃകണാശ്രയഃ 1

കലലം ത്വേകരാത്രേണ, പഞ്ചരാത്രേണ ബുദ്ബുദം,
ദശാഹേന തു കർക്കന്ധൂഃ പേശ്യണ്ഡം വാ തതഃ പരം. 2

മാസേന തു ശിരോ ദ്വാഭ്യാം ബാഹ്വങ്ഘ്ര്യാദ്യങ്ഗവിഗ്രഹഃ
നഖലോമാസ്ഥിചർമ്മാണി ലിങ്ഗച്ഛിദ്രോദ്ഭവസ്ത്രിഭിഃ. 3

ചതുർഭിർധാതവസ്സപ്ത പഞ്ചഭിഃ ക്ഷുത്തൃഡുദ്ഭവഃ
ഷഡ്ഭിർജ്ജരായുണാ വീതഃ കുക്ഷൗ ഭ്രാമ്യതി ദക്ഷിണേ. 4

മാതുർജ്ജഗ്ധാന്നപാനാദ്യൈരേധദ്ധാതുരസമ്മതേ
ശേതേ വിണ്മൂത്രയോർഗ്ഗർത്തേ സ ജന്തുർജ്ജന്തുസംഭവേ. 5

കൃമിഭിഃ ക്ഷതസർവ്വാങ്ഗഃ സൗകുമാര്യാത് പ്രതിക്ഷണം
മൂർച്ഛാമാപ്നോത്യുരുക്ലേശസ്തത്രത്യൈഃ ക്ഷുധിതൈർമ്മുഹുഃ. 6

കടുതീക്ഷ്ണോഷ്ണലവണരൂക്ഷാമ്ലാദിഭിരുൽബണൈഃ
മാതൃഭുക്തൈരുപസ്പൃഷ്ടസ്സർവ്വാങ്ഗോത്ഥിതവേദനഃ 7

ഉൽബേന സംവൃതസ്തസ്മിന്നന്ത്രൈശ്ച ബഹിരാവൃതഃ
ആസ്തേ കൃത്വാ ശിരഃ കുക്ഷൗ ഭുഗ്നപൃഷ്ഠശിരോധരഃ. 8

അകൽപഃ സ്വാങ്ഗചേഷ്ടായാം ശകുന്ത ഇവ പഞ്ജരേ
തത്ര ലബ്ധസ്മൃതിർദ്ദൈവാത് കർമ്മ ജന്മശതോദ്ഭവം
സ്മരൻ ദീർഘമനുച്ഛ്വാസം ശർമ്മ കിം നാമ വിന്ദതേ. 9

ആരഭ്യ സപ്തമാന്മാസാത് ലബ്ധബോധോഽപി വേപിതഃ
നൈകത്രാസ്തേ സൂതിവാതൈർവിഷ്ഠാഭൂരിവ സോദരഃ. 10

നാഥമാന ഋഷിർഭീതസ്സപ്തവധ്രിഃ കൃതാഞ്ജലിഃ
സ്തുവീത തം വിക്ലവയാ വാചാ യേനോദരേഽർപ്പിതഃ. 11

ജന്തുരുവാച

തസ്യോപസന്നമവിതും ജഗദിച്ഛയാത്ത-
നാനാതനോർഭുവി ചലച്ചരണാരവിന്ദം
സോഽഹം വ്രജാമി ശരണം ഹ്യകുതോഭയം മേ
യേനേദൃശീ ഗതിരദർശ്യസതോഽനുരൂപാ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നുടെ ദേഹത്തെയും കുടുംബത്തെയും—
തന്നെ പുലർത്തിന പാപിയാം പൂരുഷൻ
രണ്ടുമിങ്ങിട്ടേച്ചു പോയ് പരലോകത്തു
പൂണ്ടിടുന്നുണ്ടതിൻ ദുഷ്ഫലമീവിധം. 30
അന്യരെ ദ്രോഹിച്ചു വീഴ്പ്പിച്ചൊരീയുടൽ
മന്നിലുപേക്ഷിച്ചവസാനമേകനായ്
ഉന്നതപാപഭാണ്ഡം ചുമന്നുംകൊണ്ടു—
ചെന്നു നരകത്തിൽ വീണടിയുന്നിതേ. 31
ഗേഹഭരണത്തിലാന്ന പാപം, ഗേഹ—
ദേഹങ്ങളെപ്പോൽ ത്യജിപ്പാൻ കഴിഞ്ഞിടാ.
ഈശവശനായവൻ ചിരം ദുസ്സഹ—
ക്ലേശമശിക്കണം നഷ്ടവിത്തൻവിധം. 32
നിത്യമധർമ്മപ്രവൃത്തികൾകൊണ്ടുതാൻ
പത്തനകാര്യങ്ങൾ ഭദ്രമാക്കീടുവോൻ
അന്ധകാരത്തിൻ പരമാവധിയാകു—
മന്ധതാമിസ്രനരകം ഗമിച്ചിടും. 33
മർത്ത്യലോകത്തിനു താഴത്തു ലോകത്തി—
ലെത്രയുണ്ടോ നീചയോനികളായതിൽ
അത്രയുംചെന്നു ജനിച്ചഥ ശുദ്ധനാ—
യെത്തുന്നു വീണ്ടും മനുഷ്യലോകത്തവൻ. 34

അദ്ധ്യായം 31

കപിലോപദേശം—രാജസഗതിനിരൂപണം

ശ്രീഭഗവാൻ കപിലൻ പറഞ്ഞു

ദൈവപ്രചോദിതമായ കർമ്മത്തിനാൽ
ജീവൻ ശരീരം ധരിക്കുവാൻ പിന്നെയും
ചെന്നപ്പുരുഷരേതസ്സിലൂമാവഴി
തന്വിതൻ ഗർഭപാത്രത്തിലും പൂകിടും. 1
രക്തവുമായ്ക്കലർന്നങ്ങതു പിന്നൊരു
നക്തംദിവം മുഴുവൻ കിടക്കുന്നിതേ,
അപ്പോളതിനു കലലമെന്നാണു പേർ,
ബുദ്ബുദമെന്നാകുമഞ്ചുനാൾ ചെല്ലുകിൽ,
പത്തുനാൾകൊണ്ടതിലന്തസ്സെഴുന്നകാ—
ഠിന്യത്തൊട്ടു നീണ്ടുരുണ്ടിട്ടുറപ്പാർന്നിടും
പിന്നെയതു മാംസപിണ്ഡമാകും പേശി—
യെന്നപേരിൽ, പക്ഷിയെങ്കിലോ മുട്ടയാം. 2
മാസമൊന്നായാൽ ശിരഃസ്ഥാനവും രണ്ടു—
മാസമായാൽ കരാങ്ഘ്ര്യാദ്യംഗകങ്ങളും
മൂന്നുമാസംകൊണ്ടു രോമം നഖം തൊലി
ലിംഗസുഷിരവുമെല്ലുമുദ്ഭൂതമാം. 3
മാംസാദിസപ്തധാതുക്കളുണ്ടായിടും
മാസങ്ങൾ നാലു കഴിയുന്നതിന്നകം
ക്ഷുത്തും തൃഷയുമുണ്ടാകുമഞ്ചാംമാസ—
പൂർത്തിയിൽ, പിന്നെയാറാമതാം തിങ്കളിൽ, 4
ഏററം മൃദുവായ് ജരായുവെന്നുള്ള പേർ—
പെററ ചർമ്മത്തിനാലാവൃതമായ് പ്രജ
അമ്മതൻ കുക്ഷിയിൽ ദക്ഷിണഭാഗത്തു
ചെമ്മേ ചലിച്ചുതുടങ്ങിടും മന്ദമായ്. 4
മാതൃഭക്ഷ്യത്തിൻ രസത്തിനാലക്കുക്ഷി—
ജാതശിശുവും വളന്നുവരും ക്രമാൽ.
നാനാതരം കൃമികീടങ്ങൾതൻജനി—
സ്ഥാനമായ് വിണ്മൂത്രഗത്തമായാരുമേ
ഇഷ്ടപ്പെടാത്ത നരകത്തിലും കെട്ട
കഷ്ടസ്ഥലത്തു ശയക്കുന്നിതാ പ്രജ. 5
തത്രത്യമാം ക്ഷുധാക്രാന്തം കൃമികല—
മൊത്തമ്മൃദുലകളേബരമാകവേ
കാന്നെടുത്തീടുമസഹ്യമാം വേദന—
യാന്നതടിക്കടി മോഹിച്ചിടുന്നിതേ. 6
ഉപ്പുപുളിപ്പെരിവുഗ്രതയുഷ്ണവു—
മൂൾപ്പെട്ട ഭക്ഷണമമ്മ കഴിക്കുകിൽ
ഇപ്രജ തദ്രസസ്പർശം സഹിക്കുവാൻ
കെല്പററു തീവ്രദുഃഖം വഹിക്കുന്നിതേ. 7
ദേഹം ജരായുചർമ്മംകൊണ്ടു മൂടിയും
ബാഹ്യഭാഗങ്ങൾ കുടൽമാല ചുററിയും
പൃഷ്ഠഗളങ്ങൾ വളച്ചു തലകുനി—
ച്ചിട്ടു കിടക്കുന്നു ഗർഭത്തിലശ്ശിശു. 8
കൂട്ടിൽക്കിളിപോൽ കുടുസ്സായ കമ്പയിൽ
പെട്ടു ഞെരുങ്ങിയനങ്ങാനശക്തമായ്
നാനാജനികളിൽത്താൻ ചെയ്തുപോയതാം
ഹീനകർമ്മങ്ങളഖിലമീശേച്ഛയാൽ
ഓർമ്മിച്ചു വീർപ്പിട്ടിടാതെ കിടപ്പതു
ശർമ്മമെന്നെങ്ങനെ ചൊല്ലും നൃപാത്മജേ! 9
സപ്തമംതൊട്ടവൻ ബോധവാനാകിലും
വിൾഭുതകീടകൃമികൾക്കൊരേട്ടനായ്
സൂതിവാതത്താലിളകിയവയൊത്തു
മാതൃഗർഭത്തിലങ്ങിങ്ങു ചലിച്ചിടും. 10
ഉൽക്കടം സപ്തധാതുക്കളാൽ ബദ്ധനാ,—
യക്കിടപ്പിൽക്കിടന്നേറെത്തപിച്ചിട്ടു
പിന്നെശ്ശരീരാഭിമാനിയായീവിധം
തന്നെയിക്കഷ്ടത്തിലിട്ടു വലച്ചിടും
ഈശനെയാശ്രു കനിയുവാനിങ്ങനെ
പേശലം കൂപ്പിസ്തുതിക്കും സഗദ്ഗദം. 11

ജന്തു പറഞ്ഞു

ആശ്രിതന്മാക്കഭയം കൊടുപ്പാനപ—
വിശ്രമം നാനാശരീരമാർന്നൂഴിയിൽ
സ്വേച്ഛയായ് സഞ്ചരിച്ചീടും ഹരേ! ഭവത്—
സ്വച്ഛപാദാബ്ജം ശരണംഗമിപ്പു ഞാൻ.
എന്നഴലാകവേ തീർത്തു കാത്തീടുവാ—
നന്യനില്ലല്ലോ കഴിവു കാരുണ്യവും
ഓർത്താലസത്താമെനിക്കനുരൂപമാ—
മിസ്ഥാനമങ്ങാണു കാണിച്ചുതന്നതും. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്ത്വത്ര ബദ്ധ ഇവ കർമ്മഭിരാവൃതാത്മാ
ഭൂതേന്ദ്രിയാശയമയീമവലംബ്യ മായാം
ആസ്തേ വിശുദ്ധമവികാരമഖണ്ഡബോധ–
മാതപ്യമാനഹൃദയേഽവസിതം നമാമി. 13
യഃ പഞ്ചഭൂതരചിതേ രഹിതശ്ശരീരേ
ഛന്നോഽയഥേന്ദ്രിയഗുണാർത്ഥചിദാത്മകോഽഹം
തേനാവികുണ്ഠമഹിമാനമൃഷിം തമേനം
വന്ദേ പരം പ്രകൃതിപൂരുഷയോഃ പുമാംസം. 14
യന്മായയോരുഗുണകർമ്മനിബന്ധനേഽസ്മിൻ
സാംസാരികേ പഥി ചരംസ്തദഭിശ്രമേണ
നഷ്ടസ്മൃതിഃ പുനരയം പ്രവൃണീത ലോകം
യുക്ത്യാ കയാ മഹദനുഗ്രഹമന്തരേണ. 15
ജ്ഞാനം യദേതദദധാത് കതമസ്സദേവ–
സ്ത്രൈകാലികം സ്ഥിരചരേഷ്വനുവർത്തിതാംശഃ
തം ജീവകർമ്മപദവീമനുവർത്തമാനാ–
സ്താപത്രയോപശമനായ വയം ഭജേമ. 16
ദേഹ്യന്യദേഹവിവരേ ജഠരാഗ്നിനാസൃ–
ഗ്വിൺമൂത്രകൂപപതിതോ ഭൃശതപ്തദേഹഃ
ഇച്ഛന്നിതോ വിവസിതും ഗണയൻ സ്വമാസാൻ
നിർവ്വാസ്യതേ കൃപണധീർഭഗവൻ! കദാ നു. 17
യേനേദൃശീം ഗതിമസൗ ദശമാസ്യ ഈശ
സംഗ്രാഹിതഃ പുരുദയേന ഭവാദൃശേന
സ്വേനൈവ തുഷ്യതു കൃതേന സ ദീനനാഥഃ
കോ നാമ തത്പ്രതി വിനാഞ്ജലിമസ്യ കുര്യാത്. 18
പശ്യത്യയം ധിഷണയാ നനു സപ്തവധ്രിഃ
ശാരീരകേ ദമശരീര്യപരഃ സ്വദേഹേ
യത്സൃഷ്ടയാഽഽസതമഹം പുരുഷം പുരാണം
പശ്യേ ബഹിർഹൃദി ച ചൈത്യമിവ പ്രതീതം. 19
സോഽഹം വസന്നപി വിഭോ ബഹുദുഃഖവാസം
ഗർഭാന്ന നിർജ്ജിഗമിഷേ ബഹിരന്ധകൂപേ
യത്രോപയാതമുപസർപ്പതി ദേവമായാ
മിത്ഥ്യാമതിര്യദനു സംസൃതിചക്രമേതത്. 20
തസ്മാദഹം വിഗതവിക്ലവ ഉദ്ധരിഷ്യ
ആത്മാനമാശു തമസസ്സുഹൃദാഽഽത്മനൈവ
ഭൂയോ യഥാ വ്യസനമേതദനേകരന്ധ്രം
മാ മേ ഭവിഷ്യദുപസാദിതവിഷ്ണുപാദഃ. 21

കപില ഉവാച

ഏവം കൃതമതിർഗ്ഗർഭേ ദശമാസ്യഃ സ്തുവന്നൃഷിഃ
സദ്യഃ ക്ഷിപത്യവാചീനം പ്രസൂത്യൈ സൂതിമാരുതഃ. 22
തേനാവസൃഷ്ടസ്സഹസാ കൃത്വാഽവാക് ശിര ആതുരഃ
വിനിഷ്ക്രാമതി കൃച്ഛ്രേണ നിരുച്ഛ്വാസോ ഹതസ്മൃതിഃ. 23
പതിതോ ഭുവ്യസൃങ്മൂത്രേ വിഷ്ഠാഭൂരിവ ചേഷ്ടതേ
രോരൂയതി ഗതേ ജ്ഞാനേ വിപരീതാം ഗതിം ഗതഃ. 24
പരച്ഛന്ദം ന വിദുഷാ പുഷ്യമാണോ ജനേന സഃ
അനഭിപ്രേതമാപന്നഃ പ്രത്യാഖ്യാതുമനീശ്വരഃ. 25
ശായിതോഽശുചിപര്യങ്കേ ജന്തുഃ സ്വേദജദൂഷിതേ
നേശഃ കണ്ഡൂയനേഽങ്ഗാനാമാസനോത്ഥാനചേഷ്ടനേ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചഭൂതേന്ദ്രിയ മാനസരൂപമായ്–
ത്തഞ്ചും പ്രകൃതിതൻ പ്രാഭവംമൂലമായ്
ബദ്ധനെപ്പോലെ കർമ്മാവൃതാത്മാവായി
വർത്തിപ്പവനായ് വികാരവിഹീനനായ്
ശുദ്ധനായ് ജ്ഞാനാത്മകനായ് മമ തപ്ത–
ഹൃത്തിൽ വിളങ്ങും വിഭോ! നമിക്കുന്നു ഞാൻ. 13
നിന്തിരുമേനി ദേഹസ്ഥിതനെങ്കിലും
ഹന്ത! ശരീരാഭിമാനി ഞാനെന്നപോൽ
സ്വന്തരൂപം മറയ്ക്കപ്പെട്ടവനല്ല
ചിന്തിക്കിലില്ല തെല്ലാത്മാഭിമാനവും
സ്വാനന്ദരൂപമഹിമയ്ക്കു ചെററുമൊ–
ട്ടൂനമില്ലാതെ പ്രകൃതിപുരുഷരെ
വ്യാപരിപ്പിച്ചു തദ്ഭിന്നനായ് മിന്നിടും
ഹേ പരമാത്മൻ! നമസ്കരിക്കുന്നു ഞാൻ. 14
ആരുടെ മായനിമിത്തമിവൻ ഗുണ–
കാരണകർമ്മസംബന്ധമിയന്നിടും
ഘോരസംസാരപന്ഥാവിൽ ചരിച്ചുള്ള
ഭൂരിശ്രമത്താൽ സ്വരൂപം മറന്നുവോ
ആരുടെ നിസ്തുലാനുഗ്രഹമില്ലാതെ–
യാരുമാത്മാവെയറിയുന്നതില്ലയോ,
ആ നിന്തിരുവടിതൻ പദാംഭോരുഹം
ദീനനിവൻ ശരണംഗമിക്കുന്നിതേ. 15
മുമ്പു ഞാനാർന്ന ജനുസ്സുകളിന്നിവ–
നമ്പുമവസ്ഥ,മേല്ലാര്യ,മിമ്മൂന്നിലും
തുമ്പെനിക്കേകാൻ ത്രികാലവിജ്ഞാനമി–
ങ്ങൻപാർന്നരുളിയ സർവ്വനിവാസിയാം
ആ ഭഗവാനെ ബ്ഭവബദ്ധരാമിവർ
താപത്രയമൊഴിവാക്കാൻ ഭജിപ്പൂതേ. 16
അന്യദേഹത്തിലൊരു സുഷിരത്തിലായ്
ചിന്നുമാ മൂത്രപുരീഷരക്താന്ധുവിൽ
കത്തും ജഠരാഗ്നിയാൽ തപിക്കും തനു–
വൊത്തു വെളിക്കു പോയീടുവാനായിവൻ
മാസങ്ങളെണ്ണിക്കഴിയുന്നുഴറേറാട്ടു–
മാസന്നമോ തത്സമയം കൃപാനിധേ? 17
പത്തുമാസപ്രായകാലത്തിലങ്ങെനി–
ക്കിസ്ഥിതി നേരേ ധരിപ്പിച്ചതിന്നു ഞാൻ
പ്രത്യുപകാരം നമസ്കാരമൊന്നൊഴി–
ഞ്ഞെത്തിക്കുവാൻ ശക്തനോ ജഗദീശ്വരാ!
ദീനദയാലോ! ഭവാൻ സ്വപ്രവൃത്തിയിൽ
താനേ കൃതകൃത്യനായിരുന്നീടുക. 18
തൻതനുവിൻ സുഖദുഃഖങ്ങൾമാത്രമേ
ജന്തുദേഹസ്ഥിതൻ ജീവനറിഞ്ഞിടൂ
മാനുഷകായനിവാസിയായീടുമീ–
ഞാനോ ഭവാൻ കനിഞ്ഞേകിയ ബുദ്ധിയാൽ
ചിന്തിച്ചു വേണ്ടും ശമദമാദ്യങ്ങളും
സന്ധിച്ചു പിന്നെയിദ്ദേഹത്തെയെന്നപോൽ
കാണുന്നതുണ്ടിന്നകംപുറമൊന്നുപോൽ
വാണരുളീടും പുരാണപുമാനെയും. 19
ക്ലേശകരം ഗർഭവാസമതിൽ കുറേ–
മാസമായ് ഞാൻ കിടന്നുല്ലൽപെടുകിലും
സ്നേഹമുണ്ടെങ്കിലയയ്ക്കരുതേയെന്നെ
ബാഹ്യപ്രദേശ,ത്തതന്ധകൂപം വിഭോ!
അങ്ങെത്തിയാലുടനെന്നെ മോഹിപ്പിക്കു–
മങ്ങേയ്ക്കെഴും മായയില്ലൊരു സംശയം.
അപ്പൊഴേ ഞാനെനിക്കുള്ളതെന്നൊക്കെയു–
മിപ്പാംവമാർന്നുപോമാത്മാഭിമാനവും
ആയതുമൂലമായ് പിന്നെയും വീണുപോ–
മായതമായ കദനവാരാശിയിൽ. 20
ആകയാൽ മേലിലീ യോനിവാസത്തിൻെറ
ശോകമെനിക്കുളവാകാതിരിക്കുവാൻ
സ്വാധീനമാം മമ ബുദ്ധിസുഹൃത്തിനെ
മാധവപാദപദ്മത്തിലർപ്പിച്ചു ഞാൻ
ധ്യാനിച്ചു ഗാഢമാത്മാവിനേയജ്ഞാന–
പീനാന്ധകാരത്തിൽനിന്നുദ്ധരിച്ചിടാം. 21

ശ്രീകപിലൻ പറഞ്ഞു

ഗർഭത്തിൽവെച്ചീവിധമൊക്കെ നിശ്ചയി–
ച്ചപ്പരനെ സ്തുതിക്കും ദശമാസ്യനും
ജ്ഞാനിയുമാമാപ്രജയെ വെളിക്കാക്കു–
വാനായ്ക്കമിഴ്ത്തുന്നു സൂതികാമാരുതൻ. 22
ആ മാരുതൻ തലകീഴാക്കിയുന്തിടും
വ്യാമർദ്ദമേററു മൂർച്ഛിക്കുകമൂലമായ്
ഓർമ്മയുമററു കഷ്ടപ്പെട്ടനന്തര–
മാമയംപൂണ്ടു പുറത്തുവരും പ്രജ. 23
മൂത്രത്തിലും നിണത്തിങ്കലും വീണതു
ധാത്രീതലത്തിൽ ചലിപ്പൂ കൃമിസമം.
ജ്ഞാനം നശിക്കവേയജ്ഞാനമാം തമഃ–
സ്ഥാനമാർന്നിട്ടുറക്കെക്കരഞ്ഞിടും. 24
ഇച്ഛയെന്തന്യനെന്നേതുമറിയാത്തൊ–
രച്ഛനമമ്മയും കൊണ്ടുവന്നേകിടും
ഇഷ്ടമില്ലാത്തവയേല്ക്കേണ്ടതായ് വരു–
മൊട്ടും നിഷേധിക്കുവാൻ ശക്തിയെന്നിയേ. 25
മൂട്ടയുമീച്ചയും പേനും കടികൊണ്ടു
മൂത്രമലങ്ങൾ നിറഞ്ഞു നാറുന്നതാം
ശയ്യയിൽത്തന്നെ കിടക്കേണ്ടതായ്‌വരും
കയ്യോ കഴലോ ചൊറിയുവാനോ പിന്നെ
പയ്യവേയൊന്നെഴുന്നേല്ക്കുവാനോ നിജ–
മെയ്യുമെല്ലെന്നൊന്നനക്കുവാൻപോലുമോ
വയ്യാതെയിശ്ശിശു താനേ കിടന്നുകൊ–
ണ്ടയ്യോ! രുജപൂണ്ടുറക്കെക്കരഞ്ഞിടും. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുദന്ത്യാമ ത്വചം ദംശാ മശകാ മക്കുണാദയഃ
രുദന്തം വിഗതജ്ഞാനം കൃമയഃ കൃമികം യഥാ. 27

ഇത്യേവം ശൈശവം ഭുക്ത്വാ ദുഃഖം പൗഗണ്ഡമേവ ച
അലബ്ധാഭീപ്സിതോഽജ്ഞാനാദിദ്ധമന്യുഃ ശുചാർപ്പിതഃ 28

സഹ ദേഹേന മാനേന വർദ്ധമാനേന മന്യുനാ
കരോതി വിഗ്രഹം കാമീ കാമിഷ്വന്തായ ചാത്മനഃ. 29

ഭൂതൈഃ പഞ്ചഭിരാരബ്ധേ ദേഹേ ദേഹ്യബുധോഽസകൃത്
അഹം മമേത്യസദ്ഗ്രാഹഃ കരോതി കുമതിർമ്മതിം. 30

തദർത്ഥം കുരുതേ കർമ്മ യദ്ബദ്ധോ യാതി സംസൃതിം
യോഽനുയാതി ദദത്ക്ലേശമവിദ്യാകർമ്മബന്ധനഃ. 31

യദ്യസദ്ഭിഃ പഥി പുനശ്ശിശ്നോദരകൃതോദ്യമൈഃ
ആസ്ഥിതോ രമതേ ജന്തുസ്തമോ വിശതി പൂർവ്വവത്. 32

സത്യം ശൗചം ദയാ മൗനം ബുദ്ധിഃ ശ്രീർഹ്രീര്യശഃ ക്ഷമാ
ശമോ ദമോ ഭഗശ്ചേതി യത്സങ്ഗാദ്യാതി സംക്ഷയം. 33

തേഷ്വശാന്തേഷു മൂഢേഷു ഖണ്ഡിതാത്മസ്വസാധുഷു
സങ്ഗം ന കര്യാച്ഛോച്യേഷു യോഷിത്ക്രീഡാമൃഗേഷു ച. 34

ന തഥാസ്യ ഭവേന്മോഹോ ബന്ധശ്ചാന്യപ്രസങ്ഗതഃ
യോഷിത്സങ്ഗാദ്യഥാ പുംസോ യഥാ തത്സങ്ഗി-
സങ്ഗതഃ. 35

പ്രജാപതിഃ സ്വാം ദുഹിതരം ദൃഷ്ട്വാ തദ്രൂപധർഷിതഃ.
രോഹിദ്ഭൂതാം സോഽന്വധാവദൃക്ഷരൂപീ ഹതത്രപഃ. 36

തത്സൃഷ്ടസൃഷ്ടസൃഷ്ടേഷു കോ ന്വഖണ്ഡിതധീഃ പുമാൻ
ഋഷിം നാരായണമൃതേ യോഷിന്മയ്യേഹ മായയാ. 37

ബലം മേ പശ്യ മായായാഃ സ്ത്രീമയ്യാ ജയിനോ ദിശാം
യാ കരോതി പദാക്രാന്താൻ ഭ്രൂവിജൃംഭേണ കേവലം. 38

സങ്ഗം ന കര്യാത് പ്രമദാസു ജാതു
യോഗസ്യ പാരം പരമാരുരുക്ഷുഃ
മത്സേവയാ പ്രതിലബ്ധാത്മലാഭോ
വദന്തി യാ നിരയദ്വാരമസ്യ. 39

യോപയാതി ശനൈർമ്മായാ യോഷിദ്ദേവവിനിർമ്മിതാ
താമീക്ഷേതാത്മനോ മൃത്യും തൃണൈഃ കൂപമിവാവൃതം. 40

യാം മന്യതേ പതിം മോഹാന്മന്മായാമൃഷഭായതീം
സ്ത്രീത്വം സ്ത്രീസങ്ഗതഃ പ്രാപ്തോ വിത്താപത്യഗൃഹപ്രദം. 41

താമാത്മനോ വിജാനീയാത് പത്യപത്യഗൃഹാത്മകം
ദൈവോപസാദിതം മൃത്യും മൃഗയോർഗ്ഗായനം യഥാ. 42

ദേഹേന ജീവഭൂതേന ലോകാല്ലോകമനുവ്രജൻ
ഭുഞ്ജാന ഏവ കർമ്മാണി കരോത്യവിരതം പുമാൻ. 43

ജീവോ ഹ്യസ്യാനുഗോ ദേഹോ ഭൂതേന്ദ്രിയമനോമയഃ
തന്നിരോധോഽസ്യ മരണമാവിർഭാവസ്തു സംഭവഃ. 44

ദ്രവ്യോപലബ്ധിസ്ഥാനസ്യ ദ്രവ്യേക്ഷായോഗ്യതാ യദാ
തത്പഞ്ചത്വമഹംമാനാദുത്പത്തിർദ്രവ്യദർശനം. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർദ്ദവമേറും തൊലിയിലങ്ങീച്ചയും
മൂട്ടകൊതുകുകളും വന്നു കൂട്ടമായ്
കൊച്ചുപുഴുവിനെ വൻപുഴപോൽ കൊമ്പു-
വച്ചു കുത്തിത്തുളച്ചല്ലലണച്ചിടും. 27
ഈമട്ടു ബാല്യകാലാർത്തിയും പൗഗണ്ഡ-
നാമകകാലവും താണ്ടി യുവതയിൽ
കാലുവച്ചീടും ശരീരം വളരുന്ന-
പോലഭിമാനവുമജ്ഞതമൂലമായ്
വർദ്ധിച്ചുവന്നിടുമാശയുമേറിടു-
മിഷ്ടപദാർത്ഥങ്ങൾ കിട്ടാതിരിക്കവേ
പെട്ടെന്നു കോപതാപങ്ങൾ വളർന്നുത-
ന്മസ്തുവിലാശികൾ,മന്യരോടായുടൻ
ശണ്ഠ തുടങ്ങും ക്രമേണ വർദ്ധിച്ചതു-
കൊണ്ടാത്മനാശവും പക്ഷേ, ഭവിച്ചിടാം.
28–29

പഞ്ചഭൂതാത്മകദേഹത്തിലജ്ഞത-
തഞ്ചിന കുത്സിതബുദ്ധി ജീവാത്മാവു
ഞാനെന്റെയെന്നീവിധമെഴുമാത്മാഭി-
മാനം വളർന്നു കഴിക്കുന്നു നാളുകൾ. 30
കായം ജനിമൃതിരോഗജരാദിവി-
ധേയമാണെല്ലായ്പ്പൊഴുമെന്നിരിക്കയാൽ
എന്നുമജ്ജീവനു ദുഃഖമേകുന്നതാ-
ണെന്നാകിലുററിവില്ലായ്കമൂലമായ്
പിന്നെയും കർമ്മങ്ങൾചെയ്തിട്ടവൻ മായ-
തന്നിൽ മയങ്ങിവീഴുന്നു ഭവാബ്ധിയിൽ. 31
എന്നും സ്വകുക്ഷിയും ലിംഗവുമാനന്ദ-
തുന്ദിലമാക്കാൻ ശ്രമിക്കുന്നവരുമായ്
സംഗമംചെയ്താവഴിയിൽ പ്രവർത്തിച്ചു
തുംഗമോദം പൂണ്ടു വീണ്ടും രമിക്കുകിൽ
പണ്ടത്തെമട്ടിലജ്ജീവൻ നരകമാം
കുണ്ടിൽപ്പതിച്ചുഴലേണ്ടതായ്‌വന്നിടും. 32
സത്യശൗചങ്ങൾ കരുണ, മൗനം, ഭഗം,
ബുദ്ധി, ശമം, ദമം, ശ്രീ, ഹ്രീ, ക്ഷമ, പുകൾ
ഇങ്ങനെയുള്ള ഗുണങ്ങളെല്ലാമസത്-
സംഗത്തിനാലേ നശിച്ചുപോകുന്നിതു.
നാളീകലോചനമാരുമായ്‌ക്കന്ദർപ്പ-
കേളീവിനോദത്തിലേർപ്പെട്ടനാരതം
നാളുകഴിക്കുമാ ദുഷ്ടരും തത്സുഹൃൽ-
പാളിയുമായുള്ള സംഗമംമൂലമായ്
ആളുന്ന ബന്ധവും മോഹവുമന്യസ-
മ്മേളനംമൂലമുണ്ടായിടാ നിർണ്ണയം.
ബോധവിഹീനരായ് സ്വന്തമാത്മാവുതൻ-
ഘാതകന്മാരായസത്തുക്കളായ്‌പരം
ശാന്തികലരാത്തവരൊടും തത്സുഹൃദ്-
ബന്ധുക്കളോടുമരുതേ സമാഗമം. 33-35
തൻപുത്രിയെക്കണ്ടു കാമാന്ധനായതി-
സംഭ്രമംപൂണ്ടടുത്തീടിനവേളയിൽ
മാൻപേടയായവൾ പായവേ മാനായി
പിമ്പേയപത്രപം പാഞ്ഞുചെന്നാനജൻ. 36
ആ മഹാൻ സൃഷ്ടിച്ചുവിട്ട മരീച്യാദി
മാമുനിമാരുടെ സൃഷ്ടിവർഗ്ഗങ്ങളിൽ
നാരായണർഷിയൊരാളൊഴിഞ്ഞാരുണ്ടു
നാരീജനത്തിന്നടിപണിയാത്തവൻ? 37
സ്ത്രീമയമായിടും മാമകമായതൻ-
സീമാധികപ്രാഭവത്തെയോർത്തീടുക.
ഭൂമിയടക്കിപ്പരാക്രമത്താൽ സാർവ-
ഭൗമരാം വീരാഗ്രഗണ്യരെയാകവേ
കേവലം ഭ്രൂചലനംകൊണ്ടുതാനവൾ
ഗർവ്വമടക്കിയടിപ്പെടുത്തുന്നിതേ. 38
ആകയാൽ സജ്ജനസംസർഗ്ഗഭാവുകം
പൂകുവാനും ജ്ഞാനസമ്പാദനത്തിനും
യോഗത്തിനാൽ മുക്തനാകാനുമോർക്കുവോൻ
സ്ത്രീകളിലാസക്തനായിബ്ഭവിക്കൊലാ,
നാരിയത്രേ നരകത്തിന്റെ വാതിലെ-
ന്നോരുന്നു കാര്യമറിഞ്ഞവരേവരും. 39
ഈശ്വരൻ നിർമ്മിച്ച മായയാം നാരിയാൾ
ശുശ്രൂഷണത്തിന്നടുത്തീടിലായവൾ
പുല്ലുകൾ വാച്ചു മറഞ്ഞ കൂപംപോലെ-
യുള്ള മൃതിസ്ഥാനമാണെന്നതോർക്കുക. 40
പൂരുഷരൂപത്തിലുള്ള മന്മായയെ
നാരീജനവുമജ്ഞാനംനിമിത്തമായ്
പുത്രധനപത്തനാദിയേകീടുന്ന
ഭർത്താവുതാനെന്നു വിശ്വസിക്കുന്നിതു.
പത്യപത്യാലയരൂപമായ് പ്രാരബ്ധ-
മെത്തിച്ചതായിടുമിബ്ഭോഗവന്മായ
വേടന്റെ പാട്ടു മൃഗത്തിനുപോൽ തനി-
ക്കേകീടുററനാശാസ്പദമെന്നുറയ്ക്കണം. 41-42
നാരീനിരന്തരസംഗമം മൂലമി-
പ്പൂരുഷനും സ്ത്രീത്വമാർന്നിരിക്കുന്നിതു.
ലോകത്തുനിന്നും പരലോകമശ്രമം-
പൂകും പുമാൻ ലിംഗദേഹത്തൊടുകൂടി
അങ്ങുമനാരതം ഭോഗങ്ങളാർന്നുകൊ-
ണ്ടങ്ങനെ കർമ്മങ്ങൾ ചെയ്യുന്നു നിശ്ചയം. 43
ഭൂതേന്ദ്രിയമനോരൂപമാകും നിജോ-
പാധിദേഹം പിന്തുടരുന്നു ജീവനെ
തന്നിരോധംതന്നെ ജീവനെന്നേഴും മൃതി
പിന്നെയതിൻപ്രകാശം ജന്മമെന്നുമാം. 44
ജീവനു ലൗകികഭോഗസുഖങ്ങളെ-
ക്കൈവരുത്താനെഴും സ്ഥൂലദേഹത്തിനു
ആവിധം ശേഷിയശേഷമില്ലാതെയാം
ഭാവമതിനുടെ പഞ്ചത്വമായിടും
സ്ഥൂലദേഹത്തിലെജ്ജീവനഭിമാന-
മാളുമ്പൊഴുതാണതിന്റെയുൽപ്പത്തിയും. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാക്ഷ്ണോർദ്രവ്യാവയവദർശനായോഗ്യതാ യദാ
തദൈവ ചക്ഷുഷോ ദ്രഷ്ടുർദ്രഷ്ടൃത്വായോഗ്യതാനയോഃ. 46
തസ്മാന്ന കാര്യഃ സന്ത്രാസോ ന കാർപ്പണ്യം ന സംഭ്രമഃ
ബുദ്ധ്വാ ജീവഗതിം ധീരോ മുക്തസങ്ഗശ്ചരേദിഹ. 47
സമ്യഗ്ദർശനയാ ബുദ്ധ്യാ യോഗവൈരാഗ്യയുക്തയാ
മായാവിരചിതേ ലോകേ ചരേന്ന്യസ്യ കളേബരം. 48

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ജീവഗതിർന്നാമൈകത്രിംശത്തമോഽധ്യായഃ

ദ്വാത്രിംശത്തമോഽധ്യായഃ

കപില ഉവാച
അഥ യോ ഗൃഹമേധീയാൻ ധർമ്മാനേവാവസൻ ഗൃഹേ
കാമമർത്ഥം ച ധർമ്മാംശ്ച ദോഗ്ധി ഭൂയഃ പിപർത്തി താൻ. 1
സ ചാപി ഭഗവദ്ധർമ്മാത് കാമമൂഢഃ പരാങ്മുഖഃ
യജതേ ക്രതുഭിർദ്ദേവാൻ പിതൄംശ്ച ശ്രദ്ധയാന്വിതഃ. 2
തച്ഛ്രദ്ധയാക്രാന്തമതിഃ പിതൃദേവവ്രതഃ പുമാൻ
ഗത്വാ ചാന്ദ്രമസം ലോകം സോമപാഃ പുനരേഷ്യതി. 3
യദാ ചാഹീന്ദ്രശയ്യായാം ശേതേഽനന്താസനോ ഹരിഃ
തദാ ലോകാ ലയം യാന്തി ത ഏതേ ഗൃഹമേധിനാം. 4
യേ സ്വധർമ്മാന്ന ദുഹ്യന്തി ധീരാഃ കാമാർത്ഥഹേതവേ
നിസ്സങ്ഗാ ന്യസ്തകർമ്മാണഃ പ്രശാന്താഃ ശുദ്ധചേതസഃ. 5
നിവൃത്തിധർമ്മനിരതാ നിർമ്മമാ നിരഹങ്കൃതാഃ
സ്വധർമ്മാഖ്യേന സത്ത്വേന പരിശുദ്ധേന ചേതസാ. 6
സൂര്യദ്വാരേണ തേ യാന്തി പുരുഷം വിശ്വതോമുഖം
പരാവരേശം പ്രകൃതിമസ്യോത്പത്ത്യന്തഭാവനം. 7
ദ്വിപരാർദ്ധാവസാനേ യഃ പ്രളയോ ബ്രഹ്മണസ്തു തേ
താവദധ്യാസതേ ലോകം പരസ്യ പരചിന്തകാഃ. 8
ക്ഷ്മാംഭോഽനലാനിലവിയന്മനഇന്ദ്രിയാർത്ഥ-
ഭൂതാദിഭിഃ പരിവൃതം പ്രതിസഞ്ജിഹീർഷുഃ
അവ്യാകൃതം വിശതി യർഹി ഗുണത്രയാത്മാ
കാലം പരാഖ്യമനുഭൂയ പരസ്സ്വയംഭൂഃ. 9
ഏവം പരേത്യ ഭഗവന്തമനുപ്രവിഷ്ടാ
യേ യോഗിനോ ജിതമരുന്മനസോ വിരാഗാഃ
തേനൈവ സാകമമൃതം പുരുഷം പുരാണം
ബ്രഹ്മ പ്രധാനമുപയാന്ത്യഗതാഭിമാനാഃ. 10
അഥ തം സർവ്വഭൂതാനാം ഹൃത്പദ്മേഷു കൃതാലയം
ശ്രുതാനുഭാവം ശരണം വ്രജ ഭാവേന, ഭാമിനി. 11
ആദ്യഃ സ്ഥിരചരാണാം യോ വേദഗർഭസ്സഹർഷിഭിഃ
യോഗേശ്വരൈഃ കുമാരാദ്യൈസ്സിദ്ധൈര്യോഗപ്രവർത്തകൈഃ 12
ഭേദദൃഷ്ട്യാഭിമാനേന നിസ്സങ്ഗേനാപി കർമ്മണാ
കർത്തൃത്വാത് സഗുണം ബ്രഹ്മ പുരുഷം പുരുഷർഷഭം. 13
സ സംസൃത്യ പുനഃ കാലേ കാലേനേശ്വരമൂർത്തിനാ
ജാതേ ഗുണവ്യതികരേ യഥാപൂർവ്വം പ്രജായതേ. 14
ഐശ്വര്യം പാരമേഷ്ഠ്യം ച തേഽപി ധർമ്മവിനിർമ്മിതം
നിഷേവ്യ പുനരായാന്തി ഗുണവ്യതികരേ സതി. 15
യേ ത്വിഹാസക്തമനസഃ കർമ്മസു ശ്രദ്ധയാന്വിതാഃ
കുർവ്വന്ത്യപ്രതിഷിദ്ധാനി നിത്യാന്യപി ച കൃത്സ്നശഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേത്രാദികൾ തദ്‌വിഷയ ഗ്രഹണസ-
മർത്ഥമല്ലാതെ ഭവിച്ചാൽ നശിച്ചതായ്.
ഏവമപ്പഞ്ചേന്ദ്രിയങ്ങൾ,മായവ-
ശ്ശ്യാവശ്യമായിടും സ്ഥൂലശരീരവും
നഷ്ടമാവുമ്പൊളസ്സൂക്ഷ്മശരീരാവ-
ശിഷ്ടനാം ജീവൻ വിഷയസുഖങ്ങളെ
വിട്ടൊഴിയേണ്ടിവരുന്നുണ്ടതിന്നറി-
വററവർ ജീവവിനാശമായ് ചൊൽവുതേ. 46
എന്നതുമൂലം ഭയപ്പെടാനൊന്നുമി-
ല്ലെന്നല്ല ദൈന്യവും വേണ്ട സംഭ്രാന്തിയും
ജീവതത്ത്വത്തെദ്ധരിച്ചിട്ടസംഗനായ്
വൈവശ്യമെന്നിയേ സഞ്ചരിച്ചീടണം. 47
മായാകൃതമായ പഞ്ചഭൂതങ്ങൾതൻ
സംയോജനഫലമല്ലോ കളേബരം.
ആയതിൻ സംഘാതമായ ലോകത്തിനെ
മായാപരിണാമമെന്നു ചൊല്ലുന്നിതു.
ബുദ്ധിയെ വസ്തുനിത്യാനിത്യചിന്തയിൽ
നിർത്തി, യഥാർത്ഥം ധരിച്ചു വിരക്തനായ്
മായാവിരചിതമായ ലോകത്തില-
ക്കായം സമർപ്പിച്ചു സഞ്ചരിച്ചീടണം. 48

അദ്ധ്യായം 32

കപിലോപദേശം—സാത്വികഗതിനിരൂപണം

കപിലൻ പറഞ്ഞു

പിന്നെ ഗൃഹത്തിൽ സഹധർമ്മിണിയോടു-
മൊന്നിച്ചുവാണു ഭവനോചിതങ്ങളാം
കർമ്മങ്ങളെത്താനനുഷ്ഠിച്ചു കാമാർത്ഥ-
ധർമ്മങ്ങളെക്കറെക്കുന്നിതു പിന്നെയും. 1
കാമാന്ധനായ് ഭഗവദ്ധർമ്മപാലന-
വൈമുഖ്യമാർന്നവൻ ശ്രദ്ധാസമന്വിതം
ഇഷ്ടിയാൽ ദേവപിതൃക്കളെത്തുഷ്ടിയോ-
ടിഷ്ടപൂർത്തികൾ പൂജിക്കുന്നു നിത്യവും. 2
ദേവപിതൃക്കളിൽ വിശ്വാസമാർന്നററ-
ഭാവനയോടുമർച്ചിക്കുന്ന മാനുഷൻ
സോമലോകത്തു പോയൊട്ടുകാലം വാണു
സോമപാനംചെയ്തു വീണ്ടും വരുന്നിതു. 3
ഉത്‌പലാക്ഷൻ ഭഗവാൻ മുകുന്ദൻ ശേഷ-
തല്പതലത്തിൽ ശയിച്ചിടുവോളമേ
നില്പതുള്ളൂ ഗൃഹസ്ഥാശ്രമീസഞ്ചയ-
പ്രാപ്യമാമീദൃശപുണ്യലോകങ്ങളും. 4
ബുദ്ധിമത്തുക്കളായ് നിസ്സംഗരായ് പരി-
ശുദ്ധരായ് ന്യസ്തകർമ്മാക്കളായ് ശാന്തരായ്
ചെമ്മേ നിവൃത്തിമാർഗ്ഗത്തിലാസക്തരായ്
നിർമ്മമന്മാരായ് നിരഹംകൃതികളാം
ശിഷ്ടാഗ്ര്യർ കാമം കറന്നെടുത്തീടുവാൻ
പററിയ ഗോവായ് സ്വധർമ്മത്തെയെണ്ണിടാ.
താവും സ്വധർമ്മാഖ്യസത്ത്വഗുണത്തിനാൽ
പാവനമാകമന്തഃകരണത്തൊടും
മാർത്താണ്ഡമാർഗ്ഗത്തിലൂടവ,രിപ്പാരു-
തീർത്തു കാത്തങ്ങഴിക്കും പരമേശനായ്
എല്ലാററിനും നിയന്താവായ് പ്രകൃതിക്കു-
വല്ലഭനാമീശനിൽച്ചേർന്നിടുന്നിതു. 5–7
ബ്രഹ്മാവിനെയീശനെന്നായ് ഭജിക്കുവോർ
ചെമ്മേ ദ്വിപരാർദ്ധമാബ്രഹ്മലോകത്തിൽ
നന്മട്ട വാണിടുമത്രയുമാണൊരു
ബ്രഹ്മപ്രളയകാലം മനുനന്ദിനീ! 8
ഏതു കാലത്തിലായീടാം ഗുണത്രയീ-
ഭൂതലോകത്തിലഭിമാനിയായ് സ്വയം
തന്നുടെ പഞ്ചഭൂതേന്ദ്രിയചിത്താദി
ചുഴ്ന്നിടും ബ്രഹ്മാണ്ഡരൂപശരീരത്തെ
നഷ്ടമാക്കാനിച്ഛയോടുമുൽക്കൃഷ്ടനാം
സൃഷ്ടികർത്താവു, വികാരവിഹീനനാം
ഈശനെ പ്രാപിപ്പു,താ കാലഘട്ടമാം
ഭാഷിപ്പതേവരും ബ്രഹ്മപ്രളയമായ്. 9
ഈവിധം നിര്യാണശേഷം ജ്വാലാത്മ-
ഭൂവിൻ ഭുവനംഗമിച്ചു വിരാഗരായ്
പ്രാണനെ വെന്നവരായഭിമാനമ-
ന്യൂനം നശിക്കാത്ത യോഗികൾതാനുമേ
ബ്രഹ്മാവുമൊത്തു പുരാണനും മുഖ്യനും
ബ്രഹ്മവുമാം ദേവനിൽച്ചേർന്നിടുന്നിതു. 10
എന്നതുമൂലമഖിലചരാചര-
വൃന്ദാന്തരംഗസരോജനിവാസിയാം
അബ്‌ഭഗവാൻ കമലാപതിതന്നുടെ
തൃപ്പാദപദ്മം ശരണംഗമിക്കുക. 11
എല്ലാററിനുമാദ്യനായ് വേദഗർഭനോ-
ടുല്ലസിച്ചുള്ള ചതുർമ്മുഖൻകൂടിയും
സംഗവിഹീനകർമ്മാവായിരുന്നിട്ടു-
മങ്ങു കർത്തൃത്വാഭിമാനം വിടായ്കയാൽ
യോഗേശ്വരരും തഥാ സിദ്ധവര്യരും
യോഗപ്രവർത്തകന്മാരുമായിപ്പരം
മിന്നും സനൽകുമാരാദ്യരോടൊന്നിച്ചു
ചെന്നഖിലവ്യാപിദേവനെ പ്രാപിച്ചു.
കാലാത്മകേശ്വരൻമൂലമുണ്ടാം ഗുണ-
മേളനത്തിൽ ജന്മമാളുന്നു പിന്നെയും. 12–14
ബ്രഹ്മലോകത്തിൽ പ്രവേശനം കിട്ടിയ
നിർമ്മലന്മാരുമദ്ധാതൃവിഭൂതികൾ
സർവം ഭുജിച്ചു തിരിച്ചുവരുന്നുട-
നുർവിതന്നിൽ ഗുണമേളനവേളയിൽ. 15
ഈ ലോകഭോഗസുഖങ്ങളിലത്യന്ത-
ലോലമനസ്കരായ് ശ്രദ്ധാപുരസ്സരം
നിത്യങ്ങളാമപ്രതിഷിദ്ധകർമ്മങ്ങൾ
കൃത്യമായാചരിച്ചീടും മനുഷ്യരും. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രജസാ കുണ്ഠമനസഃ കാമാത്മാനോഽജിതേന്ദ്രിയാഃ
പിതൄൻ യജന്ത്യനുദിനം ഗൃഹേഷ്വഭിരതാശയാഃ. 17

ത്രൈവർഗ്ഗികാസ്തേ പുരുഷാ വിമുഖാ ഹരിമേധസഃ
കഥായാം കഥനീയോരുവിക്രമസ്യ മധുദ്വിഷഃ 18

നൂനം ദൈവേന വിഹതാ യേ ചാച്യുതകഥാസുധാം
ഹിത്വാ ശൃണ്വന്ത്യസദ്ഗാഥാഃ പുരീഷമിവ വിഡ്ഭുജഃ. 19

ദക്ഷിണേന പഥാര്യമ്ണഃ പിതൃലോകം വ്രജന്തി തേ
പ്രജാമനു പ്രജായന്തേ ശ്മശാനാന്തക്രിയാകൃതഃ. 20

തതസ്തേ ക്ഷീണസുകൃതാഃ പുനർല്ലോകമിമം സതി
പതന്തി വിവശാ ദേവൈസ്സദ്യോ വിഭ്രംശിതോദയാഃ. 21

തസ്മാത്ത്വം സർവ്വഭാവേന ഭജസ്വ പരമേഷ്ഠിനം
തദ്ഗുണാശ്രയയാ ഭക്ത്യാ ഭജനീയപദാംബുജം. 22

വാസുദേവേ ഭഗവതി ഭക്തിയോഗഃ പ്രയോജിതഃ
ജനയത്യാശു വൈരാഗ്യം ജ്ഞാനം യദ് ബ്രഹ്മദർശനം. 23

യദാസ്യ ചിത്തമർത്ഥേഷു സമേഷ്വിന്ദ്രിയവൃത്തിഭിഃ
ന വിഗൃഹ്ണാതി വൈഷമ്യം പ്രിയമപ്രിയമിത്യുത. 24

സ തദൈവാത്മനാഽഽത്മാനം നിസ്സങ്ഗം സമദർശനം
ഹേയോപാദേയരഹിതമാരൂഢം പദമീക്ഷതേ. 25

ജ്ഞാനമാത്രം പരം ബ്രഹ്മ പരമാത്മേശ്വരഃ പുമാൻ
ദൃശ്യാദിഭിഃ പൃഥഗ്ഭാവൈർഭഗവാനേക ഈയതേ. 26

ഏതാവാനേവ യോഗേന സമഗ്രേണേഹ യോഗിനഃ
യുജ്യതേഽഭിമതോ ഹ്യർത്ഥോ യദസങ്ഗസ്തു കൃത്സ്നശഃ. 27

ജ്ഞാനമേകം പരാചീനൈരിന്ദ്രിയൈർബ്രഹ്മനിർഗ്ഗുണം
അവഭാത്യർത്ഥരൂപേണ ഭ്രാന്ത്യാ ശബ്ദാദിധർമ്മിണാ. 28

യഥാ മഹാനഹംരൂപസ്ത്രിവൃത്പഞ്ചവിധഃ സ്വരാട്
ഏകാദശവിധസ്തസ്യ വപുരണ്ഡം ജഗദ്യതഃ 29

ഏതദ്വൈ ശ്രദ്ധയാ ഭക്ത്യാ യോഗാഭ്യാസേന നിത്യശഃ
സമാഹിതാത്മാ നിസ്സങ്ഗോ വിരക്ത്യാ പരിപശ്യതി. 30

ഇത്യേതത് കഥിതം ഗുർവ്വി ജ്ഞാനംതദ് ബ്രഹ്മദർശനം
യേനാനുബുധ്യതേ തത്ത്വം പ്രകൃതേഃ പുരുഷസ്യ ച. 31

ജ്ഞാനയോഗശ്ച മന്നിഷ്ഠോ നൈർഗ്ഗുണ്യോ ഭക്തിലക്ഷണഃ
ദ്വയോരപ്യേക ഏവാർത്ഥോ ഭഗവച്ഛബ്ദലക്ഷണഃ. 32

യഥേന്ദ്രിയൈഃ പൃഥഗ്ദ്വാരൈരർത്ഥോ ബഹുഗുണാശ്രയഃ
ഏകോ നാനേയതേ തദ്വദ്ഭഗവാൻ ശാസ്ത്രവർത്മഭിഃ. 33

ക്രിയയാ ക്രതുഭിർദ്ദാനൈസ്തപസ്സ്വാധ്യായമർശനൈഃ
ആത്മേന്ദ്രിയജയേനാപി സന്ന്യാസേന ച കർമ്മണാം. 34

യോഗേന വിവിധാങ്ഗേന ഭക്തിയോഗേന ചൈവ ഹി
ധർമ്മേണോഭയചിഹ്നേന യഃ പ്രവൃത്തിനിവൃത്തിമാൻ. 35

ആത്മതത്ത്വാവബോധേന വൈരാഗ്യേണ ദൃഢേന ച
ഈയതേ ഭഗവാനേഭിസ്സഗുണോ നിർഗ്ഗുണഃ സ്വദൃക്. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചഞ്ചലമേററം രജോഗുണവൃത്തിയാൽ
തഞ്ചിയജിതേന്ദ്രിയരായ് ഗൃഹങ്ങളിൽ
പാർത്തു വിഷയഭോഗാനന്ദമഗ്നരായ്
നിത്യം പിതൃപൂജചെയ്യുന്ന കൂട്ടരും 17
ധർമ്മാർത്ഥകാമത്രയത്തിൽമാത്രം മന-
മുന്മുഖമാക്കിക്കഴിയും മനുഷ്യരും
കീർത്തനയോഗ്യമായ് സംസാരസങ്കടം
തീർത്തിടും വിഷ്ണുചരിതമുപേക്ഷിച്ച്
ശ്വാക്കളും പുരീഷത്തെയെന്നപോൽ ദുഷ്ടഥ-
യാക്കമോടാളുമവിശുദ്ധധീകളും
സ്വന്തമാം പ്രാരബ്ധകർമ്മഗണങ്ങളാൽ
ഹന്ത! നിതാന്തം ഹതന്മാരസംശയം.
ആയവരെത്തുന്ന ദക്ഷിണാദ്ധ്വാവിലൂ-
ടര്യമാവാം പിതൃദേവൻെറ സന്നിധി.
വേണ്ടും ശ്മശാനാന്തകർമ്മങ്ങൾ ചെയ്യുഥ
വീണ്ടും ജനിച്ചു തുടരുന്നു സംസൃതി. 18-20
പുണ്യക്ഷയത്തിലവരേയുടൻ മഹീ-
മണ്ഡലത്തേക്കു തള്ളീടുന്നു വിണ്ണവർ.
വീണ്ടുമവിടെനിന്നസ്വാതന്ത്ര്യത്വവും
പൂണ്ടിങ്ങധഃപതിച്ചിട്ടുഴലുന്നിതു. 21
മാതാവതുമൂലമാരാദ്ധ്യമായിടും
പാദാബ്ജമാർന്നീടുമപ്പരമേശനെ
ഭക്തവാത്സല്യാദിയാം തദ്ഗുണങ്ങളെ
കേൾക്കയാൽ വർദ്ധിച്ച ഭക്തിയോടുംകൂടി
അന്യഭാവംവിട്ടു സർവ്വാത്മകനെന്നു
നന്നായുറപ്പിച്ചു സേവിച്ചുകൊള്ളുക. 22
ശ്രീവാസുദേവഭഗവാനിലീവിധം
ഭാവനായുക്തമാം ഭക്തിയോഗത്തിനാൽ
നിർമ്മലേ! കൈവരുമാശുവിരക്തിയും
ബ്രഹ്മാനുഭൂതിക്കുതകിടും ജ്ഞാനവും. 23
ശബ്ദാദിയാമർത്ഥമെല്ലാം സമമായി-
നില്പുളവിന്ദ്രിയവൃത്തിനിമിത്തമായ്
ശബ്ദംകടു,തിതസ്പൃശ്യം, സുഖദമി,-
തപ്രിയമന്യം പ്രിയമീവിചിന്തയാൽ
എപ്പോഴുതുംപ്പു ചലിക്കാതിരുന്നിടു-
മപ്പൊഴുതാത്മസ്വരൂപമീക്ഷിച്ചിടാം.
തള്ളുവാനും സ്വീകരിക്കുവാനും ലേശ-
മില്ലാത്തതായ് സമദൃക്കായസങ്ഗമായ്
എല്ലാററിനുമുപരിസ്ഥിതമായ്പ്പര-
മുല്ലസിച്ചീടും പരമമാകുംപദം
വേറല്ലതുതന്നെയെന്നറിയുന്നതായ്
ചേരുമറിവുതാനാത്മസാക്ഷാൽക്കൃതി. 24-25
ജ്ഞാനമാത്രം, പരമാത്മാ പരബ്രഹ്മ-
മൂനമെന്യേ ഭഗവാൻ പുമാനീശ്വരൻ
എന്നീവിധമേകനെക്കാൺമു ദൃശ്യാദി
ഭിന്നഭാവങ്ങൾനിമിത്തമനേകനായ്. 26
ഒന്നിലും സങ്ഗമമില്ലാതിരിക്കുക-
യെന്നതാണെല്ലാററിലും മുഖ്യസംഗതി.
അന്നിലവന്നോനഖിലയോഗത്തിലും
നിന്നിയലും ഫലമാർന്നു കഴിഞ്ഞിതേ. 27
എന്നും ബഹിർമ്മുഖമായീടുമിന്ദ്രിയ-
വൃന്ദംനിമിത്തമുണ്ടായിടും ഭ്രാന്തിയാൽ
ശബ്ദാദിധർമ്മിയാം ഭൂതസർവ്വത്തെയും
പാർത്തിടുന്നില്ലേകനിർഗ്ഗുണജ്ഞാനമായ്. 28
മുന്നം മഹത്തത്ത്വമായഹങ്കാരമായ്
പിന്നെ ത്രിഗുണമായ് പഞ്ചഭൂതങ്ങളായ്
ജ്ഞാനേന്ദ്രിയങ്ങളഞ്ചഞ്ചു കർമ്മേന്ദ്രിയം
മാനസമൊന്നേവമേകാദശമായി
കാണുന്നതൊക്കെ സ്വരാട്ടിന്നെഴും ദേഹ-
മാ,ണണ്ഡരൂപമായീടുമീലോകവും. 29
ശ്രദ്ധയോടും ഭക്തിയോടും നിരന്തര-
മെത്തുമായോഗപരിശീലനത്തോടും
ഉററവിരക്തിയോടുംകൂടി മാനസം
മുററുമടക്കി വിഷയാശ കൈവിട്ടു
നിത്യവുമാവസിച്ചീടും പുമാനുടൻ
സത്യമാം വസ്തു തെളിഞ്ഞുകാണായ്വരും. 30
ബ്രഹ്മസന്ദർശനകാരണമാം ജ്ഞാന-
മിമ്മട്ടിലമ്മേ! ഭവതിയോടോതി ഞാൻ
ഇത്രയുംകൊണ്ടാപ്രകൃതിപുരുഷർതൻ
തത്ത്വം ക്രമത്തിലറിയാൻ കഴിഞ്ഞിടും. 31
മന്നിഷ്ടമായിടും നിർഗ്ഗുണജ്ഞാനവു-
മെന്നിലുറപ്പിച്ചിടും പ്രേമഭക്തിയും
രണ്ടുമൊരുപോൽ ഫലപ്രദമായിടു-
ന്നുണ്ടു ഭഗവത്സ്വരൂപമറിഞ്ഞിടാൻ. 32
ഭിന്നമാർഗ്ഗങ്ങളിയന്നിടുമിന്ദ്രിയ-
വൃന്ദം ബഹുഗുണസംശ്രയമായിടും
ഏകപദാർത്ഥത്തെ നാനാപ്രകാരമായ്
സ്വീകരിക്കുന്നതുപോലെ ശാസ്ത്രങ്ങളും
ഏകനാമീശ്വരനേയുമനേകനായ്
ഭൂകാമുകാത്മജേ! വർണ്ണിച്ചിടുന്നിതു. 33
വാപികൂപാദി, പാവങ്ങൾക്കുടയനി-
ത്യോപയോഗാർത്ഥം ചമയ്പതുമൂലവും.
ഭക്തിയോഗംകൊണ്ടുമിന്ദ്രിയമാനസ-
നിഗ്രഹംകൊണ്ടും തപസ്സുകൊണ്ടും തഥാ
അഷ്ടാംഗയോഗത്തിനാലും വ്രതദാന-
ശിഷ്ടാചരണങ്ങൾകൊണ്ടുമതെന്നിയേ
വേദാന്തചിന്ത,വിരക്തി,ശമം,ദമ-
മാദിപ്രവൃത്തി, നിവൃത്തിയേവം രണ്ടു-
ചിഹ്നമാളും ധർമ്മ,മാത്മതത്ത്വജ്ഞത
സംന്യാസിയോഗങ്ങളെന്നിവയാലുമേ
ചേർന്നിടാം നിർഗ്ഗുണനായ് ഗുണപൂർണ്ണനാ-
യെന്നും സ്വയംപ്രകാശിച്ചിടുമീശനിൽ. 34-36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാവോചം ഭക്തിയോഗസ്യ സ്വരൂപം തേ ചതുർവ്വിധം
കാലസ്യ ചാവ്യക്തഗതേര്യോഽന്തർദ്ധാവതി ജന്തുഷു. 37
ജീവസ്യ സംസൃതീർബ്ബഹ്വീരവിദ്യാകർമ്മനിർമ്മിതാഃ
യാസ്വംഗ പ്രവിശന്നാത്മാ ന വേദ ഗതിമാത്മനഃ. 38
നൈതത് ഖലായോപദിശേന്നാവിനീതായ കർഹിചിത്
ന സ്തബ്ധായ ന ഭിന്നായ നൈവ ധർമ്മധ്വജായ ച. 39
ന ലോലുപായോപദിശേന്ന ഗൃഹാരൂഢചേതസേ
നാഭക്തായ ച മേ ജാതു ന മദ്ഭക്തദ്വിഷാമപി. 40
ശ്രദ്ദധാനായ ഭക്തായ വിനീതായാനസൂയവേ
ഭൂതേഷു കൃതമൈത്രായ ശുശ്രൂഷാഭിരതായ ച. 41
ബഹിർജ്ജാതവിരാഗായ ശാന്തചിത്തായ ദീയതാം
നിർമ്മത്സരായ ശുചയേ യസ്യാഹം പ്രേയസാം പ്രിയഃ. 42
യ ഇദം ശൃണുയാദംബ ശ്രദ്ധയാ പുരുഷസ്സകൃത്
യോ വാഭിധത്തേ മച്ചിത്തസ്സ ഹ്യേതി പദവീഞ്ച മേ. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ദ്വാത്രിംശത്തമോഽധ്യായഃ

ത്രയസ്ത്രിംശത്തമോഽധ്യായഃ

മൈത്രേയ ഉവാച

ഏവം നിശമ്യ കപിലസ്യ വചോ ജനിത്രീ
സാ കർദ്ദമസ്യ ദയിതാ കില ദേവഹൂതിഃ
വിസ്രസ്തമോഹപടലാ തമഭിപ്രണമ്യ
തുഷ്ടാവ തത്ത്വവിഷയാങ്കിതസിദ്ധിഭൂമിം. 1

ദേവഹൂതിരുവാച

അഥാപ്യജോഽന്തസ്സലിലേ ശയാനം
ഭൂതേന്ദ്രിയാർത്ഥാത്മമയം വപുസ്തേ
ഗുണപ്രവാഹം സദശേഷബീജം
ദധ്യൗ സ്വയം യജ്ജഠരാബ്ജജാതഃ. 2
സ ഏവ വിശ്വസ്യ ഭവാൻ വിധത്തേ
ഗുണപ്രവാഹേണ വിഭക്തവീര്യഃ
സർഗ്ഗാദ്യനീഹോഽവിതഥാഭിസന്ധി-
രാത്മേശ്വരോഽതർക്ക്യസഹസ്രശക്തിഃ 3
സ ത്വം ഭൃതോ മേ ജഠരേണ നാഥ
കഥം നു യസ്യോദര ഏതദാസീത്
വിശ്വം യുഗാന്തേ വടപത്ര ഏകഃ
ശേതേ സ്മ മായാശിശുരംഘ്രിപാനഃ 4
ത്വം ദേഹതന്ത്രഃ പ്രശമായ പാപ്മനാം
നിദേശഭാജാം ച വിഭോ വിഭൂതയേ
യഥാവതാരാസ്തവ സൂകരാദയ-
സ്തഥായമപ്യാത്മപഥോപലബ്ധയേ. 5
യന്നാമധേയശ്രവണാനുകീർത്തനാ-
ദ്യത്പ്രഹ്വണാദ്യത്സ്മരണാദപി ക്വചിത്
ശ്വാദോഽപി സദ്യസ്സവനായ കല്പതേ
കുതഃ പുനസ്തേ ഭഗവന്നു ദർശനാത്. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഷ്കാമമെന്നും സകാമമെന്നും പിന്നെ
നിർഗ്ഗുണമെന്നും സഗുണമെന്നും ചൊല്ലും

നാലുവിധഭക്തിയോഗത്തെയും ഭൂത-
ജാലത്തിനുള്ളിൽക്കടന്നു നിരന്തരം

അസ്പഷ്ടചേഷ്ടയാലുന്ന കാലത്തിൻെറ
സുസ്പഷ്ടരൂപത്തെയും വിവരിച്ചു ഞാൻ. 37

ജീവൻ ശരീരേന്ദ്രിയാദ്യഭിമാനിയായ്
ചെയ്‌വതാം കർമ്മങ്ങൾതൻ ഫലമായിഹ

നാനാവിധഗതിഭേദമാളുന്നതും
ഞാനരുൾചെയ്തു ഭവതിയോടുത്തമേ! 38

ദുഷ്ടനും ഗർവ്വിഷ്ഠനുമവിനീതനും
ശിഷ്ടനെന്നായ് നടിപ്പോനുമാസക്തനും

പത്തനാരൂഢചിത്തന്നുമഭക്തനും
ഭക്തവിദ്വേഷിക്കുമിശ്ശാസ്ത്രമോതൊലാ. 39–40

ശ്രദ്ധയും ഭക്തിയുമേററം വിനീതിയും
മൈത്രിയും കേൾക്കന്നതിലതിപ്രീതിയും

പൊന്തും ശുചിത്വവുമാത്മാനുസന്ധാന-
ശാന്തതയും സദാചാരത്തിൽ നിഷ്ഠയും

ചെററുമസൂയയില്ലായ്മയും പ്രേമവും
മുററുന്നവനോടുമാത്രമിതോതുക. 41–42

എന്നിലുറച്ചിട്ടും ഭക്തിയോടേതവ-
നൊന്നിതൊരിക്കൽ ശ്രവിക്കയോ ചൊല്ലയോ

ചെയ്യുമെന്നാലവനക്ഷണമെൻപദം
കയ്യടക്കിസ്സുഖിക്കായ്‌വരും നിർണ്ണയം. 43

അദ്ധ്യായം 33

ദേവഹൂതീമോക്ഷപ്രാപ്തി

മൈത്രേയൻ പറഞ്ഞു

ഇക്കണക്കംബ് ഭഗവാൻ കപിലൻ ചൊന്ന-
വാക്കുകൾ കർദ്ദമപ്രേയസി കേട്ടുടൻ

മോഹപടലമകന്ന തത്ത്വജ്ഞസ-
മൂഹാശ്രയനാമവനെ സ്തുതിച്ചിതു. 1

ദേവഹൂതി പറഞ്ഞു

നാഭീസരോരുഹജാതനാം ബ്രഹ്മാവു
ഹേ ദേവൻ! പ്രപഞ്ചാദികൾ ഹേതുവായ്

അംബുമദ്ധ്യത്തിൽ ശയിപ്പതായിഗ്ഗുണ-
ജന്മസഹിതമായ് ഭൂതേന്ദ്രിയാത്മാക്കൾ

അർത്ഥങ്ങളെന്നിവററിൽ മൂർത്തിയായിട്ടും
തദ്രൂപമന്തരാ ധ്യാനിച്ചിതു പുരാ. 2

ഏകനാം നിൻതിരുമേനിയീലോകത്തെ-
യാകെ വിരചിച്ചു കാത്തഴിക്കുന്നിതു

സൃഷ്ട്യാദിവീര്യം ഗുണപ്രവാഹത്തിനാൽ
സ്പഷ്ടമായ് വേർതിരിച്ചെന്നു മനീഷനായ്

സങ്കല്പമാത്രത്തിനാലെയജ്ജാലി നി-
ശ്ശങ്കം നടത്തുന്നു സർവ്വശക്തൻ ഭവാൻ

കല്പാന്തകാലത്തു കുക്ഷിയിലീലോക-
മപ്പാടൊതുക്കി, മായാശിശുവായഥ

ചാലവേയങ്ഘ്രിപാനം ചെയ്തുകൊണ്ടാം-
രാലിലതന്നിൽ ശയിച്ചീടിന ഭവാൻ

എങ്ങനെയെന്നുദരത്തിൽ കിടന്നതെ-
ന്നിങ്ങെനിക്കേതുമറിഞ്ഞുകൂടാ വിഭോ! 4

ഞാനേതുമങ്ങേദ്ധരിച്ചതല്ലങ്ങുന്നു
താനേ ശരീരമെടുത്തതുതന്നെയാം.

ദുഷ്ടജനത്തെയൊട്ടുക്കവാനും തഥാ
ശിഷ്ടാഭിവൃദ്ധിക്കുമന്നന്നവിടുന്നു

സൂകരാദ്യാവതാരങ്ങളാണ്ടെന്നപോൽ
ലോകത്തിനാത്മബോധപ്രദാനത്തിനാൽ

ശോകമൊഴിക്കുവാനെന്നുദരത്തിൽ വ-
ന്നാഗമമൂർത്തേ! ശയിച്ചതുതാൻ ദൃഢം. 5

കീർത്തിക്കയോ ഭവന്നാമമൊരുകുറി-
മാത്രം ശ്രവിക്കയോ രൂപം നമിക്കയോ

ചെയ്യുന്ന നീചനും പൂജ്യനാമീവിധം
കയ്യേതിലുമെഴും നിൻതിരുമേനിയെ

നേരിട്ടു കാണുവാൻ സംഗതിവന്നൊരീ-
നാരി മഹാഭാഗ്യശാലിനി നിർണ്ണയം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹോ ബത ശ്വപചോഽതോ ഗരീയാൻ
യജ്ജിഹ്വാഗ്രേ വർത്തതേ നാമ തുഭ്യം
തേപുസ്തപസ്തേ ജുഹുവുസ്സസ്നുരാര്യാ
ബ്രഹ്മാനൂചുന്നാമ ഗൃണന്തി യേ തേ. 7

തം ത്വാമഹം ബ്രഹ്മ പരം പുമാംസം
പ്രത്യക്സ്രോതസ്യാത്മനി സംവിഭാവ്യം
സ്വതേജസാ ധ്വസ്തഗുണപ്രവാഹം
വന്ദേ വിഷ്ണും കപിലം വേദഗർഭം. 8

മൈത്രേയ ഉവാച

ഈഡിതോ ഭഗവാനേവം കപിലാഖ്യഃ പരഃ പുമാൻ
വാചാ വിക്ലവയേത്യാഹ മാതരം മാതൃവത്സലഃ. 9

കപില ഉവാച

മാർഗ്ഗേണാനേന മാതസ്തേ സുസേവ്യേനോദിതേന മേ
ആസ്ഥിതേന പരാം കാഷ്ഠാമചിരാദവരോത്സ്യസി. 10

ശ്രദ്ധത്സ്വൈതന്മതം മഹ്യം ജുഷ്ടം യദ് ബ്രഹ്മവാദിഭിഃ
യേന മാമഭവം യായാ മൃത്യുമൃച്ഛന്ത്യതദ്വിദഃ. 11

മൈത്രേയ ഉവാച

ഇതി പ്രദശ്യ ഭഗവാൻ സതീം താമാത്മനോ ഗതിം
സ്വമാത്രാ ബ്രഹ്മവാദിന്യാ കപിലോഽനുമതോ യയൗ. 12

സാ ചാപി തനയോക്തേന യോഗാദേശേന യോഗയുക്
തസ്മിന്നാശ്രമ ആപീഡേ സരസ്വത്യാസ്സമാഹിതാ. 13

അഭീക്ഷ്ണാവഗാഹകപിശാൻ ജടിലാൻ കടിലാളകാൻ
ആത്മാനം ചോഗ്രതപസാ ബിഭ്രതീ ചീരിണം കൃശം. 14

പ്രജാപതേഃ കദ്ദമസ്യ തപോയോഗവിജൃംഭിതം
സ്വഗാഹ്സ്ഥ്യമനൗപമ്യം പ്രാത്ഥ്യം വൈമാനികൈരപി. 15

പയഃഫേനനിഭാശ്ശയ്യാ ദാന്താ രുക്മപരിച്ഛദാഃ
ആസനാനി ച ഹൈമാനി സുസ്പർശാസ്തരണാനി ച. 16

സ്വച്ഛസ്ഫടികകുഡ്യേഷു മഹാമാരകതേഷു ച
രത്നപ്രദീപാ ആഭാന്തി ലലനാരത്നസംയുതാഃ. 17

ഗൃഹോദ്യാനം കുസുമിതൈ രമ്യം ബഹ്വമരദ്രുമൈഃ
കൂജദ്വിഹങ്ഗമിഥുനം ഗായന്മത്തമധുവ്രതം. 18

യത്ര പ്രവിഷ്ടമാത്മാനം വിബുധാനുചരാ ജഗുഃ
വാപ്യാമുത്പലഗന്ധിന്യാം കദ്ദമേനോപലാളിതം. 19

ഹിത്വാ തദീപ്സിതതമമപ്യാഖണ്ഡലയോഷിതാം
കിഞ്ചിച്ചകാര വദനം പുത്രവിശ്ലേഷണാതുരാ. 20

വനം പ്രവ്രജിതേ പത്യാവപത്യവിരഹാതുരാ
ജ്ഞാതതത്ത്വാപ്യഭൂന്നഷ്ടേ വത്സേ ഗൗരിവ വത്സലാ. 21

തമേവ ധ്യായതീ ദേവമപത്യം കപിലം ഹരിം
ബഭൂവാചിരതോ വത്സ നിസ്പൃഹാ താദൃശേ ഗൃഹേ. 22

ധ്യായതീ ഭഗവദ്രൂപം യദാഹ ധ്യാനഗോചരം
സുതഃ പ്രസന്നവദനം സമസ്തവ്യസ്തചിന്തയാ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്നാനഹോമങ്ങൾ വേദാദ്ധ്യയനം തപോ-
ദാനാദിയാകവെയാചരിപ്പോനിലും

എത്രയും ശ്രേഷ്ഠൻ, തവ നാമധേയങ്ങൾ
നിത്യവും നാവിലുദിക്കുന്ന നീചനാം. 7

നാമജപംകൊണ്ടിതൊക്കെയപ്പുണ്യവാൻ
കേമമാമ്മാറനുഷ്ഠിച്ചവൻകൂടിയായ്

സ്വീയകായപ്രകാശത്താൽ ഗുണജന്യ-
മായ സംസാരമശേഷം നശിപ്പിച്ചു

ശ്രീവിഷ്ണുവായ് കപിലാഖ്യനായാഗമ-
ഭൂവായ് വിരക്തമനസ്സിൽ വിഭാവ്യനായ്

ബ്രഹ്മാത്മകനായ് പരൻപുമാൻതാനുമായ്
ചെമ്മേ വിളങ്ങും ഭവാനെ വന്ദിക്കുവേൻ. 8

മൈത്രേയൻ പറഞ്ഞു

ദേവഹൂതിക്കെഴുമിസ്തുതി കേട്ടക്കവേ
കേവലനാമക്കപിലമഹാമുനി

മാതാവിലത്യന്തവാത്സല്യയുക്തനായ്
സാദരം ഗദ്ഗദത്തോടരുളീടിനാൻ. 9

കപിലൻ പറഞ്ഞു

ഞാൻ മൊഴിഞ്ഞുള്ളതായിസ്സുഖസേവ്യമാ-
യമ്മയനുഷ്ഠിച്ചിടുന്ന മാർഗ്ഗംതന്നെ

ചെമ്മേ തുടർന്നാൽ ഭവതിക്കണഞ്ഞിടാം
ബ്രഹ്മപദത്തിൽ വിളംബനമെന്നിയേ. 10

ബ്രഹ്മോപദേശകർ കൈക്കൊണ്ടതാകുമീ-
യെന്മതം ശ്രദ്ധിച്ചനുഷ്ഠിച്ചുകൊള്ളുക.

ജന്മരഹിതനാമെന്നോടു ചേർന്നിടാ-
മുന്മഗ്നരാകുമിതരർ ഭവാബ്ധിയിൽ. 11

മൈത്രേയൻ പറഞ്ഞു

ബ്രഹ്മതത്ത്വത്തെയിത്തുവിധം സാധ്വിയാ-
മമ്മയ്ക്കു കാട്ടിക്കൊടുത്തിട്ടുടൻതന്നെ

അത്തത്ത്വവാദിനിതന്നനുവാദത്തോ-
ടസ്ഥലംവിട്ടു കപിലൻ ഗമിച്ചിതേ. 12

പുത്രനിദർശിതമായുള്ളൊരാ യോഗ-
പദ്ധതിയാശ്രയിച്ചാ ദേവഹൂതിയും

ചിത്തമടക്കിസ്സരസ്വതി ചൂഴമാ-
സിദ്ധാശ്രമത്തിൽ സദാ യോഗയുക്തയായ്,13

എന്നും മുറയ്ക്കു കുളിച്ചു കപിശമായ്
ചിന്നും ജടയാർന്നു ചീരവസ്ത്രാഢ്യയായ്

ആശവിട്ടുഗ്രതപസ്സിനാൽ ദേഹവും
ശോഷിച്ചു വക്രാളകയായിരുന്നിതു. 14

കർദ്ദമൻതൻ തപോയോഗപ്രഭാവസ-
മുദ്ധമായ് ശുദ്ധമായൗപമ്യമററതായ്

വൈമാനികരാലുമർത്ഥ്യവുമായിരു-
ന്നാമുശുദ്ധകർദ്ദമപുണ്യനികേതനം. 15

ക്ഷീരനുരപോലെഴും ശയനങ്ങളും
ചാരുദന്തങ്ങളാൽ നേരേ രചിച്ചതായ്

ഹേമവിഭൂഷകളൊത്തിണങ്ങുന്നതായ്
പൂമൃദുവായ് സുഖസ്പർശമിയന്നതായ്

തൂമകലർന്ന വിരിപ്പുകളിട്ടതായ്
ഹൈമരചിതാസനങ്ങൾ കലർന്നതായ്, 16

ശുദ്ധസ്ഫടികമരതകനിർമ്മിത-
ഭിത്തികളിൽ സ്വരത്നദീപങ്ങളും

സുന്ദരീസന്ദോഹവും പ്രതിബിംബിച്ചു
മിന്നിയിരുന്നിതാ മോഹനമന്ദിരം. 17

അബ്ഭവനത്തിൻ മലർക്കാവു, പുഷ്പിത-
കല്പകപാദപസഞ്ചയം തിങ്ങിയും

മത്തമധുകരപക്ഷിഗണചാരു-
ശബ്ദങ്ങളാൽ വ്യാപ്തമായും ലസിച്ചിതേ. 18

ഉത്പലഗന്ധമിയലുന്ന വാപിത-
ന്നപ്പിലിറങ്ങിക്കുളിച്ചൊരു വേളയിൽ

സ്തോത്രങ്ങളാലെ ഗന്ധർവർ കീർത്തിച്ചതാം
കർദ്ദമമാമുനീലാളിതമത്തനു. 19

ഇന്ദ്രനിതംബിനിമാരും കൊതിക്കുമാ
സുന്ദരമാശ്രമംപോലുമുപേക്ഷിച്ചു

പുത്രവിയോഗദുഃഖംനിമിത്തം നിജ-
വക്ത്രമൊട്ടൊന്നു കുനിച്ചിരുന്നാളവൾ. 20

ഭർത്താവു കാനനം പൂകിയപ്പോളൊരു-
പുത്രാസ്യമുണ്ടായിരുന്നഴലാററുവാൻ

ഉണ്ണിയുമിപ്പോളകന്നു തത്ത്വജ്ഞയാ-
ണെന്നാലുമക്കർദ്ദമപ്രാണനായിക

കുട്ടിയെക്കാണാത്തുഴലുമഗ്ഗോവിന്റെ
മട്ടിലധികമാം ദുഃഖം വഹിച്ചിതേ. 21

പുത്രൻ കപിലനെ ധ്യാനിച്ചു പെട്ടെന്നു
സ്വസ്ഥാനകാങ്ക്ഷ വെടിഞ്ഞീടിനാളവൾ.

നന്ദനൻ ചൊന്നവിധം പ്രസന്നാനന-
മാർന്നു ഭഗവത്സ്വരൂപമൊന്നാകെയും

പിന്നീടവയവമോരോന്നുമുള്ളത്തി-
ലൂന്നിയും ധ്യാനിച്ചിരുന്നിതസ്സാദ്ധ്വി-
യാൾ. 22-23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തിപ്രവാഹയോഗേന വൈരാഗ്യേണ ബലീയസാ
യുക്താനുഷ്ഠാനജാതേന ജ്ഞാനേന ബ്രഹ്മഹേതുനാ. 24

വിശുദ്ധേന തദാഽഽത്മാനമാത്മനാ വിശ്വതോമുഖം
സ്വാനുഭൂത്യാ തിരോഭൂതമായാഗുണവിശേഷണം. 25

ബ്രഹ്മണ്യവസ്ഥിതമതിർഭഗവത്യാത്മസംശ്രയേ
നിവൃത്തജീവാപത്തിത്വാത് ക്ഷീണക്ലേശാഽഽപ്തനിർവൃതിഃ 26

നിത്യാരൂഢസമാധിത്വാത് പരാവൃത്തഗുണഭ്രമാ
ന സസ്മാര തദാഽഽത്മാനം സ്വപ്നേ ദൃഷ്ടമിവോത്ഥിതഃ. 27

തദ്ദേഹഃ പരതഃ പോഷോഽപ്യകൃശശ്ചാധ്യസംഭവാത്
ബഭൗ മലൈരവച്ഛന്നസ്സധൂമ ഇവ പാവകഃ. 28

സ്വാങ്ഗം തപോയോഗമയം മുക്തകേശം ഗതാംബരം
ദൈവഗുപ്തം ന ബുബുധേ വാസുദേവപ്രവിഷ്ടധീഃ. 29

ഏവം സാ കപിലോക്തേന മാർഗ്ഗേണാചിരതഃ പരം
ആത്മാനം ബ്രഹ്മനിർവ്വാണം ഭഗവന്തമവാപ ഹ. 30

തദ്വീരാസീത് പുണ്യതമം ക്ഷേത്രം ത്രൈലോക്യവിശ്രുതം
നാമ്നാ സിദ്ധപദം യത്ര സാ സംസിദ്ധിമുപേയുഷീ. 31

തസ്യാസ്തദ്യോഗവിധുതമാർത്ത്യം മർത്ത്യമഭൂത്സരിത്
സ്രോതസാം പ്രവരാ, സൗമ്യ, സിദ്ധിദാ സിദ്ധസേവിതാ. 32

കപിലോഽപി മഹായോഗീ ഭഗവാൻ പിതുരാശ്രമാത്
മാതരം സമനുജ്ഞാപ്യ പ്രാഗുദീചീം ദിശം യയൗ. 33

സിദ്ധചാരണഗന്ധർവൈർമ്മുനിഭിശ്ചാപ്സരോഗണൈഃ
സ്തൂയമാനസ്സമുദ്രേണ ദത്താർഹണനികേതനഃ 34

ആസ്തേ യോഗം സമാസ്ഥായ സാംഖ്യാചാര്യൈരഭിഷ്ടുതഃ
ത്രയാണാമപി ലോകാനാമുപശാന്ത്യൈ സമാഹിതഃ. 35

ഏതന്നിഗദിതം താത യത്പൃഷ്ടോഽഹം തവാനഘ!
കപിലസ്യ ച സംവാദോ ദേവഹൂത്യാശ്ച പാവനഃ. 36

യ ഇദമനുശൃണോതി യോഽഭിധത്തേ
കപിലമുനേർമ്മതമാത്മയോഗഗുഹ്യം
ഭഗവതി കൃതധീഃ സുപർണ്ണകേതാ-
വുപലഭതേ ഭഗവത്പദാരവിന്ദം. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ത്രയസ്ത്രിംശത്തമോഽധ്യായഃ

സമാപ്തോഽയം തൃതീയസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശക്തിമത്തായ വൈരാഗ്യംനിമിത്തവും
ഭക്തി വഴിഞ്ഞൊഴുകീടുകമൂലവും

യുക്തചര്യാജാതമായ് ബ്രഹ്മഹേതുവാം
പുഷ്കലജ്ഞാനത്തിനാലും വിശുദ്ധമാം

മാനസത്തിന്നെഴും സ്വാനുഭവത്തിനാ-
ലൂനമറെറങ്ങുമേ വ്യാപിച്ചിടുന്നതായ്

മായാഗുണങ്ങളിൽ തോന്നിയ സത്യധീ-
പോയാത്മസംശ്രയമായ് ജ്ഞാനമാത്രമായ്-

മിന്നും ഭഗവാനിൽ മാനസം സുസ്ഥിര-
മുന്നുകയാൽ ജീവഭാവം നിവൃത്തിച്ചു

താപവും ക്ഷീണവും ധ്വസ്തമായാനന്ദ-
രൂപമായ് നിത്യസമാധിയോഗത്തിനാൽ

നാനാന്യമാംഗുണവിഭ്രമവുംവിട്ടു
താനേയുറങ്ങിയെഴുന്നേററ പൂരുഷൻ

സ്വപ്നദൃഷ്ടംവസ്തുവെന്നപോൽത്തൻ വപു-
സ്സല്പവുമോർമ്മിച്ചിടാതെയിരുന്നിതു. 26–27

തദ്ദേഹമന്യസംരക്ഷിതമാകിലും
ചിത്തം കദനവിഹീനമെന്നാകയാൽ

കാശ്യമകന്നഴക്കാൻ പുകയാള-
മാശ്രയാശൻവിധം ശോഭിച്ചിരുന്നിതേ. 28

സ്വന്തദേഹം തപോയോഗമയമത്തും
ബന്ധമഴിഞ്ഞു മുടി കിടക്കുന്നതും

വസ്ത്രമിഴിഞ്ഞതും പ്രാരബ്ധമത്തനു-
കാത്തുവരുന്നതും ചെറ്ററിഞ്ഞില്ലവൾ. 29

ഏവം കപിലോപദേശാനുസാരമായ്
നേർവഴിയാശ്രയിച്ചാ ദേവഹൂതിയും

താമസിയാതെതാൻ സച്ചിദാനന്ദമാം
ധാമത്തിലാമഗ്നയായെന്നതേവേണ്ടു. 30

വീരാ! മനുസുത സിദ്ധിയാൻുള്ളൊര-
ച്ചാരുതരാശ്രമം ലോകപ്രസിദ്ധമാം

സിദ്ധപദാഖ്യയിൽ പിന്നൊരു പുണ്യസു-
ക്ഷേത്രമായ്ത്തീർന്നിതാ സ്ഥാനമെന്നോ-
ർക്കുക. 31

മർത്ത്യധർമ്മത്തെ യോഗത്താൽ നശിപ്പിച്ചൊ-
രത്തനു സിദ്ധനിഷേവിതമായ് പരം

സിദ്ധിദമായൊരു പുണ്യതരംഗിണീ-
സത്തമയായങ്ങൊഴുകീ കുരൂദ്വഹാ! 32

അമ്മതൻസമ്മതം വാങ്ങിത്തദാശ്രമം
ചെമ്മേ വെടിഞ്ഞ കപിലയോഗീശ്വരൻ

ധീരൻ കിഴക്കുവടക്കുദേശംപ്രതി
നേരേ നടന്നുടൻനീടിനാനശ്രമം. 33

കിന്നരചാരണസിദ്ധാപ്സരോമുനി-
മണ്ഡലത്താലേററവും സ്തൂയമാനനായ്

വാരാശിയേകിയ പൂജാനിവാസങ്ങ-
ളോരോന്നുമേറുഴി ചുററിച്ചരിച്ചിതു. 34

സാംഖ്യശാസ്ത്രാചാര്യർ നന്ദിപൂർവ്വം വന്നു
സംഘമായ്ത്തുവും സ്തുതിവർഷവുമേററു

ഉന്നതയോഗത്തൊടും ത്രിലോകീസുഖ-
മുന്നിസ്സമാധിസ്ഥനായിരിക്കുന്നിതേ. 35

ദേവഹൂതീകപിലക്രിയലുന്നൊരീ-
പ്പാവനസംഭാഷണം ശ്രവിച്ചീടുവാൻ

ആവേശമങ്ങേയ്ക്കുദിക്കയാലായതും
ഹേ വിദുരാ! ഭവാനോടു കഥിച്ചു ഞാൻ. 36

തത്ത്വരൂപം ധരിക്കേണ്ട മാർഗ്ഗങ്ങളിൽ
ഉത്തമമായതിഗുഹ്യമായുള്ളതാം

ഈ സാംഖ്യശാസ്ത്രം നിതാന്തം ശ്രവിക്കയു-
മാസക്തിയോടു കീർത്തിക്കയുംചെയ്യുവോൻ

പക്ഷീന്ദ്രവാഹനനാമബ്ഭഗവാനിൽ
നിക്ഷിപ്തചിത്തനായ് തത്പദം പൂകിടും. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുർത്ഥസ്കന്ധഃ

പ്രഥമോƒധ്യായഃ

മൈത്രേയ ഉവാച

മനോസ്തു ശതരൂപായാം തിസ്രഃ കന്യാശ്ച ജജ്ഞിരേ
ആകൂതിർദ്ദേവഹൂതിശ്ച പ്രസൂതിരിതി വിശ്രുതാഃ. 1

ആകൂതിം രുചയേ പ്രാദാദപി ഭ്രാതൃമതീം നൃപഃ
പുത്രികാധർമ്മമാശ്രിത്യ ശതരൂപാനുമോദിതഃ. 2

പ്രജാപതിഃ സ ഭഗവാൻ രുചിസ്തസ്യാമജീജനത്
മിഥുനം ബ്രഹ്മവർച്ചസ്വീ പരമേണ സമാധിനാ. 3

യസ്തയോഃ പുരുഷഃ സാക്ഷാദ്വിഷ്ണുര്യജ്ഞസ്വരൂപധൃക്
യാ സ്ത്രീ സാ ദക്ഷിണാ ഭൂതേരംശഭൂതാനപായിനീ. 4

ആനിന്യേ സ്വഗൃഹം പുത്ര്യാഃ പുത്രം വിതതരോചിഷം
സ്വായംഭുവോ മുദാ യുക്തോ രുചിർജഗ്രാഹ ദക്ഷിണാം. 5

താം കാമയാനാം ഭഗവാനുവാഹ യജുഷാം പതിഃ
തുഷ്ടായാം തോഷമാപന്നോƒജനയദ് ദ്വാദശാത്മജാൻ. 6

തോഷഃ പ്രതോഷഃ സന്തോഷോ ഭദ്രഃ ശാന്തിരിഡസ്പതിഃ
ഇധ്മഃ കവിർവ്വിഭുഃ സ്വഹ്നഃ സുദേവോ രോചനോ ദ്വിഷട്. 7

തുഷിതാ നാമ തേ ദേവാ ആസൻ സ്വായംഭുവാന്തരേ
മരീചിമിശ്രാ ഋഷയോ യജ്ഞഃ സുരഗണേശ്വരഃ. 8

പ്രിയവ്രതോത്താനപാദൗ മനുപുത്രൗ മഹൗജസൗ
തത്പുത്രപൗത്രനപ്തൄണാമനുവൃത്തം തദന്തരം. 9

ദേവഹൂതിമദാത്താത കർദ്ദമായാത്മജാം മനുഃ
തത്സംബന്ധി ശ്രുതപ്രായം ഭവതാ ഗദതോ മമ. 10

ദക്ഷായ ബ്രഹ്മപുത്രായ പ്രസൂതിം ഭഗവാൻ മനുഃ
പ്രായച്ഛദ്യത്കൃതഃ സർഗ്ഗസ്ത്രിലോക്യാം വിതതോ മഹാൻ. 11

യാഃ കർദ്ദമസുതാഃ പ്രോക്താ നവ ബ്രഹ്മർഷിപത്നയഃ
താസാം പ്രസൂതിപ്രസവം പ്രോച്യമാനം നിബോധ മേ. 12

പത്നീ മരീചേസ്തു കലാ സുഷുവേ കർദ്ദമാത്മജാ
കശ്യപം പൂർണ്ണിമാനം ച യയോരാപൂരിതം ജഗത്. 13

പൂർണ്ണിമാസൂത വിരജം വിശ്വഗം ച പരന്തപ!
ദേവകുല്യാം ഹരേഃ പാദശൗചാദ്യാഭൂത്സരിദ്ദിവഃ. 14

അത്രേഃ പത്ന്യനസൂയാ ത്രീൻ ജജ്ഞേ സുയശസഃ സുതാൻ
ദത്തം ദുർവ്വാസസം സോമമാത്മേശബ്രഹ്മസംഭവാൻ. 15

വിദുര ഉവാച

അത്രേർഗൃഹേ സുരശ്രേഷ്ഠാഃ സ്ഥിത്യുത്പത്ത്യന്തഹേതവഃ
കിഞ്ചിച്ചികീർഷവോ ജാതാ ഏതദാഖ്യാഹി മേ ഗുരോ. 16

മൈത്രേയ ഉവാച

ബ്രഹ്മണാ നോദിതഃ സൃഷ്ടാവത്രിർബ്രഹ്മവിദാം വരഃ
സഹ പത്ന്യാ യയാവൃക്ഷം കുലാദ്രിം തപസി സ്ഥിതഃ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുർത്ഥസ്കന്ധം

അദ്ധ്യായം 1

മനുവംശപരമ്പര

മൈത്രേയൻ പറഞ്ഞു

പ്രസൂതി, ദേവഹൂതി,യാകൂതിയെന്നിങ്ങനെ
പ്രസിദ്ധിപെററ മൂന്നു നന്ദിനിമാരും പിന്നെ
പേരാളും പ്രിയവ്രത,നുത്താനപാദനെന്നി-
പ്പേരുകളിയന്നിട്ടും രണ്ടു നന്ദനന്മാരും
ഉണ്ടായി മനുവിന്നു ശതരൂപയെന്നാഖ്യ-
പൂണ്ടിട്ടും പതിവ്രതയായ തൻ പത്നിതന്നിൽ. 1
ആദിരാജാവാം മനു, ശതരൂപാഭിലാഷ-
മാദരിച്ചഥ ഭ്രാതൃമതിയെന്നിരിക്കിലും
ആകൂതീതനൂജയെ പുത്രികാധർമ്മത്തിനാ-
ലേകിനാൻ രുചി പ്രജാപതിക്കായ്
തോഷപൂർവ്വം. 2
ജ്ഞാനിയായ് ബ്രഹ്മവർച്ചസ്സാ രുചി,-
സമാധിയാ-
ലാണും പെണ്ണുമായ്ത്തീർത്താൻ രണ്ടു സന്താ-
നങ്ങളെ. 3
പുരുഷനതിൽ മഹാവിഷ്ണ്വംശം യജ്ഞമൂർത്തി
പിരിയാത്തോരു ലക്ഷ്മിതന്നംശം കന്യയും-
താൻ. 4
വിസ്തൃതകാന്തിമാനാം പുത്രീപുത്രനെയേററം
മുത്തൊടും സ്വായംഭുവൻ നയിച്ചാൻ നിജ-
ഗേഹം
ദക്ഷിണാനാമകയായീടുമാ സ്വപുത്രിയെ-
യക്ഷണം രുചിപ്രജാപതിയും
സ്വീകരിച്ചാൻ. 5
മന്ത്രങ്ങളുടെ ഫലദാതാവാം യജ്ഞമൂർത്തി
കാന്തയായ്, കാമിച്ചിട്ടുമവളെ വരിച്ചിതു
സന്തുഷ്ടനായിപ്പരം തുഷ്ടയാമന്നാരിയിൽ
പന്ത്രണ്ടു പുത്രന്മാരെയുദ്ഭവിപ്പിച്ചീടിനാൻ. 6
തോഷൻ, പ്രതോഷൻ, ഭദ്രൻ, ശാന്തി,
യിഡസ്പതി, സ-
ന്തോഷൻ, സുദേവൻ, സ്വഹനൻ,
രോചനനിധ്മൻ വിഭു
കവിയുമെന്നതത്രേയവർക്കു നാമം സ്വായം-
ഭുവൻെറ കാലത്തവർ തുഷിതദേവന്മാരായ്.
ഋഷികളായി മരീച്യാദികൾ, യജ്ഞാഖ്യൻ
ത്രി-
ദശവൃന്ദത്തിന്നധിപതിയായ് ഭവിച്ചിതു.
മനുവും, ദേവന്മാരു,മൃഷികൾ ദേവേന്ദ്രനും,
മനുനന്ദനന്മാരും, വിഷ്ണ്വംശാവതാരവും
ഒരുമന്വന്തരസംരക്ഷയ്ക്കുവേണം, മനു
പരമതുഷ്ടനായാനിതൊക്കെസ്സാധിക്കയാൽ.
7-8
ഉത്താനപാദൻ, പ്രിയവ്രതനെന്നുള്ള മനു-
പുത്രന്മാർ പരം പരാക്രമികളായിരുന്നു.
തത്പുത്രപൗത്രനപ്താക്കളാലിമ്മന്വന്തര-
മദ്ഭുതകരം ധർമ്മസമ്പൂർണ്ണമായിത്തീർന്നു. 9
കർദ്ദമന്നേകി ദേവഹൂതിയെസ്സ്വായംഭുവൻ,
തദ്വൃത്തമീ ഞാൻ ചൊല്ലി ശ്രവിച്ചുവല്ലോ
ഭവാൻ.
അമ്മനു പിന്നെ നൽകീ പുത്രിയാം പ്രസൂതിയെ
ബ്രഹ്മനന്ദനനായ ദക്ഷനാം പ്രജേശനായ്.
മൂന്നു ലോകത്തും സൃഷ്ടികാര്യത്തിലവർ മൂല-
മുന്നതമാകുമഭിവൃദ്ധിയുമുണ്ടായിതു. 11
ബ്രഹ്മർഷിപത്നിമാരായ് കർദ്ദമൻതന്നൊൻപതു
പെണ്മക്കളെന്നു ചൊന്നേൻ
തത്സന്താനങ്ങളെക്കേൾ. 12
കർദ്ദമസുത,കല,മരീചിമുനിപത്നി
പെററു കശ്യപനെയും പൂർണ്ണിമാപുത്രിയേയും
അവർതൻ വംശപരമ്പരയാൽ നിറഞ്ഞിതു
ഭുവനം മൂന്നുമെന്നു ധരിച്ചീടുക വത്സാ! 13
പൂർണ്ണിമാവിന്നു തീർന്നു വിശ്വഗൻ വിരജനു-
മെന്നിരുപുത്രർ ദേവകുല്യയാം സുതതാനും
അസമാനയായ് ഹരിപാദക്ഷാളനത്തിനാൽ
വിശുദ്ധയായ ദേവസരിത്തായവളത്രേ. 14
അനസൂയയാമത്രിപത്നിയിലുണ്ടായ് മൂന്നു-
തനയർ ദത്തനും ദുർവാസസ്സും സോമൻതാനും.
അവർ മൂവരും ഹരി, ശങ്കരൻ, വിരിഞ്ചനെ-
ന്നിവർതന്നംശഭൂതർതന്നെയാം പരന്തപാ! 15

വിദുരൻ പറഞ്ഞു

സൃഷ്ടിസംസ്ഥിതിലയങ്ങൾക്കു
കാരണമാകും
മൂർത്തികൾ മൂന്നുപേരുമത്രിഗേഹത്തിൽ വന്നു
ജനിച്ചതെന്തിനായിട്ടെന്നതുമാചാര്യനാം
മുനിനായകാ! ഭവാനെന്നോടു ചൊന്നീ-
ടണം. 16

മൈത്രേയൻ പറഞ്ഞു

ബ്രഹ്മവിത്തമനാകുമത്രിയാം മഹാമുനി
ബ്രഹ്മനാൽ പ്രചോദിതനായിത്തൻ-
പത്നിയോടും
കുലപർവ്വതമാകുമൃക്ഷത്തിലെത്തിച്ചേർന്നു
ചലനവിഹീനനായ്ത്തപസ്സു തുടങ്ങിനാൻ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മിൻ പ്രസൂനസ്തബകപലാശാശോകകാനനേ
വാർഭിഃ സ്രവദ്ഭിരുദ്ഘുഷ്ടേ നിർവ്വിന്ധ്യായാസ്സമന്തതഃ 18
പ്രാണായാമേന സംയമ്യ മനോ വർഷശതം മുനിഃ
അതിഷ്ഠദേകപാദേന നിർദ്വന്ദ്വോഽനിലഭോജനഃ 19
''ശരണം തം പ്രപദ്യേഽഹം യ ഏവ ജഗദീശ്വരഃ
പ്രജാമാത്മസമാം മഹ്യം പ്രയച്ഛ''ത്വിതി ചിന്തയൻ. 20
തപ്യമാനം ത്രിഭുവനം പ്രാണായാമൈധസാഗ്നിനാ
നിർഗ്ഗതേന മുനേർമ്മൂർദ്ധ്നസ്സമീക്ഷ്യ പ്രഭവസ്ത്രയഃ 21
അപ്സരോമുനിഗന്ധർവ്വസിദ്ധവിദ്യാധരോരഗൈഃ
വിതായമാനയശസസ്തദാശ്രമപദം യയുഃ. 22
തത്പ്രാദുർഭാവസംയോഗവിദ്യോതിതമനാ മുനിഃ
ഉത്തിഷ്ഠന്നേകപാദേന ദദർശ വിബുധർഷഭാൻ. 23
പ്രണമ്യ ദണ്ഡവദ് ഭൂമാവുപതസ്ഥേഽർഹണാഞ്ജലിഃ
വൃഷഹംസസുപർണ്ണസ്ഥാൻ സ്വൈഃ സ്വൈശ്ചിഹ്നൈശ്ച
ചിഹ്നിതാൻ. 24

കൃപാവലോകേന ഹസദ്വദനേനോപലംഭിതാൻ
തദ്രോചിഷാ പ്രതിഹതേ നിമീല്യ മുനിരക്ഷിണീ. 25
ചേതസ്തത് പ്രവണം യുഞ്ജന്നസ്താവീത്സംഹതാഞ്ജലിഃ
ശ്ലക്ഷ്ണയാ സൂക്തയാ വാചാ സർവ്വലോകഗരീയസഃ. 26

അത്രിരുവാച

വിശ്വോദ്ഭവസ്ഥിതിലയേഷു വിഭജ്യമാനൈ-
ർമ്മായാഗുണൈരനുയുഗം വിഗൃഹീതദേഹാഃ
തേ ബ്രഹ്മവിഷ്ണുഗിരിശാഃ പ്രണതോഽസ്മ്യഹം വ-
സ്തേഭ്യഃ ക ഏവ ഭവതാം മ ഇഹോപഹൂതഃ. 27
ഏകോ മയേഹ ഭഗവാൻ വിവിധപ്രധാനൈ-
ശ്ചിത്തീകൃതഃ പ്രജനനായ കഥം നു യൂയം
അത്രാഗതാസ്തനുഭൃതാം മനസോഽപി ദൂരാഃ
ബ്രൂത പ്രസീദത മഹാനിഹ വിസ്മയോ മേ. 28

മൈത്രേയ ഉവാച

ഇതി തസ്യ വചഃ ശ്രുത്വാ ത്രയസ്തേ വിബുധർഷഭാഃ
പ്രത്യാഹുഃ ശ്ലക്ഷ്ണയാ വാചാ പ്രഹസ്യ തമൃഷിം പ്രഭോ! 29

ദേവാ ഊചുഃ

യഥാ കൃതസ്തേ സങ്കല്പോ ഭാവ്യം തേനൈവ നാന്യഥാ
സത്യസങ്കല്പസ്യ തേ ബ്രഹ്മൻ യദ്വൈ ധ്യായതി തേ വയം. 30
അഥാസ്മദംശഭൂതാസ്തേ ആത്മജാ ലോകവിശ്രുതാഃ
ഭവിതാരോഽങ്ഗ ഭദ്രം തേ വിസ്രപ്സ്യന്തി ച തേ യശഃ. 31
ഏവം കാമവരം ദത്ത്വാ പ്രതിജഗ്മുഃ സുരേശ്വരാഃ
സഭാജിതാസ്തയോസ്സമ്യഗ്ദമ്പത്യോർമ്മിഷതോസ്തതഃ. 32
സോമോഽഭൂദ്ബ്രഹ്മണോഽംശേന ദത്തോ വിഷ്ണോസ്തു യോഗവിത്
ദുർവ്വാസാശ്ശങ്കരസ്യാംശോ നിബോധാങ്ഗിരസഃ പ്രജാഃ. 33
ശ്രദ്ധാ ത്വങ്ഗിരസഃ പത്നീ ചതസ്രോഽസൂത കന്യകാഃ
സിനീവാലീ കുഹൂ രാകാ ചതുർത്ഥ്യനുമതിസ്തഥാ. 34
തത്പുത്രാവപരാവാസ്താം ഖ്യാതൗ സ്വാരോചിഷേഽന്തരേ
ഉതഥ്യോ ഭഗവാൻ സാക്ഷാദ് ബ്രഹ്മിഷ്ഠശ്ച ബൃഹസ്പതിഃ 35
പുലസ്ത്യോഽജനയത് പത്ന്യാമഗസ്ത്യം ച ഹവിർഭുവി
സോഽന്യജന്മനി ദഹ്രാഗ്നിർവ്വിശ്രവാശ്ച മഹാതപാഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂങ്കുലതിങ്ങിമിന്നും പ്ലാച്ചിയുമശോകവും
തങ്ങിടും വനമാന്റ ചുററുമായൊഴുകീടും
നിർവിന്ധ്യാനദിയുടെ നിർഝരമന്ദ്രനാദം
സർവ്വദാ കലർന്നിട്ടമൃക്ഷപർവ്വതംതന്നിൽ
മനനശീലനായി പ്രാണായാമത്തിനാൽത്തൻ-
മനസ്സടക്കിപ്പുരം ദ്വന്ദ്വാതിക്രാന്തനായി
പവനാശനനായി ''ട്ടല്പയോ ജഗത്പതേ!
ഇവനങ്ങയെയിതാ ശരണംഗമിക്കുന്നേൻ.
നിന്തിരുമേനിയോടു തുല്യനായൊരിക്കൊരു
സന്താനത്തിനെത്തരികെ''ന്ന
സങ്കല്പത്തോടും. 18-20

നൂറുവത്സരമേവം പ്രാണായാമമാം കാഷ്ഠം
പേറുമമ്മുനീന്ദ്രൻതൻ മൂർദ്ധാവിൽനിന്നു ചിന്തും
പാവകൻ ജഗത്ത്രയം തപിപ്പിപ്പതു പാർത്തി-
ട്ടാവിധിഹരഹരിദേവന്മാരവിളംബം
അപ്സരോമുനിസിദ്ധഗന്ധർവവിദ്യാധര-
സർപ്പകീർത്തിതരായി പ്രാപിച്ചാർ
തദാശ്രമം. 21-22

അന്തികമാളും മൂർത്തിത്രയത്തിൻ തേജസ്സു ത-
ന്നന്തർഭാഗത്തു തട്ടിജ്ജ്വലിച്ചോരമ്മുനീന്ദ്രൻ
ഒററക്കാലിന്മേൽത്തന്നെ നിന്നുകൊണ്ടുവീ-
ക്ഷിച്ചിതു
മുററും തൻമുന്നിലാളമമർത്ത്യാധിപന്മാരെ. 23
അരയന്നത്തിലജൻ, വൃഷത്തിന്മീതേ ഹരൻ
ഗരുഡന്മേൽ വിഷ്ണുവും, സ്വസ്വചിഹ്നങ്ങളോടും
മിന്നിടുന്നതു പാർത്തു ദണ്ഡംപോൽ വീണുകുപ്പി-
ച്ചന്ദനധൂപദീപാദ്യങ്ങളാൽ പൂജിച്ചിതേ. 24
കരുണാദൃഷ്ടിയോടും ചിരിച്ച മുഖത്തോടും
ശരിക്കായെന്നെ ധരിപ്പിക്കുമദ്ദേവന്മാരെ
വേണ്ടപോൽ പൂജിച്ചു തൽക്കാന്തിയാൽക്കണ്ണടച്ചു-
കൊണ്ടു മാനസമവർക്കധീനമാക്കിക്കൂപ്പി
യോഗധാരണയോടും ശ്ലക്ഷ്ണമാധുര്യവാക്യ-
യോഗസ്തോത്രങ്ങൾ ചൊല്ലിയവരെസ്തുതി-
ച്ചിതു. 25-26

അത്രി പറഞ്ഞു

ലോകത്തിൻ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ-
ക്കായ്ഗുണം
ഭാഗിച്ചെടുത്തു യുഗംതോറുമോരോരോമട്ടിൽ
കാര്യസാദ്ധ്യത്തിനായിശ്ശരീരം ധരിച്ചീടും
നാരായണാജരുദ്രന്മാരാകും ത്രിദശന്മാർ
നിങ്ങളെന്നുള്ളതീ ഞാൻ നല്ലതുപോലെ-
യിപ്പോ-
ളിങ്ങറിഞ്ഞിതാ നമസ്കരിക്കുന്നിതേ മുന്നിൽ.
ഏകനാം ദൈവതത്തെയത്രേ ഞാൻ
വിളിച്ചതു,
ചൊൽകയേ നിങ്ങൾ മുന്നിലാരാണതെന്ന
കാര്യം. 27

പ്രാധാന്യമിയന്നിടും പല സംഗതികളാൽ
മേധാവിയായേകനാം ദേവനെൻ പുത്രനായ്-
ത്തീരണമെന്നാണെന്റെ സങ്കല്പം മനസ്സിനും
ദൂരത്തു വർത്തിച്ചിടും ത്രിമൂർത്തികളാം നിങ്ങൾ
വന്നതെങ്ങനെയെന്നുമതുളിച്ചെയ്യീടണ-
മിന്നിതോർത്തുളവാററു വിസ്മയം തോന്നു-
ന്നു മേ. 28

മൈത്രേയൻ പറഞ്ഞു

ഈവിധമമ്മുനീന്ദ്രൻ ചൊന്ന വാക്കുകൾ
കേട്ട-
ദ്ദേവന്മാർ ചൊല്ലീടിനാർ മധുരമായീവിധം. 29

ദേവന്മാർ പറഞ്ഞു

അന്യഥാ വരാ ഭവത് സത്യസങ്കല്പം ഭവാ-
നന്നിടും പുമാനത്രേ വന്നതും ബ്രഹ്മജ്ഞ!
കേൾ. 30
ഏകതത്ത്വസ്വരൂപർ ഞങ്ങൾ മൂവരുമെന്ന-
താകയാൽ വിശ്രുതർ മൂന്നാത്മജർ നിന-
ക്കുണ്ടാം. 31
ഇക്കണക്കിഷ്ടവരമേകിദ്ദമ്പതിമാരാൽ
സൽകൃതരായിഗ്ഗമിച്ചീടിനാർ ത്രിമൂ-
ർത്തികൾ. 32
ബ്രഹ്മാംശത്തിനാൽ സൗമ്യശീലനാം
നിശേശനും
നന്മേറ്റ വിഷ്ണ്വംശത്താൽ യോഗീന്ദ്രൻ ദത്തൻ-
താനും.
ശങ്കരാംശത്താലെ ദുർവാസസ്സുമത്രിക്കുണ്ടാ-
യങ്ഗിരസ്സിന്റെ വംശം പറയാമിനി-
ക്കേൾക്ക. 33
സിനീവാലിയും കുഹൂ രാകയു,മനുമതി
തനയമാരിന്നാൽവരങ്ഗിരസ്സിന്നുണ്ടായി. 34
ഉതത്ഥ്യൻ, ബൃഹസ്പതിയിങ്ങനെ സുപ്രസിദ്ധ-
സുതരും രണ്ടുണ്ടായി പത്നിയാം ശ്രദ്ധതന്നിൽ.
സ്വാരോചിഷാഖ്യമാകും രണ്ടാം മന്വന്ത-
രത്തിൽ
പേരാർന്നാൻ തപോവിദ്യാപാടവത്താലു-
തത്ഥ്യൻ
ബ്രഹ്മജ്ഞാനികളെല്ലാം ബഹുമാനിക്കുംവിധം
ബ്രഹ്മിഷ്ഠനായിപ്പരിശോഭിച്ചാൻ
ബൃഹസ്പതി. 35
അഗസ്ത്യൻ വിശ്രവസ്സുമെന്നുണ്ടായിതു പുത്ര-
യുഗളം പുലസ്ത്യനു പത്നിയാം ഹവിർഭുവിൽ
മുജ്ജന്മത്തിൽ ജാഠരാഗ്നിയായോനഗസ്ത്യൻ
പെരിയ തപോധനനായിതു വിശ്രവസ്സും. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ യക്ഷപതിർദ്ദേവ കുബേരസ്ത്വിഡവിഡാസുതഃ
രാവണഃ കുംഭകർണ്ണശ്ച തഥാന്യസ്യാം വിഭീഷണഃ 37
പുലഹസ്യ ഗതിർഭാര്യാ ത്രീനസൂത സതീ സുതാൻ
കർമ്മശ്രേഷ്ഠം വരീയാംസം സഹിഷ്ണും ച മഹാമതേ. 38
ക്രതോരപി ക്രിയാ ഭാര്യാ വാലഖില്യാനസൂയത
ഋഷീൻ ഷഷ്ടിസഹസ്രാണി ജ്വലതോ ബ്രഹ്മതേജസാ. 39
ഊർജ്ജായാം ജജ്ഞിരേ പുത്രാ വസിഷ്ഠസ്യ പരന്തപ!
ചിത്രകേതുപ്രധാനാസ്തേ സപ്ത ബ്രഹ്മർഷയോഽമലാഃ. 40
ചിത്രകേതുഃ സുരോചിശ്ച വിരജാ മിത്ര ഏവ ച
ഉല്ബണോ വസുഭൃദ്യാനോ ദ്യുമാൻ ശക്ത്യാദയോഽപരേ. 41
ചിത്തിസ്ത്വഥർവ്വണഃ പത്നീ ലേഭേ പുത്രം ധൃതവ്രതം
ദധ്യഞ്ചമശ്വശിരസം, ഭൃഗോർവംശം നിബോധ മേ. 42
ഭൃഗുഃ ഖ്യാത്യാം മഹാഭാഗഃ പത്ന്യാം പുത്രാനജീജനത്
ധാതാരം ച വിധാതാരം ശ്രിയം ച ഭഗവത്പരാം. 43
ആയതിം നിയതിം ചൈവ സുതേ മേരുസ്തയോരദാത്
താഭ്യാം തയോരഭവതാം മൃകണ്ഡുഃ പ്രാണ ഏവ ച. 44
മാർക്കണ്ഡേയോ മൃകണ്ഡസ്യ പ്രാണാദ്വേദശിരാ മുനിഃ
കവിശ്ച ഭാർഗ്ഗവോ യസ്യ ഭഗവാനുശനാ സുതഃ 45
സർവ്വേ തേ മുനയഃ ക്ഷത്തർല്ലോകാൻ സർഗ്ഗൈരഭാവയൻ
ഏഷ കർദ്ദമദൗഹിത്രസന്താനഃ കഥിതസ്തവ
ശൃണ്വതഃ ശ്രദ്ദധാനസ്യ സദ്യഃ പാപഹരഃ പരഃ 46
പ്രസൂതിം മാനവീം ദക്ഷ ഉപയേമേ ഹ്യജാത്മജഃ
തസ്യാം സസർജ്ജ ദുഹിതൄഃ ഷോഡശാമലലോചനാഃ. 47
ത്രയോദശാദാദ്ധർമ്മായ തഥൈകാമഗ്നയേ വിഭുഃ
പിതൃഭ്യ ഏകാം യുക്തേഭ്യോ ഭവായൈകാം ഭവച്ഛിദേ. 48
ശ്രദ്ധാ മൈത്രീ ദയാ ശാന്തിസ്തുഷ്ടിഃ പുഷ്ടിഃ ക്രിയോന്നതിഃ
ബുദ്ധിർമ്മേധാ തിതിക്ഷാ ഹ്രീർമ്മൂർത്തിർദ്ധർമ്മസ്യ പത്നയഃ. 49
ശ്രദ്ധാസൂത ശുഭം മൈത്രീ പ്രസാദമഭയം ദയാ
ശാന്തിഃ സുഖം മുദം തുഷ്ടിഃ സ്മയം പുഷ്ടിരസൂയത. 50
യോഗം ക്രിയോന്നതിർദ്ദർപ്പമർത്ഥം ബുദ്ധിരസൂയത
മേധാ സ്മൃതിം തിതിക്ഷാ തു ക്ഷേമം ഹ്രീഃ പ്രശ്രയം സുതം. 51
മൂർത്തിസ്സർവ്വഗുണോത്പത്തിർന്നരനാരായണാവൃഷീ
യയോർജ്ജന്മന്യദോ വിശ്വമഭ്യനന്ദത് സുനിർവൃതം
മനാംസി കകുഭോ വാതാഃ പ്രസേദുസ്സരിതോഽദ്രയഃ. 52
ദിവ്യവാദ്യന്ത തൂര്യാണി പേതുഃ കുസുമവൃഷ്ടയഃ
മുനയസ്തുഷ്ടുവുസ്തുഷ്ടാ ജഗുർഗ്ഗന്ധർവ്വകിന്നരാഃ. 53
നൃത്യന്തി സ്മ സ്ത്രിയോ ദേവ്യ ആസീത് പരമമംഗളം
ദേവാ ബ്രഹ്മാദയസ്സർവ്വേ ഉപതസ്ഥുരഭിഷ്ടവൈഃ. 54

ദേവാ ഊചുഃ

യോ മായയാ വിരചിതം നിജയാഽഽത്മനീദം
ഖേ രൂപഭേദമിവ തത്പ്രതിചക്ഷണായ
ഏതേന ധർമ്മസദനേ ഋഷിമൂർത്തിനാദ്യ
പ്രാദുശ്ചകാര പുരുഷായ നമഃ പരസ്മൈ. 55
സോഽയം സ്ഥിതിവ്യതികരോപശമായ സൃഷ്ടാൻ
സത്ത്വേന നഃ സുരഗണാനനുമേയതത്ത്വഃ
ദൃശ്യാദദഭ്രകരുണേന വിലോകനേന
യച്ഛ്രീനികേതമമലം ക്ഷിപതാരവിന്ദം. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്രവസ്സിന്നു രണ്ടു ഭാര്യമാരിഡവിഡ,
കേശിനി താനുമതിൽ കുബേരമാതാവാദ്യ
വിത്തേശനനിമിഷവർഗ്ഗത്തിൽപെട്ടുള്ളോനും
നിത്യവും യക്ഷന്മാർതൻ രാജാവുമത്രേ ധീമൻ!
രാവണകുംഭകർണ്ണവിഭീഷണന്മാരെന്ന
മൂവരപ്പുലസ്ത്യന്നു കേശിനിതന്നിലുണ്ടായ്. 37
ചതുരാനനസുതനായിടും പുലഹന്നു
ഗതിയെന്നുള്ള പതിവ്രതയാം പത്നിതന്നിൽ
കർമ്മശ്രേഷ്ഠനും പിന്നെ വരീയാൻ സഹിഷ്ണുവു-
മിമ്മട്ടുപേരിൽ പുത്രർ മൂന്നുപേരുണ്ടായിതു. 38
ബാലഖില്യന്മാരെന്ന നാമത്തിൽ
ബ്രഹ്മജ്യോതിഃ
ജ്വാലയാലതിവേലം ശോഭിക്കുന്നവരായി
ഷഷ്ടിസാഹസ്രകമാമൃഷിബാലരെപ്പെററാൾ
സ്രഷ്ടാവിൻ ഷഷ്ഠപുത്രൻ ക്രതുവിൻ
ക്രിയാപത്നി. 39
വസിഷ്ഠപത്നിയരുന്ധതിയെന്നോതുമൂർജ്ജ
പ്രസവിച്ചിതു ചിത്രകേത്വാദ്യരേഴുപേരെ.
മൂന്നാംമന്വന്തരത്തിൽ പരിശുദ്ധന്മാരായി
മിന്നിയ സപ്തർഷികളാണവരയേ വത്സാ! 40
ചിത്രകേതുവും, സുരോചിസ്സുമുല്ബണൻ
വസു-
ഭൃദ്യാനൻമിത്രൻ ദ്യുമാൻ വിരജനെന്നേവമാം
പേരവർക്കേഴുപേർക്കും ശക്ത്യാദ്യർ തനയന്മാർ
വേറെയാണെന്നുള്ളതും ധരിക്ക പരന്തപ! 41
അഥർവ്വാവിൻെറ ഭാര്യ ചിത്തിയശ്വാനനം-
പോൽ
വദനമെഴും ദധ്യങ്ങ്മുനിയെ പ്രസവിച്ചാൾ.
അരുളിച്ചെയ്യാമിനിബ് ഭൃഗുവിൻ പരമ്പര
ശരിയായ് ധരിച്ചുകൊണ്ടീടുക കുരുനാഥാ! 42
ഖ്യാതിയാം പത്നിതന്നിൽ ഭാഗ്യവാൻ ഭൃഗുവിനു
ജാതരായിതു ധാതാവിധാതാവെന്നിങ്ങനെ
രണ്ടു നന്ദനന്മാരും ഭഗവത്പത്നിയായ-
തണ്ടാരിൽമാതിന്നംശമായീടും ശ്രീദേവിയും.43
അദ്ര്യഭിമാനിദേവനായിടും മേരു നിജ-
പുത്രിയായതിയെദ്ധാതാവിനും നിയതിയെ
വിധാതാവിനും നല്കിയവരിലുണ്ടായ് രണ്ടു
സുതന്മാർ മൃകണ്ഡനും പ്രാണനുമെന്നിങ്ങനെ. 44
മൃകണ്ഡാത്മജനായിത്തീർന്നിതു മാർക്കണ്ഡേയൻ
മകനായ് വേദശിരസ്സെന്നവൻ പ്രാണ-
നുണ്ടായ്.
ഭൃഗുവിന്നുണ്ടായിതു കവിയെന്നൊരു പുത്രൻ
ഭഗവാനുശനസ്സാണായതു കൗരവേന്ദ്രാ! 45
മുനികളെല്ലാവരും സ്വന്തസന്താനങ്ങളാൽ
ജനസംവൃദ്ധിചേർത്തു ജഗത്തിലെന്നേവേണ്ടു.
കർദ്ദമപുത്രിമാർതൻപാവനമാമീവംശ-
വൃത്താന്തം കേട്ടാലുടൻ തുലയും പാപമെല്ലാം.46

മനുപുത്രിയായീടും പ്രസൂതിതന്നെബ്ബ്രഹ്മ-
തനയനാകും ദക്ഷൻ വിവാഹംകഴിച്ചിതു.
നിർമ്മലാക്ഷികളായ ഷോഡശപുത്രിമാരെ-
യമ്മഹിഷിയിൽ ദക്ഷനുദ്ഭവിപ്പിച്ചീ-
ടിനാൻ. 47
ധർമ്മനായ് പതിമൂന്നുപേരെയുമൊരുത്തിയെ-
ച്ചെമ്മേവൈശ്വാനരന്നു,മേകയെ പിതൃക്കൾക്കും
ഭവസങ്കടം ഭക്തജനങ്ങൾക്കില്ലാതാക്കും
ഭവനായൊരു പുത്രിതന്നെയുമേകീ വിഭു. 48
ശ്രദ്ധയും,മൈത്രി,ദയ,ശാന്തിയും തുഷ്ടി,പുഷ്ടി,
ബുദ്ധി,യുന്നതി,മേധ,തിതിക്ഷാ,ഹ്രീ,മൂർത്തിയും
ക്രിയ,യിപ്പതിമൂന്നും ധർമ്മൻെറ കളത്രങ്ങൾ-
ക്കിയലും നാമങ്ങളെന്നറിക മഹാമതേ! 49
ശുഭനെശ്ശ്രദ്ധാദേവി, മൈത്രിയാ പ്രസാദനെ
അഭയൻതന്നെദ്ദയ, സുഖനെശ്ശാന്തിതാനും
തുഷ്ടി മുത്തിനെ,ബുദ്ധിയർത്ഥനെ,സ്മയൻതന്നെ-
പുഷ്ടി,യോഗനെ ക്രിയ,യുന്നതി ദർപ്പനേയും
സ്മൃതിയെ മേധതാനും, ക്ഷേമനെ തിതിക്ഷയു-
മതുപോൽ പ്രശ്രയനെ ഹ്രീതാനും പ്രസവി-
ച്ചാൾ. 50-51
വരസദ്ഗുണഗണസമ്പന്നമൂർത്തി പെററാൾ
നരനാരായണന്മാരെന്ന രണ്ടൃഷിമാരെ
അവരുദ്ഭവിക്കവേയാനന്ദിച്ചുലകദ്രി-
പവനൻ, പുഴ, ദിക്കും, മനവും പ്രസാദിച്ചു. 52
മുഴങ്ങീ വിണ്ണിൽ ദിവ്യവാദ്യങ്ങൾ വിണ്ണോർ
മലർ-
മഴതൂകിനാർ, മുനിനിവഹം സ്തുതിച്ചിതേ.
ഗന്ധർവകിന്നരന്മാരശേഷമൊന്നുപോലെ
സന്തുഷ്ടചിത്തരായിസ്സംഗീതമാലപിച്ചാർ. 53
അമരനാരീജനം നർത്തനംചെയ്തു ധാതൃ-
പ്രമുഖസുരോൽക്കരം സേവിച്ചാർ സ്തോത്ര-
ങ്ങളാൽ. 54

ദേവന്മാർ പറഞ്ഞു

ഇപ്രപഞ്ചത്തെ സ്വയം മായയാൽ തന്നിൽ-
നിന്നു-
ദ്ഭവിപ്പിച്ചിട്ടുള്ളതാണെന്ന പരമാത്മം
ഭക്തരെദ്ധരിപ്പിക്കാനീവിധമൃഷിരൂപം
കൈക്കൊണ്ടു ധർമ്മഭാര്യതന്നിലുദ്ഭൂതനായ
പരമപുമാനാകും ഭഗവൻ! ഭക്തദാസാ!
പെരുകും ഭക്തിപൂർവം നമസ്കരിക്കുന്നിതാ. 55
അനുമാനത്താൽമാത്രമറിവാൻ കഴിഞ്ഞിടു-
മനഘാ! മര്യാദയെ ലോകത്തു നിലനിർത്താൻ
സത്വത്താലമർത്ത്യന്മാരായീടുമീ ഞങ്ങളെ-
ത്തീർത്ത നിന്തിരുവടി കാരുണ്യമോലുന്നതായ്
ശ്രീവാഴും സുനിർമ്മലപദ്മത്തെ ഹസിച്ചിടു-
മാവിലോകനങ്ങളാൽ ഞങ്ങളെക്കടാക്ഷിക്ക.56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം സുരഗണൈസ്താത ഭഗവന്താവഭിഷ്ടുതൗ
ലബ്ധാവലോകൈര്യയതുരർച്ചിതൗ ഗന്ധമാദനം. 57
താവിമൗ വൈ ഭഗവതോ ഹരേരംശാവിഹാഗതൗ
ഭാരവ്യയായ ച ഭുവഃ കൃഷ്ണൗ യദുകുരൂദ്വഹൗ. 58
സ്വാഹാഭിമാനിനശ്ചാഗ്നേരാത്മജാംസ്ത്രീനജീജനത്
പാവകം പവമാനം ച ശുചിം ച ഹുതഭോജനം. 59
തേഭ്യോ/ഗ്നയസ്സമഭവംശ്ചത്വാരിംശച്ച പഞ്ച ച
ത ഏവൈകോനപഞ്ചാശത് സാകം പിതൃപിതാമഹൈഃ. 60
വൈതാനികേ കർമ്മണി യന്നാമഭിർബ്രഹ്മവാദിഭിഃ
ആഗ്നേയ്യ ഇഷ്ടയോ യജ്ഞേ നിരൂപ്യന്തേ/ഗ്നയസ്തു തേ. 61
അഗ്നിഷ്വാത്താ ബർഹിഷദസ്സൗമ്യാഃ പിതര ആജ്യപാഃ
സാഗ്നയോ/നഗ്നയസ്തേഷാം പത്നീ ദാക്ഷായണീ സ്വധാ. 62
തേഭ്യോ ദധാര കന്യേ ദ്വേ വയുനാം ധാരിണീം സ്വധാ
ഉഭേ തേ ബ്രഹ്മവാദിന്യൗ ജ്ഞാനവിജ്ഞാനപാരഗേ. 63
ഭവസ്യ പത്നീ തു സതീ ഭവം ദേവമനുവ്രതാ
ആത്മനസ്സദൃശം പുത്രം ന ലേഭേ ഗുണശീലതഃ. 64
പിതര്യപ്രതിരൂപേ സ്വേ ഭവായാനാഗസേ രുഷാ
അപ്രൗഢൈവാത്മനാ//ത്മാനമജഹാദ്യോഗസംയുതാ. 65

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
വിദുരമൈത്രേയസംവാദേ പ്രഥമോ/ധ്യായഃ

ദ്വിതീയോ/ധ്യായഃ

വിദുര ഉവാച

ഭവേ ശീലവതാം ശ്രേഷ്ഠേ ദക്ഷോ ദുഹിതൃവത്സലഃ
വിദ്വേഷമകരോത് കസ്മാദനാദൃത്യാത്മജാം സതീം? 1
കസ്തം ചരാചരഗുരും നിർവ്വൈരം ശാന്തവിഗ്രഹം
ആത്മാരാമം കഥം ദ്വേഷ്ടി ജഗതോ ദൈവതം മഹത്? 2
ഏതദാഖ്യാഹി മേ ബ്രഹ്മൻ ജാമാതുഃ ശ്വശുരസ്യ ച
വിദ്വേഷസ്തു യതഃ പ്രാണാംസ്തത്യജേ ദുസ്ത്യജാൻ സതീ. 3

മൈത്രേയ ഉവാച

പുരാ വിശ്വസൃജാം സത്രേ സമേതാഃ പരമർഷയഃ
തഥാമരഗണാസ്സർവ്വേ സാനുഗാ മുനയോ/ഗ്നയഃ. 4
തത്ര പ്രവിഷ്ടമൃഷയോ ദൃഷ്ട്വാർക്കമിവ രോചിഷാ
ഭ്രാജമാനം വിതിമിരം കുർവ്വന്തം തന്മഹത്സദഃ 5
ഉദതിഷ്ഠൻ സദസ്യാസ്തേ സ്വധിഷ്ണ്യേഭ്യസ്സഹാഗ്നയഃ
ഋതേ വിരിഞ്ചം ശർവ്വം ച തദ്ഭാസാക്ഷിപ്തചേതസഃ. 6
സദസസ്പതിഭിർദ്ദക്ഷോ ഭഗവാൻ സാധു സത്കൃതഃ
അജം ലോകഗുരും നത്വാ നിഷസാദ തദാജ്ഞയാ. 7
പ്രാങ്നിഷണ്ണം മൃഡം ദൃഷ്ട്വാ നാമൃഷ്യത്തദനാദൃതഃ
ഉവാച വാമം ചക്ഷുർഭ്യാമഭിവീക്ഷ്യ ദഹന്നിവ. 8
''ശ്രൂയതാം ബ്രഹ്മർഷയോ മേ സഹദേവാസ്സഹാഗ്നയഃ
സാധൂനാം ബ്രുവതോ വൃത്തം ന ജ്ഞാനാന്ന ച മത്സരാത്. 9
അയം തു ലോകപാലാനാം യശോഘ്നോ നിരപത്രപഃ
സദ്ഭിരാചരിതഃ പന്ഥാ യേന സ്തബ്ധേന ദൂഷിതഃ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈദൃശസ്തോത്രങ്ങളാൽ കടാക്ഷംകൈവരിച്ചോ-
രാദിതേയൗഘത്തിനാലച്ച്യമാനന്മാരായി
നരനാരായണന്മാരാകുമബ് ഭഗവാന്മാർ
തരസാ ഗന്ധമാദനാദ്രിയെ പ്രാപിച്ചിതേ. 57
ഭഗവദംശഭൂതന്മാരാകുമിവരിപ്പോൾ
ജഗദ്ഭാരത്തെയില്ലാതാക്കവാനിബ് ഭൂമിയിൽ
ആയാതരായിക്കരുയാദവവംശപാല-
രായിട്ടും രണ്ടു കൃഷ്ണഭഗവാന്മാരായ്ത്തീർന്നാർ. 58
പിന്നെയങ്ങഭിമാനിയാകുമഗ്നിയിൽനിന്നും
മൂന്നു നന്ദനന്മാരെയുദ്ഭവിപ്പിച്ചാൾ സ്വാഹ.
ഹവിർഭുക്കുകളാകുമവർതൻ നാമങ്ങളും
പവനൻ, പാവകനും, ശുചിയുമെന്നതല്ലോ. 59
അവരിൽനിന്നു നാല്പത്തഞ്ചുമാതിരിയഗ്നി-
ഭവിച്ചു, പിതൃപിതാമഹന്മാരോടുകൂടി.
ഈവിധം സ്വാഹാവംശ്യർ നാല്പത്തിയൊൻ-
പതത്രേ
ഭുവിതിൽ സ്വാഹാവംശ്യരെന്നിവർ കീർത്തി-
തന്മാർ. 60
ലൗകികാഗ്നികളഖിലിതാഗമോക്തതാനുസാര-
യാഗകർമ്മത്തിൽ മന്ത്രമുച്ചരിച്ചാചാര്യന്മാർ
യജനംചെയ്യുമഗ്നിദേവതകളാണിവ-
ർക്ക്ജിതാ! ക്രിയാഫലമേകവാനുണ്ടുകെല്പും. 61
പിതൃക്കൾ നാലുമട്ടിലഗ്നിഷ്വാത്തന്മാർ,
ബർഹി-
ഷത്തുക,ളാജ്യപന്മാർ, സൗമ്യന്മാരെന്നിങ്ങനെ
ഇവരിൽ ചിലർക്കഗ്നിദേവനിൽ കർമ്മങ്ങളു-
ണ്ടവർ സാഗ്നികളത്രേ,യന്യന്മാരനഗ്നികൾ.
വഹ്നിയിൽ പചിച്ചീടും പുരോഡാശാദി
ഹവി-
സ്സാന്നിടും പിതൃക്കളാണഗ്നിഷ്വാത്തന്മാരോർക്ക
ദൈത്യദാനവയക്ഷപിതൃക്കളെയാം ബർഹി-
ഷത്തുക്കളെന്ന പേരിലറിയപ്പെടുന്നതും.
അഗ്നിഷ്ടോമാദികർമ്മദേവന്മാർ സോമപന്മാർ
കേൾക്ക, ദർശാദികർമ്മദേവന്മാരാജ്യപന്മാർ
ഇന്നാലുതരം പിതൃസംഘാതത്തിനുംകൂടി
ഒന്നായ പത്നിയത്രേ ദക്ഷപുത്രിയാം സ്വധ. 62
പിതൃബീജത്തിൽനിന്നും വയുന,ധാരിണിയെ-
ന്നെതിരററുള്ള കന്യായുഗ്മത്തെപ്പണ്ടാൾ സ്വധ
ബ്രഹ്മവാദിനികളും ജ്ഞാനവിജ്ഞാനപാരം
ചെമ്മേ സന്തരിച്ചോരുമാണവരിരുപേരും. 63
ശിവപത്നിയായിട്ടും സതി സാദരം നിത്യം
ധവനെസ്സേവിച്ചിതു ഗുണശീലാദിയാലേ.
മുക്കണ്ണസമാനനായുള്ളോരു തനൂജനെ-
യാഗ്രഹിക്കിലും കിട്ടിയില്ലവൾക്കെന്നേ-
വേണ്ടു. 64
അപരാധാപേതനാം തൻ കാന്തനോടു ദക്ഷ-
നപകൃത്യങ്ങൾ ചെയ്യതീക്ഷിച്ചു കോപാന്ധ-
യായ്
അപ്രൗഢമട്ടിൽ സ്വയം ദേഹത്തെ യോഗാ-
ഗ്നിയി-
ലപ്പൊഴേ ദഹിപ്പിച്ചാൾ സതിയാം ദാക്ഷാ-
യണി. 65

അദ്ധ്യായം 2

ദക്ഷശിവദ്വേഷം

വിദുരൻ പറഞ്ഞു

പുത്രീവത്സലൻ ദക്ഷനൗരസപുത്രിയാകു-
മദ്ദാക്ഷായണിതന്നെയാദരിച്ചീടായ്വാനും
ശീലവാന്മാരിലേററം ശ്രേഷ്ഠനായ് വിളങ്ങിടും
കാലാരിയോടു വൈരമാളാനും ഹേതുവെന്തേ? 1
ഭുവനത്രയമഹാദൈവതമായി മിന്നും
ശിവനാം ദേവൻതന്നെ ദ്വേഷിച്ചതേതുമട്ടിൽ? 2
ദുസ്ത്യജപ്രാണങ്ങളെ നിശ്ശങ്കം സതീദേവി-
യത്യരമുപേക്ഷിപ്പാൻ തക്കതാമുററവൈരം
ജാമാതൃശ്വശുരന്മാർതമ്മിലുണ്ടായ കാര്യം
ഹേ മുനേ! ഭവാനെന്നോടോതണം സവിസ്തരം. 3

മൈത്രേയൻ പറഞ്ഞു

മുൻപ്പൃഷിമുഖ്യന്മാരും സാനുഗമുനിമാരു-
മമ്പർതൻ സമൂഹവുമഗ്നിദേവതതാനും
സകലപേരുമൊത്തുകൂടിനാത്ത്രഢമോദം
ജഗൽപിതാമഹന്മാർ നടത്തുമദ്ധ്വരത്തിൽ. 4
അമ്മഹാസഭ നിജതേജസ്സാലന്ധകാര-
നിർമ്മുക്തമാക്കിയർക്കതുല്യനായങ്ങു ചെല്ലും
ദക്ഷനെക്കണ്ടപ്പൊഴേ തത്സഭാസ്ഥിതന്മാരിൽ
ത്ര്യക്ഷനുമജനുമല്ലാത്തവരാകമാനം
ചഞ്ചലമനസ്സരായാസനങ്ങളിൽനിന്നു-
മഞ്ചാതങ്ങെഴുന്നേററു വേണ്ടപോലാചരിച്ചാർ.
അദ്ദേഹം ജഗത്ത്രയഗുരുവാം ബ്രഹ്മാവിനെ
സത്വരം നമിച്ചിട്ടങ്ങിരുന്നാൻ തദാജ്ഞ-
യാൽ. 5–7
മുന്നമേയസ്സദസ്സിലിരിക്കും മഹേശൻ, താൻ-
വന്നപ്പോളേററാദരിക്കാത്തതു സഹിക്കാതെ
കുടിലഭ്രൂവായ് ദഹിപ്പിക്കുമാറീശനേയും
ഝടിതി സഭ്യരേയും നോക്കീട്ടു ചൊന്നാൻ
ദക്ഷൻ. 8
ചെമ്മേ സാഗ്നികളാകും ദേവന്മാരൊത്തിരിക്കും
''ബ്രഹ്മർഷിമുഖ്യന്മാരേ! കേൾക്കുവിനെന്റെ
വാക്യം
അവിവേകത്താലല്ല മാത്സര്യംകൊണ്ടുമല്ലി-
തിവിടെസ്സദാചാരമുറയോത്തോതുന്നത്രേ. 9
നിരപത്രപനാമിദ്ദുർവ്വിഷൻ ജഗത്പാല-
പുരുകീർത്തിയെപ്പാടേ കെടുത്തിക്കളയുന്നു.
സത്തുക്കളെല്ലാവരുമാചരിച്ചീടുന്നതാ-
മുത്തമമാർഗ്ഗം പാരം ദൂഷിപ്പിച്ചിടുന്നിതേ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷ മേ ശിഷ്യതാം പ്രാപ്തോ യന്മേ ദുഹിതുരഗ്രഹീത്
പാണിം വിപ്രാഗ്നിമുഖതസ്സാവിത്ര്യാ ഇവ സാധുവത്. 11
ഗൃഹീത്വാ മൃഗശാബാക്ഷ്യാഃ പാണിം മർക്കടലോചനഃ
പ്രത്യുത്ഥാനാഭിവാദാർഹേ വാചാപ്യകൃത നോചിതം. 12
ലുപ്തക്രിയായാശുചയേ മാനിനേ ഭിന്നസേതവേ
അനിച്ഛന്നപ്യദാം ബാലാം ശൂദ്രായേവോശതീം ഗിരം. 13
പ്രേതാവാസേഷു ഘോരേഷു പ്രേതൈർഭൂതഗണൈർവൃതഃ
അടത്യുന്മത്തവന്നഗ്നോ വ്യുപ്തകേശോ ഹസൻ രുദൻ. 14
ചിതാഭസ്മകൃതസ്നാനഃ പ്രേതസ്രങ്ന്രസ്ഥിഭൂഷണഃ
ശിവാപദേശോ ഹ്യശിവോ മത്തോ മത്തജനപ്രിയഃ
പതിഃ പ്രമഥഭൂതാനാം തമോമാത്രാത്മകാത്മനാം. 15
തസ്മാ ഉന്മാദനാഥായ നഷ്ടശൗചായ ദുർഹൃദേ
ദത്താ ബത മയാ സാധ്വീ ചോദിതേ പരമേഷ്ഠിനാ.'' 16

മൈത്രേയ ഉവാച

വിനിന്ദ്യൈവം സ ഗിരിശമപ്രതീപമവസ്ഥിതം
ദക്ഷോഽഥാപ ഉപസ്പൃശ്യ ക്രുദ്ധശ്ശപ്തും പ്രചക്രമേ. 17
''അയം തു ദേവയജന ഇന്ദ്രോപേന്ദ്രാദിഭിർഭവഃ
സഹ ഭാഗം ന ലഭതാം ദേവൈർദ്ദേവഗണാധമഃ.'' 18

നിഷിദ്ധ്യമാനസ്സ സദസ്യമുഖ്യൈ-
ർദ്ദക്ഷോ ഗിരിത്രായ വിസൃജ്യ ശാപം
തസ്മാദ്വിനിഷ്ക്രമ്യ വിവൃദ്ധമന്യു-
ർജ്ജഗാമ, കൗരവ്യ, നിജം നികേതനം. 19
വിജ്ഞായ ശാപം ഗിരിശാനുഗാഗ്രണീ-
ർന്നന്ദീശ്വരോ രോഷകഷായദൂഷിതഃ
ദക്ഷായ ശാപം വിസസർജ്ജ ദാരുണം
യേ ചാന്വമോദംസ്തദവാച്യതാം ദ്വിജാഃ. 20

''യ ഏതന്മർത്ത്യമുദ്ദിശ്യ ഭഗവത്യപ്രതിദ്രുഹി
ദ്രുഹ്യത്യജ്ഞഃ പൃഥഗ്ദൃഷ്ടിസ്തത്ത്വതോ വിമുഖോ ഭവേത്. 21
ഗൃഹേഷു കൂടധർമ്മേഷു സക്തോ ഗ്രാമ്യസുഖേച്ഛയാ
കർമ്മതന്ത്രം വിതനുതാം വേദവാദവിപന്നധീഃ. 22
ബുദ്ധ്യാ പരാഭിധ്യായിന്യാ വിസ്മൃതാത്മഗതിഃ പശുഃ
സ്ത്രീകാമസ്സോഽസ്ത്വതിതരാം ദക്ഷോ ബസ്തമുഖോഽചിരാത്. 23
വിദ്യാബുദ്ധിരവിദ്യായാം കർമ്മമയ്യാമസൗ ജഡഃ
സംസരന്ത്വിഹ യേ ചാമുമനു ശർവ്വാവമാനിനം. 24
ഗിരഃ ശ്രുതായാഃ പുഷ്പിണ്യാ മധുഗന്ധേന ഭൂരിണാ
മഥ്നാ ചോന്മഥിതാത്മാനസ്സമ്മുഹ്യന്തു ഹരദ്വിഷഃ. 25
സർവ്വഭക്ഷാ ദ്വിജാ വൃത്ത്യൈ ധൃതവിദ്യാതപോവ്രതാഃ
വിത്തദേഹേന്ദ്രിയാരാമാ യാചകാ വിചരന്ത്വിഹ.'' 26
തസ്യൈവം വദതശ്ശാപം ശ്രുത്വാ ദ്വിജകുലായ വൈ
ഭൃഗുഃ പ്രത്യസൃജച്ഛാപം ബ്രഹ്മദണ്ഡം ദുരത്യയം. 27
''ഭവവ്രതധരാ യേ ച യേ ച താൻ സമനുവ്രതാഃ
പാഖണ്ഡിനസ്തേ ഭവന്തു സച്ഛാസ്ത്രപരിപന്ഥിനഃ. 28
നഷ്ടശൗചാ മൂഢധിയോ ജടാഭസ്മാസ്ഥിധാരിണഃ
വിശന്തു ശിവദീക്ഷായാം യത്ര ദൈവം സുരാസവം. 29
ബ്രഹ്മ ച ബ്രാഹ്മണാംശ്ചൈവ യദ്യൂയം പരിനിന്ദഥ
സേതും വിധാരണം പുംസാമതഃ പാഖണ്ഡമാശ്രിതാഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപ്രാഗ്നികൾക്കു മുമ്പിൽ സാവിത്രീ-
സമാനയാം
മൽപുത്രി സതിതന്നെ മുന്നമേ സാധുമട്ടിൽ
പാണിഗ്രഹം നടത്തി വാണീടുമിവൻ പാർത്തു-
കാണുകിൽ മച്ഛിഷ്യത്വം പ്രാപിച്ചിരിക്കു-
ന്നിതേ. 11
മർക്കടവിലോചനനിശ്ശൻ മൃഗാക്ഷിമാർ-
മുഖ്യയാമെൻമകൾക്കു കാന്തനായ് ഭവിച്ചിതു.
വന്ദനോത്ഥാനാദിയാലെന്നെയാദരിച്ചില്ല
ചൊന്നില്ല സമുചിതമായൊരു വാക്കുപോലും.
12
മര്യാദാതിക്രാന്തനായ് മാനിയായശുദ്ധനാ-
യാര്യധർമ്മത്തെത്തീരെ ത്യജിച്ചോരിവനായി
ഇച്ഛയില്ലാതിരുന്നെന്നാകിലും ദാനംചെയ്തേ-
നച്ഛപുത്രിയെ, ശ്രുതിവാക്യത്തെ ശൂദ്രന്നു-
പോൽ. 13
ഭൂതപ്രേതാദിക്കെഴും ഘോരാവാസങ്ങൾതോറും
ഭൂതപ്രേതങ്ങളൊത്തു മുടിയുമഴിച്ചിട്ടു
നഗ്നനായുന്മത്തൻപോൽ ചിരിച്ചും ചില-
നേരം,
ഭഗ്നഹൃത്തായ്ച്ചിലപ്പോൾ ക്രന്ദിച്ചും
സഞ്ചരിപ്പു. 14
ചുടലച്ചാരംതന്നിൽ നിത്യവും സ്നാനം, പ്രേത-
പടലം മാല, മനുഷ്യാസ്ഥിയാം വിഭൂഷണം,
ശിവാഖ്യപൂണ്ടോരിവനശിവൻ, തമോഗുണ-
ഭവനം മദത്തിനാൽ മത്തനുമത്രേ പാർത്താൽ.15
ഉന്മാദഭൂതേശനായ് ശുചിത്വവിഹീനനായ്
ദുർമ്മാനസാഗ്രേസരനായിടുമിവനായി
ബ്രഹ്മപ്രേരണമൂലം സാധുശീലയായീടു-
മെൻ മകൾ സതിയെ ഞാൻ കൊടുക്കാനിട-
യായി.'' 16

മൈത്രേയൻ പറഞ്ഞു

മിണ്ടാതങ്ങിരുന്നീടുമീശനെദ്ദക്ഷൻ കോപം-
പൂണ്ടുപസ്പർശംചെയ്തു ശപിക്കാൻ ഭാവിച്ചതേ.17
''വിണ്ണോരിൽ നികൃഷ്ടനായീടിനോരിവ-
നിന്ദ്രോ-
പേന്ദ്രന്മാരൊക്കൊപ്പം കിട്ടാതാകട്ടെ ഹവിർ-
ഭാഗം.'' 18
സദസ്യമുഖ്യന്മാരാൽ നിഷിധ്യമാനനായി-
ട്ടതിക്രുദ്ധനാം ദക്ഷൻ ത്ര്യക്ഷനിലീവിധത്തിൽ
ശാപത്തെ വിസർജ്ജിച്ചിട്ടവിടെനിന്നു പോയി
പ്രാപിച്ചീടിനാൻ നിജനിലയം ക്ഷത്താവേ!
കേൾ. 19
ഗിരിശദേവാനുഗാഗ്രണിയായീടും നന്ദീ-
ശ്വരനിശ്ശാപം കേട്ടു രുഷ്ടനായ് ദക്ഷനേയും
ഹരനിന്ദയിൽ മോദിച്ചിരിക്കും വിപ്രരേയും
തരസാ ഘോരമായിപ്പകരം ശപിച്ചിതേ. 20

''പ്രതിദ്രോഹത്തെച്ചെയ്യാതിരിക്കും ഭഗവാനെ-
യിതുപോൽ നശ്വരമാമുദ്ദേശത്തോടുകൂടി
അത്യന്തം ദ്രോഹിച്ചോരീ ഭിന്നദൃക്കാകുമജ്ഞ-
നുൾത്തട്ടിൽ തത്ത്വജ്ഞാനമുദിക്കാതിരിക്കട്ടെ.
21
ബലമായുറയ്ക്കട്ടെ കാപട്യമുഖ്യങ്ങളാം
നിലയധർമ്മങ്ങളിലാസക്തി മേല്ക്കുമേലേ.
വിഷയസുഖേച്ഛയാൽ വേദവാദപ്രനഷ്ട-
ധിഷണയോടും വിസ്തരിക്കട്ടെ കർമ്മതന്ത്രം. 22
ആത്മാവു ദേഹമാണെന്നുള്ള ബുദ്ധിയാലേററ-
മാത്മതത്ത്വത്തെ മറന്നെന്നുമേ മൂഢൻമട്ടിൽ
സ്ത്രീകാമനായിപ്പശുപ്രായനായജാനന-
നാകട്ടെ ദക്ഷൻ കാലദൈർഘ്യമെന്നിയേതന്നെ.
23
കർമ്മപ്രാചുര്യം കലർന്നീടുന്നോരവിദ്യയിൽ
നന്മട്ടു വിദ്യാബുദ്ധി കൈക്കൊള്ളുമിവനജ്ഞൻ
ശിവനിന്ദനത്തിങ്കലിവനെയനുസരി-
ച്ചവരും സംസാരത്തിൽ കിടന്നു വലയട്ടെ. 24
ഗുരുമുഖത്തുനിന്നും ശ്രവിച്ച പുഷ്പസ്ഥാന-
ത്തിരിക്കുംഗീരിൻ ഭൂരിമധുസൗരഭ്യമാകും
കടകോലിനാൽ മനം മഥനംചെയ്യപ്പെട്ട
നിടിലാക്ഷദ്വേഷികളഖിലം മോഹിക്കട്ടെ.25
വൃത്തിക്കായ് വ്രതം, വിദ്യ,തപസ്സെന്നിവ-
യാൻു
പൃഥ്വീസുരന്മാർ സർവ്വം ഭക്ഷിക്കുന്നവരായി
വിത്തമിന്ദ്രിയം ദേഹമിവയിൽ മോദി-
പ്പോരായ്
ധാത്രിയിൽ ചരിക്കട്ടെ യാചകന്മാരാ-
യെങ്ങും.'' 26
ബ്രാഹ്മണവംശശാപവാക്യങ്ങൾ കേട്ടുബ്ഭൃഗു-
ബ്രഹ്മർഷി ദുരത്യയം ബ്രഹ്മദണ്ഡമാം ശാപം
ശങ്കരപക്ഷപാതികിങ്കരസംഘത്തിലും
ശങ്കയെന്നിയേ ശീഘ്രം പ്രയോഗിച്ചെന്നേ-
വേണ്ടു. 27
''ശങ്കരവ്രതം നോല്ക്കുന്നവരുമവരുടെ
കിങ്കരന്മാരും വേദശാസ്ത്രങ്ങൾ വിധിച്ചതാം
സന്മാർഗ്ഗങ്ങളെ നിരോധിച്ചിട്ടും വൃത്തിയാലേ
ജന്മത്തെക്കഴിച്ചിട്ടും പാഖണ്ഡരായിടട്ടെ. 28
ശുദ്ധിഹീനന്മാരായി മൂഢരായ്, ജട, ഭസ്മ-
മസ്ഥിയെന്നിവയാൻു സുരയാസവമിവ
മുഖ്യമായ് വേണ്ടും ശിവദീക്ഷാനാമകവ്രതം
കൈക്കൊണ്ടു കഴിയട്ടെ മന്നിതിൽ നിന്ദ്യ-
ന്മാരായ്. 29
മർത്ത്യർക്കു വർണ്ണാശ്രമയുക്തമാം ധർമ്മങ്ങളെ
വിസ്മരിച്ചോതീടുമാ വേദപദ്ധതിയേയും
ആ വഴിയറിഞ്ഞീടും ഭൂമിദേവന്മാരെയു-
മീവിധം നിന്ദിക്കയാൽ പാഖണ്ഡരത്രേ
നിങ്ങൾ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എഷ ഏവ ഹി ലോകാനാം ശിവഃ പന്ഥാസ്സനാതനഃ
യം പൂർവ്വേ ചാനുസന്തസ്ഥുര്യത്പ്രമാണം ജനാർദ്ദനഃ. 31
തദ് ബ്രഹ്മ പരമം ശുദ്ധം സതാം വർത്മ സനാതനം
വിഗർഹ്യ യാത പാഷണ്ഡം ദൈവം വോ യത്ര ഭൂതരാട്.'' 32

മൈത്രേയ ഉവാച

തസ്യൈവം വദതശ്ശാപം ഭൃഗോസ്സ ഭഗവാൻ ഭവഃ
നിശ്ചക്രാമ തതഃ കിഞ്ചിദ്വിമനാ ഇവ സാനുഗഃ. 33
തേഽപി വിശ്വസൃജസ്സത്രം സഹസ്രപരിവത്സരാൻ
സംവിധായ മഹേഷ്വാസ യത്രേജ്യ ഋഷഭോ ഹരിഃ 34
ആപ്ലുത്യാവഭൃഥം യത്ര ഗംഗാ യമുനയാന്വിതാ
വിരജേനാത്മനാ സർവ്വേ സ്വം സ്വം ധാമ യയുസ്തതഃ. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ദക്ഷശാപോ നാമ ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

മൈത്രേയ ഉവാച

സദാ വിദ്വിഷതോരേവം കാലോ വൈ ധ്രിയമാണയോഃ
ജാമാതുഃ ശ്വശുരസ്യാപി സുമഹാനതിചക്രമേ. 1
യദാഭിഷിക്തോ ദക്ഷസ്തു ബ്രഹ്മണാ പരമേഷ്ഠിനാ
പ്രജാപതീനാം സർവ്വേഷാമാധിപത്യേ സ്മയോഽഭവത്. 2
ഇഷ്ട്വാ സ വാജപേയേന ബ്രഹ്മിഷ്ഠാനഭിഭൂയ ച
ബൃഹസ്പതിസവം നാമ സമാരേഭേ ക്രതൂത്തമം. 3
തസ്മിൻ ബ്രഹ്മർഷയസ്സർവ്വേ ദേവർഷിപിതൃദേവതാഃ
ആസൻ കൃതസ്വസ്ത്യയനാസ്തത്പത്ന്യശ്ച സഭർത്തൃകാഃ. 4
തദുപശ്രുത്യ നഭസി ഖേചരാണാം പ്രജല്പതാം
സതീ ദാക്ഷായണീ ദേവീ പിതുര്യജ്ഞമഹോത്സവം. 5
വ്രജന്തീസ്സർവ്വതോ ദിഗ്ഭ്യ ഉപദേവവരസ്ത്രിയഃ
വിമാനയാനാസ്സപ്രേഷ്ഠാ നിഷ്കകണ്ഠീഃ സുവാസസഃ 6
ദൃഷ്ട്വാ സ്വനിലയാഭ്യാശേ ലോലാക്ഷീർമൃഷ്ടകുണ്ഡലാഃ
പതിം ഭൂതപതിം ദേവമൗത്സുക്യാദഭ്യഭാഷത. 7

സത്യുവാച

പ്രജാപതേസ്തേ ശ്വശുരസ്യ സാമ്പ്രതം
നിര്യാപിതോ യജ്ഞമഹോത്സവഃ കില
വയം ച തത്രാഭിസരാമ വാമ തേ
യദ്യർത്ഥിതാമീ വിബുധാ വ്രജന്തി ഹി. 8
തസ്മിൻ ഭഗിന്യോ മമ ഭർത്തൃഭിസ്സ്വകൈർ-
ധ്രുവം ഗമിഷ്യന്തി സുഹൃദ്ദിദൃക്ഷവഃ
അഹം ച തസ്മിൻ ഭവതാഭികാമയേ
സഹോപനീതം പരിബർഹമർഹിതും. 9
തത്ര സ്വസൄർമ്മേ നനു ഭർത്തൃസമ്മിതാ
മാതൃഷ്വസൄഃ ക്ലിന്നധിയം ച മാതരം
ദ്രക്ഷ്യേ ചിരോത്കണ്ഠമനാ മഹർഷിഭി-
രുന്നീയമാനം ച മൃഡാധ്വരധ്വജം. 10
ത്വയ്യേതദാശ്ചര്യമജാത്മമായയാ
വിനിർമ്മിതം ഭാതി ഗുണത്രയാത്മകം
തഥാപ്യഹം യോഷിദതത്ത്വവിച്ച തേ
ദീനാ ദിദൃക്ഷേ ഭവ മേ ഭവക്ഷിതിം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിങ്ങൾ നിന്ദിക്കും വേദസരണിയത്രേ
പാർത്താൽ
മങ്ഗലപ്രദം,പുരാതനമാം ശ്രേഷ്ഠമാർഗ്ഗം

അതിൻെറയുപദേഷ്ടാവന്യനല്ലച്യുതൻതാ-
നതുതാൻ പൂർവ്വന്മാരുമാചരിച്ചിരുന്നതും. 31

പരമമായിസ്സനാതനമായ് ശുദ്ധമാമ-
സ്സരണിയേററം ദൂഷിപ്പിച്ചീടും നിങ്ങളെല്ലാം

കാലഭൈരവനാകും യുഷ്മദ്ദൈവതത്തിനെ-
ച്ചാലവേയാരാധിച്ചു പാഖണ്ഡരായീടു-
വിൻ.'' 32

മൈത്രേയൻ പറഞ്ഞു

ഭൃഗുമാമുനീശാപം കേട്ടു പാർഷദരൊത്തു
ഭഗവാൻ ഭവൻ പോയാൻ വിമനസ്സനെ-
പ്പോലെ.

സഹസ്രാബ്ദത്താലറുമസ്സത്രം മരീച്യാദി
മഹർഷിമാർ നടത്തി ഹരിപൂജനംചെയ്തു

ഗങ്ഗയും യമുനയും സംഗമിച്ചീടും സ്ഥാന-
ത്തങ്ങവഭൃഥസ്നാനം ചെയ്തു സംശുദ്ധരായി

താന്താങ്ങൾക്കെഴും ഗേഹംതോറുമേ തിരി-
ച്ചെത്തി-
സ്സംതൃപ്തിപൂർവ്വം വസിച്ചീടിനാരെല്ലാ-
വരും. 33-35

അദ്ധ്യായം 3

ദക്ഷയാഗം—സതിയുടെ യാഗദിദൃക്ഷ

മൈത്രേയൻ പറഞ്ഞു

എപ്പൊഴും ദ്വേഷംവച്ചുകൊണ്ടുതാനദ്ദക്ഷനും
മുപ്പുരാരിയും നയിച്ചീടിനാരേറെക്കാലം. 1

ഇതരപ്രജാപതിമാരിലൊക്കെയും മാന്യ-
പദവിയജൻ തെളിഞ്ഞേകിനാൻ ദക്ഷനായി.

എന്നതുമൂലമന്നുമുതല്ക്കു മുന്നേതിലു-
മുന്നതഗർവിഷ്ഠനായ് ഭവിച്ചാനവൻ സദാ. 2

പിന്നീടു വാജപേയയാഗത്താൽ ബ്രഹ്മിഷ്ഠരെ-
യൊന്നാകെത്തിരസ്കരിച്ചീടിനാനവൻ,
പിന്നെ

തുടങ്ങീ ബൃഹസ്പതിസവമെന്നുലകിൽ പേർ-
ത്തടവും സുപ്രധാനമായീടുമൊരു യാഗം. 3

ആയതിലമരർഷിബ്രഹ്മർഷിസംഘത്തെയും
ജായാസംയുതം പിതൃദേവസങ്കലത്തെയും

വരുത്തിയുചിതമാമാസനങ്ങളിൽ സുഖ-
മിരുത്തി വേണ്ടപോലേ സൽക്കരിച്ചിതു
ദക്ഷൻ. 4

അച്ഛൻെറ യാഗോത്സവം നഭസ്സിൽ ഖേചരന്മാ-
രുച്ചത്തിൽ ഘോഷിപ്പതു ശര്വാണിയായ് ശ്രവി-
ച്ചിട്ടും

കണ്ഠത്തിൽ പതക്കവും കർണ്ണത്തിൽ തിളങ്ങുന്ന
കുണ്ഡലങ്ങളും, മോടിതേടീടും വസ്ത്രങ്ങളും

ധരിച്ചൊരുങ്ങിയുപദേവനാരികളെല്ലാം
വരന്മാരൊത്തു ചാരുവിമാനങ്ങളിലേറി

നാനാദിക്കിലുംനിന്നു ഗേഹാന്തികത്തിലൂടെ-
യാനന്ദമാർന്നു പോയീടുന്നതു നിരീക്ഷിച്ചും

വാശ്ശുമൗൽസുകൃത്തോടു തൻപ്രിയതമനാകും
മുക്കണ്ണരോടു ചെന്നു ചൊല്ലിനാൾ ദാക്ഷാ-
യണി. 5-7

സതി പറഞ്ഞു

ഹേ മനോഹരാ! ഭവൽശ്വശുരൻ ദക്ഷൻതൻെറ
ധാമത്തിലിപ്പോൾ നടക്കുന്നുപോൽ യജ്ഞോ-
ത്സവം.

കാണ്മീലേ പോകുന്നതിദ്ദേവന്മാരടിക്കടി
നമ്മൾക്കും പോയീടാമങ്ങവിടുന്നിച്ഛിക്കു-
കിൽ. 8

എന്നുടെ സഹോദരിമാരെല്ലാം കാന്തന്മാരോ-
ടൊന്നിച്ചു സുഹൃദ്ദർശനാശയോടെത്തിക്കാണും.

ഞാനുമസ്സന്ദർഭത്തിലൊന്നു ചെന്നങ്ങു തത്സ-
മ്മാനത്തെ സ്വീകരിപ്പാനാഗ്രഹിക്കുന്നു പാരം.9

അഖിലാനന്ദപ്രദാ! സകാന്തസഹോദരീ-
നികരത്തേയു,മിളയമ്മതന്മക്കളേയും

കനിവിൻഖനിയാകുമെന്നമ്മയേയും, ശ്രേഷ്ഠ-
മുനിമാർ നടത്തീടുമാ യാഗോത്സവത്തെയും

കാണ്മവാനത്യാശയോടേറെനാളുകളായി
ഞാനിരിക്കുന്നു ഭവാനിന്നിതു സാധിപ്പിക്കൂ.10

ജനനഹീനാ! ഭവന്മായയാലങ്ങു തീർത്ത
ഗുണരൂപമീ വിശ്വം വിളങ്ങുന്നങ്ങയിൽത്താൻ.

എങ്കിലുമറിയുന്നീലേതുമേ ഭവത്തത്ത്വം
ശങ്കരാ! സ്ത്രീയും പുരുദീനയുമായുള്ള ഞാൻ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശ്യ പ്രയാന്തീരഭവാന്യയോഷിതോഽ-
പ്യലംകൃതാഃ കാന്തസഖാ വരൂഥശഃ
യാസാം വ്രജദ്ഭിശ്ശിതികണ്ഠ! മണ്ഡിതം
നഭോ വിമാനൈഃ കളഹംസപാണ്ഡുഭിഃ. 12

കഥം സുതായാഃ പിതൃഗേഹകൗതുകം
നിശമ്യ ദേഹഃ, സുരവര്യ, നേങ്ഗതേ
അനാഹൂതാ അപ്യഭിയന്തി സൗഹൃദം
ഭർത്തുർഗ്ഗുരോർദ്ദേഹകൃതശ്ച കേതനം. 13

തന്മേ പ്രസീദേദമമർത്ത്യ വാഞ്ഛിതം
കർത്തും ഭവാൻ കാരുണികോ ബതാർഹതി
ത്വയാഽഽത്മനോഽർദ്ധേഽഹമദഭ്രചക്ഷുഷാ
നിരൂപിതാ മാനുഗൃഹാണ യാചിതഃ. 14

മൈത്രേയ ഉവാച

ഏവം ഗിരിത്രഃ പ്രിയയാഭിഭാഷിതഃ
പ്രത്യഭ്യധത്ത പ്രഹസൻ സുഹൃത്പ്രിയഃ
സംസ്മാരിതോ മർമ്മഭിദഃ കുവാഗിഷൂൻ
യാനാഹ കോ വിശ്വസൃജാം സമക്ഷതഃ. 15

ശ്രീഭഗവാനുവാച

ത്വയോദിതം ശോഭനമേവ ശോഭനേ
അനാഹൂതാ അപ്യഭിയന്തി ബന്ധുഷു
തേ യദ്യനുത്പാദിതദോഷദൃഷ്ടയോ
ബലീയസാനാത്മ്യമദേന മന്യുനാ. 16

വിദ്യാതപോവിത്തവപുർവ്വയഃകുലൈഃ
സതാം ഗുണൈഃ ഷഡ്ഭിരസത്തമേതരൈഃ
സ്മൃതൗ ഹതായാം ഭൃതമാനദുർദൃശഃ
സ്തബ്ധാ ന പശ്യന്തി ഹി ധാമ ഭൂയസാം. 17

നൈതാദൃശാനാം സ്വജനവ്യപേക്ഷയാ
ഗൃഹാൻ പ്രതീയാദനവസ്ഥിതാത്മനാം
യേഽഭ്യാഗതാൻ വക്രധിയാഭിചക്ഷതേ
ആരോപിതഭ്രൂഭിരമർഷണാക്ഷിഭിഃ. 18

തഥാരിഭിർന്ന വ്യഥതേ ശിലീമുഖൈ-
ശ്ശേതേഽർദ്ദിതാങ്ഗോ ഹൃദയേന ദൂയതാ
സ്വാനാം യഥാ വക്രധിയാം ദുരുക്തിഭി-
ർദ്ദിവാനിശം തപ്യതി മർമ്മതാഡിതഃ 19

വ്യക്തം ത്വമുത്കൃഷ്ടഗതേഃ പ്രജാപതേഃ
പ്രിയാഽഽത്മജാനാമസി സുഭ്രു സമ്മതാ
അഥാപി മാനം ന പിതുഃ പ്രപത്സ്യസേ
മദാശ്രയാത് കഃ പരിതപ്യതേ യതഃ. 20

പാപച്യമാനേന ഹൃദാഽഽതുരേന്ദ്രിയ-
സ്സമൃദ്ധിഭിഃ പൂരുഷബുദ്ധിസാക്ഷിണാം
അകല്പ ഏഷാമധിരോഢുമഞ്ജസാ
പദം പരം ദ്വേഷ്ടി യഥാസുരാ ഹരിം. 21

പ്രത്യുദ്ഗമപ്രശ്രയണാഭിവാദനം
വിധീയതേ സാധു മിഥഃ സുമദ്ധ്യമേ
പ്രാജ്ഞൈഃ പരസ്മൈ പുരുഷായ ചേതസാ
ഗുഹാശയായൈവ ന ദേഹമാനിനേ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാതാപിതാക്കന്മാരെക്കാണ്മവാനെനിക്കി-
പ്പോഠം
ചേതസ്സിൽ വളരുന്നിതാഗ്രഹം പ്രാണനാഥാ!

അന്യനാരികളലംകൃതരായ് കാന്തന്മാരോ-
ടൊന്നിച്ചു സംഘംചേൎന്നു പോകുന്ന പോക്കു
കാൺക.

ആകാശം വിളങ്ങുന്നിതക്കൂട്ടർ മോദാലേറി-
പ്പോകുന്ന ഹംസശുഭ്രവിമാനഗണങ്ങളാൽ. 12

താതഗേഹത്തിൽപ്പോകാനുള്ളൊരെന്നഭി-
ലാഷ-
മോതീട്ടു കലുക്കമെററിരിപ്പതെന്തേ കാന്താ?

ക്ഷണിച്ചില്ലെന്നാകിലും പോകേണ്ടതല്ലോ
താതൻ
കണവൻ, ഗുരുവിവർത്തൻ സുഹൃദ്ഗേഹങ്ങ-
ളിൽ. 13

ഈശനാം ഭവാനതുകൊണ്ടെന്നിൽ പ്രസാദി-
ച്ചെന്നാശയെ സാധിപ്പിച്ചുതരിക ദേവാധിപാ!

താവകാർദ്ധാങ്ഗമായിസ്സങ്കല്പിച്ചിരിക്കും
ചെയ്‌വതാമീയർത്ഥന കൈക്കൊണ്ട- [ഞാൻ
നുഗ്രഹിക്ക. 14

മൈത്രേയൻ പറഞ്ഞു

ദയിതതന്നാലേവമർത്ഥിക്കപ്പെട്ടും സുഹൃൽ-
പ്രിയദനായീടുമക്കൈലാസവാസി ദേവൻ

ദക്ഷനമ്മരീച്യാദിസമക്ഷം തന്റെ നേരേ-
യുൽക്ഷേപിച്ചുള്ള മമ്മച്ഛേദിവാക്‌ശരങ്ങളെ

നന്നായി പ്രകാശിപ്പിച്ചീടുന്നരീതിക്കൊരു
മന്ദഹാസവുംചെയ്തു ചൊല്ലിനാനിപ്രകാരം. 15

ശ്രീഭഗവാൻ പറഞ്ഞു

വിളിക്കാതെയും ബന്ധുഗൃഹത്തിൽ പോ-
കേണ്ടതെ-
ന്നളിവേണീ! നീ ചൊന്നതെത്രയും
സ്തുത്യർഹമാം

കായാഭിമാനമദക്രോധവായ്പിനാലെഴും
ഭൂയിഷ്ഠദോഷദൃഷ്ടിയില്ലാത്തോരവരെങ്കിൽ

എന്നതുംകൂടിയതോടൊന്നിച്ചു ശോഭനേ! നീ
ചൊന്നില്ലെന്നൊരു കുറവാമൊഴിക്കില്ലാ-
തില്ല. 16

വിദ്യ,യൗവനം,ധനം,തപ,സ്സങ്ഗാഭ,കല-
ശുദ്ധിയും സജ്ജനങ്ങൾക്കേററവും ഗുണപ്രദം

ദേഹാഭിമാനംമൂലം ദൂഷിച്ച ബോധത്തിനാ-
ലാഹതരായ മത്തന്മാർക്കിവയാപത്തിനാം.

അന്യരിൽ ദോഷാരോപംചെയ്യുന്നിതവർ
വൃഥാ!
ധന്യമാഹാത്മ്യം കാണാൻ കണ്ണവർക്കില്ല
കഷ്ടം! 17

ചില്ലികൾ വളച്ചീർഷ്യപൂണ്ടക്ഷി ചുവപ്പിച്ചു
ചെല്ലുവോർനേർക്കു നോക്കുമസ്ഥിരൻതൻ
ഗൃഹത്തിൽ

പോകരുതാരും സ്വന്തമന്ദിരബുദ്ധിയോടും
ലോകമോഹനകാമനീയകനിധാനമേ! 18

വിദ്വേഷബുദ്ധിയോടും സ്വജനം ദുർവാക്യമാം
ശസ്ത്രങ്ങൾ മർമ്മങ്ങളിലേല്പിക്കും ക്ഷതം
പാർത്താൽ

ശത്രുക്കളസ്ത്രങ്ങളാലങ്ഗമാകവേ കീറി
വീഴ്ത്തീടും മർത്ത്യനാളും വേദന തുച്ഛമല്ലോ. 19

ഉന്നതസ്ഥാനത്തെഴും ദക്ഷന്റെ പുത്രിമാരിൽ
നിന്നിൽക്കൂടുതൽ കുറുണ്ടെന്നതിൽ തക്കമില്ല.

ചെന്നാലും നിന്നെയിപ്പോൾ മാനിച്ചീടു-
കയില്ല
സുന്ദരീ! യെന്നോടു നിൻ ചേർച്ചയാണതിൻ
ഹേതു. 20

ദുർമ്മനസ്സാകും ദക്ഷൻതന്നുടെയസൂയാഗ്നി
തന്മനം തപിപ്പിച്ചു ചഞ്ചലമാക്കീടുന്നു.

ജന്മസംസിദ്ധമാം തത്സമൃദ്ധികൊണ്ടു സർവ്വ-
കർമ്മസാക്ഷികളാകമസ്മാദൃശന്മാരുടെ

പദത്തിലെത്താനൊക്കാഞ്ഞീയെന്നെ
ദ്വേഷിക്കുന്നു
ദിതിജവർഗ്ഗം ശ്രീനിവാസനെയെന്ന-
പോലെ. 21

എതിരേല്ക്കുക, താണുവന്ദിക്ക, വണങ്ങുകെ-
ന്നിതുമട്ടിയലുന്ന സൽക്കാരവിധങ്ങളാൽ

ജീവജാലാന്തർഗ്ഗുഹാവാസിയാം മുകുന്ദനെ-
യേവരും മനംകൊണ്ടു മാനിപ്പതുചിതമാം.

അല്ലാതാത്മാഭിമാനംനിമിത്തം ഗർവ്വിഷ്ഠനാ-
യുള്ളവൻതന്നെ മാനിച്ചീടണമെന്നില്ലല്ലോ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്ത്വം വിശുദ്ധം വസുദേവശബ്ദിതം
യദീയതേ തത്ര പുമാനപാവൃതഃ
സത്ത്വേ ച തസ്മിൻ ഭഗവാൻ വാസുദേവോ
ഹ്യധോക്ഷജോ മേ മനസാ വിധീയതേ. 23

തത്തേ നിരീക്ഷ്യോ ന പിതാപി ദേഹകൃ-
ദ്ദക്ഷോ മമ ദ്വിട് തദനുവ്രതാശ്ച യേ
യോ വിശ്വസൃഗ്യജ്ഞഗതം വരോരു മാ-
മനാഗസം ദുർവ്വചസാകരോത്തിരഃ. 24

യദി വ്രജിഷ്യസ്യതിഹായ മദ്വചോ
ഭദ്രം ഭവത്യാ ന തതോ ഭവിഷ്യതി
സംഭാവിതസ്യ സ്വജനാത് പരാഭവോ
യദാ സ സദ്യോ മരണായ കല്പതേ. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ഉമാരുദ്രസംവാദേ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

മൈത്രേയ ഉവാച

ഏതാവദുക്ത്വാ വിരരാമ ശങ്കരഃ
പത്ന്യങ്ഗനാശം ഹ്യുഭയത്ര ചിന്തയൻ
സുഹൃദ്ദിദൃക്ഷുഃ പരിശങ്കിതാ ഭവാ-
ന്നിഷ്ക്രാമതീ നിർവ്വിശതീ ദ്വിധാഽഽസ സാ. 1

സുഹൃദ്ദിദൃക്ഷാപ്രതിഘാതദുർമ്മനാഃ
സ്നേഹാദ്രുദത്യശ്രുകലാഽതിവിഹ്വലാ
ഭവം ഭവാന്യപ്രതിപൂരുഷം രുഷാ
പ്രധക്ഷ്യതീവൈക്ഷത ജാതവേപഥുഃ. 2

തതോ വിനിഃശ്വസ്യ സതീ വിഹായ തം
ശോകേന രോഷേണ ച ദൂയതാ ഹൃദാ
പിത്രോരഗാത് സ്ത്രൈണവിമൂഢധീർഗൃഹാൻ
പ്രേമ്ണാഽഽത്മനോ യോഽർദ്ധമദാത് സതാം പ്രിയഃ 3

താമന്വഗച്ഛൻ ദ്രുതവിക്രമാം സതീ-
മേകാം ത്രിനേത്രാനുചരാസ്സഹസ്രശഃ
സപാർഷദയക്ഷാ മണിമന്മദാദയഃ
പുരോവൃഷേന്ദ്രാസ്തരസാ ഗതവ്യഥാഃ. 4

താം സാരികാകന്ദുകദർപ്പണാംബുജ-
ശ്വേതാതപത്രവ്യജനസ്രഗാദിഭിഃ
ഗീതായനൈർദ്ദുന്ദുഭിശംഖവേണുഭിർ-
വൃഷേന്ദ്രമാരോപ്യ വിടങ്കിതാ യയുഃ. 5

ആബ്രഹ്മഘോഷോർജ്ജിതയജ്ഞവൈശസം
വിപ്രർഷിജുഷ്ടം വിബുധൈശ്ച സർവ്വശഃ
മൃദ്ദാർവ്വയഃകാഞ്ചനദർഭചർമ്മഭിർ-
നിസൃഷ്ടഭാണ്ഡം യജനം സമാവിശത്. 6

താമാഗതാം തത്ര ന കശ്ചനാദ്രിയ-
ദ്വിമാനിതാം യജ്ഞകൃതോ ഭയാജ്ജനഃ
ഋതേ സ്വസൄർവ്വൈ ജനനീം ച സാദരാഃ
പ്രേമാശ്രുകണ്ഠ്യഃ പരിഷസ്വജുർമ്മുദാ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുദ്ധമാം സത്ത്വഗുണം വസുദേവാഭിധാന-
മൊത്തതാ,ണതിലപാവൃതനായ് പരൻപുമാൻ

വർത്തിപ്പു ജ്ഞാനാനന്ദരൂപനായതുമൂലം
സിദ്ധിച്ചു ഭഗവാനു വാസുദേവാഭിധാനം.

അതിനാൽ സമസ്താന്തർഭാഗത്തും വിളങ്ങുമ-
ദ്യുതിരൂപനെ മനംകൊണ്ടു ഞാൻ
ധ്യാനിക്കുന്നു. 23

ആകയാൽ പ്രജാപതിമാരുടെ യജ്ഞശാല
പൂകിയോരനാഗസ്വിയാമെന്നെ
ദുർവാക്യത്താൽ

അവമാനിച്ച ദക്ഷൻ, നിൻ പിതാവാണെങ്കിലും
ഭുവനേശ്വരീ! നിനക്കീക്ഷിപ്പാൻ യോഗ്യനല്ല.

ദുഷ്ടനാമവനുടെയനുയായികളെയു-
മൊട്ടുമേ കാണാൻകൊള്ളാവുന്നവരല്ലെൻ
പ്രിയേ! 24

എന്നുടെ വാക്കു കേൾക്കാതിന്നു നീ പോയീ-
ടുകിൽ

സുന്ദരീ! ഭവതിക്കു ഭവിക്കാ ശുഭമേതും.

ജനനംമുതല്ക്കേ സൽക്കൃതനായുള്ളോനിൽ സ്വ-
ജനതാപരാഭവം പെട്ടെന്നു മൃതിചേർക്കും. 25

അദ്ധ്യായം 4

ദക്ഷയാഗം—സതീദേഹത്യാഗം

മൈത്രേയൻ പറഞ്ഞു

ഇത്രയുമരുളീട്ടാ യാത്രയെ മുടക്കിയാ-
ലിസ്ഥലത്തിലുമയച്ചീടുകിലവിടെയും

രണ്ടിടത്തിലും സുഹൃദ്ദിദൃക്ഷുവാമസ്സതി-
ക്കുണ്ടാകും മൃതിയെന്നു ശങ്കിച്ചു മൗനംപൂണ്ടാൻ. 1

ബന്ധുദർശനേച്ഛയാൽ പുറത്തുവന്നും വീണ്ടും
കാന്തനെബ്ഭയന്നകംപൂകിയുമസ്വസ്ഥയായ്

സ്നേഹത്താൽ കണ്ണീർവാർത്തും കരഞ്ഞും
ക്രോധവായ്പാൽ

ദേഹമാകവേ വിറയാർന്നുമക്കാത്യായനി

ഇക്ഷണം ദഹിപ്പിക്കുമെന്നു തോന്നീടുംമട്ട-
ത്ര്യക്ഷനാം ഭർത്താവിനെയൊന്നുടൻ
നോക്കീടിനാൾ. 2

ഭർത്തൃകല്പന ലംഘിക്കുന്നതിൽ വൈക്ലബ്യവും
യാത്രയെക്കാന്തൻ തടയുന്നതിൽ വിരോധവും

വർദ്ധിച്ചു ദീർഘശ്വാസംവിട്ടുകൊണ്ടതിദുന-
ചിത്തയായ് സ്ത്രീസഹജമായുള്ള മൗഢ്യംപൂണ്ടു

സത്തുക്കൾക്കെല്ലാം പ്രിയങ്കരനായ് പ്രേമ-
വാസ്സ-
ലർദ്ധാംഗമരുളിയ കാന്തനെക്കൈവെടിഞ്ഞു

ഇറങ്ങി നടകൊണ്ടാൾ പിതൃഗേഹത്തിലേ-
ക്കായ്

ത്വരിതം പതിവ്രതാതിലകം സതീദേവി. 3

വേഗത്തിലടിവെച്ചങ്ങേകയായ്
സ്വസ്വാമിനി

പോകവേ ശങ്കരൻതൻ കിങ്കരമുഖ്യന്മാരാം

നന്ദീശമണിമന്മദാദികൾ യക്ഷവര്യ-
രൊന്നിച്ചു ദ്രുതത്തോടും പിന്നാലെ
ചെന്നീടിനാർ. 4

വെണ്കൊററക്കുട, മാല, ശാരിക,യാലവട്ടം,
പങ്കജം, പന്തു, ഗാനയന്ത്രങ്ങൾ, വാദ്യൗഘങ്ങൾ

ദർപ്പണമിവയേന്തിക്കൂടെത്തിയലങ്കാര-
മർപ്പിച്ചു വൃഷത്തിന്മേൽ ദേവിയെയേററി-
പ്പോയാർ. 5

വേദമന്ത്രോച്ചാരണോർജ്ജിതമായ് ഹിംസാ-
സ്ഥാനോ-
പേതമായ് ബ്രഹ്മർഷികൾ സുരരും ചൂഴുന്നതായ്

മരം, മണ്ണി,രുമ്പ, തോൽ, ദർഭ, പൊന്നെന്നി-
വററാൽ

വിരചിച്ചുള്ള യജ്ഞപാത്രങ്ങൾ കലർന്നതാം

ദക്ഷയാഗാലയത്തിൽ ചെന്നുകേറിനാൾ
വിശാ-
ലാക്ഷിയാം ദാക്ഷായണി പരിവാരങ്ങളോടും. 6

ദക്ഷനാദരിച്ചതി,ല്ലവനെബ്ഭയന്നിട്ടൊ-
രക്ഷരം മിണ്ടാതവഗണിച്ചാർ സദസ്യരും.

അമ്മയും സഹോദരിമാരും പ്രേമാശ്രുക്കളി
സമ്മോദാദരങ്ങളോടാശ്ലേഷംചെയ്തുകൊ-
ണ്ടാർ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗദര്യസംപ്രശ്നസമർത്ഥവാർത്തയാ
മാത്രാ ച മാതൃഷ്വസൃഭിശ്ച സാദരം
ദത്താം സപര്യാം വരമാസനം ച സാ
നാദത്ത പിത്രാ പ്രതിനന്ദിതാ സതീ. 8

അരുദ്രഭാഗം തമവേക്ഷ്യ ചാധ്വരം
പിത്രാ ച ദേവേ കൃതഹേളനം വിഭൗ
അനാദൃതാ യജ്ഞസദസ്യധീശ്വരീ
ചുകോപ ലോകാനിവ ധക്ഷ്യതീ രുഷാ. 9

ജഗർഹ സാമർഷവിപന്നയാ ഗിരാ
ശിവദ്വിഷം ധൂമപഥശ്രമസ്മയം
സ്വതേജസാ ഭൂതഗണാൻ സമുത്ഥിതാ-
ന്നിഗൃഹ്യ ദേവീ ജഗതോഽഭിശൃണ്വതഃ. 10

ശ്രീദേവ്യുവാച

ന യസ്യ ലോകേഽസ്ത്യതിശായനഃ പ്രിയ-
സ്തഥാപ്രിയോ ദേഹഭൃതാം പ്രിയാത്മനഃ
തസ്മിൻ സമസ്താത്മനി മുക്തവൈരകേ
ഋതേ ഭവന്തം കതമഃ പ്രതീപയേത്. 11

ദോഷാൻ പരേഷാം ഹി ഗുണേഷു സാധവോ
ഗൃഹ്ണന്തി കേചിന്ന ഭവാദൃശാ ദ്വിജ!
ഗുണാംശ്ച ഫല്ഗുൻ ബഹുളീകരിഷ്ണവോ
മഹത്തമാസ്തേഷ്വവിദദ്ഭവാനഘം. 12

നാശ്ചര്യമേതദ്യദസത്സു സർവ്വദാ
മഹദ്വിനിന്ദാ കുണപാത്മവാദിഷു
സേർഷ്യം മഹാപൂരുഷപാദപാംസുഭിർ-
നിരസ്തതേജസ്സു തദേവ ശോഭനം. 13

യദ്ദ്വ്യക്ഷരം നാമ ഗിരേരിതം നൃണാം
സകൃത്പ്രസങ്ഗാദഘമാശു ഹന്തി തത്
പവിത്രകീർത്തിം തമലങ്ഘ്യശാസനം
ഭവാനഹോ ദ്വേഷ്ടി ശിവം ശിവേതരഃ. 14

യത്പാദപദ്മം മഹതാം മനോഽളിഭിർ-
ന്നിഷേവിതം ബ്രഹ്മരസാസവാർത്ഥിഭിഃ
ലോകസ്യ യദ്വർഷതി ചാശിഷോഽർത്ഥിന-
സ്തസ്മൈ ഭവാൻ ദ്രുഹ്യതി വിശ്വബന്ധവേ. 15

കിം വാ ശിവാഖ്യമശിവം ന വിദുസ്ത്വദന്യേ
ബ്രഹ്മാദയസ്തമവകീര്യ ജടാഃ ശ്മശാനേ
തന്മാല്യഭസ്മനൃകപാല്യവസത്പിശാചൈ-
ര്യേ മൂർദ്ധഭിർദ്ദധതി തച്ചരണാവസൃഷ്ടം. 16

കർണൗ പിധായ നിരയാദ്യദകല്പ ഈശേ
ധർമ്മാവിതര്യസൃണിഭിർന്നൃഭിരസ്യമാനേ
ഛിന്ദ്യാത് പ്രസഹ്യ രുശതീമസതീം പ്രഭുശ്ചേത്
ജിഹ്വാമസൂനപി തതോ വിസൃജേത് സ ധർമ്മഃ. 17

അതസ്തവോത്പന്നമിദം കളേബരം
ന ധാരയിഷ്യേ ശിതികണ്ഠഗർഹിണഃ
ജഗ്ധസ്യ മോഹാദ്ധി വിശുദ്ധിമന്ധസോ
ജുഗുപ്സിതസ്യോദ്ധരണം പ്രചക്ഷതേ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാതാവും തഥാ മാതൃസോദരീപുത്രിമാരും
സോദരിമാരും പാരമുചിതമാകുംവിധം

സാദരം മാന്യാസനമേകിയും കുശലങ്ങ–
ളോതിയും സാധനങ്ങളർപ്പിച്ചുമർച്ചിക്കിലും

ഒന്നുമേ കൈക്കൊണ്ടില്ല ജനകൻ നിരാകരി–
ച്ചെന്നതോർത്തന്തരംഗം തകന്ന സതീദേവി. 8

അച്ഛനാവിഭുവിനെയവമാനിച്ചെന്നതും
വെച്ചില്ല യാഗഭാഗമദ്ദേവനെന്നുള്ളതും

ആലോചിച്ചുടൻ യാഗസദസ്സിലനാദൃത–
നീലകണ്ഠപ്രേയസിയാ രാജരാജേശ്വരി

സഹസാ ലോകമാകെദ്ദഹിപ്പിച്ചിടും മട്ട
വഹിച്ചാളസഹ്യമായീടുമുൽക്കടക്രോധം. 9

സതിതൻകോപം ജ്വലിച്ചീടവേ ഭൂതവൃന്ദം
സദസ്യസംഹാരാർത്ഥമെഴുന്നേററതു കണ്ട

അമർത്തി സ്വതേജസ്സാലവരെ,ക്കർമ്മമാർഗ്ഗ–
ശ്രമത്താൽ ഗർവ്വമാളുമാ ശിവവിദ്വേഷിയെ

സമസ്തജനങ്ങളും കേൾക്കവേ വാക്യങ്ങളാൽ
ക്രമംവിട്ടുള്ളമട്ടിലധിക്ഷേപിച്ചീടിനാൾ. 10

ശ്രീദേവി പറഞ്ഞു

ദേഹികൾക്കെല്ലാം പ്രിയഭൂതൻ്റമാത്മാ–
വുമായ്
സ്നേഹിതാപ്രിയഭേദവിചാരവിഹീനനായ്

ആരിലും വൈരമില്ലാത്തവനായ് തന്നെക്കവി–
ഞ്ഞാരുമീയുലകിലില്ലെന്നപോലുല്ലസിക്കും

ഭവനാം ഭഗവാനോടങ്ങൊഴിഞ്ഞേതൊരാളി–
ബ്ഭുവനംതന്നിൽ വിപരീതമായ് പ്രവ–
ർത്തിക്കും? 11

ഭൂസുരാ! ഗുണികളെ ത്വാദൃശരസാധുക്കൾ
ദ്വേഷിച്ചു തദ്ഗുണങ്ങൾ ഗ്രഹിപ്പൂ ദോഷങ്ങ–
ളായ്.

ചിലരങ്ങനെയല്ല, തുച്ഛമാം ഗുണത്തേയും
വലുതായ് പ്രകാശിപ്പിച്ചീടുന്നു മഹാത്മാക്കൾ.

ബ്രാഹ്മണാ! ശത്രുക്കളിൽ ദോഷത്തെ മാത്രം
കാണും
ദുർമ്മതിയാണങ്ങെന്നതെങ്ങുമേ
സുപ്രസിദ്ധം. 12

നശ്വരശരീരത്തെയാത്മാവായ് കാണും ഭവാ–
നാശ്ചര്യമില്ല, മഹാത്മാക്കളെ നിന്ദിപ്പതിൽ

മഹാന്മാരുടെ പാദധൂളിയാൽ നിരസ്തമാം
മഹസ്സാളുവോക്കിതു ശോഭനംതന്നെയല്ലോ. 13

ഏതു ദേവൻെറ നാമം രണ്ടക്ഷരത്താൽ വശാ–
ലോതുവോൻ തത്പാപങ്ങളുടൻവച്ചൊഴിയുന്നു

പവിത്രകീർത്തിമാനായലംഘിതാജ്ഞ നാമ–
ശ്ശിവനെ ദ്വേഷിക്കുന്നിതങ്ങശ്ശുഭാങ്ഗൻ
കഷ്ടം! 14

ആരുടെ പാദാംബുജം സേവിപ്പൂ ബ്രഹ്മാനന്ദ–
വേരിയെക്കൊതിച്ചീടും സജ്ജനമനോഭൃംഗം.

അർത്ഥികൾക്കഭിലാഷം വർഷിച്ചീടുമാ ലോക–
നിത്യബന്ധുവാം പാദപദ്മം ദ്രോഹിപ്പു
ഭവാൻ. 15

ഏതവരപ്പാവനപാദത്തിൻ സ്പർശമേററ
സാധനചയമെന്നും മൂർദ്ധാവിൽ ധരിക്കുന്നു,

അങ്ങൊരാളൊഴിഞ്ഞുള്ളോരപ്പിതാമഹാദ്യർക്ക–
ത്തുംഗമാം ശിവദോഷം കാണ്മാൻകണ്ണില്ലാതെ–
പോയ്,

ജടയും വിട്ടൊത്തീട്ട പട്ടടതന്നിൽ ചാരം,
ചുടലമാല്യം, തലയോടുതൊട്ടവയാന്നു

പിശാചുക്കളോടൊത്തുകിടക്കും ശിവാഖ്യനെ–
യശിവനെന്നു കാണാത്തോരവർ മോശക്കാർ
താൻ. 16

ധർമ്മസംരക്ഷചെയ്യുമീശനെ നിരങ്കുശൻ
ദുർമ്മതിയധിക്ഷേപിച്ചീടുകിലക്ഷണത്തിൽ

ശക്തിഹീനനെന്നാകിൽ കണ്ണുകൾ രണ്ടും
പൊത്തി–
പ്പൊയ്ക്കൊള്ളയണമങ്ങുനിന്നുടൻ, ശക്തനെന്നാൽ

അശുഭമേച്ചരിച്ചോരവൻെറയന്നാവരി–
ഞ്ഞസുവും നഷ്ടപ്പെടുത്തീടണമതേ ധർമ്മം. 17

അതിനാൽ ശിതികണ്ഠദ്വേഷിയാം
ഭവാനിൽനി–
ന്നുദിതമീശരീരം ഞാൻ ധരിക്കുന്നില്ലിനി.

അറിയാതശുദ്ധമാമന്നത്തെ ഭക്ഷിക്കുവോൻ
പരിശുദ്ധിക്കതപ്പോൾ ഛർദ്ദിക്കതന്നെ
വേണം. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന വേദവാദാനനുവർത്തതേ മതിഃ
സ്വ ഏവ ലോകേ രമതോ മഹാമുനേഃ
യഥാ ഗതിർദ്ദേവമനുഷ്യയോഃ പൃഥക്
സ്വ ഏവ ധർമ്മേ ന പരം ക്ഷിപേത് സ്ഥിതഃ. 19

കർമ്മപ്രവൃത്തം ച നിവൃത്തമപ്യൃതം
വേദേ വിവിച്യോഭയലിങ്ഗമാശ്രിതം
വിരോധി തദ്യൗഗപദൈകകർത്തരി
ദ്വയം തഥാ ബ്രഹ്മണി കർമ്മ നർച്ഛതി. 20

മാ വഃ പദവ്യഃ പിതരസ്മദാസ്ഥിതാ
യാ യജ്ഞശാലാസു ന ധൂമവർത്മഭിഃ
തദന്നതൃപ്തൈരസുഭൃദ്ഭിരീഡിതാ
അവ്യക്തലിങ്ഗാ അവധൂതസേവിതാഃ. 21

നൈതേന ദേഹേന ഹരേ കൃതാഗസോ
ദേഹോദ്ഭവേനാലമലം കുജന്മനാ
വ്രീഡാ മമാഭൂത് കുജനപ്രസംഗത-
സ്തജ്ജന്മ ധിഗ്യോ മഹതാമവദ്യകൃത്. 22

ഗോത്രം ത്വദീയം ഭഗവാൻ വൃഷധ്വജോ
ദാക്ഷായണീത്യാഹ യദാ സുദുർമ്മനാഃ
വ്യപേതനർമ്മസ്മിതമാശു തദ്ധ്യഹം
വ്യുത്സ്രക്ഷ്യ ഏതത് കുണപം ത്വദങ്ഗജം. 23

മൈത്രേയ ഉവാച

ഇത്യധ്വരേ ദക്ഷമനൂദ്യ ശത്രുഹൻ
ക്ഷിതാവുദീചീം നിഷസാദ ശാന്തവാക്
സ്പൃഷ്ട്വാ ജലം പീതദുകൂലസംവൃതാ
നിമീല്യ ദൃഗ്യോഗപഥം സമാവിശത്. 24

കൃത്വാ സമാനാവനിലൗ ജിതാസനാ
സോദാനമുത്ഥാപ്യ ച നാഭിചക്രതഃ
ശനൈർഹൃദി സ്ഥാപ്യ ധിയോരസി സ്ഥിതം
കണ്ഠാദ് ഭ്രുവോർമ്മധ്യമനിന്ദിതാനയത്. 25

ഏവം സ്വദേഹം മഹതാം മഹീയസാ
മുഹുസ്സമാരോപിതമങ്കമാദരാത്
ജിഹാസതീ ദക്ഷരുഷാ മനസ്വിനീ
ദധാര ഗാത്രേഷ്വനിലാഗ്നിധാരണാം. 26

തതഃ സ്വഭർത്തുശ്ചരണാംബുജാസവം
ജഗദ്ഗുരോശ്ചിന്തയതീ ന ചാപരം
ദദർശ ദേഹോ ഹതകല്മഷസ്സതീ-
സ്സദ്യഃ പ്രജജ്വാല സമാധിജാഗ്നിനാ. 27

തത്പശ്യതാം ഖേ ഭുവി ചാദ്ഭുതം മഹ-
ദ്ധാഹേതി വാദഃ സുമഹാനജായത
''ഹന്ത പ്രിയാ ദൈവതമസ്യ ദേവീ
ജഹാവസൂൻ കേന സതീ പ്രകോപിതാ. 28

അഹോ അനാത്മ്യം മഹദസ്യ പശ്യത
പ്രജാപതേര്യസ്യ ചരാചരം പ്രജാഃ
ജഹാവസൂൻ യദ്വിമതാത്മജാ സതീ
മനസ്വിനീമാനമഭീക്ഷ്ണമർഹതി. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വരൂപാനന്ദത്തിൽ താൻ രമിച്ചീടുന്ന മുനി-
വരനെയാഗമത്തിൻ വിധികൾ ബാധിച്ചീടാ.
എന്നുമേ ദേവന്മാൎക്കും നരൎക്കുമെഴും ഗതി
ഭിന്നംതാൻ, സ്വധൎമ്മത്തിൽ സ്ഥിതരാം മഹാ-
ത്മാക്കൾ
അന്യരെ വഴിതെററിക്കാതെയും വേദവാക്യ-
ത്തിന്നപവാദം വരുത്താതെയും സൂക്ഷി-
ക്കണം. 19
പ്രവൃത്തിമാൎഗ്ഗമെന്നും നിവൃത്തിമാൎഗ്ഗമെന്നും
ദ്വിവിധം കൎമ്മമംഗീകരിച്ചിരിപ്പൂ വേദം
പ്രഥമം കാമ്യാത്മമായ്ചെയ്യുന്ന യാഗാദിയു-
മിതരം ഭഗവൽ സമൎപ്പിതങ്ങളുമത്രേ.
ഏകകാലത്തീരണ്ടു കൎമ്മവും ചെയ്യാനേക-
ന്നാകില്ല തഥാ ചേരാ ജ്ഞാനിയിൽ
കൎമ്മമൊന്നും. 20
നിതാന്തം ഞങ്ങൾ സമാശ്രയിക്കും പദവികൾ
പിതാവേ! നിങ്ങൾക്കില്ലെന്നുള്ളതും ധരിക്കുക.
യജ്ഞത്തിൻധൂമമേററു യാഗാന്നം തിന്നു
വീൎത്തോ-
രജ്ഞന്മാർ സ്തുതിച്ചിടും സ്ഥാനമേ നിങ്ങൾ-
ക്കുള്ളൂ.
അവ്യക്തലിങ്ഗത്തോടുകൂടിയതല്ലപ്പദം,
സുവ്യക്തം സേവിപ്പതുമല്ലവധൂതാനപയം. 21
ഭവാനോടപരാധംചെയ്ത ദേഹത്തിൽനിന്നും
ഭവിച്ച നീചജന്മഭൂവാകുമീ ശരീരം
എനിക്കിങ്ങിനിവേണ്ടേ വേണ്ട തൽസമാഗമം
നിനച്ചീടുകിലെനിക്കനല്പം ലജ്ജാവഹം.
വിനയഹീനം മഹന്നിന്ദചെയ്‌വോനിൽ-
നിന്നി-
ജ്ജനിയും പാൎത്തീടുകിലെത്രയും
നിന്ദ്യമത്രേ. 22
തൽക്കുലസൂതിചേൎക്കും ദാക്ഷായണീനാമ-
ത്തിൽ
മുക്കണ്ണസ്വാമിയെന്നെ വിളിക്കും സന്ദൎഭത്തിൽ
ഹന്ത! ഞാൻ നൎമ്മസ്മിതംവെടിഞ്ഞു തലതാഴ്ത്തി
സന്താപഭരം വഹിക്കേണ്ടതായ്‌വരും ദൃഢം.
അതിനാൽ തവദങ്ഗജം ശവതുല്യമീദേഹ-
മിതാ ഞാൻ ത്യജിക്കുന്നതിക്ഷണം
കണ്ടുകൊൾക. 23
മൈത്രേയൻ പറഞ്ഞു
ക്ഷത്താവേ! ജിതശത്രോ! യാഗശാലയിൽ-
വച്ചു
ക്രുദ്ധയാം സതീദേവി ദക്ഷനോടേവം ചൊല്ലി

സലിലസ്പൎശംചെയ്തു പീതവസ്ത്രാവൃതയായ്
ചലനഹീനം സ്വയം വാക്കുകൾ നിയന്ത്രിച്ചു
യോഗമാൎഗ്ഗാലംബനായക്ഷികളടച്ചിട്ടു-
വ്യാകുലം വെറു മണ്ണിൽ വടക്കോട്ടിരു-
ന്നിതേ. 24
ആസനങ്ങളെജ്ജയിച്ചനിലദ്വയത്തെയു-
മാ സതി സമമാക്കി നാഭിചക്രത്തിൽനിന്നും
ഉയൎത്തിയുദാനനെ സ്ഥാപിച്ചു ഹൃദയത്തി-
ലയതം പിന്നെയുരഃസ്ഥിതനാം സമീരനെ
കണ്ഠമാൎഗ്ഗമായ് നിജബുദ്ധിയാൽമെല്ലെ-
മെല്ലെ-
ക്കൊണ്ടുപോയ് ഭ്രൂമദ്ധ്യത്തിലെത്തിച്ചാള-
നിന്ദിത. 25
മഹത്തുക്കളും മഹാപൂജ്യരുമായുള്ളവർ
സഹൎഷമൎച്ചിച്ചീടും ശ്രീശിവൻതന്നങ്കത്തിൽ
അനഘമേററീടുമാ സുന്ദരാങ്ഗത്തെദ്ദക്ഷൻ-
തന്നോടുള്ളമൎഷത്താൽ ത്യജിപ്പാനിച്ഛിച്ചിടും
ധീരയാം സതീദേവി, തന്നവയവങ്ങളിൽ
മാരുതാനലന്മാരെ ധ്യാനംചെയ്തുറപ്പി-
ച്ചാൾ. 26
പിന്നെയാ ലോകത്രയഗുരുവാം നിജകാന്തൻ-
തന്നുടെ പാദപങ്കജാസവധ്യാനത്തോടും
മിന്നുമസ്സതീദേവിയേകതാനതമൂല-
മന്യമായൊന്നിനെയും കണ്ടില്ല, പെട്ടെന്നുതാൻ
സുന്ദരം പാപഹീനം സ്വദേഹം യോഗോ-
ജ്ജ്വല-
വഹ്നിയിൽ ദഹിപ്പിച്ചാളെന്നതേ
പറയേണ്ടു. 27
മന്നിലും വിണ്ണിലുമീയദ്ഭുതകൃത്യം കണ്ടു-
നിന്നവർ കഷ്ടം! കഷ്ട!മെന്നുച്ചമോതീടിനാർ.
''ദക്ഷനാൽ പ്രകോപിതയായിട്ടു
ത്ര്യക്ഷപത്നി-
യിക്ഷണം പ്രാണത്യാഗംചെയ്തു ഹോ!
മഹാകഷ്ടം! 28
ഇച്ചരാചരമെല്ലാം പ്രജകളായീടുമാ
ദക്ഷനാംപ്രജേശൻതന്നജ്ഞതയ്ക്കളവുണ്ടോ?
കാണുവിൻ കഷ്ടം! സൽഗുണസമ്പന്നയാമീ-
യേണാക്ഷിയന്യനാരിമാരിൽവച്ചേററം മാന്യ.
ഇവളെ ദക്ഷൻ സമാദരിച്ചില്ലെന്നല്ലേററ-
മവമാനിക്കയുംചെയ്തെന്നതുകൊണ്ടല്ലയോ
അസഹ്യവ്യഥാപാത്രമായവൾ സഹസാ ത-
ന്നസുക്കൾതള്ളീടുവാനിടയായതു കഷ്ടം! 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽയം ദുർമ്മർഷഹൃദയോ ബ്രഹ്മധ്രുക് ച
ലോകേഽപകീർത്തിം മഹതീമവാപ്സ്യതി
യദങ്ഗജാം സ്വാം പുരുഷദ്വിഡുദ്യതാം
ന പ്രത്യഷേധത്‌മൃതയേഽപരാധതഃ. 30

വദത്യേവം ജനേ സത്യാ ദൃഷ്ട്വാസുത്യാഗമദ്ഭുതം
ദക്ഷം തത്പാർഷദാ ഹന്തുമുദതിഷ്ഠന്നുദായുധാഃ. 31
തേഷാമാപതതാം വേഗം നിശാമ്യ ഭഗവാൻ ഭൃഗുഃ
യജ്ഞഘ്നഘ്നേന യജുഷാ ദക്ഷിണാഗ്നൗ ജുഹാവ ഹ. 32
അധ്വര്യുണാ ഹൂയമാനേ ദേവാ ഉത്പേതുരോജസാ
ഋഭവോ നാമ തപസാ സോമം പ്രാപ്താസ്സഹസ്രശഃ. 33
തൈരലാതായുധൈസ്സർവ്വേ പ്രമഥാസ്സഹ ഗുഹ്യകാഃ
ഹന്യമാനാ ദിശോ ഭേജുരുശദ്ഭിർബ്രഹ്മതേജസാ. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
സതീദേഹോത്സർഗ്ഗോ നാമ ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

മൈത്രേയ ഉവാച

ഭവോ ഭവാന്യാനിധനം പ്രജാപതേ-
രസത്കൃതായാ അവഗമ്യ നാരദാത്
സ്വപാർഷദസൈന്യം ച തദധ്വരർഭുഭി-
ർവ്വിദ്രാവിതം ക്രോധമപാരമാദധേ. 1
ക്രുദ്ധഃ സുദഷ്ടോഷ്ഠപുടസ്സ ധൂർജ്ജടി-
ർജ്ജടാം തടിദ്വഹ്നിസടോഗ്രരോചിഷം
ഉത്കൃത്യ രുദ്രസ്സഹസോത്ഥിതോ ഹസൻ
ഗംഭീരനാദോ വിസസർജ്ജ താം ഭുവി. 2
തതോഽതികായസ്തനുവാ സ്പൃശൻദിവം
സഹസ്രബാഹുർഘനരുക് ത്രിസൂര്യദൃക്
കരാളദംഷ്ട്രോ ജ്വലദഗ്നിമൂർദ്ധജഃ
കപാലമാലീ വിവിധോദ്യതായുധഃ 3
തം കിം കരോമീതി ഗൃണന്തമാഹ
ബദ്ധാഞ്ജലിം ഭഗവാൻ ഭൂതനാഥഃ
''ദക്ഷം സയജ്ഞം ജഹി മദ്ഭടാനാം
ത്വമഗ്രണീ രുദ്ര ഭടാംശകോ മേ.'' 4
ആജ്ഞപ്ത ഏവം കുപിതേന മന്യുനാ
സ ദേവദേവം പരിചക്രമേ വിഭും
മേനേ തദാഽഽത്മാനമസംഗരംഹസാ
മഹീയസാം താത സഹസ്സഹിഷ്ണും. 5
അന്വീയമാനസ്സ തു രുദ്രപാർഷദൈർ-
ഭൃശം നദദ്ഭിർവ്യനദത്സുഭൈരവം
ഉദ്യമ്യ ശൂലം ജഗദന്തകാന്തകം
സ പ്രാദ്രവദ്ഘോഷണഭൂഷണാങ്ഘ്രിഃ. 6
അഥർത്വിജോ യജമാനസ്സദസ്യാഃ
കകുഭ്യുദീച്യാം പ്രസമീക്ഷ്യ രേണും
തമഃ കിമേതത് കുത ഏതദ്രജോഽഭൂ-
ദിതി ദ്വിജാ ദ്വിജപത്ന്യശ്ച ദധ്യുഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യർതന്നുയർച്ചയിലസൂയ വഹിച്ചീശ-
നിന്ദകൻ ബ്രഹ്മജ്ഞവിദ്വേഷിയാകിന ദക്ഷൻ

പ്രാപിക്കും വല്യതായ ദുഷ്കീർത്തി തക്കമില്ല
സ്വാപരാധത്താൽ തന്റെ മുന്നിൽവച്ചാത്മജാത

ഉടലുപേക്ഷിക്കുവാൻ ഭാവിച്ച സന്ദർഭത്തിൽ
തടയാതിരുന്നെന്നുള്ളൊരു സംഗതിമൂലം.'' 30

സതിതന്നത്യദ്ഭുതപ്രാണസന്ത്യാഗം കണ്ടി-
ട്ടിതുമട്ടെല്ലാവരും കഥിക്കുംസമയത്തിൽ

ദക്ഷസംഹാരത്തിനായായുധമുയർത്തിയാ
ത്ര്യക്ഷപാർഷദരെല്ലാമുത്ഥാനംചെയ്തീടി-
നാർ. 31

യാഗവിഘ്നത്തിനായിപ്പാഞ്ഞടുത്തിടും രുദ്ര-
ഭാഗസ്ഥപാർഷദന്മാർക്കിയലും വേഗം കണ്ടു

വിഘ്നകാരികളെസ്സംഹരിപ്പാൻ ഭൃഗു ദക്ഷി-
ണാഗ്നിയിൽ ശക്തമായ മന്ത്രത്താൽ ഹോമി-
ച്ചിതേ. 32

ഹോമകുണ്ഡത്തിൽനിന്നുമുണ്ടായീ തപസ്സി-
നാൽ
സോമലോകത്തു വാഴുമസംഖ്യമുള്ളദേവർ. 33

മന്ത്രശക്തിയാൽ മിന്നുമുൽക്കകൾ കരങ്ങളി-
ലേന്തിയ തീക്കൊള്ളികൾകൊണ്ടടിച്ചുടൻ-
തന്നെ

പ്രമഥഗണങ്ങളും ഗുഹ്യകന്മാരും ചേർന്ന
സമസ്തശിവഭൃത്യൗഘത്തെയുമോടിച്ചിതേ. 34

അദ്ധ്യായം 5

ദക്ഷയാഗവിഘ്നം

മൈത്രേയൻ പറഞ്ഞു

ദക്ഷനാൽ സതിയധിക്ഷിപ്തയായ് മരിച്ചതും
ഋഭുക്കളുൽക്കകൾ തൻ ഭൃത്യരെയോടിച്ചതും

നാരദമഹർഷിയിൽനിന്നറിഞ്ഞജ്ജഗത്സം-
ഹാരദക്ഷനാം ത്ര്യക്ഷൻ കോപിഷ്ഠനായീ-
ടിനാൻ. 1

രോഷാധിക്യത്താൽ ചുണ്ടുകടിച്ചുംകൊണ്ടെ-
ണീറ്റു
ഭീഷണാകൃതിയായ്നിന്നട്ടഹാസവുംചെയ്തു

മിന്നലും വഹ്നിയുംപോൽ മിന്നിടും ജടപിടി-
ച്ചൊന്നടിച്ചാൻ, നിലത്തങ്ങുഗ്രമാം ശബ്ദ-
ത്തോടും. 2

അതികായനായതിൽനിന്നുടൻ മേഘദ്യുതി-
വിതറിയാകാശത്തു മുട്ടുമാകൃതിയാർന്ന

അർക്കോഷ്ണോഗ്രനേത്രത്രയനായ് ഘോര-
ദംഷ്ട്രാ-
യുക്തനായ് ജ്വലദഗ്നിക്കൊക്കുമമ്മുടിയോടും

കപാലമാലിയായിസ്സഹസ്രബാഹുക്കളി-
ലപായകരങ്ങളാം വിവിധായുധങ്ങളെ

ഉയർത്തിപ്പിടിച്ചുകൊണ്ടാവിർഭവിച്ചീടിനാൻ
ഭയത്തെക്കാണികൾക്കു വളർത്തും വീരഭദ്രൻ. 3

''എന്തു ഞാൻ ചെയ്യേണ്ടതെ''ന്നരുളിത്തൊഴു-
തുംകൊ-
ണ്ടന്തികംതന്നിൽ നില്ക്കുമവനോടോതീ ഹരൻ:

''വീരയോദ്ധാവേ! ഭവാൻ മദ്ഭടമേധാ-
വിയെ-
ന്നോർക്കുക, നീയെന്നംശഭൂതനുമത്രേ നൂനം.

പെട്ടെന്നു ഭവാൻ ദക്ഷയാഗശാലയിൽ ചെന്നു-
ദുഷ്ടനെക്കൊന്നു യജ്ഞധ്വംസനം ചെയ്തീ-
ടുക.'' 4

കോപത്തോടിപ്രകാരം കല്പിക്കും വിഭുവിനെ-
യാദ്രുതം പ്രദക്ഷിണംവച്ചു വന്ദിച്ചീടിനാൻ.

അപ്പോഴവന്നു തോന്നീയപ്രതിഹതമായ
കെല്പുണ്ടു തനിക്കെന്നുമെതിരില്ലാരുമെന്നും. 5

പാദഭൂഷണധ്വനിചേർത്തവൻ ഭയങ്കര-
നാദപൂരിതരുദ്രപാർഷദാനുഗനായി

ജഗദന്തകഹരം ശൂലവും പൊക്കിപ്പിടി-
ച്ചുകതോദയനായിപ്പാഞ്ഞുപോയിതു നേരേ. 6

പിന്നെയാ യജ്ഞം നടത്തുന്നവർ, യാഗദീക്ഷ-
യാർന്നിടും യജമാനൻ, സദസ്യദ്വിജന്മാരും,

തത്പത്നിമാരുമെല്ലാം വടക്കേദിക്കിൽ
പൊങ്ങു-
മപ്പൊടി കണ്ടിട്ടിതെന്തെവിടുന്നെന്നുഴന്നാർ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''വാതാ ന വാന്തി ന ഹി സന്തി ദസ്യവഃ
പ്രാചീനബർഹിർജ്ജീവതി ഹോഗ്രദണ്ഡഃ
ഗാവോ ന കാല്യന്ത ഇദം കുതോ രജോ
ലോകോ/ധുനാ കിം പ്രളയായ കല്പതേ.'' 8
പ്രസൂതിമിശ്രാഃ സ്ത്രിയ ഉദ്വിഗ്നചിത്താ
ഊചു,ർ''വിപാകോ വൃജിനസ്യൈഷ തസ്യ
യത്പശ്യന്തീനാം ദുഹിതൄണാം പ്രജേശഃ
സുതാം സതീമവദധ്യാവനാഗാം. 9
യസ്ത്വന്തകാലേ വ്യുപ്തജടാകലാപഃ
സ്വശൂലസൂച്യർപ്പിതദിഗ്ഗജേന്ദ്രഃ
വിതത്യ നൃത്യത്യുദിതാസ്ത്രദോർദ്ധ്വജാ-
നുച്ചാട്ടഹാസസ്തനയിത്നുഭിന്നദിക്. 10
അമർഷയിത്വാ തമസഹ്യതേജസം
മന്യുപ്ലുതം ദുർവ്വിഷഹം ഭ്രുകുട്യാ
കരാളദംഷ്ട്രാഭിരുദസ്തഭാഗണം
സ്യാത് സ്വസ്തി കിം കോപയതോ വിധാതുഃ.'' 11
ബഹ്വേവമുദ്വിഗ്നദൃശോച്യമാനേ
ജനേന ദക്ഷസ്യ മുഹുർമ്മഹാത്മനഃ
ഉത്പേതുരുത്പാതതമാസ്സഹസ്രശോ
ഭയാവഹാ ദിവി ഭൂമൗ ച പര്യക്: 12
താവത് സ രുദ്രാനുചരൈർമ്മഖോ മഹാ-
ന്നാനായുധൈർവ്വാമനകൈരുദായുധൈഃ
പിംഗൈഃ പിശംഗൈർമ്മകരോദരാനനൈഃ
പര്യാദ്രവദ്ഭിർവ്വിദുരാന്വരുധ്യത. 13
കേ ചിദ് ബഭഞ്ജുഃ പ്രാഗ്വംശം പത്നീശാലം തഥാപരേ
സദ ആഗ്നീധ്രശാലാം ച തദ്വിഹാരം മഹാനസം. 14
രുരുജുര്യജ്ഞപാത്രാണി തഥൈകേ/ഗ്നീനനാശയൻ
കുണ്ഡേഷ്വമൂത്രയൻ കേചിദ്ബിഭിദുർവ്വേദിമേഖലാഃ. 15
അബാധന്ത മുനീനന്യ ഏകേ പത്നീരതജ്ജയൻ
അപരേ ജഗൃഹുർദ്ദേവാൻ പ്രത്യാസന്നാൻ പലായിതാൻ. 16
ഭൃഗും ബബന്ധ മണിമാൻ, വീരഭദ്രഃ പ്രജാപതിം,
ചണ്ഡീശഃ പൂഷണം ദേവം ഭഗം നന്ദീശ്വരോ/ഗ്രഹീത്. 17
സർവ്വ ഏവർത്വിജോ ദൃഷ്ട്വാ സദസ്യാസ്സദിവൗകസഃ
തൈരർദ്യമാനാഃ സുഭൃശം ഗ്രാവഭിർന്നൈകധാദ്രവൻ. 18
ജുഹ്വതഃ സ്രുവഹസ്തസ്യ ശ്മശ്രൂണി ഭഗവാൻ ഭവഃ
ഭൃഗോർല്ലുലുഞ്ചേ സദസി യോ/ഹസച്ഛ്മശ്രു ദർശയൻ. 19
ഭഗസ്യ നേത്രേ ഭഗവാൻ പാതിതസ്യ രുഷാ ഭുവി
ഉജ്ജഹാര സദഃസ്ഥോ/ക്ഷ്ണാ യശ്ശപന്തമസൂചയത്. 20
പൂഷ്ണശ്ചാപാതയദ്ദന്താൻ കാലിംഗസ്യ യഥാ ബലഃ
ശപ്യമാനേ ഗരിമണി യോ/ഹസദ്ദർശയൻ ദതഃ. 21
ആക്രമ്യോരസി ദക്ഷസ്യ ശിതധാരേണ ഹേതിനാ
ഛിന്ദന്നപി തദുദ്ധർത്തും നാശക്നോത് ത്ര്യംബകസ്തദാ. 22
ശസ്ത്രൈരസ്ത്രാന്വിതൈരേവമനിർഭിന്നത്വചം ഹരഃ
വിസ്മയം പരമാപന്നോ ദധ്യൗ പശുപതിശ്ചിരം. 23
ദൃഷ്ട്വാ സ ജ്ഞപനം യോഗം പശൂനാം സ പതിർമ്മഖേ
യജമാനപശോഃ കസ്യ കായാത്തേനാഹരച്ഛിരഃ. 24
സാധുവാദസ്തദാ തേഷാം കർമ്മ തത്തസ്യ ശംസതാം
ഭൂതപ്രേതപിശാചാനാമന്യേഷാം തദ്വിപര്യയഃ 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കാററിപ്പോഴില്ല കള്ളന്മാരുമില്ലുഗ്രദണ്ഡ-
മേററീടുമപ്രാചീനബർഹിസ്സിരിപ്പു ഭൂപൻ.
കാളും വേഗത്തിൽ ഗോക്കളും പായുന്നുമില്ല
പിന്നെ-
ധൂളിയിതുയർന്നീടാൻ കാരണമെന്താണാവോ!
സന്ദേഹമുണ്ടാകുന്നു സങ്ഗതി ചിന്തിക്കുകി-
ലിന്നിതു ലോകനാശമുണ്ടാകും പ്രളയമോ?'' 8
പിന്നെയാ പ്രസൂത്യാദി നാരിമാരെല്ലാം ദുഃഖ-
മഗ്നരായ് കേണു ചൊന്നാ, ''രിതു മറെറാന്നുമല്ല
ഇപ്രജാപതീപാപപരിപാകംതാൻ ദൃഢം
തത്പുത്രിയപരാധാപേതയാം സതിതന്നെ
നിർഭരമിയ്യാൾ നിന്ദിച്ചില്ലയോ കുസലെന്യേ
തദ്ഭഗിനിമാരെല്ലാം കണ്ടുകൊണ്ടിരിക്കവേ. 9
ചിന്നിടും ജടാഭ്രഷധരിച്ചും ശൂലാഗ്രത്തി-
ലുന്നതഗജങ്ങളെക്കോർത്തിട്ടുമത്യുച്ചമായ്
ദിക്കുകൾ പിളക്കുമാററട്ടഹാസങ്ങളിട്ടും
പൊക്കിത്തൻ ശസ്ത്രങ്ങളെ പിടിച്ച ദോർദ്ധ്വ-
ജങ്ങൾ
പരത്തിത്തോഷംപൂണ്ടു സംവർത്തകാലത്തിങ്കൽ
തരത്തിൽ നൃത്തമാടീടുന്നതേതൊരുദേവൻ
ആരുടെ ഘോരദംഷ്ട്രാവിസ്ഫുരത്പ്രഭയാലേ
സൂര്യാദിഗോളമെല്ലാമസ്താഭമാകുന്നുവോ
ആ രുദ്രഭഗവാനെബ്ഭർത്സിച്ചു കോപിപ്പിച്ചു
വൈരിയാക്കീട്ടിദാനീം ഭവാനീനിന്ദനത്താൽ
വിദ്വേഷം വർദ്ധിപ്പിച്ചു വാണീടുമദ്ദക്ഷനു
ഭദ്രമേതൊരുകാലത്തെങ്കിലും ഭവി-
ക്കുമോ?'' 10–11
ഭീതിയാൽ ചലിച്ചീടും മിഴികളാളും ജനം
ഖേദത്തോടേവം കഥിച്ചീടവേ, ധീരനാകും
ദക്ഷനും ഭയംചേർക്കും ദുർന്നിമിത്തങ്ങളേയു-
മക്ഷണം കണ്ടാൻ ചുററും ഭുവിലുമാകാ-
ശത്തും. 12
അപ്പോൾ താൻ കപിലവും മഞ്ഞയും നിറമാന്നു
കെല്ലൊടും ഹ്രസ്വന്മാരായ് മകരോദരാസ്യ-
രായ്
ചുററിനുമോടിച്ചാടിക്കളിയാടിയും നാനാ-
മട്ടെഴുമായുധങ്ങളുയർത്തിപ്പിടിച്ചിട്ടും
എത്തുമുദ്ധതന്മാരാം രുദ്രപാർഷദന്മാരാൽ
സത്വരം നിരോധിക്കപ്പെട്ടിതാ മഹാ-
യജ്ഞം. 13
ചിലർ പെട്ടെന്നു കേറിഖ്ഖണ്ഡിച്ചാർ
പ്രാഗ്വംശത്തെ,
ചിലരസ്സഭാമണ്ഡപത്തെയും തകർത്തിതേ,
അന്യന്മാർ യജമാനസദനത്തെയും പിന്നെ-
ച്ചെന്നു പത്നിമാരിരുന്നീടുമാലയത്തെയും
അഗ്നീധ്രഗേഹത്തെയും, ഭോജനശാലയേയും
ഭഗ്നമാക്കിനാർ കേറി വീറൊടും വേറേ-
ചിലർ. 14
യാഗപാത്രങ്ങളെല്ലാമെറിഞ്ഞുടച്ചു ചിലർ,
വേഗത്തിലഗ്നി കെടുത്തവിടെ മൂത്രംവീഴ്ത്തി
അറുത്തു ചിലരുടനഗ്നിശാലയേ വേറു-
തിരിച്ചു കെട്ടീടുന്നോരതിർത്തിക്കയറെല്ലാം. 15
ഉപദ്രവിച്ചു ചിലർ മാമുനിമാരെപ്പിടി-
ച്ചപരർ പേടിപ്പിച്ചു തത്പത്നീജനങ്ങളെ
പിടിച്ചുനിർത്തി ഭയന്നോടിടും സുരരേയു-
മടുത്തു വശാൽ വന്നുകൂടുവോരെയും ചിലർ. 16
പിടിച്ചു കെട്ടിയിട്ടാൻ മണിമാൻ ഭൃഗുവിനെ
ചൊടിച്ചു വീരഭദ്രൻ ദക്ഷനെബ്ബദ്ധനാക്കി
ചണ്ഡീശൻപൂഷാവിനെബ്ബന്ധിച്ചു,നന്ദീശ്വരൻ
ചെന്നുടൻ ഭഗദേവൻതന്നെയും പിടിച്ചിതു. 17
മട്ടിതു കണ്ടു വേഗം സുരരൃത്വിഗ്ദ്വിജ-
ക്കൂട്ടവും കല്ലേറേറു പാഞ്ഞോരോവഴി
പോയാർ.
സദസ്സിൽവച്ചു ദക്ഷൻ ശിവനെ നിന്ദിക്കെയൊ-
രതുഷ്ടനായ്ത്താടിതടവിച്ചിരിച്ചുവോ, 18
ഈ മഹായജ്ഞംതന്നിൽ സ്രുവവും കയ്യി-
ലേന്തി
ഹോമിച്ചു കാർമ്മികാഗ്ര്യനാകുമാ ഭൃഗുവിൻെറ
ആനനരോമങ്ങളെബ്ഭഗവാൻ വീരഭദ്രൻ
താനോരോന്നോരോന്നായിപ്പറിച്ചെടുത്തീടി-
നാൻ. 19
മുന്നമസ്സഭയിൽവച്ചീശനെശ്ശപിക്കുവാൻ
കണ്ണുകാണിച്ചു മോദിച്ചീടിന ഭഗൻതന്നെ
രുട്ടാന്നു വീരഭദ്രൻ താഴത്തു പിന്നെത്തട്ടി-
യിട്ടിട്ടുകണ്ണുരണ്ടും ചൂഴന്നങ്ങെടുത്തിതു. 20
പല്ലിളിച്ചിരുന്നേററം ഹസിച്ച പൂഷാവിൻെറ-
യെല്ലാദന്തങ്ങളേയും, കലിംഗരാജാവിൻെറ
പല്ലുകൾ ബലഭദ്രദേവനെന്നതുപോലെ,
തല്ലിപ്പറിച്ചു താഴെപ്പതിപ്പിക്കയും ചെയ്താൻ.21
പിന്നെയദ്ദക്ഷവക്ഷഃസ്ഥലത്തിൽക്കടന്നിരു-
ന്നന്യൂനശിതശസ്ത്രംകൊണ്ടു തത്കണ്ഠം സ്വയം
മുറിച്ചെങ്കിലും രണ്ടു ഖണ്ഡമായ് വേർ-
തിരിക്കാൻ
തരിമ്പും ശക്തി വീരഭദ്രനില്ലാതെപോയി. 22
ശസ്ത്രങ്ങൾകൊണ്ടീവിധം കണ്ഠച്ഛേദനത്തിനാ-
യസ്ത്രങ്ങളൊത്തു വീണ്ടും വേണ്ടപോൽ
ശ്രമിച്ചിട്ടും
തൊലിയററീടാതെയായപ്പൊഴശ്ശിവരൂപൻ
ചലനമററിരുന്നു ചിന്തിച്ചാൻ കുറേനേരം. 23
ധരിച്ചാനപ്പോളവനധ്വരംതന്നിൽ ഗളം
പിരിച്ചു പശുക്കളെക്കൊല്ലുന്ന സമ്പ്രദായം.
ദക്ഷനെപ്പിന്നെ യാഗപശുവായ് സങ്കല്പിച്ചി-
ട്ടക്ഷണം തച്ഛിരസ്സു മുറിച്ചു നിലത്തിട്ടാൻ. 24
അതു കണ്ടീശഭൂതപിശാചപ്രേതാദി സ-
മ്മോദിച്ചു, ദക്ഷപക്ഷക്കാരെല്ലാം തപിച്ചുതേ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജുഹാവൈതച്ഛിരസ്തസ്മിൻ ദക്ഷിണാഗ്നാവമർഷിതഃ
തദ്ദേവയജനം ദഗ്ദ്ധ്വാ പ്രാതിഷ്ഠദ് ഗുഹ്യകാലയം. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ദക്ഷയജ്ഞവിധ്വംസോ നാമ പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

മൈത്രേയ ഉവാച

അഥ ദേവഗണാസ്സർവ്വേ രുദ്രാനീകൈഃ പരാജിതാഃ
ശൂലപട്ടിശനിസ്ത്രിംശഗദാപരിഘമുദ്ഗരൈഃ. 1

സംഛിന്നഭിന്നസർവ്വാങ്ഗാസ്സർത്വിക്സഭ്യാ ഭയാകുലാഃ
സ്വയംഭുവേ നമസ്കൃത്യ കാർത്സ്ന്യേനൈതന്ന്യവേദയൻ. 2

ഉപലഭ്യ പുരൈവൈതദ് ഭഗവാനബ്ജസംഭവഃ
നാരായണശ്ച വിശ്വാത്മാ ന കസ്യാദ്ധ്വരമീയതുഃ 3

തദാകർണ്ണ്യ വിഭുഃ പ്രാഹ തേജീയസി കൃതാഗസി
ക്ഷേമായ തത്ര മാ ഭൂയാന്ന പ്രായേണ ബുഭൂഷതാം. 4

അഥാപി യൂയം കൃതകില്ബിഷാ ഭവം
യേ ബർഹിഷോ ഭാഗഭാജം പരാദുഃ
പ്രസാദയധ്വം പരിശുദ്ധചേതസാ
ക്ഷിപ്രപ്രസാദം പ്രഗൃഹീതാങ്ഘ്രിപദ്മം. 5

ആശാസാനാ ജീവിതമദ്ധ്വരസ്യ
ലോകസ്സപാലഃ കുപിതേ ന യസ്മിൻ
തമാശു ദേവം പ്രിയയാ വിഹീനം
ക്ഷമാപയധ്വം ഹൃദി വിദ്ധം ദുരുക്തൈഃ. 6

നാഹം ന യജ്ഞോ ന ച യൂയമന്യേ
യേ ദേഹഭാജോ മുനയശ്ച തത്ത്വം
വിദുഃ പ്രമാണം ബലവീര്യയോർവ്വാ
യസ്യാത്മതന്ത്രസ്യ ക ഉപായം വിധിത്സേത്. 7

മൈത്രേയ ഉവാച

സ ഇത്ഥമാദിശ്യ സുരാനജസ്തൈ-
സ്സമന്വിതഃ പിതൃഭിസ്സപ്രജേശൈഃ
യയൗ സ്വധിഷ്ണ്യാന്നിലയം പുരദ്വിഷഃ
കൈലാസമദ്രിപ്രവരം പ്രിയം പ്രഭോഃ. 8

ജന്മൗഷധിതപോമന്ത്രയോഗസിദ്ധൈർന്നരേതരൈഃ
ജുഷ്ടം, കിന്നരഗന്ധർവ്വൈരപ്സരോഭിർവൃതം സദാ. 9

നാനാമണിമയൈഃ ശൃംഗൈർന്നാനാധാതുവിചിത്രിതൈഃ
നാനാദ്രുമലതാഗുല്മൈർന്നാനാമൃഗഗണാവൃതൈഃ. 10

നാനാമലപ്രസ്രവണൈർന്നാനാകന്ദരസാനുഭിഃ
രമണം വിഹരന്തീനാം രമണൈസ്സിദ്ധയോഷിതാം. 11

മയൂരകേകാഭിരുതം മദാന്ധാളിവിമൂർച്ഛിതം
പ്ലാവിതൈ രക്തകണ്ഠാനാം കൂജിതൈശ്ച പതത്രിണാം. 12

ആഹ്വയന്തമിവോദ്ധസ്തൈർദ്വിജാൻ കാമദുഘൈർദ്രുമൈഃ
വ്രജന്തമിവ മാതങ്ഗൈർഗ്ഗൃണന്തമിവ നിർഝരൈഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദക്ഷോത്തമാംഗം പെട്ടെന്നതു് കടെ-
ക്രോധത്തോടും
ദക്ഷിണാഗ്നിയിലിട്ട ഹോമിച്ചാൻ വീരഭദ്രൻ.

പിന്നയാ യജ്ഞശാലയൊന്നോടെ
ദഹിപ്പിച്ചി-
ട്ടന്നേരംതന്നെ പോയാൻ കൈലാസത്തിലേ-
ക്കായി. 26

അദ്ധ്യായം 6

ദക്ഷയാഗം—ബ്രഹ്മാദിപ്രാർത്ഥന

മൈത്രേയൻ പറഞ്ഞു

ഗംഗാകാമകഭൃത്യശൂലാദ്യായുധങ്ങളാ-
ലംഗങ്ങളാകെപ്പിന്നഭിന്നമായ് ത്തോ-
റോടിയ

അമർത്ത്യർ സദസ്യരൃത്വിക് ഭൂസുരന്മാരും
സമൂഹത്തോട പേടിച്ചജനെസ്സമീപിച്ചു

വന്ദിച്ചു നമസ്കരിച്ചുഴറോടറിയിച്ചാ-
നൊന്നുമേ വിടാതങ്ങു നടന്ന സംഭവങ്ങൾ. 1-2

ചെന്നില്ലീ യാഗത്തിന്നു ധാതാവും വൈകുണ്ഠനും
മുന്നേയിക്കഴപ്പങ്ങളറിഞ്ഞിരുന്നമൂലം. 3

അരുളീടിനാനതിന്നവരോടബ്ജാസന-
നൊരുത്തെറ്റൊരുവേള ചെയ്യിലും മഹാന്മാരെ

അപരാധികളാക്കാനാഗ്രഹിച്ചീടുന്നവ-
ർക്കപരി സുഖമൊരുകാലവുമുണ്ടായിടാ. 4

യാഗഭാഗാർഹനാകും ശ്രീപരമേശ്വരന്ന-
തേകാതിരുന്ന നിങ്ങളപരാധികളത്രേ.

എങ്കിലും പരിശുദ്ധമാനസന്മാരായ്ച്ചെന്ന-
ശ്ശങ്കരഭഗവാനെ പ്രസന്നനാക്കീടുവിൻ.

തങ്കഴൽ പണിഞ്ഞിടും ജനങ്ങൾക്കിയലുന്ന
സങ്കടം തീർത്തിടുമാ ക്ഷിപ്രപ്രസാദിദേവൻ. 5

ഏതൊരു ദേവൻ കോപിച്ചീടുകിൽ ജഗത്-
പാലോ-
പേതമീ ലോകമില്ലാതായിടുമക്ഷണത്തിൽ

പ്രേയസീരഹിതനും ദുരുക്തവിദ്ധഹൃത്തു-
മായീടുമദ്ദേവനെയദ്ധ്വരപൂരണാർത്ഥം

ശങ്കയെന്നിയേ ശീഘ്രം പാദപങ്കജം കൂപ്പി-
സ്സങ്കടമുണർത്തിച്ചു ചെയ്യുവിൻ ക്ഷമാപണം! 6

ഞാനുമായജ്ഞാഖ്യനാമിദാനീന്തന ശക്രൻ-
താനും നിങ്ങളും മുനിമുഖ്യരുമാരുംതന്നെ

ശ്രീശിവൻതൻ തത്ത്വവും ബലവീര്യാദിഗുണ-
ലേശവുമറിഞ്ഞിടാത്തവരെന്നിരിക്കുമ്പോൾ

ഹരകോപത്തിൻ പരിഹാരമിന്നാലോചിപ്പാ-
നൊരുവനാവതുള്ളോനാരുള്ള പാരിടത്തിൽ? 7

മൈത്രേയൻ പറഞ്ഞു

ഏവമദ്ദേവന്മാരോടോതിയച്ചതുർമ്മുഖ-
ദേവനപ്പിതൃപ്രജാപതികളൊത്തു പിന്നെ

പുരം വിട്ടുടൻ പുരദ്വേഷിയാം ദേവാന്റെ
പരമപ്രേമധാമം കൈലാസം നോക്കിപ്പോ-
യാൻ. 8

ജന്മത്താലൗഷധത്താൽ, തപസ്സാൽ മന്ത്രത്താലും
നന്മേറ്റ സിദ്ധിയാളും മർത്ത്യേതരന്മാരാലും

കിന്നരാപ്സരസ്സുകൾ ഗന്ധർവ്വരിവരാലു-
മെന്നുമേ ചുറ്റും നിന്നു സേവിക്കപ്പെട്ടോ-
താവ്. 9

പലമാതിരി മണിഗണങ്ങൾ ധാതുക്കളും
പല പാദപലതാഗുല്മങ്ങൾ മൃഗങ്ങളും

പല നിർമ്മലവെള്ളച്ചാട്ടങ്ങൾ കുടങ്ങളും
പല കന്ദരമാളും സാനുപ്രദേശങ്ങളും

ഒത്തെഴും ശൃംഗങ്ങളിൽ കാന്തരൊത്തുല്ലസിക്കും
സിദ്ധസ്ത്രീജനത്തിനു രതിയേറുന്നതായി
10-11

നിതാന്തം കേകാരാവപൂരപൂരിതമായി
മദാന്ധഭൃംഗരാഗാലാപസങ്കലിതമായ്

കളകണ്ഠാദിപക്ഷിനിരതന്നച്ചമാക-
മൊലിയാൽ കാമപ്രദദ്രുമഹസ്തങ്ങൾ പൊക്കി

കിളിക്കൂട്ടത്തെ വിളിക്കുട്ടുന്നതായി നദീ-
ജലനിർഝരശബ്ദത്താലേതോ ചൊൽവതായി

ചരിക്കും ഗിരികളോയെന്നു തോന്നുമാറെങ്ങും
കരിസഞ്ചയം ചുറ്റിസ്സഞ്ചരിക്കുന്നതായി.
12-13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ദാരൈഃ പാരിജാതൈശ്ച സരളൈശ്ചോപശോഭിതം
തമാലൈശ്ശാലതാലൈശ്ച കോവിദാരാസനാർജ്ജുനൈഃ 14
ചൂതൈഃ കദംബൈർന്നീപൈശ്ച നാഗപുന്നാഗചമ്പകൈഃ
പാടലാശോകബകുളൈഃ കുന്ദൈഃ കുരവകൈരപി 15
സ്വർണ്ണാർണ്ണശതപത്രൈശ്ച വരരേണുകജാതിഭിഃ
കുബ്ജകൈർമ്മല്ലികാഭിശ്ച മാധവീഭിശ്ച മണ്ഡിതം 16
പനസോദുംബരാശ്വത്ഥപ്ലക്ഷന്യഗ്രോധഹിംഗുഭിഃ
ഭൂർജ്ജൈരോഷധിഭിഃ പൂഗൈ രാജപൂഗൈശ്ച ജംബുഭിഃ 17
ഖർജ്ജൂരാമ്രാതകാമ്രാദ്യൈഃ പ്രിയാളമധുകേംഗുദൈഃ
ദ്രുമജാതിഭിരന്യൈശ്ച രാജിതം വേണുകീചകൈഃ. 18
കുമുദോത്പലകല്ഹാരശതപത്രവനർദ്ധിഭിഃ
നളിനീഷു കളം കൂജത്ഖഗവൃന്ദോപശോഭിതം 19
മൃഗൈശ്ശാഖാമൃഗൈഃ ക്രോഡൈർമൃഗേന്ദ്രൈർ ഋക്ഷശല്യകൈഃ
ഗവയൈശ്ശരഭൈർവ്യാഘ്രൈ രുരുഭിർമ്മഹിഷാദിഭിഃ 20
കർണ്ണാന്ത്രൈകപദാശ്വാസ്യൈർന്നിർജ്ജുഷ്ടം വൃകനാഭിഭിഃ
കദളീഖണ്ഡസംരുദ്ധനളിനീപുളിനശ്രിയം 21
പര്യസ്തം നന്ദയാ സത്യാഃ സ്നാനപുണ്യതരോദയാ
വിലോക്യ ഭൂതേശഗിരിം വിബുധാ വിസ്മയം യയുഃ. 22
ദദൃശുസ്തത്ര തേ രമ്യാമളകാം നാമ വൈ പുരീം
വനം സൗഗന്ധികം ചാപി യത്ര തന്നാമ പങ്കജം. 23
നന്ദാ ചാളകനന്ദാ ച സരിതൗ ബാഹ്യതഃ പുരഃ
തീർത്ഥപാദപദാംഭോജരജസാതീവ പാവനേ. 24
യയോസ്സുരസ്ത്രിയഃ ക്ഷത്തരവരുഹ്യ സ്വധിഷ്ണ്യതഃ
ക്രീഡന്തി പുംസസ്സിഞ്ചന്ത്യോ വിഗാഹ്യ രതികർശിതാഃ 25
യയോസ്തത് സ്നാനവിഭ്രഷ്ടനവകുങ്കുമപിഞ്ജരം
വിതൃഷോഽപി പിബന്ത്യംഭഃ പായയന്തോ ഗജാ ഗജീഃ. 26
താരഹേമമഹാരത്നവിമാനശതസങ്കുലാം
ജുഷ്ടാം പുണ്യജനസ്ത്രീഭിര്യഥാ ഖം സതടിദ്ഘനം. 27
ഹിത്വാ യക്ഷേശ്വരപുരീം വനം സൗഗന്ധികം ച തത്
ദ്രുമൈഃ കാമദുഘൈർഹൃദ്യം ചിത്രമാല്യഫലച്ഛദൈഃ. 28
രക്തകണ്ഠഖഗാനീകസ്വരമണ്ഡിതഷട്പദം
കളഹംസകുലപ്രേഷ്ഠം ഖരദണ്ഡജലാശയം. 29
വനകുഞ്ജരസംഘൃഷ്ടഹരിചന്ദനവായുനാ
അധി പുണ്യജനസ്ത്രീണാം മുഹുരുന്മഥയൻ മനഃ 30
വൈഡൂര്യകൃതസോപാനാ വാപ്യ ഉത്പലമാലിനീഃ
പ്രാപ്തം കിമ്പുരുഷൈർദൃഷ്ട്വാ ത ആരാദ്ദദൃശുർവടം. 31
സ യോജനശതോത്സേധഃ പാദോനവിടപായതഃ
പര്യക്കൃതാചലച്ഛായോ നിർന്നീഡസ്താപവർജ്ജിതഃ 32
തസ്മിൻ മഹായോഗമയേ മുമുക്ഷുശരണേ സുരാഃ
ദദൃശുശ്ശിവമാസീനം ത്യക്താമർഷമിവാന്തകം. 33
സനന്ദനാദ്യൈർമ്മഹാസിദ്ധൈഃ ശാന്തൈസ്സംശാന്തവിഗ്രഹം
ഉപാസ്യമാനം സഖ്യാ ച ഭർത്രാ ഗുഹ്യകരക്ഷസാം. 34
വിദ്യാതപോയോഗപഥമാസ്ഥിതം തദധീശ്വരം
ചരന്തം വിശ്വസുഹൃദം വാത്സല്യാല്ലോകമങ്ഗളം. 35
ലിങ്ഗം ച താപസാഭീഷ്ടം ഭസ്മദണ്ഡജടാജിനം
അങ്ഗേന സന്ധ്യാഭ്രരുചാ ചന്ദ്രലേഖാം ച ബിഭ്രതം. 36
ഉപവിഷ്ടം ദർഭമയ്യാം ബൃസ്യാം ബ്രഹ്മ സനാതനം
നാരദായ പ്രവോചന്തം പൃച്ഛതേ ശൃണ്വതാം സതാം. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ദാരപാരിജാതസരളകോവിദാര-
പുന്നാഗസാലതാലതമാലബകുളങ്ങളും,
അസനനീപനാഗചെമ്പകപാടലങ്ങ-
ളശോകാജ്ജുനകദംബാവലി, തേന്മാവുകൾ
എന്നിപ്പാദപങ്ങളും, സ്വർണ്ണാർണ്ണശതപത്ര-
കുന്ദങ്ങൾ, കുരവകമാധവീജാതികളും
മല്ലികാകുബ്ജവരരേണുകങ്ങളുമായി-
ട്ടുള്ളതാം നാനാവിധവല്ലികൾ ചെടി-
കളും 14–16

അത്തി,യാൽ,പേരാൽ,ഭൂർജ്ജം, ബ്ലാറം, ഹിം-
ഗുവും പ്ലാവെ-
ന്നിത്തരം പലേവിധമോഷധിവൃക്ഷങ്ങളും
മാവുകൾതെങ്ങുമുങ്ങുംകവുങ്ങും കരിങ്ങാലി
ഞാവലുമിലിപ്പയും മുളയെന്നിവചേർന്ന 17-18
ഉത്പലശതപത്രകുമുദകല്ഹാരാദി
പുഷ്പങ്ങൾ തിങ്ങും തടാകങ്ങളിൽക്കളനാദം
സന്തതം ചേർത്തു വിഹരിച്ചീടും വിഹംഗമ-
വൃന്ദത്താൽ തുല്യഹീനമുല്ലസിക്കുന്നതായി 19
പന്നി,മാൻ,ഗവയവും,കുരങ്ങ,സിംഹം,-
മുള്ളൻ-
പന്നി,കസ്തൂരിമൃഗം,ഭല്ലൂകം,വ്യാഘ്രം,പോത്തും
സേവിപ്പതായി വാഴയിലകൾക്കെഴും തണൽ-
താവും പദ്മിനീതീരമണൽത്തിട്ടതൻകാന്തി-
കലർന്നതായിസ്സതീസ്നാനത്താൽ സംശുദ്ധമാം
വിലസും സുരഭിലജലത്താൽ വ്യാപ്തമാകും
കൈലാസമെന്നു പേരാം ഭൂതേശഗിരി കണ്ടു
വേലാതീതാദ്ഭുതാമ്പുനിമഗ്നരായാർ
സുരർ. 20–22

അവിടെക്കണ്ടു രമ്യമളകാപുരിയെയു-
മവരസ്സൗഗന്ധികപദ്മാഖ്യവനത്തെയും. 23
പിന്നെദ്ദർശിച്ചു ഹരപാദാബ്ജധൂളീശുദ്ധം
നന്ദ,യളകനന്ദയെന്നുള്ള നദി രണ്ടും. 24
ഇന്നദികളിൽ രതിക്ലാന്തകളാമപ്സര-
സുന്ദരീവൃന്ദം വന്നു കളിക്കാറുണ്ടു നിത്യം.
എന്നതുമാത്രമല്ല സലിലക്രീഡയാലേ
നന്നായ് സേചനം ചെയ്യാറുണ്ടവർ പുമാ-
ന്മാരെ. 25

തത്സ്തനങ്ങളിൽനിന്നും സ്നാനത്താലിഴകിയ
പുത്തൻ കുങ്കുമത്തിനാൽ മഞ്ഞിച്ച സുഗ-
ന്ധിയാം
ഇന്നദീജലം ദാഹിക്കായ്കിലും വാരണങ്ങൾ
വന്നെന്നും കുടിച്ചിട്ടു കൊട്ടപ്പു പിടി-
കൾക്കും. 26
വെള്ളി,പൊൻ,മാണിക്യാദിമണികളിവ-
യാൽ തീ-
ർത്തുള്ളതാം വ്യോമയാനൗഘത്താലുമതിലാളും

യക്ഷനാരിമാരാലും മിന്നിയിപ്പുരി,യന്ത-
രിക്ഷമംബുദതടിത്സംയുതം ശോഭിക്കും-
പോൽ. 27

അളകസൗഗന്ധികവനമെന്നിവകട-
ന്നിലപൂകാസ്ത്രളൊത്തു കാമത്തെക്കുറപ്പതാം
ഭൂരുഹനിരചേർന്ന കോകിലഭൃംഗനാദ-
പൂരിതമായിക്കളഹംസങ്ങളിഷ്ടപ്പെട്ടും
താമരപ്പൊയ്കകളാർന്നനതവനഹസ്തി-
വ്യാമർദ്ദസുരഭിയാമകിലിൽതട്ടിയെത്തും
തെന്നലപ്പുണ്യജനകാമിനീമാനസത്തെ
പിന്നെയും പിന്നെയും ചെന്നുമഥിച്ചീടുന്ന-
തായ്

വൈഡൂര്യക്കല്പടയാർന്നത്പലപ്പൂക്കളിട-
ക്കുടിക്കിംപുരുഷാളി നിത്യവുമൊത്തുചേർന്നു
സോല്ലാസം ക്രീഡിച്ചിടും വാപികൾ കണ്ടി-
ട്ടതിൻ
തെല്ലിടത്തായിക്കണ്ടാർ നല്ലൊരു വടവൃക്ഷം.
28–31

നൂറുയോജനപൊങ്ങിപ്പരന്നു ചുററും വാച്ചു-
കേറിയങ്ങെഴുപത്തിയഞ്ചു യോജന നീണ്ടു
വമ്പിച്ച ശാഖാളിയാന്നചലച്ഛായയോടും
ജൃംഭിച്ചു താപമാററിപ്പഴുതററിതു നില്പു. 32
മോക്ഷേച്ഛുശരണ്യമായ് മഹായോഗ-
സ്വരൂപം
കൈക്കൊണ്ടു മീന്നുമതിൻ ചുവട്ടിലാസീനനാം
പരമേശനെക്കോപംവിട്ടിരുന്നിടും ദണ്ഡ-
ധരനെപ്പോലെ കണ്ടിതസ്സുരസംഘം നേരേ. 33
ശാന്തരായ് ശുദ്ധന്മാരാം സനന്ദനാദ്യന്മാരും
സന്തതസഖാവാകും യക്ഷരക്ഷോനാഥനും
നിത്യവും ഭക്തിപൂർവ്വമുപാസിപ്പവനായി-
ട്ടത്യന്തശാന്തമാകും വിഗ്രഹം ധരിപ്പോ-
നായ്. 34

വാത്സല്യത്തിനാൽ ജഗന്മങ്ഗലമാചരിക്കും
വിശൈകസുഹൃത്തായി വിശ്വാധീശ്വരനായി
വിദ്യയും തപം യോഗമാർഗ്ഗമെന്നിവയെന്നും
കൃത്യമായനുഷ്ഠിച്ചു വിദ്യോതമാനനായി. 35
സന്ധ്യാഭ്രശുഭ്രമാകുമംഗത്താൽ താപസക്കു
സന്തുഷ്ടിയേകും ഭസ്മജടാദണ്ഡാജിനമാം
ലിങ്ഗവും ചാരുചന്ദ്രക്കലയും വേണ്ടുംവിധ-
മങ്ഗങ്ങളിൽ ധരിച്ചു വിളങ്ങുന്നവനായി. 36
ബൃസിയെന്നുള്ള ദർഭമയമാമാസനത്തിൽ
ഭസിതാങ്ഗനായിരുന്നമർത്ത്യമുനീന്ദ്രനാൽ-
ചോദിക്കപ്പെട്ടും ബ്രഹ്മതത്ത്വത്തെ സുജനങ്ങൾ
സാദരം കേട്ടിരിക്കെ, പ്രവചിപ്പവനായി. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃത്വോരൗ ദക്ഷിണേ സവ്യം പാദപദ്മം ച ജാനുനി
ബാഹും പ്രകോഷ്ഠേ/ക്ഷമാലാമാസീനം തർക്കമുദ്രയാ. 38
തം ബ്രഹ്മനിർവ്വാണസമാധിമാശ്രിതം
വ്യുപാശ്രിതം ഗിരിശം യോഗകക്ഷാം
സലോകപാലാ മുനയോ മനൂനാ-
മാദ്യം മനും പ്രാഞ്ജലയഃ പ്രണേമുഃ. 39
സ തൂപലഭ്യാഗതമാത്മയോനിം
സുരാസുരേശൈരഭിവന്ദിതാങ്ഘ്രിഃ
ഉത്ഥായ ചക്രേ ശിരസാഭിവന്ദന-
മർഹത്തമഃ കസ്യ യഥൈവ വിഷ്ണുഃ. 40
തഥാപരേ സിദ്ധഗണാ മഹർഷിഭി-
ര്യേ വൈ സമന്താദനു നീലലോഹിതം
നമസ്കൃതഃ പ്രാഹ ശശാങ്കശേഖരം
കൃതപ്രണാമം പ്രഹസന്നിവാത്മഭൂഃ. 41

ബ്രഹ്മ ഉവാച

ജാനേ ത്വാമീശം വിശ്വസ്യ ജഗതോ യോനിബീജയോഃ
ശക്തേശ്ശിവസ്യ ച പരം യത്തദ്ബ്രഹ്മ നിരന്തരം. 42
ത്വമേവ ഭഗവന്നേതച്ഛിവശക്ത്യോഃ സ്വരൂപയോഃ
വിശ്വം സൃജസി പാസ്യത്സി ക്രീഡന്നൂർണ്ണപടോ യഥാ. 43
ത്വമേവ ധർമ്മാർത്ഥദുഘാഭിപത്തയേ
ദക്ഷേണ സൂത്രേണ സസർജ്ജിഥാദ്ധ്വരം
ത്വയൈവ ലോകേ/വസിതാശ്ച സേതവോ
യാൻ ബ്രാഹ്മണാഃ ശ്രദ്ദധതേ ധൃതവ്രതാഃ. 44
ത്വം കർമ്മണാം മങ്ഗള! മങ്ഗളാനാം
കർത്തുഃ സ്മ ലോകം തനുഷേ സ്വഃ പരം വാ
അമങ്ഗളാനാം ച തമിസ്രമുല്ബണം
വിപര്യയഃ കേന തദേവ കസ്യചിത്. 45
ന വൈ സതാം ത്വച്ചരണാർപ്പിതാത്മനാം
ഭൂതേഷു സർവ്വേഷ്വഭിപശ്യതാം തവ
ഭൂതാനി ചാത്മന്യപൃഥഗ്ദിദൃക്ഷതാം
പ്രായേണ രോഷോ/ഭിഭവേദ്യഥാ പശും. 46
പൃഥഗ്ധിയഃ കർമ്മദൃശോ ദുരാശയാഃ
പരോദയേനാർപ്പിതഹൃദ്രുജോ/നിശം
പരാൻ ദുരുക്തൈർവിതുദന്ത്യരുന്തുദാ-
സ്താന്മാ/വധീദ്ദൈവവധാൻ ഭവദ്വിധഃ. 47
യസ്മിൻ യദാ പുഷ്കരനാഭമായയാ
ദുരന്തയാ സ്പൃഷ്ടധിയഃ പൃഥഗ്ദൃശഃ
കുർവ്വന്തി തത്ര ഹ്യനുകമ്പയാ കൃപാം
ന സാധവോ ദൈവബലാത് കൃതേ ക്രമം. 48
ഭവാംസ്തു പുംസഃ പരമസ്യ മായയാ
ദുരന്തയാസ്പൃഷ്ടമതിസ്സമസ്തദൃക്
തയാ ഹതാത്മസ്വനുകർമ്മചേതഃ
സ്വനുഗ്രഹം കർത്തുമിഹാർഹസി പ്രഭോ. 49
കുർവ്വധ്വരസ്യോദ്ധരണം ഹതസ്യ ഭോ-
സ്ത്വയാസമാപ്തസ്യ മനോ പ്രജാപതേഃ
ന യത്ര ഭാഗം തവ ഭാഗിനോ ദദുഃ
കുയാജിനോ യേന മഖോ നിനീയതേ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇടത്തെപ്പാദാബ്ജം തന്‍ വലത്തെത്തുടമേല്‍—
മിടത്തു കൈത്താരിടം കാല്‍മുട്ടിന്മേലുംവച്ചു

വലത്തെ പ്രകോഷ്ഠത്തിലക്ഷമാലയെച്ചുററി
വലംകൈക്കുപ്പുരുവിരല്‍ ചൂണ്ടാണിയോടു
ചേര്‍ത്തും 38

സ്ഥിതനായ് ബ്രഹ്മാനന്ദസമാധിയാശ്രയിച്ചും
സതതം യോഗപട്ടം ധരിച്ചും, വിളങ്ങിടും

മന്വന്തരാദിമനുവാകുമീശനെക്കുപ്പി
മുനിമാര്‍ ജഗത്പാലന്മാരൊത്തു നമിച്ചുതേ. 39

തന്‍കഴല്‍ സുരാസുരാധീശന്മാരെല്ലാം വന്ദി—
ച്ചെങ്കിലും ശ്രീശങ്കരന്‍ ശങ്കവിട്ടെഴുന്നേററു

അര്‍ച്ച്യനാമാത്മയോനിദേവനെയാനമിച്ചാന്‍
കശ്യപപ്രജേശനെ വാമനമൂര്‍ത്തിമട്ടില്‍. 40

വിനയത്തോടീശന്‍ നമിക്കെച്ചുററും നില്ക്കും
മുനിമാര്‍ സിദ്ധന്മാരുമജനെപ്പൂജിച്ചിതു.

നന്ദിച്ചു ചിരിച്ചുകൊണ്ടരുളീടിനാനുടന്‍
ചന്ദ്രശേഖരനോടായ് സ്വയംഭൂവിപ്രകാരം. 41

ബ്രഹ്മാവു പറഞ്ഞു

ഭുവനത്രയത്തിന്നും മാതാപിതാക്കന്മാരാം
ശിവനുമശ്ശക്തിക്കും പരമനിദാനമായ്

എങ്ങുമേ നിറഞ്ഞെഴും ബ്രഹ്മമായീടുമീശ—
നങ്ങുതാനെന്നുള്ളതീ ഞാനറിഞ്ഞിരിക്കുന്നു. 42

ഭഗവന്‍! സദ്രൂപരാം ശിവശക്തികരം രണ്ടി—
ന്നകമേ ക്രീഡിച്ചീടുമങ്ങുന്നുതന്നെയല്ലോ

ഈ ലോകമശേഷവും സൃഷ്ടിച്ചു സംരക്ഷിച്ചി—
ട്ടാലയിപ്പിച്ചീടുന്നതൂര്‍ണ്ണനാഭിയെപ്പോലെ. 43

ധര്‍മ്മാര്‍ത്ഥസാധകമായിരിക്കുമാഗമത്തെ
നന്മട്ടു ജഗത്തിതിലുറപ്പിക്കുവാനായി

സൂത്രസ്ഥാനത്തിരിക്കും ദക്ഷനെ പ്രേരിപ്പിച്ചി-
ട്ടദ്ധ്വരം നടത്തിച്ചതങ്ങുന്നുതന്നെയല്ലോ.

ഏതേതു ധര്‍മ്മമെല്ലാം ശ്രദ്ധാലുക്കളാം ദ്വിജര്‍
സാദരമനുഷ്ഠിക്കുന്നുണ്ടതും തവത് കൃതംതാന്‍. 44

സല്‍ക്കര്‍മ്മം ചെയ്യുഭവാനാ സ്വര്‍ഗ്ഗമോ സായുജ്യ—
തക്കതുപോലെ ഭവാനരുളുന്നുണ്ടാവിധം [മോ

ദുഷ്കര്‍മ്മകൃത്തുക്കൾക്കു ഘോരമാം നരകമോ
വ്യക്തമല്ലാത്ത ചില ഹേതുക്കളാല്‍ ചിലര്‍ക്കു

തല്‍കൃതലോകംതാനോ നല്ലന്ന ചിലര്‍ക്കിതി—
ലൊക്കെയും ഭിന്നമായുമേതോ ഹേതുവാല്‍
കാണ്മു. 45

നിന്തിരുവടിയിലിസ്സര്‍വഭൂതങ്ങളേയു—
മന്താമെന്യേ ഭൂതസര്‍വത്തില്‍ ഭവാനെയും

ഒന്നുപോല്‍ ഭിന്നദൃഷ്ടിയെന്നിയേ കണ്ടിടുന്ന
പണ്ഡിതന്‍ പശുപ്രായം രോഷത്രപാഹിത-
നാകാ. 46

ഭിന്നബുദ്ധികളായിക്കര്‍മ്മാസക്തന്മാരായി—
ട്ടന്യോല്‍ക്കര്‍ഷംനിമിത്തം ഏദ്രോഗം പിടിപെട്ട

മതികെട്ടന്യന്മാരെ ദുര്‍വാക്യശല്യങ്ങളാ-
ലതിയായ് ദുഃഖിപ്പിച്ചു മര്‍മ്മച്ഛേദനംചെയ്യും

ദുഷ്ടരെബ് ഭവാദൃശര്‍ വധിച്ചീടുന്നില്ലവര്‍
കഷ്ടകര്‍മ്മത്തിന്‍ഫലമായ് സ്വയം നശിക്കുന്നു 47

കടക്കാന്‍കഴിയാത്ത മാധവമായയില്‍പ്പെട്ടെഴും
പിടിയില്‍ പെട്ടു ഭേദമതികരം ചെയ്യും ദ്രോഹം

ക്ഷമിച്ചു സാധുവൃന്ദമവരിലുള്ളലിഞ്ഞു
സമഗ്രം കാരുണ്യത്തെക്കാട്ടുന്നിതെല്ലായ്പ്പൊഴും.

പ്രാരബ്ധംമൂലമിതു ചെയ്യുതാണവരെന്ന
കാര്യമോര്‍ത്തൊട്ടും പരാക്രമവും കാട്ടാറില്ല. 48

ദുരന്തയായ വിഷ്ണുമായ തീണ്ടീട്ടില്ല നി—
ന്തിരുമേനിതന്മനതാരിനെയൊട്ടും പ്രഭോ!

മായാശക്തിയാല്‍ ഹതമാനസന്മാരായ് സത്യ—
മായതു കര്‍മ്മംതന്നെയെന്നുള്ള വിചാരത്താല്‍

ഭ്രമിച്ചു വീണ്ടും കര്‍മ്മംചെയ്യുന്ന പാവങ്ങളെ
സമസ്തസാരജ്ഞനാമങ്ങനുഗ്രഹിക്കണം. 49

പരമാത്മാവാകും ശ്രീഹരിയെ സ്മരിച്ചുകൊ—
ണ്ടിരിക്കും മഹാദേവാ! മനനശീലാ! വിഭോ!

അവിടുന്നാഹനിച്ച ദക്ഷന്‍റെ യാഗം ഭവാന്‍
ഭവനാശനാ! ഭവാ! സമ്പൂര്‍ണ്ണമാക്കീടണം.

യാഗഭാഗാഹനായിഹ് ഫലദാതാവാമങ്ങേ—
ക്കേകിയില്ലംശം മഹാകത്സിതരായജ്ഞാക്കരം.

പോകട്ടെ, യാഗവിഘ്നകാരണമങ്ങെന്നുള്ള
ലോകാപവാദത്തെ നാം വിഗണിക്കാവ—
താണോ? 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവതാദ്യജമാനോഽയം പ്രപദ്യേതാക്ഷിണീ ഭഗഃ
ഭൃഗോഃ ശ്മശ്രൂണി രോഹന്തു പൂഷ്ണോ ദന്താശ്ച പൂർവ്വവത്. 51
ദേവാനാം ഭഗ്നഗാത്രാണാമൃത്വിജാം ചായുധാശ്മഭിഃ
ഭവതാനുഗൃഹീതാനാമാശു മന്യോഽസ്ത്വനാതുരം. 52
ഏഷ തേ, രുദ്ര, ഭാഗോഽസ്തു യദുച്ഛിഷ്ടോഽധ്വരസ്യ വൈ
യജ്ഞസ്തേ രുദ്രഭാഗേന കല്പതാമദ്യ യജ്ഞഹൻ! 53

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
രുദ്രസാന്ത്വനം നാമ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

മൈത്രേയ ഉവാച
ഇത്യജേനാനുനീതേന ഭവേന പരിതുഷ്യതാ
അഭ്യധായി മഹാബാഹോ പ്രഹസ്യ ശ്രൂയതാമിതി. 1

ശ്രീമഹാദേവ ഉവാച
നാഘം പ്രജേശ! ബാലാനാം വർണ്ണയേ നാനുചിന്തയേ
ദേവമായാഭിഭൂതാനാം ദണ്ഡസ്തത്ര ധൃതോ മയാ. 2
പ്രജാപതേർദ്ദഗ്ധശീർഷ്ണോ ഭവത്വജമുഖം ശിരഃ
മിത്രസ്യ ചക്ഷുഷേക്ഷേത ഭാഗം സ്വം ബർഹിഷോ ഭഗഃ. 3
പൂഷാ തു യജമാനസ്യ ദദ്ഭിർജ്ജക്ഷതു പിഷ്ടഭുക്
ദേവാഃ പ്രകൃതസർവ്വാങ്ഗാ യേ മ ഉച്ഛേഷണം ദദുഃ 4
ബാഹുഭ്യാമശ്വിനോഃ പൂഷ്ണോ ഹസ്താഭ്യാം കൃതബാഹവഃ
ഭവന്ത്വധ്വര്യവശ്ചാന്യേ ബസ്തശ്മശ്രുർഭൃഗുർഭവേത്. 5

മൈത്രേയ ഉവാച
തദാ സർവ്വാണി ഭൂതാനി ശ്രുത്വാ മീഢുഷ്ടമോദിതം
പരിതുഷ്ടാത്മഭിസ്താത സാധു സാധ്വിത്യഥാബ്രുവൻ. 6
തതോ മീഢ്വാംസമാമന്ത്ര്യ ശുനാസീരാസ്സഹർഷിഭിഃ
ഭൂയസ്തദ്ദേവയജനം സമീഢ്വദ്വേധസോ യയുഃ. 7
വിധായ കാർത്സ്ന്യേന ച തദ്യദാഹ ഭഗവാൻ ഭവഃ
സന്ദധുഃ കസ്യ കായേന സവനീയപശോശ്ശിരഃ. 8
സന്ധീയമാനേ ശിരസി ദക്ഷോ രുദ്രാഭിവീക്ഷിതഃ
സദ്യസ്സുപ്ത ഇവോത്തസ്ഥൗ ദദൃശേ ചാഗ്രതോ മൃഡം. 9
തദാ വൃഷധ്വജദ്വേഷകലിലാത്മാ പ്രജാപതിഃ
ശിവാവലോകാദഭവച്ഛരദ്ധ്രദ ഇവാമലഃ. 10
ഭവസ്തവായ കൃതധീർന്നാശക്നോദനുരാഗതഃ
ഔത്കണ്ഠ്യാദ് ബാഷ്പകലയാ സമ്പരേതാം സുതാം സ്മരൻ. 11
കൃച്ഛ്റാൽ സംസ്തഭ്യ ച മനഃ പ്രേമവിഹ്വലിതസ്സുധീഃ
ശശംസ നിർവ്യളീകേന ഭാവേനേശം പ്രജാപതിഃ. 12

ദക്ഷ ഉവാച
ഭൂയാനനുഗ്രഹ അഹോ ഭവതാ കൃതോ മേ
ദണ്ഡസ്ത്വയാ മയി ധൃതോ യദപി പ്രലബ്ധഃ
ന ബ്രഹ്മബന്ധുഷു ച വാം ഭഗവന്നവജ്ഞാ
തുഭ്യം ഹരേശ്ച കുത ഏവ ധൃതവ്രതേഷു. 13
വിദ്യാതപോവ്രതധരാൻ മുഖതഃ സ്മ വിപ്രാൻ
ബ്രഹ്മാഽഽത്മതത്ത്വമവിതും പ്രഥമം ത്വമസ്രാക്
തദ്ബ്രാഹ്മണാൻ പരമ സർവ്വവിപത്സു പാസി
പാലഃ പശൂനിവ വിഭോ പ്രഗൃഹീതദണ്ഡഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദക്ഷനാം യജമാനൻ ജീവിച്ചീടണം, ഭഗ-
ന്നക്ഷികളുണ്ടാകണം, ശ്മശ്രുക്കൾ ഭൃഗുവിനും,
ദന്തങ്ങൾ പൂഷാവിനും, മുമ്പട്ടിൽത്താനിദാനീ-
മന്തകാരാതേ! ഭവിച്ചീടുവാൻ കടാക്ഷിക്ക! 51
ആയുധശിലാദിയാൽ ത്വദ്ഭൃത്യന്മാരിൽനിന്നും
കായക്ഷതാർത്തരൃത്വിഗ്ദ്വിജർക്കും സുരന്മാർക്കും
കാലതാമസമെന്യേ സൗഖ്യമുണ്ടായീടുവാൻ
കാലാരേ! കാരുണ്യത്താൽ കടാക്ഷിച്ചരു-
ളേണം. 52

അങ്ങുന്ന സാധുജനരക്ഷണ്ണീ യാഗം മുടി-
ച്ചിങ്ങനെ കററക്കാരെപ്പാഠവും പഠിപ്പിച്ചു
ശേഷിച്ച യാഗഭാഗമങ്ങേയ്ക്കുള്ളതാണതു
തോഷിച്ചാന്നദ്ധ്വരത്തിൻ പൂർത്തിക്ക കടാ-
ക്ഷിക്ക. 53

അദ്ധ്യായം 7

യാഗപൂർത്തി—ദേവാദിസ്തുതി

മൈത്രേയൻ പറഞ്ഞു

ബ്രഹ്മഗീരിതു കേട്ടു വിദ്വേഷമെല്ലാം വിട്ടു
സമ്മോദാൽ ചിരിച്ചീശൻ കേട്ടാലുമെന്നു-
ചൊന്നാൻ. 1

ശ്രീരുദ്രൻ പറഞ്ഞു

ഈശ്വരമായാവശരവിവേകികൾ ചെയ്ത
ദോഷത്തിനേകി ശിക്ഷ, വർണ്ണിക്കുന്നില്ലക്കഥ.
2

വെന്തതാം തൻ തലയ്ക്കുപകരമജശീർഷ-
മേന്തട്ടെ ദക്ഷൻ, യാഗഭാഗത്തെയിനിബ്ഭഗൻ
അക്കനേത്രത്തിലൂടെ കണ്ടുകൊള്ളട്ടെ, പൂഷാ-
വെക്കാലത്തിലുമിനി ദക്ഷൻെറ ദന്തങ്ങളാൽ
ചവച്ച ഭോജ്യങ്ങളെബ്ഭുജിക്കട്ടെല്ലെന്നാകി-
ലവനങ്ങരച്ചശിച്ചിടട്ടെ സാധനങ്ങൾ.
വൈകല്യമെല്ലാം തീർന്നസ്സുരന്മാർ സുഖിക്കട്ടെ,
ഏകിയോരല്ലോ ശിഷ്ടം യജ്ഞാംശമെനി-
ക്കവർ. 3-4

അദ്ധ്വര്യുക്കൾക്ക നഷ്ടപ്പെട്ടതാം കരങ്ങളിൽ
മുട്ടിനു മേലേബ്ഭാഗം കൊണ്ടെഴും പ്രയോജനം
അശ്വിബാഹുക്കൾകൊണ്ടും, കീഴ്ഭാഗത്താ-
ലുള്ളതു
പൂഷാവിൻ കൈകൾകൊണ്ടും സാധിച്ചുകൊ-
ള്ളട്ടവർ.
ഭൃഗുവിൻ വദനത്തിൽ മീശയ്ക്കിന്നിമേൽ മേഷ-
മുഖരോമങ്ങൾ മുളച്ചീടട്ടെയാവശ്യംപോൽ. 5

മൈത്രേയൻ പറഞ്ഞു

അല്ലയോ വത്സ! പൂജ്യശിവഗീരേവം കേട്ടി-
ട്ടെല്ലാരും കൊള്ളാമിതുകൊള്ളാമെന്നോതീടി-
നാർ. 6

പിന്നെയമ്മഹേശനെ ക്ഷണിച്ചിട്ടദ്ദേഹവു-
മൊന്നിച്ചദ്ധാതാവൊടുമൃഷികളോടു കൂടി
ഇന്ദ്രാദിസുരാവലിയദ്ധ്വരസ്ഥലത്തേക്ക
പിന്നെയും ചെന്നാർ യാഗം സമ്പൂർണ്ണമാക്കീ-
ടുവാൻ. 7

ത്ര്യക്ഷനാം ഭഗവാൻെറ ചൊല്പോലെല്ലാം
ചെയ്ത-
ദ്ദക്ഷദേഹത്തിലൊരു യജ്ഞമേഷോത്തമാംഗം
വച്ചുവേയലിവാർന്നമ്മുക്കണ്ണനൊന്നു നോക്കി
ചിക്കനെദ്ദക്ഷൻ നിദ്രവിട്ടെന്നമട്ടെണീററാൻ.
മുന്നിലായ്ക്കണ്ടാനുടൻ തന്നുടെ രക്ഷിതാ-
വായ്
മിന്നുമസ്സതീപതിയായിടും ഭഗവാനെ. 8-9

ഉക്ഷവാഹനങ്കലെ ദ്വേഷത്താൽ ദുഷിച്ചതാം
ദക്ഷമാനസം ശിവകടാക്ഷത്താലക്ഷണം
ശുദ്ധമായിതു ശരത്കാലത്തു കലക്കലെ-
ററത്യന്തം തെളിഞ്ഞെഴും ഹ്രദമെന്നതു-
പോലെ. 10

കണ്ടമാത്രയിൽ കാമാരാതിയെ സ്തുതിക്കുവാ-
നുണ്ടായി ദക്ഷനുള്ളിലാഗ്രഹമെന്നാകിലും
അതിയാം സ്നേഹത്താലും മൃതയാം സതിക്കെഴും
സ്മൃതിമൂലവുമുൽക്കണ്ഠാതിരേകത്തിനാലേ
മിഴിനീർ ധാരയായിട്ടൊഴുകിയതിനാലും
കഴിവില്ലാതെയായകൃത്യത്തിനശേഷവും. 11
ശുദ്ധധീയായി പ്രേമവിഹ്വലിതനാം ദക്ഷൻ
ചിത്തത്തെപ്പണിപ്പെട്ടു ചഞ്ചലഹീനമാക്കി
കളങ്കമല്പംപോലുമില്ലാത്ത ഭാവത്തോടും
വളരെ വാഴ്ത്തിസ്തുതിച്ചീടിനാൻ മഹേശനെ. 12

ദക്ഷൻ പറഞ്ഞു

അതിയായപരാധം ചെയ്തുപോയ്.
ഞാനങ്ങയോ-
ടതിനണ്ണൊത്ത ശിക്ഷ തന്നനുഗ്രഹിച്ചു മാം.
തെല്ലുമേ ഭവാനിലും വൈകുണ്ഠദേവങ്കലു-
മില്ലല്ലോ നിന്ദ വിപ്രാധമരിൽപോലുമേ മേ.
പിന്നെയാവ്രതദീക്ഷപാലിക്കും മഹീസുര-
വൃന്ദത്തിൻ കാര്യമെടുത്തോതേണ്ടതുണ്ടോ
വിഭോ! 13

എപ്പൊഴും വിദ്യാതപോവ്രതധാരികളാകും
വിപ്രരെ ബ്രഹ്മരൂപനവിടുന്നാദ്യമായി
നിർമ്മിച്ചാനാസ്യത്തിൽനിന്നാഗമത്തേയും
പിന്നെ-
യാത്മാവിൻതത്ത്വത്തെയുമിപ്പാരിൽ
നിലനിർത്താൻ.
പാലിപ്പൂ ഭവാനതുമൂലമായ് ദണ്ഡനീതി-
യാലംബിച്ചവരെഗ്ഗോനിരയെപ്പാലകൻ-
പോൽ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഽസൗ മയാഽവിദിതതത്ത്വദൃശാ സഭായാം
ക്ഷിപ്തോ ദുരുക്തിവിശിഖൈർവിഗണയ്യ തന്മാം
അർവ്വാക് പതന്തമർഹത്തമനിന്ദയാപാദ്
ദൃഷ്ട്യാഽഽർദ്രയാ സ ഭഗവാൻ സ്വകൃതേന തുഷ്യേത്. 15

മൈത്രേയ ഉവാച

ക്ഷമാപ്യൈവം സ മീഢ്വാംസം ബ്രഹ്മണാ ചാനുമന്ത്രിതഃ
കർമ്മ സന്താനയാമാസ സോപാദ്ധ്യായർത്ത്വിഗാദിഭിഃ. 16

വൈഷ്ണവം യജ്ഞസന്തത്യൈ ത്രികപാലം ദ്വിജോത്തമാഃ
പുരോഡാശം നിരവപൻ വീരസംസർഗ്ഗശുദ്ധയേ. 17

അദ്ധ്വര്യുണാഽഽത്തഹവിഷാ യജമാനോ വിശാംപതേ
ധിയാ വിശുദ്ധയാ ദധ്യൗ തഥാ പ്രാദുരഭൂദ്ധരിഃ. 18

തദാ സ്വപ്രഭയാ തേഷാം ദ്യോതയന്ത്യാ ദിശോ ദശ
മുഷ്ണംസ്തേജ ഉപാനീതസ്താർക്ഷ്യേണ സ്തോത്രവാജിനാ. 19

ശ്യാമോ ഹിരണ്യരശനോഽർക്കകിരീടജുഷ്ടോ
നീലാളകഭ്രമരമണ്ഡിതകുണ്ഡലാസ്യഃ
കംബ്വബ്ജചക്രശരചാപഗദാസിചർമ്മ-
വ്യഗ്രൈർഹിരണ്മയഭുജൈരിവ കർണ്ണികാരഃ. 20

വക്ഷസ്യധിശ്രിതവധൂർവനമാല്യുദാര-
ഹാസാവലോകകലയാ രമയംശ്ച വിശ്വം
പാർശ്വഭ്രമദ്വ്യജനചാമരരാജഹംസഃ
ശ്വേതാതപത്രശശിനോപരി രജ്യമാനഃ. 21

തമുപാഗതമാലക്ഷ്യ സർവ്വേ സുരഗണാദയഃ
പ്രണേമുസ്സഹസോത്ഥായ ബ്രഹ്മേന്ദ്രത്ര്യക്ഷനായകാഃ. 22

തത്തേജസാ ഹതരുചസ്സന്നജിഹ്വാസ്സസാദ്ധ്വസാഃ
മൂർദ്ധ്നാ ധൃതാഞ്ജലിപുടാ ഉപതസ്ഥുരധോക്ഷജം. 23

അപ്യർവ്വാഗ്വൃത്തയോ യസ്യ മഹി ത്വാത്മഭുവാദയഃ
യഥാമതി ഗൃണന്തി സ്മ കൃതാനുഗ്രഹവിഗ്രഹം. 24

ദക്ഷോ ഗൃഹീതാർഹണസാദനോത്തമം
യജ്ഞേശ്വരം വിശ്വസൃജാം പരം ഗുരും
സുനന്ദനന്ദാദ്യനുഗൈർവൃതം മുദാ
ഗൃണൻ പ്രപേദേ പ്രയതഃ കൃതാഞ്ജലിഃ. 25

ദക്ഷ ഉവാച

ശുദ്ധം സ്വധാമ്ന്യുപരതാഖിലബുദ്ധ്യവസ്ഥം
ചിന്മാത്രമേകമഭയം പ്രതിഷിദ്ധ്യ മായാം
തിഷ്ഠംസ്തയൈവ പുരുഷത്വമുപേത്യ തസ്യാ-
മാസ്തേ ഭവാനപരിശുദ്ധ ഇവാത്മതന്ത്രഃ. 26

ഋത്വിജ ഊചുഃ

തത്ത്വം ന തേ വയമനഞ്ജന രുദ്രശാപാത്
കർമ്മണ്യവഗ്രഹധിയോ, ഭഗവൻ, വിദാമഃ
ധർമ്മോപലക്ഷണമിദം ത്രിവൃദദ്ധ്വരാഖ്യം
ജ്ഞാതം യദർത്ഥമധിദൈവമദോവ്യവസ്ഥാഃ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താവകമാഹാത്മ്യങ്ങളേതും ഞാനറിയാതെ
ദുർവ്വാക്യശരങ്ങളാൽ സഭയിൽവച്ചങ്ങയെ
നിന്ദിച്ചീടിലുമങ്ങുന്നായതു വിഗണിച്ചി–
ട്ടുന്നതനരകത്തിൽ പതിപ്പിച്ചിടാതെന്നെ
കരുണാകടാക്ഷത്താൽ കാത്തതെൻ ഭാഗ്യമല്ലോ
പരമേശ്വരാ! ഭവാൻ തോഷിക്കുകിതിൽ–
സ്വയം. 15

മൈത്രേയൻ പറഞ്ഞു

ഈവിധം ക്ഷമാപണംചെയ്തിട്ടുദക്ഷൻ ബ്രഹ്മ–
ദേവോപദേശത്തോടും വേണ്ടവ വീണ്ടും ചേർത്തു
ഋത്വിക്കളുപാദ്ധ്യായരൃത്വിഗ്ഭൂസുരന്മാരും
ചേർന്നടൻ വിധിപോലെ പൂർത്തിയാക്കിനാൻ–
സത്രം. 16
വീരസംസൃഷ്ടദോഷം തീരാനും യാഗാങ്ഗസം–
പൂരണത്തിനും പിന്നെക്കപാലത്രയത്തിലായ്
ആരണരാജ്യംവെച്ചു വിഷ്ണുദേവതാ മന്ത്രോ–
ച്ചാരണത്തോടു യാഗസംപൂർത്തി ചേർത്തീടി–
നാർ. 17
അദ്ധ്വര്യുവോടുകൂടി ഹവിസ്സുമായ് ശുദ്ധ–
ചിത്തനായ് ദക്ഷൻ ധ്യാനിച്ചീടുമാത്രപ–
ത്തിൽത്താൻ
പ്രത്യക്ഷനായക്ഷണം തന്നുടെ ദിവ്യരൂപം
ദൈത്യാരിദേവൻ മുദാ കാണിച്ചുകൊടുത്തിതു.
18
സ്വഭാസ്സാൽ പത്തുദിക്കും വിളക്കി ബ്രഹ്മാ–
ദ്യർതൻ
പ്രഭയെപ്പൊടുന്നനെയസ്തമിപ്പിച്ചമായം
സ്തോത്രപക്ഷങ്ങളാലും താർക്ഷ്യവാഹനമേറി–
യത്രേയസ്ഥലത്താവിർഭവിച്ചതഖിലേശൻ. 19
ശ്യാമളവപുസ്സനായ്പ്പൊന്നരഞ്ഞാണണിഞ്ഞക്ക–
ശ്രീമത്താം പൊൽക്കിരീടം ധരിച്ചു ഭംഗിയായി
ലോലാളകാളിയും നൽകുണ്ഡലങ്ങളും സമം
മേളിച്ച മനോഹാരാസ്യത്തോടും, ശംഖം,
പദ്മം
ചക്രം, വാൾ, ചാപം ശരം, പരിച, ഗദയെന്നീ–
ദ്ദിവ്യായുധങ്ങളെട്ടും തൻ കരങ്ങളിലെട്ടിൽ
ധരിച്ചു പാടേ പൂത്തുനിന്നിടും കർണ്ണികാര–
തരുവിനൊപ്പമായിബ്ഭഗവാൻ
ശോഭിച്ചിതു. 20
വനമാലയുമാർന്ന വക്ഷസ്സിൽ ശ്രീദേവിചേ–
ർന്നമന്ദോദാരഹാസം, കടാക്ഷമിവയ്ക്കെഴും
കലയാൽ രമിപ്പിച്ച വിശ്വത്തെ, പ്പാർശ്വങ്ങളി–
ലിളകമാലവട്ടവെൺചാമരങ്ങളാകം
രാജഹംസങ്ങൾപോലെ ശ്വേതാതപത്രവും
യോജിച്ചു പരംപുമാനധികം ശോഭിച്ചിതു. 21
സന്നിധിതന്നിലെഴുന്നള്ളിയ ഭഗവാനെ
ഇന്ദ്രാദിദേവന്മാരും ഹരനും വിരിഞ്ചനും
കിന്നരഗന്ധർവന്മാരൃഷിസംഘവും കണ്ടു
നന്ദിച്ചെണീറ്റു പെട്ടെന്നേവരും സ്തുതി–
ച്ചിതു. 22
ഹരിതേജസ്സാൽ കാന്തികുറഞ്ഞു നാവിളക്കാ–
നരുതാതായിബ്ഭീയാൽ വിറച്ചു സുരാനയം
മൂർദ്ധാവിൽ കരംകൂപ്പി സ്തുതിച്ചാർ വചസ്സിനും
ചിത്തേന്ദ്രിയങ്ങൾക്കുമപ്രാപ്യനാമപ്പു–
രാനെ. 23
തന്മഹിമാനം നേരെയറിയാത്തവരാമാ–
ബ്രഹ്മാദ്യരുടെ രക്ഷയ്ക്കാകാരം ധരിച്ചീടും
പരംപുരുഷൻതന്നെ ബുദ്ധിയെത്തും–
വിധത്തിൽ
സുരസഞ്ചയം ഭക്തിപൂർവകം സ്തുതിച്ചിതു. 24
ഉത്തമപാത്രങ്ങളിൽ പൂജാദ്രവ്യങ്ങളേന്തി–
യദ്ദക്ഷൻ യജ്ഞേശനായ് ജഗൽസ്രഷ്ടാക്കൾ–
ക്കെല്ലാം
പരമഗുരുവായിസ്സുനന്ദനന്ദാദ്യരാൽ
പരിസേവിതനാകും ദേവനെ വിനീതനായ്
അഞ്ജസാ സ്തുതിച്ചുകൊണ്ടത്യന്തം മോദത്തോടു–
മഞ്ജലീബന്ധത്തോടും ശരണമണഞ്ഞിതേ. 25

ദക്ഷൻ പറഞ്ഞു

അവസ്ഥാത്രയംവിട്ടു ശുദ്ധമായ് നിർ–
ഭീകമാ–
യവിദ്യയേയും തള്ളിയേകമായ് ചിന്മാ–
ത്രമായ്
ലസിക്കും ബ്രഹ്മമാകമങ്ങുന്നു മായകൊണ്ടു
വിശിഷ്ടപുരുഷൻതൽഭാവവും സ്വീകരിച്ചു
സ്വതന്ത്രനായിപ്പുരുഷനല്ലെന്ന തോന്നും–
വിധത്തിലാമായയിൽത്താൻ സ്ഥിതിചെയ്യു–
ന്നിതു. 26

ഋത്വിക്കുകൾ പറഞ്ഞു

ഒന്നിലും സംഗമെന്യേ മിന്നിടും ഭഗവാനേ!
നന്ദിതൻശാപത്തിനാലറിഞ്ഞില്ലങ്ങേ–
ത്തത്ത്വം.
ധർമ്മാദിവൃദ്ധികളേളാരാഗമോക്തങ്ങളാകം
കർമ്മങ്ങൾ ചെയ്യുവാനേ പഠിച്ചിട്ടുള്ളൂ ഞങ്ങൾ.
ഐഹികാമുഷ്മികാദിവൃദ്ധിക്കായീ ജഗത്തിൽ
ദേഹികളനുഷ്ഠിച്ചീടേണ്ടുന്ന മര്യാദകൾ
അധിദേവതകളോടൊത്തു വേദത്രയത്താൽ
വിധിക്കപ്പെട്ടതായിട്ടത്രേ ധരിച്ചു ഞങ്ങൾ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദസ്യാ ഊചുഃ

ഉത്പത്ത്യധ്വന്യശരണ ഉരുക്ലേശദുർഗ്ഗേഽന്തകോഗ്ര-
വ്യാലാന്വിഷ്ടേ വിഷയമൃഗതൃഷ്ണാത്മഗേഹോരുഭാരഃ
ദ്വന്ദ്വശ്വഭ്രേ ഖലമൃഗഭയേ ശോകദാവേഽജ്ഞസാർത്ഥഃ
പാദൗ കസ്തേ ശരണദ കദാ യാതി കാമോപസൃഷ്ടഃ. 28

രുദ്ര ഉവാച

തവ വരദ വരാങ്ഘ്രാവാശിഷേഹാഖിലാർത്ഥേ
ഹ്യപി മുനിഭിരസക്തൈരാദരേണാർഹണീയേ
യദി രചിതധിയം മാവിദ്യലോകോഽപവിദ്ധം
ജപതി ന ഗണയേ തത്ത്വത്പരാനുഗ്രഹേണ. 29

ഭൃഗുരുവാച

യന്മായയാ ഗഹനയാപഹൃതാത്മബോധാ
ബ്രഹ്മാദയസ്തനുഭൃതസ്തമസി സ്വപന്തഃ
നാത്മൻ ശ്രിതം തവ വിദന്ത്യധുനാപി തത്ത്വം
സോഽയം പ്രസീദതു ഭവാൻ പ്രണതാത്മബന്ധുഃ. 30

ബ്രഹ്മോവാച

നൈതത് സ്വരൂപം ഭവതോഽസൗ പദാർത്ഥ-
ഭേദഗ്രഹൈഃ പുരുഷോ യാവദീക്ഷേത്
ജ്ഞാനസ്യ ചാർത്ഥസ്യ ഗുണസ്യ ചാശ്രയോ
മായാമയാദ്വ്യതിരിക്തോ യതസ്ത്വം. 31

ഇന്ദ്ര ഉവാച

ഇദമപ്യച്യുത വിശ്വഭാവനം
വപുരാനന്ദകരം മനോദൃശാം
സുരവിദ്വിട്ക്ഷപണൈരുദായുധൈർ-
ഭുജദണ്ഡൈരുപപന്നമഷ്ടഭിഃ. 32

പത്ന്യ ഊചുഃ

യജ്ഞോഽയം തവ യജനായ കേന സൃഷ്ടോ
വിധ്വസ്തഃ പശുപതിനാദ്യ ദക്ഷകോപാത്
തം നസ്ത്വം ശവശയനാഭശാന്തമേധം
യജ്ഞാത്മന്നളിനരുചാ ദൃശാ പുനീഹി. 33

ഋഷയ ഊചുഃ

അനന്വിതം തേ ഭഗവൻ വിചേഷ്ടിതം
യദാത്മനാ ചരസി ഹി കർമ്മ നാജ്യസേ
വിഭൂതയേ യത ഉപസേദുരീശ്വരീം
ന മന്യതേ സ്വയമനുവർത്തതീം ഭവാൻ. 34

സിദ്ധാ ഊചുഃ

അയം ത്വത്കഥാമൃഷ്ടപീയൂഷനദ്യാം
മനോവാരണഃ ക്ലേശദാവാഗ്നിദഗ്ധഃ
തൃഷാർത്തോഽവഗാഢോ ന സസ്മാര ദാവം
ന നിഷ്ക്രാമതി ബ്രഹ്മസമ്പന്നവന്നഃ. 35

യജമാന്യുവാച

സ്വാഗതം തേ പ്രസീദേശ തുഭ്യം നമഃ
ശ്രീനിവാസ ശ്രിയാ കാന്തയാ ത്രാഹി നഃ
ത്വാമൃതേഽധീശ നാങ്ഗൈർമ്മഖഃ ശോഭതേ
ശീർഷഹീനഃ കബന്ധോ യഥാ പൂരുഷഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദസ്യർ പറഞ്ഞു

ശരണപ്രദാ! രക്ഷാസ്ഥാനമില്ലാത്തതായി-
ട്ടുരുക്ലേശത്താൽ കടന്നീടുവാനസാദ്ധ്യമായ്,

അന്തകനാകും ഘോരപന്നഗം ചേർന്നതായി,
ദ്വന്ദ്വങ്ങളാകും പല കുഴികളിയന്നതായ്

ഖലന്മാരാകും ദുഷ്ടമൃഗങ്ങളാൽ നിറഞ്ഞതായ്,
ജ്വലിക്കും ദുഃഖദാവജ്വലനൻ ചുഴന്നതാം

സംസാരസരണിയിൽ വിഷയമൃഗതൃഷ്ണാ-
വേശത്താൽ ദേഹഗേഹമഹാഭാരോപേതമാം

നിസ്സാരസുഖം ഭുജിപ്പാനുള്ള കാമവായ്പാൽ
ശശ്വത് പ്രേരിതരായിച്ചരിക്കും മൂഢർക്കെല്ലാം

അഭയാസ്പദം തവ പദമെത്തുവാൻ ഭവൽ-
കൃപകൊണ്ടല്ലാതെ മറ്റൊന്നിനാൽ സാധ്യ-
മാമോ? 28

രുദ്രൻ പറഞ്ഞു

ഇഷ്ടദാ! ഭവമിതിലാശിസ്സിൻ സമസ്തമാം
സിദ്ധിക്കായസക്തരാം മുനീന്ദ്രന്മാർക്കുപോലും

ആദരപൂർവ്വമർച്ചനീയമാം ഭവച്ഛ്രേഷ്ഠ-
പാദത്തിലർപ്പിച്ചിടും മതിയാർന്നീടുമെന്നെ

അറിവറ്റവരെല്ലാം സദാചാരഭ്രഷ്ടനായ്
പറയുന്നുണ്ടെങ്കിലും താവകാനുഗ്രഹത്താൽ

അതിനെയത്രകാര്യമായി ഞാൻ ഗണിക്കുന്നി-
ല്ലതുമങ്ങേയ്ക്കു നേരേയറിയാവുന്നതല്ലോ. 29

ഭൃഗു പറഞ്ഞു

അപാരമായ ഭവന്മായയാലാത്മതത്ത്വ-
മപഹരിക്കപ്പെട്ടോരജാദിദേവന്മാരും

ഉടൽപ്പൂവിലിരുന്നീടും തിരുമേനിതൻതത്ത്വ-
മല്പവുമറിയാതെ ഗാഢാന്ധകാരംതന്നിൽ

ഉറങ്ങീടുന്ന ഭവാൻ പ്രസാദിക്കണം നമ-
സ്കരിപ്പോർക്കാത്മാവും തദ്ബന്ധുവുമങ്ങ-
ല്ലയോ? 30

ബ്രഹ്മാവു സ്തുതിക്കുന്നു

ഭിന്നങ്ങളാകും ബാഹ്യവസ്തുക്കളുടെ രൂപം
തന്നെ വീക്ഷിച്ചിടുന്ന പുരുഷനെന്നോളവും

ഉന്നതം ഭവത്തത്ത്വമറിയാതിരുന്നിടു-
മന്നോളം സംസാരത്തിൽ കിടന്നു വലഞ്ഞിടും

ജ്ഞാനാർത്ഥഗുണാശ്രയഭൂതനാമവിടുന്നു
താനത്രേ മായയോടു വേർപെട്ടു നിന്നീടു-
വോൻ. 31

ഇന്ദ്രൻ പറഞ്ഞു

ആയുധമെല്ലാം പൊക്കിയമർത്ത്യാരികളാം
ദൈ-
തേയരെയൊടുക്കീടുമീയെട്ടു കൈകളോടും

മിന്നീടുമങ്ങേയ്ക്കുള്ളൊരീരൂപം മനസ്സിനും
കണ്ണിനുമാനന്ദദംതന്നെയാണഖിലേശാ! 32

പത്നികൾ പറഞ്ഞു

അച്യുതാ! ത്വദർച്ചയ്ക്കായദ്ദക്ഷപ്രജാപതി
വച്ചോരീ യാഗം രുദ്രനവനിൽ ക്രുദ്ധനായി

മുടിച്ചാൻ, യാഗശാല ചുടലക്കളമായി-
ക്കിടപ്പൂ, ശാന്തമേധം നടത്തീട്ടില്ലതാനും

അതിനാലീ യാഗവും ഞങ്ങളും ശുദ്ധമാകും-
വിധത്തിൽ കടാക്ഷിക്ക പദ്മലോചനാ!
ഭവാൻ. 33

ഋഷികൾ പറഞ്ഞു

ഭഗവൻ! ത്വച്ചേഷ്ടകളനുയോജ്യങ്ങളല്ലി-
ജ്ജഗത്തിൽ ശരീരത്താലങ്ങുന്നു കർമ്മം ചെയ്വു

ഫലമിച്ഛിക്കുന്നതില്ലതുപോൽ ഭൂതിക്കായി-
ട്ടുലകമാരാധിക്കും കമലാദേവിതാനേ

ശരണം ഗമിക്കിലുമവളെക്കാര്യമായി-
ക്കരുതീടുന്നതില്ല നിന്തിരുമേനി നൂനം. 34

സിദ്ധന്മാർ പറഞ്ഞു

ദുഃഖദാവാഗ്നികൊണ്ടു തപ്തനായ് ദാഹ-
പീഡ-
വായ്ക്കുമസ്മദീയമാം മാനസമദഹസ്തി

ത്വത്കഥാ പരിശുദ്ധപീയൂഷമഹാനദി
പുക്കു സന്തതം മുഴകിക്കിടക്കുകമൂലം

ബ്രഹ്മസമ്പന്നനെപ്പോൽ വെളിക്കു വരുന്നീല
കർമ്മജന്മാദിഹീനനാകിയ ജഗൽപതേ! 35

യജമാനി പറഞ്ഞു

സ്വാഗതം ശ്രീനിവാസാ! പ്രസാദിച്ചീ-
ടേണമേ-
യേകാന്തഭക്തിപൂർവ്വം നമസ്കരിക്കുന്നു ഞാൻ

മംഗലദേവതയോടൊത്തുകൂടി നീ നിത്യം
ഞങ്ങളെ വേണ്ടപോലെ കാത്തരുളീടേണമേ

ഉത്തമാംഗാപേതമാം തനുവെന്നപോൽ ഭവാ-
നെത്തിടാതുള്ള യജ്ഞം ശോഭിക്കയില്ല
തെല്ലും. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകപാലാ ഊചുഃ

ദൃഷ്ടഃ കിം നോ ദൃഗ്ഭിരസദ്ഗ്രഹൈസ്ത്വം
പ്രത്യഗ്ദ്രഷ്ടാ ദൃശ്യതേ യേന ദൃശ്യം
മായാ ഹ്യേഷാ ഭവദീയാ ഹി ഭൂമൻ
യസ്ത്വം ഷഷ്ഠഃ പഞ്ചഭിർഭാസി ഭൂതൈഃ. 37

യോഗേശ്വരാ ഊചുഃ

പ്രേയാൻ ന തേന്യോഽസ്ത്യമുതസ്ത്വയി പ്രഭോ
വിശ്വാത്മനീക്ഷേന്ന പൃഥഗ്യ ആത്മനഃ
അഥാപി ഭക്ത്യേശതയോപധാവതാ-
മനന്യവൃത്ത്യാനുഗൃഹാണ വത്സല. 38
ജഗദുദ്ഭവസ്ഥിതിലയേഷു ദൈവതോ
ബഹുഭിദ്യമാനഗുണയാഽഽത്മമായയാ
രചിതാത്മഭേദമതയേ സ്വസംസ്ഥയാ
വിനിവർത്തിതഭ്രമഗുണാത്മനേ നമഃ. 39

ബ്രഹ്മോവാച

നമസ്തേ ശ്രിതസത്ത്വായ ധർമ്മാദീനാം ച സൂതയേ
നിർഗ്ഗുണായ ച യത്കാഷ്ഠാം നാഹം വേദാപരേപി ച. 40

അഗ്നിരുവാച

യത്തേജസാഹം സുസമിദ്ധതേജാ
ഹവ്യം വഹേ സ്വധ്വര ആജ്യസിക്തം
തം യജ്ഞിയം പഞ്ചവിധം ച പഞ്ചഭിഃ
സ്വിഷ്ടം യജുർഭിഃ പ്രണതോഽസ്മി യജ്ഞം. 41

ദേവാ ഊചുഃ

പുരാ കല്പാപായേ സ്വകൃതമുദരീകൃത്യ വികൃതം
ത്വമേവാദ്യസ്തസ്മിൻ സലില ഉരഗേന്ദ്രാധിശയനേ
പുമാൻ ശേഷേ സിദ്ധൈർഹൃദി വിമൃശിതാധ്യാത്മപദവിഃ
സ ഏവാദ്യാക്ഷ്ണോര്യഃ പഥി ചരസി ഭൃത്യാനവസി നഃ.42

ഗന്ധർവ്വാ ഊചുഃ

അംശാംശാസ്തേ ദേവ മരീച്യാദയ ഏതേ
ബ്രഹ്മേന്ദ്രാദ്യാ ദേവഗണാ രുദ്രപുരോഗാഃ
ക്രീഡാഭാണ്ഡം വിശ്വമിദം യസ്യ വിഭൂമം-
സ്തസ്മൈ നിത്യം നാഥ നമസ്തേ കരവാമ. 43

വിദ്യാധരാ ഊചുഃ

ത്വന്മായയാർത്ഥമഭിപദ്യ കളേബരേഽസ്മിൻ
കൃത്വാ മമാഹമിതി ദുർമ്മതിരുത്പഥൈഃ സ്വൈഃ
ക്ഷിപ്തോഽപ്യസദ്വിഷയലാലസ ആത്മമോഹം
യുഷ്മത് കഥാമൃതനിഷേവക ഉദ്വ്യുദസ്യേത്. 44

ബ്രാഹ്മണാ ഊചുഃ

ത്വം ക്രതുസ്ത്വം ഹവിസ്ത്വം ഹുതാശഃ സ്വയം
ത്വം ഹി മന്ത്രഃ സമിദ്ദർഭപാത്രാണി ച
ത്വം സദസ്യർത്വിജോ ദമ്പതീ ദേവതാ
അഗ്നിഹോത്രം സ്വധാ സോമ ആജ്യം പശുഃ. 45
ത്വം പുരാ ഗാം രസായാ മഹാസൂകരോ
ദംഷ്ട്രയാ പദ്മിനീം വാരണേന്ദ്രോ യഥാ
സ്തൂയമാനോ നദംല്ലീലയാ യോഗിഭി-
ർവ്യുജ്ജഹർത്ഥ ത്രയീഗാത്ര യജ്ഞക്രതുഃ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകപാലന്മാർ പറഞ്ഞു

അന്തരംഗത്തിലാത്മാവായി മിന്നും ഭവാന്റെ
സന്തതാനുഗ്രഹത്താൽ ചക്ഷുരാദീന്ദ്രിയങ്ങൾ
വിഷയവസ്തുക്കളെക്കൊണ്ടന്നെന്നോതുന്നതു
മൃഷതാൻ, വീക്ഷിപ്പതു ദ്രഷ്ടാവാം ഭവാനത്രേ.
അങ്ങനെയിരിക്കവേ ജഡേന്ദ്രിയങ്ങളാലേ-
യെങ്ങനെ കാണും പിന്നെ നിൻ തിരു- സ്വരൂപത്തെ
പഞ്ചഭൂതങ്ങളോടു വേർപെട്ടു നില്ക്കുമങ്ങേ-
യഞ്ചാതെയിദാനീം തദ്വിശിഷ്ടനായി ഞങ്ങൾ
കാണ്മതുമസ്മദ്ദ്വേഷികൊണ്ടല്ല ഭവാൻ കനി-
ഞ്ഞുണ്മയിൽ ദർശനംതന്നെന്നതുനിമി- ത്തമാം. 37

യോഗേശ്വരന്മാർ പറഞ്ഞു

ആരൊരാളറിയുന്ന സർവ്വാത്മാവാകും ഭവാൻ
വേറല്ല ദേഹസ്ഥനാം ജീവനെന്നുള്ള തത്ത്വം
ആയവൻ തന്നെക്കാളുമവിടെയ്ക്കുതിപ്രിയ-
നായില്ലിമ്മന്നിലന്യനെന്നതിനില്ല വാദം.
എന്നാലുമനന്യമാം ഭക്തിയോടങ്ങേത്തന്നെ-
യെന്നെന്നും ഭജിക്കുമീ ഞങ്ങളെക്കടാക്ഷിക്ക. 38
ജഗത്തിൻ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ- ക്കായ് ഭിന്ന-
ത്രിഗുണസംയുക്തയായീടിന നിന്മായയാൽ
ചാലവേ മൂർത്തിഭേദം ജന്തുക്കൾതന്നദൃഷ്ടം-
മൂലമായ് ദ്യോതിപ്പിക്കും ശ്രീഹരേ! നമസ്കാരം.
ഏകനായ് നാനാവിധമാകൃതിഭേദത്തിനാൽ
ലോകരിൽ ഭ്രമംചേർത്തു തന്നിൽത്താൻ സ്ഥിതനായി
വിനിവർത്തിതഭ്രമഗുണാത്മാവായി മിന്നും
ജനിനാശനാ! ഞങ്ങളങ്ങയെ നമിക്കുന്നു. 39

ബ്രഹ്മാവു പറഞ്ഞു

ആരുടെ മാഹാത്മ്യമാണോരുകിൽ ഞാനു- മന്യ-
ന്മാരുമാരുമേ നേരേയറിയാതിരിക്കുന്ന
ധർമ്മാദിജന്മഭൂവായ് നിർഗ്ഗുണനായിസ്സത്ത്വ-
നിർമ്മലനാമത്തിരുമേനിയെ നമിക്കുന്നേൻ. 40

അഗ്നി പറഞ്ഞു

ആക്ഷേഴം മഹസ്സിനാലുജ്ജ്വലതേജസ്സായി-
ച്ചൊൽക്കൊള്ളുമധ്വരത്തിലാജ്യസിക്തമാം ഹവ്യം
ആവഹിപ്പു ഞാൻ യജ്ഞഫലപ്രദാതാവായി
സർവ്വയജ്ഞീയനായിപ്പഞ്ചമന്ത്രസ്വിഷ്ടനായ്
അഞ്ചുമാതിരിയിതുന്നീടുന്ന യജ്ഞരൂപം
തഞ്ചീടും ഭവാനെ ഞാൻ നമസ്കരിക്കുന്നിതേ. 41

ദേവന്മാർ പറഞ്ഞു

മുൻപു കല്പാന്തംതന്നിൽ സ്വകൃതജഗത്തിതു
കമ്പയിലാക്കിശ്ശേഷശയ്യയിലാജലത്തിൽ
ശയിച്ചു ഭവാ,നപ്പോൾ സിദ്ധന്മാർ ഏതാൽ ജ്ഞാന-
മയനായീടും തിരുമേനിയെദ്ധ്യാനിച്ചിതു.
ആദ്യനാംപുമാനാമാ നിന്തിരുവടിയിപ്പോൾ
പ്രത്യക്ഷം ചരിക്കുന്നു, ഭൃത്യരെ രക്ഷിക്കുന്നു. 42

ഗന്ധർവന്മാർ പറഞ്ഞു

ബ്രഹ്മാവുമിന്ദ്രാദ്യരും മരീച്യാദ്യൃഷീന്ദ്രരു-
മമ്മഹാദേവൻതൊട്ടു ദേവന്മാരശേഷവും
നിന്തിരുവടിക്കെഴുമംശാംശജാതരത്രേ,
ബന്ധുരമൂർത്തേ! തവ കളിക്കോപ്പാണീവിശ്വം.
സർവവ്യാപകനാകും നിന്തിരുമേനിക്കെന്നും
ഗർവഹീനരാം ഞങ്ങൾ ചെയ്യുന്ന നമസ്കാരം. 43

വിദ്യാധരന്മാർ പറഞ്ഞു

ഉടലംഗീകരിച്ചു മായയാൽ ഞാനെൻറയെ-
ന്നുടനെയഭിമാനംചേർന്നു ദുർബുദ്ധിയാന്തു
മര്യാദതെറ്റിയെന്നും സഞ്ചരിച്ചീടും നിജ-
ഭാര്യാസുതാദിയാലുമവമാനിതരായി
പിന്നെയും വിഷയാശാവേശിതരായിജ്ജനം
നിന്ദ്യകർമ്മങ്ങൾ തുടങ്ങീടുന്നിതെത്ര കഷ്ടം!
ത്വത് കഥാമൃതപാനംകൊണ്ടുടനകററീടാ-
മുത് ക്കടമായ മായാമോഹങ്ങളനായാസം. 44

ബ്രാഹ്മണർ പറഞ്ഞു

യാഗവും, ഹവിസ്സഗ്നി,സമിത്തു, കുശ,മന്ത്രം,
യാഗപാത്രങ്ങൾ, യജമാനനും, തത്പത്നിയും
സദസ്യന്മാരുമൃത്വിക്കുകളും, പിതൃക്കൾതൻ-
സ്വധയുമാജ്യവു,മാരാദ്ധ്യദേവതതാനും
ഹോമധേനുവും, സോമലതയു,മഗ്നിഹോത്ര,
നാമകർമ്മവുമെല്ലാം നിന്തിരുവടിയല്ലോ. 45
പണ്ടു സൂകരവേഷം ധരിച്ചങ്ങവതാരം
പൂണ്ടു യോഗീന്ദ്രസ്തൂയമാനനായ് ലീലയാലേ
സാമജവരനാററിലിറങ്ങിത്തേററതന്നിൽ
താമരവളയത്തെയാനയന്നീടുംവിധം
സ്തുതപ്രഭാവത്തോടപ്പാതാളംതന്നിൽനിന്നു
മേദിനിതന്നെയനായാസമായുദ്ധരിച്ചു. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ പ്രസീദ ത്വമസ്മാകമാകാങ്ക്ഷതാം
ദർശനം തേ പരിഭ്രഷ്ടസത്കർമ്മണാം
കീർത്ത്യമാനേ നൃഭിർന്നാമ്നി യജ്ഞേശ തേ
യജ്ഞവിഘ്നാഃ ക്ഷയം യാന്തി തസ്മൈ നമഃ. 47

മൈത്രേയ ഉവാച

ഇതി ദക്ഷഃ കവിര്യജ്ഞം ഭദ്ര രുദ്രാവമർശിതം
കീർത്ത്യമാനേ ഹൃഷീകേശേ സംനിന്യേ യജ്ഞഭാവനേ. 48
ഭഗവാൻ സ്വേന ഭാഗേന സർവ്വാത്മാ സർവ്വഭാഗഭുക്
ദക്ഷം ബഭാഷ ആഭാഷ്യ പ്രീയമാണ ഇവാനഘ. 49

ശ്രീഭഗവാനുവാച

അഹം ബ്രഹ്മാ ച ശർവ്വശ്ച ജഗതഃ കാരണം പരം
ആത്മേശ്വര ഉപദ്രഷ്ടാ സ്വയംദൃഗവിശേഷണഃ. 50
ആത്മമായാം സമാവിശ്യ സോഽഹം ഗുണമയീം ദ്വിജ!
സൃജൻ രക്ഷൻ ഹരൻ വിശ്വം ദധ്രേ സംജ്ഞാം ക്രിയോചിതാം.
തസ്മിൻ ബ്രഹ്മണ്യദ്വിതീയേ കേവലേ പരമാത്മനി
ബ്രഹ്മരുദ്രൗ ച ഭൂതാനി ഭേദേനാജ്ഞോഽനുപശ്യതി. 52
യഥാ പുമാന്ന സ്വാങ്ഗേഷു ശിരഃപാണ്യാദിഷു ക്വചിത്
പാരക്യബുദ്ധിം കുരുതേ ഏവം ഭൂതേഷു മത്പരഃ. 53
ത്രയാണാമേകഭാവാനാം യോ ന പശ്യതി വൈ ഭിദാം
സർവ്വഭൂതാത്മനാം, ബ്രഹ്മൻ, സ ശാന്തിമധിഗച്ഛതി. 54

മൈത്രേയ ഉവാച

ഏവം ഭഗവതാഽഽദിഷ്ടഃ പ്രജാപതിപതിർഹരിം
അർച്ചിത്വാ ക്രതുനാ സ്വേന ദേവാനുഭയതോഽയജത്. 55
രുദ്രം ച സ്വേന ഭാഗേന ഹ്യുപാധാവത്സമാഹിതഃ
കർമ്മണോദവസാനേന സോമപാനിതരാനപി
ഉദവസ്യ സഹർത്വിഗ്ഭിഃ സസ്നാവവഭൃഥം തതഃ. 56
തസ്മാ അപ്യനുഭാവേന സ്വേനൈവാവാപ്തരാധസേ
ധർമ്മ ഏവ മതിം ദത്ത്വാ ത്രിദശാസ്തേ ദിവം യയുഃ. 57
ഏവം ദാക്ഷായണീ ഹിത്വാ സതീ പൂർവ്വകളേബരം
ജജ്ഞേ ഹിമവതഃ ക്ഷേത്രേ മേനായാമിതി ശുശ്രുമ. 58
തമേവ ദയിതം ഭൂയ ആവൃങ്ക്തേ പതിമംബികാ
അനന്യഭാവൈകഗതിം ശക്തിഃ സുപ്തേവ പൂരുഷം. 59
ഏതദ് ഭഗവതഃ ശംഭോഃ കർമ്മ ദക്ഷാധ്വരദ്രുഹഃ
ശ്രുതം ഭാഗവതാച്ഛിഷ്യാദുദ്ധവാന്മേ ബൃഹസ്പതേഃ. 60

ഇദം പവിത്രം പരമേശചേഷ്ടിതം
യശസ്യമായുഷ്യമഘൗഘമർഷണം
യോ നിത്യദാഽഽകർണ്യ നരോഽനുകീർത്തയേൽ
ധുനോത്യഘം കൗരവ ഭക്തിഭാവതഃ. 61

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ദക്ഷയജ്ഞസംധാനം നാമ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

മൈത്രേയ ഉവാച

സനകാദ്യാ നാരദശ്ച ഋഭുർഹംസോഽരുണിര്യതിഃ
നൈതേ ഗൃഹാൻ ബ്രഹ്മസുതാ ഹ്യാവസന്നൂർധ്വരേതസഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവൻ! യജ്ഞേശ്വരാ! പുണ്യകർമ്മഫലം
നശി-
ച്ചഗതികളായ് ഭവദ്ദർശനം കാത്തിരിക്കും
ഞങ്ങളിൽ പ്രസാദിക്ക ഭഗവന്നാമധേയ-
മെങ്ങനെയെന്നാകിലും കീർത്തിച്ചിടുന്നതാ-
കിൽ
യാഗവിഘ്നങ്ങളെല്ലാം തീർന്നീടുമസംശയം
യോഗിമാനസാവാസാ! ഭവാനു നമ-
സ്കാരം. 47

മൈത്രേയൻ പറഞ്ഞു

ഈവിധമയേ വത്സ! യജ്ഞഭാവനനാമാ
ദേവനെയെല്ലാവരും സ്തുതിക്കുംസന്ദർഭത്തിൽ
രുദ്രനാൽ നശിപ്പിക്കപ്പെട്ടതായിരുന്നോര-
സ്സത്രത്തെ വീണ്ടും ദക്ഷൻ നടത്താനാരംഭി-
ച്ചാൻ. 48
സർവ്വാത്മാവായി, സ്സർവ്വഭാഗഭോക്താവായിടും
നിർവ്വാണപ്രദൻ, ദേവൻ സ്വഭാഗലബ്ധിയാലേ
പരമപ്രീതൻമട്ടിൽ ദക്ഷനെ വിളിച്ചേവ-
മരുളിച്ചെയ്തീടിനാനീവിധം കൗരവേയാ! 49

ശ്രീഭഗവാൻ പറഞ്ഞു

അന്തര്യാമിയായ് സ്വയം വിളങ്ങുന്നവ-
നായി
ട്ടെന്തിനും സാക്ഷിയായിസ്സർവ്വവും വിട്ടിരിക്കും
ഈശനായീടും ഞാൻതാൻ ജഗത്തിന്നാദിമൂല-
മീശാനൻ താനുമാത്മഭുവുമീ ഞാൻതന്നെയാം.50
മങ്ങാതെ ഗുണമയിയായ മന്മായതന്നെ-
യംഗീകരിച്ചു ലോകം നിർമ്മിച്ചുകാത്തഴിപ്പാൻ
ഭിന്നരൂപങ്ങളാന്നാ വ്യാപാരങ്ങൾക്കു തക്ക-
വണ്ണം ഞാൻ പലനാമം ധരിക്കുന്നെന്നേ-
യുള്ളൂ. 51
അദ്വിതീയമായ് പരമാത്മാവായ് കേവലമാം
സത്യവസ്തുവിൽ ബ്രഹ്മാവിനേയും രുദ്രനേയും
ഭൂതങ്ങളേയും ഭിന്നഭാവനയോടുകൂടി
ബോധഹീനന്മാർ കാണുമെപ്പൊഴും പ്രജാ-
പതേ! 52
ഏതൊരു പുരുഷനുമവന്റെ കൈകാൽ ശിര-
സ്സാദിയാമംഗങ്ങളെക്കാണുന്നില്ലന്യന്റേ-
തായ്
അതുപോൽ മദ്ഭക്തനുമഭേദമായിത്തന്നെ-
യിതരഭൂതങ്ങളെസ്സതതം കാണുന്നിതേ. 53
ബ്രഹ്മാവു, രുദ്രൻ, വിഷ്ണുവെന്ന നാമങ്ങളാളു-
മിമ്മൂന്നു മൂർത്തികളുമൊന്നെന്നുതന്നെ കാണും.
ബ്രഹ്മജ്ഞൻ പ്രാപിക്കുന്നു ശാന്തിയെയവനത്രേ
സന്മതേ! സർവ്വഭൂതരാശിക്കുമാത്മാവോ-
ർത്താൽ. 54

മൈത്രേയൻ പറഞ്ഞു

ഭഗവദുപദേശമിങ്ങനെ കേട്ട ദക്ഷൻ
ത്രികപാലേഷ്ടിയാൽ ശ്രീഹരിയെയാരാധിച്ചു
ആ യാഗം പൂർണ്ണമാക്കിദ്ദേവന്മാരെയും തഥാ
സ്വീയാംശമേകി രുദ്രൻതന്നെയും തോഷിപ്പി-
ച്ചാൻ. 55
സത്രത്തിൻ സമാപനകർമ്മങ്ങൾ ചെയ്തു പിന്നെ-
പ്പുരോധീസുരേതരർക്കുമേകിനാൻ സോമരസം.
യജമാനനെക്കൊണ്ടു നടത്തിച്ചിതങ്ങൃത്വിങ്-
നിചയം പൂർത്തികർമ്മമവഭൃഥസ്നാനവും. 56
നാരായണാരാധനാഫലമായ് സിദ്ധമായ
ഭൂരിശ്രേയസ്സോടൊത്ത ദക്ഷനാം പ്രജേശനെ
ധർമ്മധീയുണ്ടാകട്ടെ നിനക്കെ,ന്നമർത്ത്യന്മാർ
വമ്മോദാലനുഗ്രഹിച്ചണഞ്ഞാർ സ്വർഗ്ഗ-
ലോകം. 57
ചൊല്ലെഴും ദാക്ഷായണി സതിയീവിധം
ദേഹം
തള്ളിയാ ഹിമവാന്റെ വിശ്രുതപത്നിയാകും
മേനാദേവിയിൽ പിന്നെ ജനിച്ചിട്ടുള്ളതായി
മാനവശിഖാമണേ! കേട്ടിരിക്കുന്നു ഞങ്ങൾ.58
ലോകമാതാവാമവൾ സ്വപ്രേമനിധാനമാ-
യേകാന്തഭക്താശ്രയസ്ഥാനമാം ശിവനെത്താൻ
ഭർത്താവായ് സ്വീകരിച്ചാൾ പിന്നെയും, സുപ്ത-
യായ
ശക്തിയപ്പുരുഷനെ പ്രാപിച്ചീടുന്നപോലെ.59
ദക്ഷപ്രജേശാദ്ധ്വരവിധ്വംസിയാകും വിഷ-
മാക്ഷനാം ഭഗവാന്റെ മാഹാത്മ്യം വെളിവാക്കും
ഇക്കഥ ബൃഹസ്പതിശിഷ്യനായ്ബ്ഭാഗവത-
മുഖ്യനാമുദ്ധവങ്കൽനിന്നു ഞാൻ കേട്ടതത്രേ. 60
ആയുഷ്യമായിപ്പാപഹരമായ് സൽ-
ക്കീർത്തിസ-
ന്ദായകമായിപ്പുണ്യകരമാമിച്ചരിത്രം
നിത്യവും കേൾക്ക,യോക്ക, കീർത്തിക്കയിവ-
ചെയ്യും
ഭക്തന്റെ പാപമെല്ലാം വെന്തുവെണ്ണീറായ്-
പ്പോകും. 61

അദ്ധ്യായം 8

മനുവംശം—ധ്രുവചരിതം

മൈത്രേയൻ പറഞ്ഞു

നാരദൻ, സനകാദ്യ,രൃഭുവും, ഹംസൻതാനു,-
മാരുണി, യതിയെന്നീ ബ്രഹ്മജന്മാരൊൻപതും
ഊർദ്ധ്വരേതസ്സുകളായ് ബ്രഹ്മജ്ഞാനികളായി
ക്ഷത്താവേ! ഗൃഹധർമ്മം സ്വീകരിച്ചിരു-
ന്നില്ല. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃഷാധാന്തസ്യ ഭാര്യാ ഽഽസീദ്ദംഭം മായാം ച ശത്രുഹൻ
അസൂത മിഥുനം തത്തു നിരൃതിർജഗൃഹേഽപ്രജഃ. 2

തയോഃ സമഭവല്ലോഭോ നികൃതിശ്ച മഹാമതേ
താഭ്യാം ക്രോധശ്ച ഹിംസാ ച യദ്ദുരുക്തിഃ സ്വസാ കലിഃ. 3

ദുരുക്തൗ കലിരാധത്ത ഭയം മൃത്യും ച സത്തമ!
തയോശ്ച മിഥുനം ജജ്ഞേ യാതനാ നിരയസ്തഥാ. 4

സംഗ്രഹേണ മയാ ഽഽഖ്യാതഃ പ്രതിസർഗ്ഗസ്തവാനഘ!
ത്രിഃശ്രുത്വൈതത് പുമാൻ പുണ്യം വിധുനോത്യാത്മനോ മലം. 5

അഥാതഃ കീർത്തയേ വംശം പുണ്യകീർത്തേഃ കുരൂദ്വഹ!
സ്വായംഭുവസ്യാപി മനോർഹരേരംശാംശജന്മനഃ. 6

പ്രിയവ്രതോത്താനപാദൗ ശതരൂപാപതേഃ സുതൗ
വാസുദേവസ്യ കലയാ രക്ഷായാം ജഗതഃ സ്ഥിതൗ. 7

ജായേ ഉത്താനപാദസ്യ സുനീതിഃ സുരുചിസ്തയോഃ
സുരുചിഃ പ്രേയസീ പത്യുർന്നേതരാ യത്സുതോ ധ്രുവഃ. 8

ഏകദാ സുരുചേഃ പുത്രമങ്കമാരോപ്യ ലാളയൻ
ഉത്തമം നാരുരുക്ഷന്തം ധ്രുവം രാജാഭ്യനന്ദത. 9

തഥാ ചികീർഷമാണം തം സപത്ന്യാസ്തനയം ധ്രുവം
സുരുചിഃ ശൃണ്വതോ രാജ്ഞഃ സേർഷ്യമാഹാതിഗർവ്വിതാ. 10

ന വത്സ നൃപതേർധിഷ്ണ്യം ഭവാനാരോഢുമർഹതി
ന ഗൃഹീതോ മയാ യത്ത്വം കുക്ഷാവപി നൃപാത്മജഃ. 11

ബാലോഽസി ബത നാത്മാനമന്യസ്ത്രീഗർഭസംഭൃതം
നൂനം വേദ ഭവാൻ യസ്യ ദുർല്ലഭേഽർത്ഥേ മനോരഥഃ. 12

തപസാ ഽഽരാധ്യ പുരുഷം തസ്യൈവാനുഗ്രഹേണ മേ
ഗർഭേ ത്വം സാധയാത്മാനം യദീച്ഛസി നൃപാസനം. 13

മൈത്രേയ ഉവാച

മാതുഃ സപത്ന്യാഃ സുദുരുക്തിവിദ്ധഃ
ശ്വസൻ രുഷാ ദണ്ഡഹതോ യഥാഹിഃ
ഹിത്വാ മിഷന്തം പിതരം സന്നവാചം
ജഗാമ മാതുഃ പ്രരുദൻ സകാശം. 14

തം നിഃശ്വസന്തം സ്ഫുരിതാധരോഷ്ഠം
സുനീതിരുത്സംഗ ഉദൂഹ്യ ബാലം
നിശമ്യ തത്പൗരമുഖാന്നിതാന്തം
സാ വിവ്യഥേ യദ്ഗദിതം സപത്ന്യാ. 15

സോത്സൃജ്യ ധൈര്യം വിലലാപ ശോക-
ദാവാഗ്നിനാ ദാവലതേവ ബാലാ
വാക്യം സപത്ന്യാഃ സ്മരതീ സരോജ-
ശ്രിയാ ദൃശാ ബാഷ്പകലാമുവാഹ. 16

ദീർഘം ശ്വസന്തീ വൃജിനസ്യ പാര-
മപശ്യതീ ബാലകമാഹ ബാലാ:
''മാമംഗലം താത പരേഷു മംസ്ഥാ
ഭുങ്ക്തേ ജനോ യത് പരദുഃഖദസ്തത്. 17

സത്യം സുരുച്യാഭിഹിതം ഭവാന്മേ
യദ് ദുർഭഗായാ ഉദരേ ഗൃഹീതഃ
സ്തന്യേന വൃദ്ധശ്ച വിലജ്ജതേ യാം
ഭാര്യേതി വാ വോഢുമിഡസ്പതിർമ്മാം. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധർമ്മഭാര്യ മൃഷ, ദംഭനും മായയുമാം
മിഥുനത്തിനെപ്പെറെറന്നറിക കൗരവേന്ദ്രാ!
സന്താനവിഹീനനാം നിരൃതിയിവരെ സ്വ-
സന്തതികളായ്ത്തന്നെ കൈക്കൊണ്ടീടി-
നാൻ മുദാ. 2

ദമ്പതിമാരായിട്ടവരിൽനിന്നുണ്ടായി-
തമ്പോടു ലോഭപുത്രൻ നികൃതിതനുജയും
അവരിൽ ക്രോധപുത്രൻ ഹിംസാ പുത്രിയും-
തീർന്നി-
തവരിൽനിന്നുണ്ടായി കലിയും ദുരുക്തിയും. 3

കലിക്കു ദുരുക്തിയിൽ മൃത്യുവും ഭീയുമുണ്ടാ-
യുളവായവർക്കഥ യാതന നിരയവും. 4

ഭഗവത്പ്രതിസർഗ്ഗലീലയിൽപ്പെട്ടോരിതു
നിഗദിച്ചീടിനേൻ സംഗ്രഹമായ് കൗരവേയ!

മൂന്നുരുവിതു കേട്ടീടുന്നാകിൽ പുരുഷനു-
തീർന്നുപോമതുവരെയുള്ള മാലിന്യമെല്ലാം. 5

പുണ്യശ്ലോകനായ് സ്വായംഭുവനായ് ശ്രീനി-
വാസൻ
തന്നുടെയംശാംശത്താൽ ജന്മമാർന്നിരുന്നിട്ടും
മനുവിൻവംശം ചൊല്ലാം ഞാനിനി വിസ്തരിച്ചു
മനസ്സുവച്ചു കേട്ടുകൊള്ളുക കുരൂദ്വഹ! 6

ശതരൂപയിൽ സ്വായംഭുവനു ഹരികലാ-
യുതരായെഴും പ്രിയവ്രതനും തത്കനിഷ്ഠൻ
ഉത്താനപാദൻതാനും ധർമ്മമാർഗ്ഗാനുസാരം
പൃഥ്വീസംരക്ഷണത്തിലേർപ്പെട്ടുകഴിച്ചിതേ. 7

ഉത്താനപാദനൃപനുണ്ടായിരുന്നു രണ്ടു-
പത്നികൾ സുരുചിയും മറെറാന്നു സുനീതിയും.
അവനു സുരുചിയിൽ ഭവിച്ചു ഗാഢസ്നേഹം
ധ്രുവാംബ സുനീതിയെ സ്നേഹിച്ചില്ലതു-
പോലെ. 8

ഒരുനാൾ സുരുച്യാത്മജാതനെ മടിയിൽവ-
ച്ചരചൻ ലാളിച്ചിരുന്നീടവേ സുനീതിജൻ
അച്ഛന്റെമടിയേറിയൊന്നിരിക്കുവാൻ പാര-
മിച്ഛയോടടുത്തിട്ടു സമ്മതിച്ചീലന്നൃപൻ. 9

താതാങ്കമേറാനാശയാർന്നിട്ടും ധ്രുവനോടായ്
സ്ഥീതഗർവിതയാകും സുരുചിമാതാവുടൻ
ധരണീനാഥനങ്ങു കേട്ടുകൊണ്ടിരിക്കവേ-
യരിശത്തോടുകൂടിയരുളിച്ചെയ്താളേവം. 10

ബാലകാ! നീയും നൃപസൂനുവെന്നാലും നര-
പാലാങ്കമേറാൻ യോഗ്യനല്ലല്ലോ പാർത്തീ-
ടുകിൽ
എന്നുദരത്തിൽനിന്നുമല്ല നിന്നുടെ ജന്മ-
മെന്നതുമൂലമതിന്നനർഹൻ നീയെന്നോർക്ക. 11

കഷ്ടം! നീയന്യനാരീഗർഭത്തിൽ പിറന്നവ-
നൊട്ടുമേ തിരിച്ചറിവില്ലാത്ത വെറുംബാലൻ
സാധിക്കാത്തതിലത്രേ നിന്നാശ ഭാര്യമാർ ഭൂ-
നാഥനെല്ലാരും തുല്യമല്ലെന്നുമറിയാ നീ! 12

രാജാസനത്തിലേറാനിച്ഛിക്കിലീശൻതന്നെ-
പ്പൂജിച്ചു തപസ്സിനാൽ തദനുഗ്രഹം നേടി
മാമകഗർഭത്തിൽ നീ ജനിക്ക,യതെന്നി നിൻ
കാമിതം സാദ്ധ്യമല്ല മറെറാരുമാർഗ്ഗത്താലും. 13

മൈത്രേയൻ പറഞ്ഞു

മാതാവിൻസപത്നിതൻ ദുർവാക്യശല്യങ്ങ-
ളാൽ
ചേതസ്സു പുണ്ണായ്, ദണ്ഡാൽ നോവിച്ച ഫണി-
യെപ്പോൽ
കോപത്താൽ ശ്വാസിച്ചുകൊണ്ടിതൊക്കെക്ക-
ണ്ടിരിക്കും
ഭൂപനെവിട്ടുറക്കെക്കരഞ്ഞുകൊണ്ടു നേരേ
അവിടെനിന്നും പെട്ടെന്നമ്മതന്നടുത്തെത്തി
ധ്രുവബാലകൻ പതിച്ചീടിനാൻ തത്പദ-
ത്തിൽ. 14

ചുണ്ടുംപിളുത്തിദ്ദീർഘംശ്വസിക്കും തനൂജനെ-
യിണ്ടലോടെടുത്തങ്കമണച്ചിട്ടുസ്സുനീതി
പൗരരിൽനിന്നായതിൻകാരണം സുരുചിതൻ-
ഘോരവാക്കാണെന്നറിഞ്ഞധികം ദുഃഖ-
മാർന്നാൾ. 15

ദാവാഗ്നിജ്ജ്വാലയേററ വല്ലിപോൽ വാടി-
ത്തള-
ർന്നാ വധൂമണി ധൈര്യം വെടിഞ്ഞു ദീനയായി
സ്മരിച്ചു സപത്നിതൻ കഠിനവാക്യം വീണ്ടും
കരഞ്ഞാൾ തുരുതുരെക്കണ്ണുനീർവാർത്തു
പാരം. 16

അഴലിന്നന്തംകാണാതായഥ ദീർഘംശ്വസി-
ച്ചുഴലുമനാഥയാമവളബ്ബാലനോടായ്
"മകനേ! നീയന്യരിൽ ദോഷധീയോടുകൂടി-
പ്പകവീട്ടുവാനുറച്ചീടരുതൊരിക്കലും
പ്രാരബ്ധകർമ്മഫലമാണനുഭവിപ്പതി-
ങ്ങോരോരുത്തരുമോർത്തുകൊള്ളുകെ-
ന്നോതീടിനാൾ. 17

എന്മകൻ രാജാസനം വാഴുവാൻ യോഗ്യനല്ലെ-
ന്നമ്മയാമസ്സുരുചി ചൊന്നതെത്രയോ സത്യം!
ഭാര്യയെന്നോതാൻപോലുമരചൻ ലജ്ജാഭരം-
പേറുന്ന ദുർഭാഗ്യയാമെന്നുടെ ഗർഭത്തിൽ നീ
ജനിച്ചെൻ മുലപ്പാലു കുടിച്ചു വളർന്നതാം
നിനക്കീയത്യുൽക്കടദുഃഖത്തിൻ മുഖ്യഹേതു. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആതിഷ്ഠ തത്താത വിമത്സരസ്ത്വ-
മുക്തം സമാത്രാപി യദവ്യളീകം
ആരാധയാധോക്ഷജപാദപദ്മം
യദീച്ഛസേ/ധ്യാസനമുത്തമോ യഥാ. 19
യസ്യാങ്ഘ്രിപദ്മം പരിചര്യ വിശ്വ-
വിഭാവനായാത്തഗുണാഭിപത്തേഃ
അജോ/ധ്യതിഷ്ഠത് ഖലു പാരമേഷ്ഠ്യം
പദം ജിതാത്മശ്വസനാഭിവന്ദ്യം. 20
തഥാ മനുർവോ ഭഗവാൻ പിതാമഹോ
യമേകമത്യാ പുരുദക്ഷിണൈർമ്മഖൈഃ
ഇഷ്ട്വാഭിപേദേ ദുരവാപമന്യതോ
ഭൌമം സുഖം ദിവ്യമഥാപവർഗ്ഗ്യം. 21
തമേവ വത്സാശ്രയ ഭൃത്യവത്സലം
മുമുക്ഷുഭിർമ്മൃഗ്യപദാബ്ജപദ്ധതിം
അനന്യഭാവേ നിജധർമ്മഭാവിതേ
മനസ്യവസ്ഥാപ്യ ഭജസ്വ പൂരുഷം. 22
നാന്യം തതഃ പദ്മപലാശലോചനാദ്
ദുഃഖച്ഛിദം തേ മൃഗയാമി കഞ്ചന
യോ മൃഗ്യതേ ഹസ്തഗൃഹീതപദ്മയാ
ശ്രിയേതരൈരങ്ഗ വിമൃഗ്യമാണയാ.'' 23

മൈത്രേയ ഉവാച

ഏവം സംജല്പിതം മാതുരാകർണ്യാർത്ഥാഗമം വചഃ
സംനിയമ്യാത്മനാ//ത്മാനം നിശ്ചക്രാമ പിതുഃ പുരാത്. 24
നാരദസ്തദുപാകർണ്യ ജ്ഞാത്വാ തസ്യ ചികീർഷിതം
സ്പൃഷ്ട്വാ മൂർധന്യഘഘ്നേന പാണിനാ പ്രാഹ വിസ്മിതഃ. 25
അഹോ തേജഃ ക്ഷത്രിയാണാം മാനഭംഗമമൃഷ്യതാം
ബാലോ/പ്യയം ഹൃദാ ധത്തേ യത്സമാതുരസദ്വചഃ. 26

നാരദ ഉവാച

നാധുനാപ്യവമാനം തേ സമ്മാനം വാപി, പുത്രക,
ലക്ഷയാമഃ കുമാരസ്യ സക്തസ്യ ക്രീഡനാദിഷു. 27
വികല്പേ വിദ്യമാനേ/പി ന ഹ്യസന്തോഷഹേതവഃ
പുംസോ മോഹമൃതേ ഭിന്നാ യല്ലോകേ നിജകർമ്മഭിഃ. 28
പരിതുഷ്യേത്തതസ്താത താവന്മാത്രേണ പൂരുഷഃ
ദൈവോപസാദിതം യാവദ്വീക്ഷ്യേശ്വരഗതിം ബുധഃ. 29
അഥ മാത്രോപദിഷ്ടേന യോഗേനാവരുരുത്സസി
യത്പ്രസാദം സ വൈ പുംസാം ദുരാരാധ്യോ മതോ മമ. 30
മുനയഃ പദവീം യസ്യ നിസ്സങ്ഗേനോരുജന്മഭിഃ
ന വിദുർമ്മൃഗയന്തോ/പി തീവ്രയോഗസമാധിനാ. 31
അതോ നിവർത്തതാമേഷ നിർബ്ബന്ധസ്തവ നിഷ്ഫലഃ
യതിഷ്യതി ഭവാൻ കാലേ ശ്രേയസാം സമുപസ്ഥിതേ. 32
യസ്യ യദ് ദൈവവിഹിതം സ തേന സുഖദുഃഖയോഃ
ആത്മാനം തോഷയന്ദേഹീ തമസഃ പാരമൃച്ഛതി. 33
ഗുണാധികാന്മുദം ലിപ്സേദനുക്രോശ ഗുണാധമാത്
മൈത്രീം സമാനാദന്വിച്ഛേന്ന താപൈരഭിഭൂയതേ. 34

ധ്രുവ ഉവാച

സോ/യം ശമോ ഭഗവതാ സുഖദുഃഖഹതാത്മനാം
ദർശിതഃ കൃപയാ പുംസാം ദുർദർശോ/സ്മദ്വിധൈസ്തു യഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്തമനെപ്പോൽ വരിഷ്ഠാസനം വാഴാനാശ-
യെത്തുകിലച്യുതാങ്ഘ്രിയച്ചിക്കാൻ-
തന്നെയല്ലോ

എന്നോടു സമാനയാം സുരുചി നിഷ്കളങ്കം
നിന്നോടു ചൊന്നതതു ചെയ്ക നീ നിൎമ്മത്സരം.19
പാരിടം പാലിപ്പാനായ് ഗുണാധിഷ്ഠാനഭാവം
പേറുമാക്കെഴും പാദപങ്കജം നിരന്തരം
മാനസത്തേയും പ്രാണൻതന്നെയും ജയിച്ചാളും
ജ്ഞാനികൾപോലും ഭക്തിപൂൎവ്വകം
ധ്യാനിക്കുന്ന,

നേരേയാ ഹരിപാദാംഭോജസേവകൊണ്ടല്ലോ
പാരമേഷ്ഠ്യമാം പദംകിട്ടിയാ സ്രഷ്ടാവിനും. 20
അതുപോലിയുഷ്മത്പിതാമഹനായിരുന്നോര-
ക്ഷിതിനായകൻ സ്വായംഭുവനാം മനുതാനും
ഏകഭാവനയോടും ബഹുദക്ഷിണാപൂൎവ്വം
ശ്രീകാന്തഭഗവാനെപ്പൂജിച്ചു മഖങ്ങളാൽ.
മന്നിലും വിണ്ണിലും സംസിദ്ധമാം സുഖം സൎവ്വ-
മെന്നല്ല നിൎവ്വാണമാം സൗഖ്യവും
പ്രാപിച്ചിതേ. 21

അതിനാൽ നീയും വത്സ! ഭൃത്യവത്സലനായി
സതതം മോക്ഷേച്ഛുക്കൾ തിരയും
കാൽത്താരെഴും,

ആ വിഷ്ണുദേവനെത്താനാശ്രയിച്ചനന്യമാം
ഭാവനയോടും നിജധൎമ്മത്താൽ സംശുദ്ധമാം
മനസംതന്നിൽ നേരേയുറപ്പിച്ചനാരതം
ധ്യാനിച്ചുകൊണ്ടാലും നീയിന്നുതൊട്ടേ-
ന്നോമനേ! 22

ബാലകാ! കമലാക്ഷനായിടും മുകുന്ദനെ-
പ്പോലെ നിൎമ്മാലകററാനന്യനായേകനേ ഞാൻ
ലോകത്തിലശേഷവും തേടീട്ടും കാണുന്നതി-
ല്ലാകയാൽ ഭജിക്ക നീയബ്ഭഗവാനെത്തന്നെ.
വാണീശാദികൾപോലുമാരായുന്നവളായി
പാണിയിൽ കേളീസരോരുഹത്തെധരിച്ചിട്ടും
ഇന്ദിരാദേവിതാനുമബ്ഭഗവാനെത്തന്നെ-
യെന്നുമാശ്രയമാക്കിസ്സേവിച്ചു വാണീ-
ടുന്നു.'' 23

മൈത്രേയൻ പറഞ്ഞു

കാൎയ്യസംസിദ്ധിപ്രദമായിത്തൻ മാതാവു-
തൻ-
സാരഗൎഭമാം വാക്യമിങ്ങനെ കേട്ടു ബാലൻ
ചേതസ്സടക്കി പിതൃരാജധാനിയെവിട്ടു
സാദരം ഹരിസേവയ്ക്കുറച്ചങ്ങിറങ്ങിനാൻ. 24
നാരദനിതു കേട്ടു ബാലൻെറയഭിലാഷം
നേരേയറിഞ്ഞു പാരമാശ്ചൎയ്യാധീനനായി
പാപഘ്നപാണിയുഗ്മം ധ്രുവമൂൎദ്ധാവിൽ ചേൎത്തു
താപാപനോദനാൎത്ഥമവനോടോതീടിനാൻ. 25
അവമാനത്തെസ്സഹിച്ചീടാത്തൊരാ ക്ഷത്രിയ-
പ്രവരപ്രഭാവം ഹാ! വിസ്മയം പാൎത്തുകാങ്കിൽ
ബാലനാകിലും നിന്ദിച്ചസ്സുരുച്യുംബ ചൊന്ന
ശീലുകളിവൻ ഹൃത്തിൽ ധരിച്ചിരിക്കു-
ന്നിതേ! 26

നാരദൻ പറഞ്ഞു

കളിച്ചുനടന്നീടും നിന്നിൽ കാണ്മീല ഞാനീ-
യളവിൽ സമ്മാനാവമാനഭേദത്തിൻ-
ജ്ഞാനം. 27

അല്ലാതെ നിനക്കതുണ്ടെന്നു വന്നാകിലറി-
വില്ലായ്മയെന്നെന്നിയേ ചൊല്ലാവതല്ല വത്സാ!
ലോകത്തു നിജകൎമ്മംനിമിത്തം ഭവിക്കുന്ന 28
ശോകവും സൗഖ്യവുമീ പ്രാണികൾക്കാകമാനം
ആകയാൽ സ്വപ്രാരബ്ധകൎമ്മഫലമീശ-
നേകിയതായിധീമാൻ പാൎത്തു സന്തോഷി-
ക്കണം. 29

ആരുടെയനുഗ്രഹം നേടുവാൻ മാതാവുതൻ-
ഗീരിനാൽ പ്രേരിതനായ് പോകുന്നു ബാലകാ
നീ!

ആ ദേവൻ നിനയ്ക്കുമ്പോലെളുപ്പമാരാധിച്ചു-
മോദിപ്പിക്കാവുന്നവനല്ലെന്നാണെൻെറ
പക്ഷം. 30

സങ്ഗഹീനരായ് പല ജന്മങ്ങൾകൊണ്ടു-
മുഷി-
പുങ്ഗവർ തീവ്രമാകും സമാധിയോഗങ്ങളാൽ
തിരഞ്ഞീടിലും കാണാതുള്ളൊരപ്പദംതന്നി-
ലൊരു ബാലകനാം നീയെങ്ങനെയെത്തി-
ച്ചേരും. 31

അതിനാൽ തിരിച്ചുപോയീടുക പരിക്കു നീ-
യിതിൽ നിബ്ബന്ധം വിട്ടു, നിഷ്ഫലമാണീ ശ്രമം.
ശ്രേയസ്സിൻകാലമുപസ്ഥിതമായീടുമ്പോൾ
നീ-
യായപോൽ ശ്രമിക്കുക കൈവരും കാമിത-
ങ്ങൾ. 32

സുഖമാകിലും പിന്നെ ദുഃഖമാകിലുമിന്നി-
തഖിലം നിജകൎമ്മഫലമായ് വന്നതെന്നായ്
ധരിച്ചു തുഷ്ടനായിട്ടനുഭവിച്ചീടണം
തരിക്കാമെന്നാൽ മെല്ലെസ്സംസാരപാരാ-
വാരം. 33

തന്നെക്കാൾ ഗുണികളെക്കാണുമ്പോൾ
തോഷിക്കണം,
തന്നേക്കാൾത്താണുള്ളോരിലാളണമനുകമ്പ,
തുല്യരിൽ സ്നേഹത്തോടു പെരുമാറണമെന്നാ-
ലല്ലലിനാക്കുംതന്നെ സംഗതിയില്ല പിന്നെ.34

ധ്രുവൻ പറഞ്ഞു

സുഖദുഃഖാഹതം ഹൃത്താന്നിടും മാദൃശന്മാ-
ൎക്കഖിലമദൃശ്യമായീടുമാ ശാന്തിമാൎഗ്ഗം
അവിടുന്നലിവിയന്നമൎത്ത്യമുനേ! നേരേ-
യിവനോടിപ്പോൾ വേണ്ടപോലുപദേശി-
ച്ചിതു. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥാപി മേഽവിനീതസ്യ ക്ഷാത്രം ഘോരമുപേയുഷഃ
സുരുച്യാ ദുർവ്വചോബാണൈർന്ന ഭിന്നേ ശ്രയതേ ഹൃദി. 36

പദം ത്രിഭുവനോത്കൃഷ്ടം ജിഗീഷോഃ സാധു വർത്മ മേ
ബ്രൂഹ്യസ്മത്പിതൃഭിർബ്രഹ്മന്നന്യൈരപ്യനധിഷ്ഠിതം. 37

നൂനം ഭവാൻ ഭഗവതോ യോഽങ്ഗജഃ പരമേഷ്ഠിനഃ
വിതുദന്നടതേ വീണാം ഹിതായ ജഗതോഽർക്കവത്. 38

മൈത്രേയ ഉവാച

ഇത്യുദാഹൃതമാകർണ്യ ഭഗവാന്നാരദസ്തദാ
പ്രീതഃ പ്രത്യാഹ തം ബാലം സദ്വാക്യമനുകമ്പയാ. 39

നാരദ ഉവാച

ജനന്യാഭിഹിതഃ പന്ഥാഃ സ വൈ നിഃശ്രേയസസ്യ തേ
ഭഗവാൻ വാസുദേവസ്തം ഭജ തത്പ്രവണാത്മനാ. 40

ധർമ്മാർത്ഥകാമമോക്ഷാഖ്യം യ ഇച്ഛേച്ഛ്രേയ ആത്മനഃ
ഏകമേവ ഹരേസ്തത്ര കാരണം പാദസേവനം. 41

തത്താത ഗച്ഛ ഭദ്രം തേ യമുനായാസ്തടം ശുചി
പുണ്യം മധുവനം യത്ര സാന്നിധ്യം നിത്യദാ ഹരേഃ. 42

സ്നാത്വാനുസവനം തസ്മിൻ കാളിന്ദ്യാഃ സലിലേ ശിവേ
കൃത്വോചിതാനി നിവസന്നാത്മനഃ കല്പിതാസനഃ. 43

പ്രാണായാമേന ത്രിവൃതാ പ്രാണേന്ദ്രിയമനോമലം
ശനൈർവ്യുദസ്യാഭിധ്യായേന്മനസാ ഗുരുണാ ഗുരും. 44

പ്രസാദാഭിമുഖം ശശ്വത്പ്രസന്നവദനേക്ഷണം
സുനാസം സുഭ്രുവം ചാരുകപോലം സുരസുന്ദരം. 45

തരുണം രമണീയാങ്ഗമരുണോഷ്ഠേക്ഷണാധരം
പ്രണതാശ്രയണം നൃമ്ണം ശരണ്യം കരുണാർണ്ണവം. 46

ശ്രീവത്സാങ്കം ഘനശ്യാമം പുരുഷം വനമാലിനം
ശംഖചക്രഗദാപദ്മൈരഭിവ്യക്തചതുർഭുജം. 47

കിരീടിനം കുണ്ഡലിനം കേയൂരവലയാന്വിതം
കൗസ്തുഭാഭരണഗ്രീവം പീതകൗശേയവാസസം. 48

കാഞ്ചീകലാപപര്യസ്തം ലസത്കാഞ്ചനനൂപുരം
ദർശനീയതമം ശാന്തം മനോനയനവർദ്ധനം. 49

പദ്ഭ്യാം നഖമണിശ്രേണ്യാ വിലസദ്ഭ്യാം സമർച്ചതാം
ഹൃത്പദ്മകർണ്ണികാധിഷ്ണ്യമാക്രമ്യാത്മന്യവസ്ഥിതം. 50

സ്മയമാനമഭിധ്യായേത്സാനുരാഗാവലോകനം
നിയതേനൈകഭൂതേന മനസാ വരദർഷഭം. 51

ഏവം ഭഗവതോ രൂപം സുഭദ്രം ധ്യായതോ മനഃ
നിർവൃത്യാ പരയാ തൂർണ്ണം സമ്പന്നം ന നിവർത്തതേ. 52

ജപശ്ച പരമോ ഗുഹ്യഃ ശ്രൂയതാം മേ നൃപാത്മജ
യം സപ്തരാത്രം പ്രപഠൻ പുമാൻ പശ്യതി ഖേചരാൻ. 53

''ഓം നമോ ഭഗവതേ വാസുദേവായ''

മന്ത്രേണാനേന ദേവസ്യ കുര്യാദ് ദ്രവ്യമയീം ബുധഃ
സപര്യാം വിവിധൈർദ്രവ്യൈർദ്ദേശകാലവിഭാഗവിത്. 54

സലിലൈഃ ശുചിഭിർമ്മാല്യൈർവന്യൈർമ്മൂലഫലാദിഭിഃ
ശസ്താങ്കുരാംശുകൈശ്ചാർച്ചേത്തുളസ്യാ പ്രിയയാ പ്രഭും. 55

ലബ്ധ്വാ ദ്രവ്യമയീമർച്ചാം ക്ഷിത്യംബ്വാദിഷു വാർച്ചയേത്
ആഭൃതാത്മാ മുനിഃ ശാന്തോ യതവാങ്മിതവന്യഭുക്. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷാത്രവീര്യത്താലവിനീതനാമെനിക്കേഴും
ചിത്തമസ്സുരുചിതൻ ദുർവ്വാക്യബാണങ്ങളാൽ
വിദ്ധമാകയാൽ, ഭവത്സാരോപദേശമുള്ളിൽ
മാത്രനേരവും തങ്ങിനില്പതില്ലെന്നുചെയ്യാം. 36
മൂപ്പാരിൽ മുഖ്യമായി മത്പിതൃജനങ്ങളോ
കെല്ലേറുമന്യന്മാരോ കയ്യടക്കാത്തതാകും
സ്ഥാനമാശിപ്പോരെനിക്കായത്തു സാധിക്കാന-
ന്യൂനമാം മാർഗ്ഗമങ്ങൊന്നരുളിച്ചെയ്യീടണം. 37
ഭഗവാൻ പരമേഷ്ഠിതന്നങ്ഗജന്മാവായി
നിഗമനിധാനമാമവിടുന്നർക്കനെപ്പോൽ
ഉലകിൻ ഹിതത്തിനായ് വീണയെ
ധ്വനിപ്പിച്ചി-
ട്ടിളവറെറങ്ങും ചുററിസ്സഞ്ചരിക്കുന്നു നൂനം. 38

മൈത്രേയൻ പറഞ്ഞു

കള്ളമററുള്ളതേവം കഥിച്ചോരബ്ബാലനി-
ലുള്ളത്തിലലിവേറി നാരദമാമുനീന്ദ്രൻ
ചൊല്ലിനാനവന്നഭിലാഷസിദ്ധിക്കായുള്ള
കല്യമാർഗ്ഗത്തെ കാര്യസാരസംപൂർണ്ണോക്തി-
യാൽ. 39

നാരദൻ പറഞ്ഞു

നിന്നമ്മ ചൊന്ന മാർഗ്ഗംതന്നെയാം നന്നു,
ഗുണ-
പൂർണ്ണനാം വാസുദേവനരുളും നിന്നഭീഷ്ടം.
ഭഗവാൻ മുരാരിയെ സന്തതം വിനീതനാ-
യകതാരിങ്കലുറപ്പിച്ചു നീ ഭജിച്ചാലും. 40
ധർമ്മാർത്ഥകാമമോക്ഷശ്രേയോലാഭത്തിനുള്ള
സന്മാർഗ്ഗം ഹരിപദസേവനമൊന്നുതന്നെ. 41
അതിനാൽ വത്സാ! തവ മങ്ഗലം!
പോയീടു നീ-
യതിപാവനമായ കാളിന്ദീതടംതന്നിൽ
പുണ്യവർദ്ധകമധുവനവുമടുത്തുതാ-
നെന്നുമുണ്ടസ്ഥലത്തിൽ ശ്രീഹരിസന്നിധാനം.
42
യമുനാതരംഗിണീനിർമ്മലാംബുവിൽ സന്ധ്യാ-
സമയങ്ങളിൽ സ്നാനംചെയ്തങ്ങു നിവസിച്ചു
ഹരിസേവനയോഗ്യകൃത്യങ്ങളനുഷ്ഠിച്ചി-
ട്ടിരുന്നീടുക നേരേ കല്പിതാസനമൊന്നിൽ. 43
മൂന്നുമട്ടെഴും പ്രാണായാമാഭ്യാസത്താൽ മനഃ-
പ്രാണേന്ദ്രിയങ്ങൾക്കുള്ള മാലിന്യമൊക്കെ
നീക്കി
മാനസം നല്ലവണ്ണമുറപ്പിച്ചനാരതം
ശ്രീനിവാസനാമീശൻതന്നെ നീ ധ്യാനി-
ക്കുക. 44
പ്രസാദിക്കുവാനൊരുമ്പെട്ടിരിപ്പവനായി
പ്രസന്നവദനാരവിന്ദലോചനനായി
അരിയനാസാചില്ലീകപാലോപേതനായി
സുരസന്ദോഹത്തിൽവച്ചതിസുന്ദരനായി
തരുണനായിപ്പാരം രമണീയാങ്ഗനായി-
ട്ടരുണാധരോഷ്ഠാക്ഷിദ്വയശോഭിതനായി
കരുണാപയോധിയായ് ശ്രീവത്സലക്ഷ്മാ-
വായി
ശരണാഗതർക്കെല്ലാമാശ്രയഭൂതനായി
ശ്യാമളവർണ്ണനായിപ്പുരുഷാകൃതിയായി
കോമളവനമാലാലംകൃതശരീരനായ്
ശംഖചക്രാബ്ജഗദാശോഭിതചതുർഭുജ-
സങ്കലിതനായ് ചാരുകിരീടധാരിയായി
കുണ്ഡലകേയൂരങ്ങൾ കങ്കണഗണങ്ങളു-
മാന്നു കൗസ്തുഭരത്നഭൂഷണം കണ്ഠത്തിലും
പൊൻകാഞ്ചിയരയിലും പൊൻനൂപുരങ്ങൾ
പദ-
പങ്കജങ്ങളിലും പൂണ്ടുടുത്തു പീതാംബരം
വീക്ഷണയോഗ്യനായി, മാനസത്തി-
ന്നെന്നപോ-
ലീക്ഷണങ്ങൾക്കും പാരമാനന്ദപ്രദനായി
ശാന്തനായ് നഖരത്നനിരയാൽ മിന്നും പദ-
ദ്വന്ദ്വത്താൽ ചിത്താംബുജകർണ്ണികാപത്തന-
ത്തിൽ
ഊന്നിനിന്നഞ്ചിതമാം പുഞ്ചിരിയോടും രാഗ-
മൂന്നീടും കടാക്ഷങ്ങൾ ചൊരിഞ്ഞു വരമേകും
ദേവനെസ്സുനിശ്ചലമതിയാലേകാഗ്രമാം
ഭാവനയോടും ധ്യാനിച്ചീടുക കുമാരാ! നീ.
45–51
ഈവിധം സുമംഗളഭഗവദ്രൂപം ധ്യാനം
ചെയ്‌വോരു മാനവൻതൻ മാനസം മന്ദേതരം
പരമാനന്ദംതന്നിൽ മുഴുകുമതിൽനിന്നു
വിരമിക്കയുമില്ല പിന്നെ നിശ്ചയംതന്നെ. 52
നൃപനന്ദനാ! ഗുഹ്യതമമായുത്കൃഷ്ടമാം
ജപമന്ത്രവും കേട്ടുകൊൾക നീ, ചൊല്ലിത്തരാം.
മന്ത്രമിതേഴുനാളിൽ തുടരെ ജപിക്കുവോ-
നന്തരീക്ഷത്തിൽ ചരിപ്പവരെ നേരേ-
കാണാം. 53
'ഓം നമോ ഭഗവതേ വാസുദേവായേ'തി സ-
ദ്ധ്യാനമന്ത്രത്താൽ ദേശകാലജ്ഞനാകും
വിദ്വാൻ
മെച്ചമാം നാനാമുഖ്യദ്രവ്യങ്ങളർപ്പിച്ചുകൊ-
ണ്ടച്യുതഭഗവാനെയർച്ചനംചെയ്യീടണം. 54
ശുദ്ധമായീടും നീരും മാല്യവുംകൊണ്ടും വന-
സിദ്ധമാം ഫലമൂലാദ്യങ്ങളെക്കൊണ്ടും പിന്നെ
ദൂർവകൾ ഭൂർജ്ജപത്രം തുളസിയിവയാലും
ദർവ്വീകരേന്ദ്രശായിദേവനെപ്പൂജിക്കണം. 55
ശിലയോ ലോഹമോകൊണ്ടുള്ള
വിഗ്രഹത്തിലോ
നിലത്തു പദ്മംവരച്ചതിലോ ജലത്തിലോ
മുനിയായ്, ശാന്തനായി, മൗനിയായ്,
മിതഭുക്കായ്
വനജഫലമൂലാശനനായ് പൂജിക്കണം. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വേച്ഛാവതാരചരിതൈരചിന്ത്യനിജമായയാ
കരിഷ്യത്യുത്തമശ്ലോകസ്തദ് ധ്യായേദ്ധൃദയങ്ഗമം. 57

പരിചര്യാ ഭഗവതോ യാവത്യഃ പൂർവ്വസേവിതാഃ
താ മന്ത്രഹൃദയേനൈവ പ്രയുഞ്ജ്യാന്മന്ത്രമൂർത്തയേ. 58

ഏവം കായേന മനസാ വചസാ ച മനോഗതം
പരിചര്യമാണോ ഭഗവാൻ ഭക്തിമത്പരിചര്യയാ. 59

പുംസാമമായിനാം സമ്യഗ്ഭജതാം ഭാവവർദ്ധനഃ
ശ്രേയോ ദിശത്യഭിമതം യദ്ധർമ്മാദിഷു ദേഹിനാം. 60

വിരക്തശ്ചേന്ദ്രിയരതൗ ഭക്തിയോഗേന ഭൂയസാ
തം നിരന്തരഭാവേന ഭജേതാദ്ധാ വിമുക്തയേ. 61

ഇത്യുക്തസ്തം പരിക്രമ്യ പ്രണമ്യ ച നൃപാർഭകഃ
യയൗ മധുവനം പുണ്യം ഹരേശ്ചരണചർച്ചിതം. 62

തപോവനം ഗതേ തസ്മിൻ പ്രവിഷ്ടോഽന്തഃപുരം മുനിഃ
അർഹിതാർഹണകോ രാജ്ഞാ സുഖാസീന ഉവാച തം. 63

നാരദ ഉവാച

രാജൻ, കിം ധ്യായസേ ദീർഘം മുഖേന പരിശുഷ്യതാ
കിം വാ ന രിഷ്യതേ കാമോ ധർമ്മോ വാർത്ഥേന സംയുതഃ. 64

രാജോവാച

സുതോ മേ ബാലകോ, ബ്രഹ്മൻ, സ്ത്രൈണേനാകരുണാത്മനാ
നിർവ്വാസിതഃ പഞ്ചവർഷഃ സഹ മാത്രാ മഹാൻ കവിഃ. 65

അപ്യനാഥം വനേ ബ്രഹ്മന്മാസ്മാദന്ത്യർഭകം വൃകാഃ
ശ്രാന്തം ശയാനം ക്ഷുധിതം പരിമ്ലാനമുഖാംബുജം. 66

അഹോ മേ ബത ദൗരാത്മ്യം സ്ത്രീജിതസ്യോപധാരയ
യോഽങ്കം പ്രേമ്ണാഽഽരുരുക്ഷന്തം നാഭ്യനന്ദമസത്തമഃ. 67

നാരദ ഉവാച

മാ മാ ശുചഃ സ്വതനയം ദേവഗുപ്തം വിശാമ്പതേ
തത്പ്രഭാവമവിജ്ഞായ പ്രാവൃങ്ക്തേ യദ്യശോ ജഗത്. 68

സുദുഷ്കരം കർമ്മ കൃത്വാ ലോകപാലൈരപി പ്രഭുഃ
ഏഷ്യത്യചിരതോ രാജൻ യശോ വിപുലയംസ്തവ. 69

മൈത്രേയ ഉവാച

ഇതി ദേവർഷിണാ പ്രോക്തം വിശ്രുത്യ ജഗതീപതിഃ
രാജലക്ഷ്മീമനാദൃത്യ പുത്രമേവാന്വചിന്തയത്. 70

തത്രാഭിഷിക്തഃ പ്രയതസ്താമുപോഷ്യ വിഭാവരീം
സമാഹിതഃ പര്യചരദൃഷ്യാദേശേന പൂരുഷം. 71

ത്രിരാത്രാന്തേ ത്രിരാത്രാന്തേ കപിത്ഥബദരാശനഃ
ആത്മവൃത്ത്യനുസാരേണ മാസം നിന്യേഽർച്ചയൻ ഹരിം. 72

ദ്വിതീയം ച തഥാ മാസം ഷഷ്ഠേ ഷഷ്ഠേഽർഭകോ ദിനേ
തൃണപർണ്ണാദിഭിഃ ശീർണ്ണൈഃ കൃതാന്നോഽഭ്യർച്ചയദ്വിഭും. 73

തൃതീയം ചാനയന്മാസം നവമേ നവമേഽഹനി
അബ്ഭക്ഷ ഉത്തമശ്ലോകമുപാധാവത്സമാധിനാ. 74

ചതുർത്ഥമപി വൈ മാസം ദ്വാദശേ ദ്വാദശേഽഹനി
വായുഭക്ഷോ ജിതശ്വാസോ ധ്യായന്ദേവമധാരയത്. 75

പഞ്ചമേ മാസ്യനുപ്രാപ്തേ ജിതശ്വാസോ നൃപാത്മജഃ
ധ്യായൻ ബ്രഹ്മ പദൈകേന തസ്ഥൗ സ്ഥാണുരിവാചലഃ. 76

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവാനചിന്ത്യമാം മായയെയാശ്രയിച്ച
ജഗദ്രക്ഷയ്ക്കായ് പ്പലേയവതാരങ്ങളാൻ്റ
നാനാവിധാത്യദ്ഭുതകർമ്മങ്ങളും ചെയ്യതെല്ലാം
മാനസംതന്നിൽ ധ്യാനംചെയ്യുറപ്പിച്ചീടണം.
57

മൂലമന്ത്രത്തെച്ചൊല്ലിപ്പൂർവ്വികരനുഷ്ഠിച്ച-
പോലെ പൂജിക്ക മന്ത്രമൂർത്തിയെ
മന്ത്രഹൃത്താൽ. 58

ഈമട്ടിൽകായം മനം വചസ്സെന്നിവയാൽ സ്വ-
കാമിതം ലക്ഷ്യമാക്കി നിഷ്കായം ഭക്തിപൂർവ്വം
വേണ്ടപോലർച്ചിച്ചിടും മർത്ത്യൻെറയഭിലാഷം
പുണ്ഡരീകാക്ഷനേതുമേകുന്നു ഭേദമെന്യേ.
59-60

വിഷയവിരക്തനായ് പരമപ്രേമത്തോടു-
മൃഷിഗമ്യനാം ഹൃഷീകേശനെ നിരന്തരം
നിഷ്കാമം ഭജിക്കുകിലപ്പുരുഷനു സാക്ഷാൽ
മുക്തിയുമരുളുന്നീ ഭഗവാൻ ഭക്തപ്രിയൻ. 61

ഈവിധം നാരദോപദേശത്തെ ശ്രവിച്ചിട്ടു-
ബ്ഭൂവരാത്മജൻ ധ്രുവനപ്പരമാചാര്യനെ
പ്രദക്ഷിണംവച്ചുടൻ നമിച്ചാ വാസുദേവ-
പദഭൂഷിതപുണ്യമധുകാനനം പുക്കാൻ. 62

അത്തപോവനം ധ്രുവൻ പ്രാപിക്കെ,മുനീശ്വര-
നുത്താനപാദനൃപാന്തഃപുരം പ്രവേശിച്ചാൻ.
അർചനച്ചിച്ചുടനേകിയാസനം, സുഖ-
മിരുന്നു ചൊന്നാനപ്പോൾ ഭൂപനോടജാ-
ത്മജൻ. 63

നാരദൻ പറഞ്ഞു

മഞ്ഞിയ മുഖത്തോടുമിങ്ങിരുന്നെന്താം നൃപ-
പുങ്ഗവാ! ദീർഘം ധ്യാനംചെയ്വതു
ചൊല്ലീടുക.

ധർമ്മാർത്ഥകാമങ്ങളിലേതിനെങ്കിലും നാശം
സന്മതേ! ഭവാനിപ്പോൾ ഭവിച്ചിരിക്കുന്നി-
തോ? 64

രാജാവു പറഞ്ഞു

കരുണാഹീനനാം ഞാൻസ്ത്രീവശഗതനായി-
പ്പുരുബുദ്ധിമാൻ, പഞ്ചവയസ്സൻ, സദ്ഗു-
ണാഢ്യൻ

അരുമമകൻ ധ്രുവബാലനെ മാതാവൊത്തി-
പ്പുരിയിൽനിന്നും പുറത്താക്കിനേൻ മുനീ-
ശ്വരാ! 65

ആനനാംബുജം വാടി ക്ഷീണിച്ചു വിശന്നേററം
കാനനംതന്നിൽ തുണയററവൻ ശയിക്കവേ
ചെന്നായ തൊട്ടു ദുഷ്ടമൃഗക്കൂട്ടങ്ങളും ചെന്നു
തിന്നെന്നുവന്നീടുമോ സർവ്വജ്ഞ!
മഹാമുനേ! 66

പ്രേമത്താലങ്കമേറാനാശിച്ചുടത്തീടിനോ-
രാമനമകനെ സ്ത്രീജിതനായീടുന്ന ഞാൻ
ഏററിയില്ലെന്നല്ലഭിനന്ദിച്ചുമില്ലൊട്ടു,മെൻ-
ദൗഷ്ട്യത്തിന്നേററമെത്രയെന്നങ്ങൊന്നോർത്തു-
നോക്കു. 67

നാരദൻ പറഞ്ഞു

ഈശരക്ഷയിലായ നിൻതനുജനെപ്പററി
ക്ലേശിച്ചീടുകവേണ്ട വെറുതേ ധരാപതേ!
അല്പവും തത്പ്രഭാവമങ്ങറിയുന്നതില്ല
മുപ്പാരും വ്യാപിച്ചീടും ക്ഷിപ്രം തൽക്കീർത്തി-
പുഞ്ജം. 68

ലോകപാലന്മാരാലും ദുഷ്കരമായ കർമ്മം
പാകത്തിനൊത്തു ചെയ്തു നിൻകീർത്തി വർദ്ധി-
പ്പിക്കാൻ
സാമർത്ഥ്യം സമ്പാദിച്ചു താമസിയാതെ പുത്രൻ
ഭൂമിപാലേന്ദ്രാ! ഭവത്സന്നിധിയെത്തി-
ച്ചേരും. 69

മൈത്രേയൻ പറഞ്ഞു

ഏവമദ്ദേവർഷിതൻ വാക്കുകൾ കേട്ടു ഭൂപൻ
ഭൂവരവിഭൂതികളേതുമാദരിയാതെ
മകനെത്തന്നെയുള്ളിലെപ്പൊഴുമോർത്തിരുന്നു
പകലും രാവുമൊപ്പം കഴിച്ചുകൂട്ടീടിനാൻ. 70

ധ്രുവനാമധുവനം പ്രാപിച്ചു കളിന്ദജാ-
പവിത്രാംബുവിൽ സ്നാനംചെയ്തുപവസിച്ചഥ
സുരർഷീന്ദ്രോപദേശമങ്ഗീകരിച്ചപ്പുരം-
പുരുഷൻതന്നെസ്സേവിച്ചീടിനാനങ്ഗ-
മായ്. 71

മൂന്നു രാവായീടുമ്പോൾ ശരീരം നിലനിൽത്താൻ-
പോന്നിടുമല്പമീന്തപ്പഴമോ ബ്ളാറങ്ങയോ
ഭക്ഷിച്ചുകൊണ്ടബ്ബാലൻ തികച്ചുമൊരുമാസം
പക്ഷീന്ദ്രവാഹൻതന്നെയർച്ചനംചെയ്തീടി-
നാൻ. 72

പിന്നെയാറാറഹസ്സു കൂടുമ്പോളുണങ്ങിയ-
പർണ്ണവും പുല്ലുമശിച്ചർച്ചിച്ചാനൊരുമാസം. 73

മൂന്നാംമാസത്തിൽ ദിനമൊൻപതാകുമ്പോ-
ളല്ലം-
തണ്ണീരാന്നാരാധിച്ചാനശ്രമം സമാധിയാൽ. 74

പന്ത്രണ്ടുദിവസങ്ങൾ കഴിഞ്ഞിടുന്നതാമാ-
സ്സന്ധിയിൽ, വാതാശിയായ് വിജിതശ്വാ-
സനായി
ബാലകനവൻ ഹരിപൂജനം നിർവ്വഹിച്ചു
നാലാം മാസവും നയിച്ചീടിനാനനായാസം. 75

അഞ്ചാംമാസത്തിലുള്ളിൽ പ്രാണനെയട-
ക്കിയി-
ട്ടഞ്ചാതെ സർവ്വവ്യാപ്തചൈതന്യബ്രഹ്മത്തിനെ
ഒററക്കാലവനിയിലൂന്നിക്കൊണ്ടൊരു വെറും
കുററിപോൽ നിശ്ചഞ്ചലം ധ്യാനിച്ചു നില-
കൊണ്ടാൻ. 76

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വതോ മന ആകൃഷ്യ ഹൃദി ഭൂതേന്ദ്രിയാശയം
ധ്യായൻ ഭഗവതോ രൂപം നാദ്രാക്ഷീത് കിംചനാപരം. 77
ആധാരം മഹദാദീനാം പ്രധാനപുരുഷേശ്വരം
ബ്രഹ്മ ധാരയമാണസ്യ ത്രയോ ലോകാശ്ചകമ്പിരേ. 78
യദൈകപാദേന സ പാർത്ഥിവാർഭക-
സ്തസ്ഥൗ തദങ്ഗുഷ്ഠനിപീഡിതാ മഹീ
നനാമ തത്രാർധമിഭേന്ദ്രധിഷ്ഠിതാ
തരീവ സവ്യേതരതഃ പദേ പദേ. 79
തസ്മിന്നഭിധ്യായതി വിശ്വമാത്മനോ
ദ്വാരം നിരുദ്ധ്യാസുമനന്യയാ ധിയാ
ലോകാ നിരുച്ഛ്വാസനിപീഡിതാ ഭൃശം
സ ലോകപാലാഃ ശരണം യയുർഹരിം. 80

ദേവാ ഊചുഃ
നൈവം വിദാമോ ഭഗവൻ പ്രാണരോധം
ചരാചരസ്യാഖിലസത്ത്വധാമ്നഃ
വിധേഹി തന്നോ വൃജിനാദ്വിമോക്ഷം
പ്രാപ്താ വയം ത്വാം ശരണം ശരണ്യം. 81

ശ്രീഭഗവാനുവാച
മാ ഭൈഷ്ട ബാലം തപസോ ദുരത്യയാ-
ന്നിവർത്തയിഷ്യേ, പ്രതിയാത സ്വധാമ
യതോ ഹി വഃ പ്രാണനിരോധ ആസീ-
ദൗത്താനപാദിർമ്മയി സങ്ഗതാത്മാ. 82

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ധ്രുവചരിതേ അഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

മൈത്രേയ ഉവാച
ത ഏവമുത്സന്നഭയാ ഉരുക്രമേ
കൃതാവനാമാഃ പ്രയയുസ്ത്രിവിഷ്ടപം
സഹസ്രശീർഷാപി തതോ ഗരുത്മതാ
മധോർവനം ഭൃത്യദിദൃക്ഷയാ ഗതഃ. 1
സ വൈ ധിയാ യോഗവിപാകതീവ്രയാ
ഹൃത്പദ്മകോശേ സ്ഫുരിതം തടിത്പ്രഭം
തിരോഹിതം സഹസൈവോപലക്ഷ്യ
ബഹിഃസ്ഥിതം തദവസ്ഥം ദദർശ. 2
തദ്ദർശനേനാഗതസാധ്വസഃ ക്ഷിതാ-
വവന്ദതാങ്ഗം വിനമയ്യ ദണ്ഡവത്
ദൃഗ്ഭ്യാം പ്രപശ്യൻ പ്രപിബന്നിവാർഭക-
ശ്ചുംബന്നിവാസ്യേന ഭുജൈരിവാശ്ലിഷൻ. 3
സ തം വിവക്ഷന്തമതദ്വിദം ഹരിർ-
ജ്ഞാത്വാസ്യ സർവ്വസ്യ ച ഹൃദ്യവസ്ഥിതഃ
കൃതാഞ്ജലിം ബ്രഹ്മമയേന കംബുനാ
പസ്പർശ ബാലം കൃപയാ കപോലേ. 4
സ വൈ തദൈവ പ്രതിപാദിതാം ഗിരം
ദൈവീം പരിജ്ഞാതപരാത്മനിർണ്ണയഃ
തം ഭക്തിഭാവോഽഭ്യഗൃണാദസത്വരം
പരിശ്രുതോരുശ്രവസം ധ്രുവക്ഷിതിഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നീടു ഭൂതേന്ദ്രിയാധാരമാം മനസ്സിനെ
നന്നായെല്ലാററിൽനിന്നും പിന്തിരിപ്പിച്ച,–
ഹൃത്തിൽ
ഭഗവദ്രൂപം മാത്രം ധ്യാനിച്ചാനന്യമായ–
തഖിലം മറ,ഞ്ഞവൻ കണ്ടില്ല മററൊന്നുമേ. 77

പ്രകൃതിപുരുഷക്കം മഹത്തത്ത്വാദിക്കും മ–
ററഖിലത്തിനുമാദിമൂലമായാധാരമായ്
വിളങ്ങും ബ്രഹ്മത്തെയുള്ളടക്കിദ്ധ്യാനി–
ക്കെയൊ–
ന്നിളകീ ചരാചരമെപ്പേരും മൂപ്പാരിലും. 78

അഖിലാധിഷ്ഠാനമാമക്ഷരബ്രഹ്മത്തിനെ–
യകമേയവൻ വഹിച്ചൊരു കാലൂന്നിനില്ക്കേ
തദങ്ഗുഷ്ഠാഗ്രത്തിനാലതിപീഡിതമാകും
ക്ഷിതിതന്നർദ്ധഭാഗം താണുപോയിതു പാരം
പെരിയഗജമേറിക്കാലൂന്നും വശത്തേക്കു
തരസാ ചരിഞ്ഞങ്ങു താണീടും തോണി–
പോലെ. 79

പ്രാണമാർഗ്ഗത്തെ രോധിച്ചഖിലപ്രപഞ്ചവും
താനെന്നുകണ്ടഭിന്നധീയായി ധ്യാനിച്ചപ്പോാം
അഷ്ടദിക്പാലരൊത്തു ലോകരാകവേ വീർപ്പ–
മുട്ടി ശ്രീഹരിതന്നെ ശരണംഗമിച്ചതേ. 80

ദേവന്മാർ പറഞ്ഞു

ഭഗവൻ! മുരാരാതേ! ചരാചരങ്ങളായി–
ജ്ജഗത്ത്രയത്തിൽപെടും സമസ്തജീവികാംക്കും
ഒരുപോലേവം ജീവനിരോധം കണ്ടിട്ടില്ല
ശരണം ഗമിക്കുന്നു, ഞങ്ങാംക്കിമ്മാലൊ–
ഴിക്കൂ. 81

ഭഗവാൻ പറഞ്ഞു

ഭയപ്പെടേണ്ട, നിങ്ങാം പോകുവിൻ,
ധാമങ്ങളി–
ലയത്നം, ധ്രുവബാലനെന്നിൽ സങ്ഗതാ–
ത്മാവായ്
തപസ്സുചെയ്കയാലീ നിരോധം പ്രാണനുണ്ടായ്
സപദിയതിൽനിന്നുമവനെ മാററീടുവൻ. 82

അദ്ധ്യായം 9

ധ്രുവചരിതം—ഭഗവദ്ദർശനം—ധ്രുവസ്തുതി

മൈത്രേയൻ പറഞ്ഞു

ദേവന്മാരിതു കേട്ട ഭീതികൈവിട്ടാ വാസു–
ദേവനെ നമസ്കരിച്ചണഞ്ഞാർ നാകലോകം.
ഭൃത്യമുഖ്യനെക്കാണ്മാനത്യാശയോടു വേഗം
ദൈത്യാരിദേവൻ മധുവനത്തിലേക്കും
പോയാൻ. 1

ഉന്നതയോഗപാകതീവ്രധീയാമാ നൃപ–
നന്ദനൻതന്നുാംത്താരിൽ മിന്നലിൻപ്രഭയോടും
മിന്നിയദ്ദേവൻ ക്ഷണം മറഞ്ഞിട്ടുടൻതന്നെ
മുന്നിലാരൂപത്തിൽത്താൻ പ്രത്യക്ഷപ്പെട്ടീ–
ടിനാൻ. 2

ചേലെഴും ഭഗവാന്റെ രൂപമീവിധത്തിലാ–
ബാലകൻ സംഭ്രമത്തോടീക്ഷിച്ചു നിലത്തുടൻ
ദണ്ഡംപോൽ വീണു നമി,ച്ചതിനെ നേത്ര–
ങ്ങളാൽ
നന്നായിപ്പാനംചെയ്യുംമട്ടില,മാനനത്താൽ
ചുംബിക്കും വിധത്തിലും, കൈകളാൽ
തഴുകീടു–
മമ്മട്ടും, ഭക്തിയോടു വന്ദിച്ചുനിന്നീടിനാൻ. 3

ഇവന്റെയെന്നല്ലെല്ലാവർക്കുമുള്ളത്തിലും
നിവസിച്ചീടുന്നൊരബ്ഭഗവാൻ വാസുദേവൻ
തന്നെ സ്തുതിപ്പാനിച്ഛിച്ചീടിലുമതിന്നറി–
വെന്നിയേ തൊഴുതു നിന്നീടുമബ്ബാലകന്റെ
കവിളിൽ ശ്രുതിരൂപമായിടും ശംഖംകൊണ്ടു
കവിയും കാരുണ്യത്താലൊന്നുടൻ സ്പർശി–
ച്ചിതേ. 4

ഉടനെ പരമാത്മതത്ത്വവുമതു നന്നായ്
സ്ഫുടമാക്കുവാൻതക്കവണ്ണം വാഗ്വിലാസവും
തികവായ്, ഭക്തിഭാവമാനസസരോജത്തിൽ
പ്രകടമാക്കീ ധ്രുവപദത്തിനർഹൻ ധ്രുവൻ
എങ്ങുമേ പുകഴ്പ്പൂമുത്തുങ്ഗമാം കീർത്തിയാളും
ശാർങ്ഗിയാം ഭഗവാനെ സ്തുതിച്ചാൻ
സാവധാനം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ്രുവ ഉവാച

യോഽന്തഃ പ്രവിശ്യ മമ വാചമിമാം പ്രസുപ്താം
സംജീവയത്യഖിലശക്തിധരഃ സ്വധാമ്നാ
അന്യാംശ്ച ഹസ്തചരണ ശ്രവണത്വഗാദീൻ
പ്രാണാന്നമോ ഭഗവതേ പുരുഷായ തുഭ്യം. 6

ഏകസ്ത്വമേവ ഭഗവന്നിദമാത്മശക്ത്യാ
മായാഖ്യയോരുഗുണയാ മഹദാദ്യശേഷം
സൃഷ്ട്വാനുവിശ്യ പുരുഷസ്തദസദ്ഗുണേഷു
നാനേവ ദാരുഷു വിഭാവസുവദ്വിഭാസി. 7

ത്വദ്ദത്തയാ വയുനയേദമചഷ്ട വിശ്വം
സുപ്തപ്രബുദ്ധ ഇവ നാഥ ഭവത്പ്രപന്നഃ
തസ്യാപവർഗ്ഗ്യശരണം തവ പാദമൂലം
വിസ്മര്യതേ കൃതവിദാ കഥമാർത്തബന്ധോ? 8

നൂനം വിമുഷ്ടമതയസ്തവ മായയാ തേ
യേ ത്വാം ഭവാപ്യയവിമോക്ഷണമന്യഹേതോഃ
അർച്ചന്തി കല്പകതരും കുണപോപഭോഗ്യ-
മിച്ഛന്തി യത്സ്പർശജം നിരയേഽപി നൄണാം. 9

യാ നിർവൃതിസ്തനുഭൃതാം തവ പാദപദ്മ-
ധ്യാനാദ്ഭവജ്ജനകഥാശ്രവണേന വാ സ്യാത്
സാ ബ്രഹ്മണി സ്വമഹിമന്യപി നാഥ മാ ഭൂത്
കിം ത്വന്തകാസിലുളിതാത് പതതാം വിമാനാത്. 10

ഭക്തിം മുഹുഃ പ്രവഹതാം ത്വയി മേ പ്രസംഗോ
ഭൂയാദനന്ത മഹതാമമലാശയാനാം
യേനാഞ്ജസോല്ബണമുരുവ്യസനം ഭവാബ്ധിം
നേഷ്യേ ഭവദ്ഗുണകഥാമൃതപാനമത്തഃ. 11

തേ ന സ്മരന്ത്യതിതരാം പ്രിയമീശ മർത്ത്യം
യേ ചാന്വദഃ സുതസുഹൃദ്ഗൃഹവിത്തദാരാഃ
യേ ത്വബ്ജനാഭ ഭവദീയപദാരവിന്ദ
സൗഗന്ധ്യലുബ്ധഹൃദയേഷു കൃതപ്രസംഗാഃ. 12

തിര്യങ്നഗദ്വിജസരീസൃപദേവദൈത്യ-
മർത്ത്യാദിഭിഃ പരിചിതം സദസദ്വിശേഷം
രൂപം സ്ഥവിഷ്ഠമജ തേ മഹദാദ്യനേകം
നാതഃ പരം പരമ വേദ്മി ന യത്ര വാദഃ. 13

കല്പാന്ത ഏതദഖിലം ജാരേണ ഗൃഹ്ണൻ
ശേതേ പുമാൻ സ്വദൃഗനന്തസഖസ്തദങ്കേ
യന്നാഭിസിന്ധുരുഹകാഞ്ചനലോകപദ്മ-
ഗർഭേ ദ്യുമാൻ ഭഗവതേ പ്രണതോഽസ്മി തസ്മൈ. 14

ത്വം നിത്യമുക്തപരിശുദ്ധവിബുദ്ധ ആത്മാ
കൂടസ്ഥ ആദിപുരുഷോ ഭഗവാംസ്ത്ര്യധീശഃ
യദ്ബുദ്ധ്യവസ്ഥിതിമഖണ്ഡിതയാ സ്വദൃഷ്ട്യാ
ദ്രഷ്ടാ സ്ഥിതാവധിമഖോ വ്യതിരിക്ത ആസ്സേ. 15

യസ്മിൻ വിരുദ്ധഗതയോ ഹ്യനിശം പതന്തി
വിദ്യാദയോ വിവിധശക്തയ ആനുപൂർവ്വ്യാത്
തദ്ബ്രഹ്മ വിശ്വഭവമേകമനന്തമാദ്യ-
മാനന്ദമാത്രമവികാരമഹം പ്രപദ്യേ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ്രുവൻ പറഞ്ഞു

നിഖിലശക്തിമാനാമേതൊരു ദേവനാണെ-
ന്നകമേ കടന്നന്തർലീനമായിരുന്നതാം
എന്റെയീ വാക്കിനേയും കാൽ, കൈ, തോൽ,
ചെവിതൊട്ടോ-
രിന്ദ്രിയജാലത്തെയുമേവം സ്വപ്രഭയാലേ
ചൈതന്യയുതമാക്കിത്തീർത്തതബ്ഭഗവാനെ-
ക്കൈതവവിഹീനം ഞാൻ നമസ്കരിക്കു-
ന്നിതേ. 6

ഏകനാം ഭവാൻ മഹദ്ഗുണയാം മായതന്നോ-
ടേകോപിച്ചുടനേതച്ഛക്തിയാൽ മഹദാദി
സൃഷ്ടിച്ചനുപ്രവേശിച്ചസത്താം ഗുണൗഘത്തിൽ
കാഷ്ഠത്തിലഗ്നിയെന്നവിധമായ് വിള-
ങ്ങുന്നു. 7

ശരണംഗമിക്കയാലലിഞ്ഞു തിരുമേനി-
യരുളീടിന ബോധശക്തിയാലബ്ജയോനി
ഉറങ്ങിയുണർന്നോൻപോൽ കണ്ടാനീ വിശ്വം,
ഭവ-
ച്ചരണമൂലമത്രേ ശരണം മുക്തന്മാർക്കും.
എന്നുമങ്ങന്യന്മാർക്കു ചെയ്തീടുമുപകാരം
നന്ദിയുള്ളവനൊരുകാലത്തും മറക്കുമോ? 8

ഘോരമാം ജനിമൃതിസങ്കടം തീർക്കും കല്പ-
ദ്രുമവാമങ്ങേയന്യകാര്യലാഭത്തിനായും
ഇന്ദ്രിയതൃപ്തിക്കുള്ള തുച്ഛസൗഖ്യത്തിനായും
ഹന്ത! പൂജിപ്പോർ തവ മായയാൽ വഞ്ചി-
തന്മാർ.
നിത്യവും വിഷയസംസ്പർശത്താലുണ്ടാം സുഖം
മർത്ത്യരെ നരകത്തിൽ പതിപ്പിച്ചിടുമല്ലോ. 9

ത്വത്ക്കഥ ഭക്തന്മാരൊത്തിരുന്നു കീർത്തിക്കയും
തൃക്കഴൽ ചിന്തിക്കയും ചെയ്യുവോരാസ്വദിക്കും
ആനന്ദം സ്വരൂപസ്ഥരായീടും പരമാത്മ-
ജ്ഞാനസമ്പന്നന്മാർക്കും സിദ്ധിക്കാതിരി-
ക്കുമ്പോൾ,
പുണ്യശേഷാഭാവത്തിലന്തകഖഡ്ഗത്തിനാൽ
ഖണ്ഡിക്കപ്പെട്ടീടുമാ വിമാനങ്ങളിൽനിന്നും
മന്നിടംതന്നിൽ വീഴും പാഴന്മാരുടെ കാര്യം
പിന്നെയെന്തോതീടേണ്ടൂ സമസ്തേശ്വരാ!
ഹരേ! 10

ഇന്ദിരാപതേ! വീണ്ടും ഭവാനിൽ പ്രവഹിക്കു-
മനന്യഭക്തിമൂലം ശുദ്ധമാം ഹൃത്താർന്നിടും
ഭക്തരാം മഹാന്മാരോടെനിക്കു സമാഗമ-
മൊക്കുവാൻ ഭാഗ്യം ഭവിച്ചീടണ,മതിനാൽ
ഞാൻ
തന്മുഖങ്ങളിൽനിന്നു ഭാവൽക്കകഥാസുധ
നന്നട്ടു പാനംചെയ്തു വിഷയവിരക്തനായ്
അറുതിയററ നാനാദുഃഖമുറക്കൊള്ളും ഭയം-
കരമാം ഭവാബ്ധിയെത്തരണം ചെയ്തീടുവൻ. 11

താവകപാദാംബുജസൗരഭ്യമാളാനാശ-
താവുമുറത്താരാർന്നിടും സജ്ജനങ്ങളുമായി
സങ്ഗമംനേടീടുവോരേററവും പ്രിയപ്പെട്ട-
മങ്ഗവും സുതസുഹൃദ്ഗൃഹദാരാർത്ഥങ്ങളും
അധികമൊന്നും സ്മരിച്ചീടുന്നില്ലതുമൂല-
മതിയായഴലുമില്ലവർക്കു പദ്മനാഭാ. 12

തരുക്കൾ, ഭുജംഗങ്ങൾ, പക്ഷികൾ, മൃഗങ്ങളും
സുരന്മാർ, നരർ, ദൈത്യരാദിയാൽ വ്യാപ്ത-
മായി
സദസദവിശിഷ്ടമാം താവകസ്ഥൂലരൂപം
ദിതിജാരാതേ! നേരേ ഞാനുമിങ്ങറിയുന്നു.
അതിൽനിന്നകന്നതാം ഭാവൽക്കസൂക്ഷ്മരൂപം
പതിയുന്നില്ലെന്നുള്ളിൽ വാക്കുമെത്തുന്നില്ല-
തിൽ. 13

പ്രളയാന്തത്തിലിതു സമസ്ത,മുദരത്തിൽ
വിലയിപ്പിച്ചുകൊണ്ടു കണ്ടിരിക്കും പുരാനേ!
അനന്തസഖാവായിട്ടവന്റെയങ്കംതന്നി-
ലനന്തസൗഖ്യത്തോടു ശയിക്കും ദേവദേവാ!
നാഭിയാമംഭോധിയിൽ പൊന്മയമായ്
പ്രപഞ്ച-
രൂപമായ് വിളങ്ങുമത്താമരപ്പൂവിൽനിന്നും
അജനെയവതരിപ്പിച്ചെഴും ഭഗവാനേ!
വൃജിനഹാരിൻ! ഹരേ! നമസ്തേ നിരഞ്ജനാ! 14

നിന്തിരുവടി നിത്യമുക്തനും വിശുദ്ധനു-
മന്തമാദിയുമില്ലാത്തവനും വിബുധനും
ഐശ്വര്യസമ്പൂർണ്ണനു,മാത്മാവും മുപ്പാരിനു-
മീശ്വരൻതാനുമല്ലോ ചിന്തിച്ചുനോക്കുന്നാ-
കിൽ.
അഖണ്ഡജ്ഞാനത്തിനാൽ ധീവൃത്തി
നേരേ കാണ്മോൻ
മഖാദികർമ്മഫലമരുളിപ്പാലിക്കുവോൻ
എന്നാലുമൊന്നിനോടും ബന്ധമില്ലാതെ വെറും
ഭിന്നനായ് വസിച്ചീടുന്നവനുമല്ലോ ഭവാൻ. 15

ഏവനിലൊന്നോടൊന്നു വിരോധഗതിയാളും
ഭാവങ്ങളെല്ലാമെപ്പോഴുമിണങ്ങിയിരിക്കുന്നു,
ഏതൊരുവനിൽ മുററുമിരിപ്പു വിദ്യതൊട്ടു
സാധർമ്മ്യമററ നാനാശക്തികളനന്തമായ്
ഏകനായനന്തനായ് വികാരവിഹീനനായ്
ലോകങ്ങൾക്കെല്ലാററിനുമുത്പത്തിസ്ഥാന-
മായി
ആദ്യനായ് ബ്രഹ്മമായാനന്ദമാത്രനായ് വേദ-
വേദ്യനാംഭവാനെ ഞാൻ ശരണംപ്രാപി-
ക്കുന്നു. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യാശിഷോ ഹി ഭഗവംസ്തവ പാദപദ്മ-
മാശീസ്തഥാനുഭജതഃ പുരുഷാർത്ഥമൂർത്തേഃ
അപ്യേവമാര്യ ഭഗവാൻ പരിപാതി ദീനാൻ
വാശ്രേവ വത്സകമനുഗ്രഹകാതരോഽസ്മാൻ. 17

മൈത്രേയ ഉവാച
അഥാഭിഷ്ടുത ഏവം വൈ സത്സങ്കല്പേന ധീമതാ
ഭൃത്യാനുരക്തോ ഭഗവാൻ പ്രതിനന്ദ്യേദമബ്രവീത്. 18

ശ്രീഭഗവാനുവാച
വേദാഹം തേ വ്യവസിതം ഹൃദി രാജന്യബാലക
തത് പ്രയച്ഛാമി ഭദ്രം തേ ദുരാപമപി സുവ്രത. 19
നാന്യൈരധിഷ്ഠിതം ഭദ്ര യദ്ഭ്രാജിഷ്ണു ധ്രുവക്ഷിതി
യത്ര ഗ്രഹർക്ഷതാരാണാം ജ്യോതിഷാം ചക്രമാഹിതം. 20
മേഢ്യാം ഗോചക്രവത് സ്ഥാസ്നു പരസ്താത് കല്പവാസിനാം
ധർമ്മോഽഗ്നി കശ്യപഃ ശുക്രോ മുനയോ യേ വനൗകസഃ
ചരന്തി ദക്ഷിണീകൃത്യ ഭ്രമന്തോ യത്സതാരകാഃ. 21
പ്രസ്ഥിതേ തു വനം പിത്രാ ദത്ത്വാ ഗാം ധർമ്മസംശ്രയഃ
ഷട്ത്രിംശദ്വർഷസാഹസ്രം രക്ഷിതാവ്യാഹതേന്ദ്രിയഃ. 22
ത്വദ്ഭ്രാതര്യുത്തമേ നഷ്ടേ മൃഗയായാം തു തന്മനാഃ
അന്വേഷന്തീ വനം മാതാ ദാവാഗ്നിം സാ പ്രവേക്ഷ്യതി. 23
ഇഷ്ട്വാ മാം യജ്ഞഹൃദയം യജ്ഞൈഃ പുഷ്കലദക്ഷിണൈഃ
ഭുക്ത്വാ ചേഹാശിഷഃ സത്യാ അന്തേ മാം സംസ്മരിഷ്യസി. 24
തതോ ഗന്താസി മത്സ്ഥാനം സർവ്വലോകനമസ്കൃതം
ഉപരിഷ്ടാദൃഷിഭ്യസ്ത്വം യതോ നാവർത്തതേ യതിഃ. 25

മൈത്രേയ ഉവാച
ഇത്യർച്ചിതഃ സ ഭഗവാനതിദിശ്യാത്മനഃ പദം
ബാലസ്യ പശ്യതോ ധാമ സ്വമഗാദ് ഗരുഡധ്വജഃ. 26
സോഽപി സങ്കല്പജം വിഷ്ണോഃ പാദസേവോപസാദിതം
പ്രാപ്യ സങ്കല്പനിർവ്വാണം നാതിപ്രീതോഽഭ്യഗാത് പുരം. 27

വിദുര ഉവാച
സുദുർല്ലഭം യത് പരമം പദം ഹരേ-
ർമ്മായാവിനസ്തച്ചരണാർച്ചനാർജ്ജിതം
ലബ്ധ്വാപ്യസിദ്ധാർത്ഥമിവൈകജന്മനാ
കഥം സ്വമാത്മാനമമന്യതാർത്ഥവിത്. 28

മൈത്രേയ ഉവാച
മാതുഃ സപത്ന്യാ വാഗ്ബാണൈർഹൃദി വിദ്ധസ്തു താൻ സ്മരൻ
നൈച്ഛൻമുക്തിപതേർമ്മുക്തിം തസ്മാത്താപമുപേയിവാൻ. 29

ധ്രുവ ഉവാച
സമാധിനാ നൈകഭവേന യത്പദം
വിദുഃ സനന്ദാദയ ഊർദ്ധ്വരേതസഃ
മാസൈരഹം ഷഡ്ഭിരമുഷ്യ പാദയോഃ
ഛായാമുപേത്യാപഗതഃ പൃഥങ്മതിഃ. 30
അഹോ ബത മമാനാത്മ്യം മന്ദഭാഗ്യസ്യ പശ്യത
ഭവച്ഛിദഃ പാദമൂലം ഗത്വാഽയാചേ യദന്തവത്. 31
മതിർവിദൂഷിതാ ദേവൈഃ പതദ്ഭിരസഹിഷ്ണുഭിഃ
യോ നാരദവചസ്തഥ്യം നാഗ്രാഹിഷമസത്തമഃ. 32
ദൈവീം മായാമുപാശ്രിത്യ പ്രസുപ്ത ഇവ ഭിന്നദൃക്
തപ്യേ ദ്വിതീയേഽപ്യസതി ഭ്രാതൃഭ്രാതൃവ്യഹൃദ്രുജാ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമപുരുഷാൎത്ഥരൂപനായ് സത്യാശിസ്സി-
ങ്ങരുളുമങ്ങേക്കെഴും പാദപങ്കജം നിത്യം
ധ്യാനിപ്പോനനുഗ്രഹംതാനതെന്നിരിക്കിലും
ധേനു,വാദ്യമായ്പ്പെറ്റ വത്സനെയെന്നപോലെ
ദുഃഖിതരീ ഞങ്ങളെയവിടുന്നനുഗ്രഹ-
വ്യഗ്രതായുക്തനായിപ്പരിപാലിച്ചിടുന്നു. 17

മൈത്രേയൻ പറഞ്ഞു

ഇത്തരം സത്സങ്കല്പയുക്തനായ് സ്തുതിചെയ്യും
ബുദ്ധിമാനാമാ ധ്രുവബാലനെ വാത്സല്യ-
ത്താൽ
മുദിതനായിപ്പാരമഭിനന്ദിച്ചു മോക്ഷ-
പ്രദനാം നാരായണഭഗവാനരുൾചെയ്താൻ. 18

ശ്രീഭഗവാൻ പറഞ്ഞു

നിന്നഭിലാഷമെല്ലാം സുവ്രത ധരിച്ചു ഞാ-
നന്യാലഭ്യമാണതു തരുന്നു മംഗലം തേ. 19
അന്യന്മാരധിവസിച്ചീടാത്തതായിസ്സദാ
മിന്നുന്നതായെന്നുമേ നാശമില്ലാത്തതായി
താരാഗ്രഹർക്ഷാദിയാം ജ്യോതിർഗ്ഗണത്തെ-
യെല്ലാം
നേരേയഗ്ഗോബന്ധനസ്തംഭത്തിൽ ഗോക്കളെ-
പ്പോൽ
ബന്ധിക്കപ്പെടുന്നതായ് കല്പകാലായുസ്സുകം
സന്ധിക്കും ലോകത്തിനുമുപരിസ്ഥിതമായി
സുസ്ഥിരമായിദ്ധ്റുവനാമമാൎന്നീടുവോര-
ത്യുത്തമപദംതന്നെ നിനക്കു തരുന്നു ഞാൻ. 20
ധൎമ്മ,മഗ്നിയും, ശുക്രൻ, കശ്യപൻ,
വാനപ്രസ്ഥ-
രമ്മുനീന്ദ്രരും താരാസമൂഹസമന്വിതം
എന്നുമേ വലംവച്ചു സഞ്ചരിക്കുന്നതാമീ-
യുന്നതസ്ഥാനംതന്നെ നിനക്കങ്ങിരിക്കട്ടെ. 21
നിൻതാതൻ വാനപ്രസ്ഥനായീടുംനാളിൽ
ധൎമ്മ-
പന്ഥാവാശ്രയിച്ചുതാനന്വേഷത്തോടുകൂടി
മുപ്പത്തിയാറായിരം വത്സരംകാലം ഭവാൻ
കെല്പോടു പാലിച്ചീടും പാരിടം ഭംഗി-
യായി. 22
നായാട്ടിൽ നഷ്ടനാം നിൻഭ്രാതാവാമുത്തമനെ
തായയാരാഞ്ഞു കാടാൎന്നഗ്നിയിൽ പെട്ടൊ-
ടുങ്ങും. 23
പൂൎണ്ണദക്ഷിണയോടുകൂടിയ യാഗങ്ങളാൽ
പിന്നെ നീ യജ്ഞഹൃത്താമെന്നയച്ചനചെയ്യും
ഉത്തമഭോഗങ്ങളെബ്ഭുജിച്ചുമവസാനം
നിത്യവുമെന്നെയുള്ളിൽ സ്മരിച്ചും കഴി-
ഞ്ഞിടും. 24
പിന്നെ നീയൃഷിലോകത്തിന്നുമേൽ
സൎവ്വലോക-
വന്ദ്യമാം മൽപദത്തിലെത്തിയാവസിച്ചീടും
അവിടെക്കടന്നുകൂടീടുന്ന സന്ന്യാസിയ-
ബ്ഭവസാഗരത്തിൽ വീണടിയുന്നില്ല
വീണ്ടും. 25

മൈത്രേയൻ പറഞ്ഞു

ഇത്ഥമൎച്ചിതനാം ബ്ഭഗവാൻ രമാകാന്തൻ
സ്വസ്ഥാനമബ്ബാലനായരുളി,യവൻ കാണ്കെ
വൈകാതെ ഗരുഡന്റെ കണ്ഠത്തിലേറിച്ചെമ്മേ
വൈകുണ്ഠലോകത്തിലേക്കങ്ങെഴുന്നള്ളീടി-
നാൻ. 26
ധ്രുവനും നിജസങ്കല്പാനുസാരമായതിൽ-
ക്കവിഞ്ഞു സങ്കല്പിക്കാനില്ലാത്തതാമപ്പദം
തദനുഗ്രഹത്തിനാൽ സിദ്ധിച്ചെങ്കിലുമത്ര-
മുദിതനായിട്ടല്ല പോയതു പുരിതന്നിൽ. 27

വിദുരൻ പറഞ്ഞു

സകാമം ഹരിപാദമൎച്ചിച്ചുജന്മമൊന്നാൽ
നികാമം സുദുർല്ലഭമായീടും തത്പദത്തെ
നേടീട്ടുമൎത്ഥവിത്താമാ ധ്രുവനസതൃപ്തി-
യോടു പോകുവാനുള്ള കാരണമെന്തു
ചൊൽക? 28

മൈത്രേയൻ പറഞ്ഞു

മാതാവിൻസപത്നിതൻ വാക്ശരങ്ങളാൽ
വിദ്ധ-
ചേതസ്സായതുതന്നെ ചിന്തിച്ചു ചിന്തിച്ചുതാൻ
മുക്തിദൻ ഹരിയോടാ നിൎവ്വാണം നേടീടുവാ-
നൊക്കാതെപോയതോൎത്തു ദുഃഖിതനായ്-
ബ്ഭവിച്ചാൻ. 29

ധ്രുവൻ വിചാരിച്ചു

പലജന്മമായ് പരിശീലിച്ചു സമാധിതൻ
ഫലമായ് ജിതേന്ദ്രിയമുഖ്യരാം സനന്ദാദ്യർ
അറിഞ്ഞ പാദച്ഛായയാറുമാസത്താൽ കണ്ടു
തിരിച്ചുപോന്നീടിനേൻ ഭേദബുദ്ധിയോ-
ടഹോ! 30
ഭാഗ്യഹീനനായീടുമെന്നുടെയവിവേകം
പാൎക്കുവിനെത്രത്തോളമളവില്ലാത്തതെന്നായ്.
ഭവവിച്ഛേദിയാമദ്ദേവന്റെ പാദമൂല-
മിവനാപിച്ചു കഷ്ടം! യാചിച്ചേൻ നശ്വ-
രത്തെ. 31
അധഃപതിക്കുവോരായസഹിഷ്ണുക്കളാക-
മദിതിസുതന്മാരാൽ ദൂഷിതധീയായിവൻ
അത്യന്തമസത്തമനായി നാരദവാക്കിൻ-
സത്യത്തെ ധരിപ്പാനും കഴിയാതായി-
പ്പോയി. 32
ദേവന്മാരുടെ ശക്തിരൂപയാം മായയാൽ ഞാ-
നാവിഷ്ടചിത്തനായിസ്സ്വപ്നൻപോൽ ഭിന്ന-
ദൃക്കായ്
ഉത്തമനന്യൻ മമ ശത്രുവിമ്മട്ടിലാളും
ഏദ്വേഗം പിടിപെട്ടതോൎമ്മിച്ചു തപിക്കു-
ന്നേൻ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈവം തത് പ്രാര്‍ത്ഥിതം വ്യര്‍ത്ഥം ചികിത്സേവ ഗതായുഷി
പ്രസാദ്യ ജഗദാത്മാനം തപസാ ദുഷ്പ്രസാദനം
ഭവച്ഛിദമയാചേ/ഹം ഭവം ഭാഗ്യവിവര്‍ജിതഃ. 34

സ്വാരാജ്യം യച്ഛതോ മൗഢ്യാന്മാനോ മേ ഭിക്ഷിതോ ബത
ഈശ്വരാത് ക്ഷീണപുണ്യേന ഫലീകാരാനിവാധനഃ. 35

മൈത്രേയ ഉവാച

ന വൈ മുകുന്ദസ്യ പദാരവിന്ദയോ
രജോജുഷസ്താത ഭവാദൃശാ ജനാഃ
വാഞ്ഛന്തി തദ്ദാസ്യമൃതേ/ര്‍ത്ഥമാത്മനോ
യദൃച്ഛയാ ലബ്ധമനഃസമൃദ്ധയഃ. 36

ആകര്‍ണ്യാത്മജമായാന്തം സമ്പരേത്യ യഥാ//ഗതം
രാജാ ന ശ്രദ്ദധേ ഭദ്രമഭദ്രസ്യ കുതോ മമ. 37

ശ്രദ്ധായ വാക്യം ദേവര്‍ഷേര്‍ഹര്‍ഷവേഗേന ധര്‍ഷിതഃ
വാര്‍ത്താഹര്‍ത്തുരതി പ്രീതോ ഹാരം പ്രാദാന്മഹാധനം. 38

സദശ്വം രഥമാരുഹ്യ കാര്‍ത്തസ്വരപരിഷ്കൃതം
ബ്രാഹ്മണൈഃ കുലവൃദ്ധൈശ്ച പര്യസ്തോ/മാത്യബന്ധുഭിഃ. 39

ശംഖദുന്ദുഭിനാദേന ബ്രഹ്മഘോഷേണ വേണുഭിഃ
നിശ്ചക്രാമ പുരാത്തൂര്‍ണ്ണമാത്മജാഭീക്ഷണോത്സുകഃ. 40

സുനീതിഃ സുരുചിശ്ചാസ്യ മഹിഷ്യൗ രുക്മഭൂഷിതേ
ആരുഹ്യ ശിബികാം സാര്‍ദ്ധമുത്തമേനാഭിജഗ്മതുഃ. 41

തം ദൃഷ്ട്വോപവനാഭ്യാശ ആയാന്തം തരസാ രഥാത്
അവരുഹ്യ നൃപസ്തൂര്‍ണ്ണമാസാദ്യ പ്രേമവിഹ്വലഃ 42

പരിരേഭേ/ങ്ഗജം ദോര്‍ഭ്യാം ദീര്‍ഘോത്കണ്ഠമനാഃ ശ്വസന്‍
വിഷ്വക്സേനാങ്ഘ്രിസംസ്പര്‍ശഹതാശേഷാഘബന്ധനം. 43

അഥാജിഘ്രന്മുഹുര്‍മ്മൂര്‍ദ്ധ്നി ശീതൈര്‍നയനവാരിഭിഃ
സ്നാപയാമാസ തനയം ജാതോദ്ദാമമനോരഥഃ. 44

അഭിവന്ദ്യ പിതുഃ പാദാവാശീര്‍ഭിശ്ചാഭിമന്ത്രിതഃ
നനാമ മാതരൗ ശീര്‍ഷ്ണാ സത്കൃതഃ സജ്ജനാഗ്രണീഃ. 45

സുരുചിസ്തം സമുത്ഥാപ്യ പാദാവനതമര്‍ഭകം
പരിഷ്വജ്യാഹ ജീവേതി ബാഷ്പഗദ്ഗദയാ ഗിരാ. 46

യസ്യ പ്രസന്നോ ഭഗവാന്‍ ഗുണൈര്‍മൈത്ര്യാദിഭിര്‍ഹരിഃ
തസ്മൈ നമന്തി ഭൂതാനി നിമ്നമാപ ഇവ സ്വയം. 47

ഉത്തമശ്ച ധ്രുവശ്ചോഭാവന്യോന്യം പ്രേമവിഹ്വലൗ
അങ്ഗസങ്ഗാദുത്പുളകാവസ്രൗഘം മുഹുരൂഹതുഃ. 48

സുനീതിരസ്യ ജനനീ പ്രാണേഭ്യോ/പി പ്രിയം സുതം
ഉപഗുഹ്യ ജഹാവാധിം തദങ്ഗസ്പര്‍ശനിര്‍വൃതാ. 49

പയഃ സ്തനാഭ്യാം സുസ്രാവ നേത്രജൈഃ സലിലൈഃ ശിവൈഃ
തദാഭിഷിച്യമാനാഭ്യാം വീര വീരസുവോ മുഹുഃ. 50

താം ശശംസുര്‍ജ്ജനാ രാജ്ഞീം ദിഷ്ട്യാ തേ പുത്ര ആര്‍ത്തിഹാ
പ്രതിലബ്ധശ്ചിരം നഷ്ടോ രക്ഷിതാ മണ്ഡലം ഭുവഃ. 51

അഭ്യര്‍ച്ചിതസ്ത്വയാ നൂനം ഭഗവാന്‍ പ്രണതാര്‍ത്തിഹാ
യദനുധ്യായിനോ ധീരാ മൃത്യും ജിഗ്യുഃ സുദുര്‍ജ്ജയം. 52

ലാല്യമാനം ജനൈരേവം ധ്രുവം സഭ്രാതരം നൃപഃ
ആരോപ്യ കരിണീം ഹൃഷ്ടഃ സ്തൂയമാനോ/വിശത് പുരം. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്പ്രസാദനനാകും ത്രൈലോക്യരക്ഷിതാവെ-
ക്കേല്പേറും തപസ്സിനാൽ പ്രസാദിപ്പിച്ചശേഷം
എന്നുടെയഭ്യർത്ഥനയായുസ്സററീടവോനെ-
യുന്നിപ്രയാസപ്പെട്ടു ചെയ്യുന്ന ചികിത്സപോൽ
വ്യർത്ഥമായ്പ്പോയീ ബത! ഞാൻ മഹാഭാഗ്യ-
ഹീന-
നർത്ഥിച്ചേൻ ഭവച്ഛേദിയോടഹോ ഭവത്തെ-
ത്താൻ. 34
മുക്തിപ്രദാതാവാകുമീശനിൽനിന്നും മൗഢ്യ-
ശക്തിയാലഭിമാനരക്ഷസ്സായിരുന്നു ഞാൻ
സുകൃതക്ഷയത്തിനാലധനൻ പ്രഭുവിനോ-
ടഗണ്യങ്ങളാം ധാന്യമണികാം യാചിക്കും-
പോൽ. 35

മൈത്രേയൻ പറഞ്ഞു

ഹേ വത്സാ! മോക്ഷപ്രദൻ ദേവൻതൻ
പാദാംബുജ-
സേവനം ചെയ്യാനിച്ഛിച്ചീടുന്ന ഭവാദൃശർ
യദൃച്ഛാലാഭത്തിനാൽ തൃപ്തരായാശിപ്പീല-
സ്സുദർശനായുധൻതന്നർച്ചനയൊഴിച്ചൊന്നും. 36
നന്ദനൻ വരുന്നെന്നു കേട്ടിട്ടുന്നൃപാലനീ-
ദ്ദന്നയന്നിനിയുണ്ടോ ഭദ്രമെന്നോർത്തു മങ്ങി
ചത്തവനെഴുന്നേററുവരുന്നെന്നോർത്തുംപോലെ
സത്യമല്ലെന്നു പാർത്തിട്ടശ്രദ്ധനായിരുന്നാൻ. 37
ദേവർഷിവാക്കോർത്തുടനാനന്ദവായ്പാലെഴും
വൈവശ്യത്തോടാ വാർത്ത വന്നറിയിച്ചവന്നായ്
ഉത്താനപാദക്ഷമാപാലകൻ വിലയേറും
മുത്തുമാലകളേറെയേകിനാൻ സമ്മാനമായ്. 38
രാജാവു പിന്നെസ്സ്വർണ്ണഭൂഷാഭൂഷിതമായി
വാജിപ്രകാണ്ഡങ്ങളെപ്പൂട്ടിയ തേരിലേറി
ഇരുന്നാനുടൻ ചുററും നിരന്നാർ മന്ത്രിമാർ ഭൂ-
സുരന്മാർ കുലവൃദ്ധർ ബാന്ധവാദ്യരു-
മെല്ലാം. 39
നന്ദനസന്ദർശനോത്സുകനായ് മന്നൻ വേണു-
ദുന്ദുഭിശംഖാദികവാദ്യഘോഷങ്ങളോടും
വേദോച്ചാരണത്തോടും മകനെയെതിരേല്ക്കാൻ
മോദകഞ്ചുകിതനായുടനേ പുറപ്പെട്ടാൻ. 40
തന്മഹിഷികളാകും സുനീതി സുരുചിയും
പൊന്മണിഭൂഷണങ്ങളണിഞ്ഞു സകൗതുകം
ഉത്തമനെന്ന പുത്രനൊത്തുടൻ പല്ലക്കില-
ത്യുത്തമപുത്രൻതന്നെക്കാണുവാൻ തിരി-
ച്ചിതേ. 41
തന്നുപവനാന്തികമെത്തവേയത്തനൂജൻ
വന്നിടുന്നതു കണ്ടമാത്രയിലന്നരേന്ദ്രൻ
തേരിൽനിന്നങ്ങിറങ്ങി പ്രേമവിഹ്വലനായി-
ച്ചാരത്തുചെന്നു ശീഘ്രം ദീർഘകാലോല്ക്കണ്ഠയാൽ
ചകിതമനസ്കനായ് ദീർഘശ്വാസങ്ങളംവിട്ടു
ഭഗവത്പ്പാദാംബുജസ്പർശനംമൂലമായി
ദുരിതമററു മിന്നും നന്ദനൻതന്നെ രണ്ടു-
കരവും ചേർത്തണച്ചു പുണർന്നാൻ ഗാഢമായി.
ഉന്നതമനോരഥം സാധിച്ചമട്ടു മന്നൻ [42-43
പിന്നെയും പിന്നെയും തൻമൂർദ്ധാവിലുമ്മവച്ചു
പിന്നെത്തന്നതിശാന്തനയനജലത്തിലാ
നന്ദനൻതന്നെ സ്നാനംചെയ്യിച്ചു വീണ്ടും-
വീണ്ടും. 44
അച്ഛൻെറ പാദങ്ങളിൽ വീണുടൻ നമസ്കരി-
ച്ചിച്ചുപോലാശീർവ്വാക്യധോരണിയേററു പാരം
സത്കൃതനായീടുമസ്സുജനമുഖ്യൻ സ്നേഹ-
മുൾക്കൊള്ളുമമ്മമാരെ നമിച്ചാൻ ഭക്തിപൂർവ്വം. 45
സുരുചി, പാദങ്ങളിൽ പതിച്ച കുമാരനെ-
ത്തരസാ മുദാ പിടിച്ചെഴുന്നേല്പിച്ചു പുൽകി
കണ്ണുനീർതടഞ്ഞുടനിടറും വാക്യങ്ങളാൽ
നന്ദന! ദീർഘായുഷ്മാനാക നീ,യെന്നു-
ചൊന്നാൾ. 46
മൈത്ര്യാദിഗുണങ്ങളൊത്തിണങ്ങുമിബ്ബാല-
നിൽ
ദൈത്യാരിദേവൻ പാരം പ്രസാദിച്ചിരിക്കുന്നു.
താഴ്ന്നസ്ഥലത്തു നീരമൊഴുകിച്ചേരുംവിധം
വേഴ്ചയായ് ഭൂതജാലമിവനെ നമിക്കുന്നു. 47
ധ്രുവനുമുത്തമനുമന്യോന്യദൃഢസ്നേഹ-
വിവശന്മാരായങ്ഗസ്പർശനംനിമിത്തമായ്
രോമാഞ്ചംപൂണ്ടു വീണ്ടും വീണ്ടുമേ ധാരാളമായ്
കോമളാനനങ്ങളിൽ വർഷിച്ചാരശ്രുപൂരം. 48
പ്രാണനെക്കാളും പ്രിയമേറീടും തനൂജനെ
ചേർന്നാന്ന സുനീതിയാമമ്മയും പുണർന്നുടൻ
തത്തനുസംസ്പർശനസൗഖ്യാനുഭൂതിമൂലം
ചിത്തസന്താപം പാടേ വെടിഞ്ഞു മേവീടി-
നാൾ. 49
വീരസൂവാമസ്ത്രീതൻ നയനങ്ങളിൽനിന്നു
ധാരയായൊഴുകീടും മങ്ഗലജലംവീണു
നനഞ്ഞ മുലകളിൽനിന്നു ധാരാളം ക്ഷീരം
തനയവാത്സല്യത്തിൻ ചിഹ്നമായ്
ഗളിച്ചിതു. 50
ജനങ്ങളാ രാജ്ഞിയെ സ്തുതിച്ചീടിനാർ "രേറെ-
ദ്ദിനങ്ങളായിക്കാണാതിരുന്ന പൊന്നുണ്ണിയെ
ദിഷ്ട്യാത്താൽ ഭവതിക്കു സിദ്ധിച്ചു രണ്ടാമതും
ശ്രേഷ്ഠനാമിവൻ മഹീമണ്ഡലം രക്ഷിച്ചീടും. 51
ഹേ ദേവി! നിരന്തരം യോഗികളാരെസ്സേവി-
ച്ചേതുമേ ദുർജ്ജയമാം മൃതിയെജ്ജയിക്കുന്നു,
അമ്മഹാവിഷ്ണുവിനെയവിടുന്നതീതമാം
ജന്മത്തിലെല്ലാം പ്രേമപൂർവ്വമർച്ചിച്ചു നൂനം." 52
ആളുകളെല്ലാമേവം ലാളിക്കും ധ്രുവനേയും
ചേലേറുമുത്തമാഖ്യനന്ദനനേയും നൃപൻ
പിടിയാനമേലേററിസ്സംസ്തൂയമാനനായി
സ്ഫുടസമ്മോദം നിജപുരിയിൽ പ്രവേ-
ശിച്ചാൻ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര തത്രോപസംക്ലൃപ്തൈർല്ലസന്മകരതോരണൈഃ
സവൃന്തൈഃ കദളീസ്തംഭൈഃ പൂഗപോതൈശ്ച തദ്വിധൈഃ 54
ചൂതപല്ലവവാസഃസ്രങ്മുക്താദാമവിലംബിഭിഃ
ഉപസ്കൃതം പ്രതിദ്വാരമപാം കുംഭൈഃ സദീപകൈഃ. 55
പ്രാകാരൈർഗ്ഗോപുരാഗാരൈഃ ശാതകുംഭപരിച്ഛദൈഃ
സർവ്വതോഽലംകൃതം ശ്രീമദ്വിമാനശിഖരദ്യുഭിഃ 56
മൃഷ്ടചത്വരരഥ്യാട്ടമാർഗ്ഗം ചന്ദനചർച്ചിതം
ലാജാക്ഷതൈഃ പുഷ്പഫലൈസ്തണ്ഡുലൈർബ്ബലിഭിര്യുതം. 57
ധ്രുവായ പഥി ദൃഷ്ടായ തത്ര തത്ര പുരസ്ത്രിയഃ
സിദ്ധാർത്ഥാക്ഷതദധ്യംബുദൂർവ്വാപുഷ്പഫലാനി ച. 58
ഉപജഹ്രുഃ പ്രയുഞ്ജാനാ വാത്സല്യാദാശിഷഃ സതീഃ
ശൃണ്വംസ്തദ്വൽഗുഗീതാനി പ്രാവിശദ് ഭവനം പിതുഃ. 59
മഹാമണിവ്രാതമയേ സ തസ്മിൻ ഭവനോത്തമേ
ലാളിതോ നിതരാം പിത്രാ ന്യവസദ്ദിവി ദേവവത്. 60
പയഃഫേനനിഭാഃ ശയ്യാ ദാന്താ രുക്മപരിച്ഛദാഃ
ആസനാനി മഹാർഹാണി യത്ര രൗക്മാ ഉപസ്കരാഃ 61
യത്ര സ്ഫടികകുഡ്യേഷു മഹാമാരകതേഷു ച
മണിപ്രദീപാ ആഭാന്തി ലലനാരത്നസംയുതാഃ. 62
ഉദ്യാനാനി ച രമ്യാണി വിചിത്രൈരമരദ്രുമൈഃ
കൂജദ്വിഹംഗമിഥുനൈർഗ്ഗായന്മത്തമധുവ്രതൈഃ 63
വാപ്യോ വൈഡൂര്യസോപാനാഃ പത്മോത്പലകുമുദ്വതീഃ
ഹംസകാരണ്ഡവകുലൈർജ്ജുഷ്ടാശ്ചക്രാഹ്വസാരസൈഃ. 64
ഉത്താനപാദോ രാജർഷിഃ പ്രഭാവം തനയസ്യ തം
ശ്രുത്വാ ദൃഷ്ട്വാദ്ഭുതതമം പ്രപേദേ വിസ്മയം പരം. 65
വീക്ഷ്യോഢവയസം തം ച പ്രകൃതീനാം ച സമ്മതം
അനുരക്തപ്രജം രാജാ ധ്രുവം ചക്രേ ഭുവഃ പതിം. 66
ആത്മാനം ച പ്രവയസമാകലയ്യ വിശാം പതിഃ
വനം വിരക്തഃ പ്രാതിഷ്ഠദ്വിമൃശന്നാത്മനോ ഗതിം. 67

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ധ്രുവരാജാഭിഷേകവർണ്ണനം നാമ നവമോഽധ്യായഃ

ദശമോഽധ്യായഃ

മൈത്രേയ ഉവാച
പ്രജാപതേർദ്ദുഹിതരം ശിശുമാരസ്യ വൈ ധ്രുവഃ
ഉപയേമേ ഭ്രമിം നാമ തത്സുതൗ കല്പവത്സരൗ. 1
ഇളായാമപി ഭാര്യായാം വായോഃ പുത്ര്യാം മഹാബലഃ
പുത്രമുത്കലനാമാനം യോഷിദ്രത്നമജീജനത്. 2
ഉത്തമസ്ത്വകൃതോദ്വാഹോ മൃഗയായാം ബലീയസാ
ഹതഃ പുണ്യജനേനാദ്രൗ തന്മാതാസ്യ ഗതിം ഗതാ. 3
ധ്രുവോ ഭ്രാതൃവധം ശ്രുത്വാ കോപാമർഷശുചാർപ്പിതഃ
ജൈത്രം സ്യന്ദനമാസ്ഥായ ഗതഃ പുണ്യജനാലയം. 4
ഗത്വോദീചീം ദിശം രാജാ രുദ്രാനുചരസേവിതാം
ദദർശ ഹിമവദ്ദ്രോണ്യാം പുരീം ഗുഹ്യകസങ്കുലാം. 5
ദധ്മൗ ശംഖം ബൃഹദ്ബാഹുഃ ഖം ദിശശ്ചാനുനാദയൻ
യേനോദ്വിഗ്നദൃശഃ ക്ഷത്തരുപദേവ്യോ ത്രസൻ ഭൃശം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പട്ടണമെങ്ങും ചാരുമകരതോരണങ്ങൾ
കെട്ടിബ്ഭംഗിയായ് മോടിപിടിപ്പിച്ചി-
രുന്നിതേ

കലവാഴകളിലും കവുങ്ങുകളും പുഷ്പ-
ഫലസംയുതം നാട്ടി ഗൃഹദ്വാരങ്ങളെല്ലാം
മലർമാലകൾ, മുത്തുമാലകൾ, മാവിന്നിളം-
തളിരും ചാർത്തിശ് ശുദ്ധവസ്ത്രാച്ഛാദിതങ്ങളാം
പൂർണ്ണകുംഭങ്ങൾ, ഭദ്രദീപങ്ങൾ, നിറപറ-
യെന്നിവയാലുമലംകൃതമായിരുന്നിതു.

സ്വർണ്ണകുംഭാദിപൂർണ്ണ ഗോപുരനികരങ്ങൾ
വർണ്ണപ്പകിട്ടുചേരും പ്രാകാരങ്ങളും ചേർന്ന
അങ്ങിങ്ങായേഴുനിലമാളികാഗ്രങ്ങളിൽനി-
ന്നെങ്ങുമേ ദ്യുതി ചുറ്റും വ്യാപിച്ചു മിന്നീ പരം.
അടിച്ചുതളിച്ചുലം ചന്ദനച്ചാർ തളിച്ചു
വെടിപ്പാക്കിയ രാജപാത, ചത്വരങ്ങളും
യവങ്ങൾ, മലർപ്പൊരി, പുഷ്പങ്ങൾ, ഫലങ്ങളെ-
ന്നിവയും മറ്റു പൂജാസാധനങ്ങളും നന്നായ്
ഒത്തുചേർന്നനുപമം ലാലസിച്ചിരുന്നിതേ-
യുത്താനപാദമഹീപാലന്റെയപ്പട്ടണം. 54-57

ഭവനദ്വാരങ്ങളിൽ പുരസ്ത്രീജനം നിന്നു
കവിയും വാത്സല്യത്തോടരുളീയാശിസ്സുകൾ.
തൈക്കുടം, പൂർണ്ണകുംഭം, കടുക, നാളികേരം
പൂക്കളും ദൂർവ്വയിവയർപ്പിച്ചു കൈവണങ്ങി. 58
അപദാനങ്ങൾ വാഴ്ത്തിഗ്ഗാനംചെയ്തു കേട്ട-
ന്നൃപാലസൂനു തോഷിച്ചണഞ്ഞു പിതൃ-
ഗേഹം. 59

സന്മണിഗണങ്ങളാൽ തീർത്തോരപ്പത്തനത്തിൽ
നന്മട്ടിൽ പിതാവിനാൽ പരിലാളിതനായി
ആവസിച്ചീടിനാനദ്ധ്രുവബാലകൻ ചാലേ,
ദേവനായകൻ നാകലോകത്തിലെന്ന-
പോലെ. 60

മൃദുവായ് പാൽനുരപോൽ വെളുത്ത വസ്ത്ര-
ങ്ങളാൽ
പൊതിഞ്ഞ നൽശയ്യകളാനമൂല്യങ്ങളായി
ഭാസുരങ്ങളായ് സ്വർണ്ണദന്തനിർമ്മിതങ്ങളാ-
മാസനാദ്യുപകരണങ്ങളാൽ പൂർണ്ണമായി. 61
ശുദ്ധമാം മരതകസ്ഫടികങ്ങളെക്കൊണ്ടു
വൃത്തിയായ്കെട്ടിപ്പടുത്തുള്ള ഭിത്തികളെല്ലാം
സുന്ദരീരത്നങ്ങളും ഭദ്രദീപൗഘങ്ങളും
നന്നായിപ്രതിബിംബിച്ചപ്പുരിയുല്ലസിച്ചു. 62
അദ്ഭുതകരസുരതരുക്കൾ നിറഞ്ഞതു-
മെപ്പൊഴുമിണപ്പക്ഷിഗണങ്ങൾ ശബ്ദിപ്പതും
മത്തഭൃംഗങ്ങൾ ഗാനംചെയ്വതുമായിരുന്ന
ഹൃദ്യമായ് ശോഭതേടുമതിലെയാരാമങ്ങൾ. 63
അടിയേയമലാംബു നിറഞ്ഞു വൈഡൂര്യക്കൽ-
പ്പടികളാർന്ന പദ്മോത്പലങ്ങൾ കുമുദങ്ങൾ
സാരസകാരണ്ഡവഹംസചക്രൗഘങ്ങളും
ചേരുമമ്മലർവനവാപികളെത്ര രമ്യം. 64
ഉത്താനപാദഭൂപനാശ്ചര്യപ്രദമായ
പുത്രപ്രഭാവം കണ്ടും ശ്രവിച്ചും വിസ്മയിച്ചു. 65
പൗരപ്രേമവും മന്ത്രിസഭതൻ മതിപ്പുമ-
ത്താരുണ്യവാത്സല്യമൊപ്പമിണങ്ങിശ്ശോഭിച്ചിടും
ധ്രുവസൂനുവെപ്പിന്നെ മന്നവൻ വന്ദിച്ചു ത-
ന്നവനിക്കധീശനായഭിഷേചിച്ചീടിനാൻ. 66
ഉത്താനപാദൻ പിന്നെ വാർദ്ധക്യാവസ്ഥ നന്നാ-
യോർത്തു വൈരാഗ്യം വളർന്നാത്മാവിൻ ഗതി-
പാർത്തു
അദ്ധ്യാത്മതത്ത്വചിന്താനിരതനായി ദ്രുതം
സ്വസ്ഥാനംവിട്ടു വനംപ്രാപിച്ചു വാണീടി-
നാൻ. 67

അദ്ധ്യായം 10

ധ്രുവചരിതം—ധ്രുവയക്ഷയുദ്ധം

മൈത്രേയൻ പറഞ്ഞു

മന്നവൻ ധ്രുവൻ ശിശുമാരനാം പ്രജേശന്റെ
കന്യയാം ഭ്രമിതന്നെക്കല്യാണംകഴിച്ചിതു
കല്പൻ വത്സരനേവം രണ്ടു നന്ദനന്മാരെ-
യുദ്ഭവിപ്പിച്ചീടിനാൻ മുറയ്ക്കപ്പത്നിതന്നിൽ. 1
വായുനന്ദനയാകുമിളയെന്നുള്ള രണ്ടാം-
ജായതന്നിലും ധ്രുവന്നുണ്ടായിതൊരു പുത്രൻ!
ഉൽക്കലനാമാവവൻ മജ്ജുണ്ണിമണിമാർത്ത-
ന്നുംക്കാമ്പിളക്കത്തക്ക സുന്ദരനായിരുന്നു. 2
അവിവാഹിതനാകുമുത്തമൻ നായാട്ടുമ്പോ-
ളവനെബ്ബലശാലിയായീടുമൊരു യക്ഷൻ
വനത്തിൽവച്ചു കൊന്നാനതു കാരണമായി-
ജ്ജനനിയായീടും സുരുചിയും മൃതയായാൾ. 3
ഭ്രാതാവിൻ വധവാർത്ത കേട്ടു താപവും പരം-
ക്രോധവുമുൾക്കലർന്നു കലുഷചിത്തനായി
അക്ഷണം ജൈത്രാഖ്യമാം തൻ തേരിലേറി-
ച്ചെന്നു
യക്ഷലോകത്തിൽ ധീരൻ കടന്നീടിനാൻ-
ധ്രുവൻ. 4
രുദ്രാനുചരഭൂതപിശാചപ്രേതങ്ങൾത-
ന്നുത്തരദേശവാസസ്ഥാനത്തിലെത്തീടവേ
ഹിമവത്സാനുവിങ്കൽ ഗുഹ്യകവ്യൂഹം തിങ്ങി-
യമരും പുരം നേരേ വീക്ഷിച്ചീടിനാനവൻ. 5
തെറ്റെന്നാ ദീർഘബാഹു മുഴക്കീടിനാൻ ശംഖം
മാറ്റൊലി മന്നും വിണ്ണും പിളർന്നീടുന്നമട്ടിൽ.
അതുകേട്ടുച്ചലിക്കും കണ്ണുകളെഴും യക്ഷ-
മധുവാണികളെല്ലാം പേടിച്ചുവിറച്ചുപോയ്. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ നിഷ്ക്രമ്യ ബലിന ഉപദേവമഹാഭടാഃ
അസഹന്തസ്തന്നിനാദമഭിപേതുരുദായുധാഃ.
സ താനാപതതോ വീര ഉഗ്രധന്വാ മഹാരഥഃ
ഏകൈകം യുഗപത്സർവ്വാനഹൻ ബാണൈസ്ത്രിഭിസ്ത്രിഭിഃ. 8
തേ വൈ ലലാടലഗ്നൈസ്തൈരിഷുഭിഃ സർവ്വ ഏവ ഹി
മത്വാ നിരസ്തമാത്മാനമാശംസൻ കർമ്മ തസ്യ തത്. 9
തേഽപി ചാമുമമൃഷ്യന്തഃ പാദസ്പർശമിവോരഗാഃ
ശരൈരവിധ്യൻ യുഗപദ്ദ്വിഗുണം പ്രചികീർഷവഃ. 10
തതഃ പരിഘനിസ്ത്രിംശൈഃ പാശശൂലപരശ്വധൈഃ
ശക്ത്യൃഷ്ടിഭിർഭുശുണ്ഡീഭിശ്ചിത്രവാജൈഃ ശരൈരപി 11
അഭ്യവർഷൻ പ്രകുപിതാഃ സരഥം സഹസാരഥിം
ഇച്ഛന്തസ്തത് പ്രതീകർത്തുമയുതാനി ത്രയോദശ. 12
ഔത്താനപാദിഃ സ തദാ ശസ്ത്രവർഷേണ ഭൂരിണാ
ന ഉപാദൃശ്യത ഛന്ന ആസാരേണ യഥാ ഗിരിഃ. 13
ഹാഹാകാരസ്തദൈവാസീത്സിദ്ധാനാം ദിവി പശ്യതാം
''ഹതോഽയം മാനവഃ സൂര്യോ മഗ്നഃ പുണ്യജനാർണ്ണവേ.'' 14
നദത്സു യാതുധാനേഷു ജയകാശിഷ്വഥോ മൃധേ
ഉദതിഷ്ഠദ്രഥസ്തസ്യ നീഹാരാദിവ ഭാസ്കരഃ. 15
ധനുർവിസ്ഫൂർജ്ജയൻദിവ്യം ദ്വിഷതാം ഖേദമുദ്വഹൻ
അസ്ത്രൗഘം വ്യധമദ് ബാണൈർഘനാനീകമിവാനിലഃ. 16
തസ്യ തേ ചാപനിർമ്മുക്താ ഭിത്ത്വാ വർമ്മാണി രക്ഷസാം
കായാനാവിവിശുസ്തിഗ്മാ ഗിരീനശനയോ യഥാ. 17
ഭല്ലൈഃ സംഛിദ്യമാനാനാം ശിരോഭിശ്ചാരുകുണ്ഡലൈഃ
ഊരുഭിർഹേമതാലാഭൈർദ്ദോർഭിർവലയവല്ഗുഭിഃ. 18
ഹാരകേയൂരമുകുടൈരുഷ്ണീഷൈശ്ച മഹാധനൈഃ
ആസ്തൃതാസ്താ രണഭുവോ രേജുർവീരമനോഹരാഃ. 19

ഹതാവശിഷ്ടാ ഇതരേ രണാജിരാ-
ദ്രക്ഷോഗണാഃ ക്ഷത്രിയവര്യസായകൈഃ
പ്രായോ വിവൃക്ണാവയവാ വിദുദ്രുവുർ-
മൃഗേന്ദ്രവിക്രീഡിതയൂഥപാ ഇവ. 20
അപശ്യമാനഃ സ തദാഽഽതതായിനം
മഹാമൃധേ കഞ്ചന മാനവോത്തമഃ
പുരീം ദിദൃക്ഷന്നപി നാവിശദ്ദ്വിഷാം
ന മായിനാം വേദ ചികീർഷിതം ജനഃ. 21
ഇതി ബ്രുവംശ്ചിത്രരഥഃ സ്വസാരഥിം
യത്തഃ പരേഷാം പ്രതിയോഗശങ്കിതഃ
ശുശ്രാവ ശബ്ദം ജലധേരിവേരിതം
നഭസ്വതോ ദിക്ഷു രജോഽന്വദൃശ്യത. 22

ക്ഷണേനാച്ഛാദിതം വ്യോമ ഘനാനീകേന സർവ്വതഃ
വിസ്ഫുരത്തഡിതാ ദിക്ഷു ത്രാസയത് സ്തനയിത്നുനാ. 23
വവൃഷു രുധിരൗഘാസൃക്പൂയവിൺമൂത്രമേദസഃ
നിപേതുർഗ്ഗഗനാദസ്യ കബന്ധാന്യഗ്രതോഽനഘ. 24
തതഃ ഖേഽദൃശ്യത ഗിരിർന്നിപേതുഃ സർവ്വതോദിശം
ഗദാപരിഘനിസ്ത്രിംശമുസലാഃ സാശ്മവർഷിണഃ. 25
അഹയോഽശനിനിഃശ്വാസാ വമന്തോഽഗ്നിം രുഷാക്ഷിഭിഃ
അഭ്യധാവൻ ഗജാ മത്താഃ സിംഹവ്യാഘ്രാശ്ച യൂഥശഃ. 26
സമുദ്ര ഊർമ്മിഭിർഭീമഃ പ്ലാവയൻ സർവ്വതോ ഭുവം
ആസസാദ മഹാഹ്രാദഃ കല്പാന്ത ഇവ ഭീഷണഃ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശംഖനിസ്സ്വനം കേട്ടിട്ടസഹമാനന്മാരായ്
ഹങ്കൊട്ടും ബലിഷ്ഠരാം വിത്തേശഭടരെല്ലാം
ആയുധങ്ങളെപ്പൊക്കിപ്പിടിച്ചുകൊണ്ടിറങ്ങി-
യായോധനത്തിനായി നേരിട്ടു ചെന്നീടി-
നാർ. 7

ഉഗ്രധന്വാവും മഹാരഥന്മാകും ധ്രുവൻ
വ്യഗ്രതവിട്ടു നേരിട്ടീടുമബ്ഭടന്മാരെ
ഓരോരുത്തരെ മുമ്മൂന്നമ്പുകളംവീതമൊരേ-
നേരമേല്പിച്ചു മുറിപ്പെടുത്തിപ്പീഡിപ്പിച്ചാൻ. 8
തപ്പാതെ നെററികളിൽത്തന്നെയസ്ത്രനിര-
യേല്പിച്ച നൃപനെ പ്രശംസിച്ചാർ യക്ഷഭൃത്യർ. 9
പാദസ്പർശത്തെസ്സഹിച്ചീടാത്ത സർപ്പങ്ങളം-
പോൽ
ക്രോധംപൂണ്ടവരുടൻ പ്രതികാരേച്ഛുക്കളായ്
ആറുബാണങ്ങളൊരേസമയമേല്പിച്ചീടു-
മാററാതിതൻനേരേയസ്ത്രപ്രയോഗം ചെ-
യ്താർ. 10
പതിമൂന്നയുതം പോരാളികളൊത്തുചേർന്നി-
ട്ടെതിരേ പരിഘം, വാളം, കോടാലി, ശൂലം,
പാശം
ഭുശുണ്ഡി ഋഷ്ടി ശക്ത്യാദ്യായുധങ്ങളും തുല-
ലസംഖ്യമാന്ന വേഗമേറും നാനാസ്ത്രങ്ങളും
അരിശമാർന്നു പാരം പ്രതികാരേച്ഛയോടും
ചൊരിഞ്ഞാർ ധ്രുവൻെറയും സാരഥിയുടെയും
മേൽ.
ശരവർഷത്താൽ ധ്രുവനക്ഷണം, പേമാരിയാൽ
ഗിരിയെന്നപോ,ലാക്കുമദൃശ്യനായിത്തീ-
ർന്നാൻ. 11–13
''കഷ്ടം! കഷ്ടമമ്മനുപൗത്രനാം ഭാസ്വാനഹോ
പെട്ടെന്നു പുണ്യജനസിന്ധുവിൽ മഗ്നനായി''
എന്നെല്ലാം ചൊല്ലിപ്പരം ക്രന്ദനംചെയ്തീടിനാർ
വിണ്ണിലിക്കൃത്യം കണ്ടുനിന്ന സിദ്ധന്മാ-
രെല്ലാം. 14
യക്ഷന്മാരാർത്തു പാരം വിജയഘോഷംചെയ്താ-
രക്ഷണം മഞ്ഞാംമറ മാററി മാർത്താണ്ഡദേവൻ
നന്നായ് വിളങ്ങുംവിധമാധ്രുവമഹീപാല-
സ്യന്ദനം ശരവർഷമുക്തമായ്ക്കാണപ്പെട്ടു. 15
ഞാണൊലിയുയർത്തിത്തൻ ദിവ്യമാം ചാപം—
കല-
ച്ചാനൃപനരാതികളംക്കത്യന്തമത്തലേററി
മുകിലിൻനികരത്തെപ്പവനനെന്നമട്ടി-
ലകലത്താക്കീടിനാൻ ശത്രുശസ്ത്രൗഘങ്ങളെ. 16
ധ്രുവചാപത്തിൽനിന്നു മുക്തമാംതിഗ്മബാണ-
നിവഹം വിപക്ഷർതൻ ചട്ടകളം പൊട്ടിച്ചുടൻ
ശരീരം ഭേദിച്ചങ്ങു കടന്നുകേറീ നേരേ,
ഗിരിവൃന്ദത്തിൽ വജ്രായുധങ്ങളെന്നപോലെ. 17

അർദ്ധചന്ദ്രാകൃതിയിൽ ഭല്ലമെന്നായിച്ചൊല്ലും
ശസ്ത്രത്താൽച്ഛേദിച്ചിട്ടാൻ യക്ഷാവയവങ്ങളെ.
കണ്ണുഭ്രൂഷകളോടുകൂടിയ മുഖാംഗളും
പൊന്നിൻതാലങ്ങൾപോലെ മിന്നിടുമുരുക്കളും
വിലയേറീടും മുത്തുമാലകൾ കേയൂരങ്ങൾ
വലയങ്ങളാൽ മിന്നും ചേണാർന്ന കരങ്ങളും
തലപ്പാവുകൾ മണിക്കിരീടങ്ങളുമെല്ലാം
നിലത്തുവീണു ചിന്നിച്ചിതറിക്കിടന്നിട്ടു
ആഹവഭൂവതപ്പോൾ വീരന്മാർക്കെല്ലാം മനോ-
മോഹനമായിപ്പരിശോഭിച്ചു പരന്തപ! 18–19
ക്ഷത്രിയപ്രവേകനാം ധ്രുവൻെറയമ്പേററതിൽ
ചത്തിടാതുള്ള യക്ഷരക്ഷസ്സഞ്ചയമെല്ലാം
കേസരിതന്നോടേററു തോററമാതംഗങ്ങൾപോ-
ലാശ്രു പോർക്കളംവിട്ടു മണ്ടിനാർ തെരുതെരെ.
20
അവിടെപ്പിന്നെശ്ശസ്ത്രപാണിയായാരെയും
താൻ
ധ്രുവൻ കണ്ടില്ലെങ്കിലും വിട്ടില്ല ശത്രുശങ്ക.
പുരത്തിനകം കാണ്മാനാഗ്രഹിക്കിലുമതി-
ന്നൊരുങ്ങീടാതെ തൻെറ സാരഥിതന്നോടായി
''കരുതിയിരുന്നുകൊൾക മായാവികൾതൻ
മായം
ധരിച്ചീടുവാൻ പണി സാധാരണമായ്''ക്കേവം
അരുളീടവേ കേൾക്കായ് കടലിന്നിരമ്പൽ-
പോ-
ലരവം, കാണായ് കാററിൽ പൊടികൾ
പൊങ്ങുന്നതും. 21–22
മുറയ്ക്കു മിന്നീ മിന്നൽ, മുഴങ്ങീയിടിനാദം,
പരന്നു മേഘാവലി മൂടിയാകാശം പാടേ. 23
മലമൂത്രങ്ങൾ, ലാല, രുധിരം, മേദസ്സെന്നീ
മലിനവസ്തുക്കളെച്ചൊരിഞ്ഞു മുകിൽമാല.
ശിരസ്സില്ലാത്തതായ ശരീരങ്ങളും പിന്നെ-
ദ്ധരണീശൻെറ മുന്നിൽ പതിച്ചിതെണ്ണ-
മെന്യേ. 24
കണ്ടിതു ശിലാമാരി ചൊരിയും ഗിരികളെ
വിണ്ടല,ത്തസിഗദാദ്യായുധം വർഷിപ്പതും
ചീററിക്കൺകളിലൂടെ തീ പറപ്പിച്ചിടിത്തീ-
തോററുപോം ചുടുവീർപ്പുവിട്ടിടും സർപ്പങ്ങളും
മദനീരൊലിപ്പിക്കും ഗജങ്ങൾ, സിംഹ-
വ്യാഘ്ര-
തതിയും നേരേ പാഞ്ഞുവരുന്നതായും
കണ്ടാൻ. 25–26
ഉന്നതോന്നതമായ തിരമാലകൾ പൊന്തി-
മന്നിടം പാടേ മുക്കിഗ്ഗംഭീരശബ്ദത്തോടും
കല്പാന്തകാലത്തിലെ ഭീകരാവസ്ഥയാർന്നു
ക്ഷിപ്രമംബുധി കേറിവരുന്നതായും
കണ്ടാൻ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവംവിധാന്യനേകാനി ത്രാസനാന്യമനസ്വിനാം
സസൃജുസ്തിഗ്മഗതയ ആസുര്യാ മായയാസുരാഃ. 28
ധ്രുവേ പ്രയുക്താമസുരൈസ്താം മായാമതിദുസ്തരാം
നിശാമ്യ തസ്യ മുനയഃ ശമാശംസൻ സമാഗതാഃ. 29

മുനയ ഊചുഃ

ഔത്താനപാദേ ഭഗവാംസ്തവ ശാർങ്ഗധന്വാ
ദേവഃ ക്ഷിണോത്വവനതാർത്തിഹരോ വിപക്ഷാൻ
യന്നാമധേയമഭിധായ നിശമ്യ വാദ്ധാ
ലോകോഽഞ്ജസാ തരതി ദുസ്തരമങ്ഗ മൃത്യും. 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

മൈത്രേയ ഉവാച

നിശമ്യ ഗദതാമേവമൃഷീണാം ധനുഷി ധ്രുവഃ
സംദധേഽസ്ത്രമുപസ്പൃശ്യ യന്നാരായണനിർമ്മിതം. 1
സംധീയമാന ഏതസ്മിന്മായാ ഗുഹ്യകനിർമ്മിതാ
ക്ഷിപ്രം വിനേശുർവിദുര ക്ലേശാ ജ്ഞാനോദയേ യഥാ. 2

തസ്യാർഷാസ്ത്രം ധനുഷി പ്രയുഞ്ജതഃ
സുവർണ്ണപുംഖാഃ കളഹംസവാസസഃ
വിനിഃസൃതാ ആവിവിശുർദ്വിഷദ്ബലം
യഥാ വനം ഭീമരവാഃ ശിഖണ്ഡിനഃ 3
തൈസ്തിഗ്മധാരൈഃ പ്രധനേ ശിലീമുഖൈ-
രിതസ്തതഃ പുണ്യജനാ ഉപദ്രുതാഃ
തമഭ്യധാവൻ കുപിതാ ഉദായുധാഃ
സുപർണ്ണമുന്നദ്ധഫണാ ഇവാഹയഃ. 4
സ താൻ പൃഷൽകൈരഭിധാവതോ മൃധേ
നികൃത്തബാഹൂരുശിരോധരോദരാൻ
നിനായ ലോകം പരമർക്കമണ്ഡലം
വ്രജന്തി നിർഭിദ്യ യമൂർദ്ധ്വരേതസഃ. 5
താൻ ഹന്യമാനാനഭിവീക്ഷ്യ ഗുഹ്യകാ-
നനാഗസശ്ചിത്രരഥേന ഭൂരിശഃ
ഔത്താനപാദിം കൃപയാ പിതാമഹോ
മനുർജ്ജഗാദോപഗതഃ സഹർഷിഭിഃ. 6

മനുരുവാച

അലം വത്സാതിരോഷേണ തമോദ്വാരേണ പാപ്മനാ
യേന പുണ്യജനാനേതാനവധീസ്ത്വമനാഗസഃ. 7
നാസ്മത്കുലോചിതം, താത, കർമ്മൈതത്സദ്വിഗർഹിതം
വധോ യദുപദേവാനാമാരബ്ധസ്തേഽകൃതൈനസാം. 8
നന്വേകസ്യാപരാധേന പ്രസങ്ഗാദ് ബഹവോ ഹതാഃ
ഭ്രാതുർവധാഭിതപ്തേന ത്വയാങ്ഗ ഭ്രാതൃവത്സല. 9
നായം മാർഗ്ഗോ ഹി സാധൂനാം ഹൃഷീകേശാനുവർത്തിനാം
യദാത്മാനം പരാഗ്ഗൃഹ്യ പശുവദ്ഭൂതവൈശസം. 10
സർവ്വഭൂതാത്മഭാവേന ഭൂതാവാസം ഹരിം ഭവാൻ
ആരാധ്യാപ ദുരാരാധ്യം വിഷ്ണോസ്തത് പരമം പദം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂടപ്രയോഗങ്ങളിൽ പാടവമനുപമം
നേടിയ രക്ഷസ്സുകരം ധൈര്യഹീനരെപ്പരം

പേടിപ്പിച്ചീടുന്നതാമിത്തരമുള്ള പരി-
പാടിയിലടവുകളസംഖ്യം സൃഷ്ടിച്ചിതു. 28

അതിദുസ്തരമായ മായാപ്രയോഗങ്ങളി-
ക്ഷിതിപാത്മജനോടായസുരർ കാട്ടുന്നതു

കേട്ടവിടെത്തീടിന മുനിമാരശേഷമാ-
രാട്ടിനായവികലക്ഷേമമാശംസിച്ചിതേ. 29

മുനിമാർ പറഞ്ഞു

ആരുടെ നാമധേയം കേരംക്കയോ
കീർത്തിക്കയോ
പോരുമീ ലോകത്തിനു സംസാരം കടക്കുവാൻ

ആർത്തിഹാരിയായ് ശാർങ്ഗധാരിയാമ-
ദ്ദേവൻ നിൻ
ശത്രുസംഹാരം ചെയ്തീടട്ടെ! യൗത്താനപാദേ! 30

അദ്ധ്യായം 11

ധ്രുവചരിതം—മന്ത്വപദേശവും യുദ്ധവിരാമവും

മൈത്രേയൻ പറഞ്ഞു

തപസ്വിജനവാക്യമിങ്ങനെ കേട്ടു നീരാ-
ന്നുപസ്പർശനംചെയ്തു ദേഹം സംശുദ്ധമാക്കി

നാരായണർഷീന്ദ്രനാൽ നിർമ്മിതമസ്ത്രമന്ത്രം,
നേരേ ജപിച്ചു വില്ലിൽ തൊടുത്താനസ്ത്രം-
ധ്രുവൻ. 1

അമ്പതു തൊടുത്തപ്പോരം നശിച്ചു യക്ഷമായാ-
വൻപുകളെല്ലാം ജ്ഞാനോദയത്തിൽ ക്ലേശ-
ങ്ങരംപോൽ. 2

പൊൻപിടിയാന്റ ഹംസത്തൂവൽ ചേർന്നാ-
ഷ്മാമീ-
യമ്പുകരം പുറപ്പെട്ടു ചീററിപ്പാഞ്ഞതിവേഗം

കേകികരം കേകാരവത്തോടൊത്തു വനാന്തരം
പൂകുംപോൽ ശത്രുസൈന്യനിരയിൽക്കട-
ന്നിതേ. 3

ഫണങ്ങരം പൊക്കിശ്ശീഘ്രം താർക്ഷ്യൻെറ
നേർക്കു ചെല്ലും
ഫണികരം മട്ടിലവൻതൻനേർക്കു ഗന്ധർവ്വന്മാർ

കുത്ത തത് ശരങ്ങളേററോടിയ ശേഷം വീണ്ടും
ക്രുദ്ധരായായുധങ്ങളെയത്തിച്ചെന്നീടിനാർ. 4

അവരെയെല്ലാമുടൻ തുട, കാൽ, ഗളം, കയ്യീ-
യവയവങ്ങരം കീറി, യക്കമണ്ഡലം താണ്ടി

യതികളെത്തീടുമാ വീരസ്വർഗ്ഗത്തിലേക്കാ-
ക്ഷിതിനായകനയച്ചെന്നതേ പറയേണ്ടു. 5

അധികം കെല്പും ചിത്രരഥവുമാർന്നീടുമ-
ക്ഷിതിപൻ പാവപ്പെട്ട യക്ഷരെക്കൊല്ലുന്നതു

കണ്ടു മുത്തച്ഛൻ മനുവക്ഷണം കാരുണ്യമുരം-
ക്കൊണ്ടു മാമുനിമാരുമൊത്തുവന്നേവം
ചൊന്നാൻ. 6

മനു പറഞ്ഞു

നിറുത്തു വധം വത്സാ! നീയടക്കുക കോപം
ചെറുത്തീയപരാധഹീനരാം യക്ഷന്മാരെ

അറുത്തുതള്ളുന്നതു നന്നല്ല നിനക്കതു
പെരുത്ത പാപമാർഗ്ഗമെന്നതും ധരിക്കുക. 7

നമ്മുടെ കുലത്തിന്നു യോജിച്ചതല്ലിക്കൃത്യം,
നമ്മളെ നിന്ദിക്കയും ചെയ്തിടും സജ്ജനങ്ങരം. 8

ഏകൻ നിൻ ഭ്രാതാവിനെ വധിച്ചു വശാ,-
ലതിൻ-
ശോകത്താൽ തപ്തചിത്തൻതന്നെ നീയെ-
ന്നാകിലും

തൻമൂലം പുണ്യജനരാശിയെയൊന്നോടേ നീ
നിർമ്മൂലമാക്കാൻ തുനിഞ്ഞീടുക നീതിയാ-
ണോ? 9

ദേഹാഭിമാനം വാച്ചും മൃഗപ്രായന്മാർ ജന്തു-
വ്യൂഹത്തെ സംഹരിക്കുമൻപററ സമ്പ്രദായം

സർവ്വാന്തര്യാമിയാമബ് ഭഗവാൻ ഹരിക്കേഴും
നേർവ്വഴി സഞ്ചരിക്കും സത്തുക്കരംക്കൊത്ത-
തല്ല. 10

സമസ്താത്മാവാകുമദ്ദേവനെയാവിധത്തിൽ
സുമതേ! കാണ്മാനാകില്ലെല്ലാക്കുമെന്നാകിലും

ഹരിയെസ്സർവ്വാത്മാവായ് ധ്യാനിച്ചു ചെറു-
തിലേ
പരമോപരിസ്ഥാനമാർന്നവനല്ലയോ നീ? 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ത്വം ഹരേരനുധ്യാതസ്തത് പുംസാമപി സമ്മതഃ
കഥം ത്വവദ്യം കൃതവാനനുശിക്ഷൻ സതാം വ്രതം. 12
തിതിക്ഷയാ കരുണയാ മൈത്ര്യാ ചാഖിലജന്തുഷു
സമത്വേന ച സർവ്വാത്മാ ഭഗവാൻ സമ്പ്രസീദതി. 13
സമ്പ്രസന്നേ ഭഗവതി പുരുഷഃ പ്രാകൃതൈർഗ്ഗുണൈഃ
വിമുക്തോ ജീവനിർമ്മുക്തോ ബ്രഹ്മനിർവ്വാണമൃച്ഛതി. 14
ഭൂതൈഃ പഞ്ചഭിരാരബ്ധൈര്യോഷിത് പുരുഷ ഏവ ഹി
തയോർവ്യവായാത്സംഭൂതിര്യോഷിത് പുരുഷയോരിഹ. 15
ഏവം പ്രവർത്തതേ സർഗ്ഗഃ സ്ഥിതിഃ സംയമ ഏവ ച
ഗുണവ്യതികരാദ്രാജൻ, മായയാ പരമാത്മനഃ 16
നിമിത്തമാത്രം തത്രാസീന്നിർഗ്ഗുണഃ പുരുഷർഷഭഃ
വ്യക്താവ്യക്തമിദം വിശ്വം യത്ര ഭ്രമതി ലോഹവത്. 17

സ ഖല്വിദം ഭഗവാൻ കാലശക്ത്യാ
ഗുണപ്രവാഹേന വിഭക്തവീര്യഃ
കരോത്യകർത്തൈവ നിഹന്ത്യഹന്താ
ചേഷ്ടാ വിഭൂമ്നഃ ഖലു ദുർവ്വിഭാവ്യാ. 18

സോഽനന്തോഽന്തകരഃ കാലോഽനാദിരാദികൃദവ്യയഃ
ജനം ജനേന ജനയന്മാരയന്മൃത്യുനാന്തകം. 19

ന വൈ സ്വപക്ഷോഽസ്യ വിപക്ഷ ഏവ വാ
പരസ്യ മൃത്യോർവിശതഃ സമം പ്രജാഃ
തം ധാവമാനമനുധാവന്ത്യനീശാ
യഥാ രജാംസ്യനിലം ഭൂതസംഘാഃ. 20

ആയുഷോഽപചയം ജന്തോസ്തഥൈവോപചയം വിഭുഃ
ഉഭാഭ്യാം രഹിതഃ സ്വസ്ഥോ ദുഃസ്ഥസ്യ വിദധാത്യസൗ. 21
കേചിത് കർമ്മ വദന്ത്യേനം സ്വഭാവമപരേ നൃപ
ഏകേ കാലം പരേ ദൈവം പുംസഃ കാമമുതാപരേ. 22
അവ്യക്തസ്യാപ്രമേയസ്യ നാനാശക്ത്യുദയസ്യ ച
ന വൈ ചികീർഷിതം താത കോ വേദാഥ സ്വസംഭവം. 23
ന ചൈതേ പുത്രക ഭ്രാതുർഹന്താരോ ധനദാനുഗാഃ
വിസർഗ്ഗാദാനയോസ്താത പുംസോ ദൈവം ഹി കാരണം. 24
സ ഏവ വിശ്വം സൃജതി സ ഏവാവതി ഹന്തി ച
അഥാപി ഹ്യനഹംകാരാന്നാജ്യതേ ഗുണകർമ്മഭിഃ. 25
ഏഷ ഭൂതാനി ഭൂതാത്മാ ഭൂതേശോ ഭൂതഭാവനഃ
സ്വശക്ത്യാ മായയാ യുക്തഃ സൃജത്യത്തി ച പാതി ച. 26

തമേവ മൃത്യുമമൃതം താത ദൈവം
സർവ്വാത്മനോപേഹി ജഗത് പരായണം
യസ്മൈ ബലിം വിശ്വസൃജോ ഹരന്തി
ഗാവോ യഥാ വൈ നസി ദാമയന്ത്രിതാഃ. 27
യഃ പഞ്ചവർഷോ ജനനീം ത്വം വിഹായ
മാതുഃ സപത്ന്യാ വചസാ ഭിന്നമർമ്മാ
വനം ഗതസ്തപസാ പ്രത്യഗക്ഷ–
മാരാധ്യ ലേഭേ മൂർദ്ധ്നി പദം ത്രിലോക്യാഃ. 28
തമേനമംഗാത്മനി മുക്തവിഗ്രഹേ
വ്യപാശ്രിതം നിർഗ്ഗുണമേകമക്ഷരം
ആത്മാനമന്വിച്ഛ വിമുക്തമാത്മദൃ–
ഗ്യസ്മിന്നിദം ഭേദമസത് പ്രതീയതേ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തനായ്ക്കരുതുന്ന നിന്നെ ശ്രീഹരി, ഭക്ത-
ജനസമ്മതനായി നീയെങ്ങും പേരെടുത്തു
അങ്ങനെ സാധുവൃന്ദവ്രതദീക്ഷകൻ, നീയി-
ന്നെങ്ങനെ ചെയ്തിപ്പാപകൃത്യമൗത്താന-
പാദേ! 12

ക്ഷമയും കാരുണ്യവും മിത്രഭാവവുംകൊണ്ടും
സമസ്തജീവിയിലും സമഭാവനകൊണ്ടും
മാത്രമേ വേണ്ടുംവണ്ണം പ്രസാദിച്ചീടു കൃപാ-
പാത്രമായ് സർവ്വാത്മാവാം ഭഗവാൻ വാസു-
ദേവൻ. 13

ഭഗവത്പ്രസാദം സംസിദ്ധമായ് വന്നീടുകിൽ
ത്രിഗുണങ്ങളിൽനിന്നു വിമുക്തനായും പരം
ജീവസംബന്ധംവിട്ടും പുരുഷനവിളംബം
കൈവല്യമെന്ന മുഖ്യപദത്തെ പ്രാപിക്കുന്നു. 14

പഞ്ചഭൂതങ്ങളുടെ പരിണാമത്താലുണ്ടാ-
യഞ്ചിതം സ്ത്രീയുടേയും പുരുഷന്റേയും രൂപം
അവർതൻ പരസ്പരസംഗത്താൽ സ്ത്രീപുമാന്മാർ
ഭുവനംതന്നിൽ സംഖ്യയെന്നിയേയുണ്ടാ-
കുന്നു. 15

ഏവമപ്പരമാത്മമായയാൽ ഗുണച്ചേർച്ച-
കൈവന്നു സൃഷ്ടിസ്ഥിതിസംഹാരം നട-
ക്കുന്നു. 16

കുമാരാ! ഗുണാതീതനീശ്വരൻ സൃഷ്ട്യാദിയിൽ
നിമിത്തം മാത്രമായിട്ടിരിക്കുന്നതേയുള്ളൂ.
സ്ഥൂലസൂക്ഷ്മാത്മകമീ ലോകം ചലിപ്പതവ-
ന്മൂലമായത്രേ ലോഹം കാന്തത്താലെന്ന-
പോലെ. 17

നൃപതേ! ഗുണവൃദ്ധികരമാം കാലത്തിനാൽ
വിഭക്തവീര്യനാമബ്ഭഗവാൻ രമാജാനി
കർത്തൃത്വഭാവമെന്യേ പ്രവർത്തിക്കുന്നു പിന്നെ
ഹർത്താവായീടാതെ സംഹാരവും നടത്തുന്നു.

ചിന്തനീയമല്ലാർക്കുമോർക്കുകിൽ ഭഗവാന്റെ-
യന്തമററീടുന്നതാമദ്ഭുതവ്യാപാരങ്ങൾ. 18

അന്തഹീനനായ് കാലരൂപനായനാദിയാ-
യന്തഹേതുവായാദികൃത്തായവ്യയനാകും

ദൈത്യാരി, ജനസൃഷ്ടി ജനത്താൽ ചെയ്യിപ്പിച്ചു
മൃത്യുവാലന്തകനെ ഹനിപ്പിച്ചീടുന്നിതേ! 19

ഒന്നുപോലെല്ലാവർക്കുമീശനും മൃത്യുവുമായ്
മിന്നുമദ്ദേവനില്ല ശത്രുബാന്ധവഭേദം.

കാലരൂപനായ്ച്ചുററുമവന്റെ പിമ്പേ ജീവി-
ജാലവും ചുററീടുന്നു വായുവിൽ ധൂളിമട്ടിൽ. 20

രണ്ടവസ്ഥകളെന്യേ സ്വസ്ഥനായ് വിഭു-
വായ് വൈ-
കുണ്ഠനാം ദേവനിവൻ, ദുരവസ്ഥയെപ്പൂണ്ട

ജന്തുവിന്നായുഷ്കാലം നീട്ടിയും കുറുക്കിയും
സന്ധിപ്പിച്ചീടുന്നിതേ തത്തത്കർമ്മാനു-
സാരം. 21

ഇവനെച്ചിലർ കർമ്മമെന്നു ചൊല്ലുന്നു, പിന്നെ
വിവരിച്ചീടുന്നിതേ സ്വഭാവമെന്നും ചിലർ,
അന്യന്മാർ കാലമെന്നു, മിതരർ ദൈവമെന്നും,
ചൊന്നീടുന്നിതു പരർ പുരുഷകാമമെന്നും. 22

അപ്രമേയനായ് വ്യക്തഹീനനായ് നാനാ-
ശക്തി-
യുദ്ഭവസ്ഥാനമാകുമവന്റെയഭിലാഷം
അറിയാനാർക്കുമാകാ ജന്മഹേതുവാകിലും
ധരിച്ചീടുന്നില്ലാരുമിവനെയുള്ളവണ്ണം. 23

അനഘാ! നിൻ ജ്യേഷ്ഠനാമുത്തമൻതന്നെ-
ക്കൊന്നോർ
ധനദഭൃത്യരെന്നു വെറുതേ ശങ്കിക്കേണ്ടാ.
ജനനമരണത്തിൻകാരണം ദൈവമെന്നായ്
മനസ്സിലാക്കുന്നതാം നല്ലതു നൃപസൂനോ! 24

ഭുവനം സൃഷ്ടിച്ചു കാത്തഴിപ്പോനെന്നാകിലു-
മിവനില്ലഹങ്കാരമെന്നതുമൂലമായി
ഗുണഹേതുകം കർമ്മഗണവും ഫലങ്ങളും
പിണയുന്നില്ല ലേശമവനി, ലവനീശാ! 25

ഭൂതാത്മഭൂതനായിബ്ഭൂതേശനായിസ്സർവ്വ-
ഭൂതപാലകനുമായിരിക്കുമിവൻതന്നെ
ഭേദധീവിട്ടു മായായുക്തനായ് നിർവ്വഹിപ്പൂ
ഭൂതസംസൃഷ്ടിരക്ഷാസംഹാരകാര്യമെല്ലാം. 26

മൃത്യുവായ് പീയൂഷമായ്ജ്ജഗത്തിന്നാധാര-
മായ്
വർത്തിക്കുമീദൈവത്തെ പ്രാപിക്ക സർവ്വഥാ നീ.
ലോകസ്രഷ്ടാക്കളെല്ലാമിസ്സ്വാമിതന്നാജ്ഞ-
യിൽ
പോകുന്നു, മൂക്കുകയർകെട്ടിയ കൂററന്മാർ-
പോൽ. 27

അഞ്ചാംവയസ്സിൽ മാതൃസപത്നീദുർവ്വാക്യ-
ത്താൽ
നെഞ്ചകം പിളർക്കയാലമ്മയെപ്പോലും തള്ളി
കാടാർന്നു തപസ്സുചെയ്തച്യുതപ്രസാദത്താൽ
നേടി നീ ത്രൈലോക്യത്തിൻ മൂർദ്ധാവായ്-
മിന്നും പദം. 28

വിഗ്രഹം വിട്ടിരിക്കുമാത്മാവിൽ സ്ഥിതനായി
നിർഗ്ഗുണനായി നിത്യമുക്തനായേകനായി
വിളങ്ങുമീയാത്മാവെയാത്മദൃക്കായിക്കണ്ടു
തെളിഞ്ഞീടുക നീ, യില്ലവനീയസദ്ഭേദം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം പ്രത്യഗാത്മനി തദാ ഭഗവത്യനന്ത
ആനന്ദമാത്ര ഉപപന്നസമസ്തശക്തൗ
ഭക്തിം വിധായ പരമാം ശനകൈരവിദ്യാ-
ഗ്രന്ഥിം വിഭേത്സ്യസി മമാഹമിതി പ്രരൂഢം. 30
സംയച്ഛ രോഷം ഭദ്രം തേ പ്രതീപം ശ്രേയസാം പരം
ശ്രുതേന ഭൂയസാ രാജന്നഗദേന യഥാഽഽമയം. 31
യേനോപസൃഷ്ടാത് പുരുഷാല്ലോക ഉദ്വിജതേ ഭൃശം
ന ബുധസ്തദ്വശം ഗച്ഛേദിച്ഛന്നഭയമാത്മനഃ. 32
ഹേലനം ഗിരിശഭ്രാതുർധനദസ്യ ത്വയാ കൃതം
യജ്ജഘ്നിവാൻ പുണ്യജനാൻ ഭ്രാതൃഘ്നാനിത്യമർഷിതഃ. 33
തം പ്രസാദയ വത്സാശു സംനത്യാ പ്രശ്രയോക്തിഭിഃ
ന യാവന്മഹതാം തേജഃ കുലം നോഽഭിഭവിഷ്യതി. 34
ഏവം സ്വായംഭുവഃ പൗത്രമനുശാസ്യ മനുർധ്രുവം
തേനാഭിവന്ദിതഃ സാകമൃഷിഭിഃ സ്വപുരം യയൗ. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

മൈത്രേയ ഉവാച

ധ്രുവം നിവൃത്തം പ്രതിബുദ്ധ്യ വൈശസാ-
ദപേതമന്യും ഭഗവാൻ ധനേശ്വരഃ
തത്രാഗതശ്ചാരണയക്ഷകിന്നരൈഃ
സംസ്തൂയമാനോഽഭ്യവദത് കൃതാഞ്ജലിം. 1

ധനദ ഉവാച

ഭോ ഭോ ക്ഷത്രിയദായാദ, പരിതുഷ്ടോഽസ്മി തേഽനഘ
യസ്ത്വം പിതാമഹാദേശാദ്വൈരം ദുസ്ത്യജമത്യജഃ. 2
ന ഭവാനവധീദ്യക്ഷാന്ന യക്ഷാ ഭ്രാതരം തവ
കാല ഏവ ഹി ഭൂതാനാം പ്രഭുരപ്യയഭാവയോഃ. 3
അഹം ത്വമിത്യപാർത്ഥാ ധീരജ്ഞാനാത് പുരുഷസ്യ ഹി
സ്വാപ്നീവാഭാത്യതദ്ധ്യാനാദ്യയാ ബന്ധവിപര്യയൗ. 4
തദ്ഗച്ഛ ധ്രുവ, ഭദ്രം തേ ഭഗവന്തമധോക്ഷജം
സർവ്വഭൂതാത്മഭാവേന സർവ്വഭൂതാത്മവിഗ്രഹം. 5
ഭജസ്വ ഭജനീയാങ്ഘ്രിമഭവായ ഭവച്ഛിദം
യുക്തം വിരഹിതം ശക്ത്യാ ഗുണമയ്യാഽഽത്മമായയാ. 6
വൃണീഹി കാമം നൃപ യന്മനോഗതം
മത്തസ്ത്വമൗത്താനപദേഽവിശങ്കിതഃ
വരം വരാർഹോഽംബുജനാഭപാദയോ-
രനന്തരം ത്വാം വയമങ്ഗ ശുശ്രുമ. 7

മൈത്രേയ ഉവാച

സ രാജരാജേന വരായ ചോദിതോ
ധ്രുവോ മഹാഭാഗവതോ മഹാമതിഃ
ഹരൗ സ വവ്രേഽചലിതാം സ്മൃതിം യയാ
തരത്യയത്നേന ദുരത്യയം തമഃ. 8
തസ്യ പ്രീതേന മനസാ താം ദത്ത്വൈഡവിഡസ്തതഃ
പശ്യതോഽന്തർദധേ, സോഽപി സ്വപുരം പ്രത്യപദ്യത. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപരിച്ഛിന്നനായിസ്സർവ്വശക്തികളോടു-
മുപപന്നനായ് സമസ്തൈശ്വര്യസ്വരൂപനായ്

ആനന്ദമാത്രനാമപ്പരമാത്മാവിനെത്താൻ
നീ നന്നായ് പ്രേമപൂർവ്വം ഭജിക്ക,കെന്നാല-
പ്പോരം

ഞാനെന്നുമെൻേറതെന്നുമുള്ളോരവിദ്യാഗ്രന്ഥി
താനേയയഞ്ഞഴിഞ്ഞു മെല്ലവേയില്ലാ-
തെയാം. 30

ശ്രേയസ്സുകരംക്കൊക്കെയും മുഖ്യശത്രുവാം
ക്രോധം

നീയടക്കുക വത്സാ! ശാസ്ത്രവിജ്ഞാനത്തിനാൽ

ആമയമൗഷധംകൊണ്ടെന്നപോലവിളംബം
ഭൂമീശാ! ഭവിക്കട്ടെ ഭവാനു ഭവികങ്ങൾ! 31

ഏതൊരുദോഷമാളുമാളിനെയാണോ സർവ്വ-
ഭൂതജാലവും ഭയപ്പെട്ടീടുന്നതു പാരം

ആ രോഷദോഷത്തിനു കീഴ്പ്പെട്ടീടരുതൊരു-
നേരവുമാത്മശാന്തിക്കാശയാർന്നിടും ബുധൻ. 32

ഭ്രാതൃഘാതകരെന്നായ് കോപിച്ചു പുണ്യജന-
വ്രാതത്തെ നിഹനിച്ച സംഗതി പാർത്തു-
കാണ്കിൽ

ശങ്കരസഹോദരനാകമക്കുബേരനെ
ശങ്കയെന്നിയേ ഭവാനവമാനിച്ചതല്ലോ.

അദ്ദേഹമസാമാന്യൻ വിത്തേശൻ, മഹേശ്വര-
നെത്രയുമേററമിഷ്ടപ്പെട്ടവൻ, രാജരാജൻ. 33

അതിനാൽ കുബേരനും തത്പക്ഷപാതിഭൂത-
പതിയും കോപിക്കും, തത്തേജസ്സാലസ്ഥലം

മുടിയുവതിൻമുമ്പേ പോയി നീ ധനദൻത-
ന്നടികരംകൂപ്പിക്കീർത്തിച്ചവനെ പ്രീണി-
പ്പിക്കു. 34

ഈവിധം സ്വായംഭുവൻ പൗത്രനാം ധ്രുവനോടു
നിർവ്വചിച്ചൃഷികളോടൊത്തു തൻ പുരം-
പുക്കാൻ. 35

അദ്ധ്യായം 12

ധ്രുവദേഹത്യാഗം

മൈത്രേയൻ പറഞ്ഞു

രോഷം ശമിച്ചു വധം നിറുത്തീ ധ്രുവനെന്ന-
തോഷവൃത്താന്തം ധരിച്ചക്ഷണം ധനാധിപൻ

വന്നു ചാരണയക്ഷകിന്നരസ്തുതനായി-
ച്ചൊന്നിതു ചാരെക്കൂപ്പിനില്ക്കുമാധ്രുവനോ-
ടായ്. 1

ക്ഷത്രിയസൂനോ! നിന്നിൽ സന്തുഷ്ടനായി-
ത്തീർന്നേൻ

ദുസ്ത്യജം വൈരം ത്യജിച്ചല്ലോ നീ മന്ത്ര-
വാക്കാൽ. 2

യക്ഷരെക്കൊന്നില്ല നീ നിൻസഹോദരനെയാ
യക്ഷരും വധിച്ചില്ല, കാലംതാൻ ചെയ്തി-
തെല്ലാം 3

അതു ഞാനിതു നീയെന്നുള്ള ധീയജ്ഞാനത്താ-
ലുദിച്ചോരതദ്ധ്യാനംകൊണ്ടുതാനുണ്ടായതാം

ബന്ധമോക്ഷങ്ങളാക്കും സ്വപ്നധീപോക്കുംവിധം
സന്തതമപാർത്ഥമായുള്ളതെന്നോർത്തീടുക. 4

അതിനാലയേ ധ്രുവഭൂപതേ! പോയീടുക
അതിയായ് ഭവിക്കട്ടെ ഭവാനു ഭവികങ്ങൾ. 5

ഇന്ദ്രിയാതീതനായി സർവ്വഭൂതാകാരനായ്
സന്തതം ഭവച്ഛിത്തായ് ഭജനീയാങ്‌ഘ്രി-
യായി

സത്ത്വാദിഗുണത്രയയുക്തയാം തന്മായയോ-
ടൊത്തിണങ്ങിയും വേറായ് മാറിനിന്നും
വിളങ്ങും

ഹരിയെസ്സർവഭൂതജാലാത്മഭാവത്തോടും
ശരിയായ് ഭവാൻ ഭജിച്ചീടുക മോക്ഷത്തി-
നായ്. 6

എന്നിൽനിന്നങ്ങേയ്ക്കിഷ്ടംപോലുള്ള വരം ശങ്ക-
യെന്നിയേ വരിച്ചുകൊൾകത്താനപാദസൂനോ!

ശ്രീപദ്മനാഭപാദാംഭോജത്തിൻ സവിധ-
ഭൂപതേ! ഭവാനെന്നും വാഴവോ- [ത്തിൽ
നെന്നു കേൾപ്പൂ. 7

മൈത്രേയൻ പറഞ്ഞു

രാജരാജനാലേവം പ്രേരിതനായി മഹാ-
തേജസ്വിയായിബ്ഭാഗവതന്മാർക്കുത്തംസമാം

മതിമാൻ ധ്രുവൻ തദാ ദുസ്ത്യജതമസ്സറാ-
ന്തകം സ്ഥിരഹരിസ്മൃതിയെ വരിച്ചിതേ. 8

ഇങ്ങനെയിഡവിഡാപുത്രനാം ധനാധിപൻ
തിങ്ങിനമോദത്തോടു വരമേകിയശേഷം

മടങ്ങിപ്പോയാൻ നിജപുരിക്കായ്, ധ്രുവൻ
താനു-
മുടനേ സ്വന്തം രാജധാനിയെ പ്രാപിച്ചിതേ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥായജത യജ്ഞേശം ക്രതുഭിർഭൂരിദക്ഷിണൈഃ
ദ്രവ്യക്രിയാദേവതാനാം സർവ്വകർമ്മഫലപ്രദം. 10
സർവ്വാത്മന്യച്യുതേ സർവ്വേ തീവ്രൗഘാം ഭക്തിമുദ്വഹൻ
ദദർശാത്മനി ഭൂതേഷു തമേവാവസ്ഥിതം വിഭും. 11
തമേവം ശീലസമ്പന്നം ബ്രഹ്മണ്യം ദീനവത്സലം
ഗോപ്താരം ധർമ്മസേതൂനാം മേനിരേ പിതരം പ്രജാഃ. 12
ഷട്ത്രിംശദ്വർഷസാഹസ്രം ശശാസ ക്ഷിതിമണ്ഡലം
ഭോഗൈഃ പുണ്യക്ഷയം കർവന്നഭോഗൈരശുഭക്ഷയം. 13
ഏവം ബഹുസവം കാലം മഹാത്മാവികലേന്ദ്രിയഃ
ത്രിവർഗ്ഗൗപയികം നീത്വാ പുത്രായാദാന്നൃപാസനം. 14
മന്യമാന ഇദം വിശ്വം മായാരചിതമാത്മനി
അവിദ്യാരചിതസ്വപ്നഗന്ധർവ്വനഗരോപമം. 15

ആത്മസ്ത്ര്യപത്യസുഹൃദോ ബലമൃദ്ധകോശ-
മന്തഃപുരം പരിവിഹാരഭുവശ്ച രമ്യാഃ
ഭൂമണ്ഡലം ജലധിമേഖലമാകലയ്യ
കാലോപസൃഷ്ടമിതി സ പ്രയയൗ വിശാലാം. 16
തസ്യാം വിശുദ്ധകരണഃ ശിവവാർവ്വിഗാഹ്യ
ബദ്ധ്വാഽഽസനം ജിതമരുന്മനസാഽഽഹൃതാക്ഷഃ
സ്ഥൂലേ ദധാര ഭഗവത്പ്രതിരൂപ ഏത-
ദ്ധ്യായംസ്തദവ്യവഹിതോ വ്യസൃജത്സമാധൗ. 17
ഭക്തിം ഹരൗ ഭഗവതി പ്രവഹന്നജസ്ര-
മാനന്ദബാഷ്പകലയാ മുഹുരർദ്യമാനഃ
വിക്ലിദ്യമാനഹൃദയഃ പുലകാചിതാങ്ഗോ
നാത്മാനമസ്മരദസാവിതി മുക്തലിങ്ഗഃ. 18

സ ദദർശ വിമാനാഗ്ര്യം നഭസോഽവതരത് ധ്രുവഃ
വിഭ്രാജയദ്ദശദിശോ രാകാപതിമിവോദിതം. 19

തത്രാനു ദേവപ്രവരൗ ചതുർഭുജൗ
ശ്യാമൗ കിശോരാവരുണാംബുജേക്ഷണൗ
സ്ഥിതാവവഷ്ടഭ്യ ഗദാം സുവാസസൗ
കിരീടഹാരാങ്ഗദചാരുകുണ്ഡലൗ. 20
വിജ്ഞായ താവുത്തമഗായകിങ്കരാ-
വഭ്യുത്ഥിതഃ സാധ്വസവിസ്മൃതക്രമഃ
നനാമ നാമാനി ഗൃണന്മധുദ്വിഷഃ
പാഷ്ത് പ്രധാനാവിതി സംഹതാഞ്ജലിഃ. 21
തം കൃഷ്ണപാദാഭിനിവിഷ്ടചേതസം
ബദ്ധാഞ്ജലിം പ്രശ്രയനമ്രകന്ധരം
സുനന്ദനന്ദാവുപസൃത്യ സസ്മിതം
പ്രത്യൂചതുഃ പുഷ്കരനാഭസമ്മതൗ. 22

സുനന്ദനന്ദാവൂചതു

ഭോ ഭോ രാജൻ സുഭദ്രം തേ വാചം നോഽവഹിതഃ ശൃണു
യഃ പഞ്ചവർഷസ്തപസാ ഭവാന്ദേവമതീതൃപത്. 32
തസ്യാഖിലജഗദ്ധാതുരാവാം ദേവസ്യ ശാർങ്ഗിണഃ
പാർഷദാവിഹ സമ്പ്രാപ്തൗ നേതും ത്വാം ഭഗവത്പദം. 24

സുദുർജ്ജയം വിഷ്ണുപദം ജിതം ത്വയാ
യത്സൂരയോഽപ്രാപ്യ വിചക്ഷതേ പരം
ആതിഷ്ഠ തച്ചന്ദ്രദിവാകരാദയോ
ഗ്രഹർക്ഷതാരാഃ പരിയന്തി ദക്ഷിണം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെയമ്മന്നൻ കർമ്മഫലദാതാവാം ദേവൻ–
തന്നെയർച്ചിച്ചാൻ ഭൂരിദക്ഷിണാദ്ധ്വരങ്ങ–
ളാൽ. 10

സർവ്വാത്മാവായിപ്പരിപൂർണ്ണനാമച്യുതങ്കൽ
തീവ്രമാം ഭക്തി വർദ്ധിച്ചീടുകനിമിത്തമായ്
തന്നിൽ വീക്ഷിച്ചാൻ സർവ്വഭൂതജാലങ്ങളേയും
തന്നെസ്സംപൂർണ്ണനായിസ്സമസ്തഭൂതത്തിലും. 11

ശീലസമ്പന്നനായി ബ്രാഹ്മണഭക്തനായി
മാലിയന്നീടുവോരിലുള്ളലിയുവോനായി
ധർമ്മമര്യാദകളെത്തെററാതെ പാലിച്ചീടു–
മമ്മഹാനെജ്ജനങ്ങൾ കരുതീ പിതാ–
വെന്നായ്. 12

പുണ്യകർമ്മങ്ങളെയബ്ഭോഗാനുഭവത്താലും
പിന്നെ ദുഷ്കർമ്മങ്ങളെയുപവാസാദിയാലും
മെല്ലവേ നശിപ്പിച്ചു മുപ്പത്തിയാറായിരം
കൊല്ലമ,ധ്രുവഭൂപൻ പാലിച്ചാൻ ഭൂമ–
ണ്ഡലം. 13

അക്ഷീണേന്ദ്രിയങ്ങളുമുദാരഹൃത്തുമാളു–
മക്ഷമാനായകാഗ്ര്യനീവിധമേറെക്കാലം
ധർമ്മാർത്ഥകാമങ്ങളാം പുരുഷാർത്ഥങ്ങളാൻറ
ധർമ്മാസനത്തെയേകീ പുത്രനാം വത്സര–
ന്നായ്. 14

മായയാലാത്മാവിലാരചിതമീ ലോകം സ്വ–
ധീയാ,ലജ്ഞാനകൃതസ്വപ്നപത്തനംപോലെ
മിഥ്യയെന്നുറയ്ക്കയാൽ വിരക്തിവന്നിട്ടത്രേ
പൃഥ്വിയെപ്പുത്രനായിക്കൊടുത്തത–
ന്നൃപാലൻ. 15

ദേഹവും ജായാപുത്രസുഹൃത് സഞ്ചയം സേനാ–
വ്യൂഹവുമൃദ്ധകോശം ബന്ധുരമന്തഃപുരം
രമ്യമാം വിഹരണസ്ഥാനങ്ങളബ്ധികാഞ്ചി–
യമ്മഹിയിവയെല്ലാം കാലസൃഷ്ടങ്ങളെന്നും
നശ്യങ്ങളെന്നുംകണ്ടു പോയ് നിവസി–
ച്ചീടിനാൻ
കശ്യപീശ്വരൻ പുണ്യബദര്യാശ്രമം–
തന്നിൽ. 16

അങ്ങുള്ള ശുദ്ധജലപൂർണ്ണമാം നദീതന്നി–
ലങ്ഗവും ശുചിയാക്കി ശാന്താന്തഃകരണനായ്
ആസനം ബന്ധിച്ചവൻ മാനസം
പ്രാണനോടൊ–
ത്താശുവെന്നിന്ദ്രിയത്തിൻ വൃന്ദത്തെ
നിയന്ത്രിച്ചു
സ്ഥൂലമായീടും ഭഗവത്സ്വരൂപത്തിൽ ചിത്തം
ചാലവേയുറപ്പിച്ചു പഴകിയതില്പിന്നെ
സ്ഥൂലധ്യാനം വെടിഞ്ഞു പൂർണ്ണമാം
സമാധിയി–
ലാലയിച്ചേവം സ്വാത്മമാത്രനായ് സ്ഥിതി–
ചെയ്താൻ. 17

ഹരിയാം ഭഗവാനിലജസ്രം വളർന്നിടും
പുരുഭക്തിയാലാനന്ദാശ്രുക്കൾ വീണ്ടും തൂകി
ഹൃദയം ദ്രവിച്ചലം പുളകാഞ്ചിതാങ്ഗനായ്
നിതരാം വിമുക്തനായ് ലിങ്ഗദേഹത്തിൽ–
നിന്നും
ധ്രുവചക്രവർത്തിതാനെന്നമട്ടെന്യേ ധീര–
നവൻ സ്വശരീരവും വിസ്മരിച്ചിരുന്നിതേ. 18

ശമാദിനേടിയേവമമാനഷശ്രീ പൂണ്ടു
സമാധിസംസ്ഥനായി ധ്രുവനങ്ങിരിക്കവേ
പത്തു ദേശവും മിന്നിച്ചുദിക്കും നിശാകര–
ന്നൊത്തൊരു വിമാനം വന്നിറങ്ങുന്നതായി–
ക്കണ്ടാൻ. 19

ശ്യാമളനിറംപൂണ്ടു, നാലുകയ്യിയന്നു, ചെ–
ന്താമരക്കണ്ണുകളൊത്തമലാംബരന്മാരായ്
കുണ്ഡലഹാരകിരീടാങ്ഗദഗദാധരർ
രണ്ടുപേർ ദേവോത്തമരുണ്ടതിൽ കിശോര–
ന്മാർ. 20

അവരെ ശ്രീവിഷ്ണുവിൻ പാർഷദരെന്നറിഞ്ഞി–
ട്ടവനേറെറതിരേററുംഭ്രമത്താൽ പൂജിപ്പതിൻ
ക്രമവും മറന്നുടൻ ശിരസ്സിൽ കൈകൾ കൂപ്പി
നമിച്ചാൻ തന്നാമങ്ങൾ കീർത്തിച്ചുകൊണ്ടു–
നേരേ. 21

ശ്രീകൃഷ്ണപാദങ്ങളിൽ മാനസമുറപ്പിച്ചു
കൈകളും കൂപ്പി വിനയാനതകണ്ഠനായി
നിന്നീടുമവനോടു വിഷ്ണുസമ്മതന്മാരാം
നന്ദനും സുനന്ദനും സസ്മിതം ചൊന്നാരേവം.
22

സുനന്ദനന്ദന്മാർ പറഞ്ഞു

മന്നവാ! ഭവിക്കട്ടെ ഭവാനു ഭദ്രം, ഞങ്ങൾ
വന്ന സംഗതി ചൊല്ലാം, കേൾക്കുക
സാവധാനം.
അഞ്ചാം വയസ്സിൽ തീവ്രതപസ്സാലാരെ–
ബ്ഭവാ–
നഞ്ചാതെ സന്തോഷിപ്പിച്ചുന്നതസ്ഥാനം നേടി
അഖിലലോകത്തിനും ധാതാവായ്
ശാർങ്ഗിയാമ–
ബ്ഭഗവാൻതൻ കിങ്കരർ ഞങ്ങളെന്നറി–
ഞ്ഞാലും.
വൈകുണ്ഠപദംതന്നിൽ ഭവാനെക്കൂട്ടിക്കൊണ്ടു
പോകുവാനായിട്ടത്രേ വന്നതും ഞങ്ങളിപ്പോൾ.
23–24

അന്യരാൽ സുദുർജ്ജയമാകുമാ വിഷ്ണുപദം
നിന്നാലടക്കപ്പെട്ടു. വിദ്വാന്മാരായുള്ളവർ
ഏതൊരുപദം ലഭിച്ചീടാതെയതിനെത്താൻ
സാദരം ദൂരെനിന്നു കേവലം നോക്കുന്നിതു
സൂര്യനും, സോമൻ,താനും ഗ്രഹനക്ഷത്രതാര–
പൂരവും വലംവയ്ക്കുമാസ്ഥാനംപൂകിയാലും. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാസ്ഥിതം തേ പിതൃഭിരന്യൈരപ്യങ്ഗ കർഹിചിത്
ആതിഷ്ഠ ജഗതാം വന്ദ്യം തദ്വിഷ്ണോഃ പരമം പദം. 26

ഏതദ്വിമാനപ്രവരമുത്തമശ്ലോകമൗലിനാ
ഉപസ്ഥാപിതമായുഷ്മന്നധിരോഢും ത്വമർഹസി. 27

മൈത്രേയ ഉവാച

നിശമ്യ വൈകുണ്ഠനിയോജ്യമുഖ്യയോ-
ർമ്മധുച്യുതം വാചമുരുക്രമപ്രിയഃ
കൃതാഭിഷേകഃ കൃതനിത്യമങ്ഗളോ
മുനീൻ പ്രണമ്യാശിഷമഭ്യവാദയത്. 28

പരീത്യാഭ്യർച്യ ധിഷ്ണ്യാഗ്ര്യം പാർഷദാവഭിവന്ദ്യ ച
ഇയേഷ തദധിഷ്ഠാതും ബിഭ്രദ്രൂപം ഹിരണ്മയം. 29

തദോത്താനപദഃ പുത്രോ ദദർശാന്തകമാഗതം
മൃത്യോർമ്മൂർധ്നി പദം ദത്ത്വാ ആരുരോഹാദ്ഭുതം ഗൃഹം. 30

തദാ ദുന്ദുഭയോ നേദുർമൃദംഗപണവാദയഃ
ഗന്ധർവമുഖ്യാഃ പ്രജഗുഃ പേതുഃ കുസുമവൃഷ്ടയഃ. 31

സ ച സ്വർല്ലോകമാരോക്ഷ്യൻ സുനീതിം ജനനീം ധ്രുവഃ
അന്വസ്മരദഗം ഹിത്വാ ദീനാം യാസ്യേ ത്രിവിഷ്ടപം. 32

ഇതി വ്യവസിതം തസ്യ വ്യവസായ സുരോത്തമൗ
ദർശയാമാസതുർദേവീം പുരോ യാനേന ഗച്ഛതീം. 33

തത്ര തത്ര പ്രശംസദ്ഭിഃ പഥി വൈമാനികൈഃ സുരൈഃ
അവകീര്യമാണോ ദദൃശേ കുസുമൈഃ ക്രമശോ ഗ്രഹാൻ. 34

ത്രിലോകീം ദേവയാനേന സോഽതിവ്രജ്യ മുനീനപി
പരസ്താദ്യദ്ധ്രുവഗതിർവിഷ്ണോഃ പദമഥാഭ്യഗാത്. 35

യദ് ഭ്രാജമാനം സ്വരുചൈവ സർവ്വതോ
ലോകാസ്ത്രയോ ഹ്യനു വിഭ്രാജന്ത ഏതേ
യന്നാവ്രജഞ്ജന്തുഷു യേഽനനുഗ്രഹാ
വ്രജന്തി ഭദ്രാണി ചരന്തി യേഽനിശം. 36

ശാന്താഃ സമദൃശഃ ശുദ്ധാഃ സർവഭൂതാനുരഞ്ജനാഃ
യാന്ത്യഞ്ജസാച്യുതപദമച്യുതപ്രിയബാന്ധവാഃ. 37

ഇത്യുത്താനപദഃ പുത്രോ ധ്രുവഃ കൃഷ്ണപരായണഃ
അഭൂത് ത്രയാണാം ലോകാനാം ചൂഡാമണിരിവാമലഃ. 38

ഗംഭീരവേഗോഽനിമിഷം ജ്യോതിഷാം ചക്രമാഹിതം
യസ്മിൻ ഭ്രമതി, കൗരവ്യ, മേഢ്യാമിവ ഗവാം ഗണഃ. 39

മഹിമാനം വിലോക്യാസ്യ നാരദോ ഭഗവാനൃഷിഃ
ആതോദ്യം വിതുദൻ ശ്ലോകാൻ സത്രേഽഗായത്
പ്രചേതസാം. 40

നാരദ ഉവാച

നൂനം സുനീതേഃ പതിദേവതായാ-
സ്തപഃപ്രഭാവസ്യ സുതസ്യ താം ഗതിം
ദൃഷ്ട്വാഭ്യുപായാനപി വേദവാദിനോ
നൈവാധിഗന്തും പ്രഭവന്തി കിം നൃപാഃ. 41

യഃ പഞ്ചവർഷോ ഗുരുദാരവാക്ശരൈ-
ർഭിന്നേന യാതോ ഹൃദയേന ദൂയതാ
വനം മദാദേശകരോഽജിതം പ്രഭും
ജിഗായ തദ്ഭക്തഗുണൈഃ പരാജിതം. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താപകപിതാക്കളെമന്യരുമിന്നോളവു-
മാവസിച്ചീടാത്തതായ് ഭുവനവന്ദ്യമായി

ശ്രീമഹാവിഷ്ണുവിൻെറ പരമംപദവുമാ-
മാമാന്യസ്ഥാനത്തെത്തിയങ്ങധിവസി-
ച്ചാലും. 26

ആ വിഭവയച്ചതായെത്രയും ശ്രേഷ്ഠമായോ-
രീവിമാനത്തിലേറിക്കൊള്ളുകായുഷ്മൻ!
ഭവാൻ. 27

മൈത്രേയൻ പറഞ്ഞു

ശ്രീമനോഹാരി ദേവപാർഷദമുഖ്യന്മാർതൻ-
ഋമധുമാധുര്യവാക്കീവിധം ശ്രവിച്ചുടൻ

കളിച്ചു നിത്യകൃത്യംകഴിച്ചു മുനീന്ദ്രർതൻ-
തളിച്ചേവടികളിൽ പതിച്ചിട്ടാശിസ്സാന്നാൻ.
28

പിന്നെയാവ്യോമയാനവരത്തെ വലത്തുവ-
ച്ചുന്യൂനമർച്ചനംചെയ്താ വൈഷ്ണവന്മാരെയും

വന്ദിച്ചിട്ടതിലേറിയിരിക്കാനിച്ഛിക്കവേ
സ്വർണ്ണത്തിനൊത്ത തേജോമയമാം രൂപംപൂ-
ണ്ടാൻ. 29

അത്തവ്വിൽ ധ്രുവൻ കണ്ടാനന്തകൻ വരുന്നതായ്
മൃത്യുമൂർദ്ധാവിൽക്കാൽവെച്ചേറിയദ്ഭുതം-
ഗൃഹം. 30

മുഴങ്ങീ ദുന്ദുഭ്യാദിവിവിധവാദ്യങ്ങൾ പൂ-
മഴയുമുണ്ടായിതു ഗന്ധർവ്വർ ഗാനംചെയ്താർ. 31

എന്നുടെ വിയോഗത്താൽ ദുഃഖാഗ്നിമഗ്നയാക-
മെന്നമ്മ സുനീതിയെയെന്നേക്കുമായിത്തള്ളി

ദുർഗ്ഗമം സ്വർഗ്ഗം ഗമിച്ചീടുവാൻ ഭാവിപ്പതു
യുക്തമല്ലെന്നതവനന്നേരമൊന്നോർത്തിതു. 32

തന്മനമറിഞ്ഞവരടുത്തായ് മുന്നിൽക്കാട്ടീ-
യംബരയാനമേറിപ്പോവതാമാ ദേവിയെ. 33

അങ്ങങ്ങുമാർഗ്ഗങ്ങളിൽ വിമാനസ്ഥരാം ദേവ-
പുങ്ഗവരഭന്യനെപ്പുകഴ്ത്തിപ്പൂചൊരിഞ്ഞാർ.

അങ്ങനെയുയന്നയന്നങ്ങു പോകവേയവ-
നങ്ങു വീക്ഷിച്ചാൻ മുറയ്ക്കുക്കാദിഗ്രഹങ്ങളെ. 34

ദേവയാനത്തിലൂടെ വായുവേഗത്തിൽ പോയി
മൂവുലകവും താണ്ടിസ്സപ്തർഷിമാർഗ്ഗത്തെയും

അതിലംഘിച്ചങ്ങതിലുപരിഷ്ഠമാം വിഷ്ണു-
പദത്തിലെത്തിച്ചേർന്നാൻ സുഖമായ് ധ്രുവ-
ഭൂപൻ. 35

ഏതാണോ സ്വയംഭാസ്സായാഭ ചിന്തുന്ന ചുററു-
മേതിനെയാശ്രയിച്ചു ശോഭിപ്പു ജഗത്ത്രയം

ഏതിലേറുവാനൊക്കാ ജന്തുകാരുണ്യമററോ-
ർക്കേതിലാജന്തുഭദ്രകൃത്തുകളെത്തിച്ചേരു-

മങ്ങനെയുള്ള സർവ്വോൽകൃഷ്ടമാം പദമെത്താൻ
സംഗതിയായീ ധ്രുവഭൂപനു സുകൃതത്താൽ. 36

ഹരിയെ പ്രിയബന്ധുവെന്നുന്നി വാഴവോരും
ശരിയായ് ജന്തുക്കളോടനുരഞ്ജിക്കവോരും

ശുദ്ധരും ശാന്തന്മാരും സമദർശനന്മാരു-
മെത്തുന്ന നിഷ്പ്രയാസമീ വിഷ്ണുലോകം-
തന്നിൽ. 37

നിർമ്മലനായിപ്പരംഭഗവൽസക്തനാക-
മമ്മഹാൻ ത്രൈലോക്യത്തിൻ ചൂഡാരത്നമായ്-
മിന്നി. 38

ഇമവെട്ടാത്തമട്ടിൽ ഗംഭീരവേഗത്തോടും
സമസ്തതേജോഗോളരാശിയും പേശലാത്മൻ!

കെട്ടുകററിയിൽപ്പെട്ടും ഗോവൃന്ദമെന്നപോലെ
ചുററിസ്സഞ്ചരിക്കുന്നതിപ്പദത്തിനെയല്ലോ. 39

ധ്രുവമാഹാത്മ്യം കണ്ട നാരദനൊരുനാളിൽ
മുറയ്ക്കു പ്രചേതാക്കൾ നടത്തുമദ്ധ്വരത്തിൽ

വീണയെ ശ്രുതിക്കൂട്ടിയിണക്കിമീട്ടിക്കൊണ്ടു
ഗാനംചെയ്തീടിനാൻ തത്കീർത്തിയെയീ-
വിധത്തിൽ. 40

നാരദൻ പറഞ്ഞു

സതിയാം സുനീതിതൻ സുതനാം ധ്രുവ-
നെഴും
ഗതിയെ പ്രാപിക്കേണ്ടും മാർഗ്ഗങ്ങളാരാഞ്ഞതിൽ

വേദജ്ഞന്മാർക്കുപോലും ലഭിച്ചിട്ടില്ല. പിന്നെ
മേദിനീവരന്മാർതൻ കഥയെന്തോതീ-
ടുവാൻ? 41

വയസ്സഞ്ചായിരിക്കെപ്പിതൃസപത്നീദുർവാങ്-
മയശല്യങ്ങളേററു ഹൃദയം ഭിന്നമായി

വേദനയോടും വനംഗമിച്ചെന്നുപദേശ-
മാദരിച്ചുഗ്രമാകും തപസ്സുചെയ്തു വേഗം

അജിതനെന്നാകിലും സ്വഭക്തഗുണങ്ങളാൽ
വിജിതനാകും ഭക്തദാസനെ വെന്നാനവൻ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ ക്ഷത്രബന്ധുർഭുവി തസ്യാധിരൂഢ-
മന്വാരുരുക്ഷേദപി വർഷപൂഗൈഃ
ഷട്പഞ്ചവർഷോ യദഹോഭിരല്പൈഃ
പ്രസാദ്യ വൈകുണ്ഠമവാപ തത്പദം. 43

മൈത്രേയ ഉവാച
ഏതത്തേഽഭിഹിതം സർവ്വം യത്പൃഷ്ടോഽഹമിഹ ത്വയാ
ധ്രുവസ്യോദ്ദാമയശസശ്ചരിതം സമ്മതം സതാം. 44
ധന്യം യശസ്യമായുഷ്യം പുണ്യം സ്വസ്ത്യയനം മഹത്
സ്വർഗ്ഗ്യം ധ്രൗവ്യം സൗമനസ്യം പ്രശസ്യമഘമർഷണം. 45
ശ്രുത്വൈതച്ഛ്രദ്ധയാഭീക്ഷ്ണമച്യുതപ്രിയചേഷ്ടിതം
ഭവേദ്ഭക്തിർഭഗവതി യയാ സ്യാത് ക്ലേശസംക്ഷയഃ. 46
മഹത്ത്വമിച്ഛതാം തീർത്ഥം ശ്രോതുഃ ശീലാദയോ ഗുണാഃ
യത്ര തേജസ്തദിച്ഛൂനാം മാനോ യത്ര മനസ്വിനാം. 47
പ്രയതഃ കീർത്തയേത് പ്രാതഃ സമവായേ ദ്വിജന്മനാം
സായം ച പുണ്യശ്ലോകസ്യ ധ്രുവസ്യ ചരിതം മഹത്. 48
പൗർണ്ണമാസ്യാം സിനീവാല്യാം ദ്വാദശ്യാം ശ്രവണേഽഥവാ
ദിനക്ഷയേ വ്യതീപാതേ സംക്രമേഽർക്കദിനേഽപി വാ 49
ശ്രാവയേച്ഛ്രദ്ദധാനാനാം തീർത്ഥപാദപദാശ്രയഃ
നേച്ഛംസ്തത്രാത്മനാഽഽത്മാനം സന്തുഷ്ട ഇതി സിധ്യതി. 50
ജ്ഞാനമജ്ഞാതതത്ത്വായ യോ ദദ്യാത്സത്പഥേഽമൃതം
കൃപാലോർദ്ദീനനാഥസ്യ ദേവാസ്തസ്യാനുഗൃഹ്ണതേ. 51
ഇദം മയാ തേഽഭിഹിതം, കുരൂദ്വഹ,
ധ്രുവസ്യ വിഖ്യാതവിശുദ്ധകർമ്മണഃ
ഹിത്വാർഭകഃ ക്രീഡനകാനി മാതുർ-
ഗൃഹം ച വിഷ്ണും ശരണം യോ ജഗാമ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ധ്രുവചരിതം നാമ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

സൂത ഉവാച
നിശമ്യ കൗഷാരവിണോപവർണ്ണിതം
ധ്രുവസ്യ വൈകുണ്ഠപദാധിരോഹണം
പ്രരൂഢഭാവോ ഭഗവത്യധോക്ഷജേ
പ്രഷ്ടും പുനസ്തം വിദുരഃ പ്രചക്രമേ. 1

വിദുര ഉവാച
കേ തേ പ്രചേതസോ നാമ? കസ്യാപത്യാനി? സുവ്രത,
കസ്യാന്വവായേ പ്രഖ്യാതാഃ? കുത്ര വാ സത്രമാസത? 2
മന്യേ മഹാഭാഗവതം നാരദം ദേവദർശനം
യേന പ്രോക്തഃ ക്രിയായോഗഃ പരിചര്യാവിധിർഹരേഃ. 3
സ്വധർമ്മശീലൈഃ പുരുഷൈർഭഗവാൻ യജ്ഞപൂരുഷഃ
ഇജ്യമാനോ ഭക്തിമതാ നാരദേനേരിതഃ കില. 4
യാസ്താ ദേവർഷിണാ തത്ര വർണ്ണിതാ ഭഗവത്കഥാഃ
മഹ്യം ശുശ്രൂഷവേ ബ്രഹ്മൻ കാർത്സ്ന്യേനാചഷ്ടുമർഹസി. 5

മൈത്രേയ ഉവാച
ധ്രുവസ്യ ചോത്കലഃ പുത്രഃ പിതരി പ്രസ്ഥിതേ വനം
സാർവ്വഭൗമശ്രിയം നൈച്ഛദധിരാജാസനം പിതുഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂരിവർഷശ്രമംകൊണ്ടെത്തിച്ചേർന്നീടുവാനി-
പ്പാരിൽ ക്ഷത്രിയന്നോക്കാർക്കൻപോലുമേ-
യാകാതുള്ള

തത്പദമല്പനാളംകൊണ്ടഞ്ചാറുവയസ്സിങ്ക-
ലിപ്പൂജ്യൻ ഹരിപ്രീതിനേടിയങ്ങടക്കി-
നാൻ. 43

മൈത്രേയൻ പറഞ്ഞു

വിദുരാ! നീ ചോദിച്ച കീർത്തിമാൻ ധ്രുവൻ-
തന്റെ

കഥയും വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞു ഞാൻ. 44

ധനവും സുകീർത്തിയും പുണ്യവും ദീർഘായുസ്സും
മനഃശുദ്ധിയും സ്വർഗ്ഗപ്രാപ്തിയും ശുഭങ്ങളും

അരുളുന്നതും പ്രശംസാർഹവുമഘനാശ-
കരവുമാണീ മഹച്ചരിതമെന്നോരുക. 45

അച്യുതപ്രിയകരമാകമീവൃത്തം ശ്രദ്ധ-
വച്ചുതാൻ പലകുറി കേട്ടാലബ്ഭഗവാനിൽ

നിശ്ചലഭക്തിയുണ്ടാമായതുമൂലമായി
വിച്ഛേദിക്കയും ചെയ്യാം സർവ്വസങ്കടങ്ങളും. 46

ആശപോൽ മഹത്ത്വവും തേജസ്സുമേകന്നതായ്
സൗശീല്യം, ശ്രവിക്കുവോർക്കേകിടും തീർത്ഥ-
മായി

ഊനമററൊരിക്കഥ മാനം കൊതിപ്പോനതും
ദാനംചെയ്തീടുന്നതാണെന്നതിലില്ല വാദം. 47

പുണ്യശ്ലോകനാം ധ്രുവഭൂപന്റെയിച്ചരിത്രം
ഗണ്യരാം വിപ്രന്മാർതൻസംഘത്തിൽവച്ചു
നിത്യം

കാലത്തും പിന്നെസ്സായങ്കാലത്തും തെററി-
ടാതെ

ചാലവേ ഭക്തിയോടു ചൊല്ലുന്നതത്യുത്തമം. 48

പൗർണ്ണമാസിയിൽ, സിനീവാലിയിൽ, ദ്വാദ-
ശിയിൽ,

സന്ധ്യകളംതോറും, വ്യതീപാതത്തിൽ, സംക്ര-
മത്തിൽ,

ഞായറാഴ്ചയും ധ്രുവചരിതം ശ്രവിക്കയും
വായിക്കുകയും ചെയ്താലുണ്ടാകും മഹാ-
ഫലം. 49

ഇച്ഛയുള്ളോരെ പ്രതിഫലേച്ഛയെന്യേതന്നെ-
യിച്ചരിതത്തെ നേരേ കേൾപ്പിച്ചീടുന്ന ഭക്തൻ

ആത്മാവിൽത്തന്നെയാത്മതോഷത്താൽ തൃപ്ത-
നായി-

പ്പദ്മനാഭപ്രസാദം നേടുന്നു പാടെന്നിയേ. 50

ഭഗവത്പ്രാപ്തിക്കുള്ള പദ്ധതിയറിയാത്തോ-
രഗതിക്കായിജ്ഞാനാമൃതത്തെയിജ്ജഗത്തിൽ

ദാനംചെയ്തീടുന്നൊരു കാരുണ്യവാരാശിയെ
വാനവരനുഗ്രഹിച്ചീടുന്നു വേണ്ടുംവിധം. 51

ബാല്യകാലത്തിലേവൻ കളിക്കോപ്പുകളേയും
പുല്ലുപോൽ പ്രിയമാതൃഭവനത്തെയും തള്ളി

കാമിതമെല്ലാം ശരണാഗതക്കരുളീടും
ശ്രീമഹാവിഷ്ണുവിനെശ്ശരണം ഗമിച്ചവോ

കീർത്തിതപരിശുദ്ധകർമ്മകൃത്താമാധ്രുവ-
പാർത്ഥിവശ്രേഷ്ഠന്റെയിച്ചരിതം ചൊന്നേ-
നേവം. 52

അദ്ധ്യായം 13

വേനന്റെ ജനനം

സൂതൻ പറഞ്ഞു

ധ്രുവവൈകുണ്ഠപദപ്രാപ്തി മൈത്രേയനേവം
വിവരിച്ചതു കേട്ടാ വിദുരൻ വിദ്വന്മണി

ത്രുദ്ധമാമധോക്ഷജഭഗവദ്ഭക്തിയോടും
കൂടിപ്പിന്നെയും ചോദ്യം മുറയ്ക്കു തുടങ്ങിനാൻ. 1

വിദുരൻ പറഞ്ഞു

നാരദൻ പ്രചേതസ്സുകളാക്കെഴും സത്ര
ത്തിൽവ-

ച്ചീരണംചെയ്തു കേട്ടിച്ചരിതമെന്നല്ലയോ

ചൊന്നത,തങ്ങവരാരാ,ണാരുടെ നന്ദനന്മാ-
രന്വയമേതാ,ണെങ്ങാണാ യജ്ഞം നടന്നതും? 2

ഹരിപൂജാക്രമത്തെ വിധിക്കും കർമ്മയോഗ-
മരുളിയോരമ്മുനിഭാഗവതാഗ്ര്യനല്ലോ. 3

സ്വധർമ്മശീലന്മാരായ് ശ്രേഷ്ഠരാം പുമാന്മാ-
രാൽ

പതിവായ് പ്രപൂജിതൻ ഭഗവാൻ യജ്ഞമൂർത്തി

പ്രസ്തുതയാഗത്തിലും ഭക്തനാം ദേവർഷിയാൽ
പ്രസ്താവ്യനായിരിക്കുമെന്നുതാനൂഹിക്കു-
ന്നേൻ. 4

അവിടെസ്സുരമുനി വർണ്ണിച്ച ഹരിഗാഥ-
യവിടുന്നെന്നോടിപ്പോളഖിലം ചൊല്ലി-
യാലും. 5

മൈത്രേയൻ പറഞ്ഞു

അവനിയുപേക്ഷിച്ചിട്ടവസാനത്തിൽ ധ്രുവൻ
ഭുവനേശാച്ചനയ്ക്കായ് കാനനംപുകീടവേ

അച്ഛന്റെ സാർവ്വഭൗമശ്രീയെഴും സിംഹാസന-
മിച്ഛിച്ചില്ലുൽക്കലാഖ്യനായീടും തത്തനൂജൻ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ജന്മനോപശാന്താത്മാ നിസ്സങ്ഗഃ സമദർശനഃ
ദദർശ ലോകേ വിതതമാത്മാനം ലോകമാത്മനി. 7

ആത്മാനം ബ്രഹ്മനിർവ്വാണം പ്രത്യസ്തമിതവിഗ്രഹം
അവബോധരസൈകാത്മ്യമാനന്ദമനസന്തതം. 8

അവ്യവച്ഛിന്നയോഗാഗ്നിദഗ്ധകർമ്മമലാശയഃ
സ്വരൂപമവരുന്ധാനോ നാത്മനോഽന്യം തദൈക്ഷത. 9

ജഡാന്ധബധിരോന്മത്തമൂകാകൃതിരതന്മതിഃ
ലക്ഷിതഃ പഥി ബാലാനാം പ്രശാന്താർച്ചിരിവാനലഃ. 10

മത്വാ തം ജഡമുന്മത്തം കുലവൃദ്ധാഃ സമന്ത്രിണഃ
വത്സരം ഭൂപതിം ചക്രുര്യവീയാംസം ഭ്രമേഃ സുതം. 11

സ്വർവ്വീഥിർവത്സരസ്യേഷ്ടാ ഭാര്യാസൂത ഷഡാത്മജാൻ
പുഷ്പാർണ്ണം തിഗ്മകേതും ച ഇഷമൂർജ്ജം വസും ജയം. 12

പുഷ്പാർണ്ണസ്യ പ്രഭാ ഭാര്യാ ദോഷാ ച ദ്വേ ബഭൂവതുഃ
പ്രാതർമ്മധ്യന്ദിനം സായമിതി ഹ്യാസൻ പ്രഭാസുതാഃ. 13

പ്രദോഷോ നിശിഥോ വ്യുഷ്ട ഇതി ദോഷാസുതാസ്ത്രയഃ
വ്യുഷ്ടഃ സുതം പുഷ്കരിണ്യാം സർവ്വതേജസമാദധേ. 14

സ ചക്ഷുഃ സുതമാകൂത്യാം പത്ന്യാം മനുമവാപ ഹ
മനോരസൂത മഹിഷീ വിരജാന്നഡ്വലാ സുതാൻ. 15

പുരും കുത്സം ത്രിതം ദ്യുമ്നം സത്യവന്തമൃതം വ്രതം
അഗ്നിഷ്ടോമമതീരാത്രം പ്രദ്യുമ്നം ശിബിമുല്മുകം. 16

ഉല്മുകോഽജനയത് പുത്രാൻ പുഷ്കരിണ്യാം ഷഡുത്തമാൻ
അങ്ഗം സുമനസം ഖ്യാതിം ക്രതുമങ്ഗിരസം ഗയം. 17

സുനീഥാങ്ഗസ്യ യാ പത്നീ സുഷുവേ വേനമുല്ബണം
യദ്ദൗശ്ശീല്യാത്സ രാജർഷിർന്നിർവ്വിണ്ണോ നിരഗാത് പുരാത്. 18

യമങ്ഗ ശേപുഃ കുപിതാ വാഗ്വജ്രാ മുനയഃ കില
ഗതാസോസ്തസ്യ ഭൂയസ്തേ മമന്ഥുർദക്ഷിണം കരം. 19

അരാജകേ തദാ ലോകേ ദസ്യുഭിഃ പീഡിതാഃ പ്രജാഃ
ജാതോ നാരായണാംശേന പൃഥുരാദ്യഃ ക്ഷിതീശ്വരഃ. 20

വിദുര ഉവാച

തസ്യ ശീലനിധേഃ സാധോർബ്രഹ്മണ്യസ്യ മഹാത്മനഃ
രാജ്ഞഃ കഥമഭൂദ്ദുഷ്ടാ പ്രജാ യദ്വിമനാ യയൗ. 21

കിം വാംഹോ വേന ഉദ്ദിശ്യ ബ്രഹ്മദണ്ഡമയൂയുജൻ
ദണ്ഡവ്രതധരേ രാജ്ഞി മുനയോ ധർമ്മകോവിദാഃ. 22

നാവധ്യേയഃ പ്രജാപാലഃ പ്രജാഭിരഘവാനപി
യദസൗ ലോകപാലാനാം ബിഭർത്ത്യോജഃ സ്വതേജസാ. 23

ഏതദാഖ്യാഹി മേ, ബ്രഹ്മൻ, സുനീഥാത്മജചേഷ്ടിതം
ശ്രദ്ദധാനായ ഭക്തായ, ത്വം പരാവരവിത്തമഃ. 24

മൈത്രേയ ഉവാച

അങ്ഗോഽശ്വമേധം രാജർഷിരാജഹാര മഹാക്രതും
നാജഗ്മുർദ്ദേവതാസ്തസ്മിന്നാഹൂതാ ബ്രഹ്മവാദിഭിഃ. 25

തമൂചുർവിസ്മിതസ്തത്ര യജമാനമഥർത്വിജഃ
''ഹവീംഷി ഹൂയമാനാനി ന തേ ഗൃഹ്ണന്തി ദേവതാഃ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആജന്മശാന്താത്മാവായ് സമദർശനനായി
തേജസ്വിയവൻ സംഗഹീനനായ്, ലോക-
മെങ്ങും
വിതതാത്മാവിനേയും സ്പഷ്ടമായാത്മാവികൽ
സ്ഥിതമായ് ലോകത്തെയും കണ്ടുകൊണ്ടി-
രുന്നിതേ. 7

ബഹുലകർമ്മപങ്കം നിതാന്തയോഗാഗ്നിയാൽ
ദഹിപ്പിച്ചാത്മാവിനെ ബ്രഹ്മനിർവ്വാണമായും
ശരീരബന്ധംവിട്ടും ജ്ഞാനൈകാകൃതിയിലും
പരമാനന്ദമായും സ്വരൂപമായും കണ്ടു
തെളിഞ്ഞു തന്നിൽനിന്നുമന്യമായൊന്നിനേയു-
മിളേശനൂനവാകമൃൽകലെൻ വീക്ഷിച്ചീല. 8-9
ജഡനന്ധത്ത,നന്ധൻ, ബധിരൻ, മൂകനെന്നീ-
വടിവിൽ വഴികളിലജ്ഞരാൽ ദൃഷ്ടനായി
ജ്വാലകളകത്തടക്കീടുന്ന വഹ്നിയെന്ന-
പോലതന്മതിയവൻ ശോഭിച്ചാൻ ജ്ഞാന-
ദൃക്കായ്. 10

കലവൃദ്ധരും മന്ത്രിഗണവുമിവൻ വെറും-
ജളനുമുന്മത്തനും ജഡനുമെന്നു പാർത്തു
ഭ്രമിതൻ വത്സരാഖ്യൻ കനിഷ്ഠതനുജനെ
ക്ഷ്മതന്നധീശനായ് വാഴിച്ചുകൊണ്ടീടി-
നാർ. 11

വത്സരപത്നിയാകും സ്വർവീഥിമഹാരാജ്ഞി
ഷൺസുതന്മാരെപ്പിന്നെ മുറയ്ക്കു പെററീടിനാൾ.
ചൊൽപ്പൊങ്ങും പുഷ്പാർണ്ണനും, തിഗ്മകേതുവു,-
മിഷൻ
കെല്പേറുമൂർജ്ജൻ, വസു, ജയനുമെന്നിങ്ങനെ
പ്രഭയും ദോഷയുമാം പുഷ്പാർണ്ണപത്നിമാരിൽ
പ്രഭയ്ക്കു സന്ധ്യ മൂന്നും പുത്രരായ് ഭവി-
ച്ചിതു. 12-13
ദോഷയാം ഭാര്യയിലും പുത്രർ മൂന്നുണ്ടായീ;പ്ര-
ദോഷനും, നിശീഥനും, വ്യുഷ്ടനുമെന്ന പേരിൽ
വ്യുഷ്ടനു പിന്നെസ്സർവ്വതേജസ്സെന്നൊരു പുത്ര-
നിഷ്ടയാം പുഷ്കരിണിയെന്ന ഭാര്യയിലു-
ണ്ടായ്. 14
ആകൂതിതന്നിൽ സർവ്വതേജസ്സിനുളവായി-
തേകനന്ദനൻ ചക്ഷുസ്സെന്നുള്ള നാമത്തോടും
അടുത്ത മനുവാകുമവനു രാഗാദികൾ
വെടിഞ്ഞ പുത്രരുണ്ടായ് നഡ്വലാപത്നി-
തന്നിൽ. 15
സത്യവാൻ ത്രിതൻ പുരുദ്യുമ്നനും കുത്സൻ ശിബി
പ്രദ്യുമ്നവ്രതവ്രതനുല്മുകനഗ്നിഷ്ടോമൻ
അതീരാത്രനുമെന്നപേർകളിൽ പ്രസിദ്ധരാം
സുതരാണിവരെന്നു ധരിക്ക കുരുമുഖ്യ! 16
അങ്ഗനുംഖ്യാതിഗയൻ ക്രതുവും സുമനസ്സു-
മങ്ഗിരസ്സുമെന്നേവമുത്തമരാറുപുത്രർ
പുഷ്കരിണിയിൽ പിന്നെയുല്മുകനുളവായി-
ത്തുത്കൃഷ്ടഗുണങ്ങളാൽ വിളങ്ങുന്നവരായി. 17

അങ്ഗനസ്സുനീഥയാം കാന്തയിൽ ജനിപ്പി-
ച്ചുഗ്രഭീകരനാകും വേനനാം തനുജനെ [ച്ചാൻ
അവന്റെ ദുശ്ശീലത്തെ സഹിക്കവയ്യാതങ്ഗൻ
ജവത്തിൽ വിരക്തനായ് വിട്ടേണ്ടിവന്നു
രാജ്യം. 18
ദുഷ്ടകൃത്യങ്ങൾ കണ്ടു കോപിച്ചവന്റെ നേരേ
വിട്ടപോൽ ശാപരൂപവാഗ്വജ്രം മഹർഷിമാർ
അതിനാൽ നിർജ്ജീവനാമവന്റെ വലത്തുകൈ
മഥിച്ചാരവർ പെട്ടെന്നരാജകത്വം-
പോക്കാൻ 19
അന്നേരം ധരിത്രിയിലരാജകത്വത്തിനാ-
ലുന്നതശത്രുപീഡനിമിത്തം ജനാവലി
ആരഴലാർന്നമൂലം നാരായണാംശത്തിനാൽ
പേരാളുമാദിരാജൻ പൃഥുവുദ്ഭവിച്ചിതു. 20

വിദുരൻ പറഞ്ഞു

സന്മതേ! സാധുശീലനിധിയായ് മഹാ-
ത്മാവായ്
ബ്രാഹ്മണഭക്തനാകുമങ്ഗരാജാവിനേവം
നാടുവിട്ടോടിപ്പോകത്തക്കതാം ദുർഗ്ഗുണങ്ങൾ
കൂടമദ്ദുസ്സന്താനമുണ്ടാവാനെന്തുമൂലം? 21
ദണ്ഡനീതിയെപ്പൂണ്ടു രാജ്യധുരാവഹിച്ച
മന്നനാമാവേനനെയേതൊരു ദോഷത്തിനാൽ
ധർമ്മകോവിദന്മാരായീടുമമ്മുനീന്ദ്രന്മാർ
ബ്രഹ്മദണ്ഡത്തിനാലേ കൊന്നതും
മുനീശ്വരാ! 22
ജനപാലകൻ പക്ഷേ, ദുഷ്കൃതനായീടിലും
ജനങ്ങളദ്ദേഹത്തെ ധിക്കരിക്കരുതല്ലോ.
രാജാവിൻ തേജസ്സതിലിന്ദ്രാദി ദിക്പാലർത-
ന്നോജസ്സിന്നംശംകൂടിയടങ്ങിയിരിക്കുന്നു. 23
ബ്രഹ്മജ്ഞാനിയാം മുനേ! സുനീഥാത്മജൻ
വേനൻ
തന്മഹാദുർവ്യാപാരവിധങ്ങളശേഷവും
കേൾപ്പാനാഗ്രഹിച്ചീടുമെന്നെയായതും ഭവാൻ
കേൾപ്പിക്കു ത്രികാലജ്ഞമുഖ്യനാ-
മൃഷിവര്യാ! 24

മൈത്രേയൻ പറഞ്ഞു

രാജർഷിയാകുമംഗനാരംഭിച്ചതിശ്രേഷ്ഠ-
മായിടുമശ്വമേധസുപ്രസിദ്ധാധ്വരത്തിൽ
ആദിതേയന്മാരാരുമാഗതരായതില്ല
വേദമന്ത്രജ്ഞരൃത്വിഗ്ദ്വിജന്മാർ വിളി-
ക്കിലും. 25
അവരദ്ഭുതാധീനരായുടനംഗരാട്ടിൻ-
സവിധമണഞ്ഞുടൻ ചൊല്ലിനാരിപ്രകാരം
''അങ്ങേയ്ക്കുവേണ്ടി ഞങ്ങളാവാഹിച്ചതിൽ-
സുര-
രിങ്ങെത്തിടുന്നില്ലതിനെന്തുകാരണംപ്രഭോ! 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജൻ ഹവീംഷ്യദുഷ്ടാനി ശ്രദ്ധയാ//സാദിതാനി തേ
ഛന്ദാംസ്യയാതയാമാനി യോജിതാനി ധൃതവ്രതൈഃ 27

ന വിദാമേഹ ദേവാനാം ഹേലനം വയമണ്വപി
യന്ന ഗൃഹ്ണന്തി ഭാഗാൻ സ്വാൻ യേ ദേവാഃ
കർമ്മസാക്ഷിണഃ''. 28

മൈത്രേയ ഉവാച

അങ്ഗോ ദ്വിജവചഃ ശ്രുത്വാ യജമാനഃ സുദുർമ്മനാഃ
തത് പ്രഷ്ടും വ്യസൃജദ്വാചം സദസ്യാംസ്തദനുജ്ഞയാ. 29

''നാഗച്ഛന്ത്യാഹുതാ ദേവാ ന ഗൃഹ്ണന്തി ഗ്രഹാനിഹ
സദസസ്പതയോ ബ്രൂത കിമവദ്യം മയാ കൃതം?'' 30

സദസസ്പതയ ഊചുഃ

നരദേവേഹ ഭവതോ നാഘം താവന്മനാക് സ്ഥിതം
അസ്ത്യേകം പ്രാക്തനമഘം യദിഹേദൃക് ത്വമപ്രജഃ. 31

തഥാ സാധയ ഭദ്രം തേ ആത്മാനം സുപ്രജം നൃപ!
ഇഷ്ടസ്തേ പുത്രകാമസ്യ പുത്രം ദാസ്യതി യജ്ഞഭുക്. 32

തഥാ സ്വഭാഗധേയാനി ഗ്രഹീഷ്യന്തി ദിവൗകസഃ
യദ്യജ്ഞപുരുഷഃ സാക്ഷാദപത്യായ ഹരിർവൃതഃ. 33

താംസ്താൻ കാമാൻ ഹരിർദ്ദദ്യാദ്യാൻ യാൻ കാമയതേ ജനഃ
ആരാധിതോ യഥൈവൈഷ തഥാ പുംസാം ഫലോദയഃ. 34

ഇതി വ്യവസിതാ വിപ്രാസ്തസ്യ രാജ്ഞഃ പ്രജാതയേ
പുരോഡാശം നിരവപൻ ശിപിവിഷ്ടായ വിഷ്ണവേ. 35

തസ്മാത് പുരുഷ ഉത്തസ്ഥൗ ഹേമമാല്യമലാംബരഃ
ഹിരണ്മയേന പാത്രേണ സിദ്ധമാദായ പായസം. 36

സവിപ്രാനുമതോ രാജാ ഗൃഹീത്വാഞ്ജലിനൗദനം
അവഘ്രായ മുദാ യുക്തഃ പ്രാദാത് പത്ന്യാ ഉദാരധീഃ. 37

സാ തത് പുംസവനം രാജ്ഞീ പ്രാശ്യ വൈ പത്യുരാദധേ
ഗർഭം കാല ഉപാവൃത്തേ കുമാരം സുഷുവേ/പ്രജാ. 38

സ ബാല ഏവ പുരുഷോ മാതാമഹമനുവ്രതഃ
അധർമ്മാംശോദ്ഭവം മൃത്യും തേനാഭവദധാർമ്മികഃ. 39

സ ശരാസനമുദ്യമ്യ മൃഗയുർവനഗോചരഃ
ഹന്ത്യസാധുർമൃഗാൻ ദീനാൻ വേനോ/സാവിത്യരൗജ്ജനഃ. 40

ആക്രീഡേ ക്രീഡതോ ബാലാൻ വയസ്യാനതിദാരുണഃ
പ്രസഹ്യ നിരനുക്രോശഃ പശുമാരമമാരയത്. 41

തം വിചക്ഷ്യ ഖലം പുത്രം ശാസനൈർവിവിധൈർ നൃപഃ
യദാ ന ശാസിതും കല്പോ ഭൃശമാസീത്സുദുർമ്മനാഃ. 42

''പ്രായേണാഭ്യർച്ചിതോ ദേവോ യേ/പ്രജാ ഗൃഹമേധിനഃ
കദപത്യഭൃതം ദുഃഖം യേന വിന്ദന്തി ദുർഭരം. 43

യതഃ പാപീയസീ കീർത്തിരധർമ്മശ്ച മഹാൻ നൃണാം
യതോ വിരോധഃ സർവ്വേഷാം യത ആധിരനന്തകഃ. 44

കസ്തം പ്രജാപദേശം വൈ മോഹബന്ധനമാത്മനഃ
പണ്ഡിതോ ബഹു മന്യേത യദർത്ഥാഃ ക്ലേശദാ ഗൃഹാഃ. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ രാജൻ! ഹവിസ്സേതും ദുഷിച്ചതല്ല, ഭവാ-
നേറെ ശ്രദ്ധയോടിവിടാനയിച്ചുള്ളതല്ലോ
മന്ത്രോച്ചാരണത്തിലുമില്ലൊരു ദോഷം,
പിന്നെ-
യെന്തിതു, വ്രതനിഷ്ഠകൾക്കുമില്ലൊരു-
ലോപം. 27
ഓർമ്മയില്ലിവർ ദേവധിക്കൃതിചെയ്തതായും
കർമ്മസാക്ഷികളവർ വരായ്‌വാനെന്തുമൂലം? 28

മൈത്രേയൻ പറഞ്ഞു

ഈവിധം ദ്വിജവാക്യം യജമാനനാമങ്ഗ-
ഭൂവരൻ ദുഃഖത്തോടും കേട്ട സഭ്യരോടായി
തദനുവാദത്തൊടു തന്മൂലമറിഞ്ഞീടാൻ
തദനു വിനീതനായ് ചോദിച്ചാനിപ്രകാരം.29
''ഹേ സഭാനാഥന്മാരേ! കേൾക്കിനീയാഗ-
ത്തിനു
തോഷിച്ചു നാം ക്ഷണിച്ച ദേവന്മാർ
വരായ്‌വാനും
അവക്കായ് സമർപ്പിച്ച ഹവിസ്സാന്നിടാ-
യ്‌വാനു-
മിവങ്കലുള്ള ദോഷം ചിന്തിച്ചു ചൊല്ലീടു-
വിൻ.'' 30

സഭാനാഥന്മാർ പറഞ്ഞു

മന്നവാ, ഭവാനില്ലിജ്ജന്മത്തിൽ ചെററും
പാപം
മന്നിടം പാലിച്ചിതു ധർമ്മാനുസാരംതന്നെ
മുജ്ജന്മകൃതമൊരു ദോഷമുണ്ടതുമൂല-
മിജ്ജന്മം ഭവാൻപുത്രഹീനനായ്ഭവിച്ചിതു. 31
അതിനാലണ്ടുന്നു സത്പുത്രലാഭത്തിനായി
മതിയിൽ സങ്കല്പിച്ചു യജിക്ക വൈകുണ്ഠനെ
യജ്ഞേശനായീടുമബ്ഭഗവാൻ കനിഞ്ഞുടൻ
വിജ്ഞരത്നമേ! നൽകും തീർച്ചയായ്
സന്താനത്തെ. 32
യാഗമൂർത്തിയാം ഹരിതുഷ്ടനായ് സന്താനത്തെ-
യേകുമ്പോൾ ദേവന്മാരും തദ്ഭാഗമേററു-
കൊള്ളും. 33
ഏതേതുമട്ടിലുള്ള സങ്കല്പത്തോടുകൂടി
സ്സാദരം ജനങ്ങളിങ്ങാരാധിച്ചിടുന്നുവോ,
ഭേദമെന്നിയേ തത്തദ്രൂപത്തിൽ ഫലങ്ങളെ
മോദിച്ചു നല്കീടുന്നു ഭഗവാൻ ലക്ഷ്മീകാന്തൻ.34
സദസ്യാഭിപ്രായമിതാദരിച്ചപ്പോൾത്തന്നെ
വിദഗ്ദ്ധവിപ്രാന്വയം നൃപപുത്രോൽ-
പത്തിക്കായ്
മതിവച്ചദ്ധ്വരാത്മാവായിഗ്ഗോസമൂഹത്തിൽ
സ്ഥിതനാം ശ്രീകാന്തനെ ഹവിസ്സാ-
ലാവാഹിച്ചാർ. 35
നിർമ്മലാംബരങ്ങളും സ്വർണ്ണമാലയുംപൂണ്ടു
പൊന്മയപാത്രത്തിൽ നൽപ്പായസത്തോടുകൂടി
ഹോമകുണ്ഡത്തിൽനിന്നുമുയർന്നുവന്നീടിനാൻ
കോമളനായുള്ളൊരു പൂരുഷനക്ഷണത്തിൽ. 36
ദാനമാനസൻ നൃപൻ വിപ്രാനുമതിയോടും
പാണികൾ രണ്ടും നീട്ടി സ്വീകരിച്ചപ്പായസം
മണത്താബ്രാഹ്മണരെ വന്ദിച്ചുനന്ദിച്ചു തൻ-
പ്രണയഭാജനത്തിനുടനേ നല്കീടിനാൻ. 37
അപ്രജയാമാരാജ്ഞി പുംസവനത്തിനുള്ളോ-
രപ്പായസത്തെ വാങ്ങിബ്ഭുജിച്ചു സ-
സന്തോഷം
ഭർത്താവിൽനിന്നും ഗർഭംധരിച്ചു പിന്നെക്കാലം-
പൂർത്തിയായപ്പോളൊരു പുത്രനെപ്പെററീ-
ടിനാൾ. 38
തന്മാതാമഹനായ മൃത്യുവിൻഗുണമെല്ലാം
ജന്മത്തിലേ തികഞ്ഞ ദുർമ്മതിയാമമ്മകൻ
അധർമ്മമാർഗ്ഗത്തിൽത്താൻ ചരിച്ചുതുടങ്ങിനാൻ
പിതാവിൻ പൂർവ്വജന്മദുഷ്കർമ്മഫലമായി. 39
ദുഷ്ടനാമവൻ വില്ലുംകുലച്ചു നായാട്ടിനായ്
കാട്ടിൽ പോയ് ദീനമൃഗക്കൂട്ടത്തെയെന്നും
കൊല്ലും
അവൻ ചെല്ലുമ്പോളിതാ വരുന്നു
വേനനെന്നായ്
ജവത്തിൽക്കരഞ്ഞുകൊണ്ടേവരും
പേടിച്ചോടും 40
അലിവററുള്ളോരതിദാരുണഹൃത്താമവൻ
കളിവേളയിൽ സമവയസ്യബാലന്മാരെ
ബലാൽക്കാരത്താൽ പിടിച്ചടിച്ചുകൊല്ലാറുണ്ടു
പലപോതിലും മൃഗക്കൂട്ടത്തെയെന്നമട്ടിൽ. 41
ഖലനാം സ്വപുത്രനെ ദുർവൃത്തികളിൽനിന്നും
വിലക്കിശ്ശാസിച്ചങ്ങു മാററുവാൻ ശ്രമിക്കിലും
അസമർത്ഥനായി ഭവിച്ചെന്നതുമൂലമേററം
വ്യസനത്തോടും വാണാൻ ക്ഷോണിപൻ
ക്ഷീണനായി. 42
''ഭാര്യാസ്വീകൃതന്മാർതൻ കൂട്ടത്തിൽ
ഭാഗ്യവാന്മാ-
രോരുമ്പോൾ സന്താനത്തെജ്ജനിപ്പിക്കാ-
ത്തോരത്രേ.
സുകൃതംചെയ്യുമ്മോർതാൻ മുൻപവർ,
ദുഷ്പുത്രന്റെ
വികൃതിമൂലമുള്ള മാലവക്കില്ലയല്ലോ.
ദുഷ്കീർത്തിയനന്തമായധർമ്മകർമ്മാസക്തി
ഭിക്ഷുകാരുടെയൊക്കെശ്ശത്രുത്വമാത്മബന്ധം
ഇത്യാദിശീഘ്രം നേടി പുത്രനെന്നുള്ള പേരിൽ
തത്താതൻതന്നെ മോഹപാശസംബദ്ധനാകും
ദുഷ്ടനാം തനൂജനെ ജ്ഞാനത്താലുയർന്നിടും
ശിഷ്ടരായുള്ളോർ ബഹുമാനിക്കാ ലവലേശം.
43-45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കദപത്യം വരം മന്യേ സദപത്യാച്ഛുചാം പദാത്
നിർവ്വിദ്യേത ഗൃഹാന്മർത്ത്യോ യത്ക്ലേശനിവഹാ ഗൃഹാഃ.'' 46

ഏവം സ നിർവ്വിണ്ണമനാ നൃപോ ഗൃഹാ-
ന്നിശീഥ ഉത്ഥായ മഹോദയോദയാത്
അലബ്ധനിദ്രോഽനുപലക്ഷിതോ നൃഭിർ-
ഹിത്വാ ഗതോ വേനസുവം പ്രസുപ്താം. 47

വിജ്ഞായ നിർവ്വിദ്യ ഗതം പതിം പ്രജാഃ
പുരോഹിതാമാത്യസുഹൃദ്ഗണാദയഃ
വിചിക്യുരുർവ്വ്യാമതിശോകകാതരാ
യഥാ നിഗൂഢം പുരുഷം കുയോഗിനഃ. 48

അലക്ഷയന്തഃ പദവീം പ്രജാപതേർ-
ഹതോദ്യമാഃ പ്രത്യുപസൃത്യ തേ പുരീം
ഋഷീൻ സമേതാനഭിവന്ദ്യ സാശ്രവോ
ന്യവേദയൻ പൗരവ ഭർത്തൃവിപ്ലവം. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

മൈത്രേയ ഉവാച

ഭൃഗ്വാദയസ്തേ മുനയോ ലോകാനാം ക്ഷേമദർശിനഃ
ഗോപ്തര്യസതി വൈ നൄണാം പശ്യന്തഃ പശുസാമ്യതാം. 1

വീരമാതരമാഹൂയ സുനീഥാം ബ്രഹ്മവാദിനഃ
പ്രകൃത്യസമ്മതം വേനമഭ്യഷിഞ്ചൻ പതിം ഭുവഃ. 2

ശ്രുത്വാ നൃപാസനഗതം വേനമത്യുഗ്രശാസനം
നിലില്യുർദ്ദസ്യവഃ സദ്യഃ സർപ്പത്രസ്താ ഇവാഖവഃ. 3

സ ആരൂഢനൃപസ്ഥാന ഉന്നദ്ധോഽഷ്ടവിഭൂതിഭിഃ
അവമേനേ മഹാഭാഗാൻ സ്തബ്ധഃ സംഭാവിതഃ സ്വതഃ. 4

ഏവം മദാന്ധ ഉത്സിക്തോ നിരങ്കുശ ഇവ ദ്വിപഃ
പര്യടൻ രഥമാസ്ഥായ കമ്പയന്നിവ രോദസീ. 5

ന യഷ്ടവ്യം ന ദാതവ്യം ന ഹോതവ്യം ദ്വിജാഃ ക്വചിത്
ഇതി ന്യവാരയദ്ധർമ്മം ഭേരീഘോഷേണ സർവ്വതഃ. 6

വേനസ്യാവേക്ഷ്യ മുനയോ ദുർവ്വൃത്തസ്യ വിചേഷ്ടിതം
വിമൃശ്യ ലോകവ്യസനം കൃപയോചുഃ സ്മ സത്രിണഃ. 7

''അഹോ ഉഭയതഃ പ്രാപ്തം ലോകസ്യ വ്യസനം മഹത്
ദാരുണ്യുഭയതോ ദീപ്ത ഇവ തസ്കരപാലയോഃ. 8

അരാജകഭയാദേഷ കൃതോ രാജാ തദർഹണഃ
തതോഽപ്യാസീദ് ഭയം ത്വദ്യ കഥം സ്യാത് സ്വസ്തി
ദേഹിനാം. 9

അഹേരിവ പയഃപോഷഃ പോഷകസ്യാപ്യനർത്ഥഭൃത്
വേനഃ പ്രകൃത്യൈവ ഖലഃ സുനീഥാഗർഭസംഭവഃ
നിരൂപിതഃ പ്രജാപാലഃ സ ജിഘാംസതി വൈ പ്രജാഃ. 10

തഥാപി സാന്ത്വയേമാമും നാസ്മാംസ്തത് പാതകം സ്പൃശേത്
തദ്വിദ്വദ്ഭിരസദ്വൃത്തോ വേനോഽസ്മാഭിഃ കൃതോ നൃപഃ. 11

സാന്ത്വിതോ യദി നോ വാചം ന ഗ്രഹീഷ്യത്യധർമ്മകൃത്
ലോകധിക്കാരസന്ദഗ്ധം ദഹിഷ്യാമഃ സ്വതേജസാ.'' 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒന്നോർത്താൽ സത്പുത്രനെക്കാളേറെ
മുക്തികളള്ള
സന്ദർഭം പിതാവിനു നല്കുന്നു ദുഷ്ടപുത്രൻ.
ദുഃഖത്തിൻ സങ്കേതമാം നികേതനത്തിൽസക്തി
പോക്കിത്താതനെയവൻ വിരക്തനാക്കു–
ന്നിതേ.''

എന്നൊക്കെ ദുഃഖത്തോടും ചിന്തിച്ചു സമുദ്ധമാം
തന്നുടെ മന്ദിരത്തിൽനിന്നർദ്ധരാത്രിതന്നിൽ

മന്ദമായെഴുന്നേററു ഗാഢനിദ്രയിൽക്കിട–
ക്കുന്നൊരു വേനമാതാവിനെയുമുപേക്ഷിച്ചു

ഉറക്കംവെടിഞ്ഞാരും കാണാത്ത മാർഗ്ഗത്തിലൂ–
ടിറങ്ങിപ്പുറപ്പെട്ടു തനിയേ പോയീടിനാൻ.
46–47

മന്ത്രിമാരാചാര്യന്മാർ ബാന്ധവാദ്യരുമെല്ലാം
സന്ത്രസ്തരായിത്തീർന്നിന്നൃപനിഷ്ക്രമ–
ണത്താൽ.

അന്തര്യാമ്യാത്മാവിനെയക്കയോഗികാം മട്ടിൽ
സന്തതമാത്തിയോടുമാരാഞ്ഞു പാരാകവേ. 48

മന്നവൻ പോയ മാർഗ്ഗമേതുമേയറിയാതെ
ഖിന്നരായ് നിഷ്ഫലപ്രയത്നരായവർ വീണ്ടും.

പുരിപുക്കരാജകസ്ഥിതിയോർത്തോർത്തു കണ്ണീർ
ചൊരിഞ്ഞു മുനിമാരോടീയഴലറിയിച്ചാർ. 49

അദ്ധ്യായം 14

വേനചരിതം

മൈത്രേയൻ പറഞ്ഞു

ലോകക്ഷേമേച്ഛുക്കളാം ഭൃഗ്വാദിമുനീന്ദ്രന്മാർ
ഭൂകാന്തനില്ലാതായാൽ ജനങ്ങൾ മൃഗപ്രായം

കാട്ടുന്ന ദൗഷ്ട്യമെല്ലാം ജ്ഞാനദൃഷ്ടിയാൽ പാർത്തു
ശ്രേഷ്ഠയായ് വീരമാതാവായീടും സുനീഥയെ

സാദരം വിളിപ്പിച്ചു സമ്മതം വാങ്ങി വേദ–
വാദികളായീടുമമ്മുനിമാർ വേനനേത്താൻ

ഏതുമേ പ്രകൃത്യസമ്മതനായിരിക്കിലും
മേദിനീനാഥനാക്കിക്കഴിച്ചാരഭിഷേകം. 1–2

ഉഗ്രശാസനനായ വേനനസ്സിംഹാസനം
പുക്കതായറിഞ്ഞപ്പോൾ കള്ളന്മാർ
കൊള്ളക്കാരും

സർപ്പഭീതിയാലോടുമെലികളെന്നമട്ടിൽ
ക്ഷിപ്രമപ്രത്യക്ഷപ്പെട്ടെന്നതേ പറയേണ്ടൂ. 3

ജാത്യാതാൻ തന്നിൽക്കവിഞ്ഞോരുമില്ലെ–
ന്നായുന്നും

മത്തനാം വേനനെയാരാജ്യശ്രീ തലോടവേ
അഹങ്കാരത്തിന്നവനതിർത്തിയില്ലാതെയായ്
മഹത്തുക്കളെ മുറ്റുമവമാനിച്ചാനഹോ! 4

ഇങ്ങനെ മര്യാദയെ ലംഘിച്ച മദാന്ധനായ്
ചങ്ങല പൊട്ടിച്ചോരു മാതങ്ഗമെന്നമട്ടിൽ

തേരേറി മന്നുംവിണ്ണുമൊപ്പമായ് വിറച്ചീടു–
മ്മാറെങ്ങും ചുററിച്ചരിച്ചീടിനാനചഞ്ചലം.

രേ! രേ! വിപ്രരേ! നിങ്ങൾ യജിച്ചീടരുതെങ്ങു–
മാരുമിങ്ങൊരിടത്തും, ദാനവുംചെയ്യരുതു്.

ഹോമവുംകഴിക്കരുതെന്നിപ്രകാരം ഭേരീ–
ഭീമശബ്ദത്താൽ ധർമ്മം സർവ്വത്രമുടക്കിനാൻ. 5–6

ദുർവൃത്തനാകും വേനൻതന്നുടെ കചേഷ്ടിതം
സർവ്വവും കണ്ടു മുനിമാരെല്ലാമൊത്തുകൂടി

ജനസങ്കടമനുസ്മരിച്ചു പരസ്പരം
കനിവുകലർന്നേവമരുളിച്ചെയ്തീടിനാർ: 7

''രണ്ടുഭാഗത്തും കത്തും കാഷ്ഠത്തിനൊപ്പമായി–
ക്കണ്ടകന്മാരുടെയും ഭൂപാലാധമൻെറയും

ഇടയിലകപ്പെട്ട കഷ്ടമീ ജനരാശി
കൊടിയ ദുഃഖാഗ്നിയിൽ പെട്ടിതു മഹാകഷ്ടം! 8

ജനേശനില്ലാതായാൽ വരുന്ന ദോഷമോർത്തി–
ട്ടനർഹനായീടിലുമിവനെ രാജാവാക്കി

ഇപ്പോഴോ ജനാവലിയവനെപ്പേടികുന്നു
കല്പിച്ചീടണമല്ലോ ലോകക്ഷേമത്തിൻവഴി. 9

മൃത്യുവിൻ പുത്രീപുത്രനാമീ വേനനെച്ചക്ര–
വർത്തിയായ് വാഴിച്ചവക്വെനിൽനിന്നു–
മിപ്പോൾ

പാമ്പിനു പാൽകൊടുത്തു വളർത്തിയോക്കെ–
ന്നപോൽ
സംഭവിച്ചല്ലോ, ദുഷ്ടൻ ഹനിപ്പു ജനങ്ങളെ. 10

എങ്കിലും സമാധാനം ചൊല്ലിനോക്കണം നാമ–
ല്ലെങ്കിലോ തത്പാപാംശം നമ്മിലും
സമ്മേളിക്കും.

ദുഷ്ടനെന്നറിഞ്ഞുകൊണ്ടവനേ രാജാസന–
മേററിയ നമ്മിലും ചെററു പററാതെപോകാ.

അതിനാൽ നമുക്കു ചെന്നുപദേശിക്കാം
കേൾക്കിൽ,
പൊതുവേ ഗുണമില്ലെന്നാകിലോ പഴി
തീർക്കാം. 11

അധർമ്മകൃത്താമവൻ നമ്മുടെ നയവാക്യം
പ്രതിഷേധിച്ചാൽ ജഗദ്ധിക്കൃതിമൂലമായി

മുക്കാലും മൃതനായോരവനെക്കോപാഗ്നിയിൽ
ചിക്കെന്നു ചാമ്പലാക്കാം ലോകരെ രക്ഷി–
പ്പാനായ്.'' 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവമധ്യവസായൈനം മുനയോ ഗൂഢമന്യവഃ
ഉപവ്രജ്യാബ്രുവൻ വേനം സാന്ത്വയിത്വാ ച സാമഭിഃ. 13

മുനയ ഊചുഃ

നൃപവര്യ, നിബോധൈതദ്യത്തേ വിജ്ഞാപയാമ ഭോഃ
ആയുഃശ്രീബലകീർത്തീനാം തവ താത വിവർദ്ധനം. 14

ധർമ്മ ആചരിതഃ പുംസാം വാങ്മനഃകായബുദ്ധിഭിഃ
ലോകാൻ വിശോകാൻ വിതരത്യഥാനന്ത്യമസങ്ഗിനാം. 15

സ തേ മാ വിനശേദ്വീര പ്രജാനാം ക്ഷേമലക്ഷണഃ
യസ്മിൻ വിനഷ്ടേ നൃപതിരൈശ്വര്യാദവരോഹതി. 16

രാജന്നസാധ്വമാത്യേഭ്യശ്ചോരാദിഭ്യഃ പ്രജാ നൃപഃ
രക്ഷൻ യഥാ ബലിം ഗൃഹ്ണന്നിഹ പ്രേത്യ ച മോദതേ. 17

യസ്യ രാഷ്ട്രേ പുരേ ചൈവ ഭഗവാൻ യജ്ഞപൂരുഷഃ
ഇജ്യതേ സ്വേന ധർമ്മേണ ജനൈർവ്വർണ്ണാശ്രമാന്വിതൈഃ. 18

തസ്യ രാജ്ഞോ, മഹാരാജ, ഭഗവാൻ ഭൂതഭാവനഃ
പരിതുഷ്യതി വിശ്വാത്മാ തിഷ്ഠതോ നിജശാസനേ. 19

തസ്മിംസ്തുഷ്ടേ കിമപ്രാപ്യം ജഗതാമീശ്വരേശ്വരേ
ലോകാഃ സപാലാ ഹ്യേതസ്മൈ ഹരന്തി ബലിമാദൃതാഃ. 20

തം സർവ്വലോകാമരയജ്ഞസംഗ്രഹം
ത്രയീമയം ദ്രവ്യമയം തപോമയം
യജ്ഞൈർവിചിത്രൈര്യജതോ ഭവായ തേ
രാജൻ സ്വദേശാനനുരോദ്ധുമർഹസി. 21

യജ്ഞേന യുഷ്മദ്വിഷയേ ദ്വിജാതിഭി-
ർവ്വിതായമാനേന സുരാഃ കലാ ഹരേഃ
സ്വിഷ്ടാഃ സുതുഷ്ടാഃ പ്രദിശന്തി വാഞ്ഛിതം
തദ്ധേലനം നാർഹസി വീര ചേഷ്ടിതും. 22

വേന ഉവാച

ബാലിശാ ബത യൂയം വാ അധർമ്മേ ധർമ്മമാനിനഃ
യേ വൃത്തിദം പതിം ഹിത്വാ ജാരം പതിമുപാസതേ. 23

അവജാനന്ത്യമീ, മൂഢാ, നൃപരൂപിണമീശ്വരം
നാനുവിന്ദന്തി തേ ഭദ്രമിഹലോകേ പരത്ര ച. 24

കോ യജ്ഞപുരുഷോ നാമ യത്ര വോ ഭക്തിരീദൃശീ
ഭർത്തൃസ്നേഹവിദൂരാണാം യഥാ ജാരേ കുയോഷിതാം. 25

വിഷ്ണുർവിരിഞ്ചോ ഗിരിശ ഇന്ദ്രോ വായുര്യമോ രവിഃ
പർജ്ജന്യോ ധനദഃ സോമഃ ക്ഷിതിരഗ്നിരപാമ്പതിഃ. 26

ഏതേ ചാന്യേ ച വിബുധാഃ പ്രഭവോ വരശാപയോഃ
ദേഹേ ഭവന്തി നൃപതേഃ സർവ്വദേവമയോ നൃപഃ. 27

തസ്മാന്മാം കർമ്മഭിർവിപ്രാ യജദ്ധ്വം ഗതമത്സരാഃ
ബലിം ച മഹ്യം ഹരത മത്തോഽന്യഃ കോഽഗ്രഭുക് പുമാൻ. 28

മൈത്രേയ ഉവാച

ഇത്ഥം വിപര്യയമതിഃ പാപീയാനുത്പഥം ഗതഃ
അനുനീയമാനസ്തദ്യാച്ഞാം ന ചക്രേ ഭ്രഷ്ടമങ്ഗളഃ. 29

ഇതി തേഽസത്കൃതാസ്തേന ദ്വിജാഃ പണ്ഡിതമാനിനാ
ഭഗ്നായാം ഭവ്യയാച്ഞായാം തസ്മൈ വിദുര! ചുക്രുധുഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം നിശ്ചയിച്ചമ്മാമുനിജനം ക്രോധ–
ഭാവത്തെക്കാട്ടിടാതെ തത്സമീപത്തിലെത്തി
സാമത്താൽ സമാധാനിപ്പിച്ചിടാമെന്ന വെറും
വ്യാമോഹംകലർന്നു ചൊല്ലീടിനാർ
വേനനോടായ്. 13

മുനിമാർ പറഞ്ഞു

അല്ലയോ നൃപോത്തമ! ഭവാനു ദീർഘായുസ്സും
നല്ലകീർത്തിയും സർവൈശ്വര്യവും കൈവരുത്തും
നല്ലവാക്കുകൾ ചിലതറിയിക്കുന്നു ഞങ്ങ-
ളെല്ലാം സശ്രദ്ധം കേട്ടു ധരിച്ചീടേണ്ടതല്ലോ. 14
മനുജൻ, മനം, വാക്കു, തനു, ധീയിവററിനാ–
ലനുഷ്ഠിച്ചീടും ധർമ്മം സ്വർഗ്ഗാദിഭൂതിനല്കും.
സംഗഹീനനായ് ധർമ്മമാചരിച്ചീടുവോനിൽ
സംഗമിച്ചീടുമന്തമില്ലാതെ സത്ഫലങ്ങൾ. 15
ഹേ വീരാ! ധരാപതേ! പ്രജാപാലനമെന്ന
ഭാവൽക്കധർമ്മം ക്ഷയിച്ചീടാതെ സൂക്ഷിക്കണം.
അതിന്റെ നാശം വന്നാലുടനൈശ്വര്യ–
ത്തിൽനി–
ന്നധഃപതിച്ചുപോകമേതൊരു ഭൂപാലനും. 16
ചോരന്മാരിലും ദുഷ്ടമന്ത്രിമാരിലുംനിന്നു–
നേരേ തൻ പ്രജകളെയാകവേ രക്ഷിക്കയും
ക്രമപ്രകാരം കരം സ്വീകരിക്കയും ചെയ്യും
ക്ഷമേശനിഹപരസൗഖ്യാർഹനായീടുന്നു! 17
ഏതൊരു രാജാവിന്റെ രാജ്യത്തും പുരത്തിലും
സാദരം വർണ്ണാശ്രമസംയുതജനാവലി
സ്വധർമ്മത്തിനാൽ യജ്ഞമൂർത്തിയാം ഭഗവാനെ–
പ്പതിവായാരാധിപ്പൂ തദ്ദേവശാസനത്തിൽ
ഇരുന്നു നന്നായ് പ്രജാപാലനംചെയ്യുമബ്ഭൂ–
വരനെസ്സർവ്വാത്മാവായൈശ്വര്യപൂർണ്ണനായി
തുല്യഭാവനനുമായീടുമസ്സർവേശ്വരൻ
കില്ലില്ല നൃപമണേ! സമനുഗ്രഹിച്ചീടും. 18–19
സമസ്തലോകങ്ങളും ദിക്പാലന്മാരും ബലി–
സമർപ്പിച്ചീടുവോനായീശന്മാർക്കധീശനായ്
ലസിക്കുമദ്ദേവൻതൻ പ്രസാദം ലഭിക്കിലീ–
രസയിൽപ്പിന്നെയവന്നെന്തുള്ളതസാദ്ധ്യ–
മായ്? 20
രാജേന്ദ്രാ! ലോകങ്ങളും വിണ്ണോരും യജ്ഞ–
ങ്ങളും
ബീജത്തിൽ തരുക്കൾപോലിരിപ്പൂ ഭഗവാനിൽ
ദ്രവ്യരൂപനായ് ത്രയീമയനായ് തപസ്സിനാൽ
സുവ്യക്തം ദൃശ്യനാമദ്ദേവനെ യാഗങ്ങളാൽ
ഭവദ്ഭൂതിക്കുവേണ്ടി യജിക്കും നാട്ടുകാരെ–
യവിടുന്നലിവിയന്നനുസരിക്കേണ്ടയോ? 21
ത്വദ്ദേശനിവാസികൾ, ഭൂസുരർ യാഗങ്ങളാൽ
നിത്യവും ഹരികലാഭൂതരാം സുരന്മാരെ
ശരിയായ്പ്രീതിക്കയാൽ സർവാഭീഷ്ടവുമവ–
രരുളീടുന്നു തെളിഞ്ഞങ്ങേയ്ക്കും ദ്വിജന്മാർക്കും.
അങ്ങനെയുള്ള യജ്ഞമങ്ങുന്നു മുടിപ്പതു
ഭോഗിയല്പമർത്ത്യരെ നിന്ദിപ്പതായുംവരും. 22

വേനൻ പറഞ്ഞു

മൂഢന്മാർതന്നെ കഷ്ടം! മാമുനിമാരേ! നിങ്ങൾ
കൂടീടുമധർമ്മത്തെ ധർമ്മമായ് ധരിക്കുന്നു.
സന്തതം വേണ്ടതെല്ലാം കൊടുത്തു രക്ഷിക്കുമ–
ക്കാന്തനെത്തള്ളി സ്വല്പസമയം സ്നേഹിച്ചീടും
ജാരനെ വേശ്യാസ്ത്രീകളെന്നപോൽ, ഹരി–
യെച്ചെ–
ന്നാരാധിക്കുന്നു നിങ്ങൾ രക്ഷകൻ ഞാനി–
രിക്കെ. 23
മൂഢരാം നിങ്ങൾ ഭൂപരൂപനാമീശൻതന്നെ–
പ്പേടിവിട്ടവമാനിച്ചീടുന്നു കുശലെന്യേ.
നന്ദികെട്ടവർ നിങ്ങൾക്കില്ലൊരുകാലത്തുമി–
മ്മന്നിലും പരലോകംതന്നിലും സുഖലേശം. 24
ആരവൻ യജ്ഞപുമാനെങ്ങിരിക്കുന്നിതവ–
നോടുകിലവനോടു നിങ്ങൾക്കുള്ളൊരീ ഭക്തി
ജാരനിൽ ഭർത്തൃസ്നേഹഹീനകളാകും നിന്ദ്യ–
നാരികൾക്കെഴും പ്രേമമായിട്ടേ ഗണിച്ചീടൂ. 25
ബ്രഹ്മാവും, ഗിരീശനും, വിഷ്ണുവും, മിത്രൻ, വായു,
കർമ്മസാക്ഷിയും, യമൻ, പർജ്ജന്യൻ, കുബേ–
രനും
അഗ്നിയും, സോമൻ, ഭൂമി, പാശി, യസ്സുരന്മാരും
നിഗ്രഹാനുഗ്രഹാഢ്യർ മററുള്ള ദേവന്മാരും
ഉർവീശശരീരത്തിലുണ്ടതുമൂലമായി–
സ്സർവ്വദേവസ്വരൂപൻതന്നെയാം മഹീ–
പതി. 26–27
ആകയാൽ ദ്വിജന്മാരേ! നിങ്ങൾ മത്സരം
വെടി–
ഞ്ഞേകനാമെന്നെപ്പൂജിച്ചീടുവിൻ കർമ്മങ്ങളാൽ.
ബലിയുമെനിക്കർപ്പിച്ചീടുവിനെന്നെക്കാളും
വലിയോനാരുണ്ടിവിടാദ്യമായിബ്ഭുജി–
പ്പാൻ? 28

മൈത്രേയൻ പറഞ്ഞു

ഇങ്ങനെയഭദ്രനായ് വിരുദ്ധബുദ്ധിയായി
തുംഗപാപനായെതിർമാർഗ്ഗസഞ്ചാരിയാകും
അഘലൻ, മുനികൾതൻ സാരോപദേശങ്ങളെ–
കൈക്കൊണ്ടീല്ലെന്നല്ലഹോ ധിക്ക–
രിക്കയും ചെയ്താൻ. 29
പണ്ഡിതമാനിയാകുമവനമ്മുനിമാരെ
ഖണ്ഡിച്ചിട്ടഭ്യർത്ഥനയൊക്കെയും ധിക്കരിക്കെ,
ഭഗ്നാന്തരംഗരാമമ്മുനിമാർക്കവനോടു
ചിക്കെന്നുദിച്ചുയന്നിതുൽക്കടക്രോധം
വത്സാ! 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

‘‘ഹന്യതാം ഹന്യതാമേഷ പാപഃ പ്രകൃതിദാരുണഃ
ജീവഞ്ജഗദസാവാശു കുരുതേ ഭസ്മസാദ് ധ്രുവം. 31
നായമർഹത്യസദ്വൃത്തോ നരദേവവരാസനം
യോഽധിയജ്ഞപതിം വിഷ്ണും വിനിന്ദത്യനപത്രപഃ. 32
കോ വൈനം പരിചക്ഷീത വേനമേകമൃതേഽശുഭം
പ്രാപ്ത ഈദൃശമൈശ്വര്യം യദനുഗ്രഹഭാജനഃ.’’ 33
ഇത്ഥം വ്യവസിതാ ഹന്തുമൃഷയോ രൂഢമന്യവഃ
നിജഘ്നുർഹുങ്കൃതൈർവേനം ഹതമച്യുതനിന്ദയാ. 34
ഋഷിഭിഃ സ്വാശ്രമപദം ഗതേ പുത്രകളേബരം
സുനീഥാ പാലയാമാസ വിദ്യായോഗേന ശോചതീ. 35
ഏകദാ മുനയസ്തേ തു സരസ്വത്സലിലാപ്ലുതാഃ
ഹുത്വാഗ്നീൻ സത്കഥാശ്ചക്രുരുപവിഷ്ടാഃ സരിത്തടേ. 36
വീക്ഷ്യോത്ഥിതാന്മഹോത്പാതാനാഹുർലോകഭയംകരാൻ
‘‘അപ്യഭദ്രമനാഥായാ ദസ്യുഭ്യോ ന ഭവേദ്ഭുവഃ.’’ 37
ഏവം മൃശന്ത ഋഷയോ ധാവതാം സർവ്വതോദിശം
പാംസുഃ സമുത്ഥിതോ ഭൂരിശ്ചോരാണാമഭിലുമ്പതാം. 38
തദുപദ്രവമാജ്ഞായ ലോകസ്യ വസു ലുമ്പതാം
ഭർത്തര്യുപരതേ തസ്മിന്നന്യോന്യം ച ജിഘാംസതാം. 39
ചോരപ്രായം ജനപദം ഹീനസത്ത്വമരാജകം
ലോകാന്നാവാരയൻ ശക്താ അപി തദ്ദോഷദർശിനഃ. 40
ബ്രാഹ്മണഃ സമദൃക് ശാന്തോ ദീനാനാം സമുപേക്ഷകഃ
സ്രവതേ ബ്രഹ്മ തസ്യാപി ഭിന്നഭാണ്ഡാത് പയോ യഥാ. 41
നാങ്ഗസ്യ വംശോ രാജർഷേരേഷ സംസ്ഥാതുമർഹതി
അമോഘവീര്യാ ഹി നൃപാ വംശേഽസ്മിൻ കേശവാശ്രയാഃ. 42
വിനിശ്ചിത്യൈവമൃഷയോ വിപന്നസ്യ മഹീപതേഃ
മമന്ഥുരൂരും തരസാ തത്രാസീദ് ബാഹുകോ നരഃ. 43
കാകകൃഷ്ണോഽതിഹ്രസ്വാങ്ഗോ ഹ്രസ്വബാഹുർമഹാഹനുഃ
ഹ്രസ്വപാന്നിമ്നനാസാഗ്രോ രക്താക്ഷസ്താമ്രമൂർധജഃ. 44
തം തു തേഽവനതം ദീനം ‘‘കിം കരോമീ’’തി വാദിനം
‘‘നിഷീദേ’’ത്യബ്രുവംസ്താത സ നിഷാദസ്തതോഽഭവത്. 45
തസ്യ വംശ്യാസ്തു നൈഷാദാ ഗിരികാനനഗോചരാഃ
യേനാഹരജ്ജായമാനോ വേനകല്മഷമുല്ബണം. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുചരിതേ നിഷാദോത്പത്തിന്നാമ ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

മൈത്രേയ ഉവാച
അഥ തസ്യ പുനർവിപ്രൈരപുത്രസ്യ മഹീപതേഃ
ബാഹുഭ്യാം മഥ്യമാനാഭ്യാം മിഥുനം സമപദ്യത. 1
തദ്ദൃഷ്ട്വാ മിഥുനം ജാതമൃഷയോ ബ്രഹ്മവാദിനഃ
ഊചുഃ പരമസന്തുഷ്ടാ വിദിത്വാ ഭഗവത്കലാം. 2

ഋഷയ ഊചുഃ
ഏഷ വിഷ്ണോർഭഗവതഃ കലാ ഭുവനപാലിനീ
ഇയം ച ലക്ഷ്മ്യാഃ സംഭൂതിഃ പുരുഷസ്യാനപായിനീ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹനിപ്പിൻ ഹനിപ്പിനിദ്ദുഷ്ടനെപ്പെട്ടെ,–
ന്നിവൻ
ജനനംതൊട്ടേ മഹാക്രൂരനും പാപിയുംതാൻ.
ഇവനെജ്ജീവനോടെ വച്ചുവാഴിച്ചാലിവൻ
ഭുവനം പാടേയുടൻ ഭസ്മമാക്കീടും ദൃഢം. 31
യജ്ഞാധിഷ്ഠാതാവാകും ശ്രീമഹാവിഷ്ണുവിനെ
ലജ്ജയില്ലാതിഖ്ഖലൻ നിന്ദിച്ചിരിക്കു–
ന്നിതേ.
ദുർവൃത്തനായോരിവനെത്രയുമുൽക്കൃഷ്ടമാ–
മുർവീകാന്താസനത്തിലിരിപ്പാൻ യോഗ്യ–
നല്ല. 32
ഐശ്വര്യം തനിക്കിമ്മട്ടുളവാക്കീടിനോ–
രീശനെ വേനനെന്യേയേതവൻ നിന്ദി–
ച്ചിടും?'' 33
ഈവിധമെല്ലാം ചൊല്ലിവേനനെക്കൊല്ലാനുറ–
ച്ചേവരുമമ്മുനീന്ദ്രരുൽക്കടക്രോധാവിഷ്ടർ
അതിയാം ഹരിനിന്ദമൂലമായ് മിക്കവാറും
മൃതനാമാ ദുഷ്ടനെക്കൊന്നിതു ഹുങ്കാരത്താൽ. 34
മുനിമാരെല്ലാവരുമാശ്രമങ്ങളിൽപ്പോകെ–
സ്സുനീഥ വേനമാതാവത്യന്തമാർത്തയായി
സുതൻെറ മൃതദേഹം സൂക്ഷിച്ചാൾ കേടേ–
ശാതെ–
യതന്ദ്രം ദിവ്യൗഷധമന്ത്രപ്രയോഗങ്ങളാൽ. 35
ഒരുനാൾ പിന്നെയിമ്മാമുനിമാർ സരസ്വതീ–
സരിത്തിൽസ്നാനംചെയ്തിട്ടതിൻ തീരത്തുതന്നെ
നിത്യകൃത്യവും കഴിച്ചീശ്വരചരിതങ്ങൾ
കീർത്തിച്ചുകൊണ്ടിരുന്നാർ ശ്രദ്ധവച്ചനാ–
രതം. 36
അപ്പൊഴുതവർ ലോകഭയത്തെ വളർത്തീടു–
മല്ലേതരോല്പാതങ്ങൾ കണ്ടു കുണ്ഠിതംപൂണ്ടു
''നാഥനില്ലാതിരിക്കും ധരയ്ക്കു ദസ്യുക്കൾതൻ–
ബാധസംഭവിക്കാതായ് വരട്ടെ''യെന്നു
ചൊന്നാർ. 37
എന്തു കാരണം ദോഷലക്ഷണം കാണ്മാനെന്ന
ചിന്തയോടവിടവരങ്ങനെയിരിക്കവേ,
കൊള്ളയ്ക്കായ് കള്ളന്മാരങ്ങിങ്ങുകിയെന്നുള്ളതു
ചൊല്ലുമ്പോലെങ്ങും പൊടിപൊങ്ങുന്നതായി–
ക്കണ്ടാർ.
വേനനാശത്താൽ നൃപനില്ലാതാകയാൽ ഭയ–
ഹീനരായ് പരധനമടക്കും കൂട്ടക്കാരും
അന്യോന്യം ഹനിക്കുവാനന്നിടും മൂർഖന്മാരും
തന്നെക്കാൾ കവിഞ്ഞാരുമില്ലെന്നു മദിപ്പോരും
കള്ളന്മാർ കൊള്ളക്കാരും മുഴുത്തു, രാജ്യമെങ്ങു–
മുള്ള കൈക്കരുത്തററ പാവപ്പെട്ടവരെല്ലാം
പ്രാണഭീതരായ് ധനമാനാദിരക്ഷാമാർഗ്ഗം
കാണാതെയുഴലുന്നമട്ടു പാർത്തറിഞ്ഞിട്ടും
മുനിമാർ നിരോധിപ്പാൻ ശക്തരാകിലുമൊന്നു–
മനങ്ങാതിരുന്നിതേ ദോഷശങ്കയാൽ
മുററും. 39–40
ശാന്തനും സമദൃക്കുമായീടും മഹീദേവൻ
സന്തപ്തന്മാരിലുദാസീനനായിരിക്കുകിൽ
ഒഴിയും വഴിയും തൻ ബ്രഹ്മതേജസ്സു ശീഘ്രം,
കിഴിയും പാത്രത്തിലെജ്ജലമെന്നതു–
പോലെ. 41
ശ്രീവിഷ്ണുഭക്തരായി വിക്രമികളാം പല
ഭൂവരന്മാരും കീർത്തിപുലർത്തിയിരുന്നതാം
അങ്ഗരാജർഷി തൻെറയുൽകൃഷ്ടമാമീവംശ–
മിങ്ങനെ നശിക്കുവാൻ സംഗതിയായി–
ക്കൂടാ. 42
ഈമട്ടു നിശ്ചയിച്ചമ്മുനികൾ മൃതനായോ–
രാമഹീശൻതൻ തുട കടഞ്ഞാരക്ഷണത്തിൽ
അദ്ഭുതമാമ്മാറൊരു ഹ്രസ്വമാം മർത്ത്യരൂപ–
മുദ്ഭൂതമായിതതിൽനിന്നുമെന്നറിഞ്ഞാലും. 43
കാകനുസമാനമാം കറുപ്പുനിറം, കുണ്ടൻ–
കൈകാൽ, തടിച്ച താടിയെല്ല്,ലം ഹ്രസ്വ–
ദേഹം,
പതിഞ്ഞ നാസാഗ്രം, ചെഞ്ചോരക്കണ്ണുകൾ,
ചിന്നി–
ച്ചിതറും ചെമ്പൻമുടിയിവയൊത്തവൻ
മിന്നി. 44
കമ്പിട്ടുതാഴ്മയോടുമെന്തു ഞാൻ വേണ്ടതെന്നായ്
വെമ്പലോടവൻ ചോദിച്ചീടവേ മുനീന്ദ്രന്മാർ
'നിഷാദ'പദത്തിനാലിരിക്കെന്നുരയ്ക്കയാൽ
നിഷാദനായിത്തന്നെ ഭവിച്ചാനപ്പോളവൻ. 45
ഇവൻെറ വംശക്കാരാം ഗിരികാനനങ്ങളിൽ
നിവസിച്ചീടും കിരാതാദികളാകമാനം
വേനാംശസംഭൂതന്മാരെന്നതുമൂലമന്നേ
കാനനങ്ങളിലാക്കീയവരെ മുനീശ്വരർ. 46

അദ്ധ്യായം 15

പൃഥുചരിതം

മൈത്രേയൻ പറഞ്ഞു

പിന്നെയാബ്രഹ്മർഷികൾ നന്ദനാപേതനാകും
മന്നൻെറ കരം രണ്ടും മഥിച്ചീടവേ വീണ്ടും
രണ്ടു സന്താനമാണും പെണ്ണുമായ് വിഷ്ണ്വം–
ശത്തി–
ലുണ്ടായിക്കണ്ടു മോദംപൂണ്ടു ചൊല്ലിനാ–
രേവം. 1–2

ഋഷികൾ പറഞ്ഞു

ലോകപാലിനി വിഷ്ണുകലതന്നംശമിവൻ,
വൈകുണ്ഠം പിരിയാത്ത ലക്ഷ്മിയുമത്രേ–
യിവൾ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം തു പ്രഥമോ രാജ്ഞാം പുമാൻ പ്രഥയിതാ യശഃ
പൃഥുർന്നാമ മഹാരാജോ ഭവിഷ്യതി പൃഥുശ്രവാഃ. 4
ഇയം ച സുദതീ ദേവീ ഗുണഭൂഷണഭൂഷണാ
അർച്ചിർന്നാമ വരാരോഹാ പൃഥുമേവാവരുന്ധതീ. 5
ഏഷ സാക്ഷാദ്ധരേരംശോ ജാതോ ലോകരിരക്ഷയാ
ഇയം ച തത്പരാ ഹി ശ്രീരനുജജ്ഞേ/നപായിനീ. 6

മൈത്രേയ ഉവാച

പ്രശംസന്തി സ്മ തം വിപ്രാ ഗന്ധർവ്വപ്രവരാ ജഗുഃ
മുമുചുഃ സുമനോധാരാഃ സിദ്ധാ നൃത്യന്തി സ്വഃസ്ത്രിയഃ. 7
ശംഖതൂര്യമൃദംഗാദ്യാ നേദുർദുന്ദുഭയോ ദിവി.
തത്ര സർവ്വ ഉപാജഗ്മുർദ്ദേവർഷിപിതൃണാം ഗണാഃ. 8
ബ്രഹ്മാ ജഗദ്ഗുരുർദ്ദേവൈഃ സഹാസൃത്യ സുരേശ്വരൈഃ
വൈന്യസ്യ ദക്ഷിണേ ഹസ്തേ ദൃഷ്ട്വാ ചിഹ്നം ഗദാഭൃതഃ 9
പാദയോരരവിന്ദം ച തം വൈ മേനേ ഹരേഃ കലാം
യസ്യാപ്രതിഹതം ചക്രമംശഃ സ പരമേഷ്ഠിനഃ. 10
തസ്യാഭിഷേക ആരബ്ധോ ബ്രാഹ്മണൈർബ്രഹ്മവാദിഭിഃ
ആഭിഷേചനികാന്യസ്മൈ ആജഹ്രുഃ സർവ്വതോ ജനാഃ. 11
സരിത്സമുദ്രാ ഗിരയോ നാഗാ ഗാവഃ ഖഗാ മൃഗാഃ
ദ്യൗഃ ക്ഷിതിഃ സർവ്വഭൂതാനി സമാജഹ്രുരുപായനം. 12
സോ/ഭിഷിക്തോ മഹാരാജഃ സുവാസാഃ സാധ്വലംകൃതഃ
പത്ന്യാർച്ചിഷാലംകൃതയാ വിരേജേ/ഗ്നിരിവാപരഃ. 13
തസ്മൈ ജഹാര ധനദോ ഹൈമം വീര വരാസനം,
വരുണഃ സലിലസ്രാവമാതപത്രം ശശിപ്രഭം, 14
വായുശ്ച വാലവ്യജനേ ധർമ്മഃ കീർത്തിമയീം സ്രജം
ഇന്ദ്രഃ കിരീടമുത്കൃഷ്ടം, ദണ്ഡം സംയമനം യമഃ 15
ബ്രഹ്മാ ബ്രഹ്മമയം വർമ്മ, ഭാരതീ ഹാരമുത്തമം,
ഹരിഃ സുദർശനം ചക്രം, തത്പത്ന്യവ്യാഹതാം ശ്രിയം, 16
ദശചന്ദ്രമസീം രുദ്രഃ ശതചന്ദ്രം തഥാംബികാ,
സോമോ/മൃതമയാനശ്വാംസ്ത്വഷ്ടാ രൂപാശ്രയം രഥം. 17
അഗ്നിരാജഗവം ചാപം, സൂര്യോ രശ്മിമയാനിഷൂൻ,
ഭൂഃ പാദുകേ യോഗമയ്യൗ, ദ്യൗഃ പുഷ്പാവലിമന്വഹം. 18
നാട്യം സുഗീതം വാദിത്രമന്തർദ്ധാനം ച ഖേചരാഃ
ഋഷയശ്ചാശിഷഃ സത്യാഃ സമുദ്രഃ ശംഖമാത്മജം. 19
സിന്ധവഃ പർവ്വതാ നദ്യോ രഥവീഥീർമ്മഹാത്മനഃ
സൂതോ/ഥ മാഗധോ വന്ദീ തം സ്തോതുമുപതസ്ഥിരേ. 20
സ്താവകാംസ്താനഭിപ്രേത്യ പൃഥുർവൈന്യഃ പ്രതാപവാൻ
മേഘനിർഹ്രാദയാ വാചാ പ്രഹസന്നിദമബ്രവീത്. 21

പൃഥുരുവാച

ഭോഃ സൂത ഹേ മാഗധ സൗമ്യബന്ദിം-
ല്ലോകേ/ധുനാസ്പഷ്ടഗുണസ്യ മേ സ്യാത്
കിമാശ്രയോ മേ സ്തവ ഏഷ യോജ്യതാം
മാ മയ്യഭൂവൻ വിതഥാ ഗിരോ വഃ. 22
തസ്മാത് പരോക്ഷേ/സ്മദുപശ്രുതാന്യലം-
കരിഷ്യഥ സ്തോത്രമപീച്യ വാചഃ
സത്യുത്തമശ്ലോകഗുണാനുവാദേ
ജുഗുപ്സിതം ന സ്തവയന്തി സഭ്യാഃ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇപ്പമാൻ പൃഥുനാമാവൊന്നാമൻ നൃപന്മാരിൽ
ചൊല്ലൊണ്ടും മഹാരാട്ടായ് സത്കീൎത്തി
പരത്തിടും. 4

സുദതിയിവരം ഗുണഭൂഷണഗണഭൂഷ
സതിമാർമണിദേവിയച്ചിസ്സെന്നാഖ്യയാന്ത
ഭത്താവായ് പൃഥുവിനെസ്വീകരിച്ചദ്ദേഹത്തോ–
ടൊത്തു തദാജ്ഞയനുസരിച്ചു വൎത്തിച്ചീടും. 5

ഭുവനാവനേച്ഛയാലവനീതലംതന്നി–
ലവതരിച്ച വിഷ്ണുതാനിവൻ, പൂമാതിവരം. 6

മൈത്രേയൻ പറഞ്ഞു

അവനേ വാഴ്ത്തീ വിപ്രർ, ഗന്ധർവ്വർ പാടീ,
സിദ്ധ–
നിവഹം പൂചൊരിഞ്ഞു, നൃത്തംചെയ്തമരി–
കരം. 7

സ്വൎഗ്ഗത്തിൽ ശംഖം തൂൎയ്യം മൃദംഗം മുതലായ
ചൊല്ലൊണ്ട വാദ്യങ്ങളെ മുഴക്കീ നിൎജ്ജര–
ന്മാർ.

പിതൃക്കരം മഹഷികരം ദേവന്മാരീവിധത്തിൽ
പൃഥുവിൻ ജന്മസ്ഥലത്തെത്തിനാരൊരോ–
സംഘം. 8

ബ്രഹ്മാവു ദേവന്മാരൊത്തവിടേക്കെഴുന്നള്ളി–
യമ്മഹാൻതൻ വലത്തെക്കരത്തിൽത്തെളി–
ഞ്ഞെഴും

ചക്രരേഖയും പാദസരോജയുഗളത്തിൽ
വ്യക്തമായ് സാരസത്തിൻ ലക്ഷ്മവും വീക്ഷി–
ച്ചടൻ

വരകളീവിധത്തിലന്യന്മാൎക്കുണ്ടായിടാ
ഹരിതന്നംശംതന്നെയിവനെന്നുറപ്പിച്ചാൻ.
9–10

അവനെയവനീശനാക്കിയങ്ങഭിഷേക–
മവനീദേവന്മാരും കഴിക്കാനാരംഭിച്ചാർ.
നാനാദിക്കിലുംനിന്നു തുഷ്ടരായ് ജനങ്ങള–
ന്നാനയിച്ചാരതിന്നു വേണ്ട സാധനമെല്ലാം. 11

അഭിഷേകാനന്തരമഖിലഭൂതങ്ങള–
മഭിനന്ദിച്ചവന്നായപ്പിച്ചു കാഴ്ചദ്രവ്യം.
നദികരം സമുദ്രങ്ങരം ഗിരികരം ഗോഖഗങ്ങരം
ക്ഷിതിദ്യോവുകരംക്കെഴും സൂക്ഷ്മദേവതമാരും
നാഗങ്ങരം മൃഗങ്ങളും സമസ്തഭൂതങ്ങളും
ഭൂകാമുകന്നായുപഹാരങ്ങളേകീടിനാർ. 12

നല്ലപോലച്ഛാംബരാദ്യങ്ങളാലലങ്കരി–
ച്ചുല്ലസിച്ചീടുമഭിഷിക്തനമ്മഹാരാജൻ
ഭൂഷിതയാകുമച്ചിസ്സായ പതിയോടൊത്തു
ഭാസിച്ചാൻ, രണ്ടാമതാമഗ്നിയെന്നതുപോലെ.
13

സ്വൎണ്ണനിൎമ്മിതമായി വീരാഗ്ര്യോചിതമായി
മിന്നീടുമൊരു വരാസനമക്കുബേരനും
സോമസുന്ദരമായിപ്പീയൂഷം സ്രവിച്ചിടും

കാമനീയകം സിതാതപത്രം ജലേശനും
രണ്ടു വെൺചാമരങ്ങരം വായുദേവനും, ത്രപം
പൂണ്ട കീൎത്തിപോലെഴും പൂമാല ധൎമ്മൻതാനും,
ശ്രേഷ്ഠമാം കിരീടത്തെയിന്ദ്രനു,മെല്ലാരേയും
പട്ടിലാക്കവാൻപോരും ദണ്ഡത്തെ യമൻ–
താനും,

മുത്തുമാലയെ വാണി, ബ്രഹ്മരൂപമാം ചൎമ്മം
സ്രഷ്ടാവും, സുദൎശനചക്രം ശ്രീനിവാസനും
അക്ഷയശ്രീയെ ലക്ഷ്മീദേവിയും, ദശചന്ദ്ര–
ലക്ഷണമൊത്തീടിന ഖഡ്ഗത്തെ ത്ര്യക്ഷൻ–
താനും

രുചന്ദ്രന്റെ ചിഹ്നംപേറും വാരം തുദ്രാണിയും
പാരാതെ സുധാമയാശ്വങ്ങളെശ്ശശാങ്കനും
സൗന്ദൎയ്യസങ്കേതമാം സ്യന്ദനം ത്വഷ്ടാവുമ–
ന്നന്നരപാലന്നായി നന്ദിച്ചുകൊടുത്തിതു. 14-17

ആട്ടമാട്ടകരംക്കെഴും കൊമ്പുകരംകൊണ്ടു–
തീൎത്തോ–
രീടെഴും ചാപമഗ്നിദേവനും, രശ്മിക്കൊപ്പം
ശീഘ്രത്തിൽ പായും ബാണഗണമൎക്കന,–
മെങ്ങു–

മോക്കുംമുമ്പെത്തിച്ചിടും പാദക ഭൂദേവിയും
നിത്യവും പുഷ്പവൎഷം ചെയ്തിടാമെന്നുള്ളൊരു
സത്യപ്രതിജ്ഞയന്തരീക്ഷദേവതതാനും
നടനഗാനവാദ്യാന്തൎദ്ധാനവിദ്യകളെ
സ്ഫുടമായ് വിദ്യാധരഗന്ധൎവ്വന്മാരും തഥാ
സത്യാശിസ്സുകളൃഷിസംഘവും, തന്നിൽ ജാത–,
മുത്തമശംഖത്തെയാ ലവണസമുദ്രവും
ദാനംചെയ്തിതു പിന്നെസ്സപ്തസാഗരങ്ങള–
മാ നദികളും പൎവ്വതങ്ങളും രഥമാൎഗ്ഗം
എന്നമന്യൂപന്നേകാമെന്നേററനുഗ്രഹിച്ചു
വന്ദികരം പിന്നവനെ സ്തുതിക്കാൻ തുടങ്ങി–
നാർ. 18-20

സ്തുതിപാഠകന്മാർതൻ ഭാവത്തെധരിച്ചട–
നതിപ്രതാപശാലി വേനാങ്ഗജാതൻ പൃഥു
ചിരിച്ചുംകൊണ്ടു മേഘനാദംപോൽ ഗംഭീരമാം
സ്വരത്തിലിപ്രകാരമരുളിച്ചെയ്തീടിനാൻ. 21

പൃഥു പറഞ്ഞു

സൂതമാഗധവന്ദിവൃന്ദമേ! നിങ്ങളെന്നി–
ലേതൊരുഗുണം കണ്ടാം വാഴ്ത്തവാനോൎത്ത–
തിപ്പോരം?

സ്പഷ്ടമായിട്ടില്ല മദ്ഗുണങ്ങ,ളതുമൂലം
വ്യത്ഥമായ്ത്തീരും യുഷ്മദ്ഗീരുകളെ–
ന്നോരുവിൻ. 22

മാധുൎയ്യവാക്കുന്നിടും നാക്കാന്ന വന്ദികളേ!
ബോധിപ്പിൻ നിങ്ങളെന്നെപ്പിന്നെ വാഴ്ത്തി–
യാൽ മതി

ഉത്തമശ്ലോകഗുണം കീൎത്തിപ്പാനുള്ളപ്പോളീ–
മൎത്ത്യകീടത്തെ വാഴ്ത്താനാരാനുമോതീടുമോ? 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹദ്ഗുണാനാത്മനി കൎത്തുമീശഃ
കഃ സ്താവകൈഃ സ്താവയതേഽസതോഽപി
തേഽസ്യാഭവിഷ്യന്നിതി വിപ്രലബ്ധോ
ജനാവഹാസം കമതിൎന്ന വേദ. 24

പ്രഭവോ ഹ്യാത്മനഃ സ്തോത്രം ജുഗുപ്സന്ത്യപി വിശ്രുതാഃ
ഹ്രീമന്തഃ പരമോദാരാഃ പൗരുഷം വാ വിഗർഹിതം. 25

വയം ത്വവിദിതാ ലോകേ സൂതാദ്യാപി വരീമഭിഃ
കൎമ്മഭിഃ കഥമാത്മാനം ഗാപയിഷ്യാമ ബാലവത്. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ
പൃഥുചരിതേ പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

മൈത്രേയ ഉവാച

ഇതി ബ്രുവാണം നൃപതിം ഗായകാ മുനിചോദിതാഃ
തുഷ്ടുവുസ്തുഷ്ടമനസസ്തദ്വാഗമൃതസേവയാ. 1

''നാലം വയം തേ മഹിമാനവൎണ്ണനേ
യോ ദേവവൎയ്യോഽവതതാര മായയാ
വേനാംഗജാതസ്യ ച പൗരുഷാണി തേ
വാചസ്പതീനാമപി ബഭ്രമുർധിയഃ. 2

അഥാപ്യുദാരശ്രവസഃ പൃഥോൎഹരേഃ
കലാവതാരസ്യ കഥാമൃതാദൃതാഃ
യഥോപദേശം മുനിഭിഃ പ്രചോദിതാഃ
ശ്ലാഘ്യാനി കൎമ്മാണി വയം വിതന്മഹി. 3

ഏഷ ധൎമ്മഭൃതാം ശ്രേഷ്ഠോ ലോകം ധൎമ്മേഽനുവൎത്തയൻ
ഗോപ്താ ച ധൎമ്മസേതൂനാം ശാസ്താ തത്പരിപന്ഥിനാം. 4

ഏഷ വൈ ലോകപാലാനാം ബിഭൎത്ത്യേകസ്തനൗ തനൂഃ
കാലേ കാലേ യഥാഭാഗം ലോകയോരുഭയോർഹിതം. 5

വസു കാല ഉപാദത്തേ കാലേ ചായം വിമുഞ്ചതി
സമഃ സൎവ്വേഷു ഭൂതേഷു പ്രതപൻ സൂൎയ്യവദ്വിഭുഃ. 6

തിതിക്ഷത്യക്രമം വൈന്യ ഉപൎയ്യാക്രമതാമപി
ഭൂതാനാം കരുണഃ ശശ്വദാൎത്താനാം ക്ഷിതിവൃത്തിമാൻ. 7

ദേവേഽവൎഷത്യസൗ ദേവോ നരദേവവപുർഹരിഃ
കൃച്ഛ്റപ്രാണാഃ പ്രജാ ഹ്യേഷ രക്ഷിഷ്യത്യഞ്ജസേന്ദ്രവത്. 8

ആപ്യായയത്യസൗ ലോകം വദനാമൃതമൂൎത്തിനാ
സാനുരാഗാവലോകേന വിശദസ്മിതചാരുണാ. 9

അവ്യക്തവൎത്മൈഷ നിഗൂഢകാൎയ്യോ
ഗംഭീരവേധാ ഉപഗുപ്തവിത്തഃ
അനന്തമാഹാത്മ്യഗുണൈകധാമാ
പൃഥുഃ പ്രചേതാ ഇവ സംവൃതാത്മാ. 10

ദുരാസദോ ദുർവ്വിഷഹ ആസന്നോഽപി വിദൂരവത്
നൈവാഭിഭവിതും ശക്യോ വേനാരണ്യുത്ഥിതോഽനലഃ. 11

അന്തൎബ്ബഹിശ്ച ഭൂതാനാം പശ്യൻ കൎമ്മാണി ചാരണൈഃ
ഉദാസീന ഇവാധ്യക്ഷോ വായുരാത്മേവ ദേഹിനാം. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉന്നതഗുണം തന്നിലുണ്ടാക്കാൻ കെല്പുള്ളവ-
നന്യനെക്കൊണ്ടില്ലാത്തതുള്ളതായ് വാഴ്ത്തി-ക്കുമോ?
അങ്ങിന്ദ്രൻ, ബുധൻ, കലാധീശനെന്നൊക്കെ-ച്ചൊല്ലും
ഭംഗിവാക്കിനാൽപ്പൊങ്ങി ഞെളിയും ബുദ്ധി-ഹീനൻ
പരക്കെജ്ജനം തന്നെ ഹസിച്ചീടുന്ന കാര്യം
തരിമ്പും ധരിച്ചീടുന്നില്ലതു കഷ്ടംതന്നെ. 24
സമർത്ഥനായും ഖ്യാതിമാനായുമിരുന്നാലും
സ്വമഹത്ത്വത്തെക്കേട്ടാൽ ഗുണവാൻ ലജ്ജി-ച്ചുപോം.
തന്നിലേ സ്തുതിയവൻ പൗരുഷത്തിനാൽ ചെയ്യ-
നിന്ദ്യകർമ്മത്തിനൊപ്പം നീചമായേ നിനയ്ക്കൂ. 25
ആകൃഷ്ടകർമ്മാവെന്നായ് സ്തുതിപാഠകന്മാരേ!
ലോകരാലിന്നോളം ഞാനറിയപ്പെട്ടിട്ടില്ല.
ആ മുറയ്ക്കാകാശത്തുമട്ടുമിത്തരം സ്തുതി-
സ്തോമത്താലഭിഷിക്തനാകുവാനാശിക്കാ ഞാൻ. 26

അദ്ധ്യായം 16

പൃഥുചരിതം—തുടർച്ച—വന്ദിസ്തുതി

മൈത്രേയൻ പറഞ്ഞു

ഇത്തരം ഭൂപവാക്യപീയൂഷമാസ്വദിച്ച
മുത്തിയന്നഥ സൂതമാഗധവന്ദിവൃന്ദം
മാമുനിവരന്മാരാൽ പ്രേരിതരായി വീണ്ടു-
മീമട്ടുകീർത്തിച്ചിതേ നൃപാപദാനങ്ങളെ. 1
"ശ്രീവിഷ്ണുഭഗവാൻതന്നവതാരമായ് മിന്നും
ഭൂവരാ! ഭവാനുടെ മാഹാത്മ്യമുള്ളവണ്ണം
ക്രമത്തിൽ വർണ്ണിക്കുവാൻ കെല്പില്ല ഞങ്ങൾക്കേതും,
സമർത്ഥവാചസ്പത്യാദ്യർക്കേഴും ധീവൃത്തിയും
വേനാങ്ഗജാതനാകും ഭവാന്റെ പരാക്രമ-
മൂനമെന്നിയേ വാഴ്ത്തും കാര്യത്തിൽ സംഭ്രമിപ്പൂ. 2
എന്നിരിക്കിലും ഹരികലയാലവതാര-
മാർന്നുള്ളയശസ്സാളും പൃഥുവാം ഭവാനുടെ
ചരിതപീയൂഷത്തിലാദരവാളും ഞങ്ങൾ
വരശക്തരാം മുനിവര്യർതൻചോദനത്താൽ
തദഭിപ്രായപ്പടിവർണ്ണ്യങ്ങളാകും ഭവത്-
പ്രഥിതകർമ്മങ്ങളെക്കീർത്തിച്ചുകൊള്ളുന്നിതാ. 3
ലോകത്തെദ്ധർമ്മാദ്ധ്വാവിൽ സഞ്ചരിപ്പിച്ചും പിന്നെ-
യേകനായ് ധർമ്മമാർഗ്ഗം പരിരക്ഷിച്ചുംനേരേ
ധർമ്മവിദ്വേഷികളെശ്ശിക്ഷിച്ചും ശോഭിച്ചീടു-
മിമ്മഹാൻ ധർമ്മിഷ്ഠന്മാർക്കൊക്കെയുമഗ്ര-ഗണ്യൻ. 4
ഇദ്ദേഹമേകനായിട്ടുതാനുകാലത്തിങ്ക-
ലൊത്തപോലുഭയലോകത്തിനും ഹിതാർത്ഥി-യായ്
സ്വന്തമങ്ഗത്തിൽ ജഗൽപാലകസ്വരൂപങ്ങ-
ളേന്തുന്നു, തത്പ്രവൃത്തിയതിനു സാക്ഷി-യല്ലോ. 5
സകലഭൂതത്തിലുമൊന്നുപോലർക്കൻമട്ടിൽ
പ്രകടപ്രതാപത്തെ പ്രദർശിപ്പിച്ചീ വിഭു
ജനരാശിയിൽനിന്നു കാലത്തിൽ വിത്ത-മാർജ്ജി-
ച്ചനിശം വേണ്ടുംപോലതവർക്കായഴിക്കുന്നു. 6
ദുഃഖിതന്മാരിലേറ്റം കൃപയും ക്ഷമാദേവി-
ക്കൊക്കും വൻക്ഷമയുമുംകൊള്ളുമീ വേനാം-ഗജൻ
തലയിൽ കാലുകൊണ്ടുക്രമമായ് ചവിട്ടീടും
ഖലനിൽപ്പോലും കാണിച്ചീടും തത്ക്ഷമാ-ബലം. 7
അണ്ടർകോൻ വേണ്ടകാലം മഴപെയ്യിച്ചിടാതാ-
യിണ്ടലിലാഴും പ്രാണഭീതരാം ജനങ്ങളെ
നരദേവാങ്ഗധാരിയാകുമീ ഭഗവാൻ ശ്രീ-
ഹരി രക്ഷിക്കും മഴപെയ്യിച്ചി,ട്ടിന്ദ്രനെപ്പോൽ. 8
ശുദ്ധസ്മിതത്താൽ മനോഹരമായനുരാഗം
പ്രത്യക്ഷമാക്കും ചാരുകടാക്ഷം കലർന്നതാം
വദനേന്ദുവാലിവൻ ലോകരെയാകമാനം
മദിപ്പിച്ചാനന്ദാബ്ധിതന്നിലാറാടിച്ചിടും. 9
എങ്ങുപോയെപ്പോളെന്തുചെയ്യുമെന്നൊന്നും തന്നെ-
യെങ്ങുമാരെയുമേതും ധരിപ്പിച്ചീടാത്തോനായ്
ഗൗരവകാര്യങ്ങളുള്ളവനായ് ഭണ്ഡാരത്തെ
നേരേ സൂക്ഷിക്കുവോനായനന്തമഹിമാവായ്
ഉത്തുംഗഗുണാഢ്യനാമിപ്പൃഥുഭൂപൻ പാശി-
ക്കൊത്തു സംവൃതാത്മാവായേറവും ശോഭി-ച്ചിടും. 10
വേനനാമരണിയിൽനിന്നു സംജാതനാമി-
ക്ഷോണീശവൈശ്വാനരനാരാലുമദ്ധൃഷ്യനാം
അരികത്തിരുന്നാലുമരികൾക്കടുക്കുവാ-
നരുതായ്കയാൽ ദൂരസംസ്ഥിതനത്രേയിവൻ
അസഹനീയനായിദ്ദുരാസദനുമാമീ-
രസാധീശ്വരനൊത്താലസമാനപ്രാഭവൻ. 11
അന്തരംഗങ്ങൾകൊണ്ടും ബാഹ്യങ്ങളാലും ചെയ്യും
ജന്തുകർമ്മങ്ങളെല്ലാം വീക്ഷിച്ചു സാക്ഷിമട്ടിൽ
ഉദാസീനനായിരുന്നീടുമിന്നൃപൻ ദേഹ-
യുതന്മാർക്കെല്ലാം പ്രാണവായുപോലുല്ല-സിപ്പൂ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാദണ്ഡ്യം ദണ്ഡയത്യേഷ സുതമാത്മദ്വിഷാമപി
ദണ്ഡയത്യാത്മജമപി ദണ്ഡ്യം ധർമ്മപഥേ സ്ഥിതഃ. 13
അസ്യാപ്രതിഹതം ചക്രം പൃഥോരാമാനസാചലാത്
വർത്തതേ ഭഗവാനർക്കോ യാവത്തപതി ഗോഗണൈഃ. 14
രഞ്ജയിഷ്യതി യല്ലോകമയമാത്മവിചേഷ്ടിതൈഃ
അഥാമുമാഹു രാജാനം മനോരഞ്ജനകൈഃ പ്രജാഃ. 15
ദൃഢവ്രതഃ സത്യസന്ധോ ബ്രഹ്മണ്യോ വൃദ്ധസേവകഃ
ശരണ്യഃ സർവ്വഭൂതാനാം മാനദോ ദീനവത്സലഃ 16
മാതൃഭക്തിഃ പരസ്ത്രീഷു, പത്ന്യാമർദ്ധ ഇവാത്മനഃ
പ്രജാസു പിതൃവത് സ്നിഗ്ദ്ധഃ കിംകരോ ബ്രഹ്മവാദിനാം. 17
ദേഹിനാമാത്മവൽ പ്രേഷ്ഠഃ സുഹൃദാം നന്ദിവർദ്ധനഃ
മുക്തസംഗപ്രസംഗോഽയം ദണ്ഡപാണിരസാധുഷു. 18
അയം തു സാക്ഷാദ് ഭഗവാംസ്ത്ര്യധീശഃ
കൂടസ്ഥ ആത്മാ കലയാവതീർണ്ണഃ
യസ്മിന്നവിദ്യാരചിതം നിരർത്ഥകം
പശ്യന്തി നാനാത്വമപി പ്രതീതം. 19
അയം ഭുവോ മണ്ഡലമോദയാദ്രേ-
ർഗ്ഗോപ്തൈകവീരോ നരദേവനാഥഃ
ആസ്ഥായ ജൈത്രം രഥമാത്തചാപഃ
പര്യസ്യതേ ദക്ഷിണതോ യഥാർക്കഃ. 20
അസ്മൈ നൃപാലാഃ കില തത്ര തത്ര
ബലിം ഹരിഷ്യന്തി സലോകപാലാഃ
മംസ്യന്ത ഏഷാം സ്ത്രിയ ആദിരാജം
ചക്രായുധം തദ്യശ ഉദ്ധരന്ത്യഃ. 21
അയം മഹീം ഗാം ദുദുഹേഽധിരാജഃ
പ്രജാപതിർവൃത്തികരഃ പ്രജാനാം
യോ ലീലയാദ്രീൻ സ്വശരാസകോട്യാ
ഭിന്ദൻ സമാം ഗാമകരോദ്യഥേന്ദ്രഃ. 22
വിസ്ഫൂർജ്ജയന്നാജഗവം ധനുഃ സ്വയം
യദാചരത് ക്ഷ്മാമവിഷഹ്യമാജൗ
തദാ നിലില്യുർദിശി ദിശ്യസന്തോ
ലാംഗൂലമുദ്യമ്യ യഥാ മൃഗേന്ദ്രഃ. 23
ഏഷോഽശ്വമേധാൻ ശതമാജഹാര
സരസ്വതീ പ്രാദുരഭാവി യത്ര
അഹാരഷീദ്യസ്യ ഹയം പുരന്ദരഃ
ശതക്രതുശ്ചരമേ വർത്തമാനേ. 24
ഏഷ സ്വസദ്മോപവനേ സമേത്യ
സനത്കുമാരം ഭഗവന്തമേകം
ആരാധ്യ ഭക്ത്യാ ലഭതാമലം തദ്
ജ്ഞാനം യതോ ബ്രഹ്മ പരം വിദന്തി. 25
തത്ര തത്ര ഗിരസ്താസ്താ ഇതി വിശ്രുതവിക്രമഃ
ശ്രോഷ്യത്യാത്മാശ്രിതാ ഗാഥാഃ പൃഥുഃ പൃഥുപരാക്രമഃ. 26
ദിശോ വിജിത്യാപ്രതിരുദ്ധചക്രഃ
സ്വതേജസോത്പാടിതലോകശല്യഃ
സുരാസുരേന്ദ്രൈരുപഗീയമാന-
മഹാനുഭാവോ ഭവിതാ പതിർഭുവഃ''. 27

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ഷോഡശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മമാർഗ്ഗസ്ഥനാമീ രാജാവു ദണ്ഡ്യനായി-
ത്തൻമകൻ തീർന്നീടിലും ശിക്ഷിക്കാതൊഴി-
ച്ചിടാ.

അദണ്ഡ്യനാകിൽ തൻെറ ശത്രുവിൽപ്പോലു-
മേയീ
ക്ഷിതിനായകൻ ദണ്ഡമേല്പിക്കെന്നതുമില്ല. 13

അപ്രതിഹതമാകുമിപ്പൃഥുചക്രമക്ക-
ദീപ്തിമട്ടെത്തിടുന്ന മാനസാചലംവരെ. 14

മനോരഞ്ജകങ്ങളാം കർമ്മങ്ങളാലിദ്ദേഹം
ജനരഞ്ജനംചെയ്യും യഥാർത്ഥരാജാവത്രേ. 15

സത്യസന്ധനും ദൃഢവ്രതനും വിപ്രഭക്തി-
യത്യന്തമാളുവോനും വൃദ്ധസജ്ജനങ്ങളെ
നിത്യവും സേവിപ്പോനും സകലഭൂതങ്ങൾക്കു-
മത്തലിൽ ശരണ്യനും മാനദാതാവും പരം
ദുഃഖിതജനങ്ങളിൽക്കാരുണ്യം വേണ്ടപോലെ
വായ്ക്കുന്ന ഗുണാഢ്യനമായിരിക്കുമി-
ബ്ഭൂപൻ. 16

പരസ്ത്രീജനത്തിൽ സ്വമാതാവിൽപ്പോലെ
ഭക്തി
പെരുത്തോൻ, സ്വഭാര്യയിലർദ്ധാംഗസമവ്രതൻ
സ്വപ്രജകളിൽ പിതൃവാത്സല്യമേലുന്നവൻ
ചൊല്ലൊണ്ടും വേദജ്ഞന്മാർക്കെപ്പൊഴുതിലും
ദാസൻ. 17

ഇവനെയെല്ലാവരും സ്നേഹിക്കും പ്രാണതുല്യ-
മിവൻ സ്നേഹിതന്മാർക്കു വളർത്തും നിത്യം സുഖം.
മുക്തസംഗന്മാരുമായ് സംഗമിച്ചീടും നിത്യ-
മക്രമികൾക്കൊക്കെയൊരന്തകനായും
നില്ക്കും. 18

അവിദ്യാവിനിർമ്മിതനാനാത്വവിഹീനനാ-
യവികാരിയായന്തര്യാമിയായ് വിളങ്ങിടും
അച്യുതസ്വാമിതാനേ നിജാംശത്തോടുകൂടി
സ്വേച്ഛയാലവതാരമാർന്നതാണിമ്മഹാത്മാ. 19

വീരാഗ്രേസരനായി നരദേവാധീശനാ-
മീരാജൻ, വില്ലാർന്നു തൻ ജൈത്രസ്യന്ദനമേറി
ഉദയാചലംമുതല്ക്കുള്ള പാരിടം കാത്തു
കതിരോന്മട്ടു വലംചുററിസ്സഞ്ചരിച്ചിടും. 20

ജൈത്രയാത്രയിലങ്ങിങ്ങിമ്മഹാനെത്തീ-
ടുമ്പോഴ
തത്രസ്ഥദിക്പാലരും സാമന്തഭൂപാലരും
കല്പമിബ്ഭൂപന്നേകിയർച്ചിക്കും തത്പത്നിക-
ളെപ്പേരും വാഴ്ത്തും, ചക്രായുധനെന്നുറച്ചിടും. 21

എന്തൊക്കെ പ്രജാവലിക്കാവശ്യമുണ്ടതെല്ലാം
ചിന്തിച്ചു സമുച്ചയിച്ചീടുമിച്ചക്രവർത്തി
പിന്നെഗ്ഗോരൂപമാളും ഭൂമിയെക്കറന്നീടു-
മിന്നൻമട്ടദ്രികളെബ്ഭേദിച്ചു ചാപാഗ്രത്താൽ
പെട്ടെന്നുതാനേ തട്ടിനിരത്തിദ്ധരിത്രിയെ
തട്ടൊത്ത സമതലമാക്കിയിട്ടിടും ക്ഷണാൽ. 22

കേസരി വാലുയർത്തീട്ടെന്നപോൽ
സ്വയമിബ്ഭൂ-
വാസവനാജഗവധനുസ്സു ശബ്ദിപ്പിച്ചു
സഞ്ചരിച്ചീടുംനേരം ചഞ്ചലചിത്തരായി-
ട്ടഞ്ചാതെ പേടിച്ചോടിയൊളിക്കും ദുഷ്ടക്കൂട്ടം. 23

അസ്സരസ്വതീനദീജന്മസ്ഥാനത്തുവച്ചി-
ട്ടശ്വമേധങ്ങൾ നൂറു നടത്തീടുമിദ്ധന്യൻ
അന്ത്യയാഗത്തിൽ സ്വന്തഃസ്ഥാനനഷ്ടത്തിൽ
ഭയാ-
ക്രാന്തനായ് ശതക്രതു ഹരിക്കും യാഗാ-
ശ്വത്തെ. 24

നഗരാന്തികത്തിലെ മലർവാടിയിൽവച്ചു
ഭഗവാനാകും സനത്കുമാരമഹർഷിയെ
മാനിച്ചു ഭക്തിപൂർവ്വം പൂജിച്ചു മുക്തിപ്രദം
ജ്ഞാനവും സമ്പാദിച്ചു മിന്നുമിദ്ധന്യാ-
ഗ്രണി. 25

ഇമ്മഹാൻ സഞ്ചാരത്തിൽക്കവീന്ദ്രനി-
ർമ്മിതം സ്വ-
സംബന്ധിപ്രബന്ധങ്ങളങ്ങങ്ങു ചൊല്ലി-
ക്കേൾക്കും.

ദിക്കെല്ലാം ജയിച്ചു തൻ കല്പന നടപ്പാക്കി-
യുൽക്കടാക്രമികളെ നിശ്ശേഷം നശിപ്പിച്ചു
ദേവാസുരാധിപന്മാരെല്ലാരും വാഴ്ത്തുമന-
ഭാവത്തോടൊത്തു ലോകപാലനായ്ബ്ഭവി-
ച്ചീടും.'' 26–27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തദശോഽധ്യായഃ

മൈത്രേയ ഉവാച

ഏവം സ ഭഗവാൻ വൈന്യഃ ഖ്യാപിതോ ഗുണകർമ്മഭിഃ
ഛന്ദയാമാസ താൻ കാമൈഃ പ്രതിപൂജ്യാഭിനന്ദ്യ ച. 1
ബ്രാഹ്മണപ്രമുഖാൻ വർണ്ണാൻ ഭൃത്യാമാത്യപുരോധസഃ
പൗരാഞ്ജാനപദാൻ ശ്രേണീഃ പ്രകൃതീഃ സമപൂജയത്. 2

വിദുര ഉവാച

കസ്മാദ്ദധാര ഗോരൂപം ധരിത്രീ ബഹുരൂപിണീ
യാം ദുദോഹ പൃഥുസ്തത്ര കോ വത്സോ ദോഹനം ച കിം? 3
പ്രകൃത്യാ വിഷമാ ദേവീ കൃതാ തേന സമാ കഥം
തസ്യ മേധ്യം ഹയം ദേവഃ കസ്യ ഹേതോരപാഹരത്. 4
സനത്കുമാരാദ്ഭഗവതോ, ബ്രഹ്മൻ, ബ്രഹ്മവിദുത്തമാത്
ലബ്ധ്വാ ജ്ഞാനം സവിജ്ഞാനം രാജർഷിഃ കാം ഗതിം ഗതഃ? 5
യച്ചാന്യദപി കൃഷ്ണസ്യ ഭവാൻ ഭഗവതഃ പ്രഭോഃ
ശ്രവഃ സുശ്രവസഃ പുണ്യം പൂർവ്വദേഹകഥാശ്രയം. 6
ഭക്തായ മേഽനുരക്തായ തവ ചാധോക്ഷജസ്യ ച
വക്തുമർഹസി യോഽദുഹ്യദ്വൈന്യരൂപേണ ഗാമിമാം. 7

സൂത ഉവാച

ചോദിതോ വിദുരേണൈവം വാസുദേവകഥാം പ്രതി
പ്രശസ്യ തം പ്രീതമനാ മൈത്രേയഃ പ്രത്യഭാഷത. 8

മൈത്രേയ ഉവാച

യദാഭിഷിക്തഃ പൃഥുരംഗ, വിപ്രൈ-
രാമന്ത്രിതോ ജനതായാശ്ച പാലഃ
പ്രജാ നിരന്നേ ക്ഷിതിപൃഷ്ഠ ഏത്യ
ക്ഷുത്ക്ഷാമദേഹാഃ പതിമഭ്യവോചൻ. 9
''വയം രാജഞ്ജാഠരേണാഭിതപ്താ
യഥാഗ്നിനാ കോടരസ്ഥേന വൃക്ഷാഃ
ത്വാമദ്യ യാതാഃ ശരണം ശരണ്യം
യഃ സാധിതോ വൃത്തികരഃ പതിർന്നഃ. 10
തന്നോ ഭവാനീഹതു രാതവേഽന്നം
ക്ഷുധാർദ്ദിതാനാം നരദേവദേവ!
യാവന്ന നങ്ക്ഷ്യാമഹ ഉജ്ഝിതോർജ്ജാ
വാർത്താപതിസ്ത്വം കില ലോകപാലഃ.'' 11

മൈത്രേയ ഉവാച

പൃഥുഃ പ്രജാനാം കരുണം നിശമ്യ പരിദേവിതം
ദീർഘം ദധ്യൗ, കുരുശ്രേഷ്ഠ, നിമിത്തം സോഽന്വപദ്യത. 12
ഇതി വ്യവസിതോ ബുദ്ധ്യാ പ്രഗൃഹീതശരാസനഃ
സന്ദധേ വിശിഖം ഭൂമേഃ ക്രുദ്ധസ്ത്രിപുരഹാ യഥാ. 13
പ്രവേപമാനാ ധരണീ നിശാമ്യോദായുധം ച തം
ഗൗഃ സത്യപാദ്രവദ്ഭീതാ മൃഗീവ മൃഗയുദ്രുതാ. 14
താമന്വധാവത്തദ്വൈന്യഃ കുപിതോഽത്യരുണേക്ഷണഃ
ശരം ധനുഷി സന്ധായ യത്ര യത്ര പലായതേ. 15
സാ ദിശോ വിദിശോ ദേവീ രോദസീ ചാന്തരം തയോഃ
ധാവന്തീ തത്ര തത്രൈനം ദദർശാനൂദ്യതായുധം. 16
ലോകേ നാവിന്ദത ത്രാണം വൈന്യാൻ മൃത്യോരിവ പ്രജാഃ
ത്രസ്താ തദാ നിവവൃതേ ഹൃദയേന വിദൂയതാ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 17

പൃഥു ചരിതം—ഭൂശാസനം

മൈത്രേയൻ പറഞ്ഞു

നാനാപദാനങ്ങളെയീവിധം ക്രമാധികം
തേനോലുംവാക്യങ്ങളാൽ സ്തുതിച്ച സൂതാദിയെ
വേനാത്മജാതനാകും ഭഗവാൻ പൃഥുഭൂപൻ
മാനിച്ചു നന്ദിച്ചിഷ്ടദാനത്താൽത്തോഷിപ്പി-
ച്ചാൻ. 1
ബ്രാഹ്മണാദിയാം നാലുജാതിക്കാരെയും
പിന്നെ-
യമ്മട്ടു പുരോഹിതാമാത്യഭൃത്യന്മാരെയും
നഗരപ്രഭുസമൂഹത്തെയും ഗ്രാമവാസീ-
നികരത്തെയും തഥാ വ്യാപാരിസംഘത്തെയും
സാമാന്യജനത്തെയുമൊന്നുപോൽ സത്കരി-
ച്ചാൻ
കാമിതമശേഷവുമേകിയബ്ഭൂകാമുകൻ. 2

വിദുരൻ പറഞ്ഞു

ബഹുരൂപിണി ഭൂമിയെന്തിനായ് ഗോ-
രൂപത്തെ
വഹിച്ചു? കറന്നല്ലോ പൃഥുവപ്പശുവിനെ.
ഏതു കുട്ടിയെക്കൊണ്ടായിരുന്നു കുടിപ്പിച്ചു-
തേതൊരു പാത്രത്തിലായിരുന്നു കറന്നതും? 3
പ്രിലെടം കുന്നും മറ്റുചിലെടം കുണ്ടുമാമീ-
യിളയെയേതുമട്ടിൽ തട്ടൊത്തനിരപ്പാക്കി?
പൃഥുവിൻ യജ്ഞാശ്വത്തെയെന്തിനായിട്ടാ-
വല-
മഥനൻ ഹരിച്ചിതു നൂറാമദ്ധ്വരത്തിങ്കൽ? 4
മുനിമാർമണേ! ബ്രഹ്മവിത്തമോത്തമനാമ-
സ്സനത്കുമാരൻ മുനിതന്നിൽനിന്നമ്മന്നവൻ
ജ്ഞാനവും വിജ്ഞാനവും ലഭിച്ചശേഷമവ-
സാനകാലത്തിലാർന്ന ഗതിയുമേതാം
ചൊൽക? 5
പാവനയശസ്വിയാം ഭഗവാൻ കൃഷ്ണൻതന്റെ
പൂർവ്വാങ്ഗമാർന്നമിന്നമമ്മഹീമണാളന്റെ
പുണ്യപ്രദങ്ങളാകുമദ്ഭുതകർമ്മങ്ങളെ-
യൊന്നോടെ ഭവാന്റെയും ഭഗവാൻ കൃഷ്ണന്റെയും
ഭക്തമുഖ്യനുമനുരക്തനുമാകുമെന്നോ-
ടുരക്കനിവാർന്നങ്ങിപ്പോളരുളിച്ചെയ്തീടണം. 6-7

സൂതൻ പറഞ്ഞു

വാസുദേവാവതാരമാകിയ പൃഥുവിന്റെ
ഭാസുരകഥ കേൾപ്പാനൗത്സുക്യം വളർന്നിടും
വിദുരൻതന്നാലേവം ചോദിതനായീടുമാ-
പ്രഥിതമുനീശ്വരൻ മുദിതനായിച്ചൊന്നാൻ. 8

മൈത്രേയൻ പറഞ്ഞു

വിപ്രന്മാർ പൃഥുവിനെയഭിഷേകംകഴിച്ചി-
ട്ടപ്പോഴാ പ്രജാളിതൻപാലനെന്നാമന്ത്രിച്ചു
അപ്പോഴേ വിശപ്പിനാൽ തളർന്ന കാർശ്യമാർന്നോ-
രാപ്പ്രജാവൃന്ദമന്നമറ്റൊരബ്ഭൂതലത്തിൽ
പെട്ടെന്നു തിങ്ങിക്കൂടിയാ മന്നൻതന്നോടായി-
പ്പട്ടിണിപ്പാടു താണുവീണുകേണറിയിച്ചാർ. 9
''മന്നവശിഖാമണേ! കോടരത്തിൽ ജ്വലിക്കും
വഹ്നിയാ വൃക്ഷത്തെപ്പോൽ, ഞങ്ങളെജ്ജാ-
ഠരാഗ്നി
ചുട്ടിടു,ന്നീ ഞങ്ങളെ രക്ഷിച്ചീടുവാൻ കട-
പ്പെട്ടീടുമങ്ങേ ഞങ്ങൾ ശരണംഗമിക്കുന്നു. 10
പട്ടിണിമൂലം മൃതപ്രായരാം ഞങ്ങൾക്കന്നം
പെട്ടെന്നു ചാവുംമുൻപേ തരുവാൻ കല്പിച്ചാലും.
അല്ലയോ നൃപശ്രേഷ്ഠാ! നിന്തിരുവടിതന്നെ-
യല്ലയോ ഞങ്ങൾക്കെഴുമേകരക്ഷിതാവി-
പ്പോൾ.'' 11

മൈത്രേയൻ പറഞ്ഞു

ജനസങ്കടമേവം നേരിട്ടു കണ്ടും കേട്ടും
തനിയേ ദീർഘം ചിന്തിച്ചറിഞ്ഞാനതിൻ
ഹേതു. 12
പെട്ടെന്നു പിന്നെ ത്ര്യക്ഷൻമട്ടു രുഷ്ടനായ് വി-
പൂട്ടിട്ടു തൊടുത്താനക്ഷോണിതൻ നേരേ
ബാണം. 13
അമ്പു, തൻ നേർക്കയയ്ക്കാനന്നിടും മന്നനെക്ക-
ണ്ടമ്പരന്നിളയൊരു ഗോരൂപം ധരിച്ചുടൻ
വേടനെപ്പേടിച്ചോടും പേടമാനെന്നവണ്ണ-
മാടലോടതിദ്രുതം ഭയന്നു മണ്ടീടിനാൾ. 14
മന്നനും ക്രുദ്ധനായിക്കൺചുവപ്പിച്ചുകൊണ്ടു
പിന്നാലെ പാഞ്ഞപ്പശുപോയ മാർഗ്ഗത്തി-
ലെല്ലാം
തുടർന്നുമിടയ്ക്കമ്പുതൊടുത്തും വീണ്ടും പാഞ്ഞു-
മിടരെന്നിയേയനുധാവനംചെയ്തീടിനാൻ. 15
ശീഘ്രഗാമിനിയാമബ്ഭൂവായ ഗോവങ്ങനെ
ദിക്കുകൾ നാലും ചതുഷ്കോണങ്ങൾ മന്നും വിണ്ണും
ഇടയിലെഴും നഭസ്സിസ്ഥലങ്ങളിലെല്ലാം
കടന്നാൾ, ചാപപാണി നൃപനുംകൂടെത്തി-
നാൻ. 16
കാലനിൽനിന്നുംജനപാളിയെപ്പോ,ലിമ്മഹീ-
പാലനിൽനിന്നു തന്നെപ്പാലിപ്പാനീ
ലോകത്തിൽ
ആരെയും കാണാഞ്ഞേറ്റം ഭീതയായവൾ
പിന്നെ-
യാരഴൽ കലർന്നോട്ടം നിറുത്തിനിന്നിട്ടുടൻ, 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉവാച ച മഹാഭാഗം, ''ധർമ്മജ്ഞാപന്നവത്സല
ത്രാഹി മാമപി ഭൂതാനാം പാലനേഽവസ്ഥിതോ ഭവാൻ. 18

സ ത്വം ജിഘാംസസേ കസ്മാദ്ദീനാമകൃതകില്ബിഷാം
അഹനിഷ്യത് കഥം യോഷാം ധർമ്മജ്ഞ ഇതി യോ മതഃ? 19

പ്രഹരന്തി ന വൈ സ്ത്രീഷു കൃതാഗസ്സ്വപി ജന്തവഃ
കിമുത ത്വദ്വിധാ രാജൻ കരുണാ ദീനവത്സലാഃ. 20

മാം വിപാട്യാജരാം നാവം യത്ര വിശ്വം പ്രതിഷ്ഠിതം
ആത്മാനം ച പ്രജാശ്ചേമാഃ കഥമംഭസി ധാസ്യസി.'' 21

പൃഥുരുവാച

വസുധേ ത്വാം വധിഷ്യാമി മച്ഛാസനപരാങ്മുഖീം
ഭാഗം ബർഹിഷി യാ വൃങ്ക്തേ ന തനോഷി ച നോ വസു. 22

യവസം ജഗ്ധ്യനുദിനം നൈവ ദോഗ്ധ്യൗധസം പയഃ
തസ്യാമേവം ഹി ദുഷ്ടായാം ദണ്ഡോ നാത്ര ന ശസ്യതേ. 23

ത്വം ഖല്വോഷധിബീജാനി പ്രാക്സൃഷ്ടാനി സ്വയംഭുവാ
ന മുഞ്ചസ്യാത്മരുദ്ധാനി മാമവജ്ഞായ മന്ദധീഃ. 24

അമൂഷാം ക്ഷുത്പരീതാനാമാർത്താനാം പരിദേവിതം
ശമയിഷ്യാമി മദ്ബാണൈർഭിന്നായാസ്തവ മേദസാ. 25

പുമാൻ യോഷിദുത ക്ലീബ ആത്മസംഭാവനോഽധമഃ
ഭൂതേഷു നിരനുക്രോശോ നൃപാണാം തദ്വധോഽവധഃ. 26

ത്വാം സ്തബ്ധാം ദുർമ്മദാം നീത്വാ മായാഗാം തിലശഃ ശരൈഃ
ആത്മയോഗബലേനേമാ ധാരയിഷ്യാമ്യഹം പ്രജാഃ. 27

ഏവം മന്യുമയീം മൂർത്തിം കൃതാന്തമിവ ബിഭ്രതം
പ്രണതാ പ്രാഞ്ജലിഃ പ്രാഹ മഹീ സഞ്ജാതവേപഥുഃ. 28

പൃഥിവ്യുവാച

നമഃ പരസ്മൈ പുരുഷായ മായയാ
വിന്യസ്തനാനാതനവേ ഗുണാത്മനേ
നമഃ സ്വരൂപാനുഭവേന നിർധുത-
ദ്രവ്യക്രിയാകാരകവിഭ്രമോർമ്മയേ. 29

യേനാഹമാത്മായതനം വിനിർമ്മിതാ
ധാത്രാ യതോഽയം ഗുണസർഗ്ഗസംഗ്രഹഃ
സ ഏവ മാം ഹന്തുമുദായുധഃ സ്വരാ-
ഡുപസ്ഥിതോഽന്യം ശരണം കമാശ്രയേ? 30

യ ഏതദാദാവസൃജച്ചരാചരം
സ്വമായയാഽഽത്മാശ്രയയാവിതർക്ക്യയാ.
തയൈവ സോഽയം കില ഗോപ്തുമുദ്യതഃ
കഥം നു മാം ധർമ്മപരോ ജിഘാംസതി? 31

നൂനം ബതേശസ്യ സമീഹിതം ജനൈ-
സ്തന്മായയാ ദുർജ്ജയയാകൃതാത്മഭിഃ
ന ലക്ഷ്യതേ യസ്ത്വകരോദകാരയ-
ദ്യോഽനേക ഏകഃ പരതശ്ച ഈശ്വരഃ. 32

സർഗ്ഗാദി യോഽസ്യാനുരുണദ്ധി ശക്തിഭിർ-
ദ്രവ്യക്രിയാകാരകചേതനാത്മഭിഃ
തസ്മൈ സമുന്നദ്ധനിരുദ്ധശക്തയേ
നമഃ പരസ്മൈ പുരുഷായ വേധസേ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ധർമ്മജ്ഞാ! വിപജ്ജനവത്സലാ! ഭവാൻ
ദുഃഖ-
നിർമ്മഗ്നയാകുമെന്നെ രക്ഷി'' 'ക്കെന്നഭ്യർത്ഥി-
ച്ചാൾ.
''അങ്ങുന്ന ഭൂതങ്ങളെപ്പാലിക്കും വിഷയത്തിൽ
സംഗതാത്മാവാണല്ലോ ഭൂപാലശിഖാമണേ! 18
ധർമ്മജ്ഞനെന്നു പാരിൽ പേരിയന്നീടും ഭവാ-
നിർമ്മട്ടിലപരാധാപേതയാമീ ദീനയെ
കൊല്ലുവാനിച്ഛിപ്പതെന്തതിലും വിശേഷിച്ച
നല്ലാർജനത്തെയങ്ങുന്നെങ്ങനെ കൊല-
ചെയ്യും? 19
പിഴചെയ്താലുമാരും സ്ത്രീകളെക്കൊല്ലാറില്ലി-
പ്പൊഴുതിൽ കൃപാത്മാവങ്ങെന്തതിനുദ്യമി-
പ്പാൻ. 20
വിശ്വത്തെ നിലനിർത്തിബ്ഭാനിക്കും
ഞാനാകുമി-
ശ്ശശ്വത്താംനൗക മുടിച്ചംബുവിലാഴ്ത്തിയെന്നാൽ
മന്നവാ! ഭവാനുമീ ജനതാസമൂഹവും
പിന്നെയാവസിച്ചീടും സ്ഥലമേതെന്നു-
ചൊൽക. 21

പൃഥു പറഞ്ഞു

എന്നാജ്ഞ കൈക്കൊള്ളാതെയിരിക്കും
നിന്നെയീ ഞാ-
നിന്നു കൊല്ലുവാൻതന്നെയുറച്ചു വസുന്ധരേ!
യാഗഭാഗത്തെയെന്നും ഭുജിക്കും നീയെന്തുകൊ-
ണ്ടേകുന്നതില്ല ഞങ്ങൾക്കാഹാരപദാർത്ഥ-
ങ്ങൾ? 22
ഇഷ്ടംപോൽ പുല്ലുതിന്നിട്ടൊട്ടുമേ ചുരത്താത്ത
ദുഷ്ടയാം പശുവിനെ ദണ്ഡിച്ചാലില്ല
ദോഷം. 23
ബ്രഹ്മനിർമ്മിതമാകുമൗഷധവീര്യമെല്ലാം
നമ്മെയും വിഗണിച്ചു മൂഢേ! നീയടക്കയോ? 24
ക്ഷുത്തിനാൽ പീഡിക്കുന്ന ജനങ്ങൾതൻ
കരച്ചിൽ
തീർത്തിടും നിന്നെക്കീറി നിന്റെ മേദസ്സിനാൽ
ഞാൻ. 25
നാരിയോ പുരുഷനോ ക്ലീബമോയെന്താകില്ല-
മാരുമില്ലെന്നിൽക്കവിഞ്ഞെന്നഹമ്മതിപൂണ്ടു
കരുണയെന്യേ ജന്തുനിരയെപ്പീഡിപ്പിക്കും
പരിഷതൻവധം ഭൂവരന്നു വധമല്ല. 26
ദുർമ്മദയായിസ്തബ്ധയായിടും മായാഗോവാം
നിന്മേനിയെൾപ്രായം ഞാനംശാംശമായി-
ക്കീറി
ഇപ്രജകളെയെല്ലാമെൻ യോഗശക്തിയാലേ
ക്ഷിപ്രമുദ്ധരിച്ചു സംരക്ഷിച്ചുകൊണ്ടീടുവൻ. 27

ഇങ്ങനെ ചൊല്ലി ക്രോധമൂർത്തിയായ് നില്ലും
നൃപ-
പുങ്ഗവൻതന്നെക്കണ്ടു മേദിനി ഭയന്നുടൻ
പാദപ്രണാമംചെയ്തു വേപഥുഗാത്രയായി
സാദരം കൈകൾ കൂപ്പിച്ചൊല്ലിനാളിപ്രകാരം.
28

പൃഥിവി പറഞ്ഞു

മായയാൽ നാനാശരീരങ്ങളെധരിച്ചിടും
മായാഗുണാതീതനാം ഭവാനെ നമിക്കുന്നേൻ.
ദ്രവ്യക്രിയാകാരകവിഭ്രമോർമ്മികളായ
സർവവും സ്വരൂപാനുഭൂതിയാൽ നശിപ്പിക്കും
പരമപുമാനായിട്ടാദ്യനായവ്യക്തനാം
പരമാത്മാവേ! ഭവാനായ്ക്കൊണ്ടു നമസ്കാരം. 29
ജീവജാലത്തിൻ വാസസ്ഥാനമായീടുമെന്നെ-
യീവിധം സൃഷ്ടിച്ചതാ,രാരനുഗ്രഹിക്കയാൽ
എന്നിലാ സൃഷ്ടിവർഗ്ഗം സ്ഥിതിചെയ്തീടുന്നതു-
മിന്നസ്വരാട്ടതന്നെയെന്നെ സംഹരിക്കുവാൻ
മന്യുവാന്നായുധവുമുയർത്തി വന്നീടുകിൽ
പിന്നെയാരുണ്ടെനിക്കു ശരണ്യനായി-
ട്ടൊരാൾ? 30
ആക്കുംതാൻ ദുരൂഹമാം തൻമായാവൈഭ-
വത്താ-
ലിക്കാണും ചരാചരം നിർമ്മിച്ച ദേവൻ സ്വയം
ആ മായാബലത്തിനാൽ പ്രജാപാലനത്തി-
നായ്
ഭൂമിയിൽ പൃഥുനാമം പൂണ്ടവതരിച്ചിതു.
നിന്തിരുവടിയഖിലാശ്രയയാകുമെന്നെ
ഹന്ത! കൊല്ലുവാനുദ്യമിപ്പതു യുക്തമാണോ? 31
ഏതൊരീശ്വരൻ സ്വതേയേകൻ സ്വപ്രകൃതി-
തൻ
സ്ഥിതശക്തിയാൽ പിന്നെയനേകനായി-
ത്തീർന്നോ
ആദിയിൽ സൃഷ്ടിക്കയും സൃഷ്ടിപ്പിക്കയും-
ചെയ്‌വ-
തേതൊരു ദേവനാണോ ദുർജ്ജയമായയാലേ
അത്തിരുമേനിക്കെഴുമിങ്ഗിതമെന്തെന്നാത്മ-
തത്ത്വജ്ഞരല്ലാത്തവരറിയുന്നില്ല ചിത്രം! 32
പഞ്ചഭൂതേന്ദ്രിയങ്ങൾ, കാരകദൈവതങ്ങൾ
ചഞ്ചലമററ ബുദ്ധി,യഹന്തതൊട്ടുള്ളതാം
സ്വന്തശക്തിയാലാരിപ്രപഞ്ചം തീർത്തു-
കാത്തി-
ട്ടന്തവുമണയ്ക്കുന്നു ലീലയായ് നിരന്തരം
സ്വശക്തിയാവശ്യംപോൽ പ്രകാശിപ്പിക്കു-
വാനു-
മൾക്കുമടക്കാനുമെപ്പൊഴും കെല്പാന്നിടും
അന്തര്യാമിയാകുമാ നിന്തിരുവടിതന്നെ
സന്താപമഗ്നയാം ഞാൻ നമസ്കരിച്ചീടുന്നു. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ വൈ ഭവാനാത്മവിനിർമ്മിതം ജഗത്
ഭൂതേന്ദ്രിയാന്തഃകരണാത്മകം വിഭോ!
സംസ്ഥാപയിഷ്യന്നജ മാം രസാതലാ-
ദഭ്യുജ്ജഹാരാംഭസ ആദിസൂകരഃ. 34

അപാമുപസ്ഥേ മയി നാവ്യവസ്ഥിതാഃ
പ്രജാ ഭവാനദ്യ രിരക്ഷിഷുഃ കില
സ വീരമൂർത്തിഃ സമഭൂദ്ധരാധരോ
യോ മാം പയസ്യുഗ്രശരോ ജിഘാംസസി. 35

നൂനം ജനൈരീഹിതമീശ്വരാണാ-
മസ്മദ്വിധൈസ്തദ്ഗുണസർഗ്ഗമായയാ
ന ജ്ഞായതേ മോഹിതചിത്തവർത്മഭി-
സ്തേഭ്യോ നമോ വീരയശസ്കരേഭ്യഃ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ധരിത്രീനിഗ്രഹോ നാമ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

മൈത്രേയ ഉവാച

ഇത്ഥം പൃഥുമഭിഷ്ടൂയ രുഷാ പ്രസ്ഫുരിതാധരം
പുനരാഹാവനിർഭീതാ സംസ്തഭ്യാത്മാനമാത്മനാ. 1

''സംനിയച്ഛാഭിഭോ മന്യും നിബോധ ശ്രാവിതം ച മേ
സർവ്വതഃ സാരമാദത്തേ യഥാ മധുകരോ ബുധഃ. 2

അസ്മിംല്ലോകേഽഥവാമുഷ്മിന്മുനിഭിസ്തത്ത്വദർശിഭിഃ
ദൃഷ്ടാ യോഗാഃ പ്രയുക്താശ്ച പുംസാം ശ്രേയഃപ്രസിദ്ധയേ. 3

താനാതിഷ്ഠതി യഃ സമ്യഗുപായാൻ പൂർവ്വദർശിതാൻ
അവരഃ ശ്രദ്ധയോപേത ഉപേയാൻ വിന്ദതേഽഞ്ജസാ. 4

താനനാദൃത്യ യോ വിദ്വാനർത്ഥാനാരഭതേ സ്വയം
തസ്യ വ്യഭിചരന്ത്യർത്ഥാഃ ആരബ്ധാശ്ച പുനഃ പുനഃ. 5

പുരാ സൃഷ്ടാ ഹ്യോഷധയോ ബ്രഹ്മണാ യാ വിശാമ്പതേ!
ഭുജ്യമാനാ മയാ ദൃഷ്ടാ അസദ്ഭിരധൃതവ്രതൈഃ. 6

അപാലിതാനാദൃതാ ച ഭവദ്ഭിർലോകപാലകൈഃ
ചോരീഭൂതേഽഥ ലോകേഽഹം യജ്ഞാർത്ഥേഽഗ്രസമോഷധീഃ. 7

നൂനം താ വീരുധഃ ക്ഷീണാ മയി കാലേന ഭൂയസാ
തത്ര യോഗേന ദൃഷ്ടേന ഭവാനാദാതുമർഹതി. 8

വത്സം കല്പയ മേ വീര, യേനാഹം വത്സലാ തവ
ധോക്ഷ്യേ ക്ഷീരമയാൻ കാമാനനുരൂപം ച ദോഹനം. 9

ദോഗ്ധാരം ച മഹാബാഹോ ഭൂതാനാം, ഭൂതഭാവന.
അന്നമീപ്സിതമൂർജ്ജസ്വദ് ഭഗവാൻ വാഞ്ഛതേ യദി. 10

സമാം ച കുരു മാം രാജന്ദേവവൃഷ്ടം യഥാ പയഃ
അപർത്താവപി ഭദ്രം തേ ഉപാവർത്തേത മേ വിഭോ!'' 11

ഇതി പ്രിയം ഹിതം വാക്യം ഭുവ ആദായ ഭൂപതിഃ
വത്സം കൃത്വാ മനും പാണാവദുഹത്സകലൗഷധീഃ. 12

തഥാ പരേ ച സർവ്വത്ര സാരമാദദതേ ബുധാഃ
തതോഽന്യേ ച യഥാകാമം ദുദുഹുഃ പൃഥുഭാവിതാം. 13

ഋഷയോ ദുദുഹുർദേവീമിന്ദ്രിയേഷ്വഥ സത്തമ
വത്സം ബൃഹസ്പതിം കൃത്വാ പയശ്ഛന്ദോമയം ശുചി. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വിഭോ! ഭൂതാക്ഷാന്തഃകരണസ്വരൂപമായ്
ഭാവല്ലഭസൃഷ്ടമാമീയുലകം സ്ഥാപിക്കുവാൻ
പന്നിയായ് വന്നങ്ങുന്നു പാതാളംതന്നിൽ
നിന്നു–
മെന്നെയുയർത്തിക്കൊണ്ടുവന്നുറപ്പിച്ചവല്ലോ. 34
അബ്ഭൂമീധരമൂർത്തിയായീടുമങ്ങിദാനീ–
മപ്പിന്നുമീതേ ഞാനാം കപ്പലിൽ സ്ഥിതി–
ചെയ്യും
ഇപ്രജകളെപ്പോററാൻ വീരസ്വരൂപംപൂണ്ടി–
ങ്ങുദ്ഭവിച്ചിരിക്കുന്ന പൃഥുനാമകനായി
അല്പമാംപാലിനിപ്പോളങ്ങെന്നെക്കൊന്നീടു–
വാൻ
കല്പിച്ചതനുചിതംതന്നെയാം മന്നവേന്ദ്രാ! 35
ഈശ്വരമായതന്നാൽ ജ്ഞാനപന്ഥാവായിടു–
മാശയം മോഹിക്കപ്പെട്ടിരിക്കുമെന്നാദൃശർ
അങ്ങേപ്പോലുള്ളോരവതാരമൂർത്തികൾക്കെഴു–
മിങ്ഗിതം ധരിക്കുവാൻ ശക്തരല്ലല്ലോ
തെല്ലും.
ആകയാൽ ഭവാദൃശന്മാരാകും ദിവ്യന്മാരെ–
യേകാന്തഭക്തിപൂർവ്വം നമസ്കരിക്കുന്നു ഞാൻ. 36

അദ്ധ്യായം 18

പൃഥുചരിതം—ഭൂദോഹനം

മൈത്രേയൻ പറഞ്ഞു

ഇത്തരം സ്തുതിച്ചിട്ടുമതിക്രുദ്ധനായ്ച്ചുണ്ടു–
മത്യന്തം വിറപ്പിച്ചുനില്ക്കുമാ പൃഥ്വീശനെ
ഭീതിയാൽ വിവശയാം മേദിനി നോക്കി–
ധീയാൽ
ചേതസ്സുറപ്പിച്ചിട്ടു വീണ്ടുമിങ്ങനെ ചൊന്നാൾ.
1
''അല്ലയോ പ്രഭോ! ക്രോധം സന്ത്യജിച്ചാലും
മമ
ചൊല്ലുകൾ ഭവാൻ നേരേ കേട്ടുകൊണ്ടാലുമേവം
ബുധനായീടും പുമാനേതിലുംനിന്നക്ഷണം
മധുപന്മട്ടിൽ സാരം ഗ്രഹിക്കുമല്ലോ രാജൻ. 2
മനുഷ്യർക്കിഹപരലോകശ്രേയസ്സിന്നെഴു–
മനഘോപായം തത്ത്വദർശികൾ മഹർഷികൾ
മുന്നമേതന്നെ കണ്ടുപിടിച്ചു ലോകർക്കു ത–
ദ്ദുന്നതഫലം കാട്ടിക്കൊടുത്തിട്ടുണ്ടുതാനും. 3
പൂർവ്വന്മാർ കണ്ടിട്ടുള്ളോരാമാർഗ്ഗം സുവിശ്വാസ–
പൂർവ്വമാചരിക്കുവോരാളുന്നിതതിൻ ഫലം. 4
അതിനെയവഗണിച്ചിതരമാർഗ്ഗങ്ങളിൽ
മതിമാൻ സ്വയം തുടർന്നീടുവോരുപായങ്ങൾ
ഉലകിൽ വീണ്ടും വീണ്ടും വിഫലശ്രമങ്ങളായ്
കലാശിപ്പതായിട്ടേ കാണുമാറുള്ളൂ നൃപാ! 5
പണ്ടജൻ ലോകർക്കായി നിർമ്മിച്ചോരോഷ–
ധികൾ
കണ്ടകരിപ്പുപോലെ ഭുജിക്കുന്നതായിക്ക–
ണ്ടേൻ. 6
താദൃശക്ഷിതീശന്മാരില്ലാതായെന്നെയാരു–
മാദരിക്കാതെയായി,കള്ളന്മാർ കൊള്ളക്കാരും
മുഴുത്തവാറോഷധീബീജത്തെയുള്ളിലാക്കി
വഴിയേ സൂക്ഷിച്ചു ഞാൻ യജ്ഞാർത്ഥം നൃപ–
ശ്രേഷ്ഠാ! 7
വളരെക്കാലം കഴിഞ്ഞതിനാലവയിന്നി
വളരാൻ ശക്തിയെന്യേ ക്ഷീണിച്ചുപോയി
നൂനം.
അവയെപ്പുറത്താക്കത്തക്ക നല്ലുപായങ്ങ–
ളവിടുന്നറിയുന്നുണ്ടുടനേ പ്രയോഗിക്കൂ. 8
വീര, ഹേ! മഹാബാഹോ! പ്രാണികൾക്കെ–
ല്ലാം ഹിത–
മേറിടും ബലാവഹമന്നമങ്ങാശിക്കുകിൽ,
കുടിക്കാനൊരു കുട്ടിതന്നെയും കറക്കുവാൻ
പടുവാമൊരാളെയും തക്കതാം ഭാജനവും
കിട്ടിയാലിഷ്ടംപോലെ വസ്തുക്കൾ പാലെ–
ന്നുള്ള–
മട്ടിലപ്പാത്രം നിറച്ചേകിടാം ഭൂകാമുകാ! 9–10
നാകനായകമുക്തസലിലം വർഷകാലം
പോകിലുമെന്നിൽ പാടേ നില്ക്കുവാൻതക്ക–
വണ്ണം
എന്നുപരിസ്ഥലങ്ങൾ നിരപ്പാക്കണം ശുഭം
വന്നിടും ഭവാനുടൻ സസ്യാഭിവൃദ്ധി–
യുണ്ടാം.'' 11
ആമോദപ്രദമായി ഹിതസാധകമാമ–
ബ്ഭൂമിതൻ വാക്യങ്ങളെ സ്വീകരിച്ചവനീ–
ശൻ
സത്വരം മനുവിനെ വത്സനാക്കി, സ്വപാണി-
പാത്രത്തിൽ ധാന്യമെല്ലാം കറന്നെടുത്തീടി–
നാൻ. 12
ക്ഷിതിതൻ വാക്യസാരം പൃഥുവെന്നപോ–
ലന്യ–
ബുധരും ഗ്രഹിക്കുന്നു,ണ്ടെല്ലാററിൽനിന്നും–
സാരം
മന്നവനിങ്ങക്കിയോരുഗോവിൽനിന്നുപിന്നെ-
യന്യരും സാധനങ്ങൾ കറന്നാരിച്ചുപോലെ. 13
ഋഷികൾ പിന്നെ ബൃഹസ്പതിയെ വത്സനാക്കി
വിശുദ്ധമാകും ശ്രുതിമയക്ഷീരത്തെപ്പാരം
ശ്രോത്രാദീന്ദ്രിയങ്ങളാം ഭാജനങ്ങളിലിഷ്ട–
പൂർത്തിയാംവിധം മുദാ ദോഹനംചെയ്തീ–
ടിനാർ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃത്വാ വത്സം സുരഗണാ ഇന്ദ്രം സോമമദൂദുഹൻ
ഹിരണ്മയേന പാത്രേണ വീര്യമോജോ ബലം പയഃ. 15
ദൈതേയാ ദാനവാ വത്സം പ്രഹ്ലാദമസുരർഷഭം
വിധായാദൂദുഹൻ ക്ഷീരമയഃപാത്രേ സുരാസവം. 16
ഗന്ധർവ്വാപ്സരസോഽധുക്ഷൻ പാത്രേ പദ്മമയേ പയഃ
വത്സം വിശ്വാവസും കൃത്വാ ഗാന്ധർവ്വം മധുസൗഭഗം. 17
വത്സേന പിതരോഽര്യമ്ണാ കവ്യം ക്ഷീരമധുക്ഷത
ആമപാത്രേ മഹാഭാഗാഃ ശ്രദ്ധയാ ശ്രാദ്ധദേവതാഃ. 18
പ്രകല്പ്യ വത്സം കപിലം സിദ്ധാഃ സംകല്പനാമയീം
സിദ്ധിം നഭസി വിദ്യാം ച യേ ച വിദ്യാധരാദയഃ. 19
അന്യേ ച മായിനോ മായാമന്തർദ്ധാനാദ്ഭുതാത്മനാം
മയം പ്രകല്പ്യ വത്സം തേ ദുദുഹുർദ്ധാരണാമയീം. 20
യക്ഷരക്ഷാംസി ഭൂതാനി പിശാചാഃ പിശിതാശനാഃ
ഭൂതേശവത്സാ ദുദുഹുഃ കപാലേ ക്ഷതജാസവം. 21
തഥാഹയോ ദന്ദശൂകാഃ സർപ്പാ നാഗാശ്ച തക്ഷകം
വിധായ വത്സം ദുദുഹുർബ്ബിലപാത്രേ വിഷം പയഃ. 22
പശവോ യവസം ക്ഷീരം വത്സം കൃത്വാ ച ഗോവൃഷം
അരണ്യപാത്രേ ചാധുക്ഷന്മൃഗേന്ദ്രേണ ച ദംഷ്ട്രിണഃ. 23
ക്രവ്യാദാഃ പ്രാണിനഃ ക്രവ്യം ദുദുഹുഃ സ്വേ കളേബരേ
സുപർണ്ണവത്സാ വിഹഗാശ്ചരം ചാചരമേവ ച. 24
വടവത്സാ വനസ്പതയഃ പൃഥഗ്രസമയം പയഃ
ഗിരയോ ഹിമവദ്വത്സാ നാനാധാതൂൻ സ്വസാനുഷു. 25
സർവ്വേ സ്വമുഖ്യവത്സേന സ്വേ സ്വേ പാത്രേ പൃഥക് പയഃ
സർവ്വകാമദുഘാം പൃഥ്വീം ദുദുഹുഃ പൃഥുഭാവിതാം. 26
ഏവം പൃഥ്വാദയഃ പൃഥ്വീമന്നാദാഃ സ്വന്നമാത്മനഃ
ദോഹവത്സാദിഭേദേന ക്ഷീരഭേദം കുരൂദ്വഹ! 27
തതോ മഹീപതിഃ പ്രീതഃ സർവ്വകാമദുഘാം പൃഥുഃ
ദുഹിതൃത്വേ ചകാരേമാം പ്രേമ്ണാ ദുഹിതൃവത്സലഃ. 28
ചൂർണ്ണയൻ സ്വധനുഷ്കോട്യാ ഗിരികൂടാനി രാജരാട്
ഭൂമണ്ഡലമിദം വൈന്യഃ പ്രായശ്ചക്രേ സമം വിഭുഃ. 29
അഥാസ്മിൻ ഭഗവാൻ വൈന്യഃ പ്രജാനാം വൃത്തിദഃ പിതാ
നിവാസാൻ കല്പയാഞ്ചക്രേ തത്ര തത്ര യഥാർഹതഃ. 30
ഗ്രാമാൻ പുരഃ പത്തനാനി ദുർഗ്ഗാണി വിവിധാനി ച
ഘോഷാൻ വ്രജാൻ സശിബിരാനാകരാൻ ഖേടഖർവ്വടാൻ. 31
പ്രാക്പൃഥോരിഹ നൈവൈഷാ പുരഗ്രാമാദികല്പനാ
യഥാസുഖം വസന്തി സ്മ തത്ര തത്രാകുതോഭയാഃ. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുവിജയേഽഷ്ടാദശോഽധ്യായഃ

ഏകോനവിംശോഽധ്യായഃ

മൈത്രേയ ഉവാച
അഥാദീക്ഷത രാജാ തു ഹയമേധശതേന സഃ
ബ്രഹ്മാവർത്തേ മനോഃ ക്ഷേത്രേ യത്ര പ്രാചീ സരസ്വതീ. 1
തദഭിപ്രേത്യ ഭഗവാൻ കർമ്മാതിശയമാത്മനഃ
ശതക്രതുർന്ന മമൃഷേ പൃഥോര്യജ്ഞമഹോത്സവം. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രനെക്കുട്ടിയാക്കിക്കല്പിച്ചിട്ടനന്തര–
മിന്ദ്രിയദേഹമനഃശക്തികാരണമാകും
അമൃതക്ഷീരം പാരം കറന്നെടുത്തീടിനാ–
രമരസംഘങ്ങളുമതുലമോദാന്വിതം. 15

ദിതിജന്മാരും ദനുജാതരുമസുരാധി–
പതിയാം പ്രഹ്ലാദനെ വിട്ടടൻ കുടിപ്പിച്ചു
ഇരുമ്പുപാത്രംതന്നിൽ മദ്യരൂപമാം ക്ഷീരം
തരിമ്പും ലോഭമെന്യേ കറന്നെടുത്തീടി–
നാർ. 16

ഗന്ധർവ്വാപ്സരസ്സുകളാ വിശ്വാവസുതന്നാൽ
സന്തുഷ്ട്യാ പദ്മമാകുംപാത്രത്തിൽസൗന്ദര്യവും
മധുക്ഷീരവും, മഹാഭാഗരാം ശ്രാദ്ധദേവ–
പിതൃക്കളര്യമാവാം വത്സനാൽ മൺപാത്ര–
ത്തിൽ

കവ്യക്ഷീരവും, സിദ്ധവിദ്യാധരാദ്യർ സാധു–
സേവ്യനാം കപിലനാലാകാശഭാജനത്തിൽ
സങ്കല്പസിദ്ധി, വിദ്യ,യിവയും, മായാബലം–
തങ്കിടുമിതരന്മാർ, മയനെ വത്സനാക്കി
അദ്ഭുതമാമ്മാറന്തർദ്ധാനംചെയ്യുവാനുള്ള
കെല്പെഴും ധരണാഖ്യവിദ്യയും കറ–
ന്നിതേ. 17–20

യക്ഷരക്ഷസ്സുകളും പിശാചഭൂതാളിയും
ഭക്ഷണം പിശിതമാക്കീട്ടുള്ള മററുള്ളോരും
രുദ്രനെ വത്സനാക്കിക്കപാലപാത്രംതന്നിൽ
മുത്താർന്ന രക്താസവം കറന്നെടുത്തീടിനാർ. 21

സർപ്പാഹിനാഗാദിയാം പാമ്പുകൾക്കെഴും വർഗ്ഗ–
മെപ്പേരും, തേളുതൊട്ട വിഷജന്തുക്കൾമററും
ചീളെന്ന വത്സനാക്കിത്തക്ഷകൻതന്നെ വക്ത്ര–
മാളപാത്രത്തിൽക്കറന്നെടുത്താർ വിഷ–
ക്ഷീരം. 22

നാല്ക്കാലിമൃഗഗണം നന്ദീശൻതന്നെ വത്സ–
നാക്കിക്കറന്നു വനപാത്രത്തിൽ തൃണക്ഷീരം.
മാംസളക്കകം ദംഷ്ട്രായുക്തങ്ങൾ മൃഗങ്ങളും
വത്സനാക്കേസരിയെ നിറുത്തി മാംസക്ഷീരം
ശരീരപാത്രംതന്നിൽക്കറന്നു, വിഹഗങ്ങൾ
ഗരുഡൻമൂലം കീടഫലമൂലക്ഷീരവും. 23–24

തരുക്കൾ വടവൃക്ഷവത്സനാൽ രസക്ഷീരം
കറന്നു വേറേ വേറേ ശരീരപാത്രങ്ങളിൽ.
ഗിരികൾ ഹിമവാനെക്കൊണ്ടു തത്സാനുക്കളിൽ
പരക്കെപ്പലമട്ടു ധാതുദ്രവ്യങ്ങളേയും. 25

എന്നല്ല സമസ്തമാം വർഗ്ഗവും സ്വസംഘത്തി–
ലുന്നതൻതന്നെ വത്സനാക്കിത്താന്താങ്ങൾ–
ക്കെഴും

പാത്രത്തിൽ വേറേവേറേ കറന്നാർ ക്ഷീരം–
സർവ്വ–
ധാത്രിയായ് നൃപവശയാകും ഭൂഗോവിൽനി–
ന്നും. 26

അന്നഭക്ഷകന്മാരാം പൃഥുഭൂപാദ്യരേവം
തന്നഭീഷ്ടത്തിനൊക്കുമന്നത്തെപ്പാൽരൂപ–
ത്തിൽ
കറന്നീടുവോൻ,കുട്ടി,പാത്രമെന്നീയിവററിൻ
തരഭേദംപോൽ സാരം കറന്നാൻ കുരുദ്വഹാ! 27

പിന്നെയാപ്പൃഥുഭൂപൻ തുഷ്ടനായെല്ലാവർക്കു–
മൊന്നുപോലഭീഷ്ടങ്ങളഖിലമേവമേകി
നിന്നിടും ഗോരൂപിണിയാകും ധരിത്രിയെ–
യന്യൂനപ്രേമത്തോടും പുത്രീസ്ഥാനത്തു വ–
ച്ചാൻ. 28

തദനന്തരം രാജരാജനായ് വിഷ്ണ്വംശനായ്
പൃഥുലകീർത്തിമാനായ് വൈന്യനാം പൃഥു–
ഭൂപൻ

ഗിരികൂടങ്ങളെല്ലാം ചാപാഗ്രംകൊണ്ടിടിച്ചു
തരസാ പൊടിയാക്കി മിക്കതും നിര–
പ്പാക്കി. 29

ജനസംഘത്തിന്നുപജീവനദ്രവ്യങ്ങളെ–
ക്കനിവാന്നരുളീടുമാ പ്രജാപാലകാഗ്ര്യൻ
ഏവർക്കും യോഗ്യതാനുസാരമബ്ഭൂഭാഗത്തി–
ലാവാസസ്ഥാനങ്ങളും കല്പിച്ചാനൊപ്പം
പിന്നെ. 30

ഗ്രാമങ്ങൾ, പത്തനങ്ങൾ, പുരങ്ങൾ, നാനാദുർഗ്ഗ–
സ്തോമങ്ങൾ, ശിബിരങ്ങൾ, ഘോഷങ്ങൾ,
വ്രജങ്ങളും

ആകരഖേടങ്ങളും ഖർവ്വടങ്ങളുമിമ്മ–
ട്ടാകഷകസ്ഥാനങ്ങൾ നിർമ്മിച്ചാൻ സംഖ്യ–
യെന്യേ. 31

പൃഥുവിൻ കാലത്തിനുമുമ്പെങ്ങുമില്ലായിരു–
ന്നിതുപോൽ പുരഗ്രാമനിർമ്മാണസമ്പ്രദായം.
ആളുകളതാതിടത്തകതോഭയന്മാരായ്
മേളിച്ചു സുഖമായി നിവസിച്ചെന്നേ–
വേണ്ടൂ. 32

അദ്ധ്യായം 19

പൃഥുചരിതം—ഇന്ദ്രപാഖണ്ഡവേഷധാരണം

മൈത്രേയൻ പറഞ്ഞു

സരസ്വതീവാഹിനി കിഴക്കായ് തിരി–
ഞ്ഞീടും
വരിഷ്ഠസ്ഥാനമാകും ബ്രഹ്മാവർത്തത്തിലാളും
മനുക്ഷേത്രത്തിൽപ്പിന്നെച്ചെന്നു നൂറശ്വമേധ–
മനുഷ്ഠിക്കാനിന്നൃപൻ ദീക്ഷയുംപൂണ്ടിരു–
ന്നാൻ. 1

ഹരിസ്വരൂപനാമീപൃഥുതന്നത്യദ്ഭുത–
കരമീ യജ്ഞോത്സവമിന്ദ്രനു സഹിച്ചീല. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്ര യജ്ഞപതിഃ സാക്ഷാദ് ഭഗവാൻ ഹരിരീശ്വരഃ
അന്വഭൂയത സർവ്വാത്മാ സർവ്വലോകഗുരുഃ പ്രഭുഃ. 3

അന്വിതോ ബ്രഹ്മശർവ്വാഭ്യാം ലോകപാലൈഃ സഹാനുഗൈഃ
ഉപഗീയമാനോ ഗന്ധർവ്വൈർമ്മുനിഭിശ്ചാപ്സരോഗണൈഃ. 4

സിദ്ധാ വിദ്യാധരാ ദൈത്യാ ദാനവാ ഗുഹ്യകാദയഃ
സുനന്ദനന്ദപ്രമുഖാഃ പാർഷദപ്രവരാ ഹരേഃ. 5

കപിലോ നാരദോ ദത്തോ യോഗേശാഃ സനകാദയഃ
തമന്വീയുർഭാഗവതാ യേ ച തത്സേവനോത്സുകാഃ 6

യത്ര ധർമ്മദുഘാ ഭൂമിഃ സർവ്വകാമദുഘാ സതീ
ദോഗ്ധി സ്മാഭീപ്സിതാനർത്ഥാൻ യജമാനസ്യ ഭാരത. 7

ഊഹുഃ സർവ്വരസാന്നദ്യഃ ക്ഷീരദധ്യന്നഗോരസാൻ
തരവോ ഭൂരിവർഷ്മാണഃ പ്രാസൂയന്ത മധുച്യുതഃ. 8

സിന്ധവോ രത്നനികരാൻ ഗിരയോഽന്നം ചതുർവ്വിധം
ഉപായനമുപാജഹ്രുഃ സർവ്വേ ലോകാഃ സപാലകാഃ. 9

ഇതി ചാധോക്ഷജേശസ്യ പൃഥോസ്തു പരമോദയം
അസൂയൻ ഭഗവാനിന്ദ്രഃ പ്രതിഘാതമചീകരത്. 10

ചരമേണാശ്വമേധേന യജമാനേ യജുഷ്പതിം
വൈന്യേ യജ്ഞപശും സ്പർദ്ധന്നപോവാഹ തിരോഹിതഃ. 11

തമത്രിർഭഗവാനൈക്ഷത്ത്വരമാണം വിഹായസാ
ആമുക്തമിവ പാഖണ്ഡം യോഽധർമ്മേ ധർമ്മവിഭ്രമഃ. 12

അത്രിണാ ചോദിതോ ഹന്തും പൃഥുപുത്രോ മഹാരഥഃ
അന്വധാവത സംക്രുദ്ധസ്തിഷ്ഠ തിഷ്ഠേതി ചാബ്രവീത്. 13

തം താദൃശാകൃതിം വീക്ഷ്യ മേനേ ധർമ്മം ശരീരിണം
ജടിലം ഭസ്മനാച്ഛന്നം തസ്മൈ ബാണം ന മുഞ്ചതി. 14

വധാന്നിവൃത്തം തം ഭൂയോ ഹന്തവേഽത്രിരചോദയത്
ജഹി യജ്ഞഹനം താത മഹേന്ദ്രം വിബുധാധമം. 15

ഏവം വൈന്യസുതഃ പ്രോക്തസ്ത്വരമാണം വിഹായസാ
അന്വദ്രവദഭിക്രുദ്ധോ രാവണം ഗൃദ്ധ്രരാഡിവ. 16

സോഽശ്വം രൂപം ച തദ്ധിത്വാ തസ്മാ അന്തർഹിതഃ സ്വരാട്
വീരഃ സ്വപശുമാദായ പിതുര്യജ്ഞമുപേയിവാൻ. 17

തത്തസ്യ ചാദ്ഭുതം കർമ്മ വിചക്ഷ്യ പരമർഷയഃ
നാമധേയം ദദുസ്തസ്മൈ വിജിതാശ്വ ഇതി പ്രഭോ. 18

ഉപസൃജ്യ തമസ്തീവ്രം ജഹാരാശ്വം പുനർഹരിഃ
ചഷാലയൂപതഃ ഛന്നോ ഹിരണ്യരശനം വിഭുഃ. 19

അത്രിഃ സന്ദർശയാമാസ ത്വരമാണം വിഹായസാ
കപാലഖട്വാംഗധരം വീരോ നൈനമബാധത. 20

അത്രിണാ ചോദിതസ്തസ്മൈ സന്ദധേ വിശിഖം രുഷാ
സോഽശ്വം രൂപം ച തദ്ധിത്വാ തസ്ഥാവന്തർഹിത സ്വരാട്. 21

വീരശ്ചാശ്വമുപാദായ പിതൃയജ്ഞമഥാവ്രജത്
തദവദ്യം ഹരേ രൂപം ജഗൃഹുഃ ജ്ഞാനദുർബ്ബലാഃ. 22

യാനി രൂപാണി ജഗൃഹേ ഇന്ദ്രോ ഹയജിഹീർഷയാ
താനി പാപസ്യ ഖണ്ഡാനി ലിംഗം ഖണ്ഡമിഹോച്യതേ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമർത്ഥനായിസ്സർവ്വഗുരുവായ് സർവ്വാത്മാവായ്
സമസ്തേശനാം വിഷ്ണുഭഗവാൻ യജ്ഞേശ്വരൻ
പ്രത്യക്ഷനായക്ഷണമന്തകാന്തകൻ ബ്രഹ്മാ-
വഷ്ടദിക്പാലകന്മാരെന്നിവരോടുകൂടി
ഗന്ധർവ്വാപ്സരോമുനിവൃന്ദസംസ്തുതനായി-
സ്സന്തോഷസമന്വിതം ഭുജിച്ചാൻ ഹവിർ-
ഭാഗം. 3-4

സിദ്ധഗുഹ്യകവിദ്യാധരദാനവദൈത്യർ
ദത്തനാരദകപിലഷികൾ സനകാദ്യർ
ഭൃത്യരായീടും നന്ദസുനന്ദാദ്യരും മുഖ്യ-
ഭൃത്യരുമനുഗമിച്ചീടിനാർ ഭഗവാനെ. 5-6
ഭൂദേവിതാനും യജമാനനീ യജ്ഞത്തിലേ-
ക്കേതേതു സാധനങ്ങളാവശ്യപ്പെടുന്നുവോ
ദേവതാരൂപത്തിലങ്ങാഗതയായിത്തെളി-
ഞ്ഞാവകയശേഷവുമേകിനാൾ സമ്പൂർണ്ണമായ്. 7
നദികൾ ദധിക്ഷീരാജ്യതാദിരസങ്ങളെ
മുതിരും മോദത്തോടുമൊഴുക്കിക്കൊടുത്തിതു.
വിസ്തൃതവൃക്ഷരാജി തേനോലും ഫലങ്ങളെ-
യദ്ധ്വരോപയോഗത്തിനുദ്ഭവിപ്പിച്ചു
മോദാൽ. 8

അർണ്ണവം രത്നസമൂഹത്തെയും ചതുർവ്വിധ-
മന്നങ്ങൾ വേണ്ടതദ്രിവൃന്ദവുമേകിക്കൊണ്ടാർ.
സകലലോകങ്ങളും ലോകപാലകന്മാരു-
മകതാർ കുളുർത്തുപായനങ്ങൾ സമർപ്പിച്ചാർ. 9
ദിതിജാരിയാം ദേവൻ രക്ഷിതാവായീടിന
പൃഥുരാജാവിന്റെയിപ്പരമോദയം പാർത്തു
സുരനായകനൊട്ടും സഹിച്ചീടാതസൂയാ-
ഭരമാർന്നദ്ധ്വരത്തെ ധ്വംസിക്കാൻ തുടങ്ങി-
നാൻ. 10

നൂറാം യജ്ഞത്തിൽ ചക്രവർത്തി,യായജ്ഞേ-
ശനാം
നാരായണസ്വാമിയെപ്പൂജിച്ചുകൊണ്ടിരിക്കെ
സ്സുബ്ധയോടന്തർഹിതമൂർത്തിയായ് ശതക്രതു-
വെത്തിയങ്ങപഹരിച്ചീടിനാൻ യാഗാ-
ശ്വത്തെ. 11
അധർമ്മംതന്നിൽ ധർമ്മം കാണുന്ന പാഖണ്ഡന്റെ
മതത്തെ ചട്ടപോൽ പൂണ്ടാകാശമാർഗ്ഗത്തൂടെ
നിസ്തുലവേഗം പാഞ്ഞുപോകുമാ ദേവേന്ദ്രനെ
അത്രിമാമുനി കണ്ടാൻ സൂക്ഷ്മദർശനത്തിനാൽ.12
അത്രിയാൽ പ്രേരിതനായ് മഹാരഥന്മാ-
രിൽവ-
ച്ചെത്രയും ശ്രേഷ്ഠനാകും പൃഥുഭൂപാലാത്മജൻ
ക്രുദ്ധനായ് നില്ലുനില്ലെന്നുച്ചത്തിലോതി-
ക്കൊണ്ടു-
സത്വരം ദേവേന്ദ്രന്റെ പിന്നാലേ പാഞ്ഞു-
ചെന്നാൻ. 13
ജടപൂണ്ടങ്ഗമാകെ ഭസ്മം തേച്ചിരിക്കുമാ-
വടിവിൽക്കണ്ടിട്ടവൻ ധർമ്മമൂർത്തിയെന്നായി
ധരിച്ചുപോയീ നൃപനന്ദനനതുമൂലം
സുരേശ്വരന്റെ നേരേ വിട്ടില്ല ശരമൊന്നും. 14
മടങ്ങിവരും നൃപസൂനുവോടത്രി, വത്സാ!
വിടൊല്ലാ സുരരാജാവാണവനശ്വമേധം
മുടക്കാൻ വന്നാനതിനാലവൻ സുരാധമൻ
മടിവിട്ടുടൻ വധിക്കെന്നു ചൊല്ലിനാൻ
വീണ്ടും. 15
അതു കേട്ടേറ്റം കോപിച്ചന്നൃപസുതൻ, മുന്നം
പതഗശ്രേഷ്ഠൻ ദശമുഖനെയെന്നപോലെ,
ആകാശമാർഗ്ഗത്തിലൂടതിവേഗത്തിൽ പാഞ്ഞും
പാകശാസനൻതന്റെ കൂടെയെത്തിനാൻ
ദ്രുതം. 16
ഉടനക്കുതിരയെക്കൊടുത്തു പാഖണ്ഡത്വം
വെടിഞ്ഞു മറഞ്ഞാനന്നമുചിനിഷൂദനൻ.
വീരനാം നൃപസുതൻ യാഗാശ്വത്തോടുകൂടി-
പ്പാരാതെ പിതൃയജ്ഞശാലയിലെത്തീടി-
നാൻ. 17
സ്വാരാട്ടിനെജ്ജയിച്ചു യജ്ഞാശ്വം വീണ്ടു-
ള്ളോരാ
വീരനു വിജിതാശ്വനാമമേകീ മുനീന്ദ്രർ. 18
സ്വർണ്ണച്ചങ്ങലകൊണ്ടു ചഷാലയൂപംതന്നിൽ
നന്നായി നിബന്ധിച്ചു നിർത്തിന യാഗാ-
ശ്വത്തെ
പിന്നെയും ദേവാധിപൻ കുരിരുട്ടേങ്ങുമേററി
വന്നാരുംകാണാതപഹരിച്ചാനതിവേഗം. 19
വിണ്ണിലൂടദ്ധ്വരാശ്വസഹിതനായി മണ്ടും
വിണ്ണവർകോനെക്കാട്ടിക്കൊടുത്താൻ മുനി
വീണ്ടും.
ഖട്വാങ്ഗം കപാലവും ധരിച്ചിരുന്ന ദേവ-
രാട്ടിനെ വിജിതാശ്വകുമാരൻ ഹിംസി-
ച്ചീല. 20
നിൻ പിതൃയജ്ഞാശ്വത്തെ മോഷ്ടിച്ചതവൻ-
തന്നെ-
യമ്പരപ്പെന്തിന്നസ്ത്രമയയ്ക്കെന്നത്രി വീണ്ടും
ചൊല്ലവേ വിജിതാശ്വൻ തൊടുത്താനമ്പ,-
ശ്വത്തെ
തള്ളിയാവേഷം മാററി മറഞ്ഞുനിന്നാ-
നിന്ദ്രൻ. 21
വീരനാമവൻ വീണ്ടുമശ്വത്തെ വീണ്ടു വന്നു-
കേറിനാൻ പിതാവുതന്നദ്ധ്വരശാലയ്ക്കുള്ളിൽ.
ഇന്ദ്രൻ ധരിച്ചതാമാദൃഷ്ടപാഖണ്ഡവേഷം
ചിന്തയും വിവേകവും വിട്ടവരാൻകൊ-
ണ്ടാർ. 22
യാഗാശ്വം ഹരിക്കുവാനായിട്ടു ദേവേന്ദ്രനാൽ
സ്വീകൃതരൂപങ്ങൾക്കു ഖണ്ഡങ്ങളെന്നു ചൊൽവൂ
ലിംഗാർത്ഥഖണ്ഡശബ്ദംചേർന്താം പാപഖണ്ഡ-
മങ്ങനെ പാഖണ്ഡമായ് പാപാങ്കമെന്നർത്ഥ-
ത്തിൽ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവമിന്ദ്രേ ഹരത്യശ്വം വൈന്യയജ്ഞജിഘാംസയാ
തദ്ഗൃഹീതവിസൃഷ്ടേഷു പാഖണ്ഡേഷു മതിർന്നൃണാം. 24

ധർമ്മ ഇത്യുപധർമ്മേഷു നഗ്നരക്തപടാദിഷു
പ്രായേണ സജ്ജതേ ഭ്രാന്ത്യാ പേശലേഷു ച വാഗ്മിഷു. 25

തദഭിജ്ഞായ ഭഗവാൻ പൃഥുഃ പൃഥുപരാക്രമഃ
ഇന്ദ്രായ കുപിതോ ബാണമാദത്തോദ്യതകാർമ്മുകഃ. 26

തമൃത്വിജഃ ശക്രവധാഭിസന്ധിതം
വിചക്ഷ്യ ദുഷ്പ്രേക്ഷ്യമസഹ്യരംഹസം
നിവാരയാമാസുരഹോ മഹാമതേ
ന യുജ്യതേ/ത്രാന്യവധഃ പ്രചോദിതാത്. 27

''വയം മരുത്വന്തമിഹാർത്ഥനാശനം
ഹ്വയാമഹേ ത്വച്ഛ്രവസാ ഹതത്വിഷം
അയാതയാമോപഹവൈരനന്തരം
പ്രസഹ്യ രാജൻ ജുഹവാമ തേ/ഹിതം.'' 28

ഇത്യാമന്ത്ര്യ ക്രതുപതിം വിദുരാസ്യർത്വിജോ രുഷാ
സ്രുഗ്ഘസ്താഞ്ജുഹ്വതോ/ഭ്യേത്യ സ്വയംഭൂഃ പ്രത്യഷേധത. 29

''ന വധ്യോ ഭവതാമിന്ദ്രോ യദ്യജ്ഞോ ഭഗവത്തനുഃ
യം ജിഘാംസഥ യജ്ഞേന യസ്യേഷ്ടാസ്തനവഃ സുരാഃ. 30

തദിദം പശ്യത മഹദ്ധർമ്മവ്യതികരം ദ്വിജാഃ
ഇന്ദ്രേണാനുഷ്ഠിതം രാജ്ഞഃ കർമ്മൈതദ്വിജിഘാംസതാ. 31

പൃഥുകീർത്തേഃ പൃഥോർഭൂയാത്തർഹ്യേകോനശതക്രതുഃ
അലം തേ ക്രതുഭിഃ സ്വിഷ്ടൈര്യദ്ഭവാന്മോക്ഷധർമ്മവിത്. 32

നൈവാത്മനേ മഹേന്ദ്രായ രോഷമാഹർത്തുമർഹസി
ഉഭാവപി ഹി ഭദ്രം ത ഉത്തമശ്ലോകവിഗ്രഹൗ. 33

മാസ്മിന്മഹാരാജ കൃഥാഃ സ്മ ചിന്താം
നിശാമയാസ്മദ്വച ആദൃതാത്മാ
യദ്ധ്യായതോ ദൈവഹതം നു കർത്തും
മനോ/തിരുഷ്ടം വിശതേ തമോ/ന്ധം. 34

ക്രതുർവ്വിരമതാമേഷ ദേവേഷു ദുരവഗ്രഹഃ
ധർമ്മവ്യതികരോ യത്ര പാഖണ്ഡൈരിന്ദ്രനിർമ്മിതൈഃ. 35

ഏഭിരിന്ദ്രോപസംസൃഷ്ടൈഃ പാഖണ്ഡൈർഹാരിഭിർജ്ജനം
ഹ്രിയമാണം വിചക്ഷ്വൈനം യസ്തേ യജ്ഞധ്രുഗശ്വമുട്. 36

ഭവാൻ പരിത്രാതുമിഹാവതീർണ്ണോ
ധർമ്മം ജനാനാം സമയാനുരൂപം
വേനാപചാരാദവലുപ്തമദ്യ
തദ്ദേഹതോ വിഷ്ണുകലാസി വൈന്യ. 37

സ ത്വം വിമൃശ്യാസ്യ ഭവം പ്രജാപതേ
സങ്കല്പനം വിശ്വസൃജാം പിപീപൃഹി
ഐന്ദ്രീം ച മായാമുപധർമ്മമാതരം
പ്രചണ്ഡപാഖണ്ഡപഥം പ്രഭോ ജഹി.'' 38

മൈത്രേയ ഉവാച

ഇത്ഥം സ ലോകഗുരുണാ സമാദിഷ്ടോ വിശാമ്പതിഃ
തഥാ ച കൃത്വാ വാത്സല്യം മഘോനാപി ച സന്ദധേ. 39

കൃതാവഭൃഥസ്നാനായ പൃഥവേ ഭൂരികർമ്മണേ
വരാന്ദദുസ്തേ വരദാ യേ തദ്ബർഹിഷി തർപ്പിതാഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൃഥുവിൻ യാഗം മുടക്കീടുവാനശ്വം ഹരി–
പ്പതിനായിന്ദ്രൻ മറയ്ക്കാനും വിട്ടതുമാം
വേഷങ്ങളും ധരിച്ചുകൊണ്ടിന്നുമിപ്പാരിൽ ധർമ്മ–
ദൂഷകന്മാരെക്കണക്കെന്നിയേ കാണ്മതുണ്ടാം.
നഗ്നരായ് നാണമെന്യേ നടപ്പു ചിലർ, ചിലർ
ഭുക്തിക്കായ്മാത്രം കാവി ധരിച്ചു നടക്കുന്നു.
കരത്തിൽ തലയോടു ധരിച്ചു വേറേ ചില–
രിരന്നുനടക്കുന്നു, ചില വാഗ്മികളതിൽ
പലതും പറഞ്ഞറിവററവരുടെ ചിത്തം
ചലിപ്പിക്കുന്നു, ധർമ്മവിജ്ഞരായ് ഭാവിക്കുന്നു.
ഇവരെല്ലാരും ജ്ഞാനഹീനരാം പാഖണ്ഡർതാ–
നിവരെ ധർമ്മജ്ഞരെന്നജ്ഞന്മാർ കരു–
തുന്നു. 24–25

പൃഥുവിക്രമനാമബ്ഭഗവാൻ പൃഥുരാജ–
നിതിന്റെ ദോഷം പാർത്തു രുഷ്ടനായ് ശരാസനം
ഉയർത്തിപ്പിടിച്ചുകൊണ്ടിന്ദ്രന്റെ നേർക്കുബാണ–
മയപ്പാനായിത്തൊടുത്തീടിനാനതിശീഘ്രം. 26
ശക്രനെ വധിക്കുവാനുന്നി ദുഷ്പ്രേക്ഷ്യനായി
നില്ലുമൂക്കേറീടുമാ വിക്രമിതന്നെക്കണ്ടു
ഋത്വിഗ്ദ്വിജന്മാർ ''കഷ്ടം! മഹാത്മൻ!
വേദവിധി
വിട്ടപ്പോളന്യവധമയുക്ത''മെന്നു ചൊന്നാർ. 27
''അധ്വരവിഘ്നകാരിയായി ത്വത്–
പ്രഭാവത്താൽ
വിധ്വംസിതാഭനായ ശക്രനാമരാതിയെ
അങ്ങു കൊല്ലേണ്ട, ശക്തിമത്തായ മന്ത്രങ്ങളാൽ
ഞങ്ങളാഹ്വാനം ചെയ്തിങ്ങവനെ വരുത്തീടാം.
മന്നവാ! പിന്നെ ഞങ്ങളവനെ മഹായജ്ഞ–
വഹ്നിയിൽ ഹോമിക്കയും ചെയ്തിടാം,–
മടങ്ങുക.'' 28
യജമാനനാം പൃഥുഭൂപനോടേവം ചൊല്ലി
യജനസമർത്ഥരാം ഭൂസുരർ കോപിഷ്ഠരായ്
കരത്തിൽ സ്രുക്കാർന്നുടൻ ഹോമം തുടർന്നാരവ–
ക്കരികിലജനണഞ്ഞതുതെന്നോതീടിനാൻ. 29
''വധിപ്പാൻ നിങ്ങളിച്ഛവയ്ക്കുമ, സുരേശ്വരൻ
ക്ഷിതിദേവോത്കൃഷ്ടരേ! നിങ്ങളാൽ
വധ്യനല്ല.
അവനായജ്ഞമൂർത്തി ഹരിതൻ സ്വരൂപമാ–
ണവന്റെയവയവമത്രേ മററനിമേഷർ. 30
നിങ്ങളൊന്നോർത്തീടുവിൻ വിപ്രരേ!
നൃപന്റെയീ–
മങ്ഗലകർമ്മം മുടക്കീടുവാൻ വൃത്രശത്രു
കൈക്കൊള്ളും ധർമ്മനാശകരമാം പാഖണ്ഡത്വം
ദിക്കെങ്ങും പടർത്തിയാൽ നില്ലുമോ സൽക്കാ–
ർമ്മങ്ങൾ.

അതിനാൽ പൃഥുവിനു തൊണ്ണൂറ്റൊമ്പതു യജ്ഞം
മതിയദ്ദേഹം തൃപ്തമിപ്പിക്കില്ലെന്ദ്രംപദം.
മോക്ഷാർത്ഥിയാണമ്മഹാൻ പല യാഗങ്ങളാല–
പ്പക്ഷീന്ദ്രവാഹൻതന്നെപ്പൂജിച്ചാൻ വേണ്ടും–
വിധം. 32
ഭൂപതേ! ഭവദ്രൂപനായീടുമിന്ദ്രന്റെമേൽ
കോപമങ്ങേയ്ക്കു യുക്തമല്ലോർത്താലേതുകൊണ്ടും
ഒന്നത്രേ രണ്ടുപേരും നിങ്ങളബ്ഭഗവാനാ–
മിന്ദിരാരമണൻതന്നംശജർ, മങ്ഗലം തേ. 33
നൂറാമത്തതാം ഭവദധ്വരമീവിധത്തിൽ
താറുമാറായ്പ്പോയതിലരുതേ ഖേദം നൃപാ!
ദൈവാനുകൂലമററ കർമ്മത്തിലേർപ്പെട്ടിടു–
മേവനും ക്രോധത്താലാക്രാന്തനായ്ത്തമ–
സ്സിലാം. 34
ആകയാൽ ഭവാനസ്മദ്ഗീരുകളാദരിച്ചീ–
യാഗപൂർത്തിക്കു തുനിഞ്ഞീടായ്ക മഹാമതേ!
നില്ലട്ടെ യാഗമിതീവിധത്തിൽ, ദുരാഗ്രഹം
വാഴ്കുന്നു സുരന്മാർക്കു തത്ഫലമായിട്ടിപ്പോഴം
ഇന്ദ്രനിർമ്മിതരാകും പാഖണ്ഡർനിമിത്തമാ–
ഹന്ത! ലോകത്തു ധർമ്മം നിലനില്ലാതെ–
യാകും. 35
യാഗവിഘ്നത്തിനശ്വഹരണം മാത്രമല്ലി–
പ്പാകശാസനൻ ചെയ്തു, തൽപ്പാഖണ്ഡന്മാർമൂലം
മധുവാക്കാൽ മയങ്ങിധർമ്മമാർഗ്ഗത്തിൽനിന്നും
വ്യതിചലിച്ചു തീരെസ്സത്കർമ്മാസക്തിവിട്ടു
ഈശ്വരവിശ്വാസവുമെന്നിയേ സദാ ധർമ്മ–
ദൂഷകരായി വാഴ്കും ജനത്തെയൊന്നു നോക്കു 36
വേനദുഷ്കൃത്യങ്ങളാൽ നശിച്ച ശാസ്ത്രോ–
ക്തമാം
മാനവധർമ്മം പാരിൽ പരിരക്ഷിപ്പാനായി
ശ്രീനാരായണാംശമായ് വേനദേഹത്തിൽ–
നിന്നും
ക്ഷോണിയിലവതരിച്ചുള്ളവനല്ലോ ഭവാൻ. 37
വളർത്തി ജനക്ഷേമം പ്രജേശസങ്കല്പങ്ങ–
ളെളുപ്പമങ്ങു പൂർത്തിയാക്കുക ജനപാലാ!
ശചീശൻ സൃഷ്ടിച്ചുവിട്ടധർമ്മം വളർത്തുമാ
പ്രചണ്ഡപാഖണ്ഡദുർമ്മാർഗ്ഗത്തെ നശി–
പ്പിക്കു.'' 38

മൈത്രേയൻ പറഞ്ഞു

ലോകപൂജ്യനാം ധാതാവിന്റെയീയുപദേശം
സ്വീകരിച്ചിന്ദ്രനുമായ് സന്ധിയിൽ തീർന്നു
കാര്യം. 39
ആ യാഗവഹ്നിതന്നിൽ തൃപ്തിതന്മാരാം വര–
ദായകരമർത്ത്യന്മാരവഭൃഥസ്നാതനാം
പൃഥുചക്രവർത്തിക്കു വേണ്ടുന്ന വരങ്ങളെ–
യധികം സന്തുഷ്ടരായരുളിഗ്ഗമിച്ചിതേ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപ്രാഃ സത്യാശിഷസ്തുഷ്ടാഃ ശ്രദ്ധയാ ലബ്ധദക്ഷിണാഃ
ആശിഷോ യുയുജുഃ ക്ഷത്തരാദിരാജായ സത്കൃതാഃ. 41

ത്വയാഽഽഹൂതാ, മഹാബാഹോ, സർവ്വ ഏവ സമാഗതാഃ
പൂജിതാ ദാനമാനാഭ്യാം പിതൃദേവർഷിമാനവാഃ. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുവിജയേ ഏകോനവിംശോഽധ്യായഃ

വിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച

ഭഗവാനപി വൈകുണ്ഠഃ സാകം മഘവതാ വിഭുഃ
യജ്ഞൈര്യജ്ഞപതിസ്തുഷ്ടോ യജ്ഞഭുക് തമഭാഷത. 1

''ഏഷ തേഽകാരഷീദ് ഭംഗം ഹയമേധശതസ്യ ഹ
ക്ഷമാപയത ആത്മാനമമുഷ്യ ക്ഷന്തുമർഹസി. 2

സുധിയഃ സാധവോ ലോകേ നരദേവ നരോത്തമാഃ
നാഭിദ്രുഹ്യന്തി ഭൂതേഭ്യോ യർഹി നാത്മാ കളേബരം. 3

പുരുഷാ യദി മുഹ്യന്തി ത്വാദൃശാ ദേവമായയാ
ശ്രമ ഏവ പരം ജാതോ ദീർഘയാ വൃദ്ധസേവയാ. 4

അതഃ കായമിമം വിദ്വാനവിദ്യാകാമകർമ്മഭിഃ
ആരബ്ധ ഇതി നൈവാസ്മിൻ പ്രതിബുദ്ധോഽനുഷജ്ജതേ. 5

അസംസക്തഃ ശരീരേഽസ്മിന്നമുനോത്പാദിതേ ഗൃഹേ
അപത്യേ ദ്രവിണേ വാപി കഃ കുര്യാന്മമതാം ബുധഃ. 6

ഏകഃ ശുദ്ധഃ സ്വയംജ്യോതിന്നിർഗ്ഗുണോഽസൗ ഗുണാശ്രയഃ
സർവ്വഗോഽനാവൃതഃ സാക്ഷീ നിരാത്മാഽഽത്മാഽഽത്മനഃ പരഃ. 7

യ ഏവം സന്തമാത്മാനമാത്മസ്ഥം വേദപൂരുഷഃ
നാജ്യതേ പ്രകൃതിസ്ഥോഽപി തദ്ഗുണൈഃ സ മയി സ്ഥിതഃ 8

യഃ സ്വധർമ്മേണ മാം നിത്യം നിരാശീഃ ശ്രദ്ധയാന്വിതഃ
ഭജതേ ശനകൈസ്തസ്യ മനോ, രാജൻ, പ്രസീദതി. 9

പരിത്യക്തഗുണഃ സമ്യഗ്ദർശനോ വിശദാശയഃ
ശാന്തിം മേ സമവസ്ഥാനം ബ്രഹ്മ കൈവല്യമശ്നുതേ. 10

ഉദാസീനമിവാധ്യക്ഷം ദ്രവ്യജ്ഞാനക്രിയാത്മനാം
കൂടസ്ഥമിമമാത്മാനം യോ വേദാപ്നോതി ശോഭനം. 11

ഭിന്നസ്യ ലിങ്ഗസ്യ ഗുണപ്രവാഹോ
ദ്രവ്യക്രിയാകാരകചേതനാത്മനഃ
ദൃഷ്ടാസു സമ്പത്സു വിപത്സു സൂരയോ
ന വിക്രിയന്തേ മയി ബദ്ധസൗഹൃദാഃ. 12

സമഃ സമാനോത്തമമധ്യമാധമഃ
സുഖേ ച ദുഃഖേ ച ജിതേന്ദ്രിയാശയഃ
മയോപക്ലൃപ്താഖിലലോകസംയുതോ
വിധത്സ്വ വീരാഖിലലോകരക്ഷണം. 13

ശ്രേയഃ പ്രജാപാലനമേവ രാജ്ഞോ
യത്സാമ്പരായേ സുകൃതാത് ഷഷ്ഠമംശം
ഹർത്താന്യഥാ ഹൃതപുണ്യഃ പ്രജാനാ-
മരക്ഷിതാ കരഹാരോഽഘമത്തി. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധിച്ചു വരുത്തിയങ്ങിരുത്തിസ്സൽക്കരിച്ചു
പ്രത്യേകം ദക്ഷിണയും കൊടുത്തു മോദിപ്പിച്ചു

സത്യാശിസ്സുകളായ വിപ്രന്മാരരുളിനാ-
രദ്ദേഹത്തിനായാശിസ്സധികം മെല്ലമെല്ലേ. 41

ഹേ മഹാബാഹോ! പിതൃദേവർഷിമാർ നരന്മാ-
രീമട്ടിലീയജ്ഞത്തിൽ ചേർന്നവരേവരേയും

ദാനമാനാദികളാൽ പൂജിച്ചു സൽക്കരിച്ചു
ഭൂനാഥാ! ഭവാനെന്നു പുകഴ്ത്തീ ലോകരെല്ലാം. 42

അദ്ധ്യായം 20

പൃഥുചരിതം—ഇന്ദ്രക്ഷമാപണം

മൈത്രേയൻ പറഞ്ഞു

രാട്ടിനാലിഷ്ടികളാൽ സമ്പിഷ്ടനായ് മഖ-
ഭുക്കായ്

വിഷ്ടരശ്രവസ്സാകും ഭഗവാൻ യജ്ഞേശ്വരൻ

ദേവേന്ദ്രസമേതനായ് പ്രത്യക്ഷപ്പെട്ടപ്പൃഥു-
ഭൂവലാരിയോടേവമരുളിച്ചെയ്തീടിനാൻ. 1

"നിൻനൂറാമശ്വമേധം മുടിച്ചോരിവനിപ്പോൾ
വന്നിതാ ക്ഷമാപണംചെയ്യുന്നു മഹീപതേ!

അഖിലം ക്ഷമിച്ചിനിയിവനിൽപ്പരാഭവം
ശകലമെന്യേ ഭവാൻ സന്തുഷ്ടനായീടണം. 2

അല്ലയോ നരദേവാ! പാരിതിൽ ധീമാന്മാരായ്
ചൊല്ലേറും നരോത്തമർ ചെയ്യില്ലിടാ ഭൂതദ്രോഹം.

നല്ലപോലറിയുന്നുണ്ടാത്മാവു ദേഹമല്ലെ-
ന്നുള്ള സംഗതിയവരെന്നതാണതിൻ ഹേതു. 3

ത്വാദൃശമഹാത്മാക്കരം മായാമോഹിതരായി
ദേഭാവനവിടാൻ ഭാവമില്ലെന്നാവുകിൽ

ഏറിയകാലം ചെയ്ത വൃദ്ധസേവനമെല്ലാം
ഭ്രമണാഗ്രേസരാ! നിഷ്ഫലമാകില്ലയോ? 4

അതിനാൽ ശരീരമിതജ്ഞാനം, കാമം, കർമ്മ-
തതിയെന്നിവററിനാൽ നിർമ്മിക്കപ്പെട്ടതെ-
ന്നായ്

വിദ്വാന്മാരറിഞ്ഞതിലാസക്തി കൈ-
വെടിഞ്ഞു
വർത്തിച്ചീടുന്നു നിത്യം നരപാലകമൗലേ! 5

ശരീരാസക്തിവിട്ട പണ്ഡിതൻ പററിനില്ലാ
ശരീരകൃതഗേഹധനസന്താനാദിയിൽ. 6

നിത്യനാമാത്മാവേകൻ നിർഗ്ഗുണൻ ഗുണാ-
ശ്രയൻ,
ശുദ്ധൻ നിരാത്മാ സാക്ഷി സർവ്വഗനനാവൃതൻ

ദേഹഭിന്നനം സ്വയംജ്യോതിസ്സുമത്രേ, മായാ-
മോഹത്താലറിയുന്നില്ലവനെ നേരേ ജനം. 7

ഈവിധമുള്ളതായോരാത്മാവാണു തൻമെയ്യി-
ലാവസിച്ചീടുന്നതെന്നറിയുമപ്പുമാനെ

പ്രകൃതിസ്ഥിതനാണെന്നാകിലും തദ്-
ഗുണങ്ങൾ

ശകലം സ്പർശിക്കയില്ലവൻ സ സ്ഥിത-
നെന്നിൽ. 8

പൃഥ്വീശമുക്താമണേ! എന്നെയേതൊരു
മർത്ത്യൻ

ശ്രദ്ധയോടാസേവിപ്പൂ നിഷ്കാമം സ്വധർമ്മ-
ത്താൽ

ഉത്തമനാകുമവൻതന്നുടെയന്തരംഗം
ശുദ്ധമായ്ഭവിച്ചീടും മെല്ലവേയില്ല വാദം. 9

മാനസം ശുദ്ധമായാൽ കൈവിടും വിഷയാശ,
കാണാകും സാക്ഷാത്തായി സത്യമാമാത്മാ-
വിനെ

മദ്രൂപമാകും പരബ്രഹ്മംതാനവനെന്നു
ബോദ്ധ്യമായാനന്ദാനുഭൂതിയും ഭവിച്ചീടും. 10

വിജ്ഞാനേന്ദ്രിയങ്ങൾ ശരീരമിവയെല്ലാ-
മദ്ധ്യക്ഷനാണെന്നാലുമാത്മാവു കൂടസ്ഥനും

ഉദാസീനനുമെന്ന വാസ്തവം ബോദ്ധ്യപ്പെട്ടും
കൃതാർത്ഥൻ ശുദ്ധബ്രഹ്മനിലയെ
പ്രാപിക്കുന്നു. 11

ദ്രവ്യക്രിയാകാരകചേതനാസ്വരൂപമാ-
യവ്യയാത്മാവിൽനിന്നു ഭിന്നമാം
ദേഹത്തിനാം

ഗുണകാര്യമായെഴും സംസാര,മാത്മാവിനി-
ല്ലണവുമെന്ന തത്ത്വം വിദ്വാന്മാരറിയുന്നു. 12

മാനസേന്ദ്രിയങ്ങളെ നല്ലപോൽ ജയിച്ചിട്ടു-
ന്യൂനമുത്തമമദ്ധ്യമാധമഭേദം വിട്ടു

സുഖദുഃഖദ്വയത്തിൽ സമനായ് മത്കല്പിത-
നിഖിലാങ്ഗങ്ങളൊത്തു ലോകത്തെപ്പാലി-
ച്ചാലും. 13

ശ്രേയസ്സെപ്പോഴും പ്രജാപാലനംതന്നെ നര-
നായകന്നവൻ പരലോകത്തുചെല്ലുന്നേരം

സ്വപ്രജാസുകൃതത്തിൻ ഷഷ്ഠാംശം ലഭിക്കയാൽ
സുപ്രഭനായിത്തത്ര സുഖമായ് വാഴ്വൂ ചിരം.

ശരിയായ് ജനങ്ങളെപ്പരിപാലിച്ചിടാതെ
കരവും വാങ്ങി സ്വാർത്ഥമൂർത്തിയായ് വാഴും
നൃപൻ

ഉരുപുണ്യക്ഷയത്താൽ ദുഃഖദമായീടുമാ-
നരകക്കുണ്ടിൽ വീണു ദുരിതം ഭുജിക്കുന്നു. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ദ്വിജാഗ്ര്യാനുമതാനുവൃത്ത-
ധർമ്മപ്രധാനോഽന്യതമോഽവിതാസ്യാഃ
ഹ്രസ്വേന കാലേന ഗൃഹോപയാതാൻ
ദ്രഷ്ടാസി സിദ്ധാനനുരക്തലോകഃ. 15
വരം ച മത് കഞ്ചന മാനവേന്ദ്ര
വൃണീഷ്വ തേഽഹം ഗുണശീലയന്ത്രിതഃ
നാഹം മഖൈർവൈ സുലഭസ്തപോഭി-
ര്യോഗേന വാ യത്സമചിത്തവർത്തീ.'' 16

മൈത്രേയ ഉവാച

സ ഇത്ഥം ലോകഗുരുണാ വിഷ്വക്സേനേന വിശ്വജിത്
അനുശാസിത ആദേശം ശിരസാ ജഗൃഹേ ഹരേഃ. 17
സ്പൃശന്തം പാദയോഃ പ്രേമ്ണാ വ്രീഡിതം സ്വേന കർമ്മണാ
ശതക്രതും പരിഷ്വജ്യ വിദ്വേഷം വിസസർജ്ജ ഹ. 18
ഭഗവാനഥ വിശ്വാത്മാ പൃഥുനോപഹൃതാർഹണഃ
സമുജ്ജിഹാനയാ ഭക്ത്യാ ഗൃഹീതചരണാംബുജഃ 19
പ്രസ്ഥാനാഭിമുഖോഽപ്യേനമനുഗ്രഹവിലംബിതഃ
പശ്യൻ പദ്മപലാശാക്ഷോ ന പ്രതസ്ഥേ സുഹൃത്സതാം. 20
സ ആദിരാജോ രചിതാഞ്ജലിർ ഹരിം
വിലോകിതും നാശകദശ്രുലോചനഃ
ന കിഞ്ചനോവാച സ ബാഷ്പവിക്ലബോ
ഹൃദോപഗുഹ്യാമുമധാദവസ്ഥിതഃ. 21
അഥാവമൃജ്യാശ്രുകലാ വിലോകയ-
ന്നതൃപ്തദൃഗ്ഗോചരമാഹ പൂരുഷം
പദാ സ്പൃശന്തം ക്ഷിതിമംസ ഉന്നതേ
വിന്യസ്തഹസ്താഗ്രമുരംഗവിദ്വിഷഃ. 22

പൃഥുരുവാച

വരാൻ, വിഭോ, ത്വദ്വരദേശ്വരാത് ബുധഃ
കഥം വൃണീതേ ഗുണവിക്രിയാത്മനാം
യേ നാരകാണാമപി സന്തി ദേഹിനാം
താനീശ കൈവല്യപതേ വൃണേ ന ച. 23
ന കാമയേ നാഥ തദപ്യഹം ക്വചി-
ന്ന യത്ര യുഷ്മച്ചരണാംബുജാസവഃ
മഹത്തമാന്തർഹൃദയാന്മുഖച്യുതോ
വിധത്സ്വ കർണ്ണായുതമേഷ മേ വരഃ. 24
സ ഉത്തമശ്ലോക മഹന്മുഖച്യുതോ
ഭവത്പദാംഭോജസുധാകണാനിലഃ
സ്മൃതിം പുനർവ്വിസ്മൃതതത്ത്വവർത്മനാം
കുയോഗിനാം നോ വിതരത്യലം വരൈഃ. 25
യശഃ ശിവം സുശ്രവ ആര്യസങ്ഗമേ
യദൃച്ഛയാ ചോപശൃണോതി തേ സകൃത്
കഥം ഗുണജ്ഞോ വിരമേദ്വിനാ പശും
ശ്രീര്യത്പ്രവവ്രേ ഗുണസംഗ്രഹേച്ഛയാ. 26
അഥാഭജേ ത്വാഖിലപൂരുഷോത്തമം
ഗുണാലയം പദ്മകരേവ ലാലസഃ
അപ്യാവയോരേകപതിസ്പൃധോഃ കലി-
ന്ന സ്യാത് കൃതത്വച്ചരണൈകതാനയോഃ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇമ്മട്ട വേദജ്ഞഭൂസുരസമ്മതമായി-
ധർമ്മ്യമായ് പരമ്പരാഗതസമ്പ്രദായത്തിൽ

അവനിയവനംചെയ്യവിട്ടുന്നവിളംബം
ഭുവനപ്രസിദ്ധനായ് ജനരഞ്ജകനായി

നിവസിക്കവേ, ഭവദ്ഭവനസമീപത്തിൽ
നൃവരമണേ! കാണാറായിട്ടും സിദ്ധന്മാരെ. 15

താവകസൗശീല്യാദിഗുണസഞ്ചയമെന്നെ-
ബ്ഭുവരോത്തമാ! വശീകരിച്ചുകഴിഞ്ഞിതേ.

എന്നിൽനിന്നിനിബ്ഭവാൻ വേണ്ടുന്ന വര-
ങ്ങളെ
മന്നവചൂഡാമണേ! വരിച്ചുകൊൾകേവേണ്ടൂ.

സമചിത്തത്തിൽ വാഴുമെന്നെക്കിട്ടുകയില്ല
സുമതേ! യജ്ഞം യോഗം തപസ്സെന്നിവററി
നാൽ.'' 16

മൈത്രേയൻ പറഞ്ഞു

വിഷ്വക്സേനനാം ജഗദ്ഗുരുവിൻശാസ-
നത്തെ
വിശ്വജിത്താമന്നൃപൻ മൗലിയിൽ ചൂടീടി-
നാൻ. 17

പിഴചെയ്യുകമൂലം ലജ്ജിച്ചു തലതാഴ്ത്തി-
ക്കഴലിൽ വീണീടുമസ്സുരനായകൻതന്നെ

ഉടൻതാൻ പിടിച്ചെഴുന്നേല്പിച്ചു ഗാഢംകെട്ടി-
പ്പിടിച്ചു തോഷത്തോടും മത്സരം വിട്ടാൻ
നൃപൻ. 18

ഉററൊരു ഭക്തിയോടാപ്പൃഥു ഭൂപതിയള-
വററ സാധനമർപ്പിച്ചർച്ചിച്ചു നമിച്ചിട്ടും

ലോകാത്മാവായിസ്സാധുസുഹൃത്താം ഭഗവാനും
പോകുവാൻ ഭാവിക്കിലും കാരുണ്യാമൃതമോലും

തന്നുടെ താമരത്താർ ദളക്കണ്ണോനകളാ-
മന്നനിലയച്ചനുഗ്രഹിപ്പാൻ നിന്നു-
കൊണ്ടാൻ. 19–20

അഞ്ജലികൂപ്പിനില്ക്കുമാദിരാജാവിൻെറയാ-
മഞ്ജുളനേത്രങ്ങളിലശ്രുക്കൾ നിറഞ്ഞലം

ഇന്ദിരാരമണനെയൊന്നു നോക്കീടുവാനും
നന്ദിയായൊരുവാക്കു ചൊല്ലാനുമശക്തനായ്

ഹൃദയംകൊണ്ടു നന്നായ്ത്തഴുകിപ്പരവശ-
മതിയായ് മെല്ലെമെല്ലെയുള്ളത്തിലുറപ്പി-
ച്ചാൻ. 21

നല്ലപോൽ തുടച്ചിട്ടു നോക്കുമമ്മിഴികൾക്കു
തെല്ലുമേ തൃപ്തിയേകാതടുത്തു മുമ്പിലായി

പദങ്ങൾ മന്നിലൂന്നിക്കരാഗ്രം ഗരുഡൻതൻ-
മുതുകിൽ ചേർത്തുവച്ചുകൊണ്ടങ്ങു നിലകൊള്ളും

മല്ലാരിഭഗവാനോടായഥ പൃഥുഭൂപൻ
ചൊല്ലിനാൻ വല്ലവാറും സാവധാനമാ-
യേവം. 22

പൃഥു പറഞ്ഞു

സമസ്തസമർത്ഥനാം കൈവല്യപതേ! ഹരേ!
സമസ്തേശ്വരാ! കൃപാവാരിധേ! വേദമൂർത്തേ!

ഗുണവൈകൃതചിത്തയുക്തരായ്നീചയോനീ-
ജനനമാർന്നവർക്കും ക്ഷണത്തിൽ സുലഭമാം

വരത്തെ വരദേശാ! തിരുമേനിയിൽനിന്നു-
മൊരു ബുദ്ധിമാനേതുവിധത്തിൽ വരി-
ച്ചീടും? 23

ഇച്ഛയില്ലിവന്നു മോക്ഷത്തിലുമെന്തെന്നാലെ-
ന്നച്യുതാ! മഹാത്മാർതൻ ഹൃദയങ്ങളിൽനിന്നു

തന്മൂലം വഴിഞ്ഞൊഴുകീടുന്ന ഭവത് ചര-
ണാംബുജാസവമാളാനെനിക്കൊക്കുമോ
പിന്നെ?

അതിനാലതിനെനിക്കങ്ങുന്നു കനിഞ്ഞുടൻ
പതിനായിരം കണ്ണുമേകണമതേ വേണ്ടൂ. 24

വിതതകീർത്തേ! മഹാത്മാരുടെ മുഖത്തുനി-
ന്നുതിരും ത്വത്പദാബ്ജമധുശീകരംപേറും

പവനൻപോരും തത്ത്വമാർഗ്ഗം മറന്നു വാഴു-
മിവർക്കു പുനഃസ്മൃതി,ക്കെന്തിനാം വരം വേറേ?
25

മറതൻപൊരുളേ! നിൻപാവനകീർത്തിയൊരു-
കുറിയെങ്കിലും സാധുസംഗമംനിമിത്തമായ്

കേൾക്കുവാൻ മൃഗമല്ലാത്തുള്ളൊരു ഗുണഗ്രാഹി-
ക്കൊക്കുകിലതിൽനിന്നുമവൻ പിന്മാറീടുമോ?

ഗുണസംഗ്രഹേച്ഛയാൽ ശ്രീഭഗവതിരക്ഷാ-
ചണം ത്വൽചരണത്തെയല്ലയോ
നമ്പുന്നതും. 26

ആകയാൽ ഗുണഗണധാമമായ് പുരുഷാഗ്ര്യ-
നാകും ശ്രീകാന്താ! ലക്ഷ്മി ഭവാനെയെന്ന-
പോലെ

ഉത്സുകനായ്ബ്ഭജിക്കാം ഞാനു,മങ്ങേ-
കൻമൂലം
മത്സരിച്ചനുപദം ത്വത്പദമുള്ളിലൂന്നും

ഞങ്ങൾക്കു രണ്ടുപേർക്കുമന്യോന്യം കലഹിപ്പാൻ
സംഗതി സംഭവിച്ചീടരുതേയൊരിക്കലും. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗജ്ജനന്യാം ജഗദീശ വൈശസം
സ്യാദേവ യത്കർമ്മണി നഃ സമീഹിതം
കരോഷി ഫല്ഗ്വപ്യുത ദീനവത്സലഃ
സ്വ ഏവ ധിഷ്ണ്യേഽഭിരതസ്യ കിം തയാ. 28
ഭജന്ത്യഥ ത്വാമത ഏവ സാധവോ
വ്യുദസ്തമായാഗുണവിഭ്രമോദയം
ഭവത്പദാനസ്മരണാദൃതേ സതാം
നിമിത്തമന്യദ്ഭഗവന്ന വിദ്മഹേ. 29
മന്യേ ഗിരം തേ ജഗതാം വിമോഹിനീം
വരം വൃണീഷ്വേതി ഭജന്തമാത്ഥ യത്
വാചാ നു തന്ത്യാ യദി തേ ജനോഽസിതഃ
കഥം പുനഃ കർമ്മ കരോതി മോഹിതഃ. 30
ത്വന്മായയാദ്ധാ ജന ഈശ ഖണ്ഡിതോ
യദന്യദാശാസ്ത ഋതാത്മനോഽബുധഃ
യഥാ ചരേദ്ബാലഹിതം പിതാ സ്വയം
തഥാ ത്വമേവാർഹസി നഃ സമീഹിതും. 31

മൈത്രേയ ഉവാച

ഇത്യാദിരാജേന നുതഃ സ വിശ്വദൃക്
തമാഹ, ''രാജൻ! മയി ഭക്തിരസ്തു തേ
ദിഷ്ട്യേദൃശീ ധീർമ്മയി തേ കൃതാ യയാ
മായാം മദീയാം തരതി സ്മ ദുസ്ത്യജാം. 32
തത്ത്വം കുരു മയാഽഽദിഷ്ടമപ്രമത്തഃ പ്രജാപതേ
മദാദേശകരോ ലോകഃ സർവ്വത്രാപ്നോതി ശോഭനം.'' 33

മൈത്രേയ ഉവാച

ഇതി വൈന്യസ്യ രാജർഷേഃ പ്രതിനന്ദ്യാർത്ഥവദ്വചഃ
പൂജിതോഽനുഗൃഹീത്വൈനം ഗന്തും ചക്രേഽച്യുതോ മതിം. 34
ദേവർഷിപിതൃഗന്ധർവ്വസിദ്ധചാരണപന്നഗാഃ
കിന്നരാപ്സരസോ മർത്ത്യാഃ ഖഗാ ഭൂതാന്യനേകശഃ. 35
യജ്ഞേശ്വരധിയാ രാജ്ഞാ വാഗ്വിത്താഞ്ജലിഭക്തിതഃ
സഭാജിതാ യയുഃ സർവ്വേ വൈകുണ്ഠാനുഗതാസ്തതഃ. 36
ഭഗവാനപി രാജർഷേഃ സോപാധ്യായസ്യ ചാച്യുതഃ
ഹരന്നിവ മനോഽമുഷ്യ സ്വധാമ പ്രത്യപദ്യത. 37
അദൃഷ്ടായ നമസ്കൃത്യ നൃപഃ സന്ദർശിതാത്മനേ
അവ്യക്തായ ച ദേവാനാം ദേവായ സ്വപുരം യയൗ. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
വിംശതിതമോഽധ്യായഃ

ഏകവിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച

മൗക്തികൈഃ കുസുമസ്രഗ്ഭിർദുകൂലൈഃ സ്വർണ്ണതോരണൈഃ
മഹാസുരഭിഭിർധൂപൈർമ്മണ്ഡിതം തത്ര തത്ര വൈ. 1
ചന്ദനാഗുരുതോയാർദ്രരഥ്യാചത്വരമാർഗ്ഗവത്
പുഷ്പാക്ഷതഫലൈസ്തോക്മൈർലാജൈരർച്ചിർഭിരർച്ചിതം. 2
സവൃന്ദൈഃ കദലീസ്തംഭൈഃ പൂഗപോതൈഃ പരിഷ്കൃതം
തരുപല്ലവമാലാഭിഃ സർവ്വതഃ സമലംകൃതം. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു കാര്യത്തിനായി മത്സരിച്ചീടുവോക്കു-
വരുമോ വൈരം തമ്മിലെന്നുള്ള ശങ്ക വേണ്ട.

തുങ്ഗമാം ഭവത് പ്രേമമിപ്പിക്കും ഞങ്ങളോടാ-
മങ്ഗലദേവതയ്ക്കു വിദ്വേഷമുണ്ടാം ദൃഢം.

തുച്ഛമായതു മഹാകാര്യമായിട്ടുതന്നെ
നിശ്ചയിക്കുന്ന ദീനവത്സലനാകും ഭവാൻ.

സ്വാനന്ദംതന്നിൽ സദാ രമിക്കുമങ്ങേയ്ക്കോത്താ-
ലാ നാരീമണിയെക്കൊണ്ടെന്തു സാധിപ്പാ-
നുള്ളൂ? 28

അതിനാൽ ധ്വസ്തമായാഗ്ഗുണവിഭ്രമാ! ഹരേ!
സതതം ഭജിക്കുന്ന ഭവാനെ വിവേകികൾ.

നിത്യവും ഭവത്പാദസ്മരണമൊന്നെന്നിയാ
സത്തുക്കളായുള്ളവക്കന്യമാം ഫലം വേണ്ട. 29

നിന്തിരുമേനിതന്നെബ്ഭജിക്കുമിവനോട-
ങ്ങെന്താണു വരം വേണ്ടതെന്നു ചോദിച്ചുവല്ലോ

ജഗന്മോഹനകരമാകുമാ വാക്കോക്കുകിൽ
ഭഗവൻ! മമ മനം വേദനിപ്പിച്ചിടുന്നു.

അങ്ങുന്നു വാക്പാശത്താൽ ബന്ധിച്ചു
ജനങ്ങളെ-
യങ്ങു മോഹിപ്പിക്കായ്കിലെങ്ങനെ കമ്മം
ചെയ്യും? 30

സത്യാത്മാവാകുമങ്ങേയെന്നിയേയൊന്നാ-
ശിപ്പേൻ
ബദ്ധനാകുന്നു ദൃഢം നിൻ മായാബലത്തിനാൽ

അച്ഛനാ പ്രിയപ്പെട്ട കൊച്ചുകുഞ്ഞുങ്ങളുടെ-
യിച്ഛയെന്താണെന്നറിഞ്ഞാചരിച്ചീടുമ്പോലെ

ഈശ്വരാ! ഭവാനുമീ ഞങ്ങളിലെല്ലായ്പ്പോഴും
വത്സലനായിത്തന്നെ വത്തിപ്പാനർഹ-
നല്ലോ. 31

മൈത്രേയൻ പറഞ്ഞു

ആദിരാജാവാലേവം സ്തുതനാം വിശ്വ-
സാക്ഷി
മോദമുൾത്തിങ്ങി വീണ്ടും ഭൂപനോടരുൾ-
ചെയ്താൻ!

''ഉന്നതമായീടുമീ ഭക്തിയൊന്നിനാൽത്തന്നെ
മന്നവാ! മന്മായയെ വെന്നിരിക്കുന്നു ഭവാൻ.

എന്നിലന്യാദൃശമായുള്ളൊരിബ്ഭവദ്ഭക്തി-
യൊന്നിനൊന്നിനു നന്നായ് വദ്ധിച്ചുവന്നീ-
ടട്ടെ. 32

ഉത്തമമദ്ധ്യമാധമാദിഭേദങ്ങൾമൂലം
മത്തനാകാതെ പ്രജാപാലനംചെയ്തീടുക.

എന്നാജ്ഞയനുസരിച്ചീടുന്ന പുമാന്മാക്കി-
മ്മന്നിലുമന്യലോകങ്ങളിലും സൗഖ്യ-
മുണ്ടാം.'' 33

മൈത്രേയൻ പറഞ്ഞു

അത്ഥവത്താമാപൃഥുവാക്കുകളഭിനന്ദി-
ച്ചിത്തരമുത്തരമായരുളിച്ചെയ്തശേഷം

മന്നനെയനുഗ്രഹിച്ചാത്മധാമത്തിലേക്കായ്
പിന്നെയും യാത്രയ്ക്കായിബ്ഭാവിച്ചാൻ
വിശ്വംഭരൻ. 34

വിണ്ണവരൃഷിമാരും പിതൃക്കൾ ഗന്ധർവ്വന്മാർ
കിന്നരാപ്സരസ്സുകൾ സിദ്ധചാരണന്മാരും

പന്നഗങ്ങളും മത്ത്യൻ പക്ഷികളന്യപ്രാണി-
വൃന്ദമെന്നിവററയെയീശധീയോടു കണ്ടു

സ്തോത്രവാക്യങ്ങളാലുമന്നവസ്ത്രാദിയാലും
പൃഥ്വീശൻ സൽക്കരിച്ചാ,നെല്ലാരുമങ്ങുപോ-
യാർ. 35-36

സച്ചിദാനന്ദാത്മാവായ് സർവ്വശക്തനായ്
മിന്നു-
മച്യുതഭഗവാനും പാഷ്ദരൊത്തു പിന്നെ

ഉപാദ്ധ്യായോപേതനാം നൃപന്റെ മാനസത്തെ-
യപഹരിപ്പോൻവിധം സ്വപുരം പ്രാപി-
ച്ചിതേ. 37

ദേവദേവനായ്ത്തീരെയദൃഷ്ടനാകും വിട്ടു-
വേവം സ്വരൂപംകാട്ടി മറഞ്ഞ ദിക്കുനോക്കി

നമസ്കരിച്ചശേഷമമ്മഹീമണാളനും
കമനീയമാം നിജപത്തനംപ്രതി പോയാൻ. 38

അദ്ധ്യായം 21

പൃഥു ചരിതം—പൃഥുവിൻെറ പ്രജോപദേശം

മൈത്രേയൻ പറഞ്ഞു

മുത്തുകൾ പൂമാലകൾ സുവർണ്ണതോരണങ്ങ-
ളത്യന്തസുരഭിലധൂപങ്ങളിത്യാദിയാൽ

അങ്ങങ്ങലങ്കരിച്ചു ചന്ദനാഗരുനീര-
മെങ്ങുമേ തളിച്ചങ്ങു നനച്ചു മാൾഗ്ഗമെല്ലാം

പുഷ്പാക്ഷതങ്ങൾ ഫലലാജങ്ങൾ ദീപങ്ങളെ-
ന്നിപ്പദാത്ഥങ്ങളാലേ പരിഷ്കരിച്ചു പാരം

കദളീവാഴ, തളിർതൈക്കവുങ്ങിവയാലേ
നിതരാമലംകൃതമപ്പുരം ശോഭിച്ചിതു. 1-3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാസ്തം ദീപബലിഭിഃ സംഭൃതാശേഷമങ്ഗളൈഃ
അഭീയുർമൃഷ്ടകന്യാശ്ച മൃഷ്ടകുണ്ഡലമണ്ഡിതാഃ. 4
ശംഖദുന്ദുഭിഘോഷേണ ബ്രഹ്മഘോഷേണ ചർത്വിജാം
വിവേശ ഭവനം വീരഃ സ്തൂയമാനോ ഗതസ്മയഃ. 5
പൂജിതഃ പൂജയാമാസ തത്ര തത്ര മഹായശാഃ
പൗരാൻ ജാനപദാംസ്താംസ്താൻ പ്രീതഃ പ്രിയവരപ്രദഃ. 6

സ ഏവമാദീന്യനവദ്യചേഷ്ടിതഃ
കർമ്മാണി ഭൂയാംസി മഹാന്മഹത്തമഃ
കുർവ്വൻ ശശാസാവനിമണ്ഡലം യശഃ
സ്ഫീതം നിധായാരുരുഹേ പരം പദം. 7

സൂത ഉവാച

തദാദിരാജസ്യ യശോ വിജൃംഭിതം
ഗുണൈരശേഷൈർഗ്ഗുണവത്സഭാജിതം
ക്ഷത്താ മഹാഭാഗവതഃ സദസ്പതേ
കൗഷാരവിം പ്രാഹ ഗൃണന്തമർച്ചയൻ. 8

വിദുര ഉവാച

സോഽഭിഷിക്തഃ പൃഥുർവ്വിപ്രൈർലബ്ധാശേഷസുരാർഹണഃ
ബിഭ്രത്സ വൈഷ്ണവം തേജോ ബാഹ്വോര്യാഭ്യാം ദുദോഹ ഗാം. 9

കോ ന്വസ്യ കീർത്തിം ന ശൃണോത്യഭിജ്ഞോ
യദ്വിക്രമോച്ഛിഷ്ടമശേഷഭൂപാഃ
ലോകാഃ സപാലാ ഉപജീവന്തി കാമ-
മദ്യാപി തന്മേ വദ കർമ്മ ശുദ്ധം. 10

മൈത്രേയ ഉവാച

ഗങ്ഗായമുനയോർന്നദ്യോരന്തരാക്ഷേത്രമാവസൻ
ആരബ്ധാനേവ ബുഭുജേ ഭോഗാൻ പുണ്യജിഹാസയാ. 11
സർവ്വത്രാസ്ഖലിതാദേശഃ സപ്തദ്വീപൈകദണ്ഡധൃക്
അന്യത്ര ബ്രാഹ്മണകുലാദന്യത്രാച്യുതഗോത്രതഃ. 12
ഏകദാഽഽസീന്മഹാസത്രദീക്ഷാ തത്ര ദിവൗകസാം
സമാജോ ബ്രഹ്മർഷീണാം ച രാജർഷീണാം ച സത്തമ. 13
തസ്മിന്നർഹത്സു സർവ്വേഷു സ്വർച്ചിതേഷു യഥാർഹതഃ
ഉത്ഥിതഃ സദസോ മദ്ധ്യേ താരാണാമുഡുരാഡിവ. 14
പ്രാംശുഃ പീനായതഭുജോ ഗൗരഃ കഞ്ജാരുണേക്ഷണഃ
സുനാസഃ സുമുഖഃ സൗമ്യഃ പീനാംസഃ സുദ്വിജസ്മിതഃ. 15
വ്യൂഢവക്ഷാ ബൃഹച്ഛ്റോണിർവ്വലിവല്ഗുദലോദരഃ
ആവർത്തനാഭിരോജസ്വീ കാഞ്ചനോരുരുദഗ്രപാത്. 16
സൂക്ഷ്മവക്രാസിതസ്നിഗ്ദ്ധമൂർദ്ധജഃ കംബുകന്ധരഃ
മഹാധനേ ദുകൂലാഗ്ര്യേ പരിധായോപവീയ ച. 17
വ്യഞ്ജിതാശേഷഗാത്രശ്രീർന്നിയമേ ന്യസ്തഭൂഷണഃ
കൃഷ്ണാജിനധരഃ ശ്രീമാൻ കുശപാണിഃ കൃതോചിതഃ
ശിശിരസ്നിഗ്ദ്ധതാരാക്ഷഃ സമൈക്ഷത സമന്തതഃ. 18
ഊചിവാനിദമുർവ്വീശഃ സദഃ സംഹർഷയന്നിവ
ചാരു ചിത്രപദം ശ്ലക്ഷ്ണം മൃഷ്ടം ഗൂഢമവിക്ലബം
സർവ്വേഷാമുപകാരാർത്ഥം തദാ അനുവദന്നിവ. 19

രാജോവാച

സഭ്യാഃ ശൃണുത ഭദ്രം വഃ സാധവോ യ ഇഹാഗതാഃ
സത്സു ജിജ്ഞാസുഭിർദ്ധർമ്മമാവേദ്യം സ്വമനീഷിതം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുങ്കുമം നാളികേരം മലരും ഫലങ്ങളും
തങ്കത്തട്ടങ്ങൾക്കുള്ളിൽത്തൻ കരങ്ങളിലേന്തി
കുളിച്ചു കുണ്ഡലാദിയണിഞ്ഞ കന്യാജനം
വിളക്കുമായിച്ചെന്നാ നൃപനെയെതിരേററാർ. 4
ശംഖദുന്ദുഭിഘോഷമാഗമഘോഷം ജന–
സംഘത്തിൻ ജയഘോഷമെന്നിവയോടുകൂടി
വീരനന്നൃപൻ സ്തൂയമാനനായ് ഗർവ്വഹീന–
മാരാജമാനരാജധാനിയിലെത്തിച്ചേർന്നാൻ. 5
യാത്രയിലങ്ങിങ്ങായി പ്രജകളേകും പൂജ
മുത്തൊടും സ്വീകരിച്ചിട്ടവർക്കിംഗിതമെല്ലാം
സത്വരമേകി രാജ്യം വേണ്ടപോൽ പരിഷ്കരി–
ച്ചെട്ടുദിക്കിലും നിജകീർത്തിയെപ്പരത്തിനാൻ. 6
ഉൽക്കൃഷ്ടഗുണവാനാമന്നൃപൻ മഹത്തമൻ
സൽക്കർമ്മമേവം കണക്കററു ചെയ്തുഴികാത്തു
നിർദ്ദോഷസദ്വ്യാപാരയുതനായത്യുജ്ജ്വല–
കീർത്തിമാനായി പ്രാപിച്ചീടിനാൻ പരം–
പദം. 7

സൂതൻ പറഞ്ഞു

സകല ഗുണങ്ങളും തികഞ്ഞതായിഗ്ഗുണി–
പ്രകരം വാഴ്ത്തും പൃഥുകീർത്തിയെ വിസ്തരിക്കും
മൈത്രേയമുനിതന്നെപ്പൂജിച്ചു ഭാഗവത–
സത്തമൻ ക്ഷത്താവുടൻ ചോദിച്ചാനി–
പ്രകാരം. 8

വിദുരൻ പറഞ്ഞു

ബ്രഹ്മാദ്യരാലും സമ്മാനിതനായ് വിപ്ര–
ന്മാരാൽ
നന്മട്ടിലഭിഷിക്തനാകുമക്ഷോണീശ്വരൻ
ഗോവിനെക്കറന്നൊരക്കൈകളിൽ മഹാവിഷ്ണു–
ദേവതേജസ്സു നേരേ ധരിച്ചിരുന്നുവല്ലോ. 9
നൃപന്മാരെല്ലാവരും സപാലലോകങ്ങളു–
മുപജീവിപ്പതും തദ്വിക്രമോച്ഛിഷ്ടമല്ലോ.
അത്രമേൽ മഹാനാമബ്ഭൂപൻെറ സച്ചരിത്രം
ധാത്രിയിലഭിജ്ഞന്മാർ കേൾക്കുവാൻ മടി–
ക്കുമോ?
വിസ്തരിച്ചവിടുന്നപ്പുണ്യപൂരുഷൻതൻെറ
ശുദ്ധകൃത്യങ്ങളെല്ലാമെന്നോടു ചൊന്നീ–
ടണം. 10

മൈത്രേയൻ പറഞ്ഞു

യമുനാഗംഗാമദ്ധ്യസ്ഥിതമാംക്ഷേത്രം–
തന്നിൽ
സമാധിവസിച്ചുകൊണ്ടധരാവജ്രപാണി
ആരബ്ധഭോഗങ്ങളെയനുഭവിച്ചീടിനാൻ
പ്രാരബ്ധമൊടുക്കുവാനിയലുമിച്ഛയോടും. 11
സപ്തദ്വീപിനുമേകശാസിതാവായോരവൻ
വിപ്രന്മാരിലും വിഷ്ണുഭക്തന്മാരിലുമെന്യേ
സമസ്തജനത്തിലുമൊന്നുപോൽ സ്വശാസന–
മമന്ദം നിർവിഘ്നമായ് വ്യാപിപ്പിച്ചിരു–
ന്നിതേ. 12
ഒരിക്കലൊരുമഹായാഗത്തിനായിദ്ദീക്ഷ–
ധരിച്ചാനവന,പ്പോളവിടെക്കൂടീടിനാർ
ബ്രഹ്മർഷിസമൂഹവും രാജർഷിപ്രധാനരും
സന്മതേ! സുരലോകവാസികളെല്ലാവരും. 13
പൂജ്യരാമാഗതരെയാകവേയോഗ്യതാനു–
യോജ്യമായ് സൽക്കരിച്ചങ്ങിരുത്തിയ–
ന്നൃപേന്ദ്രൻ
ആ മഹാസഭാമദ്ധ്യമുത്ഥിതനായി മിന്നീ
യാമിനീനാഥനൃക്ഷഗണത്തിൻനടുവിൽ–
പോൽ. 14
ഉയരം, നീണ്ടുരുണ്ട ബാഹുക്ക,ളരുണാബ്ജ–
നയനദ്വയം ചാരുനാസിക സിതവർണ്ണം
പ്രസന്നാനനം ശാന്തസ്വഭാവം മാംസളാംസം
സുസിതദന്തരാജി വിസ്മരമന്ദഹാസം
വിരിഞ്ഞമാറു ബൃഹത്തായിടും ശ്രോണി മനോ-
ഹരമാം,ത്രിവലിചേർന്നാലിലയ്യൊക്കും കുക്ഷി,
ചുഴിപോലെഴുംപൊക്കിൾ, പൊന്മയമുരുയുഗ്മ-
മഴകിലുന്നതമാം പാദപങ്കജദ്വയം
കറുത്തുമിനുത്തഗ്രം വളഞ്ഞു നേർത്ത കേശം
വരശംഖൊത്തകണ്ഠമനഘദുകൂലവും
ഉത്തരീയവുംചേർന്ന സർവ്വാവയവഭംഗി–
യൊത്തു സദ്വ്രതംപൂണ്ടു ഭൂഷകളുപേക്ഷിച്ചു
മാന്തോലുടുത്തു കുശപാണിയായ് മിനുത്തതി–
ശാന്തമായ് സ്നിഗ്ദ്ധതാരചേരും തൻനേത്രങ്ങ–
ളാൽ
നാലുഭാഗത്തും സ്ഥിതിചെയ്യുവീടും ജനങ്ങളെ
ചാലവേ സ്നേഹപൂർവ്വം നോക്കിനാൻ കൃതോ–
ചിതൻ. 15–18
സദസ്സിളക്കുംവിധം ചാരുവായ് വിചിത്രമാ–
യതിശുദ്ധമായവ്യാകുലമായ് പ്രശസ്തമായ്
ഗംഭീരമായിരിക്കും വാക്കുകളതിന്നിത–
ക്കുംഭിനീജംഭാരാതിതന്നാനനത്തിൽ–
നിന്നും. 19
ഏവർക്കുമുപകാരമാംവിധം സ്വാനുഭൂതി–
യാവിഷ്കരിക്കുംവണ്ണമാ മൊഴി ശോഭിച്ചിതു.

രാജാവു പറഞ്ഞു

ഇങ്ങുവന്നിരിക്കുന്ന സാധുക്കളാം നിങ്ങൾക്കു
മംഗലം ഭവിക്കട്ടെ, കേൾക്കുവിൻ മമവാക്യം
ജിജ്ഞാസുവായുള്ളവൻ ധർമ്മത്തിൽ
സ്വാഭിപ്രായം
സജ്ജനങ്ങളെദ്ധരിപ്പിക്കുകവേണമല്ലോ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം ദണ്ഡധരോ രാജാ പ്രജാനാമിഹ യോജിതഃ
രക്ഷിതാ വൃത്തിദഃ സ്വേഷു സേതുഷു സ്ഥാപിതാ പൃഥക്. 21
തസ്യ മേ തദനുഷ്ഠാനാദ്യാനാഹുർബ്രഹ്മവാദിനഃ
ലോകാഃ സ്യുഃ കാമസന്ദോഹാ യസ്യ തുഷ്യതി ദിഷ്ടദൃക്. 22
യ ഉദ്ധരേത് കരം രാജാ പ്രജാ ധർമ്മേഷ്വശിക്ഷയൻ
പ്രജാനാം ശമലം ഭുങ്ക്തേ ഭഗം ച സ്വം ജഹാതി സഃ. 23
തത് പ്രജാ ഭർത്തൃപിണ്ഡാർത്ഥം സ്വാർത്ഥമേവാനസൂയവഃ
കുരുതാധോക്ഷജധിയസ്തർഹി മേഽനുഗ്രഹഃ കൃതഃ. 24
യൂയം തദനുമോദധ്വം പിതൃദേവർഷയോഽമലാഃ
കർത്തുഃ ശാസ്തുരനുജ്ഞാതുസ്തുല്യം യത് പ്രേത്യ തത് ഫലം. 25
അസ്തി യജ്ഞപതിർന്നാമ കേഷാഞ്ചിദർഹസത്തമാഃ
ഇഹാമുത്ര ച ലക്ഷ്യന്തേ ജ്യോത്സ്നാവത്യഃ ക്വചിദ് ഭുവഃ. 26
മനോരുത്താനപാദസ്യ ധ്രുവസ്യാപി മഹീപതേഃ
പ്രിയവ്രതസ്യ രാജർഷേരംഗസ്യാസ്മത് പിതുഃ പിതുഃ. 27
ഈദൃശാനാമഥാന്യേഷാമജസ്യ ച ഭവസ്യ ച
പ്രഹ്ലാദസ്യ ബലേശ്ചാപി കൃത്യമസ്തി ഗദാഭൃതാ. 28
ദൌഹിത്രാദീനൃതേ മൃത്യോഃ ശോച്യാൻ ധർമ്മവിമോഹിതാൻ
വർഗ്ഗസ്വർഗ്ഗാപവർഗ്ഗാണാം പ്രായേണൈകാത്മ്യഹേതുനാ. 29

യത് പാദസേവാഭിരുചിസ്തപസ്വിനാ-
മശേഷജന്മോപചിതം മലം ധിയഃ
സദ്യഃ ക്ഷിണോത്യന്വഹമേധതീ സതീ
യഥാ പദാംഗുഷ്ഠവിനിഃസൃതാ സരിത്. 30
വിനിർധുതാശേഷമനോമലഃ പുമാ-
നസംഗവിജ്ഞാനവിശേഷവീര്യവാൻ
യദംഘ്രിമൂലേ കൃതകേതനഃ പുനഃ
ന സംസൃതിം ക്ലേശവഹാം പ്രപദ്യതേ. 31
തമേവ യൂയം ഭജതാത്മവൃത്തിഭി-
ർമ്മനോവചഃകായഗുണൈഃ സ്വകർമ്മഭിഃ
അമായിനഃ കാമദുഘാംഘ്രിപങ്കജം
യഥാധികാരാവസിതാർത്ഥസിദ്ധയഃ. 32
അസാവിഹാനേകഗുണോഽഗുണോഽധ്വരഃ
പൃഥഗ്വിധദ്രവ്യഗുണക്രിയോക്തിഭിഃ
സമ്പദ്യതേഽർത്ഥാശയലിംഗനാമഭി-
ർവ്വിശുദ്ധവിജ്ഞാനഘനഃ സ്വരൂപതഃ. 33
പ്രധാനകാലാശയധർമ്മസംഗ്രഹേ
ശരീര ഏഷ പ്രതിപദ്യ ചേതനാം
ക്രിയാഫലത്വേന വിഭുർവിഭാവ്യതേ
യഥാനലോ ദാരുഷു തദ്ഗുണാത്മകഃ. 34
അഹോ മമാമീ വിതരന്ത്യനുഗ്രഹം
ഹരിം ഗുരും യജ്ഞഭുജാമധീശ്വരം
സ്വധർമ്മയോഗേന യജന്തി മാമകാ
നിരന്തരം ക്ഷോണിതലേ ദൃഢവ്രതാഃ. 35
മാ ജാതു തേജഃ പ്രഭവേന്മഹദ്ഭിഭി-
സ്തിതിക്ഷയാ തപസാ വിദ്യയാ ച
ദേദീപ്യമാനേഽജിതദേവതാനാം
കുലേ സ്വയം രാജകുലാദ്ദ്വിജാനാം. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൃപനായെന്നെജ്ജനം നിയമിച്ചിരിക്കയാ–
ലപരാധികൾക്കെല്ലാം ദണ്ഡനമേല്പിക്കാനും
ഉപജീവനദ്രവ്യം ജനങ്ങൾക്കേകുവാനു–
മപഥസഞ്ചാരികളായിടുമജ്ഞന്മാരെ
അതാതു ധർമ്മങ്ങളിലാനയിക്കാനുമീ ഞാ–
നിദാനീം ചുമതലപ്പെട്ടവനധികാരി. 21
എന്നുടെ ധർമ്മം നേരേ ഞാനനുഷ്ഠിച്ചീടുകി–
ലെന്നിലെക്കർമ്മസാക്ഷിഭഗവാൻ പ്രസാദിക്കും
വേദോക്തിയനുസരിച്ചെനിക്കു സർവകാമ–
സാധകമാമപ്പുണ്യലോകവും ലഭിച്ചീടും. 22
നല്ലപോൽ ജനങ്ങളെദ്ധർമ്മത്തിൽച്ചരിപ്പിക്കാ–
നല്ലലിലാർത്തിക്കരംപിരിക്കും നൃപാധമൻ
പ്രജാവൃന്ദത്തിൻപാപഫലത്തെബ്ഭുജിക്കയും
നിജൈശ്വര്യത്തിൽനിന്നും ഭ്രഷ്ടനാകയും
ചെയ്യും. 23
അതിനാൽ പ്രജകളേ! പാലകപരലോക–
പദവി പാർത്തു നിങ്ങളസൂയപ്പെടാതെയും
ജഗദീശനെയോർത്തും സ്വപ്രയോജനമുന്നി–
സ്സ്വകൃതസംസക്തരായാചരിക്കുവിൻ ധർമ്മം.
ആയതു ചെയ്കിൽ നിങ്ങളെന്നേയനുഗ്രഹിച്ച–
തായിടുമെന്നുള്ളതിൽ സന്ദേഹമില്ല തെല്ലും. 24
അതിശുദ്ധരാം പിതൃദേവർഷിമുഖ്യന്മാരേ!
അതിനേ നിങ്ങളനുമോദിക്കിൻ വേണ്ടുംവിധം.
ധർമ്മമാചരിപ്പോനുമനുമോദിക്കുവോനും
നന്മട്ടു ശാസിപ്പോനും പരത്തിൽ സുഖം
തുല്യം. 25
ചിലർ വിശ്വസിക്കുന്നു നിഖിലകർമ്മങ്ങൾതൻ
ഫലദാതാവായൊരു യജ്ഞേശനുള്ളതായി.
കാണുന്നുണ്ടിങ്ങും പരലോകത്തും തേജസ്സേറും
സ്ഥാനങ്ങളേയും ചിന്തിച്ചീടുവിൻ പൂജ്യ–
ന്മാരേ! 26
മനു,വുത്താനപാദൻ, ധ്രുവനും പ്രിയവ്രത–
നനഘനാകുമങ്ഗൻ നമ്മുടെ പിതാമഹൻ
ഇമ്മഹാരാജാക്കന്മാർ രാജർഷിമാരിവർക്കും
ബ്രഹ്മനും മഹേശനും ബലിക്കും പ്രഹ്ലാദനും
മററുള്ള മഹാന്മാർക്കുമൊന്നുപോലഭിപ്രായം
മുററിയിട്ടുള്ളതാണൊരീശ്വരനുള്ള–
തായി. 27–28
ധർമ്മമോഹിതന്മാരായ് ശോച്യരാം വേനൻ–
തൊട്ടു
ദുർമ്മതിമാർ കുറച്ചുപേരൊഴിച്ചെല്ലാവരും
വർഗ്ഗസ്വർഗ്ഗാപവർഗ്ഗൈകാത്മതനിമിത്തമായ്
തൽക്കർമ്മമെറെല്ലാമീശകൃതമായ് നിശ്ചയിപ്പൂ. 29
ആരുടെ പാദാംബുജസേവയിൽ ദിനംതോറു–
മേറീടുമഭിരുചി, തദങ്ഗുഷ്ഠത്തിൽനിന്നും
ജാതമാം ഗങ്ഗമട്ടിൽ സംസാരസന്തപ്തർതൻ–
ഭൃതജന്മാർജ്ജിതാഘം ഹനിപ്പൂ സർവ്വം ക്ഷ–
ണാൽ. 30
ശുദ്ധചിത്തരായ് സംഗഹീനരായ് വിജ്ഞാ–
നത്താൽ
സിദ്ധമാം വീര്യത്തോടുമാരുടെ പാദമൂലം
നിവാസമാക്കുവോരെദ്ദുരതിക്രമമാകും
ഭവസങ്കടം തെല്ലും ബാധിച്ചീടുന്നില്ലയോ, 31
അപ്രമേയനായീടുമബ്ഭഗവാനെത്തന്നെ
സ്വപ്രവൃത്തികൾകൊണ്ടു നിങ്ങളും സേവിക്കു–
വിൻ.
കള്ളമെള്ളോളമെന്യേ സ്വാധികാരാനുസാര–
മുള്ളതാമർത്ഥസിദ്ധിയൊത്തു ചിത്തവും മെയ്യും
മൊഴിയുംകൊണ്ടു ശുഭകൃത്യങ്ങൾ ചെയ്തു കാമം
പൊഴിക്കുമദ്ദേവൻെറ പാദാബ്ജം ഭജിക്കു–
വിൻ. 32
വിശുദ്ധൻ ഗുണഹീനൻ വിജ്ഞാനഘനനേവം
പ്രശോഭിക്കുന്നോരിവൻ ലോകാനുഗ്രഹ–
ത്തിനായ്
ഭിന്നങ്ങളാകും ഗുണപദാർത്ഥകർമ്മോക്തികൾ
തന്നാലുമർത്ഥാശയ ലിംഗനാമങ്ങളാലും
വിവിധഗുണോപേതമാകുമദ്ധ്വരമായി–
ബ്ഭവിച്ചിരിപ്പൂ നിങ്ങൾ ഭജിപ്പിനേകാ–
ഗ്രമായ്. 33
പ്രധാനം, കാലം, കർമ്മമാശയമിവയിൽനി–
ന്നുദിതം ശരീരത്തിലെങ്ങുമേ വ്യാപ്തനാകും
ഇവൻ ധീവൃത്തിയെസ്സംപ്രാപിച്ചു ദാരുക്കളിൽ
പ്രവിഷ്ടൻ വഹ്നി, ഗുണകാർശ്യസ്ഥൗല്യാനു–
സാരം
ചെറുതും വലുതുമായ് കാണപ്പെട്ടീടുന്നൊര–
ത്തരത്തിൽ സ്വയം കർമ്മഫലമായ്
വിളങ്ങുന്നു. 34
ഗുരുവായ് മഖഭൂക്കുകൾക്കെല്ലാമധീശനാം
ഹരിയെദ്ദൃഢവ്രതയുക്തമെൻ ജനങ്ങളിൽ
ആരാണോ നിജധർമ്മയോഗത്താൽ ശരിയായി–
ട്ടാരാധിപ്പതു നിത്യമെൻറയാപ്രജനേരേ
എന്നെയനുഗ്രഹിച്ചീടുന്നവൻതന്നെ നൂനം
പുണ്യത്തിൻ ഷഷ്ഠാംശവുമേകുന്നിതെനിക്ക–
വൻ. 35
വിദ്യയും സഹിക്കുന്ന ശീലവും തപസ്സുംകൊ–
ണ്ടത്യന്തം ദീപ്രമാകും വൈഷ്ണവന്മാരുടേയും
ഭൂസുരന്മാരുടേയും കുലത്തിൽ നരപാല–
വംശപ്രഭാവം ചെററും കാട്ടരുതൊരിക്കലും. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മണ്യദേവഃ പുരുഷഃ പുരാതനോ
നിത്യം ഹരിര്യച്ചരണാഭിവന്ദനാത്
അവാപ ലക്ഷ്മീമനപായിനീം യശോ
ജഗത്പവിത്രം ച മഹത്തമാഗ്രണീഃ. 37

യത്സേവയാശേഷഗുഹാശയഃ സ്വരാ–
ഡ്വിപ്രപ്രിയസ്തുഷ്യതി കാമമീശ്വരഃ
തദേവ തദ്ധർമ്മപരൈർവിനീതൈഃ
സർവ്വാത്മനാ ബ്രഹ്മകുലം നിഷേവ്യതാം. 38

പുമാംല്ലഭേതാനതിവേലമാത്മനഃ
പ്രസീദതോഽത്യന്തശമം സ്വതഃ സ്വയം
യന്നിത്യസംബന്ധനിഷേവയാ തതഃ
പരം കിമത്രാസ്തി മുഖം ഹവിർഭുജാം. 39

അശ്നാത്യനന്തഃ ഖലു തത്ത്വകോവി[illegible]ഃ
ശ്രദ്ധാഹുതം യന്മുഖ ഇജ്യനാമഭിഃ
ന വൈ തഥാ ചേതനയാ ബഹിഷ്കൃതേ
ഹുതാശനേ പാരമഹംസ്യപര്യഗുഃ. 40

യദ്ബ്രഹ്മ നിത്യം വിരജം സനാതനം
ശ്രദ്ധാതപോമങ്ഗളമൗനസംയമൈഃ
സമാധിനാ ബിഭ്രതി ഹാർത്ഥദൃഷ്ടയേ
യത്രേദമാദർശ ഇവാവഭാസതേ. 41

തേഷാമഹം പാദസരോജരേണു–
മാര്യാ വഹേയാധികിരീടമായുഃ
യം നിത്യദാ ബിഭ്രത ആശു പാപം
നശ്യത്യമും സർവ്വഗുണാ ഭജന്തി. 42

ഗുണായനം ശീലധനം കൃതജ്ഞം
വൃദ്ധാശ്രയം സംവൃണതേനു സമ്പദഃ
പ്രസീദതാം ബ്രഹ്മകുലം ഗവാം ച
ജനാർദ്ദനഃ സാനുചരശ്ച മഹ്യം. 43

മൈത്രേയ ഉവാച

ഇതി ബ്രുവാണം നൃപതിം പിതൃദേവദ്വിജാതയഃ
തുഷ്ടുവുർഹൃഷ്ടമനസഃ സാധുവാദേന സാധവഃ. 44

''പുത്രേണ ജയതേ ലോകാനിതി സത്യവതീ ശ്രുതിഃ
ബ്രഹ്മദണ്ഡഹതഃ പാപോ യദ്വേനോഽത്യതരത്തമഃ. 45

ഹിരണ്യകശ്യപുശ്ചാപി ഭഗവന്നിന്ദയാ തമഃ
വിവിക്ഷുരത്യഗാത്സൂനോഃ പ്രഹ്ലാദസ്യാനുഭാവതഃ. 46

വീരവര്യ പിതഃ പൃഥ്വ്യാഃ സമാഃ സഞ്ജീവ ശാശ്വതീഃ
യസ്യേദൃശ്യച്യുതേ ഭക്തിഃ സർവ്വലോകൈകഭർത്തരി. 47

അഹോ വയം ഹ്യദ്യ പവിത്രകീർത്തേ
ത്വയൈവ നാഥേന മുകുന്ദനാഥാഃ
യ ഉത്തമശ്ലോകതമസ്യ വിഷ്ണോർ–
ബ്രഹ്മണ്യദേവസ്യ കഥാം വ്യനക്തി. 48

നാത്യദ്ഭുതമിദം നാഥ തവാജീവ്യാനുശാസനം
പ്രജാനുരാഗോ മഹതാം പ്രകൃതിഃ കരുണാത്മനാം. 49

അദ്യ നസ്തമസഃ പാരസ്ത്വയോപാസാദിതഃ പ്രഭോ
ഭ്രാമ്യതാം നഷ്ടദൃഷ്ടീനാം കർമ്മഭിർദ്ദൈവസംജ്ഞിതൈഃ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാണപുമാനാകും ഹരിക്കു താപാപഹ-
വരശക്തിയും മഹത്ക്കീർത്തിയും താൎത്തനമിയും

വശത്തായതും മഹത്തമത്വം സിദ്ധിച്ചതു-
മശങ്കം വിപ്രന്മാരെസ്സേവിക്കമൂലമത്രേ. 37

അന്തര്യാമിയായ് വിപ്രപ്രിയനായ്
സ്വരാട്ടാം ശ്രീ-
കാന്തൻ ഭൂസുരാച്ച്യയാൽ വേണ്ടപോൽ പ്രസാ-
ദിപ്പൂ.

അതിനാൽ ഹരിപ്രീതിക്കാരാധിക്കുവിൻ
നിങ്ങളും
ക്ഷിതിദേവാന്വയത്തെസ്സർവ്വാത്മഭാവത്തൊടും.
38

ബ്രഹ്മജ്ഞദ്വിജരുമായ് നിത്യവുമിടപെട്ട
നമ്മട്ടിലക്കുട്ടരെപ്പൂജിക്കും പുമാൻ വേഗം

പരമശാന്തിസ്ഥാനം പ്രാപിക്കും നൂനമതിൽ-
പരമായ് സുരമുഖമൊന്നുമില്ലെങ്ങുംതന്നെ. 39

തത്ത്വജ്ഞരായുള്ളവർ ഭൂസുരമുഖങ്ങളിൽ
ശ്രദ്ധയാൽ പൂജ്യദേവനാമോച്ചാരണത്തൊടും

അപ്പിക്കും ദ്രവ്യങ്ങളെക്കൈക്കൊൾവതെത്ര-
മാത്ര-
മുൾപ്രിയം കലന്നാണബ്ഭഗവാനത്രമാത്രം

മുത്തോടല്പചേതനവഹ്നിയിൽ ഹോമിച്ചീടും
ശുദ്ധമാം ഹവിസ്സിനെ സ്വീകരിക്കുന്നതോ-
ത്താൽ. 40

ശ്രദ്ധയും തപം മൗനം മങ്ഗലാചരണവും
ചിത്തസംയമം, തഥാ സമാധിയിവയുള്ളോർ

അത്ഥബോധാത്ഥം ശുദ്ധസനാതനാഗമങ്ങളും
പ്രത്യക്ഷം കാണ്മൂ , മുഖം ദപ്പണത്തിങ്കൽ-
പോലെ. 41

അതിനാലാര്യന്മാരേ! ഞാനായുരന്തം ദ്വിജ-
പദപങ്കജധൂളി മൗലിയിലണിഞ്ഞിടും.

സമസ്തഗുണയുക്തമാമതു ധരിക്കുവോൻ
വിമുക്തനായീടുന്നു സർവ്വപാപത്തിൽനിന്നും.
42

ഗുണസ്ഥാനമായ് വൃദ്ധാശ്രയമായ് സത്സ്വ-
ഭാവ-
മിണങ്ങും കൃതജ്ഞനാം പുമാനെസ്സമ്പത്തുകൾ

മുറയ്ക്കു വരിക്കുന്ന ഗോദ്വിജവംശവും ശ്രീ-
ഹരിയും തദ്ഭക്തരും പ്രസാദിക്കട്ടെയെ-
ന്നിൽ. 43

മൈത്രേയൻ പറഞ്ഞു

ജനതയോടീവിധം ധമ്മോപദേശംചെയ്തു
ജനനായകൻതന്നെസ്സാധുക്കളായി മിന്നും

പിതൃദേവബ്രാഹ്മണമുഖ്യരാം സദസ്യന്മാ-
രധികം തുഷ്ടരായി സ്തുതിച്ചാർ വേണ്ടുംവിധം.
44

''സൽപുത്രൻ പിതാവിനു പുണ്യലോകത്തെ-
ശ്ശരി-
ക്കപ്പിക്കുമെന്ന വാക്യമെത്രയോ പരമാത്ഥം

ഹീനകൃത്യങ്ങൾമൂലം ബ്രാഹ്മണശാപാഹതൻ
വേനനും മോചിച്ചല്ലോ ദുരിതൗഘത്തിൽ-
നിന്നും. 45

ഹരിനിന്ദനംമൂലം നരകം പൂകാനുള്ള
ഹിരണ്യകശിപുവാമസുരവംശാധിപൻ

പുത്രനാം പ്രഹ്ലാദന്റെ മാഹാത്മ്യം നിമിത്ത-
മായ്
നിത്യമാം ഹരിപദമശ്രമം പ്രാപിച്ചിതേ. 46

സർവ്വലോകൈകഭത്താവായീടും മുകുന്ദനി-
ലുർവ്വീശാ! വദ്ധിക്കുന്നു ഭവാനു ഭക്തി നിത്യം.

അങ്ങനെയുള്ള വീരവര്യനാം ഭവാൻ സുഖ-
സങ്ഗമസ്ഥാനമായിജ്ജീവിക്ക കോടിവഷം.
47

പാവനകീത്തേ! ഭവാൻ നാഥനായതുമൂലം
ശ്രീവിഷ്ണുഭക്തരായിത്തീന്നിതു ഞങ്ങളെല്ലാം.

ഉത്തമശ്ലോകാഗ്ര്യനായ് വിപ്രഭക്തനാം പുരു-
ഷോത്തമൻതൻചരിത്രം സ്പഷ്ടമാക്കുന്നു
ഭവാൻ. 48

അല്ലയോ രക്ഷിതാവേ! താവകാശ്രിതന്മാരാ-
യുള്ള ഞങ്ങളെയേവമങ്ങനുശാസിപ്പതിൽ

അദ്ഭുതമില്ല കൃപാത്മാക്കളാം മഹത്തുക്കൾ-
ക്കാപ്രജാവത്സലത്വം പ്രകൃതിസിദ്ധമല്ലോ. 49

പ്രാരബ്ധകമ്മഫലാധീനരായജ്ഞാനാന്ധ-
കാരത്താൽ കാണാൻ കഴിവററവരായ ഞങ്ങൾ,

ഹേ സാവ്വഭൗമ! ഭവത്സാരോപദേശങ്ങളാൽ
സംസാരപാരാവാരം കടന്നു കാരുണ്യാബ്ധേ! 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമോ വിവൃദ്ധസത്ത്വായ പുരുഷായ മഹീയസേ
യോ ബ്രഹ്മ ക്ഷത്രമാവിശ്യ ബിഭർത്തീദം സ്വതേജസാ.'' 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ഏകവിംശതിതമോഽധ്യായഃ

ദ്വാവിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച

ജനേഷു പ്രഗൃണത്സ്വേവം പൃഥും പൃഥുലവിക്രമം
തത്രോപജഗ്മുർമ്മുനയശ്ചത്വാരഃ സൂര്യവർച്ചസഃ. 1

താംസ്തു സിദ്ധേശ്വരാൻ രാജാ വ്യോമ്നോഽവതരതോഽർച്ചിഷാ
ലോകാനപാപാൻ കർവ്വത്യാ സാനുഗോഽചഷ്ട ലക്ഷിതാൻ. 2

തദ്ദർശനോദ്ഗതാൻ പ്രാണാൻ പ്രത്യാദിത്സുരിവോത്ഥിതഃ
സസദസ്യാനുഗോ വൈന്യ ഇന്ദ്രിയേശോ ഗുണാനിവ. 3

ഗൗരവാദ്യന്ത്രിതഃ സഭ്യഃ പ്രശ്രയാനതകന്ധരഃ
വിധിവത് പൂജയാഞ്ചക്രേ ഗൃഹീതാധ്യർഹണാസനാൻ. 4

തത്പാദശൗചസലിലൈർമ്മാർജ്ജിതാളകബന്ധനഃ
തത്ര ശീലവതാം വൃത്തമാചരന്മാനയന്നിവ. 5

ഹാടകാസന ആസീനാൻ സ്വധിഷ്ണ്യേഷ്വിവ പാവകാൻ
ശ്രദ്ധാസംയമസംയുക്തഃ പ്രീതഃ പ്രാഹ ഭവാഗ്രജാൻ. 6

''അഹോ ആചരിതം കിം മേ മങ്ഗളം മങ്ഗളായനാഃ
യസ്യ വോ ദർശനം ഹ്യാസീദ്ദുർദ്ദർശാനാം ച യോഗിഭിഃ. 7

കിം തസ്യ ദുർല്ലഭതരമിഹലോകേ പരത്ര ച
യസ്യ വിപ്രാഃ പ്രസീദന്തി ശിവോ വിഷ്ണുശ്ച സാനുഗഃ. 8

നൈവ ലക്ഷയതേ ലോകോ ലോകാൻ പര്യടതോഽപി യാൻ
യഥാ സർവ്വദൃശം സർവ്വ ആത്മാനം യേഽസ്യ ഹേതവഃ. 9

അധനാ അപി തേ ധന്യാഃ സാധവോ ഗൃഹമേധിനഃ
യദ്ഗൃഹാ ഹ്യർഹവര്യാംബുതൃണഭൂമീശ്വരാവരാഃ 10

വ്യാളാലയദ്രുമാ വൈ തേഽപ്യരിക്താഖിലസമ്പദഃ
യദ്ഗൃഹാസ്തീർത്ഥപാദീയപാദതീർത്ഥവിവർജ്ജിതാഃ. 11

സ്വാഗതം വോ ദ്വിജശ്രേഷ്ഠാ യദ്വ്രതാനി മുമുക്ഷവഃ
ചരന്തി ശ്രദ്ധയാ ധീരാ ബാലാ ഏവ ബൃഹന്തി ച. 12

കച്ചിന്നഃ കുശലം നാഥാ ഇന്ദ്രിയാർത്ഥാർത്ഥവേദിനാം
വ്യസനാവാപ ഏതസ്മിൻ പതിതാനാം സ്വകർമ്മഭിഃ. 13

ഭവത്സു കുശലപ്രശ്ന ആത്മാരാമേഷു നേഷ്യതേ
കുശലാകുശലാ യത്ര ന സന്തി മതിവൃത്തയഃ. 14

തദഹം കൃതവിശ്രംഭഃ സുഹൃദോ വസ്തപസ്വിനാം
സംപൃച്ഛേ ഭവ ഏതസ്മിൻ ക്ഷേമഃ കേനാഞ്ജസാ ഭവേത്. 15

വ്യക്തമാത്മവതാമാത്മാ ഭഗവാനാത്മഭാവനഃ
സ്വാനാമനുഗ്രഹായേമാം സിദ്ധരൂപീ ചരത്യജഃ'' 16

മൈത്രേയ ഉവാച

പൃഥോസ്തത്സൂക്തമാകർണ്യ സാരം സുഷ്ഠു മിതം മധു
സ്മയമാന ഇവ പ്രീത്യാ കുമാരഃ പ്രത്യുവാച ഹ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മക്ഷത്രിയവംശപ്രവിഷ്ടനേതു ദേവൻ
തന്മഹാതേജസ്സിനാലീലോകം ഭരിക്കുന്ന
സത്യമൂർത്തിയായ് മഹാനാകുമാദൈത്യാന്വയ-
വിദ്വേഷി ഭഗവാനായ്ക്കൊണ്ടിതാ
നമസ്കാരം.'' 51

അദ്ധ്യായം 22

പൃഥു ചരിതം—സനകാദികളുടെ ഉപദേശം

മൈത്രേയൻ പറഞ്ഞു

പൃഥുലപരാക്രമിയാകുമാപ്പൃഥുവിനെ
മുദിതരായിജ്ജനമീവിധം സ്തുതിക്കവേ
അവിടെ വന്നീടിനാർ മാർത്താണ്ഡതേജഃപുഞ്ജം
കവരും കാന്തിചിന്തും നാലു മാമുനീശ്വരർ. 1
ലോകപാപാന്ധകാരമാകവേയകററിക്കൊ-
ണ്ടാകാശംതന്നിൽനിന്നുമതുലിതാർച്ചിസ്സിനാൽ
ആളറിയിച്ചിറങ്ങിവരുന്ന സിദ്ധേശരാം
നാലുപേരെയും കണ്ടാൻ സപരിവാരൻ
നൃപൻ. 2
തദ്ദർശനക്ഷണത്തിലുദ്ഗതൻ പ്രാണൻതന്നെ
പ്രത്യാഹരിച്ചീടുവാനെന്നപോലന്നരേന്ദ്രൻ
ജനരാശിയോടൊത്തു പെട്ടെന്നങ്ങെഴുന്നേററാൻ
മനസ്സുശബ്ദാദിതൻ നേരേയെന്നതുപോലെ. 3
വിനയപൂർവ്വം നമ്രകണ്ഠനായ് ഭക്തിയാല-
സ്സനകമുനീശ്വരക്കധീനനായന്നൃപൻ
അച്ചനാദ്രവ്യങ്ങളുമാസനങ്ങളുമേകി
മെച്ചമായ് വിധിക്കൊത്തു പൂജനമാചരി-
ച്ചാൻ. 4
ആസനസ്ഥിതരാമമ്മുനികൾതൻ പദങ്ങൾ
താൻ സ്വയം ജലംകൊണ്ടു കഴുകിത്തുടച്ചുടൻ
ആ നീരം തന്മൗലിയിൽ ധരിച്ചു സദാചാരം
മാനിക്കുന്നവൻവിധം സാധുസൽക്കാരം
ചെയ്താൻ. 5
സ്വർണ്ണാസനാസീനരായ് പരമേശ്വരനെക്കാൾ
മുന്നമേ, ജാതരായോരമ്മുനീശ്വരന്മാരിൽ
ശ്രദ്ധാസംയമമോദവിനയാന്വിതനായ-
പ്പൃഥ്വീനായകൻ പുനരീവിധമരുൾചെയ്താൻ. 6
''മംഗലാസ്ഥാനങ്ങളേ! യോഗീന്ദ്രദൃശരാം
നിങ്ങളെക്കാണ്മാൻ നമുക്കിന്നിടവന്നീടുവാൻ
എന്തൊരു സൽക്കർമ്മമാണാചരിച്ചുള്ളതീ ഞാൻ
ഹന്ത! നിശ്ചയമില്ല വിസ്മയം മുനീന്ദ്രരേ! 7
നിങ്ങളെപ്പോലെ മിന്നും ബ്രഹ്മജ്ഞദ്വിജന്മാരും
ഗങ്ഗാകാമുകൻതാനും ശ്രീവിഷ്ണുഭഗവാനും
തത്പരിചരരോടൊത്താരിലോ പ്രസാദിപ്പ-
തപ്പുമാനിങ്ങും പരലോകത്തുമെന്തുവേണ്ടു. 8
പാരിടം ചുററിച്ചരിച്ചീടിലും ഭവാന്മാരെ-
യാരുമേയീലോകത്തിൽക്കാണുമാറില്ലയല്ലോ.
സമസ്തം കണ്ടിരിക്കുമപ്പരമാത്മാവിനെ
കമലാസനാദ്യരുമറിയാത്തതുപോലെ. 9
മന്ദിരം,മഹി,തൃണം,സലിലം,പരിചാര-
വൃന്ദംതൊട്ടുള്ളതെല്ലാം പൂജ്യരെപ്പൂജിക്കുവാൻ
ഒരുക്കിക്കാത്തുനില്ക്കും സാധുവാം ഗൃഹസ്ഥിത-
പൂരുഷൻ കൃതാർത്ഥൻതാൻ നിർദ്ധനനെന്നാ-
കിലും. 10
തീർത്ഥപാദാങ്ഘ്രി തീർത്ഥാശ്രിതഭാഗ്യശ-
ന്മാർതൻ
ശുദ്ധപാദാബ്ജസ്പർശമേല്ക്കാത്ത ഭവനങ്ങൾ
സമ്പത്സമ്പൂർണ്ണങ്ങളായ് ശോഭിക്കുമെന്നാകിലും
പാമ്പുകൾ വസിച്ചീടും ഭൂമീരുഹങ്ങളത്രേ. 11
സ്വാഗതം വിപ്രേന്ദ്രരേ! നിങ്ങൾ ബാല്യ-
ത്തിലേതാൻ
പാകത കൈവളർത്തിയിന്ദ്രിയങ്ങളെ വെന്നു
മോക്ഷത്തിലിച്ഛയാൻു സച്ഛ്രദ്ധായുക്തരായി
ദീക്ഷിച്ചുപോരുന്നല്ലോ വ്രതങ്ങൾ വേണ്ടു-
മട്ടിൽ. 12
ഇന്ദ്രിയാർത്ഥങ്ങളെല്ലാം പുരുഷാർത്ഥങ്ങളെന്നായ്
ചിന്തിച്ചു മൗഢ്യത്തിനാൽ സ്വകർമ്മബദ്ധരായി
അഴലിൻനിമിത്തമാം സംസാരാബ്ധിയിൽ
വീണു
മുഴുകിക്കിടക്കുമീ ഞങ്ങൾക്കു സുഖമെങ്ങോ? 13
സൗഖ്യവുമസൗഖ്യവുമെന്നുള്ള ഭാവഭേദ-
മുൾക്കാമ്പുതന്നിലണുമാത്രവും കലരാതെ
ആത്മാരാമന്മാരായി വിളങ്ങും ഭവാന്മാരിൽ
സാത്മ്യമായ് ഭവിച്ചീടാ കുശലപ്രശ്നമേതും. 14
അതിനാലിപ്പോൾ ദീനബന്ധുക്കൾ
നിങ്ങളോടാ-
യതിവിശ്വാസപൂർവ്വം ഞാനൊന്നു ചോദിക്കുന്നു.
അളവററുള്ളതാമിസ്സംസാരം കടക്കുവാ-
നെളുതാമുപായമെന്തെന്നു മാമുനീന്ദ്രരേ! 15
ആത്മവസ്തുക്കൾക്കെല്ലാമാത്മാവായ് സ്വഭ-
ക്തന്മാ-
ർക്കാത്മസ്വരൂപം കാട്ടിക്കൊടുക്കുന്നവനായി
ജന്മഹീനനാമീശൻ സിദ്ധരൂപം ധരിച്ചി-
ട്ടിമ്മന്നിൽ സഞ്ചരിക്കാറുണ്ടല്ലോ സ്പഷ്ട-
മായി.'' 16

മൈത്രേയൻ പറഞ്ഞു

സാരമായർത്ഥവത്തായ് സംഗ്രഹമായ്
നറുന്തേൻ
ചോരുമിപ്പൃഥുനരപാലഗീരുകൾ കേട്ടു
ഘനസന്തോഷംപൂണ്ടു പുഞ്ചിരിയോടുകൂടി
സനൽക്കുമാരമുനിയിങ്ങനെ ചൊല്ലീടി-
നാൻ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''സാധു പൃഷ്ടം മഹാരാജ സർവ്വഭൂതഹിതാത്മനാ
ഭവതാ വിദുഷാ ചാപി സാധൂനാം മതിരീദൃശീ. 18
സങ്ഗമഃ ഖലു സാധൂനാമുഭയേഷാം ച സമ്മതഃ
യത്സംഭാഷണസംപ്രശ്നഃ സർവ്വേഷാം വിതനോതി ശം. 19
അസ്ത്യേവ രാജൻ ഭവതോ മധുദ്വിഷഃ
പാദാരവിന്ദസ്യ ഗുണാനുവാദനേ
രതിർദ്ദുരാപാ വിധുനോതി നൈഷ്ഠികീ
കാമം കഷായം മലമന്തരാത്മനഃ. 20
ശാസ്ത്രേഷ്വിയാനേവ സുനിശ്ചിതോ നൃണാം
ക്ഷേമസ്യ സധ്ര്യഗ്വിമൃശേഷു ഹേതുഃ
അസങ്ഗ ആത്മവ്യതിരിക്ത ആത്മനി
ദൃഢാ രതിർബ്രഹ്മണി നിർഗ്ഗുണേ ച യാ. 21
സാ ശ്രദ്ധയാ ഭഗവദ്ധർമ്മചര്യയാ
ജിജ്ഞാസയാഽധ്യാത്മികയോഗനിഷ്ഠയാ
യോഗേശ്വരോപാസനയാ ച നിത്യം
പുണ്യശ്രവഃകഥയാ പുണ്യയാ ച. 22
അർത്ഥേന്ദ്രിയാരാമസഗോഷ്ഠ്യതൃഷ്ണയാ
തത്സമ്മതാനാമപരിഗ്രഹേണ ച
വിവിക്തരുച്യാ പരിതോഷ ആത്മൻ
വിനാ ഹരേർഗ്ഗുണപീയൂഷപാനാത്. 23
അഹിംസയാ പാരമഹംസ്യചര്യയാ
സ്മൃത്യാ മുകുന്ദാചരിതാഗ്ര്യസീധുനാ
യമൈരകാമൈർന്നിയമൈശ്ചാപ്യനിന്ദയാ
നിരീഹയാ ദ്വന്ദ്വതിതിക്ഷയാ ച. 24
ഹരേർമ്മുഹുസ്തത്പരകർണ്ണപൂര-
ഗുണാഭിധാനേന വിജൃംഭമാണയാ
ഭക്ത്യാ ഹ്യസങ്ഗഃ സദസത്യനാത്മനി
സ്യാന്നിർഗ്ഗുണേ ബ്രഹ്മണി ചാഞ്ജസാ രതിഃ. 25
യദാ രതിർബ്രഹ്മണി നൈഷ്ഠികീ പുമാ-
നാചാര്യവാൻ ജ്ഞാനവിരാഗരംഹസാ
ദഹത്യവീര്യം ഹൃദയം ജീവകോശം
പഞ്ചാത്മകം യോനിമിവോത്ഥിതോഽഗ്നിഃ. 26
ദഗ്ദ്ധാശയോ മുക്തസമസ്തതദ്ഗുണോ
നൈവാത്മനോ ബഹിരന്തർവ്വിചഷ്ടേ
പരാത്മനോര്യദ്വ്യവധാനം പുരസ്താത്
സ്വപ്നേ യഥാ പുരുഷസ്തദ്വിനാശേ. 27
ആത്മാനമിന്ദ്രിയാർത്ഥം ച പരം യദുഭയോരപി
സത്യാശയ ഉപാധൗ വൈ പുമാൻ പശ്യതി നാന്യദാ. 28
നിമിത്തേ സതി സർവ്വത്ര ജലാദാവപി പൂരുഷഃ
ആത്മനശ്ച പരസ്യാപി ഭിദാം പശ്യതി നാന്യദാ. 29
ഇന്ദ്രിയൈർവിഷയാകൃഷ്ടൈരാക്ഷിപ്തം ധ്യായതാം മനഃ
ചേതനാം ഹരതേ ബുദ്ധേഃ സ്തംബസ്തോയമിവ ഹ്രദാത്. 30
ഭ്രശ്യത്യനു സ്മൃതിശ്ചിത്തം ജ്ഞാനഭ്രംശഃ സ്മൃതിക്ഷയേ
തദ്രോധം കവയഃ പ്രാഹുരാത്മാപഹ്നവമാത്മനഃ. 31
നാതഃ പരതരോ ലോകേ പുംസഃ സ്വാർത്ഥവ്യതിക്രമഃ
യദധ്യന്യസ്യ പ്രേയസ്ത്വമാത്മനഃ സ്വവ്യതിക്രമാത്. 32
അർത്ഥേന്ദ്രിയാർത്ഥാഭിധ്യാനം സർവ്വാർത്ഥാപഹ്നവോ നൃണാം
ഭ്രംശിതോ ജ്ഞാനവിജ്ഞാനാദ്യേനാവിശതി മുഖ്യതാം. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഭൂതജാലത്തിനെല്ലാം ഹിതമാഗ്രഹിച്ചീടും
മേദിനീപതേ! സുരീന്ദ്രാഗ്രണിയാകും ഭവാൻ
അറിയാതല്ലെങ്കിലുമങ്ങു ചോദിച്ച ചോദ്യം
പെരികെ ശ്ലാഘ്യം സാധുരീതിയീവിധ-
മല്ലോ. 18

സാധുസങ്ഗമമിരുകൂട്ടർക്കും മോദാവഹ-
മേതാംക്കും സൗഖ്യദംതാൻ തച്ചോദ്യോത്തര-
ങ്ങളും.

ശ്രീകാന്തപരാക്രമകീർത്തനശ്രവണത്തി-
ലേകാന്തരതിയങ്ങേക്കുണ്ടു സുസ്ഥിരമായി
ആയതന്തരങ്ഗത്തിലടിഞ്ഞോരഴുക്കൊക്കെ
മായിച്ചു കാമങ്ങളെ നശിപ്പിച്ചിട്ടു-
ന്നിതേ. 19–20

ചിന്തിച്ചു നന്നായ് ജനക്ഷേമാർത്ഥം പണ്ടേ ബുധ-
സന്ദോഹം രണ്ടുമാർഗ്ഗം സ്ഥാപിച്ചു ശാസ്ത്രങ്ങ-
ളിൽ

ഒന്നതിലാത്മാവൊഴിച്ചൊന്നിലും സംഗി-
ക്കായ്ക
യൊന്നു നിർഗ്ഗുണബ്രഹ്മാത്മാവിലേ രതി-
ദാർഢ്യം. 21

സതതശ്രദ്ധകൊണ്ടും ഭഗവദ്ധർമ്മചര്യാ-
ഗതികൾകൊണ്ടുമുററ ജിജ്ഞാസകൊണ്ടും
പിന്നെ
മാനസമാത്മാവിങ്കൽ സ്ഥാപിക്കാനുതകീടും
നാനാമാതിരി യോഗപരിശീലനത്താലും
യോഗേശ്വരോപാസനമൂലവും പുണ്യപ്രദ-
മൗകുന്ദകഥ കേൾക്കകൊണ്ടുമതുണ്ടായിടും. 22
അർത്ഥാർജ്ജനാശയേറും തമോഗുണാന്ധരോടും
നിത്യമിന്ദ്രിയവശവർത്തികളായോരോടും
തത്സമ്മാനങ്ങളൊന്നും സ്വീകരിച്ചീടായ്കയും
തത്സഹചരരോടു സമ്പർക്കം ചെയ്യായ്കയും
ശ്രീവിഷ്ണുകഥാമൃതസേവനരുചിയില്ലാ-
താവുകിലേകാന്തവാസാസക്തിയുണ്ടാകയും
മാനസമേകാഗ്രമാക്കുകയും ചെയ്തീടുകിൽ
താനേകൈവന്നീടുന്നു ഭക്തിയും വിരക്തിയും.23
അഹിംസാവ്രതമഭ്യസിക്കുക; ദിനംപ്രതി-
യഹിതാഹിതങ്ങളെയനുസന്ധാനംചെയ്തു,
ദേഹസന്ധാരണാർത്ഥം കുറച്ചു ഭക്ഷിക്കുക,
ശ്രീഹരിപുണ്യകഥാപീയൂഷമശിക്കുക,
യമനിയമങ്ങളെശ്ശീലിക്ക, കാമമെല്ലാം
ശമിപ്പിക്കുക, നിന്ദയില്ലാതെയിരിക്കുക,
സുഖദുഃഖാദിദ്വന്ദ്വം സഹിക്ക, കർമ്മങ്ങളെ-
യഖിലം വർജ്ജിക്കുകയിവയാൽ ഭക്തി-
യുണ്ടാം. 24
ഭഗവദ്ഭക്തകർണ്ണാലങ്കരണങ്ങളായി-
പ്പുകഴുമവതാരചരിതകീർത്തനത്താൽ
വൃദ്ധമാം ഭക്തിമൂലം സ്ഥൂലസൂക്ഷ്മാകൃതിയിൽ
വർത്തിപ്പതാമനാത്മപദാർത്ഥങ്ങളിലെല്ലാം
വിരക്തിവന്നു ഗുണാതീതമാം ബ്രഹ്മംതന്നിൽ
പരമമാകും പ്രേമം ഭവിക്കുമനായാസം. 25
പരമപ്രേമം പരബ്രഹ്മത്തിലുദിക്കുമ്പോൾ
പുരുഷൻ ഗുരുവിനെ പ്രാപിച്ചതൽക്കാരു-
ണ്യാൽ
ജ്ഞാനവൈരാഗ്യശക്തി വളർന്ന പഞ്ചക്ലേശ-
സ്ഥാനമായിരിക്കുമക്കാരണശരീരത്തെ
അനലനരണിയെയെന്നമട്ടവിളംബം
ഹനനംചെയ്തീടുന്നു ഭൂപാലമാണിക്യമേ! 26
ജീവകോശമാമന്തഃകരണം ദഹിക്കവേ
സർവ്വമാമഹന്താദിഭാവവുമസ്തമിച്ചു
ഉള്ളിലും ബാഹ്യഭാഗംതന്നിലുമെങ്ങുംതന്നെ-
യില്ലൊന്നും ദൃശ്യങ്ങളായെന്നുള്ള നിലയായി
മുൻനിന്ന മറമാറി സ്വപ്നസംഭ്രാന്തിവിട്ടോ-
രുന്നിദ്രൻമട്ടിലാത്മമാത്രനായ് ശോഭിക്കുന്നു. 27
ഇന്ദ്രിയാർത്ഥങ്ങളേയുമാത്മാവിനേയുമിതു
രണ്ടിലുംനിന്നു ഭിന്നമായതിനേയും പുമാൻ
ഉപാധിയാകുമന്തഃകരണമുള്ളപ്പൊഴേ-
യുപദർശിക്കയുള്ളൂ, മററു വേളയിലില്ല. 28
അംബുവും കണ്ണാടിയുമുണ്ടെങ്കിലല്ലേ പ്രതി-
ബിംബങ്ങളതുകളിൽ കാണുന്നതുള്ള നമ്മൾ.
ഇല്ലെങ്കിലി,ല്ലമ്മട്ടിലുപാധിതൻ നാശത്തി-
ലുല്ലസിക്കുന്നിതേകനാകുമാത്മാവുതാനേ. 29
വിഷയധ്യാനംചെയ്‌വോർതന്മനം മനീഷ-
തൻ
വിശിഷ്ടമാകും ചിന്താശക്തിയെ ഹരിക്കുന്നു
പതിവായ് ജലാശയംതന്നിൽനിന്നും സമീപ-
സ്ഥിതമായിടും ചെടി ജലത്തെയെന്ന-
പോലെ. 30
മനസ്സിനടിപെട്ടു ധീതാനേ ചിന്താബലം
ഹനിപ്പു ചിന്തയററാൽ ജ്ഞാനവും നശിക്കുന്നു.
അതിനേയാത്മാവിൽനിന്നാത്മാവിൻ-
നാശമായി
ബുധസഞ്ചയം പണ്ടേ പറഞ്ഞിരിക്കുന്നിതു. 31
തനതു സുഖമുന്നിയാണതിപ്രേമപൂർവ്വം
ധനദാരാലയാദിയാർജ്ജിപ്പതിങ്ങേവനും.
ആ നിലയ്ക്കാത്മാവിൽനിന്നാത്മാവിനു-
ണ്ടായിടും
ഹാനിയേക്കാളും പുമാനെന്തുള്ളു സ്വാർത്ഥ-
നാശം? 32
ധനമിന്ദ്രിയാർത്ഥങ്ങളിവയേയുന്നിച്ചെയ്യു-
മനുധ്യാനത്താൽ നരനാത്മനാശംവരിപ്പു
അതിനാലവൻ ജ്ഞാനവിജ്ഞാനഭ്രഷ്ടനായി-
പ്പതിപ്പു സ്ഥിരതരപാപയോനിതന്നിൽ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന കുര്യാത് കർഹിചിത്സങ്ഗം തമസ്തീവ്രം തിതീരിഷുഃ
ധർമ്മാർത്ഥകാമമോക്ഷാണാം യദത്യന്തവിഘാതകം. 34

തത്രാപി മോക്ഷ ഏവാർത്ഥ ആത്യന്തികതയേഷ്യതേ
ത്രൈവർഗ്ഗ്യോഽർത്ഥോ യതോ നിത്യം കൃതാന്തഭയസംയുതഃ. 35

പരേഽവരേ ച യേ ഭാവാ ഗുണവ്യതികരാദനു
ന തേഷാം വിദ്യതേ ക്ഷേമമീശവിധ്വംസിതാശിഷാം. 36

തത്ത്വം നരേന്ദ്ര ജഗതാമഥ തസ്ഥുഷാം ച
ദേഹേന്ദ്രിയാസുധിഷണാത്മഭിരാവൃതാനാം
യഃ ക്ഷേത്രവിത്തപതയാ ഹൃദി വിശ്വഗാവിഃ
പ്രത്യക് ചകാസ്തി ഭഗവാംസ്തമവേഹി സോഽസ്മി. 37

യസ്മിന്നിദം സദസദാത്മതയാ വിഭാതി
മായാ വിവേകവിധുതി സ്രജി വാഹിബുദ്ധിഃ
തം നിത്യമുക്തപരിശുദ്ധവിബുദ്ധതത്ത്വം
പ്രത്യൂഢകർമ്മകലിലപ്രകൃതിം പ്രപദ്യേ. 38

യത്പാദപങ്കജപലാശവിലാസഭക്ത്യാ
കർമ്മാശയം ഗ്രഥിതമുദ്ഗ്രഥയന്തി സന്തഃ
തദ്വന്ന രിക്തമതയോ യതയോഽപി രുദ്ധ-
സ്രോതോഗണാസ്തമരണം ഭജ വാസുദേവം. 39

കൃച്ഛ്റോ മഹാനിഹ ഭവാർണ്ണവമപ്ലവേശാം
ഷഡ്വർഗ്ഗനക്രമസുഖേന തിതീരഷന്തി
തത്ത്വം ഹരേർഭഗവതോ ഭജനീയമങ്ഘ്രിം
കൃത്വോഡുപം വ്യസനമുത്തര ദുസ്തരാർണ്ണം.'' 40

മൈത്രേയ ഉവാച

സ ഏവം ബ്രഹ്മപുത്രേണ കുമാരേണാത്മമേധസാ
ദർശിതാത്മഗതിഃ സമ്യക് പ്രശസ്യോവാച തം നൃപഃ. 41

രാജോവാച

കൃതോ മേഽനുഗ്രഹഃ പൂർവ്വം ഹരിണാഽഽർത്താനുകമ്പിനാ
തമാപാദയിതും, ബ്രഹ്മൻ, ഭഗവൻ, യൂയമാഗതാഃ. 42

നിഷ്പാദിതശ്ച കാർത്സ്ന്യേന ഭഗവദ്ഭിർഘൃണാലുഭിഃ
സാധൂച്ഛിഷ്ടം ഹി മേ സർവ്വമാത്മനാ സഹ കിം ദദേ. 43

പ്രാണാ ദാരാഃ സുതാ, ബ്രഹ്മൻ, ഗൃഹാശ്ച സപരിച്ഛദാഃ
രാജ്യം ബലം മഹീ കോശ ഇതി സർവ്വം നിവേദിതം. 44

സൈനാപത്യം ച രാജ്യം ച ദണ്ഡനേതൃത്വമേവ ച
സർവ്വലോകാധിപത്യം ച വേദശാസ്ത്രവിദർഹതി. 45

സ്വമേവ ബ്രാഹ്മണോ ഭുങ്ക്തേ സ്വം വസ്തേ സ്വം ദദാതി ച
തസ്യൈവാനുഗ്രഹേണാന്നം ഭുഞ്ജതേ ക്ഷത്രിയാദയഃ. 46

യൈരീദൃശീ ഭഗവതോ ഗതിരാത്മവാദ
ഏകാന്തതോ നിഗമിഭിഃ പ്രതിപാദിതാ നഃ
തുഷ്യന്ത്വദഭ്രകരുണാഃ സ്വകൃതേന നിത്യം
കോ നാമ തത് പ്രതികരോതി വിനോദപാത്രം. 47

മൈത്രേയ ഉവാച

ത ആത്മയോഗപതയ ആദിരാജേന പൂജിതാഃ
ശീലം തദീയം ശംസന്തഃ ഖേഽഭൂവന്മിഷതാം നൃണാം. 48

വൈന്യസ്തു ധുര്യോ മഹതാം സംസ്ഥിത്യാധ്യാത്മശിക്ഷയാ
ആപ്തകാമമിവാത്മാനം മേന ആത്മന്യവസ്ഥിതഃ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മാർത്ഥകാമമോക്ഷപുരുഷാർത്ഥങ്ങൾ നാലു-
മുന്മൂലച്ഛേദംചെയ്യുമീ വിഷയാഗ്രഹത്തെ
ധ്വംസിച്ചീടണം ശീഘ്രം ദുസ്തരമായീടുന്ന
സംസാരാംബുധി കരകേറുവാനിച്ഛിക്കു-
വോൻ. 34

പുരുഷാർത്ഥങ്ങൾ നാലിൽ മോക്ഷമാണതി-
മൊരിക്കൽ നശിപ്പതുതന്നെ മറ്റവമൂന്നും ശ്രേഷ്ഠ-
ഗുണസമ്മേളനത്താൽ ജനിച്ച ജന്തുക്കളെ
ഹനിപ്പു സർവ്വത്തെയും കാലസ്വരൂപൻ ദേവൻ.
ആശിസ്സശേഷമീശൻ ധ്വംസിച്ചോരവർക്കൊക്കും
ലേശവും ക്ഷേമം ഭവിച്ചീടുന്നതില്ലനൂനം. 35–36
അതിനാൽ ദേഹേന്ദ്രിയപ്രാണബുദ്ധ്യഹങ്കാരാ-
വൃതമാം സർവ്വചരാചരത്തിൽ ക്ഷേത്രജ്ഞനാം
ജീവനെ പ്രേരിപ്പിച്ചു ഭവത്തിലാഴ്ത്തുവോനായ്
സർവ്വാന്തര്യാമിയായി സ്വതന്ത്രനായിട്ടെങ്ങും
വിളങ്ങുമേകനാകും ഭഗവാൻ ഞാൻതാനെന്നു
തെളിഞ്ഞു നിരന്തരധ്യാനത്താൽ കണ്ടു-
കൊൾക. 37

ജ്ഞാനത്താലറും മായാരൂപമാം സ്ഥൂലസൂക്ഷ്മ-
നാനാമാതിരിവിശ്വം മാലയിൽ സർപ്പം-
പോലെ
ആരിലാം ഭാനിപ്പതു, കർമ്മത്താൽ കലുഷത-
യേറിടും മായതന്നെസ്സന്ത്യജിച്ചവനായി
നിത്യമുക്തനായ് പരിശുദ്ധനായ് വിബുദ്ധ-
നായ്
തത്ത്വാത്മാവവനെ ഞാൻ ശരണംപ്രാപി-
ക്കുന്നു. 38

ആരുടെ പാദാംബുജപലാശവിലാസത്തി-
ലേറീടും പ്രേമമാളും ഭക്തന്മാരവിളംബം
ബദ്ധാന്തരംഗം ശുദ്ധമാക്കീടുന്നതുപോലെ,
രിക്തധീകളാം യോഗിമാരുമിന്ദ്രിയഗ്രാമം
നിഗ്രഹിച്ചന്തരംഗം പാവനമാക്കുന്നില്ല,–
ച്ചക്രിയാം ഭഗവാനെബ്ഭവാനും ഭജിച്ചാലും. 39
ഷഡ്വർഗ്ഗനക്രപൂർണ്ണമായിടും ഭവാർണ്ണവം
പെട്ടെന്നു കടക്കുവാനാഗ്രഹിപ്പവർക്കെല്ലാം
ക്ലേശഭൂയിഷ്ഠം ജ്ഞാനസരണിയെന്നാകയാ–
ലീശഭക്തിയാം തോണിയാശ്രയിക്കുക നല്ല.
അതിനാൽ ഭവാനുമബ്ഭഗവദ്ഭജനീയ–
പദപങ്കജമാകും നല്ല കപ്പലിലേറി
മെത്തുമത്തലാർന്നിടും സമുദ്രമയമായ
ദുസ്തരസംസാരത്തെക്കടന്നീടുക വേഗം.'' 40

മൈത്രേയൻ പറഞ്ഞു

ബുദ്ധിവൃത്തിയെത്തന്നിൽ നിയന്ത്രിച്ചിടും
ബ്രഹ്മ–
പുത്രനാം മുനി സനൽക്കുമാരനിപ്രകാരം
തത്ത്വോപദേശംചെയ്തതെത്രയും ശ്രദ്ധയോട–
പ്പൃഥ്വീശൻ ശ്രവിച്ചേവം സ്തുതിവാക്യങ്ങൾ
ചൊന്നാൻ. 41

രാജാവു പറഞ്ഞു

നിങ്ങളിൽനിന്നീയെനിക്കാത്മജ്ഞാനം
ലഭിപ്പാൻ
സംഗതിയാകമെന്നായ് ദീനകാരുണ്യരാശി
ഭഗവാനരുളിയ വാക്കു പാലിപ്പാനിപ്പോൾ
നിഗമജ്ഞരേ! നിങ്ങളിവിടെ വന്നതത്രേ. 42
കരുണാത്മാക്കളാകും നിങ്ങളാ ഹരിവാക്യം
പരിപൂർണ്ണമായിപ്പോൾ സാധിച്ചുകഴിഞ്ഞിതു.
ഗുരുദക്ഷിണ തന്നീടേണ്ടതാ,ണെന്താണു ഞാൻ
തരുവ,തെല്ലാം സാധുജനങ്ങൾക്കുള്ളതല്ലോ. 43
എല്ലാംതാൻ നിങ്ങൾക്കുള്ളതെങ്കിലുമവയെനി-
ക്കുള്ളതെന്നിവനഭിമാനിച്ചീടുകമൂലം
സമർപ്പിച്ചിരിക്കുന്നു നിങ്ങൾക്കെൻ–
പ്രാണനേയും
മമ മന്ദിരപുത്രകളത്രരാഷ്ട്രങ്ങളും
സൈന്യസന്ദോഹമുപകരണങ്ങളും പൂർണ്ണ–
ഭണ്ഡാരം ഭൂമണ്ഡലമെന്നിവയശേഷവും. 44
സൈന്യം സന്തതി രാജ്യം ഭണ്ഡനാധികാരവു–
മെന്നല്ല സമസ്തമാം ഭുവനാധീശത്വവും
ആഗമജ്ഞന്മാരാകും ബ്രാഹ്മണശ്രേഷ്ഠന്മാരി–
ലാകുന്നതത്രേ പാരമുചിതമായുള്ളതും. 45
ധരണീദേവൻ സ്വന്തമാമന്നം ഭുജിക്കുന്നു,
ധരിച്ചീടുന്നു തനതായിടും വസ്ത്രങ്ങളും,
അന്യന്മാർക്കേകിടുന്നു തന്മുതൽ, മഹീസുരൻ–
തന്നനുഗ്രഹത്തിനാൽ ഭക്ഷിപ്പു ക്ഷത്രി–
യാദ്യർ. 46
ഭവാന്മാരാത്മചിന്താനിശ്ചിതമായിടും ശ്രീ–
നിവാസൻ ഭഗവാൻെറയീദൃശമായ തത്ത്വം
ഞങ്ങളെദ്ധരിപ്പിച്ചോരീമഹൽക്കൃത്യമോർത്തു
നിങ്ങളെപ്പോഴും സ്വയം സന്തുഷ്ടരായീടുവിൻ.
കൂപ്പുകൈ മാത്രമേകാം മറെറാരു നിഷ്കൃതിക്കും
കെല്പിവർക്കില്ല തെല്ലും കാരുണാർദ്രാത്മാ–
ക്കളേ! 47

മൈത്രേയൻ പറഞ്ഞു

ജ്ഞാനോപദേഷ്ടാക്കളിൽ ശ്രേഷ്ഠരാമവർ,
ബഹു–
മാനിച്ചമ്മഹീപതിചെയ്ത പൂജകളേയും
ഭൂനാഥസൗശീല്യാദി ഗുണങ്ങളേയും വാഴ്ത്തി
വാനമാർഗ്ഗമായ്ത്തന്നെ മടങ്ങിപ്പോയീടി-
നാർ. 48
ചൊല്ലേറും മഹാന്മാരിൽ ശ്രേഷ്ഠനായാത്മ–
ജ്ഞാനം
നല്ലപോൽ സിദ്ധിക്കയാൽ നിശ്ചലചിത്ത-
നായി
നിയതമാത്മാവിൽ സംസ്ഥിതനാമന്നൃപേന്ദ്രൻ
സ്വയംതാൻ കൃതകൃത്യനായെന്നു നിശ്ചയി–
ച്ചാൻ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മാണി ച യഥാകാലം യഥാദേശം യഥാബലം
യഥോചിതം യഥാവിത്തമകരോദ് ബ്രഹ്മസാത്കൃതം. 50
ഫലം ബ്രഹ്മണി വിന്യസ്യ നിർവ്വിഷങ്ഗഃ സമാഹിതഃ
കർമ്മാധ്യക്ഷം ച മന്വാന ആത്മാനം പ്രകൃതേഃ പരം. 51
ഗൃഹേഷു വർത്തമാനോഽപി സ സാമ്രാജ്യശ്രിയാന്വിതഃ
നാസജ്ജതേന്ദ്രിയാർത്ഥേഷു നിരഹംമതിരർക്കവത്. 52
ഏവമധ്യാത്മയോഗേന കർമ്മാണ്യനുസമാചരൻ
പുത്രാനുത്പാദയാമാസ പഞ്ചാർച്ചിഷ്യാത്മസമ്മതാൻ
വിജിതാശ്വം ധൂമ്രകേശം ഹര്യക്ഷം ദ്രവിണം വൃകം. 53
സർവ്വേഷാം ലോകപാലാനാം ദധാരൈകഃ പൃഥുർഗ്ഗുണാൻ
ഗോപീഥായ ജഗത്സൃഷ്ടേഃ കാലേ സ്വേ സ്വേഽച്യുതാത്മകഃ. 54
മനോവാഗ്വൃത്തിഭിഃ സൗമ്യൈർഗ്ഗുണൈഃ സംരഞ്ജയൻ പ്രജാഃ
രാജേത്യധാന്നാമധേയം സോമരാജ ഇവാപരഃ. 55
സൂര്യവദ്വിസൃജൻ ഗൃഹ്ണൻ പ്രതപംശ്ച ഭുവോ വസു.
ദുർദ്ധർഷസ്തേജസേവാഗ്നിർമ്മഹേന്ദ്ര ഇവ ദുർജ്ജയഃ 56
തിതിക്ഷയാ ധരിത്രീവ ദ്യൗരിവാഭീഷ്ടദോ നൃണാം.
വർഷതി സ്മ യഥാകാമം പർജ്ജന്യ ഇവ തർപ്പയൻ. 57
സമുദ്ര ഇവ ദുർബ്ബോധഃ സത്ത്വേനാചലരാഡിവ
ധർമ്മരാഡിവ ശിക്ഷായാമാശ്ചര്യേ ഹിമവാനിവ. 58
കുബേര ഇവ കോശാഢ്യോ, ഗുപ്താർത്ഥോ വരുണോ യഥാ
മാതരിശ്വേവ സർവ്വാത്മാ ബലേന സഹസൗജസാ 59
അവിഷഹ്യതയാ ദേവോ ഭഗവാൻ ഭൂതരാഡിവ
കന്ദർപ്പ ഇവ സൗന്ദര്യേ, മനസ്വീ മൃഗരാഡിവ. 60
വാത്സല്യേ മനുവന്നൃണാം, പ്രഭുത്വേ ഭഗവാനജഃ
ബൃഹസ്പതിർബ്രഹ്മവാദേ, ആത്മവത്ത്വേ സ്വയം ഹരിഃ 61
ഭക്ത്യാ ഗോഗുരുവിപ്രേഷു വിഷ്വക്സേനാനുവർത്തിഷു
ഹ്രിയാ പ്രശ്രയശീലാഭ്യാമാത്മതുല്യഃ പരോദ്യമേ. 62
കീർത്ത്യോർദ്ധ്വഗീതയാ പുംഭിസ്ത്രൈലോക്യേ തത്ര തത്ര ഹ
പ്രവിഷ്ടഃ കർണ്ണരന്ധ്രേഷു സ്ത്രീണാം രാമഃ സതാമിവ. 63

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുചരിതേ ദ്വാവിംശതിതമോഽധ്യായഃ

ത്രയോവിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച

ദൃഷ്ട്വാഽഽത്മാനം പ്രവയസമേകദാ വൈന്യ ആത്മവാൻ
ആത്മനാ വർദ്ധിതാശേഷസ്വാനുസർഗ്ഗഃ പ്രജാപതിഃ. 1
ജഗതസ്തസ്ഥുഷശ്ചാപി വൃത്തിദോ ധർമ്മഭൃത്സതാം
നിഷ്പാദിതേശ്വരാദേശോ യദർത്ഥമിഹ ജജ്ഞിവാൻ. 2
ആത്മജേഷ്വാത്മജാം ന്യസ്യ വിരഹാദ്രുദതീമിവ
പ്രജാസു വിമനസ്സ്വേകഃ സദാരോഽഗാത്തപോവനം. 3
തത്രാപ്യദാഭ്യനിയമോ വൈഖാനസസുസമ്മതേ
ആരബ്ധ ഉഗ്രതപസി യഥാ സ്വവിജയേ പുരാ. 4
കന്ദമൂലഫലാഹാരഃ ശുഷ്കപർണ്ണാശനഃ ക്വചിത്
അബ്ഭക്ഷഃ കതിചിത് പക്ഷാൻ വായുഭക്ഷസ്തതഃ പരം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലദേശങ്ങൾക്കനുകൂലമായ് ധനസ്ഥിതി-
യാലോചിച്ചുചിതമായ് ശക്തിക്കുതക്കവണ്ണം
നിർമ്മായമായാപ്പൃഥു കല്മഷംകലരാതെ
ബ്രഹ്മത്തിൽ സമർപ്പിച്ചു കർമ്മങ്ങൾ ചെയ്തീ-
ടിനാൻ. 50

ഫലവും ബ്രഹ്മത്തിൽത്താനർപ്പിച്ചു നിസ്സംഗ-
ചലനഹീനം സമാഹിതനായനാരതം [നായ്
മായയെ വിട്ടുനില്ക്കും തന്നുടെയാത്മാവിനെ-
യായവൻ കർമ്മസാക്ഷിയായ് മാത്രം വിചാ-
രിച്ചാൻ. 51

മന്ദിരങ്ങളിൽത്തന്നെ സാമ്രാജ്യലക്ഷ്മിയോടു-
മൊന്നിച്ചു പാർത്തീടിലുമാപ്പൃഥുചക്രവർത്തി
അഹന്തവിട്ടിന്ദ്രിയവിഷയാസക്തിയെന്യേ-
യഹസ്കരോപമാനമേററവും ശോഭിച്ചിതു. 52

ഇമ്മട്ടിലാത്മനിഷ്ഠപൂണ്ടു കർമ്മങ്ങൾ ചെയ്യോ-
രമ്മഹീപാലൻ മുറയ്ക്കുച്ചിസ്സാമപ്പത്നിയിൽ
ആര്യരായ് വിജിതാശ്വൻതാനുമധൂമ്രകേശൻ
ഹര്യക്ഷൻ ദ്രവിണസ്സു വൃകനുമെന്നിങ്ങനെ
അഞ്ചു നന്ദനന്മാരെയാത്മതുല്യന്മാരായി-
ട്ടഞ്ചാതെ യഥാകാലമുദ്ഭവിപ്പിച്ചീടിനാൻ. 53

ഏകനായ് ശ്രീകാമുകഭക്താഗ്രേസരനവൻ
ലോകരക്ഷണത്തിനായതാതുകാലങ്ങളിൽ
നിഖിലദിക്പാലകന്മാരുടെ ഗുണങ്ങളും
പ്രകടമാക്കിയസാമാന്യനായ് വിളങ്ങിനാൻ.
54

വാങ്മനോവൃത്തികളും സൗമ്യമാം ഗുണങ്ങളും
നമ്മട്ടിലുപയോഗിച്ചിമ്മന്നൻ പ്രജാളിയെ
ഏററവും രഞ്ജിപ്പിച്ചു മറെറാരുചന്ദ്രന്മട്ടിൽ
മുററുമാ രാജനാമമന്വർത്ഥമാക്കീടിനാൻ. 55

മന്നിനെത്തപപ്പിച്ചിട്ടന്നന്നു ധനമാന്നി-
ട്ടന്യൂനം തിരിച്ചേകി മാർത്താണ്ഡസമാനനായ്
വഹ്നിക്കൊത്തധൃഷ്യനായ് ദേവേന്ദ്രനെന്ന-
മട്ടി-
ലന്യദുർജ്ജയനായി മിന്നിനാനമ്മന്നവൻ. 56

ക്ഷമയാൽ ക്ഷമയ്ക്കൊത്തും ജനാഭിലാഷസാദ്ധ്യ-
ക്ഷമതമൂലം സ്വർഗ്ഗലോകത്തിനൊപ്പമായും
വേണ്ടുന്ന കാലങ്ങളിലാവശ്യംപോലെ വർഷ-
മുണ്ടാക്കിപ്പർജ്ജന്യൻതുല്യനായും വിളങ്ങീ. 57

അന്തരംഗത്തിന്നളവററുള്ളോരാഴത്തിനാൽ
സിന്ധുവിനോടും പിന്നെസ്ഥൈര്യത്തിൽ
മേരുവോടും
ദണ്ഡത്താൽ യമനോടുമാശ്ചര്യത്തിനാൽ ഹിമ-
വന്നഗത്തോടും തുല്യഭാവത്തെയാവഹിച്ചാൻ.
58

കോശപൂരണത്തിനാൽ കുബേരസമനായും
പാശിമട്ടർത്ഥങ്ങളെസ്സംരക്ഷിക്കുന്നവനായും
മനസ്സന്തുഷ്ടി ബലമോജസ്സെന്നിവററിനാ-
ലനിലന്നൊപ്പം സർവ്വാത്മാവായും
വിളങ്ങിനാൻ. 59

ഹരന്മട്ടരാതികൾക്കസഹ്യനായി,ച്യുത-
ശരസന്നിഭം മനോഹരനായ്, സിംഹത്തെ-
പ്പോൽ
ധീരനായ്, മനുതുല്യം വാത്സല്യയുക്തനായി-
സ്സാരസഭവനെപ്പോൽ പ്രാഭവമിയന്നോനായ്
സുരദേശികന്നൊപ്പം വേദശാസ്ത്രജ്ഞനായ് ശ്രീ
ഹരിമട്ടിന്ദ്രിയങ്ങൾ നിയന്ത്രിപ്പവനായി.
60-61

ഗോഗുരുദ്വിജരിലും ഭാഗവതന്മാരിലു-
മേകാന്തഭക്തി, ലജ്ജ, വിനയം, സത്സ്വഭാവം
പരോൽക്കർഷോദ്യമമിഗ്ഗുണങ്ങൾക്കുപമിക്കാൻ
ശരിയായാരും പാരിലില്ലാത്ത മഹാനായി
മൂപ്പാരിങ്കലും വാഴ്ത്തിസ്സത്തുക്കൾ ഗാനംചെയ്യു-
മദ്ഭുതകരമാം തൻ കീർത്തിവിസ്താരത്തിനാൽ
നാരിമാർക്കേഴും ശ്രവണങ്ങളിൽ പ്രവിഷ്ടനായ്
ശ്രീരാമസ്വാമിയോടുതുല്യനായുല്ലസിച്ചാൻ.
62-63

അദ്ധ്യായം 23

പൃഥുചരിതം—പൃഥുമോക്ഷം

മൈത്രേയൻ പറഞ്ഞു

സ്വപ്രജാവൃദ്ധിക്കായി രാജ്യത്തു നാനാതരം
നൽപ്പരിഷ്കാരങ്ങളെസ്സംഘടിപ്പിച്ചു നടപ്പാക്കി
അന്നാദിവർദ്ധിപ്പിച്ചങ്ങുപജീവനമാർഗ്ഗ-
മന്യൂനം ജനരാശിക്കരുളി ക്ഷേമമേകി
ധർമ്മമാർഗ്ഗവും നന്നായുറപ്പിച്ചീശാജ്ഞയെ
നന്ദിച്ചു നിർവ്വഹിച്ചു കൃതകൃത്യതയാന്ന
ജ്ഞാനവൃദ്ധനാം പൃഥുഭൂമിപാലേന്ദ്രൻ പിന്നെ
താനേ തൻ വയോവൃദ്ധാവസ്ഥയെപ്പാർത്ത-
റിഞ്ഞു
പെരുതായീടും പിതൃവിരഹമോർത്താർത്തയായ്
കരയുംവിധമെഴും പുത്രിയാം ധാത്രിയാളെ
തനയന്മാരെയേല്പിച്ചോരാതെ ജനദുഃഖം
തനതുപത്നിയോടും പ്രാപിച്ചാൻ തപോവനം.
1-3

ഭ്രവാകെജ്ജയിക്കുവാൻ പണ്ടു ചെയ്തതുപോലെ
കേവലമഖണ്ഡിതനിയമനിഷ്ഠയോടും
വാനപ്രസ്ഥാനയോജ്യകാഠിന്യതപസ്സിൽ ഭ്ര-
ജാനിയേർപ്പെട്ടീടിനാനവിടെ മഹാമതേ! 4

കുറച്ചുകാലം കന്ദഫലമൂലങ്ങൾ പിന്നെ-
ക്കുറേനാളുണക്കിലയായഥ കുറേപ്പക്ഷം
സലിലം ഭക്ഷിച്ചൊടുവൊക്കെയുമുപേക്ഷിച്ചു
വിലസീ വായുമാത്രഭക്ഷകനായന്നൃപൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രീഷ്മേ പഞ്ചതപാ വീരോ വർഷാസ്വാസാരഷാൺമുനിഃ
ആകണ്ഠമഗ്നഃ ശിശിരേ ഉദകേ സ്ഥണ്ഡിലേശയഃ. 6

തിതിക്ഷുര്യതവാഗ്ദാന്ത ഊർദ്ധ്വരേതാ ജിതാനിലഃ
ആരിരാധയിഷുഃ കൃഷ്ണമചരത്തപ ഉത്തമം. 7

തേന ക്രമാനുസിദ്ധേന ധ്വസ്തകർമ്മാമലാശയഃ
പ്രാണായാമൈഃ സംനിരുദ്ധഷഡ്വർഗ്ഗഃ ഛിന്നബന്ധനഃ. 8

സനത്കുമാരോ ഭഗവാൻ യദാഹാധ്യാത്മികം പരം
യോഗം തേനൈവ പുരുഷമഭജത് പുരുഷർഷഭഃ. 9

ഭഗവദ്ധർമ്മിണഃ സാധോഃ ശ്രദ്ധയാ യതതഃ സദാ
ഭക്തിർഭഗവതി ബ്രഹ്മണ്യനന്യവിഷയാഽഭവത്. 10

തസ്യാനയാ ഭഗവതഃ പരികർമ്മശുദ്ധ-
സത്ത്വാത്മനസ്തദനു സംസ്മരണാനുപൂർത്ത്യാ
ജ്ഞാനം വിരക്തിമദഭൂന്നിശിതേന യേന
ചിച്ഛേദ സംശയപദം നിജജീവകോശം. 11

ഛിന്നാന്യധീരധിഗതാത്മഗതിർന്നിരീഹ-
സ്തത്തത്യജേഽച്ഛിനദിദം വയുനേന യേന
താവന്ന യോഗഗതിഭിര്യതിരപ്രമത്തോ
യാവദ് ഗദാഗ്രജകഥാസു രതിം ന കുര്യാത്. 12

ഏവം സ വീരപ്രവരഃ സംയോജ്യാത്മാനമാത്മനി
ബ്രഹ്മഭൂതോ ദൃഢം കാലേ തത്യാജ സ്വം കളേബരം. 13

സമ്പീഡ്യ പായും പാർഷ്ണിഭ്യാം വായുമുത്സാരയൻ ശനൈഃ
നാഭ്യാം കോഷ്ഠേഷ്വവസ്ഥാപ്യ ഹൃദുരഃകണ്ഠശീഷ്ണി. 14

ഉത്സർപ്പയംസ്തു തം മൂർദ്ധ്നി ക്രമേണാവേശ്യ നിഃസ്പൃഹഃ
വായും വായൗ ക്ഷിതൗ കായം തേജസ്തേജസ്യയൂയുജത്. 15

ഖാന്യാകാശേ ദ്രവം തോയേ യഥാസ്ഥാനം വിഭാഗശഃ
ക്ഷിതിമംഭസി തത്തേജസ്യദോ വായൗ നഭസ്യമും. 16

ഇന്ദ്രിയേഷു മനസ്താനി തന്മാത്രേഷു യഥോദ്ഭവം
ഭൂതാദിനാമൂന്യുത്കൃഷ്യ മഹത്യാത്മനി സന്ദധേ. 17

തം സർവ്വഗുണവിന്യാസം ജീവേ മായാമയേ ന്യധാത്
തം ചാനുശയമാത്മസ്ഥമസാവനുശയീ പുമാൻ
ജ്ഞാനവൈരാഗ്യവീര്യേണ സ്വരൂപസ്ഥോഽജഹാത് പ്രഭുഃ. 18

അർച്ചിർന്നാമ മഹാരാജ്ഞീ തത്പത്ന്യനുഗതാ വനം
സുകുമാര്യതദർഹാ ച യത്പദ്ഭ്യാം സ്പർശനം ഭുവഃ. 19

അതീവ ഭർത്തുർവ്രതധർമ്മനിഷ്ഠയാ
ശുശ്രൂഷയാ ചാർഷദേഹയാത്രയാ
നാവിന്ദതാർത്തിം പരികർശിതാപി സാ
പ്രേയസ്കരസ്പർശനമാനനിർവൃതിഃ. 20

ദേഹം വിപന്നാഖിലചേതനാദികം
പത്യുഃ പൃഥിവ്യാ ദയിതസ്യ ചാത്മനഃ
ആലക്ഷ്യ കിഞ്ചിച്ച വിലപ്യ സാ സതീ
ചിതാമഥാരോപയദദ്രിസാനുനി. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭീഷ്മമാം ഗ്രീഷ്മർത്തുവിൽ പഞ്ചാഗ്നി-
മദ്ധ്യത്തിലും
വർഷകാലത്തു വർഷധാരകൾ മെയ്യിലേറ്റും
തണുപ്പിൽ കഴുത്തൊപ്പം സലിലത്തിലും നിന്നു
മനനംചെയ്തും മണ്ണിൽ ശയിച്ചും നാൾ
നയിച്ചാൻ. 6
ശീതോഷ്ണാദികൾ സഹി,ച്ചടക്കി വചസ്സൂർദ്ധ്വ-
രേതസ്സായ് ദാന്തനായി വിജിതപ്രാണനായി
നിത്യവും ശ്രീമുകുന്ദദേവാർച്ചാവിലോലനാ-
യുത്തമമാകും തപസ്സാമഹാനാചരിച്ചാൻ. 7
ക്രമത്തിൽ സാധിച്ചതാമക്കൊടും തപസ്സിനാൽ
സമസ്തം കർമ്മം ധ്വംസിച്ചാപ്രാണായാമങ്ങളാൽ
പഞ്ചേന്ദ്രിയത്തെച്ചിത്തമൊത്തമർത്തിത്തൻ
ബന്ധ-
മഞ്ചാതറുത്തു ശുദ്ധമാനസനായീടിനാൻ. 8
ഋഷിമുഖ്യനാം സനൽക്കുമാരനാദ്ധ്യാത്മിക-
വിഷയമായിട്ടുപദേശിച്ചതായ മാർഗ്ഗം
അവലംബിച്ചു മുറപ്രകാരമനുഷ്ഠിച്ചീ-
യവനീപാലനീശോപാസനംചെയ്തു
വാണാൻ. 9
ദിതിജാരിയിൽ സർവ്വം സശ്രദ്ധം സമർപ്പിച്ചു
സതതം കൊടുംതപസ്സാളുമബ്ഭൂപാലനു
ബ്രഹ്മമായീടും കൃഷ്ണപരമാത്മാവുതന്നിൽ
നിർമ്മലൈകാന്തപ്രേമം ദൃഢമായ് ഭവി-
ച്ചിതു. 10
തന്നിരന്തരസ്മൃതിമൂലമായ് വൈരാഗ്യത്തോ-
ടൊന്നിച്ചു വിവേകവും സിദ്ധമായതുമൂലം
സന്ദേഹാസ്പദമാകും ഹൃദയഗ്രന്ഥി പാടേ
ഛിന്നമായ് ഭവിച്ചിതു വിളംബമേതു-
മെന്യേ. 11
അന്യചിന്തനം വെടിഞ്ഞാത്മതത്ത്വത്തെയറി-
ഞ്ഞനഹം പ്രവൃത്തിയിൽനിന്നങ്ങു-
നിവൃത്തനായ്
ഭേദധീയററുള്ളതായീടുമാ ജ്ഞാനത്തെയും
ചേതസ്സിലുറപ്പിക്കാൻ തെല്ലുമേ ശ്രമിക്കാതെ
ശ്രീകൃഷ്ണകഥകളിൽ മഗ്നനായിരുന്നിത-
ബ്ഭൂകാന്തൻ നിരന്തരമെന്നതിലെന്തദ്ഭുതം.
ജ്ഞാനിയായ്ഭവിക്കിലുമേതവന്നെന്നോളമാ
ശ്രീനിവാസനിൽ പ്രേമമുണ്ടായീടുന്നില്ലയോ
അന്നോളമണിമാദിസിദ്ധികൾക്കായിവീണ്ടും
നന്നായി ശ്രമിച്ചവൻ പതിപ്പു സംസാര-
ത്തിൽ. 12
ഈവിധം വീരാഗ്ര്യനബ്ഭൂവരൻ ദൃഢബ്രഹ്മ-
ഭാവനമൂലം മനമാത്മാവിൽ രമിപ്പിച്ചാൻ.
ബ്രഹ്മമായിബ്ഭവിച്ചു കാലമായപ്പോൾ പുന-
രമ്മഹാൻ സന്ത്യജിച്ചാൻ തന്നുടെ ശരീരവും. 13
കതികാലിനാൽ ഗുദമടച്ചിട്ടാ പ്രാണനെ-
പ്പതുക്കെ മേല്പോട്ടേററിനിറുത്തി കോഷ്ഠങ്ങളിൽ
ശ്രദ്ധിച്ചു നാഭിചക്രംതന്നിൽനിന്നമ്മന്നവൻ
ഹൃത്തിലുമുരസ്സിലും ഗളത്തിൽ ശിരസ്സിലും
കൃത്യമായ് വ്യാപിപ്പിച്ചിട്ടസ്പൃഹനായി
ക്രമാൽ
മൂർദ്ധാവിൽക്കയററിയാ പ്രാണനെ വായുവിലും
കായത്തെ ക്ഷിതിയിലും തേജസ്സു തേജസ്സിലു-
മായിസ്സംയോജിപ്പിച്ചാനേതുമേ തടവെന്യേ.
14-15
ഇന്ദ്രിയദ്വാരങ്ങളാമാകാശഖണ്ഡങ്ങളെ
പൂർണ്ണമാമഖണ്ഡാകാശത്തിലും ദേഹസ്ഥമാം
ജലത്തെജ്ജലത്തിലും മുറയ്ക്കു യോജിപ്പിച്ചീ-
നിലയ്ക്കു വിപരീതമായമട്ടിലും പിന്നെ
ഭൂവിനെ നീരിലും നീർ തീയിലും തീ കാറ്റിലു-
മാവിധം ലയിപ്പിച്ചു കാററിനെ നഭസ്സിലും. 16
ചിത്തമിന്ദ്രിയങ്ങളിലവയെ ശബ്ദാദിത-
ന്മാത്രങ്ങളിലും തഥാ തന്മാത്രങ്ങളെപ്പിന്നെ
തൽക്കാരണാഹങ്കാരംതന്നിലുമഹന്തയെ-
ച്ചിക്കെന്നു മഹത്തത്ത്വംതന്നിലും ലയി-
പ്പിച്ചു. 17
സത്ത്വാദിഗുണകാര്യമൂലസ്ഥാനമാം മഹ-
ത്തത്ത്വത്തെജ്ജീവോപാധിയായലിംഗാംഗ-
ത്തിലും
പിന്നെത്തൽസ്ഥിതനാമജ്ജീവസ്വരൂപൻ-
പുമാൻ
തന്നോടുചേർന്നിരിക്കുമാ ലിംഗദേഹത്തെയും
ജ്ഞാനവൈരാഗ്യശക്തിനിമിത്തം സന്ത്യ-
ജിച്ചി-
ട്ടാനന്ദസ്വരൂപനായ് പ്രഭുവായ് ലാലസി-
ച്ചാൻ. 18
ഭൂവിൽ സ്പർശിച്ചാൽ നോവുമ്മാറതിമൃദുവാകും
ചേവടിതാവും സുകുമാരിയർച്ചിസ്സാ രാജ്ഞി
ഭാര്യാധർമ്മമാം പാതിവ്രത്യത്തെയനുസരി-
ച്ചാര്യനാം കാന്തനൊത്തക്കാനനംഗമിച്ചിതു. 19
കാന്തനെപ്പോൽ നിലത്തു ശയിക്ക, പദ്മാ-
ലയാ-
കാന്തനെബ്ഭജിക്കുക, പ്രേയാനു വേണ്ട-
തെല്ലാം
താൻതന്നെയൊരുക്കുക, മുനിമാർമട്ടിൽ ഫല-
കന്ദാദി തിന്നു ദേഹം ഭരിക്കയെന്നിവററാൽ
ക്ലാന്തയായ് കാർശ്യമിയന്നീടിലും കണവൻെറ
സന്തോഷസൽക്കാരവും കരസ്പർശവും മൂലം
സന്തതം നിർവൃതയായ് ഭവിക്കയാലാരാജ്ഞി
സന്താപമറിഞ്ഞതില്ലാവകകൃത്യങ്ങളിൽ. 20
ഭർത്തൃദേഹത്തിൽനിന്നും ചൈതന്യം വിട്ട-
തായി
പ്രത്യക്ഷമാകും സർവ്വലക്ഷണങ്ങളും കണ്ടു
കരഞ്ഞാളല്പനേരം പിന്നെയസ്സതി മല-
ഞ്ചെരുവിൽ പെട്ടെന്നൊരു പട്ടടക്കൂട്ടീടിനാൾ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിധായ കൃത്യം ഹ്രദിനീജലാപ്ലുതാ
ദത്ത്വോദകം ഭർത്തുരുദാരകർമ്മണഃ
നത്വാ ദിവിസ്ഥാംസ്ത്രിദശാംസ്ത്രിഃ പരീത്യ
വിവേശ വഹ്നിം ധ്യായതീ ഭർത്തൃപാദൗ. 22
വിലോക്യാനുഗതാം സാധ്വീം പൃഥും വീരവരം പതിം
തുഷ്ടുവുർവരദാ ദേവൈർദ്ദേവപത്ന്യഃ സഹസ്രശഃ. 23
കുർവ്വത്യഃ കുസുമാസാരം തസ്മിന്മന്ദരസാനുനി
നദത്സ്വമരതൂര്യേഷു ഗൃണന്തി സ്മ പരസ്പരം. 24
''അഹോ ഇയം വധൂർദ്ധന്യാ യാ ചൈവം ഭൂഭുജാം പതിം
സർവ്വാത്മനാ പതിം ഭേജേ യജ്ഞേശം ശ്രീർവ്വധൂരിവ. 25
സൈഷാ നൂനം വ്രജത്യൂർദ്ധ്വമനു വൈന്യം പതിം സതീ
പശ്യതാസ്മാനതീത്യാർച്ചിർദ്ദുർവ്വിഭാവ്യേന കർമ്മണാ. 26
തേഷാം ദുരാപം കിം ത്വന്യന്മർത്ത്യാനാം ഭഗവത്പദം
ഭുവി ലോലായുഷോ യേ വൈ നൈഷ്കർമ്മ്യം സാധയന്ത്യുത. 27
സ വഞ്ചിതോ ബതാത്മധ്രുക് കൃച്ഛ്റേണ മഹതാ ഭുവി
ലബ്ധ്വാപവർഗ്ഗ്യം മാനുഷ്യം വിഷയേഷു വിഷജ്ജതേ.'' 28

മൈത്രേയ ഉവാച

സ്തുവതീഷ്വമരസ്ത്രീഷു പതിലോകം ഗതാ വധൂഃ
യം വാ ആത്മവിദാം ധുര്യോ വൈന്യഃ പ്രാപാച്യുതാശയഃ. 29
ഇത്ഥംഭൂതാനുഭാവോഽസൗ പൃഥുഃ സ ഭഗവത്തമഃ
കീർത്തിതം തസ്യ ചരിതമുദ്ദാമചരിതസ്യ തേ. 30
യ ഇദം സുമഹത്പുണ്യം ശ്രദ്ധയാവഹിതഃ പഠേത്
ശ്രാവയേച്ഛൃണുയാദ്വാപി സ പൃഥോഃ പദവീമിയാത്. 31
ബ്രാഹ്മണോ ബ്രഹ്മവർച്ചസ്വീ രാജന്യോ ജഗതീപതിഃ
വൈശ്യഃ പഠൻ വിട്പതിഃ സ്യാച്ഛൂദ്രഃ
സത്തമതാമിയാത്. 32
ത്രിഃകൃത്വ ഇദമാകർണ്ണ്യ നരോ നാര്യഥവാഽദൃതാ
അപ്രജഃ സുപ്രജതമോ നിർദ്ധനോ ധനവത്തമഃ. 33
അസ്പഷ്ടകീർത്തിഃ സുയശാ മൂർഖോ ഭവതി പണ്ഡിതഃ
ഇദം സ്വസ്ത്യയനം പുംസാമമങ്ഗല്യനിവാരണം. 34
ധന്യം യശസ്യമായുഷ്യം സ്വർഗ്ഗ്യം കലിമലാപഹം
ധർമ്മാർത്ഥകാമമോക്ഷാണാം സമ്യക്സിദ്ധിമഭീപ്സുഭിഃ
ശ്രദ്ധയൈതദനുശ്രാവ്യം ചതുർണ്ണാം കാരണം പരം. 35
വിജയാഭിമുഖോ രാജാ ശ്രുത്വൈതദഭിയാതി യാൻ
ബലിം തസ്മൈ ഹരന്ത്യഗ്രേ രാജാനഃ പൃഥവേ യഥാ. 36
മുക്താന്യസങ്ഗോ ഭഗവത്യമലാം ഭക്തിമുദ്വഹൻ
വൈന്യസ്യ ചരിതം പുണ്യം ശൃണുയാച്ഛ്റാവയേത്
പഠേത്. 37
വൈചിത്രവീര്യാഭിഹിതം മഹന്മാഹാത്മ്യസൂചകം
അസ്മിൻ കൃതമതിമർത്ത്യഃ പാർത്ഥവീം ഗതിമാപ്നുയാത്. 38
അനുദിനമിദമാദരേണ ശൃണ്വൻ
പൃഥുചരിതം പ്രഥയൻ വിമുക്തസങ്ഗഃ
ഭഗവതി ഭവസിന്ധുപോതപാദേ
സ ച നിപുണാം ലഭതേ രതിം മനുഷ്യഃ. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ത്രയോവിംശതിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭർത്താവിൻ ശരീരമച്ചിതമേൽ വച്ചു വേണ്ടും-
കൃത്യങ്ങൾ നിർവ്വഹിച്ചു നദിയിൽ സ്നാനംചെയ്തു
ഉദകക്രിയകഴിച്ചന്തരീക്ഷസ്ഥരാകും
ത്രിദശന്മാരെ നമസ്കരിച്ചു വഴിപോലെ
ചിതയ്ക്കു മൂന്നുവട്ടം വലത്തുവെച്ചശേഷം
പതിതൻ പാദം ധ്യാനിച്ചഗ്നിയിൽ പ്രവേ-
ശിച്ചാൾ. 22

വീരാഗ്ര്യഗണ്യനാകും ഭർത്താവാം പൃഥുവേയ-
ച്ചാരിത്രവതി രാജ്ഞി പിന്തുടർന്നതു പാർത്തു
വരയുക്തരാം വരദാതാക്കൾ സുരസ്ത്രീക-
ളൊരുമിച്ചസംഖ്യംപേർ സ്തുതിച്ചുകൊണ്ടു-
നിന്നാർ. 23

ദേവവാദ്യം മുഴങ്ങിയപ്പോൾ മന്ദരതട-
ഭുവിൽ പൂമാരിതൂവിദ്ദേവികൾ തമ്മിൽ-
ച്ചൊന്നാർ: 24

''ഭുവരേന്ദ്രനാം കാന്തൻതന്നെയീ വധൂമണി,
ശ്രീവിഷ്ണുഭഗവാനെ ശ്രീദേവിയെന്നമട്ടിൽ,
സർവ്വാത്മഭാവത്തൊടുമാശ്രയിച്ചതു പാർത്താ-
ലുർവ്വിയിലിവളതിധന്യയാണില്ല വാദം. 25
സങ്കല്പാതീതമായ കർമ്മത്താൽ പതിവ്രതാ-
സംഘഭൂഷയാമിവൾ, വൈന്യനാം
ഭർത്താവൊത്തു
നമ്മെയുമതിലംഘിച്ചൂർദ്ധ്വലോകത്തിലേക്കായ്
കാണ്മിനിപ്പോകുന്നതു നിങ്ങളെൻ-
സഖിമാരേ! 26

മന്നിലമ്മനുഷ്യന ദുഷ്പ്രാപമായെന്തുള്ള-
തിന്നു, ചഞ്ചലായുസ്സായിരുന്നീടിലുമവൻ
നിഷ്കാമകർമ്മമാത്രപ്രാപ്യമാം ഭഗവാൻത-
ന്നത്ത്കൃഷ്ടം പദം പ്രാപിച്ചീടുന്നു വിസ്മയം-
താൻ. 27

വളരെക്കഷ്ടയത്നഫലമാം മുക്തിലാഭ-
മെളുതാക്കുന്ന മർത്ത്യജന്മത്തിൻ ലാഭത്തിലും
വളരും വിഷയഭോഗാസക്തി പുലർത്തുവോ-
നിളയിലാത്മദ്രോഹിതന്നെ സന്ദേഹമില്ല.
ഭഗവന്മഹാമായാവൈഭവത്തിനാലവൻ
തികച്ചും വഞ്ചിക്കപ്പെട്ടീടുവോൻ-
തന്നെ നൂനം.'' 28

മൈത്രേയൻ പറഞ്ഞു

ദേവനാരികളേവം സ്തുതിച്ചുനില്ക്കെയച്യു-
താവിഷ്ടമതി,യാത്മവേദികൾക്കഗ്ര്യൻ
വൈന്യൻ
പ്രാപിച്ച ലോകംതന്നെ തൽപതി
പിന്നാലേ പോ-
യാപിച്ചാളിതാം ശുദ്ധസതീപാരമ്യംഫലം. 29
ഇങ്ങനെ ഭക്താഗ്ര്യനാമപ്പൃഥുഭൂപാലന്റെ
മങ്ഗലചരിതം ഞാനങ്ങേയ്ക്കായ്ച്ചൊല്ലി-
ത്തീർത്തേൻ. 30

ഏററവും മഹത്തായിപ്പുണ്യമേറുന്നോരിതിൽ
പററുന്ന ഏത്തോടെല്ലാം ശ്രദ്ധിച്ചു പഠിക്കയും
കേൾക്കയും കേൾപ്പിക്കയും
ചെയ്യുവോനാരാകിലു-
മുത്കൃഷ്ടം പൃഥുഭൂപപദത്തിലെത്തിച്ചേരും. 31
ഭൂസുരൻ ബ്രഹ്മതേജസ്സാർന്നിടും, ക്ഷത്രിയൻ ഭൂ-
ശാസിതാവാകും, വൈശ്യൻ വണിക്-
ശ്രേഷ്ഠനായ്ത്തീരും
സത്തമനാകും ശൂദ്രനുത്തമമാമിക്കഥ
നിത്യവും ഭക്തിശ്രദ്ധായുക്തമായഭ്യ-
സിക്കിൽ. 32

ആദരാന്വിതം മൂന്നുതവണയിതു കേൾക്കു-
മേതൊരുപുമാനാട്ടെ നാരിതാനായിടട്ടെ
സന്താനമില്ലെന്നാകിൽ സത്സന്താനങ്ങളുണ്ടാ-
മന്തമററുണ്ടായിടും ധനം നിർദ്ധനനെങ്കിൽ.
കീർത്തിമങ്ങിയോൻ ഫുല്ലകീർത്തിമാനാകും മൂഢ-
നത്യന്തം വിദ്വാനാകുമില്ല സംശയമേതും.
പുരുഷക്കിതു സൂഖാവഹവും ധനവൃദ്ധി-
യരുളുന്നതും പാടേയശുഭം ഹനിപ്പതും
സ്വർഗ്ഗ്യവും യശസ്യവുമായുസ്സു വേണ്ടുംവിധം
ദീർഘിപ്പിപ്പതും കലിദോഷാപഹവുമത്രേ.
ധർമ്മാർത്ഥകാമമോക്ഷപുരുഷാർത്ഥങ്ങൾ നാലും
സമ്യക്കായ് സിദ്ധിക്കുവാനാഗ്രഹിച്ചീടും-
പുമാൻ
നാലിനും മുഖ്യഹേതുവായിടുമിതു നിത്യം
ചാലവേ ശ്രദ്ധാപൂർവ്വം ശ്രവിച്ചീടേണ്ടതത്രേ.
33-35

വിജയൈഷിയാം നൃപനിതു കേട്ടിട്ടു ദേശ-
വിജയത്തിനായെത്തും ദിക്കിലെ രാജാക്കന്മാർ
പൃഥുവാമാദിരാജനെന്നപോലവേ കപ്പ-
മധികാദരയുക്തമവന്നു സമർപ്പിക്കും. 36
ഭഗവത്പരയായ നിർമ്മലഭക്തിവഹി-
ച്ചകാമനായിസ്സംഗഹീനനായ് മിന്നുവോനും
വൈന്യപാവനവൃത്തം കേൾക്കയും
കീർത്തിക്കയു-
മന്വഹം പഠിക്കയുമവശ്യം വേണ്ടതത്രേ. 37
വിചിത്രവീര്യകുലജാതനാം വിദുരാ! ഞാൻ
വചിച്ചേൻ മഹന്മഹിമാനസൂചകം കഥ
ഇതിലുള്ളുറപ്പിക്കും മർത്ത്യരേവരും പൃഥു
ഗതിയാം വൈകുണ്ഠത്തെ പ്രാപിച്ചുകൊള്ളും
ധ്രുവം. 38

ഇക്കഥ സംഗമററു സാദരമെല്ലാനാളും
കേൾക്കയും പ്രചാരത്തിലാക്കയും
ചെയ്‌വോർക്കെല്ലാം
ഭവാബ്ധിപോതപാദമാളുമബ്ഭഗവാനിൽ
ഭവിക്കും ജന്മാദ്യാർത്തിഹരമാം പരം പ്രേമം. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുർവ്വിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച

വിജിതാശ്വോഽധിരാജാഽഽസീത് പൃഥുപുത്രഃ പൃഥുശ്രവാഃ
യവീയോഭ്യോഽദദാത് കാഷ്ഠാ ഭ്രാതൃഭ്യോ ഭ്രാതൃവത്സലഃ. 1

ഹര്യക്ഷായാദിശത് പ്രാചീം ധൂമ്രകേശായ ദക്ഷിണാം
പ്രതീചീം വൃകസംജ്ഞായ തുര്യാം ദ്രവിണസേ വിഭുഃ. 2

അന്തർധാനഗതിം ശക്രാല്ലബ്ധ്വാന്തർദ്ധാനസംജ്ഞിതഃ
അപത്യത്രയമാധത്ത ശിഖണ്ഡിന്യാം സുസമ്മതം. 3

പാവകഃ പവമാനശ്ച ശുചിരിത്യഗ്നയഃ പുരാ
വസിഷ്ഠശാപാദുത്പന്നാഃ പുനര്യോഗഗതിം ഗതാഃ. 4

അന്തർദ്ധാനോ നഭസ്വത്യാം ഹവിർധാനമവിന്ദത
യ ഇന്ദ്രമശ്വഹർത്താരം വിദ്വാനപി ന ജഘ്നിവാൻ. 5

രാജ്ഞാം വൃത്തിം കരാദാനദണ്ഡശുല്കാദിദാരുണാം
മന്യമാനോ ദീർഘസത്രവ്യാജേന വിസസർജ്ജ ഹ. 6

തത്രാപി ഹംസം പുരുഷം പരമാത്മാനമാത്മദൃക്
യജംസ്തല്ലോകതാമാപ കുശലേന സമാധിനാ. 7

ഹവിർധാനാദ്ധവിർധാനീ വിദുരാസൂത ഷട് സുതാൻ
ബർഹിഷദം ഗയം ശുക്ലം കൃഷ്ണം സത്യം ജിതവ്രതം. 8

ബർഹിഷത് സുമഹാഭാഗോ ഹാവിർദ്ധാനിഃ പ്രജാപതിഃ
ക്രിയാകാണ്ഡേഷു നിഷ്ണാതോ യോഗേഷു ച, കുരൂദ്വഹ. 9

യസ്യേദം ദേവയജനമനുയജ്ഞം വിതന്വതഃ
പ്രാചീനാഗ്രൈഃ കുശൈരാസീദാസ്തൃതം വസുധാതലം. 10

സാമുദ്രീം ദേവദേവോക്താമുപയേമേ ശതദ്രുതിം
യാം വീക്ഷ്യ ചാരുസർവ്വാങ്ഗീം കിശോരീം സുഷ്ഠ്വലംകൃതാം
പരിക്രമന്തീമുദ്വാഹേ ചകമേഽഗ്നിഃ ശുകീമിവ. 11

വിബുധാസുരഗന്ധർവ്വമുനിസിദ്ധനരോരഗാഃ
വിജിതാഃ സൂര്യയാ ദിക്ഷു ക്വണയന്ത്യൈവ നൂപുരൈഃ. 12

പ്രാചീനബർഹിഷഃ പുത്രാഃ ശതദ്രുത്യാം ദശാഭവൻ
തുല്യനാമവ്രതാഃ സർവ്വേ ധർമ്മസ്നാതാഃ പ്രചേതസഃ. 13

പിത്രാഽഽദിഷ്ടാഃ പ്രജാസർഗ്ഗേ തപസേഽർണ്ണവമാവിശൻ
ദശവർഷസഹസ്രാണി തപസാഽഽർച്ഛംസ്തപസ്പതിം. 14

യദുക്തം പഥി ദൃഷ്ടേന ഗിരിശേന പ്രസീദതാ
തദ്ധ്യായന്തോ ജപന്തശ്ച പൂജയന്തശ്ച സംയതാഃ. 15

വിദുര ഉവാച

പ്രചേതസാം ഗിരിത്രേണ യഥാഽഽസീത് പഥി സങ്ഗമഃ
യദുതാഹ ഹരഃ പ്രീതസ്തന്നോ, ബ്രഹ്മൻ, വദാർത്ഥവത്. 16

സങ്ഗമഃ ഖലു, വിപ്രർഷേ, ശിവേനേഹ ശരീരിണാം
ദുർല്ലഭോ മുനയോ ദധ്യുരസങ്ഗാദ്യമഭീപ്സിതം. 17

ആത്മാരാമോഽപി യസ്ത്വസ്യ ലോകകല്പസ്യ രാധസേ
ശക്ത്യാ യുക്തോ വിചരതി ഘോരയാ ഭഗവാൻ ഭവഃ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 24

പ്രചേതസ്സുകളുടെ ചരിത്രം

മൈത്രേയൻ പറഞ്ഞു

മഹത്ക്കീർത്തിമാൻ പൃഥുതനയൻ
വിജിതാശ്വൻ
വഹിച്ചു രാജ്യഭാരം ചക്രവർത്തിയായ്പ്പിന്നെ
ഭ്രാതൃവത്സലനാമബ്ഭൂധവൻ കനിഷ്ഠർക്കായ്
ഭൂതലം യഥായോഗ്യം ഭാഗിച്ചുകൊടുത്തിതു. 1

ഹര്യക്ഷന്നായിപ്പൂർവ്വദേശവും ധൂമ്രകേശ-
ന്നായഥ തെക്കുദിക്കും വൃകന്നു പടിഞ്ഞാറും
ദ്രവിണസ്സിന്നുത്തരദേശവും വിഭവാമ-
ന്നൃവരശ്രേഷ്ഠൻ കൊടുത്തീടിനാൻ പാലി-
പ്പാനായ്. 2

ഇന്ദ്രനിൽനിന്നുമന്തർദ്ധാനവിദ്യയെയാർന്നി-
ട്ടന്തർദ്ധാനാഖ്യയാളുമാ വിജിതാശ്വന്നഥ
തന്നോടുസമഗുണസമ്പന്നരാകും മൂന്നു
നന്ദനർ ശിഖണ്ഡിനീകാന്തയിലുണ്ടായിതു. 3

പാവകൻ, പവമാനൻ, ശുചിയെന്നിപ്പേരുകൾ
താവുമഗ്നികളിവർ വസിഷ്ഠശാപത്തിനാൽ
ജനിച്ചിരുന്നു മുന്നമീ ജന്മം യോഗമാർഗ്ഗ-
മനുസരിക്കമൂലം മുക്തരായ് ഭവിച്ചിതു. 4

പണ്ഡിതനെന്നാകിലുമശ്വഹർത്താവായിട്ടു-
മിന്ദ്രനെയേതൊരുത്തൻ കൊല്ലാതെയിരു-
ന്നുവോ,
അന്തർദ്ധാനനായീടുമവനു നഭസ്വതി-
യെന്ന ഭാര്യയിൽ ഹവിർദ്ധാനനുദ്ഭവിച്ചിതു.5

കരംപിരിക്ക, പിഴയിടുക, ദണ്ഡിക്കയി-
ത്തരം കൃത്യങ്ങൾ ജനസങ്കടകരങ്ങളായ്
ഗണിച്ചു ദീർഘസത്രവ്യാജത്തിലതൊക്കെയി-
മ്മനുജാധീശൻ സ്വയം വേണ്ടെന്നുവച്ചീടി-
നാൻ. 6

സത്രസാധനമെല്ലാമാത്മാവായ്ക്കണ്ടു പരി-
ശുദ്ധനും സമ്പൂർണ്ണനുമാകിയ ഭഗവാനെ
ഉത്തമസമാധിയോടൊത്തു പൂജിച്ചു യോഗി-
വൃദ്ധനായ്ത്തല്ലോകമാം വൈകുണ്ഠം പ്രാപി-
ച്ചിതു. 7

ഹവിർദ്ധാനനുപത്നി ഹവിർദ്ധാനിയിൽ-
പിന്നെ-
ബ്ഭവിച്ചുബർഹിഷത്തു ഗയനും ശുക്ലൻകൃഷ്ണൻ
സത്യനും ജിതവ്രതനിത്തരം നാമധേയ-
മൊത്തുള്ള തനയന്മാരാറുപേർ കുരുദ്വഹ! 8

അതിൽ സുമഹാഭാഗൻ ബർഹിഷത് പ്രജാ-
പതി-
യതിവിജ്ഞനായ് ക്രിയാകാണ്ഡത്തിൽ
യോഗത്തിലും. 9

തുടരെ യജ്ഞങ്ങളെ നടത്തുമാമന്നവ-
മുടിമാണിക്യം, തല കിഴക്കായ് വിരിച്ചതാം
കുശകൾകൊണ്ടു നന്നായ് മറച്ചിമ്മഹീതല-
മശേഷം യാഗഭൂമിയാക്കിയിട്ടിരുന്നിതു. 10

ആ മന്നൻ സമുദ്രസംജാതയാം ശതദ്രുതി-
നാമകനാരിതന്നെ ബ്രഹ്മവാക്കിനാൽ വേട്ടാൻ.
ബാലയായ് സർവ്വാങ്ഗസുന്ദരിയായലങ്കാര-
ശ്രീലയായ് വിവാഹത്തിലഗ്നിയെ വലം-
വയ്ക്കെ
ജനങ്ങളവളെക്കണ്ടുഴന്നാർ കാമാർത്തിയാ-
ലനലദേവൻ മുന്നം ശുകിയെയെന്നമട്ടിൽ. 11

സുരന്മാരസുരന്മാർ മുനികൾ ഗന്ധർവന്മാർ
നരന്മാരുരഗങ്ങൾ സിദ്ധന്മാരെന്നേവരും,
കാൽച്ചിലമ്പൊലിചേർത്തു പോകുമന്നവോ-
ഢയിൽ
വാച്ചീടും കാമത്തിനാൽ വിവശരായിത്തീ-
ർന്നാർ. 12

പിന്നെയാബർഹിഷത്തുമന്നനു ശതദ്രുതി-
തന്നിൽ പ്രചേതാക്കളെന്നുണ്ടായി പത്തു പുത്രർ
താതനോടൊപ്പം നാമവ്രതങ്ങളാർന്നീടുമ-
സ്സോദരർ ധർമ്മപാരംഗതരായിരുന്നിതു. 13

താതനാൽ പ്രജാസൃഷ്ടിക്കാദിഷ്ടരായോരവർ
സാദരം തപസ്സിനായ് സമുദ്രം പൂകീടിനാർ.
വഴിയിൽവച്ചുമേശൻ തുഷ്ടനായ്ച്ചെന്നു
ചൊന്ന-
വഴിയിൽ ധ്യാനംചെയ്തും ജപിച്ചുമാരാധിച്ചും
സംയതേന്ദ്രിയന്മാരായയുതം സംവത്സര-
മായവർതപോനാഥൻ ഹരിയെപ്പൂജി-
ച്ചിതു. 14-15

വിദുരൻ പറഞ്ഞു

ശിവനുമായിസ്സങ്ഗമെങ്ങനെ വന്നു വഴി-
ക്കവർക്കു, തുഷ്ടനായെന്തുപദേശിച്ചു ശിവൻ.
പരമപ്രയോജനപ്രദമാമതു ഭവാ-
നരുളിച്ചെയ്യേണമേ ഞങ്ങളോടയേ ബ്രഹ്മൻ!16

വിപ്രർഷേ! ദേഹികൾക്കു ശിവസംഗമം
പാർത്താ-
ലിപ്പാരിൽ സുദുർല്ലഭമെന്നതിനില്ല വാദം.
തൽപ്രാപ്തിക്കായി മുനിനിവഹം വൈരാ-
ഗ്യമാ-
ന്നെപ്പൊഴും ധ്യാനംചെയ്തുകൊണ്ടിരിക്കുന്നു-
വല്ലോ. 17

സ്തുത്യനായാത്മാരാമനെങ്കിലും. സംഹാരത്തി-
നത്യന്തഘോരശക്തൻ ഭഗവാൻ ഭവനെങ്കും
ഭക്തലോകാഭിലാഷം സാധിപ്പിക്കുവാൻ ജഗ-
ത്തൊക്കവേ സാധാരണ സഞ്ചരിച്ചീടുന്നിതു.18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയ ഉവാച

പ്രചേതസഃ പിതുർവാക്യം ശിരസാ//ദായ സാധവഃ
ദിശം പ്രതീചീം പ്രയയുസ്തപസ്യാദൃതചേതസഃ. 19

സമുദ്രമുപവിസ്തീർണ്ണമപശ്യൻ സുമഹത്സരഃ
മഹന്മന ഇവ സ്വച്ഛം പ്രസന്നസലിലാശയം. 20

നീലരക്തോത്പലാംഭോജകല്ഹാരേന്ദീവരാകരം
ഹംസസാരസചക്രാഹ്വകാരണ്ഡവനികൂജിതം. 21

മത്തഭ്രമരസൗസ്വര്യഹൃഷ്ടരോമലതാങ്ഘ്രിപം
പദ്മകോശരജോ ദിക്ഷു വിക്ഷിപത് പവനോത്സവം. 22

തത്ര ഗാന്ധർവ്വമാകർണ്യ ദിവ്യമാർഗ്ഗമനോഹരം
വിസിസ്മ്യൂ രാജപുത്രാസ്തേ മൃദംഗപണവാദ്യനു. 23

തർഹ്യേവ സരസസ്തസ്മാന്നിഷ്ക്രാമന്തം സഹാനുഗം
ഉപഗീയമാനമമരപ്രവരം വിബുധാനുഗൈഃ. 24

തപ്തഹേമനികായാഭം ശിതികണ്ഠം ത്രിലോചനം
പ്രസാദസുമുഖം വീക്ഷ്യ പ്രണേമുർജ്ജാതകൗതുകാഃ. 25

സ താൻ പ്രപന്നാർത്തിഹരോ ഭഗവാൻ ധർമ്മവത്സലഃ
ധർമ്മജ്ഞാൻ ശീലസംപന്നാൻ പ്രീതഃ പ്രീതാനുവാച ഹ. 26

ശ്രീരുദ്ര ഉവാച

യൂയം വേദിഷദഃ പുത്രാ വിദിതം വശ്ചികീർഷിതം
അനുഗ്രഹായ ഭദ്രം വ ഏവം മേ ദർശനം കൃതം. 27

യഃ പരം രംഹസഃ സാക്ഷാത് ത്രിഗുണാജ്ജീവസംജ്ഞിതാത്
ഭഗവന്തം വാസുദേവം പ്രപന്നഃ സ പ്രിയോ ഹി മേ. 28

സ്വധർമ്മനിഷ്ഠഃ ശതജന്മഭിഃ പുമാൻ
വിരിഞ്ചതാമേതി തതഃ പരം ഹി മാം
അവ്യാകൃതം ഭാഗവതോ/ഥ വൈഷ്ണവം
പദം യഥാഹം വിബുധാഃ കലാത്യയേ. 29

അഥ ഭാഗവതാ യൂയം പ്രിയാഃ സ്ഥ ഭഗവാൻ യഥാ
ന മദ്ഭാഗവതാനാം ച പ്രേയാനന്യോ/സ്തി കർഹിചിത്. 30

ഇദം വിവിക്തം ജപ്തവ്യം പവിത്രം മംഗളം പരം
നിഃശ്രേയസകരം ചാപി ശ്രൂയതാം തദ്വദാമി വഃ. 31

മൈത്രേയ ഉവാച

ഇത്യനുക്രോശഹൃദയോ ഭഗവാനാഹ താൻ ശിവഃ
ബദ്ധാഞ്ജലീൻ രാജപുത്രാന്നാരായണപരോ വചഃ. 32

ശ്രീരുദ്ര ഉവാച

ജിതം ത ആത്മവിദ്ധുര്യസ്വസ്തയേ സ്വസ്തിരസ്തു മേ
ഭവതാ രാധസാ രാദ്ധം സർവ്വസ്മാ ആത്മനേ നമഃ, 33

നമഃ പങ്കജനാഭായ ഭൂതസൂക്ഷ്മേന്ദ്രിയാത്മനേ
വാസുദേവായ ശാന്തായ കൂടസ്ഥായ സ്വരോചിഷേ. 34

സങ്കർഷണായ സൂക്ഷ്മായ ദുരന്തായാന്തകായ ച
നമോ വിശ്വപ്രബോധായ പ്രദ്യുമ്നായാന്തരാത്മനേ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൈത്രേയൻ പറഞ്ഞു

സാധുക്കാം പ്രചേതാക്കാം തത്പ്രിയ-
പിതാവുതൻ
സാധുവാക്യങ്ങളനുസരിച്ചു തപസ്സിനായ്
സ്വച്ഛമായേകാന്തമാം സ്ഥലമന്വേഷിച്ചുടൻ
പശ്ചിമദിക്കിലേക്കായ് സാദരം പോയീടി-
നാർ. 19

ഏതാണ്ടു സമുദ്രംപോൽ വിസ്തൃതമായും മഹ-
ച്ചേതോനിർമ്മലമായും തുഷ്ടമത്സ്യാദിചേർന്നും
നീലരക്തോത്പലാബ്ജകല്ഹാരേന്ദീവര-
ങ്ങാം-
ക്കാലയമായും ഹംസം സാരസം കാരണ്ഡവം
ചക്രവാകവും സദാ ശബ്ദിച്ചു പൂന്തനുണ്ടും
മേല്ക്കുമേൽ ചലിച്ചീടും ഭൃംഗാളിതൻ സ്വന-
ത്താൽ
രോമാഞ്ചം പൂണ്ടപോൽ പൂമൊട്ടണിലതാവൃത-
മാമരസ്തോമം കരയ്ക്കെങ്ങുമേ തിങ്ങിനിന്നും
സാരസകോരക പുഷ്പമ്പൊടികാം ദിക്കിലെല്ലാം
മാരുതൻവ്യാപിപ്പിച്ചിട്ടുത്സവംകൊാംവതായും
ശോഭിക്കും മഹത്തരമാമൊരു സരസ്സുവ-
രാപൂർണ്ണമോദത്തൊടു കണ്ടിതസ്സഞ്ചാരത്തിൽ.
20–22

മൃദംഗപണവാദിവാദ്യങ്ങാംക്കൊത്തു ദിവ്യ-
പഥത്താൽ സർവ്വമനോഹരമാം സംഗീതത്തെ
അങ്ങു കേട്ടിട്ടാ രാജപുത്രന്മാരെല്ലാവരും
തുംഗവിസ്മയംപൂണ്ടു ലയിച്ചീടിനാരതിൽ. 23
ഉരുക്കിയെടുക്കുന്ന കനകംപോലെ കാന്തി
പെരുകി ത്രിലോചനയുക്തനായ് പ്രസ-
ന്നനായ്
അന്നേരമസ്സരസ്സിൽനിന്നനുഗാമിമാരോ-
ടൊന്നിച്ചു സുരന്മാരാൽ സ്തുതനായ് നിഷ്ക്ര-
മിക്കും
നീലഗ്രീവനാം ദേവപ്രവേകൻതന്നെക്കണ്ടു
ചാലവേ സകൗതുകം നമസ്കരിച്ചീടിനാർ.
24–25
ശരണാഗതതാപം തീർത്തീടും പൂർണ്ണജ്ഞാന-
ഭരിതൻ ഭഗവദാരാധനധർമ്മപ്രിയൻ
പ്രീതനദ്ദേവൻ ധർമ്മവിജ്ഞരും സൗശീല്യപ്ര-
ഖ്യാതരും തുഷ്ടരുമാമവരോടരുാംചെയ്താൻ. 26

ശ്രീ രുദ്രൻ പറഞ്ഞു

നിങ്ങളാബർഹിസ്സുതൻ പുത്രരെന്നതും
നിങ്ങാം-
ക്കിംഗിതമെന്തെന്നതും ഞാനറിഞ്ഞിരിക്കുന്നു.
നിങ്ങളെയനുഗ്രഹിച്ചീടുവാനായിട്ടിപ്പോ-
ളിങ്ങു ദർശനംതന്നേൻ മംഗലം ഭവിക്കട്ടെ! 27
അതിരംഹസ്സായിടും കൂടസ്ഥനേയും ഗുണ-
ത്രിതയത്തെയും ജീവൻതന്നെയും വിട്ടുമിന്നും
ഭഗവാൻ ഹരിയെ നിഷ്കാമമാരാശ്രയിപ്പു
ജഗത്തിലവനത്രേ എനിക്കത്യന്തംപ്രിയൻ. 28
സ്വധർമ്മനിഷ്ഠൻ പുമാൻ നൂറുജന്മങ്ങാംകൊണ്ടു
വിധാതൃലോകം പ്രാപിച്ചീടുന്നിതതിനേക്കാം
അധികം സുകൃതത്താലെന്നെയും പ്രാപിക്കുന്നു,
മധുസൂദനഭക്തൻ ശരീരനാശത്തിങ്കൽ.
അന്ത്യമീഞാനും സുരന്മാരുമെന്നതുപോലെ-
ബന്ധുരമവ്യാകൃതം വൈകുണ്ഠം പ്രാപി-
ക്കുന്നു. 29
ഭഗവദ്ഭക്തന്മാരാം നിങ്ങളിലെനിക്കുണ്ടു
ഭഗവാനിലെപ്പോലെയതിയായിടും പ്രേമം
എന്നേക്കാം പ്രിയനായിബ്ഭാഗവതന്മാ-
ർക്കമി-
ല്ലന്യനാമൊരുവനീ ലോകത്തിലെങ്ങും-
തന്നെ 30
മംഗലകരമായിപ്പരിപാവനമായി-
ത്തുംഗമാം ശ്രേയസ്സിനു നിദാനമാമീ മന്ത്രം
സ്പഷ്ടമായ് നിത്യം ജപിച്ചീടുവിൻ ഭക്തിപൂർവ്വം
കേട്ടുകൊള്ളുവിനതു നിങ്ങാംക്കു ചൊല്ലി-
ത്തരാം. 31

മൈത്രേയൻ പറഞ്ഞു

ഈവിധം കരുണാർദ്രമാനസനായി വാസു-
ദേവതത്പരനാകും ഭഗവാൻ മഹേശ്വരൻ
മുന്നിലായ് ബദ്ധാഞ്ജലിപൂർവകം നിന്നീടുമാ
മന്നവപുത്രന്മാരോടിങ്ങനെചൊല്ലീടിനാൻ.32

വാസുദേവമന്ത്രം—രുദ്രഗീതം

ശ്രീരുദ്രൻ പറഞ്ഞു

അല്ലയോ വിഭോ! ഭവാനാത്മജ്ഞപ്രമുഖന്മാ-
ർക്കെല്ലാക്കു. സ്വസ്തിക്കായി വസിപ്പു സ്വാന-
ന്ദത്തിൽ
എനിക്കും സിദ്ധിക്കണേയാനന്ദം ഭക്തന്മാരെ-
യനുഗ്രഹിപ്പാൻ സർവമങ്ങേയ്ക്കു സിദ്ധമല്ലോ.
സമസ്താത്മാവായന്തര്യാമിയായ് വിളങ്ങീടു-
മമർത്ത്യാധീശാ! ഭവാനായ്ക്കൊണ്ടു നമസ്കാരം. 33
പദ്മനാഭനായ് ഭൂതസൂക്ഷ്മേന്ദ്രിയങ്ങാംക്കെല്ലാ-
മാത്മാവായ് കൂടസ്ഥനായ് സ്വയംപ്രകാശ-
നായി
ശാന്തനായ് ഭഗവാനായ് ശ്രീവാസുദേവനാകും
നിന്തിരുവടിക്കായിക്കൊണ്ടിതാ നമസ്കാരം. 34
നാശഹീനനായ് സൂക്ഷ്മരൂപനായന്തകൃത്തായ്
ഭാസിക്കും സങ്കർഷണമൂർത്തിക്കായ് നമസ്കാരം.
ജ്ഞാനരൂപനായ് സർവ്വഭൂതാന്തരാത്മാവായി
ഭാനിക്കും പ്രദ്യുമ്നനായ്ക്കൊണ്ടിതാ നമ-
സ്കാരം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമോ നമോഽനിരുദ്ധായ ഹൃഷീകേശേന്ദ്രിയാത്മനേ
നമഃ പരമഹംസായ പൂർണ്ണായ നിഭൃതാത്മനേ
സ്വർഗ്ഗാപവർഗ്ഗദ്വാരായ നിത്യം ശുചിഷദേ നമഃ. 36

നമോ ഹിരണ്യവീര്യായ ചാതുർഹോത്രായ തന്തവേ
നമ ഊർജ്ജ ഇഷേ ത്രയ്യാഃ പതയേ യജ്ഞരേതസേ. 37

തൃപ്തിദായ ച ജീവാനാം നമഃ സർവ്വരസാത്മനേ
സർവ്വസത്ത്വാത്മദേഹായ വിശേഷായ സ്ഥവീയസേ. 38

നമസ്ത്രൈലോക്യപാലായ സഹ ഓജോബലായ ച
അർത്ഥലിങ്ഗായ നഭസേ നമോഽന്തർബ്ബഹിരാത്മനേ. 39

നമഃ പുണ്യായ ലോകായ അമുഷ്മൈ ഭൂരിവർച്ചസേ.
പ്രവൃത്തായ നിവൃത്തായ പിതൃദേവായ കർമ്മണേ. 40

നമോഽധർമ്മവിപാകായ മൃത്യവേ ദുഃഖദായ ച
നമസ്ത ആശിഷാമീശ മനവേ കാരണാത്മനേ. 41

നമോ ധർമ്മായ ബൃഹതേ കൃഷ്ണായാകുണ്ഠമേധസേ
പുരുഷായ പുരാണായ സാംഖ്യയോഗേശ്വരായ ച. 42

ശക്തിത്രയസമേതായ മീഢുഷേഽഹംകൃതാത്മനേ
ചേത ആകൂതിരൂപായ നമോ വാചോവിഭൂതയേ. 43

ദർശനം നോ ദിദൃക്ഷൂണാം ദേഹി ഭാഗവതാർച്ചിതം
രൂപം പ്രിയതമം സ്വാനാം സർവ്വേന്ദ്രിയഗുണാഞ്ജനം. 44

സ്നിഗ്ദ്ധപ്രാവൃഡ്ഘനശ്യാമം സർവ്വസൗന്ദര്യസംഗ്രഹം
ചാർവ്വായതചതുർബ്ബാഹു സുജാതരുചിരാനനം. 45

പദ്മകോശപലാശാക്ഷം സുന്ദരഭ്രു സുനാസികം
സുദ്വിജം സുകപോലാസ്യം സമകർണ്ണവിഭൂഷണം 46

പ്രീതിപ്രഹസിതാപാങ്ഗമളകൈരൂപശോഭിതം
ലസത്പങ്കജകിഞ്ജൽകദുകൂലം മൃഷ്ടകുണ്ഡലം. 47

സ്ഫുരത്കിരീടവലയഹാരനൂപുരമേഖലം
ശംഖചക്രഗദാപദ്മമാലാമണ്യുത്തമർദ്ധിമത് 48

സിംഹസ്കന്ധത്വിഷോ ബിഭ്രത്സൗഭഗഗ്രീവകൗസ്തുഭം
ശ്രിയാനപായിന്യാക്ഷിപ്തനികഷാശ്മോരസോല്ലസത്. 49

പൂരരേചകസംവിഗ്നവലിവൽഗുദലോദരം
പ്രതിസംക്രാമയദ്വിശ്വം നാഭ്യാഽഽവർത്തഗഭീരയാ. 50

ശ്യാമശ്രോണ്യധിരോചിഷ്ണുദുകൂലസ്വർണ്ണമേഖലം
സമചാർവ്വങ്ഘ്രിജങ്ഘോരുനിമ്നജാനുസുദർശനം. 51

പദാ ശരത്പദ്മപലാശരോചിഷാ
നഖദ്യുഭിർന്നോഽന്തരഘം വിധുന്വതാ
പ്രദർശയ സ്വീയമപാസ്തസാദ്ധ്വസം
പദം ഗുരോ മാർഗ്ഗഗുരുസ്തമോജുഷാം. 52

ഏതദ്രൂപമനുധ്യേയമാത്മശുദ്ധിമഭീപ്സതാം
യദ്ഭക്തിയോഗോഽഭയദഃ സ്വധർമ്മമനുതിഷ്ഠതാം. 53

ഭവാൻ ഭക്തിമതാ ലഭ്യോ ദുർല്ലഭഃ സർവ്വദേഹിനാം
സ്വാരാജ്യസ്യാപ്യഭിമത ഏകാന്തേനാത്മവിദ്ഗതിഃ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രിയനാഥനാകും ചിത്തത്തെ പ്രേരിപ്പിച്ചു
മിന്നീടുമനിരുദ്ധനായ്ക്കൊണ്ടു നമസ്കാരം.
അന്തവൃദ്ധികളേതുമില്ലാത്ത സംപൂർണ്ണനായ്
ജന്തുരാശിതന്നന്തഃകരണനിവാസിയായ്
സ്വർഗ്ഗാപവർഗ്ഗങ്ങൾക്കു പന്ഥാവായ്
വിളങ്ങിടു-
മക്ക്ദേവനായ്ക്കൊണ്ടു സന്തതം നമസ്കാരം. 36
പിതൃക്കൾക്കമർത്ത്യർക്കുമന്നമായ് മഖവസ്തു-
പ്രദനാംവേദപാലൻ ചന്ദ്രനായ് നമസ്കാരം.
സ്വർണ്ണരേതസ്സായ്ച്ചാതുർഹോത്രമായ്-
തന്തുവായി
വഹ്നിരൂപനായീടും ഭഗവൻ നമസ്കാരം. 37
ജീവസംതൃപ്തിയേകും സമസ്തരസരൂപ-
ദേവനായ് മിന്നീടുന്ന ഭഗവൻ നമസ്കാരം.
സമസ്തസത്വവ്യഷ്ടിസമഷ്ടിസ്വരൂപനാ-
യമരും വിശേഷത്തിനായ്ക്കൊണ്ടു
നമസ്കാരം. 38
മൂപ്പാരിൻഗോപ്താവായിച്ചിത്തേന്ദ്രിയാങ്ഗ്ഗ-
ങ്ങൾക്കു
കെല്ലേകും വായുരൂപദേവനായ് നമസ്കാരം.
പുറവുമുള്ളമാത്മരൂപനായ് വസ്തുക്കളെ-
യറിയിച്ചിടും നഭോരൂപനായ് നമസ്കാരം. 39
പുണ്യമായ് ഭൂരിശോഭയാവഹിച്ചനാരതം
മിന്നിടും സ്വർഗ്ഗലോകത്തിന്നായി നമസ്കാരം.
നമസ്കാരം, പ്രവൃത്തിനിവൃത്തികർമ്മങ്ങൾതൻ-
സമഷ്ടിസ്വരൂപനാം പിതൃദേവന്നായിതാ. 40
അധർമ്മപരിപാകസ്വരൂപമാകും ദുഃഖം
പ്രദാനംചെയ്യും മൃത്യുവിന്നായി നമസ്കാരം.
ആശിസ്സുകൾക്കു കാരണാത്മാവായ് സർവ്വ-
ജ്ഞനാ-
മീശ്വരാ! ഭവാനായിക്കൊണ്ടിതാ നമസ്കാരം. 41
ബൃഹത്താം ധർമ്മമായിട്ടകുണ്ഠതരജ്ഞാന-
മഹസ്സാം കൃഷ്ണപരമാത്മാവേ! നമസ്കാരം.
പുരാണപുമാനായിസ്സാംഖ്യേശനായി നമ-
സ്കരിപ്പൂ ശക്തിത്രയയുക്തനായ് സ്തുത്യനായി.
ജ്ഞാനക്രിയാരൂപനായഹന്താകൃതിയായി
വാണീവിഭൂതിയാകുമങ്ങേയ്ക്കു നമസ്കാരം.
42–43
ഭക്തന്മാരിച്ഛിച്ചിടും ത്വദ്ദർശനത്തിലാശ-
വായ്ക്കുമീ ഞങ്ങൾക്കതു ദാനംചെയ്താലും വിഭോ!
സമസ്തേന്ദ്രിയഗുണാഞ്ജനമായ് ഭക്തപ്രിയ-
തമമാമാരൂപത്തെക്കനിഞ്ഞു കാട്ടേണമേ. 44
മൃദുവായ് വർഷകാലമേഘശ്യാമളമായി-
ട്ടതുലസൗഭഗസംഗ്രഹമായ് മനോജ്ഞമായ്
ആയതചാരുചതുർബ്ബാഹുവായ് ചേതോഹര-
മായിടും വൃത്താനനമൊത്തിണങ്ങുന്നതായി
താമരയിതളുകളൊത്തിടും നേത്രങ്ങളും
കോമളമാകും പില്ലീയുഗവും സുനാസയും
സമമായീടും കർണ്ണയുഗഭൂഷണങ്ങളും
സുമഞ്ജുദന്തങ്ങളും മിന്നുന്ന ഗണ്ഡങ്ങളും
സന്തോഷസംസൂചകമന്ദഹാസത്തോടൊത്ത
ബന്ധുരാപാങ്ഗങ്ങളും ചേർന്നതിരമ്യമായി
അളകോജ്ജ്വലത്തായിത്താമരവല്ലിപോലെ
തിളങ്ങും മഞ്ഞപ്പട്ടു ധരിച്ചീടുന്നതായി
മിന്നിടും കുണ്ഡലങ്ങൾ കിരീടം കങ്കണങ്ങൾ
പൊന്നരഞ്ഞാണം മുത്തുമാല കാൽച്ചിലമ്പു-
കൾ
വനമാലയും ശംഖചക്രാബ്ജഗദകളും
മണിപ്രകാണ്ഡങ്ങളും ധരിച്ചീടുന്നതായി
കേസരിസ്കന്ധതുല്യകണ്ഠത്തിലണിഞ്ഞിടും
കൗസ്തുഭരത്നത്തിനാൽ ശോഭിക്കപ്പെടുന്നതായ്
ഒരുനാളിലും പിരിഞ്ഞീടാതെ വസിച്ചീടും
ശ്രീരമാദേവിതന്നാൽ വ്യാപ്തമായ് വിശാ-
ലമാം
ഉരസ്ഥലത്താൽ പാരമുല്ലസിക്കുന്നതായി
പരിചിൽ ശ്വാസോച്ഛ്വാസചലനംമൂലം
മെല്ലെ-
ഇളകും ത്രിവലിയൊത്താലിലയ്ക്കൊപ്പമായി
വിലസുമുദരത്തോടൊത്തിണങ്ങിയതായി
ജഗത്തൊക്കെയും പുറത്താക്കിയപോലെ-
തന്നെ-
യകത്താക്കാനുമുള്ള മാർഗ്ഗമോ എന്നു തോന്നും
നാഭിയും ശ്യാമമാകുമരയിൽ ധരിച്ചിടു-
മാഭയാർന്നീടും പട്ടും മീതേ പൊന്നരഞ്ഞാണം
ചാരുപാദങ്ങൾ കണങ്കാലുകളൂരുക്കളും
ചേരുന്ന നിറമാകും ജാനുക്കളിയന്നതായ്
ആനന്ദപ്രദമായ കാഴ്ചകൾ കലർന്നതായ്
ത്തുനഖാഭയാൽ ഞങ്ങൾക്കുൾത്താപം ഹരി-
പ്പതായ്
ശരൽപങ്കജകാന്തി ചിന്തിടും പാദത്താൽ ഭീ-
നിരാകരിക്കും തിരുമേനിതൻ സ്വരൂപത്തെ
കാണിക്കേണമേ തമോന്ധന്മാർക്കു മാർഗ്ഗം കാട്ടും
മാനനീയനാം ഗുരോ! ഞങ്ങളെയങ്ങി-
ദാനീം. 45-52
ആത്മസംശുദ്ധിയിച്ഛിച്ചീടുവോനീ രൂപത്തെ
സാത്മ്യമായനുധ്യാനംചെയ്തിടേണ്ടതുതന്നെ
സ്വധർമ്മ മനുഷ്ഠിക്കും മർത്ത്യനീ ഭക്തിയോഗം
സതതമഭയത്തെ ദാനംചെയ്തീടുമല്ലോ. 53
സാമാന്യജനങ്ങൾക്കു ദുർല്ലഭനാകും ഭവാൻ
കാമം സ്വഭക്തന്മാർക്കു സുലഭനത്രേ പാർത്താൽ.
സ്വർവാസികളും തിരുമേനിയെപ്പൂജിക്കുന്നു
സേവ്യൻതാൻ വിരക്തരാമാത്മജ്ഞന്മാർക്കും
ഭവാൻ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ദുരാരാധ്യമാരാധ്യ സതാമപി ദുരാപയാ
ഏകാന്തഭക്ത്യാ കോ വാഞ്ഛേത് പാദമൂലം വിനാ ബഹിഃ. 55
യത്ര നിർവ്വിഷ്ടമരണം കൃതാന്തോ നാഭിമന്യതേ
വിശ്വം വിധ്വംസയൻ വീര്യശൗര്യവിസ്ഫൂർജ്ജിതഭ്രുവാ. 56
ക്ഷണാർദ്ധേനാപി തുലയേ ന സ്വർഗ്ഗം നാപുനർഭവം
ഭഗവത്സങ്ഗിസങ്ഗസ്യ മർത്ത്യാനാം കിമുതാശിഷഃ. 57

അഥാനഘാങ്ഘ്രേസ്തവ കീർത്തിതീർത്ഥയോ-
രന്തർബ്ബഹിഃ സ്നാനവിധൂതപാപ്മനാം
ഭൂതേഷ്വനുക്രോശസുസത്ത്വശീലിനാം
സ്യാത്സങ്ഗമോഽനുഗ്രഹ ഏഷ നസ്തവ. 58
ന യസ്യ ചിത്തം ബഹിരർത്ഥവിഭ്രമം
തമോഗുഹായാം ച വിശുദ്ധമാവിശത്
യദ്ഭക്തിയോഗാനുഗൃഹീതമഞ്ജസാ
മുനിർവിചഷ്ടേ നനു തത്ര തേ ഗതിം. 59

യത്രേദം വ്യജ്യതേ വിശ്വം വിശ്വസ്മിന്നവഭാതി യത്
തത് ത്വം ബ്രഹ്മ പരം ജ്യോതിരാകാശമിവ വിസ്തൃതം. 60

യോ മായയേദം പുരുരൂപയാസൃജത്
ബിഭർത്തി ഭൂയഃ ക്ഷപയത്യവിക്രിയഃ
യദ്ഭേദബുദ്ധിഃ സദിവാത്മദുഃസ്ഥയാ
തമാത്മതന്ത്രം, ഭഗവൻ, പ്രതീമഹി. 61
ക്രിയാകലാപൈരിദമേവ യോഗിനഃ
ശ്രദ്ധാന്വിതാഃ സാധു യജന്തി സിദ്ധയേ
ഭൂതേന്ദ്രിയാന്തഃകരണോപലക്ഷിതം
വേദേ ച തന്ത്രേ ച ത ഏവ കോവിദാഃ. 62
ത്വമേക ആദ്യഃ പുരുഷഃ സുപ്തശക്തി-
സ്തയാ രജസ്സത്ത്വതമോ വിഭിദ്യതേ
മഹാനഹം ഖം മരുദഗ്നിവാർദ്ധരാഃ
സുരഷ്യോ ഭൂതഗണാ ഇദം യതഃ. 63
സൃഷ്ടം സ്വശക്ത്യേദമനുപ്രവിഷ്ട-
ശ്ചതുർവ്വിധം പുരമാത്മാംശകേന
അഥോ വിദുസ്തം പുരുഷം സന്തമന്തർ-
ഭുങ്ക്തേ ഹൃഷീകൈർമ്മധു സാരഘം യഃ. 64
സ ഏഷ ലോകാനതിചണ്ഡവേഗോ
വികർഷസി ത്വം ഖലു കാലയാനഃ
ഭൂതാനി ഭൂതൈരനുമേയതത്ത്വോ
ഘനാവലീർവായുരിവാവിഷഹ്യഃ. 65
പ്രമത്തമുച്ചൈരിതികൃത്യചിന്തയാ
പ്രവൃദ്ധലോഭം വിഷയേഷു ലാലസം
ത്വമപ്രമത്തഃ സഹസാഭിപദ്യസേ
ക്ഷുല്ലേലിഹാനോഽഹിരിവാഖുമന്തകഃ 66
കസ്ത്വത്പദാബ്ജം വിജഹാതി പണ്ഡിതോ
യസ്തേഽവമാനവ്യയമാനകേതനഃ
വിശങ്കയാസ്മദ്ഗുരുരർച്ചതി സ്മ യ-
ദ്വിനോപപത്തിം മനവശ്ചതുർദ്ദശ. 67

അഥ ത്വമസി നോ, ബ്രഹ്മൻ, പരമാത്മൻ, വിപശ്ചിതാം
വിശ്വം രുദ്രഭയധ്വസ്തമകുതശ്ചിദ്ഭയാ ഗതിഃ 68
ഇദം ജപത ഭദ്രം വോ വിശുദ്ധാ നൃപനന്ദനാഃ
സ്വധർമ്മമനുതിഷ്ഠന്തോ ഭഗവത്യർപ്പിതാശയാഃ. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാർക്കകിൽ സത്തുക്കൾക്കും ദുരാപമാകുമററ-
ഭക്തിയോഗത്താൽ ഭവത്പാദപങ്കജമൂലം
സേവിച്ചിട്ടതുവെടിഞ്ഞന്യമായുള്ളോന്നിനെ-
ബ്ഭാവനംചെയ്യീടുവാനേതവനിച്ഛിച്ചിടും. 55

വീര്യശൗര്യാദിസ്സുരദ്ഭ്രൂ ചലനത്താൽ മാത്രം
പാരിടം ധ്വംസിക്കുവാൻ പാടവമിയന്നിടും
അന്തകൻതാനും ഭവത്പ്പാദമൂലം ഗമിച്ച
ശാന്തരാം ഭക്തന്മാരെത്തിരിഞ്ഞുനോക്കാറില്ല.
56

നിമിഷം ഭവദ്ഭക്തസങ്ഗമമൊത്താലതിൻ-
സമമായിടാ സ്വർഗ്ഗസൗഖ്യവും മോക്ഷംപോലും
എന്നിരിക്കവേ നരക്കൈഹികഭോഗങ്ങളിൽ-
നിന്നുണ്ടാം സൗഖ്യമെത്രതുച്ഛമെന്നോതേ-
ണമോ? 57

സ്മരിക്കുന്നവരുടെ ദുരിതംപോക്കും പദ-
സരസീരുഹമാളും ഭവാൻെറ ചരിതത്തിൽ
മനസ്സുകൊണ്ടും പദസ്പൃശ്തീർത്ഥാംബുതന്നിൽ
തനുവിനാലു സ്നാനംചെയ്തു സംശുദ്ധിനേടി
പ്രാണികാരുണ്യത്തൊടും സൗശീല്യസമ്പ-
ത്തൊടും
ക്ഷോണിയിൽ ജനതാനുഗ്രഹാർത്ഥം സഞ്ച-
രിക്കും
നിൻതിരുഭക്തന്മാർതൻ സങ്ഗമം ലഭി-
ക്കുവാൻ
നിന്തിരുമേനി ഞങ്ങൾക്കേകണമനുഗ്രഹം. 58

യാതൊരുവൻെറ ചിത്തം ഭക്തിയോഗത്താൽ
പരി-
പൂതമായെപ്പോൾ ബഹിരർത്ഥവിഭ്രമംവിട്ട
നിർഭരതമോഗുഹാപ്രവേശവിമുക്തമാ-
മപ്പൊഴുതവനറിഞ്ഞീടുന്നു ഭവത്തത്ത്വം. 59

ഏതൊന്നിലിപ്രപഞ്ചം പ്രകാശിക്കുന്നു പാരം-
മേതൊന്നീ വിശ്വംതന്നിൽ വിളങ്ങീടുന്നു
താനേ
പരമജ്യോതിസ്സായി വാനംപോൽ വിശാ-
ലമാ-
യിരുന്നീടുമാ ബ്രഹ്മം നിന്തിരുവടിയത്രേ. 60

ത്രിഗുണാത്മികയായിട്ടനന്തസ്വരൂപയാം
പ്രകൃതിയാലീ ലോകം സൃഷ്ടിച്ചു കാത്തഴിച്ചു
നിർവ്വികാരനായ് വീണ്ടുമാ ലീല തുടരുന്നി-
തവ്യയൻ ഭവാൻ, ഭേദബുദ്ധികളെല്ലാവരും
കാണുന്നു സത്തെന്നപോലുലക,മങ്ങേ ഞങ്ങ-
ളൂനമെന്നിയേ യാത്മതന്ത്രനെന്നറിയുന്നു. 61

വേദമന്ത്രജ്ഞരാകും യോഗികൾ, ഭൂതേന്ദ്രിയ-
ചേതോവൃത്തികളാലേ കണ്ടീടുമീ രൂപംതാൻ
ശ്രദ്ധയോടെന്നും നാനാവിധകർമ്മങ്ങളാലേ
സിദ്ധിക്കായ് വേണ്ടമട്ടിലർച്ചനംചെയ്യീടുന്നു.62

ഏകനാം ഭവാനാദ്യം സൂക്ഷ്മമാം ശക്തിയോട്
സാകം ശോഭിച്ചു പിന്നെ മായാഗുണങ്ങളാലേ
മഹത്തത്ത്വവുമഹങ്കാരതത്ത്വവും പിന്നെ
വിഹായസ്സനിലൻ തീ നീരവും ധരിത്രിയും
സുരസഞ്ചയമൃഷിവൃന്ദം ഭൂതങ്ങളിവ
വിരചിച്ചിട്ടു വിരാജിപ്പൂ സപ്രപഞ്ചനായ്. 63

ജരായുജാണ്ഡജാതസ്വേദജോദ്ഭിജ്ജങ്ങളാ-
യിരിക്കും നാലുവിധസൃഷ്ടിവർഗ്ഗങ്ങളിലും
സ്വാംശത്താലന്തര്യാമിയായുമജ്ജീവനായും
വേശിച്ചു മധുകരൻ തേനെന്നമട്ടിൽ ജീവൻ
ഇന്ദ്രിയമുഖങ്ങളാൽ ഭുജിപ്പൂ വിഷയങ്ങ-
ളന്തഃസ്ഥൻ പുരുഷനെ ജ്ഞാനികളറിയുന്നു. 64

അങ്ങനെയുള്ള ഭവാൻ കാലസ്വരൂപനായു-
ത്തുംഗവേഗവാനായിപ്പഞ്ചഭൂതങ്ങളാൽത്താൻ
പ്രാണിജാലത്തെക്കൊടുങ്കാററു മേഘങ്ങളെ-
പ്പോൽ
താനേ നശിപ്പിക്കുന്നു, സാധാരണന്മാരാരും
കാണുന്നതില്ല നേരേ നിന്തിരുവടിതന്നെ
ജ്ഞാനികളായോരനുമാനത്താലറിയുന്നു. 65

വിഷയങ്ങളിൽ ഭ്രമിച്ചതിൽത്താൻ
സുഖംപാർത്തു
വസിച്ചു വീണ്ടും വീണ്ടും മുഴുകും പ്രമത്തനെ
അപ്രമത്തനാം കാലനങ്ങുന്നു വിഴുങ്ങുന്നി-
തപ്പോഴേയിരതേടുമെലിയെപ്പാമ്പെന്ന-
പോൽ. 66

അല്ലയോ ഭഗവാനേ! ഭവാനെയാദരിക്കാ-
തുള്ളവരെല്ലാം നാശവശഗന്മാരെന്നായി
നല്ലപോലറിഞ്ഞീടുമേതു പണ്ഡിതൻ ഭവ-
ദുല്ലസൽപാദപദ്മം സേവിക്കാതിരുന്നിടും?
മനുക്കൾ പതിന്നാലുമങ്ങയെബ്ഭജിക്കുന്നി-
തനിശമസ്മദ്ഗുരുവാകിയ ഗിരീശനും. 67

ഈ ലോകം രുദ്രഭയഗ്രസ്തമെന്നുള്ള കാര്യം
ചേലായിദ്ധരിച്ചോരീ ഞങ്ങൾക്കു പരമാത്മൻ!
ലവവും ഭയശങ്കയില്ലാത്ത രക്ഷാസ്ഥാന-
മവിടുന്നത്രേ ഞങ്ങൾ ശരണംഗമിക്കുന്നു. 68

ഹേ രാജപുത്രന്മാരേ! രാഗാദിദോഷംവിട്ട
ഘോരമാം ഹിംസാകർമ്മമൊന്നുമേ ചെയ്യീടാതെ
അയത്നം സ്വധർമ്മത്താൽക്കിട്ടിടും ഫലമൂല-
ചയത്താൽക്കളേബരരക്ഷണം നിർവ്വഹിച്ചു
മാനസം ഭഗവാനിലർപ്പിച്ചിസ്തോത്രം ചൊല്ലി-
ദ്ധ്യാനിക്കിൽ നിങ്ങൾക്കുണ്ടാം മങ്ഗലമതി-
വേലം. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമേവാത്മാനമാത്മസ്ഥം സർവ്വഭൂതേഷ്വവസ്ഥിതം
പൂജയധ്വം ഗൃണന്തശ്ച ധ്യായന്തശ്ചാസകൃദ്ധരിം. 70
യോഗാദേശമുപാസാദ്യ ധാരയന്തോ മുനിവ്രതാഃ
സമാഹിതധിയഃ സർവ്വ ഏതദഭ്യസതാദൃതാഃ 71
ഇദമാഹ പുരാസ്മാകം ഭഗവാൻ വിശ്വസൃക്പതിഃ
ഭൃഗ്വാദീനാമാത്മജാനാം സിസൃക്ഷുഃ സംസിസൃക്ഷതാം. 72
തേ വയം നോദിതാഃ സർവ്വേ പ്രജാസർഗ്ഗേ പ്രജേശ്വരാഃ
അനേന ധ്വസ്തതമസഃ സിസൃക്ഷ്മോ വിവിധാഃ പ്രജാഃ. 73
അഥേദം നിത്യദാ യുക്താ ജപന്നവഹിതഃ പുമാൻ
അചിരാച്ഛ്രേയ ആപ്നോതി വാസുദേവപരായണഃ. 74
ശ്രേയസാമിഹ സർവ്വേഷാം ജ്ഞാനം നിഃശ്രേയസം പരം
സുഖം തരതി ദുഷ്പാരം ജ്ഞാനനൗർവ്യസനാർണ്ണവം. 75
യ ഇമം ശ്രദ്ധയാ യുക്തോ മദ്ഗീതം ഭഗവത്സ്തവം
അധീയാനോ ദുരാരാധ്യം ഹരിമാരാധയത്യസൗ. 76
വിന്ദതേ പുരുഷോഽമുഷ്മാദ്യദ്യദിച്ഛത്യസത്വരം
മദ്ഗീതഗീതാത്സുപ്രീതാച്ഛ്രേയസാമേകവല്ലഭാത്. 77
ഇദം യഃ കല്യ ഉത്ഥായ പ്രാഞ്ജലിഃ ശ്രദ്ധയാന്വിതഃ
ശൃണുയാച്ഛ്രാവയേന്മർത്ത്യോ മുച്യതേ കർമ്മബന്ധനൈഃ. 78

ഗീതം മയേദം നരദേവനന്ദനാഃ
പരസ്യ പുംസഃ പരമാത്മനഃ സ്തവം
ജപന്ത ഏകാഗ്രധിയസ്തപോ മഹ-
ച്ചരധ്വമന്തേ തത ആപ്സ്യഥേപ്സിതം. 79

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
രുദ്രഗീതം നാമ ചതുർവ്വിംശതിതമോഽധ്യായഃ

പഞ്ചവിംശതിതമോഽധ്യായഃ

മൈത്രേയ ഉവാച
ഇതി സന്ദിശ്യ ഭഗവാൻ ബാർഹിഷദൈരഭിപൂജിതഃ
പശ്യതാം രാജപുത്രാണാം തത്രൈവാന്തർദ്ദധേ ഹരഃ. 1
രുദ്രഗീതം ഭഗവതഃ സ്തോത്രം സർവ്വേ പ്രചേതസഃ
ജപന്തസ്തേ തപസ്തേപുർവർഷാണാമയുതം ജലേ. 2
പ്രാചീനബർഹിഷം ക്ഷത്തഃ കർമ്മസ്വാസക്തമാനസം
നാരദോഽധ്യാത്മതത്ത്വജ്ഞഃ കൃപാലുഃ പ്രത്യബോധയത്. 3
ശ്രേയസ്ത്വം കതമദ്രാജൻ കർമ്മണാഽഽത്മന ഈഹസേ
ദുഃഖഹാനിഃ സുഖാവാപ്തിഃ ശ്രേയസ്തന്നേഹ ചേഷ്യതേ. 4
രാജോവാച
ന ജാനാമി മഹാഭാഗ പരം കർമ്മാപവിദ്ധധീഃ
ബ്രൂഹി മേ വിമലം ജ്ഞാനം യേന മുച്യേയ കർമ്മഭിഃ. 5
ഗൃഹേഷു കൂടധർമ്മേഷു പുത്രദാരധനാർത്ഥധീഃ
ന പരം വിന്ദതേ മൂഢോ ഭ്രാമ്യൻ സംസാരവർത്മസു. 6
നാരദ ഉവാച
ഭോ ഭോഃ പ്രജാപതേ, രാജൻ, പശൂൻ പശ്യ ത്വയാധ്വരേ
സംജ്ഞാപിതാഞ്ജീവസംഘാന്നിർഘൃണേന സഹസ്രശഃ. 7
ഏതേ ത്വാം സമ്പ്രതീക്ഷന്തേ സ്മരന്തോ വൈശസം തവ
സമ്പരേതമയഃകൂടൈശ്ഛിന്ദന്ത്യുത്ഥിതമന്യവഃ. 8
അത്ര തേ കഥയിഷ്യേഽമുമിതിഹാസം പുരാതനം
പുരഞ്ജനസ്യ ചരിതം നിബോധ ഗദതോ മമ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മസംസ്ഥിതനായിച്ചരാചരാഖിലാന്ത-
രാത്മാവായ് വിളങ്ങിടും ഭഗവാൻ
ഗോവിന്ദനെ
സന്തതം കീർത്തിക്കുവിൻ ധ്യാനവും-
ചെയ്തീടുവി-
നന്തരമെന്യേ സദാ പൂജിച്ചുകൊൾവിൻ
നിങ്ങൾ. 70
'യോഗാദേശാ'ഖ്യമാമിസ്തോത്രത്തെയെന്നിൽ
നിന്നു-
മാകവേ കേട്ടു നന്നായ് മനസ്സിലുറപ്പിച്ചു
സാവധാനമായ് ബുദ്ധിനിറുത്തി മുനിവ്രത-
മാവഹിച്ചുരുവിട്ടു പഠിച്ചുകൊൾവിൻ നേരേ. 71
സൃഷ്ടിയാൽ ഭുവനത്തിൻ പുഷ്ടിയാഗ്രഹിച്ചിടും
സ്രഷ്ടാവിൻ ചൊല്ലിനാലക്കർമ്മത്തിലു-
ദ്യുക്തരാം
ഭൃഗ്വാദ്യരായീടുമീ ഞങ്ങൾക്കന്ന് ഭഗവാനാ-
ലുക്തമായതും പുരാതനവുമാണിസ്തോത്രം. 72
പ്രജാധിപതിമാരായിടുമീ ഞങ്ങളെല്ലാം
പ്രജാസൃഷ്ടിയിൽ പ്രചോദിതരായി
സ്തോത്രത്താൽ
പ്രതിബന്ധങ്ങളെല്ലാമൊഴിച്ചുയത്നം പല-
വിധമാം പ്രജാസൃഷ്ടി സാധിച്ചു വേണ്ടമട്ടിൽ.
73
അതിനാലിസ്തവത്തെയേതവൻ, മാജാനിയിൽ
പതിയും മതിയോടു നിത്യവും ജപിക്കുമോ
ശ്രീവാസുദേവപരനായീടുമപ്പുമാനു
കൈവരും ശ്രേയസ്സുകളഖിലമവിളംബം. 74
നിഖിലശ്രേയസ്സിലും പരമശ്രേയസ്സോർത്താൽ
ഭഗവദ്ഭക്തിയുക്തജ്ഞാനമൊന്നത്രേ നൂനം.
ജ്ഞാനനൗവ്വാശ്രയിക്കും പുരുഷൻ തീരെക്കര-
കാണാത്ത ദുഃഖാബ്ധിയും സുഖമായ്ക്കടക്കുന്നു. 75
ശ്രദ്ധയോടേതൊരുത്തൻ ഞാൻ ഗാനം-
ചെയ്തതാമീ-
യുത്തമമാകും ഹരിസ്തോത്രമഭ്യസിക്കുന്നു,
അപ്പുമാനത്രേ ദുരാരാധ്യനാം ഹരിതന്നെ
സുപ്രേമപുരസ്സരമാരാധിച്ചീടുന്നവൻ. 76
ഞാൻ പാടിയോരിസ്തവം ബദ്ധപ്പാടൊന്നു-
മെന്യേ-
യിമ്പമായൊരു ചൊല്ലി സ്തുതിക്കുന്നെന്നാകിലും
സംപ്രീതനായിസ്സമസ്തൈശ്വര്യധാമമാമ-
ത്തമ്പുരാൻ നല്കുമവനിച്ഛിപ്പതശേഷവും. 77
ഉഷസ്സിലെഴുന്നേറ്റു സശ്രദ്ധം കൈകൂപ്പി
പ്രശസ്തമാമിസ്തോത്രം കേൾക്കയോ കേൾപ്പി-
ക്കയോ
ചെയ്യുന്ന പുമാൻ ജനിമൃതിദുഃഖത്തിൽനിന്നു
കൈയോടേ വിമുക്തനായ്ത്തീർന്നീടുമസംശയം. 78

ഞാൻ ചൊന്നതാമിപ്പരംപുരുഷസ്തോത്രം
നിങ്ങൾ
ചാഞ്ചല്യവിഹീനമാം ധീയോടു ദിനംപ്രതി
ജപിച്ചു മഹാതപസ്സാചരിക്കുവി,നന്ത്യം
ലഭിക്കുമിച്ഛയെല്ലാം നൃപാലകമാരരേ! 79

അദ്ധ്യായം 25

പുരഞ്ജനചരിതം

മൈത്രേയൻ പറഞ്ഞു

ശിവനീവിധം പ്രചേതസ്സുകൾക്കുപദേശി-
ച്ചവരാലർച്ചിക്കപ്പെട്ടവിടെത്താൻ മറഞ്ഞാൻ. 1
നിയതം ഹരോക്തമീഹരിസ്തോത്രത്തെജ്ജപി-
ച്ചയുതംവർഷം നീരിൽനിന്നവർ തപംചെ-
യ്താർ. 2
കർമ്മത്തിലാസക്തനാം പ്രാചീനബർഹിസ്സിനു
ബ്രഹ്മജ്ഞൻ നാരദർഷിയുപദേശിച്ചാൻ
ജ്ഞാനം. 3
ഏതൊരുവിധം ശ്രേയസ്സാളുവാനാഗ്രഹിച്ചു
മേദിനീപതേ! ഭവാൻ കർമ്മങ്ങൾ ചെയ്തീടുന്നു
ശോകമുക്തമായ് സുഖപ്രദമാമാശ്രേയസ്സീ
യാഗാദികർമ്മങ്ങളാൽ സിദ്ധിപ്പതല്ലയല്ലോ. 4

രാജാവു പറഞ്ഞു

ഫലകാംക്ഷയാൽച്ചിത്തം കർമ്മത്തിൽ
ചലിച്ചഹോ!
വലഞ്ഞീടുന്നേൻ ശ്രേയസ്സാപായങ്ങളറിയാതെ
കർമ്മനിർമ്മുക്തമാകും ജ്ഞാനമാർഗ്ഗത്തെ-
ബ്ഭവാൻ
നമ്മട്ടിലുപദേശിച്ചീടുക മഹാഭാഗാ! 5
പത്തനധനദാരപുത്രരിൽ പുരുഷാർത്ഥ-
ബുദ്ധിയാർന്നിടും മൂഢൻ കുടധർമ്മങ്ങളാളും
ഗേഹങ്ങളിലും ഭവമാർഗ്ഗങ്ങളിലും ഭ്രമി-
ച്ചാഹന്ത! പ്രാപിപ്പീല പരമം പുരുഷാർത്ഥം. 6

നാരദൻ പറഞ്ഞു

നോക്കണം പ്രജാപതേ! യജ്ഞകർമ്മത്തിൽ
ഭവാൻ
നിഷ്ഠുപനായിക്കൊന്നോരസംഖ്യം പശു-
ക്കളെ. 7
കാത്തുനില്ക്കയാണവ നിന്നെ, നിൻ ദുഷ്കൃതങ്ങ-
ളോർത്തതി ക്രോധത്തോടും പ്രതികാരത്തിനായി
മരിച്ചാലുടൻ നിന്നെയിരുമ്പുകൊമ്പാലവ-
യരിശത്തോടും കുത്തിക്കഷണമാക്കും നൂനം. 8
അതിനു പുരാതനമായിടും പുരഞ്ജന-
കഥ ഞാനരുളുന്നു, ശ്രദ്ധിച്ചു കേട്ടുകൊൾക. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസീത് പുരഞ്ജനോ നാമ രാജാ, രാജൻ, ബൃഹച്ഛ്രവാഃ
തസ്യാവിജ്ഞാതനാമാ/ /സീത്സഖാ/വിജ്ഞാതചേഷ്ടിതഃ. 10
സോ/ന്വേഷമാണഃ ശരണം ബഭ്രാമ പൃഥിവീം പ്രഭുഃ
നാനുരൂപം യദാവിന്ദദഭൂത്സ വിമനാ ഇവ. 11
ന സാധു മേനേ താഃ സർവ്വാ ഭൂതലേ യാവതീഃ പുരഃ
കാമാൻ കാമയമാനോ/സൗ തസ്യ തസ്യോപപത്തയേ. 12
സ ഏകദാ ഹിമവതോ ദക്ഷിണേഷ്വഥ സാനുഷു
ദദർശ നവഭിർദ്വാർഭിഃ പുരം ലക്ഷിതലക്ഷണാം. 13
പ്രാകാരോപവനാട്ടാലപരിഖൈരക്ഷതോരണൈഃ
സ്വർണ്ണരൗപ്യായസൈഃ ശൃങ്ഗൈഃ സങ്കുലാം സർവ്വതോ-
ഗൃഹൈഃ. 14
നീലസ്ഫടികവൈഡൂര്യമുക്താമരകതാരുണൈഃ
ക്ലൃപ്തഹർമ്യസ്ഥലീം ദീപ്താം ശ്രിയാ ഭോഗവതീമിവ. 15
സഭാചത്വരരഥ്യാഭിരാക്രീഡായതനാപണൈഃ
ചൈത്യധ്വജപതാകാഭിര്യുക്താം വിദ്രുമവേദിഭിഃ. 16
പുര്യാസ്തു ബാഹ്യോപവനേ ദിവ്യദ്രുമലതാകുലേ
നദദ്വിഹംഗാളികുലകോലാഹലജലാശയേ. 17
ഹിമനിർഝരവിപ്രുഷ്മത്കുസുമാകരവായുനാ
ചലത്പ്രവാളവിടപനളിനീതടസമ്പദി 18
നാനാരണ്യമൃഗവ്രാതൈരനാബാധേ മുനിവ്രതൈഃ
ആഹൂതം മന്യതേ പാന്ഥോ യത്ര കോകിലകൂജിതൈഃ. 19
യദൃച്ഛയാ/ /ഗതാം തത്ര ദദർശ പ്രമദോത്തമാം
ഭൃത്യൈർദ്ദശഭിരായാന്തീമേകൈകശതനായകൈഃ. 20
പഞ്ചശീർഷാഹിനാ ഗുപ്താം പ്രതീഹാരേണ സർവ്വതഃ
അന്വേഷമാണാമൃഷഭമപ്രൗഢാം കാമരൂപിണീം. 21
സുനാസാം സുദതീം ബാലാം സുകപോലാം വരാനനാം
സമവിന്യസ്തകർണ്ണാഭ്യാം ബിഭ്രതീം കുണ്ഡലശ്രിയം. 22
പിശങ്ഗനീവീം സുശ്രോണീം ശ്യാമാം കനകമേഖലാം
പദ്ഭ്യാം ക്വണദ്ഭ്യാം ചലന്തീം നൂപുരൈർദ്ദേവതാമിവ. 23
സ്തനൗ വ്യഞ്ജിതകൈശോരൗ സമവൃത്തൗ നിരന്തരൗ
വസ്ത്രാന്തേന നിഗൂഹന്തീം വ്രീഡയാ ഗജഗാമിനീം. 24
താമാഹ ലളിതം വീരഃ സവ്രീഡസ്മിതശോഭനാം
സ്നിഗ്ദ്ധേനാപാംഗപുംഖേന സ്പൃഷ്ടഃ പ്രേമോദ്ഭ്രമദ്ഭ്രുവാ. 25
''കാ ത്വം? കഞ്ജപലാശാക്ഷി, കസ്യാസീഹ കുതഃ സതി?
ഇമാമുപ പുരീം ഭീരു കിം ചികീർഷസി? ശംസ മേ. 26
ക ഏതേ/നുപഥാ യേ ത ഏകാദശ മഹാഭടാഃ
ഏതാ വാ ലലനാഃ സുഭ്രു കോ/യം തേ/ഹിഃ പുരസ്സരഃ. 27

തത്വം ഹ്രീർഭവാന്യസ്യഥ വാഗ്രമാ പതിം
വിചിന്വതീ കിം മുനിവദ്രഹോ വനേ
ത്വദങ്ഘ്രികാമാപ്തസമസ്തകാമം
ക്വ പദ്മകോശഃ പതിതഃ കരാഗ്രാത്. 28

നാസാം വരോർവന്യതമാ ഭുവിസ്പൃക്
പുരീമിമാം വീരവരേണ സാകം
അർഹസ്യലംകർത്തുമദഭ്രകർമ്മണാ
ലോകം പരം ശ്രീരിവ യജ്ഞപുംസാ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുകീർത്തിമാനായി പുരഞ്ജനാഭിഖ്യനാ-
യൊരു മന്നവൻ മന്നിൽ മുന്നമുണ്ടായിരുന്നു.
നാമവും വ്യാപാരവുമറിയാൻ പാടില്ലാതെ-
യാമന്നനുണ്ടു കൂടെയവിജ്ഞാതാഖ്യൻ
സഖൻ. 10

ധരയിലെങ്ങും വാസസ്ഥാനമാരാഞ്ഞാ പ്രഭു
ചരിച്ചു രമ്യസ്ഥലം കാണാഞ്ഞു വിമനസ്സായ്
ഓരോരോ ഭോഗങ്ങളെക്കാമിക്കുമബ്ഭൂപനെ
പാരിലെപ്പട്ടണങ്ങളും തൃപ്തനാക്കിയില്ലേതും.
11-12

ലക്ഷണയുക്തം നവദ്വാരമൊത്തൊരു പുരം
വീക്ഷിച്ചാൻ ഹിമാചലദക്ഷിണസാനുവി-
ങ്കൽ. 13

ചുററിനും മതിൽക്കെട്ടു രമ്യോപവനങ്ങളു-
മേററവും മനോജ്ഞമാം ചന്ദ്രശാലാവരങ്ങളും
അനതിക്രമ്യങ്ങളാം പരിഘാട്ടാലങ്ങളും
ജനാലകളും പല ചാരുതോരണങ്ങളും.
മാണിക്യമരതകസ്ഫടികവൈഡൂര്യങ്ങളും
ചേണാർന്ന നീലരത്നം മുത്തിവ പതിച്ചെഴും
ഉന്നതഹർമ്മ്യങ്ങളുംതൻ കാന്തിയാൽ ഭോഗ-
വതി
തന്നെയോയിതെന്നാർക്കും സന്ദേഹമേകുന്ന-
തായ്.
വെള്ളിയും പൊന്നും മററു ലോഹവുംകൊണ്ടു-
തീർത്തി-
ട്ടുള്ള താഴികക്കുടസ്ഫുരത് പത്തനങ്ങളും
ഉത്തമസഭാസ്ഥാനം, വിശാലമായ മുററം
വിസ്തൃതനാനാമാർഗ്ഗം വിശിഷ്ടകേളിസ്ഥലം
അങ്ങാടികളുമച്ചാലയങ്ങളും, പവിഴത്താൽ
ഭംഗിയായ് തീർത്ത കോലായ്ക്കളുമൊത്തതു
മിന്നീ. 14-16

എപ്പോഴും ഭൃംഗങ്ങളും വിഹംഗസമൂഹവും
ശബ്ദിച്ചു കോലാഹലംകൂട്ടിടും കുളമാർന്ന്
ഹിമനിർഝരത്തിൻെറ സമ്പർക്കം തേടീടിന
സുമനസ്തോമത്തിരിത്തട്ടി വരുന്ന കാററുകൊണ്ടു
ചലിക്കും തളിർതിങ്ങും തരുക്കളെംപൂണ്ടു നിത്യം
നളിനീതടശോഭ വർദ്ധിപ്പിച്ചീടുന്നതായ്.
നിരുപദ്രവികളായ് മൗനംവരിച്ച നാനാ-
താരകാനനമൃഗയൂഥങ്ങളിയന്നതായ്
പാന്ഥരെ വിളിപ്പതായ്ത്തോന്നിക്കും പി-
കാവലീ-
ബന്ധുരനാദമാർന്ന ദിവ്യദ്രുലതാഢ്യമാം
അപ്പുരബഹിരുപവനത്തിൽ നൂറു നൂറു
കെല്പേറും നായകന്മാരോടു സംയുതരാകും
പത്തു ഭൃത്യന്മാരൊടൊത്തായാതയായീടവോ-
രുത്തമപ്രമദയെക്കണ്ടൊരന്നൃപൻ.
വശാൽ. 17-20

ശിരസ്സഞ്ചാളും സർപ്പം കാവല്ക്കാരൻ കണക്കേ
പരിരക്ഷിപ്പോരും ചുററും കാന്തനെയന്വേ-
ഷിപ്പോരും
അപ്രൗഢ,ബാല,കാമരൂപിണി, സുശ്രോ-
ണിയാ-
ളൊപ്പമായ് വിന്യസിച്ച ചാരുകർണ്ണദ്വയത്തിൽ
കുണ്ഡലപ്രഭയോർന്നോരം,ശ്യാമ,താരുണ്യത്തി-
നാൽ
മിന്നുവോരും സുകപോല, സുദതി, വരാനന,
മഞ്ജുളതരമായ വിലോലപീതാംബരം
രഞ്ജിതമാംവിധത്തിൽ ധരിച്ചു വിളങ്ങുവോരും,
കാഞ്ചീകലാപംപൂണ്ടു കാൽച്ചിലമ്പൊലി-
ചേർത്തു
സഞ്ചരിച്ചാളങ്ങൊരു ദേവതയെന്നപോലെ.
21-23

സമവൃത്തമായിടതൂർന്ന യൗവ്വനാരംഭ-
സമയദ്യോതകമായീടും തൽക്കുചങ്ങളെ
അതി ലജ്ജയാലംബരാന്തത്താൽ മറച്ചവൾ
മദയാനപോൽ മനോഹരമായ് സഞ്ചരി-
ച്ചാൾ. 24

പ്രേമസൂചകമായിച്ചില്ലികൾ വളച്ചിട്ടു-
ബ്ഭൂമിപൻതൻനേർക്കൊരു കടാക്ഷബാണം
വിട്ടാൾ.
ഉള്ളത്തിലതു തറച്ചധീരൻ ധൈര്യംവിട്ടു
ചൊല്ലിനാൻ ലജ്ജാസ്മേരമുഖിയാമവളോ-
ടായ്. 25

"ആരു നീ സരസിജലോചനേ! നിന്റെ താത-
നാരുവാ,നെവിടെനിന്നിങ്ങു നീ വരുന്നതും?
എന്തുചെയ്യുവാനാണു നീയിപ്പോൾ ഭാവിപ്പതും
ബന്ധുരാനനേ! സതീമാർമണേ! ചൊല്ലീടുക.
26

നിന്നുടെ പിൻപേകൂടി നടന്നീടുമപ്പതി-
നൊന്നു ഭൃത്യന്മാരുമിസ്ത്രീകളുമേതു ചൊൽക?
നിന്നുടെ മുൻപേ മന്ദം സഞ്ചരിച്ചീടുന്നൊരീ-
പന്നഗവരൻതാനമാരാണു മനോഹരേ! 27

ഹ്രീയോ നീ,ഭവാനിയോ വാണിയോ
പക്ഷേ,ലക്ഷ്മി-
യായിരിക്കുമോ ജനഹീനമാമീ വനത്തിൽ
മുനിപോൽ ഭയലേശമെന്നിയേ നിൻപാദസേ-
വനത്താൽ കാമമാകെക്കൈവന്ന ഭർത്താവിനെ
തിരഞ്ഞു സഞ്ചരിച്ചീടുകയോ നിൻ കരത്തിൽ
ധരിക്കാറുള്ള പദ്മമെവിടെക്കളഞ്ഞു നീ? 28
ഭൂവിനെ സ്പർശിച്ചീടാതതിനാൽ തീർച്ചയായ് നീ
ദേവിയല്ലെന്നതു ഞാൻ മനസ്സിലാക്കീടുന്നു.
ശ്രേഷ്ഠകർമ്മാവാമെന്നോടൊന്നിച്ചിപ്പുരം
വിഷ്ണു-
വൊത്തു വൈകുണ്ഠം ലക്ഷ്മീമട്ടലങ്കരിക്കു നീ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദേഷ മാപാങ്ഗവിഖണ്ഡിതേന്ദ്രിയം
സവ്രീഡഭാവസ്മിതവിഭ്രമദ്ഭ്രുവാ
ത്വയോപസൃഷ്ടോ ഭഗവാന്മനോഭവഃ
പ്രബാധതേഽഥാനുഗൃഹാണ ശോഭനേ. 30
ത്വദാനനം, സുഭ്രു, സുതാരലോചനം
വ്യാലംബിനീലാളകവൃന്ദസംവൃതം
ഉന്നീയ മേ ദർശയ വല്ഗുവാചകം
യദ്വ്രീഡയാ നാഭിമുഖം, ശുചിസ്മിതേ.'' 31

നാരദ ഉവാച

ഇത്ഥം പുരഞ്ജനം നാരീ യാചമാനമധീരവത്
അഭ്യനന്ദത തം വീരം ഹസന്തീ വീര മോഹിതാ. 32
''ന വിദാമ വയം സമ്യക്കർത്താരം, പുരുഷർഷഭ,
ആത്മനശ്ച പരസ്യാപി ഗോത്രം നാമ ച യത്കൃതം. 33
ഇഹാദ്യ സന്തമാത്മാനം വിദാമ ന തതഃ പരം
യേനേയം നിർമ്മിതാ വീര പുരീ ശരണമാത്മനഃ. 34
ഏതേ സഖായഃ സഖ്യോ മേ നരാ നാര്യശ്ച മാനദ
സുപ്തായാം മയി ജാഗർത്തി നാഗോഽയം പാലയൻ പുരീം. 35
ദിഷ്ട്യാഽഽഗതോഽസി ഭദ്രം തേ ഗ്രാമ്യാൻ കാമാനഭീപ്സസേ
ഉദ്വഹിഷ്യാമി താംസ്തേഽഹം സ്വബന്ധുഭിരരിന്ദമ. 36
ഇമാം ത്വമധിതിഷ്ഠസ്വ പുരീം നവമുഖീം വിഭോ
മയോപനീതാൻ ഗൃഹ്ണാനഃ കാമഭോഗാൻ ശതം സമാഃ. 37
കം നു ത്വദന്യം രമയേ ഹ്യരതിജ്ഞമകോവിദം
അസമ്പരായാഭിമുഖമശ്വസ്തനവിദം പശും. 38
ധർമ്മോ ഹ്യത്രാർത്ഥകാമൗ ച പ്രജാനന്ദോഽമൃതം യശഃ
ലോകാ വിശോകാ വിരജാ യാൻ ന കേവലിനോ വിദുഃ. 39
പിതൃദേവർഷിമർത്ത്യാനാം ഭൂതാനാമാത്മനശ്ച ഹ
ക്ഷേമം വദന്തി ശരണം ഭവേഽസ്മിൻ യദ് ഗൃഹാശ്രമഃ. 40
കാ നാമ വീര വിഖ്യാതം വദാന്യം പ്രിയദർശനം
ന വൃണീത പ്രിയം പ്രാപ്തം മാദൃശീ ത്വാദൃശം പതിം. 41
കസ്യാ മനസ്തേ ഭുവി ഭോഗിഭോഗയോഃ
സ്ത്രിയാ ന സജ്ജേദ് ഭുജയോർമ്മഹാഭുജ
യോഽനാഥവർഗ്ഗാധിമലം ഘൃണോദ്ധത-
സ്മിതാവലോകേന ചരത്യപോഹിതും.'' 42

നാരദ ഉവാച

ഇതി തൗ ദമ്പതീ തത്ര സമുദ്യ സമയം മിഥഃ
താം പ്രവിശ്യ പുരീം രാജന്മുമുദാതേ ശതം സമാഃ. 43
ഉപഗീയമാനോ ലളിതം തത്ര തത്ര ച ഗായകൈഃ
ക്രീഡൻ പരിവൃതഃ സ്ത്രീഭിർഹ്രദിനീമാവിശച്ഛുചൗ. 44
സപ്തോപരി കൃതാ ദ്വാരഃ പുരസ്തസ്യാസ്തു ദ്വേ അധഃ
പൃഥഗ്വിഷയഗത്യർത്ഥം തസ്യാം യഃ കശ്ചനേശ്വരഃ. 45
പഞ്ച ദ്വാരസ്തു പൗരസ്ത്യാ ദക്ഷിണൈകാ തഥോത്തരാ
പശ്ചിമേ ദ്വേ അമൂഷാം തേ നാമാനി, നൃപ, വർണ്ണയേ. 46
ഖദ്യോതാഽഽവിർമ്മുഖീ ച പ്രാഗ്ദ്വാരാവേകത്ര നിർമ്മിതേ
വിഭ്രാജിതം ജനപദം യാതി താഭ്യാം ദ്യുമത്സഖഃ. 47
നളിനീ നാളിനീ ച പ്രാഗ്ദ്വാരാവേകത്ര നിർമ്മിതേ
അവധൂതസഖസ്താഭ്യാം വിഷയം യാതി സൗരഭം. 48
മുഖ്യാ നാമ പുരസ്താദ് ദ്വാസ്തയാഽഽപണബഹൂദനൗ
വിഷയൗ യാതി പുരരാഡ്രസജ്ഞവിപണാന്വിതഃ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രിയമെല്ലാം മമ തളർന്നീടുന്നു പാരം
സുന്ദരീ! നിൻകടാക്ഷബാണപ്രയോഗങ്ങളാൽ
മന്ദാക്ഷത്താലും മന്ദഹാസാദിയാലും മന്ദ-
മന്ദമായ് ചലിപ്പിക്കും ചില്ലീവല്ലികളാലും
നിന്നാലേ സംചോദിതൻ ഭഗവാൻ കാമദേവ-
നെന്നെയേററവും തപിപ്പിക്കുന്നു, കടാ-
ക്ഷിക്ക! 30

നീണ്ട നീലാളകങ്ങൾകൊണ്ടൊട്ടു മറച്ചൊളി-
യാണ്ടു സുതാരാക്ഷികൾ പൂണ്ട നിൻ മോഹ-
നാസ്യം
സുന്ദരീ!യൊന്നുയർത്തികാണിള്ള, ലജ്ജി-
പ്പതെ-
ന്തിന്നയേ സുഭ്രൂ ! മനോഹാരിണീ! ശുചി-
സ്മിതേ!'' 31

നാരദൻ പറഞ്ഞു

ഈവിധമധീരൻപോലർത്ഥിക്കുമാ മന്നനെ-
ക്കാവേ്ണി മോഹിച്ചഭിനന്ദിച്ചാൾ സ്മിതത്തി-
നാൽ. 32

''അച്ഛനാരെന്നുമെന്റെ വംശവും പേരുമൊന്നും
നിശ്ചയമില്ലെനിക്കു ഭവാനാരെന്നുള്ളതും. 33
എനിക്കു വസിക്കുവാൻ യോഗ്യമാമിപ്പുര-
ത്തിൻ-
ജനയിതാവിനേയുമറിയുന്നില്ലീയിവൾ.
സ്ഥിതിചെയ്യുന്നുണ്ടു ഞാനിവിടെയിപ്പോ-
ളെന്നു-
ള്ളതിലപ്പുറമൊന്നുമറിഞ്ഞുകൂടാ വീരാ! 34
സ്നേഹിതന്മാരാണെന്നെൻറകൂടെഴമിപ്പുമാന്മാർ
സ്നേഹിതകളത്രേയിക്കാമിനിമാരും പ്രഭോ!
സർപ്പമിതെൻെറ സുഷുപ്തിസമയത്തുന്നിദ്രനാ-
യിപ്പട്ടണത്തെപ്പരിപാലിച്ചുകൊള്ളുന്നിതു. 35
അങ്ങുന്നെൻ ഭാഗധേയം കൊണ്ടത്രേ വന്നു-
ചേർന്-
തിങ്ങിപ്പോ,ളവിടേക്കു മങ്ഗലം ഭവിക്കട്ടെ!
ഗ്രാമ്യകാമാർത്ഥിയാകും ഭവാൻെറയഭീഷ്ടങ്ങൾ
ഞാൻ മമ ബന്ധുക്കളൊത്താജ്ജിച്ചു തന്നീ-
ടുവൻ 36
നവദ്വാരങ്ങളാളുമിപ്പുരിതന്നിൽ ഭവാ-
നിവകളകിടും ഭോഗമാർന്നു നൂറാണ്ടു വാഴ്ക. 37
അവിടുന്നേകനത്രേയെനിക്കിന്നനുരൂപൻ
ഭുവനംമൂന്നിങ്കലും ഞാനലഞ്ഞാരാഞ്ഞതിൽ
അങ്ങയെയെന്യേ രതിജ്ഞാനമററാമുഷ്മിക-
സങ്ഗതി ചെറ്റും ചിന്തിച്ചീടാതെയേതുമട്ടിൽ
അടുത്തനാൾപോക്കുമെന്നോക്കാതെ ചുണകെട്ടു
കിടക്കും മൃഗത്തെ ഞാനെങ്ങനെ രമി-
പ്പിക്കും. 38
പെണ്മണിചേർന്നീടുമിഗ്ഗൃഹസ്ഥാശ്രമം
തന്നിൽ
ധർമ്മവുമർത്ഥം കാമം മോക്ഷവും സൽക്കീർത്തിയും
സന്താപഹീനനാനാസുഖസ്ഥാനവും കിട്ടും
സന്താനംനിമിത്തമായസുലഭാനന്ദവും
ഇതരാശ്രമസ്ഥിതരറിയില്ലൃഷിദേവ-
പിതൃമർത്ത്യാത്മക്ഷേമാസ്പദമിപ്പദമെ-
ന്നായ്. 39-40

വീരാഗ്ര്യാ! വിഖ്യാതനായ് കാമരൂപനാ-
യത്യു-
ദാരനായ് താനേവരും ത്വാദൃശഭർത്താവിനെ
എന്നെപ്പോലുള്ള രസവിജ്ഞയായീടുമേതു
തന്വംഗീമണിയംഗീകരിക്കാതിരുന്നിടും? 41
സർപ്പസന്നിഭബാഹോ! കാരുണ്യാതിരേകത്താ-
ലുദ്ഭൃതം മന്ദഹാസം ചേർന്നിടും കടാക്ഷത്താൽ
അനാഥദുഃഖം തീർക്കാൻ ചരിക്കും നിൻകൈ-
കളിൽ
മനസ്സു പതിയാത്ത മാനിനിയെങ്ങിരിപ്പൂ?''42

നാരദൻ പറഞ്ഞു

ഈവിധം ദമ്പതിമാരായവർ സത്യംചെയ്തി-
ട്ടാവസിച്ചാനന്ദിച്ചാർ നൂറാണ്ടപ്പുരിതന്നിൽ.43
ഗായകന്മാരാൽ ഗീയമാനനായങ്ങവ-
നായതാക്ഷിമാർ ചൂഴ്ന്നപ്പട്ടണംതന്നിൽ സുഖം
ക്രീഡചെയ്തുഷ്ണകാലമാഗതമായീടവേ
ചൂടിയലായ്വാനൊരു തടാകമണഞ്ഞിതേ.44
അപ്പുരിക്കുപരിയാം ഭാഗത്തുണ്ടേഴും പിന്നെ
കീഴ്ഭാഗത്തിലായ് രണ്ടുമിങ്ങനെ നവദ്വാരം
ഇവയിലൂടെയത്രേ വിഷയമോരോന്നിലും
പ്രവേശിച്ചീടുന്നതിപ്പുരത്തിന്നധീശ്വരൻ. 45
വഴികൾ മേൽഭാഗത്തിലുള്ളതാമേഴിലഞ്ചു
കിഴക്കുമൊന്നു തെക്കുമൊന്നതിൻ വടക്കുമാം
താഴത്തുഭാഗത്തുള്ളതായ മാർഗ്ഗങ്ങൾ രണ്ടു-
മൂഴീശാ! പടിഞ്ഞാററാണോതിടാം
നാമങ്ങളും. 46

ഏകത്ര കിഴക്കോട്ടു കലരും ദ്വാരം രണ്ടി-
ലേകമാം ഖദ്യോതാഖ്യമപരയാവിർമ്മുഖി
അവയിലൂടെ ദ്യുമത്സഖനായ് പുരഞ്ജന-
നൃവരൻ ചരിപ്പൂ വിഭ്രാജിതദേശംതന്നിൽ. 47
പിന്നെയുണ്ടൊരുദിക്കിൽ കിഴക്കോട്ടിരു-
വഴി-
യൊന്നതിൽ നളിനിതാനന്യം നാളിനിയത്രേ.
അവധൂതനാം മിത്രമൊത്തവററയിലൂടെ-
യവൻ സഞ്ചരിക്കുന്നു സൗരഭദേശംതന്നിൽ. 48
കിഴക്കു പിന്നെ മുഖ്യയെന്നുണ്ടു മാർഗ്ഗമൊന്നാ-
വഴി,ക്കാപണം, ബഹൂദനമിദ്ദേശങ്ങളെ
രസജ്ഞൻ, വിപണനെന്നിത്തോഴന്മാരുമായി
രസാധീശ്വരൻ പ്രാപിച്ചീടുന്നെന്നറിഞ്ഞാ-
ലും. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതൃഹൂന്നൃപ പുര്യാ ദ്വാർദ്ദക്ഷിണേന പുരഞ്ജനഃ
രാഷ്ട്രം ദക്ഷിണപഞ്ചാലം യാതി ശ്രുതധരാന്വിതഃ. 50
ദേവഹൂന്നാമ പുര്യാ ദ്വാ ഉത്തരേണ പുരഞ്ജനഃ
രാഷ്ട്രമുത്തരപഞ്ചാലം യാതി ശ്രുതധരാന്വിതഃ. 51
ആസുരീ നാമ പശ്ചാദ്ദ്വാസ്തയാ യാതി പുരഞ്ജനഃ
ഗ്രാമകം നാമ വിഷയം ദുർമ്മദേന സമന്വിതഃ. 52
നിരൃതിർന്നാമ പശ്ചാദ്ദ്വാസ്തയാ യാതി പുരഞ്ജനഃ
വൈശസം നാമ വിഷയം ലുബ്ധകേന സമന്വിതഃ. 53
അന്ധാവമീഷാം പൗരാണാം നിർവ്വാക്പേശസ്കൃതാവുഭൗ
അക്ഷണ്വതാമധിപതിസ്താഭ്യാം യാതി കരോതി ച. 54
സ യർഹ്യന്തഃപുരഗതോ വിഷൂചീനസമന്വിതഃ
മോഹം പ്രസാദം ഹർഷം വാ യാതി ജായാത്മജോദ്ഭവം. 55
ഏവം കർമ്മസു സംസക്തഃ കാമാത്മാ വഞ്ചിതോഽബുധഃ
മഹിഷീ യദ്യദീഹേത തത്തദേവാന്വവർത്തത. 56
ക്വചിത് പിബന്ത്യാം പിബതി മദിരാം മദവിഹ്വലഃ
അശ്നന്ത്യാം ക്വചിദശ്നാതി ജക്ഷത്യാം സഹ ജക്ഷതി. 57
ക്വചിദ് ഗായതി ഗായന്ത്യാം രുദത്യാം രുദതി ക്വചിത്
ക്വചിദ്ധസന്ത്യാം ഹസതി ജല്പന്ത്യാമനുജല്പതി. 58
ക്വചിദ്ധാവതി ധാവന്ത്യാം തിഷ്ഠന്ത്യാമനുതിഷ്ഠതി
അനു ശേതേ ശയാനായാമന്വാസ്തേ ക്വചിദാസതീം. 59
ക്വചിച്ഛൃണോതി ശൃണ്വന്ത്യാം പശ്യന്താമനുപശ്യതി
ക്വചിജ്ജിഘ്രതി ജിഘ്രന്ത്യാം സ്പൃശന്ത്യാം സ്പൃശതി
ക്വചിത്. 60
ക്വചിച്ച ശോചതീം ജായാമനുശോചതി ദീനവത്
അനുഹൃഷ്യതി ഹൃഷ്യന്ത്യാം മുദിതാമനുമോദതേ. 61
വിപ്രലബ്ധോ മഹിഷ്യൈവം സർവ്വപ്രകൃതിവഞ്ചിതഃ
നേച്ഛന്നനുകരോത്യജ്ഞഃ ക്ലൈബ്യാത് ക്രീഡാമൃഗോ യഥാ. 62

ഇതി ശ്രീമത്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പുരഞ്ജനോപാഖ്യാനേ പഞ്ചവിംശതിതമോഽധ്യായഃ

ഷഡ്വിംശതിതമോഽധ്യായഃ

നാരദ ഉവാച

സ ഏകദാ മഹേഷ്വാസോ രഥം പഞ്ചാശ്വമാശുഗം
ദ്വിഷം ദ്വിചക്രമേകാക്ഷം ത്രിവേണും പഞ്ചബന്ധുരം. 1
ഏകരശ്മ്യേകദമനമേകനീഡം ദ്വികൂബരം
പഞ്ചപ്രഹരണം സപ്തവരൂഥം പഞ്ചവിക്രമം 2
ഹൈമോപസ്കരമാരുഹ്യ സ്വർണ്ണവർമ്മാക്ഷയേഷുധിഃ
ഏകാദശചമൂനാഥഃ പഞ്ചപ്രസ്ഥമഗാദ്വനം. 3
ചചാര മൃഗയാം തത്ര ദൃപ്ത ആത്തേഷുകാർമ്മുകഃ
വിഹായ ജായാമതദർഹാം മൃഗവ്യസനലാലസഃ. 4
ആസുരീം വൃത്തിമാശ്രിത്യ ഘോരാത്മാ നിരനുഗ്രഹഃ
ന്യഹനന്നിശിതൈർബ്ബാണൈർവ്വനേഷു വനഗോചരാൻ. 5
തീർത്ഥേഷു പ്രതിദൃഷ്ടേഷു രാജാ മേധ്യാൻ പശൂൻ വനേ
യാവദർത്ഥമലം ലുബ്ധോ ഹന്യാദിതി നിയമ്യതേ. 6
യ ഏവം കർമ്മ നിയതം വിദ്വാൻ കുർവ്വീത മാനവഃ
കർമ്മണാ തേന രാജേന്ദ്ര ജ്ഞാനേന ന സ ലിപ്യതേ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതൃഹൂവെന്നുപേരാം ദക്ഷിണദ്വാരംവഴി
ശ്രുതധരാഭിധാനസഖാവോടൊത്തുചേൎന്നു
ചരിച്ചീടുന്നു തെക്കേപ്പാഞ്ചാലരാജ്യങ്ങളിൽ
പുരഞ്ജനാഖ്യനാമിദ്ധരണീപാലമൗലി. 50

വടക്കുവശത്തുള്ള ദേവഹൂവെന്ന മാൎഗ്ഗം
കടന്നു ശ്രുതധരസ്നേഹിതനോടുകൂടി
ഉത്തരപാഞ്ചാലമാം ദേശത്തിൽ ചരിക്കുന്നി-
തുത്തമനായീടുമിക്ഷോണീപാലകൻ മുദാ. 51

ആസുരിയെന്നുപേരാം പശ്ചിമമാൎഗ്ഗത്തൂടെ
ഭാസുരകീൎത്തിമാനാമപ്പുരഞ്ജനഭൂപൻ
ഗ്രാമകനാമകമാം ദേശത്തിൽ സഞ്ചരിപ്പൂ
സാമോദം ദുൎമ്മദാഖ്യസുഹൃത്തിനോടുകൂടി. 52

നിരൃതിയെന്നുപേരാം പടിഞ്ഞാറുള്ള മറേറ-
പ്പുരദ്വാരത്തിലൂടെയിപ്പുരഞ്ജനഭൂപൻ
ലുബ്ധകനെന്നു നാമമിയലും ചങ്ങാതിയോ-
ടൊപ്പമായ് സഞ്ചരിപ്പൂ വൈശസദേശം-
തന്നിൽ. 53

പുറത്തു പോകാൻ പഴുതില്ലാത്തമാൎഗ്ഗം രണ്ടി-
പ്പുരത്തിൽ നിൎവ്വാക്കെന്നും പേശസ്കൃത്തെ-
ന്നും കാൺമൂ.
ഒന്നിനാലടനംചെയ്യീടുന്നു പുരഞ്ജന-
നന്യത്തെക്കൊണ്ടു ചെയ്‌വൂ നിഖിലകൎമ്മ-
ങ്ങളും. 54

അപ്പുരഞ്ജനൻ പിന്നെയകത്തെ രഹസ്യങ്ങ-
ളെപ്പേരുമറിയും തത്സഖാവുമായിച്ചേൎന്നു
അന്തഃപുരത്തിൽ പ്രവേശിക്കവേയവിടെ സ്വ-
കാന്താസുതന്മാരിൽനിന്നവന്നു ചിലപോതിൽ
മോഹവും ചിലപ്പോൾ സന്തോഷവും പ്രസാ-
ദവു-
മാഹന്ത! നിരന്തരമനുഭവപ്പെട്ടിതു. 55

കാമാത്മാവായിബ്ബോധഹീനനായ് വഞ്ചിത-
നായ്-
ക്കാമിനീവശനായിക്കൎമ്മത്തിലാസക്തനായ്
ഭാൎയ്യതൻ ചൊല്പടിക്കു തത്കൃത്യങ്ങളെയെല്ലാ-
നേരവുമനുകരിച്ചിരുന്നീടിനാനവൻ. 56

ചിലപ്പോളവൾ മദ്യം കുടിക്കിൽക്കുടിക്കും
താൻ
ചിലപ്പോളവളൊത്തു താംബൂലം ചവച്ചിടും
അവൾ പാടുകിൽ താനുമുടനേ ഗാനംചെയ്യു-
മവൾ രോദനംചെയ്കിൽ രോദനംചെയ്യും-
താനും,
ചിരിച്ചാൽ ചിരിച്ചീടും കഥിച്ചാൽക്കഥി-
ച്ചിടു-
മിരുന്നാലിരുന്നിടുമോടിയാലോടും കൂടെ
ശയിച്ചാലൊരുമിച്ചു ശയിക്കുമീമട്ടില-
ക്കയൽക്കണ്ണിയാൾ ചെയ്‌വതവനും ചെയ്യു-
മെല്ലാം
കേൾക്കുക, കാൺക, പിന്നെ സ്പൎശിക്ക,യാ-
ഘ്രാണിക്ക
ദുഃഖിക്ക, മോദിക്കയുമവളോടൊപ്പം ചെയ്യും.
57–61

ഈവിധം സ്വഭാൎയ്യയാൽ വഞ്ചിതനായ-
ബ്ഭൂപൻ
പൂൎവ്വസ്വഭാവമെല്ലാം പെട്ടെന്നു വിട്ടൊഴിഞ്ഞു
അന്ധനായ് ജാഡ്യത്തിനാലവളെപ്പിന്തുടൎന്നാൻ
സ്വന്തമാമിച്ഛയററു ലീലാമൃഗംകണക്കേ. 62

അദ്ധ്യായം 26

പുരഞ്ജനചരിതം – തുടർച്ച

നാരദൻ പറഞ്ഞു

ഒരുനാൾ പുരഞ്ജനനുത്കൃഷ്ടമായ ചാപം
ശരങ്ങളാവനാഴി പൊൽക്കവചവും നേരേ
ധരിച്ചു പതിനൊന്നു സൈന്യത്തിൻ
നായകത്വം-
വരിച്ചു പഞ്ചപ്രസ്ഥമെന്ന കാനനംതന്നിൽ
അഞ്ചശ്വങ്ങളെപ്പൂട്ടിയതുലവേഗം പൂണ്ടി-
ട്ടഞ്ചിതം ദണ്ഡദ്വയം, ദ്വിചക്രം, ധ്വജത്രയം.
ഒരച്ചുതണ്ടൊരൊററക്കടിഞ്ഞാ,ണൊരു സൂത-
നിരിപ്പാനിടം, നുകസ്ഥാനം രണ്ടഞ്ചുകെട്ടും
മറയ്ക്കാനേഴുവസ്ത്ര,മഞ്ചസ്ത്രം, പഞ്ചധാസ-
ഞ്ചരണം, പൊൻകോപ്പിവയൊത്ത-
തേരേറിയെത്തി. 1–3

വില്ലുമമ്പുംധരിച്ചു വിവേചനാബുദ്ധിയാം
വല്ലഭയേയുംതള്ളി മൃഗയാലോലനായി
ഉഗ്രമാം വിപിനത്തിൽ നടന്നു മൃഗങ്ങളെ-
യൊക്കെയുമിളക്കി നായാടിനാൻ
ഗൎവിഷ്ഠനായ്. 4

അലിവററസുരസ്വഭാവമാൎന്നാ മന്നവൻ
കൊലചെയ്തീടിനാനക്കാനനമൃഗാളിയെ. 5

മാംസാശയബ്ഭൂപാലനടക്കാൻ കഴിഞ്ഞീല
ശാസ്ത്രത്തിൽ മൃഗവധം വിധിച്ചിട്ടുണ്ടെങ്കിലും,
ഭൂപതിക്കെന്നല്ലാൎക്കും ഹിംസയെത്രയോ മഹാ-
പാപമെന്നത്രേ പാരിൽ സാധുലോകാഭി-
പ്രായം.
ഈവിധമഹിംസതൻ മാഹാത്മ്യമറിഞ്ഞുതൻ-
ജീവിതംപോക്കും ജ്ഞാനി കൎമ്മത്താൽ
ബദ്ധനാകാ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യഥാ കർമ്മ കുർവ്വാണോ മാനാരൂഢോ നിബധ്യതേ
ഗുണപ്രവാഹപതിതോ നഷ്ടപ്രജ്ഞോ വ്രജത്യധഃ. 8
തത്ര നിർഭിന്നഗാത്രാണാം ചിത്രവാജൈഃ ശിലീമുഖൈഃ
വിപ്ലവോഽഭൂദ് ദുഃഖിതാനാം ദുസ്സഹഃ കരുണാത്മനാം. 9
ശശാൻ വരാഹാൻ മഹിഷാൻ ഗവയാൻ രുരുശല്യകാൻ
മേധ്യാനന്യാംശ്ച വിവിധാൻ വിനിഘ്നൻ ശ്രമമധ്യഗാത്. 10
തതഃ ക്ഷുത്തൃട്പരിശ്രാന്തോ നിവൃത്തോ ഗൃഹമേയിവാൻ
കൃതസ്നാനോചിതാഹാരഃ സംവിവേശ ഗതക്ലമഃ. 11
ആത്മാനമർഹയാഞ്ചക്രേ ധൂപാലേപസ്രഗാദിഭിഃ
സാധ്വലംകൃതസർവ്വാങ്ഗോ മഹിഷ്യാമാദധേ മനഃ. 12
തൃപ്തോ ഹൃഷ്ടഃ സുദൃപ്തശ്ച കന്ദർപ്പാകൃഷ്ടമാനസഃ
ന വ്യചഷ്ട വരാരോഹാം ഗൃഹിണീം ഗൃഹമേധിനീം
അന്തഃപുരസ്ത്രിയോഽപൃച്ഛദ്വിമനാ ഇവ വേദിഷത്. 13
''അപി വഃ കുശലം രാമാഃ സേശ്വരീണാം യഥാ പുരാ
ന തഥൈതർഹി രോചന്തേ ഗൃഹേഷു ഗൃഹസമ്പദഃ. 14
യദി ന സ്യാദ് ഗൃഹേ മാതാ പത്നീ വാ പതിദേവതാ
വ്യങ്ഗേ രഥ ഇവ പ്രാജ്ഞഃ കോ നാമാസീത ദീനവത്. 15
ക്വ വർത്തതേ സാ ലലനാ മജ്ജന്തം വ്യസനാർണ്ണവേ
യാ മാമുദ്ധരതേ പ്രജ്ഞാം ദീപയന്തീ പദേ പദേ.'' 16

രാമാ ഊചുഃ

നരനാഥ! ന ജാനീമസ്ത്വത്പ്രിയാ യദ്വ്യവസ്യതി
ഭൂതലേ നിരവസ്താരേ ശയാനാം പശ്യ, ശത്രുഹൻ. 17

നാരദ ഉവാച

പുരഞ്ജനഃ സ്വമഹിഷീം നിരീക്ഷ്യാവധുതാം ഭുവി
തത്സങ്ഗോന്മഥിതജ്ഞാനോ വൈക്ലവ്യം പരമം യയൗ. 18
സാന്ത്വയൻ ശ്ലക്ഷ്ണയാ വാചാ ഹൃദയേന വിദൂയതാ
പ്രേയസ്യാഃ സ്നേഹസംരംഭലിങ്ഗമാത്മനി നാഭ്യഗാത്. 19
അനുനിന്യേഽഥ ശനകൈർവീരോഽനുനയകോവിദഃ
പസ്പർശ പാദയുഗളമാഹ ചോത്സങ്ഗലാളിതാം. 20

പുരഞ്ജന ഉവാച

നൂനം ത്വകൃതപുണ്യാസ്തേ ഭൃത്യാ യേഷ്വീശ്വരാഃ ശുഭേ
കൃതാഗഃസ്വാത്മസാത്കൃത്വാ ശിക്ഷാദണ്ഡം ന യുഞ്ജതേ. 21
പരമോഽനുഗ്രഹോ ദണ്ഡോ ഭൃത്യേഷു പ്രഭുണാർപ്പിതഃ
ബാലോ ന വേദ തത്തന്വി ബന്ധുകൃത്യമമർഷണഃ. 22

സാ ത്വം മുഖം സുദതി സുഭ്ര്വനുരാഗഭാര-
വ്രീഡാവിലംബവിലസദ്ധസിതാവലോകം
നീലാളകാളിഭിരുപസ്കൃതമുന്നസം നഃ
സ്വാനാം പ്രദർശയ മനസ്വിനി വല്ഗുവാക്യം. 23
തസ്മിൻ ദധേ ദമമഹം തവ വീരപത്നി
യോഽന്യത്ര ഭൂസുരകുലാത് കൃതകില്ബിഷസ്തം
പശ്യേ ന വീതഭയമുന്മുദിതം ത്രിലോക്യാ-
മന്യത്ര വൈ മുരരിപോരിതരത്ര ദാസാത്. 24
വക്ത്രം ന തേ വിതിലകം മലിനം വിഹർഷം
സംരംഭഭീമമവിമൃഷ്ടമപേതരാഗം
പശ്യേ സ്തനാവപി ശുചോപഹതൗ സുജാതൗ
ബിംബാധരം വിഗതകുങ്കുമപങ്കരാഗം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിമാനാധിക്യത്താലന്യഥാ കർമ്മംചെയ്യോ-
നഭിമുഖീകരിക്കും പിന്നെയും ഭവബന്ധം
നഷ്ടപ്രജ്ഞനായവൻ നാനായോനികൾതോറും
പെട്ടുഴന്നധഃപതിച്ചീടുന്നു നൃപോത്തമാ. 8
അവിടെപ്പുരഞ്ജനബാണത്താലങ്ഗഭംഗം-
ഭവിച്ചു പതിച്ചേററെയൊടുങ്ങീ മൃഗോൽക്കരം.
അക്കാഴ്ച കണ്ടു സഹിച്ചീടുവാനൊട്ടുംതന്നെ
ശക്തിയുണ്ടാകയില്ല കൃപാർദ്രാത്മാക്കൾ-
ക്കാക്കും. 9

പന്നികൾ, മുയലുകൾ, പോത്തുകൾ,
ബഹുമുള്ളൻ-
പന്നികൾ, ഗവയങ്ങൾ, രുരുക്കളെന്നിത്തരം
സാധുക്കളെസാധുക്കളെഭേദമെന്യേ മൃഗ-
യൂഥത്തെക്കൊന്നൊടുക്കി ക്ഷീണിച്ചാൻ-
ധരാധവൻ. 10

ദാഹവും ക്ഷുത്തും മൂത്തു നായാട്ടുനിർത്തി ഭൂപൻ
ഗേഹത്തിൽ വന്നു കുളിച്ചുണ്ടു തൻ ക്ഷീണം
തീർത്താൻ. 11

ചന്ദനം, ധൂപം, പുഷ്പമാലയെന്നിവററിനാൽ
നന്നായ് തന്നങ്ഗമെല്ലാമലങ്കരിച്ചശേഷം
നന്ദിതനായിപ്പുരം സുന്ദരിയായിടുന്ന
തന്നുടെ തന്വംഗിയിൽ മനസ്സുവച്ചീടിനാൻ. 12
ഹൃഷ്ടനും തൃപ്തനും സുദൃപ്തനും സുമബാണാ-
കൃഷ്ടനുമായ മന്നൻ ഗൃഹമേധിനിയാകും
കാന്തയെക്കണ്ടില്ലവിടതിനാൽ വിമനസ്സാ-
യന്തഃപുരസ്ത്രീകളോടീവിധം ചോദിച്ചിതു: 13
''ഹേ മനോഹരിമാരേ! നിങ്ങൾക്കിങ്ങെ-
ല്ലാവർക്കും
ക്ഷേമംതന്നെയോ നിങ്ങളുടെയാ സ്വാമിനിക്കും
ആലയസാധനങ്ങളൊന്നുമേ മുന്നേപ്പോലെ
ശ്രീലസത്തായല്ല ഞാൻ കാണുന്നതിവിടി-
പ്പോൾ. 14
അമ്മയോ ഭർത്താവിനെ ദൈവമെന്നോർത്തീടുന്ന
പെണ്മണിതാനോ വസിച്ചീടാത്ത ഭവനത്തിൽ
ന്യൂനതയെഴും വാഹനത്തിലെന്നതുപോലെ
ദൂനചിത്തനായേതു ബുദ്ധിമാൻവസിച്ചീടും?15
ബോധശക്തിയെയെനിക്കെപ്പൊഴും
പ്രകാശിപ്പി-
ച്ചാധിനീരധിതന്നിൽനിന്നെന്നെയുദ്ധരിക്കും
എൻ പ്രാണപ്രിയതമയെവിടെയിരിക്കുന്നെ-
ന്നൻപോടു ചൊല്ലീടുവിൻ പേടമാൻമിഴി-
മാരേ!'' 16

നാരിമാർ പറഞ്ഞു

പുരുഷർഷഭാ! ഭവദ് ഭാര്യയെന്താണു-
ചെയ്യാ-
നൊരുങ്ങീടുന്നതെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.
സ്വാമിനിയിതാ വെറുംനിലത്തു കിടക്കുന്നി-
താമയംപൂണ്ടു ഭവാൻ കാണുക വീരാഗ്രിമാ. 17

നാരദൻ പറഞ്ഞു

ക്ഷോണിയിൽ കിടന്നീടും തൻപ്രാണേ-
ശ്വരിതന്നെ-
ക്കാണവേ തത്സങ്ഗത്താലന്ധനാം നൃപൻ
കേണാൻ. 18

ഹൃദയം തുടിച്ചവൻ മൃദുവാക്കുകളാൽത്തൻ-
വധുവേയാശ്വസിപ്പിച്ചീടുവാനാരംഭിച്ചാൻ.
ആരോമൽപ്രിയയ്ക്കെഴും പ്രണയകലഹത്തിൻ-
കാരണമെന്തെന്നവനേതുമേ ധരിച്ചീല. 19
മെല്ലവേയനുനയകോവിദനാമമ്മഹീ-
വല്ലഭൻ നിജവശത്താക്കിനാനത്തന്വിയെ.
അടിത്താരിണ മന്ദം തലോടിയനന്തര-
മെടുത്തങ്കത്തിലേററി ലാളിച്ചു ചോദിച്ചിതു.20

പുരഞ്ജനൻ പറഞ്ഞു

ഭൃത്യന്മാരപരാധം ചെയ്യുകിൽ
സ്വകീയരെ-
ന്നോർത്തുടൻ തത്സ്വാമികളവരെശ്ശിക്ഷി-
ക്കായ്കിൽ
പുണ്യമററവരാണക്കിങ്കരരെന്നുള്ളതിൽ
സന്ദേഹിക്കുവാൻ കാര്യമില്ല മൽ-
പ്രാണനാഥേ! 21
ദണ്ഡ്യഭൃത്യരെ പ്രഭു ശിക്ഷിപ്പതവരെ
നന്നായിട്ടനുഗ്രഹിച്ചീടുവതത്രേ നൂനം.
സഹനശീലമററ മൂഢനിബ്ബന്ധുകൃത്യ-
മഹിമ തെല്ലുമപ്പോളറിയില്ലെന്നേയുള്ളൂ.
എന്നതുമൂലം കുററക്കാരനാമിബ്ഭൃത്യനെ
സുന്ദരീമണേ! ശിക്ഷിച്ചീടുക മടിയാതെ. 22
സുദതീ! സ്വകീയരാം ഞങ്ങളെ നിൻമനോജ്ഞ-
വദനമൊന്നുയർത്തിക്കാണിക്കു മനസ്വിനീ!
ത്രപയുമനുരാഗഭരവും പ്രസരിക്കു-
മപാങ്ഗഹാസങ്ങളൊത്തളകാഞ്ചിതമാകും
നിന്മുഖാരവിന്ദത്തിൽനിന്നിഹ
വല്ഗുവാക്കാം
നന്മധുവുതിർക്കുവാൻ വിളംബമെന്തോ സുഭ്രു! 23
ഹേ വീരപത്നീ! നിനക്കപ്രിയംചെയ്തുള്ളവ-
നേവനെന്നോതീടു നീയവനെശ്ശിക്ഷിക്കുവൻ
ഭൂസുരസമുദയംതന്നിലും വാസുദേവ-
പാർഷദവൃന്ദത്തിലുമുള്ളോരെയൊഴിച്ചെന്നാൽ
നിർഭയനായും തുഷ്ടനായിട്ടുമൊരു ശത്രു
മൂപ്പാരിലെങ്ങുമെനിക്കില്ലെന്നു ധരിക്ക നീ. 24
നിന്മുഖം മുൻപിലമട്ടു തിലകംമാഞ്ഞു വാടി
സമ്മോദമില്ലാത്തതായ് കോപഭീകരമായി
രാഗഹീനമായാരുമേററു കണ്ടിട്ടില്ല ഞാ-
നാകമ്രസ്തനയുഗം ബാഷ്പാഭിഷിക്തമായും
തൊണ്ടിപ്പഴത്തിനേററമിണ്ടലേകീടുന്ന നിൻ-
ചുണ്ടുകൾ രണ്ടുമേവം കുങ്കുമരാഗമററും. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്മേ പ്രസീദ സുഹൃദഃ കൃതകില്ബിഷസ്യ
സ്വൈരം ഗതസ്യ മൃഗയാം വ്യസനാതുരസ്യ
കാ ദേവരം വശഗതം കുസുമാസ്ത്രവേഗ-
വിസ്രസ്തപൗംസ്നമുശതീ ന ഭജേത കൃത്യേ. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പുരഞ്ജനോപാഖ്യാനേ ഷഡ്വിംശതിതമോഽധ്യായഃ

സപ്തവിംശതിതമോഽധ്യായഃ

നാരദ ഉവാച
ഇത്ഥം പുരഞ്ജനം സധ്ര്യഗ്വശമാനീയ വിഭ്രമൈഃ
പുരഞ്ജനീ, മഹാരാജ, രേമേ രമയതീ പതിം. 1
സ രാജാ മഹിഷീം, രാജൻ, സുസ്നാതാം രുചിരാനനാം
കൃതസ്വസ്ത്യയനാം തൃപ്താമഭ്യനന്ദദുപാഗതാം. 2
തയോപഗൂഢഃ പരിരബ്ധകന്ധരോ
രഹോഽനുമന്ത്രൈരപകൃഷ്ടചേതനഃ
ന കാലരംഹോ ബുബുധേ ദുരത്യയം
ദിവാ നിശേതി പ്രമദാപരിഗ്രഹഃ. 3
ശയാന ഉന്നദ്ധമദോ മഹാമനാ
മഹാർഹതല്പേ മഹിഷീഭുജോപധിഃ
താമേവ വീരോ മനുതേ പരം യത-
സ്തമോഽഭിഭൂതോ ന നിജം പരം ച യത്. 4
തയൈവം രമമാണസ്യ കാമകശ്മലചേതസഃ
ക്ഷണാർദ്ധമിവ, രാജേന്ദ്ര, വ്യതിക്രാന്തം നവം വയഃ. 5
തസ്യാമജനയത് പുത്രാൻ പുരഞ്ജന്യാം പുരഞ്ജനഃ
ശതാന്യേകാദശ വിരാഡായുഷോഽർദ്ധമഥാത്യഗാത്. 6
ദുഹിതൄർദ്ദശോത്തരശതം പിതൃമാതൃയശസ്കരീഃ
ശീലൗദാര്യഗുണോപേതാഃ പൗരഞ്ജന്യഃ, പ്രജാപതേ. 7
സ പഞ്ചാലപതിഃ പുത്രാൻ പിതൃവംശവിവർദ്ധനാൻ
ദാരൈഃ സംയോജയാമാസ ദുഹിതൄഃ സദൃശൈർവരൈഃ. 8
പുത്രാണാം ചാഭവൻ പുത്രാ ഏകൈകസ്യ ശതം ശതം
യൈർവൈ പൗരഞ്ജനോ വംശഃ പഞ്ചാലേഷു സമേധിതഃ. 9
തേഷു തദ്രിക്ഥഹാരേഷു ഗൃഹകോശാനുജീവിഷു
നിരൂഢേന മമത്വേന വിഷയേഷ്വന്വബധ്യത. 10
ഈജേ ച ക്രതുഭിർഘോരൈർദ്ദീക്ഷിതഃ പശുമാരകൈഃ
ദേവാൻ പിതൄൻ ഭൂതപതീന്നാനാകാമോ യഥാ ഭവാൻ. 11
യുക്തേഷ്വേവം പ്രമത്തസ്യ കുടുംബാസക്തചേതസഃ
ആസസാദ സ വൈ കാലോ യോഽപ്രിയഃ പ്രിയയോഷിതാം. 12
ചണ്ഡവേഗ ഇതി ഖ്യാതോ ഗന്ധർവ്വാധിപതിർനൃപ,
ഗന്ധർവ്വാസ്തസ്യ ബലിനഃ ഷഷ്ട്യുത്തരശതത്രയം. 13
ഗന്ധർവ്വ്യസ്താദൃശീരസ്യ മൈഥുന്യശ്ച സിതാസിതാഃ
പരിവൃത്ത്യാ വിലുമ്പന്തി സർവ്വകാമവിനിർമ്മിതാം. 14
തേ ചണ്ഡവേഗാനുചരാഃ പുരഞ്ജനപുരം യദാ
ഹർത്തുമാരേഭിരേ തത്ര പ്രത്യഷേധത് പ്രജാഗരഃ. 15
സ സപ്തഭിഃ ശതൈരേകോ വിംശത്യാ ച ശതം സമാഃ
പുരഞ്ജനപുരാധ്യക്ഷോ ഗന്ധർവ്വൈര്യുയുധേ ബലീ. 16
ക്ഷീയമാണേ സ്വസംബന്ധേ ഏകസ്മിൻ ബഹുഭിര്യുധാ
ചിന്താം പരാം ജഗാമാർത്തഃ സരാഷ്ട്രപുരബാന്ധവഃ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നെ ഞാൻ വിട്ടുപോയി നായാട്ടിനെന്നു–
ള്ളതാം
മന്യുവിൻഹേതുവെന്നാൽ ക്ഷന്തവ്യമല്ലോ
പ്രിയേ!
വന്നുപോയപരാധം ഭവതിയെല്ലാം പൊറു–
ത്തിന്നെന്നിൽ പ്രസാദിക്ക തന്വംഗീ–
മുക്താമണേ!
നിന്നിലുന്നതസ്നേഹമാർന്നീടും ഞാനിദാനീം
കന്ദർപ്പബാണമേററു പൗരുഷഹീനനായേൻ
സ്വാധീനനായി രതിപ്രദനാം ഭർത്താവിനെ
ഏതു സുന്ദരി തള്ളമുചിതസന്ദർഭത്തിൽ? 26

അദ്ധ്യായം 27

പുരഞ്ജനചരിതം—തുടർച്ച

നാരദൻ പറഞ്ഞു

പിന്നെയാപ്പുരഞ്ജനി തുഷ്ടയായ് പുരഞ്ജന–
മന്നവൻതന്നെ വിലാസങ്ങളാൽ ദൃഢമായി
തന്നധീനത്തിലാക്കി രമിപ്പിച്ചനുപദം
നന്നായി സ്വയം രമിച്ചീടിനാനം
നൃപോത്തമാ! 1
കുളിച്ചു കുറിയിട്ടു മുഷ്ടമായശിച്ചലം
തെളിഞ്ഞു സംതൃപ്തയായന്തികമണഞ്ഞിടും
തനതു കാന്തയാമബ്ബന്ധുരാസ്യയെപ്പുര–
ഞ്ജനഭൂപാലൻ പരമഭിനന്ദിച്ചീടിനാൻ. 2
മന്നനാപ്രമദതന്നാശ്ലേഷസൗഖ്യം പൂണ്ടു–
മന്നതാങ്ഗിയെഗ്ഗളതലത്തിലാശ്ലേഷിച്ചും
രഹസ്സല്ലാപംചെയ്തും നഷ്ടചേതനനായി
ഗ്രഹിച്ചീലേതും ദ്വിത്യയമാം കാലപ്പാച്ചിൽ. 3
ഉൽക്കടമദംപൂണ്ട നാനാസങ്കല്പങ്ങളു–
മുരംക്കാമ്പിലൊതുക്കിയാ വീരനാം പുരഞ്ജനൻ
ജായാഭുജോപധാനംതന്നിൽത്തൻ തല
ചായ്ച്ചു
മായാമഗ്നനായ് സുഖശയ്യയിൽ ശയാനനായ്
അവിവേകത്തിലാണ്ടു പരമപുരുഷാർത്ഥ–
മവളെന്നുറച്ചിതേ ബ്രഹ്മത്തെ സ്മരിക്കാതെ. 4
കാമഭ്രഷിതചിത്തനാകുമപ്പുരഞ്ജന–
ഭൂമിപനേവം നിത്യമവളിൽ രമിക്കവേ
ക്ഷണാർദ്ധസമം നവയൗവ്വനകാലം ചാരു–
ഗുണവാരിധേ! നൃപാ! പഴുതേ കഴിഞ്ഞു–
പോയ്. 5
അവളിൽ നൂററിപ്പതിനൊന്നു നന്ദനരേയുദ്–
ഭവിപ്പിച്ചായുരർദ്ധം തുലച്ചാനന്നൃപാലൻ! 6
ഔദാര്യസൗശീല്യങ്ങളിണങ്ങിടപ്പുകീർത്തി
മാതാപിതാക്കന്മാർക്കു വളർത്തുന്നവരായി
മിന്നിടും പൗരഞ്ജനിമാരെന്ന നൂററിപ്പത്തു
കന്യകമാരേയുമമ്മന്നവൻ ജനിപ്പിച്ചാൻ. 7
പഞ്ചാലനേതാവവൻ സ്വവംശം വൃദ്ധിചേർക്കും
തൻചാരുപുത്രന്മാരെ ഭാര്യമാരോടും തഥാ
പുത്രികംതന്മേയവക്കനുരൂപന്മാരാകും
ഭർത്താക്കളോടും ചേർത്തു കൃതകൃത്യനായ്തീർന്നാൻ.
അവർക്കോരോരുത്തർക്കും നൂറുപുത്രന്മാർ വീതം
ഭവിച്ചു പഞ്ചാലത്തിൽ തദ്വംശം വർദ്ധിച്ചിതു. 9
പുത്രന്മാരിലും പൗത്രസഞ്ചയത്തിലും സ്വന്ത–
ഭൃത്യന്മാരിലും ഗേഹഭണ്ഡാരവൃന്ദത്തിലും.
ശക്തിയായുറച്ചുള്ള മമത്വത്തിനാൽ വിഷ–
യോൽക്കരമഗ്നനായാനായവനഹന്നിശം. 10
ചെല്ലേറും ഹേ പ്രാചീനബർഹിസ്സേ!
ഭവാനോടു–
തുല്യനന്നൃപൻ നിജസങ്കല്പസാദ്ധ്യത്തിനായ്
ഘോരമായ് പശുഹിംസാമുഖ്യമാം
യാഗങ്ങളാ–
ലാരാധിച്ചിതു ദേവപിതൃഭൂതേശന്മാരെ. 11
ഈവിധം കുടുംബൈകസക്തനായ് പ്രമ–
ത്തനാ–
യാവശ്യമാകുമീശചിന്തനമെന്യേ വാഴും
ആ പൃഥ്വീശനെപ്പിടികൂടിയാ പ്രിയസ്ത്രീകം–
ക്കപ്രിയമായീടുന്ന വാർദ്ധക്യകാലം നൃപാ! 12
മുന്നൂററിയറുപതു ശക്തരാം ഗന്ധർവ്വന്മാർ–
തന്നാഥനായിച്ചണ്ഡവേഗാഖ്യയിയന്നിടും
ഗന്ധർവ്വരാജനൊരു പരിപന്ഥിയായ്ത്തീർന്നു
സന്തതം പുരഞ്ജനനൃപനെപ്പീഡിപ്പിച്ചാൻ. 13
കറുത്തും വെളുത്തുമഗ്ഗന്ധർവ്വരാട്ടിനുണ്ടു
വരന്മാരൊത്തത്രയും ഗന്ധർവ്വനാരിമാരും.
ഇവരൊത്തവൻ ഭോഗസമൃദ്ധം പുരഞ്ജന–
നൃവരരാജധാനിയപഹരിച്ചാൻ ക്രമാൽ. 14
ഗന്ധർവ്വസ്ത്രീപുമാന്മാരൊത്തേവമന്നൃപാല–
ബന്ധുരപരാക്രമമാരംഭിച്ചന്നാംമുതൽ
തത്ര വാണീടും പ്രജാഗരനെന്നുള്ള സർപ്പം
നിസ്തന്ദ്രമതു നിരോധിച്ചുപോന്നിതു നിത്യം. 15
ഏകാന്തബലശാലിയാകുമപ്പുരാദ്ധ്യക്ഷ–
നേകനായിളവററു നൂറു വത്സരകാലം
എഴുനൂററിരുപതു ഗന്ധർവ്വരോടു നേരി–
ട്ടൊഴിയാതടരാടിനിന്നിതു നൃപേശ്വരാ! 16
ചിരമപ്പുരപാലനേകനായ് പലരോടും
പൊരുതിത്തളർന്നപ്പോളപ്പുരഞ്ജനഭൂപൻ
ബാന്ധവജനപുരരാഷ്ട്രങ്ങളൊത്തു ദുഃഖാ–
ക്രാന്തനായ് സദാ ചിന്താനിമഗ്നനായീടി–
നാൻ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏവ പര്യാം മധുകൾ പഞ്ചാലേഷു സ്വപാർഷദൈഃ
ഉപനീതം ബലിം ഗൃഹ്ണൻ സ്ത്രീജിതോ നാവിദദ്ഭയം. 18

കാലസ്യ ദുഹിതാ കാചിത് ത്രിലോകീം വരമിച്ഛതീ
പര്യടന്തീ ന ബർഹിഷ്മൻ പ്രത്യനന്ദത കശ്ചന. 19

ദൗർഭാഗ്യേനാത്മനോ ലോകേ വിശ്രുതാ ദുർഭഗേതി സാ
യാ തുഷ്ടാ രാജർഷയേ തു വൃതാദാത് പൂരവേ വരം. 20

കദാചിദടമാനാ സാ ബ്രഹ്മലോകാന്മഹീം ഗതം
വവ്രേ ബൃഹദ്വ്രതം മാം തു ജാനതീ കാമമോഹിതാ. 21

മയി സംരഭ്യ വിപുലമദാച്ഛാപം സുദുസ്സഹം
സ്ഥാതുമർഹസി നൈകത്ര മദ്യാച്ഞാവിമുഖോ, മുനേ. 22

തതോ വിഹതസങ്കല്പാ കന്യകാ യവനേശ്വരം
മയോപദിഷ്ടമാസാദ്യ വവ്രേ നാമ്നാ ഭയം പതിം. 23

ഋഷഭം യവനാനാം ത്വാം വൃണേ വീരേപ്സിതം പതിം
സങ്കല്പസ്ത്വയി ഭൂതാനാം കൃതഃ കില ന രിഷ്യതി. 24

ദ്വാവിമാവനുശോചന്തി ബാലാവസദവഗ്രഹൗ
യല്ലോകശാസ്ത്രോപനതം ന രാതി ന തദിച്ഛതി: 25

അഥോ ഭജസ്വ മാം ഭദ്ര ഭജന്തീം മേ ദയാം കുരു
ഏതാവാൻ പൗരുഷോ ധർമ്മോ യദാർത്താനനുകമ്പതേ. 26

കാലകന്യോദിതവചോ നിശമ്യ യവനേശ്വരഃ
ചികീർഷുർദേവഗുഹ്യം സ സസ്മിതം താമഭാഷത. 27

മയാ നിരൂപിതസ്തുഭ്യം പതിരാത്മസമാധിനാ
നാഭിനന്ദതി ലോകോഽയം ത്വാമഭദ്രാമസമ്മതാം. 28

ത്വമവ്യക്തഗതിർഭുങ്ക്ഷ്വ ലോകം കർമ്മവിനിർമ്മിതം
യാഹി മേ പൃതനായുക്താ പ്രജാനാശം പ്രണേഷ്യസി. 29

പ്രജ്വാരോഽയം മമ ഭ്രാതാ, ത്വം ച മേ ഭഗിനീ ഭവ
ചരാമ്യുഭാഭ്യാം ലോകേഽസ്മിന്നവ്യക്തോ ഭീമസൈനികഃ 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പുരഞ്ജനോപാഖ്യാനേ സപ്തവിംശതിതമോഽധ്യായഃ

അഷ്ടാവിംശതിതമോഽധ്യായഃ

നാരദ ഉവാച

സൈനികാ ഭയനാമ്നോ യേ, ബർഹിഷ്മൻ, ദിഷ്ടകാരിണഃ
പ്രജ്വാരകാലകന്യാഭ്യാം വിചേരുരവനീമിമാം. 1

ത ഏകദാ തു രഭസാ പുരഞ്ജനപുരീം നൃപ
രുരുധുർഭൗമഭോഗാഢ്യാം ജരത്പന്നഗപാലിതാം. 2

കാലകന്യാപി ബുഭുജേ പുരഞ്ജനപുരം ബലാത്
യയാഭിഭൂതഃ പുരുഷഃ സദ്യോ നിസ്സാരതാമിയാത്. 3

തയോപഭുജ്യമാനാം വൈ യവനാഃ സർവ്വതോദിശം
ദ്വാർഭിഃ പ്രവിശ്യ സുഭൃശം പ്രാർദ്ദയൻ സകലാം പുരീം. 4

തസ്യാം പ്രപീഡ്യമാനായാമഭിമാനീ പുരഞ്ജനഃ
അവാപോരുവിധാംസ്താപാൻ കുടുംബീ മമതാകുലഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചാലപുരത്തിൽ സ്വരാജധാനിയിൽ ഭൃത്യ-
സഞ്ചയമാനയിക്കുമുപഹാരങ്ങളാൻനു
മദ്യപാനത്താൽ മത്തനായി സ്ത്രീജിതനായി
നിത്യവും ഭയമറിഞ്ഞീടാതെ നാംനയിച്ചാൻ. 18

അക്കാലം കാലാത്മജയൊരുവരം ഭത്താവിനെ
കൈക്കൊള്ളുന്നതിനായി മൂന്നുലോകത്തിങ്കലും
ചുററിസ്സഞ്ചരിച്ചതിലവളെ സ്വീകരിപ്പാ-
നൊററയാളിനെപ്പോലുമവരംക്ക കിട്ടിയില്ല. 19
ദൗർഭാഗ്യംനിമിത്തമായ് ലോകത്തിലെങ്ങും-
തന്നെ
ദുർഭഗയെന്നപേരിൽ വിശ്രുതയത്രേയവം.
അവളെപ്പണ്ടു പൂണ്ടുവരിച്ച പൂരുവിന്നാ-
യവളും പ്രസാദിച്ചു കൊടുത്തീടിനാം വരം. 20
വ...നെത്തിരഞ്ഞവം ചരിക്കുംകാലം ബ്രഹ്മ-
പുരിയിൽനിന്നു ഭുവിലിറങ്ങീടിനോരെന്നെ
നൈഷ്ഠികബ്രഹ്മചാരിയെന്നറിഞ്ഞിട്ടും കാമ-
ഗോഷ്ഠികം കാണിച്ചെന്നോടർത്ഥിച്ചാം
ഭത്താവാകാൻ. 21
അത്തനവിയെന്നിൽപ്പരം ക്രുദ്ധയായ്ത്തവ്വിലെ-
ന്നത്ഥനയംഗീകരിച്ചീടായ്കനിമിത്തമായ്
നീയൊരുദിക്കിൽമാത്രമിരിക്കാൻ യോഗ്യ-
നല്ലെ-
ന്നായൊരു ദുസ്സഹമാം ശാപവുമെനിക്കേകി. 22
പിന്നവം നിരാശയാൽ വ്യസനിപ്പതിൽ-
ക്കനി-
വാൻനു ഞാനുപദേശിച്ചതുപോലുടൻ ചെന്നു
യവനരാജാവായിബ്ഭയനാമകനാക-
മവനെബ്ഭത്താവായി സ്വീകരിക്കയും-
ചെയ്യാം. 23
യവനാധീശാ! വീരമണ്ഡലമാണിക്യമേ!
ഭവാനെക്കാമിച്ചു ഞാൻ വരിച്ചീടുന്നേൻ
വിഭോ!
അങ്ങയിലർപ്പിച്ചിടും സങ്കല്പമൊന്നുംതന്നെ-
യിങ്ങാക്കും നിഷ്ഫലമായ്ത്തീരുമാറില്ലയല്ലോ.
24
അജ്ഞരായീടും രണ്ടുകൂട്ടരെക്കുറിച്ചത്രേ
സജ്ജനം ദിനംതോറും വ്യസനിക്കുന്ന-
തോത്താൽ.
ലോകരും ശാസ്ത്രങ്ങളും സമ്മതിച്ചീടുന്നത-
ങ്ങേകാതുള്ളവനുമതേല്ലാത്തുള്ളവനുംതാൻ. 25
അതിനാലാശ്രയിക്കുമെന്നെ സ്വീകരിക്കുക
ചിതമാമാത്താവനം പുരുഷധമ്മമത്രേ. 26
ദുർഭഗാവാക്യമേവം ശ്രവിച്ച യവനേശ-
നല്പമാം സ്മിതത്തോടും നിജ്ജരഗുഹ്യകാര്യം
പ്രകടമാക്കി പ്രവത്തിച്ചതു നടപ്പാക്കാ-
നകതാരിങ്കലാശയാന്നേവമോതീടിനാൻ. 27

ചിത്തമേകാഗ്രമാക്കിച്ചിന്തിച്ചിടുന്നുണ്ടു നിൻ
ഭത്താവിനെക്കുറിച്ചു ഗാഢമായ് ദുർഭഗേ!
ഞാൻ
നീയഭദ്രയുമസമ്മതയുമെന്നാകയാ-
ലീയുലകത്തിലഭിനന്ദിപ്പീലാരും നിന്നെ. 28
അതിനാൽ നീയെൻസൈന്യയുക്തയായ്
പൂവ്വകമ്മ-
കൃതലോകത്തവ്യക്തഗതിയായ് പോയി
വാഴ്ക
ആ ലോകവാസികളെയാവേശിച്ചവരെ നീ
ചാലവേ നശിപ്പിക്ക,യതാണു നിൻെറ കൃത്യം.
29
പ്രജ്വാരനിവനെൻെറ സോദരനാണു നീയു-
മുജ്ജ്വലസ്നേഹത്തോടെൻ സോദരിയായിരിക്ക.
നിങ്ങളോടൊത്തുചേന്നീ ലോകത്തില-
വ്യക്തനാ-
യങ്ങനെ സഞ്ചരിക്കാം ഭീമസൈനികനാം
ഞാൻ. 30

അദ്ധ്യായം 28

പുരഞ്ജനചരിതം—തുടർച്ച

നാരദൻ പറഞ്ഞു

ഇപ്പടിയബ്ഭയാഭിധാനനാം യവനൻെറ
കല്പനവഹിച്ചുതൻ സൈന്യസന്നാഹത്തോടും
ഈ ലോകംതന്നിൽ കാലപുത്രിയും പ്രജ്വാരനു-
മാലസ്യമേതുമെന്യേ സഞ്ചാരംചെയ്യതീ-
ടിനാർ. 1
ഒരിക്കലവർ പിന്നെജ്ജരിതസപ്പത്തിനാൽ
പരിപാലിതമായിബ്ഭൗമഭോഗാഢ്യമാകും
അപ്പുരഞ്ജനധരാധീശ്വരനഗരത്തെ-
ക്കെല്പോടും ബലാൽക്കാരം കടന്നാക്രമിച്ചിതു. 2
ആരുടെ പിടിയിൽപെട്ടീടുവോനീ ജഗത്തിൽ
സാരഹീനനായ് ഭവിച്ചീടുന്നിതക്ഷണത്തിൽ
അക്കാലതനൂജയും ബലാലപ്പുരത്തിലും-
പ്പുക്കു,ഭോഗങ്ങും ഭുജിച്ചീടുവാനാരംഭിച്ചാം. 3
കാലകന്യയാൽ ഭുജ്യമാനമാമപ്പുരത്തിൻ-
ജാലകദ്വാരങ്ങളിലൂടെത്തത്സേനാശതം
ഒരിക്കൽ കടന്നകത്തേറിയങ്ങെല്ലാടവു-
മൊരുപോലാക്രമങ്ങും നടത്തിക്കൊള്ളയി-
ട്ടാർ. 4
കുടുംബസമേതനായ് മമത്വംമൂലമത്തൽ-
പ്പെട്ടമാത്മാഭിമാനിയാകിയ പുരഞ്ജനൻ
തുടരെയേവം നിജരാജധാനിയെശ്ശത്രു-
പടലമാക്രമിക്കമൂലമായ് സന്തപിച്ചാൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കന്യോപഭുക്തോ നഷ്ടശ്രീഃ കൃപണോ വിഷയാത്മകഃ
നഷ്ടപ്രജ്ഞോ ഹൃതൈശ്വര്യോ ഗന്ധർവ്വയവനൈർബ്ബലാത്. 6

വിശീർണ്ണാം സ്വപുരീം വീക്ഷ്യ പ്രതികൂലാനനാദൃതാൻ
പുത്രാൻ പൗത്രാനുഗാമാത്യാൻ ജായാം ച ഗതസൗഹൃദാം. 7

ആത്മാനം കന്യയാ ഗ്രസ്തം പഞ്ചാലാനരിദൂഷിതാൻ
ദുരന്തചിന്താമാപന്നോ ന ലേഭേ തത്പ്രതിക്രിയാം. 8

കാമാനഭിലഷൻ ദീനോ യാതയാമാംശ്ച കന്യയാ
വിഗതാത്മഗതിസ്നേഹഃ പുത്രദാരാംശ്ച ലാലയൻ. 9

ഗന്ധർവ്വയവനാക്രാന്താം താലകന്യോപമർദ്ദിതാം
ഹാതും പ്രചക്രമേ രാജാ താം പുരീമനികാമതഃ. 10

ഭയനാമ്നോ/ഗ്രജോ ഭ്രാതാ പ്രജ്വാരഃ പ്രത്യുപസ്ഥിതഃ
ദദാഹ താം പുരീം കൃത്സ്നാം ഭ്രാതുഃ പ്രിയചികീർഷയാ. 11

തസ്യാം സന്ദഹ്യമാനായാം സപൗരഃ സപരിച്ഛദഃ
കൗടുംബികഃ കുടുംബിന്യാ ഉപാതപ്യത സാന്വയഃ. 12

യവനോപരുദ്ധായതനോ ഗ്രസ്തായാം കാലകന്യയാ
പുര്യാം പ്രജ്വാരസംസൃഷ്ടഃ പുരപാലോ/ന്വതപ്യത. 13

ന ശേകേ സോ/വിതും തത്ര പുരുകൃച്ഛ്റോരുവേപഥുഃ
ഗന്തുമൈച്ഛത്തതോ വൃക്ഷകോടരാദിവ സാനലാത്. 14

ശിഥിലാവയവോ യർഹി ഗന്ധർവ്വൈർഹൃതപൗരുഷഃ
യവനൈരരിഭീ രാജന്നുപരുദ്ധോ രുരോദ ഹ. 15

ദുഹിതൄഃ പുത്രപൗത്രാംശ്ച ജാമിജാമാതൃപാർഷദാൻ
സ്വത്വാവശിഷ്ടം യത്കിഞ്ചിത് ഗൃഹകോശപരിച്ഛദം. 16

അഹം മമേതി സ്വീകൃത്യ ഗൃഹേഷു കുമതിർഗൃഹീ
ദധ്യൗ പ്രമദയാ ദീനോ വിപ്രയോഗ ഉപസ്ഥിതേ. 17

''ലോകാന്തരം ഗതവതി മയ്യനാഥാ കുടുംബിനീ
വർത്തിഷ്യതേ കഥം ത്വേഷാ ബാലകാനനുശോചതീ. 18

ന മയ്യനാശിതേ ഭുങ്‌ക്തേ നാസ്നാതേ സ്നാതി മത്പരാ
മയി രുഷ്ടേ സുസന്ത്രസ്താ ഭർത്സിതേ യതവാഗ്ഭയാത്. 19

പ്രബോധയതി മാവിജ്ഞം വ്യുഷിതേ ശോകകർശിതാ
വർത്മൈതത് ഗൃഹമേധീയം വീരസൂരപി നേഷ്യതി. 20

കഥം നു ദാരകാ ദീനാ ദാരകീർവ്വാപരായണാഃ
വർത്തിഷ്യന്തേ മയി ഗതേ ഭിന്നനാവ ഇവോദധൗ.'' 21

ഏവം കൃപണയാ ബുദ്ധ്യാ ശോചന്തമതദർഹണം
ഗ്രഹീതും കൃതധീരേനം ഭയനാമാഭ്യപദ്യത. 22

പശുവദ്യവനൈരേഷ നീയമാനഃ സ്വകം ക്ഷയം
അന്വദ്രവന്നനുപഥാഃ ശോചന്തോ ഭൃശമാതുരാഃ. 23

പുരീം വിഹായോപഗത ഉപരുദ്ധോ ഭുജംഗമഃ
യദാ തമേവാനു പുരീ വിശീർണ്ണാ പ്രകൃതിം ഗതാ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലകന്യാശ്ലിഷ്ടനായാഭയമററ ഭോഗ–
ലോലനായജ്ഞനായി ബുദ്ധിഹീനനുമായി

യവനഗന്ധർവ്വാപഹൃതസർവൈശ്വര്യനാ–
മവനപ്പുരിയാകെത്തകന്നു കിടപ്പതും

പുത്രികാം പുത്രപൗത്രഭൃത്യാമാത്യരും തന്നി–
ലെത്രയുമനാദരവോടതാൻ വർത്തിപ്പതും

സ്നേഹമെന്നിയേ ഭാര്യ പെരുമാററുന്നതും തൻ–
ദേഹത്തിൽ കാലാത്മജ ബാധിച്ചിരിക്കുന്നതും

ശത്രുസഞ്ചയം നിജ പഞ്ചാലരാജ്യമെല്ലാ–
മത്യന്തം ദൂഷിപ്പിച്ചു നശിപ്പിച്ചതും പാർത്തു

ദുരന്തചിന്താമഗ്നനായവൻ പ്രതിക്രിയ–
യ്ക്കൊരുമാർഗ്ഗവും ലഭിച്ചീടാതെ സന്തപി–
ച്ചാൻ. 6–8

ജരയാൽ വിരസങ്ങളാം കാമങ്ങളും വീണ്ടുമാളാൻ
കൗതുകവോനായ് ജായാസുതലാളനോൽക്ക–
നായ്

ദീനനായ് ഗതിയററോരപ്പുരഞ്ജനൻ ശത്രു–
സേനാമർദ്ദിതമായിക്കാലജാർദ്ദിതമാകും

തൻപുരം വിട്ടുമാറാനിഷ്ടമില്ലായ്കിലും സ–
സംഭ്രമമതിലേക്കായൊരുക്കം തുടങ്ങി–
നാൻ. 9–10

മൃത്യുവിൻ ജ്യേഷ്ഠഭ്രാതാവാകമാപ്രജ്വാരനു–
മത്തവ്വിലവിടെത്തിയപ്പുരഞ്ജനാലയം

വീതിഹോത്രന പെട്ടെന്നാഹാരമാക്കീടിനാൻ
മേദിനീപതേ! നിജസോദരപ്രീതിക്കായി. 11

പത്തനം കത്തിജ്ജ്വലിച്ചീടവേ പുരഞ്ജന–
പൃഥ്വീശൻ വംശ്യഭൃത്യപൗരസഞ്ചയത്തോടും

കളത്രപുത്രമിത്രബാന്ധവരോടുംകൂടി–
യളവില്ലാത്തമട്ടിൽ സങ്കടപ്പെട്ടീടിനാൻ. 12

കാലകന്യകപുരം ഗ്രസിച്ചു യവനന്മാർ
ചീളെന്നു വാസസ്ഥാനം രോധനംചെയ്തീടവേ

പുരപാലനാം സർപ്പം പ്രജ്വാരാപീഡമൂലം
പരിതപിച്ചീടിനാനത്യന്തം പൃഥ്വീപതേ! 13

പുരുസങ്കടമേവം സഹിച്ചു ദേഹം വിറ–
ച്ചിരിക്കുമസ്സർപ്പവുമപ്പുരപാലനത്തിൽ

കെല്പെന്യേ, കത്തും മരപ്പൊത്തിൽനിന്നെന്ന–
പോലെ–

യപ്പുരം വിട്ടൊഴിഞ്ഞു പോകുവാനിച്ഛി–
ച്ചിതേ. 14

നൂറാണ്ടായ് ഗന്ധർവ്വരുമായ് രാടിബ്ബലം
തീരെയററംഗം മുറിഞ്ഞവശനായിരിക്കെ

ശത്രുക്കളായീടുമാ യവനർ നാലുപാടു–
മൊത്തു രോധിക്കമൂലം കരഞ്ഞാനവൻ
പാരം. 15

പുത്രികാം, പുത്രപൗത്രർ, ജാമിജാമാതൃഭൃത്യർ
പത്തനം, കോശം, പരിച്ഛദങ്ങളെന്നിങ്ങനെ

ശേഷിച്ച തൻ സമ്പത്തിൽ ഞാനെന്നുമെൻേറ–
തെന്നും

പോഷിച്ചോരഭിമാനംനിമിത്തം നഷ്ടധീയാം
അഗ്ഗൃഹസ്ഥനും ഭാര്യാവിയോഗമടുത്തപ്പോൾ
ദുഃഖിതനായിച്ചിന്താനിമഗ്നനായീടി–
നാൻ. 16–17

ഈ ലോകം ഞാൻ വെടിഞ്ഞാൽ ബാലരൊ–
ത്തനാഥയായ്

മാലാളുമെൻ പ്രേയസിയെങ്ങനെ കഴിച്ചീടും?
18

ഞാനുണ്ണാത്തപ്പോളുണ്ണുകില്ല മത്പ്പരയവൾ
സ്നാനം ഞാൻ ചെയ്യാത്തനാളവൾക്കും കുളി–
യില്ല.

ഞാനല്പം കോപിക്കുകിൽ പേടിച്ചിരിക്കും
പാവം

ഞാനെത്ര ഭർത്സിക്കിലും വരിച്ചുകൊള്ളും
മൗനം. 19

വല്ലതും കൃത്യമീ ഞാൻ മറന്നുപോയീടുകിൽ
മല്ലാക്ഷി മെല്ലവേ വന്നെന്നെയതോർമ്മി–
പ്പിക്കും.

ദൂരദേശത്തിലെങ്ങാൻ ഞാൻ ഗമിക്കുകിൽ
ദുഃഖ–

ഭാരത്താലതികൃശയായിപ്പോമെന്നോമലാൾ.
വീരസൂവെന്നാകിലുമവളെന്നു ഭാവത്തിൽ
തീരെയിച്ഛിക്കാതെയും വന്നിടാം ഗൃഹാ–
ശ്രമം. 20

ഞാൻ പിരിഞ്ഞെന്നാൽ പിന്നെയെന്നുടെ
പുത്രന്മാരു–

മെൻപുത്രിമാരും ദുഃഖിച്ചന്യരെയാശ്രയിച്ചു
കപ്പലിൻ നാശത്തിങ്കലബ്ധിയെയാശ്രയിപ്പോ–
ക്കെപ്പമായിങ്ങെത്രനാൾ ജീവധാരണം–
ചെയ്യും. 21

ഇത്തരം ബുദ്ധിമോഹിച്ചത്യന്തം ദുഃഖിക്കുമ–
പ്പൃഥ്വീനാഥനെയതിന്നനർഹനന്നാകിലും

പിടിച്ചുകെട്ടീടുവാനടുത്തുകൂടീടിനാ–
നടനേ ഭയനാമാപായീടും യവനേശൻ. 22

യവനരബ്ഭൂപനെഗ്ഗോസമം കെട്ടി സ്വന്തം
ഭവനംപ്രതി കൊണ്ടുപോകവേ ശോകംപൂണ്ടു

തത്പുത്രഭൃത്യകളത്രങ്ങളും ബന്ധുക്കളു–
മെപ്പേരുമാർത്തരായിപ്പിന്നാലെ ചെന്നീടി–
നാർ. 23

യവനരുദ്ധനാമപ്പന്നഗം വിട്ടുതോട–
ബ്ഭവനം ജീർണ്ണിച്ചുടൻ പ്രകൃതിവിലീന–
മായ്. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വികൃഷ്യമാണഃ പ്രസഭം യവനേന ബലീയസാ
നാവിന്ദത്തമസാഽഽവിഷ്ടഃ സഖായം സുഹൃദം പുരഃ. 25

തം യജ്ഞപശവോഽനേന സംജ്ഞപ്താ യേഽദയാലുനാ
കുഠാരൈശ്ചിച്ഛിദുഃ ക്രുദ്ധാഃ സ്മരന്തോഽമീവമസ്യ തത്. 26

അനന്തപാരേ തമസി മഗ്നോ നഷ്ടസ്മൃതിഃ സമാഃ
ശാശ്വതീരനുഭൂയാർത്തിം പ്രമദാസങ്ഗദൂഷിതഃ. 27

താമേവ മനസാ ഗൃഹ്ണൻ ബഭൂവ പ്രമദോത്തമാ
അനന്തരം വിദർഭസ്യ രാജസിംഹസ്യ വേശ്മനി. 28

ഉപയേമേ വീര്യപണാം വൈദർഭീം മലയധ്വജഃ
യുധി നിർജ്ജിത്യ രാജന്യാൻ പാണ്ഡ്യഃ പരപുരഞ്ജയഃ. 29

തസ്യാം സ ജനയാഞ്ചക്ര ആത്മജാമസിതേക്ഷണാം
യവീയസഃ സപ്ത സുതാൻ സപ്ത ദ്രവിഡഭൂഭൃതഃ. 30

ഏകൈകസ്യാഭവത്തേഷാം രാജന്നർബ്ബുദമർബ്ബുദം
ഭോക്ഷ്യതേ യദ്വംശധരൈർമ്മഹീ മന്വന്തരം പരം. 31

അഗസ്ത്യഃ പ്രാഗ്ദുഹിതരമുപയേമേ ധൃതവ്രതാം
യസ്യാം ദൃഢച്യുതോ ജാത ഇധ്മവാഹാത്മജോ മുനിഃ. 32

വിഭജ്യ തനയേഭ്യഃ ക്ഷ്മാം രാജർഷിർമ്മലയധ്വജഃ
ആരിരാധയിഷുഃ കൃഷ്ണം സ ജഗാമ കുലാചലം. 33

ഹിത്വാ ഗൃഹാൻ സുതാൻ ഭോഗാൻ വൈദർഭീ മദിരേക്ഷണാ
അന്വധാവത പാണ്ഡ്യേശം ജ്യോത്സ്നേവ രജനീകരം. 34

തത്ര ചന്ദ്രവസാ നാമ താമ്രപർണ്ണീ വടോദകാ
തത്പുണ്യസലിലൈർന്നിത്യമുഭയത്രാത്മനോ മൃജൻ 35

കന്ദാഷ്ടിഭിർമ്മൂലഫലൈഃ പുഷ്പപർണ്ണൈസ്തൃണോദകൈഃ
വർത്തമാനഃ ശനൈർഗ്ഗാത്രകർശനം തപ ആസ്ഥിതഃ 36

ശീതോഷ്ണവാതവർഷാണി ക്ഷുത്പിപാസേ പ്രിയാപ്രിയേ
സുഖദുഃഖേ ഇതി ദ്വന്ദ്വാന്യജയത്സമദർശനഃ. 37

തപസാ വിദ്യയാ പക്വകഷായോ നിയമൈര്യമൈഃ
യുയുജേ ബ്രഹ്മണ്യാത്മാനം വിജിതാക്ഷാനിലാശയഃ. 38

ആസ്തേ സ്ഥാണുരിവൈകത്ര ദിവ്യം വർഷശതം സ്ഥിരഃ
വാസുദേവേ ഭഗവതി നാന്യദ്വേദോദ്വഹൻ രതിം. 39

സ വ്യാപകതയാഽഽത്മാനം വ്യതിരിക്തതയാഽഽത്മനി
വിദ്വാൻ സ്വപ്ന ഇവാമർശസാക്ഷിണം വിരരാമ ഹ. 40

സാക്ഷാദ്ഭഗവതോക്തേന ഗുരുണാ ഹരിണാ നൃപ
വിശുദ്ധജ്ഞാനദീപേന സ്ഫുരതാ വിശ്വതോമുഖം. 41

പരേ ബ്രഹ്മണി ചാത്മാനം പരം ബ്രഹ്മ തഥാഽഽത്മനി
വീക്ഷമാണോ വിഹായേക്ഷാമസ്മാദുപരരാമ ഹ. 42

പതിം പരമധർമ്മജ്ഞം വൈദർഭീ മലയധ്വജം
പ്രേമ്ണാ പര്യചരദ്ധിത്വാ ഭോഗാൻ സാ പതിദേവതാ. 43

ചീരവാസാ വ്രതക്ഷാമാ വേണീഭൂതശിരോരുഹാ
ബഭാവുപപതിം ശാന്താ ശിഖാ ശാന്തമിവാനലം. 44

അജാനതീ പ്രിയതമം യദോപരതമങ്ഗനാ
സുസ്ഥിരാസനമാസാദ്യ യഥാപൂർവ്വമുപാചരത്. 45

യദാ നോപലഭേതാങ്ഘ്രാവൂഷ്മാണം പത്യുരർച്ചതീ
ആസീത്സംവിഗ്നഹൃദയാ യൂഥഭ്രഷ്ടാ മൃഗീ യഥാ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്ബലിയാം യവനേശൻ ബലാല്ക്കാരത്താൽ-
ക്കെട്ടി-
വലിച്ചിഴയ്ക്കും മോഹാവിഷ്ടനാം പുരഞ്ജനൻ
പിരിഞ്ഞീടാതെ പണ്ടേതന്നെ സ്നേഹിക്കും
സഖാ-
വരികിലുണ്ടായിട്ടുമവനേ വിസ്മരിച്ചാൻ. 25
കരുണയില്ലാതവൻ യാഗത്തിൽക്കൊന്ന പശു-
നിരയദ്ദുഷ്കർമ്മത്തെ സ്മരിച്ചു കോപത്തോടും
കന്തംപോൽ കൂർത്തുമൂർത്ത കൊമ്പുകളാംകൊണ്ടു
കുത്തി-
ത്തൻ തനുവാകെക്കീറിത്തുളച്ചു മുറിച്ചിതേ. 26
കരകാണാത്തോരന്ധകാരാബ്ധിതന്നിലാണ്ടും
തരുണീസംഗത്തിനാൽ മലിനമായും മനം
വളരെനാളങ്ങവൻ ദുഃഖിച്ചാ,നന്നും നിജ-
നളിനാക്ഷിയെത്തന്നെ ചിന്തിച്ചിരിക്കമൂലം
രാജസിംഹനായിട്ടും വിദർഭൻതൻ ഗൃഹത്തിൽ
സംജാതനായാൻ പിന്നെ പ്രമദോത്തമ-
യായി. 27-28
ശത്രുജിത്തായിപ്പാണ്ഡ്യദേശാധിപതിയായി
കീർത്തനീയനാം വീരൻ മലയദ്ധ്വജാഭിധൻ
യുദ്ധത്തിൽ ശത്രുക്കളെയാകെ വെന്നാ വിദർഭ-
പുത്രിയെ വേട്ടീടിനാൻ വീര്യമാം മൂല്യത്തി-
നാൽ. 29
അവളിലസിതാക്ഷിയാമൊരു സുതയേയു-
മവരജന്മാരായിട്ടേഴ പുത്രന്മാരെയും
അവനുദ്ഭവിപ്പിച്ചാനായവരേഴും പിന്നെ
ദ്രവിഡദേശത്തിന്റെ ഭരണാധീശരായി. 30
അവർക്കോരോരുത്തർക്കുമസംഖ്യം പുത്രന്മാരും
ഭവിച്ചു മന്വന്തരം മന്നു തദ്വംശ്യർ വാഴും. 31
ധൃതവ്രതാഖ്യയാമമ്മലയദ്ധ്വജാദിമ-
സുതയെ വേട്ടീടിനാനഗസ്ത്യമഹാമുനി.
ജനിച്ചു തൽപുത്രനായ് ദൃഢച്യുതാഖ്യനാകും
മുനി,തത്തനുജനായ്ഭവിച്ചിതിധ്മവാഹൻ.32
മലയദ്ധ്വജനിള പകുത്തു പുത്രർക്കേകി-
ക്കുലപർവ്വതമാന്നാൻ ശ്രീകൃഷ്ണാർച്ചനത്തിനായ്.
33
മദിരേക്ഷണയാകും വൈദർഭി സുതരേയും
സദനത്തെയും സർവ്വഭോഗങ്ങളേയും തള്ളി
ചന്ദ്രനെ നിലാവുപോൽത്തത്പ്രാണനാഥ-
നാമ-
പ്പാണ്ഡ്യഭൂപാലൻതന്നെയനുഗമിച്ചീടി-
നാൾ. 34
താമ്രപർണ്ണിയും ചന്ദ്രവസയും വടോദക-
യിമ്മൂന്നു നദികൾതൻ ശുദ്ധമാം നീരംതന്നിൽ
സ്നാനംചെയ്തന്തർബ്ബഹിർഭാഗങ്ങൾ ശുചിയാക്കി-
യാ നരാധിപൻ മൂലഫലകന്ദങ്ങൾ, ജലം,
പുല്ലു,പൂ,വില, വിത്തും ഭുജിച്ചു ശരീരത്തെ-
മെല്ലവേ കൃശമാക്കും തപസ്സാചരിച്ചിതു. 35-36

തണുപ്പുഷ്ണവും കാറ്റും മഴയും ദാഹം ക്ഷുത്തു-
തന്നതുസുഖം ദുഃഖം പ്രിയമപ്രിയമേവം
വന്നിടും ദ്വന്ദ്വങ്ങളെസ്സമദർശനനാമ-
മ്മന്നവനവിളംബം ജയിച്ചാനനാകലം. 37
വിദ്യയും തപസ്സും കൊണ്ടടക്കിക്കാമാദിയാം
വൃത്തിയെ പ്രാണേന്ദ്രിയമാനസങ്ങളെപ്പിന്നെ
നിയമയമങ്ങളാൽ ജയിച്ചു ശാന്തനായി
ലയിപ്പിച്ചാനന്നൃപൻ ബ്രഹ്മത്തിലാത്മാ-
വിനെ. 38
ഇങ്ങനെയൊരുദിക്കിൽത്തന്നെയന്നരപാല-
പുങ്ഗവനചഞ്ചലനായൊരു കററിപോലെ
ഇരുന്നാൻ നൂറുവർഷമന്യമായുള്ളതാകെ
മറന്നു വാസുദേവഭഗവദ്ധ്യാനത്തോടും. 39
അപ്പൊഴതാത്മാവിനെയഖിലവ്യാപിയായു-
മല്ലവും ദേഹബന്ധമില്ലാതിരിപ്പതായും
വൃത്തിസാക്ഷിയായിട്ടും സ്വപ്നത്തിലുണ-
ർന്നോൻപോൽ
തത്ത്വം പാർത്തുതാൻ ബ്രഹ്മമാത്രനായ്
വിളങ്ങിനാൻ. 40
നൃപതേ! സർവ്വൈശ്വര്യപൂർണ്ണനായ് ഭുവനത്തി-
ന്നുപദേഷ്ടാവാം ഹരിയരുളിച്ചെയ്തതായി
എങ്ങുമേ തിങ്ങും ശുദ്ധജ്ഞാനമാം ദീപത്തിന്റെ
മങ്ങാത്ത ദീപ്തിയാൽത്തന്നാത്മാവെ ബ്രഹ്മ-
ത്തിലും
ബ്രഹ്മത്തിലാത്മാവെയും കണ്ടുടനീക്ഷാത്രപ-
മമ്മറക്കുടിക്കടന്നുപരമിച്ചാൻ ഭാഗ്യം! 41-42
പതിദേവതയാമാ വൈദർഭി ഭോഗങ്ങളെ
നിതരാമുപേക്ഷിച്ചു ധർമ്മജ്ഞമുഖ്യനാകും
പതിതന്നടുത്തണഞ്ഞു മിതഭക്തിപൂർവ്വം
പതിവായുപചരിച്ചിരുന്നാൾ വേണ്ടുംവിധം.
43
മരത്തോലുടുത്തംഗം വ്രതത്താൽ മെലിഞ്ഞുവി-
സ്രസ്തമാം കുന്തൽ ജടപിടിച്ചങ്ങൊററയായി
ശാന്തയാമവൾ കാന്തസമീപം മിന്നീ ശമ-
മേന്തിടുമനലൻതൻ ജ്വാലയെന്നതുപോലെ. 44
സുസ്ഥിരാസനംതന്നിൽ സ്ഥിതനായീടുന്ന
തൻ-
ഭർത്താവു ശരീരത്തെ ത്യജിച്ചതറിയാതെ
പതിവുപോലെതന്നെ ഭർത്തൃപാർശ്വത്തിൽ-
ച്ചെന്നു
ചിതമായുപചാരം ചെയ്തുപോന്നിതു
നിത്യം. 45
ഒരുനാൾ കാന്ത പാദാംബുജത്തിൽ തലോടവേ
തരിമ്പും ചൂടില്ലാതെ തണുത്തിരിക്കുന്നതായ്
കണ്ടുടനകതാരിലിണ്ടലാണ്ടിണവിട്ടു-
തിണ്ടാടും മാൻപേടപോൽ സംഭ്രമംപൂണ്ടീ-
ടിനാൾ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാനം ശോചതീ ദീനമബന്ധും വിക്ലവാശ്രുഭിഃ
സ്തനാവാസിച്യ വിപിനേ സുസ്വരം പ്രരുരോദ സാ. 47

''ഉത്തിഷ്ഠോത്തിഷ്ഠ രാജർഷേ! ഇമാമുദധിമേഖലാം
ദസ്യുഭ്യഃ ക്ഷത്രബന്ധുഭ്യോ ബിഭ്യതീം പാതുമർഹസി.'' 48

ഏവം വിലപതീ ബാലാ വിപിനേഽനുഗതാ പതിം
പതിതാ പാദയോർഭർത്തൂ രുദത്യശ്രൂണ്യവർത്തയത്. 49

ചിതാം ദാരുമയീം ചിത്വാ തസ്യാം പത്യുഃ കളേബരം
ആദീപ്യ ചാനുമരണേ വിലപന്തീ മനോ ദധേ. 50

തത്ര പൂർവ്വതരഃ കശ്ചിത്സഖാ ബ്രാഹ്മണ ആത്മവാൻ
സാന്ത്വയൻ വല്ഗുനാ സാമ്നാ താമാഹ രുദതീം, പ്രഭോ. 51

ബ്രാഹ്മണ ഉവാച

കാ ത്വം? കസ്യാസി? കോ വായം ശയാനോ യസ്യ ശോചസി?
ജാനാസി കിം സഖായം മാം യേനാഗ്രേ വിചചർത്ഥ ഹ. 52

അപി സ്മരസി ചാത്മാനമവിജ്ഞാതസഖം സഖേ!
ഹിത്വാ മാം പദമന്വിച്ഛൻ ഭൗമഭോഗരതോ ഗതഃ. 53

ഹംസാവഹം ച ത്വം ചാര്യ സഖായൗ മാനസായനൗ
അഭൂതാമന്തരാ വൗകഃ സഹസ്രപരിവത്സരാൻ. 54

സ ത്വം വിഹായ മാം, ബന്ധോ, ഗതോ ഗ്രാമ്യമതിർമ്മഹീം
വിചരൻ പദമദ്രാക്ഷീഃ കയാചിന്നിർമ്മിതം സ്ത്രിയാ. 55

പഞ്ചാരാമം നവദ്വാരമേകപാലം ത്രികോഷ്ഠകം
ഷട്കുലം പഞ്ചവിപണം പഞ്ചപ്രകൃതി സ്ത്രീധവം. 56

പഞ്ചേന്ദ്രിയാർത്ഥാ ആരാമാ ദ്വാരഃ പ്രാണാ നവ പ്രഭോ
തേജോഽബന്നാനി കോഷ്ഠാനി കുലമിന്ദ്രിയസംഗ്രഹഃ 57

വിപണസ്തു ക്രിയാശക്തിർഭൂതപ്രകൃതിരവ്യയാ
ശക്ത്യധീശഃ പുമാംസ്ത്വത്ര പ്രവിഷ്ടോ നാവബുധ്യതേ. 58

തസ്മിംസ്ത്വം രാമയാ സ്പൃഷ്ടോ രമമാണോഽശ്രുതസ്മൃതിഃ
തത്സങ്ഗാദീദൃശീം പ്രാപ്തോ ദശാം പാപീയസീം പ്രഭോ. 59

ന ത്വം വിദർഭദുഹിതാ, നായം വീരഃ സുഹൃത്തവ,
ന പതിസ്ത്വം പുരഞ്ജന്യാ രുദ്ധോ നവമുഖേ യയാ. 60

മായാ ഹ്യേഷാ മയാ സൃഷ്ടാ യത്പുമാംസം സ്ത്രിയം സതീം
മന്യസേ നോഭയം യദ്വൈ ഹംസൗ പശ്യാവയോർഗ്ഗതിം. 61

അഹം ഭവാന്ന ചാന്യസ്ത്വം ത്വമേവാഹം, വിചക്ഷ്വ ഭോഃ
ന നൗ പശ്യന്തി കവയഃ ഛിദ്രം ജാതു മനാഗപി. 62

യഥാ പുരുഷ ആത്മാനമേകമാദർശചക്ഷുഷോഃ
ദ്വിധാഭൂതമവേക്ഷേത തഥൈവാന്തരമാവയോഃ. 63

ഏവം സ മാനസോ ഹംസോ ഹംസേന പ്രതിബോധിതഃ
സ്വസ്ഥസ്തദ്വ്യഭിചാരേണ നഷ്ടാമാപ പുനഃ സ്മൃതിം. 64

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബന്ധുവാം തൻകാന്തനെപ്പിരിഞ്ഞു തനിയേയ-
ക്കാന്താരംതന്നിൽ മാലാൻഴലുമാ നതാംഗി
കണ്ണീരാൽ സ്തനങ്ങളെസ്സേചനംചെയ്തുകൊണ്ടു
മന്നിൽ വീണ തൃച്ചത്തിൽ വാവിട്ടുകര-
ഞ്ഞിതു. 47

''രാജർഷേ! കാന്താ! ഭവാനുറങ്ങാതെഴുന്നേല്ക്കു-
കാജീവനാന്തം രക്ഷിച്ചീടുക ജനങ്ങളെ.
തസ്കരന്മാരിൽനിന്നും ക്ഷുദ്രരാം ഭൂകാമുക-
വർഗ്ഗത്തിൽനിന്നുമുണ്ടാം പീഡകൾ പാടേതീർത്തു
അബ്ധിമേഖലയാമീ മേദിനിയശേഷവു-
മദ്ഭുതപ്രഭാവനായ് പാലനംചെയ്തീടുക.'' 48
വനത്തിൽ ഭർത്താവിനെയനുഗമിച്ച സാദ്ധ്വീ-
മണിഭൂഷയാമവളീവിധം പ്രലപിച്ചു
കണ്ണീരൊഴുക്കിക്കൊണ്ടു കാന്തപാദാബ്ജ-
ങ്ങളിൽ
പിന്നെയും വീണു വിലപിച്ചിതു ദീനദീനം. 49
വിറകു കൂട്ടിച്ചിത ചമച്ചു കാമുകന്റെ
ശരീരമവളതിൽ വച്ചു കത്തിച്ചു തീയും
കത്തിയുജ്ജ്വലിക്കമെച്ചിതാഗ്നിതന്നിൽച്ചാടി-
ച്ചത്തീടുവാനും മടിവിട്ടൊരുമ്പെട്ടീടിനാൾ. 50
അവിടെപ്പണ്ടേ വാഴും ബ്രഹ്മജ്ഞനൊരു
സുഹൃത്-
പ്രവരദ്വിജൻ ദുഃഖിച്ചീടുമാ മങ്കക്കണ്ണിയെ
സാന്ത്വനപ്പെടുത്തുവാൻ മാധുര്യവാക്യങ്ങളെ-
ശ്ശാന്തമായിപ്രകാരമരുളിച്ചെയ്തീടിനാൻ. 51

ബ്രാഹ്മണൻ പറഞ്ഞു

ആരു നീ നാരീമണേ? നിൻ പിതാവാരാ-
യിടാ-
മാരെക്കുറിച്ചാണു നീ കരയുന്നതുമിപ്പോൾ?
ആരാണിക്കിടക്കുവോ,നാദിയിൽ നീ നടന്ന-
താരോടൊത്തസ്സഖാവാമെന്നെ നീയോർക്കു-
ന്നുവോ? 52
ഭുവനഭോഗരാഗം മൂത്തു നീയതുള്ളിട-
മിവനെയുപേക്ഷിച്ചു തിരഞ്ഞു പോയിതല്ലോ.
അവിജ്ഞാതനെന്നുള്ള നിൻ സഖാവിന്റെ-
യോർമ്മ-
യവശേഷിച്ചിട്ടുണ്ടോ നിനക്കു ചൊല്ലീടുക. 53
നാമിരുവരും മാനസാവാസിഹ സങ്ങളും
പ്രേമസംബദ്ധരാകും സുഹൃത്തുക്കളെമത്രേ.
ആയിരം സംവത്സരത്തോളവും വസിക്കവാ-
നായിട്ടൊരിടമെങ്ങും നമുക്കില്ലാതിരുന്നു. 54
ബന്ധുവാം ഭവാനെന്നെപ്പിരിഞ്ഞു വിഷയാശ-
യന്തരംഗത്തിലേറിപ്പോയ് മഹീതലംതന്നിൽ
എങ്ങുമേ സഞ്ചരിച്ചു നിപുണയായീടുവോ-
രംഗന നിർമ്മിച്ചതാം സ്ഥാനത്തെ വീക്ഷി-
ച്ചിതേ. 55
ചേലിലഞ്ചാരാമ,മൊൻപതു മാർഗ്ഗ,മൊരു-
പാലകൻ, മൂന്നു കക്ഷ്യ,യാറു കച്ചവടക്കാർ
വിപണിയഞ്ചുമഞ്ചുവിധസാധനങ്ങളും
നിപുണം നാരീനായകത്വവുമുള്ളതത്രേ. 56
ഇന്ദ്രിയവിഷയങ്ങളാരാമങ്ങളും നവ-
പന്ഥാക്കൾ പ്രാണസഞ്ചാരാവയവങ്ങളും കോം
വഹ്നി,യ,പ്പിളയിവ മൂന്നിനെക്കക്ഷ്യയെ-
ന്നായ്-
ച്ചൊന്നിതു, കുലമാറു മാനസേന്ദ്രിയങ്ങളാം. 57
പ്രവൃത്തിശക്തം കർമ്മേന്ദ്രിയങ്ങൾ വിപണിക-
ളവികലങ്ങൾ മഹാഭൂതങ്ങൾ ചരക്കുകൾ
മായാധീനനായീടും പുരുഷൻ ശരീരത്തി-
ലായാതനായിത്തന്നെത്താനറിയുന്നി-
ല്ലഹോ! 58
അതിൽ നീ യോഷയൊത്തു രമിച്ചു കേട്ട-
തൊന്നും
സ്മൃതിയിൽപ്പെടാതവളോടുള്ള സങ്ഗമത്താൽ
പാപഭൂയിഷ്ഠമാകുമീയവസ്ഥയെയിപ്പോൾ
പ്രാപിച്ചിരിക്കുന്നെന്നു ധരിക്കു പ്രഭോ!
ഭവാൻ. 59
വിദർഭാത്മജയല്ല നീ, വീരനായീടുമീ-
പൃഥിവീനാഥാഗ്രിമൻ നിന്നുടെ സുഹൃത്തല്ല.
ചിന്തിക്ക, നവദ്വാരപുരിയിലേവം നിന്നെ-
ബ്ബന്ധിച്ച പുരഞ്ജനിക്കങ്ങു ഭർത്താവുമല്ല. 60
പോയജന്മം ഞാൻ പുമാനീജന്മം സ്ത്രീയെ-
ന്നമെ-
ന്നായയാൽ തോന്നുന്നതാം രണ്ടില്ല പാർത്തു-
കാൺകിൽ
ഇത്തവ്വിൽ ഹംസനാം നീ നാമിരുവർക്കുമുള്ള
വാസ്തവസ്വരൂപത്തെത്തെളിഞ്ഞു കണ്ടു-
കൊൾക. 61
ഞാൻതന്നെ ഭവാ,നെന്നിൽനിന്നു നീയന്യനല്ല,
നീതന്നെ ഞാനും, കണ്ടുകൊള്ളുക, നീയസ്സത്യം
അന്തരം നമ്മൾതമ്മിലല്പവും കാണുന്നീല
ചിന്തകരായ സൂരീശ്വരന്മാരൊരിക്കലും. 62
കണ്ണാടിതൻ ശുചിത്വം ലോചനത്തിൻ-
തെളിച്ച-
മെന്നിവയാശ്രയിച്ചു ഭിന്നമായങ്ഗഭംഗി
കണ്ണാടി നോക്കീടുമ്പോൾ കാണുമ്പോലവി-
ദ്യയോ-
ടനവ്വിതൻ നീയജ്ഞനായ്, ജ്ഞാനിയായ്
വിദ്യാവാൻ ഞാൻ.
ഏകാത്മാവിനെ രണ്ടായ് മായയാലാകൃഷ്ടനായ്
നീ കാണ്മൂ, നാം തമ്മിലുണ്ടന്തരമത്രുമ്ല-
മേൽ. 63
ഈ മട്ടിലാ മാനസഹംസത്തെയവിജ്ഞാത-
നാമകഹംസം പ്രതിബോധനംചെയ്തു നന്നായ്
ഭർത്താവിൻ മൃതിമൂലമുളവാമത്തൽതീർത്തു
തദ്വിയോഗത്താൽ നഷ്ടമായിടും സ്മൃതി-
ചേർത്താൻ. 64

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബർഹിഷ്മന്നേതദധ്യാത്മം പാരോക്ഷ്യേണ പ്രദർശിതം
യത് പരോക്ഷപ്രിയോ ദേവോ ഭഗവാൻ വിശ്വഭാവനഃ. 65

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പുരഞ്ജനോപാഖ്യാനേ അഷ്ടാവിംശതിതമോഽധ്യായഃ

ഏകോനത്രിംശത്തമോഽധ്യായഃ

പ്രാചീനബർഹിരുവാച

ഭഗവംസ്തേ വചോഽസ്മാഭിർന്ന സമ്യഗവഗമ്യതേ
കവയസ്തദ്വിജാനന്തി ന വയം കർമ്മമോഹിതാഃ. 1

നാരദ ഉവാച

പുരുഷം പുരഞ്ജനം വിദ്യാദ്യദ്വ്യനക്ത്യാത്മനഃ പുരം
ഏകദ്വിത്രിചതുഷ്പാദം ബഹുപാദമപാദകം. 2

യോഽവിജ്ഞാതാഹൃതസ്തസ്യ പുരുഷസ്യ സഖേശ്വരഃ
യന്ന വിജ്ഞായതേ പുംഭിർന്നാമഭിർവാ ക്രിയാഗുണൈഃ. 3

യദാ ജിഘൃക്ഷൻ പുരുഷഃ കാർത്സ്ന്യേന പ്രകൃതേർഗ്ഗുണാൻ
നവദ്വാരം ദ്വിഹസ്താങ്ഘ്രിം തത്രാമനുത സാധ്വിതി. 4

ബുദ്ധിം തു പ്രമദാം വിദ്യാന്മമാഹമിതി യത്കൃതം
യാമധിഷ്ഠായ ദേഹേഽസ്മിൻ പുമാൻ ഭുങ്ക്തേഽക്ഷഭിർഗ്ഗുണാൻ. 5

സഖായ ഇന്ദ്രിയഗണാ ജ്ഞാനം കർമ്മ ച യത് കൃതം
സഖ്യസ്തദ്വൃത്തയഃ പ്രാണഃ പഞ്ചവൃത്തിര്യഥോരഗഃ. 6

ബൃഹദ്ബലം മനോ വിദ്യാദുഭയേന്ദ്രിയനായകം
പഞ്ചാലാഃ പഞ്ച വിഷയാ യന്മധ്യേ നവഖം പുരം. 7

അക്ഷിണീ നാസികേ കർണ്ണൗ മുഖം ശിശ്നഗുദാവിതി
ദ്വേ ദ്വേ ദ്വാരൗ ബഹിര്യാതി യസ്തദിന്ദ്രിയസംയുതഃ. 8

അക്ഷിണീ നാസികേ ആസ്യമിതി പഞ്ച പുരഃ കൃതാഃ
ദക്ഷിണാ ദക്ഷിണഃ കർണ്ണ ഉത്തരാ ചോത്തരഃ സ്മൃതഃ. 9

പശ്ചിമേ ഇത്യധോദ്വാരൗ ഗുദം ശിശ്നമിഹോച്യതേ
ഖദ്യോതാഽഽവിർമ്മുഖീ ചാത്ര നേത്രേ ഏകത്ര നിർമ്മിതേ
രൂപം വിഭ്രാജിതം താഭ്യാം വിചഷ്ടേ ചക്ഷുഷേശ്വരഃ. 10

നളിനീ നാളിനീ നാസേ ഗന്ധഃ സൗരഭ ഉച്യതേ
ഘ്രാണോഽവധൂതോ മുഖ്യാസ്യം വിപണോ വാഗ്രസവിദ്രസഃ. 11

ആപണോ വ്യവഹാരോഽത്ര ചിത്രമന്ധോ ബഹൂദനം
പിതൃഹൂർദ്ദക്ഷിണഃ കർണ്ണ ഉത്തരോ ദേവഹൂഃ സ്മൃതഃ. 12

പ്രവൃത്തം ച നിവൃത്തം ച ശാസ്ത്രം പഞ്ചാലസംജ്ഞിതം
പിതൃയാനം ദേവയാനം ശ്രോത്രാച്ഛ്രുതധരാദ്വ്രജേത്. 13

ആസുരീ മേഢ്റമർവ്വാഗ്ദ്വാർവ്യവായോ ഗ്രാമിണാം രതിഃ
ഉപസ്ഥോ ദുർമ്മദഃ പ്രോക്തോ നിരൃതിർഗ്ഗുദ ഉച്യതേ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ വിശ്വം സൃഷ്ടിച്ചുകാത്തഴിക്കും ശ്രീമുകുന്ദ-
ദേവൻതൻ, പ്രസാദാർത്ഥമിപ്പൊഴതാത്മതത്ത്വം
പരോക്ഷമായിച്ചൊന്നേൻ ബർഹിസ്സേ! ഞാ-
നീവിധം
പരോക്ഷപ്രിയനല്ലോ ഭഗവാൻ സർവ്വശക്തൻ.65

അദ്ധ്യായം 29

പുരഞ്ജനചരിത്രതത്ത്വം

പ്രചീനബർഹിസ്സ് പറഞ്ഞു

ഭഗവൻ! ഭവാൻ ചൊന്ന വാക്കിലുൾക്കൊ-
ള്ളുമർത്ഥം
സുകവിപ്രൗഢന്മാർക്കേ ധരിക്കാൻ സാധിച്ചീടൂ.
കർമ്മമോഹിതരായ ഞങ്ങൾക്ക വേണ്ടുംവിധം
ബ്രഹ്മജ്ഞാ! മനസ്സിലാക്കീടുവാൻ ശക്തി-
പോരാ. 1

നാരദൻ പറഞ്ഞു

പ്രാരബ്ധകർമ്മങ്ങളാലേകമോ രണ്ടോ മൂന്നോ
ഭൂരിയോ കാലുള്ളതുമില്ലാത്തുള്ളതുമാകും.
ശരീരമാശ്രയിപ്പൂ ജീവ,നായതിനാലേ
പുരഞ്ജനാഭിഖ്യനെപ്പറഞ്ഞേൻ ജീവനെന്നായ്.2
ജീവനു തത്സുഹൃത്താമീശന്റെ നാമങ്ങളോ
പാവനകർമ്മങ്ങളോ തദ്ഗുണങ്ങളോ ചെറ്റും
അറിയാനാകായ്കയാലവിജ്ഞാതനെന്നാഖ്യ-
യരുളീയവനു ഞാനെന്നോർക്ക ധരാപതേ! 3
പ്രകൃതിഗുണങ്ങളെയഖിലമാസ്വദിപ്പാ-
നകമേ ജീവനിച്ഛിച്ചീടുന്ന സമയത്തിൽ
നവദ്വാരങ്ങൾ, രണ്ടു പാണികൾ, പാദദ്വയ-
മിവയൊത്തിടും മർത്ത്യദേഹമൊന്നെടുക്കുന്നു.
മതിയാംവണ്ണം സർവഭോഗവും ഭുജിക്കുവാ-
നിതുതാൻ ശ്രേഷ്ഠോപായമെന്നതും ചിന്തി-
ക്കുന്നു. 4
പ്രമദയെന്നുള്ളതു ബുദ്ധിയാണതിനാൽ താൻ
മമത ശരീരത്തിലാർന്നു ഞാനെൻേറതെന്നും
അഭിമാനിച്ചു പുമാനിന്ദ്രിയമാർഗ്ഗമായി
നിഭൃതം ഭുജിക്കുന്നു പ്രകൃതിഗുണോത്കരം. 5
കർമ്മജ്ഞാനങ്ങൾ ജീവന്നേകിടുമിന്ദ്രിയങ്ങൾ
ചെമ്മേ സഖാക്കളായ്,തദ്വൃത്തികൾ
തോഴിമാരായ്,
അഞ്ചുവൃത്തികളെഴും പ്രാണനാം സർപ്പമെന്നു-
മഞ്ചാതെ ധരിച്ചാലും പ്രാചീനബർഹിസ്സേ!
നീ. 6
കർമ്മേന്ദ്രിയങ്ങളെപ്പോൽ ജ്ഞാനേന്ദ്രിയ-
ങ്ങളേയും
കർമ്മവ്യാപൃതമാക്കും മനസ്സാം ബൃഹദ്ബലം
പഞ്ചേന്ദ്രിയങ്ങളത്രേ, പഞ്ചാലം തന്മദ്ധ്യത്തിൽ
തഞ്ചീടും നവദ്വാരപുരമസ്സരീരംതാൻ. 7
രണ്ടുക,ണ്ണിരുനാസാദ്വാരങ്ങൾ, കർണ്ണദ്വാരം
രണ്ടഥ മുഖം, ഗുദം, ശിശ്നമെന്നീവിധത്തിൽ
ഒൻപതു വാതിലാണിപ്പുരത്തിനവററിലൂ-
ടമ്പോടു ജീവനതാതിന്ദ്രിയങ്ങളോടൊത്തു
വെളിയിൽ സഞ്ചരിച്ചു വിഷയഭോഗങ്ങളെ
വെളിവായനുഭവിച്ചീടുന്നു വേണ്ടുംവിധം. 8
കണ്ണു, രണ്ടാസ്യം, നാസാദ്വാരങ്ങൾ
രണ്ടീയഞ്ചു-
മെണ്ണുന്നു കിഴക്കോട്ടുവാതിലുകളെന്നായി
ദക്ഷിണകർണ്ണദ്വാരം തെക്കുള്ള വാതിലായും
വീക്ഷിക്കാം വാമകർണ്ണം വടക്കേ
വാതിലായും. 9
ഗുദവും ശിശ്നവുമെന്നുള്ള രണ്ടധോഭാഗ-
പഥത്തെപ്പടിഞ്ഞാറെക്കവാടങ്ങളായ്-
ച്ചൊൽവൂ.
ഖദ്യോതമാവിർമ്മുഖിയെന്നു രണ്ടോരേടത്തു
വർത്തിപ്പതായിച്ചൊന്നതക്ഷിദ്വയത്തെയത്രേ.
ആ രണ്ടു മാർഗ്ഗത്തൂടെ പോം വിഭ്രാജിതമെന്നു
പേരെഴും പുരിതന്നിൽ ജീവനെന്നോതിയില്ലേ?
ആയതിൻ പൊരുളീശനീക്ഷണങ്ങളാൽ സ്വന്ത-
മായിടും സ്വരൂപത്തെക്കാണുന്നെന്നുള്ള-
തത്രേ. 10
നാസാദ്വാരങ്ങളത്രേ നളിനീനാളിനികൾ
ഭാഷിപ്പൂ സുഗന്ധത്തെസ്സൗരഭദേശമെന്നും
ഘ്രാണേന്ദ്രിയത്തെയവധൂതന്റെ സഖാവെന്നു-
മാനനദ്വാരത്തിനെ മുഖ്യനെന്നും കഥിച്ചേൻ.
വിശദം വിപണനെന്നോതി വാഗിന്ദ്രിയത്തെ
രസവിത്തെന്ന നാമം രസനേന്ദ്രിയത്തിനും. 11
ഞാനോതീ ഭാഷണത്തിന്നാപണമെന്നും
പിന്നെ
നാനാവിധാന്നത്തിനു ബഹൂദനാഭിഖ്യയും
പിതൃഹൂവെന്ന നാമം വലത്തേക്കർണ്ണത്തിനും
വദിച്ചേൻ ദേവഹൂവെന്നിടത്തേ
ശ്രവസ്സിനും. 12
പഞ്ചാലമെന്നു കർമ്മകാണ്ഡവും നിവൃത്തമെ-
ന്നഞ്ചിതമുപാസനാകാണ്ഡവും സൂചിപ്പിച്ചേൻ.
പിതൃയാനാഭിധാനം പിതൃലോകത്തിനിട്ടേ-
നതുപോൽ ദേവയാനമെന്നപേർ വിണ്ണിനും
ഞാൻ.
ശ്രുതധരാഖ്യസഖാവെന്നു ഞാൻ കർണ്ണേന്ദ്രിയ-
മതിനെപ്പററിയത്രേ പറഞ്ഞതുർവ്വീശ്വരാ! 13
ആസുരിയെന്നുമേഢ്റത്തിന്നും ഗ്രാമകമെന്നു
ഭാസുരകീർത്തേ! ഗ്രാമ്യവിഷയസുഖത്തിനും
ദുർമ്മദസഖാവെന്നായുപസ്ഥത്തിനും നാമം
നിർമ്മിച്ചു നിരൃതിയെന്നുള്ള പേർ
ഗുദത്തിനും. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈശസം നരകം പായുർലുബ്ധകോ/ന്ധൗ തു മേ ശൃണു
ഹസ്തപാദൗ പുമാംസ്താഭ്യാം യുക്തോ യാതി കരോതി ച. 15

അന്തഃപുരം ച ഹൃദയം വിഷൂചിർമ്മന ഉച്യതേ
തത്ര മോഹം പ്രസാദം വാ ഹർഷം പ്രാപ്നോതി തദ്ഗുണൈഃ. 16

യഥാ യഥാ വിക്രിയതേ ഗുണാക്തോ വികരോതി വാ
തഥാ തഥോപദ്രഷ്ടാ//ത്മാ തദ്വൃത്തീരനുകാര്യതേ. 17

ദേഹോ രഥസ്ത്വിന്ദ്രിയാശ്വഃ സംവത്സരരയോ/ഗതിഃ
ദ്വികർമ്മചക്രസ്ത്രിഗുണധ്വജഃ പഞ്ചാസുബന്ധുരഃ. 18

മനോ രശ്മിർബ്ബുദ്ധി സൂതോ ഹൃന്നീഡോ ദ്വന്ദ്വകൂബരഃ
പഞ്ചേന്ദ്രിയാർത്ഥപ്രക്ഷേപഃ സപ്തധാതുവരൂഥകഃ. 19

ആകൂതിർവിക്രമോ ബാഹ്യോ മൃഗതൃഷ്ണാം പ്രധാവതി
ഏകാദശേന്ദ്രിയചമൂഃ പഞ്ചസൂനാവിനോദകൃത്. 20

സംവത്സരശ്ചണ്ഡവേഗഃ കാലോ യേനോപലക്ഷിതഃ
തസ്യാഹാനീഹ ഗന്ധർവ്വാ ഗന്ധർവ്വ്യോ രാത്രയഃ സ്മൃതാഃ
ഹരന്ത്യായുഃ പരിക്രാന്ത്യാ ഷഷ്ട്യുത്തരശതത്രയം. 21

കാലകന്യാ ജരാ സാക്ഷാല്ലോകസ്താം നാഭിനന്ദതി
സ്വസാരം ജഗൃഹേ മൃത്യുഃ ക്ഷയായ യവനേശ്വരഃ. 22

ആധയോ വ്യാധയസ്തസ്യ സൈനികാ യവനാശ്ചരാഃ
ഭൂതോപസർഗ്ഗാശുരയഃ പ്രജ്വാരോ ദ്വിവിധോ സ്മൃതഃ. 23

ഏവം ബഹുവിധൈർദ്ദുഃഖൈർദ്ദൈവഭൂതാത്മസംഭവൈഃ
ക്ലിശ്യമാനഃ ശതം വർഷം ദേഹേ ദേഹീ തമോവൃതഃ. 24

പ്രാണേന്ദ്രിയമനോധർമ്മാനാത്മന്യധ്യസ്യ നിർഗ്ഗുണഃ
ശേതേ കാമലവാന്ധ്യായന്മമാഹമിതി കർമ്മകൃത്. 25

യദാ//ത്മാനമവിജ്ഞായ ഭഗവന്തം പരം ഗുരും
പുരുഷസ്തു വിഷജ്ജേത ഗുണേഷു പ്രകൃതേഃ സ്വദൃക്. 26

ഗുണാഭിമാനീ സ തദാ കർമ്മാണി കുരുതേ/വശഃ
ശുക്ലം കൃഷ്ണം ലോഹിതം വാ യഥാകർമ്മാഭിജായതേ. 27

ശുക്ലാത് പ്രകാശഭൂയിഷ്ഠാംല്ലോകാനാപ്നോതി കർഹിചിത്
ദുഃഖോദർക്കാൻ ക്രിയായാസാംസ്തമഃശോകോത്കടാൻ
കവചിത്. 28

കവചിത് പുമാൻ കവചിച്ച സ്ത്രീ കവചിന്നോഭയമന്ധധീഃ
ദേവോ മനുഷ്യസ്തിര്യഗ്വാ യഥാകർമ്മഗുണം ഭവഃ. 29

ക്ഷുത്പരീതോ യഥാ ദീനഃ സാരമേയോ ഗൃഹം ഗൃഹം
ചരൻ വിന്ദതി യദ്ദിഷ്ടം ദണ്ഡമോദനമേവ വാ. 30

തഥാ കാമാശയോ ജീവ ഉച്ചാവചപഥാ ഭ്രമൻ
ഉപര്യധോ വാ മധ്യേ വാ യാതി ദിഷ്ടം പ്രിയാപ്രിയം. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പായുവെന്നപരാഖ്യയാളുന്ന ഗുദത്തിൻ പേ-
രായിത്താൻ കഥിച്ചിതു ലുബ്ധകസഖനെന്നായ്
വൈശസനാമത്തിനാൽ നരകത്തെയും നരാ-
ധീശ! കേളന്ധശബ്ദംകൊണ്ടു കൈകാൽ-
കളേയും
അവയാൽ ജീവൻെറ സഞ്ചാരവും കൃത്യങ്ങളു-
മവിതർക്കിതം ചിന്തിച്ചറിയാൻ സൂചിപ്പി-
ച്ചേൻ. 15
ഹൃദയമന്തഃപുരമാക്കിനേൻ മനസ്സിനെ-
ക്കഥിച്ചു വിഷൂചികയായി ഞാനതിലാളും
തമോഗുണത്താൽ മോഹം, രജസ്സാൽ ഹർഷം,
സത്ത്വം
നിമിത്തം പ്രസാദമെന്നിവയും സൂചിപ്പി-
ച്ചേൻ. 16
ബുദ്ധിതൻ വികാരാനുസാരിയായ് സദാ
ജീവൻ
വർത്തിച്ചു സുഖിദുഃഖിയെന്നൊക്കെയഭിമാനം
കൈക്കൊാംവതാത്മഭാര്യാവശനായ്
നൃപനിഷ്ട-
മൊക്കെയും സാധിച്ചെന്നതാകുന്നു
ധരേശ്വരാ! 17
സ്യന്ദനം ശരീരമായശ്വങ്ങളിന്ദ്രിയങ്ങ-
ളെന്നായിഗ്ഗതികാലവേഗമായ് ചക്രങ്ങളെ
പുണ്യപാപങ്ങളായിദ്ധ്വജത്തെഗ്ഗുണത്രയ-
മെന്നായ് ബന്ധനം പഞ്ചപ്രാണങ്ങളായും
കാൺക. 18
ഹൃത്തിനെ നീഡമായി മാനസം കടിഞ്ഞാണായ്
ബുദ്ധിയെത്തേരാളിയായ് ശ്ശോകമോഹ-
ഭയത്തെ
കൂബരം രണ്ടുമായും വിഷയപഞ്ചകത്തെ
ജീവസഞ്ചാരത്തിനായുള്ള മാർഗ്ഗങ്ങളായും
കല്പിച്ചേനശ്വങ്ങളാംതൻ മേൽവിരിപ്പുകളായി-
സ്സപ്തധാതുക്കളേയും ധരിക്ക ധരാപതേ! 19
അഞ്ചുകർമ്മേന്ദ്രിയത്തെയശ്വങ്ങളുടെ ബാഹ്യ-
സഞ്ചാരവിശേഷങ്ങളായിട്ടു സൂചിപ്പിച്ചേൻ.
സ്വപ്നത്തിലുണ്ടാം സുഖദുഃഖാനുഭവത്തെത്താൻ
കല്പിച്ചേൻ നരനാഥൻ നായാടിനടപ്പതായ്
സൈന്യമായിന്ദ്രിയങ്ങളാം പതിനൊന്നിനെ-
ച്ചേർത്തു
ചൊന്നേൻ ഗാർഹികപഞ്ചഹിംസയെ
വിനോദമായ്. 20
കാലത്തിൽ ചേർന്നതായിക്കാലത്തെക്കാട്ടു-
ന്നതാ-
യാളും സംവത്സരത്തെച്ചണ്ഡവേഗമെന്നോതി.
മുന്നൂററിയറുപതുതവണ ചുററിത്തിരി-
ഞ്ഞെന്നാളുമായുസ്സിനെ ഹനിച്ചുകൊള്ളുന്നിതേ.
കാലാംശങ്ങളായിടും ദിനരാത്രങ്ങളെ ഞാൻ
ചാലവേ ഗന്ധർവ്വസ്ത്രീപുരുഷന്മാരെന്നോതി. 21
കാലകന്യകയെന്നു ജരയ്ക്കു നല്കി നാമ-
മീലോകത്തിങ്കലാരുമവളെയിഷ്ടപ്പെടാ.
യവനേശ്വരശബ്ദംകൊണ്ടു കാണിച്ചു മൃത്യു-
വവളെയാന്നു ലോകനാശോപകരണമായ്. 22
യവനസൈന്യത്തിലെച്ചാരന്മാരെന്നായിവി-
ടവനീശ്വരാ! ചൊല്ലിയാധിവ്യാധികളെ-
ഭൂതദ്രോഹിയാമാശ്രയനെക്കഥിച്ചതു ഞാൻ.
ശീതോഷ്ണജ്വരങ്ങളെ ബോധിപ്പിക്കാനായത്രേ.
23
ഇങ്ങനെ സുരഭൂതശരീരകൃതമായി
സംഗതമാകും പീഡനിമിത്തം ക്ലേശിച്ചിടും
ജീവനജ്ഞാനിയായിശ്ശരീരംതന്നിൽ നൂറാ-
ണ്ടീവിധം പ്രാണമാനസേന്ദ്രിയധർമ്മങ്ങളെ
തന്നിലാരോപിച്ചിട്ടു നിർഗ്ഗുണനെന്നാലും ഞാ-
നെൻെറയെന്നഭിമാനിച്ചേററവും തുച്ഛങ്ങളാം
കാമാംശങ്ങളെദ്ധ്യാനിച്ചനഹം കർമ്മങ്ങളി-
ലാമഗ്നനായിശ്ശയിച്ചീടുന്നു ഭൂമീപതേ! 24–25
പുരുഷൻ സ്വപ്രകാശരൂപനാകിലും പരം-
ഗുരുവാമൈശ്വര്യാദിയുക്തനാമാത്മാവിനെ
അറിയാത്തവനായി പ്രകൃതിഗുണങ്ങളിൽ
നിരതനായിട്ടെപ്പോഴും ഭവിക്ക,മപ്പോളവൻ
പ്രസഭം ദേഹാദ്യഭിമാനിയായ് വശംകെട്ടി-
ട്ടശുദ്ധശുദ്ധമിശ്രകർമ്മങ്ങളാം ചെയ്തീടുന്നു.
കർമ്മത്തിൻ ശുഭാശുഭരീതിയെയാശ്രയിച്ചു
ജന്മങ്ങളാം വരിക്കുന്നു പിന്നെയും
മന്നവേന്ദ്രാ! 26–27
പുണ്യകർമ്മങ്ങളാം ഭൂരി ചേരുകിൽ മഹസ്സേറും
വിണ്ണിൽ വാണിടാം, പുണ്യപാപങ്ങളാം
മിശ്രമായാൽ
അന്ത്യമല്ലലും ക്രിയായാസവുമടിക്കടി
സന്ധിക്കുന്നതാം മർത്ത്യലോകത്തു ജനിക്കുന്നു.
ദുഷ്കൃതമേറുമെങ്കിലജ്ഞാനാവൃതമായി
ദുഃഖദമാകും തിര്യഗ്ജനനം വരിക്കുന്നു. 28
ചിലപ്പോളം പുമാനായോ, സ്ത്രീയായോ ചില-
പോതിൽ,
ചിലപ്പോളം നപുംസകമായോ, ധീഹീന-
നായോ
ദേവമാനുഷതിര്യഗാദിയാം ജാതികളിൽ
ജീവനു ജന്മം ലഭിക്കുന്നു കർമ്മാനുസാരം. 29–30
ക്ഷുത്തിനാൽ ശ്വാനൻ ദീനനായോരോ വീടു-
തോറും
ചുററിത്തിരിഞ്ഞാൽ ചിലടത്തുനിന്നല്പം വട്ടോ
ചിലേടങ്ങളിൽനിന്നുമടിയോ നിജകർമ്മ-
ഫലമായ് ലഭിച്ചെന്നുവന്നിടാ,മതുപോലെ
ജീവനും കാമങ്ങളിൽ ഭ്രമിച്ചു കർമ്മങ്ങളാംതൻ-
പാവനാപാവനത്വരീതിക്കൊത്തുച്ചമാകും
വിണ്ണിലോ നീചനരകത്തിലോ മദ്ധ്യഭാഗം
തന്നിലോ ചെന്നു സുഖദുഃഖങ്ങളാം ഭുജിക്കുന്നു. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖേഷ്വേകതരേണാപി ദൈവഭൂതാത്മഹേതുഷു
ജീവസ്യ ന വ്യവച്ഛേദഃ സ്യാച്ചേത്തത്തത്‌പ്രതിക്രിയാ. 32

യഥാ ഹി പുരുഷോ ഭാരം ശിരസാ ഗുരുമുദ്വഹൻ
താം സ്കന്ധേന സ ആധത്തേ തഥാ സർവ്വാഃ പ്രതിക്രിയാഃ. 33

നൈകാന്തതഃ പ്രതീകാരഃ കർമ്മണാം കർമ്മ കേവലം
ദ്വയം ഹ്യവിദ്യോപസൃതം സ്വപ്നേ സ്വപ്ന ഇവാനഘ! 34

അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന്ന നിവർത്തതേ
മനസാ ലിങ്ഗരൂപേണ, സ്വപ്നേ വിചരതോ യഥാ. 35

അഥാത്മനോഽർത്ഥഭൂതസ്യ യതോഽനർത്ഥപരമ്പരാ
സംസൃതിസ്തദ്വ്യവച്ഛേദോ ഭക്ത്യാ പരമയാ ഗുരൗ. 36

വാസുദേവേ ഭഗവതി ഭക്തിയോഗഃ സമാഹിതഃ
സധ്രീചീനേന വൈരാഗ്യം ജ്ഞാനം ച ജനയിഷ്യതി. 37

സോഽചിരാദേവ രാജർഷേ സ്യാദച്യുതകഥാശ്രയഃ
ശൃണ്വതഃ ശ്രദ്ദധാനസ്യ നിത്യദാ സ്യാദധീയതഃ. 38

യത്ര ഭാഗവതാ രാജൻ സാധവോ വിശദാശയാഃ
ഭഗവദ്ഗുണാനുകഥനശ്രവണവ്യഗ്രചേതസഃ. 39

തസ്മിന്മഹന്മുഖരിതാ മധുഭിച്ചരിത്ര-
പീയൂഷശേഷസരിതഃ പരിതഃ സ്രവന്തി
താ യേ പിബന്ത്യവിതൃഷോ നൃപ ഗാഢകർണ്ണൈ-
സ്താന്ന സ്പൃശന്ത്യശനതൃഡ്ഭയശോകമോഹാഃ. 40

ഏതൈരുപദ്രുതോ നിത്യം ജീവലോകഃ സ്വഭാവജൈഃ
ന കരോതി ഹരേർന്നൂനം കഥാമൃതനിധൗ രതിം. 41

പ്രജാപതിപതിഃ സാക്ഷാദ് ഭഗവാൻ ഗിരിശോ മനുഃ
ദക്ഷാദയഃ പ്രജാധ്യക്ഷാ നൈഷ്ഠികാഃ സനകാദയഃ. 42

മരീചിരത്ര്യങ്ഗിരസൗ പുലസ്ത്യഃ പുലഹഃ ക്രതുഃ
ഭൃഗുർവസിഷ്ഠ ഇത്യേതേ മദന്താ ബ്രഹ്മവാദിനഃ. 43

അദ്യാപി വാചസ്പതയസ്തപോവിദ്യാസമാധിഭിഃ
പശ്യന്തോഽപി ന പശ്യന്തി പശ്യന്തം പരമേശ്വരം. 44

ശബ്ദബ്രഹ്മണി ദുഷ്പാരേ ചരന്ത ഉരുവിസ്തരേ
മന്ത്രലിങ്ഗൈർവ്യവച്ഛിന്നം ഭജന്തോ ന വിദുഃ പരം. 45

യദാ യമനുഗൃഹ്ണാതി ഭഗവാനാത്മഭാവിതഃ
സ ജഹാതി മതിം ലോകേ വേദേ ച പരിനിഷ്ഠിതാം. 46

തസ്മാത് കർമ്മസു ബർഹിഷ്മന്നജ്ഞാനാദർത്ഥകാശിഷു
മാർത്ഥദൃഷ്ടിം കൃഥാഃ ശ്രോത്രസ്പർശിഷ്വസ്പൃഷ്ടവസ്തുഷു. 47

സ്വം ലോകം ന വിദുസ്തേ വൈ യത്ര ദേവോ ജനാർദ്ദനഃ
ആഹുർധൂമ്രധിയോ വേദം സകർമ്മകമതദ്വിദഃ. 48

ആസ്തീര്യ ദർഭൈഃ പ്രാഗഗ്രൈഃ കാർത്സ്ന്യേന ക്ഷിതിമണ്ഡലം
സ്തബ്ധോ ബൃഹദ്വധാന്മാനീ കർമ്മ നാവൈഷി യത്പരം
തത്കർമ്മ ഹരിതോഷം യത്സാ വിദ്യാ തന്മതിര്യയാ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്ധ്യാത്മികാധിദൈവികാധിഭൗതികങ്ങളാ–
മത്തല്ലകൾക്ക പരിഹാരങ്ങളുണ്ടെങ്കിലും
ജീവനിമ്മൂന്നവിധദുഃഖത്തിൽനിന്നും വിട്ടു–
പോവതിന്നാവതില്ലെന്നറിക ബർഹിസ്സേ നീ.
32

ശിരസ്സിൽ പേറും ഭരം ചുമലിൽത്താങ്ങുമ്മട്ടേ
പരിഹാരവും ഗണിച്ചീടേണ്ടതുള്ളൂ പാർക്കിൽ.
വിശപ്പു തീർക്കാൻ കൃഷിപ്പണിയിലേപ്പെട്ടവ–
നസഹ്യമാമ്മാറെന്നും കഷ്ടപ്പെടുന്നമട്ടിൽ,
കർമ്മങ്ങൾക്കാത്യന്തികനിവൃതി പാർത്താൽ
വെറും

കർമ്മം കൈവരുത്തുകയില്ലെന്നു തീർച്ചതന്നെ. 33
സുഷുപ്തിയിൽ സ്വപ്നംവിധം രണ്ടുമങ്ങവിദ്യയാൽ
വ്യാപ്തമല്ലയോ ചിന്തിച്ചീടുകിൽ
ശുദ്ധബുദ്ധേ! 34

ഇല്ലല്ലോ ശരീരത്തോടാത്മാവിനേതും ബന്ധം
തെല്ലുമദ്ധ്യാസ,മില്ലാതായിട്ടാവസ്തുജ്ഞാനം
സിദ്ധിക്കുവോളം നിലനില്ക്കുന്നു സംസാര,മു–
ന്നിദ്രനാംവരെ സ്വപ്നദൃഷ്ടഭീയെന്നപോലെ. 35
അതിനാൽ പുരുഷാർത്ഥരൂപനാമാത്മാവിന്റെറ–
യതിരററുള്ളതാമീയനർത്ഥപരമ്പര
ഗുരുവാം ഹരിയിലെ നിശ്ചലഭക്തികൊണ്ടേ
ശരിയായ് നശിപ്പിക്കാൻ സാധിക്കൂ മേദി–
നീശാ! 36
ഭഗവാൻ വാസുദേവൻതങ്കലെബ്‌ഭക്തിയോഗം
തികച്ചും വൈരാഗ്യവും ജ്ഞാനവും ദാനം–
ചെയ്യും. 37
അത്യന്തം ശ്രദ്ധയോടും ഭഗവച്ചരിതങ്ങൾ
നിത്യവും പഠിക്കയും കേൾക്കയുംചെയ്യുവോനു
പ്രേമലക്ഷണയായ ഭഗവദ്‌ഭക്തികാല–
താമസമെന്യേയുളവായിടുമില്ല വാദം. 38
ഭഗവൽക്കഥ ഗാനംചെയ്യാനും ശ്രവിപ്പാനു–
മകതാരിന്റെറ ശുദ്ധികൊണ്ടേററമാസക്തരായ്
സദാചാരത്തിൽ നിഷ്ഠയാർന്നിടും സാധുക്കൾ–
തൻ–
സദസ്സിൽ സുലഭമാം സൽക്കഥാമൃതം സദാ. 39
അവിടെ മഹാന്മാർതന്നാനനങ്ങളിൽനിന്നും
പ്രവഹിക്കുന്ന മധുഭിത്‌ക്കഥാസുധാനദി.
അതിനെയാവേശത്തോടേതവൻ കർണ്ണംവഴി
നിതരാം പാനംചെയ്യുമവനെയൊരിക്കലും
വിശപ്പു ദാഹം ഭയം ശോകമോഹങ്ങളൊന്നും
വിശുദ്ധമതേ! നൃപാ! തീണ്ടുകപോലുമില്ല. 40
പ്രകൃതിജങ്ങളാമിദ്ദോഷങ്ങൾ ബാധിച്ചിടും
സുകൃതവിഹീനരാം ജീവികൾക്കാക്കുംതന്നെ
അമൃതത്വത്തെയേകാൻ ശക്തമാം ശ്രീനിവാസ–
വിമലകഥാസുധാനിധിയിൽ വരാ രതി 41

ബ്രഹ്മാവു, ശിവൻ, പ്രജാപതികൾ സ്വായം–
ഭുവൻ
ബ്രഹ്മചര്യാദി വ്രതനിഷ്ഠരാം സനകാദ്യർ
പുലസ്ത്യൻ മരീചിയുമത്രിയുമംഗിരസ്സും
പുലഹൻ, ക്രതു, ഭൃഗു, വസിഷ്ഠൻതാനും ഞാനും
വേദവാദത്തിലതിസമർത്ഥർ മററുള്ളോരു–
മാദികാലത്തേ സർവ്വസാക്ഷിയാമീശൻതന്നെ
തപസ്സുമുപാസനസമാധിയെന്നീവിധ–
മുപായങ്ങളാൽ സദാ കാണുവാൻ ശ്രമിക്കിലും
കണ്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലുമിന്നും ധരാ–
മണ്ഡലേശ്വരാ! വീക്ഷിക്കുന്നില്ല
സാക്ഷാത്തായി. 42-44
അന്തമില്ലാത്തതായ വിസ്‌തൃതശബ്ദബ്രഹ്മ–
സിന്ധുവിൽ സഞ്ചരിപ്പോർ മന്ത്രലക്ഷ്യങ്ങൾ–
കൊണ്ടു
വ്യവച്ഛിന്നനാം പരമേശനെദ്ധ്യാനിക്കയാ–
ലവരുമഖണ്ഡനാമീശനെക്കാണുന്നീല. 45
അന്തഃകരണത്തിനാൽ സന്തതം ഭഗവാനെ–
ച്ചിന്തനംചെയ്യുവോനിലുണ്ടാം തദനുഗ്രഹം.
അവനക്ഷണം ലോകവേദമര്യാദകളി–
ലവസക്തമായ്പോയ നിജധീ
പിൻതിരിക്കും. 46
അതിനാൽ ക്ഷിതിഭൃത്തേ! യവിവേകികൾ–
ക്കെല്ലോ–
മതുതാൻ പുരുഷാർത്ഥമെന്നു തോന്നിപ്പതായി
കർണ്ണാനന്ദദമായിത്തത്ത്വസ്പർശനമററീ–
ടുന്ന കർമ്മങ്ങളുപാർത്ഥങ്ങളെന്നറിഞ്ഞാലും. 47
ഭഗവാൻ ജനാർദ്ദനനേതിലാം ദ്യോതിപ്പതാ–
നിഗമം വെറും കർമ്മപ്രതിപാദകമെന്നായ്
ചൊല്ലുന്ന ധൂമ്രധീകളാഗമസാരത്തെയും
സ്വർല്ലോകത്തെയും തെല്ലുമറിയാത്തവരല്ലോ.
48
അത്തരക്കാരോടുള്ള ചേർച്ചയാൽ പൃഥ്വീപതേ!
പദ്ധതി തെററിയങ്ങും സഞ്ചരിക്കുന്നുവല്ലോ.
ധരണിപാടേ ദർഭ കിഴക്കോട്ടഗ്രമാക്കി
വിരിച്ചു ശരിയായി മറച്ചു കണക്കെന്യേ
പ്രാണിവൃന്ദത്തെക്കൊന്നു നടത്തിപ്പല യാഗം
ക്ഷോണീശൻ ഞാനെന്നഭിമാനിച്ചു
ഗർവ്വിഷ്ഠനായ്
വാണീടും ഭവാൻ കർമ്മകാണ്ഡത്തിൻ സദുദ്ദേശം
കാണിയും കാണുന്നില്ലെന്നുള്ളതു തീർച്ചതന്നെ.
ഹരിപ്രസാദത്തിനായേതൊന്നു ചെയ്യുന്നവോ
ധരിച്ചീടുക ഭവാനതാണു കർമ്മമെന്നായ്
ഹരിയിൽ ദൃഢഭക്തിയേതൊന്നുദിപ്പിക്കുമോ
ധരണീഭൃത്തേ! വിദ്യയതെന്നും ധരിക്കുക. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിൎദ്ദേഹഭൃതാമാത്മാ സ്വയം പ്രകൃതിരീശ്വരഃ
തത്പാദമൂലം ശരണം യതഃ ക്ഷേമോ നൃണാമിഹ. 50

സ വൈ പ്രിയതമശ്ചാത്മാ യതോ ന ഭയമണ്വപി
ഇതി വേദ സ വൈ വിദ്വാൻ യോ വിദ്വാൻ സ ഗുരുൎഹരിഃ. 51

നാരദ ഉവാച

പ്രശ്ന ഏവം ഹി സംച്ഛിന്നോ ഭവതഃ പുരുഷൎഷഭ!
അത്ര മേ വദതോ ഗുഹ്യം നിശാമയ സുനിശ്ചിതം. 52

ക്ഷുദ്രഞ്ചരം സുമനസാം ശരണേ മിഥിത്വാ
രക്തം ഷഡംഘ്രിഗണസാമസു ലുബ്ധകൎണ്ണം
അഗ്രേ വൃകാനസുതൃപോഽവിഗണയ്യ യാന്തം
പൃഷ്ഠേ മൃഗം മൃഗയ ലുബ്ധകബാണഭിന്നം. 53

[അസ്യാൎത്ഥഃ]

സുമനഃ സമധൎമ്മണാം സ്ത്രീണാം ശരണ ആശ്രമേ പുഷ്പ-
മധുഗന്ധവത് ക്ഷുദ്രതമം കാമ്യകൎമ്മവിപാകജം കാമസുഖലവം
ജൈഹ്വ്യൗപസ്ഥ്യാദി വിചിന്വന്തം മിഥുനീഭൂയ തദഭിനി-
വേശിതമനസം ഷഡംഘ്രിഗണസാമഗീതവദതിമനോഹര-
വനിതാദിജനാലാപേഷ്വതിതരാമതിപ്രലോഭിതകൎണ്ണമഗ്രേ വൃ
കയൂഥവദാത്മന ആയുൎഹരതോഽഹോരാത്രാന്താൻ കാലലവവി-
ശേഷാനവിഗണയ്യ ഗൃഹേഷു വിഹരന്തം പൃഷ്ഠത ഏവ പരോ-
ക്ഷമനുപ്രവൃത്തോ ലുബ്ധകഃ കൃതാന്തോഽന്തഃശരേണ യമിഹ
പരാവിധ്യതി തമിമമാത്മാനമഹോ രാജൻ ഭിന്നഹൃദയം ദ്ര-
ഷ്ടുമൎഹസീതി. 54

സ ത്വം വിചക്ഷ്യ മൃഗചേഷ്ടിതമാത്മനോന്ത-
ശ്ചിത്തം നിയച്ഛ ഹൃദി കൎണ്ണധുനീം ച ചിത്തേ
ജഹ്യംഗനാശ്രമമസത്തമയൂഥഗാഥം
പ്രീണീഹി ഹംസശരണം വിരമ ക്രമേണ. 55

രാജോവാച

ശ്രുതമന്വീക്ഷിതം, ബ്രഹ്മൻ, ഭഗവാൻ യദഭാഷത
നൈതജ്ജാനന്ത്യുപാധ്യായാഃ കിം ന ബ്രൂയുൎവിദുൎയദി. 56

സംശയോഽത്ര തു മേ വിപ്ര സംച്ഛിന്നസ്തത്കൃതോ മഹാൻ
ഋഷയോഽപി ഹി മുഹ്യന്തി യത്ര നേന്ദ്രിയവൃത്തയഃ. 57

കൎമ്മാണ്യാരഭതേ യേന പുമാനിഹ വിഹായ തം
അമുത്രാന്യേന ദേഹേന ജുഷ്ടാനി സ യദശ്നുതേ. 58

ഇതി വേദവിദാം വാദഃ ശ്രൂയതേ തത്ര തത്ര ഹ
കൎമ്മ യത് ക്രിയതേ പ്രോക്തം പരോക്ഷം ന പ്രകാശതേ. 59

നാരദ ഉവാച.

യേനൈവാരഭതേ കൎമ്മ തേനൈവാമുത്ര തത് പുമാൻ
ഭുങ്ക്തേ ഹ്യവ്യവധാനേന ലിംഗേന മനസാ സ്വയം. 60

ശയാനമിമമുത്സൃജ്യ ശ്വസന്തം പുരുഷോ യഥാ
കൎമ്മാത്മന്യാഹിതം ഭുങ്ക്തേ താദൃശേനേതരേണ വാ. 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നുടെയുള്ളുക്കൾക്കെല്ലാമാത്മാവുമവരേയി-
ങ്ങനിശം പ്രവർത്തിപ്പിക്കുന്നതും ഹരിയത്രേ.
ഹരിതൻ പാദമൂലംതന്നെയാം നരക്കിഹ-
ശരിയായിടും രക്ഷാസ്ഥാനവും മാനവേന്ദ്രാ! 50
ഏവനുമേററം പ്രിയംകരനാമാത്മാവത്രേ-
യാവിഭു,വവനിൽനിന്നാക്കുമില്ലേതും ഭയം.
ഇത്തത്ത്വമേവനറിഞ്ഞീടുന്നിതവൻതന്നെ
വിദ്വാ,നവൻതാൻ ഗുരു,വാ ഗുരുവത്രേ ഹരി. 51

നാരദൻ പറഞ്ഞു

പുരുഷശ്രേഷ്ഠാ! ഭവാൻ മോക്ഷമാർഗ്ഗത്തെ-
പ്പററി-
യറിയാൻ ചോദിച്ചതിനുത്തരമോതീടിനേൻ.
ഇനി നീ ചെയ്യേണ്ടതായ് രഹസ്യമായി
വിദ്വ-
ജ്ജനങ്ങൾ ചിന്തിച്ചുറപ്പിച്ച കാര്യവും
ചൊൽവൻ. 52
മന്ദഗാമിയായ് മലർവാടിയിലിണയോടു-
ചേർന്നനുരക്തനായി ക്രീഡചെയ്യുതിൽത്തന്നെ
മനസ്സുവച്ചുമളികളഗാനത്തിൽ ചെവി-
യണച്ചുമാനന്ദനിർല്ലീനനായ് സഞ്ചരിക്കെ,
മുന്നിലായന്യജന്തുമാംസത്താൽ തനുപുഷ്ടി-
യനവഹം ചേർത്തീടുന്ന ചെന്നായ്ക്കൾ പായുന്നതും
പിന്നിലായ് വനചരബാണത്തിൻ
ലക്ഷ്യമായി-
ത്തന്നംഗമക്ഷണംതാൻ ഭിന്നമാമെന്നുള്ളതും
മനസ്സിലാക്കീടാത്ത മാനിനുസമാനമാം
മനുഷ്യൻെറയും സ്ഥിതിയെന്നോക്ക
ധരാപതേ! 53
സൂനധർമ്മങ്ങളാലും മാനിനിമാരാൽ നീത-
മാനമായിരുന്നീടും ഗൃഹസ്ഥാശ്രമംതന്നിൽ
മധുവിൻെറയും.മലരിൻെറയും മണംപോലെ-
യതിതുച്ഛമായ് കാമ്യകർമ്മൗഘഫലമാകും
കാമസൗഖ്യാംശം ജിഹ്വോപസ്ഥങ്ങൾ-
മാർഗ്ഗമായി-
ക്കാമമാരാഞ്ഞു ഭൃംഗനാദംപോൽ മനോജ്ഞമാം
തനപീഭാഷണങ്ങളാൽ കർണ്ണങ്ങൾ കുളുർപ്പിച്ചു
മുന്നിലച്ചെന്നായ്ക്കൾതൻ കൂട്ടമെന്നതുപോലെ
ആയുസ്സു ഹരിക്കുവാനഹോരാത്രാന്തമായി-
പ്പായുമക്കാലത്തിൻ പോക്കറിയാതാലയത്തിൽ
വിഹരിക്കുന്നനേരം പിന്നാലേ പരോക്ഷമായ്
സഹസാ പിന്തുടന്ന കാട്ടാളൻമട്ടന്തകൻ
ആന്തരികമായീടുമസ്ത്രത്താലാത്മാവിനെ
കൃന്തനംചെയ്യുന്നെന്നു കാണുക മേദിനീശാ!
മാനവസ്ഥിതിയേവം നമ്മട്ടു ധരിപ്പിക്കാൻ
മാനിനേയുദാഹരിച്ചിങ്ങനെ ചൊല്ലീടി-
നേൻ. 54

ക്ഷോണീശാ! ഞാനിച്ചൊന്ന മാനെന്നമട്ടിൽ-
ഭവാൻ
താനുമേ മൃതപ്രായനെന്നു വീക്ഷിച്ചിട്ടുടൻ
ചിത്തത്തെയാത്മാവുതന്നന്തർഗ്ഗമാം ഹൃത്തിൽ
ചേർത്തുറപ്പിച്ചു, കർണ്ണവൃത്തിയെച്ചിത്തത്തിലും
വിലയിപ്പിച്ചു ദുഷ്ടക്കൂട്ടത്തിൻ സംഭാഷണം
സുലഭമാക്കും ഗൃഹസ്ഥാശ്രമം വെടിഞ്ഞാലും.
പരമഹംസന്മാർക്കാശ്രയമായ് വിളങ്ങും ശ്രീ-
ഹരിയെ പ്രീണിപ്പിക്കു ക്രമത്തിൽ വിര-
മിക്കൂ. 55

രാജാവു പറഞ്ഞു

ആനന്ദരൂപാ! ദേവമഹർഷേ! ഭവാൻെറയി-
ജ്ഞാനോപദേശം കേട്ടേൻ, ചിന്തിച്ചേൻ
വേണ്ടുംവിധം.
കർമ്മമാർഗ്ഗങ്ങളെന്നോടോതിയ ഗുരുക്കന്മാ-
രിമ്മാർഗ്ഗമറിയില്ലിതറികിൽ പറകില്ല. 56
മതിയിലെനിക്കാത്മതത്ത്വസംബന്ധമായി-
ട്ടുദിച്ചിരുന്ന മഹാസന്ദേഹമെല്ലാം തീർന്നു
ഇന്ദ്രിയപ്രവേശനമില്ലാത്തോരാത്മതത്ത്വ-
പന്ഥാവിലൃഷികളും മോഹിച്ചീടുന്നുവല്ലോ 57
പുരുഷനീലോകത്തു കർമ്മങ്ങൾ ചെയ്ത ദേഹം
പരിവർജ്ജിച്ചു പരലോകത്തു ചെന്നു വേറേ
തനുവാർന്നിട്ടു കിട്ടും വിവിധഭോഗങ്ങളെ-
യനുഭവിക്കുന്നെന്നതെങ്ങനെയോജിച്ചിടും? 58
വേദവിത്തുക്കളങ്ങേവം ചൊൽവതായ്-
കേൾപ്പൂ
സാധൂകരിക്കുന്നുമുണ്ടതിനെശ്ശാസ്ത്രങ്ങളും.
ഭോഗഹേതുവാമാഗമോക്തകർമ്മങ്ങൾ പര-
ലോകത്തിൽ പരോക്ഷമെന്നാകയാൽ പ്രകാ-
ശിക്കാ. 59

നാരദൻ പറഞ്ഞു

മാനസരൂപമാകും ലിംഗദേഹത്തോടുചേ-
ർന്നാണിഹ ജീവൻ ചെയ്തീടുന്നതു കർമ്മങ്ങളെ
നശിക്കാത്തോരാ ലിംഗദേഹത്താൽ മറ-
വെന്യേ
യശിപ്പൂ ജീവൻ സ്വയം ഭോഗങ്ങളങ്ങു നൂനം. 60
സ്ഥൂലാംഗം ജീവാത്മാവിനാധാരമെന്നല്ലാതെ
വേലചെയ്തീടുന്നതിൽ പ്രാധാന്യമതിനില്ല.
ഒരുവനൊരു വീട്ടിലിരുന്നു കർമ്മംചെയ്താൽ
വരികയില്ലഗ്ഗേഹം തത്കർമ്മഹേതുവായി
അതുപോലുറങ്ങുവോൻ ജാഗ്രത്തിൽ പ്രവൃത്തി
പതിവായ് ചെയ്യും സ്ഥൂലദേഹത്തെ [കാം
സ്മരിക്കാതെ
ജീവസൂക്ഷ്മോപാധിയാം മനസ്സിൽ സ്ഫുരിച്ചിടും
സർവ്വമാം കർമ്മഫലം, സ്വപ്നത്തിൽ ഭുജിക്കും-
പോൽ,
മരണത്തിനുപിൻപും ലിംഗദേഹോപേതനായ്
പുരുഷൻ ഭോഗം ഭുജിക്കുന്നതിലെന്തയുക്തി? 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമൈതേ മനസാ യദ്യദസാവഹമിതി ബ്രുവൻ
ഗൃഹ്ണീയാത്തത്പുമാൻ രാദ്ധം കർമ്മ യേന പുനർഭവഃ. 62

യഥാനുമീയതേ ചിത്തമുഭയൈരിന്ദ്രിയേഹിതൈഃ
ഏവം പ്രാഗ്ദേഹജം കർമ്മ ലക്ഷ്യതേ ചിത്തവൃത്തിഭിഃ. 63

നാനുഭൂതം ക്വ ചാനേന ദേഹേനാദൃഷ്ടമശ്രുതം
കദാചിദുപലഭ്യേത യദ്രൂപം യാദൃഗാത്മനി. 64

തേനാസ്യ താദൃശം രാജംല്ലിങ്ഗിനോ ദേഹസംഭവം
ശ്രദ്ധത്സ്വാനനുഭൂതോഽർത്ഥോ ന മനഃ സ്പ്രഷ്ടുമർഹതി. 65

മന ഏവ മനുഷ്യസ്യ പൂർവ്വരൂപാണി ശംസതി
ഭവിഷ്യതശ്ച ഭദ്രം തേ തഥൈവ ന ഭവിഷ്യതഃ. 66

അദൃഷ്ടമശ്രുതം ചാത്ര ക്വചിന്മനസി ദൃശ്യതേ
യഥാ തഥാനുമന്തവ്യം ദേശകാലക്രിയാശ്രയം. 67

സർവ്വേ ക്രമാനുരോധേന മനസീന്ദ്രിയഗോചരാഃ
ആയാന്തി വർഗ്ഗശോ യാന്തി സർവ്വേ സമനസോ ജനാഃ. 68

സത്ത്വൈകനിഷ്ഠേ മനസി ഭഗവത്പാർശ്വവർത്തിനി
തമശ്ചന്ദ്രമസീവേദമുപരജ്യാവഭാസതേ. 69

നാഹം മമേതി ഭാവോഽയം പുരുഷേ വ്യവധീയതേ
യാവദ് ബുദ്ധിമനോഽക്ഷാർത്ഥഗുണവ്യൂഹോ ഹ്യനാദിമാൻ. 70

സുപ്തിമൂർച്ഛോപതാപേഷു പ്രാണായനവിഘാതതഃ
നേഹതേഽഹമിതി ജ്ഞാനം മൃത്യുപ്രജ്വാരയോരപി. 71

ഗർഭേ ബാല്യേഽപ്യപൗഷ്കല്യാദേകാദശവിധം തദാ
ലിങ്ഗം ന ദൃശ്യതേ യൂനഃ കുഹ്വാം ചന്ദ്രമസോ യഥാ. 72

അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന്ന നിവർത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേഽനർത്ഥാഗമോ യഥാ. 73

ഏവം പഞ്ചവിധം ലിങ്ഗം ത്രിവൃത് ഷോഡശവിസ്തൃതം
ഏഷ ചേതനയാ യുക്തോ ജീവ ഇത്യഭിധീയതേ. 74

അനേന പുരുഷോ ദേഹാനുപാദത്തേ വിമുഞ്ചതി
ഹർഷം ശോകം ഭയം ദുഃഖം സുഖം ചാനേന വിന്ദതി. 75

യഥാ തൃണജലൂകേയം നാപയാത്യപയാതി ച
ന ത്യജേത് മ്രിയമാണോഽപി പ്രാഗ്ദേഹാഭിമതിം ജനഃ. 76

യാവദന്യം ന വിന്ദേത വ്യവധാനേന കർമ്മണാം
മന ഏവ, മനുഷ്യേന്ദ്ര, ഭൂതാനാം ഭവഭാവനം. 77

യദാക്ഷൈശ്ചരിതാൻ ധ്യായൻ കർമ്മാണ്യാചിനുതേഽസകൃത്
സതി കർമ്മണ്യവിദ്യായാം ബന്ധം കർമ്മണ്യനാത്മനഃ. 78

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനുജൻ ശരീരത്തെ ഞാനെന്നും ഭാര്യാപുത്ര–
ധനധാന്യാദ്യങ്ങളെയെനിക്കുള്ളവയെന്നും
ചിത്തത്താലഭിമാനിച്ചവയിലെല്ലാം ദൃഢ–
ബദ്ധനായ് പ്രവർത്തിച്ചു ഭുജിപ്പൂ ഫലങ്ങളെ.
ഇങ്ങനെയഭിമാനി പൂരുഷൻ ലിംഗദേഹ–
സംഗതനായിപ്പുനർജ്ജന്മവും കൈക്കൊ–
ള്ളുന്നു. 62

ചിത്തത്തെക്കർമ്മേന്ദ്രിയജ്ഞാനേന്ദ്രിയങ്ങൾ–
കൊഴും

വൃത്തിയാലനുമാനിച്ചറിയുന്നതുപോലെ
ചിത്തവൃത്തികൾമൂലം പൂർവ്വദേഹത്താൽ
ചെയ്ത-

കൃത്യങ്ങളേയും കാണാനാവതാണാക്കുമോ–
ക്കിൽ. 63

ഈയങ്ഗത്തിനാലൊരുകാലവുമനുഭൂത–
മായിടാത്തതോ, കാണാത്തുള്ളതോ, കേൾക്കാ–
ത്തതോ

ഏതുരീതിയിലുള്ള രൂപവുമാത്മാവിങ്കൽ
മേദിനീശാ! ചിലപ്പോൾ സ്ഫുരിച്ചുകാണു–
ന്നിതേ. 64

പൂർവ്വസംസ്കാരം ലയിച്ചിരിക്കും ലിംഗദേഹം
തുാവുന്ന ജീവനിതിൽ ഭവിക്കും ഭാവങ്ങളും
ശരിയായ് മുന്നമനുഭൂതമല്ലാത്തതൊന്നും
സ്ഫുരിപ്പിക്കുവാനില്ല മാനസത്തിനു ശക്തി. 65
നരന്റെ പൂർവ്വജന്മരൂപങ്ങളേയും മേലിൽ
വരുവാനിരിപ്പതും സംഭവ്യമല്ലാത്തതും
അഖിലം മനോവൃത്തികൊണ്ടു നിർണ്ണയിച്ചീടാ–
മകററു സന്ദേഹങ്ങളങ്ങേയ്ക്കു സന്മങ്ഗലം. 66
ദേശകാലക്രിയാസംശ്രയമായീ ജന്മത്തി–
ലശ്രുതമായുള്ളതും കണ്ടീടാത്തതുമാകും
ദുഃഖസൗഖ്യങ്ങളേകന്നനുഭൂതമാംവിധം
വ്യക്തികൾക്കെല്ലാം വരുമെന്നനുമാനി–
ക്കണം. 67

എല്ലാർക്കും മാനസമുണ്ടതിൽ നിർല്ലീനങ്ങളാ–
ണെല്ലാർക്കുമുള്ള ശുഭാശുഭവാസനകളും
അന്തലും സുഖവുമാ മുറയ്ക്കു കൂട്ടമായി–
ച്ചിത്തത്തിൽ സ്ഫുരിക്കയും മാഞ്ഞുപോയും
ചെയ്തീടുന്നു. 68

സത്വമാം ഗുണത്തിനെ മാത്രമാശ്രയിപ്പതായ്
ദൈത്യാരിപാർശ്വവർത്തിയായീടും
മാനസത്തിൽ

ഉലകമിതു രാഹു ചന്ദ്രമസ്സിൽപോൽ, പ്രതി–
ഫലിച്ചു ലാലസിച്ചീടുന്നുണ്ടു വേണ്ടുംവിധം. 69
ആദിയില്ലാത്തതാകും ധീ,മന,സ്സിന്ദ്രിയങ്ങൾ
ഭൂതങ്ങളെന്നിവററിൻ വ്യൂഹമെന്നോളമുണ്ടാം,
ഞാനെന്നുമെന്റേതെന്നുമുള്ളതായീടുമഭി–
മാനം പുമാനന്നോളം മറഞ്ഞീടുകയില്ല. 70

കഠിനജ്വരം, മൂർച്ഛ, സ്വഹൃദ്വിയോഗജാതം
കൊടിയ ദുഃഖം, മൃതി, സുഷുപ്തിയെന്നിവററിൽ
പ്രാണസ്ഥാനങ്ങളാകുമിന്ദ്രിയങ്ങൾക്കു പാരം
ക്ഷീണം സംഭവിക്കയാൽ ഞാനെന്റെയെന്നു–
ള്ളതാം

ജ്ഞാനം പ്രകാശിക്കുന്നില്ലെന്നല്ലാതജ്ഞാനജ–
നാനാവിധാധ്യാസങ്ങൾ നശിക്കുന്നില്ല–
യല്ലോ. 71

ഗർഭത്തിൽ, ബാല്യത്തിലും, യൗവനദശയിൽ-
പ്പോൽ

കെല്പിന്ദ്രിയങ്ങൾക്കില്ലാതിരിക്ക–
നിമിത്തമായ്

മാനസേന്ദ്രിയമൂലത്തിൻ ചിഹ്നങ്ങൾ
പ്രകാശിച്ചു

കാണാ, കറുത്തവാവിലിന്ദുവിൻ കലകൾ–
പോൽ. 72

കാര്യമേതുമേയില്ലാതിരിക്കുംപൊഴുതും സം–
സാരമില്ലാതെവരുന്നില്ലെന്നു ധരിക്കുക.
എപ്പൊഴും വിഷയങ്ങൾ ചിന്തിക്കും പുരുഷനാ–
സ്വപ്നാവസ്ഥയിലനർത്ഥാഗമമെന്നപോലെ. 73
സത്വാദിഗുണത്രയം തന്നിൽനിന്നാദ്യമഞ്ചു–
ശബ്ദാദിവിഷയങ്ങളുണ്ടായിട്ടതു പിന്നെ
പഞ്ചകർമ്മേന്ദ്രിയങ്ങൾ, മാനസം,
ജ്ഞാനേന്ദ്രിയ–

മഞ്ചേവം ഗുണകാര്യം വർദ്ധിച്ചു പതിനാറായ്
ലിംഗാംഗമെന്നതായിച്ചൈതന്യത്തിനോടതു–
സംഗിച്ചു ജീവനെന്ന നാമവുമിയന്നിതു. 74
പുരുഷൻ ലിംഗദേഹത്തോടു സംയുതനായി
ശരീരങ്ങളെ സ്വീകരിക്കുന്നു തള്ളീടുന്നു.
സന്തോഷം, ശോകം, ഭയം, സുഖദുഃഖങ്ങളെല്ലാ–
മന്തമററനുഭവിക്കുകയും ചെയ്തീടുന്നു. 75
പിടിച്ചും വിട്ടും മെല്ലെപ്പുല്ലട്ട,യട്ടത്ത പുൽ–
ക്കൊടിയിലിഴഞ്ഞേറിയംഗാംശമതിലാക്കി
നല്ലപോൽ പിടിമുറുക്കുംവരെ മുമ്പിരുന്നു–
പുല്ലിലെപ്പിടിവിടുന്നില്ലതുമട്ടിൽ ജനം
സ്ഥൂലാംഗമൊന്നു വിട്ടു വേറെയൊന്നെടു–
ക്കുവാൻ

കാലവും കർമ്മപരിപാകവുമൊക്കുംവരെ
പൂർവ്വദേഹാഭിമാനം വിടുകയില്ല രാജൻ!
ജീവികൾക്കെല്ലാം ഭവകാരണം മനസ്സത്രേ.
76–77

ഞാനെന്ന ഭാവമുള്ളിലുള്ളകാലത്തോളവും
കാണപ്പെടാതിരിക്കുമാത്മസ്വരൂപം നേരേ.
അതിനാൽ ശുഭാശുഭകർമ്മങ്ങൾ ചെയ്യും വീണ്ടു–
മതിൽനിന്നെഴും സുഖദുഃഖങ്ങൾ ഭുജിച്ചിടും.
ഇന്ദ്രിയംവഴിയനുഭവിച്ച ഭോഗങ്ങളെ
പിന്നെയും ധ്യാനിക്കയാലാവർത്തിച്ചീടും
കർമ്മം. 78

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതസ്ത്വദപവാദാർത്ഥം ഭജ സർവ്വാത്മനാ ഹരിം
പശ്യംസ്ത്വദാത്മകം വിശ്വം സ്ഥിത്യുത്പത്ത്യപ്യയാ യതഃ. 79

മൈത്രേയ ഉവാച
ഭാഗവതമുഃഖ്യാ ഭഗവാന്നാരദോ ഹംസയോർഗ്ഗതിം
പ്രദർശ്യ ഹ്യമുമാമന്ത്ര്യ സിദ്ധലോകം തതോഽഗമത്. 80
പ്രാചീനബർഹീ രാജർഷിഃ പ്രജാസർഗ്ഗാഭിരക്ഷണേ
ആദിശ്യ പുത്രാനഗമത്തപസേ കപിലാശ്രമം. 81
തത്രൈകാഗ്രമനാ വീരോ ഗോവിന്ദചരണാംബുജം
വിമുക്തസങ്ഗോഽനുഭജൻ ഭക്ത്യാ തത്സാമ്യതാമഗാത്. 82
ഏതദധ്യാത്മപാരോക്ഷ്യം ഗീതം ദേവർഷിണാനഘ!
യഃ ശ്രാവയേദ്യഃ ശൃണുയാത്സ ലിങ്ഗേന വിമുച്യതേ. 83

ഏതന്മുകുന്ദയശസാ ഭുവനം പുനാനം
ദേവർഷിവര്യമുഖനിഃസൃതമാത്മശൗചം
യഃ കീർത്ത്യമാനമധിഗച്ഛതി പാരമേഷ്ഠ്യം
നാസ്മിൻ ഭവേ ഭ്രമതി മുക്തസമസ്തബന്ധഃ. 84

അധ്യാത്മപാരോക്ഷ്യമിദം മയാധിഗതമദ്ഭുതം
ഏവം സ്ത്രിയാഽഽശ്രമഃ പുംസഃ ഛിന്നോഽമുത്ര ച സംശയഃ. 85

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
വിദുരമൈത്രേയസംവാദേ പ്രാചീനബർഹിർന്നാരദ
സംവാദോ നാമ ഏകോനത്രിംശത്തമോഽധ്യായഃ

ത്രിംശത്തമോഽധ്യായഃ

വിദുര ഉവാച
യേ ത്വയാഭിഹിതാ, ബ്രഹ്മൻ, സുതാഃ പ്രാചീനബർഹിഷഃ
തേ രുദ്രഗീതേന ഹരിം സിദ്ധിമാപുഃ പ്രതോഷ്യ കാം. 1

കിം ബാർഹസ്പത്യേഹപരത്ര വാഥ
കൈവല്യനാഥപ്രിയപാർശ്വവർത്തിനഃ
ആസാദ്യ ദേവം ഗിരിശം യദൃച്ഛയാ
പ്രാപുഃ പരം നൂനമഥ പ്രചേതസഃ. 2

മൈത്രേയ ഉവാച
പ്രചേതസോഽന്തരുദധൗ പിതുരാദേശകാരിണഃ
ജപയജ്ഞേന തപസാ പുരഞ്ജനമതോഷയൻ. 3
ദശവർഷസഹസ്രാന്തേ പുരുഷസ്തു സനാതനഃ
തേഷാമാവിരഭൂത് കൃച്ഛ്റം ശാന്തേന ശമയൻ രുചാ. 4
സുപർണ്ണസ്കന്ധമാരൂഢോ മേരുശൃങ്ഗമിവാംബുദഃ
പീതവാസാ മണിഗ്രീവഃ കുർവ്വൻ വിതിമിരാ ദിശഃ. 5

കാശിഷ്ണുനാ കനകവർണ്ണവിഭൂഷണേന
ഭ്രാജത്കപോലവദനോ വിലസത്കിരീടഃ
അഷ്ടായുധൈരനുചരൈർമുനിഭിഃ സുരേന്ദ്രൈ-
രാസേവിതോ ഗരുഡകിന്നരഗീതകീർത്തിഃ. 6

പീനായതാഷ്ടഭുജമണ്ഡലമധ്യലക്ഷ്മ്യാ
സ്പർദ്ധച്ഛ്റിയാ പരിവൃതോ വനമാലയാഽഽദ്യഃ
ബർഹിഷ്മതഃ പുരുഷ ആഹ സുതാൻ പ്രപന്നാൻ
പർജ്ജന്യനാദരുതയാ സഘൃണാവലോകഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനാലധ്യാസത്തിൻ ക്ഷതിക്കായ് ലോക-
സൃഷ്ടി-
സ്ഥിതിസംഹാരകർത്താവായിടും ദൈത്യാ-
രിയെ
കാണുന്നതഖിലമബ്ഭഗവത്സ്വരൂപം താ-
നാണെന്ന ഭാവത്തോടുമഭേദം ഭജിക്കുക. 79

മൈത്രേയൻ പറഞ്ഞു

ഈവിധം ഭാഗവതമുഖ്യനാമമരർഷി
ജീവേശതത്ത്വത്തെയപ്രാചീനബർഹിസ്സിനെ
ധരിപ്പിച്ചദ്ദേഹത്തോടപ്പൊഴേ യാത്രചൊല്ലി
ത്വരിതം സിദ്ധലോകം പ്രാപിച്ചാൻ കരു-
ശ്രേഷ്ഠ! 80

പുത്രരെ പ്രജാപരിപാലനത്തിനായാക്കി-
യുത്തമരാജർഷിയാം പ്രാചീനബർഹിസ്സഥ
തപസ്സുചെയ്യുവാനായിത്തൽക്ഷണം തന്നെ
കപിലമുനീശ്വരാശ്രമത്തിലെത്തീടിനാൻ. 81
വീരനാമവനവിടേകാഗ്രചിത്തനായി
വൈരാഗ്യമാർന്നു സർവസംഗവും സന്ത്യജിച്ചു
ഗോവിന്ദചരണാബ്ജം ഭക്തിപൂർവ്വം ഭജിച്ചു
കൈവല്യപദം പ്രാപിച്ചീടിനാനവി-
ളംബം. 82

അനഘാ നാരദർഷിയധ്യാത്മബോധനാർത്ഥം
കനിഞ്ഞു ഗാനംചെയ്തോരിച്ചരിത്രം പവിത്രം
കേൾക്കുന്ന ജനങ്ങളും ശ്രവിപ്പിച്ചീടുവോരും
മുക്തരായ് ഭവിച്ചീടും ലിംഗദേഹത്തിൽ-
നിന്നും. 83

ഭഗവദ്ഗുണങ്ങളാൽ ജഗച്ഛുദ്ധിദമായി
നിഗമസമാനമായജ്ഞാനഹരമായി
നാരദമുഖവിനിർഗ്ഗളിതമാമിഗ്ഗാഥ
നേരേ പാടീടുന്നവൻ പ്രാപിക്കുമീശ്വരത്വം
സമസ്തബന്ധമുക്തനായവനൊരിക്കലും
ഭ്രമിക്കാനിടയാകാ സംസാരംതന്നിൽ
പിന്നെ. 84

ഗുരുമുഖത്തിൽനിന്നു ഞാൻ കേട്ടോരത്യദ്ഭുത-
കരമീയാത്മതത്ത്വം ഭവാനോടോതീടിനേൻ
നാരീസംഗമത്തിനാലെങ്ങനെ കഷ്ടത്തിലാം
പുരുഷനെന്നും പുണ്യപാപങ്ങളേതുമട്ടിൽ
പരലോകത്തിലവനനുഭവിക്കേണ്ടതായ്
വരുന്നുവെന്നും ചൊല്ലിസ്സന്ദേഹം തീർത്തി-
രിപ്പൂ 85.

അദ്ധ്യായം 30

പ്രചേതസ്സുകളുടെ വരപ്രാപ്തി

വിദുരൻ പറഞ്ഞു

ചൊന്നല്ലോ മുനേ! ഭവാൻ പ്രാചീനബർഹി-
സ്സിന്റെ
നന്ദനർ തപസ്സിനു സമുദ്രം ഗമിച്ചതായ്
രുദ്രഗീതത്താൽ സ്തോത്രംചെയ്തവർ ഹരിപ്രീതി
സിദ്ധമായേതുവിധസിദ്ധിയാം പ്രാപിച്ചതും?
ഹേ ബൃഹസ്പതിശിഷ്യാ! പ്രചേതസ്സുകൾ തത്ര
ശ്രീപരമേശൻതന്നെദ്ദർശിച്ച യാദൃച്ഛികം,
പരമം ഫലമന്ത്യം പ്രാപിച്ചിരിക്കു,മെന്നാൽ
ഹരിഭക്തന്മാരവരിഹത്തിൽ പരത്തിലും
ഏതേതുവിധം ഫലം പ്രാപിച്ചെന്നറിഞ്ഞീ-
ടാൻ
കൗതുകമെനിക്കുള്ളിൽ വളർന്നീടുന്നു പാരം. 1-2

മൈത്രേയൻ പറഞ്ഞു

പിതൃകല്പനയനുസരിച്ചു പോയോരബ്ഭൂ-
പതിപുത്രന്മാർ പിന്നെസ്സമുദ്രാന്തർഭാഗത്തിൽ
ജപിച്ചും രുദ്രഗീത,മാഹാരം നിയന്ത്രിച്ചും
തപസ്സു ചിരം ചെയ്തു നേടിനാർ ഹരിപ്രീതി. 3
പരനാംപുമാൻ പതിനായിരംവർഷം കഴി-
ഞ്ഞൊരുനാളൊളിയാൽ തത്ക്ലേശത്തെ
മാററി മെല്ലെ
ശാന്തസ്വരൂപനായിത്തത്പുരോഭാഗം തന്നിൽ
സന്തുഷ്ടചിത്തനായി പ്രത്യക്ഷപ്പെട്ടീടിനാൻ. 4
മേരുശൃംഗത്തിൽ നീലമേഘമെന്നതുപോലെ
ഗരുഡസ്കന്ധംതന്നിൽക്കയറി,പ്പീതവസ്ത്രം
ധരിച്ചു,ഗളംതന്നിൽ കൗസ്തുഭരത്നം പൂണ്ടി-
ട്ടിരുളാകവേനീക്കിദ്ദിക്കുകൾ ശോഭിപ്പിച്ചാൻ.5
അത്യന്തം മിന്നും സ്വർണ്ണകുണ്ഡലങ്ങളാൽ ശോഭ-
യേററുന്ന ഗണ്ഡങ്ങളാൽ ദീപ്രമാം മുഖത്തോടും
മിന്നിടും മൗലിയോടുമഷ്ടായുധങ്ങളാലും
നന്ദിതസുനന്ദാദിമുഖ്യപാർഷദരാലും
സുരശ്രേഷ്ഠന്മാരാലും മുനിമാരാലും ചുററും
പരിസേവിതനായി താർക്ഷ്യകിന്നരരാലേ
വിസ്തൃതകീർത്തിയായിപ്പീനായ-
താഷ്ടബാഹു-
മദ്ധ്യത്തായ് മാറിൽനിന്നും ലക്ഷ്മിയെ സ്പർദ്ധി-
ച്ചീടും
വനമാലയാൽ പരിവൃതനായാദ്യനാക-
മനാദ്യൻ ജനാർദ്ദനൻ ശരണാഗതന്മാരാം
അബ്ബർഹിസ്സുതരോടായ്ക്കരുണാകടാക്ഷം പൂ-
ണ്ടിപ്പടി ചൊല്ലീടിനാൻ മേഘനിർഘോഷം-
മട്ടിൽ. 6-7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരം വൃണീധ്വം ഭദ്രം വോ യൂയം മേ നൃപനന്ദനാഃ
സൗഹാർദ്ദേനാപൃഥഗ്ധർമ്മാസ്തുഷ്ടോഽഹം സൗഹൃദേന വഃ. 8
യോഽനുസ്മരതി സന്ധ്യായാം യുഷ്മാനനുദിനം നരഃ
തസ്യ ഭ്രാതൃഷ്വാത്മസാമ്യം തഥാ ഭൂതേഷു സൗഹൃദം. 9
യേ തു മാം രുദ്രഗീതേന സായം പ്രാതഃ സമാഹിതാഃ
സ്തുവന്ത്യഹം കാമവരാൻ ദാസ്യേ പ്രജ്ഞാം ച ശോഭനാം. 10
യദ്യൂയം പിതുരാദേശമഗ്രഹീഷ്ട മുദാന്വിതാഃ
അഥോ വ ഉശതീ കീർത്തിർലോകാനനുഭവിഷ്യതി 11
ഭവിതാ വിശ്രുതഃ പുത്രോഽനവമോ ബ്രഹ്മണോ ഗുണൈഃ
യ ഏതാമാത്മവീര്യേണ ത്രിലോകീം പൂരയിഷ്യതി. 12
കണ്ഡോഃ പ്രമ്ലോചയാ ലബ്ധാ കന്യാ കമലലോചനാ
താം ചാപവിദ്ധാം ജഗൃഹുർഭൂരുഹാ നൃപനന്ദനാഃ. 13
ക്ഷുത്ക്ഷാമായാ മുഖേ രാജാ സോമഃ പീയൂഷവർഷിണീം
ദേശിനീം രോദമാനായാ നിദധേ സ ദയാന്വിതഃ. 14
പ്രജാവിസർഗ്ഗ ആദിഷ്ടാഃ പിത്രാ മാമനുവർത്തതാ
തത്ര കന്യാം വരാരോഹാം താമുദ്വഹത മാ ചിരം. 15
അപൃഥഗ്ധർമ്മശീലാനാം സർവ്വേഷാം വഃ സുമധ്യമാ
അപൃഥഗ്ധർമ്മശീലേയം ഭൂയാത് പത്ന്യർപ്പിതാശയാ. 16
ദിവ്യവർഷസഹസ്രാണാം സഹസ്രമഹതൗജസഃ
ഭൗമാൻ ഭോക്ഷ്യഥ ഭോഗാൻ വൈ ദിവ്യാംശ്ചാനുഗ്രഹാന്മമ. 17
അഥ മയ്യനപായിന്യാ ഭക്ത്യാ പക്വഗുണാശയാഃ
ഉപയാസ്യഥ മദ്ധാമ നിർവ്വിദ്യ നിരയാദതഃ. 18
ഗൃഹേഷ്വാവിശതാം ചാപി പുംസാം കുശലകർമ്മണാം
മദ്വാർത്തായാതയാമാനാം ന ബന്ധായ ഗൃഹാ മതാ. 19
നവ്യവദ്ധൃദയേ യജ്ഞോ ബ്രഹ്മൈതത്ബ്രഹ്മവാദിഭിഃ
ന മുഹ്യന്തി ന ശോചന്തി ന ഹൃഷ്യന്തി യതോ ഗതാഃ. 20

മൈത്രേയ ഉവാച

ഏവം ബ്രുവാണം പുരുഷാർത്ഥഭാജനം
ജനാർദ്ദനം പ്രാഞ്ജലയഃ പ്രചേതസഃ
തദ്ദർശനധ്വസ്തതമോരജോമലാ
ഗിരാഗൃണൻ ഗദ്ഗദയാ സുഹൃത്തമം. 21

പ്രചേതസ ഊചുഃ

നമോ നമഃ ക്ലേശവിനാശനായ
നിരൂപിതോദാരഗുണാഹ്വയായ
മനോവചോവേഗപുരോജവായ
സർവ്വാക്ഷമാർഗ്ഗൈരഗതാധ്വനേ നമഃ. 22
ശുദ്ധായ ശാന്തായ നമഃ സ്വനിഷ്ഠയാ
മനസ്യപാർത്ഥം വിലസദ്ദ്വയായ
നമോ ജഗത്സ്ഥാനലയോദയേഷു
ഗൃഹീതമായാഗുണവിഗ്രഹായ. 23
നമോ വിശുദ്ധസത്ത്വായ ഹരയേ ഹരിമേധസേ
വാസുദേവായ കൃഷ്ണായ പ്രഭവേ സർവ്വസാത്വതാം. 24
നമഃ കമലനാഭായ നമഃ കമലമാലിനേ
നമഃ കമലപാദായ നമസ്തേ കമലേക്ഷണ. 25
നമഃ കമലകിഞ്ജല്കപിശംഗാമലവാസസേ
സർവ്വഭൂതനിവാസായ നമോഽയുങ്ക്ഷ്മഹി സാക്ഷിണേ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രകാന്താത്മജന്മാരേ! യന്യോന്യസൗഹാർദ്ദത്തോ-
ടേകധർമ്മത്തെ നിങ്ങളാശ്രയിക്കുന്നവല്ലോ.
നിങ്ങടെ സൗഹൃദത്താൽ സന്തുഷ്ടനായിത്തീ-
ന്നേൻ
മംഗലം ഭവിക്കട്ടെ വരിച്ചുകൊൾവിൻ വരം. 8
ഏതൊരു മർത്ത്യൻ നിത്യം നിങ്ങളെസ്സന്ധ്യയി-
സാദരം സ്മരിച്ചീടുമവന്നങ്ങതിവേഗം [ങ്കൽ
ഭ്രാതാക്കന്മാരിൽപ്പോലെയന്യജന്തുക്കളിലും
ജാതമായീടുമാത്മനിർവിശേഷമാം പ്രേമം. 9
സന്ധ്യയ്ക്കുമുഷസ്സിലുമാരൊരാൾ ത്വദ്ഗീതം
പന്തിയായ്പ്പാടിയെന്നെ സ്തുതിക്കുമാ മാനവൻ
ചിന്തിക്കും ഭോഗങ്ങളും സംസാരസങ്കടത്തി-
നന്തമേകും സുധീയും ഞാനവന്നരുളീടും. 10
പിതൃകല്പന നിങ്ങൾ സന്തോഷസമന്വിത-
മധികാദരത്തോടും സ്വീകരിക്കുകമൂലം
മെത്തീടും യുഷ്മൽകീർത്തിധാവള്യമടിക്കടി
പാർത്തലമെങ്ങുമെന്നും വ്യാപിച്ചു നില-
നില്ക്കും. 11
ബ്രഹ്മാവിൻ ഗുണത്തോടു സമ്മിതഗുണങ്ങളാൽ
സമ്മതനായുള്ളൊരു നന്മകൻ നിങ്ങൾക്കുണ്ടാം.
അവൻ സ്വസന്താനത്തിൻ സന്ദോഹംനിമി-
ത്തമായ്
ഭുവനം മൂന്നും പരിപൂർണ്ണമായ് പുഷ്ടമാക്കും. 12
തൻ തപോവിഘ്നംചെയ്ത ദേവിയാം പ്രമ്ലോ-
ചയിൽ
സുന്ദരിയൊരുപുത്രി കണ്ഡുവിന്നുണ്ടായിതു.
മാതാവാൽ പരിത്യക്തയായീടുമക്കന്യയെ
പാദപവർഗ്ഗമംഗീകരിച്ചു ജാതമോദം. 13
ക്ഷുത്തിനാൽക്കരയുമക്കന്യകതൻ മുഖത്തിൽ
പൃഥ്വീരുഹങ്ങൾക്കെഴും രാജാവാം നിശാകരൻ
അമൃതവർഷിയാം തൻ ചൂണ്ടുന്നിവിരലർപ്പി-
ച്ചമൃതാവഴിയവൾ കുടിച്ചു തടിച്ചിതു. 14
നിങ്ങളേത്താതൻ പ്രജാവൃദ്ധിക്കായാജ്ഞാ-
പിച്ചി-
ട്ടിങ്ങയച്ചതും മമ ചോദനമൂലമത്രേ.
അതിനാൽ പിതൃവാക്യം നിങ്ങളാചരി-
ക്കുവിൻ;
ദ്രുതമാ വരാംഗിയേ വിവാഹംകഴിക്കുവിൻ. 15
ഏകധർമ്മവും സൗശീല്യാദി സദ്ഗുണങ്ങളും
പാകത്തിലൊത്തിണങ്ങീട്ടുള്ളവരല്ലോ
നിങ്ങൾ.
അവളും ഭിന്നധർമ്മമില്ലാത്ത സുശീലയാ-
ണവൾ നിങ്ങളിൽ ചിത്തമർപ്പിച്ച
പതിയത്രേ. 16
എന്നനുഗ്രഹത്തിനാലായിരം ദിവ്യവർഷം
മന്നുവിണ്ണിവററിലെസ്സമസ്തഭോഗങ്ങളും
അനുഭവിച്ചു നാശമററതാം തേജസ്സാർന്നു
മനുജേശ്വരതനൂജന്മാരേ! വാഴ്‌വിൻ സുഖം. 17

ഇക്കണക്കേറെക്കാലം കഴിഞ്ഞാൽ നിങ്ങൾ
ക്കുററ-
ഭക്തികാരണമായി മാനസം ശുദ്ധമാകും
നരകസമാനങ്ങളായിടുമിഹപര-
പുരുഭോഗങ്ങൾ വെടിഞ്ഞന്ത്യമെൻധാമം
പൂകും. 18
ഗൃഹസ്ഥാശ്രമികളും കുശലകർമ്മാക്കളായ്
മഹത്താം മദ്വാർത്തകൾകൊണ്ടു കാലംകഴിച്ചു
അധർമ്മചിന്തയെന്യേ നിത്യവും വാണീടുകിൽ
ക്ഷതിയുണ്ടാകാ ഗൃഹധർമ്മത്താലവർക്കേതും. 19
മൽക്കഥാശ്രവണത്തിൽ ചിത്തമർപ്പിക്കു-
വോർത-
ന്നുൾക്കമലത്തിൽ നവീനാനന്ദരൂപനായ് ഞാൻ
പ്രത്യക്ഷപ്പെടും പിന്നെയജ്ഞാനജന്യങ്ങളാ-
മത്തലും മുത്തും മോഹമെന്നതുമവർക്കില്ല.
ഇതിനെയത്രേ ബ്രഹ്മവേദികളായുള്ളവർ
കഥിക്കുന്നതു സാക്ഷാൽ ബ്രഹ്മസാക്ഷാൽക്കാ-
രമായ്. 20

മൈത്രേയൻ പറഞ്ഞു

ഏകാന്തഭക്തന്മാർക്കു പരമപുരുഷാർത്ഥ-
മേകുമാഹരിയേവമരുളിച്ചെയ്തീടവേ
തദ്ദർശനത്താൽ രജസ്തമോമലിന്യമെല്ലാ-
മസ്തമിച്ചിട്ടാപ്രചേതസ്സുകൾ കരംകൂപ്പി
ഗദ്ഗദവാക്യങ്ങളാൽ ഹിതകർത്താവാകുമ-
ച്ചക്രപാണിയെ സ്തുതിച്ചീടിനാരിപ്രകാരം. 21

പ്രചേതസ്സുകൾ പറഞ്ഞു

കല്യാണഗുണനാമധേയങ്ങൾ കലർന്നോവേ!
അല്ലലാററീടും നാഥാ! ഭവാനു നമസ്കാരം.
ഇന്ദ്രിയങ്ങളാലാർക്കുമറിയാനാകാത്തുള്ള
പന്ഥാവിൽ സൂക്ഷ്മാംഗനായ് ലാലസിച്ചീടും
വിഭോ! 22
ശാന്തനായ് സ്വതേ പരിശുദ്ധനായ് ഭിന്നധർമ്മ-
മേന്തുവോനെന്നായജ്ഞരാരോപിപ്പവനായി
ലോകത്തിൻ സൃഷ്ടിസ്ഥിതിലയങ്ങൾക്കവി-
ദ്യയെ
സ്വീകരിച്ചാകാരങ്ങളാളുമങ്ങേ നമിപ്പൂ. 23
വിശുദ്ധസത്ത്വഗുണമാർന്നും സ്വഭക്തതാപ-
മശേഷം നിരന്തരം ഹരിച്ചും വിളങ്ങീടും
സർവയാദവവംശപ്രഭുവാം വാസുദേവാ!
നിർവ്യാജം നമസ്കാരംചെയ്യുന്നു ഹരേകൃഷ്ണാ! 24
നമസ്തേ പദ്മനാഭാ! നമസ്തേ പങ്കേരുഹ-
സുമനോമാലിൻ! പദ്മചരണാ! നമസ്കാരം.
കമലദലതുല്യനയനങ്ങളാൽ പരം-
രമണീയനാം ഭവാനായിതാ നമസ്കാരം. 25
താമരയല്ലിപോലെ മഞ്ഞിച്ച പട്ടുവസ്ത്രം
പൂമെയ്യിൽ ധരിച്ചീടുമങ്ങേയ്ക്കു നമസ്കാരം.
അഖിലജീവലോകനിവാസസ്ഥാനമായി
സകലസാക്ഷിയാകും ഭവാനു നമസ്കാരം. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രപം ഭഗവതാ ത്വേതദശേഷക്ലേശസംക്ഷയം
ആവിഷ്കൃതം നഃ ക്ലിഷ്ടാനാം കിമന്യദനുകമ്പിതം. 27
ഏതാവത്ത്വം ഹി വിഭുഭിർഭാവ്യം ദീനേഷു വത്സലൈഃ
യദനുസ്മര്യതേ കാലേ സ്വബുദ്ധ്യാഭദ്രരന്ധന. 28
യേനോപശാന്തിർഭൂതാനാം ക്ഷുല്ലകാനാമപീഹതാം
അന്തർഹിതോഽന്തർഹൃദയേ കസ്മാന്നോ വേദ നാശിഷഃ. 29
അസാവേവ വരോഽസ്മാകമീപ്സിതോ ജഗതഃ പതേ
പ്രസന്നോ ഭഗവാൻ യേഷാമപവർഗ്ഗഗുരുർഗ്ഗതിഃ. 30
വരം വൃണീമഹേഽഥാപി നാഥ ത്വത് പരതഃ പരാത്
ന ഹ്യന്തസ്ത്വദ്വിഭൂതീനാം സോഽനന്ത ഇതി ഗീയസേ. 31
പാരിജാതേഽഞ്ജസാ ലബ്ധേ സാരങ്ഗോഽന്യന്ന സേവതേ
ത്വദങ്ഘ്രിമൂലമാസാദ്യ സാക്ഷാത് കിം കിം വൃണീമഹി? 32
യാവത്തേ മായയാ സ്പൃഷ്ടാ ഭ്രമാമ ഇഹ കർമ്മഭിഃ
താവദ്ഭവത്പ്രസംഗാനാം സംഗഃ സ്യാന്നോ ഭവേ ഭവേ. 33
തുലയാമ ലവേനാപി ന സ്വർഗ്ഗം നാപുനർഭവം
ഭഗവത്സങ്ഗിസങ്ഗസ്യ മർത്ത്യാനാം കിമുതാശിഷഃ. 34
യത്രേഡ്യന്തേ കഥാ മൃഷ്ടാസ്തൃഷ്ണായാഃ പ്രശമോ യതഃ
നിർവ്വൈരം യത്ര ഭൂതേഷു നോദ്വേഗോ യത്ര കശ്ചന. 35
യത്ര നാരായണഃ സാക്ഷാദ്ഭഗവാന്ന്യാസിനാം ഗതിഃ
സംസ്തൂയതേ സത്കഥാസു മുക്തസങ്ഗൈഃ പുനഃ പുനഃ. 36
തേഷാം വിചരതാം പദ്ഭ്യാം തീർത്ഥാനാം പാവനേച്ഛയാ
ഭീതസ്യ കിം ന രോചേത താവകാനാം സമാഗമഃ. 37

വയം തു സാക്ഷാദ്, ഭഗവൻ, ഭവസ്യ
പ്രിയസ്യ സഖ്യുഃ ക്ഷണസങ്ഗമേന
സുദുശ്ചികിത്സ്യസ്യ ഭവസ്യ മൃത്യോ-
ർഭിഷക്തമം ത്വാദ്യ ഗതിം ഗതാഃ സ്മഃ. 38
യന്നഃ സ്വധീതം ഗുരവഃ പ്രസാദിതാ
വിപ്രാശ്ച വൃദ്ധാശ്ച സദാനുവൃത്ത്യാ
ആര്യാ നതാഃ സുഹൃദോ ഭ്രാതരശ്ച
സർവ്വാണി ഭൂതാന്യനസൂയയൈവ. 39
യന്നഃ സുതപ്തം തപ ഏതദീശ
നിരന്ധസാം കാലമദഭ്രമപ്സു
സർവ്വം തദേതത് പുരുഷസ്യ ഭൂമ്നോ
വൃണീമഹേ തേ പരിതോഷണായ. 40
മനുഃ സ്വയംഭൂർഭഗവാൻ ഭവശ്ച
യേഽന്യേ തപോജ്ഞാനവിശുദ്ധസത്ത്വാഃ
അദൃഷ്ടപാരാ അപി യന്മഹിമ്നഃ
സ്തുവന്ത്യഥോ ത്വാഽഽത്മസമം ഗൃണീമഃ. 41

നമഃ സമായ ശുദ്ധായ പുരുഷായ പരായ ച
വാസുദേവായ സത്ത്വായ തുഭ്യം ഭഗവതേ നമഃ. 42

മൈത്രേയ ഉവാച

ഇതി പ്രചേതോഭിരഭിഷ്ടുതോ ഹരിഃ
പ്രീതസ്തഥേത്യാഹ ശരണ്യവത്സലഃ
അനിച്ഛതാം യാനമതൃപ്തചക്ഷുഷാം
യയൗ സ്വധാമാനപവർഗ്ഗവീര്യഃ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഖിലദുഃഖങ്ങളും നിശ്ശേഷം നശിപ്പിക്കും
ഭഗവദ്രൂപമേവം ക്ലിഷ്ടരാം ഞങ്ങൾക്കായി
കാട്ടിനാനവിടുന്നു മററെന്തൊരനുകമ്പ
കാട്ടണമിതിന്മീതേ ഞങ്ങളിൽ കൃപാ-
സിന്ധോ! 27

ദുഃഖിതഭൃത്യന്മാരിൽ വത്സലർ പ്രഭുക്കന്മാർ
നിഷ്കർഷിക്കേണ്ടും മുഖ്യസംഗതിയിതൊന്നത്രേ
അവർ വന്നാശ്രയിക്കും സന്ദർഭങ്ങളിലെല്ലാ-
മിവരെൻദാസരെന്നൊന്നോർമ്മിച്ചീടുകമാത്രം.
28

സമസ്തജന്തുക്കൾക്കും ഭവിക്കുമേതല്ലലും
നിമിഷംകൊണ്ടുതീർക്കാൻ ഭവാനുണ്ടല്ലോശേഷി
തുച്ഛങ്ങളെന്നാകിലും പ്രാണികളുടെയെല്ലാ-
മിച്ഛകളറിയുന്ന സർവ്വാന്തസ്ഥനാം ഭവാൻ
ഞങ്ങടെയാഗ്രഹങ്ങളറിയാതിരിക്കുവാൻ
സംഗതിയെന്താണെന്നു മനസ്സിലാക്കാൻ
പണി. 29

എല്ലാം നിന്തിരുവടിയറിയുന്നുണ്ടെങ്കിലും
ചൊല്ലുണം ഞങ്ങൾതന്നെയെങ്കിലങ്ങനെ
ചെയ്യാം

ഞങ്ങളിൽ ഭവാൻ പ്രസാദിക്കണമതുതന്നെ
ഞങ്ങളാഗ്രഹിക്കുന്ന വരവു,മെന്തതെന്നാൽ
നിന്തിരുപ്രസാദത്തെ നേടുന്നവർക്കു ഭവ-
സന്താപമാററി മോക്ഷമാർഗ്ഗോപദേശംചെയ്യും
പരമാചാര്യനും തത്പ്രാപ്യസ്ഥാനവുമായി-
പ്പരിലസിക്കും പരൻപുരുഷനല്ലോ ഭവാൻ. 30
ത്വത്പ്രസാദത്താൽ നാഥാ! കൃതാർത്ഥരായി
ഞങ്ങ-
ളിപ്പോഴെങ്കിലും, പ്രഭുപ്രകരപ്രഭുവായി
അന്തമററുള്ള ഭൂതിനിമിത്തമനന്താഖ്യ-
യേന്തുന്ന ഭവാനോടു വരവും വാങ്ങി-
ക്കൊള്ളാം. 31

പാരിജാതമാം തരു പാടെന്യേ പാട്ടിലായ
സാരങ്ഗം പിന്നെയന്യവൃക്ഷത്തെസ്സേവി-
ക്കുമോ?
ത്വത്പദമൂലം നേരേ സാക്ഷാൽക്കരിച്ചിരിക്കു-
മിപ്പരിഷകൾ വരിക്കേണ്ടതെന്തിനി-
യാവോ! 32

എന്നോളം നിന്മായയാൽ ബദ്ധരായിവരിങ്ങു
പിന്നെയും കർമ്മങ്ങളിൽ ഭ്രമിച്ചു കിടന്നിടും
അന്നോളം ജന്മംതോറും ഭവദാസക്തസാധു-
വൃന്ദസംഗമത്തിനു സംഗതിവന്നീടണം. 33
ഭഗവദ്ഭക്തസംഗാംശത്തോടു തുല്യമാകാ
മികവാർന്നീടും സ്വർഗ്ഗസുഖവും നിർവ്വാണവും.
പിന്നെയെന്തിന്നിവർക്കീ മന്നിടംതന്നിലുള്ളു-
മുന്നതപദങ്ങളുമൈശ്വര്യഭോഗങ്ങളും? 34
ഭക്തസംഘത്തിലെന്നും ഭഗവത്പ്പരിശുദ്ധ-
സൽക്കഥ കീർത്തിച്ചിടു,മായതു കേൾക്കുന്നേരം
ആശകൾ ശമിച്ചീടും പ്രാണികൾതമ്മിൽ
വൈരം
ലേശവും കാണാതാക,മല്ലലുമില്ലാതെയാം. 35
അസംഗന്മാർതൻ പ്രാപ്യസ്ഥാനമായീടും—
സാക്ഷാൽ
ഹൃഷീകേശനായീടുമങ്ങയെയനാരതം
സൽക്കഥകളിലവർ തുടൻു വാഴ്ത്തുന്നുണ്ട-
സ്സൗഖ്യവുമാനന്ദവും മറെറങ്ങും സിദ്ധിച്ചിടാ.36
തീർത്ഥങ്ങൾ ശുദ്ധമാക്കാൻ സഞ്ചരിച്ചിടും ഭവ-
ദ്ഭക്തന്മാരുമായിടവിടാത്ത സമാഗമം
ഘോരസംസാരഭീതന്മാരായ മർത്ത്യർക്കെല്ലാ-
മോരുകിലേതുമട്ടു രുചിക്കാതിരുന്നിടും? 37
ഭഗവൻ! ഭവത്പ്രിയങ്കരനും സഖാവുമാ-
മഗജാപതിയുമായ് ക്ഷണനേരത്തെസ്സംഗം
സിദ്ധിക്കയാലേ ഞങ്ങൾ ദുസ്സഹഭവരോഗ-
വൈദ്യവര്യനാമങ്ങേശ്ശരണം പുകിയി-
പ്പോൾ. 38

അല്ലയോ കാലാത്മകനാകമീശ്വര! ഞങ്ങൾ
നല്ലപോലാഗമങ്ങളെല്ലാമഭ്യസിച്ചതും
ശുദ്ധഭാവത്തോടനുസരിച്ചു ഗുരുദ്വിജ-
വൃദ്ധരെസ്സേവിച്ചെന്നും പ്രസാദിപ്പിച്ചുള്ളതും
ആര്യരെ നമിച്ചതും സുഹൃത്സോദരരേയും
കാര്യമായ് സർവ്വഭൂതസംഘത്തെയും പൂജിച്ചതും,39
ആഹാരാദികൾ വെടിഞ്ഞപ്പിലിത്രയും കാലം
സാഹസപ്പെട്ടു കൊടുംതപസ്സാചരിച്ചതും
ഒക്കെയന്തര്യാമിയായഖിലവ്യാപിയായി
നില്ക്കും നിന്തിരുപ്രസാദത്തിനായ്ത്തീർന്നീ-
ടണം. 40

ജ്ഞാനവും തപസ്സുംകൊണ്ടതിപാവനമായ
മാനസമിയന്നിടും മനുവും സ്വയംഭുവും
ജ്ഞാനമൂർത്തിയാം മഹേശ്വരനും മററുള്ളോരും
ദാനവാരാതേ! ഭവന്മാഹാത്മ്യം സംപൂർണ്ണമായ്
അറിഞ്ഞിട്ടില്ലെങ്കിലും ഭവാനെ സ്തുതിക്കുന്നു-
ണ്ടറിവിന്നൊത്തവണ്ണം ഞങ്ങളും സ്തുതിക്കുന്നു.41
ശുദ്ധനായ് സമനായിപ്പരംപുരുഷനായി
സത്ത്വരൂപനായ് വസുദേവനന്ദനനായി
ഐശ്വര്യസംപൂർണ്ണനായ് വിളങ്ങീടുന്ന സർവ്വാ-
ധീശ്വരാ! തിരുമേനിക്കായിതാ നമസ്കാരം. 42

മൈത്രേയൻ പറഞ്ഞു

ശരണ്യവാത്സല്യമാർന്നമോഘവീര്യംപെടും
ഹരി,യീവിധം പ്രചേതസ്സുകൾ വാഴ്ത്തീടവേ
പരമസന്തുഷ്ടനായാകട്ടെയതുപോലെ
വരട്ടെ നിങ്ങൾക്കെന്നായരുളിച്ചെയ്തീടിനാൻ.
തദ്ദർശനത്തിൽ തൃപ്തി കണ്ണുകൾക്കിയലാതെ
തന്നിഷ്ക്രമണത്തിലുമിച്ഛയില്ലാതെ നില്ക്കും
ആ പ്രചേതസ്സുകൾതൻ മുന്നിൽനിന്നങ്ങു
പിന്നെ-
യപ്രത്യക്ഷനായ് വിട്ടു പുകിനാൻ നിജധാമം.43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ നിര്യായ സലിലാത് പ്രചേതസ ഉദന്വതഃ
വീക്ഷ്യാകുപ്യൻ ദ്രുമൈഃ ഛന്നാം ഗാം ഗാം
രോദ്ധുമിവോച്ഛ്രിതൈഃ. 44
തതോഽഗ്നിമാരുതൗ രാജന്നമുഞ്ചന്മുഖതോ രുഷാ
മഹീം നിർവ്വീരുധം കർത്തും സംവർത്തക ഇവാത്യയേ. 45
ഭസ്മസാത്ക്രിയമാണാംസ്താൻ ദ്രുമാൻ വീക്ഷ്യ പിതാമഹഃ
ആഗതഃ ശമയാമാസ പുത്രാൻ ബർഹിഷ്മതോ നയൈഃ. 46
തത്രാവശിഷ്ടാ യേ വൃക്ഷാ ഭീതാ ദുഹിതരം തദാ
ഉജ്ജഹ്രുസ്തേ പ്രചേതോഭ്യ ഉപദിഷ്ടാഃ സ്വയംഭുവാ. 47
തേ ച ബ്രഹ്മണ ആദേശാന്മാരിഷാമുപയേമിരേ
യസ്യാം മഹദവജ്ഞാനാദജന്യജനയോനിജഃ. 48
ചാക്ഷുഷേ ത്വന്തരേ പ്രാപ്തേ പ്രാക്സർഗ്ഗേ കാലവിദ്രുതേ
യഃ സസർജ്ജ പ്രജാ ഇഷ്ടാഃ സ ദക്ഷോ ദൈവചോദിതഃ. 49
യോ ജായമാനഃ സർവ്വേഷാം തേജസ്തേജസ്വിനാം രുചാ
സ്വയോപാദത്ത ദാക്ഷ്യാച്ച കർമ്മണാം ദക്ഷമബ്രുവൻ. 50
തം പ്രജാസർഗ്ഗരക്ഷായാമനാദിരഭിഷിച്യ ച
യുയോജ യുയുജേഽന്യാംശ്ച സ വൈ സർവ്വപ്രജാപതീൻ. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ത്രിംശത്തമോഽധ്യായഃ

ഏകത്രിംശത്തമോഽധ്യായഃ

മൈത്രേയ ഉവാച
തത ഉത്പന്നവിജ്ഞാനാ ആശ്വധോക്ഷജഭാഷിതം
സ്മരന്ത ആത്മജേ ഭാര്യാം വിസൃജ്യ പ്രാവ്രജൻ ഗൃഹാത്. 1
ദീക്ഷിതാ ബ്രഹ്മസത്രേണ സർവ്വഭൂതാത്മമേധസാ
പ്രതീച്യാം ദിശി വേലായാം സിദ്ധോഽഭ്യദ്യത്ര ജാജലിഃ. 2
താന്നിർജ്ജിതപ്രാണമനോവചോദൃശോ
ജിതാസനാൻ ശാന്തസമാനവിഗ്രഹാൻ
പരേഽമലേ ബ്രഹ്മണി യോജിതാത്മനഃ
സുരാസുരേഡ്യോ ദദൃശേ സ്മ നാരദഃ. 3
തമാഗതം ത ഉത്ഥായ പ്രണിപത്യാഭിനന്ദ്യ ച
പൂജയിത്വാ യഥാദേശം സുഖാസീനമഥാബ്രുവൻ. 4
പ്രചേതസ ഊചുഃ
സ്വാഗതം തേ സുരർഷേഽദ്യ ദിഷ്ട്യാ നോ ദർശനം ഗതഃ
തവ ചംക്രമണം ബ്രഹ്മന്നഭയായ യഥാ രവേഃ. 5
യദാദിഷ്ടം ഭഗവതാ ശിവേനാധോക്ഷജേന ച
തദ്ഗൃഹേഷു പ്രസക്താനാം പ്രായശഃ ക്ഷപിതം പ്രഭോ. 6
തന്നഃ പ്രദ്യോതയാധ്യാത്മജ്ഞാനം തത്ത്വാർത്ഥദർശനം
യേനാഞ്ജസാ തരിഷ്യാമോ ദുസ്തരം ഭവസാഗരം. 7
മൈത്രേയ ഉവാച
ഇതി പ്രചേതസാം പൃഷ്ടോ ഭഗവാന്നാരദോ മുനിഃ
ഭഗവത്യുത്തമശ്ലോക ആവിഷ്ടാത്മാബ്രവീന്നൃപാൻ. 8
നാരദ ഉവാച
തജ്ജന്മ താനി കർമ്മാണി തദായുസ്തന്മനോ വചഃ
നൃണാം യേനേഹ വിശ്വാത്മാ സേവ്യതേ ഹരിരീശ്വരഃ. 9
കിം ജന്മഭിസ്ത്രിഭിർവ്വേഹ ശൗക്ലസാവിത്രയാജ്ഞികൈഃ
കർമ്മഭിർവ്വാ ത്രയീപ്രോക്തൈഃ പുംസോഽപി വിബുധായുഷാ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമുദ്രാംബുവിൽനിന്നും പ്രചേതസ്സുകൾ ബഹി-
ർഗ്ഗമിച്ചു ശീഘ്രം സ്വർഗ്ഗം രോധിക്കാൻ-
വിധം നില്ക്കും

ഉന്നതവൃക്ഷങ്ങളാൽ സമാച്ഛാദിതമാകും
മന്നിടമൊന്നു നോക്കിയരിശമാന്നു പാരം. 44
വെളിയിലേക്കു വിട്ടാർ പ്രളയവഹ്നിക്കൊക്കും
ജ്വലദഗ്നിയെക്കൊടുങ്കാറ്റൊത്തു വായിൽ-
നിന്നും. 45

വൃക്ഷവല്ലരികളെദ്ദഹിപ്പിപ്പതു കണ്ടി-
ട്ടക്ഷണമവിടത്തിലെത്തിയാ ബ്രഹ്മദേവൻ
സാമവാക്യങ്ങളാലാ പ്രാചീനബർഹിന്നാമ-
ഭൂമീശസുതന്മാരെസ്സാന്ത്വനപ്പെടുത്തിനാൻ. 46
ബാക്കി വൃക്ഷങ്ങൾ പേടിച്ചപ്പൊഴേയേകി
ബ്രഹ്മ-
വാക്കിനാൽ തത്പുത്രിയെ പ്രചേതസ്സുകൾ-
ക്കായി. 47

അവരുമജാജ്ഞയാലാ മാരിഷാഭിഖ്യയെ
വിവാഹംകഴിച്ചിതു, ബ്രഹ്മപുത്രനാം ദക്ഷൻ
ശിവനിന്ദയാലാന്ന വൈകൃതാങ്ഗം ത്യജി-
ച്ചവളിൽവന്നു പിന്നെജ്ജാതനായെന്നേ- [ച്ചി-
വേണ്ടു. 48

മുൻപത്തെ പ്രജാസർഗ്ഗകാലം കാലത്താൽ ക്ഷയം
സമ്പ്രാപിച്ചതിൻശേഷം പതിവിന്നൊത്ത-
വണ്ണം
ചാക്ഷുഷമന്വന്തരകാലമായപ്പോളാരാ-
ണീശ്വരൻതൻ പ്രേരണകാരണം വേണ്ടപോലെ
ഇഷ്ടപ്രജാനിർമ്മാണം സാധിച്ചു പാരിൽ-
കീർത്തി-
നട്ടതാപ്രജാപതിപ്രമുഖനാണീ ദക്ഷൻ. 49
ജനനകാലത്തിലാരാഭയാൽ സ്വതേജസ്വീ-
ജനമുഖ്യർതൻ തനുശോഭയെദ്ധിക്കരിച്ചോ
ആരൊരാൾ കർമ്മങ്ങളിൽ കാട്ടിയ ദാക്ഷ്യംമൂലം
പേരു ദക്ഷനെന്നർത്ഥവത്തായിദ്ധരിച്ചുവോ, 50
ആ ദക്ഷനെത്താൻ പ്രജാസർഗ്ഗരക്ഷാവൃദ്ധ്യർത്ഥം
ധാതാവു നിശ്ചയിച്ചു കഴിച്ചാനഭിഷേകം
അവനാണത്രേ പിന്നെ നിയമിച്ചതു മുനി-
പ്രവരന്മാരാമന്യപ്രജേശന്മാരെയെല്ലാം. 51

അദ്ധ്യായം 31

പ്രചേതസ്സുകളുടെ ഗതി

മൈത്രേയൻ പറഞ്ഞു

കാലമേറെക്കഴിഞ്ഞു, വിജ്ഞാനംനേടി,-
ബ്ഭക്ത-
പാലകൻ ഭഗവാൻതൻ വാക്കുകളോർത്തു പിന്നെ
കാന്തയെത്തനയങ്കലേല്പിച്ചാ പ്രചേതാക്കൾ
സ്വന്തമന്ദിരം ത്യജിച്ചത്യരം പോയീടിനാർ. 1
പശ്ചിമദിക്കിൽ കടൽത്തീരത്തു ജാജലിയാം-
വിശ്രുതമുനി സിദ്ധിയടഞ്ഞോരിടമാന്ന്
സർവ്വഭൂതൗഘത്തിലുമാത്മഭാവനയോടും
സർവ്വദാ ബ്രഹ്മചിന്താദീക്ഷിതരായാരവർ. 2
അവിടെ പ്രാണൻ മനം വചനം ദൃക്കുമെല്ലാം
സ്വവശത്താക്കിപ്പിന്നെയാസനങ്ങളെ വെന്നു
സമശാന്തങ്ങളവയവങ്ങൾ നിർത്തി നേരേ
വിമലപരബ്രഹ്മത്തിങ്കലാത്മാവുചേർത്തു
സ്ഥിതിചെയ്യുമാ ബർഹിസ്സുതരെയൊരു-
നാളിൽ
ദിതിജസുരവന്ദ്യൻ നാരദൻ വന്നു കണ്ടാൻ. 3
എഴുന്നേററവരുടനാഗതൻ മുനീന്ദ്രനെ-
ക്കഴലിൽവീണു കുപ്പിയഭിനന്ദിച്ചു പാരം
വിധിപോലാരാധിച്ചു സുഖമാമാസനത്തി-
ലധിരോഹണംചെയ്യിച്ചോതിനാർ
സമാദരം. 4
സ്വാഗതം ബ്രഹ്മവേദിമുഖ്യനാം വിണ്മാമുനേ!
ഭാഗധേയത്താൽ ഞങ്ങൾക്കൊത്തിപ്പോൾ
ത്വദ്ദർശനം.
രവിചംക്രമണംപോൽ ഭയത്തിൻനിവൃത്തി-
ക്കായ്
ഭവാൻെറ സഞ്ചാരവും ഭവിച്ചീടുന്നവല്ലോ. 5
മാമുനേ! പരിശുദ്ധജ്ഞാനമൂർത്തികളാകും
ശ്രീമഹേശനും രമാകാന്തനും ഞങ്ങളോടായ്
അരുളിച്ചെയ്തിരുന്ന തത്ത്വങ്ങൾ ഗൃഹകർമ്മ-
പരരാം ഞങ്ങളിപ്പോൾ മിക്കതും മറന്നു-
പോയ്. 6
തത്ത്വാർത്ഥപ്രദർശകമായിടുമാത്മജ്ഞാന-
മിത്തവ്വിൽ പ്രാകാശിപ്പിക്കേണമേ
കൃപാനിധേ!
അതിനാൽ ദുസ്തരമാം സംസാരസമുദ്രത്തെ
മതിമൻ! നിഷ്പ്രയാസം ഞങ്ങൾക്കു
കടന്നീടാം. 7

മൈത്രേയൻ പറഞ്ഞു

ഗീരിതുവിധം കേട്ടു നാരദനവരോടാ-
യീരണംചെയ്താൻ ഹരിസ്തുതിയോടിപ്രകാരം. 8

നാരദൻ പറഞ്ഞു

വിശ്വാത്മാവായിസ്സർവ്വേശ്വരനാം മുകുന്ദനെ
വിശ്വാസപൂർവ്വം സേവിച്ചീടുന്ന മനുഷ്യൻെറ
ജനിയും കർമ്മങ്ങളുമായുസ്സും വാക്കുകളും
മനവുമെല്ലാം ഫലയുക്തമായ് ഭവിക്കുന്നു. 9
ശൗക്ലസാവിത്രയാജ്ഞികങ്ങളാം നാമങ്ങളെ
കൈക്കൊണ്ടു ജന്മത്രയംകൊണ്ടെന്താം
പ്രയോജനം?
നൂറു യാഗങ്ങൾ യജിച്ചീടിലും സുരക്കൊപ്പ-
മേറെനാളിരുന്നാലും മർത്ത്യനു ഫലമെന്തോ? 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുതേന തപസാ വാ കിം വചോഭിശ്ചിത്തവൃത്തിഭിഃ
ബുദ്ധ്യാ വാ കിം നിപുണയാ ബലേനേന്ദ്രിയരാധസാ. 11
കിം വാ യോഗേന സാംഖ്യേന ന്യാസസ്വാദ്ധ്യായയോരപി
കിം വാ ശ്രേയോഭിരന്യൈശ്ച ന യത്രാത്മപ്രദോ ഹരിഃ. 12
ശ്രേയസാമപി സർവ്വേഷാമാത്മാ ഹ്യവധിരർത്ഥതഃ
സർവ്വേഷാമപി ഭൂതാനാം ഹരിരാത്മാഽഽത്മദഃ പ്രിയഃ. 13
യഥാ തരോർമ്മൂലനിഷേചനേന
തൃപ്യന്തി തത്സ്കന്ധഭുജോപശാഖാഃ
പ്രാണോപഹാരാച്ച യഥേന്ദ്രിയാണാം
തഥൈവ സർവ്വാർഹണമച്യുതേജ്യാ. 14
യഥൈവ സൂര്യാത് പ്രഭവന്തി വാരഃ
പുനശ്ച തസ്മിൻ പ്രവിശന്തി കാലേ
ഭൂതാനി ഭൂമൗ സ്ഥിരജംഗമാനി
തഥാ ഹരാവേവ ഗുണപ്രവാഹഃ. 15
ഏതത് പദം തജ്ജഗദാത്മനഃ പരം
സകൃദ്വിഭാതം സവിതുര്യഥാ പ്രഭാ
യഥാസവോ ജാഗ്രതി സുപ്തശക്തയോ
ദ്രവ്യക്രിയാജ്ഞാനഭിദാഭ്രമാത്യയഃ. 16
യഥാ നഭസ്യഭ്രതമഃപ്രകാശാ
ഭവന്തി ഭൂപാ ന ഭവന്ത്യനുക്രമാത്
ഏവം പരേ ബ്രഹ്മണി ശക്തയസ്ത്വമൂ
രജസ്തമഃസത്ത്വമിതി പ്രവാഹഃ. 17
തേനൈകമാത്മാനമശേഷദേഹിനാം
കാലം പ്രധാനം പുരുഷം പരേശം
സ്വതേജസാ ധ്വസ്തഗുണപ്രവാഹ-
മാത്മൈകഭാവേന ഭജധ്വമദ്ധാ. 18
ദയയാ സർവ്വഭൂതേഷു സന്തുഷ്ട്യാ യേന കേന വാ
സർവ്വേന്ദ്രിയോപശാന്ത്യാ ച തുഷ്യത്യാശു ജനാർദ്ദനഃ. 19
അപഹതസകലൈഷണാമലാത്മ-
ന്യവിരതമേധിതഭാവനോപഹൂതഃ
നിജജനവശഗത്വമാത്മനോഽയ-
ന്ന സരതി ഛിദ്രവദക്ഷരഃ സതാം ഹി. 20
ന ഭജതി കുമനീഷിണാം സ ഇജ്യാം
ഹരിരധനാത്മധനപ്രിയോ രസജ്ഞഃ
ശ്രുതധനകുലകർമ്മണാം മദൈര്യേ
വിദധതി പാപമകിഞ്ചനേഷു സത്സു. 21
ശ്രിയമനുസരതീം തദർത്ഥിനശ്ച
ദ്വിപദപതീൻ വിബുധാംശ്ച യത്സ്വപൂർണ്ണഃ
ന ഭജതി നിജഭൃത്യവർഗ്ഗതന്ത്രഃ
കഥമമുമുദ്വിസൃജേത് പുമാൻ കൃതജ്ഞഃ. 22

മൈത്രേയ ഉവാച
ഇതി പ്രചേതസോ രാജന്നന്യാശ്ച ഭഗവത്കഥാഃ
ശ്രാവയിത്വാ ബ്രഹ്മലോകം യയൗ സ്വായംഭുവോ മുനിഃ. 23
തേഽപി തന്മുഖനിര്യാതം യശോ ലോകമലാപഹം
ഹരേർന്നിശമ്യ തത്പാദം ധ്യായന്തസ്തദ്ഗതിം യയുഃ. 24
ഏതത്തേഽഭിഹിതം ക്ഷത്തര്യന്മാം ത്വം പരിപൃഷ്ടവാൻ
പ്രചേതസാം നാരദസ്യ സംവാദം ഹരികീർത്തനം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രവണംകൊണ്ടും വ്രതാദ്യനുഷ്ഠാനങ്ങളാലും
വിവരണങ്ങളാലും ചിത്തസങ്കല്പത്താലും
ചിന്തനബുദ്ധികൊണ്ടും വസ്തുജ്ഞാനത്തി-
നല്ലോ-
രിന്ദ്രിയശക്തികൊണ്ടും വല്ലതും ഫലമുണ്ടോ?
11

സന്യാസം, യോഗം, വേദാദ്ധ്യയനം,
സാംഖ്യശാസ്ത്ര-
മെന്നിവകൊണ്ടുമന്യശ്രേയോലാഭങ്ങളാലും
എന്താണു ഫല,മാത്മസ്വരൂപം ദാനംചെയ്യും
ബന്ധുവാം ശ്രീകാന്തനെസ്സേവനം-
ചെയ്യീടായ്കിൽ? 12

ശ്രേയസ്സാധനങ്ങൾതൻ പരിധിയാത്മാവുതാ-
നായീടും യഥാർത്ഥമായ് ചിന്തിച്ചു-
നോക്കീടുകിൽ
ഭൂതജാലത്തിനെല്ലാമാത്മാവും പ്രിയൻതാനും
സ്ഥിതകാരുണ്യശാലി ഭഗവാൻ ഹരിയല്ലോ. 13
ശാഖിതന്മൂലം നനച്ചീടുന്നതുമൂലമായ്ത്തൽ-
ശാഖോപശാഖയാകെസ്സംതൃപ്തിപ്പെട്ടുംമട്ടും
പ്രാണനെത്തോഷിപ്പിപ്പതിന്ദ്രിയജാലത്തിനു-
മാനന്ദനിധാനമായ്ത്തീരുന്നവിധത്തിലും
അച്യുതഭഗവച്ഛ്രീപാദപദ്മാരാധനം
നിശ്ചയമായിസ്സമസ്താർച്ചനമഹിക്കുന്നു. 14
സൂര്യനിൽനിന്നു വർഷകാലത്തു ഭവിക്കുന്നു
നീര,മതവനിൽത്താൻ ചേരുന്നു വേനലിങ്കൽ
ധരയിലുദ്ഭവിച്ചു നിലനിന്നഴിയുന്ന
ചരാചരങ്ങളാകും സകലഭൂതങ്ങളും
അതുപോലിക്കാണുന്ന സർവ്വവും ശ്രീവിഷ്ണുവി-
ലുദിച്ചുനിലകൊണ്ടു വിലയംപ്രാപിക്കുന്നു. 15
ഒരുകാലത്തു കാണുമീ വിശ്വം ദിനേശന്റെ
കരംപോൽ ലോകാത്മാവിൻ പരമം
സ്ഥാനമത്രേ.
ജാഗ്രത്തിൽ പ്രവർത്തിക്കുമസുക്കൾ സുഷുപ്തി-
യിൽ
ശക്തിയില്ലാത്തമട്ടിലിരിക്കുന്നതുപോലെ,
വിഷ്ണുപാത്മാവാമീശൻതങ്കലും പ്രളയത്തിൽ
നഷ്ടമാം ദ്രവ്യക്രിയാദേവതാഭേദഭ്രമം. 16
ഏതുമട്ടാകാശത്തിൽ മേഘവും ഭാസ്സും തമോ-
വ്രാതവും ക്രമത്തിനു ഭവിപ്പൂ, ഭവിപ്പീല,
അമ്മട്ടു രജസ്തമസ്സത്ത്വശക്തികൾ പര-
ബ്രഹ്മത്തിൽ ഭവിക്കുന്നു, ഭവിക്കുന്നില്ലതാനും.
17
അതിനാൽ സർവ്വദേഹികൾക്കുമേകാത്മാവായി
പ്രധാനമായിക്കാലാകൃതിയായ്ക്കർത്താവായി
സകലനിയന്താവായ് സ്വന്തതേജസ്സാൽ ഗുണ-
പ്രകരപ്രഭാവത്തെയസ്തമിപ്പിച്ചിരിക്കും

ശ്രീകാന്തഭഗവാനെയേകാന്തഭക്തിയോടും
ഭൂകാന്താത്മജന്മാരേ! ശുദ്ധമായ് ഭജിക്കുവിൻ.
18
ഒന്നുപോൽ ഭൂതങ്ങളിലൊക്കെയും കാരുണ്യവും,
വന്നിങ്ങു വശാൽച്ചേരും ഫലത്താൽ
സന്തുഷ്ടിയും,
ഇന്ദ്രിയപ്രശാന്തിയുമുണ്ടായാലുടൻതന്നെ
സന്തുഷ്ടനായിടുന്നു ഭഗവാൻ ജനാർദ്ദനൻ. 19
അർത്ഥപുത്രാദ്യാശയും ഭോഗവാസനകളു-
മസ്തമായ് വിശുദ്ധമാം സജ്ജനഹൃത്തിൽ
നിത്യം
അക്ഷയമായ ഭക്തിയോഗത്താലുപഹൃത-
നക്ഷരനധോക്ഷജൻ ഹൃദയാകാശംമട്ടിൽ
സ്വജനവശംവദനായെത്തിക്കൂടികൊള്ളു-
മജസ്രം പിന്നെയൊരുകാലവും
പിരിയാതെ. 20
ധനാദിവാഞ്ഛയെന്യേയാത്മാവാം ഭഗവാനെ-
ത്തനതുസമ്പത്തായിദ്ധ്യാനിക്കും സാധുക്കളെ
പാണ്ഡിത്യം, ധനാധിക്യ,മുത്കൃഷ്ടവംശം,
കർമ്മ-
മെന്നിവമൂലം മുഴുത്തീടുന്ന ഗർവത്തിനാൽ
നിന്ദിക്കും ദുർബുദ്ധികൾ ചെയ്യുന്ന സത്കാ [രങ്ങ-
ളൊന്നുമേ സ്വീകരിക്കാ ഭഗവാൻ
ഭക്തപ്രിയൻ. 21
സ്വയമേ പൂർണ്ണനായി ഭക്താധീനനീ ദേവൻ
നിയതം തന്നെസ്സേവിച്ചീടുന്ന ലക്ഷ്മിയേയും
അവളെബ്ഭജിക്കുന്ന നരപാലന്മാരെയും
ദിവിഷദ്ഗണത്തെയുമാദരിച്ചിടുന്നില്ല.
ഉപകാരത്തിൻ സ്മൃതിയുള്ളവനീ ദേവനെ-
യുപേക്ഷിക്കുവാൻ സാധിച്ചീടുകയില്ല നൂനം.
22

മൈത്രേയൻ പറഞ്ഞു

ഹരിസൽക്കഥയേവം വളരെ പ്രചേതാ-
ക്കൾ-
ക്കരുളിയജലോകമണഞ്ഞാൻ ബ്രഹ്മാത്മ-
ജൻ. 23
അവരും തദാസ്യത്തിൽനിന്നു നിർഗ്ഗളിച്ചതായ്
ഭുവനമലം പോക്കും ശ്രീഹരിസച്ചരിത്രം
ശ്രവിച്ചു നിരന്തരം ഹരിതൃപ്പാദം ധ്യാനി-
ച്ചവസാനത്തിലതിലാലയിച്ചെന്നേ വേണ്ടൂ.
24
വിദുരാ! നാരദനാ പ്രചേതസ്സുകൾക്കായി
വദിച്ച ഹരികഥ ചൊന്നേൻ നീ ചോദിക്ക-
യാൽ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

യ ഏഷ ഉത്താനപദോ മാനവസ്യാനുവർണ്ണിതഃ
വംശഃ പ്രിയവ്രതസ്യാപി നിബോധ നൃപസത്തമ! 26
യോ നാരദാദാത്മവിദ്യാമധിഗമ്യ പുനർമ്മഹീം
ഭുക്ത്വാ വിഭജ്യ പുത്രേഭ്യ ഐശ്വരം സമഗാത് പദം. 27

ഇമാം തു കൗഷാരവിണോപവർണ്ണിതാം
ക്ഷത്താ നിശമ്യാജിതവാദസത്കഥാം
പ്രവൃദ്ധഭാവോഽശ്രുകലാകുലോ മുനേ-
ർദ്ദധാര മൂർധ്നാ ചരണം ഹൃദാ ഹരേഃ. 28

വിദുര ഉവാച

സോഽയമദ്യ മഹായോഗിൻ ഭവതാ കരുണാത്മനാ
ദർശിതസ്തമസഃ പാരോ യത്രാകിഞ്ചനഗോ ഹരിഃ. 29

ശ്രീശുക ഉവാച

ഇത്യാനമ്യ തമാമന്ത്ര്യ വിദുരോ ഗജസാഹ്വയം
സ്വാനാം ദിദൃക്ഷുഃ പ്രയയൗ ജ്ഞാതീനാം നിർവൃതാശയഃ. 30
ഏതദ്യഃ ശൃണുയാദ്രാജൻ രാജ്ഞാം ഹര്യർപ്പിതാത്മനാം
ആയുർധനം യശഃ സ്വസ്തി ഗതിമൈശ്വര്യമാപ്നുയാത്. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പ്രചേതഉപാഖ്യാനം നാമ ഏകത്രിംശത്തമോഽധ്യായഃ

സമാപ്തോഽയം ചതുർത്ഥസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

വിസ്തരം സ്വായംഭുവമനുവിൻ പുത്രനാകു-
മുത്താനപാദൻതന്റെ വംശവും ചൊന്നേൻ
ക്രമാൽ.
ഇനി ഞാൻ പ്രിയവ്രതവംശത്തെപ്പറയുന്നു
മനസ്സിരുത്തിക്കേട്ടുകൊള്ളുക ധരാപതേ! 26
സാദരം പ്രിയവ്രതൻ ദേവമാമുനിയിൽനി-
ന്നാദിയിലാത്മതത്ത്വം ഗ്രഹിച്ചു മഹി കാത്തു
സ്വപുത്രന്മാക്കായതു പകുത്തുകൊടുത്തഥ
തപസ്സാൽ പ്രാപിച്ചിതു ഭഗവത്പദമന്ത്യം. 27
ശുദ്ധമാം ഹരികഥ മൈത്രേയമുനിയേവം
വിസ്തരിച്ചോതിയതു സശ്രദ്ധം കേട്ടക്കമൂലം
വദ്ധിച്ചുവന്ന ഭക്തിപ്രഭാവംകൊണ്ടു ബാഷ്പ-
വ്യാപ്തിയാൽ സമാകുലധീയാൻ വഴിപോലെ
ഹരിപാദാംഭോരുഹം ഹൃദയത്തിലും മുനി-
ചരണം മൂദ്ധാവിലും വിദുരൻ ധരിച്ചിതു. 28

വിദുരൻ പറഞ്ഞു

ഹേ മഹായോഗീശ്വരാ! കൃപയാലെനി-
ക്കായ് നി-
സ്സീമാന്ധകാരപാരം കാണിച്ചുതന്നു ഭവാൻ.
നിഷ്കിഞ്ചനന്മാക്കെത്താവുന്നതാം ഹരിയുടെ
ചൊല്ലെഴുമാവാസഭ്രുവവിടംതന്നെ-
യല്ലോ. 29

ശ്രീശുകൻ പറഞ്ഞു

വിദുരനേവം ചൊല്ലി നമിച്ചു മഹർഷിയെ-
ത്തദനുവാദം വാങ്ങി നിർവൃതചിത്തനായി
സ്വജനബാന്ധവസന്ദർശനവാഞ്ഛയോടും
ഗജസാഹ്വയപുരം സഹസാ പ്രാപിച്ചിതേ. 30
അല്ലയോ പരീക്ഷിത്തേ! ഹരിയിലുള്ളമപ്പി-
ച്ചുള്ളോരബ്ബർഹിസ്സുതന്മാരുടെയിച്ചരിത്രം
കേട്ടീടുന്നവനുണ്ടാം വിത്തവും സൽക്കീത്തിയും
സ്വാസ്ഥ്യവും സ്വർഗ്ഗാപ്തിയുമായുസ്സുമൈശ്വ-
ര്യവും 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചമസ്കന്ധഃ

പ്രഥമോഽധ്യായഃ

രാജോവാച

പ്രിയവ്രതോ ഭാഗവത ആത്മാരാമഃ കഥം മുനേ!
ഗൃഹേഽരമത യന്മൂലഃ കർമ്മബന്ധഃ പരാഭവഃ. 1

ന നൂനം മുക്തസങ്ഗാനാം താദൃശാനാം ദ്വിജർഷഭ!
ഗൃഹേഷ്വഭിനിവേശോഽയം പുംസാം ഭവിതുമർഹതി. 2

മഹതാം ഖലു വിപ്രർഷേ! ഉത്തമശ്ലോകപാദയോഃ
ഛായാനിർവൃതചിത്താനാം ന കുടുംബേ സ്പൃഹാമതിഃ. 3

സംശയോഽയം മഹാൻ ബ്രഹ്മൻ ദാരാഗാരസുതാദിഷു
സക്തസ്യ യത്സിദ്ധിരഭൂത് കൃഷ്ണേ ച മതിരച്യുതാ. 4

ശ്രീശുക ഉവാച

ബാഢമുക്തം ഭഗവത ഉത്തമശ്ലോകസ്യ ശ്രീമച്ചരണാര-
വിന്ദമകരന്ദരസ ആവേശിതചേതസോ ഭാഗവതപരമഹംസ-
ദയിതകഥാം കിഞ്ചിദന്തരായവിഹതാം സ്വാം ശിവതമാം
പദവീം ന പ്രായേണ ഹിന്വന്തി. 5

യർഹി വാവ ഹ, രാജൻ, സ രാജപുത്രഃ പ്രിയവ്രതഃ പരമ-
ഭാഗവതോ നാരദസ്യ ചരണോപസേവയാഞ്ജസാവഗതപര-
മാർത്ഥസതത്ത്വോ ബ്രഹ്മസത്രേണ ദീക്ഷിഷ്യമാണോഽവനി-
തലപരിപാലനായാമ്നാതപ്രവരഗുണഗണൈകാന്തഭാജനതയാ
സ്വപിത്രോപാമന്ത്രിതോ ഭഗവതി വാസുദേവ ഏവാവ്യവധാ-
നസമാധിയോഗേന സമാവേശിതസകലകാരകക്രിയാകലാ
പോ നൈവാഭ്യനന്ദദ്യദ്യപി തദപ്രത്യാമ്നാതവ്യം തദധികരണ
ആത്മനോഽന്യസ്മാദസതോഽപി പരാഭവമന്വീക്ഷമാണഃ. 6

അഥ ഹ ഭഗവാനാദിദേവ ഏതസ്യ ഗുണസർഗ്ഗസ്യ പ-
രിബൃംഹണാനുധ്യാനവ്യവസിതസകലജഗദഭിപ്രായ ആത്മ-
യോനിരഖിലനിഗമനിജഗണപരിവേഷ്ടിതഃ സ്വഭവനാദവ-
തതാര. 7

സ തത്ര തത്ര ഗഗനതല ഉഡുപതിരിവ വിമാനാവലിഭിര-
നുപഥമമരപരിവൃഢൈരഭിപൂജ്യമാനഃ പഥി പഥി ച വരൂഥ-
ശഃ സിദ്ധഗന്ധർവ്വസാധ്യചാരണമുനിഗണൈരുപഗീയമാനോ
ഗന്ധമാദനദ്രോണീമവഭാസയന്നുപസസർപ്പ. 8

തത്ര ഹ വാ ഏനം ദേവർഷിർഹംസയാനേന പിതരം ഭഗ-
വന്തം ഹിരണ്യഗർഭമുപലഭമാനഃ സഹസൈവോത്ഥായാർഹ-
ണേന സഹ പിതാപുത്രാഭ്യാമവഹിതാഞ്ജലിരുപതസ്ഥേ. 9

ഭഗവാനപി ഭാരത തദുപനീതാർഹണഃ സൂക്തവാക്യേനാ-
തിതരാമുദിതഗുണഗണാവതാരസുജയഃ പ്രിയവ്രതമാദിപുരുഷ-
സ്തം സദയഹാസാവലോക ഇതി ഹോവാച. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചമസ്കന്ധം

അദ്ധ്യായം 1

പ്രിയവ്രതചരിതം

രാജാവു പറഞ്ഞു

നാരായണോത്തമഭക്തനായാത്മാവി-
ലാരമിച്ചാലും പ്രിയവ്രതനെങ്ങനെ

കർമ്മബന്ധാജ്ഞാനഹേതുഭൂതം ഗൃഹ-
ധർമ്മം വരിച്ചു രമിച്ചു മുനീശ്വരാ! 1

ഇത്തരം സംഗഹീനർക്കു സാധാരണ
പത്തനാസക്തി വരാൻ വഴിയില്ലതാൻ. 2

ഉത്തമശ്ലോകപാദദ്വയച്ഛായയിൽ
ചിത്തമാനന്ദിച്ചിരിക്കും മഹത്തുക്കൾ

തുച്ഛമായീടും ഗൃഹസ്ഥാശ്രമസുഖ-
മിച്ഛിച്ചിടുകയില്ലെന്നതു നിശ്ചയം. 3

ജായാത്മജാർത്ഥാദിലോലൻ പ്രിയവ്രതൻ
മായാമയനിൽ സമർപ്പിച്ചു മാനസം

സിദ്ധിയടഞ്ഞെന്നു ചൊന്നതിലിങ്ങെനി-
ക്കുൾത്താരിലുണ്ടു വലുതായ സംശയം. 4

ശ്രീശുകൻ പറഞ്ഞു

ചൊന്നതു വാസ്തവം, ശ്രീഹരി. പാദാര-
വിന്ദമകരന്ദസരതാസ്വാദിച്ചിടും

ഭക്തപരമഹംസന്മാർക്കതിപ്രീതി-
വാച്ചും ഹരികഥാപാരായണാദിയിൽ.

തെല്ലിടയുണ്ടാം ചിലപ്പോഴെന്നാലുമാ-
നല്ലമാർഗ്ഗം തീരെ വിട്ടുമാറില്ലവർ. 5

ഭാഗവതനും നൃപാലകുമാരനു-
മാകും പ്രിയവ്രതൻ നാരദൻതന്നുടെ

പാദാർച്ചയാലാത്മതത്ത്വം ഗ്രഹിച്ചതി-
മോദാന്വിതം ബ്രഹ്മചിന്താവിലോലനായ്

വർത്തിച്ചിടുമ്പോളഖിലഗുണങ്ങളു-
മൊത്തിണങ്ങീടുമവനെയനാകുലം

മേദിനി പാലിപ്പതിനായ് നിയോഗിച്ചു
താതൻ കൃതകൃത്യനായിരുന്നീടിനാൻ.

പൂർണ്ണസമാധിയോഗത്താൽ ഭഗവാനി-
ലൊന്നോടെ കർമ്മങ്ങളെല്ലാം സമർപ്പിച്ചു.

വാഴ്കിലും മിത്ഥ്യാപ്രപഞ്ചകാര്യങ്ങളിൽ
നൃഴ്കിലാത്മസ്മൃതിവിട്ടുപോമെന്നതാൻ

ചേതസ്സിലോർത്താ പ്രിയവ്രതനേതുമേ-
യാദരിച്ചീല പിതാവിന്റെ കല്പന. 6

വിഷ്ടപപുഷ്ടിക്കൊഴിച്ചുകൂടാ ഗുണ-
സൃഷ്ടിതൻ വർദ്ധനവെന്നുള്ള ചിന്തയാൽ

മൂർത്തിയാളും നിഗമങ്ങളും സംഘവു-
മൊത്തു നിജഭവനത്തിൽനിന്നും തദാ

മേദിനിതന്നിലിറങ്ങിവന്നീടിനാ-
നാദിദേവൻ ഭഗവാൻ ചതുരാനനൻ. 7

അന്തരിക്ഷത്തിൽനിന്നിന്ദുവിൻമട്ടൊളി-
ചിന്തിയിറങ്ങിവരുമാത്മഭൂവിനെ

അങ്ങങ്ങു മാർഗ്ഗങ്ങൾതോറുമനിമിഷ-
പുങ്ഗവർ തങ്ങൾക്കെഴും വിമാനങ്ങളിൽ

കൂട്ടമായ് പിന്തുടർന്നാദരം സ്പഷ്ടമായ്
കാട്ടി മുനികളും ചാരണർസിദ്ധരും

ഗന്ധർവ്വർസാദ്ധ്യരും ചൂഴ്ന്നു സേവിപ്പതിൽ
സന്തുഷ്ടനായ് ഗന്ധമാദനസാനുവിൽ

വന്നെത്തി, യന്നാണവിടെസ്സുരമുനി-
തന്നിൽനിന്നദ്ധ്യാത്മവിദ്യ പഠിച്ചിടും

നന്ദനനെദ്ധരാഭാരമേല്പിക്കുവാ-
നന്നിയണഞ്ഞതും സ്വായംഭുവൻമനു. 8

ഹംസോപരിയെഴുന്നള്ളിയിരുന്നിടു-
മസ്സ്വയംഭൂവിനെക്കണ്ടുമൃഷിയും

സ്വായംഭുവനും മകനുമെഴുന്നേറ്റു
കയ്യുകൾ കൂപ്പി സ്തുതിച്ചു പൂജിച്ചിതേ. 9

ഭാരത! ശ്രദ്ധിച്ചുകേൾക്കുക ഷഡ്ഗുണ-
പൂരിതനാമാദിദേവൻ പ്രജാപതി

നാരദപൂജകൾ കൈക്കൊണ്ടു മോദിച്ചു
പാരം നിജഗുണവർണ്ണനം കേൾക്കയാൽ

പിന്നെക്കരുണാകടാക്ഷം ചൊരിഞ്ഞുടൻ
ചൊന്നാൻ പ്രിയവ്രതൻതന്നോടു സസ്മിതം. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

നിബോധ താതേദമൃതം ബ്രവീമി
മാസൂയിതും ദേവമർഹസ്യപ്രമേയം
വയം ഭവസ്തേ തത ഏഷ മഹർഷി–
ർവ്വഹാമ സർവ്വേ വിവശാ യസ്യ ദിഷ്ടം. 11
ന തസ്യ കശ്ചിത്തപസാ വിദ്യയാ വാ
ന യോഗവീര്യേണ മനീഷയാ വാ
നൈവാർത്ഥധർമ്മൈഃ പരതഃ സ്വതോ വാ
കൃതം വിഹന്തും തനുഭൃദ്വിഭൂയാത്. 12
ഭവായ നാശായ ച കർമ്മ കർത്തും
ശോകായ മോഹായ സദാ ഭയായ
സുഖായ ദുഃഖായ ച ദേഹയോഗ–
മവ്യക്തദിഷ്ടം ജനതാങ്ഗ ധത്തേ. 13
യദ്വാചി തന്ത്യാം ഗുണകർമ്മദാമഭിഃ
സുദുസ്തരൈർവത്സ വയം സുയോജിതാഃ
സർവ്വേ വഹാമോ ബലിമീശ്വരായ
പ്രോതാ നസീവ ദ്വിപദേ ചതുഷ്പദഃ. 14
ഈശാഭിസൃഷ്ടം ഹ്യവരുന്ധ്മഹേഽങ്ഗ
ദുഃഖം സുഖം വാ ഗുണകർമ്മസങ്ഗാത്
ആസ്ഥായ തത്തദ്യദയുങ്ക്ത നാഥ–
ശ്ചക്ഷുഷ്മതാന്ധാ ഇവ നീയമാനാഃ. 15
മുക്തോഽപി താവദ്ബിഭൃയാത്സ്വദേഹ–
മാരബ്ധമശ്നന്നഭിമാനശൂന്യഃ
യഥാനുഭൂതം പ്രതിയാതനിദ്രഃ
കിം ത്വന്യദേഹായ ഗുണാന്ന വൃങ്ക്തേ. 16
ഭയം പ്രമത്തസ്യ വനേഷ്വപി സ്യാ–
ദ്യതഃ സ ആസ്തേ സഹ ഷട്സപത്നഃ
ജിതേന്ദ്രിയസ്യാത്മരതേർബ്ബുധസ്യ
ഗൃഹാശ്രമഃ കിം ന കരോത്യവദ്യം. 17
യഃ ഷട്സപത്നാൻ വിജിഗീഷമാണോ
ഗൃഹേഷു നിർവ്വിശ്യ യതേത പൂർവ്വം
അത്യേതി ദുർഗ്ഗാശ്രിത ഊർജ്ജിതാരീൻ
ക്ഷീണേഷു കാമം വിചരേദ്വിപശ്ചിത്. 18
ത്വം ത്വബ്ജനാഭാങ്ഘ്രിസരോജകോശ–
ദുർഗ്ഗാശ്രിതോ നിർജ്ജിതഷട്സപത്നഃ
ഭുങ്ക്ഷ്വേഹ ഭോഗാൻ പുരുഷാതിദിഷ്ടാൻ
വിമുക്തസങ്ഗഃ പ്രകൃതിം ഭജസ്വ. 19

ശ്രീശുക ഉവാച

ഇതി സമഭിഹിതോ മഹാഭാഗവതോ ഭഗവതസ്ത്രിഭുവന–
ഗുരോരനുശാസനമാത്മനോ ലഘുതയാവനതശിരോധരോ
ബാഢമിതി സബഹുമാനമുവാഹ. 20

ഭഗവാനപി മനുനാ യഥാവദുപകല്പിതാപചിതിഃ പ്രിയ–
വ്രതനാരദയോരവിഷമമഭിസമീക്ഷമാണയോരാത്മസമവ–
സ്ഥാനമവാങ്മനസം ക്ഷയമവ്യവഹൃതം പ്രവർത്തയന്നഗ–
മത്. 21

മനുരപി പരേണൈവം പ്രതിസന്ധിതമനോരഥഃ സുരർഷി–
വരാനുമതേനാത്മജമഖിലധരാമണ്ഡലസ്ഥിതിഗുപ്തയ ആസ്ഥാ–
പ്യ സ്വയമതിവിഷമവിഷയജലാശയാശായാ ഉപരരാമ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

നേരു പറയുന്നു നിന്നോടു വത്സ! നീ
നേരേ ധരിക്കുക മാമകവാണികൾ

അപ്രമേയൻ ഭഗവാനിലനാദര-
മല്പവുമങ്ങേയ്ക്കു ശോഭനമല്ല കേൾ.

ഞാനും ശിവനുമീ നിൻ പിതാവാം മനു-
താനും സുരമാമുനിയുമെല്ലാവരും

തീരെപ്പരവശരായി നിരന്തരം
നാരായണാജ്ഞയനുസരിപ്പോർ ദൃഢം. 11

വിദ്യതപശ്ശക്തിയോഗവീര്യം, ബുദ്ധി-
യർത്ഥധർമ്മങ്ങൾ പരബലം, പ്രാഭവം

എന്നൊന്നിനാലുമിങ്ങാർക്കും കഴിവില്ല
തന്നിശ്ചയങ്ങളെ മാററിമറിക്കുവാൻ. 12

ജന്മമരണങ്ങൾ, കർമ്മം, സുഖ,മഴൽ
സമ്മോഹ,മിഷ്ട,മനിഷ്ടം, മഹാഭയം

എന്നിവസ്സായമീശനിശ്ചയത്താൽ ജന-
മെന്നുമുടലാർന്നിടുന്നു നൃപാത്മജാ!

അല്ലാതെ ദേഹം ഭരിപ്പതിലാരുമേ
തെല്ലുമിഷ്ടപ്പെടുന്നില്ലെന്നറിക നീ. 13

മൂക്കുകയറിട്ടു നാം കെട്ടിയിട്ടിടും
നാല്ക്കാലികൾ നമുക്കെന്നതുപോലവേ

വാക്‌തന്തിയിൽ ഗുണകർമ്മപാശങ്ങളാ-
ലാർക്കുമഴിക്കാനരുതാതെ നമ്മളെ

കെട്ടിയിങ്ങിട്ടിരിക്കുന്നൊരീശനു നാം
മുട്ടാതെ പൂജകളർപ്പിച്ചിടുന്നിതേ. 14

സത്വാദിതൻ സംഗമത്തിനാൽ പ്രാരബ്ധ-
കൃത്യാനുസരമായ് ദുഃഖമോ സൗഖ്യമോ

നമ്മൾക്കധീശ്വരനേതേതരുളുന്നു
ചെമ്മേയതൊക്കെയനുഭവിക്കുന്നു നാം.

ദൃഷ്ടിയില്ലാത്തവൻ കണ്ണുള്ളവനുടെ
പാട്ടിലമർന്നുകഴിയുന്നപോലവേ. 15

മുക്തനും വീതാഭിമാനിയായ് പ്രാരബ്ധ-
മൊക്കെബ്ഭുജിച്ചു തീരുന്നനാളോളവും

തന്നുടെ ദേഹം ഭരിക്കണം,മെന്നാലു-
മന്യശരീരം ധരിക്കേണ്ടതായ്‌വരാ. 16

മാധവധീയററ മത്തനാം മർത്ത്യനെ
ഭീതി വിട്ടീടാ വനവാസയാകിലും

ചിത്തവുമഞ്ചിന്ദ്രിയങ്ങളുമിങ്ങനെ
ശത്രുക്കളാറുണ്ടവൻെറകൂടെസ്സദാ

ഇന്ദ്രിയൗഘത്തെയടക്കിയാത്മാവിനെ-
പ്പുണ്ഡരീകാക്ഷനിലാരമിപ്പിച്ചിടും

പണ്ഡിതശ്രേഷ്ഠൻ ഗൃഹസ്ഥാശ്രമസ്ഥനാ-
യെന്നും വസിക്കിലുമില്ലൊരു ദോഷവും. 17

സ്വാന്തമാമാറുശത്രുക്കളെ വെല്ലുവാൻ
ചിന്തിക്കുവോനാദ്യമാലയസംസ്ഥനായ്

നന്നായ് ശ്രമിക്കണം, ഘോരരിപുക്കളെ
വെന്നീടുവാനാഗ്രഹിക്കും വിവേകിയാം

മന്നവൻ ദുർഗ്ഗത്തെയാശ്രയിച്ചുത്സാഹ-
മാർന്നു പരിശ്രമിച്ചീടുന്നരീതിയിൽ.

ക്ഷീണമരികൾക്കു കണ്ടുതുടങ്ങിയാൽ
വാണിടാം വേണമെന്നാകിലെവിടെയും

എന്നുമേയിന്ദ്രിയശക്തിയടക്കിയ
പണ്ഡിതനെങ്ങു വസിച്ചാലുമെന്തതിൽ? 18

ശീഘ്രം മുകുന്ദാങ്ഘ്രിപങ്കജകോരക-
ദുർഗ്ഗം ഭവാനും സമാശ്രയിച്ചീടുക.

താമരമൊട്ടിനകത്തു കടുങ്ങിടു-
മാമധുപന്നില്ല ശീതോഷ്ണബാധകൾ

എന്നപോൽ ബാധിച്ചിടാ ഹരിപാദാര-
വിന്ദാശ്രിതനെയും ബാഹ്യവിഷയങ്ങൾ.

കാമാദിവൈരികളാറിനേയും വെന്നു
ദാമോദരൻ തരും ഭോഗങ്ങളാർന്നു നീ

ഭൂമിയും പാലിച്ചു വാഴ്ക, നിസ്സംഗനായ്
കാമം ഭജിക്ക സർവ്വാത്മകനീശനെ. 19

ശ്രീശുകൻ പറഞ്ഞു

ബ്രഹ്മോപദേശമിതു കേട്ടു ഭക്തനാ-
മമ്മനുപുത്രൻ പ്രിയവ്രതൻ സത്വരം

മുപ്പാരിനും ഗുരുവാം ഭഗവാനിൽനി-
ന്നല്പനാണേററവും താനെന്നതു പാർത്തു

അപ്പോഴേ കുപ്പുകയ്യോടും തലകുനി-
ച്ചപ്പാടു തത്കല്പനവഹിച്ചീടിനാൻ. 20

സ്വായംഭുവനാൽ വിധിപോൽ പ്രപൂജിത-
നായ ഭഗവാനജനും സുരർഷിയും

ശ്ലാഘ്യൻ പ്രിയവ്രതൻതാനും പരസ്പരം-
നോക്കി വിഷമമില്ലെന്ന ഭാവത്തോടും

നില്ക്കവേ വാങ്മാനസങ്ങൾക്കതീതമാ-
യാർക്കുമവർണ്ണ്യമാം തത്വഗാനത്തോടും

സ്വന്തനിവാസമാം സത്യലോകത്തിലേ-
ക്കന്തർമ്മുദാ ഗമിച്ചീടിനാൻ പദ്മജൻ. 21

ധാതാവുമൂലമായേവം മനോരഥം
സാധിച്ചു തുഷ്ടനാമമ്മനുശ്രേഷ്ഠനും

നാരദസമ്മതത്തോടു തനൂജനെ-
പ്പാരിടം പാലിക്കുവാൻ നിയമിച്ചഥ

താനേ പരിത്യജിച്ചാൻ വിഷമങ്ങളാം
നാനാവിധവിഷയാശകളാകവേ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ഹ വാവ സ ജഗതീപതിരീശ്വരേച്ഛയാധിനിവേശിതകർമ്മാധികാരോഽഖിലജഗദ്ബന്ധധ്വംസനപരാനുഭാവസ്യ ഭഗവത ആദിപുരുഷസ്യാങ്ഘ്രിയുഗലാനവരതധ്യാനാനുഭാവേന പരിരന്ധിതകഷായാശയോഽവദാതോഽപി മാനവർദ്ധനോ മഹതാം മഹീതലമനുശശാസ. 23

അഥ ച ദുഹിതരം പ്രജാപതേർവിശ്വകർമ്മണ ഉപയേമേ. ബർഹിഷ്മതീം നാമ തസ്യാമു ഹ വാവ ആത്മജാനാത്മസമാനശീലഗുണകർമ്മരൂപവീര്യോദാരാന്ദശ ഭാവയാംബഭൂവ കന്യാം ച യവീയസീമൂർജ്ജസ്വതീം നാമ. 24

ആഗ്നീധ്രേധ്മജിഹ്വയജ്ഞബാഹുമഹാവീരഹിരണ്യരേതോഘൃതപൃഷ്ഠസവനമേധാതിഥിവീതിഹോത്രകവയ ഇതി സർവ്വ ഏവാഗ്നിനാമാനഃ. 25

ഏതേഷാം കവിർമ്മഹാവീരഃ സവന ഇതി ത്രയ ആസന്നൂർദ്ധ്വരേതസസ്ത ആത്മവിദ്യായാമർഭഭാവാദാരഭ്യ കൃതപരിചയാഃ പാരമഹംസ്യമേവാശ്രമമഭജൻ. 26

തസ്മിന്നു ഹ വാ ഉപശമശീലാഃ പരമർഷയഃ സകലജീവനികായാവാസസ്യ ഭഗവതോ വാസുദേവസ്യ ഭീതാനാം ശരണഭൂതസ്യ ശ്രീമച്ചരണാരവിന്ദാവിരതസ്മരണാവിഗളിതപരമഭക്തിയോഗാനുഭാവേന പരിഭാവിതാന്തർഹൃദയാധിഗതേ ഭഗവതി സർവ്വേഷാം ഭൂതാനാമാത്മഭൂതേ പ്രത്യഗാത്മന്യേവാത്മനസ്താദാത്മ്യമവിശേഷേണ സമീയുഃ. 27

അന്യസ്യാമപി ജായായാം ത്രയഃ പുത്രാ ആസന്നുത്തമസ്താമസോ രൈവത ഇതി മന്വന്തരാധിപതയഃ. 28

ഏവമുപശമായനേഷു സ്വതനയേഷ്വഥ ജഗതീപതിർജ്ജഗതീമർബ്ബുദാന്യേകാദശപരിവത്സരാണാമവ്യാഹതാഖിലപുരുഷകാരസാരസംഭൃതദോർദ്ദണ്ഡയുഗളാപീഡിതമൗർവ്വീഗുണസ്തനിതവിരമിതധർമ്മപ്രതിപക്ഷോ ബർഹിഷ്മത്യാശ്ചാനുദിനമേധമാനപ്രമോദപ്രസരണയൗഷിണ്യവ്രീഡാപ്രമുഷിതഹാസാവലോകരുചിരക്ഷ്വേല്യാദിഭിഃ പരാഭൂയമാനവിവേക ഇവാനവബുധ്യമാന ഇവ മഹാമനാ ബുഭുജേ. 29

യാവദവഭാസയതി സുരഗിരിമനുപരിക്രാമൻ ഭഗവാനാദിത്യോ വസുധാതലമർദ്ധേനൈവ പ്രതപത്യർദ്ധേനാവച്ഛാദയതി തദാ ഹി ഭഗവദുപാസനോപചിതാതിപുരുഷപ്രഭാവസ്തദനഭിനന്ദൻ സമജവേന രഥേന ജ്യോതിർമ്മയേന രജനീമപി ദിനം കരിഷ്യാമീതി സപ്തകൃത്വസ്തരണിമനുപര്യക്രാമദ്ദ്വിതീയ ഇവ പതങ്ഗഃ. 30

യേ വാ ഉ ഹ തദ്രഥചരണനേമികൃതപരിഖാതാസ്തേ സപ്ത സിന്ധവ ആസൻ യത ഏവ കൃതാഃ സപ്ത ഭുവോ ദ്വീപാഃ. 31

ജംബുപ്ലക്ഷശാല്മലികുശക്രൗഞ്ചശാകപുഷ്കരസംജ്ഞാസ്തേഷാം പരിമാണം പൂർവ്വസ്മാത് പൂർവ്വസ്മാദുത്തര ഉത്തരോ യഥാസംഖ്യം ദ്വിഗുണമാനേന ബഹിഃ സമന്തത ഉപക്ലൃപ്താഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവമാത്മാരാമനാകും പ്രിയവ്രതൻ
ദൈവേച്ഛയാൽ കാത്തിടേണ്ടിവന്നു മഹി.
സർവ്വജഗദ്ബന്ധവിധ്വംസകമായ
സർവ്വാത്മകചരണദ്വയം സന്തതം
ധ്യാനിച്ചിരുന്നതിനാലകതാരിലെ
നാനാ മലിനതയററതിശുദ്ധനായ്
ദ്യോതിക്കുകില്ല, മഹാത്മാക്കൾതൻ വച-
സ്സാദരിച്ചേററിതവൻ ധരാപാലനം. 23.
വിശ്വകർമ്മാവാം പ്രജാപതിതന്മക-
ളാശ്ചര്യരൂപിണിബർഹിഷ്മതിയെന്നു
പേരെഴും കന്യയെ വേളികഴിച്ചവൻ
നേരേ ജനിപ്പിച്ചു പിന്നെയത്തന്വിയിൽ
വീര്യരൂപൗദാര്യശീലകർമ്മാദിയാം
ചാരുഗുണങ്ങളാലാത്മസമാനരാം
പത്തു സുതരെയുമൂർജ്ജസ്വതിയെന്നൊ-
രുത്തമപുത്രിയേയും തത്കനിഷ്ഠയായ്. 24
അഗ്നിതൻ പര്യായനാമങ്ങളാർന്നിടു-
മഗ്നീദ്ധ്ര,നിധ്മജിഹ്വൻ, യജ്ഞബാഹുവും,
മേധാതിഥി സവനൻ മഹാവീരനും
വീതിഹോത്രൻ കവിയും ഘൃതപൃഷ്ഠനും
പിന്നെ ഹിരണ്യരേതസ്സുമെന്നിട്ടിതു
നന്ദനർ പത്തിനും നാമധേയങ്ങളും. 25
പിന്നെക്കവി, മഹാവീരൻ, സവനനു-
മെന്നുള്ള മൂവരും ബാല്യംമുതല്ക്കുതാൻ
അദ്ധ്യാത്മവിദ്യ പരിചയിച്ചീടിനോ-
രൂർദ്ധ്വരേതസ്സുകളായതുകാരണം
വൈവാഹികബന്ധനത്തിൽപ്പെടാതതി-
ദിവ്യപരമഹംസാശ്രമമാർന്നിതു.
അപ്പാവനാശ്രമംതന്നിലുപശമ-
മഭ്യസനംചെയ്തോരപ്പരമർഷികൾ
ലോകത്തിലെസ്സർവജീവജാലത്തിനു-
മേകനിവാസമായ് ഭീതശരണ്യമായ്
മിന്നും മുകുന്ദഭഗവത്പദാംബുജ-
ദ്വന്ദ്വം നിരന്തരം ധ്യാനിക്കമൂലമായ്
സിദ്ധമാം ഭക്തിയോഗപ്രഭാവത്തിനാൽ
ശുദ്ധമാം ഹൃത്തിലനുഭവവേദ്യമായ്
ജ്ഞാനസ്വരൂപമാം പ്രത്യഗാത്മാവില-
ന്യൂനമായാത്മതാദാത്മ്യമിയന്നിതു. 26–27
ഉത്തമൻ, താമസൻ, രൈവതനെന്നഥ
പുത്രത്രയം മറെറാരു പത്നിതന്നിലും
മന്നൻ പ്രിയവ്രതനുദ്ഭവിച്ചാ,രവർ
മന്വന്തരാധിപന്മാരായ് ഭവിച്ചിതു. 28
മൂന്നാത്മജർ കവിതൊട്ടവർ സന്ന്യാസ-
മാർന്നീടവേ ലോകനാഥൻ പ്രിയവ്രതൻ
ആരാലുമവ്യാഹതമായ പൗരുഷ-
സാരമിയലും സ്വബാഹുദണ്ഡങ്ങളാൽ
ചേർത്തിടും ഞാണൊലിയാൽത്താനധർമ്മിഷ്ഠ-
ശത്രുസമൂഹത്തെയോടിച്ചു ദൂരവേ
പ്രാണപ്രിയയായ ബർഹിഷ്മതിയുടെ
ദൈനംദിനം വളരും പരിതോഷവും
തുംഗാഭിമാനവും നാരീസഹജമാം
ശൃംഗാരഭാവവും പ്രേമവും ലജ്ജയും
നന്നായ്പരിസ്ഫുരിപ്പിക്കുമാറുള്ളതാം
മന്ദഹാസത്തോടുചേർന്ന കടാക്ഷങ്ങൾ
ചേതോഹരഹാസസംഭാഷണങ്ങളി-
ത്യാദിയാൽ നഷ്ടവിവേകനമാത്മാവെ
ഏതുമറിയാത്തവനമെന്നേവരു-
മോതിടുമാററതിസന്തുഷ്ടചിത്തനായ്
നന്നായ്പരിവത്സരങ്ങൾക്കെഴും പതി-
നൊന്നർബുദകാലമൂഴിവാണീടിനാൻ. 29
മേരുവിനെ ക്രമാൽ ചുററിച്ചരിച്ചിടും
സൂര്യഭഗവാൻ ധരാർദ്ധം വിളക്കുന്നു.
അർദ്ധഭാഗം മറയ്ക്കുന്നിതപ്പോൾത്തന്നെ-
യിസ്ഥിതി, നാരായണോപാസനത്തിനാൽ
പൗരുഷാതീതപ്രഭാവമിയന്നൊരി-
ബ്ഭൂരമണന്നഭിനന്ദനയോഗ്യമായ്
തോന്നീല രാവും പകലാക്കുവേനിവ-
നെന്നഭാവത്തിലതുല്യദ്രുതഗതി
ചേർന്നതായ് ജ്യോതിർമ്മയമായിടും നിജ-
സ്യന്ദനംതന്നിലിരുന്നിടരെന്നിയേ
അനുഹമൂഴിയേഴാവർത്തിച്ചുററിനാ-
നിന്നൃപൻ രണ്ടാമഹസ്കരനെന്നപോൽ. 30
അമ്മഹാൻതൻ തേരുരുൾത്താഴ്ചയാൽത്തീർന്നി-
തംബുധിയേഴുമാദ്വീപങ്ങളേഴുമേ. 31
ജംബുവും പ്ലക്ഷവും ശാല്മലിയും കുശം
സന്മതേ! ക്രൗഞ്ചവും ശാകവും പുഷ്കരം
പേരുകളാണിവയോരോന്നുമോരോരു
വാരിധിചുററിക്കിടക്കുന്നു മന്നവാ!
ഒന്നിനേക്കാളുമിരട്ടിവലിപ്പമോ-
രോന്നിനുമേറിയേറി ക്രമാൽ വന്നിടും. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷാരോദേക്ഷുരസോദസുരോദഘൃതോദക്ഷീരോദദധിമ-
ണ്ഡോദശുദ്ധോദാഃ സപ്ത ജലധയഃ സപ്ത ദ്വീപപരിഖാ ഇവാ-
ഭ്യന്തരദ്വീപസമാനാ ഏകൈകശ്യേന യഥാനുപൂർവ്വം സപ്ത-
സ്വപി ബഹിർദ്വീപേഷു പൃഥക്പരിത ഉപകല്പിതാസ്തേഷു
ജംബ്വാദിഷു ബർഹിഷ്മതീപതിരനുവ്രതാനാത്മജാനാഗ്നീദ്-
ധ്രേധ്മജിഹ്വയജ്ഞബാഹുഹിരണ്യരേതോഘൃതപൃഷ്ഠമേധാ-
തിഥിവീതിഹോത്രസംജ്ഞാൻ യഥാസംഖ്യേനൈകൈക-
സ്മിന്നേകമേവാധിപതിം വിദധേ. 33

ദുഹിതരം ചോർജ്ജസ്വതീം നാമോശനസേ പ്രായച്ഛദ്യസ്യാ-
മാസീദ്ദേവയാനീ നാമ കാവ്യസുതാ. 34

നൈവംവിധഃ പുരുഷകാര ഉരുക്രമസ്യ
പുംസാം തദങ്ഘ്രിരജസാ ജിതഷഡ്ഗുണാനാം
ചിത്രം വിദൂരവിഗതഃ സകൃദാദദീത
യന്നാമധേയമധുനാ സ ജഹാതി ബന്ധം. 35

സ ഏവമപരിമിതബലപരാക്രമ ഏകദാ തു ദേവർഷിച-
രണാനുശയനാനുപതിതഗുണവിസർഗ്ഗസംസർഗ്ഗേണാനിർവൃത-
മിവാത്മാനം മന്യമാന ആത്മനിർവ്വേദ ഇദമാഹ. 36

അഹോ അസാധ്വനുഷ്ഠിതം യദഭിനിവേശിതോഽഹമിന്ദ്രി-
യൈരവിദ്യാരചിതവിഷമവിഷയാന്ധകൂപേ അഭിനിവേശി-
തഃ തദലമലമമുഷ്യാ വനിതായാ വിനോദമൃഗം മാം ധിഗ്ധി-
ഗിതി ഗർഹയാഞ്ചകാര. 37

പരദേവതാപ്രസാദാധിഗതാത്മപ്രത്യവമർശേനാനുപ്രവൃ-
ത്തേഭ്യഃ പുത്രേഭ്യ ഇമാം യഥാദായം വിഭജ്യ ഭുക്തഭോഗാം ച
മഹിഷീം മൃതകമിവ സഹമഹാവിഭൂതിമപഹായ സ്വയം നി-
ഹിതനിർവ്വേദോ ഹൃദി ഗൃഹീതഹരിവിഹാരാനുഭാവോ ഭഗ-
വതോ നാരദസ്യ പദവീം പുനരേവാനുസസാര. 38

തസ്യ ഹ വാ ഏതേ ശ്ലോകാഃ

പ്രിയവ്രതകൃതം കർമ്മ കോ നു കുര്യാദ്വിനേശ്വരം
യോ നേമിനിമ്നൈരകരോച്ഛായാം ഘ്നൻ സപ്ത വാരിധീൻ. 39
ഭൂസംസ്ഥാനം കൃതം യേന സരിദ്ഗിരിവനാദിഭിഃ
സീമാ ച ഭൂതനിർവൃത്യൈ ദ്വീപേ ദ്വീപേ വിഭാഗശഃ. 40
ഭൗമം ദിവ്യം മാനുഷം ച മഹിത്വം കർമ്മയോഗജം
യശ്ചക്രേ നിരയൗപമ്യം പുരുഷാനുജനപ്രിയഃ. 41

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
പ്രിയവ്രതവിജയേ പ്രഥമോഽധ്യായഃ.

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച

ഏവം പിതരി സമ്പ്രവൃത്തേ തദനുശാസനേ വർത്തമാന
ആഗ്നീദ്ധ്രോ ജംബുദ്വീപൗകസഃ പ്രജാ ഔരസവദ്ധർമ്മാവേക്ഷ-
മാണഃ പര്യഗോപായത്. 1

സ ച കദാചിത് പിതൃലോകകാമഃ സുരവരവനിതാക്രീഡാ-
ചലദ്രോണ്യാം ഭഗവന്തം വിശ്വസൃജാം പതിമാഭൃതപരിച-
ര്യോപകരണ ആത്മൈകാഗ്ര്യേണ തപസ്വ്യാരാധയാംബഭൂവ. 2

തദുപലഭ്യ ഭഗവാനാദിപുരുഷഃ സദസി ഗായന്തീം പൂർവ്വ-
ചിത്തിം നാമാപ്സരസമഭിയാപയാമാസ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷാരോദ,മിക്ഷുരസോദം,സുരോദ,മ-
പാരം ഘൃതോദവും ക്ഷീരോദമെന്നതും
പൃഥ്വീപതേ! ദധിമണ്ഡോദമെന്നതും
ശുദ്ധോദമെന്നുമാമംബുധീസംജ്ഞകം.
ആഴിയോരോന്നുമാദ്വീപമോരോന്നിനെ-
ച്ചൂഴുന്ന പേരുകം ചൊന്നമുറസ്സുതാൻ.
ദ്വീപങ്ങളേഴിനുമിങ്ങനെ രക്ഷയായ്
വ്യാപിച്ചുദധി കിടപ്പൂ കിടങ്ങുപോൽ.
അഗ്നീദ്ധ്രനിധ്മജിഹ്വൻ യജ്ഞബാഹുവും
കേ൦ക്ക ഹിരണ്യരേതസ്സു ഘൃതപൃഷ്ഠൻ
മേധാതിഥി, വീതിഹോത്രനുമാദ്വീപ-
മേധാവികളായ് മുറസ്സു താതാജ്ഞയാൽ. 33
ഊർജ്ജസ്വതിയെന്ന തത്പുത്രിയെപ്പിന്നെ-
യൂർജ്ജ്വസ്വലനാമുശനസ്സിനേകിനാൻ.
അത്തന്വിയിൽ ശുക്രമാമുനിക്കുണ്ടായി
പുത്രിയായിട്ടേവയാനിസുലോചന. 34
അദ്ഭുതലീലകൾ കാട്ടിടും വിഷ്ണുവിൻ-
കാല്പ്പൊടിയാശ്രയിച്ചഞ്ചിന്ദ്രിയത്തെയും
ചേതസ്സിനേയും ജയിച്ച മഹാത്മാക്ക-
ളീദൃശപൗരുഷം കാണിച്ചിട്ടുന്നതിൽ
തെല്ലുമില്ലാശ്ചര്യമെത്രയോ നീചരും
മല്ലാരിതൻനാമധേയമൊരുകുറി
ഉച്ചരിച്ചുള്ള ബന്ധങ്ങളെല്ലാമഴി-
ച്ചുച്ചമാം സ്ഥാനമലങ്കരിക്കുന്നിതേ. 35
തുല്യമില്ലാത്ത പരാക്രമശക്തിക-
ളുള്ളൊരിക്ഷോണീപതിയിടയ്ക്കേകദാ,
നാരദപാദാബ്ജസേവനംചെയ്താത്മ-
കാര്യം ധരിച്ചശേഷം ധരാഭൃതികം
ചേർന്നിരിക്കുന്നതിനാൽ താനനിർവ്വൃത-
നെന്നു പാർത്താർത്തനായിങ്ങനെ ചൊല്ലി-
നാൻ. 36
കഷ്ടം! വിവേകിയായിട്ടുമമങ്ഗല-
മൊട്ടു വളരെയനുഷ്ഠിച്ചുപോയി ഞാൻ.
പഞ്ചേന്ദ്രിയങ്ങളാൽ വഞ്ചിതനായ് പിന്നെ-
യഞ്ചാതെ മായയാൽ നിർമ്മിതമാകിയ
നാനാവിഷമവിഷയാന്ധകൂപത്തിൽ
ഞാനഹോ! വീണുപോയേൻ മതിയേ മതി.
നല്ലാർജനത്തിനു ലീലാമൃഗംമട്ടു
തുള്ളിയ ഞാനെത്രയോ പരിഹാസ്യനാം.
എന്നിപ്രകാരമവനാത്മനിന്ദനം
ഖിന്നമനസ്സനായ്ച്ചെയ്തീടിനാൻ പരം. 37
ആത്മപരദേവതാപ്രസാദത്തിനാ-
ലാത്മസാക്ഷാൽക്കാരമുണ്ടാകയാൽ സ്വയം
വൈരാഗ്യദാർഢ്യം ഭവിച്ചു സദാ മുര-
വൈരിയുടംത്താരിൽ വിഹരിക്കുമന്നൃപൻ
തന്നാജ്ഞയാദരിച്ചീട്ടമപ്പുത്രക്ക-
മന്നു ഭാഗിച്ചുകൊടുത്തു യഥാക്രമം.
ഇത്രകാലം ഭുക്തഭോഗയാമാപ്പതി-
ഭക്തമഹിഷിയേയും ഭൂതിജാലവും
ചത്ത ദേഹത്തെക്കണക്കങ്ങുപേക്ഷിച്ചു
ശുദ്ധമാം നാരദമാർഗ്ഗം വരിച്ചിതേ.
പദ്യങ്ങൾ രണ്ടുമൂന്നമ്മഹാത്മാവിൻെറ-
യുദ്യന്മഹിമയെക്കൊണ്ടുണ്ടതോതിടാം. 38
ആരൊരാൾ പരിലെക്കുരിരുളാകവേ
ദൂരീകരിച്ചാശു തേരിൽച്ചരിക്കവേ
തേരുരുളാൽ ദ്വീപമേഴും മുറയ്ക്കേഴു-
വാരിധിയും ചമച്ചീടിനാനക്രമം
അമ്മനസൂനുവിൻ കർമ്മം തുടർന്നിടാ-
നിമ്മന്നിലീശരന്നല്ലാതെ സാദ്ധ്യമോ? 39
ആറുകളും കാനനാദ്രികളും ദ്വീപി-
ലോരോന്നിലും പ്രാണികൾക്കു വാണീടുവാൻ
യോഗ്യമാം ഭുവിഭാഗങ്ങളും സീമയും
യുക്തമാമ്മാറു വെവ്വേറെ നിർമ്മിച്ചിതു. 40
ഭക്തപ്രിയനാകുമേതവൻ പാതാള-
സ്വർഗ്ഗമനുഷ്യലോകങ്ങളിലുള്ളതാം
ഭോഗങ്ങളും യോഗജം ശ്രേഷ്ഠകർമ്മവു-
മാകെ നരകസമമായ് ഗണിച്ചുവോ
വിഖ്യാതനാമാപ്രിയവ്രതൻതൻ കർമ്മ-
മാർക്കുമനുകരിപ്പാൻ കഴിയാത്തതാം. 41

അദ്ധ്യായം 2

അഗ്നീദ്ധ്രചരിതം

ശ്രീശുകൻ പറഞ്ഞു

പൃഥ്വീശനിത്ഥം പ്രവൃത്തിക്കവേ മൂത്ത-
പുത്രനഗ്നീദ്ധ്രൻ ജനകഹിതങ്കരൻ
ധർമ്മാനുസാരമായ് മക്കളെയെന്നപോൽ
ജംബുവിലാളും പ്രജകളെപ്പോററിനാൻ. 1
ഈമട്ടിലുഴിപാലിക്കെപ്പിതൃലോക-
കാമനായിബ്ഭവിച്ചഗ്നീദ്ധ്രനേകദാ
താപസവേഷം ധരിച്ചു പൂജാവിവി-
ധോപകരണങ്ങൾ സംഭരിച്ചഞ്ജസാ
വാനവസ്ത്രീജനക്രീഡാദ്രിതന്നുടെ
സാനുവിലെത്തി പ്രജാപതിമാരുടെ
നായകനാം ബ്രഹ്മദേവനെയേകാഗ്ര-
ധീയോടുമാരാധനംചെയ്തിരുന്നിതേ. 2
ജ്ഞാനാത്മകനാമജൻ തദീയാഗ്രഹം
താനേ ധരിച്ചുടനാത്മസദസ്സിലെ
ഗായകീനായികയാം പൂർവ്വചിത്തിയെ-
യായവൻതൻ സമീപത്തിലയച്ചിതേ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാ ച തദാശ്രമോപവനമതിരമണീയം വിവിധനിബി-
ഡവിടപിവിടപനികടസംശ്ലിഷ്ടപുരടലതാരൂഢസ്ഥലവി-
ഹംഗമമിഥുനൈഃ പ്രോച്യമാനശ്രുതിഭിഃ പ്രതിബോധ്യമാന-
സലിലകുക്കുടകാരണ്ഡവകളഹംസാദിഭിർവിചിത്രമുപകൂജി-
താമലജലാശയകമലാകരമുപബഭ്രാമ. 4

തസ്യാഃ സുലളിതഗമനപദവിന്യാസഗതിവിലാസായാ-
ശ്ചാനുപദം ഖണഖണായമാനരുചിരചരണാഭരണസ്വനമുപാ-
കർണ്യ നരദേവകുമാരഃ സമാധിയോഗേനാമീലിതനയന-
നളിനമുകുളയുഗളമീഷദ്വികചയ്യ വ്യചഷ്ട. 5

താമേവാവിദൂരേ മധുകരീമിവ സുമനസ ഉപജിഘ്രന്തീം ദി-
വിജമനുജമനോനയനാഹ്ലാദദുഘൈർഗ്ഗതിവിഹാരവ്രീഡാവി-
നയാവലോകസുസ്വരാക്ഷരാവയവൈർമ്മനസി നൃണാം കുസു-
മായുധസ്യ വിദധതീം വിവരം നിജമുഖവിഗളിതാമൃതാസവ-
സഹാസഭാഷണാമോദമദാന്ധമധുകരനികരോപരോധേന ദ്രു-
തപദവിന്യാസേന വല്ഗുസ്പന്ദനസ്തനകലശകബരഭാരരശനാം
ദേവീം തദവലോകനേന വിവൃതാവസരസ്യ ഭഗവതോ മകര-
ധ്വജസ്യ വശമുപനീതോ ജഡവദിതി ഹോവാച. 6

കാ ത്വം ചികീഷ്സി ച കിം മുനിവര്യ ശൈലേ
മായാസി കാപി ഭഗവത്പരദേവതായാഃ
വിജ്യേ ബിഭഷി ധനുഷീ സുഹൃദാത്മനോഽർത്ഥേ
കിം വാ മൃഗാന്മൃഗയസേ വിപിനേ പ്രമത്താൻ. 7

ബാണാവിമൗ ഭഗവതഃ ശതപത്രപത്രൗ
ശാന്താവപുംഖരുചിരാവതിതിഗ്മദന്തൗ
കസ്മൈ യുയുങ്ക്ഷസി വനേ വിചരന്ന വിദ്മഃ
ക്ഷേമായ നോ ജഡധിയാം തവ വിക്രമോഽസ്തു. 8

ശിഷ്യാ ഇമേ ഭഗവതഃ പരിതഃ പഠന്തി
ഗായന്തി സാമ സരഹസ്യമജസ്രമീശം
യുഷ്മച്ഛിഖാവിലുളിതാഃ സുമനോഽഭിവൃഷ്ടീഃ
സർവ്വേ ഭജന്ത്യൃഷിഗണാ ഇവ വേദശാഖാഃ. 9

വാചം പരം ചരണപഞ്ജരതിത്തിരീണാം
ബ്രഹ്മന്നരൂപമുഖരാം ശൃണവാമ തുഭ്യം
ലബ്ധാ കദംബരുചിരങ്കവിടങ്കബിംബേ
യസ്യാമലാതപരിധിഃ ക്വ ച വല്കലം തേ. 10

കിം സംഭൃതം രുചിരയോർദ്വിജ ശൃങ്ഗയോസ്തേ
മധ്യേ കൃശോ വഹസി യത്ര ദൃശിഃ ശ്രിതാ മേ
പങ്കോഽരുണഃ സുരഭിരാത്മവിഷാണ ഈദൃ-
ഗ്യേനാശ്രമം സുഭഗ മേ സുരഭീകരോഷി. 11

ലോകം പ്രദശ്യ സുഹൃത്തമ താവകം മേ
യത്രത്യ ഇത്ഥമുരസാവയവാവപൂർവ്വൗ
അസ്മദ്വിധസ്യ മന ഉന്നയനൗ ബിഭത്തി
ബഹ്വദ്ഭുതം സരസരാസസുധാദി വക്ത്രേ. 12

കാ വാഽഽത്മവൃത്തിരദനാദ്ധവിരങ്ഗ വാതി
വിഷ്ണോഃ കലാസ്യനിമിഷോന്മകരൗ ച കർണ്ണൗ
ഉദ്വിഗ്നമീനയുഗളം ദ്വിജപങ്ക്തിശോചി-
രാസന്നഭൃംഗനികരം സര ഇന്മുഖം തേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിങ്ങിനില്ക്കും പലജാതി മരങ്ങളിൽ
തങ്ങീടും ശാഖകൾതൻ പടലത്തിലായ്
ചുററിപ്പടർന്നിടും സ്വർണ്ണലതകളിൽ
പററും വിഹംഗമിഥുനങ്ങൾതൻസ്വനം
കേട്ടരയന്ന,മിരണ്ട, കുളക്കോഴി
തൊട്ട സലിലസ്ഥിതങ്ങളാം പക്ഷികൾ
എപ്പൊഴും ശബ്ദിപ്പതായിശ്ശതപത്ര-
പുഷ്പങ്ങൾ പാരം വിടർന്നു ശോഭിപ്പതായ്
ശുദ്ധസലിലം കലർന്ന തടാകങ്ങ-
ളൊത്ത തദാശ്രമചാരുപൂവാടിയിൽ
സുന്ദരിയായിടുമപ്സരസ്ത്രീമണി
മന്ദമായങ്ങനെ സഞ്ചരിച്ചീടിനാൾ. 4
ഓരോപദമവൾ മന്ദമായ് വച്ചിടും
നേരവും പാദസരങ്ങളിൽനിന്നെഴും
ചാരു ഖണഖണനാദം ശ്രവിക്കയാ-
ലാ രാജപുത്രൻ സമാധിയോഗത്തിനാൽ
പങ്കജകോരകസാമ്യം വഹിച്ചിടും
തൻകണ്ണൊരല്പം വിടുർത്തിനോക്കീടിനാൻ. 5
സൂനങ്ങളെ മണത്തീടും ഭ്രമരിപോൽ
ഭാനിച്ച ദേവമനുഷ്യലോകസ്ഥരിൽ
ആർക്കും മനസ്സിനും കണ്ണുകൾക്കും മോദ-
സൽക്കാരമേകും ഗതി, വിഹാരം, ത്രപ,
ചാരുവിനീതകടാക്ഷങ്ങൾ, മാധുരി-
ചോരും മൊഴിക,ളവയവമാദിയാൽ
മാരഭഗവാനു മർത്ത്യചിത്തങ്ങളി-
ലേറുവാനുള്ള മാർഗ്ഗത്തെ വിരചിച്ച
ആസ്യത്തിൽനിന്നുമമൃതാസവം മന്ദ-
ഹാസത്തോടൊത്തു വെളിക്കു ഗളിച്ചിടും
ഭാഷണസൗരഭ്യമാർന്നു മദാന്ധരാ-
മാഷട്പദങ്ങൾതൻ ബാധനിമിത്തമായ്
തൻ കുഴൽവച്ചിനു വേഗമിരട്ടിച്ച
കൊങ്കക്കുടങ്ങളും കുന്തലും കാഞ്ചിയും
ചേതോഹരമായ്ച്ചലിപ്പിച്ചു ലാത്തിടു-
മാ ദേവനാരിയെച്ചാരത്തവൻ കണ്ടു
ലോകത്തെയാകെ മോഹിപ്പിക്കുവാൻ പടു-
വാകുമലർശരൻതന്നധീനത്തിലായ്
തീരെജ്ജഡനെന്നമട്ടിലായ്ത്തീർന്നുടൻ
നേരേയവളോടു ചൊല്ലിനാനീവിധം. 6
നീയേതവൾമുനേ! എന്തൊന്നു ചെയ്യുവാ-
നീയദ്രിയിൽ ഭവാനിച്ഛിച്ചിടുന്നു ചൊൽ?
സ്ഥാണുഭഗവാന്റെ മായയോ? സ്നേഹിതാ!
ഞാണററ രണ്ടു വില്ലല്ലയോ കാണ്മതും?
താനേ സ്വരക്ഷയ്ക്കുതങ്ങു ധരിക്കയോ?
കാനനമത്തമൃഗവധമോർക്കയോ? 7
പുംഖവിഹീനങ്ങളെങ്കിലും ഭംഗിയിൽ
പങ്കജപ്പൂന്തുവല്ലുകൾ കലർന്നതായ്
അഗ്രങ്ങൾ കൂർത്തതാണെങ്കിലും ശാന്തത-
കൈക്കൊള്ളുമിമ്പ് ഭവന്നാരാചയുഗ്മളം
തൽക്കാലമാരുടെനേർക്കു വിട്ടീടുവാ-
നിഗ്ഗിരിയിൽ ഭവാൻ ചുററുന്നുവെന്നതും
ഞങ്ങൾക്കറിഞ്ഞുകൂടാ ഭവദ്വിക്രമ-
മിങ്ങിജ്ജഡന്മാർക്കുപകാരമാകണം. 8
നിന്തിരുമേനിതൻ ശിഷ്യരീ വണ്ടുകൾ
സന്തതമങ്ങേച്ചുഴന്നു സ്വതന്ത്രമാം
സാമവേദം പഠിക്കുന്നു പാടുന്നിതാ
രുമയെഴും നിൻ തലയിൽനിന്നൂർന്നിടും
പൂമാരിയേയിവിടെബ്ഭജിപ്പൂ ജനം,
മാമുനിമാർ വേദശാഖകളേവിധം. 9
ത്വത്പദപഞ്ജരങ്ങൾക്കകം പൂകിടും
തിത്തിരിപ്പക്ഷികൾതന്നരൂപസ്വനം
ശ്രോത്രവിഷയമാകുന്നു ഞങ്ങൾക്കിഹ,
നേത്രവിഷയമല്ലെന്നും തദാകൃതി.
എങ്ങനെ വന്നു നിൻ ചാരുനിതംബത്തി-
ലിങ്ങനെയിക്കദംബപ്രസൂനപ്രഭ?
അക്കാന്തിതൻ മീതെയാ,യലാതോത്ഥമാ-
മഗ്നി കാണുന്നിതു വല്ക്കലമെങ്ങു തേ? 10
ബന്ധുരശൃങ്ഗങ്ങളിൽ നിറച്ചുള്ളതു-
മെന്താണതേതോ മികച്ച പദാർത്ഥമാം.
തീരെക്കൃശമീയരകൊണ്ടു,തല്ലെങ്കി-
ലാരു വഹിക്കുമീ വൻഭരം ഭൂസുരാ!
മദ്ധ്യഭാഗത്തെയെനിക്കു ദർശിക്കുവാ-
നൊത്തതുമിത്തുംഗശൃങ്ഗം നിമിത്തമാം
ശൃങ്ഗോപരിയിത്രയേറെപ്പരിമളം
തങ്ങുന്ന ശോണപരാഗമിതെന്തുവാൻ?
ശ്രേഷ്ഠമാമിപ്പങ്കമെന്റെയീയാശ്രമ-
മൊട്ടുക്കു സൗരഭ്യപൂർണ്ണമാക്കുന്നിതേ. 11
ഉററബന്ധോ! ഭവാൻ കാട്ടിത്തരേണമേ
മുററും ഭവാന്റെയാ ലോകമെനിക്കുടൻ
തത്ര വാണീടുവോർ മാദൃശന്മാരുടെ
ചിത്തമിളക്കുന്നവയായപൂർവ്വമാം
അങ്ഗങ്ങളിങ്ങനെ മാറിടത്തിങ്കലും
ശൃങ്ഗാരരാസസരസാദ്ഭുതാദികൾ
ആനന്ദംതന്നിലുമാവഹിക്കുന്നിതു
ന്നൂനം വളരുന്നിതു മമ കൗതുകം. 12
നിന്നുടെ ഭക്ഷണസാധനമെന്തിതിൽ-
നിന്നു ഹവിസ്സിൻ മണം പരക്കുന്നിതു
പുണ്ഡരീകാക്ഷകലയോ? ഭവാൻ, കാണ്മ-
തുണ്ടു മകരക്കുഴകൾ കണ്ണുങ്ങളിൽ
ഭീതമാം മീനയുഗവും ദ്വിജഗണ-
സ്സ്നീതപ്രഭയുമാസന്നഭൃംഗാളിയും
ചേരുമീ നിന്നാനനം, പാർക്കിലൊരു
ചാരുസരസ്സെന്നപോൽ വിളങ്ങുന്നിതേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോ/സൗ ത്വയാ കരസരോജഹതഃ പതങ്ഗോ
ദിക്ഷു ഭ്രമൻ ഭ്രമത ഏജയതേ/ക്ഷിണീ മേ
മുക്തം ന തേ സ്മരസി വക്രജടാവരൂഥം
കഷ്ടോ/നിലോ ഹരതി ലമ്പട ഏഷ നീവീം. 14

രൂപം തപോധന തപശ്ചരതാം തപോ/ഘ്നം
ഹ്യേതത്തു കേന തപസാ ഭവതോപലബ്ധം
ചർതും തപോ/ർഹസി മയാ സഹ മിത്ര മഹ്യം
കിം വാ പ്രസീദതി സ വൈ ഭവഭാവനോ മേ. 15

ന ത്വാം ത്യജാമി ദയിതം ദ്വിജദേവദത്തം
യസ്മിന്മനോ ദൃഗപി നോ ന വിയാതി ലഗ്നം
മാം ചാരുശൃങ്ഗ്യർഹസി നേതുമനുവ്രതം തേ
ചിത്തം യതഃ പ്രതിസരന്തു ശിവാഃ സചിവ്യഃ. 16

ശ്രീശുക ഉവാച

ഇതി ലലനാനുനയാതിവിശാരദോ ഗ്രാമ്യവൈദഗ്ധ്യയാ പരിഭാഷയാ താം വിബുധവധൂം വിബുധമതിരധിസഭാജയാമാസ. 17

സാ ച തതസ്തസ്യ വീരയൂഥപതേർബുദ്ധിശീലരൂപവയഃശ്രിയൗദാര്യേണ പരാക്ഷിപ്തമനാസ്തേന സഹായുതായുതപരിവത്സരോപലക്ഷണം കാലം ജംബൂദ്വീപപതിനാ ഭൗമസ്വർഗ്ഗഭോഗാൻ ബുഭുജേ. 18

തസ്യാമു ഹ വാ ആത്മജാൻ സ രാജവര ആഗ്നീധ്രോ നാഭികിംപുരുഷഹരിവർഷേലാവൃതരമ്യകഹിരണ്മയകുരുഭദ്രാശ്വകേതുമാലസ ജ്ഞാന്നവ പുത്രാനജനയത്. 19

സാ സൂത്വാഥ സുതാന്നവാനുവത്സരം ഗൃഹ ഏവാപഹായ പൂർവ്വചിത്തിർഭൂയ ഏവാജം ദേവമുപതസ്ഥേ. 20

ആഗ്നീധ്രസുതാസ്തേ മാതുരനുഗ്രഹാദൗത്പത്തികേനൈവ സംഹനനബലോപേതാഃ പിത്രാ വിഭക്താ ആത്മതുല്യനാമാനി യഥാഭാഗം ജംബൂദ്വീപവഷാണി ബുഭുജുഃ. 21

ആഗ്നീധ്രോ രാജാതൃപ്തഃ കാമാനാമപ്സരസമേവാനുദിനമധിമന്യമാനസ്തസ്യാഃ സലോകതാം ശ്രുതിഭിരവാവരുന്ധ യത്ര പിതരോ മാദയന്തേ. 22

സമ്പരേതേ പിതരി നവ ഭ്രാതരോ മേരുദുഹിതൄർമേരുദേവീം പ്രതിരൂപാമുഗ്രദംഷ്ട്രീം ലതാം രമ്യാം ശ്യാമാം നാരീം ഭദ്രാം ദേവവീതിമിതി സംജ്ഞാ നവോദവഹൻ. 23

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ആഗ്നീധ്രവർണ്ണനം നാമ ദ്വിതീയോ/ധ്യായഃ

തൃതീയോ/ധ്യായഃ

ശ്രീശുക ഉവാച

നാഭിരപത്യകാമോ/പ്രജയാ മേരുദേവ്യാ ഭഗവന്തം യജ്ഞപുരുഷമവഹിതാത്മാ യജത്. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാണിപദ്മത്താലടിച്ചു നീ വിട്ടിടും
ചേണാളുമിപ്പന്തു ദിക്കിലെങ്ങും ജവം

ചാഞ്ചാടവേ തവ ദർശനമാത്രയിൽ
തഞ്ചമററും കമ്പമാന്നീടുമെന്നുടെ

കണ്ണുകളെയും ചലിപ്പിച്ചിടുന്നിതേ.
നിന്നാനനത്തെ മറച്ച വാർകന്തളം

ചിന്നിയഴിഞ്ഞു കിടപ്പതും ധൂർത്തനായ്
നിന്നിലത്യാസക്തനായിടും മാരുതൻ

വന്നു നിൻ നീവിയപഹരിച്ചുള്ളതു–
മൊന്നുമേ നീയറിയുന്നതില്ലേതുമേ. 14

താപസേന്ദ്രാ! തപോവിഘ്നത്തിനുള്ളൊരീ
രൂപമാജ്ജിച്ചതുമേതു തപസ്സിനാൽ

മിത്രമേ! യെന്നോടുമൊത്തിവിടെത്തപോ–
വൃത്തിയിൽ വാഴ്കതിനർഹനല്ലോ ഭവാൻ.

എന്നിൽ ഭവവൃദ്ധികാരണനാം ദേവ–
നിന്നു പാരം പ്രസാദിച്ചിരിക്കുന്നുവോ. 15

എന്നുടെ കണ്ണും കരളും കവന്നിടും
നിന്നെയുപേക്ഷിക്കയില്ല ഞാൻ സുന്ദരീ!

എന്നിലലിവാന്നു നിന്നെച്ചതുർമ്മുഖൻ
തന്നിരിക്കുന്നിതെനിക്കു ചാരുസ്തനീ!

നിന്മാനസത്തെയനുസരിച്ചീടുന്നൊ–
രിമ്മന്ദനെയിനി നീതാൻ നയിക്കുക.

പങ്കജാക്ഷീമണേ! യെന്നുടത്തെത്തട്ടെ
സങ്കോചമെന്നിയേ നിന്നനുഗാമികം. 16

ശ്രീശുകൻ പറഞ്ഞു

നാരീവശീകരണത്തിൽ സമർത്ഥനായ്
പേരാളുമഗ്നീദ്ധ്രഭൂപൻ ബുധമതി

ഏവം വിഷയവിദഗ്ദ്ധമാം ഭാഷയിൽ
ദേവവധൂടിയെത്തൻ വശത്താക്കിനാൻ. 17

ദേവാങ്ഗനയവളും പിന്നെ വീരാഗ്ര്യന–
ബ്ഭൂവരൻതന്നുടെ ബുദ്ധിയും ശീലവും

പ്രായവും രൂപഗുണവുമൗദാര്യവും
ശ്രീയുമീക്ഷിച്ചു വിമോഹിതചിത്തയായ്

ജംബുവാം ദ്വീപിന്നധിപതിയായിട്ട–
മമ്മഹാരാജാവിനോടുകൂടിസ്സദാ

ചേന്നയുതായുതം വത്സരം മന്നിലും
വിണ്ണിലുമുള്ള ഭോഗങ്ങളും ഭുജിച്ചിതു. 18

മന്നരിൽമന്നനവൻ പിന്നെയാ സ്സുര–
സുന്ദരിയിൽത്തീർത്തിതൊമ്പതു പുത്രരെ.

നാഭിയും കിമ്പുരുഷൻ ഹരിവർഷനും
ഭൂപാലമൗലേ! യിളാവൃതൻ, രമ്യകൻ

പിന്നെ ഹിരണ്മയനും, കുരു, ഭദ്രാശ്വ–
നെന്നവൻ കേതുമാലൻതാനുമാണവർ. 19

ആണ്ടിലൊന്നെന്നകണക്കിലിവരെയ–
ത്തണ്ടാർമിഴിമാക്ഷി പെററിട്ടു സദനത്തെ–

വിട്ടുടനപ്പൂർവ്വചിത്തി വീണ്ടും ചെന്നു
സ്രഷ്ടാവിനെ മുറയ്ക്കച്ചനം ചെയ്തിതു. 20

താതമഹാനുഗ്രഹത്തിനാലഗ്നീദ്ധ്ര–
ജാതർ ജന്മം മുതൽക്കാരോഗ്യയുക്തരായ്

താതൻ പകുത്തുകൊടുത്ത ജംബുദ്വീപ–
വീതം സ്വനാമങ്ങളിട്ടു ഭരിച്ചിതു. 21

അഗ്നീദ്ധ്രനേതുമലംഭാവമെന്നിയേ
സക്തനായ് വീണ്ടും വിഷയസുഖങ്ങളിൽ

എപ്പൊഴുമപ്പൂർവ്വചിത്തിയിൽ മാനസ–
മപ്പിച്ചു പിന്നെ വേദോക്തകർമ്മങ്ങളാൽ

തല്ലോകമാന്നിതു സോല്ലാസ,മായതി–
ലല്ലോ പിതൃക്കളാനന്ദിച്ചിരിപ്പതും. 22

തത്പിതാവപ്പിതൃലോകം ഗമിക്കവേ–
യിപ്പുത്രരൊൻപതും മേരുവിൻ മക്കളായ്

പേർപെററിടും മേരുദേവിതാനും, പ്രതി–
രൂപയുമുഗ്രദംഷ്ട്രീ, ലത, രമ്യയും

ശ്യാമ, നാരീ, ഭദ്രയും ദേവവീതിയും
നാമമാളും കന്യകമാരെ വേട്ടിതു. 23

അദ്ധ്യായം 3

നാഭിചരിതം—ഋഷഭചരിതം

ശ്രീശുകൻ പറഞ്ഞു

സന്താനകാമനാം നാഭിയപുത്രയാം
സ്വന്തം പ്രിയ മേരുദേവിയുമൊത്തഥ

ഉള്ളറപ്പിച്ചു മഖപുമാനായ് പര–
മുല്ലസിക്കും ഭഗവാനെയർച്ചിച്ചിതു. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ഹ വാവ ശ്രദ്ധയാ വിശുദ്ധഭാവേന യജതഃ പ്രവ-
ർഗ്ഗ്യേഷു പ്രചരത്സു ദ്രവ്യദേശകാലമന്ത്രർത്വിഗ്ദക്ഷിണാവിധാ-
നയോഗോപപത്ത്യാ ദുരധിഗമോഽപി ഭഗവാൻ ഭാഗവതവാ-
ത്സല്യതയാ സുപ്രതീക ആത്മാനമപരാജിതം നിജജനാഭിപ്രേ-
താർത്ഥവിധിത്സയാ ഗൃഹീതഹൃദയോ ഹൃദയങ്ഗമം മനോനയ-
നാനന്ദനാവയവാഭിരാമമാവിശ്ചകാര. 2

അഥ ഹ തമാവിഷ്കൃതഭുജയുഗളദ്വയം ഹിരണ്മയം പുരുഷ-
വിശേഷം കപിശകൗശേയാംബരധരമുരസി വിലസച്ഛ്രീ-
വത്സലലാമം ദരവരവനരുഹവനമാലാച്ഛൂര്യമൃതമണിഗ-
ദാദിഭിരുപലക്ഷിതം സ്ഫുടകിരണപ്രവരമുകുടകുണ്ഡലകടകക-
ടിസൂത്രഹാരകേയൂരനൂപുരാദ്യങ്ഗഭൂഷണവിഭൂഷിതമൃത്വിക്സദ-
സ്യഗൃഹപതയോഽധനാ ഇവോത്തമധനമുപലഭ്യ സബഹുമാന-
മർഹണേനാവനതശീർഷാണ ഉപതസ്ഥുഃ. 3

ഋത്വിജ ഊചുഃ

അർഹസി മുഹുരർഹത്തമാർഹണമസ്മാകമനുപഥാനാം
നമോ നമ ഇത്യേതാവത്സദുപശിക്ഷിതം കോഽർഹതി പുമാൻ
പ്രകൃതിഗുണവ്യതികരമതിരനീശ ഈശ്വരസ്യ പരസ്യ പ്രകൃ-
തിപുരുഷയോരർവ്വാക്തനാഭിർന്നാമരൂപാകൃതിഭി രൂപനിരൂ-
പണം. 4

സകലജനനികായവൃജിനനിരസനശിവതമപ്രവരഗുണഗ-
ണൈകദേശകഥനാദൃതേ. 5

പരിജനാനുരാഗവിരചിതശബലസംശബ്ദസലിലസിതകി-
സലയതുളസികാദൂർവ്വാങ്കുരൈരപി സംഭൃതയാ സപര്യയാ
കില പരമ പരിതുഷ്യസി. 6

അഥാനയാപി ന ഭവത ഇജ്യയോരുഭാരഭരയാ സമുചിത-
മർത്ഥമിഹോപലഭാമഹേ. 7

ആത്മന ഏവാനുസവനമഞ്ജസാ വ്യതിരേകേണ ബോഭൂയ-
മാനാശേഷ പുരുഷാർത്ഥസ്വരൂപസ്യ കിന്തു നാഥാശിഷ ആശാ-
സാനാനാമേതദഭിസംരാധനമാത്രം ഭവിതുമർഹതി. 8

തദ്യഥാ ബാലിശാനാം സ്വയമാത്മനഃ ശ്രേയഃ പരമവിദു-
ഷാം പരമപരമപുരുഷപ്രകർഷകരുണയാ സ്വമഹിമാനം ചാ-
പവർഗ്ഗാഖ്യമുപകല്പയിഷ്യൻ സ്വയം നാപചിത ഏവേതരവ-
ദിഹോപലക്ഷിതഃ. 9

അഥായമേവ വരോഹ്യർഹത്തമ യർഹി ബർഹിഷി രാജ-
ർഷേർവരദർഷഭോ ഭവാന്നിജപുരുഷേക്ഷണവിഷയ ആസീത്. 10

അസങ്ഗനിശിതജ്ഞാനാനലവിധൂതാശേഷമലാനാം ഭവ-
ത്സ്വഭാവാനാമാത്മാരാമാണാം മുനീനാമനവരതപരിഗുണിത-
ഗുണഗണപരമമങ്ഗളായനഗുണഗണകഥനോഽസി. 11

അഥ കഥഞ്ചിത് സ്ഖലനക്ഷുത്പതനജൃംഭണദുരവസ്ഥാ-
നാദിഷു വിവശാനാം നഃ സ്മരണായ ജ്വരമരണദശായാമപി
സകലകശ്മലനിരസനാനി തവ ഗുണകൃതനാമധേയാനി
വചനഗോചരാണി ഭവന്തു. 12

കിഞ്ചായം രാജർഷിരപത്യകാമഃ പ്രജാം ഭവാദൃശീമാശാ-
സാന ഈശ്വരമാശിഷാം സ്വർഗ്ഗാപവർഗ്ഗയോരപി ഭവന്തമുപ-
ധാവതി പ്രജായാമർത്ഥപ്രത്യയോ ധനദമിവാധനഃ ഫലീ-
കരണം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധയോടും മനഃശുദ്ധിയോടും പൂജ
കൃത്യമായ് നിത്യമവനനുഷ്ഠിക്കവേ
കാലദേശദ്രവ്യമന്ത്രങ്ങളും യോഗങ്ങളും
ചാലേ വിധാന,മൃത്വിക്കുകൾ, ദക്ഷിണ
എന്നൊന്നിനാലുമപ്രാപ്യനെന്നാകിലും
തന്നുടെ ഭക്തരിൽ വാത്സല്യവായ്പിനാൽ
എന്നുമവർക്കഭീഷ്ടങ്ങളേകീടുവാൻ
സന്നദ്ധനാമബ്ജഭഗവാൻ ജനാർദ്ദനൻ
ചാരുതരാവയവങ്ങൾ കലർന്നതാ-
യാരും ജയിക്കാത്തതാം സ്വരൂപം മുദാ
ചിത്തനേത്രാനന്ദമാക്കും വളർത്തുവാ-
നൊത്തിടുമാറങ്ങു കാട്ടിക്കൊടുത്തിതു. 2
ശംഖചക്രാബ്ജഗദകൾ ധരിപ്പതാം
തൻകരം നാലും നലമൊത്തിണങ്ങിയും
മഞ്ഞവസ്ത്രങ്ങൾ ധരിച്ചുമുരസ്സതിൽ
മഞ്ജുളശ്രീവത്സലക്ഷ്മം തലോടിയും
പൊന്നരഞ്ഞാൺ കൗസ്തുഭം പൊൽക്കിരീടവും
കുണ്ഡലദ്വന്ദ്വം വളകൾ വനമാല
തോൾവള, പാദസരം, മുത്തുമാലയെ-
ന്നീവകഭൂഷകൾ പൂണ്ടും വിളങ്ങിടും
ആ ഭഗവാനെസ്സദസ്യരൃത്വിക്കുകൾ
നാഭേയപവര,രെന്നിവരേവരും
ഉത്തമമാകും ധനത്തെ ദരിദ്രർപോൽ
മുത്താർന്നു കണ്ടു ബഹുമാനപൂർവ്വകം
അർഘ്യമർപ്പിച്ചുത്തമാങ്ഗമവനത-
മാക്കി നമിച്ചീവിധം സ്തുതിച്ചീടിനാർ. 3

ഋത്വിക്കുകൾ പറഞ്ഞു

ഹേ മഹാപൂജ്യാ! ഭവാൻ സ്വീകരിക്കണ-
മാമോദപൂർവ്വമീ ഭൃത്യസമർച്ചകൾ.
അങ്ങേയിതാ നമിച്ചീടുന്നിവ,രതേ
ഞങ്ങളെയഭ്യസിപ്പിച്ചുള്ള സജ്ജനം.
എന്നും പ്രകൃതിഗുണമേളനങ്ങളിൽ-
ത്തന്നെ മതിവച്ചു കെല്പററ മാനുഷൻ
പിന്നെ പ്രകൃതിപുരുഷവിഭിന്നനായ്
മിന്നുമീശൻതൻ സ്വരൂപത്തെയെങ്ങനെ
പിന്നാലെയുണ്ടായ നാമരൂപങ്ങളാൽ
വർണ്ണിക്കുവാനർഹനായിബ്ഭവിച്ചിടും. 4
ദുഷ്കൃതം സർവ്വജനത്തിനും പോക്കുവാൻ-
തക്കവിധം ശുദ്ധമായതിശ്രേഷ്ഠമായ്
അന്തമററുള്ള ഗുണധോരണികളി-
ലെന്തെങ്കിലുമംശമോതിടാമത്രതാൻ. 5
പൂർണ്ണനാകും തിരുമേനിയിക്കിങ്കര-
നഭക്ത്യാ സ്ഖലിതാക്ഷരങ്ങളാൽ
ഉച്ചരിക്കും സ്തുതിയാലും യവാങ്കുര-
മച്ഛജലം, ദലം, ദൂർവ്വ, തുളസിയും
വച്ചു നിൻഭൃത്യരിവരാചരിച്ചിടു-
മർച്ചയാലും പ്രസാദിക്കുന്നു വിസ്മയം! 6
അല്ലേതരം പല സാധനസാമഗ്രി-
യർപ്പിച്ചു ചെയ്തിടും പൂജകളങ്ങയിൽ
ഉൾപ്രേമപൂർവ്വകമല്ലെന്നിരിക്കുകിൽ
നിഷ്ഫലമാണെന്നറിയുന്നു ഞങ്ങളും. 7
സത്യത്തിലെന്നും മറവററുമിന്നും സ-
മസ്തപുമർത്ഥരൂപാത്മാവിൽനിന്നുതാൻ
നേരേ വരത്തിനിച്ഛിക്കുമിവരണ-
പ്പോരിപ്പദാർത്ഥങ്ങളെ നിന്തിരുവടി
മായമററാദരപൂർവമർപ്പിക്കുമു-
പായനദ്രവ്യങ്ങളായ് ഗണിച്ചാൽമതി. 8
മായാപതേ! പുരുഷോത്തമ! സ്വന്തമാം
ശ്രേയസ്സു തെല്ലുമറിയാതെ വാണിടും
പാമരർക്കെന്നപോൽ കാരുണ്യവായ്പിനാൽ
കാമമമോക്ഷാഖ്യമാം ത്വന്മഹിമയെ
ഞങ്ങൾക്കു നൽകുവാൻ സാധാരണൻമട്ടി-
ലിങ്ങെത്തിനാനങ്ങനർച്ചിതനാകിലും. 9
രാജർഷിതൻെറയീ യാഗത്തിലങ്ങയേ
പൂജിച്ചിടും ഞങ്ങൾതന്മിഴികൾക്കിഹ
ആനന്ദമേകുമീ നിന്മനോജ്ഞാകൃതി
കാണിച്ചതല്ലേ വരം വരദർഷഭാ! 10
ഭോഗാശയററു വൈരാഗ്യബലത്തോടും
രാഗാദിദോഷം വിവേകമാം വഹ്നിയാൽ
പോക്കിയാത്മാരാമരായ് ഭവച്ചീലവും
കൈക്കൊണ്ടു മാമുനിമാരുമനാരതം
ആനന്ദദമായ് ശുഭപ്രദമായ നിൻ-
നാനാഗുണഗണം കീർത്തിച്ചിടുന്നിതേ. 11
തട്ടിവീഴുമ്പൊഴും ക്ഷുത്തിയലുമ്പൊഴും
കോട്ടുവായിട്ടിടുമ്പോഴും ജ്വരബാധ-
പെട്ടിടുമ്പോഴും മരണഘട്ടത്തിലും
മററിത്തരമേതുകഷ്ടസ്ഥിതിയിലും
ദുഷ്കൃതമാകെ നശിപ്പിച്ചിടും ഭവൽ-
സദ്ഗുണമുൾക്കൊണ്ട നാമധേയങ്ങളെ
കീർത്തിക്കുവാനിടയാകണമെന്നതു-
മാത്രംമതിയതാം ഞങ്ങൾക്കനുഗ്രഹം. 12
എന്നല്ല സന്താനകാമനീ രാജർഷി
വന്നു പുരുഷാർത്ഥബുദ്ധിയോടങ്ങയെ
ധാന്യാംശകാംക്ഷിയാം നിസ്വൻ കുബേരനെ-
യെന്നപോലാശ്രയിച്ചങ്ങേക്കുതുല്യനാം
പുത്രനിലാശയാൽ സ്വർഗ്ഗസുഖത്തിനും
മുക്തിക്കുമീശനാമങ്ങെയർച്ചിപ്പതേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോ വാ ഇഹ തേഽപരാജിതോഽപരാജിതയാ മായയാന-
വസിതപദവ്യാനാവൃതമതിർവ്വിഷയവിഷരയാനാവൃതപ്രകൃ-
തിരനപാസിതമഹച്ചരണഃ. 14

യദ്ധ ഹ വാവ തവ പുനരദഭ്രകർത്തരിഹ സമാഹൂതസ്തത്രാ-
ർത്ഥധിയാം മന്ദാനാം നസ്തദ്യദ്ദേവഹേലനം ദേവദേവാർഹസി
സാമ്യേന സർവ്വാൻ പ്രതിവോഢുമവിദുഷാം. 15

ശ്രീശുക ഉവാച

ഇതി നിഗദേനാഭിഷ്ടൂയമാനോ ഭഗവാനനിമിഷർഷഭോ
വർഷധരാഭിവാദിതാഭിവന്ദിതചരണഃ സദയമിദമാഹ. 16

ശ്രീഭഗവാനുവാച

അഹോ ബതാഹമൃഷയോ ഭവദ്ഭിരവിതഥഗീർഭിർവരമസു-
ലഭമഭിയാചിതോ യദമുഷ്യാത്മജോ മയാ സദൃശോ ഭൂയാ-
ദിതി. 17

മമാഹമേവാഭിരൂപഃ കൈവല്യാദഥാപി ബ്രഹ്മവാദോ ന
മൃഷാഭവിതുമർഹതി. മമൈവ ഹി മുഖം യദ്ദ്വിജദേവകുലം. 18

തത ആഗ്നീധ്രീയേഽംശകലയാവതരിഷ്യാമ്യാത്മതുല്യമനു-
പലഭമാനഃ. 19

ശ്രീശുക ഉവാച

ഇതി നിശാമയന്ത്യാ മേരുദേവ്യാഃ പതിമഭിധായാന്തർദ്ധേ
ഭഗവാൻ. 20

ബർഹിഷി തസ്മിന്നേവ വിഷ്ണുദത്ത ഭഗവാൻ പരമർഷിഭിഃ
പ്രസാദിതോ നാഭേഃ പ്രിയചികീർഷയാ തദവരോധായനേ
മേരുദേവ്യാം ധർമ്മാന്ദർശയിതുകാമോ വാതരശനാനാം ശ്രമണാ-
നാമൃഷീണാമൂർധ്വമന്ഥിനാം ശുക്ലയാ തനുവാവതതാര. 21

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
നാഭിചരിതേ ഋഷഭാവതാരോ നാമ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

ശ്രീശുക ഉവാച

അഥ ഹ തമുത്പത്ത്യൈവാഭിവ്യജ്യമാനഭഗവല്ലക്ഷണം
സാമ്യോപശമവൈരാഗ്യൈശ്വര്യമഹാവിഭൂതിഭിരനുദിനമേ-
ധമാനാനുഭാവം പ്രകൃതയഃ പ്രജാ ബ്രാഹ്മണാ ദേവതാശ്ചാവ-
നിതലസമവനായാതിതരാം ജഗൃധുഃ. 1

തസ്യ ഹ വാ ഇത്ഥം വർഷ്മണാ വരീയസാ ബൃഹച്ഛ്ലോ-
കേന ചൗജസാ ബലേന ശ്രിയാ യശസാ വീര്യശൗര്യാഭ്യാം
ച പിതാ ഋഷഭ ഇതീദം നാമ ചകാര. 2

തസ്യ ഹീന്ദ്രഃ സ്പർദ്ധമാനോ ഭഗവാൻ വർഷേ ന വവർഷ. ത-
ദവധാര്യ ഭഗവാനൃഷഭദേവോ യോഗേശ്വരഃ പ്രഹസ്യാത്മ-
യോഗമായയാ സ്വവർഷമജനാഭം നാമാഭ്യവർഷത്. 3

നാഭിസ്തു യഥാഭിലഷിതം സുപ്രജാസ്ത്വമവരുധ്യാതിപ്രമോ-
ദഭരവിഹ്വലോ ഗദ്ഗദാക്ഷരയാ ഗിരാ സ്വൈരം ഗൃഹീതന-
രലോകസധർമ്മം ഭഗവന്തം പുരാണപുരുഷം മായാവിലസിത-
മതിർവ്വത്സ താതേതി സാനുരാഗമുപലാളയൻ പരാം നിർവൃതി-
മുപഗതഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരുണ്ടജിതയായോരു നിന്മായയെ
നേരേ ജയിച്ചവനായൊരാൾ പാരിതിൽ
ആക്രമറിയാനസാദ്ധ്യമായീടിന
മാർഗ്ഗങ്ങളാളുമാ മായ മറയ്ക്കാത്ത
ശുദ്ധമതിയും വിഷയവിഷവേഗ-
മെത്തിദ്ദൂഷിക്കാത്തതായിടും ശീലവും
പൊല്ലേറിടും മഹാത്മാക്കൾക്കെഴും പദ-
പല്ലവം സേവിച്ചിടാതാർക്കു സിദ്ധമാം? 14

വമ്പിച്ച കാര്യകർത്താവാകുമങ്ങയെ-
ത്തമ്പററവർ ഞങ്ങൾ തുച്ഛകാര്യത്തിനായ്
അച്ഛനചെയ്തു വരുത്തിയെന്നുള്ളതു
വാച്ചോരപരാധമത്രേ ജഗൽപ്രഭോ!
മന്ദരായിപ്പമതേ്്‌ചെയ്തുകളൊയ് ദേവ-
നിന്ദനംചെയ്ത മറയരാം ഞങ്ങളിൽ
ഭിന്നധീയറേറാരവിടേയ്ക്കൊരപ്രിയം
തോന്നാതെ സർവ്വം സഹിച്ചീടണം ഭവാൻ.15

ശ്രീശുകൻ പറഞ്ഞു

ഭാരതവർഷാധിനാഥനാകും നാഭി-
ഭൂരമണൻ വണങ്ങീടുമൃത്വിക്കുകൾ
ഏവം സ്തുതിവാക്യമോതീടവേ ദേവ-
ദേവൻ ഭഗവാൻ കനിഞ്ഞരുളീടിനാൻ. 16

ശ്രീഭഗവാൻ പറഞ്ഞു

അദ്ഭുതമദ്ഭുതം! വിപ്രരേ! ഭൂപനു
മൽപ്രതിമൻ സുതൻ വേണമെന്നോ കൊതി?
സാത്ഥവചസ്സുകളായിടും നിങ്ങളൊ-
ന്നോർത്തീടുവിനതു സാദ്ധ്യമാകുന്നതോ? 17
എന്നോടുതുല്യനായ് കേവലതത്വത്തിനാ-
ലന്യനില്ലെങ്കിലും വിപ്രവചസ്സുകൾ
വ്യത്ഥമാവാൻ തരമില്ലെന്നതന്നല്ല
ശുദ്ധദ്വിജവംശമാണെന്റെയാനനം. 18
എന്നാകയാൽ മത്സമനായൊരുത്തനെ-
യിന്നോളമീക്ഷിച്ചിടാത്തുള്ള ഞാനിനി
സംശയിക്കേണ്ട ചെന്നാഗ്നീദ്ധ്രപുത്രനി-
ലംശകലയോടവതരിച്ചീടുവൻ. 19

ശ്രീശുകൻ പറഞ്ഞു

ഏവം വരൻ കേൾക്കെയോതുന്നതു മേരു-
ദേവി കേട്ടാനന്ദതുന്ദിലയാകവേ
നാരായണൻ ഭഗവാൻ ഭക്തവത്സലൻ
നേരേയവിടെയന്തർഹിതനായിതു. 20
ഈ മഹായജ്ഞത്തിലാ മഹർഷീശ്വരർ
കാമമച്ഛിക്കയാൽ പ്രീതനായ് ശ്രീഹരി
ഭക്തജനാഭിലാഷപ്രദാനത്തിനായ്
വ്യക്തമാമാഗ്രഹമുൾക്കൊണ്ടു വേണ്ടപോൽ
ബ്രഹ്മചര്യാവ്രതനിഷ്ഠരും താപസ-
കർമ്മകൃത്തുക്കളും നഗ്നരുമായിടും
ശ്രേഷ്ഠമഹർഷികൾതൻ ധർമ്മമാകവേ
കാട്ടിക്കൊടുക്കുവാനായിദ്ധരിത്രിയിൽ
ശുദ്ധസത്വാംശനായന്നൃപാന്തഃപുര-
വർത്തിനിയാം മേരുദേവിയിൽ ജാതനായ്. 21

അദ്ധ്യായം 4

ഋഷഭചരിതം

ശ്രീശുകൻ പറഞ്ഞു

ജന്മത്തിലേ ഭഗവല്ലക്ഷണങ്ങളെ
ചെമ്മേ പ്രകാശിതമാക്കി വിളങ്ങിയും
സാമ്യ,മുപശമം, വൈരാഗ്യ,മൈശ്വര്യ-
മിമ്മഹാഭൂതികൾ നാൾക്കുനാൾ വർദ്ധിച്ച
വന്മഹിമാവുകലർന്നമിക്കുഞ്ഞിനെ
നന്മയ്ക്കഖിലവുമേകനിധാനമായ്
മന്ത്രിപ്രവരരും ബ്രാഹ്മണരും പ്രജാ-
സന്ദോഹവും ദേവവൃന്ദവും വീക്ഷിച്ചു
മോദിച്ചവനിൽനിന്നും പ്രതീക്ഷിച്ചിതു
മേദിനീധർമ്മപരിപാലനം പരം. 1
സൂരീന്ദ്രവർണ്യവിഷയമായ് ശ്രേഷ്ഠമാം
ചാരുമെയ്, തേജസ്സ, കാന്തി, ബലം, പുകൾ
വീര്യശൗര്യങ്ങളിത്യാദിയാൽ പുത്രനു
പേരുമൃഷഭനെന്നിട്ടീടിനാൻ പിതാ. 2
ഈർഷ്യകലർന്നീ ഋഷഭന്റെ ഭാരത-
വർഷത്തിൽ വർഷിച്ചതില്ല ശചീപതി.
പാകാരിദേവന്റെയീമത്സരം പാർത്തു
യോഗേശനാകുമൃഷഭൻ പ്രഹസിച്ചു
യോഗബലത്താലജനാഭനാമക-
മാകുമബ്ഭുവിൽ മഴചൊരിഞ്ഞീടിനാൻ. 3
നാഭിനൃപാലൻ നിനച്ചതുപോലെതാൻ
ശോഭനസന്താനസംയുതനാകയാൽ
മോദപരവശനായ് ഗദ്ഗദാക്ഷരോ-
പേതവാക്യങ്ങളാൽ മാനുഷ്യമായിടും
കായം സ്വയം ധരിച്ചീടും ഭഗവാനെ
മായാവിലസിതധീയോടുകൂടവേ
തത്സന്നിധി ചെന്നു രാഗപുരസ്സരം
വത്സാ! കുമാരകാ! എന്നിടറിച്ചൊല്ലി
ലാളിച്ചുലാളിച്ചനുപമമാം സുത-
മേളനാനന്ദമനുഭവിച്ചീടിനാൻ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദിതാനുരാഗമാപൗരപ്രകൃതിജനപദോ രാജാ നാഭിരാ-
ത്മജം സമയസേതുരക്ഷായാമഭിഷിച്യ ബ്രാഹ്മണേഷൂപനി-
ധായ സഹ മേരുദേവ്യാ വിശാലായാം പ്രസന്നനിപുണേന
തപസാ സമാധിയോഗേന നരനാരായണാഖ്യം ഭഗവന്തം
വാസുദേവമുപാസീനഃ കാലേന തന്മഹിമാനമവാപ. 5

യസ്യ ഹ പാണ്ഡവേയ ശ്ലോകാവുദാഹരന്തി—

കോ നു തത്കർമ്മരാജർഷേർന്നാഭേരന്വാചരേത് പുമാൻ
അപത്യതാമഗാദ്യസ്യ ഹരിഃ ശുദ്ധേന കർമ്മണാ. 6

ബ്രഹ്മണ്യോഽന്യഃ കുതോ നാഭേർവിപ്രാ മങ്ഗളപൂജിതാഃ
യസ്യ ബർഹിഷി യജ്ഞേശം ദർശയാമാസുരോജസാ. 7

അഥ ഹ ഭഗവാനൃഷഭദേവഃ സ്വവർഷം കർമ്മക്ഷേത്രമനു-
മന്യമാനഃ പ്രദർശിതഗുരുകുലവാസോ ലബ്ധവരൈർഗ്ഗുരുഭിരനു-
ജ്ഞാതോ ഗൃഹമേധിനാം ധർമ്മാനനുശിക്ഷമാണോ ജയന്ത്യാ-
മിന്ദ്രദത്തായാമുഭയലക്ഷണം കർമ്മ സമാമ്നായാമ്നാതമഭിയുഞ്ജ-
ന്നാത്മജാനാമാത്മസമാനാനാം ശതം ജനയാമാസ. 8

യേഷാം ഖലു മഹായോഗീ ഭരതോ ജ്യേഷ്ഠഃ ശ്രേഷ്ഠഗുണ
ആസീദ്യേനേദം വർഷം ഭാരതമിതി വ്യപദിശന്തി. 9

തമനു കുശാവർത്ത ഇലാവർത്തോ ബ്രഹ്മാവർത്തോ മലയഃ
കേതുർഭദ്രസേന ഇന്ദ്രസ്പൃഗ്വിദർഭഃ കീകട ഇതി നവ നവതിപ്ര-
ധാനാഃ. 10

കവിർഹരിരന്തരിക്ഷഃ പ്രബുദ്ധഃ പിപ്പലായനഃ
ആവിർഹോത്രോഽഥ ദ്രുമിളശ്ചമസഃ കരഭാജനഃ. 11

ഇതി ഭാഗവതധർമ്മദർശനാ നവ മഹാഭാഗവതാസ്തേഷാം
സുചരിതം ഭഗവന്മഹിമോപബൃംഹിതം വസുദേവനാരദ-
സംവാദമുപശമായനമുപരിഷ്ടാദ്വർണ്ണയിഷ്യാമഃ. 12

യവീയാംസ ഏകാശീതിർജ്ജായന്തേ യാഃ പിതുരാദേശകാ-
രിണോ മഹാശാലീനാ മഹാശ്രോത്രിയാ യജ്ഞശീലാഃ കർമ്മ-
വിശുദ്ധാ ബ്രാഹ്മണാ ബഭൂവുഃ. 13

ഭഗവാനൃഷഭസംജ്ഞ ആത്മതന്ത്രഃ സ്വയം നിത്യനിവൃത്താ-
നർത്ഥപരമ്പരഃ കേവലാനന്ദാനുഭവ ഈശ്വര ഏവ വിപരീത-
വത് കർമ്മാണ്യാരഭമാണഃ കാലേനാനുഗതം ധർമ്മമാചരണേ-
നോപശിക്ഷയന്നതദ്വിദാം സമ ഉപശാന്തോ മൈത്രഃ കാരു-
ണികോ ധർമ്മാർത്ഥയശഃ പ്രജാനന്ദാമൃതാവരോധേന ഗൃഹേഷു
ലോകം നിയമയത്. 14

യദ്യച്ഛീർഷണ്യാചരിതം തത്തദനുവർത്തതേ ലോകഃ. 15

യദ്യപി സ്വവിദിതം സകലധർമ്മം ബ്രാഹ്മം ഗുഹ്യം ബ്രാ-
ഹ്മണൈർദ്ദർശിതമാർഗ്ഗേണ സാമാദിഭിരുപായൈർജ്ജനതാമനുശ-
ശാസ. 16

ദ്രവ്യദേശകാലവയഃശ്രദ്ധർത്ത്വിഗ്വിവിധോദ്ദേശോപചി-
തൈഃ സർവ്വൈരപി ക്രതുഭിര്യഥോപദേശം ശതകൃത്വ
ഇയാജ. 17

ഭഗവതർഷഭേണ പരിരക്ഷ്യമാണ ഏതസ്മിൻ വർഷേ ന
കശ്ചന പുരുഷോ വാഞ്ഛത്യവിദ്യമാനമിവാത്മനോഽന്യസ്മാത്
കഥഞ്ചന കിമപി കർഹിചിദവേക്ഷതേ ഭർത്തര്യനുസവനം
വിജൃംഭിതസ്നേഹാതിശയമന്തരേണ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രിപ്രജാപൗരമുഖ്യർക്ക സൗഹൃദം
സ്വന്തം സുതനിലേറുന്നതായ്ക്കണ്ടുടൻ
നാഭിയവനെജ്ജനസമ്മതിയോടു
ഭൂപനാക്കീട്ടഭിഷേകം കഴിച്ചിതു.
വിപ്രാജ്ഞയാദരിക്കാനും സുതനോടു
കല്പിച്ചശേഷം സ്വപത്നീസമേതനായ്
പാരാതെയബ്ദര്യാശ്രമത്തിൽച്ചെന്നു
പാരം പ്രസന്നനിപുണതപസ്സോടു-
ചേരും സമാധിയോഗത്തിനാലന്നര-
നാരായണാഭിധയാന്നു വിളങ്ങിടും
ശ്രീവാസുദേവനെയാരാധനംചെയ്തു
ജീവന്മുക്താവസ്ഥ കൈവരിച്ചീടിനാൻ. 5
പാണ്ഡവവംശജനാം മഹീപാലകാ!
പുണ്ഡരീകാക്ഷഭക്തോത്തമാ! കേൾക്ക നീ.
പണ്ടേ കവികളീ രണ്ടു പദ്യങ്ങളെ-
ക്കൊണ്ടിന്നൃപനെയുദാഹരിക്കുന്നിതേ.
ശ്രീകൃഷ്ണദേവൻ പ്രസാദിച്ചു പുത്രനാ-
യാകാരമാളവാൻ ഭാഗ്യമിയന്നിടും
നാഭിനൃപന്നൊത്ത കർമ്മങ്ങൾ ചെയ്യുവാൻ
പ്രാഭവമുള്ളവനാരിന്നു ഭൂമിയിൽ? 6
ആരു നടത്തിയ യാഗത്തിലാം ദ്വിജർ
ഭൂരിയാം ദക്ഷിണയാന്നു സന്തുഷ്ടരായ്
അർച്ചിച്ചു മന്ത്രബലത്താൽ മഖേശനാ-
മച്യുതദേവനെക്കാട്ടിക്കൊടുത്തതും
ചൊല്ലെഴുമാനാഭിയോടൊത്ത ഭൂസുര-
ഭക്തനില്ലീ മഹീമണ്ഡലത്തിൽ ദൃഢം. 7
പിന്നെബ്ഭഗവാനൃഷഭൻ തനിക്കെഴും
മന്നിനെക്കർമ്മഭൂവായ്ത്തന്നെ കല്പിച്ചു
ചെന്നു ഗുരുകുലംതന്നിൽ നിവസിച്ചു
നന്നായി വിദ്യപഠിച്ചു സമർത്ഥനായ്,
ദേശികദക്ഷിണയാശപോലേകി ഗൃ-
ഹാശ്രമമാവാസാനുവാദവും കൈക്കൊണ്ടു,
ശാസ്ത്രാനുസാരമിരുവിധകർമ്മങ്ങൾ
ചേർത്തുമാന്ന്യർക്കമാവഴി കാണിച്ചു
പുത്രശതത്തെജ്ജനിപ്പിച്ചിതു തനി-
ക്കൊ,ത്തിന്ദ്രദത്തജയന്തിയാം പത്നിയിൽ. 8
ശ്രേഷ്ഠഗുണങ്ങളാലപ്പുത്രരിൽ പുകഴ-
പെററ ഭരതനാം ജ്യേഷ്ഠൻ നരാധിപാ!
ഭാരതമെന്നിദ്ധരാവിഭാഗത്തിനു
പേരുമവൻമൂലമല്ലോ ഭവിച്ചതും. 9
ശേഷിച്ചവരിൽ ഭരതനുതുല്യമായ്
ശേഷിയിയന്നവരൊൻപതുപേരുതാൻ
നാമം കുശാവർത്തനുമിളാവർത്തനും
ബ്രഹ്മാവർത്തൻ, മലയൻ, കേതുനാമകൻ
ഭദ്രസേനൻതാനുമിന്ദ്രസ്പൃക്കും ധരാ-
ഭൃത്തേ! വിദർഭനും കീകടൻതാനുമാം. 10
എന്നാൽക്കവി,ഹരി,യന്തരിക്ഷാഖ്യനും
പിറന്ന പ്രബുദ്ധനും പിപ്പലായനൻ
ആവിർഹോത്രൻ ദ്രുമിളൻ ചമസാഭിധൻ
ഭൂവാസവാ! കരഭാജനാഭിഖ്യനും
എന്നിവരൊൻപതുപേരും ഹരിഭക്ത-
സന്ദോഹമാചരിക്കേണ്ട ധർമ്മങ്ങളെ
ലോകർക്കശേഷമനുഷ്ഠിച്ചുകാട്ടിയ
ഭാഗവതാഗ്രിമന്മാരായിരുന്നിതു.
ഇമ്മഹാന്മാരുടെ സച്ചരിതം ഹരി-
തന്മഹിമാവാൽ പ്രകാശിച്ചിടുന്നിതു.
ശാന്തിമാർഗ്ഗത്തെത്തെളിക്കുമിവർക്കെഴും
ബന്ധുരവൃത്തം വസുദേവനാരദർ
സംഭാഷണത്തിൽ വിഷയമാക്കീട്ടുണ്ടു
പിൻപതേകാദശംതന്നിൽ വർണ്ണിച്ചിടും. 11–12
ബാക്കിയെൺപത്തൊന്നുപേരും ജയന്തിതൻ-
മക്കളിളയോർ പിതൃകല്പനയ്ക്കൊത്തു
വേദം പഠിച്ചു യാഗാദികൾ ശീലിച്ചു
സാദരം കർമ്മങ്ങൾചെയ്തു വിശുദ്ധരായ്
ഉത്തമവിപ്രരായ്ത്തീർന്നു മഹാഗുണ-
പൂർത്തികൈവന്നു വിളങ്ങിനാരേററവും. 13
ജ്ഞാനാത്മകനായ് സ്വതന്ത്രനായ് നിത്യവും
താനേയനർത്ഥങ്ങളാകെ നിവർത്തിച്ചു
കേവലാനന്ദാനുഭൂതനെന്നാലുമാ-
ഭാവം പുറത്തു കാട്ടാതൃഷഭൻ നൃപൻ
കാലക്രമത്തിൽ ക്ഷയിച്ച ധർമ്മങ്ങളെ
പാലിപ്പതിന്നജ്ഞലോകത്തിനാകവേ
ധർമ്മപ്രദർശനത്തിന്നു ശാസ്ത്രോക്തമാം
കർമ്മങ്ങളെ നിത്യമാചരിച്ചീടിനാൻ.
ശാന്തനായിക്കൃപാവാനായ്സമത്വവും
സന്താനസൗഖ്യധർമ്മാർത്ഥങ്ങൾ കീർത്തിയും
മോക്ഷവും സൂക്ഷിച്ചുകൊണ്ടോ ഗൃഹധർമ്മ-
രക്ഷാവിധങ്ങൾ കാണിച്ചാൻ ഹിതങ്കരൻ. 14
ശ്രേഷ്ഠരെന്നായ് ജനസമ്മതം നേടിയോർ
കാട്ടുന്നതാചരിക്കുന്നു ജനങ്ങളും. 15
ധർമ്മമഖിലമടങ്ങിയ വേദത്തി-
നുണ്മയാകും പൊരുൾതാനറിഞ്ഞീടിലും
ഭൂമീസുരാദ്ധ്വാവിലൂടെ നടത്തിനാൻ
സാമാദ്യുപായങ്ങളാൽ ജനരാശിയെ. 16
ദേശകാലങ്ങൾ, വയസ്സു, പദാർത്ഥങ്ങൾ
ദേശികൻ, ശ്രദ്ധ, വിവിധസങ്കല്പവും
രഞ്ജിക്കുമാറു കെങ്കേമമായന്നൃപ-
കുഞ്ജരൻ നൂറുയാഗം യജിച്ചീടിനാൻ. 17
തുല്യമില്ലാത്തവിധത്തിലിബ്ഭാരതം
നല്ലപോലിമ്മഹാൻ കാത്തകാലങ്ങളിൽ
നാൾക്കുനാൾ മേല്ക്കുമേലാ രക്ഷിതാവിങ്കൽ
വാച്ചും വിശുദ്ധമാം സൗഹൃദമെന്നിയേ
ഒന്നുമൊരിക്കലുമാരുമേയന്യനിൽ
നിന്നുമില്ലാത്തപദാർത്ഥത്തെയെന്നപോൽ
ആഗ്രഹിച്ചിട്ടില്ല തൻകാര്യസിദ്ധിക്കു
നോക്കീട്ടുപോലുമില്ലെന്തൊരു വിസ്മയം! 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ കദാചിദടമാനോ ഭഗവാനൃഷഭോ ബ്രഹ്മാവർത്തഗതോ
ബ്രഹ്മർഷിപ്രവരസഭായാം പ്രജാനാം നിശാമയന്തീനാമാത്മ-
ജാനവഹിതാത്മനഃ പ്രശ്രയപ്രണയഭരസുയന്ത്രിതാനപ്യുപശി-
ക്ഷയന്നിതി ഹോവാച. 19

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

ഋഷഭ ഉവാച

നായം ദേഹോ ദേഹഭാജാം നൃലോകേ
കഷ്ടാൻ കാമാനർഹതേ വിഡ്ഭുജാം യേ
തപോ ദിവ്യം പുത്രകാ യേന സത്ത്വം
ശുദ്ധ്യേദ്യസ്മാദ് ബ്രഹ്മസൗഖ്യം ത്വനന്തം. 1

മഹത്സേവാം ദ്വാരമാഹുർവിമുക്തേ-
സ്തമോദ്വാരം യോഷിതാം സങ്ഗിസങ്ഗം
മഹാന്തസ്തേ സമചിത്താഃ പ്രശാന്താ
വിമന്യവഃ സുഹൃദഃ സാധവോ യേ. 2

യേ വാ മയീശേ കൃതസൗഹൃദാർത്ഥാ
ജനേഷു ദേഹംഭരവാർത്തികേഷു
ഗൃഹേഷു ജായാത്മജരാതിമത്സു
ന പ്രീതിയുക്താ യാവദർത്ഥാശ്ച ലോകേ. 3

നൂനം പ്രമത്തഃ കുരുതേ വികർമ്മ
യദിന്ദ്രിയപ്രീതയ ആപൃണോതി
ന സാധു മന്യേ യത ആത്മനോഽയ-
മസന്നപി ക്ലേശദ ആസ ദേഹഃ. 4

പരാഭവസ്താവദബോധജാതോ
യാവന്ന ജിജ്ഞാസത ആത്മതത്ത്വം
യാവത് ക്രിയാസ്താവദിദം മനോ വൈ
കർമ്മാത്മകം യേന ശരീരബന്ധഃ. 5

ഏവം മനഃ കർമ്മവശം പ്രയുങ്ക്തേ
അവിദ്യയാഽഽത്മന്യുപധീയമാനേ
പ്രീതിർന്ന യാവന്മയി വാസുദേവേ
ന മുച്യതേ ദേഹയോഗേന താവത്. 6

യദാ ന പശ്യത്യയഥാ ഗുണേഹാം
സ്വാർത്ഥേ പ്രമത്തഃ സഹസാ വിപശ്ചിത്
ഗതസ്മൃതിർവിന്ദതി തത്ര താപാ-
നാസാദ്യ മൈഥുന്യമഗാരമജ്ഞഃ. 7

പുംസഃ സ്ത്രിയാ മിഥുനീഭാവമേതം
തയോർമ്മിഥോ ഹൃദയഗ്രന്ഥിമാഹുഃ
അതോ ഗൃഹക്ഷേത്രസുതാപ്തവിത്തൈ-
ർജ്ജനസ്യ മോഹോഽയമഹം മമേതി. 8

യദാ മനോ ഹൃദയഗ്രന്ഥിരസ്യ
കർമ്മാനുബദ്ധോ ദൃഢ ആശ്ലഥേത
തദാ ജനഃ സമ്പരിവർത്തതേഽസ്മാത്
മുക്തഃ പരം യാത്യതിഹായ ഹേതും. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഞ്ചരിക്കുമ്പോളൊരുനാളിലിന്നൃപ-
നഞ്ചാതെ ബ്രഹ്മാവർത്തത്തിലെത്തീടിനാൻ.

അപ്പോഴവിടെ സമാഹിതചിത്തരാം
വിപ്രർഷിമാർ നിറഞ്ഞീടും സഭതന്നിൽ

എല്ലാവരും കേൾക്കവേ യതാത്മാക്കളും
ഹൃഷ്ടമാം പ്രശ്രയപ്രേമഭരത്തിനാൽ

അത്യന്തമാകൃഷ്ടരുമാം സുതന്മാരൊ-
ടിത്ഥമുപദേശഗീതകളോതിനാൻ. 19

അദ്ധ്യായം 5

ഋഷഭചരിതം—ഋഷഭോപദേശം,
ഋഷഭാവധൂതത്വം

ഋഷഭൻ പറഞ്ഞു

ഏററം പ്രിയപ്പെട്ട പുത്രരേ! നിങ്ങളും
ശ്രദ്ധയോടീയുപദേശം ശ്രവിക്കുവിൻ.

മന്നിൽ നരനും മലം ഭുജിക്കുന്ന പ—
ന്നിയുമൊപ്പം ശരീരം ധരിക്കുന്നു.

മർത്ത്യനെന്നാൽ മൃഗംമട്ടു കാമത്തിനാ-
ലത്തലിലാളുവാൻ കാര്യമില്ലോരുകിൽ.

ഉൽകൃഷ്ടമാകും തപസ്സാചരിച്ചുത-
ന്നുൾക്കാമ്പു സംശുദ്ധമാക്കിയുറപ്പിച്ചു

നേരേയനന്തമാം ബ്രഹ്മസൗഖ്യം സുത-
ന്മാരേ!യനുഭവിച്ചീടാവതല്ലയോ? 1

ഭാഷിപ്പു സത്സങ്ഗമം മോക്ഷവാതിലായ്
സ്ത്രീസങ്ഗിസങ്ഗം തമോദ്വാരമായുമേ.

ക്രോധവിഹീനരും സൽസുഹൃത്തുക്കളും
സാധുസദാചാരനിഷ്ഠരും ശാന്തരും

മാനസവൃത്തി നിയന്ത്രിച്ചിടുവോരു-
മാണു മഹാത്മാക്കളെന്നതു നിർണ്ണയം. 2

ഈശനാമെന്നിലെ പ്രേമം പുമർത്ഥമായ്
സംശയമെന്നിയേ കണ്ടീടുവോനെയും

തന്നുദരം ഭരിച്ചീടുവാനായേതു
നിന്ദ്യകർമ്മങ്ങളും ചെയ്തിടുന്നോരെയും

ഭാര്യാസുതധനോപേതാലയത്തെയും
തീരെയിഷ്ടപ്പെടാതുള്ളവൻതന്നെയും

എത്രവേണം സ്വന്തമാകമാവശ്യത്തി-
നത്രമാത്രം സ്വീകരിച്ചിടുന്നോനെയും

പണ്ഡിതന്മാർ മഹാന്മാരുടെക്കൂട്ടത്തിൽ
നിർണ്ണയിച്ചിട്ടുണ്ടു പണ്ടേ തനൂജരേ! 3

ഇന്ദ്രിയപ്രീതിക്കുഴന്നുനടക്കവേ
ചിന്താവിഹീനനായ് പാപങ്ങൾ
ചെയ്‌വുതേ.

നല്ലതിതെന്നു നിനച്ചിടുന്നില്ല ഞാ-
നെല്ലാമ്പൊഴും വെറുപ്പു ദുഷ്പ്രവൃത്തികൾ.

തൽഫലമായസത്തായാത്മദുഃഖങ്ങ-
ളെപ്പൊഴും ചേർക്കുമുടൽ ധരിക്കുന്നിതു. 4

ആത്മതത്ത്വഗ്രഹണേച്ഛയുണ്ടാവോള-
മാത്മതിരസ്കാരമജ്ഞതയാൽ വരും.

കർമ്മം നിലനിന്നിടുന്നകാലംവരെ
കർമ്മാത്മകമാം മനസ്സു ഭവിച്ചിടും.

ജീവനു ദേഹബന്ധത്തിനുകാരണ-
മാവതു മാനസമെന്നറിഞ്ഞീടുവിൻ. 5

എന്നോളവും മാനസത്തെയടക്കുവ-
തിന്നു പുമാനു കഴിയുന്നതില്ലയോ

അന്നോളവും നിലനിന്നിടും നിർണ്ണയം
ദുർന്നിവാര്യം ദേഹസംയോഗസങ്കടം. 6

സൂരിയാം,യിന്ദ്രിയവ്യാപാരമാകവേ
ദൂരീകരിക്കേണ്ടതാണെന്നറിയാതെ

സ്വാർത്ഥമതിയായ് പ്രമത്തനായജ്ഞനായ്
പേർത്തും സ്മൃതി കൈവെടിഞ്ഞു വസതിയിൽ

ശാതോദരിയുമായ് മൈഥുനാദ്യങ്ങളിൽ
മോദിച്ചൊട്ടുവിൽ മുഴുകുന്നിതല്ലലിൽ. 7

നാരീപുമാന്മാർക്കിയലുമിച്ചേർച്ചയു
പേരു ചൊൽവൂ ഹൃദയഗ്രന്ഥിയെന്നിഹ.

എന്നതു മൂലം ഗൃഹക്ഷേത്രദാരാർത്ഥ-
നന്ദനാപ്താദിയിൽ സർവ്വജനത്തിനും

ഞാനെന്നുമെൻറവകയെന്നുമായഭി-
മാനവുമുണ്ടായിടുന്നു കുമാരരേ! 8

കർമ്മസംബന്ധിയായേററം ദൃഢമാക-
മമ്മനോരൂപഹൃദ്ഗ്രന്ഥിശിഥിലമായ്

തീർന്നാലതിൽനിന്നു മോചിച്ചഹന്തവി-
ട്ടാർന്നിടുന്നു പരമംപുമർത്ഥം പുമാൻ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹംസേ ഗുരൗ മയി ഭക്ത്യാനുവൃത്ത്യാ
വിതൃഷ്ണയാ ദ്വന്ദ്വതിതിക്ഷയാ ച
സർവ്വത്ര ജന്തോർവ്യസനാവഗത്യാ
ജിജ്ഞാസയാ തപസേഹാനിവൃത്ത്യാ. 10

മത്കർമ്മഭിർമ്മത്കഥയാ ച നിത്യം
മദ്ദേവസങ്ഗാദ് ഗുണകീർത്തനാന്മേ
നിർവ്വൈരസാമ്യോപശമേന പുത്രാ
ജിഹാസയാ ദേഹഗേഹാത്മബുദ്ധേഃ. 11

അധ്യാത്മയോഗേന വിവിക്തസേവയാ
പ്രാണേന്ദ്രിയാത്മാഭിജയേന സധ്ര്യക്
സച്ഛ്റദ്ധയാ ബ്രഹ്മചര്യേണ ശശ്വ-
ദസമ്പ്രമാദേന യമേന വാചാം. 12

സർവ്വത്ര മദ്ഭാവവിചക്ഷണേന
ജ്ഞാനേന വിജ്ഞാനവിരാജിതേന
യോഗേന ധൃത്യുദ്യമസത്ത്വയുക്തോ
ലിങ്ഗം വ്യപോഹേത് കുശലോഽഹമാഖ്യം. 13

കർമ്മാശയം ഹൃദയഗ്രന്ഥിബന്ധ
മവിദ്യയാഽഽസാദിതമപ്രമത്തഃ
അനേന യോഗേന യഥോപദേശം
സമ്യഗ്വ്യപോഹ്യോപരമേത യോഗാത്. 14

പുത്രാംശ്ച ശിഷ്യാംശ്ച നൃപോ ഗുരുർവ്വാ
മല്ലോകകാമോ മദനുഗ്രഹാർത്ഥഃ
ഇത്ഥം വിമന്യുരനുശിഷ്യാദതജ്ജ്ഞാൻ
ന യോജയേത് കർമ്മസു കർമ്മമൂഢാൻ
കം യോജയന്മനുജോഽർത്ഥം ലഭേത
നിപാതയന്നഷ്ടദൃശം ഹി ഗർത്തേ. 15

ലോകഃ സ്വയം ശ്രേയസി നഷ്ടദൃഷ്ടി-
ര്യോഽർത്ഥാൻ സമീഹേത നികാമകാമഃ
അന്യോന്യവൈരഃ സുഖലേശഹേതോ-
രനന്തദുഃഖം ച ന വേദ മൂഢഃ. 16

കസ്തം സ്വയം തദഭിജ്ഞോ വിപശ്ചിത്
അവിദ്യായാമന്തരേ വർത്തമാനം
ദൃഷ്ട്വാ പുനസ്തം സഘൃണഃ കുബുദ്ധിം
പ്രയോജയേദുത്പഥഗം യഥാന്ധം. 17

ഗുരുർന്ന സ സ്യാത്സ്വജനോ ന സ സ്യാത്
പിതാ ന സ സ്യാജ്ജനനീ ന സാ സ്യാത്
ദൈവം ന തത്സ്യാന്ന പതിശ്ച സ സ്യാ-
ന്ന മോചയേദ്യഃ സമുപേതമൃത്യും. 18

ഇദം ശരീരം മമ ദുർവ്വിഭാവ്യം
സത്ത്വം ഹി മേ ഹൃദയം യത്ര ധർമ്മഃ
പൃഷ്ഠേ കൃതോ മേ യദധർമ്മ ആരാ-
ദതോ ഹി മാമൃഷഭം പ്രാഹുരാര്യാഃ. 19

തസ്മാദ്ഭവന്തോ ഹൃദയേന ജാതാഃ
സർവ്വേ മഹീയാംസമമും സനാഭം
അക്ലിഷ്ടബുദ്ധ്യാ ഭരതം ഭജധ്വം
ശുശ്രൂഷണം തദ്ഭരണം പ്രജാനാം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നിലും ഹംസോപമദേശികങ്കലു-
മുന്നതഭക്തിയും നല്ലനുവൃത്തിയും

തൃഷ്ണാവിരക്തിയും ദ്വന്ദ്വതിതിക്ഷയും
തീക്ഷ്ണകദനമാണെങ്ങുമെന്നോർമ്മയും

കർമ്മനിവൃത്തിയും ജിജ്ഞാസയും തപോ-
ധർമ്മവുംകൊണ്ടു ജയിക്കാമഹന്തയെ. 10

പുത്രരേ! കർമ്മങ്ങളെന്നിലർപ്പിക്കുവിൻ!
നിത്യവും നിങ്ങൾ കേട്ടീടുവിൻ മൽക്കഥ

ആരാധ്യദേവനായെന്നെക്കരുതീടു-
മോരോരുവരൊടും സംഗമിച്ചീടുവിൻ.

കീർത്തിക്കുവിൻ മദ്ഗുണങ്ങളെ നിത്യവും
പേർത്തും ത്യജിക്കുവിൻ ദേഹഗേഹാത്മധീ.

കൈക്കൊള്ളുവിൻ സാമ്യനിർവൈരശാന്തിക-
ളെക്കാലവും വിഘ്നമെന്യേ തനൂജരേ! 11

അദ്ധ്യാത്മതത്ത്വം പഠിക്കയു,മേകാന്ത-
ശുദ്ധസ്ഥലത്തിൽ വസിക്കയുമെപ്പൊഴും

പ്രാണേന്ദ്രിയമാനസങ്ങളെ വെൽകയും
വാണിയൊതുക്കയും ശ്രദ്ധവളർക്കയും

ബ്രഹ്മചര്യം ശരിയായനുഷ്ഠിക്കയും
ചെമ്മേ പ്രമാദമൊഴിക്കയും ചെയ്യുവിൻ. 12

മദ്ഭാവനത്തിൽ സമർത്ഥമായ് വിജ്ഞാന-
വിസ്തരത്തായിടും ജ്ഞാനവും യോഗവും

ധൈര്യപ്രയത്നവും സത്ത്വവും കൈക്കൊണ്ടു
ദൂരെ ത്യജിക്കുകവേണമഹന്തയെ. 13

കർമ്മനികേതമായജ്ഞാനജാതമായ്
നമ്മിലെഴും ഹൃദയഗ്രന്ഥിബന്ധനം

ദേശികവര്യോപദേശാനുസാരമായ്
ലേശം പ്രമാദമിയലാതെയീവിധം

യോഗമനുഷ്ഠിച്ചു നിശ്ശേഷമാക്കിയാ
യോഗത്തിൽനിന്നുമുപരമിച്ചീടണം. 14

മാമകലോകേച്ഛയോടെന്നനുഗ്രഹം
കാമിക്കുവോൻ, നൃപനാട്ടെ ഗുരുവാട്ടെ

നിർമ്മന്യുവായവൻ തത്ത്വമറിയാത്ത
കർമ്മാന്ധരാം തൻതനയരേയും തഥാ

ശിഷ്യഗണത്തെയും ശാസിച്ചു കർമ്മസം-
ശ്ലേഷത്തിൽനിന്നുമവരേ വിടുർത്തണം.

കണ്ണിനു കാഴ്ചയില്ലാത്ത മനുഷ്യനെ
മന്നിൽ വീഴ്ത്തീടുവോനുണ്ടാകുമോ ഗുണം? 15

കാമി കാണ്മീല തനിയേയവനു നൽ-
ക്ഷേമമണച്ചിടും ശ്രേയസ്സരണിയെ

സൗഖ്യലേശത്തിനായ് വൈരം വളർത്തമ-
മ്മൂർഖനനന്തമാം ദുഃഖമറിഞ്ഞിടാ. 16

കർമ്മമാർഗ്ഗം ദുഃഖഹേതുവെന്നായ് സ്വയം
നന്മട്ടറിഞ്ഞ കാരുണ്യവാനാം സുധി

അന്ധകാരത്തിലണഞ്ഞ ദുർബുദ്ധിയെ-
പ്പന്ഥാവുതെറ്റിയ പാന്ഥനെയെന്നപോൽ

കണ്ടിട്ടതുവഴിപോയ്ക്കുണ്ടിൽ വീഴുവാൻ
വീണ്ടുമവന്നുപദേശം കൊടുക്കുമോ? 17

ജന്മമരണപ്രവാഹത്തിലാപ്പെട്ടു
വിമ്മിഷ്ടമേലുന്നവനെ രക്ഷിക്കാത്ത

മർത്ത്യ,നൊരച്ഛനല്ലമ്മയുമല്ലകേ-
ളിഷ്ടൻ ഗുരു, ബന്ധു, കാന്തനുമല്ലതാൻ. 18

എന്നുടെ ദേഹമിതുഹ്യമല്ലാരാലു-
മെന്നല്ല സത്ത്വഗുണമാണു മന്മനം.

പിൻതള്ളിവിട്ടേനധർമ്മത്തെയാകയാൽ
സന്ധിച്ചിതാര്യോക്തിയാലൃഷഭാഖ്യ മേ. 19

എന്നതിനാലെൻ ഹൃദയഭാഗത്തോടു-
ചേർന്നുളവാകിയ നിങ്ങളെല്ലാവരും

ശ്രേഷ്ഠനും ജ്യേഷ്ഠനുമാമിബ്ഭരതനെ
പ്രേഷ്ഠതരബുദ്ധിയോടു സേവിക്കുവിൻ.

അങ്ങനെചെയ്യാലതെന്റെ ശുശ്രൂഷയും
ഭംഗമററീടും പ്രജാരക്ഷതാനുമാം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതേഷു വീരുദ്ഭ്യ ഉദുത്തമാ യേ
സരീസൃപാസ്തേഷു സബോധനിഷ്ഠാഃ
തതോ മനുഷ്യാഃ പ്രമഥാസ്തതോ/പി
ഗന്ധർവ്വസിദ്ധാ വിബുധാനുഗാ യേ. 21
ദേവാസുരേഭ്യോ മഘവത്പ്രധാനാ
ദക്ഷാദയോ ബ്രഹ്മസുതാസ്തു തേഷാം
ഭവഃ പരഃ സോ/ഥ വിരിഞ്ചവീര്യഃ
സ മത്പരോ/ഹം ദ്വിജദേവദേവഃ. 22
ന ബ്രാഹ്മണൈസ്തുലയേ ഭൂതമന്യത്
പശ്യാമി വിപ്രാഃ കിമതഃ പരം തു
യസ്മിന്നൃഭിഃ പ്രഹുതം ശ്രദ്ധയാഹ-
മശ്നാമി കാമം ന തഥാഗ്നിഹോത്രേ. 23
ധൃതാ തനൂരുശതീ മേ പുരാണീ
യേനേഹ സത്ത്വം പരമം പവിത്രം
ശമോ ദമഃ സത്യമനുഗ്രഹശ്ച
തപസ്തിതിക്ഷാനുഭവശ്ച യത്ര. 24
മത്തോ/പ്യനന്താത് പരതഃ പരസ്മാത്
സ്വർഗ്ഗാപവർഗ്ഗാധിപതേർന്ന കിഞ്ചിത്
യേഷാം കിമു സ്യാദിതരേണ തേഷാ-
മകിഞ്ചനാനാം മയി ഭക്തിഭാജാം. 25
സർവ്വാണി മദ്ധിഷ്ണ്യതയാ ഭവദ്ഭി-
ശ്ചരാണി ഭൂതാനി സുതാ ധ്രുവാണി
സംഭാവിതവ്യാനി പദേ പദേ വോ
വിവിക്തദൃഗ്ഭിസ്തദുഹാർഹണം മേ. 26
മനോവചോദൃക്കരണേഹിതസ്യ
സാക്ഷാത്കൃതം മേ പരിബർഹണം ഹി
വിനാ പുമാൻ യേന മഹാവിമോഹാത്
കൃതാന്തപാശാന്ന വിമോക്തുമീശേത്. 27

ശ്രീശുക ഉവാച

ഏവമനുശാസ്യാത്മജാൻ സ്വയമനുശിഷ്ടാനപി ലോകാനു-
ശാസനാർത്ഥം മഹാനുഭാവഃ പരമസുഹൃദ്ഭഗവാനൃഷഭാപദേശ
ഉപശമശീലാനാമുപരതകർമ്മണാം മഹാമുനീനാം ഭക്തിജ്ഞാ-
നവൈരാഗ്യലക്ഷണം പാരമഹംസ്യധർമ്മമുപശിക്ഷമാണഃ സ്വ
തനയശതജ്യേഷ്ഠം പരമഭാഗവതം ഭഗവജ്ജനപരായണം ഭരതം
ധരണിപാലനായാഭിഷിച്യ സ്വയം ഭവന ഏവോർവ്വരിതശ-
രീരമാത്രപരിഗ്രഹ ഉന്മത്ത ഇവ ഗഗനപരിധാനഃ പ്രകീർണ്ണ-
കേശ ആത്മന്യാരോപിതാഹവനീയോ ബ്രഹ്മാവർത്താത്
പ്രവവ്രാജ. 28

ജഡാന്ധമൂകബധിരപിശാചോന്മാദകവദവധൂതവേഷോ/ഭി
ഭാഷ്യമാണോ/പി ജനാനാം ഗൃഹീതമൗനവ്രതസ്തൂഷ്ണീംബഭൂവ. 29

തത്ര തത്ര പുരഗ്രാമാകരഖേടവാടഖർവ്വടശിബിരവ്രജഘോ-
ഷസാർത്ഥഗിരിവനാശ്രമാദിഷ്വനുപഥമവനിചരാപസദൈഃ
പരിഭൂയമാനോ മക്ഷികാഭിരിവ വനഗജസ്തർജ്ജനതാഡനാവ-
മേഹനഷ്ഠീവനഗ്രാവശകൃദ്രജഃ പ്രക്ഷേപപൂതിവാതദുരുക്തൈ-
സ്തദവിഗണയന്നേവാസത്സംസ്ഥാന ഏതസ്മിൻ ദേഹോപല-
ക്ഷണേ സദപദേശ ഉഭയാനുഭവസ്വരൂപേണ സ്വമഹിമാവ-
സ്ഥാനേനാസമാരോപിതാഹംമമാഭിമാനത്വാദവിഖണ്ഡിത-
മനാഃ പൃഥിവീമേകചരഃ പരിബഭ്രാമ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതങ്ങളിൽ സ്ഥാവരങ്ങളെക്കാൾ സർപ്പ-
ജാതി മുഖ്യം, ബോധമുള്ളതതിൽപരം,
മർത്ത്യരവയിലും ശ്രേഷ്ഠ,രവരിലു-
ത്തമന്മാർ പ്രമഥാദികൾതന്നെയാം.
എന്നതിൽ മെച്ചം സുരാനുഗന്മാരായ
കിന്നരസിദ്ധാദ്യുപദേവജാതിതാൻ.
ഗന്ധർവ്വകിന്നരസിദ്ധാദ്യുപദേവ-
വൃന്ദത്തിലും ശ്രേഷ്ഠർ ദൈതേയർതന്നെയാം
ദൈതേയരിൽ പരമുത്കൃഷ്ടർതാൻ സുര-
നാഥാനുഗിതരാമമർത്ത്യ,രവരിലും
ദക്ഷാദ്യരാം ബ്രഹ്മപുത്രർ വരിഷ്ഠരാം,
ത്ര്യക്ഷനവരിൽ പ്രധാനനാ,ണായവൻ
ബ്രഹ്മബീജത്തിങ്കൽനിന്നു ജനിച്ചവൻ,
ബ്രഹ്മാവുമെന്നെസ്സമാശ്രയിച്ചീടുവോൻ
ഞാനോ ധരാസുരന്മാരെദ്ദിനംപ്രതി
മാനിച്ചുപൂജിച്ചു പോന്നീടുവോന്തമാം. 21-22
ബ്രാഹ്മണരോടു സമാനമായ് മറ്റൊന്നു-
കാണ്മതില്ലെങ്ങുമേ ഞാൻ പ്രിയപുത്രരേ!
പിന്നെയവരിലും ശ്രേഷ്ഠമായില്ലൊന്നു-
മെന്നകാര്യം വിശേഷിച്ചു ചൊല്ലേണമോ
മർത്ത്യരവർക്കായ് സമർപ്പിക്കുമർച്ചക-
ളെത്ര മോദത്തോടു ഞാൻ സ്വീകരിക്കുമോ
അത്ര സന്തുഷ്ടിയോടേല്ക്കുവതില്ലഗ്നി-
ഹോത്രത്തിലുള്ള ഹവിസ്സുമിവൻ ദൃഢം. 23
ഏതൊരാൾ ചാരുവായ് പണ്ടേയെഴും മമ-
വേദമായീടും ശരീരം ധരിക്കുന്നു
ശുദ്ധമായ് ശ്രേഷ്ഠമാം സത്ത്വം ശമം ദമം
സത്യ,മനുഗ്രഹസക്തി, തപസ്സുതും
നല്ലസഹനബലമനുഭൂതിയെ-
ന്നെല്ലാഗ്ഗുണവുമിണങ്ങുന്നതാരിലാം. 24
സ്വർഗ്ഗമോക്ഷങ്ങൾക്കു നാഥനായ് ശ്രേഷ്ഠത
വാച്ചുമനന്തനാമീയെന്നിൽനിന്നുമേ
യാതൊരു വസ്തുവുമാവശ്യമില്ലാതെ
മേദിനീഭൂഷയായ് ശോഭിപ്പതാരുതാൻ
എല്ലാം ത്യജിച്ചു മദ്ഭക്തനാമാദ്വിജ-
ന്നില്ലൊന്നുമന്യനെക്കൊണ്ടു സാധിക്കു-
വാൻ. 25
ലോകത്തു കാണും ചരാചരഭൂതങ്ങ-
ളാകവേയീശനാമെൻവാസഭൂമിയായ്
പാർത്തിട്ടനുപദം സംഭാവനംചെയ്‌വ-
തത്രേ യഥാർത്ഥമാം മാമകപൂജനം. 26
ചിത്തവചനനയനാദിയാലുള്ള
കൃത്യമേതും മമ പൂജനമാകണം
എങ്കിലേ സാക്ഷാത്ക്രിയാഫലം കിട്ടിടൂ
ശങ്ക വേണ്ടാ മമപ്രീതികൊണ്ടെന്നിയേ
അന്തമറ്റുള്ള മോഹത്തിൻഫലമാക-
മന്തകപാശത്തിൽനിന്നു മോചിച്ചിടാ. 27

ഋഷഭാവധൂതവൃത്തി

ശ്രീശുകൻ പറഞ്ഞു

ബോധം സ്വതേയുള്ളവരെങ്കിലും ലോക-
ബോധനത്തിന്നനുശാസനമീവിധം
ഏകിയവർക്കൃഷഭൻ ഭഗവാ,നിഹ-
ലോകപരലോകഭോഗങ്ങൾ കൈവിട്ടു
കർമ്മങ്ങളിൽനിന്നൊഴിഞ്ഞ മുനീന്ദ്രർതൻ-
നിർമ്മലഭക്തി, വിവേകം, വിരാഗത
ഇത്തരം ലക്ഷണമൊത്തപരമഹം-
സോത്തമധർമ്മമെല്ലാമുപദേശിച്ചു
ശ്രീമാൻ ഭരതനെബ്ഭൂമിപനാക്കി സ്വ-
ധാമമതിൽത്താൻ ത്യജിച്ചു സമസ്തവും
തൻമെയ്യൊന്നേ തനുമാത്രപരിഗ്രഹ-
യുക്തനായുന്മത്തനെപ്പോലെ നഗ്നനായ്
ചിന്നിച്ചിതറിക്കിടക്കും മുടിയൊടും
തന്നിലാരോപിച്ച വഹ്നിയൊടും തഥാ
ബ്രഹ്മമായീടും ഭഗവാനൃഷഭനാ
ബ്രഹ്മാവർത്തം വെടിഞ്ഞങ്ങു പോയീടി-
നാൻ. 28
അന്ധബധിരജഡമൂകർമട്ടിലും
ഭ്രാന്തൻകണക്കും പിശാചെന്നപോലെയും
ആളുകളെന്തു ചോദിക്കിലും മിണ്ടാതെ
നീളെ നടന്നാനവധൂതവേഷനായ്. 29
ഗ്രാമപുരാകരസ്ഥാനങ്ങൾ, കൃഷ്ക-
ഭൂമികൾ വാടഖർവ്വാടസ്ഥലങ്ങളും
സേനാപദാശ്രമസത്രഗോപാലയ-
സ്ഥാനവ്രജാദ്രികൾ തൊട്ടിടമൊക്കെയും
കാട്ടീച്ചകളാലെ കാട്ടാനയെന്നപോൽ
ദുഷ്ടജനത്താൽപ്പരിഭൂയമാനനായ്
താഡിക്ക, ചീത്തപറയുക, തുപ്പുക
പേടിപ്പെടുത്തുക, കല്ലെറിഞ്ഞീടുക,
മൂത്രമലങ്ങ,ളധോവായു, മണ്ണിവ
ഗാത്രത്തിലേല്പിക്കതൊട്ടു ശല്യങ്ങളെ
ചെറ്റും ഗണിക്കാതസത്സന്നിവേശമോ-
ടൊത്തു സത്തെന്നു നാമംമാത്രമുള്ളതായ്
ദേഹാകൃതിയിലിരിക്കുന്നതാമിതിൽ
സ്നേഹാഭിമാനങ്ങളൊട്ടുമിയലാതെ
താനേ വികാരവിഹീനനായ് സ്വസ്വരൂ-
പാനന്ദസംസ്ഥനായൊറ്റയ്ക്കു ചുറ്റിനാൻ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

അതിസുകുമാരകരചരണോരഃസ്ഥലവിപുലബാഹ്വംസയുഗലവദനാദ്യവയവവിന്യാസഃ പ്രകൃതിസുന്ദരസ്വഭാവഹാസസുമുഖോ നവനളിനദലായമാനശിശിരതാരാരുണായതനയനരുചിരഃ സദൃശസുഭഗകപോലകർണ്ണകണ്ഠനാസോ വിഗൂഢസ്മിതവദനമഹോത്സവേന പുരവനിതാനാം മനസി കുസുമശരാസനമുപദധാനഃ പരാഗവലംബമാനകുടിലജടിലകപിശകേശഭൂരിഭാരോഽവധൂതമലിനനിജശരീരേണ ഗ്രഹഗൃഹീത ഇവാദൃശ്യത. 31

യർഹി വാവ സ ഭഗവാൻ ലോകമിമം യോഗസ്യാദ്ധാ പ്രതീപമിവാചക്ഷാണസ്തത്പ്രതിക്രിയാകർമ്മ ബീഭത്സിതമിതി വ്രതമാജഗരമാസ്ഥിതഃ ശയാന ഏവാശ്നാതി പിബതി ഖാദത്യവമേഹതി ഹദതി സ്മ ചേഷ്ടമാന ഉച്ചരിത ആദിഗ്ധോദ്ദേശഃ. 32

തസ്യ ഹ യഃ പുരീഷസുരഭിസൗഗന്ധ്യവായുസ്തം ദേശം ദശയോജനം സമന്താത് സുരഭിം ചകാര. 33

ഏവം ഗോമൃഗകാകചര്യയാ വ്രജംസ്തിഷ്ഠന്നാസീനഃ ശയാനഃ കാകമൃഗഗോചരിതഃ പിബതി ഖാദത്യവമേഹതി സ്മ. 34

ഇതി നാനായോഗചര്യാചരണോ ഭഗവാൻ കൈവല്യപതിഃ ഋഷഭോഽവിരതപരമമഹാനന്ദാനുഭവ ആത്മനി സർവ്വേഷാം ഭൂതാനാമാത്മഭൂതേ ഭഗവതി വാസുദേവ ആത്മനോഽവ്യവധാനാനന്തരോദരഭാവേന സിദ്ധസമസ്താർത്ഥപരിപൂർണ്ണോ യോഗൈശ്വര്യാണി വൈഹായസമനോജവാന്തർദ്ധാനപരകായപ്രവേശദൂരഗ്രഹണാദീനി യദൃച്ഛയോപഗതാനി നാഞ്ജസാ നൃപ ഹൃദയേനാഭ്യനന്ദത്. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഋഷഭദേവാനുചരിതേ പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

രാജോവാച

ന നൂനം ഭഗവ ആത്മാരാമാണാം യോഗസമീരിതജ്ഞാനാവഭർജ്ജിതകർമ്മബീജാനാമൈശ്വര്യാണി പുനഃ ക്ലേശദാനി ഭവിതുമർഹന്തി യദൃച്ഛയോപഗതാനി. 1

ഋഷിരുവാച

സത്യമുക്തം കിന്ത്വിഹ വാ ഏകേ ന മനസോഽദ്ധാ വിശ്രംഭമനവസ്ഥാനസ്യ ശഠകിരാത ഇവ സംഗച്ഛന്തേ. 2

തഥാ ചോക്തം—

ന കുര്യാത് കർഹിചിത്സഖ്യം മനസി ഹ്യനവസ്ഥിതേ
യദ്വിശ്രംഭാച്ചിരാച്ചീർണ്ണം ചസ്കന്ദ തപ ഐശ്വരം. 3

നിത്യം ദദാതി കാമസ്യച്ഛിദ്രം തമനു യേഽരയഃ
യോഗിനഃ കൃതമൈത്രസ്യ പത്യുർജ്ജായേവ പുംശ്ചലീ. 4

കാമോ മന്യുർമ്മദോ ലോഭഃ ശോകമോഹഭയാദയഃ
കർമ്മബന്ധശ്ച യന്മൂലഃ സ്വീകുര്യാത് കോ നു തദ്ബുധഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗകുമാര്യംപെട്ടം കൈകാൽകറം മാറിട-
മാകുമ്രമാം കരദണ്ഡങ്ങറം തോറകളും

ചേർന്നിണങ്ങി സ്വതേതന്നെ മനോജ്ഞമാം
മന്ദഹാസം സ്ഫുരിച്ചീടും മുഖാബ്ജവും

നൂതനപദ്മദലംപോൽ ചുവന്നതായ്
ശീതളമായ് വികസിച്ച നേത്രങ്ങളും

അന്യൂനമായ് സമമായിട്ടും കർണ്ണങ്ങറം
ഗണ്ഡങ്ങറം, നാസിക, കണ്ഠവും യോജിച്ച

ഗൂഢസ്മിതാസ്യമഹോത്സവത്താൽ പുര-
മാടസ്സനീമാനസങ്ങളിൽ മാരനെ

വാഴിച്ച, ധൂളിയണിഞ്ഞു കപിശമായ്
ചൂഴവും പാറുമക്കേശഭരത്തൊടും

ത്താങ്ഗമഴുക്കായ്പ്പിശാചു ബാധിക്കയോ-
ലിങ്ങിവൻ ഭ്രാന്തുപിടിച്ചവനോ എന്നു

കാണികറംക്കൊക്കെയും തോന്നുമാറങ്ങങ്ങു-
കാണുമാറായമ്മഹാനെയേവക്കമേ. 31

ഈശനൃഷഭനീവണ്ണം ചരിക്കവേ
ദേശംപ്രതി ദുഷ്ടരേല്പിച്ച ശല്യവും

അക്കൂട്ടരോടായ് പ്രതിക്രിയചെയ്‌വതു-
യോഗ്യമല്ലെന്നുമായോഗചര്യയ്ക്കൊക്കിൽ

ഈ ജഗത്തുററവിരോധിയെന്നും നിന-
ച്ചാജഗരവ്രതമാന്നു കിടന്നിതേ.

തിന്നുന്നതും കുടിക്കുന്നതും മൂത്രവും
പിന്നെ മലവും വിസർജ്ജിച്ചിടുന്നതും

ഒക്കെക്കിടന്നകിടപ്പിലെന്നായ് മല-
മഗ്നകളേബരനായ ബ്ഭവിച്ചിതേ. 32

ആ മഹാൻതൻ പുരീഷത്തിൻപരിമള-
മാമോദപൂർവ്വംവഹിച്ചു സമീരണൻ

ആശു ദശയോജനദൂരമാളുമ-
ദ്ദേശമശേഷം സുരഭിലമാക്കിനാൻ. 33

ഗാവു,മാൻ,കാകനിവയുടെ ചര്യയു-
മാ വിഭുവാചരിച്ചാൻ ചില വേളയിൽ

നിന്നും നടന്നുമിരുന്നും കിടന്നുമേ
തിന്നും കുടിച്ചും വിസർജ്ജിച്ചുമിങ്ങനെ. 34

ഏവം വിവിധമാം യോഗമനുഷ്ഠിച്ചു
കൈവല്യനാഥൻ ഭഗവാനൃഷഭനും

എപ്പൊഴുമാത്മാവിലുത്കൃഷ്ടമായിടും
ചിൽപ്പരാനന്ദാനുഭൂതിയോടൊത്തുതാൻ

സർവ്വചരാചരാത്മാവായിടും വാസു-
ദേവനി,ലാത്മാവിനാവൃതിഹേതുവായ്

നിന്ന ദേഹോപാധി,തന്നഭാവത്തിനാൽ
ഭിന്നഭാവം വിട്ടു നന്നായ്ത്തെളിഞ്ഞഥ

സിദ്ധസമസ്തപുമത്ഥസമ്പൂർണ്ണനായ്
ചിത്തവേഗം, പരകായപ്രവേശനം

ദൂരഗ്രഹണമാകാശസഞ്ചാരാദി-
യോരോരു സിദ്ധിയും താനിച്ഛിയാതെതാൻ

നേരേയണഞ്ഞു സംസേവനംചെയ്കിലും
തീരെയതിലഭിനന്ദിച്ചതില്ലവൻ. 35

അദ്ധ്യായം 6

ഋഷഭദേഹത്യാഗം

രാജാവു പറഞ്ഞു

യോഗത്തിനാലുജ്ജ്വലിതമാം ജ്ഞാനത്തി-
ലാകവേ കർമ്മബീജങ്ങറം ദഹിപ്പിച്ച

ആത്മാവിലാരമിപ്പോർക്കു യാദൃച്ഛിക-
മാത്മസമീപമണയും വിഭൂതികറം

രണ്ടാമതും ക്ലേശങ്ങളാകാൻ കാര്യ-
മുണ്ടായിടാ ദൃഢം ഹേ ഭഗവൻ! വിഭോ! 1

ശ്രീശുകൻ പറഞ്ഞു

സത്യമത്രേ ഭവാൻ ചൊന്നതെന്നാകിലും
ധൂർത്തൻ കിരാതൻ പിടിച്ച മൃഗത്തിനെ

വിശ്വസിക്കാത്തപോൽ യോഗീന്ദ്രരും തീരെ
വിശ്വസിക്കാ ചഞ്ചലമാം മനസ്സിനെ. 2

ചിത്തം ചപലമെന്നാകയാലൊന്നിലും
പത്ഥ്യമില്ലാതെയിരിപ്പതാണുത്തമം

ചിത്തവിശ്വാസത്തിനാൽ നശിച്ചു, ശിവ-
നേത്രയോ കാലമാർജ്ജിച്ച തപഃഫലം. 3

മിത്രഭാവത്തിലിരിക്കുമാ യോഗീന്ദ്ര-
ചിത്തവും കാമാദ്യരികറംക്കു കേറുവാൻ

ഛിദ്രമുണ്ടാക്കുന്നു, പുംശ്ചലിയാം ഭാര്യ
ഭർത്തൃവധത്തിനു ലാക്കുനോക്കുന്നപോൽ. 4

കാമവും ക്രോധവും ഗർവ്വവും ലോഭവു-
മാമട്ടു ശോകമോഹങ്ങളും ഭീതിയും

കർമ്മബന്ധങ്ങളുമേതൊന്നിനാൽ വരു-
മമ്മനം വിശ്വാസപാത്രമല്ലാക്കുമേ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതൈവമഖിലലോകപാലലലാമോഽപി വിലക്ഷണൈർ-
ജ്ജഡവദവധൂതവേഷഭാഷാചരിതൈരവിലക്ഷിത ഭഗവത്
പ്രഭാവോ യോഗിനാം സാമ്പരായവിധിമനുശിക്ഷയൻ സ്വക-
ളേബരം ജിഹാസുരാത്മന്യാത്മാനമസംവ്യവഹിതമനർത്ഥാന്ത-
രഭാവേനാന്വീക്ഷമാണ ഉപരതാനുവൃത്തിരുപരരാമ. 6

തസ്യ ഹ വാ ഏവം മുക്തലിംഗസ്യ ഭഗവത ഋഷഭസ്യ യോ-
ഗമായാവാസനയാ ദേഹ ഇമാം ജഗതീമഭിമാനാഭാസേന സം-
ക്രമമാണഃ കോങ്കവേങ്കകുടകാന്ദക്ഷിണകർണ്ണാടകാന്ദേശാൻ യദൃ-
ച്ഛയോപഗതഃ കുടകാചലോപവന ആസ്യകൃതാശ്മകവല ഉ-
ന്മാദ ഇവ മുക്തമൂർദ്ധജോഽസംവീത ഏവ വിചചാര. 7

അഥ സമീരവേഗവിധൂതവേണുവികർഷണജാതോഗ്രദാവാ-
നലസ്തദ്വനമാലേലിഹാനഃ സഹ തേന ദദാഹ. 8

യസ്യ കിലാനുചരിതമാശ്രമാതീതമുപാകർണ്ണ്യ കോങ്കവേങ്ക-
കുടകാനാം രാജാർഹന്നാമോപശിക്ഷ്യ കലാവധർമ്മ ഉത്കൃഷ്യ-
മാണേ ഭവിതവ്യേന വിമോഹിതഃ സ്വധർമ്മപഥമകുതോഭയ-
മപഹായ കുപഥപാഖണ്ഡമസമഞ്ജസം നിജമനീഷയാ മന്ദഃ
സമ്പ്രവർത്തയിഷ്യതേ. 9

യേന ഹ വാവ കലൗ മനുജാപസദാ ദേവമായാമോഹിതാഃ
സ്വവിധിനിയോഗശൗചചാരിത്രവിഹീനാ ദേവഹേലനാ-
ന്യപവ്രതാനി നിജനിജേച്ഛയാ ഗൃഹ്ണാനാ അസ്നാനാനാച-
മനാശൗചകേശോല്ലുഞ്ചനാദീനി കലിനാഽധർമ്മബഹുലേനോ-
പഹതധിയോ ബ്രഹ്മബ്രാഹ്മണയജ്ഞപുരുഷലോകവിദൂഷകാഃ
പ്രായേണ ഭവിഷ്യന്തി. 10

തേ ച ഹ്യർവ്വാക്തനയാ നിജലോകയാത്രയാന്ധപരമ്പര-
യാഽഽശ്വസ്താസ്തമസ്യന്ധേ സ്വയമേവ പ്രപതിഷ്യന്തി. 11

അയമവതാരോ രാജസോപപ്ലുതകൈവല്യോപശിക്ഷ-
ണാർത്ഥഃ തസ്യാനുഗുണാൻ ശ്ലോകാൻ ഗായന്തി— 12

അഹോ ഭുവഃ സപ്തസമുദ്രവത്യാ
ദ്വീപേഷു വർഷേഷ്വധിപുണ്യമേതത്
ഗായന്തി യത്രത്യജനാ മുരാരേഃ
കർമ്മാണി ഭദ്രാണ്യവതാരവന്തി. 13

അഹോ നു വംശോ യശസാവദാതഃ
പ്രൈയവ്രതോ യത്ര പുമാൻ പുരാണഃ
കൃതാവതാരഃ പുരുഷ സ ആദ്യഃ
ചചാര ധർമ്മം യദകർമ്മഹേതും. 14

കോ ന്വസ്യ കാഷ്ഠാമപരോഽനുഗച്ഛേ-
ന്മനോരഥേനാപ്യഭവസ്യ യോഗീ
യോ യോഗമായാഃ സ്പൃഹയത്യുദസ്താ
ഹ്യസത്തയാ യേന കൃതപ്രയത്നാഃ. 15

ഇതി ഹ സ്മ സകലവേദലോകദേവബ്രാഹ്മണഗവാം പരമ-
ഗുരോർഭഗവത ഋഷഭാഖ്യസ്യ വിശുദ്ധാചരിതമീരിതം പുംസാം
സമസ്തദുശ്ചരിതാഭിഹരണം പരമമഹാമംഗളായനമിദമനു
ശ്രദ്ധയോപചിതയാനുശൃണോത്യാശ്രാവയതി വാവഹിതോ
ഭഗവതി തസ്മിൻ വാസുദേവ ഏകാന്തതോ ഭക്തിരനയോരപി
സമനുവർത്തതേ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെ ജഗത്പാലകൾക്കു ലലാമമായ്–
ത്തന്നെയിരിപ്പവനെങ്കിലും മന്നവൻ

സാധാരണ വീടുവിട്ടവധൂതന്റെ
രീതിയിലും ജഡന്നൊക്കുംവിധത്തിലും

വേഷവും ഭാഷയുമാചാരവുംകൊണ്ടു
ലേശവുമീശപ്രഭാവം തെളിക്കാതെ

യോഗികൾ ദേഹം ത്യജിക്കേണ്ടരീതിയീ–
ലോകരെയഭ്യസിപ്പിപ്പവനെന്നപോൽ

സ്വന്തവപുസ്സുപേക്ഷിക്കുവാനിച്ഛിച്ചു
സന്തതമാവൃതിയറ്റൊരാത്മാവിനെ

നേരേ തെളിഞ്ഞു വീക്ഷിച്ചു ശരീരത്തെ–
യോരാത്തവനായുപരമിച്ചീടിനാൻ. 6

ഏവമവൻ ലിങ്ഗദേഹവിമോചനം
താവുകിലും യോഗമായയാലാന്നിടും

തുംഗാഭിമാനപ്രതിച്ഛായയാലെ ത–
ങ്ങ്ഗമങ്ങിങ്ങു ചലിച്ചു മഹാമതേ!

കൊങ്കവും ദക്ഷിണകർണ്ണാടകം പിന്നെ
വെങ്കം കുടകമെന്നിപ്രദേശങ്ങളിൽ

ചുററിയൊടുവിൽ കുടകാദ്രിസാനുവിൽ
പററിശ്ശിലാഖണ്ഡപൂരിതവക്ത്രനായ്

ഭ്രാന്തനെപ്പോലെ മുടിയുമഴിച്ചിട്ടു
ചിന്തി വെറും നഗ്നനായ് നടന്നീടിനാൻ. 7

ഊററമാം കാററിൽ മുളകൾ പരസ്പരം
മുട്ടിപ്പിടിച്ചു വനവഹ്നിയാ വനം

ചുട്ടുദഹിപ്പിക്കവേ, തത്പ്രവിഷ്ടനായ്
തത്സ്ഥൂലദേഹവും ചാരമാക്കീടിനാൻ. 8

കൊങ്കകുടകവങ്കപ്രദേശേശനായ്–
ത്തങ്കുമർഹാഭിധനായ നൃപാലകൻ

വർണ്ണാശ്രമങ്ങൾക്കതീതമായിമ്മഹാ–
നാന്ന ചരിത്രമാകർണ്ണനംചെയ്തുഥ

മെത്തുമധർമ്മമെഴും കലിയിൽ ജനൗ–
ഘത്തിന്റെ മുജ്ജന്മകർമ്മഫലത്തിനാൽ

നന്നായ് വിമോഹിതനായ് ഭയഹീനമാം
തന്നുടെ ധർമ്മമാർഗ്ഗം വിട്ടു മന്ദനായ്

നിന്ദ്യമായിപ്പരം ദുർജ്ജനമാർഗ്ഗമായ്–
ത്തീന്ന പാഷണ്ഡമതമഭ്യസിച്ചുടൻ

സ്വപ്രജാവൃന്ദത്തിനെക്കൊണ്ടു തീവ്രമാം
കല്പനയാലതനുസരിപ്പിച്ചിടും. 9

അമ്മതത്താലേ കലിയിൽ മായാമോഹ–
ദുർമ്മാനസരായ് നികൃഷ്ടരാം മാനുഷർ

സ്വീയധർമ്മം വെടിഞ്ഞീശ്വരനിന്ദന–
മായിടും കർമ്മങ്ങൾചെയ്തു തോന്ന്യാസമായ്,

സ്നാനാചമനകേശക്ഷൌരശൌചാദി
താനേ വെടിഞ്ഞധികാധർമ്മകാരിയാം

ദുഷ്ടകലിയാലുപഹിതധീകളായ്
പൃഥ്വീസുരരെയും ലോകരെയും തഥാ

ചൊല്ലൊണ്ട വേദത്തെയുമീശ്വരനെയും
മിക്കവാറും ദുഷിച്ചീടും നരേശ്വരാ! 10

നൂതനരീതി പരമ്പരയായിതു
മേദിനിതന്നിൽപ്പടന്നു പൊടുന്നനെ

നല്ല വഴിയിതെന്നന്ധമായ് വിശ്വസി–
ച്ചെല്ലാവരും നരകത്തിൽ പതിച്ചിടും. 11

എന്നാലൃഷഭാവതാരമീലോകത്തി–
ലുന്നതദോഷം വളർത്തിയെന്നോക്കൊലാ,

അന്ധരജോഗുണശീലരെ നിർവ്വാണ–
പന്ഥാവിലേക്കു നയിക്കുവതെന്നിയേ

ഉദ്ദേശമില്ലീശനിജ്ജനികൊണ്ടെന്നു
പദ്യങ്ങൾ വിദ്വജ്ജനങ്ങൾ പാടുന്നിതേ. 12

''ആശ്ചര്യമേഴാഴിചൂഴുമീയൂഴിയിൽ
വെച്ചിബ്ഭരതോർവ്വിതാൻ പുണ്യശാലിനി.

ഇസ്ഥലവാസികൾ വിഷ്ണ്വവതാരസത്–
കൃത്യങ്ങൾ കീർത്തിച്ചു പാടുന്നു നിത്യവും. 13

തത്പ്പുകളാലിപ്രിയവ്രതൻ തൻകുലം
ശുഭ്രമായിത്തീന്നിരിക്കുന്നു വിസ്മയം!

അക്കുലത്തിൽപ്പിറന്നാദ്യപുമാനിഹ
നൈഷ്കർമ്മ്യധർമ്മമനുഷ്ഠിച്ചു കാട്ടിനാൻ. 14

സുശ്രമസാദ്ധ്യമാം യോഗവിഭൂതികൾ
നശ്വരമെന്നോർത്തു സന്ത്യജിച്ചീടിന

ജന്മരഹിതനാമിബ്ഭഗവാനുടെ–
യമ്മഹത്സ്ഥാനം മനോരഥത്താലുമേ

അത്തരം സിദ്ധികളാശിച്ചിടും യോഗി–
സത്തമനെത്താവതല്ലതു നിശ്ചയം.'' 15

ലോകാഖിലവേദശാസ്ത്രദേവദ്വിജ–
ഗോഗണാചാര്യനായീടുമൃഷഭന്റെ

ശുദ്ധമായീടും ചരിതമോതീടിനേൻ
മർത്ത്യസമസ്തപാപഘ്നമായ് ശ്രേഷ്ഠമായ്

മങ്ഗലദായകമാമിതനാരതം
തുംഗമാം ശ്രദ്ധയോടും മനംവച്ചുതാൻ

കേൾക്കയോ കേൾപ്പിക്കയോ ചെയ്യുവോൻ വിഷ്ണു–
സക്തനായേകാന്തഭക്തനായ്ത്തീന്നിടും. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യാമേവ കവയ ആത്മാനമവിരതം വിവിധവൃജിനസം-
സാരപരിതാപോപതപ്യമാനമനുസവനം സ്നാപയന്തസ്തയൈ-
വ പരയാ നിർവൃത്യാ ഹ്യപവർഗ്ഗമാത്യന്തികം പരമപുരുഷാ-
ർത്ഥമപിസ്വയമാസാദിതം നോ ഏവാദ്രിയന്തേ ഭഗവദീയ-
ത്വേനൈവ പരിസമാപ്തസർവ്വാർത്ഥാഃ. 17

രാജൻ, പതിർഗ്ഗുരുരലം ഭവതാം യദൂനാം
ദൈവം പ്രിയഃ കുലപതിഃ ക്വ ച കിങ്കരോ വഃ
അസ്ത്വേവമങ്ഗ ഭഗവാൻ ഭജതാം മുകുന്ദോ
മുക്തിം ദദാതി കർഹിചിത് സ്മ ന ഭക്തിയോഗം. 18

നിത്യാനുഭൂതനിജലാഭനിവൃത്തതൃഷ്ണഃ
ശ്രേയസ്യതദ്രചനയാ ചിരസുപ്തബുദ്ധേഃ
ലോകസ്യ യഃ കരുണയാഭയമാത്മലോക-
മാഖ്യാന്നമോ ഭഗവതേ ഋഷഭായ തസ്മൈ. 19

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഋഷഭദേവാനുചരിതേ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ശ്രീശുക ഉവാച

ഭരതസ്തു മഹാഭാഗവതോ യദാ ഭഗവതാവനിതലപരിപാ-
ലനായ സഞ്ചിന്തിതസ്തദനുശാസനപരഃ പഞ്ചജനീം വിശ്വരൂ-
പദുഹിതരമുപയേമേ. 1

തസ്യാമു ഹ വാ ആത്മജാൻ കാർത്സ്ന്യേനാനുരൂപാനാ-
ത്മനഃ പഞ്ച ജനയാമാസ ഭൂതാദിരിവ ഭൂതസൂക്ഷ്മാണി. 2

സുമതിം രാഷ്ട്രഭൃതം സുദർശനമാവരണം ധൂമ്രകേതുമിതി അജ-
നാഭം നാമൈതദ്വർഷം ഭാരതമിതിയത ആരഭ്യ വ്യപദിശന്തി. 3

സ ബഹുവിന്മഹീപതിഃ പിതൃപിതാമഹവദുരുവത്സലതയാ
സ്വേ സ്വേ കർമ്മണി വർത്തമാനാഃ പ്രജാഃ സ്വധർമ്മമനുവർത്ത-
മാനഃ പര്യപാലയത്. 4

ഈജേ ച ഭഗവന്തം യജ്ഞക്രതുരൂപം ക്രതുഭിരുച്ചാവചൈഃ
ശ്രദ്ധയാഽഽഹൃതാഗ്നിഹോത്രദർശപൂർണ്ണമാസചാതുർമ്മാസ്യ പശു-
സോമാനാം പ്രകൃതിവികൃതിഭിരനുസവനം ചാതുർഹോത്രവി-
ധിനാ. 5

സമ്പ്രചരത്സുനാനായാഗേഷു വിരചിതാങ്ഗക്രിയേഷ്വ-
പൂർവ്വം യത്തത്ക്രിയാഫലം ധർമ്മാഖ്യം പരേ ബ്രഹ്മണി യജ്ഞ-
പുരുഷേ സർവ്വദേവതാലിങ്ഗാനാം മന്ത്രാണാമർത്ഥനിയാമക-
തയാ സാക്ഷാത്കർത്തരി പരദേവതായാം ഭഗവതി വാസുദേവ
ഏവ ഭാവയമാന ആത്മനൈപുണ്യമൃദിതകഷായോ ഹവിഷ്ഷ-
ധ്വര്യുഭിർഗൃഹ്യമാണേഷു സ യജമാനോ യജ്ഞഭാജോ ദേവാം-
സ്താൻ പുരുഷാവയവേഷ്വഭ്യധ്യായത്. 6

ഏവം കർമ്മവിശുദ്ധ്യാ വിശുദ്ധസത്ത്വസ്യാന്തർഹൃദയാ-
കാശശരീരേ ബ്രഹ്മണി ഭഗവതി വാസുദേവേ മഹാപുരുഷരൂ-
പോപലക്ഷണേ ശ്രീവത്സകൗസ്തുഭവനമാലാരിദരഗദാദിഭിരു-
പലക്ഷിതേ നിജപുരുഷഹൃല്ലിഖിതേനാത്മനി പുരുഷരൂപേണ
വിരോചമാന ഉച്ചൈസ്തരാം ഭക്തിരനുദിനമേധമാനരയാ-
ജായത. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാനാവിധദുഷ്പ്രവൃത്തിയാൽ സംസാര–
പീനവ്യസനത്തിലാളുമാത്മാവിനെ

ഊനമററുള്ളോരിബ്ഭക്തിരസോമ്മിയിൽ
താനേ നിമഗ്നമാക്കീടും വിവേകികൾ.

തത്പരനിർവൃതിമൂലം സ്വയംവരു–
മപ്പരമോത്തമാത്യന്തികമോക്ഷവും

ഒന്നും സമാദരിക്കുന്നില്ല, സർവ്വാത്മ–
പൂർണ്ണരാണായവരീശസങ്ഗത്തിനാൽ. 17

പാണ്ഡവരായ നിങ്ങൾക്കും യദുക്കൾക്കു–
മെന്നും ഗുരു, ദൈവ,മിഷ്ടൻ, കുലപതി,

എന്നല്ല ഭൃത്യനായ്പ്പോലും ചിലവേള–
നിന്നിടും ദേവൻ മുകുന്ദൻ സ്വഭക്തർക്ക്

മുക്തിയരുളുന്നതുണ്ട് യഥാർത്ഥമാം
ഭക്തിയോഗത്തെയേകുന്നില്ല ഭൂപതേ! 18

നിത്യാനുഭൂതം സ്വരൂപലാഭത്തിനാ–
ലസ്തംഗതതൃഷ്ണനാരിദ്ധരിത്രിയിൽ

കായസംരക്ഷണമാത്രമനസ്കരായ്
ശ്രേയോവിഷയത്തിലെപ്പോഴും സുഷ്ടരാം

മർത്ത്യരിൽക്കാരുണ്യമേറിയവർക്കാത്മ–
തത്ത്വോപദേശമരുളി നിരന്തരം

സഞ്ചരിച്ചോരബ്ഭഗവാനൃഷഭനെ
സഞ്ചിതഭക്ത്യാ നമസ്കരിക്കുന്നു ഞാൻ. 19

അദ്ധ്യായം 7

ഭരതോപാഖ്യാനം

ശ്രീശുകൻ പറഞ്ഞു

ഭൂപരിപാലനത്തിന്നായൃഷഭനോ–
ശ്രീപതി ഭക്താഗ്രിമനാം ഭരതനെ

നിശ്ചയിക്കെത്തദാജ്ഞാപരിപാലന–
തത്പരനായവൻ, വിശ്വരൂപാത്മജ

പഞ്ചജനിയെന്നൊരുത്തമകന്യയെ–
യഞ്ചാതെ പത്നിയായ് സ്വീകരിച്ചീടിനാൻ. 1

അഞ്ചാത്മജരെത്തനിക്കൊപ്പമായ് സൂക്ഷ്മ–
പഞ്ചഭൂതങ്ങളെബ്ഭൂതാദിയെന്നപോൽ

തന്നുടെ ജീവേശ്വരിയിൽ ക്രമത്തില–
ന്നന്നു ഭരതൻ ജനിപ്പിച്ചുകൊണ്ടിതു. 2

വത്സാ! സുമതിതാനും രാഷ്ട്രഭൃത്തും സു–
ദർശനനാവരണൻ ധൂമ്രകേതുവും

ഈമട്ടിലബ്ഭൂമിപാല സുതന്മാർക്ക്
നാമധേയങ്ങളുമെന്നറിഞ്ഞീടുക.

ഭാരതമെന്നീയജനാഭഭൂവിനു
പേരുളവായതക്കാലംമുതല്ക്കുതാൻ. 3

മുന്നോർകളെപ്പോലെ സർവ്വജ്ഞനാകമീ-
മന്നവൻ സ്വസ്വകർമ്മസ്ഥപ്രജകളെ

ധർമ്മത്തിനൊത്തു വാത്സല്യപുരസ്സരം
നന്മട്ടു സംരക്ഷണംചെയ്തിരുന്നിതേ. 4

കാലങ്ങളിൽ ക്രതുയജ്ഞാത്മകൻ വന–
മാലിഭഗവാനെ നാനാദ്ധ്വരങ്ങളാൽ

ശ്രദ്ധയോടർച്ചനംചെയ്തഥ ദർശാഗ്നി–
ഹോത്ര ചാതുർമ്മാസ്യപൂർണ്ണമാസങ്ങളും

പിന്നെ ഗോസോമയജ്ഞങ്ങ,ളിതുകൾതൻ–
ഭിന്നപ്രകൃതിവികൃതികളുംകൊണ്ട്

ചാതുർഹോത്രത്തിൻ വിധിപ്രകാരം നൃപൻ
സാദരം മാധവാരാധനംചെയ്തിതേ. 5

നാനാദ്ധ്വരങ്ങൾ സർവ്വാങ്ഗക്രിയായുത–
മൂനമെന്യേ നടക്കുമ്പോളപൂർവ്വും

ധർമ്മാഖ്യയാളുന്നതുമാം ക്രിയാഫലം
നന്മട്ടുമന്ത്രങ്ങൾകൊണ്ട് വിളക്കിടും

വിണ്ണവരേയശേഷം നിയന്ത്രിക്കുവോ–
നെന്നഭാവത്തിനാലാർക്കുമുപാസ്യനായ്

അദ്ധ്വരരൂപനായ് ബ്രഹ്മസ്വരൂപനായ്
കർത്താവുമാം ഭഗവാൻ വാസുദേവനെ

എപ്പൊഴും ഭാവനചെയ്തു മനോമല–
മെപ്പേരുമാ യജമാനൻ നശിപ്പിച്ചു

അദ്ധ്വര്യുവൃന്ദം ഹവിസ്സെടുത്തീടിനോ–
രത്തവ്വത്തു ഭുജിക്കേണ്ടും സുരാളിയെ

ഉത്തമപൂരുഷൻ തന്നങ്ഗകങ്ങളിൽ
സംസ്ഥിതരെന്നുതാൻ ധ്യാനിച്ചുകൊണ്ടിതു. 6

ഏവം ഫലകാംക്ഷയെന്യേയനുഷ്ഠിച്ച
പാവനകർമ്മങ്ങളാലെ തന്മാനസം

രാഗാദിദോഷവിഹീനമായിത്തദാ
ഭാഗവതാഢ്യരാം നാരദാദ്യർക്കെഴും

മാനസംതന്നിൽ വിളങ്ങും പുരുഷൻെറ–
യാനന്ദപൂർണ്ണസ്വരൂപം മനോഹരം

സ്തുത്യർഹമാം ശംഖചക്രഗദാദിയും
കൗസ്തുഭരത്നവുമാവനമാലയും

ശ്രീവത്സലക്ഷ്മവുമൊത്തുതൻ ഹൃത്തിലും
ഭൂവരൻ കണ്ടുടനെങ്ങും നിറഞ്ഞിടും

സച്ചിന്മയബ്രഹ്മവസ്തുവതെന്നു പാ–
ർത്തച്യുതഭക്തി വദ്ധിച്ചിതു മേല്ക്കുമേൽ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം വർഷായുതസഹസ്രപര്യന്താവസിതകർമ്മനിർവ്വാണാ-
വസരോ ധിഭുജ്യമാനം സ്വതനയേഭ്യോ രിക്ഥം പിതൃപൈ-
താമഹം യഥാദായം വിഭജ്യ സ്വയം സകലസമ്പന്നികേതാത്
സ്വനികേതാത് പുലഹാശ്രമം പ്രവവ്രാജ. 8

യത്ര ഹ വാവ ഭഗവാൻ ഹരിരദ്യാപി തത്രത്യാനാം നിജ-
ജനാനാം വാത്സല്യേന സന്നിധാപ്യത ഇച്ഛാരൂപേണ. 9

യത്രാശ്രമപദാന്യുഭയതോ നാഭിഭിർദൃഷച്ചക്രൈശ്ചക്രനദീ
നാമ സരിൽപ്രവരാ സർവ്വതഃ പവിത്രീകരോതി. 10

തസ്മിൻ വാവ കില സ ഏകലഃ പുലഹാശ്രമോപവനേ വി-
വിധകുസുമകിസലയതുലസികാംബുഭിഃ കന്ദമൂലഫലോപഹാ-
രൈശ്ച സമീഹമാനോ ഭഗവത ആരാധനം വിവിക്ത ഉപരത-
വിഷയാഭിലാഷ ഉപഭൃതോപശമഃ പരാം നിർവൃതിമവാപ. 11

തയേത്ഥമവിരതപുരുഷപരിചര്യയാ ഭഗവതി പ്രവർദ്ധമാ-
നാനുരാഗഭരദ്രുതഹൃദയശൈഥില്യഃ പ്രഹർഷവേഗേനാത്മന്യുദ്-
ഭിദ്യമാനരോമപുളകകുളക ഔത്കണ്ഠ്യപ്രവൃത്തപ്രണയബാഷ്പ-
നിരുദ്ധാവലോകനയന ഏവം നിജരമണാരുണചരണാരവി-
ന്ദാനുധ്യാനപരിചിതഭക്തിയോഗേന പരിപ്ലുതപരമാഹ്ലാദ-
ഗംഭീരഹൃദയഹ്രദാവഗാഢധിഷണസ്താമപി ക്രിയമാണാം ഭഗ-
വത്സപര്യാം ന സസ്മാര. 12

ഇത്ഥം ധൃതഭഗവദ്വ്രതഐണേയാജിനവാസസാനുസവ-
നാഭിഷേകാർദ്രകപിശകുടിലജടാകലാപേന ച വിരോചമാനഃ
സൂര്യർചാ ഭഗവന്തം ഹിരണ്മയം പുരുഷമുജ്ജിഹാനേ സൂര്യമ-
ണ്ഡലേഽഭ്യുപതിഷ്ഠന്നേതദുഹോവാച— 13

പരോരജഃ സവിതുർജ്ജാതവേദോ
ദേവസ്യ ഭർഗ്ഗോ മനസേദം ജജാന
സുരേതസാദഃ പുനരാവിശ്യ ചഷ്ടേ
ഹംസം ഗൃധ്രാണം നൃഷദ്രിംഗിരാമിമഃ. 14

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭരതചരിതേ ഭഗവത്പരിചര്യായാം സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

ശ്രീശുക ഉവാച

ഏകദാ തു മഹാനദ്യാം കൃതാഭിഷേകനൈയമികാവശ്യകോ
ബ്രഹ്മാക്ഷരമഭിഗൃണാനോ മുഹൂർത്തത്രയമുദകാന്ത ഉപവിവേശ. 1

തത്ര തദാ, രാജൻ, ഹരിണീ പിപാസയാ ജലാശയാഭ്യാശ-
മേകൈവോപജഗാമ. 2

തയാ പേപീയമാന ഉദകേ താവദേവാവിദൂരേണ നദതോ
മൃഗപതേരുന്നാദോ ലോകഭയങ്കര ഉദപതത്. 3

തമുപശ്രുത്യ സാ മൃഗവധൂഃ പ്രകൃതിവിക്ലവാ ചകിതനിരീ-
ക്ഷണാ സുതരാമപി ഹരിഭയാഭിനിവേശവ്യഗ്രഹൃദയാ പാരി-
പ്ലവദൃഷ്ടിരഗതതൃഷാ ഭയാത് സഹസൈവോച്ചക്രാമ. 4

തസ്യാ ഉത്പതന്ത്യാ അന്തർവ്വത്ന്യാ ഉരുഭയാവഗലിതോ
യോനിനിർഗ്ഗതോ ഗർഭഃ സ്രോതസി നിപപാത. 5

തത്പ്രസവോത്സർപ്പണഭയഖേദാതുരാ സ്വഗണേന വി-
യുജ്യമാനാ കസ്യാഞ്ചിദ്ദര്യാം കൃഷ്ണസാരസതീ നിപപാതാഥ
ച മമാര. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈമട്ടുവഷായുതസഹസ്രാന്തമീ–
ഭൂമണ്ഡലം പരിപാലനംചെയ്തഥ

മോക്ഷത്തിനുള്ള സമയമായെന്നതു
വീക്ഷിച്ചു താനിങ്ങനുഭവിക്കുന്നതും

തൻപിതൃപൈതാമഹവുമാം രാജ്യത്തെ–
യൻപോടു ദായക്രമത്തിനു ഭാഗിച്ചു

നന്ദനന്മാക്കു കൊടുത്തു വിഭവസ–
മൃദ്ധമാം തൻരാജധാനിയുപേക്ഷിച്ചു

വിശ്രുതനായിട്ടുമമ്പ് ഭരതൻ പുല–
ഹാശ്രമത്തിങ്കലേക്കാശു പോയീടിനാൻ. 8

ഭക്താഭിലാഷമേകീട്ടുവാനസ്ഥല–
ത്തുംക്കൃപയോടരുളുന്നിതിന്നും ഹരി. 9

ചക്രാകൃതിയായിരുവശത്തും ധാര–
മൊക്കും ശിലകളിൽക്കൂടിയൊഴുകിടും

ഗണ്ഡകിയെന്നുള്ള പുണ്യതരങ്ഗിണി
ചൂഴ്ന്നാശ്രമസ്ഥലി ശുദ്ധമാക്കുന്നിതു. 10

അപ്പുലഹാശ്രമശാന്തവനംതന്നി–
ലുമ്പുക്കു നാനാസുമപല്ലവങ്ങളും

അപ്പും തുളസിയും മൂലഫലാദിയു–
മപ്പിച്ചു പൂജനംചെയ്തതിശാന്തനായ്

നാനാവിഷയാശകം വെടിഞ്ഞേകാന്ത–
മാനന്ദനിർവൃതനായിരുന്നീടിനാൻ. 11

ഇത്ഥം നിരന്തരമീശ്വരപൂജകൊ–
ണ്ടദൃഢമാം ഭക്ത്യാ ശിഥിലമായ് മാനസം

മോദാതിരേകത്തിനാലെങ്ങുമങ്ഗമദ്–
ഭേദിച്ചിയലും പുളകപൂരത്തൊടും.

സ്വന്തം രമണനാം ശ്രീഹരിതന്നുടെ
ചെന്താമരപ്പൂവടികളിൽ സന്തതം

ധ്യാനം ചിരമഭ്യസിച്ചുള്ള ഭക്തിയാ–
ലാനന്ദപൂർണ്ണം ഹൃദയഹ്രദംതന്നിൽ

ബുദ്ധിമുഴുകിയിരിക്കയാൽ താൻചെയ്യു–
മാ ധ്യാനവും സ്മൃതിയിൽപ്പെട്ടിടാതെയായ്. 12

വിഷ്ണുഭഗവാനെയീവിധം ധ്യാനിച്ചു
കൃഷ്ണമൃഗത്തോലുടുത്തനുവാസരം

മൂന്നു കുളിയാൽ നനഞ്ഞു കപിശമായ്
ചിന്നും ജടയാന്റു മിന്നുമാ വൈഷ്ണവൻ

ഭാനുബിംബസ്ഥിതനാമമ്പ് ഭഗവാനെ
ഭാനുമാഹാത്മ്യസൂരിതമന്ത്രങ്ങളാൽ

സൂര്യനുദിച്ചുയന്നീടുന്നവേളയിൽ
നേരേ നിലകൊണ്ടിവണ്ണം സ്തുതിച്ചിതേ. 13

പെട്ടെന്നു സങ്കല്പശക്തിയാൽ വിശ്വപം–
സൃഷ്ടിക്കയും നിജചിച്ഛക്തിയാലുടൻ

പ്രാണികൾക്കുള്ളിൽക്കടന്നു പാലിക്കയും
മാനവബുദ്ധ്യാദിയാമിന്ദ്രിയങ്ങളെ

കമ്മസമത്ഥമാക്കിക്കൊൾകയും സുഖ–
സമ്മോഹിതനായ ജീവനെക്കാൺകയും

ചെയ്‌വതായ് മായതൻ സംബന്ധമററതി–
പാവനമായി പ്രകാശസ്വരൂപമായ്

കമ്മഫലരൂപസമ്പന്നികേതമാം
കമ്മസാക്ഷീമഹസ്സാശ്രയിക്കുന്നു ഞാൻ. 14

അദ്ധ്യായം 8

ഭരതോപാഖ്യാനം—ഭരതമൃഗജന്മം, ശരീരത്യാഗം

ശ്രീശുകൻ പറഞ്ഞു :

പിന്നെയൊരുനാളവൻ ഗണ്ഡകീനദി–
തന്നിൽക്കുളിച്ചു കഴിച്ചു സന്ധ്യാച്ചനം

മന്ത്രാക്ഷരങ്ങളുരുവിട്ടു തന്നദി–
തൻതടത്തിൽ മുഹൂത്ത്രയം വാണിതു. 1

വെള്ളം കുടിക്കാനവിടെയപ്പോളൊരു
പുള്ളിമാൻപേട വന്നീടിനാളേകയായ്. 2

നീരതാന്നീടവേ കേൾക്കായിതങ്ങൊരു
ഘോരസിംഹസ്വനം ലോകഭീതിപ്രദം. 3

ജാത്യാ ഭയശീലയാകുമാ മാൻപേട–
യദ്ധ്വനി കേട്ടു ഞെട്ടിച്ചകിതാക്ഷിയായ്

മാനസം വ്യാകുലപൂർണ്ണമായിബ്‌ഭ്രമി–
ച്ചാ നദി ചാടി നീന്തിക്കടന്നാശു ദ്രുതം. 4

ചാടിടും ഗർഭിണിയാമമ്മൃഗാങ്ഗന
തേടും മഹാഭയം കാരണമായഹോ!

സ്ഥാനത്തുനിന്നുമഗ്ഗർഭം ചലിച്ചുടൻ
യോനിമാർഗ്ഗം വീണുപോയിതൊഴുക്കതിൽ. 5

ശീഘ്രപ്രസവം, നദീതരണം, ഭയം,
ദുഃഖമിവയാൽ വിവശയായിപ്പരം

കൂട്ടവും വിട്ടുപിരിഞ്ഞ മാൻപേടയ–
ക്കാട്ടിൻഗുഹയിൽ പതിച്ചു മരിച്ചിതേ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ത്വേണകുണകം കൃപണം സ്രോതസാനൂഹ്യമാനമഭി–
വീക്ഷ്യാപവിദ്ധം ബന്ധുരിവാനുകമ്പയാ രാജർഷിർഭരത ആദായ
മൃതമാതരമിത്യാശ്രമപദമനയത്. 7

തസ്യ ഹ വാ ഏണകുണക ഉച്ചൈരേതസ്മിൻ കൃതനിജാ–
ഭിമാനസ്യാഹരഹസ്തത് പോഷണപാലനലാളനപ്രീണനാനു–
ധ്യാനേനാത്മനിയമാഃ സഹയമാഃ പുരുഷപരിചര്യാദയ
ഏകൈകശഃ കതിപയേനാഹർഗ്ഗണേന വിയുജ്യമാനാഃ കില
സർവ്വ ഏവോദവസൻ. 8

''അഹോ ബതായം ഹരിണകുണകഃ കൃപണ ഈശ്വരരഥ-
ചരണപരിഭ്രമണരയേണ സ്വഗണസുഹൃദ്ബന്ധുഭ്യഃ പരിവ–
ർജ്ജിതഃ ശരണം ച മോപസാദിതോ മാമേവ മാതാപിതരൗ
ഭ്രാതൃജ്ഞാതീൻ യൗഥികാംശ്ചൈവോപേയായ നാന്യം കഞ്ചന
വേദ മയ്യതിവിസ്രബ്ധശ്ചാത ഏവ മയാ മത്പരായണസ്യ
പോഷണപാലനപ്രീണനലാളനമനസൂയുനാനുഷ്ഠേയം ശര–
ണ്യോപേക്ഷാ ദോഷവിദുഷാ. 9

നൂനം ഹ്യാര്യാഃ സാധവ ഉപശമശീലാഃ കൃപണസുഹൃദ
ഏവംവിധാർത്ഥേ സ്വാർത്ഥാനപി ഗുരുതരാനുപേക്ഷന്തേ.'' 10

ഇതി കൃതാനുഷങ്ഗ ആസനശയനാടനസ്ഥാനാശനാദിഷു
സഹ മൃഗജഹുനാ സ്നേഹാനുബദ്ധഹൃദയ ആസീത്. 11

കുശകുസുമസമിത്പലാശഫലമൂലോദകാന്യാഹരിഷ്യമാ–
ണോ വൃകസാലാവൃകാദിഭ്യോ ഭയമാശംസമാനോ യദാ സഹ
ഹരിണകുണകേന വനം സമാവിശതി. 12

പഥിഷു ച മുഗ്ധഭാവേന തത്ര തത്ര വിഷക്തമതിപ്രണയ–
ഭരഹൃദയഃ കാർപ്പണ്യാത് സ്കന്ധേനോദ്വഹതി. 13

ഏവമുത്സങ്ഗ ഉരസി ചാധായോപലാളയൻ മുദം പരമാ–
മവാപ. 14

ക്രിയായാം നിർവ്വർത്യമാനായാമന്തരാളേഽപ്യുത്ഥായോത്ഥായ
യദൈനമഭിചക്ഷീത തർഹി വാവ സ വർഷ്പതിഃ പ്രകൃതി–
സ്ഥേന മനസാ തസ്മാ ആശിഷ ആശാസ്തേ സ്വസ്തി സ്താദ്വത്സ
തേ സർവ്വത ഇതി. 15

അന്യദാ ഭൃശമുദ്വിഗ്നമനാ നഷ്ടദ്രവിണ ഇവ കൃപണഃ സക–
രുണമതിതർഷേണ ഹരിണകുണകവിരഹവിഹ്വലഹൃദയസ–
ന്താപസ്തമേവാനുശോചൻ കില കശ്മലം മഹദഭിരംഭിത ഇതി
ഹോവാച. 16

''അപി ബത സ വൈ കൃപണ ഏണബാലകോ മൃതഹരി–
ണീസുതോഽഹോ മമാനാര്യസ്യ ശഠകിരാതമതേരകൃതസുകൃത–
സ്യ കൃതവിസ്രംഭ ആത്മപ്രത്യയേന തദവിഗണയൻ സുജന
ഇവാഗമിഷ്യതി. 17

അപി ക്ഷേമേണാസ്മിന്നാശ്രമോപവനേ ശഷ്പാണി ചരന്തം
ദേവഗുപ്തം ദ്രക്ഷ്യാമി. 18

അപി ച ന വൃകഃ സാലാവൃകോഽന്യതമോ വാ നൈകചര
ഏകചരോ വാ ഭക്ഷയതി. 19

നിമ്ലോചതി ഹ ഭഗവാൻ സകലജഗത് ക്ഷേമോദയസ്ത്രയ്യാ–
ത്മാദ്യാപി മമ ന മൃഗവധൂന്യാസ ആഗച്ഛതി. 20

അപിസ്വിദകൃതസുകൃതമാഗത്യ മാം സുഖയിഷ്യതി ഹരി–
ണരാജകുമാരോ വിവിധരുചിരദർശനീയനിജമൃഗദാരകവി–
നോദൈരസന്തോഷം സ്വാനാമപനുദൻ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാതാവു വീണു മരിച്ചതും പോതമാ–
സ്രോതസ്സിലാപ്പെട്ടൊഴുകുന്നതും കണ്ടു

ബന്ധുവിൻമട്ടലിവാന്നു മാൻകുട്ടിയെ–
യേന്തിബ്ഭരതൻ നിജാശ്രമം പൂകിനാൻ. 7

ഓക്കവാൻപോലുമരുതു, മാൻകുട്ടിയി–
ലുൽക്കടമാകും മമത്വംനിമിത്തമായ്

ഉത്തമരാജർഷിയാമബ്ഭരതന്റെ
ചിത്തം തകർന്നിതു, ചിത്രമത്രേ തുലോം.

മാനിനെത്തീററുക, ലാളിക്ക, പോററുക,
കാനനമക്ഷികാപീഡയൊഴിക്കുക

എന്നീവിധമതിൽ നാരംക്കുനാളാസക്തി–
യൊന്നിനൊന്നേറി, നിജനിയമങ്ങളും

ഈശാർച്ചനയും മുടങ്ങി ക്രമാൽ വിഷ–
യാശയാൽ ദോഷംഭവിച്ചു നൃപോത്തമാ! 8

''കഷ്ടമീ മാൻകുട്ടി ദീനൻ നിരാശ്രയൻ
പെട്ടിതു കാലചക്രത്തിരിപ്പിൽ ഭൃശം.

കൂട്ടം പിരിഞ്ഞു സുഹൃദ്ബാന്ധവരെയും
വിട്ടെന്നെമാത്രം ശരണമണഞ്ഞിഹ

അമ്മയുമച്ഛനും ബന്ധുജനങ്ങളു–
മമ്മട്ടു കൂട്ടരും ജ്ഞാതിയും സർവ്വവും

ഞാനെന്നുതാൻ കരുതുന്നു, തുണയ്ക്കു ഞാൻ
കാണുന്നതില്ലൊരു ജീവിയെപ്പോലുമേ.

വിശ്വസിച്ചാശ്രയിച്ചീടുമിതിനെ ഞാ–
നാശ്വാസമേകി രക്ഷിപ്പൻ, ത്യജിച്ചിടാ.

ആശ്രയിപ്പോരെയുപേക്ഷിപ്പതു മഹാ–
ദോഷമെന്നത്രേയറിഞ്ഞിരിക്കുന്നു ഞാൻ.

പോഷണപ്രീണനലാളനാദ്യങ്ങളെ–
ബ്ഭേഷായനുഷ്ഠിച്ചിതിനെപ്പുലർത്തുവൻ. 9

സാധുക്കളൊയ് സമശീലരാം സത്തുക്ക–
ളാതുരന്മാരിലകമലിഞ്ഞെപ്പൊഴും

ഇത്തരം കാര്യങ്ങളിൽ മുഖ്യമായിടും
സ്വാർത്ഥത്തെയും സന്ത്യജിക്കുന്നു നിർണ്ണയം.'' 10

ചിന്തിച്ചിതുവിധമാ മൃഗക്കുട്ടിയെ
സന്താനമെന്നപോലേററവും സ്നേഹിച്ചു

യാനാസനശയനങ്ങളിലും തഥാ
സ്നാനാശനങ്ങളിലു, പിരിയാതെയായ്. 11

ദർഭ, ചമത, പലാശം, ജലമൂല–
പുഷ്പഫലങ്ങളിവയ്ക്കു പോകുമ്പൊഴും

ദുഷ്ടമൃഗഭീതിമൂലമതിനെയും
കൂട്ടിയല്ലാതെ പോകാറില്ല മന്നവൻ. 12

ബാലശീലത്താൽ വഴികളിലങ്ങിങ്ങു
ചാലെക്കളിയാടുമമ്മൃഗക്കുട്ടിയെ

തോളിലെടുത്തുമവൻ കൊണ്ടുപോയിടും
ചാലവേയുമ്മത്തിങ്ങിടും പ്രണയത്തിനാൽ. 13

മാറിടംതന്നിൽ മടിയിലുമിങ്ങനെ
മാറിമാറിപ്പുണർന്നു മോദിച്ചിതു നൃപൻ. 14

ദേവാർച്ചനാസമയത്തുമീമാൻകുട്ടി
ചെയ്വതെന്താണെന്നുതാൻ ചെന്നു നോക്കിടും.

''വത്സാ! നിനക്കു ഭവിക''യെന്നിങ്ങനെ
വാത്സല്യമോടതിനേകുമാശിസ്സുകൾ. 15

കണ്ടില്ലയെങ്കിലുദ്വിഗ്നമനസ്കനാ–
യിണ്ടൽപ്പെട്ടും, മുതൽ പോയവനെന്നപോൽ,

തദ്വിയോഗത്തെയോർത്തോർത്തതിദീനനായ്
ചിത്തം തകർന്നവനിത്ഥം കഥിച്ചിടും. 16

''കഷ്ടം! കിരാതധീയും പുണ്യഹീനനും
ദുഷ്ടനുമാമെന്നെ വിശ്വസിച്ചുള്ളതാം

തള്ളയില്ലാത്തൊരാ മാൻകിടാവെൻ പിഴ–
യുള്ളതശേഷവുമാത്മവിശുദ്ധിയാൽ

നല്ലവന്മട്ടു പൊറുത്തെന്നരികത്തു
മെല്ലെത്തിരിച്ചിങ്ങു വന്നുചേർന്നീടുമോ? 17

ഈശ്വരപാലിതനായിനിമേലുമീ–
യാശ്രമംതന്നിലിളംപുല്ലു തിന്നവൻ

ക്രീഡചെയ്യുന്നതു കാണ്മാനെനിക്കിട–
കൂടുവാൻ ദൈവമനുഗ്രഹിച്ചീടുമോ? 18

കൂട്ടമായിട്ടുമൊററയ്ക്കും ചരിച്ചിടും
പട്ടിയോ ചെന്നായയോ തിന്നുകാണുമോ. 19

ക്ഷേമം ജഗത്തിനേകാനുദിക്കും വേദ–
ധാമമാമർക്കനസ്തംഗമിക്കാറുമായ്

വന്നീല. കഷ്ടമിതുവരെയാ മൃഗി–
യെന്നെയേല്പിച്ച നിക്ഷേപമതീശ്വരാ! 20

നാനാസഹജവിനോദങ്ങളാൽ സ്വയം
ദീനത ബന്ധുജനത്തിനു തീർത്തിടും

എണ്ണനൃപാലകുമാരനവൻ പുണ്യ–
ഹീനനാമെന്നെ മേലും സുഖിപ്പിക്കുമോ? 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷേപലികായാം മാം മൃഷാസമാധിനാ//മീലിതദൃശം പ്രേമ-
സംരംഭേണ ചകിതചകിത ആഗത്യ പൃഷദപരുഷവിഷാണാ-
ഗ്രേണ ലുഠതി. 22

ആസാദിതഹവിഷി ബർഹിഷി ദൂഷിതേ മയോപാലഭ്യോ
ഭീതഭീതഃ സപദ്യുപരതരാസ ഋഷികുമാരവദവഹിതകരണ-
കലാപ ആസ്തേ. 23

കിം വാ അരേ ആചരിതം തപസ്തപസ്വിന്യാനയാ യദിയ-
മവനിഃ സവിനയകൃഷ്ണസാരതനയതനുതരസുഭഗശിവതമാഖ-
രഖുരപദപങ്ക്തിഭിർദ്രവിണവിധുരാതുരസ്യ കൃപണസ്യ മമ
ദ്രവിണപദവീം സൂചയന്ത്യാത്മാനം ച സർവ്വതഃ കൃതകൗതുകം
ദ്വിജാനാം സ്വർഗ്ഗാപവർഗ്ഗകാമാനാം ദേവയജനം കരോതി. 24

അപി സ്വിദസൗ ഭഗവാനുഡുപതിരേനം മൃഗപതിഭയാ-
ന്മൃതമാതരം മൃഗബാലകം സ്വാശ്രമപരിഭ്രഷ്ടമനുകമ്പയാ
കൃപണജനവത്സലഃ പരിപാതി. 25

കിം വാ//ത്മജവിശ്ലേഷജ്വരദവദഹനശിഖാഭിരുപതപ്യമാ-
നഹൃദയസ്ഥലനളിനീകം മാമുപസൃതമൃഗീതനയം ശിശിരശാ-
ന്താനുരാഗഗുണിതനിജവദനസലിലാമൃതമയഗഭസ്തിഭിഃ സ്വധ-
യതീതി ച.'' 26

ഏവമഘടമാനമനോരഥാകുലഹൃദയോ മൃഗദാരകാഭാസേന
സ്വാരബ്ധകർമ്മണാ യോഗാരംഭണതോ വിഭ്രംശിതഃ സ യോഗ-
താപസോ ഭഗവദാരാധനലക്ഷണാച്ച കഥമിതരഥാ ജാത്യന്തര
ഏണകുണക ആസംഗഃ സാക്ഷാന്നിഃശ്രേയസപ്രതിപക്ഷതയാ
പ്രാക്പരിത്യക്തദുസ്ത്യജഹൃദയാഭിജാതസ്യ തസ്യൈവമന്തരാ-
യവിഹതയോഗാരംഭണസ്യ രാജർഷേർഭരതസ്യ താവന്മൃഗാർഭക-
പോഷണപാലനപ്രീണനലാളനാനുഷങ്ഗേണാവിഗണയത
ആത്മാനമഹിരിവാഖുബിലം ദുരതിക്രമഃ കാലഃ കരാളരഭസ
ആപദ്യത. 27

തദാനീമപി പാർശ്വവർത്തിനമാത്മജമിവാനുശോചന്തമഭി-
വീക്ഷമാണോ മൃഗ ഏവാഭിനിവേശിതമനാ വിസൃജ്യ ലോക-
മിമം സഹ മൃഗേണ കളേബരം മൃതമനു ന മൃതജന്മാനുസ്മൃതി-
രിതരവന്മൃഗശരീരമവാപ. 28

തത്രാപി ഹ വാ ആത്മനോ മൃഗത്വകാരണം ഭഗവദാരാധ-
നസമീഹാനുഭാവേനാനുസ്മൃത്യാ ഭൃശമനുതപ്യമാന ആഹ. 29

''അഹോ! കഷ്ടം! ഭ്രഷ്ടോ//ഹമാത്മവതാമനുപഥാദ്യദ്വിമുക്ത-
സമസ്തസങ്ഗസ്യ വിവിക്തപുണ്യാരണ്യശരണസ്യാത്മവത
ആത്മനി സർവ്വേഷാമാത്മനാം ഭഗവതി വാസുദേവേ തദനു-
ശ്രവണമനനസങ്കീർത്തനാരാധനാനുസ്മരണാഭിയോഗേനാശൂന്യ-
സകലയാമേന കാലേന സമാവേശിതം സമാഹിതം കാർത്സ്-
ന്യേന മനസ്തത്തു പുനർമ്മമാബുധസ്യാരാന്മൃഗസുതമനു പരിസു-
സ്രാവ.'' 30

ഇത്യേവം നിഗൂഢനിർവ്വേദോ വിസൃജ്യ മൃഗീം മാതരം പുന-
ർഭഗവത്ക്ഷേത്രമുപശമശീലമുനിഗണദയിതം ശാലഗ്രാമം പു-
ലസ്ത്യപുലഹാശ്രമം കാലഞ്ജരാത് പ്രത്യാജഗാമ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കണ്ണുമടച്ചു കളിയായ് സമാധിയി-
ലെന്നപോൽ ഞാനല്പനേരമിരിക്കുകിൽ
എന്നടുത്തെത്തിച്ചകിതനായ് സ്നേഹസ-
മ്പന്നനായ് നീർത്തുള്ളിപോൽ മൃദുവായിടും
കൊമ്പുതൻതുമ്പിനാൽ മന്ദമുരുമ്മിട്ട-
മൻപോടു തെല്ലിടയെൻെറ ദേഹത്തവൻ. 22
വല്ലപ്പൊഴും ഞാൻ ഹവിസ്സു വച്ചും കുശ-
പ്പുല്ലവൻ വന്നു മലിനപ്പെടുത്തവേ,
തെല്ലു ശകാരിക്കിലപ്പൊഴേ ലീലക-
ളെല്ലാം നിറുത്തിയൃഷിബാലനെന്നപോൽ
പേടിച്ചുമാറിയവനിന്ദ്രിയങ്ങളെ-
പ്പാടേയൊതുക്കിയൊരിടത്തിരുന്നിടും. 23
പുണ്യവതിയാകുമീയാശ്രമക്ഷമ-
യുന്നതമാം തപസ്സാചരിച്ചോരു ദൃഢം.
കാണുന്നതുണ്ടിവിടകൃഷ്ണസാരസ-
ന്താനത്തിനുള്ള ചേണാർന്ന കാല്പാടുകൾ.
പൂതമൃദുലസുകൃതങ്ങളാമപ്പദ-
പാതനിരയാൽ, മുതൽപോയതോർത്തലം
ആതുരചിത്തനായോരെനിക്കുധന-
പാത കാണിച്ചുതരുന്നുതുമെന്നിയേ
എല്ലായിടത്തും കൃതഭൂഷയായ് പര-
മുല്ലസിക്കുന്നു, മഹീസുരർക്കൊക്കെയും
സ്വർഗ്ഗസുഖാശയാൽ യാഗംനടത്തുവാൻ
യോഗ്യയായും പ്രശോഭിക്കുന്നിതിമ്മഹി. 24
ഇമ്മദീയാശ്രമം വിട്ടു തെററിപ്പോയൊ-
രമ്മയില്ലാത്തതാമമ്മാൻകിടാവിനെ
ദീനദയാലു ഭഗവാൻ സുധാംശു പ-
ഞ്ചാനനഭീതിയിൽനിന്നു രക്ഷിച്ചിതോ? 25
പുത്രവിരഹജ്വരമാം ദവാനല-
നത്തപിപ്പിക്കും ഹൃദയാംബുജത്തൊടും
മാൻകുട്ടിയെത്തിരഞ്ഞീടുമെന്നെ,ശ്ശാന്തി-
തങ്കുന്നതായ് മൃദുശീതളചാരുവായ്
പീയൂഷതുല്യമാം രശ്മിക,ളിന്ദുവെൻ
മെയ്യിൽ ചൊരിഞ്ഞു സമാശ്വസിപ്പി-
ക്കയോ?'' 26

ഏവം മനോരഥവിഘ്നത്തിനാൽ പരം
വൈവശ്യമാർന്നേണബാലസ്വരൂപമാം
പ്രാരബ്ധകർമ്മത്തിനാലീശ്വരാർച്ചനാ-
കാര്യങ്ങളിൽനിന്നുമാ യോഗതാപസൻ
ഭ്രഷ്ടനായെന്നേ പറയേണ്ടു ഭൂപതേ!
മററുവിധത്തിലിതെങ്ങനെ വന്നിടും?
മോക്ഷവിരോധികളെന്നുന്നി മുന്നമേ
ദുസ്ത്യജരായ തന്നൗരസപുത്രരെ
തള്ളിക്കളഞ്ഞോരിവൻെറ വർഗ്ഗസ്ഥനു-
മല്ലാത്തതാമൊരു മാൻകുട്ടിതന്നിലായ്
ഇത്രയും താത്പര്യമെങ്ങനെ വന്നിടു-
മത്രമാത്രം ബോധമുള്ളവർക്കോർക്കുകിൽ.
യോഗത്തിനാൽ പരിപാവനമാനസ-
നാകും ഭരതനാം രാജർഷിയീവിധം
മാൻകുട്ടിയെ വളർത്തീടുക, പോററുക,
അങ്കമണച്ചുലാളിക്ക, തലോടുക
എന്നായ് സദാസമയത്തുമാത്മാവിനെ-
ത്തന്നെയും തീരെ വിഗണിച്ചിരിക്കവേ,
മൂഷികദ്വാരത്തിലെത്തുമപ്പാമ്പിൻെറ
ഭാഷയി,ലാക്കുമുല്ലംഘ്യമല്ലാത്തതായ്
ഭീകരമായൊരു വേഗതയോടുട-
നാഗതമായിതവന്നന്ത്യകാലവും. 27
അപ്പൊഴും തന്നെക്കുറിച്ചു ദുഃഖിച്ചിടും
തൽപാർശ്വവർത്തിയാം പുത്രനെയെന്നപോൽ
ഏണക്കിടാവിനെയാഭിമുഖ്യത്തോടു-
താനവലോകനംചെയ്തവനിൽത്തന്നെ
ചിത്തമുറപ്പിച്ചുവച്ചമ്മൃഗത്തിനോ-
ടൊത്തുപേക്ഷിച്ചാൻ നിജശരീരത്തെയും.
പിന്നെയിജ്ജന്മത്തിലെ സ്മൃതിപോകാതെ
നിന്നിടുന്നോരു മൃഗദേഹമാർന്നിതു. 28
ജന്മമിതിലും ഭഗവദാരാധനം
നന്മട്ടനുഷ്ഠിച്ചതിൻ മഹത്ത്വത്തിനാൽ
തൻമൃഗത്വത്തിൻെറ മൂലമനുസ്മരി-
ച്ചമ്മഹാൻ പശ്ചാത്തപിച്ചു പറഞ്ഞിതു. 29
''ഞാനാത്മവിത്തുകൾ തന്മാർഗ്ഗമെത്തീട്ടു-
താനേയിവണ്ണമധഃപതിച്ചേനഹോ!
എന്തുകൊണ്ടെന്നാൽ, സമസ്തസങ്ഗംവെടി-
ഞ്ഞന്തരംഗം തെളിഞ്ഞാത്മജ്ഞനായ്ത്തീർന്നു
ഏകാന്തപുണ്യവനവാസിയായി ഞാൻ
ലോകാത്മകനാം ഭഗവാൻ മുകുന്ദനെ
നിത്യവും ധ്യാനിക്ക, തൽക്കഥ കേൾക്കുക,
കീർത്തിക്ക, ചിന്തിക്ക,യർച്ചനംചെയ്യുക
ഇത്തരം ശ്രേഷ്ഠമാം യോഗത്തിനാൽ സദാ
ദൈത്യാരിയിലുറപ്പിച്ച മന്മാനസം
പിന്നീടറിവററ മാൻകുട്ടിതന്നുടെ
പിന്നാലെപോയതി ദൂരെത്തെറിച്ചു-
പോയ്.'' 30

ഇമ്മട്ടു പശ്ചാത്തപിച്ചശേഷം തന-
തമ്മയാം മാൻപേടയെപ്പിരിഞ്ഞക്ഷണം
ജന്മസ്ഥലമായ 'കാലഞ്ജരാ'ദ്രി വി-
ട്ടമ്മാൻകിടാവു, സാളഗ്രാമസംസ്ഥമായ്
മാമുനിമാരാം പുലഹപുലസ്ത്യർതൻ
നാമമിയന്നു ജിതേന്ദ്രിയയോഗികൾ
അത്യന്തമിഷ്ടപ്പെടുന്നതായിപ്പരി-
ശുദ്ധമാം ശ്രീഹരിക്ഷേത്രത്തിലെത്തിനാൻ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മിന്നപി കാലം പ്രതീക്ഷമാണഃ സങ്ഗാച്ച ഭൃശമുദ്വിഗ്ന
ആത്മസഹചരഃ ശുഷ്കപർണ്ണതൃണവീരുധാ വർത്തമാനോ മൃഗത്വ
നിമിത്താവസാനമേവ ഗണയൻ മൃഗശരീരം തീർത്ഥോദക-
ക്ലിന്നമുത്സസർജ്ജ. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭരതചരിതേഽഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ശ്രീശുക ഉവാച

അഥ കസ്യചിദ്ദ്വിജവരസ്യാങ്ഗിരഃപ്രവരസ്യ ശമദമ-
തപഃസ്വാധ്യായാധ്യയനത്യാഗസന്തോഷതിതിക്ഷാപ്രശ്രയ-
വിദ്യാനസൂയാത്മജ്ഞാനാനന്ദയുക്തസ്യാത്മസദൃശശ്രുതശീലാ-
ചാരരൂപൗദാര്യഗുണാ നവ സോദര്യാ അങ്ഗജാ ബഭൂവുർമ്മി-
ഥുനം ച യവീയസ്യാം ഭാര്യായാം. 1

യസ്തു തത്ര പുമാംസ്തം പരമഭാഗവതം രാജർഷിപ്രവരം ഭരത
മുത്സൃഷ്ടമൃഗശരീരം ചരമശരീരേണ വിപ്രത്വം ഗതമാഹുഃ. 2

തത്രാപി സ്വജനസങ്ഗാച്ച ഭൃശമുദ്വിജമാനോ ഭഗവതഃ ക-
ർമ്മബന്ധവിധ്വംസനശ്രവണസ്മരണഗുണവിവരണ ചരണാര-
വിന്ദയുഗളം മനസാ വിദധദാത്മനഃ പ്രതിഘാതമാശങ്കമാനോ
ഭഗവദനുഗ്രഹേണാനുസ്മൃതസ്വപൂർവ്വജന്മാവലിരാത്മാനമുന്മ-
ത്തജഡാന്ധബധിരസ്വരൂപേണ ദർശയാമാസ ലോകസ്യ. 3

തസ്യാപി ഹ വാ ആത്മജസ്യ വിപ്രഃ പുത്രസ്നേഹാനുബ-
ദ്ധമനാ ആസമാവർത്തനാത്സംസ്കാരാൻ യഥോപദേശം വിദ-
ധാന ഉപനീതസ്യ ച പുനഃ ശൗചാചമനാദീൻ കർമ്മനിയമാ-
നനഭിപ്രേതാനപി സമശിക്ഷയദനുശിഷ്ടേന ഹി ഭാവ്യം പിതുഃ
പുത്രേണേതി. 4

സ ചാപി തദു ഹ പിതൃസംനിധാവേവാസധ്രീചീനമിവ
സ്മ കരോതി. 5

ഛന്ദാംസ്യധ്യാപയിഷ്യൻ സഹ വ്യാഹൃതിഭിഃ സപ്രണ-
വശിരസ്ത്രിപദീം സാവിത്രീം ഗ്രൈഷ്മവാസന്തികാന്മാസാന-
ധീയാനമപ്യസമവേതരൂപം ഗ്രാഹയാമാസ. 6

ഏവം സ്വതനുജ ആത്മന്യനുരാഗാവേശിതചിത്തഃ ശൗചാ-
ധ്യയനവ്രതനിയമഗുർവ്വനലശുശ്രൂഷണാദ്യൗപകുർവ്വാണകക-
ർമ്മാണ്യനഭിയുക്താന്യപി സമനുശിഷ്ടേന ഭാവ്യമിത്യസദാഗ്ര-
ഹഃ പുത്രമനുശാസ്യ സ്വയം താവദനധിഗതമനോരഥഃ കാലേ-
നാപ്രമത്തേന സ്വയം ഗൃഹ ഏവ പ്രമത്ത ഉപസംഹൃതഃ. 7

അഥ യവീയസീ ദ്വിജസതീ സ്വഗർഭജാതം മിഥുനം സപ-
ത്ന്യാ ഉപന്യസ്യ സ്വയമനുസംസ്ഥയാ പതിലോകമഗാത്. 8

പിതര്യുപരതേ ഭ്രാതര ഏനമതത്പ്രഭാവവിദസ്ത്രയ്യാം വി-
ദ്യായാമേവ പര്യവസിതമതയോ ന പരവിദ്യായാം ജഡമതി-
രിതി ഭ്രാതുരനുശാസനനിർബ്ബന്ധാന്ന്യവൃത്സന്ത. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്ത്യമവസാനകാലം പ്രതീക്ഷിച്ച
സങ്ഗമത്തിൽ ഭയന്നേകാകിയായവൻ

ശുഷ്കതൃണദലാദ്യങ്ങളാം നിജതനു-
നില്പവാൻ മാത്രം ഭുജിച്ചു ചരിച്ചിതു.

ഇമ്മൃഗജന്മനിദാനമാം പ്രാരബ്ധ-
കർമ്മമൊടുങ്ങുന്നതും പ്രതീക്ഷിച്ചവൻ,

കാലമായപ്പോളരവിരതീർത്ഥത്തി-
ലാളും ജലത്തിൽ മുങ്ങി ത്യജിച്ചാൻ തനു. 32

അദ്ധ്യായം 9

ഭരതോപാഖ്യാനം—ഭരതബ്രാഹ്മണജന്മം

ശ്രീശുകൻ പറഞ്ഞു
ആംഗിരസ്സിൻവംശമുഖ്യനെന്നായ്പ്പകം-
പൊങ്ങിദ്ദമം, ശമം, വേദാദ്ധ്യയനവും

ദാനവും, തൃപ്തി, സഹനം, വിനീതിയും
ജ്ഞാനമനസൂയത, തപോവിദ്യകൾ

ആനന്ദമാദിഗുണങ്ങളിണങ്ങിയ-
ന്യൂനം പ്രശോഭിച്ചിതന്നിതൊരാരണൻ.

അഭിജനൗദാര്യരൂപശീലാചാര-
വിദ്യകളിൽത്തനിക്കൊത്താദ്യഭാര്യയിൽ

ഒൻപതു പുത്രർ ജനിച്ചു, കനിഷ്ഠയാം
തൻപതിതന്നിൽ മിഥുനവും ജാതമായ്. 1

നിർമ്മലഭാഗവതന്മാരിൽ മുഖ്യനായ്
ചെമ്മേ മൃഗശരീരം വെടിഞ്ഞന്ത്യമായ്

ബ്രാഹ്മണജന്മം വരിച്ച ഭരതനാ-
ണമ്മിഥുനത്തിലെഴും പുരുഷപ്രജ. 2

സ്വന്തം ജനതതൻ കൂട്ടുകെട്ടിൽ ഭയം-
പൊന്തിയവനാത്മനാശവിശങ്കയാൽ

നിത്യവും കർമ്മബന്ധോന്മൂലനാശസ-
മർത്ഥം ഹരികഥ കേൾക്കയുമോർക്കയും

കീർത്തിക്കയും വിഷ്ണുപാദാരവിന്ദങ്ങൾ
ഹൃത്തിൽ ധരിക്കയും ചെയ്തിട്ടിയന്നതാം

മായാമയാനുഗ്രഹത്തിനാൽത്തന്നുടെ
പോയ ജന്മങ്ങളിലെ സ്മൃതിയോടുതാൻ

പിന്നെജ്ജഡൻ, മൂക,നന്ധൻ, ബധിരനു-
മെന്നരൂപത്തിൽ ചരിച്ചാൻ ധരിത്രിയിൽ. 3

താതദ്വിജൻ സുതസ്നേഹസംബദ്ധനായ്
വേദോക്തിയൊത്തു സ്വഭാവത്തനംവരെ

പുത്രനു വേണ്ടുന്ന സംസ്കാരകർമ്മങ്ങളാം
പൂർത്തിയാക്കിച്ചു വിവാഹമൊന്നെന്നിയേ

പിന്നുപനീതനായ് ശൗചാചമനാദി-
യുന്നതകർമ്മനിയമങ്ങളൊക്കെയും

പുത്രനഹിതമായിട്ടും പിതൃധർമ്മ-
മോർത്തു ശാസിച്ചവയഭ്യസിപ്പിച്ചിതേ. 4

എന്നാലതൊക്കെയവനപ്പിതാവിൻെറ
മുന്നിൽ നന്നല്ലെന്നമട്ടാചരിച്ചിതു. 5

വേദം തനുജനെയഭ്യസിപ്പിക്കുവാൻ
ചേതസ്സിലാശ വദ്ധിച്ചമ്മഹീസുരൻ

വേദോത്തമാങ്ഗമായ് വ്യാഹൃതിയൊത്ത-
പാദത്രയമാർന്നിടുന്ന ഗായത്രിയെ [തായ്

ഗ്രൈഷ്മവാസന്തികമാസങ്ങളാം നാലില്ല-
മക്ഷമാനിജ്ജരനഭ്യസിപ്പിക്കിലും

നേരേ സ്വരംപിഴയ്ക്കാതുച്ചരിക്കുവാൻ
തീരെക്കഴിഞ്ഞതില്ലന്നന്ദനന്നഹോ! 6

ശൗചാദ്ധ്യയനവ്രതനിയമങ്ങളു-
മാചാര്യശുശ്രൂഷയഗ്ന്യർച്ചനാദിയും

ശ്രദ്ധയോടും ബ്രഹ്മചാരികൾ ചെയ്യേണ്ട
നിത്യകർമ്മങ്ങളും പുത്രേച്ഛ നോക്കീടാതെ

അഭ്യസിപ്പിക്കുവാനെപ്പോഴുമാഗ്രഹം
നിർഭരപ്രേമത്തിനാലെ വദ്ധിക്കയാൽ

ശാസിച്ചുനോക്കി പ്രയത്നിച്ചു വേണ്ടപോൽ
ശിക്ഷിച്ചസർവ്വം വിഫലമായ്ത്തീർന്നിതു.

മാലിയന്നിങ്ങനെ ഗേഹത്തിൽ വാഴവേ
കാലവേഗത്തിലടിഞ്ഞുപോയാൻ ദ്വിജൻ. 7

പിന്നെക്കനിഷ്ഠയാമബ്രാഹ്മണസതി
തന്നാത്മജനെയും നന്ദിനിതന്നെയും

സ്വന്തം സപത്നിയെയേല്പിച്ചുടനടി
സന്തുഷ്ടയായ്ച്ചാടി നേടീ വരഗതി. 8

അച്ഛൻ മരിക്കവേയിസ്സഹജാതൻെറ-
യുച്ചമാഹാത്മ്യം മനസ്സിലാക്കീടാതെ

വേദാർത്ഥമാത്രമതികളുമാത്മസം-
ബോധവിരഹിതന്മാരുമാം സോദരർ

പിന്നെ,ജ്ജഡമതിയാണിസ്സഹജനെ-
ന്നുന്നി നിർബ്ബന്ധിച്ചതില്ല പഠിക്കുവാൻ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ച പ്രാകൃതൈർദ്വിപദപശുഭിരുന്മത്തജഡബധിരേത്യ-
ഭിഭാഷ്യമാണോ യദാ തദനുരൂപാണി പ്രഭാഷതേ കർമ്മാണി ച
സ കാര്യമാണഃ പരേച്ഛയാ കരോതി വിഷ്ടിതോ വേതനതോ
വാ യാച്ഞയാ യദൃച്ഛയാ വോപസാദിതമല്പം ബഹു മിഷ്ടം
കദന്നം വാഭ്യവഹരതി പരം നേന്ദ്രിയപ്രീതിനിമിത്തം. 10

നിത്യനിവൃത്തനിമിത്തസ്വസിദ്ധവിശുദ്ധാനുഭവാനന്ദസ്വാ-
ത്മലാഭാധിഗമഃ സുഖദുഃഖയോർദ്വന്ദ്വനിമിത്തയോരസംഭാവി-
തദേഹാഭിമാനഃ. 11

ശീതോഷ്ണവാതവർഷേഷു വൃഷ ഇവാനാവൃതാംഗഃ പീനഃ സം-
ഹനനാങ്ഗഃ സ്ഥണ്ഡിലസംവേശനാനുന്മർദ്ദനാമജ്ജനരജസാ
മഹാമണിരിവാനഭിവ്യക്തബ്രഹ്മവർച്ചസഃ കുപടാവൃതകടിരു-
പവീതേനോരുമഷിണാ ദ്വിജാതിരിതി ബ്രഹ്മബന്ധുരിതി
സംജ്ഞയാതജ്ജ്ഞജനാവമതോ വിചചാര. 12

യദാ തു പരത ആഹാരം കർമ്മവേതനത ഈഹമാനഃ സ്വ-
ഭ്രാതൃഭിരപി കേദാരകർമ്മണി നിരൂപിതസ്തദപി കരോതി കി-
ന്തു ന സമം വിഷമം ന്യൂനമധികമിതി വേദ കണപിണ്യാക-
ഫലീകരണകല്മാഷസ്ഥാലീപുരീഷാദീന്യപ്യമൃതവദഭ്യവഹ-
രതി. 13

അഥ കദാചിത് കശ്ചിത് വൃഷലപതിർഭദ്രകാള്യൈ പുരു-
ഷപശുമാലഭതാപത്യകാമഃ. 14

തസ്യ ഹ ദൈവമുക്തസ്യ പശോഃ പദവീം തദനുചരാഃ പരി-
ധാവന്തോ നിശി നിശീഥസമയേ തമസാഽഽവൃതായാമനധിഗ-
തപശവ ആകസ്മികേന വിധിനാ കേദാരാൻ വീരാസനേന
മൃഗവരാഹാദിഭ്യഃ സംരക്ഷമാണമങ്ഗിരഃപ്രവരസുതമപ
ശ്യൻ. 15

അഥ ത ഏനമനവദ്യലക്ഷണമവമൃശ്യ ഭർത്തൃകർമ്മനിഷ്പത്തിം
മന്യമാനാ ബദ്ധ്വാ രശനയാ ചണ്ഡികാഗൃഹമുപനിന്യുർമ്മുദാ
വികസിതവദനാഃ. 16

അഥ പണയസ്തം സ്വവിധിനാഭിഷിച്യാഹതേന വാസ-
സാഽഽച്ഛാദ്യ ഭൂഷണാലേപസ്രക്തിലകാദിഭിരുപസ്കൃതം ഭുക്ത-
വന്തം ധൂപദീപമാല്യലാജകിസലയാങ്കുരഫലോപഹാരോ-
പേതയാ വൈശസസംസ്ഥയാ മഹതാ ഗീതസ്തുതിമൃദംഗ-
പണവഘോഷേണ ച പുരുഷപശും ഭദ്രകാള്യാഃ പുരത ഉപവേ-
ശയാമാസുഃ. 17

അഥ വൃഷലരാജപണിഃ പുരുഷപശോരസൃഗാസവേന
ദേവീം ഭദ്രകാളീം യക്ഷ്യമാണസ്തദഭിമന്ത്രിതമസിമതികരാള-
നിശിതമുപാദദേ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂഢരായീടുമിതുകാലിമാടുകൾ
കൂടിബ്ബധിരനും ഭ്രാന്തനും താനിവൻ

എന്നു കഥിക്കെ,യവനുമമ്മാതിരി
ചൊന്നിടും, ചൊല്ലുന്ന ജോലികൾ ചെയ്തിടും.

ജോലിയെടുപ്പിച്ചിടുന്നവരേകുന്ന
കൂലി വാങ്ങും, കിട്ടിടായ്കിലും മിണ്ടിടാ.

കിട്ടുന്നതു കൊട്ടത്തപ്പികഴിച്ചിടും,
കിട്ടിടാത്തപ്പോൾ കിടന്നിടും പട്ടിണി.

മുട്ടാളർ കേറിബ്ബലാൽക്കാരമായ്ക്കൊണ്ടു-
വിട്ടും ചിലപ്പോൾ പണിയെടുപ്പിച്ചിടും.

അല്പമെന്നാലുമനല്പമെന്നാകിലു-
മൊപ്പ,മതൃപ്തിയും തുഷ്ടിയുമില്ലതിൽ.

ശുദ്ധമായോന്നി,തശുദ്ധമതെന്നുള്ള
ബുദ്ധിയി,ല്ലെന്തും ലഭിപ്പതു തിന്നിടും.

കൂലിപറഞ്ഞും പണിചെയ്തിടും ചില-
വേള,യില്ലെങ്കിലിരന്നു കഴിച്ചിടും.

കേവലമിന്ദ്രിയപ്രീതി ഗണിക്കാതെ-
യേവം ശരീരം നിലനിർത്തിനാനവൻ.

നിത്യമായ് ഹേതുവററുള്ളതായി സ്വയം-
സിദ്ധമാകും വിശുദ്ധാനന്ദമൊന്നുതാൻ

ആത്മസ്വരൂപമെന്നോരനുഭൂതിയാ-
ലാത്മാഭിമാനവിഹീനനായ് മിന്നി-
നാൻ. 10–11

ചൂടു, തണുപ്പു, മഴ, കാററിതുകളെ-
പ്പാടേ വിഗണിച്ചു കാളയ്ക്കുതുല്യമായ്

ചൂടുവാനൊന്നുമില്ലാതെ, തടിച്ചുക്ക-
ഞ്ഞൂടീടുമംഗങ്ങളാർന്നീടുമപ്പുമാൻ

സ്നാനമൊഴിഞ്ഞും നിലത്തു ശയിച്ചുമ-
മ്മേനി മലിനമായ്, ബ്രഹ്മമഹസ്സിനെ

ഉള്ളിലൊതുക്കി മഹാമണിയെന്നപോ-
ലുല്ലസിച്ചാ,നങ്ങവനെജ്ജനാവലി

കീറിപ്പറിഞ്ഞ പഴന്തുണി ചുററിയു-
മേറെ മുഷിഞ്ഞോരു പൂണുനൂൽപേറിയും

കണ്ടി,ട്ടിവനൊരു ഭൂസുരവംശത്തി-
ലുണ്ടായ വൃത്തിവിഹീനനെന്നോതിനാർ. 12

അന്യർക്കു ജോലിചെയ്താണവൻ ജീവിപ്പ-
തെന്നതറിഞ്ഞിട്ടുവന്റെ സഹോദരർ

തൽകൃഷിഭൂമി കാത്തീടുവാൻ കൊണ്ടുപോ-
യാക്കും ചിലപ്പോള,തു നോക്കുമങ്ങവൻ.

ന്യൂനാധികസമഭേദമെന്നാൽ ധരാ-
വാനവനാമവനേതുമറിഞ്ഞിടാ.

വല്ല പിണ്ണാക്കോ വെറുമുമിയോ പഴ-
ത്തുള്ള ധാന്യങ്ങളോ തീരെക്കരിഞ്ഞതാം

അന്നമോ, കിട്ടുന്ന സാധനമൊക്കെയും
തിന്നിടും പീയൂഷസന്നിഭമായവൻ. 13

അങ്ങനെയാവസിക്കുമ്പോളൊരുനാളി-
ലങ്ങൊരു ശൂദ്രപ്രമാണി, പുത്രാർത്ഥമായ്

ഭദ്രകാളിക്കു കുരുതിയേകാനൊരു
മർത്ത്യനെയെങ്ങുമാരാഞ്ഞിറങ്ങീടിനാൻ. 14

ഏകനെച്ചെന്നു പിടിച്ചുകെട്ടിക്കൊണ്ടു-
പോകവേ മോചിച്ചു ദൈവേച്ഛയാലവൻ.

ശൂദ്രഭൃത്യന്മാരവനെത്തിരഞ്ഞദ്ധ-
രാത്രിയിരുട്ടിൽച്ചുഴിഞ്ഞുനോക്കീടിലും

കാണാൻകഴിയാതെ തപ്പിത്തടഞ്ഞവർ
ക്ഷോണിയിലെങ്ങുമേ സഞ്ചരിച്ചീടവേ

നേരെമൃഗങ്ങളിൽനിന്നും കൃഷിസ്ഥലം
വീരാസനത്തിലിരുന്നു രക്ഷിച്ചിടും

ആങ്ഗിരഃശ്രേഷ്ഠദ്വിജനന്ദനൻതന്റെ-
യങ്ഗങ്ങളിൽച്ചെന്നു മുട്ടീ യദൃച്ഛയായ്. 15

അക്ഷണം നോക്കിയവനിലനവദ്യ-
ലക്ഷണം പാ,ർത്തിവൻ സ്വാമികാര്യത്തിനു

പററിയോൻതന്നെ,യെന്നോർത്തു കയറിട്ടു
കെട്ടിയെത്തിച്ചാർ മുദാ ചണ്ഡികാലയം. 16

ശൂദ്രപുരോഹിതരപ്പൊഴേതാൻ വിധി-
ക്കൊത്തവനെക്കൊണ്ടുപോയിക്കുളിപ്പിച്ചു

കോടിയുടുപ്പിച്ചലങ്കാരങ്ങളാൽ
മോടിയാക്കിച്ചന്ദനച്ചാറണിയിച്ചു

പൊട്ടിട്ടു മാലയും ചാർത്തി മിഷ്ടാന്നമാ-
യൂട്ടി മലർധൂപദീപമാല്യങ്ങളും

പല്ലവം ദൂർവ്വതൊട്ടുള്ള നൈവേദ്യവു-
മെല്ലാമൊരുക്കിയർച്ചിച്ചു, ഗാനങ്ങളും

സ്തോത്രങ്ങളുമമൃദംഗ പടഹാദി-
വാദ്യഘോഷങ്ങളുമൊത്തുചേർന്നങ്ങനെ

അപ്പുംപശുവിനെക്കൊണ്ടുപോയ്ക്കാളിതൻ-
മുല്പാടഭിമുഖമായിരുത്തീടിനാർ. 17

പിന്നെപ്പുരോഹിതനന്നരഗോവിന്റെ
ചെന്നിണത്താൽ ദേവിയെ പ്രീതയാക്കുവാൻ

കാളിമന്ത്രം ജപിച്ചേററം കരാളമാം
വാളെടുത്തുപിടിച്ചുനിന്നീടിനാൻ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി തേഷാം വൃഷലാനാം രജസ്തമഃപ്രകൃതീനാം ധനമദരജ
ഉത്സിക്തമനസാം ഭഗവത്കലാവീരകുലം കദർത്ഥീകൃത്യോത്-
പഥേന സ്വൈരം വിഹരതാം ഹിംസാവിഹാരാണാം കർമ്മാ-
തിദാരുണം യദ്ബ്രഹ്മഭൂതസ്യ സാക്ഷാദ്ബ്രഹ്മർഷിസുതസ്യ
നിർവ്വൈരസ്യ സർവ്വഭൂതസുഹൃദഃ സൂനായാമപ്യനനുമതമാലം-
ഭനം തദുപലഭ്യ ബ്രഹ്മതേജസാതിദുർവ്വിഷഹേണ ദന്ദഹ്യമാ-
നേന വപുഷാ സഹസോച്ചചാട സൈവ ദേവീ ഭദ്രകാളീ. 19

ഭൃശമമർഷരോഷാവേശരഭസവിലസിതഭ്രുകുടിവിടപകുടില-
ദംഷ്ട്രാരുണേക്ഷണാടോപാതിഭയാനകവദനാ ഹന്തുകാമേവേദം
മഹാട്ടഹാസമതിസംരംഭേണ വിമുഞ്ചന്തീ തത ഉത്പത്യ പാ-
പീയസാം ദുഷ്ടാനാം തേനൈവാസിനാ വിവൃക്ണശീർഷ്ണാം
ഗളാത്സ്രവന്തമസൃഗാസവമത്യുഷ്ണം സഹ ഗണേന നിപീയാ-
തിപാനമദവിഹ്വലോച്ചൈസ്തരാം സ്വപാർഷദൈഃ സഹ ജഗൗ
നനർത്ത ച വിജഹാര ച ശിരഃകന്ദുകലീലയാ. 20

ഏവമേവ ഖലു മഹദഭിചാരാതിക്രമഃ കാർത്സ്ന്യേനാത്മ-
നേ ഫലതി. 21

ന വാ ഏതദ്വിഷ്ണുദത്ത മഹദദ്ഭുതം യദസംഭ്രമഃ സ്വശിര-
ശ്ഛേദന ആപതിതേഽപി വിമുക്തദേഹാദ്യാത്മഭാവസുദൃഢ-
ഹൃദയഗ്രന്ഥീനാം സർവ്വസത്ത്വസുഹൃദാത്മനാം നിർവ്വൈരാണാം
സാക്ഷാദ്ഭഗവതാനിമിഷാരിവരായുധേനാപ്രമത്തേന തൈ-
സ്തൈർഭാവൈഃ പരിരക്ഷ്യമാണാനാം തത്പാദമൂലമകുത-
ശ്ചിദ്ഭയമുപസൃതാനാം ഭാഗവതപരമഹംസാനാം. 22

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ജഡഭരതചരിതേ നവമോഽധ്യായഃ

ദശമോഽധ്യായഃ

ശ്രീശുക ഉവാച

അഥ സിന്ധുസൗവീരപതേ രഹൂഗണസ്യ വ്രജത ഇക്ഷുമത്യാ-
സ്തടേ തത്കുലപതിനാ ശിബികാവാഹപുരുഷാന്വേഷണ-
സമയേ ദൈവേനോപസാദിതഃ സ ദ്വിജവര ഉപലബ്ധ ഏഷ
പീവാ യുവാ സംഹനനാംഗോ ഗോഖരവദ്ധുരം വോഢുമ-
ലമിതി പൂർവ്വവിഷ്ടിഗൃഹീതൈഃ സഹ ഗൃഹീതഃ പ്രസഭമതദർഹ
ഉവാഹ ശിബികാം സ മഹാനുഭാവഃ. 1

യദാ ഹി ദ്വിജവരസ്യേഷുമാത്രാവലോകാനുഗതേർന്ന സമാ-
ഹിതാ പുരുഷഗതിസ്തദാ വിഷമഗതാം സ്വശിബികാം രഹൂ-
ഗണ ഉപധാര്യ പുരുഷാനധിവഹത ആഹ, ''ഹേ വോഢാരഃ
സാധ്വതിക്രമത കിമിതി വിഷമമുഹ്യതേ യാന''മിതി. 2

അഥ ത ഈശ്വരവചഃ സോപാലംഭമുപാകർണ്യോപായ-
തുരീയാച്ഛങ്കിതമനസസ്തം വിജ്ഞാപയാംബഭൂവുഃ. 3

''ന വയം നരദേവ, പ്രമത്താ ഭവന്നിയമാനുപഥാഃ സാ-
ധ്വേവ വഹാമഃ അയമധുനൈവ നിയുക്തോഽപി ന ദ്രുതം വ്രജ-
തി നാനേന സഹ വോഢുമു ഹ വയം പാരയാമ'' ഇതി. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താമസരാജസശീലരായിദ്ധന-
സ്തോമത്തിനാൽ മദമത്തരായേററവും
ശ്രീമദ്ഭഗവത്കലയോടുകൂടുമാ
ബ്രാഹ്മണവംശത്തെ നിസ്സാരമായ്ത്തള്ളി
സ്വൈരമായ് ദുർമ്മാർഗ്ഗസഞ്ചരണംചെയ്തു
ഘോരമാം ഹിംസയിൽത്താൻ വിഹരിച്ചിടും
ക്രൂരമനസ്സരാമഖ്ഖലന്മാരുടെ
ദാരുണമായിട്ടമേതൊരുകർമ്മമോ
ആപൽക്കാലത്തുമനുവദിച്ചീടാത്ത
പാപഭൂവായുള്ളതേതുദുഷ്കൃത്യമോ
ബ്രഹ്മർഷിയാമംഗിരസ്സിൻെറ വംശ്യനായ്
ബ്രഹ്മമായിസ്സ്വയം മിന്നുന്ന ധന്യനായ്
സർവ്വചരാചരഭൂതസുഹൃത്തായി
നിർവ്വൈരനാകും ഭരതൻെറയാ വധം
ബ്രഹ്മതേജസ്സാൽ സ്വദേഹം ദഹിച്ചിട്ടു-
മമ്മഹാകാളിയങ്ങൊട്ടും സഹിക്കാതെ
സ്പഷ്ടമായ്ത്തന്നുടെ ബിംബത്തിൽനിന്നുതാൻ
പെട്ടെന്നു ചാടി വെളിക്കു വന്നീടിനാൾ. 19
ഒട്ടുമേ സഹ്യമല്ലാത്തതാം തത്ക്രുധ
സ്പഷ്ടമാക്കും ഭ്രുകുടീവിടപത്തൊടും
വക്രമാമത്യുഗ്രദംഷ്ട്രാദ്വയത്തൊടും
രക്തനിറംപെടും നേത്രയുഗത്തൊടും
അത്യന്തഭീകരമാം വദനത്തൊടും
പെട്ടെന്നു ലോകം ദഹിപ്പിച്ചിടുംവിധം
അട്ടഹാസങ്ങളുമിട്ടുപ്പുരോഹിത-
ദുഷ്ടൻെറനേർക്കു കുതിച്ചുചാടീടിനാൾ.
വാളു തട്ടിപ്പറിച്ചാ ദുർജ്ജനഗള-
പാളിയറുത്തതിൽനിന്നൊഴുകീടിന
രക്തമദ്യത്തെ നിജ ഗണദേവതാ-
യുക്തയായ് വീണ്ടും കുടിച്ചു മദിച്ചുടൻ
എല്ലാവരുമൊത്തു പാട്ടുപാടിക്കളി-
ച്ചുല്ലാസമോടത്തലകൾ പന്താടിനാൾ. 20
ഇക്കണക്കേ മഹാന്മാരിലേല്പിച്ചിടും
ദുഷ്കൃത്യമെല്ലാം തിരിഞ്ഞു ഫലിച്ചിടും. 21
ചക്രധരനായ് പ്രമാദവിഹീനനാ-
മക്കൃഷ്ണദേവൻെറ ഭിന്നരൂപങ്ങളാൽ
പാലിതരായ് ശരീരാഭിമാനം തെല്ലു-
മേലാത്തവരായി വൈരവിഹീനരായ്
മാനസഗ്രന്ഥിയറുത്തുള്ളൊരാത്മസു-
ധ്യാനസ്ഥിതരാം ഭഗവൽപദാശ്രിതർ
സ്വന്തം ശിരസ്സറുത്തീടാൻ തുടങ്ങുമ-
സ്സന്ധിയിലും ഭ്രമിക്കാറില്ല ലേശവും. 22

അദ്ധ്യായം 10

ഭരതോപാഖ്യാനം—ജഡഭരതരഹൂഗണസംവാദം

ശ്രീശുകൻ പറഞ്ഞു

പിന്നൊരുനാൾ സിന്ധുസൗവീരദേശങ്ങൾ-
തന്നധിനാഥൻ രഹൂഗണമന്നവൻ
തത്ത്വഗ്രഹണത്തിനായ് കപിലാശ്രമ-
മെത്തുവാനിന്ദുമതീതീരമാർഗ്ഗമായ്
പല്ലക്കിലേറിഗ്ഗമിക്കവേ, ഭൂപൻെറ
ചൊല്ലിനാൽ കൂട്ടൽ വാഹകരെ ദ്രുതം
ആരായുമസ്സംഘനാഥന വീക്ഷ്യനായ്
പ്രാരബ്ധകർമ്മവശാലിദ്വിജോത്തമൻ.
''പൊണ്ണനിവൻ യുവാവാണു വേണ്ടുംവിധ-
മാന്നിട്ടുണ്ടു ബലം ശരീരത്തിനും
കാളകഴുതകൾപോലേതു ഭാരവു-
മാളുവാൻപോരുമൊരാളിവ''നെന്നോർത്തു
മുന്നം ബലാൽ പിടിച്ചീടിനക്കൂട്ടരോ-
ടൊന്നിച്ചു ബന്ധിച്ചു കൊണ്ടുപോയീടിനാൻ.
തണ്ടേറ്റുക്കേണ്ടവനല്ലെങ്കിലുമാന്നു-
കൊണ്ടാനനർഭാവയുക്തനാമമ്മഹാൻ. 1
കാലിന്നടിയിലകപ്പെട്ടു ജീവികൾ
കാലന്നൂർ പൂകരുതെന്നുള്ള ചിന്തയാൽ
മന്ദം നടക്കവേ മററുള്ളവരുമായ്
ഭിന്നമായീ ഗതി,യപ്പോൾ രഹൂഗണൻ
കല്പിച്ചു വേഗം വിഭിന്നഗതി വെടി-
ഞ്ഞൊപ്പം നടക്കുവാൻ വാഹകന്മാരൊടായ്. 2
മന്നവൻ തന്നുപാലംഭന- കേട്ടവർ
ദണ്ഡനമേല്ക്കേണ്ടതായ്‌വരുമെന്നുതാൻ
നന്നായ് ഭയപ്പെട്ടതിൽനിന്നൊഴിഞ്ഞിടാൻ
ചൊന്നാർ ധരണീമണാളനോടീവിധം: 3
''ഞങ്ങളിതിൽ ശരിയായ് മനംവയ്ക്കുന്നു,
ഭംഗമുണ്ടാക്കുന്നതിശ്ശനാണു കേൾ.
ഏപ്പെട്ടതിപ്പൊഴെന്നാകിലും ഞങ്ങളോ-
ടൊപ്പം നടക്കുന്നതില്ലിവനേതുമേ
ഇപ്പമാനോടുചേർന്നിപ്പണിചെയ്യുവാൻ
കെല്പിവക്കില്ലങ്ങു കല്പിപ്പതാകിലും.'' 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാംസർഗ്ഗികോ ദോഷ ഏവ നൂനമേകസ്യാപി സർവ്വേഷാം സാംസർഗ്ഗികാണാം ഭവിതുമർഹതീതി നിശ്ചിത്യ നിശമ്യ കൃപണവചോ രാജാ രഹൂഗണ ഉപാസിതവൃദ്ധോഽപി നിസർഗ്ഗേണ ബലാത്കൃത ഈഷദുത്ഥിതമന്യുരവിസ്പഷ്ടബ്രഹ്മതേജസം ജാതവേദസമിവ രജസാഽഽവൃതമതിരാഹ. 5

''അഹോ! കഷ്ടം! ഭ്രാതർവ്യക്തമുരു പരിശ്രാന്തോ ദീർഘമധ്വാനമേക ഏവ ഊഹിവാൻ സുചിരം നാതിപീവാ ന സംഹനനാങ്ഗോ ജരസാ ചോപദ്രുതോ ഭവാൻ സഖേ നോ ഏവാപര ഏതേ സംഘട്ടിന'' ഇതി ബഹു വിപ്രലബ്ധോഽപ്യവിദ്യയാ രചിതദ്രവ്യഗുണകർമ്മാശയസ്വചരമകളേബരേഽവസ്തുനി സംസ്ഥാനവിശേഷേഽഹം മമേത്യനധ്യാരോപിതമിഥ്യാപ്രത്യയോ ബ്രഹ്മഭൂതസ്തൂഷ്ണീം ശിബികാം പൂർവ്വവദുവാഹ. 6

അഥ പുനഃ സ്വശിബികായാം വിഷമഗതായാം പ്രകുപിത ഉവാച രഹൂഗണഃ. 7

''കിമിദമരേ, ത്വം ജീവന്മൃതോ മാം കദർത്ഥീകൃത്യ ഭർത്തൃശാസനമതിചരസി പ്രമത്തസ്യ ച തേ കരോമി ചികിത്സാം ദണ്ഡപാണിരിവ ജനതായാ യഥാ പ്രകൃതിം സ്വാം ഭജിഷ്യസ'' ഇതി. 8

ഏവം ബഹ്വബദ്ധമപി ഭാഷമാണം നരദേവാഭിമാനം രജസാ തമസാനുവിദ്ധേന മദേന തിരസ്കൃതാശേഷഭഗവത്പ്രിയനികേതം പണ്ഡിതമാനിനം സ ഭഗവാൻ ബ്രാഹ്മണോ ബ്രഹ്മഭൂതഃ സർവ്വഭൂതസുഹൃദാത്മാ യോഗേശ്വരചര്യായാം നാതിവ്യുത്പന്നമതിം സ്മയമാന ഇവ വിഗതസ്മയ ഇദമാഹ. 9

ബ്രാഹ്മണ ഉവാച

ത്വയോദിതം വ്യക്തമവിപ്രലബ്ധം
ഭർത്തുഃ സ മേ സ്യാദ്യദി, വീര, ഭാരഃ
ഗന്തുര്യദി സ്യാദധിഗമ്യമധ്വാ
പീവേതി രാശൗ ന വിദാം പ്രവാദഃ. 10

സ്ഥൗല്യം കാർശ്യം വ്യാധയ ആധയശ്ച
ക്ഷുത്തൃഡ്ഭയം കലിരിച്ഛാ ജരാ ച
നിദ്രാ രതിർമ്മന്യുരഹംമദഃ ശുചോ
ദേഹേന ജാതസ്യ ഹി മേ ന സന്തി. 11

ജീവന്മൃതത്വം നിയമേന രാജൻ!
ആദ്യന്തവദ്യദ്വികൃതസ്യ ദൃഷ്ടം
സ്വസ്വാമ്യഭാവോ ധ്രുവ ഈഡ്യ യത്ര
തർഹ്യുച്യതേഽസൗ വിധികൃത്യയോഗഃ. 12

വിശേഷബുദ്ധേർവിവരം മനാക് ച
പശ്യാമ യന്ന വ്യവഹാരതോഽന്യത്
ക ഈശ്വരസ്തത്ര കിമീശിതവ്യം
തഥാപി രാജൻ കരവാമ കിം തേ. 13

ഉന്മത്തമത്തജഡവത്സ്വസംസ്ഥാം
ഗതസ്യ മേ വീര ചികിത്സിതേന
അർത്ഥഃ കിയാൻ ഭവതാ ശിക്ഷിതേന
സ്തബ്ധപ്രമത്തസ്യ ച പിഷ്ടപേഷഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖിതന്മാരായവർ ചൊന്ന വാക്കുകൾ
കേൾക്കുമെബ്ഭൂതലപാല,നേതെങ്കിലും
ദോഷമേകൻ ചെയ്വതസ്സമാജത്തിലെ
ശേഷമുള്ളോരിലും ബാധിക്കുമെന്നതു
പാർത്തുടൻ വൃദ്ധസംസേവകനാകിലും
ചിത്തം രജോഗുണാന്തർഹിതമാകയാൽ
മന്നനീഷൽ ക്രുദ്ധനായഗ്നിയെന്നപോൽ
ഛന്നമാം ബ്രഹ്മഭാസ്സാളുമാ വിപ്രനെ. 5
''കഷ്ടം! സഹജാ! ഭവാൻ ക്ഷീണനേററവു-
മൊററയ്ക്കു ദൂരം വഹിച്ചിതു വാഹനം!
പാരം കൃശനാ,ണവയവം ദുർബ്ബല-
മേറെക്കിഴവൻ, ജരാബാധിതൻ പരം!
കൂട്ടരിവരാവിധമ''ല്ലിതുമട്ടി-
ലൊട്ടു ഹസിച്ചിതേ വ്യംഗ്യാത്മഭംഗിയിൽ.
മിണ്ടാതിതു കേട്ടുകൊണ്ടമ്മഹീസുരൻ
തണ്ടും വഹിച്ചു നടന്നിതു പിന്നെയും.
എത്ര പുച്ഛിക്കിലുമെന്താണവിദ്യതാൻ
ചേർത്ത ഗുണകർമ്മയുക്തമാമത്തനു
അന്ത്യമായുള്ളതാണായവ,നിങ്ങതു-
മെന്തണം പ്രാരബ്ധപര്യന്ത,മത്രതാൻ.
ഹീനമായ് മിഥ്യയാമിജ്ജഡദേഹത്തിൽ
ഞാനെൻെറയെന്നുള്ളതാമഭിമാനവും
വിട്ടു പരബ്രഹ്മഭൂതനവൻ മൗന-
മട്ടാന്നു വീണ്ടുമത്തണ്ടു വഹിച്ചിതേ. 6
പിന്നെയും മുമ്പട്ടു വില്ലാട്ടു പോകവേ
മന്നൻ കുപിതനായിങ്ങനെ ചൊല്ലിനാൻ: 7
''എന്തെടാ, ധിക്കരിക്കുന്നതെന്നാജ്ഞ നീ
ഹന്ത! ജീവച്ഛവംതന്നെയോ നീ? ജഡാ!
മത്തനായീടും നിനക്കു ഞാൻ, ലോകക്കു
മിത്രാത്മജനെന്നവണ്ണം, പ്രവൃത്തിയിൽ
ശ്രദ്ധയുണ്ടാകുവാൻ തക്കവിധത്തിലൊ-
രൊത്ത ചികിത്സനടത്തുവാൻപോകയാം.'' 8
പാരമബദ്ധങ്ങളിങ്ങനെ ചൊല്ലവേ
പാരിനു താൻ പതിയെന്നഭിമാനവും
ഭൂരിരജസ്തമോശീലവുംമൂലമായ്-
ച്ചേരും മദമാന്നു ഭക്തജനങ്ങളെ
ധിക്കരിച്ചേററവും പണ്ഡിതനെന്നു സ്വ-
വ്യക്തം നടിക്കുമാ മന്നവൻതന്നൊടായ്
സർവ്വാത്മകനായ് പരചിത്സ്വരൂപനായ്
സർവ്വചരാചരഭൂതസുഹൃത്തുമാം
ഭൂസുരൻ യോഗേശ്വരചര്യയിൽച്ചേററു-
മാശയവൃത്പത്തിയില്ലാതിരുന്നിട്ടും
ഭൂവരനേ ഹസിക്കുന്നവനെന്നപോൽ
ഗർവ്വവിഹീനനായിങ്ങനെ ചൊല്ലിനാൻ. 9

ബ്രാഹ്മണൻ പറഞ്ഞു

വീരാ! ഭവദ്ഗീരു നേരുതാൻ, വഞ്ചന
തീരെയില്ലായതിലെന്നു കഥിച്ചിടാം.
ഭാരം, വഹിപ്പവനുണ്ടായിരിക്കിലും,
ധൂരതെനിക്കായിരിക്കിലും മാത്രമേ
ക്ഷീണമെനിക്കു ഭവിക്കൂ; ശരീരമീ-
ഞാന,ല്ലതിനാൽ ശരിയാണതേററവും.
സഞ്ചരിപ്പോനൊരു ലക്ഷ്യമുണ്ടാകണം
സഞ്ചാരി ഞാനമായീടണമെങ്കിലേ
സഞ്ചാരമുള്ളൂ. സർവ്വത്ര നിറഞ്ഞിട്ടും
ഞാൻ ചിദാത്മാവാകയാലതും നേരുതാൻ.
പിന്നെത്തടിയനെന്നെന്നെപ്പറഞ്ഞതിൽ
സന്ദേഹമല്ലമെനിക്കുണ്ടതോതിടാം.
പുഷ്ടിയും കാർശ്യവുമെല്ലാം വപുസ്സിനു
മാത്രമാ,ണാത്മാവിനിനില്ലെന്നിരിക്കവേ,
ബാദ്ധമാത്മാവു ശരീരമെന്നുന്നിടും
മൂഢരല്ലാതീയബദ്ധം കഥിക്കുമോ? 10
പുഷ്ടി, കാർശ്യം, മനഃക്ലേശം, ഭയ,മാശ,
തുട്ട, വിശപ്പു, രോഗം, കലഹം, രതി,
ക്രോധം, ജര, നിദ്ര, ദംഭ,മദാദിയും
ജാതരാം ദേഹികൾക്കൊക്കെയു,ണ്ടില്ല മേ. 11
ആദിയുമന്തവുമാന്നു വികൃതമാ-
മേതിനും ജന്മമൃതികൾ ഭവിക്കയാൽ,
സത്യമാം ജീവന്മൃതനെന്നു ചൊന്നതും;
ഭൃത്യയജമാനധർമ്മമോതാമിനി.
എത്രകാലം നിലനില്ക്കുമോ സ്വാമിയും
ഭൃത്യനുമെന്നുള്ള,തത്രയും കാലമേ
കല്പനയും ദാസ്യവും നിലനിന്നിട്ടു;
ചൊല്ലൊണ്ടുമങ്ങുന്നിതോർത്തുനോക്കീടുക.
ഞാൻ നൃപനാകിലിസ്സേവകാരോപണ-
മെന്നിലുമന്നുതൊട്ടില്ലാതെയായ്‌വരും.
ഇസ്ഥിതിയിൽ സ്വാമിഭൃത്യസംബന്ധവും
സുസ്ഥിരമായ്ക്കാണ്മതില്ലറിവുള്ളവർ. 12
അങ്ങുന്നു രാജാവു ഞാനൊരു ഭൃത്യനെ-
ന്നിങ്ങനെയുള്ള വിശേഷധീയെങ്ങുമേ
ഞങ്ങൾ കാണാ വ്യവഹാരത്തിലെന്നിയേ-
യിങ്ങീശനാ,രീശിതവ്യമെന്തോരുകിൽ.
ലോകരീതിക്കങ്ങു രാട്ടു, ഞാൻ ഭൃത്യനു-
മാകണമെങ്കിലാകാമെന്തുവേണ്ടതും. 13
മത്തൻ ജഡൻ ചിലപോതിലുന്മത്തനെ-
ന്നിത്ഥം സ്വരൂപസ്ഥിതനാമെനിക്കിഹ
അല്ലയോ വീരാ! ഭവാൻെറ ചികിത്സയാൽ
തെല്ലും പ്രയോജനമുണ്ടായ്‌വരാ ദൃഢം.
സ്വബ്ധപ്രമത്തരിലങ്ങരുളും ശിക്ഷ-
പിഷ്ടസംപേഷണമെന്നതേ വന്നിട്ടു. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

ഏതാവദനവാദപരിഭാഷയാ പ്രത്യുദീര്യ മുനിവര ഉപശമശീല ഉപരതാനാത്മ്യനിമിത്ത ഉപഭോഗേന കർമ്മാരബ്ധം വ്യപനയൻ രാജയാനമപി തഥോവാഹ. 15

സ ചാപി പാണ്ഡവേയ സിന്ധുസൗവീരപതിസ്തത്ത്വജിജ്ഞാസായാം സമ്യക് ശ്രദ്ധയാധികൃതാധികാരസ്തദ്ധൃദയഗ്രന്ഥിമോചനം ദ്വിജവച ആശ്രുത്യ ബഹുയോഗഗ്രന്ഥസമ്മതം ത്വരയാവരുഹ്യ ശിരസാ പാദമൂലമുപസൃതഃ ക്ഷമാപയൻ വിഗതനൃപദേവസ്മയ ഉവാച. 16

''കസ്ത്വം നിഗൂഢശ്ചരസി ദ്വിജാനാം
ബിഭർഷി സൂത്രം കതമോഽവധൂതഃ
കസ്യാസി? കുത്രത്യ ഇഹാപി? കസ്മാത്?
ക്ഷേമായ നശ്ചേദസി നോത ശുക്ലഃ. 17

നാഹം വിശങ്കേ സുരരാജവജ്രാ-
ന്ന ത്ര്യക്ഷശൂലാന്ന യമസ്യ ദണ്ഡാത്
നാഗ്ന്യർക്കസോമാനിലവിത്തപാസ്ത്രാ-
ച്ഛങ്കേ ഭൃശം ബ്രഹ്മകുലാവമാനാത്. 18

തദ്ബ്രൂഹ്യസങ്ഗോ ജഡവന്നിഗൂഢ-
വിജ്ഞാനവീര്യോ വിചരസ്യപാരഃ
വചാംസി യോഗഗ്രഥിതാനി സാധോ
ന നഃ ക്ഷമന്തേ മനസാപി ഭേത്തും. 19

അഹം ച യോഗേശ്വരമാത്മതത്ത്വ-
വിദാം മുനീനാം പരമം ഗുരും വൈ
പ്രഷ്ടും പ്രവൃത്തഃ കിമിഹാരണം തത്
സാക്ഷാദ്ധരിം ജ്ഞാനകലാവതീർണ്ണം. 20

സ വൈ ഭവാംല്ലോകനിരീക്ഷണാർത്ഥ-
മവ്യക്തലിങ്ഗോ വിചരത്യപിസ്വിത്
യോഗേശ്വരാണാം ഗതിമന്ധബുദ്ധിഃ
കഥം വിചക്ഷീത ഗൃഹാനുബന്ധഃ. 21

ദൃഷ്ടഃ ശ്രമഃ കർമ്മത ആത്മനോ വൈ
ഭർത്തുർഗ്ഗന്തുർഭവതശ്ചാനുമന്യേ
യഥാസതോദാനയനാദ്യഭാവാത്
സമൂല ഇഷ്ടോ വ്യവഹാരമാർഗ്ഗഃ 22

സ്ഥാല്യഗ്നിതാപാത് പയസോഽഭിതാപ-
സ്തത്താപതസ്തണ്ഡുലഗർഭരന്ധിഃ
ദേഹേന്ദ്രിയാസ്വാശയസന്നികർഷാത്
തത്സംസൃതിഃ പുരുഷസ്യാനുരോധാത്. 23

ശാസ്താഭിഗോപ്താ നൃപതിഃ പ്രജാനാം
യഃ കിങ്കരോ വൈ ന പിനഷ്ടി പിഷ്ടം
സ്വധർമ്മമാരാധനമച്യുതസ്യ
യദീഹമാനോ വിജഹാത്യഘൗഘം. 24

തന്മേ ഭവാന്നരദേവാഭിമാന-
മദേന തുച്ഛീകൃതസത്തമസ്യ
കൃഷീഷ്ട മൈത്രീദൃശമാർത്തബന്ധോ!
യഥാ തരേ സദവധ്യാനമംഹഃ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ദേഹാഭിമാനനിദാനമാമജ്ഞത
സംഹരിച്ചോരതിശാന്തൻ മുനീശ്വരൻ

പ്രാരബ്ധകർമ്മഫലങ്ങളശേഷവും
നേരേ ഭുജിച്ചുതീർക്കുന്നവനായുടൻ

മന്നന്റെ ചൊല്ലിൻ പരിഭാഷമട്ടിലീ-
വണ്ണമരുളിയതത്തണ്ടു വഹിച്ചിതേ. 15

തത്ത്വജിജ്ഞാസുവായിന്ദ്രിയസംയമ-
ശ്രദ്ധയാൽ തത്ത്വഗ്രഹണാധികാരിയായ്

ഭൂവരനെന്നുള്ള ഗർവ്വം ത്യജിച്ചൊര-
സ്സൗവീരസിന്ധുപതിയാം രഹൂഗണൻ,

തന്നുടെ ദേഹാഭിമാനമകററുവാൻ
പോന്നതായ് സർവ്വയോഗഗ്രന്ഥസാരമാം

ഭൂസുരവാക്കിതു കേട്ടു പല്ലക്കിൽനി-
ന്നാശു താഴത്തിറങ്ങിത്തൻ ശിരസ്സിനാൽ

തത്പദമൂലത്തിൽ വീണു നമിച്ചപ്ര-
ഗല്ഭം ക്ഷമാപണപൂർവ്വമോതീടിനാൻ: 16

''പൂണൂനൂൽ കാണുന്നു, ഗൂഢം ചരിച്ചിടും
ക്ഷോണീസുരവംശ്യരിൽ ഭവാനാരുവാൻ?

ആരുടെ നന്ദനൻ? ദിക്കേ,തിഹ വരാൻ
കാരണമെ,ന്തൊരവധൂതനോ ഭവാൻ?

ഞങ്ങൾക്കനുഗ്രഹമേകുവാനെത്തിയ
മങ്ഗലദേവതാവല്ലഭൻതന്നെയോ? 17

ദേവേന്ദ്രവജ്രായുധത്തെയോ, കാമാരി-
ദേവശൂലത്തെയോ കാലദണ്ഡത്തെയോ,

സൂര്യചന്ദ്രാഗ്നി കുബേരസമീരണ-
ന്മാരുടെ ഘോരമാമസ്ത്രഗണത്തെയോ

ലേശം ഭയപ്പെടാതുള്ള ഞാൻ ഭൂസുര-
വംശാവമാനത്തിലേററവും ഭീതനാം. 18

ആകയാലാരെന്നരുളീടണം ഭവാ-
നാകാംക്ഷയുണ്ടതെനിക്കറിഞ്ഞീടുവാൻ.

സങ്ഗവിഹീനനായ് വിജ്ഞാനവീര്യങ്ങ-
ളുണ്ടു മറച്ചൊരറുതിയുമെന്നിയേ

സാധോ! ഭവാൻ സഞ്ചരിപ്പൂ ജഡനെന്ന
മാതിരി,യങ്ങു കനിഞ്ഞിങ്ങു ചൊല്ലിയ

യോഗസാരങ്ങളിലുൾക്കൊണ്ടിരിക്കുമോ
വാഗർത്ഥമോരാനുമാളല്ലിവൻ വിഭോ! 19

ജ്ഞാനികൾക്കെല്ലാം പരംഗുരുവായിച്ചി-
ദാനന്ദമൂർത്തിയാം സാക്ഷാൽ മഹാവിഷ്ണു

പാരിലവതരിച്ചീടിന യോഗീന്ദ്ര-
ഹീരമായിടും കപിലർഷിതന്നോടായ്

സംസാരസിന്ധുതരണത്തിലേതാണൊ-
രാശ്രയമെന്നതു ചോദിച്ചറിഞ്ഞിടാൻ

മോദേന പോകുന്നു ഞാനി,പ്പൊഴെന്നതും
സാദരമങ്ങേയറിയിച്ചിടുന്നിതേ! 20

തൻ പ്രഭാവത്തെയകത്തടക്കിജ്ജഗൽ-
സമ്പ്രദായം കണ്ടറിയാൻ ചരിച്ചിടും

അങ്ങുകപിലമുനിതന്നെയോ എന്നു
ഞങ്ങൾക്കുദിക്കുന്നു സംശയം ഭൂസുരാ!

ആഗാരബദ്ധരാമീയന്ധബുദ്ധികൾ
യോഗേശ്വരർ'തി ബോധിപ്പതെങ്ങനെ? 21

കർമ്മങ്ങളാൽ ക്ഷീണമങ്ങേയ്ക്കുമുള്ളതായ്
ഞാൻ മുനേ! കാണ്മതസങ്ഗതമായ്‌വരാ.

ഭാരം വഹിച്ചു ചരിക്കും ഭവാനിലും
ചേരുമതെന്നനുമാനിച്ചിടുന്നു ഞാൻ.

ലോകവ്യവഹാരമാർഗ്ഗം സകാരണ-
മാകുന്നുവെന്നതു സമ്മതമാക്കുമേ.

ഏതൊന്നസത്യമാണപ്പദാർത്ഥത്തിനാൽ
യാതൊരു കർമ്മവും സാദ്ധ്യമല്ലോർക്കുകിൽ.

കുംഭാദിപാത്രങ്ങളില്ലാതിരിക്കുകി-
ലംഭസ്സെടുക്കുവാൻ സാധിപ്പതെങ്ങനെ? 22

സ്ഥൂലകാർശ്യാദിതനുവിനാ,ണാത്മാവ-
താളുന്നതില്ലെന്നു ചൊന്നതു ഖണ്ഡ്യമാം.

ഇന്ദ്രിയപ്രാണശരീരചിത്തങ്ങളോ-
ടൊന്നിച്ചു ബന്ധിച്ചിരിക്കുമാത്മാവിനും

വേണ്ടവിധത്തിൽ ശ്രമാദിവികാരങ്ങ-
ളുണ്ടു സംബന്ധപരമ്പരമൂലമായ്.

വഹ്നിതൻ ചേർച്ചയാൽ ചൂടു പാത്രത്തിനും
പിന്നെയപ്പാത്രത്തിലാന്നിടും പാലിനും

തദ്ഗതധാന്യത്തിനും പകരുന്നതു-
ണ്ടക്കണക്കാം ദേഹബന്ധമാത്മാവിനും. 23

ഈശ്വരകിങ്കരനായി പ്രജാളിതൻ
ശാസിതാവും രക്ഷിതാവുമാം ഭൂപതി

വിഷ്ണുസംപോഷണംചെയ്കയല്ലാ, ധർമ്മ-
നിഷ്ഠനായ് പോക്കുന്നു പാപമീശാർച്ചയാൽ. 24

പൃഥ്വീശ്വരാഭിമാനത്താൽ മദമാർന്നു
സത്തമനിന്ദനംചെയ്തൊരെന്നിൽ ഭവാൻ

ദീനബന്ധോ! കനിഞ്ഞീടണമിപ്പൊഴ-
ന്യൂനമിപ്പാപമസ്തംഗതമാംവിധം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന വിക്രിയാ വിശ്വസുഹൃത്സഖസ്യ
സാമ്യേന വീതാഭിമതേസ്തവാപി
മഹദ്വിമാനാത് സ്വകൃതാദ്ധി മാദൃങ്-
നങ്ക്ഷ്യത്യദൂരാദപി ശൂലപാണിഃ''. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

ബ്രാഹ്മണ ഉവാച

അകോവിദഃ കോവിദവാദവാദാൻ
വദസ്യഥോ നാതിവിദാം വരിഷ്ഠഃ
ന സൂരയോ ഹി വ്യവഹാരമേനം
തത്ത്വാവമർശേന സഹാമനന്തി. 1

തഥൈവ രാജന്നുരുഗാർഹമേധ-
വിതാനവിദ്യോരുവിജൃംഭിതേഷു
ന വേദവാദേഷു ഹി തത്ത്വവാദഃ
പ്രായേണ ശുദ്ധോ നു ചകാസ്തി സാധുഃ. 2

ന തസ്യ തത്ത്വഗ്രഹണായ സാക്ഷാത്
വരീയസീരപി വാചഃ സമാസൻ
സ്വപ്നേ നിരുക്ത്യാ ഗൃഹമേധിസൗഖ്യം
ന യസ്യ ഹേയാനുമിതം സ്വയം സ്യാത്. 3

യാവന്മനോ രജസാ പൂരുഷസ്യ
സത്ത്വേന വാ തമസാ വാനുരുദ്ധം
ചേതോഭിരാകൂതിഭിരാതനോതി
നിരങ്കുശം കുശലം ചേതരം വാ. 4

സ വാസനാത്മാ വിഷയോപരക്തോ
ഗുണപ്രവാഹോ വികൃതഃ ഷോഡശാത്മാ
ബിഭ്രത് പൃഥങ്നാമഭി രൂപഭേദ-
മന്തർബ്ബഹിഷ്ട്വം ച പുരൈസ്തനോതി. 5

ദുഃഖം സുഖം വ്യതിരിക്തം ച തീവ്രം
കാലോപപന്നം ഫലമാവ്യനക്തി
ആലിങ്ഗ്യ മായാരചിതാന്തരാത്മാ
സ്വദേഹിനം സംസൃതിചക്രകൂടഃ. 6

താവാനയം വ്യവഹാരഃ സദാവിഃ
ക്ഷേത്രജ്ഞസാക്ഷ്യോ ഭവതി സ്ഥൂലസൂക്ഷ്മഃ
തസ്മാന്മനോ ലിങ്ഗമദോ വദന്തി
ഗുണാഗുണത്വസ്യ പരാവരസ്യ. 7

ഗുണാനുരക്തം വ്യസനായ ജന്തോഃ
ക്ഷേമായ നൈർഗ്ഗുണ്യമഥോ മനഃ സ്യാത്
യഥാ പ്രദീപോ ഘൃതവർത്തിമശ്നൻ
ശിഖാഃ സധൂമാ ഭജതി ഹ്യന്യദാ സ്വം.
പദം തഥാ ഗുണകർമ്മാനുബദ്ധം
വൃത്തീർമ്മനഃ ശ്രയതേഽന്യത്ര തത്ത്വം. 8

ഏകാദശാസന്മനസോ ഹി വൃത്തയ
ആകൂതയഃ പഞ്ച ധിയോഽഭിമാനഃ
മാത്രാണി കർമ്മാണി പുരം ച താസാം
വദന്തി ഹൈകാദശ വീര ഭൂമീഃ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വസമസ്തസുഹൃത്തായഭിമാന-
ലേശവുമെന്യേ സമഭാവനായിട്ടും

അങ്ങേക്കണക്കുള്ളവരെ നിന്ദിച്ചിട്ടും
ഞങ്ങളെപ്പോലുള്ളവരവിളംബിതം

നാശം വരിച്ചിട്ടുമില്ലൊരു സംശയ-
മീശപ്രഭാവമിയലുവോരാകിലും.'' 26

അദ്ധ്യായം 11

ഭരതോപാഖ്യാനം—ഭരതന്റെ രഹൂഗണോപദേശം

ബ്രാഹ്മണൻ പറഞ്ഞു

കോവിദനല്ലെന്നിരിക്കിലും കോവിദ-
ഭാവത്തിൽ വാദങ്ങൾ കൊണ്ടുവരുന്ന നീ,

നേരേ വിമർശനംചെയ്ത മനീഷിക-
ളോരാ വ്യവഹാരകാര്യം യഥാർത്ഥമായ്.

എന്നതുമൂലമായ് ചിന്തകന്മാരായ
പണ്ഡിതന്മാരിലൊരുത്ത് കൃഷ്ടനല്ല നീ. 1

ലോകവ്യവഹാരമത്ഥയഥാർത്ഥമാ-
ണാഗമനാനാക്രിയാവ്യവഹാരവും

പത്തനസംബന്ധനാനാമഖങ്ങളെ
വിസ്തരിച്ചീടുന്ന വേദഭാഗങ്ങളിൽ

സാധുവായ് ഹിംസാരഹിതമാകും തത്ത്വ-
വാദവും മിക്കവാറും പ്രകാശിച്ചിടാ. 2

ആലയഭോഗസുഖങ്ങളെല്ലാം, സ്വപ്ന-
കാലസുഖംപോൽ, ക്ഷണത്തിൽ നശിപ്പതായ്

നല്ലപോൽച്ചിന്തിച്ചറിഞ്ഞതിനെ ദ്രുതം
തള്ളുവാനാക്ക കഴിയുന്നതില്ലയോ,

ആ നരന്നാത്മബോധത്തിനു, പൂജ്യങ്ങ-
ളാണെങ്കിലും യോജ്യമല്ല വേദോക്തികൾ. 3

ചിത്തമെന്നോളം ഗുണത്രയാധീനമായ്
വത്തിച്ചിട്ടമത്രകാലവും ഭൂപതേ!

ജ്ഞാനകർമ്മേന്ദ്രിയഘങ്ങളാൽ നല്ലതും
ഹീനവുമായുള്ള കർമ്മങ്ങൾ ചെയ്തിടും. 4

പുണ്യപാപങ്ങളിൽനിന്നെഴും വാസന-
ചേർന്ന മനസ്സു, വിവിധദേഹങ്ങളും

ദേവമർത്ത്യാദിനാനാഭിധാനങ്ങളു-
മാവഹിച്ചുച്ചനീചത്വങ്ങൾ കല്പിച്ചു

കാമാദിവൃത്തികളാലെ വികാരിയായ്
കാമം ഗുണത്രിതയത്തിന്നധീനമായ്

വീണ്ടുംവിഷയാശയാൽ പ്രവർത്തിക്കുക-
കൊണ്ടു തുടരുന്നു ദേഹപ്രവേശനം.

കർമ്മം ശരീരേന്ദ്രിയകൃതമെങ്കിലും
സന്മതേ! ചോദനചെയ്‌വതു മാനസം.

പഞ്ചഭൂതം പതിനൊന്നിന്ദ്രിയങ്ങളും
തഞ്ചുമഷ്ഷോഡശാങ്ഗത്തിലുൽകൃഷ്ടത

മാനസത്തിന്നുതാനന്തർബഹിർഭാവ-
മൂനമററായതുളവാക്കിടുന്നിതേ. 5

ഹന്ത! ഭവചക്രമൂന്നുന്ന മായാകൃ-
താന്തരാത്മാവാം മനസ്സു ശരീരിയെ

ആലിങ്ഗനംചെയ്തു കാലോപപന്നമാം
മാലും സുഖവും തെളിക്കുന്നു മോഹവും. 6

എന്നോളവും വിഷയാസക്തമോ മന-
സ്സന്നാൾവരെ സ്ഥൂലസൂക്ഷ്മങ്ങളായിടും

ഈ വ്യവഹാരമാത്മാവിനാൽ കാണപ്പെ-
ടാവതായെപ്പൊഴമാവിർഭവിപ്പതേ.

പിന്നെഗ്ഗുണാഗുണങ്ങൾക്കുമതുപോലെ-
യുന്നതനീചഭേദത്തിനും ഹേതുവും

മാനസംതാനെന്നു തത്ത്വജ്ഞരാകെയ-
ന്യൂനമുറപ്പായുരുംചെയ്തിടുന്നിതേ. 7

ജന്തുവിൻ ചിത്തം ഗുണരതമാവുകിൽ
സന്താപമേകുന്നതിന്നുമതേവിധം

നിർഗ്ഗുണമാവുകിൽ സൗഖ്യമേകാനും സു-
ശക്തമായിബ്ഭവിച്ചീടുന്നു നിർണ്ണയം.

നെയ്ത്തിരിയിൽത്തീപിടിച്ചിട്ടുമ്പോൾ ധൂമ-
മൊത്തുജ്ജ്വലിക്കുക,മല്ലാത്തവേളയിൽ

സ്വന്തരൂപത്തിലിരിക്കുയുമെന്നപോൽ,
സ്വാന്തരംഗം ഗുണബദ്ധമാം സന്ധിയിൽ

നാനാവിധവൃത്തിയാന്നു,മല്ലാത്തപ്പൊ-
ളാനന്ദരൂപമിയന്നുമിരുന്നിടും. 8

കർമ്മരൂപത്തിലഞ്ചും ജ്ഞാനരൂപത്തി-
ലമ്മട്ടൊരഞ്ചുമഭിമാനരൂപമായ്

ഒന്നുമെന്നേവം മനസ്സിനോത്താൽ പതി-
നൊന്നു വിധമാണു വൃത്തികൾ, ഭൂപതേ!

ശബ്ദാദിയഞ്ചു, ഗമനാദിയഞ്ചു, മെ-
യ്യിത്ഥം പതിനൊന്നു തദ്വിഷയങ്ങൾതാൻ.

ചിത്തസഞ്ചാരസ്ഥലങ്ങളിതാകയാൽ
വൃത്തികളെബ്ഭൂമികളെന്നു ചൊൽവുതേ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗന്ധാകൃതിസ്പർശരസശ്രവാംസി
വിസർഗ്ഗരത്യർത്ത്യഭിജല്പശില്പാഃ
ഏകാദശം സ്വീകരണം മമേതി
ശയ്യാമഹം ദ്വാദശമേക ആഹുഃ. 10
ദ്രവ്യസ്വഭാവാശയകർമ്മകാലൈ-
രേകാദശാമീ മനസോ വികാരാഃ
സഹസ്രശഃ ശതശഃ കോടിശശ്ച
ക്ഷേത്രജ്ഞതോ ന മിഥോ ന സ്വതഃ സ്യുഃ. 11
ക്ഷേത്രജ്ഞ ഏതാ മനസോ വിഭൂതി-
ർജ്ജീവസ്യ മായാരചിതസ്യ നിത്യാഃ
ആവിർഹിതാഃ ക്വാപി തിരോഹിതാശ്ച
ശുദ്ധോ വിചഷ്ടേ ഹ്യവിശുദ്ധകർത്തുഃ. 12
ക്ഷേത്രജ്ഞ ആത്മാ പുരുഷഃ പുരാണഃ
സാക്ഷാത്സ്വയം ജ്യോതിരജഃ പരേശഃ
നാരായണോ ഭഗവാൻ വാസുദേവഃ
സ്വമായയാഽഽത്മന്യവധീയമാനഃ. 13
യഥാനിലഃ സ്ഥാവരജങ്ഗമാനാ-
മാത്മസ്വരൂപേണ നിവിഷ്ട ഈശേത്
ഏവം പരോ ഭഗവാൻ വാസുദേവഃ
ക്ഷേത്രജ്ഞ ആത്മേദമനുപ്രവിഷ്ടഃ. 14
ന യാവദേതാം തനുഭൃന്നരേന്ദ്ര,
വിധൂയ മായാം വയുനോദയേന
വിമുക്തസങ്ഗോ ജിതഷട്സപത്നോ
വേദാത്മതത്ത്വം ഭ്രമതീഹ താവത്. 15
ന യാവദേതന്മന ആത്മലിങ്ഗം
സംസാരതാപാവപനം ജനസ്യ
യച്ഛോകമോഹാമയരാഗലോഭ-
വൈരാനുബന്ധം മമതാം വിധത്തേ. 16
ഭ്രാതൃവ്യമേനം തദദഭ്രവീര്യ-
മുപേക്ഷയാധ്യേധിതമപ്രമത്തഃ
ഗുരോർഹരേശ്ചരണോപാസനാസ്ത്രോ
ജഹി വ്യളീകം സ്വയമാത്മമോഷം. 17

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ബ്രാഹ്മണരഹൂഗണസംവാദേ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

രഹൂഗണ ഉവാച

നമോ നമഃ കാരണവിഗ്രഹായ
സ്വരൂപതുച്ഛീകൃതവിഗ്രഹായ
നമോഽവധൂതദ്വിജബന്ധുലിങ്ഗ-
നിഗൂഢനിത്യാനുഭവായ തുഭ്യം. 1
ജ്വരാമയാർത്തസ്യ യഥാഗദം സ-
ന്നിദാഘദഗ്ദ്ധസ്യ യഥാ ഹിമാംഭഃ
കുദേഹമാനാഹിവിദഷ്ടദൃഷ്ടേഃ
ബ്രഹ്മൻ വചസ്തേഽമൃതമൗഷധം മേ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദം രസം സ്പർശഗന്ധങ്ങളാകൃതി
ശില്പം ഗമനം വിസർജ്ജനവും രതി

ജല്പനമെന്റെയെന്നായഭിമാനമെ-
ന്നിപ്പതിനൊന്നുമത്രേ മനോവൃത്തികൾ.

പന്ത്രണ്ട വൃത്തിയെന്നും ചിലർ ശയ്യാഖ്യ-
യേന്നുമഹന്തയെച്ചേർത്തു ചൊല്ലുന്നിതു. 10

ശീലവും ദ്രവ്യവുമാശയം കർമ്മവും
കാലവുമെന്നിവയഞ്ചുംനിമിത്തമായ്

ചിത്തവികാരങ്ങളാമിപ്പതിനൊന്നു
വദ്ധിച്ചു നൂറായ് സഹസ്രസഹസ്രമായ്

കോടിക്കണക്കു ഭവിപ്പൂ, തനിയെയോ
കൂടിക്കലർന്നോ ഭവിക്കുന്നതല്ലിവ.

ഈശാനുകമ്പയാൽ വാസനാരൂപമാ-
മാശയത്തിൽപ്പെട്ടിവ തെളിയുന്നതാം. 11

മായാരചിതമായ് പാപകർമ്മംചെയ്‌വ-
തായ ജീവോപാധിയാം മനസ്സിന്നെഴും

ഈ നിത്യവൃത്തികൾ ശുദ്ധനാമാത്മാവു
കാണുന്നു നേരേ ചിലപ്പോൾ മറഞ്ഞുമേ. 12

ക്ഷേത്രജ്ഞനായ് വ്യാപകനായ് പുരാണനായ്
ചിത്തസ്ഥിതനായജനായ് പരേശനായ്

നാരായണനായ് സ്വയംഭാസ്യമാനനായ്
പാരിനു കാരണവും ഭഗവാനുമാം

ശ്രീവാസുദേവൻ സ്വശക്തിയാലാത്മാവി-
ലാവസിക്കുന്നവനാണു ധരാപതേ! 13

മാരുതൻ സ്ഥാവരജങ്ഗമങ്ങൾക്കുള്ളി-
ലേറി സ്വരൂപത്തിൽ വർത്തി,ച്ചവററിനെ

സാധുനിയമനംചെയ്യുംവിധം പ്രപ-
ഞ്ചാതീതനൈശ്വര്യസംപൂർണ്ണനാത്മാവു

ക്ഷേത്രജ്ഞനാം വാസുദേവൻ ജഗത്തിനെ
പേർത്തുമനുപ്രവേശിച്ചിരിക്കുന്നിതു. 14

ഹേ നരേന്ദ്രാ! ദേഹട്ടത്തുക്കൾ, മായയെ
ജ്ഞാനത്തിനാലൊഴിവാക്കി നിസ്സംഗരായ്

കാമാദിശത്രുഷൾക്കത്തെജ്ജയിച്ചു നി-
ഷ്കാമമാത്മസ്വരൂപത്തെയെന്നോളവും

നേരെ നിരീക്ഷിപ്പതില്ലയോ സംസാര-
വാരിധിതന്നിലന്നോളമുഴന്നിടും. 15

ജീവനുപാധിയാം മാനസമാണിവി-
ടേവനും സംസാരതാപകൃഷിസ്ഥലം.

എന്നതറിയുംവരെയാരുമിബ്ഭവം-
തന്നിൽക്കിടന്നു വട്ടംകറങ്ങുന്നിതേ.

എന്നതല്ലീ മനം ശോകവും മോഹവു-
മെന്നുമേ രോഗവും രാഗവും ലോഭവും

വൈരാനുബന്ധവും ഞാനെന്ന ഭാവവു-
മാരിലും ധാരാളമായ് വളർത്തുന്നിതേ. 16

ആകയാൽ ശക്തി വദ്ധിച്ചു,മുപേക്ഷയാൽ
വേഗം ശതഗുണമായിപ്പെരുകിയും

വാസ്തവമല്ലാതെയും സ്വയമാത്മാവെ-
യാസ്തരണംചെയ്തുമുള്ളിലിരുന്നിടും

ഈ ശത്രുവിനെഗ്ഗുരുവാം ഹരിക്കെഴും
ഭാസുരശ്രീപദോപാസനാസ്ത്രത്തിനാൽ

ശ്രദ്ധായുതനായ്ബ്ബഹുധൈര്യമാർന്നതി-
സത്വരം നീ വധിച്ചീടുക, ഭൂപതേ! 17

അദ്ധ്യായം 12

ഭരതോപാഖ്യാനം—ഭരതന്റെ പൂർവ്വജന്മപ്രശംസ

രഹൂഗണൻ പറഞ്ഞു

കാരണവിഗ്രഹാ! ലോകാവനത്തിനായ്
പാരിൽപ്പിറന്ന ഭഗവൻ! നമോസ്തുതേ.

അങ്ഗം സ്വരൂപത്തിനാൽ തുച്ഛമാക്കിയ
മങ്ഗലാത്മാവേ! അവധൂതനാം വിഭോ!

സാധാരണവിപ്രനായകമേ ബ്രഹ്മ-
ചൈതന്യമാളുമങ്ങേയ്ക്കു നമസ്കൃതി. 1

ബ്രഹ്മജ്ഞഭൂസുരമൗലേ! ജ്വരാർത്തനു
നന്മരുന്നും, ചൂടിനാൽ തപിപ്പോനിഹ

ശീതളനീരവു,മെന്നതുപോൽ, ദുഷ്ട-
ഭൂതദേഹത്തിലഭിമാനഭോഗിയാൽ

ബാധിതനാമെനിക്കങ്ങേവചസ്സുകൾ
സ്വാദിയലും സുധയായ് ഭവിക്കുന്നിതു. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാദ് ഭവന്തം മമ സംശയാർത്ഥം
പ്രക്ഷ്യാമി പശ്ചാദധുനാ സുബോധം
അധ്യാത്മയോഗഗ്രഥിതം തവോക്ത-
മാഖ്യാഹി കൗതൂഹലചേതസോ മേ. 3

യദാഹ യോഗേശ്വര ദൃശ്യമാനം
ക്രിയാഫലം സദ്വ്യവഹാരമൂലം
ന ഹ്യഞ്ജസാ തത്ത്വവിമർശനായ
ഭവാനമുഷ്മിൻ ഭ്രമതേ മനോ മേ. 4

ബ്രാഹ്മണ ഉവാച

അയം ജനോ നാമ ചലൻ പൃഥിവ്യാം
യഃ പാർത്ഥിവഃ പാർത്ഥിവ കസ്യ ഹേതോഃ
തസ്യാപി ചാങ്ഘ്ര്യോരധി ഗുല്ഫജങ്ഘാ-
ജാനൂരുമധ്യോരശിരോധരാംസാഃ. 5

അംസേഽധി ദാർവ്വീ ശിബികാ ച യസ്യാം
സൗവീരരാജേത്യപദേശ ആസ്തേ
യസ്മിൻ ഭവാൻ രൂഢനിജാഭിമാനോ
രാജാസ്മി സിന്ധുഷ്വിതി ദുർമ്മദാന്ധഃ. 6

ശോച്യാനിമാംസ്ത്വമധികഷ്ടദീനാൻ
വിഷ്ട്യാ നിഗൃഹ്ണന്നിരനുഗ്രഹോഽസി
ജനസ്യ ഗോപ്താസ്മി വികത്ഥമാനോ
ന ശോഭസേ വൃദ്ധസഭാസു ധൃഷ്ടഃ. 7

യദാ ക്ഷിതാവേവ ചരാചരസ്യ
വിദാമ നിഷ്ഠാം പ്രഭവം ച നിത്യം
തന്നാമതോഽന്യദ് വ്യവഹാരമൂലം
നിരൂപ്യതാം സത്ക്രിയയാനുമേയം. 8

ഏവം നിരുക്തം ക്ഷിതിശബ്ദവൃത്ത-
മസന്നിധാനാത് പരമാണവോ യേ
അവിദ്യയാ മനസാ കല്പിതാസ്തേ
യേഷാം സമൂഹേന കൃതോ വിശേഷഃ. 9

ഏവം കൃശം സ്ഥൂലമണുർബൃഹദ്യ-
ദസച്ച സജ്ജീവമജീവമന്യത്
ദ്രവ്യസ്വഭാവാശയകാലകർമ്മ-
നാമ്നാ ജയാവേഹി കൃതം ദ്വിതീയം. 10

ജ്ഞാനം വിശുദ്ധം പരമാർത്ഥമേക-
മനന്തരം ത്വബഹിർബ്രഹ്മ സത്യം
പ്രത്യക് പ്രശാന്തം ഭഗവച്ഛബ്ദസംജ്ഞം
യദ്വാസുദേവം കവയോ വദന്തി. 11

രഹൂഗണൈതത്തപസാ ന യാതി
ന ചേജ്യയാ നിർവ്വപണാദ് ഗൃഹാദ്വാ
ന ഛന്ദസാ നൈവ ജലാഗ്നിസൂര്യൈ-
ർവ്വിനാ മഹത്പാദരജോഽഭിഷേകം. 12

യത്രോത്തമശ്ലോകഗുണാനുവാദഃ
പ്രസ്തൂയതേ ഗ്രാമ്യകഥാവിഘാതഃ
നിഷേവ്യമാണോഽനുദിനം മുമുക്ഷോ-
ർമ്മതിം സതീം യച്ഛതി വാസുദേവേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാലെനിക്കുള്ള സന്ദേഹമൊക്കെ ഞാൻ
പിന്നീട ചോദിച്ചറിഞ്ഞുകൊണ്ടീടവൻ.

അദ്ധ്യാത്മയോഗസംബന്ധം ഭവദ്വാക്യ-
മിദ്ധകുതൂഹലചിത്തനായുള്ള ഞാൻ

നന്നായറിയുവൻതക്കവണ്ണം ഭവാ-
നിന്നതാംചെയ്യണം വർണ്ണിച്ചു ഭംഗിയായ്. 3

കർമ്മങ്ങളും തത്ഫലങ്ങളും സുവ്യക്ത-
മാംമട്ട കാൺകവേ,യങ്ങീ വ്യവഹൃതി

ഉണ്മയല്ലെന്നതുരാംചെയ്തിരിക്കുന്നതോ-
ത്തെന്മനം സംഭ്രമിക്കുന്നു, യോഗീശ്വരാ! 4

ഭൂസുരൻ പറഞ്ഞു

ഹേ മഹീപാലാ! ജനമെന്നു ചൊൽവതു
ഭൂമിതൻ ചഞ്ചലിക്കുന്ന വികാരമാം.

കാലിന്നുപരി നെരിയാണിയു,ണ്ടതി-
ന്മേലേ കണങ്കാ,ലതിനുമേൽ മുട്ടുകാം

ഊരുക്കളു,മര, മാറിടം, തോളം, കഴു-
ത്തോരോന്നുപരിയുപരി കാണുന്നിതേ. 5

തേളിനുമേൽ മരപ്പല്ല,ക്കതിനുള്ളി-
ലാളുന്ന സിന്ധുരാട്ടാണു ഞാനെന്നെഴും

പൊണ്ണുമഭിമാനമേന്തി മദത്തിനാ-
ലന്ധനായ് സൗവീരനായ ഭവാനുമേ. 6

കഷ്ടകർമ്മത്തിനാൽ ദീനരും കാരുണി-
ക്കേറെവുമർഹരുമാമിവരെബ്ബലാൽ

ബദ്ധരാക്കീടിന നീയൊരനുഗ്രഹ-
ബുദ്ധിയില്ലാത്തവനാണില്ല സംശയം.

രക്ഷകനായ് നടിക്കുന്ന നീ സജ്ജന-
കക്ഷ്യയിൽ ശോഭിച്ചിടുന്നില്ല തെല്ലുമേ. 7

സർവ്വചരാചരോത്പത്തിയും നാശവു-
മുർവിയിൽത്താനെന്നു കാണുന്നു നിത്യവും

ഭൂമിതന്നോരോ വികാരത്തിനുമിഹ
നാമവും രൂപവും കല്പിച്ചിടുന്നിതു.

നാമരൂപങ്ങളൊഴിച്ചു നോക്കീടുകിൽ
ഭൂമിയേയുള്ളു യഥാർത്ഥപദാർത്ഥമായ്. 8

എന്നാൽ ധരിത്രിയും സത്യമാണെന്നുള്ള
തോന്നലിനും നിലയില്ല നൃപോത്തമാ!

ഭൂമിയും നാമരൂപങ്ങളുമൊക്കെയു-
മാമഗ്നമാം പരമാണുക്കളിൽ സദാ.

മായയാൽ മാനസംകൊണ്ടു സങ്കല്പിത-
മായതാണപ്പരമാണുവു,മാകയാൽ

ആയതിനും സത്ത കാണപ്പെടുന്നില്ല
മായയില്ലെങ്കിലില്ലല്ലോ പരമാണു. 9

ഏവം ബൃഹ,ത്തണു, സ്ഥൂ ലകൃശങ്ങളും
ജീവജഡങ്ങളും വ്യത്യാസമിത്തരം

എല്ലാം ഭഗവാൻെറ മായയാൽ കല്പിത-
മല്ലാതെയില്ലൊന്നുമെന്നു ധരിക്ക നീ.

കർമ്മശീലാശയദ്രവ്യകാലാഖ്യയാ-
മമ്മായ രണ്ടെന്ന ഭേദമുണ്ടാക്കുന്നു. 10

ശുദ്ധമായ്ക്കാലത്രയസത്യമായേക-
വസ്തുവായന്തർബ്ബഹിർഭാഗഹീനമായ്

ബ്രഹ്മമായാത്മാവായ് ശാന്തമായ് ജ്ഞാനമാ-
യുണ്മയായൊന്നുണ്ടതു വാസുദേവനാം. 11

സജ്ജനപാദപാംസുക്കളിൽ നിത്യവും
മജ്ജനംചെയ്യയെന്നൊന്നുകൊണ്ടെന്നിയേ

ഇപ്പരമാർത്ഥം തപസ്സുകൊണ്ടോ വേദ-
കല്പിതകർമ്മങ്ങളാലോ നിരന്തരം

അന്നദാനം, വേദപാഠം, ജലസൂര്യ-
വഹ്നിനിഷേവണ,മാലയധർമ്മങ്ങളാം

എന്നിവകൊണ്ടോ മനുഷ്യനൊരിക്കലും
മന്നോർമുടിമണേ! ബോധിച്ചിടാ ദൃഢം. 12

ദുഷ്ടകഥാസക്തിയസ്തമിപ്പിച്ചിട്ട-
മുത്തമശ്ലോകഗുണങ്ങളാം വർണ്ണിപ്പതു

ശ്രദ്ധയോടെന്നും ശ്രവിക്കും മുമുക്ഷുവി-
ന്നെത്തും സതിയാം മതി വാസുദേവനിൽ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം പുരാ ഭരതോ നാമ രാജാ
വിമുക്തദൃഷ്ടശ്രുതസങ്ഗബന്ധഃ
ആരാധനം ഭഗവത ഈഹമാനോ
മൃഗോഽഭവം മൃഗസങ്ഗാദ്ധതാർത്ഥഃ. 14
സാ മാം സ്മൃതിർമൃഗദേഹേഽപി വീര!
കൃഷ്ണാർച്ചനപ്രഭവാ നോ ജഹാതി
അഥോ അഹം ജനസങ്ഗാദസങ്ഗോ
വിശങ്കമാനോഽവിവൃതശ്ചരാമി. 15
തസ്മാന്നരോഽസങ്ഗസുസങ്ഗജാത-
ജ്ഞാനാസിനേഹൈവ വിവൃക്ണമോഹഃ
ഹരിം തദീഹാകഥനശ്രുതിഭ്യാം
ലബ്ധസ്മൃതിര്യാത്യതിപാരമധ്വനഃ. 16

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ബ്രാഹ്മണരഹൂഗണസംവാദേ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

ബ്രാഹ്മണ ഉവാച

ദുരത്യയേഽധ്വന്യജയാ നിവേശിതോ
രജസ്തമഃസത്ത്വവിഭക്തകർമ്മദൃക്
സ ഏഷ സാർത്ഥോഽർത്ഥപരഃ പരിഭ്രമൻ
ഭവാടവീം യാതി ന ശർമ്മ വിന്ദതി. 1
യസ്യാമിമേ ഷണ്ണരദേവ ദസ്യവഃ
സാർത്ഥം വിലുമ്പന്തി കുനായകം ബലാത്
ഗോമായവോ യത്ര ഹരന്തി സാർത്ഥികം
പ്രമത്തമാവിശ്യ യഥോരണം വൃകാഃ. 2
പ്രഭൂതവീരുത്തൃണഗുൽമഗഹ്വരേ
കഠോരദംശൈർമ്മശകൈരുപദ്രുതഃ
ക്വചിത്തു ഗന്ധർവ്വപുരം പ്രപശ്യതി
ക്വചിത് ക്വചിച്ചാശുരയോൽമുകഗ്രഹം. 3
നിവാസതോയദ്രവിണാത്മബുദ്ധി-
സ്തതസ്തതോ ധാവതി ഭോ അടവ്യാം
ക്വചിച്ച വാത്യോത്ഥിതപാംസുധൂമ്രാ
ദിശോ ന ജാനാതി രജസ്വലാക്ഷഃ. 4
അദൃശ്യഝില്ലീസ്വനകർണ്ണശൂല
ഉലൂകവാഗ്ഭിർവ്യഥിതാന്തരാത്മാ
അപുണ്യവൃക്ഷാൻ ശ്രയതേ ക്ഷുധാർദ്ദിതോ
മരീചിതോയാന്യഭിധാവതി ക്വചിത്. 5
ക്വചിദ്വിതോയാഃ സരിതോഽഭിയാതി
പരസ്പരം ചാലഷതേ നിരന്ധഃ
ആസാദ്യ ദാവം ക്വചിദഗ്നിതപ്തോ
നിർവ്വിദ്യതേ ക്വ ച യക്ഷൈർഹൃതാസുഃ. 6
ശൂരൈർഹൃതസ്വഃ ക്വ ച നിർവ്വിണ്ണചേതാഃ
ശോചൻ വിമുഹ്യന്നുപയാതി കശ്മലം
ക്വചിച്ച ഗന്ധർവ്വപുരം പ്രവിഷ്ടഃ
പ്രമോദതേ നിർവൃതവന്മുഹൂർത്തം. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോയ ജന്മത്തിൽ ഭരതനെന്നായ്ക്കീർത്ത-
നീയനരാധിപനായിബ്ഭവിച്ചു ഞാൻ

സങ്ഗരഹിതനായ് ശ്രീഹരിപൂജനം
മങ്ങാതനുഷ്ഠിച്ചുപോന്നേൻ ദിനംപ്രതി.

പിന്നെ യദൃച്ഛയായ് ഞാനൊരു മാനമായ്-
ച്ചേർന്നു ഹതാത്ഥനായാന്നേൻ മൃഗജനി. 14

പണ്ടത്തെയോമ്മ മൃഗജന്മസ്സിങ്കലു-
ണ്ടായിരുന്നു കൃഷ്ണാച്ചനയാലെ മേ.

ഞാനതിനാൽ ജനസങ്ഗമുപേക്ഷിച്ചു-
താനേ നടക്കയാണസ്പൃഷ്ടനായിഹ. 15

എന്നതുമൂലമസങ്ഗർതൻ സങ്ഗത്തിൽ-
നിന്നു ലഭിച്ചിടും ജ്ഞാനഖഡ്ഗത്തിനാൽ

മോഹമറുത്താത്മസംസ്മരണത്തൊടും
ശ്രീഹരിതൻ പരിപാവനമാം കഥ

കീർത്തിക്കയും സദാ കേംക്കയും ചെയ്യവോ-
നെത്തിടാം സംസാരപാരമാം ശൗരിയിൽ. 16

അദ്ധ്യായം 13

ഭരതോപാഖ്യാനം—ഭരതൻെറ സംസാരാടവീ വർണ്ണനം

ബ്രാഹ്മണൻ പറഞ്ഞു

ജന്തുസന്ദോഹത്തെ മായ ദുരത്യയ-
പന്ഥാവിലിട്ടിരിക്കുന്നു ധരാപതേ!

തത്ര ഗുണത്രയഭേദംനിമിത്തമായ്
കൃത്യങ്ങളും ഭവിക്കുന്നിതസംഖ്യമായ്.

കമ്മങ്ങളിൽ ദൃഷ്ടിവച്ചുമത്ഥാസക്തി
നന്മട്ടിയന്നുമിജ്ജീവികളാകവേ

സംസാരഘോരവനത്തിൽ ഭ്രമിക്കുന്നു
ലേശവും സൗഖ്യം ലഭിക്കാതനാരതം. 1

ഈയരണ്യത്തിൽക്കടന്നു ദുർബുദ്ധിയാം
നായകനൊത്ത സംഘത്തെയ്യലാലുടൻ

കാമാദിശത്രുഷൾക്കം ഹരിച്ചീടുന്നു
ഗോമായുവൃന്ദമതിലെ പ്രമത്തനെ-

ച്ചെന്നു പിടിച്ചങ്ങു കൊണ്ടുപോകുന്നിതു
ചെന്നായ്ക്കുൾ മേഷത്തിനെയെന്നമാതിരി. 2

വല്ലീതൃണങ്ങൾ തഴച്ചു തിങ്ങുന്നതാ-
യുള്ളോരിടങ്ങളിലുഗ്രങ്ങളായിടും

കാട്ടീച്ചകളും മശകസമൂഹവു-
മേറുന്ന ശല്യം ചിലെടത്തസഹ്യമാം.

കാൺമൂ ചിലെടത്തു ഗന്ധർവ്വപട്ടണം
സന്മതേ! വേഗമെഴും കൊള്ളിമീനെയും. 3

മന്ദിരം, നീരം, ധനം മുതലായതി-
ലെന്നുടെയെന്നുള്ള ഭാവംനിമിത്തമായ്

കാട്ടിൽച്ചിലെടത്തു ചുററിയോടീടുന്നു,
മറ്റുചില ദിക്കിലൂററമാം കാററിനാൽ

പൊങ്ങും പൊടികളാൽ ധൂസരമാം ദിശ-
യെങ്ങും തിരിച്ചറിയാൻ കഴിവെന്നിയേ

ധൂളിനിറഞ്ഞ മിഴികളോടും പരം
മാലാന്നു തപ്പിത്തിരയുന്നു ചൂഴവും. 4

ഝില്ലീസ്വനത്താൽ ചിലെടങ്ങളിൽ കണ്ണ-
ശല്യം, ചിലെടത്തു ക്രൂരശബ്ദങ്ങളാൽ.

പയ്യാൽ ശ്രയിപ്പു വിഫലവൃക്ഷങ്ങളെ,
പായും മരീചികക്ക് കണ്ടു ജലത്തിനായ്, 5

ചെന്നിടും ദാഹിച്ചു നീരററൊരാററിലു-
മന്യോന്യമന്നമാശിപ്പു ചിലദിക്കിൽ;

ദാവാഗ്നിയാൽ തപിക്കുന്നു, ചിലെടത്തു
ജീവൻ ഹരിക്കുന്നു യക്ഷരക്ഷസ്സുകൾ, 6

സമ്പത്തു ശൂരൻ ഹരിക്കെ,ച്ചിലെടത്തു
വമ്പിച്ച മാലിനാൽ മൂർച്ഛിച്ചിടുന്നിതു.

പിന്നെ മുഹൂത്തമാനന്ദിപ്പു ഗന്ധർവ്വ-
മന്ദിരഗാമിയായ് നിർവൃതനെന്നപോൽ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചലൻ ക്വചിത് കണ്ടകശർക്കരാങ്ഘ്രി-
ന്നഗാരുരുക്ഷുർവിമനാ ഇവാസ്തേ
പദേ പദേഽഭ്യന്തരവഹ്നിനാർദ്ദിതഃ
കൗടുംബികഃ ക്രുധ്യതി വൈ ജനായ. 8
ക്വചിന്നിഗീർണോഽജഗരാഹിനാ ജനോ
നാവൈതി കിഞ്ചിദ്വിപിനേഽപവിദ്ധഃ
ദഷ്ടഃ സ്മ ശേതേ ക്വ ച ദന്ദശൂകൈ-
രന്ധോഽന്ധകൂപേ പതിതസ്തമിസ്രേ. 9
കർഹി സ്മ ചിത്ക്ഷുദ്രരസാൻ വിചിന്വം-
സ്തന്മക്ഷികാഭിർവ്യഥിതോ വിമാനഃ
തത്രാതികൃച്ഛ്റാത് പ്രതിലബ്ധമാനോ
ബലാദ്വിലുമ്പന്ത്യഥ തം തതോഽന്യേ. 10
ക്വചിച്ച ശീതാതപവാതവർഷ-
പ്രതിക്രിയാം കർത്തുമനീശ ആസ്തേ
ക്വചിന്മിഥോ വിപണൻ യച്ച കിഞ്ചിത്
വിദ്വേഷമൃച്ഛത്യുത വിത്തശാഠ്യാത്. 11
ക്വചിത് ക്വചിത് ക്ഷീണധനസ്തു തസ്മിൻ
ശയ്യാസനസ്ഥാനവിഹാരഹീനഃ
യാചൻ പരാദപ്രതിലബ്ധകാമഃ
പാരക്യദൃഷ്ടിർലഭതേഽവമാനം. 12
അന്യോന്യവിത്തവ്യതിഷംഗവൃദ്ധ-
വൈരാനുബന്ധോ വിവഹന്മിഥശ്ച
അധ്വന്യമുഷ്മിന്നുരുകൃച്ഛ്റവിത്ത-
ബാധോപസർഗ്ഗൈർവിഹരൻ വിപന്നഃ. 13
താംസ്താൻ വിപന്നാൻ സ ഹി തത്ര തത്ര
വിഹായ ജാതം പരിഗൃഹ്യ സാർത്ഥഃ
ആവർത്തതേഽദ്യാപി ന കശ്ചിദത്ര
വീരാധ്വനഃ പാരമുപൈതി യോഗം. 14
മനസ്വിനോ നിർജ്ജിതദിഗ്ഗജേന്ദ്രാ
മമേതി സർവ്വേ ഭുവി ബദ്ധവൈരാഃ
മൃധേ ശയീരന്ന തു തദ്വ്രജന്തി
യന്ന്യസ്തദണ്ഡോ ഗതവൈരോഽഭിയാതി. 15
പ്രസജ്ജതി ക്വാപി ലതാഭുജാശ്രയ-
സ്തദാശ്രയാവ്യക്തപദദ്വിജസ്പൃഹഃ
ക്വചിത് കദാചിദ്ധരിചക്രതസ്ത്രസൻ
സഖ്യം വിധത്തേ ബകകങ്കഗൃദ്ധ്രൈഃ. 16
തൈർവ്വഞ്ചിതോ ഹംസകുലം സമാവിശ-
ന്നരോചയൻ ശീലമുപൈതി വാനരാൻ
തജ്ജാതിരാസേന സുനിർവൃതേന്ദ്രിയഃ
പരസ്പരോദ്വീക്ഷണവിസ്മൃതാവധിഃ. 17
ദ്രുമേഷു രംസ്യൻ സുതദാരവത്സലോ
വ്യവായദീനോ വിവശഃ സ്വബന്ധനേ
ക്വചിത് പ്രമാദാദ്ഗിരികന്ദരേ പതൻ
വല്ലീം ഗൃഹീത്വാ ഗജഭീത ആസ്ഥിതഃ. 18
അതഃ കഥഞ്ചിത്സ വിമുക്ത ആപദഃ
പുനശ്ച സാർത്ഥം പ്രവിശത്യരിന്ദമ!
അധ്വന്യമുഷ്മിന്നജയാ നിവേശിതോ
ഭ്രമഞ്ജനോഽദ്യാപി ന വേദ കശ്ചന. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂർത്ത കല്ലും മുള്ളുമങ്ങ്ല്ലികളിൽത്തറ–
ച്ഛദ്രിയിലേറാനൊരുങ്ങി മൂഢൻവിധം

അല്പമിരിക്കും സകുടുംബമെപ്പൊഴും
ക്ഷുൽപീഡയാൽ ജനത്തോടു കയർത്തിടും. 8

കാട്ടിൽച്ചിലപ്പോൾ വിഴുങ്ങും പെരുമ്പാമ്പു
തത്ര വീഴും മരിച്ചാരുമറിയാതെ.

ദന്ദശൂകങ്ങൾ കടിച്ചിട്ട്,മന്ധനാ–
യന്ധകൂപത്തിലിരുട്ടിൽ പതിച്ചിടും. 9

ക്ഷുദ്രരസാർത്ഥിയായ്ക്കാട്ടിൽച്ചരിക്കവേ
കുത്തിടുമീച്ചകൾ, തേനും ലഭിച്ചിടാ.

കഷ്ടതയേററു കുറച്ചതാന്നീടിലും
തട്ടിപ്പറിക്കും ബലിഷ്ഠരായുള്ളവർ. 10

ശീതാതപവർഷബാധയൊഴിക്കുവാ–
നേതുമാകാതെ ചിലെടത്തുഴന്നിടും.

അല്പാല്പമായ് ക്രയവിക്രയംചെയ്തിട്ട–
മപ്പോൾ ചതിയാലെ വിദ്വേഷമാന്നിടും. 11

ഉണ്ടായിരുന്ന മുതൽ നശിച്ചിങ്ങലി–
ലാണ്ടു ശയ്യാസനയാനാദിയെന്നിയേ

അങ്ങിങ്ങു തെണ്ടിനടന്നുമൊന്നുംതന്നെ–
യെങ്ങുനിന്നും ലഭിക്കാതെയും ദീനനായ്

അന്യസമ്പത്തിലധികമായാശയാ–
ന്നെന്നുമവമാനഭാജനമായിടും. 12

സമ്പന്നിമിത്തമായ് വൈരം പരസ്പരം
ജൃംഭിക്കുവോർതമ്മിൽ വേളിനടന്നിടും.

ആ വഴിക്കും മററുമാർഗ്ഗത്തിലും വരും
വൻവിപത്താലെ മൃതപ്രായനായിടും. 13

ഈ വിപിനത്തിൽ വിപത്തിൽ കുടുങ്ങിയ
പാവങ്ങളേയും മരിച്ചുപോയോരെയും

തത്ര താൻ തള്ളി നവീനാഗതന്മാരു–
മൊത്തു നടത്തുമിസ്സംഘത്തിൽനിന്നുമേ

പിന്തിരികില്ലാരുമിക്കാനനസീമ–
സന്തരിപ്പാനറിയുന്നില്ലുപായവും. 14

ദിങ്നാഗവൃന്ദത്തെ വെന്ന വീരാഗ്ര്യരി–
മ്മന്നെൻേറയെൻേറയെന്നായ്പ്പിണങ്ങി സദാ

ബദ്ധശത്രുക്കളായങ്കത്തിലേപ്പെട്ടു
ചത്തുവീഴുന്നിതടക്കളത്തിൽ ദ്രുതം.

വൈരരഹിതരണയുമാ സ്ഥാനമീ–
വീരപുമാന്മാക്കു കിട്ടുന്നുമില്ലഹോ. 15

വല്ലിതൻശാഖയെയാശ്രയിച്ചിട്ടതിൽ
സോല്ലാസമേറിയവ്യക്തം നദിച്ചിടും–

പക്ഷികളിൽ തത്പരനാം ചിലേടത്തു
ഋക്ഷസിംഹാദി മൃഗങ്ങളെപ്പേടിച്ചു

കങ്കം, കഴു, കൊററിയീവിഹഗങ്ങൾതൻ–
സംഘത്തിലെത്തിയധിവസിക്കും ചിരം. 16

അക്കൂട്ടരാൽ വഞ്ചിതനായഥ മരാ–
ളോൽക്കരത്തെസ്സമീപിച്ചിട്ടവരുമ്പൊഴും

ശീലം പിടിക്കാഞ്ഞു പോയുടൻ വാനര–
പാളിയെ പ്രാപി,ച്ചവററതൻ ലീലയാൽ

ഇന്ദ്രിയപ്രീതിയാന്നന്യോന്യമീക്ഷിച്ചു
നന്നായ് രസിച്ചന്തമോരാതിരുന്നിടും. 17

ഭൂരുഹശാഖയിൽ ഭാര്യാതനയരൊ–
ത്താരമിച്ചങ്ഗനാശൃംഖലാബദ്ധനായ്

പാരമുഴലും പ്രമാദാൽച്ചിലെടത്തു
ഘോരഗിരികന്ദരത്തിൽ പതിച്ചിടും

ആനകളെയതിയായ് ഭയപ്പെട്ടഥ
താനേ ലതകളെ നമ്പിവസിച്ചിടും. 18

കഷ്ടം സഹിച്ചീവിപത്തിൽനിന്നും പണി–
പ്പെട്ടു വിമോചിതനാകിലും, പിന്നെയും

ചെന്നുചേരുന്നിതിസ്സംഘത്തിൽ മായയാ–
ലെന്നും നിവേശിതരായിസ്സരണിയിൽ

ചുററിത്തിരിയുമിവരിലൊരുത്തനും
പററാ ഹരിയാം ഭവാബ്ധിതീരം ദൃഢം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഹൂഗണ! ത്വമപി ഹ്യധ്വനോഽസ്യ സന്ന്യസ്തദണ്ഡഃ കൃതഭൂതമൈത്രഃ
അസജ്ജിതാത്മാ ഹരിസേവയാ ശിതം ജ്ഞാനാസിമാദായ
തരാതിപാരം. 20

രാജോവാച

അഹോ നൃജന്മാഖിലജന്മശോഭനം
കിം ജന്മഭിസ്ത്വപരൈരപ്യമുഷ്മിൻ
ന യദ്ധൃഷീകേശയശഃകൃതാത്മനാം
മഹാത്മനാം വഃ പ്രചുരഃ സമാഗമഃ. 21
ന ഹ്യദ്ഭുതം ത്വച്ചരണാബ്ജരേണുഭി-
ർഹതാംഹസോ ഭക്തിരധോക്ഷജേഽമലാ
മൌഹൂർത്തികാദ്യസ്യ സമാഗമാച്ച മേ
ദുസ്തർക്കമൂലോഽപഹതോഽവിവേകഃ. 22
നമോ മഹദ്ഭ്യോഽസ്തു നമഃ ശിശുഭ്യോ
നമോ യുവഭ്യോ നമ ആവടുഭ്യഃ
യേ ബ്രാഹ്മണാ ഗാമവധൂതലിങ്ഗാ-
ശ്ചരന്തി തേഭ്യഃ ശിവമസ്തു രാജ്ഞാം. 23

ശ്രീശുക ഉവാച

ഇത്യേവമുത്തരാമാതഃ സ വൈ ബ്രഹ്മർഷിസുതഃ സിന്ധു-
പതയ ആത്മസതത്ത്വം വിഗണയതഃ പരാനുഭാവഃ പരമകാരു-
ണികതയോപദിശ്യ രഹൂഗണേന സകരുണമഭിവന്ദിതചരണ
ആപൂർണ്ണാർണ്ണവ ഇവ നിഭൃതകരണോർമ്മ്യാശയോ ധരണിമിമാം
വിചചാര. 24
സൌവീരപതിരപി സുജനസമവഗതപരമാത്മസതത്ത്വ
ആത്മന്യവിദ്യാധ്യാരോപിതാം ച ദേഹാത്മമതിം വിസ-
സർജ്ജ ഏവം ഹി നൃപ ഭഗവദാശ്രിതാശ്രിതാനുഭാവഃ. 25

രാജോവാച

യോ ഹ വാ ഇഹ ബഹുവിദാ മഹാഭാഗവത ത്വയാഭിഹി-
തഃ പരോക്ഷേണ വചസാ ജീവലോകഭവാധ്വാ സ ഹ്യാര്യ-
മനീഷയാ കല്പിതവിഷയോ നാഞ്ജസാഽവ്യുത്പന്നലോക-
സമധിഗമഃ അഥ തദേവൈതദ്ദുരവഗമം സമവേതാനുകല്പേന
നിർദ്ദിശ്യതാമിതി. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

സ ഹോവാച

യ ഏഷ ദേഹാത്മമാനിനാം സത്ത്വാദിഗുണവിശേഷ-
വികല്പിതകുശലാകുശലസമവഹാരവിനിർമ്മിതവിവിധദേ-
ഹാവലിഭിർവിയോഗസംയോഗാദ്യനാദിസംസാരാനുഭവസ്യ
ദ്വാരഭൂതേന ഷഡിന്ദ്രിയവർഗ്ഗേണ തസ്മിന്ദുർഗ്ഗാധ്വവദസുഗമേഽ-
ധ്വന്യാപതിത ഈശ്വരസ്യ ഭഗവതോ വിഷ്ണോർവശവർത്തിന്യാ
മായയാ ജീവലോകോഽയം യഥാ വണിക്സാർത്ഥോഽർത്ഥപരഃ
സ്വദേഹനിഷ്പാദിതകർമ്മാനുഭവഃ ശ്മശാനവദശിവതമായാം സം-
സാരാടവ്യാം ഗതോ നാദ്യാപി വിഫലബഹുപ്രതിയോഗേഹ-
സ്തത്താപോപശമനീം ഹരിഗുരുചരണാരവിന്ദമധുകരാനുപദ-
വീമവരുന്ധേ യസ്യാമു ഹ വാ ഏതേ ഷഡിന്ദ്രിയനാമാനഃ
കർമ്മണാ ദസ്യവ ഏവ തേ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചൊല്ലേററീടുന്ന രഹൂഗണഭൂപാല-
തല്ലജമേ! ഭവാൻ ദണ്ഡമുപേക്ഷിച്ച

ഭൂതജാലത്തിൻ സുഹൃത്തായനാസക്ത-
പൂതചേതസ്സായ് ഹരിസേവനത്തിനാൽ

ജ്ഞാനമാം തീക്ഷ്ണഖഡ്ഗത്തെയാന്നി-
ക്കൊട്ടം-
കാനനാദ്ധ്വാവിൻ മറുകരപററുക. 20

രാജാവു പറഞ്ഞു

മത്ത്യജന്മംതന്നെ മററജന്മങ്ങളി-
ലെത്രയോ മെച്ച,മാസ്വർഗ്ഗലോകത്തിലെ

ജന്മങ്ങളാംകൊണ്ടും ഫലമില്ല പാക്കകിൽ;
നിമ്മലാധോക്ഷജസേവാവിശുദ്ധമാം

അന്തഃകരണമാളും ഭവാന്മാരുടെ
സന്തതസംസർഗ്ഗമാവഴി കൈവരാ. 21

ത്വത്പാദപങ്കജപാംസു സേവിപ്പോന്ദ
തത്പാപമപ്പൊഴേയപ്പാടൊടുങ്ങീടും

അച്യുതനിൽ ഫലകാങ്ക്ഷയില്ലാതെഴം
സ്വച്ഛമാം ഭക്തിയുമുണ്ടായ്‌വരും ദൃഢം.

അദ്ഭുതമില്ലതിലങ്ങേസ്സമാഗമ-
മല്പനേരം മമ സിദ്ധിച്ചമൂലമായ്

ദുർവാദദാർഢ്യമിയല്പമെൻ ദേഹാത്മ-
ഭാവനയാമവിവേകമകന്നിതു. 22

എല്ലാ മഹാന്മാരെയും ഞാൻ നമിക്കുന്നി-
തെല്ലാശ്ശിശുക്കൾക്കുമെൻെറ നമസ്കൃതി.

താരുണ്യമാന്ന ജനങ്ങളേയും ബ്രഹ്മ-
ചാരികളേയും നമസ്കരിക്കുന്നു ഞാൻ

പിന്നെയവധൂതമട്ടിൽ ചരിച്ചിടും
പുണ്യവാന്മാരാം ധരാസുരന്മാക്ക ഞാൻ

ദണ്ഡനമസ്കൃതിചെയ്യുന്നു സാദരം;
മന്നവന്മാക്ക ഭവിക്കട്ടെ മംഗലം. 23

ശ്രീശുകൻ പറഞ്ഞു

ഉത്തരാപുത്രനാം ഹേ പരീക്ഷിൽക്ഷിതി-
ഭൂത്തേ! പരംതന്നെ നിന്ദചെയ്യീടിന

സിന്ധുപതിക്കായ് മഹാനാകമാ ദ്വിജ-
സന്താനമാത്മതത്ത്വത്തെയലിഞ്ഞലം

ഈവിധം വിസ്തരിച്ചോതി രഹൂഗണ-
ഭൂവരനാലഭിവന്ദിതപാദനായ്

പൂർണ്ണാംബുധിപോലചഞ്ചലമായിടു-
മിന്ദ്രിയചിത്തോർമ്മിയൊത്തു ചരിച്ചിതേ. 24

അന്നരപാലൻ പരമാത്മതത്ത്വത്തെ
നന്നായ് സുജനത്തിൽനിന്നും ഗ്രഹിച്ചുടൻ

മായാമൂലം നിജാത്മാവിലാരോപിത-
മായ ദേഹാത്മധീ പാടേ ത്യജിച്ചിതേ.

ശ്രീഹരിപാദാശ്രിതാശ്രിതന്മാരുടെ
മാഹാത്മ്യമിത്തരമാണു മഹീപതേ! 25

രാജാവു പറഞ്ഞു

ഭക്തപ്രമുഖാ! പരോക്ഷമായങ്ങയാ-
ലുക്തമാം സംസാരമാർഗ്ഗമിതോരുകിൽ

സാധാരണക്കു സുഗ്രാഹ്യമല്ലാസ്സയാ-
ലോതുക ദൃഷ്ടാന്തപൂർവ്വം സവിസ്തരം. 26

അദ്ധ്യായം 14

ഭരതോപാഖ്യാനം— സംസാരവനവിശദീകരണം

ശ്രീശുകൻ പറഞ്ഞു

ഒന്നാമതത്ഥപരവണിക്സംഘമായ്-
ച്ചൊന്നതു ജീവലോകത്തെയെന്നോക്കണം.

സത്ത്വാദികൊണ്ടു വിവിധം വികല്പിത-
മുത്തമനീചസമ്മിശ്രകമ്മങ്ങളാൽ

നിമ്മിതമായ വപുസ്സമൂഹത്തൊടും
സമ്മേളനവിയോഗങ്ങളിയന്നിടും

ആദിവിഹീനസംസാരാനുഭൂതിക്കു
വാതിലായീടുന്നൊരാറിന്ദ്രിയത്തൊടും

ദുർഗ്ഗാദ്ധ്വമട്ടിൽ സുഗമമല്ലാത്തൊരാ-
മാർഗ്ഗത്തിലീശനാം വിഷ്ണുവിൻ പാട്ടിലായ്

വത്തിച്ചപോരുന്ന മായയെന്നോതിടും
ശക്തിയാലാകൃഷ്ടമായിത്തളന്നഹോ!

മോഹിച്ചവീണൊരിജ്ജീവജാലം ധന-
ദാഹമിയലും വണിക്സമൂഹംവിധം

അന്തമററീടിന കമ്മഫലങ്ങളെ-
സ്സ്വന്തം വപുസ്സാലനുഭവിച്ചങ്ങനെ

നല്ല ചുടലക്കളംപോലശിവമാ-
യുള്ള സംസാരക്കൊടുങ്കാട്ടിലാപ്പെട്ടു

നാനാതരം വിപരീതപ്രവൃത്തിക-
ളൂനഫലങ്ങളായ്‌ച്ചെയ്യുഴലുന്നിതു.

അപ്പൊഴമിപ്പരുതാപമൊഴിക്കുവാ-
നല്ലേതരമായ കെല്പിയലുന്നതാം

ചിത്പുരുഷാചാര്യപാദപങ്കേരുഹ-
ഷട്പദമാർഗ്ഗം ശ്രയിക്കുന്നതില്ലവർ.

ആറിന്ദ്രിയങ്ങളും കമ്മങ്ങളാലെ സം-
സാരവനത്തിലെ തസ്കരർതാൻ നൃപാ! 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്യഥാ പുരുഷസ്യ ധനം യത്കിഞ്ചിദ്ധർമ്മൗപയികം ബഹുകൃച്ഛ്റാധിഗതം സാക്ഷാത് പരമപുരുഷാരാധനലക്ഷണോ യോ/സൗ ധർമ്മസ്തം തു സാമ്പരായ ഉദാഹരന്തി. തദ്ധർമ്മ്യം ധനം ദർശനസ്പർശനശ്രവണാസ്വാദനാവഘ്രാണസങ്കല്പവ്യവസായഗൃഹഗ്രാമ്യോപഭോഗേന കുനാഥസ്യാജിതാത്മനോ യഥാ സാർത്ഥസ്യ തഥാ ജിതാത്മനോ വിലുമ്പന്തി. 2

അഥ ച യത്ര കൗടുംബികാ ദാരാപത്യാദയോ നാമ്നാ കർമ്മണാ വൃകസൃഗാലാ ഏവാനിച്ഛതോ/പി കദര്യസ്യ കുടുംബിന ഉരണകവത്സംരക്ഷ്യമാണം മിഷതോ/പി ഹരന്തി. 3

യഥാ ഹ്യനുവത്സരം കൃഷ്യമാണമപ്യദഗ്ധബീജം ക്ഷേത്രം പുനരേവാവപനകാലേ ഗുല്മതൃണവീരുദ്ഭിർഗ്ഗഹ്വരമിവ ഭവത്യേവമേവ ഗൃഹാശ്രമഃ കർമ്മക്ഷേത്രം യസ്മിന്ന ഹി കർമ്മാണ്യുത്സീദന്തി യദയം കാമകരണ്ഡ ഏഷ ആവസഥഃ. 4

തത്ര ഗതോ ദംശമശകസമാപസദൈർമ്മനുജൈഃ ശലഭശകുന്തതസ്കരമൂഷകാദിഭിരുപരുധ്യമാനബഹിഃപ്രാണഃ ക്വചിത് പരിവർത്തമാനോ/സ്മിന്നദ്ധ്വന്യവിദ്യാകാമകർമ്മഭിരുപരക്തമനസാനുപപന്നാർത്ഥം നരലോകം ഗന്ധർവ്വനഗരമുപപന്നമിതി മിഥ്യാദൃഷ്ടിരനുപശ്യതി. 5

തത്ര ച ക്വചിദാതപോദകനിഭാൻ വിഷയാനുപധാവതി പാനഭോജനവ്യവായാദിവ്യസനലോലുപഃ. 6

ക്വചിച്ചാശേഷദോഷനിഷദനം പുരീഷവിശേഷം തദ്വർണ്ണഗുണനിർമ്മിതമതിഃ സുവർണ്ണമുപാദിത്സത്യഗ്നികാമകാതര ഇവോല്മുകപിശാചം. 7

അഥ കദാചിന്നിവാസപാനീയദ്രവിണാദ്യനേകാത്മോപജീവനാഭിനിവേശ ഏതസ്യാം സംസാരാടവ്യാമിതസ്തതഃ പരിധാവതി. 8

ക്വചിച്ച വാത്യൗപമ്യയാ പ്രമദയാ//രോഹമാരോപിതസ്തത്കാലരജസാ രജനീഭൂത ഇവാസാധുമര്യാദോ രജസ്വലാക്ഷോ/പി ദിഗ്ദേവതാ അതിരജസ്വലമതിർന്ന വിജാനാതി. 9

ക്വചിത്സകൃദവഗതവിഷയവൈതഥ്യഃ സ്വയം പരാഭിധ്യാനേന വിഭ്രംശിതസ്മൃതിസ്തയൈവ മരീചിതോയപ്രായാംസ്താനേവാഭിധാവതി. 10

ക്വചിദുലൂകഝില്ലീസ്വനവദതിപരുഷരഭസാടോപം പ്രത്യക്ഷം പരോക്ഷം വാ രിപുരാജകുലനിർഭർത്സിതേനാതിവ്യഥിതകർണ്ണമൂലഹൃദയഃ. 11

സ യദാ ദുഗ്ദ്ധപൂർവ്വസുകൃതസ്തദാ കാരസ്കരകാകതുണ്ഡാദ്യപുണ്യദ്രുമലതാവിഷോദപാനവദുഭയാർത്ഥശൂന്യദ്രവിണാൻ ജീവന്മൃതാൻ സ്വയം ജീവന്മ്രിയമാണ ഉപധാവതി. 12

ഏകദാസത്പ്രസങ്ഗാന്നികൃതമതിർവ്യുദകസ്രോതഃസ്ഖലനവത് ഉഭയതോ/പി ദുഃഖദം പാഖണ്ഡമഭിയാതി. 13

യദാ തു പരബാധയാന്ധ ആത്മനേ നോപനമതി തദാ ഹി പിതൃപുത്രബർഹിഷ്മതഃ പിതൃപുത്രാൻ വാസ ഖലു ഭക്ഷയതി. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആറിന്ദ്രിയങ്ങളെച്ചോരരെന്നോതുവാൻ
കാരണമെന്തെന്നതും കഥിച്ചീടുവൻ.
ധർമ്മമത്രേ മുഖ്യമാം ധനം മർത്ത്യന്നു;
ധർമ്മമോ, സാക്ഷാൽ ഭഗവദാരാധനം.
ധർമ്മ്യമായിപ്പരമം പുരുഷാർത്ഥമാ-
മമ്മുതൽ കഷ്ടംസഹിച്ചു നേടേണ്ടതാം.
ദർശനസ്പർശനാസ്വാദനാകർണ്ണന-
സൗരഭ്യമാഘ്രാണസങ്കല്പങ്ങളാലയം
ഗ്രാമ്യസുഖം വ്യവസായമിവയ്ക്കേഴും
നമ്മട്ടിലുള്ളോരനുഭവംമൂലമായ്
ചിത്തമടക്കാനശക്തനാം നായക-
നൊത്ത വണിഗ്ഗ്രാശിതൻ മുതലെന്നപോൽ
ആറിന്ദ്രിയങ്ങൾ മനോജയമററുള്ള
പുരുഷൻതൻെറ ധനം ഹരിപ്പു ബലാൽ. 2
ഇപ്പെരുംകാട്ടിൽ കുടുംബികളെന്നു പേർ-
കല്പിച്ചു ഭാര്യാസുതാദികൾക്കെങ്കിലും
കർമ്മങ്ങളാലേ വൃകസൃഗാലാദികൾ
തമ്മോടു സാദൃശ്യമുള്ളവരാണവർ.
ഒട്ടും വ്യയേച്ഛയില്ലാത്ത കുടുംബിയാം
ലുബ്ധൻ ചരതിച്ചുവച്ചുള്ളതാം ധനം
മേഷശിശുവിനെയെന്നകണക്കവൻ
വീക്ഷിച്ചിരിക്കെയവർ പിടുങ്ങുന്നിതേ. 3
ആണ്ടിലും പൂട്ടിവിതയ്ക്കിലും കേടേതു-
മുണ്ടായിടാത്ത വിത്തൊത്ത കൃഷിസ്ഥലം
വീണ്ടും വിതവേളയിൽത്തൃണവല്ലികൾ
കൊണ്ടു മൂടിഗ്ഗൃഹപോലാ,മതിനോടു-
സാമ്യംവഹിച്ചീടുമീ ഗൃഹസ്ഥാശ്രമം
കർമ്മംവിളയും കൃഷിസ്ഥലംതാൻ ദൃഢം.
സ്പഷ്ടം ഗൃഹസ്ഥാശ്രമത്തിൽനിന്നൊട്ടുമേ
വിട്ടുപോകുന്നതില്ലക്കർമ്മവാസന.
കാമത്തെ വച്ചുസൂക്ഷിക്കും കരണ്ഡമാ-
ണീ മഹാഗാർഹസ്ഥ്യമെന്നു ധരിക്കുക. 4
തത്ര ഗതർ കൊതുകീച്ചകളാം നീച-
മർത്ത്യരാലും പാററപക്ഷികളാലുമേ
ചോരരാലും മൂഷികനിരയാലുമീ
ഘോരമാർഗ്ഗത്തിൽ ബഹിഃപ്രാണനാം ധനം
ആഹൃതമായ്ച്ചിലെടത്തുഴന്നജ്ഞാന-
മോഹകാമാസക്തമാനസരായ് സദാ
സ്വന്തം പരിശ്രമം സർവ്വം വ്യർത്ഥമായ്
ഹന്ത! മോഹിച്ചു മനുഷ്യലോകത്തു
ഗന്ധർവ്വലോകമെന്നുള്ള മിഥ്യാദൃഷ്ടി-
പൊന്തിയതിൽ സത്യധീയോടു വാണിടും. 5
തത്ര ചിലെടത്തു കാനൽനീരത്തിനോ-
ടൊത്ത വിഷയങ്ങളാൻമിടയ്ക്കിടെ
അങ്ഗനമാരുമായ് സങ്ഗമിച്ചും മററു-
മെങ്ങുമത്യാർത്തിപിടിച്ചോടിടുന്നിതു. 6
അന്യത്ര വഹ്നിപുരീഷമായ് ദോഷൗഘ-
മന്ദിരമായ് മിനുങ്ങീടും കനകത്തെ
തന്നധീനത്തിലാക്കാൻ കൊതിക്കുന്നിതു
വർണ്ണഗുണങ്ങളാലാകൃഷ്ടചിത്തനായ്,
വഹ്നികാമൻ കൊള്ളിമീനാം പിശാചിനെ-
ച്ചെന്നു പിടിക്കുവാനാഗ്രഹിക്കുംവിധം. 7
പിന്നെച്ചിലപ്പോൾ ധനം, ജല,മാലയ-
മെന്നുതൊട്ടാവശ്യമായ വസ്തുക്കളിൽ
ആസക്തചിത്തനായങ്ങിങ്ങതാരാഞ്ഞു
സംസാരകാനനം തന്നിലലയുന്നു. 8
വാത്യയോടൊക്കും പ്രമദതന്നങ്കത്തി-
ലേററവേയുണ്ടാമനുരാഗവാസ്സിനാൽ
അന്ധസമാനം രജസ്വലനേത്രനായ്
സന്തതം രാജസമാനസനായഹോ!
ദിഗ്ദേവതകളെപ്പോലുമറിയാതെ
ലക്കെന്നിയേ ചിലകാലം നടന്നിടും. 9
വാസ്തവസൗഖ്യം വിഷയങ്ങളിൽനിന്നു
സിദ്ധമ,ല്ലത്തലേകീടുമവയെന്നു
നേരിട്ടനുഭവപ്പെട്ടീടിലും ചില-
നേരം ശരീരാഭിമാനത്തിനാൽ സ്വയം
എല്ലാംമറന്നു മരീചികാപ്രായമാ-
യുള്ള വിഷയങ്ങൾ തേടിയോടുന്നിതേ. 10
ഝില്ലീസ്വനംപോൽപ്പരുഷമായിപ്പര-
മുള്ളംഭ്രമിപ്പിക്കുവാൻ ശക്തിയുള്ളതായ്
ശത്രുനൃപാളി തെളിഞ്ഞുമൊളിഞ്ഞുമുത്-
ക്രുദ്ധരായ്ച്ചൊല്ലും ശകാരവാക്യങ്ങളെ
കേട്ടു കർണ്ണങ്ങളും മാനസവും സമം
പൊട്ടിത്തകർന്നു ചിലപ്പോൾക്കഴിഞ്ഞിടും. 11
എപ്പോഴവൻ നിജജന്മാന്തരപുണ്യ-
സൽഫലമെല്ലാം ഭുജിച്ചിടുമപ്പോഴേ
കാരസ്കരകാകതുണ്ഡാദിയാം പാപ-
ഭൂരുഹവല്ലീനിവഹത്തിനുള്ളതാം
കാകോളനീരം കുടിക്കുംവിധം രണ്ടു-
ലോകങ്ങളിലും പ്രയോജനശൂന്യമായ്
സമ്പത്തുകാത്തിടും ജീവച്ഛവങ്ങളെ
നമ്പുന്നു ജീവന്മൃതനുസമാനനായ്. 12
ഏകദാ ദുർജ്ജനസങ്ഗമത്താലവൻ
ഭൃകാമുകാ! പരംദൂഷിതചിത്തനായ്
നീരററെഴും പുഴക്കുണ്ടിൽ പതിച്ചപോൽ
പാരിടംതന്നിലുമന്യലോകത്തിലും
ദുഃഖദമായിടും പാഖണ്ഡമാം മതം
കൈക്കൊണ്ടവിശ്വാസിയായങ്ങടി-
ഞ്ഞിടും. 13
എന്നെങ്കിലും ശത്രുബാധനിമിത്തമാ-
യന്നം ലഭിക്കാതിരിക്കുകിലന്നവൻ
മാതാപിതാക്കൾക്കുടയ നിസ്സാരമാം
സാധനത്തേയും ചിലപ്പോളവരെയും
ഭക്ഷിച്ചിടുന്നു മടിയെന്നിയേയാശു-
ശുക്ഷണി ദർഭയാം പുല്ലിനെയെന്നപോൽ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്വചിദാസാദ്യ ഗൃഹം ദാവവത് പ്രിയാർത്ഥവിധുരമസുഖോ-
ദർക്കം ശോകാഗ്നിനാ ദഹ്യമാനോ ഭൃശം നിർവേദമുപഗച്ഛതി. 15

ക്വചിത്കാലവിഷമിതരാജകുലരക്ഷസാപഹൃതപ്രിയതമ-
ധനാസുഃ പ്രമൃതക ഇവ വിഗതജീവലക്ഷണ ആസ്തേ. 16

കദാചിന്മനോരഥോപഗതപിതൃപിതാമഹാദ്യസത്സദിതി
സ്വപ്നനിർവൃതിലക്ഷണമനുഭവതി. 17

ക്വചിദ് ഗൃഹാശ്രമകർമ്മചോദനാതിഭരഗിരിമാരുരുക്ഷമാ-
ണോ ലോകവ്യസനകർഷിതമനാഃ കണ്ടകശർക്കരാക്ഷേത്രം പ്ര-
വിശന്നിവ സീദതി. 18

ക്വചിച്ച ദുഃസഹേന കായാഭ്യന്തരവഹ്നിനാ ഗൃഹീതസാരഃ
സ്വകുടുംബായ ക്രുധ്യതി. 19

സ ഏവ പുനർന്നിദ്രാജഗരഗൃഹീതോഽന്ധേ തമസി മഗ്നഃ
ശൂന്യാരണ്യ ഇവ ശേതേ നാന്യത് കിഞ്ചന വേദ ശവ ഇവാ-
പവിദ്ധഃ. 20

കദാചിദ് ഭഗ്നമാനദംഷ്ട്രോ ദുർജ്ജനദന്ദശൂകൈരലബ്ധനിദ്രാ-
ക്ഷണോ വ്യഥിതഹൃദയേനാനുക്ഷീയമാണവിജ്ഞാനോഽന്ധ-
കൂപേഽന്ധവത് പതതി. 21

കർഹി സ്മ ചിത്കാമമധുലവാൻ വിചിന്വൻ യദാ പര-
ദാരപരദ്രവ്യാണ്യവരുന്ധാനോ രാജ്ഞാ സ്വാമിഭിർവ്വാ നിഹ-
തഃ പതത്യപാരേ നിരയേ. 22

അഥ ച തസ്മാദുഭയഥാപി ഹി കർമ്മാസ്മിന്നാത്മനഃ സംസാ-
രാവപനമുദാഹരന്തി. 23

മുക്തസ്തതോ യദി ബന്ധാദ്ദേവദത്ത ഉപാച്ഛിനത്തി തസ്മാദ-
പി വിഷ്ണുമിത്ര ഇത്യനവസ്ഥിതിഃ. 24

ക്വചിച്ച ശീതവാതാദ്യനേകാധിദൈവികഭൗതികാത്മീയാ-
നാം ദശാനാം പ്രതിനിവാരണേഽകല്പോ ദുരന്തചിന്തയാ വിഷ
ണ്ണ ആസ്തേ. 25

ക്വചിന്മിഥോ വ്യവഹരൻ യത്കിഞ്ചിദ്ധനമന്യേഭ്യോ വാ
കാകിണികാമാത്രമപ്യപഹരൻ യത്കിഞ്ചിദ്വാ വിദ്വേഷ-
മേതി വിത്തശാഠ്യാത്. 26

അധ്വന്യമുഷ്മിന്നിമ ഉപസർഗ്ഗാസ്തഥാ സുഖദുഃഖരാഗദ്വേഷ-
ഭയാഭിമാന പ്രമാദോന്മാദശോകമോഹലോഭമാത്സര്യേർഷ്യാവ-
മാനക്ഷുത്പിപാസാധിവ്യാധിജന്മജരാമരണാദയഃ. 27

ക്വാപി ദേവമായയാ സ്ത്രിയാ ഭുജലതോപഗൂഢഃ പ്രസ്കന്ന-
വിവേകവിജ്ഞാനോ യദ്വിഹാരഗൃഹാരംഭാകുലഹൃദയസ്തദാ-
ശ്രയാവസക്തസുതദുഹിതൃകളത്രഭാഷിതാവലോകവിചേഷ്ടി-
താപഹൃതഹൃദയ ആത്മാനമജിതാത്മാപാരേഽന്ധേ തമസി പ്ര-
ഹിണോതി. 28

കദാചിദീശ്വരസ്യ ഭഗവതോ വിഷ്ണോശ്ചക്രാത് പരമാ-
ണ്വാദിദ്വിപരാർദ്ധാപവർഗ്ഗകാലോപലക്ഷണാത് പരിവർത്തി-
തേന വയസാ രംഹസാ ഹരത ആബ്രഹ്മതൃണസ്തംബാദീനാം
ഭൂതാനാമനിമിഷതോ മിഷതാം വിത്രസ്തഹൃദയസ്തമേവേശ്വരം
കാലചക്രനിജായുധം സാക്ഷാദ്ഭഗവന്തം യജ്ഞപുരുഷമനാ-
ദൃത്യ പാഖണ്ഡദേവതാഃ കങ്കഗൃധ്രബകവടപ്രായാ ആര്യസമ-
യപരിഹൃതാഃ സാങ്കേത്യേനാഭിധത്തേ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെച്ചിലപ്പോഴം ഗൃഹംഗമിച്ചിഷ്ടാർത്ഥ–
മൊന്നുമില്ലായ്കയാൽ കാട്ടുതീക്കൊപ്പമാം
ദുഃഖാഗ്നിയാൽ ദഹ്യമാനനായിട്ടവൻ
കൈക്കൊണ്ടിടുന്നു വിരക്തിയന്ത്യം നൃപാ! 15
കാലംനിമിത്തം വിഷമത്തിലാം ചില–
കാലം നൃപവംശമായിടും രാക്ഷസൻ
ഇഷ്ടമേറും ധനപ്രാണങ്ങളേ ഹരി–
ച്ചിട്ടു നഷ്ടാസുവിൻമട്ടിലായ്ത്തീർന്നിടും. 16
ഉററപിതാമഹതാതാദിയെപ്പററി
മററുചിലപ്പോഴം മനോരഥമഗ്നനായ്
പേർത്തുമസദ്വസ്തു, സദ്വസ്തുവെന്നുതാ–
നോർത്തുകമേ സ്വപ്നനിർവൃതിയാർന്നിടും. 17
പിന്നെച്ചിലപ്പോഴം ഗൃഹാശ്രമകർമ്മത്തെ–
യുന്നി നിതാന്തം ശ്രുതിനിയമങ്ങളാം
ഭാരമേറീടും ഗിരി കടന്നീടുവാൻ
പാരമാശിച്ചു, ലോകക്ലേശമോക്കയാൽ
ക്ലിഷ്ടമനസ്കനായ് കണ്ടകശർക്കരാ–
വിഷ്ടസ്ഥലഗതന്മട്ടു തളർന്നിടും. 18
പിന്നെച്ചിലപ്പോഴം ജ്വലജ്ജഠരാഗ്നിയാൽ
തന്നുടെ ശക്തിയശേഷം നശിച്ചവൻ
ക്രുദ്ധനായ് സ്വന്തം പ്രണയിനിതന്നെയും
പുത്രരെയും പരം ഭർത്സിച്ചിടുന്നിതേ. 19
നിദ്രയായീടും പെരുമ്പാമ്പിനാലവൻ
ഗ്രസ്തനായ് ഗാഢാന്ധകാരനിമഗ്നനായ്
ശൂന്യമാം കാട്ടിലുപേക്ഷിച്ചതാം ശവ–
മെന്നപോലങ്ങു ചിലപ്പോഴം കിടന്നിടും. 20
ദുഷ്ടജനങ്ങളാം ദന്ദശൂകങ്ങളാൽ
ദഷ്ടനായ്ത്തന്നഭിമാനമാം ദംഷ്ടകം
അററു ചെററും നിദ്രയെന്യേ ചുഴന്നഴ–
ലേററമിയന്നു ശാസ്ത്രജ്ഞാനഹീനനായ്
വെള്ളമില്ലാത്ത കിണററിലൊരന്ധനു–
തുല്യമായ് മററുചിലപ്പോഴം
പതിച്ചുപോം. 21
കർമ്മവശനായപരന്റെ വിത്തവും
പെണ്മണിയേയും കരസ്ഥമാക്കീടുവാൻ
കാമിച്ചു യത്നം തുടങ്ങവേയങ്ങു തത്–
സ്വാമിയോ ഭൂപനോ ദണ്ഡമേല്പിച്ചിടും.
ആയതു കൂടാതപാരനരകത്തി–
ലായതകാലം കിടന്നു ദുഃഖിച്ചിടും. 22
എന്നതിനാലിസ്സരണിയിൽസ്സഞ്ചരി–
ക്കുന്നവൻതന്നുടെയേതൊരുകർമ്മവും
രണ്ടുലോകത്തും ജനിമൃതിസങ്കട–
മുണ്ടാക്കുവാനുള്ള വിത്തെന്നു വിശ്രുതം. 23
സാമർത്ഥ്യമൂലമോ മററുവിധത്തിലോ
കാമവസ്തുക്കൾ കരസ്ഥമായീടിലും

ദേവദത്തൻ കൈയടക്കമവനൊടു–
മാവിഷ്ടദത്തനപഹരിക്കുന്നിതു. 24
ശീതവാതാദ്യങ്ങളായാധിദൈവിക–
ഭൗതികാദ്ധ്യാത്മികപീഡകളാകവേ
വെല്ലാനസമർത്ഥനായതിൻ മാർഗ്ഗങ്ങ–
ളെല്ലാം നിനച്ചു ചിലപ്പോഴം വിഷണ്ണനാം. 25
വല്പതും തുച്ഛമാംവസ്തു പരസ്പരം
കൊള്ളൽകൊടുക്കൽ നടത്തുമ്പൊഴുതൊരാം
തെല്ലതിൽനിന്നും ഹരിക്കുംമുതലതു
ചൊല്ലിക്കലഹിച്ചു വൈരം വളർന്നിടും. 26
ഈവഴിക്കേവം വിപത്തുകളേറെയു–
ണ്ടാവിധമന്യങ്ങളായ ദോഷങ്ങളും
ദ്വേഷരാഗാഭിമാനങ്ങൾ, സുഖം, ദുഃഖ–
മീർഷ്യ,യുന്മാദം, പ്രമാദലോഭങ്ങളും,
മോഹമാത്സര്യഭയാപമാനങ്ങളും,
ദാഹം, വിശപ്പതും, വ്യാധിയു,മാധിയും
ജന്മജരാമരണാദിയുമൊക്കെയി–
ക്കർമ്മമാർഗ്ഗസ്ഥരനുഭവിക്കേണ്ടതാം. 27
മായാകൃതിയെഴും നാരീമണിതന്റെ–
യായതമാം മൃദുബാഹുലതകളാൽ
ആലിംഗിതനായ്പഠിപ്പും വിവേകവും
ചീളെന്നു നഷ്ടമായെന്നുമാസ്ത്രീയമായ്
മേളിച്ചിരിക്കുവാൻ പത്തനനിർമ്മാണ–
ജോലിയിൽ പെട്ടു ചിലവേളയാർത്തനായ്
മച്ചുണ്ണി, തരുണൻ, പുത്രിയിവർക്കുള്ള
വാക്കു, വിലോകനം കൃത്യമിത്യാദിയാൽ
പേർത്തുമപഹൃതഹൃത്തായ് നരകത്തി–
ലാഴ്ത്തുന്നിതാത്മാവിനെയജിതേന്ദ്രിയൻ. 28
ജ്ഞാനാദിസദ്ഗുണപൂർണ്ണനായ് സർവ്വം
താനേ നടത്തുവാൻ ശക്തനായ് വിഷ്ണുവായ്
ഭാനിച്ചിടുമേതുദേവന്റെയാംപര–
മാണുപരാർദ്ധദ്വയാന്തോപചിഹ്നമാം
കാലചക്രത്തിൻഭ്രമണവേഗത്തിനാൽ
ബാല്യതാരുണ്യവാർദ്ധക്യദശകളിൽ
ധാതാവുതൊട്ടു തൃണാന്തമാളും സർവ്വ–
ഭൂതസമൂഹവും നഷ്ടമാകുന്നുവോ,
എപ്പൊഴും നിന്നിമേഷാക്ഷനായ് മിന്നിടു–
മബ്ഭഗവാനിലൊരാദരവററവൻ,
ചുററുമക്കാലചക്രത്തെബ്ഭയപ്പെട്ടു
കൊററി, കാകൻ, കഴുവെന്നിവയ്ക്കൊപ്പമാം–
പാഖണ്ഡസങ്കല്പദേവതാവൃന്ദത്തെ
ഹ! കഷ്ടമാശ്രയിപ്പൂ ചിലപ്പോഴം വൃഥാ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദാ പാഖണ്ഡിഭിരാത്മവഞ്ചിതൈസ്തൈരുരുവഞ്ചിതോ ബ്രഹ്മകുലം സമാവസംസ്തേഷാം ശീലമുപനയനാദിശ്രൗതസ്മാർത്തകർമ്മാനുഷ്ഠാനേന ഭഗവതോ യജ്ഞപുരുഷസ്യാരാധനമേവ തദരോചയൻ ശൂദ്രകുലം ഭജതേ നിഗമാചാരേഽശുദ്ധിതോ യസ്യ മിഥുനീഭാവഃ കുടുംബഭരണം യഥാ വാനരജാതേഃ. 30

തത്രാപി നിരവരോധഃ സ്വൈരേണ വിഹരന്നതികൃപണബുദ്ധിരന്യോന്യമുഖനിരീക്ഷണാദിനാ ഗ്രാമ്യകർമ്മണൈവ വിസ്മൃതകാലാവധിഃ. 31

ക്വചിദ് ദ്രുമവദൈഹികാർത്ഥേഷു ഗൃഹേഷു രംസ്യൻ യഥാ വാനരഃ സുതദാരവത്സലോ വ്യവായക്ഷണഃ. 32

ഏവമധ്വന്യവരുന്ധാനോ മൃത്യുഗജഭയാത്തമസി ഗിരികന്ദരപ്രായേ. 33

ക്വചിച്ഛീതവാതാദ്യനേകദൈവികഭൗതികാത്മീയാനാം ദുഃഖാനാം പ്രതിനിവാരണേഽകല്പോ ദുരന്തവിഷയവിഷണ്ണ ആസ്തേ. 34

ക്വചിന്മിഥോ വ്യവഹരൻ യത് കിഞ്ചിദ്ധനമുപയാതി വിത്തശാഠ്യേന. 35

ക്വചിത് ക്ഷീണധനഃ ശയ്യാസനാശനാദ്യുപഭോഗവിഹീനോ യാവദപ്രതിലബ്ധമനോരഥോപഗതാദാനേഽവസിതമതിസ്തതസ്തതോഽവമാനാദീനി ജനാദഭിലഭതേ. 36

ഏവം വിത്തവ്യതിഷങ്ഗവിവൃദ്ധവൈരാനുബന്ധോഽപി പൂർവ്വവാസനയാ മിഥ ഉദ്വഹത്യഥാപവഹതി. 37

ഏതസ്മിൻ സംസാരാധ്വനി നാനാക്ലേശോപസർഗ്ഗബാധിത ആപന്നവിപന്നോ യത്ര യസ്തമു ഹ വാവേതരസ്തത്ര വിസൃജ്യ ജാതം ജാതമുപാദായ ശോചന്മുഹ്യൻ ബിഭ്യദ്വിവദൻ ക്രന്ദൻ സംഹൃഷ്യൻ ഗായന്നഹ്യമാനഃ സാധുവർജ്ജിതോ നൈവാവർത്തതേഽദ്യാപി യത ആരബ്ധ ഏഷ നരലോകസാർത്ഥോ യമധ്വനഃ പാരമുപദിശന്തി. 38

യദിദം യോഗാനുശാസനം ന വാ ഏതദവരുന്ധതേ യന്ന്യസ്തദണ്ഡാ മുനയ ഉപശമശീലാ ഉപരതാത്മാനഃ സമവഗച്ഛന്തി. 39

യദപി ദിഗിഭജയിനോ യജ്വിനോ യേ വൈ രാജർഷയഃ കിം തു പരം മൃധേ ശയീരന്നസ്യാമേവ മമേയമിതി കൃതവൈരാനുബന്ധായാം വിസൃജ്യ സ്വയമുപസംഹൃതാഃ. 40

കർമ്മവല്ലീമവലംബ്യ തത ആപദഃ കഥഞ്ചിന്നരകാദ്വിമുക്തഃ പുനരപ്യേവം സംസാരാധ്വനി വർത്തമാനോ നരലോകസാർത്ഥമുപയാതി ഏവമുപരി ഗതോഽപി. 41

തസ്യേദമുപഗായന്തി:

ആർഷഭസ്യേഹ രാജർഷേർമ്മനസാപി മഹാത്മനഃ
നാനുവർത്മാർഹതി നൃപോ മക്ഷികേവ ഗരുത്മതഃ. 42

യോ ദുസ്ത്യജാന്ദാരസുതാൻ സുഹൃദ്രാജ്യം ഹൃദിസ്പൃശഃ
ജഹൗ യുവൈവ മലവദുത്തമശ്ലോകലാലസഃ. 43

യോ ദുസ്ത്യജാൻ ക്ഷിതിസുതസ്വജനാർത്ഥദാരാൻ
പ്രാർത്ഥ്യാം ശ്രിയം സുരവരൈഃ സദയാവലോകാം.
നൈച്ഛന്നൃപസ്തദുചിതം മഹതാം മധുദ്വിട്-
സേവാനുരക്തമനസാമഭവോഽപി ഫല്ഗുഃ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വഞ്ചിതാത്മാക്കളാം പാഖണ്ഡരാൽപരം
വഞ്ചിതനായിബ്ഭവിച്ചിടുമ്പോളവൻ
ഭൂസുരവംശത്തെയാശ്രയിക്കുന്നിതു
ലേശവും സംസ്കാരമില്ലാസ്സമൂലമായ്
ശ്രൗതവും സ്മാർത്തവുമാകുമുപനയ-
നാദികർമ്മങ്ങളാൽ യജ്ഞഫലംതരും
ദേവനെയാരാധനംചെയ്വതാം തത്സ്വ-
ഭാവം രുചിക്കാതെ വാനരജാതിപോൽ
ചാലവേ സ്ത്രീസങ്ഗവും ഗേഹരക്ഷയും
ശീലിച്ചു ശൂദ്രസംഘത്തെബ്ഭജിച്ചിടും. 30
ശൂദ്രസംഘത്തിലും സ്വേച്ഛാനുസാരമായ്
ശാസ്ത്രമര്യാദയതിക്രമിച്ചെപ്പൊഴും
പാരം വിഷയാശപൂണ്ടു പരസ്പര-
മോരോ കളികളാൽക്കാലം കളഞ്ഞഹോ!
കാന്താമുഖം പാർത്തു പാരം രസിച്ചുകൊ-
ണ്ടന്ത്യകാലത്തെ സ്മരിക്കാതിരുന്നിടും. 31
നശ്യമാമൈഹികഭോഗ്യഗേഹങ്ങളിൽ
രംസ്യനായ് വൃക്ഷങ്ങളിൽ വാനരംവിധം
ഭാര്യാസുതാദിയിൽ വാത്സല്യമേറിയ-
മ്മാരലീലാസുഖമഗ്നനാകുന്നിതേ. 32
ഇത്ഥമചലഗുഹകളിലെന്നപോൽ
മുറ്റും തമോപൂർണ്ണമാം കർമ്മപദ്ധതി
നിത്യമനുസരിക്കുന്നവനായ് മൃത്യു-
ഹസ്തിഭയത്താൽ ചിലപ്പോൾ വിറച്ചിടും. 33
കാററു,തണുപ്പു,കൊടുംവെയിലീവിധ-
മററമില്ലാതെ പലതരമുള്ളതാം
ദൈവികഭൗതികാത്മീയസംപീഡകം
കൈവന്നിടുന്നതൊഴിക്കാനശക്തനായ്
അന്തവിഹീനവിഷയനിമഗ്നനായ്
സന്തോഷമെന്യേ ചിലപ്പോഴിരുന്നിടും. 34
പിന്നെപ്പരസ്പരവ്യാപാരവേളയി-
ലന്യധനം കയ്യിലാക്കാൻ ശഠിക്കയാൽ
അല്പം മുതൽ ചിലപ്പോൾ കയ്യിലായിടും
നിർഭരക്ലേശകരപാപവൃത്തിയാൽ. 35
സമ്പത്തൊടുങ്ങികിടക്കാനിരിക്കുവാൻ
തൻ പയ്യടക്കുവാനും വഴിയെന്നിയേ
ഉന്നിയതൊന്നും ലഭിക്കാതെ കൈവന്ന-
തന്യായമായടക്കുവാനായ്ത്തന്നെ
തന്നുടെയുള്ളിലുറപ്പിച്ചു ലോകരാൽ
നിന്ദിതനായ്ഭവിപ്പൂ ചിലവേളയിൽ. 36
അങ്ങഥ സമ്പത്തുമൂലം പകയന്ത-
രംഗത്തിൽ വേരുറച്ചുള്ളവർതമ്മിലും
കർമ്മബന്ധത്താൽ വിവാഹത്തിലേപ്പെട്ടു-
മമ്മാത്രയിൽത്താൻ പിരികയുംചെയ്തിടും. 37
ഇങ്ങനെയിബ്ഭവാരണ്യസരണിയിൽ
തങ്ങി നാനാവിപത്തിന്നു വിധേയരായ്
അങ്ങങ്ങു വീഴുന്നവരെയതാതിട-
ത്തങ്ങുടൻ തള്ളിയന്നന്നു ജനിച്ചിടും
അങ്ഗങ്ങളെ സ്വീകരിച്ചീനരവണിക്-
സംഘം ദിനംപ്രതി ദുഃഖിച്ചു മോഹിച്ചു
പേടിച്ചു വാദിച്ചു കേണു സന്തോഷിച്ചു
പാടിസ്സുജനനിഷിദ്ധമായ് ബദ്ധമായ്
നേരേ പുറപ്പെട്ടതെങ്ങുനിന്നോ പിന്നെ-
യാരെയീയദ്ധ്വാവിനന്തമായ്ച്ചൊല്ലുമോ
അസ്ഥലത്തപ്പരംപുരുഷൻതന്നടു-
ത്തെത്തുന്നതില്ലിതിലാരുമേയിപ്പൊഴും. 38
ഭക്തിമാർഗ്ഗത്തെയനുസരിക്കാതെഴും
വ്യക്തികൾക്കീശനപ്രത്യക്ഷനെപ്പൊഴും
ശാന്തിശീലിച്ചീശതത്ത്വം നിരന്തരം
ചിന്തിച്ചഹിംസാവ്രതനിഷ്ഠരായ് പരം
ഇന്ദ്രിയസംയമം സാധിച്ച മാമുനി-
വൃന്ദം ഭഗവാനെ നന്നായറിയുന്നു. 39
ദിക്കരീന്ദ്രന്മാരെ വെന്നസംഖ്യം മഖം
നിഷ്കൃഷ്ടമായനുഷ്ഠിച്ച രാജർഷികൾ
സന്തരണംചെയ്വതില്ലിസ്സരണിയെ
സന്തതം ഭുവിൽ മമത്വം വളർന്നവർ
തമ്മിൽപ്പിണങ്ങിപ്പകവാച്ചടരാടി-
യിമ്മന്നിടത്തിൽ മരിച്ചുവീഴുന്നിതു. 40
കർമ്മലതാശ്രയത്താലാവിപത്തിലോ
ചെമ്മേ നരകത്തിലോനിന്നൊരുവിധം
മുക്തനായാലുമെത്തുന്നു വീണ്ടും ഭവ-
മാർഗ്ഗത്തിലീ നരലോകത്തിലായവൻ.
എന്നുമേ സൗഖ്യമായ് വാണീടുവാനുന്നി
വിണ്ണേറിയോൻതൻ ഗതിയുമീവണ്ണമാം. 41
അബ്ഭരതൻതൻെറ കീർത്തിയെയിങ്ങനെ
നിർഭരം കീർത്തിച്ചിടുന്നു പണ്ടുള്ളവർ. 42
''രാജർഷിയും മഹാത്മാവുമാമാഷഭ-
രാജൻെറ മാർഗ്ഗമിതരഭൂപാലനു
ഗാരുഡപന്ഥാവു മക്ഷികയ്ക്കെന്നപോ-
ലോരുവാൻപോലും കഴിവതല്ലൊട്ടുമേ. 43
ആരൊരുവൻ യൗവനത്തിലേ ദുസ്ത്യജ-
ഭാര്യാസുഹൃത്സുതരേയും ധരയെയും
ഉത്തമശ്ലോകപ്രിയത്താ,ലശുദ്ധമാം
വസ്തുക്കളെയെന്നപോലുപേക്ഷിച്ചുവോ,
ആരാലുമങ്ങുപേക്ഷിപ്പാൻ പ്രയാസമാം
ഭാര്യാസുതധനഭൂബാന്ധവാദിയും
വിണ്ണവർപോലും കൊതിക്കുവാനർഹയായ്
പൂർണ്ണദയാദൃഷ്ടിചേർന്ന വിഭൂതിയും
ഏതുമാ രാജാവു കാമിച്ചതില്ലനു-
മോദനീയംതാനതു നിനച്ചീടുകിൽ,
സംസാരദുഃഖം നശിപ്പിച്ചിടുന്നതാം
കംസാരിപാദപദ്മം ഭജിച്ചീടുവാൻ
ഇച്ഛിച്ചിടും ശുദ്ധഭക്തജനാവലി
തുച്ഛമായിഗ്ഗണിക്കുന്ന മോക്ഷത്തെയും. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞായ ധർമ്മപതയേ വിധിനൈപുണായ
യോഗായ സാംഖ്യശിരസേ പ്രകൃതീശ്വരായ.
നാരായണായ ഹരയേ നമ ഇത്യുദാരം
ഹാസ്യൻ മൃഗത്വമപി യഃ സമുദാജഹാര. 45

യ ഇദം ഭാഗവതസഭാജിതാവദാതഗുണകർമ്മണോ രാജർഷേർഭരതസ്യാനുചരിതം സ്വസ്ത്യയനമായുഷ്യം ധന്യം യശസ്യം സ്വർഗ്ഗ്യാപവർഗ്ഗ്യം വാനുശൃണോത്യാഖ്യാസ്യത്യഭിനന്ദതി ച സർവ്വാ ഏവാശിഷ ആത്മന ആശാസ്തേ ന കാഞ്ചന പരത ഇതി. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭരതോപാഖ്യാനേ പാരോക്ഷ്യവിവരണം നാമ ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

ശ്രീശുക ഉവാച

ഭരതസ്യാത്മജഃ സുമതിർന്നാമാഭിഹിതോ യമു ഹ വാവ കേചിത് പാഖണ്ഡിന ഋഷഭപദവീമനുവർത്തമാനം ചാനാര്യാ അവേദസമാമ്നാതാം ദേവതാം സ്വമനീഷയാ പാപീയസ്യാ കലൗ കല്പയിഷ്യന്തി. 1

തസ്മാദ് വൃദ്ധസേനായാം ദേവതാജിന്നാമ പുത്രോഽഭവത്. 2

അഥാസുര്യാം തത്തനയോ ദേവദ്യുമ്നസ്തതോ ധേനുമത്യാം സുതഃ പരമേഷ്ഠീ തസ്യ സുവർച്ചലായാം പ്രതീഹ ഉപജാതഃ. 3

യ ആത്മവിദ്യാമാഖ്യായ സ്വയം സംശുദ്ധോ മഹാപുരുഷമനുസസ്മാര. 4

പ്രതീഹാത്സുവർച്ചലായാം പ്രതിഹർത്രാദയസ്ത്രയ ആസന്നിജ്യാകോവിദാഃ സൂനവഃ പ്രതിഹർത്തുഃ സ്തുത്യാമജഭൂമാനാവജനിഷാതാം. 5

ഭൂമ്ന ഋഷികുല്യായാമുദ്ഗീഥസ്തതഃ പ്രസ്താവോ ദേവകുല്യായാം പ്രസ്താവാന്നിയുത്സായാം ഹൃദയജ ആസീദ്വിഭുർവിഭോ രത്യാം ച പൃഥുഷേണസ്തസ്മാന്നക്ത ആകൂത്യാം ജജ്ഞേ. നക്താദ് ദ്രുതിപുത്രോ ഗയോ രാജർഷിപ്രവര ഉദാരശ്രവാ അജായത. സാക്ഷാദ്ഭഗവതോ വിഷ്ണോർജ്ജഗദ്രിരക്ഷിഷയാ ഗൃഹീതസത്ത്വസ്യ കലാഽഽത്മവത്ത്വാദിലക്ഷണേന മഹാപുരുഷതാം പ്രാപ്തഃ. 6

സ വൈ സ്വധർമ്മേണ പ്രജാപാലനപോഷണപ്രീണനോപലാളനാനുശാസനലക്ഷണേനേജ്യാദിനാ ച ഭഗവതി മഹാപുരുഷേ പരാവരേ ബ്രഹ്മണി സർവ്വാത്മനാർപ്പിതപരമാർത്ഥലക്ഷണേന ബ്രഹ്മവിച്ചരണാനുസേവയാഽഽപാദിതഭഗവദ്ഭക്തിയോഗേന ചാഭീക്ഷ്ണശഃ പരിഭാവിതാതിശുദ്ധമതിരുപരതാനാത്മ്യ ആത്മനി സ്വയമുപലഭ്യമാന ബ്രഹ്മാത്മാനുഭവോഽപി നിരഭിമാന ഏവാവനിമജൂഗുപത്. 7

തസ്യേമാം ഗാഥാം പാണ്ഡവേയ പുരാവിദ ഉപഗായന്തി. 8

ഗയം നൃപഃ കഃ പ്രതിയാതി കർമ്മഭി-
ര്യജ്വാഭിമാനീ ബഹുവിദ്ധർമ്മഗോപ്താ
സമാഗതശ്രീഃ സദസസ്പതിഃ സതാം
സത്സേവകോഽന്യോ ഭഗവത്കലാമൃതേ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'യാഗസ്വരൂപനായ് ധർമ്മാകൃതിയായി
യോഗസംപ്രാപ്യനായ് സാംഖ്യവിശിഷ്ടനായ്

ധർമ്മപ്രചോദകനായി പ്രകൃതിയെ
നന്മട്ടിലെന്നും നിയന്ത്രിച്ചു മിന്നിടും

നാരായണനനാം ഹരിക്കായി ഞാനിതാ
നേരേ നമസ്കരിക്കുന്നു നിഷ്കല്മഷം'

എന്നിങ്ങനെ മൃഗദേഹം വെടിഞ്ഞിട്ടു–
മന്നുദാരമായ് ചൊല്ലിനാനിമ്മഹാൻ.'' 45

ഏതവൻ ഭക്തവൃന്ദാദൃതമായ്പ്പരി–
പൂതകർമ്മാഢ്യമായ് മംഗലധാമമായ്

സമ്പത്തു സൽക്കീർത്തി ദീർഘമാമായുസ്സു–
മൻപോടു നാകവും മോക്ഷവുമേകുവാൻ

ശക്തമാമീബ്ഭരതർഷീന്ദ്രസൽക്കഥ–
യാത്താദരം സദാ കേൾക്കയും ചൊൽകയും

നന്ദിക്കയും ചെയ്യുമപ്പുമാനീശനിൽ–
നിന്നു സർവ്വാശിസ്സുമാശു ലഭിച്ചിടും.

എന്നാകയാലവനാഗ്രഹിക്കുന്നതി–
ല്ലന്യനിൽനിന്നുമൊന്നുംതന്നെ മന്നവാ! 46

അദ്ധ്യായം 15

ഭരതവംശവർണ്ണനം

ശ്രീശുകൻ പറഞ്ഞു

പിന്നെബ്ഭരതാത്മജാതൻ സുമതിയാം
മന്നനൃഷഭമാർഗ്ഗത്തെയിയന്നതായ്

പാഷണ്ഡികൾ കേട്ടു തത്പാപബുദ്ധിയാ–
ലീഷലററമ്മഹാനെക്കലികാലത്തിൽ

വേദവിധിക്കു വിപരീതമായൊരു–
മാതിരി ദേവതയെന്നു കല്പിച്ചിടും. 1

വൃദ്ധസേനാഖ്യയാം പത്നിയിൽ ദേവതാ–
ജിത്തെന്നുളവായ് സുമതിക്കൊരാത്മജൻ. 2

പിന്നെയവന്നാസുരിയിൽ ദേവദ്യുമ്ന–
നെന്നു,മവന്നഥ ധേനുമത്യാഖ്യയാം

പ്രേഷ്ഠതന്നിൽ പരമേഷ്ഠിയെന്നും, പര–
മേഷ്ഠിക്കു തൻെറ സുവർച്ചലാകാന്തയിൽ

പിന്നെ പ്രതീഹനെന്നും പേരിയന്നിടും
നന്ദനരോരോന്നുളവായിവന്നിതു. 3

ശുദ്ധനാകും 'പ്രതീഹ'ൻ ജനങ്ങൾക്കാത്മ–
വിദ്യയരുളി ഹരിധ്യാനനിഷ്ഠനായ്. 4

ധന്യസുവർച്ചലയിൽ പ്രതിഹർത്താവു
പിന്നെ പ്രസ്തോതാവുദ്ഗാതാവിങ്ങനെ

മൂന്നു പുത്രന്മാരവനുളവായിതേ
മൂന്നുപേരും യജ്ഞകോവിദന്മാരവർ.

സ്തുത്യാഖ്യയിൽ പ്രതിഹർത്താവിനുണ്ടായി
പുത്രദ്വയമജൻ ഭൂമാവുമിങ്ങനെ. 5

പിന്നൃഷികല്യയിൽ ഭൂമാവിനുദ്ഗീഥ–
നെന്നോ,നവന്നഥ ദേവകല്യാഖ്യയിൽ

പ്രസ്താവനും തീ,ന്നവന്നു നിയുത്സയിൽ
പുത്രൻ ഹൃദയജനാം വിഭുതാനുമേ

ഭാര്യരതിയിൽ പ്രതിഷേണനുണ്ടാ,യി–
താര്യയാമാകൂതിയിൽ പ്രതിഷേണനു

നക്തനും, ദ്രുത്യാഖ്യജായയിൽ നക്തനു–
വിഖ്യാതനായ 'ഗയ'നും ജനിച്ചിതു

സൽക്കീർത്തനീയനും രാജർഷിമാരിൽവ–
ച്ചുൽകൃഷ്ടനമായിരുന്നു ഗയൻ പരം.

ലോകരക്ഷേച്ഛയാൽ സത്ത്വഗുണമാന്റ
വൈകുണ്ഠവാസിതന്നംശാവതാരമാം

ഇട്ടിവ്യനാത്മവത്വാദിലിങ്ഗങ്ങളാ–
ലെത്തീ മഹാപുരുഷൻതൻ പദവിയിൽ. 6

ധർമ്മാനുസാരമദ്ദേഹം പ്രജാളിതൻ
ശർമ്മ,മഭിവൃദ്ധി, ലാളനം, പ്രീണനം

ശിക്ഷണ,മാനന്ദനമിപ്രകാരമാം
ലക്ഷണംകൊണ്ടുമിജ്യാദിയാലും സ്വയം

സർവ്വാത്മകൻ ഭഗവാൻ പുരുഷോത്തമൻ
സർവ്വശക്തൻ പരബ്രഹ്മസ്വരൂപനിൽ

സർവ്വാത്മഭാവസമർപ്പണം മൂലവും
സർവ്വദാ ബ്രഹ്മജ്ഞപാദാർച്ചയാലുമേ

സമ്പാദിതമാം ഹരിഭക്തികാരണം
സംഭൃതസംസ്മരണത്താൽ വിശുദ്ധമാം

ബുദ്ധികലന്നിട്ടനാത്മവസ്തുക്കളിൽ
ചെററാശയെന്നിയേ ബ്രഹ്മസാക്ഷാൽകൃതി

സിദ്ധിക്കിലുമഭിമാനവിഹീനനായ്
പൃഥ്വിയെ നല്ലപോൽ പാലിച്ചിരുന്നിതു. 7

കീർത്തിച്ചിടുന്നു ഗയഗാഥയെപ്പുരാ–
വിത്തുകളേവം പരീക്ഷിത്ക്ഷമാപതേ! 8

യാഗാദികർമ്മങ്ങൾ നേരേ നടത്തിയും
ലോകബഹുമതിയാർജ്ജിച്ചുമേററവും

ധർമ്മസംരക്ഷണംചെയ്തും സമസ്തവും
നന്മട്ടറിഞ്ഞും വിഭൂതികൾ നേടിയും

സത്സഭാദ്ധ്യക്ഷനായും വിളങ്ങീടിലും
ചിത്സ്വരൂപാംശകലാഭൃതനെന്നിയേ

അന്യനാമേതവൻ കർമ്മങ്ങളാൽ ഗയ–
മന്നവനോടെതിരില്ലുവാനൂഴിയിൽ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യമഭ്യഷിഞ്ചൻ പരയാ മുദാ സതീ
സത്യാശിഷോ ദക്ഷകന്യാഃ സരിദ്ഭിഃ
യസ്യ പ്രജാനാം ദുദുഹേ ധരാഽഽശിഷോ
നിരാശിഷോ ഗുണവത്സസ്നുതോധാഃ. 10

ഛന്ദാംസ്യകാമസ്യ ച യസ്യ കാമാൻ
ദുദൂഹുരാജഹ്രുരഥോ ബലിം നൃപാഃ
പ്രത്യഞ്ചിതാ യുധി ധർമ്മേണ വിപ്രാ
യദാശിഷാം ഷഷ്ഠമംശം പരേത്യ. 11

യസ്യാധ്വരേ ഭഗവാനധ്വരാത്മാ
മഘോനി മാദ്യത്യുരുസോമപീഥേ
ശ്രദ്ധാവിശുദ്ധാചലഭക്തിയോഗ–
സമർപ്പിതേജ്യാഫലമാജഹാര. 12

യത്പ്രീണനാദ്ബർഹിഷി ദേവതിര്യങ്–
മനുഷ്യവീരുത്തൃണമാവിരിഞ്ചാത്
പ്രീയേത സദ്യഃ സ ഹ വിശ്വജീവഃ
പ്രീതഃ സ്വയം പ്രീതിമഗാദ് ഗയസ്യ. 13

ഗയാദ്ഗയന്ത്യാം ചിത്രരഥഃ സുഗതിരവരോധന ഇതി
ത്രയഃ പുത്രാ ബഭൂവുശ്ചിത്രരഥാദൂർണ്ണായാം സമ്രാഡജനിഷ്ട. 14

തത ഉത്കലായാം മരീചിർമ്മരീചേർബ്ബിന്ദുമത്യാം ബിന്ദുമാ–
നുദപദ്യത തസ്മാത്സരഘായാം മധുർന്നാമാഭവന്മധോഃ സുമനസി
വീരവ്രതസ്തതോ ഭോജായാം മന്ഥുപ്രമന്ഥൂ ജജ്ഞാതേ.
മന്ഥോഃ സത്യായാം ഭൗവനസ്തതോ ദൂഷണായാം ത്വഷ്ടാജനിഷ്ട
ത്വഷ്ടുർവ്വിരോചനായാം വിരജോ വിരജസ്യ ശതജിത്പ്ര–
വരം പുത്രശതം കന്യാ ച വിഷൂച്യാം കില ജാതം. 15

തത്രായം ശ്ലോകഃ—

പ്രൈയവ്രതം വംശമിമം വിരജശ്ചരമോദ്ഭവഃ
അകരോദത്യലം കീർത്ത്യാ വിഷ്ണുഃ സുരഗണം യഥാ. 16

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
പ്രിയവ്രതവംശാനുകീർത്തനം നാമ പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

രാജോവാച

ഉക്തസ്ത്വയാ ഭൂമണ്ഡലായാമവിശേഷോ യാവദാദിത്യസ്ത–
പതി യത്ര ചാസൗ ജ്യോതിഷാം ഗണൈശ്ചന്ദ്രമാ വാ സഹ 1
ദൃശ്യതേ.

തത്രാപി പ്രിയവ്രതരഥചരണപരിഖാതൈഃ സപ്തഭിഃ
സപ്തസിന്ധവ ഉപക്ലൃപ്താ യത ഏതസ്യാഃ സപ്തദ്വീപവിശേഷ
വികല്പസ്ത്വയാ ഭഗവൻ ഖലു സൂചിത ഏതദേവാഖിലമഹം 2
മാനതോ ലക്ഷണതശ്ച സർവ്വം വിജിജ്ഞാസാമി.

ഭഗവതോ ഗുണമയേ സ്ഥൂലരൂപ ആവേശിതം മനോ
ഹ്യഗുണേഽപി സൂക്ഷ്മതമ ആത്മജ്യോതിഷി പരേ ബ്രഹ്മണി
ഭഗവതി വാസുദേവാഖ്യേ ക്ഷമമാവേശിതും തദു ഹൈതദ് 3
ഗുരോഽർഹസ്യനുവർണ്ണയിതുമിതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാദ്ധ്വികളാം സഫലാശിസ്സുകരം ദക്ഷ-
പുത്രിമാരെത്രയും സന്തോഷപൂർവ്വകം

നേരേ തരങ്ഗിണീവാരിപൂരത്തിനാ-
ലാരെയഭിഷേകധാരകഴിച്ചുവോ,

ആശാവിഹീനനാമാരുടെ സദ്ഗുണ-
വത്സൻനിമിത്തമായ് ഗോരൂപിണീധര

നന്നായകിട്ടു ചുരത്തി പ്രജാവലി-
ക്കെന്നുമഭീഷ്ടങ്ങളാകവേയേകിയോ, 10

നിഷ്കാമനായിട്ടുമാക്കെഴും കാമങ്ങ-
ളൊക്കെ ശ്രുതിദേവതകൾ കറന്നുവോ,

പോരിൽ പരാജിതരായിധരാപതി-
മാരാകെയാക്കൊണ്ടു കപ്പംകൊടുത്തതും,

ധർമ്മസംരക്ഷിതർ വിപ്രർ ഷഷ്ഠാംശമാം
കർമ്മഫലം മുതിശേഷമാക്കേകിയോ, 11

കേമമായാരുകഴിച്ച യാഗത്തിലാം
സോമരസത്തിൻലഹരിയാൽ മത്തനായ്

ദേവാധിനാഥനിരിക്കുന്നളവതി-
പാവനമാകും ഹവിസ്സു തനിക്കായി

ശ്രദ്ധയോടും ഭക്തിയോടുമങ്ങർപ്പിച്ചു-
തദ്ധ്വരാത്മാവാം ഭഗവാൻ ഭുജിച്ചതും. 12

അഗ്ന്യയൻ തന്മഹത്ത്വത്തെ വർണ്ണിക്കുവാൻ
ശക്തനാകുന്നില്ലനന്തനുമേതുമേ.

യാഗത്തിലേതു ദേവൻ പ്രസാദിക്കുകിൽ
ധാതാവുതൊട്ടു തൃണാന്തം സമസ്തവും

ക്ഷിപ്രം പ്രസാദിക്കുമബ്ഭഗവാൻ സ്വയം
തൃപ്തനെന്നാകിലുമഗ്ന്യയമന്നവൻ

ശ്രദ്ധാന്വിതമനുഷ്ഠിച്ച യജ്ഞത്തിലേ
പ്രത്യക്ഷനായരുളംചെയ്തുള്ള മങ്ഗലം.

അത്ര മാഹാത്മ്യമിയന്നിടുമിന്നൃപ-
ന്നൊത്തവനാരിരിക്കുന്നു ധരിത്രിയിൽ. 13

ചിത്രരഥൻ, സുഗതി,യവരോധന-
നിത്ഥം സുതർ മൂന്നവന്നു ഗയന്തിയിൽ

തീർന്നിതു, ചിത്രരഥന്നു സമ്രാട്ടെന്ന-
നന്ദനനൂർണ്ണയിലുദ്ഭവിച്ചീടിനാൻ. 14

പിന്നെയവനുൽക്കലയിൽ മരീചിയും,
ബിന്ദുമതിയിൽ മരീചിക്കു പുത്രനായ്

ബിന്ദുമാൻതാനു,മവന്നു സരഘയിൽ
നന്ദനനായി മധുവും ജനിച്ചിതേ.

അമ്മധുവിന്നു സുമനസ്സിൽനിന്നഥ
ചെമ്മേ ഭവിച്ചിതു വീരവ്രതൻസുതൻ.

'ഭോജ'യിൽ 'മന്ഥു' 'പ്രമന്ഥു'വെന്നി-
സംജാതരായിതവന്നു സുതദ്വയം. [ങ്ങനെ

സത്യയിൽ 'മന്ഥു'വിനുണ്ടായി 'ഭൗവന'ൻ,
തീർത്തവൻ ത്വഷ്ടാവിനെ ദൂഷണയിലും.

പുത്രൻ വിരജനവന്നു വിരോചനാ-
പത്നിയിൽനിന്നുളവായി മഹീപതേ!

പിന്നെ വിരജന്നു ജായ വിഷൂചിയിൽ-
നിന്നു ശതജിത്തുതൊട്ടു നൂറാത്മജർ

ജാതരാ,യന്നവർക്കേവർക്കുമങ്ങേക-
സോദരിയായൊരു പുത്രിയും തീർന്നിതു. 15

ചൊല്ലിവരുന്നിതവിടെയിപ്പദ്യത്തെ-
യെല്ലാവരുമൊരുപോലെയെന്നോരുക.

സ്വന്തമായീടും പ്രിയവ്രതവംശത്തെ-
യന്ത്യജനാകും വിരജൻ യശസ്സിനാൽ

ശ്രീമഹാവിഷ്ണു സുരകുലത്തെപ്പോലെ
സീമാതിരേകമലങ്കരിച്ചീടിനാൻ. 16

അദ്ധ്യായം 16

ഭൂഗോളവർണ്ണനം

രാജാവു പറഞ്ഞു

ചണ്ഡാംശു വീശുന്നിടംവരെയുള്ള ഭൂ-
മണ്ഡലത്തിന്നെഴും വിസ്തൃതി ദൈർഘ്യവും

ലക്ഷ്യാന്വിതം ചന്ദ്രനെക്കൊണ്ടതാമൂർദ്ധ്വ-
ലോകത്തെയുമവിശേഷമോതീ ഭവാൻ. 1

മന്നോർമുടിമണിയാകും പ്രിയവ്രതൻ-
തന്നുടെ തേരുരുളംമൂലമേഴാഴിയും

ദ്വീപങ്ങളേഴുമിങ്ങുദ്ഭൂതമായതായ്
താപസശ്രേഷ്ഠാ! കഥിച്ചുവല്ലോ ഭവാൻ.

എന്നാലവററിന്നളവും വിശേഷവും
നന്നായറിയുവാനാഗ്രഹിക്കുന്നു ഞാൻ. 2

ചാലവേയബ്ഭഗവാന്റെ ഗുണമയ-
സ്ഥൂലസ്വരൂപത്തിലൂന്നിയ മാനസം

ജ്യോതിർമ്മയമായതിസൂക്ഷ്മമായ് ഗുണാ-
പേതമായ് വാസുദേവാഭിധയാർന്നിടും

അപ്പരബ്രഹ്മത്തിലും പ്രവേശിക്കുവാൻ
കെല്പിയലുന്നതായ്ത്തീരുന്നതാകയാൽ

ഇക്കാര്യവും വിസ്തരിച്ചരുളീടുവാൻ
സദ്ഗുരോ! നിന്തിരുമേനിയിന്നർഹനാം. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷിരുവാച

ന വൈ മഹാരാജ ഭഗവതോ മായാഗുണവിഭൂതേഃ കാഷ്ഠാം
മനസാ വചസാ വാഽധിഗന്തുമലം വിബുധായുഷാപി പുരുഷ-
സ്തസ്മാത് പ്രാധാന്യേനൈവ ഭൂഗോളകവിശേഷം നാമരൂപ-
മാനലക്ഷണതോ വ്യാഖ്യാസ്യാമഃ. 4

യോ വായം ദ്വീപഃ കുവലയകമലകോശാഭ്യന്തരകോശോ
നിയുതയോജനവിശാലഃ സമവർത്തുളോ യഥാ പുഷ്കരപത്രം. 5

യസ്മിന്നവ വർഷാണി നവയോജനസഹസ്രായാമാന്യഷ്ടഭി
ർമ്മര്യാദാഗിരിഭിഃ സുവിഭക്താനി ഭവന്തി. 6

ഏഷാം മധ്യേ ഇലാവൃതം നാമാഭ്യന്തരവർഷം യസ്യ നാഭ്യാ-
മവസ്ഥിതഃ സർവ്വതഃ സൗവർണ്ണഃ കുലഗിരിരാജോ മേരുർദ്വീ-
പായാമസമുന്നാഹഃ കർണ്ണികാഭൂതഃ കുവലയകമലസ്യ. 7

മൂർധനി ദ്വാത്രിംശത്സഹസ്രയോജനവിതതോ മൂലേ ഷോ-
ഡശസഹസ്രം താവതാന്തർഭൂമ്യാം പ്രവിഷ്ടഃ. 8

ഉത്തരോത്തരേണേലാവൃതം നീലഃ ശ്വേതഃ ശൃങ്ഗവാനിതി
ത്രയോ രമ്യകഹിരണ്മയകുരൂണാം വർഷാണാം മര്യാദാഗിരയഃ
പ്രാഗായതാ ഉഭയതഃ ക്ഷാരോദാവധയോ ദ്വിസഹസ്രപൃഥവ
ഏകൈകശഃ പൂർവ്വസ്മാത് പൂർവ്വസ്മാദുത്തര ഉത്തരോ ദശാംശാ-
ധികാംശേന ദൈർഘ്യ ഏവ ഹ്രസന്തി. 9

ഏവം ദക്ഷിണേനേലാവൃതം നിഷധോ ഹേമകൂടോ ഹിമാ-
ലയ ഇതി പ്രാഗായതാ യഥാ നീലാദയോഽയുതയോജനോ-
ത്സേധാ ഹരിവർഷകിമ്പുരുഷഭാരതാനാം യഥാ സംഖ്യം. 10

തഥൈവേലാവൃതമപരേണ പൂർവ്വേണ ച മാല്യവദ്ഗന്ധ-
മാദനാവാനീലനിഷധായതൗ ദ്വിസഹസ്രം പപ്രഥതുഃ കേതു-
മാലഭദ്രാശ്വയോഃ സീമാനം വിദധാതേ. 11

മന്ദരോ മേരുമന്ദരഃ സുപാർശ്വഃ കുമുദ ഇത്യയുതയോജനവി-
സ്താരോന്നാഹാ മേരോശ്ചതുർദ്ദിശമവഷ്ടംഭഗിരയ ഉപക്ലൃപ്താഃ. 12

ചതുർഷ്വേതേഷു ചൂതജംബൂകദംബന്യഗ്രോധാശ്ചത്വാരഃ പാദ-
പപ്രവരാഃ പർവ്വതകേതവ ഇവാധിസഹസ്രയോജനോന്നാ-
ഹാസ്താവദ് വിടപവിതതയഃ ശതയോജനപരിണാഹാഃ. 13

ഹ്രദാശ്ചത്വാരഃ പയോമധ്വിക്ഷുരസമൃഷ്ടജലാ യദുപസ്പ-
ർശിന ഉപദേവഗണാ യോഗൈശ്വര്യാണി സ്വാഭാവികാനി,
ഭരതർഷഭ, ധാരയന്തി. 14

ദേവോദ്യാനാനി ച ഭവന്തി ചത്വാരി നന്ദനം ചൈത്രരഥം
വൈഭ്രാജകം സർവ്വതോഭദ്രമിതി. 15

യേഷ്വമരപരിവൃഢാഃ സഹസുരലലനാലലാമയൂഥപതയ
ഉപദേവഗണൈരുപഗീയമാനമഹിമാനഃ കില വിഹരന്തി. 16

മന്ദരോത്സങ്ഗ ഏകാദശശതയോജനോത്തുങ്ഗദേവചൂത-
ശിരസോ ഗിരിശിഖരസ്ഥൂലാനി ഫലാന്യമൃതകല്പാനി പ-
തന്തി. 17

തേഷാം വിശീര്യമാണാനാമതിമധുരസുരഭിസുഗന്ധിബഹു-
ലാരുണരസോദേനാരുണോദാ നാമ നദീ മന്ദരഗിരിശിഖരാ-
ന്നിപതന്തീ പൂർവ്വേണേലാവൃതമുപപ്ലാവയതി. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷി പറഞ്ഞു

ശ്രേയോനിധേ! മഹാരാജൻ! മഹാവിഷ്ണു–
മായാഗുണൈശ്വര്യസീമയറ്റീയുഴിയിൽ
ഹൃത്തുകൊണ്ടോ വാക്കുകൊണ്ടോ ഗ്രഹിക്കു–
വാൻ
മർത്ത്യനാവില്ല ദേവായുസ്സിരിക്കിലും
ആകയാൽ മുഖ്യമാം ഭൂവിശേഷം മാത്ര–
മാകൃതിനാമചിഹ്നങ്ങളളവുകൾ
എന്നിവയൊന്നും വിടാതെ വർണ്ണിച്ചിടാം;
നന്നായ് മനസ്സിരുത്തിശ്ശ്രവിച്ചീടുക. 4
ഭൂമണ്ഡലമാം മഹാസാരസത്തിന്റെ
ഭൂമയേറുന്ന കോശങ്ങളായ് മിന്നിടും
ദ്വീപുകളിൽ മദ്ധ്യഭാഗത്തിലുള്ളതാം
ദ്വീപമല്ലോ ജംബുനാമകം ഭൂപതേ! 5
രാജീവപത്രവൃത്തത്തിലതു ലക്ഷ–
യോജനവീതി നീളത്തിൽ കിടപ്പിതേ.
ഒൻപതു ഖണ്ഡങ്ങളുണ്ടിതിന്നോരോന്നു–
മൊൻപതിനായിരം യോജന വീതിയിൽ.
എട്ടു ഗിരികളാം സീമകളാലിവ
തിട്ടമായ് വേർതിരിക്കപ്പെട്ടിടുന്നിതേ. 6
ഇന്നവഖണ്ഡമദ്ധ്യത്തിലിളാവൃത–
മെന്ന ഖണ്ഡം സ്ഥിതം; തന്നാഭിയിലൂടെ
എങ്ങും പരന്നുകിടക്കുന്നു സൗവർണ്ണ–
ഭംഗികലർന്നു മഹാമേരുപർവ്വതം.
അക്കുലശൈലരാജന്റെ നീളം വീതി–
യൊക്കെമാജംബുഭൂഖണ്ഡത്തിനോടുതാൻ.
ഉന്നതനാമിവൻ മേദിനീസാരസ–
കർണ്ണികയായിപ്പുരിലസിക്കുന്നിതേ. 7
ഇപ്പർവ്വതത്തിൻ ശിരോഭാഗവിസ്തൃതി
മുപ്പത്തീരായിരം യോജനയായിടും
ചോടിനും ഭൂമിക്കകത്തുമിതിൻ വ്യാസം
ഷോഡശസാഹസ്രകയോജനയുമാം. 8
നീലാദ്രിയാണീയിളാവൃതത്തിൻ വട–
ക്കേലുന്നു 'രമ്യക' ഭൂഭാഗമപ്പുറം,
ശ്വേതഗിരിയാണതിനു വടക്കെന്നു
ബോധിക്ക, തൊട്ടുവടക്കാം ഹിരണ്മയം,
ശൃങ്ഗവാനായതിന്നുത്തരാതൃത്തിയാ–
മങ്ങേപ്പുറം 'കുരുവർഷ'വുമാണു കേൾ.
രണ്ടായിരം യോജനകൾ വീതം ശരി–
ക്കുണ്ടിവയ്ക്കോരോന്നിനും തന്നെ വിസ്തൃതി
നീണ്ടു കിഴമേൽ ലവണസമുദ്രങ്ങൾ
രണ്ടിലും തൊട്ടിതു മൂന്നും കിടപ്പതേ.
ഉത്തരസ്ഥാദ്രികൾക്കോരോന്നിനും നീളം
പത്തിലൊരംശം കുറഞ്ഞുവരും ക്രമാൽ. 9
ഇങ്ങനെതന്നെ തെക്കോട്ടും 'നിഷധ'നാം
തുംഗഗിരി, ഹരിവർഷമങ്ങേപ്പുറം,
ഹേമകൂടാദ്രി,യാക്കിമ്പുരുഷാവനി
മാമലയാകും ഹിമാലയ,മപ്പുറം
ഭാരതവർഷവുമാണിഗ്ഗിരികൾക്കു
ചേതുമുയരമയുതമാം യോജന.
തെക്കോട്ടിയലുമീയദ്രികൾക്കും ക്രമാൽ
ദൈർഘ്യം കുറഞ്ഞു കുറഞ്ഞു കാണുന്നിതു. 10
ചൊല്ലേറിടുമീയിളാവൃതത്തിൻ മേക്കു
മാല്യവാനപ്പുറം കേതുമാലാവനി
ഓതാമിളാവൃതത്തിൻ കിഴക്കായ് ഗന്ധ–
മാദന,മപ്പുറം ഭദ്രാശ്വവർഷവും.
ആളുന്നു നീലാദ്രിയോളവും മാല്യവാൻ,
നീളും നിഷധംവരെഗ്ഗന്ധമാദനൻ
ഉണ്ടു രണ്ടായിരം യോജനനീളമീ–
രണ്ടു ഗിരീന്ദ്രർക്കുമെന്നു ധരിക്കുക. 11
മന്ദരപർവ്വതവും മേരുമന്ദരം
പിന്നെസ്സുപാർശ്വം, കുമുദമിതുകളെ
മേരുവിൻ താങ്ങുമലകളായ്ച്ചുററിനും
നേരേ ഭഗവാനുറപ്പിച്ചിരിപ്പിതേ.
പാർക്കിലുണ്ടാം പതിനായിരംയോജന
പൊക്കമിവയ്ക്കുണെക്കിനു വീതിയും. 12
ചൂതവും, ജംബു, കദംബവും പേരാലും
പാദപമോരോന്നു ചൊന്ന മുറയ്ക്കു താൻ
ഓരോ ഗിരിയിലും നില്ക്കുന്നിതോരോന്നു–
മേറെയുയർന്നു തൽക്കേതുക്കളെന്നപോൽ
ഇത്തരുനാലിനും ശാഖകൾക്കും വരും
വിസ്തൃതിപൊക്കവുമായിരം യോജന. 13
പാലു, തേ,നിക്ഷുരസം,ശുദ്ധനീരവു–
മേലുംകയവുമോരോന്നുണ്ടവററയിൽ
ആരസം സേവിച്ചുനേടു,ന്നുപസുര–
ന്മാരണിമാദിയാം യോഗവിഭൂതികൾ. 14
നന്ദനചൈത്രരഥങ്ങൾ വൈഭ്രാജകം
പിന്നെയസ്സർവ്വതോഭദ്രമെന്നീവിധം
പേരെഴും നാലു ദേവോദ്യാനവും മുറ–
യ്ക്കോരോ ഗിരിയിലുമുണ്ടു വിശേഷമായ്. 15
ദേവലലനാലലാമങ്ങളോടൊത്തു
ദേവപ്രവരർ തദീയമാഹാത്മ്യങ്ങൾ
ചൂഴ്ന്നു പാടീടുമുപദേവവൃന്ദവു–
മൊന്നിച്ചുവന്നതിൽ ക്രീഡിച്ചിടുന്നിതേ. 16
ഏകാദശശതയോജന പൊക്കമൊ–
ന്നാകാശചുംബിയായ് മന്ദരമദ്ധ്യത്തിൽ
നിന്നിടും ദേവചൂതത്തിന്റെ കൊമ്പത്തു–
നിന്നും സുധാരസസ്വാദിയലുന്നതായ്
തുംഗശൃംഗോപമമായ ഫലവൃന്ദ–
മെങ്ങും തുരുതുരെ വീഴുന്നു ഭൂമിയിൽ. 17
വീണുതകർന്നുള്ളൊരാഫലങ്ങൾക്കെഴും
ശോണസുരഭിമധുരരസോദകം
മന്ദരശൃംഗത്തിൽനിന്നുമരുണോദ–
യെന്നപേരാന്നൊരാറായ് കിഴക്കോട്ടുതാൻ
നേരേയിളാവൃതപൂർവ്വഭാഗങ്ങളെ–
യാരാൽ നനച്ചൊഴുകുന്നിതു മന്നവാ! 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദുപജോഷണാദ് ഭവാന്യാ അനുചരീണാം പുണ്യജന-വധൂനാമവയവസ്പർശസുഗന്ധവാതോ ദശയോജനം സമന്താദനു-വാസയതി. 19

ഏവം ജംബൂഫലാനാമത്യുച്ചനിപാതവിശീർണ്ണാനാമന-സ്ഥിപ്രായാണാമിഭകായനിഭാനാം രസേന ജംബൂ നാമ നദീ മേരുമന്ദരശിഖരാദയുതാധികയോജനാദവനിതലേ നിപതന്തീ ദക്ഷിണേനാത്മാനം യാവദിലാവൃതമുപസ്യന്ദയതി. 20

താവദുഭയോരപി രോധസോര്യാ മൃത്തികാ തദ്രസേനാനു-വിധ്യമാനാ വായ്വർക്കസംയോഗവിപാകേന സദാമരലോകാ-ഭരണം ജാംബൂനദം നാമ സുവർണ്ണം ഭവതി. 21

യദു ഹ വാവ വിബുധാദയഃ സഹ യുവതിഭിർമ്മുകുടകടക-കടിസൂത്രാദ്യാഭരണരൂപേണ ഖലു ധാരയന്തി. 22

യസ്തു മഹാകദംബഃ സുപാർശ്വനിരൂഢോ യാസ്തസ്യ കോട-രേഭ്യോ വിനിഃസൃതാഃ പഞ്ചായാമപരിണാഹാഃ പഞ്ചമധുധാ-രാഃ സുപാർശ്വശിഖരാത് പതന്ത്യോഽപരേണാത്മാനമിലാവൃ-തമനുമോദയന്തി. 23

യാ ഹ്യുപയുഞ്ജാനാനാം മുഖനിർവ്വാസിതോ വായുഃ സമ-ന്താച്ഛതയോജനമനുവാസയതി. 24

ഏവം കുമുദനിരൂഢോ യഃ ശതവല്ശോ നാമ വടസ്തസ്യ സ്കന്ധേഭ്യോ നീചീനാഃ പയോദധിമധുഘൃതഗുഡാന്നാദ്യംബ-രശയ്യാസനാഭരണാദയഃ സർവ്വ ഏവ കാമദുഘാ നദാഃ കുമുദാ-ഗ്രാത് പതന്തസ്തമുത്തരേണേലാവൃതമുപയോജയന്തി. 25

യാനുപജുഷാണാനാം ന കദാചിദപി പ്രജാനാം വലീ-പലിതക്ലമസ്വേദദൗർഗ്ഗന്ധ്യജരാമയമൃത്യുശീതോഷ്ണ വൈ-വർണ്ണ്യോപസർഗ്ഗാദയസ്താപവിശേഷാ ഭവന്തി യാവജ്ജീവം സുഖം നിരതിശയമേവ. 26

കുരംഗകുരരകുസുംഭവൈകങ്കത്രികൂടശിശിരപതങ്ഗരുചക-നിഷധശിനീവാസകപിലശംഖവൈഡൂര്യജാരുധിഹംസഋഷ-ഭനാഗകാലഞ്ജരനാരദാദയോ വിംശതി ഗിരയോ മേരോഃ കർണ്ണികായാ ഇവ കേസരഭൂതാ മൂലദേശേ പരിത ഉപക്ലൃപ്താഃ. 27

ജഠരദേവകൂടൗ മേരും പൂർവ്വേണാഷ്ടാദശയോജനസഹസ്രമുദ-ഗായതൗ ദ്വിസഹസ്രം പൃഥുതുങ്ഗൗ ഭവതഃ ഏവമപരേണ പവനപാരിയാത്രൗ ദക്ഷിണേന കൈലാസകരവീരൗ പ്രാഗാ-യതാവേവമുത്തരതസ്ത്രിശൃങ്ഗമകരാവഷ്ടഭിരേതൈഃ പരി-സ്തൃതോഽഗ്നിരിവ പരിതശ്ചകാസ്തി കാഞ്ചനഗിരിഃ. 28

മേരോർമ്മൂർദ്ധനി ഭഗവത ആത്മയോനേർമ്മധ്യത ഉപക്ലൃപ്താം പുരീമയുതയോജനസാഹസ്രീം സമചതുരശ്രാം ശാതകൗംഭീം വദന്തി. 29

താമനു പരിതോ ലോകപാലാനാമഷ്ടാനാം യഥാദിശം യഥാരൂപം തുരീയമാനേന പുരോഽഷ്ടാവുപക്ലൃപ്താഃ. 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭുവനകോശവർണ്ണനം നാമ ഷോഡശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്നദീനീരം കടിച്ചു ഭവാനിതൻ-
പുണ്യജനാങ്ഗനമാരാം സഖികളെ
തൊട്ടതലോടിവരും സമീരൻ മണം
ചുററും ദശയോജന പരത്തുന്നിതു. 19
ഉച്ചനിപാതംനിമിത്തം തകർന്നതാ-
യച്ഛമായിപ്പരിപ്പുള്ളിലില്ലാത്തതായ്
ആനപോൽ പീനമാം ജംബൂഫലങ്ങൾത-
ന്നൂനവിഹീനരസപ്രവാഹത്തൊടും
കൂടിയയുതാധികയോജനോന്നതി
തേടുന്നതാം മേരുമന്ദരാഗ്രംതന്നിൽ-
നിന്നു പതിച്ചങ്ങിളാവൃതാദക്ഷിണ-
മന്നിലൊഴുകുന്നു ജംബ്വാഖ്യയാം നദി. 20
അന്നദിതന്നിരുഭാഗത്തിലുമെഴും
മണ്ണു തന്നീരസമ്പർക്കംനിമിത്തമായ്
കാററും വെയിലുമെല്ലാമൊഴുമേല്ക്കയാൽ
മുററും പരിപാകമാവുകമൂലമായ്
വിണ്ണോർവിഭൂഷയായ് ജാംബൂനദാഹ്വയ-
സ്വർണ്ണമായിബ്ഭവിക്കുന്നു നരേശ്വരാ! 21
അപ്പൊന്നുകൊണ്ടു ദേവന്മാർ കിരീടവും
തൽപത്നിമാർ കങ്കണം കാഞ്ചിയാദിയാം
ആഭരണങ്ങളും തീർപ്പിച്ചണിയുന്നി-
താഭ ശരീരത്തിനേററമേററീടുവാൻ. 22
ധന്യസുപാർശ്വശിഖരത്തിൽനിന്നിട-
മുന്നതമായ കദംബശാഖിക്കെഴും
പൊത്തുകളിൽനിന്നുമയ്യഞ്ചുമാറുള്ള
വിസ്തൃതിയാർന്നഞ്ചു തേനൊഴുക്കുണ്ടായി
പൃഥ്വിയിൽ വീണൊത്തൊരാറായിളാവൃത-
ധാത്രിതൻ പശ്ചിമഭാഗത്തിലൂടവേ
നേരേയൊഴുകിയദ്ദേശനിവാസികൾ-
ക്കാരാലരുളുന്നിതാനന്ദനിർവൃതി. 23
അസ്സരിത്തിൻ നീർ കുടിക്കുന്നവൻതന്റെ-
യാസ്യത്തിൽനിന്നു വമിക്കുന്ന സൗരഭം
മാരുതനാർന്നു ശതയോജനവഴി
ദൂരമെത്തിക്കുന്നു നാലുഭാഗത്തിലും. 24
ഏവം കുമുദഗിരിശിഖരോപരി
താവും ശതവല്ശനാമമിയന്നിടും
ആലിൻകവരങ്ങളിൽനിന്നനാരത-
മോലുന്ന പാൽ, തയിർ, നെയ്, തേൻ,
ഗുളാന്നവും
വസ്ത്രാഭരണശയ്യാസനാദ്യങ്ങളു-
മൊത്തു സർവ്വാഭീഷ്ടമേകം നദാവലി
അന്നഗമൗലിയിൽനിന്നുമിളാവൃത-
ത്തിന്നുത്തരദിക്കിലൂടൊഴുകുന്നിതേ. 25

ഏതവനിന്നദനീരത്തെ നിത്യവും
സാദരം സേവിച്ചുകൊള്ളുമപ്പുണ്യവാൻ
മെയ്യിൽ ജര, നര, രോഗവും ക്ഷീണവും
പയ്യും വിയർപ്പുമകാലത്തിൽ മൃത്യുവും
ശതോഷ്ണബാധ, ദുർഗ്ഗന്ധം, നിറഭേ-
മാദിദോഷങ്ങളേല്ക്കേണ്ടതില്ലേതുമേ.
ജീവിതകാലം മുഴുവനുമൊന്നുപോ-
ലാവസിച്ചീടാമവനങ്ങു സൗഖ്യമായ്. 26
പിന്നെക്കുരങ്ഗം, കുരരം, കുസുംഭവും
മന്നോർമണേ! ത്രികൂടം, ശിശിരാദ്രിയും
ശംഖം, പതങ്ഗം, രുചകം നിഷധവൈ-
കങ്കങ്ങളും, ശിനീവാസം, കപിലവും
ജാരുധി, ഹംസ, ഋഷഭവൈഡൂര്യങ്ങൾ
നാരദം കാലഞ്ജരം നാഗമാദിയാം
പേരാർന്നിരുപതു ശൈലങ്ങളുമ്മഹാ-
മേരുവായീടുന്ന കർണ്ണികയാർന്നിടും
ചേലൊത്ത കേസരജാലങ്ങൾപോലതിൻ-
മൂലഭാഗത്തിലുറപ്പിച്ചിരിപ്പിതേ. 27
ദേവകൂടം, ജഠരാദ്രിയെന്നായിരു-
പർവ്വതം മേരുവിൻ നേർകിഴക്കുണ്ടു കേൾ.
നന്നായ് വടക്കോട്ടു നീളുന്നിതു പതി-
നെണ്ണായിരംയോജന ദൂരമായവ.
പൊക്കവുമുണ്ടു രണ്ടായിരംയോജന-
യിക്കണക്കേ മേരുവിൻ മേക്കുഭാഗവും
രണ്ടുഗിരി, പവനം, പാരിയാത്രമെ-
ന്നുണ്ടു തെക്കും കരവീരകൈലാസങ്ങൾ
എന്നിവരണ്ടും കിഴക്കുപടിഞ്ഞാറു
മുന്നമേ ചൊന്നോരളവിൽ കിടപ്പുതേ.
ഇത്ഥം വടക്കും ത്രിശൃങ്ഗം മകരവു-
മദ്രികൾ രണ്ടുണ്ടു മുൻതോതിനൊത്തതായ്
ചൊല്ലൊങ്ങിടും പൊന്മയമാം മഹാമേരു-
വിപ്പർവ്വതങ്ങൾ ചുഴന്നുയർന്നേററവും
സ്വപ്രകാശത്തെപ്പരത്തിവിളങ്ങുന്നി-
തല്ലേതരം വീതിഹോത്രസമാനനായ്. 28
മേരുഗിരിശിരോമദ്ധ്യഭാഗത്തിലായ്
സാരസസംഭവൻതൻപുരം നിർമ്മിതം
ഭാസിപ്പു പൊന്മയമാമിതയുതസാ-
ഹസ്രകയോജനതുല്യചതുരമായ്. 29
ശ്രേഷ്ഠമാമിപ്പുരിതന്നുടെ ചുററുമാ-
യഷ്ടദിക്പാലകർതൻ രാജധാനികൾ.
ബ്രഹ്മപുരിയുടെ നാലൊന്നളവിലായ്
നിർമ്മിച്ചിരിക്കുന്നു ദേശരൂപോചിതം. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തദശോഽധ്യായഃ

ശ്രീശുക ഉവാച

തത്ര ഭഗവതഃ സാക്ഷാദ്യജ്ഞലിങ്ഗസ്യ വിഷ്ണോർവിക്രമ-
തോ വാമപാദാംഗുഷ്ഠനഖനിർഭിന്നോർദ്ധ്വാണ്ഡകടാഹവിവരേ-
ണാന്തഃപ്രവിഷ്ടാ യാ ബാഹ്യജലധാരാ തച്ചരണപങ്കജാവനേ-
ജനാരുണകിഞ്ജല്കോപരഞ്ജിതാഖിലജഗദഘമലാപഹോപ-
സ്പർശനാമലാ സാക്ഷാദ്ഭഗവത്പദീത്യനുപലക്ഷിതവചോഽ-
ഭിധീയമാനാതിമഹതാ കാലേന യുഗസഹസ്രോപലക്ഷണേന
ദിവോ മൂർദ്ധന്യവതതാര. 1

യത്തദ്വിഷ്ണുപദമാഹുഃ യത്ര ഹ വാവ വീരവ്രത ഔത്താനപാദിഃ
പരമഭാഗവതോഽസ്മത്കുലദേവതാചരണാരവിന്ദോദകമിതി
യാമനുസവനമുത്കൃഷ്യമാണഭഗവദ്ഭക്തിയോഗേന ദൃഢം
ക്ലിദ്യമാനാന്തർഹൃദയ ഔത്കണ്ഠ്യവിവശാമീലിതലോചന-
യുഗളകുഡ്മളവിഗളിതാമലബാഷ്പകലയാഭിവ്യജ്യമാനരോ-
മപുളകകുളകോഽധുനാപി പരമാദരേണ ശിരസാ ബിഭർത്തി. 2

തതഃ സപ്ത ഋഷയസ്തത്പ്രഭാവാഭിജ്ഞാ യാം നനു തപസ
ആത്യന്തികീ സിദ്ധിരേതാവതീ ഭഗവതി സർവ്വാത്മനി വാസു-
ദേവേഽനുപരതഭക്തിയോഗലാഭേനൈവോപേക്ഷിതാന്യാ-
ർത്ഥാത്മഗതയോ മുക്തിമിവാഗതാം മുമുക്ഷവ ഇവ സബഹുമാന-
മദ്യാപി ജടാജൂടൈരുദ്വഹന്തി. 3

തതോഽനേകസഹസ്രകോടിവിമാനാനീകസങ്കുലദേവയാ-
നേനാവതരന്തീന്ദുമണ്ഡലമാവാര്യ ബ്രഹ്മസദനേ നിപതതി. 4

തത്ര ചതുർദ്ധാ ഭിദ്യമാനാ ചതുർഭിർന്നാമഭിശ്ചതുർദ്ദിശമഭിസ്പന്ദ-
ന്തീ നദനദീപതിമേവാഭിനിവിശതി സീതാളകനന്ദാ ചക്ഷു-
ർഭദ്രേതി. 5

സീതാ തു ബ്രഹ്മസദനാത് കേസരാചലാദിഗിരിശിഖരേ-
ഭ്യോഽധോഽധഃ പ്രസ്രവന്തീ ഗന്ധമാദനമൂർദ്ധസു പതിത്വാന്തരേ-
ണ ഭദ്രാശ്വവർഷം പ്രാച്യാം ദിശി ക്ഷാരസമുദ്രമഭിപ്രവിശതി. 6

ഏവം മാല്യവച്ഛിഖരാന്നിഷ്പതന്തീ തതോഽനുപരതവേഗാ
കേതുമാലമഭിചക്ഷുഃ പ്രതീച്യാം ദിശി സരിത്പതിം പ്രവി-
ശതി. 7

ഭദ്രാ ചോത്തരതോ മേരുശിരസോ നിപതിതാ ഗിരിശിഖ-
രാദ്ഗിരിശിഖരമതിഹായ ശൃങ്ഗവതഃ ശൃങ്ഗാദവസ്യന്ദ-
മാനാ ഉത്തരാംസ്തു കുരൂനഭിത ഉദീച്യാം ദിശി ജലധിമഭി-
പ്രവിശതി. 8

തഥൈവാളകനന്ദാ ദക്ഷിണേന ബ്രഹ്മസദനാദ് ബഹൂനി
ഗിരികൂടാന്യതിക്രമ്യ ഹേമകൂടാദ്ധൈമകൂടാന്യതിരഭസതര-
രംഹസാ ലുഠന്തീ ഭാരതമഭിവർഷം ദക്ഷിണസ്യാം ദിശി ജല-
ധിമഭിപ്രവിശതി. 9

യസ്യാം സ്നാനാർത്ഥം ചാഗച്ഛതഃ പുംസഃ പദേ പദേഽശ്വ-
മേധരാജസൂയാദീനാം ഫലം ന ദുർല്ലഭമിതി. 10

അന്യേ ച നദാ നദ്യശ്ച വർഷേ വർഷേ സന്തി ബഹുശോ
മേർവ്വാദിഗിരിദുഹിതരഃ ശതശഃ. 11

തത്രാപി ഭാരതമേവ വർഷം കർമ്മക്ഷേത്രമന്യാന്യഷ്ട വ-
ർഷാണി സ്വർഗ്ഗിണാം പുണ്യശേഷോപഭോഗസ്ഥാനാനി ഭൗ-
മാനി സ്വർഗ്ഗപദാനി വ്യപദിശന്തി. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 17

ഗംഗോദ്ഭവം—ശങ്കരന്റെ സങ്കർഷണസ്തുതി

ശ്രീശുകൻ പറഞ്ഞു

മാബലിതൻ യജ്ഞശാലയിൽ യജ്ഞേശ-
ദേവൻ സ്വവിക്രമം കാട്ടുന്നവേളയിൽ
വാമപാദത്തിൻ പെരുവിരൽത്തുനഖ-
വ്യാമൃഷ്ടത്തിനാലൂർദ്ധ്വസ്ഥമായിടും
അണ്ഡകടാഹത്തിലുണ്ടാംപഴുതിലൂ-
ടന്തഃപ്രവിഷ്ടമാം ബാഹ്യജലധാര
തൻ പാദപദ്മം കഴുകുകമൂലമായ്
ചെമ്പിച്ചകേസരം ചേർന്ന ജഗത്ത്രയം
സ്പർശനത്താൽ പാപമുക്തമാക്കിസ്സ്വയം
സംശുദ്ധയായ് ഭഗവൽപ്പദിയെന്നൊരു
നവ്യാഖ്യയാൻ സഹസ്രയുഗംകൊണ്ടു
ദ്യോവിന്നു പരിയവതരിച്ചീടിനാൾ.
ഔത്താനപാദിയായ് വീരവ്രതനാക-
മുത്തമശ്ലോകഭക്താഗ്രഗണ്യൻ ധ്രുവൻ
ഏതൊരിടത്തിലാണസ്സൽക്കുലദൈവ-
പാദാംബുജോദകമെന്ന മതിപ്പൊടും
സന്ധ്യതോറും ഭഗവൽപ്രേമഭക്തിയാ-
ലന്തരംഗം ദ്രവിച്ചേററമുൾക്കണ്ണയാൽ
പാരവശ്യത്തൊടുമാമീലിതങ്ങളാം
നീരജനേത്രദ്വയങ്ങളിലൂടവേ
ഓലുമമലാംബുധാരയാൽ മേനിയിൽ
ചാലെത്തെളിയും പുളകമാർന്നിപ്പൊഴും
ഉത്തമാംഗത്തിൽ ധരിപ്പൂ ജലധാര-
യസ്ഥലം വിഷ്ണുപദമെന്നു കീർത്തിതം. 1–2
അങ്ങതിൻതാഴത്തുഭാഗത്തു നിർമ്മല-
ഗംഗാപ്രഭാവജ്ഞരായ സപ്തർഷികൾ
സർവ്വാത്മകനാം ഭഗവാൻ മുകുന്ദനിൽ
സർവ്വദാ വർദ്ധിച്ച ഭക്തിയോഗത്തിനാൽ
മററഖിലത്തെയുമാത്മബോധത്തെയും
തെറെറന്നുപേക്ഷിച്ചു തത്തപസ്സിന്നെഴും
ആത്യന്തികസിദ്ധിയിത്രതാനെന്നുള്ള
ബുദ്ധിയൊടും മോക്ഷകാമികളായഥ
മൂർത്തിമതിയായ് സമീപമണഞ്ഞിടും
മുക്തിയെയെന്നപോലിജ്ജലധാരയെ
ഏററം ബഹുമാനപൂർവ്വം ജടകളി-
ലേററിദ്ധരിക്കുന്നതിപ്പൊഴും മന്നവാ! 3
സപ്തർഷിലോകത്തിനെത്രയോ താഴെയായ്
സുപ്രഭമാം ബഹുകോടി വിമാനാളി
തിങ്ങിത്തിളങ്ങിടും സ്വർഗ്ഗമാർഗ്ഗത്തിലൂ-
ടങ്ങിഴിഞ്ഞിന്ദുബിംബത്തെ നനച്ചഥ
മേരുശൃംഗോപരിസംസ്ഥമാം നാന്മുഖ-
ചാരുപുരിയിൽ വീഴുന്നിതീ സ്വർന്നദി. 4
നാലായ്പ്പിരിഞ്ഞസ്ഥലത്തുനിന്നിന്നദി
നാലുനാമങ്ങളുമാവഹിച്ചിപ്പൊഴും
നാലുഭാഗത്തായൊഴുകി വീഴുന്നിതു
ചാലേ നദീനദനാഥനാം വാർദ്ധിയിൽ.
ഓതാമവയുടെ പേരുകൾ 'ചക്ഷുസ്സ്',
'സീത', 'യളകനന്ദാ' 'ഭദ്ര'യീവിധം. 5
എന്നതിൽ സീതയജപുരംതന്നിൽ നി-
ന്നുന്നതകേസരാദ്യാദി ശൃംഗങ്ങളിൽ
നിന്നു കീഴ്പ്പോട്ടു കീഴ്പ്പോട്ടായ് പ്രവഹിച്ചു
ചെന്നുവീണഗ്ഗന്ധമാദനാഗ്രങ്ങളിൽ
ഭദ്രാചലവർഷമദ്ധ്യഭാഗത്തൂടെ-
യെത്തുന്നു പൂർവ്വലവണപയോധിയിൽ. 6
ഇങ്ങനെ ചക്ഷുഃപ്രവാഹവും മാല്യവ-
ച്ഛൃംഗത്തിൽനിന്നാശു കേതുമാലംവഴി
സ്വച്ഛാംബുവാലിളാഭാഗം തഴപ്പിച്ചു
പശ്ചിമവാരിധിയോടു ചേരുന്നിതു. 7
മേരുശിഖരോത്തരതലംതന്നിൽനി-
ന്നോരോശിഖരത്തിൽ വീണുവീണങ്ങനെ
ശൃംഗവാൻപർവ്വതത്തിന്റെ ശൃംഗങ്ങളിൽ
തങ്ങി വടക്കേക്കുരുരാജ്യമാകവേ
ചുററി വടക്കോട്ടൊഴുകിപ്പതിക്കുന്നു
തെറെറന്നു ഭദ്രാനദിയുമംഭോധിയിൽ. 8
ഇമ്മട്ടുതന്നെയളകനന്ദാഖ്യയും
ബ്രഹ്മപുരിയുടെ തെക്കുഭാഗം വഴി
നാനാഗിരിശിഖരങ്ങളിലൂടെയ-
ന്യൂനവേഗാൽ ഹേമകൂടം തകർത്തഥ
ഭാരതഭൂമിയിൽ വീണൊഴുകിച്ചെന്നു
പാരാതെ ചേരുന്നു ദക്ഷിണാംഭോധിയിൽ. 9
സ്നാനത്തിനീ വാഹിനിയിലണഞ്ഞിടും
മാനവൻ വച്ചിടുമോരോ ചുവടിലും
അശ്വമേധം രാജസൂയം മുതലായ
വിശ്രുതയാഗങ്ങൾതൻ ഫലം സിദ്ധമാം. 10
മേരുമുതലാം ഗിരികളിൽ നിന്നുദി-
ച്ചോരോ മഹീവിഭാഗങ്ങളിലൂടവേ
നേരേയൊഴുകും നദികൾ നദങ്ങളും
വേറെയുമേറെയങ്ങിങ്ങുണ്ടു പാരിതിൽ. 11
ഇമ്മഹീഭാഗങ്ങളിൽവച്ചു ഭാരതം
കർമ്മഫലാഭിവൃദ്ധിപ്രദസ്ഥാനമാം.
അന്യമാം ഖണ്ഡങ്ങളെട്ടും ദിവംഗതർ-
തന്നുടെ പുണ്യശിഷ്ടാനുഭവത്തിനായ്
വന്നു വാണീടുവാനായുചിതങ്ങളാം
മന്നിലെസ്സ്വർഗ്ഗങ്ങളെന്നു ചൊല്ലുന്നിതു. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷു പുരുഷാണാമയുതപുരുഷായുർവ്വർഷാണാം ദേവകല്പാ-
നാം നാഗായുതപ്രാണാനാം വജ്രസംഹനനബലവയോമോദ-
പ്രമുദിതമഹാസൗരതമിഥുനവ്യവായാപവർഗ്ഗവർഷധൃതൈകഗർഭ-
കളത്രാണാം തത്ര തു ത്രേതായുഗസമഃ കാലോ വർത്തതേ. 13

യത്ര ഹ ദേവപതയഃ സ്വൈഃ സ്വൈർഗ്ഗണനായകൈർവിഹി-
തമഹാർഹണാഃ സർവ്വർത്തുകുസുമസ്തബകഫലകിസലയശ്രിയാഽഽ-
നമ്യമാനവിടപലതാവിടപിഭിരുപശുംഭമാനരുചിരകാനനാ-
ശ്രമായതനവർഷഗിരിദ്രോണിഷു തഥാ ചാമലജലാശയേഷു
വികചവിവിധനവവനരുഹാമോദമുദിതരാജഹംസജലകുക്കുട-
കാരണ്ഡവസാരസചക്രവാകാദിഭിർമ്മധുകരനികരാകൃതിഭിരു-
പകൂജിതേഷു ജലക്രീഡാദിഭിർവിചിത്രവിനോദൈഃ സുലളി-
തസുരസുന്ദരീണാം കാമകലിലവിലാസഹാസലീലാവലോ-
കാകൃഷ്ടമനോദൃഷ്ടയഃ സ്വൈരം വിഹരന്തി. 14

നവസ്വപി വർഷേഷു ഭഗവാന്നാരായണോ മഹാപുരുഷഃ
പുരുഷാണാം തദനുഗ്രഹായാത്മതത്ത്വവ്യൂഹേനാത്മനാദ്യാപി
സംനിധീയതേ. 15

ഇളാവൃതേ തു ഭഗവാൻ ഭവ ഏക ഏവ പുമാന്ന ഹ്യന്യസ്ത-
ത്രാപരോ നിർവ്വിശതി ഭവാന്യാഃ ശാപനിമിത്തജ്ഞോ യത്
പ്രവേക്ഷ്യതഃ സ്ത്രീഭാവസ്തത് പശ്ചാദ്വക്ഷ്യാമി. 16

ഭവാനീനാഥൈഃ സ്ത്രീഗണാർബ്ബുദസഹസ്രൈരവരുധ്യമാ-
നോ ഭഗവതശ്ചതുർമ്മൂർത്തേർമ്മഹാപുരുഷസ്യ തുരീയാം താമ-
സീം മൂർത്തിം പ്രകൃതിമാത്മനഃ സങ്കർഷണസംജ്ഞാമാത്മസമാ-
ധിരൂപേണ സംനിധാപ്യൈതദഭിഗൃണൻ ഭവ ഉപധാവതി. 17

ശ്രീഭഗവാനുവാച

ഓം നമോ ഭഗവതേ മഹാപുരുഷായ സർവ്വഗുണസംഖ്യാനാ-
യാനന്തായാവ്യക്തായ നമ ഇതി. 18

ഭജേ ഭജന്യാരണപാദപങ്കജം
ഭഗസ്യ കൃത്സ്നസ്യ പരം പരായണം
ഭക്തേഷ്വലംഭാവിതഭൂതഭാവനം
ഭവാപഹം ത്വാ ഭവഭാവമീശ്വരം. 19

ന യസ്യ മായാഗുണചിത്തവൃത്തിഭി-
ർന്നിരീക്ഷതോ ഹ്യണ്വപി ദൃഷ്ടിരജ്യതേ
ഈശേ യഥാ നോഽജിതമന്യുരംഹസാം
കസ്തം ന മന്യേത ജിഗീഷുരാത്മനഃ. 20

അസദ്ദൃശോ യഃ പ്രതിഭാതി മായയാ
ക്ഷീബേവ മധ്വാസവതാമ്രലോചനഃ
ന നാഗവധ്വോഽർഹണ ഈശിരേ ഹ്രിയാ
യത്പാദയോഃ സ്പർശനധർഷിതേന്ദ്രിയാഃ. 21

യമാഹുരസ്യ സ്ഥിതിജന്മസംയമം
ത്രിഭിർവിഹീനം യമനന്തമൃഷയഃ
ന വേദ സിദ്ധാർത്ഥമിവ ക്വചിത് സ്ഥിതം
ഭൂമണ്ഡലം മൂർദ്ധസഹസ്രധാമസു. 22

യസ്യാദ്യ ആസീദ് ഗുണവിഗ്രഹോ മഹാൻ
വിജ്ഞാനധിഷ്ണ്യോ ഭഗവാനജഃ കില
യത്സംഭവോഽഹം ത്രിവൃതാ സ്വതേജസാ
വൈകാരികം താമസമൈന്ദ്രിയം സൃജേ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇൗയവനീവിഭാഗങ്ങളിൽ വാഴുവോ-
രായുസ്സുരുമാദിതേയസമാനരും
നാഗായുതശക്തിയുക്തരും വജ്രസ-
മാകാരമാന്ദ, യുവത, ഹർഷം, ബലം
ഭൂരിസന്തുഷ്ടിയിവയാൽ മഹത്തായ
സൗരതയോഗ്യത സിദ്ധമായോരുമാം.
മാരലീലാവിഷയത്തിൽ മിഥുനങ്ങ-
ളാരമിച്ചിട്ടതിന്നന്ത്യകാലത്തിലായ്
കാതരനേത്രമാർ ഗർഭംധരിക്കയാൽ
ത്രേതായുഗസുഖമാർന്നിടുവോരുമാം. 13
ദേവപ്രധാനരിബ്ഭൂവിഭാഗങ്ങളി-
ലാവിർമ്മുദാ തദ്ഗണമുഖ്യരാൽപ്പരം
സൽകൃതന്മാരായൃതുഭേദമെന്നിയേ
പൂക്കളും, ഫലപല്ലവങ്ങളെന്നീവക
തിങ്ങി നമിച്ചിടും ശാഖാലതാവലി
തങ്ങുന്ന ശാഖികൾ ചൂഴ്ന്നു വിളങ്ങിടും
പ്രീതിപ്രദങ്ങളാമാശ്രമമന്ദിര-
ഭൂധരഗഹ്വരവൃന്ദത്തിലും തഥാ
ഫുല്ലമാം നാനാവിധനവപാദപ-
തല്ലജസൂനഗന്ധത്തിനാൽത്തുഷ്ടരാം
സാരസം, ചക്രവാകം, ജലകുക്കുടം
കാരണ്ഡവം, രാജഹംസമെന്നിത്തരം
പത്രികളും ഭൃംഗജാതികളും കളം-
ശബ്ദിച്ചിടുന്ന സരോവരൗഘത്തിലും
എത്തിജ്ജലക്രീഡതൊട്ടു ബഹുവിധ-
ചിത്തവിനോദനലീലയിൽ മഗ്നരായ്
ശ്രീമന്മനോജ്ഞസുരസുന്ദരികൾതൻ-
കാമസംയുക്തവിലാസങ്ങളൊത്തതാം
മുഗ്ദ്ധകടാക്ഷങ്ങളാൽ സമാകൃഷ്ടഹൃ-
ന്നേത്രരായ് സൈ്വരം വിഹരിച്ചിടുന്നിതേ.14
ഒൻപതു ഖണ്ഡത്തിലും പുരുഷോത്തമൻ
തമ്പുരാൻ നാരായണൻ ഭഗവാൻ ഹരി
ഭക്തജനാനുഗ്രഹത്തിനായിട്ടാത്മ-
തത്ത്വഗണത്തൊടുമാത്മരൂപത്തൊടും
ഇപ്പൊഴും സന്നിധാനംചെയ്തരുളുന്നു
ചൊല്ലൊണ്ടിടും പാണ്ഡവേയമുക്താമണേ!
എന്നാലിളാവൃതഭൂവിൽ ശിവനേക- [15
നെന്നിയേ കാണുകില്ലാണായൊരുത്തനെ.
അന്യപുമാനവിടാഗമിച്ചാലുടൻ
പെണ്ണായിടും സതീശാപംനിമിത്തമായ്
ആകയാലസ്ഥലത്താരുമേ പൂരുഷർ
പോകമാറി,ല്ലതിൻഹേതു പിന്നോതിടാം. 16
വാമാജനങ്ങൾ സഹസ്രക്കണക്കിന-
സ്വാമിനിയാം സതിയൊത്തു സേവിച്ചിടും
നീലകണ്ഠൻ, ചതുർമ്മൂർത്തിയാം വിഷ്ണുവിൻ
നാലാമതാകും തമോഗുണമൂർത്തിയായ്
തൽക്കാരണഭൂതനായി വിളങ്ങിടും
ചൊല്ലേറുന്ന സങ്കർഷണനാം ഭഗവാനെ
ഉച്ചതരമാം സമാധിയോഗത്തിനാ-
ലിശ്രേഷ്ഠമന്ത്രം ജപിച്ചുപാസിപ്പിതേ. 17

ശ്രീഭഗവാൻ പറഞ്ഞു

ഓം നമോ ഹേ മഹാപൂരുഷാ! ഷഡ്ഗുണ-
പൂർണ്ണാ! സമസ്തഗുണൗഘപ്രകാശകാ!
ആക്കും ധരിക്കാവതല്ലാത്ത മട്ടില-
വ്യക്താ! പരിച്ഛിന്നഹീനാ! നമസ്കൃതി. 18
അർച്ചനയ്ക്കർഹനായുൽകൃഷ്ടനായ് സമ-
സ്തൈശ്വര്യനിത്യാശ്രയനായ് ഭജിപ്പോർക്ക-
കാൽത്താരവലംബമാക്കിമിന്നും ദേവ!
ഭക്താളിയെ സ്വരൂപം കാട്ടിടും വിഭോ!
സംസാരഹാരിൻ! ഭവവർദ്ധനാ! പര-
മേശ്വരാ! ഞാൻ ഭവാനെബ്ഭജിക്കുന്നിതേ. 19
ലോകനിയന്ത്രണത്തിന്നായ് പ്രകൃതിയെ
സ്വീകരിക്കുന്നു ഭവാനെന്നിരിക്കിലും
തദ്ഗുണമൂലമായുണ്ടാം വികൃതിക-
ളാക്കായ് ഭവിച്ചിടുന്നില്ലങ്ങോരിക്കലും
ഞങ്ങളോ മായയേ വെല്ലാനശക്തരാ-
യിങ്ങു നിപീഡിതർ കോപരാഗാദിയാൽ
അങ്ങനെയുള്ളോരിവരീശനായിടു-
മങ്ങേ ഭജിക്കാതിരിപ്പതുമെങ്ങനെ? 20
മായയാൽ സത്യം മറഞ്ഞുകാണ്ടോന്നു
മായേശനാം ഭവാൻ മത്തനെപ്പോലെയും
മദ്യത്തിനാൽ തുടുത്തീടും നയനങ്ങ-
ളൊത്തവൻപോലെയും കാണപ്പെടുന്നിതു.
ത്വൽപാദപങ്കജസ്പർശനംമൂലമായ്
ക്ഷുബ്ധേന്ദ്രിയരായ നാഗവധൂടികൾ
ലജ്ജയാൽ സർവ്വജ്ഞനായ ഭഗവാൻെറ-
യർച്ചനയിങ്കലശക്തരാകുന്നിതേ. 21
ഏതൊരുദേവനെത്തത്ത്വജ്ഞരേവരും
ഭൂതസൃഷ്ടിസ്ഥിതിസംഹൃതിഹേതുവും
നിത്യനും നിർവ്വികാരൻതാനുമെന്നുള്ള
സത്യം നിരന്തരം കീർത്തിച്ചിടുന്നുവോ,
ഏതുദേവൻെറ സഹസ്രശീർഷങ്ങളി-
ലേതാണ്ടോരററത്തൊരു കടുകെന്നപോൽ
പററിയിരിക്കയാണിദ്ധരയെന്നതു
ചെററുമിങ്ങാരും ധരിക്കുന്നതില്ലയോ,
സങ്കർഷണമൂർത്തിയാമബ്ഭഗവാനെ
കിങ്കരനാം ഞാൻ നമസ്കരിക്കുന്നിതേ. 22
ഏതവൻതൻ ഗുണരൂപം മഹത്തത്ത്വ-
മാദിയിൽ ജ്ഞാനാശ്രയമായുദിച്ചിതു,
അമ്മഹത്തത്ത്വത്തിൽനിന്നുളവായിതു
നാന്മുഖൻ, ഞാൻ പിന്നവനിൽനിന്നുണ്ടായി.
സത്ത്വരജസ്തമോരൂപസ്വഭൂതിയാൽ
സത്വരം ദേവതാഭൂതവർഗ്ഗത്തെയും
ഇന്ദ്രിയവർഗ്ഗത്തെയും വിരചിക്കുന്ന
പൊന്നുമഹത്തത്ത്വധിഷ്ഠാനമായ ഞാൻ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എതേ വയം യസ്യ വശേ മഹാത്മനഃ
സ്ഥിതാഃ ശകുന്താ ഇവ സൂത്രയന്ത്രിതാഃ
മഹാനഹം വൈകൃതതാമസേന്ദ്രിയാഃ
സൃജാമ സർവ്വേ യദനുഗ്രഹാദിദം. 24
യന്നിർമ്മിതാം കർഹ്യപി കർമ്മപർവ്വണീം
മായാം ജനോഽയം ഗുണസർഗ്ഗമോഹിതഃ
ന വേദ നിസ്താരണയോഗമഞ്ജസാ
തസ്മൈ നമസ്തേ വിലയോദയാത്മനേ. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

ശ്രീശുക ഉവാച

തഥാ ച ഭദ്രശ്രവാ നാമ ധർമ്മസുതസ്തത്കുലപതയഃ പുരു-
ഷാ ഭദ്രാശ്വവർഷേ സാക്ഷാദ്ഭഗവതോ വാസുദേവസ്യ പ്രി-
യാം തനും ധർമ്മമയീം ഹയശീർഷാഭിധാനാം പരമേണ
സമാധിനാ സംനിധാപ്യേദമഭിഗൃണന്ത ഉപധാവന്തി. 1

ഭദ്രശ്രവസ ഊചുഃ

ഓം നമോ ഭഗവതേ ധർമ്മായാത്മവിശോധനായ നമ ഇതി. 2

അഹോ വിചിത്രം ഭഗവദ്വിചേഷ്ടിതം
ഘ്നന്തം ജനോഽയം ഹി മിഷന്ന പശ്യതി
ധ്യായന്നസദ്യർഹി വികർമ്മ സേവിതും
നിർഹൃത്യ പുത്രം പിതരം ജിജീവിഷതി. 3
വദന്തി വിശ്വം കവയഃ സ്മ നശ്വരം
പശ്യന്തി ചാധ്യാത്മവിദോ വിപശ്ചിതഃ
തഥാപി മുഹ്യന്തി തവാജ മായയാ
സുവിസ്മിതം കൃത്യമജം നതോഽസ്മി തം. 4
വിശ്വോദ്ഭവസ്ഥാനനിരോധകർമ്മ തേ
ഹ്യകർത്തുരങ്ഗീകൃതമപ്യപാവൃതഃ
യുക്തം ന ചിത്രം ത്വയി കാര്യകാരണേ
സർവ്വാത്മനി വ്യതിരിക്തേ ച വസ്തുതഃ. 5
വേദാൻ യുഗാന്തേ തമസാ തിരസ്കൃതാൻ
രസാതലാദ്യോ നൃതുരങ്ഗവിഗ്രഹഃ
പ്രത്യാദദേ വൈ കവയേഽഭിയാചതേ
തസ്മൈ നമസ്തേഽവിതഥേഹിതായ-ഇതി. 6

ഹരിവർഷേ ചാപി ഭഗവാന്നരഹരിരൂപേണാസ്തേ തദ്രൂ-
പഗ്രഹണനിമിത്തമുത്തരത്രാഭിധാസ്യേ. തദ്ദയിതം രൂപം
മഹാപുരുഷഗുണഭാജനോ മഹാഭാഗവതോ ദൈത്യദാനവകുല-
തീർത്ഥീകരണശീലാചരിതഃ പ്രഹ്ലാദോഽവ്യവധാനാനന്യ-
ഭക്തിയോഗേന സഹ തദ്വർഷപുരുഷൈരുപാസ്തേ ഇദം ചോദാ-
ഹരതി. 7

ഓം നമോ ഭഗവതേ നരസിംഹായ നമസ്തേജസ്തേജസേ ആ-
വിരാവിർഭവ വജ്രനഖ വജ്രദംഷ്ട്ര കർമ്മാശയാൻ രന്ധയ രന്ധ-
യ തമോ ഗ്രസ ഗ്രസ ഓം സ്വാഹാ. അഭയമഭയമാത്മനി ഭൂയി-
ഷ്ഠാ ഓം ക്ഷ്രൗം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏത്തുമഹാത്മാവുതന്നധീനത്തിലാ–
യാതങ്കമെന്യേ തദനുഗ്രഹത്തിനാൽ

വഗ്ഗ്രിതയം മഹാനഹം തത്ത്വങ്ങ–
ളിക്കണക്കേ പല പേരുകളാന്നിടും–

സ്രഷ്ടാവുതൊട്ടോരീ ഞങ്ങളെല്ലാം സൂത്ര–
ബദ്ധങ്ങൾ പക്ഷികൾപോലസ്വതന്ത്രരായ്,

സൃഷ്ട്യാദിസർവ്വവും സാധിച്ചിടുന്നിതാ–
വിഷ്ണുപാത്മാവാം ഭവാനു നമസ്കൃതി. 24

കമ്മഗണഗ്രന്ഥിയോടുകൂടിബദ്ധവാൻ
നിമ്മിച്ച മായയെ ഞങ്ങളറിയുന്നു.

എന്നാലതിനെക്കടപ്പാനുപായങ്ങ–
ളൊന്നുമറിയുന്നതില്ലീ വിമോഹിതർ.

ഈ ലോകസൃഷ്ടിസ്ഥിതിലയങ്ങൾക്കാദി–
മൂലമാമങ്ങയെ ഞാൻ നമിക്കുന്നിതേ. 25

അദ്ധ്യായം 18

ഭുവനകോശപാസനാരീതി

ശ്രീശുകൻ പറഞ്ഞു

ഇമ്മട്ടു ഭദ്രശ്രവസ്സെന്നു പേരെഴും
ധമ്മപുത്രൻ തത്കുലപതിമാരൊടും

ഒത്തു ഭദ്രാശ്വഭൂവിൽ ഭഗവദ്ധമ്മ–
മൂത്തി വഹിച്ച ഹയഗ്രീവനാമത്തിൽ

മിന്നിടും പ്രേമാകരാകാരധാരിയെ–
ദ്ധന്യസമാധിയോഗത്തിനാൽ വേണ്ടപോൽ

ചിത്തപദ്മത്തിലുറപ്പിച്ചിതുച്ചരി–
ച്ചാത്താദരം പരിസേവിച്ചിടുന്നിതേ. 1

ഭദ്രശ്രവസ്സുകൾ പറഞ്ഞു

ഓം നമോ ധമ്മമൂത്തേ! വിശുദ്ധാകൃതേ!
മാനസമാലിന്യഹാരിൻ! നമോ നമഃ. 2

അദ്ഭുതംതന്നെ ഭഗവദ്വിചേഷ്ടിത–
മിപ്പാരിലക്ഷ്യതുറന്നിരുന്നീടിലും

കാണാ ജനം ഹിംസകനെ,യസത്തിനെ–
ദ്ധ്യാനിച്ചു പാപകമ്മത്തിലാസക്തനായ്

പുത്രനേയും താതനേയും ഹനിച്ചു തൽ–
സ്വത്തിനാൽ ജീവിക്കുവാൻ കൊതിക്കു–
ന്നിതു. 3

അദ്ധ്യാത്മതത്ത്വമറിയും കവികളാം
വിദ്വൽക്കുലം നശ്വരമായ് ജഗത്തിനെ

ചൊൽകയും കാണുകയും ചെയ്യിടുന്നവെ–
ന്നാകിലും നിന്മായയാൽ വിമോഹിപ്പിതേ.

ഏററവുമദ്ഭുതംതാനിതു ജന്മാദി–
യററ ഭവാനെ നമസ്കരിക്കുന്നു ഞാൻ. 4

ലോകസൃഷ്ടിസ്ഥിതിസംഹാരകർത്തൃത്വ–
മാഗമമങ്ങയിൽ സ്ഥാപിച്ചിരിക്കവേ,

അങ്ങകർത്താവുമപാവൃതൻതാനമെ–
ന്നിങ്ങനെ ചൊൽവതിലാശ്ചര്യമാന്നിടാ.

എല്ലാപ്പൊഴും കാര്യകാരണഭാവമാ–
ന്നുല്ലസിച്ചീടും സമസ്തലോകേശനാം

നിന്തിരുമേനിക്കു സത്യത്തിലൊന്നിലും
ബന്ധവുമില്ല കമ്മങ്ങളും നിണ്ണയം. 5

വേദങ്ങൾ കട്ടു പാതാളത്തിലെത്തിയ
ദൈതേയനിൽനിന്നതു വീണ്ടെടുക്കുവാൻ

അശ്വശിരസ്സും മനുഷ്യവപുസ്സുമാ–
യാശ്ചര്യരൂപം ധരിച്ചു യുഗാന്തത്തിൽ

അത്ഥിച്ച ധാതാവിനായതു വീണ്ടെടു–
ത്തത്യരമേകിയോരങ്ങേ നമിപ്പു ഞാൻ. 6

ശ്രീഹരിതാൻ ഹരിവഷത്തിലും നര–
സിംഹരൂപംപൂണ്ടു വാഴുന്നു, കാരണം

അന്യത്ര ചൊല്ലുവ,നദൈത്യദാനവ–
വൃന്ദവംശം ശുദ്ധമാക്കുവാൻതക്കതാം

ശീലാചരണങ്ങളാന്ന മഹദ്ഗുണൗ–
ഘാലയമായ് മഹാഭാഗവതാഢ്യനായ്

ധീരനാം പ്രഹ്ലാദ,നെന്നുമേകാന്തനായ്
തീരെ മറവററ ഭക്തിയോഗത്തിനാൽ

അസ്ഥലവാസികളൊത്താപ്രിയസ്വരൂ–
പത്തെയിമ്മന്ത്രം ജപിച്ചുപാസിപ്പിതേ. 7

ഓം നമോ നാരസിംഹാകൃതേ! തേ നമോ,
ശ്രീനിധേ! തേജസ്തേജസ്സേ! നമോ നമഃ

വജ്രനഖവജ്രദംഷ്ട്രാച്ചിതതനോ!
ഇജ്ജനത്തിന്നുടൻ പ്രത്യക്ഷമാകുണേ.

കമ്മദൃഢഗ്രന്ഥി ചുട്ടിട്ടു ചുട്ടിട്ടു,
ചെമ്മേ ഗ്രസിക്കു ഗ്രസിക്കു തമോഭരം.

ഞങ്ങൾക്കഭയമഭയം തരേണമേ
അ,ങ്ങതിനാൽ സവ്വവും സ്വാഹ ഓം ക്ഷ്രൗം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വസ്ത്യസ്തു വിശ്വസ്യ ഖലഃ പ്രസീദതാം
ധ്യായന്തു ഭൂതാനി ശിവം മിഥോ ധിയാ
മനശ്ച ഭദ്രം ഭജതാദധോക്ഷജ
ആവേശ്യതാം നോ മതിരപ്യഹൈതുകീ 9

മാഗാരദാരാത്മജവിത്തബന്ധുഷു
സങ്ഗോ യദി സ്യാദ് ഭഗവത് പ്രിയേഷു നഃ
യഃ പ്രാണവൃത്ത്യാ പരിതുഷ്ട ആത്മവാൻ
സിദ്ധ്യത്യദൂരാന്ന തഥേന്ദ്രിയപ്രിയഃ. 10

യത്സങ്ഗലബ്ധം നിജവീര്യസംഭവം
തീർത്ഥം മുഹുഃ സംസ്പൃശതാം ഹി മാനസം
ഹരത്യജോഽന്തഃ ശ്രുതിഭിർഗ്ഗതോഽങ്ഗജം
കോ വൈ ന സേവേത മുകുന്ദവിക്രമം. 11

യസ്യാസ്തി ഭക്തിർഭഗവത്യകിഞ്ചനാ
സർവ്വൈർഗ്ഗുണൈസ്തത്ര സമാസതേ സുരാഃ
ഹരാവഭക്തസ്യ കുതോ മഹദ്ഗുണാ
മനോരഥേനാസതി ധാവതോ ബഹിഃ. 12

ഹരിർഹി സാക്ഷാദ് ഭഗവാൻ ശരീരിണാ-
മാത്മാ ഝഷാണാമിവ തോയമീപ്സിതം.
ഹിത്വാ മഹാംസ്തം യദി സജ്ജതേ ഗൃഹേ
തദാ മഹത്ത്വം വയസാ ദമ്പതീനാം. 13

തസ്മാദ്രജോരാഗവിഷാദമന്യു-
മാനസ്പൃഹാഭയദൈന്യാധിമൂലം
ഹിത്വാ ഗൃഹം സംസൃതിചക്രവാളം
നൃസിംഹപാദം ഭജതാകുതോഭയമിതി. 14

കേതുമാലേഽപി ഭഗവാൻ കാമദേവസ്വരൂപേണ ലക്ഷ്മ്യാഃ പ്രിയചികീർഷയാ പ്രജാപതേർദുഹിതൄണാം പുത്രാണാം തദ്വർഷപതീനാം പുരുഷായുഷാഹോരാത്രപരിസംഖ്യാനാനാം യാസാം ഗർഭാ മഹാപുരുഷമഹാസ്ത്രതേജസോദ്വേജിതമനസാം വിധ്വസ്താ വ്യസവഃ സംവത്സരാന്തേ വിനിപതന്തി. 15

അതീവ സുലലിതഗതിവിലാസവിലസിതരുചിരഹാസ-ലേശാവലോകലീലയാ കിഞ്ചിദുത്തംഭിതസുന്ദരഭ്രൂമണ്ഡലസുഭഗവദനാരവിന്ദശ്രിയാ രമാം രമയന്നിന്ദ്രിയാണി രമയതേ. 16

തദ്ഭഗവതോ മായാമയം രൂപം പരമസമാധിയോഗേന രമാദേവീ സംവത്സരസ്യ രാത്രിഷു പ്രജാപതേർദുഹിതൃഭിരുപേതാഹഃസു ച തദ്ഭർത്തൃഭിരുപാസ്തേ ഇദം ചോദാഹരതി. 17

ഓം ഹ്രാം ഹ്രീം ഹ്രൂം ഓം നമോ ഭഗവതേ ഹൃഷീകേശായ സർവ്വഗുണവിശേഷൈർവിലക്ഷിതാത്മനേ ആകൂതീനാം ചിത്തീനാം ചേതസാം വിശേഷാണാം ചാധിപതയേ ഷോഡശകലായ ഛന്ദോമയായാന്നമയായാമൃതമയായ സർവ്വമയായ സഹസേ ഓജസേ ബലായ കാന്തായ കാമായ നമസ്തേ ഉഭയത്ര ഭൂയാത്. 18

സ്ത്രിയോ വ്രതൈസ്ത്വാ ഹൃഷീകേശ്വരം സ്വതോ
ഹ്യാരാധ്യ ലോകേ പതിമാശാസതേഽന്യം
താസാം ന തേ വൈ പരിപാന്ത്യപത്യം
പ്രിയം ധനായൂംഷി യതോഽസ്വതന്ത്രാഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകത്തുളവായിടട്ടെ ശുഭം ദൗഷ്ട്യ-
മാകവേ വിട്ടു മോദിച്ചിടട്ടേ ഖലർ.
ധ്യാനിച്ചിടട്ടെ ഭൂതാളിയന്യോന്യമ-
ന്യൂനശുഭത്തിനായെന്നും സ്വബുദ്ധിയാൽ,
മാനസവും ശാന്തിനേടട്ടെ, ചേരട്ടെ
താനേയകാമമസ്സന്മനമങ്ങയിൽ. 9
ദാരാത്മജാധനബന്ധുഗേഹാദിയിൽ
ചേരരുതാസ്കതി ഞങ്ങൾക്കൊരിക്കലും.
സങ്ഗമമുണ്ടാകുകിൽ ഭഗവദ്ഭക്ത-
പുങ്ഗവരോടായിരിക്കണമായതും.
പ്രാണൻ നിറുത്തുവാൻ വല്ലതുമല്പമായ്-
വേണമെന്നേയങ്ങവർക്കുള്ള വാഞ്ഛിതം.
സിദ്ധിയാളുന്നുടനാത്മജ്ഞരായവർ,
പാർത്താലജിതേന്ദ്രിയന്നതസാദ്ധ്യമാം. 10
സാധുസമാഗമംകൊണ്ടു ലഭിച്ചതും
മാധവവിക്രമജാതവുമായിടും
തീർത്ഥമടിക്കടി കണ്ണരന്ധ്രംവഴി
ശ്രദ്ധയോടും നുകർന്നീടുന്നവരുടെ
ഹൃത്തിൽ ഭഗവാൻ കടന്നു മനോമല-
മസ്തമിപ്പിക്കുന്നി,തത്തീർത്ഥനീരമോ
അങ്ഗമാലിന്യമേ പോക്കിട്ടു, പാർക്കുകിൽ
ശാർങ്ഗിതൻ വിക്രമമാരാദരിച്ചിടാ? 11
നിഷ്കിഞ്ചനഭക്തിയങ്ങയിലാർന്നിടും
ഭക്തരിൽ സർവ്വവിധമാം ഗുണങ്ങളും
നിർജ്ജരന്മാരേകിയാവസിക്കുന്നിതേ;
തുച്ഛവിഷയസുഖങ്ങളിൽ ബാഹ്യമായ്
മാനസം വ്യാപരിപ്പിക്കും ഹരിഭക്ത-
ഹീനനനീ ശ്രേഷ്ഠഗുണങ്ങൾ സിദ്ധിക്കുമോ? 12
മത്സ്യതതിക്കിഷ്ടമാം ജലംപോൽ ഭക്ത-
വത്സലൻ ദേഹികൾക്കൊക്കെയാത്മാവുതാൻ
അബ്ഭഗവാനെയുപേക്ഷിച്ചു ഗേഹത്തിൽ
നിർഭരമാസക്തിയോടു വാണീടുവോൻ
വൻപനാമെങ്കിൽ, മാഹാത്മ്യഗണനയിൽ
ദമ്പതിമാർക്കു മുഖ്യം വയസ്സെന്നുമാം 13
ആകയാൽ ദൈന്യം, രജസ്സു, വിഷാദവും
രാഗ,മഭിമാന,മാഗ്രഹം, കോപവും
ആധിഭയമെന്നിവയ്ക്കൊക്കെയും ഹേതു-
ഭൂതമായിബ്ഭവാവൃത്തിസ്വരൂപമാം
ഗേഹമുപേക്ഷിച്ചു നിർഭയമാം നര-
സിംഹപാദം ഭജിച്ചീടുവിനേവരും. 14
കേതുമാലത്തിലും ശ്രീഹരിയാവർഷ-
നാഥനും ശ്രീക്കും നരായുസ്സുകൊണ്ടുള്ള
നക്തംദിവസംഖ്യയൊക്കുമാ വർഷേശ-
പുത്രർക്കുമാത്മജമാർക്കും പ്രിയേച്ഛുവായ്

കാമദേവാകൃതി കൈക്കൊണ്ടു വാഴുന്നി-
താമഹാപൂരുഷൻതൻ മഹാസ്ത്രത്തിന്റെ
ഭൂരിതേജസ്സിനാൽ ഭീതരാമന്നാരി-
മാരുടെ ഗർഭങ്ങൾ വിദ്ധ്വംസിതങ്ങളായ്
സംവത്സരാവസാനത്തിലശേഷവും
ജീവൻവെടിഞ്ഞു നിലംപതിക്കുന്നിതേ. 15
അത്യന്തസുന്ദരസഞ്ചാരലീലയാൽ
മുഗ്ദ്ധമാം ഹാസലേശം ചേർന്നിണങ്ങിടും,
കൺമുനക്രീഡയ്ക്കനുസരിച്ചല്പമായ്
മേന്മേലിളകും പുരികക്കൊടികളാൽ
രാജിച്ചിടും വദനാരവിന്ദത്തിന്റെ
രോചിസ്സിനാലിന്ദിരയെ രമിപ്പിച്ചു
പ്രദ്യുമ്നദേവൻ സ്വയമിന്ദ്രിയങ്ങൾക്കു
നിസ്തുലാനന്ദമിയററിടുന്നു സദാ. 16
അബ്ഭഗവാന്റെ മായാമയം രൂപമി-
തദ്ഭുതഗാത്രിയാം ലക്ഷ്മീഭഗവതി
രാത്രിയിൽ സംവത്സരപ്രജാധീശന്റെ
പുത്രിമാരോടും പകൽ സുതന്മാരൊടും
ചേർന്നു സമാധിയോഗത്തൊടിമ്മന്ത്രവും
നന്നായുരുവിട്ടു സേവിച്ചിടുന്നിതേ. 17
ഓം ഹ്രാം ഹ്രീം ഹ്രൂം ഓം ഭഗവൻ! നമോസ്തുതേ
സോഹം ഹൃഷീകേശ! സദ്ഭക്തിയുക്തമായ്
ഇന്ദ്രിയപ്രേരകനായ് സമസ്തൈശ്വര്യ-
മന്ദിരമാകും ഭവാനു നമസ്കാരം.
സർവ്വഗുണവിശേഷങ്ങളാൽ സർവ്വത്ര
സർവ്വദാ കാണപ്പെടുമാത്മരൂപനായ്
ചിത്തക്രിയാജ്ഞാനഭൂമ്യാദിപഞ്ചത-
ന്മാത്രകളെന്നിവ യ്ക്കീശനായ് ശാന്തനായ്
ഷോഡശസൽക്കലായുക്തനായ്ക്കാമനായ്
രൂഢസൗന്ദര്യസ്വരൂപനാം ദേവനായ്
സർവ്വസ്വരൂപനായന്നമയനായി
സർവ്വവേദാത്മകൈശ്വര്യസ്വരൂപനായ്
അന്തഃകരണസാമർത്ഥ്യസ്വരൂപനാ-
യിന്ദ്രിയസാമർത്ഥ്യസാരാകൃതിയായി
നിത്യമമൃതസ്വരൂപനാം നിന്തിരു-
മൂർത്തിക്കു ബാഹ്യാന്തരീയനമസ്കൃതി. 18
യോഷമാരെന്നും വ്രതങ്ങൾമൂലം ഹൃഷീ-
കേശനാമങ്ങയെയിങ്ങു ഭജിക്കയും
അന്യനെക്കാന്തനായ്ക്കൈക്കൊൾകയും
ചെയ്യു-
യെന്നതു നന്നല്ല നിന്ദ്യമാണോർക്കുകിൽ.
എന്നാൽ വരരോ, വധൂജനത്തിൻധനം
നന്ദന,രായുസ്സിവ കാത്തുകൊള്ളുവാൻ
ശക്തരായിബ്ഭവിക്കുന്നില്ല, ദേഹിക-
ളൊക്കെയും സ്വാതന്ത്ര്യമററവരാകയാൽ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ വൈ പതിഃ സ്യാദകുതോഭയഃ സ്വയം
സമന്തതഃ പാതി ഭയാതുരം ജനം
സ ഏക ഏവേതരഥാ മിഥോ ഭയം
നൈവാത്മലാഭാദധി മന്യതേ പരം. 20
യാ തസ്യ തേ പാദസരോരുഹാർഹണം
നികാമയേത്സാഖിലകാമലമ്പടാ
തദേവ രാസീപ്സിതമീപ്സിതോ/ർച്ചിതോ
യദ്ഭഗ്നയാച്ഞാ, ഭഗവൻ, പ്രതപ്യതേ. 21
മത്പ്രാപ്തയേ/ജേശസുരാസുരാദയ-
സ്തപ്യന്ത ഉഗ്രം തപ ഐന്ദ്രിയേധിയഃ
ഋതേ ഭവത്പാദപരായണാന്ന മാം
വിന്ദന്ത്യഹം ത്വദ്ധൃദയാ യതോ/ജിത. 22
സ ത്വം മമാപ്യച്യുത ശീർഷ്ണി വന്ദിതം
കരാംബുജം യത്ത്വദധായി സാത്വതാം
ബിഭർഷി മാം ലക്ഷ്മ വരേണ്യ മായയാ
ക ഈശ്വരസ്യേഹിതമൂഹിതും വിഭുരിതി. 23

രമ്യകേ ച ഭഗവതഃ പ്രിയതമം മാത്സ്യമവതാരരൂപം തദ്വ-
ർഷപുരുഷസ്യ മനോഃ പ്രാക്പ്രദർശിതം സ ഇദാനീമപി മഹതാ
ഭക്തിയോഗേനാരാധയതീദം ചോദാഹരതി. 24

ഓം നമോ ഭഗവതേ മുഖ്യതമായ നമഃ സത്ത്വായ പ്രാണാ-
യൗജസേ സഹസേ ബലായ മഹാമത്സ്യായ നമ ഇതി. 25

അന്തർബ്ബഹിശ്ചാഖിലലോകപാലകൈ-
രദൃഷ്ടരൂപോ വിചരസ്യുരുസ്വനഃ
സ ഈശ്വരസ്ത്വം യ ഇദം വശേ/നയ-
ന്നാമ്നാ യഥാ ദാരുമയീം നരഃ സ്ത്രിയം. 26
യം ലോകപാലാഃ കില മത്സരജ്വരാ
ഹിത്വാ യതന്തോ/പി പൃഥക് സമേത്യ ച
പാതും ന ശേകുർദ്വിപദശ്ചതുഷ്പദഃ
സരീസൃപം സ്ഥാണു യദത്ര ദൃശ്യതേ. 27
ഭവാൻ യുഗാന്താർണ്ണവ ഊർമ്മിമാലിനി
ക്ഷോണീമിമാമോഷധിവീരുധാം നിധിം
മയാ സഹോരു ക്രമതേ/ജ ഓജസാ
തസ്മൈ ജഗത്പ്രാണഗണാത്മനേ നമ-ഇതി. 28

ഹിരണ്മയേ/പി ഭഗവാന്നിവസതി കൂർമ്മതനും ബിഭ്രാണ-
സ്തസ്യ തത്പ്രിയതമാം തനുമര്യമാ സഹ വർഷപുരുഷൈഃ
പിതൃഗണാധിപതിരുപധാവതി മന്ത്രമിമം ചാനുജപതി. 29

ഓം നമോ ഭഗവതേ അകൂപാരായ സർവ്വസത്ത്വഗുണവിശേ-
ഷണായാനുപലക്ഷിതസ്ഥാനായ നമോ വർഷ്മണേ നമോ
ഭൂമ്നേ നമോ നമോ/വസ്ഥാനായ നമസ്തേ. 30

യദ്രൂപമേതന്നിജമായയാർപ്പിത-
മർത്ഥസ്വരൂപം ബഹുരൂപരൂപിതം
സംഖ്യാ ന യസ്യാസ്ത്യയഥോപലംഭനാത്
തസ്മൈ നമസ്തേ/വ്യപദേശരൂപിണേ. 31
ജരായുജം സ്വേദജമണ്ഡജോദ്ഭിദം
ചരാചരം ദേവർഷിപിതൃഭൂതമൈന്ദ്രിയം
ദ്യൗഃ ഖം ക്ഷിതിഃ ശൈലസരിത്സമുദ്ര-
ദ്വീപഗ്രഹർക്ഷേത്യഭിധേയ ഏകഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരായിടും സ്വയംഭീതിയില്ലാത്തവൻ
പാരിതിലായവൻതാൻ പരിപാലകൻ.

എല്ലാററിൽനിന്നും ഭയത്താലധീരനാ-
യുള്ളവനെയവൻ രക്ഷിച്ചിടുന്നിതേ.

പാത്ഥീടിലങ്ങേകനാത്മലാഭത്തിലേ-
യുദ്ദേശമുള്ള, മറെറാന്നിലില്ലാഗ്രഹം. 20

ഏതവളാ നിന്തിരുവടിതൻ പാദ-
പാഥോരുഹാച്ചനയിച്ഛിക്കുമോ പരം

അക്കമനീമണി സവ്വാഭിലാഷസം-
യുക്തയായ് ശോഭിച്ചിടുന്നു ദിവാനിശം.

ഒന്നു സങ്കല്പിച്ചുകൊണ്ടാണു സേവന-
മെന്നാലതുമാത്രമേകുന്നു ദൈവതം.

പിന്നെ പ്രിയമുള്ള വസ്തുവിൻനാശത്തി-
ലുന്നതദുഃഖത്തിലാഴുന്നിതായവം. 21

ബ്രഹ്മേശദേവാസുരാദികളിന്ദ്രിയ-
സമ്മോഹിതരായി മൽപദം നേടുവാൻ

ഉഗ്രതപം ചെയ്തിടുന്നെങ്കിലും തവ-
ഭക്തരെന്യേയന്യമെന്നിലണഞ്ഞിടാ.

എന്തുകൊണ്ടെന്നാലജിത! ഭവാനിൽ ഞാ-
നന്തരംഗം സമർപ്പിച്ചു വസിക്കയാം. 22

ഭക്തോത്തമാങ്ഗത്തിൽ മെല്ലെത്തലോടുമാ-
ഹസ്തപദ്മങ്ങളെയെൻെറ ശിരസ്സിലും

അങ്ങൊന്നണയ്ക്കണേ, ലക്ഷ്മമായ് മായയാ-
ലങ്ങുന്നു നിത്യമെന്നെബ്ഭരിക്കുന്നിതേ.

അച്യുതാ! സർവ്വേശനാം തിരുമേനിത-
ന്നിച്ഛയറിയാൻ സമത്ഥനാരുഴിയിൽ? 23

രമ്യകവഷത്തിലും തൽപതിയായ
സന്മതി സത്യവ്രതനാം മനുവിനെ

മുൻപു കാണിച്ചതുമേററം പ്രിയവുമാം
വൻപാന്ന മത്സ്യാവതാരസ്വരൂപത്തെ

ഇപ്പൊഴുമുൽകൃഷ്ടഭക്തിയോഗത്തൊടു-
മപ്പാത്ഥിവനിതു ചൊല്ലിബ്ഭജിക്കുന്നു. 24

ഓം നമോ മുഖ്യതമാ! ഭഗവൻ! നമോ,
മാനസപ്രേരകാ! ഞാൻ നമിക്കുന്നിതേ.

പ്രാണനാമോജസ്സഹശ്ശക്തിരൂപനായ്
ഭാനിച്ചിടും മഹാമത്സ്യമൂത്തേ! നമഃ. 25

വായുവായ് ലോകത്തിനന്തർബഹിഃപ്രാണ-
നായഷ്ടദിക്പാലകക്കുമദൃശ്യനായ്

താവകശബ്ദമാം വേദമെങ്ങും ധരാ-
ദേവരാൽ സുവ്യാപ്തമാക്കിച്ചരിച്ചിടും

ബ്രഹ്മസ്വരൂപാ! ഭവാനിജ്ജഗത്തിനെ-
പ്പെണ്ണരപ്പാവമട്ടിൽ ചലിപ്പിക്കയാം. 26

മത്ത്യർ, മൃഗങ്ങളും, സരീസൃപം, സ്ഥാവര-
മിത്യാദിയെപ്പരിപാലിച്ചുകൊള്ളുവാൻ

ചിത്സ്വരൂപൻ ഭഗവാനോടുകൂടാതെ
മത്സരമാംജ്വരമാന്ന ദിക്പാലകർ

ഒററയ്ക്കൊന്നിച്ചുമേചന്നും നിരന്തര-
മുററുയത്നിക്കിലും ശക്തരായീടുമോ? 27

വൻതിരമാലകളും പൊന്തുന്ന കല്പാന്ത-
സിന്ധുവിലൗഷധകല്പനിധിയായ

ഇദ്ധരയെയെന്നൊടൊത്തു വഹിച്ചുകൊ-
ണ്ടത്യന്തശീഘ്രം ഭവാൻ ചരിക്കുന്നിതേ.

ലോകാഖിലപ്രാണസംഘസ്വരൂപനാം
വൈകുണ്ഠവാസിൻ' ഭഗവൻ! നമസ്കൃതി. 28

കൂമ്മാകൃതിയായ് ഭഗവാൻ ഹിരണ്മയ-
ഭൂമിഭാഗത്തിലുമാവസിക്കുന്നിതു.

സ്വാമിക്കതിപ്രിയമുള്ളൊരിമ്മൂത്തിയെ
പ്രേമാന്വിതം പിതൃസംഘപ്രമാണിയാം

അര്യമാവാവഷവാസീജനമൊത്തു
നേരിലീമന്ത്രവും ചൊല്ലിബ്ഭജിപ്പിതേ. 29

ഓം സർവ്വസത്ത്വഗുണവിശേഷാഢ്യനായ്
വാസസ്ഥലം ലവം കാട്ടാത്തവനായി

എങ്ങുമേ വ്യാപിച്ച കാലപരിച്ഛിത്തി-
സങ്ഗമിക്കാതെ സർവ്വാധാരഭൂതനായ്

പാരം വിളങ്ങും കമഠാകൃതേ! നമ-
സ്കാരം ഭഗവൻ' നമസ്കാരമോം നമഃ. 30

നാനാവിധരൂപമാന്നതായ് മായയാൽ
ഭാനിച്ചിടും ഭവദീദൃശരൂപങ്ങളും

യാഥാത്ഥ്യമില്ലാതെ കാണുന്നതും സംഖ്യ-
യേതുമില്ലാതെയിരിപ്പതുമാകയാൽ,

വാക്കിനുമെത്താത്തതാണാവിധം പൂണ്ണ-
ശക്തികൈക്കൊള്ളും ഭവാനു നമസ്കൃതി. 31

ഗർഭം, വിയർപ്പണ്ഡമെന്നുള്ളവയിലു-
മപ്പോലിളയിലുംനിന്നുളവായതായ്

ഭൂവിൽ ചരങ്ങളചരങ്ങളുമായി
ദേവഷിഭൂതപിതൃക്കളുമിന്ദ്രിയം

ദ്യോ,വന്തരിക്ഷം, ക്ഷിതി, സമുദ്രം, ദ്വീപ-
പർവതവാഹിനീതാരഗ്രഹങ്ങളും

നാനാവിധനാമരൂപഭേദങ്ങളാൽ
കാണും സമസ്തവുമങ്ങാരാറുതന്നെയാം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്മിന്നസംഖ്യേയവിശേഷനാമ-
രൂപാകൃതൗ കവിഭിഃ കല്പിതേയം
സംഖ്യാ യയാ തത്ത്വദൃശാപനീയതേ
തസ്മൈ നമഃ സാംഖ്യനിദർശനായ തേ-ഇതി. 33

ഉത്തരേഷു ച കുരുഷു ഭഗവാൻ യജ്ഞപുരുഷഃ കൃതവരാ-
ഹരൂപ ആസ്തേ തം തു ദേവീ ഹൈഷാ ഭൂഃ സഹ കുരുഭിരസ്ഖ-
ലിതഭക്തിയോഗേനോപധാവതി ഇമാം ച പരമാമുപനിഷ-
ദമാവർത്തയതി. 34

ഓം നമോ ഭഗവതേ മന്ത്രതത്ത്വലിംഗായ യജ്ഞക്രതവേ
മഹാധ്വരാവയവായ മഹാപുരുഷായ നമഃ കർമ്മശുക്ലായ ത്രിയു-
ഗായ നമസ്തേ. 35

യസ്യ സ്വരൂപം കവയോ വിപശ്ചിതോ
ഗുണേഷു ദാരുഷ്വിവ ജാതവേദസം
മഥ്നന്തി മഥ്നാ മനസാ ദിദൃക്ഷവോ
ഗൂഢം ക്രിയാർത്ഥൈർന്നമ ഈരിതാത്മനേ. 36

ദ്രവ്യക്രിയാഹേത്വയനേശകർത്തൃഭി-
ർമ്മായാഗുണൈർവ്വസ്തുനിരീക്ഷിതാത്മനേ
അന്വീക്ഷയാംഗാതിശയാത്മബുദ്ധിഭി-
ർന്നിരസ്തമായാകൃതയേ നമോ നമഃ. 37

കരോതി വിശ്വസ്ഥിതിസംയമോദയം
യസ്യേപ്സിതം നേപ്സിതമീക്ഷിതുർഗ്ഗുണൈഃ
മായാ യഥായോ ഭ്രമതേ തദാശ്രയം
ഗ്രാവ്ണോ നമസ്തേ ഗുണകർമ്മസാക്ഷിണേ. 38

പ്രമഥ്യ ദൈത്യം പ്രതിവാരണം മൃധേ
യോ മാം രസായാ ജഗദാദിസൂകരഃ
കൃത്വാഗ്രദംഷ്ട്രേ നിരഗാദുദന്വതഃ
ക്രീഡന്നിവേഭഃ പ്രണതാസ്മി തം വിഭുമിതി. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭുവനകോശവർണ്ണനം നാമ അഷ്ടാദശോഽധ്യായഃ

ഏകോനവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

കിംപുരുഷേ വർഷേ ഭഗവന്തമാദിപുരുഷം ലക്ഷ്മണാഗ്രജം
സീതാഭിരാമം രാമം തച്ചരണസംനികർഷാഭിരതഃ പരമഭാഗ-
വതോ ഹനുമാൻ സഹ കിംപുരുഷൈരവിരതഭക്തിരുപാസ്തേ. 1

ആർഷ്ടിഷേണേന സഹ ഗന്ധർവ്വൈരനുഗീയമാനാം പരമ-
കല്യാണീം ഭർത്തൃഭഗവത്കഥാം സമുപശൃണോതി സ്വയം
ചേദം ഗായതി. 2

ഓം നമോ ഭഗവതേ ഉത്തമശ്ലോകായ നമ ആര്യലക്ഷണശീ-
ലവ്രതായ നമ ഉപശിക്ഷിതാത്മന ഉപാസിതലോകായ നമഃ
സാധുവാദനികഷണായ നമോ ബ്രഹ്മണ്യദേവായ മഹാപുരു-
ഷായ മഹാരാജായ നമ ഇതി. 3

യത്തദ്വിശുദ്ധാനുഭവമാത്രമേകം
സ്വതേജസാ ധ്വസ്തഗുണവ്യവസ്ഥം
പ്രത്യക് പ്രശാന്തം സുധിയോപലംഭനം
ഹ്യനാമരൂപം നിരഹം പ്രപദ്യേ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഖ്യാരഹിതവിശേഷനാമാകൃതി-
തങ്കം ഭവാനിൽ കവികല്പിതങ്ങളാം

ഇത്തരം സംഖ്യ നിഷേധിച്ചിട്ടും സാംഖ്യ-
തത്ത്വം പ്രകൃഷ്ടം ഭവാനു നമസ്കൃതി. 33

ശ്രീവരാഹാവതാരം പൂണ്ട യജ്ഞേശ-
നാവസിപ്പൂ കുരുകൗരബേരഭൂവിലും.

ഇദ്ധരാദേവിയാവർഷനിവാസിക-
ളൊത്തുചേർന്നേകാന്തഭക്തിയോഗത്തിനാൽ

ഉത്കൃഷ്ടമാമീയുപനിഷന്മന്ത്രത്തെ
നിഷ്ഠയോടു ജപിച്ചുപാസിപ്പിതേ. 34

ഓം മന്ത്രതത്ത്വലിങ്ഗാ! മഹാപൂരുഷാ!
കർമ്മവിശുദ്ധഫലദാ! ത്രികല്പജാ!

യജ്ഞക്രതുരൂപമാളും മഹായാഗ-
സംജ്ഞാങ്ഗകാ! ഭഗവൻ! തേ നമസ്കൃതി. 35

കാഷ്ഠങ്ങളിലഗ്നിമട്ടു ഗുണങ്ങളിൽ
മുറ്റും ക്രിയാർത്ഥങ്ങളാൽ മറയ്ക്കപ്പെട്ടും

ആകൃതി കാണ്മാൻ കൊതിക്കുന്ന വിബുധ-
വേകികരം ഹൃത്തായിട്ടും കടകോലിനാൽ

നന്നായ് മഥിക്കെ പ്രകാശിതരൂപനായ്
മിന്നും ഭഗവൻ! ഭവാനു നമസ്കൃതി. 36

ദ്രവ്യം, ക്രിയ, തനു, കാലവും, കർത്താവു,
ദേവതയിത്തരം മായാഗുണങ്ങളാൽ

ലക്ഷിതാത്മാവായ് വിചിന്തനമങ്ഗങ്ങരം
സൂക്ഷ്മധീയെന്നിവയാലെ നിരസ്തമാം

മായാസ്വരൂപത്തൊടൊത്തു മിന്നും ഭവാ-
നായി നമസ്കൃതി വീണ്ടും നമസ്കൃതി. 37

ഇച്ഛാരഹിതനെന്നാകിലും ജീവസ-
മുച്ചയാനുഗ്രഹമാഗ്രഹിപ്പൂ ഭവാൻ.

ഇത്തരമിച്ഛയാലങ്ങു ലോകം തീർത്തു
കാത്തഴിക്കുന്നിതു മായാഗുണങ്ങളാൽ.

കാന്തംനിമിത്തമായ്ച്ചഞ്ചലിക്കുന്നതാ-
മന്തികസ്ഥം ലോഹമെന്നതുപോലവേ

മായാഗുണാകർഷണത്തിൽ നടക്കുന്ന-
തായ കർമ്മങ്ങരംതൻ സാക്ഷിൻ! നമോ നമഃ. 38

പാരിലങ്ങാദിവരാഹസ്വരൂപമായ്
പോരിൽ മദയാനപോലെതിരിട്ടിട്ടും

ദൈത്യനെക്കൊന്നു രസാതലത്തിൽനിന്നു
തേററമേലെന്നെയേററി ക്രീഡചെയ്തിട്ടും

ഹസ്തിപോലബ്ധിയിൽനിന്നും വിനിർഗ്ഗമി-
ച്ചെത്തിടുമാവിഭുവിന്നായ് നമസ്കൃതി. 39

അദ്ധ്യായം 19

ഭാരതവർണ്ണനം

ശ്രീശുകൻ പറഞ്ഞു

സീതാഭിരാമനായ് ലക്ഷ്മണജ്യേഷ്ഠനാ-
മാദിപുരുഷനെക്കിംപുരുഷത്തിലും

തത്പാദപങ്കജാരാധനത്തിൽ പരം
തത്പരനായ് ഭാഗവതപ്രധാനനാം

മാരുതി കിംപുരുഷന്മാരൊടുകൂടി-
യാരൂഢഭക്തിയോടൊത്തു പൂജിപ്പിതേ. 1

ഉത്കൃഷ്ടമങ്ഗലദായിയായ് ഗന്ധർവ്വ-
രൊക്കെ നിരന്തരം പാടുന്നതായിട്ടും

സ്വസ്വാമിതൻ കഥയാർഷ്ടിഷേണാന്വിതം
താൻ സാദരം ശ്രവിക്കുന്നു പാടുന്നിതേ. 2

ഓം നമസ്സല്ലക്ഷണവ്രതശീലാദി-
യാന്ന ഭഗവൻ! നമസ്തേ നമോ നമഃ.

സാധുവാദത്തിൻ നികഷമായ് സംയത-
പൂതചേതസ്സായ് മഹീദേവഭക്തനായ്

തേജസ്വിയായ് ലോകരച്ചിച്ചിടും മഹാ-
രാജൻ! പുരുഷോത്തമാ! നമസ്തേ നമഃ. 3

ശാന്തമായ് ശുദ്ധാനുഭൂതിസ്വരൂപമായ്,
സ്വന്തമഹസ്സാൽ ഗുണവിഭേദങ്ങളെ

ദൂരീകരിപ്പതായ്, നാമരൂപങ്ങളും
ചേരാതഹന്താരഹിതമായേകമായ്

ദൃശ്യേതരമായ് സുധികളാൽ പ്രാപ്യമാ-
മസ്തുത്യവസ്തുവെയാശ്രയിക്കുന്നു ഞാൻ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മര്‍ത്ത്യാവതാരസ്ത്വിഹ മര്‍ത്ത്യശിക്ഷണം
രക്ഷോവധായൈവ ന കേവലം വിഭോഃ
കുതോഽന്യഥാ സ്യാദ്രമതഃ സ്വ ആത്മനഃ
സീതാകൃതാനി വ്യസനാനീശ്വരസ്യ. 5

ന വൈ സ ആത്മാഽഽത്മവതാം സുഹൃത്തമഃ
സക്തസ്ത്രിലോക്യാം ഭഗവാന്‍ വാസുദേവഃ
ന സ്ത്രീകൃതം കശ്മലമശ്നുവീത
ന ലക്ഷ്മണം ചാപി വിഹാതുമര്‍ഹതി. 6

ന ജന്മ നൂനം മഹതോ ന സൗഭഗം
ന വാങ് ന ബുദ്ധിര്‍നാകൃതിസ്തോഷഹേതുഃ
തൈര്യദ്വിസൃഷ്ടാനപി നോ വനൗകസ-
ശ്ചകാര സഖ്യേ ബത ലക്ഷ്മണാഗ്രജഃ. 7

സുരോഽസുരോ വാപ്യഥ വാനരോ നരഃ
സര്‍വ്വാത്മനാ യഃ സുകൃതജ്ഞമുത്തമം
ഭജേത രാമം മനുജാകൃതിം ഹരിം
യ ഉത്തരാനനയത് കോസലാന്‍ദിവമിതി. 8

ഭാരതേഽപി വര്‍ഷേ ഭഗവാന്നരനാരായണാഖ്യ ആകല്പാന്തമു-
പചിതധര്‍മ്മജ്ഞാനവൈരാഗ്യൈശ്വര്യോപശമോ പരമാ-
ത്മോപലംഭനമനുഗ്രഹായാത്മവതാമനുകമ്പയാ തപോഽവ്യ-
ക്തഗതിശ്ചരതി. 9

തം ഭഗവാന്നാരദോ വര്‍ണ്ണാശ്രമവതീഭിര്‍ഭാരതീഭിഃ പ്രജാ-
ഭിര്‍ഭഗവത്പ്രോക്താഭ്യാം സാംഖ്യയോഗാഭ്യാം ഭഗവദനുഭാ-
വോപവര്‍ണ്ണനം സാവര്‍ണ്ണേരുപദേക്ഷ്യമാണഃ പരമഭക്തിഭാവേ-
നോപസരതി ഇദം ചാഭിഗൃണാതി. 10

ഓം നമോ ഭഗവതേ ഉപശമശീലായോപരതാനാത്മ്യായ
നമോഽകിഞ്ചനവിത്തായ ഋഷിഋഷഭായ നരനാരായണായ
പരമഹംസപരമഗുരവേ ആത്മാരാമാധിപതയേ നമോ നമ
ഇതി. 11

ഗായതി ചേദം—

കര്‍ത്താസ്യ സര്‍ഗ്ഗാദിഷു യോ ന ബധ്യതേ
ന ഹന്യതേ ദേഹഗതോഽപി ദൈഹികൈഃ
ദ്രഷ്ടുര്‍ന്ന ദൃഗ്യസ്യ ഗുണൈര്‍വിദൂഷ്യതേ
തസ്മൈ നമോഽസക്തവിവിക്തസാക്ഷിണേ. 12

ഇദം ഹി യോഗേശ്വര! യോഗനൈപുണം
ഹിരണ്യഗര്‍ഭോ ഭഗവാഞ്ജഗാദ യത്
യദന്തകാലേ ത്വയി നിര്‍ഗ്ഗുണേ മനോ
ഭക്ത്യാ ദധീതോജ്ഝിതദുഷ്ക്കളേബരഃ. 13

യഥൈഹികാമുഷ്മികകാമലമ്പടഃ
സുതേഷു ദാരേഷു ധനേഷു ചിന്തയന്‍
ശങ്കേത വിദ്വാന്‍ കുകളേബരാത്യയാ-
ദ്യസ്തസ്യ യത്നഃ ശ്രമ ഏവ കേവലം. 14

തന്നഃ പ്രഭോ ത്വം കുകളേബരാര്‍പ്പിതാം
ത്വന്മായയാഹം മമതാമധോക്ഷജ
ഭിന്ദ്യാമ യേനാശു വയം സുദുര്‍ഭിദാം
വിധേഹി യോഗം ത്വയി നഃ സ്വഭാവമിതി. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശന്റെ മര്‍ത്ത്യാവതാരം വെറും ദൈത്യ–
നാശത്തിനു മാത്രമല്ലതു, പിന്നെയോ

മാനുഷരെപ്പഠിപ്പിക്കുവാനുംകൂടി–
യാണപ്രകാരമല്ലായിരുന്നെങ്കിലോ

ഏതുമട്ടാത്മരതനാകുമീശന–
സ്സീതനിമിത്തമായ് ദുഃഖമുണ്ടായിടും. 5

ധീരജനാത്മാവു നത്സുഹൃത്തൈശ്വര്യ–
വാരിധി വാസുദേവന്‍ ത്രിലോകങ്ങളില്‍

തീരെയാസക്തനല്ലാഞ്ഞയാല്‍ സ്ത്രീകൃത–
മാരഴലൊട്ടുമനുഭവിക്കാ ദൃഢം.

സ്വന്തം സഹജനാം ലക്ഷ്മണന്‍തന്നെയും
സന്ത്യജിച്ചീടാനമര്‍ഹതയില്ലതാന്‍. 6

ജന്മമോ, ബുദ്ധിയോ മൂര്‍ത്തിഭേദങ്ങളോ
വാങ്മാധുരിയോ മഹാനായ രാമനെ

തുഷ്ടനാക്കില്ലിവയൊന്നുമില്ലെങ്കിലു–
മിഷ്ടരാക്കീ വിപിനസ്ഥരാം ഞങ്ങളെ. 7

ദേവനോ ദൈത്യനോ മാനുഷനോ പുന–
രേവനായാലും മനുഷ്യാകൃതിയായി

ഉത്തമനായ് സുകൃതജ്ഞനായാര്‍ത്തിയെ–
ത്തീര്‍ത്തിടും രാമനെസ്സര്‍വാത്മഭാവത്തില്‍

നിത്യം ഭജിക്കണമുത്തരകോസല–
സംസ്ഥരെ സ്വര്‍ഗ്ഗത്തിലാക്കിയോനിമ്മ–
ഹാന്‍. 8

ഭാരതവര്‍ഷത്തിലും ഭഗവാന്‍ നര–
നാരായണാഖ്യകലന്ന രൂപംപൂണ്ടു

ധര്‍മ്മമുപശമം ജ്ഞാനവൈരാഗ്യങ്ങ–
ളര്‍മ്മമഹന്തയില്ലായ്മയൈശ്വര്യവും

വര്‍ദ്ധിതമാക്കിയിട്ടാത്മസാക്ഷാല്‍ക്കാര–
മെത്തിച്ചിടുമതിശ്രേഷ്ഠമാകും തപം

അസ്പഷ്ടമാകും ഗതിയോടുകൂടിയാ–
കല്പകാലംമുറയ്ക്കാചരിക്കുന്നിതു. 9

വര്‍ണ്ണാശ്രമാചാരയുക്തരാം ഭാരത–
ഖണ്ഡനിവാസികളോടൊത്തു നാരദന്‍

ചില്‍പുരുഷോക്തമാം സാംഖ്യയോഗങ്ങളോ–
ടൊപ്പം ഭഗവന്മഹിമ വര്‍ണ്ണിച്ചിടും

ശാസ്ത്രംമുറയ്ക്കു സാവര്‍ണ്ണിമനുവിനായ്
ശ്രദ്ധയോടൊത്തുപദേശിച്ചു നിത്യവും

ഉല്‍കൃഷ്ടഭക്തിഭാവത്തോടുകൂടിയി–
മ്മുഖ്യമന്ത്രം ജപിക്കുന്നു സേവിക്കുന്നു. 10

ഓം നമസ്സംയതചിത്തേന്ദ്രിയനായി
ഞാനെന്ന ഭാവമശേഷമററവനായ്

അന്യവിഷയങ്ങളാം തള്ളിബ്ഭഗവാനെ–
യുന്നിഭജിക്കുവോക്കററസമ്പത്തായി

എന്നും പരമഹംസാന്വയത്തിന്നഭി–
വന്ദ്യഗുരുവായൃഷികളില്‍ ശ്രേഷ്ഠനായ്

സ്വൈരമാത്മാരാമനായ് വിളങ്ങും നര–
നാരായണമൂര്‍ത്തിയെ നമിക്കുന്നു ഞാന്‍. 11

ഇങ്ങനെ പാടുന്നു:–

സൃഷ്ട്യാദികര്‍ത്താവുതാനെങ്കിലും ബന്ധ–
മൊട്ടുമില്ലാതെയും, ദേഹം ധരിക്കിലും

തദ്വികാരങ്ങളാം ദാഹാദിബാധക–
ളെത്താതെയും, സര്‍വസാക്ഷിയായീടിലും

ദോഷം മിഴിക്കു ഗുണദര്‍ശനത്തിനാ–
ലേശാതെയുമെഴുമീശാ! നമസ്കൃതി. 12

യോഗേശ്വരാ! ഭഗവാനജന്‍ ചൊല്ലിയ
യോഗപരിപാടിയാണി,തെന്നാകയാല്‍

ദുഃഖദദുശ്ശരീരം ത്യജിച്ചന്ത്യമായ്
നിര്‍ഗ്ഗുണനാം നിന്നിലുള്ളുറപ്പിക്കണം. 13

അങ്ങുമിങ്ങുംപെടും ഭോഗങ്ങളില്‍ മനം–
മുങ്ങിസ്സുതദാരവിത്തവിചിന്തയാല്‍

കുത്സിതദേഹം ത്യജിക്കുവാന്‍ പണ്ഡിതന്‍
സംശയിക്കില്‍ത്തല്‍പ്പരിശ്രമം വ്യര്‍ത്ഥമാം. 14

ഹേ പ്രഭോ! ഭാവല്ക്കമായയാല്‍ ദേഹത്തി–
ലപ്പിതം ഞാനെന്റെയെന്ന മമതയെ

ആശു ഭേദിക്കുവാന്‍ ഞങ്ങള്‍ക്കഹൈതുക–
മൈശ്വരഭക്തിയോഗം ജനിപ്പിക്കണേ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാരതേഽപ്യസ്മിൻ വർഷേ സരിച്ഛൈലാഃ സന്തി ബഹവോ മലയോ മംഗളപ്രസ്ഥോ മൈനാകസ്ത്രികൂട ഋഷഭഃ കൂടകഃ കോല്ലകഃ സഹ്യോ ദേവഗിരിഃ ഋഷ്യമൂകഃ ശ്രീശൈലോ വേങ്കടോ മഹേന്ദ്രോ വാരിധാരോ വിന്ധ്യഃ ശുക്തിമാനൃക്ഷഗിരിഃ പാരിയാത്രോ ദ്രോണശ്ചിത്രകൂടോ ഗോവർദ്ധനോ രൈവതകഃ കകുഭോ നീലോ ഗോകാമുഖ ഇന്ദ്രകീലഃ കാമഗിരിരിതി ചാന്യേ ച ശതസഹസ്രശഃ ശൈലാസ്തേഷാം നിതംബപ്രഭവാ നദാ നദ്യശ്ച സന്ത്യസംഖ്യാതാഃ. 16

ഏതാസാമപോ ഭാരത്യഃ പ്രജാ നാമഭിരേവ പുനന്തീനാമാത്മനാ ചോപസ്പൃശന്തി. 17

ചന്ദ്രവസാ താമ്രപർണ്ണീ അവടോദാ കൃതമാലാ വൈഹായസീ കാവേരീ വേണീ പയസ്വിനീ ശർക്കരാവർത്താ തുങ്ഗഭദ്രാ കൃഷ്ണാ വേണ്യാ ഭീമരഥീ ഗോദാവരീ നിർവ്വിന്ധ്യാ പയോഷ്ണീ താപീ രേവാ സുരസാ നർമ്മദാ ചർമ്മണ്വതീ സിന്ധുരന്ധഃ ശോണശ്ച നദൗ മഹാനദീ വേദസ്മൃതിഃ ഋഷികുല്യാ ത്രിസാമാ കൗശികീ മന്ദാകിനീ യമുനാ സരസ്വതീ ദൃഷദ്വതീ ഗോമതീ സരയൂ രോധസ്വതീ സപ്തവതീ സുഷോമാ ശതദ്രൂശ്ചന്ദ്രഭാഗാ മരുദ്വൃധാ വിതസ്താ അസിക്നീ വിശ്വേതി മഹാനദ്യഃ. 18

അസ്മിന്നേവ വർഷേ പുരുഷൈർലബ്ധജന്മഭിഃ ശുക്ലലോഹിതകൃഷ്ണവർണ്ണേന സ്വാരബ്ധേന കർമ്മണാ ദിവ്യമാനുഷനാരകഗതയോ ബഹ്വ്യ ആത്മന ആനുപൂർവ്വ്യേണ സർവ്വാ ഹ്യേവ സർവ്വേഷാം വിധീയന്തേ യഥാ വർണ്ണവിധാനമപവർഗ്ഗശ്ചാപി ഭവതി. 19

യോഽസൗ ഭഗവതി സർവ്വഭൂതാത്മന്യനാത്മ്യേഽനിരുക്തേഽനിലയനേ പരമാത്മനി വാസുദേവേഽനന്യനിമിത്തഭക്തിയോഗലക്ഷണോ നാനാഗതിനിമിത്താവിദ്യാഗ്രന്ഥിരന്ധനദ്വാരേണ യദാ ഹി മഹാപുരുഷപുരുഷപ്രസങ്ഗഃ. 20

ഏതദേവ ഹി ദേവാ ഗായന്തി—

അഹോ അമീഷാം കിമകാരി ശോഭനം
പ്രസന്ന ഏഷാം സ്വിദുത സ്വയം ഹരിഃ
യൈർജ്ജന്മ ലബ്ധം നൃഷു ഭാരതാജിരേ
മുകുന്ദസേവൗപയികം സ്പൃഹാ ഹി നഃ. 21
കിം ദുഷ്കരൈർന്നഃ ക്രതുഭിസ്തപോവ്രതൈർ-
ദാനാദിഭിർവാ ദ്യുജയേന ഫല്ഗുനാ
ന യത്ര നാരായണപാദപങ്കജ-
സ്മൃതിഃ പ്രമുഷ്ടാതിശയേന്ദ്രിയോത്സവാത്. 22
കല്പായുഷാം സ്ഥാനജയാത് പുനർഭവാത്
ക്ഷണായുഷാം ഭാരതഭൂജയോ വരം
ക്ഷണേന മർത്ത്യേന കൃതം മനസ്വിനഃ
സന്ന്യസ്യ സംയാന്ത്യഭയം പദം ഹരേഃ. 23
ന യത്ര വൈകുണ്ഠകഥാസുധാപഗാ
ന സാധവോ ഭാഗവതാസ്തദാശ്രയാഃ
ന യത്ര യജ്ഞേശമഖാ മഹോത്സവാഃ
സുരേശലോകോഽപി ന വൈ സ സേവ്യതാം. 24
പ്രാപ്താ നൃജാതിം ത്വിഹ യേ ച ജന്തവോ
ജ്ഞാനക്രിയാദ്രവ്യകലാപസംഭൃതാം
ന വൈ യതേരന്ന പുനർഭവായ തേ
ഭൂയോ വനൗകാ ഇവ യാന്തി ബന്ധനം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂടകം, കോല്ലകം, മംഗലപ്രസ്ഥം, ത്രി-
കൂടം, മഹേന്ദ്രമൃഷഭവും, വെങ്കടം,

ശ്രീശൈലഗോകാമുഖങ്ങ,ളൃക്ഷം, നീല-
മൃശ്യമൂകം, വിന്ധ്യസഹ്യേന്ദ്രകീലങ്ങൾ,

ഗോവർദ്ധനം, ചിത്രകൂടം, മലയാദ്രി,
ദേവഗിരി,രൈവതകവും ദ്രോണവും

പാരിയാത്രം, കാമഗിരി,മൈനാകവും
വാരിധാരം, കകുഭം ശുക്തിമാനുമേ

ഇത്തരമദ്രികൾ പിന്നെ നൂറായിര-
മുത്തുങ്ഗമാമന്യശൈലവരങ്ങളും

പിന്നെയീ ശൈലങ്ങൾതൻ താഴ്വരകളിൽ
നിന്നുദ്ഭവിക്കും നദികൾ നദങ്ങളും

എണ്ണമററിബ്ഭാരതോർവിയിലുണ്ടെന്നു
നിർണ്ണയിച്ചിട്ടുണ്ടു പണ്ടേ പുരാതനർ. 16

കേവലം നാമമോതീടുകിലും ശുദ്ധി-
കൈവരുത്തീടുമിവയിലെഴും ജലം

സ്നാനപാനാദികൾക്കായ് ഭാരതത്തിലെ
മാനവന്മാരുപയോഗിച്ചു നിത്യവും. 17

വേണ,പയസ്വിനി, തുംഗഭദ്രാ താപി,
വേണി, പയോഷ്ണി, നിർവിന്ധ്യ, മഹാനദി

കാവേരി, ഗോദാവരി, ശർക്കരാവർത്ത,-
രേവ, അവടോദ, മന്ദാകിനിയഥ

രോധസ്വതി, കൃതമാല, മരുദ്വൃധാ
വേദസ്മൃതി,യൃഷികല്യ, സരസ്വതി

ഗോമതി, സിന്ധുരന്ധം, സുഷോമാ, ശോണ
ഭീമരഥി,യസിക്നി, വിതസ്താ, തഥാ

ചന്ദ്രവശ, താമ്രപർണ്ണി, ദൃഷദ്വതി
ചന്ദ്രഭാഗാ, ശതദ്രു, ത്രിസാമാ, വിശ്വ,

നർമ്മദാ, വൈഹായസി, സരയൂ, കൃഷ്ണ,
ചർമ്മണ്വതിയും യമുന, സുരസയും

സപ്തവതി, കൗശികിയുമീ നാമങ്ങ-
ളൊത്തവയെല്ലാം മഹാവാഹിനികൾതാൻ. 18

ഇബ്ഭാരതത്തിൽ പിറവി ലഭിച്ചവ-
രെപ്പൊഴും സത്ത്വരജസ്തമോരീതിയിൽ

പുണ്യവും മിശ്രവും പാപവുമായിടു-
മെണ്ണമററുള്ള കർമ്മങ്ങൾക്കു തക്കപോൽ

ദേവമർത്ത്യാദി ജന്മങ്ങളാർന്നീടുന്നി-
തേവരും സ്വസ്വവർണ്ണാശ്രമയോഗ്യമാം-

കൃത്യങ്ങളാൽ ക്രമാലൈഹികശ്രേയസ്സു-
മാത്യന്തികമുക്തിയും വരിക്കുന്നിതേ. 19

സർവ്വഭൂതാത്മകനായി ഞാനെന്നുള്ള
ഗർവമില്ലാത്തവനായനിർവാച്യനായ്

സത്തമൊന്നെങ്ങുമില്ലാത്തവനായ്പ്പര-
മാത്മാവുമാം ഭഗവാൻ വാസുദേവനിൽ

മുററുമനന്യനിമിത്തമായീടുമീ-
ഭക്തിയാൽ നാനാശരീരാപ്തിഹേതുവാം

അജ്ഞാനബീജം നശിപ്പതോടമ്മഹാ-
സജ്ജനസങ്ഗമം ലബ്ധമാകുന്നിതേ. 20

ഇതുതന്നെ ദേവന്മാർ പാടുന്നു:-

എന്തൊരു സൽക്കർമ്മമാണിവർ ചെയ്തതു
ചിന്തിക്കിലദ്ഭുതംതാൻ; ഭഗവാൻ ഹരി

താനേയിവരിൽ പ്രസന്നനായായ്ത്തീർന്നിത-
ന്യൂനം ഭഗവദുപാസനായോഗ്യമാം-

മർത്ത്യജന്മം ലഭിച്ചു ഭരതോർവിയി-
ലത്യന്തമാശിപ്പതാണതു ഞങ്ങളും. 21

എന്തിനു ദുഷ്കരയാഗങ്ങൾ ദാനവു-
മെന്തിനാണുഗ്രതപസ്സും വ്രതങ്ങളും?

എന്തു ഫലം തുച്ഛനാകാപ്തിയാലുമേ-
യിന്ദ്രിയാപാരസുഖത്തിൽ നിമഗ്നരായ്

നാരായണപാദപങ്കജസംസ്മൃതി
തീരെയില്ലാതെയീ ഞങ്ങൾ നശിച്ചഹോ! 22

കല്പകാലായുസ്സിയലുവോർതൻ പുന-
രുത്പത്തിസംയുതസ്ഥാനലാഭത്തിലും

എത്രയോ മെച്ചമാം ഭാരതഭൂമിയിൽ
സിദ്ധമാമല്പകാലത്തിലെജ്ജീവിതം.

തത്ര ധീരന്മാർ ക്ഷണം നശിക്കും മർത്ത്യ-
ഗാത്രങ്ങളാൽ കർമ്മമെല്ലാം സമർപ്പിച്ചു

ഭീയററതായിടും ശ്രീവിഷ്ണുവിൻപദ-
മായാസമെന്നിയേ പ്രാപിച്ചിടുന്നിതേ. 23

ശ്രീഹരിതൻ പരിശുദ്ധകഥാസുധാ-
വാഹിനിതാനും തദാശ്രിതഭക്തരും

യാഗോത്സവങ്ങളുമില്ലാത്തിടം സത്യ-
ലോകമായാലും ഭജിക്കരുതാരുമേ. 24

ജ്ഞാനവും കർമ്മസാമർത്ഥ്യവും വേണ്ടുന്ന-
നാനാപദാർത്ഥസമ്പത്തിയുമൊത്തിടും

ഭാരതഭൂവിൽ മനുഷ്യജന്മം ഭാഗ്യ-
പൂരത്തിനാലേ ലഭിച്ചതിൻശേഷവും

മോക്ഷത്തിനായ് ശ്രമിക്കാത്തവർ പിന്നെയും
പക്ഷികളെന്നപോൽ ബദ്ധരായ്ത്തീ-
ർന്നിടും. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൈഃ ശ്രദ്ധയാ ബർഹിഷി ഭാഗശോ ഹവി–
ർന്നിരുപ്തമിഷ്ടം വിധിമന്ത്രവസ്തുതഃ
ഏകഃ പൃഥങ്നാമഭിരാഹൂതോ മുദാ
ഗൃഹ്ണാതി പൂർണ്ണഃ സ്വയമാശിഷാം പ്രഭുഃ. 26
സത്യം ദിശത്യർത്ഥിതമർത്ഥിതോ നൃണാം
നൈവാർത്ഥദോ യത്പുനരർത്ഥിതാ യതഃ
സ്വയം വിധത്തേ ഭജതാമനിച്ഛതാ–
മിച്ഛാപിധാനം നിജപാദപല്ലവം. 27
യദ്യത്ര നഃ സ്വർഗ്ഗസുഖാവശേഷിതം
സ്വിഷ്ടസ്യ സൂക്തസ്യ കൃതസ്യ ശോഭനം
തേനാജനാഭേ സ്മൃതിമജ്ജന്മ നഃ സ്യാത്
വർഷേ ഹരിര്യദ്ഭജതാം ശം തനോതി. 28

ശ്രീശുക ഉവാച

ജംബുദ്വീപസ്യ ച രാജന്നുപദ്വീപാനഷ്ടൗ ഹൈക ഉപദി–
ശന്തി സഗരാത്മജൈരശ്വാന്വേഷണ ഇമാം മഹീം പരിതോ
നിഖനദ്ഭിരുപകല്പിതാൻ. 29

തദ്യഥാ സ്വർണ്ണപ്രസ്ഥശ്ചന്ദ്രശുക്ല ആവർത്തനോ രമണകോ
മന്ദരഹരിണഃ പാഞ്ചജന്യഃ സിംഹളോ ലങ്കേതി. 30

ഏവം തവ ഭാരതോത്തമ ജംബൂദ്വീപവർഷവിഭാഗോ യഥോ–
പദേശമുപവർണ്ണിത ഇതി. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ജംബൂദ്വീപവർണ്ണനം നാമ ഏകോനവിംശതിതമോഽധ്യായഃ

വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

അതഃ പരം പ്ലക്ഷാദീനാം പ്രമാണലക്ഷണസംസ്ഥാനതോ
വർഷവിഭാഗ ഉപവർണ്ണ്യതേ. 1

ജംബുദ്വീപോഽയം യാവത് പ്രമാണവിസ്താരസ്താവതാ ക്ഷാ–
രോദധിനാ പരിവേഷ്ടിതോ യഥാ മേരുർജംബ്വാഖ്യേന ലവ–
ണോദധിരപി തതോ ദ്വിഗുണവിശാലേന പ്ലക്ഷാഖ്യേന പ–
രിക്ഷിപ്തോ യഥാ പരിഖാ ബാഹ്യോപവനേന. പ്ലക്ഷോ ജം–
ബൂപ്രമാണോ ദ്വീപാഖ്യാകരോ ഹിരണ്മയ ഉത്ഥിതോ യത്രാ–
ഗ്നിരുപാസ്തേ സപ്തജിഹ്വസ്തസ്യാധിപതിഃ പ്രിയവ്രതാത്മജ
ഇധ്മജിഹ്വഃ സ്വം ദ്വീപം സപ്തവർഷാണി വിഭജ്യ സപ്തവർഷ
നാമഭ്യ ആത്മജേഭ്യ ആകലയ്യ സ്വയമാത്മയോഗേനോപ–
രരാമ. 2

ശിവം യവസം സുഭദ്രം ശാന്തം ക്ഷേമമമൃതമഭയമിതി വർഷാ–
ണി തേഷു ഗിരയോ നദ്യശ്ച സപ്തൈവാഭിജ്ഞാതാഃ. 3

മണികൂടോ വജ്രകൂട ഇന്ദ്രസേനോ ജ്യോതിഷ്മാൻ സുപർണ്ണോ
ഹിരണ്യഷ്ഠീവോ മേഘമാല ഇതി സേതുശൈലാഃ. അരുണാ
നൃമ്ണാഽഽങ്ഗിരസീ സാവിത്രീ സുപ്രഭാതാ ഋതംഭരാ സ–
ത്യംഭരാ ഇതി മഹാനദ്യഃ യാസാം ജലോപസ്പർശനവിധൂതരജ–
സ്തമസോ ഹംസപതങ്ഗോർധ്വായനസത്യാങ്ഗസംജ്ഞ–
ശ്ചത്വാരോ വർണ്ണാഃ സഹസ്രായുഷോ വിബുധോപമസന്ദർശന–
പ്രജനനാഃ സ്വർഗ്ഗദ്വാരം ത്രയ്യാ വിദ്യയാ ഭഗവന്തം ത്രയീമയം
സൂര്യമാത്മാനം യജന്തേ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധായുതമസ്ഥലവാസികൾ വിധി-
ക്കൊത്തു മന്ത്രോച്ചാരണത്തോടുമഗ്നിയിൽ
ഭാഗിച്ചുവച്ചു വഴിപോലെ ഹോമിച്ചു
നല്കിടുന്നോരു ഹവിസ്സു നിശ്ശേഷമായ്
ഭിന്നനാമങ്ങളാലാഹൂതനാകവേ
പൂർണ്ണനമാശിസ്സുകൾക്കധിനാഥനും
ഏകനുമാമബ്ഭഗവാൻ സ്വയം വന്നു
സ്വീകരിച്ചീടുന്നു സന്തോഷപൂർവകം. 26
അർത്ഥിപ്പതങ്ങുന്നരുളുന്നുവെന്നതു
സത്യ,മെന്നാ,ലക്കൊടുപ്പു യഥാർത്ഥമാം.
അർത്ഥിനിലവിട്ടു മാറുന്നതില്ലവ-
ർക്കർത്ഥന വീണ്ടുമാവശ്യമായ് വന്നിടും.
നിഷ്കാമഭക്തർക്കു വാഞ്ഛിതമുലച്ചിടും
തൃക്കാൽത്തളിരരുളുന്നു താനേ പരൻ. 27
വേദം പഠിക്ക, വിധിക്കൊത്തു യാഗങ്ങൾ
സാദരം ചെയ്ക, സത്കർമ്മമനുഷ്ഠിക്ക
എന്നിവറ്റിൻശുഭമാം ഫലം ഞങ്ങൾക്കു
വിണ്ണിലിനിശ്ശിഷ്ടമുണ്ടെന്നിരിക്കുകിൽ
സംസൃതിയുക്തം ജനിയജനാഭമാ-
മക്ഷ്മാതലത്തിൽ ഭവിക്കുമാറാകണം.
എന്തുകൊണ്ടെന്നാലവിടെബ്ഭജിപ്പവ-
ർക്കന്തമററാനന്ദമേകുന്നിതേ ഹരി. 28

ശ്രീശുകൻ പറഞ്ഞു

എട്ടുപദ്വീപുണ്ടു ജംബുവിനുമെന്നു
തിട്ടമായ് രാജൻ! ചിലർ പറയുന്നിതു.
അശ്വത്തെയാരാഞ്ഞിടുമ്പോൾ സഗരജർ
വിശ്വംഭരയ്ക്കു ചുററും കുഴിതീർക്കയാൽ
ഉണ്ടായിവന്നതാണദ്വീപുകളെന്നു
കൊണ്ടാടിടുന്നുണ്ടിവിടെ ജനാവലി. 29
സ്വർണ്ണപ്രസ്ഥം, മന്ദരഹരിണം, ലങ്ക,
ചന്ദ്രശുക്ലം, പാഞ്ചജന്യം, രമണകം,
സിംഹള,മാവർത്തനമെന്നുമാണവ-
യ്ക്കാഹ്വയമോർക്കുക ഭാരതാധീശ്വരാ! 30
ഇമ്മട്ടു ഞാൻ ദേശികോക്തിപോൽ,ച്ചൊന്നിതു
ജംബുവിൻ ഭൂവിഭാഗങ്ങളനുക്രമം. 31

അദ്ധ്യായം 20

ദ്വീപലോകാലോകപർവ്വതവർണ്ണന

ശ്രീശുകൻ പറഞ്ഞു

ഭൂപതേ! ഞാനിനി പ്ലക്ഷാദിയായിടും
ദ്വീപങ്ങൾതന്നളവും ലക്ഷണങ്ങളും
വർഷവിഭാഗങ്ങളും കിടപ്പും പരം
ഹർഷപൂർവം വിവരിച്ചിടാം കേൾക്കുക. 1
ജംബുവതിന്റെയളവൊത്തതാം ലവ-
ണാംബുധിയാലാവൃതമായിരിക്കുന്നു.
മേരുഗിരി ജംബുവാലെന്നപോൽ, ക്ഷാര-
വാരിധിയെക്കാളിരട്ടിക്കു വിസ്തൃതി-
ചേരുമപ്പ്ലക്ഷാഖ്യമായിടും ദ്വീപിനാൽ
ചാരുബാഹ്യോപവനത്താൽ കിടങ്ങുപോൽ
ക്ഷാരവാരാന്നിധിയും പരിക്ഷിപ്തമായ്
പാരം പരിലസിക്കുന്നിതു ഭൂപതേ!
ജംബുവൃക്ഷത്തിൻ വലിപ്പത്തിലദ്വീപ-
നാമത്തിനു ഹേതുവായ് സുവർണ്ണാഭമായ്
പ്ലക്ഷമഹീരുഹമൊന്നുളവായിത-
പ്ലക്ഷാഭിധാനമിയലുമാ ശാഖിയിൽ
ജ്വാലയേഴൊത്തഗ്നിവാഴുമാ ദ്വീപിന്റെ
പാലകനായി പ്രിയവ്രതപുത്രനാം
ഇധ്മജിഹ്വൻ ഭൂവിതേഴായ് വിഭാഗിച്ചു
പുത്രർക്കവരുടെ പേരിട്ടു നല്കിനാൻ.
പിന്നെപ്പരിപൂർണ്ണയോഗത്തിനാലെയ-
ധന്യൻ പരഗതിയാർന്നിതു മന്നവാ! 2
മന്നാ! ശിവം, യവസം സുഭദ്രം തഥാ
ശാന്തവും ക്ഷേമ,മമൃത,മഭയവും
പേരുകളാണവ,യ്ക്കേഴു ശൈലങ്ങ-
ളാറുകളുമുണ്ടവയിലോരോന്നിലും. 3
മിന്നും മണികൂടവും, വജ്രകൂടവു-
മിന്ദ്രസേനം, ജ്യോതിഷ്മാനും, സുവർണ്ണവും
ശ്രീഹിരണ്യഷ്ഠീവവും മേഘമാലവു-
മാഹ്വയം സേതുശൈലങ്ങൾക്കറിയുക.
ഏവമരുണയും നൃമ്ണയാങ്ഗീരസി
സാവിത്രിയും സുപ്രഭാതയൃതംഭര
സത്യംഭരയുമെന്നത്രേയവറ്റിലെ
സപ്തമഹാവാഹിനികൾതൻ പേരുകൾ.
ഇസ്സപ്തവാഹിനിതന്നിലെ നീരുപ-
സ്പർശനംചെയ്കയെന്നതുമൂലമായ്
രിക്തരജസ്തമോശീലരായ് സത്യാങ്ഗ-
ന്യദ്ധ്വായനൻ, പതങ്ഗൻ, ഹംസനിങ്ങനെ
നാലുവർണ്ണത്തിലുള്ളോരായ് സഹസ്രാബ്ദ-
കാലമായുസ്സെഴുമാ ദ്വീപവാസികൾ
വാനവർക്കൊപ്പം സുരൂപരുമുത്തമ-
സൂനുക്കളെജ്ജനിപ്പിച്ചിടുന്നോരുമാം.
വേദമന്ത്രങ്ങളാൽ സ്വർഗ്ഗത്തിലേക്കുള്ള
വാതിലായ് വേദസ്വരൂപനുമായിടും
സൂര്യനെയാത്മഭാവത്തിലാരാധിച്ചു
പോരുന്നിതു ചതുർവ്വർണ്ണങ്ങളും സമം. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്നസ്യ വിഷ്ണോ രൂപം യത്സത്യസ്യർത്തസ്യ ബ്രഹ്മണഃ
അമൃതസ്യ ച മൃത്യോശ്ച സൂര്യമാത്മാനമീമഹീതി. 5

പ്ലക്ഷാദിഷു പഞ്ചസു പുരുഷാണാമായുരിന്ദ്രിയമോജഃ സ-
ഹോ ബലം ബുദ്ധിർവ്വിക്രമ ഇതി ച സർവ്വേഷാമൗത്പ-
ത്തികീ സിദ്ധിരവിശേഷേണ വർത്തതേ. 6

പ്ലക്ഷഃ സ്വസമാനേനേക്ഷുരസോദേനാവൃതോ യഥാ തഥാ
ദ്വീപോഽപി ശാല്മലോ ദ്വിഗുണവിശാലഃ സമാനേന സുരോ-
ദേനാവൃതഃ പരിവൃങ്ക്തേ. 7

യത്ര ഹ വൈ ശാല്മലീ പ്ലക്ഷായാമാ യസ്യാം വാവ കില
നിലയമാഹുർഭഗവതശ്ഛന്ദഃസ്തുതഃ പതത്രിരാജസ്യ സാ ദ്വീ-
പഹൂതയേ ഉപലക്ഷ്യതേ. 8

തദ്ദ്വീപാധിപതിഃ പ്രിയവ്രതാത്മജോ യജ്ഞബാഹുഃ സ്വ-
സുതേഭ്യഃ സപ്തഭ്യസ്തന്നാമാനി സപ്തവർഷാണി വ്യഭജത്സുരോച-
നം സൗമനസ്യം രമണകം ദേവവർഷം പാരിഭദ്രമാപ്യായന-
മവിജ്ഞാതമിതി. 9

തേഷു വർഷാദ്രയോ നദ്യശ്ച സപ്തൈവാഭിജ്ഞാതാഃ സ്വ-
രസഃ ശതശൃങ്ഗോ വാമദേവഃ കുന്ദോ മുകുന്ദഃ പുഷ്പവർഷഃ സഹ-
സ്രശ്രുതിരിതി. അനുമതിഃ സിനീവാലീ സരസ്വതീ കുഹൂ
രജനീ നന്ദാ രാകേതി. 10

തദ്വർഷപുരുഷാഃ ശ്രുതധരവീര്യധരവസുന്ധരേഷന്ധര-
സംജ്ഞാ ഭഗവന്തം വേദമയം സോമമാത്മാനം വേദേന
യജന്തേ. 11

സ്വഗോഭിഃ പിതൃദേവേഭ്യോ വിഭജൻ കൃഷ്ണശുക്ലയോഃ
പ്രജാനാം സർവ്വാസാം രാജാന്ധഃ സോമോ ന ആസ്ത്വിതി. 12

ഏവം സുരോദാദ്ബഹിസ്തദ്ദ്വിഗുണഃ സമാനേനാവൃതോ
ഘൃതോദേന യഥാപൂർവ്വഃ കുശദ്വീപോ യസ്മിൻ കുശസ്തംബോ
ദേവകൃതസ്തദ്ദ്വീപാഖ്യാകരോ ജ്വലന ഇവാപരഃ സ്വശഷ്പ-
രോചിഷാ ദിശോ വിരാജയതി. 13

തദ്ദ്വീപപതിഃ പ്രൈയവ്രതോ, രാജൻ, ഹിരണ്യരേതാ നാമ
സ്വം ദ്വീപം സപ്തഭ്യഃ സ്വപുത്രേഭ്യോ യഥാഭാഗം വിഭജ്യ സ്വ-
യം തപ ആതിഷ്ഠത വസുവസുദാനദൃഢരുചിനാഭിഗുപ്തസ്തുത്യ-
വ്രതവിവിക്തവാമദേവനാമഭ്യഃ. 14

തേഷാം വർഷേഷു സീമാഗിരയോ നദ്യശ്ചാഭിജ്ഞാതാഃ സപ്ത
സപ്തൈവ ചക്രശ്ചതുഃശൃങ്ഗഃ കപിലശ്ചിത്രകൂടോ ദേവാനീക
ഊർദ്ധ്വരോമാ ദ്രവിണ ഇതി രസകുല്യാ മധുകുല്യാ മിത്രവിന്ദാ
ശ്രുതവിന്ദാ ദേവഗർഭാ ഘൃതച്യുതാ മന്ത്രമാലേതി. 15

യാസാം പയോഭിഃ കുശദ്വീപൗകസഃ കുശലകോവിദാഭിയു-
ക്തകുലകസംജ്ഞാ ഭഗവന്തം ജാതവേദസരൂപിണം കർമ്മകൗശ-
ലേന യജന്തേ. 16

പരസ്യ ബ്രഹ്മണഃ സാക്ഷാജ്ജാതവേദോഽസി ഹവ്യവാട്
ദേവാനാം പുരുഷാങ്ഗാനാം യജ്ഞേന പുരുഷം യജേതി. 17

തഥാ ച ഘൃതോദാദ്ബഹിഃ ക്രൗഞ്ചദ്വീപോ ദ്വിഗുണഃ സ-
മാനേന ക്ഷീരോദേന പരിത ഉപക്ലൃപ്തോ വൃതോ യഥാ കുശ-
ദ്വീപോ ഘൃതോദേന യസ്മിൻ ക്രൗഞ്ചോ നാമ പർവ്വതരാജോ
ദ്വീപനാമനിർവ്വർത്തക ആസ്തേ. 18

യോഽസൗ ഗുഹപ്രഹരണോന്മഥിതനിതംബകുഞ്ജോഽപി
ക്ഷീരോദേനാസിച്യമാനോ ഭഗവതാ വരുണേനാഭിഗുപ്തോ
വിഭയോ ബഭൂവ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദം, ശുഭാശുഭകർമ്മങ്ങൾ, ധർമ്മമി–
ത്യാദികൾക്കധിഷ്ഠാനമായിപ്പുരാണനാം
നാരായണൻതൻ സ്വരൂപമായീടുമീ
സൂര്യനെ ഞങ്ങൾ ശരണംഗമിപ്പൂതേ. 5
പ്ലക്ഷാദിയാം ദ്വീപമഞ്ചിൽ വസിക്കുവോ–
ർക്കെല്ലാം, ബലം, സഹ,സ്സായുസ്സ്, വിക്രമം
ബുദ്ധി,യോജസ്സിവ ഭേദമെന്യേ ജന്മ–
സിദ്ധമായുണ്ടെന്നതു സുപ്രസിദ്ധമാം. 6
പ്ലക്ഷമാം ദ്വീപമതിൻ വ്യാസമൊത്തിരു–
ലക്ഷമാം യോജന വിസ്താരമാർന്നിടും
ഇക്ഷുരസാബ്ധിയാലാവൃതംപോൽ, നാലു–
ലക്ഷമാം യോജന വിസ്തൃതിയാർന്നിടും
ശാല്മലദ്വീപവു,മത്രയും വിസ്തൃതി
പൂണ്ടതാം മദ്യരസാബ്ധിയാലാവൃതം. 7
പ്ലക്ഷവൃക്ഷംപോൽ വലിപ്പമായ് ശാല്മലീ–
വൃക്ഷമൊന്നിദ്വീപനാമനിമിത്തമായ്
നില്പുണ്ടു, ശാല്മലമെന്നിതിൻ നാമവും
കല്പിച്ചിരിക്കുന്നു തന്മൂലമായ് നൃപാ!
പക്ഷത്തിൽനിന്നെഴും ഛന്ദസ്സുകളാലെ
സാക്ഷാൽ ഹരിയെ സ്തുതിക്കയാൽ സിദ്ധമാം
ജ്ഞാനാദിഭൂതികളാർന്നതിൻ ശാഖയിൽ
വൈനതേയൻ വസിക്കുന്നെന്നു ചൊൽവിതേ. 8

ഇദ്ദ്വീപിനെത്തൽപതിയായ് പ്രിയവ്രത–
പുത്രനാം യജ്ഞബാഹ്വാഖ്യനൃപൻ നിജ–
സപ്താത്മജർക്കു തത്തന്നാമധേയങ്ങ–
ളിട്ടേഴുവർഷങ്ങളായ് പകുത്തേകിനാൻ.
നാമധേയങ്ങളവർക്കു, സുരോചനം,
സൗമനസ്യം, രമണകമെന്നുള്ളതും,
ദേവവർഷം, പാരിഭദ്ര,മാപ്യായനം,
ഭൂവരാ! പിന്നെയവിജ്ഞാതമെന്നുമാം. 9
വർഷാദ്രികളും നദികളുമീയേഴ്–
വർഷങ്ങളിലുമേഴേഴെന്നു കേൾപ്പൂതേ.
ഭൂമീധരങ്ങൾ, സ്വരസം, ചതുശ്ശൃംഗ–
വാമദേവങ്ങളും, കുന്ദം, മുകുന്ദവും,
പുഷ്പവർഷം, സഹസ്രശ്രുതിയും തഥാ
കല്പിച്ചിടാം, നദീനാമങ്ങളും ക്രമാൽ
പുണ്യ,യനുമതിയും, സിനീവാലിയും,
പിന്നെസ്സരസ്വതിയും കുഹൂതാനുമേ
പിന്നെ രജനിയും നന്ദയും രാകയും
തന്നെയാണെന്നു ധരിക്ക ധരാപതേ! 10
എന്നും ശ്രുതധരർ വീര്യധരരുമേ
പിന്നെ വസുന്ധരന്മാരുമിഷന്ധരർ
എന്നിവർ വേദാത്മകനുമാത്മാവുമാ–
മിന്ദുവെയർച്ചിപ്പൂ വേദമന്ത്രങ്ങളാൽ. 11
കൃഷ്ണപക്ഷത്തിലും ശുക്ലപക്ഷത്തിലും
വിണ്ണവർക്കും പിതൃക്കൾക്കും പ്രജകൾക്കും
അന്നം സ്വഗോക്കളാൽ ഭാഗിച്ചു നല്കീടു–
മിന്ദു ഞങ്ങൾക്കു രാജാവായ് ഭവിക്കണം. 12
പിന്നെസ്സുരാംഭോധിതൻ പുറമേയതിൽ–
നിന്നുമിരട്ടി വലുതാം കുശദ്വീപം
അത്രയും വിസ്തൃതിയാളും ഘൃതാംബുധി
ചുററിക്കിടക്കുന്നി,തായതിലീശനാൽ
നിർമ്മിതമാം കുശസ്തംബമന്യാഗ്നിപോൽ
വന്മഹസ്സാർന്നിടും തത്തൃണഭാസ്സിനാൽ
ദിക്കുകളെ പ്രകാശിപ്പിച്ചുകൊണ്ടങ്ങു
നില്ക്കുകയാലിതിന്നുണ്ടായ് കുശാഖ്യയും. 13
ദ്വീപിതു ചെമ്മേ ഹിരണ്യരേതസ്സെന്ന
ഭൂപൻ പ്രിയവ്രതസൂനു വിഭാഗിച്ചു
നന്ദനന്മാരാം വസു, വസുദാനനും
പിന്നെദ്ദൃഢരുചി, നാഭിഗുപ്താഖ്യനും
സ്തുത്യവ്രതൻ, വിവിക്തൻ, വാമദേവനും
മുത്തൊടേകിപ്പോയ് വനത്തിൽത്തപസ്സി–
നായ്. 14

ഇദ്ദ്വീപഖണ്ഡങ്ങളിലും നദികളു–
മദ്രികളും പാർക്കിലേഴേഴുതന്നെയാം.
ചക്രം, ചതുശ്ശൃംഗവും കപിലം തഥാ
ചിത്രകൂടം പിന്നെ ദേവാനീകാഖ്യവും
ഊർദ്ധ്വരോമാവും ദ്രവിണവുമദ്രികൾ;
തത്ര നദികൾ രസകുല്യ, മധുകുല്യ,
മിത്രവിന്ദ,ശ്രുതവിന്ദയതും, ദേവ–
ഗർഭ,ഘൃതച്യുതയും മന്ത്രമാലയും. 15
ഇന്നദീനീരത്തിനാൽ ശുദ്ധരാം കുരു–
മന്നിടവാസികളാകും കുശലരും
കോവിദരുമഭിയുക്തർകുലകരും
സേവിച്ചിടുന്നു യജ്ഞങ്ങളാലഗ്നിയെ. 16
അല്ലയോ വഹ്നേ! ഭവാൻ പരബ്രഹ്മോദ്യ–
ദുല്ലസിതാകൃതി ഹവ്യവാഹൻ ദൃഢം.
നേരേ പുരുഷാങ്ഗഭൂതസുരാളിതൻ–
പേരിൽ യജ്ഞത്താൽ യജിക്ക പുരുഷനെ. 17
പിന്നെ ഘൃതാംബുനിധിക്കു ബാഹ്യത്തിലായ്
മന്നവാ! ക്രൗഞ്ചമാം ദ്വീപം കിടക്കുന്നു.
ഷോഡശലക്ഷമാം യോജന വിസ്തൃതി
തേടുന്നിതക്കണക്കാളുന്ന നീളവും.
അത്രയ്ക്കു നീണ്ടു വിസ്താരമാളും ക്ഷീര–
വാർദ്ധി കുശദ്വീപിനെഗ്ഘൃതാംഭോധിപോൽ
ചുററിക്കിടക്കുമിദ്വീപിനാ ക്രൗഞ്ചാഖ്യ
കിട്ടുവാൻ ക്രൗഞ്ചഗിരിയാണു കാരണം. 18
ഭഞ്ജിച്ചിതു ഗുഹനിഗ്ഗിരിതൻമദ്ധ്യ–
കുഞ്ജങ്ങളൊക്കെയാ വേലിനാലെങ്കിലും
ക്ഷീരോദകസേവമൂലവും പാശിതൻ–
സംരക്ഷയിലും ഭയഹീനനിഗ്ഗിരി. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മിന്നപി പ്രൈയവ്രതോ ഘൃതപൃഷ്ഠോ നാമാധിപതിഃ
സ്വേ ദ്വീപേ വർഷാണി സപ്ത വിഭജ്യ തേഷു പുത്രനാമസു സ-
പ്തരിക്ഥാദാൻ വർഷപാന്നിവേശ്യ സ്വയം ഭഗവാൻ ഭഗവതഃ
പരമകല്യാണയശസ ആത്മഭൂതസ്യ ഹരേശ്ചരണാരവിന്ദമുപ-
ജഗാമ. 20

ആമോ മധുരുഹോ മേഘപൃഷ്ഠഃ സുധാമാ ഭ്രാജിഷ്ഠോ ലോ-
ഹിതാർണ്ണോ വനസ്പതിരിതി ഘൃതപൃഷ്ഠസുതാസ്തേഷാം വർഷഗി-
രയഃ സപ്ത സപ്തൈവ നദ്യശ്ചാഭിഖ്യാതാഃ ശുക്ലോ വർദ്ധമാനോ
ഭോജന ഉപബർഹിണോ നന്ദോ നന്ദനഃ സർവ്വതോഭദ്ര ഇതി
അഭയാ അമൃതൗഘാ ആര്യകാ തീർത്ഥവതീ വൃത്തിരൂപവതീ
പവിത്രവതീ ശുക്ലേതി. 21

യാസാമംഭഃ പവിത്രമമലമുപയുഞ്ജാനാഃ പുരുഷഋഷഭദ്രവി-
ണദേവകസംജ്ഞാ വർഷപുരുഷാ ആപോമയം ദേവമപാം
പൂർണ്ണേനാഞ്ജലിനാ യജന്തേ. 22

ആപഃ പുരുഷവീര്യാഃ സ്ഥ പുനന്തീർഭൂർഭുവഃ സുവഃ
താ നഃ പുനീതാമീവഘ്നീഃ സ്പൃശതാമാത്മനാ ഭുവ-ഇതി. 23

ഏവം പുരസ്താത് ക്ഷീരോദാത് പരിത ഉപവേശിതഃ ശാ-
കദ്വീപോ ദ്വാത്രിംശല്ലക്ഷയോജനായാമഃ സമാനേന ച ദധി-
മണ്ഡോദേന പരീതോ യസ്മിൻ ശാകോ നാമ മഹീരുഹഃ സ്വ-
ക്ഷേത്രവ്യപദേശകോ യസ്യ ഹ മഹാസുരഭിഗന്ധസ്തം ദ്വീപ-
മനുവാസയതി. 24

തസ്യാപി പ്രൈയവ്രത ഏവാധിപതിർന്നാമ്നാ മേധാതിഥിഃ
സോഽപി വിഭജ്യ സപ്ത വർഷാണി പുത്രനാമാനി തേഷു സ്വാ-
ത്മജാൻ പുരോജവമനോജവപവമാനധൂമ്രാനീകചിത്രരേഫബ-
ഹുരൂപ വിശ്വധാരസംജ്ഞാന്നിധായ്യാധിപതീൻ സ്വയം ഭഗ-
വത്യനന്ത ആവേശിതമതിസ്തപോവനം പ്രവിവേശ. 25

ഏതേഷാം വർഷമര്യാദാഗിരയോ നദ്യശ്ച സപ്ത സപ്തൈവ
ഈശാന ഉരുശൃങ്ഗോ ബലഭദ്രഃ ശതകേസരഃ സഹസ്രസ്രോ-
തോ ദേവപാലോ മഹാനസ ഇതി അനഘാഽഽയുർദ്ദാ ഉഭയസ്-
പൃഷ്ടിരപരാജിതാ പഞ്ചപദീ സഹസ്രസ്രുതിർന്നിജധൃതി-
രിതി. 26

തദ്വർഷപുരുഷാ ഋതവ്രതഃസത്യവ്രതദാനവ്രതാനുവ്രതനാമാ-
നോ ഭഗവന്തം വായ്വാത്മകം പ്രാണായാമവിധൂതരജസ്തമസഃ
പരമസമാധിനാ യജന്തേ. 27

അന്തഃ പ്രവിശ്യ ഭൂതാനി യോ ബിഭർത്ത്യാത്മകേതുഭിഃ
അന്തര്യാമീശ്വരഃ സാക്ഷാത് പാതു നോ യദ്വശേ സ്ഫുടം. 28

ഏവമേവ ദധിമണ്ഡോദാത് പരതഃ പുഷ്കരദ്വീപസ്തതോ
ദ്വിഗുണായാമഃ സമന്തത ഉപകല്പിതഃ സമാനേന സ്വാദൂദകേന
സമുദ്രേണ ബഹിരാവൃതോ യസ്മിൻ ബൃഹത്പുഷ്കരം ജ്വലന-
ശിഖാമലകനകപത്രായുതായുതം ഭഗവതഃ കമലാസനസ്യാ-
ധ്യാസനം പരികല്പിതം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദ്ധരയും തൽപതിയാം പ്രിയവ്രത-
പുത്രൻ ഘൃതപൃഷ്ഠനേഴായ് വിഭജിച്ചു

തന്നവകാശികളാമേഴു പുത്രരെ-
തന്നാമധേയങ്ങളാളുമാഖണ്ഡങ്ങൾ

രക്ഷിക്കുവാൻ നിശ്ചയിച്ചശേഷം സ്വയ-
മൈശ്വര്യസമ്പന്നനന്നൃപസത്തമൻ

കല്യാണകീർത്തിയായാത്മസ്വരൂപനാ-
യുല്ലസിക്കും ഹരിതൻ പദമാർന്നിതേ. 20

ചൊല്ലേറുള്ളമഘ്ഘൃതപൃഷ്ഠഭൂപാലനു-
മക്കളും തദ്വർഷശൈലനദികളും

ഏഴേഴുവീതമാണെന്നുള്ള സംഗതി-
യൂഴിയിൽ സുപ്രസിദ്ധംതന്നെ മന്നവാ!

ആമൻ, മധുരുഹൻ, മേഘപൃഷ്ഠാഖ്യൻ, സു-
ധാമാവുഭ്രാജിഷ്ഠനും ലോഹിതാർണ്ണനും

പിന്നെ വനസ്പതിയുംതാൻ ഘൃതപൃഷ്ഠ-
നന്ദനർതന്നഭിധാനങ്ങൾ മന്നവാ!

അദ്രികൾതൻ നാമധേയങ്ങൾ ശുക്ലവും
വർദ്ധമാനം ഭോജനമുപബർഹിണം

നന്ദവും നന്ദനം സർവ്വതോഭദ്രവു-
മെന്നതാമാറുകൾതൻ പേരഭയയും

പേർത്തുമമൃതൗഘ,യാര്യകയെന്നതും
തീർത്ഥവതിയതും രൂപവതിയതും

പിന്നെപ്പവിത്രവതിയതും ശുക്ലയു-
മെന്നതത്രേ,യങ്ങവയിലെശ് ശുദ്ധമാം

തണ്ണീർ കുടിപ്പോർ പുരുഷരൃഷഭരും
പിന്നെ ദ്രവിണരും ദേവകന്മാരുമേ

നീരപൂർണ്ണാഞ്ജലിയോടു മന്ത്രംചൊല്ലി
നേരിലർച്ചിപ്പൂ ജലമയദേവനെ. 21–22

''നീരങ്ങളേ! നിങ്ങൾ യുഷ്മദുൽപത്തിക്കു-
കാരണനാകും പുരുഷങ്കൽനിന്നലം

വീര്യം ഗ്രഹിക്കയാലാകൃതികൊണ്ടു മൂ-
പ്പാരും പരം നിങ്ങൾ ശുദ്ധമാക്കുന്നിതു.

നിങ്ങളെ സ്പർശിച്ചിടുന്നൊരു ഞങ്ങൾത-
ന്നങ്ഗങ്ങൾകൂടി വിശുദ്ധങ്ങളാക്കുവിൻ.'' 23

ഇപ്രകാരം പാല്ക്കടലിൻവെളിക്കുടെ
മുപ്പത്തിരണ്ടുലക്ഷം യോജനവരെ

വിസ്താരമാർന്ന ശാകദ്വീപ,മത്രയും
വിസ്തൃതമാം ദധിമണ്ഡജലത്തിനാൽ

വേഷ്ടിതമാ,ണീയഭിധയ്ക്കിതിൽ വിണ്ണു-
മുട്ടിനില്ക്കും ശാകവൃക്ഷമാം കാരണം.

ഈ മാമരത്തിൻ മഹാഗന്ധമശ്ശാക-
ഭൂമി സുരഭിലമാക്കുന്നിതെങ്ങുമേ. 24

മേധാതിഥിയാം പ്രിയവ്രതസൂനുവി-
മ്മേദിനിയെത്തുല്യമേഴായ് വിഭാഗിച്ചു

നന്ദനനാമങ്ങളിട്ട തൽഖണ്ഡങ്ങൾ-
തന്നീശരാക്കിസ്സുതരെ, മുകുന്ദനിൽ

ചിത്തമുറപ്പിച്ചു കാനനംപ്രാപിച്ചു
ശുദ്ധചേതസ്സായ്ത്തപസ്സാചരിച്ചിതേ.

മുന്നേ പുരോജവൻതാനും മനോജവൻ
പിന്നെപ്പവമാനധൂമ്രാനികാഹ്വയർ

ചിത്രരേഫൻ ബഹുരൂപവിശ്വധാര-
രിത്രയുമാണു തന്നന്ദനാഭിഖ്യകൾ. 25

സീമാദ്രികളും നദികളുമീഖണ്ഡ-
ഭൂമികൾക്കും പാക്കിലേഴേഴുവീതമാം

ഈശാനവുമുരുശൃങ്ഗം ബലഭദ്ര-
മാശതകേസരവും സഹസ്രസ്രോതം

ദേവപാലാഖ്യം മഹാനസവുംതന്നെ
പർവ്വതമേഴ,മനഘ,യായുർദ്ദയും

പിന്നുഭയസ്പൃഷ്ടിയുമപരാജിത-
യെന്നതും പഞ്ചപദി സഹസ്രസ്രുതി

പിന്നെ നിജധൃതിയുംതന്നെ വാഹിനീ-
വൃന്ദത്തിനുള്ള നാമങ്ങൾ ഭൂമീപതേ! 26

സത്യവ്രത,രഥ ദാനവ്രതർ,ധരാ-
ഭൃത്തേ!യനുവ്രതർ, പിന്നെയൃതവ്രതർ,

ഈവിധം പേരാളുമങ്ങുള്ള പൂരുഷ-
രേവരും ചേർന്നു വായ്വാത്മകദേവനെ

പ്രാണായാമത്താൽ രജസ്തമോമാലിന്യ-
ഹാനിചേർത്തന്തഃകരണത്തെയേററവും

പാവനമാക്കിയുൽകൃഷ്ടസമാധിയാൽ
സേവിച്ചീടുന്നു നിതാന്തം ധരാപതേ! 27

അന്തഃപ്രവിഷ്ടനായ് സ്വാന്തചിഹ്നങ്ങളാൽ
സന്തതമാരിപ്രപഞ്ചം ഭരിപ്പിതേ

സർവ്വഭൂതങ്ങളുമാരുടെ പാട്ടില-
സ്സർവേശിതാവു രക്ഷിക്കണം ഞങ്ങളെ. 28

ആ ദധിമണ്ഡോദബാഹ്യഭാഗത്തിലായ്
മേദുരപുഷ്കരദ്വീപം കിടക്കുന്നു.

ശാകത്തിനേക്കാളിരട്ടിവല്പിപ്പത്തി-
ലക്കണക്കിന്നു വിസ്താരവുമാർന്നിടും-

സ്വാദൂദകാബ്ധിയാലാവൃതമാമിതിൽ
ജാതവേദസ്സുതൻ ജ്വാലകൾപോലവേ

നിർമ്മലമായയുതായുതസംഖ്യയിൽ
ജാംബൂനദദലജാലങ്ങളുള്ളതായ്

ഏററം ബൃഹത്തായ ജാസനമെന്നു പേർ-
പെററതാം പുഷ്കരമൊന്നുണ്ടു പാർത്ഥിവാ!

പുഷ്കരം പണ്ടേയതിലുള്ളതിനാലേ
പുഷ്കരനാമമതിന്നു ഭവിച്ചിതു. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്വീപമധ്യേ മാനസോത്തരനാമൈക ഏവാർവ്വാചീനപ-
രാചീനവർഷയോർമ്മര്യാദാചലോഽയുതയോജനോച്ഛ്റായായാ-
മോ യത്ര തു ചതസൃഷു ദിക്ഷു ചത്വാരി പുരാണി ലോകപാ-
ലാനാമിന്ദ്രാദീനാം യദുപരിഷ്ടാത് സൂര്യരഥസ്യ മേരും പരി-
ഭ്രമതഃ സംവത്സരാത്മകം ചക്രം ദേവാനാമഹോരാത്രാഭ്യാം
പരിഭ്രമതി. 30
തദ്വീപസ്യാപ്യധിപതിഃ പ്രൈയവ്രതോ വീതിഹോത്രോ
'നാമൈതസ്യാത്മജൗ രമണകധാതകിനാമാനൗ വർഷപതീ നി-
യുജ്യ സ സ്വയം പൂർവ്വജവദ്ഭഗവത്കർമ്മശീല ഏവാസ്തേ. 31
തദ്വർഷപുരുഷാ ഭഗവന്തം ബ്രഹ്മരൂപിണം സകർമ്മകേന-
കർമ്മണാഽഽരാധയന്തീദം ചോദാഹരന്തി. 32
യത്തത് കർമ്മമയം ലിങ്ഗം ബ്രഹ്മലിങ്ഗം ജനോഽർച്ചയേത്
ഏകാന്തമദ്വയം ശാന്തം തസ്മൈ ഭഗവതേ നമ-ഇതി. 33

ഋഷിരുവാച

തതഃ പരസ്താല്ലോകാലോകനാമാചലോ ലോകാലോകയോ-
രന്തരാളേ പരിത ഉപക്ഷിപ്തഃ. 34
യാവന്മാനസോത്തരമേർവ്വോരന്തരം താവതീ ഭൂമിഃ കാഞ്ച-
ന്യന്യാഽഽദർശതലോപമായസ്യാം പ്രഹിതഃ പദാർത്ഥോ ന കഥ-
ഞ്ചിത് പുനഃ പ്രത്യുപലഭ്യതേ തസ്മാത്സർവ്വസത്ത്വപരിഹൃ-
താഽഽസീത്. 35
ലോകാലോക ഇതി സമാഖ്യാ യദനേനാചലേന ലോകാ-
ലോകസ്യാന്തർവ്വർത്തിനാവസ്ഥാപ്യതേ. 36
സ ലോകത്രയാന്തേ പരിത ഈശ്വരേണ വിഹിതോ യ-
സ്മാത് സൂര്യാദീനാം ധ്രുവാപവർഗ്ഗാണാം ജ്യോതിർഗ്ഗണാനാം
ഗഭസ്തയോഽർവ്വാചീനാം സ്ത്രീംല്ലോകാനാവിതന്വാനാ ന കദാ-
ചിത് പരാചീനാ ഭവിതുമുത്സഹന്തേ താവദുന്നഹനായാമഃ. 37
ഏതാവാംല്ലോകവിന്യാസോ മാനലക്ഷണസംസ്ഥാഭിർവ്വി-
ചിന്തിതഃ കവിഭിഃ സ തു പഞ്ചാശത്കോടിഗണിതസ്യ
ഭൂഗോളസ്യ തുരീയഭാഗോഽയം ലോകാലോകാചലഃ. 38
തദുപരിഷ്ടാച്ചതസൃഷ്വാശാസ്വാത്മയോനിനാഖിലജഗദ്-
ഗുരുണാധിനിവേശിതാ യേ ദ്വിരദപതയ ഋഷഭഃ പുഷ്കര-
ചൂഡോ വാമനോഽപരാജിത ഇതി സകലലോകസ്ഥിതി-
ഹേതവഃ. 39
തേഷാം സ്വവിഭൂതീനാം ലോകപാലാനാം ച വിവിധവീ-
ര്യോപബൃംഹണായ ഭഗവാൻ പരമമഹാപുരുഷോ മഹാവിഭൂ-
തിപതിരന്തര്യാമ്യാത്മനോ വിശുദ്ധസത്ത്വം ധർമ്മജ്ഞാന-
വൈരാഗ്യൈശ്വര്യാദ്യഷ്ടമഹാസിദ്ധ്യുപലക്ഷണം വിഷ്വക്സേ-
നാദിഭിഃ സ്വപാർഷദപ്രവരൈഃ പരിവാരിതോ നിജവരായു-
ധോപശോഭിതൈർന്നിജഭുജദണ്ഡൈഃ സന്ധാരയമാണസ്തസ്മിൻ
ഗിരിവരേ സമന്താത്സകലലോകസ്വസ്തയ ആസ്തേ. 40
ആകല്പമേവം വേഷം ഗത ഏഷ ഭഗവാനാത്മയോഗമായ-
യാ വിരചിതവിവിധലോകയാത്രാഗോപീഥായേത്യർത്ഥഃ. 41
യോഽന്തർവ്വിസ്താര ഏതേന ഹ്യലോകപരിമാണം ച വ്യാ-
ഖ്യാതം യദ്ബഹിർല്ലോകാലോകാചലാത്. തതഃ പരസ്താ-
ദ്യോഗേശ്വരഗതിം വിശുദ്ധാമുദാഹരന്തി. 42
അണ്ഡമധ്യഗതഃ സൂര്യോ ദ്യാവാഭൂമ്യോര്യദന്തരം
സൂര്യാണ്ഡഗോളയോർമ്മധ്യേ കോട്യഃ സ്യുഃ പഞ്ചവിംശതിഃ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മദ്ധ്യത്തിലായ് മാനസോത്തരമെന്ന പേ-
രാണ്ടൊരു പർവ്വതമേയിതിലുള്ള കേശം.
ഈയദ്രി, തദ്വീപദക്ഷിണവാമവ-
ഷ്യായതസീമാചലമായ് ലസിക്കുന്നു.
ദൈർഘ്യം പതിനായിരം യോജനയത്ര-
പൊക്കവുമുണ്ടിഗ്ഗിരിക്ക നൃപോത്തമാ!
ഇപ്പർവ്വതോപരി നാലുദിക്കിങ്കലായ്
ദിക്പാലകപുരമുണ്ടു നാ,ലങ്ങു താൻ
മേരുഗിരിയെ പ്രദക്ഷിണംവച്ചിടും
സൂര്യരഥത്തിൻെറ സംവത്സരാത്മകം
ചക്രം തിരിവൂ, സുരലോകവാസികൾ-
ക്കൊക്കെട്ടിനരാത്രരൂപത്തിലെപ്പൊഴും. 30
വീതിഹോത്രാഖ്യൻ പ്രിയവ്രതപുത്രനാ-
ണീദേശനാഥൻ, രമണകൻ, ധാതകി
എന്ന തൻ പുത്രർക്കു രണ്ടായ്പകുത്തിതു,
തന്നാഥരാക്കിയവരേ നിയമിച്ചു
തൻ പൂർവ്വജർക്കുസമം സ്വയം ശ്രീപതി-
തൻപാദസേവനം ശീലിച്ചു വാണിതു. 31
അമ്മന്നിലെജ്ജനം ശുദ്ധകർമ്മങ്ങളാൽ
ബ്രഹ്മാത്മകൻ ഭഗവാനാത്മഭൂവിനെ
നിർമ്മലചിത്തരായർച്ചനംചെയ്വതു-
ണ്ടിമ്മന്ത്രമുച്ചരിച്ചുംകൊണ്ടു നിത്യവും. 32
കർമ്മാത്മകം ശാന്തമേകാന്തമഭയം
ബ്രഹ്മമെത്തിച്ചിടുമേതു ഭഗവാനെ
നിത്യവും മർത്ത്യരർച്ചിക്കുന്നിതൈശ്വര്യ-
മൂർത്തിയദ്ദേവദേവന്നു നമസ്കൃതി. 33

ഋഷി പറഞ്ഞു

ശുദ്ധോദകസമുദ്രത്തിന്നുമപ്പുറം
വർത്തിച്ചിടുന്ന ലോകാലോകപർവ്വതം,
ലോകത്തിനുമലോകത്തിനും മദ്ധ്യമാം
ഭാഗത്തു ചുററിനുമായ് പരികല്പിതം. 34
എത്രയുണ്ടന്തരം മേരുവിനും മാന-
സോത്തരാദ്രിക്കുമിട,യ്ക്കുത്രയും സ്ഥലം
സ്വർണ്ണമയമായി ദർപ്പണമെന്നപോൽ
മിന്നി മറെറാന്നായിരിക്കുന്നു ഭൂമിപാ!
അസ്ഥലത്തിൽ പതിച്ചീടുന്ന സാധനം
സിദ്ധിച്ചിടാ പിന്നെയാർക്കുമൊരിക്കലും
എന്നാകയാലസ്ഥലത്തു വൃന്ദാരക-
വൃന്ദമെന്യേയില്ല മറെറാരു ജീവിയും. 35
സൂര്യപ്രകാശമെത്തീടുന്ന ലോകവും
തീരെയതെത്താത്തതാകുമലോകവും
വേർതിരിച്ചീടുവാൻ രണ്ടിനും മദ്ധ്യത്തു
നേരേയുറപ്പിച്ചിതീശനീയദ്രിയെ.
എന്നതുമൂലമിതിന്നു ലോകാലോക-
മെന്നപേരനവത്മമായിബ്ഭവിച്ചിതു. 36
ലോകത്രയാന്തത്തിലിപ്പർവ്വതം നാലു-
ഭാഗത്തുമീശനാൽ സീമയായ്ക്കല്പിതം

സൂര്യൻമുതൽ ധ്രുവമണ്ഡലത്തോളവും
ചേരുമജ്യോതിർഗ്ഗണത്തിൻെറ രശ്മികൾ
ഇഗ്ഗിരിസീമയിൽപ്പെട്ട മപ്പാരിനെ
മിക്കവാറും പ്രകാശിപ്പിപ്പതെന്നിയേ
ശക്തങ്ങളല്ലിഗ്ഗിരിയെക്കടക്കുവാൻ
പൊക്കവും വാസ്തമത്രയ്ക്കിതിനേറിടും. 37
ഇത്ഥമിജ്ജഴം ലോകവിസ്തൃതി ലക്ഷണം
സംസ്ഥിതി മാനമിവയൊട്ടുള്ളടവേ
നന്നായ് വിവേകികളായവരാൽ പരം
നിർണ്ണയിക്കപ്പെട്ടിരിപ്പു യഥാർത്ഥമായ്.
ഭൂഗോളമാനം ഗണിക്കുന്ന യോജന-
യാകെയൊരൻപതുകോടിയെന്നായിഹ
ക്ഷോണിതൻനാലൊന്നുവിസ്തൃതിയാന്നുള്ള-
താണു ലോകാലോകപർവ്വതം പാർക്കിൽ. 38
ആയതിന്നപ്പുറം സർവ്വലോകാചാര്യ-
നായിരിക്കും ഭഗവാനാത്മയോനിതാൻ
നാലുഭാഗത്തും നിറുത്തിയിരിക്കുന്നു
നാലു ഗജേന്ദ്രരെ ലോകസ്ഥിതിക്കായി.
നാമമൃഷഭനും പുഷ്കരചൂഡനും
വാമനൻതാനുമപരാജിതനുമാം. 39
സ്വാംശങ്ങളാമിഗ്ഗജങ്ങൾക്കുമിന്ദ്രേശ-
പാശ്യാദി ദിക്പാലകർക്കും ബഹുവിധം
വീര്യവൃദ്ധിക്കായ് സമസ്താന്തരങ്ഗസ-
ഞ്ചാരി പരമമഹാപുരുഷൻ പരൻ
സർവ്വേശ്വരൻ മഹദൈശ്വര്യനായകൻ
സർവ്വജ്ഞനീശൻ, വിരക്തി, ധർമ്മം, ജ്ഞാനം
ഐശ്വര്യമാദിയാം സിദ്ധികളോടൊത്ത
സംശുദ്ധസത്ത്വാത്മകചാരുവിഗ്രഹം
കൈക്കൊണ്ടു വിഷ്വക്സേനാദി പരിചാര-
മുഖ്യർ ചുഴന്നു സേവിച്ചു നിരന്തരം
ധന്യായുധങ്ങളിയന്നിടും ഹസ്തങ്ങൾ
ചേർന്നു വിളങ്ങുവോനായിഗ്ഗിരീന്ദ്രനിൽ
ആവസിച്ചീടുന്നതുണ്ടു ധരാപതേ!
മൂവുലകത്തിനും മംഗലമേകുവാൻ. 40
തന്മഹാമായാബലവൈഭവത്തിനാൽ
നിർമ്മിതമായ ലോകത്തെ രക്ഷിക്കുവാൻ
ഈവിധമുള്ള വേഷത്തെദ്ധരിച്ചുകൊ-
ണ്ടാവിഭു മേവുന്നു കല്പകാലംവരെ. 41
ലോകാചലത്തിൻെറയുള്ളളവും തഥാ
ലോകാലോകാദ്രിതൻ ചുററളവായതും
വർണ്ണിക്കയാലലോകത്തിനുമത്രയും
തന്നെയളവെന്നു നിർണ്ണയിക്കാവതാം.
അപ്പുറമുള്ള ഗതിയറിഞ്ഞീടുവാൻ
കെല്പില്ല യോഗീശ്വരർക്കൊഴിഞ്ഞാർക്കുമേ. 42
മന്നിനും സ്വർഗ്ഗത്തിനുമിടയ്ക്കുള്ളതാ-
മണ്ഡമതിൻ നടുവാണിനസ്ഥാനവും
സൂര്യനുമണ്ഡഗോളത്തിനും തമ്മിലേ
ദൂരം ശരിക്കിരുപത്തഞ്ചുകോടിതാൻ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃതേ/ണ്ഡ ഏഷ ഏതസ്മിൻ യദഭൂത്തതോ മാർത്തണ്ഡ
ഇതി വ്യപദേശഃ.
ഹിരണ്യഗർഭ ഇതി യദ്ധിരണ്യാണ്ഡസമുദ്ഭവഃ. 44
സൂര്യേണ ഹി വിഭജ്യന്തേ ദിശഃ ഖം ദ്യൗർമ്മഹീ ഭിദാ
സ്വർഗ്ഗാപവർഗ്ഗൗ നരകാ രസൗകാംസി ച സർവ്വശഃ. 45
ദേവതിര്യങ്മനുഷ്യാണാം സരീസൃപസവീരുധാം
സർവ്വജീവനികായാനാം സൂര്യ ആത്മാ ദൃഗീശ്വരഃ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭുവനകോശവർണ്ണനേ സമുദ്രവർഷസംനിവേശപരിമാണലക്ഷണോ
വിംശതിതമോ/ധ്യായഃ

ഏകവിംശതിതമോ/ധ്യായഃ

ശ്രീശുക ഉവാച

ഏതാവാനേവ ഭൂവലയസ്യ സംനിവേശഃ പ്രമാണലക്ഷണതോ വ്യാഖ്യാതഃ 1

ഏതേന ഹി ദിവോ മണ്ഡലമാനം തദ്വിദ ഉപദിശന്തി യഥാ ദ്വിദലയോർന്നിഷ്പാവാദീനാം. 2

തേ അന്തരേണാന്തരിക്ഷം തദുഭയസന്ധിതം. 3

യന്മധ്യഗതോ ഭഗവാംസ്തപതാമ്പതിസ്തപന ആതപേന ത്രിലോകീം പ്രതപത്യവഭാസയത്യാത്മഭാസാ സ ഏഷ ഉദഗയന ദക്ഷിണായനവൈഷുവതസംജ്ഞാഭിർമ്മാന്ദ്യശൈഘ്ര്യസമാനാഭിർഗ്ഗതിഭിരാരോഹണാവരോഹണസമാനസ്ഥാനേഷു യഥാസവനമഭിപദ്യമാനോ മകരാദിഷു രാശിഷ്വഹോരാത്രാണി ദീർഘഹ്രസ്വസമാനാനി വിധത്തേ. 4

യദാ മേഷതുലയോർവ്വർത്തതേ തദാഹോരാത്രാണി സമാനാനി ഭവന്തി യദാ വൃഷഭാദിഷു പഞ്ചസു ച രാശിഷു ചരതി തദാഹാന്യേവ വർദ്ധന്തേ ഹ്രസതി ച മാസി മാസ്യേകൈകാ ഘടികാ രാത്രിഷു 5

യദാ വൃശ്ചികാദിഷു പഞ്ചസു വർത്തതേ തദാഹോരാത്രാണി വിപര്യയാണി ഭവന്തി. 6

യാവദ്ദക്ഷിണായനമഹാനി വർദ്ധന്തേ യാവദുദഗയനം രാത്രയഃ. 7

ഏവം നവ കോടയ ഏകപഞ്ചാശല്ലക്ഷാണി യോജനാനാം മാനസോത്തരഗിരിപരിവർത്തനസ്യോപദിശന്തി തസ്മിന്നൈന്ദ്രീം പുരീം പൂർവ്വസ്മാന്മേരോർദ്ദേവധാനീം നാമ ദക്ഷിണതോ യാമ്യാം സംയമനീം നാമ പശ്ചാദ്വാരുണീം നിമ്ലോചനീം നാമ ഉത്തരതഃ സൗമ്യാം വിഭാവരീം നാമ താസൂദയമധ്യാഹ്നാസ്തമയനിശീഥാനീതി ഭൂതാനാം പ്രവൃത്തിനിവൃത്തിനിമിത്താനി സമയവിശേഷേണ മേരോശ്ചതുർദ്ദിശം. 8

തത്രത്യാനാം ദിവസമധ്യംഗത ഏവ സദാ//ദിത്യസ്തപതി സവ്യേനാചലം ദക്ഷിണേന കരോതി. യത്രോദേതി തസ്യ ഹ സമാനസൂത്രനിപാതേ നിമ്ലോചതി യത്ര ക്വചന സ്യന്ദേനാഭിതപതി തസ്യ ഹൈഷ സമാനസൂത്രനിപാതേ പ്രസ്വാപയതി തത്രഗതം ന പശ്യന്തി യേ തം സമനുപശ്യേരൻ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇമ്മൃതാണ്ഡത്തിൽനിന്നുദ്ഭൂതനാകയാൽ
കർമ്മസാക്ഷികളു മാർത്താണ്ഡാഖ്യ ചേർന്നിതു.

അണ്ഡം ഹിരണ്മയമായതു കാരണം
പിന്നെബ്ഭവിച്ചു ഹിരണ്യഗർഭാഖ്യയും. 44

ദിക്കുക,ളന്തരിക്ഷം, വിണ്ണു, ഭൂമിയും
സ്വർഗ്ഗമോക്ഷാപ്തി, നരകലോകങ്ങളും

പിന്നെയതലാദ്യധോഭുവനങ്ങളു-
മെന്ന ഭേദങ്ങൾക്കിനൻതന്നെ കാരണം. 45

ദേവതിര്യങ്നരവർഗ്ഗ,മിഴജാതി-
യേവം ലതാദികളാകുമചരങ്ങൾ

എന്നല്ല സർവ്വചരാചരൗഘത്തിനും
കണ്ണും നിയന്താവുമാത്മാവുമക്കനാം. 46

അദ്ധ്യായം 21

ആകാശഗോളവിവരണം

ശ്രീശുകൻ പറഞ്ഞു

ഇത്രയുംകൊണ്ടു ഭൂഗോളവിന്യാസവും
വിസ്തൃതി, ലക്ഷണവും കഥിച്ചീടിനേൻ. 1

രണ്ടിതളാളും കരണ്ഡകാദിക്കിതം
രണ്ടും സമമാണി,ളാമാനമിങ്ങനെ

ചൊന്നതിനാലതുകൊണ്ടുതാൻ സ്വർലോക-
മണ്ഡലത്തിന്നളവും ഗണനീയമാം. 2

മദ്ധ്യസ്ഥിതമാകുമന്തരിക്ഷം ലോക-
മിദ്ധരയെ വിണ്ണുമായിണക്കുന്നിതേ. 3

തന്മദ്ധ്യവർത്തിയായുജ്ജ്വലദ് ഗോളങ്ങൾ
തന്മെപ്പരിപുഷ്ടമാക്കുന്ന ഭാസ്കരൻ

മൂപ്പാരു പാരം തപിപ്പിച്ചു ചൂടിനാൽ
സുപ്രഭമാക്കുന്നിതാത്മമഹസ്സിനാൽ

ഉത്തരം, ദക്ഷിണം, വൈഷുവതമെന്നു
കീർത്തിച്ചപോരുമയനകാലങ്ങളിൽ.

മന്ദമായും ദ്രുതമായും സമമായു-
മാന്നിടും തൻഗതിമൂലമിറക്കവും

ആരോഹണവും സമവുമാം സ്ഥാനങ്ങൾ-
തോറും യഥാകാലമെത്തി മകരാദി

രാശികളിൽ സഞ്ചരിച്ചിട്ടു രാപ്പകൽ
ഹ്രസ്വവും ദീർഘവും തുല്യവുമാക്കുന്നു. 4

മേഷതുലാമാസസഞ്ചാരവേളയി-
ലീഷലും ഭേദമില്ലൊപ്പമാം രാപ്പകൽ

അഞ്ചുമാസങ്ങളിടവാദിയിലിനൻ
സഞ്ചരിക്കെപ്പകലേറിവരുന്നിതു.

രാവിനു നാഴികയോരോന്നു വീതമാ-
യാവേളയിൽ പ്രതിമാസം കുറഞ്ഞുപോം. 5

ഇത്തോതിൽ വൃശ്ചികംതൊട്ടഞ്ചുമാസവും
രാത്രി കവിഞ്ഞും പകൽ കുറഞ്ഞും വരും. 6

ഏറ്റം പകൽ ദക്ഷിണായനത്തോളവും
കൗരവാ! രാവുത്തരായണത്തോളവും. 7

ഇത്ഥമിനൻ മാനസോത്തരാദ്ര്യന്തമായ്
ചുററുവാൻവേണ്ടുന്ന ദൂരവും യോജന

ഒമ്പതുകോടിയൻപത്തൊന്നു ലക്ഷമായ്
മുമ്പുള്ള പണ്ഡിതന്മാർ പറയുന്നിതേ.

മേരുവിൻ പൂർവ്വഭാഗത്തുള്ളതാം വല-
വൈരിതൻ ദേവധാനീനഗരത്തിലും

തെക്കുതകസംയമനീപുരത്തിലും
മേക്കു വരുണന്റെ നിമ്ലോചനിയിലും

ഉത്തരദിക്കിൽ ശശിതൻ വിഭാവരീ-
പത്തനംതന്നിലുമെത്തി യഥാക്രമം

മിത്രനുദയമദ്ധ്യാഹ്നാസ്തമനാദ്ധ-
രാത്രികൾ നിത്യം സമയഭേദത്തിനാൽ

തീർത്തവയിൽപ്പെട്ടും പ്രാണിവർഗ്ഗത്തെ പ്ര-
വൃത്ത്യന്മുഖരാക്കി രാജിച്ചിടുന്നിതേ. 8

മേരുനിവാസികൾക്കുച്ചസ്ഥനായ്ത്തന്നെ
സൂര്യനെല്ലായ്പ്പൊഴുമത്തപിക്കുന്നിതു.

വാമഭാഗത്തിലൂടെച്ചലിച്ചക്കനീ-
ബ്ഭൂമീധരത്തെ വലത്താക്കിടുന്നിതു.

എങ്ങുദിക്കുന്നുവോ തത്സമരേഖയി-
ലങ്ങേവശത്തെത്തിയസ്തമിക്കുന്നിതു.

അങ്ങും വിയർക്കുമാറങ്ങു തപിക്കവേ-
യിങ്ങുററവർക്കത്തിനൊത്ത കളുമ്മതാൻ.

ചേണാർന്നുവരെക്കണ്ടവരക്കനെ-
ക്കാണാതെയാകും മറുപുറം പോകയാൽ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദാ ചൈന്ദ്ര്യാഃ പുര്യാഃ പ്രചലതേ പഞ്ചദശഘടികാഭിര്യാമ്യാം സപാദകോടിദ്വയം യോജനാനാം സാർദ്ധദ്വാദശലക്ഷാണി സാധികാനി ചോപയാതി ഏവം തതോ വാരുണീം സൗമ്യാമൈന്ദ്രീം ച പുനസ്തഥാ. 10

അന്യേ ച ഗ്രഹാഃ സോമാദയോ നക്ഷത്രൈഃ സഹ ജ്യോതിശ്ചക്രേ സമഭ്യുദ്യന്തി സഹ വാ നിമ്ലോചന്തി. 11

ഏവം മുഹൂർത്തേന ചതുസ്ത്രിംശല്ലക്ഷയോജനാന്യഷ്ടശതാധികാനി സൗരോ രഥസ്ത്രയീമയോഽസൗ ചതസൃഷു പരിവർത്തതേ പുരീഷു. 12

യസ്യൈകം ചക്രം ദ്വാദശാരം ഷണ്ണേമി ത്രിണാഭി സംവത്സരാത്മകം സമാമനന്തി തസ്യാക്ഷോ മേരോർമ്മൂർദ്ധനി കൃതോ മാനസോത്തരേ കൃതേതരഭാഗോ യത്ര പ്രോതം രവിരഥചക്രം തൈലയന്ത്രചക്രവദ് ഭ്രമന്മാനസോത്തരഗിരൗ പരിഭ്രമതി. 13

തസ്മിന്നക്ഷേ കൃതമൂലോ ദ്വിതീയോഽക്ഷസ്തുര്യമാനേന സമ്മിതസ്തൈലയന്ത്രാക്ഷവത് ധ്രുവേ കൃതോപരിഭാഗഃ. 14

രഥനീഡസ്തു ഷട്ത്രിംശല്ലക്ഷയോജനായതസ്തത്തുരീയഭാഗവിശാലസ്താവാൻ രവിരഥയുഗോ യത്ര ഹയാശ്ഛന്ദോനാമാനഃ സപ്താരുണയോജിതാ വഹന്തി ദേവമാദിത്യം. 15

പുരസ്താത്സവിതുരരുണഃ പശ്ചാച്ച നിയുക്തഃ സൗത്യേ കർമ്മണി കിലാസ്തേ. 16

തഥാ വാലഖില്യാ ഋഷയോഽങ്ഗുഷ്ഠപർവ്വമാത്രാഃ ഷഷ്ടിസഹസ്രാണി പുരതഃ സൂര്യം സൂക്തവാകായ നിയുക്താഃ സംസ്തുവന്തി. 17

തഥാന്യേ ച ഋഷയോ ഗന്ധർവ്വാപ്സരസോ നാഗാ ഗ്രാമണ്യോ യാതുധാനാ ദേവാ ഇത്യേകൈകശോ ഗണാഃ സപ്ത ചതുർദ്ദശ മാസി മാസി ഭഗവന്തം സൂര്യമാത്മാനം നാനാനാമാനം പൃഥങ്നാനാനാമാനഃ പൃഥക്കർമ്മഭിർദ്വന്ദ്വശ ഉപാസതേ. 18

ലക്ഷോത്തരം സാർദ്ധനവകോടിയോജനപരിമണ്ഡലം ഭൂവലയസ്യ ക്ഷണേന സഗവ്യൂത്യുത്തരം ദ്വിസഹസ്രയോജനാനി സ ഭുങ്ക്തേ. 19

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ജ്യോതിശ്ചക്രസൂര്യരഥമണ്ഡലവർണ്ണനം നാമൈകവിംശതിതമോഽധ്യായഃ

ദ്വാവിംശതിതമോഽധ്യായഃ

രാജോവാച

യദേതദ്ഭഗവത ആദിത്യസ്യ മേരും ധ്രുവം ച പ്രദക്ഷിണേന പരിക്രാമതോ രാശീനാമഭിമുഖം പ്രചലിതം ചാപ്രദക്ഷിണം ഭഗവതോപവർണ്ണിതമമുഷ്യ വയം കഥമനുമിമീമഹീതി. 1

സ ഹോവാച

യഥാ കുലാലചക്രേണ ഭ്രമതാ സഹ ഭ്രമതാം തദാശ്രയാണാം പിപീലികാദീനാം ഗതിരന്യൈവ പ്രദേശാന്തരേഷ്വപ്യുപലഭ്യമാനത്വാദേവം നക്ഷത്രരാശിഭിരുപലക്ഷിതേന കാലചക്രേണ ധ്രുവം മേരും ച പ്രദക്ഷിണേന പരിധാവതാ സഹ പരിധാവമാനാനാം തദാശ്രയാണാം സൂര്യാദീനാം ഗ്രഹാണാം ഗതിരന്യൈവ നക്ഷത്രാന്തരേ രാശ്യന്തരേ ചോപലഭ്യമാനത്വാത്. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിത്രൻ പതിനഞ്ചുനാഴികകൊണ്ടിന്ദ്ര-
പത്തനത്തീന്നു പന്ത്രണ്ടരലക്ഷവും

കോടിരണ്ടേകാലുമാം യോജനവഴി-
യോടിയെത്തീടുന്നു സംയമനീപുരം.

തത്സ്ഥലം വിട്ടിക്കണക്കിനു വാരുണീ-
പത്തനംതന്നി,ലുമങ്ങുനിന്നും പിന്നെ-

യുത്തരദിക്കിലെസ്സോമപുരിയിലു-
മെത്തിത്തിരിയെയണയുന്നിതൈന്ദ്രിയിൽ. 10

താരാധിനാഥാദി മററു ഗ്രഹങ്ങളും
താരാസമൂഹത്തൊടൊത്തുതാൻ നിത്യവും

ജ്യോതിശ്ചക്രത്തിലുദിക്കുകയും തദു-
പേതമായസ്തംഗമിക്കയും ചെയ്യുന്നു. 11

എണ്ണൂററമ്പത്തിനാലുലക്ഷത്തിനോ-
ടൊന്നിച്ചിടും യോജന മുഹൂർത്തത്തിനാൽ

എന്നകണക്കിപ്പുരി നാലിലുമിന-
സ്യന്ദനം ചുററിച്ചരിക്കുന്നിതെപ്പൊഴും. 12

ദ്വാദശാരം, നേമിഷൾക്കം, ത്രിനാഭിയീ-
സാധനമെല്ലാമിണങ്ങിവിളങ്ങിടും

അക്കരൈകചക്രം വത്സരാത്മക-
മാക്കിപ്പറയുന്നു പണ്ഡിതമണ്ഡലം.

നേരേയിതിന്നച്ചുതണ്ടിൻതലയൊന്നു
മേരുമൂർദ്ധാവിലും മററേത്തല തഥാ

വന്മാനസോത്തരശൈലശൃങ്ഗത്തിലും
ചെമ്മേ ഘടിപ്പിച്ചിരിക്കുന്നു ഭൂപതേ!

മുട്ടാതിതാട്ടുചക്കിൻെറ ചക്രംപോലെ
ചുററിടുന്നു മാനസോത്തരത്തിൽ സദാ. 13

ഒന്നാമതാമച്ചുതണ്ടിന്നടിവശം
ചേർന്നതായായതിൻ കാൽപ്പങ്കളവിലായ്

ചക്കകേററിക്കൊത്തൊരച്ചുതണ്ടും കൂടെ-
യഗ്രം ധ്രുവത്തിൽ ഘടിതമായുണ്ടു കേൾ. 14

ഈ രഥത്തിൻെറ നീഡത്തിനു മുപ്പത്തി-
യാറുലക്ഷം യോജന നീളവുമതിൽ

കാൽപ്പങ്കു വീതിയുമുണ്ടു,നുകത്തിനു-
മപ്രകാരംതാനളവു, ധരാപതേ!

ഇത്തേരിൽ നന്നായരുണവിണക്കിടു-
മുത്തമച്ഛന്ദോഭിധസപ്തവാജികൾ

നിത്യവും തേജോനിധാനമായ് മിന്നിടും
മാർത്താണ്ഡദേവനെയാവഹിക്കുന്നിതു. 15

സ്യന്ദനത്തിൽ തൻെറ മുൻപിലിരുന്നിടും
തന്നുടെ തേരാളിയാകുമരുണനെ

സന്മുഖനാക്കിത്തിരിച്ചിരുത്തിസ്സ്വത-
കർമ്മമാദിത്യൻ നടത്തിച്ചിടുന്നിതേ. 16

പൂർവഭാഗത്തിലായിക്കണക്കങ്ഗുഷ്ഠ-
പർവ്വമാത്രാകാരർ ബാലഖില്യാഹ്വയർ

ഷഷ്ടിസഹസ്രമൃഷികൾ തദാജ്ഞയാൽ
സൂക്തങ്ങൾചൊല്ലി സ്തുതിക്കുന്നു സൂര്യനെ. 17

അന്യരായീടുമൃഷികൾ, ഗന്ധർവ്വരും,
പിന്നപ്സരസ്സുകൾ, യക്ഷർ, നാഗങ്ങളും,

വിണ്ണോരസുരരെന്നീഗ്ഗണമേഴിലും
നിന്നു പതിന്നാലുപേർ ബഹുനാമകർ

പ്രത്യേകകർമ്മങ്ങൾകൊണ്ടു മാസംപ്രതി-
യൊത്തു വെവ്വേറെയീരണ്ടുപേർ ചേർന്നതാൻ

നാനാഭിധാനനായ് സർവ്വാത്മകനായ
ഭാനുഭഗവാനെയങ്ങുപാസിപ്പിതേ. 18

ലക്ഷത്തോടൊൻപതരക്കോടിയോജന-
യൊക്കുന്ന ഭൂവലയം ക്ഷണമൊന്നിനാൽ

രണ്ടായിരം യോജനയോടു ഗവ്യൂതി
ചേർന്നദൂരം വീതമോടിക്കടപ്പിതേ. 19

അദ്ധ്യായം 22

ചന്ദ്രാദിസ്ഥിതിഗതി (ജ്യോതിശ്ചക്രവർണ്ണനം)

രാജാവു പറഞ്ഞു

മേരുവേയും ധ്രുവത്തേയും വലത്തുവ-
ച്ചാരാശിചക്രത്തിനു നേർക്കിയന്നിടും

സൂര്യഗതി,യപ്രദക്ഷിണമായ് സർവ്വ-
സാരജ്ഞനാം ഭവാൻ വർണ്ണിച്ചിരിക്കുന്നു,

ഞങ്ങൾക്കതിലുണ്ടു സംശയം യാഥാർത്ഥ്യ-
മെങ്ങനെയെന്നവിടുന്നരുളീടണം. 1

ശുകൻ പറഞ്ഞു

ചുററും കുശവചക്രത്തിലമർന്നിടും
പാററയെറുമ്പു തൊട്ടുള്ളവതൻ ഗതി

ചക്രഗതിക്കൊത്തുമല്ലാതെയുമിങ്ങു
മിക്കവാറും നമ്മൾ കാണുന്നതില്ലയോ?

ഇത്ഥം ധ്രുവത്തെയും മേരുഗിരിയെയും
ചുററി പ്രദക്ഷിണംവച്ചു ചരിപ്പതും

നക്ഷത്രരാശികൾ ചേർന്നുമാം കാല-
ചക്രത്തെയാലംബമാക്കിയതോടൊത്തു

ചുററിത്തിരിയുന്ന സൂര്യാദിതൻ ഗതി
മററുവിധത്തിലായ്ക്കാണപ്പെടുന്നതു

അന്യതാരം രാശിയെന്നിവിടങ്ങളിൽ
നിന്നു നോക്കുന്നതുകൊണ്ടുതാൻ മന്നവാ! 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏഷ ഭഗവാനാദിപുരുഷ ഏവ സാക്ഷാന്നാരായണോ ലോകാനാം സ്വസ്തയ ആത്മാനം ത്രയീമയം കർമ്മവിശുദ്ധിനിമിത്തം കവിഭിരപി ച വേദേന വിജിജ്ഞാസ്യമാനോ ദ്വാദശധാ വിഭജ്യ ഷട്സു വസന്താദിഷ്വൃതുഷു യഥോപജോഷമൃതുഗുണാൻ വിദധാതി. 3

തമേതമിഹ പുരുഷാസ്ത്രയ്യാ വിദ്യയാ വർണ്ണാശ്രമാചാരാനുപഥാ ഉച്ചാവചൈഃ കർമ്മഭിരാമ്നാതൈര്യോഗവിതാനൈശ്ച ശ്രദ്ധയാ യജന്തോഽഞ്ജസാ ശ്രേയഃ സമധിഗച്ഛന്തി. 4

അഥ സ ഏഷ ആത്മാ ലോകാനാം ദ്യാവാപൃഥിവ്യോരന്തരേണ നഭോവലയസ്യ കാലചക്രഗതോ ദ്വാദശ മാസാൻ ഭുങ്ക്തേ രാശിസംജ്ഞാൻ സംവത്സരാവയവാൻ. 5

മാസഃ പക്ഷദ്വയം ദിവാ നക്തം ചേതി സപാദർക്ഷദ്വയമുപദിശന്തി യാവതാ ഷഷ്ഠമംശം ഭുഞ്ജീത സ വൈ ഋതുരിത്യുപദിശ്യതേ സംവത്സരാവയവഃ. 6

അഥ ച യാവതാർദ്ധേന നഭോവീഥ്യാം പ്രചരതി തം കാലമയനമാചക്ഷതേ. 7

അഥ ച യാവന്നഭോമണ്ഡലം സഹ ദ്യാവാപൃഥിവ്യോർമ്മണ്ഡലാഭ്യാം കാർത്സ്ന്യേന സ ഹ ഭുഞ്ജീത തം കാലം സംവത്സരം പരിവത്സരമിഡാവത്സരമനുവത്സരം വത്സരമിതി ഭാനോർമ്മാന്ദ്യശൈഘ്ര്യസമഗതിഭിഃ സമാമനന്തി. 8

ഏവം ചന്ദ്രമാ അർക്കഗഭസ്തിഭ്യ ഉപരിഷ്ടാല്ലക്ഷയോജനത ഉപലഭ്യമാനോഽർക്കസ്യ സംവത്സരഭുക്തിം പക്ഷാഭ്യാം മാസഭുക്തിം സപാദർക്ഷാഭ്യാം ദിനേനൈവ പക്ഷഭുക്തിമഗ്രചാരീ ദ്രുതതരഗമനോ ഭുങ്ക്തേ. 9

അഥ ചാപൂര്യമാണാഭിശ്ച കലാഭിരമരാണാം ക്ഷീയമാണാഭിശ്ച കലാഭിഃ പിതൄണാമഹോരാത്രാണി പൂർവ്വപക്ഷാപരപക്ഷാഭ്യാം വിതന്വാനഃ സർവ്വജീവനിവഹപ്രാണോ ജീവശ്ചൈകമേകം നക്ഷത്രം ത്രിംശതാ മുഹൂർത്തൈർഭുങ്ക്തേ. 10

യ ഏഷ ഷോഡശകലഃ പുരുഷോ ഭഗവാന്മനോമയോഽന്നമയോഽമൃതമയോ ദേവപിതൃമനുഷ്യഭൂതപശുപക്ഷിസരീസൃപവീരുധാം പ്രാണാപ്യായനശീലത്വാത്സർവ്വമയ ഇതി വർണ്ണയന്തി. 11

തത ഉപരിഷ്ടാത് ത്രിലക്ഷയോജനതോ നക്ഷത്രാണി മേരും ദക്ഷിണേനൈവ കാലായന ഈശ്വരയോജിതാനി സഹാഭിജിതാഷ്ടാവിംശതിഃ. 12

തത ഉപരിഷ്ടാദുശനാ ദ്വിലക്ഷയോജനത ഉപലഭ്യതേ പുരതഃ പശ്ചാത്സഹൈവ വാർക്കസ്യ ശൈഘ്ര്യമാന്ദ്യസാമ്യാഭിർഗ്ഗതിഭിരർക്കവച്ചരതി ലോകാനാം നിത്യദാനുകൂല ഏവ പ്രായേണ വർഷയംശ്ചാരേണാനുമീയതേ സ വൃഷ്ടിവിഷ്ടംഭഗ്രഹോപശമനഃ. 13

ഉശനസാ ബുധോ വ്യാഖ്യാതസ്തത ഉപരിഷ്ടാദ്ദ്വിലക്ഷയോജനതോ ബുധഃ സോമസുത ഉപലഭ്യമാനഃ പ്രായേണ ശുഭകൃദ്യദാർക്കാത് വ്യതിരിച്യതേ തദാതിവാതാഭ്രപ്രായാനാവൃഷ്ട്യാദിഭയമാശംസതേ. 14

അത ഊർദ്ധ്വമങ്ഗാരകോഽപി യോജനലക്ഷദ്വിതയ ഉപലഭ്യമാനസ്ത്രിഭിസ്ത്രിഭിഃ പക്ഷൈരേകൈകശോ രാശീന്ദ്വാദശാനനുഭുങ്ക്തേ യദി ന വക്രേണാഭിവർത്തതേ പ്രായേണാശുഭഗ്രഹോഽഘശംസഃ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ രവി, വേദങ്ങളും കവിവൃന്ദവു-
മാരായുമാദിനാരായണൻതാൻ ദൃഢം.
വേദോക്തകർമ്മവിശുദ്ധി വരുത്തുവാൻ
ദ്വാദശമായ് നിജരൂപം വിഭജിച്ചു
ചെമ്മേ വസന്താദിയാമാറൃതുക്കളിൽ
ശർമ്മമൂലകത്തിനാകെയേകീട്ടവാൻ
കർമ്മഭോഗാനുസരണമൃതുഗുണ-
ധർമ്മങ്ങളാമുഷ്ണശീതങ്ങൾ ചേർക്കുന്നു. 3
വർണ്ണാശ്രമാചാരമാർഗ്ഗങ്ങളിലൂടെ-
യെന്നുമീ ദേവനെ ലോകരശേഷവും
ഉച്ചാവചങ്ങളാം കർമ്മങ്ങളും യോഗ-
നിശ്ചിതമാർഗ്ഗങ്ങളുംകൊണ്ടു സാദരം
ശ്രദ്ധയായ് സേവിച്ചു നിഷ്പ്രയാസം പരി-
ശുദ്ധമാം ശ്രേയസ്സു കൈവരിക്കുന്നിതേ. 4
ലോകാത്മാവാമിവൻ ഭൂനാകമദ്ധ്യഗ-
താകാശമണ്ഡലത്തിൽ കാലചക്രത്തിൽ
സഞ്ചരിച്ചബ്ദാംഗകങ്ങളായ് രാശ്യാഖ്യ-
തഞ്ചിടും മാസങ്ങൾ പന്ത്രണ്ടശിപ്പതേ. 5
പക്ഷദ്വയമാണു മാസം, പിതൃക്കൾക്കൊ-
തക്ഷയകീർത്തേ! യൊരു ദിനരാത്രമാം.
രണ്ടേകാൽനക്ഷത്രമാണൊരു പക്ഷമെ-
ന്നുണ്ടഭിപ്രായവും സൂര്യമാനപ്പടി.
എന്നതിനൊക്കെയുമാസ്പദമാദിത്യ-
നെന്നുതന്നേ ധരിച്ചീടുക, മന്നവാ!
ആണ്ടിൻെറയാറിലൊന്നെത്രനേരംകൊണ്ടു
താണ്ടുന്നു മിത്രനതബ്ദാംശമാമൃതു. 6
വിണ്ടലമാർഗ്ഗാർദ്ധഭാഗം ചരിക്കുവാൻ
വേണ്ടുംപൊഴുതിനയനമെന്നാഖ്യയായ്. 7
നാകവും ഭൂവുമാകാശവലയവും
വേഗത്തിലും മന്ദമായും സമത്തിലും
സൂര്യനുപൂർണ്ണം ചരിക്കുവാൻ പോരുന്ന
നേരത്തിനഗ്ഗതികൾക്കനുകൂലമായ്
വത്സരം, പിന്നെപ്പരിവത്സര,മിഡാ-
വത്സരം, സംവത്സര,മനുവത്സരം
എന്നിങ്ങനെ പല നാമധേയങ്ങളും
ചൊന്നീടുമാറുണ്ടു ഭക്തശിഖാമണേ! 8
സൂര്യനേക്കാളൊരുലക്ഷമാം യോജന
ദൂരെയാകാശത്തു കാണും സുധാകരൻ
അർക്കൻെറ സംവത്സരഭുക്തിയെ രണ്ടു
പക്ഷങ്ങൾകൊണ്ടും, തഥാ മാസഭുക്തിയെ
രണ്ടേകാൽ താരങ്ങൾകൊണ്ടും ദ്രുതഗതി-
യാണ്ടിട്ടൊരുദിനംകൊണ്ടും ഭുജിപ്പിതേ. 9
അന്യഥാ, വൃദ്ധമാമാത്മകലകളാൽ
വൃന്ദാരകർക്കും, ക്ഷയിക്കും കലകളാൽ
എന്നും പിതൃക്കൾക്കുമങ്ങഹോരാത്രങ്ങൾ
തന്നുടെ പൂർവാപരദ്വിപക്ഷങ്ങളാൽ
നിർമ്മിച്ചു സർവഭൂതത്തിനും പ്രാണനായ്
സന്തതം സഞ്ചരിക്കുന്നു സുധാകരൻ.
താരമോരോന്നും മുഹൂർത്തങ്ങൾ മുപ്പതാൽ
താരാധിനാഥൻ കടന്നുപോകുന്നിതേ. 10
ഷോഡശമാകും കലാസമുച്ചയത്തോടു-
കൂടുമിവൻ ഭഗവാൻ ഹരിയാകയാൽ
അന്നമയനായ് മനസ്സുധാരൂപനായ്
വൃന്ദാരകപിതൃമർത്ത്യഭൂതാവലി
പക്ഷിമൃഗങ്ങളിഴജന്തുജാതികൾ
വൃക്ഷലതാദിയിവററതൻ പ്രാണനു്
ആനന്ദമേകും സ്വഭാവത്തിനാൽ ശീത-
ഭാനുവെസ്സർവമയനായ്പ്പുകഴ്ത്തുന്നു. 11
ചന്ദ്രനിൽനിന്നു ലക്ഷത്രയം യോജന
പൊന്തിയഭിജിത്തുനക്ഷത്രമുൾപ്പെടെ
കാലചക്രംതന്നിലീശ്വരൻ ചേർത്താ-
യാളുമിരുപത്തിയെട്ടു നക്ഷത്രവും
മേരുശൈലത്തെ പ്രദക്ഷിണമായ്ത്തന്നെ
നേരേയനുദിനം സഞ്ചരിക്കുന്നിതു. 12
നക്ഷത്രമണ്ഡലംതന്നിൽനിന്നും രണ്ടു-
ലക്ഷമാം യോജന ദൂരെയായ്ക്കണ്ടിടും
ശുക്രഗ്രഹം ശീഘ്രമന്ദസമഗതി
കൈക്കൊണ്ടു സൂര്യനു മുൻപിലും പിൻപിലും
തത്തുല്യമായ്ച്ചരിക്കുന്നു ജഗദ്ധിത-
മൂർത്തിയായ്ത്തന്നെ സദാസമയത്തിലും.
വർഷം തടസ്ഥപ്പെടുത്തും ഗ്രഹചാര-
ദോഷമിവൻ തീർപ്പതായനുമിപ്പിതേ. 13
ശുക്രനിൽനിന്നു ലക്ഷദ്വയം യോജന
പൊക്കത്തിലാണു ബുധഗ്രഹത്തിൻ സ്ഥിതി.
സോമജനാമിബ്ബുധനും ജഗത്തിനു
സാമാന്യമായ് ശുഭമുണ്ടാക്കിടുന്നിതു.
ശുക്രനെപ്പോലാണിവൻെറയും സഞ്ചാര-
മർക്കനെമായകന്നീടുകിലപ്പൊഴേ
ഉൽക്കടവൃഷ്ടി, കൊടുങ്കാ,ററനാവൃഷ്ടി-
യൊക്കെബ്ഭവിച്ചു ഭയമുളവാക്കിടും. 14
രാജൻ! ബുധനിലുപരിയിരുലക്ഷ-
യോജന ദൂരത്തിലത്രേ കുജസ്ഥിതി.
മുമ്മൂന്നു പക്ഷങ്ങളാൽ രാശിയോരോന്നു-
മിമ്മട്ടു രാശിപന്ത്രണ്ടും ചരിപ്പതേ.
വക്രഗതിയിതിന്നില്ലയെന്നാകിലേ-
യിക്കണക്കൊക്കു ധരിക്ക, ധരാപതേ!
പ്രായേണ ദോഷസംസൂചകനാം പാപ-
നായീഗ്രഹത്തെപ്പറഞ്ഞുപോരുന്നിതു. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത ഉപരിഷ്ടാദ്ദ്വിലക്ഷയോജനാന്തരഗതോ ഭഗവാൻ ബൃഹസ്പതിരേകൈകസ്മിൻ രാശൗ പരിവത്സരം പരിവത്സരം ചരതി യദി ന വക്രഃ സ്യാത് പ്രായേണാനുകൂലോ ബ്രാഹ്മണകലസ്യ. 16

തത ഉപരിഷ്ടാദ്യോജനലക്ഷദ്വയാത് പ്രതീയമാനഃ ശനൈശ്ചര ഏകൈകസ്മിൻ രാശൗ ത്രിംശന്മാസാൻ വിളംബമാനഃ സർവ്വാനേവാനുപരേത്യതി താവദ്ഭിരനുവത്സരൈഃ പ്രായേണ ഹി സർവ്വേഷാമശാന്തികരഃ. 17

തത ഉത്തരസ്മാദൃഷയ ഏകാദശലക്ഷയോജനാന്തര ഉപലഭ്യന്തേ യ ഏവ ലോകാനാം ശമനുഭാവയന്തോ ഭഗവതോ വിഷ്ണോര്യത് പരമം പദം പ്രദക്ഷിണം പ്രക്രമന്തി. 18

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ജ്യോതിശ്ചക്രവർണ്ണനേ ദ്വാവിംശതിതമോഽധ്യായഃ

ത്രയോവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

അഥ തസ്മാത് പരതസ്ത്രയോദശലക്ഷയോജനാന്തരതോ യത്തദ്വിഷ്ണോഃ പരമം പദമഭിവദന്തി യത്ര ഹ മഹാഭാഗവതോ ധ്രുവ ഔത്താനപാദിരഗ്നിനേന്ദ്രേണ പ്രജാപതിനാ കശ്യപേന ധർമ്മേണ ച സമകാലയുഗ്ഭിഃ സബഹുമാനം ദക്ഷിണതഃ ക്രിയമാണ ഇദാനീമപി കല്പജീവിനാമാജീവ്യ ഉപാസ്തേ തസ്യേഹാനുഭാവ ഉപവർണ്ണിതഃ. 1

സ ഹി സർവ്വേഷാം ജ്യോതിർഗ്ഗണാനാം ഗ്രഹനക്ഷത്രാദീനാമനിമിഷേണാവ്യക്തരംഹസാ ഭഗവതാ കാലേന ഭ്രാമ്യമാണാനാം സ്ഥാണുരിവാവഷ്ടംഭ ഈശ്വരേണ വിഹിതഃ ശശ്വദവഭാസതേ. 2

യഥാ മേഢീസ്തംഭ ആക്രമണപശവഃ സംയോജിതാസ്ത്രിഭിസ്ത്രിഭിഃ സവനൈര്യഥാസ്ഥാനം മണ്ഡലാനി ചരന്ത്യേവം ഭഗണാ ഗ്രഹാദയ ഏതസ്മിന്നന്തർബ്ബഹിര്യോഗേന കാലചക്ര ആയോജിതാ ധ്രുവമേവാവലംബ്യ വായുനോദീര്യമാണാ ആകല്പാന്തം പരിചംക്രമന്തി. 3

നഭസി യഥാ മേഘാഃ ശ്യേനാദയോ വായുവശാഃ കർമ്മസാരഥയഃ പരിവർത്തന്തേ ഏവം ജ്യോതിർഗ്ഗണാഃ പ്രകൃതിപുരുഷസംയോഗാനുഗൃഹീതാഃ കർമ്മനിർമ്മിതഗതയോ ഭുവി ന പതന്തി. 4

കേചനൈതജ്ജ്യോതിരനീകം ശിശുമാരസംസ്ഥാനേന ഭഗവതോ വാസുദേവസ്യ യോഗധാരണായാമനുവർണ്ണയന്തി. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജിച്ചിടുന്നു തദൂർദ്ധ്വമിരുലക്ഷ–
യോജനദൂരെബ് ഭഗവാൻ ബൃഹസ്പതി.

തെല്ലുമേ വക്രഗമനമില്ലായ്കിലോ
കൊല്ലമൊന്നാലൊരുരാശി കടന്നിടും.

മിക്കപ്പൊഴും വിപ്രവംശാനുകൂലിയായ്
നില്ക്കുന്നു മങ്ഗലമൂർത്തിയായീഗ്രഹം. 16

അത്രയുംകൂടെഗ്ഗുരുവിൽനിന്നും പൊങ്ങി
വർത്തിച്ചിടുന്നു ശനൈശ്ചരനാം ശനി

രാശിയോരോന്നും കടക്കുവാൻ മുപ്പതു
മാസക്കണക്കിനു വർഷങ്ങൾ മുപ്പതു

വേണം ക്രമത്തിലെല്ലാം തരിക്കാ,നിവൻ
നൂനമഭദ്രകരൻ മിക്കപോതിലും. 17

അങ്ങതിൽനിന്നു പതിനൊന്നുയോജന
പൊങ്ങി സ്ഥിതിചെയ്തിടുന്നു സപ്തർഷികൾ

നിത്യവുമായവർ ലോകസൗഖ്യത്തിനാ–
യർത്ഥിച്ചുകൊണ്ടഖിലേശ്വരനായിടും

ശ്രീമഹാവിഷ്ണുഭഗവാന്റെയുൽകൃഷ്ട–
ധാമം പ്രദക്ഷിണം വച്ചു വന്ദിപ്പുതേ. 18

അദ്ധ്യായം 23

ശിശുമാരചക്രവർണ്ണനം

ശ്രീശുകൻ പറഞ്ഞു

അമ്മഹർഷീന്ദ്രപദത്തിന്നുപരിയായ്–
ച്ചെമ്മേ പതിമൂന്നുലക്ഷമാം യോജന

ദൂരെ ധ്രുവസ്ഥാനമെന്നു പുകഴ്ത്തിടും
നാരായണപരമം പദം സംസ്ഥിതം.

ദേവേന്ദ്രനഗ്നിയും കശ്യപനും ധർമ്മ–
ദേവനുമേകകാലത്തൊത്തു സാദരം

നേരേ വലത്താക്കിയാകല്പമായുസ്സു
ചേരുവോൾക്കാജീവ്യനായ് മഹാഭക്തനാം

ഔത്താനപാദിയെയിന്നുമുപാസിപ്പു;
വിസ്തരിച്ചേൻ മുൻപു തജ്ജഗൽപ്രാഭവം. 1

ആ ധ്രുവൻ സർവ്വഗ്രഹതാരകാദിയാം
ജ്യോതിർഗ്ഗണത്തിനാലംബമാം സ്തംഭമായ്,

നിന്നിമേഷൻതാനുമവ്യക്തരംഹസ്സു–
മെന്നു പുകഴ്ത്തിടും കാലസ്വരൂപനാം

മങ്ഗലദേവതാവല്ലഭൻതന്നാല–
ഭംഗം നിയമിതനായ് ലസിക്കുന്നിതേ. 2

ധാന്യം മെതിക്കാൻ വൃഷഭങ്ങളെ മാററി
നന്നായ് ബലമാന്ന കററിയിൽ ബന്ധിച്ചു

സന്ധ്യകൾ മൂന്നിങ്കലും യഥാസ്ഥാനത്തു
മണ്ഡലാകാരം ചലിപ്പിച്ചിടുംവിധം

താരഗ്രഹാദികൾ യോഗബലത്തിനാൽ
നേരേയകത്തും പുറത്തും നിബദ്ധമായ്

വാതസംചോദിതമായ് ധ്രുവനെത്തന്നെ–
യാധാരമാക്കിയാകല്പം ചുഴലുന്നു. 3

ശ്യേനാദിപക്ഷികളും മേഘവൃന്ദവും
വാനത്തു സഞ്ചരിക്കുന്നതുപോലവേ

ജ്യോതിർഗ്ഗണവും പ്രകൃതിപുരുഷർതൻ–
സ്സീതമാം സങ്ഗമാനുഗ്രഹം മൂലവും

കർമ്മഗതിപോലെയും താഴെ വീഴാതെ–
യംബരഭാഗത്തു സഞ്ചരിക്കുന്നിതു. 4

ജ്യോതിർന്നിവഹം ശിശുമാരസംസ്ഥിതി
ഹേതുവാൽ ശ്രീവാസുദേവഭഗവാന്റെ

യോഗബലത്താൽ നിലനിന്നിടുന്നതായ്
ഭാഗവതോത്തമർ ചൊല്ലുന്നിതു ചിലർ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യ പുച്ഛാഗ്രേഽവാക്ശിരസഃ കുണ്ഡലീഭൂതദേഹസ്യ ധ്രുവ
ഉപകല്പിതസ്തസ്യ ലാങ്ഗൂലേ പ്രജാപതിരഗ്നിരിന്ദ്രോ ധർമ്മ
ഇതി പുച്ഛമൂലേ ധാതാ വിധാതാ ച കട്യാം സപ്തർഷയഃ തസ്യ
ദക്ഷിണാവർത്തകുണ്ഡലീഭൂതശരീരസ്യ യാന്യുദഗയനാനി ദ-
ക്ഷിണപാർശ്വേ തു നക്ഷത്രാണ്യുപകല്പയന്തി ദക്ഷിണായനാനി
തു സവ്യേ. യഥാ ശിശുമാരസ്യ കുണ്ഡലാഭോഗസന്നിവേശ-
സ്യ പാർശ്വയോരുഭയോരപ്യവയവാഃ സമസംഖ്യാ ഭവന്തി.
പൃഷ്ഠേ ത്വജവീഥീ ആകാശഗങ്ഗാ, ചോദരതഃ പുനർവ്വസു
പുഷ്യൗ, ദക്ഷിണവാമയോഃ ശ്രോണ്യോരാർദ്രാശ്ലേഷേ, ച
ദക്ഷിണവാമയോഃ പശ്ചിമയോഃ പാദയോരഭിജിദുത്തരാഷാ-
ഢേ, ദക്ഷിണവാമയോർന്നാസികയോര്യഥാസംഖ്യം ശ്രവണ-
പൂർവ്വാഷാഢേ, ദക്ഷിണവാമയോർലോചനയോർദ്ധനിഷ്ഠാ മൂലം
ച ദക്ഷിണവാമയോഃ കർണ്ണയോർമ്മഘാദീന്യഷ്ട നക്ഷത്രാ-
ണി, ദക്ഷിണായനാനി വാമപാർശ്വവങ്ക്രിഷു യുഞ്ജീത ത-
ഥൈവ മൃഗശീർഷാദീന്യുദഗയനാനി ദക്ഷിണപാർശ്വവങ്ക്രിഷു
പ്രാതിലോമ്യേന പ്രയുഞ്ജീത ശതഭിഷാജ്യേഷ്ഠേ സ്കന്ധയോ-
ർദ്ദക്ഷിണവാമയോർന്ന്യസേത്. 6

ഉത്തരാഹനാവഗസ്തിരധരാഹനൗ യമോ മുഖേഷു ചാങ്ഗാ-
രകഃ ശനൈശ്ചര ഉപസ്ഥേ ബൃഹസ്പതിഃ കകുദി വക്ഷസ്യാദി-
ത്യോ ഹൃദയേ നാരായണോ മനസി ചന്ദ്രോ നാഭ്യാമുശനാ സ്ത-
നയോരശ്വിനൗ ബുധഃ പ്രാണാപാനയോ രാഹുർഗ്ഗളേ കേതവഃ
സർവ്വാങ്ഗേഷു രോമസു സർവ്വേ താരാഗണാഃ. 7

ഏതദു ഹൈവ ഭഗവതോ വിഷ്ണോഃ സർവ്വദേവതാമയം രൂ-
പമഹരഹഃ സന്ധ്യായാം പ്രയതോ വാഗ്യതോ നിരീക്ഷമാണ
ഉപതിഷ്ഠേത നമോ ജ്യോതിർല്ലോകായ കാലായനായാനിമി-
ഷാം പതയേ മഹാപുരുഷായാഭിധീമഹീതി. 8

ഗ്രഹർക്ഷതാരാമയമാധിദൈവികം
പാപാപഹം മന്ത്രകൃതാം ത്രികാലം
നമസ്യതഃ സ്മരതോ വാ ത്രികാലം
നശ്യേത തത്കാലജമാശു പാപം. 9

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ശിശുമാരസംസ്ഥാവർണ്ണനം നാമ ത്രയോവിംശതിതമോഽധ്യായഃ

ചതുർവ്വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

അധസ്താത്സവിതുര്യോജനായുതേ സ്വർഭാനുർന്നക്ഷത്രവച്ചര-
തീത്യേകേ യോഽസാവമരത്വം ഗ്രഹത്വം ചാലഭത ഭഗവദനുക-
മ്പയാ സ്വയമസുരാപസദഃ സൈംഹികേയോ ഹ്യതദർഹസ്ത-
സ്യ താത ജന്മ കർമ്മാണി ചോപരിഷ്ടാദ്വക്ഷ്യാമഃ. 1

യദദസ്തരണേർമ്മണ്ഡലം പ്രതപതസ്തദ്വിസ്തരതോ യോജനാ-
യുതമാചക്ഷതേ ദ്വാദശസഹസ്രം സോമസ്യ ത്രയോദശസ-
ഹസ്രം രാഹോര്യഃ പർവ്വണി തദ്വ്യവധാനകൃദ്വൈരാനുബന്ധഃ
സൂര്യാചന്ദ്രമസാവഭിധാവതി. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാളം വലയമിട്ടങ്ങു കിടന്നിടും-
പോലെ ദേഹം കുണ്ഡലാകൃതിയാക്കിടും
അശ്ശിശുമാരഭഗവാന്റെ നീണ്ടൊരു
പുച്ഛാഗ്രഭാഗത്തിലായ് ധ്രുവമണ്ഡലം
കല്പിതംതാ, നതിൻ ലാങ്ഗൂലഭാഗത്തി-
ലബ്ജോദ്ഭവനിന്ദ്ര, നഗ്നിയും ധർമ്മനും
തങ്ങുന്നു പുച്ഛമൂലത്തിലായ് ധാതാവു-
മങ്ങാവിധാതാവുമാവസിക്കുന്നിതു.
അബ്ഭഗവാൻതൻ കടിപ്രദേശത്തിലായ്
സപ്തർഷിമാരും നിവസിച്ചിടുന്നിതേ.
വൃത്താകൃതിയിൽ വലംചുഴന്നുള്ളമെ-
യ്യൊത്തിടുമിശ്ശിശുമാരഭഗവാന്റെ
ദക്ഷിണപാർശ്വത്തിലായുത്തരായണ-
നക്ഷത്രജാലം സ്ഥിതിചെയ്തിടുന്നിതു.
ആയവൻതൻ വാമപാർശ്വമത്രേ ദക്ഷി-
ണായനതാരസമൂഹത്തിനാസ്പദം.
രണ്ടുവശവും സമമാണവന്നൃക്ഷ-
മണ്ഡലവും തുല്യമാണിരുപാർശ്വവും.
പൃഷ്ഠത്തിലാണജവീഥി, വയററിലു-
പ്പെട്ടു കിടക്കുന്നിതാകാശഗങ്ഗയും.
വാമേതരശ്രോണിതന്നിൽപ്പുണർതവും
വാമമാം ശ്രോണിയിൽ പൂയനക്ഷത്രവും
പിന്നെ വലത്തുമിടത്തും പദങ്ങളിൽ-
ത്തന്നെ തിരുവാതിരയുമായില്യവും
ദക്ഷിണനാസാപുടത്തിലഭിജിത്തു-
നക്ഷത്രവുമിടത്തേതിലുത്രാടവും
പൂരാടതാരമിടംകണ്ണിലുമോണ-
താരം വലംകണ്ണിലുമാം യഥാക്രമം
മൂലനക്ഷത്രമിടത്തുകണ്ണത്തിലു-
മേലുന്നിതു വലംകാതിലവിട്ടവും.
തദ്വാമപാർശ്വാസ്ഥികളിൽ മഘാദിയാ-
മെട്ടു താരങ്ങളേയും മറുഭാഗത്തെ
അസ്ഥികളിൽ മകേരാദിയാം നക്ഷത്ര-
മെട്ടും വിപര്യയമായും ന്യസിക്കണം.
വിന്യസിക്കേണമിടംവലം തോളുകളിൽ-
ത്തന്നെ തൃക്കേട്ടയേയും ചതയത്തെയും. 6
നില്പൂ ഹനൂപരിസ്ഥാനത്തഗസ്ത്യനു-
മപ്പോലതിനുതാഴത്തു യമർക്ഷവും
ആനനഭാഗങ്ങളിൽക്കുജൻ ഗുഹ്യമാം
സ്ഥാനത്തിൽ മന്ദൻ പിറകടിയിൽ വ്യാഴവും
മാറിലാദിത്യൻ ഹൃദയതലത്തിലായ്
നാരായണൻ മാനസത്തിൽ ശശാങ്കനും
നാഭിയിൽ ശുക്രൻ സ്തനങ്ങളിലശ്വിക-
ളാപ്രാണനിലുമപാനങ്കലും ബുധൻ
ഗ്രീവയിൽ പാപഗ്രഹമായ രാഹുവും
സർവ്വാങ്ഗകങ്ങളിൽ കേതുക്കളും തഥാ
രോമനിരകളിൽ നിശ്ശേഷതാരക-
സ്തോമവുമാവസിച്ചീടുന്നു ഭൂമിപാ! 7
ജ്യോതിസ്സകംകാക്കെയാശ്രയഭൂതനാ-
യാദിത്യചന്ദ്രാദിഗോളാധിനാഥനായ്
കാലാത്മകനാം മഹാപുരുഷന്നനു-
വേലം നമസ്കൃതിയെന്ന മന്ത്രംചൊല്ലി
വിഷ്ണുഭഗവാന്റെ നിശ്ശേഷദേവതാ-
ധിഷ്ണ്യമായ് വിഖ്യാതമാമീ സ്വരൂപത്തെ
വാക്കും മനവുമടക്കിസ്സവിനയം
നോക്കിനിന്നുംകൊണ്ടു മതിവിവശനായ്
എന്നുമസ്സന്ധ്യകംതോറും മടിക്കാതെ
നന്നായുപാസനം ചെയ്യണമേവരും. 8
മന്ത്രങ്ങളാലുപാസിക്കും ജനാവലി
തൻദുരിതങ്ങളെയസ്തമിപ്പിപ്പതായ്
താരാഗ്രഹർക്ഷസ്വരൂപത്തിലാളുമീ-
നാരായണന്റെ ശിശുമാരവിഗ്രഹം
സന്ധ്യാസമയങ്ങൾതോറും നമിക്കയോ
ചിന്തിക്കയോ ചെയ്തിടുന്നവൻതന്നുടെ
തൽക്കാലമുള്ളതാം ദുഷ്കൃതമാകവേ
ചിക്കെന്നു നഷ്ടമാമില്ലൊരുസംശയം. 9

അദ്ധ്യായം 24

അധോലോകവർണ്ണനം

ശ്രീശുകൻ പറഞ്ഞു

സൂര്യനിൽനിന്നുമയുതമാം യോജന-
ദൂരത്തു താഴെ നക്ഷത്രസമാനമായ്
സ്വർഭാനുവാം രാഹു സഞ്ചരിക്കുന്നതായ്
കല്പിച്ചിടുന്നു ചിലജനം പാർത്ഥിവാ!
സിംഹികാനന്ദനനാമിവൻ ദൈത്യസ-
മൂഹാധമൻതന്നെയെന്നിരുന്നീടിലും
ശ്രീപതിതൻ കൃപയാലമരത്വവും
പ്രാപിച്ചിതേ ഗ്രഹത്വത്തെയുമൊപ്പമായ്.
അർഹനല്ലായതിനൊന്നുമേ പാർക്കിലീ-
രാഹു, തജ്ജന്മകർമ്മങ്ങൾ മേൽച്ചൊല്ലിടാം. 1
ചുട്ടുതപിക്കും രവിമണ്ഡലത്തിനു
വിസ്തൃതിയുണ്ടാമയുതമാം യോജന.
രണ്ടായിരം യോജനകൂടിയിന്ദുവിൻ-
മണ്ഡലത്തിന്നുമതിലുമൊരായിരം
കൂടുതലായ് രാഹുവിന്മണ്ഡലത്തിനും
കൂടുന്ന വിസ്തൃതിയെന്നു ചൊല്ലുന്നിതേ.
വൈരാനുബന്ധനായ് സൂര്യചന്ദ്രന്മാരെ
നേരേമറച്ചവൻ വാവിലെതിർക്കുന്നു. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നിശമ്യോഭയത്രാപി ഭഗവതാ രക്ഷണായ പ്രയുക്തം സു-
ദർശനം നാമ ഭാഗവതം ദയിതമസ്ത്രം തത്തേജസാ ദുർവ്വിഷഹം
മുഹുഃ പരിവർത്തമാനമഭ്യവസ്ഥിതോ മുഹൂർത്തമുദ്വിജമാനശ്ച-
കിതഹൃദയ ആരാദേവ നിവർത്തതേ തദുപരാഗമിതി വദന്തി
ലോകാഃ. 3

തതോ/ധസ്താത്സിദ്ധചാരണവിദ്യാധരാണാം സദനാനി
താവന്മാത്ര ഏവ. 4

തതോ/ധസ്താദ്യക്ഷരക്ഷഃപിശാചപ്രേതഭൂതഗണാനാം വി-
ഹാരാജിരമന്തരിക്ഷം യാവദ്വായുഃ പ്രവാതി യാവന്മേഘാ
ഉപലഭ്യന്തേ. 5

തതോ/ധസ്താച്ഛതയോജനാന്തര ഇയം പൃഥിവീ യാവദ്ധം-
സഭാസശ്യേനസുപർണ്ണാദയഃ പതത്രിപ്രവരാ ഉത്പതന്തീതി. 6

ഉപവർണ്ണിതം ഭൂമേര്യഥാസംനിവേശാവസ്ഥാനമവനേരപ്യ-
ധസ്താത് സപ്ത ഭൂവിവരാ ഏകൈകശോ യോജനായുതാന്തരേ-
ണായാമവിസ്താരേണോപക്ലൃപ്താ അതലം വിതലം സുതലം
തലാതലം മഹാതലം രസാതലം പാതാളമിതി. 7

ഏതേഷു ഹി ബിലസ്വർഗ്ഗേഷു സ്വർഗ്ഗാദപ്യധികകാമഭോ-
ഗൈശ്വര്യാനന്ദഭൂതിവിഭൂതിഭിഃ സുസമൃദ്ധഭവനോദ്യാനാക്രീ-
ഡവിഹാരേഷു ദൈത്യദാനവകാദ്രവേയാ നിത്യപ്രമുദിതാനു-
രക്തകളത്രാപത്യബന്ധുസുഹൃദനുചരാ ഗൃഹപതയ ഈശ്വരാദ-
പ്യപ്രതിഹതകാമാ മായാവിനോദാ നിവസന്തി. 8

യേഷു, മഹാരാജ, മയേന മായാവിനാ വിനിർമ്മിതാഃ പുരോ
നാനാമണിപ്രവരപ്രവേകവിരചിതവിചിത്രഭവനപ്രാകാര-
ഗോപുരസഭാചൈത്യചത്വരായതനാദിഭിർന്നാഗാസുരമിഥുന-
പാരാവതശുകസാരികാകീർണ്ണകൃത്രിമഭൂമിഭിർവ്വിവരേശ്വര-
ഗൃഹോത്തമൈഃ സമലംകൃതാശ്ചകാസതി. 9

ഉദ്യാനാനി ചാതിതരാം മനഇന്ദ്രിയാനന്ദിഭിഃ കുസുമഫല-
സ്തബകസുഭഗകിസലയാവനതരുചിരവിടപവിടപിനാം ല-
താങ്ഗാലിങ്ഗിതാനാം ശ്രീഭിഃ സമിഥുനവിവിധവിഹം-
ഗമജലാശയാനാമമലജലപൂർണ്ണാനാം ഝഷകുലോല്ലങ്ഘന-
ക്ഷുഭിതനീരനീരജകുമുദകുവലയകല്ഹാരനീലോത്പല-
ലോഹിതശതപത്രാദിവനേഷു കൃതനികേതനാനാമേകവിഹാ-
രാകുലമധുരവിവിധസ്വനാദിഭിരിന്ദ്രിയോത്സവൈരമരലോ-
കശ്രിയമതിശയിതാനി. 10

യത്ര ഹ വാവ ന ഭയമഹോരാത്രാദിഭിഃ കാലവിഭാഗൈരു-
പലക്ഷ്യതേ. 11

യത്ര ഹി മഹാഹിപ്രവരശിരോമണയഃ സർവ്വം തമഃ പ്ര-
ബാധന്തേ. 12

ന വാ ഏതേഷു വസതാം ദിവ്യൗഷധിരസരസായനാന്ന-
പാനസ്നാനാദിഭിരാധയോ വ്യാധയോ വലീപലിതജരാദയശ്ച
ദേഹവൈവർണ്ണ്യദൗർഗ്ഗന്ധ്യസ്വേദക്ലമഗ്ലാനിരിതി വയോ/വ-
സ്ഥാശ്ച ഭവന്തി. 13

ന ഹി തേഷാം കല്യാണാനാം പ്രഭവതി കുതശ്ചന മൃത്യു-
ർവ്വിനാ ഭഗവത്തേജസശ്ചക്രാപദേശാത്. 14

യസ്മിൻ പ്രവിഷ്ടേ/സുരവധൂനാം പ്രായഃ പുംസവനാനി
ഭയാദേവ സ്രവന്തി പതന്തി ച. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നാരായണനതുകണ്ടിരുപേരെയും
പാരാതെ പാലിക്കുവാനുറച്ചപ്പൊഴേ
ഇഷ്ടമേറും നിജ ചക്രമയയ്ക്കുന്നു.
പെട്ടെന്നവിഷഹ്യതേജസ്സോടും ചുററി
എത്തുമതിനെ മുഹൂർത്തമെതിർത്തവ-
നേററം ഭയേന്നുടൻ ദൂരെമാറുന്നിതേ.
എന്നതിനത്രേ ഗ്രഹണമെന്നായിവി-
ടെന്നും ജനങ്ങളുരച്ചീടുന്നതും നൃപാ! 3
അസ്ഥലത്തിന്നയുതംയോജന താഴെ-
സിദ്ധവിദ്യാധരചാരണാവാസമാം. 4
പ്രേതപിശാചങ്ങൾ, യക്ഷരക്ഷസ്സുകൾ
ഭൂതങ്ങളും വിഹരിച്ചു ലസിച്ചിടും
അന്തരിക്ഷംതാനതിൻതാഴെ,യത്രടം
ഗന്ധവാഹൻ ചരിക്കുന്നു മേഘങ്ങളും. 5
അസ്ഥലത്തിന്നു ശതയോജന താഴെ-
യിദ്ധരാമണ്ഡലം വർത്തിച്ചിടുന്നിതേ.
ഹംസഭാസശ്യേനതാർക്ഷ്യാദ്യരാം വിഹം-
ഗേശരിബദ്ധ്രുമിവരെപ്പറക്കുന്നിതു. 6
ഭൂമിതൻ ലക്ഷണമാനങ്ങൾ ചൊല്ലിനേൻ,
ഭൂമിക്കുകീഴിൽ വിലങ്ങളേഴുണ്ടു കേൾ.
ഓരോന്നിനും പതിനായിരംയോജന-
ചേരുന്ന ദൈർഘ്യവും വിസ്തൃതിയും സമം.
ചൊല്ലാമതലം, വിതലം സുതലമെ-
ന്നല്ല തലാതലം, പിന്നെ മഹാതലം
പിന്നെ രസാതലം പാതാളമീവിധം
തന്നാമധേയങ്ങളേഴും ധരിക്കുക. 7
ഇഗ്ഗുഹാസ്വർഗ്ഗലോകങ്ങളിലൊക്കെയും
സ്വർഗ്ഗലോകത്തിലേക്കാൾ പരം കൂടുതൽ
കാമഭോഗൈശ്വര്യഭൂതിവിഭൂതികൾ
കാമമാനന്ദവും ചേരും സമൃദ്ധമാം-
വീടുതോറും വിഹാരങ്ങൾതോറും മലർ-
വാടിതോറും കളിസ്ഥാനങ്ങൾതോറുമേ
ദൈത്യരും ദാനവകാദ്രവേയാളിയും
നിത്യവുമത്യന്തസന്തുഷ്ടചിത്തരായ്
ഒത്തനുരക്തകളത്രപുത്രപ്രിയ-
മിത്രസുഹൃദ്ഭൃത്യർചേർന്ന ഗൃഹാധിപർ
ഈശാപ്രതിഹതകാമമായാവിനോ-
ദോത്സവമഗ്നരായാവസിപ്പൂ സുഖം. 8
മായാപടുവാം മയനാൽ വിനിർമ്മിത-
മായപുരങ്ങൾ, വിവിധതരങ്ങളാം
ശ്രേഷ്ഠമണിപ്രകരങ്ങളാൽ തീർത്തുള്ള
ചിത്രഗേഹങ്ങളും ഗോപുരവൃന്ദവും
പ്രാകാരചൈത്യസഭാചത്വരദേവ-
താഗാരജാലാദിയുംകൊണ്ടുമാവിധം

പന്നഗവൃന്ദ,മസുരമിഥുനങ്ങ-
ളെന്നിവചേർന്നു ശുകങ്ങളും പ്രാക്കളും
ശാരികക്കൂട്ടവും തിങ്ങിടും കൃത്രിമ-
ചാരുതരഭൂവിഭാഗങ്ങൾ ചേർന്നുള്ള
രമ്യങ്ങളാം വിവരാധിനാഥോൽകൃഷ്ട-
ഹർമ്മ്യങ്ങളാലുമിവ വിളങ്ങുന്നിതേ. 9
ചിത്തേന്ദ്രിയങ്ങൾക്കപാരമാമാനന്ദ-
മേറുന്നതായ് പൂക്കൾ കായ്കൾ പൂങ്കൊത്തുകൾ
സ്നിഗ്ദ്ധകിസലയരാജികളെന്നിവ-
യൊത്തു നമ്രങ്ങളാം ചാരുശാഖാവലി
ചേർന്നു ലതകളാലാലിംഗിതങ്ങളാ-
മുന്നതശാഖികൾതൻ ശ്രീകലർന്നതായ്
ശുദ്ധസലിലസംപൂർണ്ണസരോവര-
സംസ്ഥമത്സ്യങ്ങൾ ചാടിച്ചലിപ്പിച്ചിടും
നീരിൽക്കുവലയകല്ഹാരലോഹിത-
സാരസനീലോത്പലകമുദാദിതൻ
സ്ഥാനങ്ങളാവാസമാക്കി വിളങ്ങിടും
നാനാവിഹംഗമിഥുനങ്ങൾ കേളിയിൽ
മാധുരീപൂരിതമാം വിവിധസ്വനം
ചേതോഹരമായ് പുറപ്പെടുവിപ്പതായ്
സർവ്വേന്ദ്രിയോത്സവമാകുമാരാമങ്ങൾ
ഗർവ്വമകററുന്നു വാനുലകത്തിനും. 10
രാത്രി, പകൽതൊട്ട കാലഭേദങ്ങളാ-
ലുൾത്തുന്നിടും ഭയമങ്ങില്ല ലേശവും.
എന്തുകൊണ്ടെന്നാലവിടെ മഹാസർപ്പ-
വൃന്ദശിരോരത്നഭാസ്സകററുന്നിരുൾ. 11–12
ഈലോകവാസികൾ ദിവ്യൗഷധിരസ-
മേലുന്ന ഭക്ഷ്യപേയങ്ങൾ ഭുജിക്കയും
തദ്രസസംയുക്തമായ സലിലത്തിൽ
നിത്യം കുളിക്കയും ചെയ്കമൂലമായ്
മാനസപീഡയോ, ദേഹത്തിനേതുമൊ-
ന്നുനമോ സ്വേദജരാനരബാധയോ
ദുർഗ്ഗന്ധമോ സാദമോ നിറഭേദമോ
ശ്രീക്കു കുറവോ വയഃസ്ഥിതിഭേദമോ
മററുള്ള കായാമയങ്ങളോ ചെററുമേ
പററാതെതന്നെ കഴിയുന്നു സൗഖ്യമായ്. 13
ഇല്ല തചര്റേയസ്സുകൾക്കൊരു ഹാനിയും
മല്ലാരിചക്രായുധത്തിനാലെന്നിയേ. 14
ചക്രമീലോകങ്ങളിൽ പ്രവേശിക്കവേ,
മിക്കതുമാസുരസ്ത്രീജനഗർഭങ്ങൾ
ഉൾഭീതിയാലപ്പൊഴേതാൻ സ്രവിക്കയും
ക്ഷിപ്രം നിലത്തു പതിക്കയും ചെയ്തിടും. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥാതലേ മയപുത്രോഽസുരോ ബലോ നിവസതി യേന ഹ
വാ ഇഹ സൃഷ്ടാഃ ഷണ്ണവതിർമ്മായാഃ കാശ്ചനാദ്യാപി മായാ–
വിനോ ധാരയന്തി യസ്യ ച ജൃംഭമാണസ്യ മുഖതസ്ത്രയഃ സ്ത്രീ–
ഗണാ ഉദപദ്യന്ത സ്വൈരിണ്യഃ കാമിന്യഃ പുംശ്ചല്യ ഇതി യാ
വൈ ബിലായനം പ്രവിഷ്ടം പുരുഷം രസേന ഹാടകാഖ്യേന
സാധയിത്വാ സ്വവിലാസാവലോകനാനുരാഗസ്മിതസംല്ലാ–
പോപഗൂഹനാദിഭിഃ സ്വൈരം കില രമയന്തി യസ്മിന്നുപയു–
ക്തേ പുരുഷ ഈശ്വരോഽഹം സിദ്ധോഽഹമിത്യയുതമഹാഗജ–
ബലമാത്മാനമഭിമന്യമാനഃ കത്ഥതേ മദാന്ധ ഇവ. 16

തതോഽധസ്താദ്വിതലേ ഹരോ ഭഗവാൻ ഹാടകേശ്വരഃ
സ്വപാർഷദഭൂതഗണാവൃതഃ പ്രജാപതിസർഗ്ഗോപബൃംഹണായ
ഭവോ ഭവാന്യാ സഹ മിഥുനീഭൂത ആസ്തേ യതഃ പ്രവൃത്താ സ–
രിത്പ്രവരാ ഹാടകീ നാമ ഭവയോർവ്വീര്യേണ യത്ര ചിത്രഭാനു–
ർമ്മാതരിശ്വനാ സമിധ്യമാന ഓജസാ പിബതി തന്നിഷ്ഠ്യൂതം
ഹാടകാഖ്യം സുവർണ്ണം ഭൂഷണേനാസുരേന്ദ്രാവരോധേഷു പുരു–
ഷാഃ സഹ പുരുഷീഭിർദ്ധാരയന്തി. 17

തതോഽധസ്താത്സുതലേ ഉദാരശ്രവാഃ പുണ്യശ്ലോകോ വിരോ–
ചനാത്മജോ ബലിർഭഗവതാ മഹേന്ദ്രസ്യ പ്രിയം ചികീ–
ർഷമാണേനാദിതേർല്ലബ്ധകായോ ഭൂത്വാ വടുവാമനരൂപേണ
പരാക്ഷിപ്തലോകത്രയോ ഭഗവദനുകമ്പയൈവ പുനഃ പ്രവേ–
ശിത ഇന്ദ്രാദിഷ്വവിദ്യമാനയാ സുസമൃദ്ധയാ ശ്രിയാഭിജുഷ്ടഃ
സ്വധർമ്മേണാരാധയംസ്തമേവ ഭഗവന്തമാരാധനീയമപഗത–
സാധ്വസ ആസ്തേഽധുനാപി. 18

നോ ഏവൈതത്സാക്ഷാത്കാരോ ഭൂമിദാനസ്യ യത്തദ്ഭഗ–
വത്യശേഷജീവനികായാനാം ജീവഭൂതാത്മഭൂതേ പരമാത്മനി
വാസുദേവേ തീർത്ഥതമേ സർവ്വജീവനിയന്ത്രാത്മാരാമേ പാത്ര
ഉപപന്നേ പരയാ ശ്രദ്ധയാ പരമാദരസമാഹിതമനസാ സമ്പ്ര–
തിപാദിതസ്യ സാക്ഷാദപവർഗ്ഗദ്വാരസ്യ യദ്ബിലനില–
യൈശ്വര്യം. 19

യസ്യ ഹ വാവ ക്ഷുതപതനപ്രസ്ഖലനാദിഷു വിവശഃ
സകൃന്നാമാഭിഗൃണൻ പുരുഷഃ കർമ്മബന്ധനമഞ്ജസാ വിധുനോ–
തി യസ്യ ഹൈവ പ്രതിബാധനം മുമുക്ഷവോഽന്യഥൈവോ–
പലഭന്തേ. 20

തദ്ഭക്താനാമാത്മവതാം സർവ്വേഷാമാത്മന്യാത്മദ ആത്മ–
തയൈവ. 21

ന വൈ ഭഗവാന്നൂനമമുഷ്യാനുജഗ്രാഹ യദുത പുനരാത്മാ–
നുസ്മൃതിമോഷണം മായാമയഭോഗൈശ്വര്യമേവാതനുതേതി. 22

യത്തദ്ഭഗവതാനധിഗതാന്യോപായേന യാച്ഞാച്ഛലേ–
നാപഹൃതസ്വശരീരാവശേഷിതലോകത്രയോ വരുണപാശൈ–
ശ്ച സമ്പ്രതി മുക്തോ ഗിരിദര്യാം ചാപവിദ്ധ ഇതി ഹോ–
വാച. 23

നൂനം ബതായം ഭഗവാനർത്ഥേഷു ന നിഷ്ണാതോ യോഽസാ–
വിന്ദ്രോ യസ്യ സചിവോ മന്ത്രായ വൃത ഏകാന്തതോ ബൃഹ–
സ്പതിസ്തമതിഹായ സ്വയമുപേന്ദ്രേണാത്മാനമയാചതാത്മന–
ശ്ചാശിഷോ നോ ഏവ തദ്ദാസ്യമതിഗംഭീരവയസഃ കാലസ്യ
മന്വന്തരപരിവൃത്തം കിയല്ലോകത്രയമിദം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താമസിക്കുന്ന മയാത്മജനാം ബല-
നാമകദൈത്യനതലലോകംതന്നിൽ.
മന്നിലവൻ രചിച്ചിട്ടുള്ള മായകം
തൊണ്ണൂററിയാറിൽച്ചിലതൊക്കെയിപ്പൊഴും
മായാവികരം പ്രയോഗിപ്പു, ബലൻ കോട്ടു-
വായിടുംവേളയിൽ മൂന്നുജാതിസ്ത്രീകരം
സ്വൈരിണിമാർ, കാമിനികളും, പുംശ്ചലി-
മാരുമെന്നിങ്ങനെ സംജാതരായിടും.
അള്ളുട്ടരീ വിലമെത്തും പുരുഷനെ
സൽക്കരിച്ചിട്ടുടൻ ഹാടകാഖ്യം രസം
പാരം കടിപ്പിച്ചു സംഭോഗചാതുരി
ഭൂരിവളർത്തിബ്ബലശാലിയാക്കിടും.
സ്വന്തം വിലാസാവലോകനം രാഗമുരം-
ച്ചിന്തും സ്മിതം, മൊഴിയാശ്ലേഷമാദിയാൽ
ഇഷ്ടാനുസാരമവനേ രമിപ്പിച്ചു
തുഷ്ടനാക്കീടുമെന്നെങ്ങും പ്രസിദ്ധമാം.
ഹാടകം സേവിച്ചിടുന്ന പുമാനുടൻ
നേടും പതിനായിരംഗജത്തിൻ ബലം.
അന്നേരമായവൻ ഞാൻ സിദ്ധനീശ്വര-
നെന്നഭിമാനിച്ചു ചെയ്യും വികത്ഥനം. 16
ഹാടകേശഖ്യാതനാം ശിവൻ പാഷ്ദ-
രോടുമതിൻകീഴിയലും വിതലത്തിൽ
ബ്രഹ്മസംസൃഷ്ടിയഭിവൃദ്ധമാക്കുവാൻ
പെണ്ണണിയാമുമയൊത്തു വാഴുന്നിതേ.
ആയവക്കുള്ള വീര്യത്തിൽനിന്നുണ്ടായി-
തായതമാം ഹാടകിയെന്ന വാഹിനി.
കാററുജ്ജ്വലിപ്പിക്കുമഗ്നിയോജസ്സിനാൽ
മുററും കടിക്കുന്ന തദ്വീര്യമൊക്കെയും.
ഹാടകാഖ്യം സുവണ്ണത്തിനാൽ നിമ്മിച്ച
മോടിതേടും വിവിധാഭരണങ്ങളെ
ദാനവേന്ദ്രാന്തഃപുരത്തിൽ വസിച്ചിടും
മാനിനിമാർ പുമാന്മാരും ധരിപ്പതേ. 17
ആയതിൻതാഴെസ്സുതലത്തിൽ, നിസ്തുല-
മായ പുകരംപൂണ്ട പുണ്യപയോധിയാം
വൈരോചനി ബലി വാഴ്‌വൂ, ഹരി, പാക-
വൈരിപ്രിയേച്ഛവായ് വാമനാഭിഖ്യനായ്
ദേവാംബയിൽ വന്നുദിച്ചു വടുവായി
മൂവുലകം ഹരിച്ചിട്ടലിവാന്നിതിൽ
പിന്നെ പ്രവേശനം നല്കയാലന്യ-
നിന്ദ്രാദി ദുർല്ലഭഭൂതിസംയുക്തനായ്
എന്നുമേയാരാധ്യനാമബ്ഭഗവാനെ-
ത്തന്നുടെ ധമ്മം വിടാതെയാരാധിച്ചു
ഇന്നും സുഖമായധിവസിച്ചീടുന്നി-
തൊന്നിലുംനിന്നൊരു ഭീതിയുമെന്നിയേ. 81

ജീവികരംക്കൊക്കെയും ജീവാത്മഭൂതനും
ജീവേശനും പരമാത്മാവുമാവിധം
തീർത്ഥാതിശുദ്ധനമാത്മാരമനമായ്
വർത്തിച്ചിടും ഭഗവാൻ വാസുദേവനാം-
സദ്ഭാജനത്തിലത്യാദരമേകാന്തമാ-
മുദംപൂവൊടും പരം ശ്രദ്ധാപുരസ്സരം
അർപ്പിച്ച ഭൂമിദാനത്തിനിയന്നിടും
സൽഫലം തെല്ലുമിതല്ലെന്നു നിശ്ചയം.
പ്രത്യക്ഷമോക്ഷഗതിക്കു പകരമീ-
മട്ടിൽ ബിലസ്വർഗ്ഗഭൂതി പോരുന്നതോ? 19
കാലിടറിപ്പതിക്കുമ്പൊഴോ തുമ്മലാൽ
മാലിയലുമ്പൊഴോ നാരായണാഹ്വയം
ചെമ്മേയൊരുകുറി ചൊല്ലുന്ന മാനവൻ
കമ്മബന്ധങ്ങളിൽനിന്നു വിമുക്തനാം.
അക്കമ്മബന്ധമൊഴിക്കുന്ന മോക്ഷേച്ഛു-
വാശ്ശുവോരിൽച്ചിലർ മററു മാഗ്ഗങ്ങളാൽ. 20
ആകയാൽ ഭക്തജനത്തിനുമാത്മജ്ഞ-
ലോകത്തിനുമഖിലാത്മാത്മാവായി
ആത്മസ്വരൂപഭാവത്തോടുകൂടിയ-
ങ്ങാത്മാവിനേയുമരുളുമദ്ദേവനിൽ
ഭൂമിദാനം ചെയ്തതിൻെറ സാക്ഷാൽഫല-
മീമട്ടിലായാൽ മതിയായിടാ ദൃഢം. 21
ആത്മാവിനെ മറക്കുന്ന മായാമയ-
ഛത്മഭോഗൈശ്വര്യമിന്ദ്രനു നല്കയാൽ
മല്ലാരിയപ്പാകവൈരിക്കനുഗ്രഹ-
മല്ല ദാനംചെയ്തതെന്നതു നിശ്ചയം. 22
മറെറാരു മാർഗ്ഗവും കാണാഞ്ഞു യാചന-
മട്ടിൽ ഭഗവാൻ ശരീരമൊന്നെന്നിയേ
മുപ്പാരിടവുമളന്നടക്കിബ്ബലാൽ
ക്ഷിപ്രം വരുണപാശത്തിനാൽ ബന്ധിച്ചു
കാനനഗഹ്വരംതന്നിലിട്ടിട്ടുമാ
ദാനവേന്ദ്രോക്തിയീമട്ടിലാം വിസ്മയം. 23
കഷ്ടമിന്ദ്രൻ ഭഗവാൻ സ്വകാര്യങ്ങളി-
ലൊട്ടും സമത്ഥനല്ലെന്നതു നിണ്ണയം.
ഇന്ദ്രൻ ഹിതംനടത്താൻ സ്വയമേകാന്ത-
മന്ത്രപ്രവൃത്തനാം ഗുരുവിനെയും തള്ളി
സാക്ഷാലുപേന്ദ്രൻമുഖേന ജഗത്രയ-
കാംക്ഷയാലെന്നോടിരന്നതു വാങ്ങിനാൻ.
തോന്നീലയല്ലോ മഹേന്ദ്രനാമ്മക്തിദൻ-
തന്നോടു തദ്ദാസഭാവം വരിക്കുവാൻ.
ഉൽക്കടഗംഭീരവേഗമാളും കാല-
ചക്രത്തിനുമുമ്പിൽ മന്വന്തരാവധി
മാത്രം നിലനില്പമിബ്ഭുവനത്രയ-
മെത്രയോതുച്ഛം നിരൂപിച്ചുകാണുകിൽ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യാനുദാസ്യമേവാസ്മത്പിതാമഹഃ കില വവ്രേ ന തു
സ്വപിത്ര്യം യദുതാകുതോഭയം പദം ദീയമാനം ഭഗവതഃ പര-
മിതി ഭഗവതോപരതേ ഖലു സ്വപിതരി. 25

തസ്യ മഹാനുഭാവസ്യാനുപഥമമൃജിതകഷായഃ കോ വാസ്മ-
ദ്വിധഃ പരിഹീണഭഗവദനുഗ്രഹ ഉപജിഗമിഷതീതി. 26

തസ്യാനുചരിതമുപരിഷ്ടാദ്വിസ്തരിഷ്യതേ യസ്യ ഭഗവാൻ
സ്വയമഖിലജഗദ്ഗുരുർനാരായണോ ദ്വാരി ഗദാപാണിരവ-
തിഷ്ഠതേ നിജജനാനുകമ്പിതഹൃദയോ യേനാങ്ഗുഷ്ഠേന പദാ
ദശകന്ധരോ യോജനായുതായുതം ദിഗ്വിജയ ഉച്ചാടിതഃ. 27

തതോഽധസ്താത്തലാതലേ മയോ നാമ ദാനവേന്ദ്രസ്ത്രിപുരാ-
ധിപതിർഭഗവതാ പുരാരിണാ ത്രിലോകീശം ചികീർഷുണാ
നിർദ്ദഗ്ധസ്വപുരത്രയസ്തത്പ്രസാദാല്ലബ്ധപദോ മായാവിനാമാ-
ചാര്യോ മഹാദേവേന പരിരക്ഷിതോ വിഗതസുദർശനഭയോ
മഹീയതേ. 28

തതോഽധസ്താന്മഹാതലേ കാദ്രവേയാണാം സർപ്പാണാം
നൈകശിരസാം ക്രോധവശോ നാമ ഗണഃ കുഹകതക്ഷകകാ-
ളിയസുഷേണാദിപ്രധാനാ മഹാഭോഗവന്തഃ പതത്രിരാജാധി-
പതേഃ പുരുഷവാഹാദനവരതമുദ്വിജമാനാഃ സ്വകളത്രാപത്യ
സുഹൃത്കുടുംബസങ്ഗേന ക്വചിത് പ്രമത്താ വിഹരന്തി. 29

തതോഽധസ്താദ്രസാതലേ ദൈതേയാ ദാനവാഃ പണയോ
നാമ നിവാതകവചാഃ കാലേയാ ഹിരണ്യപുരവാസിന ഇതി
വിബുധപ്രത്യനീകാ ഉത്പത്ത്യാ മഹൗജസോ മഹാസാഹസി-
നോ ഭഗവതഃ സകലലോകാനുഭാവസ്യ ഹരേരേവ തേജസാ
പ്രതിഹതബലാവലേപാ ബിലേശയാ ഇവ വസന്തി യേ വൈ
സരമയേന്ദ്രദൂത്യാ വാഗ്ഭിർമന്ത്രവർണ്ണാഭിരിന്ദ്രാദ് ബിഭ്യതി. 30

തതോഽധസ്താത് പാതാളേ നാഗലോകപതയോ വാസുകി-
പ്രമുഖാഃ ശങ്ഖകുലികമഹാശങ്ഖശ്വേതധനഞ്ജയധൃതരാഷ്ട്ര-
ശങ്ഖചൂഡകംബലാശ്വതരദേവദത്താദയോ മഹാഭോഗിനോ
മഹാമർഷാ നിവസന്തി യേഷാമു ഹ വൈ പഞ്ചസപ്തദശശത-
സഹസ്രശീർഷാണാം ഫണാസു വിരചിതാ മഹാമണയോ
രോചിഷ്ണവഃ പാതാളവിവരതിമിരനികരം സ്വരോചിഷാ
വിധമന്തി. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
രാഹ്വാദിസ്ഥിതിബിലസ്വർഗ്ഗമര്യാദാനിരൂപണം
നാമ ചതുർവ്വിംശതിതമോഽധ്യായഃ

പഞ്ചവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

തസ്യ മൂലദേശേ ത്രിംശദ്യോജനസഹസ്രാന്തര ആസ്തേ യാ
വൈ കലാ ഭഗവതസ്താമസീ സമാഖ്യാതാനന്ത ഇതി സാത്വ-
തീയാ ദ്രഷ്ടൃദൃശ്യയോഃ സങ്കർഷണമഹമിത്യഭിമാനലക്ഷണം
യം സങ്കർഷണമിത്യാചക്ഷതേ. 1

യസ്യേദം ക്ഷിതിമണ്ഡലം ഭഗവതോഽനന്തമൂർത്തേഃ സഹസ്ര-
ശിരസ ഏകസ്മിന്നേവ ശീർഷണി ധ്രിയമാണം സിദ്ധാർത്ഥ
ഇവ ലക്ഷ്യതേ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞങ്ങടെ മുത്തച്ഛനീശ്വരദാസ്യമ-
ംഗമങ്ഗീകരിച്ചല്ലോ നിരന്തരം

അച്ഛൻ മരിക്കവേ പൈതൃകസ്വത്തൊന്നു-
മിച്ഛിച്ചതില്ലെന്നുമാത്രമല്ലമ്മഹാൻ

നിശ്ശേഷഭീതിരഹിതം പദംകൂടി-
യീശ്വരഭിന്നമെന്നോർത്തു വെടിഞ്ഞിതേ. 25

രാഗമലം കഴുകിക്കളയാത്തവൻ
ശ്രീകൃഷ്ണദേവപ്രസാദമേലാത്തവൻ

മാദൃശനേതവനമ്മഹാത്മാവുതൻ-
പാതയിലേറിനടപ്പാൻ കൊതിച്ചിടും. 26

താനേ നിഖിലജഗദ്ഗുരുവായ് ഭഗ-
വാനായ് സ്വജനാനുകമ്പിതചിത്തനായ്

നാരായണൻ ഗദാപാണിയായ് നിത്യവു-
മാരുടെ വാതിൽ കാക്കുമ്പൊഴാണോ മുദാ

ദിഗ്വിജയംചെയ്തുചെയ്തങ്ങണഞ്ഞിടും
ദുഷ്ടനാം രാവണനേ യോജനായുതം

ദൂരവേ തൃപ്പദാങ്ഗുഷ്ഠത്തിനാലുടൻ
കോരിയെടുത്തങ്ങെറിഞ്ഞുകളഞ്ഞതും

അത്രമഹാനാം ബലിതൻ മഹത്ക്കഥ
വിസ്തരിച്ചിന്നിമേൽ ചൊല്ലുന്നതുണ്ട ഞാൻ. 27

മുപ്പുരേശൻമയ,നായതിൻതാഴത്തു
പാർപ്പു തലാതലത്തിൽ ദാനവാധിപൻ.

ത്രൈലോക്യസൗഖ്യേച്ഛയാൽത്തൽ പുരത്രയം
കാലാരിദേവൻ ദഹിപ്പിച്ചതിൽപിന്നെ

തൽപ്രസാദത്താൽ മയനു ലഭിച്ചതാ-
മിപ്പദം രക്ഷിച്ചുപോരുന്നു ശങ്കരൻ.

സർവമായാവികൾക്കും ഗുരുവാം മയൻ
വാഴ്വു സുദർശനഭീതിയെന്യേയിതിൽ. 28

ആയതിനുംതാഴെയായി മഹാതല-
മായതിലേററം ശിരസ്സുകളാർന്നിടും

കദ്രുതനയരായ് ക്രോധവശാഖ്യരായ്
വിസ്തൃതമാം ഫണമാളും ഫണിവ്രജം

ഇന്ദിരാകാന്തന്റെ വാഹനമാം പക്ഷി-
വൃന്ദാധിരാജനെപ്പേടിച്ചു വാഴ്കിലും

പുത്രകളത്രസുഹൃൽക്കുടുംബങ്ങളു-
മൊത്തു കളിപ്പൂ ചിലപ്പോൾ പ്രമത്തരായ്. 29

ആയതിൻതാഴെ രസാതലംതന്നിലായ്
മായാവികളായ ദൈതേയർ ദാനവർ

കാലേയർ പിന്നെ നിവാതകവചരും
ചാലേ ഹിരണ്യപുരസ്ഥരുമിങ്ങനെ

നാനാവിഭാഗത്തിലാളുന്ന ദേവാരി-
ദാനവരാജന്മമോജസ്സിയലുവോർ

സാഹസികൾ സർവ്വലോകാനുഭാവനാം
ശ്രീഹരിതൻമഹാപ്രഭാവമൊന്നിനാൽ

ശക്തികൊണ്ടുള്ള തദ്ഗർവ്വമശേഷവു-
മസ്തമിതമായ് വസിപ്പൂ വിലങ്ങളിൽ.

ഇന്ദ്രന്റെ ദൂതിയായീടും സരമതൻ
മന്ത്രാക്ഷരങ്ങളിയന്നവാക്യങ്ങളാൽ

വിണ്ണോർവരനെയതീവ ഭയപ്പെട്ടു
തന്നെ കഴിയുന്നു നിത്യവുമങ്ങവർ. 30

പാതാളമാണതിൻകീഴതിൽ വാസുകി-
യാദിഭുജംഗലോകേശരും ക്രുദ്ധരാം

ശങ്ഖൻ കുലികൻ ധനഞ്ജയൻ കംബളൻ
ശങ്ഖചൂഡൻ മഹാശങ്ഖനും ശ്വേതനും

ദേവദത്താശ്വതരധൃതരാഷ്ട്രരു-
മേവം മഹാഫണിവൃന്ദവും വാഴ്വുതേ.

അഞ്ചേഴുപത്തുനൂറായിരം ശീർഷങ്ങളം-
തഞ്ചുമിവർതൻ വിശാലഫണങ്ങളിൽ

ചിന്തും മണികൾതൻ കാന്തിയപ്പാതാള-
രന്ധ്രാന്ധകാരമശേഷമൊഴിപ്പിതേ. 31

അദ്ധ്യായം 25

സങ്കർഷണസ്ഥിതിസ്തുതികൾ

ശ്രീശുകൻ പറഞ്ഞു .

ആയതിൻതാഴത്തു യോജനമുപ്പതി-
നായിരത്തോളമകലെ മൂലത്തിലായ്

മേവുന്നു നിത്യമനന്താഖ്യയാർന്നിടും
ശ്രീവിഷ്ണുവിൻ തമസ്സംബന്ധിയാം കല

കാണുവോൻ, കാണപ്പെടുന്നതീരണ്ടിനും
കാണുന്ന സംബന്ധമുണ്ടാക്കിടുന്നതായ്

ഞാനെന്നതാമഭിമാനചിഹ്നത്തൊടും
ഭാനിച്ചിടും ഭഗവാനാദിശേഷനെ

സാത്ത്വതന്മാരൊരുപോലെ സങ്കർഷണ-
മൂർത്തിയെന്നായ് സദാ കീർത്തിച്ചിടുന്നിതു. 1

ധന്യാഗ്ര്യനാമീയനന്തമൂർത്തിക്കെഴ-
മുന്നതമാകും സഹസ്രശീർഷങ്ങളിൽ

ഒന്നിലൊരു കടുകിന്മണിക്കൊപ്പമായ്
മന്നിതിരിക്കുന്നതായ്ക്കണ്ടിടുന്നിതു. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യ ഹ വാ ഇദം കാലേനോപസഞ്ജിഹീർഷതോഽമർഷവിരചിതരുചിരഭ്രമദ് ഭ്രുവോരന്തരേണ സാങ്കർഷണോ നാമ രുദ്ര ഏകാദശവ്യൂഹസ്ത്ര്യക്ഷസ്ത്രിശിഖം ശൂലമുത്തംഭയന്നുദതിഷ്ഠത്. 3

യസ്യാങ്ഘ്രികമലയുഗളാരുണവിശദനഖമണിഖണ്ഡമണ്ഡലേഷ്വഹിപതയഃ സഹ സാത്വതർഷഭൈരേകാന്തഭക്തിയോഗേനാവനമന്തഃ സ്വവദനാനി പരിസ്ഫുരത്കുണ്ഡലപ്രഭാമണ്ഡിതഗണ്ഡസ്ഥലാന്യതിമനോഹരാണി പ്രമുദിതമനസഃ ഖലു വിലോകയന്തി. 4

യസ്യൈവ ഹി നാഗരാജകുമാര്യ ആശിഷ ആശാസാനാശ്ചാർവ്വംഗവലയവിലസിതവിശദവിപുലധവളസുഭഗരുചിരഭുജരജതസ്തംഭേഷ്വഗുരുചന്ദനകുങ്കുമപങ്കാനുലേപേനാവലിമ്പമാനാസ്തദഭിമർശനോന്മഥിതഹൃദയമകരധ്വജാവേശരുചിരലളിതസ്മിതാസ്തദനുരാഗമദമുദിതമദവിഘൂർണ്ണിതാരുണകരുണാവലോകനയനവദനാരവിന്ദം സവ്രീഡം കില വിലോകയന്തി. 5

സ ഏവ ഭഗവാനനന്തോഽനന്തഗുണാർണ്ണവ ആദിദേവ ഉപസംഹൃതാമർഷരോഷവേഗോ ലോകാനാം സ്വസ്തയ ആസ്തേ. 6

ധ്യായമാനഃ സുരാസുരോരഗസിദ്ധഗന്ധർവ്വവിദ്യാധരമുനിഗണൈരനവരതമദമുദിതവികൃതവിഹ്വലലോചനഃ സുലളിതമുഖരികാമൃതേനാപ്യായമാനഃ സ്വപാർഷദവിബുധയൂഥപതീനപരിമ്ലാനരാഗനവതുളസികാമോദമധ്വാസവേന മാദ്യന്മധുകരവ്രാതമധുരഗീതശ്രിയം വൈജയന്തീം സ്വാം വനമാലാം നീലവാസാ ഏകകുണ്ഡലോ ഹലകകുദി കൃതസുഭഗസുന്ദരഭുജോ ഭഗവാന്മാഹേന്ദ്രോ വാരണേന്ദ്ര ഇവ കാഞ്ചനീം കക്ഷാമുദാരലീലോ ബിഭർത്തി. 7

യ ഏഷ ഏവമനുശ്രുതോ ധ്യായമാനോ മുമുക്ഷൂണാമനാദികാലകർമ്മവാസനാഗ്രഥിതമവിദ്യാമയം ഹൃദയഗ്രന്ഥിം സത്ത്വരജസ്തമോമയമന്തർഹൃദയം ഗത ആശു നിർഭിനത്തി തസ്യാനുഭാവാൻ ഭഗവാൻ സ്വായംഭുവോ നാരദഃ സഹ തുംബുരുണാ സഭായാം ബ്രഹ്മണഃ സംശ്ലോകയാമാസ. 8

ഉത്പത്തിസ്ഥിതിലയഹേതവോഽസ്യ കല്പാഃ
സത്ത്വാദ്യാഃ പ്രകൃതിഗുണാ യദീക്ഷയാഽഽസൻ
യദ്രൂപം ധ്രുവമകൃതം യദേകമാത്മൻ!
നാനാധാത് കഥമു ഹ വേദ തസ്യ വർത്മ. 9

മൂർത്തിം നഃ പുരുകൃപയാ ബഭാര സത്ത്വം
സംശുദ്ധം സദസദിദം വിഭാതി യത്ര
യല്ലീലാം മൃഗപതിരാദദേഽനവദ്യാ-
മാദാതും സ്വജനമനാംസ്യുദാരവീര്യഃ. 10

യന്നാമ ശ്രുതമനുകീർത്തയേദകസ്മാ-
ദാർത്തോ വാ യദി പതിതഃ പ്രലംഭനാദ്വാ
ഹന്ത്യംഹഃ സപദി നൃണാമശേഷമന്യം
കം ശേഷാദ് ഭഗവത ആശ്രയേന്മുമുക്ഷുഃ. 11

മൂർദ്ധന്യർപ്പിതമണുവത്സഹസ്രമൂർദ്ധ്നോ
ഭൂഗോളം സഗിരിസരിത്സമുദ്രസത്ത്വം
ആനന്ത്യാദനിമിതവിക്രമസ്യ ഭൂമ്നഃ
കോ വീര്യാണ്യധിഗണയേത്സഹസ്രജിഹ്വഃ 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലത്തിനാലീയുലകം മുടിക്കുവാ–
നാലോചനയാളുമീയനന്തന്നെഴും
ക്രോധചലൽഭ്രൂലതാന്തരത്തിൽനിന്നു
ജാതമേകാദശവ്യൂഹമടങ്ങിടും
സാങ്കർഷണാഖ്യനായ് ത്ര്യക്ഷനാം രുദ്രൻ വി–
ശങ്കടമാം തൻ ത്രിശിഖശൂലായുധം
പൊക്കിപ്പിടിച്ചു ചലിപ്പിച്ചുകൊണ്ടുട–
നൽക്കടവീര്യത്തൊടുത്ഥിതനായിതു. 3

ആരുടെ പാദാംബുജദലിതയാരുണ–
ചാരുവിശുദ്ധനഖരരത്നങ്ങടംതൻ,
വൃന്ദങ്ങളിൽ സാത്വതർഷഭന്മാരുമാ–
യൊന്നു ചേർന്നേകാന്തഭക്തിയോഗത്തിനാൽ
വന്നു നമിക്കുന്ന സർപ്പാധിനായകർ
കുണ്ഡലസുപ്രഭയാൽ ഭൂഷിതങ്ങളായ്
സൗന്ദര്യമാർന്നിടും സ്വന്തമുഖങ്ങളെ–
യുന്നതമോദത്തൊടും നോക്കിടുന്നുവോ. 4

ആശിസ്സിലാശിച്ചു നാഗേന്ദ്രകന്യമാർ
കുശലരാരുടെ മോഹനമേനിയിൽ
കങ്കണാലങ്കൃതമായി വിപുലത–
തങ്കിസ്സുഭഗരുചിരങ്ങളായ്പരം
വെണ്മകലർന്നു വിശദങ്ങളാം ഭുജ–
യുഗ്മരജതദണ്ഡങ്ങളിൽ ചന്ദനം,
കുങ്കുമവും നല്ലഗരുവും ചേർത്തുള്ള
പങ്കം ശരിക്കു ചാർത്തീടുന്നവേളയിൽ
തദ്ഭുജസ്പർശനത്താൽ മന്മഥാവിഷ്ട–
മുറപ്പുവധികമായ് ക്ഷോഭിക്കകാരണം
ചാരുലളിതമന്ദസ്മിതം ശുകമ–
ന്നാരിമാർതന്നനുരാഗമദംപാർത്തു
സന്തുഷ്ടമായ് മദാഘൂർണ്ണിതമായ് ചുവ–
പ്പേന്തും കൃപാവലോകാക്ഷികളൊത്തതാം
വക്ത്രാംബുജം ലജ്ജയോടുകൂടുംവിധ–
മത്തരുണീലലാമങ്ങടം നോക്കുന്നുവോ, 5

സീമാതിരിക്തഗുണനിധാനം സംഹൃ–
താമർഷരോഷവേഗാത്മാ,വനന്തനാം
അബ്ഭഗവാനാദിശേഷൻ വസിക്കുന്നു
മുപ്പാരിനും സുഖം കൈവരുത്തീടുവാൻ. 6

എല്ലായ്പ്പൊഴും മദംകൊണ്ടു സന്തുഷ്ടമാ–
യുള്ള വികൃതനേത്രങ്ങളിളക്കിയും
മോഹനവാക്യാമൃതത്താൽ സ്വപാർഷദ–
വ്യൂഹത്തെയും സുരസംഘാധിപരെയും
ആനന്ദിപ്പിച്ചു ചുവന്ന, വാടാത്ത,ന–
വീനതുളസിതൻ സൗരഭമൊത്തതായ്
നന്മകരന്ദംകലർന്നുംഗാവലി
ചെമ്മേ മദിച്ചു നദിച്ചു ചുഴന്നതാം

സ്വന്തം വനമാലികയെയൈരാവത–
മേന്തിടും പൊൻചങ്ങലപോൽ ധരിച്ചുമേ,
ഏകമാം കുണ്ഡലത്തോടും ഹലപൃഷ്ഠ–
ഭാഗനിവിഷ്ടമാം ചാരുകരത്തൊടും
ഭക്തജനാഭിലാഷങ്ങളേകീടുവാൻ
യുക്തമാം ലീലകളോടും വിളങ്ങിടും
സങ്കർഷണനാം ഭഗവാനെ വാനവ–
സംഘവും ദാനവരും ഭുജംഗങ്ങളും
ഗന്ധർവ്വസിദ്ധവിദ്യാധരമാമുനി–
വൃന്ദവും ധ്യാനിച്ചു സേവുന്നു വേണ്ടപോൽ. 7

ഏവമനുശ്രുതനായ് ധ്യായമാനനീ
ദേവൻ ഹൃദയസ്ഥനായ് മുമുക്ഷുക്കളിൽ
മുററുമനാദികാലംമുതല്ക്കേ ചേർന്നു
മുററിയതാം കർമ്മവാസനയാൽ ദൃഢം
ബദ്ധമായ് സത്വരജസ്തമോരൂപമായ്
വർത്തിച്ചിടും ഹൃദയഗ്രന്ഥി പെട്ടെന്നു
പൊട്ടിച്ചിടുന്നിബ്ഭഗവാന്റെ വൈഭവം
ശ്രേഷ്ഠനാം തുംബുരുമാമുനിതന്നൊടായ്
ബ്രഹ്മാത്മജനായ നാരദമാമുനി
ബ്രഹ്മസഭയിൽ പ്രകീർത്തിച്ചു ഭൂപതേ! 8

ലോകസൃഷ്ടിസ്ഥിതിസംഹാരഹേതുക്ക–
ളാകും പ്രകൃതിഗുണങ്ങടം സത്വാദികടം
ആരുടെ കൺമുനയാൽ സമർത്ഥങ്ങളാ–
യാരുടെരൂപം ധ്രുവവുമകൃതവും
ഏകവുമാത്മാവിൽ നാനാത്വമാർന്നതു–
മാകുമവന്റെ ഗതിയറിയാവതോ? 9

സ്ഥൂലസൂക്ഷ്മാത്മകമിജ്ജഗത്താരിലാം
ലാലസിക്കുന്നതദ്ദേവദേവൻ നമ്മിൽ
ആർദ്രനായ് ശുദ്ധസത്വസ്വരൂപത്തെയാ–
ന്നത്യന്തവീര്യമിയന്നിട്ടനാരതം
ഭക്തജനമാനസം ഹരിച്ചീടുവാൻ
നിർദ്ദോഷലീലയാർന്നീടിനാനീവിധം. 10

ഖിന്നനോ പിന്നെപ്പതിതനോ ഹാസ്യമായ്–
ത്തന്നെയോ കാരണമൊന്നുമില്ലാതെയോ
ശ്രോത്രവിഷയമാമദ്ദേവസംജ്ഞയെ–
ക്കീർത്തിക്കിലാശു സമസ്താഘമുക്തനാം.
മോക്ഷേച്ഛുവീയാദിശേഷൻ ഭഗവാനെ–
യാശ്രയിക്കാതെ മററാരെ ശ്രയിച്ചിടും? 11

ശീർഷം സഹസ്രമെഴുമവൻതന്നേക–
ശീർഷത്തിലാറുകളബ്ധികളദ്രികടം
സത്വങ്ങളും ചേർന്നു മന്നണുപ്രായമാ–
യത്രേ സമർപ്പിതമായിരിക്കുന്നതും. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം പ്രഭാവോ ഭഗവാനനന്തോ
ദുരന്തവീര്യോരുഗുണാനുഭാവഃ
മൂലേ രസായാഃ സ്ഥിത ആത്മതന്ത്രോ
യോ ലീലയാ ക്ഷ്മാം സ്ഥിതയേ ബിഭർത്തി. 13

ഏതാ ഹ്യേവേഹ നൃഭിരുപഗന്തവ്യാ ഗതയോ യഥാകർമ്മ-
വിനിർമ്മിതാ യഥോപദേശമനുവർണ്ണിതാഃ കാമാൻ കാമയ-
മാനൈഃ. 14

ഏതാവതീർഹി രാജൻ പുംസഃ പ്രവൃത്തിലക്ഷണസ്യ ധർമ്മ-
സ്യ വിപാകഗതയ ഉച്ചാവചാ വിസദൃശാ യഥാപ്രശ്നം വ്യാച-
ഖ്യേ കിമന്യത് കഥയാമ ഇതി. 15

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭൂവിവരവിധ്യുപവർണ്ണനം നാമ പഞ്ചവിംശതിതമോഽധ്യായഃ

ഷഡ്വിംശതിതമോഽധ്യായഃ

രാജോവാച

മഹർഷ ഏതദ്വൈചിത്ര്യം ലോകസ്യ കഥമിതി. 1

ഋഷിരുവാച

ത്രിഗുണത്വാത് കർത്തുഃ ശ്രദ്ധയാ കർമ്മഗതയഃ പൃഥഗ്വിധാഃ
സർവ്വാ ഏവ സർവ്വസ്യ താരതമ്യേന ഭവന്തി. 2

അഥേദാനീം പ്രതിഷിദ്ധലക്ഷണസ്യാധർമ്മസ്യ തഥൈവ
കർത്തുഃ ശ്രദ്ധായാ വൈസാദൃശ്യാത് കർമ്മഫലം വിസദൃശം
ഭവതി യാ ഹ്യനാദ്യവിദ്യയാ കൃതകാമാനാം തത്പരിണാമ-
ലക്ഷണാഃ സൃതയഃ സഹസ്രശഃ പ്രവൃത്താസ്താസാം പ്രാചുര്യേ-
ണാനുവർണ്ണയിഷ്യാമഃ. 3

രാജോവാച

നരകാ നാമ, ഭഗവൻ, കിം ദേശവിശേഷാ അഥവാ ബഹി-
സ്ത്രിലോക്യാ ആഹോസ്വിദന്തരാള ഇതി. 4

ഋഷിരുവാച

അന്തരാള ഏവ ത്രിജഗത്യാസ്തു ദിശി ദക്ഷിണസ്യാമധസ്താദ്
ഭൂമേരുപരിഷ്ടാച്ച ജലാദ്യസ്യാമഗ്നിഷ്വാത്താദയഃ പിതൃഗ-
ണാദിശി സ്വാനാം ഗോത്രാണാം പരമേണ സമാധിനാ സത്യാ
ഏവാശിഷ ആശാസാനാ നിവസന്തി. 5

യത്ര ഹ വാവ ഭഗവാൻ പിതൃരാജോ വൈവസ്വതഃ സ്വ-
വിഷയം പ്രാപിതേഷു സ്വപുരുഷൈർജ്ജന്തുഷു സമ്പരേതേഷു
യഥാകർമ്മാവദ്യം ദോഷമേവാനുല്ലങ്ഘിതഭഗവച്ഛാസനഃ
സഗണോ ദമം ധാരയതി. 6

തത്ര ഹൈകേ നരകാനേകവിംശതിം ഗണയന്തി അഥ താം-
സ്തേ രാജന്നാമരൂപലക്ഷണതോഽനുക്രമിഷ്യാമസ്താമിസ്രോഽ-
ന്ധതാമിസ്രോ രൗരവോ മഹാരൗരവഃ കുംഭീപാകഃ കാലസൂത്ര-
മസിപത്രവനം സൂകരമുഖമന്ധകൂപഃ കൃമിഭോജനഃ സന്ദംശസ്ത-
പ്തസൂർമ്മിർവ്വജ്രകണ്ടകശാല്മലീവൈതരണീപൂയോദഃ പ്രാണ-
രോധോ വിശസനം ലാലാഭക്ഷഃ സാരമേയാദനമവീചിരയഃ-
പാനമിതി. കിഞ്ച ക്ഷാരകർദ്ദമോ രക്ഷോഗണഭോജനഃ ശൂല-
പ്രോതോ ദന്ദശൂകോഽവടനിരോധന പര്യാവർത്തനഃ സൂചീ-
മുഖമിത്യഷ്ടാവിംശതിർനരകാ വിവിധയാതനാഭൂമയഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം പ്രഭാവവുമുന്നതവീര്യാനു-
ഭാവഗുണങ്ങളുമാർന്നു ശോഭിച്ചിടും

ആദിശേഷൻ ഭഗവാൻതാൻ സ്വതന്ത്രനായ്
മേദിനീമൂലത്തിലാവസിച്ചനവഹം

ഇപ്രപഞ്ചം നിലനിർത്തുവാൻ ലീലയായ്
കെല്ലോടിളയെബ്ഭരിക്കുന്നു ഭംഗിയായ്. 13

കാമമിച്ഛിച്ച കർമ്മങ്ങൾചെയ്യും നര-
സ്തോമമെത്തേണ്ടും പദങ്ങൾ ജഗത്തിതിൽ

ഇത്രമാത്രംതാ,നെനിക്കപേദിഷ്ടമാം-
മട്ടിതു വർണ്ണിച്ചുകേൾപ്പിച്ച നിങ്ങളെ. 14

മന്നവാ! മാനുഷകർമ്മഫലലക്ഷണ-
പൂർണ്ണധർമ്മത്തിൻെറയുച്ചനീചങ്ങളും

നിസ്തുല്യവുമാം വിപാകഗതികളി-
ങ്ങിത്രയേയുള്ളൂ, ഭവാനോടിതുവിധം

വിസ്തരിച്ചോതിനേൻ ചോദ്യത്തിനുത്തരം
മറ്റെന്തിനിയറിയേണ്ടതു ചൊല്ലുക. 15

അദ്ധ്യായം 26

നരകവർണ്ണനം

രാജാവു പറഞ്ഞു

പാരിനീമട്ടു വൈചിത്ര്യം ഭവിക്കുവാൻ
കാരണമെന്തെന്നു ചൊല്ലുക മാമുനേ! 1

ഋഷി പറഞ്ഞു

സത്ത്വാദിയാകും ഗുണങ്ങളാൽ കർത്താവു
ശ്രദ്ധിപ്പതിൻതോതിനൊത്തു വിവിധമാം

കർമ്മഫലങ്ങളശേഷമേതാളിനും
ചെമ്മേയനുഭവിക്കേണ്ടതായ്വന്നിടും. 2

വേദപ്രതിഷിദ്ധലക്ഷണമൊത്തതാ-
മേതധർമ്മത്തിൻ ഫലവുമതേവിധം

കർത്തൃവിസദൃശശ്രദ്ധനിമിത്തമാ-
യെത്തും ഫലവും വിഭിന്നമാം മന്നവാ!

ആദിയററുള്ളോരവിദ്യനിമിത്തമായ്
ചേതസ്സിലുണ്ടാം ബഹുവിധകാമങ്ങൾ,

തൽപരിണാമഫലങ്ങളായ് മർത്ത്യന
പ്രാപ്യപദങ്ങൾ സഹസ്രക്കണക്കിലാം.

ആയവയിൽ പ്രധാനപ്പെട്ടവ മറ-
റ്റായയപോൽ വർണ്ണിച്ചിടാം കേട്ടുകൊള്ളുക. 3

രാജാവു പറഞ്ഞു

ദേശവിശേഷങ്ങളാണോ നരകങ്ങൾ
വിശ്വത്തിനുള്ളിലോ ബാഹ്യത്തിലോ മുനേ?4

ഋഷി പറഞ്ഞു

മന്നവാ! മൂപ്പാരിനന്തരാളത്തിലായ്
മന്നിനുകീഴായ് ജലത്തിനുമീതെയായ്

തെക്കുദിക്കിൽത്താ,നവിടെ സ്വഗോത്രജ-
ക്കൊക്കെയും നാശരഹിതമാം നന്മകൾ

എപ്പൊഴും ശ്രേഷ്ഠസമാധിയിലിച്ഛിച്ചു
പാർപ്പൂ പിതൃക്കളാമഗ്നിഷ്വാത്താദികൾ. 5

തത്ര മിത്രാത്മജനാം ഭഗവാൻ യമൻ
ഭൃത്യരെത്തിക്കും പരേതജന്തുക്കളെ

നിത്യവുമീശാജ്ഞയാലെ തത്കർമ്മത്തി-
നൊത്തവിധം ദണ്ഡമേല്പിച്ചിടുന്നിതേ. 6

തത്ര നരകമിരുപത്തിയൊന്നെന്നു
പൃഥ്വീശ്വരാ! നിശ്ചയിച്ചിരിപ്പൂ ചിലർ.

നാമങ്ങയോടരുളീടാമവയ്ക്കെഴും
നാമസ്വരൂപചിഹ്നങ്ങളനുക്രമം

എന്നല്ല നാനാവിധയാതനാഭൂമി-
യൊന്നും വിടാതിരുപത്തെട്ടുമോതിടാം.

താമിസ്രമന്ധതാമിസ്രവും രൗരവ-
മാ മഹാരൗരവം കുംഭിപാകാഭിധം

കാലസൂത്രമസിപത്രവനം മഹീ-
പാലകാഗ്ര്യാ! സൂകരമുഖമെന്നതും

അന്ധകൂപം കൃമിഭോജനം സന്ദംശ-
മെന്നതും തപ്തസൂർമ്മി വജ്രകണ്ടകം

ശാല്മലിയും, വൈതരണി പൂയോദവും
ഭൂമീശ്വരാ! പ്രാണരോധം വിശസനം

ലാലാഭക്ഷം സാരമേയാദനം ധരാ-
പാലമൗലേ!യവീചീരയഃപാനവും

സൂക്ഷ്ത്രമുക്താമണേ! ക്ഷാരകർദ്ദമം
രക്ഷോഗണഭോജനം ശൂലപ്രോതവും

ദന്ദശൂകാവടനിരോധങ്ങൾ പര്യാ-
വർത്തനസൂചീമുഖങ്ങളുമെന്നതാം. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര യസ്തു പരവിത്താപത്യകളത്രാണ്യപഹരതി സ ഹി
കാലപാശബദ്ധോ യമപുരുഷൈരതിഭയാനകൈസ്താമിസ്രേ
നരകേ ബലാന്നിപാത്യതേ അനശനാനുദപാനദണ്ഡതാഡന
സംതർജ്ജനാദിഭിര്യാതനാഭിര്യാത്യമാനോ ജന്തുര്യത്ര കശ്മലമാ-
സാദിത ഏകദൈവ മൂർച്ഛാമുപയാതി താമിസ്രപ്രായേ. 8

ഏവമേവാന്ധതാമിസ്രേ യസ്തു വഞ്ചയിത്വാ പുരുഷം ദാരാ-
ദീനുപയുങ്ക്തേ യത്ര ശരീരീ നിപാത്യമാനോ യാതനാസ്ഥോ
വേദനയാ നഷ്ടമതിർന്നഷ്ടദൃഷ്ടിശ്ച ഭവതി യഥാ വനസ്പതിർ-
വൃശ്ച്യമാനമൂലസ്തസ്മാദന്ധതാമിസ്രം തമുപദിശന്തി. 9

യസ്ത്വിഹ വാ ഏതദഹമിതി മമേദമിതി ഭൂതദ്രോഹേണ
കേവലം സ്വകുടുംബമേവാനുദിനം പ്രപുഷ്ണാതി സ തദിഹ
വിഹായ സ്വയമേവ തദശുഭേന രൗരവേ നിപതതി. 10

യേ ത്വിഹ യഥൈവാമുനാ വിഹിംസിതാ ജന്തവഃ പരത്ര
യമയാതനാമുപഗതം ത ഏവ രുരവോ ഭൂത്വാ തഥാ തമേവ
വിഹിംസന്തി തസ്മാദ്രൗരവമിത്യാഹു, രുരുരിതി സർപ്പാദതി-
ക്രൂരസത്ത്വസ്യാപദേശഃ. 11

ഏവമേവ മഹാരൗരവോ യത്ര നിപതിതം പുരുഷം ക്രവ്യാ-
ദാ നാമ രുരവസ്തം ക്രവ്യേണ ഘാതയന്തി യഃ കേവലം ദേഹം-
ഭരഃ. 12

യസ്ത്വിഹ വാ ഉഗ്രഃ പശൂൻ പക്ഷിണോ വാ പ്രാണത ഉപ-
രന്ധയതി തമപകരുണം പുരുഷാദൈരപി വിഗർഹിതമമുത്ര
യമാനുചരാഃ കുംഭീപാകേ തപ്തതൈലേ ഉപരന്ധയന്തി. 13

യസ്ത്വിഹ പിതൃവിപ്രബ്രഹ്മധ്രുക് സ കാലസൂത്രസംജ്ഞകേ
നരകേ അയുതയോജനപരിമണ്ഡലേ താമ്രമയേ തപ്തഖലേ
ഉപര്യധസ്താദഗ്ന്യർക്കാഭ്യാം അതിതപ്യമാനേ/ഭിനിവേശിതഃ
ക്ഷുത്പിപാസാഭ്യാം ച ദഹ്യമാനാന്തർബ്ബഹിഃ ശരീര ആസ്തേ
ശേതേ ചേഷ്ടതേ/വതിഷ്ഠതി പരിധാവതി ച യാവന്തി പശു-
രോമാണി താവദ്വർഷസഹസ്രാണി. 14

യസ്ത്വിഹ വൈ നിജവേദപഥാദനാപദ്യപഗതഃ പാഖണ്ഡം
ചോപഗതസ്തമസിപത്രവനം പ്രവേശ്യ കശയാ പ്രഹരന്തി
തത്ര ഹാസാവിതസ്തതോ ധാവമാന ഉഭയതോധാരൈസ്താ-
ലവനാസിപത്രൈശ്ഛിദ്യമാനസർവ്വാങ്ഗോ ഹാ ഹതോ/-
സ്മീതി പരമയാ വേദനയാ മൂർച്ഛിതഃ പദേ പദേ നിപതതി
സ്വധർമ്മഹാ പാഖണ്ഡാനുഗതം ഫലം ഭുങ്ക്തേ. 15

യസ്ത്വിഹ വൈ രാജാ രാജപുരുഷോ വാ അദണ്ഡ്യേ ദണ്ഡം
പ്രണയതി ബ്രാഹ്മണേ വാ ശരീരദണ്ഡം സ പാപീയാന്നരകേ/
മുത്ര സൂകരമുഖേ നിപതതി തത്രാതിബലൈർവ്വിനിഷ്പിഷ്യമാ-
ണാവയവോ യഥൈവേഹേക്ഷുഖണ്ഡ ആർത്തസ്വരേണ സ്വന-
യൻ ക്വചിന്മൂർച്ഛിതഃ കശ്മലമുപഗതോ യഥൈവേഹാദൃഷ്ട-
ദോഷാ ഉപരുദ്ധാഃ, 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യധനാത്മജദാരങ്ങളെ വെറു–
മന്യായമായാരപഹരിക്കുന്നവോ,

അങ്ങവനെക്കാലപാശത്തിനാൽപ്പിടി–
ച്ചങ്ങ്ഗം വരിഞ്ഞുകെട്ടിക്കൊണ്ടു ചെന്നുടൻ

താമിസ്രമാം നരകത്തിലിട്ടന്തക–
ഭീമഭടന്മാ,രൊരുതുള്ളിവെള്ളമോ

അന്നമോ നല്കാതെ ഭീതിപ്പെടുത്തിയും
ദണ്ഡിനാൽത്താഡിച്ചുമേകകാലത്തുതാൻ

യാതന പാരമനുഭവിപ്പിച്ചതി–
സാദംപെടുമാറു സഞ്ചരിപ്പിച്ചിടും. 8

ക്രൂരീരുട്ടാറ്റീടുമസ്ഥലത്തായവൻ
പാരാതെ മൂർച്ഛിച്ചു വീണുകിടന്നിടും

നേരേയുടമസ്ഥനെച്ചതിച്ചിട്ടു തത്–
ഭാര്യാധനങ്ങളടക്കിടും മർത്ത്യനെ

അന്ധതാമിസ്രത്തിലിട്ടു ദണ്ഡിക്കയാ–
ലന്തമറ്റോരത്തലിൻപാത്രമായവൻ

വേദനയാലെ മൂർച്ഛിച്ചു കൺകാണാതെ
പാദപം വേററുവീഴുന്നതിൻവിധം

വീണടിഞ്ഞീടുന്നു നാമമതുമൂല–
മാണിതിനന്ധതാമിസ്രമെന്നായതും. 9

ആരിഹ ദേഹത്തെ ഞാനെന്നു ഭാവിച്ചു
ഭാര്യാദിമാമകമെന്നഭിമാനിച്ചു

ജന്തുക്കളെപ്പരം ഹിംസിച്ചുകൊണ്ടുതാൻ
സ്വന്തം കുടുംബം പുലർത്തിവരുന്നുവോ

അപ്പുമാനെല്ലാമിവിടെ ത്യജിച്ചന്ത്യ–
മപ്പാപഹേതുവാൽപ്പൂകുന്നു രൗരവം. 10

ഏതേതുമട്ടിലേതേതു ജന്തുക്കളെ
വീതകൃപമവനിങ്ങു ഹിംസിച്ചുവോ

ആ പ്രാണിവൃന്ദം രുരുക്കളായങ്ങെത്തി–
യാപ്രേതനാഥന്റെ ദണ്ഡമേറ്റാർത്തനായ്

അല്ലേതരമുഴന്നീടുമവനെയു–
മപ്രകാരംതന്നെ ഹിംസിച്ചിടുന്നിതു.

രൗരവാഭിഖ്യ തന്മൂലമുണ്ടായ്, രുരു
ഘോരാഹിയേക്കാളതിക്രൂരജന്തുതാൻ. 11

ജീവിജാലത്തെ ഹിംസിച്ചുതാൻ നിത്യവും
കേവലം ദേഹം ഭരിക്കുന്ന പൂരുഷൻ

ആവിധം വീഴ്വു മഹാരൗരവാഭിധ–
താവിടും ഭീകരമാം നരകത്തിലും

ക്രവ്യാദനാമമാന്നീടും രുരുക്കൾ തത്–
ക്രവ്യമെല്ലാം കാർന്നുകാർന്നുതിന്നുന്നിതു. 12

ക്രൂരനാമേതവൻ ജീവനൊടും മൃഗ–
പൂരത്തെയും വിഹഗപ്രകരത്തെയും

വേവിച്ചിടുന്നു, മാംസാശനക്കാം നിന്ദ്യ–
ഭാവമണയുമവനേ യമഭടർ

അപ്പൊഴേതന്നെ കുംഭീപാകമെത്തിച്ചു
തപ്തതൈലത്തിലങ്ങിട്ടുവെയ്ക്കുന്നിതു. 13

ബ്രഹ്മജ്ഞ,നച്ഛൻ, ജനനിയിവരെയും
ബ്രാഹ്മണൻതന്നെയും ദ്രോഹിച്ചിടുന്നവൻ

കാലസൂത്രാഭിധമാകും നരകത്തി–
ലാളമയുതമാംയോജന വീതിയിൽ

വഹ്നി താഴത്തും മുകളിലക്കാംശുവും
നന്നായ്പ്പഴുപ്പിച്ച ചെമ്പുതകിടതിൽ

കാലാജ്ഞയാൽ പ്രവേശിച്ചഥ ദാഹവും
കാളും വിശപ്പും സഹിച്ചന്തരംഗവും

ബാഹ്യശരീരവുമൊപ്പം ദഹിപ്പതു
സഹ്യമല്ലാതിരുന്നും കിടന്നും ദ്രുതം

ചാടിയെണീററു നിന്നും നടന്നും പിട–
ഞ്ഞോടിയും വീണുരുണ്ടും മുറയിട്ടങ്ങനെ

എത്ര രോമങ്ങൾ പശുവിനുണ്ടോ ശരി–
ക്കത്രയുമായിരം വർഷമുഴന്നിടും. 14

ഏതവനാപന്നനല്ലാതിരിക്കവേ
വേദമാർഗ്ഗം വിട്ടു പാഖണ്ഡർതൻമതം

അങ്ഗീകരിക്കു,മവനെ യമഭൃത്യ–
രങ്ങസിപത്രവനത്തിൽ നയിച്ചുടൻ

തല്ലുന്നു ഘോരമങ്ങോട്ടുമിങ്ങോട്ടുമാ–
യുള്ളുഴന്നങ്ങവനോടിയും, വാളുപോൽ

രണ്ടിടവും ശിതമാം പനയോലകൾ
കൊണ്ടു മെയ്യാകെ മുറിഞ്ഞുമഹോ! ബത!

'ഞാൻ ഹതനാ'യെന്നു കേണുചൊല്ലീട്ടുഴൽ
സഹ്യമല്ലാതെ മൂർച്ഛിച്ചുവീണെപ്പൊഴും

സ്വന്തധർമ്മം സന്ത്യജിച്ചു നിരീശ്വര–
പന്ഥാവണഞ്ഞഫലം ഭുജിക്കുന്നിതേ. 15

ഭൂവരനോ തൽപ്രതിപുമാനോ മഹീ–
ദേവനു ദേഹദണ്ഡത്തെയേല്പിക്കയോ

ദണ്ഡനാനർഹനെദ്ദണ്ഡിക്കയോ ചെയ്കി–
ലന്യലോകത്തിൽ മഹാപാപിയാമവൻ

ചെന്നുവീഴ്വു സൂകരമുഖമെന്നതാം
വൻനരകത്തി,ലവിടെയുക്കാളവോർ

ഇക്ഷുഖണ്ഡംപോലവയവം ഖണ്ഡിച്ച–
തക്ഷണം നന്നായിടിച്ചുപിഴികയാൽ

ആർത്തനാദത്തിൽക്കരഞ്ഞു ചിലപോതി–
ലേററവും മൂർച്ഛിച്ചുവീഴ്വു ദുഃഖാബ്ധിയിൽ.

നിർദ്ദോഷികളെയവനിങ്ങു മർദ്ദിച്ച–
മട്ടുസമ്മർദ്ദനമങ്ങേററിടുന്നിതു. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്ത്വിഹ വൈ ഭൂതാനാമീശ്വരോപകല്പിതവൃത്തീനാമ-
വിവിക്തപരവ്യഥാനാം സ്വയം പുരുഷോപകല്പിതവൃത്തിർവ്വി-
വിക്തപരവ്യഥോ വ്യഥാമാചരതി സ പരത്രാന്ധകൂപേ തദ-
ഭിദ്രോഹേണ നിപതതി തത്ര ഹാസൗ തൈർജ്ജന്തുഭിഃ പശു
മൃഗപക്ഷിസരീസൃപൈർമ്മശകയൂകാമത്കുണമക്ഷികാദിഭിര്യേ
കേ ചാഭിദ്രുഗ്ധാസ്തൈഃ സർവ്വതോഽഭിദ്രുഹ്യമാണസ്തമസി വിഹ-
തനിദ്രാനിർവ്വൃതിരലബ്ധാവസ്ഥാനഃ പരിക്രാമതി യഥാ കു-
ശരീരേ ജീവഃ. 17

യസ്ത്വിഹ വാ അസംവിഭജ്യാശ്നാതി യത്കിഞ്ചനോപന-
തമനിർമ്മിതപഞ്ചയജ്ഞോ വായസസംസ്തുതഃ സ പരത്ര കൃമി-
ഭോജനേ നരകാധമേ നിപതതി തത്ര ശതസഹസ്രയോജനേ
കൃമികുണ്ഡേ കൃമിഭൂതഃ സ്വയം കൃമിഭിരേവ ഭക്ഷ്യമാണഃ കൃമി-
ഭോജനോ യാവത്തദപ്രത്താപ്രഹുതാദോഽനിർവ്വേശമാത്മാനം
യാതയതേ. 18

യസ്ത്വിഹ വൈ സ്തേയേന ബലാദ്വാ ഹിരണ്യരത്നാദീനി
ബ്രാഹ്മണസ്യ വാപഹരത്യന്യസ്യ വാനാപദി പുരുഷസ്തമമുത്ര,
രാജൻ, യമപുരുഷാ അയസ്മയൈരഗ്നിപിണ്ഡൈഃ സന്ദംശൈ-
സ്ത്വചി നിഷ്കുഷന്തി. 19

യസ്ത്വിഹ വാ അഗമ്യാം സ്ത്രിയമഗമ്യം വാ പുരുഷം യോ-
ഷിദഭിഗച്ഛതി താവമുത്ര കശയാ താഡയന്തസ്തിഗ്മയാ സൂർമ്മ്യാ
ലോഹമയ്യാ പുരുഷമാലിംഗയന്തി സ്ത്രിയം ച പുരുഷരൂപ-
യാ സൂർമ്മ്യാ. 20

യസ്ത്വിഹ വൈ സർവ്വാഭിഗമസ്തമമുത്ര നിരയേ വർത്തമാനം
വജ്രകണ്ടകശാല്മലീമാരോപ്യ നിഷ്കുഷന്തി. 21

യേ ത്വിഹ വൈ രാജന്യാ രാജപുരുഷാ വാ അപാഖണ്ഡാ
ധർമ്മസേതൂൻ ഭിന്ദന്തി തേ സമ്പരേത്യ വൈതരണ്യാം നിപത-
ന്തി ഭിന്നമര്യാദാസ്തസ്യാം നിരയപരിഖാഭൂതായാം നദ്യാം
യാദോഗണൈരിതസ്തതോ ഭക്ഷ്യമാണാ ആത്മനാ ന വിയുജ്യ-
മാനാശ്ചാസുഭിരുഹ്യമാനാഃ സ്വാഘേന കർമ്മപാകമനുസ്മരന്തോ
വിണ്മൂത്രപൂയശോണിതകേശനഖാസ്ഥിമേദോമാംസവസാ-
വാഹിന്യാമുപതപ്യന്തേ. 22

യേ ത്വിഹ വൈ വൃഷലീപതയോ നഷ്ടശൗചാചാരനി-
യമാസ്ത്യക്തലജ്ജാഃ പശുചര്യാം ചരന്തി തേ ചാപി പ്രേത്യ
പൂയവിണ്മൂത്രശ്ലേഷ്മമലാപൂർണ്ണാർണ്ണവേ നിപതന്തി തദേവാതി
ബീഭത്സിതമശ്നന്തി. 23

യേ ത്വിഹ വൈ ശ്വഗർദ്ദഭപതയോ ബ്രാഹ്മണാദയോ മൃഗ-
യാവിഹാരാ അതീർത്ഥേ ച മൃഗാന്നിഘ്നന്തി താനപി സമ്പരേ-
താംല്ലക്ഷ്യഭൂതാൻ യമപുരുഷാ ഇഷുഭിർവിധ്യന്തി. 24

യേ ത്വിഹ വൈ ദാംഭികാ ദംഭയജ്ഞേഷു പശൂൻ വിശ-
സന്തി താനമുഷ്മിംല്ലോകേ വൈശസേ നരകേ പതിതാന്നിര-
യപതയോ പാതയിത്വാ വിശസന്തി. 25

യസ്ത്വിഹ വൈ സവർണ്ണാം ഭാര്യാം ദ്വിജോ രേതഃ പായയ-
തി കാമമോഹിതസ്തം പാപകൃതമമുത്ര രേതഃകുല്യായാം പാത-
യിത്വാ രേതഃ സമ്പായയന്തി. 26

യേ ത്വിഹ വൈ ദസ്യവോഽഗ്നിദാ ഗരദാ ഗ്രാമാൻ സാ-
ർത്ഥാൻ വാ വിലുമ്പന്തി രാജാനോ രാജഭടാ വാ താംശ്ചാപി
ഹി പരേത്യ യമദൂതാ വജ്രദംഷ്ട്രാഃ ശ്വാനഃ സപ്തശതാനി വിം-
ശതിശ്ച സരഭസം ഖാദന്തി. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകമിതിൽ ജഗദീശനാൽകല്പിത-
മാകുമുപജീവനവൃത്തിയൊത്തിഹ
അന്യദുഃഖത്തെയറിയാനശക്തരാം
പന്നഗജാതി, പശു മൃഗ പക്ഷികൾ
പേ,നീച്ച, മൂട്ട, കൊതുക,കളിത്തരം
പ്രാണികൾ,ക്കാവിധവൃത്തി കൈക്കൊണ്ടിടും
മർത്ത്യ,നിതരദുഃഖത്തെയറിയുവോ-
നാർത്തിചേർത്തീടുകിലാ ദ്രോഹഹേതുവാൽ
പിന്നെപ്പരലോകമെത്തിപ്പതിക്കുന്നു
മന്നോർമണേ! യന്ധകൂപമെന്നുള്ളതിൽ.
തദ്ദ്രോഹമേററ ജന്തുക്കളെവനെയ-
ങ്ങത്തരത്തിൽ ദ്രോഹമേല്പിച്ചിടുന്നിതേ.
അന്ധകാരത്തിലവനങ്ങുറക്കവും
സന്ധിച്ചിടാതൊരാസ്ഥാനവുമെന്നിയേ
ജീവനക്ലേശിതദേഹത്തിലെന്നപോൽ
വൈവശ്യമാർന്നു ചുററിത്തിരിയുന്നിതു. 17
കിട്ടിയ ഭക്ഷണസാധനമാക്കമേ-
യൊട്ടുമേകീടാതെ പഞ്ചയജ്ഞത്തെയും
മുട്ടിച്ചു തിന്നുവീർപ്പിച്ചു കരടകൻ-
മട്ടിലുള്ളോനെന്നു പേരുപിടിച്ചവൻ
അത്യന്തനീചം കൃമിഭോജനമെന്നു
കീർത്തിച്ചിടും നരകത്തിൽ പതിച്ചിടും.
നൂറായിരം യോജനയെഴമക്കൃമി-
പൂരകുണ്ഡത്തിലൊരുകൃമിയായഥ
എത്രനാൾ ദുഷ്കൃതമാചരിച്ചിങ്ങവ-
നത്രനാളോളവും തൽപരിഹാരമായ്
അന്യകൃമികൾക്കശനമായും പുന-
രന്യകൃമികളെത്തിന്നും കിടന്നിടും. 18
കട്ടോ കവർന്നോ ധരണീസുരൻെറയോ
മററോ സുവർണ്ണരത്നങ്ങൾ നല്ലോലത്തു
കൈക്കലാക്കുന്നവനെപ്പരലോകത്തി-
ലുക്കെഴമന്തകഭൃത്യർ സന്ദംശത്തിൽ
തീക്കട്ടമട്ടാമിരുമ്പുഖണ്ഡങ്ങളാൽ
തൊക്കു പൊള്ളിച്ചിട്ടുവയശിപ്പിച്ചിടും. 19
ഇങ്ങഗമ്യാങ്ഗനയെപ്പുമാനും തഥാ
സങ്ഗമാനർഹൻ പുരുഷനെ നാരിയും
അംഗീകരിക്കിലവരെയങ്ങെത്തവേ
അംഗങ്ങളെല്ലാം കശകൊണ്ടടിച്ചുടൻ
ചുട്ടിരുമ്പാൽത്തീർത്ത നാരീപ്രതിമയെ
സ്പഷ്ടം പുരുഷനെക്കൊണ്ടുമതേവിധം
പൂരുഷബിംബത്തെ നാരിയെക്കൊണ്ടുമേ
നേരേ തഴകിച്ചിടുന്നു യമഭടർ. 20
അങ്ഗനമാരെയശേഷമഭേദമായ്
സങ്ഗമിക്കുന്നവനെപ്പരലോകത്തു
കൂർത്തുള്ള വജ്രസമങ്ങളാം മുള്ളുകൾ
മെത്തുമിലവിൽക്കരേററിവലിച്ചിടും. 21

ആസ്തികരാം നൃപരോ തത്പുരുഷരോ
തദ്ധർമ്മമര്യാദവിട്ടു നടക്കുകിൽ
ചെന്നു പതിപ്പു, നരകക്കിടങ്ങെന്നു
ചൊന്നിടും വൈതരണീനദിതന്നിലായ്.
ചുററുംവളഞ്ഞു ജലജന്തുവൃന്ദമ-
ങ്ങൊത്തു കടിച്ചുപറിച്ചുതിന്നുന്നിതേ.
പ്രാണരക്ഷാർത്ഥമങ്ങിങ്ങു പാഞ്ഞും പരം
ദീനരായ് തൽക്കർമ്മപാകഫലങ്ങളെ
ഓർത്തും നഖ,മെല്ലു, കേശം, മലം, ചലം,
മൂത്രം, നിണം, വസ,മേദസ്സു, മാംസവും
തിങ്ങുമതിൽ വീണു മുങ്ങിയും പൊങ്ങിയു-
മങ്ങു ചാവാതെ കിടന്നു കഷ്ടപ്പെടും. 22
ദാസികളെബ്ഭാര്യമാരാക്കിടും വിടാ-
ഗ്രേസരരും നിയമാചാരശൗചങ്ങൾ
തള്ളി നാണം ചെററുമെന്യേ മൃഗങ്ങൾക്കു-
തുല്യമാം വൃത്തി തുടരുന്നകൂട്ടരും
മൃത്യുശേഷം മലമൂത്രകഫപൂർണ്ണ-
വാർദ്ധിയിൽ വീണവയേത്താൻ ഭുജിച്ചിടും. 23
നായ്ക്കൾ, കഴുതകളെന്നിവററിൽ കാമ-
വിക്രിയ കൂസാതെ കാണിച്ചിടുകയും
നായാട്ടിലേറെ രസിക്കയും തക്കതാം-
കാര്യത്തിനെന്യേ മൃഗങ്ങളെക്കൊൽകയും
ചെയ്യും ദ്വിജാദ്യരക്കാലന്റെത്തവേ
കയ്യോടവരെയജ്ജന്തുവൃന്ദങ്ങളും
അന്തകഭൃത്യരുമമ്പുകളെയ്യെയ്തു
സന്തതം ദേഹം മുറിപ്പെടുത്തുന്നിതേ. 24
ലോകരെദ്ധർമ്മജ്ഞനെന്നറിയിക്കുവാൻ
യാഗം നടത്തി മൃഗഹിംസചെയ്യുവോൻ
വൈശസത്തിൽപ്പതിപ്പു നരകാധിപ-
രാജ്ഞ തദംഗം നുറുക്കിയിടുന്നിതേ. 25
കാമാന്ധനായിസ്സവർണ്ണയാം ഭാര്യയെ
ഭൂമീസുരൻ സ്വശുക്ലം കുടിപ്പിക്കുകിൽ
തത്ര രേതഃകുല്യതന്നിലപ്പാപിയെ
വീഴ്ത്തി രേതസ്സു കുടിപ്പിച്ചിടുന്നിതേ. 26
തസ്കരനോ നൃപനോ നരപാലനി-
യുക്തനായുള്ളവൻതാനോ ജഗത്തിതിൽ
ഗ്രാമങ്ങൾ ചുട്ടോ വിഷം കൊടുത്തോ ജന-
സ്തോമത്തിനേററവും നാശമണയ്ക്കുകിൽ
ചത്തു പരലോകമെത്തുമമ്മർത്ത്യനെ
കൂർത്ത വജ്രോപമദംഷ്ട്രകളാന്നിടും
ശ്വാവിൻവടിവായെഴുനൂററിരുപതു
വൈവസ്വതഭടന്മാരരിശത്തൊടും
ശീഘ്രം ശരീരം കടിച്ചുപറിച്ചെടു-
ത്തുൽക്കടദുഃഖമനുഭവിപ്പിച്ചിടും. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്ത്വിഹ വാ അനൃതം വദതി സാക്ഷ്യേ ദ്രവ്യവിനിമയേ വാ കഥഞ്ചിത്സ വൈ പ്രേത്യ നരകേഽവീചിമത്യധഃശിരാ നിരവകാശേ യോജനശതോച്ഛ്റായാദ്ഗിരിമൂർദ്ധ്നഃ സമ്പാത്യതേ. 28

യത്ര ജലമിവ സ്ഥലമശ്മപൃഷ്ഠമവഭാസതേ തദവീചിമത്തിലശോ വിശീര്യമാണശരീരോ ന മ്രിയമാണഃ പുനരാരോപിതോ നിപതതി. 29

യസ്ത്വിഹ വൈ വിപ്രോ രാജന്യോ വൈശ്യോ വാ സോമപീഥസ്തത്കളത്രം വാ സുരാം വ്രതസ്ഥോഽപി വാ പിബതി പ്രമാദതസ്തേഷാം നിരയം നീതാനാമുരസി പദാഽഽക്രമ്യാസ്യേ വഹ്നിനാ ദ്രവമാണം കാർഷ്ണായസം നിഷിഞ്ചന്തി. 30

അഥ ച യസ്ത്വിഹ വാ ആത്മസംഭാവനേന സ്വയമധമോ ജന്മതപോവിദ്യാചാരവർണ്ണാശ്രമവതോ വരീയസോ ന ബഹുമന്യേത സ മൃതക ഏവ മൃത്വാ ക്ഷാരകർദ്ദമേ നിരയേഽവാക്ശിരാ നിപാതിതോ ദുരന്താ യാതനാ ഹ്യശ്നുതേ. 31

യേ ത്വിഹ വൈ പുരുഷാഃ പുരുഷമേധേന യജന്തേ യാശ്ച സ്ത്രിയോ നൃപശൂൻ ഖാദന്തി താംശ്ച തേ പശവ ഇവ നിഹതാ യമസദനേ യാതയന്തോ രക്ഷോഗണാഃ സൗനികാ ഇവ സ്വധിതിനാവദായാസൃക് പിബന്തി നൃത്യന്തി ച ഗായന്തി ച ഹൃഷ്യമാണാ യഥേഹ പുരുഷാദാഃ. 32

യേ ത്വിഹ വാ അനാഗസോഽരണ്യേ ഗ്രാമേ വാ വൈശ്രംഭകൈരുപസൃതാനുപവിശ്രംഭയ്യ ജിജീവിഷൂൻ ശൂലസൂത്രാദിഷൂപപ്രോതാൻ ക്രീഡനകതയാ യാതയന്തി തേഽപി ച പ്രേത്യ യമയാതനാസു ശൂലാദിഷു പ്രോതാത്മാനഃ ക്ഷുത്തൃഡ്ഭ്യാം ചാഭിഹതാഃ കങ്കവടാദിഭിശ്ചേതസ്തതസ്തിഗ്മതുണ്ഡൈരാഹന്യമാനാ ആത്മശമലം സ്മരന്തി. 33

യേ ത്വിഹ വൈ ഭൂതാന്യുദ്വേജയന്തി നരാ ഉല്ബണസ്വഭാവാ യഥാ ദന്ദശൂകാസ്തേഽപി പ്രേത്യ നരകേ ദന്ദശൂകാഖ്യേ നിപതന്തി യത്ര നൃപ ദന്ദശൂകാഃ പഞ്ചമുഖാഃ സപ്തമുഖാ ഉപസൃത്യ ഗ്രസന്തി യഥാ ബിലേശയാൻ. 34

യേ ത്വിഹ വാ അന്ധാവടകുസൂലഗുഹാദിഷു ഭൂതാനി നിരുന്ധന്തി തഥാമുത്ര തേഷ്വേവോപവേശ്യ സഗരേണ വഹ്നിനാ ധൂമേന നിരുന്ധന്തി. 35

യസ്ത്വിഹ വാ അതിഥീനഭ്യാഗതാൻ വാ ഗൃഹപതിരസകൃദുപഗതമന്യുർദ്ദിധക്ഷുരിവ പാപേന ചക്ഷുഷാ നിരീക്ഷതേ തസ്യ ചാപി നിരയേ പാപദൃഷ്ടേരക്ഷിണീ വജ്രതുണ്ഡാ ഗൃധ്രാഃ കങ്കകാകവടാദയഃ പ്രസഹ്യോരുബലാദുത്പാടയന്തി. 36

യസ്ത്വിഹ വാ ആഢ്യാഭിമതിരഹംകൃതിസ്തിര്യക്പ്രേക്ഷണഃ സർവ്വതോഽഭിവിശങ്കീ അർത്ഥവ്യയനാശചിന്തയാ പരിശുഷ്യമാണഹൃദയവദനോ നിർവൃതിമനവഗതോ ഗ്രഹ ഇവാർത്ഥമഭിരക്ഷതി സ ചാപി പ്രേത്യ തദുത്പാദനോത്കർഷണസംരക്ഷണശമലഗ്രഹഃ സൂചീമുഖേ നരകേ നിപതതി യത്ര ഹ വിത്തഗ്രഹം പാപപുരുഷം ധർമ്മരാജപുരുഷാ വായകാ ഇവ സർവ്വതോഽങ്ഗേഷു സൂത്രൈഃ പരിവയന്തി. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധനം കൊടാകയും വില്ക്കയും ചെയ്തിടും-
പോതിലോ സാക്ഷിപറയുന്നനേരമോ
പൊയ്യോതുവോനെപ്പരത്തിലതിതീവ്ര-
മായോരവീചിമത്തെന്ന നരകത്തിൽ
മെല്ലെയൊരു നൂറുയോജനയൗന്നത്യ-
മുള്ള ഗിരിതൻ ശിഖരമേററീട്ടടൻ
തള്ളുന്നിതുച്ചിയും കുത്തി വീഴുമാറു
കില്ലററു ദണ്ഡധരപരിചാരകർ. 28
മിന്നുവതേതിൽ ജലംപോൽ ശിലാതല-
മന്നരകത്തിന്നവീചിമത്തെന്നു പേർ.
അങ്ങു വീണെണ്മണിപ്രായമായിട്ടു ത-
ദങ്ഗം നുറുങ്ങുകിലും മരിപ്പീലവൻ.
പിന്നെയുമേററിയവനെയതുപോലെ-
തന്നെയതിൽനിന്നു തള്ളിവീഴ്ത്തുന്നിതു. 29
വിപ്രനോ തത്പത്നിയോ വ്രതനിഷ്ഠയി-
ലേപ്പെട്ടിരിക്കവേ മദ്യം കുടിക്കയോ,
ഭൂമീപനോ വൈശ്യനോ പ്രമാദത്തിനാൽ
സോമരസത്തെക്കുടിക്കയോ ചെയ്യുകിൽ
അന്തകകിങ്കരരങ്ങവരെബ്ബലാ-
ലുന്തിമറിച്ചിട്ടു മാറിൽത്തൊഴിച്ചിടും.
കാരിരുമ്പിൻനീരുരുക്കിയെടുത്തതു
കോരിയവരുടെ വായിലൊഴിച്ചിടും. 30
തീരെയധമത്വമാർന്നീടുമേതവൻ
നേരേ സ്വയം മഹാനാണെന്നു ഭാവിച്ചു
ജന്മം, തപ,സ്സറി,വാശ്രയം, ജാതിയും
കർമ്മാചരണവുമൊത്ത മഹാന്മാരെ
ഒട്ടുമേതാൻ ബഹുമാനിപ്പതില്ലയോ
തിട്ടമവൻ ചത്തവന്നുസമാനനാം.
മൃത്യുശേഷം ക്ഷാരകർദ്ദമയാതനാ-
ഗർത്തത്തിലുച്ചികുത്തിപ്പതിച്ചിട്ടവൻ
സീമയററുള്ള മഹാദുരിതങ്ങടാ നി-
കാമമനുഭവിച്ചീടുന്നു മന്നവാ! 31
ദുർദ്ദേവതാരാധനം നരഹത്യയാൽ
നിത്യം നടത്തി മനുഷ്യപ്പശുക്കളെ
തിന്നിടും സ്ത്രീയും പുമാനും യമാലയം
തന്നിലെത്തുമ്പോളവർ മുൻപു കൊന്നവർ
രക്ഷോഗണങ്ങളായ്ത്തീർന്നു, പശുക്കളെ
ഹിംസകരായുധത്താലെന്നപോലവേ,
കീറിക്കുടകുടെച്ചാടും ചുടുചോര
കോരിക്കുടിച്ചു പാടിക്കളിക്കുന്നിതേ. 32
കാട്ടിലോ നാട്ടിലോ ചെററുമുപദ്രവം
കാട്ടാത്ത ജന്തുക്കളെയുപായങ്ങളാൽ
വിശ്വസിപ്പിച്ചിട്ടു ഭക്ഷണം കിട്ടുമെ-
ന്നാശിച്ചടുത്തു വന്നീടുമവററയെ

ശൂലംതറച്ചോ കയറിൽക്കുരുക്കിയോ
മാലിയററിക്കളിക്കോപ്പുകളെന്നപോൽ
കൊണ്ടുനടക്കുന്ന നീചമനുഷ്യരെ
ദണ്ഡധരാലയംതന്നിൽ യമഭടർ
ശൂലമേററും, ക്ഷുൽപിപാസാർത്തി ചേർത്തിടും
ചീളെന്നു കങ്കവടാദിയാം പക്ഷികൾ
കൂർത്തമൂർത്തുള്ള തുണ്ഡങ്ങളാൽ ചുഴവും
കൊത്തിത്തുളച്ചിടുമേവം പലേവിധം
ഉൽക്കടദുഃഖങ്ങളേററററവർ ചെയ്ത
ദുഷ്കൃതമോരോന്നുമോർത്തു തപിച്ചിടും. 33
സർപ്പങ്ങളെന്നപോൽ പ്രാണികളിൽ പീഡ-
യേല്പിച്ചിടുമതിക്രൂരമനുഷ്യരെ
ദന്ദശൂകാഖ്യനരകത്തിലാഴ്ത്തിടും
മന്നവമൗലേ! യവരെയങ്ങപ്പൊഴേ
വ്യാളങ്ങ,ളഞ്ചുമേഴും ഫണമുള്ളവ
മാളജന്തുക്കളെപ്പോൽ വിഴുങ്ങുന്നിതേ. 34
നിർദ്ദയം പ്രാണികളേയന്ധഗഹ്വരം
വിത്തറതൊട്ടതിലിട്ടടയ്ക്കുന്നവൻ
അത്തരം സ്ഥാനങ്ങളിൽ വിഷാഗ്നിപ്പുക-
യേററിയതിലിട്ടടയ്ക്കപ്പെടുന്നിതേ. 35
ഇബ്ഭുവനത്തിലതിഥിവൃന്ദത്തെയു-
മപ്രകാരംതന്നെയഭ്യാഗതരെയും
പുഷ്ടരോഷം ദഹിപ്പിപ്പാനുറച്ചിടും-
മട്ടു പലകുറി പാപനേത്രങ്ങളാൽ
നോക്കും ഗൃഹസ്ഥന്റെ കണ്ണുകൾ രണ്ടുമ-
ക്കാക്ക കഴുകൻ പരുന്തുതൊട്ടുള്ളവ
ഉഗ്രനരകത്തിൽ വജ്രതുണ്ഡങ്ങളാൽ
ശക്തിയായ്ക്കൊത്തിപ്പറിച്ചെടുക്കുന്നിതു. 36
ആരൊരാളാഢ്യാഭിമാനിയായിട്ടഹം-
കാരിയായ് വക്രമായുള്ള നോട്ടത്തൊടും
എല്ലാററിലും ശങ്കയങ്കുരിച്ചിട്ടെനി-
ക്കില്ലാതെയായ്പ്പോം ധനമെന്ന ചിന്തയാൽ
ആനനവും നിജമാനസവും വര-
ണ്ടാനന്ദമെന്തെന്നറിവേതുമെന്നിയേ
ഭൂതംകണക്കു ധനം കാത്തു വാഴുമ-
പ്പാതകിയന്ത്യം പരേതപുരിപുക്കു
അർത്ഥസമ്പാദനസംരക്ഷണാദിയാ-
ലെത്തും മഹാദുരിതൗഘഫലമായി
സൂചീമുഖനരകത്തിൽ വീണീടു,മ-
ന്നീചനേയന്തകകിങ്കരരപ്പൊഴേ
തുന്നൽപ്പണിക്കാർവിധമവൻതന്നുടൽ
തുന്നിവരിഞ്ഞു നൂൽകൊണ്ടു കെട്ടുന്നിതേ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവംവിധാ നരകാ യമാലയേ സന്തി ശതശഃ സഹസ്രശ-സ്തേഷു സർവ്വേഷു ച സർവ്വ ഏവാധർമ്മവർത്തിനോ യേ കേചി-ദിഹോദിതാ അനുദിതാശ്ചാവനിപതേ പര്യായേണ വിശന്തി തഥൈവ ധർമ്മാനുവർത്തിന ഇതരത്ര ഇഹ തു പുനർഭവേ ത ഉഭയ-ശേഷാഭ്യാം നിവിശന്തി.

നിവൃത്തിലക്ഷണമാർഗ്ഗ ആദാവേവ വ്യാഖ്യാതഃ. 38

ഏതാവാനേവാണ്ഡകോശോ യശ്ചതുർദ്ദശധാ പുരാണേഷു വികല്പിത ഉപഗീയതേ യത്തദ് ഭഗവതോ നാരായണസ്യ സാ-ക്ഷാന്മഹാപുരുഷസ്യ സ്ഥവിഷ്ഠം രൂപമാത്മമായാഗുണമയ-മനുവർണ്ണിതമാദൃതഃ പഠതി ശൃണോതി ശ്രാവയതി സ ഉപഗേ-യം ഭഗവതഃ പരമാത്മനോഽഗ്രാഹ്യമപി ശ്രദ്ധാഭക്തിവിശുദ്ധ-ബുദ്ധിർവ്വേദ. 39

ശ്രുത്വാ സ്ഥൂലം തഥാ സൂക്ഷ്മം രൂപം ഭഗവതോ യതിഃ
സ്ഥൂലേ നിർജ്ജിതമാത്മാനം ശനൈഃ സൂക്ഷ്മം ധിയാ
നയേദിതി. 40

ഭൂദ്വീപവർഷസരിദദ്രിനഭഃസമുദ്ര-
പാതാളദിങ്നരകഭാഗണലോകസംസ്ഥാ
ഗീതാ മയാ തവ നൃപാദ്ഭുതമീശ്വരസ്യ
സ്ഥൂലം വപുഃ സകലജീവനികായധാമ. 41

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
നരകാനുവർണ്ണനം നാമ ഷഡ്വിംശതിതമോഽധ്യായഃ

സമാപ്തോഽയം പഞ്ചമസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്ഥം ശതസഹസ്രക്കണക്കിൽ കാല-
പത്തനംതന്നിൽ നരകങ്ങളേറെയാം.
ഞാൻ കഥിച്ചുള്ളോരുമല്ലാത്തവരുമായ്
ലോകത്തിലാളുമധർമ്മിഷ്ഠരാകവേ
ചെന്നുചേരുന്നുണ്ടിവയിലെല്ലാം മുറ-
യ്ക്കുന്നപോൽ ധർമ്മിഷ്ഠർ നാകലോകത്തിലും.
പുണ്യപാപാവശിഷ്ടത്തോടിവരൊക്കെ-
യിന്നരലോകത്തു വീണ്ടും ജനിപ്പൂതേ.
ചൊന്നുവല്ലോ ഭവാനോടു ഞാനാദ്യമേ-
തന്നെ സംസാരനിവൃത്തിമാർഗ്ഗം നൃപാ! 38
ബ്രഹ്മാണ്ഡമിത്രതാ,നീരേഴുഭാഗമായ്
നിർമ്മിതം സർവ്വപുരാണപ്രകീർത്തിതം.
ഈയണ്ഡകോശം ഭഗവാൻ പരൻപുമാ-
നായ സാക്ഷാലാദിനാരായണൻതന്റെ
മായാഗുണമയസ്ഥൂലസ്വരൂപമാ-
ണായതേവം വിസ്തരിച്ചേൻ യഥാക്രമം.
ആദരവോടിതു നേരേ പഠിക്കയു-
മോതുകയും കേട്ടുകൊൾകയും ചെയ്യുവോർ
ശ്രദ്ധയും ഭക്തിയും മൂലം പരിശുദ്ധ-
ബുദ്ധികളായ് പരം കീർത്തനയോഗ്യമായ്
അഗ്രാഹ്യമെങ്കിലുമപ്പരാത്മാവുതൻ
സൂക്ഷ്മരൂപത്തെയും നന്നായറിഞ്ഞിടും. 39
സ്ഥൂലസൂക്ഷ്മാകൃതിയെപ്പററി വേണ്ടതു-
പോലെ കേട്ടബ്ഭഗവൽസ്ഥൂലമൂർത്തിയിൽ
നന്നായുറച്ച മനം യതി, ബുദ്ധിയാൽ
മന്ദമന്ദം സൂക്ഷ്മരൂപത്തിലാക്കണം. 40
ഭൂപതേ! ഭൂമി, സരിത്തുക,ളഗ്നികൾ
ദ്വീപങ്ങൾ, വർഷങ്ങൾ, താരങ്ങൾ, ദിക്കുകൾ
ആകാശമണ്ഡല,മബ്ധികൾ, പാതാള-
ലോകം നരകങ്ങളെന്നിവ ചേർന്നിടും
പാരിൻ സ്ഥിതി ഭവാനോടു ചൊല്ലീടിനേൻ
ഭൂരമണാ! സർവ്വജീവൗഘധാമമായ്
ലാലസിക്കും ജഗദീശന്റെയദ്ഭുത-
സ്ഥൂലരൂപംതാനിതെന്നു ധരിക്കുക. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷഷ്ഠസ്കന്ധഃ

പ്രഥമോഽധ്യായഃ

രാജോവാച

നിവൃത്തിമാർഗ്ഗഃ കഥിത ആദൗ ഭഗവതാ യഥാ
ക്രമയോഗോപലബ്ധേന ബ്രഹ്മണാ യദസംസൃതിഃ. 1
പ്രവൃത്തിലക്ഷണശ്ചൈവ ത്രൈഗുണ്യവിഷയോ മുനേ!
യോഽസാവലീനപ്രകൃതേർഗ്ഗുണസർഗ്ഗഃ പുനഃ പുനഃ. 2
അധർമ്മലക്ഷണാ നാനാനരകാശ്ചാനുവർണ്ണിതാഃ
മന്വന്തരശ്ച വ്യാഖ്യാത ആദ്യഃ സ്വായംഭുവോ യതഃ. 3
പ്രിയവ്രതോത്താനപദോർവ്വംശസ്തച്ചരിതാനി ച
ദ്വീപവർഷസമുദ്രാദ്രിനദ്യുദ്യാനവനസ്പതീൻ. 4
ധരാമണ്ഡലസംസ്ഥാനം ഭാഗലക്ഷണമാനതഃ
ജ്യോതിഷാം വിവരാണാം ച യഥേദമസൃജദ്വിഭുഃ. 5
അധുനേഹ, മഹാഭാഗ, യഥൈവ നരകാന്നരഃ
നാനോഗ്രയാതനാന്നേയാത്തന്മേ വ്യാഖ്യാതുമർഹസി. 6

ശ്രീശുക ഉവാച

ന ചേദിഹൈവാപചിതിം യഥാംഹസഃ
കൃതസ്യ കുര്യാന്മന ഉക്തിപാണിഭിഃ
ധ്രുവം സ വൈ പ്രേത്യ നരകാനുപൈതി
യേ കീർത്തിതാ മേ ഭവതസ്തിഗ്മയാതനാഃ. 7
തസ്മാത് പുരൈവാശ്വിഹ പാപനിഷ്കൃതൗ
യതേത മൃത്യോരവിപദ്യതാഽഽത്മനാ
ദോഷസ്യ ദൃഷ്ട്വാ ഗുരുലാഘവം യഥാ
ഭിഷക് ചികിത്സേത രുജാം നിദാനവിത്. 8

രാജോവാച

ദൃഷ്ടശ്രുതാഭ്യാം യത്പാപം ജാനന്നപ്യാത്മനോഽഹിതം
കരോതി ഭൂയോ വിവശഃ പ്രായശ്ചിത്തമഥോ കഥം? 9
ക്വചിന്നിവർത്തതേഽഭദ്രാത് ക്വചിച്ചരതി തത് പുനഃ
പ്രായശ്ചിത്തമതോഽപാർത്ഥം മന്യേ കുഞ്ജരശൗചവത്. 10

ശ്രീശുക ഉവാച

കർമ്മണാ കർമ്മനിർഹാരോ ന ഹ്യാത്യന്തിക ഇഷ്യതേ
അവിദ്വദധികാരിത്വാത് പ്രായശ്ചിത്തം വിമർശനം. 11
നാശ്നതഃ പഥ്യമേവാന്നം വ്യാധയോഽഭിഭവന്തി ഹി
ഏവം നിയമകൃദ്രാജൻ! ശനൈഃ ക്ഷേമായ കല്പതേ. 12
തപസാ ബ്രഹ്മചര്യേണ ശമേന ച ദമേന ച
ത്യാഗേന സത്യശൗചാഭ്യാം യമേന നിയമേന ച. 13
ദേഹവാഗ്ബുദ്ധിജം ധീരാ ധർമ്മജ്ഞാഃ ശ്രദ്ധയാന്വിതാഃ
ക്ഷിപന്ത്യഘം മഹദപി വേണുഗുല്മമിവാനലഃ. 14
കേചിൽ കേവലയാ ഭക്ത്യാ വാസുദേവപരായണാഃ
അഘം ധുന്വന്തി കാർത്സ്ന്യേന നീഹാരമിവ ഭാസ്കരഃ. 15
ന തഥാ ഹ്യഘവാൻ, രാജൻ, പൂയേത തപ ആദിഭിഃ
യഥാ കൃഷ്ണാർപ്പിതപ്രാണസ്തത്പൂരുഷനിഷേവയാ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷഷ്ഠസ്കന്ധം

അദ്ധ്യായം 1

അജാമിളോപാഖ്യാനം

രാജാവു പറഞ്ഞു

ക്രമത്തിലഭ്യസിക്കും യോഗത്താൽ ബ്രഹ്മ-
ലോകം-
ഗമിച്ചിട്ടനായാസം ബ്രഹ്മാവിനോടുകൂടി
സംസാരവിമോചനമാർഗ്ഗത്തിലെത്താമെന്നു
സംശയം തീരുമാറു ചൊന്നല്ലോ മുനേ! ഭവാൻ. 1
സംസാരഹേതുവാകും പ്രകൃതിഗുണജന്യ-
വാസനലയിക്കാത്തോൻ മൃതനായ് പരലോകം
പ്രാപിച്ചു സുഖദുഃഖാദ്യങ്ങളെബ്ഭുജിച്ചഥ
പാപപുണ്യാവശേഷം മൂലമായ് വീണ്ടും മന്നിൽ
ജനനമരണങ്ങൾ മുറയ്ക്കു തുടർന്നീടും
ഗുണസർഗ്ഗപ്രവൃത്തിചിഹ്നവും കഥിച്ചിതു. 2
അധർമ്മം ചെയ്തോനനുഭവിച്ചീടേണ്ടും നാനാ-
വിധമാം നരകവും ക്രമത്തിൽ വിസ്തരിച്ചു
വർണ്ണിച്ചു ചൊല്ലി മന്വന്തരത്തെയതിലാദി-
മന്നനാം സ്വായംഭുവമനുവിനേയും ഭവാൻ. 3
ചൊന്നിതു പ്രിയവ്രത,നുത്താനപാദനെന്നീ-
മന്നവർതൻ ചരിത്രം, ശ്രേഷ്ഠമാം തദ്വംശവും
ഭുവിഭാഗങ്ങൾ, ശൈലദ്വീപങ്ങൾ, സരി-
പൂവനങ്ങളും തരുവർഗ്ഗമോഷധിവൃന്ദം [ത്തുകൾ
ഭാഗലക്ഷണമളവെന്നിവയെല്ലാമൊത്തു,
ഭൂഗോളത്തെയും ജ്യോതിഷ്പ്രകരത്തെയും
പിന്നെ
നരകത്തെയുമധോലോകങ്ങളേയും വിഭു
വിരചിച്ചിരിക്കുന്ന വിധവും ധരിപ്പിച്ചു. 4-5
എങ്ങനെയായാൽ മർത്ത്യൻ യാതനാസ്ഥാന-
തുംഗഭീകരങ്ങളാം നരകങ്ങളിലെങ്ങും [ങ്ങളായ്
സംഗമിക്കാതിരിക്കുമെന്നതും സർവ്വജ്ഞനാ-
മങ്ങുന്നു വിസ്തരിച്ചു ചൊന്നാലും മഹാഭാഗാ! 6

ശ്രീശുകൻ പറഞ്ഞു

വാക്കു, മാനസം, പാണിയിവയാലി-
ങ്ങാർന്നിടും
ദുഷ്കൃതങ്ങൾക്കു വിധിപോലെഴും പ്രായശ്ചിത്തം
ഇവിടെത്തന്നെ ചെയ്യാതിരിപ്പോൻ
കാലശേഷം
ധ്രുവം ഞാൻ ചൊന്ന ഘോരനരകങ്ങളിൽ
വീഴും. 7
അതിനാൽ ചാകുംമുമ്പേ, ദേഹത്തിൽ ക്ഷീണം
സമാ-
ഗതമായീടാത്തപ്പോൾ, പാപത്തിൻ
പ്രതിവിധി
ചെയ്യണം ശീഘ്രം രോഗകാരണം കണ്ടു
വൈദ്യൻ
കൈയോടാ ത്രിദോഷം പാർത്തുളം
ചികിത്സപോൽ. 8

രാജാവു പറഞ്ഞു

ദുഷ്കൃതം നിജശത്രുവെന്നതു കണ്ടും കേട്ടും
വ്യക്തമായ് ധരിച്ചിട്ടും പിന്നെയുമതുതന്നെ
മായാധീനനായെന്നും തുടർന്നു ചെയ്തീടുമ്പോൾ
പ്രായശ്ചിത്തത്താലുണ്ടോ വല്ലതും
പ്രയോജനം? 9
അല്പനേരത്തേക്കവനൊഴിയാമഭദ്രത്തി-
ന്നിപ്രതിവിധികൊണ്ടു, തുടർന്നു വീണ്ടും കർമ്മം
അപ്പുമാൻ ചെയ്തുമൂലമാനതൻ സ്നാനംപോലെ
നിഷ്ഫലമെന്നോർക്കുന്നേൻ പ്രായശ്ചിത്ത-
പ്രവൃത്തി. 10

ശ്രീശുകൻ പറഞ്ഞു

കർമ്മത്താലാത്യന്തികമായുള്ള കർമ്മനാശം
സന്മതേ! കഥിച്ചിട്ടില്ലോരുകിലാരുംതന്നെ
കൃച്ഛ്റചാന്ദ്രായണങ്ങൾ കർമ്മങ്ങളബുധർക്കു
വച്ചതാം, ജ്ഞാനംകൊണ്ടേ ദുഷ്കൃതമൊടുങ്ങീടൂ.
പഥ്യമാമന്നംതന്നെ ഭക്ഷിക്കും ജനങ്ങളെ
പൃഥ്വീനായകാ! വ്യാധി ബാധിക്കുന്നില്ല-
ആമട്ടു നിയമങ്ങളാചരിച്ചീടുവോനും [ന്നൂനം.
ക്ഷേമാർഹനായിബ്ഭവിച്ചിടുന്നു മെല്ലെ-
മെല്ലെ. 11-12
ശമവും, ദമം, തപോദാനങ്ങൾ, ബ്രഹ്മചര്യം,
യമവും, സത്യം, ശൗചം, നിയമമിത്യാദിയാൽ
ധർമ്മജ്ഞരായിദ്ധീരന്മാരാകും ശ്രദ്ധാലുക്കൾ
വാങ്മനോദേഹജാഘം മഹത്തെന്നിരിക്കിലും
മുളപ്പുൽക്കൂട്ടത്തിനെയഗ്നിയെന്നപോൽ ശീഘ്ര-
മിളാധിപതേ! പാടേ നശിപ്പിക്കുന്നുവല്ലോ.
13-14
വാസുദേവനെത്തന്നെ പരമാശ്രയമാക്കി
സംസേവിച്ചിട്ടു ചിലരേകാന്തഭക്തിയാലേ
ഭാസ്കരൻ ഹിമസമൂഹത്തെയെന്നതുപോലെ
ദുഷ്കൃതസംഘാതത്തെയൊക്കെയും ഹനി-
ക്കുന്നു. 15
അഘവാൻ ഭക്തജനസേവയാൽ സ്വ-
പ്രാണങ്ങൾ
ഭഗവാൻ മുകുന്ദനിലമായം സമർപ്പിച്ചു
പരിചിൽ നേടീടുന്ന സംശുദ്ധി കൊടുംതപം
ചിരമാചരിച്ചീടും യോഗിക്കും ലഭിച്ചിടാ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സധ്രീചിനോ ഹ്യയം ലോകേ പന്ഥാഃ ക്ഷേമോഽകുതോഭയഃ
സുശീലാഃ സാധവോ യത്ര നാരായണപരായണാഃ. 17

പ്രായശ്ചിത്താനി ചീർണ്ണാനി നാരായണപരാങ്മുഖം
ന നിഷ്പുനന്തി രാജേന്ദ്ര സുരാകുംഭമിവാപഗാഃ. 18

സകൃന്മനഃ കൃഷ്ണപദാരവിന്ദയോ-
ർന്നിവേശിതം തദ്ഗുണരാഗി യൈരിഹ
ന തേ യമം പാശഭൃതശ്ച തദ്ഭടാൻ
സ്വപ്നേഽപി പശ്യന്തി ഹി ചീർണ്ണനിഷ്കൃതാഃ. 19

അത്ര ചോദാഹരന്തീമമിതിഹാസം പുരാതനം
ദൂതാനാം വിഷ്ണുയമയോഃ സംവാദസ്തം നിബോധ മേ. 20

കാന്യകുബ്ജേ ദ്വിജഃ കശ്ചിദ്ദാസീപതിരജാമിളഃ
നാമ്നാ നഷ്ടസദാചാരോ ദാസ്യാഃ സംസർഗ്ഗദൂഷിതഃ. 21

ബന്ദ്യക്ഷകൈതവൈശ്ചൗര്യൈർഗ്ഗർഹിതാം വൃത്തിമാസ്ഥിതഃ
ബിഭ്രത് കുടുംബമശുചിര്യാതയാമാസ ദേഹിനഃ. 22

ഏവം നിവസതസ്തസ്യ ലാളയാനസ്യ തത്സുതാൻ
കാലോഽത്യഗാന്മഹാൻ രാജന്നഷ്ടാശീത്യായുഷഃ സമാഃ. 23

തസ്യ പ്രവയസഃ പുത്രാ ദശ തേഷാം തു യോഽവമഃ
ബാലോ നാരായണോ നാമ്നാ പിത്രോശ്ച ദയിതോ ഭൃശം. 24

സ ബദ്ധഹൃദയസ്തസ്മിന്നർഭകേ കളഭാഷിണി
നിരീക്ഷമാണസ്തല്ലീലാം മുമുദേ ജരഠോ ഭൃശം. 25

ഭുഞ്ജാനഃ പ്രപിബൻ ഖാദൻ ബാലകസ്നേഹയന്ത്രിതഃ
ഭോജയൻ പായയൻ മൂഢോ ന വേദാഗതമന്തകം. 26

സ ഏവം വർത്തമാനോഽജ്ഞോ മൃത്യുകാല ഉപസ്ഥിതേ
മതിം ചകാര തനയേ ബാലേ നാരായണാഹ്വയേ. 27

സ പാശഹസ്താംസ്ത്രീൻ ദൃഷ്ട്വാ പുരുഷാൻ ഭൃശദാരുണാൻ
വക്രതുണ്ഡാനൂർദ്ധ്വരോമ്ണ ആത്മാനം നേതുമാഗതാൻ 28

ദൂരേ ക്രീഡനകാസക്തം പുത്രം നാരായണാഹ്വയം
പ്ലാവിതേന സ്വരേണോച്ചൈരാജുഹാവാകുലേന്ദ്രിയഃ. 29

നിശമ്യ മ്രിയമാണസ്യ ബ്രുവതോ ഹരികീർത്തനം
ഭർത്തുർന്നാമ, മഹാരാജ, പാർഷദാഃ സഹസാഽപതൻ. 30

വികർഷതോഽന്തർഹൃദയാദ്ദാസീപതിമജാമിളം
യമപ്രേഷ്യാൻ വിഷ്ണുദൂതാ വാരയാമാസുരോജസാ. 31

ഊചുർന്നിഷേധിതാസ്താംസ്തേ വൈവസ്വതപുരസ്സരാഃ
''കേ യൂയം പ്രതിഷേദ്ധാരോ ധർമ്മരാജസ്യ ശാസനം. 32

കസ്യ വാ കുത ആയാതാഃ കസ്മാദസ്യ നിഷേധഥ
കിം ദേവാ ഉപദേവാ വാ യൂയം കിം സിദ്ധസത്തമാഃ. 33

സർവ്വേ പദ്മപലാശാക്ഷാ പീതകൗശേയവാസസഃ
കിരീടിനഃ കുണ്ഡലിനോ ലസത്പുഷ്കരമാലിനഃ 34

സർവ്വേ ച നൂത്നവയസഃ സർവ്വേ ചാരുചതുർഭുജാഃ
ധനുർന്നിഷങ്ഗാസിഗദാശങ്ഖചക്രാംബുജശ്രിയഃ 35

ദിശോ വിതിമിരാ ലോകാഃ കുർവ്വന്തഃ സ്വേന രോചിഷാ
കിമർത്ഥം ധർമ്മപാലസ്യ കിങ്കരാന്നോ നിഷേധഥ.'' 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖസാധകമായിട്ടു കതോഭയമായി-
പ്പുകഴുമിതൊന്നുതാൻ മുക്തിക്കു മുഖ്യമാർഗ്ഗം
സത്സ്വഭാവാദി ഗുണോപേതരാം സാധുക്കളെ-
ണ്ണിസ്സരണിയിൽ സ്വാർത്ഥരഹിതം സഹാ-
യിക്കാൻ. 17

ധാരാളം പ്രായശ്ചിത്തകർമ്മങ്ങളാം ചെയ്തീടിലും
നാരായണസ്വാമിയിൽ ഭക്തിയററിട്ടവോനെ
ശുദ്ധിയാക്കീട്ടന്നില്ല വാഹിനീപൂരം ചെററും
മദ്യകുംഭത്തെയെന്നവിധത്തിൽ നരേശ്വരാ! 18
മാധവഗുണരതം മാനസമൊരിക്കൽ തത്-
പാദാബ്ജമധുലിതയത്തിലർപ്പിക്കിൽ
പ്രായശ്ചിത്തം
അതുതാൻ, സ്വപ്നത്തിലും പിന്നവൻ
പേടിക്കേണ്ട
കൃതാന്തനേയും പാശധരകിങ്കരരേയും. 19
ഇതിനായിപ്പോളുദാഹരിക്കാം പുരാതന-
മിതിഹാസം ഞാൻ യമവിഷ്ണുദൂതന്മാർ തമ്മിൽ
നടന്ന സംവാദത്തിൻരൂപമാർന്നിട്ടമിതു
വടിവോടെന്നിൽനിന്നും ധരിക്ക
ധരാപതേ! 20

കാന്യകുബ്ജാഖ്യമായ പുരത്തിലജാമിള-
നെന്നൊരു ധരാസുരനുണ്ടായിരുന്നു മുന്നം.
ഭാര്യയായ് വച്ചാനൊരു ദാസിയെയദ്ദേഹ,മാ-
നാരിതൻ സംസർഗ്ഗത്താൽ ദൂഷിതചിത്തനായി
സന്ധ്യാവന്ദനാദികർമ്മപോലുമേ വിസ്മരിച്ചു
സന്തതം ദുരാചാരപരനായ്ത്തീർന്നീടിനാൻ.21
ചൂതാട്ടം,കള്ളം,കൊള്ള,വഞ്ചനയെന്നിങ്ങനെ-
യേതു ദുഷ്കൃത്യങ്ങളും നടത്തിധനമാർന്നു
കുടുംബംപുലർത്തിയും ശൗചാദി തീരെ വിട്ടും
തുടർന്നും ജന്തുദ്രോഹം കഴിച്ചീടിനാൻ കാലം.22
ഈമട്ടു നിന്ദ്യകർമ്മം തുടർന്നുമദ്ദാസിത-
ന്നോമനക്കുഞ്ഞുങ്ങളെ ലാളിച്ചുമനുവേലം
നീണ്ടതായീടും നിജായുസ്സിലമെൺപത്തിയെ-
ട്ടാണ്ടുകൾ താണ്ടീടിനാനദ്ധരാദേവൻ, നൃപാ!23
പത്തുനന്ദനന്മാരദ്ദാസിയിൽ വൃദ്ധനാക-
മാദ്വിജന്നുണ്ടായിരുന്നവരിൽ കനിഷ്ഠനാം
നാരായണാഭിഖ്യനിൽ മററു പുത്രരേക്കാളും
കൂറേറിയിരുന്നിതത്താതനും മാതാവിനും. 24
കൊഞ്ചച്ചൊല്ലിയലുമമ്മഞ്ജുളകിശോരനിൽ
രഞ്ജിപ്പിച്ചന്തരംഗ,മവൻെറ ലീലയെല്ലാം
എപ്പൊഴുമടുത്തുതാനിരുന്നു വീക്ഷിച്ചുകൊ-
ണ്ടപ്പെട്ടവൃദ്ധനേററമാനന്ദമാർന്നീടിനാൻ. 25
ഊണിനു ഭാവിക്കയോ വല്ലതും ഭക്ഷിക്കയോ
പാനീയംകഴിക്കയോ ചെയ്യുന്നനേരമെല്ലാം
കൂടെത്താനിരുത്തിയക്കുഞ്ഞിനു കൂറാർന്നേകും
മൂഢൻ ചെറ്ററിഞ്ഞീല മൃത്യുവെത്തിയ-
കാര്യം. 26

കാലമീയജ്ഞനേവം കഴിച്ചുപോന്നീടവേ
കാലനമൊരുനാളിലടുത്തുകൂടീടിനാൻ.
അപ്പൊഴും നാരായണനെന്ന പുത്രനെത്തന്നെ-
യുരംപ്പുവിൽ സ്മരിച്ചുകൊണ്ടിരുന്നാൻ വൃദ്ധ-
ദ്വിജൻ. 27
വക്രമാം വക്ത്രങ്ങളുമുയർന്ന രോമങ്ങളു-
മുഗ്രമാം മൂർത്തികളുമാർന്നു പാശവുമേന്തി
തന്നെയും കെട്ടിയുരുട്ടിക്കൊണ്ടുപോകുവാനായി
വന്നതാം യമഭൃത്യർ മൂവരെക്കണ്ടപ്പോഴേ
പേടിച്ചുവിറച്ചു തന്നിന്ദ്രിയമാകെത്തള-
ർന്നാടലോടക്കിടപ്പിൽക്കിടന്നുകൊണ്ടുതന്നെ
ദൂരത്തിൽനിന്നു കളിച്ചീടും തൻതനുജനാം
നാരായണനെ നീട്ടിയൊന്നുച്ചംവിളിച്ചിതേ.
28_29
ആ വിളികേട്ടു പെട്ടെന്നെത്തിനാർ നാരായണ-
ദേവൻതൻ പാർഷദന്മാരവൻെറ സമീപത്തിൽ
മൃത് കാലത്താവൃദ്ധൻ വിളിച്ചതവർക്കെഴും
പതിയാം ഭഗവാനെത്തന്നെയെന്നോർത്താ-
രവർ. 30
ദാസീവല്ലഭനാകുമാ മഹീദേവൻതൻെറ
സൂക്ഷ്മാംഗം ഹൃദയാന്തർഭാഗത്തുനിന്നക്ഷണം
വലിച്ചെടുത്തീടുമാ യമകിങ്കരന്മാരെ
ബലത്താൽ നിരോധിച്ചാർ വൈഷ്ണവ-
പാർഷദന്മാർ. 31
ഉടനെ യമഭടർ, ''ധർമ്മരാജൻെറയാജ്ഞ-
തടഞ്ഞീടുന്ന നിങ്ങളാരെ''ന്നു ചോദിച്ചിതു. 32
''ആരുടെയാളുകാർ നിങ്ങ,ളെവിടെനിന്നു
വന്നോർ,
കാരണമെന്തിവൻെറ ബന്ധനം നിരോധിപ്പാൻ?
സുരരോ നിങ്ങളുപസുരരോ പക്ഷേ, സിദ്ധ-
വരരിലാരെങ്കിലുമായിരിക്കുമോ
ചൊൽവിൻ! 33
ഏവരും നിങ്ങൾ പദ്മദലലോചനർ മഞ്ഞ-
പ്പൂവുടയാട ഭംഗ്യാ ധരിച്ചു ശോഭിക്കുവോർ.
കുണ്ഡലകിരീടങ്ങൾ താമരപ്പൂമാലയു-
മൊന്നുപോലെല്ലാരിലും കാണുന്നു യുവത്വവും.
എല്ലാർക്കും നാലുകൈകളുണ്ടതിലോരോന്നിലും
വില്ലാ,വനാഴി, ശംഖചക്രങ്ങൾ,സി,പദ്മം,
ഗദയുമാർന്നു ശോഭിക്കുന്നിതു ദിക്കൊക്കെയും
മതിരുമന്ധകാരം മഹസ്സാൽ സംഹരിപ്പു.
എന്നല്ലക്കാന്തിവിശേഷത്തിനാൽ കണ്ണ-
ഞ്ചിയി-
ട്ടന്യവസ്തുക്കളൊന്നും ഞങ്ങൾക്കു കാണാനാകാ.
അങ്ങനെയുള്ള നിങ്ങളാരാണീ ധർമ്മപാല-
കിങ്കരന്മാരെ നിങ്ങളെന്തിനു
തടുക്കുന്നു?'' 34-36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

ഇത്യുക്താസ്തേ യമദൂതൈസ്തേ വാസുദേവോക്തകാരിണഃ
താൻ പ്രത്യൂചുഃ പ്രഹസ്യേദം മേഘനിർഹ്രാദയാ ഗിരാ. 37

വിഷ്ണുദൂതാ ഊചുഃ

യൂയം വൈ ധർമ്മരാജസ്യ യദി നിർദേശകാരിണഃ
ബ്രൂത ധർമ്മസ്യ നസ്തത്ത്വം യച്ച ധർമ്മസ്യ ലക്ഷണം. 38

കഥംസ്വിദ് ധ്രിയതേ ദണ്ഡഃ കിം വാസ്യ സ്ഥാനമീപ്സിതം
ദണ്ഡ്യാഃ കിം കാരിണഃ സർവ്വേ ആഹോസ്വിത്
കതിചിന്നൃണാം. 39

യമദൂതാ ഊചുഃ

വേദപ്രണിഹിതോ ധർമ്മോ ഹ്യധർമ്മസ്തദ്വിപര്യയഃ
വേദോ നാരായണഃ സാക്ഷാത്സ്വയംഭൂരിതി ശുശ്രുമ. 40

യേന സ്വധാമ്ന്യമീ ഭാവാ രജഃസത്ത്വതമോമയാഃ
ഗുണനാമക്രിയാരൂപൈർവ്വിഭാവ്യന്തേ യഥാതഥം. 41

സൂര്യോഽഗ്നിഃ ഖം മരുദ്ദേവഃ സോമഃ സന്ധ്യാഹനീ ദിശഃ
കം കഃ കാലോ ധർമ്മ ഇതി ഹ്യേതേ ദൈഹ്യസ്യ സാക്ഷിണഃ 42

ഏതൈരധർമ്മോ വിജ്ഞാതഃ സ്ഥാനം ദണ്ഡസ്യ യുജ്യതേ
സർവ്വേ കർമ്മാനുരോധേന ദണ്ഡമർഹന്തി കാരിണഃ. 43

സംഭവന്തി ഹി ഭദ്രാണി വിപരീതാനി ചാനഘാഃ
കാരിണാം ഗുണസങ്ഗോഽസ്തി ദേഹവാൻ ന ഹ്യകർമ്മകൃത്. 44

യേന യാവാൻ യഥാധർമ്മോ ധർമ്മോ വേഹ സമീഹിതഃ
സ ഏവ തത്ഫലം ഭുങ്ക്തേ തഥാ താവദമുത്ര വൈ. 45

യഥേഹ ദേവപ്രവരാസ്ത്രൈവിധ്യമുപലഭ്യതേ
ഭൂതേഷു ഗുണവൈചിത്ര്യാത്തഥാന്യത്രാനുമീയതേ. 46

വർത്തമാനോഽന്യയോഃ കാലോ ഗുണാഭിജ്ഞാപകോ യഥാ
ഏവം ജന്മാന്യയോരേതദ്ധർമ്മാധർമ്മനിദർശനം. 47

മനസൈവ പുരേ ദേവഃ പൂർവ്വരൂപം വിപശ്യതി
അനുമീമാംസതേഽപൂർവ്വം മനസാ ഭഗവാനജഃ. 48

യഥാജ്ഞസ്തമസാ യുക്ത ഉപാസ്തേ വ്യക്തമേവ ഹി
ന വേദ പൂർവ്വമപരം നഷ്ടജന്മസ്മൃതിസ്തഥാ. 49

പഞ്ചഭിഃ കുരുതേ സ്വാർത്ഥാൻ പഞ്ച വേദാഥ പഞ്ചഭിഃ
ഏകസ്തു ഷോഡശേന ത്രീൻ സ്വയം സപ്തദശോഽശ്നുതേ. 50

തദേതത് ഷോഡശകലം ലിങ്ഗം ശക്തിത്രയം മഹത്
ധത്തേഽനുസംസൃതിം പുംസി ഹർഷശോകഭയാർത്തിദാം. 51

ദേഹ്യജ്ഞോഽജിതഷഡ്വർഗ്ഗോ നേച്ഛൻ കർമ്മണി കാര്യതേ
കോശകാര ഇവാത്മാനം കർമ്മണാഽഽച്ഛാദ്യ മുഹ്യതി. 52

ന ഹി കശ്ചിത് ക്ഷണമപി ജാതു തിഷ്ഠത്യകർമ്മകൃത്
കാര്യതേ ഹ്യവശഃ കർമ്മ ഗുണൈഃ സ്വാഭാവികൈർബ്ബലാത്. 53

ലബ്ധ്വാ നിമിത്തമവ്യക്തം വ്യക്താവ്യക്തം ഭവത്യുത
യഥായോനി യഥാബീജം സ്വഭാവേന ബലീയസാ. 54

ഏഷ പ്രകൃതിസങ്ഗേന പുരുഷസ്യ വിപര്യയഃ
ആസീത് സ ഏവ നചിരാദീശസങ്ഗാദ്വിലീയതേ. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു
യമദൂതന്മാരേവം ചൊല്ലവേ വിഷ്ണുഭൃത്യർ
സമന്ദഹാസമിടിവെട്ടിടുംമട്ടിൽ ചൊന്നാർ. 37
ധർമ്മരാജാവിന്നനുചരന്മാർ നിങ്ങളെങ്കിൽ
ധർമ്മത്തെസ്സലക്ഷണം ഞങ്ങളോടോതീ-
ടുവിൻ! 38
ദണ്ഡത്തെ നടത്തുന്നതെങ്ങനെ? യതിലേക്കു-
ചേർന്നതാം സ്ഥാനമേതു? പ്രവർത്തിപ്പവരെല്ലാം
ദണ്ഡ്യരോ ചൊല്ലീടുവിനല്ലെന്നിരിക്കിൽ
മർത്ത്യ-
വൃന്ദത്തിൽച്ചിലർ മാത്രമെന്നായി വന്നീ-
ടുമോ? 39

യമദൂതന്മാർ പറഞ്ഞു
വേദത്തിൽ വിധിച്ചതു ധർമ്മവുമല്ലാതുള്ള-
തേതുമേയധർമ്മവുമെന്നു,മാവിധം തന്നെ
വേദമാ സ്വയംഭൂവാം വിഷ്ണുവാണെന്നും
ഞങ്ങൾ
സാദരം ധർമ്മദേവനരുളിക്കേട്ടിരിപ്പൂ. 40
പരിചിൽ ഗുണനാമക്രിയാരൂപങ്ങളാലാ-
രൊരുവൻ സ്വധാമത്തിൽ ത്രിഗുണരൂപമാളും
ശരീരങ്ങളെയെല്ലാം ശരിയാംവണ്ണം നിർമ്മി-
ച്ചിരിക്കുന്നുവോ? പാർക്കിലവനാം നാരാ-
യണൻ. 41
മാർത്താണ്ഡൻ,മരുത്തഗ്നി,യാകാശം,സോമൻ
- ഹൃത്തും
രാത്രിയും പകൽ, സന്ധ്യാദ്വിതയം, ജലം,ഭൂമി,
കാലവും ധർമ്മദേവനെന്നിവരെല്ലാം ജീവി-
ജാലത്തിൻ സാക്ഷികളായല്ലയോ നില്ക്കു-
ന്നതും? 42
ഇവർ നേർക്കറിയുന്നുണ്ടധർമ്മ,മധർമ്മത്തിൻ-
പ്രവർത്തകന്മാരത്രേ ദണ്ഡ്യരായ് ഭവിപ്പതും.
എല്ലാരും താന്താങ്ങൾതൻ കർമ്മങ്ങൾക്കൊത്ത-
വണ്ണം
കില്ലെന്നേ്യയനുഭവിച്ചീടുന്നുവല്ലോ ദണ്ഡം. 43
അനഘന്മാരേ! കർമ്മാധീനരായവർക്കെല്ലാം
ഗുണസങ്ഗത്താൽ ശുഭാശുഭകർമ്മങ്ങളുണ്ടാം.
ചിന്തിക്കിലുടലെടുത്തവരിലാർക്കും കർമ്മം
സന്ത്യജിക്കുവാൻ സാധിച്ചീടുകയില്ല
നൂനം. 44
ഏതൊരാളെത്രത്തോളമധർമ്മധർമ്മങ്ങളെ-
യേതേതുവിധമെല്ലാം ചെയ്തീടുമപ്രകാരം
അത്രയ്ക്കുമതിൻ ഫലമവൻതാൻ പരലോക-
മെത്തിയങ്ങനുഭവിച്ചീടണം തർക്കമില്ല. 45
ഇവിടെസ്സുഖി, ദുഃഖി, സമ്മിശ്രസുഖദുഃഖൻ
ത്രിവിധമേവം ഭേദം കാണുന്നതുപോലെതന്നെ
പരലോകത്തും ഗുണവൈചിത്ര്യംനിമിത്ത-
മായ്
ശരിയായനുമാനിച്ചീടുന്നു സുരന്മാരേ! 46
വർത്തമാനമാംകാലം ഭൂതഭാവ്യങ്ങളുടെ ഗുണം
പ്രത്യക്ഷമാക്കീടുവതെങ്ങനെയതുപോലെ
ജന്മമിതോർത്താൽ ഭൂതഭാവിജന്മങ്ങളിലെ
ധർമ്മാധർമ്മൗഘപ്രതിബിംബനംതന്നെയല്ലോ.
47
സതതമജനാകും ഭഗവാൻ പ്രാണിവർഗ്ഗ-
ഹൃദയനിവാസിയായ് മനസ്സുകൊണ്ടുതന്നെ
പൂർവ്വരൂപത്തെസ്സവിശേഷമായ് വീക്ഷിക്കയും
ഭാവിയെയനുമാനിക്കുകയും ചെയ്യുന്നിതേ. 48
അന്ധകാരൗഘാവൃതൻ ജീവി കാണ്മതി-
നെത്താൻ
സന്തതം സേവിക്കുന്നിതജ്ഞനുമതുപോലെ
ജനനസ്മൃതിനശിച്ചവനായ്ക്കഴിഞ്ഞതു-
മിനിമേൽ വരുന്നതുമറിയുന്നില്ലേതുമേ. 49
കർമ്മേന്ദ്രിയങ്ങളഞ്ചാലേകനായിടും ജീവൻ
കർമ്മങ്ങൾ ചെയ്തീടുന്നു, പഞ്ചജ്ഞാനേന്ദ്രിയ-
ത്താൽ
ബോധിപ്പൂ രൂപാദികളിങ്ങനെ പത്തിന്ദ്രിയം,
ചേതസ്സു,വിഷയങ്ങളഞ്ചേവം പതിനാറും
ചേർന്നിടും പതിനേഴാമത്തവൻ ഭുജിപ്പൂ സ-
ർവ്വേന്ദ്രിയമനോവൃത്തി വിഷയങ്ങളെയെല്ലാം.
50
കലകൾ പതിനാറും ശക്തികൾ മൂന്നുംകൂടി-
ക്കലർന്നിട്ടാദിയററതാകുമീ ലിങ്ഗദേഹം
ജീവനു തോഷം ശോകം ഭയാർത്തിയെന്നി-
തെല്ലാം
കൈവരുത്തുന്നതായ സംസാരമുണ്ടാക്കുന്നു. 51
ഷഡ്വർഗ്ഗം ജയിക്കാത്ത ജീവിയെക്കൊണ്ടുവന്നു-
തിഷ്ടമല്ലെന്നാകിലും കർമ്മങ്ങൾ ചെയ്യിക്കുന്നു.
കൂടു തീർത്തതിൽ കീടമെന്നപോലവേ കർമ്മ-
കോടിയാലാത്മാവിനെ മൂടി മോഹിപ്പൂ ദേഹി.
52
ആരുമേ കർമ്മം ചെയ്യാതിരിക്കുന്നില്ലിങ്ങൊരു-
നേരവും ക്ഷണംപോലുമോർക്കിൽ സുരന്മാരേ!
ചാലവേ സ്വാഭാവികഗുണങ്ങൾ ബലാൽ
ജീവി-
ജാലത്തെക്കൊണ്ടെപ്പോഴും കർമ്മങ്ങൾ
ചെയ്യിക്കുന്നു. 53
അദൃഷ്ടനിമിത്തത്തെയാശ്രയിച്ചിടും ദേഹി
നിതാന്തം സ്വന്തമാകും വാസനാബലത്തി-
നാൽ
അമ്മതൻ മെയ്യോടൊക്കും സ്ത്രീശരീരമോ താത-
സമ്മിതപുരുഷാങ്ഗംതന്നെയോ ധരിക്കുന്നു.
54
ഈ വിപരീതഭാവം മായാസങ്ഗത്താലത്രേ
ജീവനു ഭവിച്ചതെന്നുള്ളതു തീർച്ചതന്നെ.
ഈശ്വരസംസർഗ്ഗത്താലായവൻ ക്ഷണംകൊണ്ടു
ശാശ്വതമാകും പദം പ്രാപിച്ചീടുന്നു നൂനം. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം ഹി ശ്രുതസമ്പന്നഃ ശീലവൃത്തഗുണാലയഃ
ധൃതവ്രതോ മൃദുർദ്ദാന്തഃ സത്യവാന്മന്ത്രവിച്ഛുചിഃ. 56
ഗുർവ്വഗ്ന്യതിഥിവൃദ്ധാനാം ശുശ്രൂഷുരനഹംകൃതഃ
സർവ്വഭൂതസുഹൃത്സാധുർമ്മിതവാഗനസൂയകഃ. 57
ഏകദാസൗ വനം യാതഃ പിതൃസന്ദേശകൃദ്ദ്വിജഃ
ആദായ തത ആവൃത്തഃ ഫലപുഷ്പസമിത്കുശാൻ. 58
ദദർശ കാമിനം കഞ്ചിച്ഛൂദ്രം സഹ ഭുജിഷ്യയാ
പീത്വാ ച മധു മൈരേയം മദാഘൂർണ്ണിതനേത്രയാ. 59
മത്തയാ വിശ്ലഥന്നീവ്യാ വ്യപേതം നിരപത്രപം
ക്രീഡന്തമനുഗായന്തം ഹസന്തമനയാന്തികേ. 60
ദൃഷ്ട്വാ താം കാമലിപ്തേന ബാഹുനാ പരിരംഭിതാം
ജഗാമ ഹൃച്ഛയവശം സഹസൈവ വിമോഹിതഃ. 61
സ്തംഭയന്നാത്മനാഽഽത്മാനം യാവത്സത്ത്വം യഥാശ്രുതം
ന ശശാക സമാധാതും മനോ മദനവേപിതം. 62
തന്നിമിത്തസ്മരവ്യാജഗ്രഹഗ്രസ്തോ വിചേതനഃ
താമേവ മനസാ ധ്യായൻ സ്വധർമ്മാദ്വിരരാമ ഹ. 63
താമേവ തോഷയാമാസ പിത്ര്യേണാർത്ഥേന യാവതാ
ഗ്രാമ്യൈർമ്മനോരമൈഃ കാമൈഃ പ്രസീദേത യഥാ തഥാ. 64
വിപ്രാം സ്വഭാര്യാമപ്രൗഢാം കുലേ മഹതി ലംഭിതാം
വിസസർജ്ജാചിരാത് പാപഃ സ്വൈരിണ്യാപാങ്ഗ്-
വിദ്ധധീഃ. 65
യതസ്തതശ്ചോപനിന്യേ ന്യായതോഽന്യായതോ ധനം
ബഭാരാസ്യാഃ കുടുംബിന്യാഃ കുടുംബം മന്ദധീരയം. 66
യദസൗ ശാസ്ത്രമുല്ലംഘ്യ സ്വൈരചാര്യാര്യഗർഹിതഃ
അവർത്തത ചിരം കാലമഘായുരശുചിർമ്മലാത്. 67
തത ഏനം ദണ്ഡപാണേഃ സകാശം കൃതകില്ബിഷം
നേഷ്യാമോഽകൃതനിർവ്വേശം യത്ര ദണ്ഡേന ശുദ്ധ്യതി. 68

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
അജാമിളോപാഖ്യാനേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച
ഏവം തേ ഭഗവദ്ദൂതാ യമദൂതാഭിഭാഷിതം
ഉപധാര്യാഥ താൻ രാജൻ പ്രത്യാഹുർന്നയകോവിദാഃ. 1

വിഷ്ണുദൂതാ ഊചുഃ
അഹോ കഷ്ടം! ധർമ്മദൃശാമധർമ്മഃ സ്പൃശതേ സഭാം
യത്രാദണ്ഡ്യേഷ്വപാപേഷു ദണ്ഡോ യൈർദ്ധ്രിയതേ വൃഥാ. 2
പ്രജാനാം പിതരോ യേ ച ശാസ്താരഃ സാധവഃ സമാഃ
യദി സ്യാത്തേഷു വൈഷമ്യം കം യാന്തി ശരണം പ്രജാഃ. 3
യദ്യദാചരതി ശ്രേയാനിതരസ്തത്തദീഹതേ
സ യത്പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ. 4
യസ്യാങ്കേ ശിര ആധായ ലോകഃ സ്വപിതി നിർവൃതഃ
സ്വയം ധർമ്മമധർമ്മം വാ ന ഹി വേദ യഥാ പശുഃ. 5
സ കഥം ന്യർപ്പിതാത്മാനം കൃതമൈത്രമചേതനം
വിസ്രംഭണീയോ ഭൂതാനാം സഘൃണോ ദ്രോഗ്ദ്ധുമർഹതി. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദ്ധരാസുരൻ ശ്രുതസമ്പന്നൻ, ഗുണശീല–
വൃത്തഭാജനം, മൃദുമാനസൻ, ജിതേന്ദ്രിയൻ
സത്യഭാഷണൻ, മന്ത്രവിജ്ഞാനി, വ്രതനിഷ്ഠ,–
നെന്തയും വിശുദ്ധനമായിരുന്നിതു മുന്നം. 56
അതിഥി,യഗ്നി, വൃദ്ധ,നാചാര്യനിക്കൂട്ടരെ–
യതിയായ് പൂജിക്കുവോ,നെല്ലാക്കും
ഹിതകരൻ,
മിതവാ,ക്കസൂയയില്ലാത്തവൻ, സാധു,വഹം–
മതി ലേശവുമില്ലാത്തവനമായിരുന്നു. 57
ഒരുനാളിവൻ പിതൃകല്പന സമാദരി–
ച്ചരണ്യംപ്രവേശിച്ചു പൂക്കളും ഫലങ്ങളും
സമിത്തും ദർഭപ്പുല്ലും വേണ്ടതു സംഗ്രഹിച്ചി–
ട്ടമന്ദം വീട്ടിലേക്കു മടങ്ങിവന്നിടുമ്പോഠം, 58
മധുമൈരേയം പാരം കുടിച്ചു മദത്തിനാ–
ലതിയായ് കണ്ണുരണ്ടുമിളക്കി മത്തയായി
പുടവക്കുത്തഴിഞ്ഞതറിയാത്തോരു ദാസി–
മുടിമുത്തോടുചേർന്നു വഴിയിലിരുന്നുതാൻ
നാണമെന്നിയേ പാടിക്കളിച്ചു രസിച്ചിടും
ഹീനനം കാമിയുമാമൊരു ശൂദ്രനെക്കണ്ടാൻ.
59-60

കാമോദ്ദീപകങ്ങളും മണവസ്തുക്കളാലും
കോമളബാഹുക്കളാലവനാശ്ലേഷിച്ചിടും
ആ ദാസിതന്നെക്കണ്ടു പെട്ടെന്നു മോഹംപൂണ്ടു
മേദിനീദേവൻ കാമാധീനനായ്ത്തീർന്നീ–
ടിനാൻ. 61
പെട്ടെന്നു മോഹിച്ചുപോയീടിലും ധൈര്യം
കൊണ്ടും
കിട്ടിയ ശാസ്ത്രജ്ഞാനംകൊണ്ടുമിമ്മഹീസുരൻ
മന്മഥോന്മഥിതം തന്മാനസമടക്കുവാൻ
നന്നട്ടു യത്നംചെയ്യാൻ ഫലിച്ചില്ലെന്നേവേണ്ടു.
62
അവളെസ്സന്ദർശിച്ചകാരണം സ്വരച്ഛലാ–
ലിവനെത്തത് പ്രാരബ്ധദേവത ബാധിക്കയാൽ
ചിന്തയറ്റവളെത്താൻ സന്തതം ധ്യാനംചെയ്യാ–
ഹന്ത! തൻകലധർമ്മമാകവേ സന്ത്യജിച്ചാൻ. 63
പിതൃസ്വത്തവന്നുണ്ടായിരുന്ന തശേഷമി–
സ്സുദതീപ്രസാദാർത്ഥം ചെലവുചെയ്തീടിനാൻ.
അവഠംക്കിഷ്ടമാം ഗ്രാമ്യവിഷയങ്ങളിൽത്തന്നെ
പ്രവർത്തിക്കയുംചെയ്യാനെപ്പൊഴുമീ–
ബ്രാഹ്മണൻ. 64
പാംസുലയായീടുമദ്ദാസിമാർമണിയുടെ
ഭാസുരാപാങ്ഗങ്ങളാൽ ഭിന്നമാനസനായി
അപ്രൗഢയായി ശ്രേഷ്ഠവംശജയായിടുംതൻ–
വിപ്രപത്നിയെക്കൂടി ത്യജിച്ചീടിനാനിവൻ. 65
ന്യായവുമന്യായവുമായിടും മാർഗ്ഗങ്ങളി–
ലായപോൽ ധനം നേടിക്കൊണ്ടുചെന്നെല്ലാ–
നാളും
ദാസിയായ്ക്കുടുംബിനിയാമവളാംതൻ കുടുംബം
ക്ലേശമേശാതെ പോററിപ്പോന്നിതി–
ബ്ഭോഷാഗ്രണി. 66
ശാസ്ത്രമര്യാദ ലംഘിച്ചിഷ്ടംപോൽ നടന്ന ദുർ–
വൃത്തനായശുദ്ധനായ് സജ്ജനനിന്ദ്യനായി
ദുഷ്കൃതമേറെക്കാലം ചെയ്ത തത് പ്രതിവിധി–
ക്കൊക്കുന്ന കർമ്മമൊന്നും ചെയ്തതുമില്ലിപ്പാപി.
ഇവനെയതുമൂലം ധർമ്മരാജാവുതന്റെ
സവിധത്തിലേക്കിപ്പോഠം കൊണ്ടുപോകുന്നു
ഞങ്ങഠം.
അവിടെച്ചെന്നു ദണ്ഡമേററിവൻ വശംകെട്ടി–
ട്ടവസാനത്തിൽ പരിശുദ്ധനായ്‌വേച്ചിടും.
67–68

അദ്ധ്യായം 2

അജാമിളമോക്ഷം—യമദൂത വിഷ്ണുദൂതസംവാദം

ശ്രീശുകൻ പറഞ്ഞു

ഏവമാ യമദൂതവാക്യങ്ങഠം കേട്ടു നയ–
കോവിദർ മഹാവിഷ്ണുപാർഷദർ ചൊല്ലീ–
ടിനാർ. 1

വിഷ്ണുദൂതർ പറഞ്ഞു

എന്തൊരന്യായം! ധർമ്മവിജ്ഞർതൻ–
സദസ്സിലും
ഹന്ത! സംസ്പർശിക്കുന്നുണ്ടധർമ്മമിപ്പോഠം ദൃഢം.
എന്തെന്നാലപാപനായ് ദണ്ഡനാനർഹനാകും
ജന്തുവേയവർ വൃഥാ ദണ്ഡിപ്പാൻ തുനിയുന്നു. 2
ജനകന്മട്ടിൽ പ്രജാവൃന്ദത്തെപ്പാലിച്ചു സ–
ജ്ജനപന്ഥാവിൽത്തന്നെ സഞ്ചരിപ്പിച്ചും സദാ
സാധുസന്ദോഹത്തിനു ഹിതമാചരിച്ചെന്നും
മോദമേററിയും ലസിച്ചീടുന്ന മഹാത്മാക്കഠം
അവരോടനീതിയീവിധത്തിൽ തുടങ്ങിയാ–
ലെവിടെയാണു പിന്നെയവർക്കു
രക്ഷാസ്ഥാനം? 3
സജ്ജനപ്രവൃത്തിയെ പ്രമാണമാക്കിജ്ജന–
മിജ്ജഗത്തിങ്കലനുകരിച്ചുപോരുന്നിതു. 4
ധർമ്മമേതധർമ്മമേതെന്നൊന്നുമറിയാതെ–
യിമ്മന്നിൽ വെറും പശുപ്രായരാകും ജനങ്ങഠം
എന്നുമമ്മഹാന്മാർതൻ മടിയിൽത്തലവച്ചി–
ട്ടുന്നതസുഖംപൂണ്ടു കിടന്നുറങ്ങുന്നു. 5
മിത്രഭാവത്തെ കൈക്കൊണ്ടാത്മാവു
സമർപ്പിച്ചു
വർത്തിക്കും ചിന്താശക്തിയററുള്ള ജനങ്ങളെ
വിശ്വാസയോഗ്യരായിക്കരുണാത്മാക്കളാകും
വിശ്വവന്ദ്യന്മാരേവം ദ്രോഹിപ്പതുചിതമോ? 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം ഹി കൃതനിർവ്വേശോ ജന്മകോട്യംഹസാമപി
യദ്വ്യാജഹാര വിവശോ നാമ സ്വസ്ത്യയനം ഹരേഃ. 7
ഏതേനൈവ ഹ്യഘോനോഽസ്യ കൃതം സ്യാദഘനിഷ്കൃതം
യദാ നാരായണായേതി ജഗാദ ചതുരക്ഷരം. 8
സ്തേനഃ സുരാപോ മിത്രധ്രുഗ് ബ്രഹ്മഹാ ഗുരുതല്പഗഃ
സ്ത്രീരാജപിതൃഗോഹന്താ യേ ച പാതകിനോഽപരേ. 9
സർവ്വേഷാമപ്യഘവതാമിദമേവ സുനിഷ്കൃതം
നാമവ്യാഹരണം വിഷ്ണോര്യതസ്തദ്വിഷയാ മതിഃ. 10

ന നിഷ്കൃതൈരുദിതൈർബ്രഹ്മവാദിഭി-
സ്തഥാ വിശുദ്ധ്യത്യഘവാൻ വ്രതാദിഭിഃ
യഥാ ഹരേർന്നാമപദൈരുദാഹൃതൈ-
സ്തദുത്തമശ്ലോകഗുണോപലംഭകം. 11
നൈകാന്തികം തദ്ധി കൃതേഽപി നിഷ്കൃതേ
മനഃ പുനർധാവതി ചേദസത്പഥേ
തത്കർമ്മനിർഹാരമഭീപ്സതാം ഹരേർ-
ഗുണാനുവാദഃ ഖലു സത്ത്വഭാവനഃ. 12

അഥൈനം മാപനയത കൃതാശേഷാഘനിഷ്കൃതം
യദസൗ ഭഗവന്നാമ മ്രിയമാണഃ സമഗ്രഹീത്. 13
സാങ്കേത്യം പാരിഹാസ്യം വാ സ്തോഭം ഹേലനമേവ വാ
വൈകുണ്ഠനാമഗ്രഹണമശേഷാഘഹരം വിദുഃ. 14
പതിതഃ സ്ഖലിതോ ഭഗ്നഃ സന്ദഷ്ടസ്തപ്ത ആഹതഃ
ഹരിരിത്യവശേനാഹ പുമാന്നാർഹതി യാതനാം. 15
ഗുരൂണാം ച ലഘൂനാം ച ഗുരൂണി ച ലഘൂനി ച
പ്രായശ്ചിത്താനി പാപാനാം ജ്ഞാത്വോക്താനി
മഹർഷിഭിഃ. 16
തൈസ്താന്യഘാനി പൂയന്തേ തപോദാനജപാദിഭിഃ
നാധർമ്മജം തദ്ധൃദയം തദപീശാങ്ഘ്രിസേവയാ. 17
അജ്ഞാനാദഥവാ ജ്ഞാനാദുത്തമശ്ലോകനാമ യത്
സങ്കീർത്തിതമഘം പുംസോ ദഹേദേധോ യഥാനലഃ. 18
യഥാഗദം വീര്യതമമുപയുക്തം യദൃച്ഛയാ
അജാനതോഽപ്യാത്മഗുണം കുര്യാന്മന്ത്രോഽപ്യുദാഹൃതഃ. 19

ശ്രീശുക ഉവാച

ത ഏവം സുവിനിർണ്ണീയ ധർമ്മം ഭാഗവതം നൃപ,
തം യാമ്യപാശാന്നിർമ്മുച്യ വിപ്രം മൃത്യോരമൂമുചൻ. 20
ഇതി പ്രത്യുദിതാ യാമ്യാ ദൂതാ യാത്വാ യമാന്തികേ
യമരാജ്ഞേ യഥാ സർവ്വമാചചക്ഷുരരിന്ദമ. 21
ദ്വിജഃ പാശാദ്വിനിർമ്മുക്തോ ഗതഭീഃ പ്രകൃതിം ഗതഃ
വവന്ദേ ശിരസാ വിഷ്ണോഃ കിങ്കരാൻ ദർശനോത്സവഃ. 22
തം വിവക്ഷുമഭിപ്രേത്യ മഹാപുരുഷകിങ്കരാഃ
സഹസാ പശ്യതസ്തസ്യ തത്രാന്തർദ്ധിരേഽനഘ. 23
അജാമിളോഽപ്യഥാകർണ്ണ്യ ദൂതാനാം യമകൃഷ്ണയോഃ
ധർമ്മം ഭാഗവതം ശുദ്ധം ത്രൈവിദ്യം ച ഗുണാശ്രയം. 24
ഭക്തിമാൻ ഭഗവത്യാശു മാഹാത്മ്യശ്രവണാദ്ധരേഃ
അനുതാപോ മഹാനാസീത് സ്മരതോഽശുഭമാത്മനഃ. 25
''അഹോ മേ പരമം കഷ്ടമഭൂദവിജിതാത്മനഃ
യേന വിപ്ലാവിതം ബ്രഹ്മ വൃഷല്യാം ജായതാഽഽത്മനാ. 26
ധിങ്മാം വിഗർഹിതം സദ്ഭിർദുഷ്കൃതം കുലകജ്ജലം
ഹിത്വാ ബാലാം സതീം യോഽഹം സുരാപാമസതീമഗാം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദ്വിജൻ കോടിജന്മംചെയ്ത പാപങ്ങളെല്ലാ-
മസ്തമിപ്പിച്ചിരിപ്പു പ്രായശ്ചിത്തത്തിനാലേ
അവശനായി മുക്തിപ്രദമാം വിഷ്ണനാമ-
മിവനിങ്ങുച്ചത്തിൽത്താനുച്ചരിച്ചിരിക്കുന്നു. 7

ഒരിക്കൽ നാരായണനെന്നുള്ള നാലക്ഷര-
മരുളിയെന്നാൽപോരും സർവ്വപാപവും തീരാൻ.
വരികയെന്നുകൂടിച്ചേർത്തിങ്ങു വിളിക്കയാൽ
ശരിക്കു മുക്തിക്കിവനർഹനായ്ത്തീർന്നിരിപ്പു. 8

ചോരണം, മദ്യപാനം, മിത്രദ്രോഹവും ഗുരു-
ദാരസംഗവും പിതൃഗോദ്വിജസ്ത്രീഹത്യയും
എന്നീ ദുഷ്കൃതങ്ങളെ മാത്രമല്ലീലോകത്തി-
ലന്യമാം സർവ്വപാപഫലത്തെയുമക്ഷണത്തിൽ
സംഹരിക്കുവാൻ ദൃഢവിശ്വാസപൂർവമാരും-
ശ്രീഹരിനാമങ്ങളെക്കീർത്തിച്ചാൽപോരും-
ദൃഢം. 9-10

ഹരിനാമോച്ചാരണംകൊണ്ടെന്നപോലൊ-
ട്ടങ്ങാ
ദുരിതം വിധിക്കൊക്കും പ്രതാനുഷ്ഠാനങ്ങ-
ളാൽ. 11

പ്രായശ്ചിത്താനുഷ്ഠാനശേഷവുമകൃത്യത്തിൽ
പായുകിലാമനസ്സു സംശുദ്ധമായതല്ല
ചിത്തത്തിനാത്യന്തികശുദ്ധി കൈവരുത്തുന്നു
ദൈത്യാരിനാമസങ്കീർത്തനമാം
പ്രായശ്ചിത്തം. 12

മരണസമയത്തു നാരായണന്റെ നാമം
പരിപൂർണ്ണമായോതിസ്സമസ്തപാപങ്ങളും
ത്വരിതംപോക്കിയോരീ വിപ്രനെ നിങ്ങളപ-
സരണികളിൽക്കൂടി കൊണ്ടുപോകരുതി-
പ്പോരം. 13

പരിഹാസത്തിനാലോ സങ്കേതത്താലോരസ-
പരിപൂർത്തിക്കായിട്ടോ നിന്ദയായിട്ടുതാനോ
ഹരിനാമത്തെയങ്ഗീകരിക്കുന്നതു പാപ-
ഹരമാണെന്നു വിദ്വജ്ജനങ്ങളറിയുന്നു. 14

പതിതനാകട്ടെ കാലിടറിവീണോനാട്ടെ-
യധികം തപ്പൻ ഭഗ്നൻ സംദഷ്ടനിവരാട്ടെ
ദണ്ഡിതനാട്ടെ പരം വിവശനായി ഹരി-
യെന്നൊന്നു ചൊന്നാൽ നരകാനർഹനാത്രേ-
യവൻ. 15

വലതും ചെറുതുമാം പാപങ്ങാം താരതമ്യ-
തുലനംചെയ്തവററിനൊത്തതാം പ്രായശ്ചിത്തം
വിധിച്ചിട്ടുണ്ടു മനു യാജ്ഞവല്ക്യാദ്യരാകും
യതിശ്രേഷ്ഠന്മാർ പണ്ടേ യമകിങ്കരന്മാരേ! 16

അത്തപോദാനജപാദ്യങ്ങളാലതാതഫല-
മസ്തമിച്ചാലുമധർമ്മജമാമാമാനസം
ശുദ്ധമായീടുന്നില്ല, ഭഗവൽപദസേവാ-
കൃത്യത്താലതും പരിപാവനമായീടുന്നു. 17

അറിഞ്ഞായാലും പക്ഷേയറിയാതാണെങ്കിലും
ശരിയായാചരിക്കും ഹരിനാമോച്ചാരണം
പാവകൻ വിറകിനെയെന്നപോൽ പുമാന്റെ
സർവ്വദുഷ്കൃതത്തെയും ദഹിപ്പിച്ചീടുന്നിതേ. 18

വീര്യമേറീടുന്നതാമൗഷധം യാദൃച്ഛിക-
മാരൊരാളറിയാതെയാകിലും സേവിക്കുകിൽ
സ്വന്തമാം ഗുണമതു കാണിക്കുമസംശയം,
മന്ത്രം സ്വമാഹാത്മ്യത്തെ സ്പഷ്ടമാക്കീടുംവിധം.
19

ശ്രീശുകൻ പറഞ്ഞു

ശ്രീഹരിഭൃത്യരേവം ഭഗവന്നാമധേയ-
മാഹാത്മ്യം യുക്തിയുക്തം നിർണ്ണയിച്ചനന്തരം
അന്തകപാശബന്ധം വിടുത്തി മൃതിയിൽനി-
ന്നന്തണപ്രവേകനെ മോചിപ്പിച്ചെന്നേ
വേണ്ടു. 20

ഈവിധം നിരുദ്ധരാം യമദൂതന്മാർ ശ്രാദ്ധ-
ദേവാന്തികത്തിൽച്ചെന്നിസ്സംഗതിയുണ-
ർത്തിച്ചാർ. 21

കാലപാശത്തിൽനിന്നു മുക്തനായ് ഭീതിയററു
ചാലവേ സദ്ദർശനാനന്ദതുന്ദിലനായി
സ്വസ്ഥനായ്ബ്ഭൂദേവനാ വിഷ്ണുപാർഷ-
ദന്മാരെ
സത്വരം തലതാഴ്ത്തി നമസ്കരിച്ചീടിനാൻ. 22

ഏതോ ചൊല്ലുവാനവനിച്ഛിക്കുന്നതായവർ
ബോധിച്ചക്ഷണംതന്നെയവിടെ മറ-
ഞ്ഞിതേ. 23

ഭഗവത്സങ്കീർത്തനരൂപമാം ധർമ്മത്തെയ-
ബ്ഭഗവദ്ഭൃത്യന്മാരിൽനിന്നുമാവിധംതന്നെ
വേദോക്തധർമ്മം യമഭൃത്യരിൽനിന്നും കേട്ട
മാധവമാഹാത്മ്യത്തിൽ വിശ്വാസമുണ്ടാകയാൽ
പെട്ടെന്നു ഭഗവാനിൽ ഭക്തി വർദ്ധിച്ചവൻ, തൻ
ദുഷ്ടകൃത്യങ്ങളോരോന്നോർത്തു പശ്ചാത്ത-
പിച്ചാൻ. 24-25

''മാനസമടക്കുവാനശക്തനായീടിന
ഞാനധഃപതിച്ചുപോയെത്രയും കഷ്ടം! കഷ്ടം!
ശൂദ്രയാം നാരിതന്നിൽ പുത്രരെജ്ജനിപ്പിച്ച
ധാത്രീദേവനാം ഞാനെൻ വംശത്തെ നശി-
പ്പിച്ചേൻ. 26

സജ്ജനനിഷിദ്ധനായ് പാപിയായ് വംശ-
ത്തിനു
കജ്ജളംകലർത്തിയ ഞാനേററം നിന്ദാർഹൻതാൻ
സതിയാം സ്വപത്നിയെ വെടിഞ്ഞു കൈ-
വരിച്ചേൻ
സതതം മദ്യം കടിക്കുന്നോരു വേശ്യാ-
സ്ത്രീയെ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃദ്ധാവനാഥൗ പിതരൗ നാന്യബന്ധൂ തപസ്വിനൗ
അഹോ മയാധുനാ ത്യക്താവകൃതജ്ഞേന നീചവത്. 28

സോഽഹം വ്യക്തം പതിഷ്യാമി നരകേ ഭൃശദാരുണേ
ധർമ്മഘ്നാഃ കാമിനോ യത്ര വിന്ദന്തി യമയാതനാഃ. 29

കിമിദം സ്വപ്ന ആഹോസ്വിത് സാക്ഷാദ്ദൃഷ്ടമിഹാദ്ഭുതം
ക്വ യാതാ അദ്യ തേ യേ മാം വ്യകർഷൻ പാശപാണയഃ. 30

അഥ തേ ക്വ ഗതാഃ സിദ്ധാശ്ചത്വാരശ്ചാരുദർശനാഃ
വ്യമോചയന്നീയമാനം ബദ്ധ്വാ പാശൈരധോ ഭുവഃ. 31

അഥാപി മേ ദുർഭഗസ്യ വിബുധോത്തമദർശനേ
ഭവിതവ്യം മങ്ഗളേന യേനാത്മാ മേ പ്രസീദതി. 32

അന്യഥാ മ്രിയമാണസ്യ നാശുചേർവൃഷലീപതേഃ
വൈകുണ്ഠനാമഗ്രഹണം ജിഹ്വാ വക്തുമിഹാർഹതി. 33

ക്വ ചാഹം കിതവഃ പാപോ ബ്രഹ്മഘ്നോ നിരപത്രപഃ
ക്വ ച നാരായണേത്യേതദ്ഭഗവന്നാമ മങ്ഗളം. 34

സോഽഹം തഥാ യതിഷ്യാമി യതചിത്തേന്ദ്രിയാനിലഃ
യഥാ ന ഭൂയ ആത്മാനമന്ധേ തമസി മജ്ജയേ. 35

വിമുച്യ തമിമം ബന്ധമവിദ്യാകാമകർമ്മജം
സർവ്വഭൂതസുഹൃച്ഛാന്തോ മൈത്രഃ കരുണ ആത്മവാൻ. 36

മോചയേ ഗ്രസ്തമാത്മാനം യോഷിന്മയ്യാഽഽത്മമായയാ
വിക്രീഡിതോ യയൈവാഹം ക്രീഡാമൃഗ ഇവാധമഃ. 37

മമാഹമിതി ദേഹാദൗ ഹിത്വാമിഥ്യാർത്ഥധീർമ്മതിം
ധാസ്യേ മനോ ഭഗവതി ശുദ്ധം തത്കീർത്തനാദിഭിഃ.'' 38

ശ്രീശുക ഉവാച

ഇതി ജാതസുനിർവ്വേദഃ ക്ഷണസങ്ഗേന സാധുഷു
ഗങ്ഗാദ്വാരമുപേയായ മുക്തസർവ്വാനുബന്ധനഃ. 39

സ തസ്മിൻ ദേവസദന ആസീനോ യോഗമാശ്രിതഃ
പ്രത്യാഹൃതേന്ദ്രിയഗ്രാമോ യുയോജ മന ആത്മനി. 40

തതോ ഗുണേഭ്യ ആത്മാനം വിയുജ്യാത്മസമാധിനാ
യുയുജേ ഭഗവദ്ധാമ്നി ബ്രഹ്മണ്യനുഭവാത്മനി. 41

യർഹ്യുപാരതധീസ്തസ്മിന്നദ്രാക്ഷീത് പുരുഷാൻ പുരഃ
ഉപലഭ്യോപലബ്ധാൻ പ്രാഗ്വവന്ദേ ശിരസാ ദ്വിജഃ. 42

ഹിത്വാ കളേബരം തീർത്ഥേ ഗങ്ഗായാം ദർശനാദനു
സദ്യഃ സ്വരൂപം ജഗൃഹേ ഭഗവത്പാർശ്വവർത്തിനാം. 43

സാകം വിഹായസാ വിപ്രോ മഹാപുരുഷകിങ്കരൈഃ
ഹൈമം വിമാനമാരുഹ്യ യയൗ യത്ര ശ്രിയഃ പതിഃ. 44

ഏവം സ വിപ്ലാവിതസർവ്വധർമ്മാ
ദാസ്യാഃ പതിഃ പതിതോ ഗർഹ്യകർമ്മണാ
നിപാത്യമാനോ നിരയേ ഹതവ്രതഃ
സദ്യോ വിമുക്തോ ഭഗവന്നാമ ഗൃഹ്ണൻ. 45

നാതഃ പരം കർമ്മനിബന്ധകൃന്തനം
മുമുക്ഷതാം തീർത്ഥപദാനുകീർത്തനാത്
ന യത് പുനഃ കർമ്മസു സജ്ജതേ മനോ
രജസ്തമോഭ്യാം കലിലം തതോഽന്യഥാ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃദ്ധരായന്യാശ്രയമെന്നിയേ സന്തപിക്കും
മത്താതമാതാക്കളെപ്പോലുമേ സന്ത്യജിച്ചേൻ.
അത്തലത്യന്തം സഹിച്ചവരിക്കൃതഘ്നനെ-
പ്പെററു പോററിയ കാര്യംകൂടി ഞാൻ
മറന്നിതു. 28

അപ്പനെയമ്മയേയും രക്ഷിക്കാതിരുന്ന ഞാൻ
നിശ്ചയം വീഴും ഘോരനരകങ്ങളിൽത്തന്നെ.
കാമകിങ്കരനായിധർമ്മമാർഗ്ഗങ്ങളുടെ
സീമയല്ലംഘിക്കവോരേല്ലണം യമദണ്ഡം. 29
അദ്ഭുതമെന്നെക്കെട്ടിവലിച്ച യമദൂത-
രിപ്പൊഴതെങ്ങുപോയോ സ്വപ്നമോ ഞാൻ
കാണ്മതും. 30

കാലദൂതന്മാർ പാശംകൊണ്ടെൻറ കൈ-
കാലുകൾ
ചേലായ് വരിഞ്ഞുകെട്ടിയധോലോകത്തി-
ലേക്കായ്
കൊണ്ടുപോകവേ വേഗം വന്നെന്നെ മോചി-
പ്പിച്ച
പുണ്ഡരീകാക്ഷഭൃത്യർ നാൽവരുമെങ്ങോ-
ണാവോ! 31

ദുഷ്കൃതമീജന്മത്തിൽ ധാരാളം ചെയ്തോരെനി-
ക്കുത്കൃഷ്ടമായീടും തദ്ദർശനം സിദ്ധിക്കുവാൻ
തക്കപുണ്യം ഞാൻ മുൻപു ചെയ്തിരുന്നിരി-
ക്കണം
തർക്കമില്ലത്യാനന്ദം ചേർക്കുന്ന തദ്ദർശനം. 32
അല്ലായ്കിൽ ദുർവൃത്തനായ് വൃഷലീപതിയായി
വല്ലാതെ മൃത്യുവക്ത്രംപുക്കോരെൻ നാവിൽ-
നിന്നും
ചേതസ്സമാകർഷകമാകുമാ ഹരിനാമം
സാദരമുതിരുവാൻ സംഗതിയില്ല തെല്ലും. 33
വഞ്ചകനായി ത്രപാഹീനനായ് മഹാപാപം
തഞ്ചുവോനായ് ദ്വിജത്വം ഹനിച്ചോനെ-
ങ്ങിസ്സുതൻ,
എങ്ങോർത്താലഭദ്രങ്ങളാകവേയകററീടും
മങ്ഗലകരമാമന്നാരായണാഭിധാനം? 34
എന്നാത്മാവിനെയിനിയെങ്കിലും ഗാഢ-
ന്ധത-
തന്നിലാഴ്ത്തുവാനിടയാക്കാത്തവിധത്തിൽ
ഞാൻ
നിത്യവും മമ പ്രാണമാനസേന്ദ്രിയങ്ങളെ
കൃത്യമായ് നിയന്ത്രണംചെയ്യുവാൻ ശ്രമി-
ക്കുവേൻ. 35
അവിദ്യ, കാമം, കർമ്മമെന്നിവനിമിത്തമുദ്-
ഭവിച്ചതാമിബ്ബന്ധം വിട്ടൊത്തി പ്രശാന്തനായ്
സമസ്തഭൂതങ്ങൾക്കും സുഹൃത്തായ് ദയാലുവായ്
ക്രമത്തിലാത്മവാനുമായി ഞാൻ ഭവിച്ചീടും.36
നാരീരൂപിണിമായ വശപ്പെടുത്തിയെല്ലാ-
നേരവും ലീലാമൃഗമായിട്ടു കളിപ്പിക്കും

ദോഷനാം ഞാനിന്നവളോടുള്ള ബന്ധ-
ത്തിൽനി-
ന്നീശ്വലെന്നിയേ മോചിപ്പിക്കുമെന്നാത്മാ-
വിനെ. 37
മിഥ്യാവസ്തുവിൽസത്യബുദ്ധിയാർന്നിരുന്നതാ-
നത്യരം ശരീരാത്മഭാവന സന്ത്യജിച്ച
നിത്യവും ഹരിധ്യാനകീർത്തനാദിയാൽ പരി-
ശുദ്ധമാം മനം ദൃഢം ചേർക്കുന്നേൻ ഭഗവാ-
നിൽ.'' 38

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ മാത്രനേരം സിദ്ധിച്ചീടിന സാധു-
സങ്ഗമംമൂലം ദൃഢവൈരാഗ്യമിയന്നവൻ
ബന്ധങ്ങളെല്ലാംവിട്ടുഗ്ഗങ്ഗാദ്വാരത്തിലെത്തി
സന്തതം ഭഗവാനെച്ചിന്തിച്ചിരുന്നീടിനാൻ. 39
ദേവസ്ഥാനമെന്നെങ്ങും ഖ്യാതമാമസ്ഥലത്തി-
ലാവസിച്ചവൻ യോഗമാർഗ്ഗത്തെയാശ്രയിച്ച
ഇന്ദ്രിയസമൂഹത്തിൽനിന്നു തന്മനസ്സിനെ
പിന്തിരിച്ചാത്മാവുമായനുരഞ്ജിപ്പിച്ചിതു. 40
പിന്നെയഗ്ഗുണങ്ങളിൽനിന്നുതന്നാത്മാവിനെ
നന്നായിസ്സമാധിയാം യോഗത്താൽ വേർ-
പെടുത്തി
സച്ചിദാനന്ദരൂപമായെങ്ങും വ്യാപിച്ചീടു-
മച്യുതധാമംതന്നിലുറപ്പിച്ചിരുന്നിതേ. 41
ബ്രഹ്മത്തിൽ ബുദ്ധിവൃത്തിവിരതിയാർന്നീടവേ,
തന്മുന്നിൽ മുൻപേ കണ്ട ദിവ്യപൂരുഷന്മാരെ
പിന്നെയുമടുത്തു കണ്ടീടിനാൻ, പെട്ടെന്നവൻ
നന്ദിച്ചു തലതാഴ്ത്തിയവരെ നമിച്ചിതു. 42
തദ്ദർശനാനന്തരം ഗങ്ഗയിൽ നിജദേഹ-
മാദ്വിജൻ തള്ളി ഹരിപാർഷദരൂപം
പൂണ്ടാൻ. 43
ഭഗവദ്ഭൃത്യരൊത്തു സുവർണ്ണവിമാനത്തിൽ
സുഖമായേറിശ്ശീഘ്രമാകാശമാർഗ്ഗത്തൂടെ
ഇന്ദിരാമണാളനാം ഭഗവാനരുളീടു-
മുന്നതലോകത്തിലേക്കാദ്വിജൻ പോയീ-
ടിനാൻ. 44
ഈവിധമജാമിളൻ സർവ്വധർമ്മങ്ങളേയും
കൈവിട്ടുധർമ്മകർമ്മഗണത്താൽ നിന്ദ്യനായി
വ്രതഹീനനായ് ദാസീപതിയായ് നരകത്തിൽ
പതിതനായിബ്ഭവിച്ചീടിലുമന്ത്യകാലം
നാരായണാഭിധാനമുച്ചരിക്കുകമൂലം
പാരാതെ പരം പദം പ്രാപിച്ചു നരേശ്വരാ! 45
അതിനാൽ മുമുക്ഷുക്കൾക്കൊക്കെയും കർമ്മ-
ബന്ധ-
ക്ഷതിക്കു വിഷ്ണുനാമസങ്കീർത്തനത്തേക്കാളും
ഉത്കൃഷ്ടമായില്ലൊന്നുമുലകിൽ നൂനം പിന്നെ-
സ്സക്തമായിടുന്നില്ല മാനസം കർമ്മങ്ങളിൽ.
അന്യമാർഗ്ഗങ്ങൾ രജസ്തമോവ്യാപാരങ്ങളാൽ
പിന്നെയും മനസ്സിന്നു മാലിന്യംചേർപ്പൂതത്രേ.46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ ഏവം പരമം ഗുഹ്യമിതിഹാസമഘാപഹം
ശൃണുയാച്ഛ്രാവയേദ് യുക്തോ യശ്ച ഭക്ത്യാനുകീർത്തയേത്. 47
ന വൈ സ നരകം യാതി നേക്ഷിതോ യമകിങ്കരൈഃ
യദ്യപ്യമംഗളോ മർത്ത്യോ വിഷ്ണുലോകേ മഹീയതേ. 48
മ്രിയമാണോ ഹരേർന്നാമ ഗൃണൻ പുത്രോപചാരിതം
അജാമിളോഽപ്യഗാദ്ധാമ, കിം പുനഃ ശ്രദ്ധയാ ഗൃണൻ? 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
അജാമിളോപാഖ്യാനേ ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

രാജോവാച

നിശമ്യ ദേവഃ സ്വഭടോപവർണ്ണിതം
പ്രത്യാഹ കിം താൻ അപി ധർമ്മരാജഃ
ഏവം ഹതാജ്ഞോ വിഹതാന്മുരാരേ-
ർന്നൈദേശികൈര്യസ്യ വശേ ജനോഽയം. 1
യമസ്യ ദേവസ്യ ന ദണ്ഡഭംഗഃ
കുതശ്ചനർഷേ ശ്രുതപൂർവ്വ ആസീത്
ഏതന്മുനേ വൃശ്ചതി ലോകസംശയം
ന ഹി ത്വദന്യ ഇതി മേ വിനിശ്ചിതം. 2

ശ്രീശുക ഉവാച

ഭഗവത്പുരുഷൈ, രാജൻ, യാമ്യാഃ പ്രതിഹതോദ്യമാഃ
പതിം വിജ്ഞാപയാമാസുര്യമം സംയമനീപതിം. 3

യമദൂതാ ഊചുഃ

കതി സന്തീഹ ശാസ്താരോ ജീവലോകസ്യ വൈ, പ്രഭോ,
ത്രൈവിധ്യം കുർവ്വതഃ കർമ്മ ഫലാഭിവ്യക്തിഹേതവഃ. 4
യദി സ്യുർബഹവോ ലോകേ ശാസ്താരോ ദണ്ഡധാരിണഃ
കസ്യ സ്യാതാം ന വാ കസ്യ മൃത്യുശ്ചാമൃതമേവ വാ. 5
കിന്തു ശാസ്തൃബഹുത്വേ സ്യാദ് ബഹൂനാമിഹ കർമ്മിണാം
ശാസ്തൃത്വമുപചാരോ ഹി യഥാ മണ്ഡലവർത്തിനാം. 6
അതസ്ത്വമേകോ ഭൂതാനാം സേശ്വരാണാമധീശ്വരഃ
ശാസ്താ ദണ്ഡധരോ നൄണാം ശുഭാശുഭവിവേചനഃ 7
തസ്യ തേ വിഹതോ ദണ്ഡോ ന ലോകേ വർത്തതേഽധുനാ
ചതുർഭിരദ്ഭുതൈഃ സിദ്ധൈരാജ്ഞാ തേ വിപ്രലംഭിതാ. 8
നീയമാനം തവാദേശാദസ്മാഭിര്യാതനാഗൃഹാൻ
വ്യമോചയൻ പാതകിനം ഛിത്ത്വാ പാശാൻ പ്രസഹ്യ തേ. 9
താംസ്തേ വേദിതുമിച്ഛാമോ യദി നോ മന്യസേ ക്ഷമം
നാരായണേത്യഭിഹിതേ മാ ഭൈരിത്യായയുർദ്രുതം. 10

ശ്രീശുക ഉവാച

ഇതി ദേവഃ സ ആപൃഷ്ടഃ പ്രജാസംയമനോ യമഃ
പ്രീതഃ സ്വദൂതാൻ പ്രത്യാഹ സ്മരൻ പാദാംബുജം ഹരേഃ. 11

യമ ഉവാച

പരോ മദന്യോ ജഗതസ്തസ്ഥുഷശ്ച
ഓതം പ്രോതം പടവദ്യത്ര വിശ്വം
യദംശതോഽസ്യ സ്ഥിതിജന്മനാശാ
നസ്യോതവദ്യസ്യ വശേ ച ലോകഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമരഹസ്യമായ് പാപനാശകമാമി-
ച്ചരിതം വിശ്വാസത്തോടേററവും ഭക്തിപൂർവ്വം
കേൾക്കയോ കീർത്തിക്കയോ ചെയ്യുവോൻ-
ദുരാചാര-
യുക്തനായിരിക്കിലും പതിക്കാ നരകത്തിൽ.
അവനേ യമഭൃത്യർ നോക്കുകപോലുമില്ല
നിവസിക്കയുംചെയ്യാമവനു വൈകുണ്ഠ-
ത്തിൽ. 47-48

പുത്രനെ വിചാരിച്ചു നാരായണാ! എന്നു തൻ-
മൃത്യുകാലത്തിൽ വിളിച്ചീടിനോരജാമിളൻ
മുക്തനായെന്നതോർത്താൽ ശ്രദ്ധാപൂർവ്വമാം
നാമ-
കീർത്തനത്തിന്റെ ഫലമെത്രയെന്നോതേ-
ണമോ? 49

അദ്ധ്യായം 3

അജാമിളമോക്ഷം—യമോപദേശം—സിദ്ധാന്തനിരൂപണം

രാജാവു പറഞ്ഞു

ഏതൊരാൾക്കധീനമായ് വർത്തിപ്പൂ ജന-
രാശി-
യാധർമ്മദേവൻതന്റെയാജ്ഞയെ വിഗണിച്ചു
ഹരിദൂതന്മാർ വന്നു തടുക്കെ നിരാശരായ്
തിരിയെച്ചെന്നു നിജഭടന്മാർ ചൊന്നതെല്ലാം
ശ്രവിച്ചശേഷം ധർമ്മരാജാവു ചൊന്നതെന്താ-
ണവരോടെന്നതറിഞ്ഞീടുവാനാഗ്രഹം മേ. 1
ധർമ്മപാലകനാകും യമദേവന്റെ ദണ്ഡ-
മിമ്മന്നിൽ മുന്നമാരും തടഞ്ഞു കേട്ടിട്ടില്ല.
ലോകസംശയമിതു തീർക്കുവാനങ്ങെന്നിയേ
ഏകനില്ലീ ജഗത്തിലെന്നതാനെൻ-
നിശ്ചയം. 2

ശ്രീശുകൻ പറഞ്ഞു

നരേശാ! ഹരിഭൃത്യരണഞ്ഞു ദണ്ഡപാണീ-
പരിചാരകന്മാർതന്നുദ്യമം നിരോധിക്കെ,
ത്വരിതം മടങ്ങിപ്പോയങ്ങവർ തത്സ്വാമിയാം
നരകാധീശനോടു കഥിച്ചാരിപ്രകാരം: 3

യമദൂതന്മാർ പറഞ്ഞു

സത്ത്വാദിഗുണത്രയമനുസരിച്ചു കർമ്മം
നിത്യവും ചെയ്തീടുമിബ്ഭൂതജാലത്തെയെല്ലാം
ശാസിക്കുവാനും ക്രിയാഫലങ്ങളരുളാനും
ഹേ സ്വാമിൻ! പാരിലധികാരികളെത്ര-
പേരാം?. 4

ദണ്ഡധാരികളാകും ശാസിതാക്കന്മാരേറെ-
യെണ്ണം വർദ്ധിച്ചാൽ പിന്നെസ്സുഖമാ,ർക്കാർക്കു
ദുഃഖം? 5
കർമ്മികളസംഖ്യമെന്നാകയാൽ ശാസ്താക്കളേ-
മമ്മട്ടിങ്ങേറിയാലും ശാസനം നടന്നേക്കും.
എന്നാലതശേഷവും സാമന്തന്മാർക്കെന്നപോ-
ലെന്നുമേയുപചാരമായിട്ടേ ഭവിച്ചീടൂ. 6
അതിനാലമരന്മാരുൾപ്പെടെയെല്ലാവർക്കു-
മധിപനായി മർത്ത്യമംഗളാമംഗളങ്ങൾ
താരതമ്യത്തെപ്പാർത്തു ശാസിപ്പാനിഹ ദണ്ഡ-
ധാരിയായങ്ങേയത്രേയീ ഞങ്ങൾ കേട്ടിട്ടുള്ളൂ. 7
ആവിധമുള്ള ഭവാൻ കല്പിച്ച ദണ്ഡമിപ്പോൾ
ഭുവതിൽ നടത്തുവാൻ ഞങ്ങളാരംഭിച്ചിതു
ഉടനെ നാലദ്ഭുതസിദ്ധരസ്ഥലത്തെത്തി-
ത്തടഞ്ഞു ഭവദാജ്ഞ ലംഘിച്ചിരിക്കുന്നിതു. 8
ഞങ്ങളപ്പാപിയനെ നരകംതന്നിൽത്തള്ളാ-
നങ്ങേക്കല്പനമൂലം പിടിച്ചുകെട്ടീടവേ
പെട്ടെന്നടുത്തു ബലാൽക്കാരത്താലദ്ദ്വിജന്റെ
കെട്ടുകളഴിച്ചവർ വിട്ടിതു കൂസലെന്യേ. 9
ഭീതനായ് 'നാരായണാ!' എന്നജാമിള-
വിപ്ര-
നോതവേ, 'പേടിച്ചീടാ'യ്കെന്നു ചൊല്ലി-
ക്കൊണ്ടവർ
വന്നടുത്തിതു ശീഘ്രമവരാരെന്നു ഞങ്ങ-
ളൊന്നറിഞ്ഞിരിക്കേണ്ടതാണെന്നായഭിപ്രായം
അങ്ങേയ്ക്കുമുള്ളപക്ഷം ഭവാനീ ഞങ്ങളോട-
സ്സംഗതിയരുളിച്ചെയ്തീടുക ദണ്ഡപാണേ! 10

ശ്രീശുകൻ പറഞ്ഞു

എന്നതു കേട്ടാ പ്രജാസംയമനനാം യമൻ
നന്നായി വിഷ്ണുപാദാംഭോരുഹസ്മൃതിയോടും
തന്നുടെ ഭൃത്യരോടായരുളിച്ചെയ്തീടിനാ-
നന്നതമോദത്തോടുമുത്തരമിത്തരത്തിൽ: 11

യമൻ പറഞ്ഞു

ഇച്ചരാചരാത്മകലോകങ്ങൾക്കധീശനാ-
യച്യുതനായൊരന്യനുണ്ടു തത്കിങ്കരൻ ഞാൻ
അവനിൽ, നൂലിൽ വസ്ത്രമെന്നപോ,ലോത-
പ്രോതം
ഭുവനം സ്ഥിതിചെയ്‌വൂ, തദ്ദേവാംശങ്ങളാകും
ബ്രഹ്മാദ്യരിജ്ജഗത്തിൻ സംസൃഷ്ടിരക്ഷാനാശ-
കർമ്മങ്ങൾ തത്കല്പനയാദരിച്ചാചരിപ്പൂ.
നാസികാപാശബദ്ധമെന്ന മട്ടിലീലോക-
മീശനായോരവന്റെ വശത്തിൽ വർത്തിക്കുന്നു 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോ നാമഭിർവ്വാചി ജനാന്നിജായാം
ബധ്നാതി തന്ത്യാമിവ ദാമഭിർഗാഃ
യസ്മൈ ബലിം ത ഇമേ നാമകർമ്മ–
നിബന്ധബദ്ധാശ്ചകിതാ വഹന്തി. 13

അഹം മഹേന്ദ്രോ നിരൃതിഃ പ്രചേതാഃ
സോമോഽഗ്നിരീശഃ പവനോഽർക്കോ വിരിഞ്ചഃ
ആദിത്യവിശ്വേവസവോഽഥ സാധ്യാ
മരുദ്ഗണാ രുദ്രഗണാഃ സസിദ്ധാഃ. 14

അന്യേ ച യേ വിശ്വസൃജോഽമരേശാ
ഭൃഗ്വാദയോഽസ്പൃഷ്ടരജസ്തമസ്കാഃ
യസ്യേഹിതം ന വിദുഃ സ്പൃഷ്ടമായാഃ
സത്ത്വപ്രധാനാ അപി കിം തതോഽന്യേ. 15

യം വൈ ന ഗോഭിർമ്മനസാസുഭിർവാ
ഹൃദാ ഗിരാ വാസുഭൃതോ വിചക്ഷതേ
ആത്മാനമന്തർഹൃദി സന്തമാത്മനാം
ചക്ഷുര്യഥൈവാകൃതയസ്തതഃ പരം. 16

തസ്യാത്മതന്ത്രസ്യ ഹരേരധീശിതുഃ
പരസ്യ മായാധിപതേർമ്മഹാത്മനഃ
പ്രായേണ ദൂതാ ഇഹ വൈ മനോഹരാ–
ശ്ചരന്തി തദ്രൂപഗുണസ്വഭാവാഃ. 17

ഭൂതാനി വിഷ്ണോഃ സുരപൂജിതാനി
ദുർദ്ദർശലിങ്ഗാനി മഹാദ്ഭുതാനി
രക്ഷന്തി തദ്ഭക്തിമതഃ പരേഭ്യോ
മത്തശ്ച മർത്ത്യാനഥ സർവ്വതശ്ച. 18

ധർമ്മം തു സാക്ഷാദ്ഭഗവത്പ്രണീതം
ന വൈ വിദുർഋഷയോ നാപി ദേവാഃ
ന സിദ്ധമുഖ്യാ അസുരാ മനുഷ്യാഃ
കുതശ്ച വിദ്യാധരചാരണാദയഃ. 19

സ്വയംഭൂർന്നാരദഃ ശംഭുഃ കുമാരഃ കപിലോ മനുഃ
പ്രഹ്ലാദോ ജനകോ ഭീഷ്മോ ബലിർവ്വൈയാസകിർവയം. 20

ദ്വാദശൈതേ വിജാനീമോ ധർമ്മം ഭാഗവതം ഭടാഃ
ഗുഹ്യം വിശുദ്ധം ദുർബ്ബോധം യം ജ്ഞാത്വാമൃതമശ്നുതേ. 21

ഏതാവാനേവ ലോകേഽസ്മിൻ പുംസാം ധർമ്മഃ പരഃ സ്മൃതഃ
ഭക്തിയോഗോ ഭഗവതി തന്നാമഗ്രഹണാദിഭിഃ. 22

നാമോച്ചാരണമാഹാത്മ്യം ഹരേഃ പശ്യത പുത്രകാഃ
അജാമിളോഽപി യേനൈവ മൃത്യുപാശാദമുച്യത. 23

ഏതാവതാലമഘനിർഹരണായ പുംസാം
സങ്കീർത്തനം ഭഗവതോ ഗുണകർമ്മനാമ്നാം
വിക്രുശ്യ പുത്രമഘവാൻ യദജാമിളോഽപി
നാരായണേതി മ്രിയമാണ ഇയായ മുക്തിം. 24

പ്രായേണ വേദ തദിദം ന മഹാജനോഽയം
ദേവ്യാ വിമോഹിതമതിർബത മായയാലം
ത്രയ്യാം ജഡീകൃതമതിർമ്മധുപുഷ്പിതായാം
വൈതാനികേ മഹതി കർമ്മണി യുജ്യമാനഃ 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാമങ്ങൾകൊണ്ടു വാക്കിലാരാണോ ജനങ്ങളെ
ദാമങ്ങളാലേ തന്തിതന്നിലശ്ഗോക്കളെപ്പോൽ,

ബന്ധിച്ചിരിക്കുന്നതാവിധത്തിൽ നാമകർമ്മ–
ബന്ധനമിയന്നിടും ജന്തുക്കൾ ഭീതരായി

എന്നുമദ്ദേവൻതന്റെ കല്പനയനുഷ്ഠിക്ക–
യെന്നുള്ള തദർച്ചനം നിർവഹിച്ചീടുന്നിതേ.13

ഞാനുമിന്ദ്രനും പാശി,നിരൃതി,ചന്ദ്രൻ,വഹ്നി
ഭാനുമാൻ, മഹേശനും, വായുവുമാത്മഭൂവും

സാദ്ധ്യന്മാ,രാദിത്യന്മാർ, വസുക്കൾ,
വിശേദേവർ,

സിദ്ധന്മാർ,മരുദ്ഗണം,ശ്രീരുദ്രഗണങ്ങളും, 14

വിശ്വസൃക്കുകൾ, സുരാചാര്യന്മാർ, ഭൃഗ്വാദ്യരും,
നിശ്ശേഷം രജസ്തമോബന്ധമററീടുവോരും

സത്ത്വപ്രധാനന്മാരുമെങ്കിലും മായാസ്പൃശം
വിട്ടവരല്ലായ്കയാലാമഹാൻതന്നീഹിതം

അറിയാതിരിക്കുമ്പോളന്യന്മാരാരും തീരെ–
യറിയുന്നില്ലെന്നതു ചൊല്ലാതെ
സിദ്ധമല്ലോ. 15

സർവ്വാത്മാക്കൾക്കുമുള്ള ഹൃദയാന്തർഭാഗത്തിൽ
സർവദാ വസിക്കുവോനായിത്തദന്യനായി

മിന്നീടുമാത്മാവിനെ രൂപങ്ങൾ ചക്ഷുസ്സിനെ–
യെന്നപോൽ ഹൃദയമോ വചസ്സോകൊണ്ടോ
പിന്നെ

ജ്ഞാനേന്ദ്രിയങ്ങൾ മനം പ്രാണനെന്നിവ–
കൊണ്ടോ

പ്രാണിജാലത്തിനറിഞ്ഞീടുവാനരുതല്ലോ. 16

ഹരിയും സ്വതന്ത്രനും സമസ്തനിയന്താവും
പരനും മഹാത്മാവും മായാധീശനുമാകും

ഹരിതൻരൂപഗുണശീലങ്ങളാലും മനോ-
ഹരരാം തത്പാർഷദർ ചരിപ്പൂ
പാരിലെങ്ങും. 17

സുരപൂജിതരായി,ക്കാണുവാനസാദ്ധ്യമാം
സ്വരൂപമിയന്നേററമദ്ഭുതഗാത്രന്മാരാം

ഹരിപാഷ്ദർ വിഷ്ണുഭക്തരെ രക്ഷിക്കുന്നു
പരരിൽനിന്നുമെന്നിൽനിന്നുമെല്ലാററിൽ–
നിന്നും. 18

ഭഗവത്പ്രണീതമാം ധർമ്മത്തെദ്ദേവന്മാരും
നിഗമജ്ഞരാമൃഷിവരരുമറിവീല.

പിന്നെയെങ്ങനെ സിദ്ധമുഖ്യരും മനുഷ്യരും
കിന്നരദൈത്യചാരണാദ്യരുമറിയുന്നു? 19

ബ്രഹ്മാവു,നാരദർഷി,സനത്കുമാരൻ, ശിവ–
നമ്മഹാബലി,മനു,കപിലൻ,പ്രഹ്ലാദനും

ജനകഭൂപാലനും, ഭീഷ്മരും, ഞാനും ശുക–
മുനിയും പന്ത്രണ്ടുപേരീധർമ്മമറിയുന്നു.

ഗുഢമായ് രഹസ്യമായ് ദുർജ്ഞേയ–
മായിരിക്കു–
മിദ്ധർമ്മമറിയുവോർ കൈവല്യംപ്രാപിക്കുന്നു.
20-21

ഭഗവന്നാമകീർത്തനാദിയാൽ ശ്രദ്ധാപൂർവം
ഭഗവാൻമുകുന്ദനിലാർന്നിടും ഭക്തിയോഗം

നരനായ്പ്പിറന്നവനനുഷ്ഠിക്കേണ്ടതായ
പരമം ധർമ്മമെന്നായ് സ്മരിക്കപ്പെട്ടിരിപ്പൂ. 22

മൃത്യുപാശത്തിൽനിന്നുമേതൊരു ദേവൻ പരം
ധൂർത്തനാമജാമിളവിപ്രനേ മുക്തനാക്കി

ഓർത്തുനോക്കുവിൻ നിങ്ങ,ളുമ്പ് ഭഗവാൻതൻ
നാമ–
കീർത്തനമെത്രമാത്രം മാഹാത്മ്യമുള്ള–
തെന്നായ്. 23

ഭഗവദ്ഗുണനാമകീർത്തനംകൊണ്ടുമാത്ര–
മഘസംഘാതം നരക്കൊഴിക്കാമസംശയം.

മരണകാലത്തു തൻപുത്രനെയജാമിളൻ
സ്മരിച്ചു നാരായണനാമത്താൽ വിളിക്കയാൽ

പാപനിർമ്മുക്തനായിബ്ഭവിച്ചെന്നല്ല
മോക്ഷം–
പ്രാപിക്കുവാനുമിടയായിതു, ഭൃത്യന്മാരേ! 24

മായയാം ദേവിതന്നാൽ മോഹിതചിത്തരായി
പ്രായേണ ജനതതി, മധുരംപുഷ്പിച്ചിടും

വേദശാഖിയെസ്സമാശ്രയിച്ചു നിത്യം സ്വർഗ്ഗ–
ഭൂതിക്കായ് മഹത്കർമ്മമനുഷ്ഠിക്കുന്നതെന്യേ

ശ്രീഹരിഭഗവാന്റെ നാമസങ്കീർത്തനത്തിൻ
മാഹാത്മ്യം ലവലേശം മനസ്സിലാക്കുന്നില്ല. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം വിമൃശ്യ സുധിയോ ഭഗവത്യനന്തേ
സർവ്വാത്മനാ വിദധതേ ഖലു ഭാവയോഗം
തേ മേ ന ദണ്ഡമർഹന്ത്യഥ യദ്യമീഷാം
സ്യാത് പാതകം തദപി ഹന്ത്യുരുഗായവാദഃ. 26
തേ ദേവസിദ്ധപരിഗീത പവിത്രഗാഥാ
യേ സാധവഃ സമദൃശോ ഭഗവത്പ്രപന്നാഃ
താൻ നോപസീദത ഹരേർഗ്ഗദയാഭിഗുപ്താൻ
നൈഷാം വയം ന ച വയഃ പ്രഭവാമ ദണ്ഡേ. 27
താനാനയധ്വമസതോ വിമുഖാൻ മുകുന്ദ–
പാദാരവിന്ദമകരന്ദരസാദജസ്രം
നിഷ്കിഞ്ചനൈഃ പരമഹംസകുലൈരസങ്ഗൈ–
ർജ്ജുഷ്ടാദ്ഗൃഹേ നിരയവർത്മനി ബദ്ധതൃഷ്ണാൻ. 28
ജിഹ്വാ ന വക്തി ഭഗവദ്ഗുണനാമധേയം
ചേതശ്ച ന സ്മരതി തച്ചരണാരവിന്ദം
കൃഷ്ണായ നോ നമതി യച്ഛിര ഏകദാപി
താനാനയധ്വമസതോഽകൃതവിഷ്ണുകൃത്യാൻ. 29
തത് ക്ഷമ്യതാം സ ഭഗവാൻ പുരുഷഃ പുരാണോ
നാരായണഃ സ്വപുരുഷൈര്യദസത്കൃതം നഃ
സ്വാനാമഹോ ന വിദുഷാം രചിതാഞ്ജലീനാം
ക്ഷാന്തിർഗ്ഗരീയസി നമഃ പുരുഷായ ഭൂമ്നേ. 30
തസ്മാത് സങ്കീർത്തനം വിഷ്ണോർജ്ജഗന്മങ്ഗളമംഹസാം
മഹതാമപി കൗരവ്യ വിദ്ധ്യൈകാന്തികനിഷ്കൃതിം. 31
ശൃണ്വതാം ഗൃണതാം വീര്യാണ്യുദ്ദാമാനി ഹരേർമ്മുഹുഃ
യഥാ സുജാതയാ ഭക്ത്യാ ശുദ്ധ്യേന്നാത്മാ വ്രതാദിഭിഃ. 32
കൃഷ്ണാങ്ഘ്രിപദ്മമധുലിങ്ന പുനർവ്വിസൃഷ്ട–
മായാഗുണേഷു രമതേ വൃജിനാവഹേഷു
അന്യസ്തു കാമഹത ആത്മരജഃ പ്രമാർഷ്ടു–
മീഹേത കർമ്മ യത ഏവ രജഃ പുനഃ സ്യാത്. 33
ഇത്ഥം സ്വഭർത്തൃഗദിതം ഭഗവന്മഹിത്വം
സംസ്മൃത്യ വിസ്മിതധിയോ യമകിങ്കരാസ്തേ
നൈവാച്യുതാശ്രയജനം പ്രതി ശങ്കമാനാ
ദ്രഷ്ടും ച ബിഭ്യതി തതഃ പ്രഭൃതി സ്മ, രാജൻ. 34
ഇതിഹാസമിമം ഗുഹ്യം ഭഗവാൻ കുംഭസംഭവഃ
കഥയാമാസ മലയ ആസീനോ ഹരിമർച്ചയൻ. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
യമപുരുഷസംവാദേ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

രാജോവാച
ദേവാസുരനൃണാം സർഗ്ഗോ നാഗാനാം മൃഗപക്ഷിണാം
സാമാസികസ്ത്വയാ പ്രോക്തോ യസ്തു സ്വായംഭുവേഽന്തരേ. 1
തസ്യൈവ വ്യാസമിച്ഛാമി ജ്ഞാതും തേ, ഭഗവൻ, യഥാ
അനുസർഗ്ഗം യയാ ശക്ത്യാ സസർജ്ജ ഭഗവാൻ പരഃ. 2

സൂത ഉവാച
ഇതി സമ്പ്രശ്നമാകർണ്യ രാജർഷേർബാദരായണിഃ
പ്രതിനന്ദ്യ മഹായോഗീ ജഗാദ മുനിസത്തമാഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുധികളിതു പാർത്തിട്ടനന്തഗുണോത്കര-
നിധിയാം ഭഗവാനിൽ സർവ്വാത്മഭാവത്തോടും

ദൃഢമാം ഭക്തിയോഗം സ്വീകരിച്ചിരിക്കുന്നി-
തെട്ടുത്തുകൂടാ ദണ്ഡം നാമവരുടെനേരേ.

ദണ്ഡാർഹന്മാരല്ലവരവരിൽ പാപാംശമു-
ണ്ടെന്നാലും ഭഗവത്സങ്കീർത്തനം
തീർത്തുകൊള്ളും. 26

സുരരും സിദ്ധന്മാരും പാടുന്ന പരിശുദ്ധ-
ചരിതത്തോടും സമദർശനത്തോടുംകൂടി

മിന്നിടും ഹരിഭക്തരായുള്ള സാധുക്കളെ-
യെന്നും സ്വഗദയാലേ ഭഗവാൻ പാലിക്കുന്നു.

അതിനാലക്കൂട്ടരെദ്ദണ്ഡിപ്പാൻ പോയീടരു-
തതിന്നില്ലല്ലോ ശക്തി നമുക്കും കാലത്തിനും.
27

സമസ്തമുപേക്ഷിച്ചു വിവേകംനേടി രമാ-
രമണസേവാരസം ശരിയായറിഞ്ഞിടും

പരമഹംസന്മാരാൽ സേവിക്കപ്പെടുന്നതാം
ഹരിപാദാബ്ജമാധ്വീ നുകരാതാലയത്തിൽ

പെരുകും തൃഷ്ണയോടു മരുവീടുന്ന ദുഷ്ട-
പ്പരിഷകളെയെല്ലാം നിങ്ങളിങ്ങാനയി-
പ്പിൻ. 28

ആരുടെ നാവാണൊരുകുറിയെങ്കിലും നേരേ
നാരായണൻതൻ ഗുണനാമങ്ങൾ കീർത്തിക്കാത്തു

തത്പദാബ്ജത്തെത്തീരെ സ്മരിച്ചീടാത്ത-
താകു-
മുൾപ്പൂവും കുമ്പിടാത്ത ശിരസ്സുമുള്ളതാക്കോ

അല്പവും മടിയാതെയപ്പരിഷയെയെല്ലാം
ക്ഷിപ്രമീയെൻെറ മുമ്പിൽ കൊണ്ടുവന്നീടുവിൻ
നിങ്ങൾ. 29

സ്വന്തമാമാളുകളായജ്ഞരായിങ്ങഞ്ജലി-
ബന്ധിച്ചു നിന്നീടുമീ നമ്മുടെയപരാധം

ക്ഷമിച്ചീടട്ടെ പുരാതനനാമപ്പൂരുഷൻ;
ക്ഷമയമ്മഹാത്മാവിൻ മുഖ്യമാം ഗുണമല്ലോ.

സർവ്വാന്തര്യാമിയാകുമബ്ഭഗവാനെയീ ഞാൻ
നിർവ്യാജഭക്തിപൂർവ്വം നമസ്കരിച്ചീടുന്നു. 30

അതിനാൽ ഭഗവാൻെറ നാമകീർത്തനം പാപ-
ഹതിക്കാചരിക്കേണ്ടും പ്രായശ്ചിത്തമാണെന്നും

ലോകർക്കു ചതുർവ്വിധപുരുഷാർത്ഥങ്ങളേയു-
മേകുവതെന്നും ധരിച്ചീടുക, കരുദ്വഹ! 31

ഹരിതന്നത്യുത്കൃഷ്ടവീര്യങ്ങൾ കീർത്തി-
പ്പോർക്കും
ശരിയായ്ശ്രവിപ്പോർക്കും ശുദ്ധമാമുടൻ ചിത്തം

അത്രയുമെളുപ്പത്തിൽ പാവനമാകാ മനം
നിത്യവും വ്രതാദികളാചരിക്കുന്നവർക്കും. 32

ശ്രീകൃഷ്ണപാദപദ്മമധുവാസ്വദിച്ചവ-
നാകൃഷ്ടനാകാ പിന്നെ വിഷയഭോഗങ്ങളിൽ

അന്യന്മാരെല്ലാം കാമഹതരായ് പാപശാന്തി-
ക്കനേഹം കർമ്മങ്ങൾ ചെയ്താർജ്ജിപ്പൂ പാപം
വീണ്ടും. 33

ഹേ രാജൻ! യമൻ ചൊന്ന ഭഗവന്മഹിമാന-
ഗീരുകൾ കേട്ടദ്ഭുതമഗ്നരായ്ത്തത്കിങ്കരർ

അന്നുതൊട്ടച്യുതൻതന്നാശ്രിതജനങ്ങളെ-
യൊന്നു നോക്കുകപോലും ചെയ്യുന്നതില്ല
ഭീയാൽ. 34

ഹരിയെയാരാധിച്ചു മലയപർവ്വതത്തി-
ലിരിക്കും സർവ്വജ്ഞനാമഗസ്ത്യമഹാമുനി

കഥിച്ചീടിന ഗുഹ്യമാകുമീയിതിഹാസ-
മിതുമട്ടോതീടിനേൻ ഭവാനോടവനീശാ! 35

അദ്ധ്യായം 4

ദക്ഷതപസ്സ്

രാജാവു പറഞ്ഞു

ചതുക്കിസ്സ്വായംഭുവമനന്തരത്തിൽ സുരാ-
സുരമാനുഷമൃഗപക്ഷിനാഗാദിസൃഷ്ടി

എന്നോടങ്ങരുൾചെയ്തതൊക്കെയും നല്ല-
പോലെ
വർണ്ണിച്ചുകേൾപ്പാനുള്ളിലാഗ്രഹം വളരുന്നു.

സൃഷ്ടിയെപ്പിന്നെയേതു ശക്തിയെയാശ്രയിച്ചു
പുഷ്ടമാക്കിയോ പരൻ ഭഗവാനതും
ചൊൽക. 1-2

സൂതൻ പറഞ്ഞു

ഈമട്ടു പരീക്ഷിത്തിൻ ചോദ്യത്തെയഭി-
നന്ദി-
ച്ചാമുനീശ്വരനേവമരുളിച്ചെയ്തീടിനാൻ: 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

യദാ പ്രചേതസഃ പുത്രാ ദശ പ്രാചീനബർഹിഷഃ
അന്തഃസമുദ്രാദുന്മഗ്നാ ദദൃശുർഗാം ദ്രുമൈർവൃതാം. 4

ദ്രുമേഭ്യഃ ക്രുധ്യമാനാസ്തേ തപോദീപിതമന്യവഃ
മുഖതോ വായുമഗ്നിം ച സസൃജുസ്തദ്ദിധക്ഷയാ. 5

താഭ്യാം നിർദഹ്യമാനാംസ്താനുപലഭ്യ കുരൂദ്വഹ!
രാജോവാച മഹാൻ സോമോ മന്യും പ്രശമയന്നിവ. 6

''മാ ദ്രുമേഭ്യോ, മഹാഭാഗാ, ദീനേഭ്യോ ദ്രോഗ്ധുമർഹഥ
വിവർദ്ധയിഷവോ യൂയം പ്രജാനാം പതയഃ സ്മൃതാഃ. 7

അഹോ പ്രജാപതിപതിർഭഗവാൻ ഹരിരവ്യയഃ
വനസ്പതീനോഷധീശ്ച സസർജ്ജോർജ്ജമിഷം വിഭുഃ. 8

അന്നം ചരാണാമചരാ ഹ്യപദഃ പാദചാരിണാം
അഹസ്താ ഹസ്തയുക്താനാം ദ്വിപദാം ച ചതുഷ്പദഃ. 9

യൂയം ച പിത്രാന്വാദിഷ്ടാ ദേവദേവേന ചാനഘാഃ
പ്രജാസർഗ്ഗായ ഹി കഥം വൃക്ഷാൻ നിർദ്ദഗ്ധുമർഹഥ. 10

ആതിഷ്ഠത സതാം മാർഗ്ഗം കോപം യച്ഛത ദീപിതം
പിത്രാ പിതാമഹേനാപി ജുഷ്ടം വഃ പ്രപിതാമഹൈഃ. 11

തോകാനാം പിതരൗ ബന്ധുർ,ദൃശഃ പക്ഷ്മ, സ്ത്രിയാഃ പതിഃ
പതിഃ പ്രജാനാം, ഭിക്ഷൂണാം ഗൃഹ്യജ്ഞാനാം ബുധഃ
സുഹൃത്. 12

അന്തർദ്ദേഹേഷു ഭൂതാനാമാത്മാഽഽസ്തേ ഹരിരീശ്വരഃ
സർവ്വം തദ്ധിഷ്ണ്യമീക്ഷധ്വമേവം വസ്തോഷിതോ ഹ്യസൗ. 13

യഃ സമുത്പതിതം ദേഹ ആകാശാന്മന്യുമുല്ബണം
ആത്മജിജ്ഞാസയാ യച്ഛേത് സ ഗുണാനതിവർത്തതേ. 14

അലം ദഗ്ധൈർദ്രുമൈർദ്ദീനൈഃ ഖിലാനാം ശിവമസ്തു വഃ
വാർക്ഷീ ഹ്യേഷാ വരാ കന്യാ പത്നീത്വേ പ്രതി-
ഗൃഹ്യതാം.'' 15

ഇത്യാമന്ത്ര്യ വരാരോഹാം കന്യാമാപ്സരസീം നൃപ
സോമോ രാജാ യയൗ ദത്ത്വാ തേ ധർമ്മേണോപയേമിരേ. 16

തേഭ്യസ്തസ്യാം സമഭവദ്ദക്ഷഃ പ്രാചേതസഃ കില
യസ്യ പ്രജാവിസർഗ്ഗേണ ലോകാ ആപൂരിതാസ്ത്രയഃ. 17

യഥാ സസർജ്ജ ഭൂതാനി ദക്ഷോ ദുഹിതൃവത്സലഃ
രേതസാ മനസാ ചൈവ തന്മമാവഹിതഃ ശൃണു. 18

മനസൈവാസൃജത് പൂർവ്വം പ്രജാപതിരിമാഃ പ്രജാഃ
ദേവാസുരമനുഷ്യാദീന്നഭഃസ്ഥലജലൗകസഃ. 19

തമബൃംഹിതമാലോക്യ പ്രജാസർഗ്ഗം പ്രജാപതിഃ
വിന്ധ്യപാദാനുപവ്രജ്യ സോഽചരദ്ദുഷ്കരം തപഃ. 20

തത്രാഘമർഷണം നാമ തീർത്ഥം പാപഹരം പരം
ഉപസ്പൃശ്യാനുസവനം തപസാതോഷയദ്ധരിം. 21

അസ്തൗഷീദ്ധംസഗുഹ്യേന ഭഗവന്തമധോക്ഷജം
തുഭ്യം തദഭിധാസ്യാമി കസ്യാതുഷ്യദ്യതോ ഹരിഃ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

മന്നവാ! ബർഹിസ്സിന്റെ പുത്രരായ് പ്രചേ-
താക്ക-
ളെന്നു പേരാർന്നീടുമപ്പത്തു നന്ദനന്മാരും
ആഴിമദ്ധ്യത്തിൽനിന്നുമുയർന്നു നോക്കീടവേ-
യൂഴിയേ വൃക്ഷങ്ങളാലാവൃതയായിക്കണ്ടു.
തരുവൃന്ദത്തിൻനേരേ ചൊടിച്ചങ്ങവററയെ-
ത്തരസാ ദഹിപ്പിച്ചു നീറാക്കാനാഗ്രഹിച്ചു
തപസ്സാലുജ്ജ്വലിക്കുമുത്കടക്രോധം പൂണ്ടു
സപദി വായിൽനിന്നു വിട്ടിതു കാററും തീയും.
4-5

ദഹനമാരുതന്മാർ യോജിച്ചു വൃക്ഷങ്ങളെ
ദഹിപ്പിപ്പതു തരുകുലരാജാവാം ചന്ദ്രൻ
കണ്ടു തത്കോപം ശമിപ്പിക്കുവാനുള്ളിലാശ-
പൂണ്ടു ചൊല്ലിനാനുടനവരോടിപ്രകാരം: 6
''ഹേ മഹാഭാഗന്മാരേ! നിങ്ങളീ ദീനങ്ങളാം
ഭൂമീരുഹകുലങ്ങളെ ദ്രോഹിപ്പതെത്ര കഷ്ടം!
നിതരാം പ്രജാവൃദ്ധിയിച്ഛിക്കും നിങ്ങൾ തരു-
വിതതിയേയും രക്ഷിക്കേണ്ടവർതന്നെയല്ലോ.7
ബ്രഹ്മാവിൻ പതിയായ് നിർവ്വികാരനാകും
ഹരി-
യിമ്മന്നിൽപ്പിതൃക്കൾക്കും ദേവതാവർഗ്ഗത്തിനും
അന്നമായ് നിർമ്മിച്ചിതു മഹിയിൽ മഹീരുഹ-
സന്ദോഹത്തെയും വിവിധൌഷധീവർഗ്ഗ-
ത്തെയും. 8
ചരങ്ങൾക്കചരങ്ങൾ, പാദചാരികൾക്കെല്ലാം
ചരണമില്ലാത്തവ, കയ്യുള്ളോർക്കതെററവ,
ഇരുകാലുള്ളവർക്കു ചതുഷ്പാത്തുകളെന്നി-
ത്തരത്തിലാഹാരമായ് കാണുന്നിക്ഷോണി-
തന്നിൽ. 9
ജനകനാലും ദേവദേവനാമീശനാലും
ജനസർഗ്ഗത്തിനായി നിയുക്തരായ നിങ്ങൾ
ഇങ്ങനെ വൃക്ഷങ്ങളെയൊക്കെയും ദഹിപ്പിപ്പ-
തെങ്ങനെ യോഗ്യമായിത്തീർന്നിടും, നിഷ്പാ-
പരേ! 10
പിതാക്കൾ പിതാമഹപ്രപിതാമഹന്മാരും
പതിവായാർന്നിരുന്ന സത്സരണികൾതന്നെ
നിങ്ങളുമാശ്രയിക്കിൻ, കാരുണ്യം കലർന്നു-
ള്ളിൽ-
ത്തിങ്ങുമിക്കടുകോപമടക്കീടുവിനിപ്പോൾ. 11
മന്നിതിൽ ബാലന്മാർക്കു മാതാപിതാക്കന്മാരും
കണ്ണിന്നു കൺപോളയും സ്ത്രീകൾക്കു
കാന്തന്മാരും
സന്ന്യാസികൾക്കു ഗൃഹസ്ഥന്മാരുമജ്ഞന്മാർക്കു
പണ്ഡിതന്മാരുമത്രേ ബന്ധുക്കൾ ചിന്തിക്കു-
കിൽ. 12

ഇച്ചരാചരഭൂതശരീരാന്തർഭാഗത്തി-
ലച്യുതനെന്നുമാത്മരൂപനായ് വസിക്കുന്നു.
എങ്ങുമബ്ഭഗവാന്റെ വാസസ്ഥാനങ്ങളെന്നു
നിങ്ങൾ കാൺകിലാവിഭു നിങ്ങളിൽ
പ്രസാദിക്കും. 13
പതിവായ് ശരീരാന്തർഭാഗാകാശത്തിൽ
നിന്നു-
മുദിക്കും ഭയങ്കരക്രോധത്തെയടക്കുവാൻ
കെല്പാത്മജ്ഞാനേച്ഛയാലേതവനുണ്ടായിടു-
മപ്പുമാൻ ഗുണങ്ങളെയതിവർത്തിക്കുന്നിതേ. 14
ദീനങ്ങളായീടുമീ വൃക്ഷവൃന്ദത്തെച്ചുടും
ഹീനകൃത്യത്തെ നിങ്ങൾ നിർത്തുവിനി-
ക്ഷണത്തിൽ.
നിങ്ങൾക്കും ശേഷിച്ചിടും ഭൂരുഹഗണത്തിനും
മംഗലം, നിങ്ങൾക്കേറ്റമനുയോജ്യയായ്-
മിന്നും
പാദപപുത്രിയാമിദ്ധന്യയാം കന്യയാളെ-
സ്സാദരം സ്വീകരിച്ചുകൊള്ളുവിൻ, ഭൂപ-
ന്മാരേ!'' 15
എന്നോതിയപ്സരസ്സിൻപുത്രിയായ്
ശ്രേഷ്ഠയാമ-
ക്കന്യയെയവർക്കേകിപ്പോയിതു രാജൻ
സോമൻ.
അവരും സുന്ദരിയാമവളെധർമ്മത്തിനൊ-
ത്തവിളംബിതമേകപത്നിയായ്
സ്വീകരിച്ചാർ. 16
മാരിഷയെന്നുപേരാമവളിലവർക്കുണ്ടായ്
പാരിൽ പ്രാചേതസ്സെന്നു പേരിയന്നിടും
ദക്ഷൻ.
ആ പ്രജാപതിയുടെ സന്താനസമൂഹംതാൻ
മുപ്പാരുമൊന്നുപോലെ നിറഞ്ഞിട്ടുള്ളതി-
പ്പോൾ. 17
ശ്രദ്ധിച്ചു കേട്ടുകൊൾക, പുത്രീവത്സലൻ ദക്ഷൻ
ചിത്തവും രേതസ്സു കൊണ്ടെങ്ങനെ സൃഷ്ടി-
ച്ചെന്നും. 18
ആദ്യമായ് ദക്ഷൻ നഭോമഹീനീരസ്ഥദേവ-
ദൈത്യമാനുഷാദിയെ സൃഷ്ടിച്ചാൻ മനസ്സി-
നാൽ. 19
ഇത്തരം ചിത്തത്തിനാൽ തുടർന്ന സൃഷ്ടിക്കേതും
സത്വരമഭിവൃദ്ധി കാണാഞ്ഞുകാരണത്താൽ
വിന്ധ്യാദ്രിപാദങ്ങളെയാശ്രയിച്ചതിദ്രുതം
വൻതപംതന്നെ തുടങ്ങീടിനാൻ പ്രജാപതി.20
അഘമർഷണതീർത്ഥനിത്യസ്നാനത്താലഘ-
മകറ്റിത്തപംചെയ്തു നേടിനാൻ ഹരിപ്രീതി. 21
ഇന്ദ്രിയാതീതനാകും ഹരിയെ ഹംസഗുഹ്യ-
മന്ത്രത്താൽ തുഷ്ടനാക്കി സ്തുതിച്ചാൻ ദക്ഷ-
നേവം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതിരുവാച

നമഃ പരായാവിതഥാനുഭൂതയേ
ഗുണത്രയാഭാസനിമിത്തബന്ധവേ
അദൃഷ്ടധാമ്നേ ഗുണതത്ത്വബുദ്ധിഭി-
ർന്നിവൃത്തമാനായ ദധേ സ്വയംഭുവേ. 23

ന യസ്യ സഖ്യം പുരുഷോ/വൈതി സഖ്യുഃ
സഖാ വസൻ സംവസതഃ പുരേ/സ്മിൻ
ഗുണോ യഥാ ഗുണിനോ വ്യക്തദൃഷ്ടേ-
സ്തസ്മൈ മഹേശായ നമസ്കരോമി. 24

ദേഹോ/സവോ/ക്ഷാ മനവോ ഭൂതമാത്രാ
നാത്മാനമന്യം ച വിദുഃ പരം യത്
സർവ്വം പുമാൻ വേദ ഗുണാംശ്ച തജ്ജ്ഞോ
ന വേദ സർവ്വജ്ഞമനന്തമീഡേ. 25

യദോപരാമോ മനസോ നാമരൂപ-
രൂപസ്യ ദൃഷ്ടസ്മൃതിസമ്പ്രമോഷാത്
യ ഈയതേ കേവലയാ സ്വസംസ്ഥയാ
ഹംസായ തസ്മൈ ശുചിസദ്മനേ നമഃ. 26

മനീഷിണോ/ന്തർഹൃദി സംനിവേശിതം
സ്വശക്തിഭിർന്നവഭിശ്ച ത്രിവൃദ്ഭിഃ
വഹ്നിം യഥാ ദാരുണി പാഞ്ചദശ്യം
മനീഷയാ നിഷ്കർഷന്തി ഗൂഢം. 27

സ വൈ മമാശേഷവിശേഷമായാ-
നിഷേധനിർവ്വാണസുഖാനുഭൂതിഃ
സ സർവ്വനാമാ സ ച വിശ്വരൂപഃ
പ്രസീദതാമനിരുക്താത്മശക്തിഃ. 28

യദ്യന്നിരുക്തം വചസാ നിരൂപിതം
ധിയാക്ഷഭിർവ്വാ മനസാ വോത യസ്യ
മാ ഭൂത് സ്വരൂപം ഗുണരൂപമേവഹി
സ വൈ ഗുണാപായവിസർഗ്ഗലക്ഷണഃ. 29

യസ്മിൻ യതോ യേന ച യസ്യ യസ്മൈ
യദ്യോ യഥാ കുരുതേ കാര്യതേ ച
പരാവരേഷാം പരമം പ്രാക് പ്രസിദ്ധം
തദ് ബ്രഹ്മ തദ്ധേതുരനന്യദേകം. 30

യച്ഛക്തയോ വദതാം വാദിനാം വൈ
വിവാദസംവാദഭുവോ ഭവന്തി
കർവ്വന്തി ചൈഷാം മുഹുരാത്മമോഹം
തസ്മൈ നമോ/നന്തഗുണായ ഭൂമ്നേ. 31

അസ്തീതി നാസ്തീതി ച വസ്തുനിഷ്ഠയോ-
രേകസ്ഥയോർഭിന്നവിരുദ്ധധർമ്മണോഃ
അവേക്ഷിതം കിഞ്ചന യോഗസാംഖ്യയോഃ
സമം പരം ഹ്യനുകൂലം ബൃഹത്തത്. 32

യോ/നുഗ്രഹാർത്ഥം ഭജതാം പാദമൂല-
മനാമരൂപോ ഭഗവാനനന്തഃ
നാമാനി രൂപാണി ച ജന്മകർമ്മഭി-
ർഭേജേ സ മഹ്യം പരമഃ പ്രസീദതു. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതി പറഞ്ഞു

സത്യമാം ചിച്ഛക്തിയോടൊത്തുചേർന്ന വനായി
സത്വാദിഗുണത്രയാഭാസമായിതന്നീടും
ജീവനും നിമിത്തമാം മായയ്ക്കും ബന്ധുവായി-
ക്കേവലം ഗുണസത്യമതികാംക്ഷദൈശ്യനായ്
നിയതം പ്രമാണത്തെയതിക്രമിച്ചു മിന്നും
സ്വയംഭാസ്സാമപ്പരൻപുമാനെ നമിക്കുന്നേൻ. 23
ശബ്ദാദിവിഷയങ്ങൾ ശ്രോത്രാദീന്ദ്രിയങ്ങളെ-
യല്പവുമറിയാതെയിരിക്കുന്നതുപോലെ
ശരീരസ്ഥിതൻ ജീവൻ തനിക്കു സഹായംചെ-
യ്യരികിൽ വാഴുമുററസഖനെച്ചെററുപോലും
അറിയുന്നില്ല കഷ്ടം ബ്രഹ്മാദ്യക്ഷിനാമ-
പ്പരമാത്മാവിനെ ഞാൻ നമസ്കരിക്കുന്നിതേ. 24
ശരീരം, പ്രാണങ്ങളുമിന്ദ്രിയങ്ങളുമന്തഃ-
കരണങ്ങളും മേദിന്യാദിയാം ഭൂതങ്ങളും
ഗന്ധാദിതന്മാത്രതൻ വൃന്ദവുമൊന്നുംതന്നെ
സ്വന്തരൂപങ്ങളേയുമവയിലാവസിക്കും
ദേവതാവർഗ്ഗത്തെയും തദ്ഭിന്നൻ ജീവനേയും
കേവലം ജാഡ്യംമൂലമറിയാതിരിക്കുന്നു.
എന്നുമചേതനാസ്വരൂപനാകിയ ജീവൻ
നന്നായിട്ടറിയുന്നു ദേഹാദി ജഡങ്ങളെ.
പരിച്ഛിന്നനായജ്ഞാനാവൃതനാകും ജീവ-
നറിയാ സർവ്വജ്ഞനാമപ്പരമാത്മാവിനെ. 25
അപരിച്ഛിന്നനായിസ്സർവ്വേശനായീടുമാ-
സ്വഭൂവാം ഭഗവാനെ ഞാൻ നമസ്കരിക്കുന്നു.
നാമരൂപങ്ങൾ രൂപീകരിക്കും ശീലംപെട-
മാമനം ദൃഷ്ടസ്മൃതിവിട്ടുപരമിക്കവേ
ഏതവൻ ചിദാനന്ദരൂപനായ് മാനസത്തിൽ
ദ്യോതിക്കും ശുദ്ധനാമദ്ദേവനായ് നമസ്കാരം.26
ഒൻപതുവിധത്തിലും മൂന്നുമട്ടിലുമായി
വമ്പാളും, സ്വശക്തിയാൽ മറയ്ക്കപ്പെട്ടും പാരം
ഹൃദയാന്തർഭാഗത്തിൽ നിശ്ചലമായും സദാ
സ്ഥിതിചെയ്തിടും കൃഷ്ണപരമാത്മാവുതന്നെ
ദാരുവിലടങ്ങീടുമഗ്നിയെപ്പഞ്ചദശ്യ-
സാരമന്ത്രത്താൽ പാരം പ്രകാശിപ്പിക്കുംവിധം
പണ്ഡിതവൃന്ദം പരിശുദ്ധമാം ബുദ്ധികൊണ്ടു
നന്നായി വിമർശനംചെയ്തു കണ്ടീടുന്നിതേ. 27
അശേഷവിശേഷത്തിൻ ഹേതുവാം മായതന്നെ
നിഷേധിക്കയാൽ മോക്ഷസുഖാനുഭൂതിയാളും
ശ്രീമഹാവിഷ്ണുവെന്നിൽ പ്രസാദിക്കണം, സർവ്വ
നാമാവും വിശ്വാത്മാവും സർവ്വശക്തനുമവൻ. 28

യാതൊന്നു വാക്കുകളാൽ വചിക്കപ്പെടുന്നവോ,
യാതൊന്നു ബുദ്ധികൊണ്ടു നിർണ്ണയിച്ചീ- ടുന്നവോ,
യാതൊന്നിന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെട്ടു- ന്നവോ,
യാതൊന്നു മനംകൊണ്ടു ചിന്തിക്കപ്പെടുന്നവോ,
അതൊന്നും ഭഗവാന്റെ രൂപമല്ലീലോകത്തിൽ
പ്രഥിതമത്രേ ഗുണസ്വരൂപമെന്നുള്ളതും
ത്രിഗുണകാര്യോത്പത്തി ലയലക്ഷണങ്ങളെ-
ത്തികച്ചുമാന്നിരിക്കുന്നവനിബ്ഭഗവാൻ- താൻ. 29
കാരണസ്വരൂപമായിരിക്കും കാര്യമെന്നി-
പ്പാരിലേവനുമനുഭവത്തിൽപ്പെട്ടുള്ളതാം
ബ്രഹ്മാദിവരിഷ്ടർക്കു കാരണമായുള്ളതീ-
ബ്രഹ്മമാണവരുടെ പില്ക്കാലജാതന്മാരും
നിന്ദ്യന്മാരായവർക്കു തജ്ജനനത്തിൻമുൻപേ-
നിന്നീടുമീബ്രഹ്മംതാനാദികാരണം നൂനം.
അന്യസംബന്ധമെന്യേയേകമായെല്ലായ്പ്പോഴും
മിന്നീടുമനശ്വരവസ്തുവീ ബ്രഹ്മമത്രേ.
അതിൽനിന്നന്യമായി യാതൊന്നുംതന്നെ ലോക-
ത്രിതയത്തിലുമില്ലെന്നുള്ളതു, നിർവ്വിവാദം. 30
വക്താവിന്റെയും തഥാ വാദിക്കുന്നവന്റെയും
യുക്തിക്കും വാദസംവാദങ്ങൾക്കുമടിസ്ഥാനം
വിദ്യയുമവിദ്യയുമെന്ന ഭേദങ്ങളോടു
വർത്തിക്കും ഭഗവാന്റെ മായാശക്തികളത്രേ
ഇമ്മായാശക്തിമൂലമാഹന്ത മോഹിച്ചവർ
ചുമ്മാതെ വാദപ്രതിവാദങ്ങൾ തുടരുന്നു.
ഈവിധമനന്തമാം ഗുണങ്ങൾക്കാധാരമായ്
സർവ്വവ്യാപിയായോരദ്ദേവനു നമസ്കാരം. 31
യോഗത്തിലുള്ളോന്നു സാംഖ്യത്തിലില്ലെ- ന്നായി-
ട്ടേകകാര്യത്തിലുണ്ടാം ഭിന്നാഭിപ്രായങ്ങളിൽ
അനുകൂലിച്ചും പ്രതികൂലിച്ചും സമമായു-
മനിശം ദ്യോതിച്ചിടുമേകതത്വമാം ബ്രഹ്മം. 32
അനന്തനായീടുമേതീശ്വരൻ പാദമൂല-
മനിശം ഭജിപ്പോരെയനുഗ്രഹിപ്പാനായി
നാമരൂപാദിയില്ലാത്തവനെന്നിരിക്കിലും
നാമരൂപങ്ങൾ ജന്മകർമ്മങ്ങൾനിമിത്തമായ്
സ്വീകരിച്ചീടുന്നിതപ്പരമപുമാനാകും
വൈകുണ്ഠവാസിദേവൻ പ്രസാദിക്കണ- മെന്നിൽ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ പ്രാകൃതൈർജ്ഞാനപഥൈർജ്ജനാനാം
യഥാശയം ദേഹഗതോ വിഭാതി
യഥാനിലഃ പാർത്ഥിവമാശ്രിതോ ഗുണം
സ ഈശ്വരോ മേ കുരുതാന്മനോരഥം. 34

ശ്രീശുക ഉവാച

ഇതി സ്തുതഃ സംസ്തുവതഃ സ തസ്മിന്നഘമർഷണേ
ആവിരാസീത്, കുരുശ്രേഷ്ഠ, ഭഗവാൻ ഭക്തവത്സലഃ. 35

കൃതപാദഃ സുപർണ്ണാംസേ പ്രലംബാഷ്ടമഹാഭുജഃ
ചക്രശംഖാസിചർമ്മേഷുധനുഃപാശഗദാധരഃ 36

പീതവാസാ ഘനശ്യാമഃ പ്രസന്നവദനേക്ഷണഃ
വനമാലാനിവീതാംഗോ ലസച്ഛ്രീവത്സകൗസ്തുഭഃ. 37

മഹാകിരീടകടകഃ സ്ഫുരന്മകരകുണ്ഡലഃ
കാഞ്ച്യംഗുലീയവലയനൂപുരാംഗദഭൂഷിതഃ 38

ത്രൈലോക്യമോഹനം രൂപം ബിഭ്രത് ത്രിഭുവനേശ്വരഃ
വൃതോ നാരദനന്ദാദ്യൈഃ പാർഷദൈഃ സുരയൂഥപൈഃ. 39

സ്തൂയമാനോഽനുഗായദ്ഭിഃ സിദ്ധഗന്ധർവ്വചാരണൈഃ
രൂപം തന്മഹദാശ്ചര്യം വിചക്ഷ്യാഗതസാധ്വസഃ
നനാമ ദണ്ഡവദ്ഭൂമൗ പ്രഹൃഷ്ടാത്മാ പ്രജാപതിഃ. 40

ന കിഞ്ചനോദീരയിതുമശകത് തീവ്രയാ മുദാ
ആപൂരിതമനോദ്വാരൈർഹ്രദിന്യ ഇവ നിർഝരൈഃ. 41

തം തഥാവനതം ഭക്തം പ്രജാകാമം പ്രജാപതിം
ചിത്തജ്ഞഃ സർവ്വഭൂതാനാമിദമാഹ ജനാർദ്ദനഃ. 42

ശ്രീഭഗവാനുവാച

പ്രാചേതസ, മഹാഭാഗ, സംസിദ്ധസ്തപസാ ഭവാൻ
യച്ഛ്രദ്ധയാ മത്പരയാ മയി ഭാവം പരം ഗതഃ. 43

പ്രീതോഽഹം തേ പ്രജാനാഥ, യത്തേഽസ്യോദ്ബൃംഹണം തപഃ
മമൈഷ കാമോ ഭൂതാനാം യത് ഭൂയാസുർവ്വിഭൂതയഃ. 44

ബ്രഹ്മാ ഭവോ ഭവന്തശ്ച മനവോ വിബുധേശ്വരാഃ
വിഭൂതയോ മമ ഹ്യേതാ ഭൂതാനാം ഭൂതിഹേതവഃ 45

തപോ മേ ഹൃദയം ബ്രഹ്മംസ്തനുർവ്വിദ്യാ ക്രിയാഽഽകൃതിഃ
അംഗാനി ക്രതവോ ജാതാ ധർമ്മ ആത്മാസവഃ സുരാഃ 46

അഹമേവാസമേവാഗ്രേ നാന്യത് കിഞ്ചാന്തരം ബഹിഃ
സംജ്ഞാനമാത്രമവ്യക്തം പ്രസുപ്തമിവ വിശ്വതഃ 47

മയ്യനന്തഗുണേഽനന്തേ ഗുണതോ ഗുണവിഗ്രഹഃ
യദാഽഽസീത് തത ഏവാദ്യഃ സ്വയംഭൂഃസമഭൂദജഃ. 48

സ വൈ യദാ മഹാദേവോ മമ വീര്യോപബൃംഹിതഃ
മേനേ ഖിലമിവാത്മാനമുദ്യതഃ സർഗ്ഗകർമ്മണി. 49

അഥ മേഽഭിഹിതോ ദേവസ്തപോഽതപ്യത ദാരുണം
നവ വിശ്വസൃജോ യുഷ്മാൻ യേനാദാവസൃജദ്വിഭുഃ. 50

ഏഷാ പഞ്ചജനസ്യാംഗ ദുഹിതാ വൈ പ്രജാപതേഃ
അസിക്നീ നാമ പത്നീത്വേ, പ്രജേശ, പ്രതിഗൃഹ്യ താം. 51

മിഥുനവ്യവായധർമ്മസ്ത്വം പ്രജാസർഗ്ഗമിമം പുനഃ
മിഥുനവ്യവായധർമ്മിണ്യാം ഭൂരിശോ ഭാവയിഷ്യസി. 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതീശനർവ്വാചീനോപാസനാമാർഗ്ഗഭേദ-
മാദരിച്ചോരോതരം ദേവതാഗണത്തേയും
സേവിക്കും ജനങ്ങൾതൻ ഹൃദയങ്ങളിൽ തത്ത-
ദ്ദേവതാസ്വരൂപത്തിലേതുമേ മറവെന്യേ
മേദിനീഗുണങ്ങളെയാശ്രയിച്ചീടുന്നൊരു
വാതമെന്നതുപോലെ പ്രകാശിച്ചീടുന്നവോ
സർവ്വദേവസ്വരൂപനാകുമെമ്പ് ഭഗവാനെൻ
സർവ്വസങ്കല്പങ്ങളും സത്യമാക്കട്ടെ നിത്യം. 34

ശ്രീശുകൻ പറഞ്ഞു

അഘമർഷണതീർത്ഥസ്ഥാനത്തിലിപ്രകാരം
പകലും രാവും സ്തുതിപൂർവ്വകം തപംചെയ്യും
ദക്ഷന്റെ മുൻപിൽ ഭക്തവത്സലൻ ഭഗവാൻപ്ര-
ത്യക്ഷനായ്ഭവിച്ചിതു കരുവംശാധീശ്വരാ! 35
ഗരുഡസ്കന്ധംതന്നിൽ പാദങ്ങൾവച്ചും നീണ്ട
കരങ്ങളെട്ടിൽ ശംഖം ചക്രവും പരിശ, വാൾ
ബാണങ്ങൾ വില്ലും പാശം ഗദയും ധരിച്ചതാൻ
കാണായി ദക്ഷപ്രജാപതിക്കദ്ദിവ്യരൂപം. 36
മഞ്ഞപ്പട്ടുടുത്തതിപ്രസാദം സൂചിപ്പിക്കും
മഞ്ജുളാനനത്തോടും കാറൊളിനിറത്തോടും
ലോലനേത്രങ്ങളോടും പാദാന്തം നീണ്ട വന-
മാലയും ശ്രീവത്സവും കൗസ്തുഭമാണിക്യവും 37
മിന്നുന്ന മൗലികാഞ്ചീകടകമോതിരങ്ങൾ
കുണ്ഡലാങ്ഗദങ്ങളും നൂപുരങ്ങളും പൂണ്ടു 38
മൂപ്പാരും മോഹിപ്പിക്കത്തക്കതാം രൂപമാർന്നു
കെല്പേറും നന്ദാദികളായ പാർഷദന്മാരും
നാരദാദികളാകും മാമുനിമാരും സുര-
ന്മാരൊത്തു ചുററും സ്തോത്രഗീതങ്ങൾ മുഴക്കിയും
സിദ്ധകിന്നരാദ്യരും ചാരണന്മാരുമതി-
ന്നൊത്തു പാടിയുമേററം തെളിഞ്ഞു വിളങ്ങി-
നാൻ. 39
അദ്ഭുതകരം രൂപമീവിധം കണ്ടു പാരം
വിഭ്രമത്തോടുകൂടി മോദവുംപൂണ്ടു മുന്നിൽ
ദണ്ഡംപോൽ മന്നിൽ പതിച്ചുദ്ദക്ഷപ്രജാപതി
നന്നായി നമസ്കരിച്ചീടിനാൻ ഭക്തിപൂർവ്വം. 40
പ്രവാഹസംവൃദ്ധിയാൽ തടാകസമൂഹംപോൽ-
ക്കവിയും സന്തോഷത്താൽ മനോദ്വാരങ്ങ-
ളെല്ലാം
പരിപൂരിതമാകകൊണ്ടൊന്നുമുരിയാടാ-
നരുതാതക്കിടപ്പിൽക്കിടന്നുപോയി ദക്ഷൻ. 41
ഭൂമിയിൽ ദണ്ഡംപോലെ വീണുകുപ്പിയും
പ്രജാ-
കാമത്തെയുൾക്കളത്തിൽ വഹിച്ചും സ്ഥിതി-
ദക്ഷനോടായിസ്സർവ്വഭൂതാന്തർഗ്ഗതങ്ങളും [ചെയ്യും
സൂക്ഷ്മമായ് ധരിക്കുമെമ്പ് ഭഗവാനരുൾ-
ചെയ്താൻ! 42

ശ്രീഭഗവാൻ പറഞ്ഞു

ഹേ മഹാഭാഗാ! ദക്ഷാ! പ്രചേതസ്തനയാ! നി-
ഷ്കാമംഫലിച്ചു തവ തപസ്സിൻഫലമിപ്പോൾ,
എന്നിൽ നിൻ ശ്രദ്ധ നന്നായുറപ്പിച്ചിരിക്കയാ-
ലന്യൂനഭക്തിയെന്നിൽ നിനക്കു ഭവിച്ചിതു. 43
നിൻ തപസ്സിപ്പോൾ ലോകവൃദ്ധിക്കായ്
ഭവിക്കയാൽ
സന്തോഷിച്ചിരിക്കുന്നു ഞാൻ നിന്നിൽ
പ്രജാപതേ!
പ്രാണികൾക്കഭിവൃദ്ധിയുലകിലുണ്ടായ്-
ക്കാണ്മാ-
നാണെനിക്കുള്ളിലാശ,യതത്രേ മോദഹേതു. 44
ബ്രഹ്മാവു, ശിവൻ, പ്രജാപതിമാരാകും നിങ്ങ-
ളമ്മനുക്കളും സുരനായകൻമുതൽപേരും
ലോകാഭിവൃദ്ധിദങ്ങളാകുമെൻ വിഭൂതിക-
ളാകയാലിപ്രയത്നമേററവുമുചിതംതാൻ. 45
ധ്യാനമെൻ ഹൃദയവും വിദ്യയെൻ ശരീരവു-
മാണയേ! ബ്രഹ്മൻ! ക്രിയ മത്സ്വരൂപവുമത്രേ.
മാനസംധർമ്മമെന്റെയങ്ഗങ്ങൾ ക്രതുക്കളും
പ്രാണങ്ങൾ ദേവന്മാരുമാണെന്നു ധരി-
ച്ചാലും. 46
മുന്നം ഞാനേകനെന്യേയുള്ളിലും പുറമേയു-
മന്യമായൊന്നുംതന്നെയുണ്ടായിരുന്നില്ല കേൾ.
ചൈതന്യം മാത്രമെങ്ങും പ്രസുപ്തംമതീന്ദ്രിയ-
ബോധത്തിന്നതീതമായ് വ്യാപ്തമായി-
രുന്നിതു. 47
ഗുണരൂപിണിയായ മായയിൽനിന്നനന്ത-
ഗുണരൂപനായ് പരിച്ഛിന്നനല്ലാത്തോരെന്നിൽ
എപ്പോഴഗ്ഗുണമായ ബ്രഹ്മാണ്ഡമുദ്ഭൂതമാ-
യപ്പൊഴെൻ ശ്രമമെന്യേ ധാതാവു ജാതനായി.
അതിനാലജനെന്നും സ്വയംഭൂവെന്നും മററും
ചതുരാനനനുണ്ടായ്‌വന്നിതു പല നാമം. 48
ആദിദേവനും മമ വീര്യത്താൽ വർദ്ധിച്ചീടും
ഭൂതിപൂണ്ടവനുമായീടുമപ്പിതാമഹൻ
സൃഷ്ടിക്കായുദ്യമിച്ചവേളയിലക്കാര്യത്തി-
ലൊട്ടുമേ ശേഷി തനിക്കില്ലെന്നു
വിചാരിച്ചാൻ. 49
അപ്പൊഴെന്നുപദേശപ്രകാരം തപസ്സുചെ-
യ്തദ്ഭുതശക്തിനേടി വിഭുവാമവൻ പിന്നെ
ലോകത്തെയഭിവൃദ്ധമാക്കുവാൻ സമർത്ഥന്മാ-
രാകുന്ന നിങ്ങളെസ്സംസൃഷ്ടിച്ചു വിട്ടാനാദ്യം. 50
പഞ്ചജനാഖ്യപ്രജാപതിതൻ തനൂജയാ-
യഞ്ചിതാകൃതിയാർന്നു മിന്നുമീയസിക്നിയെ
സ്വീകരിക്കുക ഭവാൻ ഭാര്യയായ് പ്രജാപതേ!
ലോകത്തിൽ പ്രജകളെ വർദ്ധിപ്പിക്കുക
വേഗം. 51
സ്ത്രീസങ്ഗാർത്ഥിയാമങ്ങും പുരുഷസങ്ഗേ-
ച്ഛുവാ-
മീസുമുഖിയും തമ്മിലുളവാം സങ്ഗമത്താൽ
നിശ്ചയമായും വീണ്ടും പ്രജകൾക്കഭിവൃദ്ധി
വിശ്വത്തിലുണ്ടായിടുമെന്നു ഞാനറിയുന്നു. 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത്തോഽധസ്താത് പ്രജാഃ സർവ്വാ മിഥുനീഭൂയ മായയാ
മദീയയാ ഭവിഷ്യന്തി, ഹരിഷ്യന്തി ച മേ ബലിം. 53

ശ്രീശുക ഉവാച
ഇത്യുക്ത്വാ മിഷതസ്തസ്യ ഭഗവാൻ വിശ്വഭാവനഃ
സ്വപ്നോപലബ്ധാർത്ഥ ഇവ തത്രൈവാന്തർദ്ധധേ ഹരിഃ. 54

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

ശ്രീശുക ഉവാച
തസ്യാം സ പാഞ്ചജന്യാം വൈ വിഷ്ണുമായോപബൃംഹിതഃ
ഹര്യശ്വസംജ്ഞാനയുതം പുത്രാനജനയദ്വിഭുഃ. 1
അപൃഥഗ്ധർമ്മശീലാസ്തേ സർവ്വേ ദാക്ഷായണാ നൃപ
പിത്രാ പ്രോക്താഃ പ്രജാസർഗ്ഗേ പ്രതീചീം പ്രയയുർദ്ദിശം. 2
തത്ര നാരായണസരസ്തീർത്ഥം സിന്ധുസമുദ്രയോഃ
സങ്ഗമോ യത്ര സുമഹന്മുനിസിദ്ധനിഷേവിതം. 3
തദുപസ്പർശനാദേവ വിനിർദ്ധൂതമലാശയാഃ
ധർമ്മേ പാരമഹംസ്യേ ച പ്രോത്പന്നമതയോഽപ്യുത. 4
തേപിരേ തപ ഏവോഗ്രം പിത്രാദേശേന യന്ത്രിതാഃ
പ്രജാവിവൃദ്ധയേ യത്താൻ ദേവർഷിസ്താൻ ദദർശ ഹ. 5
ഉവാച ചാഥ ഹര്യശ്വാഃ കഥം സ്രക്ഷ്യഥ വൈ പ്രജാഃ
അദൃഷ്ട്വാന്തം ഭുവോ യൂയം ബാലിശാ ബത പാലകാഃ. 6
തഥൈകപുരുഷം രാഷ്ട്രം ബിലം ചാദൃഷ്ടനിർഗ്ഗമം
ബഹുരൂപാം സ്ത്രിയം ചാപി പുമാംസം പുംശ്ചലീപതിം. 7
നദീമുഭയതോവാഹാം പഞ്ചപഞ്ചാദ്ഭുതം ഗൃഹം
ക്വചിദ്ധംസം ചിത്രകഥം ക്ഷൗരപവ്യം സ്വയം ഭ്രമിം. 8
കഥം സ്വപിതുരാദേശമവിദ്വാംസോ വിപശ്ചിതഃ
അനുരൂപമവിജ്ഞായ അഹോ സർഗ്ഗം കരിഷ്യഥ. 9

ശ്രീശുക ഉവാച
തന്നിശമ്യാഥ ഹര്യശ്വാ ഔത്പത്തികമനീഷയാ
വാചഃകൂടം തു ദേവർഷേഃ സ്വയം വിമമൃശുർദ്ധിയാ. 10
ഭൂഃ ക്ഷേത്രം ജീവസംജ്ഞം യദനാദി നിജബന്ധനം
അദൃഷ്ട്വാ തസ്യ നിർവ്വാണം കിമസത്കർമ്മഭിർഭവേത്. 11
ഏക ഏവേശ്വരസ്തുര്യോ ഭഗവാൻ സ്വാശ്രയഃ പരഃ
തമദൃഷ്ട്വാഭവം പുംസഃ കിമസത്കർമ്മഭിർഭവേത്. 12
പുമാൻ നൈവൈതി യദ്ഗത്വാ ബിലസ്വർഗ്ഗം ഗതോ യഥാ
പ്രത്യഗ്ധാമാവിദ ഇഹ കിമസത്കർമ്മഭിർഭവേത്? 13
നാനാരൂപാഽഽത്മനോ ബുദ്ധിഃ സ്വൈരിണീവ ഗുണാന്വിതാ
തന്നിഷ്ഠാമഗതസ്യേഹ കിമസത്കർമ്മഭിർഭവേത്? 14
തത്സങ്ഗഭ്രംശിതൈശ്വര്യം സംസരന്തം കുഭാര്യവത്
തദ്ഗതീരബുദ്ധസ്യേഹ കിമസത്കർമ്മഭിർഭവേത്? 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ങയിൽനിന്നു മേലാലുണ്ടാകും പ്രജകളും
മങ്ങാതെ മന്മായയാം നാരിയുമായിച്ചേർന്നു
പുത്രഭാവത്തിൽ ജനിച്ചെന്നാജ്ഞ നടത്തലാ-
മുത്തമപൂജയെന്നിൽ സമർപ്പിക്കയുംചെയ്യും. 53

ശ്രീശുകൻ പറഞ്ഞു

ഇപ്രകാരം കഥിച്ചു വിശ്വഭാവനൻ ഹരി
സ്വപ്നസാധനംമട്ടു മറഞ്ഞാനസ്ഥലത്തിൽ. 54

അദ്ധ്യായം 5

നാരദനു ദക്ഷശാപം

ശ്രീശുകൻ പറഞ്ഞു

ഹരിമായാവേശത്താൽ ഭവസമ്മതനും പ്രജാ-
പരനും നിർമ്മാണത്തിൽ ദക്ഷനുമായ ദക്ഷൻ
അഞ്ചാതെ പാഞ്ചജന്യപത്നിയിൽ
ഹര്യശ്വാഖ്യ-
രായിടും പുത്രന്മാരെയയുതം ജനിപ്പിച്ചാൻ. 1
ഏകധർമ്മാചാരതത്പരരാമത്തനുജ-
രാകവേ പ്രജാവൃദ്ധിക്കുള്ളുന്നാജ്ഞാപിക്ക-
യാൽ. 2
പശ്ചിമദിക്കിൽപോയിസ്സിന്ധുവാരിധികരം
തൻ-
ചേർച്ചസ്ഥാനമായ് മുനിസിദ്ധസേവിതമായി
ചൊല്ലേഴും നാരായണസരസ്സെന്നഭിധാന-
മുള്ള നല്ലൊരു തീർത്ഥസ്ഥാനത്തിലെത്തി-
ച്ചേർന്നാർ. 3
തൽപസ്പർശത്തിനാൽ മനസ്സു മാലിന്യമ-
റ്റതിശുദ്ധമായ് ശ്രേഷ്ഠധർമ്മതത്പരരായാർ.4
പിന്നെസ്സ്വതാതാജ്ഞയാൽ
സംബദ്ധരായിട്ടവ-
രൊന്നിച്ചു തീവ്രമാകും തപസ്സാചരിച്ചിതു.
പ്രജാവർദ്ധനസ്ഥായി പ്രകാരം തപിക്കുമീ-
പ്രജേശന്മാരെക്കണ്ടാനൊരിക്കലെമഹർഷി. 5
''ഭുവിൻ സീമയെയേതുമറിയാതേവം പ്രജാ-
സംവൃദ്ധിക്കുദ്യമിക്കും നിങ്ങളജ്ഞന്മാരത്രേ
ഏകപുരുഷയുക്തരാഷ്ട്രത്തിനേയും കാണ്മാ-
നാകാത്ത വാതിലോടുകൂടിയ വിലത്തെയും, 6
നാനാരൂപങ്ങളോടുകൂടിയ നാരിയേയും
ഹീനയാം പുംശ്ചലിതൻഭർത്താവാം പുമാനെയും
ഇരുഭാഗങ്ങളിലായൊഴുകും നദിയെയു-
മിരുപത്തഞ്ചു തത്ത്വങ്ങളാംകെഴും വാസഭൂവാം
അദ്ഭുതഗേഹത്തെയും, ചിത്രമാം ചരിത്രംചേ-
ർന്നുദ്ഭാസിച്ചിടുന്നോരുത്കൃഷ്ടമാം
ഹംസത്തെയും
വജ്രനിർമ്മിതമായി സ്വതന്ത്രമായിച്ചുറ്റും
വാച്ചുല്ലൊത്തതാമാവിശിഷ്ടവസ്തുവെയും
സൂരിയാം പിതാവുതന്നാജ്ഞയിലടങ്ങിയ
സാരാംശത്തെയുമേതുമറിഞ്ഞിടാത്ത നിങ്ങൾ
സൃഷ്ടികർമ്മത്തിലിപ്പോളേർപ്പെടാനാശിക്കുന്ന-
തൊട്ടുമേ യോഗ്യമല്ല കഷ്ടമാ''ണെന്നോതി-
നാൻ. 7-9

ശ്രീശുകൻ പറഞ്ഞു

നാരദനരുൾചെയ്ത വാക്യത്തിലടങ്ങിയ
സാരമസ്പഷ്ടമായിട്ടിരുന്ന കാരണത്താൽ
ശരിയായ് സ്വാഭാവികചിന്താശക്തിയാലതു
നിരൂപിച്ചൊരുവിധമറിഞ്ഞാർ
ഹര്യശ്വന്മാർ. 10
ഭൂശബ്ദപ്പൊരുളാം ജീവസംജ്ഞവും പുണ്യപാപ-
സസ്യങ്ങൾ വിളഞ്ഞിടും സ്ഥാനവുമനാദിയും
സംസാരഹേതുവുമാം ലിംഗദേഹം-
താ,നതിൻ-
നാശത്താലെന്യേയസത്കർമ്മത്താലെന്തേ
ഫലം? 11
ഏകപുരുഷരാഷ്ട്രമെന്നാലിബ്രഹ്മാണ്ഡമെ-
ന്നാകുന്നു, സർവ്വഹേതുഭൂതനായ് ഭഗവാനായ്
സ്വാശ്രയനായി മോക്ഷപ്രദനായേകനാമ-
മീശനെയറിയാതെ കർമ്മത്താലെന്തേ
ഫലം? 12
വിലസ്വർഗ്ഗത്തെസ്സൂചിപ്പിച്ചതിനർത്ഥം രസാ-
തല ത്തിൽ ഗമിച്ചവൻ മടങ്ങിവരാത്തപോൽ
ഏതൊരുപദം പ്രാപിച്ചീടുകിൽ സംസാര-
ത്തിൻ_
ബാധയുണ്ടാകുന്നില്ല, തൽസ്ഥാനപ്രാപ്തി-
ക്കെഴും
മാർഗ്ഗത്തെയറിയാതസ്സ്വർഗ്ഗാദി ലോകങ്ങൾ-
ക്കായ്
ദുഷ്കർമ്മംചെയ്യുന്നതു വിഫലംതന്നെയെന്നാം. 13
നാനാരൂപങ്ങളാളും സ്ത്രീയെന്ന വചസ്സിലാ-
ലീനമായിടും പൊരുൾ, ഗുണസംബന്ധത്തി-
നാൽ
വിഷയങ്ങളിൽ പ്രവേശിക്കുന്ന ബുദ്ധിവൃത്തി,
വിശിഷ്ടാഭരണാലംകൃതയായ് തന്നിഷ്ടമായ്
പുരുഷന്മാരെത്തേടി നടക്കും നാരിയെന്ന-
തരത്തിൽബ്ബഹുരൂപയെന്നതാ,ണതു നേരേ
ധരിച്ചാജ്ഞാനത്താൽ ധീവൃത്തിയെ സ്വാധീ-
നത്തിൽ
വരുത്താതാളമസത്കർമ്മം നിഷ്ഫലമല്ലോ. 14
ചാരുശീലവും പാതിവ്രത്യനിഷ്ഠയുമറ്റ-
ഭാര്യക്കു വശനായി വസിക്കും പുമാൻമട്ടിൽ
ബുദ്ധിവൃത്തിക്കു കീഴ്പ്പെട്ടസ്വതന്ത്രനായ്
ജീവൻ
വർത്തിപ്പതറിയാതെ കർമ്മത്താൽ ഫല-
മെന്തേ? 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൃഷ്ട്യപ്യയകരീം മായാം വേലാകൂലാന്തവേഗിതാം
മത്തസ്യ താമവിജ്ഞസ്യ കിമസത്കർമ്മഭിർഭവേത്? 16

പഞ്ചവിംശതിതത്ത്വാനാം പുരുഷോഽദ്ഭുതദർപ്പണം
അധ്യാത്മമബുധസ്യേഹ കിമസത്കർമ്മഭിർഭവേത്? 17

ഐശ്വരം ശാസ്ത്രമുത്സൃജ്യ ബന്ധമോക്ഷാനുദർശനം
വിവിക്തപദമജ്ഞായ കിമസത്കർമ്മഭിർഭവേത്? 18

കാലചക്രം ഭ്രമിസ്തീക്ഷ്ണം സർവ്വം നിഷ്കർഷയജ്ജഗത്
സ്വതന്ത്രമബുധസ്യേഹ കിമസത്കർമ്മഭിർഭവേത്? 19

ശാസ്ത്രസ്യ പിതുരാദേശം യോ ന വേദ നിവർത്തകം
കഥം തദനുരൂപായ ഗുണവിസ്രംഭ്യുപക്രമേത്. 20

ഇതി വ്യവസിതാ, രാജൻ, ഹര്യശ്വാ ഏകചേതസഃ
പ്രയയുസ്തം പരിക്രമ്യ പന്ഥാനമനിവർത്തനം. 21

സ്വരബ്രഹ്മണി നിർഭാതഹൃഷീകേശപദാംബുജേ
അഖണ്ഡം ചിത്തമാവേശ്യ ലോകാനനുചരന്മുനിഃ 22

നാശം നിശമ്യ പുത്രാണാം നാരദാച്ഛീലശാലിനാം
അന്വതപ്യത കഃ ശോചൻ സുപ്രജാസ്ത്വം ശുചാം പദം. 23

സ ഭൂയഃ പാഞ്ചജന്യായാമജേന പരിസാന്ത്വിതഃ
പുത്രാനജനയദ്ദക്ഷഃ ശബലാശ്വാൻ സഹസ്രശഃ. 24

തേഽപി പിത്രാ സമാദിഷ്ടാഃ പ്രജാസർഗ്ഗേ ധൃതവ്രതാഃ
നാരായണസരോ ജഗ്മുര്യത്ര സിദ്ധാഃ സ്വപൂർവ്വജാഃ. 25

തദുപസ്പർശനാദേവ വിനിർദ്ധൂതമലാശയാഃ
ജപന്തോ ബ്രഹ്മ പരമം തേപുസ്തേഽത്ര മഹത്തപഃ. 26

അബ്ഭക്ഷാഃ കതിചിന്മാസാൻ കതിചിദ്വായുഭോജനാഃ
ആരാധയൻ മന്ത്രമിമമഭ്യസ്യന്ത ഇഡസ്പതിം. 27

ഓം നമോ നാരായണായ പുരുഷായ മഹാത്മനേ
വിശുദ്ധസത്ത്വധിഷ്ണ്യായ മഹാഹംസായ ധീമഹി. 28

ഇതി താനപി, രാജേന്ദ്ര, പ്രതിസർഗ്ഗധിയോ മുനിഃ
ഉപേത്യ നാരദഃ പ്രാഹ വാചഃ കൂടാനി പൂർവ്വവത്. 29

''ദാക്ഷായണാഃ സംശൃണുത ഗദതോ നിഗമം മമ
അന്വിച്ഛതാനുപദവീം ഭ്രാതൄണാം ഭ്രാതൃവത്സലാഃ. 30

ഭ്രാതൄണാം പ്രായണം ഭ്രാതാ യോഽനുതിഷ്ഠതി ധർമ്മവിത്
സ പുണ്യബന്ധുഃ പുരുഷോ മരുദ്ഭിഃ സഹ മോദതേ.'' 31

ഏതാവദുക്ത്വാ പ്രയയൗ നാരദോഽമോഘദർശനഃ
തേഽപി ചാന്വഗമൻ മാർഗ്ഗം ഭ്രാതൄണാമേവ, മാരിഷ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടു ഭാഗത്തിലേക്കായൊഴുകും നദിയെന്നാ-
ലുണ്ടാക്കി നശിപ്പിക്കുമീശ്വരമായയെന്നാം,
ഊററമാമാറെറാഴുക്കിൽപെട്ടവനേറേണ്ടിട-
ത്തേററവും ശക്തിയോടുമൊഴുകും നദി-
ക്കൊക്കും-
മായയെയറിയാത്ത മർത്തനായീടും പുമാൻ
ചെയ്യുന്ന കർമ്മങ്ങളാലെന്തുള്ള പ്രയോജനം? 16
ഇരുപത്തഞ്ചു തത്ത്വം കാണിക്കുമത്യദ്ഭുത-
കരദർപ്പണമന്തര്യാമിയാം പുമാനത്രേ.
അവനെ നല്ലവണ്ണം മനസ്സിലാക്കീടാതെ
പ്രവർത്തിച്ചീടുന്നതിലെന്തൊരു ഫലമുള്ളൂ? 17
ബന്ധമോക്ഷങ്ങളും നേരേ കാട്ടീടുമീശതത്ത്വം
പന്തിയായ് പ്രതിപാദിച്ചീടുന്ന ശാസ്ത്രങ്ങളെ
പഠിച്ചു പരിശുദ്ധപദത്തെയറിയാതെ
തുടരുമസൽക്കർമ്മം നിഷ്പ്രയോജനമത്രേ. 18
ഭ്രമിക്കുന്നതും മൂർച്ചയുള്ളതും സ്വതന്ത്രവും
സമസ്തലോകത്തെയും നയിക്കുന്നതുമാകും
കാലചക്രത്തെ നേരേയറിയാതുള്ള മർത്ത്യ-
നാളുവോരസൽക്കർമ്മമെങ്ങനെ ഫലി-
ച്ചീടും? 19
ശാസ്ത്രത്തിൻ പിതാവുപദേശിച്ചതിസ്സംസാര-
ഗർത്തത്തിൽനിന്നു പുമാനേറേണ്ട മാർഗ്ഗങ്ങൾ-
താൻ.
ഇത്തത്ത്വമറിയാത്ത ഗുണകാര്യാസക്തന്റെ
കൃത്യങ്ങളെല്ലാം ഫലവിഹീനംതന്നെ-
യല്ലോ. 20
ഹേ! രാജൻ! ഹര്യശ്വന്മാരീവിധം
നാരദോക്തി-
സാരത്തെയൊരേമനസ്സോടു നിർണ്ണയംചെയ്തു
മുനിയെ പ്രദക്ഷിണംവച്ചു വന്ദിച്ചശേഷം
പുനരാവൃത്തിഹീനസരണിയാർന്നീടിനാർ. 21
ഹര്യശ്വന്മാരേവരും ഭക്തിമാർഗ്ഗത്തിലായ-
കാര്യത്താൽ സന്തുഷ്ടനായ് നാരദമുനീശ്വരൻ
വേദത്തിൽ ദ്യോതിച്ചിടും ശ്രീഹരിപാദാ-
ബ്ജത്തിൽ
ചേതസ്സുറപ്പിച്ചെല്ലാലോകത്തും സഞ്ചരി-
ച്ചാൻ. 22
ചാരുശീലരാം സുതന്മാരുടെ മതിമാററം
നാരദൻ പറഞ്ഞറിഞ്ഞുഴലാർന്നിതു ദക്ഷൻ.
തദ്വിരഹത്താൽപ്പിന്നെത്തപിച്ചീടിനാൻ
പാര-
മത്തലിൻഹേതുവത്രേ സൽസുതർതൻ
വിയോഗം. 23
വന്നു ദക്ഷനെയുടനാശ്വസിപ്പിച്ചാനജൻ
പിന്നെത്തൻ പാഞ്ചജന്യയായിടും പത്നി-
തന്നിൽ
തനയസഹസ്രത്തെശ്ശബളാശ്വാഭിഖ്യയിൽ
ജനിപ്പിച്ചിതു നേരേയദ്ദക്ഷപ്രജാപതി. 24
അവരും പ്രജാസൃഷ്ടിക്കച്ഛനാജ്ഞാപിക്കയാ-
ലെവിടെപ്പൂർവ്വജന്മാർ സിദ്ധിയെ പ്രാപി-
ച്ചുവോ,
അവിടെ—നാരായണസരസ്സിൽ—വ്രതാ-
ന്വിതം
ജവത്തിലെത്തിച്ചേർന്നു തപസ്സുതുടങ്ങിനാർ. 25
മാനസമാലിന്യം തജ്ജലോപസ്പർശത്തിനാൽ-
ത്താനാശു പോക്കിശ്ശുദ്ധധീകളായുത്കൃ-
ഷ്ടമാം
മന്ത്രത്തെ നിരന്തരം ജപിച്ചുകൊണ്ടുതന്നെ
വൻതപസ്സനുഷ്ഠിച്ചാരശ്ശബളാശ്വന്മാരും. 26
കുറച്ചുമാസങ്ങളിൽ ജലം മാത്രവും പിന്നെ-
ക്കുറേമാസങ്ങൾ കാററുമാത്രവുമശിച്ചും
ഇമ്മഹാമന്ത്രമഭ്യസിച്ചുമാ വാഗീശനെ
നന്മട്ടിലാരാധനംചെയ്തിതു ഭക്തിപൂർവ്വം. 27
ഓം നമോ പുരുഷായ നാരായണായ നമോ,
മന്നിൽ മുക്തന്മാർക്കെല്ലാമെത്തേണ്ടും
സ്ഥാനമായി
അന്തര്യാമിയായ് ശുദ്ധചേതസ്സിൽ പ്രത്യ-
ക്ഷനാം
നിന്തിരുവടിക്കായിസ്സന്തതം നമസ്കാരം. 28
സർഗ്ഗത്തിൽ മനസ്സുവച്ചുഗ്രമാം തപംചെയ്യു-
മക്കുട്ടർതന്മുന്നിലും പ്രത്യക്ഷനായിട്ടുടൻ
നാരദമഹാമുനിയരുളിച്ചെയ്തീടിനാൻ
ഗീരുകൾ മുൻപു ചൊന്നമാതിരി ഗൂഢാർത്ഥ-
ത്തിൽ 29.
''ഭ്രാതൃവത്സലന്മാരാം ദക്ഷപുത്രരേ! നിങ്ങൾ
ചേതസ്സിരുത്തിക്കേൾപ്പിനെന്റെയീയു-
പദേശം
ചൊല്ലൊങ്ങും യുഷ്മദ്ജ്യേഷ്ഠഭ്രാതാക്കൾ
കൈക്കൊണ്ടതാം
ഭക്തിമാർഗ്ഗത്തെത്തന്നെ നിങ്ങളും സ്വീകരി-
ക്കിൻ. 30
ജ്യേഷ്ഠന്മാർ സ്വീകരിക്കും ശ്രേഷ്ഠധർമ്മത്തെ-
ത്തന്നെ
തുഷ്ടനായ് കൈക്കൊള്ളുന്ന കനിഷ്ഠനീലോക-
ത്തിൽ
പരമശ്രേയസ്സാളു,മെന്നല്ല മൃതിശേഷം
മരുദ്ദേവന്മാരൊത്തു മോദിക്കും പരത്തിലും.''31
സത്യജ്ഞനാകും സുരമാമുനിയേവം ചൊല്ലി-
യസ്ഥലംവിട്ടു ഗമിച്ചീടിനാനപ്പോൾത്തന്നെ,
അന്നുതൊട്ടക്കൂട്ടരും സൃഷ്ട്യാശ പൂർവ്വജന്മാ-
രെന്നപോലുപേക്ഷിച്ചു ഭക്തിമാർഗ്ഗത്തെയാ-
ന്നാർ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സധ്രീചീനം പ്രതീചീനം പരസ്യാനുപഥം ഗതാഃ
നാദ്യാപി തേ നിവർത്തന്തേ പശ്ചിമാ യാമിനീരിവ. 33

ഏതസ്മിൻ കാല ഉത്പാതാൻ ബഹൂൻ പശ്യൻ പ്രജാപതിഃ
പൂർവ്വവന്നാരദകൃതം പുത്രനാശമുപാശൃണോത്. 34

ചുക്രോധ നാരദായാസൗ പുത്രശോകവിമൂർച്ഛിതഃ
ദേവർഷിമുപലഭ്യാഹ രോഷാദ്വിസ്ഫുരിതാധരഃ. 35

''അഹോ അസാധോ, സാധൂനാം സാധുലിങ്ഗേന നസ്ത്വയാ
അസാധ്വകാര്യർഭകാണാം ഭിക്ഷോർമ്മാർഗ്ഗഃ പ്രദർശിതഃ. 36

ഋണൈസ്ത്രിഭിരമുക്താനാമമീമാംസിതകർമ്മണാം
വിഘാതഃ ശ്രേയസഃ പാപ ലോകയോരുഭയോഃ കൃതഃ. 37

ഏവം ത്വം നിരനുക്രോശോ ബാലാനാം മതിഭിദ്ധരേഃ
പാർഷദമദ്ധ്യേ ചരസി യശോഹാ നിരപത്രപഃ. 38

നനു ഭാഗവതാ നിത്യം ഭൂതാനുഗ്രഹകാതരാഃ
ഋതേ ത്വാം സൗഹൃദഘ്നം വൈ വൈരങ്കരമവൈരിണാം. 39

നേത്ഥം പുംസാം വിരാഗഃ സ്യാത് ത്വയാ കേവലിനാ മൃഷാ
മന്യസേ യദ്യുപശമം സ്നേഹപാശനികൃന്തനം. 40

നാനുഭൂയ ന ജാനാതി പുമാൻ വിഷയതീക്ഷ്ണതാം
നിർവ്വിദ്യേത സ്വയം തസ്മാന്ന തഥാ ഭിന്നധീഃ പരൈഃ. 41

യന്നസ്ത്വം കർമ്മസന്ധാനാം സാധൂനാം ഗൃഹമേധിനാം
കൃതവാനസി ദുർമ്മർഷം വിപ്രിയം തവ മർഷിതം. 42

തന്തുകൃന്തന, യന്നസ്ത്വമഭദ്രമചരഃ പുനഃ
തസ്മാല്ലോകേഷു തേ മൂഢ, ന ഭവേദ് ഭ്രമതഃ പദം.'' 43

ശ്രീശുക ഉവാച
പ്രതിജഗ്രാഹ തദ് ബാഢം നാരദഃ സാധുസമ്മതഃ
ഏതാവാൻ സാധുവാദോ ഹി തിതിക്ഷേതേശ്വരഃ സ്വയം. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
നാരദശാപോ നാമ പഞ്ചമോഽധ്യായഃ.

ഷഷ്ഠോഽധ്യായഃ

ശ്രീശുക ഉവാച
തതഃ പ്രാചേതസോഽസിക്ന്യാമനുനീതഃ സ്വയംഭുവാ
ഷഷ്ടിം സഞ്ജനയാമാസ ദുഹിതൄഃ പിതൃവത്സലാഃ. 1

ദശ ധർമ്മായ കായേന്ദോർദ്വിഷട് ത്രിണവ ദത്തവാൻ
ഭൂതാങ്ഗിരഃകൃശാശ്വേഭ്യോ ദ്വേ ദ്വേ താർക്ഷ്യായ ചാപരാഃ. 2

നാമധേയാന്യമൂഷാം ത്വം സാപത്യാനാം ച മേ ശൃണു
യാസാം പ്രസൂതിപ്രസവൈർലോകാ ആപൂരിതാസ്ത്രയഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മങ്ഗലകരമായിട്ടാത്മജ്ഞലഭ്യമായി
മങ്ഗലദേവതതൻ കാന്തനെക്കാട്ടുന്നതാം
ഭക്തിമാർഗ്ഗത്തിൽനിന്നു, പൊല്ലോയ
നിശകാരമ,–
ട്ടിക്കാലംവരെയവർ മടങ്ങിവന്നിട്ടില്ല. 33
അശുഭലക്ഷണങ്ങൾ കണ്ടിതദ്ദക്ഷനപ്പോൾ
സ്വസുതന്മാരാ നാരദേരിതംനിമിത്തമായ്
മുന്നേവർമട്ട ഗൃഹധർമ്മത്തെയുപേക്ഷിച്ചു
ഖിന്നവാർത്തയും ശ്രവിച്ചീടിനാനതുനേരം. 34
ആത്മജവിയോഗത്താൽ വിവേകവിഹീനനാ–
യാത്മജ്ഞനാമദ്ദേവമുനിയെക്കണ്ടു പാരം
ക്രോധത്താൽ ചുണ്ടുരണ്ടും വിറപ്പിച്ചക്ഷണത്തി–
ലോതിനാനിപ്രകാരമക്ഷമനായിദ്ദക്ഷൻ. 35
''അസാധോ! സാധുവേഷംചമഞ്ഞു ഭവാൻ
ചേർത്താ–
നശുഭം സന്മാർഗ്ഗത്തിൽ ചരിക്കും ഞങ്ങൾക്കി–
പ്പോൾ.
അങ്ങു കാട്ടിക്കൊടുത്തിതസ്മന്നന്ദനന്മാർക്കു
സങ്ഗതമല്ലാതുള്ളതായിടും ഭിക്ഷുമാർഗ്ഗം. 36
മൂന്നൃണത്തോടുകൂടിജ്ജനിക്കും പുമാനതു
മൂന്നും തീർത്തിടാഞ്ഞിലോ ശ്രേയസ്സിനർഹനല്ല.
ബ്രഹ്മചര്യത്താലൃഷികൾക്കു, മദ്ധ്വരശ്രദ്ധ–
കർമ്മത്താൽ ദേവന്മാർക്കും, പുത്രരാൽ പിതൃ–
ക്കൾക്കും
കടങ്ങൾ തീർക്കാനുപകരിക്കും കർമ്മങ്ങളെ
മുടക്കിയെന്നാത്മജർക്കുഭയലോകത്തിലും
ഗതിയില്ലാതെയാക്കിബ്ഭവാനസ്സാധുക്കളെ–
ച്ചതിച്ചു വാസ്തവത്തിൽ ദ്രോഹിക്കയത്രേ
ചെയ്തു. 37
ബാലധീഭേദിപ്പിക്കാൻ സമർത്ഥനായിക്കൃപ–
യേലാത്ത ശിലാഹൃത്തായ് ലജ്ജാവിഹീ–
നനായി
മല്ലാരിക്കപകീർത്തി ചേർത്തിടുമങ്ങെങ്ങനെ
ചെല്ലുമാ വാസുദേവപാർഷദന്മാർതൻ
മുന്നിൽ. 38
ശ്രീഹരിഭക്തന്മാർതൻ സൽക്കീർത്തിപുഞ്ജ–
ത്തെയു–
മാഹന്ത! ഭവാനിപ്പോൾ നശിപ്പിച്ചിരിക്കുന്നു.
ശത്രുതയില്ലാത്തോനിൽ വൈരത്തെവളർത്തിയും
മൈത്രിയെ നിഹനിച്ചും സർവ്വത്ര സഞ്ചരിക്കും
അങ്ങൊരാളൊഴിച്ചുള്ള ഭാഗവതന്മാരെല്ലാ–
മെങ്ങുമന്യരെയനുഗ്രഹിപ്പാൻ ശ്രമിക്കുന്നു! 39
ജ്ഞാനഹീനനാം ഭവാനീയവധൂതവേഷം
നാണമെന്നിയേ കെട്ടിനടന്നു ബുദ്ധിഭേദം
ജനങ്ങൾക്കുണ്ടാക്കിയാൽ വൈരാഗ്യംവരാ,
മനുഭവത്താലതു ഭവിച്ചീടേണ്ടതത്രേ. [സ്വയ–
വൈരാഗ്യമുണ്ടാകായ്കിൽ സ്നേഹപാശച്ഛേദവു–
മാരിലുമുപശമമെന്നതുമസാധ്യമാം. 40
വിഷയശക്തിയെത്രമാത്രമെന്നതിനെത്താൻ
വിഷമിച്ചനുഭവിച്ചവർക്കേയറിയാവൂ.
അതിൽനിന്നപാരമാം വിരക്തി ഭവിച്ചീടും
മതിയിലേയുറയ്ക്കൂ വൈരാഗ്യം സ്വയമായി.
അന്യപ്രേരണയാലേ വിഷയങ്ങളെ ത്യജി–
ക്കുന്നവനറിഞ്ഞിടാ വിഷയശക്തിയേതും.
അവന്റെ വിരക്തിക്കും ശക്തിയി,ല്ലവൻ
വീണ്ടും
ജവത്തിൽ മടങ്ങീടും വിഷയങ്ങളിൽനൂനം. 41
കർമ്മമാർഗ്ഗേച്ഛുക്കളായ് സദാചാരന്മാരായി–
സ്സമ്മോദാൽ ഗൃഹാശ്രമം സ്വീകരിച്ചിരുന്നീടും
പുത്രന്മാരുടെ ബുദ്ധിയാമാർഗ്ഗത്തിങ്കൽനിന്നും
തെറ്റിച്ചു ഞങ്ങൾക്കുതാൻ വിപ്രിയം ചെയ്തു–
തെല്ലാം
സഹിച്ചു ഞങ്ങ,ളെന്നാൽ സന്താനവംശച്ഛേദം
സഹിക്കാ, തത്ഫലം താനനുഭവിച്ചേതീരൂ.
അതിനാൽ, സഞ്ചാരിയാം തനിക്കു പാരിൽ
സ്ഥിര–
പദമൊന്നെങ്ങും മൂഢാ! ഭവിക്കാതിരി–
ക്കട്ടെ!'' 42–43

ശ്രീശുകൻ പറഞ്ഞു

സാധുസമ്മതനായ നാരദനാശാപത്തെ
മോദത്തോടാവിധം താനാട്ടെയെന്നേറ്റു–
കൊണ്ടാൻ.
പ്രതിശാപത്തിൽ ശക്തനായിട്ടും സഹിച്ചാന–
ങ്ങിതുതാൻ സാധുജനലക്ഷണം, ക്ഷമാപതേ! 44

അദ്ധ്യായം 6

ദക്ഷപരമ്പര

ശ്രീശുകൻ പറഞ്ഞു

കുണ്ഠിതമനസ്സനാം ദക്ഷനെ ബ്രഹ്മദേവൻ
വീണ്ടുമാശ്വസിപ്പിച്ചു ചോദനംചെയ്തീടവേ
ഭോഷത്തമിനിപ്പററാൻ പാടില്ലെന്നോർത്തു
പിന്നെ
യോഷാജനത്തെത്തീർത്താനറുപതസിക്–
നിയിൽ. 1
എന്നതിൽ പത്തുപേരേ ധർമ്മനു,മിരുപത്തേ–
ഴെണ്ണത്തെക്കലേശനും കശ്യപൻ പതിമൂന്നും
ഭൂതനുമങ്ഗിരസ്സും കൃശാശ്വൻതാനും രണ്ടു–
വീതവും ബാക്കിനാലും താർക്ഷ്യനും
വരിച്ചിതു. 2
അരുളിച്ചെയ്യാമിനിയവർക്കും തത്സന്താന–
പരമ്പരയ്ക്കുമുള്ള നാമധേയങ്ങളും ഞാൻ
തത്പുത്രപൗത്രാദിതൻ വർദ്ധനനിമിത്തമായ്
മൂപ്പാരും പ്രജകളാൽ സംപൂർണ്ണമായിത്തീർന്നു. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാനോർല്ലംബാ കകബ്ജാമിർവ്വിശ്വാ സാധ്യാ മരുത്വതീ
വസുർമ്മുഹൂർത്താ സങ്കല്പാ ധർമ്മപത്ന്യഃ സുതാൻ ശൃണു. 4

ഭാനോസ്തു ദേവഋഷഭ ഇന്ദ്രസേനസ്തതോ, നൃപ!
വിദ്യോത അസീല്ലംബായാസ്തതശ്ച സ്തനയിത്നവഃ. 5

കകഭഃ സങ്കടസ്തസ്യ കീകടസ്തനയോ യതഃ
ഭുവോ ദുർഗ്ഗാണി ജാമേയഃ സ്വർഗ്ഗോ നന്ദിസ്തതോഽഭവത്. 6

വിശ്വേദേവാസ്തു വിശ്വായാ അപ്രജാംസ്താൻ പ്രചക്ഷതേ
സാധ്യോ ഗണസ്തു സാധ്യായാ അർത്ഥസിദ്ധിസ്തു തത്സുതഃ. 7

മരുത്വാംശ്ച ജയന്തശ്ച മരുത്വത്യാം ബഭൂവതുഃ
ജയന്തോ വാസുദേവാംശ ഉപേന്ദ്ര ഇതി യം വിദുഃ. 8

മൗഹൂർത്തികാ ദേവഗണാ മുഹൂർത്തായാശ്ച ജജ്ഞിരേ
യേ വൈ ഫലം പ്രയച്ഛന്തി ഭൂതാനാം സ്വസ്വകാലജം. 9

സങ്കല്പായാശ്ച സങ്കല്പഃ കാമഃ സങ്കല്പജഃ സ്മൃതഃ
വസവോഽഷ്ടൗ വസോഃ പുത്രാസ്തേഷാം നാമാനി മേ ശൃണു. 10

ദ്രോണഃ പ്രാണോ ധ്രുവോഽർക്കോഽഗ്നിർദ്ദോഷോ വസുർവ്വിഭാവസുഃ
ദ്രോണസ്യാഭിമതേഃ പത്ന്യാ ഹർഷശോകഭയാദയഃ. 11

പ്രാണസ്യോർജ്ജസ്വതീ ഭാര്യാ സഹ ആയുഃ പുരോജവഃ
ധ്രുവസ്യ ഭാര്യാ ധരണിരസൂത വിവിധാഃ പുരഃ. 12

അർക്കസ്യ വാസനാ ഭാര്യാ പുത്രാസ്തർഷാദയഃ സ്മൃതാഃ
അഗ്നേർഭാര്യാ വസോർദ്ധാരാ പുത്രാ ദ്രവിണകാദയഃ. 13

സ്കന്ദശ്ച കൃത്തികാപുത്രോ യേ വിശാഖാദയസ്തതഃ
ദോഷസ്യ ശർവ്വരീപുത്രഃ ശിശുമാരോ ഹരേഃ കലാഃ. 14

വസോരാങ്ഗിരസീപുത്രോ വിശ്വകർമ്മാ കൃതീപതിഃ
തതോ മനുശ്ചാക്ഷുഷോഽഭൂദ്വിശ്വേ സാധ്യാ മനോഃ സുതാഃ. 15

വിഭാവസോരസൂതോഷാ വ്യുഷ്ടം രോചിഷമാതപം
പഞ്ചയാമോഽഥ ഭൂതാനി യേന ജാഗ്രതി കർമ്മസു. 16

സരൂപാസൂത ഭൂതസ്യ ഭാര്യാ രുദ്രാംശ്ച കോടിശഃ
രൈവതോഽജോ ഭവോ ഭീമോ വാമ ഉഗ്രോ വൃഷാകപിഃ. 17

അജൈകപാദഹിർബ്ബുധ്ന്യോ ബഹുരൂപോ മഹാനിതി
രുദ്രസ്യ പാർഷദാശ്ചാന്യേ ഘോരാ ഭൂതവിനായകാഃ. 18

പ്രജാപതേരങ്ഗിരസഃ സ്വധാ പത്നീ പിതൄനഥ
അഥർവ്വാങ്ഗിരസം വേദം പുത്രത്വേ ചാകരോത് സതീ. 19

കൃശാശ്വോഽർച്ചിഷി ഭാര്യായാം ധൂമ്രകേശമജീജനത്
ധിഷണായാം വേദശിരോ ദേവലം വയുനം മനും. 20

താർക്ഷ്യസ്യ വിനതാ കദ്രൂഃ പതങ്ഗീ യാമിനീതി ച
പതങ്ഗ്യസൂത പതഗാൻ യാമിനീ ശലഭാനഥ. 21

സുപർണ്ണാസൂത ഗരുഡം സാക്ഷാദ്യജ്ഞേശവാഹനം
സൂര്യസൂതമനൂരും ച കദ്രൂർന്നാഗാനനേകശഃ. 22

കൃത്തികാദീനി നക്ഷത്രാണീന്ദോഃ പത്ന്യസ്തു, ഭാരത!
ദക്ഷശാപാത് സോഽനപത്യസ്താസു യക്ഷ്മഗ്രഹാർദ്ദിതഃ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാനു, ലംബയും, കകുപ്പെന്നവരും, ജാമി,
വിശ്വ-
താനുമാ മരുത്വതി വസുവും, സങ്കല്പയും
മുഹൂർത്ത,സാദ്ധ്യയേവം പത്തുപേർ ധർമ്മൻതന്റെ
സഹധർമ്മിണിമാർ, കേൾ തത്സുതനാമങ്ങളും. 4
ഭാനുവിൻ സുതൻ ദേവഋഷഭൻ, തന്നന്ദന-
നാണിന്ദ്രസേനാഭിധൻ, വിദ്യോതൻ തത്ത-
നൂജൻ.
ലംബാപുത്രർതാൻ സ്തനയിത്നുക്കൾ, കകു-
പ്പെന്നോൾ-
തന്മകൻ സങ്കടാഖ്യൻ, കീകടൻ തന്നന്ദനൻ,
ഭൂമിതൻ ദുർഗ്ഗങ്ങളായ് മിന്നിടും ദേവന്മാർതാൻ
ജാമിക്കു തനയന്മാർ, തൽപുത്രൻ സ്വർഗ്ഗനല്ലോ.
സ്വർഗ്ഗനന്ദനൻ നന്ദി, വിശ്വയ്ക്കു തനയന്മാർ
ചൊല്ലേറ്റുള്ളും വിശ്വേദേവന്മാരെന്നു ധരി-
ച്ചാലും.
പുത്രന്മാരില്ല വിശ്വേദേവന്മാക്കെന്നു ചൊൽവൂ
സാദ്ധ്യന്മാർ സാദ്ധ്യാത്മജർ, തത്സുതനർത്ഥ-
സിദ്ധി. 5-7
മരുത്വാൻ ജയന്തനെന്നിരുപേരുണ്ടായിതു
മരുത്വതിക്കു പുത്ര,രവരിൽ ജയന്താഖ്യൻ
വാസുദേവാംശമത്രേ,യവനെത്തന്നെയല്ലോ
വിശ്വത്തിലുപേന്ദ്രനെന്നോതുന്നതെല്ലാവരും. 8
മൗഹൂർത്തികന്മാരെന്നു ചൊന്നിടും നിർജ്ജരന്മാർ
മുഹൂർത്താപുത്രരാണു, തൽക്കാലഫലങ്ങളെ
പ്രാണികൾക്കെല്ലാമവരേകുന്നു, മുഹൂർത്താഭി-
മാനികളായീടുന്ന ദേവതകളാണിവർ. 9
സങ്കല്പയുടെ പുത്രൻ സങ്കല്പൻ കാമനത്രേ
സങ്കല്പസുത,നഷ്ടവസുക്കൾ വസുജാതർ,
കേൾക്കുക തന്നാമങ്ങൾ ദ്രോണനും പ്രാണൻ
ധ്രുവ-
നർക്ക,നഗ്നിയും, ദോഷൻ, വസുവും, വിഭാവസു.
ദ്രോണഭാര്യയാണഭിമതി, തത്സുതരത്രേ
ക്ഷോണീനായകമണേ! ഹർഷഭീശോകാ-
ദികൾ. 10-11
പ്രാണപത്നിയാമൂർജ്ജസ്വതിക്കു മൂന്നാത്മജ-
രാണു കേൾ പേരും സഹ,നായുസ്സു,പുരോജവൻ.
ധരണിയല്ലോ ധ്രുവഭാമിനി നാനാവിധ-
പുരാഭിമാനിദേവഗണമാം തത്സുതന്മാർ. 12
വാസനയത്രേയർക്കഭാര്യ, തത്തനൂജർതാൻ
തർഷാദ്യർ, വസോർദ്ധാരയഗ്നിതൻ
പത്നിയല്ലോ.
സ്കന്ദനും ദ്രവിണകാദ്യന്മാരും വൈശ്വാനര-
നന്ദന,രതിൽ സ്കന്ദൻ കൃത്തികാപുത്രനല്ലോ.
സ്കന്ദപുത്രന്മാരത്രേ വിശാഖാദികൾ, ദോഷൻ-
തന്നുടെ ഭാര്യയല്ലോ ശർവ്വരി,യുർവ്വീശ്വരാ!

ശർവ്വരീനന്ദനനായീടുന്ന ശിശുമാരൻ
സർവ്വാത്മാ ഭഗവാൻ ശ്രീവിഷ്ണുതന്നംശമത്രേ.
13-14
വസുവിൻഭാര്യയാങ്ഗിരസി, തത്സുതനല്ലോ
പ്രസിദ്ധനായ ശില്പിഗുരു .ം വിശ്വകർമ്മാ.
വിശ്വകർമ്മാവിൻപുത്രൻ ചാക്ഷുഷമനുവത്രേ,
വിശ്വേസ്സാദ്ധ്യന്മാരെന്ന ദേവന്മാർ
തത്സുതന്മാർ.
ഉഷയാം വിഭാവസുതന്നുടെ ധർമ്മപത്നി,
ഉഷസ്സാതപൻ വ്യുഷ്ടൻ രോചിഷൻതാനും
പുത്രർ.
ആതപാത്മജൻ പഞ്ചായാമനാണെല്ലാനാളും
ഭൂതജാലത്തെക്കൊണ്ടു കർമ്മങ്ങൾ ചെയ്യി-
പ്പതും. 15-16
ഭൂതനു രണ്ടു ഭാര്യയുള്ളതിൽ സരൂപയ്ക്കു
ജാതരായ് സംഖ്യയെന്യേ രുദ്രന്മാർ ഭയങ്കരർ
വാമൻ രൈവത,നജൈകപാത്തു,വൃഷാകപി,
ഭീമ,നുഗ്രനു,മഹിർബുധ്നനു,മജൻ ഭവൻ
മഹാനും ബഹുരൂപനിങ്ങനെ പതിനൊന്നു
മഹാക്രൂരന്മാരത്രേയവരിൽ പ്രധാനന്മാർ.
രുദ്രപാർഷദന്മാരാം ഭൂതവിനായകന്മാ-
രത്രേയബ് ഭൂതന്നന്യഭാര്യയിൽ ജാതരായോർ.
17-18
സ്വധയും സതിയുമാണങ്ഗിരസ്സിന്റെ പത്നീ-
ദ്വിതയ,മതിൽ സ്വധാജാതരല്ലോ പിതൃക്കൾ.
അഥർവ്വമങ്ഗിരസമെന്ന വേദാഭിമാനി-
ദ്വിതയദേവതകൾ സതിക്കു പുത്രരായാർ.
കൃശാശ്വന്നർച്ചിസ്സെന്നും ധിഷണയെന്നും രണ്ടു
കൃശാങ്ഗിമാരുള്ളതിലർച്ചിസ്സിൽ ധൂമ്രകേശൻ
ജനിച്ചാൻ, ധിഷണയിൽ വയുനദേവലന്മാർ
മനുവും പിന്നെ വേദശിരസ്സുമുണ്ടായിതു. 20
വിനത,പതങ്ഗിയും, കദ്രു,യാമിനിയും താൻ
നിനയ്ക്കു താർക്ഷ്യാഖ്യനാം കശ്യപൻതൻ
പത്നിമാർ.
പതങ്ഗി വിഹംഗമവർഗ്ഗത്തെയും യാമിനി
തദനു ശലഭത്തിൻസമൂഹത്തെയും പിന്നെ. 21
വിനത യജ്ഞേശ്വരവാഹമാം താർക്ഷ്യനേയു-
മിനസാരഥിയാകുമനൂരുവിനേയുമേ
കദ്രുവെന്നവൾ നാനാനാഗവർഗ്ഗങ്ങളേയും
പൃഥ്വീശാ! ജഗത്തിതിൽ ജനിപ്പിച്ചെന്നോ-
ർക്കേണ്ടു. 22
ദക്ഷന്റെ ശാപത്തിനാൽ ക്ഷയരോഗാർത്തനായ
നക്ഷത്രനായകനു കൃത്തികാദികളാകും
ദക്ഷഭാമിനികളിൽ സന്താനമുണ്ടായില്ല;
ദക്ഷനെ പ്രീണിപ്പിച്ചു പിന്നെയക്കലാനാഥൻ
പക്ഷമൊന്നിൽ ക്ഷയിക്കും കലകൾ വീണ്ടും
മറ്റു-
പക്ഷത്തിലുദിക്കുവാൻ വാങ്ങിനാനനുഗ്രഹം. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുനഃ പ്രസാദ്യ തം സോമഃ കലാ ലേഭേ ക്ഷയോദിതാഃ
ശൃണു നാമാനി ലോകാനാം മാതൄണാം ശങ്കരാണി ച. 24
അഥ കശ്യപപത്നീനാം യത്പ്രസൂതമിദം ജഗത്
അദിതിർദിതിർദനുഃ കാഷ്ഠാ അരിഷ്ടാ സുരസാ ഇലാ. 25
മുനിഃ ക്രോധവശാ താമ്രാ സുരഭിഃ സരമാ തിമിഃ
തിമേര്യാദോഗണാ ആസൻ ശ്വാപദാഃ സരമാസുതാഃ. 26
സുരഭേർമ്മഹിഷാ ഗാവോ യേ ചാന്യേ ദ്വിശഫാ, നൃപ!
താമ്രായാഃ ശ്യേനഗൃധ്രാദ്യാ മുനേരപ്സരസാം ഗണാഃ 27
ദന്ദശൂകാദയഃ സർപ്പാ, രാജൻ, ക്രോധവശാത്മജാഃ
ഇലായാ ഭൂരുഹാഃ സർവ്വേ യാതുധാനാശ്ച സൗരസാഃ. 28
അരിഷ്ടായാശ്ച ഗന്ധർവ്വാഃ കാഷ്ഠായാ ദ്വിശഫേതരാഃ
സുതാ ദനോരേകഷഷ്ടിസ്തേഷാം പ്രാധാനികാഞ്ഛൃണു. 29
ദ്വിമൂർദ്ധാ ശംബരോഽരിഷ്ടോ ഹയഗ്രീവോ വിഭാവസുഃ
അയോമുഖഃ ശങ്കുശിരാഃ സ്വർഭാനുഃ കപിലോഽരുണഃ 30
പുലോമാ വൃഷപർവ്വാ ച ഏകചക്രോഽനുതാപനഃ
ധൂമ്രകേശോ വിരൂപാക്ഷോ വിപ്രചിത്തിശ്ച ദുർജ്ജയഃ 31
സ്വർഭാനോഃ സുപ്രഭാം കന്യാമുവാഹ നമുചിഃ കില
വൃഷപർവ്വണസ്തു ശർമ്മിഷ്ഠാം യയാതിർന്നാഹുഷോ ബലീ. 32
വൈശ്വാനരസുതാ യാശ്ച ചതസ്രശ്ചാരുദർശനാഃ
ഉപദാനവീ ഹയശിരാ പുലോമാ കാലകാ തഥാ. 33
ഉപദാനവീം ഹിരണ്യാക്ഷഃ ക്രതുർഹയശിരാം, നൃപ!
പുലോമാം കാലകാം ച ദ്വേ വൈശ്വാനരസുതേ തു കഃ 34
ഉപയേമേഽഥ ഭഗവാൻ കശ്യപോ ബ്രഹ്മചോദിതഃ
പൗലോമാഃ കാലകേയാശ്ച ദാനവാ യുദ്ധശാലിനഃ. 35
തയോഃ ഷഷ്ടിസഹസ്രാണി യജ്ഞഘ്നാംസ്തേ പിതുഃ പിതാ
ജഘാന സ്വർഗ്ഗതോ രാജന്നേക ഇന്ദ്രപ്രിയങ്കരഃ 36
വിപ്രചിത്തിഃ സിംഹികായാം ശതം ചൈകമജീജനത്
രാഹുജ്യേഷ്ഠം കേതുശതം ഗ്രഹത്വം യ ഉപാഗതഃ. 37
അഥാതഃ ശ്രൂയതാം വംശോ യോഽദിതേരനുപൂർവ്വശഃ
യത്ര നാരായണോ ദേവഃ സ്വാംശേനാവതരദ്വിഭുഃ. 38
വിവസ്വാനര്യമാ പൂഷാ ത്വഷ്ടാഥ സവിതാ ഭഗഃ
ധാതാ വിധാതാ വരുണോ മിത്രഃ ശക്ര ഉരുക്രമഃ 39
വിവസ്വതഃ ശ്രാദ്ധദേവം സംജ്ഞാസൂയത വൈ മനും
മിഥുനം ച മഹാഭാഗാ യമം ദേവം യമീം തഥാ
സൈവ ഭൂത്വാഥ വഡവാ നാസത്യൗ സുഷുവേ ഭുവി. 40
ഛായാ ശനൈശ്ചരം ലേഭേ സാവർണ്ണിം ച മനും തതഃ
കന്യാം ച തപതീം യാ വൈ വവ്രേ സംവരണം പതിം. 41
അര്യമ്ണോ മാതൃകാ പത്നീ തയോശ്ചർഷണയഃ സുതാ
യത്ര വൈ മാനുഷീ ജാതിർബ്രഹ്മണാ ചോപകല്പിതാ. 42
പൂഷാനപത്യഃ പിഷ്ടാദോ ഭഗ്നദന്തോഽഭവത് പുരാ
യോഽസൗ ദക്ഷായ കുപിതം ജഹാസ വിവൃതദ്വിജഃ. 43
ത്വഷ്ടുർദൈത്യാത്മജാ ഭാര്യാ രചനാ നാമ കന്യകാ
സംനിവേശസ്തയോർജജ്ഞേ വിശ്വരൂപശ്ച വീര്യവാൻ. 44
തം വവ്രിരേ സുരഗണാ ദൗഹിത്രം ദ്വിഷതാമപി
വിമതേന പരിത്യക്താ ഗുരുണാഽഽങ്ഗിരസേന യത്. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ഷഷ്ഠോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചൊല്ലീടാമിനി ലോകമാതാക്കളക്കശ്യപ-
വല്ലഭമാർതൻ ശുഭകരമാം നാമങ്ങളും
തത്സന്താനങ്ങളെക്കൊണ്ടാണല്ലോ
പാർത്തീടിലീ-
വിശ്വമെങ്ങുമേയിപ്പോഴും നിറഞ്ഞിരിക്കു-
ന്നതും. 24

അദിതി, ദനു, കാഷ്ഠ, സുരസ, യരിഷ്ടയും,
ദിതിയും ക്രോധവശ, മുനിയും, സുരഭിയും
സരമ, യിള, തിമി, താമ്രയെന്നിവയാണെ-
ന്നറിക കശ്യപനെൻറ ദാരങ്ങളാംതൻ പേരുകൾ.
തിമിയിൽനിന്നു ജലജന്തുക്കളുളവായി,
ക്രമത്തിൽ സരമയിൽനിന്നും ശ്വാപദങ്ങളും
സുരഭീസന്താനങ്ങളിരട്ടക്കുളമ്പിൽ സ-
ഞ്ചരിക്കും പശു, പോത്തു മുതലാം മൃഗവൃന്ദം.
താമ്രാസന്താനങ്ങളാംതാൻപരുന്തും ഗൃദ്ധ്രാദിയു-
മമ്മുനിയുടെ മക്കളപ്സരസ്സുകളല്ലോ.
വിഷജന്തുക്കളാകും തേളുതൊട്ടവയെല്ലാം
വിഷയാധീശാ! ക്രോധവശതൻ പുത്രരത്രേ.
വൃക്ഷങ്ങളിളയ്ക്കു, മഗ്ഗന്ധർവ്വരരിഷ്ടയ്ക്കും,
രാക്ഷസർ സുരസയ്ക്കുമുള്ള സന്താനങ്ങളാംതാൻ.
ഒററക്കുളമ്പുചേരുമശ്വാദി മൃഗോത്കരം
കാഷ്ഠതൻ സന്താനങ്ങളെന്നതുമോർത്തുകൊൾക.
അറുപത്തൊന്നു ദനുപുത്രരിൽ മുഖ്യന്മാരെ-
പ്പറയാം ദ്വിമൂർദ്ധാവു, ശംബരൻ, ഹയഗ്രീവൻ,
അരിഷ്ട, നയോമുഖൻ, സ്വർഭാനു, വൃഷപർവ്വാ-
വരുണൻ, ശങ്കുശിര, സ്സ്തേകചക്രൻ, ദുർജ്ജയൻ,
വിപ്രചിത്തിയും വിരൂപാക്ഷനും കപിലനു-
മപ്പുലോമാവു, മനുതാപനൻ, വിഭാവസു,
ധൂമകേശനുമത്രേ, സ്വർഭാനുസുതയാകും
ശ്രീമതി സുപ്രഭയെ നമുചി വേട്ടീടിനാൻ.
വൃഷപർവ്വാവിൻപുത്രി ശർമ്മിഷ്ഠതന്നെ വേട്ടാൻ
പ്രസിദ്ധൻ നഹുഷജൻ യയാതി ബലശാലി.
ദനുപുത്രനാം വൈശ്വാനരനു ഭവിച്ചിതു
തനയമാർ നാ,ലുപദാനവി, പുലോമയും
കാലക, ഹയശിരസ്സീനാമധേയങ്ങളിൽ;
കാലമായപ്പോളുപദാനവിതന്നെപ്പിന്നെ
വരിച്ചാൻഹിരണ്യാക്ഷദൈത്യനായകൻ, ഹയ-
ശിരസ്സിൻ ഭർത്തൃസ്ഥാനം ക്രതുവും സ്വീകരി-
ച്ചാൻ.
പിന്നെയപ്പുലോമയെക്കാലകയേയും ധാതാ
ചൊന്നതിനാലേ വേട്ടാൻ ഭഗവാൻ കശ്യപർഷി.
പുലോമതന്നിൽത്തീർന്നാർ കാലകേയന്മാരെന്നീ-
യുലകിൽ പേർപെററുള്ള നിവാതകവചന്മാർ.
അദ്ധ്വരം ധ്വംസിപ്പോരായ് യുദ്ധവീരന്മാ-
ട്ടുദ്ധതരാമീയറുപതിനായിരംപേരെ [രായി-
പാകാരിയർത്ഥിക്കയാൽ നാകലോകത്തു
ട്ടേകനായ് നിഹനിച്ചാൻ [ചെന്നി-
തത്പിതാമഹൻ പാർത്ഥൻ. 25-36

ന്നൂറെറാന്നു പുത്രന്മാരെത്തീർത്തിതു വിപ്രചിത്തി-
യേറ്റവും പ്രിയപ്പെട്ട സിംഹികാപത്നിതന്നിൽ.
രാഹുവാണതിൽ ജ്യേഷ്ഠൻ ശേഷിച്ചോർ
കേതുക്കളെ-
ന്നാഹ്വയമാന്നോരവർ ഗ്രഹത്വം പ്രാപി-
ച്ചിതു. 37

അദിതിയുടെ വംശം കേട്ടുകൊൾ,കത്തനവി-
യിൽ
സദയം നിജാംശത്താൽ ഭഗവാൻ നാരായണൻ
ദേവകാര്യത്തെസ്സാധിപ്പിക്കുവാൻ വടുവേഷം
കൈവരിച്ചവതരിച്ചീടിനാൻ നരേശ്വരാ! 38
വിവസ്വാ, നര്യമാവു, പൂഷാവും ത്വഷ്ടാവഥ
സവിതാവുരുക്രമൻ, ധാതാവും വിധാതാവും
മിത്രനും, വരുണനും, ശക്രനും ഭഗനുമെ-
ന്നിത്തരമാദിത്യന്മാർ പന്ത്രണ്ടുപേരാകുന്നു. 39
ശ്രാദ്ധദേവനാം മനുതന്നെയും യമനേയും
പാർത്തട്ടിൽ നദീരൂപയായി പ്രവഹിച്ചീടും
യമുനാദേവിയേയുമുദ്ഭവിപ്പിച്ചീടിനാൾ
ക്രമത്തിൽ വിവസ്വാൻെറ പത്നിയാം
സംജ്ഞാദേവി.

പിന്നെ മന്നണഞ്ഞവൾ തീർത്തിതു നാസത്യന്മാ-
രെന്നു പേരിയന്നീടുമശ്വിനീകുമാരരെ. 40
ശനൈശ്ചരൻതന്നെയും സാവർണ്ണിമനുവേയു-
മിനജായയാം ഛായ ജനിപ്പിച്ചതിൽ പിന്നെ
തപതിയെന്ന കന്യാരത്നത്തെയുളവാക്കി
സ്വപതിയായ് വരിച്ചാൾ സംവരണനേ-
യവൾ. 41

മാതൃകയര്യമാവിൻ ഭാര്യതാൻ, തത്സുതന്മാർ
ഭൂതഭാവിജ്ഞാനികളായ വിദ്വാന്മാരത്രേ.
ഈ നരജാതിയെപ്പിന്നവരിൽ തീർത്തീടിനാൻ
ക്ഷോണീനായകാ! സവിശേഷമായ് ബ്രഹ്മ-
ദേവൻ. 42

സന്താനമുണ്ടായില്ല പൂഷാവിനദ്ദേവനോ
ദന്തമില്ലായ്കമൂലം ചതച്ചതിന്നീടുന്നു.
ദക്ഷനിൽ ക്രുദ്ധനാകും ത്ര്യക്ഷനെപ്പല്ലിളിച്ചി-
ട്ടാക്ഷേപിച്ചതിൻ ഫലമാണിതെന്നറി-
ഞ്ഞാലും. 43

ദൈത്യാനുജാതയായി രചനയെന്നു നാമ-
മൊത്തുള്ള ഭാമിനിയിൽനിന്നുമാത്വഷ്ടാവിനു
വീര്യമേറീടും വിശ്വരൂപൻ സന്നിവേശനെ-
ന്നാര്യരാം രണ്ടുപുത്രർ സംഭവിച്ചിതു പിന്നെ. 44
ശത്രുക്കളാകും ദൈത്യന്മാർക്കേഴും സ്വസാവുതൻ
പുത്രനായീടും വിശ്വരൂപനെയാചാര്യനായ്
വരിച്ചാർ സുര,രവർ നിന്ദിക്കമൂലം ഗുരു
പുരോഹിതത്വം വിട്ടുപോയതാണതിൻ-
ഹേതു. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തമോഽധ്യായഃ

രാജോവാച

കസ്യ ഹേതോഃ പരിത്യക്താ ആചാര്യേണാത്മനഃ സുരാഃ
ഏതദാചക്ഷ്വ ഭഗവഞ്ഛിഷ്യാണാമക്രമം ഗുരൗ. 1

ശ്രീശുക ഉവാച

ഇന്ദ്രസ്ത്രിഭുവനൈശ്വര്യമദോല്ലംഘിതസത്പഥഃ
മരുദ്ഭിർവസുഭീ രുദ്രൈരാദിത്യൈർഋഭുഭിർനൃപ! 2
വിശ്വേദേവൈശ്ച സാധ്യൈശ്ച നാസത്യാഭ്യാം പരിശ്രിതഃ
സിദ്ധചാരണഗന്ധർവൈർമ്മുനിഭിർബ്രഹ്മവാദിഭിഃ. 3
വിദ്യാധരാപ്സരോഭിശ്ച കിന്നരൈഃ പതഗോരഗൈഃ
നിഷേവ്യമാണോ മഘവാൻ സ്തൂയമാനശ്ച ഭാരത. 4
ഉപഗീയമാനോ ലളിതമാസ്ഥാനാധ്യാസനാശ്രിതഃ
പാണ്ഡുരേണാതപത്രേണ ചന്ദ്രമണ്ഡലചാരുണാ 5
യുക്തശ്ചാന്യൈഃ പാരമേഷ്ഠ്യൈശ്ചാമരവ്യജനാദിഭിഃ
വിരാജമാനഃ പൗലോമ്യാ സഹാർദ്ധാസനയാ ഭൃശം. 6
സ യദാ പരമാചാര്യം ദേവാനാമാത്മനശ്ച ഹ
നാഭ്യനന്ദത സംപ്രാപ്തം പ്രത്യുത്ഥാനാസനാദിഭിഃ. 7
വാചസ്പതിം മുനിവരം സുരാസുരനമസ്കൃതം
നോച്ചചാലാസനാദിന്ദ്രഃ പശ്യന്നപി സമാഗതം. 8
തതോ നിർഗ്ഗത്യ സഹസാ കവിരാങ്ഗിരസഃ പ്രഭുഃ
ആയയൗ സ്വഗൃഹം തൂഷ്ണീം വിദ്വാൻ ശ്രീമദവിക്രിയാം. 9
തർഹ്യേവ പ്രതിബുദ്ധ്യേന്ദ്രോ ഗുരുഹേലനമാത്മനഃ
ഗർഹയാമാസ സദസി സ്വയമാത്മാനമാത്മനാ. 10
''അഹോ ബത മമാസാധു കൃതം വൈ ദഭ്രബുദ്ധിനാ
യന്മയൈശ്വര്യമത്തേന ഗുരുഃ സദസി കാത്കൃതഃ 11
കോ ഗൃധ്യേത് പണ്ഡിതോ ലക്ഷ്മീം ത്രിവിഷ്ടപപതേരപി
യയാഹമാസുരം ഭാവം നീതോഽദ്യ വിബുധേശ്വരഃ. 12
യേ പാരമേഷ്ഠ്യം ധിഷണമധിതിഷ്ഠൻ ന കഞ്ചന
പ്രത്യുത്തിഷ്ഠേദിതി ബ്രൂയുർധർമ്മം തേ ന പരം വിദുഃ. 13
തേഷാം കുപഥദേഷ്ടൄണാം പതതാം തമസി ഹ്യധഃ
യേ ശ്രദ്ദധ്യുർവചസ്തേ വൈ മജ്ജന്ത്യശ്മപ്ലവാ ഇവ. 14
അഥാഹമമരാചാര്യമഗാധധിഷണം ദ്വിജം
പ്രസാദയിഷ്യേ നിശഠഃ ശീർഷ്ണാ തച്ചരണം സ്പൃശൻ.'' 15
ഏവം ചിന്തയതസ്തസ്യ മഘോനോ ഭഗവാൻ ഗൃഹാത്
ബൃഹസ്പതിർഗ്ഗതോഽദൃഷ്ടാം ഗതിമധ്യാത്മമായയാ. 16
ഗുരോർന്നാധിഗതഃ സംജ്ഞാം പരീക്ഷൻ ഭഗവാൻ സ്വരാട്
ധ്യായൻ ധിയാ സുരൈര്യുക്തഃ ശർമ്മ നാലഭതാത്മനഃ. 17
തച്ഛ്രുത്വൈവാസുരാഃ സർവ്വ ആശ്രിത്യൗശനസം മതം
ദേവാൻ പ്രത്യുദ്യമം ചക്രുർദുർമ്മദാ ആതതായിനഃ. 18
തൈർവ്വിസൃഷ്ടേഷുഭിസ്തീക്ഷ്ണൈർന്നിർഭിന്നാങ്ഗോരുബാഹവഃ
ബ്രഹ്മാണം ശരണം ജഗ്മുഃ സഹേന്ദ്രാ നതകന്ധരാഃ. 19
താംസ്തഥാഭ്യർദ്ദിതാൻ വീക്ഷ്യ ഭഗവാനാത്മഭൂരജഃ
കൃപയാ പരയാ ദേവ ഉവാച പരിസാന്ത്വയൻ. 20

ബ്രഹ്മോവാച

അഹോ ബത, സുരശ്രേഷ്ഠാ, ഹ്യഭദ്രം വഃ കൃതം മഹത്
ബ്രഹ്മിഷ്ഠം ബ്രാഹ്മണം ദാന്തമൈശ്വര്യാന്നാഭ്യനന്ദത. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 7

ഇന്ദ്രഗുരുനിന്ദ—വിശ്വരൂപസുരാചാര്യത്വം

രാജാവു പറഞ്ഞു

എന്തു കാരണം നിജശിഷ്യരാം സുരന്മാരെ-
സ്സന്ത്യജിക്കുവാൻ സുരാചാര്യനാം ബൃഹസ്പതി
ഗുരുവിലെന്തക്രമമാണവർ കാണിച്ചതു-
മരുളിച്ചെയ്യീടണം സർവ്വജ്ഞനാകും ഭവാൻ. 1

ശ്രീശുകൻ പറഞ്ഞു

മുപ്പാരിന്നധീശ്വരൻ ഞാനെന്നൊരഹമ്മതി
സ്വപ്തിക്കുണ്ടായ് സദാചാരത്തെ ലംഘി-
ച്ചതാം
ഗീഷ്പതി വെടിഞ്ഞിടാൻ കാരണം മറെറാന്നല്ല
കേൾപ്പിക്കാം സവിസ്തരമിപ്പോൾത്താനക്കാ-
ര്യവും.
ഒരുനാൾ ദേവാധിപൻ, തൻപദവികളെല്ലാം
സ്ഫുരിപ്പിച്ചിരുന്നിതു നിജസിംഹാസനത്തിൽ
മരുദ്ദേവന്മാരഷ്ടവസുക്കൾ രുദ്രന്മാർ ചാ-
രണകിന്നരവിദ്യാധരഗന്ധർവ്വന്മാരും
സിദ്ധരുമൃഭുക്കളുമാവിശ്വേദേവന്മാരും
സാദ്ധ്യരുമാദിത്യന്മാർ നാനാമാമുനിമാരും
പതഗോരഗാദിയും നാലുഭാഗത്തുനിന്നും
സ്തുതിഗീതങ്ങളാൽ സംസേവനം ചെയ്തിരുന്നു.
ചന്ദ്രമണ്ഡലംപോലെ മിന്നും വെണ്കൊററക്കുട
പിന്നെ വെഞ്ചാമരങ്ങളാലവട്ടങ്ങൾ മററും
മന്നവചിഹ്നങ്ങളുമിയന്നങ്ങർദ്ധാസനം
തന്നിലായിന്ദ്രാണിയുമൊത്തേററം ശോഭി-
ച്ചിതേ. 2–6
അപ്പൊഴുതസ്സദസ്സിലാഗതനായീടിനാൻ
ചൊല്ലൊഞ്ഞുമനിമിഷാചാര്യനാം ബൃഹസ്പതി.
തോന്നിയില്ലിന്ദ്രനപ്പോളെഴുനേറെറതിരേററു
നന്ദിച്ചാസനമേകിയർച്ചനംചെയ്തീടുവാൻ. 7
നാകികളാലും ദൈത്യന്മാരാലും നമസ്കൃത-
നാകുമമ്മുനീന്ദ്രനെ നേരിട്ടു വീക്ഷിച്ചിട്ടും
ദേവേന്ദ്രനാസനത്തിൽനിന്നുമൊന്നെണീക്കു-
വാൻ
ഭാവമില്ലാതങ്ങിരുന്നീടിനാൻ നിശ്ചഞ്ചലം. 8
കവിയും പ്രഭുവുമാം ഗീഷ്പതിയിന്ദ്രൻെറയി-
ക്കവിയും ശ്രീമദത്തെക്കണ്ടിട്ടു മിണ്ടാതെതാൻ
പെട്ടെന്നസ്സഭയിൽനിന്നിറങ്ങിത്തിരിച്ചു തൻ-
പത്തനംപൂകീടിനാനസ്വസ്ഥനായിപ്പരം. 9
പിന്നെത്തൻഗുരുവിനെ നിന്ദിച്ചുപോയെന്നു-
ള്ളിൽ
തന്നത്താൻ തോന്നീട്ടിന്ദ്രൻ തന്നേത്താൻ
നിന്ദിച്ചിതേ. 10
''കഷ്ടം! ഞാൻ സദാചാരവിരുദ്ധമായുള്ളൊരു
കൃത്യമാണാചരിച്ചുപോയതിസ്സന്ദർഭത്തിൽ
അല്പധീയായൈശ്വര്യമത്തനായ് നിന്ദിച്ചിതേ
ചൊല്ലൊഞ്ഞുമാചാര്യനെസ്സഭയിൽവച്ചുതന്നെ.
11
ത്രൈലോക്യേശനാമെന്റെയിപ്പദവിയെച്ചെറ്റു-
പോലുമേചിന്താശീലൻപണ്ഡിതനിച്ഛിച്ചിടാ.
ഐശ്വര്യമദംമൂലമല്ലയോ സുരേശൻ ഞാ-
നാസുരകൃത്യമിപ്പോളാചരിച്ചതുമേവം. 12
അത്യുൽകൃഷ്ടാസനത്തിലേറി വാഴുവാൻ ഭാഗ്യം
സിദ്ധിച്ചോനേററാരെയുമാദരിക്കരുതെന്നായ്
പറയുന്നവരാരും പരമധർമ്മം നേരേ-
യറിയുന്നവരല്ലെന്നുള്ളതു തീർച്ചതന്നെ. 13
ദുർമ്മാർഗ്ഗോപദേഷ്ടാക്കളായീടുമവർ ചൊൽവ-
തമ്മട്ടു വിശ്വസിക്കും പുരുഷൻ പൊട്ടനനെ
കല്ലിനാൽ തീർത്ത തോണിയെന്നപോൽ-
ത്താണു തമോ-
നിർല്ലീനനായീടുമെന്നുള്ളതിനില്ല വാദം. 14
തെററു ഞാൻ ചെയ്തമൂലമസ്മദീയാചാര്യനു-
മേററവും ബുദ്ധിമാനുമാകുമാ ദ്വിജേന്ദ്രനെ
പാദത്തിൽ വീണു കുപ്പിത്തെറേററു മാപ്പിരന്നു
മോദിപ്പിക്കുക നല്ല, ഞാൻ ശഠനല്ലയല്ലോ.''15
ദേവേന്ദ്രനീവിധത്തിൽ നിശ്ചയിച്ചിരിപ്പതു
സർവ്വജ്ഞൻ ബൃഹസ്പതി ധരിച്ചിട്ടക്ഷണത്തിൽ
തന്നുടെ മായാശക്തിനിമിത്തമെങ്ങാണുതാ-
നെന്നാരുമറിയാത്തവിധത്തിൽ മറഞ്ഞിതേ. 16
സുരനായകൻ സുരന്മാരുമായാചാര്യനെ-
ത്തിരഞ്ഞുതിരഞ്ഞെങ്ങും നടന്നു തളർന്നഹോ!
പുരുസന്താപത്തോടുമവരുമൊത്തു നാനാ-
തരമൂഹങ്ങളിൽപ്പെട്ടസ്വസ്ഥനായിരുന്നാൻ. 17
ഗുരുവാദേവന്മാരെത്തള്ളിയെന്നുള്ള വാർത്ത-
യറിഞ്ഞു ദുർമ്മദാന്ധരസുരന്മാരക്ഷണം
ശുക്രാനുവാദത്തോടുമായുധങ്ങളുമേന്തി-
യക്രമംതുടങ്ങിനാർ ശക്രാദ്യരോടു നേരേ. 18
കൂരമ്പുതറച്ചങ്ഗം, തുട, കൈ കാലിതെല്ലാം
കീറിച്ചോരയുമൊലിപ്പിച്ചുകൊണ്ടമരന്മാർ
നാണിച്ചു തലതാഴ്ത്തിദ്ദേവാധീശനുമൊത്തു
വാണീനായകൻതന്നെശ്ശരണംപ്രാപിച്ചിതു. 19
രൂക്ഷദൈത്യാവലീസംപീഡിത സുരന്മാരെ
വീക്ഷിച്ചിട്ടാത്മഭൂവാം ഭഗവാനജൻ പരം
കാരുണ്യത്തോടുകൂടിയക്കൂട്ടരാശ്വസിക്കു-
മ്മാറുള്ള വചസ്സുകളോതിനാനിപ്രകാരം. 20

ബ്രഹ്മാവു പറഞ്ഞു

സാത്വികന്മാരാമാദിതേയനായകന്മാരേ!
പാർത്താലിതെത്രകഷ്ടം! അത്യന്തം വിചിത്രം-
താൻ!
ബ്രഹ്മിഷ്ഠനാകും ദാന്തബ്രാഹ്മണശ്രേഷ്ഠനെ
ശ്രീ-
മദ്മദംകൊണ്ടു നിന്ദിച്ചഭദ്രന്മാർ നിങ്ങൾ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യായമനയസ്യാസീത് പരേഭ്യോ വഃ പരാഭവഃ
പ്രക്ഷീണേഭ്യഃ സ്വവൈരിഭ്യഃ സമൃദ്ധാനാം ച യത് സുരാഃ.22

മഘവൻ! ദ്വിഷതഃ പശ്യ പ്രക്ഷീണാൻ ഗുർവ്വതിക്രമാത്
സമ്പ്രത്യുപചിതാൻ ഭൂയഃ കാവ്യമാരാധ്യ ഭക്തിതഃ
ആദദീരൻ നിലയനം മമാപി ഭൃഗുദേവതാഃ. 23

ത്രിവിഷ്ടപം കിം ഗണയന്ത്യഭേദ്യ-
മന്ത്രാ ഭൃഗൂണാമനുശിക്ഷിതാർത്ഥാഃ
ന വിപ്രഗോവിന്ദഗവീശ്വരാണാം
ഭവന്ത്യഭദ്രാണി നരേശ്വരാണാം. 24

തദ്വിശ്വരൂപം ഭജതാശു വിപ്രം
തപസ്വിനം ത്വാഷ്ട്രമഥാത്മവന്തം
സഭാജിതോഽർത്ഥാൻ സ വിധാസ്യതേ വോ
യദി ക്ഷമിഷ്യധ്വമുതാസ്യ കർമ്മ. 25

ശ്രീശുക ഉവാച

ത ഏവമുദിതാ, രാജൻ, ബ്രഹ്മണാ വിഗതജ്വരാഃ
ഋഷിം ത്വാഷ്ട്രമുപവ്രജ്യ പരിഷ്വജ്യേദമബ്രുവൻ. 26

ദേവാ ഊചുഃ

''വയം തേഽതിഥയഃ പ്രാപ്താ ആശ്രമം ഭദ്രമസ്തു തേ
കാമഃ സമ്പാദ്യതാം താത പിതൄണാം സമയോചിതഃ. 27

പുത്രാണാം ഹി പരോ ധർമ്മഃ പിതൃശുശ്രൂഷണം സതാം
അപി പുത്രവതാം, ബ്രഹ്മൻ, കിമുത ബ്രഹ്മചാരിണാം. 28

ആചാര്യോ ബ്രഹ്മണോ മൂർത്തിഃ പിതാ മൂർത്തിഃ പ്രജാപതേഃ
ഭ്രാതാ മരുത്പതേർമ്മൂർത്തിർമ്മാതാ സാക്ഷാത് ക്ഷിതേസ്തനുഃ 29

ദയായാ ഭഗിനീ മൂർത്തിർധർമ്മസ്യാത്മാതിഥിഃ സ്വയം
അഗ്നേരഭ്യാഗതോ മൂർത്തിഃ സർവ്വഭൂതാനി ചാത്മനഃ. 30

തസ്മാത് പിതൄണാമാർത്താനാമാർത്തിം പരപരാഭവം
തപസാപനയംസ്താത സന്ദേശം കർത്തുമർഹസി. 31

വൃണീമഹേ ത്വോപാധ്യായം ബ്രഹ്മിഷ്ഠം ബ്രാഹ്മണം ഗുരും
യഥാഞ്ജസാ വിജേഷ്യാമഃ സപത്നാംസ്തവ തേജസാ. 32

ന ഗർഹയന്തി ഹ്യർത്ഥേഷു യവിഷ്ഠാങ്ഘ്ര്യഭിവാദനം
ഛന്ദോഭ്യോഽന്യത്ര ന, ബ്രഹ്മൻ, വയോ ജ്യൈഷ്ഠ്യസ്യ
കാരണം.'' 33

അഭ്യർത്ഥിതഃ സുരഗണൈഃ പൗരോഹിത്യേ മഹാതപാഃ
സ വിശ്വരൂപസ്താനാഹ പ്രസന്നഃ ശ്ലക്ഷ്ണയാ ഗിരാ. 34

''വിഗർഹിതം ധർമ്മശീലൈർബ്രഹ്മവർച്ചഉപവ്യയം
കഥം നു മദ്വിധോ നാഥാ ലോകേശൈരഭിയാചിതം
പ്രത്യാഖ്യാസ്യതി തച്ഛിഷ്യഃ സ ഏവ സ്വാർത്ഥഉച്യതേ. 35

അകിഞ്ചനാനാം ഹി ധനം ശിലോഞ്ഛനം
തേനേഹ നിർവ്വർത്തിതസാധുസത്ക്രിയഃ
കഥം വിഗർഹ്യം നു കരോമ്യധീശ്വരാഃ
പൗരോധസം ഹൃഷ്യതി യേന ദുർമ്മതിഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്ലയോ സുരന്മാരേ! നിങ്ങളിൽ
ജാത്യാ വൈര-
മുള്ളവരായിപ്പരം ക്ഷീണിതരായിരിക്കും
അരാതികളിൽനിന്നും സമൃദ്ധർ
നിങ്ങൾക്കിന്നി-
പ്പരാജയത്തിൻമൂലമീയപനയമല്ലോ. 22
ദേവേശാ! നിങ്ങൾക്കിപ്പോളാചാര്യനിന്ദ-
നത്താ-
ലീവിധം ക്ഷതിപററീ, ക്ഷീണരാമരികൾക്കോ
തദ്ഗുരുവരാച്ചയാൽ വദ്ധിച്ച ബലമേററ-
മക്കൂട്ടരെൻസ്ഥാനവുമടക്കാൻ മടിച്ചീടാ. 23
മന്ദതവിട്ട ശുക്രാചാര്യശിക്ഷിതന്മാരാ-
യന്യാധൃഷ്യമാം മന്ത്രശക്തിയാൻന്മേദികളും
ഘോരരാമരാതികൾ വിണ്ണിനെയുണ്ടോ
പിന്നെ-
ക്കേറിയാക്രമിക്കുവാൻ മടിച്ചു മാറീടുന്നു?
വിപ്രനും ശ്രീവിഷ്ണുവും ഗോവുമീശ്വരന്മാരെ-
ന്നുൾപ്പൂവിലോർത്തീടിക്കും മന്നവന്മാർക്കുമാത്രം
ഒരുനാളിലുമുണ്ടായീടുകില്ലഭദ്രങ്ങൾ
സുരശ്രേഷ്ഠരേ! കഷ്ടപ്പാടുതാനന്യർക്കെല്ലാം. 24
അതിനാൽ ത്വഷ്ടാവു തൻ പുത്രനായാത്മ-
സാക്ഷാത്-
കൃതിയാർന്നവനായി ദ്വിജനാസ്തപസ്വിയാം
വിശ്വരൂപനെശ്ശത്രുവംശജനെന്നെണ്ണാതെ-
യാശ്രയിക്കുവിനവനഭീഷ്ടം സാധിപ്പിക്കും. 25

ശ്രീശുകൻ പറഞ്ഞു

ഏവമാബ്രഹ്മാവരുൾചെയ്തതു കേട്ടനേരം
ദേവന്മാർക്കഴലാറി,യുടനേവരുമൊത്തു
വിശ്വരൂപാന്തികം ചെന്നത്യന്തം സ്നേഹം-
ഭാവി-
ച്ചാശ്ലേഷം ചെയ്തുകൊണ്ടീവിധത്തിൽ കഥി-
ച്ചിതേ. 26

ദേവന്മാർ പറഞ്ഞു

''ഹേവത്സാ, ഭവദ്ഭവനാഗതരാമീ ഞങ്ങൾ
കേവലമതിഥികളല്ല യാചകരത്രേ.
കാലാനുസാരമായി നിൻ പിതൃക്കളാം
ഞങ്ങൾ-
ക്കേലുമിച്ഛകൾ സാധിപ്പിക്കുക, മങ്ഗലം
തേ! 27
പുത്രവാന്മാരാകിലും സത്സുതർക്കേഴും കർമ്മം
തത്താതശുശ്രൂഷണംതന്നെയെന്നിരിക്കവേ
ബ്രഹ്മചാരികളാകും താദൃശരുടെ കാര്യം
ബ്രഹ്മജ്ഞാ! ഭവാനോടു ഞങ്ങളോതേണ്ട-
തുണ്ടോ? 28
സാധോ! സദ്ഗുരുവരൻ വേദത്തിൻെറയും
താതൻ
ധാതാവിൻെറയും, ഭ്രാതാവമർത്ത്യാധീശൻെറയും
മാതാവു സാക്ഷാൽ ക്ഷമയുടേയും മൂർത്തിതാനെ-
ന്നോതുന്നു കാര്യജ്ഞാനമുള്ളവരാകമാനം. 29
കരുണാമൂർത്തി സഹോദരിയും, ധർമ്മത്തിൻെറ
ശരീരമായിട്ടും രൂപമതിഥിതാനും, പിന്നെ
വഹ്നിതൻ മൂർത്തിയഭ്യാഗതനു,മാണാത്മാവു-
തന്നുടെ രൂപം സർവ്വഭൂതവൃന്ദവുമല്ലോ. 30
അതിനാൽ, നിൻ പിതൃക്കളാകുമീ ദീനന്മാർക്ക്
പ്രതിയോഗികളിൽനിന്നുണ്ടായ പരാഭവം
തപശ്ശക്തിയാലില്ലാതാക്കി ഞങ്ങൾക്കു വേണ്ടു-
മുപദേശങ്ങളേകാനർഹനത്രേ നീ വത്സാ! 31
ഗുരുവും ബ്രഹ്മജ്ഞനും ദ്വിജനുമാകും നിന്നെ
വരിച്ചിരിപ്പു ഞങ്ങളാചാര്യനായിത്തന്നെ
നിന്മഹസ്സിനാൽ ഞങ്ങളശ്രമം രിപുക്കളെ-
യെമ്മട്ടിലായാൽ വെല്ലുമമ്മാർഗ്ഗം ചൊല്ലി-
ത്തരു. 32
കാര്യസാദ്ധ്യത്തിനായിക്കനിഷ്ഠപാദം കുപ്പാ-
നാരും താൻ മടിക്കയില്ലാര്യന്മാരായുള്ളവർ.
ജ്യേഷ്ഠത്വം വിദ്യവകത്തെയെന്നിയേ വെറും
വയോ-
വൃദ്ധിയെ മാത്രം സമാശ്രയിപ്പതല്ലയ-
ല്ലോ.'' 33
ദേവന്മാർ പൗരോഹിത്യമേല്ക്കുവാനഭ്യർത്ഥിക്കെ
യാപ്രതി മൃദുവാക്യം ചൊല്ലിനാൻ പ്രസന്ന-
നായ്. 34
''വാനവനാഥന്മാരേ! നിങ്ങടെ ശിഷ്യ-
നാണീ-
ഞാ,നെന്നെശ്ശാസിപ്പാനും നിങ്ങൾക്കുണ്ടധി-
കാരം.
ഇപ്പാരിൽ പൗരോഹിത്യം ധർമ്മജ്ഞരായീടുന്ന
സത്പൂരുഷന്മാരെല്ലാം നിന്ദ്യമായ് ഗണി-
ക്കുന്നു.
അത്രയല്ലിതുമൂലം ബ്രഹ്മതേജസ്സുംകൂടി-
യസ്തമിച്ചീടും പെട്ടെന്നെന്നൊക്കെയിരി-
ക്കിലും
ഭുവനേശരാം മഹാന്മാരുടെയഭ്യർത്ഥന-
യിവനെപ്പോലുള്ളൊരു ശിഷ്യനെങ്ങനെ
തള്ളും?
അതിനാലി പ്രാർത്ഥനയംഗീകരിപ്പൻ ഗുരു-
ഹിതമാചരിപ്പതുതാനല്ലോ ശിഷ്യധർമ്മം. 35
ധനഹീനരാം തപോധനർതൻ ശിലോഞ്ഛന-
ധനത്താൽ ദിനംപ്രതി ധർമ്മത്തെ നിർവ്വഹിക്കും
ഞാനേതുവിധം ഹീനമാകുമീപ്പുരോഹിത-
സ്ഥാനത്തെ സ്വീകരിക്കും വാനവവര്യന്മാരേ!
ദുർമ്മതികൾക്കിപ്പൗരോഹിത്യത്തിൻ ദുഷ്
ഫലങ്ങൾ
കാണ്മാൻ കണ്ണില്ലാത്തവർ മോദിപ്പു തത്-
ഫലത്തിൽ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാപി ന പ്രതിബ്രൂയാം ഗുരുഭിഃ പ്രാർത്ഥിതം കിയത്
ഭവതാം പ്രാർത്ഥിതം സർവ്വം പ്രാണൈരർത്ഥൈശ്ച സാധയേ.''37

ശ്രീശുക ഉവാച

തേഭ്യ ഏവം പ്രതിശ്രുത്യ വിശ്വരൂപോ മഹാതപാഃ
പൗരോഹിത്യം വൃതശ്ചക്രേ പരമേണ സമാധിനാ. 38

സുരദ്വിഷാം ശ്രിയം ഗുപ്താമൗശനസ്യാപി വിദ്യയാ
ആച്ഛിദ്യാദാന്മഹേന്ദ്രായ വൈഷ്ണവ്യാ വിദ്യയാ വിഭുഃ. 39

യയാ ഗുപ്തഃ സഹസ്രാക്ഷോ ജിഗ്യേഽസുരചമൂർവിഭുഃ
താം പ്രാഹ സ മഹേന്ദ്രായ വിശ്വരൂപ ഉദാരധീഃ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

രാജോവാച

യയാ ഗുപ്തഃ സഹസ്രാക്ഷഃ സവാഹാൻ രിപുസൈനികാൻ
ക്രീഡന്നിവ വിനിർജ്ജിത്യ ത്രിലോക്യാ ബുഭുജേ ശ്രിയം. 1

ഭഗവംസ്തന്മമാഖ്യാഹി വർമ്മ നാരായണാത്മകം
യഥാഽഽതതായിനഃ ശത്രൂൻ യേന ഗുപ്തോഽജയന്മൃധേ. 2

ശ്രീശുക ഉവാച

വൃതഃ പുരോഹിതസ്ത്വാഷ്ട്രോ മഹേന്ദ്രായാനുപൃച്ഛതേ
നാരായണാഖ്യം വർമ്മാഹ തദിഹൈകമനാഃ ശൃണു. 3

വിശ്വരൂപ ഉവാച

ധൗതാങ്ഘ്രിപാണിരാചമ്യ സപവിത്ര ഉദങ്മുഖഃ
കൃതസ്വാങ്ഗകരന്യാസോ മന്ത്രാഭ്യാം വാഗ്യതഃ ശുചിഃ 4

നാരായണമയം വർമ്മ സന്നഹ്യേദ്ഭയ ആഗതേ
പാദയോർജ്ജാനുനോരൂർവ്വോരുദരേ ഹൃദ്യഥോരസി. 5

മുഖേ ശിരസ്യാനുപൂർവ്വ്യാദോങ്കാരാദീനി വിന്യസേത്
ഓം നമോ നാരായണായേതി വിപര്യയമഥാപി വാ. 6

കരന്യാസം തതഃ കുര്യാദ്ദ്വാദശാക്ഷരവിദ്യയാ
പ്രണവാദിയകാരാന്തമങ്ഗുല്യങ്ഗുഷ്ഠപർവ്വസു. 7

ന്യസേദ്ധൃദയ ഓങ്കാരം വികാരമനു മൂർദ്ധനി
ഷകാരം തു ഭ്രുവോർമ്മധ്യേ ണകാരം ശിഖയാ ദിശേത്. 8

വേകാരം നേത്രയോര്യുഞ്ജ്യാന്നകാരം സർവ്വസന്ധിഷു
മകാരമസ്ത്രമുദ്ദിശ്യ മന്ത്രമൂർത്തിർഭവേദ് ബുധഃ 9

സവിസർഗ്ഗം ഫഡന്തം തത് സർവ്വദിക്ഷു വിനിർദ്ദിശേത്.
ഓം വിഷ്ണവേ നമ ഇതി. 10

ആത്മാനം പരമം ധ്യായേദ് ധ്യേയം ഷട്ശക്തിഭിര്യുതം
വിദ്യാതേജസ്തപോമൂർത്തിമിമം മന്ത്രമുദാഹരേത്. 11

ഓം ഹരിർവിദധ്യാന്മമ സർവ്വരക്ഷാം
ന്യസ്താങ്ഘ്രിപദ്മഃ പതഗേന്ദ്രപൃഷ്ഠേ
ദരാരിചർമ്മാസിഗദേഷുചാപ-
പാശാൻ ദധാനോഽഷ്ടഗുണോഽഷ്ടബാഹുഃ. 12

ജലേഷു മാം രക്ഷതു മത്സ്യമൂർത്തി-
ര്യാദോഗണേഭ്യോ വരുണസ്യ പാശാത്
സ്ഥലേഷു മായാവടു വാമനോഽവ്യാത്
ത്രിവിക്രമഃ ഖേഽവതു വിശ്വരൂപഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്കിലും മഹാന്മാരാം നിങ്ങൾ വിശ്വാസ–
മാർന്നീ–
ക്കിങ്കരൻതന്നോടർത്ഥിച്ചുള്ളൊരീയല്പകാര്യം
ഒഴിയുന്നില്ല ഞാനെന്താകിലും സാധിപ്പിക്കാം.
കഴിയുംവിധമർത്ഥംകൊണ്ടുമെൻ പ്രാണൻ–
കൊണ്ടും.'' 37

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ വിശ്വരൂപൻ പ്രതിജ്ഞചെയ്തീ–
ടവേ-
യംഗീകരിച്ചാരവരവനെയാചാര്യനായ്
സുരപൗരോഹിത്യമമ്മഹാതപസ്വിയും സ്വീ–
കരിച്ചാനേകാഗ്രമാം ഭാവത്തോടപ്പോൾ–
ത്തന്നെ. 38

ശുക്രമാമുനിതന്റെ വിദ്യാവൈഭവത്തിനാ–
ലുത്ക്കർഷം പ്രാപിച്ചുള്ള ദൈതേയവിഭൂതികൾ
ചൊല്ലൊലാണ്ട നാരായണകവച മന്ത്രത്തിനാൽ
ചിക്കെന്നാകർഷിച്ചവനിന്ദ്രനായേകീടി–
നാൻ. 39

അന്യാനുഗ്രഹബുദ്ധിയെത്തുമാവിശ്വരൂപൻ
പിന്നെയദ്ധന്യമന്ത്രമിന്ദ്രനെപ്പഠിപ്പിച്ചാൻ. 40

അദ്ധ്യായം 8

നാരായണകവചനിരൂപണം

രാജാവു പറഞ്ഞു

ഏതു വിദ്യയാൽ ശക്രൻരക്ഷിതനായി യുദ്ധ–
ചാതുര്യമേറും സേനാപതികളോടുകൂടി
പാരാതെ പോരിൽ ശത്രുവൃന്ദത്തെജ്ജയിച്ചു മു–
പ്പാരിലെ വിഭൂതികളടക്കിബ്ഭുജിച്ചവോ
ആ നാരായണകവചത്തെയും ശത്രുക്കളെ
വാനവർ വിജയിച്ച വിധവും കഥിച്ചാലും.1-2

ശ്രീശുകൻ പറഞ്ഞു

വിശ്വരൂപൻതത്പുരോഹിതത്വം
സ്വീകരിച്ചു
ദൃശ്യവനന്നാമന്ത്രമുപദേശിച്ചീടിനാൻ. 3

വിശ്വരൂപൻ പറഞ്ഞു

അല്ലയോ മഹാമതേ! ദിവ്യമാമാമന്ത്രം ഞാൻ
ചൊല്ലീടാം ഭവാനോടു, കേട്ടുകൊണ്ടാലും
നേരേ.
ജലത്താൽ കൈകാലുകൾ കഴുകിയാചമിച്ചു
ചലിക്കാതുത്തരാഭിമുഖനായ് സ്ഥിതിചെയ്തു

മിണ്ടാതെയഷ്ടാക്ഷരി ദ്വാദശാക്ഷരിയെന്നീ–
രണ്ടു മന്ത്രത്താലങ്ഗകരന്യാസങ്ങൾ ചെയ്തു. 4
പിന്നീടു ദർഭകൊണ്ടു പവിത്രമുദ്രതീർത്തു
തന്നണിവിരൽതന്നിൽ ധരിച്ചീടുകവേണം.
അതിനുശേഷം നാരായണദേവതായുക്ത_
പ്രഥിതനാരായണകവചം ജപിക്കണം.
'ഓം നമോ നാരായണാ'യേത്യോങ്കാരാദി മന്ത്രം
തന്നിലെ ലിപികളെയോരോന്നും ക്രമമായോ
അന്യൂനം വിപരീതമായിടുംവിധത്തിലോ
നന്നായി വിന്യസിക്കവേണമെട്ടങ്ഗങ്ങളിൽ.
ചരണം, മുട്ടു, തുട, വയർ, ഹൃത്തുര,സ്സാസ്യം
ശിരസ്സെന്നിവയാണീ സ്ഥാനങ്ങളെട്ടുമോർക്ക.
പിന്നെ ദ്വാദശാക്ഷരമന്ത്രത്താൽ കരന്യാസ–
മെന്നതാചരിക്കണം ശരിയായായീ വിധത്തിൽ
മുറയ്ക്കു വലംചുണ്ടുവിരൽതൊട്ടിടത്തേതു–
വരെയാവിരലെട്ടിൽ വിന്യസിച്ചിട്ടു പിന്നെ
ശിഷ്ടമാം നാലക്ഷരം പെരിയവിരൽകൾതൻ–
മദ്ധ്യസ്ഥരേഖാദ്വയംതന്നിലും ന്യസിക്കണം.
5–7
'ഓം വിഷ്ണവേ നമഃ' ഷഡക്ഷരമന്ത്രംതന്നിൽ–
ത്താവിട്ടും 'ഓ'മക്ഷരം ഹൃദയത്തിലും പിന്നെ
വികാരം മൂർദ്ധാവിലും ഷകാരം ഭ്രൂമദ്ധ്യത്തും
ണകാരം ശിഖയിലും വേകാരം നേത്രത്തിലും
നകാരം സർവ്വസന്ധികളിലുമന്ത്യമാകും
മകാരം സവിസർഗ്ഗമസ്ത്രമന്ത്രമായ് പിന്നെ
ഫഡന്തമായിസ്സർവമായിട്ടും ദിക്കിങ്കലു–
മിടരെന്നിയേ നേരേ വിന്യസിക്കുകവേണം.
അന്യൂനം ദിവ്യമാകും മന്ത്രമിതുപാസിപ്പോൻ
പണ്ഡിതനായും മന്ത്രമൂർത്തിയായും
ഭവിക്കും. 8-10
പ്രത്യഹം ധ്യേയനായിഷ്ഷഡ്ഗുണപൂർണ്ണ–
നായി
വിദ്യ,തേജസ്സുതപസ്സിവററിൻ സ്വരൂപമാം
പരമാത്മാവിനെത്താൻധ്യാനംചെയ്താവർത്തിച്ചു
വരമാമീമന്ത്രത്തെജ്ജപിച്ചീടുകവേണം. 11
ചരണാബ്ജങ്ങൾ താർക്ഷ്യപൃഷ്ഠത്തിലണ–
ച്ചെട്ടു.
കരപങ്കജങ്ങളിൽ ഗദ,വാൾ,ചക്രം,ചർമ്മം,
ശംഖം, വില്ല്,മ്പപാശമിവപൂണ്ടഷ്ടൈശ്വര്യം
തങ്കുമോങ്കാരമൂർത്തി പോറ്റണമെന്നെയെങ്ങും.12
ജലജന്തുക്കൾ പാശിപാശമീരണ്ടിൽനിന്നും
ജലത്തിലെന്നെ രക്ഷിച്ചീടണം മത്സ്യമൂർത്തി
മായാബ്രഹ്മചാരി ത്രിവിക്രമൻ സ്ഥലത്തിലു–
മീയെന്നെ വിശ്വരൂപൻ കാക്കണം
നഭസ്സിലും. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുർഗ്ഗേഷ്വടവ്യാജിമുഖാദിഷു പ്രഭുഃ
പായാന്നൃസിംഹോഽസുരയൂഥപാരിഃ
വിമുഞ്ചതോ യസ്യ മഹാട്ടഹാസം
ദിശോ വിനേദുർന്ന്യപതംശ്ച ഗർഭാഃ. 14
രക്ഷത്വസൗ മാധ്വനി യജ്ഞകല്പഃ
സ്വദംഷ്ട്രയോന്നീതധരോ വരാഹഃ
രാമോഽദ്രികൂടേഷ്വഥ വിപ്രവാസേ
സലക്ഷ്മണോഽവ്യാദ് ഭരതാഗ്രജോഽസ്മാൻ. 15
മാമുഗ്രധർമ്മാദഖിലാത് പ്രമാദാ-
ന്നാരായണഃ പാതു നരശ്ച ഹാസാത്
ദത്തസ്ത്വയോഗാദഥ യോഗനാഥഃ
പായാദ്ഗുണേശഃ കപിലഃ കർമ്മബന്ധാത്. 16
സനൽകുമാരോഽവതു കാമദേവാ-
ദ്ധയശീർഷാ മാം പഥി ദേവഹേളനാത്
ദേവർഷിവര്യഃ പുരുഷാർച്ചനാന്തരാത്
കൂർമ്മോ ഹരിർമാം നിരയാദശേഷാത്. 17
ധന്വന്തരിർഭഗവാൻ പാത്വപഥ്യാത്,
ദ്വന്ദ്വാദ്ഭയാദൃഷഭോ നിർജ്ജിതാത്മാ,
യജ്ഞശ്ച ലോകാദവതാജ്ജനാന്താത്,
ബലോ ഗണാത്, ക്രോധവശാദഹീന്ദ്രഃ. 18
ദ്വൈപായനോ ഭഗവാനപ്രബോധാദ്,
ബുദ്ധസ്തു പാഖണ്ഡഗണാത് പ്രമാദാത്,
കല്കിഃ കലേഃ കാലമലാത് പ്രപാതു
ധർമ്മാവനായോരുകൃതാവതാരഃ. 19
മാം കേശവോ ഗദയാ പ്രാതരവ്യാത്,
ഗോവിന്ദ ആസങ്ഗവമാത്തവേണുഃ
നാരായണഃ പ്രാഹ്ന ഉദാത്തശക്തി-
ർമ്മധ്യന്ദിനേ വിഷ്ണുരരീന്ദ്രപാണിഃ. 20
ദേവോഽപരാഹ്നേ മധുഹോഗ്രധന്വാ
സായം ത്രിധാമാവതു മാധവോ മാം
ദോഷേ ഹൃഷീകേശ ഉതാർദ്ധരാത്രേ
നിശീഥ ഏകോഽവതു പദ്മനാഭഃ. 21
ശ്രീവത്സധാമാപരരാത്ര ഈശഃ
പ്രത്യൂഷ ഈശോഽസിധരോ ജനാർദ്ദനഃ
ദാമോദരോഽവ്യാദനുസന്ധ്യം പ്രഭാതേ
വിശ്വേശ്വരോ ഭഗവാൻ കാലമൂർത്തിഃ. 22
ചക്രം യുഗാന്താനലതിഗ്മനേമി
ഭ്രമത് സമന്താദ് ഭഗവത്പ്രയുക്തം
ദന്ദഗ്ധി ദന്ദഗ്ധ്യരിസൈന്യമാശു
കക്ഷം യഥാ വാതസഖോ ഹുതാശഃ. 23
ഗദേഽശനിസ്പർശനവിസ്ഫുലിങ്ഗേ
നിഷ്പിൺഢി നിഷ്പിൺഢ്യജിതപ്രിയാസി
കൂഷ്മാണ്ഡവൈനായകയക്ഷരക്ഷോ-
ഭൂതഗ്രഹാംശ്ചൂർണ്ണയ ചൂർണ്ണയാരീൻ. 24
ത്വം യാതുധാനപ്രമഥപ്രേതമാതൃ-
പിശാചവിപ്രഗ്രഹഘോരദൃഷ്ടീൻ
ദരേന്ദ്ര വിദ്രാവയ കൃഷ്ണപൂരിതോ
ഭീമസ്വനോഽരേർഹൃദയാനി കമ്പയൻ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

അട്ടഹാസത്തിന്റെ മാറ്റൊലി കേട്ട–
നേരത്തു നാരീജനഗർഭങ്ങളലസിയോ
ദിതിജസംഘേശനാം ഹിരണ്യകശിപുവേ
വധിച്ച സമർത്ഥനാമാനരസിംഹമൂർത്തി
പോക്കളമുഖം ഭയങ്കരകാനനം തൊട്ട
ദുർഗ്ഗമസ്ഥാനങ്ങളിൽക്കാത്തെന്നെ രക്ഷി–
ക്കണം. 14

യാഗസ്വരൂപനായ്ത്തൻ തേററയാൽ ധരി–
ത്രിയെ–
പ്പാകത്തിലുദ്ധരിച്ച വരാഹമൂർത്തിയെന്നെ
പദ്ധതിയിലും, രാമനദ്രികൂടങ്ങടംതോറു–
മത്തലേശാതെ ഭദ്രം പരിപാലിച്ചീടണം.
ലക്ഷ്മണസമേതനാം ഭരതാഗ്രജൻ രാമൻ
രക്ഷിച്ചീടണം ദേശാന്തരത്തിലീ ഞങ്ങളെ. 15
ഉഗ്രധർമ്മത്തിൽനിന്നും പ്രമാദംതന്നിൽനിന്നും
മുക്തനാക്കണമെന്നെബ്ഭഗവാൻ
നാരായണൻ.
വൈകാതെ രക്ഷിക്കട്ടെ, ഗർവ്വത്തിൽനിന്നും
നരൻ;
യോഗഭ്രംശത്തിൽനിന്നു യോഗേശൻദത്തൻ–
താനും
കർമ്മബന്ധത്തിൽനിന്നും സത്ത്വാദിഗുണേ–
ശനാം
ബ്രഹ്മജ്ഞൻ കപിലനുമെന്നെക്കാത്തരു–
ളണം. 16
സനൽക്കുമാരനെന്നെക്കാമദേവനിൽനിന്നു–
മനഘൻ ഹയഗ്രീവൻ ദേവനിന്ദയിൽനിന്നും
ഉത്തമവിഷ്ണുഭക്തനായീടും നാരദർഷി
ദൈത്യാരിദേവാർച്ചനാവിഘാതങ്ങളിൽനിന്നും
ഭൂധരമാമയായ് പണ്ടുയർത്തിയോരു വിഷ്ണു
യാതനകളിൽനിന്നും രക്ഷിച്ചീടണമെന്നെ. 17
അപഥ്യാചരണത്തിൽനിന്നു ധന്വന്തരിയു–
മുഭയഭയത്തിൽനിന്നൃഷഭൻ വിജിതാത്മാ
ലോകാപവാദത്തിൽനിന്നാഗമമൂർത്തിതാനും
ലോകരിൽനിന്നുണ്ടാകമാപത്തുകളിൽനിന്നും
ഹലിയും ക്രുദ്ധഭോഗിവൃന്ദത്തിൽനിന്നു സർപ്പ–
കുലരാജനുമെന്നെപ്പാലിച്ചീടുകവേണം. 18
ജ്ഞാനസ്വരൂപൻ വ്യാസനജ്ഞാനത്തിങ്കൽ
നിന്നും,
ദീനാർദ്രചിത്തൻ ബുദ്ധൻ പാഖണ്ഡവൃന്ദ–
ത്തിലും
ആലസ്യത്തിലും നിന്നും, ധർമ്മരക്ഷയ്ക്കാ–
യോരോ–
കാലത്തുമവതാരം മന്നിലാർന്നിടും കൽക്കി,
വല്ലതാം കലികാലദോഷത്തിൽനിന്നുമെന്നെ–
യലസഭാവമെന്ന്യേ കാത്തുകൊള്ളുകവേണം. 19

ഭാസുരരോഷസ്സിൽ ഗദയാലെ കേശവൻതാനു–
മാസങ്ഗവത്തിൽ വേണുധാരിയാം
ഗോവിന്ദനും
പ്രാഹ്നത്തിൽ ബലിഷ്ഠനാം ശ്രീനാരായ–
ണനും മ–
ധ്യാഹ്നത്തിൽ ചക്രായുധൻ വിഷ്ണുവും
രക്ഷിക്കണം. 20

അപരാഹ്നത്തിലുഗ്രധന്വാവാം മധുദ്വിട്ടു–
മുപരി, സായങ്കാലം ത്രിധാമാ ശ്രീമാധവൻ,
പ്രദോഷവേളയിങ്കൽ ശ്രീഹൃഷീകേശവൻ
താനു–
മതുപോൽ നിശാർദ്ധത്തിൽ നിശീഥത്തിലു–
മേകൻ
ശ്രീപദ്മനാഭൻതാനും, നിശാപരാർദ്ധംതന്നിൽ
ശോഭനശ്രീവത്സാങ്കധരനാമീശൻതാനും,
പ്രത്യൂഷംതന്നിലസിധരനാം ജനാർദ്ദനൻ,
നിത്യവും സന്ധ്യതോറും ശ്രീദാമോദരൻതാനും,
പ്രഭാതസമയത്തിൽ വിശ്വത്തിന്നധീശനായ്
പ്രഭുവാം കാലാത്മകൻ ദേവനും പാലി–
ക്കണം. 21–22

കല്പാന്തകാലാഗ്നിപോൽത്തീക്ഷ്ണമാം
ധാരയോടു–
മൊപ്പം നീ സുദർശനചക്രമേ! ഭഗവാനാൽ
എന്നുടെ ചുറ്റുപാടും ചുഴററപ്പെട്ടതായി,
തെന്നലിൻതോഴൻ വഹ്നി പുൽക്കൂട്ടത്തിനെ–
പ്പോലെ,

ബഹുലം മമ ശത്രുപടലം സമൂലമായ്
ദഹിപ്പിച്ചാലും ദഹിപ്പിച്ചാലുമതിദ്രുതം. 23
അച്യുതനതിപ്രേമപൂർവ്വകം ധരിച്ചീടും
വജ്രസ്പർശസ്ഫുലിങ്ഗസ്ഫുരത്താം മഹാഗദേ!
കൂശ്മാണ്ഡയക്ഷരക്ഷോഭൂതവൈനായകാദി
വിശ്വഗ്രഹങ്ങളേയും ശത്രുസന്ദോഹത്തെയും
നിഷ്പീഡനംചെയ്യുക, നിഷ്പീഡനംചെയ്യുക;
ക്ഷിപ്രം നീ ചൂർണ്ണമാക്ക, ചൂർണ്ണമാക്കുക
വേഗം. 24

യാതുധാനപ്രമഥപിശാചവിപ്രമാതൃ–
ഭൂതപ്രേതങ്ങടംതൊട്ട ഗ്രഹങ്ങളേയും തഥാ
ഘോരദൃഷ്ടികളായിപ്പീഡിപ്പിക്കുവാനെന്നെ
നേരിടും മററു സർവ്വശത്രുഗ്രഹങ്ങളേയും
ശങ്ഖമേ! കൃഷ്ണാനനവാതപൂരിതമായി–
ത്തങ്കിടും ഭയങ്കരനിസ്വനത്തിനാൽ ഭവാൻ
ഹൃദയങ്ങളെപ്പാരം ചഞ്ചലിപ്പിച്ചു വേഗ–
മതിദൂരത്തിൽപ്പാഞ്ചജന്യമേ! പായിച്ചാലും. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം തിഗ്മധാരാസിവരാരിസൈന്യ-
മീശപ്രയുക്തോ മമ ഛിന്ധി ഛിന്ധി
ചക്ഷൂംഷി ചർമ്മൻ ശതചന്ദ്ര ഛാദയ
ദ്വിഷാമഘോനാം ഹര പാപചക്ഷുഷാം. 26
യന്നോ ഭയം ഗ്രഹേഭ്യോഽഭൂത് കേതുഭ്യോ നൃഭ്യ ഏവ ച
സരീസൃപേഭ്യോ ദംഷ്ട്രിഭ്യോ ഭൂതേഭ്യോംഽഹോഭ്യ ഏവ വാ. 27
സർവ്വാണ്യേതാനി ഭഗവന്നാമരൂപാസ്ത്രകീർത്തനാത്
പ്രയാന്തു സംക്ഷയം സദ്യോ യേ നഃ ശ്രേയഃ പ്രതീപകാഃ. 28
ഗരുഡോ ഭഗവാൻ സ്തോത്രസ്തോഭശ്ഛന്ദോമയഃ പ്രഭുഃ
രക്ഷത്വശേഷകൃച്ഛ്റേഭ്യോ വിഷ്വക്സേനഃ സ്വനാമഭിഃ. 29
സർവ്വാപദ്ഭ്യോ ഹരേർന്നാമരൂപയാനായുധാനി നഃ
ബുദ്ധീന്ദ്രിയമനഃപ്രാണാൻ പാന്തു പാർഷദഭൂഷണാഃ. 30
യഥാ ഹി ഭഗവാനേവ വസ്തുതഃ സദസച്ച യത്
സത്യേനാനേന നഃ സർവ്വേ യാന്തു നാശമുപദ്രവാഃ. 31
യഥൈകാത്മ്യാനുഭാവാനാം വികല്പരഹിതഃ സ്വയം
ഭൂഷണായുധലിങ്ഗാഖ്യാ ധത്തേ ശക്തീഃ സ്വമായയാ. 32
തേനൈവ സത്യമാനേന സർവ്വജ്ഞോ ഭഗവാൻ ഹരിഃ
പാതു സർവ്വൈഃ സ്വരൂപൈർന്നഃ സദാ സർവ്വത്ര സർവ്വഗഃ. 33
വിദിക്ഷു ദിക്ഷൂർദ്ധ്വമധഃ സമന്താ-
ദന്തർബ്ബഹിർഭഗവാൻ നാരസിംഹഃ
പ്രഹാപയംല്ലോകഭയം സ്വനേന
സ്വതേജസാ ഗ്രസ്തസമസ്തതേജാഃ. 34
മഘവന്നിദമാഖ്യാതം വർമ്മ നാരായണാത്മകം
വിജേഷ്യസ്യഞ്ജസാ യേന ദംശിതോഽസുരയൂഥപാൻ. 35
ഏതദ്ധാരയമാണസ്തു യം യം പശ്യതി ചക്ഷുഷാ
പദാ വാ സംസ്പൃശേത്സദ്യഃ സാധ്വസാത് സ വിമുച്യതേ. 36
ന കുതശ്ചിദ്ഭയം തസ്യ വിദ്യാം ധാരയതോ ഭവേത്
രാജദസ്യുഗ്രഹാദിഭ്യോ വ്യാഘ്രാദിഭ്യശ്ച കർഹിചിത്. 37
ഇമാം വിദ്യാം പുരാ കശ്ചിത് കൗശികോ ധാരയൻ ദ്വിജഃ
യോഗധാരണയാ സ്വാങ്ഗം ജഹൗ സ മരുധന്വനി. 38
തസ്യോപരി വിമാനേന ഗന്ധർവ്വപതിരേകദാ
യയൗ ചിത്രരഥഃ സ്ത്രീഭിർവൃതോ യത്ര ദ്വിജക്ഷയഃ
ഗഗനാന്ന്യപതത്സദ്യഃ സവിമാനോ ഹ്യവാക്ശിരാഃ. 39
സ വാലഖില്യവചനാദസ്ഥീന്യാദായ വിസ്മിതഃ
പ്രാസ്യ പ്രാചീസരസ്വത്യാം സ്നാത്വാ ധാമ സ്വമന്വഗാത്. 40
ശ്രീശുക ഉവാച
യ ഇദം ശൃണുയാത് കാലേ യോ ധാരയതി ചാദൃതഃ
തം നമസ്യന്തി ഭൂതാനി മുച്യതേ സർവ്വതോ ഭയാത്. 41
ഏതാം വിദ്യാമധിഗതോ വിശ്വരൂപാച്ഛതക്രതുഃ
ത്രൈലോക്യലക്ഷ്മീം ബുഭുജേ വിനിർജ്ജിത്യ മൃധേഽസുരാൻ. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
നാരായണവർമ്മകഥനം നാമ അഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ശ്രീശുക ഉവാച
തസ്യാസൻ വിശ്വരൂപസ്യ ശിരാംസി ത്രീണി ഭാരത!
സോമപീഥം സുരാപീഥമന്നാദമിതി ശുശ്രുമ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ശിതധാരാനചിതഖഡ്ഗപ്രവേകാ! ഭവാ–
നീശപ്രയുക്തനായെൻ ശത്രുസൈന്യത്തെ–
യെല്ലാം
അരിഞ്ഞുവീഴ്ത്തീടുക, നൂറു ചന്ദ്രന്മാർക്കൊപ്പം
പരിശോഭിച്ചീടുന്ന പരിശേ! പരിചിൽ നീ
മൂടുക യാഗദ്വേഷി ജനത്തിൻ നേത്രങ്ങളെ,
പാടേ തദുഗ്രവീക്ഷാ ദൃഷ്ടികൾ നശിപ്പിക്ക. 26
നവഗ്രഹങ്ങൾ ധൂമകേതുക്കൾ ദുഷ്ടജന്തു–
നിവഹം, ജനം, സർപ്പം, പഞ്ചഭൂതങ്ങൾ പാപം
എന്നിതുകളിൽ നിന്നുമിയലും ഭയങ്ങളു–
മെന്നല്ലെൻ ശ്രേയോവിഘ്നകാരികളായുള്ളോരും
ദൈത്യാരിഭഗവാന്റെ നാമരൂപാസ്ത്രങ്ങൾതൻ-
കീർത്തനംകൊണ്ടു മാത്രം നിശ്ശേഷം നശി–
ക്കണം. 27–28
സ്തോത്രസ്തോഭനായ് വേദമൂർത്തിയായ് സമ–
ർത്ഥനാം
പക്ഷീന്ദ്രൻ ഭഗവാനീ ഞങ്ങളിൽത്തിങ്ങിക്കൂടും
ഖിന്നതയെല്ലാം മാറ്റിപ്പോററട്ടെ, വിഷ്വക്സേനൻ
തന്നാമം കീർത്തിക്കമീ ഞങ്ങളെ രക്ഷിക്കട്ടെ! 29
ഭഗവന്നാമരൂപവാഹനായുധങ്ങളും
മികവു കലർന്നീടും പാർഷദമുഖ്യന്മാരും
സകല വിപത്തിലുംനിന്നു ധീ,യിന്ദ്രിയങ്ങ–
ളുകതാർ പ്രാണങ്ങളെന്നിവയെ രക്ഷിക്കട്ടെ! 30
സ്ഥൂലസൂക്ഷ്മങ്ങളാകുമാകൃതിയാർന്നിരിക്കു–
മീ ലോകം സമസ്തവും ശ്രീഹരിതന്നെ–
യെന്നായ്
സിദ്ധാന്തിച്ചിടും ശാസ്ത്രഗീരു നേരെന്നാൽ
ഞങ്ങൾ–
ക്കെത്തീടുമുപദ്രവമതിനാൽ നശിക്കട്ടെ. 31
കാണുന്നതെല്ലാം വിഷ്ണുസ്വരൂപമെന്നായുന്നി–
ധ്യാനിപ്പോർക്കീശൻ സ്വയം വികല്പഹീന–
നെന്നും
മായയാൽ, മറ്റുള്ളോർക്കു ഭൂഷണം, നാമം, ചിഹ്ന
മായുധശക്തിയിവയാർന്നിടുന്നവനെന്നും
ചൊല്ലുമച്ചൊല്ലു സത്യമാണെങ്കിലതുമൂല–
മില്ലാതെയായിടട്ടെ ഞങ്ങടെയല്ലലെല്ലാം. 32
ആ സത്യപ്രമാണത്താൽ സർവ്വത്ര സർവ്വജ്ഞ–
നായ്
ഭാസ്യമാനനായീടും ഭഗവാൻ വാസുദേവൻ
സകല രൂപങ്ങളെക്കൊണ്ടുമെപ്പൊഴുമെങ്ങും
വികലതാവിഹീനം ഞങ്ങളെ രക്ഷിക്കണം. 33
കോണദിഗ്ഭാഗംതോറും മുഖ്യദിക്കുകൾതോറും
താൺഭാഗത്തുമൂർദ്ധ്വസ്ഥലത്തും ചുററുപാടും
ഉള്ളിലും പുറത്തുംനിന്നുദ്ഭൂതം ജഗദ്ഭയ–
മെല്ലാം നിജാട്ടഹാസംകൊണ്ടുതാൻ നശിപ്പിച്ചു
സ്വതേജസ്സിനാലന്യതേജസ്സശേഷമുള്ളി–
ലൊതുക്കി പ്രശോഭിക്കും നൃസിംഹം രക്ഷി–
ക്കണം. 34

അല്ലയോ സുരേശ്വരാ! ഭവാനോടീവിധത്തിൽ
ചൊല്ലിനേൻ നാരായണസ്വരൂപകവചത്തെ
ഇതിനാലങ്ങുന്നങ്ങു ഗരക്ഷണംചെയ്തുകൊൾക;
ദിതിജസമൂഹത്തെജ്ജയിക്കാമനായാസം. 35
ഇക്കവചത്തെദ്ധരിക്കുന്നവനാരെ നേരേ
നോക്കുമോ പാദങ്ങളാലാരെസ്സംസ്പർശിക്കുമോ
അപ്പുമാനിയന്നീടുമശേഷഭയങ്ങളു–
മപ്പോഴേയസ്തംഗതമായിടുമസംശയം. 36
ഈ വിദ്യ ധരിക്കുവോനുണ്ടാകയില്ല പിന്നെ
ഭൂവരചോരഗ്രഹവ്യാഘ്രാദിഭീതി തെല്ലും. 37
കൗശികകുലത്തിൽ പണ്ടൊരു ഭൂദേവനിതു
വശത്തിലാക്കി സ്വാംഗമെങ്ങുമീ മന്ത്രത്തിനാൽ
യോഗധാരണകൊണ്ടു ബന്ധിച്ചു നിർജ്ജലഭൂ–
ഭാഗത്തിലൊരേടത്തു തത്തനു തള്ളീടിനാൻ. 38
ഏകദാ ചിത്രരഥനെന്നുള്ള ഗന്ധർവ്വേന്ദ്രൻ
സ്ത്രീകളുമൊത്തു മോദാൽ വിമാനമൊന്നിലേറി
വേഗത്തിലാകാശത്തിലസ്ഥലത്തിനുമീതെ
പോകവേ തലകുത്തി വിമാനത്തോടും
വീണാൻ. 39
മൂലമെന്തതിനെന്നതറിയാതുഴലുമ്പോൾ
ബാലഖില്യോക്തികേട്ടു വിസ്മയപ്പെട്ടു പിന്നെ
ക്ഷിതിദേവാസ്ഥിയാർന്നാ പ്രാചിയാം
സരസ്വതീ–
നദിയിലിട്ടു മുങ്ങി സ്വസ്ഥാനമെത്തീടിനാൻ.
40

ശ്രീശുകൻ പറഞ്ഞു
ഏതവൻ കവചമിതന്തിനേരത്തോ പരം–
ഭീതിയാർന്നിടുമ്പൊഴോ കേൾക്കയും പഠിക്കയും
ചെയ്തീടു,മപ്പുമാനെബ്ഭൂതങ്ങൾ നമിച്ചീടു–
മേതുഭീതിയിൽനിന്നും മുക്തനായീടുമവൻ. 41
വിശ്വരൂപനിൽനിന്നുമീ വിദ്യയേവം ധരി–
ച്ചശ്രമം രിപുക്കളെയാകെയായോധനത്തിൽ
സുരനായകൻ വെന്നു വീണ്ടും ത്രിഭുവനത്തിൻ
പരമാധികാരിയായ് പരിശോഭിച്ചീടിനാൻ.
42

അദ്ധ്യായം 9

വിശ്വരൂപവധം—വൃത്രോത്പത്തി—വൃത്രവധോപായകഥനം

ശ്രീശുകൻ പറഞ്ഞു
ഭൂപതേ! സുരാചാര്യനായിരിക്കുമാവിശ്വ–
രൂപനു ശിരസ്സു മൂന്നുള്ളതായ് കേട്ടിരിപ്പൂ.
ഒന്നിനാൽ സോമപാന,മൊന്നിനാൽ
സുരാപാന,–
മൊന്നിനാൽ സാധാരണ ഭക്ഷണമിതാം
രീതി. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ വൈ ബർഹിഷി ദേവേഭ്യോ ഭാഗം പ്രത്യക്ഷമുച്ചകൈഃ
അവദദ്യസ്യ പിതരോ ദേവാഃ സപ്രശ്രയം നൃപ! 2
സ ഏവ ഹി ദദൗ ഭാഗം പരോക്ഷമസുരാൻ പ്രതി
യജമാനോഽവഹദ് ഭാഗം മാതൃസ്നേഹവശാനുഗഃ. 3
തദ്ദേവഹേലനം തസ്യ ധർമ്മാളീകം സുരേശ്വരഃ
ആലക്ഷ്യ തരസാ ഭീതസ്തച്ഛീർഷാണ്യച്ഛിനദ്രുഷാ. 4
സോമപീഥം തു യത്തസ്യ ശിര ആസീത് കപിഞ്ജലഃ
കലവിങ്കഃ സുരാപീഥമന്നാദം യത്സ തിത്തിരിഃ. 5
ബ്രഹ്മഹത്യാമഞ്ജലിനാ ജഗ്രാഹ യദപീശ്വരഃ
സംവത്സരാന്തേ തദഘം ഭൂതാനാം സ വിശുദ്ധയേ
ഭൂമ്യംബുദ്രുമയോഷിദ്ഭ്യശ്ചതുർദ്ധാ വ്യഭജദ്ധരിഃ. 6
ഭൂമിസ്തുരീയം ജഗ്രാഹ ഖാതപൂരവരേണ വൈ
ഈരിണം ബ്രഹ്മഹത്യായാ രൂപം ഭൂമൗ പ്രദൃശ്യതേ. 7
തുര്യം ഛേദവിരോഹേണ വരേണ ജഗൃഹുർദ്രുമാഃ
തേഷാം നിര്യാസരൂപേണ ബ്രഹ്മഹത്യാ പ്രദൃശ്യതേ. 8
ശശ്വത്കാമവരേണാംഹസ്തുരീയം ജഗൃഹുഃ സ്ത്രിയഃ
രജോരൂപേണ താസ്വംഹോ മാസി മാസി പ്രദൃശ്യതേ. 9
ദ്രവ്യഭൂയോവരേണാപസ്തുരീയം ജഗൃഹുർമ്മലം
താസു ബുദ്ബുദഫേനാഭ്യാം ദൃഷ്ടം തദ്ധരതി ക്ഷിപൻ. 10
ഹതപുത്രസ്തതസ്ത്വഷ്ടാ ജുഹാവേന്ദ്രായ ശത്രവേ
''ഇന്ദ്രശത്രോ! വിവർദ്ധസ്വ മാചിരം ജഹി വിദ്വിഷം.'' 11
അഥാന്വാഹാര്യ പചനാദുത്ഥിതോ ഘോരദർശനഃ
കൃതാന്ത ഇവ ലോകാനാം യുഗാന്തസമയേ യഥാ. 12
വിഷ്വഗ്വിവർദ്ധമാനം തമിഷുമാത്രം ദിനേ ദിനേ
ദഗ്ദ്ധശൈലപ്രതീകാശം സന്ധ്യാഭ്രാനീകവർച്ചസം. 13
തപ്തതാമ്രശിഖാശ്മശ്രും മധ്യാഹ്നാർക്കോഗ്രലോചനം
ദേദീപ്യമാനേ ത്രിശിഖേ ശൂല ആരോപ്യ രോദസീ. 14
നൃത്യന്തമുന്നദന്തം ച ചാലയന്തം പദാ മഹീം
ദരീഗംഭീരവക്ത്രേണ പിബതാ ച നഭസ്ഥലം. 15
ലിഹതാ ജിഹ്വയർക്ഷാണി ഗ്രസതാ ഭുവനത്രയം
മഹതാ രൗദ്രദംഷ്ട്രേണ ജൃംഭമാണം മുഹുർമ്മുഹുഃ
വിത്രസ്താ ദുദ്രുവുർല്ലോകാ വീക്ഷ്യ സർവ്വേ ദിശോ ദശ. 16
യേനാവൃതാ ഇമേ ലോകാസ്തമസാ ത്വാഷ്ട്രമൂർത്തിനാ
സ വൈ വൃത്ര ഇതി പ്രോക്തഃ പാപഃ പരമദാരുണഃ. 17
തം നിജഘ്നുരഭിദ്രുത്യ സഗണാ വിബുധർഷഭാഃ
സ്വൈഃ സ്വൈർദ്ദിവ്യാസ്ത്രശസ്ത്രൗഘൈഃ സോഽഗ്രസത് താനി കൃത്സ്നശഃ. 18
തതസ്തേ വിസ്മിതാഃ സർവ്വേ വിഷണ്ണാ ഗ്രസ്തതേജസഃ
പ്രത്യഞ്ചമാദിപുരുഷമുപതസ്ഥുഃ സമാഹിതാഃ. 19

ദേവാ ഊചുഃ

വായ്വംബരാഗ്ന്യപ്ക്ഷിതയസ്ത്രിലോകാ
ബ്രഹ്മാദയോ യേ വയമുദ്വിജന്തഃ
വഹാമ യസ്മൈ ബലിമന്തകോഽസൗ
ബിഭേതി യസ്മാദരണം തതോ നഃ. 20
അവിസ്മിതം തം പരിപൂർണ്ണകാമം
സ്വേനൈവ ലാഭേന സമം പ്രശാന്തം
വിനോപസർപ്പത്യപരം ഹി ബാലിശഃ
ശ്വലാംഗുലേനാതിതിതർത്തി സിന്ധും. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്വരത്തിങ്കൽ ദേവന്മാരുടെ ഹവിർഭാഗം
പ്രത്യക്ഷം വിളിച്ചോതിയുച്ചത്തിൽ വിനീത-
നായ്
അപ്പിച്ചാനവക്കായിട്ടഗ്നിയിൽ വിശ്വരൂപൻ
തത്പിതൃക്കളാണല്ലോ സുരന്മാർ ധരാപതേ! 2
മാതൃസ്നേഹത്താലവനസുരന്മാക്കും പിന്നെ
സാദരം ഹവിർഭാഗമേകിനാൻ രഹസ്യമായ്. 3
ഗുരുസ്ഥാനത്തിരുന്നുകൊണ്ടവൻ കാണി-
ച്ചൊരി-
സ്സുരനിന്ദയും ധമ്മവ്യാജവും നിരീക്ഷിച്ച
ഭീതനായിന്ദ്രൻ പെട്ടെന്നത്യന്തം ക്രുദ്ധനായി
ഛേദിച്ചീടിനാനപ്പോളവന്റെ ശിരസ്സുകൾ. 4
ശിരസ്സു മൂന്നും മൂന്നു പക്ഷികളായ്ത്തീന്നതിൽ
സുരഭക്ഷിച്ചതിൻപേർ കലവിംഗമെന്നായി
സോമപാനംചെയ്തതിൻ നാമമോ കപിഞ്ജല-
മാമട്ടിലന്നമാന്ന തല തിത്തിരിയായി. 5
ഈശനാകിലുമിന്ദ്രനാ ബ്രഹ്മഹത്യാപാപം
സംശുദ്ധമതേ! വഹിച്ചീടിനാനൊരുവഷം.
ഭൂതശുദ്ധിക്കായതു നാലായിപ്പകുത്തേകീ
മേദിനി,ജലം,തരുവിവക്കും നാരികളുമായ്. 6
കഴിച്ചെടുത്ത ഭാഗം തനിയേ പൂണ്ണമാകാൻ
കഴിയും വരം വാങ്ങിപ്പാപാംശമേററാൾ ഭൂമി.
ഇമ്മന്നിലൂഷരപ്രദേശങ്ങൾ കാണുന്നത-
ബ്രഹ്മഹത്യതൻ ഫലമായത്രേ നരേശ്വരാ! 7
ഖണ്ഡിച്ചെന്നാലും വീണ്ടും തളിക്കാൻ വര-
ത്തോടു-
മാന്നിതു വൃക്ഷങ്ങളും നാലൊന്നുഭാഗം പാപം.
തരുക്ഷീരത്തെ ബ്രഹ്മഹത്യതൻ രൂപത്തിലി-
ദ്ധരയിൽ കാൺകയാൽ നാം ഭക്ഷിക്കാറി-
ല്ലയല്ലോ. 8
ഗർഭധാരണംമുതൽ പ്രസവംവരെ സ്ത്രീക-
ളേപ്പെട്ടുകൂടാ സംഗിപ്പതിനെന്നല്ലോ ഞായം.
അതിനു വിരുദ്ധമായ് പുരുഷസംഗമാനു-
മതിയോടംഗീകരിച്ചംഗനമാരും പാപം.
നാരിയിൽ പ്രതിമാസം ചേരുമാ രജസ്സല്ലോ
ഘോരമാമിപ്പാപത്തിൻ സ്വരൂപം ധരേ-
ശ്വരാ! 9
എടുക്കുംതോറുമേറുമാറനുഗ്രഹം വാങ്ങി
മടിക്കാതപ്പുമപ്പോളേററിതദ്ദുരിതാംശം.
അംബുവിൽ കണ്ടീടുന്ന നുരയും പതയുമീ-
ബ്രഹ്മഹത്യാംശമാകകൊണ്ടവ വജ്ജ്യ-
ങ്ങളാം. 10
തനയവധം കേട്ടു രുഷ്ടനായ് ത്വഷ്ടാവിന്ദ്ര-
ഹനനത്തിനായൊരു ഭൂതത്തെ സൃഷ്ടിക്കുവാൻ
''ഇന്ദ്രാരേ! വദ്ധിക്കുക, വൈരിയെക്കൊൽക
ശീഘ്രം''-
മെന്നുള്ള മന്ത്രം ചൊല്ലി നടത്തീയൊരു
ഹോമം. 11
അക്ഷണമാഭിചാരമന്ത്രത്താൽ ക്ഷോഭിക്കുമ-
ദ്ദക്ഷിണാഗ്നിയിൽനിന്നും ഭീകരമൊരുരൂപം
കല്പാന്തകാലത്തിങ്കൽ മൂപ്പാരും മുടിക്കുവാൻ
ക്ഷിപ്രമെത്തുമാ രുദ്രൻകണക്കേ പുറപ്പെട്ടാൻ.12
ചുററിനും ദിനംപ്രതി വില്ലാടുദൂരം നീണ്ടു-
വീത്തേററം വളന്നൊരു കരിമാമലപ്പോലുള്ള
സന്ധ്യാഭ്രരുചിപൂണ്ടു തപ്തതാമ്രത്തിൻ കാന്തി-
ചിന്തിടും വാച്ച താടിമീശയും കേശങ്ങളും
ധരിച്ചു മദ്ധ്യാഹ്നാക്കസമാനോച്ചണ്ഡപ്രഭാ-
സ്സുരന്നേത്രങ്ങളോടുമത്യന്തം തിളങ്ങീടും
മുന മൂന്നാളും ശൂലംതന്നിലിബ്ഭുവും ദ്യോവു-
മണച്ചു കോത്തുപിടിച്ചങ്ങനെ നൃത്തമാടി
ഉച്ചത്തിലട്ടഹാസംചെയ്തടിവയ്പാൽ ഭൂമി-
യുച്ചലിപ്പിച്ചു ഗുഹപ്പോലപ്പമായഗാധമാം
വക്ത്രത്താലാകാശത്തെ ഗ്രസിച്ചു താരങ്ങളെ
നക്കിയും നാവാലുള്ളിലാക്കിയും ത്രൈലോ-
ക്യത്തെ
എത്രയും നീണ്ട രൗദ്രദംഷ്ട്രയാലടിക്കടി
വക്ത്രം തുറന്നടച്ചുമവന്റെ പുറപ്പാടു
വിത്രസ്തഹൃദന്തരായ് ജനങ്ങൾ വീക്ഷിച്ചുടൻ
സത്വരം പത്തു ദിക്കിലേക്കുമായ് പാഞ്ഞീ-
ടിനാർ. 13–16
ത്വഷ്ടാവിൻ മൂത്തിയായിത്താമസസ്വരൂപനാ-
യത്യന്തം പാപിയായിബ്ഭീകരനായിപ്പാരം
ഭുവനം മൂന്നും പാടേ മറച്ചു ചരിച്ചുള്ളോ-
രവനെയത്രേ വൃത്രനെന്നെങ്ങും കീത്തിപ്പതും.17
അവനെക്കണ്ടപ്പൊഴേയമത്ത്യമുഖ്യരെല്ലാ-
മവന്റെനേക്കു നാനാദിവ്യാസ്ത്രശസ്ത്രോത്ക്കരം
ധാരാളം പ്രയോഗിച്ചാ,രായവ സമസ്തവും
പാരാതെ ലയിപ്പിച്ചാൻ മുഖാന്തർഭാഗത്തവൻ.
ഏകനാം മഹാഭൂതം സുരവൃന്ദത്തിൻ തേജ-
സ്സാകെസ്സംഹരിച്ചതു കണ്ടവരാശ്ചര്യവും
ശോകവുമാവഹിച്ചു മറെറാന്നും മാഗ്ഗം കാണാ-
തേകാഗ്രചിത്തരായി ധ്യാനിച്ചാർ
ഭഗവാനെ. 18–19

ദേവന്മാർ പറഞ്ഞു

വായ്വംബരാഗ്നിജലഭൂമികൾ ഭൂതങ്ങളും
ലോകവും പിതാമഹാദ്യരീ ഞങ്ങളും
ഭീതരായാക്കായ്ക്കമ്മരൂപമായിടും ബലി
സാദരം ദിനംപ്രതി സമർപ്പിച്ചിടുന്നുവോ,
അന്തകൃത്തായീടുന്ന കാലനും ഭയന്നീടു-
മന്തര്യാമിയാമവൻ ഞങ്ങളെ രക്ഷിക്കണം. 20
അദ്ഭുതവിഹീനനായാത്മാനന്ദാനുഭവ-
തൃപ്തനായ് പക്ഷപാതാചേതനായ് പ്രശാന്തനാം
അബ്ഭഗവാനെത്തള്ളിയന്യനെസ്സേവിക്കുവാ-
നേപ്പെട്ടു വൃഥാ കാലംകളയും ഭോഷാഗ്രണി
പാരാതെ പട്ടിക്കുഞ്ഞിൻ വാലിനാലപാരമാം
വാരാശികടക്കുവാനാഗ്രഹിക്കുന്നു ചിത്രം. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യോരുശൃങ്ഗേ ജഗതീം സ്വനാവം
മനുര്യഥാഽഽബധ്യ തതാര ദുർഗ്ഗം
സ ഏവ നസ്ത്വാഷ്ട്രഭയാദ്ദുരന്താത്
ത്രാതാഽഽശ്രിതാൻ വാരിചരോഽപി നൂനം. 22
പുരാ സ്വയംഭൂരപി സംയമാംഭ-
സ്യുദീർണ്ണവാതോർമ്മിരവൈഃ കരാളേ
ഏകോഽരവിന്ദാത് പതിതസ്തതാര
തസ്മാദ് ഭയാദ്യേന സ നോഽസ്തു പാരഃ. 23
യ ഏക ഈശോ നിജമായയാ നഃ
സസർജ്ജ യേനാനുസൃജാമ വിശ്വം
വയം ന യസ്യാപി പുരഃ സമീഹതഃ
പശ്യാമ ലിങ്ഗം പൃഥഗീശമാനിനഃ. 24
യോ നഃ സപത്നൈർഭൃശമർദ്യമാനാൻ
ദേവർഷിതിര്യങ്നൃഷു നിത്യ ഏവ
കൃതാവതാരസ്തനുഭിഃ സ്വമായയാ
കൃത്വാഽഽത്മസാത് പാതി യുഗേ യുഗേ ച. 25
തമേവ ദേവം വയമാത്മദൈവതം
പരം പ്രധാനം പുരുഷം വിശ്വമന്യം
വ്രജാമ സർവ്വേ ശരണം ശരണ്യം
സ്വാനാം സ നോ ധാസ്യതി ശം മഹാത്മാ. 26

ശ്രീശുക ഉവാച

ഇതി തേഷാം, മഹാരാജ, സുരാണാമുപതിഷ്ഠതാം
പ്രതീച്യാം ദിശ്യഭൂദാവിഃ ശങ്ഖചക്രഗദാധരഃ. 27
ആത്മതുല്യൈഃ ഷോഡശഭിർവിനാ ശ്രീവത്സകൗസ്തുഭൗ
പര്യുപാസിതമുന്നിദ്രശരദംബുരുഹേക്ഷണം. 28
ദൃഷ്ട്വാ തമവനൗ സർവ്വ ഈക്ഷണാഹ്ലാദവിക്ലവാഃ
ദണ്ഡവത് പതിതാ രാജഞ്ഛനൈരുത്ഥായ തുഷ്ടുവുഃ. 29

ദേവാ ഊചുഃ

നമസ്തേ യജ്ഞവീര്യായ വയസേ ഉത തേ നമഃ
നമസ്തേ ഹ്യസ്തചക്രായ നമഃ സുപുരുഹൂതയേ. 30
യത്തേ ഗതീനാം തിസൃണാമീശിതുഃ പരമം പദം
നാർവ്വാചീനോ വിസർഗ്ഗസ്യ ധാതർവ്വേദിതുമർഹതി. 31

ഓം നമസ്തേഽസ്തു ഭഗവൻ നാരായണ വാസുദേവാദിപുരുഷ മഹാപുരുഷ മഹാനുഭാവ പരമമങ്ഗള പരമകല്യാണ പരമകാരുണിക കേവല ജഗദാധാര ലോകൈകനാഥ സർവ്വേശ്വര ലക്ഷ്മീനാഥ പരമഹംസപരിവ്രാജകൈഃ പരമേണാത്മയോഗസമാധിനാ പരിഭാവിതപരിസ്ഫുടപാരമഹംസ്യധർമ്മേണോദ്ഘാടിതതമഃകപാടദ്വാരേ ചിത്തേഽപാവൃത ആത്മലോകേ സ്വയമുപലബ്ധനിജസുഖാനുഭവോ ഭവാൻ. 32

ദുരവബോധ ഇവ തവായം വിഹാരയോഗോ യദശരണോഽശരീര ഇദമനവേക്ഷിതാസ്മത്സമവായ ആത്മനൈവാവിക്രിയമാണേന സഗുണമഗുണഃ സൃജസി പാസി ഹരസി. 33

അഥ തത്ര ഭവാൻ കിം ദേവദത്തവദിഹ ഗുണവിസർഗ്ഗപതിതഃ പാരതന്ത്ര്യേണ സ്വകൃതകുശലാകുശലം ഫലമുപാദദാത്യാഹോസ്വിദാത്മാരാമ ഉപശമശീലഃ സമഞ്ജസദർശന ഉദാസ്ത ഇതി ഹ വാവ ന വിദാമഃ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂമിയാം തൻ തോണിയെയാത്തടെ കൊമ്പിൽ ബന്ധി-
ച്ചാമന സത്യവ്രതൻ പ്രളയാംബുവിൽനിന്നും
രക്ഷപെട്ടവോ നീരചാരിയാമത്സ്യമൂർത്തി-
യിക്ഷണമാശ്രിതന്മാരായീടുമീ ഞങ്ങളെ

അന്തമററിട്ടന്നൊരീ വൃത്രഭീതിയാം മഹാ-
സിന്ധുവിൽനിന്നു കരയേററി രക്ഷിക്കും
ദൃഢം. 22

ഊററമാം കാററിൽപ്പൊന്തുമൂർമ്മികളതൻ-
നാദത്താ-
ലേററവും ഭീതിയേകും കല്പാന്തസലിലത്തിൽ
പദ്മത്തിൽനിന്നു വീണ വിധിയെ വീണ്ടും
നാഭി-
പദ്മത്തിലേററിക്കാത്ത ഭഗവാൻ ഭയം
തീക്ക. 23

ഏകനായ് മായയാലാരെങ്ങളെ സൃഷ്ടിച്ചിതീ-
ലോകത്തെയേതീശൻെറ കൃപയാൽത്തീർത്തു
ഞങ്ങൾ,
മുമ്പിൽ പ്രവർത്തിച്ചീടുമാക്കെഴും സ്വരൂപത്തെ
വൻപരെന്നഭിമാനിച്ചീടുമീ മന്ദർ കാണാ, 24

ദേവർഷിതിര്യങ്മൃഗമർത്ത്യാദിവർഗ്ഗങ്ങളി-
ലേവനോ യുഗംതോറുമവതാരങ്ങളാർന്നു
ശത്രുമർദ്ദിതരാകും ഞങ്ങളെ ബന്ധുക്കളെ-
ന്നുള്ളത്താരിലോർത്തു കാത്തുകൊണ്ടതു വേണ്ടും-
വിധം

ആ ഭഗവാനെത്തന്നെ ദീനരാം ഞങ്ങളിന്നീ-
യാപത്തുകാലത്തിലും ശരണംപ്രാപിക്കുന്നു. 25

ശരണാർഹനായ് ജീവിജാലദൈവതമായി
പരമപുമാനായിബ്ഭുവനാത്മകനായി
പ്രകൃതിസ്വരൂപനായ് തദ്വിഭിന്നനുമായി
പ്രകടലീലാശീലോല്ലാസിയായ് വിളങ്ങിടും
ആ മഹാത്മാവിനെയീ സ്വജനം ഭജിക്കുന്നു,
കാമിതം സാധിപ്പിക്കുമക്കൃപാരാശി നൂനം. 26

ശ്രീശുകൻ പറഞ്ഞു

ഇത്ഥം സ്തുതിക്കും സുരന്മാക്കുടൻ പ്രതീ-
ചിയിൽ
പ്രത്യക്ഷനായാൻ ശംഖചക്രാദിധരൻ ഹരി. 27
ശ്രീവത്സകൗസ്തുഭങ്ങളെന്നിയേ ഭഗവാൻെറ
ഭാവങ്ങളെല്ലാംപൂണ്ട ഷോഡശപാർഷദന്മാർ
നാലുഭാഗത്തുംനിന്നു സേവനംചെയ്യ ശരൽ-
ക്കാലഫുല്ലാംഭോരുഹതുല്യനേത്രങ്ങളോടും
ഹരിയെക്കണ്ടാനന്ദപാരവശ്യംകലൻ
ധരയിൽ ദണ്ഡംപോൽ വീണേററെററം സ്തുതി-
ച്ചിതേ. 28-29

ദേവന്മാർ പറഞ്ഞു

അല്ലയോ യജ്ഞഫലദാതാവേ! നമസ്കാര-
മല്ലയോ കാലാത്മകാ! ഭഗവൻ! നമസ്കാരം.
ചക്രക്ഷേപണദക്ഷാ! ഭഗവൻ! നമസ്കാര-
മുത്കൃഷ്ടചാരുനാനാനാമകാ! നമസ്കാരം. 30

ദേവമാനുഷതിര്യഗാദിതൻ യോനികളിൽ
ജീവരാശിതൻ സ്ഥാനം കല്പിച്ചു യഥായോഗ്യം
സൃഷ്ടികമമങ്ങേക്കെഴുമുത്കൃഷ്ടമാമപ്പദം
സൃഷ്ടികളശേഷം ജാതരറിയുന്നില്ലീ ഞങ്ങൾ. 31

ഭഗവൻ! നാരായണാ! കേവലാ! വാസുദേവാ!
ജഗദൈകാധിനാഥാ! സമസ്തേശ്വരാ! ഹരേ!
പരമമങ്ഗലാത്മൻ! പരമകാരുണ്യാബ്ധേ
പരമാനന്ദരൂപാ! ജഗദാധാരഭൃതാ!
പരമഹംസപരിവ്രാജകവൃന്ദമെന്നും
പരിചോടഭ്യസിക്കും സമാധിയോഗത്തിനാൽ
പരിശുദ്ധമായ്പരം സ്പഷ്ടമായ് പ്രകാശിക്കും
പുരുഭക്തിയാൽ തമസ്സമൂഹം നശിപ്പിച്ച
മനസ്സിലപാവൃതമായിടും സ്വധാമത്തി-
ലനുഭവപ്പെട്ടീടുമാനന്ദം യാതൊന്നാണോ
ആയതാം നിന്തിരുസ്വരൂപമമ്പ് ഭഗവാനെ
മായമെന്നിയേ വീണ്ടും നമിച്ചീടുന്നു ഞങ്ങൾ.
32

അനാലംബനനായിശ്ശരീരവിഹീനനാ-
യനപേക്ഷിതനായിഗ്ഗുണാപേതനുമായി
ഞങ്ങടെ സമൂഹത്തിലവികാരാത്മാവാൽതാ-
നങ്ങുന്നീലോകം തീർത്തു പാലിച്ചു സംഹരിപ്പൂ
നിന്തിരുവടിക്കെഴുമിക്കളിതൻ രഹസ്യ-
മെന്തെന്നു മനസ്സിലാകാത്തമട്ടിരിക്കുന്നു. 33

ദേവദത്തനെപ്പോലെ ദേഹബദ്ധനായ് ഗേഹ-
മാവസിച്ചങ്ങുമസ്വതന്ത്രനായ് നിരന്തരം
തനതു ശുഭാശുഭകർമ്മങ്ങൾതൻ ഫലങ്ങ-
ളനുഭവിക്കയാണോ, സ്വരൂപസ്ഥിതനായി
സ്വാനന്ദാനുഭവത്തോടുണ്ടു കണ്ടുകൊണ്ടുദാ-
സീനനായിരിക്കയോ? ധരിക്കാൻ
ഞങ്ങൾക്കാകാ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന ഹി വിരോധ ഉഭയം ഭഗവത്യപരിഗണിതഗുണഗണേ ഈശ്വരേഽനവഗാഹ്യമാഹാത്മ്യേഽർവ്വാചീനവികല്പവിതർക്ക-വിചാരപ്രമാണാഭാസകുതർക്കശാസ്ത്രകലിലാന്തഃകരണാശ്രയദുരവഗ്രഹവാദിനാം വിവാദാനവസര ഉപരതസമസ്തമായാമയേ കേവല ഏവാത്മമായാമന്തർധായ കോഽന്വർത്ഥോ ദുർഘട ഇവ ഭവതി സ്വരൂപദ്വയാഭാവാത്. 35

സമവിഷമമതീനാം മതമനുസരസി യഥാ രജ്ജുഖണ്ഡഃ സർപ്പാദിധിയാം. 36

സ ഏവ ഹി പുനഃ സർവ്വവസ്തുനി വസ്തുസ്വരൂപഃ സർവ്വേശ്വരഃ സകലജഗത്കാരണകാരണഭൂതഃ സർവ്വപ്രത്യഗാത്മത്വാത് സർവ്വഗുണാഭാസോപലക്ഷിത ഏക ഏവ പര്യവശേഷിതഃ. 37

അഥ ഹ വാവ തവ മഹിമാമൃതരസസമുദ്രവിപ്രുഷാ സകൃദവലീഢയാ സ്വമനസി നിഷ്യന്ദമാനാനവരതസുഖേന വിസ്മാരിതദൃഷ്ടശ്രുതവിഷയസുഖലേശാഭാസാഃ പരമഭാഗവതാ ഏകാന്തിനോ ഭഗവതി സർവ്വഭൂതപ്രിയസുഹൃദി സർവ്വാത്മനി നിതരാം നിരന്തരം നിർവൃതമനസഃ കഥമു ഹ വാ ഏതേ മധുമഥന പുനഃ സ്വാർത്ഥകുശലാ ഹ്യാത്മപ്രിയസുഹൃദഃ സാധവസ്ത്വച്ചരണാംബുജാനുസേവാം വിസൃജന്തി ന യത്ര പുനരയം സംസാരപര്യാവർത്തഃ. 38

ത്രിഭുവനാത്മഭവന ത്രിവിക്രമ ത്രിനയന ത്രിലോകമനോഹരാനുഭാവ തവൈവ വിഭൂതയോ ദിതിജദനുജാദയശ്ചാപി തേഷാമനുപക്രമസമയോഽയമിതി സ്വാത്മമായയാ സുരനരമൃഗമിശ്രിതജലചരാകൃതിഭിര്യഥാപരാധം ദണ്ഡം ദണ്ഡധര ദധർത്ഥ ഏവമേനമപി ഭഗവഞ്ജഹി ത്വാഷ്ട്രമുത യദി മന്യസേ. 39

അസ്മാകം താവകാനാം തവ നതാനാം തത തതാമഹ തവ ചരണനളിനയുഗളധ്യാനാനുബദ്ധഹൃദയനിഗഡാനാം സ്വലിങ്ഗവിവരണേനാത്മകൃതാനാമനുകമ്പാനുരഞ്ജിതവിശദരുചിരശിശിരസ്മിതാവലോകേന വിഗളിതമധുരമുഖരസാമൃതകലയാ ചാന്തസ്താപമനഘാർഹസി ശമയിതും. 40

അഥ ഭഗവംസ്തവാസ്മാഭിരഖിലജഗദുത്പത്തിസ്ഥിതിലയനിമിത്തായമാനദിവ്യമായാവിനോദസ്യ സകലജീവനികായാനാമന്തർഹൃദയേഷു ബഹിരപി ച ബ്രഹ്മപ്രത്യഗാത്മസ്വരൂപേണ പ്രധാനരൂപേണ ച യഥാദേശകാലദേഹാവസ്ഥാനവിശേഷം തദുപാദാനോപലംഭകതയാനുഭവതഃ സർവ്വപ്രത്യയസാക്ഷിണ ആകാശശരീരസ്യ സാക്ഷാത് പരബ്രഹ്മണഃ പരമാത്മനഃ കിയാനിഹ വാ അർത്ഥവിശേഷോ വിജ്ഞാപനീയഃ സ്യാത് വിസ്ഫുലിങ്ഗാദിഭിരിവ ഹിരണ്യരേതസഃ. 41

അത ഏവ സ്വയം തദുപകല്പയാസ്മാകം ഭഗവതഃ പരമഗുരോസ്തവ ചരണശതപലാശച്ഛായാം വിവിധവൃജിനസംസാരപരിശ്രമോപശമനീമുപസൃതാനാം വയം യത്കാമേനോപസാദിതാഃ. 42

അഥോ ഈശ ജഹി ത്വാഷ്ട്രം ഗ്രസന്തം ഭുവനത്രയം
ഗ്രസ്താനി യേന നഃ കൃഷ്ണ! തേജാംസ്യസ്ത്രായുധാനി ച. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമാണാഭാസങ്ങളുമതിനെസ്സഹായിക്കാൻ
സമർത്ഥങ്ങളായിട്ടും കയുക്തികളും സദാ
പഠിച്ചു ദൂഷിച്ചതാം മനസ്സിൻവിക്ഷേപത്താൽ
പിടച്ചു വാസ്തവമാം വസ്തുവെയറിയാത്ത
താർക്കികർതൻ കക്ശവാദങ്ങൾക്കെത്തി–
പ്പെടാ–
നൊക്കാത്ത വിദൂരത്തിൽ സ്ഥിതനായ്
മായാമയം.
പ്രപഞ്ചം വിട്ടേകനായ് മിന്നിടും ഭഗവാനാം
വിഭൂവില്ലുഭയേവും ഘടിക്കുന്നതുതന്നെ.
സ്വരൂപപധ്യയാഭാവം ഹേതുവായ് സ്വശക്തിയെ
നിറുത്തിയിരിക്കുന്ന രണ്ടിനും മധ്യത്തിലായ്.
എന്താണോ പ്രയോജനമിതുകൊണ്ടുണ്ടാവതു
ചിന്തിക്കിലിതു പരം ദുർഘടംപോലിരിപ്പൂ. 35
സമവും വിഷമവുമായിട്ടും മതിയോടി–
ങ്ങുമരും ജനങ്ങൾതൻ ബുദ്ധിയെത്തിരുമേനി
സർപ്പാദിധീയുള്ളോർതൻ മതിയെ രജ്ജുഖണ്ഡ–
മെപ്പടിയപ്രകാരം ഭ്രമിപ്പിച്ചീടുന്നിതു. 36
സകലഭൂതത്തിലും സത്യത്തിൽ വർത്തി–
പ്പോനായ്
ജഗൽക്കാരണങ്ങൾക്കുമാദികാരണമായി
അനുമാനംകൊണ്ടറിയേണ്ടവനായിജ്ജീവ–
ഗണത്തിലെല്ലാമന്തര്യാമിയായ് വിളങ്ങീടും
പ്രത്യഗാത്മാവായവശേഷിച്ചിരിക്കുന്നതു
നിത്യനാം തിരുമേനിയൊരുത്തൻ
മാത്രമല്ലോ. 37
അതിനാൽ, മധുരിപോ! നിന്മഹിമാനാമൃതാം–
ബുധിയിൽനിന്നുമൊരു ബിന്ദുവാസ്വാദി–
ക്കയാൽ
ഉള്ളത്തിൽ നിറഞ്ഞോലും നിരതിശയാനന്ദ–
ത്തള്ളലാൽ വിസ്മരിച്ചു വിഷയസൗഖ്യം പാടേ
സമസ്തഭൂതപ്രിയസുഹൃത്തും സർവാത്മാവും
സമസ്തേശനമായ നിന്തിരുമേനിതന്നിൽ
മാനസമുറപ്പിച്ചു ജന്മസാഫല്യം നേടാൻ
ത്രാണിയുള്ളവരായിബ് ഭക്താഗ്രഗണ്യന്മാരാം
പരമഹംസശ്രേഷ്ഠരെങ്ങനെ വിടും ജന്മ–
മരണക്ലേശാപഹം നിന്തിരുപ്പാദാംബുജം. 38
രണ്ടില്ല പക്ഷമതിലെത്തിച്ചേർന്നവരാരും
വീണ്ടും പോയ്ച്ചേരുന്നില്ല സംസാരമാർഗ്ഗം–
തന്നിൽ.
ലോകത്രയത്തെ നിജഗേഹവുമാത്മാവുമായ്
സ്വീകരിച്ചിരിക്കുന്ന ഭഗവാൻ! ത്രിവിക്രമാ!
മുക്കണ്ണാ! മുപ്പാരിലും വസിക്കുവോർതന്മന–
സ്സൊക്കെയുമപഹരിച്ചീടുന്ന ചാരുമൂർത്തേ!
ദൈത്യദാനവന്മാരുമമർത്ത്യന്മാരുമെല്ലാം
പാർത്തീടിൽ തിരുമേനിതൻ വിഭൂതികളല്ലോ.

എന്നാലും ദൈത്യാദികൾ ലോകത്തെയാ–
ക്രമിക്കു–
മന്നാളതിന്നു കാലമായിട്ടില്ലിപ്പൊഴെന്നായ്
ഉന്നി വാമനൻ, രാമൻ, നൃസിംഹം, മത്സ്യം,
കൂർമ്മം
എന്നൊക്കെ നാനാരൂപം മായയാൽ ഭവാനൻ
ലോകോപദ്രവികളാമവക്കൊക്കെയും ദണ്ഡ–
മേകുന്നു മുറയ്ക്കു? തദപരാധാനുസാരം.
അല്ലയോ ദണ്ഡധാരിൻ! ഞങ്ങളെയിപ്പോളേറ്റം
ശല്യപ്പെടുത്തുന്നൊരീ വൃത്രനെസ്സംഹരിച്ചു
ലോകത്തെ രക്ഷിക്കുവാനങ്ങർന്നെന്നു തോന്നു–
ന്നാകിലിക്ഷണം കനിഞ്ഞായതു
സാധിച്ചാലും. 39
പിതാവേ! പിതാമഹാ! നിൻപദ–
ധ്യാനത്തിനാ–
ലതിയായുറച്ചിതു ഭവാനിലസ്മച്ചിത്തം.
അങ്ങതു ധരിച്ചിട്ടാണീയലൗകികരൂപം
ഞങ്ങളെക്കാണിച്ചിപ്പോൾ സമനുഗ്രഹിച്ചതും
കരുണാർദ്രമായ് ശുദ്ധമായി മോഹനമായി
പരമാനന്ദമേകും ശുമന്ദഹാസങ്ങളും
കടാക്ഷങ്ങളുംചേരും വചനപീയൂഷത്താ–
ലുടനേയങ്ങീ ദാസവ്യസനം ശമിപ്പിക്കൂ. 40
ലോകത്തിൻ സൃഷ്ടിസ്ഥിതിസംഹൃതികൾക്കു
ഹേതു–
വാകുമാമായയാലേ വിനോദിപ്പവനായി
ജീവിജാലാന്തർഭാഗംതന്നിൽ പ്രത്യഗാത്മാവും
കേവലബ്രഹ്മവുമായ്, ബാഹ്യഭാഗത്തി–
ലെല്ലാം
മായാരൂപനായ്, ദേശകാലദേഹാനുസാര–
മായവയ്ക്കെല്ലാമുപാദാനകാരണമായും
ബുദ്ധീന്ദ്രിയാദിവ്യാപാരങ്ങൾക്കു സാക്ഷി–
യായും
വർത്തിച്ചു നഭസ്സുപോലസങ്ഗനായി മിന്നും
പരമാത്മാവും പരബ്രഹ്മവുമായീടും നി–
ന്തിരുമേനിയോടൊന്നും ചൊല്ലേണ്ടതില്ല
ഞങ്ങൾ.
വഹ്നിതൻ മുന്നിൽ തദംശങ്ങളാം സ്ഫുലിംഗങ്ങ–
ളൊന്നും പ്രകാശിപ്പിച്ചു കാട്ടേണ്ടതില്ല–
യല്ലോ. 41
നാനാദുഃഖങ്ങളാളും സംസാരംമൂലമുണ്ടാം
ക്ഷീണമാററീടും ഭവത്പാദാബ്ജച്ഛായയേ–
ത്താൻ
ഏതൊന്നാശിച്ചു ഞങ്ങളാശ്രയിച്ചുവോ ഭവാൻ
സാധിച്ചു തന്നാലുമസ്സംഗതിയതിശീഘ്രം. 42
മുപ്പാരും വിഴുങ്ങുവാൻ ഭാവിക്കുമീ വൃത്രനെ
ക്ഷിപ്രം നിന്തിരുമേനി സംഹരിച്ചീടേണമേ.
ഇദ്ദുഷ്ടനപഹരിച്ചിരിപ്പൂ ഞങ്ങൾക്കെഴു–
മസ്ത്രാദ്യായുധങ്ങളും തേജസ്സുമെല്ലാമിപ്പോൾ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹംസായ ദഹ്രനിലയായ നിരീക്ഷകായ
കൃഷ്ണായ മൃഷ്ടയശസേ നിരുപക്രമായ
സത്സംഗ്രഹായ ഭവപാന്ഥനിജാശ്രമാപ്താ-
വന്തേ പരീഷ്ടഗതയേ ഹരയേ നമസ്തേ. 44

ശ്രീശുക ഉവാച
അഥൈവമീഡിതോ, രാജൻ, സാദരം ത്രിദശൈർഹരിഃ
സ്വമുപസ്ഥാനമാകർണ്യ പ്രാഹ താനഭിനന്ദിതഃ. 45

ശ്രീഭഗവാനുവാച
പ്രീതോऽഹം വഃ സുരശ്രേഷ്ഠാ! മദുപസ്ഥാനവിദ്യയാ
ആത്മൈശ്വര്യസ്മൃതിഃ പുംസാം ഭക്തിശ്ചൈവ യയാ മയി. 46

കിം ദുരാപം മയി പ്രീതേ തഥാപി വിബുധർഷഭാഃ
മയ്യേകാന്തമതിർന്നാന്യന്മത്തോ വാഞ്ഛതി തത്ത്വവിത്. 47

ന വേദ കൃപണഃ ശ്രേയ ആത്മനോ ഗുണവസ്തുദൃക്
തസ്യ താനിച്ഛതോ യച്ഛേദ്യദി സോऽപി തഥാവിധഃ. 48

സ്വയം നിഃശ്രേയസം വിദ്വാൻ ന വക്ത്യജ്ഞായ കർമ്മ ഹി
ന രാതി രോഗിണോऽപഥ്യം വാഞ്ഛതോ ഹി ഭിഷക്തമഃ. 49

മഘവൻ! യാത, ഭദ്രം വോ, ദധ്യഞ്ചമൃഷിസത്തമം
വിദ്യാവ്രതതപഃസാരം ഗാത്രം യാചത, മാ ചിരം. 50

സ വാ അധിഗതോ ദധ്യങ്ങശ്വിഭ്യാം ബ്രഹ്മ നിഷ്കളം
യദ്വാ അശ്വശിരോ നാമ തയോരമരതാം വ്യധാത്. 51

ദധ്യങ്ങാഥർവ്വണസ്ത്വഷ്ട്രേ വർമ്മാഭേദ്യം മദാത്മകം
വിശ്വരൂപായ യത് പ്രാദാത് ത്വഷ്ടാ യത് ത്വമധാസ്തതഃ. 52

യുഷ്മഭ്യം യാചിതോऽശ്വിഭ്യാം ധർമ്മജ്ഞോऽങ്ഗാനി ദാസ്യതി
തതസ്തൈരായുധശ്രേഷ്ഠോ വിശ്വകർമ്മവിനിർമ്മിതഃ
യേന വൃത്രശിരോ ഹർത്താ മത്തേജ ഉപബൃംഹിതഃ. 53

തസ്മിൻ വിനിഹതേ യൂയം തേജോऽസ്ത്രായുധസമ്പദഃ
ഭൂയഃ പ്രാപ്സ്യഥ ഭദ്രം വോ, ന ഹിംസന്തി ച മത്പരാൻ. 54

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
നവമോऽധ്യായഃ

ദശമോऽധ്യായഃ

ശ്രീശുക ഉവാച
ഇന്ദ്രമേവം സമാദിശ്യ ഭഗവാൻ വിശ്വഭാവനഃ
പശ്യതാമനിമേഷാണാം തത്രൈവാന്തർദ്ദധേ ഹരിഃ. 1

തഥാഭിയാചിതോ ദേവൈർഋഷിരാഥർവ്വണോ മഹാൻ
മോദമാന ഉവാചേദം പ്രഹസന്നിവ ഭാരത. 2

''അപി വൃന്ദാരകാ, യൂയം ന ജാനീഥ ശരീരിണാം
സംസ്ഥായാം യസ്ത്വഭിദ്രോഹോ ദുസ്സഹശ്ചേതനാപഹഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സകലജീവിലോകഹൃദയാകാശംതന്നിൽ
ശകലം വിഷയസംബന്ധവുമിയലാതെ
പ്രാകൃതവ്യാപാരങ്ങളെന്നിയേ വൃത്തിക്കെല്ലാ-
മേകസാക്ഷിയായ് സമസ്താശ്രിതാഭീഷ്ടങ്ങളും
സങ്കല്പമാത്രത്തിനാലരുളി യശസ്സിന്നു
സങ്കേതമായിബ്ഭൃതസങ്കടങ്ങളെത്തീർത്തു
നിരുപക്രമനായിസ്സജ്ജനാശ്രയനായി-
പ്പരചിദ്രൂപനായിസ്സംസാരമാർഗ്ഗംതന്നിൽ
ചരിക്കും ജനങ്ങൾക്കു പുനരാവൃത്തിഹീനം
ചരണസ്ഥാനം കനിഞ്ഞേകിടും കൃപാത്മാ-
പരമാനന്ദമനവരതം ദാനംചെയ്യും [വായ്
തിരുമേനിക്കായിതാ പിന്നെയും നമസ്കാരം. 44

ശ്രീശുകൻ പറഞ്ഞു

ദേവന്മാരേവം സ്തുതിച്ചഭിനന്ദിച്ച വിഷ്ണു-
ദേവൻ നിജാപദാനവർണ്ണനം കേട്ടു ചൊ-
ന്നാൻ. 45

ശ്രീഭഗവാൻ പറഞ്ഞു

സുരശ്രേഷ്ഠരേ! നിങ്ങൾ ചെയ്തോരി സ്തുതി-
മൂലം
പരമസന്തുഷ്ടനായ് ഭവിച്ചു ഞാൻ നിങ്ങളിൽ.
ഇസ്തുതി കേൾക്കുവോർക്കെന്നൈശ്വര്യ-
സ്മൃതിയും നൽ-
ഭക്തിയുമെന്നുമുണ്ടായ്വന്നിടും തർക്കമില്ല. 46
ഹേ ദേവമുഖ്യന്മാരേ! ഞാൻ പ്രീതനായാൽ
പിന്നെ-
സ്സാധിപ്പാനൊന്നുമില്ല മദ്ഭക്തർക്കെന്നാകിലും,
എന്നിലേകാഗ്രമതിയായിടും തത്ത്വജ്ഞാനി-
യെന്നെയെന്നിയേയിച്ഛിപ്പീല മറ്റൊന്നി-
നേയും. 47
വിഷയങ്ങളെപ്പരമാർത്ഥമെന്നോർത്തു വാഴു-
മശുഭചിത്തന്നഭിലാഷത്തെയേകീടുകിൽ
അവനുമവന്നതു നല്കീടുവോനും തമ്മിൽ
ലവലേശവും ഭേദമില്ലെന്നു ധരിക്കുവിൻ. 48
പരമാർത്ഥമാം ശ്രേയസ്സെന്തെന്നതറിയുന്നോ-
നറിവല്പവുമില്ലാത്തുള്ളവരോടായ്ത്തെല്ലും
കർമ്മമാർഗ്ഗംതാൻ ശ്രേഷ്ഠമെന്നുപദേശിക്കയി-
ല്ലമഹാവൈദ്യൻ രോഗികൾക്കപഥ്യാഹാരം-
പോൽ. 49
മംഗലം നിങ്ങൾക്കയേ മഘവൻ വേഗം
പോയി
നിങ്ങളാദധ്യങ്മുനിശ്രേഷ്ഠനെപ്രാപിക്കുവിൻ.
വ്രതങ്ങൾ തപസ്സുപാസനയെന്നിതുകളാ-
ലധികമുറപ്പാളുമാ മഹാൻതൻ ശരീരം
നിങ്ങൾക്കു തന്നീടണമെന്നു ചെന്നർത്ഥിക്കുകിൽ
സംഗതി സാധിച്ചീടും സമയം കളയേണ്ട. 50

നിർഗ്ഗുണബ്രഹ്മസ്വരൂപത്തെ നല്ലതുപോലെ-
യുൾക്കൊള്ളും ചൊല്ലൊള്ളുമാദധ്യങ്മുനി-
പ്രവേകൻ
അശ്വിനീദേവന്മാരെപ്പണ്ടശ്വശിരോമന്ത്ര-
മുച്ചരിച്ചുടൻ ജീവന്മുക്തന്മാരാക്കീടിനാൻ. 51
എന്നതല്പമഥർവ്വണവേദസാരജ്ഞനാമാ-
മുന്യഗ്ര്യൻ നാരായണകവചമറിയുന്നു.
അതിനെ ത്വഷ്ടാവിനായുപദേശിച്ചാൻ നിജ-
സുതനാം വിശ്വരൂപന്നേകിനാൻ പിന്നെ-
ത്ത്വഷ്ടാ.
മാമകസ്വരൂപമായാരാലുമഭേദ്യമാ-
മാമന്ത്രം ഭവാൻ വിശ്വരൂപനോടഭ്യസിച്ചാൻ.
52
അശ്വിനീദേവന്മാർ ചെന്നർത്ഥിക്കിലദ്ധർമ്മ-
ജ്ഞൻ
നിശ്ചയമായ് സ്വദേഹം തന്നിടും നിങ്ങൾ-
ക്കപ്പോൾ.
തദസ്ഥികളെക്കൊണ്ടു വിശ്വകർമ്മാവു തീർക്കും
പുതിയതാമായുധം വജ്രമായിബ്ഭവിക്കും.
മത്തേജോംശാവേശത്താൽ കെല്പിയന്നീടും
ഭവാൻ
വൃത്രോത്തമാംഗം വജ്രായുധത്താൽ ഹരി-
ച്ചീടും. 53
ഇങ്ങനെ നിങ്ങൾ വൃത്രാസുരനെ വധിച്ചാകിൽ
നിങ്ങളോടവനപഹരിച്ചു വച്ചിരിക്കും
അസ്ത്രാദ്യായുധങ്ങളും തേജസ്സുസമ്പത്തെന്ന-
ത്ത്രയം വീണ്ടും നിങ്ങൾക്കടങ്ങും സുരന്മാരേ!
മംഗലം ഭവിക്കട്ടെ നിങ്ങൾക്കെൻ ഭക്ത-
ന്മാരെ-
യെങ്ങുമേയാരുംതന്നെ ഹിംസിക്കയില്ലയല്ലോ.
54

അദ്ധ്യായം 10

വൃത്രയുദ്ധം

ശ്രീശുകൻ പറഞ്ഞു

വിശ്വഭാവനനായ ഭഗവാൻ ശ്രീമുകുന്ദൻ
ദുശ്ച്യവനനോടേവം പറഞ്ഞു മറഞ്ഞിതേ. 1
തദനന്തരം സുരനികരമർത്ഥിക്കയാ-
ലഥർവ്വണാഗമജ്ഞനാദധ്യങ്മഹാമുനി
പരമസന്തുഷ്ടനായുറക്കെച്ചിരിച്ചുകൊ-
ണ്ടരുളിച്ചെയ്തീടിനാൻ സുരവൃന്ദത്തോടേവം. 2
''അല്ലയോ ദേവന്മാരേ! നിങ്ങളി
പ്രാണിജാല-
മെല്ലാമേ മൃതികാലത്തനുഭവിക്കുന്നതാം
ദുരന്തദുഃഖങ്ങളും മൂർച്ഛാദിനിമിത്തമായ്-
വരും വൻക്ലേശങ്ങളുമറിഞ്ഞിട്ടില്ലയെന്നോ? 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിജീവിഷൂണാം ജീവാനാമാത്മാ പ്രേഷ്ഠ ഇഹേപ്സിതഃ
ക ഉത്സഹേത തം ദാതും ഭിക്ഷമാണായ വിഷ്ണവേ.'' 4

ദേവാ ഊചുഃ

കിം നു തദ്ദുസ്ത്യജം, ബ്രഹ്മൻ! പുംസാം ഭൂതാനുകമ്പിനാം
ഭവദ്വിധാനാം മഹതാം പുണ്യശ്ലോകേഡ്യകർമ്മണാം. 5
നനു സ്വാർത്ഥപരോ ലോകോ ന വേദ പരസങ്കടം
യദി വേദ ന യാചേത നേതി നാഹ യദീശ്വരഃ. 6

ഋഷിരുവാച

ധർമ്മം വഃ ശ്രോതുകാമേന യൂയം മേ പ്രത്യുദാഹൃതാഃ
ഏഷ വഃ പ്രിയമാത്മാനം ത്യജന്തം സന്ത്യജാമ്യഹം. 7
യോ/ധ്രുവേണാത്മനാ നാഥാ ന ധർമ്മം ന യശഃ പുമാൻ
ഈഹേത ഭൂതദയയാ സ ശോച്യഃ സ്ഥാവരൈരപി. 8
ഏതാവാനവ്യയോ ധർമ്മഃ പുണ്യശ്ലോകൈരുപാസിതഃ
യോ ഭൂതശോകഹർഷാഭ്യാമാത്മാ ശോചതി ഹൃഷ്യതി. 9
അഹോ ദൈന്യമഹോ കഷ്ടം പാരക്യൈഃ ക്ഷണഭങ്ഗുരൈഃ
യന്നോപകുര്യാദസ്വാർത്ഥൈർമ്മർത്ത്യഃ സ്വജ്ഞാതിവി-
ഗ്രഹൈഃ. 10

ശ്രീശുക ഉവാച

ഏവം കൃതവ്യവസിതോ ദധ്യങ്ങാഥർവ്വണസ്തനും
പരേ ഭഗവതി ബ്രഹ്മണ്യാത്മാനം സന്നയഞ്ജഹൗ. 11
യതാക്ഷാസുമനോബുദ്ധിസ്തത്ത്വദൃഗ്ധ്വസ്തബന്ധനഃ
ആസ്ഥിതഃ പരമം യോഗം ന ദേഹം ബുബുധേ ഗതം. 12
അഥേന്ദ്രോ വജ്രമുദ്യമ്യ നിർമ്മിതം വിശ്വകർമ്മണാ
മുനേഃ ശക്തിഭിരുത്സിക്തോ ഭഗവത്തേജസാന്വിതഃ 13
വൃതോ ദേവഗണൈഃ സർവ്വൈർഗ്ഗജേന്ദ്രോപര്യശോഭത
സ്തൂയമാനോ മുനിഗണൈസ്ത്രൈലോക്യം ഹർഷയന്നിവ. 14
വൃത്രമഭ്യദ്രവച്ഛത്രുമസുരാനീകയൂഥപൈഃ
പര്യസ്തമോജസാ, രാജൻ, ക്രുദ്ധോ രുദ്ര ഇവാന്തകം. 15
തതഃ സുരാണാമസുരൈ രണഃ പരമദാരുണഃ
ത്രേതാമുഖേ നർമ്മദായാമഭവത് പ്രഥമേ യുഗേ. 16
രുദ്രൈർവസുഭിരാദിത്യൈരശ്വിഭ്യാം പിതൃവഹ്നിഭിഃ
മരുദ്ഭിരൃഭുഭിഃ സാധ്യൈർവ്വിശ്വദേവൈർമ്മരുത്പതിം. 17
ദൃഷ്ട്വാ വജ്രധരം ശക്രം രോചമാനം സ്വയാ ശ്രിയാ
നാമൃഷ്യന്നസുരാ, രാജൻ, മൃധേ വൃത്രപുരഃസരാഃ. 18
നമുചിഃ ശംബരോ/നർവ്വാ ദ്വിമൂർദ്ധാ ഋഷഭോ/ംബരഃ
ഹയഗ്രീവഃ ശങ്കുശിരാ വിപ്രചിത്തിരയോമുഖഃ 19
പുലോമാ വൃഷപർവ്വാ ച പ്രഹേതിർഹേതിരുത്കലഃ
ദൈതേയാ ദാനവാ യക്ഷാ രക്ഷാംസി ച സഹസ്രശഃ 20
സുമാലിമാലിപ്രമുഖാഃ കാർത്തസ്വരപരിച്ഛദാഃ
പ്രതിഷിധ്യേന്ദ്രസേനാഗ്രം മൃത്യോരപി ദുരാസദം. 21
അഭ്യർദ്ദയന്നസംഭ്രാന്താഃ സിംഹനാദേന ദുർമ്മദാഃ
ഗദാഭിഃ പരിഘൈർബ്ബാണൈഃ പ്രാസമുദ്ഗരതോമരൈഃ. 22
ശൂലൈഃ പരശ്വധൈഃ ഖഡ്ഗൈഃ ശതഘ്നീഭിർഭുശുണ്ഡിഭിഃ
സർവ്വതോ/വാകിരൻ ശസ്ത്രൈരസ്ത്രൈശ്ച വിബുധർഷഭാൻ. 23
ന തേ/ദൃശ്യന്ത സംഛന്നാഃ ശരജാലൈഃ സമന്തതഃ
പുംഖാനുപുംഖപതിതൈർജ്യോതീംഷീവ നഭോഘനൈഃ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇപ്പാരിൽ ജീവിക്കുവാനാശിക്കും ശരീരികൾ-
ക്കെപ്പേർക്കും ദേഹം പ്രേമാസ്പദവും ശ്രേഷ്ഠവും-
താൻ.
അങ്ങനെയുള്ള ദേഹം ഭഗവാനർത്ഥിക്കില്ല-
മങ്ങേകാനാക്കേർക്കിലും സമ്മതം വന്നീടുമോ!"4

ദേവന്മാർ പറഞ്ഞു

കാരുണ്യം ജന്തുക്കളിൽച്ചൊരിഞ്ഞീടുന്ന
പൂജ്യ-
ന്മാരുമത്യന്തം വാഴ്ത്തും കർമ്മങ്ങളാചരിക്കും
ത്വാദൃശന്മാരാം മഹാന്മാർക്കു ദുസ്ത്യജമായി-
ബ്ഭൂതലത്തിങ്കലെന്താണുള്ളതു പാർക്കിൽ,
ബ്രഹ്മൻ! 5
അന്യസങ്കടമേതുമറിയാ,തൻ കാര്യത്തി-
ലന്യൂനപ്രതിപത്തിയുള്ള സാധാരണന്മാർ.
അറിയുന്നുണ്ടെന്നാകിൽ യാചിക്കില്ലുദാരനാ-
യിരിക്കും പ്രഭു പരദുഃഖജ്ഞനായീടുകിൽ.
തരമില്ലിവിടിപ്പോളെന്നോതി യാചിപ്പോരെ
വെറുതേ പറഞ്ഞയയ്ക്കുകയുമില്ല നൂനം. 6

ഋഷി പറഞ്ഞു

നിങ്ങളിൽനിന്നു ധർമ്മം കേൾക്കുവാനി-
ച്ഛിച്ചു ഞാ-
നിങ്ങനെ പറഞ്ഞതന്നേയുള്ളൂ നേരതല്ല കേൾ.
തന്നേക്കാം നിങ്ങൾക്കിപ്പോളാവശ്യമായുള്ളതു-
മെന്നെസ്സന്ത്യജിപ്പതുമാകുമിശ്ശരീരം ഞാൻ. 7
ഏതൊരു ഭൂതകാരുണ്യാത്മാവു നശ്യമാകു-
മീ തനുവിനാൽ യശോധർമ്മങ്ങൾ നേടുന്നീല,
അവനെപ്പററിയുളവെന്നിയേ ദുഃഖിച്ചിടു-
മവനീതലത്തിലെ സ്ഥാവരജാതിപോലും. 8
അന്യസന്താപങ്ങളിൽ തപിക്ക,തോഷങ്ങളി-
ലന്യൂനം തോഷിക്കയുമെന്നതാം ശ്രേഷ്ഠധർമ്മം.
ധർമ്മത്തെ വഴിപോലെയനുഷ്ഠിക്കയാലല്ലോ
നമ്മുടെ പൂർവ്വികന്മാർ പൂജ്യരായ്ഭവിച്ചതും. 9
ക്ഷണഭംഗുരമായിപ്പരകീയമായ് തീരെ-
ത്തനതല്ലാത്തതാമിത്തനുവും ധനാദിയും
മരണമുള്ള മർത്ത്യനന്യർക്കായ്ത്തള്ളാത്തതു
പരമകഷ്ടംതന്നെ, നികൃഷ്ടം തജ്ജീവിതം. 10

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെയഥർവണനാകുമമ്മുനി ചൊല്ലി-
യെങ്ങുമേ നിറഞ്ഞതാമപ്പരബ്രഹ്മംതന്നിൽ
മാനസം ലയിപ്പിച്ചു വാനവർക്കായിപ്പിന്നെ-
ത്താനേ തൻ ശരീരത്തെസ്സന്ത്യജിക്കയും
ചെയ്താൻ. 11
അയതം പ്രാണേന്ദ്രിയബുദ്ധിമാനസങ്ങളെ
നിയന്ത്രിച്ചഖിലമാം ബന്ധവും ഛേദിച്ചവൻ
തത്ത്വദൃക്കായിശ്ശുശ്രൂഷായോഗത്താൽ
സമാധിയി-
ലെത്തിനാൻ, കായം പോയ കാര്യമേ-
യറിഞ്ഞീല. 12

നിർമ്മിച്ചാനമ്മുനീന്ദ്രാങ്ഗാസ്ഥികൾകൊണ്ടു
വിശ്വ-
കർമ്മാവു വജ്രായുധ,മെടുത്തതമർത്ത്യേശൻ
പൊക്കിപ്പിടിച്ചു വിഷ്ണുതേജസ്സംക്രമണത്താൽ
വാച്ചുമൂക്കാൻ സുരസമൂഹാവൃതനായി
മാമുനിഗണസ്തുതനായി ത്രൈലോക്യവൃദ്ധി-
കാമൻമത്തൈരാവതഗജത്തിൻ പുറമേറി
ദൈത്യസൈന്യേശർചൂഴും വൃത്രനേ വധിക്കാൻ
പാ-
ഞ്ഞെത്തിനാൻ, കാലനെസ്സംഹരിക്കാൻ
ഹരനെട്ടിൽ. 13-15
അവിടെപ്പിന്നെസ്സുരാസുരസംഘങ്ങൾ തമ്മിൽ
ഭവിച്ചു ഭയങ്കരമായൊരു മഹാരണം.
ചൊന്നിടാമതിൻ കാലം ദേശവും;
വൈവസ്വത-
മന്വന്തരത്തിങ്കലെയൊന്നാം ചതുര്യുഗത്തിൽ
ത്രേതായുഗാരംഭത്തിൽ നർമ്മദാതീരത്തിലാം
ഖ്യാതമാമീയാഹവം നടന്നതുർവീശ്വര! 16
രുദ്രന്മാർ, വസുക്കളു,മശ്വികളാദിത്യന്മാർ,
സാദ്ധ്യന്മാരൃഭുക്കളുമാവിശ്വദേവന്മാരും
വഹ്നികൾ, മരുത്തുക്കൾ, പിതൃക്കളിവർ
ചേർന്നു-
മുന്നതമഹസ്സാർന്നും ധരിച്ചും വജ്രായുധം
മിന്നുമസ്സുരേന്ദ്രനെക്കണ്ടിട്ടക്ഷമരായി-
ത്തീർന്നിതു വൃത്രാദ്യരാം ദൈത്യന്മാരശേഷവും.
17-18
ശംബരൻ,ദ്വിമൂർദ്ധാവു,നമുചി,ഹയഗ്രീവ-
നംബരനനർവാവും, വിപ്രചിത്തിയും ഹേതി,
ഋഷഭർ, ശങ്കുശിരസ്സയോമുഖൻ, പ്രഹേതി,
വൃഷപർവാ,പുൽക്കലൻ, പുലോമാവാദിയാകും
ദൈത്യന്മാർ ദനുജന്മാർ രാക്ഷസർ യക്ഷന്മാരു-
മത്തരമെണ്ണമററസുമാലിമാല്യാദ്യരും
സ്വർണ്ണഭൂഷാലങ്കൃതന്മാരായിബ്ഭയമെന്യേ-
യുന്നതമദമാർന്നു കാലനും കടക്കാത്ത
ഉമ്പർകോൻതന്റെ സേനാമുഖത്തെത്തുച്ഛ-
മാക്കി
വമ്പുകൾ പറഞ്ഞു പാഞ്ഞെത്തി, വാൾ,
പരിഘവും
അമ്പു,മുദ്ഗരം, പ്രാസം, തോമരം, പരശ്വധം,
വമ്പെഴും ശൂലാങ്ഗദശതഘ്നിഭുശുണ്ഡികൾ
ഈവിധം ധാരാളമായ് നാനാസ്ത്രശസ്ത്രപൂരം
ദേവപ്രധാനന്മാർതൻനേർക്കു വർഷിച്ചീടിനാർ.
19-23
മുററുച്ചുററും വീഴും ശരൗഘം സുരന്മാരെ
മറച്ചു തേജോഗോളഗണത്തെ മേഘാളി
പോൽ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന തേ ശസ്ത്രാസ്ത്രവർഷൗഘാ ഹ്യാസേദുഃ സുരസൈനികാൻ
ഛിന്നാഃ സിദ്ധപഥേ ദേവൈർല്ലഘുഹസ്തൈഃ സഹസ്രധാ. 25
അഥ ക്ഷീണാസ്ത്രശസ്ത്രൗഘാ ഗിരിശൃങ്ഗദ്രുമോപലൈഃ
അഭ്യവർഷൻ സുരബലം ചിച്ഛിദുസ്താംശ്ച പൂർവ്വവത്. 26
താനക്ഷതാൻ സ്വസ്തിമതോ നിശാമ്യ
ശസ്ത്രാസ്ത്രപൂഗൈരഥ വൃത്രനാഥാഃ
ദ്രുമൈർദൃഷദ്ഭിർവിവിധാദ്രിശൃങ്ഗൈ-
രവിക്ഷതാംസ്തത്രസുരിന്ദ്രസൈനികാൻ. 27
സർവ്വേ പ്രയാസാ അഭവൻ വിമോഘാഃ
കൃതാഃ കൃതാ ദേവഗണേഷു ദൈത്യൈഃ
കൃഷ്ണാനുകൂലേഷു യഥാ മഹത്സു
ക്ഷുദ്രൈഃ പ്രയുക്താ രുശതീ രൂക്ഷവാചഃ. 28
തേ സ്വപ്രയാസം വിതഥം നിരീക്ഷ്യ ഹരാവഭക്താ ഹതയുദ്ധദർപ്പാഃ
പലായനായാജിമുഖേ വിസൃജ്യ പതിം മനസ്തേ ദധുരാത്തസാരാഃ. 29
വൃത്രോഽസുരാംസ്താനനുഗാൻ മനസ്വീ
പ്രധാവതഃ പ്രേക്ഷ്യ ബഭാഷ ഏതത്
പലായിതം പ്രേക്ഷ്യ ബലം ച ഭഗ്നം
ഭയേന തീവ്രേണ വിഹസ്യ വീരഃ. 30
കാലോപപന്നാം രുചിരാം മനസ്വിനാ-
മുവാച വാചം പുരുഷപ്രവീരഃ
''ഹേ വിപ്രചിത്തേ! നമുചേ! പുലോമൻ! 31
മയാനർവ്വഞ്ഛംബര, മേ ശൃണുധ്വം.
ജാതസ്യ മൃത്യുർധ്രുവ ഏഷ സർവ്വതഃ
പ്രതിക്രിയാ യസ്യ ന ചേഹ കൢപ്താ
ലോകോ യശശ്ചാഥ തതോ യദി ഹ്യമും 32
കോ നാമ മൃത്യും ന വൃണീത യുക്തം.
ദ്വൗ സംമതാവിഹ മൃത്യൂ ദുരാപൗ യദ് ബ്രഹ്മസംധാരണയാ ജിതാസുഃ
കളേബരം യോഗരതോ വിജഹ്യാത് യദഗ്രണീർവ്വീരശയേഽനി-
വൃത്തഃ.'' 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ഇന്ദ്രവൃത്രാസുരയുദ്ധവർണ്ണനം നാമ ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

ശ്രീശുക ഉവാച
ത ഏവം ശംസതോ ധർമ്മം വചഃ പത്യുരചേതസഃ
നൈവാഗൃഹ്ണൻ ഭയത്രസ്താഃ പലായനപരാ നൃപ! 1
വിശീര്യമാണാം പൃതനാമാസുരീമസുരർഷഭഃ
കാലാനുകൂലൈസ്ത്രിദശൈഃ കാല്യമാനാമനാഥവത്. 2
ദൃഷ്ട്വാതപ്യത സംക്രുദ്ധ ഇന്ദ്രശത്രുരമർഷിതഃ
താൻ നിവാര്യൗജസാ, രാജൻ, നിർഭർത്സ്യേദമുവാച ഹ. 3
''കിം വ ഉച്ചരിതൈർമ്മാതുർധാവദ്ഭിഃ പൃഷ്ഠതോ ഹതൈഃ
ന ഹി ഭീതവധഃ ശ്ലാഘ്യോ ന സ്വർഗ്യഃ ശൂരമാനിനാം. 4
യദി വഃ പ്രധനേ ശ്രദ്ധാ സാരം വാ ക്ഷുല്ലകാ ഹൃദി
അഗ്രേ തിഷ്ഠത മാത്രം മേ ന ചേദ് ഗ്രാമ്യസുഖേ സ്പൃഹാ.'' 5
ഏവം സുരഗണാൻ ക്രുദ്ധോ ഭീഷയൻ വപുഷാ രിപൂൻ
വ്യനദത് സുമഹാപ്രാണോ യേന ലോകാ വിചേതസഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസുരശരമാരിയസ്സുരസന്ദോഹത്തിൻ–
ഭാസുരദേഹങ്ങളിൽ ലേശവുമേശിയില്ല.

കൈച്ചുറുക്കൊഴും വിണ്ണോരവയേയാകാശത്തു–
വച്ചുതാനനവധി ഖണ്ഡങ്ങളാക്കിയിട്ടാർ. 25

അസ്ത്രശസ്ത്രങ്ങളെല്ലാമൊട്ടങ്ങീടവേ ഘോര–
ദൈത്യന്മാർ വൃക്ഷങ്ങളും പർവ്വതശൃങ്ഗങ്ങളും

ചൊരിഞ്ഞാർ കല്ലും പാരം സുരന്മാരുടെമീതേ–
യരിഞ്ഞാരവയേയും ശരിയായ് വാനവന്മാർ. 26

ശിലകളം മലകളും മാമരങ്ങളുംകൊണ്ടു
പലവട്ടിലും പ്രയോഗിച്ചിട്ടും നാശമേതും

കലരാതക്ഷീണരായുത്സാഹത്തോടു വീണ്ടും
ബലമായ് പോരാട്ടമസ്സുരസൈന്യത്തെക്കണ്ടു

ഭീതിബാധിച്ചു പാരം വൃത്രാദിദൈത്യന്മാരി–
ലാധിയുമതുമൂലമകമേ വളർന്നിതു.

ഈശാനതുല്യമാളും മഹാത്മാക്കളിൽ നീച–
രീഷ്യയാൽ പ്രയോഗിക്കും ശാപവാക്യങ്ങൾ പോലെ

തത്പ്രയത്നങ്ങളെല്ലാമമർത്ത്യസമൂഹത്തിൽ
നിഷ്ഫലമായിബ്ഭവിച്ചെന്നതേ പറയേണ്ടു. 27-28

ശ്രീഹരിതന്നിൽ ഭക്തിയററ ദാനവസംഘം
സാഹസമെല്ലാം വ്യർത്ഥമായെന്നുകണ്ടപ്പൊഴേ

ആയോധനാശവിട്ടു വൃത്രനേയും ത്യജിച്ചു
പോയീടുന്നതിന്നുതാനാലോചിച്ചുറച്ചിതേ. 29

ധീരനും പരാക്രമശാലിയുമാകും വൃത്രൻ
പോരിനായ് കൂടെ വന്നോർ മിക്കതും മുറിപ്പെട്ടു

പാഞ്ഞുപോയതും പോയീടുന്നതും നിരീക്ഷിച്ചു
മഞ്ജുളമായിച്ചിരിച്ചോതിനാനിപ്രകാരം. 30

മനസ്വീജനമനോഹരമായ് കാലത്തിന–
മിണങ്ങുന്നതായുള്ളന്നെയിരുന്നിതാവാക്കുകൾ.

''നമുചേ! സഖേ! വിപ്രചിത്തേ! പുലോമൻ! മയാ!
മമ വാക്കുകൾ കേൾക്കിനനവ്വൻ! ഹേ ശംബരാ! 31

ജാതനു മരണവും നിശ്ചിതമാണതിന്നി–
ങ്ങേതുമേ പ്രതിവിധി കണ്ടിട്ടില്ലിന്നോളവും.

എന്നാലാ മരണത്താലിങ്ങു കീർത്തിയുമങ്ങു–
പുണ്യവും കിട്ടുമെന്നാലേതവനതു തള്ളും? 32

പ്രാണനേ യോഗാഭ്യാസംകൊണ്ടു വെന്നുടൻ ബ്രഹ്മ–
ധ്യാനനിഷ്ഠയോടിരുന്നുപേക്ഷിച്ചിടാം ദേഹം.

ധീരനായ് പടക്കളം പ്രാപിച്ചു ശത്രുവീര–
ന്മാരോടു പിന്മാറാതെ പൊരുതും തള്ളാം തനു.

ഉത്തമമാണീ രണ്ടുമാഗ്ഗവും ശാസ്ത്രത്തിനു–
മൊത്തതാണെന്നാൽ പുമാനേററവും ദുരാപമാം.'' 33

അദ്ധ്യായം 11

വൃത്രഭക്തി

ശ്രീശുകൻ പറഞ്ഞു

പേടിച്ചുവിറച്ചോടാനനന്തരം ദൈതേയന്മാ–
രോടേതും ഫലിച്ചീല വൃത്രധർമ്മോപദേശം. 1

കാലാനതുല്യമാളും ദേവന്മാരോടിപ്പതായ്
പാലകരില്ലാത്തപോൽ ചിതറിപ്പായുന്നതാം

അസുരസൈന്യത്തെക്കണ്ടസഹമാനനായി
പ്രസഭം പൗരുഷത്താലിന്ദ്രാരിവൃത്രാസുരൻ

തടഞ്ഞുനിർത്തിസ്സുരഗണത്തെബ്ഭർത്സനങ്ങൾ
തുടർന്നുകൊണ്ടാൻ പരിഹാസമായിപ്രകാരം. 2-3

''പോരിൽ തോറേറാടും മാതൃപുരീഷപ്രായ–രായ
ഭീരുവൃന്ദത്തെക്കൊന്നാൽ വല്ലതുമുണ്ടോ ഫലം?

വീരാഭിമാനിമാരാം നിങ്ങൾക്കു ഭീതഹത്യ
തീരെ പ്രശംസാർഹവും സ്വർഗ്യവുമല്ല പാർക്കിൽ. 4

രേരേ! നീചരേ! നിങ്ങൾ സങ്ഗരം കൊതിക്കുകിൽ
ധൈര്യമുണ്ടെങ്കിൽ, വിഷയേച്ഛ കൈവെടി–ഞ്ഞെങ്കിൽ,

ഇപ്പടനിലംതന്നിലിപ്പൊഴുതെൻെറ മുമ്പിൽ
നില്പിനൊരല്പനേരം നിർജ്ജരകീടങ്ങളേ!'' 5

ക്രുദ്ധനായേവം ചൊല്ലിശ്ശരീരഗാംഭീര്യത്താൽ
ശത്രുസൈന്യത്തെബ്ഭയപ്പെടുത്തും ബലിഷ്ഠനാം

വൃത്രദാനവനുച്ചം ഗർജ്ജിച്ചാനതു കേട്ടു
വിത്രസ്തഹൃദന്തരായ്ത്തീർന്നിതു ലോകരെല്ലാം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേന ദേവഗണാഃ സർവ്വേ വൃത്രവിസ്ഫോടനേന വൈ
നിപേതുർമൂർച്ഛിതാ ഭൂമൗ യഥൈവാശനിനാ ഹതാഃ. 7

മമർദ്ദ പദ്ഭ്യാം സുരസൈന്യമാതുരം
നിമീലിതാക്ഷം രണരംഗദുർമ്മദഃ
ഗാം കമ്പയന്നുദ്യതശൂല ഓജസാ
നാലം വനം യൂഥപതിര്യഥോന്മദഃ. 8

വിലോക്യ തം വജ്രധരോഽത്യമർഷിതഃ
സ്വശത്രവേഽഭിദ്രവതേ മഹാഗദാം
ചിക്ഷേപ താമാപതതീം സുദുസ്സഹാം
ജഗ്രാഹ വാമേന കരേണ ലീലയാ. 9

സ ഇന്ദ്രശത്രുഃ കുപിതോ ഭൃശം തയാ
മഹേന്ദ്രവാഹം ഗദയോഗ്രവിക്രമഃ
ജഘാന കുംഭസ്ഥല ഉന്നദൻ മൃധേ
തത്കർമ്മ സർവ്വേ സമപൂജയന്നൃപ. 10

ഐരാവതോ വൃത്രഗദാഭിമൃഷ്ടോ
വിഘൂർണ്ണിതോഽദ്രിഃ കുലിശാഹതോ യഥാ
അപാസരദ്ഭിന്നമുഖഃ സഹേന്ദ്രോ
മുഞ്ചന്നസൃക് സപ്തധനുർഭൃശാർത്തഃ. 11

ന സന്നവാഹായ വിഷണ്ണചേതസേ
പ്രായുങ്ക്ത ഭൂയഃ സ ഗദാം മഹാത്മാ
ഇന്ദ്രോഽമൃതസ്യന്ദികരാഭിമർശ-
വീതവ്യഥക്ഷതവാഹോഽവതസ്ഥേ. 12

സ തം നൃപേന്ദ്രാഹവകാമ്യയാ രിപും
വജ്രായുധം ഭ്രാതൃഹണം വിലോക്യ
സ്മരംശ്ച തത്കർമ്മ നൃശംസമംഹഃ
ശോകേന മോഹേന ഹസഞ്ജഗാദ. 13

വൃത്ര ഉവാച

ദിഷ്ട്യാ ഭവാൻ മേ സമവസ്ഥിതോ രിപു-
ര്യോ ബ്രഹ്മഹാ ഗുരുഹാ ഭ്രാതൃഹാ ച
ദിഷ്ട്യാനൃണോഽദ്യാഹമസത്തമ ത്വയാ
മച്ഛൂലനിർഭിന്നദൃഷദ്ധൃദാചിരാത്. 14

യോ നോഽഗ്രജസ്യാത്മവിദോ ദ്വിജാതേർ-
ഗുരോരപാപസ്യ ച ദീക്ഷിതസ്യ
വിശ്രഭ്യ ഖഡ്ഗേന ശിരാംസ്യവൃശ്ചത്
പശോരിവാകരുണഃ സ്വർഗ്ഗകാമഃ. 15

ഹ്രീശ്രീദയാകീർത്തിഭിരുജ്ഝിതം ത്വാം
സ്വകർമ്മണാ പുരുഷാദൈശ്ച ഗർഹ്യം
കൃച്ഛ്രേണ മച്ഛൂലവിഭിന്നദേഹ-
മസ്പൃഷ്ടവഹ്നിം സമദന്തി ഗൃധ്രാഃ. 16

അന്യേഽനു യേ ത്വേഹ നൃശംസമജ്ഞാ
യേ ഹ്യുദ്യതാസ്ത്രാഃ പ്രഹരന്തി മഹ്യം
തൈർഭൂതനാഥാൻ സഗണാൻ നിശാത-
ത്രിശൂലനിർഭിന്നഗളൈര്യജാമി. 17

അഥോ ഹരേ മേ കുലിശേന വീര
ഹർത്താ പ്രമഥ്യൈവ ശിരോ യദീഹ
തത്രാനൃണോ ഭൂതബലിം വിധായ
മനസ്വിനാം പാദരജഃ പ്രപത്സ്യേ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗജ്ജനമതു കേട്ടിടിവെട്ടേററമട്ടിൽ
നിർജ്ജരന്മാരശേഷം മോഹിച്ചു വീണപോയി. 7

ബോധമററക്ഷി പൂട്ടിപ്പൂഴിയിൽ കിടന്നീട-
മാദിതേയരെശ്ശൂലപാണിയാം വൃത്രാസുരൻ

ഭൂമിയെച്ചലിപ്പിച്ചു ചവുട്ടിമെതിച്ചിതേ
രാമച്ചവിപിനത്തെ വാരണവരൻവിധം. 8

വൃത്രനെക്കണ്ടു വജ്രി രുഷ്ടനായ് പാഞ്ഞെ-
ത്തിയ-
ശ്ശത്രുവെക്കൊല്ലുവാൻ തദ്ഗദയെ പ്രയോഗി-
ച്ചാൻ.

തന്നേക്കു വിട്ടീടുമാ ദുസ്സഹഗദായുധം
വന്നേല്ലാതുടൻ വൃത്രൻ പിടിച്ചാനിട -
കയ്യാൽ. 9

രുഷ്ടനായവൻ പിന്നെ വൻപരാക്രമം കാട്ടും-
മട്ടിലൊരട്ടഹാസമിട്ടിട്ടഗ്ഗദയാലേ

ഐരാവതത്തിൻ കുംഭസ്ഥലത്തിലൊന്നടി-
ച്ചാൻ
പാരമാപ്രവൃത്തിയെയേവരും പുകഴ്ത്തിനാർ. 10

അഗ്ഗദാപ്രഹരമേററാനനം കീറിപ്പാരം
രക്തവും കവിട്ടിയങ്ങേഴവില്ലാട്ടദൂരം

ചെന്നുവീണിതു ശക്രനൊത്തൈരാവതം വജ്ര-
ഭിന്നനായ്പതിച്ചീടുമദ്രീന്ദ്രനെന്നപോലെ. 11

വാഹനം വീണു തളർന്നതു കണ്ടു ദുഃഖ-
വ്യാഹതനായിപ്പരവശനാം പാകാരിയിൽ

വീണ്ടുമഗ്ഗദായുധപ്രയോഗം തുടരാതെ
വേണ്ടപോൽ ധർമ്മബോധം കാട്ടിനാൻ വൃത്രാ-
സുരൻ.

അമൃതസ്യന്ദിയാം തൻകൈകളാൽ തലോ-
ടിത്ത-
ത്സമയമൈരാവതപ്രഹരക്ഷതമെല്ലാം
കെടുത്തിയാശ്വസിപ്പിച്ചാനമേൽത്താനി-
രുന്നാ-
നടങ്ങിയായോധനപടുവാം പാകവൈരി. 12

സോദരവധത്തിനാൽ ശത്രുവായ് രണേച്ഛയാൽ
മേദുരവജ്രായുധധാരിയാം മഹേന്ദ്രനെ

കണ്ടിട്ടും തൽകൃത്യമോർത്തിട്ടുമുണ്ടായതാ-
മിണ്ടലും മോഹവും പൂണ്ടോതിനാൻ ഹസി-
ച്ചേവം. 13

വൃത്രൻ പറഞ്ഞു

ഹന്ത! മത്സഹോദരഹന്താവും മമപരി-
പന്ഥിയുമാചാര്യനെക്കൊന്നോനുമായ നിന്നെ

എന്നുടെ കയ്യിൽ കിട്ടിക്കഴിഞ്ഞു ഭാഗ്യത്തിനാ-
ലിന്നു സന്തുഷ്ടനായിബ്ഭവിച്ചേനതുമൂലം.

നിന്നുടെ ശിലാഹൃത്തെഞാൻ നിശിതശൂലത്തി-
നാൽ
ഭിന്നമാക്കിയെൻ ജ്യേഷ്ഠൻതന്നൃണമുടൻ
തീർപ്പൻ. 14

ഭക്തനും നാരായണകവചമോതിത്തന്നെ-
ശ്ശക്തനാക്കിയ ഗുരുനാഥനും ഭൂദേവനും

യജ്ഞദീക്ഷിതൻതാനമനഘാത്മാവുമാമ-
പൂജ്യനെ വിശ്വസിപ്പിച്ചാചാര്യനാക്കിച്ചെററും

അലിവെന്നിയേ പശുഗളംപോൽ വാളിനാല-
ത്തലകളരിഞ്ഞില്ലേ സ്വർഗ്ഗാഭിലാ-
ഷിയാം നീ? 15

നാണം, ശ്രീ, കൃപ, കീർത്തിയെന്നിവ കൈവെ-
ടിഞ്ഞു
ഹീനകർമ്മത്താൽ നരാശനക്കും നിന്ദ്യനാം നീ

എന്നുടെ ശൂലാഗ്രത്താൽ ശരീരം പിളർന്നുടൻ
മന്നിൽ വീണേററം രുജ സഹിച്ചു മൃതനായി

വഹ്നിസംസ്പർശമെന്യേ കഴുകന്നാഹാരമായ്-
ത്തീർന്നീടുമെന്നുള്ളതിൽ സന്ദേഹമില്ല തെല്ലും.
16

ക്രൂരനാം നിനക്കേഴും കിങ്കരന്മാരായുധ-
ധാരികളായി വന്നെൻ പ്രഭാവമറിയാതെ

എന്നെ പ്രഹരിക്കുകിൽ നിശാതത്രിശൂലത്താ-
ലന്നേരംതന്നെ കഴുത്തരിഞ്ഞങ്ങവരെയും

ഭൂതപ്രേതാദികൾക്കായ് ഞാൻ ബലി
കൊടുത്തീടു-
മേതുമില്ലതിന്നൊരു മാററമെന്നോർത്തു-
കൊൾക. 17

പക്ഷേ, നീ മമ സേനാവ്യൂഹത്തെ നശിപ്പിച്ചി-
ട്ടക്ഷണം വജ്രത്തിനാലെൻ ശിരസ്സറുക്കുകിൽ

ഭൂതങ്ങൾക്കുടൻ ബലികൊടുത്തു കടംതീർത്ത
ഹേ ധീരാ! വീരപാദധൂളിയെ പ്രാപിക്കും
ഞാൻ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുരേശ! കസ്മാന്ന ഹിനോഷി വജ്രം
പുരഃ സ്ഥിതേ വൈരിണി മയ്യമോഘം?
മാ സംശയിഷ്ഠാ, ന ഗദേവ വജ്രം
സ്യാന്നിഷ്ഫലം, കൃപണാർത്ഥേവ യാച്ഞാ. 19

നന്വേഷ വജ്രസ്തവ, ശക്ര, തേജസാ
ഹരേർദ്ധധീചേസ്തപസാ ച തേജിതഃ
തേനൈവ ശത്രും ജഹി വിഷ്ണുയന്ത്രിതോ
യതോ ഹരിർവ്വിജയഃ ശ്രീർഗ്ഗുണാസ്തതഃ. 20

അഹം സമാധായ മനോ യഥാഽഽഹ
സങ്കർഷണസ്തച്ചരണാരവിന്ദേ
ത്വദ്വജ്രരംഹോലുളിതഗ്രാമ്യപാശോ
ഗതിം മുനേര്യാമ്യപവിദ്ധലോകഃ. 21

പുംസാം കിലൈകാന്തധിയാം സ്വകാനാം
യാഃ സമ്പദോ ദിവി ഭൂമൗ രസായാം
ന രാതി യദ്ദ്വേഷ ഉദ്വേഗ ആധി-
ർമ്മദഃ കലിർവ്യസനം സംപ്രയാസഃ. 22

ത്രൈവർഗ്ഗികായാസവിഘാതമസ്മത്
പതിർവ്വിധത്തേ പുരുഷസ്യ ശക്ര!
തതോഽനുമേയോ ഭഗവത്പ്രസാദോ
യോ ദുർല്ലഭോഽകിഞ്ചന ഗോചരോഽന്യൈഃ. 23

അഹം ഹരേ തവ പാദൈകമൂല-
ദാസാനുദാസോ ഭവിതാസ്മി ഭൂയഃ
മനഃ സ്മരേതാസുപതേർഗ്ഗുണാംസ്തേ
ഗൃണീത വാക് കർമ്മ കരോതു കായഃ. 24

ന നാകപൃഷ്ഠം ന ച പാരമേഷ്ഠ്യം
ന സാർവ്വഭൗമം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ
സമഞ്ജസ ത്വാ വിരഹയ്യ കാങ്ക്ഷേ. 25

അജാതപക്ഷാ ഇവ മാതരം ഖഗാഃ
സ്തന്യം യഥാ വത്സതരാഃ ക്ഷുധാർത്താഃ
പ്രിയം പ്രിയേവ വ്യുഷിതം വിഷണ്ണാ
മനോഽരവിന്ദാക്ഷ ദിദൃക്ഷതേ ത്വാം. 26

മമോത്തമശ്ലോകജനേഷു സഖ്യം
സംസാരചക്രേ ഭ്രമതഃ സ്വകർമ്മഭിഃ
ത്വന്മായയാഽഽത്മാത്മജദാരഗേഹേ-
ഷ്വാസക്തചിത്തസ്യ ന, നാഥ, ഭൂയാത്. 27

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
വൃത്രസ്യേന്ദ്രോപദേശോ നാമ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

ഋഷിരുവാച

ഏവം ജിഹാസുർ, നൃപ, ദേഹമാജൗ
മൃത്യും വരം വിജയാന്മന്യമാനഃ
ശൂലം പ്രഗൃഹ്യാഭ്യപതത് സുരേന്ദ്രം
യഥാ മഹാപുരുഷം കൈടഭോഽപ്സു. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രാ! നിന്മുന്നിൽ നില്ക്കും ശത്രുവാമെന്നി-
ലെന്തേ
തന്ത്രിവിട്ടമോഘമാം വജ്രം പ്രയോഗിക്കാത്തു?
ലുബ്ധനോടുള്ള യാചഞ്ജപോലെയും ഗദ-
ത്തിലൊത്തും
നിഷ്ഫലമായിട്ടുള്ളതല്ലല്ലോ വജ്രായുധം. 19

ദേവേശാ! ഭവാൻെറയീയായുധം ശ്രീമുകുന്ദ-
ദേവതേജസ്സിനാലും ദധീചിമുനീന്ദ്രൻെറ
വൻതപസ്സാലുമുത്തേജിതം താൻ, ഹരി-
യാൽ നി-
യന്ത്രിതൻ ഭവാനതുകൊണ്ടു കൊൽകീ ഞെ പ-
രിയെ.
അജിതനാകും ഹരി നില്ക്കുന്ന പക്ഷത്തിലാം
വിജയശ്രീഗുണങ്ങളെന്നതു തീച്ചതന്നെ. 20

ഭഗവാൻ ശേഷൻ ചൊന്നപോലെ തത്പാദാ-
ബ്ജത്തി-
ലകതാരുറപ്പിച്ചു വിഷയപാശം പാടേ
ഛേദിച്ചു വജ്രാഹതിയേററു മെയ് തള്ളിവീരം
ഖേദമെന്നിമാഗ്ഗം പ്രാപിച്ചുകൊള്ളാമിവൻ. 21

തന്നെയാശ്രയിട്ടോക്കംബ്ഭഗവാൻ
മഹിയിലും
പുണ്യലോകങ്ങളിലും പാതാളത്തിലുമാളും
ഭൂതികളൊന്നുമേകുന്നില്ലതിൽനിന്നുമല്ലോ
ഖേദമാത്സര്യമദദ്വേഷാതിശ്രമാദികം. 22

ധമ്മാത്ഥകാമങ്ങളാം പുരുഷാത്ഥങ്ങളാംനേടാൻ
കമ്മങ്ങൾമൂലമുള്ള കഷ്ടതകളിൽനിന്നും
ഉന്മത്തരാക്കമെസ്സൽസ്വാമി ഞങ്ങളെയതാ-
ണന്മധുഹരൻ പ്രീതനായതിന്നടയാളം.

ഐഹികഭോഗവാഞ്ഛയററ നിഷ്കിഞ്ചനക്കേ
ശ്രീഹരിപ്രീതിനേടിക്കൊള്ളുവാൻ സാധി-
ച്ചീടൂ. 23

തുമ്പംതുലച്ചു രക്ഷിച്ചീടുന്ന തമ്പുരാനേ!
നിൻപദദാസന്മാക്കു ദാസനായ്ത്തീരണം
ഞാൻ.
എന്മനസ്സോക്കട്ടെ നിൻ ഗുണങ്ങൾ, വാക്ക-
തെല്ലാം
ചെമ്മേ വാഴ്ത്തട്ടെ കായം ചെയ്യട്ടെ നമ-
നാദി. 24

സ്വഗ്ഗാഗ്ര്യാസനത്തെയോ ബ്രഹ്മാവിൻ പദ-
ത്തെയോ
ചക്രവത്തിത്വത്തെയോരസാധിപത്യത്തെയോ
യോഗസിദ്ധികളെയോ മുക്തിയെപ്പോലുമോ
ഞാ-
നേകനാം നിന്നെയെന്യേയാഗ്രഹിച്ചീടു-
ന്നില്ല. 25

പക്ഷങ്ങൾ മുളയ്ക്കാത്ത പക്ഷിക്കുഞ്ഞുങ്ങൾ മാതൃ-
വീക്ഷണമിച്ഛിക്കുന്നപോലെയും ക്ഷുധാത്തരാം
കുഞ്ഞുങ്ങൾ മുലപ്പാലുകൊതിക്കുംവിധത്തിലും
കഞ്ജാക്ഷാ! പതിവ്രതയായിടും ധമ്മപത്നി
ദേശാന്തരസ്ഥനാകും ഭത്താവിൻ പ്രത്യാഗമ-
മാശിക്കുംമട്ടുമങ്ങേ മന്മനമാഗ്രഹിപ്പൂ. 26

ഉത്തമശ്ലോകന്മാരുമായെനിക്കെന്നും സഖ്യ-
മെത്തണം; വീണ്ടും തവമായയാൽ സംസാര-
ത്തിൽ
മുഴകിക്കളത്രാത്ഥപുത്രഗേഹാദിയോടൊ-
ത്തുഴലുന്നവരുമായുണ്ടായിടായ്ക സങ്ഗം. 27

അദ്ധ്യായം 12

വൃത്രവധം

ഋഷി പറഞ്ഞു

മൃത്യുതാൻ ജയത്തെക്കാൾ ശ്രേഷ്ഠമെന്നു-
ന്നിദ്ദേഹം
യുദ്ധത്തിലുപേക്ഷിപ്പാനുറച്ചു വൃത്രാസുരൻ
വലവൈരിതൻനേക്കു ശൂലപാണിയായ്
പാഞ്ഞാൻ
ഹരിതൻനേരേ നീരിൽക്കൈടഭാസുരന്മട്ടിൽ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ യുഗാന്താഗ്നികഠോരജിഹ്വ–
മാവിധ്യ ശൂലം തരസാസുരേന്ദ്രഃ
ക്ഷിപ്ത്വാ മഹേന്ദ്രായ വിനദ്യ വീരോ
ഹതോ/സി പാപേതി രുഷാ ജഗാദ. 2

സ ആപതത്തദ്വിചലദ്ഗ്രഹോത്കവ–
ന്നിരീക്ഷ്യ ദുഷ്പ്രേക്ഷ്യമജാതവിക്ലവഃ
വജ്രേണ വജ്രീ ശതപർവ്വണാച്ഛിനദ്–
ഭുജം ച തസ്യോരഗരാജഭോഗം. 3

ഛിന്നൈകബാഹുഃ പരിഘേണ വൃത്രഃ
സംരബ്ധ ആസാദ്യ ഗൃഹീതവജ്രം
ഹനൗ തതാഡേന്ദ്രമഥാമരേഭം
വജ്രം ച ഹസ്താന്ന്യപതന്മഘോനഃ. 4

വൃത്രസ്യ കർമ്മാതിമഹാദ്ഭുതം തത്
സുരാസുരാശ്ചാരണസിദ്ധസംഘാഃ
അപൂജയംസ്തത് പുരുഹൂതസങ്കടം
നിരീക്ഷ്യ ഹാ ഹേതി വിചുക്രുശുർഭൃശം. 5

ഇന്ദ്രോ ന വജ്രം ജഗൃഹേ വിലജ്ജിത–
ശ്ച്യുതം സ്വഹസ്താദരിസന്നിധൗ പുനഃ
തമാഹ വൃത്രോ, ''ഹര ആത്തവജ്രോ
ജഹി സ്വശത്രും ന വിഷാദകാലഃ. 6

യുയുത്സതാം കുത്രചിദാതതായിനാം
ജയഃ സദൈകത്ര ന വൈ പരാത്മനാം
വിനൈകമുത്പത്തിലയസ്ഥിതീശ്വരം
സർവ്വജ്ഞമാദ്യം പുരുഷം സനാതനം. 7

ലോകാഃ സപാലാ യസ്യേമേ ശ്വസന്തി വിവശാ വശേ
ദ്വിജാ ഇവ ശിചാബദ്ധാഃ സ കാല ഇഹ കാരണം. 8

ഓജഃ സഹോ ബലം പ്രാണമമൃതം മൃത്യുമേവ ച
തമജ്ഞായ ജനോ ഹേതുമാത്മാനം മന്യതേ ജഡം. 9

യഥാ ദാരുമയീ നാരീ യഥാ യന്ത്രമയോ മൃഗഃ
ഏവം ഭൂതാനി മഘവന്നീശതന്ത്രാണി വിദ്ധി ഭോഃ. 10

പുരുഷഃ പ്രകൃതിർവ്യക്തമാത്മാ ഭൂതേന്ദ്രിയാശയാഃ
ശക്നുവന്ത്യസ്യ സർഗ്ഗാദൗ ന വിനാ യദനുഗ്രഹാത്. 11

അവിദ്വാനേവമാത്മാനം മന്യതേ/നീശമീശ്വരം
ഭൂതൈഃ സൃജതി ഭൂതാനി ഗ്രസതേ താനി തൈഃ സ്വയം. 12

ആയുഃ ശ്രീഃ കീർത്തിരൈശ്വര്യമാശിഷഃ പുരുഷസ്യ യാഃ
ഭവന്ത്യേവ ഹി തത്കാലേ യഥാനിച്ഛോർവിപര്യയാഃ. 13

തസ്മാദകീർത്തിയശസോർജ്ജയാപജയയോരപി
സമഃ സ്യാത് സുഖദുഃഖാഭ്യാം മൃത്യുജീവിതയോസ്തഥാ. 14

സത്ത്വം രജസ്തമ ഇതി പ്രകൃതേർന്നാത്മനോ ഗുണാഃ
തത്ര സാക്ഷിണമാത്മാനം യോ വേദ ന സ ബധ്യതേ. 15

പശ്യ മാം നിർജ്ജിതം ശക്ര വൃക്ണായുധഭുജം മൃധേ
ഘടമാനം യഥാശക്തി തവ പ്രാണജിഹീർഷയാ. 16

പ്രാണഗ്ലഹോ/യം സമര ഇഷ്വക്ഷോ വാഹനാസനഃ
അത്ര ന ജ്ഞായതേ/മുഷ്യ ജയോ/മുഷ്യ പരാജയഃ'' 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലാനലോപമാനമുഗ്രമാമുഗ്രമാളും
ശൂലവും ചുഴററിയശ്ശൂരനാമസുരേന്ദ്രൻ
'നിൻകഥ കഴി'ഞ്ഞെന്നു ചൊല്ലിയിന്ദ്രന്റെ–
നേരേ
ഹുംകൃതി കലൎന്നു വലിച്ചെറിഞ്ഞീടിനാൻ. 2
ഉൽക്കയും ഗ്രഹങ്ങളുമെന്നപോലാകാശത്തു–
ടാക്ഷമേ നോക്കുവാനാമാകാതെ നേർക്കെത്തിടും
ശൂലമതിന്ദ്രൻ കണ്ടു സംഭ്രമമേതുമെന്യേ
ചാലവേ ശതസന്ധിയാളും തൻ വജ്രത്തിനാൽ
പെട്ടെന്നു ശൂലത്തേയും വാസുകീശരീരത്തിൻ–
മട്ടെഴും തദ്ബാഹുവും ഛേദിച്ചു വീഴ്ത്തീ–
ടിനാൻ. 3
ഒരുകൈ പോയെങ്കിലും ക്രുദ്ധനായ് മുന്നിൽ
വജ്രം–
ധരിച്ചുനില്ക്കും സുരനായകൻതൻതാടിയിൽ
പരിഘംകൊണ്ടൊന്നടിച്ചക്ഷണം വജ്രായുധം
ധരയിൽവീഴ്ത്തിത്തച്ചാനൈരാവതത്തി–
നേയും. 4
വൃത്രൻതന്നത്യദ്ഭുതകരമാമക്കൃത്യത്തെ
വാഴ്ത്തിനാർ ദേവാസുരസിദ്ധചാരണവൃന്ദം
ദേവാധിനായകൻതൻ സങ്കടം കണ്ടിട്ടവ–
രേവരും ഹാ കഷ്ട!മെന്നാക്രോശിക്കയും–
ചെയ്താർ. 5
നാണത്താൽ പാകാരാതി പരിപന്ഥിത–
ന്മുന്നിൽ
വീണതാം വജ്രായുധമെടുത്തതില്ല വീണ്ടും
ചൊല്ലിനാൻ വൃത്രനപ്പോൾ, "വജ്രമിതെടു–
ത്തെന്നെ–
ക്കൊല്ലുക ഹരേ! ഖേദാനായുള്ളതല്ലീയുഴം. 6
പോരിനാശിച്ചു ശസ്ത്രമെടുത്ത പരാധീന–
ന്മാരിലോൎത്തീടിൽ ജയമൊരുകക്ഷിക്കുമാത്രം
നിയതമല്ല, രണ്ടുകൂട്ടൎക്കും ജയപരാ–
ജയങ്ങൾ സാമാന്യമായ് സംഭവിക്കുന്നതത്രേ.
സർവ്വജ്ഞനായിസ്സർവ്വകാരണഭൂതനായി
സർവ്വാന്തര്യാമിയായോരേകനാമീശനെന്നും
ജയമേയുള്ളൂ, തോൽവിയില്ലൊരിക്കലു,മന–
ശയത്തിനില്ല കാര്യമതിനാലങ്ങേക്കിപ്പോൾ.7
ജാലത്തിലകപ്പെട്ട പക്ഷികൾപോലെ ലോക–
പാലസംയുതമാമീ ലോകങ്ങൾ പതിന്നാലും
ആരുടെയധീനത്തിൽ വിവശം ശ്വസിക്കുന്നു
പാരിലക്കാലമത്രേ ജയാപജയമൂലം. 8
ഇന്ദ്രിയം, മനം, ദേഹമെന്നിവയ്ക്കുഴമൂക്ക–
മെന്നല്ല കർമ്മശേഷി, മൃത്യുവുമമൃതവും
എല്ലാമീശ്വരൻതന്നെയസ്വതന്ത്രമാം ദേഹ–
മല്ലെന്നു മൂഢൻ തെല്ലും ധരിക്കാ മോഹത്തി–
നാൽ. 9
പെൺമരപ്പാവ, യന്ത്രമയമാം മൃഗമിവ–
തമ്മട്ടിലീശവശം ഭൂതങ്ങ,ളറികിന്ദ്രാ! 10
ചിത്തേന്ദ്രിയങ്ങൾ പുമാൻ, പ്രകൃതി, മഹദഹം–
തത്ത്വങ്ങൾ, പഞ്ചഭൂതമെന്നിവയൊന്നിനും
താൻ
ഈശാനുഗ്രഹമെന്യേ ശക്തിയില്ലൊട്ടും താനീ–
വിശ്വത്തെസ്സൃഷ്ടിച്ചു സംരക്ഷിച്ചു സംഹ–
രിപ്പാൻ. 11
അസ്വതന്ത്രനാം ജീവനീശ്വരനെന്നുതന്നെ
വിശ്വസിച്ചീടുന്നവർ മൂഢന്മാരത്രേ നൂനം.
ഈശ്വരൻ ഭൂതങ്ങളെക്കൊണ്ടുതാൻ സർവ്വഭൂത–
രാശിയെ സൃഷ്ടിപ്പിച്ചു നശിപ്പിച്ചീടുന്നിതേ.12
ആശിസ്സു, കാന്തി, കീർത്തി,യായുസ്സെന്നിവ
മർത്ത്യ–
ന്നാശിക്കാസ്സിലുമുണ്ടാമീശ്വരാനുഗ്രഹത്താൽ
പൗരുഷംകൊണ്ടാണിവയുണ്ടായീടുന്നതെങ്കി–
ലാരുമായുസ്സു നീട്ടീടാത്തതെന്തിച്ചുപോലെ? 13
സകലം ദൈവാധീനമെന്നതുമൂലമായി–
പ്പുകളുമകീർത്തിയും ജയാപജയങ്ങളും
സുഖദുഃഖങ്ങൾ ജന്മമൃതികളെന്നിദ്ദ്വന്ദ്വ–
നികരം നേരിട്ടിടും സന്ദർഭങ്ങളിലെല്ലാം
സന്തോഷിക്കയും സന്തപിക്കയും ചെയ്യീടാതെ
സന്തതം സമനായി സ്ഥിതിചെയ്യണം
മർത്ത്യൻ. 14
സത്ത്വാദിഗുണത്രയമാത്മാവിനുള്ളതല്ല
സത്യത്തിൽ പ്രകൃതിതൻ കാര്യമാ,ണാത്മാ–
വതിൽ
സാക്ഷിമാത്രനായ് സ്ഥിതിചെയ്തീടുന്നതേ–
യുള്ളൂ;
സൂക്ഷ്മമായിതു ധരിച്ചീടുവോൻ ബദ്ധനാകാ.15
ആയുധത്തോടു കൈയും നഷ്ടമായ് പോരിൽ
തോററു
പോയതിൽ ഖേദിക്കാതെ ശത്രുവാം നിന്നെ–
ക്കൊൽവാൻ
കില്ലെന്യേയുത്സാഹിക്കുമെന്നെ നീ വീക്ഷി–
ക്കുക
നല്ലപോലാദിതേയസംഘത്തിന്നധീശ്വരാ! 16
പ്രാണനാം പണയസ്വത്തിയന്നീടുന്നതായി
ബാണാക്ഷങ്ങളും പിന്നെ വാഹനപ്പലകയും
ചേരുമിപ്പോരാം ചൂതിൽ തോൽവിയും
ജയവും തെ–
ല്ലോരുകിലാൎക്കും മുൻപേ നിശ്ചയിക്കാവതല്ല.
ഏററവും തോററമട്ടിൽ ജയവും കരുവിന്റെ
മാററത്താൽ വിജയത്തിൽ തോൽവിയും ഭവി–
ക്കുന്നു.
അതിനാലന്ത്യംവരെയേതൊരു കാര്യത്തിലു–
മതിയായ് പരിശ്രമിച്ചീടുകവേണമാരും.'' 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

ഇന്ദ്രോ വൃത്രവചഃ ശ്രുത്വാ ഗതാളീകമപൂജയത്
ഗൃഹീതവജ്രഃ പ്രഹസംസ്തമാഹ ഗതവിസ്മയഃ. 18

ഇന്ദ്ര ഉവാച

അഹോ ദാനവ! സിദ്ധോഽസി യസ്യ തേ മതിരീദൃശീ
ഭക്തഃ സർവ്വാത്മനാഽഽത്മാനം സുഹൃദം ജഗദീശ്വരം. 19
ഭവാനതാർഷീന്മായാം വൈ വൈഷ്ണവീം ജനമോഹിനീം
യദ്വിഹായാസുരം ഭാവം മഹാപുരുഷതാം ഗതഃ. 20
ഖല്വിദം മഹദാശ്ചര്യം യദ്രജഃ പ്രകൃതേസ്തവ
വാസുദേവേ ഭഗവതി സത്ത്വാത്മനി ദൃഢാ മതിഃ. 21
യസ്യ ഭക്തിർഭഗവതി ഹരൗ നിഃശ്രേയസേശ്വരേ
വിക്രീഡതോഽമൃതാംഭോധൗ കിം ക്ഷുദ്രൈഃ ഖാതകോദകൈഃ. 22

ശ്രീശുക ഉവാച

ഇതി ബ്രുവാണാവന്യോന്യം ധർമ്മജിജ്ഞാസയാ നൃപ!
യുയുധാതേ മഹാവീര്യാവിന്ദ്രവൃത്രൗ യുധാമ്പതി. 23
ആവിധ്യ പരിഘം വൃത്രഃ കാർഷ്ണായസമരിന്ദമഃ
ഇന്ദ്രായ പ്രാഹിണോദ് ഘോരം വാമഹസ്തേന മാരിഷ. 24
സ തു വൃത്രസ്യ പരിഘം കരം ച കരഭോപമം
ചിച്ഛേദ യുഗപദ്ദേവോ വജ്രേണ ശതപർവ്വണാ. 25
ദോർഭ്യാമുത്കൃത്തമൂലാഭ്യാം ബഭൗ രക്തസ്രവോഽസുരഃ
ഛിന്നപക്ഷോ യഥാ ഗോത്രഃ ഖാദ്ഭ്രഷ്ടോ വജ്രിണാ ഹതഃ. 26
കൃത്വാധരാം ഹനും ഭൂമൗ ദൈത്യോ ദിവ്യുത്തരാം ഹനും
നഭോഗംഭീരവക്ത്രേണ ലേലിഹോൽബണജിഹ്വയാ. 27
ദംഷ്ട്രാഭിഃ കാലകല്പാഭിർഗ്രസന്നിവ ജഗത്ത്രയം
അതിമാത്രമഹാകായ ആക്ഷിപംസ്തരസാ ഗിരീൻ. 28
ഗിരിരാട് പാദചാരീവ പദ്ഭ്യാം നിർജ്ജരയൻ മഹീം
ജഗ്രാസ സ സമാസാദ്യ വജ്രിണം സഹവാഹനം. 29
മഹാപ്രാണോ മഹാവീര്യോ മഹാസർപ്പ ഇവ ദ്വിപം
വൃത്രഗ്രസ്തം തമാലക്ഷ്യ സപ്രജാപതയഃ സുരാഃ
ഹാ കഷ്ടമിതി നിർവ്വിണ്ണാശ്ചുക്രുശുഃ സമഹർഷയഃ. 30
നിഗീർണ്ണോഽപ്യസുരേന്ദ്രേണ ന മമാരോദരം ഗതഃ
മഹാപുരുഷസന്നദ്ധോ യോഗമായാബലേന ച. 31
ഭിത്ത്വാ വജ്രേണ തത്കുക്ഷിം നിഷ്ക്രമ്യ ബലഭിദ്വിഭുഃ
ഉച്ചകർത്ത ശിരഃ ശത്രോർഗ്ഗിരിശൃങ്ഗമിവൗജസാ. 32

വജ്രസ്തു തത്കന്ധരമാശുവേഗഃ
കൃന്തൻ സമന്താത് പരിവർത്തമാനഃ
ന്യപാതയത് താവദഹർഗ്ഗണേന
യോ ജ്യോതിഷാമയനേ വാർത്രഹത്യേ 33

തദാ ച ഖേ ദുന്ദുഭയോ വിനേദുർ-
ഗന്ധർവ്വസിദ്ധാഃ സമഹർഷിസംഘാഃ
വാർത്രഘ്നലിങ്ഗൈസ്തമഭിഷ്ടുവാനാ
മന്ത്രൈർമ്മുദാ കുസുമൈരഭ്യവർഷൻ. 34

വൃത്രസ്യ ദേഹാന്നിഷ്ക്രാന്തമാത്മജ്യോതിരരിന്ദമ!
പശ്യതാം സർവ്വലോകാനാമലോകം സമപദ്യത. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
വൃത്രവധോ നാമ ദ്വാദശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ഇത്തരം സത്യവാക്യം വൃത്രനിൽനിന്നും ശ്രവി-
ച്ചത്യന്തമാദരിച്ചാനവനെസ്സഹസ്രാക്ഷൻ.

അദ്ഭുതംവിട്ടു പിന്നെ ധരിച്ചു വജ്രായുധം
സ്വപ്പതി ചിരിച്ചുകൊണ്ടോതിനാനിപ്രകാരം. 18

ഇന്ദ്രൻ പറഞ്ഞു

ദാനവശ്രേഷ്ഠാ! ഭവാൻ കൃതാർത്ഥൻ; നിന്മാനസം
ദീനബന്ധുവാം സർവേശ്വരനിൽ സമർപ്പിച്ചു

ലോകമോഹിനിയായ വൈഷ്ണവമായയേയും
നീ കടന്നാസുരമാം ശീലവുമുപേക്ഷിച്ചു

പുരുഷോത്തമഭക്തരതമാം ഭവാൻ മഹാ-
പുരുഷഭാവം ധരിച്ചിരിപ്പൂ ദാനവേന്ദ്രാ! 19-20

ജാത്യാ രാജസശീലനായിട്ടും നീയസ്സത്ത്വ-
മൂർത്തിയാം ശ്രീവിഷ്ണുവിലുള്ളുറപ്പിച്ചു ചിത്രം! 21

മോക്ഷദൻ ഭഗവാൻതൻ ഭക്തനാം ഭവാനേതും
കാംക്ഷയില്ലല്ലോ സ്വർഗ്ഗപദത്തിൽപ്പോലു-
മിപ്പോൾ.

അമൃതസമുദ്രത്തിൽ ക്രീഡിക്കുന്നവനുണ്ടോ
ഭ്രമിപ്പൂ ഭുജിച്ചേറെ നാറീടുമോടനീരിൽ? 22

ശ്രീശുകൻ പറഞ്ഞു

അന്യോന്യമേവം ധർമ്മജിജ്ഞാസുക്കളായ് ചൊല്ലി-
ജ്ജന്യദക്ഷരായ് പരാക്രമശാലികളാകും

അമ്മഹേന്ദ്രനും വൃത്രദാനവാധീശൻതാനും
തമ്മിൽ സംഗരം തുടന്നീടിനാർ വാശിപൂർവം. 23

കാരിരുമ്പിനാൽത്തീർത്ത പരിഘമരിംദമ-
വീരനാം വൃത്രൻ വിട്ടാനിന്ദ്രൻനേർക്കിടം-
കയ്യാൽ. 24

ശക്രനപ്പരിഘവുമാനതൻ തുമ്പിക്കയ്യോ-
ടൊക്കമക്കയ്യുമാശു ഖണ്ഡിച്ചാൻ വജ്ര-
ത്തിനാൽ. 25

ചുവടേ മുറിച്ചുള്ള കൈകരംതൻ ചോട്ടിൽനിന്നും
പ്രവഹിച്ചീടും ചോരയൊഴുക്കിൽ നിമഗ്നനായ്

ദാനവേന്ദ്രൻ വിളങ്ങി, പക്ഷങ്ങളററു താനേ
വാനത്തുനിന്നു വീണ പർവ്വതേന്ദ്രനെ-
പ്പോലെ. 26

കീഴ്ത്താടിയീ മന്നിലും മേലത്തേത്താകാശത്തും
ചേർത്തന്തരിക്ഷതുല്യം പിളർന്ന വക്ത്രത്താലും

വ്യാളംമട്ടതിലാളും ഭീകരജിഹ്വകൊണ്ടും
കാലോപമാനങ്ങളാം ദംഷ്ട്രങ്ങൾകൊണ്ടും
ശീഘ്രം

മുപ്പാരും വിഴുങ്ങുമോയെന്നാർക്കും തോന്നുമാറു-
മപ്പെരുംശരീരത്തിൻ ഗതിവേഗത്താൽ പിന്നെ

പർവതങ്ങളെയെല്ലാമേററവും ചലിപ്പിച്ചു-
മൂർവിയെയടിവച്ചാൽ പൊടിയാക്കിയും
ക്ഷണാൽ

ഇന്ദ്രനെയെട്ടത്തെരാവതത്തോടൊത്തുതാൻത-
ന്നന്തർഭാഗത്തിലാക്കിനിന്നിതു വൃത്രാ-
സുരൻ. 27-29

പ്രാണശക്തിയും മഹാവീര്യവുമിയന്നീടും
പീനാങ്ഗൻ, പെരുമ്പാമ്പു ഗജത്തെയെന്ന-
മട്ടിൽ.

വൃത്രനാൽ സുരേശ്വരൻ ഗ്രസ്തനായതു കണ്ടി-
ട്ടത്തലാൽ പ്രജേശരും മഹർഷീശ്വരന്മാരും

ഒത്തുചേർന്നുള്ള ദേവന്മാരശേഷവുമഹോ
കഷ്ടമെന്നോത്തു മുറവിളികൂട്ടിനാർ പാരം. 30

ശ്രീനാരായണനാൽ സംരക്ഷിതനാകയാലു-
മൂനമററുള്ള നിജ യോഗവൈഭവംകൊണ്ടും

വൃത്രോദരാന്തർഭാഗത്തകപ്പെട്ടെന്നാകിലും
മൃത്യുവിന്നിരയായതില്ലാദിതേയാധിപൻ. 31

ഹരിതന്നനുഗ്രഹശക്തിയാൽ സമർത്ഥനാം
ഹരിയട്ടാനവൻതന്നുദരം വജ്രത്തിനാൽ

പിളർന്നു വെളിക്കുവന്നചലശിഖരംപോൽ
വലുതാം തച്ഛിരസ്സു മുറിച്ചങ്ങിട്ടീടിനാൻ. 32

സുരേശവജ്രായുധം വൃത്രോത്തമാങ്ഗം ഛേദി-
ച്ചെറിയാനവസരം കാത്തതിൻ നാലുപാടും

മുന്നൂററിയറുപതു ദിവസം ചുററിത്തിരി-
ഞ്ഞെന്നതിൻ ശേഷമേയസ്സംഗതി സാധി-
ച്ചുള്ളു. 33

ദുന്ദുഭിധ്വാനമപ്പോൾ മുഴങ്ങീയാകാശത്തിൽ,
നന്ദിച്ചു മുനിമാരും ഗന്ധർവ്വസിദ്ധന്മാരും.

വൃത്രസംഹാരം സൂചിപ്പിച്ചീടുന്ന മന്ത്രങ്ങളാൽ
സ്തോത്രംചെയ്തുടൻ മലർമാരിയും ചൊരി-
ഞ്ഞിതു. 34

വൃത്രദേഹത്തുനിന്നും നിഷ്ക്രാന്തമാത്മ-
ജ്യോതി-
സ്സത്വരം സർവ്വലോകസ്ഥിതരും കാണ്കെ-
ത്തന്നെ

ലോകങ്ങൾക്കതീതനായ് പരിശോഭിച്ചീടുമാ-
വൈകുണ്ഠഭഗവാനെ പ്രാപിച്ചു ധരാപതേ! 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രയോദശോഽധ്യായഃ

ശ്രീശുക ഉവാച

വൃത്രേ ഹതേ ത്രയോ ലോകാ വിനാ ശക്രേണ ഭൂരിദ!
സപാലാ ഹ്യഭവൻ സദ്യോ വിജ്വരാ നിർവൃതേന്ദ്രിയാഃ. 1

ദേവർഷിപിതൃഭൂതാനി ദൈത്യാ ദേവാനുഗാഃ സ്വയം
പ്രതിജഗ്മുഃ സ്വധിഷ്ണ്യാനി ബ്രഹ്മേശേന്ദ്രാദയസ്തതഃ. 2

രാജോവാച

ഇന്ദ്രസ്യാനിർവൃതേർഹേതും ശ്രോതുമിച്ഛാമി, ഭോ മുനേ,
യേനാസൻ സുഖിനോ ദേവാ ഹരേർദുഃഖം കുതോഽഭവത്. 3

ശ്രീശുക ഉവാച

വൃത്രവിക്രമസംവിഗ്നാഃ സർവ്വേ ദേവാഃ സഹർഷിഭിഃ
തദ്വധായാർത്ഥയന്നിന്ദ്രം നൈച്ഛദ് ഭീതോ ബൃഹദ്വധാത്. 4

ഇന്ദ്ര ഉവാച

സ്ത്രീഭൂജലദ്രുമൈരേനോ വിശ്വരൂപവധോദ്ഭവം
വിഭക്തമനുഗൃഹ്ണദ്ഭിർവൃത്രഹത്യാം ക്വ മാർജ്മ്യഹം. 5

ശ്രീശുക ഉവാച

ഋഷയസ്തദുപാകർണ്യ മഹേന്ദ്രമിദമബ്രുവൻ
''യാജയിഷ്യാമ ഭദ്രം തേ ഹയമേധേന മാ സ്മ ഭൈഃ. 6

ഹയമേധേന പുരുഷം പരമാത്മാനമീശ്വരം
ഇഷ്ട്വാ നാരായണം ദേവം മോക്ഷ്യസേഽപി ജഗദ്വധാത്. 7

ബ്രഹ്മഹാ പിതൃഹാ ഗോഘ്നോ മാതൃഹാഽഽചാര്യഹാഘവാൻ
ശ്വാദഃ പുൽകസകോ വാപി ശുദ്ധ്യേരൻ യസ്യ കീർത്തനാത്. 8

തമശ്വമേധേന മഹാമഖേന
ശ്രദ്ധാന്വിതോഽസ്മാഭിരനുഷ്ഠിതേന
ഹത്വാപി സബ്രഹ്മ ചരാചരം ത്വം
ന ലിപ്യസേ കിം ഖലനിഗ്രഹേണ.'' 9

ശ്രീശുക ഉവാച

ഏവം സഞ്ചോദിതോ വിപ്രൈർമരുത്വാനഹനദ്രിപും
ബ്രഹ്മഹത്യാ ഹതേ തസ്മിന്നാസസാദ വൃഷാകപിം. 10

തയേന്ദ്രഃ സ്മാസഹത് താപം നിർവൃതിർന്നാമുമാവിശത്
ഹ്രീമന്തം വാച്യതാം പ്രാപ്തം സുഖയന്ത്യപി നോ ഗുണാഃ. 11

താം ദദർശാനുധാവന്തീം ചാണ്ഡാലീമിവ രൂപിണീം
ജരയാ വേപമാനാങ്ഗീം യക്ഷ്മഗ്രസ്താമസൃക്പടാം, 12

വികീര്യ പലിതാൻ കേശാംസ്തിഷ്ഠ തിഷ്ഠേതി ഭാഷിണീം
മീനഗന്ധ്യസുഗന്ധേന കുർവ്വതീം മാർഗ്ഗദൂഷണം. 13

നഭോ ഗതോ ദിശഃ സർവ്വാഃ സഹസ്രാക്ഷോ വിശാമ്പതേ!
പ്രാഗുദീചീം ദിശം തൂർണ്ണം പ്രവിഷ്ടോ നൃപ മാനസം. 14

സ ആവസത്പുഷ്കരനാളതന്തൂ-
നലബ്ധഭോഗോ യദിഹാഗ്നിദൂതഃ
വർഷാണി സാഹസ്രമലക്ഷിതോഽന്തഃ
സ ചിന്തയൻ ബ്രഹ്മവധാദ്വിമോക്ഷം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 13

ഇന്ദ്രബ്രഹ്മഹത്യാമുക്തി

ശ്രീശുകൻ പറഞ്ഞു

വൃത്രസംഹാരത്തിനാൽ ദേവേന്ദ്രനൊരാ-
ളൊഴി-
ഞ്ഞിത്രിലോകാവാസികൾ ലോകപാലന്മാ-
രൊട്ടും
അത്തലും ഭയവുംവിട്ടാലയങ്ങളിലെത്തി
കൃത്യങ്ങൾ യോഗ്യമാമ്മാറനുഷ്ഠിച്ചാമോദി-
ച്ചാർ. 1
ദേവന്മാരൃഷിമാരും പിതൃക്കൾ ഭൂതങ്ങളും
ദേവാധീശനും പരമേശനും വിരിഞ്ചനും
അവിടെനിന്നുമവരവർതൻ സ്ഥാനങ്ങളി-
ലവിളംബിതമെത്തിച്ചേർന്നധിവസിച്ചിതേ. 2

രാജാവു പറഞ്ഞു

ഇന്ദ്രൻതൻ പരാക്രമകൃത്യത്താൽ സുരവൃന്ദം
സന്തോഷിച്ചിരിക്കവേയെന്തൊരു കാരണ-
ത്താൽ
സുരനാഥനു സൗഖ്യമില്ലാതെവന്നതെന്നാ-
യറിയാനാശിക്കുന്നു മാമുനേ! കഥിച്ചാലും. 3

ശ്രീശുകൻ പറഞ്ഞു

വൃത്രൻെറ ശല്യംമൂലം ദേവന്മാരൃഷിമാരോ-
ടൊത്തുചെന്നപേക്ഷിച്ചാരവനെക്കൊന്നീ-
ടുവാൻ
ബ്രാഹ്മണവധത്തിലെബ്ഭീതിയാലിന്ദ്ര-
ന്നതിൽ
സമ്മതമുണ്ടായിരുന്നില്ലപ്പോഴല്പംപോലും. 4

ഇന്ദ്രൻ പറഞ്ഞു

വിശ്വരൂപനെക്കൊലചെയ്കയാലെന്നെ-
പ്പണ്ടു
കശ്മലം സ്ത്രീകൾ ഭൂമി സലിലം വൃക്ഷങ്ങളും
എന്നിലെയനുഗ്രഹബുദ്ധിയാൽ പങ്കിട്ടെടു-
ത്തിന്നിയും പാപമാന്നാലെവിടെക്കളയും
ഞാൻ? 5

ശ്രീശുകൻ പറഞ്ഞു

ഋഷിമാരതു കേട്ടിട്ടിങ്ങനെ ചൊല്ലീടിനാർ
''വിഷമിക്കേണ്ടാ, മാർഗ്ഗമുണ്ടതിനമരേശാ!
അശ്വമേധാദ്ധ്വരത്താൽ ഞങ്ങളമ്മഹാപാപം
നിശ്ശേഷം പോക്കാം, ഭയം ത്യജിക്ക, മങ്ഗലം
തേ! 6
പുരുഷനന്തര്യാമിയീശനെന്നെല്ലാം ചൊല്ലും
പരമാത്മാവെയശ്വമേധത്താൽ യജിക്കുകിൽ
ലോകസംഹാരപാപം നശിക്കും ദൃഢം,
പിന്നെ-
യേകഭൂസുരവധസംഗതി ചൊല്ലേണമോ! 7
മേദിനീദേവൻ, ഗോക്കളാചാര്യൻ, സ്വന്ത-
മച്ഛൻ,
മാതാവെന്നിവരെയും വധിക്കും പാപിഷ്ഠനും
ശ്വാനനെത്തിന്നുവോനും ചണ്ഡാലൻ-
പോലും രമാ-
ജാനിതൻ നാമധേയം കീർത്തിക്കിൽ മുക്ത-
നാകും, 8
അശ്വമേധത്തിനേക്കാൾ ശ്രേഷ്ഠമാം യാഗ-
മില്ലീ-
വിശ്വത്തിൽ, ഞങ്ങളതു നിർദ്ദോഷം നട-
ത്തിക്കാം.
അപ്പുമാൻതന്നെയേവം യജിച്ചശേഷം ഭവാൻ
സബ്രഹ്മചരാചരം മുടിക്കു, തീണ്ടാ
പാപം.'' 9

ശ്രീശുകൻ പറഞ്ഞു

ഇത്തരം മുനിവാക്യം കേട്ടു വിശ്വസിച്ചത്രേ
വൃത്രോത്തമാങ്ഗച്ഛേദംചെയ്തതു വിണ്ണോർവരൻ
ബ്രഹ്മഹത്യയാം പാപം പാകശാസനൻതന്നി-
ലമ്മുഹൂർത്തത്തിൽതന്നെ കടന്നുകൂടിതാനും. 10
അതിനാലെഴും ദുഃഖം സഹിച്ചാനിന്ദ്രൻ, സുഖം
തദനന്തരമവന്നുണ്ടായതില്ല തെല്ലും.
നിന്ദ്യനും സലജ്ജനുമായീടുമവനെത്ത-
ദ്ഗുണങ്ങളുമാശ്വസിപ്പിച്ചതില്ല. 11
ഭൂപതേ! ചണ്ഡാളിപോൽ നീചയായ്, ജരമൂലം
വേപഥുപൂണ്ടു, കുഷ്ഠംപിടിച്ച്, ദേഹം പുണ്ണായ്
ധാരാളം ചോരചേരും കീറമുണ്ടൊന്നുടുത്തു
വീറോടും നരച്ച തൻ മുടിയും വിതിർത്തിട്ട
മീനദുർഗ്ഗന്ധമാളും ശ്വാസത്താൽ വഴിനാററി-
ത്താനേ, ''നില്ലെടാ നില്ലുനില്ലെ''ന്നു
ചൊല്ലിശ്ശീഘ്രം
പിന്നാലെ പാഞ്ഞെത്തിടും ബ്രഹ്മഹത്യയെ-
ക്കണ്ടു
നന്നായിപ്പരിഭ്രമിച്ചീടിനാൻ വൃത്രാരാതി.
12-13
അവളെക്കണ്ടു പേടിച്ചാകാശമാർന്നാനിന്ദ്ര-
നവിടത്തിലും കൂടെയെത്തിയാ ബ്രഹ്മഹത്യ.
ഒളിച്ചാൻ പോയിപ്പിന്നെപ്പലദിക്കിലുമവ-
നിളയ്ക്കാതവളുമുണ്ടുസ്ഥലത്തെല്ലാം പിൻപേ.
ഈശാനകോണിൽച്ചെന്നു മാനസസരസ്സതി-
ലാശു മുങ്ങിനാൻ പരം ഖിന്നനായ്
സഹസ്രാക്ഷൻ. 14
അന്തരംഗത്തിൽ ബ്രഹ്മവധത്തിൻ പാപം-
പോക്കാ-
നെന്തൊരു മാർഗ്ഗമെന്നു ചിന്തിച്ചുകൊണ്ടു ശക്രൻ
അപ്പൊഴുതന്നിലുള്ള താമരനാളന്തലി-
ലുൾപ്പുകിയാരും കാണാതായിരം സംവത്സരം
കിടന്നാ,നവിടെത്തദ്ഭൃത്യനാം വൈശ്വാനരൻ
കടക്കില്ലതുമൂലം ലഭിച്ചില്ലാഹാരവും. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താവത് ത്രിണാകം നഹുഷഃ ശശാസ
വിദ്യാതപോയോഗബലാനുഭാവഃ
സ സമ്പദൈശ്വര്യമദാന്ധബുദ്ധി-
ർന്നീതസ്തിരശ്ചാം ഗതിമിന്ദ്രപത്ന്യാ. 16

തതോ ഗതോ ബ്രഹ്മഗിരോപഹൂത
ഋതംഭരധ്യാനനിവാരിതാഘഃ
പാപസ്തു ദിഗ്ദേവതയാ ഹതൌജാ-
സ്തം നാഭ്യഭൂതദവിതം വിഷ്ണുപത്ന്യാ. 17

തം ച ബ്രഹ്മർഷയോഽഭ്യേത്യ ഹയമേധേന ഭാരത!
യഥാവദ്ദീക്ഷയാഞ്ചക്രുഃ പുരുഷാരാധനേന ഹ. 18

അഥേജ്യമാനേ പുരുഷേ സർവ്വദേവമയാത്മനി
അശ്വമേധേ മഹേന്ദ്രേണ വിതതേ ബ്രഹ്മവാദിഭിഃ. 19

സ വൈ ത്വാഷ്ട്രവധോ ഭൂയാനപി പാപചയോ നൃപ!
നീതസ്തേനൈവ ശൂന്യായ നീഹാര ഇവ ഭാനുനാ. 20

സ വാജിമേധേന യഥോദിതേന
വിതായമാനേന മരീചിമിശ്രൈഃ
ഇഷ്ട്വാധിയജ്ഞം പുരുഷം പുരാണ-
മിന്ദ്രോ മഹാനാസ വിധൂതപാപഃ. 21

ഇദം മഹാഖ്യാനമശേഷപാപ്മനാം
പ്രക്ഷാളനം തീർത്ഥപദാനുകീർത്തനം
ഭക്ത്യുച്ഛ്റയം ഭക്തജനാനുവർണ്ണനം
മഹേന്ദ്രമോക്ഷം വിജയം മരുത്വതഃ. 22

പഠേയുരാഖ്യാനമിദം സദാ ബുധാഃ
ശൃണ്വന്ത്യഥോ പർവ്വണി പർവ്വണീന്ദ്രിയം
ധന്യം യശസ്യം നിഖിലാഘമോചനം
രിപുഞ്ജയം സ്വസ്ത്യയനം തഥാഽഽയുഷം. 23

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ഇന്ദ്രവിജയോ നാമ ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

പരീക്ഷിദുവാച

രജസ്തമഃസ്വഭാവസ്യ, ബ്രഹ്മൻ, വൃത്രസ്യ പാപ്മനഃ
നാരായണേ ഭഗവതി കഥമാസീദ് ദൃഢാ മതിഃ? 1

ദേവാനാം ശുദ്ധസത്ത്വാനാമൃഷീണാം ചാമലാത്മനാം
ഭക്തിർമ്മുകുന്ദചരണേ ന പ്രായേണോപജായതേ. 2

രജോഭിഃ സമസംഖ്യാതാഃ പാർത്ഥിവൈരിഹ ജന്തവഃ
തേഷാം യേ കേചനേഹന്തേ ശ്രേയോ വൈ മനുജാദയഃ 3

പ്രായോ മുമുക്ഷവസ്തേഷാം കേചനൈവ ദ്വിജോത്തമ!
മുമുക്ഷൂണാം സഹസ്രേഷു കശ്ചിന്മുച്യേത സിധ്യതി. 4

മുക്താനാമപി സിദ്ധാനാം നാരായണപരായണഃ
സുദുർല്ലഭഃ പ്രശാന്താത്മാ കോടിഷ്വപി, മഹാമുനേ! 5

വൃത്രസ്തു സ കഥം പാപഃ സർവ്വലോകോപതാപനഃ
ഇത്ഥം ദൃഢമതിഃ കൃഷ്ണ ആസീത് സംഗ്രാമ ഉല്ബണേ. 6

അത്ര നഃ സംശയോഭൂയാഞ്ഛ്റോതും കൌതൂഹലം പ്രഭോ!
യഃ പൌരുഷേണ സമരേ സഹസ്രാക്ഷമതോഷയത്. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇക്കാലമെല്ലാം സ്വർഗ്ഗം ഭരിച്ചാൻ
തപോയോഗ-
ശക്തിവിദ്യകളാലും നഹുഷധരാധവൻ

ഐശ്വര്യമദാന്ധനായന്നൃപൻ നിജ ജീവി-
തേശ്വരിയായിരിക്കാൻ ശചിയോടത്ഥിച്ചിതു.

സൂത്രത്തിലവനെയദ്ദേവിയും മുനിശാപ-
പാത്രമാക്കീട്ടു തിര്യഗ്യോനിയിൽ
ജനിപ്പിച്ചാരം. 16

ഹരിധ്യാനത്തിനാൽ നിവാരിതം
ബ്രഹ്മഹത്യാ-
ദുരിതം, ദിഗ്ദേവതാവിദ്ധ്വംസിതൗജസ്സായി,

സുരനാഥനെപ്പിന്നെബ്ബാധിച്ചില്ലവൻ,
ശ്രീയാൽ
പരിപാലിതനമായിരുന്നിതവിടത്തിൽ.

ബ്രഹ്മഗീരിനാൽ പുനരാഹൂതനായിസ്സ്വർഗ്ഗം
സമ്മാനിച്ചതിൻശേഷം വിണ്ണിൽപ്പോയ്-
വാണാനവൻ. 17

അണ്ടർകോൻ വീണ്ടും വിണ്ണിലെത്തവേ
ബ്രഹ്മർഷികൾ
കൊണ്ടാടിയെതിരേററു വേണ്ടപോൽ
സൽക്കരിച്ചാർ.

പിന്നെ ശ്രീഹരിധ്യാനമുഖ്യമാമശ്വമേധ-
ത്തിന്നവർ മഹേന്ദ്രനെ ദീക്ഷയിലിരു-
ത്തിനാർ. 18

വിജ്ഞരായീടും വിപ്രർ വിധിപോൽ
യജിച്ചൊരീ-
യജ്ഞത്തിൽ സർവ്വദേവമയനാം മുകുന്ദനെ

വഴിപോൽ പൂജിക്കയാലാമഹാപാപ-
ത്തിൽനി-
ന്നൊഴിച്ചിന്ദ്രനെ ഹരി, ഹിമത്തെ
മാർത്താണ്ഡൻപോൽ. 19-20

മരീച്യാദ്യരാം മഹാബ്രഹ്മർഷിവര്യന്മാരാൽ
ശരിയായ് നടത്തപ്പെട്ടുള്ളൊരീയദ്ധ്വരത്തിൽ

ഹരിയെയാരാധിച്ചു സന്തോഷിപ്പിക്കയാലി-
പ്പുരുപാപവും തീർന്നു പൂജ്യനായ് വീണ്ടു-
മിന്ദ്രൻ. 21

സകല പാപങ്ങളും ക്ഷാളനംചെയ്യുന്നതാ-
യഖിലേശ്വരനാകും വിഷ്ണുവിൻ കീർത്തനത്താൽ

അത്യന്തം ശ്രേഷ്ഠമായിബ്ഭക്തിവർദ്ധക-
മായ്ത്തദ്-
ഭക്തസച്ചരിതങ്ങൾ വിസ്തരിക്കുന്നതായി

ശക്രന്റെ വിജയവും മോക്ഷവുമുൾക്കൊള്ളുമീ-
യുത്കൃഷ്ടാഖ്യാനം സദാ വിദ്വാന്മാർ
പഠിക്കയും

വാവുകൾതോറുമാത്തു കേൾക്കയും
വേണമെന്നാൽ
കൈവരുമവർക്കെല്ലാം കീർത്തിയും ദീർഘായുസ്സും.

ഇന്ദ്രിയബലം ശത്രുവിജയം ധനാഗമം
സന്താനവൃദ്ധി പാപവിമുക്തി ശുഭാപ്തിയും.
22-23

അദ്ധ്യായം 14

ചിത്രകേതൂപാഖ്യാനം

രാജാവു ചോദിച്ചു

പാപനായ് രജസ്തമോഗുണശീലനാം വൃത്രൻ
ശ്രീപതിഭക്തനാവാനെന്താണു മൂലം? മുനേ! 1

സാത്ത്വികന്മാരായിട്ടമാദിതേയന്മാരിലും
ശുദ്ധമാനസന്മാരാം മുനിമാരിലുംപോലും

മോക്ഷദനായീടും ശ്രീമുകുന്ദഭഗവാനിൽ
സാക്ഷാത്താം ഭക്തി കാണാറില്ലല്ലോ
സാധാരണ. 2

മന്നിതിലുള്ള മണൽത്തരികളെന്നമട്ടി-
ലെണ്ണമററെഴും പ്രാണിജാലത്തിൽവച്ചേററവും

അല്പപക്ഷക്കാരായ മനുഷ്യാദികൾ മാത്രം
നിരന്തരം ശ്രേയസ്സിനായ് പ്രവർത്തിച്ചിട്ടു-
ന്നിതേ. 3

ധർമ്മമാർഗ്ഗത്തിലേവം പ്രവർത്തിച്ചീടുവോരിൽ
ബ്രഹ്മജ്ഞ! മോക്ഷേച്ഛുക്കൾ വളരെ-
ച്ചുരുക്കമാം.

അവരിലായിരത്തിലൊന്നെന്നകണക്കിലേ
ഭവസാഗരം താണ്ടും തത്ത്വജ്ഞാനികളുള്ളൂ. 4

ജ്ഞാനമാർന്നിപ്രപഞ്ചധ്യാനംവിട്ടെഴും കോടി-
മാനവന്മാരിൽ തുച്ഛം ശാന്തരാം ഹരിഭക്തർ. 5

വൃത്രനോ പാർത്താൽ പാപൻ മൂന്നുലോകങ്ങ-
ളേയു-
മുത്തപിപ്പിക്കും ശീലമുള്ളവനെന്നാകിലും

എത്രയും ഭയങ്കരയുദ്ധഭൂവിലും ചിത്തം
ദൈത്യാരിഭഗവാനിലുറയ്ക്കാനെന്തുമൂലം? 6

ശക്രനെപ്പൗരുഷത്താൽ യുദ്ധത്തിൽ പ്രീണി-
പ്പിച്ച
വിക്രമൻ വൃത്രന്റെയീ വിഷ്ണുഭക്തിയെപ്പററി

ഞങ്ങൾക്കു സന്ദേഹമുണ്ടഖിലമറിഞ്ഞിട്ടു-
മങ്ങുന്നു കനിഞ്ഞതുമരുളിച്ചെയ്യണം. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത ഉവാച
പരീക്ഷിതോഽഥ സംപ്രഷ്ടം ഭഗവാൻ ബാദരായണിഃ
നിശമ്യ ശ്രദ്ദധാനസ്യ പ്രതിനന്ദ്യ വചോഽബ്രവീത്. 8

ശൃണുഷ്വാവഹിതോ രാജന്നിതിഹാസമിമം യഥാ
ശ്രുതം ദ്വൈപായനമുഖാന്നാരദാദ്ദേവലാദപി. 9

ആസീദ്രാജാ സാർവ്വഭൗമഃ ശൂരസേനേഷു വൈ നൃപ!
ചിത്രകേതുരിതി ഖ്യാതോ യസ്യാസീത് കാമധുങ്മഹീ. 10

തസ്യ ഭാര്യാസഹസ്രാണാം സഹസ്രാണി ദശാഭവൻ
സാന്താനികശ്ചാപി നൃപോ ന ലേഭേ താസു സന്തതിം. 11

രൂപൗദാര്യവയോജന്മവിദ്യൈശ്വര്യശ്രിയാദിഭിഃ
സമ്പന്നസ്യ ഗുണൈഃ സർവ്വൈശ്ചിന്താ വന്ധ്യാപതേരഭൂത്. 12

ന തസ്യ സമ്പദഃ സർവ്വാ മഹിഷ്യോ വാമലോചനാഃ
സാർവ്വഭൗമസ്യ ഭൂശ്ചേയമഭവൻ പ്രീതിഹേതവഃ. 13

തസ്യൈകദാ തു ഭവനമംഗിരാ ഭഗവാനൃഷിഃ
ലോകാനനുചരന്നേതാനുപാഗച്ഛദ്യദൃച്ഛയാ. 14

തം പൂജയിത്വാ വിധിവത് പ്രത്യുത്ഥാനാർഹണാദിഭിഃ
കൃതാതിഥ്യമുപാസീദത്സുഖാസീനം സമാഹിതഃ. 15

മഹർഷിസ്തമുപാസീനം പ്രശ്രയാവനതം ക്ഷിതൗ
പ്രതിപൂജ്യ മഹാരാജ, സമാഭാഷ്യേദമബ്രവീത്. 16

അംഗിരാ ഉവാച
അപി തേഽനാമയം സ്വസ്തി പ്രകൃതീനാം തഥാഽഽത്മനഃ
യഥാ പ്രകൃതിഭിർഗ്ഗുപ്തഃ പുമാൻ രാജാപി സപ്തഭിഃ. 17

ആത്മാനം പ്രകൃതിഷ്വദ്ധാ നിധായ ശ്രേയ ആപ്നുയാത്
രാജ്ഞാ തഥാ പ്രകൃതയോ നരദേവാഹിതാധയഃ. 18

അപി ദാരാഃ പ്രജാമാത്യാ ഭൃത്യാഃ ശ്രേണ്യോഽഥ മന്ത്രിണഃ
പൗരാ ജാനപദാ ഭൂപാ ആത്മജാ വശവർത്തിനഃ. 19

യസ്യാത്മാനുവശശ്ചേത്സ്യാത്സർവ്വേ തദ്വശഗാ ഇമേ
ലോകാഃ സപാലാ യച്ഛന്തി സർവ്വേ ബലിമതന്ദ്രിതാഃ. 20

ആത്മനഃ പ്രീയതേ നാത്മാ പരതഃ സ്വത ഏവ വാ
ലക്ഷയേഽലബ്ധകാമം ത്വാം ചിന്തയാ ശബലം മുഖം. 21

ഏവം വികല്പിതോ, രാജൻ, വിദുഷാ മുനിനാപി സഃ
പ്രശ്രയാവനതോഽഭ്യാഹ പ്രജാകാമസ്തതോ മുനിം. 22

ചിത്രകേതുരുവാച
ഭഗവൻ കിം ന വിദിതം തപോജ്ഞാനസമാധിഭിഃ
യോഗിനാം ധ്വസ്തപാപാനാം ബഹിരന്തഃ ശരീരിഷു? 23

തഥാപി പൃച്ഛതോ ബ്രൂയാം ബ്രഹ്മന്നാത്മനി ചിന്തിതം
ഭവതോ വിദുഷശ്ചാപി ചോദിതസ്ത്വദനുജ്ഞയാ. 24

ലോകപാലൈരപി പ്രാർത്ഥ്യാഃ സാമ്രാജ്യൈശ്വര്യസമ്പദഃ
ന നന്ദയന്ത്യപ്രജം മാം ക്ഷുത്തൃട്കാമമിവാപരേ. 25

തതഃ പാഹി മഹാഭാഗ! പൂർവ്വൈഃ സഹ ഗതം തമഃ
യഥാ തരേമ ദുസ്താരം പ്രജയാ തദ്വിധേഹി നഃ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂതൻ പറഞ്ഞു

ശ്രദ്ധയോടപ്പരീക്ഷിത്തിങ്ങനെ
ചോദിച്ചപ്പോൾ
മുത്തിയന്നിത്തരത്തിലുത്തരം ചെന്നാൻ
ശുകൻ. 8
മനസ്സിരുത്തിക്കേട്ടുകൊൾകയിച്ചരിത്രമെൻ–
ജനകനാകും വ്യാസമുനിയും ദേവർഷിയും
ദേവലൻതാനും ചൊല്ലിദ്ധരിച്ചുവച്ചതെന്യേ
ഭൂവലാരാതേ! സ്വയംകൃതമായ് ചൊല്ലുയല്ല. 9
പേരെഴും ചിത്രകേതുവെന്നൊരു ചക്രവർത്തി
ശൂരസേനാഖ്യരാജ്യംതന്നിലുണ്ടായിരുന്നു.
തദ്ഭൂമി കാമധേനുവെന്നപോലഖിലക്ഷ–
മൾപ്പുവിലാശിച്ചവയേകുന്നതായിരുന്നു. 10
കാന്തമാർ കോടിക്കണക്കന്നൃപനുണ്ടായിട്ടും,
സന്തത്യുത്പാദനത്തിൽ പാടവമിരുന്നിട്ടും,
സന്താനമൊന്നുപോലുമവനു ലഭിച്ചീല,
വന്ധ്യമാരായിത്തീർന്നു പത്നിമാരെല്ലാവരും. 11
ഔദാര്യ,മൈശ്വര്യം,ശ്രീ,സൗന്ദര്യം, ശ്രേഷ്ഠ–
വംശോദ്–
ഭൂതി, താരുണ്യമാദി ഗുണങ്ങളിണങ്ങിടും
വന്ധ്യാഭർത്താവാകുമസ്സാർവ്വഭൗമൻ നിതാന്തം
ചിന്താധീനനായ്ത്തീർന്നാൻ സന്തതിയില്ലാ–
യ്കയാൽ. 12
സ്വന്തമായീടുമന്തമററ സമ്പത്തുകളും
ബന്ധുരാങ്ഗികളാകുമാ പ്രിയപത്നിമാരും
ചിന്തയാൽത്താന്തനാകുമമ്മഹീമണാളനു
സന്തോഷകാരണങ്ങളായിരുന്നില്ല തെല്ലും. 13
ഒരുനാൾ ഭഗവാനാമങ്ഗിരസ്സെങ്ങും ചുററി–
ച്ചരിച്ചു യദൃച്ഛയായ്‌വന്നു തന്മന്ദിരത്തിൽ. 14
എതിരേററർഘ്യാദിയാലർച്ചിച്ചമ്മഹർഷിയെ
മുദിതനാക്കീട്ടുട,നാതിഥ്യം സ്വീകരിച്ചു
സമാഹിതനായ് സുഖമാസീനനാമമ്മുനി–
പ്രമുഖൻതന്നന്തികം ചെന്നിരുന്നാൻ നൃപാ–
ലൻ. 15
അരികിൽ വിനീതനായ് നമിച്ചു കുപ്പിത്താഴ–
ത്തിരുന്ന ഭൂപനോടായങ്ഗിരസ്സോതീടി–
നാൻ. 16

അങ്ഗിരസ്സു പറഞ്ഞു

സുകൃതാംബുധേ! നൃപാ! ഭവാൻെറ ദേഹ–
ത്തിനും
പ്രകൃതികൾക്കുമിപ്പോൾ കുശലംതന്നെയല്ലേ?
മന്നവൻ,മന്ത്രി,രാജ്യം,സമ്പത്തു,മിത്രം,ദുർഗ്ഗം,
ദണ്ഡമെന്നീമട്ടെഴും പ്രകൃതിയേഴിനാലും
പുരുഷനെന്നപോലെ ധരണീപാലൻതാനും
ശരിയായ് പരിഗുപ്തനായിരിക്കണമല്ലോ. 17
ക്ഷിതിപനാത്മാവിനെ രാജ്യാങ്ഗമാകും മന്ത്രി
മുതൽപേർക്കർപ്പിച്ചാർജ്ജിച്ചീടണം രാജ്യക്ഷേമം.
സമോദം ജനങ്ങളും സർവ്വും രാജാവിങ്കൽ
സമർപ്പിച്ചാത്മസൗഖ്യസ്വാസ്ഥ്യാദി–
യാർന്നീടണം. 18
പുത്രരും ഭാര്യമാരും ഭൃത്യരും പ്രജകളു–
മുദ്യോഗസ്ഥരും പൗരവൃന്ദവും മന്ത്രിമാരും
സാമന്തനൃപന്മാരും ഗ്രാമീണന്മാരും വണിക്–
സ്തോമവുമെല്ലാംതന്നെ നിന്നധീനത്തി–
ലല്ലേ? 19
ആരൊരാൾ നിജമനം സ്വാധീനമാക്കീടുന്നു
പാരിതിലാമഹാനു സർവ്വവും സ്വാധീനംതാൻ.
അവനേയർച്ചിക്കുന്നു ലോകപാലകന്മാരും,
നൃവരാ! നിന്നധീനംതന്നെയോ നിന്മാ–
നസം? 20
അങ്ങുന്നിദാനീം സ്വയം തോഷിച്ചിരിക്കു–
യാണോ?
മങ്ങിക്കാണുന്നുവല്ലോ താവകമുഖാംബുജം.
അന്യനിൽനിന്നോ തന്നിൽനിന്നുതന്നെയോ
ഭവാ–
നന്നിയ കാര്യത്തിനു വിഘാതം നേരി–
ട്ടുവോ? 21

ശ്രീശുകൻ പറഞ്ഞു

സർവ്വജ്ഞനായിരിക്കുമാ മുനീശ്വരനേവ–
മുർവ്വീശൻ ചൊല്ലിക്കേൾപ്പാനിച്ഛിച്ചു
വികല്പിച്ചു
ചോദിച്ചവാറു സന്താനേച്ഛുവാമന്നൃപാലൻ
സാദരം നമസ്കരിച്ചീവിധം ചൊല്ലീടിനാൻ. 22

ചിത്രകേതു പറഞ്ഞു

ഭഗവൻ! തപസ്സാത്മജ്ഞാനവും ധ്യാന–
വുംകൊ–
ണ്ടകത്തെയഴുക്കററുത്തമലന്മാരായ് മിന്നും
ത്വാദൃശന്മാരാം യോഗീശ്വരക്കിജ്ജനങ്ങൾതൻ–
ചേതസ്സിൽ ബാഹ്യത്തിലുമുള്ളതൊക്കെയും
കാണാം. 23
എന്നാലും ബ്രഹ്മജ്ഞനാമങ്ങുന്നു ചോദിക്കയാ–
ലെന്നഭിലാഷമിപ്പോളങ്ങയേയറിയിക്കാം.
സർവ്വജ്ഞന്മാരാം മഹാന്മാരുടെയേതാജ്ഞയും
സർവ്വദാ നിർവ്വഹിപ്പതെൻ ചുമതലയല്ലോ. 24
ലോകപാലന്മാർപോലും കൊതിക്കും
വിഭൂതിക–
ളാകെയുണ്ടെന്നാ,ലവയപുത്രനാകുമെന്നെ
ആനന്ദിപ്പിക്കുന്നില്ല, ദാഹവും ക്ഷുത്തുംമൂലം
ദീനനായീടുവോനെയന്യഭോഗങ്ങൾമട്ടിൽ. 25
സന്താനാഭാവത്തിനാൽ പൂർവ്വികരൊത്തു ഞാനു–
മന്ത്യമന്നരകത്തിൽപ്പതിച്ചീടണമല്ലോ.
പുത്രനെക്കൊണ്ടല്ലാതെ കടക്കാനാകാത്തൊരാ–
ദുസ്തരതമസ്സിൽനിന്നൊഴിയാൻ വഴി
ചൊല്ലു. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

ഇത്യർത്ഥിതഃ സ ഭഗവാൻ കൃപാലുർബ്രഹ്മണഃ സുതഃ
ശ്രപയിത്വാ ചരും ത്വാഷ്ട്രം ത്വഷ്ടാരമയജദ്വിഭുഃ. 27

ജ്യേഷ്ഠാ ശ്രേഷ്ഠാ ച യാ രാജ്ഞോ മഹിഷീണാം ച, ഭാരത,
നാമ്നാ കൃതദ്യുതിസ്തസ്യൈ യജ്ഞോച്ഛിഷ്ടമദാദ്വിജഃ. 28

അഥാഹ നൃപതിം, ''രാജൻ, ഭവിതൈകസ്തവാത്മജഃ
ഹർഷശോകപ്രദസ്തുഭ്യ''മിതി ബ്രഹ്മസുതോ യയൗ. 29

സാപി തത്പ്രാശനാദേവ ചിത്രകേതോരധാരയത്
ഗർഭം കൃതദ്യുതിർദ്ദേവീ കൃത്തികാഗ്നേരിവാത്മജം. 30

തസ്യാ അനുദിനം ഗർഭഃ ശുക്ലപക്ഷ ഇവോഡുപഃ
വവൃധേ ശൂരസേനേശതേജസാ ശനകൈർനൃപ. 31

അഥ കാല ഉപാവൃത്തേ കുമാരഃ സമജായത
ജനയൻ ശൂരസേനാനാം ശൃണ്വതാം പരമാം മുദം. 32

ഹൃഷ്ടോ രാജാ കുമാരസ്യ സ്നാതഃ ശുചിരലംകൃതഃ
വാചയിത്വാഽഽശിഷോ വിപ്രൈഃ കാരയാമാസ ജാതകം. 33

തേഭ്യോ ഹിരണ്യം രജതം വാസാംസ്യാഭരണാനി ച
ഗ്രാമാൻ ഹയാൻ ഗജാൻ പ്രാദാദ്ധേനൂനാമർബ്ബുദാനി ഷട്. 34

വവർഷ കാമാനന്യേഷാം പർജ്ജന്യ ഇവ ദേഹിനാം
ധന്യം യശസ്യമായുഷ്യം കുമാരസ്യ മഹാമനാഃ. 35

കൃച്ഛ്റലബ്ധേഽഥ രാജർഷേസ്തനയേഽനുദിനം പിതുഃ
യഥാ നിഃസ്വസ്യ കൃച്ഛ്റാപ്തേ ധനേ സ്നേഹോഽന്വവർദ്ധത. 36

മാതുസ്ത്വതിതരാം പുത്രേ സ്നേഹോ മോഹസമുദ്ഭവഃ
കൃതദ്യുതേഃ സപത്നീനാം പ്രജാകാമജ്വരോഽഭവത്. 37

ചിത്രകേതോരതിപ്രീതിര്യഥാ ദാരേ പ്രജാവതി
ന തഥാന്യേഷു സംജജ്ഞേ ബാലം ലാലയതോഽന്വഹം. 38

താഃ പര്യതപ്യന്നാത്മാനം ഗർഹയന്ത്യോഽഭ്യസൂയയാ
ആനപത്യേന ദുഃഖേന രാജ്ഞോഽനാദരേണ ച. 39

''ധിഗപ്രജാം സ്ത്രിയം പാപാം പത്യുശ്ചാഗൃഹസമ്മതാം
സുപ്രജാഭിഃ സപത്നീഭിർദ്ദാസീമിവ തിരസ്കൃതാം. 40

ദാസീനാം കോ നു സന്താപഃ സ്വാമിനഃ പരിചര്യയാ
അഭീക്ഷ്ണം ലബ്ധമാനാനാം ദാസ്യാദാസീവ ദുർഭഗാഃ'' 41

ഏവം സന്ദഹ്യമാനാനാം സപത്ന്യാഃ പുത്രസമ്പദാ
രാജ്ഞോഽസമ്മതവൃത്തീനാം വിദ്വേഷോ ബലവാനഭൃത്. 42

വിദ്വേഷനഷ്ടമതയഃ സ്ത്രിയോ ദാരുണചേതസഃ
ഗരം ദദുഃ കുമാരായ ദുർമ്മർഷാ നൃപതിംപ്രതി. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു
കരുണാശീലനായി ജ്ഞാനാദിഗുണങ്ങളാൽ
പരിപൂർണ്ണനായ് ബ്രഹ്മപുത്രനാമമ്മുനീന്ദ്രൻ
അർത്ഥനയിതു കേട്ടു പുരോഡാശം ചമച്ചു
മിത്രനെ മുറപോലെ യജിച്ചാനപ്പോഴ-
ത്തന്നെ. 27
യജ്ഞോച്ഛിഷ്ടത്തെപ്പിന്നമ്മുനീന്ദ്രൻ ശ്രേഷ്ഠ-
യായി
രാജ്ഞീജ്യേഷ്ഠയാം കൃതദ്യുതിക്കായേകീടി-
നാൻ.
അങ്ഗിരസ്സനന്തരം ''മോദവും സന്താപവു-
മങ്ങേയ്ക്കുളവാക്കുമൊരു നന്ദനനുണ്ടായിടും''
ഇത്രയുംമാത്രം ചിത്രകേതുവിനോടു ചൊല്ലി
യാത്രയായിതു പെട്ടെന്നസ്ഥലംതന്നിൽ-
നിന്നും. 28-29
അക്കൃതദ്യുതി യാഗോച്ഛിഷ്ടപ്രാശനത്തിനാൽ
ചൊല്ലേറ്റുള്ളോം ചിത്രകേതു നരപാലനിൽ-
നിന്നും
സത്വരം ഗർഭംധരിച്ചീടിനാൾ സപ്രമോദം
കൃത്തികാദേവിയഗ്നിദേവനിൽനിന്നെന്ന-
പോൽ. 30
ശൂരസേനാധീശനാമച്ചിത്രകേതുവിന്റെ
വീര്യത്തിൽനിന്നു നേരേ സംജാതമാമഗ്ഗർഭം
വെളുത്തപക്ഷത്തിലെച്ചന്ദ്രനെന്നതുപോലെ
വളർന്നുവന്നു മെല്ലെ നാൾക്കുനാൾ നരാധിപാ!
31
ആ രാജ്ഞി പിന്നെക്കാലമായപ്പോൾ പ്രസ-
വിച്ചു,
ശൂരസേനാവാസികളേവരും മോദംപൂണ്ടാർ. 32
അരചൻ സന്തുഷ്ടനായ് കുളിച്ചുവന്നു ചാരു-
വരഭൂഷണങ്ങളുമണിഞ്ഞു വിളങ്ങിനാൻ.
ധരണീദേവരെക്കൊണ്ടാത്മജന്നാശീർവാദ-
മരുളിച്ചനുഷ്ഠിച്ചാൻ ജാതകർമ്മവും നേരേ. 33
പുത്രജന്മോത്സവത്തിൽ ബ്രാഹ്മണർക്കായ-
സംഖ്യം
വസ്ത്രങ്ങൾ, ഭൂഷണങ്ങൾ, പൊൻവെള്ളി-
നാണയങ്ങൾ,
ഗ്രാമങ്ങൾ, സദനങ്ങൾ, ഗജാശ്വപശ്വാദിയു-
മാമഹീപാലൻ മന്ദം തെളിഞ്ഞങ്ങേകീടി-
നാൻ. 34
അത്യുദാരനാം ചിത്രകേതുമന്നവൻ പിന്നെ-
ച്ചിത്താഭിലാഷം മററുള്ളവർക്കും കൈവരുത്താൻ
ഉദ്ദേശിച്ചെല്ലാവർക്കുമിച്ഛാനുസാരം നാനാ-
വസ്തുസന്ദോഹത്തെയും വർഷിച്ചാൻ, വാരിദം-
പോൽ.
ദാനമീശ്വരൈശ്വര്യവും കീർത്തിയും ദീർഘായുസ്സും
സൂനുവിനേകീടുവാൻ ശക്തമെന്നറിഞ്ഞത്രേ
പ്രാണികൾക്കെല്ലാമിഷ്ടവസ്തുക്കളേകിപ്പരം
പ്രീണിപ്പിച്ചതുമന്നിത്തരത്തിൽ
ചിത്രകേതു. 35
പിതാവാം രാജർഷിക്ക യത്നത്താൽ
സിദ്ധിച്ചോരി-
സ്സുതനിൽ,ക്കൃച്ഛ്റലബ്ധധനത്തിൽ
നിസ്വനുപോൽ,
അളവററുള്ള പുത്രവാത്സല്യം നാളിൽനാളിൽ
വളർന്നുവന്നു പരിലാളന താത്പര്യവും. 36
അമ്മയ്ക്കുമമ്മട്ടിലമ്മകനിലുണ്ടായൊരാ-
വന്മോഹജസ്നേഹവും നിസ്സീമമായിതന്നു.
സപത്നീജനമെല്ലാം പുത്രനില്ലായ്കമൂലം
തപിച്ചു കൃശഗാത്രിമാരായിബ്ഭവിച്ചിതു. 37
പുത്രനെയനാരതം ലാളിച്ചുമോദിക്കുമ-
ച്ചിത്രകേതുവാം ഭൂപന്നിതരഭാര്യമാരിൽ
നന്ദനവതിയാകും പത്നിയിലിയന്നപോ-
ലുന്നതസ്നേഹമില്ലായിരുന്നു യഥാർത്ഥത്തിൽ.38
നന്ദനവതിതന്നിലഭ്യസൂയയാൽ സ്വയം
നിന്ദിച്ചസ്സപത്നിമാരസ്വസ്ഥചിത്തരായി
സന്താനാഭാവമോർത്തും കാന്തന്റെയനാദരം
ചിന്തിച്ചും നാൾ നയിച്ചാർ സന്താപ-
സമന്വിതം. 39
''വന്ധ്യതൻ സ്ഥിതി കഷ്ടം! ജന്മാന്തരത്തി-
ലവൾ
വൻതരം പാപം ചെയ്തിട്ടുണ്ടെന്നു തെളിയുന്നു.
അവളെബ്ഭർത്താവനാദരിക്കും,
ദാസിയേപ്പോ-
ലവഗണിക്കും സുതവതിയാം സപത്നിയും. 40
ദാസിയെന്നുരചെയ്താലായില്ല, പോരാ,
ദാസീ-
ദാസിയെന്നോതീടണമെങ്കിലേ നേരായിട്ടു.
സ്വാമിയെശ്ശുശ്രൂഷിക്കും ദാസിയെ-
ന്നതിനാൽത്തൽ-
ക്കാമിതമേകി സ്വാമിയവളെ പ്രീണിപ്പിക്കും.
അതിനാൽ, ദാസി സന്താപാർഹയല്ലാമട്ടല്ല
സുതവിഹീന, ഭാഗ്യംകെട്ടവൾതന്നെ നൂനം''
41
സപത്നീപുത്രസമ്പത്തീക്ഷിച്ചുള്ളുരുകിയും
നൃപതിതന്നിൽനിന്നും വേണ്ടതു കിട്ടാതെയും
കുഴങ്ങും വന്ധ്യാകാന്തമാരുടെ പരാഭവം
മുഴുത്തു കൃതദ്യുതിതന്നിലും ഭർത്താവിലും. 42
വിരോധമസഹ്യമായ് വിവേകം
കൈവെടിഞ്ഞു
കഠിനകല്ലിനോടൊത്ത ചിത്തമാളുമസ്ത്രീകൾ
കരുതിക്കൂട്ടിച്ചെററും മടിക്കാതഹോ കഷ്ട-
മൊരുനാളക്കുഞ്ഞിനു കൊടുത്തീടിനാർ
വിഷം. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃതദ്യുതിരജാനന്തീ സപത്നീനാമഘം മഹത്
സുപ്ത ഏവേതി സഞ്ചിന്ത്യ നിരീക്ഷ്യ വ്യചരദ് ഗൃഹേ. 44
ശയാനം സുചിരം ബാലമുപധാര്യ മനീഷിണീ
''പുത്രമാനയ മേ ഭദ്രേ''ഇതി ധാത്രീമചോദയത്. 45
സാ ശയാനമുപവ്രജ്യ ദൃഷ്ട്വാ ചോത്താരലോചനം
പ്രാണേന്ദ്രിയാത്മഭിസ്ത്യക്തം ''ഹതാസ്മീ''ത്യപതദ്ഭുവി. 46

തസ്യാസ്തദാऽऽകർണ്യ ഭൃശാതുരം സ്വരം
ഘ്നന്ത്യാഃ കരാഭ്യാമുര ഉച്ചകൈരപി
പ്രവിശ്യ രാജ്ഞീ ത്വരയാऽऽത്മജാന്തികം
ദദർശ ബാലം സഹസാ മൃതം സുതം. 47
പപാത ഭൂമൗ പരിവൃദ്ധയാ ശുചാ
മുമോഹ വിഭ്രഷ്ടശിരോരുഹാംബരാ
തതോ നൃപാന്തഃപുരവർത്തിനോ ജനാ
നരാശ്ച നാര്യശ്ച നിശമ്യ രോദനം
ആഗത്യ തുല്യവ്യസനാഃ സുദുഃഖിതാ-
സ്താശ്ച വ്യളീകം രുരുദുഃ കൃതാഗസഃ. 48
ശ്രുത്വാ മൃതം പുത്രമലക്ഷിതാന്തകം
വിനഷ്ടദൃഷ്ടിഃ പ്രപതൻ സ്ഖലൻ പഥി
സ്നേഹാനുബന്ധൈധിതയാ ശുചാ ഭൃശം
വിമൂർച്ഛിതോऽനുപ്രകൃതിർദ്വിജൈർവൃതഃ. 49
പപാത ബാലസ്യ സ പാദമൂലേ
മൃതസ്യ വിസ്രസ്തശിരോരുഹാംബരഃ
ദീർഘം ശ്വസൻ ബാഷ്പകലോപരോധതോ
നിരുദ്ധകണ്ഠോ ന ശശാക ഭാഷിതും. 50
പതിം നിരീക്ഷ്യോരുശുചാർപ്പിതം തദാ
മൃതം ച ബാലം സുതമേകസന്തതിം
ജനസ്യ രാജ്ഞീ പ്രകൃതേശ്ച ഹൃദ്രുജം
സതീ ദധാനാ വിലലാപ ചിത്രധാ. 51
സ്തനദ്വയം കുങ്കുമഗന്ധമണ്ഡിതം
നിഷിഞ്ചതീ സാഞ്ജനബാഷ്പബിന്ദുഭിഃ
വികീര്യ കേശാൻ വിഗളത്സ്രജഃ സുതം
ശുശോച ചിത്രം കുരരീവ സുസ്വരം. 52
''അഹോ വിധാതസ്ത്വമതീവ ബാലിശോ
യസ്ത്വാത്മസൃഷ്ട്യപ്രതിരൂപമീഹസേ
പരേऽനുജീവത്യപരസ്യ യാ മൃതി-
ർവ്വിപര്യയശ്ചേത്ത്വമസി ധ്രുവഃ പരഃ. 53
ന ഹി ക്രമശ്ചേദിഹ മൃത്യുജന്മനോഃ
ശരീരിണാമസ്തു തദാऽऽത്മകർമ്മഭിഃ
യഃ സ്നേഹപാശോ നിജസർഗ്ഗവൃദ്ധയേ
സ്വയം കൃതസ്തേ തമിമം വിവൃശ്ചസി. 54
ത്വം താത നാർഹസി ച മാം കൃപണാമനാഥാം
ത്യക്തും വിചക്ഷ്വ പിതരം തവ ശോകതപ്തം
അഞ്ജസ്തരേമ ഭവതാപ്രജദുസ്തരം യത്
ധ്വാന്തം ന യാഹ്യകരുണേന യമേന ദൂരം. 55
ഉത്തിഷ്ഠ, താത, ത ഇമേ ശിശവോ വയസ്യാ-
സ്ത്വാമാഹ്വയന്തി, നൃപനന്ദന, സംവിഹർത്തും
സുപ്തശ്ചിരം ഹ്യശനയാ ച ഭവാൻ പരീതോ
ഭുങ്ക്ഷ്വ സ്തനം പിബ, ശുചോ ഹര നഃ സ്വകാനാം. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപത്നീജനം ചെയ്തോരിക്കൊടും ദുഷ്കൃതത്തെ-
യപത്യവതിരാജ്ഞി ലേശവുമറിയാതെ

ബാലകനുറക്കമാണെന്നു പാർത്തനാരത-
മാലയകാര്യബദ്ധശ്രദ്ധയായിരുന്നിതേ. 44

ഒട്ടേറെനേരമായിട്ടുറങ്ങും കുമാരനിൽ-
പ്പെട്ടിടും സ്നേഹമോടും പെട്ടെന്നമ്മനീഷിണി
''കുട്ടിയേയെടുത്തിങ്ങു കൊണ്ടുവന്നീടു''-
കെന്നാ-

യിഷ്ടയാം ധാത്രിയോടു വിളിച്ചുപറഞ്ഞിതു.45

അവളങ്ങുടൻ കുഞ്ഞിൻചാരത്തു ചെന്നീടവേ
ശിവനേ! നിശ്ചലമുത്താരലോചനനായി

പ്രാണനേവിട്ടു കുട്ടി കിടക്കുന്നതു കണ്ടു
വീണുടൻ''ഹതയായ് ഞാൻ''നെന്നോതി-
ക്കേണീടിനാൾ. 46

ആർത്തയായ് നെഞ്ഞത്തടിച്ചുച്ചത്തിൽ-
ക്കരഞ്ഞീടും

ധാത്രിതൻ ശബ്ദം കേട്ടു സംഭ്രമത്തോടുകൂടി

പെററമ്മയോടിച്ചെന്നു നോക്കവേ, തൻെറ
കുഞ്ഞു

പെട്ടെന്നു ഹേതുവെന്യേ ചത്തുപോയെ-
ന്നറിഞ്ഞു. 47

ദുഃഖാധിക്യത്താലുടൻ മോഹിച്ചുവീണു
കേണാൾ

തത്കേശക്കെട്ടഴിഞ്ഞുമംബരമിഴിഞ്ഞുമേ.

അന്തഃപുരത്തിലാളും സ്ത്രീകളും പുമാന്മാരും
പൊന്നുമാരോദനം കേട്ടുടനങ്ങോടിക്കൂടി

തുല്യദുഃഖം നടിച്ചാർ കള്ളക്കരച്ചിലാലി-
പ്പൊല്ലാത്ത ഘോരകൃത്യം ചെയ്തവരത്രേ-
യവർ. 48

തനയനകാരണം മൃതനായെന്നു കേട്ട-
ജ്ജനേശനന്ധനായി വഴിയിലങ്ങുമിങ്ങും

വഴുതിവീണും സ്നേഹബന്ധത്താൽ വർദ്ധിച്ചിടു-
മഴലാൽ മൂർച്ഛയാർന്നും വിപ്രസംഘങ്ങൾ
ചൂഴ്ന്നും

പ്രകൃതികളാലനുഗതനായ്ക്ലേശം പരം
വികൃതമട്ടു പാറി വസ്ത്രവും സ്രസ്തമായി

മൃതനാം ബാലകൻതൻ പാദമൂലത്തിൽച്ചെന്നു
പതിച്ചു, ദീർഘമായിശ്വസിച്ചു, കണ്ണീരിനാൽ

നിരുദ്ധകണ്ഠനായിട്ടൊന്നുമേ സംസാരിക്കാ-
നരുതാതാപതിച്ചാൻ കദനവാരാശിയിൽ.
49 50

അത്യന്തദുഃഖാർത്തനാം തന്നുടെ കാന്തനേയും
ചത്തങ്ങു കിടക്കും തൽതനകസന്തതിയേയും

പാർത്തവിലക്കും ഏത്തിലത്തലേററീടുംമട്ടിൽ
സാദ്ധ്വിമാർമണിരാജ്ഞി ബഹുധാ
വിലപിച്ചാൾ. 51

കുങ്കുമഗന്ധം വമിച്ചീടുന്നതാമക്കുളുർ-
കൊങ്കകൾ മഷിചേർന്ന കണ്ണീരാൽ നനച്ചലം

മാലകൾ വിഗളിച്ച വാർമുടി ചിന്നിപ്പാറി
മാലാർന്നു കുരരിക്കൊത്തെത്രയും വിചിത്രമായ്

മധുരസ്വരത്തിലസ്സുതിയാം കൃതദ്യുതി
സുതനെപ്പററിയന്തമെന്നിയേ സന്തപിച്ചാൾ.
52

''സൃഷ്ടികർത്താവേ! ഭവാനത്യന്തം മൂഢൻതന്നെ
കഷ്ടം! നിൻ സൃഷ്ടിവർഗ്ഗമിഷ്ടപ്പെടാത്തമട്ടിൽ

അന്യായം ചെയ്യുന്ന നീ പൂർവ്വജന്മാരിരിക്കെ-
ക്കൊന്നീടുന്നഹോ! പിന്നെ ജ്ജനിപ്പിച്ചവരേ
നീ.

ഇങ്ങനെ ജീവിജാലാനിഷ്ടകാരിയാം ഭവാൻ
ഞങ്ങൾക്കു ഭയങ്കരനാമൊരു ശത്രുവത്രേ. 53

ജന്തുക്കൾക്കിഹ ജനിമരണക്രമത്തിലി-
പ്പന്തികേടുളവാകാൻ കാരണം കർമ്മമെങ്കിൽ

ആകട്ടെ, ഭവൽസൃഷ്ടിവർഗ്ഗമിതഭിവൃദ്ധ-
മാകുവാൻ ജനഹൃത്തിലങ്ങുന്നു പിണച്ചതാം

സ്നേഹപാശത്തെസ്സ്വയം ഖണ്ഡിപ്പു ഭവാൻ
തന്നെ-

യാഹന്ത വിധേ! യാത്മഹത്യരാനിതുനൂനം. 54

നാഥനററവളായി ദുഃഖിതയായോരെന്നെ
പ്രീതിധാമമേ! യുണ്ണീ! യുപേക്ഷിക്കരുതേ നീ.

നിൻ താതൻ നീ പിരിഞ്ഞുപോയതുമൂലമായി-
സ്സന്തപിച്ചീടുന്നതു നോക്കുക കുമാരകാ!

അസുതർക്കുല്ലംഘ്യമായീടും നരകത്തെ-
യശങ്കം കടക്കട്ടെ ഞങ്ങൾ നിൻ സഹായ-
ത്താൽ.

കരുണാഹീനനാമക്കാലനോടൊത്തു പോയീ-
ടരുതേ ദൂരദിക്കിലെങ്ങുമേയെൻ പൈതലേ! 55

എൻ കുഞ്ഞേ! യെഴുനേല്ക്കുയേറെനേരമായ്
നിന്നെ

നിൻകൂട്ടുകാർ വന്നിതാ കളിക്കാൻ വിളിക്കുന്നു.

ഏറെനേരമായുറങ്ങുന്നു നീ, വിശപ്പില്ലേ?
ചോറുണ്ണു, കുറച്ചു പാൽ കുടിക്കു മകനേ! നീ.

അസ്മദാദികൾ വാച്ചും സ്നേഹദുഃഖത്തെ നീ
സുസ്മിതപ്രഭയാലേ ഭസ്മസാൽക്കരിച്ചാലും. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഹം തനൂജ ദദൃശേ ഹതമങ്ഗലാ തേ
മുഗ്ധസ്മിതം മുദിതവീക്ഷണമാനനാബ്ജം
കിം വാ ഗതോഽസ്യപുനരന്വയമന്യലോകം
നീതോഽഘൃണേന, ന ശൃണോമി കലാ ഗിരസ്തേ.'' 57

ശ്രീശുക ഉവാച
വിലപന്ത്യാ മൃതം പുത്രമിതി ചിത്രവിലാപനൈഃ
ചിത്രകേതുർഭൃശം തപ്തോ മുക്തകണ്ഠോ രുരോദ ഹ. 58

തയോർവിലപതോഃ സർവ്വേ ദമ്പത്യോസ്തദനുവ്രതാഃ
രുരുദുഃ സ്മ നരാ നാര്യഃ സർവ്വമാസീദചേതനം. 59

ഏവം കശ്മലമാപന്നം നഷ്ടസംജ്ഞമനായകം
ജ്ഞാത്വാങ്ഗിരാ നാമ മുനിരാജഗാമ സനാരദഃ. 60

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചിത്രകേതുവിലാപോ നാമ ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

ശ്രീശുക ഉവാച
ഊചതുർമൃതകോപാന്തേ പതിതം മൃതകോപമം
ശോകാഭിഭൂതം രാജാനം ബോധയന്തൗ സദുക്തിഭിഃ. 1

''കോഽയം സ്യാത് തവ രാജേന്ദ്ര! ഭവാൻ യമനുശോചതി
ത്വം ചാസ്യ കതമഃ സൃഷ്ടൗ പുരേദാനീമതഃ പരം. 2

യഥാ പ്രയാന്തി സംയാന്തി സ്രോതോവേഗേന വാലുകാഃ
സംയുജ്യന്തേ വിയുജ്യന്തേ തഥാ കാലേന ദേഹിനഃ. 3

യഥാ ധാനാസു വൈ ധാനാ ഭവന്തി ന ഭവന്തി ച
ഏവം ഭൂതേഷു ഭൂതാനി ചോദിതാനീശമായയാ. 4

വയം ച ത്വം ച യേ ചേമേ തുല്യകാലാശ്ചരാചരാഃ
ജന്മമൃത്യോര്യഥാ പശ്ചാത് പ്രാങ്നൈവമധുനാപി ഭോഃ. 5

ഭൂതൈർഭൂതാനി ഭൂതേശഃ സൃജത്യവതി ഹന്ത്യജഃ
ആത്മസൃഷ്ടൈരസ്വതന്ത്രൈരനപേക്ഷോഽപി ബാലവത്. 6

ദേഹേന ദേഹിനോ, രാജൻ, ദേഹാദ്ദേഹോഽഭിജായതേ
ബീജാദേവ യഥാ ബീജം ദേഹ്യർത്ഥ ഇവ ശാശ്വതഃ. 7

ദേഹദേഹിവിഭാഗോഽയമവിവേകകൃതഃ പുരാ
ജാതിവ്യക്തിവിഭാഗോഽയം യഥാ വസ്തുനി കല്പിതഃ.'' 8

ശ്രീശുക ഉവാച
ഏവമാശ്വാസിതോ രാജാ ചിത്രകേതുർദ്വിജോക്തിഭിഃ
പ്രമൃജ്യ പാണിനാ വക്ത്രമാധിമ്ലാനമഭാഷത. 9

''കൗ യുവാം ജ്ഞാനസമ്പന്നൗ മഹിഷ്ഠൗ ച മഹീയസാം
അവധൂതേന വേഷേണ ഗൂഢാവിഹ സമാഗതൗ. 10

ചരന്തി ഹ്യവനൗ കാമം ബ്രാഹ്മണാ ഭഗവത്പ്രിയാഃ
മാദൃശാം ഗ്രാമ്യബുദ്ധീനാം ബോധായോന്മത്തലിങ്ഗിനഃ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ചിതമായീടുമപ്പുഞ്ചിരിയോടും മോദം-
തഞ്ചുമാ നോട്ടത്തോടും കൂടിയ നിന്മുഖാബ്ജം
വീതഭാഗ്യയാം തവ മാതാവു കാണുന്നില്ല
മാധുര്യംതുളുമ്പും നിൻ വാക്കു കേൾക്കുന്നുമില്ല.
മടങ്ങിവരാത്തമട്ടപ്പരലോകംതന്നിൽ
കടത്തിക്കളഞ്ഞിതോ നിന്നെ നിർദ്ദയൻ
കാലൻ?'' 57

ശ്രീശുകൻ പറഞ്ഞു

മൃതപുത്രനെക്കുറിച്ചിങ്ങനെയവൾ നാനാ-
വിധത്തിൽ പ്രലപിച്ചു കരയുന്നതു കണ്ടു
ദുഃഖിതൻ ചിത്രകേതുവുച്ചത്തിൽ ചൊന്നാ-
നേവ-
''മാർക്കുമേ പ്രാപഞ്ചികം സങ്കടമസഹ്യം
താൻ.'' 58
ദമ്പതിമാരാം ചിത്രകേതുവുമാ രാജ്ഞിയും
മുമ്പു കാണാത്തമട്ടിലീവിധം കേണീടവേ
അമാത്യാദ്യനുചരന്മാരും സ്ത്രീപുമാന്മാരാം
സമസ്തജനങ്ങളും കരഞ്ഞാരൊന്നുപോലെ.
എന്നതല്ലന്നാളിലന്നഗരമാകപ്പാടെ
മന്നവാ! മൂർച്ഛകലന്നിരുന്നിതെന്നേവേണ്ടു. 59
ഈവിധം മോഹാലസ്യംകലർന്നു ബോധം
നശി-
ച്ചേവരുമനാഥരായുഴലും സ്ഥിതിപാർത്തു
അംഗിരസ്സെന്നപേരിൽ പ്രഥിതനാമമ്മുനി-
പുംഗവനങ്ങെത്തിനാൻ നാരദനോടുകൂടി. 60

അദ്ധ്യായം 15

ചിത്രകേതൂപാഖ്യാനം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

പുത്രദുഃഖാധിക്യത്താൽ വിചാരശക്തിയററു
പുത്രനിർജ്ജീവദേഹാന്തികത്തിൽ ശവം-
പോലെ
കിടക്കും നൃപനോടമ്മുനികളജ്ഞാനത്തെ-
ക്കെടുക്കും ചാരുസാരഗീരുകളോതീടിനാർ. 1
''ഹേ രാജൻ! ഭവദ്ദുഃഖഹേതുവായിരിക്കുമീ-
യാരോമലുണ്ണിയങ്ങേയ്ക്കാരാ,ണെന്തുള്ള ബന്ധം?
ആരായിരുന്നു പോയജന്മത്തിലങ്ങേക്കിവ-
നാരായിരിക്കുമിനി വരുന്ന ജന്മംതന്നിൽ? 2
സരിത്തിൻ പ്രവാഹത്തിൻ ശക്തിമൂലമായ്
മണൽ-
ത്തരികൾ തമ്മിൽച്ചേരും, വേർപിരികയും
ചെയ്യും.
അതുപോൽക്കാലത്തിനാൽ ജീവിജാലങ്ങ-
ളെല്ലാം
പതിവായൊന്നിക്കുന്നു പിന്നെ വേർപിരി-
യുന്നു. 3
ധാന്യങ്ങൾ ധാന്യങ്ങളിൽനിന്നുതാനുണ്ടാകയും
പിന്നെയങ്ങവ നഷ്ടമാകയും ചെയ്യുംവിധം
ഈശമായയാൽ ഭൂതവൃന്ദത്തിൽനിന്നു ഭൂത-
രാശിയുമുദ്ഭവിച്ചു വിലയംഗമിക്കുന്നു. 4
അങ്ങിരിക്കുന്നു, ഞങ്ങളിരിപ്പൂ, നമ്മോടൊന്നി-
ച്ചിങ്ങിരിക്കുന്നിതിപ്പോളിച്ചരാചരങ്ങളും.
ഇതുകൾ ജനനത്തിൻമുൻപിരുന്നില്ലീവിധം
മൃതിശേഷവും യോജിച്ചിരിക്കയില്ല നൂനം.
ഇപ്പോഴുമപ്രകാരംതന്നെയെന്നോർക്ക, ഭവാ-
നല്പവുമതിനാലില്ലല്ലലിന്നവകാശം. 5
ജന്മഹീനനാമീശനപേക്ഷയേതുമെന്യേ
തന്മട്ടു നിർമ്മിച്ചൊരസ്വതന്ത്രഭൂതാളിയാൽ
ഭൂതജാലത്തിൻ സൃഷ്ടിരക്ഷണസംഹാരങ്ങൾ
സാധിപ്പിച്ചെന്നും ലീല ബാലൻപോൽ
തുടരുന്നു. 6
വിത്തിൽനിന്നുണ്ടാകുന്ന വൃക്ഷത്തിൽനിന്നു
വീണ്ടും
വിത്തുളവാകുംവിധ,മച്ഛനമ്മമാരുടെ
അംഗങ്ങൾതമ്മിലുള്ള സംഗമംനിമിത്തമാ-
യിങ്ങു സന്താനങ്ങളും സംജാതരായീടുന്നു.
തരുക്കൾ നശിക്കിലുമവയ്ക്കാധാരമാകും
ധരണി നശിക്കുന്നില്ലെന്നതുപോലെതന്നെ
ദേഹങ്ങൾ നശിക്കിലും തദാലംബനമായ
ദേഹിക്കു നാശമൊരുകാലത്തുമുണ്ടായിടാ. 7
ദേഹവും ദേഹിയുമെന്നുള്ളൊരീവിഭാഗം വൻ-
മോഹത്തിൽനിന്നും പണ്ടേയുണ്ടായിട്ടുള്ളതത്രേ.
ജാതിയും വ്യക്തിയും വേർതിരിച്ചു കല്പിപ്പതു
ബോധമില്ലായ്മയ്ക്കുള്ള ലക്ഷണംതന്നെ നൂനം.''8

ശ്രീശുകൻ പറഞ്ഞു

മാമുനിമാരീവിധമോതിയാശ്വസിപ്പിക്കെ-
യാമന്നൻ മ്ലാനാനനം തുടച്ചിട്ടോതീടിനാൻ. 9
''ജ്ഞാനികളായി മഹാന്മാരിലും മഹാന്മാ-
രായ്
മാനനീയന്മാരാകും നിങ്ങളാരിരുപേരും?
അവധൂതന്മാരുടെ വേഷത്തിൽ ഗൂഢന്മാരാ-
യിവിടെ വന്നിരിക്കയാണെന്നു നിനയ്ക്കു-
ന്നേൻ. 10
ധരിപ്പാൻ പ്രയാസമാംവിധമുന്മത്തർമട്ടിൽ
ഹരിഭക്തരാം ബ്രഹ്മജ്ഞാനികളെല്ലാടവും
വിഷയസൗഖ്യാസക്തരായ മാദൃശർക്കാത്മ-
വിഷയബോധനാർത്ഥം സഞ്ചരിക്കുന്നു
സ്വയം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുമാരോ നാരദ ഋഭുരങ്ഗിരാ ദേവലോഽസിതഃ
അപാന്തരതമാ വ്യാസോ മാർക്കണ്ഡേയോഽഥ ഗൗതമഃ 12
വസിഷ്ഠോ ഭഗവാൻ രാമഃ കപിലോ ബാദരായണിഃ
ദുർവ്വാസാ യാജ്ഞവല്ക്യശ്ച ജാതുകർണ്യസ്തഥാഽഽരുണിഃ 13
രോമശശ്ച്യവനോ ദത്ത ആസുരിഃ സപതഞ്ജലിഃ
ഋഷിർവേദശിരാ ബോധ്യോ മുനിഃ പഞ്ചശിഖാസ്തഥാ 14
ഹിരണ്യനാഭഃ കൗസല്യഃ ശ്രുതദേവ ഋതധ്വജഃ
ഏതേ പരേ ച സിദ്ധേശാശ്ചരന്തി ജ്ഞാനഹേതവഃ. 15
തസ്മാദ്യുവാം ഗ്രാമ്യപശോർമ്മമ മൂഢധിയഃ പ്രഭൂ
അന്ധേ തമസി മഗ്നസ്യ ജ്ഞാനദീപ ഉദീര്യതാം.'' 16
അങ്ഗിരാ ഉവാച
അഹം തേ പുത്രകാമസ്യ പുത്രദോഽസ്മ്യങ്ഗിരാ നൃപ!
ഏഷ ബ്രഹ്മസുതഃ സാക്ഷാന്നാരദോ ഭഗവാനൃഷിഃ. 17
ഇത്ഥം ത്വാം പുത്രശോകേന മഗ്നം തമസി ദുസ്തരേ
അതദർഹമനുസ്മൃത്യ മഹാപുരുഷഗോചരം. 18
അനുഗ്രഹായ ഭവതഃ പ്രാപ്താവാവാമിഹ പ്രഭോ!
ബ്രഹ്മണ്യോ ഭഗവദ്ഭക്തോ നാവസീദിതുമർഹതി. 19
തദൈവ തേ പരം ജ്ഞാനം ദദാമി ഗൃഹമാഗതഃ
ജ്ഞാത്വാന്യാഭിനിവേശം തേ പുത്രമേവ ദദാമ്യഹം. 20
അധുനാ പുത്രിണാം താപോ ഭവതൈവാനുഭൂയതേ
ഏവം ദാരാ ഗൃഹാ രായോ വിവിധൈശ്വര്യസമ്പദഃ. 21
ശബ്ദാദയശ്ച വിഷയാശ്ചലാ രാജ്യവിഭൂതയഃ
മഹീ രാജ്യം ബലം കോശോ ഭൃത്യാമാത്യാഃ സുഹൃജ്ജനാഃ. 22
സർവ്വേഽപി ശൂരസേനേശ ശോകമോഹഭയാർത്തിദാഃ
ഗന്ധർവ്വനഗരപ്രഖ്യാഃ സ്വപ്നമായാമനോരഥാഃ. 23
ദൃശ്യമാനാ വിനാർത്ഥേന ന ദൃശ്യന്തേ മനോഭവാഃ
കർമ്മഭിർധ്യായതോ നാനാകർമ്മാണി മനസോഽഭവൻ. 24
അയം ഹി ദേഹിനോ ദേഹോ ദ്രവ്യജ്ഞാനക്രിയാത്മകഃ
ദേഹിനോ വിവിധക്ലേശസന്താപകൃദുദാഹൃതഃ. 25
തസ്മാത് സ്വസ്ഥേന മനസാ വിമൃശ്യ ഗതിമാത്മനഃ
ദ്വൈതേ ധ്രുവാർത്ഥവിശ്രംഭം ത്യജോപശമമാവിശ. 26
നാരദ ഉവാച
ഏതാം മന്ത്രോപനിഷദം പ്രതീച്ഛ പ്രയതോ മമ
യാം ധാരയൻ സപ്തരാത്രാദ്ദ്രഷ്ടാ സങ്കർഷണം പ്രഭും. 27
യത്പാദമൂലമുപസൃത്യ നരേന്ദ്ര പൂർവ്വേ
ശർവ്വാദയോ ഭ്രമമിമം ദ്വിതയം വിസൃജ്യ
സദ്യസ്തദീയമതുലാനധികം മഹിത്വം
പ്രാപുർഭവാനപി പരം ന ചിരാദുപൈതി. 28

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചിത്രകേതുസാന്ത്വനം നാമ പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

ശ്രീശുക ഉവാച
അഥ ദേവഋഷീ, രാജൻ, സമ്പരേതം നൃപാത്മജം
ദർശയിത്വേതി ഹോവാച ജ്ഞാതീനാമനുശോചതാം. 1
''ജീവാത്മൻ, പശ്യ ഭദ്രം തേ മാതരം പിതരം ച തേ
സുഹൃദോ ബാന്ധവാസ്തപ്താഃ ശുചാ ത്വത്കൃതയാ ഭൃശം. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സനൽക്കുമാരൻ, വ്യാസൻ, നാരദ,നംഗിരസ്സാം
മുനി, ദേവല നൃഭ,വസിതൻ, മാർക്കണ്ഡേയൻ
ഗൗതമൻ, ദുർവാസസ്സു, രോമശൻ, വസിഷ്ഠനും
ജാതുകർണ്ണ്യജനാകമാരുണി, കൗസല്യനും
പരശുരാമൻ, ശുകൻ, കപിലൻ,
യാജ്ഞവല്ക്യൻ
ഹിരണ്യനാഭൻ, വേദശിരസ്സും, ശ്രുതദേവൻ
പതഞ്ജലീസംയുതനാസുരി, പഞ്ചശിഖ,–
നൃതധ്വജ,ച്യവന,ദത്താദി മുനിമാരും
മററു സിദ്ധേശന്മാരും ലോകാനുഗ്രഹത്തിനായ്
ച്ചുററിച്ചരിപ്പൂ പാരി,ലവരിലാരാം
നിങ്ങൾ? 12-15

അധുനാ ഗ്രാമപശുവെന്നപോൽ മൂഢനായി
നിതരാമജ്ഞാനാന്ധകാരമഗ്നനാമെന്നെ
എത്രയും സമർത്ഥരാം നിങ്ങളാ ജ്ഞാനദീപം
സത്വരം പ്രകാശിപ്പിച്ചുദ്ധരിച്ചീടേണമേ.'' 16

അംഗിരസ്സു പറഞ്ഞു

ഞാനങ്ങേക്കിപ്പുത്രനെ നല്കിയോരംഗിരസ്സ–
താനാണു ധരാപതേ! യിദ്ദേഹം ശ്രീനാരദൻ. 17

ഉത്തമശ്ലോകൻതൻെറ ഭക്തമുഖ്യനാം ഭവാൻ
പുത്രശോകാംഭോധിയിൽ മുഴുകിക്കിടപ്പതും
അനർഹനാണു ഭവാനതിനെന്നതും ഞങ്ങൾ
നിനച്ചിട്ടങ്ങേയനുഗ്രഹിപ്പാൻ വന്നിതിപ്പോൾ.
ഭൂസുരരിലും ഹരിതന്നിലും ഭക്തിയുള്ളോർ
ക്ലേശിപ്പതൊരിക്കലും നല്ലതല്ലല്ലോ രാജൻ!
18-19

മുന്നം ഞാൻ തവദ്ഗേഹത്തിലതിഥിയായൊ–
രിക്കൽ
വന്നപ്പോളാത്മജ്ഞാനമേകമായിരുന്നതേ.
അന്യമാം വിഷയത്തിലാസക്തിയങ്ങേ–
ക്കുണ്ടെ–
ന്നന്നറിഞ്ഞതുമൂലം പുത്രനെത്തന്നുപോയേൻ.
20

പുത്രവാനെഴും ദുഃഖം നല്ലപോലനുഭവി–
ച്ചെത്രത്തോളവുമെന്നതറിഞ്ഞു ഭവാനിപ്പോൾ
അതുപോലെതാൻ ഭാര്യ, ഭവനം, വിത്തം,
നാനാ–
വിധനശ്വരൈശ്വര്യം മഹിയും ഭൂഖണ്ഡവും
സൈന്യവും ഭണ്ഡാരവും സുഹൃദ്ഭൃത്യാമാത്യരും
മന്നവാ! ഭയശോകമോഹാർത്തിഹേതുക്കൾതാൻ.
ഇവയൊക്കെയും ക്ഷണാൽ ഗന്ധർവ്വനഗരം–
പോൽ
ഭവിക്കുന്നതും നാശംവരിക്കുന്നതുമല്ലോ.

കിനാവു, മനോരഥം, മായയുമെന്നപോലെ
മനോസൃഷ്ടങ്ങളായുമർത്ഥഹീനങ്ങളായും
കാണപ്പെട്ടീടുന്നവയാണു സർവവു,മെന്നാൽ
കാണുന്നതില്ല കഷ്ടം! മാനവൻ മായമൂലം.
നാനാകർമ്മത്തെദ്ധ്യാനിപ്പവൻെറ കർമ്മങ്ങളാൽ
മാനസംതന്നിൽനിന്നും ജാതമാണശേഷവും.
21-24

പഞ്ചഭൂതേന്ദ്രിയസ്വരൂപമാം ശരീരത്തിൽ–
ത്തഞ്ചുവോരഭിമാനംനിമിത്തം ജീവനേവം
വിവിധക്ലേശസന്താപാർഹനായ് ഭവിക്കുന്നെ–
ന്നവിതർക്കിതം തീരുമാനിച്ചു മനീഷികൾ. 25

അതിനാൽ ഭവാൻ സ്വസ്ഥചിത്തനായീശ്വരൻ
തൻ–
ഗതിയെ നല്ലവണ്ണം മതിയിൽച്ചിന്തചെയ്തു
പ്രപഞ്ചം സത്യമെന്ന വിശ്വാസം തീരെവിട്ടി–
ട്ടുപശാന്തിയെസ്സമാശ്രയിക്ക സജ്ജനാഗ്ര്യാ! 26

നാരദൻ പറഞ്ഞു

ഉപദേശിച്ചിടാം ഞാൻ മന്ത്രോപനിഷത്തിതു
നൃപതേ! ഭവാനിപ്പോൾ ഗ്രഹിച്ചു ഭക്തിപൂർവം
ശരിയായുപാസിച്ചിട്ടേഴുനാൾക്കുള്ളിൽത്തന്നെ
പരിചിൽ സങ്കർഷണമൂർത്തിയെസ്സന്ദർശിക്കും. 27

ആദിയിൽ ജാതരാം ശ്രീശിവാദ്യരേതവൻതൻ
പാദമൂലാശ്രയത്താൽ ദ്വൈതവിഭ്രമംവിട്ടു
അചിന്ത്യം തന്മഹത്വം പ്രാപിച്ചോ ഭൂപാ!
നീയു–
മചിരാൽ പ്രാപിക്കുമബ്ഭഗവന്മഹിമാനം.28

അദ്ധ്യായം 16

ചിത്രകേതൂപാഖ്യാനം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ദേവമാമുനി പിന്നെ മൃതബാലനെക്കുറി–
ച്ചാവിലമനസ്സരായ്ക്കേഴും തദ്ബന്ധുക്കളെ
അക്കുഞ്ഞിൻ ജീവാത്മാവെ വരുത്തി മുന്നിൽ–
ക്കാട്ടീ–
ട്ടക്കണക്കതിനോടു ചോദിച്ചാൻ സ്പഷ്ടമായി. 1

''അല്ലയോ ജീവാത്മാവേ! നിനക്കു ഭവിക്കട്ടെ
കല്യാണം നിന്നെപ്പററിയേററവും ദുഃഖംപൂണ്ടു–
നിന്നീടുമീ നിന്നച്ഛനമ്മമാർ നിൻ ബാന്ധവർ
നിന്നിഷ്ടജനങ്ങളെന്നിവരെക്കണ്ടാലും നീ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളേബരം സ്വമാവിശ്യ ശേഷമായുഃ സുഹൃദ്വൃതഃ
ഭുങ്ക്ഷ്വ ഭോഗാൻ പിതൃപ്രത്താനധിതിഷ്ഠ നൃപാസനം.'' 3

ജീവ ഉവാച

കസ്മിഞ്ജന്മന്യമീ മഹ്യം പിതരോ മാതരോഽഭവൻ
കർമ്മഭിർഭ്രാമ്യമാണസ്യ ദേവതിര്യങ്നൃയോനിഷു. 4

ബന്ധുജ്ഞാത്യരിമധ്യസ്ഥമിത്രോദാസീനവിദ്വിഷഃ
സർവ്വ ഏവ ഹി സർവ്വേഷാം ഭവന്തി ക്രമശോ മിഥഃ. 5

യഥാ വസ്തൂനി പണ്യാനി ഹേമാദീനി തതസ്തതഃ
പര്യടന്തി നരേഷ്വേവം ജീവോ യോനിഷു കർത്തൃഷു. 6

നിത്യസ്യാർത്ഥസ്യ സംബന്ധോ ഹ്യനിത്യോ ദൃശ്യതേ നൃഷു
യാവദ്യസ്യ ഹി സംബന്ധോ മമത്വം താവദേവ ഹി. 7

ഏവം യോനിഗതോ ജീവഃ സ നിത്യോ നിരഹംകൃതഃ
യാവദ്യത്രോപലഭ്യേത താവത്സ്വത്വം ഹി തസ്യ തത്. 8

ഏഷ നിത്യോഽവ്യയഃ സൂക്ഷ്മ ഏഷ സർവ്വാശ്രയഃ സ്വദൃക്
ആത്മമായാഗുണൈർവിശ്വമാത്മാനം സൃജതി പ്രഭുഃ. 9

ന ഹ്യസ്യാതിപ്രിയഃ കശ്ചിന്നാപ്രിയഃ സ്വ പരോഽപി വാ
ഏകഃ സർവ്വധിയാം ദ്രഷ്ടാ കർത്തൄണാം ഗുണദോഷയോഃ. 10

നാദത്ത ആത്മാ ഹി ഗുണം ന ദോഷം ന ക്രിയാഫലം
ഉദാസീനവദാസീനഃ പരാവരദൃഗീശ്വരഃ. 11

ശ്രീശുക ഉവാച

ഇത്യുദീര്യ ഗതോ ജീവോ ജ്ഞാതയസ്തസ്യ തേ തദാ
വിസ്മിതാ മുമുചുഃ ശോകം ഛിത്വാഽഽത്മസ്നേഹശൃങ്ഖലാം. 12

നിർഹൃത്യ ജ്ഞാതയോ ജ്ഞാതേർദ്ദേഹം കൃത്വോചിതാഃ ക്രിയാഃ
തത്യജുർദ്ദുസ്ത്യജം സ്നേഹം ശോകമോഹഭയാർത്തിദം. 13

ബാലഘ്ന്യോ വ്രീഡിതാസ്തത്ര ബാലഹത്യാഹതപ്രഭാഃ
ബാലഹത്യാവ്രതം ചേരുർബ്രാഹ്മണൈര്യന്നിരൂപിതം
യമുനായാം മഹാരാജ! സ്മരന്ത്യോ ദ്വിജഭാഷിതം. 14

സ ഇത്ഥം പ്രതിബുദ്ധാത്മാ ചിത്രകേതുർദ്വിജോക്തിഭിഃ
ഗൃഹാന്ധകൂപാന്നിഷ്ക്രാന്തഃ സരഃപങ്കാദിവ ദ്വിപഃ. 15

കാളിന്ദ്യാം വിധിവത് സ്നാത്വാ കൃതപുണ്യജലക്രിയഃ
മൗനേന സംയതപ്രാണോ ബ്രഹ്മപുത്രാവവന്ദത. 16

അഥ തസ്മൈ പ്രപന്നായ ഭക്തായ പ്രയതാത്മനേ
ഭഗവാന്നാരദഃ പ്രീതോ വിദ്യാമേതാമുവാച ഹ. 17

''ഓം നമസ്തുഭ്യം ഭഗവതേ വാസുദേവായ ധീമഹി
പ്രദ്യുമ്നായാനിരുദ്ധായ നമഃ സങ്കർഷണായ ച. 18

നമോ വിജ്ഞാനമാത്രായ പരമാനന്ദമൂർത്തയേ
ആത്മാരാമായ ശാന്തായ നിവൃത്തദ്വൈതദൃഷ്ടയേ. 19

ആത്മാനന്ദാനുഭൂത്യൈവ ന്യസ്തശക്ത്യൂർമ്മയേ നമഃ
ഹൃഷീകേശായ മഹതേ നമസ്തേ വിശ്വമൂർത്തയേ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നുടെ ശരീരത്തിൽ പ്രവേശിച്ചായുശ്ശേഷം
ധന്യരാം തവ സുഹൃജ്ജനത്തോടൊത്തുകൂടി
പിതൃദത്തമാം സുഖഭോഗങ്ങളാർന്നു നന്നാ-
യതികാമ്യമാം രാജാസനത്തിലിരിക്ക നീ.'' 3

ജീവാത്മാവു പറഞ്ഞു

കർമ്മത്താൽ ദേവതിര്യങ്ങ് മർത്ത്യയോനി-
കൾതോറും
ജന്മമാർന്നെന്നും ഭ്രമിച്ചീടുമീയെനിക്കോർത്താൽ
ഏതു ജന്മത്തിലിവരച്ഛനമ്മമാരായെ-
ന്നോർത്തുവാൻ പ്രയാസമെന്നങ്ങറിയുന്നതല്ലോ. 4
മിത്രങ്ങൾ ബാന്ധവന്മാർ ജ്ഞാതികളുദാ-
സീനർ
ശത്രുക്കൾ മദ്ധ്യസ്ഥന്മാർ വിദ്വേഷികളുമെല്ലാം
തമ്മിൽത്താൻ സംബന്ധപ്പെട്ടവർതാൻ ക്രമാ-
ലെന്നു
ജന്മമർമ്മജ്ഞന്മാരോരോടോതേണ്ടതില്ലയല്ലോ. 5
പുണ്യാർഹസുവർണ്ണാദിവസ്തുക്കൾ നരന്മാരി-
ലെന്നുമേ മാറിമാറിസ്സഞ്ചരിച്ചീടുംവിധം
ജീവനും ഭ്രമിക്കുന്നു യോനികൾതോറും പിന്നെ-
ക്കേവലം കർത്താക്കളാമച്ഛനമ്മമാരിലും. 6
നിത്യമാം വസ്തുവിൻെറ സംബന്ധം മനുഷ്യ-
രിൽ
നിത്യമല്ലാത്തതായിക്കാണുന്നു മുനീശ്വരാ!
അതിനാൽ വസ്തുക്കളോടെന്നോണം സംബ-
ന്ധമു-
ണ്ടതുനാൾവരെയത്രേ നിന്നിട്ടു മമത്വവും. 7
യോനിയിൽ ഗതനാകുമാ ജീവനൊരുനാളും
ഹാനി നേരിടാത്തോനുമഹന്താഹീനനുംതാൻ
എന്നോളമവനുപലഭിച്ചീടുന്നു ദേഹ-
മന്നോളമവൻേറതാണെന്ന ബോധവും നില്ക്കും.
8
ജീവാത്മാവിവൻനിത്യനവ്യയൻ സൂക്ഷ്മരൂപൻ
സ്വാലംബനഭൂതൻ തന്നെത്താനറിയുന്നോൻ
സമർത്ഥൻ സർവ്വത്തിനും സ്വമായാഗുണങ്ങളാൽ
ക്രമത്തിൽ സമസ്തവും സൃഷ്ടിപ്പോൻ തന്നിൽ-
നിന്നും. 9
ഇല്ലിവന്നാരും പ്രിയനായുമപ്രിയനായു-
മില്ലേതും പരകീയസ്വകീയഭേദങ്ങളും.
കർത്താക്കളാകും സർവ്വബുദ്ധിവൃത്തിക്കുമുള്ള
കൃത്യങ്ങൾക്കെല്ലാം സാക്ഷിനില്ക്കുവോനിവ-
നേകൻ. 10
ഗുണദോഷങ്ങൾ കർമ്മഫലങ്ങളെന്നിതൊന്നു-
മണുവും സ്വീകരിക്കാതുദാസീനനെപ്പോലെ
സ്വതന്ത്രനായിക്കാര്യകാരണങ്ങളെയെല്ലാ-
മതന്ദ്രംകണ്ടിരിക്കും ജീവാത്മാവു ഞാനീശൻ. 11

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെയൊക്കെച്ചൊല്ലിജ്ജീവാത്മാവുടൻ
തന്നെ-
യങ്ങുപോയ് മറഞ്ഞപ്പോൾ ദ്രുപബന്ധുക്ക-
ളെല്ലാം
ആശ്ചര്യപ്പെട്ടു പാരം ദേഹബന്ധമാം സ്നേഹ-
പാശവും ഖണ്ഡിച്ചാശു ദുഃഖനിർമ്മുക്തരാ-
യാർ! 12
ജ്ഞാതികൾ പിന്നെബ്ബാലശരീരം ദഹിപ്പിച്ചു
ചെയ്തുടൻ വേണ്ടും പിണ്ഡദാനാദികർമ്മങ്ങളും
നിത്യവും ശോകമോഹഭയാർത്തിപ്രദമായി
ദുസ്ത്യജമാകും സ്നേഹം സന്ത്യജിച്ചിതു പാടേ. 13
ക്ഷോണീന്ദ്രാ! വിഷം ബാലന്നേകിയ സപ-
ത്നികൾ
നാണംപൂണ്ടഘത്തിനാലാനനപ്രഭയെന്യേ
അപരാധങ്ങളെല്ലാം ജനസംപൂർണ്ണമാം വൻ-
സഭയിൽവച്ചങ്ങേററു പുത്രാശയുപേക്ഷിച്ചു,
ബാലഹത്യതൻ പാപശാന്തിക്കായ് ദ്വിജർ
ചൊന്ന-
പോലെ കാളിന്ദിയിൽ പോയ്ക്കഴിച്ചാർ
പ്രായശ്ചിത്തം. 14
ഭൂസുരവാക്യങ്ങളാൽ ജീവതത്ത്വത്തെദ്ധരാ-
വാസവൻ ചിത്രകേതു മനസ്സിലാക്കി നേരേ
ഉടനേ മന്ദിരാന്ധകൂപത്തിൽനിന്നേറിനാൻ
തടാകച്ചേളിയിൽനിന്നാനയെന്നതുപോലെ.
15
യമുനതന്നിൽ പിന്നെ മുറപോൽക്കുളിച്ചഘ-
ശമനകരങ്ങളാം തർപ്പണാദികൾചെയ്തു
പ്രാണസംയമത്തൊടും മൗനമാർന്നാനമിച്ചാൻ
വാണീശാത്മജരാമാ രണ്ടൃഷീശന്മാരെയും. 16
പിന്നെ നാരദൻ പരം തുഷ്ടനായ് ഭക്തിപൂർവ്വം
തന്നെസ്സമാശ്രയിച്ച സംയതാത്മാവായ്നില്ക്കും
ചിത്രകേതുവിന്നുടനുപദേശിച്ചീടിനാ-
നെത്രയും ശ്രേഷ്ഠമാമീ വിദ്യയെച്ചിത്രം!
ചിത്രം! 17
''ഭഗവാനായി വാസുദേവനാമങ്ങേക്കായി-
ട്ടുകതാർകൊണ്ടു നമസ്കരിച്ചീടുന്നേനിവൻ
പ്രദ്യുമ്നൻ സങ്കർഷണനെന്നിവരായുമനി-
രുദ്ധനായും വിളങ്ങും ഭവാനു നമസ്കാരം. 18
ഞാനെന്നുമെൻെറയെന്നും ഭേദമെന്നിയേ പര-
മാനന്ദസ്വരൂപനായ്. വിജ്ഞാനമാത്രനായി
ശാന്തനായ് പരമാത്മാരാമനായ് ശോഭിച്ചിടും
നിന്തിരുമേനിക്കായി നമസ്കരിച്ചീടുന്നേൻ. 19
സ്വസ്വരൂപാനന്ദാനുഭൂതിയായ് മായാകാര്യം
നിശ്ശേഷമറേറാനായി ശ്രീഹൃഷീകേശനായി
ജഗത്സ്വരൂപനായി മഹാനായ് ശോഭിച്ചിടും
ഭഗവൻ! ഭവാനായിക്കൊണ്ടിതാ നമസ്കാരം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വചസ്യുപരതേ/പ്രാപ്യ യ ഏകോ മനസാ സഹ
അനാമരൂപശ്ചിന്മാത്രഃ സോ/വ്യാന്നഃ സദസത്പരഃ 21
യസ്മിന്നിദം യതശ്ചേദം തിഷ്ഠത്യപ്യേതി ജായതേ
മൃണ്മയേഷ്വിവ മൃജ്ജാതിസ്തസ്മൈ തേ ബ്രഹ്മണേ നമഃ. 22
യന്ന സ്പൃശന്തി ന വിദുർമ്മനോബുദ്ധീന്ദ്രിയാസവഃ
അന്തർബ്ബഹിശ്ച വിതതം വ്യോമവത്തന്നതോ/സ്മ്യഹം. 23

ദേഹേന്ദ്രിയപ്രാണമനോധിയോ/മീ
യദംശവിദ്ധാഃ പ്രചരന്തി കർമ്മസു
നൈവാന്യദാ ലോഹമിവാപ്രതപ്തം
സ്ഥാനേഷു തദ് ദ്രഷ്ട്രപദേശമേതി. 24

ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാവിഭൂതിപതയേ സകലസാത്വതപരിവൃഢനികരകരകമലകുഡ്മളോപലാളിതചരണാരവിന്ദയുഗള പരമ പരമേഷ്ഠിന്നമസ്തേ.'' 25

ശ്രീശുക ഉവാച
ഭക്തായൈതാം പ്രപന്നായ വിദ്യാമാദിശ്യ നാരദഃ
യയാവങ്ഗിരസാ സാകം ധാമ സ്വായംഭുവം പ്രഭോ! 26
ചിത്രകേതുസ്തു വിദ്യാം താം യഥാ നാരദഭാഷിതാം
ധാരയാമാസ സപ്താഹമബ്ഭക്ഷഃ സുസമാഹിതഃ. 27
തതശ്ച സപ്തരാത്രാന്തേ വിദ്യയാ ധാര്യമാണയാ
വിദ്യാധരാധിപത്യം സ ലേഭേ/പ്രതിഹതം നൃപഃ. 28
തതഃ കതിപയാഹോഭിർവ്വിദ്യയേദ്ധമനോഗതിഃ
ജഗാമ ദേവദേവസ്യ ശേഷസ്യ ചരണാന്തികം. 29

മൃണാളഗൗരം ശിതിവാസസം സ്ഫുരത്-
കിരീടകേയൂരകടിത്രകങ്കണം
പ്രസന്നവക്ത്രാരുണലോചനം വൃതം
ദദർശ സിദ്ധേശ്വരമണ്ഡലൈഃ പ്രഭും. 30
തദ്ദർശനധ്വസ്തസമസ്തകിൽബിഷഃ
സ്വച്ഛാമലാന്തഃകരണോ/ഭ്യയാന്മുനിഃ
പ്രവൃദ്ധഭക്ത്യാ പ്രണയാശ്രുലോചനഃ
പ്രഹൃഷ്ടരോമാനമദാദിപൂരുഷം. 31
സ ഉത്തമശ്ലോകപദാബ്ജവിഷ്ടരം
പ്രേമാശ്രുലേശൈരുപമേഹയന്മുഹുഃ
പ്രേമോപരുദ്ധാഖിലവർണ്ണനിർഗ്ഗമോ
നൈവാശകത്തം പ്രസമീഡിതും ചിരം. 32
തതഃ സമാധായ മനോ മനീഷയാ
ബഭാഷ ഏതത് പ്രതിലബ്ധവാഗസൗ
നിയമ്യ സർവ്വേന്ദ്രിയബാഹ്യവർത്തനം
ജഗദ്ഗുരും സാത്വതശാസ്ത്രവിഗ്രഹം. 33

ചിത്രകേതുരുവാച
അജിത ജിതഃ സമമതിഭിഃ
സാധുഭിർഭവാൻ ജിതാത്മഭിർഭവതാ
വിജിതാസ്തേ/പി ച ഭജതാ-
മകാമാത്മനാം യ ആത്മദോ/തികരുണഃ. 34
തവ വിഭവഃ ഖലു ഭഗവൻ!
ജഗദുദയസ്ഥിതിലയാദീനി
വിശ്വസൃജസ്തേ/ംശാംശാ-
സ്തത്ര മൃഷാ സ്പർദ്ധന്തേ പൃഥഗഭിമത്യാ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സും വാക്കുമുപരതമാകവേ ഭക്ത-
ജനചിത്താംബുജത്തിൽ നാമരൂപാപേതനായ്
ചിത്സ്വരൂപനായ് സദസത്പരനായി മിന്നും
സത്സേവനീയാ! ഹരേ! ഭവാനു നമസ്കൃതി. 21
മണ്ണുകൊണ്ടുണ്ടാക്കിയ ഘടാദിപാത്രമെല്ലാം
ഭിന്നങ്ങളാണു നാമരൂപങ്ങൾകൊണ്ടെങ്കിലും
മണ്ണുതാൻ യഥാർത്ഥത്തിൽ, മണ്ണിൽനിന്നുദ്-
ഭവിച്ചു
മണ്ണായിത്താനിരുന്നു മണ്ണിൽത്താൻ
ലയിക്കുന്നു.
അതുപോലീലോകവുമാരിൽനിന്നുണ്ടാകുന്നു,
സതതം പാലിപ്പു,താരാരിലാം ലയിപ്പതും,
വേദവേദ്യനും ബ്രഹ്മാത്മകനുമായിടുമാ-
ശ്രീദാമോദരന്നായി നമസ്കരിക്കുന്നു ഞാൻ. 22
മനം, ധീ,യിന്ദ്രിയൗഘം പ്രാണനുമേതൊ-
ന്നിനെ-
യണുവും സ്പർശിക്കു,ന്നില്ലറിയുന്നതുമില്ല,
ആകാശതുല്യമുള്ളും പുറവും വ്യാപിച്ചിടു-
മേകമാമാവസ്തുവേ നമസ്കരിക്കുന്നു ഞാൻ. 23
ഇന്ദ്രിയഗണം, പ്രാണൻ, ശരീരം, ചിത്തം,
ബുദ്ധി-
യെന്നിവയേതൊന്നുതന്നംശമാവേശിക്കയാൽ
സ്വപ്നജാഗ്രത്തുകളിൽ പ്രവർത്തിക്കുന്നിതാ പ്ര-
തപ്തലോഹംപോൽ, മററു സമയങ്ങളിലില്ല,
സ്ഥാനങ്ങൾതോറും ദ്രഷ്ടാവെന്ന നാമധേയ-
ത്തിൽ
ഭാനിക്കും ജീവനെയച്ചൈതന്യമറിയുന്നു. 24
ഓം നമസ്തേ ഭഗവൻ! മഹാവിഭൂതിപതി-
താനായ് മഹാനുഭാവനായ് മഹാപുരുഷനായ്
അഖിലഭക്തോത്തംസഹസ്താംബുജകുഡ്മള-
പ്രകരോപലാളിതപദപങ്കജനായി
പരമപരമേഷ്ഠിയായ് പ്രശോഭിക്കുന്ന നി-
ന്തിരുമേനിക്കായ്ക്കൊണ്ടു നമസ്കരിക്കു-
ന്നിതേ.'' 25

ശ്രീശുകൻ പറഞ്ഞു

ഭക്തനും തന്നെ നേരേയാശ്രയിച്ചവനുമാം
ചിത്രകേതുവിനായീ വിദ്യയോതിയശേഷം
നാരദമഹാമുനിയങ്ഗിരസ്സിനോടൊത്തു
വാരിജാസനലോകംതന്നിലേക്കങ്ങു
പോയാൻ. 26
മന്നവൻ ചിത്രകേതു പിന്നെയാ നാരദർഷി
ചൊന്നപോൽ സമാഹിതചിത്തനായ്
വ്രതമാർന്നു
സലിലംമാത്രം പാനംചെയ്തുകൊണ്ടേഴുനാളും
നലമോടുപാസിച്ചാനീ മന്ത്രവിദ്യ നേരേ. 27

സപ്തരാത്രാവസാനമീയുപാസനമൂല-
മപ്രതിഹതം വിദ്യാധരാധീശത്വമാർന്നാൻ. 28
വിദ്യതന്മഹത്ത്വത്താൽ കുറേനാൾ കഴിഞ്ഞ-
പ്പോൾ
ചിത്തപ്രവാഹത്തിന്റെ തടസ്സം തീർന്നമൂലം
ദേവദേവനായീടുമാദിശേഷൻതൻ തിരു-
പാവനപാദാന്തികം പ്രാപിച്ചീടിനാനവൻ. 29
താമരനൂലുപോലെ വെളുത്തനിറംപൂണ്ട
കോമളാങ്ഗത്തിൽ നീലപ്പട്ടുടയാടചാർത്തി
മിന്നുന്ന കിരീടവും തോൾവള കങ്കണങ്ങൾ
പൊന്നരഞ്ഞാണെന്നിവ ഭംഗിയായണിഞ്ഞഥ
ചാരുതചേരും പ്രസന്നാനനാംബുജംതന്നിൽ
ചോരപോൽ ചുവന്നുള്ള കരുനേത്രങ്ങളോടും
അതുല്യപ്രഭാവായിസ്സിദ്ധവിദ്യാധരൗഘാ-
വൃതനാമാദിശേഷമൂർത്തിയെക്കണ്ടീടിനാൻ. 30
ദർശനമാത്രത്താൽതാൻ ശുദ്ധമായ്, മനം പാപ-
സ്പർശനമില്ലാതായി, രാഗാദിദോഷം നീങ്ങി,
പ്രേമാതിരേകത്തിനാൽ ബാഷ്പപൂർണ്ണാക്ഷനായി
രോമാഞ്ചയുക്തനായിബ്ഭക്തി വർദ്ധിച്ചു പാരം
ആനന്ദവിവശനായബ്ഭഗവാന്റെ മുന്നിൽ
മൗനിയായ് വിനീതനായ്ച്ചെന്നാനമിച്ചാ-
നവൻ. 31
ഭക്ത്യാധിക്യത്താലൊഴുകീടുമമ്മിഴിനീരിൽ
മുക്കിനാൻ വീണ്ടും വീണ്ടും ഭഗവത്
പാദാംബുജം
വഴിയും പ്രേമത്തിനാൽ മൊഴികളിടറീട്ടു
കഴിവുണ്ടായീലവനേറെനേരം സ്തുതിക്കാൻ. 32
ചിന്തയാൽ പിന്നെ നിജമനസ്സടക്കി നന്നാ-
യിന്ദ്രിയബാഹ്യവൃത്തി നിശ്ശേഷം നശിപ്പിച്ചു
വാക്കിന്റെ വിഘ്നം നീക്കിബ്ഭക്തി-
ശാസ്ത്രോക്തരൂപം
കൈക്കൊണ്ടീടുമജ്ജഗദ്ഗുരുവെ സ്തുതി-
ച്ചിതു. 33

ചിത്രകേതു പറഞ്ഞു

ജിതാത്മാക്കളായ് സമധീകളാം സാധുക്ക-
ളാൽ
ജിതനാണജിതനായീടിലും ഭവാൻ നൂനം.
അകാമന്മാരാമവർക്കതികാരുണ്യംമൂലം
നികാമമാത്മദാനംചെയ്യുന്ന തിരുമേനി. 34
ഭഗവൻ! ഭവാൻ ലോകം സൃഷ്ടിച്ചു കാത്തഴിച്ചു-
മകത്തും പുറമേയും ജീവനായ് നിലകൊണ്ടും
സകലലോകജീവജാലത്തെ നിയന്ത്രിച്ചും
പ്രകടമാക്കീടുന്നു ചിത്രമാമങ്ങേക്കളി.
നിന്നംശാംശങ്ങളാകും ബ്രഹ്മാദ്യരെല്ലാം വൃഥാ
ഭിന്നഭാവനമൂലമന്യോന്യം കലഹിപ്പൂ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമാണുപരമമഹതോ-
സ്ത്വമാദ്യന്താന്തരവർത്തീ ത്രയവിധുരഃ
ആദാവന്തേഽപി ച സത്ത്വാനാം
യദ് ധ്രുവം തദേവാന്തരാളേഽപി. 36
ക്ഷിത്യാദിഭിരേഷ കിലാവൃതഃ
സപ്തഭിർദശഗുണോത്തരൈരണ്ഡകോശഃ
യത്ര പതത്യണുകല്പഃ
സഹാണ്ഡകോടികോടിഭിസ്തദനന്തഃ. 37
വിഷയതൃഷോ നരപശവോ
യ ഉപാസതേ വിഭൂതിർന്ന പരം ത്വാം
തേഷാമാശിഷ ഈശ
തദനു വിനശ്യന്തി യഥാ രാജകുലം. 38
കാമധിയസ്ത്വയി രചിതാ
ന പരമ രോഹന്തി യഥാ കരംഭബീജാനി
ജ്ഞാനാത്മന്യഗുണമയേ
ഗുണഗണതോഽസ്യ ദ്വന്ദ്വജാലാനി 39
ജിതമജിത തദാ ഭവതാ
യദാഽഽഹ ഭാഗവതം ധർമ്മമനവദ്യം
നിഷ്കിഞ്ചനാ യേ മുനയ
ആത്മാരാമാ യമുപാസതേഽപവർഗ്ഗായ. 40
വിഷമമതിർന്ന യത്ര നൃണാം
ത്വമഹമിതി മമ തവേതി ച യദന്യത്ര
വിഷമധിയാ രചിതോ യഃ
സ ഹ്യവിശുദ്ധഃ ക്ഷയിഷ്ണുരധർമ്മബഹുലഃ. 41
കഃ ക്ഷേമോ നിജപരയോഃ
കിയാനർത്ഥഃ സ്വപരദ്രുഹാ ധർമ്മേണ
സ്വദ്രോഹാത്തവ കോപഃ
പരസംപീഡയാ ച തഥാധർമ്മഃ 42
ന വ്യഭിചരതി തവേക്ഷാ
യയാ ഹ്യഭിഹിതോ ഭാഗവതോ ധർമ്മഃ
സ്ഥിരചരസത്ത്വകദംബേ-
ഷ്വപൃഥഗ്ധിയോ യമുപാസതേ ത്വാര്യാഃ. 43
ന ഹി ഭഗവന്നഘടിതമിദം
ത്വദ്ദർശനാന്നൃണാമഖിലപാപക്ഷയഃ
യന്നാമസകൃച്ഛ്രവണാത്
പുല്കസകോഽപി വിമുച്യതേ സംസാരാത്, 44
അഥ, ഭഗവൻ, വയമധുനാ
ത്വദവലോകപരിമൃഷ്ടാശയമലാഃ
സുരർഷിണാ യദുദിതം.
താവകേന കഥമന്യഥാ ഭവതി. 45
വിദിതമനന്ത സമസ്തം തവ ജഗദാത്മനോ ജനൈരിഹാചരിതം
വിജ്ഞാപ്യം പരമഗുരോഃ കിയദിവ സവിതുരിവ ഖദ്യോതൈഃ. 46
നമസ്തുഭ്യം ഭഗവതേ സകലജഗത്സ്ഥിതിലയോദയേശായ.
ദുരവസിതാത്മഗതയേ കുയോഗിനാം ഭിദാ പരമഹംസായ. 47
യം വൈ ശ്വസന്തമനു വിശ്വസൃജഃ ശ്വസന്തി
യം ചേകിതാനമനു ചിത്തയ ഉച്ചകന്തി
ഭൂമണ്ഡലം സർഷപായതി യസ്യ മൂർദ്ധ്നി
തസ്മൈ നമോ ഭഗവതേഽസ്തു സഹസ്രമൂർദ്ധ്നേ. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലകാരണമാകും പരമാണുവിന്റെയും
ചാലവേ മഹാന്റെയും മദ്ധ്യഭാഗത്തിലായി

ഏതുകാലത്തും സ്ഥിതിചെയ്തീടും തിരുമേനി–
യാദിമദ്ധ്യാന്തഭേദരഹിതനത്രേ നൂനം.

സത്ത്വങ്ങൾതന്നാദ്യവുമന്ത്യവും സ്ഥിരമായി
വർത്തിപ്പതേതാണതുതാനന്തരാളത്തിലും. 36

ഒന്നിനൊന്നിനു മേന്മേൽ വലിപ്പം പത്തിരട്ടി–
യാർന്നിടും മന്നാദിയാം പദാർത്ഥമേഴും ചൂഴ്ന്നു

ബ്രഹ്മാണ്ഡമണ്ഡകോടിയൊത്തേതിലണു–
പ്രായം
ചെമ്മേ ചുഴന്നീടുന്നിതാവസ്തുതാനനന്തം. 37

ഈശ്വരാ! വിഷയാശാവേശിതം മർത്ത്യപശു–
രാശി സേവിച്ചീടുന്ന വിഭൂതികളെ നിത്യം.

അവതന്നനുഗ്രഹം രാജവംശംകണക്കേ–
യവയോടൊത്തുതന്നെ നശിച്ചുപോകുന്നിതേ.

പരനാം പുമാനാകും നിന്തിരുമേനിയേയി–
പ്പരിഷയുപാസിക്കുന്നില്ലൊരിക്കലും
നേരേ. 38

നിർഗ്ഗുണനായി ജ്ഞാനാത്മകനാമങ്ങേമുമ്പിൽ
വച്ചുമക്കാമാർത്ഥന, വറുത്ത വിത്തെന്നപോൽ

മുളയ്ക്കുന്നില്ല, ഗുണഗണത്തിൽനിന്നും ജീവ–
ന്നുളവായീടുന്നിതേ ബന്ധസന്ദോഹം
നിത്യം. 39

ധന്യമാം ഭാഗവതധർമ്മമിങ്ങുരപ്പിച്ചെ–
ന്നൊന്നിനാൽ ജിതനായാനജിതനാകും
ഭവാൻ.

ഈ മാർഗ്ഗമത്രേ നിത്യമാശ്രയിപ്പതുമാരാമാ–
രാമന്മാരായി മിന്നും നിഷ്കിഞ്ചനന്മാർ
പോലും. 40

ഇല്ലിതിൽ ഞാൻ നീയെന്റെ നിന്റേയെന്നുള്ള
ഭേദം
തെല്ലുമേ, മററുള്ളവ ഭേദധീരചിതങ്ങൾ

ശുദ്ധിയില്ലവയ്ക്കേതുമധർമ്മബഹുലങ്ങൾ
സത്വരമവയെല്ലാം നശിച്ചുപോകുന്നിതു. 41

തനിക്കുമന്യന്മാർക്കും തന്നേയുമന്യനേയു–
മനിശം ദ്രോഹിച്ചിടും ധർമ്മത്താൽ ഫലമെന്തേ?

തന്നിലെ ദ്രോഹത്തിനാലീശനാമങ്ങേക്കേഴും
മന്യുവു,മന്യദ്രോഹംകൊണ്ടധർമ്മവുമുണ്ടാം. 42

ഏതൊരുദ്ദേശത്താലീ നിഷ്കാമഭക്തിമാർഗ്ഗ–
മോതിയോ തിരുമേനിയതു നിഷ്ഫലമാകാ.

സമസ്തചരാചരജീവരാശിയിൽവച്ചു
സമദർശനരാര്യരീധർമ്മമുപാസിപ്പൂ. 43

ഭഗവൻ! ത്വദ്ദർശനംകൊണ്ടഘമശേഷവു–
മകലുമെന്നുള്ളതിൽ സംശയിക്കേണ്ടതുണ്ടോ?

ത്വന്നാമമേതെങ്കിലുമൊന്നൊരുകുറി കേട്ടാൽ
ചണ്ഡാലൻപോലും സംസാരാംബുധി
കടക്കുന്നു. 44

ഭഗവൻ! ഞങ്ങൾക്കങ്ങേദർശനം ലഭിക്കയാ–
ലകതാരഴുക്കററു ശുദ്ധരായ് ഞങ്ങളിപ്പോൾ.

സുരമാമുനിയാമന്നാരദനരുൾചെയ്ത
വരവാണികൾ പാർത്താലന്യഥാ
ഭവിക്കുമോ? 45

ഭുവനാത്മാവാം ഭവാനറിയുന്നുണ്ടു നേരേ–
യിവിടെജ്ജനാവലിയാചരിക്കുന്നതെല്ലാം

കാര്യങ്ങൾ പറഞ്ഞങ്ങേക്കേൾപ്പിക്കാൻ
ശ്രമിക്കുവോൻ
സൂര്യനു വഴികാട്ടും മിന്നാമിനുങ്ങുതന്നെ. 46

ഭേദദർശനംമൂലം കത്സിതയോഗികൾക്ക–
ജ്ഞാതമായിടും മാർഗ്ഗമിയലുന്നവനായി

സകല ലോകോദയ സ്ഥിതിസംഹാരേശനായ്
വികൃതിവിഹീനനാം ഭഗവൻ നമസ്കാരം. 47

ലോകസ്രഷ്ടാക്കളെല്ലാമാർക്കേഴും ശ്വസനത്തെ–
യാകുമോ നിരന്തരമനുശ്വസിക്കുന്നതും,

സർവ്വവും ദ്യോതിപ്പിച്ചും വീക്ഷിച്ചും മിന്നുമേതു
സർവ്വാന്തര്യാമിതന്നെയനുസരിച്ചു താനോ

സൂര്യാദിഗോളങ്ങളും ജ്ഞാനേന്ദ്രിയങ്ങളുഞ്ചും
നേരേ സമസ്തത്തെയും പ്രകാശിപ്പിക്കുന്നതും,

ഏതൊരു ഭഗവാന്റെയുത്തമാങ്ഗത്തിലാ–
ഭൂതലമൊരു കടുകെന്നമട്ടിരിപ്പതും, ണോ

ആയിരം ശിരസ്സിയന്നീടുമാശേഷമൂർത്തി–
ക്കായിതാ ഭക്തിപൂർവ്വം ചെയ്യുന്നേൻ
നമസ്കാരം. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

സംസ്തുതോ ഭഗവാനേവമനന്തസ്തമഭാഷത
വിദ്യാധരപതിം പ്രീതശ്ചിത്രകേതും കുരൂദ്വഹ! 49

ശ്രീഭഗവാനുവാച

യന്നാരദാങ്ഗിരോഭ്യാം തേ വ്യാഹൃതം മേ/നുശാസനം
സംസിദ്ധോ/സി തയാ, രാജൻ, വിദ്യയാ ദർശനാച്ച മേ. 50
അഹം വൈ സർവ്വഭൂതാനി ഭൂതാത്മാ ഭൂതഭാവനഃ
ശബ്ദബ്രഹ്മ പരം ബ്രഹ്മ മമോഭേ ശാശ്വതീ തനൂ. 51
ലോകേ വിതതമാത്മാനം ലോകം ചാത്മനി സന്തതം
ഉഭയം ച മയാ വ്യാപ്തം മയി ചൈവോഭയം കൃതം. 52
യഥാ സുഷുപ്തഃ പുരുഷോ വിശ്വം പശ്യതി ചാത്മനി
ആത്മാനമേകദേശസ്ഥം മന്യതേ സ്വപ്ന ഉത്ഥിതഃ. 53
ഏവം ജാഗരണാദീനി ജീവസ്ഥാനാനി ചാത്മനഃ
മായാമാത്രാണി വിജ്ഞായ തദ്ദ്രഷ്ടാരം പരം സ്മരേത്. 54
യേന പ്രസുപ്തഃ പുരുഷഃ സ്വാപം വേദാത്മനസ്തദാ
സുഖം ച നിർഗ്ഗുണം ബ്രഹ്മ തമാത്മാനമവേഹി മാം. 55
ഉഭയം സ്മരതഃ പുംസഃ പ്രസ്വാപപ്രതിബോധയോഃ
അന്വേതി വ്യതിരിച്യേത തജ്ജ്ഞാനം ബ്രഹ്മ തത്പരം. 56
യദേതദ്വിസ്മൃതം പുംസോ മദ്ഭാവം ഭിന്നമാത്മനഃ
തതഃ സംസാര ഏതസ്യ ദേഹാദ്ദേഹോ മൃതേർമ്മൃതിഃ. 57
ലബ്ധ്വേഹ മാനുഷീം യോനിം ജ്ഞാനവിജ്ഞാനസംഭവാം,
ആത്മാനം യോ ന ബുദ്ധ്യേത ന ക്വചിത്ക്ഷേമമാപ്-
നുയാത്. 58
സ്മൃത്വേഹായാം പരിക്ലേശം തതഃ ഫലവിപര്യയം
അഭയം ചാപ്യനീഹായാം സങ്കല്പാദ്വിരമേത് കവിഃ 59
സുഖായ ദുഃഖമോക്ഷായ കുർവ്വാതേ ദമ്പതീ ക്രിയാഃ
തതോ/നിവൃത്തിരപ്രാപ്തിർദുഃഖസ്യ ച സുഖസ്യ ച. 60
ഏവം വിപര്യയം ബുദ്ധ്വാ നൃണാം വിജ്ഞാഭിമാനിനാം
ആത്മനശ്ച ഗതിം സൂക്ഷ്മാം സ്ഥാനത്രയവിലക്ഷണാം. 61
ദൃഷ്ടശ്രുതാഭിർമ്മാത്രാഭിർന്നിർമ്മുക്തഃ സ്വേന തേജസാ
ജ്ഞാനവിജ്ഞാനസന്തുഷ്ടോ മദ്ഭക്തഃ പുരുഷോ ഭവേത്. 62
ഏതാവാനേവ മനുജൈര്യോഗനൈപുണബുദ്ധിഭിഃ
സ്വാർത്ഥഃ സർവ്വാത്മനാ ജ്ഞേയോ യത്പരാത്മൈകദർശനം. 63
ത്വമേതച്ഛ്രദ്ധയാ രാജന്നപ്രമത്തോ വചോ മമ
ജ്ഞാനവിജ്ഞാനസമ്പന്നോ ധാരയന്നാശു സിധ്യസി. 64

ശ്രീശുക ഉവാച

ആശ്വാസ്യ ഭഗവാനിത്ഥം ചിത്രകേതും ജഗദ്ഗുരുഃ
പശ്യതസ്തസ്യ വിശ്വാത്മാ തതശ്ചാന്തർദ്ധധേ ഹരിഃ. 65

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചിത്രകേതോഃ പരമാത്മദർശനം നാമ ഷോഡശോ/ധ്യായഃ

സപ്തദശോ/ധ്യായഃ

ശ്രീശുക ഉവാച

യതശ്ചാന്തർഹിതോ/നന്തസ്തസ്യൈ കൃത്വാ ദിശേ നമഃ
വിദ്യാധരശ്ചിത്രകേതുശ്ചചാര ഗഗനചരഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ഇത്തരമുള്ള ഭക്തിമയമാം സ്തോത്രങ്ങൾ കേ-
ട്ടത്യന്തം സന്തുഷ്ടനായ് ഭഗവാനാദിശേഷൻ
വിദ്യാധരശ്രേഷ്ഠനായ്ത്തീർന്നേററം
ശോഭിക്കുമ-
ച്ചിത്രകേതുവിനോടായിങ്ങനെ
ചൊല്ലീടിനാൻ. 49

ശ്രീഭഗവാൻ പറഞ്ഞു

നാരദനങ്ഗിരസ്സെന്നിമ്മഹർഷികൾ ചെയ്ത
സാരോപദേശംകൊണ്ടുമെന്റെ ദർശനത്താലും
ഉത്തമനാകും ചിത്രകേതുഭൂപാലാ! ഭവാൻ
സിദ്ധനായിരിക്കുന്നു സംശയമേതുമില്ല. 50
നിഖിലഭൂതങ്ങളും ഞാൻതന്നെ തദാത്മാവും,
സകലത്തെയും ഞാൻതാൻ ദ്യോതിപ്പി-
ച്ചീടുന്നതും
ശബ്ദബ്രഹ്മവും പരബ്രഹ്മവുമെന്റെ രണ്ടു
കെല്പേറുമനശ്വരമൂർത്തികൾതന്നെയല്ലോ. 51
ലോകവ്യാപ്തമാമാത്മാവിങ്കലുമാത്മവ്യാപ്ത-
ലോകത്തിങ്കലും സമം വ്യാപിച്ചീ രണ്ടിനേയും
എന്നിൽത്താനുറപ്പിച്ചു ഞാനിരുന്നീടുന്നതു
മന്നവശിഖാമണേ! കണ്ടാലും ഭവാൻ നേരേ. 52
സുപ്തനായീടും പുമാൻതന്നിലിപ്രപഞ്ചത്തെ
സ്വപ്നത്തിലിരീക്ഷിക്കുന്നിതുണർന്നു
നോക്കീടുമ്പോൾ
തനിയേയൊരു കോണിൽത്താൻ സ്ഥിതി
ചെയ്യുന്നതാ-
യനുഭൂതിയിൽപെടു,മെന്നതുപോലെതന്നെ
ജീവസ്ഥാനങ്ങളാകും ജാഗ്രത്തുതൊട്ടുള്ളവ
കേവലമാത്മമായാമാത്രങ്ങളാണെന്നതും
അവറ്റിൻ ദ്രഷ്ടാവായി സ്ഥിതിചെയ്തീടുമാത്മാ-
വവയിൽനിന്നു ഭിന്നനാണെന്നും ധരിക്കുക.
53-54
ഉറങ്ങും പുരുഷങ്കലുണർന്നിരിക്കുമാത്മാ-
വറിയുമാനിദ്രയെയാത്മാവിൻ സുഖത്തെയും
സത്ത്വാദിഗുണത്രയാതീതമായ് ബ്രഹ്മമായി
വർത്തിച്ചീടുമപ്പരമാത്മാവു ഞാനെന്നോർക്ക. 55
ഉറക്കത്തേയും പിന്നെയുണർവ്വിനേയും നേരേ
സ്മരിപ്പോൻതന്നേതൊന്നോ വിളക്കീ രണ്ടി-
നേയും
രണ്ടിലുംചേർന്നും ചേർന്നീടാതെയും ശോഭിച്ചീടു-
ന്നതെങ്ങുമാ ബോധമായീടുന്നു പരബ്രഹ്മം. 56
ഈവിധം സമസ്തവുമാമെന്നെ വിസ്മരിപ്പോ-
നേവനും ജഗത്താത്മഭിന്നമായെന്യേ കാണാ.
അതിനാൽ ജീവാത്മാവു സംസാരനിമഗ്നനായ്
മൃതിയും ജന്മവും വിട്ടൊഴിയാതുഴലുന്നു. 57
ജ്ഞാനവിജ്ഞാനസമ്പാദനത്തിന്നുതകീടും
മാനുഷജന്മം ഭാഗ്യംകൊണ്ടു സിദ്ധിച്ചീടുവോൻ
തത്ത്വജ്ഞാനവുമാത്മസാക്ഷാൽക്കാരവും
നേടാൻ
ശ്രദ്ധിച്ചില്ലെങ്കിൽ ക്ഷേമമെങ്ങവനുണ്ടായിടും?
58
പ്രവൃത്തിമാർഗ്ഗചാരിതന്നുടെ ദുഃഖത്തെയും
പ്രവൃത്തിക്കുണ്ടായിടും വിരുദ്ധഫലത്തെയും
നിവൃത്തിമാർഗ്ഗത്തിന്റെ മോക്ഷമാം ഫലത്തെയും
വിവേകി കണ്ടിട്ടുടൻ വിടുന്നു സങ്കല്പങ്ങൾ. 59
ദുഃഖമോചനത്തിനും സുഖാവാപ്തിക്കുമായി
മിക്ക ദമ്പതികളും കർമ്മങ്ങൾ ചെയ്തിടുന്നു.
അതിൽനിന്നതിയായീടുന്ന ദുഃഖവും സുഖ-
ക്ഷതിയുമത്രേയനുഭവിപ്പതായിക്കാണ്മൂ. 60
അറിവുള്ളവരെന്നായഭിമാനിച്ചീടുന്ന
പുരുഷന്മാർതൻ കർമ്മഫലവൈപരീത്യവും
ജാഗ്രദാദിയാം സ്ഥാനത്രയത്തിൽനിന്നു മാറി
നില്ക്കുന്ന പരാത്മാവിൻ സൂക്ഷ്മസ്വരൂപത്തെയും
ധരിച്ചു, കണ്ടും കേട്ടുമിരിക്കും വിഷയങ്ങൾ
തരസാ സന്ത്യജിച്ചു വിവേകം സമ്പാദിച്ചു
സ്വന്തതേജസ്സാൽ മുക്തനായി വിജ്ഞാന-
ജ്ഞാന-
സന്തൃപ്തനായിപ്പുമാൻ മദ്ഭക്തനായീ-
ടണം. 61–62
പുണ്യകർമ്മങ്ങൾമൂലം മാനസസംശുദ്ധികൈ-
വന്നവരിൽനിന്നു ധരിച്ചീടേണ്ടും സാരം
ഇത്രതാൻ, ജീവാത്മാവു പരമാത്മാവിൽനിന്നു
വ്യത്യസ്തനല്ല, രണ്ടുമൊന്നെന്നുള്ളതുതന്നെ. 63
ഭൂമീശമണേ! ഭവാനപ്രമത്തനായ് ശ്രദ്ധി-
ച്ചീ മാമകോപദേശം ധരിച്ചുവച്ചു നേരേ
ജ്ഞാനവിജ്ഞാനസമ്പത്സംയുതനായിശ്ശീഘ്ര-
മാനന്ദാനുഭൂതനായ് സിദ്ധനായ് ഭവി-
ച്ചാലും. 64

ശ്രീശുകൻ പറഞ്ഞു

ജഗദാചാര്യനായി വിശ്വമൂർത്തിയായ് മിന്നും
ഭഗവാനാദിശേഷനീയുപദേശങ്ങളാൽ
ചിത്രകേതുവെസ്സമാശ്വസിപ്പിച്ചവൻ കാണ്കെ
തത്രതാനന്തർദ്ധാനംചെയ്തിതു മഹീപതേ! 65

അദ്ധ്യായം 17

ചിത്രകേതൂപാഖ്യാനം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ഭഗവാൻ മറഞ്ഞോരദ്ദിക്കിനു നമസ്കരി-
ച്ചഖിലൈശ്വര്യങ്ങളും സമാശ്ലേഷിച്ചിരിക്കും
വിദ്യാധരേശനാകുമച്ചിത്രകേതുഭൂപൻ
നിത്യവും നഭോമാർഗ്ഗചരനായ് ലാലസി-
ച്ചാൻ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ലക്ഷം വർഷലക്ഷാണാമവ്യാഹതബലേന്ദ്രിയഃ
സ്തൂയമാനോ മഹായോഗീ മുനിഭിഃ സിദ്ധചാരണൈഃ. 2
കുലാചലേന്ദ്രദ്രോണീഷു നാനാസങ്കല്പസിദ്ധിഷു
രേമേ വിദ്യാധരസ്ത്രീഭിർഗ്ഗാപയൻ ഹരിമീശ്വരം. 3
ഏകദാ സ വിമാനേന വിഷ്ണുദത്തേന ഭാസ്വതാ
ഗിരിശം ദദൃശേ ഗച്ഛൻ പരീതം സിദ്ധചാരണൈഃ. 4
ആലിംഗ്യാങ്കീകൃതാം ദേവീം ബാഹുനാ മുനിസംസദി
ഉവാച ദേവ്യാഃ ശൃണ്വത്യാ ജഹാസോച്ചൈസ്തദന്തികേ. 5

ചിത്രകേതുരുവാച

ഏഷ ലോകഗുരുഃ സാക്ഷാദ്ധർമ്മം വക്താ ശരീരിണാം
ആസ്തേ മുഖ്യഃ സഭായാം വൈ മിഥുനീഭൂയ ഭാര്യയാ. 6
ജടാധരസ്തീവ്രതപാ ബ്രഹ്മവാദിസഭാപതിഃ
അങ്കീകൃത്യ സ്ത്രിയം ചാസ്തേ ഗതഹ്രീഃ പ്രാകൃതോ യഥാ. 7
പ്രായശഃ പ്രാകൃതാശ്ചാപി സ്ത്രിയം രഹസി ബിഭ്രതി
അയം മഹാവ്രതധരോ ബിഭർത്തി സദസി സ്ത്രിയം. 8

ശ്രീശുക ഉവാച

ഭഗവാനപി തച്ഛ്രുത്വാ പ്രഹസ്യാഗാധധീർന്നൃപ!
തൂഷ്ണീം ബഭൂവ സദസി സഭ്യാശ്ച തദനുവ്രതാഃ. 9
ഇത്യതദ്വീര്യവിദുഷി ബ്രുവാണേ ബഹ്വശോഭനം
രുഷാഽഽഹ ദേവീ ധൃഷ്ടായ നിർജ്ജിതാത്മാഭിമാനിനേ. 10
''അയം കിമധുനാ ലോകേ ശാസ്താ ദണ്ഡധരഃ പ്രഭുഃ
അസ്മദ്വിധാനാം ദുഷ്ടാനാം നിർല്ലജ്ജാനാം ച വിപ്രകൃത്. 11
ന വേദ ധർമ്മം കില പദ്മയോനി-
ർന്ന ബ്രഹ്മപുത്രാ ഭൃഗുനാരദാദ്യാഃ
ന വൈ കുമാരഃ കപിലോ മനുശ്ച
യേ നോ നിഷേധന്ത്യതിവർത്തിനം ഹരം. 12
ഏഷാമനുധ്യേയപദാബ്ജയുഗ്മം
ജഗദ്ഗുരും മംഗളമംഗളം സ്വയം
യഃ ക്ഷത്രബന്ധുഃ പരിഭൂയ സൂരീൻ
പ്രശാസ്തി ധൃഷ്ടസ്തദയം ഹി ദണ്ഡ്യഃ. 13
നായമർഹതി വൈകുണ്ഠപാദമൂലോപസർപ്പണം
സംഭാവിതമതിഃ സ്തബ്ധഃ സാധുഭിഃ പര്യുപാസിതം. 14
അതഃ പാപീയസീം യോനിമാസുരീം യാഹി ദുർമ്മതേ!
യഥേഹ ഭൂയോ മഹതാം ന കർത്താ പുത്ര! കില്ബിഷം.'' 15

ശ്രീശുക ഉവാച

ഏവം ശപ്തശ്ചിത്രകേതുർവിമാനാദവരുഹ്യ സഃ
പ്രസാദയാമാസ സതീം മൂർദ്ധ്നാ നമ്രേണ, ഭാരത! 16
''പ്രതിഗൃഹ്ണാമി തേ ശാപമാത്മനോഽഞ്ജലിനാംബികേ!
ദേവൈർമ്മർത്ത്യായ യത്പ്രോക്തം പൂർവ്വദിഷ്ടം ഹി തസ്യ തത്. 17
സംസാരചക്ര ഏതസ്മിൻ ജന്തുരജ്ഞാനമോഹിതഃ
ഭ്രാമ്യൻ സുഖം ച ദുഃഖം ച ഭുങ്ക്തേ സർവ്വത്ര സർവ്വദാ. 18
നൈവാത്മാ ന പരശ്ചാപി കർത്താ സ്യാത് സുഖദുഃഖയോഃ
കർത്താരം മന്യതേഽപ്രാജ്ഞ ആത്മാനം പരമേവ ച. 19
ഗുണപ്രവാഹ ഏതസ്മിൻ കഃ ശാപഃ കോന്വനുഗ്രഹഃ
കഃ സ്വർഗ്ഗോ നരകഃ കോ വാ കിം സുഖം ദുഃഖമേവ വാ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷോപലക്ഷം വർഷമാമഹായോഗീശ്വര-
നക്ഷീണബലത്തോടുമിന്ദ്രിയദാർഢ്യത്തോടും
സിദ്ധഗന്ധർവ്വസ്തൂയമാനനായ് വിദ്യാധര-
മത്തകാശിനികളെക്കൊണ്ടച്യുതാപദാനം,
ഗാനംചെയ്യിച്ചു രമിച്ചീടിനാൻ സർവ്വേപ്സിത-
ദാനദക്ഷനാം കുലാദ്രീന്ദ്രൻതൻ ഗുഹതോറും. 2-3
ഭഗവാനേകീടിന സുപ്രഭം വിമാനത്തി-
നകമേയിരുന്നുകൊണ്ടൊരുനാൾ ചിത്രകേതു
സിദ്ധചാരണഗണം നാലുഭാഗത്തും നിന്നു
വാഴ്ത്തീടും മഹേശനെത്തെളിഞ്ഞു കണ്ടീടി-
നാൻ. 4
മുനിമാരുടെ സഭാമദ്ധ്യത്തിൽ ഹിമാചല-
തനയയാകുമുമാദേവിയെ മടിതന്നിൽ
ഇരുത്തിയൊരു കയ്യാൽത്തഴുകിപ്പാരം രസി-
ച്ചിരിക്കയായിരുന്നു ഭഗവാൻ പാർവതീശൻ.
ഈശസന്നിധിയണഞ്ഞുറക്കെച്ചിരിച്ചുകൊ-
ണ്ടീശ്വരി കേൾക്കെയെവനുച്ചത്തിൽച്ചൊന്നാ-
നേവം. 5

ചിത്രകേതു പറഞ്ഞു

ഇമ്മാന്യൻ, ജഗദ്ഗുരു, സദ്ദേശൻ, ധർമ്മ-
വക്താ-
വിമ്മഹാസദസ്സിങ്കൽ ഭാര്യയായ്ച്ചേർന്നി-
രിപ്പൂ. 6
ജടയുംപൂണ്ടു വേദമാർഗ്ഗത്തെ നിലനിർത്തി-
ക്കൊടിയതപസ്സാർന്നു സഭാനായകനായി
നാണംവിട്ടേണാക്ഷിയെ മടിയിലിരു-
ത്തിക്കൊ-
ണ്ടാനന്ദിച്ചീടുന്നിതു സദസ്സിൽ പ്രാകൃതൻ-
പോൽ. 7
പ്രാകൃതന്മാർപോലുമേ സ്ത്രീയുമൊത്തിരുന്നേവം
വൈകൃതമേകാന്തത്തിലെന്നിയേ കാട്ടാറില്ല.
എന്നല്ല വിശേഷിച്ചുമിദ്ദേഹം ബ്രഹ്മചാരി-
യെന്നതും പാർത്താൽ കഷ്ടമെന്നല്ലാതെന്തു
ചൊൽവൂ. 8

ശ്രീശുകൻ പറഞ്ഞു

ജ്ഞാനിയാം ശിവനിതു കേട്ടു പുഞ്ചിരിപൂണ്ടു
മൗനിയായ് സ്ഥിതിചെയ്താൻ, മിണ്ടീല
സദസ്യരും. 9
ശിവമാഹാത്മ്യമേതുമറിയാതിവൻ ചൊന്നോ-
രവഹേളനവാക്യം കേട്ടുടനുമാദേവി
ധൃഷ്ടനായ് ജിതാത്മാഭിമാനിയാമവനോടു
രുഷ്ടയായരുളിച്ചെയ്തീടിനാളിപ്രകാരം: 10
"ലജ്ജാഹീനരായ് ദുരാത്മാക്കളാമസ്മാദൃശ-
ദുർജ്ജനങ്ങളെയെല്ലാം ശാസിപ്പാൻ ദണ്ഡമേന്തും
പരമാധികാരിയും പ്രഭുവും വിരോധിയു-
മൊരുവൻ ലോകത്തിപ്പോളിവനോ, കൊള്ളാം,
കൊള്ളാം. 11
ബ്രഹ്മാവും പുത്രന്മാരാം നാരദഭൃഗ്വാദ്യരു-
മന്മേട്ടു കപിലനും സനൽകുമാരൻതാനും
മനുവുമജ്ഞരായിട്ടായിടാമധർമ്മിയാ-
മനകൻതന്നെ നിന്ദിക്കാത്തതുമിതേവരെ. 12
ബ്രഹ്മാദി സുരാവലിയാരുടെ പാദാംബുജം
നിർമ്മായം നിരന്തരം സേവിച്ചുവരുന്നുവോ,
ലോകത്തിൻ ഗുരുവായിത്താനേതാൻ
മങ്ഗലങ്ങൾ-
ക്കാകെ മങ്ഗലാത്മാവായ് മിന്നുവതേതു
ദേവൻ,
ആ ത്രിനേത്രനെസ്സൂരിമാരെയും ധിക്കരിച്ചി-
ക്ഷത്രിയാധമനവഹേളനംചെയ്കമൂലം
ധൂർത്തനായീടുമിവനിക്കാലം ദണ്ഡനത്തിൻ-
പാത്രമായ് ഭവിക്കുന്നു സന്ദേഹമില്ലതെല്ലും. 13
സാധുക്കളായോർ നിത്യം സാദരം സേവിക്കുന്ന
മാധവപാദമൂലം പ്രാപിക്കാൻ പാത്രമാകുകിൽ
ഞാനാണു വലിയോനിങ്ങാരിലുമെന്നായഭി-
മാനിച്ചു നടക്കുമിദ്ദുർവ്വിഷ്ടനർഹനല്ല. 14
അതിനാൽ ദുർബുദ്ധിയാം മകനേ! മഹാന്മാരെ-
യതിക്രമിച്ചീടരുതിനി നീ, യതിനിപ്പോൾ
നിന്നെ ഞാൻ ശിക്ഷിക്കുന്നു, പാപികളായോർ
ചെന്നു
ചേർന്നിടുമാസുരിയാം യോനിയെ പ്രാപി-
ച്ചാലും". 15

ശ്രീശുകൻ പറഞ്ഞു

ദേവിതൻ ശാപമേവമേറ്റുടൻ ചിത്രകേതു-
വാവിമാനത്തിൽനിന്നുമിറങ്ങി വേഗം താഴെ
പാർവ്വതീപാദാംബുജം വണങ്ങി പ്രസാദിപ്പി-
ച്ചീവിധമറിയിച്ചാൻ വിനയാനതനായി. 16
"അംബികേ! തവ ശാപം രണ്ടുകയ്യുകൾ-
കൊണ്ടും
സമ്മോദപുരസ്സരം സ്വീകരിക്കുന്നിതാ ഞാൻ.
ദേവന്മാരുടെ വാക്യം മർത്ത്യരിൽ താന്താങ്ങൾ
തൻ
പൂർവ്വകർമ്മത്തിൻ ഫലമായിട്ടേ വന്നുചേരൂ. 17
ജന്തുക്കളെല്ലാം ജ്ഞാനാഭാവത്താൽ മോഹാ
ന്ധരാ-
യന്തമററുള്ളതാമിസ്സംസാരചക്രംതന്നിൽ
അകപ്പെട്ടെന്നും ചുററിക്കറങ്ങിയെങ്ങും ദുഃഖ-
സുഖങ്ങളനുഭവിച്ചീടുന്നു നിരന്തരം. 18
തന്നുടെ സുഖത്തിനു താനും തൻ ദുഃഖത്തിന-
ങ്ങന്യനും കർത്താവെന്നു കരുതീടുന്നു മൂഢൻ. 19
സത്ത്വാദി ഗുണമയമാകുമിസ്സംസാരത്തി-
ലോർത്തുനോക്കിയാൽ ശാപമെന്തനുഗ്രഹ-
മെന്തോ?
സ്വർഗ്ഗമെ,ന്തെന്തായിടും നരകം, സുഖമെന്ത്?
ദുഃഖവുമെന്തു പാർത്താൽ; സത്യത്തിലില്ലി-
തൊന്നും. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകഃ സൃജതി ഭൂതാനി ഭഗവാനാത്മമായയാ
ഏഷാം ബന്ധം ച മോക്ഷം ച സുഖം ദുഃഖം ച നിഷ്കളഃ. 21

    ന തസ്യ കശ്ചിദ്ദയിതഃ പ്രതീപോ
    ന ജ്ഞാതിബന്ധുർന്ന പരോ ന ച സ്വഃ
    സമസ്യ സർവ്വത്ര നിരഞ്ജനസ്യ
    സുഖേ ന രാഗഃ കുത ഏവ രോഷഃ. 22
    തഥാപി തച്ഛക്തിവിസർഗ്ഗ ഏഷാം
    സുഖായ ദുഃഖായ ഹിതാഹിതായ
    ബന്ധായ മോക്ഷായ ച മൃത്യുജന്മനോഃ
    ശരീരിണാം സംസൃതയേ/വകല്പതേ. 23

അഥ പ്രസാദയേ ന ത്വാം ശാപമോക്ഷായ, ഭാമിനി,
യന്മന്യസേ അസാധൂക്തം മമ തത് ക്ഷമ്യതാം സതി.'' 24

ശ്രീശുക ഉവാച

ഇതി പ്രസാദ്യ ഗിരിശൗ ചിത്രകേതുരരിന്ദമ!
ജഗാമ സ്വവിമാനേന പശ്യതോഃ സ്മയതോസ്തയോഃ. 25
തതസ്തു ഭഗവാൻ രുദ്രോ രുദ്രാണീമിദമബ്രവീത്
ദേവർഷിദൈത്യസിദ്ധാനാം പാർഷദാനാം ച ശൃണ്വതാം. 26

ശ്രീരുദ്ര ഉവാച

ദൃഷ്ടവത്യസി സുശ്രോണി! ഹരേരദ്ഭുതകർമ്മണഃ
മാഹാത്മ്യം ഭൃത്യഭൃത്യാനാം നിഃസ്പൃഹാണാം മഹാത്മനാം. 27
നാരായണപരാഃ സർവ്വേ ന കുതശ്ചന ബിഭ്യതി
സ്വർഗ്ഗാപവർഗ്ഗനരകേഷ്വപി തുല്യാർത്ഥദർശിനഃ. 28
ദേഹിനാം ദേഹസംയോഗാദ് ദ്വന്ദ്വാനീശ്വരലീലയാ
സുഖം ദുഃഖം മൃതിർജ്ജന്മ ശാപോ/നുഗ്രഹ ഏവ ച. 29
അവിവേകകൃതഃ പുംസോ ഹ്യർത്ഥഭേദ ഇവാത്മനി
ഗുണദോഷവികല്പശ്ച ഭിദേവ സ്രജിവത് കൃതഃ. 30
വാസുദേവേ ഭഗവതി ഭക്തിമുദ്വഹതാം നൃണാം
ജ്ഞാനവൈരാഗ്യവീര്യാണാം നേഹ കശ്ചിദ് വ്യപാശ്രയഃ. 31

    നാഹം വിരിഞ്ചോ ന കുമാരനാരദൗ
    ന ബ്രഹ്മപുത്രാ മുനയഃ സുരേശാഃ
    വിദാമ യസ്യേഹിതമംശകാംശകാ
    ന തത്സ്വരൂപം പൃഥഗീശമാനിനഃ. 32

ന ഹ്യസ്യാസ്തി പ്രിയഃ കശ്ചിന്നാപ്രിയഃ സ്വഃ പരോ/പി വാ
ആത്മത്വാത്സർവ്വഭൂതാനാം സർവ്വഭൂതപ്രിയോ ഹരിഃ. 33
തസ്യ ചായം മഹാഭാഗശ്ചിത്രകേതുഃ പ്രിയോ/നുഗഃ
സർവ്വത്ര സമദൃക് ശാന്തോ ഹ്യഹം ചൈവാച്യുതപ്രിയഃ 34
തസ്മാന്ന വിസ്മയഃ കാര്യഃ പുരുഷേഷു മഹാത്മസു
മഹാപുരുഷഭക്തേഷു ശാന്തേഷു സമദർശിഷു. 35

ശ്രീശുക ഉവാച

ഇതി ശ്രുത്വാ ഭഗവതഃ ശിവസ്യോമാഭിഭാഷിതം
ബഭൂവ ശാന്തധീ, രാജൻ, ദേവീ വിഗതവിസ്മയാ. 36
ഇതി ഭാഗവതോ ദേവ്യാഃ പ്രതിശപ്തുമലന്തമഃ
മൂർദ്ധ്നാ സഞ്ജഗൃഹേ ശാപമേതാവത്സാധുലക്ഷണം. 37
ജജ്ഞേ ത്വഷ്ടുർദ്ദക്ഷിണാഗ്നൗ ദാനവീം യോനിമാശ്രിതഃ
വൃത്ര ഇത്യഭിവിഖ്യാതോ ജ്ഞാനവിജ്ഞാനസംയുതഃ. 38
ഏതത്തേ സർവ്വമാഖ്യാതം യന്മാം ത്വം പരിപൃച്ഛസി
വൃത്രസ്യാസുരജാതേശ്ച കാരണം ഭഗവന്മതേഃ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകനാമീശൻ മായാശക്തിയാൽ ഭൂതജാല-
മാകവേ തീർത്തവച്ചു സുഖദുഃഖങ്ങളേയും
ബന്ധമോക്ഷങ്ങളേയും സൃഷ്ടിക്കുന്നിതു ഗുണ-
ബന്ധമുണ്ടാകുന്നില്ലബ് ഭഗവാനൊരി-
ക്കലും. 21
പ്രിയനും വിരോധിയും ബന്ധുവും ജ്ഞാതി-
താനും
നിയതം സ്വകീയനും പരകീയനുമില്ല.
സമസ്തത്തിലും സമബുദ്ധിയായ് ബന്ധ-
മെന്യേ-
യമരുമീശന്നില്ല ലേശവും സുഖാശയും.
ക്രുധയെന്നുള്ള ദോഷമെവിടെനിന്നു പിന്നെ-
യുദയംചെയ്യും സർവ്വശക്തനാം ഭഗവാനിൽ! 22
എങ്കിലും തന്മായതൻ പ്രവൃത്തിയെന്നും
പ്രാണി-
സങ്കുലത്തിനു സുഖാസുഖങ്ങളും, ഹിതാഹിതം
ബന്ധമോക്ഷങ്ങളെന്നീരൂപത്തിലെഴും ഭേ-
ബന്ധമുണ്ടാക്കീടുവാൻ സമർത്ഥമായീടുന്നു. 23
ശോഭനേ! ഭവതിതൻ പ്രസാദത്തിനായെന്യേ
ശാപമോക്ഷത്തിനായിട്ടല്ലെന്റെ ചൊല്ലോ-
ന്നുമേ.
വല്ലതും പിഴയെന്റെ വചസ്സിൽ വന്നുപോയി-
ട്ടുള്ളതായ് ഭവതിക്കു തോന്നുകിൽ ക്ഷമി-
ച്ചാലും.'' 24

ശ്രീശുകൻ പറഞ്ഞു

ഇത്തരം വാക്കു കേട്ടു മോദിച്ചും വിസ്മയിച്ചും
വർത്തിക്കുമുമാമഹേശ്വരന്മാർ കണ്ടിരിക്കെ,
ചിത്രകേതുവാം ഭൂപനാ വിമാനത്തിലേറി-
യസ്ഥലംവിട്ടു ഗമിച്ചീടിനാനരിന്ദമാ! 25
ദേവിയോടേവം ശിവൻ ചൊല്ലിനാൻ പി-
ന്നീടൃഷി-
ദേവദാനവസിദ്ധപാർഷദരെല്ലാം കേൾക്കെ.
26

ശ്രീരുദ്രൻ പറഞ്ഞു

സുന്ദരീ! കണ്ടില്ലേ നീയദ്ഭുതകർമ്മാവാകും
പുണ്ഡരീകാക്ഷന്റെയും തദ്ഭൃത്യഭൃത്യന്മാരായ്
ഒന്നിലുമാശയെന്യേ ഹരിയിൽ മാത്രം മന-
മൂന്നി വാണീടും മഹാന്മാരുടെയും മഹത്ത്വം? 27
ഹരിഭക്തന്മാർക്കില്ല യാതൊന്നിൽനിന്നും ഭീതി
നരകം സ്വർഗ്ഗം മോക്ഷമിമ്മൂന്നുമവർക്കൊപ്പം.
തുല്യമായെല്ലാം കണ്ടു ശീലിച്ചീടിനോർക്കവ-
ർക്കില്ലല്ലോ ഭേദമേതും സുഖവും മാലും
തമ്മിൽ. 28
ഈശലീലയാൽ ദേഹിക്കങ്ഗസംഗമംമൂലം
ക്ലേശസൗഖ്യങ്ങളും ജന്മമരണങ്ങളും പിന്നെ
ശാപാനുഗ്രഹങ്ങളുമീവിധമൊന്നിനൊന്നു
വൈപരീത്യസ്വഭാവദ്വന്ദ്വങ്ങളും ചേരു-
ന്നിതേ. 29
ഇഷ്ടവുമനിഷ്ടവും മനസ്സിൽത്തോന്നുന്നതു
മിഥ്യയാണതു മായാകല്പിതമത്രേ നൂനം.
മനസ്സിൻധർമ്മമാകും സുഖദുഃഖങ്ങളേയും
തദ്ധർമ്മങ്ങളാം ജനിമൃതികളേയും പുമാൻ
ആത്മധർമ്മങ്ങളായിക്കരുതുന്നതു പാർത്താ-
ലാത്മജ്ഞേ! വിവേകമില്ലാത്തതുകൊണ്ടുതന്നെ
സ്വപ്നസാധനഭേദംപോലെയും സ്രഗ്ഭേദത്തി-
നൊപ്പവും കല്പിതങ്ങളാണിവ, സത്യമല്ല. 30
ശ്രീനിവാസനിൽ പരം ഭക്ത്യതിരേകത്തോടും
ജ്ഞാനവൈരാഗ്യവീര്യം കൈക്കൊള്ളും
മർത്ത്യർക്കൊക്കിൽ
അന്യമായീലോകത്തിലാശ്രയിച്ചീടേണ്ടതൊ-
യൊന്നുമില്ലെന്നുള്ളതിലില്ല സംശയമേതും. 31
ഞാ,നജൻ ശ്രീനാരദൻ, സനത്കുമാരൻതാനും
വാനവർകോനുമജപുത്രരാം മുനിമാരും
ഹരിതന്നംശഭൂതരെങ്കിലുമഹിമാന-
മിരിക്കയാലേ നേരേ കാണ്മീല തത്സ്വരൂപം.
32
ഒരുവൻ പ്രിയനായുമേകനപ്രിയനായു-
മൊരുവൻ സ്വന്തമായുമൊരുവനന്യനായും
സർവ്വാത്മഭാവത്തിനാൽ ഭഗവാനില്ലോർക്കിൽ
സർവ്വഭൂതങ്ങളേയുമദ്ദേഹം സ്നേഹിക്കുന്നു. 33
മഹാഭാഗനായ് സമദൃക്കായിശ്ശാന്തനാമീ-
മഹാരാജാവും ഞാനുമച്യുതഭക്തനല്ലോ. 34
അതിനാൽ പരമേശനാകുമാവൈകുണ്ഠനിൽ
മതിവച്ചിരുന്നീടുമിത്തരം മഹാന്മാരിൽ
ശാപമേല്പിച്ചീടുവാൻ കെല്പുണ്ടെന്നുള്ള ഭാവം
ഹേ പ്രിയേ! നമുക്കൊട്ടും യോജിച്ചതല്ല
നൂനം. 35

ശ്രീശുകൻ പറഞ്ഞു

ഭൂപതേ! മഹേശ്വരനീവിധം കഥിക്കവേ,
കോപഗർവങ്ങളും ശമിച്ചിരുന്നാളുമാദേവി. 36
ശക്തി വേണ്ടപോൽ പ്രതിശാപത്തിനു-
ണ്ടായിട്ടും
ഭക്തനാനൃപൻ ദേവീശാപംതൻ മൂർദ്ധാവിനാൽ
അക്ഷണം സസന്തോഷമംഗീകരിച്ചാൻ, സാധു-
ലക്ഷണമിതാണെന്നു ധരിക്ക, ധരാപതേ! 37
ആസുരീയോനിയെയാശ്രയിച്ചു പിന്നധരാ-
വാസവൻ ജ്ഞാനവിജ്ഞാനോപേതനായി-
ത്തന്നെ
ത്വഷ്ടാവിൻ ദക്ഷിണാഗ്നിതന്നിൽ ജനിച്ചീ-
ടിനാൻ
വൃത്രനെന്നേറ്റുമേ സുപ്രസിദ്ധ നാമത്തോടും. 38
ദൈത്യയോനിജനാകും വൃത്രാസുരൻതൻ മതി
ദൈത്യാരിഭഗവാനിലുറയ്ക്കാനുള്ള ഹേതു
അറിയാൻ ചോദിച്ചതാം ചോദ്യത്തിനീവിധ-
ത്തിൽ
ശരിയായോതീടിനേനുത്തരം പൃഥ്വീശ്വരാ! 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതിഹാസമിമം പുണ്യം ചിത്രകേതോർമ്മഹാത്മനഃ
മാഹാത്മ്യം വിഷ്ണുഭക്താനാം ശ്രുത്വാ ബന്ധാദ്വിമുച്യതേ. 40
യ ഏതത് പ്രാതരുത്ഥായ ശ്രദ്ധയാ വാഗ്യതഃ പഠേത്
ഇതിഹാസം ഹരിം സ്മൃത്വാ സ യാതി പരമാം ഗതിം. 41

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചിത്രകേതുശാപോ നാമ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

ശ്രീശുക ഉവാച
പൃശ്നിസ്തു പത്നീ സവിതുഃ സാവിത്രീം വ്യാഹൃതീം ത്രയീം
അഗ്നിഹോത്രം പശും സോമം ചാതുർമ്മാസ്യം മഹാമഖാൻ. 1
സിദ്ധിർഭഗസ്യ ഭാര്യാങ്ഗ മഹിമാനം വിഭും പ്രഭും
ആശിഷം ച വരാരോഹാം കന്യാം പ്രാസൂത സുവ്രതാം. 2
ധാതുഃ കുഹൂഃ സിനീവാലീ രാകാ ചാനുമതിസ്തഥാ
സായം ദർശമഥ പ്രാതഃ പൂർണ്ണമാസമനുക്രമാത്. 3
അഗ്നീൻ പുരീഷ്യാനാധത്ത ക്രിയായാം സമനന്തരഃ
ചർഷണീ വരുണസ്യാസീദ്യസ്യാം ജാതോ ഭൃഗുഃ പുനഃ. 4
വാല്മീകിശ്ച മഹായോഗീ വല്മീകാദഭവത് കില
അഗസ്ത്യശ്ച വസിഷ്ഠശ്ച മിത്രാവരുണയോരൃഷീ. 5
രേതഃ സിഷിചതുഃ കുംഭേ ഉർവ്വശ്യാഃ സന്നിധൗ ദ്രുതം
രേവത്യാം മിത്ര ഉത്സർഗ്ഗമരിഷ്ടം പിപ്പലം വ്യധാത്. 6
പൗലോമ്യാമിന്ദ്ര ആധത്ത ത്രീൻ പുത്രാനിതി നഃ ശ്രുതം
ജയന്തമൃഷഭം താത തൃതീയം മീഢുഷം പ്രഭുഃ. 7
ഉരുക്രമസ്യ ദേവസ്യ മായാവാമനരൂപിണഃ
കീർത്തൗ പത്ന്യാം ബൃഹച്ഛ്ലോകസ്തസ്യാസൻ സൗഭഗാദയഃ. 8
തത്കർമ്മഗുണവീര്യാണി കാശ്യപസ്യ മഹാത്മനഃ
പശ്ചാദ്വക്ഷ്യാമഹേഽദിത്യാം യഥൈവാവതതാര ഹ. 9
അഥ കശ്യപദായാദാൻ ദൈതേയാൻ കീർത്തയാമി തേ
യത്ര ഭാഗവതഃ ശ്രീമാൻ പ്രഹ്ലാദോ ബലിരേവ ച. 10
ദിതേർദ്വാവേവ ദായാദൗ ദൈത്യദാനവവന്ദിതൗ
ഹിരണ്യകശിപുർന്നാമ ഹിരണ്യാക്ഷശ്ച കീർത്തിതൗ. 11
ഹിരണ്യകശിപോർഭാര്യാ കയാധുർന്നാമ ദാനവീ
ജംഭസ്യ തനയാ ദത്താ സുഷുവേ ചതുരഃ സുതാൻ. 12
സംഹ്ലാദം പ്രാഗനുഹ്ലാദം ഹ്ലാദം പ്രഹ്ലാദമേവ ച
തത്സ്വസാ സിംഹികാ നാമ രാഹും വിപ്രചിതോഽഗ്രഹീത്. 13
ശിരോഽഹരദ്യസ്യ ഹരിശ്ചക്രേണ പിബതോഽമൃതം
സംഹ്ലാദസ്യ കൃതിർഭാര്യാഽസൂത പഞ്ചജനം തതഃ. 14
ഹ്ലാദസ്യ ധമനിർഭാര്യാഽസൂത വാതാപിമില്വലം
യോഽഗസ്ത്യായ ത്വതിഥയേ പേചേ വാതാപിമില്വലഃ. 15
അനുഹ്ലാദസ്യ *സൂര്യായാം ബാഷ്കലോ മഹിഷസ്തഥാ
വിരോചനസ്തു പ്രാഹ്ലാദിർദേവ്യാസ്തസ്യാഭവദ്ബലിഃ. 16
ബാണജ്യേഷ്ഠം പുത്രശതമശനായാം തതോഽഭവത്
തസ്യാനുഭാവഃ സുശ്ലോക്യഃ പശ്ചാദേവാഭിധാസ്യതേ. 17

* 'സൂർമ്യായാം' ഇതി പാഠാന്തരഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്നവാ! മഹാത്മാവാം ചിത്രകേതുവിന്റെയീ-
പുണ്യസച്ചരിത്രവും വിഷ്ണുഭക്തന്മാരുടെ
മാഹാത്മ്യങ്ങളും കേൾക്കും ജനങ്ങളെല്ലാം മായാ-
മോഹത്തെ വിട്ടു ബന്ധമുക്തരായ് ഭവിക്കുന്നു.
40

രാവിലേയെഴുന്നേററിട്ടെത്തൊരാൾ വാക്കടക്കി
ശ്രീവിഷ്ണുഭഗവാനെ സ്മരിച്ചീയിതിഹാസം
ശ്രദ്ധാപൂർവകം പഠിച്ചീടുമാ മനുഷ്യനു
സിദ്ധിച്ചീടുന്നു നൂനം പരമമാകും ഗതി. 41

അദ്ധ്യായം 18

മരുദ്ദേവോദ്ഭവം

ശ്രീശുകൻ പറഞ്ഞു

പിന്നെയസ്സവിതാവിൻ പത്നിയാം പൃശ്നി തന്നിൽ-
നിന്നു സാവിത്രിയും വ്യാഹൃതിയും ത്രയിയുമാം
മൂന്നു നന്ദിനിമാരുമഗ്നിഹോത്രവും ഗോവു-
മിന്ദുവും ചാതുർമ്മാസ്യം മഹാമഖങ്ങളേവം
അഞ്ചു നന്ദനന്മാരുമുദ്ഭൂതരായാർ മുറ-
യ്ക്കുഞ്ചാതെ ഭഗഭാര്യയായീടും സിദ്ധി പിന്നെ
പെററിതു മഹിമാവെ, പ്രഭുവെ, വിഭുവേയും
ശ്രേഷ്ഠയായ് സുപ്രവ്രതയാമാശിസ്സെന്നവ-
ളെയും. 1–2

ഭൂകാന്താ! ധാതാവിനു കുഹുവും സിനീവാലി
രാകയുമനുമതിയീ നാലുഭാര്യമാരിൽ
സായം, ദർശവും പ്രാതഃകാലവും പൂർണ്ണമാസ-
യീയഭിഖ്യയിൽ നാലു പുത്രന്മാരുണ്ടായിതു. 3
പിന്നേവനായ വിധാതാവിനു ക്രിയാദേവി-
തന്നിലപ്പുരീഷ്യരാമഗ്നികൾ ജാതരായി.
പാശിവല്ലഭയായ ചർഷണിതന്നിൽ ഭൃഗു
കാശ്യപീനാഥാ! ജനിച്ചീടിനാൻ രണ്ടാമതും. 4
വല്മീകജാതനാകും വാല്മീകിഭൃഗുതാനു-
മിമ്മന്നിൽ പാശീസുതരെന്നു വിഖ്യാതരത്രേ.
ശ്രേഷ്ഠരാം വസിഷ്ഠനുമഗസ്ത്യമഹർഷിയും
മിത്രാവരുണപുത്രരെന്നതും പ്രസിദ്ധമാം. 5
മിത്രനും ജലേശനുമുർവ്വശീസാന്നിദ്ധ്യത്താൽ
ക്ഷുബ്ധമായ്ച്ചിത്തം, രേതഃസ്ഖലന-
മുണ്ടായിതു.
രേതസ്സതൊരേയൊരു കുംഭത്തിൽ സൂക്ഷിച്ച-
തിൽ
ജാതരായവരാണീ രണ്ടു മാമുനിമാരും.
മിത്രഭാമിനിയാകും രേവതിതന്നിൽ തീർന്ന-
പുത്രരാണുത്സർഗ്ഗനുമരിഷ്ടൻ പിപ്പലനും. 6
ഇന്ദ്രനാം പ്രഭുവിനു പൗലോമിതന്നിലുണ്ടായ്
മൂന്നുപേർ ജയന്തനുമൃഷഭൻ മീഢുഷനും. 7

മായാവാമനനാകമുരുക്രമന്നു പിന്നെ
ജായയാം കീർത്തിതന്നിലുണ്ടായി ബൃഹ-
ച്ഛ്ലോകൻ.
അവനു സൗഭഗാദ്യരായിട്ടും നന്ദനന്മാർ
ഭവിച്ചെന്നതു നേരേ ധരിക്ക ധരേശ്വരാ! 8
കശ്യപാത്മജനാകും വാമനമൂർത്തിക്കെഴും
വിശ്വാതിശായികൾ ഗുണങ്ങളും വീര്യങ്ങളും
അദ്ദേഹമദിതിയിൽ ജനിച്ച ചരിത്രവും
വിസ്തൃതമായിപ്പിന്നെപ്പറഞ്ഞുകേൾപ്പിച്ചി-
ടാം. 9

കശ്യപസുതന്മാരാം ദിതിജന്മാർതൻ പെരും-
വംശത്തെയിപ്പോളരുളുന്നു ഞാൻ കേട്ടുകൊൾക
അതിലാണല്ലോ മഹാഭക്തനാം പ്രഹ്ലാദനു-
മതിശ്രേഷ്ഠനാം മഹാബലിയും ജനിച്ചതും. 10
ഹിരണ്യകശിപുവും ഹിരണ്യാക്ഷനുമെന്നാ-
യിരുപുത്രന്മാർ ദിതിക്കാദിയിലുളവായി.
ദൈത്യദാനവന്മാരാൽ പൂജിതന്മാരായ് പാരിൽ
കീർത്തിശാലികളായിത്തീർന്നാരീയസുരന്മാർ.
11

നന്ദിച്ചു ജംഭാസുരൻ കയാധുവാകും നിജ-
കന്യയെയാ ഹിരണ്യകശിപുവിന്നേകിനാൻ.
സമർത്ഥന്മാരായിട്ടും നാലു നന്ദനന്മാരെ
ക്രമത്തിൽ പ്രസവിച്ചിതവളും ധരാപതേ! 12
സംഹ്ലാദനനുഹ്ലാദൻ ഹ്ലാദനെന്നതും പിന്നെ
പ്രഹ്ലാദനെന്നുമത്രേ നാമങ്ങൾ നാലുപേർക്കും.
പ്രഹ്ലാദസ്വസാവായ സിംഹികയ്ക്കുളവായി
രാഹുവാം സുതൻ വിപ്രചിത്തിയാം കാന്തനിൽ-
നിന്നും. 13

പാലാഴി കടഞ്ഞെടുത്തീടിനോരമൃതത്തെ-
ച്ചാലവേ വ്യാജമായിദ്ദേവസംഘത്തിൽച്ചെന്നു
പാനംചെയ്യവേ രാഹുശിരസ്സു ഭഗവാൻ ശ്രീ-
ജാനി തൻ ചക്രത്തിനാൽ മുറിച്ചുകളഞ്ഞിതു.
പിന്നെയസ്സംഹ്ലാദനു കാന്തയായീടും കൃതി-
തന്നിലുണ്ടായി പഞ്ചജനനെന്നൊരു പുത്രൻ. 14
വാതാപി,യില്വലനെന്നിരുനന്ദനന്മാരെ
ഹ്ലാദഭാര്യയായിട്ടും ധമനി പെററീടിനാൾ.
ഇല്വല,നതിഥിയാമഗസ്ത്യമുനിക്കായി
കില്ലററു വാതാപിയെ വധിച്ചു വേവിച്ചേകി.
15

അനുഹ്ലാദനു നിജഭാര്യയാം സൂര്യതന്നിൽ
ജനിച്ചു രണ്ടു പുത്രർ ബാഷ്കളമഹിഷാഖ്യർ.
പ്രഹ്ലാദാത്മജൻ വിരോചനനു ദേവിതന്നി-
ലാഹ്ലാദകരനാകും ബലി സംജാതനായി. 16
ബലിക്കു നൂറു പുത്രരശനാപത്നിതന്നി-
ലുളവായവരിൽവച്ചഗ്രജൻ ബാണനല്ലോ.
അവന്റെ കീർത്തനീയമായിട്ടും മഹത്ത്വത്തെ
വിവരിച്ചങ്ങേക്കുരിപ്പിച്ചിടാം പിന്നാലെ
ഞാൻ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാണ ആരാധ്യ ഗിരിശം ലേഭേ തദ്ഗണമുഖ്യതാം
യത്പാർശ്വേ ഭഗവാനാസ്തേ ഹ്യദ്യാപി പുരപാലകഃ. 18
മരുതശ്ച ദിതേഃ പുത്രാശ്ചത്വാരിംശന്നവാധികാഃ
ത ആസന്നപ്രജാഃ സർവ്വേ നീതാ ഇന്ദ്രേണ സാത്മതാം. 19

രാജോവാച
കഥം ത ആസുരം ഭാവമപോഹ്യൗത്പത്തികം, ഗുരോ,
ഇന്ദ്രേണ പ്രാപിതാഃ സാത്മ്യം കിം തത്സാധു കൃതം ഹി തൈഃ. 20
ഇമേ ശ്രദ്ദധതേ ബ്രഹ്മന്നൃഷയോ ഹി മയാ സഹ
പരിജ്ഞാനായ ഭഗവംസ്തന്നോ വ്യാഖ്യാതുമർഹസി. 21

സൂത ഉവാച
തദ്വിഷ്ണുരാതസ്യ സ ബാദരായണി–
ർവ്വചോ നിശമ്യാദൃതമല്പമർത്ഥവത്
സഭാജയൻ സംനിഭൃതേന ചേതസാ
ജഗാദ സത്രായണ സർവ്വദർശനഃ. 22

ശ്രീശുക ഉവാച
ഹതപുത്രാ ദിതിഃ ശക്രപാർഷ്ണിഗ്രാഹേണ വിഷ്ണുനാ
മന്യുനാ ശോകദീപ്തേന ജ്വലന്തീ പര്യചിന്തയൽ. 23
''കദാ നു ഭ്രാതൃഹന്താരമിന്ദ്രിയാരാമമുല്ബണം
അക്ലിന്നഹൃദയം പാപം ഘാതയിത്വാ ശയേ സുഖം. 24
കൃമിവിഡ്ഭസ്മസംജ്ഞാഽസീദ്യസ്യേശാഭിഹിതസ്യ ച
ഭൂതധ്രുക് തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യതഃ. 25
ആശാസാനസ്യ തസ്യേദം ധ്രുവമുന്നദ്ധചേതസഃ
മദശോഷക ഇന്ദ്രസ്യ ഭൂയാദ്യേന സുതോ ഹി മേ.'' 26
ഇതി ഭാവേന സാ ഭർത്തുരാചചാരാസകൃത്പ്രിയം
ശുശ്രൂഷയാനുരാഗേണ പ്രശ്രയേണ ദമേന ച. 27
ഭക്ത്യാ പരമയാ, രാജൻ! മനോജ്ഞൈർവല്ഗുഭാഷിതൈഃ
മനോ ജഗ്രാഹ ഭാവജ്ഞാ സുസ്മിതാപാംഗവീക്ഷണൈഃ. 28
ഏവം സ്ത്രിയാ ജഡീഭൂതോ വിദ്വാനപി വിദഗ്ദ്ധയാ
ബാഢമിത്യാഹ വിവശോ ന തച്ചിത്രം ഹി യോഷിതി. 29
വിലോക്യൈകാന്തഭൂതാനി ഭൂതാന്യാദൗ പ്രജാപതിഃ
സ്ത്രിയം ചക്രേ സ്വദേഹാർദ്ധം യയാ പുംസാം മതിർഹൃതാ. 30
ഏവം ശുശ്രൂഷിതസ്താത ഭഗവാൻ കശ്യപഃ സ്ത്രിയാ
പ്രഹസ്യ പരമപ്രീതോ ദിതിമാഹാഭിനന്ദ്യ ച. 31
''വരം വരയ വാമോരു! പ്രീതസ്തേഽഹമനിന്ദിതേ!
സ്ത്രിയാ ഭർത്തരി സുപ്രീതേ കഃ കാമ ഇഹ ചാഗമഃ. 32
പതിരേവ ഹി നാരീണാം ദൈവതം പരമം സ്മൃതം
മാനസഃ സർവ്വഭൂതാനാം വാസുദേവഃ ശ്രിയഃ പതിഃ. 33
സ ഏവ ദേവതാലിംഗൈർന്നാമരൂപവികല്പിതൈഃ
ഇജ്യതേ ഭഗവാൻ പുംഭിഃ സ്ത്രീഭിശ്ച പതിരൂപധൃക്. 34
തസ്മാത് പതിവ്രതാ നാര്യഃ ശ്രേയസ്കാമാഃ സുമധ്യമേ!
യജന്തേഽനന്യഭാവേന പതിമാത്മാനമീശ്വരം. 35
സോഽഹം ത്വയാർച്ചിതോ ഭദ്രേ! ഈദൃഗ്ഭാവേന ഭക്തിതഃ
തത്തേ സമ്പാദയേ കാമമസതീനാം സുദുർല്ലഭം.'' 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാണനഗ്ഗിരീശനെസ്സേവിച്ചു തത്പാർഷദ-
ശ്രേണിയിൽ ശ്രേഷ്ഠനായാൻ, ഭഗവാൻ
ശിവനിന്നും
ബാണൻെറ സമീപത്തിലപ്പടിവാതിൽ കാത്തു
വാണീടുന്നതു പാർത്താലെത്രയും ചിത്രമത്രേ. 18
ദിതിജർ മരുത്തുക്കൾ നാല്പത്തൊൻപതുപേരും
സുതഹീനരാ,ണിന്ദ്രനവരെസ്സുരരാക്കി. 19

രാജാവു പറഞ്ഞു

ജന്മസംസിദ്ധമാകമാസുരഭാവം വിട്ടു
സന്മനോഭാവമവർക്കെങ്ങനെ വന്നുകൂടീ?
അവരെയേതുമട്ടിൽ ദേവന്മാരാക്കിയിന്ദ്ര-
നവരെന്തുപകാരമതിനിന്ദ്രനു ചെയ്തു? 20
ഇക്കാര്യമറിഞ്ഞിടാൻ ഞാനൊരാൾമാത്രമല്ലി-
ങ്ങിക്കാണുമൃഷിമാരുമുൽസുകരായിരിപ്പു.
അതിനാൽ ഞങ്ങളോടായ് വിസ്തരിച്ചി-
ക്കാര്യവും
കഥിച്ചീടുകവേണം ബ്രഹ്മജ്ഞനാകും ഭവാൻ.21

സൂതൻ പറഞ്ഞു

അല്പമെങ്കിലുമർത്ഥവത്താമീബ്ഭൂപവാക്യം
താത്പര്യപൂർവ്വംകേട്ടാ ശ്രീശുകമഹാമുനി
ആനന്ദമനസ്സനായ് പരീക്ഷിൽഭൂപാലനെ
മാനിച്ചു സൽക്കരിച്ചു ചൊല്ലിനാനിപ്രകാരം.
22

ശ്രീശുകൻ പറഞ്ഞു

ഇന്ദ്രൻെറ സഹായിയാം ശ്രീഹരി തനിക്കുള്ള
നന്ദനന്മാരെ രണ്ടുപേരെയും വധിക്കയാൽ
ശോകത്താലുജ്ജ്വലിക്കും ക്രോധത്താൽ ദിതി-
പിന്നെ-
യേകാഗ്രചിത്തയായിച്ചിന്തിച്ചാളി-
പ്രകാരം: 23
''വിഷയസുഖങ്ങളിലാരമിച്ചീടുവോനാ-
യശേഷമലിവെന്യേ തത്സഹജരാം മമ
മക്കളെക്കൊല്ലിപ്പിച്ച പാപിയും ക്രൂരനമാം
ശക്രനെ വധിപ്പിച്ചിട്ടെന്നു ഞാനൊന്നുറങ്ങും!24
ഓരുകിലീശനാമമാളുമേതൊന്നു, മലം,
ചാരവും പുഴുക്കളുമൊക്കെയായ് മാറീടുന്നു
അത്തനുവിനായ് ഭൂതദ്രോഹങ്ങൾ ചെയ്തീടു-
വോൻ
സ്വാർത്ഥമെന്നുള്ളതെന്തെന്നറിയുന്നില്ല ലേശം.
പരദ്രോഹത്താലവൻ തനിക്കുതാനേതന്നെ
നരകത്തിലേക്കുള്ള മാർഗ്ഗത്തെത്തെളിക്കുന്നു. 25
വിഷയസുഖം നിത്യമെന്നോർത്തു ഗർവ്വിഷ്ഠനായ്
വസിക്കും മഹേന്ദ്രൻതൻ മദത്തെ ഹനിക്കുവാൻ
ശക്തനായിടുമൊരു പുത്രനെ ലഭിക്കുവാൻ
മാർഗ്ഗമെ''ന്തെന്ന ചിന്തയോടു തദ്ഭർത്താവിനെ
അനുരാഗത്തിനാലും നിത്യശുശ്രൂഷകൊണ്ടും
വിനയത്താലും യമംകൊണ്ടുമേ തോഷി-
പ്പിച്ചാൾ. 26-27

പരമമാകും പ്രേമം പ്രകാശിപ്പിച്ചും മനോ-
ഹരമാധുര്യവക്രവാക്യധോരണിയാലും
പുഞ്ചിരിചോരും കടാക്ഷങ്ങളെക്കൊണ്ടും
കാന്തൻ
തൻ ചിത്തം ഹരിച്ചിതബ്ഭർത്തൃമാനസ-
വിജ്ഞ. 28
ഇത്ഥമസ്സമർത്ഥയാം പത്നിയാൽ വശീകൃത-
ചിത്തനായ് മോഹാന്ധനായവശനായിപ്പരം
പണ്ഡിതനാകിലുമക്കശ്യപമാമുനീന്ദ്രൻ
''നിന്നഭിലാഷം സാദ്ധ്യമാക്കീടാ''മെന്നു
ചൊന്നാൻ.
ചിത്രമല്ലിതു പാർത്താൽ, കാമിനിമാരിൽ ജന്മ-
സിദ്ധമായുള്ളതല്ലോ കപടതന്ത്രം നൃപാ! 29
ആദിയിൽ പ്രജാപതി ഭൂതജാലത്തെയെല്ലാ-
മേതുമേ സങ്ഗമെന്യേ കണ്ടു തച്ഛരീരാർദ്ധം
നാരിതൻ രൂപമാക്കിത്തീർത്തതുമൂലമായി-
പ്പൂരുഷഹൃദയത്തെ സ്ത്രീയപഹരിക്കുന്നു. 30
ഈമട്ടു ശുശ്രൂഷാദിനിമിത്തം ജ്ഞാനിയാമ-
മ്മാമുനിപ്രവേകനത്തന്വിയിൽ പ്രസന്നനായ്
ഒരുനാൾ ചിരിച്ചുകൊണ്ടഭിനന്ദനത്തോടു-
മരുളിച്ചെയ്തീടിനാനവളോടിപ്രകാരം: 31
''വാമോരു! സദാചാരേ! നിന്നിൽ ഞാൻ
പ്രീതനായേൻ,
കാമമെന്തോതീടുക, നീ വരം വരിക്കുക!
ഭർത്താവിൻപ്രസാദത്തെ നേടിയ നാരീമണി-
ക്കിത്രിലോകത്തിലെന്താണസാദ്ധ്യം
പ്രാണേശ്വരീ! 32
സർവഭൂതാന്തരങ്ഗങ്ങളിലും സദാകാല-
മാവസിപ്പതു വാസുദേവനാം ശ്രീജാനിതാൻ
പരമോത്കൃഷ്ടനാമപ്പരമേശനെസ്സർവ-
തരുണീഭർത്താവായി സ്മരിക്കപ്പെട്ടിരിപ്പൂ. 33
നാമരൂപങ്ങളാലേ പലതായ്ക്കല്പിച്ചിടും
കാമദദേവതാമൂർത്തിഭേദങ്ങളെല്ലാം
ശ്രീവാസുദേവനാശ്രയതിനാൽ പുരുഷന്മാ-
രേവരുമാ ദേവനെത്തന്നെയർച്ചിച്ചീടുന്നു.
സ്ത്രീകളും ഭർത്തൃരൂപംധരിച്ചു വിളങ്ങുമാ
വൈകുണ്ഠഭഗവാനെ നിത്യമാരാധിക്കുന്നു. 34
അതിനാൽ സുമധ്യമേ! ശ്രേയസ്സാഗ്രഹിച്ചീടും
സതികളാകും സ്ത്രീകളേവരുമാത്മാവായും
ഈശ്വരനായും സ്ഥിതിചെയ്യുമബ്ഭർത്താ-
വിനെ
ശാശ്വതം പൂജിക്കണമേകാന്തഭാവത്തോടും. 35
അനന്യഭാവത്തോടുമതുലപ്രേമത്തോടു-
മനഘേ! നീ ഭക്തിയോടെന്നെയർച്ചിക്കയാലേ
അസതിക്കലഭ്യമായീടുന്ന താവകാഭി-
ലഷിതമേതാകിലും ചൊല്ലുക, സാധി-
ച്ചീടാം.'' 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിതിരുവാച

''വരദോ യദി മേ, ബ്രഹ്മൻ, പുത്രമിന്ദ്രഹണം വൃണേ
അമൃത്യും മൃതപുത്രാഹം യേന മേ ഘാതിതൗ സുതൗ.'' 37

നിശമ്യ തദ്വചോ വിപ്രോ വിമനാഃ പര്യതപ്യത,
''അഹോ അധർമ്മഃ സുമഹാനദ്യ മേ സമുപസ്ഥിതഃ. 38

അഹോ അർത്ഥേന്ദ്രിയാരാമോ യോഷിന്മയ്യേഹ മായയാ
ഗൃഹീതചേതാഃ കൃപണഃ പതിഷ്യേ നരകേ ധ്രുവം. 39

കോഽതിക്രമോഽനുവർത്തന്ത്യാഃ സ്വഭാവമിഹ യോഷിതഃ
ധിങ്മാം ബതാബുധം സ്വാർത്ഥേ യദഹം ത്വജിതേന്ദ്രിയഃ. 40

ശരത്പദ്മോത്സവം വക്ത്രം, വചശ്ച ശ്രവണാമൃതം,
ഹൃദയം ക്ഷുരധാരാഭം, സ്ത്രീണാം കോ വേദ ചേഷ്ടിതം. 41

ന ഹി കശ്ചിത് പ്രിയഃ സ്ത്രീണാമഞ്ജസാ സ്വാശിഷാത്മനാം
പതിം പുത്രം ഭ്രാതരം വാ ഘ്നന്ത്യർത്ഥേ ഘാതയന്തി ച. 42

പ്രതിശ്രുതം ദദാമീതി വചസ്തന്ന മൃഷാ ഭവേത്
വധം നാർഹതി ചേന്ദ്രോഽപി തത്രേദമുപകല്പതേ.'' 43

ഇതി സഞ്ചിന്ത്യ ഭഗവാന്മാരീചഃ കുരുനന്ദന!
ഉവാച കിഞ്ചിത് കുപിത ആത്മാനം ച വിഗർഹയൻ. 44

കശ്യപ ഉവാച

പുത്രസ്തേ ഭവിതാ, ഭദ്രേ, ഇന്ദ്രഹാ ദേവബാന്ധവഃ
സംവത്സരം വ്രതമിദം യദ്യഞ്ജോ ധാരയിഷ്യസി. 45

ദിതിരുവാച

ധാരയിഷ്യേ വ്രതം ബ്രഹ്മൻ! ബ്രൂഹി കാര്യാണി യാനി മേ
യാനി ചേഹ നിഷിദ്ധാനി ന വ്രതം ഘ്നന്തി യാനി തു. 46

കശ്യപ ഉവാച

''ന ഹിംസ്യാദ് ഭൂതജാതാനി, ന ശപേന്നാനൃതം വദേത്,
ന ഛിന്ദ്യാന്നഖരോമാണി, ന സ്പൃശേദ്യദമംഗലം. 47

നാപ്സു സ്നായാന്ന കുപ്യേത, ന സംഭാഷേത ദുർജ്ജനൈഃ
ന വസീതാധൗതവാസഃ സ്രജം ച വിധൃതാം ക്വചിത്. 48

നോച്ഛിഷ്ടം ചണ്ഡികാന്നം ച സാമിഷം വൃഷലാഹൃതം
ഭുഞ്ജീതോദക്യയാ ദൃഷ്ടം, പിബേന്നാഞ്ജലിനാ ത്വപഃ. 49

നോച്ഛിഷ്ടാസ്പൃഷ്ടസലിലാ, സന്ധ്യായാം മുക്തമൂർദ്ധജാ
അനർച്ചിതാസംയതവാങ്, നാസംവീതാ ബഹിശ്ചരേത്. 50

നാധൗതപാദാപ്രയതാ, നാർദ്രപാദോ ഉദക്ശിരാഃ
ശയീത നാപരാങ്നാന്യൈർന്ന നഗ്നാ ന ച സന്ധ്യയോഃ. 51

ധൗതവാസാഃ ശുചിർന്നിത്യം സർവ്വമംഗളസംയുതാ
പൂജയേത് പ്രാതരാശാത് പ്രാഗ്ഗോവിപ്രാഞ്ശ്രിയ-
മച്യുതം. 52

സ്ത്രീയോ വീരവതീശ്ചാർച്ചേത് സ്രഗ്ഗന്ധബലിമണ്ഡനൈഃ
പതിം ചാർച്ച്യോപതിഷ്ഠേത ധ്യായേത് കോഷ്ഠഗതം ച തം. 53

സാംവത്സരം പുംസവനം വ്രതമേതദവിപ്ലുതം
ധാരയിഷ്യസി ചേത്തുഭ്യം ശക്രഹാ ഭവിതാ സുതഃ.'' 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിതി പറഞ്ഞു

''ബ്രഹ്മജ്ഞാ! വരം തരാൻ മനസ്സുണ്ടെങ്കിൽ ഭവാ–
നമ്മഹേന്ദ്രനെ ഹനിച്ചീടുവാൻ ശക്തനായും
മരണഹീനനായും സുതനൊന്നെനിക്കുണ്ടായ്
വരുവാനിപ്പോളെന്നെയനുഗ്രഹിച്ചീടുക.
ദേവേന്ദ്രനെന്റെ രണ്ടു പുത്രന്മാരെയും കൊല്ലി–
ച്ചീവിധമെന്നെ മൃതപുത്രയാക്കിയോനല്ലോ.'' 37

ദിതിവാക്കിതു കേട്ടിട്ടസമാധാനഹൃത്താ–
യധികം സന്തപ്തനായ്ത്തീർന്നിതഥരാദേവൻ
''കഷ്ട!മീയെന്നെയിപ്പോഠം സമീപിച്ചിരിക്കുന്നു–
ണ്ടേററവും വലുതാകുമധർമ്മ,മെന്തുചെയ്‌വൂ? 38
വിവേകവിഹീനനായജിതേന്ദ്രിയനാകു–
മിവനെ വഞ്ചിച്ചഹോ! സ്ത്രീരൂപയായ മായ.
അതിനാലവിളംബം ഞാൻ ഘോരനരകത്തിൽ
പതിക്കുമെന്നുള്ളതിൽ സന്ദേഹമില്ല തെല്ലും. 39
നാരിതൻ സ്വഭാവത്തെയനുവർത്തിച്ചീടിന
ഭാര്യയിലതിക്രമമെന്തിരിക്കുന്നു പാർക്കിൽ.
ഞാനേവം ജിതേന്ദ്രിയനല്ലാതെപോയിതല്ലോ,
നൂനം ഹാ! സ്വാത്മമറിയാത്ത ഞാൻ സ്വയം–
നിന്ദ്യൻ 40
ആനനം ശരത്സരോജാതംപോൽ വികസിതം
തേനിടഞ്ഞിടും ഗീരോ കർണ്ണപീയൂഷധാര
മാനസം മൂർച്ചയേറും കത്തിപോൽ തീക്ഷ്ണ–
മോർത്താൽ;
മാനിനീമനോഗതിയാരറിയുന്നു പാരിൽ! 41
തങ്ങളാശിച്ചതിൽത്താൻ മനംവച്ചിരുന്നിട്ടു–
മങ്ഗനമാക്കു പാരിൽ പ്രിയനാരിരിക്കുന്നു?
കാര്യസിദ്ധിക്കുവേണ്ടിസ്സ്വന്തഭർത്താവിനേയും
നേരേതൻ സഹോദരന്മാരെയുമതുപോലെ
ആരോമൽത്തനൂജരെത്തന്നെയും മടിയാതെ
നാരിമാർ വധിക്കയും വധിപ്പിക്കയും
ചെയ്യും. 42
ഞാൻ വരമേകാമെന്നു ചൊന്നതു പാലിക്കണം,
ദേവരാജനു മൃതിവരുത്തിക്കൂടാതാനും.
രണ്ടുകാര്യവും സാധിച്ചീടുമാറൊരു മാർഗ്ഗം
വേണ്ടപോലാലോചിച്ചു ചെയ്‌വതു യോഗ്യ–
മിപ്പോഠം'' 43
ഇങ്ങനെ ചിന്തിച്ചല്പം കോപത്തോടമ്മാമുനി–
പുങ്ഗവൻ ചൊല്ലീടിനാനാത്മനിന്ദന–
ത്തോടും: 44

കശ്യപൻ പറഞ്ഞു

ഹേ ഭദ്രേ! നീയൊരാണ്ടു വൈഷ്ണവവ്രതം
നോല്ക്കു!
ലഭിക്കും നിനക്കിന്ദ്രഹന്താവാമൊരു മകൻ
ഭംഗമാ വ്രതത്തിനു നീ വരുത്തുന്നതാകിൽ
ചങ്ങാതിയായിത്തീരുംദേവവൃന്ദത്തിന്നവൻ. 45

ദിതി പറഞ്ഞു

സമ്മതിച്ചു ഞാൻ ബ്രഹ്മൻ! വ്രതമതിപ്പോഠം
മുതൽ
നന്മട്ടിലനുഷ്ഠിച്ചുകൊണ്ടിടാം മടിയാതെ
എങ്ങനെയെല്ലാമാണതാചരിക്കേണ്ടതെന്നാ–
യങ്ങുന്നു സവിസ്തരമരുളിച്ചെയ്യീടണം. 46

കശ്യപൻ പറഞ്ഞു

''ഭൂതജാലത്തെ ഹിംസിക്കരുതു ശപിക്കരു–
തേതുമേ കള്ളംപറഞ്ഞീടരുതൊരിക്കലും.
സുഭഗേ! നഖരോമച്ഛേദമാചരിക്കരു–
തഭദ്രമായതൊന്നും സ്പർശിക്കപോലും വയ്യാ. 47
സലിലാന്തർഭാഗത്തിലിറങ്ങിക്കുളിക്കരു–
തലക്കാതുള്ള വസ്ത്രമൊന്നുമേ ധരിക്കൊലാ.
ആരോടും കോപിക്കരു,തസത്തുക്കളോടൊരു
ഗീരുമോതൊലാ, മുമ്പു ധരിച്ച മലർമാല
പിന്നെയും ധരിക്കരുതെന്നിവ സാധാരണ–
യാനിടേണ്ടുന്ന വ്രതധർമ്മമെന്നോർത്തു
കൊാകക. 48
ചണ്ഡികാന്നവും ഭുജിച്ചീടരുതുച്ഛിഷ്ടവും
തിന്നായ്ക ജന്തുഹന്താവാനയിച്ചീടും മാംസം
എന്നല്ല രജസ്വലയായവരം കണ്ട ഭോജ്യം
തിന്നൊലാ കുടിക്കൊലാ നീരമഞ്ജലി–
യാലേ. 49
സ്വമുഖം കൈകാലിവ കഴുകാതെയും സന്ധ്യാ–
സമയം മുടിയഴിച്ചിട്ടിട്ടും ഭൂഷവിട്ടും
ദേഹാവരണമററും വാക്കടക്കീടാതെയും
ബാഹ്യഭാഗത്തിലെങ്ങും സഞ്ചാരം
ചെയ്യീടൊലാ. 50
കാൽ കഴുകീടാതെയുമന്യയോടൊത്തും മന–
സ്സേകാഗ്രമാക്കിവച്ചീടാതെയും നഗ്നമായും
വടക്കും പടിഞ്ഞാറും ശിരസ്സുവച്ചുകൊണ്ടും
കിടന്നുകൂടാ സായംസന്ധ്യയിലുഷസ്സിലും. 51
ധൗതവാസസ്സായ് സർവ്വമംഗലസാധനോപേ–
പേതയായ് പ്രാതഃകാലഭക്ഷണത്തിനുമുൻപേ
പശുക്കളേയും ദ്വിജന്മാരെയും ലക്ഷ്മിയേയും
കൃശാങ്ഗീ! ഹരിയെയും നിത്യവും
പൂജിക്കണം. 52
മങ്ഗല്യവതിമാരാം സ്ത്രീകൾക്കു പൂമാലയു–
മങ്ഗാലങ്കാരങ്ങളും ചന്ദനം നൈവേദ്യവും
നന്ദിച്ചു കൊടുത്തഥ പൂജിച്ചു ഭർത്താവിനെ
വന്ദിച്ചു ഗർഭഗതനെന്നുന്നിധ്യാനിക്കണം. 53
ഇപ്പുംസവനവ്രതമോരാണ്ടുകാലത്തോള–
മല്പവും വിഘ്നമെന്യേ നീയനുഷ്ഠിക്കുമെങ്കിൽ
ദേവേന്ദ്രഹണനാകും നന്ദനൻ നിനക്കുണ്ടാം;
വൈവശ്യമേതുംവേണ്ടാ സുന്ദരീമുക്താമണേ!''
54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാഢമിത്യഭിപ്രേത്യാഥ ദിതീ, രാജൻ! മഹാമനാഃ
കാശ്യപം ഗർഭമാധത്ത വ്രതം ചാഞ്ജോ ദധാര സാ. 55

മാതൃഷ്വസുരഭിപ്രായമിന്ദ്ര ആജ്ഞായ മാനദ!
ശുശ്രൂഷണേനാശ്രമസ്ഥാം ദിതിം പര്യചരത് കവിഃ. 56

നിത്യം വനാത്സുമനസഃ ഫലമൂലസമിത്കുശാൻ
പത്രാങ്കുരമൃദോഽപശ്ച കാലേ കാല ഉപാഹരത്. 57

ഏവം തസ്യാ വ്രതസ്ഥായാ വ്രതച്ഛിദ്രം ഹരിർനൃപ!
പ്രേപ്സുഃ പര്യചരജ്ജിഹ്മോ മൃഗഹേവ മൃഗാകൃതിഃ. 58

നാധ്യഗച്ഛത് വ്രതച്ഛിദ്രം തത്പരോഽഥ മഹീപതേ!
ചിന്താം തീവ്രാം ഗതഃ ശക്രഃ കേന മേ സ്യാച്ഛിവം ത്വിഹ. 59

ഏകദാ സാ തു സന്ധ്യായാമുച്ഛിഷ്ടാ വ്രതകർശിതാ
അസ്പൃഷ്ടവാര്യധൗതാങ്ഘ്രിഃ സുഷ്വാപ വിധി-
മോഹിതാ. 60

ലബ്ധ്വാ തദന്തരം ശക്രോ നിദ്രാപഹൃതചേതസഃ
ദിതേഃ പ്രവിഷ്ട ഉദരം യോഗേശോ യോഗമായയാ. 61

ചകർത്ത സപ്തധാ ഗർഭം വജ്രേണ കനകപ്രഭം
രുദന്തം സപ്തധൈകൈകം ''മാ രോദീ''രിതി താൻ പുനഃ. 62

തേ തമൂചുഃ പാട്യമാനാഃ സർവ്വേ പ്രാഞ്ജലയോ നൃപ!
''നോ ജിഘാംസസി കിമിന്ദ്ര ഭ്രാതരോ മരുതസ്തവ.'' 63

''മാ ഭൈഷ്ട ഭ്രാതരോ മഹ്യം യൂയ''മിത്യാഹ കൗശികഃ
അനന്യഭാവാൻ പാർഷദാനാത്മനോ മരുതാം ഗണാൻ. 64

ന മമാര ദിതേർഗ്ഗർഭഃ ശ്രീനിവാസാനുകമ്പയാ
ബഹുധാ കുലിശക്ഷുണ്ണോ ദ്രൗണ്യസ്ത്രേണ യഥാ ഭവാൻ. 65

സകൃദിഷ്ട്വാഽഽദിപുരുഷം പുരുഷോ യാതി സാമ്യതാം
സംവത്സരം കിഞ്ചിദൂനം ദിത്യാ യദ്ധരിരർച്ചിതഃ. 66

സജൂരിന്ദ്രേണ പഞ്ചാശദ്ദേവാസ്തേ മരുതോഽഭവൻ
വ്യപോഹ്യ മാതൃദോഷം തേ ഹരിണാ സോമപാഃ കൃതാഃ. 67

ദിതിരുത്ഥായ ദദൃശേ കുമാരാനനലപ്രഭാൻ
ഇന്ദ്രേണ സഹിതാൻ ദേവീ പര്യതുഷ്യദനിന്ദിതാ. 68

അഥേന്ദ്രമാഹ, ''താതാഹമാദിത്യാനാം ഭയാവഹം
അപത്യമിച്ഛന്ത്യചരം വ്രതമേതത്സുദുഷ്കരം 69

ഏകഃ സങ്കല്പിതഃ പുത്രഃ സപ്ത സപ്താഭവൻ കഥം
യദി തേ വിദിതം പുത്ര സത്യം കഥയ മാ മൃഷാ.'' 70

ഇന്ദ്ര ഉവാച
അംബ, തേഽഹം വ്യവസിതമുപധാര്യാഗതോഽന്തികം
ലബ്ധാന്തരോഽച്ഛിദം ഗർഭമർത്ഥബുദ്ധിർന്ന ധർമ്മവിത്. 71

കൃത്തോ മേ സപ്തധാ ഗർഭ ആസൻ സപ്ത കുമാരകാഃ
തേഽപി ചൈകൈകശോ വൃക്ണാഃ സപ്തധാ നാപി മമ്രിരേ. 72

തതസ്തത്പരമാശ്ചര്യം വീക്ഷ്യാധ്യവസിതം മയാ
മഹാപുരുഷപൂജായാഃ സിദ്ധിഃ കാപ്യാനുഷങ്ഗിണീ. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമ്മതിച്ചിതദ്ദിതി സന്തോഷത്തോടുകൂടി-
യമ്മുനിയുടെ വീര്യം ഗർഭത്തിൽ ധരിച്ചിതേ.
യാതൊരു മുടക്കവും വരുത്താതീ വ്രതത്തെ-
യാദരിച്ചാചരിക്കുന്നതിനു നിശ്ചയിച്ചാൾ. 55
കടന്നുകാണാൻ കെല്പുകലരും വാനോർവര-
നുടൻതാനിളയമ്മയ്ക്കുള്ളിയലും മനോഗതം
മനസ്സിലാക്കി വേഗമാശ്രമസ്ഥിതയാമ-
മ്മടവാർമണിയാളെയണഞ്ഞു ശുശ്രൂഷിച്ചാൻ.
56

വനത്തിലെന്നും ചെന്നു പൂജയ്ക്കു വേണ്ട പൂവും
കനിയും ഫലം മൂലം സമിത്തും കുശ മുത്തും
ഇലയും ജലാദിയും കൊണ്ടുവന്നാവശ്യമാ-
ളവിലദ്ദിതിക്കു കൊടുത്തുകൊണ്ടിരുന്നാൻ.57
ആ വ്രതം മുടക്കുവാൻ സന്ദർഭം പാർത്തും ഭക്തി-
ഭാവിച്ചുമിന്ദ്രൻ, മൃഗാകൃതി കൈക്കൊണ്ട വേടൻ
മൃഗഹത്യയ്ക്കായ് തക്കംനോക്കിക്കൊണ്ടാ
മൃഗാലയ-
നികടമെത്തി വാഴുംവിധത്തി,ലാവസി-
ച്ചാൻ. 58

വ്രതവിഘ്നത്തിനായ് കാത്തേറെനാൾ
വാണീടിലു-
മതിനായവസരം കിട്ടായ്കനിമിത്തമായ്
ഇനിയിസ്സങ്കടത്തിൻ 'പോംവഴിയെന്തെന്നുടൻ
തനിയേ ചിന്തിക്കുവാൻ തുടങ്ങി
വജ്രപാണി. 59

പാകശാസനനേവം ചിന്തിച്ചിരിക്കുന്നള-
വേകദാ പ്രാരബ്ധസമ്മോഹിതയായിദ്ദിതി
കാലുകൾ കഴുകീടാതശുദ്ധയായിസ്സന്ധ്യാ-
വേളയിലാശ്രമത്തിൽക്കിടന്നൊന്നുറങ്ങി-
നാൾ. 60

തനിക്കു കിട്ടിയോരീ നല്ല സന്ദർഭം പ്രയോ-
ജനപ്പെടുത്താൻ, നിദ്രചെയ്യുമദ്ദിതിക്കെഴും
ഗർഭത്തിൽ നിജമായായോഗവൈഭവത്തിനാ-
ലല്പിതശരീരനായുടൻപൂക്കാൻ ദേവാധിപൻ.61
കനകപ്രഭമാകുമഗ്ഗർഭം വജ്രത്തിനാ-
ലനിമേഷേശനേഴു ഖണ്ഡങ്ങളാക്കീടിനാൻ.
കരഞ്ഞുതുടങ്ങിയഖ്ഖണ്ഡങ്ങളേഴുമപ്പോൾ
പരിലാളിക്കുംമട്ടിൽ കരഞ്ഞീടായ്‌വി-
നെന്നായ്
പറഞ്ഞുകൊണ്ടു വീണ്ടുമോരോരോ
ഖണ്ഡത്തെയും
സുരനായകൻ ശീഘ്രമേഴേഴായ്
ഖണ്ഡിച്ചിതു! 62
മുറിച്ചസമയത്താ ഖണ്ഡങ്ങൾ ചോദിച്ചിത-
സ്സുരനായകനോടായ്, ''ത്വത്സഹോദരന്മാരും
മരുത്തുക്കളുമാകും ഞങ്ങളെയെന്തിനായി-
ത്തരത്തിൽ ഭവാൻ ഹിംസിച്ചീടുന്ന''തെന്നാ-
യുടൻ. 63

''എന്നുടെ സഹോദരന്മാരാണു നിങ്ങളെങ്കി-
ലൊന്നുമേ പേടിക്കേണ്ടതില്ലെ''ന്നു
ചൊന്നാനിന്ദ്രൻ.
അന്യഭാവംവെടിഞ്ഞു തന്നെ സ്നേഹിപ്പോരവർ
തന്നുടെ പാർഷദന്മാരെന്നപ്പോളറിഞ്ഞിതു. 64
കലിശത്തിനാൽ ദേവനായകൻ ദിതിഗർഭം
പലതായ് ഖണ്ഡിച്ചിട്ടും നശിച്ചുപോയതില്ല.
ഹരികാരുണ്യമാണു കാരണം, ദ്രോണാത്മജ-
ശരത്താൽ ചാവാതങ്ങേ രക്ഷിച്ചതില്ലേ വിഭു?
65

ഒരിക്കൽപ്പൂജിക്കിലും സായുജ്യമരുളീടും
ഹരിയെയൊരു വർഷമർച്ചിച്ചീടിനാൾ ദിതി.
അതിനാൽ ദിതിയുടെ ഗർഭവും നശിച്ചതി-
ല്ലതിലദ്ഭുതപ്പെട്ടീടാനുമില്ലവകാശം. 66
ദിതിപുത്രരാമവർ നാല്പത്തൊൻപതും സുര-
പതിയും ചേർന്നൻപതായ്ഭവിച്ചു മരുദ്ഗണം.
ഹരി പിന്നവരെയാ വംശജന്യമാം ദോഷം
പരിഹരിച്ചു സോമപാനാർഹരാക്കീടിനാൻ. 67
ഉറങ്ങിയെഴുന്നേററു ദിതി വഹ്നിപോൽ പരി-
സ്ഫുരിക്കും ബാലന്മാരെക്കണ്ടു സന്തോഷം-
പൂണ്ടാൾ. 68
ഇന്ദ്രനോടവൾ പിന്നെ നിർമ്മായം ചൊന്നാൾ
''വത്സാ!
വിണ്ണവർ പേടിക്കുവാൻതക്കോരു തനൂജനെ
ഉന്നിയാണീ ദുഷ്കരവ്രതം ഞാനാചരിച്ചു-
വന്നതു വാസ്തവത്തിലെന്നു നീ ധരിക്കുക. 69
എന്നാലുമേകാത്മജസങ്കല്പയായോരെനി-
ക്കിന്നു നാല്പത്തൊൻപതു പുത്രരെങ്ങനെ വന്നു?
അറിയാം നിനക്കതിൻ കാര്യമെന്നാകി-
ലെന്നോ-
ടരുളീടുക നേരേ കള്ളമെല്ലോളമെന്യേ.'' 70

ഇന്ദ്രൻ പറഞ്ഞു

അമ്മേ! ഞാൻ ഭവതിതൻ നിശ്ചയം ധരി-
ച്ചുടൻ
ചെമ്മേ വന്നിഹ വാണു, സന്ദർഭം കിട്ടിയ-
പ്പോൾ
അമ്മതൻ ഗർഭം ഖണ്ഡിച്ചീടിനേൻ കാര്യാതുരൻ
ധർമ്മത്തെയണുമാത്രം ഗണിക്കുന്നില്ലയല്ലോ. 71
ഏഴാക്കിയാദ്യം ഞാ,നതേഴുണ്ണിമാരായുട-
നേഴുംപിന്നേഴേഴാക്കി, മരിച്ചില്ലതുകൊണ്ടും.72
പലതായ് ഖണ്ഡിച്ചിട്ടും മരിക്കാതിരുന്നതി-
ലലമദ്ഭുതപരവശനായ് ഞാനും പിന്നെ
ജലശായിയാം വിഷ്ണുദേവനെയർച്ചിച്ചതിൻ-
ഫലമാണിതെന്നുടൻ ദൃഢമായ് വിശ്വസി-
ച്ചേൻ. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരാധനം ഭഗവത ഈഹമാനാ നിരാശിഷഃ
യേ തു നേച്ഛന്ത്യപി പരം തേ സ്വാർത്ഥകുശലാഃ സ്മൃതാഃ. 74
ആരാധ്യാത്മപ്രദം ദേവം സ്വാത്മാനം ജഗദീശ്വരം
കോ വൃണീതേ ഗുണസ്പർശം ബുധഃ സ്യാന്നരകേഽപി യത്. 75
തദിദം മമ ദൗർജ്ജന്യം ബാലിശസ്യ മഹീയസി
ക്ഷന്തുമർഹസി മാതസ്ത്വം ദിഷ്ട്യാ ഗർഭോ മൃതോത്ഥിതഃ. 76

ശ്രീശുക ഉവാച

ഇന്ദ്രസ്തയാഭ്യനുജ്ഞാതഃ ശുദ്ധഭാവേന തുഷ്ടയാ
മരുദ്ഭിഃ സഹ താം നത്വാ ജഗാമ ത്രിദിവം പ്രഭുഃ. 77
ഏവം തേ സർവ്വമാഖ്യാതം യന്മാം ത്വം പരിപൃച്ഛസി
മംഗളം മരുതാം ജന്മ കിം ഭൂയഃ കഥയാമി തേ? 78

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
മരുദുൽപത്തികഥനം നാമ അഷ്ടാദശോഽധ്യായഃ

ഏകോനവിംശതിതമോഽധ്യായഃ

രാജോവാച

വ്രതം പുംസവനം, ബ്രഹ്മൻ, ഭവതാ യദുദീരിതം
തസ്യ വേദിതുമിച്ഛാമി യേന വിഷ്ണുഃ പ്രസീദതി. 1

ശ്രീശുക ഉവാച

ശുക്ലേ മാർഗ്ഗശിരേ പക്ഷേ യോഷിദ്ഭർത്തുരനുജ്ഞയാ
ആരഭേത വ്രതമിദം സാർവ്വകാമികമാദിതഃ. 2
നിശമ്യ മരുതാം ജന്മ ബ്രാഹ്മണാനനുമന്ത്ര്യ ച
സ്നാത്വാ ശുക്ലദതീ ശുക്ലേ വസീതാലങ്കൃതാംബരേ
പൂജയേത് പ്രാതരാശാത് പ്രാഗ്ഭഗവന്തം ശ്രിയാ സഹ. 3
അലം തേ നിരപേക്ഷായ പൂർണ്ണകാമ നമോഽസ്തു തേ
മഹാവിഭൂതിപതയേ നമഃ സകലസിദ്ധയേ. 4
യഥാ ത്വം കൃപയാ ഭൂത്യാ തേജസാ മഹിനൗജസാ
ജുഷ്ട ഈശ ഗുണൈഃ സർവൈസ്തതോഽസി ഭഗവാൻ പ്രഭുഃ. 5
വിഷ്ണുപത്നി മഹാമായേ മഹാപുരുഷലക്ഷണേ
പ്രീയേഥാ മേ, മഹാഭാഗേ, ലോകമാതർന്നമോഽസ്തു തേ. 6

ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാവിഭൂതിപതയേ സഹ മഹാവിഭൂതിഭിർബ്ബലിമുപഹരാണീതി. 7

അനേനാഹരഹർമ്മന്ത്രേണ വിഷ്ണോരാവാഹനാർഘ്യപാദ്യോപസ്പർശനസ്നാനവാസഉപവീതവിഭൂഷണഗന്ധപുഷ്പധൂപദീപോപഹാരാദ്യുപചാരാംശ്ച സമാഹിതമതിരുപാഹരേത്. 8

ഹവിഃശേഷം തു ജുഹുയാദനലേ ദ്വാദശാഹുതീഃ. 9

ഓം നമോ ഭഗവതേ മഹാപുരുഷായ മഹാവിഭൂതിപതയേ സ്വാഹേതി. 10

ശ്രിയം വിഷ്ണും ച വരദാവാശിഷാം പ്രഭവാവുഭൗ
ഭക്ത്യാ സമ്പൂജയേന്നിത്യം യദീച്ഛേത്സർവ്വസമ്പദഃ. 11
പ്രണമേദ്ദണ്ഡവദ് ഭൂമൗ ഭക്തിപ്രഹ്വേണ ചേതസാ
ദശവാരം ജപേന്മന്ത്രം തതഃ സ്തോത്രമുദീരയേത്. 12
യുവാം തു വിശ്വസ്യ വിഭൂ ജഗതഃ കാരണം പരം
ഇയം ഹി പ്രകൃതിഃ സൂക്ഷ്മാ മായാശക്തിർദുരത്യയാ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരിഹ നിഷ്കാമനായ് ശ്രീവിഷ്ണുഭഗവാനെ-
യാരാധിച്ചീടുന്നവോ വേണ്ടപോൽ ഭക്തിപൂർവ്വം
അവരാണാത്മകാര്യസിദ്ധിയിൽ സമർത്ഥരെ-
ന്നിവിടെയുദ്ഘോഷണംചെയ്യുന്നു ശാസ്ത്ര-
ങ്ങളും. 74

ആത്മസ്വരൂപം നേരേ കാട്ടീടുന്നവനായി
സ്വാത്മാവായ് സർവേശ്വരനായീടുമാ ദേവനെ
അർച്ചിച്ചശേഷമേതു ബുദ്ധിമാൻ ഭോഗങ്ങളെ-
യിച്ഛിക്കുമവൻ ധ്രുവം വീണീടും നരക-
ത്തിൽ. 75

അതിനാലമ്മേ! പൂജ്യയായിടും ഭവതിയോ-
ടതിമൂഢനാമിവൻ ചെയ്തൊരീയപരാധം
ക്ഷന്തവ്യമത്രേ, ഭാഗ്യംകൊണ്ടു നിൻ മൃതഗർഭ-
മന്തരമേതുമെന്യേ പുനർജ്ജീവിച്ചുവല്ലോ. 76

ശ്രീശുകൻ പറഞ്ഞു

കള്ളമെന്നിയേയുള്ളം തുറന്നുപറഞ്ഞതാ-
യുള്ള വാക്കുകൾ കേട്ടു സന്തുഷ്ടയായിട്ടിതി
പോകുവാനനുവാദമേകിനാൾ മരുദ്ഗണ-
സാകം തൽപദം കൂപ്പിപ്പുകിനാനിന്ദ്രൻ
നാകം. 77

സാദരമെന്നോടങ്ങു ചോദിച്ച കാര്യമെല്ലാ-
മോതിക്കഴിഞ്ഞു ധരാധീശ്വരശിഖാമണേ!
മരുദ്ദേവന്മാരുടെ സംഭവം ലോകക്ഷേമ-
കരമാണെന്താണിനിക്കേൾക്കേണ്ടതെന്നു
ചൊൽക? 78

അദ്ധ്യായം 19

പുംസവനവ്രതവിവരണം

രാജാവ് പറഞ്ഞു

സർവ്വജ്ഞാ! ഭവാൻ ചൊന്ന പുംസവനവ്രത-
ത്തിൻ
സർവ്വസമ്പ്രദായവുമറിയാനാഗ്രഹിക്കും
ഞങ്ങളോടതും ഭവാൻ വിസ്തരിച്ചോതീടണം,
ശാർങ്ഗിതൻ പ്രസാദത്തിനാവ്രതം മുഖ്യ-
മല്ലോ. 1

ശ്രീശുകൻ പറഞ്ഞു

ഭർത്തൃസമ്മതത്തോടും നാരിയാളിഷ്ടമെല്ലാം
സത്വരം സാധിപ്പിക്കുമുൽകൃഷ്ടമാമീ വ്രതം
ധനുമാസത്തിൽ ശുക്ലപക്ഷത്തിലൊന്നാമത്തെ
ദിനത്തിലായീടണമാരംഭിച്ചീടുന്നതും. 2

ആദിയിൽ മരുദ്ദേവജന്മവൃത്താന്തം കേട്ടു
മേദിനീദേവാനുജ്ഞവാങ്ങണ,മതിൽപ്പിന്നെ
രാവിലേ പല്ലുതേച്ചു കുളിച്ചു നിർമ്മലാംബ-
രാവൃതയായി നല്ലപോലലംകൃതയായി
ഭക്ഷണത്തിനുമുൻപേയേകാന്തമാവത്തോടും
ലക്ഷ്മീദേവിയോടൊത്ത ഹരിയെപ്പൂജിക്കണം.
3

''സകലകാമങ്ങളും സംപൂർണ്ണമായിരിക്കും
ഭഗവൻ! ഭവാനൊന്നുംവേണ്ടതില്ലാരിൽനിന്നും
നിരപേക്ഷനായ് ലക്ഷ്മീവല്ലഭനായിസ്സർവ്വ-
വരസിദ്ധികളാളും ഭവാനു നമസ്കാരം. 4
കാരുണ്യത്താലും ഭൂതി തേജസ്സെന്നിവയാലും
വീര്യമാഹാത്മ്യാദിയാം സമസ്തഗുണത്താലും
സവിശേഷമായ് സദാസേവിതനായ് വിളങ്ങും
ഭവാൻതാൻ ഭഗവാനും പ്രഭുവും സർവേശനും. 5
ഹേ മഹാമായേ! വിഷ്ണുപത്നീ! ഹേ ലോകാം-
ബികേ!
ഹേ മഹാഭാഗേ! മഹാപുരുഷചിഹ്നാന്വിതേ!
നിന്തിരുവടിക്കായികൊണ്ടിതാ നമസ്കാര-
മന്തരമെന്യേയെന്നിൽ പ്രസാദിച്ചീടേ-
ണമേ.'' 6

ഓം നമോ ഭഗവാനും പുരുഷോത്തമനുമാ-
യുന്നതാനുഭാവനായ് മഹാവിഭൂതീശനായ്
വിളങ്ങുമങ്ങേക്കും തത്പാർഷദന്മാർക്കുമായി
ബലികൾ സമർപ്പിച്ചീടുന്നു ഞാൻ ഭക്തിപൂർവ്വം. 7
ഈ വരമന്ത്രമെന്നും ജപിച്ചു മുകുന്ദൻത-
ന്നാവാഹനാർഘ്യപാദ്യാചമനസ്നാനങ്ങളും
വസ്ത്രോപവീതഭൂഷാഗന്ധപുഷ്പങ്ങളും നൈ-
വേദ്യവും ധൂപദീപാവലിയും തൊട്ടുള്ളതാം
സമസ്തോപചാരവുമേകാഗ്രഭാവത്തോടും
സമർപ്പിച്ചർച്ചിക്കണം പാർഷദവൃന്ദത്തെയും. 8
പാവകൻതന്നിൽ പിന്നെപ്പന്ത്രണ്ടുപ്രാവശ്യമാ
നൈവേദ്യാവശേഷത്തെയാഹുതി-
ചെയ്യീടണം. 9

ഓം നമോ ഭഗവാനായ് മഹാപുരുഷനായി-
ട്ടന്യൂനമഹാവിഭൂതീശനായ് നമസ്സ്വാഹ. 10
സമസ്തവിഭൂതിയുമാഗ്രഹിക്കുന്നുവെങ്കി-
ലമായം ശ്രേയസ്സുകൾക്കുദ്ഭവസ്ഥാനങ്ങളായ്
വരങ്ങളേകും ഹരിതന്നെയും ലക്ഷ്മിയേയും
ശരിയായഭേദമായ് ഭക്തിയോടർച്ചിക്കണം. 11
ഉന്നതഭക്തിയാലാനമ്രമാം ഹൃത്തോടെന്നും
ദണ്ഡമെന്നപോൽ വീണു നമസ്കരിച്ചീടണം.
മന്ത്രമുച്ചരിക്കണം പത്തുരുവതിൽപ്പിന്നെ
പന്തിയായ് സ്തോത്രങ്ങളാൽ സ്തുതിച്ചീടുക
വേണം. 12

സർവ്വലോകത്തിന്റെയും മുഖ്യകാരണഭൂതർ
സർവ്വവ്യാപികൾ നിങ്ങൾ രണ്ടാളുംതന്നെ
നൂനം.
അറിയാൻ പ്രയാസമായ്ക്കടക്കാൻകഴി-
യാതെ-
യിരിക്കും പ്രകൃതിയീ ദേവിയാൾതന്നെ-
യല്ലോ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യാ അധീശ്വരഃ സാക്ഷാത്ത്വമേവ പുരുഷഃ പരഃ
ത്വം സർവ്വയജ്ഞ ഇജ്യേയം, ക്രിയേയം ഫലഭുഗ്ഭവാൻ. 14
ഗുണവ്യക്തിരിയം ദേവീ വ്യഞ്ജകോ ഗുണഭുഗ്ഭവാൻ
ത്വം ഹി സർവ്വശരീര്യാത്മാ ശ്രീഃ ശരീരേന്ദ്രിയാശയാ. 15
നാമരൂപേ ഭഗവതീ പ്രത്യയസ്ത്വമപാശ്രയഃ
യഥാ യുവാം ത്രിലോകസ്യ വരദൗ പരമേഷ്ഠിനൗ. 16
തഥാ മ ഉത്തമശ്ലോക സന്തു സത്യാ മഹാശിഷഃ
ഇത്യഭിഷ്ടൂയ വരദം ശ്രീനിവാസം ശ്രിയാ സഹ 17
തന്നിഃസാര്യോപഹരണം ദത്ത്വാഽഽചമനമർച്ചയേത്.
തതഃ സ്തുവീത സ്തോത്രേണ ഭക്തിപ്രഹ്വേണ ചേതസാ. 18
യജ്ഞോച്ഛിഷ്ടമവഘ്രായ പുനരഭ്യർച്ചയേദ്ധരിം
പതിം ച പരയാ ഭക്ത്യാ മഹാപുരുഷചേതസാ. 19
പ്രിയൈസ്തൈസ്തൈരുപനമേത് പ്രേമശീലഃ സ്വയം പതിഃ
ബിഭൃയാത് സർവ്വകർമ്മാണി പത്ന്യാ ഉച്ചാവചാനി ച. 20
കൃതമേകതരേണാപി ദമ്പത്യോരുഭയോരപി
പത്ന്യാം കുര്യാദനർഹായാം പതിരേതത് സമാഹിതഃ. 21
വിഷ്ണോർവ്രതമിദം ബിഭ്രന്ന വിഹന്യാത് കഥഞ്ചന
വിപ്രാൻ സ്ത്രിയോ വീരപതീ സ്രഗ്ഗന്ധബലിമണ്ഡനൈഃ. 22
അർച്ചേദഹരഹർഭക്ത്യാ ദേവം നിയമമാസ്ഥിതഃ
ഉദ്വാസ്യ ദേവം സ്വേ ധാമ്നി തന്നിവേദിതമഗ്രതഃ. 23
അദ്യാദാത്മവിശുദ്ധ്യർത്ഥം സർവ്വകാമർദ്ധയേ തഥാ
ഏതേന പൂജാവിധിനാ മാസാൻ ദ്വാദശ ഹായനം. 24
നീത്വാഥോപചരേത്സാധ്വീ കാർത്തികേ ചരമേഽഹനി
ശ്വോഭൂതേഽപ ഉപസ്പൃശ്യ കൃഷ്ണമഭ്യർച്യ പൂർവ്വവത് 25
പയഃശൃതേന ജുഹുയാച്ചരുണാ സഹ സർപ്പിഷാ
പാകയജ്ഞവിധാനേന ദ്വാദശൈവാഹുതീഃ പതിഃ. 26
ആശിഷഃ ശിരസാഽഽദായ ദ്വിജൈഃ പ്രീതൈഃ സമീരിതാഃ
പ്രണമ്യ ശിരസാ ഭക്ത്യാ ഭുഞ്ജീത തദനുജ്ഞയാ. 27
ആചാര്യമഗ്രതഃ കൃത്വാ വാഗ്യതഃ സഹ ബന്ധുഭിഃ
ദദ്യാത് പത്ന്യൈ ചരോഃ ശേഷം സുപ്രജസ്ത്വം സുസൗഭഗം. 28

ഏതച്ചരിത്വാ വിധിവദ്വ്രതം വിഭോ-
രഭീപ്സിതാർത്ഥം ലഭതേ പുമാനിഹ
സ്ത്രീ ത്വേതദാസ്ഥായ ലഭേത സൗഭഗം
ശ്രിയം പ്രജാം ജീവ പതിം യശോ ഗൃഹം. 29

കന്യാ ച വിന്ദേത സമഗ്രലക്ഷണം വരം ത്വവീരാ
ഹതകില്ബിഷാ ഗതിം
മൃതപ്രജാ ജീവസുതാ ധനേശ്വരീ സുദുർഭഗാ സുഭഗാ രൂപമഗ്ര്യം, 30
വിന്ദേദ്വിരൂപാ വിരുജാ വിമുച്യതേ യ ആമയാവീന്ദ്രിയകല്പദേഹം
ഏതത് പഠന്നഭ്യുദയേ ച കർമ്മണ്യനന്തതൃപ്തിഃ പിതൃദേവതാനാം. 31

തുഷ്ടാഃ പ്രയച്ഛന്തി സമസ്തകാമാൻ
ഹോമാവസാനേ ഹുതഭുക് ശ്രീഹരിശ്ച
രാജൻ, മഹന്മരുതാം ജന്മ പുണ്യം
ദിതേർവ്രതം ചാഭിഹിതം മഹത്തേ. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
പുംസവനവ്രതകഥനം നാമ ഏകോനവിംശതിതമോഽധ്യായഃ

സമാപ്തോഽയം ഷഷ്ഠസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവരുംതൻ സാക്ഷാൽ സ്വാമി പരൻ-
പൂരുഷനാക-
മവിടുന്നത്രേ സർവ്വവിധമാം യജ്ഞങ്ങളും,
ഇവളദ്ധ്വരം സാധിപ്പിച്ചീടുമാ ഭാവന
ഭവാനോ ഫലഭോക്താവിവരം ലൗകികക്രിയ. 14

ഈ ദേവി ഗുണവ്യക്തിതന്നെയാം ഗുണങ്ങളെ
ദ്യോതിപ്പിച്ചീടുന്നതാം കാലവും ഗുണഭുക്കും
തിരുമേനിതാനിവളിന്ദ്രിയശരീരാന്തഃ-
കരണങ്ങളാണങ്ങോ സർവാന്തര്യാമിയാത്മാ. 15

ഈശ്വരിയത്രേ നാമരൂപങ്ങ,ളവയ്ക്കെല്ലാ-
മാശ്രയഭൂതനും തത്പ്രകാശകനും ഭവാൻ.
ലോകത്രയത്തിന്നുമീ നിങ്ങൾ രണ്ടുപേർ വര-
മേകിടും പരമേഷ്ഠിമാർതാനെന്നിരിക്കിലോ, 16

ഉത്തമശ്ലോകാ! മാമകാഭീഷ്ടമശേഷവും
സത്യമാക്കുകവേണമവിടുന്നെന്നീവിധം
വരദാതാക്കളാകും ശ്രീവാസുദേവനേയും
ഹരിപ്രേയസിയേയും സ്തോത്രംചെയ്ത-
നന്തരം, 17

ആ നിവേദ്യത്തെ നീക്കിയാചമിച്ചർച്ചിച്ചട-
നാനതചേതസ്സായി സ്തുതിച്ചീടണം വീണ്ടും. 18

അർച്ചന നടത്തിയാ പ്രസാദമാഘ്രാണിച്ചി-
ട്ടച്യുതൻതന്നെ വീണ്ടുമർച്ചിച്ചീടണം പിന്നെ.
ഭർത്താവബ്ഭഗവാൻതാനെന്ന ഭാവനയോടു-
മത്യന്തഭക്തിപൂർവമാരാധിക്കുകവേണം. 19

ഓരോരോ പ്രിയപ്പെട്ട വസ്തുക്കൾ സമർപ്പിച്ചു
നേരേ നമിച്ചീടണം, പ്രേമസ്വഭാവനാകും
കാന്തനും ഭാര്യാവ്രതകാര്യത്തിലെല്ലാംതന്നെ
സന്ധിച്ചും മേൽനോട്ടങ്ങൾ വഹിച്ചും
തുണയ്ക്കണം. 20

ദമ്പതിമാരിലാരിതനുഷ്ഠിച്ചാലുമിതിൻ-
സമ്പൂർണ്ണഫലപ്രാപ്തി കൈവരും തർക്കമില്ല.
വല്ലപോതിലും ഭാര്യയനർഹയായീടുകിൽ
വല്ലഭനേകാഗ്രധീയായതാചരിക്കണം. 21

ഒരുകാരണത്താലുമീ വ്രതത്തിനു ഭംഗം
വരുത്തിക്കൂടാ ധരാസുരസഞ്ചയത്തെയും
ഭർത്താക്കളുള്ള നാരിമാരെയും ചന്ദനം നൈ-
വേദ്യമാലാഭൂഷകളിവയാലർച്ചിക്കണം.
നിത്യവും ഹരിയെസ്സമർച്ചിച്ചാ സ്വസ്ഥാനത്തി-
ലുദ്വാസിപ്പിച്ചശേഷമാദ്യമായന്നിവേദ്യം
ശുദ്ധിക്കും സർവ്വകാമസിദ്ധിക്കും ഭുജിക്കണം
ചിത്തവിശ്വാസത്തോടും നിയമനിഷ്ഠയോടും.

ഇപ്പൂജാവിധികൊണ്ടു പന്ത്രണ്ടു മാസങ്ങള-
മാംപ്പെട്ടമൊരു വർഷം മുഴുവൻ നയിച്ചഥ
കാർത്തികമാസമന്ത്യദിനത്തിലഹസ്സുമാ
രാത്രിയുമുപവാസം സാദ്ധ്വിയാചരിക്കണം.
പിറേറന്നാളുഷസ്സിലേ കുളിച്ചു മുന്നേപ്പോലെ
മുററിന ഭക്തിപൂർവ്വം ഹരിയെയർച്ചിച്ചഥ
പാലിൽപ്പചിച്ചു ഹോമദ്രവ്യത്താൽ ഘൃത-
ത്തോടും
ചാലവേ സ്ഥാലീപാകവിധിപ്രകാരം നേരേ
പന്ത്രണ്ടു തവണയബ്ഭർത്താവുതാനഗ്നിയി-
ലന്തരമേതുമെന്യേ ഹോമിച്ചീടുകവേണം.
22-26

ദാനമാനാദ്യങ്ങളാൽ തുഷ്ടരാം മഹീസുരർ
താനേ വർഷിക്കുമനുഗ്രഹങ്ങൾ മൂർദ്ധാവിനാൽ
അങ്ഗീകരിച്ചു നമിച്ചവരോടനുവാദം
വാങ്ങിയശേഷം ഭുജിച്ചീടണം മൗനിയായി. 27

തന്നുടെയാചാര്യനെ മുൻനിർത്തിബ്ബന്ധുക്കളോ-
ടൊന്നിച്ചു മൗനിയായ്ത്തൻ പതിത-
ന്നുടത്തെത്തി
സത്സന്താനദമായിസ്സൗഭാഗ്യകരമാക-
മച്ചരുശേഷം കൊടുത്തീടണമവൾക്കായി. 28

ഈ വ്രതം വിധിപോലെയാചരിച്ചീടും പുമാ-
നാ വിഭുവിങ്കൽനിന്നുമാളുന്നു കാമം സർവം.
നാരിയീ നോമ്പുനോററീടുന്നാകിൽ സൗഭാ-
ഗ്യവും
ഭൂരിസമ്പത്തോടു സത്പ്രജകൾ ഗേഹങ്ങളും
ദീർഘജീവിതമുള്ള ഭർത്താവും സത്കീർത്തിയും
ശീഘ്രത്തിൽ വശമാകുമവൾക്കു തർക്കമില്ല. 29

കന്യകയെന്നാൽ പൂർണ്ണലക്ഷണൻ ഭർത്താവിനെ-
യാർന്നിടും, വിധവ വിദ്ധ്വംസകില്ബിഷ-
യായി
സദ്ഗതിയിയന്നിടും, മൃതനന്ദനയുടൻ
ദീർഘജീവിതമുള്ള പുത്രനെ ലഭിച്ചീടും.
സമ്പന്നയായീടിലും ദുർഗ്ഗയാകും സ്ത്രീയീ-
നോമ്പിനാൽ സുഭഗാഗ്രഗണ്യയായ് ഭവി-
ച്ചീടും. 30

വിരൂപയായുള്ളവൾ സുരൂപയാകും രോഗി-
യരോഗദൃഢേന്ദ്രിയസുന്ദരഗാത്രനാകും.
യാഗാദികർമ്മങ്ങളിലീവ്രതമഭ്യസിപ്പോ-
നേകുന്നു പിതൃക്കൾക്കുമമർത്ത്യന്മാർക്കും തൃപ്തി. 31

ഹോമാവസാനത്തിൽ ശ്രീഹരിയും ഹുതാശനും
ഭൂമീശാ! സന്തുഷ്ടരായരുളും കാമമെല്ലാം.
ഇമ്മട്ടു മഹാത്മാരാം മരുദ്ദേവന്മാരുടെ
ജന്മവും ദിതിക്കേഴും വ്രതവും കഥിച്ചു ഞാൻ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തമസ്കന്ധഃ

പ്രഥമോഽധ്യായഃ

രാജോവാച

സമഃ പ്രിയഃ സുഹൃദ്, ബ്രഹ്മൻ, ഭൂതാനാം ഭഗവാൻ സ്വയം
ഇന്ദ്രസ്യാർത്ഥേ കഥം ദൈത്യാനവധീദ്വിഷമോ യഥാ. 1
ന ഹ്യസ്യാർത്ഥഃ സുരഗണൈഃ സാക്ഷാന്നിഃശ്രേയസാത്മനഃ
നൈവാസുരേഭ്യോ വിദ്വേഷോ നോദ്വേഗശ്ചാഗുണസ്യ ഹി. 2
ഇതി നഃ, സുമഹാഭാഗ, നാരായണഗുണാൻ പ്രതി
സംശയഃ സുമഹാഞ്ജാതസ്തദ്ഭവാൻ ഛേത്തുമർഹതി. 3

ശ്രീശുക ഉവാച

സാധു പൃഷ്ടം, മഹാരാജ, ഹരേശ്ചരിതമദ്ഭുതം
യദ് ഭാഗവതമാഹാത്മ്യം ഭഗവദ്ഭക്തിവർദ്ധനം. 4
ഗീയതേ പരമം പുണ്യമൃഷിഭിർന്നാരദാദിഭിഃ
നത്വാ കൃഷ്ണായ മുനയേ കഥയിഷ്യേ ഹരേഃ കഥാം. 5
നിർഗുണോഽപി ഹ്യജോഽവ്യക്തോ ഭഗവാൻ പ്രകൃതേഃ പരഃ
സ്വമായാഗുണമാവിശ്യ ബാധ്യബാധകതാം ഗതഃ. 6
സത്ത്വം രജസ്തമ ഇതി പ്രകൃതേർന്നാത്മനോ ഗുണാഃ
ന തേഷാം യുഗപദ്രാജൻ ഹ്രാസ ഉല്ലാസ ഏവ വാ. 7
ജയകാലേ തു സത്ത്വസ്യ ദേവർഷീൻ രജസോഽസുരാൻ
തമസോ യക്ഷരക്ഷാംസി തത്കാലാനുഗുണോഽഭജത്. 8
ജ്യോതിരാദീരിവാഭാതി സംഘാതാന്ന വിവിച്യതേ
വിദന്ത്യാത്മാനമാത്മസ്ഥം മഥിത്വാ കവയോഽന്തതഃ. 9

യദാ സിസൃക്ഷുഃ പുര ആത്മനഃ പരോ
രജഃ സൃജത്യേഷ പൃഥക് സ്വമായയാ
സത്ത്വം വിചിത്രാസു രിരംസുരീശ്വരഃ
ശയിഷ്യമാണസ്തമ ഈരയത്യസൗ. 10
കാലം ചരന്തം സൃജതീശ ആശ്രയം
പ്രധാനപുംഭ്യാം നരദേവ സത്യകൃത്
യ ഏഷ രാജന്നപി കാല ഈശിതാ
സത്ത്വം സുരാനീകമിവൈധയത്യതഃ
തത്പ്രത്യനീകാനസുരാൻ സുരപ്രിയോ
രജസ്തമസ്കാൻ പ്രമിണോത്യുരുശ്രവാഃ 11

അത്രൈവോദാഹൃതഃ പൂർവ്വമിതിഹാസഃ സുരർഷിണാ
പ്രീത്യാ മഹാക്രതൗ, രാജൻ, പൃച്ഛതേഽജാതശത്രവേ. 12
ദൃഷ്ട്വാ മഹാദ്ഭുതം രാജാ രാജസൂയേ മഹാക്രതൗ
വാസുദേവേ ഭഗവതി സായുജ്യം ചേദിഭൂഭുജഃ 13
തത്രാസീനം സുരർഷിം രാജാ പാണ്ഡുസുതഃ ക്രതൗ
പപ്രച്ഛ വിസ്മിതമനാ മുനീനാം ശൃണ്വതാമിദം. 14
അഹോ! അത്യദ്ഭുതം ഹ്യേതദ്ദുർല്ലഭൈകാന്തിനാമപി
വാസുദേവേ പരേ തത്ത്വേ പ്രാപ്തിശ്ചൈദ്യസ്യ വിദ്വിഷഃ. 15
ഏതദ്വേദിതുമിച്ഛാമഃ സർവ്വ ഏവ വയം മുനേ!
ഭഗവന്നിന്ദയാ വേനോ ദ്വിജൈസ്തമസി പാതിതഃ. 16
ദമഘോഷസുതഃ പാപ ആരഭ്യ കളഭാഷണാത്
സമ്പ്രത്യമർഷീ ഗോവിന്ദേ ദന്തവക്ത്രശ്ച ദുർമ്മതിഃ 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തമസ്കന്ധം

അദ്ധ്യായം 1

ജയവിജയപൂർവ്വജന്മനിരൂപണം

രാജാവു പറഞ്ഞു

ഭൂതരാശികൾക്കു സുഹൃത്തും ഹിതൈഷിയും
ഭേദധീയില്ലാത്തവനുമാം ശ്രീഹരി
താനേ വിഷമനായിന്ദ്രപക്ഷം ചേർന്നു
ദാനവരേ വധിപ്പാനെന്തു കാരണം? 1
ആനന്ദരൂപനദ്ദേവനില്ലൊന്നുമേ
വാനവരെക്കൊണ്ടു സാധിച്ചിടേണ്ടതായ്.
ദാനവരോടു വിദ്വേഷവുമഗ്ഗുണ-
ഹീനനില്ലില്ലൊരു പേടിയുമാരെയും. 2
ഇങ്ങനെ നാരായണൻതൻ ഗുണങ്ങളിൽ
ഞങ്ങൾക്കുദിക്കുന്നു വല്ലാതെ സംശയം:
യുക്തിയുക്തങ്ങളാം വാക്യങ്ങളാലതു-
തീർക്കുവാനങ്ങൊഴിഞ്ഞാരുള്ളതോർക്കിൽ. 3

ശ്രീശുകൻ പറഞ്ഞു

അദ്ഭുതമാം ശ്രീ ഹരികഥയിൽ പരം
തത്പരമിച്ചോദ്യമേററവും ശ്ലാഘ്യമാം
ഭക്തിവളർത്തുമപ്പുണ്യവൃത്തം മുനി-
മുഖ്യർ പാടീട്ടുണ്ടു നാരദൻതൊട്ടവർ.
ആ മഹാവിഷ്ണുചരിതം ഭവാനോടു
ഭൂമീപതേ! വ്യാസനെ നമിച്ചോതിടാം. 4-5
മായയേ വേറിട്ടിരിപ്പവനായജ-
നായിഗ്ഗുണഹീനനായി വിളങ്ങിടും
ഈശനവ്യക്തനായ്ത്തന്നെയിരിക്കിലു-
മീഷലെന്യേ നിജമായാഗുണങ്ങളെ
അങ്ഗീകരിച്ചിഹ ബദ്ധ്യരിൽ ബന്ധന-
മെങ്ങുമഭംഗമായേല്പിച്ചിടുന്നിതേ. 6
സത്ത്വാദിയാം ഗുണം മൂന്നുമാത്മാവുതൻ-
സ്വത്ത,ല്ലവയാ പ്രകൃതിജന്യങ്ങൾതാൻ.
ഏകകാലത്തിവയ്ക്കേററക്കുറവുകൾ
ഭാഗവതാഢ്യാ! ഭവിച്ചിടുന്നില്ല കേൾ. 7
സത്ത്വഗുണത്തിന്നഭിവൃദ്ധിയുണ്ടാകു-
മത്തവ്വ്യഷികളേയും സുരന്മാരെയും,
പാരം രജോഗുണം വൃദ്ധികലർന്നിടും-
നേരത്തസുരരേയും, തമസ്സാം ഗുണം
ഏറീടവേ യക്ഷരക്ഷസ്സുകളെയും
നാരായണൻ സഹായിപ്പതായ്ച്ചൊൽവുതേ. 8
സത്ത്വാദിമെത്തും സമസ്തദേഹത്തിലും
നിത്യനീശൻ വസിക്കുന്നു വഹ്ന്യാദിപോൽ.
എന്നതിനാൽ കാര്യകാരണസംഘത്തിൽ
നിന്നവനേ വേർതിരിച്ചറിയാൻ പണി.
ചിന്തയാൽ ദേഹസ്ഥനാകുമാത്മാവിനെ-
യന്ത്യം തിരിച്ചറിയുന്നു മനീഷികൾ. 9
ഈശ്വരൻ ജീവനു ദേഹം രചിക്കുവാ-
നാശിക്കവേ മായയാലേ രജോഗുണം
വേറുതിരിപ്പു, പലതരം യോനിയി-
ലാരമിപ്പാൻ സ്വയമിച്ഛയാർന്നീടവേ.
സത്ത്വഗുണം വേർതിരിപ്പു, ശയനത്തി-
നോർത്തിടുന്നേരം തമോഗുണവും നൃപാ! 10
സ്വന്തസങ്കല്പം പ്രകൃതിപുരുഷരെ-
ക്കൊണ്ടു സാധിപ്പിച്ചിടും സമസ്തേശ്വരൻ
ആലംബനമാ,യവർക്കു കല്പിക്കുന്നു
ചാലവേയാ വർത്തമാനകാലത്തെയും.
എപ്പൊഴാം സത്ത്വഗുണത്തെ വർദ്ധിപ്പിപ്പി-
തപ്പോൾ പുരുകീർത്തിമാനാകുമീശ്വരൻ
ദേവപ്രിയൻ, സുരവൃന്ദസംവർദ്ധനൻ,
ദേവാരികളായ് രജസ്തമോശീലരാം
ദൈത്യരെയൊക്കെയും സംഹരിച്ചീടുവോ-
നിത്തരം ലോകം നിരൂപിച്ചിടുന്നിതേ. 11
ബ്രഹ്മജൻ നാരദൻ രാജസൂയത്തില-
ദ്ധർമ്മജൻ ചോദിക്കയാലരുൾചെയ്തതാം
നല്ലതായോരിതിഹാസം പുരാതനം
ചൊല്ലാമിതിനു ദൃഷ്ടാന്തമായ് ഞാൻ നൃപാ! 12
രാജസൂയാവസരത്തിൽ ശിശുപാല-
രാജൻെറ വിഷ്ണുസായുജ്യമീക്ഷിക്കയാൽ
ധർമ്മജനദ്ഭുതപ്പെട്ടു തത്രസ്ഥനാം
ബ്രഹ്മാത്മജമുനിതന്നെ നമിച്ചുടൻ
മാമുനിമാരശേഷം കേട്ടിരിക്കവേ
താല്പര്യമായിങ്ങനെ ചോദിച്ചു ഭൂപതേ! 13-14
''ആശ്ചര്യമെത്രയും, ബ്രഹ്മസ്വരൂപനാ-
മച്യുതസ്വാമിയിൽ നിശ്ചലമായിടും
ഭക്തി ഭവിക്കുന്നവർക്കുമലഭ്യമാം
സദ്ഗതി വിദ്വേഷിയാം ശിശുപാലനിൽ
സക്തമാവാൻ കാര്യമെന്തെന്നറിഞ്ഞിടാ-
നത്ക്കണ്ഠ വാച്ചുന്നു ഞങ്ങൾക്കു മാമുനേ!
വേനൻ നരകത്തിൽ വീണവല്ലോ ഭഗ-
വാനെ നിന്ദിക്കുകകൊണ്ടതിസത്വരം. 15-16
ദുഷ്പ്രാപമാമബ്ഭഗവത്സ്വരൂപത്തി-
ലപ്പൊഴേ ലോകർ കാൺകെച്ചേർന്നതെങ്ങനെ?
അത്യന്തപാപിയാമശ്ശിശുപാലനും
ദുഷ്ടമതിയായ ദന്തവക്ത്രാഖ്യനും. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശപതോരസകൃദ്വിഷ്ണും യദ്ബ്രഹ്മ പരമവ്യയം
ശ്വിത്രോ ന ജാതോ ജിഹ്വായാം നാന്ധം വിവിശതുസ്തമഃ. 18

കഥം തസ്മിൻ ഭഗവതി ദുരവഗ്രാഹധാമനി
പശ്യതാം സർവ്വലോകാനാം ലയമീയതുരഞ്ജസാ. 19

ഏതദ് ഭ്രാമ്യതി മേ ബുദ്ധിർദീപാർച്ചിരിവ വായുനാ
ബ്രൂഹ്യേതദദ്ഭുതതമം ഭഗവാംസ്തത്ര കാരണം. 20

ശ്രീശുക ഉവാച

രാജ്ഞസ്തദ്വച ആകർണ്ണ്യ നാരദോ ഭഗവാനൃഷിഃ
തുഷ്ടഃ പ്രാഹ തമാഭാഷ്യ ശൃണ്വത്യാസ്തത്സദഃ കഥാഃ. 21

നാരദ ഉവാച

നിന്ദനസ്തവസത്കാരന്യക്കാരാർത്ഥം കളേബരം
പ്രധാനപരയോ രാജന്നവിവേകേന കല്പിതം. 22

ഹിംസാ തദഭിമാനേന ദണ്ഡപാരുഷ്യയോര്യഥാ
വൈഷമ്യമിഹ ഭൂതാനാം മമാഹമിതി പാർത്ഥിവ. 23

യന്നിബദ്ധോ/ഭിമാനോ/യം തദ്വധാത് പ്രാണിനാം വധഃ
തഥാ ന യസ്യ കൈവല്യാദഭിമാനോ/ഖിലാത്മനഃ
പരസ്യ ദമകർത്തുർഹി ഹിംസാ കേനാസ്യ കല്പ്യതേ. 24

തസ്മാദ്വൈരാനുബന്ധേന നിർവ്വൈരേണ ഭയേന വാ
സ്നേഹാത് കാമേന വാ യുഞ്ജ്യാത് കഥഞ്ചിന്നേക്ഷതേ
പൃഥക്. 25

യഥാ വൈരാനുബന്ധേന മർത്ത്യസ്തന്മയതാമിയാത്
ന തഥാ ഭക്തിയോഗേന ഇതി മേ നിശ്ചിതാ മതിഃ. 26

കീടഃ പേശസ്കൃതാ രുദ്ധഃ കുഡ്യായാം തമനുസ്മരൻ
സംരംഭഭയയോഗേന വിന്ദതേ തത്സരൂപതാം. 27

ഏവം കൃഷ്ണേ ഭഗവതി മായാമനുജ ഈശ്വരേ
വൈരേണ പൂതപാപ്മാനസ്തമാപുരനുചിന്തയാ. 28

കാമാദ്ദ്വേഷാദ്ഭയാത് സ്നേഹാദ്യഥാ ഭക്ത്യേശ്വരേ മനഃ
ആവേശ്യ തദഘം ഹിത്വാ ബഹവസ്തദ്ഗതിം ഗതാഃ. 29

ഗോപ്യഃ കാമാദ്, ഭയാത് കംസോ, ദ്വേഷാച്ചൈദ്യാദയോ
നൃപാഃ
സംബന്ധാദ് വൃഷ്ണയഃ, സ്നേഹാദ്യൂയം, ഭക്ത്യാ വയം വിഭോ. 30

കതമോ/പി ന വേനഃ സ്യാത് പഞ്ചാനാം പുരുഷം പ്രതി
തസ്മാത് കേനാപ്യുപായേന മനഃ കൃഷ്ണേ നിവേശയേത്. 31

മാതൃഷ്വസേയോ വശ്ചൈദ്യോ ദന്തവക്ത്രശ്ച പാണ്ഡവ!
പാർഷദപ്രവരൗ വിഷ്ണോർവിപ്രശാപാത് പദാച്ച്യുതൗ. 32

യുധിഷ്ഠിര ഉവാച

കീദൃശഃ കസ്യ വാ ശാപോ ഹരിദാസാഭിമർശനഃ
അശ്രദ്ധേയ ഇവാഭാതി ഹരേരേകാന്തിനാം ഭവഃ. 33

ദേഹേന്ദ്രിയാസുഹീനാനാം വൈകുണ്ഠപുരവാസിനാം
ദേഹസംബന്ധസംബദ്ധമേതദാഖ്യാതുമർഹസി. 34

നാരദ ഉവാച

ഏകദാ ബ്രഹ്മണഃ പുത്രാ വിഷ്ണോർലോകം യദൃച്ഛയാ
സനന്ദനാദയോ ജഗ്മുശ്ചരന്തോ ഭുവനത്രയം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജന്മംതുടങ്ങിയെല്ലായ്പ്പൊഴുമൊന്നുപോൽ
ബ്രഹ്മാത്മകനാം ഭഗവാൻ മുകുന്ദനെ
സഭ്യമല്ലാതുള്ള ഭാഷയിൽ ക്രുദ്ധരായ്
ദുർഭാഷണങ്ങൾ ചൊല്ലീഞ്ഞവരല്ലയോ?
എന്നിട്ടവരുടെ നാവിനു കഷ്ടവും
വന്നില്ല, വീണില്ലവർ നരകത്തിലും
എന്നതോർത്തസ്മദീയാന്തരംഗം ഭ്രമി-
ക്കുന്നിതു കാററിനാൽ ദീപമെന്നുള്ളപോൽ.
ഹന്ത! മഹാദ്ഭുതം താനിതോർത്താലിതിൻ
ബന്ധമെന്തെന്നു ഭഗവൻ! കഥിക്കുക.'' 18–20

ശ്രീശുകൻ പറഞ്ഞു

ഇത്ഥം യുധിഷ്ഠിരൻ ചൊന്നതുകേട്ടതി-
തുഷ്ടനായിബ്ഭഗവാനൃഷി നാരദൻ
ആ സഭാവാസികളേവരും കേൾക്കവേ
ഭാസുരമാമിച്ചരിതമോതീടിനാൻ. 21

നാരദൻ പറഞ്ഞു

എന്നും ശരീരമാത്മാവെന്നഭിമാന-
മാർന്ന മൂഢാത്മാക്കൾ നിന്ദയും സ്തോത്രവും
സൽക്കാരവും തിരസ്കാരവും ദേഹത്തി-
നേല്ക്കുന്നതായിട്ടു കല്പിച്ചിടുന്നിതു. 22
പ്രാണികൾ ദേഹദണ്ഡത്തിനാലും പരം
ഹീനവചസ്സിനാലും വ്യസനിപ്പതു
ദേഹാത്മഭാവനമൂലമാണെന്നുള്ള-
തൂഹിച്ചറിയാവതുതന്നെ മന്നവാ! 23
ഈയഭിമാനമേതൊന്നിൽ നിബദ്ധമ-
ക്കായത്തിനുള്ള നിധനത്തെയെപ്പൊഴും
പ്രാണിവർഗ്ഗത്തിൻ വധമെന്നുതാൻ ജനം
മാനസംതന്നിൽ ഗണിച്ചുപോരുന്നിതു.
സർവ്വത്തിനും നിയന്താവുമാത്മാവുമായ്
കേവലതത്ത്വത്താലഭിമാനഹീനനാം
ദേവനെ ഹിംസിക്കയെന്നതോർത്തീടാനു-
മാവതല്ലായതിനന്യനില്ലായ്കയാൽ. 24
ആകയാൽ വൈരാനുബന്ധം നിമിത്തമോ,
ശോകഭയസ്നേഹകാമങ്ങൾമൂലമോ,
വൈരമില്ലാതെയോ, വല്ലവിധത്തിലും
ചേരണം ശൗരിയിൽ ചിത്തമനന്യമായ്. 25
വിദ്വേഷഭാവനപോലെളുതല്ലന്യ-
പദ്ധതി വിഷ്ണുസായൂജ്യമാർന്നീടുവാൻ.
ശത്രുവിനെസ്സദാ ചിന്തിക്കുമാവിധം
മിത്രത്തെയോർക്കുകയില്ല,തുകാരണം
പ്രേമഭക്ത്യാദിയത്രയ്ക്കെളുതല്ലെന്ന-
താമെൻ സുനിശ്ചിതമാമഭിപ്രായവും. 26
വണ്ടു ചുമരിൽത്തടുത്തുവച്ചും പുഴു
വണ്ടിനെ ക്രോധത്തൊടും വൻഭയത്തൊടും
വീണ്ടും നിനച്ചുനിനച്ചിരുന്നന്തരം-
വണ്ടിന്റെ രൂപത്തിലായ്ഭവിക്കുന്നിതേ. 27
ആവിധം മായാമനുഷ്യനാം ശ്രീകൃഷ്ണ-
ദേവനിൽ വൈരനിരന്തരചിന്തയാൽ
എത്രയോപേർ കല്മഷം നശിപ്പിച്ചു സം-
ശുദ്ധരായ് സായൂജ്യമുക്തിയടഞ്ഞിതു. 28
വൈരഭയസ്നേഹകാമാദിഭാവന-
കാരണം മാനസമീശനിലർപ്പിച്ചു
പാപവിമുക്തരായ് സായൂജ്യമുക്തി സം-
പ്രാപിച്ചതിനു ദൃഷ്ടാന്തമുദാഹരിച്ചീടാം. 29
കാമംനിമിത്തമഗ്ഗോപീജനങ്ങളും
സീമാധികഭീതിമൂലമായ് കംസനും
ദ്വേഷത്തിനാൽ ശിശുപാലാദിഭൂപരും
വംശബന്ധത്തിനാൽ വൃഷ്ണിജനങ്ങളും
തുംഗമാം സ്നേഹത്തിനാൽ ധർമ്മജാദ്യരാം
നിങ്ങളും ഭക്ത്യാ മുനികളാം ഞങ്ങളും
മായാമയനാം ഭഗവാൻമുകുന്ദനിൽ
സായൂജ്യമാർന്നതോർത്തീടുക ഭൂപതേ! 30
വേനനീയഞ്ചുകൂട്ടത്തിലും പെട്ടിടാ,
ഹീനൻ മനംവച്ചതില്ല മാധവനിൽ.
വീണാൻ നരകത്തി,ലാകയാൽ കൃഷ്ണനിൽ
മാനസം ചേർക്കണമെങ്ങനെയെങ്കിലും. 31
പൂതമതേ! ഭവന്മാതൃസഹോദരീ-
ജാതരാമച്ചൈദ്യനും ദന്തവക്ത്രനും
ശ്രീമഹാവിഷ്ണുഭഗവാന്റെ പാർഷദ-
പ്രാമാണികരാണു, വിപ്രശാപത്തിനാൽ
ഉന്നതമാകുമാമാന്യപദവിയിൽ-
നിന്നുമധഃപതിച്ചുള്ളവരാണെടോ. 32

യുധിഷ്ഠിരൻ പറഞ്ഞു

ശ്രീപതിഭൃത്യരവരേററതാം ശാപ-
രൂപമെ,ന്താരശപിച്ചു? മഹാമുനേ!
ഏകാന്തവിഷ്ണുഭക്തന്മാർക്കു സംസാര-
ശോകമെന്നുള്ളതവിശ്വസനീയമാം. 33
ശോകാർഹദേഹേന്ദ്രിയപ്രാണഹീനരാം
വൈകുണ്ഠവാസികൾക്കങ്ങു സംബന്ധമായ്
വൈഷമ്യമുണ്ടായ് വരുന്നവിധങ്ങളു-
മീഷലകലുമാറങ്ങരുളീടണം. 34

നാരദൻ പറഞ്ഞു

ബ്രഹ്മജന്മാരാം സനകാദ്യരേകദാ
ചെമ്മേ ജഗത്ത്രയസഞ്ചാരവേളയിൽ
യാദൃച്ഛികമായി വൈകുണ്ഠലോകത്തു
മോദപുരസ്സരം ചെന്നുകയറീടിനാർ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചഷഡ്ഢായനാർഭാഭാഃ പൂർവ്വേഷാമപി പൂർവ്വജാഃ
ദിഗ്വാസസഃ ശിശൂൻ മത്വാ ദ്വാഃസ്ഥൗ താൻ പ്രത്യഷേധതാം. 36

അശപൻ കുപിതാ ഏവം യുവാം വാസം ന ചാർഹഥഃ
രജസ്തമോഭ്യാം രഹിതേ പാദമൂലേ മധുദ്വിഷഃ
പാപിഷ്ഠാമാസുരീം യോനിം ബാലിശൗ യാതമാശ്വതഃ. 37

ഏവം ശപ്തൗ സ്വഭവനാത് പതന്തൗ തൈഃ കൃപാലുഭിഃ
പ്രോക്തൗ പുനർജ്ജന്മഭിർവാം ത്രിഭിർലോകായ കല്പതാം. 38

ജജ്ഞാതേ തൗ ദിതേഃ പുത്രൗ ദൈത്യദാനവവന്ദിതൗ
ഹിരണ്യകശിപുർജ്ജ്യേഷ്ഠോ ഹിരണ്യാക്ഷോഽനുജസ്തതഃ. 39

ഹതോ ഹിരണ്യകശിപുർഹരിണാ സിംഹരൂപിണാ
ഹിരണ്യാക്ഷോ ധരോദ്ധാരേ ബിഭ്രതാ സൗകരം വപുഃ 40

ഹിരണ്യകശിപുഃ പുത്രം പ്രഹ്ലാദം കേശവപ്രിയം
ജിഘാംസുരകരോന്നാനായാതനാ മൃത്യുഹേതവേ. 41

സർവ്വഭൂതാത്മഭൂതം തം പ്രശാന്തം സമദർശനം
ഭഗവത്തേജസാ സ്പൃഷ്ടം നാശക്നോദ്ധന്തുമുദ്യമൈഃ. 42

തതസ്തൗ രാക്ഷസൗ ജാതൗ കേശിന്യാം വിശ്രവഃസുതൗ
രാവണഃ കുംഭകർണ്ണശ്ച സർവ്വലോകോപതാപനൗ. 43

തത്രാപി രാഘവോ ഭൂത്വാ ന്യഹനച്ഛാപമുക്തയേ
രാമവീര്യം ശ്രോഷ്യസി ത്വം മാർക്കണ്ഡേയമുഖാത് പ്രഭോ. 44

താവേവ ക്ഷത്രിയൗ ജാതൗ മാതൃഷ്വസ്രാത്മജൗ തവ
അധുനാ ശാപനിർമ്മുക്തൗ കൃഷ്ണചക്രഹതാംഹസൗ. 45

വൈരാനുബന്ധതീവ്രേണ ധ്യാനേനാച്യുതസാത്മതാം
നീതൗ പുനർഹരേഃ പാർശ്വം ജഗ്മതുർവ്വിഷ്ണുപാർഷദൗ. 46

യുധിഷ്ഠിര ഉവാച

വിദ്വേഷോ ദയിതേ പുത്രേ കഥമാസീന്മഹാത്മനി
ബ്രൂഹി മേ ഭഗവന്യേന പ്രഹ്ലാദസ്യാച്യുതാത്മതാ. 47

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദചരിതോപക്രമേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

നാരദ ഉവാച

ഭ്രാതര്യേവം വിനിഹതേ ഹരിണാ ക്രോഡമൂർത്തിനാ
ഹിരണ്യകശിപൂ, രാജൻ, പര്യതപ്യദ്രുഷാ ശുചാ. 1

ആഹ ചേദം രുഷാ ഘൂർണ്ണഃ സന്ദഷ്ടദശനച്ഛദഃ
കോപോജ്ജ്വലദ്ഭ്യാം ചക്ഷുർഭ്യാം നിരീക്ഷൻ ധൂമ്രമംബരം. 2

കരാളദംഷ്ട്രോഗ്രദൃഷ്ട്യാ ദുഷ്പ്രേക്ഷ്യഭ്രുകുടീമുഖഃ
ശൂലമുദ്യമ്യ സദസി ദാനവാനിദമബ്രവീത്. 3

''ഭോ, ഭോ, ദാനവദൈതേയാ, ദ്വിമൂർദ്ധംസ്ത്ര്യക്ഷ, ശംബര,
ശതബാഹോ, ഹയഗ്രീവ, നമുചേ, പാക, ഇല്വല, 4

വിപ്രചിത്തേ, മമ വചഃ പുലോമൻ, ശകുനാദയഃ
ശൃണുതാനന്തരം സർവ്വേ ക്രിയതാമാശു മാ ചിരം. 5

സപത്നൈർഘാതിതഃ ക്ഷുദ്രൈർഭ്രാതാ മേ ദയിതഃ സുഹൃത്
പാർഷ്ണിഗ്രാഹേണ ഹരിണാ സമേനാപ്യുപധാവനൈഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ചോ കടന്നാലൊരാറോ വയസ്സെഴും
പിഞ്ചുപൈതങ്ങളായ്ത്തോന്നും സുരൂപരായ്
പൂർവ്വജർക്കും പൂർവ്വജരായി നഗ്നരായ്
സർവ്വാദരണീയരാകുമട്ടിവ്വരെ
ദ്വാരപാലന്മാർ ശിശുക്കളെന്നോർത്തങ്ങു
കേറരുതെന്നു തടഞ്ഞുനിർത്തീടിനാർ. 36
''ലേശം രജസ്തമോഭാവമിയലാത്ത
കേശവൻതൻ പാദമൂലത്തിലേതുമേ
വാസത്തിനർഹതയില്ലാത്ത നിങ്ങൾ പോ-
യാസുരീയോനിയെ പ്രാപിച്ചുകൊള്ളുവിൻ''
എന്നൊരു ശാപമദ്വാരപാലർക്കേകി
വന്ന കോപത്താൽ സനന്ദനനാദികൾ. 37
വൈകുണ്ഠലോകത്തുനിന്നു കീഴ്പ്പോട്ടവർ
പോകുന്നതു കണ്ടലിഞ്ഞു മുനീശ്വരർ
മൂന്നു ജന്മംകൊണ്ടു വീണ്ടുമിസ്ഥാനത്തു
വന്നിടുമെന്നനുഗ്രഹിച്ചീടിനാർ. 38
ഇത്ഥം ജയവിജയന്മാരവർ, ദിതി-
പുത്രരായ് ദാനവദൈത്യസത്തരായി
വന്നുപിറന്നു, ഹിരണ്യകശിപുവാ-
ണൊന്നു, മറേറതനുജൻ ഹിരണ്യാക്ഷനും. 39
ശ്രീഹരി പിന്നെ ഹിരണ്യകശിപുവെ
സിംഹരൂപം ധരിച്ചും ഹിരണ്യാക്ഷനെ
മന്നിനെയുദ്ധരിച്ചീടുന്നവേളയിൽ
പന്നിയായും വന്നു കൊന്നിതു മന്നവാ! 40
ശ്രീഹരിക്കേററം പ്രിയനായ്ത്തന്നുജനാം
പ്രഹ്ലാദനെയാഹിരണ്യകശിപുതാൻ
നാനാവിധഘോരകർമ്മങ്ങളാൽ ജീവ-
ഹാനിവരുത്തുവാനായ് ശ്രമിച്ചീടിനാൻ. 41
സർവ്വത്തിലും സമദർശനനായ്പരം
സർവ്വാത്മഭൂതനായത്യന്തശാന്തനായ്
മല്ലാരിതേജസ്സിയലുമബ്ബാലനെ-
ക്കൊല്ലാൻ കഴിഞ്ഞില്ലവനൊന്നിനാലുമേ. 42
കേശിനിയിൽ വിശ്രവസ്സുതൻ പുത്രരായ്
രാക്ഷസരായഥ ജാതരായെ,പ്പൊഴും
ലോകത്രയത്തെപ്പരം തപിപ്പിച്ചവ-
രാകുന്നു രാവണനും കുംഭകർണ്ണനും. 43
ആയവരെയപ്പൊഴുതു രഘുരാമ-
നായിബ്ഭഗവാൻ മുകുന്ദൻ ഹനിച്ചിതു.
രാമചരിതമതങ്ങേയ്ക്കു മാർക്കണ്ഡേയ-
മാമുനി ചൊല്ലിയിനിമേൽ ശ്രവിച്ചിടാം. 44
ക്ഷത്രിയരായ്ത്തവ മാതൃസഹോദരീ-
പുത്രരായ്ത്തീർന്നഥ വിഷ്ണുചക്രത്തിനാൽ
ദഗ്ദ്ധാഘരായ് മുക്തശാപരാരണ്ടുപേർ
ചൊല്ലൊണ്ട രാവണകുംഭകർണ്ണാഖ്യർതാൻ. 45
വൈരാനുബദ്ധരായന്ന് തീവ്രധ്യാന-
കാരണമച്യുതസാത്മ്യമിയന്നവർ
പിന്നെയും പാർഷദന്മാരായ് ഹരിയുടെ
സന്നിധിയിൽത്താനണഞ്ഞിതു ഭൂപതേ! 46

യുധിഷ്ഠിരൻ പറഞ്ഞു

ശുദ്ധമനസ്സനാം പുത്രനിലെങ്ങനെ
വിദ്വേഷമുണ്ടായി ദൈത്യേന്ദ്രനെന്നതും
അച്യുതദേവനിൽ പ്രഹ്ലാദനുണ്ടായ
നിശ്ചലഭക്തിക്കു ഹേതുവുമോതണം. 47

അദ്ധ്യായം 2

ഹിരണ്യകശിപുവിൻെറ ദിതിസാന്ത്വനം

നാരദൻ പറഞ്ഞു

ഭ്രാതാവിനെ വരാഹാവതാരം പൂണ്ട
മാധവനാം ഭഗവാൻ നിഹനിക്കവേ
ഏററം തപിച്ചാൻ ഹിരണ്യകശിപുവാം
ദൈത്യനമർഷവും ദുഃഖവും വായ്ക്കയാൽ. 1
കോപം സഹിക്കാനരുതാതെയായവൻ
വേപഥുഗാത്രനായ് ചുണ്ടും കടിച്ചുടൻ
നന്നായ്ക്കലങ്ങിമറിഞ്ഞു തീക്കട്ടപോൽ
മിന്നുന്ന കണ്ണുകളിൽനിന്നു ചിന്തിടും
ധൂമത്തിനാൽ ധൂമ്രമാകും നഭസ്സിലേ-
ക്കാമിഴി രണ്ടുമയച്ചു കരാളമാം
ദംഷ്ട്രകളും ഭ്രുകുടിയുമിടഞ്ഞിടും
നോട്ടങ്ങളാലാക്കുമേ ദുർന്നിരീക്ഷ്യനായ്
വേലുമുയർത്തിപ്പിടിച്ചു സഭതന്നി-
ലാളും ദിതിജരോടിങ്ങനെ ചൊല്ലിനാൻ: 2-3
''അല്ലയോ ദാനവദൈതേയവര്യരേ!
ചൊല്ലേറിടും ദ്വിമൂർദ്ധാവേ! ഹയഗ്രീവാ!
ഹേ ശംബരാ! ത്ര്യക്ഷ! വിപ്രചിത്തേ! പാക!
ഹേ ശതബാഹോ! നമുചേ! സുഹൃത്തമാ!
ഇല്വലാ! ഹേ ശകുനാദികളേ! നിങ്ങ-
ളെല്ലാവരുമെൻെറ വാക്കുകൾ നല്ലപോൽ
ശ്രദ്ധിച്ചു കേട്ടിട്ടനന്തരം വേണ്ടപോൽ
ബുദ്ധിപൂർവ്വം പ്രവർത്തിച്ചീടുവിൻ ദ്രുതം. 4-5
ശ്രീകാന്തനെല്ലാരിലും സമഭാവന-
നാകിലും ക്ഷുദ്രരാമസുരവിരോധികൾ
അച്ഛനയാൽത്തുണയ്ക്കായവനെപ്പാട്ടിൽ
വെച്ചുകൊണ്ടിച്ഛിച്ചപോലവനെക്കൊണ്ടു
നമ്മൾക്കതീവ സുഹൃത്തായ് ഹിതൈഷിയാ-
മെന്മഹത്സോദരനെ വധിപ്പിച്ചിതേ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ത്യക്തസ്വഭാവസ്യ ഘൃണേർമ്മായാവനൗകസഃ
ഭജന്തം ഭജമാനസ്യ ബാലസ്യേവാസ്ഥിരാത്മനഃ. 7

മച്ഛൂലഭിന്നഗ്രീവസ്യ ഭൂരിണാ രുധിരേണ വൈ
രുധിരപ്രിയം തർപ്പയിഷ്യേ ഭ്രാതരം മേ ഗതവ്യഥഃ. 8

തസ്മിൻ കൂടേഽഹിതേ നഷ്ടേ കൃത്തമൂലേ വനസ്പതൗ
വിടപാ ഇവ ശുഷ്യന്തി വിഷ്ണുപ്രാണാ ദിവൗകസഃ. 9

താവദ്യാത ഭുവം യൂയം വിപ്രക്ഷത്രസമേധിതാം
സൂദയധ്വം തപോയജ്ഞസ്വാധ്യായവ്രതദാനിനഃ. 10

വിഷ്ണുർദ്വിജക്രിയാമൂലോ യജ്ഞോ ധർമ്മമയഃ പുമാൻ
ദേവർഷിപിതൃഭൂതാനാം ധർമ്മസ്യ ച പരായണം. 11

യത്ര യത്ര ദ്വിജാ ഗാവോ വേദാ വർണ്ണാശ്രമാഃ ക്രിയാഃ
തം തം ജനപദം യാത, സന്ദീപയത, വൃശ്ചത.'' 12

ഇതി തേ ഭർത്തൃനിർദ്ദേശമാദായ ശിരസാഽഽദൃതാഃ
തഥാ പ്രജാനാം കദനം വിദധുഃ കദനപ്രിയാഃ. 13

പുരഗ്രാമവ്രജോദ്യാനക്ഷേത്രാരാമാശ്രമാകരാൻ
ഖേടഖർവ്വടഘോഷാംശ്ച ദദഹുഃ പത്തനാനി ച. 14

കേചിത് ഖനിത്രൈർബ്ബിഭിദുഃ സേതുപ്രാകാരഗോപുരാൻ
ആജീവ്യാംശ്ചിച്ഛിദുർവൃക്ഷാൻ കേചിത് പരശുപാണയഃ
പ്രാദഹൻ ശരണാന്യന്യേ പ്രജാനാം ജ്വലിതോല്മുകൈഃ. 15

ഏവം വിപ്രകൃതേ ലോകേ ദൈത്യേന്ദ്രാനുചരൈർമ്മുഹുഃ
ദിവം ദേവാഃ പരിത്യജ്യ ഭുവി ചേരുരലക്ഷിതാഃ. 16

ഹിരണ്യകശിപുർഭ്രാതുഃ സമ്പരേതസ്യ ദുഃഖിതഃ
കൃത്വാ കടോദകാദീനി ഭ്രാതൃപുത്രാനസാന്ത്വയത്. 17

ശകുനിം ശംബരം ധൃഷ്ടം ഭൂതസന്താപനം വൃകം
കാലനാഭം മഹാനാഭം ഹരിശ്മശ്രുമഥോത്കചം. 18

തന്മാതരം രുഷാഭാനും ദിതിം ച ജനനീം ഗിരാ
ശ്ലക്ഷ്ണയാ ദേശകാലജ്ഞ ഇദമാഹ ജനേശ്വര. 19

ഹിരണ്യകശിപുരുവാച

അംബാംബ ഹേ വധൂഃ പുത്രാ വീരം മാർഹഥ ശോചിതും
രിപോരഭിമുഖേ ശ്ലാഘ്യഃ ശൂരാണാം വധ ഈപ്സിതഃ. 20

ഭൂതാനാമിഹ സംവാസഃ പ്രപായാമിവ സുവ്രതേ
ദൈവേനൈകത്ര നീതാനാമുന്നീതാനാം സ്വകർമ്മഭിഃ. 21

നിത്യ ആത്മാവ്യയഃ ശുദ്ധഃ സർവ്വഗഃ സർവ്വവിത് പരഃ
ധത്തേഽസാവാത്മനോ ലിങ്ഗം മായയാ വിസൃജൻ ഗുണാൻ. 22

യഥാംഭസാ പ്രചലതാ തരവോഽപി ചലാ ഇവ
ചക്ഷുഷാ ഭ്രാമ്യമാണേന ദൃശ്യതേ ചലതീവ ഭൂഃ. 23

ഏവം ഗുണൈർഭ്രാമ്യമാണേ മനസ്യവികലഃ പുമാൻ
യാതി തത്സാമ്യതാം ഭദ്രേ ഹ്യലിങ്ഗോ ലിങ്ഗവാനിവ. 24

ഏഷ ആത്മവിപര്യാസോ ഹ്യലിങ്ഗേ ലിങ്ഗഭാവനാ
ഏഷ പ്രിയാപ്രിയൈര്യോഗോ വിയോഗഃ കർമ്മസംസൃതിഃ. 25

സംഭവശ്ച വിനാശശ്ച ശോകശ്ച വിവിധഃ സ്മൃതഃ
അവിവേകശ്ച ചിന്താ ച വിവേകാസ്മൃതിരേവ ച. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേജോമയനെങ്കിലും സൂകരാകൃതി
വ്യാജമായ് കൈക്കൊണ്ടുപേക്ഷിച്ചു ശീലവും
തന്നെബ്ഭജിക്കുന്നവനെബ്ഭജിക്കുന്ന
നിന്ദ്യനായ് ബാലചപലസ്വഭാവനാം
ആ മുകുന്ദൻതൻ ഗളനാളമാശു ഞാൻ
മാമകശൂലമുനയാലറുത്തുടൻ
ധാരയായങ്ങൊഴുകീടും ചുടുചോര-
കോരി രുധിരപ്രിയനാം കനിഷ്ഠന്റ
പാരാതെ തർപ്പണംചെയ്യതിനാലെയും-
ച്ചേരുമെൻ കോപവും താപവുമാറുവൻ. 7-8
അക്കുശലനെ വധിക്കുന്നതാകിലോ
ചിക്കെന്നവൻ ജീവനായുള്ള വിണ്ണവർ,
വേരു മുറിച്ച തരുനിരയെന്നപോൽ
പാരാതുണങ്ങി നശിച്ചുപോം നിശ്ചയം. 9
ബ്രാഹ്മണക്ഷത്രിയരാലഭിവൃദ്ധമാം
ഭൂമിയിലേക്കുടൻ നിങ്ങൾ പോയീടുവിൻ,
യാഗം തപസ്സധീതി വ്രതദാനങ്ങൾ
യോഗവുമാളുമക്കൂട്ടരെക്കൊല്ലുവിൻ. 10
നാരായണനാണു ഭൂസുരർതൻ കർമ്മ-
കാരണവും സദ്ധർമ്മസ്വരൂപവും
ദേവപിതൃഭൂതമാമുനിമാരാക-
മേവക്കുമാശ്രയമായിരിക്കുന്നതും. 11
എങ്ങെങ്ങു തങ്ങുന്നു വിപ്രരും ഗോക്കളു-
മെങ്ങെങ്ങു വർണ്ണാശ്രമോക്തകർമ്മങ്ങളും
അങ്ങങ്ങവരേ ഹനിച്ചാലയങ്ങളും
മങ്ങാതെ തീയിട്ടു ചുട്ടെരിച്ചീടുവിൻ.'' 12
ഹിംസാപരരാമവർ നിജസ്വാമിതൻ-
ശാസനത്തെശ്ശിരസാവഹിച്ചക്ഷണം
ക്ഷോണിയിലെങ്ങും നടന്നു സാധുക്കളെ-
ക്കാണി കാരുണ്യവുമററു ഹിംസിച്ചിതേ. 13
പട്ടണം, ഗ്രാമം, വ്രജം, മലർവാടികൾ,
പത്തന,മാരാമങ്ങ,ളാശ്രമമാകരം,
നൽകൃഷിസ്ഥാനങ്ങൾ, ഖർവ്വടം, ഘോഷമി-
തൊക്കെയും ഹന്ത! ദഹിപ്പിച്ചു രാപ്പകൽ.
പൊട്ടിച്ചിതെങ്ങുമണക്കെട്ടുകൾ, ചിലർ
തട്ടിനിരത്തീ മതിൽ ഗോപുരങ്ങളും,
മററു ചിലരുടനാജീവ്യവൃക്ഷങ്ങൾ
വെട്ടിമുറിച്ചു പരശ്വായുധങ്ങളാൽ.
പിന്നെച്ചിലർ മർത്ത്യവാസഗേഹങ്ങളു-
മൊന്നിട്ടിടായുടൻ ചുട്ടെരിച്ചീടിനാർ. 14-15
ബാധം ഹിരണ്യകശിപുവിൻ ഭൃത്യർതൻ
പീഡയിക്ഷോണിയിൽ വർദ്ധിച്ചവേളയിൽ
യാഗാദികർമ്മങ്ങൾ നിന്നു വിൺവിട്ടു ഭൂ-
ലോകത്തലക്ഷിതരായ് ചരിച്ചാർ സുരർ. 16
ദുഃഖിതനാകും ഹിരണ്യകശിപുവും
ശീഘ്രം നിജമൃതസോദരൻതന്നുടെ
ശ്രാദ്ധോദകാദികർമ്മങ്ങൾ കഴിച്ചു തത്-
പുത്രരേയും സമാധാനപ്പെടുത്തിനാൻ. 17
കാലദേശജ്ഞാനിയ ദിതിജാധിപൻ
കാലനാഭൻ, ഭൂതസന്താപനൻ, വൃകൻ,
ശംബരൻ, ധൃഷ്ടൻ, ഹരിശ്മശ്രു,വൃൎക്കച-
നമ്മഹാനാഭൻ, ശകുനി തുടങ്ങിയ
സോദരപുത്രരോടും തഷാഭാനവാം
ഭ്രാതൃപ്രിയയോടുമമ്മ ദിതിയൊടും
എത്രയും മാർദ്ദവമാംവിധത്തിൽ പുന-
രിത്തരം സാവധാനത്തിലോതീടിനാൻ. 18-19

ഹിരണ്യകശിപു പറഞ്ഞു

അമ്മേ! കനിഷ്ഠപ്രിയേ! പുത്രരേ! നിങ്ങ-
ളെന്മാന്യസോദരനേയോർത്തു കേഴൊലാ.
വീരക്കടരിലരിയിൽനിന്നും മൃതി-
ചേരുവതിഷ്ടമാം, ചാർത്തിടാം കീർത്തിയും. 20
കർമ്മംനിമിത്തമിജ്ജന്തുക്കളെദ്ദൈവ-
മിമ്മട്ടൊരിടത്തു ചേർത്തങ്ങിണക്കിയും
പിന്നെ യഥേഷ്ടമകററിയുമാരീതി-
യെന്നും തുടരുന്ന കാര്യമോർത്തീടുകിൽ
തണ്ണീർത്തണൽപ്പന്തലിലെക്കണക്കിലേ
മന്നിടവാസം ഗണിക്കേണ്ടതുള്ളു നാം. 21
നിത്യനായ് ശുദ്ധനായവ്യയനായ് സർവ്വ-
വിത്തായ് സർവ്വഗനായ് വിളങ്ങും പരൻ
തന്മായയാൽ ഗുണകാര്യദേഹങ്ങളെ
നിർമ്മിച്ചു താനേ ശരീരം ധരിപ്പിതേ. 22
ലോലമാമംബുവിൽ തീരവൃക്ഷങ്ങളും
ചാലെച്ചലിക്കുന്നപോലെ തോന്നുന്നിതു.
മററും മിഴികൾ ഭ്രമിക്കവേ ഭൂമിയും
ചുററുന്നതായ്ത്തന്നെ കാണപ്പെടുന്നിതേ. 23
ആവിധം ചിത്തം ചലിക്കുന്നളവില-
ജ്ജീവനുംകൂടെച്ചലിപ്പതായ്ത്തോന്നിടും.
ദേഹം യഥാർത്ഥത്തിലില്ലാത്ത ജീവനു
ദേഹവാനെന്നുള്ള ഭാവവും വന്നിടും. 24
ദേഹസംബന്ധവിഹീനനാമാത്മാവു
ദേഹസംബന്ധമുണ്ടെന്നു ഭാവിപ്പതാം-
ആത്മാവിയലുമജ്ഞാന,മതുമൂല-
മാത്മാവിനപ്രിയവസ്തുസംയോഗവും
ഇഷ്ടപദാർത്ഥവിയോഗവും കർമ്മവും
നിത്യദുഃഖത്തിൻ നിദാനമാം ജന്മവും
ചെമ്മേ മൃതിയും നരകവും സ്വർഗ്ഗവു-
മമ്മ! ഭവിച്ചു സംസാരമുണ്ടായിടും. 25
അദ്ധ്യാസമൂലമായുണ്ടാം പലേവിധ-
മത്തലും ചിന്തകളുമവിവേകവും
പക്ഷേ, ചിലപ്പോൾ വിവേകമുദിക്കിലു-
മക്ഷണംതാനതു വിസ്മൃതമായിടും. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം
യമസ്യ പ്രേതബന്ധൂനാം സംവാദം തം നിബോധത. 27

ഉശീനരേഷ്വഭൂദ്രാജാ സുയജ്ഞ ഇതി വിശ്രുതഃ
സപത്നൈർന്നിഹതോ യുദ്ധേ ജ്ഞാതയസ്തമുപാസത. 28

വിശീർണ്ണരത്നകവചം വിഭ്രഷ്ടാഭരണസ്രജം
ശരനിർഭിന്നഹൃദയം ശയാനമസൃഗാവിലം 29

പ്രകീർണ്ണകേശം ധ്വസ്താക്ഷം രഭസാ ദഷ്ടദച്ഛദം
രജഃകുണ്ഠമുഖാംഭോജം ഛിന്നായുധഭുജം മൃധേ. 30

ഉശീനരേന്ദ്രം വിധിനാ തഥാ കൃതം
പതിം മഹിഷ്യഃ പ്രസമീക്ഷ്യ ദുഃഖിതാഃ
''ഹതാഃ സ്മ നാഥേ''തി കരൈരുരോ ഭൃശം
ഘ്നന്ത്യോ മുഹുസ്തത്പദയോരുപാപതൻ. 31

രുദത്യ ഉച്ചൈർദ്ദയിതാങ്ഘ്രിപങ്കജം
സിഞ്ചന്ത്യ അസ്രൈഃ കുചകുങ്കുമാരുണൈഃ
വിസ്രസ്തകേശാഭരണാഃ ശുചം നൃണാം
സൃജന്ത്യ ആക്രന്ദനയാ വിലേപിരേ. 32

''അഹോ വിധാത്രാകരുണേന നഃ പ്രഭോ,
ഭവാൻ പ്രണീതോ ദൃഗഗോചരാം ദശാം
ഉശീനരാണാമസി വൃത്തിദഃ പുരാ
കൃതോഽധുനാ യേന ശുചാം വിവർദ്ധനഃ. 33

ത്വയാ കൃതജ്ഞേന വയം മഹീപതേ
കഥം വിനാ സ്യാമ സുഹൃത്തമേന തേ
തത്രാനുയാനം തവ വീര പാദയോഃ
ശുശ്രൂഷതീനാം ദിശ യത്ര യാസ്യസി.'' 34

ഏവം വിലപതീനാം വൈ പരിഗൃഹ്യ മൃതം പതിം
അനിച്ഛതീനാം നിർഹാരമർക്കോസ്തം സംന്യവർത്തത. 35

തത്ര ഹ പ്രേതബന്ധൂനാമാശ്രുത്യ പരിദേവിതം
ആഹ താൻ ബാലകോ ഭൂത്വാ യമഃ സ്വയമുപാഗതഃ. 36

യമ ഉവാച

അഹോ അമീഷാം വയസാധികാനാം
വിപശ്യതാം ലോകവിധിം വിമോഹഃ
യത്രാഗതസ്തത്ര ഗതം മനുഷ്യം
സ്വയം സധർമ്മാ അപി ശോചന്ത്യപാർത്ഥം. 37

അഹോ വയം ധന്യതമാ യദത്ര
ത്യക്താഃ പിതൃഭ്യാം ന വിചിന്തയാമഃ
അഭക്ഷ്യമാണാ അബലാ വൃകാദിഭിഃ
സ രക്ഷിതാ രക്ഷതി യോ ഹി ഗർഭേ. 38

യ ഇച്ഛയേശഃ സൃജതീദമവ്യയോ
യ ഏവ രക്ഷത്യവലുമ്പതേ ച യഃ
തസ്യാബലാഃ ക്രീഡനമാഹുരീശിതു-
ശ്ചരാചരം നിഗ്രഹസംഗ്രഹേ പ്രഭുഃ. 39

പഥി ച്യുതം തിഷ്ഠതി ദിഷ്ടരക്ഷിതം
ഗൃഹേ സ്ഥിതം തദ്വിഹതം വിനശ്യതി
ജീവത്യനാഥോഽപി തദീക്ഷിതോ വനേ
ഗൃഹേഽപി ഗുപ്തോഽസ്യ ഹതോ ന ജീവതി. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയതിനായ് ഞാൻ പുരാതനമായിട്ടു-
മീയിതിഹാസമുദാഹരിച്ചീടുവൻ.

കാലനാ പ്രേതബന്ധുക്കളുമായൊരു-
നാളിലുണ്ടായ സംഭാഷണം കേൾക്കുവിൻ. 27

ഉണ്ടായിരുന്നിതുശീനരരാജ്യത്തു
പണ്ടു സുയജ്ഞനെന്നുള്ളൊരു മന്നവൻ

കൊന്നിതവനെയരാതികളാജിയിൽ
വന്നു ചുററും കൂടി ബന്ധുമിത്രാദ്യരും. 28

രത്നകവചം വിശീർണ്ണമായ് മാലയോ-
ടൊത്തു വിഭ്രംശിച്ച ഭൂഷണജാലവും

കൂരമ്പിനാൽ ഭിന്നഹൃത്തായൊഴുകുന്ന-
ചോരപരന്നങ്ഗമാവിലമായ്പ്പരം

കണ്ണുകളും പോയ് മുടികൾ ചിന്നിപ്പാറി
മന്യുവാലോഷ്ഠം കടിച്ചുപിടിച്ചലം

ധൂളിയാലും മുഖാബ്ജത്തോടുമമ്മഹീ-
പാലൻ രണഭുവിൽ വീണുകിടന്നിതേ. 29–30

പ്രാരബ്ധമൂലമീ ദുഃസ്ഥിതി കൈവന്ന
ഭൂരമണാഗ്ര്യനെക്കണ്ടു തത്പത്നികൾ

ദുഃഖിച്ചു ''നാഥാ! ഹതർ ഞങ്ങളെ''ന്നുര-
ച്ചാക്രന്ദനംചെയ്തു നെഞ്ഞിലുക്കോട്ടുടൻ

രണ്ടു കൈകൊണ്ടുമടിച്ചുമവൻെറ കാൽ-
ത്തണ്ടാരിൽ വീണ്ടും പതിച്ചും തപിച്ചിതേ. 31

ക്രന്ദിച്ചിതുച്ചം, തുടൻറു നേത്രങ്ങളിൽ
നിന്നൊഴുകിത്തത്കുചങ്ങളിൽ വീണുടൻ

കുങ്കുമപങ്കംകലൻറു നൽശോണിമ-
തങ്കിന നീരാൽ കഴുകിയും കാലുകൾ

കേശമഴിഞ്ഞുമിഴിഞ്ഞും വിഭൂഷക-
ളീക്ഷിക്കുവോർക്കു മനസ്സലിയുംവിധം

ഓരോന്നു ചൊല്ലിയമ്മേദിനീപാലക-
ഭാര്യമാരുച്ചം പ്രലപിച്ചിതീവിധം. 32

''ഞങ്ങൾക്കുദൈന്യമായുള്ളോരവസ്ഥയാ-
ണങ്ങേയ്ക്കണച്ചതാ നിഷ്ഠുരനാൻ വിധി.

ആരേയുശീനരരാജ്യജനങ്ങൾതൻ
സംരക്ഷണത്തിനജൻ നിയമിച്ചുവോ

ആ മഹാൻമൂലമവരേയശേഷമി-
ന്നാമഗ്നരാക്കിയവനഴലാഴിയിൽ. 33

ഹേ മഹാരാജൻ! സുഹൃത്തും കൃതജ്ഞനു-
മാമങ്ങൊഴിഞ്ഞിവർ ജീവിപ്പതെങ്ങനെ?

വീരാ! ഭവാനെഴുന്നള്ളുന്ന ദിക്കിലും
നേരേ ഭവത്പ്പാദശുശ്രൂഷണത്തിനായ്

ഞങ്ങളുംകൂടിയനുഗമിച്ചീടുവാ-
നങ്ങുന്നലിഞ്ഞനുവാദമേകീടണം.'' 34

ഭർത്തൃശവത്തെയും കെട്ടിപ്പിടിച്ചുകൊ-
ണ്ടിത്തരം, സംസ്കാരകർമ്മം തടഞ്ഞവർ,

വീണു കേഴുന്നതു കാണാൻകഴിയാതെ
താണിതു ഭാനുമാൻ പശ്ചിമാംഭോധിയിൽ. 35

പ്രേതബന്ധുപ്രലാപങ്ങളേവം കേട്ടു
പ്രേതാധിപനൊരു ബാലാകൃതിപൂണ്ടു

മെല്ലവേയങ്ങു തത്സന്നിധിയിൽച്ചെന്നു
ചൊല്ലീടിനാനീവിധം സാരഗീരുകൾ: 36

യമൻ പറഞ്ഞു

നാട്ടുനടപ്പുകൾ കണ്ടുകണ്ടേററവും
മൂത്തുനരച്ചിരിക്കുന്നൊരീക്കൂട്ടർതൻ

അജ്ഞതയ്ക്കില്ലൊരതിർത്തി, ചിത്രം! പരം
ലജ്ജയില്ലല്ലോ വൃഥാ കരഞ്ഞീടുവാൻ!

മർത്ത്യനെവിടെനിന്നിങ്ങു വന്നോ പുന-
രസ്ഥലത്തേക്കു തിരിച്ചുപോകുന്നതിൽ

ദുഃഖിപ്പതിനില്ലൊരർത്ഥ,മെല്ലാവരു-
മിക്കണക്കങ്ങു പോകേണ്ടവരാകയാൽ. 37

ധന്യരത്രേ ഞങ്ങളേററം, പിതൃജനം
മുന്നേ ത്യജിക്കിലും ചിന്തയില്ലേതുമേ.

തീരെയശക്തരായിട്ടുമീ ഞങ്ങളെ-
ഗ്ഘോരമൃഗങ്ങൾ ഭക്ഷിച്ചതുമില്ല കേൾ.

മാതൃഗർഭത്തിൽ കിടന്നപ്പൊഴൊരു കാ-
ത്താ ദിവ്യപൂരുഷൻ രക്ഷിച്ചിടും ദൃഢം. 38

നാശരഹിതനേതീശ്വരൻ, സ്വേച്ഛയാൽ
വിശ്വമിതുതീർത്തു കാത്തഴിക്കുന്നുവോ,

അബ്ഭഗവാൻെറ കളിക്കോപ്പുകൾതന്നെ-
യല്ലേതരമിച്ചരാചരമാകവേ.

നിഗ്രഹാനുഗ്രഹശക്തിയുമുണ്ടവ-
നെക്കാലവും നാരിമാരേ! ധരിക്കുവിൻ. 39

മാർഗ്ഗത്തിൽ വീണതു കാക്കുന്നിതീശ്വരൻ,
ശീഘ്രം ഹരിക്കുന്നു വീട്ടിലിരിപ്പവ.

നാഥനില്ലാതെ വനമേറിയോൻ ജഗ-
ന്നാഥൻെറ രക്ഷയിലങ്ങു ജീവിച്ചിടും.

വീട്ടിൽ സുരക്ഷിതനായവനേയിവൻ
തട്ടിയെടുക്കുന്നു, ജീവിപ്പതില്ലവൻ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതാനി തൈസ്തൈർനിജയോനികർമ്മഭിർ-
ഭവന്തി കാലേ, ന ഭവന്തി സർവ്വശഃ
ന തത്ര ഹാത്മാ പ്രകൃതാവപി സ്ഥിത-
സ്തസ്യാ ഗുണൈരന്യതമോ നിബധ്യതേ. 41

ഇദം ശരീരം പുരുഷസ്യ മോഹജം
യഥാ പൃഥഗ്ഭൗതികമീയതേ ഗൃഹം
യഥൗദകൈഃ പാർത്ഥിവതൈജസൈർജ്ജനഃ
കാലേന ജാതോ വികൃതോ വിനശ്യതി. 42

യഥാനലോ ദാരുഷു ഭിന്ന ഈയതേ
യഥാനിലോ ദേഹഗതഃ പൃഥക് സ്ഥിതഃ
യഥാ നഭഃ സർവ്വഗതം ന സജ്ജതേ
തഥാ പുമാൻ സർവ്വഗുണാശ്രയഃ പരഃ. 43

സുയജ്ഞോ നന്വയം ശേതേ മൂഢാ യമനുശോചഥ
യഃ ശ്രോതാ യോഽനുവക്തേഹ സ ന ദൃശ്യേത കർഹിചിത്. 44

ന ശ്രോതാ നാനുവക്തായം മുഖ്യോഽപ്യത്ര മഹാനസുഃ
യസ്ത്വിഹേന്ദ്രിയവാനാത്മാ സ ചാന്യഃ പ്രാണദേഹയോഃ. 45

ഭൂതേന്ദ്രിയമനോലിങ്ഗാൻ ദേഹാനുച്ചാവചാൻ വിഭുഃ
ഭജത്യുത്സൃജതി ഹ്യന്യസ്തച്ചാപി സ്വേന തേജസാ. 46

യാവല്ലിങ്ഗാന്വിതോ ഹ്യാത്മാ താവത് കർമ്മ നിബന്ധനം
തതോ വിപര്യയഃ ക്ലേശോ മായായോഗോഽനുവർത്തതേ. 47

വിതഥാഭിനിവേശോഽയം യദ് ഗുണേഷ്വർത്ഥദൃഗ്വചഃ
യഥാ മനോരഥഃ സ്വപ്നഃ സർവ്വമൈന്ദ്രിയകം മൃഷാ. 48

അഥ നിത്യമനിത്യം വാ നേഹ ശോചന്തി തദ്വിദഃ
നാന്യഥാ ശക്യതേ കർത്തും സ്വഭാവഃ ശോചതാമിതി. 49

ലുബ്ധകോ വിപിനേ കശ്ചിത് പക്ഷിണാം നിർമ്മിതോഽന്തകഃ
വിതത്യ ജാലം വിദധേ തത്ര തത്ര പ്രലോഭയൻ. 50

കലിങ്ഗമിഥുനം തത്ര വിചരത്സമദൃശ്യത
തയോഃ കലിങ്ഗീ സഹസാ ലുബ്ധകേന പ്രലോഭിതാ. 51

സാസജ്ജത ശിചസ്തന്ത്യാം മഹിഷീ കാലയന്ത്രിതാ
കലിങ്ഗസ്താം തഥാഽഽപന്നാം നിരീക്ഷ്യ ഭൃശദുഃഖിതഃ
സ്നേഹാദകല്പഃ കൃപണഃ കൃപണാം പര്യദേവയത്. 52

''അഹോ അകരുണോ ദേവഃ സ്ത്രിയാഽഽകരുണയാ വിഭുഃ
കൃപണം മാനുശോചന്ത്യാ ദീനയാ കിം കരിഷ്യതി. 53

കാമം നയതു മാം ദേവഃ കിമർദ്ധേനാത്മനോ ഹി മേ
ദീനേന ജീവതാ ദുഃഖമനേന വിധുരായുഷാ. 54

കഥം ത്വജാതപക്ഷാംസ്താൻ മാതൃഹീനാൻ ബിഭർമ്മ്യഹം
മന്ദഭാഗ്യാഃ പ്രതീക്ഷന്തേ നീഡേ മേ മാതരം പ്രജാഃ'' 55

ഏവം കലിങ്ഗം വിലപന്തമാരാത്
പ്രിയാവിയോഗാതുരമശ്രുകണ്ഠം
സ ഏവ തം ശാകുനികഃ ശരേണ
വിവ്യാധ കാലപ്രഹിതോ വിലീനഃ. 56

ഏവം യൂയമപശ്യന്ത്യ ആത്മാപായമബുദ്ധയഃ
നൈനം പ്രാപ്സ്യഥ ശോചന്ത്യഃ പതിം വർഷശതൈരപി. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ഗതങ്ങാം കർമ്മാനുസാരം ചില പോതു
ജാതമാകാ, ചിലനേരം ജനിച്ചിടും
ഊനമെന്യേ സർവ്വദേഹനിവാസിയായ്
കാണുന്ന സർവ്വഗനായിടുമാത്മാവു
മായാഗുണങ്ങളിൽ ബന്ധിച്ചിടാതന്യ-
നായിട്ടുതന്നെ വിളങ്ങുന്നിതെപ്പൊഴും. 41
ദേഹമിതു പാർത്തു കാൺകിൽ പുരുഷനു
മോഹത്തിൽനിന്നുളവായതുതാൻ ദൃഢം.
ഭൗതികമായിടും ഗേഹം പുമാനിൽനി-
ന്നേതുവിധം വേർപിരിഞ്ഞിരിക്കുന്നുവോ,
ആവിധം ഭൗതികമാം ശരീരത്തിനും
ജീവനുമായ് ബന്ധമില്ലെന്നു കണ്ടിടാം.
മണ്ണു, വെള്ളം, തീയിവതന്നണുരാശി-
യൊന്നിച്ചു ചേർന്നു കടം, നര, ബുദ്ബുദം
എന്നീവിധം മുറയ്ക്കോരോന്നുളവായി-
വന്നിട്ടു പിന്നെ നശിച്ചിടുന്നെന്നപോൽ
ജന്തുക്കളും വികാരാധീനരായ് ജനി,-
ച്ചന്ത്യമണയുന്നു കാലക്രമത്തിനാൽ. 42
അഗ്നി കാഷ്ഠങ്ങളിലേതുകണക്കിനു
മഗ്നനായും ഭിന്നനായുമിരുന്നിടും
ദേഹഗതനാം സമീരണനെങ്ങനെ
ദേഹത്തിൽനിന്നന്യനായിരിക്കുന്നുവോ,
എങ്ങും നിറഞ്ഞിടുമാകാശമൊന്നില്വ-
മെങ്ങനെ സങ്ഗമില്ലാതിരിക്കുന്നുവോ,
സർവ്വഗുണാശ്രയനായിടുമാത്മാവു-
മാവിധം ഭിന്നനാണില്ലൊരു സംശയം. 43
മൂഢകളേ! നിങ്ങളാരെക്കുറിച്ചിഹ
കൂട്ടലായി വിലപിച്ചിടുന്നുവോ
ഭാസുരഗാത്രനും യുഷ്മൽപ്രിയനുമാ-
മാ സുയജ്ഞൻ കിടക്കുന്നിതാ മുന്നിലായ്.
എന്നാൽ വധുക്കളേ! നിങ്ങളോതുന്നതു
നന്ദിച്ചു കേൾക്കയുമുത്തരം ചൊൽകയും
ചെയ്യുവോൻ വേറെയൊരുവനാണെപ്പൊഴു-
മായവൻ നിങ്ങൾക്കദൃശ്യനെന്നോർക്കുവിൻ. 44
ആനനനാസികാദ്വാരസഞ്ചാരിയാം
പ്രാണനല്ലായവൻ, പ്രാണേന്ദ്രിയാദിയെ
താനേ പ്രവൃത്തിചെയ്യിച്ചിടുമാത്മാവു-
താനാണവൻ പ്രാണദേഹവിഭിന്നനാം. 45
അന്യനായാരോടുമൊന്നിലും സങ്ഗമ-
മെന്നിയേ മിന്നീടുമപ്പരമാത്മാവു
പഞ്ചഭൂതേന്ദ്രിയമാനസാദ്യങ്ങളാൽ
സഞ്ചിതമായുച്ചനീചഭേദത്തൊടും
തഞ്ചും വപുസ്സുകളങ്ഗീകരിക്കയു-
മഞ്ചാതൊഴിക്കയും ചെയ്വു സ്വശക്തി-
യാൽ. 46
എന്നോളമാത്മാവു ലിങ്ഗദേഹത്തൊടു-
മൊന്നിച്ചിരുന്നിടുമത്രനാളോളവും
കർമ്മസംബന്ധവും ദുഃഖസമൂഹവും
ചെമ്മേ ഭവിക്കുന്നു മായാനുവേശവും. 47
വ്യർത്ഥാഭിമാനമാം നൂനം ഗുണങ്ങളിൽ
സത്യമായുള്ള വാക്കും വിചാരങ്ങളും
മിഥ്യയാണിന്ദ്രിയഗോചരമായുള്ള-
തത്രയും സ്വപ്നമനോരഥസന്നിഭം. 48
എന്നതുമൂലമനിത്യവും നിത്യവു-
മെന്നുള്ള രണ്ടിനം വസ്തുവെപ്പററിയും
തെല്ലും വിഷാദിക്കയില്ലവയെത്തിരി-
ച്ചുള്ളതുപോലറിയുന്നവരാരുമേ.
ദുഃഖിതന്മാരുടെ സംഘം ശ്രമിക്കുകി-
ലൊക്കുമെന്നുണ്ടോ സ്വഭാവത്തെ മാറ്റുവാൻ. 49
മുന്നം പറവകൾക്കന്തകനായ് വനം-
തന്നിലൊരു വേടനുണ്ടായിരുന്നിതു.
എന്നും വലവച്ചു, മോഹിച്ചു പക്ഷികൾ
വന്നു വീണാലവൻ ചെന്നു പിടിച്ചിടും. 50
കണ്ടാൻ കലിങ്ഗമിഥുനത്തെയങ്ങിര-
തെണ്ടിയലയുന്നതായവനേകദാ.
സമ്പ്രദായത്തിൽ വശീകരിച്ചായതിൽ
പെൺപക്ഷിയെ വലയിൽക്കുടുക്കീടിനാൻ. 51
കാലത്തിനാൽ ബദ്ധയായവളാ വല-
ന്യൂലിൽക്കുരുങ്ങിക്കിടന്നു കേഴുന്നതു
കണ്ടു കലിങ്ഗം തുണയ്ക്കുസമർത്ഥനാ-
യിണ്ടലിലാണ്ടു വിവശനായിപ്പരം
ഗാഢമായീടുമാസ്നേഹംനിമിത്തമായ്
കൂട്ടലായിക്കരഞ്ഞു തുടങ്ങിനാൻ. 52
''എന്തിനും സാമർത്ഥ്യമേറീടുമീശ്വരൻ
ഹന്ത! കരുണാവിഹീനനായ്ത്തീർന്നിതോ?
ആപന്നയാകിലും ദുഃഖിതനാകുമെൻ
താപത്തെ വീക്ഷിച്ചധികം തപിച്ചിടും
ഇക്കരുണാർഹയാം പെൺപക്ഷിയെദ്ദൈവ-
മിക്കാലമെന്തിനായ് വഞ്ചിച്ചതിങ്ങനെ? 53
ജായയെക്കൊണ്ടങ്ങു പോയീടിന ദേവ-
നീയെന്നെയും കൊണ്ടുപോകട്ടെയിക്ഷണം.
ഭാര്യാവിയുക്തനായ് ദുഃഖിക്കുമെൻ പാതി-
മെയ്യാൽ പ്രയോജനമെന്താണെനിക്കിനി. 54
മാതാവൊഴിഞ്ഞു ചിറകു മുളയ്ക്കാത്ത
പോതങ്ങളെ ഞാൻ പുലർത്തുവതെങ്ങനെ?
ഭാഗ്യവിഹീനരാമെന്റെയക്കുഞ്ഞുങ്ങൾ
നോക്കിയിരിക്കയാണമ്മയെക്കൂട്ടതിൽ.'' 55
ഏവം പ്രിയാവിയോഗാർത്തനായ്ക്കണ്ണുനീർ-
തൂവിക്കരഞ്ഞിടുമക്കലിങ്ഗത്തിനെ
കാലപ്രചോദിതനായങ്ങൊളിഞ്ഞുനി-
ന്നാ ലാക്കിലമ്പൊന്നയച്ചു കൊന്നാനവൻ. 56
അപ്പക്ഷിയെപ്പോലെ നിങ്ങളും ചിന്തയൊ-
രല്പവുമെന്യേ വിലപിച്ചിടുന്നിതേ.
എത്രയോ കാലമേവം കരഞ്ഞീടിലും
ഭർത്താവിനെക്കിട്ടുമെന്നു നിനയ്ക്കൊലാ. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിരണ്യകശിപുരുവാച

ബാല ഏവം പ്രവദതി സർവ്വേ വിസ്മിതചേതസഃ
ജ്ഞാതയോ മേനിരേ സർവ്വമനിത്യമയഥോത്ഥിതം. 58

യമ ഏതദുപാഖ്യായ തത്രൈവാന്തരധീയത
ജ്ഞാതയോഽപി സുയജ്ഞസ്യ ചക്രുര്യത്സാമ്പരായികം. 59

തതഃ ശോചത മാ യൂയം പരം ചാത്മാനമേവ ച
ക ആത്മാ കഃ പരോ വാത്ര സ്വീയഃ പാരക്യ ഏവ വാ
സ്വപരാഭിനിവേശേന വിനാജ്ഞാനേന ദേഹിനാം. 60

നാരദ ഉവാച

ഇതി ദൈത്യപതേർവാക്യം ദിതിരാകർണ്യ സസ്നുഷാ
പുത്രശോകം ക്ഷണാത്ത്യക്ത്വാ തത്ത്വേ ചിത്തമധാരയത്. 61

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
ദിതിശോകാപനയനം നാമ ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

നാരദ ഉവാച

ഹിരണ്യകശിപു രാജന്നജേയമജരാമരം
ആത്മാനമപ്രതിദ്വന്ദ്വമേകരാജം വ്യധിത്സത. 1

സ തേപേ മന്ദരദ്രോണ്യാം തപഃ പരമദാരുണം
ഊർദ്ധ്വബാഹുർന്നഭോദൃഷ്ടിഃ പാദാങ്ഗുഷ്ഠാശ്രിതാവനിഃ. 2

ജടാദീധിതിഭീ രേജേ സംവർത്താർക്ക ഇവാംശുഭിഃ
തസ്മിംസ്തപസ്തപ്യമാനേ ദേവാഃ സ്ഥാനാനി ഭേജിരേ. 3

തസ്യ മൂർദ്ധ്നഃ സമുദ്ഭൂതഃ സധൂമോഽഗ്നിസ്തപോമയഃ
തിര്യഗൂർദ്ധ്വമധോലോകാനതപദ്വിഷ്വഗീരിതഃ. 4

ചുക്ഷുഭുർന്നദ്യുദന്വന്തഃ സദ്വീപാദ്രിശ്ചചാല ഭൂഃ
നിപേതുഃ സഗ്രഹാസ്താരാ ജജ്വലുശ്ച ദിശോ ദശ. 5

തേന തപ്താ ദിവം ത്യക്ത്വാ ബ്രഹ്മലോകം യയുഃ സുരാഃ
ധാത്രേ വിജ്ഞാപയാമാസു, ''ദേവദേവ ജഗത്പതേ. 6

ദൈത്യേന്ദ്രതപസാ തപ്താ ദിവി സ്ഥാതും ന ശക്നുമഃ
തസ്യ ചോപശമം, ഭൂമൻ, വിധേഹി യദി മന്യസേ.
ലോകാ ന യാവന്നങ്ക്ഷ്യന്തി ബലിഹാരാസ്തവാഭിഭൂഃ 7

തസ്യായം കില സങ്കല്പശ്ചരതോ ദുശ്ചരം തപഃ
ശ്രൂയതാം കിം ന വിദിതസ്തവാഥാപി നിവേദിതഃ. 8

'സൃഷ്ട്വാ ചരാചരമിദം തപോയോഗസമാധിനാ
അധ്യാസ്തേ സർവ്വധിഷ്ണ്യേഭ്യഃ പരമേഷ്ഠീ നിജാസനം. 9

തദഹം വർദ്ധമാനേന തപോയോഗസമാധിനാ
കാലാത്മനോശ്ച നിത്യത്വാത്സാധയിഷ്യേ തഥാഽഽത്മനഃ. 10

അന്യഥേദം വിധാസ്യേഽഹമയഥാപൂർവ്വമോജസാ
കിമന്യൈഃ കാലനിർദ്ധൂതൈഃകല്പാന്തേ വൈഷ്ണവാദിഭിഃ' 11

ഇതി ശുശ്രുമ നിർബ്ബന്ധം തപഃ പരമമാസ്ഥിതഃ
വിധത്സ്വാനന്തരം യുക്തം സ്വയം ത്രിഭുവനേശ്വര! 12

തവാസനം ദ്വിജഗവാം പാരമേഷ്ഠ്യം ജഗത്പതേ!
ഭവായ ശ്രേയസേ ഭൂത്യൈ ക്ഷേമായ വിജയായ ച.'' 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിരണ്യകശിപു പറഞ്ഞു

ബാലസ്വരൂപനാം കാലനേവം ക്ലേശ–
ലേശമില്ലാതെ ചൊന്നൊരിത്തത്ത്വം ശ്രവിക്കയാൽ
അദ്ഭുതപ്പെട്ടു നൃപബന്ധുസഞ്ചയ–
മിപ്രപഞ്ചം മിഥ്യയെന്നുറപ്പിച്ചിതേ. 58
അന്തകൻ തത്ര മറഞ്ഞാനഥ നൃപ–
ബന്ധുക്കൾ ചെയ്തു തൽ സംസ്കാരകർമ്മവും. 59
നിങ്ങളതുമൂലമന്യനെപ്പററിയും
നിങ്ങളെപ്പററിയും ദുഃഖിയാതുത്തമേ.
എന്നുമിതെൻെറയതൊക്കെയുമന്യൻെറ–
യെന്നജ്ഞതയാലഭിമാനമാർന്നിടും
ഇദ്ദേഹികൾക്കജ്ഞതയോടുകൂടാതെ
പാർത്തുകണ്ടീടിലാരാത്മാവു പാരിതിൽ?
ആരാണു ബാന്ധവ,നാരാം പരകീയ–
നോരുകിലാരാണൊരുവൻ സ്വകീയനും? 60

ശ്രീനാരദൻ പറഞ്ഞു

എന്നിത്തരത്തിലദ്ദൈത്യേന്ദ്രവാക്കുകൾ
നന്ദിച്ചുകേട്ടു ദിതിയും സ്നുഷകളും
പുത്രദുഃഖത്തെയുടനേയുപേക്ഷിച്ചു
തത്ത്വത്തിൽ നന്നായ് മനസ്സുറപ്പിച്ചിതു. 61

അദ്ധ്യായം 3

ഹിരണ്യതപസ്സ്

നാരദൻ പറഞ്ഞു

പിന്നെ ഹിരണ്യകശിപു ദൈത്യാധിപൻ
തന്നെജ്ജയിക്കുവാനന്യനില്ലാതെയും
തന്നിൽ ജരാമരണാദിയാം ദോഷങ്ങ–
ളൊന്നുമൊരിക്കലും വന്നണയാതെയും
മുപ്പാരിനെപ്പോഴുമേകാധിരാജനാ–
യപ്രതിദ്വന്ദ്വിയായ് വാഴാൻ കൊതിച്ചിതേ. 1
പിന്നെയവൻ മന്ദരാദ്രിതൻ സാനുവിൽ–
ച്ചെന്നു മന്നിൽപ്പദാംഗുഷ്ഠം തൊടുവിച്ചു
വിണ്ണിൽ നോക്കിക്കൈകൾ പൊക്കിനിന്നങ്ങനെ–
യുന്നതമാകും തപസ്സാചരിച്ചിതു.
തജ്ജടാകാന്തിയാൽ കല്പാന്തഭാനുമ–
ട്ടുജ്ജ്വലിച്ചീടിനാനങ്ങവനേററവും.
ഇത്തരമുഗ്രതപസ്സവനാളവേ
സ്വസ്ഥാനമാർന്നാരമർത്ത്യരശേഷവും. 2–3
ശ്വാസനിരോധബലത്താൽ ശരീരസ്ഥ–
വൈശ്വാനരനെ സ്വമൂർദ്ധാവിലൂടവേ
ബാഹ്യലോകത്തു വിട്ടപ്പോളവൻ ധൂമ–
വാഹിയായ്ക്കീഴുമേലും വിലങ്ങത്തിലും
നാലുഭാഗത്തുമായ് വ്യാപിച്ചുടൻതന്നെ
മൂലോകവും ദഹിപ്പിച്ചുതുടങ്ങിനാൻ. 4

ക്ഷോഭിച്ചിതാറുകളും സമുദ്രങ്ങളും
ദ്വീപശൈലങ്ങളോടൊത്തിളകീയിള.
ശുക്രാദിനക്ഷത്രജാലം പതിച്ചിതു
ദിക്കു പത്തും ജ്വലിച്ചു തപോവഹ്നിയാൽ. 5
ഉൽക്കടമാകുമച്ചൂടാൽ സുരോത്കരം
സ്വർഗ്ഗം വെടിഞ്ഞജലോകമണഞ്ഞുടൻ
ധാതാവിനോടറിയിച്ചാ''നയി പ്രഭോ!
ദൈതേയനാഥതപോവഹ്നിമൂലമായ്
ദേവലോകത്തു ഞങ്ങൾക്കു വസിക്കുവാ–
നാവാതെവന്നിരിക്കുന്നു ദയാനിധേ!
അങ്ങിതിൻ ശാന്തിയെന്തെങ്കിലുമോർക്കി–
ലങ്ങേപ്പരിചാരകർ ലോകരാകവേ
ഇങ്ങിദാനീം വെന്തു ഭസ്മമാം,മുന്നമേ
മങ്ങാതെ വേണ്ടതുടൻ പ്രവർത്തിക്കണം. 6–7
ഘോരമാകും തപസ്സാചരിച്ചീടുമീ–
വീരൻെറ വാഞ്ഛ ഭവാനറിയാവതാം.
എങ്കിലും ഞങ്ങളറിയിച്ചിടുന്നിതു
വൻകൃപാപൂർവ്വമങ്ങുന്നു കൈക്കൊള്ളണം. 8
'ബ്രഹ്മാവു പാരം തപോയോഗനിഷ്ഠയാൽ
ചെമ്മേ ചരാചരലോകം സമസ്തവും
നിർമ്മിച്ചശേഷമവയിലെല്ലാററിലും
സമ്മാന്യമാം സ്ഥാനമാർന്നു ലസിപ്പിതേ. 9
ഞാനുമതേവിധമേതുകാലംവരെ
വേണമെന്നാലും കഠിനവ്രതത്തോടും
ഘോരമാകും തപസ്സാചരിച്ചപ്പദം
നേരേയടക്കുവനില്ലൊരു സംശയം.
കാല,മാത്മാവിവ നിത്യങ്ങളെന്നതു–
മൂലമസാദ്ധ്യമിതെന്നില്ല ഭീതി മേ. 10
ലോകത്തിലിന്നു നടപ്പുള്ള രീതിക–
ളാകെ ഞാൻ മാററിപ്പരിഷ്കരിച്ചീടുവൻ.
സ്വർഗ്ഗവും വേണ്ടാ, സുരേശനും, ചുററിനും
മറ്റുള്ളിമാരു,മധർമ്മവും ധർമ്മവും
ഒക്കെ നേരേമറിച്ചാക്കിപ്പുതിയൊരു
സ്വർഗ്ഗം ചമയ്ക്കുവൻ ഞാൻ മമശക്തിയാൽ.
കല്പാന്തകാലത്തു കാലംനിമിത്തമായ്
ക്ഷിപ്രം നശിപ്പതായ് വൈഷ്ണവമായ്പരം
ഹീനമായീടുമാ സ്ഥാനങ്ങളൊന്നുമേ
ഞാനാഗ്രഹിക്കാ, ഫലമെന്തവററിനാൽ!' 11
ഈവിധം നിർബ്ബന്ധവും വച്ചുകൊണ്ടവ–
നീ വൻതപസ്സാചരിപ്പതായ് കേൾപ്പൂതേ.
മുപ്പാരിനീശനാമങ്ങുടൻ വേണ്ടതു
കല്പിച്ചു ചെയ്യാൻ മടിക്കരുതേതുമേ. 12
നാന്മുഖാ! നിൻ പരമോത്കൃഷ്ടമാംപദം
ബ്രാഹ്മണഗോരാശിതന്നുദയത്തിനും
സൗഖ്യമൈശ്വര്യം ജയം ക്ഷേമമെന്നിതു–
കാകുകം നിദാനമായിബ്ഭവിക്കുന്നിതു.'' 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി വിജ്ഞാപിതോ ദേവൈർഭഗവാനാത്മഭൂർനൃപ!
പരീതോ ഭൃഗുദക്ഷാദ്യൈര്യയൗ ദൈത്യേശ്വരാശ്രമം. 14
ന ദദർശ പ്രതിച്ഛന്നം വല്മീകതൃണകീചകൈഃ
പിപീലികാഭിരാചീർണ്ണമേദസ്ത്വങ്മാംസശോണിതം. 15
തപന്തം തപസാ ലോകാൻ യഥാഭ്രാപിഹിതം രവിം
വിലക്ഷ്യ വിസ്മിതഃ പ്രാഹ പ്രഹസൻ ഹംസവാഹനഃ. 16

ബ്രഹ്മോവാച

ഉത്തിഷ്ഠോത്തിഷ്ഠ, ഭദ്രം തേ, തപഃസിദ്ധോഽസി കാശ്യപ!
വരദോഽഹമനുപ്രാപ്തോ വ്രിയതാമീപ്സിതോ വരഃ. 17
അദ്രാക്ഷമഹമേതത്തേ ഹൃത്സാരം മഹദദ്ഭുതം
ദംശഭക്ഷിതദേഹസ്യ പ്രാണാ ഹ്യസ്ഥിഷു ശേരതേ. 18
നൈതത്പൂർവ്വർഷയശ്ചക്രുർന്ന കരിഷ്യന്തി ചാപരേ
നിരംബുർധാരയേത് പ്രാണാൻ കോ വൈ ദിവ്യസമാഃ ശതം. 19

വ്യവസായേന തേഽനേന ദുഷ്കരേണ മനസ്വിനാം
തപോനിഷ്ഠേന ഭവതാ ജിതോഽഹം ദിതിനന്ദന! 20
തതസ്ത ആശിഷഃ സർവ്വാ ദദാമ്യസുരപുങ്ഗവ!
മർത്ത്യസ്യ തേ അമർത്ത്യസ്യ ദർശനം നാഫലം മമ. 21

നാരദ ഉവാച

ഇത്യുക്ത്വാഽഽദിഭവോ ദേവോ ഭക്ഷിതാങ്ഗം പിപീലികൈഃ
കമണ്ഡലുജലേനൗക്ഷദ്ദിവ്യേനാമോഘരാധസാ. 22
സ തത്കീചകവല്മീകാത് സഹ ഓജോബലാന്വിതഃ
സർവ്വാവയവസമ്പന്നോ വജ്രസംഹനനോ യുവാ
ഉത്ഥിതസ്തപ്തഹേമാഭോ വിഭാവസുരിവൈധസഃ. 23
സ നിരീക്ഷ്യാംബരേ ദേവം ഹംസവാഹമവസ്ഥിതം
നനാമ ശിരസാ ഭൂമൗ തദ്ദർശനമഹോത്സവഃ. 24
ഉത്ഥായ പ്രാഞ്ജലിഃ പ്രഹ്വ ഈക്ഷമാണോ ദൃശാ വിഭും
ഹർഷാശ്രുപുളകോദ്ഭേദോ ഗിരാ ഗദ്ഗദയാഽഗൃണാത്. 25
കല്പാന്തേ കാലസൃഷ്ടേന യോഽന്ധേന തമസാഽഽവൃതം
അഭിവ്യനഗ്ജഗദിദം സ്വയംജ്യോതിഃ സ്വരോചിഷാ. 26
ആത്മനാ ത്രിവൃതാ ചേദം സൃജത്യവതി ലുമ്പതി
രജഃസത്ത്വതമോധാമ്നേ പരായ മഹതേ നമഃ. 27
നമ ആദ്യായ ബീജായ ജ്ഞാനവിജ്ഞാനമൂർത്തയേ
പ്രാണേന്ദ്രിയമനോബുദ്ധിവികാരൈർവ്യക്തിമീയുഷേ. 28

ത്വമീശിഷേ ജഗതസ്തസ്ഥുഷശ്ച
പ്രാണേന മുഖ്യേന പതിഃ പ്രജാനാം
ചിത്തസ്യ ചിത്തേർമ്മന ഇന്ദ്രിയാണാം
പതിർമ്മഹാൻ ഭൂതഗുണാശയേശഃ. 29
ത്വം സപ്തതന്തൂൻ വിതനോഷി തന്വാ
ത്രയ്യാ ചാതുർഹോത്രകവിദ്യയാ ച
ത്വമേക ആത്മാഽഽത്മവതാമനാദി-
രനന്തപാരഃ കവിരന്തരാത്മാ. 30
ത്വമേവ കാലോഽനിമിഷോ ജനാനാ-
മായുർല്ലവാദ്യാവയവൈഃ ക്ഷിണോഷി
കൂടസ്ഥ ആത്മാ പരമേഷ്ഠ്യജോ മഹാം-
സ്ത്വം ജീവലോകസ്യ ച ജീവ ആത്മാ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം സുരന്മാരറിയിക്കവേ ബ്രഹ്മ-
ദേവൻ ദ്രുതം ഭൃഗുദക്ഷാദിയുക്തനായ്

നേരേ ഹിരണ്യകശിപു തപംചെയ്യു-
മാരണ്യദൈത്യേശ്വരാശ്രമമെത്തിനാൻ. 14

പുററു, തൃണം, മുളയെന്നിവമൂടിയും
ചുററുമമ്മെയ്യിലെ മേദസ്സു, മാംസവും

രക്തവും ത്വക്കുമെറുമ്പരിച്ചും തപ-
ശ്ശക്തിയാൽ പാരുത്തപിപ്പിച്ചുമങ്ങെഴും

ദൈത്യേന്ദ്രനെയവർ കണ്ടില്ല, സൂക്ഷിച്ചു-
പാത്തഥ, മേഘാവൃതാക്കനെയെന്നപോൽ

കണ്ടുപിടിച്ചാനൊരുവിധമദ്ഭുതം-
പൂണ്ടുകൊണ്ടേവം ചിരിച്ചോതിനാനജൻ.
15–16

ബ്രഹ്മാവു പറഞ്ഞു

കാശ്യപാ! ഭദ്രം ഭവാനെഴുനേല്ക്കുക,
നീ സിദ്ധനായീ തപഃപ്രഭാവത്തിനാൽ.

നിന്നരികത്തു വരപ്രദനായ ഞാൻ
വന്നിരിക്കുന്നു വരിച്ചുകൊള്ളു വരം. 17

അത്യന്തമദ്ഭുതദായകമാണു നിൻ
ചിത്തബലം, സ്പഷ്ടമായതു കണ്ടു ഞാൻ

മാംസരക്തങ്ങളെറുമ്പരിച്ചീടിലും
നീ ശയിക്കുന്നിതിങ്ങസ്ഥിമാത്രാംഗനായ്. 18

പണ്ടിക്കണക്കൃഷിമാരും കൊടുംതപ-
സ്സാണ്ടിരുന്നി,ല്ലാരുമന്നിടാ മേലിലും.

ആക്കു കഴിയും ശതദിവ്യവത്സര-
മിക്കണക്കേ ജലപാനവുമെന്നിയേ

പ്രാണങ്ങളെ നിലനിത്തിത്തപിക്കുവാൻ
ദാനവാധീശമകുടമാണിക്യമേ! 19

ധീരാഗ്ര്യരാലും സുദുഷ്കരമാകുമീ
വീരവ്യവസായമൊന്നിനാലിന്നു നീ

എന്നെജ്ജയിച്ചിരിക്കുന്നു ദൈത്യേശ്വരാ!
നിന്നഭിലാഷമോതീടുക സത്വരം. 20

ഏററവും പ്രീതനാം ഞാൻ നിന്നഭീഷ്ടങ്ങൾ
തെററെന്നു സാധിതപ്രായമാക്കീടുവൻ.

മത്ത്യനമത്ത്യസന്ദശനമെങ്ങുമേ
വ്യത്ഥമായിബ്ഭവിക്കുന്നില്ലൊരിക്കലും. 21

നാരദൻ പറഞ്ഞു

ഏവമബ്ധാതാവരുളിയമോഘവും
ദിവ്യവുമാകും കമണ്ഡലുവാരിയാൽ

പ്രോക്ഷണംചെയ്യാനെറുമ്പരിച്ചീടുമാ-
രാക്ഷസരാജന്റെ ജീണ്ണാംഗമാകവേ. 22

തെററെന്നതിനാലെ കീചകച്ചോട്ടിലെ-
പ്പുററിൽനിന്നോജസ്സൊടും ദനുജാധിപൻ

പൂണ്ണസർവ്വാംഗനായ് വജ്രസമം ബല-
മാന്ന ദേഹത്തൊടു താരുണ്യവാനുമായ്

തപ്തസുവണ്ണപ്രഭനായരണിയീ-
ന്നുദ്ഭുതനാമഗ്നിപോൽ വെളിവായിതേ. 23

ആകാശദേശത്തു ഹംസഗളസ്ഥനായ്
ലോകേശനെയാ ഹിരണ്യകശിപുവും

കണ്ടു നിരുപമാഹ്ലാദത്തൊടും കുളിർ-
പൂണ്ടു സാഷ്ടാംഗം നമസ്കരിച്ചീടിനാൻ. 24

പിന്നെയെഴുനേററു കൈകൾ ശിരസ്സിൽവ-
ച്ചൊന്നു തൊഴുതു വിഭുവിനെ വീക്ഷിച്ചു

കണ്ണിൽ നിറഞ്ഞിതാനന്ദബാഷ്പം കുളി-
രാന്നു തടഞ്ഞുതടഞ്ഞുവന്നു മൊഴി. 25

''കല്പാന്തകാലത്തു കാലകൃതമാമ-
നല്പതമസ്സിനാലാവൃതമായിടും

പാരിനെ സ്വപ്രകാശാത്മകനായിട്ടു-
മാരൊരുവൻ പ്രകാശിപ്പിച്ചിടുന്നുവോ, 26

ആരാണു പിന്നെ ത്രിഗുണസ്വരൂപനായ്
പാരിടം തീത്തങ്ങു കാത്തഴിക്കുന്നതും,

സത്ത്വരജസ്തമോധാമമായ് സർവ്വത്ര-
മെത്തുമാബ്രഹ്മൻ! നമസ്കരിക്കുന്നു ഞാൻ. 27

ആദ്യനും ബീജവുമായ് ജ്ഞാനവിജ്ഞാന-
മൂത്തിയായ് പ്രാണേന്ദ്രിയമനോബുദ്ധികൾ

പഞ്ചേന്ദ്രിയമെന്നിതുകളാൽ സ്പഷ്ടത-
തഞ്ചി വിളങ്ങും ഭവാനു നമസ്കൃതി. 28

ഇക്കണ്ടിടുന്ന ചരാചരങ്ങൾക്കൊക്കെ
മുഖ്യനാം പ്രാണനങ്ങത്രേ പ്രജാപതേ!

അങ്ങാണു നായകൻ ചേതസ്സിനുമിന്ദ്രി-
യങ്ങൾക്കു ചേതനയ്ക്കും പ്രജകൾക്കുമേ.

ഭൂതഗുണാശയപ്രേരകനും പരി-
പൂതനും പൂണ്ണനും നിന്തിരുമേനിതാൻ. 29

ചാതുർഹോത്രപ്രതിപാദകമായിടും
വേദമാം രൂപമാന്നങ്ങേഴു യജ്ഞങ്ങൾ

വിസ്തരിക്കുന്നിതവിച്ഛിന്നനും ദേഹ-
ഭൃത്തുക്കൾതൻ പ്രാണനും ബോധരൂപനും

അന്തരാത്മാവുമനാദിയുമേകനാം
നിന്തിരുമേനിതാനില്ലൊരു സംശയം. 30

കണ്ണടയ്ക്കാതെയിരിക്കുന്ന കാലവും
നിണ്ണയമന്യനല്ലങ്ങുന്നുതാൻ വിഭോ!

കാലാംശമാം ലവാദ്യങ്ങളാലീ ജന-
പാളിതന്നായുസ്സൊടുക്കുന്നിതു ഭവാൻ.

ജീവരാശിക്കെഴും ജീവാത്മകാത്മാവു-
മാവിധംതാനജനും പരമേഷ്ഠിയും—

ആനന്ദപൂണ്ണനും കൂടസ്ഥനും തിരു-
മേനിയാണെങ്ങും നിറഞ്ഞിരിക്കുന്നതും. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത്തഃ പരം നാപരമപ്യനേജദേജച്ച കിഞ്ചിദ്വ്യതിരിക്തമസ്തി
വിദ്യാഃ കലാസ്തേ തനവശ്ച സർവ്വാ ഹിരണ്യഗർഭോഽസി
ബൃഹത്ത്രിപൃഷ്ഠഃ. 32

വ്യക്തം വിഭോ സ്ഥൂലമിദം ശരീരം
യേനേന്ദ്രിയപ്രാണമനോഗുണാംസ്ത്വം
ഭുങ്ക്ഷേ സ്ഥിതോ ധാമനി പാരമേഷ്ഠ്യ
അവ്യക്ത ആത്മാ പുരുഷഃ പുരാണഃ. 33

അനന്താവ്യക്തരൂപേണ യേനേദമഖിലം തതം
ചിദചിച്ഛക്തിയുക്തായ തസ്മൈ ഭഗവതേ നമഃ. 34
യദി ദാസ്യസ്യഭിമതാൻ വരാന്മേ വരദോത്തമ!
ഭൂതേഭ്യസ്ത്വദ്വിസൃഷ്ടേഭ്യോ മൃത്യുർമ്മാഭൂന്മമ പ്രഭോ! 35
നാന്തർബ്ബഹിർദിവാ നക്തമന്യസ്മാദപി ചായുധൈഃ
ന ഭൂമൗ നാംബരേ മൃത്യുർന്ന നരൈർന്ന മൃഗൈരപി. 36
വ്യസുഭിർവ്വാസുമദ്ഭിർവ്വാ സുരാസുരമഹോരഗൈഃ
അപ്രതിദ്വന്ദ്വതാം യുദ്ധേ ഐകപത്യം ച ദേഹിനാം. 37
സർവ്വേഷാം ലോകപാലാനാം മഹിമാനം യഥാഽഽത്മനഃ
തപോയോഗപ്രഭാവാണാം യന്ന രിഷ്യതി കർഹിചിത്. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
ഹിരണ്യകശിപോർവ്വരയാചനം നാമ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

നാരദ ഉവാച

ഏവം വൃതഃ ശതധൃതിർഹിരണ്യകശിപോരഥ
പ്രാദാത്തത്തപസാ പ്രീതോ വരാംസ്തസ്യ സുദുർല്ലഭാൻ. 1

ബ്രഹ്മോവാച

''താതേമേ ദുർല്ലഭാഃ പുംസാം യാൻ വൃണീഷേ വരാൻ മമ
തഥാപി വിതരാമ്യങ്ഗ വരാൻ യദപി ദുർല്ലഭാൻ.'' 2
തതോ ജഗാമ ഭഗവാനമോഘാനുഗ്രഹോ വിഭുഃ
പൂജിതോഽസുരവര്യേണ സ്തൂയമാനഃ പ്രജേശ്വരൈഃ. 3
ഏവം ലബ്ധവരോ ദൈത്യോ ബിഭ്രദ്ധേമമയം വപുഃ
ഭഗവത്യകരോദ്ദ്വേഷം ഭ്രാതുർവ്വധമനുസ്മരൻ. 4
സ വിജിത്യ ദിശഃ സർവ്വം ലോകാംശ്ച ത്രീൻ മഹാസുരഃ
ദേവാസുരമനുഷ്യേന്ദ്രാൻ ഗന്ധർവ്വഗരുഡോരഗാൻ. 5
സിദ്ധചാരണവിദ്യാധ്രാനൃഷീൻ പിതൃപതീൻ മനൂൻ
യക്ഷരക്ഷഃപിശാചേശാൻ പ്രേതഭൂതപതീനഥ. 6
സർവ്വസത്ത്വപതീഞ്ജിത്വാ വശമാനീയ വിശ്വജിത്
ജഹാര ലോകപാലാനാം സ്ഥാനാനി സഹ തേജസാ. 7
ദേവോദ്യാനശ്രിയാ ജുഷ്ടമധ്യാസ്തേ സ്മ ത്രിവിഷ്ടപം
മഹേന്ദ്രഭവനം സാക്ഷാന്നിർമ്മിതം വിശ്വകർമ്മണാ
ത്രൈലോക്യലക്ഷ്മ്യായതനമധ്യുവാസാഖിലർദ്ധിമത്. 8
യത്ര വിദ്രുമസോപാനാ മഹാമാരകതാ ഭുവഃ
യത്ര സ്ഫാടികകുഡ്യാനി വൈഡൂര്യസ്തംഭപങ്ക്തയഃ 9
യത്ര ചിത്രവിതാനാനി പദ്മരാഗാസനാനി ച
പയഃഫേനനിഭാഃ ശയ്യാ മുക്താദാമപരിച്ഛദാഃ 10
കൂജദ്ഭിർന്നൂപുരൈർദ്ദേവ്യഃ ശബ്ദയന്ത്യ ഇതസ്തതഃ
രത്നസ്ഥലീഷു പശ്യന്തി സുദതീഃ സുന്ദരം മുഖം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരണമായതും കാര്യമായുള്ളതും
പാരിൽ ചലിക്കുന്നതും ചലിക്കാത്തതും
നിന്തിരുമേനിയിൽനിന്നു വിഭിന്നമായ്
ചിന്തിച്ചുനോക്കിയാലൊന്നുമില്ലെങ്ങുമേ.
ശാസ്ത്രങ്ങളും തഥാ വേദങ്ങളും തവ
മൂർത്തികളത്രേ ഹിരണ്യഗർഭൻ ഭവാൻ.
ബ്രഹ്മാണ്ഡമുള്ളിലാക്കിഗ്ഗുണാതീതനായ്
ബ്രഹ്മമായ്ത്തന്നെ വിളങ്ങുന്നിതെപ്പൊഴും. 32
ഹേ വിഭോ! പാരമേഷ്ഠ്യൽകൃഷ്ടധാമത്തി-
ലാവസിച്ചീടുമങ്ങുന്ന യാതൊന്നിനാൽ
ഇന്ദ്രിയപ്രാണമനോഗ്ഗുണൗഘങ്ങളെ-
സ്സന്തതം നേരേയനുഭവിക്കുന്നവോ
ആ സ്ഥൂലദേഹമാം വ്യക്തം പുരാണനു-
മാത്മാവുമാമങ്ങുതന്നെയവ്യക്തനും. 33
ചിത്തുമചിത്തുമായീടുന്ന ശക്തിക-
ളൊത്തിട്ടനന്തവുമവ്യക്തവുമായ
മൂർത്തിയോടും വിളങ്ങീടുമനശ്വര-
കീർത്തേ! ഭഗവൻ! നമസ്കരിക്കുന്നു ഞാൻ. 34
ഭക്താഭിലാഷമരുളും മഹാത്മാരിൽ-
മുഖ്യനാമങ്ങു വരമെനിക്കേകുകിൽ
നിന്തിരുമേനിതൻ സൃഷ്ടിവർഗ്ഗത്തിൽനി-
ന്നന്തമെനിക്കു ഭവിക്കാതിരിക്കണം. 35
വീട്ടിനകത്തും പുറത്തും, നഭസ്സിലും
പൃഥ്വീതലത്തിലും വച്ചു,മഹസ്സിലും
രാവിലു,മായുധംകൊണ്ടും നരമൃഗ-
ജീവിജാലത്താലു,മന്യരാൽ സൃഷ്ടമാം
ജന്തുവൃന്ദത്താലുമുണ്ടാകരുതെനി-
ക്കന്തമതിനു വരംതരേണം ഭവാൻ. 36
പ്രാണനില്ലാത്തവയാലുമസുരവെഴും
ദാനവദേവസർപ്പാദിയാലും മമ
മൃത്യു ഭവിക്കരുതപ്രതിദ്വന്ദ്വിയായ്
നിത്യമേകാധിപതിയായി വാഴണം. 37
നാലാസ്യനാം ഭവാനോടൊപ്പമായ് ജഗൽ-
പാലമാഹാത്മ്യവും, ശാശ്വതമായിടും
യോഗതപഃപ്രഭാവാദിസംസിദ്ധിയു-
മാകവേ സന്തോഷമോടെനിക്കേകുക.'' 38

അദ്ധ്യായം 4

പ്രഹ്ലാദചരിതം

നാരദൻ പറഞ്ഞു

ഇത്ഥം ഹിരണ്യകശിപുവോതീടവേ
തത്തപസ്സാൽ പ്രീതനായ പിതാമഹൻ
ഏകിനാനങ്ങവന്നക്ഷണം ദുർല്ലഭ-
മാകും സമസ്തവരങ്ങളുമിച്ഛപോൽ. 1

ബ്രഹ്മാവു പറഞ്ഞു

''എന്നോടു നീയിരന്നീടും വരങ്ങളി-
ലൊന്നും പുമാന്മാർക്കു കിട്ടാവതല്ല കേൾ.
എന്നാലുമെൻ വത്സ! വാത്സല്യവായ്പിനാൽ
തന്നിരിക്കുന്നു ഞാൻ സർവ്വവരങ്ങളും.'' 2
ഇഷ്ടവരപ്രദനായ് വിഭുവാകമാ-
സ്രഷ്ടാവ തനെയസുരേന്ദ്രനർച്ചിച്ചിതു.
പിന്നെ പ്രജാപതിവൃന്ദസ്തുതിയോടും
തന്നുടെധാമമണഞ്ഞാൻ ചതുർമ്മുഖൻ. 3
സ്വർണ്ണമയമായ കായമിയന്നലം-
മിന്നുമവനീ വരങ്ങൾ കിട്ടീടവേ
തന്നനുജൻതൻ വധം സ്മരിച്ചിട്ടുടൻ-
തന്നെ ഹരിയിൽ വിദ്വേഷമുറച്ചിതു. 4
ദിഗ്വിജയത്തിനിറങ്ങിയവൻ സർവ്വ-
ദിക്കും ത്രിലോകവും വെന്നാനനന്തരം.
ഇന്ദ്ര,നസുരാധിപന്മാർ, നരേശ്വരർ
ഗന്ധർവ്വനാഥർ, ഗരുത്മാ,നനന്തനും
ചാരണസിദ്ധവിദ്യാധരാധീശ്വര-
ന്മാരുമൃഷികൾ പിശാചർ മനുക്കളും
യക്ഷപിതൃപ്രേതഭൂതഗണേശരും
രക്ഷസ്സുകളുടെ സംഘപ്രധാനരും
എന്നിങ്ങനെ സർവ്വവർഗ്ഗാധിപരെയും
ചെന്നു ബലാൽ വെന്നു കീഴടക്കീട്ടുടൻ
ലോകപാലോജ്ജ്വലതേജസ്സൊടും സ്ഥാന-
മാകെയടക്കിബ്ഭുവനജിത്തായിതേ. 5-7
നന്ദനോദ്യാനസമേതം മഹസ്സിനാൽ
മിന്നിടും സ്വർഗ്ഗം നിവാസമായ്ക്കല്പിച്ചു
വിശ്വകർമ്മാവാൽക്കൃതമായ് ജഗത്ത്രയ-
ലക്ഷ്മീനികേതമായ് സർവ്വസമൃദ്ധമായ്
മുപ്പാരിലും ശ്രേഷ്ഠമായ് വിളങ്ങീടുമ-
സ്വർപ്പതിമന്ദിരംതന്നിൽ വാണീടിനാൻ. 8
കോണിപ്പടികൾ പവിഴംപടുത്തതാ-
ണാനിലമെങ്ങും മരതകരാജിതം.
ഭിത്തികളെല്ലാം സ്ഫടികമയം, സ്തംഭ-
മത്രയും വൈഡൂര്യരത്നകൃതങ്ങൾതാൻ.
ആസനൗഘം പദ്മരാഗവിനിർമ്മിതം
ഭാസുരമത്രേ വിതാനങ്ങളുംപരം.
മെത്തകൾ പാൽനുരയ്ക്കൊപ്പം ധവളങ്ങൾ,
പാത്രങ്ങൾ മുത്തുമാലാലംകൃതങ്ങളും.
അച്ചാരുധാമത്തിലങ്ങിങ്ങു ദേവിമാർ
കാൽച്ചിലമ്പും കിലുക്കിസ്സഞ്ചരിക്കവേ
മിന്നുമാരത്നത്തളത്തിൽച്ചിലെടത്തു
നിന്നു നോക്കുന്നു തൽ സുന്ദരാസ്യാംബുജം.
9-11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മിന്മഹേന്ദ്രഭവനേ മഹാബലോ
മഹാമനാ നിർജ്ജിതലോക ഏകരാട്
രേമേഽഭിവന്ദ്യാങ്ഘ്രിയുഗഃ സുരാദിഭിഃ
പ്രതാപിതൈരൂർജ്ജിതചണ്ഡശാസനഃ. 12

തമങ്ഗ മത്തം മധുനോരുഗന്ധിനാ
വിവൃത്തതാമ്രാക്ഷമശേഷധിഷ്ണ്യപാഃ
ഉപാസതോപായനപാണിഭിർവിനാ
ത്രിഭിസ്തപോയോഗബലൗജസാം പദം. 13

ജഗുർമ്മഹേന്ദ്രാസനമോജസാ സ്ഥിതം
വിശ്വാവസുസ്തുംബുരുരസ്മദാദയഃ
ഗന്ധർവ്വസിദ്ധാ ഋഷയോഽസ്തുവന്മുഹുർ-
വ്വിദ്യാധരാ അപ്സരസശ്ച പാണ്ഡവ! 14

സ ഏവ വർണ്ണാശ്രമിഭിഃ ക്രതുഭിർഭൂരിദക്ഷിണൈഃ
ഇജ്യമാനോ ഹവിർഭാഗാനഗ്രഹീത് സ്വേന തേജസാ. 15

അകൃഷ്ടപച്യാ തസ്യാസീത് സപ്തദ്വീപവതീ മഹീ
തഥാ കാമദുഘാ ദ്യൗസ്തു നാനാശ്ചര്യപദം നഭഃ. 16

രത്നാകരാശ്ച രത്നൗഘാംസ്തത്പത്ന്യശ്ചോഹുരൂർമ്മിഭിഃ
ക്ഷാരസീധുഘൃതക്ഷൗദ്രദധിക്ഷീരാമൃതോദകാഃ. 17

ശൈലാ ദ്രോണീഭിരാക്രീഡം സർവ്വർത്തുഷു ഗുണാൻ ദ്രുമാഃ
ദധാര ലോകപാലാനാമേക ഏവ പൃഥഗ്ഗുണാൻ. 18

സ ഇത്ഥം നിർജ്ജിതകകുബേകരാഡ്വിഷയാൻ പ്രിയാൻ
യഥോപജോഷം ഭുഞ്ജാനോ നാതൃപ്യദജിതേന്ദ്രിയഃ. 19

ഏവമൈശ്വര്യമത്തസ്യ ദൃപ്തസ്യോച്ഛാസ്ത്രവർത്തിനഃ
കാലോ മഹാൻ വ്യതീയായ ബ്രഹ്മശാപമുപേയുഷഃ. 20

തസ്യോഗ്രദണ്ഡസംവിഗ്നാഃ സർവ്വേ ലോകാഃ സപാലകാഃ
അന്യത്രാലബ്ധശരണാഃ ശരണം യയുരച്യുതം. 21

തസ്യൈ നമോഽസ്തു കാഷ്ഠായൈ യത്രാത്മാ ഹരിരീശ്വരഃ
യദ്ഗത്വാ ന നിവർത്തന്തേ ശാന്താഃ സന്ന്യാസിനോഽമലാഃ. 22

ഇതി തേ സംയതാത്മാനഃ സമാഹിതധിയോഽമലാഃ
ഉപതസ്ഥുർഹൃഷീകേശം വിനിദ്രാ വായുഭോജനാഃ. 23

''ഓം നമോ ഭഗവതേ തുഭ്യം പുരുഷായ മഹാത്മനേ
വിശുദ്ധാനുഭവാനന്ദസന്ദോഹായ യതോഽഭയം.'' 24

തേഷാമാവിരഭൂദ്വാണീ അരൂപാ മേഘനിസ്വനാ
സന്നാദയന്തീ കകുഭഃ സാധൂനാമഭയങ്കരീ. 25

''മാ ഭൈഷ്ട വിബുധശ്രേഷ്ഠാഃ സർവ്വേഷാം ഭദ്രമസ്തു വഃ
മദ്ദർശനം ഹി ഭൂതാനാം സർവ്വശ്രേയോപപത്തയേ. 26

ജ്ഞാതമേതസ്യ ദൗരാത്മ്യം ദൈതേയാപസദസ്യ ച
തസ്യ ശാന്തിം കരിഷ്യാമി കാലം താവത് പ്രതീക്ഷത. 27

യദാ ദേവേഷു വേദേഷു ഗോഷു വിപ്രേഷു സാധുഷു
ധർമ്മേ മയി ച വിദ്വേഷഃ സ വാ ആശു വിനശ്യതി. 28

നിർവ്വൈരായ പ്രശാന്തായ സ്വസുതായ മഹാത്മനേ
പ്രഹ്ലാദായ യദാ ദ്രുഹ്യേദ്ധനിഷ്യേഽപി വരോർജ്ജിതം.'' 29

നാരദ ഉവാച

ഇത്യുക്താ ലോകഗുരുണാ തം പ്രണമ്യ ദിവൗകസഃ
ന്യവർത്തന്ത ഗതോദ്വേഗാ മേനിരേ ചാസുരം ഹതം. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിസ്തുലമാം ദേഹശക്തിയുമത്യന്ത-
ചിത്തബലവുമിയലുമദ്ദാനവൻ
ലോകത്രയത്തെയും നിഷ്പ്രയാസം ജയി-
ച്ചേകാധിപനായ് സുരാദ്യരെയാകവേ
പാരം തപിപ്പിച്ചു പാദം നമിപ്പിച്ചു
ഘോരമാം ശാസനയേകി നിരന്തരം
ദേവാധിപൻെറയാ രമ്യവസതിയിൽ
സർവ്വഭോഗങ്ങളുമാന്നു രമിച്ചിതേ. 12
ഗന്ധമദ്യം കുടിച്ചേററമഹംകൃതി-
യേന്തുന്നവനായ് വിവൃതതാമ്രാക്ഷനായ്
യോഗതപോബലൗജസ്സുകളാളുമ-
പ്പാകാരിവൈരിയെ മൂന്നുപേരെന്നിയേ
ലോകപാലന്മാരഖിലമുപായന-
മേകിസ്സതതമുപാസനചെയ്തിതു. 13
വാസവമാന്യാസനത്തിലോജസ്സിനാ-
ലാസീനനാകുമവനെ വിശ്വാവസു,
തുംബുരു, ഞാൻ മുതലായ മഹർഷികൾ
സമ്മോഹനമായ പാട്ടുകൾ പാടിയും
ഗന്ധർവ്വവിദ്യാധരാപ്സരസ്സിദ്ധാദ്യർ
സന്തതം കീർത്തനത്താലും സ്തുതിച്ചിതേ. 14
വർണ്ണാശ്രമികൾ ബഹുദക്ഷിണയൊടും
നന്ദ്യാ നടത്തും സമസ്താദ്ധ്വരത്തിലും
തന്നെ യജിക്കണമെന്നു ശഠിച്ചവ-
നെന്നും ഹവിസ്സു ബലാൽ ഗ്രഹിച്ചീടിനാൻ. 15
ഏഴുഖണ്ഡംപെട്ടഭൂമിയുഴാതെതാൻ
പാഴററു സസ്യഫലപുഷ്ടമായിതു.
ആവശ്യമുള്ള പദാർത്ഥങ്ങളാകെ വിൺ-
ദേവതയാദരവോടവന്നേകിനാൾ.
ആകാശദേവതതാനും മുറയ്ക്കവ-
ന്നേകിനാളദ്ഭുത നാനാപദാർത്ഥവും. 16
ഉപ്പു,മദ്യം,നെയ്, കരിമ്പിൻരസം, സ്വാ-
ദ്വപ്പമാം നീർ, തയിർ, പാലുമെന്നീവിധം
ഓരോ ദ്രവവസ്തുവാളുമേഴാഴിയും
ദാരങ്ങളാകും തരംഗിണീവൃന്ദവും
രത്നഗണത്തെത്തരംഗങ്ങളിലൂടെ-
യെത്തിച്ചവനു സമർപ്പിച്ചിരുന്നിതേ. 17
ശൈലങ്ങൾ, താഴ്‌വരയെല്ലാമൊരുപോലെ
കേളിക്കുചിതസ്ഥലങ്ങളാക്കീ ജവം.
ഉർവ്വീരുഹങ്ങളും പുഷ്പഫലാഢ്യമായ്
സർവ്വർത്തുഭാവം പ്രകടമാക്കീ സദാ.
ലോകപാലർക്കുള്ള വർഷാദികൃത്യങ്ങ-
ളേകനവൻ സ്വയം നിർവ്വഹിച്ചീടിനാൻ. 18
ദിക്കുകളെല്ലാമിതുപോൽ ജയിച്ചേക-
ചക്രാധിനാഥനായോരമ്മഹാസുരൻ
ഇച്ഛാനുസാരമഭീഷ്ടവസ്തുക്കളെ
നിച്ചലുമാന്നു സുഖിച്ചിരുന്നങ്ങനെ.
ഇന്ദ്രിയങ്ങൾക്കു വശഗതനായവ-
നൊന്നിലും സംതൃപ്തിയില്ലെന്നുവന്നിതു. 19
ഇത്ഥം സമസ്താധിപത്യം ലഭിക്കയാൽ
കൃത്യമേ,തേതാണകൃത്യമിച്ചിന്തനം-
വിട്ടു മദംപൂണ്ടു ശാസ്ത്രമര്യാദകൾ
തെററിനടന്നു ധരാദേവശപ്തനായ്
തന്നുടെ നീണ്ടതാമായുസ്സെഴുപത്തി-
യൊന്നു യുഗമവൻ പാഴിലാക്കീടിനാൻ. 20
തൽക്രൂരദണ്ഡനത്താലതിഭീതരായ്
ദിക്പാലകയുക്തസർവ്വലോകങ്ങളും
എങ്ങുമഭയം ലഭിക്കാഞ്ഞൊടുക്കമെ-
ശ്ശാർങ്ഗിയെച്ചെന്നു ശരണംഗമിച്ചിതേ. 21
''ശുദ്ധരായ് ശാന്തരാം സന്ന്യാസിമാരേതു-
നുസ്ഥാനമെത്തിയാൽ പിന്നീടൊരിക്കലും
ദുഃഖമിയന്നിടാ, ശ്രീഹരിവാഴുമാ-
ദിക്കിനായ് ഞങ്ങൾ നമസ്കരിക്കുന്നിതേ.'' 22
ബാഹ്യേന്ദ്രിയങ്ങളെസ്സംയമംചെയ്തു സ-
മാഹിതധീകളായ് ശുദ്ധഭാവത്തൊടും
നിദ്ര വെടിഞ്ഞു വാതാശനരായവ-
രിത്ഥം സ്തുതിച്ചാർ സമന്ത്രം മുകുന്ദനെ. 23
''ഓം നമോ, സർവ്വഭയാപഹനായ് പര-
മാനന്ദപൂർണ്ണനായൈശ്വര്യമൂർത്തിയായ്
ഭക്താഭിലാഷം സമസ്തമരുളിടും
ചിത്കാതലാം മഹാത്മാവേ! നമസ്തുതി.'' 24
കൊണ്ടലിൻഗർജ്ജനംപോലൊരശരീരി-
യുണ്ടായിതപ്പോ,ളതിനുടെ മാറെറാലി
ദിക്കുകൾ പത്തിലും വ്യാപിച്ചു സാധുക്ക-
ളുൾക്കൊണ്ട ഭീതിയൊഴിക്കുമാറീവിധം. 25
''നിങ്ങൾ ഭയപ്പെടായ്‌വിൻ, വിബുധേശരേ!
തങ്ങട്ടെ നിങ്ങൾക്കഭംഗമാം മംഗലം.
എന്നുടെ ദർശനം പ്രാണികൾക്കൊക്കെയു-
മുന്നതശ്രേയസ്സു കൈവരുത്തും ദൃഢം. 26
ഞാനുമറിഞ്ഞിരിക്കുന്നിതിന്നീചനാം
ദാനവശ്രേഷ്ഠൻെറ ദുഷ്കൃത്യമാകവേ.
ഞാൻതാനതിന്നുപശാന്തിയുണ്ടാക്കിടാം
ശാന്തരായല്പം ക്ഷമിച്ചിരുന്നീടുവിൻ. 27
ദേവഗണത്തിലും ഗോക്കളിലും മഹീ-
ദേവജനത്തിലുമാഗമം നാലിലും
എന്നിലും ധർമ്മത്തിലുമെന്നൊരുത്തനു
നിന്ദയുണ്ടാമന്നവൻ നശിക്കും ദൃഢം. 28
നിർവൈരനായ് മഹാത്മാവായ് പ്രശാന്തനായ്
മേവിടും പ്രഹ്ലാദനാം സുതനേയവൻ
ദ്രോഹിക്കുമക്ഷണംതാനഖ്ഖലനെ ഞാൻ
സംഹരിക്കുന്നുണ്ടവൻ ശക്തനാകിലും.'' 29

നാരദൻ പറഞ്ഞു

ലോകഗുരുവിൻ വചസ്സിതു കേട്ടുടൻ
നാകികളെല്ലാം നമിച്ചു നിർഭീകരായ്
ദൈത്യാധിപൻെറ കണക്കുതീരുന്നതാ-
നോർത്താശ്വസിച്ചു മടങ്ങിനാർ തുഷ്ടരായ്. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ദൈത്യപതേഃ പുത്രാശ്ചത്വാരഃ പരമാദ്ഭുതാഃ
പ്രഹ്ലാദോഽഭൂന്മഹാംസ്തേഷാം ഗുണൈർമ്മഹദുപാസകഃ. 31

ബ്രഹ്മണ്യഃ ശീലസമ്പന്നഃ സത്യസന്ധോ ജിതേന്ദ്രിയഃ
ആത്മവത്സർവ്വഭൂതാനാമേകഃ പ്രിയസുഹൃത്തമഃ. 32

ദാസവത്സംനതാര്യാങ്ഘ്രിഃ പിതൃവദ്ദീനവത്സലഃ
ഭ്രാതൃവത്സദൃശേ സ്നിഗ്ധോ ഗുരുഷ്വീശ്വരഭാവനഃ
വിദ്യാർത്ഥരൂപജന്മാഢ്യോ മാനസ്തംഭവിവർജ്ജിതഃ. 33

നോദ്വിഗ്നചിത്തോ വ്യസനേഷു നിഃസ്പൃഹഃ
ശ്രുതേഷു ദൃഷ്ടേഷു ഗുണേഷ്വവസ്തുദൃക്
ദാന്തേന്ദ്രിയപ്രാണശരീരധീഃ സദാ
പ്രശാന്തകാമോ രഹിതാസുരോഽസുരഃ. 34

യസ്മിന്മഹദ്ഗുണാ രാജൻ! ഗൃഹ്യന്തേ കവിഭിർമ്മുഹുഃ
ന തേഽധുനാപി ധീയന്തേ യഥാ ഭഗവതീശ്വരേ. 35

യം സാധുഗാഥാ സദസി രിപവോഽപി സുരാ നൃപ!
പ്രതിമാനം പ്രകുർവ്വന്തി കിമുതാന്യേ ഭവാദൃശാഃ. 36

ഗുണൈരലമസംഖ്യേയൈർമ്മാഹാത്മ്യം തസ്യ സൂച്യതേ
വാസുദേവേ ഭഗവതി യസ്യ നൈസർഗ്ഗികീ രതിഃ. 37

ന്യസ്തക്രീഡനകോ ബാലോ ജഡവത്തന്മനസ്തയാ
കൃഷ്ണഗ്രഹഗൃഹീതാത്മാ ന വേദ ജഗദീദൃശം. 38

ആസീനഃ പര്യടന്നശ്നൻ ശയാനഃ പ്രപിബൻ ബ്രുവൻ
നാനുസന്ധത്ത ഏതാനി ഗോവിന്ദപരിരംഭിതഃ. 39

ക്വചിദ്രുദതി വൈകുണ്ഠചിന്താശബലചേതനഃ
ക്വചിദ്ധസതി തച്ചിന്താഹ്ലാദ, ഉദ്ഗായതി ക്വചിത്. 40

നദതി ക്വചിദുത്കണ്ഠോ വിലജ്ജോ നൃത്യതി ക്വചിത്
ക്വചിത്തദ്ഭാവനായുക്തസ്തന്മയോഽനുചകാര ഹ. 41

ക്വചിദുത്പുളകസ്തൂഷ്ണീമാസ്തേ സംസ്പർശനിർവൃതഃ
അസ്പന്ദപ്രണയാനന്ദസലിലാമീലിതേക്ഷണഃ. 42

സ ഉത്തമശ്ലോകപദാരവിന്ദയോ-
ർന്നിഷേവയാകിഞ്ചനസങ്ഗലബ്ധയാ
തന്വൻ പരാം നിർവൃതിമാത്മനോ മുഹുർ-
ദ്ദുഃസങ്ഗദീനാന്യമനഃശമം വ്യധാത്. 43

തസ്മിന്മഹാഭാഗവതേ മഹാഭാഗേ മഹാത്മനി
ഹിരണ്യകശിപു രാജന്നകരോദഘമാത്മജേ. 44

യുധിഷ്ഠിര ഉവാച

ദേവർഷ ഏതദിച്ഛാമോ വേദിതും തവ സുവ്രത!
യദാത്മജായ ശുദ്ധായ പിതാദാൻ സാധവേ ഹ്യഘം. 45

പുത്രാൻ വിപ്രതികൂലാൻ സ്വാൻ പിതരഃ പുത്രവത്സലാഃ
ഉപാലഭന്തേ ശിക്ഷാർത്ഥം നൈവാഘമപരോ യഥാ.
കിമുതാനുവശാൻ സാധൂംസ്താദൃശാൻ ഗുരുദേവതാൻ. 46

ഏതത് കൗതൂഹലം ബ്രഹ്മന്നസ്മാകം വിധമ, പ്രഭോ,
പിതുഃ പുത്രായ യദ്ദ്വേഷോ മരണായ പ്രയോജിതഃ. 47

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദചരിതേ ചതുർത്ഥോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്വിതിജേന്ദ്രന്ന സൗശീല്യമാർന്നിട്ടും
പുത്രർ നാലുള്ളതിൽ, സജ്ജനസേവയിൽ
സക്തനാം പ്രഹ്ലാദനെന്നവൻ സദ്ഗുണ-
വൃദ്ധിയാലേററം മഹാനായ് ഭവിച്ചിതു. 31
നിത്യം ദ്വിജോപാസകനായ് സുശീലനായ്
സത്യവാനായ് വിജിതേന്ദ്രിയനായ് സദാ
അപ്പരമാത്മാവിനൊപ്പമിപ്രാണികൾ-
ക്കെപ്പേർക്കുമേകപ്രിയസുഹൃത്തായിതു. 32
ദാസനെപ്പോൽ സജ്ജനപദം കുപ്പുവോൻ,
വാത്സല്യമാർന്നോൻ പിതാവുപോൽ ദീനരിൽ,
സോദരരെപ്പോൽ നിനപ്പോൻ സമാനരെ,-
യാദരിപ്പോനീശതുല്യമാചാര്യനെ
പണ്ഡിത,നത്ക്കൃഷ്ടവംശജൻ, ശ്രുതിമാൻ,
സുന്ദരൻ, ചെററഭിമാനവുമററവൻ, 33
ക്ലേശഭയഹീനനൈഹികാമുഷ്മിക-
നശ്വരഭോഗങ്ങളിലാശയററവൻ,
മിഥ്യയെന്നായ് വിഷയങ്ങളെക്കാണുവോൻ,
ബുദ്ധീന്ദ്രിയപ്രാണസംയമമാർന്നവൻ
ദൈത്യനെന്നാകിലും ജാതിസ്വഭാവത്തെ
വിട്ട മഹാനുമായ് ലാലസിച്ചീടിനാൻ. 34
ആരിലാണീശനിൽപ്പോലെ ഗുണോച്ചയം
സൂരീശ്വരർ വിസ്തരിക്കുന്നു നിത്യവും
ഉത്കൃഷ്ടനാകുമാ പ്രഹ്ലാദനാർന്നിട്ടും
സദ്ഗുണം ലോകത്തുന്നിന്നു മറഞ്ഞിടാ. 35
ഹേ നൃപാ! ജാത്യാ വിരോധികളായിട്ടും
വാനവന്മാർതൻ സദസ്സുകൾതന്നിലും
ഭക്തഗണനയിൽ പ്രഹ്ലാദനെത്തന്നെ
തക്കമില്ലാതെയുദാഹരിക്കുന്നിതു. 36
മന്നവാ! തദ്ഗുണമെത്ര വർണ്ണിക്കിലും
പൂർണ്ണമ,ല്ലായതു സൂചനമാത്രമാം
ആയതിൻകാരണം ശ്രീമഹാവിഷ്ണുവിൽ
മായാത്ത ഭക്തിയുണ്ടായതുതന്നെയാം. 37
മററുള്ള കട്ടികളെപ്പോൽ കളിക്കോപ്പി-
ലിഷ്ടമായ് ക്രീഡയിലേപ്പെട്ടതില്ലവൻ.
തന്മനം കൃഷ്ണഗ്രഹത്തിനാൽ ഗ്രസ്തമായ്
കൽ,മരമെന്നിവപോൽ ചലിക്കാതെയായ്.
ചിത്തം ഹരിയിലുറപ്പിക്കയാലവൻ
മററു ജനങ്ങളെപ്പോലിജ്ജഗത്തിനെ
സത്യമായിട്ടു ഗണിച്ചി,ല്ലതു ജഡ-
വസ്തുവായിട്ടേ കരുതിയുള്ളൂ നൃപാ! 38
താനിരിക്കുന്ന, ചരിക്കുന്ന,ശിക്കുന്ന,
പാനം കഴിക്കുന്ന, ചെന്നു ശയിക്കുന്ന,
ഭാഷണംചെയ്യുന്നിതൊന്നുമോരുന്നീല
കേശവാശ്ലേഷരസലീനനാകയാൽ. 39
ധ്യാനസ്ഥനായിരിക്കും ചിലവേളയിൽ
മ്ലാനാനനനായ് ചിലപ്പോൾ കരഞ്ഞിടും,
താനേ ചിലപൊഴുതാഹ്ലാദപൂരിത-
മാനസനായിട്ടു പൊട്ടിച്ചിരിച്ചിടും.
പിന്നെച്ചിലനേരമുച്ചത്തിലാനന്ദ-
തുന്ദിലനായ് ചില പാട്ടുകൾ പാടിടും. 40
ദൂരെച്ചിലപ്പോൾ ഭഗവാനെയീക്ഷിച്ചു
''ഹേ രമാജാനേ! വിഭോ! ഭക്തവത്സലാ!''
എന്നുച്ചമുത്കണ്ഠയോടു വിളിച്ചിടും
പിന്നെ വിലജ്ജനായ് നർത്തനംചെയ്തിടും.
മററുചിലപ്പോൾ ഭഗവന്മയനായി
മുററുമനുകരിക്കും ഹരിലീലകൾ. 41
കോൾമയിർക്കൊണ്ടും ഹരികരസംസ്പർശ-
നാമോദനിർവൃതിയാണ്ടുമിടയ്ക്കിടെ
പ്രേമജാതാനന്ദസൂചകമാം ജല-
മാമീലിതനയനങ്ങളിൽത്തങ്ങിയും
മൗനംഭജിച്ചൊരനക്കമെന്യേ പ്രണ-
യാനന്ദവാരിധിയിൽ മുങ്ങിക്കിടന്നിടും. 42
നിഷ്കിഞ്ചനസങ്ഗമത്തിനാൽ സിദ്ധമാ-
മക്കൃഷ്ണപാദപങ്കേരുഹസേവയാൽ
തന്നിൽ പരനിർവൃതിയുമസത്സങ്ഗ-
ഖിന്നരിൽ ശാന്തിയും ജാതമാക്കീടിനാൻ. 43
ഭക്തശിരോമണി മദ്ധ്യമാണിക്യമായ്
ഭാഗ്യവാരാന്നിധിയായ് മാഹാത്മാവുമാം
ഇപ്പുത്രനെയാ ഹിരണ്യകശിപുതാൻ
നിർഭരം ദ്രോഹിച്ചു പൃഥ്വീശസത്തമാ! 44

യുധിഷ്ഠിരൻ പറഞ്ഞു

ശുദ്ധനായ് സാധുവായ് സുവ്രതനായിട്ടും
പുത്രനെ ദ്രോഹിച്ചതെന്തിനദ്ദാനവൻ?
അക്കാര്യവുമവിട്ടു,ന്നതു കേൾക്കുവാ-
നുത്കണ്ഠവായ്ക്കുമെന്നോടരുളീടണം. 45
വിപ്രതികൂലരായാലും തനൂജരെ-
ച്ചൊല്ലടിക്കാക്കുവാൻ ശാസിപ്പതെന്നിയേ
പുത്രവാത്സല്യമിയലും പിതൃജന-
മിത്തരം ദ്രോഹിക്കയില്ലന്യനെന്നപോൽ.
എന്നിരിക്കുമ്പോൾ ഗുരുജനത്തെദ്ദൈവ-
മെന്നോർത്തവർക്കു വശവർത്തിയായിട്ടും
സാധുക്കളാകിയ താദൃശപുത്രരി-
ലാധിചേർക്കാൻ തക്ക കാരണമെന്തുവാൻ? 46
പുത്രൻെറനേർക്കുള്ള വിദ്വേഷമച്ഛനു
മൃത്യുവിൻ കാരണമായ് ഭവിച്ചെന്നതു
വിസ്മയംതാ,നതറിയുവാൻ കൗതുക-
മസ്മദീയർക്കുണ്ടലിഞ്ഞതരുൾചെയ്യണം. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചമോഽധ്യായഃ

നാരദ ഉവാച

പൗരോഹിത്യായ ഭഗവാൻ വൃതഃ കാവ്യഃ കിലാസുരൈഃ
ശണ്ഡാമർക്കൗ സുതൗ തസ്യ ദൈത്യരാജഗൃഹാന്തികേ. 1

തൗ രാജ്ഞാ പ്രാപിതം ബാലം പ്രഹ്ലാദം നയകോവിദം
പാഠയാമാസതുഃ പാഠ്യാനന്യാംശ്ചാസുരബാലകാൻ. 2

യത്തത്ര ഗുരുണാ പ്രോക്തം ശുശ്രുവേഽനുപപാഠ ച
ന സാധു മനസാ മേനേ സ്വപരാസദ്ഗ്രഹാശ്രയം. 3

ഏകദാസുരരാട് പുത്രമങ്കമാരോപ്യ പാണ്ഡവ!
പപ്രച്ഛ, ''കഥ്യതാം വത്സ, മന്യതേ സാധു യദ്ഭവാൻ.'' 4

പ്രഹ്ലാദ ഉവാച

തത്സാധു മന്യേഽസുരവര്യ ദേഹിനാം
സദാ സമുദ്വിഗ്നധിയാമസദ്ഗ്രഹാദ്
ഹിത്വാഽഽത്മപാതം ഗൃഹമന്ധകൂപം
വനം ഗതോ യദ്ധരിമാശ്രയേത. 5

നാരദ ഉവാച

ശ്രുത്വാ പുത്രഗിരോ ദൈത്യഃ പരപക്ഷസമാഹിതാഃ
ജഹാസ ''ബുദ്ധിർബ്ബാലാനാം ഭിദ്യതേ പരബുദ്ധിഭിഃ'' 6

''സമ്യഗ്വിധാര്യതാം ബാലോ ഗുരുഗേഹേ ദ്വിജാതിഭിഃ
വിഷ്ണുപക്ഷൈഃ പ്രതിച്ഛന്നൈർന്ന ഭിദ്യേതാസ്യ ധീര്യഥാ.'' 7

ഗൃഹമാനീതമാഹൂയ പ്രഹ്ലാദം ദൈത്യയാജകാഃ
പ്രശസ്യ ശ്ലക്ഷ്ണയാ വാചാ സമപൃച്ഛന്ത സാമഭിഃ. 8

''വത്സ, പ്രഹ്ലാദ, ഭദ്രം തേ, സത്യം കഥയ മാ മൃഷാ
ബാലാനതി കുതസ്തുഭ്യമേഷ ബുദ്ധിവിപര്യയഃ. 9

ബുദ്ധിഭേദഃ പരകൃത ഉതാഹോ തേ സ്വതോഽഭവദ്
ഭണ്യതാം ശ്രോതുകാമാനാം ഗുരൂണാം കുലനന്ദന.'' 10

പ്രഹ്ലാദ ഉവാച

സ്വഃ പരശ്ചേത്യസദ്ഗ്രാഹഃ പുംസാം യന്മായയാ കൃതഃ
വിമോഹിതധിയാം ദൃഷ്ടസ്തസ്മൈ ഭഗവതേ നമഃ. 11

സ യദാനുവ്രതഃ പുംസാം പശുബുദ്ധിർവ്വിഭിദ്യതേ
അന്യ ഏഷ തഥാന്യോഽഹമിതി ഭേദഗതാസതീ. 12

സ ഏഷ ആത്മാ സ്വപരേത്യബുദ്ധിഭിർ-
ദുരത്യയാനുക്രമണോ നിരൂപ്യതേ
മുഹ്യന്തി യദ്വർത്മനി വേദവാദിനോ
ബ്രഹ്മാദയോ ഹ്യേഷ ഭിനത്തി മേ മതിം. 13

യഥാ ഭ്രാമ്യത്യയോ, ബ്രഹ്മൻ, സ്വയമാകർഷസന്നിധൗ
തഥാ മേ ഭിദ്യതേ ചേതശ്ചക്രപാണേര്യദൃച്ഛയാ. 14

നാരദ ഉവാച

ഏതാവദ് ബ്രാഹ്മണായോക്ത്വാ വിരരാമ മഹാമതിഃ
തം നിർഭർത്സ്യാഥ കുപിതഃ സ ദീനോ രാജസേവകഃ. 15

''ആനീയതാമരേ, വേത്രമസ്മാകമയശസ്കരഃ
കുലാങ്ഗാരസ്യ ദുർബ്ബുദ്ധേശ്ചതുർത്ഥോഽസ്യോദിതോ ദമഃ. 16

ദൈതേയചന്ദനവനേ ജാതോഽയം കണ്ടകദ്രുമഃ
യന്മൂലോന്മൂലപരശോർവിഷ്ണോർന്നാലായിതോഽർഭകഃ'' 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 5

പ്രഹ്ലാദചരിതം—തുടർച്ച

നാരദൻ പറഞ്ഞു

ശുക്രമഹർഷിയെ ദൈത്യർ പുരോഹിത-
നാക്കിയ സംഗതിയെങ്ങും പ്രസിദ്ധമാം
ശണ്ഡാമർക്കാഖ്യരാം തൽസുതർ ദൈത്യേന്ദ്ര-
മന്ദിരപ്രാന്തത്തിൽ വാണിതു രണ്ടുപേർ. 1
ദാനവാധീശാജ്ഞയാലേ പ്രഹ്ലാദനാം
സൂനുവിനേയുമസുരാത്മജരെയും
ശുക്രാത്മജരമ്മഹീസുരർ ബോധന-
യോഗ്യപാഠങ്ങൾ പഠിപ്പിച്ചുവന്നിതു. 2
ദേശികപ്രോക്തങ്ങളായവയാകവേ-
യശ്രമമാശു ധരിച്ചീടിനാനവൻ
താനുമിതരനുമെന്നുള്ള മിഥ്യാഭി-
മാനത്തെയാശ്രയിച്ചീടും വിഷയങ്ങൾ
ഒന്നുമേ ദോഷരഹിതങ്ങളാണെന്നു
തോന്നീലവനു ചെറുതിലും ഭൂപതേ! 3
മേളമായ് വിദ്യാഭ്യസനം തുടർന്നിടും-
വേളയിൽ പ്രഹ്ലാദബാലനെയേകദാ
അച്ഛനെടുത്തു മടിയിൽവച്ചോമനി-
ച്ചുച്ചിയിൽ ചുംബിച്ചു ചോദിച്ചിതിങ്ങനെ:
''ഇത്രനാളും നീ പഠിച്ചതിലേററവു-
മുത്തമമെന്തെന്നു ചൊല്ലുക, ബാലക!'' 4

പ്രഹ്ലാദൻ പറഞ്ഞു

ദൈത്യേശ്വരാ! കേളസദ്ഭവസ്ഥലവിൽ സത്യ-
ബുദ്ധിയാൽ ഭീതരാം ദേഹികൾക്കെപ്പൊഴും
ആത്മനാശത്തിനു കാരണമാകുമീ
സദ്മമാമന്ധകൂപത്തെയുപേക്ഷിച്ചു
കാനനമാർന്നു നാരായണസ്വാമിയെ
ധ്യാനിച്ചിരിപ്പതു നല്ലതായ്ക്കാണ്മു ഞാൻ. 5

നാരദൻ പറഞ്ഞു

ശത്രുപക്ഷത്തിൽ മതിയുറപ്പിച്ചൊരി-
പ്പുത്രൻെറ വാക്യം ശ്രവിച്ചുഹസിച്ചവൻ
''അന്യമതിഗതികൊത്തു ചായുന്നതു-
തന്നെയല്ലോ ബാലചിത്ത''മെന്നോതി-
നാൻ. 6
''ദേശികഗേഹത്തിൽ വിഷ്ണുപക്ഷദ്വിജർ
വേഷവും മാറിയേറിച്ചെറുബാലനെ
മററും ദുരുപദേശങ്ങളാൽ തന്മതി
മാററിയതാണിനിസ്സൂക്ഷിച്ചുകൊള്ളുവിൻ.'' 7
എന്നു ചൊല്ലിബ്ഭൃത്യരൊത്തു വീണ്ടും ഗുരു-
മന്ദിരംതന്നിലയച്ചാൻ കുമാരനെ.
പിന്നെസ്സമീപമവനെവിളിച്ചഭി-
നന്ദിച്ചിരുത്തിപ്പുകഴ്ത്തിയദ്ദേശികർ
ചോദിച്ചു സാമമുപായമങ്ഗീകരി-
ച്ചാദരപൂർവം മൃദുലവാക്യങ്ങളിൽ. 8
''മങ്ഗലം പ്രഹ്ലാദ! വത്സാ! ഭവാനോടു
ഞങ്ങൾ ചോദിക്കുന്നു, സത്യമോതീടണം.
അങ്ങയിലീ വിപരീതധീയാരിൽനി-
ന്നെങ്ങനെ വന്നു, കളവുചൊല്ലീടൊലാ. 9
അന്യോപദേശത്തിൽനിന്നിതു വന്നതോ
നിന്നിൽ സ്വതേ ജാതമോ കുലനന്ദനാ!
താവകാചാര്യരായീടുന്ന ഞങ്ങളെ-
യീവിവരം ശരിയായ് ധരിപ്പിക്കുക.'' 10

പ്രഹ്ലാദൻ പറഞ്ഞു

ഞാനന്യനെന്നവിധമെഴും മിഥ്യാഭി-
മാനം വളർത്തി ജനങ്ങളെയാകവേ
മോഹിതരാക്കുമമ്മായയ്ക്കധീശ്വരൻ
ശ്രീഹരിയാംഭഗവാനു നമസ്കൃതി. 11
എന്നാബ്ഭഗവാൻ പുമാന്നനുകൂലനാ-
ണന്നു ഞാനെൻെറയെന്നുള്ള ഭേദഭ്രമം
തോന്നുന്ന നാശകരമാം മൃഗബുദ്ധി
ഭിന്നമാമല്ലോമവന്നില്ലൊരു സംശയം. 12
ഓർത്താൽ ദുരത്യയാനുക്രമണംപെടു-
മദ്ദേവനേകനാകും പരാത്മാവുതാൻ
ബുദ്ധിയില്ലാത്തവർ ഞാ,നന്യനീവിധം
വ്യർത്ഥം വിഭിന്നത കല്പിച്ചിടുന്നിതു.
ആഗമകൃത്തുകളാകുമജാദിക-
ളാകെയവൻെറ മാർഗ്ഗത്തിൽ മോഹിപ്പുതേ.
എന്നാലുമെന്മതിയന്യബാലന്മാരിൽ
നിന്നവൻ വ്യത്യസ്തമാക്കി ഭാഗ്യത്തിനാൽ. 13
ചക്രപാണീസന്നിധാനത്തിലെന്മനം
ചിക്കനെക്കാന്താന്തികത്തിലയസ്സുപോൽ
യാദൃച്ഛികമായ് ചലിച്ചുപോകുന്നിതു
മേദിനീദേവവരേണ്യഗുരൂത്തമാ! 14

നാരദൻ പറഞ്ഞു

ഇത്രയുമമ്മഹീദേവനോടോതിയ-
ബ്ബുദ്ധിമാൻ മൗനംഭജിച്ചിരുന്നീടിനാൻ.
കോപിച്ചു പിന്നെയബ്ബാലനെബ്ഭർത്സിച്ചു
ഭൂപതിസേവകൻ ഭീതനദ്ദേശികൻ.
''കൊണ്ടുവന്നീടെടോ ചൂര,ലിവൻ നമു-
ക്കുണ്ടാക്കിടുന്നുണ്ടപകീർത്തി വേണ്ടപോൽ.
ദുർബുദ്ധിയും കുലാങ്ഗാരവുമാമിവ-
ന്നിപ്പോളിതിന്നടിതന്നെ കൊടുക്കണം. 15-16
ദൈത്യാന്വയചന്ദനവനംതന്നിലി-
ദ്ദുഷ്ടൻ ജനിച്ചിതൊരു മുള്ളുവൃക്ഷമായ്.
ചോദേയസുരദ്രുമങ്ങൾ വെട്ടീടുന്ന
കോടാലിയാം വിഷ്ണുവിൻെറ കയ്യാണിവൻ.''17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി തം വിവിധോപായൈർഭീഷയംസ്തർജ്ജനാദിഭിഃ
പ്രഹ്ലാദം ഗ്രാഹയാമാസ ത്രിവർഗ്ഗസ്യോപപാദനം. 18
തത ഏനം ഗുരുർജ്ഞാത്വാ ജ്ഞാതജ്ഞേയചതുഷ്ടയം
ദൈത്യേന്ദ്രം ദർശയാമാസ മാതൃമൃഷ്ടമലങ്കൃതം. 19
പാദയോഃ പതിതം ബാലം പ്രതിനന്ദ്യാശിഷാസുരഃ
പരിഷ്വജ്യ ചിരം ദോർഭ്യാം പരമാമാപ നിർവൃതിം. 20
ആരോപ്യാങ്കമവഘ്രായ മൂർധന്യശ്രുകലാംബുഭിഃ
ആസിഞ്ചൻ വികസദ്വക്ത്രമിദമാഹ യുധിഷ്ഠിര! 21

ഹിരണ്യകശിപുരുവാച

പ്രഹ്ലാദാനൂച്യതാം താത, സ്വധീതം കിഞ്ചിദുത്തമം
കാലേനൈതാവതാഽഽയുഷ്മൻ യദശിക്ഷദ് ഗുരോർഭവാൻ.''
22

പ്രഹ്ലാദ ഉവാച

ശ്രവണം കീർത്തനം വിഷ്ണോഃ സ്മരണം പാദസേവനം
അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം. 23
ഇതി പുംസാർപ്പിതാ വിഷ്ണൗ ഭക്തിശ്ചേന്നവലക്ഷണാ
ക്രിയതേ ഭഗവത്യദ്ധാ തന്മന്യേഽധീതമുത്തമം. 24

നാരദ ഉവാച

നിശമ്യൈതത്സുതവചോ ഹിരണ്യകശിപുസ്തദാ
ഗുരുപുത്രമുവാചേദം രുഷാ പ്രസ്ഫുരിതാധരഃ. 25
''ബ്രഹ്മബന്ധോ! കിമേതത്തേ വിപക്ഷം ശ്രയതാസതാ
അസാരം ഗ്രാഹിതോ ബാലോ മാമനാദൃത്യ ദുർമ്മതേ! 26
സന്തി ഹ്യസാധവോ ലോകേ ദുർമ്മൈത്രാശ്ഛദ്മവേഷിണഃ
തേഷാമുദേത്യഘം കാലേ രോഗഃ പാതകിനാമിവ.'' 27

ഗുരുപുത്ര ഉവാച

ന മത്പ്രണീതം ന പരപ്രണീതം
സുതോ വദത്യേഷ തവേന്ദ്രശത്രോ!
നൈസർഗ്ഗികീയം മതിരസ്യ രാജൻ!
നിയച്ഛ മന്യും കദദാഃ സ്മ മാ നഃ. 28

നാരദ ഉവാച

ഗുരുണൈവം പ്രതിപ്രോക്തോ ഭൂയ ആഹാസുരഃ സുതം,
''ന ചേദ് ഗുരുമുഖീയം തേ കുതോഽഭദ്രാസതീ മതിഃ'' 29

പ്രഹ്ലാദ ഉവാച

''മതിർന്ന കൃഷ്ണേ പരതഃ സ്വതോ വാ
മിഥോഽഭിപദ്യേത ഗൃഹവ്രതാനാം
അദാന്തഗോഭിർവിശതാം തമിസ്രം
പുനഃ പുനശ്ചർവ്വിതചർവ്വണാനാം. 30
ന തേ വിദുഃ സ്വാർത്ഥഗതിം ഹി വിഷ്ണും
ദുരാശയാ യേ ബഹിരർത്ഥമാനിനഃ
അന്ധാ യഥാന്ധൈരുപനീയമാനാ
വാചീശതന്ത്ര്യാമുരുദാമ്നി ബദ്ധാഃ. 31
നൈഷാം മതിസ്താവദുരുക്രമാങ്ഘ്രിം
സ്പൃശത്യനർത്ഥാപഗമോ യദർത്ഥഃ
മഹീയസാം പാദരജോഽഭിഷേകം
നിഷ്കിഞ്ചനാനാം ന വൃണീത യാവത്.'' 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആചാര്യനീവിധം ഭർത്സനദണ്ഡങ്ങ-
ളാചരിച്ചേററം ഭയപ്പെടുത്തീട്ടഥ

ധർമ്മാർത്ഥകാമപ്രതിപാദകങ്ങളാം
ധർമ്മശാസ്ത്രങ്ങളെയഭ്യസിപ്പിച്ചിതു. 18

നാലുകാര്യങ്ങളറിയേണ്ടതുണ്ടവ-
നാലുമിവൻ പഠിച്ചെന്നു കണ്ടദ്വിജൻ

ബാലനെപ്പിന്നെയൊരുനാളിലമ്മത-
ന്നാലയത്തിൽക്കൊണ്ടുചെന്നീടിനാൻ മുദാ.

അമ്മ കുളിപ്പിച്ചണിയിച്ചുടൻതന്നെ
സമ്മോദമച്ഛനെക്കാണ്മാനയച്ചിതു. 19

കാലുകളിൽപ്പതിച്ചാനമിച്ചീടുമ-
ബ്ബാലനെയാശിസ്സരുളി ദൈത്യേശ്വരൻ

രണ്ടു കൈകൊണ്ടും പിടിച്ചു മാറിൽ ചേർത്തു
പൂണ്ടു ചിരം പൂണ്ടിതാനന്ദനിർവൃതി. 20

അങ്കതലത്തിലെടുത്തിരുത്തിശ്ശിര-
സ്സിങ്കലടിക്കടി ചുംബനംചെയ്തഥ

ആനന്ദബാഷ്പത്തിനാലത്തനൂജനെ
സ്നാനവുംചെയ്യിച്ചു ചോദിച്ചു മെല്ലവേ. 21

ഹിരണ്യകശിപു പറഞ്ഞു

കുഞ്ഞേ! യിതുവരെയാചാര്യനിൽനിന്നു
സഞ്ജാതമോദം പഠിച്ചകാര്യങ്ങളിൽ

നല്ലതേതെങ്കിലുമുല്ലാസമോടൊന്നു
ചൊല്ലി നിന്നച്ഛനെക്കേൾപ്പിക്ക നന്ദനാ! 22

പ്രഹ്ലാദൻ പറഞ്ഞു

ശ്രീവാസുദേവഭഗവത്പദാംബുജ-
സേവന,മർച്ചന,മാത്മനിവേദനം,

വന്ദനം, കീർത്തനം, സഖ്യമാകർണ്ണനം,
പിന്നെ സ്മൃതി, ദാസ്യ,മീ നവലക്ഷണം

ചേരുന്ന ഭക്തി യഥാർത്ഥമായ്പ്പുരുഷൻ
നേരേ ഭഗവാനിലർപ്പണംചെയ്യുവാൻ

ശ്രദ്ധയോടഭ്യസിച്ചീടുകിലായതാ-
ണുത്തമമെന്നു വിചാരിച്ചിടുന്നു ഞാൻ. 23-24

നാരദൻ പറഞ്ഞു.

പുത്രവാക്യം കേട്ടു ദൈത്യാധിപനതി-
ക്രുദ്ധനായ്ച്ചുണ്ടും വിറപ്പിച്ചുകൊണ്ടുടൻ

ആചാര്യനന്ദനൻതന്നെ നോക്കിപ്പരം
നീചമാംഭാഷയിലിങ്ങനെ ചൊല്ലിനാൻ. 25

''ദുർമ്മതേ! നീയിഹ കാണിച്ചതെന്തെടാ
ബ്രാഹ്മണാഭാസാ! പറയുകെന്നോടു നീ

ശത്രുപക്ഷത്തു ചേർന്നെന്നെയനാദരി-
ച്ചിത്തരമോ നീ പഠിപ്പിച്ചു ബാലനെ? 26

ദുർമ്മൈത്രിയാർന്നു കപടവേഷംധരി-
ച്ചിമ്മട്ടിലുണ്ടേറെയാളുകളൂഴിയിൽ

സ്പഷ്ടമായീടും ചിലപ്പോളവർക്കെഴും
ദുഷ്ടത, പാപികളിൽ ഗദമെന്നപോൽ.'' 27

ഗുരുപുത്രൻ പറഞ്ഞു

ഇന്ദ്രശത്രോ! ഞാൻ പഠിപ്പിച്ചതല്ലിവ-
യന്യനിൽനിന്നും ഗ്രഹിച്ചതുമല്ലിവൻ

സ്വാഭാവികമാണിവനിലി,താററുക
കോപ,മിക്കററം ചുമത്തായ്ക ഞങ്ങളിൽ. 28

നാരദൻ പറഞ്ഞു

ദേശികവാക്യങ്ങളിങ്ങനെ കേട്ടതിൻ-
ശേഷം തനയനോടീവിധമോതിനാൻ:

''വംശഹതകാ! നിനക്കീയസദ്ബുദ്ധി
ദേശികൻ മൂലമുണ്ടായതല്ലെങ്കിലോ

പിന്നെയെവിടെനിന്നാണുളവായതെ-
ന്നെന്നോടു വേഗം മറയ്ക്കാതെ ചൊല്ലു നീ.'' 29

പ്രഹ്ലാദൻ പറഞ്ഞു

മന്ദിരസൗഖ്യത്തിലാണ്ടദാന്തേന്ദ്രിയ-
വൃന്ദംനിമിത്തം നരകത്തിൽ വീണഹോ!

വീണ്ടുമതിൽത്താനുഴലുന്നവർക്കു വൈ-
കുണ്ഠനിൽ ഭക്തി ഭവിപ്പതു വാക്കിൽ

അന്യനിൽനിന്നും സ്വയമായുമല്ല കേ-
ളന്യോന്യസാഹായ്യമൂലവുമല്ലതാൻ. 30

ബാഹ്യവിഷയങ്ങൾ സത്യമായുള്ളതെ-
ന്നൂഹിച്ചുവാഴും മലിനചേതസ്സുകൾ

സ്വാർത്ഥഗതിയാം ഭഗവാൻ മുകുന്ദനെ-
പ്പേർത്തുമറിയുന്നതി,ല്ലവരും സദാ

അന്ധനീതാന്ധർമട്ടീശൻെറ വാങ്മയ-
തന്തുവിലൊന്നിൽക്കുരുങ്ങിക്കിടപ്പിതേ. 31

നിഷ്കിഞ്ചനരാം മഹാത്മാക്കൾതൻ പദ-
യുഗ്മളധൂളിയണിയുന്നനാൾവരെ

ഇക്കൂട്ടർതൻ മതിയാപത്തകററിടു-
മക്കൃഷ്ണപാദാംബുജത്തിൽപ്പതിഞ്ഞിടാ.'' 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്തേത്വാപരതം പുത്രം ഹിരണ്യകശിപു രുഷാ
അന്ധീകൃതാത്മാ സ്വോത്സങ്ഗാന്നിരസ്യത മഹീതലേ. 33

ആഹാമർഷരുഷാവിഷ്ടഃ കഷായീഭൂതലോചനഃ
''വധ്യതാമാശ്വയം വധ്യോ നിഃസാരയത നൈരൃതാഃ. 34

അയം മേ ഭ്രാതൃഹാ സോഽയം ഹിത്വാ സ്വാൻ സുഹൃദോഽധമഃ
പിതൃവ്യഹന്തുര്യഃ പാദൗ വിഷ്ണോർദ്ദാസവദർച്ചതി. 35

വിഷ്ണോർവ്വാ സാധ്വസൗ കിം നു കരിഷ്യത്യസമഞ്ജസഃ
സൗഹൃദം ദുസ്ത്യജം പിത്രോരഹാദ്യഃ പഞ്ചഹായനഃ. 36

പരോഽപ്യപത്യം ഹിതകൃദ്യഥൗഷധം
സ്വദേഹജോഽപ്യാമയവത്സുതോഽഹിതഃ
ഛിന്ദ്യാത്തദങ്ഗം യദുതാത്മനോഽഹിതം
ശേഷം സുഖം ജീവതി യദ്വിവർജ്ജനാത്. 37

സർവ്വൈരുപായൈർഹന്തവ്യഃ സംഭോജശയനാസനൈഃ
സുഹൃല്ലിങ്ഗധരഃ ശത്രുർമ്മുനേർദ്ദുഷ്ടമിവേന്ദ്രിയം.'' 38

നൈരൃതാസ്തേ സമാദിഷ്ടാ ഭർത്രാ വൈ ശൂലപാണയഃ
തിഗ്മദംഷ്ട്രകരാളാസ്യാസ്താമ്രശ്മശ്രുശിരോരുഹാഃ. 39

നദന്തോ ഭൈരവാന്നാദാംശ്ഛിന്ധി ഭിന്ധീതി വാദിനഃ
ആസീനം ചാഹനഞ്ഛൂലൈഃ പ്രഹ്ലാദം സർവ്വമർമ്മസു. 40

പരേ ബ്രഹ്മണ്യനിർദ്ദേശ്യേ ഭഗവത്യഖിലാത്മനി
യുക്താത്മന്യഫലാ ആസന്നപുണ്യസ്യേവ സത്ക്രിയാഃ. 41

പ്രയാസേഽപഹതേ തസ്മിൻ ദൈത്യേന്ദ്രഃ പരിശങ്കിതഃ
ചകാര തദ്വധോപായാന്നിർബ്ബന്ധേന യുധിഷ്ഠിര! 42

ദിഗ്ഗജൈർദ്ദന്ദശൂകൈശ്ച ആഭിചാരാവപാതനൈഃ
മായാഭിഃ സംനിരോധൈശ്ച ഗരദാനൈരഭോജനൈഃ. 43

ഹിമവായ്വഗ്നിസലിലൈഃ പർവ്വതാക്രമണൈരപി
ന ശശാക യദാ ഹന്തുമപാപമസുരഃ സുതം
ചിന്താം ദീർഘതമാം പ്രാപ്തസ്തത് കർത്തും നാഭ്യപദ്യത. 44

''ഏഷ മേ ബഹ്വസാധൂക്തോ വധോപായാശ്ച നിർമ്മിതാഃ
തൈസ്തൈർദ്രോഹൈരസദ്ധർമ്മൈർമ്മുക്തഃ സ്വേനൈവ
തേജസാ. 45

വർത്തമാനോഽവിദൂരേ വൈ ബാലോഽപ്യജഡധീരയം
ന വിസ്മരതി മേഽനാര്യം ശുനഃശേഫ ഇവ പ്രഭുഃ. 46

അപ്രമേയാനുഭാവോഽയമകുതശ്ചിദ്ഭയോഽമരഃ
നൂനമേതദ്വിരോധേന മൃത്യുർമ്മേ ഭവിതാ ന വാ.'' 47

ഇതി തം ചിന്തയാ കിഞ്ചിത് മ്ലാനശ്രിയമധോമുഖം
ശണ്ഡാമർക്കാവൗശനസൗ വിവിക്ത ഇതി ഹോചതുഃ. 48

''ജിതം ത്വയൈകേന ജഗത്ത്രയം ഭ്രുവോർ-
വിജൃംഭണത്രസ്തസമസ്തധിഷ്ണ്യപം
ന തസ്യ ചിന്ത്യം തവ നാഥ! ചക്ഷ്മഹേ
ന വൈ ശിശൂനാം ഗുണദോഷയോഃ പദം. 49

ഇമം തു പാശൈർവ്വരുണസ്യ ബദ്ധ്വാ
നിധേഹി ഭീതോ, ന പലായതേ യഥാ.
ബുദ്ധിശ്ച പുംസോ വയസാര്യസേവയാ
യാവദ്ഗുരുർഭാർഗ്ഗവ ആഗമിഷ്യതി.'' 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്രയും ചൊല്ലി മിണ്ടാതിരുന്നീടമ-
പ്പുത്രനെത്തൻ മടിതന്നിൽനിന്നക്ഷണം
വീറോടു താഴത്തു തള്ളിയിട്ടീടിനാൻ
ക്രൂരനമന്ധീകൃതാത്മാവുമാമവൻ. 33
കണ്ണും ചുവപ്പിച്ചമർഷരോഷത്തൊടു
ചൊന്നാനുടൻ, ''നയേ രാക്ഷസവീരരേ!
നിങ്ങളിവനെയകലത്തു കൊണ്ടുപോ-
യങ്ങുടൻ കൊല്ലുവിൻ, വധ്യനത്രേയിവൻ. 34
എന്റെയനുജനെക്കൊന്നവനാണിവൻ-
തന്റെ സുഹൃദ് ബാന്ധവരെയുപേക്ഷിച്ചു
താതാനുജാതഹന്താവായ വിഷ്ണുവിൻ
പാദങ്ങളെദ്ദാസമട്ടിലർച്ചിച്ചിടും
ഈയധമൻ ദാനവാരിയായീടമാ-
മായാമയൻതന്നെയില്ലൊരു സംശയം. 35
അഞ്ചുവയസ്സിലേ താതമാതാക്കളിൽ-
ത്തഞ്ചിടും ദുസ്ത്യജസ്നേഹമുപേക്ഷിച്ച
നിന്ദ്യനിവൻ നിനച്ചീടുകിൽ വിഷ്ണുവി-
ന്നൊന്നുമേയില്ലൊരുപകൃതി ചെയ്യുവാൻ. 36
അന്യനായാലുമുപകാരിയെ, മരു-
ന്നെന്നപോൽ, സ്വീകരിച്ചീടണമെപ്പൊഴും
പുത്രനെന്നാലുമഹിതകൃത്താവുകിൽ
സത്വരം തള്ളണ,മാമയമെന്നപോൽ.
ദുഷ്ടമാമങ്ഗം മുറിച്ചുകളഞ്ഞുടൻ
ശിഷ്ടമവയവം രക്ഷിച്ചിടേണ്ടതാം. 37
മാമുനിതൻ ദുഷ്ടമിന്ദ്രിയമെന്നപോൽ
കാമം സുഹൃല്ലക്ഷണം പൂണ്ടിരുന്നിടും
ശത്രുവായീടുമിവനെയിരിപ്പിലും
നിദ്രയിലുമശനത്തിലും കൊന്നിടാം.'' 38
കല്പനയീവിധം സ്വാമിയിൽനിന്നു കേ-
ട്ടപ്പൊഴേ മൂർച്ചകലന്ന ദന്തങ്ങളാൽ
പേടിതോന്നീടുന്ന വക്ത്രവും ചെമ്പിച്ച
താടിയും മീശയും കേശവുമാർന്നിടും
രാക്ഷസർ ഭൈരവശബ്ദത്തൊടുകൂടി-
യക്ഷണം ''വെട്ടുവിൻ,'' ''കുത്തുവി''നെ-
ന്നുടൻ
ആത്തടുത്തങ്ങഹോ പ്രഹ്ലാദബാലനെ-
യാത്തരോഷം പ്രഹരിച്ചു മർമ്മങ്ങളിൽ. 39-40
സർവചരാചരാത്മാവായ വാച്യാനു-
ഭാവയുതനായ് വികാരവിഹീനനാം
ഈശനിൽച്ചിത്തം ലയിപ്പിച്ചിരിക്കുമ-
പ്പേശലബാലനിലപ്പുരുപീഡകൾ
പുണ്യരഹിതന്റെ സത്ക്രിയാസഞ്ചയ-
മെന്നപോൽ, നിഷ്ഫലമായിബ്ഭവിച്ചിതേ. 41
ആ പ്രയത്നങ്ങൾ വിഫലീഭവിച്ചുക-
ണ്ടപ്പോൾ ഹിരണ്യകശിപുവിൻ മാനസം
ശങ്കാകുലമായ് പലപണി നോക്കിനാൻ
കിങ്കരർമൂലമബ്ബാലനെക്കൊല്ലുവാൻ. 42

ദിക്കരിവൃന്ദത്തെ വിട്ടു കുത്തിച്ചു, പി-
ന്നുഗ്രനാഗങ്ങളെക്കൊണ്ടു കടിപ്പിച്ചു,
ആഭിചാരത്താൽ സൃജിച്ച ഭൂതങ്ങളാൽ
സ്വാഭിലാഷം കൈവരുത്താൻ ശ്രമിച്ചിതു.
മായാപ്രയോഗം പരീക്ഷിച്ചു, കാററിലും
തീയിലുമിട്ടു കൊടിയ ഹിമത്തിലും,
പട്ടിണിയിട്ടു, വിഷംകൊടു,ത്തുച്ചമാ-
മദ്രിശിഖരത്തിൽനിന്നു നിലത്തിട്ടു
മന്നിൽക്കുഴിച്ചിട്ടു വീർപ്പുമുട്ടിച്ചതിൽ-
പ്പിന്നെ മലമറിച്ചിട്ടിതു മേനിയിൽ.
മെയ്യോടു കൈകാൽകൾകെട്ടിക്കയത്തിലി-
ട്ടയ്യോ! പഠിച്ചപണിയൊക്കെനോക്കിനാൻ.
ഒന്നിനാലും പാപഹീനനാം ബാലനെ-
ക്കൊന്നീടുവാൻ കഴിഞ്ഞില്ലവനൂഴിപാ!
പിന്നെ ഹിരണ്യകശിപുവാം ദാനവ-
മന്നവൻ ചിന്താനിമഗ്നനായ്ത്തീർന്നിതു. 43-44
''ഞാനിവനെഗ്ഗുണദോഷിച്ചു വേണ്ടപോൽ,
ഹീനൻ വകവച്ചതില്ലതുകാരണം
നാനാനിഷിദ്ധകർമ്മങ്ങളാൽ തജ്ജീവ-
ഹാനിവരുത്തുവാൻ നോക്കിയതൊക്കെയും
സ്വന്തമാം ശക്തിയാൽ നിഷ്ഫലമാക്കി,യി-
തെന്തൊരു വിസ്മയം!, മുക്തനായാനിവൻ. 45
എന്നരികത്തു വസിച്ചിടും ബാലനാ-
ണെന്നാകിലും നിശ്ചലബുദ്ധിയാമിവൻ
അശ്ശുനശ്ശേഫൻകണക്കേ മറക്കുകി-
ല്ലാശയംതന്നിലെൻ ദ്രോഹപ്രവൃത്തികൾ. 46
അപ്രമേയാനുഭാവം കലർന്നോരിവൻ
നിർഭയനും മൃത്യുഹീനനുംതാൻ ദൃഢം.
മൃത്യുവെനിക്കു ഭവിക്കുമിവൻതന്റെ
ശത്രുതയാ,ലന്യഥാ സംഭവിച്ചിടാ.'' 47
ഇത്തരം ചിന്തിച്ചു മണ്ടിയങ്ങാനനം
താഴ്ത്തിയിരിക്കുമദ്ദാനവശ്രേഷ്ഠനെ
നീതിനിപുണരാം ശുക്രജർ ഗൂഢമായ്
സാദരം വന്നു വണങ്ങിക്കഥിച്ചിതു. 48
''ലോകപാലാന്വിതമാകും ജഗത്ത്രയ-
മാകവേ സ്വഭ്രൂചലനമാത്രത്തിനാൽ
ഏകനായ്ത്തന്നെ ജയിച്ചരുളീടിന
പാകാരിവൈരിയാം വീരശിഖാമണേ!
ചിന്തിക്കുവാനെന്തിതിൽ ഭവാനിത്രമേൽ
ബന്ധമൊന്നും ഞങ്ങൾ കാണുന്നതില്ല കേൾ.
ഭാസുരകീർത്തേ! നമുക്കു ശിശുക്കൾതൻ-
ദോഷഗുണങ്ങൾ വിഷയങ്ങളല്ലിഹ. 49
പേടിച്ചിവനെങ്ങുമോടിയൊളിക്കാതെ
ബാഢം വരുണപാശങ്ങളാൽ കെട്ടണം.
അച്ഛൻ വരുവോളമക്കിടപ്പിൽത്തന്നെ
പിച്ചനിവൻ കിടന്നൊന്നു പഠിക്കണം.
ബാലകബുദ്ധി സത്സങ്ഗമംമൂലമായ്
കാലക്രമത്തിൽത്തെളിഞ്ഞെന്നുവന്നിടാം.'' 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥേതി ഗുരുപുത്രോക്തമനുജ്ഞായേദമബ്രവീദ്
''ധർമ്മോ ഹ്യസ്യോപദേഷ്ടവ്യോ രാജ്ഞാം യേ ഗൃഹമേധിനാം.'' 51
ധർമ്മമർത്ഥം ച കാമം ച നിതരാം ചാനുപൂർവ്വശഃ
പ്രഹ്ലാദായോചതു രാജൻ! പ്രശ്രിതാവനതായ ച. 52
യഥാ ത്രിവർഗ്ഗം ഗുരുഭിരാത്മനേ ഉപശിക്ഷിതം
ന സാധു മേനേ തച്ഛിക്ഷാം ദ്വന്ദ്വാരാമോപവർണ്ണിതാം. 53
യദാഽഽചാര്യഃ പരാവൃത്തോ ഗൃഹമേധീയകർമ്മസു
വയസ്യൈർബ്ബാലകൈസ്തത്ര സോപഹൂതഃ കൃതക്ഷണൈഃ. 54
അഥ താൻ ശ്ലക്ഷ്ണയാ വാചാ പ്രത്യാഹൂയ മഹാബുധഃ
ഉവാച വിദ്വാംസ്തന്നിഷ്ഠാം കൃപയാ പ്രഹസന്നിവ. 55
തേ തു തദ്ഗൗരവാത്സർവ്വേ ത്യക്തക്രീഡാപരിച്ഛദാഃ
ബാലാ ന ദൂഷിതധിയോ ദ്വന്ദ്വാരാമേരിതേഹിതൈഃ. 56
പര്യുപാസത, രാജേന്ദ്ര, തന്ന്യസ്തഹൃദയേക്ഷണാഃ
താനാഹ കരുണോ മൈത്രോ മഹാഭാഗവതോഽസുരഃ. 57

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദാനുചരിതേ പഞ്ചമോധ്യായഃ

ഷഷ്ഠോഽധ്യായഃ

പ്രഹ്ലാദ ഉവാച
കൗമാര ആചരേത് പ്രാജ്ഞോ ധർമ്മാൻ ഭാഗവതാനിഹ
ദുർല്ലഭം മാനുഷം ജന്മ തദപ്യധ്രുവമർത്ഥദം. 1
യഥാ ഹി പുരുഷസ്യേഹ വിഷ്ണോഃ പാദോപസർപ്പണം
യദേഷ സർവ്വഭൂതാനാം പ്രിയ ആത്മേശ്വരഃ സുഹൃത്. 2
സുഖമൈന്ദ്രിയകം ദൈത്യാ ദേഹയോഗേന ദേഹിനാം
സർവ്വത്ര ലഭ്യതേ ദൈവാദ്യഥാ ദുഃഖമയത്നതഃ. 3
തത്പ്രയാസോ ന കർത്തവ്യോ യത ആയുർവ്വ്യയഃ പരം
ന തഥാ വിന്ദതേ ക്ഷേമം മുകുന്ദചരണാംബുജം. 4
തതോ യതേത കുശലഃ ക്ഷേമായ ഭയമാശ്രിതഃ
ശരീരം പൗരുഷം യാവന്ന വിപദ്യേത പുഷ്കലം. 5
പുംസോ വർഷശതം ഹ്യായുസ്തദർദ്ധം ചാജിതാത്മനഃ
നിഷ്ഫലം യദസൗ രാത്ര്യാം ശേതേഽന്ധം പ്രാപിതസ്തമഃ. 6
മുഗ്ദ്ധസ്യ ബാല്യേ കൗമാരേ ക്രീഡതോ യാതി വിംശതിഃ
ജരയാ ഗ്രസ്തദേഹസ്യ യാത്യകല്പസ്യ വിംശതിഃ 7
ദുരാപൂരേണ കാമേന മോഹേന ച ബലീയസാ
ശേഷം ഗൃഹേഷു സക്തസ്യ പ്രമത്തസ്യാപയാതി ഹി. 8
കോ ഗൃഹേഷു പുമാൻ സക്തമാത്മാനമജിതേന്ദ്രിയഃ
സ്നേഹപാശൈർദൃഢൈർബ്ബദ്ധമുത്സഹേത വിമോചിതും. 9
കോ ന്വർത്ഥതൃഷ്ണാം വിസൃജേത് പ്രാണേഭ്യോഽപി യ ഈപ്സിതഃ
യം ക്രീണാത്യസുഭിഃ പ്രേഷ്ഠൈസ്തസ്കരഃ സേവകോ വണിക്. 10

കഥം പ്രിയായാ അനുകമ്പിതായാഃ
സങ്ഗം രഹസ്യം രുചിരാംശ്ച മന്ത്രാൻ
സുഹൃത്സു ച സ്നേഹസിതഃ ശിശൂനാം
കലാക്ഷരാണാമനുരക്തചിത്തഃ. 11
പുത്രാൻ സ്മരംസ്താ ദുഹിതൄർഹൃദയ്യാ
ഭ്രാതൄൻ സ്വസൄർവ്വാ പിതരൗ ച ദീനൗ
ഗൃഹാൻ മനോജ്ഞോരുപരിച്ഛദാംശ്ച
വൃത്തീശ്ച കല്യാഃ പശുഭൃത്യവർഗ്ഗാൻ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശികപുത്രവാക്യങ്ങളെയാദരി-
ച്ചാശരാധീശനവരോടു ചൊല്ലിനാൻ:
''നിങ്ങളിവനെഗൃഹസ്ഥന്നുപധർമ്മ-
മങ്ങാനയിച്ചിനിയഭ്യസിപ്പിക്കുവിൻ.'' 51
ധർമ്മാർത്ഥകാമങ്ങളാം പുമർത്ഥങ്ങളെ
നമ്രനു പിന്നെ മുറയ്ക്കു നൃപാജ്ഞയാൽ
ശുക്രശിഷ്യന്മാരൊതുങ്ങി വിനീതനായ്
നില്ക്കുമശ്ശിഷ്യനെയഭ്യസിപ്പിച്ചിതേ. 52
എന്നാലവർ ചൊന്നതാകും ത്രിവർഗ്ഗവും
ദ്വന്ദ്വരതരാമവരുടെ ശിക്ഷയും
ഒന്നുമേ ദോഷരഹിതങ്ങളെന്നൊരു
തോന്നലപ്രഹ്ലാദനുള്ളിലുണ്ടായീല. 53
അദ്ധ്യാപനം നിറുത്തിദ്ദേശികേശ്വരൻ
പത്തനജോലിയിലേർപ്പെട്ടിരിക്കവേ
കിട്ടിയ നേരം വിനോദിക്കുവാൻ മററു-
കുട്ടികൾകൂടി വിളിച്ചാരിവനെയും. 54
തത്ത്വസ്ഥിതി നേരേയറിഞ്ഞിരിക്കും മഹാ-
വിദ്വദ്വരേണ്യനാം പ്രഹ്ലാദനക്ഷണം
തന്നന്തികത്തേക്കവരെ വിളിച്ചുടൻ
മന്ദഹാസത്തോടകമലിഞ്ഞോതിനാൻ. 55
ദ്വന്ദ്വരതർതന്നുപദേശ,മീഹിത-
മെന്നിവയാൽ ദൂഷിക്കാത്ത ധീയാർന്നിടും
കുട്ടികളെല്ലാം കളിക്കോപ്പുപേക്ഷിച്ചു
പെട്ടെന്നവർക്കു ബഹുമാന്യനായിടും
തോഴനാം പ്രഹ്ലാദബാലകൻതന്നുടെ
ചുഴവും ചെന്നങ്ങിരുന്നിതു തുഷ്ടരായ്. 56
കണ്ണും കരളുമാബ്ബാലകരേവരും
തന്നിലുറപ്പിച്ചിരിപ്പതു കാണ്കയാൽ
മൈത്രികലർന്നു കൃപാപരാധീനനായ്
ഭക്തനാം പ്രഹ്ലാദനോതിനാനീവിധം. 57

അദ്ധ്യായം 6

പ്രഹ്ലാദചരിതം—തുടർച്ച
പ്രഹ്ലാദൻെറ സതീർത്ഥ്യോപദേശം

പ്രഹ്ലാദൻ പറഞ്ഞു

ലോകത്തു കൗമാരകാലത്തു പണ്ഡിതൻ
ഭാഗവതധർമ്മമാചരിച്ചീടണം
മർത്ത്യജന്മം ലഭിപ്പാൻ പണിയെങ്കിലു-
മർത്ഥപ്രദമാമതു നശിക്കുന്നതാം. 1
മർത്ത്യനാമാധവപാദപങ്കേരുഹം
മാത്രം ശരണം ഗമിപ്പതാണുത്തമം.
അദ്ദേഹമത്രേ സമസ്തഭൂതത്തിനും
മിത്രമീശൻ സുഹൃത്താത്മാവുമോർക്കുകിൽ. 2
ദേഹികൾക്കെല്ലാം ശരീരയോഗത്തിനാൽ
സാഹസംകൂടാതെയൈന്ദ്രിയകങ്ങളാം
ദുഃഖസുഖങ്ങളിടചേർന്നുവന്നിടും
നീക്കമെന്യേ പൂർവ്വകർമ്മാനുസാരമായ്. 3
നന്നല്ലതിനാൽ വിഷയസൗഖ്യപ്രദ-
സുന്ദരവസ്തുക്കൾ നേടുവാനായ് ശ്രമം.
ആയുർവ്യയമാണതിൻഫലം പിന്നെയാ
മായാമയൻതൻ പദാംബുജസേവയാൽ
അക്ഷയമായിടും ക്ഷേമമുണ്ടാ,മതു-
നിശ്ചയം മറെറങ്ങുനിന്നും ലഭിച്ചിടാ. 4
ആകയാൽ ഭീതനായുള്ളവൻ ബുദ്ധിമാ-
നാകിലാരോഗ്യം നശിപ്പതിൻമുന്നമേ
പൂർണ്ണമായ് ദുഃഖനിവൃത്തിക്കുമാനന്ദ-
മാർന്നീടുവാനും പരിശ്രമിച്ചീടണം. 5
ആയുസ്സു നൂറുവർഷം മർത്ത്യനുള്ളതിൽ
പോയിടുമർദ്ധമജിതേന്ദ്രിയന്നവൻ
അന്ധം തമസ്സിൽ മുഴുകീട്ടു രാത്രിയിൽ
സന്ധ്യമുതൽ കിടന്നങ്ങുറങ്ങുന്നിതേ. 6
ബാല്യത്തിൽ മുഗ്ദ്ധനായ്,കൗമാരകാലത്തി-
ലെല്ലാം കളിയായിരുപതാണ്ടങ്ങു പോം.
പിന്നെജ്ജരയാലിരുപതു വർഷവും
ശൂന്യമായിട്ടു കഴിഞ്ഞുപോകുന്നിതു. 7
ദുഃഖസമ്പൂർണ്ണമാം കാമംനിമിത്തവും
ശക്തിയേറീടുന്ന മോഹത്തിനാലുമേ
ആസക്തി ഗേഹത്തിലാളും പ്രമത്തൻെറ
ശേഷമായുസ്സും വിഫലമാകും ദൃഢം. 8
ഗേഹങ്ങളിൽ സക്തനായി ദൃഢാതുല-
സ്നേഹപാശാബദ്ധനാകുമാത്മാവിനെ
മുക്തനാക്കാനജിതേന്ദ്രിയനായവൻ
ശക്തനായിബ്ഭവിക്കുന്നതുമെങ്ങനെ? 9
പ്രാണനേക്കാളും പ്രിയതരമായിഹ
കാണുന്നതായുള്ളതേതൊന്നു തോഴരേ!
പ്രാണനെയേകിയും ചോരരുമാവണിക്-
ശ്രേണിയും ഭൃത്യരും നേടുവതേതുതാൻ
ആ ധനത്തിൻതൃഷ്ണ സന്ത്യജിച്ചീടുവാൻ
ഭൂതലത്തിൽക്കഴിവുള്ളവനേതവൻ? 10
ആനുകൂല്യത്തോടതിപ്രേമമാർന്നു തൻ-
മാനിനീമൗലിതന്നേകാന്തസങ്ഗവും
ആ രഹസ്സല്ലാപവും സുഹൃത്സ്നേഹവും
നേരേസ്മരിപ്പോനതെങ്ങനെ കൈവിടും?
മഞ്ജുളമാം കൊഞ്ചവാക്കുകളാർന്നിടും
കുഞ്ഞുങ്ങൾതൻ സഹവാസസുഖത്തെയും
പുത്രരേയും മനോമോഹിനിമാരായ
പുത്രിമാരേയും തദാത്മജന്മാരെയും
സോദരീസോദരന്മാരെയും ദീനരാം
മാതാപിതാക്കളേയും മനോജ്ഞങ്ങളാം
നാനാവിധോപകരണങ്ങൾ ചേർന്നിടും
ചേണാർന്ന ഗേഹങ്ങളും കലവൃത്തിയും
ഭൃത്യഗോസംഘവുമെങ്ങനെ തള്ളിടും
പേർത്തുമിവയിലനുരക്തനാം പുമാൻ? 11-12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്യജേത കോശസ്കൃദിവേഹമാനഃ
കർമ്മാണി ലോഭാദവിതൃപ്തകാമഃ
ഔപസ്ഥ്യജൈഹ്വ്യം ബഹു മന്യമാനഃ
കഥം വിരജ്യേത ദുരന്തമോഹഃ. 13
കുടുംബപോഷായ വിയൻ നിജായുർ-
ന്ന ബുധ്യതേഽർത്ഥം വിഹതം പ്രമത്തഃ
സർവ്വത്ര താപത്രയദുഃഖിതാത്മാ
നിർവ്വിദ്യതേ ന സ്വകുടുംബരാമഃ. 14
വിത്തേഷു നിത്യാഭിനിവിഷ്ടചേതാ
വിദ്വാംശ്ച ദോഷം പരവിത്തഹർത്തുഃ
പ്രേത്യേഹ ചാഥാപ്യജിതേന്ദ്രിയസ്ത-
ദശാന്തകാമോ ഹരതേ കുടുംബീ. 15
വിദ്വാനപീത്ഥം ദനുജാഃ കുടുംബം
പുഷ്ണൻ സ്വലോകായ ന കല്പതേ വൈ
യഃ സ്വീയപാരക്യവിഭിന്നഭാവ-
സ്തമഃ പ്രപദ്യേത യഥാ വിമൂഢഃ. 16
യതോ ന കശ്ചിത് ക്വ ച കുത്രചിദ്വാ
ദീനഃ സ്വമാത്മാനമലം സമർത്ഥഃ
വിമോചിതും കാമദൃശാം വിഹാര-
ക്രീഡാമൃഗോ യന്നിഗഡോ വിസർഗ്ഗഃ. 17
തതോ വിദൂരാത് പരിഹൃത്യ ദൈത്യാ
ദൈത്യേഷു സങ്ഗം വിഷയാത്മകേഷു
ഉപേത നാരായണമാദിദേവം
സ മുക്തസങ്ഗൈരിഷിതോഽപവർഗ്ഗഃ. 18
ന ഹ്യച്യുതം പ്രീണയതോ ബഹ്വായാസോഽസുരാത്മജാഃ
ആത്മത്വാത് സർവ്വഭൂതാനാം സിദ്ധത്വാദിഹ സർവ്വതഃ. 19
പരാവരേഷു ഭൂതേഷു ബ്രഹ്മാന്തസ്ഥാവരാദിഷു
ഭൗതികേഷു വികാരേഷു ഭൂതേഷ്വഥ മഹത്സു ച. 20
ഗുണേഷു ഗുണസാമ്യേ ച ഗുണവ്യതികരേ തഥാ
ഏക ഏവ പരോ ഹ്യാത്മാ ഭഗവാനീശ്വരോവ്യയഃ. 21
പ്രത്യഗാത്മസ്വരൂപേണ ദൃശ്യരൂപേണ ച സ്വയം
വ്യാപ്യവ്യാപകനിർദ്ദേശ്യോ ഹ്യനിർദ്ദേശ്യോഽവികല്പിതഃ. 22
കേവലാനുഭവാനന്ദസ്വരൂപഃ പരമേശ്വരഃ
മായയാന്തർഹിതൈശ്വര്യ ഈയതേ ഗുണസർഗ്ഗയാ. 23
തസ്മാത് സർവ്വേഷു ഭൂതേഷു ദയാം കുരുത സൗഹൃദം
ആസുരം ഭാവമുന്മുച്യ യയാ തുഷ്യത്യധോക്ഷജഃ. 24
തുഷ്ടേ ച തത്ര കിമലഭ്യമനന്ത ആദ്യേ
കിം തൈർഗ്ഗുണവ്യതികരാദിഹ യേ സ്വസിദ്ധാഃ
ധർമ്മാദയഃ കിമഗുണേന ച കാങ്ക്ഷിതേന
സാരഞ്ജുഷാം ചരണയോരുപഗായതാം നഃ. 25
ധർമ്മാർത്ഥകാമ ഇതി യോഽഭിഹിതസ്ത്രിവർഗ്ഗ
ഈക്ഷാ ത്രയീ നയദമൗ വിവിധാ ച വാർത്താ
മന്യേ തദേതദഖിലം നിഗമസ്യ സത്യം
സ്വാത്മാർപ്പണം സ്വസുഹൃദഃ പരമസ്യ പുംസഃ. 26
ജ്ഞാനം തദേതദമലം ദുരവാപമാഹ
നാരായണോ നരസഖഃ കില നാരദായ
ഏകാന്തിനാം ഭഗവതസ്തദകിഞ്ചനാനാം
പാദാരവിന്ദരജസാഽഽപ്ലുതദേഹിനാം സ്യാത്. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂട്ട പുഴപോലെ ലോഭത്തിനാൽ തൃപ്തി-
തേടാത്ത കാമത്തൊടും വിമോഹത്തൊടും

സ്വന്തമുപസ്ഥത്തിനും നാവിനും സുഖം
സന്ധിക്കുമാ വിഷയങ്ങളെ മാനിച്ചു

പിന്നെയും കർമ്മത്തിലേർപ്പെട്ടും പുരുഷ-
നെന്നാണിതിൽനിന്നു മോചിച്ചിടുന്നതും? 13

ഏവം കുടുംബവൃദ്ധിക്കായ് നിജായുസ്സു
പോവുന്നതും പുരുഷാർത്ഥം നശിപ്പതും

മത്തനായോനറിയുന്നതില്ലെപ്പൊഴു-
മാദ്ധ്യാത്മികാദിതാപത്രയം മൂലമായ്.

ദുഃഖിതമാനസനാകിലുമാലയാ-
സക്തനൊരിക്കലുമാർന്നിടാ നിർവൃതി. 14

വിത്തത്തിലത്യാശയാർന്നിടുവോൻ പര-
സ്വത്തടക്കീടിലിഹത്തിൽ പരത്തിലും

എത്തും വിപത്തതറിഞ്ഞും പരധനം
നിത്യം ഹരിപ്പൂ ഗൃഹരതിമൂലമായ്. 15

മർത്ത്യൻ വിവേകിയെന്നാലും കുടുംബാഭി-
വൃദ്ധിക്കിയലും പരിശ്രമംമൂലമായ്

സ്വന്തരൂപത്തെക്കുറിച്ചു ചിന്തിക്കുവാൻ
ഹന്ത! ബലഹീനനായിബ്ഭവിച്ചിടും. 16

ദാനവന്മാരേ! വിഷയാശയാർന്നിടും
ദീനനാത്മാവിൻ വിമുക്തിയൊരിക്കലും

എങ്ങും ലഭിച്ചിടാ കാമദൃക്കാർന്നിടു-
മങ്ഗനമാർക്കു കളിക്കുരങ്ങായവൻ

നിത്യമാസ്ത്രീകളിൽ ശൃംഖലാതുല്യമാം
പുത്രരൂപത്തിൽ പിണഞ്ഞുകിടക്കയാൽ.

അത്യരം നിങ്ങളും വിഷയനിമഗ്നരാം
ദൈത്യരുമായുള്ള സങ്ഗമുപേക്ഷിച്ചു

ദൈത്യാരിദേവനെയാശ്രയിച്ചീടുവിൻ
മുക്തസംഗക്കവൻ മോക്ഷസ്വരൂപനാം. 17-18

സർവ്വഭൂതാത്മഭാവത്തിനാലും സദാ
സർവ്വത്തിലും വിളങ്ങീടുകമൂലവും

അച്യുതനെ പ്രസാദിപ്പിച്ചിടുവോനു
നിശ്ചയം നേരിടുന്നില്ല പരിശ്രമം. 19

സ്ഥാവരാദിബ്രഹ്മപര്യന്തനീചോച്ച-
ജീവജാലത്തിലഖിലത്തിലും തഥാ

ഭൗതികമാം വികാരങ്ങളിലും മഹാ-
ഭൂതങ്ങളിലും ഗുണസമൂഹത്തിലും

പിന്നെഗ്ഗുണസാമ്യമാം പ്രധാനത്തിലു-
മെന്നകണക്കേ മഹദാദിയായിടും

തത്ത്വങ്ങളിലുമേകൻ പരമാത്മാവു
നിത്യനിയാമകനീശൻ ലസിപ്പിതേ. 20-21

ഓർത്താലനിർദ്ദേശ്യനായ് വികല്പത്തിനു
പാത്രമല്ലാതെയിരിപ്പവനെങ്കിലും

പ്രത്യഗാത്മാകൃതിയായിസ്സ്വയം ദൃശ്യ-
മൂർത്തിയായ് വ്യാപകവ്യാപ്യനാമാർഹനായ്

കേവലാനന്ദാനുഭൂതിസ്വരൂപനായ്
സർവ്വേശ്വരനായ് ഗുണസൃഷ്ടിയാർന്നിടും

മായയാലൈശ്വര്യമെല്ലാം മറയ്ക്കുവോ-
നായവൻ കാണപ്പെടുന്നിതു ദൈത്യരേ! 22-23

ആകയാൽ സർവ്വഭൂതത്തിലുമാസുര-
മാകും സ്വഭാവമശേഷം ത്യജിച്ചുടൻ

സ്നേഹവും കാരുണ്യവുമിയന്നീടുവിൻ,
ശ്രീഹരി മറ്റൊന്നിനാലും തെളിഞ്ഞിടാ. 24

അന്തമറ്റോരബ്ഭഗവാൻ കനിഞ്ഞീടി-
ലെന്താണു മറ്റൊന്നു ലബ്ധമാകേണ്ടതായ്!

സത്ത്വരജസ്തമസ്സങ്ഗമത്താൽ സ്വത-
സ്സിദ്ധമാം ധർമ്മങ്ങൾകൊണ്ടെന്തുതാൻ ഫലം?

തച്ചരണാസവം സേവിച്ചിടും നമ്മ-
ളിച്ഛിക്കുകവേണ്ട നിർഗ്ഗുണബ്രഹ്മവും. 25

ധർമ്മാർത്ഥകാമങ്ങളുമാത്മവിദ്യയും
കർമ്മശാസ്ത്രങ്ങളുമാ ദണ്ഡനീതിയും

തർക്കശാസ്ത്രങ്ങളും മറ്റുപജീവന-
മാർഗ്ഗപ്രതിപാദകവിഷയങ്ങളും

എല്ലാം നിഗമസത്യംതന്നെയെങ്കിലു-
മെല്ലാർക്കുമെന്നും ഹിതങ്കരനായിടും

മല്ലാരിയിൽ സമസ്തം സമർപ്പിക്കിലേ-
യല്ലലിൽനിന്നുമൊഴിയാൻ കഴിഞ്ഞിടൂ. 26

നാരദനോടു നരസഖനാകമാ-
നാരായണർഷിയാൽ പണ്ടുപദിഷ്ടമാം

ജ്ഞാനമിതേകാന്തികളാമകിഞ്ചനർ-
ക്കുനമൊഴിഞ്ഞു തെളിഞ്ഞു വിളങ്ങിടും. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുതമേതന്മയാ പൂർവ്വം ജ്ഞാനം വിജ്ഞാനസംയുതം
ധർമ്മം ഭാഗവതം ശുദ്ധം നാരദാദ് ദേവദർശനാൽ. 28

ദൈത്യപുത്രാ ഊചുഃ
പ്രഹ്ലാദ! ത്വം വയം ചാപി നർത്തേഽന്യം വിദ്മഹേ ഗുരും.
ഏതാഭ്യാം ഗുരുപുത്രാഭ്യാം ബാലാനാമപി ഹീശ്വരൗ. 29
ബാലസ്യാന്തഃപുരസ്ഥസ്യ മഹത്സങ്ഗോ ദുരന്വയഃ
ഛിന്ധി നഃ സംശയം, സൗമ്യ, സ്യാച്ചേദ്വിശ്രംഭകാരണം. 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദാനുചരിതേ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

നാരദ ഉവാച
ഏവം ദൈത്യസുതൈഃ പൃഷ്ടോ മഹാഭാഗവതോഽസുരഃ
ഉവാച സ്മയമാനാംസ്താൻ സ്മരൻ മദനുഭാഷിതം. 1

പ്രഹ്ലാദ ഉവാച
പിതരി പ്രസ്ഥിതേഽസ്മാകം തപസേ മന്ദരാചലം
യുദ്ധോദ്യമം പരം ചക്രുർവിബുധാ ദാനവാൻ പ്രതി. 2
പിപീലികൈരഹിരിവ ദിഷ്ട്യാ ലോകോപതാപനഃ
പാപേന പാപോഽഭക്ഷീതിവാദിനോ വാസവാദയഃ 3
തേഷാമതിബലോദ്യോഗം നിശമ്യാസുരയൂഥപാഃ
വധ്യമാനാഃ സുരൈർഭീതാ ദുദ്രുവുഃ സർവ്വതോദിശം. 4
കളത്രപുത്രമിത്രാപ്താൻ ഗൃഹാൻ പശുപരിച്ഛദാൻ
നാവേക്ഷമാണാസ്ത്വരിതാഃ സർവ്വേ പ്രാണപരീപ്സവഃ. 5
വ്യലുമ്പൻ രാജശിബിരമമരാ ജയകാങ്ക്ഷിണഃ
ഇന്ദ്രസ്തു രാജമഹിഷീം മാതരം മമ ചാഗ്രഹീത്. 6
നീയമാനാം ഭയോദ്വിഗ്നാം രുദതീം കുരരീമിവ
യദൃച്ഛയാഽഽഗതസ്തത്ര ദേവർഷിർദദൃശേ പഥി. 7
പ്രാഹ, ''നൈനാം സുരപതേ! നേതുമർഹസ്യനാഗസം
മുഞ്ച, മുഞ്ച, മഹാഭാഗ, സതീം പരപരിഗ്രഹം.'' 8

ഇന്ദ്ര ഉവാച
ആസ്തേഽസ്യാ ജഠരേ വീര്യമവിഷഹ്യം സുരദ്വിഷഃ
ആസ്യതാം യാവത്പ്രസവം മോക്ഷ്യേഽർത്ഥപദവീം ഗതഃ. 9

നാരദ ഉവാച
''അയം നിഷ്കില്ബിഷഃ സാക്ഷാന്മഹാഭാഗവതോ മഹാൻ
ത്വയാ ന പ്രാപ്സ്യതേ സംസ്ഥാമനന്താനുചരോ ബലീ.'' 10
ഇത്യുക്തസ്താം വിഹായേന്ദ്രോ ദേവർഷേർമ്മാനയന്വചഃ
അനന്തപ്രിയഭക്ത്യൈനാം പരിക്രമ്യ ദിവം യയൗ. 11
തതോ നോ മാതരമൃഷിഃ സമാനീയ നിജാശ്രമം
ആശ്വാ''സ്യേഹോഷ്യതാം, വത്സേ, യാവത്തേ
ഭർത്തുരാഗമഃ.'' 12
തഥേത്യവാത്സീദ് ദേവർഷേരന്തി സാപ്യകുതോഭയാ
യാവദ്ദൈത്യപതിർഘോരാത് തപസോ ന ന്യവർത്തത. 13
ഋഷിം പര്യചരത് തത്ര ഭക്ത്യാ പരമയാ സതീ
അന്തർവ്വത്നീ സ്വഗർഭസ്യ ക്ഷേമായേച്ഛാപ്രസൂതയേ. 14
ഋഷിഃ കാരുണികസ്തസ്യാഃ പ്രാദാദുഭയമീശ്വരഃ
ധർമ്മസ്യ തത്ത്വം ജ്ഞാനം ച മാമപ്യുദ്ദിശ്യ നിർമ്മലം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗവതമഹാധർമ്മവും വിജ്ഞാന-
സാകം പരിശുദ്ധമാകുമിജ്ഞാനവും
നാരദമാമുനിയോടു ഞാൻ മുന്നമേ
നേരേ ധരിച്ചിരിക്കുന്നു സഖാക്കളേ!'' 28

ദൈത്യപുത്രന്മാർ പറഞ്ഞു

അല്ലയോ പ്രഹ്ലാദ! നീയുമീ ഞങ്ങളും
ചൊല്ലേറുമിശ് ശുക്രപുത്രരെയെന്നിയേ
അന്യഗുരുവിനെ സ്വീകരിച്ചില്ലവർ-
തന്നെ നമ്മേക്കാത്തുരക്ഷിച്ചിടുന്നതും. 29
അന്തഃപുരത്തിലിരിക്കുന്ന ബാലന്ന
ബന്ധം മഹത്സങ്ഗമത്തിനില്ലേതുമേ
ഞങ്ങൾക്കവിശ്വസനീയമീ നാരദ-
സങ്ഗമം; സംശയംതീർത്തരുളീടണം. 30

അദ്ധ്യായം 7

പ്രഹ്ലാദചരിതം—തുടർച്ച—പ്രഹ്ലാദോപദേശം

നാരദൻ പറഞ്ഞു

ദൈത്യബാലന്മാരിവണ്ണം കഥിക്കവേ
ഭക്തപ്രമുഖനാം പ്രഹ്ലാദബാലകൻ
അദ്ഭുതസ്തബ്ധരാമക്കൂട്ടുകാരൊടായ്
ക്ഷിപ്രം മദീയോപദേശമോത്തോതിനാൻ. 1

പ്രഹ്ലാദൻ പറഞ്ഞു

താതൻ തപസ്സുചെയ്യ്തീടുവാൻ മന്ദര-
ഭൂധരംതന്നിൽ പ്രവേശിച്ചവേളയിൽ
പാരിടം പാടേയുപതാപിപ്പിച്ചോരു
ഘോരനായീടുമസുരവരേണ്യനെ
ഉഗ്രസർപ്പത്തെയെറുമ്പുകൾപോലെ, തദ്-
ദുഷ്കൃതംതന്നെ നശിപ്പിച്ചു ഭാഗ്യമായ്,
എന്നോർത്തു വിണ്ണവർ ദൈത്യരുമായൊരു
ജന്യത്തിനുള്ള കരുക്കളൊരുക്കിനാർ. 2-3
വമ്പിച്ച നിർജ്ജരസൈന്യസന്നാഹസം-
രംഭം ശ്രവിച്ചു,മസുരരെ വിണ്ണവർ
കൊല്ലുന്നതു കണ്ടുമദൈത്യസേനേശ-
രെല്ലാം ഭയന്നു പലവഴി മണ്ടിനാർ. 4
പുത്രകളത്രസുഹൃന്മിത്രഗോധന-
പത്തനാദ്യങ്ങളുപകരണങ്ങളും
തള്ളിസ്സ്വജീവരക്ഷേച്ഛുക്കളായവ-
രെല്ലാവരും ത്വരിതം പാഞ്ഞൊളിച്ചിതേ. 5
പിന്നെജ്ജയകാംക്ഷയാർന്നിടുമസ്സുര-
വൃന്ദം നൃപമന്ദിരത്തിൽ പ്രവേശിച്ചു
കൊള്ളയിട്ടൊക്കെ മുടിച്ചു ദേവേന്ദ്രനെൻ-
തള്ളയെപ്പോലുമപഹരിച്ചീടിനാൻ. 6
ഇന്ദ്രൻ പിടിച്ചുകെട്ടിക്കൊണ്ടുപോകവേ
പൊന്തും ഭയത്താൽ വിറച്ചു കരരിപോൽ
ക്രന്ദനംചെയ്യുന്ന മാതാവിനെ വഴി-
തന്നിൽ വീണാധരമാമുനി കണ്ടിതേ. 7
''നാകാധിപാ! പിഴയറ്റൊരിസ്സാദ്ധ്വിയെ
വേഗം വിട്ടു വിട്ടു നിന്ദ്യമിതേറ്റവും
അണ്ടർകോനാം ഭവാനിപ്പരഭാര്യയെ-
ക്കൊണ്ടുപോകുന്നതകീർത്തികരം പരം.'' 8

ഇന്ദ്രൻ പറഞ്ഞു

ദേവാരിയാകും ഹിരണ്യകശിപുവിൻ-
ദുർവ്വഹവീര്യമിന്നാരീജഠരത്തിൽ
ഉള്ളതുമൂലം പ്രസവംകഴിഞ്ഞു ഞാൻ
തള്ളിടാം കാര്യസിദ്ധിക്കുശേഷം മുനേ! 9

നാരദൻ പറഞ്ഞു

''ഗർഭസ്ഥനാം ശിശു സാക്ഷാൽ മഹാത്മാവു
നിഷ്പാപ,നുത്തമവിഷ്ണുഭക്തൻ, ബലി
നീ വിചാരിച്ചാലവനെ വധിക്കുവാൻ
ദേവേന്ദ്ര! സാധിക്കയില്ലൊരുകാലവും.'' 10
നാരദവാക്കുകൾ മാനിച്ചുടൻ പാക-
വൈരി വിഷ്ണുപ്രിയഭക്തനിമിത്തമായ്
എന്നമ്മതന്നെ വിട്ടിട്ടു വലംവച്ചു
വന്ദിച്ചു ദേവലോകം ഗമിച്ചീടിനാൻ. 11
അമ്മയെപ്പിന്നെസ്സുരമുനി കൊണ്ടുപോയ്
ചെമ്മേ നിജാശ്രമംതന്നിൽ വസിപ്പിച്ചു,
ശാന്തവാക്കാലേ, ''വസിച്ചുകൊൾകിങ്ങു നീ
കാന്താഗമംവരെ''യെന്നു ചൊല്ലീടിനാൻ. 12
അമ്മയതു സമ്മതിച്ചു ഭയം വെടി-
ഞ്ഞമ്മുനിതൻ സമീപത്തു വസിച്ചിതു. 13
ഗർഭിണിയാമപ്പതിവ്രതയമ്മയും
സ്വപ്രസവം, കാന്തനെത്തീടുവോളവും,
സംഭവിക്കായ്വാനമന്നവരെ ക്ഷേമ-
സമ്പൂർത്തിയോടിരുന്നീടുവാനും സദാ
സങ്കല്പമാർന്നതിഭക്ത്യാ മുനീന്ദ്രനെ
ശങ്കവെടിഞ്ഞു പരിചരിച്ചീടിനാൾ. 14
കാരുണ്യവാനായ് സമർത്ഥനാമമ്മുനി
നാരദനെന്നെയുമന്നി മാതാവൊടായ്
ശുദ്ധമായീടുന്ന ധർമ്മതത്ത്വങ്ങളു-
മദ്വൈതമായിടും ജ്ഞാനവുമോതിനാൻ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്തു കാലസ്യ ദീർഘത്വാത് സ്ത്രീത്വാന്മാതുസ്തിരോദധേ
ഋഷിണാനുഗൃഹീതം മാം നാധുനാപ്യജഹാത് സ്മൃതിഃ. 16
ഭവതാമപി ഭൂയാന്മേ യദി ശ്രദ്ദധതേ വചഃ
വൈശാരദീ ധീഃ ശ്രദ്ധാതഃ സ്ത്രീബാലാനാം ച മേ യഥാ. 17
ജന്മാദ്യാഃ ഷഡിമേ ഭാവാ ദൃഷ്ടാ ദേഹസ്യ നാത്മനഃ
ഫലാനാമിവ വൃക്ഷസ്യ കാലേനേശ്വരമൂർത്തിനാ. 18
ആത്മാ നിത്യോഽവ്യയഃ ശുദ്ധ ഏകഃ ക്ഷേത്രജ്ഞ ആശ്രയഃ
അവിക്രിയഃ സ്വദൃഗ്ഘേതുർവ്യാപകോഽസങ്ഗ്യനാവൃതഃ. 19
ഏതൈർദ്വാദശഭിർവിദ്വാനാത്മനോ ലക്ഷണൈഃ പരൈഃ
അഹം മമേത്യസദ്ഭാവം ദേഹാദൗ മോഹജം ത്യജേത്. 20

സ്വർണ്ണം യഥാ ഗ്രാവസു ഹേമകാരഃ
ക്ഷേത്രേഷു യോഗൈസ്തദഭിജ്ഞ ആപ്നുയാത്
ക്ഷേത്രേഷു ദേഹേഷു തഥാഽഽത്മയോഗൈ-
രധ്യാത്മവിദ്ബ്രഹ്മഗതിം ലഭേത. 21

അഷ്ടൗ പ്രകൃതയഃ പ്രോക്താസ്ത്രയ ഏവ ഹി തദ്ഗുണാഃ
വികാരാഃ ഷോഡശാചാര്യൈഃ പുമാനേകഃ സമന്വയാത്. 22
ദേഹസ്തു സർവ്വസംഘാതോ ജഗത് തസ്ഥുരിതി ദ്വിധാ
അത്രൈവ മൃഗ്യഃ പുരുഷോ നേതിനേതീത്യതത്ത്യജൻ. 23
അന്വയവ്യതിരേകേണ വിവേകേനോശതാഽഽത്മനാ
സർഗ്ഗസ്ഥാനസമാമ്നായൈർവിമൃശദ്ഭിരസത്വരൈഃ. 24
ബുദ്ധേർജ്ജാഗരണം സ്വപ്നഃ സുഷുപ്തിരിതി വൃത്തയഃ
താ യേനൈവാനുഭൂയന്തേ സോഽധ്യക്ഷഃ പുരുഷഃ പരഃ. 25
ഏഭിസ്ത്രിവർണ്ണൈഃ പര്യസ്തൈർബുദ്ധിഭേദൈഃ ക്രിയോദ്ഭവൈഃ
സ്വരൂപമാത്മനോ ബുദ്ധ്യേദ്ഗന്ധൈർവ്വായുമിവാന്വ-
യാത്. 26
ഏതദ്ദ്വാരോ ഹി സംസാരോ ഗുണകർമ്മനിബന്ധനഃ
അജ്ഞാനമൂലോഽപാർത്ഥോഽപി പുംസഃ സ്വപ്ന ഇവേഷ്യതേ. 27
തസ്മാദ്ഭവദ്ഭിഃ കർത്തവ്യം കർമ്മണാം ത്രിഗുണാത്മനാം
ബീജനിർഹരണം യോഗഃ പ്രവാഹോപരമോ ധിയഃ. 28
തത്രോപായസഹസ്രാണാമയം ഭഗവതോദിതഃ
യദീശ്വരേ ഭഗവതി യഥാ യൈരഞ്ജസാ രതിഃ. 29
ഗുരുശുശ്രൂഷയാ ഭക്ത്യാ സർവ്വലബ്ധാർപ്പണേന ച
സങ്ഗേന സാധുഭക്താനാമീശ്വരാരാധനേന ച. 30
ശ്രദ്ധയാ തത്കഥായാം ച കീർത്തനൈർഗുണകർമ്മണാം
തത്പാദാംബുരുഹധ്യാനാത് തല്ലിങ്ഗേക്ഷാർഹണാദിഭിഃ. 31
ഹരിഃ സർവ്വേഷു ഭൂതേഷു ഭഗവാനാസ്ത ഈശ്വരഃ
ഇതി ഭൂതാനി മനസാ കാമൈസ്തൈഃ സാധു മാനയേത്. 32
ഏവം നിർജ്ജിതഷഡ്വർഗ്ഗൈഃ ക്രിയതേ ഭക്തിരീശ്വരേ
വാസുദേവേ ഭഗവതി യയാ സംലഭതേ രതിം. 33

നിശമ്യ കർമ്മാണി ഗുണാനതുല്യാൻ
വീര്യാണി ലീലാതനുഭിഃ കൃതാനി
യദാതിഹർഷോത്പുലകാശ്രുഗദ്ഗദം
പ്രോത്കണ്ഠ ഉദ്ഗായതി രൗതി നൃത്യതി. 34
യദാ ഗ്രഹഗ്രസ്ത ഇവ ക്വചിദ്ധസ-
ത്യാക്രന്ദതേ ധ്യായതി വന്ദതേ ജനം
മുഹുഃ ശ്വസന്വക്തി ഹരേ ജഗത്പതേ
നാരായണേത്യാത്മമതിർഗ്ഗതത്രപഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലം വളരെക്കഴിഞ്ഞിരിക്കുന്നതു-
മൂലവും സ്ത്രീയായതിനാലുമായവ
അമ്മ മറന്നുപോയ്, താപസാനുഗ്രഹാ-
ലോർമ്മിച്ചിടുന്നുണ്ടു ഞാനവയിപ്പൊഴും. 16
ശ്രദ്ധയോടെൻവാക്കു നിങ്ങൾ കേട്ടീടിലി-
ത്തത്ത്വമുദിക്കട്ടെ നിങ്ങളിൽ നല്ലപോൽ.
ശ്രദ്ധയേറും ശിശുക്കൾക്കും വധുക്കൾക്കു-
മത്യന്തശുദ്ധമാം ധീ,യിതു കേൾക്കുകിൽ. 17
ഈശസ്വരൂപമാം കാലത്തിനാൽ,തരു-
രാശിക്കെഴും ഫലജാലത്തിനെന്നപോൽ,
ജന്മാദിയായിടും ഷഡ്ഭാവമൊക്കെയും
കാണുമുടലിന്നു,താ,നാത്മാവിനല്ല കേൾ. 18
ആത്മാവു നിത്യ,നേകൻ, ശുദ്ധ,നവ്യയൻ
ക്ഷേത്രജ്ഞ,നാശ്രയൻ,ഹേതു,വവിക്രിയൻ
സങ്ഗവിഹീനൻ, സ്വയംപ്രകാശിപ്പവ,-
നെങ്ങും നിറഞ്ഞോനനാവൃതനീവിധം
പന്ത്രണ്ടു ചിഹ്നങ്ങളാലാത്മവിജ്ഞനായ്
പണ്ഡിതൻ മോഹത്തിനാലെ ദേഹാദിയിൽ
ഞാനെന്റെയെന്നീവിധമുള്ളതാമഭി-
മാനം മുഴുവൻ പരിത്യജിക്കേണ്ടതാം. 19–20
മന്നിൽ ശിലകളിൽ നിന്നുമഭിജ്ഞനാം-
സ്വർണ്ണക്കാരൻ ചില യോഗതന്ത്രങ്ങളാൽ
സ്വർണ്ണം ശരിയായ് തിരിച്ചെടുക്കുംവിധ-
മുന്നതയോഗങ്ങളാലാത്മവിജ്ഞനും
ദേഹമാം ക്ഷേത്രത്തിൽനിന്നുമാത്മാവിനെ
സ്നേഹിതരേ! വേർതിരിച്ചുകാണുന്നിതു. 21
മുന്നേ പ്രകൃതികളെട്ടതും, തദ്ഗുണം
മൂന്നെന്നതും, വികാരങ്ങളീരെട്ടതും
എന്നിവയിൽച്ചേർന്നിരിക്കും പുമാനേക-
നെന്നതും കീർത്തിച്ചിരിപ്പു ഗുരൂത്തമർ. 22
ദേഹം, പ്രകൃതിവികൃതി വികാരസ-
മൂഹം, ചലവുമചലവുമിങ്ങനെ
രണ്ടുതരത്തിലാ,ണശ്ശരീരംതന്നിൽ
വേണ്ടപോലാരാഞ്ഞതല്ലതല്ലെന്നുടൻ
അന്യമാമോരോന്നു തള്ളിനോക്കീടുകിൽ
നന്നായ്ത്തെളിഞ്ഞു കാണാകുമാത്മാവിനെ. 23
അന്വയവും വ്യതിരേകവുംകൊണ്ടുമ-
വ്വണ്ണം വിവേകത്തിനാലും വിശുദ്ധമാം
ഏതിനാൽ സൃഷ്ടിസ്ഥിതികളോതും ശ്രുതി
മറ്റും വിമർശിച്ചു മെല്ലെയാരായണം. 24
ജാഗ്രത്തു, പിന്നെയാസ്വപ്നം, സുഷുപ്തിയെ-
ന്നിക്കണക്കുള്ള ധീവൃത്തികൾ മൂന്നിലും
സാക്ഷിയായ്നിന്നു സമസ്തകൃത്യങ്ങളും
വീക്ഷിച്ചിടുന്നവനത്രേ പരൻപുമാൻ. 25
ഇമ്മൂന്നവസ്ഥയിൽനിന്നുമെഴും ഗുണ-
കർമ്മങ്ങൾമൂലമുളവായിടുന്നതാം
ബുദ്ധിഭേദം നിരസിക്കുകിലാത്മാവു
ബോധ്യനാം, ഗന്ധത്തിനാൽ വായുവെന്ന-
പോൽ. 26
നിശ്ചയംതാൻ, ഗുണകർമ്മനിബന്ധന-
സംസൃതി, ധീവൃത്തിരന്ധ്രസംയുക്തമാം
അർത്ഥമില്ലാത്തതായജ്ഞാനമൂലത്തൊ-
ടൊത്തതത്രേ ഭവവൃക്ഷം നിനയ്ക്കുകിൽ.
സ്വപ്നത്തിനു സമമായിപ്പുമാനിഹ
നില്പതായത്രേ പറയപ്പെടുന്നതും. 27
ആകയാൽ കർമ്മബീജത്തെദ്ദഹിപ്പിച്ചു
വേഗമാ ബുദ്ധിപ്രവാഹം തടഞ്ഞിടും
യോഗത്തെ നിങ്ങളനുഷ്ഠിക്കുവിൻ, ഭവ-
സാഗരംതന്നിൽനിന്നും കരകേറുവിൻ. 28
ആയിരം മാർഗ്ഗങ്ങളുണ്ടിതി,നായതി-
ലീയോഗമബ്ഭഗവാൻതാൻ കഥിച്ചതാം.
മറ്റുപായങ്ങളാലിത്രവേഗം മതി-
പറ്റുകയില്ല ഭഗവാനിൽ നിർണ്ണയം. 29
സദ്ഗുരുശുശ്രൂഷ, സർവ്വം സമർപ്പണം,
ഭക്തി,യീശാർച്ചനം, സാധുസമാഗമം. 30
ഈശഗുണോത്കരസങ്കീർത്തനം തഥാ
ഭാസുരതത്പദപങ്കജധ്യാനവും,
തല്ലിങ്ഗസന്ദർശനപൂജനങ്ങളും
നല്ലപോൽ തത്കഥാകർണ്ണനശ്രദ്ധയും, 31
സർവ്വഭൂതങ്ങളിലും ഭഗവാൻ ഹരി-
യാവസിക്കുന്നെന്ന ഭാവനയോടുതാൻ
സർവ്വഭൂതപ്രിയമായ് പ്രവർത്തിക്കയെ-
ന്നീവകസാമാന്യഭക്തിചിഹ്നങ്ങളാം. 32
ഈമട്ടു കാമലോഭാദിയെ വെന്നതി-
പ്രേമത്തൊടും ഭഗവാൻ വാസുദേവനിൽ
ഭക്തിഭവിക്കിലതു പരിപാകത്തി-
ലുത്കടമാകും രതിയായുറച്ചിടും. 33
നിസ്തുലമാകും ഭഗവദ്ഗുണങ്ങളും
പൃഥ്വിയിലന്നന്നവതരിച്ചാർന്നിടും
നാനാപരാക്രമകർമ്മങ്ങളും ശ്രവി-
ച്ചാനന്ദരോമാഞ്ചബാഷ്പസമേതനായ്
പാടീടുമെപ്പൊഴുതുച്ചമായ്, ഗദ്ഗദ-
ത്തോടു കരഞ്ഞിടും, നർത്തനംചെയ്തിടും, 34
ഭൂതംപിടിച്ചവനെന്നകണക്കേതു
പോതിൽച്ചിരിക്കും പ്രലപനംചെയ്തിടും
ധ്യാനിക്കുമെപ്പോഴും ജനത്തെ വന്ദിച്ചിടും
മാനസമാത്മാവിൽ നന്നായുറപ്പിച്ചു
പ്രാണനടക്കിശ്ശ്വസിച്ചു കൂടെക്കൂടെ
നാണം വെടിഞ്ഞു, ''ഹരേ! ജഗന്നായകാ!
നാരായണാ! ഭക്തവത്സലാ!'' എന്നുള്ള
പേരുകളെപ്പോഴുറക്കെ വിളിച്ചിടും 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാ പുമാന്മുക്തസമസ്തബന്ധന-
സ്തദ്ഭാവഭാവാനുകൃതാശയാകൃതിഃ
നിർദ്ദഗ്ദ്ധബീജാനുശയോ മഹീയസാ
ഭക്തിപ്രയോഗേണ സമേത്യധോക്ഷജം. 36
അധോക്ഷജാലംഭമിഹാശുഭാത്മനഃ
ശരീരിണഃ സംസൃതിചക്രശാതനം
തദ്ബ്രഹ്മനിർവ്വാണസുഖം വിദുർബ്ബുധാ-
സ്തതോ ഭജധ്വം ഹൃദയേ ഹൃദീശ്വരം. 37
കോഽതിപ്രയാസോഽസുരബാലകാ, ഹരേ-
രുപാസനേ സ്വേ ഹൃദി ഛിദ്രവത് സതഃ
സ്വസ്യാത്മനഃ സഖ്യുരശേഷദേഹിനാം
സാമാന്യതഃ കിം വിഷയോപപാദനൈഃ. 38
രായഃ കളത്രം പശവഃ സുതാദയോ
ഗൃഹാ മഹീ കുഞ്ജരകോശഭൂതയഃ
സർവ്വേഽർത്ഥകാമാഃ ക്ഷണഭംഗുരായുഷഃ
കുർവ്വന്തി മർത്ത്യസ്യ കിയത് പ്രിയം ചലാഃ. 39
ഏവം ഹി ലോകാഃ ക്രതുഭിഃ കൃതാ അമീ
ക്ഷയിഷ്ണവഃ സാതിശയാ ന നിർമ്മലാഃ
തസ്മാദദൃഷ്ടശ്രുതദൂഷണം പരം
ഭക്ത്യൈകയേശം ഭജതാത്മലബ്ധയേ. 40
*യദധ്യർത്ഥ്യേഹ കർമ്മാണി വിദ്വന്മാന്യസകൃന്നരഃ
കരോത്യതോ വിപര്യാസമമോഘം വിന്ദതേ ഫലം. 41
സുഖായ ദുഃഖമോക്ഷായ സങ്കല്പ ഇഹ കർമ്മിണഃ
സദാഽഽപ്നോതീഹയാ ദുഃഖമനീഹായാഃ സുഖാവൃതഃ. 42
കാമാൻ കാമയതേ കാമ്യൈര്യദർത്ഥമിഹ പൂരുഷഃ
സ വൈ ദേഹസ്തു പാരക്യോ ഭംഗുരോ യാത്യുപൈതി ച. 43
കിമു വ്യവഹിതാപത്യദാരാഗാരധനാദയഃ
രാജ്യം കോശഗജാമാത്യഭൃത്യാപ്താ മമതാസ്പദാഃ. 44
കിമേതൈരാത്മനസ്തുച്ഛൈഃ സഹ ദേഹേന നശ്വരൈഃ
അനർത്ഥൈരർത്ഥസങ്കാശൈർന്നിത്യാനന്ദമഹോദധേഃ. 45
നിരൂപ്യതാമിഹ സ്വാർത്ഥഃ കിയാന്ദേഹഭൃതോഽസുരാഃ
നിഷേകാദിഷ്വവസ്ഥാസു ക്ലിശ്യമാനസ്യ കർമ്മഭിഃ. 46
കർമ്മാണ്യാരഭതേ ദേഹീ ദേഹേനാത്മാനുവർത്തിനാ
കർമ്മഭിസ്തനുതേ ദേഹമുഭയം ത്വവിവേകതഃ. 47
തസ്മാദർത്ഥാശ്ച കാമാശ്ച ധർമ്മാശ്ച യദപാശ്രയാഃ
ഭജതാനീഹയാഽഽത്മാനമനീഹം ഹരിമീശ്വരം. 48
സർവ്വേഷാമപി ഭൂതാനാം ഹരിരാത്മേശ്വരഃ പ്രിയഃ
ഭൂതൈർമ്മഹദ്ഭിഃ സ്വകൃതൈഃ കൃതാനാം ജീവസംജ്ഞിതഃ. 49
ദേവോഽസുരോ മനുഷ്യോ വാ യക്ഷോ ഗന്ധർവ്വ ഏവ ച
ഭജൻ മുകുന്ദചരണം സ്വസ്തിമാൻ സ്യാദ്യഥാ വയം. 50
നാലം ദ്വിജത്വം ദേവത്വമൃഷിത്വം വാഽസുരാത്മജാഃ
പ്രീണനായ മുകുന്ദസ്യ ന വൃത്തം ന ബഹുജ്ഞതാ. 51
ന ദാനം ന തപോ നേജ്യാ ന ശൗചം ന വ്രതാനി ച
പ്രീയതേഽമലയാ ഭക്ത്യാ ഹരിരന്യദ്വിഡംബനം. 52
തതോ ഹരൗ ഭഗവതി ഭക്തിം കുരുത ദാനവാഃ
ആത്മൗപമ്യേന സർവ്വത്ര സർവ്വഭൂതാത്മനീശ്വരേ. 53

* 'യദർത്ഥ ഇഹ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോൾ പുമാൻ സർവ്വബന്ധവിമുക്തനായ്
തദ്ഭാവഭാവനം മുററുകമൂലമായ്
തദ്രൂപവും തദീയാശയവുംപൂണ്ടു
വിദ്രുതമജ്ഞാനവും വാസനാളിയും
അക്ഷയഭക്തിയോഗത്താലൊഴിവാക്കി
അച്യുതദേവനെ പ്രാപിച്ചിടുന്നിതേ. 36
പാരിലശുഭാശയരാം നരക്ക സം-
സാരവിനാശനമായിരിക്കുന്നതു
നാരായണസ്പർശമാണതിനെബ്ബുധ-
രോരുന്നിതേ ബ്രഹ്മനിർവ്വാണസൗഖ്യമായ്.
എന്നതിനാൽ, ഹൃദയത്തിലെല്ലാവരും
നന്നായ് ഹൃദയേശ്വരനെബ്ഭജിക്കുവിൻ. 37
ദാനവബാലരേ! സ്വന്തം ഹൃദയത്തിൽ
വാനംകണക്കിൽ സ്ഥിതനായനാരതം
ദേഹികൾക്കെല്ലാം സഖാവുമാത്മാവുമാം
ശ്രീഹരിയെശ്ശരിയായുപാസിക്കുവാൻ 38
വല്ലതും പാടോ? വിഷയപദാർത്ഥങ്ങ-
ളെല്ലാം ചരതിപ്പതിൽ ഫലമെന്തുവാൻ?
പുത്രകളത്രാദി, ഗോക്കൾ, ധനം, മഹി,
പത്തനം, കോശങ്ങൾ, കുഞ്ജരശാലകൾ
ഭൂതികളും ചഞ്ചലങ്ങളാകും മററു-
ഭൗതികകാമാർത്ഥപൂരവുമാകവേ
എത്രമാത്രം, ക്ഷണഭംഗുരരായുസ്സായ
മർത്ത്യനിഷ്ടം ചെയ്യുമെന്നു ചിന്തിക്കുവിൻ! 39
ഇക്കണക്കിൽത്താൻ ക്രതുക്കളാൽ നേടുമാ-
സ്വർഗ്ഗലോകങ്ങളും നശ്യങ്ങൾതാൻ ദൃഢം.
മുററുമതിശയസംയുക്തമാമതു-
മൊട്ടും വിശുദ്ധങ്ങളല്ല സഖാക്കളേ!
ആയതിനാൽ നമ്മൾ കാണ്മതും കേൾപ്പതു-
മായ ദോഷങ്ങളിൽനിന്നു വിമുക്തനാം
ഈശനെയാത്മലാഭാർത്ഥം ഫലകാംക്ഷ
ലേശമെന്യേ ഭക്തിപൂർവ്വം ഭജിക്കുവിൻ. 40
സന്ദേഹമെന്നിയേതൊന്നിനായ് പണ്ഡിത-
മ്മന്യർ ചെയ്യുന്ന കർമ്മങ്ങൾ പലപ്പൊഴും
നേരേ വിപരീതമായപ്പൊഴൊക്കെയും
ചേരുന്നു തത്ഫലമെന്നു കാണുന്നു നാം. 41
സൗഖ്യലാഭത്തിനും ദുഃഖനിവൃത്തിക്കു-
മായിട്ടൊണ്ടു കർമ്മങ്ങൾ ചെയ്യുന്ന ലൗകികൻ.
നിർഭരം ദുഃഖമാം തത്ഫലം, കർമ്മങ്ങ-
ളെപ്പോൾ വിടുമപ്പൊഴേ സുഖം കിട്ടിടൂ. 42
ഏതൊന്നിനായ്ക്കാമ്യകർമ്മങ്ങളാൽപ്പുമാൻ
സാദരം കാമങ്ങൾ കാമിച്ചിടുന്നുവോ,
അത്തനു ഭംഗുരവും പരകീയവും
നിത്യം വരുന്നതും പോവതുംതന്നെയാം. 43
ഞാനെന്നു ഭാവിച്ചിരുന്നീടുമിത്തനു
താനും പരകീയമെന്നിരുന്നീടവേ,
ആവൃതമായുമകന്നുമിരുന്നിടും
കേവലം പുത്രകളത്രധനങ്ങളും
പത്തനരാജ്യഭണ്ഡാരഗജാദിയു-
മാപ്തസുഹൃത്തുക്കൾ മന്ത്രിമാർ ഭൃത്യരും
ധന്യവസ്തുക്കളും ബാന്ധവവൃന്ദവും
പിന്നെപ്പരകീയമെന്നു ചൊല്ലേണമോ? 44
തുച്ഛങ്ങളായ് ശരീരത്തിനോടൊത്തുതാൻ
നശ്യങ്ങളുമായനർത്ഥകരങ്ങളായ്
സാർത്ഥങ്ങളെന്നു തോന്നിക്കുന്നതാകുമീ
വസ്തുക്കളെക്കൊണ്ടു ചിന്തിച്ചുനോക്കിയാൽ
നിത്യശുദ്ധാനന്ദവാരാന്നിധിയായി
വർത്തിക്കുമാത്മാവിനെന്താം പ്രയോജനം? 45
ദൈത്യകിശോരരേ! നിങ്ങൾ ശരീരിതൻ-
സ്വാർത്ഥത്തിനെപ്പററിയൊന്നു ചിന്തിക്കുവിൻ!
താതവീര്യത്തോടുചേർന്നു ഗർഭസ്ഥനായ്
ഭൂതലമാർന്നു വളർന്നു ഗൃഹസ്ഥനായ്
സ്വാർത്ഥലാഭത്തിനു കർമ്മപ്രസക്തനായ്
പട്ടടപൂകുന്നനാൾവരെയാന്നിടും
കഷ്ടതകൾക്കൊരറുതിയുണ്ടോ? പിന്നെ-
യൊട്ടൊരു തൃപ്തിയോ തുഷ്ടിയോ കിട്ടുമോ? 46
ആത്മാനുവർത്തിയാം ദേഹത്തിനാൽ ദേഹി
കർമ്മമാരംഭിച്ചിടുന്നതുമൂലമായ്
വീണ്ടുമാർജ്ജിക്കുന്നു ദേഹ,മെന്നാലിതു-
രണ്ടിനുമജ്ഞാനമൊന്നാണു കാരണം. 47
ആകയാൽ കാമാർത്ഥധർമ്മത്രയത്തിനു-
മേകാശ്രയനായ് പ്രവൃത്തിനിവൃത്തനായ്
സർവാത്മകനാം ഹരിയെബ്ഭജിക്കുവിൻ
സർവദാ നിങ്ങൾ ഫലകാംക്ഷയെന്നിയേ. 48
തന്നാൽ കൃതമാം മഹാഭൂതസഞ്ചയം-
തന്നാൽ വിനിർമ്മിതം സർവഭൂതത്തിനും
ജീവാഖ്യനാകുമാത്മാവും സുഹൃത്തുമാ-
ശ്രീവാസുദേവൻ ഭഗവാനൊരുത്തനാം. 49
ദേവാസുരരോ, മനുഷ്യരോ, യക്ഷരോ,
കേവലം ഗന്ധർവ്വകിന്നരവർഗ്ഗമോ,
ആരു ഭജിക്കിലും നമ്മളെപ്പോലെതാ-
നോരുംവിധമെഴും സ്വാസ്ഥ്യം കൈവന്നിടും. 50
വാനവത്വം ബ്രാഹ്മണത്വമൃഷിത്വവും
ദാനതപോയജ്ഞശൗചവ്രതാദിയും
ജ്ഞാനവുമൊന്നും ഹരിപ്രീണനത്തിനു
ദാനവരേ! മതിയായതല്ലേതുമേ.
ശുദ്ധമായീടുന്ന ഭക്തികൊണ്ടെന്നിയേ
ദൈത്യാരിദേവൻ പ്രസന്നനാകാ ദൃഢം. 51-52
ആകയാൽ നിങ്ങളഖിലസ്വരൂപനായ്
വൈകുണ്ഠവാസിയായീടും ഭഗവാനിൽ
നിത്യവുമാത്മസമാനഭാവത്തോടു
യുക്തമാം ഭക്തിയാർന്നീടുവിൻ തോഴരേ! 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൈതേയാ യക്ഷരക്ഷാംസി സ്ത്രിയഃ ശൂദ്രാ വ്രജൗകസഃ
ഖഗാ മൃഗാഃ പാപജീവാഃ സന്തി ഹ്യച്യുതതാം ഗതാഃ. 54
ഏതാവാനേവ ലോകേഽസ്മിൻ പുംസഃ സ്വാർത്ഥഃ പരഃ സ്മൃതഃ
ഏകാന്തഭക്തിർഗ്ഗോവിന്ദേ യത്സർവ്വത്ര തദീക്ഷണം. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ളാദാനുചരിതേ ദൈത്യപുത്രാനുശാസനം നാമ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

നാരദ ഉവാച

അഥ ദൈത്യസുതാഃ സർവ്വേ ശ്രുത്വാ തദനുവർണ്ണിതം
ജഗൃഹുർന്നിരവദ്യത്വാന്നൈവ ഗുർവ്വനുശിക്ഷിതം. 1
അഥാചാര്യസുതസ്തേഷാം ബുദ്ധിമേകാന്തസംസ്ഥിതാം
ആലക്ഷ്യ ഭീതസ്ത്വരിതോ രാജ്ഞ ആവേദയദ്യഥാ. 2
ശ്രുത്വാ തദപ്രിയം ദൈത്യോ ദുഃസഹം തനയാനയം
കോപാവേശചലദ്ഗാത്രഃ പുത്രം ഹന്തും മനോ ദധേ. 3
ക്ഷിപ്ത്വാ പരുഷയാ വാചാ പ്രഹ്ളാദമതദർഹണം
ആഹേക്ഷമാണഃ പാപേന തിരശ്ചീനേന ചക്ഷുഷാ. 4
പ്രശ്രയാവനതം ദാന്തം ബദ്ധാഞ്ജലിമവസ്ഥിതം
സർപ്പഃ പദാഹത ഇവ ശ്വസൻ പ്രകൃതിദാരുണഃ. 5
''ഹേ ദുർവ്വിനീത! മന്ദാത്മൻ! കുലഭേദകരാധമ!
സ്തബ്ധം മച്ഛാസനോദ്ധൃതം നേഷ്യേ ത്വാദ്യ യമക്ഷയം. 6
ക്രുദ്ധസ്യ യസ്യ കമ്പന്തേ ത്രയോ ലോകാഃ സഹേശ്വരാഃ
തസ്യ മേഽഭീതവന്മൂഢ ശാസനം കിംബലോഽത്യഗാഃ'' 7

പ്രഹ്ളാദ ഉവാച

ന കേവലം മേ ഭവതശ്ച രാജൻ!
സ വൈ ബലം ബലിനാം ചാപരേഷാം
പരേഽവരേഽമീ സ്ഥിരജങ്ഗമാ യേ
ബ്രഹ്മാദയോ യേന വശം പ്രണീതാഃ. 8
സ ഈശ്വരഃ കാല ഉരുക്രമോഽസാ-
വോജഃസഹഃസത്ത്വബലേന്ദ്രിയാത്മാ
സ ഏവ വിശ്വം പരമഃ സ്വശക്തിഭിഃ
സൃജത്യവത്യത്തി ഗുണത്രയേശഃ. 9
ജഹ്യാസുരം ഭാവമിമം ത്വമാത്മനഃ
സമം മനോ ധത്സ്വ ന സന്തി വിദ്വിഷഃ
ഋതേഽജിതാദാത്മന ഉത്പഥസ്ഥിതാത്
തദ്ധി ഹ്യനന്തസ്യ മഹത് സമർഹണം. 10
ദസ്യൂൻ പുരാ ഷണ്ണവിജിത്യ ലുമ്പതോ
മന്യന്ത ഏകേ സ്വജിതാ ദിശോ ദശ
ജിതാത്മനോജ്ഞസ്യ സമസ്യ ദേഹിനാം
സാധോഃ സ്വമോഹപ്രഭവാഃ കുതഃ പരേ. 11

ഹിരണ്യകശിപുരുവാച

''വ്യക്തം ത്വം മർത്തുകാമോഽസി യോഽതിമാത്രം വികത്ഥസേ,
മുമൂർഷൂണാം ഹി മന്ദാത്മൻ! നനു സ്യുർവിക്ലവാ ഗിരഃ. 12
യസ്ത്വയാ മന്ദഭാഗ്യോക്തോ മദന്യോ ജഗദീശ്വരഃ
ക്വാസൗ യദി സ സർവ്വത്ര കസ്മാത് സ്തംഭേ ന ദൃശ്യതേ? 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യക്ഷരും ഗോപരും രാക്ഷസവൃന്ദവും
പക്ഷിമൃഗങ്ങളും സ്ത്രീകളും ശൂദ്രരും

ദൈത്യരുമീവിധമെത്രയോ പാപികൾ
ഭക്തിയാൽ ചേർന്നിരിക്കുന്നു ഭഗവാനിൽ. 54

ശ്രീകൃഷ്ണദേവനിലേകാന്തഭക്തിയും
സർവത്ര തദ്ദർശനമതും മാത്രമാം

തക്കമില്ലിങ്ങു പുമാനു സാധിക്കേണ്ട
മുഖ്യാർത്ഥമെന്നു പരക്കെസ്സസമ്മതം.'' 55

അദ്ധ്യായം 8

പ്രഹ്ലാദചരിതം—തുടർച്ച—ഹിരണ്യവധം

നാരദൻ പറഞ്ഞു

പ്രഹ്ലാദനിങ്ങനെ ചൊല്ലിയ വാക്കുക-
ളാഹ്ലാദപൂർവം ശ്രവിച്ചു ദൈത്യാത്മജർ

നിർദ്ദോഷമാകയാലങ്ഗീകരിച്ചുട-
നദ്ദേശികോക്തിയിലശ്രദ്ധരായിതേ. 1

ഏകനാകും പരമാത്മാവിലശ്ശിഷ്യ-
രാകെയൊരുപോൽ മനമുറപ്പിച്ചതു

കണ്ടു ശുക്രാചാര്യപുത്രർ ഭയന്നുട-
നിണ്ടലോടും ചെന്നറിയിച്ചു ഭൂപനെ. 2

ദുസ്സഹമായതിവിപ്രിയമായിടു-
മസ്സുതദുർന്നയം കേട്ടു കോപത്തിനാൽ

ദേഹമശേഷം വിറച്ചുടൻ പുത്രനെ-
സ്സംഹരിപ്പാനുറച്ചാൻ ദനുജാധിപൻ. 3

ദാന്തനായ് വീണു നമസ്കരിച്ചഞ്ജലി-
ബന്ധിച്ചു നില്ക്കുമപ്രഹ്ലാദബാലനെ

ഉഗ്രരോഷത്തിനാൽ വക്രമാമക്ഷിയാൽ
നോക്കിയതിന്നർഹനല്ലെന്നിരിക്കിലും,

പാരുഷ്യമായ് പരം ഭർത്സനംചെയ്തുടൻ
കേറിച്ചവുട്ടിയ പാമ്പെന്നപോലവേ,

ചീറിസ്സ്വതേതാൻ ഭയാനകനാകമാ-
വീരാഗ്രിമൻ ശ്വസിച്ചീവിധമോതിനാൻ. 4–5

''ഹേ ദുർവിനീതാ! കുലനാശകാധമാ!
ബോധഹീനാ! മമ കല്പന ലംഘിച്ചു

ധിക്കാരിയായിട്ടും നിന്നെ ഞാനിക്ഷണ-
മർക്കാത്മജന്റെ പുരത്തിലയയ്ക്കുവൻ. 6

മൂഢാ! മമ നേത്രമല്പം ചുവക്കുകിൽ
പാടേ ത്രിലോകം സപാലകം ഭീതിയാൽ

പാരം വിറയ്ക്കുവേ, നിർഭയൻമട്ടിലി-
ങ്ങാരുടെ ശക്തികണ്ടെന്നാജ്ഞ തള്ളി നീ?'' 7

പ്രഹ്ലാദൻ പറഞ്ഞു

മന്നവാ! തൻ മഹിമാവിനാൽ ബ്രഹ്മാദി-
വിണ്ണവരേയും ചരാചരയുക്തമാം

ഇത്ത്രിലോകത്തെയും സ്വാധീനമാക്കീട്ടു-
വർത്തിപ്പതാരവനാണെനിക്കാശ്രയം.

അങ്ങേയ്ക്കുമന്യബലികൾക്കുമാക്കുമാ-
മങ്ഗലാത്മാവാണു നിത്യാവലംബനം. 8

മൂവടിയാലെ മുപ്പാരുമടക്കിയോ-
രാവിഭു കാലം മനശ്ശക്തിയോജസ്സു

ധൈര്യബലേന്ദ്രിയങ്ങൾക്കും നിധാനമാം
പാരിതവൻ തീർത്തു കാത്തഴിക്കുന്നിതേ. 9

ഹേ വീരമൗലേ! വെടിഞ്ഞാലുമാസുര-
ഭാവമി,തന്തരങ്ഗം സമമാക്കുക.

പദ്ധതി തെററിച്ചരിക്കുമജയ്യമാം
ചിത്തമാണങ്ങേരിപു,വന്യനല്ല കേൾ.

മുററും മനസ്സിൻ സമീകരണംതന്നെ-
യേററവും മുഖ്യമായീടുമീശാർച്ചനം. 10

ആദ്യമേ,തന്നേയപഹരിച്ചീടുമ-
ശ്ശത്രുഷൾക്കത്തെജ്ജയിക്കാതഹോ ചിലർ

പത്തുദിക്കും ജയിച്ചെന്നു നിനയ്ക്കുന്നു;
ചിത്തം ജയിച്ചു സകലഭൂതത്തെയും

തുല്യമായ്ക്കാണുന്ന സാധുവിന്നിപ്പാരി-
ലില്ല നിജാജ്ഞാനജാതരാം വൈരികൾ. 11

ഹിരണ്യകശിപു പറഞ്ഞു

''മൃത്യുവിനെത്താൻ കൊതിക്കുന്നു നീ ദുഢ-
മത്രയ്ക്കു മൂത്തുപോയ് നിന്റെ വികത്ഥനം.

മന്ദമതേ! മരിക്കാനൊരുങ്ങുന്നവൻ-
തന്നുടെ വാക്കനയോജ്യമായ് വന്നിടാ. 12

ഭാഗ്യഹീനാ! നീ കഥിച്ചതെ,ന്തെന്നിലും
മുഖ്യനായുണ്ടൊരീശൻ നിനക്കെന്നതോ?

എങ്ങവൻ? സർവ്വത്ര കാണുമെന്നാകിലു-
ത്തുംഗമാമിത്തൂണിലില്ലാത്തതെന്തെടാ?''

അപ്പൊഴസ്തംഭത്തിൽ നോക്കി നമിച്ചുകൊ-
''ണ്ടപ്രഭുവുണ്ടതി''ലെന്നു ചൊന്നാൻ
സുതൻ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോ$\prime$ഹം വികത്ഥമാനസ്യ ശിരഃ കായാദ്ധരാമി തേ
ഗോപായേത ഹരിസ്ത്വാദ്യ യസ്തേ ശരണമീപ്സിതം.'' 14

ഏവം ദുരുക്തൈർമുഹുരർദ്ദയൻ രുഷാ
സുതം മഹാഭാഗവതം മഹാസുരഃ
ഖഡ്ഗം പ്രഗൃഹ്യോത്പതിതോ വരാസനാത്
സ്തംഭം തതാഡാതിബലഃ സ്വമുഷ്ടിനാ. 15

തദൈവ തസ്മിൻ നിനദോ$\prime$തിഭീഷണോ
ബഭൂവ യേനാണ്ഡകടാഹമസ്ഫുടത്
യം വൈ സ്വധിഷ്ണ്യോപഗതം ത്വജാദയഃ
ശ്രുത്വാ സ്വധാമാത്യയമംഗ മേനിരേ. 16

സ വിക്രമൻ പുത്രവധേപ്സുരോജസാ
നിശമ്യ നിർഹ്രാദമപൂർവ്വമദ്ഭുതം
അന്തഃസഭായാം ന ദദർശ തത്പദം
വിതത്രസുര്യേന സുരാരിയൂഥപാഃ. 17

സത്യം വിധാതും നിജഭൃത്യഭാഷിതം
വ്യാപ്തിം ച ഭൂതേഷ്വഖിലേഷു ചാത്മനഃ
അദൃശ്യതാത്യദ്ഭുതരൂപമുദ്വഹൻ
സ്തംഭേ സഭായാം ന മൃഗം ന മാനുഷം. 18

സ സത്ത്വമേനം പരിതോ$\prime$പി പശ്യൻ
സ്തംഭസ്യ മധ്യാദനു നിർജ്ജിഹാനം
നായം മൃഗോ നാപി നരോ വിചിത്ര-
മഹോ കിമേതന്നൃമൃഗേന്ദ്രരൂപം. 19

മീമാംസമാനസ്യ സമുത്ഥിതോ$\prime$ഗ്രതോ
നൃസിംഹരൂപസ്തദലം ഭയാനകം
പ്രതപ്തചാമീകരചണ്ഡലോചനം
സ്ഫുരത്സടാകേസരജൃംഭിതാനനം. 20

കരാളദംഷ്ട്രം കരവാളചഞ്ചല-
ക്ഷുരാന്തജിഹ്വം ഭ്രുകുടീമുഖോല്ബണം
സ്തബ്ധോർദ്ധ്വകർണ്ണം ഗിരികന്ദരാദ്ഭുത-
വ്യാത്താസ്യനാസം ഹനുഭേദഭീഷണം. 21

ദിവിസ്പൃശത്കായമദീർഘപീവര-
ഗ്രീവോരുവക്ഷഃസ്ഥലമല്പമധ്യമം
ചന്ദ്രാംശുഗൗരൈശ്ഛുരിതം തനൂരുഹൈ-
ർവ്വിഷ്വഗ്ഭുജാനീകശതം നഖായുധം. 22

ദുരാസദം സർവ്വനിജേതരായുധ-
പ്രവേകവിദ്രാവിതദൈത്യദാനവം
''പ്രായേണ മേ$\prime$യം ഹരിണോരുമായിനാ
വധഃ സ്മൃതോ$\prime$നേന സമുദ്യതേന കിം!'' 23

ഏവം ബ്രുവംസ്ത്വഭ്യപതദ്ഗദായുധോ
നദൻ നൃസിംഹംപ്രതി ദൈത്യകുഞ്ജരഃ
അലക്ഷിതോ$\prime$ഗ്നൗ പതിതഃ പതംഗമോ
യഥാ നൃസിംഹൗജസി സോ$\prime$സുരസ്തദാ. 24

ന തദ്വിചിത്രം ഖലു സത്ത്വധാമനി
സ്വതേജസാ യോ നു പുരാ$\prime$പിബത് തമഃ
തതോ$\prime$ഭിപദ്യാഭ്യഹനന്മഹാസുരോ
രുഷാ നൃസിംഹം ഗദയോരുവേഗയാ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''നേരേവിപരീതമോതിടും നിൻശിര-
സ്സാരാലരിഞ്ഞു നിലത്തിടുന്നുണ്ടു ഞാൻ.

കാണട്ടെ നിന്നിഷ്ടനായിരിക്കും ഹരി-
താനിവിടെത്തി രക്ഷിക്കട്ടെയിക്ഷണം.'' 14

ദുഷ്ടനായിങ്ങിനെ ദുർവ്വചനങ്ങളാൽ
ദൈത്യാരിഭക്തനായീടുമപ്പുത്രനെ

പിന്നെയും പിന്നെയും പീഡനംചെയ്തുകൊ-
ണ്ടുന്നതനാമദ്ദനുജകുലാധിപൻ

ക്ഷിപ്രമസിയാന്നു സിംഹാസനത്തിൽനി-
ന്നുത്പതിച്ചത്തൂണിലൊന്നിടിച്ചീടിനാൻ. 15

അപ്പോളതിൽനിന്നൊരു മഹാഭീകര-
ശബ്ദമുണ്ടാ,യതിൻ മാററൊലിയക്ഷണം

ബ്രഹ്മാണ്ഡവും തകർത്തങ്ങും പരക്കയാൽ
ബ്രഹ്മാദ്യർ തത്സ്ഥാനനാശഭീയാന്നിതു. 16

മുമ്പു കേൾക്കാത്തതായദ്ഭുതഹേതുവായ്
ഗംഭീരമാമീയലർച്ച കേട്ടിട്ടുമേ

സംഭ്രമിച്ചീടാതെ പുത്രവധേച്ഛുവാം
ജംഭാരിവൈരി വിജൃംഭിതൗജസ്സോടും

വിക്രമത്തെ പ്രദർശിപ്പിച്ചുടൻ സഭ-
യൊക്കെയതെങ്ങെന്നു നോക്കിനാൻ നിഷ്ഫലം.

എന്നാലവന്റെ സേനാധിപർ നിശ്ചലം
നിന്നതേയുള്ളു വളരും ഭയത്തിനാൽ. 17

നരസിംഹാവതാരം

ഭൃത്യന്റെ വാക്യവും സർവ്വഭൂതത്തിലും
വർത്തിച്ചിടുന്നുണ്ടു താനെന്നകാര്യവും

സത്യമാക്കിത്തീർക്കുവാൻ ഭഗവാൻ ഹരി
മർത്ത്യനല്ലെന്നാൽ മൃഗവുമല്ലത്തരം

അത്യദ്ഭുതകരരൂപം ധരിച്ചുകൊ-
ണ്ടത്തൂണിൽനിന്നുടൻ പ്രത്യക്ഷനായിതേ. 18

സംഭ്രമത്തോടവൻ ചുററിനും നോക്കവേ
സ്തംഭംപിളന്നു പുറപ്പെട്ട ജന്തുവേ

പാ,''ത്തെന്തിതു മൃഗമല്ല നരനുമ-
ല്ലെത്ര വിചിത്രം നരസിംഹരൂപമോ?'' 19

ഈമട്ടു ചിന്തിച്ചു നിന്നീടുമീദ്ദാരി-
തൻമുമ്പിലാവിർഭവിച്ചു നൃസിംഹവും.

ചുട്ടുപഴുപ്പിച്ച പൊന്നുപോലുജ്ജ്വലദ്ദു-
ദൃഷ്ടികൾ മിന്നിസ്ഫുടകരം ചിന്നും മുഖം 20

കത്തിവായ്പ്പോത്തതിതീക്ഷ്ണമായ്
ഖഡ്ഗത്തി-
നൊത്തിളകുന്ന നാ,ക്കുഗ്രമാം ദംഷ്ട്രകൾ,

വക്ത്രം ഭയങ്കരമാക്കിടും ഭ്രുകുടി
സ്തബ്ധോർദ്ധ്വകർണ്ണങ്ങൾ, ഗഹ്വരതുല്യമായ്

വിസ്തൃതമാം മുഖനാസാവിവരങ്ങൾ
ശ്രോത്രാന്തമായ് ഘോരമായകോവായകം, 21

വാനത്തുമുട്ടും ശരീരം, കുറുകിയ
പീനകണ്ഠം, സുവിശാലവക്ഷഃസ്ഥലം

അല്പമാം മദ്ധ്യം, നിശാകരരശ്മിപോൽ
ശുഭ്രമാം രോമങ്ങൾ, ചുററിനും വ്യാപ്തമാം

എണ്ണമററുള്ള കരങ്ങളുമായവ-
തന്നിൽ വിളങ്ങും നഖരായുധങ്ങളും, 22

ഒത്തു തൻ ശംഖചക്രാദ്യായുധങ്ങളും
വൃത്രാരിതൊട്ടവർതന്നായുധങ്ങളും

കൈക്കൊണ്ടു ദൈത്യരെയാകെയോടിച്ചവൻ-
നേക്കെപ്പ് ഭയങ്കരമൂർത്തി തിരിയവേ

മായാപ്രയോഗസമർത്ഥൻ, ''സ്വഭ്രുവിൽനി-
ന്നായിടാമെൻമൃതി,യെന്തതി''
ലെന്നോതി; 23

അന്നൃസിംഹത്തിന്റെ നേർക്കു ചാടിഗ്ഗദ-
യാന്നൊന്നലറിയിട്ടദ്ദൈത്യകുഞ്ജരൻ.

വഹ്നിയിൽ വീണൊരു പാററകണക്കടൻ
നിഹ്നുതനായാൻ നൃസിംഹതേജസ്സിനാൽ.

കണ്ടില്ലവനെക്കുറച്ചുനേരത്തേക്കു;
വേണ്ട ചെറുതുമിതിലാശ്ചര്യമദ്ഭുതം.

പണ്ടു തൻ തേജസ്സിനാൽ തമസ്സാകവേ-
യുണ്ടോരു സത്ത്വാശ്രയൻതന്നെയാണിവൻ.

ഹുംകൃതിയോടന്നരസിംഹമൂർത്തിയെ-
ത്തൻഗദകൊണ്ടു പിന്നൊന്നടിച്ചാനവൻ. 24-25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം വിക്രമന്തം സഗദം ഗദാധരോ
മഹോരഗം താർക്ഷ്യസുതോ യഥാഗ്രഹീത്
സ തസ്യ ഹസ്തോത്കലിതസ്തദാസുരോ
വിക്രീഡതോ യദ്വദഹിർഗ്ഗരുത്മതഃ. 26

അസാധ്വമന്യന്ത ഹൃതൌകസോऽമരാ
ഘനച്ഛദാ, ഭാരത, സർവ്വധിഷ്ണ്യപാഃ
തം മന്യമാനോ നിജവീര്യശങ്കിതം
യദ്ധസ്തമുക്തോ നൃഹരിം മഹാസുരഃ.
പുനസ്തമാസജ്ജത ഖഡ്ഗചർമ്മണീ
പ്രഗൃഹ്യ വേഗേന ജിതശ്രമോ മൃധേ. 27

തം ശ്യേനവേഗം ശതചന്ദ്രവർത്മഭി-
ശ്ചരന്തമച്ഛിദ്രമുപര്യധോ ഹരിഃ
കൃത്വാട്ടഹാസം ഖരമുത്സ്വനോല്ബണം
നിമീലിതാക്ഷം ജഗൃഹേ മഹാജവഃ. 28

വിഷ്വക് സ്ഫുരന്തം ഗ്രഹണാതുരം ഹരി-
ർവ്യാളോ യഥാऽऽഖും കുലിശാക്ഷതത്വചം
ദ്വാര്യൂര ആപാത്യ ദദാര ലീലയാ
നഖൈര്യഥാഹിം ഗരുഡോ മഹാവിഷം. 29

സംരംഭദുഷ്പ്രേക്ഷ്യകരാളലോചനോ
വ്യാത്താനനാന്തം വിലിഹൻ സ്വജിഹ്വയാ
അസൃഗ്ലവാക്താരുണകേസരാനനോ
യഥാന്ത്രമാലീ ദ്വിപഹത്യയാ ഹരിഃ. 30

നഖാങ്കുരോത്പാടിതഹൃത്സരോരുഹം
വിസൃജ്യ തസ്യാനുചരാനുദായുധാൻ
അഹൻ സമസ്താന്നഖശസ്ത്രപാർഷ്ണിഭി-
ർദ്ദോർദ്ദണ്ഡയൂഥോऽനുപഥാൻ സഹസ്രശഃ. 31

സടാവധൂതാ ജലദാഃ പരാപതൻ
ഗ്രഹാശ്ച തദ്ദൃഷ്ടിവിമുഷ്ടരോചിഷഃ
അംഭോധയഃ ശ്വാസഹതാ വിചുക്ഷുഭു-
ർന്നിർഹ്രാദഭീതാ ദിഗിഭാ വിചുക്രുശുഃ. 32

ദ്യൌസ്തത്സടോത്ക്ഷിപ്തവിമാനസങ്കുലാ
പ്രോത്സർപ്പത ക്ഷ്മാ ച പദാതിപീഡിതാ
ശൈലാഃ സമുത്പേതുരമുഷ്യ രംഹസാ
തത്തേജസാ ഖം കകുഭോ ന രേജിരേ. 33

തതഃ സഭായാമുപവിഷ്ടമുത്തമേ
നൃപാസനേ സംഭൃതതേജസം വിഭും
അലക്ഷിതദ്വൈരഥമത്യമർഷണം
പ്രചണ്ഡവക്ത്രം ന ബഭാജ കശ്ചന. 34

നിശമ്യ ലോകത്രയമസ്തകജ്വരം
തമാദിദൈത്യം ഹരിണാ ഹതം മൃധേ
പ്രഹർഷവേഗോത്കലിതാനനാ മുഹുഃ
പ്രസൂനവർഷൈർവവൃഷുഃ സുരസ്ത്രിയഃ. 35

തദാ വിമാനാവലിഭിർന്നഭസ്തലം
ദിദൃക്ഷതാം സങ്കുലമാസ നാകിനാം
സുരാനകാ ദുന്ദുഭയോऽഥ ജഘ്നിരേ
ഗന്ധർവ്വമുഖ്യാ നനൃതുർജ്ജഗുഃ സ്ത്രിയഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിക്രമിയായിഗ്ഗദയും വഹിച്ചങ്ങു
നില്ക്കും ഹിരണ്യകശിപുവിനെ ദ്രുതം

സാക്ഷാൽ ഗദാധാരിയങ്ങു പിടിച്ചിതേ,
താർക്ഷ്യൻ മഹാഭുജഗത്തിനെയെന്നപോൽ.

അക്ഷണം ഹസ്തത്തിൽനിന്നവൻ ചാടിനാൻ
പക്ഷിരാജൻ കളിപ്പിക്കുന്ന പാമ്പുപോൽ. 26

സ്ഥാനവിഭ്രഷ്ടരായന്തരിക്ഷത്തിൽ വി-
മാനങ്ങളിൽ വന്നു മേഘാവൃതാങ്ഗരായ്

യുദ്ധമിതു കണ്ടുനില്ക്കുമിന്ദ്രാദികൾ
ഹസ്തമുക്തൻ ദൈത്യനെന്നതു കാൺകയാൽ

ശങ്കാകുലരായശോഭനമെന്നുതാൻ
സങ്കടപ്പെട്ടു വിചാരിച്ചുഴന്നിതു.

എൻെറ വീര്യത്തിൽ ഹരിശങ്കിതനെന്നു
തൻെറ മനസ്സിൽ കരുതിനാൻ ദൈത്യനും. 27

പിന്നെയും വാളും പരിശയും കൈക്കൊണ്ടു
ചെന്നാൻ ഭഗവാൻെറനേർക്കു പൊടിച്ചവൻ

വാളും പരിശയുംകൊണ്ടു ദേഹം നല്ല-
പോലേ മറച്ചു പഴുതേതുമെന്നിയേ

ശ്യേനവേഗാൽക്കീഴമേലിലും ചുഴവും
ക്ഷീണമെന്യേ ചരിക്കും ദനുജേന്ദ്രനെ

വീണ്ടും കഠിനമായ് ഗംഭീരനിസ്വനം-
കൊണ്ടു ഭയാനകമാമൊരലർച്ചയാൽ

കണ്ണടപ്പിച്ചു ഗതിവേഗമാർന്നിടു-
മന്നൃസിംഹം നിജകയ്യിലാക്കീടിനാൻ. 28

കെല്പാർന്നബാഹുക്കളിലമർന്നേററവും
വിഭ്രമിക്കും, കുലിശാക്ഷതത്വക്കെഴും

ഘോരാസുരാധീശ്വരനെ നൃസിംഹവും
ദ്വാരത്തിൽ മൂഷികനെഫ്ഫണിയെന്ന-
പോൽ

ഊരുവിൽ വീഴ്ത്തി മലർത്തിക്കിടത്തീട്ടു
വീറോടുദരം ഖരനഖരങ്ങളാൽ

ലീലയായ്ക്കീറിനാൻ കാളും വിഷംപെടും
വ്യാളത്തെയാ വിഹഗേശ്വരനെന്നപോൽ. 29

ക്രോധാതിരേകത്തിനാലെ ദുഷ്പ്രേക്ഷ്യവും
ഭീതിപ്രദവുമാം നേത്രയുഗത്തൊടും

നന്നായ്പ്പിളർന്ന വക്ത്രത്തിന്നിടംവലം
തൻ നാവുനീട്ടിക്കടവായ്കൾ നക്കിയും

രക്തലവാക്താരുണകേസരാസ്യനാ-
യക്കുടൽമാല ഗളത്തിലണിഞ്ഞുമേ

ഹസ്തിയെക്കൊന്നുനിന്നീടുമക്കേസരി-
ക്കൊത്തു വിളങ്ങിനാനന്നരകേസരി. 30

ഏത്താം സരോജം നഖരാങ്കുരങ്ങളാൽ
കുത്തിപ്പറിച്ചു മെയ് ദൂരത്തെറിഞ്ഞുടൻ

നീണ്ടുതടിച്ചു മിന്നുന്ന നാനാകര-
ദണ്ഡങ്ങൾ പൂണ്ടു നരഹരിയാം ഹരി

ആയുധം പൊക്കിപ്പിടിച്ചു തന്നോടട-
ക്കായി നിരന്നുനിന്നീടും ബലിഷ്ഠരാം

ദൈത്യാനുചാരികളേയും തഥാ പാർശ്വ-
വർത്തികളേയും സഹസ്രക്കണക്കുടൻ

തന്നഖരാസ്ത്രങ്ങളാൽപ്പിളർന്നും പദ-
ദ്വന്ദ്വങ്ങൾകൊണ്ടു ചവുട്ടിയും കൊന്നിതേ. 31

കൊണ്ടൽക്കുലത്തെസ്സടയാൽച്ചിതറിച്ചു-
കൊണ്ടും ഗ്രഹഭാസ്സടക്കിയുമക്ഷിയാൽ,

അംഭോധിയെശ്വസനത്താൽക്കലക്കിയും,
ഗംഭീരഗർജ്ജനത്താൽ ദിഗ്ഗജങ്ങളെ

ഭീതരാക്കിക്കരയിച്ചും സടോത്ഭൂത-
വാതാഹതികളാലന്തരിക്ഷത്തെയും

വ്യോമയാനാവലിയേയുമിളക്കിയും
ഭൂമിയെക്കാൽവയ്പിനാൽ ഖിന്നയാക്കിയും

അദ്രികളെപ്പതിപ്പിച്ചു,മുടൻ ദിക്കു-
പത്തുമാകാശവുമപ്രഭമാക്കിനാൻ. 32-33

പിന്നെസ്സഭയിൽ നൃവരസിംഹാസനം
തന്നിൽ സ്ഥിതനായലക്ഷിതാരാതിയായ്

അത്യമർഷത്തൊടുമുച്ചണ്ഡവക്ത്രനായ്
നിസ്തുലതേജസ്വിയായ് പ്രശോഭിച്ചിടും

അന്നരസിംഹഭഗവാൻെറ ചാരത്തു
ചെന്നു വന്ദിച്ചതില്ലാരും ഭയത്തിനാൽ. 34

ഇത്ത്രിലോകത്തിനുമൂത്തമാങ്ഗജ്വരം
നിത്യം വളർത്തിയിരുന്ന ദൈത്യേന്ദ്രനെ

പോരിൽ ഭഗവാൻ വധിച്ചെന്നു കേൾക്കയാൽ
സ്മേരാസ്യമാരായ് സുരാങ്ഗനാസഞ്ചയം

ചാരുവിമാനങ്ങളേറിവന്നക്ഷണം
ധാരാളമായ് മലർമാരി ചൊരിഞ്ഞിതേ. 35

ഈ മൂർത്തികാണ്മാനണഞ്ഞ സുരാളിതൻ-
വ്യോമയാനാവലിയാലേ നഭഃസ്ഥലം

സങ്കുലമായുടനാനകദുന്ദുഭീ-
ശംഖാദിദേവവാദ്യങ്ങൾ ഘോഷിച്ചിതു.

ഗന്ധർവ്വർ നർത്തനംചെയ്തിതു, കിന്നരീ-
വൃന്ദം മധുരമായ് ഗാനംതുടർന്നിതു. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്രോപവ്രജ്യ വിബുധാ ബ്രഹ്മേന്ദ്രഗിരിശാദയഃ
ഋഷയഃ പിതരഃ സിദ്ധാ വിദ്യാധരമഹോരഗാഃ 37
മനവഃ പ്രജാനാം പതയോ ഗന്ധർവ്വാപ്സരചാരണാഃ
യക്ഷാഃ കിം പുരുഷാസ്താത വേതാളാഃ സിദ്ധകിന്നരാഃ
തേ വിഷ്ണുപാർഷദാഃ സർവ്വേ സുനന്ദകുമുദാദയഃ 38
മൂർധ്നി ബദ്ധാഞ്ജലിപുടാ ആസീനം തീവ്രതേജസം
ഈഡിരേ നരശാർദ്ദൂലം നാതിദൂരചരാഃ പൃഥക്. 39

ബ്രഹ്മോവാച

നതോസ്മ്യനന്തായ ദുരന്തശക്തയേ
വിചിത്രവീര്യായ പവിത്രകർമ്മണേ
വിശ്വസ്യ സർഗ്ഗസ്ഥിതിസംയമാൻ ഗുണൈഃ
സ്വലീലയാ സംദധതേഽവ്യയാത്മനേ. 40

ശ്രീരുദ്ര ഉവാച

കോപകാലോ യുഗാന്തസ്തേ ഹതോഽയമസുരോഽല്പകഃ
തത്സുതം പാഹ്യുപസൃതം ഭക്തം തേ ഭക്തവത്സല! 41

ഇന്ദ്ര ഉവാച

പ്രത്യാനീതാഃ പരമ ഭവതാ ത്രായതാ നഃ സ്വഭാഗാ
ദൈത്യാക്രാന്തം ഹൃദയകമലം തദ്ഗൃഹം പ്രത്യബോധി
കാലഗ്രസ്തം കിയദിദമഹോ നാഥ ശുശ്രൂഷതാം തേ
മുക്തിസ്തേഷാം ന ഹി ബഹുമതാ നാരസിംഹാപരൈഃ കിം? 42

ഋഷയ ഊചുഃ

ത്വം നസ്തപഃ പരമമാത്ഥ യദാത്മതേജോ
യേനേദമാദിപുരുഷാത്മഗതം സസർജ്ജ
തദ്വിപ്രലുപ്തമമുനാദ്യ ശരണ്യപാല!
രക്ഷാഗൃഹീതവപുഷാ പുനരന്വമംസ്ഥാഃ. 43

പിതര ഊചുഃ

ശ്രാദ്ധാനി നോഽധിബുഭുജേ പ്രസഭം തനൂജൈർ-
ദത്താനി തീർത്ഥസമയേഽപ്യപിബത് തിലാംബു
തസ്യോദരാന്നഖവിദീർണ്ണവപാദ്യ ആർച്ഛത്
തസ്മൈ നമോ നൃഹരയേഽഖിലധർമ്മഗോപ്ത്രേ. 44

സിദ്ധാ ഊചുഃ

യോ നോ ഗതിം യോഗസിദ്ധാമസാധു-
രഹാർഷീദ് യോഗതപോബലേന
നാനാദർപ്പം തം നഖൈർവ്വിദദാര
തസ്മൈ തുഭ്യം പ്രണതാഃ സ്മോ നൃസിംഹ. 45

വിദ്യാധരാ ഊചുഃ

വിദ്യാം പൃഥഗ്ധാരണയാനുരാദ്ധാം
ന്യഷേധദജ്ഞോ ബലവീര്യദൃപ്തഃ
സ യേന സംഖ്യേ പശുവദ്ധതസ്തം
മായാനൃസിംഹം പ്രണതാഃ സ്മ നിത്യം. 46

നാഗാ ഊചുഃ

യേന പാപേന രത്നാനി സ്ത്രീരത്നാനി ഹൃതാനി നഃ
തദ്വക്ഷഃ പാടനേനാസാം ദത്താനന്ദ നമോഽസ്തു തേ. 47

മനവ ഊചുഃ

മനവോ വയം തവ നിദേശകാരിണോ
ദിതിജേന, ദേവ, പരിഭൂതസേതവഃ
ഭവതാ ഖലഃ സ ഉപസംഹൃതഃ പ്രഭോ!
കരവാമ തേ കിമനുശാധി കിങ്കരാൻ. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മേന്ദ്രശംഭ്വാദിദേവകദംബവും
ചെമ്മേ മഹർഷിമാർ സിദ്ധരും സാദ്ധ്യരും

കിന്നരവിദ്യാധരചാരണർ മനു-
വൃന്ദവും കിമ്പുരുഷന്മാർ പിതൃക്കളും

ഗന്ധർവ്വർ, യക്ഷരുമപ്സരഃസ്ത്രീകള-
മന്തമില്ലാതുള്ള വേതാളപാളിയും

പിന്നെ പ്രജാപതിമാരും കമുദസു-
നന്ദാദ്യരാം വിഷ്ണുപാർഷദവൃന്ദവും

വന്നൊട്ടകലത്തുമാറിക്കരംകൂപ്പി
നിന്നു വെവ്വേറേ സ്തുതിച്ചാർ ബഹുവിധം. 37–39

ബ്രഹ്മാവു പറഞ്ഞു

അദ്ഭുതവീര്യബലത്തോടും ലീലയാ-
യിപ്പാരു നിർമ്മിച്ചു പാലിച്ചൊടുക്കിടും

ദിവ്യകർമ്മാവുമനന്തനുമായിട്ട-
മവ്യയമൂർത്തേ! ഭവാനു നമസ്കൃതി. 40

ശ്രീരുദ്രൻ പറഞ്ഞു

കല്പാന്തമല്പിതടക്കീടുക കോപ-
മല്പനപ്പാപിഹതനായ്ക്കഴിഞ്ഞിതു.

ഭക്തവാത്സല്യനിധേ! സമീപത്തിലായ്
നില്ക്കുമിബ്ബാലനെപ്പാലിച്ചുകൊള്ളുക. 41

ഇന്ദ്രൻ പറഞ്ഞു

ഞങ്ങളെ രക്ഷിച്ച സർവ്വേശ്വരാ! ഭവാ-
നങ്ങേക്കെഴും ഭാഗവും വീണ്ടെടുത്തിതു.

ദൈത്യാക്രമത്തിനു പാത്രീഭവിച്ച നിൻ-
പത്തനമായിടും ഹൃത്സരസീരുഹം

നിന്തിരുമേനി വിടുത്തു നേരേ, കാല-
മന്തമണയ്ക്കുമവ്ഭ്രതികളെന്തിനാം?

നിന്തിരുസേവകരാകിയ ഞങ്ങൾക്കു
ചിന്ത മോക്ഷത്തിലുമില്ലാതിരിക്കവേ,

അല്ലയോ വൈകുണ്ഠ! മററുള്ളതുകളാൽ
വല്ലതുമുണ്ടോ നിനയ്ക്കിൽ പ്രയോജനം? 42

ഋഷികൾ പറഞ്ഞു

ആദിപുമാൻ ഭവാനാത്മനിലീനമാ-
മേതുവീര്യത്താൽ ചമച്ചു ജഗത്ത്രയം

അപ്പരമംതപസ്സങ്ങുന്നലിവോടു-
മിപ്പരിഷയ്ക്കുപദേശിച്ചുതന്നിതു.

ദോഷമതിനു വരുത്തിനാനീസുര-
ദ്വേഷി, രക്ഷാവപുസ്സാന്നിദാനീം ഭവാൻ

കണ്ടകനാമവനേ ഹനിച്ചീവിധം
രണ്ടാമതുമതിനേകിയനുമതി. 43

പിതൃക്കൾ പറഞ്ഞു

പുണ്യകാലങ്ങളിൽ ഞങ്ങൾക്കു സന്താന-
സന്ദോഹമേകിടും ശ്രാദ്ധമെല്ലാം ബലാൽ

ഏതവനാണോ ഹരിച്ചു തിലാംബുവും
മോദാൽ ഭുജിച്ചതവന്റെ പെരുംവയർ

ക്രൂരനഖങ്ങളാൽ കീറിയതിൽനിന്നു-
പാരാതെടുത്തതിവക്കരുളീടിന-

ധർമ്മസംരക്ഷകാ! നാരസിംഹാകൃതേ!
സമ്മോദമാർന്നു നമസ്കരിക്കുന്നിതേ. 44

സിദ്ധന്മാർ പറഞ്ഞു

ദുഷ്ടനാമേവൻ തപസ്സുനിമിത്തമായ്
കിട്ടിയ ശക്തിയാൽ ഞങ്ങടെ സിദ്ധിയെ

നഷ്ടപ്പെടുത്തി,യഗ്ഗർവ്വിഷ്ഠനെബ്ഭവാൻ
കുത്തനഖങ്ങളാൽ കീറിയിട്ടീടിനാൻ.

നിന്തിരുമേനിയെയീ ഞങ്ങളന്യമാം-
ചിന്തകളെന്യേ നമസ്കരിക്കുന്നിതു. 45

വിദ്യാധരന്മാർ പറഞ്ഞു

നാനാതരമനോധാരണയാലിവ-
രൂനമററാർജ്ജിച്ചിരുന്നൊരാ വിദ്യയെ

വീര്യബലദൃപ്തനായ വിവേകിയാ-
മാരൊരുവൻ നിരോധിച്ചിരുന്നോ സദാ

യുദ്ധത്തിലദ്ദുഷ്ടനെപ്പശുപ്രായമായ്
മൃത്യുവക്ത്രത്തിലാക്കി സ്ഥിതിചെയ്തിടും

മായാനരസിംഹവിഗ്രഹാ! ദുർഗ്രഹാ!
മായമെന്യേ ഞങ്ങളെന്നും നമിപ്പൂതേ. 46

നാഗന്മാർ പറഞ്ഞു

അസ്മത്ഫണമണിയെല്ലാം ഹരിച്ചുടൻ
സുസ്മിതാസ്യാങ്ഗനമാരെയും പൂണ്ടൊരു

ദുഷ്ടന്റെ മാറു പിളർന്നവക്കത്യന്ത-
തുഷ്ടിയരുളിയ ദേവ! നമസ്കൃതി. 47

മനുക്കൾ പറഞ്ഞു

ഞങ്ങൾ മനുക്കൾ ഭവാന്റെയാജ്ഞാകര-
രെങ്ങുമേ വർണ്ണാശ്രമാദി പാലിക്കുവോർ

ഭങ്ഗമതിനുളവാക്കിനാനിഖ്ഖല-
നങ്ങവനെസ്സംഹരിക്കയും ചെയ്തിതു.

ഇങ്ങിനിക്കിങ്കരരാമിവർ ചെയ്യേണ്ട-
സംഗതിയെന്തെന്നു കല്പിക്കണം പ്രഭോ! 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതയ ഊചുഃ

പ്രജേശാ വയം തേ പരേശാഭിസൃഷ്ടാ
ന യേന പ്രജാ വൈ സൃജാമോ നിഷിദ്ധാഃ
സ ഏഷ ത്വയാ ഭിന്നവക്ഷാ നു ശേതേ
ജഗന്മങ്ഗലം സത്ത്വമൂർത്തേഽവതാരഃ. 49

ഗന്ധർവ്വാ ഊചുഃ

വയം, വിഭോ, തേ നടനാട്യഗായകാ
യേനാത്മസാദ്വീര്യബലൗജസാ കൃതാഃ
സ ഏഷ നീതോ ഭവതാ ദശാമിമാം
കിമുത്പഥസ്ഥഃ കുശലായ കല്പതേ. 50

ചാരണാ ഊചുഃ

ഹരേ തവാങ്ഘ്രിപങ്കജം ഭവാപവർഗ്ഗമാശ്രിതാഃ
യദേഷ സാധുഹൃച്ഛയസ്ത്വയാസുരഃ സമാപിതഃ. 51

യക്ഷാ ഊചുഃ

വയമനുചരമുഖ്യാഃ കർമ്മഭിസ്തേ മനോജ്ഞൈ-
സ്ത ഇഹ ദിതിസുതേന പ്രാപിതാ വാഹകത്വം
സ തു ജനപരിതാപം തത്കൃതം ജാനതാ തേ
നരഹര ഉപനീതഃ പഞ്ചതാം പഞ്ചവിംശ. 52

കിമ്പുരുഷാ ഊചുഃ

വയം കിമ്പുരുഷാസ്ത്വം തു മഹാപുരുഷ ഈശ്വരഃ
അയം കുപുരുഷോ നഷ്ടോ ധിക്കൃതഃ സാധുഭിര്യദാ. 53

വൈതാളികാ ഊചുഃ

സഭാസു സത്രേഷു തവാമലം യശോ
ഗീത്വാ സപര്യാം മഹതീം ലഭാമഹേ
യസ്താം വ്യനൈഷീദ് ഭൃശമേഷ ദുർജ്ജനോ
ദിഷ്ട്യാ ഹതസ്തേ ഭഗവന്യഥാഽഽമയഃ. 54

കിന്നരാ ഊചുഃ

വയമീശ കിന്നരഗണാസ്തവാനുഗാ
ദിതിജേന വിഷ്ടിമമുനാഽനു കാരിതാഃ
ഭവതാ ഹരേ സ വൃജിനോഽവസാദിതോ
നരസിംഹ നാഥ, വിഭവായ നോ ഭവ. 55

വിഷ്ണുപാർഷദാ ഊചുഃ

അദ്യൈതദ്ധരിനരരൂപമദ്ഭുതം തേ
ദൃഷ്ടം നഃ ശരണദ സർവ്വലോകശർമ്മ
സോഽയം തേ വിധികര ഈശ വിപ്രശപ്ത-
സ്തസ്യേദം നിധനമനുഗ്രഹായ വിദ്മഃ. 56

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ളാദാനുചരിതേ ദൈത്യരാജവധേ നൃസിംഹസ്തവോ
നാമാഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

നാരദ ഉവാച

ഏവം സുരാദയഃ സർവ്വേ ബ്രഹ്മരുദ്രപുരഃസരാഃ
നോപൈതുമശകന്മന്യുസംരംഭം സുദുരാസദം. 1
സാക്ഷാച്ഛ്രീഃ പ്രേഷിതാ ദേവൈർദൃഷ്ട്വാ തന്മഹദദ്ഭുതം
അദൃഷ്ടാശ്രുതപൂർവ്വത്വാത് സാ നോപേയായ ശങ്കിതാ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതികൾ പറഞ്ഞു

നാരസിംഹാകൃതേ! നിന്തിരുമേനിയാൽ
പാരിൽ പ്രജാഭിവൃദ്ധ്യർത്ഥമായാദിയിൽ

നിർമ്മിതരാമപ്രജാപതിമാർ ഞങ്ങ-
ളിമ്മഹാദുഷ്ടനകർമ്മം മുടക്കിനാൻ.

ഇന്നവൻ ഭിന്നവക്ഷസ്സായിതാ കിട-
ക്കുന്നു, മേലാലെഴുന്നേല്ക്കയുമില്ലതാൻ

സത്ത്വസ്വരൂപാ! ഭവദവതാരമി-
തെത്രയും ശ്രേഷ്ഠം ജഗന്മങ്ഗലപ്രദം. 49

ഗന്ധർവ്വന്മാർ പറഞ്ഞു

താവകനാട്യകലാവിദ്യയിലിവർ
ദേവദേവാ! നടന്മാർ നാട്യഗായകർ

വീര്യബലൗജസ്വിയീയസുരൻ ബലാൽ-
ക്കാരമിവരേ വരുതിയിലാക്കിനാൻ.

അങ്ങവനേയിസ്ഥിതിയിലാക്കീ പാക്കി-
ലെങ്ങുള്ള മാർഗ്ഗംപിഴച്ചോനു മങ്ഗലം? 50

ചാരണന്മാർ പറഞ്ഞു

ഭക്തജനത്തിനു നിശ്ശേഷമായ്ബ്ഭവ-
ദുഃഖമൊഴിച്ചുടൻ മുക്തിയേകും ഹരേ!

നിന്തിരുപ്പാദം ഭജിക്കുമീ ഞങ്ങടെ
സന്താപമററു സമാധാനമാർന്നിതു.

സാധുമനസ്സിൽ ശയാനനായീടുമി-
പ്പാതകിക്കന്തമണച്ചവല്ലോ ഭവാൻ. 51

യക്ഷന്മാർ പറഞ്ഞു

തത്ത്വമിരുപത്തിനാലും നിയന്ത്രിക്കു-
മുത്തമപൂരുഷാ! ചേതോഹരങ്ങളാം

താവകകർമ്മങ്ങളാദരിക്കും ഭവത്-
സേവകന്മാരിൽ പ്രമുഖരത്രേയിവർ.

ദുർന്നയനാമിവൻ ഞങ്ങളെയൊക്കെയു-
മെന്നും ചുമട്ടുകാരാക്കിയിരുന്നിതേ.

ഇഖ്ഖലൻതൻ ജനപീഡനമങ്ങു സു-
വ്യക്തം ധരിച്ചവനിൽ ചേർത്തു പഞ്ചത. 52

കിമ്പുരുഷന്മാർ പറഞ്ഞു

ഞങ്ങളോ കിമ്പുരുഷന്മാർ നിനയ്ക്കുകി-
ലങ്ങോ നിഖിലനിയാമകനീശ്വരൻ

അങ്ങേക്കിവൻ വെറും തുച്ഛനിവനെയീ-
സ്സംഗരത്തിൽ ഭവാൻ കൊന്നതായിന്നിവർ

ചിന്തിച്ചിടുന്നില്ല, സാധുക്കൾതൻ ശാപ-
മന്തമണച്ചതുതന്നെയിസ്സന്ധിയിൽ. 53

വൈതാളികന്മാർ പറഞ്ഞു

സത്രങ്ങളിലും സഭകളിലും ഞങ്ങൾ
ശുദ്ധമാകും ഭവത്കീർത്തിപുഞ്ജങ്ങളെ

പാടിബ്ബഹുമതി നേടിയിരുന്നതി-
ന്നീ ദുരധീശ്വരമായ് പാടേനിലച്ചിതു.

ആ ദുഷ്ടനെബ്ഭവാ,നാമയത്തെയെന്ന-
മാതിരി,യിപ്പോൾ നിഹനിച്ചു ഭാഗ്യമായ്. 54

കിന്നരന്മാർ പറഞ്ഞു

പുണ്ഡരീകാക്ഷാ! ഭവത്സഹഗാമികൾ
കിന്നരന്മാരാണു ഞങ്ങൾ നരഹരേ!

ഞങ്ങളേയിട്ടീമ്മഹാപാപി നിത്യവും
തുംഗമായീടും പണികൾ ചെയ്യിച്ചിതു.

അങ്ങുന്നിവനെയിദാനീം നിഹനിച്ചു
ഞങ്ങൾക്കിനിയങ്ങരുളുക ഭൂതികൾ. 55

വിഷ്ണുപാർഷദന്മാർ പറഞ്ഞു

സർവാശ്രയഭൂത! സർവസുഖപ്രദാ!
സച്ചരാചരാത്മാവേ! സനാതനാ!

അദ്ഭുതദായിയാം നിൻ നൃസിംഹാകൃതി-
യിപ്പൊളീക്ഷിച്ചിതു ഞങ്ങളധീശ്വരാ!

വിപ്രശാപഗ്രസ്തനാമിവൻ, പാർക്കകിൽ
ത്വത്പ്പാർഷദനെന്നുമീ നിധനംപരം

ശ്രേയസ്സിനായിബ്ഭവിക്കുമിവനെന്നു-
മീയുള്ളവരിങ്ങറിഞ്ഞിരിക്കുന്നിതേ. 56

അദ്ധ്യായം 9

പ്രഹ്ലാദചരിതം—തുടർച്ച—പ്രഹ്ലാദസ്തുതി

നാരദൻ പറഞ്ഞു

ശ്രീരുദ്രശക്രവിരിഞ്ചാദി നിർജ്ജര-
രാരുമേ രോഷദുരാസദനായിടും

അന്നരസിംഹഭഗവാന്റെ സന്നിധി
ചെന്നീടുവാൻ ശക്തരായില്ല ഭീതിയാൽ. 1

ഉമ്പരാലക്ഷ്മിതയാം രമാദേവിയും
മുൻപു കേട്ടീടാത്തതും കണ്ടിടാത്തതും

ആശ്ചര്യദവുമാമാ സ്വരൂപം കണ്ടു
സംശയിച്ചങ്ങോട്ടടുത്തില്ല തെല്ലുമേ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഹ്ലാദം പ്രേഷയാമാസ ബ്രഹ്മാവസ്ഥിതമന്തികേ
''താത! പ്രശമയോപേഹി സ്വപിത്രേ കുപിതം പ്രഭും.'' 3
തഥേതി ശനകൈ രാജന്മഹാഭാഗവതോഽർഭകഃ
ഉപേത്യ ഭുവി കായേന നനാമ വിധൃതാഞ്ജലിഃ. 4

സ്വപാദമൂലേ പതിതം തമർഭകം
വിലോക്യ ദേവഃ കൃപയാ പരിപ്ലുതഃ
ഉത്ഥാപ്യ തച്ഛീർഷ്ണ്യദധാത് കരാംബുജം
കാലാഹിവിത്രസ്തധിയാം കൃതാഭയം. 5
സ തത്കരസ്പർശധുതാഖിലാശുഭഃ
സപദ്യഭിവ്യക്തപരാത്മദർശനഃ
തത്പാദപദ്മം ഹൃദി നിർവൃതോ ദധൗ
ഹൃഷ്യത്തനുഃ ക്ലിന്നഹൃദശ്രുലോചനഃ. 6

അസ്തൗഷീദ്ധരിമേകാഗ്രമനസാ സുസമാഹിതഃ
പ്രേമഗദ്ഗദയാ വാചാ തന്ന്യസ്തഹൃദയേക്ഷണഃ. 7

പ്രഹ്ലാദ ഉവാച

ബ്രഹ്മാദയഃ സുരഗണാ മുനയോഽഥ സിദ്ധാഃ
സത്ത്വൈകതാനമതയോ വചസാം പ്രവാഹൈഃ
നാരാധിതും പുരുഗുണൈരധുനാപി പിപ്രുഃ
കിം തോഷ്ടുമർഹതി സ മേ ഹരിരുഗ്രജാതേഃ 8
മന്യേ ധനാഭിജനരൂപതപഃശ്രുതൗജ-
സ്തേജഃപ്രഭാവബലപൗരുഷബുദ്ധിയോഗാഃ
നാരാധനായ ഹി ഭവന്തി പരസ്യ പുംസോ
ഭക്ത്യാ തുതോഷ ഭഗവാൻ ഗജയൂഥപായ. 9
വിപ്രാദ്ദ്വിഷഡ്ഗുണയുതാദരവിന്ദനാഭ-
പാദാരവിന്ദവിമുഖാച്ഛ്വപചം വരിഷ്ഠം
മന്യേ തദർപ്പിതമനോവചനേഹിതാർത്ഥ-
പ്രാണം പുനാതി സ കുലം ന തു ഭൂരിമാനഃ. 10
നൈവാത്മനഃ പ്രഭുരയം നിജലാഭപൂർണ്ണോ
മാനം ജനാദവിദുഷഃ കരുണോ വൃണീതേ
യദ്യജ്ജനോ ഭഗവതേ വിദധീത മാനം
തച്ചാത്മനേ പ്രതിമുഖസ്യ യഥാ മുഖശ്രീഃ. 11
തസ്മാദഹം വിഗതവിക്ലവ ഈശ്വരസ്യ
സർവ്വാത്മനാ മഹി ഗൃണാമി യഥാമനീഷം
നീചോഽജയാ ഗുണവിസർഗ്ഗമനുപ്രവിഷ്ടഃ
പൂയേത യേന ഹി പുമാനനുവർണ്ണിതേന. 12
സർവ്വേ ഹ്യമീ വിധികരാസ്തവ സത്ത്വധാമ്നോ
ബ്രഹ്മാദയോ വയമിവേശ ന ചോദ്വിജന്തഃ
ക്ഷേമായ ഭൂതയ ഉതാത്മസുഖായ ചാസ്യ
വിക്രീഡിതം ഭഗവതോ രുചിരാവതാരൈഃ. 13
തദ്യച്ഛ മന്യുമസുരശ്ച ഹതസ്ത്വയാദ്യ
മോദേത സാധുരപി വൃശ്ചികസർപ്പഹത്യാ
ലോകാശ്ച നിർവൃതിമിതാഃ പ്രതിയന്തി സർവ്വേ
രൂപം, നൃസിംഹ, വിഭയായ ജനാഃ സ്മരന്തി. 14
നാഹം ബിഭേമ്യജിത തേഽതിഭയാനകാസ്യ-
ജിഹ്വാർക്കനേത്രഭ്രുകുടീരഭസോഗ്രദംഷ്ട്രാത്
ആന്ത്രസ്രജഃ ക്ഷതജകേസരശങ്കുകർണ്ണാ-
ന്നിർഹ്രാദഭീതദിഗിഭാദരിഭിന്നഖാഗ്രാത്. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാരത്തു നില്ക്കുമാ പ്രഹ്ലാദബാലനെ
പ്രേരണചെയ്തു ധാതാ, ''വയേ ബാലകാ!
നിൻ താതനോടു കുപിതനാം ദേവനെ
ശാന്തനാക്കീടുക, ചാരത്തു ചെല്ലു നീ.'' 3

''ചെന്നിടാം ഞാ''നെന്നു ചൊല്ലിയുടൻ മന്ദ-
മന്ദമബ്ഭാഗവതോത്തമൻ ബാലകൻ
അബ്ഭഗവാനുടെ മുന്നിലണഞ്ഞു കൈ-
കൂപ്പിപ്പദങ്ങളിൽ വീണു നമിച്ചിതേ. 4

തൻപാദമൂലം നമിക്കുമബ്ബാലനെ-
യൻപാർന്നുടനേ പിടിച്ചെഴുന്നേല്പിച്ചു
കാലാഹിഭീതിഹരങ്ങളാം കരങ്ങളാം ത-
ന്മൗലിയിൽ വച്ചങ്ങനുഗ്രഹിച്ചാൻ ഹരി. 5

ആ ഭഗവത്കരസ്പർശനമാത്രയിൽ
പാപം മുഴുകെ നശിച്ചകുമാരകൻ
മാനസത്തിൽ പരാത്മാവിനെക്കണ്ടുട-
നാനന്ദമഗ്നനായ് രോമാഞ്ചയുക്തനായ്
ഉള്ളം ദ്രവിച്ചശ്രുനേത്രനായ് തത്പദ-
പല്ലവം തന്നുടെയുള്ളിലണച്ചിതേ. 6

കണ്ണും കരളും ഭഗവാൻ മുകുന്ദനിൽ
നന്നായുറപ്പിച്ചവധാനപൂർവകം
ചിത്തമേകാഗ്രമാക്കി പ്രേമവാണിനാ-
ലിത്തരം കണ്ഠമിടറി സ്തുതിച്ചിതേ. 7

പ്രഹ്ലാദൻ പറഞ്ഞു

സാത്ത്വികന്മാരാമജാദിസുരാളിയും
സിദ്ധരും മാമുനിമാരും സ്വകീയമാം-
ഭൂരിഗുണോത്കൃഷ്ടവാക്പ്രവാഹങ്ങളാ-
ലാരെ വാഴ്ത്തീടുവാനപ്രാപ്തരായിതോ,
അശ്ശൗരിയെ പ്രസാദിപ്പിക്കുവാനുഗ്ര-
വംശജൻ ഞാനർഹനാവതുമെങ്ങനെ? 8

ശാസ്ത്രപാണ്ഡിത്യം, തപസ്സ്, സൗന്ദര്യവും
വിത്തവും സത്കുലത്തിങ്കലെജ്ജന്മവും
തേജസ്സ്, ബുദ്ധിസാമർത്ഥ്യവും യോഗവു-
മോജഃപ്രതാപബലപൗരുഷങ്ങളും
ഒന്നും പരൻപുമാൻതൻ പ്രസാദത്തിനു
തീർന്നിടാ ശുദ്ധമാം ഭക്തിയൊന്നെന്നിയേ.
കേവലം വാരണശ്രേഷ്ഠനുപോലുമി-
ദ്ദേവൻ കനിവാർന്നരുളീയനുഗ്രഹം. 9

ശ്രീമുകുന്ദൻതൻ പദാംഭോരുഹങ്ങളിൽ
വൈമുഖ്യമാളുന്ന ചേതസ്സിയന്നഥ
സമ്പത്തുതൊട്ടു പന്ത്രണ്ടു ഗുണങ്ങളാൽ
സമ്പൂർണ്ണനാം വിപ്രനേക്കാളുമുത്തമൻ
അർത്ഥം മനം വാക്കു കർമ്മവും പ്രാണനു-
മദ്ദേവനിൽ സമർപ്പിച്ച ചണ്ഡാലനാം.
സ്വന്തവംശം ശുദ്ധമാക്കുന്നിതങ്ങവൻ,
പൊന്തുമഹന്ത പരിശുദ്ധിചേർത്തിടാ. 10

വേണമെന്നില്ല ബഹുമതിയാത്മലാ-
ഭാനന്ദപൂർണ്ണൻ ഭഗവാനശേഷവും.
അജ്ഞരായീടും ജനങ്ങളിൽനിന്നേല്ക്കു-
മച്ചയവർക്കു ഗുണത്തിനുതന്നെയാം.
കണ്ണാടിയിൽ പ്രതിബിംബിച്ചിടും മുഖ-
മണ്ഡനത്താൽ പ്രതിബിംബത്തിനെന്നിയേ
ആനനത്തിന്നു വിശേഷമില്ലാത്തപോ-
ലാണോർത്തു കാണുകിലീശ്വരപൂജയും. 11

ആകയാൽ ഞാൻ നീചവംശജനെങ്കിലും
ശോകമേലാതെ സർവ്വാത്മാവിനെത്തൊട്ടും
കീർത്തിച്ചിടുന്നു ഭഗവന്മഹത്വമെൻ-
ബുദ്ധിയിലെത്തുംവിധത്തിലെല്ലാം വിഭോ! 12

ഈശഗുണകീർത്തനത്തിനാൽ സംസൃതി
ക്ലേശയുക്തൻ പരിശുദ്ധനാകുന്നിതു.
ഭീതരായ് നില്ക്കുമീ ബ്രഹ്മാദികൾ സത്ത്വ-
പാത്രമാധിയാകും ഭവാൻെറയാജ്ഞാകരർ
ഞങ്ങളെപ്പോലുള്ളവരല്ല പാർക്കുകി-
ലങ്ങുന്നു കാട്ടുമവതാരലീലകൾ
ലോകത്തിനാകെസ്സുഖവുമൈശ്വര്യവു-
മേകുന്നു തന്മൂലമങ്ങു കൃതാർത്ഥനാം. 13

പാപനസുരൻ ഹതനായിതങ്ങയാൽ
കോപമടക്കുകവേണം ഭവാനിനി
തേൾ, ഉഗ്രഹിതൊട്ടു വിഷജന്തുവിൻ വധം-
പോലിദ്ദനുജാധിനാഥസംഹാരവും
സാധുജനതതിക്കാകമാനം മോദ-
ഹേതുകമായിബ്ഭവിച്ചിരിക്കുന്നിതു.
ലോകങ്ങൾ നിർവൃതിയാർന്നു ജനം ഭീതി-
പോകാൻ സ്മരിക്കും നൃഹരേ! തവാകൃതി. 14

തവദ്ഭീകരവക്ത്രമക്ഷിനേത്രങ്ങളു-
മാഭ്രുകുടീജിഹ്വ, യുഗ്രമാം ദംഷ്ട്രയും
ആടോപവുമക്കുടൽമാലയും ചോര -
പാടേ പുരണ്ടു ചെമ്പിച്ച സടകളും
ഉന്നതകർണ്ണദ്വിതയവും ദിക്കരി-
വൃന്ദം ഭയപ്പെടുമട്ടഹാസങ്ങളും
ഘോരനാം വൈരിതൻ മാറുപിളർക്കയാൽ
ചോരയിററിറ്റുവീഴും നഖാഗ്രങ്ങളും
ഒത്തു പരമഭയാനകമാകുമി-
മ്മൂർത്തി കണ്ടൊട്ടും ഭയപ്പെടുന്നില്ല ഞാൻ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രസ്തോഽസ്മ്യഹം കൃപണവത്സല! ദുഃസഹോഗ്ര-
സംസാരചക്രകദനാദ് ഗ്രസതാം പ്രണീതഃ
ബദ്ധഃ സ്വകർമ്മഭിരുശത്തമ! തേഽങ്ഘ്രിമൂലം
പ്രീതോഽപവർഗ്ഗശരണം ഹ്വയസേ കദാ നു? 16
യസ്മാത് പ്രിയാപ്രിയവിയോഗസംയോഗജന്മ-
ശോകാഗ്നിനാ സകലയോനിഷു ദഹ്യമാനഃ
ദുഃഖൗഷധം തദപി ദുഃഖമതദ്ധിയാഹം
ഭൂമൻ! ഭ്രമാമി വദ മേ തവ ദാസ്യയോഗം. 17
സോഽഹം പ്രിയസ്യ സുഹൃദഃ പരദേവതായാ
ലീലാകഥാസ്തവ നൃസിംഹ! വിരിഞ്ചഗീതാഃ
അഞ്ജസ്തിതർമ്യനുഗൃണൻ ഗുണവിപ്രമുക്തോ
ദുർഗ്ഗാണി തേ പദയുഗാലയഹംസസംഗഃ 18
ബാലസ്യ നേഹ ശരണം പിതരൗ നൃസിംഹ!
നാർത്തസ്യ ചാഗദമുദന്വതി മജ്ജതോ നൗഃ
തപ്തസ്യ തത്പ്രതിവിധിര്യ ഇഹാഞ്ജസേഷ്ട-
സ്താവദ്വിഭോ! തനുഭൃതാം ത്വദുപേക്ഷിതാനാം. 19
യസ്മിന്യതോ യർഹി യേന ച യസ്യ യസ്മാ-
ദ്യസ്മൈ യഥാ യദുത യസ്ത്വപരഃ പരോ വാ
ഭാവഃ കരോതി വികരോതി പൃഥക്സ്വഭാവഃ
സഞ്ചോദിതസ്തദഖിലം ഭവതഃ സ്വരൂപം. 20
മായാ മനഃ സൃജതി കർമ്മമയം ബലീയഃ
കാലേന ചോദിതഗുണാനുമതേന പുംസഃ
ഛന്ദോമയം യദജയാർപ്പിതഷോഡശാരം
സംസാരചക്രമജ, കോഽതിതരേത് ത്വദന്യഃ. 21
സ ത്വം ഹി നിത്യവിജിതാത്മഗുണഃ സ്വധാമ്നാ
കാലോ വശീകൃതവിസൃജ്യവിസർഗ്ഗശക്തിഃ
ചക്രേ വിസൃഷ്ടമജയേശ്വര ഷോഡശാരേ
നിഷ്പീഡ്യമാനമുപകർഷ വിഭോ! പ്രപന്നം. 22
ദൃഷ്ടാ മയാ ദിവി വിഭോഽഖിലധിഷ്ണ്യപാനാ-
മായുഃ ശ്രിയോ വിഭവ ഇച്ഛതി യാഞ്ജനോഽയം
യേഽസ്മത്പിതുഃ കുപിതഹാസവിജൃംഭിതഭ്രൂ-
വിസ്ഫൂർജ്ജിതേന ലുളിതാഃ സ തു തേ നിരസ്തഃ. 23
തസ്മാദമൂസ്തനുഭൃതാമഹമാശിഷോജ്ഞ
ആയുഃ ശ്രിയം വിഭവമൈന്ദ്രിയമാവിരിഞ്ചാത്
നേച്ഛാമി തേ വിലുളിതാനുരുവിക്രമേണ
കാലാത്മനോപനയ മാം നിജഭൃത്യപാർശ്വം. 24
കുത്രാശിഷഃ ശ്രുതിസുഖാ മൃഗതൃഷ്ണിരൂപാഃ
ക്വേദം കളേബരമശേഷരുജാം വിരോഹഃ
നിർവ്വിദ്യതേ ന തു ജനോ യദപീതി വിദ്വാൻ
കാമാനലം മധുലവൈഃ ശമയന്ദുരാപൈഃ. 25
ക്വാഹം രജഃപ്രഭവ, ഈശ, തമോഽധികേഽസ്മിൻ
ജാതഃ സുരേതരകുലേ? ക്വ തവാനുകമ്പാ?
ന ബ്രഹ്മണോ ന തു ഭവസ്യ ന വൈ രമായാ
യന്മേഽർപ്പിതഃ ശിരസി പദ്മകരഃ പ്രസാദഃ. 26
നൈഷാ പരാവരമതിർഭവതോ നനു സ്യാ-
ജ്ജന്തോര്യഥാഽഽത്മസുഹൃദോ ജഗതസ്തഥാപി
സംസേവയാ സുരതരോരിവ തേ പ്രസാദഃ
സേവാനുരൂപമുദയോ ന പരാവരത്വം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഗ്രമായ് ദുസ്സഹമായിരിക്കും ഭവ-
ചക്രത്തെയേററവും പേടിച്ചിടുന്നിതേ.
കർമ്മദോഷത്തിനാൽ ഞാനകപ്പെട്ടുപോ-
യിമ്മഹാ ഹിംസകന്മാർക്കിടയ്ക്കീവിധം.
ദീനബന്ധോ! മനോമോഹനാ! നിർവാണ-
ദാനചണവും ശരണവുമായിടും
നിന്നുടെ പാദമൂലത്തിലേക്കായ് ഭവാ-
നെന്നെത്തെളിഞ്ഞിനിയെന്നു വിളിക്കുമോ? 16
ഇഷ്ടവസ്തുക്കളോടുള്ള വിയോഗവു-
മിഷ്ടമില്ലാത്തവയോടു സംയോഗവും
ചേർത്തിടും ദുഃഖാഗ്നിയേതൊരു യോനിജ-
മർത്ത്യനേയും ദഹിപ്പിക്കാതെ വിട്ടിടാ.
ദുഃഖശമനത്തിനുള്ളോരുപായങ്ങളും
മിക്കതും ദുഃഖമേററുന്നവതന്നെയാം.
അത്തലിനൊക്കെ മുരടായിരിക്കുമാ-
മിഥ്യാഭിമാനം വിടുന്നതില്ലെന്നെയും.
ആകയാലങ്ങെനിക്കായിബ്ഭവദ്ദാസ്യ-
യോഗം കനിഞ്ഞുപദേശിച്ചിടേണമേ. 17
വിശ്വത്തിനെല്ലാം പ്രിയസുഹൃത്തും പര-
മേശനുമായ് പ്രശോഭിക്കും നൃസിംഹമേ!
നാലാനനനാൽ പ്രകീർത്തിതമാം ഭവ-
ല്ലീലാവതാരാപദാനങ്ങളും പാടിയും
നിന്നങ്ഘ്രിമൂലം നികേതനമാക്കിയു-
മാർന്നും പരമഹംസോത്കൃഷ്ടസങ്ഗമം
ശീഘ്രം ഗുണബന്ധമുക്തനായ് ഞാനുമ-
ദ്ദ്വന്ദ്വങ്ങളെല്ലാമതിക്രമിച്ചീടുവൻ. 18
നിന്തിരുമേനി വെടിഞ്ഞാൽ ശരീരികൾ-
ക്കെന്തൊരു രക്ഷ നരഹരേ! പാർക്കുകിൽ,
തപ്തന താപപ്രതിവിധി ലോകത്തി-
ലപ്പൊഴേ ചെയ്യുവതത്രേ ഹിതങ്കരം
ബാലകർക്കച്ഛനും, രോഗികൾക്കൗഷധ-
ജാലവു,മംബുധിമഗ്നനു കപ്പലും
അങ്ങേക്കരുണാകടാക്ഷമില്ലാത്തവ-
ർക്കെങ്ങനെ രക്ഷാസമർത്ഥങ്ങളായിടും? 19
ഭിന്നസ്വഭാവം ചിലടത്തു കാണ്മതും
നിന്നന്തരങ്ഗപ്രചോദനംമൂലമാം
സത്ത്വാത്മകനാം ഭവാനിൽനിന്നന്യമായ്
നിർവചിച്ചീടുവാനില്ലിവിടൊന്നുമേ. 20
കാലസ്വരൂപനാമങ്ങേയനുഗ്രഹം-
മൂലം ക്ഷുഭിതം ഗുണത്രയമാർന്നിടും
നിന്മായ നിർമ്മിച്ചിടുന്നതായ് വേദോക്ത-
ധർമ്മകർമ്മാത്മകമായ് ബലമേറിടും
മാനസത്തിൻെറ രൂപത്തിലവിദ്യയ-
ന്യൂനമുറപ്പിച്ച ഷോഡശാരത്തോടും
ചുററുമിസ്സംസാരചക്രം കടക്കുവാൻ
മററാരിരിക്കുന്നിതങ്ങൊരാളെന്നിയേ? 21

നിത്യവും ചിച്ഛക്തിയാൽ വിജയിച്ചെഴും
ബുദ്ധിഗുണങ്ങളിണങ്ങി വിശേഷമായ്
കാരണകാര്യപദാർത്ഥങ്ങൾതൻ സർവ്വ-
സാരവും തൻ വശമാക്കി വർത്തിച്ചിടും
കാലാത്മകാ! ദുസ്ത്യജയാം ഭവന്മായ
ചാലവേയാരം പതിനാറിയന്നിടും-
ചക്രത്തിലിട്ടെന്നമാട്ടിപ്പിഴിയുമീ-
ദുഃഖിതനേയുടൻ ചാരത്തണയ്ക്കുക. 22
സർവേശ്വരാ! ജനരാശിയിച്ഛിച്ചിടും
സ്വർവാസികൾതൻ സമസ്തഭോഗങ്ങളും
ശ്രീയുമായുസ്സുമശേഷവും തുച്ഛമെ-
ന്നീയുള്ളവൻ കണ്ടറിഞ്ഞിരിക്കുന്നിതേ.
മൽപിതാവിൻെറയട്ടഹാസത്തിൽനി-
ന്നുദ്ഭൂതമായൊരാ ഭ്രൂചലനത്തിനാൽ
കണ്ടതേയില്ലവയൊന്നുമേ താതനെ-
ക്കൊണ്ടുള്ള ശല്യവും തീർത്തുവല്ലോ ഭവാൻ. 23
ആകയാലിന്ദ്രിയഗ്രാഹ്യങ്ങളായിടും
ഭോഗങ്ങളും നശ്യങ്ങളെന്നായറിഞ്ഞ ഞാൻ
ബ്രഹ്മദേവൻമുതലേവരുമാർന്നിടും
മേന്മയായുസ്സു വിഭവമൈശ്വര്യവും
എന്നല്ല കാലം നശിപ്പിച്ചിടുന്നവ-
യൊന്നുമേ തീരെയിച്ഛിച്ചിടുന്നില്ലതാൻ.
എന്നെബ്ഭവാനുടൻ ത്വത്പാദസേവക-
സന്നിധാനത്തിലണച്ചുകൊണ്ടാൽ മതി. 24
കണ്ണുസുഖദങ്ങളായ് മൃഗതൃഷ്ണപോ-
ലെണ്ണിടേണ്ടും സുഖഭോഗങ്ങളെങ്ങുവാൻ?
സർവരോഗോത്പത്തിഭൂവാം ശരീരമെ-
ങ്ങീവകഭേദം ജനമറിഞ്ഞീടിലും
ദുർല്ലഭം തേൻതുള്ളിയൊത്ത ഭോഗത്തിനാൽ
മല്ലബാണാഗ്നികെടുക്കാൻ ശ്രമിപ്പവർ
വീണ്ടുമഴലിൽ മുഴുകുന്നതെന്നിയേ
വേണ്ടപോൽ നിർവേദമാർന്നിടുന്നില്ലഹോ! 25
നേരേ രജസ്സിൽനിന്നുണ്ടായ്ത്തമോഗുണ-
മേറിടും ദൈത്യവംശത്തിൽ ജനിച്ചവൻ
ഞാനെവിടെസ്സമസ്തേശ്വരാ! നിന്തിരു-
മേനിതൻ കാരുണ്യമെങ്ങു നിനയ്ക്കുകിൽ!
നാലാനനനും ഭഗവാനുമേശനും
പാലാഴിമങ്കയും നോക്കിനിന്നീടവേ
എന്നുച്ചിയിൽത്തന്നെ വച്ചുവല്ലോ ഭവാൻ
പുണ്യകരമക്കരസരസീരുഹം. 26
പാരിതിന്നാത്മസുഹൃത്താം ഭവാനു സാ-
ധാരണജന്തുമട്ടുച്ചനീചങ്ങളിൽ
ഭേദമതിയില്ല നിശ്ചയമെങ്കിലും
സാദരം കല്പകപാദപമെന്നപോൽ
സേവനത്താൽ പ്രസാദിക്കുമഭിവൃദ്ധി
സേവനത്തിൻ താരതമ്യാനുസാരമാം.
ഉൽകൃഷ്ടനെന്നും നികൃഷ്ടനെന്നും ഭേദ-
മുൾക്കാമ്പിലില്ല ഭവാനൊരുനേരവും. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ജനം നിപതിതം പ്രഭവാഹികൂപേ
കാമാഭികാമമനു യഃ പ്രപതൻ പ്രസങ്ഗാത്
കൃത്വാഽഽത്മസാത് സുരർഷിണാ, ഭഗവൻ, ഗൃഹീതഃ
സോഽഹം കഥം നു വിസൃജേ തവ ഭൃത്യസേവാം? 28
മത്പ്രാണരക്ഷണമനന്ത പിതുർവധശ്ച
മന്യേ സ്വഭൃത്യൃഷിവാക്യമൃതം വിധാതും
ഖഡ്ഗം പ്രഗൃഹ്യ യദവോചദസദ്വിധിത്സു-
''ത്വാമീശ്വരോ മദപരോഽവതു കം ഹരാമി.'' 29
ഏകസ്ത്വമേവ ജഗദേതദമുഷ്യ യത് ത്വ-
മാദ്യന്തയോഃ പൃഥഗവസ്യസി മധ്യതശ്ച
സൃഷ്ട്വാ ഗുണവ്യതികരം നിജമായയേദം
നാനേവ തൈരവസിതസ്തദനുപ്രവിഷ്ടഃ. 30
ത്വം വാ ഇദം സദസദീശ ഭവാംസ്തതോഽന്യോ
മായാ യദാത്മപരബുദ്ധിരിയം ഹ്യപാർത്ഥാ
യദ്യസ്യ ജന്മ നിധനം സ്ഥിതിരീക്ഷണം ച
തദ്വൈ തദേവ വസുകാലവദഷ്ടിതർവ്വോഃ. 31
ന്യസ്യേദമാത്മനി ജഗദ്വിലയാംബുമധ്യേ
ശേഷേഽഽത്മനാ നിജസുഖാനുഭവോ നിരീഹഃ
യോഗേന മീലിതദൃഗാത്മനിപീതനിദ്ര-
സ്തുര്യേ സ്ഥിതോ ന തു തമോ ന ഗുണാംശ്ച യുങ്ക്ഷേ. 32
തസ്യൈവ തേ വപുരിദം നിജകാലശക്ത്യാ
സഞ്ചോദിതപ്രകൃതിധർമ്മണ ആത്മഗൂഢം
അംഭസ്യനന്തശയനാദ്വിരമത്സമാധേ-
ർന്നാഭേരഭൂത് സ്വകണികാ വടവന്മഹാബ്ജം. 33
തത്സംഭവഃ കവിരതോഽന്യദപശ്യമാന-
സ്ത്വാം ബീജമാത്മനി തതം സ്വബഹിർവ്വിചിന്ത്യ
നാവിന്ദദബ്ദശതമപ്സു നിമജ്ജമാനോ
ജാതേഽഽങ്കുരേ കഥമു ഹോപലഭേത ബീജം. 34
സ ത്വാത്മയോനിരതിവിസ്മിത ആസ്ഥിതോഽബ്ജം
കാലേന തീവ്രതപസാ പരിശുദ്ധഭാവഃ
ത്വാമാത്മനീശ ഭുവി ഗന്ധമിവാതിസൂക്ഷ്മം
ഭൂതേന്ദ്രിയാശയമയേ വിതതം ദദർശ. 35
ഏവം സഹസ്രവദനാങ്ഘ്രിശിരഃകരോരു-
നാസാസ്യകർണ്ണനയനാഭരണായുധാഢ്യം
മായാമയം സദുപലക്ഷിതസന്നിവേശം
ദൃഷ്ട്വാ മഹാപുരുഷമാപ മുദം വിരിഞ്ചഃ. 36
തസ്മൈ ഭവാൻ ഹയശിരസ്തനുവം ച ബിഭ്ര-
ദ്വേദദ്രുഹാവതിബലൗ മധുകൈടഭാഖ്യൗ
ഹത്വാഽഽനയച്ഛ്രുതിഗണാംശ്ച രജസ്തമശ്ച
സത്ത്വം തവ പ്രിയതമാം തനുമാമനന്തി. 37
ഇത്ഥം നൃതിര്യഗൃഷിദേവഝഷാവതാരൈർ-
ലോകാൻ വിഭാവയസി ഹംസി ജഗത്പ്രതീപാൻ
ധർമ്മം, മഹാപുരുഷ, പാസി യുഗാനുവൃത്തം
ഛന്നഃ കലൗ യദഭവസ്ത്രിയുഗോഽഥ സ ത്വം. 38
നൈതന്മനസ്തവ കഥാസു, വികുണ്ഠനാഥ,
സമ്പ്രീയതേ ദുരിതദുഷ്ടമസാധു തീവ്രം
കാമാതുരം ഹർഷശോകഭയൈഷണാർത്തം
തസ്മിൻ കഥം തവ ഗതിം വിമൃശാമി ദീനഃ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാലവേ ജന്മമരണസ്വരൂപനാം
കാലസർപ്പം കടികൊള്ളും ഭവാംബുധിയിൽ—
വീണു കാമങ്ങളെയാരാഞ്ഞുഴന്നിടും
ഹീനജനങ്ങളുമായുള്ള വേഴ്ചയാൽ
ഞാനുമടിഞ്ഞീടവേ, ഭവദ്ദാസനാം
വാനോർമുനീശ്വരനെന്നെക്കരയേറ്റി
അങ്ഗീകരിച്ചാൻ സ്വകീയനായി,പ്പുന—
രെങ്ങനെ ഞാൻ വിടും ത്വദ്ഭൃത്യസേവനം. 28
''എന്നെക്കവിഞ്ഞു നിനക്കെഴമീശ്വരൻ—
വന്നു രക്ഷിക്കട്ടെ, നിൻതല കൊയ്‌വൻ''
എന്നോതി വാളുമായ് വന്ന പിതാവിനെ—
ക്കൊന്നെന്നെയങ്ങുന്നു രക്ഷിച്ചതോർക്കിൽ.
ത്വദ്ദാസനാമമ്മുനിതൻ വചസ്സുകൾ
സത്യമാക്കാൻതന്നെയെന്നോർത്തിടുന്നു ഞാൻ. 29

ഈലോകമേകൻ ഭവാൻതാൻ, തദാദ്യന്ത—
കാലങ്ങളിലങ്ങു വേറായിനില്പിതേ
മദ്ധ്യകാലത്തവിടുന്നു ഗുണരൂപ—
മീ ത്രിലോകം മായയാൽച്ചമച്ചായതിൽ
താനേയനുപ്രവേശിച്ചു നിരന്തരം
കാണപ്പെടുന്നു വിവിധസ്വരൂപനായ്. 30
സത്തുമസത്തുമാമിജ്ജഗത്താകവേ
സത്യത്തിലങ്ങോരാൾതന്നെ,യതിൽനിന്നു
വ്യത്യസ്തമായെൻ്റെയന്യൻ്റെയിബ്ഭേദ—
ബുദ്ധിയപാർത്ഥമായീടുമാ മായതാൻ.
ഭൂതസൂക്ഷ്മം, കാലമെന്നിവകാരണ—
ഭൂതങ്ങൾ ബീജവൃക്ഷങ്ങൾക്കതുവിധം
അങ്ങുതാനിജ്ജഗത്തിൻ്റെ ജന്മം, സ്ഥിതി,
ഭംഗം, പ്രകാശമിതുകൾക്കു കാരണം. 31
ലോകമിതാത്മാവിലാത്മബലത്തിനാ—
ലേകനാകും ഭവാനാലയിപ്പിച്ചഥ
നിഷ്ക്രിയനായ് നിജാനന്ദാനുഭൂതനായ്
ദൃക്കുകൾ മീലിതമാക്കി യോഗത്തിനാൽ
സുഷുപ്തിയെന്യേ സ്വരൂപസ്ഥിതനായ് സ്വയം
കല്പജലത്തിൽ ശയിക്കുന്നിതങ്ങനെ.
അല്പവുമങ്ങേയ്ക്കു ബാധകമാവതി—
ല്ലപ്പോൾത്തമസ്സും ഗുണവിഷയങ്ങളും. 32
പിന്നെജ്ജലത്തിലനന്തനാം ശയ്യയിൽ—
നിന്നു സമാധിവിട്ടുത്ഥിതനാകവേ
കാലബലത്തിനാലങ്ങു മായാധർമ്മ—
ജാലം ചലിപ്പിക്കെയങ്ങിലൊതുങ്ങിടും—
നിൻ തനു-വിപ്പാരു-നാഭീമഹാബ്ജമായ്—
പ്പൊന്തിയണുബീജജാതമാമാല്പോൽ. 33
അപ്പങ്കജത്തിൽ ജനിച്ചോരജൻ കവി—
യപ്പൊഴുതാരെയുമങ്ങു കാണായ്കയാൽ
ഉദ്ഭവസ്ഥാനമറിയുവാൻ നീരതി—
ലുൾപ്പുക്കു നാളംവഴി നൂറുവത്സരം
തപ്പിത്തിരഞ്ഞിതു കാരണനാം ഭവാ—
നംഘ്രിവിലുണ്ടെന്നറിയാതഹോ! വൃഥാ.
ന്യായമത്രേയതുമങ്കുരമാം തരു
ബീജത്തെയെങ്ങനെ കണ്ടുപിടിച്ചിടും? 34
ധാതാവു പിന്നെശ്ശതവത്സരം സരോ—
ജാതത്തിലദ്ഭുതമാർന്നു നിവസിച്ചു
തീവ്രതപസ്സനുഷ്ഠിച്ചു പരിശുദ്ധ—
ഭാവത്തെയാവഹിക്കുന്നവനായുടൻ
മേദിനിയിൽ സൂക്ഷ്മഗന്ധമെന്നുള്ളപോൽ
ഭൂതേന്ദ്രിയാന്തരങ്ഗാത്മകമായിടും
സ്വന്തദേഹത്തിലഖിലവും വ്യാപിച്ചു
ബന്ധിച്ചിരിക്കും ഭവാനെ വീക്ഷിച്ചിതേ. 45
ആയിരമാനന,മങ്ഘ്രി,ശിര,സ്സുരു—
വായിരം നാസാ, നയനകർണ്ണങ്ങളും
ആയുധഭൂഷണജാലവുമൊത്തതായ്
മായാപ്രധാനമായ് സത്തോടു ചേർന്നിടും
അങ്ഗമിയന്ന മഹാപുമാനായിടു—
മങ്ങയെക്കണ്ടജൻ സന്തുഷ്ടനായിതേ. 36
നിസ്തുലമാം ബലംപൂണ്ടു രജസ്തമോ—
വൃദ്ധികലർന്ന മധുകൈടഭാഖ്യരാം
ദാനവന്മാരെ ഹയഗ്രീവമൂർത്തിയായ്—
ത്താനേയവതാരമാർന്നു നിഹനിച്ചു
വേദങ്ങളെ വീണ്ടുകൊണ്ടുവന്നായതു
ധാതാവിനായിക്കൊടുത്തുവല്ലോ ഭവാൻ.
സത്വപ്രധാനമാമാരൂപമങ്ങേതെ—
യിഷ്ടപ്പെടുന്നതാണെന്നു കീർത്തിപ്പതേ. 37
ഈവിധമന്നന്നു തിര്യഗൃഷിധർഷ—
ദേവമനുഷ്യാദിയോനികളിൽ ഭവാൻ
വന്നുപിറന്നു ലോകത്തെ രക്ഷിക്കുന്നു
കൊന്നിടുന്നു ജഗദ്ദ്വേഷിജനത്തെയും
കാലോചിതധർമ്മവും കാത്തഥ കലി—
കാലത്തിലാച്ഛന്നനായിരിക്കുന്നിതേ.
ആയതുമൂലം ത്രിയുഗനെന്നും നാമ—
ധേയം ഭവിച്ചു ഭവാനു വിശേശ്വരാ! 38
ദുഷ്ടതംമൂലം ദുഷിച്ചതായ് സജ്ജന—
മാർഗ്ഗങ്ങളിൽ ചരിക്കാത്തതായ് തീവ്രമായ്
കാമാർത്തമായ് ഹർഷശോകഭയൈഷണ—
സ്തോമങ്ങളാൽ നിത്യപീഡിതമായിടും
എന്നുടെ മാനസം നിഞ്ചരിതങ്ങളിൽ
നന്നായ് പതിയുന്നതില്ല ദാമോദരാ!
ഇങ്ങനെയുള്ള ഞാൻ ചിന്തിപ്പതെങ്ങനെ—
യങ്ങേക്കെഴും തത്ത്വരൂപത്തെ വേണ്ടപോൽ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിഹ്വൈകതോ/ച്യുത! വികർഷതി മാവിതൃപ്താ
ശിശ്നോ/ന്യതസ്ത്വഗുദരം ശ്രവണം കുതശ്ചിത്
ഘ്രാണോ/ന്യതശ്ചപലദൃക് ക്വ ച കർമ്മശക്തിർ-
ബഹ്വ്യഃ സപത്ന്യ ഇവ ഗേഹപതിം ലുനന്തി. 40

ഏവം സ്വകർമ്മപതിതം ഭവവൈതരണ്യാ-
മന്യോന്യജന്മമരണാശനഭീതഭീതം
പശ്യഞ്ജനം സ്വപരവിഗ്രഹവൈരമൈത്രം
ഹന്തേതി പാരചര പീപൃഹി മൂഢമദ്യ. 41

കോ ന്വത്ര തേ/ഖിലഗുരോ ഭഗവൻ! പ്രയാസ
ഉത്താരണേ/സ്യ ഭവസംഭവലോപഹേതോഃ
മൂഢേഷു വൈ മഹദനുഗ്രഹ ആർത്തബന്ധോ
കിം തേന തേ പ്രിയജനാനനുസേവതാം നഃ. 42

നൈവോദ്വിജേ പര ദുരത്യയവൈതരണ്യാ-
സ്ത്വദ്വീര്യഗായനമഹാമൃതമഗ്നചിത്തഃ
ശോചേ തതോ വിമുഖചേതസ ഇന്ദ്രിയാർത്ഥ-
മായാസുഖായ ഭരമുദ്വഹതോ വിമൂഢാൻ. 43

പ്രായേണ ദേവമുനയഃ സ്വവിമുക്തികാമാ
മൗനം ചരന്തി വിജനേ ന പരാർത്ഥനിഷ്ഠാഃ
നൈതാൻ വിഹായ കൃപണാൻ വിമുമുക്ഷ ഏകോ
നാന്യം ത്വദസ്യ ശരണം ഭ്രമതോ/നുപശ്യേ. 44

യന്മൈഥുനാദി ഗൃഹമേധിസുഖം ഹി തുച്ഛം
കണ്ഡൂയനേന കരയോരിവ ദുഃഖദുഃഖം
തൃപ്യന്തി നേഹ കൃപണാ ബഹുദുഃഖഭാജഃ
കണ്ഡൂതിവന്മനസിജം വിഷഹേത ധീരഃ. 45

മൗനവ്രതശ്രുതതപോ/ധ്യയനസ്വധർമ്മ-
വ്യാഖ്യാരഹോജപസമാധയ ആപവർഗ്ഗ്യാഃ
പ്രായഃ പരം പുരുഷ തേ ത്വജിതേന്ദ്രിയാണാം
വാർത്താ ഭവന്ത്യുത ന വാത്ര തു ദാംഭികാനാം. 46

രൂപേ ഇമേ സദസതീ തവ വേദസൃഷ്ടേ
ബീജാങ്കുരാവിവ ന ചാന്യദരൂപകസ്യ
യുക്താഃ സമക്ഷമുഭയത്ര വിചിന്വതേ ത്വാം
യോഗേന വഹ്നിമിവ ദാരുഷു നാന്യതഃ സ്യാത്. 47

ത്വം വായുരഗ്നിരവനിർവ്വിയദംബുമാത്രാഃ
പ്രാണേന്ദ്രിയാണി ഹൃദയം ചിദനുഗ്രഹശ്ച
സർവ്വം ത്വമേവ സഗുണോ വിഗുണശ്ച, ഭൂമൻ,
നാന്യത് ത്വദസ്ത്യപി മനോവചസാ നിരുക്തം. 48

നൈതേ ഗുണാ ന ഗുണിനോ മഹദാദയോ യേ
സർവ്വേ മനഃപ്രഭൃതയഃ സഹദേവമർത്ത്യാഃ
ആദ്യന്തവന്ത ഉരുഗായ വിദന്തി ഹി ത്വാ-
മേവം വിമൃശ്യ സുധിയോ വിരമന്തി ശബ്ദാത്. 49

തത് തേ/ർഹത്തമ നമസ്സ്തുതികർമ്മപൂജാഃ
കർമ്മ സ്മൃതിശ്ചരണയോഃ ശ്രവണം കഥായാം
സംസേവയാ ത്വയി വിനേതി ഷഡങ്ഗയാ കിം
ഭക്തിം ജനഃ പരമഹംസഗതൗ ലഭേത. 50

നാരദ ഉവാച

ഏതാവദ്വർണ്ണിതഗുണോ ഭക്ത്യാ ഭക്തേന നിർഗ്ഗുണഃ
പ്രഹ്ലാദം പ്രണതം പ്രീതോ യതമന്യുരഭാഷത. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നമതൃപ്തമാം ജിഹ്വയൊരിടത്തു
പന്നെ വേറെയൊരിടത്തിലായ് ശിശ്നവും,
ത്വക്കൊരുഭാഗത്തു, ചഞ്ചലമായിട്ടും
ദൃക്കൊരുദിക്കിൽ, വയറു വേറെവഴി,
കർണ്ണദ്വിതയമിതരഭാഗത്തിലു-
മന്യസ്ഥലത്തിലക്കർമ്മേന്ദ്രിയങ്ങളും,
ഇത്തരമെന്നെയുപദ്രവിക്കുന്നിതു
ഭർത്താവിനെബ്ബഹുപത്നികളെന്നപോൽ. 40
ഇമ്മട്ടു സംസാരമാം വൈതരണിയിൽ
കർമ്മദോഷത്താൽ പതിച്ചു പരസ്പരം
ജന്മമരണങ്ങളാൽ കണ്ടതിഭീതരായ്
തന്മൈത്രിയിലിഷ്ടവുമന്യവപുസ്സതിൽ
വൈരവും കൈക്കൊണ്ടു മാഴ്കും ജനങ്ങളെ
തീരത്തിരുന്നു കാണും കരുണാനിധേ!
കഷ്ട!മിതെന്നോർത്തവരെയിപ്പോഴത്തന്നെ
വിഷ്ണുപേശാ! ഭവാൻ രക്ഷിച്ചിടേണമേ. 41
സൃഷ്ടിസ്ഥിതിലയകാരണഭൂതനാം
വിഷ്ണുപാചാര്യാ! ഭവാൻ നിനച്ചീടുകിൽ
വല്ലതുമുണ്ടോ വിഷമം ജനത്തെയീ-
യല്ലലിൽനിന്നും സമുദ്ധരിച്ചീടുവാൻ?
ആർത്തബന്ധോ! മഹാന്മാർതന്നനുഗ്രഹം
പേർത്തുമഹിപ്പതു മൂഢജനങ്ങളാം.
തത്പ്രിയഭൃത്യാനുസേവനം ചെയ്തിടു-
മിപ്പരിഷത്ക്കുന്നതിനാൽ പ്രയോജനം? 42
ത്വദ്വീര്യകീർത്തനപീയൂഷമഗ്നമാം
ചിത്തമിയന്നീടുമീ ഞാൻ കൃപാനിധേ!
ദുസ്തരയായിടുമാ വൈതരണിയെ-
ച്ചെറ്റും ഭയപ്പെട്ടിടുന്നില്ല, പിന്നെയോ
ചൊല്ലൊള്ളുമങ്ങേച്ചരിതാമൃതത്തിൽ വൈ-
മുഖ്യമിയന്നു പരം ദുർവഹം ഭരം
ഇന്ദ്രിയപ്രീതിക്കു ചിമ്മുമ്മൂഢരെ-
ക്കണ്ടിട്ടെനിക്കുള്ളുരുകുന്നിതച്യുതാ! 43
മിക്ക ദേവർഷിമാരും വിജനസ്ഥലം
പുക്കു മോക്ഷത്തിനായ് മൗനംഭജിപ്പതേ.
അക്കൂട്ടരാലില്ലൊരു ഫലമന്യ,നീ-
ദുഃഖിതരെക്കണ്ടുകൊണ്ടു ഞാനേകനായ്
മുക്തിനേടീടുവാനിച്ഛിച്ചിടുന്നതി,-
ല്ലാർത്തലോകത്തിനേകാശ്രയമങ്ങുതാൻ. 44
എങ്ങും ഗൃഹസ്ഥാശ്രമികളിയന്നിടു-
മങ്ഗനാസങ്ഗമസൗഖ്യം നിനയ്ക്കുകിൽ,
പാണികളിലെച്ചൊറി ശമിപ്പിക്കുവാൻ
പാണികളന്തമ്മിലുരുമ്മിടുംവേളയിൽ
ചേരുമനുഭവംപോൽ ദുഃഖദുഃഖവു-
മോരുകിലെത്രയോ തുച്ഛവുമെങ്കിലും
ശോകനിമഗ്നർ കൃപണരിതിൽ തൃപ്ത-
രാകില്ല ധീരർ കാമത്തെസ്സഹിപ്പിതേ. 45

മൗനം, വ്രതം, ശ്രുത,മധ്യയനം, രഹഃ-
സ്ഥാനവാസം സ്വധർമ്മാചരണം ജപം
വ്യാഖ്യാനഭേദം തപസ്സു സമാധിയി-
തൊക്കെയും മോക്ഷപദാർത്ഥങ്ങൾതന്നെയാം.
പക്ഷേയജിതേന്ദ്രിയർക്കിവ കേവലം
കുക്ഷിസംപൂരണമാർഗ്ഗങ്ങളായിതു.
ദാംഭികന്മാർക്കാവിധവും പ്രയോജനം
സംഭവിക്കാതെയിരുന്നുവെന്നുംവരാം. 46
വിത്തിൽനിന്നും തരു, വൃക്ഷത്തിൽനിന്നു വി-
ത്തിത്തരം കാരണകാര്യങ്ങളായിടും
രണ്ടുരൂപങ്ങളെ നിന്തിരുമേനിക്കു
പണ്ടേ വിധിച്ചിരിക്കുന്നു വേദങ്ങളും.
എന്നാലരൂപനാമങ്ങേയ്ക്കു രൂപങ്ങ-
ളൊന്നും സ്വകീയങ്ങളല്ലതു നിശ്ചയം.
ശ്രേഷ്ഠയോഗീന്ദ്രരീ രണ്ടുരൂപത്തിലും
കാഷ്ഠത്തിലഗ്നികണക്കിലിരുന്നിടും
അങ്ങയെയാരാഞ്ഞിടുന്നു നിരന്തരം
മങ്ങാതെ യോഗമാർഗ്ഗങ്ങളിലൂടവേ.
എങ്ങുമന്തര്യാമിയായെഴുമങ്ങയെ-
യിങ്ങനെയല്ലാതെ കാണ്മാൻ കഴിയുമോ! 47
അ,പ്പഗ്നി,വായു,വവനി,യാകാശവും
ശബ്ദാദിയുമിന്ദ്രിയങ്ങളും പ്രാണനും
ചിത്തം ഹൃദയമഹങ്കാരമെന്നിവ-
യിത്രയും സ്ഥൂലസൂക്ഷ്മാകൃതിയാർന്നതായ്
വാങ്മനോഗോചരമായവ സർവ്വവു-
മങ്ങുന്നതാനില്ല യതൊന്നുമന്യമായ്. 48
സത്ത്വാദിയാകും ഗുണങ്ങളുമാ മഹ-
ത്തത്ത്വാദിയും മാനസാദിയും മർത്ത്യരും
ആദിതേയന്മാരുമാകവേയന്തവു-
മാദിയുമാർന്നിരിക്കുന്നതു മൂലമായ്
തീരെയറിയുന്നതില്ലഖിലാർച്ച്യനായ്
പാരിൽപ്പുകഴ്ന്നിടും നിന്തിരുമേനിയെ.
സൂരീശ്വരരിതു പാർത്തു ശബ്ദത്തിൽനി-
ന്നാരാൽ വിരമിച്ചിരിക്കുന്നിതെപ്പൊഴും. 49
എന്നതിനാദ്ഭുതഗായ! ഹരേ! ഭവത്-
സന്നമനം, സ്തുതി, സർവ്വകർമ്മാർപ്പണം
അർച്ച, പാദസ്മരണം, കഥാകർണ്ണന-
മിച്ചൊന്ന ലക്ഷണമാറും തികഞ്ഞിടും
സേവകൊണ്ടെന്യേ പരമഹംസാശ്രയ-
ഭൂവാം ഭവാനിൽ ദൃഢഭക്തി കൈവരാ. 50

നാരദൻ പറഞ്ഞു

ഇത്ഥം പ്രഹ്ലാദനാൽ ഭക്തിപൂർവ്വകം
കീർത്തിതം നാനാഗുണവിശേഷത്തിനാൽ
ഉൽക്കടക്രോധം വെടിഞ്ഞങ്ങിരുന്നിടും
നിർഗ്ഗുണനാമനൃസിംഹരൂപൻ ഹരി
പ്രീതനായ്ത്തൻ പദതാരിൽ നമസ്കൃതി-
ചെയ്തുനിന്നീടുമവനോടു ചൊല്ലിനാൻ. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച
''പ്രഹ്ലാദ! ഭദ്ര! ഭദ്രം തേ, പ്രീതോ/ഹം തേ/സുരോത്തമ!
വരം വൃണീഷ്വാഭിമതം കാമപൂരോ/സ്മ്യഹം നൃണാം. 52
മാമപ്രീണത ആയുഷ്മൻ ദർശനം ദുർലഭം ഹി മേ
ദൃഷ്ട്വാ മാം ന പുനർജ്ജന്തുരാത്മാനം തപ്തുമർഹതി. 53
പ്രീണന്തി ഹ്യഥ മാം ധീരാഃ സർവ്വഭാവേന സാധവഃ
ശ്രേയസ്കാമാ മഹാഭാഗാഃ സർവ്വാസാമാശിഷാം പതിം.'' 54
ഏവം പ്രലോഭ്യമാനോ/പി വരൈർലോകപ്രലോഭനൈഃ
ഏകാന്തിത്വാദ് ഭഗവതി നൈച്ഛത് താനസുരോത്തമഃ. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദചരിതേ ഭഗവത്സ്തവോ നാമ നവമോ/ധ്യായഃ

ദശമോ/ധ്യായഃ

നാരദ ഉവാച
ഭക്തിയോഗസ്യ തത് സർവ്വമന്തരായതയാർഭകഃ
മന്യമാനോ ഹൃഷീകേശം സ്മയമാന ഉവാച ഹ. 1
''മാ മാം പ്രലോഭയോത്പത്ത്യാ//സക്തം കാമേഷു
തൈർവരൈഃ
തത്സങ്ഗഭീതോ നിർവ്വിണ്ണോ മുമുക്ഷുസ്ത്വാമുപാശ്രിതഃ. 2
ഭൃത്യലക്ഷണജിജ്ഞാസുർഭക്തം കാമേഷ്വചോദയത്
ഭവാൻ സംസാരബീജേഷു ഹൃദയഗ്രന്ഥിഷു പ്രഭോ! 3
നാന്യഥാ തേ/ഖിലഗുരോ, ഘടേത കരുണാത്മനഃ
യസ്ത ആശിഷ ആശാസ്തേ ന സ ഭൃത്യഃ സ വൈ വണിക്. 4
ആശാസാനോ ന വൈ ഭൃത്യഃ സ്വാമിന്യാശിഷ ആത്മനഃ
ന സ്വാമീ ഭൃത്യതഃ സ്വാമ്യമിച്ഛൻ യോ രാതി ചാശിഷഃ. 5
അഹം ത്വകാമസ്ത്വദ്ഭക്തസ്ത്വം ച സ്വാമ്യനപാശ്രയഃ
നാന്യഥേഹാവയോരർത്ഥോ രാജസേവകയോരിവ. 6
യദി രാസീശ! മേ കാമാൻ വരാംസ്ത്വം വരദർഷഭ.
കാമാനാം ഹൃദ്യസംരോഹം ഭവതസ്തു വൃണേ വരം. 7
ഇന്ദ്രിയാണി മനഃ പ്രാണ ആത്മാ ധർമ്മോ ധൃതിർമ്മതിഃ
ഹ്രീഃ ശ്രീസ്തേജഃ സ്മൃതിഃ സത്യം യസ്യ നശ്യന്തി ജന്മനാ. 8
വിമുഞ്ചതി യദാ കാമാന്മാനവോ മനസി സ്ഥിതാൻ
തർഹ്യേവ പുണ്ഡരീകാക്ഷ! ഭഗവത്ത്വായ കല്പതേ. 9
നമോ ഭഗവതേ തുഭ്യം പുരുഷായ മഹാത്മനേ
ഹരയേ/ദ്ഭുതസിംഹായ ബ്രഹ്മണേ പരമാത്മനേ.'' 10

നൃസിംഹ ഉവാച
നൈകാന്തിനോ മേ മയി ജാത്വിഹാശിഷ
ആശാസതേ/മുത്ര ച യേ ഭവദ്വിധാഃ
അഥാപി മന്വന്തരമേതദത്ര
ദൈത്യേശ്വരാണാമനുഭുങ്ക്ഷ്വ ഭോഗാൻ. 11
കഥാ മദീയാ ജുഷമാണഃ പ്രിയാസ്ത്വ-
മാവേശ്യ മാമാത്മനി സന്തമേകം
സർവ്വേഷു ഭൂതേഷ്വധിയജ്ഞമീശം
യജസ്വ യോഗേന ച കർമ്മ ഹിന്വൻ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

''ഭദ്ര! പ്രഹ്ലാദാ! ഭവിക്ക ഭവ്യം നിന-
ക്കെത്രയും തുഷ്ടനായേൻ, വരം വാങ്ങുക.

പ്രേമനിധാനമേ! ഞാൻ നരന്മാരുടെ
കാമസംപൂർത്തി വരുത്തുവോനാണു കേൾ. 52

എൻ പ്രസാദം നേടിടാത്തവർക്കാർക്കുമേ
സംഭവിച്ചീടുകയില്ലെന്റെ ദർശനം.

എന്നെ വീക്ഷിച്ചിട്ടും തപ്തന്റെയാത്മാവു
പിന്നെയായുഷ്മൻ! തപിക്കേണ്ടതായ് വരാ. 53

ആകയാൽ ശ്രേയോഭിലാഷികളായ് മഹാ-
ഭാഗധേയാഢ്യരായ് ധീരരുമായിട്ടും

സാധുക്കൾ സർവ്വാത്മഭാവത്തൊടും മോക്ഷ-
നാഥനാമെന്നെ മുദിതനാക്കുന്നിതേ.'' 54

ലോകപ്രലോഭനശ്രേഷ്ഠവരങ്ങള-
ങ്ങേകുവാൻ ശ്രീഹരി സന്നദ്ധനാകിലും

ഏകാന്തഭാവം നിമിത്തമിച്ഛിച്ചീല
ശ്രീകാന്തഭക്തനദ്ദൈത്യകുലേശ്വരൻ. 55

അദ്ധ്യായം 10

പ്രഹ്ലാദചരിതം തുടർച്ച—ത്രിപുരദഹനം

നാരദൻ പറഞ്ഞു

ഭക്തിയോഗത്തിനതെല്ലാം പലതരം
വിഘ്നങ്ങൾ ചേർപ്പതെന്നോർത്തിരുന്നീടുവോൻ

അദ്ഭുതസ്തബ്ധനപ്രഹ്ലാദബാലക-
നിപ്രകാരം ഹൃഷീകേശനോടോതിനാൻ: 1

''ഉത്പത്തിയാൽത്താൻ വിഷയപ്രസക്തനാ-
മിബ്ബാലനെബ്ഭവാൻ കാമവരങ്ങളാൽ

ചെറ്റും പ്രലോഭനംചെയ്യരുതെന്നുണ്ടു
മുറ്റുമപേക്ഷ, ഞാൻ തത്സംഗഭീതനാം.

വൈരാഗ്യമാർന്നു മുമുക്ഷുവായ് ത്വത്പദ-
സാരസത്തെശ്ശരണംഗമിക്കുന്നിതാ. 2

ചിന്തിക്കുകിൽബ്ഭവബീജങ്ങളായി ഹൃദ്-
ഗ്രന്ഥികളാകുമിക്കാമവരങ്ങളാൽ

എന്നെബ്ഭവാൻ പ്രലോഭിപ്പിച്ചതു ഭൃത്യ-
ചിഹ്നപരീക്ഷണമെന്നോർത്തിടുന്നു ഞാൻ. 3

അല്ലാതിണങ്ങുകയില്ല ജഗദ്ഗുരോ!
തെല്ലും, കൃപാനിധിയാം തിരുമേനിയിൽ

ആശിസ്സിനായിബ്ഭവാനെബ്ഭജിക്കുവോൻ
മോശ,മവൻ ഭക്തനല്ല, വണിക്കുതാൻ. 4

സ്വാമിയിൽനിന്നും സ്വസേവനത്തിൻ ഫലം
കാമിച്ചിടുന്നൊരു ഭൃത്യനു,മാവിധം

സ്വാമിഭാവം പുലർത്തീടുവാൻ ശിഷ്യനു
കാമിതമേകിടുമാ യജമാനനും

രണ്ടുപേരും ക്രയവിക്രയവൃത്തിയാൽ
രണ്ടു വണിക്കുകളെന്നേവരൂ ദ്വയം. 5

ഞാനോ ഭവാനിൽനിന്നൊന്നുമാശിക്കാതെ
വാണിടും ത്വത്കിങ്കരൻ, തിരുമേനിയോ

ഒന്നുമെന്നെക്കൊണ്ടു നേടുവാനില്ലാത്ത
ധന്യൻ പ്രഭു, നമുക്കില്ല പാർത്തീടുകിൽ

മന്നിതിൽ സേവകനും നരപാലനു-
മന്യോന്യമാളും പ്രയോജനമേതുമേ. 6

ഹേ വരദർഷഭാ! മേ വരമേകുവാൻ
ഭാവിക്കയാണു ഭവാനെന്നിരിക്കുകിൽ,

കാമബീജങ്ങളെന്നുള്ളത്തിലൊന്നുമേ
സ്വാമിൻ! മുളയ്ക്കാതിരിക്കാൻ തരൂ വരം. 7

പ്രാണൻ, മനസ്സിന്ദ്രിയങ്ങൾ, ധർമ്മം, മതി,
നാണം, സ്മൃതി, മഹസ്സാത്മാവു, സത്യവും

ഐശ്വര്യവും ധൃതിയും നശിക്കുന്നഹോ!
നിശ്ചയം, കാമം മുളയ്ക്കുകിലക്ഷണം. 8

തന്മാനസസ്ഥിതകാമങ്ങളെയാകെ-
യുന്മൂലനാശംവരുത്തിടും മാത്രയിൽ

മർത്ത്യൻ ഭഗവാന്റെ ഭാവമിയന്നുടൻ
ശുദ്ധനായ്ത്തീരുന്നു നൂനം നൃസിംഹമേ! 9

ഓം മഹാത്മാവായ് ഹരിയായ് പുരുഷനായ്
ബ്രഹ്മമായദ്ഭുതസിംഹാകൃതിയായി

ആനന്ദരൂപനായിപ്പരാത്മാവുമായ്
ഭാനിച്ചിടും ഭഗവാനു നമസ്കൃതി.'' 10

നൃസിംഹം പറഞ്ഞു

എന്നിലേകാന്തമതികളാം ത്വാദൃശ-
രൊന്നുമേയൈഹികപാരത്രികങ്ങളാം

ഭോഗങ്ങളേതുമാശിച്ചിടുന്നില്ലെന്ന-
താകിലും നീയീമനുകാലമിത്രയും

ദാനവാധീശ്വര ഭോഗങ്ങളാർന്നിഹ
വാണീടുക സുഖമായിക്കുമാരകാ! 11

മോദകരമാകുമെൻ ചരിതാമൃതം
സാദരമാർന്നു നീ, സർവ്വഭൂതത്തിലും

ആവാസിയായധ്വരങ്ങൾക്കധിഷ്ഠാന-
ദേവനായേകനാമീശ്വരനായിടും

എന്നെ മനസ്സിലാരോപിച്ചു യോഗമ-
തൊന്നിനാൽ കർമ്മം ത്യജിച്ചു യജിക്കുക. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭോഗേന പുണ്യം കുശലേന പാപം
കളേബരം കാലജവേന ഹിത്വാ
കീർത്തിം വിശുദ്ധാം സുരലോകഗീതാം
വിതായ മാമേഷ്യസി മുക്തബന്ധഃ. 13
യ ഏതത് കീർത്തയേന്മഹ്യം ത്വയാ ഗീതമിദം നരഃ
ത്വാം ച മാം ച സ്മരൻ കാലേ കർമ്മബന്ധാത് പ്രമുച്യതേ. 14

പ്രഹ്ലാദ ഉവാച
വരം വരയ ഏതത് തേ വരദേശാന്മഹേശ്വര!
യദനിന്ദത് പിതാ മേ ത്വാമവിദ്വാംസ്തേജ ഐശ്വരം. 15
വിദ്ധാമർഷാശയഃ സാക്ഷാത് സർവ്വലോകഗുരും പ്രഭും
ഭ്രാതൃഹേതി മൃഷാദൃഷ്ടിസ്ത്വദ്ഭക്തേ മയി ചാഘവാൻ. 16
തസ്മാത് പിതാ മേ പൂയേത ദുരന്താദ്ദുസ്തരാദഘാത്
പൂതസ്തേഽപാങ്ഗസംദൃഷ്ടസ്തദാ കൃപണവത്സല! 17

ശ്രീഭഗവാനുവാച
ത്രിഃസപ്തഭിഃ പിതാ പൂതഃ പിതൃഭിഃ സഹ തേഽനഘ!
യത് സാധോഽസ്യ ഗൃഹേ ജാതോ ഭവാന്വൈ കുലപാവനഃ. 18
യത്ര യത്ര ച മദ്ഭക്താഃ പ്രശാന്താഃ സമദർശിനഃ
സാധവഃ സമുദാചാരാസ്തേ പൂയന്ത്യപി കീകടാഃ. 19
സർവ്വാത്മനാ ന ഹിംസന്തി ഭൂതഗ്രാമേഷു കിഞ്ചന
ഉച്ചാവചേഷു ദൈത്യേന്ദ്ര! മദ്ഭാവേന ഗതസ്പൃഹാഃ. 20
ഭവന്തി പുരുഷാ ലോകേ മദ്ഭക്താസ്ത്വാമനുവ്രതാഃ
ഭവാന്മേ ഖലു ഭക്താനാം സർവ്വേഷാം പ്രതിരൂപധൃക്. 21
കുരു ത്വം പ്രേതകാര്യാണി പിതുഃ പൂതസ്യ സർവ്വശഃ
മദങ്ഗസ്പർശനേനാങ്ഗ ലോകാന്യാസ്യതി സുപ്രജാഃ. 22
പിത്ര്യം ച സ്ഥാനമാതിഷ്ഠ യഥോക്തം ബ്രഹ്മവാദിഭിഃ
മയ്യാവേശ്യ മനസ്താത കുരു കർമ്മാണി മത്പരഃ. 23

നാരദ ഉവാച
പ്രഹ്ലാദോഽപി തഥാ ചക്രേ പിതുര്യത്സാംപരായികം
യഥാഽഽഹ ഭഗവാൻ രാജന്നഭിഷിക്തോ ദ്വിജോത്തമൈഃ. 24
പ്രസാദസുമുഖം ദൃഷ്ട്വാ ബ്രഹ്മാ നരഹരിം ഹരിം
സ്തുത്വാ വാഗ്ഭിഃ പവിത്രാഭിഃ പ്രാഹ ദേവാദിഭിർവൃതഃ. 25

ബ്രഹ്മോവാച
ദേവദേവാഖിലാധ്യക്ഷ! ഭൂതഭാവന! പൂർവ്വജ!
ദിഷ്ട്യാ തേ നിഹതഃ പാപോ ലോകസന്താപനോഽസുരഃ. 26
യോഽസൗ ലബ്ധവരോ മത്തോ ന വധ്യോ മമ സൃഷ്ടിഭിഃ
തപോയോഗബലോന്നദ്ധഃ സമസ്തനിഗമാനഹൻ. 27
ദിഷ്ട്യാസ്യ തനയഃ സാധുർമ്മഹാഭാഗവതോഽർഭകഃ
ത്വയാ വിമോചിതോ മൃത്യോർദ്ദിഷ്ട്യാ ത്വാം സമിതോഽധുനാ. 28
ഏതദ്വപുസ്തേ ഭഗവൻ ധ്യായതഃ പ്രയതാത്മനഃ
സർവ്വതോ ഗോപ്തൃ സംത്രാസാന്മൃത്യോരപി
ജിഘാംസതഃ. 29

നൃസിംഹ ഉവാച
മൈവം വരോഽസുരാണാം തേ പ്രദേയഃ പദ്മസംഭവ!
വരഃ ക്രൂരനിസർഗ്ഗാണാമഹീനാമമൃതം യഥാ. 30

നാരദ ഉവാച
ഇത്യുക്ത്വാ ഭഗവാൻ രാജംസ്തത്രൈവാന്തർദ്ധേ ഹരിഃ
അദൃശ്യഃ സർവ്വഭൂതാനാം പൂജിതഃ പരമേഷ്ഠിനാ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭോഗത്തിനാൽ പുണ്യവും, കുശലത്തിനാ-
ലാകെ ദുരിതവും, കാലവേഗത്തിനാൽ
ഗാത്രവും സന്ത്യജിച്ചെങ്ങും സുരാവലി
വാഴ്ത്തിടും സംശുദ്ധകീർത്തി പരത്തി നീ
സർവേശ്വരനാകുമെന്നോടു ചേർന്നിടും
നിർവിശങ്കം ഭക്തമൗലിമാണിക്യമേ! 13
എന്നും പ്രഭാതത്തിലെന്നെയും നിന്നെയും
നന്നായ്സ്തുതിച്ചുകൊണ്ടീ നിൻ സ്തുതിവരം
നമ്മുടെ കീർത്തിച്ചിടുന്ന പുമാനുടൻ
കർമ്മബന്ധങ്ങളിൽനിന്നു വിമുക്തനാം. 14

പ്രഹ്ലാദൻ പറഞ്ഞു

അങ്ഗീകരിക്കുന്നു ഞാൻ വരദേശനാ-
മങ്ങയിൽനിന്നുമൊരുവരമീവിധം
ഏതുമധീശപ്രഭാവമറിയാതെ
ഭ്രാതൃഹന്താവെന്നു തെററിദ്ധരിക്കയാൽ
നിന്തിരുമേനിയെ നിന്ദിച്ചു ഭക്തനും
ശാന്തനുമാമെന്നെ മർദ്ദിച്ചിതെൻപിതാ.
ദുസ്തരമായിട്ടുരന്തമാമീയഘം
മത്താതനിൽനിന്നൊഴിച്ചീടണം ഭവാൻ.
ദീനബന്ധോ! കൃപണാധികവത്സലാ!
ദാനവേന്ദ്രൻ ത്വദപാങ്ഗേക്ഷണത്തിനാൽ
അപ്പൊഴേ ശുദ്ധനായെന്നതോർക്കാതുള്ളോ-
രഭ്യർത്ഥനയിതങ്ങുന്നു പൊറുക്കണം. 15–17

ശ്രീഭഗവാൻ പറഞ്ഞു

സാധോ! ദുരിതരഹിതാ! ശ്രവിക്ക നിൻ-
താതൻ തനിച്ചല്ല, നിൻവംശജാതരായ്
പൂർവ്വമിരുപത്തിയൊന്നു തലമുറ-
ക്കാരും പിതൃക്കളും സംശുദ്ധരായിതു.
വംശവിശുദ്ധികരൻ നീയവർക്കേറ്റം
വംശജനായതത്രേയതിൻ കാരണം. 18
സന്തതസന്മാർഗ്ഗചാരികളായതി-
ശാന്തരായിസ്സമദർശികളായിടും
മദ്ഭക്തർ വാണിടും കീകടദേശവും
നിഷ്പാപമാം സർവ്വജീവിജാലത്തോടും. 19
സർവ്വാത്മകനാകുമെന്നിലിയന്നിടും
ഭാവനമൂലം ഗതസ്പൃഹരായവർ
ഉച്ചനീചങ്ങളാം ജീവിജാലങ്ങളിൽ
വച്ചൊന്നിനേയുമുപദ്രവിക്കാ ദൃഢം. 20
ലോകത്തുനിന്നെയനുസരിക്കുന്നവ-
രാകമാനം മമ ഭക്തരായ്ത്തീർന്നിടും.
ആയവർക്കെല്ലാമുപമാനഭാവവും
നീയാവഹിച്ചീടുമില്ലൊരു സംശയം. 21
മത്സ്പർശനത്താൽ പരിശുദ്ധനായിടും
ത്വത്പിതാവിൻ പ്രേതശുദ്ധികർമ്മങ്ങളെ
സത്വരമാചരിച്ചീടുക സത്സുത-
യുക്തനവൻ പുണ്യലോകം ഗമിച്ചിടും. 22
നീയപ്പിതൃസ്ഥാനസംസ്ഥനായ് ദാനവ-
നായകത്വം വഹിച്ചീടുക, വത്സകാ!
എന്നിൽ മനംവച്ചു മത്പരനായ്ക്കർമ്മ-
മാന്നിട്ടു ബ്രഹ്മവിജ്ഞോപദേശത്തോടും. 23

നാരദൻ പറഞ്ഞു

മന്നവാ! പിന്നെബ്ഭഗവാനരുംചെയ്തു-
വണ്ണമവൻ പിതൃസംസ്കൃതിതൊട്ടവ
പാരാതനുഷ്ഠിച്ചു ദാനവാധീശനാ-
യാരണരാലഭിഷിക്തനായീടിനാൻ. 24
പിന്നെ വിരിഞ്ചൻ നരഹരിയാം ഹരി-
തന്നെ പ്രസന്നവദനനായ്ക്കണ്ടുടൻ
ദേവാദികളാൽ പരീതനായീവിധം
പാവനവാക്യങ്ങളാൽ സ്തുതിച്ചീടിനാൻ. 25

ബ്രഹ്മാവു പറഞ്ഞു

ദേവദേവാ! സമസ്താദ്ധ്യക്ഷ! ഹേ ഭൂത-
ഭാവന! പൂർവ്വജാ! ഭാഗധേയത്തിനാൽ,
ലോകം തപിപ്പിച്ചൊരമ്മഹാപാപിയെ
നീ കൊന്നു വന്നു ജഗത്തിനു മങ്ഗലം. 26
യോഗം തപസ്സുകളിവയാൽ മദിച്ചു, ഞാ-
നേകിയതാം വരത്തിൻ പ്രഭാവത്തോടും
മാമകസൃഷ്ടിവർഗ്ഗത്താലവധ്യനാ-
മാമൂഢനാഗമമാകെ ഹനിച്ചിതു. 27
ഭാഗവതാഗ്ര്യനായ് സാധുവായ്ത്തത്സുത-
നാകുമീ ബാലനെബ്ഭാഗ്യത്തിനാൽ ഭവാൻ
മൃത്യുവിൽനിന്നു കാത്താ,നിപ്പൊഴങ്ങയെ-
യാർത്തബന്ധോ! ശരണംഗമിച്ചാനിവൻ. 28
നിന്തിരുമേനിതൻ ദിവ്യസ്വരൂപമി-
തന്തരങ്ഗത്തിലവധാനപൂർവകം
ചിന്തിച്ചിടുന്നവൻ സർവഭയത്തിലു-
മന്തകൻതന്നിലുംനിന്നു മോചിച്ചിടും. 29

നൃസിംഹം പറഞ്ഞു

ക്രൂരരായീടുമസുരർക്കിനിബ്ഭവാൻ,
ഘോരസർപ്പത്തിനു പാലെന്നപോലവേ,
ഇത്തരമുള്ള വരങ്ങളേകീടൊലാ
ബുദ്ധിമോശംതാനിതു ചതുരാനനാ! 30

നാരദൻ പറഞ്ഞു

ഇത്ഥമോതിസ്സുരസ്സാദൃശ്യനാം ഹരി
തത്രതാൻ ബ്രഹ്മപൂജിതനായ് മറഞ്ഞിതു. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ സമ്പൂജ്യ ശിരസാ വവന്ദേ പരമേഷ്ഠിനം
ഭവം പ്രജാപതീൻ ദേവാൻ പ്രഹ്ലാദോ ഭഗവത്കലാഃ. 32
തതഃ കാവ്യാദിഭിഃ സാർദ്ധം മുനിഭിഃ കമലാസനഃ
ദൈത്യാനാം ദാനവാനാം ച പ്രഹ്ലാദമകരോത് പതിം. 33
പ്രതിനന്ദ്യ തതോ ദേവാഃ പ്രയുജ്യ പരമാശിഷഃ
സ്വധാമാനി യയൂ രാജൻ ബ്രഹ്മാദ്യാഃ പ്രതിപൂജിതാഃ. 34
ഏവം തൗ പാർഷദൗ വിഷ്ണോഃ പുത്രത്വം പ്രാപിതൗ ദിതേഃ
ഹൃദി സ്ഥിതേന ഹരിണാ വൈരഭാവേന തൗ ഹതൗ. 35.
പുനശ്ച വിപ്രശാപേന രാക്ഷസൗ തൗ ബഭൂവതുഃ
കുംഭകർണ്ണദശഗ്രീവൗ ഹതൗ തൗ രാമവിക്രമൈഃ. 36
ശയാനൗ യുധി നിർഭിന്നഹൃദയൗ രാമസായകൈഃ
തച്ചിത്തൗ ജഹതുർദ്ദേഹം യഥാ പ്രാക്തനജന്മനി. 37
താവിഹാഥ പുനർജ്ജാതൗ ശിശുപാലകരൂഷജൗ
ഹരൗ വൈരാനുബന്ധേന പശ്യതസ്തേ സമീയതുഃ. 38
ഏനഃ പൂർവ്വകൃതം യത്തദ്രാജാനഃ കൃഷ്ണവൈരിണഃ
ജഹുസ്ത്വന്തേ തദാത്മാനഃ കീടഃ പേശസ്കൃതോ യഥാ. 39
യഥാ യഥാ ഭഗവതോ ഭക്ത്യാ പരമയാഭിദാ
നൃപാശ്ചൈദ്യാദയഃ സാത്മ്യം ഹരേസ്തച്ചിന്തയാ യയുഃ. 40
ആഖ്യാതം സർവ്വമേതത് തേ യന്മാം ത്വം പരിപൃഷ്ടവാൻ
ദമഘോഷസുതാദീനാം ഹരേഃ സാത്മ്യമപി ദ്വിഷാം. 41
ഏഷാ ബ്രഹ്മണ്യദേവസ്യ കൃഷ്ണസ്യ ച മഹാത്മനഃ
അവതാരകഥാ പുണ്യാ വധോ യത്രാദിദൈത്യയോഃ. 42
പ്രഹ്ലാദസ്യാനുചരിതം മഹാഭാഗവതസ്യ ച
ഭക്തിർജ്ഞാനം വിരക്തിശ്ച യാഥാത്മ്യം ചാസ്യ വൈ
ഹരേഃ. 43
സർഗ്ഗസ്ഥിത്യപ്യയേശസ്യ ഗുണകർമ്മാനുവർണ്ണനം
പരാവരേഷാം സ്ഥാനാനാം കാലേന വ്യത്യയോ മഹാൻ. 44
ധർമ്മോ ഭാഗവതാനാം ച ഭഗവാന്യേന ഗമ്യതേ
ആഖ്യാനേഽസ്മിൻ സമാമ്നാതമാധ്യാത്മികമശേഷതഃ. 45
യ ഏതത് പുണ്യമാഖ്യാനം വിഷ്ണോർവീര്യോപബൃംഹിതം
കീർത്തയേച്ഛ്രദ്ധയാ ശ്രുത്വാ കർമ്മപാശൈർവിമുച്യതേ. 46

ഏതദ്യ ആദിപുരുഷസ്യ മൃഗേന്ദ്രലീലാം
ദൈത്യേന്ദ്രയൂഥപവധം പ്രയതഃ പഠേത
ദൈത്യാത്മജസ്യ ച സതാം പ്രവരസ്യ പുണ്യം
ശ്രുത്വാനുഭാവമകുതോഭയമേതി ലോകം. 47

യൂയം നൃലോകേ ബത ഭൂരിഭാഗാ
ലോകം പുനാനാ മുനയോഽഭിയന്തി
യേഷാം ഗൃഹാനാവസതീതി സാക്ഷാത്
ഗൂഢം പരം ബ്രഹ്മ മനുഷ്യലിംഗം. 48

സ വാ അയം ബ്രഹ്മ മഹദ്വിമൃഗ്യ-
കൈവല്യനിർവ്വാണസുഖാനുഭൂതിഃ
പ്രിയഃ സുഹൃദ്വഃ ഖലു മാതുലേയ
ആത്മാർഹണീയോ വിധികൃദ് ഗുരുശ്ച. 49

ന യസ്യ സാക്ഷാദ്ഭവപദ്മജാദിഭീ
രൂപം ധിയാ വസ്തുതയോപവർണ്ണിതം
മൗനേന ഭക്ത്യോപശമേന പൂജിതഃ
പ്രസീദതാമേഷ സ സാത്വതാം പതിഃ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെ ബ് ഭഗവൽക്കലാഭൃതരായ്ത്തത്ര
മിന്നുമജനെയും ദേവഗണത്തെയും
ശ്രീഹരനേയും പ്രജാപതിമാരെയും
പ്രഹ്ലാദനർച്ചിച്ചു ഭക്ത്യാ നമിച്ചിതു. 32
ശുക്രാദിമാമുനിമാരൊത്തജൻ വിഷ്ണു-
ഭക്താഗ്രഗണ്യനാം പ്രഹ്ലാദബാലനെ
ദാനവദൈത്യവർഗ്ഗങ്ങൾക്കധീശനായ്
മാനിച്ചു നിശ്ചയിച്ചീടിനാൻ സാദരം. 33
പിന്നെയബ് ഭക്താഗ്രഗണ്യനെ ബ്രഹ്മാദി-
വിണ്ണവർ നന്നായനുഗ്രഹിച്ചിട്ടഥ
തൽകൃതസൽകൃതിയാന്നു സന്തുഷ്ടരായ്
നിഷ്ക്രമിച്ചീടിനാർ സ്വസ്വാലയംപ്രതി. 34
ഇത്ഥമാ ശ്രീവിഷ്ണുപാർഷദന്മാർ ദിതി-
പുത്രരായ് വന്നു വിദ്വേഷഭാവത്തിനാൽ
അന്തരംഗസ്ഥിതനായിടുമിന്ദിരാ-
കാന്തനാലാഹതരായാരിരുവരും. 35
ഭൂസുരശാപംനിമിത്തമവർ വീണ്ടു-
മാസുരവംശത്തിൽ വന്നുപിറന്നിതു.
രാവണകുംഭകർണ്ണാഖ്യരായീടുമ-
ദ്ദേവരിപുക്കളെ രാഘവൻ കൊന്നിതു. 36
രാമബാണത്തിനാൽ ഭിന്നഹൃദയരായ്
പോർമന്നിൽ വീണുകിടന്നോരുപോതിലും
പോയജന്മത്തിലേപ്പോലെതാൻ മാനസ-
മായവനിൽത്തന്നെ വച്ചു മരിച്ചിതേ. 37
രണ്ടുപേരും വന്നു ഭുവിൽ പിറന്നിതു
വീണ്ടും ശിശുപാലദന്തവക്ത്രാഖ്യരായ്.
വൈരാനുബന്ധത്തിനാൽ ചെന്നുചേർന്നിതു
നാരായണനിൽ ഭവാൻ കണ്ടിരിക്കവേ. 38
പിന്നിവരെന്നിയേ വിഷ്ണുവിദ്വേഷികൾ
മന്നവർ വേറേപലരുമപാപരായ്
വിഷ്ടപനാഥനിൽ ചേർന്നു; വേട്ടാളന്റെ
കൂട്ടിലകപ്പെട്ട കീടമെല്ലാമെല്ലൊഴും
വേട്ടാളനെത്താൻ സ്മരിച്ചിരുന്നന്ത്യമായ്
വേട്ടാളനായ്ത്താൻ പരിണമിക്കുംവിധം. 39
ഭേദധീയററപരമമാം ഭക്തിയാൽ
സാധുക്കളേതേതുമട്ടിൽ മുകുന്ദനിൽ
സായുജ്യമാന്നോ തഥാ ചേദിപാദ്യരും
മായാമയനിലണഞ്ഞു തച്ചിന്തയാൽ. 40
വൈരികളായിട്ടും ചൈദ്യാദ്യർ മാധവ-
സാരൂപ്യമെങ്ങനെയാന്നെന്ന ശങ്കയാൽ
അങ്ങു ചോദിച്ച ചോദ്യത്തിനുമുത്തര-
മിങ്ങനെയങ്ങയോടായരുളീടിനേൻ. 41
വിപ്രഹിതങ്കരനായിട്ടും വിഷ്ണുവിൻ-
ചൊല്ലൊങ്ങിടുമീയവതാരസത്കഥ
പുണ്യസംവർദ്ധകമാണാദിദൈത്യരെ-
ക്കൊന്നതും വിസ്തരിച്ചോതിയിട്ടുണ്ടിതിൽ. 42
ഭക്തനാം പ്രഹ്ലാദനാന്നിട്ടും ജ്ഞാനവും
നിഷ്കാമഭക്തിയും ഭോഗവിരക്തിയും
ഇന്ദിരാകാന്തയഥാർത്ഥസ്വരൂപവും
വർണ്ണിച്ചിരിപ്പു സവിശേഷമായിതിൽ. 43
സൃഷ്ടിസ്ഥിതിലയകാരണനായിടും
വിഷ്ടപേശൻതൻ ഗുണവിശേഷങ്ങളും
കർമ്മങ്ങളും സുരന്മാർതൻ പദവിയും,
നിർമ്മലാത്മൻ കാലവേഗംനിമിത്തമായ്
ഉച്ചനീചങ്ങളാം സ്ഥാനങ്ങൾതൻ മഹാ-
വിച്യുതിയും തെളിഞ്ഞീക്ഷിച്ചിടാമിതിൽ. 44
ഏതാണു ഭാഗവതധർമ്മമെന്നതു-
മേതിനാലീശ്വരൻ പ്രാപ്യനെന്നുള്ളതും
അദ്ധ്യാത്മതത്ത്വം സമസ്തവും വേണ്ടപോൽ
വിസ്തരിച്ചോതിയിട്ടുണ്ടിതിൽ മന്നവാ! 45
പുണ്യകരമാം ഹരിവീര്യമാകവേ
നന്നായ് വിശദീകരിക്കുമിസ്സത്കഥ
നല്ലവണ്ണംകേട്ടു കീർത്തിച്ചിടുന്നവൻ
കില്ലില്ല കർമ്മപാശത്തെയറുത്തിടും. 46
ആദിപുമാൻതൻ മൃഗാധിപലീലയും
ദൈതേയസംഘാധിനാഥസംഹാരവും
പുണ്യജനകമാം ദൈത്യേന്ദ്രപുത്രന്റെ-
യെണ്ണമററുള്ള മാഹാത്മ്യവുമേതവൻ
നിത്യവും കേൾക്കും പഠിക്കുമപ്പുരുഷ-
നെത്തുന്നു നിർഭയമാം ഭഗവത്പദം. 47
ശുദ്ധസ്ഥമാം പരബ്രഹ്മമീ നിങ്ങടെ
വീടുതോറും മർത്ത്യനായ് വന്നു വാഴ്കയാൽ
ലോകം വിശുദ്ധമാക്കീടുന്ന മാമുനി-
ലോകം മുറയ്ക്കിങ്ങു വന്നുചേരുന്നിതു. 48
മർത്ത്യലോകസ്ഥരാം നിങ്ങൾതൻ ഭാഗ്യ-
മെത്രയെന്നോതാൻ കഴിവില്ലൊരുത്തനും. 48
ഭൂവാസവാ! മഹത്തുക്കളൊരാഞ്ഞിട്ടും
കേവലനിർവ്വാണസൗഖ്യാനുഭൂതിയാം
സാക്ഷാൽ പരബ്രഹ്മമല്ലയോ നിങ്ങൾത-
ന്നീക്ഷണങ്ങൾക്കു വിഷയമായ് സന്തതം
യുഷ്മൽസുഹൃത്തും പ്രിയനുമാചാര്യനു-
മാത്മാവുമർച്ച്യനും മാതുലപുത്രനും
കിങ്കരൻതാനും ഹിതങ്കരനും വേണ്ട-
മെങ്കിലങ്ങാരുമായും നിലകൊൾവതും. 49
ആരുടെ രൂപമജനും മഹേശനും
നേരേ മതിയാൽ വിചിന്തനംചെയ്യയോ,
വർണ്ണിക്കയോ ചെയ്യിടുവാൻ സമർത്ഥരായ്-
ത്തീർന്നതില്ലീ ഞങ്ങൾ മൗനവും ഭക്തിയും
ഇന്ദ്രിയൗഘത്തിൻ യമനവുംമൂലമായ്
സന്തതമാരാധനംചെയ്തുപോന്നിട്ടും
ഭക്തവാത്സല്യനിധിയായ് വിളങ്ങുമ-
ച്ചിദ്ഘനനാം ഭഗവാൻ പ്രസാദിക്കണം. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏഷ ഭഗവാൻ, രാജൻ, വ്യതനോദ്വിഹതം യശഃ
പുരാ രുദ്രസ്യ ദേവസ്യ മയേനാനന്തമായിനാ. 51

രാജോവാച

കസ്മിൻ കർമ്മണി ദേവസ്യ മയോഽഹഞ്ജഗദീശിതുഃ
യഥാ ചോപചിതാ കീർത്തിഃ കൃഷ്ണേനാനേന കഥ്യതാം. 52

നാരദ ഉവാച

നിർജ്ജിതാ അസുരാ ദേവൈര്യുധ്യനേനോപബൃംഹിതൈഃ
മായിനാം പരമാചാര്യം മയം ശരണമായയുഃ. 53
സ നിർമ്മായ പുരസ്തിസ്രോ ഹൈമീരൗപ്യായസീർവിഭുഃ
ദുർല്ലക്ഷ്യാപായസംയോഗാ ദുർവ്വിതർക്ക്യപരിച്ഛദാഃ 54
താഭിസ്തേഽസുരസേനാന്യോ ലോകാംസ്ത്രീൻ സേശ്വരാൻ നൃപ!
സ്മരന്തോ നാശയാഞ്ചക്രുഃ പൂർവ്വവൈരമലക്ഷിതാഃ. 55
തതസ്തേ സേശ്വരാ ലോകാ ഉപാസാദ്യേശ്വരം വിഭോ!
''ത്രാഹി നസ്താവകാൻ ദേവ വിനഷ്ടാംസ്ത്രിപുരാലയൈഃ'' 56
അഥാനുഗൃഹ്യ ഭഗവാ''ന്മാ ഭൈഷ്ടേ''തി സുരാന്വിഭുഃ
ശരം ധനുഷി സന്ധായ പുരേഷ്വസ്ത്രം വ്യമുഞ്ചത. 57
തതോഽഗ്നിവർണ്ണാ ഇഷവ ഉത്പേതുഃ സൂര്യമണ്ഡലാത്
യഥാ മയൂഖസംദോഹാ നാദൃശ്യന്ത പുരോ യതഃ. 58
തൈഃ സ്പൃഷ്ടാ വ്യസവഃ സർവ്വേ നിപേതുഃ സ്മ പുരൗകസഃ
താനാനീയ മഹായോഗീ മയഃ കൂപരസേഽക്ഷിപത്. 59
സിദ്ധാമൃതരസസ്പൃഷ്ടാ വജ്രസാരാ മഹൗജസഃ
ഉത്തസ്ഥുർമ്മേഘദലനാ വൈദ്യുതാ ഇവ വഹ്നയഃ. 60
വിലോക്യ ഭഗ്നസങ്കല്പം വിമനസ്കം വൃഷധ്വജം
തദായം ഭഗവാൻ വിഷ്ണുസ്തത്രോപായമകല്പയത്. 61
വത്സ ആസീത്തദാ ബ്രഹ്മാ സ്വയം വിഷ്ണുരയം ഹി ഗൗഃ
പ്രവിശ്യ ത്രിപുരം കാലേ രസകൂപാമൃതം പപൗ. 62
തേഽസുരാ ഹ്യപി പശ്യന്തോ ന ന്യഷേധന്വിമോഹിതാഃ
തദ്വിജ്ഞായ മഹായോഗീ രസപാലാനിദം ജഗൗ. 63
സ്വയം വിശോകഃ ശോകാർത്താൻ സ്മരൻ ദൈവഗതിം ച താം
ദേവോഽസുരോ നരോഽന്യോ വാ നേശ്വരോഽസ്തീഹ കശ്ചന. 64
ആത്മനോഽന്യസ്യ വാ ദിഷ്ടം ദൈവേനാപോഹിതും ദ്വയോഃ
അഥാസൗ ശക്തിഭിഃ സ്വാഭിഃ ശംഭോഃ പ്രാധനികം വ്യധാത്. 65
ധർമ്മജ്ഞാനവിരക്ത്യൃദ്ധിതപോവിദ്യാക്രിയാദിഭിഃ
രഥം സൂതം ധ്വജം വാഹാന്ധനുർവ്വർമ്മ ശരാദി യത്. 66
സന്നദ്ധോ രഥമാസ്ഥായ ശരം ധനുരുപാദദേ
ശരം ധനുഷി സന്ധായ മുഹൂർത്തേഽഭിജിതീശ്വരഃ 67
ദദാഹ തേന ദുർഭേദ്യാ ഹരോഽഥ ത്രിപുരോ നൃപ!
ദിവി ദുന്ദുഭയോ നേദുർവിമാനശതസങ്കുലാഃ 68
ദേവർഷിപിതൃസിദ്ധേശാ ജയേതി കുസുമോത്കരൈഃ
അവാകിരഞ്ജഗുർഹൃഷ്ടാ നനൃതുശ്ചാപ്സരോഗണാഃ. 69
ഏവം ദഗ്ധ്വാ പുരസ്തിസ്രോ ഭഗവാൻ പുരഹാ നൃപ!
ബ്രഹ്മാദിഭിഃ സ്തൂയമാനഃ സ്വധാമ പ്രത്യപദ്യത. 70

ഏവം വിധാന്യസ്യ ഹരേഃ സ്വമായയാ
വിഡംബമാനസ്യ നൃലോകമാത്മനഃ
വീര്യാണി ഗീതാന്യൃഷിഭിർജ്ജഗദ്ഗുരോർ–
ലോകാൻ പുനാനാന്യപരം വദാമി കിം. 71

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
യുധിഷ്ഠിരനാരദസംവാദേ ത്രിപുരവിജയോ നാമ ദശമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായാപ്രയോഗചാതുര്യമേറും മയ-
നായ ദൈതേയൻ ഹനിച്ചുകളഞ്ഞതാം
രുദ്രയശസ്സുബ്ഭഗവാൻ ജനാർദ്ദനൻ
ഭദ്രമായ് വീണ്ടും നിലനിറുത്തീടിനാൻ. 51

രാജാവു പറഞ്ഞു

എങ്ങനെ രുദ്രയശസ്സു പോക്കീ മയ-
നെങ്ങനെയുദ്ധരിച്ചാനതധോക്ഷജൻ? 52

ത്രിപുരദഹനം

നാരദൻ പറഞ്ഞു

ശൗരിയാൽ വൃദ്ധിയിയന്നിട്ടും വാനവർ
പോരിലസുരരെത്തോല്പിക്കയാലവർ
മായാവിവൃന്ദത്തിനൊക്കെയുമാചാര്യ-
നായ മയനെശ്ശരണംഗമിച്ചിതേ. 53
പൊന്നു, രജത, മിരുമ്പെന്നിവററിനാൽ
മൂന്നു പുരമവൻതീർത്തവർക്കേകിനാൻ.
എണ്ണമററുള്ളോരുപകരണങ്ങളാൽ
പൂർണ്ണമായീട്ടമാ മൂന്നു പുരങ്ങളും
ആഗമിക്കുന്നതും പോവതും കാണ്മവാ-
നാകുന്നതല്ലാക്കമത്രവിശിഷ്ടമാം. 54
പൂർവ്വവിരോധം സ്മരിച്ചുകൊണ്ടേററവും
ഗർവ്വിതരാകുമസുരസേനാധിപർ
ലോകപാലാന്വിതമീ ഭുവനത്രയ-
മാകവേ നാമാവശേഷമാക്കീടിനാർ. 55
പിന്നെജ്ജനങ്ങളും ലോകപാലന്മാരു-
മൊന്നിച്ചു രുദ്രനെ പ്രാപിച്ചു ചൊല്ലിനാർ:
''ഹേ വിഭോ! മുപ്പുരംമൂലം നശിക്കുമീ-
ത്താവകസാധുജനത്തെ രക്ഷിക്കുക.'' . 56
''ഭീതിവിട്ടീടുവിനുണ്ടു നിവൃത്തി''യെ-
ന്നോതിശ്ശരാസനം കയ്യിലാന്നാ വിഭു
മുപ്പുരത്തേ ലക്ഷ്യമാക്കിയതിദ്രുതം
കെല്പോടു ബാണം തൊടുത്തുവിട്ടീടിനാൻ. 57
സൂര്യനിൽനിന്നും കിരണങ്ങളെന്നപോൽ,
പാരാതതിൽനിന്നനലാഭമായിട്ടും
നാരാചപൂരം പുറപ്പെട്ടു മുപ്പുരം
തീരെയദൃശ്യമാമ്മാറു മറച്ചിതേ. 58
അമ്പുകളേററപ്പുരസ്ഥിതരേവരും
സാമ്പ്രതം ചത്തു നിലത്തു പതിച്ചിതു.
മായാവിയാം മയൻ കൂപമൊന്നുണ്ടാക്കി-
യായതിൻനീരിൽ ശവങ്ങളിട്ടീടിനാൻ. 59
സിദ്ധാമൃതരസസംസ്പർശനത്തിനാൽ
ചത്തവരെല്ലാം ദൃഢശരീരത്തൊടും
ഓജസ്സോടുമെഴുന്നേററിതുടൻ, മേഘ-
രാജിയിൽനിന്നും തടിത്തുകളെന്നപോൽ. 60

വ്യർത്ഥമായീ നിജസങ്കല്പമെന്നതി-
ലാർത്തരായ് മുഴുത്തിരിക്കുന്ന മഹേശനെ
കണ്ടു ഭഗവാൻ മുകുന്ദനതിന്നുടൻ
വേണ്ടുമുപായമാലോചിച്ചുറച്ചിതു. 61
താനൊരു ഗോവും പിതാമഹനായതിൻ-
സൂനുവുമായ് മുപ്പുരമേറിയുച്ചയിൽ
ആയതിലുള്ള കിണറുനിറഞ്ഞെഴും
പീയൂഷമെല്ലാം കുടിച്ചുവററിച്ചിതു. 62
കണ്ടുനിന്നീടിലും ദൈത്യരിലാരുമേ
മിണ്ടിയില്ലൊന്നും ഭഗവാന്റെ മായയാൽ.
ദൈവഗതിയോർത്തു ശോകം സ്വയം വെടി-
ഞ്ഞേവം മയൻ കൂപപാലരോടോതിനാൻ. 63
''പാരിതിൽ ദേവനും ദൈത്യനും മർത്ത്യന-
മാരും സമർത്ഥരല്ലൊന്നിനുമോർക്കിൽ. 64
അന്യനിലോ തന്നിലോ രണ്ടുപേരിലും
തന്നെയോ ദൈവം വിധിച്ചതെന്താകിലും
നേരേയനുഭവിച്ചീടണമല്ലാതെ-
യാരും നിഷേധിക്കുവാൻ ശക്തരായിടാ.
ഇക്കൃഷ്ണനാത്മബലത്താൽ പദാർത്ഥങ്ങ-
ളൊക്കെക്കൊടുത്തു തുണച്ചു മഹേശനെ.'' 65
ജന്മവിവേകവൈരാഗ്യവിഭൂതികൾ,
കർമ്മങ്ങൾ, വിദ്യ, തപസ്സാദിയാൽ ഹരി-
തീർത്താൻ രഥം, സാരഥി, കേതു, വശ്യവൃ-
മസ്ത്രചാപങ്ങൾ, കവചങ്ങൾ തൊട്ടവ. 66
സന്നദ്ധനായ്ത്തേരിലേറിയമ്പും വില്ലു-
മാർന്നഭിജിന്മുഹൂർത്തത്തിൽ മഹേശ്വരൻ
ദുർഭേദ്യമാകുമാ മൂന്നു പുരത്തെയും
ക്ഷിപ്രം ദഹിപ്പിച്ചിതമ്പയച്ചശ്രമം.
ആകാശമെങ്ങും വിമാനം നിറഞ്ഞിതു
നാകികൾ ദുന്ദുഭിധ്വാനം മുഴക്കിനാർ. 67–68
ദേവർഷിമാരും പിതൃക്കൾ, സിദ്ധേശരും
''ദേവാ! ജയി''ക്കെന്നു പുഷ്പങ്ങൾ തൂവിനാർ.
സന്തുഷ്ടരായിപ്പുനരപ്സരസ്സുകൾ
ചന്തമായ് പാട്ടുകൾ പാടിയാടീടിനാർ. 69
ഏവം ത്രിപുരം ദഹിപ്പിച്ചജമുഖ-
ദേവസ്തുതനായ് സ്വധാമമാർന്നാൻ ഹരൻ. 70
ഈവിധം മായാബലത്തിനാൽ മാനുഷ-
ഭാവംകലർന്ന ഗുരുവുമാത്മാവുമാം
നാരായണൻ തൻ ജഗച്ഛുദ്ധിദങ്ങളാം
വീര്യങ്ങളങ്ങൃഷിശ്രേഷ്ഠർ പാടുന്നതു
വേറെയുമുണ്ടേറെയങ്ങേശ്രുതിലാശ-
യേറുകിൽ കേൾക്കേണ്ടതേതെന്നു ചൊല്ലുക. 71

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാദശോഽധ്യായഃ

ശ്രീശുക ഉവാച

ശ്രുത്വേഹിതം സാധുസഭാസഭാജിതം
മഹത്തമാഗ്രണ്യ ഉരുക്രമാത്മനഃ
യുധിഷ്ഠിരോ ദൈത്യപതേർമുദാ യുതഃ
പപ്രച്ഛ ഭൂയസ്തനയം സ്വയംഭുവഃ. 1

ഭഗവഞ്ഛ്രോതുമിച്ഛാമി നൃണാം ധർമ്മം സനാതനം
വർണ്ണാശ്രമാചാരയുതം യത് പുമാന്വിന്ദതേ പരം. 2

ഭവാൻ പ്രജാപതേഃ സാക്ഷാദാത്മജഃ പരമേഷ്ഠിനഃ
സുതാനാം സമ്മതോ ബ്രഹ്മംസ്തപോയോഗസമാധിഭിഃ. 3

നാരായണപരാ വിപ്രാ ധർമ്മം ഗുഹ്യം പരം വിദുഃ
കരുണാഃ സാധവഃ ശാന്താസ്ത്വദ്വിധാ ന തഥാപരേ. 4

നാരദ ഉവാച

നത്വാ ഭഗവതേഽജായ ലോകാനാം ധർമ്മസേതവേ
വക്ഷ്യേ സനാതനം ധർമ്മം നാരായണമുഖാച്ഛ്രുതം. 5

യോഽവതീര്യാത്മനോംഽശേന ദാക്ഷായണ്യാം തു ധർമ്മതഃ
ലോകാനാം സ്വസ്തയേഽധ്യാസ്തേ തപോ ബദരികാശ്രമേ. 6

ധർമ്മമൂലം ഹി ഭഗവാൻ സർവ്വവേദമയോ ഹരിഃ
സ്മൃതം ച തദ്വിദാം രാജന്യേന ചാത്മാ പ്രസീദതി. 7

സത്യം ദയാ തപഃ ശൗചം തിതിക്ഷേക്ഷാ ശമോ ദമഃ
അഹിംസാ ബ്രഹ്മചര്യം ച ത്യാഗഃ സ്വാധ്യായ ആർജ്ജവം. 8

സന്തോഷഃ സമദൃക് സേവാ ഗ്രാമ്യേഹോപരമഃ ശനൈഃ
നൃണാം വിപര്യയേഹേക്ഷാ മൗനമാത്മവിമർശനം. 9

അന്നാദ്യാദേഃ സംവിഭാഗോ ഭൂതേഭ്യശ്ച യഥാർഹതഃ
തേഷ്വാത്മദേവതാബുദ്ധിഃ സുതരാം നൃഷു പാണ്ഡവ! 10

ശ്രവണം കീർത്തനം ചാസ്യ സ്മരണം മഹതാം ഗതേഃ
സേവേജ്യാവനതിർദ്ദാസ്യം സഖ്യമാത്മസമർപ്പണം. 11

നൃണാമയം പരോ ധർമ്മഃ സർവ്വേഷാം സമുദാഹൃതഃ
ത്രിംശല്ലക്ഷണവാൻ, രാജൻ, സർവ്വാത്മാ യേന തുഷ്യതി. 12

സംസ്കാരാ യത്രാവിച്ഛിന്നാഃ സ ദ്വിജോഽജോ ജഗാദ യം
ഇജ്യാധ്യയനദാനാനി വിഹിതാനി ദ്വിജന്മനാം
ജന്മകർമ്മാവദാതാനാം ക്രിയാശ്ചാശ്രമചോദിതാഃ. 13

വിപ്രസ്യാധ്യയനാദീനി ഷഡന്യസ്യാപ്രതിഗ്രഹഃ
രാജ്ഞോ വൃത്തിഃ പ്രജാഗോപ്തുരവിപ്രാദ്വാ കരാദിഭിഃ 14

വൈശ്യസ്തു വാർത്താവൃത്തിശ്ച നിത്യം ബ്രഹ്മകുലാനുഗഃ
ശൂദ്രസ്യ ദ്വിജശുശ്രൂഷാ വൃത്തിശ്ച സ്വാമിനോ ഭവേത്. 15

വാർത്താ വിചിത്രാ ശാലീനയായാവരശിലോഞ്ഛനം
വിപ്രവൃത്തിശ്ചതുർധേയം ശ്രേയസീ ചോത്തരോത്തരാ. 16

ജഘന്യോ നോത്തമാം വൃത്തിമനാപദി ഭജേന്നരഃ
ഋതേ രാജന്യമാപത്സു സർവ്വേഷാമപി സർവ്വശഃ 17

ഋതാമൃതാഭ്യാം ജീവേത മൃതേന പ്രമൃതേന വാ
സത്യാനൃതാഭ്യാം ജീവേത ന ശ്വവൃത്ത്യാ കഥഞ്ചന. 18

ഋതമുഞ്ഛശിലം പ്രോക്തമമൃതം യദയാചിതം,
മൃതം തു നിത്യയാച്ഞാ സ്യാത്, പ്രമൃതം കർഷണം സ്മൃതം. 19

സത്യാനൃതം തു വാണിജ്യം ശ്വവൃത്തിർന്നീചസേവനം
വർജ്ജയേത് താം സദാ വിപ്രോ രാജന്യശ്ച ജുഗുപ്സിതാം
സർവ്വവേദമയോ വിപ്രഃ സർവ്വദേവമയോ നൃപഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 11

വർണ്ണാശ്രമധർമ്മനിരൂപണം

ശ്രീശുകൻ പറഞ്ഞു

മാധവഭക്ത്യാഗ്ര്യനാം ദനുജേന്ദ്രന്റെ
സാധുസഭാദൃതമാം ചരിതോത്തമം
കേട്ടു മുദിതനാം ധർമ്മജന്മാവതി-
ശ്രേഷ്ഠനാം നാരദനോടു ചൊല്ലീടിനാൻ: 1
''ബ്രഹ്മജജ്ഞമാമുനേ! വർണ്ണാശ്രമാചാര-
സമ്മതമായിസ്സനാതനമായിടും
ധർമ്മം ശ്രവിക്കുവാനിച്ഛിച്ചിടുന്നു ഞാൻ
നിർമ്മലജ്ഞാനമതിനാലെ ലബ്ധമാം. 2
അങ്ങോ പ്രജാപതിയാം പരമേഷ്ഠിതൻ
മംഗലാത്മാവായ് വിളങ്ങുന്ന നന്ദനൻ
യോഗം തപസ്സുസമാധിയിവററിനാൽ
ലോകേശപുത്രരിലേററവും സമ്മതൻ. 3
ശാന്തരായ് സാധുക്കളായ് പരമിന്ദിരാ-
കാന്തപാദാർച്ചകരായ് കൃപാപാത്രമാകുമോ
ത്വാദൃശന്മാരതിഗുഹ്യധർമ്മങ്ങളും
ബോധിച്ചിരിക്കു,മന്യർക്കതിലഭ്യമാം. 4

നാരദൻ പറഞ്ഞു

ജന്മവിഹീനനായ് ലോകധർമ്മങ്ങൾതൻ-
ജന്മഭൂവായിടും നാരായണർഷിയെ
നന്മട്ടു ഞാൻ നമി,ച്ചദ്ദേവനോതിയ
ധർമ്മം സനാതനം ചൊല്ലാം, ശ്രവിക്കുക. 5
ആത്മാംശമാം നരനൊത്തു നാരായണൻ
ധർമ്മനിൽനിന്നുദിച്ചാൻ ദക്ഷപുത്രിയിൽ.
ഇന്നു ബദര്യാശ്രമത്തിൽ ജഗത്ക്ഷേമ-
മുന്നിയദ്ദേഹം തപസ്സുചെയ്‌വൂ നൃപാ! 6
ധർമ്മമൂലം സർവ്വദേവതാരൂപനാ-
മമ്മഹാവിഷ്ണുവെന്നുള്ളതു നിർണ്ണയം.
വേദജ്ഞനിർമ്മിതമാം സ്മൃതിയും പരം
മോദമാത്മാവിന്നുളവാക്കിടുന്നതാം. 7
സത്യം, ദയ, തപ,സ്സാർജ്ജവം, ശൗചവും
സ്വാദ്ധ്യായവും, ബ്രഹ്മചര്യം, ശമം, ദമം,
സന്തോഷവും, മൗന,മാത്മവിമർശനം
സന്തതം ഭക്തജനസേവ,യീക്ഷയും
ഗ്രാമ്യകർമ്മൗഘനിവൃത്തിയെതിർഫല-
കർമ്മവിചിന്ത, തിതിക്ഷ,യഹിംസയും
പിന്നെ യുക്തായുക്തചിന്തയും പ്രാണികൾ-
ക്കന്നാദി പങ്കിട്ടു യോഗ്യമായ് നല്കയും
ഭൂതങ്ങളിലും വിശേഷിച്ചു മാനുഷ-
ജാതിയിലും സ്വാത്മദേവതാബുദ്ധിയും
ഭക്തജനാശ്രയനാകും ഭഗവാന്റെ
കീർത്തനം, ദാസ്യം, ശ്രവണവും സംസ്മൃതി,
അർച്ചനം, സേവ, നമസ്കാരവും സഖ്യ-
മച്യുതങ്കൽ സകലം സമർപ്പിക്കലും
ഇമ്മട്ടു മുപ്പത്തുലക്ഷണമൊത്തിടും
ധർമ്മം നരർക്കു വിധിച്ചു നരേശ്വരാ!
ശ്രേഷ്ഠമായീടുമിധർമ്മം നിമിത്തമായ്
തുഷ്ടനായീടുന്നു സർവ്വാത്മകൻ ഹരി. 8–12
ആരിലവിച്ഛിന്നമായ്ക്കാണ്മു, സംസ്കൃതി
പാരിലവൻ ദ്വിജനെന്നജകല്പിതം.
അദ്ധ്വരം വേദപാഠം ദാനമെന്നിവ-
യദ്ദ്വിജവർഗ്ഗമനുഷ്ഠിച്ചിടേണ്ടതാം.
ജന്മകർമ്മങ്ങളാൽ ശുദ്ധരായോർക്കെന്നി
സമ്മതമല്ലാശ്രമോചിതമാംക്രിയ. 13
ബ്രാഹ്മണന്നദ്ധ്യയനാദ്ധ്യാപനാദിഷട്-
കർമ്മങ്ങളുണ്ടു വിഹിതങ്ങളായിഹ.
എന്നാൽ പ്രതിഗ്രഹമെന്നുള്ളതൊന്നൊഴി-
ഞ്ഞന്യക്ഷമെന്നുമനുഷ്ഠേയമായിടും
മന്നനസിധാരണവുമവിപ്രനിൽ-
നിന്നു നികുതിപിരിക്കലും വൃത്തികൾ. 14
നിത്യം ദ്വിജാനുഗമനവും വാർത്തയു-
മത്രേ വിധിച്ചതു വൈശ്യനു വൃത്തികൾ.
സ്വാമി, ഭൂദേവനിവരുടെ ശുശ്രൂഷ-
ഭൂമിപാ! ശൂദ്രോപജീവനവൃത്തിയാം. 15
ആരണന്നാപത്തിലാളാവതാം വൃത്തി-
യോരോന്നുമോതുന്നു താഴെ മുറപ്പടി:
വാർത്തശാലീനയായാവരങ്ങൾ വിപ്ര-
വൃത്തികളത്രേ ശിലോഞ്ഛമെന്നുള്ളതും.
ഇച്ചൊന്ന രീതിക്കിതോരോന്നുമേല്ക്കുമേൽ
മെച്ചമായിട്ടു ഗണിക്കപ്പെടുന്നിതു. 16–17
ഉത്തമവൃത്തിയെ സ്വീകരിച്ചീടരു-
തത്യന്തമാപത്തിലെന്യേയധഃസ്ഥിതൻ
ആപത്തുകാലത്തിലേതൊരുവൃത്തിയും
ഭൂപതിയല്ലെങ്കിലാചരിക്കാവതാം.
എല്ലാർക്കുമുള്ള വിപദ്ധർമ്മവുമിനി-
ച്ചൊല്ലാമൃതവുമമൃതം പ്രമൃതവും
സത്യാനൃതം മൃതമെന്നുണ്ടു മാർഗ്ഗങ്ങൾ
മർത്ത്യൻ ശ്വവൃത്തിയാർന്നീടായ്കൊരിക്കലും. 18
ഉഞ്ഛശിലങ്ങൾക്കു പേരൃതമെന്നതാം
കെഞ്ചാതെ കിട്ടുന്നവസ്തുമൃതാഖ്യയും
നിത്യമിരന്നേല്പതാം മൃതം, കർഷക-
വൃത്തിക്കു ചൊൽവൂ പ്രമൃതമെന്നും നൃപാ! 19
വാണിജ്യവൃത്തിതാൻ സത്യാനൃതം, വെറും-
താണ നീചാർച്ചനമത്രേ ശ്വവൃത്തി കേൾ.
ആ വൃത്തിയംഗീകരിക്കരുതദ്ധരാ-
ദേവനും ഭൂപാലനു,മതു നിന്ദ്യമാം.
സർവ്വവേദസ്വരൂപൻ ധരണീസുര,-
നർവ്വരാധീശനഖിലദേവാത്മകൻ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശമോ ദമസ്തപഃ ശൌചം സന്തോഷഃ ക്ഷാന്തിരാർജ്ജവം
ജ്ഞാനം ദയാച്യുതാത്മത്വം സത്യം ച ബ്രഹ്മലക്ഷണം. 21

ശൌര്യം വീര്യം ധൃതിസ്തേജസ്ത്യാഗ ആത്മജയഃ ക്ഷമാ
ബ്രഹ്മണ്യതാ പ്രസാദശ്ച രക്ഷാ ച ക്ഷത്രലക്ഷണം. 22

ദേവഗുർവ്വച്യുതേ ഭക്തിസ്ത്രിവർഗ്ഗപരിപോഷണം
ആസ്തിക്യമുദ്യമോ നിത്യം നൈപുണം വൈശ്യലക്ഷണം. 23

ശൂദ്രസ്യ സംനതിഃ ശൌചം സേവാ സ്വാമിന്യമായയാ
അമന്ത്രയജ്ഞോ ഹ്യസ്തേയം സത്യം ഗോവിപ്രരക്ഷണം. 24

സ്ത്രീണാം ച പതിദേവാനാം തച്ഛുശ്രൂഷാനുകൂലതാ
തദ്ബന്ധുഷ്വനുവൃത്തിശ്ച നിത്യം തദ്വ്രതധാരണം. 25

സമ്മാർജ്ജനോപലേപാഭ്യാം ഗൃഹമണ്ഡലവർത്തനൈഃ
സ്വയം ച മണ്ഡിതാ നിത്യം പരിമൃഷ്ടപരിച്ഛദാ. 26

കാമൈരുച്ചാവചൈഃ സാധ്വീ പ്രശ്രയേണ ദമേന ച
വാക്യൈഃ സത്യൈഃ പ്രിയൈഃ പ്രേമ്ണാ കാലേ കാലേ
ഭജേത് പതിം. 27

സന്തുഷ്ടാലോലുപാ ദക്ഷാ ധർമ്മജ്ഞാ പ്രിയസത്യവാക്
അപ്രമത്താ ശുചിഃ സ്നിഗ്ദ്ധാ പതിം ത്വപതിതം ഭജേത്. 28

യാ പതിം ഹരിഭാവേന ഭജേച്ഛ്രീരിവ തത്പരാ
ഹര്യാത്മനാ ഹരേർല്ലോകേ പത്യാ ശ്രീരിവ മോദതേ. 29

വൃത്തിഃ സങ്കരജാതീനാം തത്തത്കുലകൃതാ ഭവേത്
അചൌരാണാമപാപാനാമന്ത്യജാന്തേ/വസായിനാം. 30

പ്രായഃ സ്വഭാവവിഹിതോ നൃണാം ധർമ്മോ യുഗേ യുഗേ
വേദദൃഗ്ഭിഃ സ്മൃതോ രാജൻ പ്രേത്യ ചേഹ ച ശർമ്മകൃത്. 31

വൃത്ത്യാ സ്വഭാവകൃതയാ വർത്തമാനഃ സ്വകർമ്മകൃത്
ഹിത്വാ സ്വഭാവജം കർമ്മ ശനൈർന്നിർഗ്ഗുണതാമിയാത്. 32

ഉപ്യമാനം മുഹുഃ ക്ഷേത്രം സ്വയം നിർവ്വീര്യതാമിയാത്
ന കല്പതേ പുനഃ സൂത്യാ ഉപ്തം ബീജം ച നശ്യതി. 33

ഏവം കാമാശയം ചിത്തം കാമാനാമതിസേവയാ
വിരജ്യേത യഥാ രാജന്നാഗ്നിവത് കാമബിന്ദുഭിഃ. 34

യസ്യ യല്ലക്ഷണം പ്രോക്തം പുംസോ വർണ്ണാഭിവ്യഞ്ജകം
യദന്യത്രാപി ദൃശ്യേത തത് തേനൈവ വിനിർദ്ദിശേത്. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
യുധിഷ്ഠിരനാരദസംവാദേ സദാചാരനിർണ്ണയോ നാമ ഏകാദശോऽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തഃകരണത്തെ വെല്ലുക, ബാഹ്യമാ-
മിന്ദ്രിയൗഘം തന്നധീനമാക്കീടുക,

സ്നാനത്തിനാൽ ദേഹശുദ്ധിവരുത്തുക,
നാനാവ്രതങ്ങളുമാചരിച്ചീടുക,

യാദൃച്ഛികമായ് ലഭിപ്പതിൽ സംതൃപ്തി,
ക്രോധമില്ലായ്മ, വിവേകമുള്ളതാവും

അന്യദുഃഖത്തിലലിവും ശേവാനി-
ലെന്നും മനസ്സർപ്പിക്കും സ്വഭാവവും

സത്യവുമേവം പതിനൊന്നുലക്ഷണ-
മൊത്തവൻ ബ്രാഹ്മണനെന്നറിഞ്ഞീടണം. 21

ശൗര്യവീര്യങ്ങളും തേജസ്സു ധൈര്യമൗ-
ദാര്യവുമാത്മജയവും സഹിഷ്ണുത,

ബ്രാഹ്മണഭക്തി, യനുഗ്രഹം, രക്ഷയും
പൂണ്ടവൻ ക്ഷത്രിയനെന്നും ധരിക്കണം. 22

വിദ്വാന്മാരിലും ഗുരുക്കന്മാരിലും ഹരി-
തന്നിലും ഭക്തി, ധർമ്മാർത്ഥകാമങ്ങളെ

പുഷ്ടമാക്കീടും സ്വഭാവമാസ്തിക്യവു-
മുദ്യമം നൈപുണ്യവും വൈശ്യചിഹ്നമാം. 23

സന്നതി, ശൗചം, നിജയജമാനനി-
ലെന്നും കപടമില്ലാതുള്ള സേവനം,

മന്ത്രമില്ലാതെ ഹരിനാമധേയങ്ങ-
ളന്ത്യം നമശ്ശബ്ദമൊത്തുച്ചരിക്കുക,

പഞ്ചമഹായജ്ഞമാചരിച്ചീടുക,
വഞ്ചനയും കളവും വെടിഞ്ഞീടുക,

സത്യം പറയുക, ഗോവിപ്രപാലന-
മിത്രയും ശൂദ്രനു ലക്ഷണമോർക്കുക. 24

സ്ത്രീകൾക്കു ഭർത്താവു ദൈവമെന്നാകയാ-
ലേകാഗ്രതയോടു കാന്തനെ വേണ്ടപോൽ

ശുശ്രൂഷചെയ്തു, യനുസരിച്ചീടുക,
സശ്രദ്ധമമ്പ് ഭർത്തൃബന്ധുജനത്തെയും

സാനുസരണം സഹായിക്ക സർവ്വദാ,
താനും വരനൊത്തു നോമ്പുകൾ നോല്ക്കുക,

അന്യഭവനം ഗമിക്കാതിരിക്കുക-
യെന്നിവ തന്വീജനത്തിന്റെ ധർമ്മമാം. 25

ഭർത്തൃഭവനമടിച്ചുതളിച്ചു സം-
ശുദ്ധിവരുത്തിയലങ്കരിച്ചീടുക,

വൃത്തിയായ് തേച്ചുമിനുക്കിവച്ചീടുക
പാത്രങ്ങളെല്ലാം ക്രമത്തിനു നിത്യവും,

സ്നാനാദിയാൽ സ്വശരീരമെല്ലായ്പ്പോഴും
മേനിപ്പെടുത്തി വച്ചീടുകെന്നിങ്ങനെ

നാനാവിധത്തിലും ഭർത്തൃപ്രസാദമ-
ന്യൂനമായ് നേടുക നാരിതൻ ധർമ്മമാം. 26

സാദ്ധ്വിയാം നാരി തദ് ഭർത്താവിനെയിഷ്ട-
വസ്തുക്കൾകൊണ്ടുമടക്കമൊതുക്കവും

പൂണ്ടൃതവും ഹിതവുമാം വാക്കുകൾ-
കൊണ്ടും യഥാകാലമാദരിച്ചീടണം. 27

കിട്ടുന്നതുകൊണ്ടു തുഷ്ടയാ, യിത്രമേൽ
കിട്ടണമെന്നുള്ള നിർബ്ബന്ധമെന്നിയേ,

ധർമ്മം ശരിയായറിഞ്ഞു, നിപുണത
കർമ്മങ്ങളിൽ പ്രദർശിപ്പിച്ചു നിത്യവും

സത്യമായും പ്രിയമായുമിരിപ്പതു
മാത്രം കഥി, ച്ചപ്രമത്തയായ്, സ്നിഗ്ദ്ധയായ്,

ശുദ്ധയായീടുന്ന നാരീമണി ശുദ്ധ-
ഭർത്താവിനെയൻപ് ഭജിക്കുന്നതു ധർമ്മമാം. 28

ഏതവളോ കാന്തനെ ശ്രീകൃഷ്ണനെന്നുള്ള
ഭാവത്തൊടും ഭജിക്കുന്നിതു ലക്ഷ്മിപോൽ

ആ സ്ത്രീ രമപോൽ ഹരിരൂപനാം വര-
നൊത്തു വൈകുണ്ഠലോകത്തു മോദിച്ചിടും. 29

ദുഷ്കൃതം ചെയ്യാത്തവരുമചോരരു-
മുൾക്കൊൾവതാണന്ത്യജാന്തേവസായികൾ.

സങ്കരജാതിയേവം രണ്ടുമട്ടിലാം
തൻകുലവൃത്തിയുപജീവനത്തിനാം. 30

മിക്കവാറും നരർക്കാത്മസ്വഭാവത്തി-
നൊക്കുന്ന ധർമ്മം ചരിപ്പതിഹത്തിലും

പ്രേതലോകത്തും സുഖകാരണമെന്നു
വേദജ്ഞരാൽ സ്മൃതമത്രേ യുഗംപ്രതി. 31

സ്വസ്വഭാവാനുഗുണമായ വൃത്തിയെ-
യാശ്രയിപ്പോൻ തത്സ്വഭാവത്തിൽനിന്നെഴും

കർമ്മമുപേക്ഷിച്ചു മെല്ലെയാ നിർഗ്ഗുണ
ബ്രഹ്മപദത്തിലെത്തിച്ചേർന്നിടുന്നിതേ. 32

വീണ്ടും വിതച്ചും വിളനിലമൊട്ടനാൾ-
കൊണ്ടതിൻ വീര്യബലമറ്റതായിടും

വിത്തു വിതച്ചാൽ മുളയ്ക്കയില്ലെന്നല്ല
വിത്തിന്റെ വീര്യവുംകൂടെ നശിച്ചുപോം. 33

കാമനികേതനമാകും മനം ഭൂരി-
കാമം ഭുജിച്ചു വിരക്തമായീടാതെ

അല്പാല്പഭോഗങ്ങളാൽ ശമമാർന്നിടാ
സർപ്പിഷ്കണങ്ങളാൽ വൈശ്വാനരൻവിധം. 34

ഏതുവർണ്ണത്തിലും കണ്ടിടാമന്യമാം
ജാതിചിഹ്നംപെടും മർത്ത്യനെപ്പൃഥ്വിയിൽ

എന്നാലെവിടെയും സംസ്കാരലക്ഷണ-
മൊന്നുകൊണ്ടാം ജാതിനിർണ്ണയിക്കേണ്ടതും. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാദശോ/ധ്യായഃ

നാരദ ഉവാച

ബ്രഹ്മചാരീ ഗുരുകുലേ വസൻ ദാന്തോ ഗുരോർഹിതം
ആചരൻ ദാസവന്നീചോ ഗുരൗ സുദൃഢസൗഹൃദഃ. 1

സായം പ്രാതരുപാസീത ഗുർവ്വഗ്ന്യർക്കസുരോത്തമാൻ
ഉഭേ സന്ധ്യേ ച യതവാഗ് ജപൻ ബ്രഹ്മ സമാഹിതഃ. 2

ഛന്ദാംസ്യധീയീത ഗുരോരാഹൂതശ്ചേത് സുയന്ത്രിതഃ
ഉപക്രമേ/വസാനേ ച ചരണൗ ശിരസാ നമേത്. 3

മേഖലാജിനവാസാംസി ജടാദണ്ഡകമണ്ഡലൂൻ
ബിഭൃയാദുപവീതം ച ദർഭപാണിര്യഥോദിതം. 4

സായം പ്രാതശ്ചരേദ്ഭൈക്ഷം ഗുരവേ തന്നിവേദയേത്
ഭുഞ്ജീത യദ്യനുജ്ഞാതോ നോ ചേദുപവസേത് ക്വചിത്. 5

സുശീലോ മിതഭുഗ്ദക്ഷഃ ശ്രദ്ദധാനോ ജിതേന്ദ്രിയഃ
യാവദർത്ഥം വ്യവഹരേത് സ്ത്രീഷു സ്ത്രീനിർജ്ജിതേഷു ച. 6

വർജ്ജയേത് പ്രമദാഗാഥാമഗൃഹസ്ഥോ ബൃഹദ്വ്രതഃ
ഇന്ദ്രിയാണി പ്രമാഥീനി ഹരന്ത്യപി യതേർമ്മനഃ. 7

കേശപ്രസാധനോന്മർദ്ദസ്നപനാഭ്യഞ്ജനാദികം
ഗുരുസ്ത്രീഭിര്യുവതിഭിഃ കാരയേന്നാത്മനോ യുവാ. 8

നന്വഗ്നിഃ പ്രമദാ നാമ ഘൃതകുംഭസമഃ പുമാൻ
സുതാമപി രഹോ ജഹ്യാദന്യദാ യാവദർത്ഥകൃത്. 9

കല്പയിത്വാ//ത്മനാ യാവദാഭാസമിദമീശ്വരഃ
ദ്വൈതം താവന്ന വിരമേത് തതോഹ്യസ്യ വിപര്യയഃ. 10

ഏതത്സർവ്വം ഗൃഹസ്ഥസ്യ സമാമ്നാതം യതേരപി
ഗുരുവൃത്തിർവികല്പേന ഗൃഹസ്ഥസ്യർത്തുഗാമിനഃ. 11

അഞ്ജനാഭ്യഞ്ജനോന്മർദ്ദസ്ത്ര്യവലേഖാമിഷം മധു
സ്രഗ്ഗന്ധലേപാലങ്കാരാംസ്ത്യജേയുര്യേ ധൃതവ്രതാഃ. 12

ഉഷിത്വൈവം ഗുരുകുലേ ദ്വിജോ/ധീത്യാവബുധ്യ ച
ത്രയീം സാങ്ഗോപനിഷദം യാവദർത്ഥം യഥാബലം. 13

ദത്ത്വാ വരമനുജ്ഞാതോ ഗുരോഃ കാമം യദീശ്വരഃ
ഗൃഹം വനം വാ പ്രവിശേത് പ്രവ്രജേത് തത്ര വാ
വസേത്. 14

അഗ്നൗ ഗുരാവാത്മനി ച സർവ്വഭൂതേഷ്വധോക്ഷജം
ഭൂതൈഃ സ്വധാമഭിഃ പശ്യേദപ്രവിഷ്ടം പ്രവിഷ്ടവത്. 15

ഏവംവിധോ ബ്രഹ്മചാരീ വാനപ്രസ്ഥോ യതിർഗൃഹീ
ചരന്വിദിതവിജ്ഞാനഃ പരം ബ്രഹ്മാധിഗച്ഛതി. 16

വാനപ്രസ്ഥസ്യ വക്ഷ്യാമി നിയമാന്മുനിസമ്മതാൻ
യാനാതിഷ്ഠൻ മുനിർഗച്ഛേദൃഷിലോകമിഹാഞ്ജസാ. 17

ന കൃഷ്ടപച്യമശ്നീയാദകൃഷ്ടം ചാപ്യകാലതഃ
അഗ്നിപക്വമഥാമം വാ അർക്കപക്വമുതാഹരേത്. 18

വന്യൈശ്ചരുപുരോഡാശാൻ നിർവ്വപേത് കാലചോദിതാൻ
ലബ്ധേ നവേ നവേ/ന്നാദ്യേ പുരാണം തു പരിത്യജേത്. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 12

ആശ്രമധർമ്മനിരൂപണം

നാരദൻ പറഞ്ഞു

എന്നുമാ ബ്രഹ്മചര്യാശ്രമസ്ഥൻ, ഗുരു-
മന്ദിരാവാസിയായേററവും ദാന്തനായ്
ദേശികാഭീഷ്ടം ശരിയായറിഞ്ഞൊരു
ദാസനെപ്പോലെയെളിയവനായ് പരം
തന്നുടെയാചാര്യനിൽ ദൃഢസൗഹൃദ-
മാർന്നുഷസ്സന്ധിയിസ്സന്ധ്യകൾ രണ്ടിലും
വാക്കും മനവുമടക്കി മന്ത്രം ജപി-
ച്ചഗ്നിയാദിത്യനാചാര്യനിവരെയും
നാരായണഭഗവാനെയും ഭക്തിയോ-
ടാരാധനംചെയ്തിടേണമനാകുലം. 1-2

ദേശികേന്ദ്രൻ വിളിച്ചീടിൽ വിനീതനാ-
യാശു സമീപത്തു ചെന്നിരുന്നാഗമം
മോദമോടഭ്യസിച്ചീടണമദ്ധ്യയ-
നാദിയിലും നമിച്ചീടണമന്ത്യവും. 3

മുററുംവിധിക്കൊത്തരയിൽ മുഞ്ഞക്കയർ
ചുററി, മാൻതോലും ധരിച്ചു വസനവും
ദണ്ഡം, കമണ്ഡലു, പൂണൂൽ, ജടയിവ-
യൊന്നു കരത്തിൽ ധരിക്കണം ദർഭയും. 4

സായത്തിലും പ്രഭാതത്തിലും ഭിക്ഷയേ-
ററായതാചാര്യനർപ്പിച്ചശേഷം ഗുരു
കില്ലററനുവദിച്ചാകിൽ ഭുജിച്ചിടാ,-
മില്ലെങ്കിലന്നാളുപവസിച്ചീടണം. 5

സത്സ്വഭാവം, മിതഭോജനം, ശ്രദ്ധയു-
മുത്സാഹ,മിന്ദ്രിയൗഘത്തിൻ ജയമിവ
ഒത്തിണങ്ങി സ്ത്രീജനത്തോടും തദ്വശ-
വർത്തികളോടും കുറയ്ക്കണം ഭാഷണം. 6

നാരിതൻവൃത്തം കഥിച്ചീടൊലാ ബ്രഹ്മ-
ചാരി ഗൃഹാശ്രമിയല്ലെന്നിരിക്കകിൽ.
എന്നും മഥനസമർത്ഥമാമിന്ദ്രിയ-
വൃന്ദമിളക്കും യതിമാനസത്തെയും. 7

തദ്വ്രതൻ യൗവ്വനയുക്തനെന്നാൽ ഗുരു-
പത്നിമാരേയും യുവത്വമിയന്നിടും
കാമിനിമാരെയുംകൊണ്ടു തലമുടി
ചീമിക്ക,യെണ്ണതേപ്പിക്ക, കുളിപ്പിക്ക,
പിന്നെത്തനു തടവിക്കുകയിത്യാദി-
യൊന്നുമൊരിക്കലും ചെയ്യിച്ചുപോകൊലാ. 8

നാരി തീയും പുമാൻ നെയ്യുംഭവുമെന്നു
പാരിൽ പ്രസിദ്ധമാണായതുകാരണം
അത്യന്തമാവശ്യകാര്യത്തിലെന്നിയേ
പുത്രിയുമായും രഹസ്സിൽ വർത്തിക്കൊലാ. 9

വേദശാസ്ത്രാദി പഠിച്ച വിജ്ഞാനിയും
ദ്വൈതഭാവം നിലനിന്നിടുംനാൾവരെ
ഞാൻ പുമാൻ, സ്ത്രീയിവ,ളെന്നഭാവം വിടാ,
സംഭവിച്ചീടുമതിനാലകൃത്യവും. 10

സംന്യാസിമാരും ഗൃഹസ്ഥാശ്രമികളു-
മെന്നുമിദ്ധർമ്മമനുഷ്ഠിച്ചിടേണ്ടതാം.
നാരീഗമനമൃതുവേളയിൽ വിധി
ച്ചോരു ഗൃഹസ്ഥനു കെല്പിയന്നീടുകിൽ
ആചാര്യവൃത്തിയുപജീവനത്തിനാ-
യാചരിച്ചീടാം വിരോധമില്ലായതിൽ. 11

മന്ദിരസ്ഥൻ വ്രതദീക്ഷിതനാവുകി-
ലെണ്ണതേച്ചുള്ള കുളി, മാംസഭക്ഷണം,
പെണ്ണിനെ നോക്കുക, പൂമാല ചൂടുക,
ചന്ദനലേപനം, ഭൂഷണാലംകൃതി
കള്ളുകുടി,യങ്ഗമർദ്ദനമെന്നിവ-
യെല്ലാമുപേക്ഷിച്ചിടേണ്ട കാര്യങ്ങൾതാൻ. 12

ഏവം ഗുരുകുലവാസിയായ് മേദിനീ-
ദേവൻ ശരിയായുപനിഷത്തുക്കളും
അങ്ഗങ്ങളുമൊത്തു മൂന്നാഗമങ്ങളും
ഭംഗിയായഭ്യസിച്ചർത്ഥം ധരിച്ചഥ
ഇഷ്ടപദാർത്ഥം ഗുരുവിനേകിത്തുഷ്ടി
ചേർത്തു തദാജ്ഞയോടും, പ്രാപ്തനെങ്കിലോ
മന്ദിരമോ വനമോ പൂകി വാണിടാം
സന്യസിച്ചോ സന്യസിക്കാതെതന്നെയോ. 13-14

താനാശ്രയമാം സമസ്തഭൂതത്തിലും
താനേ ഗുരുവഗ്നിയാത്മാവിവരിലും
അപ്രവിഷ്ടൻ ശ്രീഹരിയെ പ്രവിഷ്ടനായ്
കല്പിച്ചുപാസനംചെയ്യണം നിത്യവും. 15

ഏവമെങ്ങും ഭഗവാനെ വീക്ഷിച്ചിടും
സർവ്വാശ്രമസ്ഥിതരായ മനുഷ്യരും
ബ്രഹ്മതത്ത്വത്തെശ്ശരിയായറിഞ്ഞുടൻ
ബ്രഹ്മമായ്ത്തന്നെ പരിണമിക്കും ദൃഢം. 16

ചൊല്ലാമിനി ഞാൻ മുനിമാർ വിധിച്ചതാ-
യുള്ള വാനപ്രസ്ഥധർമ്മങ്ങളെ-
നേരേ നിയമമിതാചരിക്കും മുനി
പാരാതൃഷിലോകമെത്തി വസിച്ചിടും. 17

വാനപ്രസ്ഥൻ കൃഷിചെയ്തെടുത്തീടുന്ന
ധാന്യങ്ങളും സ്വയമുണ്ടായിടുന്നതാം
ധാന്യസസ്യങ്ങളിൽ പാകമാകാത്തതു-
മൊന്നുമൊരിക്കലും ഭക്ഷിച്ചുപോകൊലാ.
തീയിൽ വേവിച്ചതും പച്ചയായുള്ളതും
വയ്യാ, വെയിലിലെപ്പാകമേയായിട്ടു. 18
വന്യങ്ങളായിടും ധാന്യങ്ങൾ ശേഖരി-
ച്ചെന്നും നിവേദ്യത്തിനായ്ക്കരുതീടണം.
പുത്തനായ് ഭക്ഷ്യപദാർത്ഥങ്ങൾ കിട്ടിടും-
മാത്രയിൽ സന്ത്യജിക്കേണം പഴയവ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്ന്യർത്ഥമേവ ശരണമുടജം വാദ്രികന്ദരം
ശ്രയേത ഹിമവായ്വഗ്നിവർഷാർക്കാതപഷാട് സ്വയം. 20

കേശരോമനഖശ്മശ്രുമലാനി ജടിലോ ദധത്
കമണ്ഡല്വജിനേ ദണ്ഡവല്കലാഗ്നിപരിച്ഛദാൻ. 21

ചരേദ്വനേ ദ്വാദശാബ്ദാനഷ്ടൗ വാ ചതുരോ മുനിഃ
ദ്വാവേകം വാ യഥാ ബുദ്ധിർന്ന വിപദ്യേത കൃച്ഛ്റതഃ. 22

യദാകല്പഃ സ്വക്രിയായാം വ്യാധിഭിർജ്ജരയാഥവാ
ആന്വീക്ഷിക്യാം വാ വിദ്യായാം കുര്യാദനശനാദികം. 23

ആത്മന്യഗ്നീൻ സമാരോപ്യ സന്ന്യസ്യാഹംമമാത്മതാം
കാരണേഷു ന്യസേത് സമ്യക് സംഘാതം തു യഥാർഹതഃ. 24

ഖേ ഖാനി വായൗ നിഃശ്വാസാംസ്തേജസ്യൂഷ്മാണമാത്മവാൻ
അപ്സ്വസൃക്ശ്ലേഷ്മപൂയാനി ക്ഷിതൗ ശേഷം യഥോദ്ഭവം. 25

വാചമഗ്നൗ സവക്തവ്യാമിന്ദ്രേ ശില്പം കരാവപി
പദാനി ഗത്യാ വയസി രത്യോപസ്ഥം പ്രജാപതൗ. 26

മൃത്യൗ പായും വിസർഗ്ഗം ച യഥാസ്ഥാനം വിനിർദ്ദിശേത്
ദിക്ഷു ശ്രോത്രം സനാദേന സ്പർശമധ്യാത്മനി ത്വചം. 27

രൂപാണി ചക്ഷുഷാ, രാജൻ! ജ്യോതിഷ്യഭിനിവേശയേത്
അപ്സു പ്രചേതസാ ജിഹ്വാം ഘ്രേയൈർഘ്രാണം
ക്ഷിതൗ ന്യസേത്. 28

മനോ മനോരഥൈശ്ചന്ദ്രേ ബുദ്ധിം ബോധ്യൈഃ കവൗ പരേ
കർമ്മാണ്യധ്യാത്മനാ രുദ്രേ യദഹംമമതാക്രിയാ
സത്ത്വേന ചിത്തം ക്ഷേത്രജ്ഞേ ഗുണൈർവൈകാരികം
പരേ. 29

അപ്സു ക്ഷിതിമപോ ജ്യോതിഷ്യദോ വായൗ നഭസ്യമും
കൂടസ്ഥേ തച്ച മഹതി തദവ്യക്തേഽക്ഷരേ ച തത്. 30

ഇത്യക്ഷരതയാഽഽത്മാനം ചിന്മാത്രമവശേഷിതം
ജ്ഞാത്വാദ്വയോഽഥ വിരമേദ് ദഗ്ധയോനിരിവാനലഃ. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
യുധിഷ്ഠിരനാരദസംവാദേ സദാചാരനിർണ്ണയോ നാമ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

നാരദ ഉവാച

കല്പസ്ത്വേവം പരിവ്രജ്യ ദേഹമാത്രാവശേഷിതഃ
ഗ്രാമൈകരാത്രവിധിനാ നിരപേക്ഷശ്ചരേന്മഹീം. 1

ബിഭൃയാദ്യദ്യസൗ വാസഃ കൗപീനാച്ഛാദനം പരം
ത്യക്തം ന ദണ്ഡലിങ്ഗാദേരന്യത് കിഞ്ചിദനാപദി. 2

ഏക ഏവ ചരേദ്ഭിക്ഷുരാത്മാരാമോഽനപാശ്രയഃ
സർവ്വഭൂതസുഹൃച്ഛാന്തോ നാരായണപരായണഃ. 3

പശ്യേദാത്മന്യദോ വിശ്വം പരേ സദസതോഽവ്യയേ
ആത്മാനം ച പരം ബ്രഹ്മ സർവ്വത്ര സദസന്മയേ. 4

സുപ്തപ്രബോധയോഃ സന്ധാവാത്മനോ ഗതിമാത്മദൃക്
പശ്യൻ ബന്ധം ച മോക്ഷം ച മായാമാത്രം ന വസ്തുതഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരാധനാഗ്നിസംരക്ഷയ്ക്കു വേണ്ടുകിൽ-
ച്ചേരാമുടജത്തിലോ ഗഹ്വരത്തിലോ
കാററു, മഴ, മഞ്ഞു, തീ, വെയിലും പര-
മേററുനടക്കവോനെന്തിനല്ലാതവ. 20
പിന്നെജ്ജടിലനായ് കേശരോമങ്ങളും
നന്നായ് വളർത്തണം ശ്മശ്രുനഖങ്ങളും
ദണ്ഡവും മാൻതോൽ കമണ്ഡലുതൊട്ടതും
വഹ്ന്യർച്ചനാസാധനങ്ങളുമാളണം. 21
പന്ത്രണ്ടുവർഷ,മല്ലെങ്കിലെ,ട്ടായതും
പത്തിയല്ലെങ്കിൽ നാ,ലല്ലെങ്കിൽ രണ്ടുമാം.
ശേഷിയതിനുമില്ലാത്തവനോരാണ്ടു
വാസം വിപിനത്തിലാന്നാകിലും മതി.
ആപത്തതിനാലിയലുമെന്നാവുകി-
ലീപരിപാടി വിട്ടുകയുംചെയ്യിടാം. 22
വ്യാധികൾകൊണ്ടോ ജരാനരമൂലമോ
മേധാബലത്തിൻ കുറവുനിമിത്തമോ
സ്വന്തകർമ്മത്തിനോ വേദവേദാന്താദി-
ചിന്തനത്തിന്നോ കഴിയാതെയാവുകിൽ
മർത്ത്യനപ്പോളുപവാസാദിയായിട്ടും
പദ്ധതിയിൽ പ്രവേശിപ്പതു യോഗ്യമാം. 23
ആത്മാവിലഗ്നികളെസ്സമർപ്പിച്ചപിൻ-
പാത്മമതവിട്ടു ശരീരഹേതുക്കളാം
പഞ്ചഭൂതങ്ങളിൽ മെയ് ലയിപ്പിപ്പതാ-
യഞ്ചാതെ ഭാവനചെയ്തുറപ്പിക്കണം. 24
സ്വന്തം ശരീരത്തിലെ നവദ്വാരങ്ങ-
ളന്തരീക്ഷത്തിലും, നിശ്വാസസഞ്ചയം
വായുവിലും, ചൂടു തേജസ്സിലും, രക്ത-
പൂയകഫാദി സലിലത്തിലും തഥാ
ശിഷ്ടമെല്ലാം ഭൂമിതന്നിലു,മുണ്ടായ-
മട്ടുതാൻ ചാലവേയാലയിപ്പിക്കണം. 25
വാക്കോടുവാഗിന്ദ്രിയം തീയിലും, പാണി-
യുഗ്മളം ശില്പമോടൊത്തു ശക്രങ്കലും
പാദം ഗതിയൊത്തു വിഷ്ണുവിലും, രത്യു-
പേതമുപസ്ഥം പ്രജാപതിതന്നിലും, 26
പിന്നെ വിസർഗ്ഗത്തോടൊത്തു ഗുദം മൃത്യു-
തന്നിലും സ്ഥാനംപ്രതിയുറപ്പിക്കണം.
ശ്രോത്രേന്ദ്രിയം നാദമോടൊത്തു ദിക്കുകൾ
പത്തിലും, സ്പർശത്തോടൊപ്പം ത്വഗിന്ദ്രിയം 27
വായുവിലും, നേത്രമൊത്തു രൂപം ദിന-
നായകൻതന്നിലുമർപ്പണംചെയ്യണം
നാവു പ്രചേതസ്സോടൊത്തു ജലത്തിലു,-
മാവിധം ഘ്രാണേന്ദ്രിയം ഘ്രേയസംയുതം
ഭൂമിയിലും, മനോരാജ്യയുതം മനം
സോമനിലും, ബുദ്ധി ബോദ്ധ്യസമന്വിതം
ബ്രഹ്മാവിലു,മഹങ്കാരസമേതമ-
ക്കർമ്മങ്ങൾ രുദ്രനിലും സമർപ്പിക്കണം.

ഞാനെന്റെയെന്നുള്ള ഭാവംകലർന്നിടും
നാനാക്രിയയ്ക്കും വിളഭൂവഹന്തയാം.
സത്ത്വഗുണവൃത്തിയോടും മനസ്സിനെ
ക്ഷേത്രജ്ഞനാം ജീവനിൽ സമർപ്പിക്കണം.
പിന്നെഗ്ഗുണകാര്യസാത്ത്വികാഹങ്കാര-
മൊന്നായണയ്ക്കു മഹത്തത്ത്വമെന്നതിൽ. 28-29
ഭൂമിയെയപ്പിലു,മപ്പു തേജസ്സിലു-
മാമട്ടു തേജസ്സിനെ വായുവങ്കലും,
വായുവിനെയന്തരിക്ഷത്തിലും, പുന-
രായതു താമസാഹങ്കാരരൂപമാം
കൂടസ്ഥനിലു,മക്കൂടസ്ഥനെ മടി-
ച്ചീടാതുടൻ മഹത്തത്ത്വത്തിലും, തഥാ
അമ്മഹത്തത്ത്വമവ്യക്തത്തിലു,മതു
ബ്രഹ്മത്തിലും ലയിപ്പിക്കണം നല്പപോൽ. 30
ഇമ്മട്ടു ചിന്മാത്രമായവശേഷിക്കു-
മാത്മാവുതാനക്ഷരബ്രഹ്മമെന്നതു
നേരേ ധരിച്ചദ്വയനായ്, വിറകൊക്കെ-
യാരാൽ ദഹിച്ചടങ്ങീടുന്ന വഹ്നിപോൽ,
വാനപ്രസ്ഥൻ നിജകർമ്മങ്ങളിൽനിന്നു
താനേ വിരമിച്ചു വാണീടണം സുഖം. 31

അദ്ധ്യായം 13

ആശ്രമധർമ്മനിരൂപണം—തുടർച്ച
പ്രഹ്ലാദാവധൂതസംവാദം

നാരദൻ പറഞ്ഞു

കെല്പുള്ളപക്ഷം ശരീരാവശേഷനാ-
യല്പവുമാശ യാതൊന്നിലുമെന്നിയേ
എല്ലാം ത്യജിച്ചവധൂതനായ്ച്ചുററണ-
മല്ലൊന്നൊരുദിക്കിലെന്നുള്ള രീതിയിൽ. 1
വസ്ത്രം ധരിക്കിൽ മറഞ്ഞീടണം ഗുഹ്യ-
മത്രയേ പാടുള്ളു, തള്ളിക്കളഞ്ഞതിൽ
ദണ്ഡാദിയെന്നിയേയന്യമായൊന്നുമേ-
യാന്നീടരുതു വിപത്തററവേളയിൽ. 2
ശാന്തനായ് സർവ്വഹിതങ്കരനായ് രമാ-
കാന്തനെത്താനനന്യാശ്രയനായ്പരം
സേവിച്ചു ഭിക്ഷുവായേകനായ്ത്തന്നെയി-
ബ്ഭൂവിലാത്മാരാമനായ് സഞ്ചരിക്കണം, 3
അക്ഷയമായ് സദസൽപരമായ് പ്രശോ-
ഭിക്കുമാത്മാവിൽ വിശ്വത്തെയുമാവിധം
കാരണകാര്യപ്രപഞ്ചത്തിൽ വീക്ഷിക്ക
നേരേ പരബ്രഹ്മമാകുമാത്മാവെയും. 4
ജാഗ്രത്സുഷുപ്തികൾതൻ സന്ധിയിലാത്മ-
ദൃക്കാം പുരുഷനാത്മാവിൻ ഗതി പാർത്തു
ബന്ധമോക്ഷങ്ങൾ മായാമാത്രമെന്നതാ-
നന്താങ്ഗത്തിൽ ശരിയായ് ധരിക്കുന്നു. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഭിനന്ദേദ് ധ്രുവം മൃത്യുമധ്രുവം വാസ്യ ജീവിതം
കാലം പരം പ്രതീക്ഷേത ഭൂതാനാം പ്രഭവാപ്യയം. 6
നാസച്ഛാസ്ത്രേഷു സജ്ജേത, നോപജീവേത ജീവികാം.
വാദവാദാംസ്ത്യജേത് തർക്കാൻ, പക്ഷം കംച ന സംശ്രയേത്. 7
ന ശിഷ്യാനനുബധ്നീത ഗ്രന്ഥാന്നൈവാഭ്യസേത് ബഹൂൻ
ന വ്യാഖ്യാമുപയുഞ്ജീത നാരംഭാനാരഭേത് ക്വചിത്. 8
ന യതേരാശ്രമഃ പ്രായോ ധർമ്മഹേതുർമ്മഹാത്മനഃ
ശാന്തസ്യ സമചിത്തസ്യ ബിഭൃയാദുത വാ ത്യജേത്. 9
അവ്യക്തലിങ്ഗോ വ്യക്താർത്ഥോ മനീഷ്യുന്മത്തബാലവത്
കവിർമ്മൂകവദാത്മാനം സ ദൃഷ്ട്യാ ദർശയേന്നൃണാം. 10
അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം
പ്രഹ്ലാദസ്യ ച സംവാദം മുനേരാജഗരസ്യ ച. 11
തം ശയാനം ധരോപസ്ഥേ കാവേര്യാം സഹ്യസാനുനി
രജസ്വലൈസ്തനൂദേശൈർന്നിഗൂഢാമലതേജസം. 12
ദദർശ ലോകാനനുചരംല്ലോകതത്ത്വവിവിത്സയാ
വൃതോഽമാത്യൈഃ കതിപയൈഃ പ്രഹ്ലാദോ ഭഗവത്പ്രിയഃ. 13
കർമ്മണാഽഽകൃതിഭിർവാചാ ലിങ്ഗൈർവർണ്ണാശ്രമാദിഭിഃ
ന വിദന്തി ജനാ യം വൈ സോഽസാവിതി ന വേതി ച. 14
തം നത്വാഭ്യർച്ച്യ വിധിവത് പാദയോഃ ശിരസാ സ്പൃശൻ
വിവിത്സുരിദമപ്രാക്ഷീന്മഹാഭാഗവതോഽസുരഃ. 15
''ബിഭർഷി കായം പീവാനം സോദ്യമോ ഭോഗവാന്യഥാ
വിത്തം ചൈവോദ്യമവതാം ഭോഗോ വിത്തവതാമിഹ
ഭോഗിനാം ഖലു ദേഹോഽയം പീവാ ഭവതി നാന്യഥാ. 16

ന തേ ശയാനസ്യ നിരുദ്യമസ്യ
ബ്രഹ്മൻ! നു ഹാഽർത്ഥോ യത ഏവ ഭോഗഃ
അഭോഗിനോഽയം തവ വിപ്ര ദേഹഃ
പീവാ യതസ്തദ്വദ നഃ ക്ഷമം ചേത്. 17

കവിഃ കല്പോ നിപുണദൃക് ചിത്രപ്രിയകഥഃ സമഃ
ലോകസ്യ കുർവ്വതഃ കർമ്മ ശേഷേ തദ്വീക്ഷിതാപി വാ. 18

നാരദ ഉവാച

സ ഇത്ഥം ദൈത്യപതിനാ പരിപൃഷ്ടോ മഹാമുനിഃ
സ്മയമാനസ്തമഭ്യാഹ തദ്വാഗമൃതയന്ത്രിതഃ. 19

ബ്രാഹ്മണ ഉവാച

വേദേദമസുരശ്രേഷ്ഠ! ഭവാൻ നന്വാര്യസമ്മതഃ
ഈഹോഽപരമയോർന്നൃണാം പദാന്യധ്യാത്മചക്ഷുഷാ. 20
യസ്യ നാരായണോ ദേവോ ഭഗവാൻ ഹൃദ്ഗതഃ സദാ
ഭക്ത്യാ കേവലയാജ്ഞാനം ധുനോതി ധ്വാന്തമർക്കവത്. 21
അഥാപി ബ്രൂമഹേ പ്രശ്നാംസ്തവ രാജന്യഥാശ്രുതം
*സംഭാഷണീയോ ഹി ഭവാനാത്മനഃ ശുദ്ധിമിച്ഛതാം. 22
തൃഷ്ണയാ ഭവവാഹിന്യാ യോഗ്യൈഃ കാമൈരപൂരയാ
കർമ്മാണി കാര്യമാണോഽഹം നാനായോനിഷു യോജിതഃ. 23
യദൃച്ഛയാ ലോകമിമം പ്രാപിതഃ കർമ്മഭിർഭ്രമൻ
സ്വർഗ്ഗാപവർഗ്ഗയോർദ്വാരം തിരശ്ചാം പുനരസ്യ ച. 24
അത്രാപി ദമ്പതീനാം ച സുഖായാന്യാപനുത്തയേ
കർമ്മാണി കുർവ്വതാം ദൃഷ്ട്വാ നിവൃത്തോഽസ്മി വിപര്യയം. 25

* 'സംഭാവനീയോ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശ്ചിതമാകും മരണത്തെയും തഥാ
നശ്വരജീവിതത്തേയുമിച്ഛിക്കാതെ
ഭൂതജാലത്തിന്നുദയലയങ്ങൾക്ക
ഹേതുവാം കാലം പ്രതീക്ഷിച്ചിരിക്കണം. 6
വിത്താർജ്ജനാദിയസൽപദ്ധതിയെഴും
ശാസ്ത്രങ്ങളിൽ മനംവയ്ക്കരുതേതുമേ
ശാസ്ത്രാഭ്യസനമുപജീവനത്തിനു-
മാത്രമായിട്ടും ഗണിച്ചീടൊലാ യതി.
വാദബഹുലങ്ങളാം വിഷയങ്ങളെ-
യാദരിക്കാതെ നിഷ്പക്ഷനായ് വാഴണം. 7
നേടൊലാ ശിഷ്യരെ, ഗ്രന്ഥങ്ങളഭ്യസി-
ച്ചീടരുതേറെ, വായിക്കൊലാ വ്യാഖ്യയും.
ഒന്നുമാരംഭിക്കരുതു യതിക്കായ-
തെന്നും പ്രശാന്തസ്ഥിതിക്കു വിഘാതമാം. 8
തുല്യമതി,ശാന്തത,യാത്മശുദ്ധിയു-
മുള്ള യതീശ്വരന്മാരുടെയാശ്രമം
മിക്കവാറും ധർമ്മകാരണമല്ലവർ
കൈക്കൊണ്ടിടും ചിലപ്പോളതു തള്ളിടും. 9
സൂരിയായ് വാഗ്മിയായവ്യക്തചിഹ്നനായ്
പാരിതിൽ സ്വസ്വാർത്ഥനായ്, ജനദൃഷ്ടിയിൽ
ബാലകോന്മത്തർകണക്കിലും മൂകനെ-
പ്പോലെയും കാട്ടണം സ്വസ്വരൂപം യതി. 10
ഭക്തനാം പ്രഹ്ലാദനുമജഗര-
വൃത്തിയാന്നോരു മുനിയുമായുണ്ടായ
പൂർവസംവാദമിതിന്നു ദൃഷ്ടാന്തമായ്
നിർവചിക്കുന്നേൻ ശ്രവിക്കുക, മന്നവാ! 11
ശ്രീകാന്തനേററം പ്രിയതമൻ പ്രഹ്ലാദ-
നേകദാ ലോകസ്ഥിതി പാർത്തറിഞ്ഞിടാൻ
ഒട്ടമാത്യന്മാരുമായെങ്ങുമങ്ങനെ
ചുററിച്ചരിക്കവേ, സഹ്യാദ്രിസാനുവിൽ
കാവേരിയാം നദിക്കേററമടുത്തൊരു
ഭൂവിലൊരേടത്തവയവമാകവേ
പാരമഴുക്കാന്നു ഗൂഢതേജസ്വിയായ്
പാരിൽ ശയിക്കും മുനിയെ വീക്ഷിച്ചിതു 12-13
എന്നാൽ സ്വരൂപമോ വാക്കോ പ്രവൃത്തിയോ
വർണ്ണാശ്രമലക്ഷണങ്ങളോ മൂലമായ്
ഇന്നവനാണിവനെന്നുള്ളതാർക്കുമേ
നിർണ്ണയിക്കാൻ കഴിയാതെയിരുന്നിതു. 14
അമ്മുനിയെ വിധിപോൽ നമിച്ചർച്ചിച്ചു
തന്മൗലിയാൽ പദസ്പർശനംചെയ്തുടൻ
ഭക്താഗ്രഗണ്യനാം പ്രഹ്ലാദനമ്മുനി-
മുഖ്യനോടീവിധം ചോദിച്ചു സാദരം: 15
''ഉദ്യമത്താൽ സുഖഭോഗസമൃദ്ധിയി-
ലെത്തിയോൻമട്ടതിസ്ഥൂലശരീരനായ്
കാണ്മൂ ഭവാനെ, പ്രവൃത്തിചെയ്യുന്നവൻ-
താൻ മാത്രമാണു സാധാരണവിത്തവാൻ.
നിത്യം സുഖഭോഗമാന്നു തടിപ്പത-
മ്മർത്ത്യനത്രേ,യന്യനല്ലതു നിർണ്ണയം. 16
എപ്പൊഴും കൃത്യവിഹീനനായുഴിയാം
തല്പതലത്തിലിമ്മട്ടിൽക്കിടന്നിടും
അങ്ങേയ്ക്കു ഭോഗകരമായിടും ധന-
മിങ്ങു ലവലേശമില്ലാതിരിക്കവേ,
അങ്ഗമീമട്ടിൽത്തടിച്ചിരിക്കുന്നതു-
മെങ്ങനെയാണെന്നറിയുവാനാശ മേ.
ആയതു കേൾക്കുവാൻ ഞാനർഹനെങ്കിലോ
മായമകന്നരുൾചെയ്യുവേണം ഭവാൻ. 17
വിത്തമാർജ്ജിക്കുംപണിയിൽപ്പെടുന്നതായ്
മർത്ത്യരെ നിത്യവും കണ്ടിരുന്നീടിലും
കർമ്മസമർത്ഥനും ചിത്രപ്രിയകഥാ-
നിർമ്മാണദക്ഷനും വിദ്വാനുമാം ഭവാൻ
എന്താണുദാസീനനായിക്കിടക്കുവാൻ,
ബന്ധമെന്നെന്നോടരുളിയാലും മുനേ!'' 18

നാരദൻ പറഞ്ഞു

ഈവിധം പ്രഹ്ലാദവാക്കുകൾ കേട്ടട-
നാവിർമ്മുദാ ചിരിച്ചോതിനാൻ മാമുനി. 19

ബ്രാഹ്മണൻ പറഞ്ഞു

മർത്ത്യപ്രവൃത്തിനിവൃത്തികൾ രണ്ടിനും
സിദ്ധമാം സ്ഥാനമദ്ധ്യാത്മചക്ഷുസ്സിനാൽ
നേരേ നിരീക്ഷിച്ചിടും ദനുജേന്ദ്ര! നീ-
യാര്യസുസമ്മതനെന്നറിയുന്നു ഞാൻ. 20
അങ്ങേയ്ക്കുകാരണമായുദിച്ചീടിന
തുംഗമാം ഭക്തിയാൽ ശ്രീഹരി തുഷ്ടനായ്,
നിന്നന്തരങ്ഗസ്ഥിതനായ് തവാജ്ഞത-
യൊന്നായകററുന്നു, സൂര്യനിരുട്ടുപോൽ. 21
എങ്കിലും നിൻ ചോദ്യമാദരിച്ചോതിടാം
ശങ്കവെടിഞ്ഞുത്തരം ഞാൻ യഥാശ്രുതം.
ശുദ്ധിയാത്മാവിനിച്ഛിപ്പവർക്കൊക്കെയും
നിത്യവും സംഭാഷണോചിതൻതാൻ ഭവാൻ. 22

ഭീമസംസാരപ്രവാഹം വഹിപ്പതായ്
കാമഭോഗങ്ങളാൽ പൂർണ്ണമാകാത്തതാം
വമ്പിച്ച തൃഷ്ണയാൽ ചെയ്ത കർമ്മങ്ങളാ-
ലെമ്പാടുയോനികളിൽ ജനിച്ചീടിനേൻ. 23
കർമ്മബലത്താൽ പലയോനി നൂണു ഞാ-
നിമ്മാനുഷയോനിയാന്നു യദൃച്ഛയായ്.
പുണ്യകർമ്മങ്ങളാൽ സ്വർഗ്ഗഭോഗങ്ങളും
നിന്ദ്യക്രിയകളാൽ നീചജന്മങ്ങളും
ജ്ഞാനയോഗങ്ങളാൽ മോക്ഷവുമേകിടും
സ്ഥാനമാണീ നരജന്മമോർത്തീടുകിൽ. 24
ഇങ്ങും സുഖം ലഭിച്ചീടുവാനും ദുഃഖ-
സങ്ഗമൊഴിവാക്കുവാനും ശ്രമിച്ചിടും
ദമ്പതിമാർക്കു വിപരീതമാം ഫലം
സംഭൃതമായ്ക്കണ്ടു ഞാൻ വിരമിച്ചിതു. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖമസ്യാത്മനോ രൂപം സർവ്വേഹോപരതിസ്തനുഃ
മനഃസംസ്പർശജാൻ ദൃഷ്ട്വാ ഭോഗാൻ സ്വപ്സ്യാമി സംവിശൻ. 26
ഇത്യേതദാത്മനഃ സ്വാർത്ഥം സന്തം വിസ്മൃത്യ വൈ പുമാൻ
വിചിത്രാമസതി ദ്വൈതേ ഘോരാമാപ്നോതി സംസൃതിം. 27
ജലം തദുദ്ഭവൈശ്ഛന്നം ഹിത്വാജ്ഞോ ജലകാമ്യയാ
മൃഗതൃഷ്ണാമുപാധാവേദ്യഥാന്യത്രാർത്ഥദൃക് സ്വതഃ. 28
ദേഹാദിഭിർദൈവതന്ത്രൈരാത്മനഃ സുഖമീഹതഃ
ദുഃഖാത്യയം ചാനീശസ്യ ക്രിയാ മോഘാ കൃതാഃ കൃതാഃ. 29
ആധ്യാത്മികാദിഭിർദുഃഖൈരവിമുക്തസ്യ കർഹിചിത്,
മർത്ത്യസ്യ കൃച്ഛ്റോപനതൈരർത്ഥൈഃ കാമൈഃ ക്രിയേത
കിം? 30

പശ്യാമി ധനിനാം ക്ലേശം ലുബ്ധാനാമജിതാത്മനാം
ഭയാദലബ്ധനിദ്രാണാം സർവ്വതോഽഭിവിശങ്കിനാം. 31
രാജതശ്ചൗരതഃ ശത്രോഃ സ്വജനാത് പശുപക്ഷിതഃ
അർത്ഥിഭ്യഃ കാലതഃ സ്വസ്മാന്നിത്യം പ്രാണാർത്ഥവദ്ഭയം. 32
ശോകമോഹഭയക്രോധരാഗക്ലൈബ്യശ്രമാദയഃ
യന്മൂലാഃ സ്യുർന്നൃണാം ജഹ്യാത് സ്പൃഹാം
പ്രാണാർത്ഥയോർബ്ബുധഃ. 33
മധുകാരമഹാസർപ്പൗ ലോകേഽസ്മിന്നോ ഗുരൂത്തമൗ
വൈരാഗ്യം പരിതോഷം ച പ്രാപ്താ യച്ഛിക്ഷയാ വയം. 34
വിരാഗഃ സർവ്വകാമേഭ്യഃ ശിക്ഷിതോ മേ മധുവ്രതാത്
കൃച്ഛ്റാപ്തം മധുവദ്വിത്തം ഹത്വാപ്യന്യോ ഹരേത് പതിം. 35
അനീഹഃ പരിതുഷ്ടാത്മാ യദൃച്ഛോപനതാദഹം
നോ ചേച്ഛയേ ബഹ്വഹാനി മഹാഹിരിവ സത്ത്വവാൻ. 36
ക്വചിദല്പം ക്വചിദ്ഭൂരി ഭുഞ്ജേഽന്നം സ്വാദ്വസ്വാദു വാ
ക്വചിദ് ഭൂരിഗുണോപേതം ഗുണഹീനമുത ക്വചിത്. 37
ശ്രദ്ധയോപാഹൃതം ക്വാപി കദാചിന്മാനവർജ്ജിതം
ഭുഞ്ജേ ഭുക്ത്വാഥ കസ്മിംശ്ചിദ്ദിവാ നക്തം യദൃച്ഛയാ. 38
ക്ഷൗമം ദുകൂലമജിനം ചീരം വല്കലമേവ വാ
വസേഽന്യദപി സമ്പ്രാപ്തം ദിഷ്ടഭുക് തുഷ്ടധീരഹം. 39
ക്വചിച്ഛയേ ധരോപസ്ഥേ തൃണപർണ്ണാശ്മഭസ്മസു
ക്വചിത് പ്രാസാദപര്യങ്കേ കശിപൗ വാ പരേച്ഛയാ. 40
ക്വചിത് സ്നാതോഽനുലിപ്താംഗഃ സുവാസാഃ സ്രഗ്വ്യലംകൃതഃ
രഥേഭാശ്വൈശ്ചരേ ക്വാപി ദിഗ്വാസാ ഗ്രഹവദ്വിഭോ! 41
നാഹം നിന്ദേ ന ച സ്തൗമി സ്വഭാവവിഷമം ജനം
ഏതേഷാം ശ്രേയ ആശാസേ ഉതൈകാത്മ്യം മഹാത്മനി. 42
വികല്പം ജുഹുയാച്ചിത്തൗ താം മനസ്യർത്ഥവിഭ്രമേ
മനോ വൈകാരികേ ഹുത്വാ തന്മായായാം ജുഹോത്യനു. 43
ആത്മാനുഭൂതൗ താം മായാം ജുഹുയാത് സത്യദൃങ്മുനിഃ
തതോ നിരീഹോ വിരമേത് സ്വാനുഭൂത്യാഽഽത്മനി സ്ഥിതഃ. 44
സ്വാത്മവൃത്തം മയേത്ഥം തേ സുഗുപ്തമപി വർണ്ണിതം
വ്യപേതം ലോകശാസ്ത്രാഭ്യാം ഭവാൻ ഹി ഭഗവത്പ്രിയഃ. 45

നാരദ ഉവാച
ധർമ്മം പാരമഹംസ്യം വൈ മുനേഃ ശ്രുത്വാസുരേശ്വരഃ
പൂജയിത്വാ തതഃ പ്രീത ആമന്ത്ര്യ പ്രയയൗ ഗൃഹം. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
യുധിഷ്ഠിരനാരദസംവാദേ യതിധർമ്മേ ത്രയോദശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാവു സൗഖ്യസ്വരൂപമെന്നാലതു
കർമ്മനിവൃത്തികൊണ്ടേ പ്രകാശിച്ചിടൂ.
മാൻസസ്പർശത്തിൽനിന്നുളവാകുന്ന-
താണു സമസ്തഭോഗങ്ങളുമെന്നതു
നേരേ ധരിച്ചു മനസ്സംയമത്തൊടും
പാരിലേകത്ര കിടന്നുറങ്ങുന്നു ഞാൻ. 26
ഇത്ഥമീയാത്മാവു തൻ രൂപമാം പുരു-
ഷാർത്ഥം മറന്നു പുമാനയഥാർത്ഥമാം
ദ്വൈതപ്രപഞ്ചത്തിൽ നാനാവിധമെഴും
ഭീതിദമാം ഭവാംഭോധിയാളുന്നിതേ. 27
നീരത്തിലുള്ള തൃണാദിയാൽ ഛന്നമാം
നീരം വെടിഞ്ഞു ജലം തേടിയെപ്പൊഴും
ആരാൽ മരീചിക കണ്ടതിൻപിന്നാലെ
നേരേ ഭ്രമിച്ചു പാഞ്ഞീടുന്നപോലവേ
തന്നിലിരിക്കും സുഖത്തെ വീക്ഷിക്കാതെ-
യന്യത്തിലർത്ഥദ്ഭക്കായുഴലുന്നിതേ. 28
കർമ്മവശസ്ഥമാം ദേഹേന്ദ്രിയാദിയാ-
ലാത്മസൗഖ്യത്തിനും ദുഃഖാത്യയത്തിനും
ഇച്ഛിച്ചിടുമീശനല്ലാത്തവനുടെ
നിശ്ശേഷകർമ്മവും നിഷ്ഫലമായിടും. 29
ആദ്ധ്യാത്മികാദിയാം ദുഃഖങ്ങളിൽനിന്നു
മർത്ത്യനൊരിക്കലും മുക്തനല്ലാശ്ശയാൽ
ക്ലേശിച്ചവൻ നേടുമർത്ഥകാമാദിക-
ളീഷൽ സുഖവുമവന്നരുളീടുമോ? 30
ചിത്തജയമററു ലുബ്ധരായ് ഭീതിയാൽ
നിദ്രവെടിഞ്ഞാരിലും ശങ്കയാർന്നിടും
വിത്തവാന്മാരാം മനുജരിലെപ്പൊഴു-
മത്തൽ കാണുന്നു ഞാൻ ദാനവാധീശ്വരാ! 31
അർത്ഥത്തിലും നിജപ്രാണങ്കലുമാശ
മെത്തുന്നവനു നൃപനിൽനിന്നും തഥാ
ശത്രുമിത്രജ്ഞാതിവൃന്ദത്തിലും ചോര-
രർത്ഥികൾ പക്ഷിമൃഗങ്ങളിവററിലും
കാലം സ്വദേഹമിവയിലുംനിന്നേതു-
കാലവും പാർത്താൽ ഭയംതന്നെ മന്നവാ! 32
പ്രാണധനങ്ങളിൽ വാച്ചിടുമാഗ്രഹം
താനേ വിവേകി പരിത്യജിച്ചീടണം.
ഇന്നതു രണ്ടും നിമിത്തമത്രേ മർത്ത്യ-
നുന്നതഭീക്ലേശമോഹശ്രമാദികൾ. 33
തേനീച്ചയും പെരുമ്പാമ്പുമാം ഞങ്ങടെ
മാനിതരാം രണ്ടു ദേശികർ ഭൂപതേ!
ആ രണ്ടുപേരിലുംനിന്നഭ്യസിച്ചിതു
വൈരാഗ്യവും പരിതോഷവും വേണ്ടപോൽ.
കാമങ്ങളേതിലുംനിന്നു വിരാഗത-
യാമധുമക്ഷികയോടു പഠിച്ചു ഞാൻ.
പാടുപെട്ടാർന്ന തേനെന്നപോൽ, വിത്തവും
നേടിയോനെക്കൊന്നപരൻ ഹരിച്ചിടും. 34-35
ഒന്നും പ്രവർത്തിച്ചിടാതെയജഗര-
മെന്നപോൽ ഞാനും വശാൽക്കിട്ടിടുന്നതിൽ
തൃപ്തനായല്ലാത്തപക്ഷം സുധീരനായ്
കെല്ലൊടീമട്ടിൽ ശയിച്ചിടുമേറെനാൾ. 36
അല്പം ചിലെട,ത്തനല്പം ചില ദിക്കി,-
ലപ്പുറം രുച്യം, ചിലെടത്തരുച്യവും,
ഏററം ഗുണമുള്ള,തില്ലാത്തതീവിധം
കിട്ടിടുമന്നമെല്ലാം ഞാൻ ഭുജിച്ചിടും. 37
ശ്രദ്ധയോടേകം ചിലെടത്തു ഭക്ഷണം,
ശ്രദ്ധയില്ലാതെയുമന്യത്ര തന്നിടും.
രണ്ടും ഗണിക്കാതശിച്ചിടും, രാത്രിയിൽ
കൊണ്ടുവന്നേകം, ചിലപ്പോളഹസ്സിലും. 38
പട്ടാംബരം ചിലപ്പോൾ ശുഭ്രവസ്ത്രവും
ശുദ്ധമൃഗത്തോൽ മരത്തോലുമിങ്ങനെ
കിട്ടുന്നതെന്താണതുകളുന്നു ഞാൻ
തുഷ്ടികലർന്നു ധരിക്കുന്നു മന്നവാ! 39
പൂഴിമണ്ണിൽ ചിലെടത്തു കിടന്നിടും
കേഴാതെ കല്ലു, ചാരം, പുല്ലിവററിലും.
കിട്ടും ചിലെടത്തു മാളിക, കട്ടിലും
മെത്തയുമന്യേച്ഛയാലൊക്കെയാർന്നിടും. 40
ചേലായ് ചിലപ്പോൾക്കുളിച്ചു കുറിയിട്ടു
മാല ധരിച്ചലങ്കാരസമേതനായ്
പട്ടുടുത്തു രഥദന്തിവാജികൾ
തൊട്ടുള്ള വാഹനമേറിച്ചരിച്ചിടും.
മററുചിലപ്പോൾ ദിഗംബരനായ് ഭൂത-
മട്ടിലുമെങ്ങും ചരിച്ചിടുന്നുണ്ടു ഞാൻ. 41
ധിക്കരിപ്പോരെയും സൽക്കരിപ്പോരെയും
ധിക്കരിക്കാ ഞാൻ സ്തുതിക്കയും ചെയ്തിടാ.
ആയവർക്കെല്ലാം ഹരിയിലൈകാത്മ്യമാം
ശ്രേയസ്സിയലുവാനർത്ഥിച്ചിടുന്നു ഞാൻ. 42
ദൈത്യാധിനാഥാ! വികല്പത്തിനെച്ചിത്ത-
വൃത്തിയിലും പിന്നെയച്ചിത്തവൃത്തിയെ
നാനാർത്ഥവിഭ്രമമാളും മനസ്സിലും,
മാനസം സാത്ത്വികാഹംകൃതിതന്നിലും,
പിന്നെയസ്സാത്ത്വികാഹംകൃതിയെ മായ-
തന്നിലുമങ്ങു ദഹിപ്പിക്കണം ക്രമാൽ. 43
ആ മായയെപ്പിന്നെയാത്മാനുഭൂതിയിൽ
ഹോമിക്കണം സത്യദർശനനായ് മുനി.
സ്വപ്രകാശാത്മകനായ് വിരമിക്കണം
ക്ഷിപ്രം സമസ്തകർമ്മത്തിൽനിന്നും സ്വയം. 44
എൻ ചരിതം ഗൂഢവും ശാസ്ത്രമര്യാദ-
യഞ്ചാതതിക്രമിക്കുന്നതുമെങ്കിലും
ഞാനരുളീടിനേനേവം ഭവാനോടു
ശ്രീനിവാസപ്രിയഭക്തനല്ലോ ഭവാൻ. 45

നാരദൻ പറഞ്ഞു

നേരിട്ടിവണ്ണമാ മാമുനിതന്നോടു
പാരമഹംസ്യമാം ധർമ്മം ധരിച്ചുടൻ
തുഷ്ടനായ് പ്രഹ്ലാദനർച്ചിച്ചൃഷിയോടു
യാത്രയുംചൊല്ലി നിജാലയം പൂകിനാൻ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുർദ്ദശോഽധ്യായഃ

യുധിഷ്ഠിര ഉവാച

ഗൃഹസ്ഥ ഏതാം പദവീം വിധിനാ യേന ചാഞ്ജസാ
യാതി ദേവർഷേ ബ്രൂഹി മാദൃശോ ഗൃഹമൂഢധീഃ. 1

നാരദ ഉവാച

സാധു പൃഷ്ടം, മഹാഭാഗ, ലോകാൻ സമനുഗൃഹ്ണതാ
തത്ത്വേന തദഹം വക്ഷ്യേ നൈഷ്കർമ്മ്യം യേന കർമ്മണാം. 2
ഗൃഹേഷ്വവസ്ഥിതോ, രാജൻ, ക്രിയാഃ കുർവ്വൻ ഗൃഹോചിതാഃ
വാസുദേവാർപ്പണം സാക്ഷാദുപാസീത മഹാമുനീൻ. 3
ശൃണ്വൻ ഭഗവതോഽഭീക്ഷ്ണമവതാരകഥാമൃതം
ശ്രദ്ദധാനോ യഥാകാലമുപശാന്തജനാവൃതഃ. 4
സത്സങ്ഗാച്ഛനകൈഃ സങ്ഗമാത്മജായാത്മജാദിഷു
വിമുച്യേന്മുച്യമാനേഷു സ്വയം സ്വപ്നവദുത്ഥിതഃ. 5
യാവദർത്ഥമുപാസീനോ ദേഹേ ഗേഹേ ച പണ്ഡിതഃ
വിരക്തോ രക്തവത് തത്ര നൃലോകേ നരതാം ന്യസേത്. 6
ജ്ഞാതയഃ പിതരൌ പുത്രാ ഭ്രാതരഃ സുഹൃദോഽപരേ
യദ്വദന്തി യദിച്ഛന്തി ചാനുമോദേത നിർമ്മമഃ. 7
ദിവ്യം ഭൌമം ചാന്തരിക്ഷം വിത്തമച്യുതനിർമ്മിതം
തത്സർവ്വമുപയുഞ്ജാന ഏതത് കുര്യാത് സ്വതോ ബുധഃ. 8
യാവദ് ഭ്രിയേത ജഠരം താവത്സ്വത്വം ഹി ദേഹിനാം
അധികം യോഽഭിമന്യേത സ സ്തേനോ ദണ്ഡമർഹതി. 9
മൃഗോഷ്ട്രഖരമർക്കാഖുസരീസൃപ്ഖഗമക്ഷികാഃ
ആത്മനഃ പുത്രവത് പശ്യേത്തൈരേഷാമന്തരം കിയത്. 10
ത്രിവർഗ്ഗം നാതികൃച്ഛ്റേണ ഭജേത ഗൃഹമേധ്യപി
യഥാദേശം യഥാകാലം യാവദ്ദൈവോപപാദിതം. 11
ആശ്വാഘാന്തേഽവസായിഭ്യഃ കാമാൻ സംവിഭജേദ്യഥാ
അപ്യേകാമാത്മനോ ദാരാം നൃണാം സ്വത്വഗ്രഹോ യതഃ. 12
ജഹ്യാദ്യദർത്ഥേ സ്വപ്രാണാൻ ഹന്യാദ്വാ പിതരം ഗുരും
തസ്യാം സ്വത്വം സ്ത്രിയാം ജഹ്യാദ്യസ്തേന ഹ്യജിതോ ജിതഃ. 13
കൃമിവിഡ്ഭസ്മനിഷ്ഠാന്തം ക്വേദം തുച്ഛം കളേബരം
ക്വ തദീയരതിർഭാര്യാ ക്വായമാത്മാ നഭശ്ഛദിഃ. 14
സിദ്ധൈര്യജ്ഞാവശിഷ്ടാർത്ഥൈഃ കല്പയേദ്വൃത്തിമാത്മനഃ
ശേഷേ സ്വത്വം ത്യജൻ പ്രാജ്ഞഃ പദവീം മഹതാമിയാത്. 15
ദേവാനൃഷീൻ നൃഭൂതാനി പിതൄനാത്മാനമന്വഹം
സ്വവൃത്ത്യാഗതവിത്തേന യജേത പുരുഷം പൃഥക്. 16
യർഹ്യാത്മനോഽധികാരാദ്യാഃ സർവ്വാഃ സ്യുര്യജ്ഞസമ്പദഃ
വൈതാനികേന വിധിനാ അഗ്നിഹോത്രാദിനാ യജേത്. 17
ന ഹ്യഗ്നിമുഖതോഽയം വൈ ഭഗവാൻ സർവ്വയജ്ഞഭുക്
ഇജ്യേത ഹവിഷാ രാജൻ യഥാ വിപ്രമുഖേ ഹുതൈഃ. 18
തസ്മാദ് ബ്രാഹ്മണദേവേഷു മർത്ത്യാദിഷു യഥാർഹതഃ
തൈസ്തൈഃ കാമൈര്യജസ്വൈനം ക്ഷേത്രജ്ഞം
ബ്രാഹ്മണാനനു. 19
കുര്യാദപരപക്ഷീയം മാസി പ്രൌഷ്ഠപദേ ദ്വിജഃ
ശ്രാദ്ധം പിത്രോര്യഥാവിത്തം തദ്ബന്ധൂനാം ച
വിത്തവാൻ. 20
അയനേ വിഷുവേ കുര്യാദ് വ്യതീപാതേ ദിനക്ഷയേ
ചന്ദ്രാദിത്യോപരാഗേ ച ദ്വാദശ്യാം ശ്രവണേഷു ച. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 14

ആശ്രമധർമ്മനിരൂപണം—സദാചാരനിർണ്ണയം

യുധിഷ്ഠിരൻ പറഞ്ഞു

ഏതുവിധം ധർമ്മമാചരിച്ചീടുകിൽ
മാദൃശന്മാരാം ഗൃഹസ്ഥിതരഞ്ജസാ
മുക്തരായിബ്ഭവിച്ചീടുമെന്നുള്ളതു
ചൊല്ലേണ്ടു ദേവമുനേ! കഥിച്ചീടുക. 1

നാരദൻ പറഞ്ഞു

ലോകരെ നന്നായനുഗ്രഹിക്കും മഹാ–
ഭാഗാ! ഭവച്ചോദ്യമേററവും യോഗ്യമാം.
ജ്ഞാനനിദാനമാം നൈഷ്കർമ്മ്യമാർഗ്ഗങ്ങൾ
ഞാനിനിച്ചൊല്ലാം യഥാർത്ഥമായ് ധർമ്മജാ! 2
ഗേഹസ്ഥിതൻ ഗൃഹയോഗ്യകർമ്മങ്ങളെ
ശ്രീഹരിയിൽ ഫലഹീനമർപ്പിക്കണം.
പിന്നെയവൻ മാമുനീശ്വരന്മാരെയും
നന്നായുപാസിച്ചിടേണം നരാധിപാ! 3
മന്ദിരധർമ്മങ്ങളാചരിച്ചാലുടൻ
ചെന്നുപശാന്തരാം മാമുനിമാരുടെ
സന്നിധിതന്നിൽ ത്തദാവൃതനായിരു–
ന്നെന്നും ഭഗവത്കഥകൾ കേട്ടീടണം.
സ്വാങ്ഗം, കളത്രം, തനുജരെന്നീ വിഷ–
യങ്ങളെ സത്സങ്ഗമത്താലകററണം.
ഉത്ഥിതനായവൻ സ്വപ്നത്തിലീക്ഷിച്ച
വസ്തുക്കളെയെന്നതുപോലെ മെല്ലവേ. 4–5
എത്രയുണ്ടാവശ്യമത്രയ്ക്കുമാത്രമേ
ശ്രദ്ധവയ്ക്കേണ്ടു ഭവനദേഹങ്ങളിൽ
രാഗമവററയിലുള്ളതു തള്ളണം
ലോകരെബ്ബോദ്ധ്യപ്പെടുത്താതെ പണ്ഡിതൻ. 6
നേരേ മനുഷ്യലോകത്തിൽ തനിക്കുള്ള
പൗരുഷം പാരം തെളിക്കയുംചെയ്യണം.
ജ്ഞാതികളുമച്ഛനമ്മമാരും സുതർ
ഭ്രാതാക്കളും സുഹൃത്തുക്കളുമന്യരും
ഓതുന്നതിലുമിച്ഛിപ്പതിലും തുലോം
മോദിച്ചു നിർമ്മമനായിരുന്നീടണം. 7
ദിവ്യഭൗമാന്തരിക്ഷങ്ങളാം ദ്രവ്യങ്ങൾ
സർവ്വവുമീശൻ നമുക്കു തരുന്നിതേ.
അദ്ധ്വനംകൊണ്ടു താൻ ജീവിതാവശ്യങ്ങൾ
ബുദ്ധിമാൻ നിർവ്വഹിക്കേണമതുത്തമം. 8
സ്വന്തമുദരം ഭരിക്കുവാനാവശ്യ–
മെന്തതത്രേ തനിക്കുള്ളതാകുംമുതൽ.
എന്നതിലേറെദ്ധനം തനിക്കുള്ളതാ–
യുന്നുവോൻ ചോരനും ദണ്ഡ്യനുമാം നൃപാ! 9
പൂച്ച, പശു, പാ,മ്പെലി, കുര,ങ്ങുഷ്ട്രങ്ങ–
ളീച്ച, കഴുത, കാകാദിഖഗങ്ങളും
സ്വന്തം സുതരെന്നു ചിന്തിച്ചവററിനും
സന്തോഷമോടു കൊടുക്കണം ഭക്ഷണം. 10
ധർമ്മാർത്ഥകാമപുമർത്ഥങ്ങൾ മൂന്നുമ–
ബ്രഹ്മചാരിക്കൊത്തു കഷ്ടം സഹിച്ചുതാൻ
നേടൊലാ, ദൈവികകാലദേശാപ്തമാ–
യീടുന്നതിൽ തൃപ്തനായിരുന്നീടണം. 11
ശ്വാക്കൾ പതിതർ നീചക്കും ഗൃഹമേധി
യോഗ്യമായ്ക്കാമങ്ങൾ പങ്കിട്ടുനല്കണം
ഭാര്യയെക്കൊണ്ടും നടത്തണമാതിഥ്യ–
കാര്യം, പുമാനു മമത്വം പ്രിയയിലാം. 12
പ്രാണങ്ങളേയും ഗുരുജനത്തേയുമേ–
തേണാക്ഷിയാൾക്കായ് പുമാൻ ഹനിച്ചീടുമോ
ആ നാരിയിലെ മമത്വം വെടിഞ്ഞിടും
മാനവനാൽ ജിതനാണജിതൻ ഹരി. 13
ചാരം മലം കൃമിയെന്ന വസ്തുക്കളായ്
മാറുമിത്തുച്ഛശരീരമെങ്ങോരുകിൽ!
അങ്ങനെയുള്ള ദേഹത്തെസ്സുഖിപ്പിക്കു–
മങ്ഗനതൻ സ്ഥിതിയെങ്ങു യുധിഷ്ഠിരാ!
അന്തരിക്ഷത്തെ മറച്ചു വിളങ്ങിടു–
മന്തരാത്മാവിൻ പദവിയെങ്ങോരുകിൽ? 14
എന്നുമപ്പഞ്ചയജ്ഞാനന്തരം ബാക്കി–
വന്നിടും സാധനമെല്ലാം ഗൃഹാശ്രമി
സ്വത്വാഭിമാനമെന്യേ പരക്കേകണ–
മെത്തുമവൻ മഹാന്മാർതൻ പദവിയിൽ. 15
ആദിതേയന്മാർ നരർ മുനിമാർ പിതൃ–
ഭൂതഗണത്തെയുമാത്മാവുതന്നെയും
തന്നുടെ വൃത്തിയാൽ നേടും ധനത്തിനാ–
ലനുവഹമീശഭാവത്തൊടർച്ചിക്കണം. 16
അൻപോടധികാരമാദിയാമദ്ധ്വര–
സമ്പത്തശേഷം ഗൃഹസ്ഥനുണ്ടാവുകിൽ,
യാഗവിധിപോലെയഗ്നിഹോത്രാദിയാ–
ലേകനാം സർവ്വേശ്വരനെയർച്ചിക്കണം. 17
എപ്പൊഴും യജ്ഞഭുക്കാം ഭഗവാൻ ഹരി
വിപ്രമുഖാഹുതികൊണ്ടെന്നപോലവേ
വഹ്നിമുഖത്തിലെയാഹുതിമൂലമായ്
നന്നായ് പ്രസാദിച്ചിടുന്നില്ല നിർണ്ണയം. 18
ധാത്രീസുരദേവമർത്ത്യാദിസംസ്ഥനാം
ക്ഷേത്രജ്ഞനെയിഷ്ടവസ്തുക്കളാൽ മുദാ
ആരണാർച്ചയ്ക്കുശേഷം യജിച്ചീടുക
ഭൂരമണാ! യോഗ്യതാനുസാരം ഭവാൻ. 19
സമ്പന്നനാം ദ്വിജൻ സമ്പത്തിനൊത്തപോൽ
തൻ പിതൃക്കൾക്കും പിതൃബാന്ധവർക്കുമേ
കന്നിമാസാപരപക്ഷ 'മഹാലയ'–
പുണ്യനാളിൽ ശ്രാദ്ധമൂട്ടണം സാദരം. 20
രണ്ടയനത്തിൽ, വിഷുവത്തിലും ചന്ദ്ര–
ചണ്ഡകിരണഗ്രഹണകാലങ്ങളിൽ,
ദ്വാദശിയിൽ, വ്യതീപാതകാലത്തോണ–
മാദിനാൾ മൂന്നിലും, വാവിന്നൊടുവിലും
ആരാധനംചെയ്യണം സുരന്മാരെയും
നേരേ പിതൃജനത്തേയും ഗൃഹാശ്രമി. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയായാം ശുക്ലപക്ഷേ നവമ്യാമഥ കാർത്തികേ
ചതസൃഷ്വപ്യഷ്ടകാസു ഹേമന്തേ ശിശിരേ തഥാ 22
മാഘേ ച സിതസപ്തമ്യാം മഘാരാകാസമാഗമേ
രാകയാ ചാനുമത്യാ വാ മാസർക്ഷാണി യുതാന്യപി. 23
ദ്വാദശ്യാമനുരാധാ സ്യാച്ഛ്റവണസ്തിസ്ര ഉത്തരാഃ
തിസൃഷ്വേകാദശീ വാഽസു ജന്മർക്ഷശ്രോണയോഗയുക്. 24
ത ഏതേ ശ്രേയസഃ കാലാ നൃണാം ശ്രേയോവിവർദ്ധനാഃ
കുര്യാത് സർവ്വാത്മനൈതേഷു ശ്രേയോഽമോഘം തദായുഷഃ. 25
ഏഷു സ്നാനം ജപോ ഹോമോ വ്രതം ദേവദ്വിജാർച്ചനം
പിതൃദേവനൃഭൂതേഭ്യോ യദ്ദത്തം തദ്ധ്യനശ്വരം. 26
സംസ്കാരകാലോ ജായായാ അപത്യസ്യാത്മനസ്തഥാ
പ്രേതസംസ്ഥാ മൃതാഹശ്ച കർമ്മണ്യഭ്യുദയേ നൃപ! 27
അഥ ദേശാൻ പ്രവക്ഷ്യാമി ധർമ്മാദിശ്രേയ ആവഹാൻ
സ വൈ പുണ്യതമോ ദേശഃ സത്പാത്രം യത്ര ലഭ്യതേ. 28
ബിംബം ഭഗവതോ യത്ര സർവ്വമേതച്ചരാചരം
യത്ര ഹ ബ്രാഹ്മണകുലം തപോവിദ്യാദയാന്വിതം. 29
യത്ര യത്ര ഹരേരർച്ചാ സ ദേശഃ ശ്രേയസാം പദം
യത്ര ഗംഗാദയോ നദ്യഃ പുരാണേഷു ച വിശ്രുതാഃ 30
സരാംസി പുഷ്കരാദീനി ക്ഷേത്രാണ്യർഹാശ്രിതാന്യുത
കുരുക്ഷേത്രം ഗയശിരഃ പ്രയാഗഃ പുലഹാശ്രമഃ 31
നൈമിഷം ഫാല്ഗുനം സേതുഃ പ്രഭാസോഽഥ കുശസ്ഥലീ
വാരാണസീ മധുപുരീ പമ്പാ ബിന്ദുസരസ്തഥാ 32
നാരായണാശ്രമോ നന്ദാ സീതാരാമാശ്രമാദയഃ
സർവ്വേ കുലാചലാ രാജൻ മഹേന്ദ്രമലയാദയഃ. 33
ഏതേ പുണ്യതമാ ദേശാ ഹരേരർച്ചാശ്രിതാശ്ച യേ
ഏതാന്ദേശാൻ നിഷേവേത ശ്രേയസ്കാമോ ഹ്യഭീക്ഷ്ണശഃ
ധർമ്മോ ഹ്യത്രേഹിതഃ പുംസാം സഹസ്രാധിഫലോദയഃ. 34
പാത്രം ത്വത്ര നിരുക്തം വൈ കവിഭിഃ പാത്രവിത്തമൈഃ
ഹരിരേവൈക, ഉർവ്വീശ, യന്മയം വൈ ചരാചരം. 35
ദേവർഷ്യർഹത്സു വൈ സത്സു തത്ര ബ്രഹ്മാത്മജാദിഷു
രാജന്യദഗ്രപൂജായാം മതഃ പാത്രതയാച്യുതഃ 36
ജീവരാശിഭിരാകീർണ്ണ ആണ്ഡകോശാംഘ്രിപോ മഹാൻ
തന്മൂലത്വാദച്യുതേജ്യാ സർവ്വജീവാത്മതർപ്പണം. 37
പുരാണ്യനേന സൃഷ്ടാനി നൃതിര്യഗൃഷിദേവതാഃ
ശേതേ ജീവേന രൂപേണ പുരേഷു പുരുഷോ ഹ്യസൗ. 38
തേഷ്വേഷു ഭഗവാൻ രാജംസ്താരതമ്യേന വർത്തതേ
തസ്മാത് പാത്രം ഹി പുരുഷോ യാവാനാത്മാ യഥേയതേ. 39
ദൃഷ്ട്വാ തേഷാം മിഥോ നൃണാമവജ്ഞാനാത്മതാം നൃപ
ത്രേതാദിഷു ഹരേരർച്ചാ ക്രിയായൈ കവിഭിഃ കൃതാ. 40
തതോഽർച്ചായാം ഹരിം കേചിത് സംശ്രദ്ധായ സപര്യയാ
ഉപാസത ഉപാസ്താപി നാർത്ഥദാ പുരുഷദ്വിഷാം. 41
പുരുഷേഷ്വപി, രാജേന്ദ്ര, സുപാത്രം ബ്രാഹ്മണം വിദുഃ
തപസാ വിദ്യയാ തുഷ്ട്യാ ധത്തേ വേദം ഹരേസ്തനും. 42
നന്വസ്യ ബ്രാഹ്മണാ, രാജൻ, കൃഷ്ണസ്യ ജഗദാത്മനഃ
പുനന്തഃ പാദരജസാ ത്രിലോകീം ദൈവതം മഹത്. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
സദാചാരനിർണ്ണയോ നാമ ചതുർദ്ദശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈശാഖകാർത്തികശുക്ലപക്ഷങ്ങളി-
ലക്ഷയാഖ്യം തൃതീയയ്ക്കു, നവമിയിൽ
ഹേമന്തകാലത്തിലും ശിശിരത്തിലും
ധീമൻ! വിശേഷമിസ്സത്ക്രിയയ്ക്കൊക്കെയും. 22
മാഘമാസത്തെസ്സിതസപ്തമിയിലും
രാകയാം പൗർണ്ണമിയൊത്ത മഘത്തിലും
പിന്നെയനുമതിയായിടും പൗർണ്ണമി
ചേർന്നിടും മാസനക്ഷത്രത്തിലും തഥാ. 23
ഉത്തിരമൂത്രാടമത്തിരുട്ടാതിയെ-
ന്നിത്രയുംനാൾ ചേരുമേകാദശിയിലും,
പിന്നനിഴത്തൊടുമോണത്തൊടുമൊത്തു
വന്നിടും ദ്വാദശിയെന്ന പക്കത്തിലും,
ഓണമോ ജന്മനക്ഷത്രമോ ചേർന്നിടു-
മേകാദശിയിലും ശ്രാദ്ധമൂട്ടേണ്ടതാം. 24
ഇപ്പുണ്യകാലങ്ങൾ മേൽവിവരിച്ചതാം
സത്പ്രവൃത്തിക്കൊക്കെയേററം വിശിഷ്ടമാം.
അത്തവ്വം നേന്ത്രവിട്ടും ശ്രാദ്ധമൂട്ടണം;
മർത്ത്യന്റ ജന്മസാഫല്യമതേകിടും. 25
ഇച്ചൊന്ന കാലങ്ങളിൽ പിതൃനിർജ്ജരാ-
ഭ്യർച്ചനം തീർത്ഥാടനം വ്രതം സ്നാനവും
ഹോമവും മന്ത്രജപവും സുരമർത്ത്യ-
ഭൂമീസുരക്കും പിതൃക്കൾക്കുമർപ്പണം
എന്നിതെല്ലാമക്ഷയമായിടും ഫല-
മെന്നുമരുളീടുമില്ലൊരു സംശയം. 26
ഭാര്യതൻ സംസ്കാരകാലം, നിജസുത-
ന്മാരുടെ ജാതകർമ്മാവസരം തഥാ
സത്രദീക്ഷാപ്രേതസംസ്കാരവേളകൾ
ചത്തനാളഭ്യുദയത്തിനായ് ചെയ്തിടും
കർമ്മങ്ങൾതൻ കാല,മെന്നിതെല്ലാപ്പുണ്യ-
കർമ്മത്തിനും വിശിഷ്ടംതന്നെ മന്നവാ! 27
ഞാനിനിധർമ്മാദി ശ്രേയസ്സരുളിടും
സ്ഥാനങ്ങളേതൊക്കെയെന്നും കഥിച്ചിടാം.
സത്പുമാനേയെത്ര ദേശത്തു കിട്ടിടു-
മപ്രദേശംതന്നെ പുണ്യതമം ദൃഢം. 28
ഇപ്രപഞ്ചത്തെയുൾക്കൊള്ളും ഭഗവാന്റെ
നൽപ്രതിരൂപമിയലുന്ന ദേശവും
കാരുണ്യവും തപോവിദ്യകളും പെടു-
മാരണവംശങ്ങളാളും പ്രദേശവും 29
നാരായണഭഗവാനെ നിരന്തര-
മാരാധനംചെയ്തുപോരും സ്ഥലങ്ങളും
പിന്നെപ്പുരാണപ്രസിദ്ധങ്ങളായിടും
വിണ്ണാറുതൊട്ട നദികൾ ചേരുന്നിടം,
എന്നിവയെല്ലാമുലകിലിന്നുള്ളതാം
പുണ്യസ്ഥലങ്ങളിലേറെ മുഖ്യങ്ങളാം. 30
പുഷ്കരംതൊട്ട സരസ്സുകൾ സജ്ജസേവ്യ-
മക്കുരുക്ഷേത്രം, പുലഹാശ്രമം, ഗയ, 31
നൈമിശാരണ്യം, പ്രഭാസം, പ്രയാഗയു-
മാമധുരാപുരം, ശ്രീരാമസേതുവും,
ബിന്ദുസരസ്സും, ജനകജരാമനോ-
ടൊന്നിച്ചു വാണിരുന്നോരാശ്രമങ്ങളും,
നന്ദയും പമ്പയും പിന്നെ മലയമാ-
ഹേന്ദ്രാദിയാം കുലശൈലങ്ങൾ, ഫല്ഗുനം.
ശ്രീഹരിഭക്തർ വസിക്കും സ്ഥലങ്ങളും
ശ്രീഹൃഷീകേശപ്രതിഷ്ഠാപദങ്ങളും
പുണ്യസ്ഥലങ്ങൾതാൻ, തത്ര ചെയ്യും ധർമ്മ-
മെന്നും സഹസ്രാധികഫലദായകം.
ശ്രേയസ്സഭിലഷിച്ചീടും പുമാനെന്നു-
മായവ സേവിച്ചിടേണ്ടതാം നിർണ്ണയം. 32-34
പാത്രജ്ഞരാം പണ്ഡിതന്മാർ ചരാചര-
മൂർത്തിയാകും ഭഗവാൻ വാസുദേവനെ
ഏകനാം പൂജ്യതമനെന്നു മുന്നമേ-
യൈകകണ്ഠ്യം തീരുമാനിച്ചിരിപ്പിതേ. 35
അക്കാര്യമങ്ങക്കറിയാവതല്ലയോ
ചൊല്ലേറ്റ രാജസൂയംതന്നിലാരെയാം
അഗ്ര്യപൂജയ്ക്കു ജപത്രാദ്യരാം യോഗ്യ-
രൊക്കെയുള്ളപ്പോഴുമേററിയർച്ചിച്ചതും 36
എണ്ണമററീടുന്ന ജീവസമൂഹസം-
പൂർണ്ണമായണ്ഡകോശാകൃതിയായിടും
ഉന്നതപാദപത്തിൻ തായിവേരായി
മിന്നുമാശ്രീഹരിതന്നെയച്ചിക്കുകിൽ
ആയതഖിലജീവാത്മസന്തർപ്പണ-
മായിബ്ഭവിച്ചിടും ഭൂപശിഖാമണേ! 37
മാനുഷതിര്യഗൃഷിസുരാദിക്കെഴും
നാനാശരീരങ്ങൾ നിർമ്മിച്ചതാകവേ
തൻപുരമാക്കിയതിൽ ജ്ജീവരൂപനാ-
യൻപിൽ ശയിക്കും പുരുഷനത്രേ ഹരി. 38
താരതമ്യാനുസാരം വിളങ്ങുന്നിതി-
പ്പൂരുഷൻ ജീവിജാലത്തിലശേഷവും
എത്രയ്ക്കുമാത്രമുണ്ടാത്മപ്രകാശന-
മത്രയ്ക്കുമാത്രം പുമാനതിൻ പാത്രമാം. 39
ത്രേതാദിയിൽ മനുഷ്യർക്കു പരസ്പരം
ബാധിച്ച നിന്ദാസ്വഭാവംനിമിത്തമായ്
മുന്നമേതാൻ ശ്രീഹരിതൻ സമർച്ചന-
ത്തിന്നായ് പ്രതിമകൾ വച്ചാർ മനീഷികൾ. 40
അന്നുമുതൽ ചിലർ ശ്രദ്ധാപുരസ്സര-
മെന്നുമർച്ചിപ്പു പ്രതിമയിൽ വിഷ്ണുവേ.
എന്നാൽ, ജനദ്രോഹികൾക്കതുമൂലവും
വന്നിടുന്നില്ല പുരുഷാർത്ഥമേതുമേ. 41
മർത്ത്യരിലേവൻ തപോവിദ്യകളൊടു-
മൊത്തു ഹരിരൂപമാമാഗമത്തിനെ
തുഷ്ട്യാ ധരിക്കുന്നിതദ്ധരണീസുര-
സത്തമനെഗ്ഗണിക്കുന്നു സത്പാത്രമായ്. 42
പാദരജസ്സിനാൽ മൂന്നുലോകത്തെയും
പൂതമാക്കീടുമബ്ഭൂസുരസത്തമൻ
ലോകത്രയത്തിനാത്മാവായ് വിളങ്ങിടും
ശ്രീകൃഷ്ണനും മഹദ്ദൈവതമല്ലയോ? 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചദശോഽധ്യായഃ

നാരദ ഉവാച
കർമ്മനിഷ്ഠാ ദ്വിജാഃ കേചിത് തപോനിഷ്ഠാ നൃപാപരേ
സ്വാധ്യായേഽന്യേ പ്രവചനേ യേ കേചിജ്ജ്ഞാനയോ–
ഗയോഃ. 1

ജ്ഞാനനിഷ്ഠായ ദേയാനി കവ്യാന്യാനന്ത്യമിച്ഛതാ
ദൈവേ ച തദഭാവേ സ്യാദിതരേഭ്യോ യഥാർഹതഃ 2
ദ്വൗ ദൈവേ പിതൃകാര്യേ ത്രീനേകൈകമുഭയത്ര വാ
ഭോജയേത് സുസമൃദ്ധോഽപി ശ്രാദ്ധേ കുര്യാന്ന വിസ്തരം. 3
ദേശകാലോചിതശ്രദ്ധാദ്രവ്യപാത്രാർഹണാനി ച
സമ്യഗ്ഭവന്തി നൈതാനി വിസ്തരാത് സ്വജനാർപ്പണാത്. 4
ദേശേ കാലേ ച സമ്പ്രാപ്തേ മുന്യന്നം ഹരിദൈവതം
ശ്രദ്ധയാ വിധിവത് പാത്രേ ന്യസ്തം കാമധുഗക്ഷയം. 5
ദേവർഷിപിതൃഭൂതേഭ്യ ആത്മനേ സ്വജനായ ച
അന്നം സംവിഭജൻ പശ്യേത്സർവ്വം തത് പുരുഷാത്മകം. 6
ന ദദ്യാദാമിഷം ശ്രാദ്ധേ ന ചാദ്യാദ്ധർമ്മതത്ത്വവിത്.
മുന്യന്നൈഃ സ്യാത് പരാ പ്രീതിര്യഥാ ന പശുഹിംസയാ. 7
നൈതാദൃശഃ പരോ ധർമ്മോ നൃണാം സദ്ധർമ്മമിച്ഛതാം
ന്യാസോ ദണ്ഡസ്യ ഭൂതേഷു മനോവാക്കായജസ്യ യഃ. 8
ഏകേ കർമ്മമയാൻ യജ്ഞാൻ ജ്ഞാനിനോ യജ്ഞവിത്തമാഃ
ആത്മസംയമനേഽനീഹാ ജുഹ്വതി ജ്ഞാനദീപിതേ. 9
ദ്രവ്യയജ്ഞൈര്യക്ഷ്യമാണം ദൃഷ്ട്വാ ഭൂതാനി ബിഭ്യതി
ഏഷ മാകരുണോ ഹന്യാദതജ്ജ്ഞോ ഹ്യസുതൃബ്ധ്രുവം. 10
തസ്മാദ്ദൈവോപപന്നേന മുന്യന്നേനാപി ധർമ്മവിത്
സന്തുഷ്ടോഽഹരഹഃ കുര്യാന്നിത്യനൈമിത്തികീഃ ക്രിയാഃ. 11
വിധർമ്മഃ പരധർമ്മശ്ച ആഭാസ ഉപമാ ഛലഃ
അധർമ്മശാഖാഃ പഞ്ചേമാ ധർമ്മജ്ഞോഽധർമ്മവത് ത്യജേത്. 12
ധർമ്മബാധോ വിധർമ്മഃ സ്യാത് പരധർമ്മോഽന്യചോദിതഃ
ഉപധർമ്മസ്തു പാഖണ്ഡോ ദംഭോ വാ ശബ്ദഭിച്ഛലഃ. 13
യസ്ത്വിച്ഛയാ കൃതഃ പുംഭിരാഭാസോ ഹ്യാശ്രമാത് പൃഥക്
സ്വഭാവവിഹിതോ ധർമ്മഃ കസ്യ നേഷ്ടഃ പ്രശാന്തയേ. 14
ധർമ്മാർത്ഥമപി നേഹേത യാത്രാർത്ഥം വാഽധനോ ധനം
അനീഹാനീഹമാനസ്യ മഹാഹേരിവ വൃത്തിദാ. 15
സന്തുഷ്ടസ്യ നിരീഹസ്യ സ്വാത്മാരാമസ്യ യത് സുഖം
കുതസ്തത് കാമലോഭേന ധാവതോഽർത്ഥേഹയാ ദിശഃ. 16
സദാ സന്തുഷ്ടമനസഃ സർവ്വാഃ സുഖമയാ ദിശഃ
ശർക്കരാകണ്ടകാദിഭ്യോ യഥോപാനത്പദഃ ശിവം. 17
സന്തുഷ്ടഃ കേന വാ രാജൻ ന വർത്തേതാപി വാരിണാ
ഔപസ്ഥ്യജൈഹ്വ്യകാർപ്പണ്യാദ്ഗൃഹപാലായതേ ജനഃ. 18
അസന്തുഷ്ടസ്യ വിപ്രസ്യ തേജോ വിദ്യാ തപോ യശഃ
സ്രവന്തീന്ദ്രിയലൗല്യേന ജ്ഞാനം ചൈവാവകീര്യതേ. 19
കാമസ്യാന്തം ച ക്ഷുത്തൃഡ്ഭ്യാം ക്രോധസ്യൈതത്–
ഫലോദയാത്
ജനോ യാതി ന ലോഭസ്യ ജിത്വാ ഭുക്ത്വാ ദിശോ ഭുവഃ. 20
പണ്ഡിതാ ബഹവോ, രാജൻ, ബഹുജ്ഞാഃ സംശയച്ഛിദഃ
സദസസ്പതയോഽപ്യേകേ അസന്തോഷാത് പതന്ത്യധഃ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 15

സദാചാരനിർണ്ണയം—ധർമ്മനിരൂപണം

നാരദൻ പറഞ്ഞു

ഒട്ടുപേർ വിപ്രരിൽക്കർമ്മനിഷ്ഠന്മാരു-
മൊട്ടുപേർ പിന്നെത്തപോനിഷ്ഠരും ചിലർ
വേദം പഠിപ്പോർ ചിലർ പഠിപ്പിക്കുവോർ
മേദിനീശാ! ജ്ഞാനയോഗികളും ചിലർ. 1
എന്നതിൽ സത്പാത്രമാം ജ്ഞാനനിഷ്ഠനു
നന്ദിച്ചനന്തഫലേച്ഛുക്കളായവർ
ദാനംകൊടുക്കണം ഹവ്യവും കവ്യവും
ജ്ഞാനിയെയെങ്ങും ലഭിക്കാതിരിക്കുകിൽ
കർമ്മനിഷ്ഠന്മാർക്കുടൻ യോഗ്യതാതാര-
തമ്യവിവേചനത്തോടു നല്കീടണം. 2
ദേവാർച്ചയിലിരുവിപ്രരേയും പിതൃ-
ദേവതാശ്രാദ്ധത്തിൽ വിപ്രത്രയത്തെയും
ഊട്ടണമെന്നു,ണ്ടൊരാളെ വീതം മാത്ര-
മൂട്ടിയാലുംമതി രണ്ടു കർമ്മത്തിനും.
വിത്തവാനാകിലും കൂട്ടരുതേതുമേ
ശ്രാദ്ധത്തിലാളിന്റെ സംഖ്യയൊരിക്കലും. 3
ദേശകാലോചിതശ്രദ്ധയും സാധന-
രാശിയും സത്കാരവും സജ്ജനങ്ങളും
ഒത്തുവന്നീടാ, സ്വജനത്തെയാകവേ
ചേർത്തു നടത്തുവാനുദ്യമിച്ചീടുകിൽ. 4
ദേശകാലപ്രാപ്തമന്യോചിതമന്ന-
മീശനായാദ്യം നിവേദനംചെയ്തഥ
ശ്രദ്ധയായ്സത്പാത്രദാനം വിധിക്കുക-
മുത്തമന്നക്ഷയകാമം കറന്നിടാം.
അന്നം പിതൃഭൂതദേവർഷികൾ ബന്ധു-
വൃന്ദമിവർക്കും തനിക്കും പകുക്കവേ,
ആയവരേവരും ശ്രീഹരിയെന്നുതാൻ
മായമകന്നു വിചാരിച്ചുകൊള്ളണം. 6
ധർമ്മതത്ത്വത്തെയറിയുന്നവൻ ശ്രാദ്ധ-
കർമ്മത്തിൽ മാംസം ഭുജിക്കയും നല്കയും
ചെയ്തുകൂടാ, മുനീന്ദ്രാന്നത്തിലെന്നപോൽ
പ്രീതി പിതൃക്കൾക്കു ഗോഹിംസയിൽ വരാ.7
പ്രാണികളെ മനോവാക്ശരീരങ്ങളാൽ
കാണിയും ഹിംസിച്ചിടാതെയിരിക്കുക
എന്നതിൽക്കൂടുതലായൊരു ധർമ്മമി-
ല്ലെന്നുമുലകിതിലുർവ്വരാധീശ്വരാ! 8
യജ്ഞരൂപജ്ഞർ ചിലർ കർമ്മരൂപമാം
യജ്ഞങ്ങളെ ജ്ഞാനദീപിതമായിടും
ആത്മസുസംയമവഹ്നിതന്നിൽ സ്വയം
കർമ്മനിരീഹരായ് ഹോമിച്ചിടുന്നിതേ. 9
പശ്വാദിവസ്തുക്കൾ സംഭരിച്ചദ്ധ്വരം
സ്വശ്രേയസ്സിന്നായ് നടത്താൻ തുടങ്ങിടും
മർത്ത്യനെക്കണ്ടി''ട്ടിവൻ നിർദ്ദയൻ സ്വന്ത-
ഗാത്രത്തെമാത്രം പുലർത്തുവാനുന്നുവോൻ
നമ്മെയും കൊന്നിടും യോഗജ്ഞനല്ലിവ''-
നിമ്മട്ടു പേടിച്ചിടുന്നു ഭൂതാവലി. 10
എന്നതിനാൽ തനിയേ മുളച്ചുണ്ടായ
ധാന്യം പചിച്ച മുനിവരാന്നത്തിനാൽ
ചെമ്മേ മുദിതനായ് നിത്യനൈമിത്തിക-
കർമ്മങ്ങൾ ധർമ്മവിത്താചരിച്ചീടണം. 11
പിന്നെ വിധർമ്മം, പരധർമ്മമാഭാസ-
മെന്നല്പപമയത്തും ഛലമെന്നതും
അഞ്ചുണ്ടധർമ്മമഹീരുഹശാഖക,-
ളഞ്ചും വിവേകി പരിത്യജിച്ചീടണം. 12
എന്നും വിധർമ്മം സ്വധർമ്മവിരോധക-
മന്യധർമ്മാചരണം പരധർമ്മമാം.
വേദവിരുദ്ധങ്ങൾ ഗ്രന്ഥങ്ങളിൽ പ്രതി-
പാദിതം പാഖണ്ഡധർമ്മുപമയാം.
ധർമ്മവാക്യങ്ങൾക്കു മറ്റൊരർത്ഥംകൂടി
നിർമ്മിച്ചതുപോലനുഷ്ഠിച്ചിടുന്നതും
ദംഭത്തിനായി നടത്തപ്പെടുന്നതും
ജംഭാരിതുല്യാ! ഛലമെന്നതായിടും. 13
തന്നാശ്രമമുറകൾക്കു വിരുദ്ധമായ്
തോന്ന്യാസമാചരിക്കുന്നതാഭാസമാം.
ചെമ്മേ സ്വഭാവവിഹിതമായ് വച്ചുള്ള
ധർമ്മം പ്രശാന്തിയരുളുന്നിതാർക്കുമേ. 14
നിർദ്ധനനാം വിരക്തൻ സ്വധർമ്മം നില-
നിർത്തുവാനും നിത്യവൃത്തിക്കുമായ് ധനം
ഇച്ഛിക്കരു,തനീഹന്നരുളീടുന്ന
ഭക്ഷ്യമനീഹതാൻ, വാഹസത്തിന്നുപോൽ. 15
കിട്ടുന്നതിൽ തൃപ്തനായ്ക്കാമസങ്കല്പ-
മൊട്ടുമില്ലാത്തൊരാത്മാരാമനായിടും
മർത്ത്യനു കിട്ടും സുഖം കാമലോഭവു-
മർത്ഥാശയുംകൊണ്ടുഴൽവോനു ലഭ്യമോ? 16
പാതയിലേക്കല്ലുമുള്ളെന്നിവയുടെ
ബാധ ചെരിപ്പിട്ടവനു വരാത്തപോൽ,
നിത്യസന്തുഷ്ടമാം മാനസമുള്ളവ-
നത്തലെത്താ പത്തുദിക്കിലും ചെറുമേ. 17
എന്താണു നീരം ലഭിക്കിലതുകൊണ്ടു
സന്തുഷ്ടരായിരിക്കാത്തു ജനാവലി?
നാവുമുപസ്ഥവും സംതൃപ്തമാക്കുവാൻ
ശ്വാവിനെപ്പോലെയവനലയുന്നിതു. 18
സന്തുഷ്ടിയേതുമില്ലാത്ത മഹീസുര-
നിന്ദ്രിയപ്രീതിയിലാശ മുഴുക്കയാൽ
തൻപ്രഭാവം വിദ്യ സത്കീർത്തിയും തപ-
സ്സുമ്പത്തുമാശു നശിപ്പൂ വിവേകവും. 19
ക്ഷുത്തൊടു ദാഹവും വന്നു വർദ്ധിച്ചിടും-
മാത്രയിൽക്കാമവികാരമടങ്ങിടും.
അന്യഹിംസാസ്വഭാവംപെടും ക്രോധവു-
മൊന്നടങ്ങും ഹിംസചെയ്തുതീർന്നിടുകിൽ.
ദിക്കു പത്തും വെന്നു ഭോഗങ്ങളാർന്നിടും
ചക്രവർത്തിക്കുമേ ലോഭമടങ്ങിടാ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസങ്കല്പാജ്ജയേത് കാമം, ക്രോധം കാമവിവർജ്ജനാത്,
അർത്ഥാനർത്ഥേക്ഷയാ ലോഭം, ഭയം തത്ത്വാവമർശനാത്. 22

ആന്വീക്ഷിക്യാ ശോകമോഹൗ, ദംഭം മഹദുപാസയാ,
യോഗാന്തരായാൻ മൗനേന, ഹിംസാം കായാദ്യനീഹയാ. 23

കൃപയാ ഭൂതജം ദുഃഖം, ദൈവം ജഹ്യാത് സമാധിനാ
ആത്മജം യോഗവീര്യേണ, നിദ്രാം സത്ത്വനിഷേവയാ. 24

രജസ്തമശ്ച സത്ത്വേന, സത്ത്വം ചോപശമേന ച,
ഏതത്സർവ്വം ഗുരൗ ഭക്ത്യാ പുരുഷോ ഹ്യഞ്ജസാ ജയേത്. 25

യസ്യ സാക്ഷാദ്ഭഗവതി ജ്ഞാനദീപപ്രദേ ഗുരൗ
മർത്ത്യാസദ്ധീഃ ശ്രുതം തസ്യ സർവ്വം കുഞ്ജരശൗചവത്. 26

ഏഷ വൈ ഭഗവാൻ സാക്ഷാത് പ്രധാനപുരുഷേശ്വരഃ
യോഗേശ്വരൈർവിമൃഗ്യാങ്ഘ്രിർലോകോ വൈ മന്യതേ
നരം. 27

ഷഡ്വർഗ്ഗസംയമൈകാന്താഃ സർവ്വാ നിയമചോദനാഃ
തദന്താ യദി നോ യോഗാനാവഹേയുഃ ശ്രമാവഹഃ. 28

യഥാ വാർത്താദയോ ഹ്യർത്ഥാ യോഗസ്യാർത്ഥം ന ബിഭ്രതി
അനർത്ഥായ ഭവേയുസ്തേ പൂർത്തമിഷ്ടം തഥാസതഃ. 29

യശ്ചിത്തവിജയേ യത്തഃ സ്യാന്നിഃസങ്ഗോഽപരിഗ്രഹഃ
ഏകോ വിവിക്തശരണോ ഭിക്ഷുർഭൈക്ഷ്യമിതാശനഃ. 30

ദേശേ ശുചൗ സമേ, രാജൻ, സംസ്ഥാപ്യാസനമാത്മനഃ
സ്ഥിരം സമം സുഖം തസ്മിന്നാസീതർജ്ജ്വങ്ഗ ഓമിതി. 31

പ്രാണാപാനൗ സന്നിരുന്ധ്യാത് പൂരകുംഭകരേചകൈഃ
യാവന്മനസ്ത്യജേത് കാമാൻ സ്വനാസാഗ്രനിരീക്ഷണഃ. 32

യതോ യതോ നിഃസരതി മനഃ കാമഹതം ഭ്രമത്
തതസ്തത ഉപാഹൃത്യ ഹൃദി രുന്ധ്യാച്ഛനൈർബ്ബുധഃ. 33

ഏവമഭ്യസതശ്ചിത്തം കാലേനാല്പീയസാ യതേഃ
അനിശം തസ്യ നിർവ്വാണം യാത്യനിന്ധനവഹ്നിവത്. 34

കാമാദിഭിരനാവിദ്ധം പ്രശാന്താഖിലവൃത്തി യത്
ചിത്തം ബ്രഹ്മസുഖസ്പൃഷ്ടം നൈവോത്തിഷ്ഠേത കർഹി-
ചിത്. 35

യഃ പ്രവ്രജ്യ ഗൃഹാത് പൂർവ്വം ത്രിവർഗ്ഗാവപനാത് പുനഃ
യദി സേവേത താൻ ഭിക്ഷുഃ സ വൈ വാന്താശ്യപത്രപഃ. 36

യൈഃ സ്വദേഹഃ സ്മൃതോ നാത്മാ മർത്ത്യോ വിട്കൃമിഭസ്മസാത്
ത ഏനമാത്മസാത്കൃത്വാ ശ്ലാഘയന്തി ഹ്യസത്തമാഃ. 37

ഗൃഹസ്ഥസ്യ ക്രിയാത്യാഗോ വ്രതത്യാഗോ വടോരപി
തപസ്വിനോ ഗ്രാമസേവാ ഭിക്ഷോരിന്ദ്രിയലോലതാ. 38

ആശ്രമാപസദാ ഹ്യേതേ ഖല്വാശ്രമവിഡംബകാഃ
ദേവമായാവിമൂഢാംസ്താനുപേക്ഷേതാനുകമ്പയാ. 39

ആത്മാനം ചേദ്വിജാനീയാത് പരം ജ്ഞാനധുതാശയഃ
കിമിച്ഛൻ കസ്യ വാ ഹേതോർദ്ദേഹം പുഷ്ണാതി ലമ്പടഃ. 40

ആഹുഃ ശരീരം രഥമിന്ദ്രിയാണി
ഹയാനഭീഷൂൻ മന ഇന്ദ്രിയേശം
വർത്മാനി മാത്രാ ധിഷണാം ച സൂതം
സത്ത്വം ബൃഹദ്ബന്ധുരമീശസൃഷ്ടം. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈദികലൗകികനാനാവിഷയങ്ങൾ
ബോധിച്ചിതരസന്ദേഹങ്ങൾ തീർക്കുവാൻ
ശക്തരായിസ്സഭാദ്ധ്യക്ഷരുമായിടും
ചൊല്ലേറ്റുളള പണ്ഡിതവര്യരിൽ മിക്കതും
യാദൃച്ഛികലാഭസന്തുഷ്ടിയേലാതെ-
ഹേതുവാൽ ഹാ! നരകത്തിൽ പതിച്ചിതേ. 21
സങ്കല്പമില്ലായ്കകൊണ്ടു കാമത്തെയും,
തങ്കമകാമതയാലെ കോപത്തെയും,
അർത്ഥമനർത്ഥമെന്നോർത്തു ലോഭത്തെയും,
തത്ത്വവിചിന്തയാൽ വെല്ല ഭയത്തെയും. 22
വേഗമാത്മാനാത്മസഞ്ചിന്തയാൽ മോഹ-
ശോകങ്ങളേയും, മഹത്സേവനത്തിനാൽ
ദംഭത്തെയും, മൗനവൃത്തിമൂലം യോഗ-
സമ്പച്ച്യുതിയെയും, ദേഹേന്ദ്രിയങ്ങളെ
കർമ്മങ്ങളിൽനിന്നൊഴിക്കുകമൂലമായ്
ചെമ്മേ പരഹിംസയേയും ജയിക്കണം. 23
ഭൂതജംദുഃഖം കരുണകൊണ്ടും, ദൈവ-
ഭൂതദുഃഖത്തെസ്സമാധിയാലും, തഥാ
രോഗാദിയാകും ശരീരജക്ലേശങ്ങൾ
യോഗപ്രഭാവത്തിനാലും, മടിവിട്ടു
നിദ്രയെപ്പിന്നെ പ്രതിദിനമാറ്റിടും
സാത്ത്വികാഹാരങ്ങൾകൊണ്ടും
ജയിക്കണം. 24
സത്ത്വത്തിനാൽ മററു രണ്ടു ഗുണത്തെയും
സത്ത്വഗുണത്തെയുപശമംകൊണ്ടുമേ
നേരേ വിജയിച്ചിടേണം ഗുരുനാഥ-
കാരുണ്യമൂലമായ് നിഷ്പ്രയാസം നൃപാ! 25
ജ്ഞാനദീപം പ്രദാനംചെയ്തരുളിടും
ചേണാർന്ന സാക്ഷാദ്ഗുരുവാം ഭഗവാനെ
മർത്ത്യനായ് തെററിദ്ധരിക്കുന്നവർക്കെഴും
വിദ്യയെല്ലാം ഗജസ്നാനസമാനമാം. 26
ആത്മസാക്ഷാൽക്കാരകാരണനായിടു-
മാത്മഗുരുദേവനെ ഭ്രാന്തിയാൽ ജനം
മർത്ത്യനെന്നോർപ്പു പ്രകൃതിപുമാന്മാരെ
നിത്യം നിയന്ത്രിച്ചിടും ജഗദീശനും
യോഗസിദ്ധന്മാർ തിരയും പരേശനു-
മാകുന്ന ദേശികൻ സംശയമില്ലതിൽ. 27
ഈവിധം ഷഡ്വർഗ്ഗസംയമത്തിന്നെഴും
സർവനിയമവിധിയുമതോടുതാൻ-
തീരുകിൽ നഷ്ടമാം, ധ്യാനാദികൾക്കവ-
തീരെയുതകായ്കിൽ യത്നമാത്രംഫലം. 28
കൃഷ്യാദിവൃത്തികളും തത്ഫലങ്ങളും
മോക്ഷസമർത്ഥങ്ങളായ്ഭവിക്കാത്തപോൽ
ഭക്തിയില്ലാത്തോരസത്പുമാനാർന്നിടും
പൂർത്തമിഷ്ടംതൊട്ടവയും നിരർത്ഥമാം. 29
ചിത്തവിജയത്തിനായ് ശ്രമിക്കുന്നവൻ
പത്തനബന്ധവും വിത്താദിയും വിട്ടു
ഭിക്ഷുവായ് ഭിക്ഷയെടുത്തതെന്നും മിതം
ഭക്ഷിച്ചു വാഴണമേകാന്തമേകനായ്. 30
ശുദ്ധസമതലംതന്നിൽ സുഖാസനം
തീർത്തുറപ്പിച്ചുംഋജുകായനായായതിൽ
ചഞ്ചലഹീനം സുഖമായിരുന്നവൻ
തഞ്ചമായ് ഓമെന്നമന്ത്രം ജപിക്കണം. 31
പൂരകം, കുംഭകം, രേചകമിങ്ങനെ
പേരെഴും യോഗക്രിയകളാൽ സാധകൻ
പ്രാണനപാനനെന്നുള്ള വായുക്കളെ
സ്ഥാനങ്ങളിൽത്താൻ നിലനിറുത്തീടണം.
വൈഷയികാശ മനസ്സു വിടുംവരെ
നാസികാഗ്രത്തിൽ മിഴിയുറപ്പിക്കണം. 32
പണ്ഡിതൻ കാമാഹതമാം ചലന്മനം
ചെന്നു ചാടീടും വിഷയങ്ങളിൽനിന്നു
മന്ദമന്ദം പിൻതിരിച്ചു ഹൃദയത്തിൽ
മിന്നും ഭഗവാനിലങ്ങുറപ്പിക്കണം. 33
ഇമ്മട്ടു നിത്യവുമഭ്യസിക്കും യോഗി-
തന്മനസ്സല്പനാൾകൊണ്ടിളകാതെയായ്
കത്തി വിറകൊടുങ്ങീട്ടടങ്ങും ശിഖി-
ക്കൊത്തു നിർവാണമടയുന്നു ഭൂമിപാ! 34
കാമാദിവൃത്തി സംസ്പർശവിഹീനമായ്
ഭൂമീശ്വരാ! സർവ്വവൃത്തിയുമററതായ്
ബ്രഹ്മസുഖസ്പർശമാസ്വദിച്ചീടിനോ-
രമ്മനം പിന്നെബ്ബഹിർഗ്ഗമിക്കാ ദൃഢം. 35
സന്ന്യാസിയായ് ഗൃഹസ്ഥാശ്രമം കൈവിട്ടു
പോന്നവൻ പിന്നെയും ഗാർഹസ്ഥ്യമാളുകിൽ
ഹീനനവൻ സ്വയം ഛർദ്ദിച്ചതുതന്നെ
നാണംവെടിഞ്ഞു വീണ്ടും ഭുജിക്കുന്നിതേ. 36
തൻതനു നശ്യവുമാത്മവിഭിന്നവു-
മന്ത്യം കൃമി മലം ചാരവുമൊക്കെയായ്
മാറുന്നതുമെന്നറിഞ്ഞുമാത്മാവെന്നു
തേറി സ്തുതിപ്പവനേററവും മൂഢനാം. 37
കർമ്മം ഗൃഹാശ്രമി സന്ത്യജിക്കുന്നതും
ബ്രഹ്മചര്യം വടു വിട്ടൊഴിയുന്നതും
സന്ന്യാസി നാട്ടിൽ സുഖിക്കുന്നതും ഭിക്ഷു-
വിന്ദ്രിയലോലനായിബ്ഭവിക്കുന്നതും
നിന്ദ്യമാ,ണിക്കൂട്ടർ തന്നാശ്രമങ്ങളെ-
യെന്നും ദൂഷിപ്പു വെറും വേഷധാരികൾ.
ഈശമായാഹതരാമിവരെജ്ജന-
രാശിയനുകമ്പയോടുപേക്ഷിക്കണം. 38-39
ആത്മാവിനെദ്ദേഹഭിന്നനാണെന്നുള്ള-
താത്മീയചിന്തനത്താലറിഞ്ഞീടുകിൽ
ബോധഹതവാസനനാമവന്നാശ-
യേതിനാ?ണെന്തിനങ്ഗം തടിപ്പിക്കണം? 40
ഈശസൃഷ്ടം ശരീരം രഥ,മിന്ദ്രിയ-
രാശിയശ്വങ്ങൾ, കടിഞ്ഞാണു മാനസം,
ശബ്ദാദിയഞ്ചു മാർഗ്ഗങ്ങൾ, വിവേചന-
ബുദ്ധി തേരാളി, ചിത്തം ബന്ധപാശവും. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷം ദശപ്രാണമധർമ്മധർമ്മൗ
ചക്രേഽഭിമാനം രഥിനം ച ജീവം
ധനുർഹി തസ്യ പ്രണവം പഠന്തി
ശരം തു ജീവം പരമേവ ലക്ഷ്യം. 42

രാഗോ ദ്വേഷശ്ച ലോഭശ്ച ശോകമോഹൗ ഭയം മദഃ
മാനോഽവമാനോഽസൂയാ ച മായാ ഹിംസാ ച മത്സരഃ 43

രജഃ പ്രമാദഃ ക്ഷുന്നിദ്രാ ശത്രവസ്ത്വേവമാദയഃ
രജസ്തമഃപ്രകൃതയഃ സത്ത്വപ്രകൃതയഃ ക്വചിത്. 44

യാവന്നൃകായരഥമാത്മവശോപകല്പം
ധത്തേ ഗരിഷ്ഠചരണാർച്ചനയാ നിശാതം
ജ്ഞാനാസിമച്യുതബലോ ദധദസ്തശത്രുഃ
സ്വാരാജ്യതുഷ്ട ഉപശാന്ത ഇദം വിജഹ്യാത്. 45

നോ ചേത് പ്രമത്തമസദിന്ദ്രിയവാജിസൂതാ
നീത്വോത്പഥം വിഷയദസ്യുഷു നിക്ഷിപന്തി
തേ ദസ്യവഃ സഹയസൂതമമും തമോഽന്ധേ
സംസാരകൂപ ഉരുമൃത്യുഭയേ ക്ഷിപന്തി. 46

പ്രവൃത്തം ച നിവൃത്തം ച ദ്വിവിധം കർമ്മ വൈദികം
ആവർത്തേത പ്രവൃത്തേന, നിവൃത്തേനാശ്നുതേഽമൃതം. 47

ഹിംസ്രം ദ്രവ്യമയം, കാമ്യമഗ്നിഹോത്രാദ്യശാന്തിദം
ദർശശ്ച പൂർണ്ണമാസശ്ച ചാതുർമ്മാസ്യം പശുഃ സുതഃ 48

ഏതദിഷ്ടം പ്രവൃത്താഖ്യം ഹുതം പ്രഹുതമേവ ച
പൂർത്തം സുരാലയാരാമകൂപാജീവ്യാദിലക്ഷണം. 49

ദ്രവ്യസൂക്ഷ്മവിപാകശ്ച ധൂമോ രാത്രിരപക്ഷയഃ
അയനം ദക്ഷിണം സോമോ ദർശ ഓഷധിവീരുധഃ. 50

അന്നം രേത ഇതി ക്ഷ്മേശ പിതൃയാനം പുനർഭവഃ
ഏകൈകശ്യേനാനുപൂർവ്വം ഭൂത്വാ ഭൂത്വേഹ ജായതേ. 51

നിഷേകാദിശ്മശാനാന്തൈഃ സംസ്കാരൈഃ സംസ്കൃതോ ദ്വിജഃ
ഇന്ദ്രിയേഷു ക്രിയായജ്ഞാൻ ജ്ഞാനദീപേഷു ജുഹ്വതി.
ഇന്ദ്രിയാണി മനസ്യൂർമ്മൗ വാചി വൈകാരികം മനഃ. 52

വാചം വർണ്ണസമാമ്നായേ, തമോങ്കാരേ സ്വരേ ന്യസേത്
ഓങ്കാരം ബിന്ദൗ, നാദേ തം, തം തു പ്രാണേ, മഹത്യമും. 53

അഗ്നിഃ സൂര്യോ ദിവാ പ്രാഹ്ണഃ ശുക്ലോ രാകോത്തരം
സ്വരാട്
വിശ്വശ്ച തൈജസഃ പ്രാജ്ഞസ്തുര്യ ആത്മ സമന്വയാത്. 54

ദേവയാനമിദം പ്രാഹുർഭൂത്വാ ഭൂത്വാനുപൂർവ്വശഃ
ആത്മയാജ്യുപശാന്താത്മാ ഹ്യാത്മസ്ഥോ ന നിവർത്തതേ. 55

യ ഏതേ പിതൃദേവാനാമയനേ വേദനിർമ്മിതേ
ശാസ്ത്രേണ ചക്ഷുഷാ വേദ ജനസ്ഥോഽപി ന മുഹ്യതി. 56

ആദാവന്തേ ജനാനാം സദ് ബഹിരന്തഃ പരാവരം
ജ്ഞാനം ജ്ഞേയം വചോ വാച്യം തമോ ജ്യോതിസ്ത്വയം
സ്വയം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നതെന്യേ ദശപ്രാണൻ പുനരക്ഷ-
ദണ്ഡ,മധർമ്മധർമ്മങ്ങൾ ചക്രങ്ങളും,
കായാഭിമാനമാളുന്ന ജീവൻ രഥി,–
യായതില്ലാത്ത ജീവൻ ശരവും തഥാ
പിന്നെ പ്രണവം ധനുസ്സും പരൻ ലക്ഷ്യ-
മെന്നും പറഞ്ഞുവരുന്നു മനീഷികൾ. 42
രാഗവും ദ്വേഷവും ലോഭവും മോഹവും
ശോകവും ഭീയും മദമത്സരങ്ങളും
മാനവും ഹിംസയസൂയയും പിന്നവ-
മാനവും, മായ, രജസ്സിൻ പ്രമാദവും
ക്ഷുത്തുമുറക്കവുമിത്യാദിയൊക്കെയും
ശത്രുക്കളത്രേ നരർക്ക നരാധിപാ!
വൃദ്ധരജസ്തമോശീലർ ചിലർ, ചിലർ
സത്വഗുണവൃദ്ധിയാർന്നോരുമായിടും. 43-44
എന്നോളമിന്നരകായരഥമിന്ദ്രി-
യാന്വിതംതന്നധീനത്തിലിരിക്കുമോ
അന്നുത്തമാചാര്യസംസേവയാൽ മൂർച്ച-
യാർന്നതാമാത്മവിവേകഖഡ്ഗത്തിനാൽ
രാഗാദിയാം ശത്രുസഞ്ചയത്തിന്നന്ത-
മേകി സ്വരൂപലാഭത്താൽ സുതൃപ്തനായ്
അച്യുതൻതൻ ബലത്തോടുമുപശാന്തി-
യാർജ്ജിച്ചശേഷമിത്തേരുപേക്ഷിക്കണം. 45
മത്തനാകും രഥി പിന്നെയും തേരതിൽ
വർത്തിക്കിലായവനേയസത്തുക്കളാം
ഇന്ദ്രിയാശ്വങ്ങളും സൂതനുംകൂടി ദുഷ്–
പന്ഥാവിലൂടെ വിഷയശത്രുക്കളിൽ
തള്ളുമത്തസ്കരന്മാരാ രഥികനെ
കില്ലററു വാജിസൂതാദിസമേതനായ്
ഘോരമൃതിഭയം ചേരും തമോന്ധസം–
സാരാന്ധുവിൽക്കൊണ്ടുചെന്നെറിയുന്നിതു. 46
രണ്ടുവിധത്തിലാ വൈദികകർമ്മങ്ങ-
ളുണ്ടാം പ്രവൃത്തം നിവൃത്തമെന്നിങ്ങനെ
ഒന്നു സംസാരമാവർത്തിച്ചിടുന്നതു-
മന്യമമൃതമശിപ്പിച്ചിടുന്നതും. 47
മന്നവാ! ഹിംസ്രവും ദ്രവ്യമയവുമാ-
മഗ്നിഹോത്രാദി, ബലിസമർപ്പിക്കലും
വൈശ്വദേവം, പൂർണ്ണമാസ്യചാതുർമ്മാസ്യ-
ദർശങ്ങൾ, ഗോയാഗസോമയാഗാദിയും
ഇക്കാമ്യകർമ്മങ്ങളിഷ്ടമെന്നും, പ്രപ-
തീർക്കുക ദേവാലയങ്ങളുണ്ടാക്കുക
പൂവനംവയ്ക്കു കിണർ കുഴിപ്പിക്കുകെ-
ന്നീവക പൂർത്തമെന്നും കഥിതം നൃപാ!
രണ്ടിനും കർമ്മവുമീശനിലർപ്പിച്ചു-
കൊണ്ടു ഫലാശയറ്റായാൽ നിവൃത്തമാം. 48-49
ദ്രവ്യങ്ങൾതൻ സൂക്ഷ്മമാം പരിണാമമ-
ജ്ജീവൻ ഗ്രഹിച്ചു പരലോകമാർന്നഥ
ധൂമം, നിശ, കൃഷ്ണപക്ഷവും ദക്ഷിണ-
മാമയനം ദർശമെന്നിവ പിന്നിട്ടു
സോമനിലെത്തിയുപാധിക്ഷയത്തിനാൽ
ഭൂമിയിൽ വീണു വ്രീഹ്യാദിച്ചെടികളായ്. 50
അന്നമായ് ശുക്ലമായ് മാറിയോരോരോഭാവ-
മാർന്നു മറഞ്ഞിവിടെജ്ജനിക്കുന്നിതു.
ഇങ്ങനെയോരോന്നു മാറിമാറീട്ടൊടു-
വങ്ഗംധരിപ്പതിൻ പേർ പിതൃയാനമാം, 51
ഗർഭോദ്ഭവംമുതൽക്കാ ശ്മശാനാന്തമാ-
യപ്പൊഴപ്പോഴാർന്നിടുന്ന കർമ്മങ്ങളാൽ
സംസ്കൃതനാം ദ്വിജൻ, കർമ്മയജ്ഞങ്ങളെ-
യൊക്കെയും ജ്ഞാനദീപത്താൽ വിളങ്ങിടും
ഇന്ദ്രിയൗഘത്തിലും പിന്നെയവററിനെ-
ത്തന്നുടെ സങ്കല്പരൂപമനസ്സിലും,
വൈകാരികമാകുമാ മാനസത്തിനെ
വൈകാതെ വാക്കിലുമാഹുതിചെയ്യണം. 52
വാക്കിനെ വർണ്ണസമൂഹത്തിലും, വർണ്ണ-
മൊക്കെയും പിന്നെയോങ്കാരസ്വരത്തിലും,
പിന്നെയോങ്കാരത്തിനെ ബിന്ദുതന്നിലും,
ബിന്ദുവേ നാദത്തിലു,മതിനേയുടൻ
പ്രാണങ്കലും, പ്രാണനെ മഹത്താം പര-
മാനന്ദബ്രഹ്മത്തിലും ലയിപ്പിക്കണം. 53
ജീവൻ നിജസ്ഥൂലദേഹമുപേക്ഷിച്ചു
പാവകനർക്കൻ ദിനദിനാന്തങ്ങളും
ശുക്ലപക്ഷം പൂർണ്ണചന്ദ്രനിതുകളെ-
യുത്ക്രമണംചെയ്തജലോകമെത്തുന്നു.
പിന്നെ വിശ്വാഭിഖ്യനാമനിരുദ്ധനെ-
ത്തന്നെയും തൈജസനാമകനായിടും
പ്രദ്യുമ്നനേയുമനന്തരം പ്രാജ്ഞനായ്
കീർത്തിതനായിടും സങ്കർഷണനെയും
ആശ്രയിച്ചിട്ടു തുര്യസ്ഥനായ് മിന്നുമാ-
വാസുദേവങ്കൽ വിലയിച്ചിടുന്നിതേ. 54
ഇത്ഥമോരോന്നായ് ക്രമത്തിൽപ്പരിണമി-
ച്ചെത്തുമാ മുക്തിക്കു പേർ ദേവയാനമാം.
ആത്മാവിനെ പ്രണവംവഴിയർച്ചിച്ചു
സാത്മ്യംകലർന്നുപശാന്തഹൃദന്തനായ്
സ്വസ്വരൂപാനന്ദനിർവൃതനായവൻ
നിശ്ചയം പിൻതിരിയുന്നില്ലൊരിക്കലും. 55
ദേവയാനം പിതൃയാനമെന്നുള്ളതാ-
മീവഴി രണ്ടുമശ്ശാസ്ത്രവിചിന്തയാൽ
നന്നായറിഞ്ഞ പുമാൻ ജനസംസ്ഥിത-
നെന്നാകിലും മോഹമാർന്നിടാ നിർണ്ണയം. 56
എല്ലാർക്കുമാദിയിലന്ത്യത്തിലും പുറ-
ത്തുള്ളിലും സത്തും പരാവരവും തഥാ
ജ്ഞാനവും ജ്ഞേയം തമസ്സും ദ്യുതിയുമായ്
ഭാനിപ്പതീ വാസുദേവനാം ദേവനാം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആബാധിതോഽപി ഹ്യാഭാസോ യഥാ വസ്തുതയാ സ്മൃതഃ
ദുർഘടത്വാദൈന്ദ്രിയകം തദ്വദർത്ഥവികല്പിതം. 58
ക്ഷിത്യാദീനാമിഹാർത്ഥാനാം ഛായാ ന കതമാപി ഹി
ന സങ്ഘാതോ വികാരോഽപി ന പൃഥങ്നാന്വിതോ
മൃഷാ. 59
ധാതവോഽവയവിത്വാച്ച തന്മാത്രാവയവൈർവിനാ
ന സ്യുർഹ്യസത്യവയവിന്യസന്നവയവോഽന്തതഃ. 60
സ്യാത് സാദൃശ്യഭ്രമസ്താവദ്വികല്പേ സതി വസ്തുനഃ
ജാഗ്രത്സ്വാപൗ യഥാ സ്വപ്നേ തഥാ വിധിനിഷേധതാ. 61
ഭാവാദ്വൈതം ക്രിയാദ്വൈതം ദ്രവ്യാദ്വൈതം തഥാഽഽത്മനഃ
വർത്തയൻ സ്വാനുഭൂത്യേഹ ത്രീൻ സ്വപ്നാൻധുനതേ മുനിഃ. 62
കാര്യകാരണവസ്ത്വൈക്യദർശനം പടതന്തുവത്
അവസ്തുത്വാദ്വികല്പസ്യ ഭാവാദ്വൈതം തദുച്യതേ. 63
യദ്ബ്രഹ്മണി പരേ സാക്ഷാത് സർവ്വകർമ്മസമർപ്പണം
മനോവാക്തനുഭിഃ പാർത്ഥ, ക്രിയാദ്വൈതം തദുച്യതേ. 64
ആത്മജായാസുതാദീനാമന്യേഷാം സർവ്വദേഹിനാം
യത് സ്വാർത്ഥകാമയോരൈക്യം ദ്രവ്യാദ്വൈതം തദുച്യതേ. 65
യദ്യസ്യ വാഽനിഷിദ്ധം സ്യാദ്യേന യത്ര യതോ നൃപ!
സ തേനേഹേത കർമ്മാണി നരോ നാന്യൈരനാപദി. 66
ഏതൈരന്യൈശ്ച വേദോക്തൈർവർത്തമാനഃ സ്വകർമ്മഭിഃ
ഗൃഹേഽപ്യസ്യ ഗതിം യായാദ്രാജംസ്തദ്ഭക്തിഭാങ്നരഃ. 67

യഥാ ഹി യൂയം നൃപദേവ ദുസ്ത്യജാ-
ദാപദ്ഗണാദുത്തരതാത്മനഃ പ്രഭോഃ
യത്പാദപങ്കേരുഹസേവയാ ഭവാ-
നഹാർഷീന്നിർജ്ജിതദിഗ്ഗജഃ ക്രതൂൻ. 68

അഹം പുരാഽഭവം കശ്ചിദ്ഗന്ധർവ്വ ഉപബർഹണഃ
നാമ്നാഽതീതേ മഹാകല്പേ ഗന്ധർവ്വാണാം സുസമ്മതഃ. 69
രൂപപേശലമാധുര്യസൗഗന്ധ്യപ്രിയദർശനഃ
സ്ത്രീണാം പ്രിയതമോ നിത്യം മത്തസ്തു പുരുലമ്പടഃ. 70
ഏകദാ ദേവസത്രേഷു ഗന്ധർവ്വാപ്സരസാം ഗണാഃ
ഉപഹൂതാ വിശ്വസൃഡ്ഭിർഹരിഗാഥോപഗായനേ. 71
അഹം ച ഗായംസ്തദ്വിദ്വാൻ സ്ത്രീഭിഃ പരിവൃതോ ഗതഃ
ജ്ഞാത്വാ വിശ്വസൃജസ്തന്മേ ഹേളനം ശേപുരോജസാ
''യാഹി ത്വം ശൂദ്രതാമാശു നഷ്ടശ്രീഃ കൃതഹേളനഃ.'' 72
താവദ്ദാസ്യാമഹം ജജ്ഞേ തത്രാപി ബ്രഹ്മവാദിനാം
ശുശ്രൂഷേണാനുഷങ്ഗേണ പ്രാപ്തോഽഹം ബ്രഹ്മപുത്രതാം. 73
ധർമ്മസ്തേ ഗൃഹമേധീയോ വർണ്ണിതഃ പാപനാശനഃ
ഗൃഹസ്ഥോ യേന പദവീമഞ്ജസാ ന്യാസിനാമിയാത്. 74

യൂയം നൃലോകേ ബത ഭൂരിഭാഗാ
ലോകം പുനാനാ മുനയോഽഭിയന്തി
യേഷാം ഗൃഹാനാവസതീതി സാക്ഷാദ്
ഗൂഢം പരം ബ്രഹ്മ മനുഷ്യലിങ്ഗം. 75
സ വാ അയം ബ്രഹ്മ മഹദ്വിമൃഗ്യം
കൈവല്യനിർവ്വാണസുഖാനുഭൂതിഃ
പ്രിയഃ സുഹൃദ്വഃ ഖലു മാതുലേയ
ആത്മാർഹണീയോ വിധികൃദ്ഗുരുശ്ച. 76

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംബുവിൽ നന്നായ്ത്തെളിഞ്ഞുകാണും പ്രതി-
ബിംബം യഥാർത്ഥസ്വരൂപമല്ലെന്നതു
നിർണ്ണയിക്കാവതാണെങ്കിലുമിന്ദ്രിയ-
വൃന്ദത്തിനു സത്യമായ് തോന്നിടുന്നിതു.
എന്നതിനാലാ പ്രതീതി യഥാർത്ഥമായ്
വന്നിടാ നിർണ്ണയം ദുർഘടത്വത്തിനാൽ. 58
പേർത്തും ഭഗവത്സ്വരൂപത്തിലില്ല ഭേദം
പൃഥ്വ്യാദിവസ്തുക്കൾതൻ ഛായ ലേശവും
ഭൂതവികാരസങ്ഘാതസംബന്ധവു-
മേതുമില്ലുണ്ടെന്ന തോന്നലോ മിഥ്യതാൻ. 59
തന്മാത്രകളാമവയവമെന്നിയേ
സന്മതേ! ധാതുക്കളെങ്ങും ഭവിച്ചിടാ.
നശ്യമവയവിയെന്നിരുന്നീടവേ
നിശ്ചിതമന്ത്യമവയവത്തിൻ ക്ഷതി. 60
ഭേദം ഭഗവാനിലില്ലെന്നിരിക്കിലും
സാദൃശ്യവിഭ്രമമുണ്ടായിടുന്നിതേ.
സ്വപ്നത്തിലെങ്ങനെ ജാഗ്രത്സുഷുപ്തിക-
ളപ്പോലെയില്ല വിധിനിഷേധങ്ങളും. 61
ഭൂവരാ! ഭാവം ക്രിയയതും ദ്രവ്യവു-
മീവിധമാളുമദ്വൈതത്രയത്തെയും
ചിന്തിച്ചിടും മുനിതന്നനുഭൂതിയാൽ
സന്ത്യജിക്കുന്നിതേ സ്വപ്നത്രയത്തെയും. 62
സത്യത്വമില്ല വികല്പത്തിനാകയാൽ
വസ്ത്രവും നൂലുമെന്നുള്ളതാംരീതിയിൽ
കാരണകാര്യവമസ്ത്വൈക്യസന്ദർശനം
സാരജ്ഞ! ഭാവാദ്വൈതാഖ്യമെന്നോർക്കുക. 63
മാനസം വാക്കു ശരീരമിവററിനാൽ
താനേ പുരുഷൻ പരബ്രഹ്മവസ്തുവിൽ
ചെയ്യും സമസ്തകർമ്മത്തിൻ സമർപ്പണ-
മായിരിക്കും ക്രിയാദ്വൈതമെന്നുള്ളതും. 64
ഭാര്യാസുതാദ്യർക്കുമന്യജനത്തിനും
നേരേ തനിക്കുമുപയോഗയോഗ്യമാം
ദ്രവ്യങ്ങൾ ഭോഗങ്ങൾ ദേഹങ്ങൾ ജീവനും
സർവ്വം സമം കാണ്മതാം ദ്രവ്യനാമകം. 65
ഏതവന്നെന്തുപായത്തിനാലാരിൽനി-
ന്നേതുവിധം ധനം നേടാൻ വിധിച്ചുവോ
അപ്പമാനപ്രതിഷേദ്ധ്യമാമദ്ധന-
പ്രാപ്തിക്കു നല്ലനാളിൽ പ്രവർത്തിക്കണം. 66
ഇത്തരമുള്ളതും മററുവിധവുമായ്
ശാസ്ത്രവിധിക്കൊത്തതായ കർമ്മങ്ങളെ
ഈശ്വരനിൽ ഭക്തിയോടനുഷ്ഠിച്ചിടും
വേശ്മസ്ഥനും വിഷ്ണുസായുജ്യമാർന്നിടാം. 67
ഹേ നൃപാ! നിങ്ങളാത്മാവായ് വിളങ്ങുമാ-
ശ്രീനിവാസൻതൻ കൃപമൂലമല്ലയോ
ദുസ്ത്യജമായങ്ങടിക്കടിയെത്തിയോ-
രുത്തുങ്ഗമാം വിപത്താകെയൊഴിച്ചതും.

പിന്നെത്തദങ്ഘ്രിസംസേവകൊണ്ടല്ലയോ
മന്നവന്മാരെയഖിലവും വെന്നുടൻ
സാദരമന്യരാലാകാത്ത രാജസൂ-
യാദിയാഗങ്ങൾ നടത്തിയതും ഭവാൻ. 68
പണ്ടു മഹാകല്പകാലത്തു ഞാൻ പുകൾ-
പൂണ്ടുപബർഹണനെന്ന നാമത്തോടും
ഗന്ധർവ്വലോകസുസമ്മതനായോരു
ഗന്ധർവ്വനായിജ്ജനിച്ചേൻ ധരാപതേ! 69
സൗന്ദര്യസൗഗന്ധ്യചാതുര്യചസ്സുകൾ
ചേർന്നോരാസക്തനും മത്തനുമായിടും
എന്നിൽക്കമനീജനത്തിനെല്ലാം പ്രിയ-
മന്നന്നു വർദ്ധിച്ചുവന്നു ധർമ്മാത്മജാ! 70
ദേവസത്രത്തിലൊരുനാളിലപ്സരഃ-
സ്ത്രീവൃന്ദമൊത്തു ഗന്ധർവ്വസംഘത്തിനെ
സത്രം നടത്തും പ്രജാപതിമാർ ഹരി
കീർത്തനത്തിന്നായ് ക്ഷണിച്ചുവരുത്തിനാർ. 71
അക്കഥയന്നു ധരിച്ചദ്ധ്വരത്തിനു
മൽസ്ത്രീമാരാൽ സമാവൃതനായുടൻ
ഞാനുമവരൊത്തു ഗാനം തുടർന്നുകൊ-
ണ്ടാനന്ദവാനായ് സഭയിൽക്കടന്നിതേ.
എൻ തോന്ന്യവാസം പ്രജാപതിമാർ കണ്ടു
പൊന്തും ക്രുധയോടുമേവം ശപിച്ചിതു:
''ഞങ്ങളേ നിന്ദിച്ച നീയൊളിയററുപോ-
യങ്ങാശു ശൂദ്രവംശത്തിൽ ജനിക്കുക.'' 72
പിന്നെ ഞാനങ്ങൊരു ദാസിയിൽ ജാതനാ-
യന്നുമാബ്രഹ്മജ്ഞശുശ്രൂഷചെയ്കയാൽ
അമ്മഹാന്മാർതന്നനുഗ്രഹംമൂലമായ്
ബ്രഹ്മാത്മജഭാവമേവമാർന്നീടിനേൻ. 73
സന്ന്യാസിതൻ പദമേതൊന്നിനാൽ ഗൃഹി-
യാർന്നിടുമാധർമ്മമിങ്ങനെ ചൊല്ലിനേൻ. 74
നിങ്ങളെപ്പോലതിഭാഗ്യവാന്മാർ ഭുവി-
ലെങ്ങുമില്ലെന്നതിലില്ലൊരു സംശയം.
ഗൂഢമാമപ്പരബ്രഹ്മം മനുഷ്യനായ്
കൂടിയുഷ്മദ്ഭവനത്തിൽ വസിക്കയാൽ
ചിത്രം! ഭുവനശുദ്ധികൾ സമർത്ഥരാ-
മെത്രമഹർഷീശ്വരന്മാർ ദിനംപ്രതി
നാലുഭാഗത്തിലുംനിന്നു നിങ്ങൾക്കെഴു-
മാലയമെത്തി നിവസിച്ചിടുന്നിതേ. 75
സർവ്വമഹാന്മാരുമന്വേഷിച്ചിടും
കൈവല്യനിർവ്വാണസൗഖ്യാനുഭൂതിയാം
അപ്പരബ്രഹ്മം ഭഗവാൻ ഹൃഷീകേശ-
നെപ്പോഴും യുഷ്മത്സുഹൃത്തും പ്രിയാശ്രയനും
മാതുലപുത്രനുമാത്മാവുമർച്ച്യനു-
മേതാജ്ഞയുമാദരിക്കും സുശീലനും
എന്നും ഹിതോപദേശങ്ങൾ ചെയ്യീടുന്ന-
ധന്യനാമാചാര്യനുമായ് ലസിപ്പിതേ. 76

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന യസ്യ സാക്ഷാദ്ഭവപദ്മജാദിഭി
ര്രൂപം ധിയാ വസ്തുതയോപവര്‍ണ്ണിതം
മൗനേന ഭക്ത്യോപശമേന പൂജിതഃ
പ്രസീദതാമേഷ സ സാത്വതാം പതിഃ. 77

ശ്രീശുക ഉവാച

ഇതി ദേവര്‍ഷിണാ പ്രോക്തം നിശമ്യ ഭരതര്‍ഷഭഃ
പൂജയാമാസ സുപ്രീതഃ കൃഷ്ണം ച പ്രേമവിഹ്വലഃ. 78

കൃഷ്ണപാര്‍ത്ഥാവുപാമന്ത്ര്യ പൂജിതഃ പ്രയയൗ മുനിഃ
ശ്രുത്വാ കൃഷ്ണം പരം ബ്രഹ്മ പാര്‍ത്ഥഃ പരമവിസ്മിതഃ. 79

ഇതി ദാക്ഷായണീനാം തേ പൃഥഗ്വംശാഃ പ്രകീര്‍ത്തിതാഃ
ദേവാസുരമനുഷ്യാദ്യാ ലോകാ യത്ര ചരാചരാഃ. 80

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ പ്രഹ്ലാദാനുചരിതേ
യുധിഷ്ഠിരനാരദസംവാദേ സദാചാരനിര്‍ണ്ണയോ നാമ
പഞ്ചദശോഽധ്യായഃ

സമാപ്തോഽയം സപ്തമസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരുടെ സാക്ഷാൽസ്വരൂപം യഥാർത്ഥമാ-
യീരണം ചെയ്യാനശക്തരജാദ്യരും
ഭക്തിമൗനോപശമാർച്ചിതനാകുമ-
ബ്ഭക്തപാലൻ ഭഗവാൻ പ്രസാദിക്കണം. 77

ശ്രീശുകൻ പറഞ്ഞു

ഇപ്രകാരം നാരദേരിതം കേൾക്കയാൽ
സുപ്രീതനായ് പ്രേമവിഹ്വലനായ്പരം
അമ്മുനിശ്രേഷ്ഠനേയും ഭഗവാനെയും
ധർമ്മജന്മാവു പൂജിച്ചിതു വേണ്ടപോൽ. 78

മല്ലാരിയോടുമബ്ഭൂപനോടും യാത്ര
ചൊല്ലിത്തദർച്ചിതനായഥ നാരദൻ
നിർഗ്ഗമിച്ചാൻ, നന്ദജൻ ബ്രഹ്മമാണെന്ന-
വാക്കോർത്തു വിസ്മയപ്പെട്ടിതു ധർമ്മജൻ. 79

ഈവിധം ദക്ഷജാവംശപരമ്പര
വെവ്വേറെ ഞാൻ ഭവാനോടു കഥിച്ചിതു.
ആ വംശജരാം സുരാസുരമർത്ത്യാദി-
യീവിശ്വമാകെ നിറഞ്ഞിരിക്കുന്നിതേ. 80

സപ്തമസ്കന്ധം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഷ്ടമസ്കന്ധഃ

പ്രഥമോഽധ്യായഃ

രാജോവാച

സ്വായംഭുവസ്യേഹ, ഗുരോ, വംശോഽയം വിസ്തരാച്ഛ്രുതഃ
യത്ര വിശ്വസൃജാം സർഗ്ഗോ മനൂനന്യാന്വദസ്വ നഃ. 1
യത്ര ധർമ്മാശ്ച വിവിധാശ്ചാതുർവർണ്യാശ്രിതാഃ ശുഭാഃ
യത്ര യത്ര ഹരേർജ്ജന്മകർമ്മാണി ച മഹീയസഃ
ഗൃണന്തി കവയോ ബ്രഹ്മംസ്താനി നോ വദ ശൃണ്വതാം. 2
യദ്യസ്മിന്നന്തരേ, ബ്രഹ്മൻ, ഭഗവാന്വിശ്വഭാവനഃ
കൃതവാൻ കുരുതേ കർത്താ ഹ്യതീതേഽനാഗതേഽദ്യ വാ. 3

ഋഷിരുവാച

മനവോഽസ്മിൻ വ്യതീതാഃ ഷട് കല്പേ സ്വായംഭുവാദയഃ
ആദ്യസ്തേ കഥിതോ യത്ര ദേവാദീനാം ച സംഭവഃ. 4
ആകൂത്യാം ദേവഹൂത്യാം ച ദുഹിത്രോസ്തസ്യ വൈ മനോഃ
ധർമ്മജ്ഞാനോപദേശാർത്ഥം ഭഗവാൻ പുത്രതാം ഗതഃ. 5
കൃതം പുരാ ഭഗവതഃ കപിലസ്യാനുവർണ്ണിതം
ആഖ്യാസ്യേ ഭഗവാന്യജ്ഞോ യച്ചകാര കുരൂദ്വഹ! 6
വിരക്തഃ കാമഭോഗേഷു ശതരൂപാപതിഃ പ്രഭുഃ
വിസൃജ്യ രാജ്യം തപസേ സഭാര്യോ വനമാവിശത്. 7
സുനന്ദായാം വർഷശതം പദൈകേന ഭുവം സ്പൃശൻ
തപ്യമാനസ്തപോ ഘോരമിദമന്വാഹ, ഭാരത. 8

മനുരുവാച

യേന ചേതയതേ വിശ്വം വിശ്വം ചേതയതേ ന യം
യോ ജാഗർത്തി ശയാനേഽസ്മിന്നായം തം വേദ വേദ സഃ. 9
ആത്മാവാസ്യമിദം വിശ്വം യത്കിഞ്ചിജ്ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധഃ കസ്യസ്വിദ്ധനം. 10
യം ന പശ്യതി പശ്യന്തം ചക്ഷുര്യസ്യ ന രിഷ്യതി
തം ഭൂതനിലയം ദേവം സുപർണ്ണമുപധാവത. 11
ന യസ്യാദ്യന്തൗ മധ്യം ച സ്വഃ പരോ നാന്തരം ബഹിഃ
വിശ്വസ്യാമൂനി യദ്യസ്മാദ്വിശ്വം ച തദൃതം മഹത്. 12

സ വിശ്വകായഃ പുരുഹൂത ഈശഃ
സത്യഃ സ്വയംജ്യോതിരജഃ പുരാണഃ
ധത്തേഽസ്യ ജന്മാദ്യജയാഽഽത്മശക്ത്യാ
താം വിദ്യയോദസ്യ നിരീഹ ആസ്തേ. 13

അഥാഗ്രേ ഋഷയഃ കർമ്മാണീഹന്തേഽകർമ്മഹേതവേ
ഈഹമാനോ ഹി പുരുഷഃ പ്രായോഽനീഹാം പ്രപദ്യതേ. 14
ഈഹതേ ഭഗവാനീശോ ന ഹി തത്ര വിഷജ്ജതേ
ആത്മലാഭേന പൂർണ്ണാർത്ഥോ നാവസീദന്തി യേഽനു തം. 15

തമീഹമാനം നിരഹംകൃതം ബുധം
നിരാശിഷം പൂർണ്ണമനന്യചോദിതം
നൄൻ ശിക്ഷയന്തം നിജവർത്മസംസ്ഥിതം
പ്രഭും പ്രപദ്യേഽഖിലധർമ്മഭാവനം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഷ്ടമസ്കന്ധം

അദ്ധ്യായം 1

മനുവംശവിവരണം—തുടർച്ച

രാജാവു പറഞ്ഞു

സദ്ഗുരോ! സ്വായംഭുവമനുവംശവും വിശ്വ-
സ്രഷ്ടാക്കൾതൻ സൃഷ്ടിയുംവിസ്തരിച്ചിങ്ങുകേട്ടേൻ.
ഇനിയങ്ങലിവാൎന്നു കഥിച്ചീടണം മററു
മനുക്കളേയുമന്യപ്രജേശസംസൃഷ്ടിയും. 1
മന്വന്തരങ്ങൾതോറും ശുഭമാം ചാതുർവർണ്യ-
ഭിന്നധൎമ്മങ്ങളേയും പൂജ്യനാം ശ്രീവിഷ്ണുവിൻ
ജന്മകൎമ്മങ്ങളേയും സൂരീന്ദ്രർ ചൊല്ലിയിട്ടു-
ണ്ടമ്മട്ടതെല്ലാം ബ്രഹ്മൻ! ഞങ്ങളെക്കേൾപ്പി-
ച്ചാലും. 2
ഭൂതമന്വന്തരത്തിൽ ജഗൽപാലകൻ കൃഷ്ണൻ
ചെയ്തതും ഭാവിമന്വന്തരത്തിൽ ചെയ്യുന്നതും
ഇപ്പൊഴാചരിപ്പതുമായിടും കൎമ്മങ്ങളെ-
യെപ്പേരും ബ്രഹ്മൻ! ഭവാൻ ഞങ്ങളോടോതി-
യാലും. 3

ഋഷി പറഞ്ഞു

ഇക്കല്പംതന്നിലാറുമനുക്കൾ കഴിഞ്ഞതി-
ലൊക്കെയുമാദ്യൻ സ്വായംഭുവനെക്കഥിച്ചു
അതിലെദ്ദേവാസുരമാനവതിര്യഗ്ഭവ- [ഞാൻ
കഥയും നിങ്ങളോടു പറഞ്ഞുകഴിഞ്ഞിതു. 4
ആകൂതി, ദേവഹൂതിയെന്നു പേരുകളാളു-
മാകമ്രാങ്ഗികളാമമ്മനുനന്ദിനിമാരിൽ
ശ്രീകൃഷ്ണപരമാത്മാവാൎന്നിതു പുത്രഭാവം
ലോകൎക്കശേഷം ധൎമ്മജ്ഞാനോപദേശം
ചെയ്യാൻ.
എന്നതിൽക്കപിലൻെറ കൎമ്മങ്ങൾ മുന്നം
ചൊന്നേ-
നിന്നിനിച്ചൊല്ലുന്നു ഞാൻ യജ്ഞമൂൎത്തിതൻ
കൃത്യം.
കാമഭോഗാശയാകെ വെടിഞ്ഞു വിരക്തനായ്
ഭൂമിയും ത്യജിച്ചു തൻ പ്രേമഭാജനമൊത്തു
തപസ്സുചെയ്യാനായി പ്രഭുവാം സ്വായംഭുവൻ
വിപിനംഗതനായി വസിച്ചാൻ നൃപോത്തമാ!
സുനന്ദാതീരത്തൊററക്കാലൂന്നി നിന്നുകൊണ്ടു-
മ്മനു, നൂറാണ്ടുചെയ്ത തീവ്രതമാം തപസ്സിനാൽ
അമ്മഹാൻ സമാധിയിൽക്കണ്ട സംഗതി-
യെല്ലാ-
മിമ്മട്ടിലരുളിച്ചെയ്തീടിനാൻ കുരുദ്വഹാ! 5–8

മനു പറഞ്ഞു

പാരിതിന്നാരാണുണർവേകീടുന്നതും
പിന്നെ
പാരാൎക്കു ചൈതന്യമേകീടുവാനശക്തമോ
പാരുറങ്ങുമ്പോളുണൎന്നിരിക്കുമവനേയി-
ങ്ങാരുമേയറിയുന്നി,ല്ലായവൻകാൺമൂ സൎവ്വം. 9
ഇച്ചരാചരവിശ്വം ചൈതന്യസ്വരൂപനാ-
മച്യുതൻതന്നാൽ വ്യാപ്ത,മജ്ജഗദധീശ്വരൻ
തന്നീടുന്നതു നിങ്ങൾ ഭുജിപ്പി,നതെന്നിയേ-
യന്യന്മാരുടെ വിത്തമാഗ്രഹിക്കായ്വിൻ
തെല്ലും. 10
എല്ലാം താൻ കണ്ടിരിക്കുമാരെ നാം കാണ്മീ-
ലയോ
തെല്ലുമേ നാശമററ നേത്രവുമാക്കോരുകിൽ
പ്രാണനു സുഹൃത്തായിബ്ഭൂതമന്ദിരമാരാ-
ശ്രീനിവാസനെത്തന്നെ ഭജിപ്പിനെല്ലാവരും.
11
ആദിമദ്ധ്യാന്തബാഹ്യാഭ്യന്തരാപേതമായി-
ട്ടേതൊന്നു ശോഭിക്കുന്നോ സ്വപരഭേദമെന്യേ
ഈവക ഭേദങ്ങളും വിശ്വവുമേതിൽനിന്നു-
മാവിർഭവിച്ചോ സത്യമാ മഹദ്വസ്തുവത്രേ. 12
വിശ്വരൂപനായ് സ്വയം ഭാസ്യനായ് പുരാ-
ണനായ്
നാശഹീനനായ് പുരുഹൂതനായജനാകും
സത്യാത്മാവീശൻ നിജശക്തിയാം മായ-
യേയാ-
ൎന്നിത്രിലോകത്തെത്തീൎത്തു കാത്തഴിച്ചിട്ടു
പിന്നെ
ജ്ഞാനശക്തിയാൽ മായതന്നെയും നിരസിച്ചു
താനേ നിഷ്ക്രിയനായി സ്ഥിതിചെയ്തിടു-
ന്നിതേ. 13
ആകയാലാദ്യമേതാൻ കൎമ്മസംബന്ധമൊഴി-
വാകുവാനൃഷീശ്വരർ കൎമ്മങ്ങൾ ചെയ്യുന്നിതു.
കൎമ്മങ്ങളീശ്വരങ്കലൎപ്പിച്ചു ചെയ്യുവോൻ നൈ-
ഷ്കൎമ്മ്യാവസ്ഥയിലെത്തീടുന്നിതേയനുക്രമം. 14
ആത്മലാഭത്താൽ പരിതൃപ്തനായസക്തനായ്
പദ്മനാഭനാമീശൻ പ്രവൎത്തിച്ചീടുന്നിതു.
അവനെ നേരേയനുസരിക്കും പുമാന്മാരു-
മവശനായീടുകയില്ല കൎമ്മങ്ങളാലെ. 15
നിരഹങ്കൃതിയായി, പ്രവൎത്തിപ്പവനായ് സ്വ-
സരണിസ്ഥിതനായിബ്ബുധനായ് നിരാ-
ശനായ്
പരിപൂൎണ്ണനായ് സൎവ്വധൎമ്മസംരക്ഷിതാവായ്
പരപ്രേരണയററ വിഭുവായ് മനുഷ്യരെ
നിത്യവും സ്വധൎമ്മത്തെയഭ്യസിപ്പിച്ചീടുമാ-
ദൈത്യാരിഭഗവാനെശ്ശരണംഗമിക്കുന്നേൻ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച
ഇതി മന്ത്രോപനിഷദം വ്യാഹരന്തം സമാഹിതം
ദൃഷ്ട്വാസുരാ യാതുധാനാ ജഗ്ധുമഭ്യദ്രവൻ ക്ഷുധാ. 17
താംസ്തഥാവസിതാൻ വീക്ഷ്യ യജ്ഞഃ സർവ്വഗതോ ഹരിഃ
യാമൈഃ പരിവൃതോ ദേവൈർഹത്വാശാസത് ത്രിവി-
ഷ്ടപം. 18
സ്വാരോചിഷോ ദ്വിതീയസ്തു മനുരഗ്നേഃ സുതോഽഭവദ്
ദ്യുമത്സുഷേണരോചിഷ്മത് പ്രമുഖാസ്തസ്യ ചാത്മജാഃ. 19
തത്രേന്ദ്രോ രോചനസ്ത്വാസീദ്ദേവാശ്ച തുഷിതാദയഃ
ഊർജ്ജസ്തംഭാദയഃ സപ്ത ഋഷയോ ബ്രഹ്മവാദിനഃ. 20
ഋഷേസ്തു വേദശിരസസ്തുഷിതാ നാമ പത്ന്യഭൂത്
തസ്യാം ജജ്ഞേ തതോ ദേവോ വിഭുരിത്യഭിവിശ്രുതഃ. 21
അഷ്ടാശീതിസഹസ്രാണി മുനയോ യേ ധൃതവ്രതാഃ
അന്വശിക്ഷൻ വ്രതം തസ്യ കൗമാരബ്രഹ്മചാരിണഃ. 22
തൃതീയ ഉത്തമോ നാമ പ്രിയവ്രതസുതോ മനുഃ
പവനഃ സൃഞ്ജയോ യജ്ഞഹോത്രാദ്യാസ്തത്സുതാ നൃപ! 23
വസിഷ്ഠതനയാഃ സപ്ത ഋഷയഃ പ്രമദാദയഃ
സത്യാ വേദശ്രുതാ ഭദ്രാ ദേവാ ഇന്ദ്രസ്തു സത്യജിത്. 24
ധർമ്മസ്യ സൂനൃതായാം തു ഭഗവാൻ പുരുഷോത്തമഃ
സത്യസേന ഇതി ഖ്യാതോ ജാതഃ സത്യവ്രതൈഃ സഹ. 25
സോഽനൃതവ്രതദുശ്ശീലാനസതോ യക്ഷരാക്ഷസാൻ
ഭൂതദ്രുഹോ ഭൂതഗണാംസ്ത്വവധീത് സത്യജിത്സഖഃ. 26
ചതുർത്ഥ ഉത്തമഭ്രാതാ മനുർന്നാമ്നാ ച താമസഃ
പൃഥുഃ ഖ്യാതിർന്നരഃ കേതുരിത്യാദ്യാ ദശ തത്സുതാഃ. 27
സത്യകാ ഹരയോ വീരാ ദേവാസ്ത്രിശിഖ ഈശ്വരഃ
ജ്യോതിർദ്ധാമാദയഃ സപ്ത ഋഷയസ്താമസേഽന്തരേ. 28
ദേവാ വൈധൃതയോ നാമ വിധൃതേസ്തനയാ, നൃപ!
നഷ്ടാഃ കാലേന യൈർവ്വേദാ വിധൃതാഃ സ്വേന തേജസാ. 29
തത്രാപി ജജ്ഞേ ഭഗവാൻ ഹരിണ്യാം ഹരിമേധസഃ
ഹരിരിത്യാഹൃതോ യേന ഗജേന്ദ്രോ മോചിതോ ഗ്രഹാത്. 30

രാജോവാച
ബാദരായണ ഏതത് തേ ശ്രോതുമിച്ഛാമഹേ വയം
ഹരിര്യഥാ ഗജപതിം ഗ്രാഹഗ്രസ്തമമൂമുചത് 31
തത്കഥാ സുമഹത് പുണ്യം ധന്യം സ്വസ്ത്യയനം ശുഭം
യത്ര യത്രോത്തമശ്ലോകോ ഭഗവാൻ ഗീയതേ ഹരിഃ. 32

സൂത ഉവാച
പരീക്ഷിതൈവം സ തു ബാദരായണിഃ
പ്രായോപവിഷ്ടേന കഥാസു ചോദിതഃ
ഉവാച വിപ്രാഃ പ്രതിനന്ദ്യ പാർത്ഥിവം
മുദാ മുനീനാം സദസി സ്മ ശൃണ്വതാം. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മന്വന്തരാനുചരിതേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച
ആസീദ്ഗിരിവരോ രാജംസ്ത്രികൂട ഇതി വിശ്രുതഃ
ക്ഷീരോദേനാവൃതഃ ശ്രീമാന്യോജനായുതമുച്ഛ്റിതഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ഈശ്യോപനിഷന്മന്ത്രം ജപിച്ചു സമാധിസ്ഥ-
നായിരുന്നീടും സ്വായംഭുവനെക്കണ്ടിട്ടുടൻ
അസുരന്മാരും രക്ഷോഗണവും വിശപ്പിനാ-
ലശിപ്പാനായിച്ചുറ്റുമെട്ടുത്തുകൂടീടിനാർ. 17
അവർതൻ ഭാവം സർവ്വവ്യാപിയാം ഭഗവാൻത-
ന്നവതാരമാം യജ്ഞൻ വീക്ഷിച്ചിതക്ഷണ-
ത്തിൽ.
യാമദേവന്മാരുമൊത്തവരെ നിഹനിച്ചു
ക്ഷേമമായ് സ്വർഗ്ഗലോകം ഭരിച്ചു വാണീടി-
നാൻ. 18
വഹ്നിജൻ സ്വാരോചിഷൻ ദ്വിതീയമനു-
വായ്ക്കു-
ന്നന്ദനർ ദ്യുമാൻ സുഷേണാഖ്യൻ രോചിഷ്മാൻ-
തൊട്ടോർ. 19
അവിടെയിന്ദ്രനായി രോചനൻ തുഷിതൻ
തൊ-
ട്ടവരന്നാദിതേയന്മാരുമായ്ത്തീർന്നീടിനാർ.
വേദവാദികളാകമൂർജ്ജസ്തംഭാദ്യരേഴ-
മേദിനീസുരർ പിന്നെസ്സപ്തർഷിമാരായിതു. 20
ദേവനാം ഹരി വേദശിരസ്സിൻ പുത്രനായി-
ട്ടാവിർഭവിച്ചാൻ വിഭുനാമത്തിൽത്തുഷിത-
യിൽ. 21
കൗമാരംമുതൽ ബ്രഹ്മചര്യത്തെദ്ദീക്ഷിച്ചുള്ളോ-
രാമഹാൻതന്നോടെൺപതായിരം മഹർഷിമാർ
അവന്റെയാവ്രതത്തെ നല്ലപോലഭ്യസിച്ചാർ
നൃവരാ! യമനിയമാദിയിൽ നിഷ്ഠയോടും. 22
ഉത്തമാഖ്യനാം പ്രിയവ്രതനന്ദനൻ പിന്നെ
പൃഥ്വീശാ! മൂന്നാമത്തെ മനുവായ്ഭവിച്ചിതു.
പവനസഞ്ജയന്മാർ യജ്ഞഹോത്രാദ്യന്മാരു-
മവന്റെ തനയന്മാരെന്നതും ധരിച്ചാലും. 23
വസിഷ്ഠപുത്രന്മാരാം പ്രമദാദികളേഴ-
മൃഷികളായും സത്യർവേദശ്രുതാഭിഖ്യരും
ഭദ്രാദ്യന്മാരുമന്നു ദേവന്മാരായും സത്യ-
ജിത്തെന്നു പേരായവൻ ദേവേന്ദ്രനായും
തീർന്നു. 24
ധർമ്മന്റെ ഭാര്യയാകും സൂനൃതതന്നിലന്നു
ജന്മമംഗീകരിച്ചു ഭഗവാൻ ജനാർദ്ദനൻ
സത്യസേനാഭിധാനമാവഹിച്ചനുപമ-
കീർത്തിമാനായിത്തീർന്നാൻ സത്യവ്രതാ-
ദ്യരോടും. 25
അസത്യനിഷ്ഠന്മാരും ദുശ്ശീലന്മാരും പാര-
മസത്തുക്കളും ഭൂതഹിംസകന്മാരുമാകും
യക്ഷരാക്ഷസഭൂതഗണത്തെസ്സത്യസേന-
നക്ഷണം സംഹരിച്ചാൻ സത്യജിത്സഖനായി.
26
ഉത്തമഭ്രാതാവായ താമസൻ നാലാംമനു-
പുത്രർതാൻ പൃഥുഖ്യാതിനരകേത്വാദ്യർ
പത്തും. 27
അന്നാളിൽ സത്യകന്മാർ ഹരികൾ വീരാദ്യരും
വിണ്ണവരായിത്തീർന്നു ത്രിശിഖനിന്ദ്രനായി
താമസമന്വന്തരകാലത്തിങ്കലജ്യോതി-
ർദ്ധാമാദ്യരേഴപേരും സപ്തർഷിമാരായ്-
ത്തീർന്നാർ. 28
കാലത്താൽ നഷ്ടമായ വേദങ്ങൾ സ്വധീയാല-
ക്കാലത്തു വൈധൃതികൾ വീണ്ടിതു
വിധൃതിജർ. 29
ഹരിമേധസ്സിൽനിന്നും ഹരിണിതന്നിലന്നും
പിറന്നാൻ ഹരിനാമംപൂണ്ടു പുണ്ഡരീകാക്ഷൻ.
നക്രവക്ത്രത്തിൽനിന്നും ഗജേന്ദ്രൻതന്നെപ്പാര-
മുൾക്കൃപയാൻ ചെന്നു മുക്തനാക്കിയദ്ദേവൻ. 30

രാജാവു പറഞ്ഞു

ഗ്രാഹഗ്രസ്തനാം ഗജശ്രേഷ്ഠനെയേതുമട്ടിൽ
ശ്രീഹരി മോചിപ്പിച്ചെന്നറിയാനിച്ഛിക്കു-
ന്നേൻ. 31
ഉത്തമശ്ലോകനാകും ഭഗവാൻ മുകുന്ദൻതൻ
കീർത്തനമടങ്ങിയ കഥകളെല്ലാംതന്നെ
ധന്യവും മഹത്താകും സ്വാസ്ഥ്യത്തെച്ചേ-
ർക്കുന്നതും
പുണ്യദായകവും നിർവ്വാണഹേതുവുമല്ലോ. 32

സൂതൻ പറഞ്ഞു

പ്രായോപവേശമാളുമപ്പരീക്ഷിത്തുതന്റെ-
യീയപേക്ഷയാൽ ബാദരായണി തുഷ്ടനായി
നൃപനെയഭിനന്ദിച്ചൃഷികളെല്ലാം കേൾക്കെ-
സ്സഃയിലിപ്രകാരമരുളിച്ചെയ്തീടിനാൻ. 33

അദ്ധ്യായം 2

ഗജേന്ദ്രമോക്ഷം

ശ്രീശുകൻ പറഞ്ഞു

ക്ഷീരാബ്ധിനീരം ചൂഴ്ന്നു യോജനായുതം
പൊങ്ങി
പേരാളും ശ്രീമാൻ സമുല്ലസിപ്പൂ ത്രികൂടാദ്രി.
ശൃംഗങ്ങൾമൂന്നു പൊന്നും വെള്ളിയുമിരുമ്പുമായ്
തങ്ങിയുന്നതിക്കൊക്കും വിസ്തൃതിയോടുകൂടി
ദിക്കുകളേയുമംബരാശികളേയും മിന്നി-
ച്ചിഗ്ഗിരിവരൻ നിലകൊള്ളുന്നു ഗംഭീരനായ്. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താവതാ വിസ്തൃതഃ പര്യക് ത്രിഭിഃ ശൃംഗൈഃ പയോനിധിം
ദിശഃ ഖം രോചയന്നാസ്തേ രൗപ്യായസഹിരണ്മയൈഃ. 2
അന്യൈശ്ച കകുഭഃ സർവ്വാ രത്നധാതുവിചിത്രിതൈഃ
നാനാദ്രുമലതാഗുല്മൈർന്നിർഘോഷൈർന്നിർഝരാംഭസാം. 3
സ ചാവനിജ്യമാനാംഘ്രിഃ സമന്താത് പയ ഊർമ്മിഭിഃ
കരോതി ശ്യാമലാം ഭൂമിം ഹരിന്മരതകാശ്മഭിഃ. 4
സിദ്ധചാരണഗന്ധർവ്വവിദ്യാധരമഹോരഗൈഃ
കിന്നരൈരപ്സരോഭിശ്ച ക്രീഡദ്ഭിർജ്ജുഷ്ടകന്ദരഃ. 5
യത്ര സംഗീതസന്നാദൈർന്നദദ്ഗുഹമമർഷയാ
അഭിഗർജ്ജന്തി ഹരയഃ ശ്ലാഘിനഃ പരശങ്കയാ. 6
നാനാരണ്യപശുവ്രാതസങ്കുലദ്രോണ്യലംകൃതഃ
ചിത്രദ്രുമസുരോദ്യാനകളകണ്ഠവിഹംഗമഃ. 7
സരിത്സരോഭിരച്ഛോദൈഃ പുളിനൈർമ്മണിവാലുകൈഃ
ദേവസ്ത്രീമജ്ജനാമോദസൗരഭാംബ്വനിലൈര്യുതഃ 8
തസ്യ ദ്രോണ്യാം ഭഗവതോ വരുണസ്യ മഹാത്മനഃ
ഉദ്യാനമൃതുമന്നാമ ആക്രീഡം സുരയോഷിതാം. 9
സർവ്വതോഽലംകൃതം ദിവ്യൈർന്നിത്യം പുഷ്പഫലദ്രുമൈഃ
മന്ദാരൈഃ പാരിജാതൈശ്ച പാടലാശോകചമ്പകൈഃ. 10
ചൂതൈഃ പ്രിയാളൈഃ പനസൈരാമ്രൈരാമ്രാതകൈരപി
ക്രമുകൈർന്നാളികേരൈശ്ച ഖർജ്ജൂരൈർബ്ബീജപൂരകൈഃ 11
മധൂകൈഃ സാലതാലൈശ്ച തമാലൈരസനാർജ്ജുനൈഃ
അരിഷ്ടോദുംബരപ്ലക്ഷൈർവടൈഃ കിംശുകചന്ദനൈഃ 12
പിചുമന്ദൈഃ കോവിദാരൈഃ സരളൈഃ സുരദാരുഭിഃ
ദ്രാക്ഷേക്ഷുരംഭാജംബൂഭിർബ്ബദര്യക്ഷാഭയാമലൈഃ 13
ബില്വൈഃ കപിത്ഥൈർജ്ജംബീരൈർവൃതോ ഭല്ലാതകാദിഭിഃ
തസ്മിൻ സരഃ സുവിപുലം ലസത്കാഞ്ചനപങ്കജം. 14
കുമുദോത്പലകല്ഹാരശതപത്രശ്രിയോർജ്ജിതം
മത്തഷട്പദനിർഘുഷ്ടം ശകുന്തൈശ്ച കളസ്വനൈഃ. 15
ഹംസകാരണ്ഡവാകീർണ്ണം ചക്രാഹ്വൈഃ സാരസൈരപി
ജലകുക്കുടകോയഷ്ടിദാത്യൂഹകുലകൂജിതം. 16
മത്സ്യകച്ഛപസഞ്ചാരചലത്പദ്മരജഃപയഃ
കദംബവേതസനളനീപവഞ്ജുളകൈർവൃതം. 17
കുന്ദൈഃ കുരബകാശോകൈഃ ശിരീഷൈഃ കുടജേംഗുദൈഃ
കുബ്ജകൈഃ സ്വർണ്ണയൂഥീഭിർന്നാഗപുന്നാഗജാതിഭിഃ 18
മല്ലികാശതപത്രൈശ്ച മാധവീജാലകാദിഭിഃ
ശോഭിതം തീരജൈശ്ചാന്യൈർന്നിത്യർത്തുഭിരലം ദ്രുമൈഃ. 19

തത്രൈകദാ തദ്ഗിരികാനനാശ്രയഃ
കരേണുഭിർവ്വാരണയൂഥപശ്ചരൻ
സകണ്ടകാൻ കീചകവേണുവേത്രവ-
ദ്വിശാലഗുല്മം പ്രരുജൻവനസ്പതീൻ. 20
യദ്ഗന്ധമാത്രാദ്ധരയോ ഗജേന്ദ്രാ
വ്യാഘ്രാദയോ വ്യാളമൃഗാഃ സഖഡ്ഗാഃ
മഹോരഗാശ്ചാപി ഭയാദ്ദ്രവന്തി
സഗൗരകൃഷ്ണാഃ ശരഭാശ്ചമര്യഃ. 21
വൃകാ വരാഹാ മഹിഷർക്ഷശല്യാ
ഗോപുച്ഛസാലാവൃകമർക്കടാശ്ച
അന്യത്ര ക്ഷുദ്രാ ഹരിണാഃ ശശാദയ-
ശ്ചരന്ത്യഭീതാ യദനുഗ്രഹേണ. 22

•CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാനാരത്നങ്ങൾ ലതാവൃക്ഷങ്ങൾ ധാതുരാജി
നാനാശൃംഗങ്ങൾ ഗുല്മനിരയെന്നിവയാലും
ഗിരിവാഹിനികൾതൻ നിർഝരഘോഷ–
ത്താലും
പെരികെശ്ശോഭിപ്പിച്ചാൻ പത്തുദിക്കുക–
ളേയും. 2–3

പാല്ക്കടൽത്തിരനിര പാദങ്ങൾ കഴുകീട്ട–
മൂക്കനിപ്പർവതേന്ദ്രൻ പച്ചരത്നങ്ങളാലേ
ശ്യാമളനിറമേകിക്കോമളമാക്കീടിനാൻ
ഭൂമിതന്നെയും പരിസരദേശങ്ങളേയും. 4

കിന്നരവിദ്യാധരചാരണസിദ്ധോരഗ–
വൃന്ദവും ഗന്ധർവന്മാരപ്സരസ്സമൂഹവും
എന്നുമിഗ്ഗിരിസാർവഭൗമൻതൻ ഗുഹതോറും
ചെന്നിരുന്നുല്ലാസമായ്ക്കേളിയാടീടുന്നിതേ. 5

വീരന്മാർ തങ്ങളെന്നായഭിമാനിച്ചുകൊണ്ടു
ഘോരഗഹ്വരങ്ങളിൽ വാണീടും സിം–
ഹോൽക്കരം.

കിന്നരന്മാർതൻ ചാരുസംഗീതപ്രതിധ്വനി
ചെന്നലയ്ക്കവേ ശത്രുശങ്കയാലുടൻതന്നെ
ഉത്കടക്രോധത്തോടഗ്ഗഹ്വരം ഭേദിക്കുമാ–
റുഗ്രമായടിക്കടിയനുഗർജ്ജിച്ചീടുന്നു. 6

ബഹുജാതിയിൽപെടും വനജന്തുക്കൾതിങ്ങും
ഗുഹകളാലും പലവിധവൃക്ഷങ്ങളാലും
സുരാരാമത്തിലുള്ള കോകിലവൃന്ദത്താലും
പരിചിലലംകൃതമായിരുന്നിപ്പർവതം. 7

നിർമ്മലജലമാളും നദികൾ തടാകങ്ങൾ
നന്മണിഗണതുല്യവെണ്മണൽത്തീരങ്ങളും
ദേവസ്ത്രീജനസ്നാനസുരഭിലാംബുപൂര–
മാവഹിച്ചീടും മന്ദവായുവുമൊത്തിണങ്ങും. 8

നഗോത്തംസമാമിതിൻ താഴ്വരതന്നിൽ
പാശി–
ഭഗവാൻതൻെറയൃതുമത്തെന്ന പേരാർന്നിടും
കാമനീയകമാമൊരുദ്യാനമുണ്ടു സുര–
കാമിനീവൃന്ദം നിത്യം കേളിയാടുന്നതായി. 9

എപ്പൊഴും പുഷ്പഫലദലങ്ങളിയന്നിടും
കല്പകം, പാരിജാതം, പാടല,മശോകവും
ചൂതം, ചെമ്പകം, പ്ലാവും, പ്രിയാളം,
തെങ്ങും, മാവും
മാതളം, കരിങ്ങാലി, കമുക,മിലിപ്പയും
താലം, തമാലം, വേങ്ങ,യർജ്ജുന,മരിഷ്ടവും
സാലവും, വടം, പ്ലക്ഷം, ചന്ദന,മുദുംബരം
ദേവദാരുവും, പ്ലാച്ചി, സരളം, പിചുമന്ദം,
കോവിദാരവും, പ്ലാരം, മുന്തിരി,യിലന്തയും,
നെല്ലിയും, നാരകവും, കരിമ്പു, കടക്കയും,
വില്വവും, വാഴ, ഭല്ലാതകമിത്യാദി ദിവ്യം
തരുക്കളാലും ലതകളാലും ചുററും മനോ–
ഹരമായലംകൃതമാകമിപ്പൂവനത്തിൽ
എങ്ങുമേ പൊന്താമര വിടർന്നു വിശാലമായ്
ഭംഗിയേറുന്ന നല്ല തടാകമൊന്നു കാണാം.
10–14

കുമുദോത്പലശതപത്രകല്ഹാരാദിയാം
സുമസഞ്ചയത്തിൽനിന്നുളവാമച്ചിസ്സിനാൽ
ശ്രേഷ്ഠമാമസ്സരസ്സുവിഹംഗഭൃംഗങ്ങൾതൻ
കൂട്ടത്തിൻ ശബ്ദത്തിനാലേററവും രമ്യമത്രേ. 15

ദാത്യൂഹം, ചക്രവാകം, സാരസഹംസ–
ങ്ങൾ, കോ–
യഷ്ടിയും, കാരണ്ഡവമിപ്പറവകൾക്കെഴും
കൂജിതങ്ങളാലെങ്ങും വ്യാപിക്കപ്പെട്ടു പാരം
രാജിതമായിരുന്നിത്തടാകം ധരാപതേ! 16

ആമകം, മത്സ്യങ്ങളും ചരിക്കുമൂലം ജലം
താമരത്താരിൻപൊടി ചിന്നിയും പുളിനങ്ങൾ
രാമച്ച,മാററുവഞ്ചി, കടമ്പു, വഞ്ചുളാദി
മാമരച്ചെടിക്കൂട്ടം തിങ്ങിയും ശോഭിച്ചിതേ. 17

കുന്ദവും, കുരവക,മശോകം, ശിരീഷവും
പുന്നാഗം, ശതപത്രമിങ്ഗുദകുബ്ജകങ്ങൾ
ജാതി,മല്ലിക, നാഗം, ജാലകം, സ്വർണ്ണയൂഥി,
മാധവി, കുടജമിത്യാദിയാം ചെടികളും
മററുപാദപങ്ങളുമാരമ്യസരസ്സിനെ
ചുററിനിന്നതിവേലം ലാലസിച്ചിരുന്നിതു.
18–19

ഒരുനാളവിടെയഗ്ഗിരികാനനങ്ങളിൽ
മരുവിപ്പോരുന്നോരു വാരണസംഘാധിപൻ
കരിണീവൃന്ദമൊത്തു സഞ്ചാരംചെയ്തങ്ങനെ
പരുവാക്കൂട്ടം ചൂരൽവള്ളികളെന്നിംതല്ലാം
പടർന്ന കടിൽകളും മുൾമരങ്ങളും വലി–
ച്ചൊടിച്ചു നശിപ്പിച്ചു സോല്ലാസം
സഞ്ചരിച്ചാൻ. 20

ഇഗ്ഗജേന്ദ്രൻെറ കാററുതട്ടിയ പഞ്ചാനന–
വ്യാഘ്രങ്ങൾ. ഖഡ്ഗവ്യാളമൃഗങ്ങൾ,
വൻ ഭോഗികൾ,
ആനകൾ, ചമരികൾ, ഗൗരകൃഷ്ണങ്ങളാകും–
മാനുകൾ, ശരഭങ്ങളെന്നിവ പേടിച്ചോടീ. 21

ചെന്നായ, പന്നി, യൃക്ഷം, കുരങ്ങ, പോത്തു,
മുള്ളൻ–
പന്നി, ഗോപുച്ഛസാലാവൃകങ്ങൾ ശശമാദി
ക്ഷുദ്രജന്തുക്കളെല്ലാം തദനുഗ്രഹത്താൽത്ത–
ദ്ദൃഷ്ടിമാർഗ്ഗത്തെവിട്ടു നിർഭയം സഞ്ചരി–
ച്ചാർ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഘർമ്മതപ്തഃ കരിഭിഃ കരേണുഭിർ-
വൃതോ മദച്യുത്കളഭൈരനുദ്രുതഃ
ഗിരിം ഗരിമ്ണാ പരിതഃ പ്രകമ്പയൻ
നിഷേവ്യമാണോഽലികുലൈർമ്മദാശനൈഃ. 23

സരോഽനിലം പങ്കജരേണുരൂഷിതം
ജിഘ്രന്വിദൂരാന്മദവിഹ്വലേക്ഷണഃ
വൃതഃ സ്വയൂഥേന തൃഷാർദ്ദിതേന തത്
സരോവരാഭ്യാസമഥാഗമദ്ദ്രുതം. 24

വിഗാഹ്യ തസ്മിന്നമൃതാംബു നിർമ്മലം
ഹേമാരവിന്ദോത്പലരേണുവാസിതം
പപൗ നികാമം നിജപുഷ്കരോദ്ധൃത-
മാത്മാനമദ്ഭിഃ സ്നപയൻ ഗതക്ലമഃ. 25

സ്വപുഷ്കരേണോദ്ധൃതശീകരാംബുഭി-
ർന്നിപായയൻ സംസ്നപയന്യഥാ ഗൃഹീ
ഘൃണീ കരേണൂഃ കളഭാംശ്ച ദുർമ്മദോ
നാചഷ്ട കൃച്ഛ്റം കൃപണോഽജമായയാ. 26

തം തത്ര കശ്ചിന്നൃപ ദൈവചോദിതോ
ഗ്രാഹോ ബലീയാംശ്ചരണേ രുഷാഗ്രഹീത്
യദൃച്ഛയൈവം വ്യസനം ഗതോ ഗജോ
യഥാബലം സോഽതിബലോ വിചക്രമേ. 27

തഥാഽഽതുരം യൂഥപതിം കരേണവോ
വികൃഷ്യമാണം തരസാ ബലീയസാ
വിചുക്രുശുർദ്ദീനധിയോഽപരേ ഗജാഃ
പാർഷ്ണിഗ്രഹാസ്താരയിതും ന ചാശകൻ. 28

നിയുധ്യതോരേവമിഭേന്ദ്രനക്രയോ-
ർവ്വികർഷതോരന്തരതോ ബഹിർമ്മിഥഃ
സമാഃ സഹസ്രം വ്യഗമൻ മഹീപതേ!
സപ്രാണയോശ്ചിത്രമമംസതാമരാഃ. 29

തതോ ഗജേന്ദ്രസ്യ മനോബലൗജസാം
കാലേന ദീർഘേണ മഹാനഭൂദ്വ്യയഃ
വികൃഷ്യമാണസ്യ ജലേഽവസീദതോ
വിപര്യയോഽഭൂത് സകലം ജലൗകസഃ. 30

ഇത്ഥം ഗജേന്ദ്രഃ സ യദാഽഽപ സങ്കടം
പ്രാണസ്യ ദേഹീ വിവശോ യദൃച്ഛയാ
അപാരയന്നാത്മവിമോക്ഷണേ ചിരം
ദധ്യാവിമാം ബുദ്ധിമഥാഭ്യപദ്യത. 31

''ന മാമിമേ ജ്ഞാതയ ആതുരം ഗജാഃ
കുതഃ കരിണ്യഃ പ്രഭവന്തി മോചിതും
ഗ്രാഹേണ പാശേന വിധാതുരാവൃതോഽ-
പ്യഹം ച തം യാമി പരം പരായണം. 32

യഃ കശ്ചനേശോ ബലിനോഽന്തകോരഗാത്
പ്രചണ്ഡവേഗാദഭിധാവതോ ഭൃശം
ഭീതം പ്രപന്നം പരിപാതി യദ്ഭയാ-
ന്മൃത്യുഃ പ്രധാവത്യരണം തമീമഹി.'' 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മന്വന്തരാനുവർണ്ണനേ ഗജേന്ദ്രോപാഖ്യാനേ ദ്വിതീയോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതരേഭങ്ങളാലും കരിണികളാലുമാ-
വൃതനായ്ക്കളഭാനുഗതനായവൻ ലവയ്ലാൽ

തളൎന്നു മദനീരമൊഴുക്കി വലിപ്പത്താ-
ലിളക്കിഗ്ഗിരി മദജലപാനാസക്തമാം

ഭൃങ്ഗസന്ദോഹത്തിനാൽ പരിസേവിത-
നായി-
ട്ടങ്ങിങ്ങു സഞ്ചരിച്ചാനമ്മഹാടവിതന്നിൽ. 23

അത്തടാകത്തിൽനിന്നും പങ്കജമധൂളിയാ-
ന്നെത്തുന്ന കാറ്റാഘ്രാണിച്ചമ്മദവിഹ്വലാക്ഷൻ

ദാഹപീഡിതസംഘാവൃതനായ് വേഗത്തില-
മ്മോഹനതടാകാഭിമുഖമായ്ത്തിരിച്ചിതേ. 24

സരസ്സിൽച്ചെന്നിറങ്ങി ഹേമാബ്ജോത്പല-
പാംസുത്-
കരത്താൽ സുരഭിലമമൃതോപമം ജലം

തുമ്പിക്കൈകൊണ്ടു കോരിക്കുടിച്ചും ശരീരത്തി-
ലെമ്പാടും കോരിവീഴ്ത്തിക്കളിച്ചും ക്ഷീണം-
തീൎത്താൻ. 25

മായയാൽ മത്തനായിട്ടീനനായ് കൃപാലുവു-
മായിട്ടും ഗൃഹസ്ഥൻമട്ടിഭേന്ദ്രൻ തുമ്പി-
ക്കൈയാൽ

ശീതളനീരം കോരിപ്പിടിയാനകളേയും
പോതങ്ങളേയും പാനംചെയ്യിച്ചും കളിപ്പിച്ചും

തുഷ്ടനായ്നിന്നനേരത്തൊട്ടുമേയോൎത്തതില്ല
പെട്ടെന്നു തന്നെസ്സമീപിച്ചൊരാ വിപ-
ത്തിനെ. 26

ശക്തനാമൊരുനക്രമപ്പോഴത്തത്പ്രാരബ്ധ-
ത്താൽ
ക്രുദ്ധനായ് ക്ഷിപ്രമെത്തിപ്പിടിച്ചാൻ
തത്പാദത്തിൽ

ഊക്കനാ വാരണേന്ദ്രൻ ദുഃഖിതനായിട്ടുടൻ
ശക്തിപോൽ ശ്രമംചെയ്താനപ്പിടി
വിടുത്തുവാൻ. 27

ശക്തനാം നക്രം ബലാലുള്ളിലേക്കായ് വലിച്ചു
ദുഃഖിപ്പിച്ചിട്ടും സംഘനാഥനെക്കണ്ടു പാരം

കരഞ്ഞാർ കരിണികൾ, പിമ്പിൽ
നിന്നിങ്ങോട്ടാഞ്ഞ-
ക്കരികൾ പിടിച്ചിട്ടും വിഫലമായിത്തീൎന്നു. 28

ഇങ്ങനെ ബാഹ്യത്തിലുമുള്ളിലും നിന്നു
തമ്മിൽ-
സംഗരംചെയ്യും ഗജനാഥനുമന്നക്രവും

ആ നിലയ്ക്കായുസ്സറാതായിരംവത്സരം തത്-
സ്ഥാനത്തു നിന്നാരതിലദ്ഭുതപ്പെട്ടാർ
വിണ്ണോർ. 29

ഏറെനാളേവം ഗ്രാഹപീഡിതനായഗ്ഗജം
നീരിൽ നില്ക്കയാൽ മനോബലവുമോജസ്സും

തീരെ ക്ഷയിച്ചു ജലവാസിയാം മുതലയ്ക്കോ
നേരേമറിച്ചാണവ വൎദ്ധിച്ചുവന്നതാനും. 30

പെട്ടെന്നു വിപത്തിലാപ്പെട്ടേവമാത്മരക്ഷ-
യ്ക്കൊട്ടുമേ ശേഷിയററ ദേഹഭൃത്താമഗ്ഗജം

ഏറെനാൾ പ്രാണരക്ഷാമാൎഗ്ഗങ്ങൾ ചിന്തിക്ക-
യാൽ
നേരേ തന്മനസ്സിലൊരുപായമുദിച്ചിതു. 31

''ആതുരനാകുമെന്നെയിവിടെ രക്ഷിക്കാനീ-
ജ്ഞാതികളൊട്ടുംതന്നെ ശക്തരല്ലെന്നുകണ്ടേൻ.

കരിണീഗണത്തിനാൾ പിന്നെയെന്തുമൂലം
പരമേശ്വരപാശഗ്രാഹത്താലാവൃതൻ ഞാൻ.

ബ്രഹ്മാദിദേവന്മാൎക്കുമാശ്രയസ്ഥാനമാകു-
മമ്മഹാപുരുഷനെശ്ശരണംപ്രാപിക്കുന്നു. 32

ഏററവും ബലിഷ്ഠനായുച്ചണ്ഡവേഗത്തൊടും
ചുററിലും സഞ്ചരിക്കും കാലസൎപ്പത്തിൽ-
നിന്നും

ഭീതനായാശ്രയിക്കും ദീനനെ രക്ഷിച്ചീടു-
മേതു ദേവനെപ്പേടിച്ചോടുന്നു മൃത്യുതാനും

കാരുണ്യവാരാശിയായ് പരമാത്മാവാകുമാ-
നാരായണസ്വാമിയെശ്ശരണം ഗമിക്കുന്നേൻ.''
33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയോഽധ്യായഃ

ശ്രീശുക ഉവാച

ഏവം വ്യവസിതോ ബുദ്ധ്യാ സമാധായ മനോ ഹൃദി
ജജാപ പരമം ജാപ്യം പ്രാഗ്ജന്മന്യനുശിക്ഷിതം. 1

ഗജേന്ദ്ര ഉവാച

ഓം നമോ ഭഗവതേ തസ്മൈ യത ഏതച്ചിദാത്മകം
പുരുഷായാദിബീജായ പരേശായാഭിധീമഹി. 2
യസ്മിന്നിദം യതശ്ചേദം യേനേദം യ ഇദം സ്വയം
യോഽസ്മാത് പരസ്മാച്ച പരസ്തം പ്രപദ്യേ സ്വയംഭുവം. 3
യഃ സ്വാത്മനീദം നിജമായയാർപ്പിതം
ക്വചിദ്വിഭാതം ക്വ ച തത് തിരോഹിതം
അവിദ്ധദൃക്സാക്ഷ്യുഭയം തദീക്ഷതേ
സ ആത്മമൂലോഽവതു മാം പരാത്പരഃ. 4
കാലേന പഞ്ചത്വമിതേഷു കൃത്സ്നശോ
ലോകേഷു പാലേഷു ച സർവ്വഹേതുഷു
തമസ്തദാഽഽസീദ്ഗഹനം ഗഭീരം
യസ്തസ്യ പാരേഽഭിവിരാജതേ വിഭുഃ. 5
ന യസ്യ ദേവാ ഋഷയഃ പദം വിദു-
ർജ്ജന്തുഃ പുനഃ കോഽർഹതി ഗന്തുമീരിതും
യഥാ നടസ്യാകൃതിഭിർവിചേഷ്ടതോ
ദുരത്യയാനുക്രമണഃ സ മാവതു. 6
ദിദൃക്ഷവോ യസ്യ പദം സുമങ്ഗലം
വിമുക്തസങ്ഗാ മുനയഃ സുസാധവഃ
ചരന്ത്യലോകവ്രതമവ്രണം വനേ
ഭൂതാത്മഭൂതാഃ സുഹൃദഃ സ മേ ഗതിഃ. 7
ന വിദ്യതേ യസ്യ ച ജന്മ കർമ്മ വാ
ന നാമരൂപേ ഗുണദോഷ ഏവ വാ
തഥാപി ലോകാപ്യയസംഭവായ യഃ
സ്വമായയാ താന്യനുകാലമൃച്ഛതി. 8
തസ്മൈ നമഃ പരേശായ ബ്രഹ്മണേഽനന്തശക്തയേ
അരൂപായോരുരൂപായ നമ ആശ്ചര്യകർമ്മണേ. 9
നമ ആത്മപ്രദീപായ സാക്ഷിണേ പരമാത്മനേ
നമോ ഗിരാം വിദൂരായ മനസശ്ചേതസാമപി. 10
സത്ത്വേന പ്രതിലഭ്യായ നൈഷ്കർമ്മ്യേണ വിപശ്ചിതാ
നമഃ കൈവല്യനാഥായ നിർവ്വാണസുഖസംവിദേ. 11
നമഃ ശാന്തായ ഘോരായ മൂഢായ ഗുണധർമ്മിണേ
നിർവ്വിശേഷായ സാമ്യായ നമോ ജ്ഞാനഘനായ ച. 12
ക്ഷേത്രജ്ഞായ നമസ്തുഭ്യം സർവ്വാദ്ധ്യക്ഷായ സാക്ഷിണേ
പുരുഷായാത്മമൂലായ മൂലപ്രകൃതയേ നമഃ. 13
സർവ്വേന്ദ്രിയഗുണദ്രഷ്ട്രേ സർവ്വപ്രത്യയഹേതവേ
അസതാച്ഛായയോക്തായ സദാഭാസായ തേ നമഃ. 14
നമോ നമസ്തേഽഖിലകാരണായ നിഷ്കാരണായാദ്ഭുതകാരണായ
സർവ്വാഗമാമ്നായമഹാർണ്ണവായ നമോഽപവർഗ്ഗായ പരായണായ. 51
ഗുണാരണിച്ഛന്നചിദൂഷ്മപായ
തത്ക്ഷോഭവിസ്ഫൂർജ്ജിതമാനസായ
നൈഷ്കർമ്മ്യഭാവേന വിവർജ്ജിതാഗമ-
സ്വയംപ്രകാശായ നമസ്കരോമി. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

ഗജേന്ദ്രമോക്ഷം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ഇത്തരം ബലമായിച്ചിന്തിച്ചു മനസ്സിനെ
ഹൃത്തിലങ്ങുറപ്പിച്ചുനിർത്തിയാ വാരണേന്ദ്രൻ
പൂർവ്വജന്മത്തിൽ നേരേയഭ്യസിച്ചിരുന്നതാം
ദിവ്യമന്ത്രത്തെജ്ജപിച്ചീടിനാൻ നിരന്തരം. 1

ഗജേന്ദ്രൻ പറഞ്ഞു

വിശ്വരൂപനാമേതുദേവനിശ്ശരീരാദി
വിശ്വത്തെയാകവേ സചേതനമാക്കുന്നുവോ
പ്രകൃതിപുരുഷസ്വരൂപനായ് പരേശനായ്
ഭഗവാനാകുമാ ശ്രീഹരിയെ നമിക്കുന്നേൻ. 2
ഈലോകമാരിൽ സ്ഥിതിചെയ്യുന്നു, രചി-
ച്ചതാ,-
രാലോചിക്കുകിലാരാണിച്ചരാചരവിശ്വം,
സ്വയംഭൂവായിക്കാര്യകാരണാതീതനായി
നിയതം വിളങ്ങുമദ്ദേവനു നമസ്കാരം. 3
അധിഷ്ഠാനമായ് പരാൽപരനായ് സാക്ഷി-
യായി-
സ്സതതം തടവററ ദൃക്കാളുമേതുദേവൻ
തന്നിൽ മായയാൽ വിനിർമ്മിതമിജ്ജഗത്തിനെ
നന്നായ് ചിലപ്പോഠം ദ്യോതിപ്പിക്കയും
ചിലനേരം
താന്നേതാൻ മറയ്ക്കയും നിരീക്ഷിക്കയും ചെയ്യു-
മാ നാരായണദേവനീയെന്നെ രക്ഷിക്കട്ടെ. 4
ലോകവും ലോകപാലന്മാരും തത്കാരണങ്ങ-
ളാകുന്ന വസ്തുക്കളും കാലത്താൽ നശിക്കുമ്പോഠം
ദുരവഗാഹമായിഗ്ഗഭീരം വ്യാപിച്ചീട്ട-
മിരുളിന്നപ്പുറത്തായാ വിഭു വിളങ്ങുന്നു. 5
വേഷമിട്ടാടീടുന്ന നടൻതൻ സ്വരൂപത്തെ
ലേശവും സാമാന്യന്മാരറിയാത്തതുപോലെ
ആരുടെ പദം നേരേയറിയുന്നില്ല ദേവ-
ന്മാരുമമ്മഹർഷീശർപോലുമെന്നിരിക്കുമ്പോഠം
മററുള്ളോർക്കറിവാനും പ്രാപിക്കുവാനും പിന്നെ
ചെററുമേ സാധിക്കയില്ലെന്നതു ചൊല്ലേ-
ണമോ?
ആവിധമജ്ഞേയമാം ചരിത്രമിയന്നീട്ട-
മാവാസുദേവനാകും ഭഗവാൻ രക്ഷിക്ക മാം. 6
ഭൂതാത്മഭൂതന്മാരായ് വിശുദ്ധചിത്തരായി
വീതസംഗന്മാരാം സാധുക്കഠം മുനീന്ദ്രന്മാർ
ആരുടെ സുശോഭനപദത്തെക്കാണ്മാനാശി-
ച്ചാരണ്യവാസമാർന്നിട്ടലോകബ്രഹ്മചര്യം
നിത്യവുമനുഷ്ഠിച്ചുവരുന്നബ്ഭഗവാനാ-
മുത്തമപുമാനെനിക്കാശ്രയമായീടണം. 7
ജന്മങ്ങഠം കർമ്മങ്ങളും നാമങ്ങഠം രൂപങ്ങളു-
മമ്മട്ടു ഗുണങ്ങളുമാർക്കില്ല ദോഷങ്ങളും,
ലോകത്തിൻ സൃഷ്ടിക്കും സംഹതിക്കും മായ-
യാലേ
സ്വീകരിക്കുന്നതാരാണീവക കാലംതോറും, 8
അനന്തശക്തനായുമരൂപബ്രഹ്മമായു-
മനേകരൂപനായുമദ്ഭുതകർമ്മാവായും
പരിശോഭിച്ചീടുമപ്പരമേശ്വരന്നായി
പരിചിൽ ഭക്തിപൂർവ്വം നമസ്കരിക്കുന്നു ഞാൻ. 9
പരമാത്മാവായ് സ്വയംഭാസ്യനായ് സാക്ഷി-
യായി
തരിമ്പും മനസ്സിനും മാനസവൃത്തികഠംക്കും
വാക്കിനും വിഷയമായീടാതെയെങ്ങും മിന്നും
ചിത്ക്കാമ്പാമീശനായിക്കൊണ്ടിതാ നമ-
സ്കാരം. 10
പണ്ഡിതന്മാരാൽ സത്വഗുണസംയുതമാകും
സന്ന്യാസയോഗത്തിനാൽ പ്രാപ്യനായ്
മോക്ഷേശനായ്
നിഗമജ്ഞാനാനന്ദരൂപനായ് വിളങ്ങീടും
ഭഗവൻ! ശ്രീനിവാസാ! ഭവാനായ് നമ-
സ്കാരം. 11
ശാന്തനായ് ഘോരനായി മൂഢനായ് സമ-
നായി
സന്തതം ഗുണയുതം ധർമ്മങ്ങഠം ധരിപ്പോനായ്
നിർവിശേഷനായ് ജ്ഞാനഘനനായിരുന്നിട്ടും
സർവഭൂതാധീശനെ ഞാൻ നമസ്കരിക്കുന്നു. 12
ക്ഷേത്രജ്ഞനായിസ്സർവാധ്യക്ഷനായ് സാക്ഷി
യായി-
ട്ടാത്മമൂലമായ് മൂലപ്രകൃതിതാനുമായി
പരമപുമാനായിപ്പരിശോഭിച്ചിട്ടും നി-
ന്തിരുമേനിക്കായിതാ മാമകനമസ്കാരം. 13
സമസ്തേന്ദ്രിയഗുണഗണത്തിൻ ദ്രഷ്ടാവായി
സമസ്തപ്രത്യയത്തിൻ ഹേതുവായസത്യമാം
ഛായയാർന്നീടുവോനും സദ്രൂപാഭാസൻതാനു-
മായിട്ടും ഭവാനായി നമസ്കരിക്കുന്നു ഞാൻ. 14
സമസ്തനിദാനനായ് കാരണവിഹീനനായ്-
സമർത്ഥനായിപ്പരമദ്ഭുതഹേതുവായി
സമസ്താഗമശാസ്ത്രനിധിയായ് മോക്ഷാത്മാ-
വായ്
സമസ്താശ്രയനാകും ഭവാനു നമസ്കാരം. 15
സത്വാദിഗുണങ്ങളാമരണിയാലെ നന്നായ്-
ച്ചിത്താകും സ്വരൂപാഗ്നി മറയ്ക്കപ്പെട്ടുന്നിതേ.
ഭാവത്കമനം ഗുണക്ഷോഭത്താൽ സൃഷ്ട്യുന്മുഖ-
മാവുന്നു പുനരാത്മഭാവനം നിമിത്തമായ്.
വേദോക്തകർമ്മങ്ങളിൽനിന്നൊഴിഞ്ഞനാരതം
സാദരം തത്സ്വരൂപം ധ്യാനംചെയ്കീടുവോ-
രിൽ
അന്തരമേതുമെന്യേ പ്രകാശിച്ചരുളീടും
നിന്തിരുമേനിയെ ഞാൻ നമസ്കരിക്കുന്നിതാ.
16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാദൃക്പ്രപന്നപശുപാശവിമോക്ഷണായ
മുക്തായ ഭൂരികരുണായ നമോഽലയായ
സ്വാംശേന സർവ്വതനുഭൃന്മനസി പ്രതീത
പ്രത്യഗ്ദൃശേ ഭഗവതേ ബൃഹതേ നമസ്തേ. 17
ആത്മാത്മജാപ്തഗൃഹവിത്തജനേഷു സക്തൈർ-
ദുഷ്പ്രാപണായ ഗുണസങ്ഗവിവർജ്ജിതായ
മുക്താത്മഭിഃ സ്വഹൃദയേ പരിഭാവിതായ
ജ്ഞാനാത്മനേ ഭഗവതേ നമ ഈശ്വരായ. 18
യം ധർമ്മകാമാർത്ഥവിമുക്തികാമാ
ഭജന്ത ഇഷ്ടാം ഗതിമാപ്നുവന്തി
കിം ത്വാശിഷോ രാത്യപി ദേഹമവ്യയം
കരോതു മേഽദഭ്രദയോ വിമോക്ഷണം. 19
ഏകാന്തിനോ യസ്യ ന കഞ്ചനാർത്ഥം
വാഞ്ഛന്തി യേ വൈ ഭഗവത്പ്രപന്നാഃ
അത്യദ്ഭുതം തച്ചരിതം സുമങ്ഗലം
ഗായന്ത ആനന്ദസമുദ്രമഗ്നാഃ. 20
തമക്ഷരം ബ്രഹ്മപരം പരേശമവ്യക്തമാധ്യാത്മികയോഗഗമ്യം
അതീന്ദ്രിയം സൂക്ഷ്മമിവാതിദൂരമനന്തമാദ്യം പരിപൂർണ്ണമീഡേ. 21
യസ്യ ബ്രഹ്മാദയോ ദേവാ വേദാ ലോകാശ്ചരാചരാഃ
നാമരൂപവിഭേദേന ഫല്ഗ്വ്യാ ച കലയാ കൃതാഃ. 22
യഥാർച്ചിഷോഽഗ്നേഃ സവിതുർഗഭസ്തയോ
നിര്യാന്തി സംയാന്ത്യസകൃത് സ്വരോചിഷഃ
തഥാ യതോഽയം ഗുണസംപ്രവാഹോ
ബുദ്ധിർമ്മനഃ ഖാനി ശരീരസർഗ്ഗാഃ. 23
സ വൈ ന ദേവാസുരമർത്ത്യതിര്യങ്
ന സ്ത്രീ ന ഷണ്ഡോ ന പുമാൻ ന ജന്തുഃ
നായം ഗുണഃ കർമ്മ ന സന്ന ചാസ-
ന്നിഷേധശേഷോ ജയതാദശേഷഃ. 24
ജിജീവിഷേ നാഹമിഹാമുയാ കി-
മന്തർബ്ബഹിശ്ചാവൃതയേഭയോന്യാ
ഇച്ഛാമി കാലേന ന യസ്യ വിപ്ലവ-
സ്തസ്യാത്മലോകാവരണസ്യ മോക്ഷം. 25
സോഽഹം വിശ്വസൃജം വിശ്വമവിശ്വം വിശ്വവേദസം
വിശ്വാത്മാനമജം ബ്രഹ്മ പ്രണതോഽസ്മി പരം പദം. 26
യോഗരന്ധിതകർമ്മാണോ ഹൃദി യോഗവിഭാവിതേ
യോഗിനോ യം പ്രപശ്യന്തി യോഗേശം തം നതോഽസ്മ്യഹം. 27
നമോ നമസ്തുഭ്യമസഹ്യവേഗ-
ശക്തിത്രയായാഖിലധീഗുണായ
പ്രപന്നപാലായ ദുരന്തശക്തയേ
കദിന്ദ്രിയാണാമനവാപ്യവർത്മനേ. 28
നായം വേദ സ്വമാത്മാനം യച്ഛക്ത്യാഹംധിയാ ഹതം
തം ദുരത്യയമാഹാത്മ്യം ഭഗവന്തമിതോഽസ്മ്യഹം. 29

ശ്രീശുക ഉവാച

ഏവം ഗജേന്ദ്രമുപവർണ്ണിതനിർവ്വിശേഷം
ബ്രഹ്മാദയോ വിവിധലിങ്ഗഭിദാഭിമാനാഃ
നൈതേ യദോപസസൃപുർന്നിഖിലാത്മകത്വാത്
തത്രാഖിലാമരമയോ ഹരിരാവിരാസീത്. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നെപ്പോൽ വിപന്നരാം പശുപ്രായർതൻ-
പാശം
ഛിന്നമാക്കുവോനായി മുക്തനായ് കൃപാലു-
വായ്
ആലസ്യാപേതനായി സ്വാംശത്തിനാലേ
ദേഹി-
ജാലത്തിനുള്ളിൽ മിന്നും പ്രത്യഗ്സ്വരൂപ-
നായി
ഐശ്വര്യസമ്പൂർണ്ണനായപരിച്ഛേദ്യനാക-
മീശ്വരാ! നമസ്കാരം ശാശ്വതാ! നമസ്കാരം. 17
ശരീരാത്മജമിത്രമന്ദിരധനാദിയിൽ
പരമാസക്തിയാളുന്നവർക്കു ദുഷ്പ്രാപ്യനായ്
ഗുണസംഗാപേതനായ് സംഗഹീനന്മാരുടെ
മനസ്സിൽ നിരന്തരം പരിഭാവിതനായി
ജ്ഞാനസ്വരൂപനാകും ഭഗവൻ! ഭവാനായി
ദീനനായീടുന്ന ഞാൻ നമസ്കരിച്ചീടുന്നു. 18
ധർമ്മാർത്ഥകാമനിർവാണേച്ഛുക്കളേതീശനെ
നിർമ്മായം ഭജിക്കുകിലഭീഷ്ടഫലങ്ങളും
ആശിസ്സു ക്ഷയിക്കാത്ത ദേഹവും കിട്ടും കൃപാ-
രാശിയബ്ഭഗവാൻതാൻ മോചിപ്പിക്കണ-
മെന്നെ. 19
നിന്തിരുമേനിക്കെഴുമേകാന്തഭക്തന്മാർക്കി-
ല്ലന്തരംഗത്തിലാശ പുമർത്ഥങ്ങളിലേതും
അദ്ഭുതകരമാം നിന്മംഗലഗാഥയവ-
രെപ്പൊഴും പാടിയാനന്ദാബ്ധിയിലാറാടുന്നു. 20
നാശഹീനനായ് പരബ്രഹ്മമായജാദ്യർക്കു-
മീശനായ് പരേശനായസ്പഷ്ടസ്വരൂപനായ്
ഭക്തിയോഗത്തിനാൽ സുഗമ്യനായതിദൂര-
വർത്തിയായ് സൂക്ഷ്മവസ്തുമട്ടതീന്ദ്രിയനായി
ആദ്യനായനന്തനായ് പരിപൂർണ്ണനായ് വേദ-
വേദ്യനാം ഭഗവാനെ സ്തുതിച്ചീടുന്നിതാ ഞാൻ.
21
ആഗമങ്ങളും ചരാചരങ്ങളുംകൊള്ളുമീ-
ലോകവും വിരിഞ്ചാദി വാനവന്മാരുമെല്ലാം
നാമരൂപങ്ങളാകും ഭേദങ്ങളോടുകൂടി
കാമമാരുടെയംശകലയാൽ സംസൃഷ്ടമോ, 22
വഹ്നിയിൽനിന്നും സ്ഫുലിംഗങ്ങളും
മാർത്താണ്ഡനിൽ-
നിന്നു ദീധിതികളുമുണ്ടായീടുന്നപോലെ
ആരിൽനിന്നെല്ലാമെപ്പൊഴും സ്വരോചസ്സിനാൽ
ഗുണ-
പൂരത്തിൻ പരിണാമരൂപമായ് മാനസവും
ബുദ്ധിയും ദേഹങ്ങളുമിന്ദ്രിയങ്ങളുമെല്ലാം
സത്വരമുണ്ടാകുന്നു വിലയംഗമിക്കുന്നു. 21
ദേവനും ദൈതേയനും മർത്ത്യനും തിര്യക്കുമ-
ല്ലാവിഹഗവാണും പെണ്ണും നപുംസകവുമല്ല.

പിന്നെ ജന്തുവും ഗുണം കർമ്മവും സത്തസത്തു-
മൊന്നുമേയല്ല നിഷേധാവധിഭൂതനായും
തന്നുടെ മായാശക്തികൊണ്ടിവയെല്ലാമായും
മിന്നുവോൻതന്നെയാണബ്ഭഗവാൻ
ജയിക്കട്ടെ! 24
അല്ലയോ ഭഗവാനേ! ജീവിച്ചിരുന്നീടുവാൻ
തെല്ലുമേയാഗ്രഹിക്കുന്നില്ല ഞാനീലോക-
ത്തിൽ
അകത്തും പുറത്തുമാവരണമുള്ളതാമീ-
മൃഗത്തിൻ ശരീരത്താലെന്തുള്ള പ്രയോജനം?
കാലത്താൽ നാശമെന്യേയാത്മപ്രകാശം മറ-
ച്ചാളുമജ്ഞാനത്തിൽനിന്നെന്നെ മോചിപ്പി-
ച്ചാലും. 25
വിശ്വസ്രഷ്ടാവും വിശ്വരൂപനുമവിശ്വനും
വിശ്വമാം കളിക്കോപ്പുള്ളവനും വിശ്വാത്മാവും
ജന്മഹീനനും പരംപദവുമായീടുമാ-
ബ്രഹ്മത്തെ ഞാനിദാനീം നമസ്കരിക്കുന്നിതേ.
26
ഭക്തിയോഗത്താൽ കർമ്മം നശിപ്പിച്ചെഴും
യോഗി-
മുഖ്യന്മാർ പരിശുദ്ധമായിടും മാനസത്തിൽ
നിത്യവും ദർശിച്ചീടും യോഗേശനായീടുമാ-
ദൈത്യാരിഭഗവാനെ ഞാൻ നമസ്കരിക്കുന്നു.
27
അസഹ്യവേഗം പെടും ശക്തിത്രയത്തിനോടു-
മശേഷേന്ദ്രിയഗുണവിശേഷത്തോടുംകൂടി
കുത്സിതേന്ദ്രിയങ്ങളാലപ്രാപ്യമായീടുമാ-
സത്സരണിയിൽ സദാ സഞ്ചരിക്കുവോനായി
ശരണാഗതന്മാരെക്കാത്തുരക്ഷിച്ചീടുമ-
ക്കരുണാപയോധിക്കു തുടരെ നമസ്കാരം. 28
ആരുടെ മായതന്റെ മറയാലാത്മരൂപം
നേരേ സന്ദർശിക്കുവാൻ കഴിയാതിരിക്കുന്നു,
ആരാലുമനാക്രാന്തമായിടും മാഹാത്മ്യമാ-
ച്ചേരുമബ്ഭഗവാനെശ്ശരണംഗമിക്കുന്നേൻ.
29

ഹര്യവതാരം

ശ്രീശുകൻ പറഞ്ഞു

ഇത്തരം മൂർത്തിഭേദമററെഴുമുത്കൃഷ്ടമാം
തത്ത്വത്തെ നന്നായ് സ്തുതിച്ചീടുമഗ്ഗജേന്ദ്രനെ
നാനാമൂർത്തിഭേദാഭിമാനികളജാദ്യരാം
വാനവവര്യരാരും തിരിഞ്ഞുനോക്കാഞ്ഞ-
പ്പോൾ
നിഖിലാത്മകത്വത്താലഖിലദേവരൂപൻ
സുകൃതിഗമ്യൻ ഹരി പ്രത്യക്ഷപ്പെട്ടീടിനാൻ.
30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം തദ്വദാർത്തമുപലഭ്യ ജഗന്നിവാസഃ
സ്തോത്രം നിശമ്യ ദിവിജൈഃ സഹ സംസ്തുവദ്ഭിഃ
ഛന്ദോമയേന ഗരുഡേന സമുഹ്യമാന-
ശ്ചക്രായുധോഽഭ്യഗമദാശു യതോ ഗജേന്ദ്രഃ. 31
സോഽന്തഃസരസ്യുരുബലേന ഗൃഹീത ആർത്തോ
ദൃഷ്ട്വാ ഗരുത്മതി ഹരിം ഖ ഉപാത്തചക്രം
ഉത്ക്ഷിപ്യ സാംബുജകരം ഗിരമാഹ കൃച്ഛ്റാ-
''ന്നാരായണാഖിലഗുരോ, ഭഗവൻ! നമസ്തേ.'' 32
തം വീക്ഷ്യ പീഡിതമജഃ സഹസാവതീര്യ
സഗ്രാഹമാശു സരസഃ കൃപയോജ്ജഹാര
ഗ്രാഹാദ്വിപാടിതമുഖാദരിണാ ഗജേന്ദ്രം
സംപശ്യതാം ഹരിരമൂമുചദുസ്രിയാണാം. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ഗജേന്ദ്രമോക്ഷണേ തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

ശ്രീശുക ഉവാച
തദാ ദേവർഷിഗന്ധർവ്വാ ബ്രഹ്മേശാനപുരോഗമാഃ
മുമുചുഃ കുസുമാസാരം ശംസന്തഃ കർമ്മ തദ്ധരേഃ. 1
നേദുർദുന്ദുഭയോ ദിവ്യാ ഗന്ധർവ്വാ നനൃതുർജ്ജഗുഃ
ഋഷയശ്ചാരണാഃ സിദ്ധാസ്തുഷ്ടുവുഃ പുരുഷോത്തമം. 2
യോഽസൗ ഗ്രാഹഃ സ വൈ സദ്യഃ പരമാശ്ചര്യരൂപധൃക്
മുക്തോ ദേവലശാപേന ഹൂഹൂർഗ്ഗന്ധർവ്വസത്തമഃ. 3
പ്രണമ്യ ശിരസാധീശമുത്തമശ്ലോകമവ്യയം
അഗായത യശോധാമ കീർത്തന്യഗുണസത്കഥം. 4
സോഽനുകമ്പിത ഈശേന പരിക്രമ്യ പ്രണമ്യ തം
ലോകസ്യ പശ്യതോ ലോകം സ്വമഗാന്മുക്തകില്ബിഷഃ. 5
ഗജേന്ദ്രോ ഭഗവത്സ്പർശാദ്വിമുക്തോഽജ്ഞാനബന്ധനാത്
പ്രാപ്തോ ഭഗവതോ രൂപം പീതവാസാശ്ചതുർഭുജഃ. 6
സ വൈ പൂർവ്വമഭൂദ് രാജാ പാണ്ഡ്യോ ദ്രവിഡസത്തമഃ
ഇന്ദ്രദ്യുമ്ന ഇതി ഖ്യാതോ വിഷ്ണുവ്രതപരായണഃ. 7
സ ഏകദാഽഽരാധനകാല ആത്മവാൻ
ഗൃഹീതമൗനവ്രത ഈശ്വരം ഹരിം
ജടാധരസ്താപസ ആപ്ലുതോഽച്യുതം
സമർച്ചയാമാസ കുലാചലാശ്രമഃ. 8
യദൃച്ഛയാ തത്ര മഹാശയാ മുനിഃ
സമാഗമച്ഛിഷ്യഗണൈഃ പരിശ്രിതഃ
തം വീക്ഷ്യ തൂഷ്ണീമകൃതാർഹണാദികം
രഹസ്യുപാസീനമൃഷിശ്ചുകോപ ഹ. 9
തസ്മാ ഇമം ശാപമദാ''ദസാധു-
രയം ദുരാത്മാഽകൃതബുദ്ധിരദ്യ
വിപ്രാവമന്താ വിശതാം തമോഽന്ധം
യഥാ ഗജഃ സ്തബ്ധമതിഃ സ ഏവ.'' 10

ശ്രീശുക ഉവാച
ഏവം ശപ്ത്വാ ഗതോഽഗസ്ത്യോ ഭഗവാൻ, നൃപ, സാനുഗഃ
ഇന്ദ്രദ്യുമ്നോഽപി രാജർഷിർദ്ദിഷ്ടം തദുപധാരയൻ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാദരം ചുററുംനിന്നു വാഴ്ത്തീടും സുരരൊത്തു
വേദമൂർത്തിയാം താർക്ഷ്യവാഹനംതന്നിലേറി
ദുഃഖിതനായീടുമാവാരണേന്ദ്രനെപ്പാർത്തും
ഭക്തിനിർഭരമാം തത്സ്തുതികൾ കേട്ടുകൊണ്ടും
വേഗത്തിൽ ഗജശ്രേഷ്ഠൻ നിന്നിടും സ്ഥാന-
ത്തേക്കാ-
യാഗമിച്ചീടിനാനബ്ഭഗവാൻ ചക്രപാണി.
31

തടാകമദ്ധ്യത്തിങ്കലതിശക്തനാം നക്രം
കടിച്ചുവലിക്കയാലത്യാർത്തനഗ്ഗജേന്ദ്രൻ
അന്തരിക്ഷത്തിൽ താർക്ഷ്യഗളത്തിൽ ചക്രാ-
യുധം
പൊന്തിച്ചു പിടിച്ചെഴും ശ്രീഹരിതന്നെക്കണ്ടു
താമരപ്പൂക്കളാലുമത്തുമ്പിക്കൈയുയർത്തി
''ഹേ മധുരിപോ! ലോകഗുരോ! തേ നമ-
സ്കാരം''
എന്ന വാക്കുകൾമാത്രം വളരെപ്പണിപ്പെട്ടു
തന്നുടെ നാവിൽനിന്നും ബഹിർഗമിപ്പി-
ച്ചിതു. 32

അജനാംഹരി സരോമദ്ധ്യത്തിൽ പ്രപീഡിതൻ
ഗജശ്രേഷ്ഠനെക്കണ്ടു കാരുണ്യാധീനനായി
പെട്ടെന്നിറങ്ങിച്ചെന്നത്തടാകംതന്നിൽനിന്നും
തിട്ടയിൽ ഗ്രാഹത്തോടഗ്ഗജത്തെ വലിച്ചേററി
ചക്രത്താലന്നക്രത്തിൻ വക്ത്രത്തെക്കീറിസ്സുര-
ചക്രംകാൺകവേ ഗജമുഖ്യനെ മോചിപ്പി-
ച്ചാൻ. 33

അദ്ധ്യായം 4

ഗജേന്ദ്രമോക്ഷം—തുടർച്ച—പൂർവവൃത്താന്തം

ശ്രീശുകൻ പറഞ്ഞു

ബ്രഹ്മാവു, ശിവൻമുൻപാമുമ്പരും ഗന്ധർവരും
ചെമ്മേ ദേവർഷിമാരുമപ്പൊഴബ്ഭഗവാനെ
ഭക്തവാത്സല്യം സ്പഷ്ടമാക്കുമീ ശ്രേഷ്ഠകർമ്മം
മേല്ക്കുമേൽ പ്രശംസിച്ചു പൂമാരി ചൊരി-
ഞ്ഞിതു. 1
മുഴങ്ങി ദുന്ദുഭ്യാദി ദിവ്യവാദ്യങ്ങൾ മോദം-
മുഴുത്തു ഗന്ധർവന്മാർ പാടി നർത്തനംചെയ്താർ.
സിദ്ധചാരണന്മാരും മഹർഷിമാരും പിന്നെ-
ഉത്തമപുമാൻതന്നെ സ്തുതിച്ചാർ പലേവിധം. 2
ഹൂഹുവെന്നാഖ്യയാളുമൊരു ഗന്ധർവനാണീ
ഗ്രാഹമായ് ഭവിച്ചതു ദേവലശാപത്തിനാൽ.

ഈവിധം വീണ്ടും ശാപമോക്ഷവാക്യാനു-
സാരം
കൈവരിച്ചിതു നിജമാശ്ചര്യകരംരൂപം. 3
ഉത്തമശ്ലോകനായി കീർത്തനീയങ്ങളാകും
സത്യമാം ചരിതങ്ങളൊത്തുചേർന്നവനായി
കീർത്തിധാമമായ് നാശഹീനനാമീശനെത്ത-
ന്മൂർദ്ധാവാൽ നമിച്ചവൻ സ്തുതിച്ചു ഗാനം-
ചെയ്താൻ. 4
പിന്നെയബ്ഭഗവാനാലനുഗൃഹീതനായി-
ട്ടന്യൂനം പ്രദക്ഷിണനമസ്കാരങ്ങൾചെയ്തു
എല്ലാരും നോക്കിനില്ക്കേ,പ്പാപനിർമ്മുക്ത-
നായി-
സ്സോല്ലാസം പോയാനവൻ ഗന്ധർവലോക-
ത്തേക്കായ്. 5
ഭഗവത്സ്പർശനത്താലജ്ഞാനബന്ധത്തിൽനി-
ന്നകന്നു മുക്തനായിട്ടക്ഷണമഗ്ഗജേന്ദ്രൻ
പീതവസ്ത്രവും നാലുകൈകളുമൊത്തിണങ്ങി-
ദൈതേയവൈരിയാകും ഹരിതൻ രൂപം-
പൂണ്ടാൻ. 6
പൂർവജന്മത്തിപ്പുമാൻ വൈഷ്ണവവ്രതങ്ങളിൽ
തീവ്രനിഷ്ഠനായ് പാണ്ഡ്യദേശാധിപതി-
യായി
ഇന്ദ്രദ്യുമ്നാഭിഖ്യയാൽ വിഖ്യാതനായുള്ളൊരു
മന്നവനായിരുന്നെന്നറിക ധരാപതേ! 7
ജടാധാരിയായ് സ്നാനംകഴിച്ചു മനം നന്നാ-
യടക്കി മൗനംപൂണ്ടു കുലശൈലാശ്രമത്തിൽ
തപസ്സാചരിച്ചവൻ വാഴവേയൊരുനാളിൽ
തപിക്കുന്നവർക്കുള്ള സങ്കടം തീർത്തുപോററും
അച്യുതഭഗവാനെയേകാന്തഭാവത്തോടു-
മർച്ചനംചെയ്തുകൊണ്ടങ്ങിരിക്കയായിരുന്നു. 8
പെട്ടെന്നഗസ്ത്യൻ മഹാകീർത്തിമാൻ മുനീശ്വര-
നൊട്ടേറെശ്ശിഷ്യന്മാരുമൊത്തങ്ങു ചെന്നാകേറി.
മൗനിയായ് സൽക്കരിക്കാതേകാന്തമി-
രിക്കും ഭൂ-
ജാനിയെക്കണ്ടു കോപാവിഷ്ടനായ്ത്തീർന്നീ-
ടിനാൻ. 9
''ദുർബ്ബുദ്ധിയായിച്ചിന്താശൂന്യനായസാധുവാ-
മിപ്പുമാനിപ്പോൾ വിപ്രനിന്ദയാചരിക്കയാൽ
ഇവന്റെ മതി ഗജബുദ്ധിപോൽ സ്തംഭിച്ചുപോ-
യിവനിക്ഷണം ഗാഢതമസ്സിൽ പതി-
ക്കട്ടെ.'' 10

ശ്രീശുകൻ പറഞ്ഞു

ഇത്തരം ശാപമേകിയഗസ്ത്യമുനീശ്വരൻ
സത്വരം നിർഗ്ഗമിച്ചാൻ ശിഷ്യസംഘങ്ങളോടും.
തന്നുടെ പൂർവകർമ്മഫലമായിതു വന്നു-
ചേർന്നതായോർത്താനിന്ദ്രദ്യുമ്നനാം രാജർഷിയും. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആപന്നഃ കൗഞ്ജരീം യോനിമാത്മസ്മൃതിവിനാശിനീം
ഹര്യർച്ചനാനുഭാവേന യദ്ഗജത്വേഽപ്യനുസ്മൃതിഃ. 12

ഏവം വിമോക്ഷ്യ ഗജയൂഥപമബ്ജനാഭ-
സ്തേനാപി പാർഷദഗതിം ഗമിതേന യുക്തഃ
ഗന്ധർവ്വസിദ്ധവിബുധൈരുപഗീയമാന-
കർമ്മാദ്ഭുതം സ്വഭവനം ഗരുഡാസനോഽഗാത്. 13

ഏതന്മഹാരാജ, തവേരിതോ മയാ
കൃഷ്ണാനുഭാവോ ഗജരാജമോക്ഷണം
സ്വർഗ്ഗ്യം യശസ്യം കലികല്മഷാപഹം
ദുഃസ്വപ്നനാശം, കുരുവര്യ, ശൃണ്വതാം. 14

യഥാനുകീർത്തയന്ത്യേതച്ഛ്റേയസ്കാമാ ദ്വിജാതയഃ
ശുചയഃ പ്രാതരുത്ഥായ ദുഃസ്വപ്നാദ്യുപശാന്തയേ. 15

ഇദമാഹ ഹരിഃ പ്രീതോ ഗജേന്ദ്രം കുരുസത്തമ!
ശൃണ്വതാം സർവ്വഭൂതാനാം സർവ്വഭൂതമയോ വിഭുഃ. 16

ശ്രീഭഗവാനുവാച

യേ മാം ത്വാം ച സരശ്ചേദം ഗിരികന്ദരകാനനം.
വേത്രകീചകവേണൂനാം ഗുല്മാനി സുരപാദപാൻ. 17

ശൃങ്ഗാണീമാനി ധിഷ്ണ്യാനി ബ്രഹ്മണോ മേ ശിവസ്യ ച
ക്ഷീരോദം മേ പ്രിയം ധാമ ശ്വേതദ്വീപം ച ഭാസ്വരം. 18

ശ്രീവത്സം കൗസ്തുഭം മാലാം ഗദാം കൗമോദകീം മമ
സുദർശനം പാഞ്ചജന്യം സുപർണ്ണം പതഗേശ്വരം. 19

ശേഷം ച മത്കലാം സൂക്ഷ്മാം ശ്രിയം ദേവീം മദാശ്രയാം
ബ്രഹ്മാണം നാരദമൃഷിം ഭവം പ്രഹ്ലാദമേവ ച. 20

മത്സ്യകൂർമ്മവരാഹാദ്യൈരവതാരൈഃ കൃതാനി മേ
കർമ്മാണ്യനന്തപുണ്യാനി സൂര്യം സോമം ഹുതാശനം. 21

പ്രണവം സത്യമവ്യക്തം ഗോവിപ്രാൻ ധർമ്മമവ്യയം
ദാക്ഷായണീർധർമ്മപത്നീഃ സോമകശ്യപയോരപി. 22

ഗങ്ഗാം സരസ്വതീം നന്ദാം കാളിന്ദീം സിതവാരണം
ധ്രുവം ബ്രഹ്മർഷീൻ സപ്ത പുണ്യശ്ലോകാംശ്ച മാനവാൻ. 23

ഉത്ഥായാപരരാത്രാന്തേ പ്രയതാഃ സുസമാഹിതാഃ
സ്മരന്തി മമ രൂപാണി മുച്യന്തേ ഹ്യേനസോഽഖിലാത്. 24

യേ മാം സ്തുവന്ത്യനേനാങ്ഗ, പ്രതിബുധ്യ നിശാത്യയേ
തേഷാം പ്രാണാത്യയേ ചാഹം ദദാമി വിമലാം മതിം. 25

ശ്രീശുക ഉവാച

ഇത്യാദിശ്യ ഹൃഷീകേശഃ പ്രധ്മായ ജലജോത്തമം
ഹർഷയന്വിബുധാനീകമാരുരോഹ ഖഗാധിപം. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ഗജേന്ദ്രമോക്ഷണം നാമ ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

ശ്രീശുക ഉവാച

രാജന്നുദിതമേതത് തേ ഹരേഃ കർമ്മാഘനാശനം
ഗജേന്ദ്രമോക്ഷണം പുണ്യം രൈവതം ത്വന്തരം ശൃണു. 1

പഞ്ചമോ രൈവതോ നാമ മനുസ്താമസസോദരഃ
ബലിവിന്ധ്യാദയസ്തസ്യ സുതാ അർജ്ജുനപൂർവ്വകാഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നവനാത്മചിന്താനഹ്മാം ഗജയോനി-
തന്നിൽ പോയ് ജനിച്ചിതു ശാപത്തിൻഫല-
മായി.

മുന്നമീ നൃപൻ ചെയ്ത ഹരിപൂജനത്തിനാൽ
നിന്നതാണവനിലിപ്പൂർവ്വജന്മത്തിൻ സ്മൃതി. 12

ബ്രഹ്മാദിദേവന്മാർക്കുമുത്പത്തിസ്ഥാനമാകു-
മമ്മഹാവിഷ്ണുദേവനിമ്മട്ടുഗ്ഗജേന്ദ്രനെ

പാർഷദനാക്കിവരിച്ച, വന്ദംപ്പെട്ട ഭൃത്യ-
രാശിയുമൊത്തു ദേവഗന്ധർവ്വസ്തുതനായി

ഗരുഡോപരിസ്ഥനായ് വേഗമത്യന്താദ്ഭുത-
കരമായീടും നിജനിലയം പൂകീടിനാൻ. 13

കേൾക്കന്നേവക്ശേഷം കലികില്ബിഷം പാടേ
പോക്കുവാൻ ശക്തമായ് ദുസ്സ്വപ്നങ്ങളൊഴിപ്പ-
തായ്

യശസ്യമായി സ്വർഗ്ഗ്യമായി ശ്രീഹരികഥാ-
പ്രശസ്തമീഗജേന്ദ്രമോക്ഷമിങ്ങനെ
ചൊന്നേൻ. 14

ശ്രേയസ്സാഗ്രഹിക്കും ദ്വിജാതികളുഷസ്സിങ്കൽ
പോയിക്കുളിച്ചു ശുദ്ധമായിരുന്നെല്ലാനാളും

ദുഃസ്വപ്നാദ്യങ്ങളെല്ലാം ശമിപ്പാനിച്ചരിത്രം
ഔത്സുക്യത്തോടു നിത്യം കീർത്തനംചെയ്തീ-
ടുന്നു. 15

ഭഗവാൻ ഹരിസർവ്വഭൂതസ്വരൂപൻ വിഭു
സകലജനങ്ങളും കേൾക്കമാറിപ്രകാരം

സരസ്തീരത്തുവച്ചബ്ഭക്തപ്രധാനനോടാ-
യരുളിച്ചെയ്താനതും ഭവാനോടരുളാം ഞാൻ. 16

ശ്രീഭഗവാൻ പറഞ്ഞു

എന്നെയും നിന്നെയുമിത്തടാകത്തെയും
പുന-
രുന്നതഗിരി വനം ഗുഹയെന്നിവയേയും

ചൂരലും മുളകളും മുട്ടമിക്കടിലുകൾ,
ചാരുമന്ദാരദാരുനിവഹമിശ്ശൃംഗങ്ങൾ

എൻെറയും ശ്രീമഹേശൻതൻെറയും നിവാ-
സങ്ങൾ

എൻെറയാ പ്രിയപ്പെട്ട ധാമമാം ക്ഷീരോദധി,

ഭാസുരശ്വേതദ്വീപം, ശ്രീവത്സം, വനമാല,
കൗസ്തുഭം, കൗമോദകീഗദ, മത്പാഞ്ചജന്യം

സുദർശനാഖ്യം ചക്രമെന്നിവയേയും താർക്ഷ്യൻ,
മദീയാശ്രയലക്ഷ്മി, മത്സൂക്ഷ്മകലശേഷൻ,

ബ്രഹ്മാവു, മഹേശ്വരൻ, പ്രഹ്ളാദൻ നാരദർഷി-
യെന്മത്സ്യകൂർമ്മാദ്യവതാരമൂർത്തികൾക്കെഴും

അനന്തപുണ്യപ്രദകർമ്മങ്ങൾ, സൂര്യൻ, ചന്ദ്ര-
നനല, നവ്യയമാം ധർമ്മ, മവ്യക്തം, സത്യം.

പ്രണവം, ഗോക്കൾ, വിപ്രർ, സോമകശ്യപ-
കാന്താ-
ജനങ്ങൾ, ധർമ്മപത്നിമാരാം ദക്ഷജമാതൃ

ഗംഗയും, സരസ്വതി, നന്ദയും, കാളിന്ദിയെ-
ന്നിങ്ങനെയുള്ള പുണ്യനദികളൈരാവതം

സപ്തർഷിമാരും ധ്രുവമേദിനീപാലൻ, പിന്നെ
സത്പുരുഷന്മാരുമെന്നിച്ചൊന്ന സർവ്വത്തെയും.

സ്മരിച്ചിട്ടുഷഃകാലത്തെഴുന്നേററിന്നിലുള്ള-
മുറപ്പിച്ചേററം ഭക്തിപൂർവ്വമെൻരൂപങ്ങളെ

ധ്യാനിക്കുന്നവൻ സർവ്വകില്ബിഷങ്ങളിൽ-
നിന്നും

താനേ വിമോചിച്ചീടുമില്ല സംശയമേതും.
17-24

പ്രാതഃകാലത്തുണന്നിട്ടേതവനീ നിൻ സ്തോത്രം
സാദരം ചൊല്ലിയെന്നെ സ്തുതിക്കുമവന്നു ഞാൻ

പ്രാണാവസാനകാലം സമീപയത്തിൽ
നില്ക്കും

ചേണാന്ന ബുദ്ധി ദാനംചെയ്തീടുമസംശയം.
25

ശ്രീശുകൻ പറഞ്ഞു

ഇത്തരമവനോടായരുളിപ്പാഞ്ചജന്യ-
മുത്തമശംഖമൂതിയമർത്ത്യക്കാകമാനം

മുത്തലം ചേർത്തുകൊണ്ടബ്ഭഗവാൻ ഹൃഷീ-
കേശൻ

പത്രീന്ദ്രവാഹനത്തിൽക്കയറിയിരുന്നിതു. 26

അദ്ധ്യായം 5

പാലാഴിമഥനം—ദേവസ്തുതി

ശ്രീശുകൻ പറഞ്ഞു

കല്മഷാപഹമായി ശ്രീഹരിയുടെ പുണ്യ-
കർമ്മമാമഗ്ഗജേന്ദ്രമോക്ഷണം ചൊന്നശേഷം

രൈവതമന്വന്തരം പറയാൻ തുടങ്ങുന്നു
ഭൂവരശിഖാമണേ! ശ്രദ്ധിച്ചു കേട്ടുകൊൾക. 1

താമസമനുസഹോദരനായ് പ്രിയവ്രത-
ഭൂമീശപുത്രനാകം രൈവതനഞ്ചാംമനു

തദീയതനുജന്മാരർജ്ജുനൻ, ബലി, വിന്ധ്യൻ
മുതലായവരെന്നമറിഞ്ഞീടുക ധീമൻ! 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഭുരിന്ദ്രഃ സുരഗണാ, രാജൻ, ഭൂതരയാദയഃ
ഹിരണ്യരോമാ വേദശിരാ ഊർദ്ധ്വബാഹ്വാദയോ ദ്വിജാഃ. 3
പത്നീ വികുണ്ഠാ ശുഭ്രസ്യ വൈകുണ്ഠൈഃ സുരസത്തമൈഃ
തയോഃ സ്വകലയാ ജജ്ഞേ വൈകുണ്ഠോ ഭഗവാൻ സ്വയം. 4
വൈകുണ്ഠഃ കല്പിതോ യേന ലോകോ ലോകനമസ്കൃതഃ
രമയാ പ്രാർത്ഥ്യമാനേന ദേവ്യാ തത്പ്രിയകാമ്യയാ. 5
തസ്യാനുഭാവഃ കഥിതോ ഗുണാശ്ച പരമോദയാഃ
ഭൗമാൻ രേണൂൻ സ വിമമേ യോ വിഷ്ണോർവ്വർണ്ണയേദ്ഗുണാൻ. 6
ഷഷ്ഠശ്ച ചക്ഷുഷഃ പുത്രശ്ചാക്ഷുഷോ നാമ വൈ മനുഃ
പൂരുപൂരുഷസുദ്യുമ്നപ്രമുഖാശ്ചാക്ഷുഷാത്മജാഃ. 7
ഇന്ദ്രോ മന്ത്രദ്രുമസ്തത്ര ദേവാ ആപ്യാദയോ ഗണാഃ
മുനയസ്തത്ര വൈ, രാജൻ, ഹവിഷ്മദ്വീരകാദയഃ. 8
തത്രാപി ദേവഃ സംഭൂത്യാം വൈരാജസ്യാഭവത് സുതഃ
അജിതോ നാമ ഭഗവാനംശേന ജഗതഃ പതിഃ. 9
പയോധിം യേന നിർമ്മഥ്യ സുരാണാം സാധിതാ സുധാ
ഭ്രമമാണോഽംഭസി ധൃതഃ കൂർമ്മരൂപേണ മന്ദരഃ. 10

രാജോവാച

യഥാ ഭഗവതാ, ബ്രഹ്മൻ, മഥിതഃ ക്ഷീരസാഗരഃ
യദർത്ഥം വാ യതശ്ചാദ്രിം ദധാരാംബുചരാത്മനാ. 11
യഥാമൃതം സുരൈഃ പ്രാപ്തം കിഞ്ചാന്യദഭവത് തതഃ
ഏതദ്ഭഗവതഃ കർമ്മ വദസ്വ പരമാദ്ഭുതം. 12
ത്വയാ സങ്കഥ്യമാനേന മഹിമ്നാ സാത്വതാം പതേഃ
നാതിതൃപ്യതി മേ ചിത്തം സുചിരം താപതാപിതം. 13

സൂത ഉവാച

സംപൃഷ്ടോ ഭഗവാനേവം ദ്വൈപായനസുതോ ദ്വിജാഃ
അഭിനന്ദ്യ ഹരേർവീര്യമഭ്യാചഷ്ടും പ്രചക്രമേ. 14

ശ്രീശുക ഉവാച

യദാ യുദ്ധേഽസുരൈർദ്ദേവാ ബാധ്യമാനാഃ ശിതായുധൈഃ
ഗതാസവോ നിപതിതാ നോത്തിഷ്ഠേരൻ സ്മ ഭൂയശഃ. 15
യദാ ദുർവ്വാസസഃ ശാപാത് സേന്ദ്രാ ലോകാസ്ത്രയോ നൃപ!
നിഃശ്രീകാശ്ചാഭവംസ്തത്ര നേശുരിജ്യാദയഃ ക്രിയാഃ. 16
നിശാമ്യൈതത് സുരഗണാ മഹേന്ദ്രവരുണാദയഃ
നാധ്യഗച്ഛൻ സ്വയം മന്ത്രൈർമ്മന്ത്രയന്തോ വിനിശ്ചയം. 17
തതോ ബ്രഹ്മസഭാം ജഗ്മുർമേരോർമ്മൂർദ്ധനി സർവ്വശഃ
സർവ്വം വിജ്ഞാപയാഞ്ചക്രുഃ പ്രണതാഃ പരമേഷ്ഠിനേ. 18
സ വിലോക്യേന്ദ്രവായ്വാദീൻ നിഃസത്ത്വാൻ വിഗതപ്രഭാൻ
ലോകാനമംഗലപ്രായാനസുരാനയഥാ വിഭുഃ. 19
സമാഹിതേന മനസാ സംസ്മരൻ പുരുഷം പരം
ഉവാചോത്ഫുല്ലവദനോ ദേവാൻ സ ഭഗവാൻ പരഃ. 20

''അഹം ഭവോ യൂയമഥോഽസുരാദയോ
മനുഷ്യതിര്യഗ്ദ്രുമഘർമ്മജാതയഃ
യസ്യാവതാരാംശകലാവിസർജ്ജിതാ
വ്രജാമ സർവ്വേ ശരണം തമവ്യയം. 21
ന യസ്യ വധ്യോ ന ച രക്ഷണീയോ
നോപേക്ഷണീയാദരണീയപക്ഷഃ
അഥാപി സർഗ്ഗസ്ഥിതിസംയമാർത്ഥം
ധത്തേ രജഃസത്ത്വതമാംസി കാലേ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഭുവാണിന്ദ്രൻ, ഭൂതരയാദ്യരത്രേ വിണ്ണോർ
നൃപതേ! വേദശിരസ്സുദ്ധ്വബാഹുവും പിന്നെ
ദേവബാഹുവു,മഥ ഹിരണ്യരോമാ,സുധാ-
മാവുപർജ്ജന്യൻ, മഹാമുനിയും സപ്തഷികാം. 3
ശുഭ്രന്റെ വികുണ്ഠയായീടുന്ന പത്നിയിൽത്ത-
ദർഭകനായി വിഷ്ണുഭഗവാൻ സ്വാംശത്തിനാൽ
വൈകുണ്ഠാഖ്യരാം ദേവന്മാരൊടും സ്വേച്ഛ-
യാലേ
വൈകുണ്ഠനാമംപൂണ്ടിട്ടന്നവതരിച്ചിതു. 4
ലോകങ്ങളശേഷവും നിത്യവും നമിക്കുമാ-
വൈകുണ്ഠലോകം നിജസങ്കല്പശക്തിയാലേ
രമയാലഭ്യർത്ഥിതൻ വൈകുണ്ഠദേവനന്നു
ചമച്ചാൻ പ്രിയാകാമസമ്പൂർത്തിവരുത്തു-
വാൻ. 5
ഭഗവാൻ വൈകുണ്ഠൻതൻ പ്രഭാവം ഗുണങ്ങളും
മികച്ച വൃദ്ധിയും ഞാൻ ചൊന്നിതു ഭവാനോ-
ടായ്.
ആ ദേവൻതൻ ഗുണൗഘം വർണ്ണിപ്പാൻ
ഭാവിപ്പതു
മേദിനീരേണുക്കളെയെണ്ണുവാൻ ശ്രമിക്കയാം. 6
ആറാമൻ മനു ചക്ഷുസ്സുതനാം ചാക്ഷുഷൻതാൻ,
പൂരു, പൂരുഷൻ, സുദ്യുമ്നാദ്യരും തത്സുതന്മാർ. 7
സ്വർപ്പതി മന്ത്രദ്രുമനായിരുന്നാനക്കാല-
ത്താപ്യാദ്യർസുരന്മാരും വീരകൻ ഹവിഷ്മാവും
മധുവും സുമേധസ്സുമുത്തമനസഹിഷ്ണു-
വതിനാമാവെന്നിവർ സപ്തർഷിമാരുമായി. 8
അക്കാലം ജഗത്പതി ഭഗവാനജിതാഖ്യ-
കൈക്കൊണ്ടു വൈരാജന്റെ പത്നിയാം സംഭൂ-
തിയിൽ
തത്പുത്രനായി സ്വാംശത്തോടവതാരം
കൈക്കൊ-
ണ്ടദ്ഭുതപ്രവൃത്തികളധികം ചെയ്തീടിനാൻ. 9
അംബുധീമഥനംചെയ്തജിതൻ സുരന്മാർക്കു
സമ്മാനിച്ചിതു സുധ, സമുദ്രമന്ഥനത്തിൽ
മത്തായ മന്ദരാദ്രിയബ്ധിയിൽത്താഴ്‌തീക്ഷി-
ച്ചത്യരം കൂർമ്മമായിത്താങ്ങിനാൻ പൃഷ്ഠത്തി-
നാൽ. 10

രാജാവു പറഞ്ഞു

എങ്ങനെ മഥിച്ചു പാലാഴിയെബ്ഭഗവാനു-
ത്തുംഗമാം പരിശ്രമമാർക്കുവേണ്ടീട്ടു ചെയ്തു?
ആമയായാവിർഭവിച്ചാ മന്ദരാഭിഖ്യമാം
മാമല പൃഷ്ഠംകൊണ്ടു താങ്ങാനുമെന്തുമൂലം? 11
ഏതുമട്ടമരന്മാർക്കമൃതം ലഭിച്ചു പി-
ന്നേതെല്ലാം വിശേഷമായതിൽനിന്നുണ്ടാ-
യിതു?
ഭഗവത്കഥയെല്ലാമദ്ഭുതകരങ്ങളാ-
ണഖിലം വിസ്തരിച്ചങ്ങരുളിച്ചെയ്തീടണം. 12
താവകമുഖാബ്ജത്തിൽനിന്നിഴിഞ്ഞീടും
വാസു-
ദേവമാഹാത്മ്യാമൃതം പാരമാസ്വാദിക്കിലും
ചിരതപ്തമാം മമ മാനസത്തിന്നു മതി-
വരുന്നില്ലെന്നുള്ളതു ധരിക്ക മഹാമുനേ! 13

സൂതൻ പറഞ്ഞു

ഈവിധം പരീക്ഷിത്തിൻ ചോദ്യങ്ങൾ
കേട്ടിട്ടനു-
ഭാവത്തോടാ മന്നനെയഭിനന്ദിച്ചു പാരം
ശ്രീശുകമുനീശ്വരനരുളിച്ചെയ്തീടിനാൻ
ശ്രീശനാംഭഗവാന്റെ വിക്രമമനുക്രമം. 14

ശ്രീശുകൻ പറഞ്ഞു

യുദ്ധത്തിൽ നിർജ്ജരന്മാർ ദൈത്യവർഗ്ഗത്തിൻ
ശിത-
ശസ്ത്രങ്ങളേററു ചത്തു നിലത്തു വീണീടവേ, 15
ദുർവ്വാസസ്സിന്റെ ശാപംനിമിത്തം ദേവേന്ദ്രനും
മൂവുലകരും പാരമശ്രീകരായീടവേ,
യാഗാദികർമ്മങ്ങളും സർവ്വത്ര മുടങ്ങവേ,
പാകാരിപാശ്യാദ്യരാം സുരന്മാരിതു പാർത്തു,
കൂടിയാലോചിച്ചതിലിതിന്നുവേണ്ടും പരി-
പാടിയെന്തെന്നു തീർച്ചയാക്കാതെ കുഴങ്ങിനാർ.
16-17
പിന്നെയേവരുംചേർന്നു മേരുവിൻ മൂർദ്ധാവിങ്കൽ
മിന്നിടും പിതാമഹധാമത്തിലേറിച്ചെന്നു
പരമേഷ്ഠിയെ വീണു നമസ്കരിച്ചശേഷം
പരിചിൽ പരമാർത്ഥമാകവേ ധരിപ്പിച്ചാർ. 18
ശക്രാനിലാദി ദേവന്മാർക്കേഴുമനൈശ്വര്യം
ശക്തിഹാനിയും ലോകർക്കാകവേയഭദ്രവും
ദാനവന്മാർക്കു വന്നോരഭിവൃദ്ധിയും ചതു-
രാനനൻ ശരിയായി മനസ്സിലാക്കീടിനാൻ. 19
മനമേകാഗ്രമാക്കിപ്പരമപുമാൻതന്നെ
മനനംചെയ്തീടിനാൻ പരനാം പിതാമഹൻ.
വികസിതാസ്യനായിബ്ഭഗവാനജൻ പിന്നെ
നിഗദിച്ചീടിനാനാ നിർജ്ജരന്മാരോടേവം: 20
''ഞാനും ശ്രീമഹേശനും നിങ്ങളും മർത്ത്യന്മാരും
ദാനവപക്ഷിമൃഗസ്വേദജവൃക്ഷാദിയും
ഏവൻതന്നംശമായിട്ടായിടാം ജനിച്ചതാ-
ദേവനെത്തന്നെ നമ്മൾ ശരണംപ്രാപി-
ക്കണം. 21
ഇല്ലവന്നാരും വധ്യൻ രക്ഷണീയനും പാർക്കി-
ലില്ലാരും ത്യജിപ്പാനുമാദരിച്ചീടുവാനും.
എങ്കിലും സൃഷ്ടിസ്ഥിതി സംഹാരകാര്യങ്ങൾ-
ക്കായ്
ശങ്കയെന്നിയേ ഗുണത്രയത്തെദ്ധരിക്കുന്നു. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം ച തസ്യ സ്ഥിതിപാലനക്ഷണഃ
സത്ത്വം ജൂഷാണസ്യ ഭവായ ദേഹിനാം
തസ്മാദ് വ്രജാമഃ ശരണം ജഗദ്ഗുരും
സ്വാനാം സ നോ ധാസ്യതി ശം സുരപ്രിയഃ.'' 23

ശ്രീശുക ഉവാച

ഇത്യാഭാഷ്യ സുരാന്വേധാഃ സഹ ദേവൈരരിന്ദമ!
അജിതസ്യ പദം സാക്ഷാജ്ജഗാമ തമസഃ പരം. 24

തത്രാദൃഷ്ടസ്വരൂപായ ശ്രുതപൂർവ്വായ വൈ, വിഭോ,
സ്തുതിമബ്രൂത ദൈവീഭിർഗ്ഗീർഭിസ്ത്വവഹിതേന്ദ്രിയഃ. 25

''അവിക്രിയം സത്യമനന്തമാദ്യം
ഗുഹാശയം നിഷ്കലമപ്രതർക്ക്യം
മനോഽഗ്രയാനം വചസാഽനിരുക്തം
നമാമഹേ ദേവവരം വരേണ്യം. 26

വിപശ്ചിതം പ്രാണമനോധിയാത്മനാ-
മർത്ഥേന്ദ്രിയാഭാസമനിദ്രമവ്രണം
ഛായാതപൌ യത്ര ന ഗൃധ്രപക്ഷൗ
തമക്ഷരം ഖം ത്രിയുഗം വ്രജാമഹേ. 27

അജസ്യ ചക്രം ത്വജയേര്യമാണം
മനോമയം പഞ്ചദശാരമാശു
ത്രിണാഭി വിദ്യുച്ചലമഷ്ടനേമി
യദക്ഷമാഹുസ്തമൃതം പ്രപദ്യേ. 28

യ ഏകവർണ്ണം തമസഃ പരം ത-
ദലോകമവ്യക്തമനന്തപാരം
ആസാഞ്ചകാരോപസുപർണ്ണമേന-
മുപാസതേ യോഗരഥേന ധീരാഃ. 29

ന യസ്യ കശ്ചാതിതിതർത്തി മായാം
യയാ ജനോ മുഹ്യതി വേദ നാർത്ഥം
തം നിർജ്ജിതാത്മാത്മഗുണം പരേശം
നമാമ ഭൂതേഷു സമം ചരന്തം. 30

ഇമേ വയം യത്പ്രിയയൈവ തന്വാ
സത്ത്വേന സൃഷ്ടാ ബഹിരന്തരാവിഃ
ഗതിം ന സൂക്ഷ്മാമൃഷയശ്ച വിദ്മഹേ
കുതോഽസുരാദ്യാ ഇതരപ്രധാനാഃ. 31

പാദൗ മഹീയം സ്വകൃതൈവ യസ്യ
ചതുർവ്വിധോ യത്ര ഹി ഭൂതസർഗ്ഗഃ
സ വൈ മഹാപൂരുഷ ആത്മതന്ത്രഃ
പ്രസീദതാം ബ്രഹ്മ മഹാവിഭൂതിഃ. 32

അംഭസ്തു യദ്രേത ഉദാരവീര്യം
സിധ്യന്തി ജീവന്ത്യുത വർദ്ധമാനാഃ
ലോകാസ്ത്രയോഽഥാഖിലലോകപാലാഃ
പ്രസീദതാം ബ്രഹ്മ മഹാവിഭൂതിഃ. 33

സോമം മനോ യസ്യ സമാമനന്തി
ദിവൗകസാം വൈ ബലമന്ധ ആയുഃ
ഈശോ നഗാനാം പ്രജനഃ പ്രജാനാം
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേഹികേക്ഷമാത്ഥം സത്ത്വഗുണത്തെസ്സ്വീക-
രിക്കും
ശ്രീഹരിക്കിപ്പോഠം സ്ഥിതിപാലനയോഗ്യ-
കാലം.
അതിനാൽ ജഗദ്ഗുരുവാകുമമ്പ്ഭഗവാനെ-
യധുനാ നമുക്കെല്ലാം ശരണംഗമിച്ചിടാം.
അമർത്ത്യപ്രിയങ്കരനദ്ദേഹം സ്വകീയരാം
നമുക്കു സുഖമേകിയനുഗ്രഹിക്കും ദൃഢം.'' 23

ശ്രീശുകൻ പറഞ്ഞു

ഈവിധമജൻ ദേവന്മാരോടു ചൊല്ലിട്ടീവ-
രേവരുമൊത്തു തമഃപരമായ് ശോഭിച്ചീടും
അജിതനാമപ്പരൻപുരുഷൻതൻെറ സാക്ഷാൽ
വൃജിനഹരംപദം പ്രാപിച്ചാരരിന്ദമാ! 24
അവിടെയദൃഷ്ടസ്വരൂപനായ് മുന്നമേത-
ച്ഛ്റവണപ്രവിഷ്ടനായീടിന ഭഗവാനെ
മാനസേന്ദ്രിയങ്ങളെയടക്കിയാഗമോക്ത-
സൂനൃതവാക്യങ്ങളാൽ സ്തുതിച്ചാൻ പിതാ-
മഹൻ. 25
''ആദ്യനായനന്തനായ് സത്യരൂപനായ്
വേദ-
വേദ്യനായ് നിരംശനായ് ഹൃദ്ഗുഹാശയാന
നായി
മനസ്സിനുമ്പേ ഗമിപ്പവനായ് വചസ്സിനാ-
ലനിർവാച്യനായ് ദേവവരനായ് വരേണ്യ
നായ്
ആരാലുമനൂഹ്യനമായി പ്രശോഭിച്ചിടും
ശ്രീരമാജാനേ! നമസ്കരിച്ചീടുന്നു ഞങ്ങഠം. 26
ചേതസ്സു, ബുദ്ധി, ജീവൻ, പ്രാണനെന്നുള്ളി
വററിൻ
ജ്ഞാതാവായിന്ദ്രിയാത്ഥദ്യോതകമായ്
വിളങ്ങും
ചൈതന്യമായിസ്സർവ്വവ്യാപിയായനന്തനായ്-
കൃതാദിയുഗം മൂന്നിലവതരിപ്പോനായി
ജീവനിൽപോലവിദ്യ, വിദ്യയെന്നിവയ്ക്കെഴും
ഭാവവും ലേശം കലന്നീടാതെയനാരതം
ശോകഹീനനായ് നിദ്രയെന്നിയേ ലസിച്ചീടും
വൈകുണ്ഠഭഗവാനെ നമിച്ചീടുന്നു ഞങ്ങഠം. 27
ആരുടെയനാദിയായീടുന്ന മായയാലേ
പ്രേരിതമായിജ്ജീവാത്മാവിൻെറ ചക്രംമട്ടിൽ
മാനസപ്രധാനമായ് പത്തിന്ദ്രിയങ്ങഠംപിന്നെ
പ്രാണങ്ങളഞ്ചിങ്ങനെ പതിനഞ്ചാരത്തോടും
സത്ത്വാദിഗുണങ്ങളാം ധാരത്രയത്തിനോടും
സത്വരം സഞ്ചരിക്കും മിന്നലെന്നതുപോലെ
പെട്ടെന്നു മിന്നിപ്പരം മറഞ്ഞീടുന്നതായും
പൃഥ്വിയും ജലം വഹ്നി വായുവാകാശം മനം
ബുദ്ധിയുമഹങ്കാരമെന്നെട്ടു നേമിയൊത്തും
ചുററിത്തിരിഞ്ഞീടുമീ ശരീരചക്രത്തിനു
നിത്യവുമച്ചുതണ്ടായ് പരിശോഭിച്ചീടുമാ-
സത്യമൂർത്തിയെ ഞങ്ങഠം ശരണംഗമിക്കുന്നു. 28
ജീവനെ നിയന്ത്രിച്ചു തത്സന്നിധാനത്തിൽത്താ-
നാവസിക്കുന്നെങ്കിലുമത്യന്തമവ്യക്തനായ്
ജ്ഞാനൈകരസാദ്ധ്യനായ് തമോഭിന്നനാ-
യാക്കും
കാണുവാനാകാത്തോനായാദ്യന്തഹീനനായി
സ്ഥിതനാമദ്ദേവനെ യോഗസ്യന്ദനംവഴി
മതിധീരതയാളും യോഗികളുപാസിപ്പൂ. 29
ഏതൊന്നാൽ ജനരാശി മോഹിതരായി-
ബ്ഭവി-
ച്ചേതുമേയാത്മാവിനെയറിയാതിരിക്കുമോ
നിന്തിരുവടിയുടെയാ മായതന്നേയാക്കും
ചിന്തിച്ചാലതിക്രമിച്ചീടുവാൻ സാധ്യമല്ല.
മായയെഗ്ഗുണത്രയസഹിതം ജയിച്ചാദി-
തേയന്മാംക്കുന്നല്ലെല്ലാ ജീവിക്കുമീശനായി
സർവഭൂതൗഘത്തിലും സമാനസ്വരൂപനാം
ഗോവിന്ദഭഗവാനെ നമിച്ചീടുന്നു ഞങ്ങഠം. 30
ഏതവന്നെഴും പ്രിയദേഹമാം സത്ത്വത്തിനാൽ
ജാതരാമീ ഞങ്ങളും മഹഷീശ്വരന്മാരും
അന്തർബ്ബഹിഃപ്രകാശമാനൻതാനായിട്ടുമാ-
നിന്തിരുവടിയുടെ സൂക്ഷ്മമായീടും ഗതി
അറിയുന്നില്ല പിന്നെയങ്ങന്യഗുണമുഖ്യ-
രറിഞ്ഞീടുമോ ഖലവൃത്തികളസുരാദ്യർ? 31
ഏതൊന്നിൽ ചതുർവിധസൃഷ്ടികഠം
വാഴുന്നിതാ
മേദിനിയങ്ങേയ്ക്കുള്ള പാദങ്ങഠംതന്നെയല്ലോ.
മഹദൈശ്വര്യസമവേതനായ് സ്വതന്ത്രനായ്
മഹാനായ്ബ്രഹ്മമാകുമദ്ദേവൻ പ്രസാദിക്ക 32
മൂന്നു ലോകവും ലോകപാലരുമെല്ലാംതാനേ-
തൊന്നിൽനിന്നുണ്ടായഭിവൃദ്ധമായ്
ജീവിക്കുന്നു
ഭൂരിവീര്യത്തോടെങ്ങും പരന്നുകിടക്കുമാ-
നീരമാരുടെ രേതസ്സായിട്ടു ഭവിക്കുന്നു. 33
ആദിതേയന്മാക്കുന്ന,മായുസ്സു, ക്കിയ വയായും
പാദപസമൂഹത്തിന്നശേഷം രാജാവായും
അനഘം പ്രജോത്പത്തിസ്ഥാനമായിട്ടും
മിന്നു-
മിന്ദുവാരുടെ മനസ്സാണെന്നു ചൊല്ലുന്നുവോ, 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിർമ്മുഖം യസ്യ തു ജാതവേദാ
ജാതഃ ക്രിയാകാണ്ഡനിമിത്തജന്മാ
അന്തഃസമുദ്രേഽനുപചൻ സ്വധാതൂൻ
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 35
യച്ചക്ഷുരാസീത് തരണിർദ്ദേവയാനം
ത്രയീമയോ ബ്രഹ്മണ ഏഷ ധിഷ്ണ്യം
ദ്വാരം ച മുക്തേരമൃതം ച മൃത്യുഃ
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 36
പ്രാണാദഭൂദ്യസ്യ ചരാചരാണാം
പ്രാണഃ സഹോ ബലമോജശ്ച വായുഃ
അന്വാസ്മ സമ്രാജമിവാനുഗാ വയം
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 37
ശ്രോത്രാദ്ദിശോ യസ്യ ഹൃദശ്ച ഖാനി
പ്രജജ്ഞിരേ ഖം പുരുഷസ്യ നാഭ്യാഃ
പ്രാണേന്ദ്രിയാത്മാസുശരീരകേതം
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 38
ബലാന്മഹേന്ദ്രസ്ത്രിദശാഃ പ്രസാദാ-
ന്മന്യോർഗ്ഗിരീശോ ധിഷണാദ്വിരിഞ്ചഃ
ഖേഭ്യശ്ച ഛന്ദാംസ്യൃഷയോ മേഢ്രതഃ കഃ
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 39
ശ്രീർവ്വക്ഷസഃ പിതരശ്ഛായയാഽഽസൻ
ധർമ്മഃ സ്തനാദിതരഃ പൃഷ്ഠതോഽഭൂത്
ദ്യൗര്യസ്യ ശീർഷ്ണോഽപ്സരസോ വിഹാരാത്
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 40
വിപ്രോ മുഖം ബ്രഹ്മ ച യസ്യ ഗുഹ്യം
രാജന്യ ആസീദ്ഭുജയോർബ്ബലം ച
ഊർവ്വോർവ്വിഡോജോഽങ്ഘ്രിരവേദശൂദ്രൗ
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 41
ലോഭോഽധരാത് പ്രീതിരുപര്യഭൂദ്ദ്യുതി-
ർന്നസ്തഃ പശവ്യഃ സ്പർശേന കാമഃ
ഭ്രുവോര്യമഃ പക്ഷ്മഭവസ്തു കാലഃ
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 42
ദ്രവ്യം വയഃ കർമ്മ ഗുണാന്വിശേഷം
യദ്യോഗമായാവിഹിതാന്വദന്തി
യദ്ദുർവ്വിഭാവ്യം പ്രബുധാപബാധം
പ്രസീദതാം നഃ സ മഹാവിഭൂതിഃ. 43
നമോഽസ്തു തസ്മാ ഉപശാന്തശക്തയേ
സ്വാരാജ്യലാഭപ്രതിപൂരിതാത്മനേ
ഗുണേഷു മായാരചിതേഷു വൃത്തിഭി-
ർന്ന സജ്ജമാനായ നഭസ്വദൂതയേ. 44
സ ത്വം നോ ദർശയാത്മാനമസ്മത്കരണഗോചരം 45
പ്രപന്നാനാം ദിദൃക്ഷൂണാം സസ്മിതം തേ മുഖാംബുജം.
തൈസ്തൈഃ സ്വേച്ഛാഭൂതൈ രൂപൈഃ കാലേ കാലേ സ്വയം വിഭോ! 46
കർമ്മ ദുർവ്വിഷഹം യന്നോ ഭഗവാംസ്തത് കരോതി ഹി.
ക്ലേശഭൂര്യല്പസാരാണി കർമ്മാണി വിഫലാനി വാ 47
ദേഹിനാം വിഷയാർത്താനാം ന തഥൈവാർപ്പിതം ത്വയി.
നാവമഃ കർമ്മകല്പോഽപി വിഫലായേശ്വരാർപ്പിതഃ 48
കല്പതേ പുരുഷസ്യൈവ സ ഹ്യാത്മാ ദയിതോ ഹിതഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാതമാം വേദത്തോട് ചേർന്നതായ്
ക്രിയാകാണ്ഡ-
ഹേതുജന്മാവായന്തസ്സമുദ്രംതന്നിൽ നിത്യം
നന്നായ് സ്വധാതുക്കളെപ്പചിപ്പിച്ചീടുന്നൊരാ-
വഹ്നിയാരുടെ മുഖമായിട്ടു ഭവിച്ചവോ, 35

ദേവയാനമായ് വേദസ്വരൂപനായ് പരബ്ര-
ഹ്മാവാസമായി മുക്തിദ്വാരമായ് പീയൂഷമായ്
നാശകരണഭുവായുല്ലസിച്ചീടുന്നൊരു
ഭാസ്വാനാക്കെഴമക്ഷിയായിട്ടുഭവിച്ചവോ, 36

ചരാചരങ്ങളുടെയോജസ്സ, മനോബലം,
ശരീരശക്തിയെന്നീ രൂപത്തിലിരുന്നിടും
പ്രാണനാക്കെഴം പ്രാണൻതന്നിൽനിന്നു-
ണ്ടായിതോ,
ക്ഷോണീനാഥാജ്ഞയെല്ലാറ്റും ഭൃത്യന്മാരെന്ന
പോലെ,
ആരുടെ ചൊല്ലുകീഴിലിങ്ങാവസിക്കുന്നു
ഞങ്ങൾ,
മാരുതനേതവൻതൻ പ്രാണനിൽനിന്നു-
ണ്ടായോ, 37

ആക്കെഴം ശ്രോത്രങ്ങളിൽനിന്നുമുദ്ഭവിച്ചവോ
ദിക്കുകൾ ഹൃത്തിൽനിന്നുമുദിച്ചോ രന്ധ്രങ്ങളും
ഇന്ദ്രിയപ്രാണാസുക്കളാത്മാവു ശരീരങ്ങ-
ളെന്നിവയ്ക്കാശ്രയമായിരിക്കുമാകാശവും
ശ്രീമാനാമേതുപുമാൻതന്നാഭിയിങ്കേന്നുണ്ടാ-
യാമഹാവിഭൂതിയാം ഭഗവാൻ പ്രസാദിക്ക. 38

ശക്തിയിൽനിന്നിന്ദ്രനും, തോഷത്തിൽനിന്നു
സുര-
വർഗ്ഗവും, മന്യുവിങ്കൽനിന്നു രുദ്രനും, പിന്നെ
ബുദ്ധിയിൽനിന്നും ബ്രഹ്മദേവനും,
ശരീരത്തിൻ-
ച്ഛിദ്രങ്ങൾതന്നിൽനിന്നുമൃഷികൾ വേദങ്ങളും,
മേഢ്റത്തിൽനിന്നും പ്രജാപതിയുമുണ്ടായിതു
ശ്രേഷ്ഠമാമാവിഭൂതി ഞങ്ങളിൽ പ്രസാദിക്ക.39

ഛായയിൽനിന്നും പിതൃഗണവും, മാറിൽ-
നിന്നും
ശ്രീയുമമ്മുലകളിൽനിന്നു ധർമ്മവും തഥാ
പൃഷ്ഠത്തിൽനിന്നധർമ്മം, ശിരസ്സിൽനിന്നും
സ്വർഗ്ഗം,
ശ്രേഷ്ഠമാം ക്രീഡയിൽനിന്നപ്സരസ്സമൂഹവും
സംജാതമായി നേരേ,യാ മഹാവിഭൂതിയാം
കഞ്ജനാഭാഭിധാനൻ ഭഗവാൻ പ്രസാദിക്ക. 40

ഏതവൻതന്നാസ്യത്തിൽനിന്നു വിപ്രനും
ഗുഹ്യ-
വേദവും, ഭുജങ്ങളിൽനിന്നും ക്ഷത്രിയൻതാനും
ശക്തിയു,മൂരുവിൽനിന്നോജസ്സും
വൈശ്യൻതാനു-
മക്കണക്കങ്ഘ്രിയിൽനിന്നവേദശ്ശൂദ്രൻ
താനും, 41

അധരത്തിങ്കൽനിന്നു ലോഭവു,മോഷ്ഠത്തിൽനി-
ന്നുദിച്ച സന്തോഷവും, നാസികതന്നിൽനിന്നും
ദ്യുമയും, സ്പർശത്തിൽനിന്നപ്പശുവർഗ്ഗത്തിന്റെ
കാമവും, ചില്ലികളിൽനിന്നുമന്തകൻതാനും,
പക്ഷ്മങ്ങൾതന്നിൽനിന്നും കാലവുമുളവായി,
രക്ഷിച്ചീടണമിപ്പോൾ ഞങ്ങളെയാ
വിഭൂതി. 42

ദ്രവ്യവുമദൃഷ്ടവും കാലവും ഗുണങ്ങളും
ദുർവിഭാവ്യവും ബുധത്യാജ്യവുമായിരിക്കും
ഭൗതികപ്രപഞ്ചവും മററുള്ള സമസ്തവു-
മേതവനുടെ മായാവിലാസമെന്നു ചൊൽവു,
ആ മഹാവിഭൂതിതാനാപന്നരീ ഞങ്ങളിൽ
ക്ഷേമത്തിനായിദാനീം പ്രസാദിക്കുകവേണം.
43

ആരിലാം ഗുണത്രയം കലർന്നിട്ടില്ല തെല്ലു-
മാരുടെ മാനസമോ സ്വരൂപാനന്ദപൂർണ്ണം
ആരിലോ മായാഗുണവൃത്തികളില്ല തെല്ലും
മാരുതലീലയാളുമവനേ നമിക്കുന്നു. 44

സഗുണൻതാനും ഗുണാതീതനുമായിരിക്കും
ഭഗവൻ! ഭവൽസുസ്മിതാനനാംബുജം നേരേ
കാണുവാനാഗ്രഹിച്ച ശരണമണഞ്ഞിടും
വാനോക്കു നിന്തിരുസ്വരൂപത്തെക്കാട്ടേണമേ.
45

അങ്ങുന്നതാതുകാലം ശരീരം ധരിച്ചെത്തി
ഞങ്ങളാലശക്യങ്ങളായ കർമ്മങ്ങളെല്ലാം
ഹേ വിഭോ! നിർവ്വഹിച്ചതരികയല്ലോ പതി-
വാവിധമാവിർഭവിച്ചീടുവാനർത്ഥിക്കുന്നു. 46

വിഷയാസക്തന്മാർ തൻകർമ്മങ്ങളെല്ലായ്പോഴും
വിഷമങ്ങളായ് വരാം നിഷ്ഫലങ്ങളുമാവാം
ഞങ്ങളങ്ങയിലർപ്പിച്ചീടുമീയപേക്ഷക-
ളങ്ങനെ വിഫലമായ്ത്തീരുകയില്ല നൂനം. 47

അല്പമാകിലും കർമ്മാഭാസമാകിലുമീശ്വ-
രാർപ്പിതമെന്നാൽ കർമ്മം നിഷ്ഫലമാകാ ദൃഢം.
കർമ്മകർത്താവിനെന്നും ഹിതമാചരിപ്പോനു-
മാത്മാവുമീശനാകും നിന്തിരുമേനിയല്ലോ. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാ ഹി സ്കന്ധശാഖാനാം തരോർമൂലാവസേചനം
ഏവമാരാധനം വിഷ്ണോഃ സർവ്വേഷാമാത്മനശ്ച ഹി. 49
നമസ്തുഭ്യമനന്തായ ദുർവ്വിതർക്ക്യാത്മകർമ്മണേ
നിർഗ്ഗുണായ ഗുണേശായ സത്ത്വസ്ഥായ ച സാമ്പ്രതം.'' 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
അമൃതമഥനേ പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

ശ്രീശുക ഉവാച
ഏവം സ്തുതഃ സുരഗണൈർഭഗവാൻ ഹരിരീശ്വരഃ
തേഷാമാവിരഭൂദ്രാജൻ സഹസ്രാർക്കോദയദ്യുതിഃ. 1
തേനൈവ മഹസാ സർവ്വേ ദേവാഃ പ്രതിഹതേക്ഷണാഃ
നാപശ്യൻ ഖം ദിശഃ ക്ഷോണിമാത്മാനം ച കുതോ വിഭും? 2
വിരിഞ്ചോ ഭഗവാൻ ദൃഷ്ട്വാ സഹ ശർവ്വേണ താം തനും
സ്വച്ഛാം മരകതശ്യാമാം കഞ്ജഗർഭാരുണേക്ഷണാം. 3
തപ്തഹേമാവദാതേന ലസത്കൗശേയവാസസാ
പ്രസന്നചാരുസർവ്വാങ്ഗീം സുമുഖീം സുന്ദരഭ്രുവം 4
മഹാമണികിരീടേന കേയൂരാഭ്യാം ച ഭൂഷിതാം
കർണ്ണാഭരണനിർഭാതകപോലശ്രീമുഖാംബുജാം. 5
കാഞ്ചീകലാപവലയഹാരനൂപുരശോഭിതാം
കൗസ്തുഭാഭരണാം ലക്ഷ്മീം ബിഭ്രതീം വനമാലിനീം. 6
സുദർശനാദിഭിഃ സ്വാസ്ത്രൈർമൂർത്തിമദ്ഭിരുപാസിതാം
തുഷ്ടാവ ദേവപ്രവരഃ സശർവ്വഃ പുരുഷം പരം
സർവ്വാമരഗണൈഃ സാകം സർവ്വാങ്ഗൈരവനിം ഗതൈഃ. 7

ബ്രഹ്മോവാച
അജാതജന്മസ്ഥിതിസംയമായാ-
ഗുണായ നിർവ്വാണസുഖാർണ്ണവായ
അണോരണിമ്നേഽപരിഗണ്യധാമ്നേ
മഹാനുഭാവായ നമോ നമസ്തേ. 8
രൂപം തവൈതത് പുരുഷർഷഭേജ്യം
ശ്രേയോഽർത്ഥിഭിർവൈദികതാന്ത്രികേണ
യോഗേന ധാതഃ സഹ നസ്ത്രിലോകാൻ
പശ്യാമ്യമുഷ്മിൻ നു ഹ വിശ്വമൂർത്തൗ. 9
ത്വയ്യഗ്ര ആസീത് ത്വയി മധ്യ ആസീത്
ത്വയ്യന്ത ആസീദിദമാത്മതന്ത്രേ
ത്വമാദിരന്തോ ജഗതോഽസ്യ മധ്യം
ഘടസ്യ മൃത്സ്നേവ പരഃ പരസ്മാത്. 10
ത്വം മായയാഽഽത്മാശ്രയയാ സ്വയേദം
നിർമ്മായ വിശ്വം തദനുപ്രവിഷ്ടഃ
പശ്യന്തി യുക്താ മനസാ മനീഷിണോ
ഗുണവ്യവായേഽപ്യഗുണം വിപശ്ചിതഃ. 11
യഥാഗ്നിമേധസ്യമൃതം ച ഗോഷു
ഭുവ്യന്നമംബൂദ്യമനേ ച വൃത്തിം
യോഗൈർമ്മനുഷ്യാ അധിയന്തി ഹി ത്വാം
ഗുണേഷു ബുദ്ധ്യാ കവയോ വദന്തി. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തരുമൂലത്തിൽ ജലമൊഴിച്ചു നനച്ചീടിൽ
പരിപോഷിക്കുന്നിതു ശാഖകളതുപോലെ

'ഹരിതന്നാരാധനംമൂലമായ്ത്തദംശമാം
സുരസന്ദോഹം പാടേ പ്രീതരായ്ത്തീർന്നീടുന്നു. 49

അനന്തനായിഗ്ഗുണഹീനനാമങ്ങേക്കർമ്മ-
ഗണങ്ങളാക്കുമോർക്കിലന്യൂഹ്യമത്രേ ഹരേ!

ഗുണേശനായിസ്സത്വഗുണസംസ്ഥിതനാകും
മുനീന്ദ്രഗമ്യാ! ഭവാനായ്ക്കൊണ്ടു നമസ്കാരം.'' 50

അദ്ധ്യായം 6

പാലാഴിമഥനം—തുടർച്ച—മഥനസംരംഭം—മന്ദരാനയനം

ശ്രീശുകൻ പറഞ്ഞു

ദേവസഞ്ചയമേവം വാഴ്ത്തവേ ശോകാപഹ-
നാവിഭു സഹസ്രാർക്കോദയസപ്രഭനായി

വാനവന്മാർതൻമുമ്പിൽ പ്രത്യക്ഷപ്പെട്ടീ-
ടിനാൻ

ദീനതയവർക്കൊഴിവാക്കി രക്ഷിച്ചീടുവാൻ. 1

ഭഗവത്തേജസ്സിനാലടഞ്ഞുപോയീ നേത്ര-
യുഗളം പെട്ടെന്നവർക്കവർക്കു,മതുമൂലം

ആകാശം, ഭൂമി, ദിക്കും സ്വാകാരംപോലും
കാണാ-

നാകാതെപോയി,പ്പിന്നെയീശനെക്കാണാ-
വതോ? 2

തെളിഞ്ഞ പച്ചക്കല്ലിൻനിറവും പങ്കജാന്ത-
ർമ്മിളിതമിളംചുവപ്പണിയും നേത്രങ്ങളും

തപ്തഹേമംപോലഴക്കറ്റു മിന്നുന്ന മഞ്ഞ-
പ്പട്ടാട തെളിഞ്ഞുള്ള ചാരുസർവ്വാംഗങ്ങളും

സുന്ദരഭ്രൂയുഗ്മവും, മഹാരത്നങ്ങൾചേർന്നു
മിന്നുന്ന മൗലിയാലും പൊൻകേയൂരങ്ങളാലും

അലങ്കരിക്കപ്പെട്ടു, കർണ്ണാലങ്കാരങ്ങളാൽ
വിളക്കും ഗണ്ഡച്ഛവി കലരും മുഖാബ്ജവും,

കാഞ്ചീകലാപവും, കൈവളകൾ, മുത്തുമാല,
കാഞ്ചനക്കാൽച്ചിലമ്പു, കൗസ്തുഭാഭരണവും,

വനമാലയുംപൂണ്ടു, ലക്ഷ്മിയെ മാറിൽച്ചേർത്തു
തനതു സുദർശനാദ്യസ്ത്രങ്ങൾ തനുവാർന്നു

പരിചോടുപാസിച്ച മിന്നുമാ ഭഗവാൻതൻ-
സ്വരൂപം നിരീക്ഷിച്ച ശിവനും വിധാതാവും

മററുള്ള സർവ്വാമരവൃന്ദവുമൊന്നുപോലെ
തെററെന്ന ഭുവിൽ വീണുവണങ്ങി വാഴ്ത്തീ-
ടിനാർ. 3–7

ബ്രഹ്മാവു പറഞ്ഞു

ജന്മസ്ഥിത്യന്തഹീനമായീടുമാ നിർഗ്ഗുണ-
ബ്രഹ്മമായ് പരമമാം നിർവ്വാണസൗഖ്യാബ്ധി-
യായ്

അണുവിലണുവായിഗ്ഗുണാതീതനായ് പരി-
ഗണിക്കാനാവാത്തമട്ടനന്തധാമാവായി

മഹത്താമനുഭാവം കലർന്നു വിളങ്ങിടും
മഹാപൂരുഷാ! നമസ്കാരം, തേ നമസ്കാരം. 8

ധാതാവേ! ഭവാൻെറയീരൂപത്തെ ശ്രേയോ-
ർത്ഥികൾ

വൈദികതാന്ത്രികോപായങ്ങളാലർച്ചിക്കുന്നു.

ഈ വിശ്വമൂർത്തിതന്നിൽ ത്രിലോകത്തോടുകൂടി
ദേവന്മാരായീടുമീ ഞങ്ങളേയും ഞാൻ കാണ്മൂ .9

ഈ ലോകമാദ്യത്തിലും മദ്ധ്യത്തിലന്ത്യത്തിലും
ചേലായിസ്സ്വതന്ത്രനാം ഭവാനിലിരിക്കുന്നു.

ആദിമദ്ധ്യാന്തം കുടം മണ്ണുതാൻ, തഥാ കാല-
മേതിലും പരാൽപരനങ്ങുതാനിപ്രപഞ്ചം. 10

സ്വീയയാം മായയാലീ വിശ്വത്തെബ്ഭവാൻ
നിർമ്മി-

ച്ചായതിലന്തര്യാമിയായിത്താൻ സ്ഥിതി-
ചെയ്‌വൂ.

ചിന്തകന്മാരായ് ശാസ്ത്രവിജ്ഞരാം
സൂരീശ്വരർ

നിന്തിരുവടിയെ നിർഗ്ഗുണനായ്ത്തന്നെ
കാണ്മൂ. 11

ക്ഷീരത്തിൽനിന്നു നെയ്യും വിറകിൽനിന്നു
തീയും

നേരേയുന്മഥനംചെയ്തെടുക്കുംവിധത്തിലും,

ഭൂമിയിൽ കൃഷിചെയ്തിട്ടന്നവും മണ്ണിൽക്കുഴി-
ച്ചാമട്ടു ജലവും സംഭരിക്കുംവിധത്തിലും,

വൻപരിശ്രമത്തിനാൽ ജീവനത്തിനു വേണ്ടും
സമ്പത്തു സമ്പാദിക്കുംമട്ടിലും മനുജന്മാർ

യോഗാഭ്യാസംനിമിത്തം ഭവാനെഗ്ഗുണകാര്യ-
യോഗത്തിൽനിന്നു വേറായ്നില്പവനെന്നു-
തന്നെ

മനസ്സിലാക്കുന്നതായ് ചിന്താശീലന്മാരാകും
മനീഷിപ്രവരന്മാരതുംചെയ്തിരിക്കുന്നു. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ത്വാം വയം നാഥ! സമുജ്ജിഹാനം
സരോജനാഭാതിചിരേപ്സിതാർത്ഥം
ദൃഷ്ട്വാ ഗതാ നിർവൃതിമദ്യ സർവ്വേ
ഗജാ ദവാർത്താ ഇവ ഗാങ്ഗമംഭഃ. 13
സ ത്വം വിധത്സ്വാഖിലലോകപാലാ
വയം യദർത്ഥാസ്തവ പാദമൂലം
സമാഗതാസ്തേ ബഹിരന്തരാത്മൻ!
കിം വാന്യവിജ്ഞാപ്യമശേഷസാക്ഷിണഃ. 14
അഹം ഗിരിത്രശ്ച സുരാദയോ യേ
ദക്ഷാദയോഽഗ്നേരിവ കേതവസ്തേ
കിം വാ വിദാമേശ പൃഥഗ്വിഭാതാ
വിധത്സ്വ ശം നോ ദ്വിജദേവമന്ത്രം. 15

ശ്രീശുക ഉവാച

ഏവം വിരിഞ്ചാദിഭിരീഡിതസ്ത-
ദ്വിജ്ഞായ തേഷാം ഹൃദയം തഥൈവ
ജഗാദ ജീമൂതഗഭീരയാ ഗിരാ
ബദ്ധാഞ്ജലീൻ സംവൃതസർവ്വകാരകാൻ. 16
ഏക ഏവേശ്വരസ്തസ്മിൻ സുരകാര്യേ സുരേശ്വരഃ
വിഹർത്തുകാമസ്താനാഹ സമുദ്രോന്മഥനാദിഭിഃ. 17

ശ്രീഭഗവാനുവാച

ഹന്ത ബ്രഹ്മന്നഹോ, ശംഭോ, ഹേ ദേവാ, മമ ഭാഷിതം
ശൃണുതാവഹിതാഃ സർവ്വേ ശ്രേയോ വഃ സ്യാദ്യഥാ സുരാഃ. 18
യാത ദാനവദൈതേയൈസ്താവത്സന്ധിർവിധീയതാം
കാലേനാനുഗൃഹീതൈസ്തൈര്യാവദ്വോ ഭവ ആത്മനഃ. 19
അരയോഽപി ഹി സന്ധേയാഃ സതി കാര്യാർത്ഥഗൗരവേ
അഹിമൂഷകവദ്ദേവാ ഹ്യർത്ഥസ്യ പദവീം ഗതൈഃ. 20
അമൃതോത്പാദനേ യത്നഃ ക്രിയതാമവിളംബിതം
യസ്യ പീതസ്യ വൈ ജന്തുർമൃത്യുഗ്രസ്തോഽമരോ ഭവേത്. 21
ക്ഷിപ്ത്വാ ക്ഷീരോദധൗ സർവ്വാ വീരുത്തൃണലതൗഷധീഃ
മന്ഥാനം മന്ദരം കൃത്വാ നേത്രം കൃത്വാ തു വാസുകിം. 22
സഹായേന മയാ ദേവാ നിർമ്മന്ഥധ്വമതന്ദ്രിതാഃ
ക്ലേശഭാജോ ഭവിഷ്യന്തി ദൈത്യാ യൂയം ഫലഗ്രഹാഃ. 23
യൂയം തദനുമോദധ്വം യദിച്ഛന്ത്യസുരാഃ സുരാഃ
ന സംരംഭേണ സിധ്യന്തി സർവ്വേഽർത്ഥാഃ സാന്ത്വയാ യഥാ. 24
ന ഭേതവ്യം കാളകൂടാദ്വിഷാജ്ജലധിസംഭവാത്
ലോഭഃ കാര്യോ ന വോ ജാതു രോഷഃ കാമസ്തു വസ്തുഷു. 25

ശ്രീശുക ഉവാച

ഇതി ദേവാൻ സമാദിശ്യ ഭഗവാൻ പുരുഷോത്തമഃ
തേഷാമന്തർദധേ, രാജൻ, സ്വച്ഛന്ദഗതിരീശ്വരഃ. 26
അഥ തസ്മൈ ഭഗവതേ നമസ്കൃത്യ പിതാമഹഃ
ഭവശ്ച ജഗ്മതുഃ സ്വം സ്വം ധാമോപേയുർബ്ബലിം സുരാഃ. 27
ദൃഷ്ട്വാരീനപ്യസംയത്താഞ്ജാതക്ഷോഭാൻ സ്വനായകാൻ
ന്യഷേധദ്ദൈത്യരാട് ശ്ലോക്യഃ സന്ധിവിഗ്രഹകാലവിത്. 28
തേ വൈരോചനിമാസീനം ഗുപ്തം ചാസുരയൂഥപൈഃ
ശ്രിയാ പരമയാ ജുഷ്ടം ജിതാശേഷമുപാഗമൻ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏറിയകാലമായി പ്രതീക്ഷിച്ചിരുന്ന നിൻ-
ചാരുദർശനം ലഭിച്ചീടിന ഞങ്ങൾക്കിപ്പോൾ
ദാവാർത്തരാകും ഗജങ്ങൾക്കുടൻ ഗങ്ഗാജലം
കൈവന്നാലുള്ള തുഷ്ടി ലഭിച്ചു പദ്മനാഭ! 13
ഏതൊരു കാര്യത്തിനായ് ലോകപാലന്മാർ
ഞങ്ങൾ
സാദരമാശ്രയിച്ചോ നിന്തിരുപ്പാദമൂലം
അക്കാര്യമുടൻതന്നെ സാധിതപ്രായമാക്കാൻ
ത്വൽകൃപാമൃതവർഷം ഞങ്ങളിൽ ചൊ-
രിഞ്ഞാലും.
എങ്ങുമേ നിറഞ്ഞെല്ലാമറിഞ്ഞുകൊണ്ടിരിക്കു-
മങ്ങയോടിതിലേറെച്ചൊല്ലേണ്ടതില്ലയല്ലോ.
14
വഹ്നിയിൽനിന്നും ചിന്നിമിന്നിടും സ്ഫുലിം-
ഗങ്ങ-
ളെന്നപോൽ ഞാനുമീശൻ സുരന്മാർ ദക്ഷാദ്യരും
നിന്തിരുമേനിയേ വേർപിരിഞ്ഞു നില്ക്കുമൂല-
മെന്തറിയുന്നു; സുരന്മാർക്കും ഭൂസുരന്മാർക്കും
പൊതുവേ ഹിതമായിസ്സുഖദായകമാകും
വിധത്തിൽത്തിരുമേനിതാനുപദേശിച്ചാലും.
15

ശ്രീശുകൻ പറഞ്ഞു

ഈവിധം ബ്രഹ്മാദ്യരാൽ സ്തുതനാം ഭഗവാൻ-
തദ്-
ഭാവവിജ്ഞനായ് മേഘഗംഭീരനിസ്വന-
ത്തിൽ
ഇന്ദ്രിയങ്ങളെയെല്ലാമടക്കിക്കൈകൾ കൂപ്പി-
യന്തികത്തിങ്കൽ നില്ക്കുമവരോടായി-
പ്പിന്നെ. 16
അമർത്ത്യകാര്യത്തിനുദ്ദേവാധീശ്വരനേകൻ
സമർത്ഥനാണെങ്കിലും പാലാഴിമഥനാദി
ലീലകൾ കാട്ടീടുവാനുള്ള കൗതുകത്തൊടും
ചാലവേയരുളിച്ചെയ്തീടിനാനിപ്രകാരം. 17

ശ്രീഭഗവാൻ പറഞ്ഞു

അല്ലയോ ബ്രഹ്മാദ്യരേ! നിങ്ങൾതൻ ശ്രേയ-
സ്സിനു
നല്ലതാമുപായം ഞാൻ ചൊല്ലുന്നു, കേട്ടീടു-
വിൻ. 18
തെല്ലുമേ ശങ്കവേണ്ടാ, ദൈത്യദാനവർക്കിപ്പോൾ
നല്ലൊരുകാലമെന്നു ധരിച്ചീടുവിൻ നിങ്ങൾ
കാലാനുകൂല്യം നിങ്ങൾക്കുണ്ടാകുംവരെസ്സന്ധി-
പാലിപ്പിനക്കൂട്ടരോ,ടതിനായ് പോയ്
ശ്രമിപ്പിൻ. 19
അർത്ഥഗൗരവം കാര്യമായിടും സന്ദർഭത്തിൽ
ശത്രുക്കളോടും സന്ധിചെയ്യേണ്ടതാവശ്യമാം.
കാര്യസിദ്ധിക്കുശേഷം പിന്നെയും പണ്ടത്തെ-
പ്പോൽ
വൈരികളായിരിക്കാമെലിയും പാമ്പും-
പോലെ. 20
പാലാഴി കടഞ്ഞുടനമൃതമാർന്നീടുവാൻ
കാലതാമസമെന്യേ ശ്രമിക്കിൻ നല്ലപോലെ.
പീയൂഷപാനത്തിനാൽ മരണമില്ലാത്തവ-
രായീടും മൃത്യുഗ്രസ്തജന്തുക്കളശേഷവും. 21
വീരുത്തു, തൃണം, വല്ലിതൊട്ടുള്ള സർവ്വൗഷധീ-
പൂരമാക്ഷീരാബ്ധിയിൽ കൊണ്ടുചെന്നിട്ടശേഷം
മന്ദരാദ്രിയെ മന്ഥമായിട്ടമാ വാസുകീ-
പന്നഗേന്ദ്രനെപ്പാശമായിട്ടും കല്പിക്കണം. 22
വിണ്ണവന്മാരേ! നിങ്ങളേവരും സഹായിയാ-
മെന്നോട്ടുചേർന്നു മടിയെന്നിയേ മഥിക്കുവിൻ.
ദൈത്യന്മാർ ദുഃഖപാത്രീഭൂതരും നിങ്ങൾ ഫല-
യുക്തകർമ്മോപേതരുമായിടും തർക്കമില്ല. 23
ഏതിലാണിച്ഛ ദൈത്യന്മാർക്കെന്നാലതി-
ലെല്ലാം
സാദരം നിങ്ങളനുസരിക്കിൻ ദേവന്മാരേ!
സാന്ത്വനംകൊണ്ടു കാര്യം സാധിക്കുന്നതു-
പോലെ
പന്തിയായ് സാധിച്ചീടാ ക്രോധത്താലൊരി-
ക്കലും. 24
അബ്ധിയിൽനിന്നും കാളകൂടമാകിയ വിഷ-
മുദ്ഭവിച്ചീടും,നിങ്ങളതിനാൽ പേടിക്കൊലാ.
കാമലോഭക്രോധങ്ങളൊന്നിലുമൊരിക്കലും
മാമകാംശങ്ങളാകും നിങ്ങൾക്കു വന്നുകൂടാ. 25

ശ്രീശുകൻ പറഞ്ഞു

ഈവിധം ദേവന്മാരോടരുളിസ്സ്വതന്ത്രനാ-
മാവിഭുവക്കൂട്ടർതൻ മുമ്പിൽത്താൻ മറഞ്ഞി-
തേ. 26
ബ്രഹ്മരുദ്രാദ്യരന്തർഹിതനബ്ഭഗവാനെ
സമ്മോദാൽ നമിച്ചാത്മസ്ഥാനങ്ങൾ പൂകീ-
ടിനാർ.
സുരന്മാരുടൻതന്നെ ദൈത്യരാജാവു വാഴും
പുരത്തിലെത്തീടിനാർ സന്ധിസംഭാഷണാ-
ർത്ഥം. 27
ആയുധവിഹീനരായ് സന്ധിക്കു ചെല്ലുമാദി-
തേയരെക്കണ്ടു ദൈത്യസേനാനായകരെല്ലാം
ക്രുദ്ധന്മാരായീടിലും സന്ധിവിഗ്രഹകാല-
വിത്താമമ്മഹാബലിയവരെനിയന്ത്രിച്ചാൻ.28
ത്രിലോകത്തെയും വെന്നു സർവ്വസമ്പത്തുമാർന്നു
ബലിഷ്ഠന്മാരാം സേനാധിപരാൽ ഗുപ്തനായി
ഭ്രാജത്സിംഹാസനത്തിലിരിക്കും ദൈത്യവർഗ്ഗ-
രാജാവാം ബലിയുടെ മുമ്പിൽ ചെന്നിതു
വിണ്ണോർ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹേന്ദ്രഃ ശ്ലക്ഷ്ണയാ വാചാ സാന്ത്വയിത്വാ മഹാമതിഃ
അഭ്യഭാഷത തത് സർവ്വം ശിക്ഷിതം പുരുഷോത്തമാത്. 30
തദരോചത ദൈത്യസ്യ തത്രാന്യേ യേഽസുരാധിപാഃ
ശംബരോഽരിഷ്ടനേമിശ്ച യേ ച ത്രിപുരവാസിനഃ. 31
തതോ ദേവാസുരാഃ കൃത്വാ സംവിദം കൃതസൗഹൃദാഃ
ഉദ്യമം പരമം ചക്രുരമൃതാർത്ഥേ പരന്തപ! 32
തതസ്തേ മന്ദരഗിരിമോജസോത്പാട്യ ദുർമ്മദാഃ
നദന്ത ഉദധിം നിന്യുഃ ശക്താഃ പരിഘബാഹവഃ. 33
ദൂരഭാരോദ്വഹശ്രാന്താഃ ശക്രവൈരോചനാദയഃ
അപാരയന്തസ്തം വോഢും വിവശാ വിജഹുഃ പഥി. 34
നിപതൻ സ ഗിരിസ്തത്ര ബഹൂനമരദാനവാൻ
ചൂർണ്ണയാമാസ മഹതാ ഭാരേണ കനകാചലഃ. 35
താംസ്തഥാ ഭഗ്നമനസോ ഭഗ്നബാഹൂരുകന്ധരാൻ
വിജ്ഞായ ഭഗവാംസ്തത്ര ബഭൂവ ഗരുഡധ്വജഃ. 36
ഗിരിപാതവിനിഷ്പിഷ്ടാനവിലോക്യാമരദാനവാൻ
ഈക്ഷയാ ജീവയാമാസ നിർജ്ജരാൻ നിർവ്രണാന്യഥാ. 37
ഗിരിം ചാരോപ്യ ഗരുഡേ ഹസ്തേനൈകേന ലീലയാ
ആരുഹ്യ പ്രയയാവബ്ധിം സുരാസുരഗണൈർവൃതഃ. 38
അവരോപ്യ ഗിരിം സ്കന്ധാത് സുപർണ്ണഃ പതതാം വരഃ
യയൗ ജലാന്ത ഉത്സൃജ്യ ഹരിണാ സ വിസർജ്ജിതഃ. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
അമൃതമഥനേ മന്ദരാചലാനയനം നാമ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ശ്രീശുക ഉവാച
തേ നാഗരാജമാമന്ത്ര്യ ഫലഭാഗേന വാസുകിം
പരിവീയ ഗിരൗ തസ്മിൻ നേത്രമബ്ധിം മുദാന്വിതാഃ. 1
ആരേഭിരേ സുസംയത്താ അമൃതാർത്ഥം കുരൂദ്വഹ!
ഹരിഃ പുരസ്താജ്ജഗൃഹേ പൂർവ്വം ദേവാസ്തതോഽഭവൻ. 2
തന്നൈച്ഛൻ ദൈത്യപതയോ മഹാപുരുഷചേഷ്ടിതം
ന ഗൃഹ്ണീമോ വയം പുച്ഛമഹേരങ്ഗമമങ്ഗലം. 3
സ്വാധ്യായശ്രുതസമ്പന്നാഃ പ്രഖ്യാതാ ജന്മകർമ്മഭിഃ
ഇതി തൂഷ്ണീം സ്ഥിതാന്ദൈത്യാൻ വിലോക്യ പുരുഷോത്തമഃ
സ്മയമാനോ വിസൃജ്യാഗ്രം പുച്ഛം ജഗ്രാഹ സാമരഃ. 4
കൃതസ്ഥാനവിഭാഗാസ്ത ഏവം കശ്യപനന്ദനാഃ
മമന്ഥുഃ പരമായത്താ അമൃതാർത്ഥം പയോനിധിം. 5
മഥ്യമാനേഽർണ്ണവേ സോഽദ്രിരനാധാരോ ഹ്യപോഽവിശത്
ധ്രിയമാണോഽപി ബലിഭിർഗ്ഗൗരവാത് പാണ്ഡുനന്ദന! 6
തേ സുനിർവ്വിണ്ണമനസഃ പരിമ്ലാനമുഖശ്രിയഃ
ആസൻ സ്വപൗരുഷേ നഷ്ടേ ദൈവേനാതിബലീയസാ. 7

വിലോക്യ വിഘ്നേശവിധിം തദേശ്വരോ
ദുരന്തവീര്യോഽവിതഥാഭിസന്ധിഃ
കൃത്വാ വപുഃ കാച്ഛപമദ്ഭുതം മഹത്
പ്രവിശ്യ തോയം ഗിരിമുജ്ജഹാര. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മതിമാനാകുമിന്ദ്രൻ മധുരവാക്യങ്ങളാൽ
ദിതിജഭൂപാലനെസ്സാന്ത്വനം ചെയ്തശേഷം

പുരുഷോത്തമങ്കൽനിന്നറിഞ്ഞ കാര്യമെല്ലാം
പറഞ്ഞുകേൾപ്പിച്ചിതു സന്തോഷത്തോടു-
കൂടി. 30

സുരേശവാക്യം മഹാബലിക്കും ശംബരന്നു-
മരിഷ്ടനേമിക്കുമത്രിപുരം തന്നിൽ വാഴും

ദിതിജന്മാക്കുമപ്പോളങ്ങുണ്ടായിരുന്നതാ-
മിതരന്മാക്കും ഹിതകരമായിരുന്നിതു. 31

പിന്നെസ്സുരാസുരന്മാരിണങ്ങിപ്പരിപാടി
നിർണ്ണയിച്ചമൃതത്തിൻ ലബ്ധിക്കായ് ശ്രമി-
ച്ചിതു. 32

പരിഘബാഹുക്കളായ് ദുർമ്മദാന്ധന്മാരായി-
പ്പുരുശക്തരാമവർ മന്ദരാദ്രിയെബ്ബലാൽ

പുഴക്കിയെടുത്താർത്തു വിജയഘോഷങ്ങളും
മുഴക്കിയാദ്യമാഴിതന്നിലേക്കാനയിച്ചാർ. 33

ഉമ്പർകോൻ വിരോചനനന്ദനൻമുൻപായിട്ടും
വമ്പന്മാരേറെദ്ദൂരമബ്ഭരം വഹിക്കയാൽ

ക്ഷീണിതരായി മാറിക്കളഞ്ഞെന്നതുമൂലം
വീണുപോയിതു വഴിതന്നിലമ്മഹാഗിരി. 34

വമ്പിച്ച് ഭാരമാളും സുവർണ്ണമയാദ്രിയ-
തമ്പോടു പിടിവിട്ടു നിലത്തു പതിക്കവേ

ആയതിന്നടിയിലാപ്പെട്ടങ്ങു ധൂളിയായി-
പ്പോയിതു സംഖ്യയെന്യേ ദൈത്യ-
രുമമർത്ത്യരും. 35

കഴുത്തു,കൈ,കാൽ തുടയെന്നിവ മുറിഞ്ഞു മാൽ-
മുഴുത്തിട്ടവർ ഭഗ്നചിത്തരായെന്ന കാര്യം

അറിഞ്ഞക്ഷണംതന്നെയസ്ഥലത്താഗമിച്ചാൻ
ഗരുഡോപരിസ്ഥനായ് ഭഗവാൻ ഹൃഷീ-
കേശൻ. 36

പർവ്വതം വീണു ചൂർണ്ണപ്രായരായ്ക്കിടന്നിട്ടും
സർവ്വദേവന്മാരെയും ദാനവരേയും കണ്ടു

സുരന്മാരങ്ഗഭംഗഹീനന്മാരാകുമാറു
കരുണാകടാക്ഷങ്ങളം ചൊരിഞ്ഞീടിനാൻ
ദേവൻ. 37

ഗിരി പിന്നൊററക്കയ്യാലെടുത്തു ഗരുഡൻതൻ
പുറത്തുവച്ചു താനും കരേറിയവിളംബം

കടൽത്തീരത്തിലേക്കായ് തിരിച്ചാൻ സുരാ-
സുര-
പടലി പിൻപേ നടന്നെത്തിനാരങ്ങുത്വരം. 38

ഗരുഡനപ്പർവ്വതം പാലാഴിവേലതന്നി-
ലിറക്കിയച്യുതാനുമതിയോടങ്ങുപോയാൻ. 39

അദ്ധ്യായം 7

പാലാഴിമഥനം—തുടർച്ച ശങ്കരവിഷപാനം

ശ്രീശുകൻ പറഞ്ഞു

അമൃതമേകാമെന്നു പറഞ്ഞു സമ്മതിപ്പി-
ച്ചമരദൈതേയന്മാർ വാസുകീസർപ്പത്തിനെ

മന്ദരപർവ്വതത്തിൽ കയറായ്ച്ചുററിയിട്ടി-
ട്ടുന്നതമോദത്തോടും മഥിക്കാനാരംഭിച്ചാർ. 1

ആദിയിൽ ഭഗവാൻതാൻ പാശത്തിൻ തല
പിടി-
ച്ചാദിതേയരും ചെന്നങ്ങവിടം ഗ്രഹിച്ചിതു. 2

മുൻപേയസ്സർപ്പശീർഷഭാഗമബ്ഭഗവാനു-
മമ്പരും പിടിച്ചതു ദൈത്യക്കു പിടിച്ചീല.

ജന്മകർമ്മങ്ങളാൽ പ്രഖ്യാതരായ് വേദങ്ങളും
നന്മട്ടിലഭ്യസിച്ച ശാസ്ത്രജ്ഞാനവുമാളും

ഞങ്ങൾക്കു വയ്യേ പാരമശുഭം സർപ്പപുച്ഛം
താങ്ങുവാനെന്നമട്ടിൽ മൗനമായ് നിന്നാരവർ.

ചിരിച്ചുകൊണ്ടക്ഷണം ഭഗവാൻ തല വിട്ടു
സുരന്മാരൊത്തുചേർന്നു പുച്ഛത്തു പിടിച്ചിതു.

കശ്യപാത്മജരേവം സ്ഥാനനിർണ്ണയം ചെയ്തു
പുച്ഛത്തും തലയ്ക്കുമായ് നിരന്നാരങ്ങുമിങ്ങും.

അതിയാം യത്നത്തോടുമമൃതലാഭത്തിനാ-
യുദധിയനന്തരം മഥനം ചെയ്തീടിനാർ. 3_5

അടിയിലവലംബമൊന്നുമില്ലായ്കമൂലം
കടലിൽത്താണുപോയീ മന്ദരമഹാഗിരി. 6

ഇരുഭാഗത്തും ബലശാലികൾ പിടിച്ചിട്ടും
ഗിരിതൻ പുരുഭരം വഹിപ്പാനപ്രാപ്തരായ്

ദൈവത്താൽ സ്വപൗരുഷം ധിക്കൃതമെന്നാ-
യ്മുഖ-
വൈവർണ്ണ്യമാർന്നു ദുഃഖനിമഗ്നരായീടിനാർ. 7

വാരണമുഖൻ ചെയ്ത വിഘ്നമാണിതിനുടെ
കാരണമെന്നായ്പ്പാർത്തു ദുരന്തവീര്യൻ ഹരി

പെരുതായത്യദ്ഭുതകരമാം കൂർമ്മാകൃതി
ധരിച്ചു ജലത്തിൽത്താണദ്രിയെയുയർത്തി-
നാൻ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമുത്ഥിതം വീക്ഷ്യ കുലാചലം പുനഃ
സമുത്ഥിതാ നിർമ്മഥിതും സുരാസുരാഃ
ദധാര പൃഷ്ഠേന സ ലക്ഷയോജന–
പ്രസ്താരിണാ ദ്വീപ ഇവാപരോ മഹാൻ. 9

സുരാസുരേന്ദ്രൈർഭുജവീര്യവേപിതം
പരിഭ്രമന്തം ഗിരിമംഗ പൃഷ്ഠതഃ
ബിഭ്രത്തദാവർത്തനമാദികച്ഛപോ
മേനേഽംഗ കണ്ഡൂയനമപ്രമേയഃ. 10

തഥാസുരാനാവിശദാസുരേണ
രൂപേണ തേഷാം ബലവീര്യമീരയൻ
ഉദ്ദീപയൻ ദേവഗണാംശ്ച വിഷ്ണു–
ർദൈവേന നാഗേന്ദ്രമബോധരൂപഃ. 11

ഉപര്യഗേന്ദ്രം ഗിരിരാഡിവാന്യ
ആക്രമ്യ ഹസ്തേന സഹസ്രബാഹുഃ
തസ്ഥൗ ദിവി ബ്രഹ്മഭവേന്ദ്രമുഖ്യൈ–
രഭിഷ്ടുവദ്ഭിഃ സുമനോഽഭിവൃഷ്ടഃ. 12

ഉപര്യധശ്ചാത്മനി ഗോത്രനേത്രയോഃ
പരേണ തേ പ്രാവിശതാ സമേധിതാഃ
മമന്ഥുരബ്ധിം തരസാ മദോത്കടാ
മഹാദ്രിണാ ക്ഷോഭിതനക്രചക്രം. 13

അഹീന്ദ്രസാഹസ്രകഠോരദൃങ്മുഖ–
ശ്വാസാഗ്നിധൂമാഹതവർച്ചസോഽസുരാഃ
പൗലോമകാലേയബലീല്വലാദയോ
ദവാഗ്നിദഗ്ദ്ധാഃ സരളാ ഇവാഭവൻ. 14

ദേവാംശ്ച തച്ഛ്വാസശിഖാഹതപ്രഭാൻ
ധൂമ്രാംബരസ്രഗ്വരകഞ്ചുകാനനാൻ
സമഭ്യവർഷൻ ഭഗവദ്വശാ ഘനാ
വവുഃ സമുദ്രോർമ്മ്യുപഗൂഢവായവഃ. 15

മഥ്യമാനാത് തഥാ സിന്ധോർദേവാസുരവരൂഥപൈഃ
യദാ സുധാ ന ജായേത നിർമ്മമന്ഥാജിതഃ സ്വയം. 16

മേഘശ്യാമഃ കനകപരിധിഃ കർണ്ണവിദ്യോതവിദ്യു–
ന്മൂർദ്ധ്നി ഭ്രാജദ്വിലുളിതകചഃ സ്രഗ്ധരോ രക്തനേത്രഃ
ജൈത്രൈർദോർഭിർജ്ജഗദഭയദൈർ ദന്ദശൂകം ഗൃഹീത്വാ
മഥ്നൻ മഥ്നാ പ്രതിഗിരിരിവാശോഭതാഽഥോ ധൃതാദ്രിഃ. 17

നിർമ്മഥ്യമാനാദുദധേരഭൂദ്വിഷം
മഹോൽബണം ഹാലഹലാഹ്വമഗ്രതഃ
സംഭ്രാന്തമീനോന്മകരാഹികച്ഛപാത്
തിമിദ്വിപഗ്രാഹതിമിംഗിലാകുലാത്. 18

തദുഗ്രവേഗം ദിശി ദിശ്യുപര്യധോ
വിസർപ്പദുത്സർപ്പദസഹ്യമപ്രതി
ഭീതാഃ പ്രജാ ദുദ്രുവുരംഗ, സേശ്വരാ
അരക്ഷ്യമാണാഃ ശരണം സദാശിവം. 19

വിലോക്യ തം ദേവവരം ത്രിലോക്യാ
ഭവായ ദേവ്യാഭിമതം മുനീനാം
ആസീനമദ്രാവപവർഗ്ഗഹേതോ–
സ്തപോ ജുഷാണം സ്തുതിഭിഃ പ്രണേമുഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ദരമുയന്നപ്പോൾ ദേവന്മാർ ദൈത്യന്മാരും
ചേർന്ന് മന്ഥനംചെയ്യാൻ തുടങ്ങി രണ്ടാമതും.

അന്യമാം ദ്വീപെന്നപോൽ യോജനലക്ഷം പര-
പ്പാർന്നീടും കൂർമ്മം ഗിരി പൃഷ്ഠത്താൽ താങ്ങി-
ക്കൊണ്ടാൻ. 9

അപ്രമേയനാമാദികൂർമ്മ,മാദേവാസുര-
രൊപ്പമായ് പരാക്രമത്തോട്ട തദ്ബാഹുക്കളാൽ

വലിച്ചു പമ്പരംപോൽ കറക്കും മന്ദരത്തിൻ
ചലനം ചൊറിച്ചിലായ്മാത്രമേ ഗണി-
ച്ചുള്ളു. 10

ദേവദൈത്യരും ഭോഗിവര്യനും ക്ഷീണിച്ചതായ്
ശ്രീവിഷ്ണുഭഗവാൻ കണ്ടമർത്ത്യാസുരന്മാരിൽ

തത്തദ്രൂപനായ് സർപ്പശ്രേഷ്ഠനിൽ നിദ്രയായ്യ-
മത്യരമെത്തിബ്ബലവീര്യമുദ്ദീപിപ്പിച്ചാൻ. 11

അന്യപർവ്വതംപോലെ സഹസ്രബാഹുവായി
മന്ദരോപരിസ്ഥനായ് നിന്നിട്ടശ്ശൈലാഗ്ര-
ത്തിൻ

കമ്പനമൊററക്കയ്യാൽത്തീർത്തജേശേന്ദ്രാദ്യരാ-
മുമ്പർ കീർത്തിച്ചു വിണ്ണിൽത്തുവും പൂമാരിയാ-
ന്നാൻ. 12

മേലിലും കീഴും ഗിരിതന്നിലുമാത്മാവിലും
വ്യാളേന്ദ്രങ്കലും പരമാത്മാവിൻ പ്രവേശത്താൽ

ഊക്കിയന്നുത്സാഹിച്ചു മഥിച്ചാർ വീണ്ടും ക്ഷുബ്ധ-
നക്രചക്രങ്ങളോട്ടകൂടിയ പാലാഴിയെ. 13

വാസുകിതൻ കഠോരദ്ദങ്മുഖങ്ങളിൽനിന്നും
ശ്വാസാഗ്നിധൂമങ്ങളേററാഭയററസുരന്മാർ

കാട്ടുതീജ്ജ്വാലതട്ടി വാടിക്കരിഞ്ഞുനില്ക്കു-
മുററമാം സരളദ്രുരുഹങ്ങൾക്കൊപ്പമായീ. 14

തച്ഛ്വാസശിഖാഹതപ്രഭരായ് കുപ്പായ-
ങ്ങൾ,
വസ്ത്രമാല്യങ്ങൾ മുഖാബ്ജങ്ങളും ധൂമ്രമായി

നിന്നിടും ദേവന്മാർക്ക ഭഗവദ്വശമേഘ-
സന്ദോഹം തൂവി മഴവീശിയക്കടൽക്കാററും. 15

അമരാസുരമുഖ്യരേവരും, മഥിച്ചിട്ട-
മമൃതമംഭോധിയിൽനിന്നുദിച്ചീടായ്കയാൽ

അജിതൻ ഭഗവാനാമച്യുതൻ സ്വയം ചെന്നു
നിജവീര്യത്താലബ്ധിമഥനം നിർവ്വഹിച്ചാൻ.
16

അംബുദശ്യാമവർണ്ണൻ, പൊൻനിറംകലന്നീട-
മംബരം, മിന്നൽപ്രഭചേർന്നമക്കുണ്ഡലങ്ങൾ

ശിരസ്സിൽ ചിന്തിപ്പാറിക്കിടക്കും വാർകുന്തള-
മരിയവനമാല,രക്താക്ഷികളുമാളും

ശ്രീഹരി ജൈത്രങ്ങളായഭയപ്രദങ്ങളാം
ബാഹുക്കൾകൊണ്ടപ്പാശം വലിച്ചു മഥി-
ച്ചിതേ. 17

അന്നേരം ഭഗവാൻ ശ്രീനിവാസനന്യമായോ-
രുന്നതഗിരിക്കൊപ്പം ശോഭിച്ചുകാണായിതു.

കെല്പോട്ട മഥിക്കയാൽ വിഭ്രമിച്ചുയന്നീടും
സർപ്പങ്ങൾ മീനങ്ങളും മകരമത്സ്യങ്ങളും

ആമകൾ നക്രങ്ങളുമാനകൾ തിമിംഗില-
സ്തോമമെന്നിതുകളാൽ കലങ്ങിമറിഞ്ഞിടും

ജലധിതന്നിൽനിന്നും മഹോഗ്രതരഹാലാ-
ഹലാഖ്യമാകും വിഷമാദ്യമായുദിച്ചിതു. 18

ഉഗ്രവേഗത്തിലൂദ്ധ്വംഗതമായ് കീഴ്മേൽ പത്തു
ദിക്കിലും വ്യാപിപ്പതായൊഴിവററസഹ്യമാം

ആ വിഷം കണ്ട ജഗൽപാലകസമേതരാ-
മേവരും ഭീതരായിശ്ശിവനെയാശ്രയിച്ചാർ. 19

ഗിരിജയോടുംകൂടി ത്രൈലോക്യവൃദ്ധിക്കായി
ഗിരിയിൽ വാണ മുനിനിർവ്വാണഹേതുവായി

സമ്മതമാകും തപസ്സാചരിച്ചിരുന്നിട-
മമ്മഹേശനെ നമിച്ചത്യന്തം സ്തുതിച്ചിതേ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതയ ഊചുഃ

ദേവദേവ! മഹാദേവ! ഭൂതാത്മൻ! ഭൂതഭാവന!
ത്രാഹി നഃ ശരണാപന്നാംസ്ത്രൈലോക്യദഹനാദ്വിഷാത്. 21
ത്വമേകഃ സർവ്വജഗത ഈശ്വരോ ബന്ധമോക്ഷയോഃ
തം ത്വാമർച്ചന്തി കുശലാഃ പ്രപന്നാർത്തിഹരം ഗുരും. 22
ഗുണമയ്യാ സ്വശക്ത്യാസ്യ സർഗ്ഗസ്ഥിത്യപ്യയാന്വിഭോ!
ധത്സേ യദാ സ്വദൃഗ്‌ഭൂമൻ ബ്രഹ്മവിഷ്ണുശിവാഭിധാം. 23
ത്വം ബ്രഹ്മ പരമം ഗുഹ്യം സദസദ്‌ഭാവഭാവനഃ
നാനാശക്തിഭിരാഭാതസ്ത്വമാത്മാ ജഗദീശ്വരഃ. 24
ത്വം ശബ്ദയോനിർജ്ജഗദാദിരാത്മാ പ്രാണേന്ദ്രിയദ്രവ്യഗുണസ്വഭാവഃ
കാലഃ ക്രതുഃ സത്യമൃതം ച ധർമ്മസ്ത്വയ്യക്ഷരം യത്
ത്രിവൃദാമനന്തി. 25

അഗ്നിർമ്മുഖം തേഽഖിലദേവതാത്മാ
ക്ഷിതിം വിദുർലോകഭവാങ്‌ഘ്രിപങ്കജം
കാലം ഗതിം തേഽഖിലദേവതാത്മനോ
ദിശശ്ച കർണ്ണൗ രസനം ജലേശം. 26
നാഭിർന്നഭസ്തേ ശ്വസനം നഭസ്വാൻ
സൂര്യശ്ച ചക്ഷൂംഷി ജലം സ്മ രേതഃ
പരാവരാത്മാശ്രയണം തവാത്മാ
സോമോ മനോ ദ്യൗർഭഗവഞ്ഛിരസ്തേ. 27
കുക്ഷിഃ സമുദ്രാ ഗിരയോഽസ്ഥിസംഘാ
രോമാണി സർവ്വൗഷധിവീരുധസ്തേ
ഛന്ദാംസി സാക്ഷാത് തവ സപ്ത ധാതവ-
സ്ത്രയീമയാത്മൻ! ഹൃദയം സധർമ്മഃ. 28
മുഖാനി പഞ്ചോപനിഷദസ്തവേശ!
യൈസ്ത്രിംശദഷ്ടോത്തരമന്ത്രവർഗ്ഗഃ
യത് തച്ഛിവാഖ്യം പരമാർത്ഥതത്ത്വം
ദേവ സ്വയംജ്യോതിരവസ്ഥിതിസ്തേ. 29
ഛായാ ത്വധർമ്മോർമ്മിഷു യൈർവ്വിസർഗ്ഗോ
നേത്രത്രയം സത്ത്വരജസ്തമാംസി
സാംഖ്യാത്മനഃ ശാസ്ത്രകൃതസ്തവേക്ഷാ
ഛന്ദോമയോ ദേവ ഋഷിഃ പുരാണഃ. 30
ന തേ ഗിരിത്രാഖിലലോകപാല-
വിരിഞ്ചവൈകുണ്ഠസുരേന്ദ്രഗമ്യം
ജ്യോതിഃ പരം യത്ര രജസ്തമശ്ച
സത്ത്വം ന യദ് ബ്രഹ്മ നിരസ്തഭേദം. 31
കാമാധ്വരത്രിപുരകാലഗരാദ്യനേക-
ഭൂതദ്രുഹഃ ക്ഷപയതഃ സ്തുതയേ ന തത് തേ
യസ്ത്വന്തകാല ഇദമാത്മകൃതം സ്വനേത്ര-
വഹ്നിസ്ഫുലിങ്ഗശിഖയാ ഭസിതം ന വേദ. 32
യേ ത്വാത്മരാമഗുരുഭിർഹൃദി ചിന്തിതാങ്‌ഘ്രി-
ദ്വന്ദ്വം ചരന്തമുമയാ തപസാഭിതപ്തം
കത്ഥന്ത ഉഗ്രപരുഷം നിരതം ശ്മശാനേ
തേ നൂനമൂതിമവിദംസ്തവ ഹാതലജ്ജാഃ. 33
തത് തസ്യ തേ സദസതോഃ പരതഃ പരസ്യ
നാഞ്ജഃ സ്വരൂപഗമനേ പ്രഭവന്തി ഭൂമ്നഃ
ബ്രഹ്മാദയഃ കിമുത സംസ്തവനേ വയം തു
തത്സർഗ്ഗസർഗ്ഗവിഷയാ അപി ശക്തിമാത്രം. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതികൾ പറഞ്ഞു

ഭൂതാത്മൻ! ഭൂതനാഥാ! ദേവദേവേശാ!
സർവ്വ-
ഭൂതജാലത്തിൻ രക്ഷാകർത്താവേ! മഹാദേവാ!
ത്രൈലോക്യം ദഹിപ്പിക്കുമിക്കാകോളത്തിൽ-
നിന്നും
പാലിക്ക ഭവാൻ ശരണാർത്ഥികളീ
ഞങ്ങളെ. 21
സർവ്വമാം ജഗത്തിനും ബന്ധമോക്ഷങ്ങൾ-
ക്കീശൻ
ശർവ്വനാം തിരുമേനിയൊരുവൻതന്നെ നൂനം.
അഭയം പ്രാപിക്കുവോർക്കാർത്തിയെത്തീർത്തി-
യങ്ങു-
മുപദേഷ്ടാവാമങ്ങേയഭിജ്ഞരർച്ചിക്കുന്നു. 22
ഭൂമൻ! സ്വദൃക്കാം ഭവാൻ സംസൃഷ്ടിസ്ഥിതി-
ലയ-
കാമനായതിലേക്കായാരംഭിക്കുന്നനേരം
ബ്രഹ്മാവും മഹാവിഷ്ണുതാനും ശ്രീശിവനുമെ-
ന്നിമ്മൂന്നു നാമങ്ങളെയംഗീകരിക്കുന്നിതേ. 23
ഉച്ചനീചങ്ങളാകും ജീവരാശിയെയെല്ലാം
നിച്ചലും സൃഷ്ടിച്ചീടുമീശനായ് ലോകാത്മാ-
വായ്
അദ്ഭുതതരനാനാശക്തിയുക്തനാം ഭവാൻ
ഗോപ്യവും പരമവുമായിടും ബ്രഹ്മമത്രേ. 24
വേദയോനിയും, ജഗദാദിയും പ്രാണേന്ദ്രിയ-
സാധനഗുണശീലനായിടും പുമാൻതാനും
ക്രതുവു,മഹങ്കാരം, കാലവും, സത്യം, ധർമ്മ-
മൃതവും മഹേശ്വരാ! നിന്തിരുവടിതന്നെ.
സത്ത്വാദിഗുണത്രയാത്മകമാം പ്രധാനവും
സത്യത്തിലവിടുന്നെന്നഭിജ്ഞരോതീടുന്നു. 25
നാനാദേവതാരൂപമായീടുമഗ്നിയങ്ങേ-
യാനനമായീടുന്നു ഭുവനജന്മഭൂവേ!
സർവ്വദേവതാമയനായി പ്രോല്ലസിച്ചീടും
ശർവ്വ! നിന്തിരുപ്പാദമാകുന്നു ധരാതലം.
കണ്ണുങ്ങൾ ദിക്കുകളും ഗതി കാലവും ജിഹ്വ-
യബ്ജോധിപതിയുമെന്നറിയുന്നുണ്ടു ഞങ്ങൾ. 26
ത്വന്നാഭിനഭസ്സത്രേ, ശ്വസനം വായു, മന-
സ്സിന്ദുവാം, രേതസ്സംബു, ശിരസ്സു സ്വർഗ്ഗലോകം
ഈശനാം ഭവാന്റെ കണ്ണുക്കർക്കനാ,ണാത്മാ-
വോക്കി-
ലുച്ചനീചാത്മാക്കൾതന്നാശ്രയസ്ഥാന-
മല്ലോ. 27
ഹേ വേദമൂർത്തേ! ഭവത്കുക്ഷിയാണംഭോ-
ധികൾ
താവകാസ്ഥികൾ പാർക്കിൽ പർവ്വതനിരയല്ലോ
രോമങ്ങളൗഷധികൾ, സപ്തധാതുക്കൾ ഛന്ദഃ-
സ്തോമമാം, ഹൃദയമോ യഥാർത്ഥധർമ്മവും-
താൻ. 28

തൽപഞ്ചമുഖങ്ങളാണഞ്ചുപനിഷത്തുകൾ
തദ്ഭവമത്രേ മന്ത്രകലകൾ മുപ്പത്തെട്ടും
പരിശുദ്ധമായ് സ്വയംഭാസ്യമായ് ശിവ-
നാമം
ധരിക്കുമത്തത്ത്വംതാൻ ഭവാന്റെയവ-
സ്ഥിതി. 29
അധർമ്മോർമ്മികൾ നിഴൽ, സൃഷ്ട്യാദിഹേതു
ഗുണ-
ത്രിതയം നേത്രത്രയം, സാംഖ്യതത്ത്വാത്മാ-
വായി
ശാസ്ത്രകർത്താവാമങ്ങേക്കടാക്ഷം ഛന്ദോമയ-
സംസ്ഥമായനാദിയായീടുന്ന വേദവും-
താൻ. 30
സത്ത്വാദിഗുണത്രയാതീതമായഭേദമായ്
സത്യമായ്പരംജ്യോതിസ്സാകും ത്വത്സ്വരൂ-
പത്തെ
ലോകപാലകന്മാരുമാദിതേയാധീശനും
വൈകുണ്ഠഭഗവാനും പ്രാപിക്കാൻ സാധി-
ച്ചീടാ. 31
ഭൂതദ്രോഹികളായ മന്മഥൻ, ത്രിപുരാഖ്യ-
ദൈതേയൻ യമൻതൊട്ടുള്ളവരെ ഹനിച്ചതും
ദക്ഷയാഗവും കാളകൂടമാം വിഷവും വി-
ധ്വംസിച്ചെന്നതും മററു മഹാകൃത്യങ്ങളൊന്നും
സ്തുത്യർഹമല്ല, ഭവാൻ തീർത്ത ലോകത്തെയന്ത്യം
നേത്രാഗ്നിജ്വാലയാലേ ഭസ്മമാക്കുന്നതോ-
ർത്താൽ. 32
ആത്മാരാമന്മാരായിട്ടശേഷലോകത്തിനു-
മാത്മജ്ഞാനോപദേശംചെയ്തീടും മഹാത്മാക്കൾ
താവകപാദയുഗ്മം ഭജിപ്പൂ, തിരുമേനി
പാർവ്വതിയോടുകൂടിച്ചരിക്കുന്നവനെന്നും
ഘോരമാം തപസ്സിനാൽ തപിക്കുന്നവനെന്നും
പാരിച്ചോരുഗ്രനെന്നും പരുഷശീലനെന്നും
ശ്മശാനപ്രിയനെന്നും പ്രലപിച്ചീടുന്നവ-
രശേഷം ലജ്ജയില്ലാത്തവർതാ,നവരാരും
ലേശവുമറിയുന്നതില്ല ഭാവൽക്കലീലാ-
വൈശിഷ്ട്യമെന്നുള്ളതിലില്ല സംശയമേതും.33
കാരണകാര്യങ്ങളായിങ്ങു കാണ്മതിനെല്ലാം
കാരണമായിരിക്കുമാ പ്രധാനത്തിന്റെയും
കാരണമായിസ്സർവവ്യാപിയായ് വിളങ്ങീടും
മാരാരേ! ഭവത്തത്ത്വമറിവാനജാദ്യരും
അപ്രാപ്തരായീടുമ്പോൾ, ഭവാനെ വാഴ്ത്തീടുവാ-
നിപ്പരിഷകൾക്കാവതില്ലെന്നു ചൊല്ലേണമോ?
അവർതൻ സൃഷ്ടിവർഗ്ഗം സൃഷ്ടിച്ചുവിട്ടിട്ടുള്ളോ-
രിവരും കഴിയുംപോൽ സ്തുതിക്കുന്നെന്നേ-
യുള്ളൂ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതത് പരം പ്രപശ്യാമോ ന പരം തേ മഹേശ്വര!
മൃഡനായ ഹി ലോകസ്യ വ്യക്തിസ്തേഽവ്യക്തകർമ്മണഃ. 35

ശ്രീശുക ഉവാച

തദ്വീക്ഷ്യ വ്യസനം താസാം കൃപയാ ഭൃശപീഡിതഃ
സർവ്വഭൂതസുഹൃദ്ദേവ ഇദമാഹ സതീം പ്രിയാം. 36

ശിവ ഉവാച

അഹോ ബത ഭവാന്യേതത് പ്രജാനാം പശ്യ വൈശസം
ക്ഷീരോദമഥനോദ്ഭൂതാത് കാളകൂടാദുപസ്ഥിതം. 37

ആസാം പ്രാണപരീപ്സൂനാം വിധേയമഭയം ഹി മേ
ഏതാവാൻ ഹി പ്രഭോരർത്ഥോ യദ്ദീനപരിപാലനം. 38

പ്രാണൈഃ സ്വൈഃ പ്രാണിനഃ പാന്തി സാധവഃ ക്ഷണഭംഗുരൈഃ
ബദ്ധവൈരേഷു ഭൂതേഷു മോഹിതേഷ്വാത്മമായയാ. 39

പുംസഃ കൃപയതോ ഭദ്രേ! സർവ്വാത്മാ പ്രീയതേ ഹരിഃ
പ്രീതേ ഹരൗ ഭഗവതി പ്രീയേഽഹം സചരാചരഃ
തസ്മാദിദം ഗരം ഭുഞ്ജേ പ്രജാനാം സ്വസ്തിരസ്തു മേ. 40

ശ്രീശുക ഉവാച

ഏവമാമന്ത്ര്യ ഭഗവാൻ ഭവാനീം വിശ്വഭാവനഃ
തദ്വിഷം ജഗ്ധുമാരേഭേ പ്രഭാവജ്ഞാന്വമോദത. 41

തതഃ കരതലീകൃത്യ വ്യാപി ഹാലാഹലം വിഷം
അഭക്ഷയന്മഹാദേവഃ കൃപയാ ഭൂതഭാവനഃ. 42

തസ്യാപി ദർശയാമാസ സ്വവീര്യം ജലകല്മഷഃ
യച്ചകാര ഗളേ നീലം തച്ച സാധോർവ്വിഭൂഷണം. 43

തപ്യന്തേ ലോകതാപേന സാധവഃ പ്രായശോ ജനാഃ
പരമാരാധനം തദ്ധി പുരുഷസ്യാഖിലാത്മനഃ 44

നിശമ്യ കർമ്മ തച്ഛംഭോർദ്ദേവദേവസ്യ മീഢുഷഃ
പ്രജാ ദാക്ഷായണീ ബ്രഹ്മാ വൈകുണ്ഠശ്ച ശശംസിരേ. 45

പ്രസ്കന്നം പിബതഃ പാണേര്യത് കിഞ്ചിജ്ജഗൃഹുഃ സ്മ തത്
വൃശ്ചികാഹിവിഷൗഷധ്യോ ദന്ദശൂകാശ്ച യേഽപരേ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
അമൃതമഥനേ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

ശ്രീശുക ഉവാച

പീതേ ഗരേ വൃഷാങ്കേണ പ്രീതാസ്തേഽമരദാനവാഃ
മമന്ഥുസ്തരസാ സിന്ധും ഹവിർദ്ധാനീ തതോഽഭവത്. 1

താമഗ്നിഹോത്രീമൃഷയോ ജഗൃഹുർബ്രഹ്മവാദിനഃ
യജ്ഞസ്യ ദേവയാനസ്യ മേധ്യായ ഹവിഷേ നൃപ! 2

തത ഉച്ചൈഃശ്രവാ നാമ ഹയോഽഭൂച്ചന്ദ്രപാണ്ഡുരഃ
തസ്മിൻ ബലിഃ സ്പൃഹാം ചക്രേ നേന്ദ്ര ഈശ്വരശിക്ഷയാ. 3

തത ഐരാവതോ നാമ വാരണേന്ദ്രോ വിനിർഗ്ഗതഃ
ദന്തൈശ്ചതുർഭിഃ ശ്വേതാദ്രേർഹരൻ ഭഗവതോ മഹിം. 4

കൗസ്തുഭാഖ്യമഭൂദ്രത്നം പദ്മരാഗോ മഹോദധേഃ
തസ്മിൻ ഹരിഃ സ്പൃഹാം ചക്രേ വക്ഷോഽലങ്കരണേ മണൗ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്തിരുവടിക്കുള്ള പരമം തത്ത്വം ഞങ്ങ–
ളന്തകാന്തക! ധരിച്ചീടുന്നതില്ല, പിന്നെ
അവ്യക്തകർമ്മങ്ങളാന്നീടുമീത്വത്സ്വരൂപം
സുവ്യക്തം ലോകരക്ഷയ്ക്കുള്ളതെന്നറിയുന്നു.
അതിലപ്പുറമൊന്നുമറിഞ്ഞീടുവാനുള്ള
മതിവൈഭവമില്ല ഞങ്ങൾക്കു ഗംഗാധരാ! 35

ശ്രീശുകൻ പറഞ്ഞു

അക്കൂട്ടരുടെ ദുഃഖാവസ്ഥ കണ്ടനുകമ്പ–
വായ്ക്കയാൽ ഖിന്നനായിസ്സമസ്തഭൂതപ്രിയൻ
ശ്രീമഹാദേവൻ പ്രിയതമയാമുമയോടാ–
യീമട്ടിലരുളിച്ചെയ്തീടിനാൻ നരാധിപാ! 3

ശിവൻ പറഞ്ഞു

എന്തൊരു കഷ്ടമാണിതംബുധിമന്ഥ–
നത്താൽ
പൊന്തിയ കാളകൂടവിഷംകാരണമായി
ജനതയ്ക്കെല്ലാം നേരിട്ടിരിക്കും ദുഃഖം ലോക–
ജനനിയായീടും നീയറിയുന്നില്ലയെന്നോ? 37
പ്രാണരക്ഷണമിച്ഛിച്ചെത്തിയോരിവർക്കു
താനേകിടേണമിപ്പോളഭയമസംശയം [ഞാൻ–
ദീനസങ്കടംതീർത്തു രക്ഷിച്ചിടുന്നതത്രേ
മാനനീയനായീടും പ്രഭുവിൻ മുഖ്യധർമ്മം. 38
ഈശ്വരമായയാൽ ധീമോഹിച്ചു ജനാവലി
മാത്സര്യബുദ്ധിമൂലം കൊടുംവൈരികളായി
അന്യോന്യം നശിപ്പിക്കാൻ ശ്രമിച്ചുകൊ–
ണ്ടിരിക്കെ–
യുന്നതകൃപാശീലംകലരും സാധുവൃന്ദം
ക്ഷണഭംഗുരമാം സ്വപ്രാണനെയുപേക്ഷിച്ചും
തുണചെയ്യുന്നവല്ലോ സാധുവൃന്ദത്തിനെല്ലാം. 39
കരുണാത്മാക്കൾക്കെന്യേ സർവ്വാത്മാവായീടും
ശ്രീ–
ഹരിതൻ പ്രീതിയേതും നേടുവാൻ സാധിച്ചിടാ.
ഭഗവാൻ ഹരി തുഷ്ടനാകുമ്പോൾ ചരാചര–
മഖിലമെന്നോടൊപ്പം പ്രസാദിക്കുന്നു പ്രിയേ!
അതിനാൽ, ഞാനീ വിഷം ഭുജിക്കാം,
ഞാനൂലമാ–
യധികം ജനങ്ങൾക്കു രക്ഷയുണ്ടായിടട്ടെ. 40

ശ്രീശുകൻ പറഞ്ഞു

വിശ്വപാലകനായ ഭഗവാൻ മഹേശ്വര–
നീശ്വരിയോടായേവമരുളിച്ചെയ്തശേഷം
ആ വിഷം കുടിക്കുവാൻ ഭാവിച്ചാൻ സ്വ–
ഭർത്തൃപ്ര–
ഭാവജ്ഞയായ ദേവിയനുമോദിച്ചീടിനാൾ. 41
ഭൂതസംരക്ഷിതാവായീടിന മഹാദേവ–
നേതുമേ വൈകാതവിടൊക്കെയും പരന്നീടും
ഹാലാഹലാഖ്യം വിഷം കൈത്തലംകൊ–
ണ്ടെടുത്തു
ചാലവേ ഭുജിച്ചുകൊണ്ടീടിനാൻ മടിയാതെ. 42

സലിലദോഷാംശമായീടുമാവിഷം നിജ–
ബലവീര്യത്തെക്കാട്ടിക്കൊടുത്തിതീശൻനേക്കും
ഗളത്തിലതു നീലവർണ്ണത്തെയുളവാക്കി–
യലങ്കാരമായ്ത്തന്നെ തീർന്നിതബ്ഭഗവാ–
നിൽ. 43
സാധുക്കളായീടുന്ന ജനങ്ങൾ മിക്കവാറു–
മാധിയാൽ തപിക്കുന്നു ജഗത്തു തപിക്കുമ്പോൾ
ആത്താവനത്തിലാളമാക്കേശം സർവ്വാത്മാവാം
ദൈത്യാരിഭഗവാനു ചെയ്യുന്ന പൂജയത്രേ. 44
ദേവദേവനായ്പരം പൂജ്യനായീടും മഹാ–
ദേവൻെറയിക്കൃത്യത്തെസ്സകലജനങ്ങളും
ദക്ഷപുത്രിയാമുമാദേവിയുമാത്മഭൂവും
സാക്ഷാൽ ശ്രീനാരായണസ്വാമിയും പ്രശം–
സിച്ചാർ. 45
മുപ്പുരാരാതി വിഷം കുടിക്കുന്നേരത്തതി–
ലല്പാംശം താഴെവീണുപോയതു പാമ്പും തേളും
ഇതരജന്തുക്കളിൽ ചിലതും വിഷൗഷധീ–
തതിയും ഭക്ഷിച്ചിട്ടുണ്ടെന്നതും ധരിച്ചാലും. 46

അദ്ധ്യായം 8

പാലാഴിമഥനം—തുടർച്ച—ധന്വന്തര്യവതാരം

ശ്രീശുകൻ പറഞ്ഞു

വൃഷാങ്കനിപ്രകാരം വിഷംഭക്ഷിച്ചശേഷ–
മസുരസുരന്മാർ സന്തുഷ്ടരായുത്സാഹത്താൽ
ക്ഷീരവാരിധി വീണ്ടും മഥിച്ചാരതിൽനിന്നും
പാരാതെ കാമധേനുവുണ്ടായി മഹീപതേ! 1
അഗ്നിഹോത്രത്തിനുപകരിക്കുമഗ്ഗോവിനെ–
യക്കാലം ദേവയാനമിച്ഛിച്ചനുഷ്ഠിച്ചിടും
യജ്ഞത്തിൽ ശുദ്ധഹവിസ്സിന്നായി
ബ്രഹ്മർഷിക–
ളഞ്ജസാ സസന്തോഷമംഗീകരിച്ചീടിനാർ. 2
ഇന്ദുവെന്നപോൽ ശുഭ്രവർണ്ണമാമുച്ചൈശ്ശ്രവ–
സ്സെന്നു പേരാളുമശ്വമുണ്ടായിതതിൽനിന്നും
ഇച്ഛിച്ചാൻ മഹാബലിയതിനെദ്ദേവാധിപ–
നച്യുതാഭിപ്രായത്താലാഗ്രഹിച്ചില്ല തെല്ലും. 3
ചന്ദ്രവർണ്ണത്തിൽപ്പുനരൈരാവതാഖ്യം ഗജ–
മുന്നതങ്ങളാം നാലുകൊമ്പുകളോടുകൂടി
ശ്വേതശൈലാഭവെല്ലംവിധമങ്ങതിൽനിന്നു
ജാതമായ്, സ്വീകരിച്ചാനതിനെ–
ദ്ദേവാധിപൻ. 4
കൗസ്തുഭാഭിഖ്യയാന്ന പദ്മരാഗമാം രത്നം
സത്വരമാമഹാബ്ധിതന്നിൽനിന്നുദിച്ചിതു.
വക്ഷസ്സിന്നലങ്കാരമാകുമമ്മഹാമണി–
യക്ഷണമാഗ്രഹിച്ചാൻ ഭഗവാൻ
പക്ഷിദ്ധ്വജൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോഽഭവത് പാരിജാതഃ സുരലോകവിഭൂഷണം
പൂരയത്യർത്ഥിനോ യോഽർത്ഥൈഃ ശശ്വദ്ഭുവി യഥാ ഭവാൻ. 6
തതശ്ചാപ്സരസോ ജാതാ നിഷ്കകണ്ഠ്യഃ സുവാസസഃ
രമണ്യഃ സ്വർഗ്ഗിണാം വല്ഗുഗതിലീലാവലോകനൈഃ. 7
തതശ്ചാവിരഭൂത് സാക്ഷാച്ഛ്രീ രമാ ഭഗവത്പരാ
രഞ്ജയന്തീ ദിശഃ കാന്ത്യാ വിദ്യുത്സൗദാമിനീ യഥാ. 8
തസ്യാം ചക്രുഃ സ്പൃഹാം സർവ്വേ സസുരാസുരമാനവാഃ
രൂപൗദാര്യവയോവർണ്ണമഹിമാക്ഷിപ്തചേതസഃ 9
തസ്യാ ആസനമാനിന്യേ മഹേന്ദ്രോ മഹദദ്ഭുതം
മൂർത്തിമത്യഃ സരിച്ഛ്രേഷ്ഠാ ഹേമകുംഭൈർജ്ജലം ശുചി. 10
ആഭിഷേചനികാ ഭൂമിരാഹരത് സകലൗഷധീഃ
ഗാവഃ പഞ്ച പവിത്രാണി വസന്തോ മധുമാധവൗ. 11
ഋഷയഃ കല്പയാഞ്ചക്രുരഭിഷേകം യഥാവിധി
ജഗുർഭദ്രാണി ഗന്ധർവ്വാ നട്യശ്ച നനൃതുർജ്ജഗുഃ. 12
മേഘാ മൃദങ്ഗപണവമുരജാനകഗോമുഖാൻ
വ്യനാദയഞ്ഛംഖവേണുവീണാസ്തുമുലനിഃസ്വനാൻ. 13
തതോഽഭിഷിഷിചുർദ്ദേവീം ശ്രിയം പദ്മകരാം സതീം
ദിഗിഭാഃ പൂർണ്ണകലശൈഃ സൂക്തവാക്യൈർദ്വിജേരിതൈഃ. 14
സമുദ്രഃ പീതകൗശേയവാസസീ സമുപാഹരത്
വരുണഃ സ്രജം വൈജയന്തീം മധുനാ മത്തഷട്പദാം. 15
ഭൂഷണാനി വിചിത്രാണി വിശ്വകർമ്മാ പ്രജാപതിഃ
ഹാരം സരസ്വതീ പദ്മമജോ നാഗാശ്ച കുണ്ഡലേ. 16

തതഃ കൃതസ്വസ്ത്യയനോത്പലസ്രജം
നദദ്ദ്വിരേഫാം പരിഗൃഹ്യ പാണിനാ
ചചാല വക്ത്രം സുകപോലകുണ്ഡലം
സവ്രീഡഹാസം ദധതീ സുശോഭനം. 17
സ്തനദ്വയം ചാതികൃശോദരീ സമം
നിരന്തരം ചന്ദനകുങ്കുമോക്ഷിതം
തതസ്തതോ നൂപുരവല്ഗുശിഞ്ജിതൈർ-
വിസർപ്പതീ ഹേമലതേവ സാ ബഭൗ. 18
വിലോകയന്തീ നിരവദ്യമാത്മനഃ
പദം ധ്രുവം ചാവ്യഭിചാരിസദ്ഗുണം
ഗന്ധർവ്വയക്ഷാസുരസിദ്ധചാരണ-
ത്രൈവിഷ്ടപേയാദിഷു നാന്വവിന്ദത. 19
നൂനം തപോ യസ്യ ന മന്യുനിർജ്ജയോ
ജ്ഞാനം ക്വചിത് തച്ച ന സങ്ഗവർജ്ജിതം
കശ്ചിന്മഹാംസ്തസ്യ ന കാമനിർജ്ജയഃ
സ ഈശ്വരഃ കിം പരതോവ്യപാശ്രയഃ. 20
ധർമ്മഃ ക്വചിത് തത്ര ന ഭൂതസൗഹൃദം
ത്യാഗഃ ക്വചിത് തത്ര ന മുക്തികാരണം
വീര്യം ന പുംസോഽസ്ത്യജവേഗനിഷ്കൃതം
ന ഹി ദ്വിതീയോ ഗുണസങ്ഗവർജ്ജിതഃ. 21
ക്വചിച്ചിരായുർന്ന ഹി ശീലമങ്ഗലം,
ക്വചിത് തദപ്യസ്തി ന വേദ്യമായുഷഃ
യത്രോഭയം കുത്ര ച സോഽപ്യമങ്ഗലഃ
സുമങ്ഗലഃ കശ്ച ന കാങ്ക്ഷതേ ഹി മാം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാതമായിതു പിന്നെ സ്വർഗ്ഗഭൂഷയാം പാരി-
ജാതപാദപമത്ര, ഭൂമിയിതു ഭവാനെപ്പോൽ.
നാകലോകത്തിൽ വിണ്ണോരാഗ്രഹിക്കു-
ന്നതെല്ലാ-
മേകിയങ്ങുള്ളവരെയാരാധിക്കുന്നു നിത്യം. 6

മന്ദസഞ്ചാരം, ലീല, കടാക്ഷമിത്യാദിയാൽ
വിണ്ണോരെ രമിപ്പിക്കാൻ ചാതുര്യമിയന്നിടും
കണ്ഠഭൂഷാംബരാലംകൃതരാമപ്സരഃസ്ത്രീ-
മണ്ഡലമനന്തരമതിൽനിന്നുണ്ടായിതു. 7

പിന്നെയസ്സുദാമാവാം ഗിരിയിൽ മിന്നീടുന്ന-
മിന്നൽപോൽ ശ്രീയാൽ പത്തുദിക്കും
പ്രകാശിപ്പിച്ചു
ഭഗവൽപരയായി രമയായ് വിളങ്ങീടും
ജഗൽസുന്ദരി സാക്ഷാൽ ശ്രീദേവി-
യുളവായി. 8

സൗന്ദര്യം, വണ്ണം, പ്രിയം, മാധുരി, മഹിമാന-
മെന്നിവയാലസ്സുരാസുരമാനവരെല്ലാം
മാനസഭ്രമംകലർന്നന്നിക്കെന്നിക്കിക്ഷണം
വേണമിസ്ത്രീരത്നത്തെയെന്നാശവച്ചീടിനാർ. 9

ദേവേന്ദ്രൻ മഹത്താമൊരദ്ഭുതതരാസനം
ദേവിക്കായ് സമർപ്പിച്ചാൻ, സരിദ്ദേവതാവൃന്ദം
പൊൻകുടങ്ങളിൽ ശുദ്ധസലിലം കൊണ്ടു-
ചെന്നു-
മ്മങ്കമാർമണിയാംരംക്ക കാഴ്ചയായ് വച്ചീടി-
നാർ. 10

അഭിഷേകത്തിന്നുടൻ വേണ്ടുമോഷധിയെല്ലാ-
മഭിനന്ദിച്ചു ഭൂവും ശുദ്ധമാം ഗവ്യങ്ങളും
മധുമാധവമാസമനോജ്ഞപുഷ്പങ്ങളും
ഭൃതമാവസന്തവും സാദരമർപ്പിച്ചിതു. 11

മുറപോലഭിഷേകംകഴിച്ചാർ മഹർഷിമാർ,
സരസം ഗന്ധർവ്വന്മാർ മംഗലഗീതം പാടി.
നടികൾ നടന്മാരുമാനന്ദത്തോടുകൂടി
യുടനെപ്പാട്ടുപാടി നർത്തനംചെയ്തീടിനാർ. 12

കാർമേഘാവലിമന്ദം ഗർജ്ജിച്ചു, മൃദംഗവും
ഗോമുഖപണവങ്ങൾ മുരജാനകങ്ങളും
വീണാവേണുവും ശംഖമിവററിൻ മനോഹര-
സ്വാനങ്ങൾ ദിക്കിലെങ്ങും മുഴങ്ങിയൊന്നു-
പോലെ. 13

പിന്നെക്കൈത്താരിൽ ക്രീഡാപങ്കജത്തോടു-
കൂടി
മിന്നിടും സതിയാകമിന്ദിരാദേവിയാളെ
പൂർണ്ണകുംഭങ്ങൾകൊണ്ടു വിപ്രസൂക്തികളോടു-
മന്നു ദിഗ്ഗജങ്ങൾ കഴിച്ചിതഭിഷേകം. 14

ഉടനേ രണ്ടു മഞ്ഞപ്പട്ടുകൾ സമുദ്രവും,
യുടനെപ്പൂന്തേൻ പാരം കുടിച്ചുമദിച്ചിടും
വണ്ടുകൾ ചുറ്റും പാറും വൈജയന്തിയെന്നാഖ്യ-
യാണ്ടിടുംമാല ജലനാഥനർപ്പിച്ചിതേ. 15

ഹാരമാ സരസ്വതീദേവിയും വിചിത്രത-
ചേരുന്ന വിഭൂഷകൾ വിശ്വകർമ്മാവുതാനും
താമരപ്പൂവർപ്പിതാമഹനും കുണ്ഡലങ്ങൾ
സാമോദം നാഗങ്ങളുമിന്ദിരയ്ക്കേകീടിനാർ. 16

അലങ്കാരങ്ങളെല്ലാമണിഞ്ഞു നത്സുഗന്ധ-
കളഭങ്ങളും പെയ്യതിപ്പൂശിയ പേശലാംഗി
അളിനിസ്വനംചേരുമുത്പലമാല പാണി-
തളിരിലെടുത്തു തത്കുണ്ഡലദ്യുതിയാലേ
തിളങ്ങും കപോലങ്ങളിന്നു ലജ്ജാചാരു-
ലളിതസ്മിതാസ്യയായ് ചരിച്ചാൾ
മന്ദമന്ദം. 17

ചന്ദനകുങ്കുമാംഗലേപനമണിഞ്ഞിട-
ത്തുന്നതായ് സമങ്ങളാം സ്തനങ്ങളാൻ പാരം
മിന്നിടും കൃശോദരിയിന്ദിരപാദസര-
ഭന്ദ്രമഞ്ജുളസ്വനത്തോടവിടങ്ങുമിങ്ങും
മന്ദമന്ദമായ് ചരിച്ചീടുന്നനേരത്തൊരു
സ്വർണ്ണവല്ലരിയെന്നപോലലം ശോഭിച്ചിതേ.
18

ദോഷാംശവിഹീനമായ് നാശമററുള്ളതായി-
ശ്ശാശ്വതഗുണഗണാസ്ഥാനമാം ഭർതൃസ്ഥാനം
സൂക്ഷിച്ചുവീക്ഷിച്ചിട്ടും കണ്ടില്ല സുരാസുര-
യക്ഷകിന്നരസിദ്ധഗന്ധർവ്വന്മാരിലെങ്ങും. 19

തപസ്സുണ്ടൊരുവനെന്നാകിലായവനേററം
കുപിതൻ, ചിലരറിവുള്ളവരുണ്ടെന്നാകിൽ
സംഗഹീനന്മാരല്ല, മഹാനാമൊരുത്തനിൽ
തിങ്ങുന്നു കാമം പാര,മിങ്ങനെ നോക്കീടുകിൽ
ചുരുക്കം കുററമററൊരന്യനെയാശ്രയിക്കും-
പുരുഷനീശനായിബ്ഭവിക്കുന്നില്ലയല്ലോ. 20

ധർമ്മിഷ്ഠരത്രേ ചിലരവരിൽ ഭൂതസ്നേഹം
കാണ്മീല, കാണുന്നുണ്ടു ചിലരിൽ സ്വാർത്ഥ-
ത്യാഗം
മുക്തിക്കുതകുന്നി,ല്ലന്യനുപരാക്രമ-
ശക്തിയു,ണ്ടതു കാലം നശിപ്പിക്കുന്നതത്രേ.
ഗുണസംഗമമില്ലാതുള്ളവനുണ്ടപ്പുമാൻ
കണവനായാൽ പ്രയോജനമൊട്ടില്ലതാനും. 21

ദീർഘായുഷ്മാനാണേകൻ സത്സ്വഭാവിയല്ലന്യ-
നിർഗ്ഗുണമുണ്ടെന്നാകിലായുസ്സിൽ സ്ഥൈര്യ-
മില്ല.
സൗശീല്യം ചിരായുസ്സീരണ്ടുമുണ്ടേകനെങ്കി-
ലംശവും കാണുന്നതില്ലവനിൽ മംഗലങ്ങൾ.
എല്ലാമേ തികഞ്ഞൊരാളുണ്ടു ഞാനാരാ-
ഞ്ഞതിൽ
തെല്ലുമദ്ദേഹമെന്നെക്കാമിക്കുന്നതുമില്ല. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം വിമൃശ്യാവ്യഭിചാരിസദ്ഗുണൈർ–
വരം നിജൈകാശ്രയതാഗുണാശ്രയം
വവ്രേ വരം സർവ്വഗുണൈരപേക്ഷിതം
രമാ മുകുന്ദം നിരപേക്ഷമീപ്സിതം. 23

തസ്യാംസദേശ ഉശതീം നവകഞ്ജമാലാം
മാദ്യന്മധുവ്രതവരൂഥഗിരോപഘുഷ്ടാം
തസ്ഥൗ നിധായ നികടേ തദുരഃ സ്വധാമ
സവ്രീഡഹാസവികസന്നയനേന യാതാ. 24

തസ്യാഃ ശ്രിയസ്ത്രിജഗതോ ജനകോ ജനന്യാ
വക്ഷോനിവാസമകരോത് പരമം വിഭൂതേഃ
ശ്രീഃ സ്വാഃ പ്രജാഃ സകരുണേന നിരീക്ഷണേന
യത്ര സ്ഥിതൈധയത സാധിപതീംസ്ത്രിലോകാൻ. 25

ശങ്ഖതൂര്യമൃദങ്ഗാനാം വാദിത്രാണാം പൃഥുഃ സ്വനഃ
ദേവാനുഗാനാം സസ്ത്രീണാം നൃത്യതാം ഗായതാമഭൂത്. 26

ബ്രഹ്മരുദ്രാങ്ഗിരോമുഖ്യാഃ സർവ്വേ വിശ്വസൃജോ വിഭും
ഈഡിരേഽവിതഥൈർമ്മന്ത്രൈസ്തല്ലിങ്ഗൈഃ പുഷ്പവർഷിണഃ 27

ശ്രിയാ വിലോകിതാ ദേവാഃ സപ്രജാപതയഃ പ്രജാഃ
ശീലാദിഗുണസമ്പന്നാ ലേഭിരേ നിർവൃതിം പരാം. 28

നിഃസത്ത്വാ ലോലുപാ, രാജൻ, നിരുദ്യോഗാ ഗതത്രപാഃ
യദാ ചോപേക്ഷിതാ ലക്ഷ്മ്യാ ബഭൂവുർദ്ദൈത്യദാനവാഃ. 29

അഥാസീദ് വാരുണീ ദേവീ കന്യാ കമലലോചനാ
അസുരാ ജഗൃഹുസ്താം വൈ ഹരേരനുമതേന തേ. 30

അഥോദധേർമ്മഥ്യമാനാത് കാശ്യപൈരമൃതാർത്ഥിഭിഃ
ഉദതിഷ്ഠന്മഹാരാജ പുരുഷഃ പരമാദ്ഭുതഃ. 31

ദീർഘപീവരദോർദ്ദണ്ഡഃ കംബുഗ്രീവോഽരുണേക്ഷണഃ
ശ്യാമളസ്തരുണഃ സ്രഗ്വീ സർവ്വാഭരണഭൂഷിതഃ 32

പീതവാസാ മഹോരസ്കഃ സുമൃഷ്ടമണികുണ്ഡലഃ
സ്നിഗ്ധകുഞ്ചിതകേശാന്തഃ സുഭഗഃ സിംഹവിക്രമഃ 33

അമൃതാപൂർണ്ണകലശം ബിഭ്രദ്വലയഭൂഷിതഃ
സ വൈ ഭഗവതഃ സാക്ഷാദ്വിഷ്ണോരംശാംശസംഭവഃ 34

ധന്വന്തരിരിതി ഖ്യാത ആയുർവ്വേദദൃഗിജ്യഭാക്
തമാലോക്യാസുരാഃ സർവ്വേ കലശം ചാമൃതാഭൃതം. 35

ലിപ്സന്തഃ സർവ്വവസ്തൂനി കലശം തരസാഹരൻ
നീയമാനേഽസുരൈസ്തസ്മിൻ കലശേഽമൃതഭാജനേ 36

വിഷണ്ണമനസോ ദേവാ ഹരിം ശരണമായയുഃ
ഇതി തദ്ദൈന്യമാലോക്യ ഭഗവാൻ ഭൃത്യകാമകൃത്
''മാ ഖിദ്യത മിഥോഽർത്ഥം വഃ സാധയിഷ്യേ സ്വമായയാ.'' 37

മിഥഃ കലിരഭൂത്തേഷാം തദർത്ഥേ തർഷചേതസാം
അഹം പൂർവ്വമഹം പൂർവ്വം ന ത്വം ന ത്വമിതി പ്രഭോ. 38

ദേവാഃ സ്വം ഭാഗമർഹന്തി യേ തുല്യായാസഹേതവഃ
സത്രയാഗ ഇവൈതസ്മിന്നേഷ ധർമ്മഃ സനാതനഃ. 39

ഇതി സ്വാൻ പ്രത്യഷേധന്വൈ ദൈതേയാ ജാതമത്സരാഃ
ദുർബ്ബലാഃ പ്രബലാൻ, രാജൻ, ഗൃഹീതകലശാൻ മുഹുഃ. 40

ഏതസ്മിന്നന്തരേ വിഷ്ണുഃ സർവ്വോപായവിദീശ്വരഃ
യോഷിദ്രൂപമനിർദ്ദേശ്യം ദധാര പരമാദ്ഭുതം. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം വിമർശനംചെയ്തശേഷമാ രമാ-
ദേവിയവ്യഭിചാരിഗുണങ്ങൾക്കാസ്ഥാനമായ്
സ്വാശ്രയഭൂതനായി പ്രകൃതിഗുണങ്ങളെ-
യാശ്രയിച്ചിടാത്തോനായ് ഗുണാപേക്ഷിത-
നായി
ഏററവും നിരപേക്ഷനായിത്താൻ കാമിച്ചിട്ടും
ശ്രേഷ്ഠനാം മുകുന്ദനെബ്ഭർത്താവായ് വരി-
ച്ചിതേ. 23
മത്തഭൃംഗൗഘത്തിൽനിന്നുത്ഥിതം നിസ്സ്വ-
നത്തോ-
ടൊത്തതായ് നവീനമായ്ക്കമനീയമായിട്ടും
താമരദലമാല ഭഗവദ്ഗളംതന്നിൽ
സാമോദം സമർപ്പിച്ചു ലജ്ജാവനമ്രയായി
പുഞ്ചിരിയോട്ടുംകൂടി വിടർന്നനേത്രങ്ങളാ-
ലഞ്ചിതമാമ്മാറു തദ്വക്ഷസ്സിലൂററുനോക്കി
തനിക്കിരുന്നീടുവാനാസ്ഥാനം വേണമെന്ന-
മനസ്സങ്കല്പത്തോടും ചാരത്തുതന്നെ നിന്നാൾ. 24
ത്രൈലോക്യമാതാവാകും ലക്ഷ്മിക്കു വസി-
ക്കുവാൻ
മൂലോകപിതാവേകി ശ്രേഷ്ഠമാംതന്മാറിടം.
അവിടെ വസിച്ചുകൊണ്ടെന്നുമമ്ബ് ഭഗവതി
ഭുവനപാലന്മാരോടൊത്ത തൻ പ്രജാളിയെ
കരുണാകടക്ഷത്താൽ സർവ്വസമ്പത്സമൃദ്ധി
വരുത്തിയീശേഷ്ഠയ്യൊത്തനുഗ്രഹിക്കുന്നിതേ. 25
തന്വികളൊത്ത നൃത്തവിദഗ്ദ്ധർ പാട്ടുകാരും
ചേർന്നതാമുപദേവസംഘത്തിൽനിന്നുമപ്പോൾ
മൃദംഗശംഖതൂര്യമംഗലവാദ്യങ്ങൾതൻ-
പൃഥുനിസ്സ്വനമെങ്ങും മുഴങ്ങീയൊന്നു-
പോലെ. 26
ശിവനംഗിരസ്സാത്മഭൂവാദി പ്രജാപതി-
നിവഹം മലർമാരി ചൊരിഞ്ഞുകൊണ്ടക്ഷണം
വൈകുണ്ഠമാഹാത്മ്യത്തെ പ്രതിപാദിക്കും
സത്യ-
മാകിന മന്ത്രങ്ങളാൽ വിവിധം സ്തുതിച്ചിതു. 27
ശ്രീദേവീകടാക്ഷത്താൽ സമസ്തപ്രജകളു-
മാദിതേയരും ലോകപാലകന്മാരുമെല്ലാം
ശീലാദിഗുണഗണസമ്പന്നന്മാരായതി-
വേലമനാഹം പരമാനന്ദലീനരായാർ. 28
ഹേ നൃപാ! ലക്ഷ്മീദേവി സന്ത്യജിച്ചുള്ള ദൈത്യ-
ദാനവർ ധൈര്യം ലജ്ജയുത്സാഹമാദിയാകും
സദ്ഗുണലേശമെന്യേ വിഷയാസക്തന്മാരായ്
ദുർഗ്ഗുണസമൂഹത്തിൻ നിധാനങ്ങളായ്-
ത്തീർന്നാർ. 29
പിന്നെയുമംഭോധിയെ മഥിച്ചനേരത്തതിൽ-
നിന്നംബുജാക്ഷികന്യ വാരുണീദേവിയുണ്ടായ്
അവളെബ്ഭഗവാന്റെ സമ്മതത്തോടുകൂടി-
യവിളംബിതം ദൈത്യരംഗീകരിച്ചീ-
ടിനാർ. 30

അമൃതലോലരാമക്കശ്യപപുത്രർ വീണ്ടും
സമുദ്രം സോത്സാഹമുന്മഥനംചെയ്തീടവേ
അദ്ഭുതതരാകൃതിപൂണ്ടൊരു മഹാപുമാ-
നദ്ഭുതനായീടിനാനതിൽനിന്നക്ഷണ-
ത്തിൽ. 31
നീണ്ടുരുണ്ടുള്ളതാം ദോർദ്ദണ്ഡങ്ങൾ, കംബുഗ്രീവ,
തണ്ടാരിൻദലമൊക്കുമരുണായതാക്ഷികൾ,
ശ്യാമളനിറം, ചാരുമാല്യം, യൗവനപ്രായം,
കോമളനാനാതരഭൂഷണാലങ്കാരങ്ങൾ, 32
മഞ്ഞപ്പട്ടുടയാട, യതിവിസ്തൃതമാകും
മഞ്ജുളവക്ഷസ്ഥലം, തിളങ്ങും കുണ്ഡലങ്ങൾ,
മിനുപ്പേറിടും ചുരുൾമുടികൾ, സുഭഗത്വ-
മനന്തസിംഹപരാക്രമവും പൂണ്ടിരുന്നു. 33
വളകളണിഞ്ഞ ടും തൻകരങ്ങളാൽ സുധ-
തുളുമ്പും കലശത്തെ വഹിച്ചങ്ങുയർന്നീടും
അമ്മഹാപുമാൻ സാക്ഷാൽ ഭഗവാൻ മഹാ-
വിഷ്ണു
തന്മഹനീയാംശാംശസംഭൂതനത്രേ നൂനം. 34
അദ്ധ്വരഭാഗഭുക്കായായുർവ്വേദാഢ്യദുക്കായ്
കീർത്തിതൻ ധന്വന്തരിമൂർത്തിയാണപ്പുരുഷൻ.
അവനിൽനിന്നും സർവ്വകാമികളസുരന്മാർ
ജവമസ്സുധാകുംഭം പിടിച്ചുപറിച്ചിതു. 35
അമൃതകുംഭം ബലാൽ ദൈത്യന്മാർ ഹരിക്കവേ-
യമരരാകമാനം വിഷണ്ണചിത്തന്മാരായ്
ഭഗവാനാകും സാക്ഷാൽ വിഷ്ണുരശ്രുവസ്സുതൻ
നികടമെത്തിച്ചേർന്നു സങ്കടമറിയിച്ചാർ. 36
ദേവന്മാരുടെ ദീനാവസ്ഥയെപ്പാർത്തു ഭൃത്യ-
സർവ്വാഭിലാഷങ്ങളുമേകീടും ശ്രീമുകുന്ദൻ
''ഖേദിച്ചിടേണ്ട മമ മായാപ്രയോഗത്തിനാൽ
സാധിക്കുന്നുണ്ടുടൻ ഞാനിക്കാര്യ''മെന്നു
ചൊന്നാൻ. 37
സുധയിൽക്കൊതിവായ്ക്കുമസുരർ മുൻപേയെനി-
ക്കതെല്ലീയെനിക്കെന്നായേവരും തമ്മിൽത്ത-
മ്മിൽ
പീയൂഷം വിളമ്പുവാൻ ഭാവിച്ചനേരത്തീശ-
മായാവൈഭവത്തിനാൽ കലഹമുണ്ടായിതു. 38
ഒന്നുപോലിതിൽ ശ്രമംചെയ്തുള്ള ദേവന്മാരു-
മന്യൂനം സത്രയാഗത്തിങ്കലെ ന്നുപോലെ
തുല്യഭാഗത്തിന്നിതിലർഹന്മാരാണിദ്ധർമ്മ-
മെല്ലായിടത്തുമേതുകാലത്തുമുള്ളതല്ലോ. 39
മത്സരമിപ്രകാരം വളർന്നു ദുർബലന്മാ-
രസ്സുധ ബലാലപഹരിച്ചുവച്ചിരിക്കും
ദൈതേയന്മാരെ പ്രതിഷേധിച്ചു ബലമായി
വാദിച്ചാരൊട്ടുനേരമന്യോന്യം ധരാപതേ! 40
നിഖിലോപായങ്ങളുമറിയുമീശനാകും
ഭഗവാൻ മുരാരിയീവേളയിൽ സ്വമായയാൽ
ശരിയായ് നിർദ്ദേശിക്കാനാർക്കുമേ കഴിയാത്ത
പരമാത്ഭുതമൊരു യോഷതൻ വേഷമാർന്നാൻ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേക്ഷണീയോത്പലശ്യാമം സർവ്വാവയവസുന്ദരം
സമാനകർണ്ണാഭരണം സുകപോലോന്നസാനനം. 42
നവയൗവനനിർവൃത്തസ്തനഭാരകൃശോദരം
മുഖാമോദാനുരക്താളിഝങ്കാരോദ്വിഗ്നലോചനം. 43
ബിഭ്രത് സ്വകേശഭാരേണ മാലാമുത്ഫുല്ലമല്ലികാം
സുഗ്രീവകണ്ഠാഭരണം സുഭുജാങ്ഗദഭൂഷിതം. 44
വിരജാംബരസംവീതനിതംബദ്വീപശോഭയാ
കാഞ്ച്യാ പ്രവിലസദ്വല്ഗുചലച്ചരണനൂപുരം. 45
സവ്രീഡസ്മിതവിക്ഷിപ്തഭ്രൂവിലാസാവലോകനൈഃ
ദൈത്യയൂഥപചേതസ്സു കാമമുദ്ദീപയൻ മുഹുഃ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ഭഗവന്മായോപാലംഭനം നാമാഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ശ്രീശുക ഉവാച
തേഽന്യോന്യതോഽസുരാഃ പാത്രം ഹരന്തസ്ത്യക്തസൗഹൃദാഃ
ക്ഷിപന്തോ ദസ്യുധർമ്മാണ ആയാന്തീം ദദൃശുഃ സ്ത്രിയം. 1
''അഹോ രൂപമഹോ ധാമ അഹോ അസ്യാ നവം വയഃ''
ഇതി തേ താമഭിദ്രുത്യ പപ്രച്ഛുർജ്ജാതഹൃച്ഛയാഃ. 2
''കാ ത്വം കഞ്ജപലാശാക്ഷി! കുതോ വാ? കിം ചികീർഷസി?
കസ്യാസി? വദ വാമോരു! മഥ്നന്തീവ മനാംസി നഃ. 3
ന വയം ത്വാമരൈർദൈത്യൈഃ സിദ്ധഗന്ധർവ്വചാരണൈഃ
നാസ്പൃഷ്ടപൂർവ്വാം ജാനീമോ ലോകേശൈശ്ച കുതോ നൃഭിഃ. 4
നൂനം ത്വം വിധിനാ സുഭ്രൂഃ പ്രേഷിതാസി ശരീരിണാം
സർവ്വേന്ദ്രിയമനഃപ്രീതിം, വിധാതും സഘൃണേന കിം. 5
സാ ത്വം നഃ സ്പർദ്ധമാനാനാമേകവസ്തുനി, മാനിനി,
ജ്ഞാതീനാം ബദ്ധവൈരാണാം ശം വിധത്സ്വ സുമധ്യമേ! 6
വയം കശ്യപദായാദാ ഭ്രാതരഃ കൃതപൗരുഷാഃ
വിഭജസ്വ യഥാന്യായം നൈവ ഭേദോ യഥാ ഭവേത്.'' 7
ഇത്യുപാമന്ത്രിതോ ദൈത്യൈർമ്മായായോഷിദ്വപുർഹരിഃ
പ്രഹസ്യ രുചിരാപാങ്ഗൈർന്നിരീക്ഷന്നിദമബ്രവീത്. 8
''കഥം കശ്യപദായാദാഃ പുംശ്ചല്യാം മയി സങ്ഗതാഃ
വിശ്വാസം പണ്ഡിതോ ജാതു കാമിനീഷു ന യാതി ഹി. 9
സാലാവൃകാണാം സ്ത്രീണാം ച സ്വൈരിണീനാം സുരദ്വിഷഃ
സഖ്യാന്യാഹുരനിത്യാനി നൂത്നം നൂത്നം വിചിന്വതാം.'' 10

ശ്രീശുക ഉവാച
ഇതി തേ ക്ഷ്വേളിതൈസ്തസ്യാ ആശ്വസ്തമനസോഽസുരാഃ
ജഹസുർഭാവഗംഭീരം ദദുശ്ചാമൃതഭാജനം. 11

തതോ ഗൃഹീത്വാമൃതഭാജനം ഹരിർ–
ബഭാഷ ഈഷത്സ്മിതശോഭയാ ഗിരാ
''യദ്യഭ്യുപേതം ക്വ ച സാധ്വസാധു വാ
കൃതം മയാ വോ വിഭജേ സുധാമിമാം.''

ഇത്യഭിവ്യാഹൃതം തസ്യാ ആകർണ്യാസുരപുങ്ഗവാഃ
അപ്രമാണവിദസ്തസ്യാസ്തത് തഥേത്യന്വമംസത. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കണ്ണിനാനന്ദമേകുമുത്പലശ്യാമവർണ്ണ–
മാർന്ന സർവാവയവസൗന്ദര്യസമേതയായ്
സപദി സമകർണഭൂഷാലംകൃതയായ് സു–
കപോലോന്നതനാസാഭാസുരാനനത്തോടും 42
നവയൗവനത്തിനാൽ വൃത്തമൊത്തുരഃസ്ഥലം
കവിയും സ്തനങ്ങൾതന്നതിയാം ഭാരംമൂലം
കൃശമധ്യയായ് മുഖസൗരഭ്യാസക്തഭൃങ്ഗഗ–
നിചയഝങ്കാരത്താൽ ചലിതനേത്രയായി 43
ഫുല്ലമല്ലികാപുഷ്പമാല മൗലിയിൽ ചൂടി–
യുല്ലസൽകർണഭൂഷയങ്ഗദങ്ങളും പൂണ്ടു 44
നേർത്ത നിർമ്മലമാകുമംബരം ധരിച്ചതി–
വിസ്തൃതനിതംബമാം ദ്വീപത്തെച്ചുഴന്നിടും
കാഞ്ചിയാൽ മിന്നും കഴലിണയാൽ
പാദസരോ–
ജഞ്ചിതസ്വനത്തൊടും ചരിച്ചാൾ മന്ദംമന്ദം. 45
നാണമുൾക്കൊള്ളും മന്ദസ്മിതത്താലിളകീടും
ചേണാളും ഭ്രൂവല്ലരീവിലസൽക്കടാക്ഷത്താൽ
ദൈത്യേശചിത്തങ്ങളിൽ കാമാർത്തിയടിക്കടി–
യുദ്ദീപിപ്പിച്ചിതേയമ്മോഹിനി മോഹ–
നാങ്ഗി. 46

അദ്ധ്യായം 9

പാലാഴിമഥനം—തുടർച്ച—
മോഹിനീമായാപ്രയോഗം

ശ്രീശുകൻ പറഞ്ഞു

അന്യോന്യമസുരന്മാർ സൗഹാർദ്ദം
കൈവെടിഞ്ഞു
നിന്ദാവാക്കുകളോതിത്തസ്കരന്മാർകണക്കേ
ഏതുമട്ടിലും സുധാകലശം താന്താങ്ങൾക്കു
സ്വാധീനമാക്കാനന്നിബ്ബലപ്രയോഗം
ചെയ്താർ.
ഏകനോടന്യനവനോടു മറ്റൊരുത്തനും
വേഗത്തിൽ കയ്യടക്കീട്ടങ്ങനെ തമ്മിൽ–
ത്തമ്മിൽ
പിടിച്ചും വലിച്ചും വൻശണ്ഠകൂടവേ മന്ദം
നടന്നടുത്തീടുമാ മോഹനാങ്ഗിയെക്കണ്ടാർ. 1
''എന്തൊരു രൂപമാണിതെന്തു സൗന്ദര്യമാണി–
തെന്തൊരു കാന്തി, നവയൗവനമാശ്ചര്യം–
താൻ.''
ഈവിധമോരോന്നോതിക്കാമാന്ധന്മാരാമവ–
രേവരും തത്സമീപമണഞ്ഞു ചോദ്യമായി. 2
''അല്ലയോ സാരസാക്ഷീ! വാമോരു!
ഞങ്ങൾക്കെല്ലാ–
മുള്ളതാമുള്ളം മഥിക്കുന്ന നീയാരോമലേ!
ആരുടെ കന്യയാം നീ,യിവിടെയിപ്പോളെന്തു–
കാര്യമുദ്ദേശിച്ചാണു വന്നതെന്നതും ചൊൽക. 3

സുന്ദരീമണേ! നിന്നെദ്ദേവന്മാർ ദൈത്യന്മാരും
കിന്നരഗന്ധർവന്മാർ സിദ്ധാദ്യർ ദിക്പാലരും
ആരുമേ തൊട്ടിട്ടില്ലെന്നറിയുന്നുണ്ടു, നര–
ന്മാരുടെ കഥ പിന്നെച്ചൊല്ലേണ്ടതില്ലയല്ലോ. 4
സന്ദേഹമില്ല ഭദ്രേ! ദേഹികൾക്കെല്ലാം മാന–
സേന്ദ്രിയങ്ങൾക്കു പാരമാനന്ദമേകീടുവാൻ
കരുണാവാരാന്നിധിയീശനിങ്ങയച്ചോരു
തരുണീവൃന്ദമൗലിമാണിക്യംതന്നെയാം നീ. 5
മാനിനീ! സുമധ്യമേ! യേകകാര്യത്തിനായി–
ത്താനേ മത്സരിച്ചേറെ വിരോധപ്പെട്ടുവാഴും
ജ്ഞാതികളായീടുമീ ഞങ്ങളെ രഞ്ജിപ്പിച്ചു
ഖേദങ്ങളകററി നീയേകണം പരം ക്ഷേമം. 6
ഞങ്ങൾ സോദരന്മാരും കശ്യപാത്മജന്മാരും
മങ്ങാതെ തുല്യം ശ്രമിച്ചവരുംതന്നെ പാർത്താൽ
യാതൊരു ഭേദമന്യേ ന്യായമായ്ത്തന്നേയിതു
വീതിച്ചു ഞങ്ങൾക്കെല്ലാം നീതന്നെ
തന്നീടുക.'' 7
ദാനവന്മാർക്കുള്ളോരീയർത്ഥന കേട്ടപ്പോഴേ
മാനിനീവേഷമാർന്ന ഭഗവാൻ നാരായണൻ
പുഞ്ചിരി, കടാക്ഷങ്ങളിവയാൽത്തന്മാനസ–
മഞ്ചാതെയപഹരിച്ചീവിധം ചൊല്ലീടിനാൻ:
8
''കശ്യപാത്മജന്മാരേ! നിങ്ങൾക്കെങ്ങനെ
വന്നു
പുംശ്ചലിയാകുമെന്നിൽവിശ്വാസമിത്രവേഗം.
പണ്ഡിതന്മാരായുള്ളോരാരുമേയീവിധത്തിൽ
തന്വങ്ഗിമാരേ വിശ്വസിക്കുമാറില്ലയല്ലോ. 9
നിത്യവും നവനവപുമാന്മാരെയും പിന്നെ–
യത്യന്തം സുഖകരവസ്തുക്കളേയും തേടും
കുലടാജനത്തോടും ചെന്നായ്ക്കളോടും സഖ്യം
നിലനില്ക്കുകയില്ലെന്നോതുന്നു മനീഷികൾ.''
10

ശ്രീശുകൻ പറഞ്ഞു

ഇത്തരമവൾ ചൊന്ന കപടവാക്യങ്ങളാൽ
ദൈത്യന്മാരെല്ലാവരും മാനസാശ്വാസമാർന്നു
വിശ്വാസം സൂചിപ്പിക്കുംവിധത്തിൽ
ചിരിച്ചുകൊ–
ണ്ടസ്സുധാകുംഭമേകീ ഗംഭീരഭാവത്തോടും. 11
അമൃതകുംഭം വാങ്ങിബ്ഭഗവാനുടൻതന്നെ
സുമന്ദഹാസത്തോടും ചൊല്ലിനാൻ, ''ദൈത്യ–
ന്മാരേ!
ശരിയോ തെറ്റോ ചെയ്യും ഞാ,നതു
നിങ്ങളങ്ഗീ–
കരിക്കാമെങ്കിൽ ഞാനീയമൃതം ഭാഗി–
ച്ചേകാം.'' 12
അതു കേട്ടപ്പോൾത്തന്നെതത്പ്രഭാവാജ്ഞരാമ–
ദ്ദിതിജരെല്ലാം ''നിന്റെയിഷ്ടംപോൽ
ചെയ്യാ''മെന്നായ്. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥോപോഷ്യ കൃതസ്നാനാ ഹുത്വാ ച ഹവിഷാനലം
ദത്ത്വാ ഗോവിപ്രഭൂതേഭ്യഃ കൃതസ്വസ്ത്യയനാ ദ്വിജൈഃ. 14
യഥോപജോഷം വാസാംസി പരിധായാഹതാനി തേ
കുശേഷു പ്രാവിശൻ സർവ്വേ പ്രാഗഗ്രേഷ്വഭിഭൂഷിതാഃ. 15
പ്രാങ്മുഖേഷൂപവിഷ്ടേഷു സുരേഷു ദിതിജേഷു ച
ധൂപാമോദിതശാലായാം ജുഷ്ടായാം മാല്യദീപകൈഃ. 16
തസ്യാം നരേന്ദ്ര! കരഭോരുരുശദ്ദുകൂല-
ശ്രോണീതടാലസഗതിർമ്മദവിഹ്വലാക്ഷീ
സാ കൂജതീ കനകനൂപുരശിഞ്ജിതേന
കുംഭസ്തനീ കലശപാണിരഥാവിവേശ. 17
താം ശ്രീസഖീം കനകകുണ്ഡലചാരുകർണ-
നാസാകപോലവദനാം പരദേവതാഖ്യാം
സംവീക്ഷ്യ സംമുമുഹുരുത്സ്മിതവീക്ഷണേന
ദേവാസുരാ വിഗളിതസ്തനപട്ടികാം താം. 18
അസുരാണാം സുധാദാനം സർപ്പാണാമിവ ദുർന്നയം
മത്വാ ജാതിനൃശംസാനാം ന താം വ്യഭജദച്യുതഃ. 19
കല്പയിത്വാ പൃഥക് പങ്ക്തീരുഭയേഷാം ജഗത്പതിഃ
താംശ്ചോപവേശയാമാസ സ്വേഷു സ്വേഷു ച പങ്ക്തിഷു. 20
ദൈത്യാൻ ഗൃഹീതകലശോ വഞ്ചയന്നുപസഞ്ചരൈഃ
ദൂരസ്ഥാൻ പായയാമാസ ജരാമൃത്യുഹരാം സുധാം. 21
തേ പാലയന്തഃ സമയമസുരാഃ സ്വകൃതം നൃപ!
തൂഷ്ണീമാസൻ കൃതസ്നേഹാഃ സ്ത്രീവിവാദജുഗുപ്സയാ. 22
തസ്യാം കൃതാതിപ്രണയാഃ പ്രണയാപായകാതരാഃ
ബഹുമാനേന ചാബദ്ധാ നോചുഃ കിഞ്ചന വിപ്രിയം. 23
ദേവലിങ്ഗപ്രതിച്ഛന്നഃ സ്വർഭാനുർദ്ദേവസംസദി
പ്രവിഷ്ടഃ സോമമപിബച്ചന്ദ്രാർക്കാഭ്യാം ച സൂചിതഃ. 24
ചക്രേണ ക്ഷുരധാരേണ ജഹാര പിബതഃ ശിരഃ
ഹരിസ്തസ്യ കബന്ധസ്തു സുധയാപ്ലാവിതോഽപതത്. 25
ശിരസ്ത്വമരതാം നീതമജോ ഗ്രഹമചീക്ലൃപത്
യസ്തു പർവ്വണി ചന്ദ്രാർക്കാവഭിധാവതി വൈരധീഃ. 26
പീതപ്രായേഽമൃതേ ദേവൈർഭഗവാംല്ലോകഭാവനഃ
പശ്യതാമസുരേന്ദ്രാണാം സ്വം രൂപം ജഗൃഹേ ഹരിഃ. 27
ഏവം സുരാസുരഗണാഃ സമദേശകാല-
ഹേത്വർത്ഥകർമ്മമതയോഽപി ഫലേ വികല്പാഃ
തത്രാമൃതം സുരഗണാഃ ഫലമഞ്ജസാഽഽപു-
ര്യത്പാദപങ്കജരജഃശ്രയണാന്ന ദൈത്യാഃ. 28
യദ്യുജ്യതേഽസുവസുകർമ്മമനോവചോഭിർ-
ദേഹാത്മജാദിഷു നൃഭിസ്തദസത് പൃഥക്ത്വാത്
തൈരേവ സദ്ഭവതി യത് ക്രിയതേഽപൃഥക്ത്വാത്
സർവ്വസ്യ തദ്ഭവതി മൂലനിഷേചനം യത്. 29

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
അമൃതമഥനേ നവമോഽധ്യായഃ

ദശമോഽധ്യായഃ

ശ്രീശുക ഉവാച
ഇതി ദാനവദൈതേയാ നാവിന്ദന്നമൃതം നൃപ!
യുക്താഃ കർമ്മണി യത്താശ്ച വാസുദേവപരാങ്മുഖാഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെയങ്ങുപവാസം ദീക്ഷിച്ചു കുളികഴി–
ച്ചൊന്നിച്ചു ഹവിസ്സുചേർത്തഗ്നിഹോത്രം കഴിച്ചു.
അന്നം ഭൂസുരപശുഭൂതരാശികൾ നല്കി
നന്നായിട്ടനുഗ്രഹം വാങ്ങിയിച്ഛാനുസാരം. 14
കോടിമുണ്ടുടുത്തലങ്കാരങ്ങളണിഞ്ഞുട–
നേടലർശരപരവശന്മാരായിപ്പുരം
കിഴക്കോട്ടഗ്രമാക്കി വിരിച്ച കുശത്തിൽ
മുഴുത്ത മോദത്തോടുമങ്ങു ചെന്നിരുന്നിതു. 15
മാലാദീപാദിയാലേയലങ്കരിച്ചും ധൂപ–
ജാലത്താൽ പരിമളമെങ്ങുമേ വ്യാപിപ്പിച്ചും
വിളങ്ങും ശാലതന്നിലമരാസുരരൊപ്പം
തെളിഞ്ഞു സുധയുണ്മാൻ കിഴക്കോട്ടിരു–
ന്നിതു 16
വിലസത്പട്ടുവസ്ത്രം ധരിച്ചു കുചകുംഭ–
മുലച്ചു മദാലസചാരുലോചനയായി
പൊൻനൂപുരസ്വനത്തോടസ്സുധാകുംഭമേന്തി–
യന്നേരമസ്സുന്ദരി ചെന്നിതു മന്ദമന്ദം. 17
സ്വർണ്ണഭൂഷാലംകൃതകർണ്ണങ്ങളും, സുനാസിക–
മിന്നിടും കപോലങ്ങളെന്നിവയൊത്തിണങ്ങും
സുന്ദരമുഖത്തോടും കഞ്ചുകമഴിഞ്ഞുള്ളൊ–
ന്നതങ്ങളാം കൊങ്കകൾക്കടങ്ങളോടുംകൂടി
പരദേവതാഖ്യയായിന്ദിരാസമാനയായ്
പരിശോഭിച്ചീടുവോരവളെ നേരേ കണ്ടു
തന്മന്ദഹാസാഞ്ചിതചാരുവീക്ഷണത്താലേ
സമ്മോഹിതന്മാരായീ സുരാസുരന്മാരെല്ലാം. 18
ക്രൂരരാമസുരന്മാർക്കമൃതം കൊടുപ്പതു
ഘോരസർപ്പങ്ങൾക്കെന്നമട്ടിലന്യായമായി
ഭഗവാൻ വാസുദേവൻ ചിന്തിച്ചപ്പീയൂഷത്തെ
പകുത്തു കൊടുത്തതില്ലവരിലാർക്കുംതന്നെ. 19
വിശേഷശൻ വേറേവേറേയിരുകക്ഷികൾക്കും
സ്ഥാനം
നിശ്ചയിച്ചിരുത്തിനാൻ രണ്ടു പന്തിയി–
ലായി. 20
അമൃതകുംഭത്തെയും കയ്യിലാന്നസുരാളീ–
സമീപത്തിലൂടങ്ങു നടന്നുചെന്നു ദേവൻ
അവരെ വഞ്ചിച്ചുകൊണ്ടുകലത്താളും സുര–
നിവഹത്തിനെ നന്നായമൃതം ഭുജിപ്പിച്ചാൻ. 21
അവളോടാദ്യംചെയ്ത സത്യത്തെ സംസ്മരിച്ചു–
മവളിൽ ഗാഢസ്നേഹം രൂഢമായതിനാലും
മാനിനീവിവാദത്തിലനൗചിത്യം സ്മരിച്ചും
ദാനവദൈത്യരിതു കണ്ടു മിണ്ടാതിരുന്നാർ. 22
പ്രണയാപായം ഭയപ്പെട്ടുമന്നാരീശിരോ–
മണിയിലാളും സ്നേഹബഹുമാനാധിക്യത്താൽ
ദൃഢബദ്ധരായ്പ്പോകയാലുമപ്രിയമൊന്നു–
മുടനേ ദൈത്യന്മാരിലാരുമേ ചൊല്ലിയില്ല. 23
സുരവേഷംചമഞ്ഞു ദൈത്യവംശജൻ രാഹു
വിരവോടമർത്ത്യന്മാർക്കിടയിൽ ചെന്നിരുന്നു.
അമൃതുണ്ടതു സൂര്യചന്ദ്രന്മാർ സൂചിപ്പിച്ചു–
സമയം ചക്രത്തിനാൽ തച്ഛിരച്ഛേദംചെയ്തു,
സുധാസ്പർശനമററ ശരീരം നിലത്തങ്ങു
പതിപ്പിച്ചിതേ ഹരി നിമിഷാർദ്ധത്തി–
നുള്ളിൽ. 24–25
പീയൂഷപ്രഭാവത്താൽ ചൈതന്യം വിട്ടിടാത്ത–
തായ തച്ഛിരസ്സീശൻ ഗ്രഹമായ്ക്കല്പിച്ചിതു.
സൂര്യചന്ദ്രന്മാർ, തന്നെച്ചൂണ്ടിക്കാണിച്ചവെന്ന
വൈരത്താലവൻ വാവിലവരോടെതി–
ർക്കുന്നു. 26
നാകികളെല്ലാം സുധപാനംചെയ്തിരിക്കവേ
ലോകപാലകനാമബ്ഭഗവാൻ വാസുദേവൻ
ദാനവർ കാൺകെത്തന്നെ മോഹിനീവേഷം
മാററി–
യുനമററിട്ടും നിജരൂപത്തെദ്ധരിച്ചിതു. 27
അർത്ഥകാമങ്ങൾ, ദേശം, കാലം, കാരണം,
ചിന്ത–
യിത്രയും ദേവാസുരർക്കൊപ്പമാണെന്നാകിലും
ഒന്നുപോലല്ല ഫലം ഭവിച്ചതവർക്കതിൽ,
വിണ്ണവർ നിരന്തരം ഹരിയെപ്പൂജിക്കയാൽ
അമൃതമവർക്കുതാൻ സിദ്ധിച്ചു, ദാനവർക്കോ
ശ്രമമൊക്കെയും ഫലശൂന്യമായ്ക്കലാ–
ശിച്ചു. 28
അസുവും ഗീരും പിന്നെക്കർമ്മേന്ദ്രിയങ്ങൾ
ചിത്തം
വസുവുംകൊണ്ടു മെയ്യും നിജാത്മജാദികൾക്കും
ഭേദഭാവനയോടു ജനങ്ങൾ ചെയ്യും കർമ്മ–
മേതുമേ ഫലവത്തായ് ഭവിക്കയില്ല നൂനം.
അവയാൽത്തന്നെ ഭേദമതിയെന്നിയേ ചെയ്യും
പ്രവൃത്തി ഫലയുക്തമാകുന്നു സർവ്വത്രതാൻ.
മൂലത്തിൽ നനച്ചീടിൽ പോരുമത്തരുശാഖാ–
ജാലമാകവേ ചേലായ്ത്തഴച്ചു ഫലിക്കു–
വാൻ. 29

അദ്ധ്യായം 10

സുരാസുരയുദ്ധം

ശ്രീശുകൻ പറഞ്ഞു

ഹേ രാജൻ! ദനുജന്മാർ ദൈത്യരും വേണ്ടും–
മട്ടിൽ
ക്ഷീരാബ്ധിമഥനത്തിൽ പ്രയത്നിച്ചെന്നാകിലും
ദൈത്യാരിഭഗവാനിൽ ഭക്തിയില്ലായ്കമൂലം
സിദ്ധമായില്ലവർക്കസ്സുധതന്നംശംപോലും. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധയിത്വാമൃതം, രാജൻ! പായയിത്വാ സ്വകാൻ സുരാൻ
പശ്യതാം സർവ്വഭൂതാനാം യയൗ ഗരുഡവാഹനഃ. 2
സപത്നാനാം പരാമൃദ്ധിം ദൃഷ്ട്വാ തേ ദിതിനന്ദനാഃ
അമൃഷ്യമാണാ ഉത്പേതുർദ്ദേവാൻ പ്രത്യുദ്യതായുധാഃ. 3
തതഃ സുരഗണാഃ സർവ്വേ സുധയാ പീതയൈധിതാഃ
പ്രതിസംയുയുധുഃ ശസ്ത്രൈർന്നാരായണപദാശ്രയാഃ. 4
തത്ര ദൈവാസുരോ നാമ രണഃ പരമദാരുണഃ
രോധസ്യുദന്വതോ രാജംസ്തുമുലോ രോമഹർഷണഃ. 5
തത്രാന്യോന്യം സപത്നാസ്തേ സംരബ്ധമനസോ രണേ
സമാസാദ്യാസിഭിർബ്ബാണൈർന്നിജഘ്നുർവിവിധായുധൈഃ. 6
ശംഖതൂര്യമൃദംഗാനാം ഭേരീഡമരിണാം മഹാൻ
ഹസ്ത്യശ്വരഥപത്തീനാം നദതാം നിഃസ്വനോഽഭവത്. 7
രഥിനോ രഥിഭിസ്തത്ര പത്തിഭിഃ സഹ പത്തയഃ
ഹയാ ഹയൈരിഭാശ്ചേഭൈഃ സമസജ്ജന്ത സംയുഗേ. 8
ഉഷ്ട്രൈഃ കേചിദിഭൈഃ കേചിദപരേ യുയുധുഃ ഖരൈഃ
കേചിദ്ഗൗരമുഖൈഃ ഋക്ഷൈർദ്വീപിഭിർഹരിഭിർഭടാഃ. 9
ഗൃധ്രൈഃ കങ്കൈർബ്ബകൈരന്യേ ശ്യേനഭാസൈസ്തിമിങ്-
ഗിലൈഃ
ശരഭൈർമ്മഹിഷൈഃ ഖഡ്ഗൈർഗ്ഗോവൃഷൈർഗ്ഗവയാ-
രുണൈഃ. 10
ശിവാഭിരാഖുഭിഃ കേചിത് കൃകലാസൈഃ ശശൈർന്നരൈഃ
ബസ്തൈരേകേ കൃഷ്ണസാരൈർഹംസൈരന്യേ ച സൂകരൈഃ. 11
അന്യേ ജലസ്ഥലഖഗൈഃ സത്ത്വൈർവികൃതവിഗ്രഹൈഃ
സേനയോരുഭയോ രാജൻ, വിവിശുസ്തേഽഗ്രതോഽഗ്രതഃ. 12
ചിത്രധ്വജപടൈ രാജന്നാതപത്രൈഃ സിതാമലൈഃ
മഹാധനൈർവജ്രദണ്ഡൈർവ്യജനൈർബ്ബാർഹചാമരൈഃ 13
വാതോദ്ധൂതോത്തരോഷ്ണീഷൈരച്ചിർഭിർവർമ്മഭൂഷണൈഃ
സ്ഫുരദ്ഭിർവിശദൈഃ ശസ്ത്രൈഃ സുതരാം സൂര്യരശ്മിഭിഃ 14
ദേവദാനവവീരാണാം ധ്വജിന്യൗ പാണ്ഡുനന്ദന!
രേജതുർവീരമാലാഭിര്യാദസാമിവ സാഗരൗ. 15
വൈരോചനോ ബലിഃ സംഖ്യേ സോഽസുരാണാം ചമൂപതിഃ
യാനം വൈഹായസം നാമ കാമഗം മയനിർമ്മിതം. 16
സർവ്വസാംഗ്രാമികോപേതം സർവ്വാശ്ചര്യമയം പ്രഭോ!
അപ്രതർക്ക്യമനിർദ്ദേശ്യം ദൃശ്യമാനമദർശനം 17
ആസ്ഥിതസ്തദ്വിമാനാഗ്ര്യം സർവ്വാനീകാധിപൈർവ്വൃതഃ
വാലവ്യജനഛത്രാഗ്ര്യൈ രേജേ ചന്ദ്ര ഇവോദയേ. 18
തസ്യാസൻ സർവ്വതോ യാനൈര്യൂഥാനാം പതയോഽസുരാഃ
നമുചിഃ ശംബരോ ബാണോ വിപ്രചിത്തിരയോമുഖഃ 19
ദ്വിമൂർദ്ധാ കാലനാഭോഽഥ പ്രഹേതിർഹേതിരില്വലഃ
ശകുനിർഭൂതസംതാപോ വജ്രദംഷ്ട്രോ വിരോചനഃ 20
ഹയഗ്രീവഃ ശങ്കുശിരാഃ കപിലോ മേഘദുന്ദുഭിഃ
താരകശ്ചക്രദൃക് സുംഭോ നിസുംഭോ ജംഭ ഉത്കലഃ 21
അരിഷ്ടോഽരിഷ്ടനേമിശ്ച മയശ്ച ത്രിപുരാധിപഃ
അന്യേ പൗലോമകാലേയാ നിവാതകവചാദയഃ 22
അലബ്ധഭാഗാഃ സോമസ്യ കേവലം ക്ലേശഭാഗിനഃ
സർവ്വ ഏതേ രണമുഖേ ബഹുശോ നിർജ്ജിതാമരാഃ 23
സിംഹനാദാന്വിമുഞ്ചന്തഃ ശംഖാൻ ദധ്മുർമ്മഹാരവാൻ
ദൃഷ്ട്വാ സപത്നാനുത്സിക്താൻ ബലഭിത് കുപിതോ ഭൃശം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീയൂഷമെടുത്തേവം സ്വീയരാമമർത്ത്യന്മാ-
ർക്കായേകിയക്കൂട്ടരെയശിപ്പിച്ചതിൽപ്പിന്നെ
ഗരുഡസ്കന്ധമേറിയസ്ഥലം വിട്ടീടിനാൻ
തരസാ രമാജാനിയേവരും നോക്കിനില്ക്കെ. 2

ദിതിനന്ദനന്മാരശ്ശത്രുവർഗ്ഗത്തിന്നേഴ-
മതിയാമഭിവൃദ്ധി കണ്ടസഹിഷ്ണുക്കളായ്
സമരത്തിന്നായുടനായുധങ്ങളും പൊക്കി-
യമരന്മാർക്കുനേരേയമർഷത്തോടടുത്താർ. 3

ശ്രീനാരായണപാദഭക്തരാം സുരർ സുധാ-
പാനത്താലക്ഷീണരായുൽക്കവാസുകമൂലം
ശസ്ത്രധാരികളായിച്ചെന്നെതിർത്തവരോടു-
യുദ്ധവും തുടങ്ങിനാർ ലേശവുംക്ലേശലെന്യേ. 4

അക്കടൽപ്പുറത്തുവച്ചമരാസുരർ തമ്മി-
ലുൽക്കടമായിബ്ഭയാനകമാം പോരു-
ണ്ടായി. 5

ശത്രുക്കളാകുമവരന്യോന്യം വാളുമമ്പും
മററായുധൗഘങ്ങളും പ്രയോഗിച്ചേററി നാശം. 6

പോരതിൽ ശങ്ഖതൂര്യഡമരിമൃദംഗങ്ങൾ
ഭേരിയെന്നിവയുടെ വമ്പിച്ച ശബ്ദങ്ങളും
തേരാനയശ്വം കാലാളീ സേനാഭാഗങ്ങൾതൻ
ഘോരമാം നാദങ്ങളുമെങ്ങുമേ പൊങ്ങിപാരം. 7

തേർപ്പട രഥസേനയോടുമക്കാലാൾപ്പട-
കാല്പടയോടുമാനപ്പടയപ്പടയോടും
കുതിരപ്പടയശ്വസൈന്യത്തിനോടും നേരേ-
യെതിർത്തു ഭയങ്കരമാംവിധം യുദ്ധംചെയ്തു. 8

ചിലരൊട്ടകത്തിന്മേൽ ചിലരാനപ്പുറത്തും
ചിലപേർ ഖരത്തിന്മേൽ ചമരിമേലും ചിലർ
കരടി സിംഹം പുലിയിഗ്ഘോരമൃഗങ്ങൾ
തൻ-
പുറത്തുമേറിവന്ന ഭടന്മാർ പോരാടിനാർ. 9

ഗൃദ്ധ്രങ്ങൾ കഴുകന്മാർ കൊററികൾ പരുന്തുക-
ളിത്തരം പക്ഷികളാം ചിലർക്കു വാഹനങ്ങൾ.
ശരഭം തിമിങ്ഗിലം ഗവയം ഖഡ്ഗം
പോത്തു-
മരുണം വൃഷഭങ്ങൾ പന്നികളന്നങ്ങളും 10
കുറുക്കനെലിയോന്തു മുയലും മേഷങ്ങളും
നരന്മാർ കൃഷ്ണമൃഗമിത്തരമുള്ളതാകും
ജലസ്ഥലസ്ഥങ്ങളാം പല ജീവികളേയും
ചിലർ വാഹങ്ങളാക്കിസ്സംഗരം ചെയ്തീടി-
നാർ. 11-12

ശുദ്ധശുഭ്രങ്ങളാകുമാതപത്രങ്ങളാലു-
മെത്രയും വിചിത്രമാം കൊടിക്കൂറകളാലും
വിലതീരാത്ത വൈരക്കല്ലുകൾ പതിച്ചേറെ
വിലസും മനോഹരവ്യജനരാജിയാലും
വെഞ്ചാമരങ്ങളാലും ശോഭിച്ച പാരം തത്ര
തഞ്ചിടും സുരാസുരസേനാവിഭാഗം നൃപാ! 13

കാററിനാലിളച്ചലിക്കുമുത്തരീയങ്ങൾ തല-
ക്കെട്ടുകളി, വകൊണ്ടു, മക്കാംശുവഗ്നിജ്ജ്വാല
ഇവയാൽ പ്രകാശിക്കും ഭൂഷണശുദ്ധവസ്ത്ര-
നിവഹം കൊണ്ടുമേററം ശോഭിച്ച സേനാ-
ഗണം. 14

അല്ലയോ പാണ്ഡുപുത്രാ! വീരാഗ്ര്യവൃന്ദ-
ത്താൽസ-
മുല്ലസിച്ചീടും സുരാസുരസേനകളോർത്താൽ
സലിലജന്തുപൂർണ്ണമനതിക്രമ്യം രണ്ടു-
ജലധിയെന്നപോലേ പരിശോഭിച്ച പാരം. 15

അസുരസേനാപതിയാകുമമ്മഹാബലി
വിചിത്രമായി മയാസുരനിർമ്മിതമായി
യുദ്ധക്കോപ്പുകളെല്ലാമൊത്തതായന്ന്യഹ്യമായ്
നിർദ്ദേശ്യമല്ലാത്തതായാശ്ചര്യകരമായി
കാമഗമായദൃശ്യമാനമായ് വൈഹായസ-
നാമമാവഹിപ്പതായ് ചിലപ്പോൾ കാണാ-
വതാം
ഉത്കൃഷ്ടവിമാനത്തിലിരുന്നു സർവസേനാ-
മുഖ്യരാൽവൃതനായ് വെൺചാമരഛത്രാദി-
യാൽ
ജന്യത്തിലുദയാദ്രിതന്നിലസ്സുധാരശ്മി-
യെന്നപോലേററം വിളങ്ങീടിനാൻ മന്ന-
വേന്ദ്രാ! 16–18

നമുചി, ബാണൻ താനും, ശംബരൻ, വിപ്ര-
ചിത്തി-
ദ്വിമൂർദ്ധാ, വയോമുഖൻ, പ്രഹേതി, കാലനാഭൻ
ഹേതി, യില്വലൻ, വജ്രദംഷ്ട്രനും, വിരോചനൻ
ഭൂതസന്താപൻ, ശങ്കുശിരസ്സും, ശകുനിയും
ശുംഭനും, ഹയഗ്രീവൻ, താരകൻ, കപിലൻ, നി-
ശുംഭനും, ജംഭൻ, മേഘദുന്ദുഭി, ചക്രദൃക്കും
ഉൽക്കല, നരിഷ്ടനു, മരിഷ്ടനേമിതാനും
ചൊല്ലേറ്റോണ്ടമുപ്പുരാധിനാഥനാം മയൻതാനും
അന്യരാം പൗലോമന്മാർ നിവാതകവചന്മാർ
പിന്നെയക്കാലകേയരെന്നപേരിയന്നോരും
ഇത്തരം സേനേശന്മാരാവൈരോചനൻതന്റെ
ചുററിനും സ്ഥിതിചെയ്താരോരോ വാഹനങ്ങ-
ളിൽ. 19–22

സുധാംശം കിട്ടാഞ്ഞു നിരാശരായ് ക്ലേശംമാത്ര-
മധികം ഭാഗിച്ചെടുത്തവരായ് പലപ്പൊഴും
അമരന്മാരെ മുന്നം ജയിച്ചോരിവരെല്ലാം
സമരമുഖത്തിൽ മുന്നിട്ടിതു ജയേച്ഛയാൽ. 23

സിംഹനാദത്തോടുമങ്ങലറിയായുധം പൂ-
ണ്ടാഹവത്തിനായ് ശംഖമഹാനിഃസ്വനത്തോടും
എത്തുമശ്ശത്രുക്കളെ വീക്ഷിച്ച സഹസ്രാക്ഷ-
നത്യന്തകോപാവിഷ്ടനായിതു നരാധിപാ! 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഐരാവതം ദിക്കരിണമാരൂഢഃ ശുശുഭേ സ്വരാട്
യഥാ സ്രവത്പ്രസ്രവണമുദയാദ്രിമഹർപ്പതിഃ. 25
തസ്യാസൻ സർവ്വതോ ദേവാ നാനാവാഹധ്വജായുധാഃ
ലോകപാലാഃ സഹ ഗണൈർവായ്വഗ്നിവരുണാദയഃ. 26
തേഽന്യോന്യമഭിസംസൃത്യ ക്ഷിപന്തോ മർമ്മഭിർമ്മിഥഃ
ആഹ്വയന്തോ വിശന്തോഽഗ്രേ യുയുധുർദ്വന്ദ്വയോധിനഃ. 27
യുയോധ ബലിരിന്ദ്രേണ താരകേണ ഗുഹോഽസ്യത
വരുണോ ഹേതിനായുധ്യൻ മിത്രോ രാജൻ! പ്രഹേതിനാ. 28
യമസ്തു കാലനാഭേന വിശ്വകർമ്മാ മയേന വൈ
ശംബരോ യുയുധേ ത്വഷ്ടാ സവിത്രാ തു വിരോചനഃ. 29
അപരാജിതേന നമുചിരശ്വിനൗ വൃഷപർവ്വണാ
സൂര്യോ ബലിസുതൈർദ്ദേവോ ബാണജ്യേഷ്ഠൈഃ
ശതേന ച. 30
രാഹുണാ ച തഥാ സോമഃ പുലോമ്നാ യുയുധേഽനിലഃ
നിസുംഭസുംഭയോർദ്ദേവീ ഭദ്രകാളീ തരസ്വിനീ. 31
വൃഷാകപിസ്തു ജംഭേന മഹിഷേണ വിഭാവസുഃ
ഇല്വലഃ സഹ വാതാപിർബ്രഹ്മപുത്രൈരരിന്ദമ! 32
കാമദേവേന ദുർമ്മഷ് ഉത്കലോ മാതൃഭിഃ സഹ
ബൃഹസ്പതിശ്ചോശനസാ നരകേണ ശനൈശ്ചരഃ. 33
മരുതോ നിവാതകവചൈഃ കാലേയൈർവസവോഽമരാഃ
വിശ്വേദേവാസ്തു പൗലോമൈ രുദ്രാഃ ക്രോധവശൈഃ സഹ. 34

ത ഏവമാജാവസുരാഃ സുരേന്ദ്രാ
ദ്വന്ദ്വേന സംഹത്യ ച യുധ്യമാനാഃ
അന്യോന്യമാസാദ്യ നിജഘ്നരോജസാ
ജിഗീഷവസ്തീക്ഷ്ണശരാസിതോമരൈഃ. 35
ഭുശുണ്ഡിഭിശ്ചക്രഗദർഷ്ടിപട്ടിശൈഃ
ശക്ത്യുല്മുകൈഃ പ്രാസപരശ്വധൈരപി
നിസ്ത്രിംശഭല്ലൈഃ പരിഘൈഃ സമുദ്ഗരൈഃ
സഭിന്ദിപാലൈശ്ച ശിരാംസി ചിച്ഛിദുഃ. 36
ഗജാസ്തുരങ്ഗാഃ സരഥാഃ പദാതയഃ
സാരോഹവാഹാ വിവിധാ വിഖണ്ഡിതാഃ
നികൃത്തബാഹൂരുശിരോധരാങ്ഘ്രയഃ
ഛിന്നധ്വജേഷ്വാസതനുത്രഭൂഷണാഃ. 37
തേഷാം പദാഘാതരഥാങ്ഗചൂർണ്ണിതാ-
ദായോധനാദുല്ബണ ഉത്ഥിതസ്തദാ
രേണുർദ്ദിശഃ ഖം ദ്യുമണിം ച ഛാദയൻ
ന്യവർത്തതാസൃക്സ്രുതിഭിഃ പരിപ്ലുതാത്. 38
ശിരോഭിരുദ്ധൂതകിരീടകുണ്ഡലൈഃ
സംരംഭദൃഗ്ഭിഃ പരിദഷ്ടദച്ഛദൈഃ
മഹാഭുജൈഃ സാഭരണൈഃ സഹായുധൈഃ
സാ പ്രാസ്തൃതാ ഭൂഃ കരഭോരുഭിർബ്ബഭൗ. 39

കബന്ധാസ്തത്ര ചോത്പേതുഃ പശ്യന്തസ്വശിരോഽക്ഷിഭിഃ
ഉദ്യതായുധദോർദ്ദണ്ഡൈരാധാവന്തോ ഭടാൻ മൃധേ. 40
ബലിർമ്മഹേന്ദ്രം ദശഭിസ്ത്രിഭിരൈരാവതം ശരൈഃ
ചതുർഭിശ്ചതുരോ വാഹാനേകേനാരോഹമാർച്ഛയത്. 41
സ താനാപതതഃ ശക്രസ്താവദ്ഭിഃ ശീഘ്രവിക്രമഃ
ചിച്ഛേദ നിശിതൈർഭല്ലൈരസംപ്രാപ്താൻ ഹസന്നിവ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സലിലധാരതോരാതൊഴുകീടുന്ന പൂർവ്വാ–
ചലത്തിന്നുപരിസ്ഥനാദിത്യനെന്നപോലെ

മദാംബുവൊഴുക്കുമൈരാവതവാരണത്തിൻ–
മുതുകിലേറിയേററം ശോഭിച്ചു സുരാധിപൻ. 25

അവനുചുററും സ്വന്തം വാഹനങ്ങളിലേറി
വിവിധധ്വജായുധയുതരായ് സുരന്മാരും

വായ്വഗ്നിവരുണാദിലോകപാലകന്മാരു–
മായുധം ധരിച്ചു സന്നദ്ധരായെത്തീടിനാർ. 26

പിന്നവരേററുമുട്ടി മർമ്മഭേദകങ്ങളാം
നിന്ദാവാക്കുകളോതിയധിക്ഷേപിച്ചു പാരം.

അന്യോന്യംവാശിമൂത്തു സമസ്തയോദ്ധാക്കളും
മുന്നണിക്കുശിർപ്പൊടും തുടങ്ങീ ദ്വന്ദ്വയുദ്ധം. 27

ദേവേന്ദ്രൻ ബലിയൊടും ഗുഹൻ താരകനോടു–
മാവിധം ജലേശ്വരൻ ഹേതിയാം ദൈത്യ–
നോടും

മിത്രനാ പ്രഹേതിയാം ദൈതേയനോടുമേററി–
ട്ടേററവും വാശിപൂർവ്വം സമരംചെയ്തീടിനാർ. 28

ധർമ്മരാജാവു കാലനാഭൻതന്നൊടും വിശ്വ–
കർമ്മാവു മയനോടും ശംബരൻ ത്വഷ്ടാവൊടും

നമുചിയപരാജിതാഭിഖ്യനോടും പിന്നി–
ക്രമത്തിൽ വിരോചനൻതന്നോടു സവിതാവും

ബാണാദിബലിസുതർ നൂറുപേരോടുമായി–
ബ്ഭാനുവും വൃഷപർവാതന്നോടശ്വിനികളും

ഭദ്രകാളിയസ്സുംഭനിസുംഭന്മാർതമ്മൊടും
രാത്രീശൻ രാഹുവോടും വായു പുലോമാവൊടും

ബ്രഹ്മജന്മാരോടായങ്ങില്വലവാതാപിമാ–
രമ്മഹിഷനോടഗ്നി, ജംഭനോടിന്ദ്രൻതാനും

ശുക്രനാ വ്യാഴത്തൊടും ദുർമ്മർഷൻ കാമനോടു–
മുത്കലൻ സപ്തമാതാക്കളോടും ശനൈശ്ചരൻ

നരകാസുരനൊടും, നിവാതകവചന്മാർ
മരുദ്ദേവന്മാരൊടും, കാലകേയന്മാരൊടായ്

വസുനിർജ്ജരന്മാരും രുദ്രന്മാരോടായ് ക്രോധ–
വശരാം ദൈതേയരും പൗലോമന്മാരോടായി

വിശ്വദേവന്മാരുമങ്ങന്യോന്യമെതിർത്തുട–
നാശ്ചര്യകരമായി നടന്നു ദ്വന്ദ്വയുദ്ധം. 29–34

ദ്വന്ദ്വാഹവത്തിലിമ്മട്ടേർപ്പെട്ടോരിവരെല്ലാ–
മന്യോന്യം ജയേച്ഛയോടടുത്തു തീക്ഷ്ണമായി

ശരാസിതോമരാദി നിശിതായുധങ്ങളാ–
ലരാതിക്കംഗക്ഷതമണച്ചാർ ശക്തിയുക്തം. 35

ഋഷ്ടികൾ, ഭുശുണ്ഡികൾ, ഗദകൾ, ചക്രങ്ങളും
പട്ടിശങ്ങളും, പിന്നെശ്ശക്തിക,ളുന്മുകങ്ങൾ

വാളുകൾ, കോടാലികൾ, കുന്തങ്ങൾ, ഭല്ലഭിന്ദി-
പാലങ്ങൾ, മുദ്ഗരങ്ങൾ, പരിഘജാലാ–
ദിയാം

വിവിധായുധവിശേഷങ്ങളെ പ്രയോഗിച്ചു–
ങ്ങവധിയെന്യേ കോതിയിട്ടിതു ശിരസ്സുകൾ. 36

ദന്തിയും തുരംഗവും കാലാളും വഹിച്ചീടും
സ്യന്ദനാദിയുമതിൽ സ്ഥിതിചെയ്തീടുവോരും

കരങ്ങൾ, പാദങ്ങളും, തുടകൾ, ശീർഷങ്ങളും,
ശരം, വിൽ, കൊടിക്കൂറ, കവചഭൂഷാദിയും

ഛിന്നഭിന്നമായെങ്ങും നിരന്നുകിടക്കുമ–
ജ്ജന്യഭൂവാക്കും ചേർത്തു ഭയവുമാശ്ചര്യവും. 37

തത്പാദാഘാതത്താലും രഥചംക്രമത്താലും
നല്പൊടിയായിദ്ധൂളിയുയർന്നു സൂര്യനേയും

ദിക്കുകളാകാശമെന്നിവയും മറച്ചുടൻ
രക്താർദ്രമാകയാലേ മടങ്ങീ ഭൂവിലേക്കായ്. 38

കിരീടകുണ്ഡലങ്ങൾ തെറിച്ചുത്ക്കടക്രോധം
സ്ഫുരിക്കും നയനങ്ങളാർന്നു ചുണ്ടും കടിച്ചു

കിടക്കും ശീർഷങ്ങളുമായുധഭൂഷണങ്ങൾ
ധരിച്ചു വിളങ്ങിടുമായതബാഹുക്കളും

വാരണകരതുല്യമാകുമൂരുക്കളുംകൊ–
ണ്ടാ രണഭൂമിയാകെ മൂടിയെന്നതേവേണ്ടൂ. 39

ശിരസ്സില്ലാതെ രണഭൂമിയിൽ കിടക്കുമ–
ശ്ശരീരഗണംതത്തത്സമീപസ്ഥിതങ്ങളാം

ശിരസ്സുകളിലെഴും സ്വന്തം കണ്ണുകൾകൊണ്ടു,
നിരീക്ഷിച്ചായുധങ്ങളാളുമക്കൈകൾ പൊക്കി

ശത്രുവർഗ്ഗത്തിൻനേരേ പാഞ്ഞുചെല്ലുവാനായി
ബദ്ധപ്പെടുന്ന മട്ടുത്പതിച്ചു കബന്ധങ്ങൾ. 40

പത്തു ബാണങ്ങളമ്പർകോൻനേർക്കുമൈരാവത-
ഹസ്തീന്ദ്രൻനേർക്കു മൂന്നു ശരവും, നാലമ്പുകൾ

വാരണപാദരക്ഷിവൃന്ദത്തിൻനേർക്കു,മാന–
ക്കാരൻെറനേരേയൊരു ബാണവും വിട്ടാൻ–
ബലി. 41

ശീഘ്രവിക്രമൻ ശക്രൻ, ചിരിച്ചുകൊണ്ടുക്ഷണം
നേർക്കുവന്നടുക്കുംമുൻപശ്ശരങ്ങളെയെല്ലാം

അത്രയും മൂർച്ചയേറുമസ്ത്രങ്ങൾകൊണ്ടുതന്നെ
മാത്രയ്ക്കുമുൻപു ഖണ്ഡിച്ചീടിനാനനായാസം. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ കർമ്മോത്തമം വീക്ഷ്യ ദുർമ്മർഷഃ ശക്തിമാദദേ
താം ജ്വലന്തീം മഹോത്‌കാഭാം ഹസ്തസ്ഥാമച്ഛിനദ്ധരിഃ. 43
തതഃ ശൂലം തതഃ പ്രാസം തതസ്തോമരമൃഷ്ടയഃ
യദ്യച്ഛസ്ത്രം സമാദദ്യാത്സർവ്വം തദച്ഛിനദ്വിഭുഃ. 44
സസർജ്ജാഥാസുരീം മായാമന്തർധാനഗതോഽസുരഃ
തതഃ പ്രാദുരഭൂച്ഛൈലഃ സുരാനീകോപരി പ്രഭോ! 45
തതോ നിപേതുസ്തരവോ ദഹ്യമാനാ ദവാഗ്നിനാ
ശിലാഃ സടങ്കശിഖരാശ്ചൂർണ്ണയന്ത്യോ ദ്വിഷദ്ബലം. 46
മഹോരഗാഃ സമുത്‌പേതുർദ്ദന്ദശൂകാഃ സവൃശ്ചികാഃ
സിംഹവ്യാഘ്രവരാഹാശ്ച മർദ്ദയന്തോ മഹാഗജാൻ. 47
യാതുധാന്യശ്ച ശതശഃ ശൂലഹസ്താ വിവാസസഃ
ഛിന്ധി ഭിന്ധീതി വാദിന്യസ്തഥാ രക്ഷോഗണാഃ പ്രഭോ! 48
തതോ മഹാഘനാ വ്യോമ്നി ഗംഭീരപരുഷസ്വനാഃ
അങ്‌ഗാരാന്മുമുചുർവാതൈരാഹതാഃ സ്തനയിത്നവഃ 49
സൃഷ്ടോ ദൈത്യേന സുമഹാൻ വഹ്നിഃ ശ്വസനസാരഥിഃ
സാംവർത്തക ഇവാത്യുഗ്രോ വിബുധധ്വജിനീമധാക്. 50
തതഃ സമുദ്ര ഉദ്വേലഃ സർവ്വതഃ പ്രത്യദൃശ്യത
പ്രചണ്ഡവാതൈരുദ്ധൂതതരങ്‌ഗാവർത്തഭീഷണഃ. 51
ഏവം ദൈത്യൈർമ്മഹാമായൈരലക്ഷ്യഗതിഭീഷണൈഃ
സൃജ്യമാനാസു മായാസു വിഷേദുഃ സുരസൈനികാഃ. 52
ന തത്‌പ്രതിവിധിം യത്ര വിദുരിന്ദ്രാദയോ നൃപ!
ധ്യാതഃ പ്രാദുരഭൂത്‌ തത്ര ഭഗവാന്വിശ്വഭാവനഃ. 53

തതഃ സുപർണ്ണാംസകൃതാങ്‌ഘ്രിപല്ലവഃ
പിശങ്‌ഗവാസാ നവകഞ്ജലോചനഃ
അദൃശ്യതാഷ്ടായുധബാഹുരുല്ലസ-
ച്ഛ്രീകൗസ്തുഭാനർഘ്യകിരീടകുണ്ഡലഃ. 54
തസ്മിൻ പ്രവിഷ്ടേഽസുരകൂടകർമ്മജാ
മായാ വിനേശുർമ്മഹിനാ മഹീയസഃ
സ്വപ്നോ യഥാ ഹി പ്രതിബോധ ആഗതേ;
ഹരിസ്‌മൃതിഃ സർവ്വവിപദ്വിമോക്ഷണം. 55
ദൃഷ്ട്വാ മൃധേ ഗരുഡവാഹമിഭാരിവാഹ
ആവിധ്യ ശൂലമഹിനോദഥ കാലനേമിഃ
തല്ലീലയാ ഗരുഡമൂർദ്ധ്‌നി പതദ്‌ഗൃഹീത്വാ
തേനാഹനന്നൃപ, സവാഹമരിം ത്ര്യധീശഃ. 56
മാലീ സുമാല്യതിബലൗ യുധി പേതതുര്യ-
ച്ചക്രേണ കൃത്തശിരസാവഥ മാല്യവാംസ്തം
ആഹത്യ തിഗ്മഗദയാഹനദണ്ഡജേന്ദ്രം
താവച്ഛിരോഽച്ഛിനദരേർന്നദതോഽരിണാഽഽദ്യഃ. 57

ഇതി ശ്രീമദ്‌ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ദേവാസുരസംഗ്രാമേ ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

ശ്രീശുക ഉവാച

അഥോ സുരാഃ പ്രത്യുപലബ്ധചേതസഃ
പരസ്യ പുംസഃ പരയാനുകമ്പയാ
ജഘ്നുർഭൃശം ശക്രസമീരണാദയ-
സ്താംസ്താൻ രണേ യൈരഭിസംഹതാഃ പുരാ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്തമകൃത്യമിതു കണ്ടൊട്ടും സഹിയാതെ
ശക്ത്യായുധത്തെക്കയ്യിലെടുത്താൻ മഹാബലി.
കത്തുന്ന തീക്കൊള്ളിപോൽ ജ്വലിക്കമതിനെയ-
ക്കൈത്തലത്തിൽത്താൻ വച്ചു മുറിച്ചാൻ ദേവാ-
ധിപൻ. 43

പിന്നൊരുശൂലം ബലിയെടുത്തതിന്ദ്രൻഛേദി-
ച്ചുന്നതപ്രാസം പെട്ടെന്നാന്നും ഖണ്ഡിച്ചിതു.
തോമരമുഷ്ടിതൊട്ട ശസ്ത്രങ്ങളെടുത്തതു-
മാമാത്രയ്ക്കമർത്ത്യേശൻ ഛേദിച്ചാനെന്നേവേ-
ണ്ടു. 44

ശസ്ത്രങ്ങൾ നിഷ്ഫലങ്ങളാകവേ മഹാബലി
ദൈത്യമായയെ സൃഷ്ടിച്ചപ്പൊഴേ മറഞ്ഞിതു.
കാണായിതാകാശത്തിലമരസൈന്യോപരി
ക്ഷോണീനായകാ! പെട്ടെന്നുന്നതമൊരു
ശൈലം. 45

അതിൽനിന്നുടൻ കാട്ടുതീപെട്ട ദഹിച്ചിട്ടും
ക്ഷിതിരുഹഘലങ്ങളുമുളിപോൽ മുനയാളും
ശിഖരതുല്യങ്ങളാം ശിലാജാലവും ശത്രു-
നികരത്തെപ്പൊടിച്ചു നിലത്തുപതിച്ചിതേ. 46
വ്യാളങ്ങൾ, സിംഹവ്യാഘ്രപാളികൾ, വരാ-
ഹങ്ങൾ
തേളുകൾ, ദന്ദശൂകവിശേഷങ്ങളുമെല്ലാം
ആനക്കൂട്ടത്തെയാകെ മട്ടിക്കുന്നവകളായ്
വീണിതുതുരുതുരെയാകാശംതന്നിൽനിന്നും. 47
ശൂലങ്ങൾ കരങ്ങളിലെടുത്ത ദൈത്യസ്ത്രീകൾ
ചേലകളഴിച്ചിട്ടു തുറന്നമട്ടിൽത്തന്നെ
'ഛേദിക്കിൻ' 'ഭേദിക്കവി'നെന്നെല്ലാം
ചൊല്ലിക്കൊണ്ടു,
ഭീതിദകളായ് നേരേ വന്നിതു സംഖ്യ-
യെന്യേ. 48
കണ്ണങ്ങൾ പൊട്ടുംമട്ടിലിടികൾവെട്ടും മേഘ-
വൃന്ദത്തെക്കാററുപാററിയന്തരിക്ഷത്തിൽനിന്നും
തീമഴയുണ്ടായ് പിന്നെ ദൈത്യനിർമ്മിതമായ
ഭീമമാം മഹാവഹ്നി കൊടുങ്കാറേറാടുകൂടി
കാലാഗ്നിമട്ടിൽ ജ്വലിച്ചക്ഷണം ദേവ-
സേനാ-
ജാലത്തെയെല്ലാം ദഹിപ്പിച്ചിതു ഘോര-
ഘോരം.
പിന്നെയക്കൊടുങ്കാററും കോളുമത്യുഗ്രമായി-
ട്ടുന്നതതരംഗങ്ങൾ ചുഴികളെന്നിതെല്ലാം
കലരുന്നതായ് ഭയങ്കരങ്ങളാകും മഹാ-
ജലധികളെ നാലുഭാഗത്തും കാണായിതു.
49-51
അദൃശ്യഗതികളാൽ ഭീഷണന്മാരായ് മായാ-
നവിതരാം ദൈതേയന്മാരാന്നിടുമീമട്ടെഴും
കൂടപ്രയോഗങ്ങളാലാദിതേയന്മാരെല്ലാം
പേടിച്ചു പാരം ദുഃഖനിമഗ്നരായീടിനാർ. 52
ഇതരമാർഗ്ഗമൊന്നുമിതിനു കാണാതുള്ളം
പതറിയിന്ദ്രാദ്യരാം വാനവരനന്തരം
ധ്യാനിച്ചു ലോകരക്ഷാകരനാം മുകുന്ദനെ,
താനേ പ്രത്യക്ഷനായിബ്ഭവിച്ചാൻ
ഭഗവാനും. 53

പല്ലവപദങ്ങളെ ഗരുഡസ്കന്ധംതന്നിൽ
മെല്ലവേ ചേർത്തു, മഞ്ഞപ്പട്ടുടുത്തെട്ടായുധം
എട്ടുകൈകളിലാന്നു, കിരീടം കുണ്ഡലങ്ങൾ
കൗസ്തുഭമിവയൊത്തു കാണായി കഞ്ജാ-
ക്ഷനെ. 54

ശ്രീഹരിയസ്ഥലത്തിലെത്തിയമാത്രയിൽത്ത-
ന്മാഹാത്മ്യത്തിനാൽ ദൈത്യമായകളശേഷവും
സ്വപ്നസന്നിഭം പെട്ടെന്നപ്രത്യക്ഷമാ,യങ്ങ-
ച്ചില്ലു,മാൻ സർവ്വവിപന്നാശകാരണനല്ലോ. 55
യുദ്ധത്തിൽ പത്രീശ്വരവാഹനസ്ഥനാ
മിന്നും
ദൈത്യാരിതന്നെക്കണ്ടു സിംഹസ്ഥൻ കാല-
നേമി
ശൂലമൊന്നെടുത്തുടൻ ചുഴററിയെറിഞ്ഞിതു
ചാലവേ ഗരുഡോത്തമാംഗത്തിൻനേർക്കേ-
ത്തതേ
ലീലയായതക്ഷണം ഗ്രഹിച്ചാത്രിലോകേശൻ
കാലനുക്കവനെയാവാഹനമൊത്തയച്ചാൻ. 56
പോരിനായ് ബലിഷ്ഠരാം മാലിയും സുമാ-
ലിയും
നേരിട്ടു വന്നിതപ്പോൾ ഭഗവാൻ ചക്രത്തിനാൽ
തച്ഛിരച്ഛേദംചെയ്താൻ, മാല്യവാനലറിക്കൊ-
ണ്ടാശു പാഞ്ഞെത്തിത്തീക്ഷ്ണഗദയാൽ
പത്രീന്ദ്രനെ
തിറമോടാഞ്ഞടിച്ചാനക്ഷണം തച്ഛിരസ്സു-
മറുത്തു താഴെയിട്ടാനാദിപൂരുഷൻ ഹരി. 57

അദ്ധ്യായം 11

സുരാസുരയുദ്ധം—തുടർച്ച—നമുചിവധം

ശ്രീശുകൻ പറഞ്ഞു

ഉത്തമപൂരുഷൻതൻ കാരുണ്യത്തിനാൽ
വീണ്ടും
വർദ്ധിതവീര്യത്തോടുമിന്ദ്രാനിലാദി വിണ്ണോർ
യുദ്ധത്തിൽ മുന്നം തോല്പിച്ചീടിന ദൈത്യ-
ന്മാരെ-
യത്രയും നിഹനിച്ചിതായോധനത്തിൽ ദ്രുതം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈരോചനായ സംരബ്ധോ ഭഗവാൻ പാകശാസനഃ
ഉദയച്ഛദ്യദാ വജ്രം പ്രജാ ഹാഹേതി ചുക്രുശുഃ. 2
വജ്രപാണിസ്തമാഹേദം തിരസ്കൃത്യ പുരഃസ്ഥിതം
മനസ്വിനം സുസമ്പന്നം വിചരന്തം മഹാമൃധേ. 3
''നടവന്മൂഢമായാഭിർമ്മായേശാൻ നോ ജിഗീഷസി
ജിത്വാ ബാലാൻ നിബദ്ധാക്ഷാൻ നടോ ഹരതി തദ്ധനം. 4
ആരുരുക്ഷന്തി മായാഭിരുത്സിസൃപ്സന്തി യേ ദിവം
താന്ദസ്യൂന്വിധുനോമ്യജ്ഞാൻ പൂർവ്വസ്മാച്ച പദാദധഃ. 5
സോഽഹം ദുർമ്മായിനസ്തേഽദ്യ വജ്രേണ ശതപർവ്വണാ
ശിരോ ഹരിഷ്യേ മന്ദാത്മൻ! ഘടസ്വ ജ്ഞാതിഭിഃ സഹ''. 6

ബലിരുവാച

സംഗ്രാമേ വർത്തമാനാനാം കാലചോദിതകർമ്മണാം
കീർത്തിർജ്ജയോഽജയോ മൃത്യുഃ സർവ്വേഷാം സ്യുരനുക്രമാത്. 7
തദിദം കാലരശനം ജനാഃ പശ്യന്തി സൂരയഃ
ന ഹൃഷ്യന്തി ന ശോചന്തി തത്ര യൂയമപണ്ഡിതാഃ. 8
ന വയം മന്യമാനാനാമാത്മാനം തത്ര സാധനം
ഗിരോ വഃ സാധുശോച്യാനാം ഗൃഹ്ണീമോ മർമ്മതാഡനാഃ. 9

ശ്രീശുക ഉവാച

ഇത്യാക്ഷിപ്യ വിഭും വീരോ നാരാചൈർവീരമർദ്ദനഃ
ആകർണ്ണപൂർണ്ണൈരഹനദാക്ഷേപൈരാഹതം പുനഃ. 10
ഏവം നിരാകൃതോ ദേവോ വൈരിണാ തഥ്യവാദിനാ
നാമൃഷ്യത് തദധിക്ഷേപം, തോത്രാഹത ഇവ ദ്വിപഃ. 11
പ്രാഹരത് കുലിശം തസ്മാ അമോഘം പരമർദ്ദനഃ
സയാനോ ന്യപതദ്ഭൂമൗ ഛിന്നപക്ഷ ഇവാചലഃ. 12
സഖായം പതിതം ദൃഷ്ട്വാ ജംഭോ ബലിസഖഃ സുഹൃത്
അഭ്യയാത് സൗഹൃദം സഖ്യുർഹതസ്യാപി സമാചരൻ. 13
സ സിംഹവാഹ ആസാദ്യ ഗദാമുദ്യമ്യ രംഹസാ
ജത്രാവതാഡയച്ഛക്രം ഗജം ച സുമഹാബലഃ. 14
ഗദാപ്രഹാരവ്യഥിതോ ഭൃശം വിഹ്വലിതോ ഗജഃ
ജാനുഭ്യാം ധരണീം സ്പൃഷ്ട്വാ കശ്മലം പരമം യയൗ. 15
തതോ രഥോ മാതലിനാ ഹരിഭിർദ്ദശശതൈർവൃതഃ
ആനീതോ ദ്വിപമുത്സൃജ്യ രഥമാരുരുഹേ വിഭുഃ. 16
തസ്യ തത് പൂജയൻ കർമ്മ യന്തുർദ്ദാനവസത്തമഃ
ശൂലേന ജ്വലതാ തം തു സ്മയമാനോഽഹനന്മൃധേ. 17
സേഹേ രുജം സുദുർമ്മർഷാം സത്ത്വമാലംബ്യ മാതലിഃ
ഇന്ദ്രോ ജംഭസ്യ സംക്രുദ്ധോ വജ്രേണാപാഹരച്ഛിരഃ. 18
ജംഭം ശ്രുത്വാ ഹതം തസ്യ ജ്ഞാതയോ നാരദാദൃഷേഃ
നമുചിശ്ച ബലഃ പാകസ്തത്രാപേതുസ്ത്വരാന്വിതാഃ 19
വചോഭിഃ പരുഷൈരിന്ദ്രമർദ്ദയന്തോഽസ്യ മർമ്മസു
ശരൈരവാകിരൻ മേഘാ ധാരാഭിരിവ പർവ്വതം. 20
ഹരീൻദശശതാന്യാജൗ ഹര്യശ്വസ്യ ബലഃ ശരൈഃ
താവദ്ഭിരർദ്ദയാമാസ യുഗപല്ലഘുഹസ്തവാൻ. 21
ശതാഭ്യാം മാതലിം പാകോ രഥം സാവയവം പൃഥക്
സകൃത്സന്ധാനമോക്ഷേണ തദദ്ഭുതമഭൂദ്രണേ. 22
നമുചിഃ പഞ്ചദശഭിഃ സ്വർണ്ണപുങ്ഖൈർമ്മഹേഷുഭിഃ
ആഹത്യ വ്യനദത്സംഖ്യേ സതോയ ഇവ തോയദഃ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉമ്പർകോൻ ക്രുദ്ധനായിട്ടാനവസമൂഹത്തിൽ
മുൻപനാം ബലിതൻനേക്കായുധമോങ്ങീടവേ
തൽപ്രജകളായിട്ടും ദാനവന്മാരശേഷ-
മുൾഭയത്തോടും മുഴക്കീടിനാർ ഹാഹാകാരം. 2
ധീരനായെല്ലാവിധസംഗ്രാമസാമഗ്രിയും
ധാരാളമാർന്നു മഹാസമരസന്നദ്ധനായ്
തന്നുടെ മുന്നിൽച്ചരിച്ചീടുമാ മഹാബലി
തന്നെയും ധിക്കരിച്ചു ചൊല്ലിനാനിന്ദ്രനേവം.
3

''ബാലലോചനങ്ങളെക്കൺകെട്ടുവിദ്യകൊണ്ടു
ചാലവേ കെട്ടിദ്ധനം പിടുങ്ങും നടന്മട്ടിൽ
മായാപ്രയോഗങ്ങളാൽ മായേശരാം ഞങ്ങളെ
നീയിപ്പോൾ തോല്പിപ്പാനോ ഭാവിപ്പതെടാ
മൂഢ! 4

കപടത്തിനാൽ സ്വർഗ്ഗപ്രാപ്തിക്കുമതിനേക്കാ-
ളുപരിയാകും മോക്ഷപദത്തെ പ്രാപിക്കാനും
ഇച്ഛിക്കുമറിവററ ദസ്യുവൃന്ദത്തെയെല്ലാം
നിശ്ചയമായുമധഃപതിപ്പിച്ചീടുവൻ ഞാൻ. 5
അത്രമേൽ പ്രഭാവമാർന്നീടും ഞാനെടാ ഭോഷാ!
സത്വരം മായാവിയാം നിന്നുടെയുത്തമാംഗം
ഉഗ്രമാം വജ്രായുധംകൊണ്ടുടനരിഞ്ഞീടും
ശീഘ്രം പോയ് നീയും കൂട്ടുകാരോടു ചേർന്നു-
കൊൾക.'' 6

മഹാബലി പറഞ്ഞു

നീയത്രേ ഭോഷൻ പാർത്താൽ കാലചോദിത
കർമ്മ-
സംയുതന്മാരായടരാടുവോർക്കെല്ലാംതന്നെ
ജയാപജയങ്ങളും കീർത്തിയും മൃതിതാനും
നിയതം ഭവിക്കുന്നു കർമ്മാനുസാരമായി. 7
കാലത്തിന്നധീനമാണിതെല്ലാമെന്നു നല്ല-
പോലെതാനറിയുന്ന പണ്ഡിതന്മാരിലാരും
ക്ലേശിക്കയില്ല സന്തോഷിക്കയുമില്ലീവിധം,
മോശക്കാർതന്നെ നിങ്ങൾ, ബുധന്മാരല്ല
നൂനം. 8
കീർത്ത്യാദിനേടീടുവാൻ കാരണമാത്മാവെന്നു
പാർത്തിടും താദൃശരെക്കുറിച്ചു സജ്ജനങ്ങൾ
ഖേദിക്കും, നിങ്ങടെയീവാക്കുകൾ മർമ്മങ്ങളെ
ഭേദിപ്പതെന്നാകിലുമെടുക്കുന്നില്ല ഞങ്ങൾ. 9

ശ്രീശുകൻ പറഞ്ഞു

വീരമർദ്ദനൻ ബലിയീവിധം ദേവേന്ദ്രനെ
സാരവാക്ശരങ്ങളാലേററവും പീഡിപ്പിച്ചു
കർണ്ണാന്തം വിൽവലിച്ചു ബാണങ്ങൾ തുരുതുരെ-
പ്പിന്നെയും വിട്ടു ശല്യപ്പെടുത്തീടിനാൻ
പാരം. 10
ദൈത്യേന്ദ്രവാക്യം സത്യമെന്നാലും സഹിച്ചീല
വൃത്രാരിതെല്ലുമങ്കുശാക്രാന്തദന്തിമട്ടിൽ. 11

ബലിയെസ്സംഹരിപ്പാൻ പരമർദ്ദനനിന്ദ്രൻ
കുലിശം പ്രയോഗിച്ചാനതേററു മഹാബലി
പക്ഷങ്ങളറുത്തിട്ട പർവ്വതമെന്നപോലെ-
യക്ഷണം താഴെ വീണാൻ വാഹനസമേത-
നായ്. 12
തത്രസ്ഥൻ ജംഭാസുരൻ തത്സുഹൃത്തിതു കണ്ടു
ചത്താലും സഖൃത്വമാചരിക്കുവാൻതന്നെ
ചിത്തത്തിലുറച്ചു തൻ ഗദയുമാർന്നു ശചീ-
ഭർത്താവിൻനേരേയതിവേഗത്തിൽ പാഞ്ഞ-
ടുത്താൻ. 13
ശക്തനായ് സിംഹോപരിസ്ഥിതനാമവൻ
ഗദ
പൊക്കിയുൾക്കോടു വേഗമൈരാവതത്തിനേയും
അണ്ടർകോൻതൻ പിരടിയെല്ലിലും താഡി-
ച്ചുതെ-
കൊണ്ടുടൻ ദേവാധിപൻ വിഹ്വലിതനായ്-
ത്തീർന്നാൻ. 14
അടികൊണ്ടൈരാവതം മുട്ടുകൾ രണ്ടുംകുത്തി-
യുടനേ വശംകെട്ടു നിലത്തു പതിച്ചിതു. 15
മാതലി കൊണ്ടുവന്നാനക്ഷണം സഹസ്രാശ്വ-
നീതമാം തേരൊ,ന്നതിലേറിനാൻ പുരന്ദരൻ.
16
സൂതന്റെ സമുചിതമാകുമക്കർമ്മം കണ്ടി-
ട്ടാദരിച്ചൊന്നു ചിരിച്ചപ്പൊഴജ്ജംഭാസുരൻ
ജ്വലിക്കും നിജശൂലംകൊണ്ടുമഷ്ടാധീനനാ-
യലഘുതരക്ഷതം മാതലിക്കേല്പിച്ചിതു. 17
മാതലിയാവേദന സഹിച്ചാൻ ധൈര്യപൂർവം
ക്രോധത്തോടിന്ദ്രൻ ജംഭശിരഃഛേദനം-
ചെയ്താൻ. 18
നാരദേരിതത്തിനാൽ ജംഭസംഹാരവാർത്ത
പാരാതെ ധരിച്ചു തദ്ബാന്ധവന്മാരായിട്ടും
നമുചി, ബലൻ, പാകൻതൊട്ടു ദുഷ്ടന്മാരെല്ലാ-
മമന്ദം സംഭ്രമത്തോടോടിയങ്ങെത്തീടിനാർ.19
മർമ്മഭേദകങ്ങളാം വാക്കുകൾകൊണ്ടിന്ദ്രനെ
സമ്മർദ്ദിച്ചനന്തരമക്കൂട്ടരടിക്കടി
കൂരമ്പു വർഷിച്ചിതു കൊണ്ടലിൻനിര ജല-
ധാരയാൽ പർവ്വതത്തെയെന്നപോലനാരതം. 20
കരവേഗവാൻ ബലനായിരമമ്പുവിട്ടു
മുറിച്ചാനിന്ദ്രവാജീസഹസ്രത്തെയുമപ്പോൾ. 21
ഒരേകാലത്തു ശതക്കണക്കിൽ വിടും ശര-
നിരയാലാമാതലിതന്നെയും രഥത്തേയും
അംഗങ്ങൾ തോറും മുറിപ്പെടുത്തീപാകാസുര-
നങ്ങെല്ലാപേർക്കുമതൊരദ്ഭുതമായിത്തീർന്നു. 22
പൊൻപിടിയിണക്കിയ പതിനഞ്ചുഗ്രമാകു-
മമ്പിനാലുമ്പർകോനെ പ്രഹരിച്ചാരണത്തിൽ
തോയമുൾക്കൊണ്ടീടുമക്കൊണ്ടലിൻ കണ-
ക്കതി-
ഭീയണയ്ക്കുമാറുച്ചം ഗർജ്ജനംചെയ്താനവൻ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സവ്തഃ ശരകൂടേന ശക്രം സരഥസാരഥിം
ഛാദയാമാസുരസുരാഃ പ്രാവൃട്സൂര്യമിവാംബുദാഃ. 24

അലക്ഷയന്തസ്തമതീവ വിഹ്വലാ
വിചുക്രുശുർദ്ദേവഗണാഃ സഹാനുഗാഃ
അനായകാഃ ശത്രുബലേന നിർജ്ജിതാ
വണിക്പഥാ ഭിന്നനവോ യഥാർണ്ണവേ. 25

തതസ്തുരാഷാഡിഷുബദ്ധപഞ്ജരാ-
ദ്വിനിർഗ്ഗതഃ സാശ്വരഥധ്വജാഗ്രണീഃ
ബഭൗ ദിശഃ ഖം പൃഥിവീം ച രോചയൻ
സ്വതേജസാ സൂര്യ ഇവ ക്ഷപാത്യയേ. 26

നിരീക്ഷ്യ പൃതനാം ദേവഃ പരൈരഭ്യർദ്ദിതാം രണേ
ഉദയച്ഛദ്രിപും ഹന്തും വജ്രം വജ്രധരോ രുഷാ. 27

സ തേനൈവാഷ്ടധാരേണ ശിരസീ ബലപാകയോഃ
ജ്ഞാതീനാം പശ്യതാം രാജൻ ജഹാര ജനയൻ ഭയം. 28

നമുചിസ്തദ്വധം ദൃഷ്ട്വാ ശോകാമർഷരുഷാന്വിതഃ
ജിഘാംസുരിന്ദ്രം നൃപതേ ചകാര പരമോദ്യമം. 29

അശ്മസാരമയം ശൂലം ഘണ്ടാവദ്ധേമഭൂഷണം
പ്രഗൃഹ്യാഭ്യദ്രവത് ക്രുദ്ധോ ഹതോഽസീതി വിതർജ്ജയൻ
പ്രാഹിണോദ്ദേവരാജായ നിനദൻ മൃഗരാഡിവ. 30

തദാപതദ്ഗഗനതലേ മഹാജവം
വിചിച്ഛിദേ ഹരിരിഷുഭിഃ സഹസ്രധാ
തമാഹനന്നൃപ കുലിശേന കന്ധരേ
രുഷാന്വിതസ്ത്രിദശപതിഃ ശിരോ ഹരൻ. 31

ന തസ്യ ഹി ത്വചമപി വജ്ര ഊർജ്ജിതോ
ബിഭേദ യഃ സുരപതിനൗജസേരിതഃ
തദദ്ഭുതം പരമതിവീര്യവൃത്രഭിത്
തിരസ്കൃതോ നമുചിശിരോധരത്വചാ. 32

തസ്മാദിന്ദ്രോഽബിഭേച്ഛത്രോർവജ്രഃ പ്രതിഹതോ യതഃ
കിമിദം ദൈവയോഗേന ഭൂതം ലോകവിമോഹനം. 33

''യേന മേ പൂർവ്വമദ്രീണാം പക്ഷച്ഛേദഃ പ്രജാത്യയേ
കൃതോ നിവിശതാം ഭാരൈഃ പതത്രൈഃ പതതാം ഭുവി. 34

തപഃസാരമയം ത്വാഷ്ട്രം വൃത്രോ യേന വിപാടിതഃ
അന്യേ ചാപി ബലോപേതാഃ സർവ്വാസ്ത്രൈരക്ഷതത്വചഃ. 35

സോഽയം പ്രതിഹതോ വജ്രോ മയാ മുക്തോഽസുരേഽല്പകേ
നാഹം തദാദദേ ദണ്ഡം ബ്രഹ്മതേജോഽപ്യകാരണം.'' 36

ഇതി ശക്രം വിഷീദന്തമാഹ വാഗശരീരിണീ
''നായം ശുഷ്കൈരഥോ നാർദ്രൈർവധമർഹതി ദാനവഃ 37
മയാസ്മൈ യദ്വരോ ദത്തോ മൃത്യുർനൈവാർദ്രശുഷ്കയോഃ
അതോഽന്യശ്ചിന്തനീയസ്ത ഉപായോ മഘവൻ! രിപോഃ'' 38

താം ദൈവീം ഗിരമാകർണ്ണ്യ മഘവാൻ സുസമാഹിതഃ
ധ്യായൻ ഫേനമഥാപശ്യദുപായമുഭയാത്മകം. 39

ന ശുഷ്കേണ ന ചാർദ്രേണ ജഹാര നമുചേഃ ശിരഃ
തം തുഷ്ടുവുർമുനിഗണാ മാല്യൈശ്ചാവാകിരന്വിഭും. 40

ഗന്ധർവ്വമുഖ്യൗ ജഗതുർവിശ്വാവസുപരാവസൂ
ദേവദുന്ദുഭയോ നേദുർന്നർത്തക്യോ നനൃതുർമുദാ. 41

അന്യേഽപ്യേവം പ്രതിദ്വന്ദ്വാന്വായ്വഗ്നിവരുണാദയഃ
സൂദയാമാസുരസ്ത്രൗഘൈർമൃഗാൻ കേസരിണോ യഥാ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററുള്ള ദൈത്യന്മാരും ചുററിനും നിന്നുകൊണ്ട–
ങ്ങററമെന്നിയേ ശരനിരയാൽ മഹേന്ദ്രനെ
തേരാളിയോടും സ്യന്ദനത്തോടും മറച്ചിതേ
മാരിനാരം മാർത്താണ്ഡനെ മേഘങ്ങളെന്ന–
പോലെ. 24

ഇന്ദ്രനെക്കാണാതായസമയം സഹാനുഗർ
വിണ്ണവരനാഥരായ് ശത്രുനിർജ്ജിതന്മാരായ്
കപ്പലബ്ധിയിൽത്തകർന്നുഴലും വണിക്കുകൾ–
ക്കൊപ്പമായ്ക്കേണീടിനാർ വിഹ്വലചിത്ത–
രായി. 25

ഇന്ദ്രൻതന്നശ്വരഥധ്വജങ്ങൾ തേരാളിയു–
മൊന്നിച്ചു ശത്രുശരകൂടത്തിൽനിന്നു വേഗം
വെളിയിൽ വന്നു നിശാന്തത്തിലാ മാർത്താ–
ണ്ഡൻമ–
ട്ടൊളിയാൽ ശോഭിപ്പിച്ചാൻ ദിക്കുകൾ മന്നും–
വിണ്ണും. 26

അരികൾ നാലുപാടും നിന്നു തൻ സൈന്യ–
ങ്ങളെ
പെരികെശ്ശല്യപ്പെടുത്തുന്നതു കണ്ടു ശക്രൻ
ശത്രുസംഹതിക്കായി വധിച്ച രോഷത്തൊടു–
മത്യരം വജ്രായുധമുയർത്തിപ്പിടിച്ചിതു. 27
മുനയെട്ടാർന്നീടുമാവജ്രത്താൽ,ക്കണ്ടുനില്ക്കും
ദനുജനിവഹത്തിന്നേററവും ഭീതിയേററി
ബലപാകന്മാരാം രണ്ടസുരന്മാരുടേയും
തലകളറുത്തുടൻ നിലത്തു വീഴ്ത്തീടിനാൻ. 28
തദ്വധം നമുചിയും കണ്ടസഹിഷ്ണുവായി
ക്രുദ്ധനായ് ദേവേന്ദ്രനെ വധിപ്പാൻ യത്നം–
ചെയ്താൻ. 29
പൊന്നണിഞ്ഞശ്മസാരമയമായ് മണിപൂരം
ചേർന്നു മിന്നിടും ശൂലം നമുചി കയ്യിലേന്തി
എതിരേ പാഞ്ഞുവന്നു ''ചത്തെടാ നീ''യെ–
ന്നോതി–
യതിവേഗത്തിൽ വിട്ടാൻ ദേവാധിപനെററ–
നേരേ. 30
ശൂലം തൻനേരേ വരുമതിനെ ദ്യോവിൽവച്ചു
ശിതാസ്ത്രങ്ങളാലുടനായിരം ഖണ്ഡമാക്കി
ദുശ്ച്യവനനും പിന്നെയവനേ ഹനിക്കുവാ–
നിശ്ചയിച്ചു തദ്ഗളത്തിൽ ക്ഷേപിച്ചാൻ വജ്രാ–
യുധം. 31
ശക്രനുക്കോടുവിട്ട വജ്രമസുരജൻതൻ–
ത്വക്കൊന്നു പോറുവാനും ശക്തമായില്ലദ്ഭുതം!
അത്യന്തംവീര്യംപെടുമാവൃത്രഹന്താവിനെ–
യിത്തവ്വിൽ നമുചിതൻ തൊലി തോല്പിച്ചു–
വല്ലോ. 32
ആരിലാവജ്രായുധം ഫലിക്കാതിരുന്നിതാ–
വൈരിയെപ്പാരം ഭയപ്പെട്ടിതു സഹസ്രാക്ഷൻ.
പ്രാരബ്ധബലത്തിനാലദ്ഭുതകരമാമി–
ക്കാര്യവും സംഭവിച്ചെന്നല്ലാതെയെന്തു
ചൊൽവൂ! 33
''പണ്ടെല്ലാം പക്ഷം വീശിപ്പറന്നിട്ടതിഭാരം–
കൊണ്ടങ്ങുമിങ്ങും ഭുവിൽ പതിച്ചു നാശംചെയ്യും
മേരുഗിരികൾതൻ പക്ഷങ്ങളേതൊന്നിനാൽ
ഛേദിച്ചുകളഞ്ഞു ഞാൻ വളർത്തീ ജനക്ഷേമം. 34
ത്വഷ്ടാവിൻ ശക്തിമത്താം തപസ്സിൻരൂപം–
പൂണ്ട
ദുഷ്ടനാം വൃത്രനേ ഞാനേതിനാൽ ഭേദിച്ചുവോ,
അന്യശസ്ത്രങ്ങളേത്തുമശേഷമേല്ക്കാതുള്ളോ–
രുന്നതശത്രുക്കളേയേതിനാൽക്കൊന്നുവോ
ഞാൻ, 35
കെല്പേറുമാ വജ്രമതൃല്പനാമിദ്ദൈത്യനി–
ലിപ്പോൾ ഞാനയച്ചതു നിഷ്ഫലമായിപ്പോയി.
ദധീചിമഹർഷിതൻ ബ്രഹ്മതേജസ്സമിപ്പോൾ
വൃഥാവിലെന്നുവന്നീ ദണ്ഡിനിക്കിനി
വേണ്ടാ.'' 36
ഇന്ദ്രനീവിധം ദുഃഖിച്ചിരിക്കുംസമയത്തി–
ലന്തരിക്ഷത്തിൽനിന്നു കേൾക്കായിതശരീരി.
''ശുഷ്കമോ സമാർദ്രമോ മാത്രമാം വസ്തുക്കളാ–
ലൊക്കുകില്ലിദ്ദൈത്യനെക്കൊല്ലുവാൻ
സുരേശ്വരാ!
ആവിധമൊരു വരം ഞാനവന്നേകീട്ടുണ്ട്,
സാവധാനമായ് മറ്റു മാർഗ്ഗമാലോചിച്ചാലും!''
37–38
ഈശവാക്കിതു കേട്ടു മനമേകാഗ്രമാക്കി–
യസ്സുരനാഥൻ ധ്യാനിച്ചിരിക്കുംസമയത്തിൽ
രണ്ടുമട്ടിലുമിരുന്നീടുന്ന ജലനുര–
കൊണ്ടു കൊന്നീടാമെന്നോർത്തുപായമുദി–
ച്ചിതേ. 39
ഉഭയാത്മകമാകുമാ സാധനത്തിനാലേ
നൃപതേ! നമുചിയെ വധിച്ചാൻ സുരേശ്വരൻ
മാമുനിമാരേവരുമന്നേരം സമർത്ഥനാ–
മാമഹേന്ദ്രനെവാഴ്ത്തിപ്പൂമാരി ചൊരിഞ്ഞിതു.40
ചന്തമായ് വിശ്വാവസുപരാവസ്വാഭിഖ്യക–
ഗന്ധർവ്വമുഖ്യർ പാട്ടുപാടി,യപ്സരസ്ത്രീകൾ
നർത്തനംചെയ്തു, ദേവദുന്ദുഭിതൊട്ടനാനാ–
വാദ്യങ്ങൾമുഴക്കിനാർ വിണ്ണവർ സന്തോഷ–
ത്താൽ. 41
വരുണൻ, വഹ്നി, വായുവിവരുമെതിർത്തീടു–
മരിവൃന്ദത്തെ, സിംഹം മൃഗപാളിയെപ്പോലെ
ഘോരമായീടും നിജനാരാചഗണത്തിനാൽ
പാരാതെ സംഹരിച്ചാർ കുരുവംശാധീശ്വരാ! 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മണാ പ്രേഷിതോ ദേവാൻ ദേവർഷിർന്നാരദോ നൃപ!
വാരയാമാസ വിബുധാൻ ദൃഷ്ട്വാ ദാനവസംക്ഷയം. 43

നാരദ ഉവാച
ഭവദ്ഭിരമൃതം പ്രാപ്തം നാരായണഭുജാശ്രയൈഃ
ശ്രിയാ സമേധിതാഃ സർവ്വ ഉപാരമത വിഗ്രഹാത്. 44

ശ്രീശുക ഉവാച
സംയമ്യ മന്യുസംരംഭം മാനയന്തോ മുനേർവചഃ
ഉപഗീയമാനാനുചരൈര്യയുഃ സർവ്വേ ത്രിവിഷ്ടപം. 45
യേഽവശിഷ്ടാ രണേ തസ്മിൻ നാരദാനുമതേന തേ
ബലിം വിപന്നമാദായ അസ്തം ഗിരിമുപാഗമൻ. 46
തത്രാവിനഷ്ടാവയവാൻ വിദ്യമാനശിരോധരാൻ
ഉശനാ ജീവയാമാസ സഞ്ജീവിന്യാ സ്വവിദ്യയാ. 47
ബലിശ്ചോശനസാ സ്പൃഷ്ടഃ പ്രത്യാപന്നേന്ദ്രിയസ്മൃതിഃ
പരാജിതോഽപി നാഖിദ്യല്ലോകതത്ത്വവിചക്ഷണഃ. 48

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ദേവാസുരസംഗ്രാമേ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

ശ്രീബാദരായണിരുവാച
വൃഷധ്വജോ നിശമ്യേദം യോഷിദ്രൂപേണ ദാനവാൻ
മോഹയിത്വാ സുരഗണാൻ ഹരിഃ സോമമപായയത്. 1
വൃഷമാരുഹ്യ ഗിരിശഃ സർവ്വഭൂതഗണൈർവൃതഃ
സഹ ദേവ്യാ യയൗ ദ്രഷ്ടും യത്രാസ്തേ മധുസൂദനഃ. 2
സഭാജിതോ ഭഗവതാ സാദരം സോമയാ ഭവഃ
സൂപവിഷ്ട ഉവാചേദം പ്രതിപൂജ്യ സ്മയൻ ഹരിം. 3

ശ്രീമഹാദേവ ഉവാച
ദേവ! ദേവ! ജഗദ്വ്യാപിൻ! ജഗദീശ! ജഗന്മയ!
സർവ്വേഷാമപി ഭാവാനാം ത്വമാത്മാ ഹേതുരീശ്വരഃ. 4
ആദ്യന്താവസ്യ യന്മധ്യമിദമന്യദഹം ബഹിഃ
യതോഽവ്യയസ്യ നൈതാനി തത് സത്യം ബ്രഹ്മ ചിദ്-
ഭവാൻ. 5

തവൈവ ചരണാംഭോജം ശ്രേയസ്കാമാ നിരാശിഷഃ
വിസൃജ്യോഭയതഃ സങ്ഗം മുനയഃ സമുപാസതേ. 6
ത്വം ബ്രഹ്മ പൂർണ്ണമമൃതം വിഗുണം വിശോക-
മാനന്ദമാത്രമവികാരമനന്യദന്യത്
വിശ്വസ്യ ഹേതുരുദയസ്ഥിതിസംയമാനാ-
മാത്മേശ്വരശ്ച തദപേക്ഷതയാനപേക്ഷഃ. 7
ഏകസ്ത്വമേവ സദസദ്ദ്വയമദ്വയം ച
സ്വർണ്ണം കൃതാകൃതമിവേഹ ന വസ്തുഭേദഃ
അജ്ഞാനതസ്ത്വയി ജനൈർവ്വിഹിതോ വികല്പോ
യസ്മാദ്ഗുണൈർവ്യതികരോ നിരുപാധികസ്യ. 8
ത്വാം ബ്രഹ്മ കേചിദവയന്ത്യുത ധർമ്മമേക
ഏകേ പരം സദസതോഃ പുരുഷം പരേശം
അന്യേഽവയന്തി നവശക്തിയുതം പരം ത്വാം
കേചിന്മഹാപുരുഷമവ്യയമാത്മതന്ത്രം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാനവനാശം കണ്ടു നാരദനേയയച്ചു
വാനോരെയതിൽനിന്നു പിന്തിരിപ്പിച്ചാ–
നജൻ. 43

നാരദൻ പറഞ്ഞു

ശ്രീനാരായണഭുജദണ്ഡത്തെയാശ്രയിക്കും
വാനവരാകും നിങ്ങൾക്കമൃതം ലഭിച്ചിതു.

ധാരാളമൈശ്വര്യാഭിവൃദ്ധിയുമുണ്ടായതു
പോരുമിപ്പോരിൽനിന്നുമിനിപ്പിന്മാറീടു–
വിൻ! 44

ശ്രീശുകൻ പറഞ്ഞു

മുനിവാക്യത്തെ മാനിച്ചമർഷമടക്കിത്ത–
ന്നനുചാരികളൊത്തസ്സുരനായകൻതാനും

സമസ്തദേവന്മാരും സ്വർഗ്ഗലോകത്തിലേക്കായ്
സമരമുപേക്ഷിച്ചു പോയിതു മഹാമതേ! 45

യുദ്ധത്തിലവശേഷിച്ചീടിന ദാനവന്മാ–
രൊത്തങ്ഗഭംഗത്തൊടുമവിടെക്കിടന്നിടും

ബലിയെ നാരദാനുമതിയോടെടുത്തസ്താ–
ചലത്തിലേക്കായ് പിന്നെക്കൊണ്ടുപോയിതു
ശീഘ്രം. 46

അസ്ഥലംതന്നിൽ ശുക്രൻതൻ മൃതസഞ്ജീവിനി
വിദ്യയാ,ലവയവം നശിക്കാത്തവരെയും

കണ്ഠവും കൈകാലുകൾ മുതലാമങ്ഗകങ്ങൾ
രണ്ടാകാത്തവരെയും, പെട്ടെന്നു ജീവിപ്പി–
ച്ചാൻ. 47

ശുക്രമാമുനി തൊട്ടമാത്രയിൽ സർവേന്ദ്രിയ–
ശക്തിയും ബുദ്ധിക്കേററമുണർവും സിദ്ധിച്ചെഴും

ബലിയാം ബലി യുദ്ധം തോല്ക്കിലും
ഖേദിച്ചീല
നലമായ് ലോകതത്ത്വമറിഞ്ഞിരിക്കമൂലം. 48

അദ്ധ്യായം 12

മോഹിനീശിവസമാഗമം

ശ്രീശുകൻ പറഞ്ഞു

മോഹിനീവേഷമാന്ന ഭഗവാൻ
ദൈത്യന്മാരെ
മോഹിപ്പിച്ചമൃതം വീണ്ടമർത്ത്യർക്കേകിയെന്നായ്

മുക്കണ്ണൻ കേട്ടു ഭൂതസമൂഹാവൃതനായി
ചിക്കെന്നു വൃഷോപരി കയറിദ്ദേവിയോടും

ആ രൂപമൊന്നു കാണ്മാനാഗ്രഹം വദ്ധിക്കയാൽ
നേരേ തിരിച്ചാൻ ഹരിയിരിക്കും ദിക്കി–
ലേക്കായ്. 1–2

വൈകുണ്ഠൻ ശിവനേയും പാർവ്വതീദേവിയേയും
സ്വാഗതംചൊല്ലി മെല്ലെസ്സത്ക്കരിച്ചിരു–
ത്തവേ

സാദരം പ്രതിപൂജയാചരിച്ചുമാകാന്ത–
നോതിനാനദ്ഭുതത്തെ പ്രദശിപ്പിച്ചീവിധം: 3

ശ്രീമഹാദേവൻ പറഞ്ഞു

ഹേ ദേവദേവാ! ജഗത്സ്വരൂപാ! ഭവാൻ
ലോക–
ഹേതുവും സമസ്തഭൂതാത്മാവുമല്ലോ വിഭോ! 4

ജഗദാദിയുമന്ത്യം മദ്ധ്യവുമങ്ങുതന്നെ
ഭഗവൻ! മററുള്ളവ സർവവും ഭവാനേകൻ,

ഞാനെന്നൊരഹമ്മതിയേതിനാണതുമെൻേറ–
താണെന്നുമാനിപ്പതേ,തായതും സമസ്തവും

സത്യവും ജ്ഞാനവുമായീടുമപ്പരബ്രഹ്മ–
വസ്തുവായതും പാത്താൽ നിന്തിരുവടിയത്രേ. 5

രണ്ടുലോകത്തുമുള്ള വിഷയഭോഗങ്ങളെ
വേണ്ടെന്നുവച്ച മോക്ഷേച്ഛുക്കളാം
മുനീന്ദ്രന്മാർ

അനാസക്തന്മാരായിതവത്പദപദ്മം മാത്ര–
മനുവാസരമുപാസിച്ചുപോരുന്നിതീശാ! 6

അന്യമായനന്യമായാനന്ദമാത്രമായി–
പ്പൂർണ്ണമായ് വിശോകമായ് വികാരവിഹീന–
മായ്

ജഗത്സംസൃഷ്ടിസ്ഥിതിസംഹാരഹേതുവായി
വിഗുണമായൊന്നിലുമപേക്ഷയില്ലാത്തതായ്

വിലസും പരബ്രഹ്മം, പരമാത്മാവും കമ്മ–
ഫലദാതാവുമാകും നിന്തിരുവടിയത്രേ. 7

സ്ഥൂലസൂക്ഷ്മങ്ങൾ രണ്ടും രണ്ടല്ലാതിരിപ്പതു–
മീലോകംതന്നിൽ കൃതാകൃതങ്ങളായുള്ളതും

പൊന്നുകൊണ്ടുണ്ടാക്കിയ ഭൂഷണാദിയും
പൊന്നും
ഭിന്നമല്ലാതെ കാണുമ്പോലെയങ്ങേകനത്രേ.

നിരുപാധികനാകുമങ്ങയിൽ ഗുണഭേദ–
മറിവററീടുംജനം വെറുതേ കല്പിക്കുന്നു. 8

ചിലരങ്ങയെ ബ്രഹ്മമെന്നറിയുന്നു വേറേ–
ചിലരങ്ങുന്നു ധമ്മമാണെന്നു പറയുന്നു.

സ്ഥൂലസൂക്ഷ്മങ്ങളോടു ഭിന്നനായ്പരേശനായ്
ലാലസിച്ചീടും പുമാനാണെന്നും ചൊൽവൂ–
ചിലർ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഹം പരായുരൃഷയോ ന മരീചിമുഖ്യാ
ജാനന്തി യദ്വിരചിതം ഖലു സത്ത്വസർഗ്ഗാഃ
യന്മായയാ മുഷിതചേതസ ഈശ ദൈത്യ-
മർത്ത്യാദയഃ കിമുത ശശ്വദഭദ്രവൃത്താഃ. 10
സ ത്വം സമീഹിതമദഃ സ്ഥിതിജന്മനാശം
ഭൂതേഹിതം ച ജഗതോ ഭവബന്ധമോക്ഷൗ
വായുര്യഥാ വിശതി ഖം ച ചരാചരാഖ്യം
സർവ്വം തദാത്മകതയാവഗമോഽവരുന്ത്സേ. 11
അവതാരാ മയാ ദൃഷ്ടാ രമമാണസ്യ തേ ഗുണൈഃ
സോഽഹം തദ്ദ്രഷ്ടുമിച്ഛാമി യത് തേ യോഷിദ്വപുർധൃതം. 12
യേന സമ്മോഹിതാ ദൈത്യാഃ പായിതാശ്ചാമൃതം സുരാഃ
തദ്ദിദൃക്ഷവ ആയാതാഃ പരം കൗതൂഹലം ഹി നഃ. 13

ശ്രീശുക ഉവാച

ഏവമഭ്യർത്ഥിതോ വിഷ്ണുർഭഗവാൻ ശൂലപാണിനാ
പ്രഹസ്യ ഭാവഗംഭീരം ഗിരിശം പ്രത്യഭാഷത. 14

ശ്രീഭഗവാനുവാച

കൗതൂഹലായ ദൈത്യാനാം യോഷിദ്വേഷോ മയാ കൃതഃ
പശ്യതാ സുരകാര്യാണി ഗതേ പീയൂഷഭാജനേ. 15
തത്തേഽഹം ദർശയിഷ്യാമി ദിദൃക്ഷോഃ സുരസത്തമ!
കാമിനാം ബഹു മന്തവ്യം സങ്കല്പപ്രഭവോദയം. 16

ശ്രീശുക ഉവാച

ഇതി ബ്രുവാണോ ഭഗവാംസ്തത്രൈവാന്തരധീയത
സർവ്വതശ്ചാരയംശ്ചക്ഷുർഭവ ആസ്തേ സഹോമയാ. 17
തതോ ദദർശോപവനേ വരസ്ത്രിയം
വിചിത്രപുഷ്പാരുണപല്ലവദ്രുമേ
വിക്രീഡതീം കന്ദുകലീലയാ ലസ-
ദ്ദുകൂലപര്യസ്തനിതംബമേഖലാം. 18
ആവർത്തനോദ്വർത്തനകമ്പിതസ്തന-
പ്രകൃഷ്ടഹാരോരുഭരൈഃ പദേ പദേ
പ്രഭജ്യമാനാമിവ മധ്യതശ്ചലത്-
പദപ്രവാളം നയതീം തതസ്തതഃ. 19
ദിക്ഷു ഭ്രമത്കന്ദുകചാപലൈർഭൃശം
പ്രോദ്വിഗ്നതാരായതലോലലോചനാം
സ്വകർണ്ണവിഭ്രാജിതകുണ്ഡലോല്ലസത്-
കപോലനീലാളകമണ്ഡിതാനനാം. 20
ശ്ലഥദ്ദുകൂലം കബരീം ച വിച്യുതാം
സന്നഹ്യതീം വാമകരേണ വല്ഗുനാ
വിനിഘ്നതീമന്യകരേണ കന്ദുകം
വിമോഹയന്തീം ജഗദാത്മമായയാ. 21
താം വീക്ഷ്യ ദേവ ഇതി കന്ദുകലീലയേഷദ്-
വ്രീഡാസ്ഫുടസ്മിതവിസൃഷ്ടകടാക്ഷമുഷ്ടഃ
സ്ത്രീപ്രേക്ഷണപ്രതിസമീക്ഷണവിഹ്വലാത്മാ
നാത്മാനമന്തിക ഉമാം സ്വഗണാംശ്ച വേദ. 22
തസ്യാഃ കരാഗ്രാത് സ തു കന്ദുകോ യദാ
ഗതോ വിദൂരം തമനുവ്രജത്സ്ത്രിയാഃ
വാസഃ സസൂത്രം ലഘു മാരുതോഽഹരത്
ഭവസ്യ ദേവസ്യ കിലാനുപശ്യതഃ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യന്മാർ നവശക്തിയുക്തനാം പരനായും
വർണ്ണിപ്പൂ സ്വതന്ത്രനാം മഹാപൂരുഷനായും

ബ്രഹ്മാവും സത്ത്വജാതർ മരീച്യാദ്യരും ഞാനും
തന്മായയാലേ പാരം മോഹിതചിത്തരായി

നിന്തിരുവടിതൻെറ സൃഷ്ടിതൻ രഹസ്യങ്ങ–
ളെന്തെന്ന ലേശംപോലുമറിയാതിരിക്കുമ്പോൾ

നിത്യവുമമങ്ഗലവൃത്തരാം ദൈത്യരും മ–
ർത്ത്യാദ്യരുമറിയുന്നതില്ലെന്നു ചൊല്ലേണമോ?
10

അത്തിരുമേനി ചെയ്യും ലോകസൃഷ്ട്യന്തരക്ഷാ–
കൃത്യങ്ങളെന്നല്ലേതുഭൂതവ്യാപാരങ്ങളും

ജഗത്തിൻ ഭവബന്ധനിർവ്വാണങ്ങളുമെല്ലാം
ഗഗനത്തിലും സർവ്വചരാചരൗഘത്തിലും

ചരിക്കും വായുമട്ടിൽ, സർവ്വാത്മകതയാലേ–
യറിയുന്നിതേ ജ്ഞാനസ്വരൂപൻ ഭവാൻ–
മാത്രം. 11

സത്ത്വാദിഗുണത്തോടുമങ്ങാന്നോരവതാര–
മൂർത്തികളെല്ലാംതന്നെ ഞാൻ കണ്ടിട്ടുണ്ടെങ്കിലും

ഈയിടെ ഭവാനൊരുനാരിതൻ രൂപം പൂണ്ട–
തായി ശ്രവിച്ചേനതു കാണുവാൻ കൊതിക്കു–
ന്നേൻ. 12

ദാനവദൈത്യന്മാരെയേതിനാൽ മോഹിപ്പിച്ചു
പാനംചെയ്യിച്ചു സുധ സുരവൃന്ദത്തെബ്ഭവാൻ

മാധുരിതുളുമ്പുമാരൂപമീക്ഷിപ്പാനുള്ളിൽ
കൗതുകം വദ്ധിക്കയാലിങ്ങോട്ടു പോന്നേനി–
പ്പോൾ. 13

ശ്രീശുകൻ പറഞ്ഞു

ഈവിധം ശിവനാലഭ്യർത്ഥിതൻ മഹാവിഷ്ണു
ഭാവഗാംഭീര്യത്തോടു ചിരിച്ചോതിനാ–
നേവം. 14

ശ്രീഭഗവാൻ പറഞ്ഞു

അമൃതകുംഭം പരാധീനമായതുനേര–
മമരകാര്യം പരം മോശമായെന്നോർത്തുടൻ

ദാനവസമൂഹത്തെ മയക്കാൻതക്കവണ്ണം
ഞാനൊരുനാരിയായിച്ചമഞ്ഞെന്നതേയുള്ളു. 15

സോമശേഖരാ! കാമവികാരമേറുന്നതും
കാമികൾ മാനിപ്പതുമാകുമന്നാരീരൂപം

ഇക്ഷണംതന്നെ കണ്ടേകഴിയൂ ഭവാനെങ്കിൽ
വീക്ഷിച്ചുകൊൾക, നേരേ കാണിച്ചുതന്നിടാം
ഞാൻ. 16

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ പറഞ്ഞങ്ങു മറഞ്ഞാൻ, ഹരി ശിവ–
നങ്ങതും പ്രതീക്ഷിച്ചു പാർവ്വതിയൊത്തി–
രുന്നാൻ. 17

ചാരുപുഷ്പങ്ങളും പൈന്തളിരും നിറഞ്ഞിടും
ഭൂരുഹനിര തിങ്ങിവിളങ്ങുമുദ്യാനത്തിൽ

മൃദുലശുഭ്രവസ്ത്രാവൃതമായ് ലസിച്ചീടും
പൃഥുലനിതംബത്തിൽ കാഞ്ചീകലാപത്തോടും

ചന്തമായ് പന്തടിച്ചുകളിയാടീടുന്നൊരു
ബന്ധുരഗാത്രിയാളെക്കണ്ടിതു ഗങ്ഗാധരൻ.
18

പന്തു താഴുമ്പോൾ താണു,മുയന്നീടുന്നനേരം
പൊന്തിയും, കുലുങ്ങുമക്കൊങ്കകൾ രണ്ടിൻെറയും

ശ്രേഷ്ഠഹാരത്തിൻെറയും ഭാരമാവഹിക്കുവാ–
നൊട്ടും കെല്പററമധ്യമോരോരോ കാൽവയ്പിലും

ഒടിഞ്ഞുപോകുമെന്നു തോന്നീടുമാറത്തളി–
രടികളങ്ങങ്ങണച്ചങ്ങനെ പന്താടിനാൾ. 19

പലദിക്കിലും തെറിച്ചീടുമപ്പന്തോടൊപ്പം
ചലിക്കും മനോജ്ഞമാം നീണ്ടകണ്ണുകളാലും

കുണ്ഡലോല്ലസദ്ഗണ്ഡതലങ്ങളാലും നെററി–
ത്തന്നിലായിഴഞ്ഞീടും നീലാളകങ്ങളാലും

അത്യന്തം ശോഭിച്ചീടുമാനനാംബുജമാളും
മത്തകാശിനിതന്നെ വീക്ഷിച്ചാനുക്ഷവാ–
ഹൻ. 20

അഴിയും പൂവാടയുമിഴിയും കേശവും തേൻ–
മൊഴിയാൾ ചാരുവാമകരത്താൽ നിബന്ധിച്ചും

വലതുകൈകൊണ്ടു പന്തടിച്ചും വിലാസത്താ–
ലുലകം മോഹിപ്പിച്ചു ചരിച്ചാൾ മെല്ലെ–
മെല്ലെ. 21

കന്ദുകക്രീഡതന്നി. ലല്പലജ്ജാസ്പഷ്ടമാം
മന്ദഹാസത്തോടവൾ വിട്ടിടും നോട്ടങ്ങളാൽ

വഞ്ചിതനായിപ്പുനരന്യോന്യകടാക്ഷത്താൽ
നെഞ്ചകം പാരം പരവശമായ് പരമേശൻ

തന്നെയും തൻ സമീപമിരിക്കുമുമയേയും
തന്നുടെ ഗണത്തെയുമറിഞ്ഞില്ലഹോ! ചിത്രം!
22

വ്യാളഭൂഷണൻ നേരേനോക്കിയങ്ങിരിക്കവേ,
കേളീകന്ദുകം ദൂരെത്തെറിച്ചതെടുക്കുവാൻ

ചഞ്ചലാക്ഷിയാളനുഗമിക്കെസ്സമീരണൻ
കാഞ്ചിയൊത്തവൾക്കെഴും വസനം–
ഹരിച്ചിതു. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം താം രുചിരാപാങ്ഗീം ദർശനീയാം മനോരമാം
ദൃഷ്ട്വാ തസ്യാം മനശ്ചക്രേ വിഷജ്ജന്ത്യാം ഭവഃ കില. 24

തയാപഹൃതവിജ്ഞാനസ്തത്കൃതസ്മരവിഹ്വലഃ
ഭവാന്യാ അപി പശ്യന്ത്യാ ഗതഹ്രീസ്തത്പദം യയൗ. 25

സാ തമായാന്തമാലോക്യ വിവസ്ത്രാ വ്രീഡിതാ ഭൃശം
നിലീയമാനാ വൃക്ഷേഷു ഹസന്തീ നാന്വതിഷ്ഠത. 26

താമന്വഗച്ഛദ്ഭഗവാൻ ഭവഃ പ്രമുഷിതേന്ദ്രിയഃ
കാമസ്യ ച വശം നീതഃ കരേണുമിവ യൂഥപഃ. 27

സോഽനുവ്രജ്യാതിവേഗേന ഗൃഹീത്വാനിച്ഛതീം സ്ത്രിയം
കേശബന്ധ ഉപാനീയ ബാഹുഭ്യാം പരിഷസ്വജേ. 2

സോപഗൂഢാ ഭഗവതാ കരിണാ കരിണീ യഥാ
ഇതസ്തതഃ പ്രസർപ്പന്തീ വിപ്രകീർണ്ണശിരോരുഹാ. 29

ആത്മാനം മോചയിത്വാങ്ഗ, സുരർഷഭഭുജാന്തരാത്
പ്രാദ്രവത്സാ പൃഥുശ്രോണീ മായാ ദേവവിനിർമ്മിതാ. 30

തസ്യാസൗ പദവീം രുദ്രോ വിഷ്ണോരദ്ഭുതകർമ്മണഃ
പ്രത്യപദ്യത കാമേന വൈരിണേവ വിനിർജ്ജിതഃ. 31

തസ്യാനുധാവതോ രേതശ്ചസ്കന്ദാമോഘരേതസഃ
ശുഷ്മിണോ യൂഥപസ്യേവ വാസിതാമനു ധാവതഃ. 32

യത്ര യത്രാപതന്മഹ്യാം രേതസ്തസ്യ മഹാത്മനഃ
താനി രൂപ്യസ്യ ഹേമ്നശ്ച ക്ഷേത്രാണ്യാസന്മഹീപതേ. 33

സരിത്സരസ്സു ശൈലേഷു വനേഷൂപവനേഷു ച
യത്ര ക്വ ചാസന്നൃഷയസ്തത്ര സന്നിഹിതോ ഹരഃ. 34

സ്കന്നേ രേതസി സോഽപശ്യദാത്മാനം ദേവമായയാ
ജഡീകൃതം, നൃപശ്രേഷ്ഠ, സന്ന്യവർത്തത കശ്മലാത്. 35

അഥാവഗതമാഹാത്മ്യ ആത്മനോ ജഗദാത്മനഃ
അപരിജ്ഞേയവീര്യസ്യ ന മേനേ തദു ഹാദ്ഭുതം. 36

തമവിക്ലവമവ്രീഡമാലക്ഷ്യ മധുസൂദനഃ
ഉവാച പരമപ്രീതോ ബിഭ്രത്സ്വാം പൗരുഷീം തനും. 37

ശ്രീഭഗവാനുവാച

ദിഷ്ട്യാ ത്വം, വിബുധശ്രേഷ്ഠ, സ്വാം നിഷ്ഠാമാത്മനാ സ്ഥിതഃ
യന്മേ സ്ത്രീരൂപയാ സ്വൈരം മോഹിതോഽപ്യങ്ഗ മായയാ. 38

കോ നു മേഽതിതരേന്മായാം വിഷക്തസ്ത്വദൃതേ പുമാൻ
താംസ്താൻ വിസൃജതീം ഭാവാൻ ദുസ്തരാമകൃതാത്മഭിഃ. 39

സേയം ഗുണമയീ മായാ ന ത്വാമഭിഭവിഷ്യതി
മയാ സമേതാ കാലേന കാലരൂപേണ ഭാഗശഃ. 40

ശ്രീശുക ഉവാച

ഏവം ഭഗവതാ, രാജൻ, ശ്രീവത്സാങ്കേന സത്കൃതഃ
ആമന്ത്ര്യ തം പരിക്രമ്യ സഗണഃ സ്വാലയം യയൗ. 41

ആത്മാംശഭൂതാം താം മായാം ഭവാനീം ഭഗവാൻ ഭവഃ
ശംസതാമൃഷിമുഖ്യാനാം പ്രീത്യാഽഽചഷ്ടാഥ ഭാരത! 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുന്ദരിയായി മനോഹരമായീടും കട-
ക്കണ്ണുകളാൽ പാരം ദർശനീയയായ് വീണ്ടും
തന്നേത്താനനുരാഗപൂർവ്വകം നോക്കീടുമ-
ത്തന്വിയിൽ ശിവചിത്തം ലയിച്ചുപോയീ
ചിത്രം! 24
അവൾ വിജ്ഞാനം പാടേയപഹരിച്ചു കാമ-
വിവശനാക്കീടിന ഭഗവാൻ വാമദേവൻ
പാർവതീദേവി നോക്കിയിരിക്കെ ലജ്ജ
തീരെ-
ക്കൈവിട്ടക്കാർവേണിതൻ ചാരത്തു ചെന്നീ-
ടിനാൻ. 25
നഗ്നയായീടുമവളന്തികമായാതനാം
മുക്കണ്ണൻ തന്നെക്കണ്ടിട്ടധികം ലജ്ജപൂണ്ടു
നേരേനില്ക്കാതെ മന്ദസ്മിതവുംചെയ്തുകൊണ്ടു
ഭൂരുഹസമൂഹത്തിനിടയിൽ മറഞ്ഞിതേ. 26
അവളാൽ ഹൃതചിത്തൻ ഭഗവാൻ ഭവൻ കാമ-
വിവശനായിപ്പിടിയാനയെ മത്തഹസ്തി
അനുഗമിക്കുംവിധം വിഭ്രാന്തചിത്തനായ-
സ്ഖലനവേണിയാളംപിൻപേയമ്പോടു
നടകൊണ്ടാൻ. 27
ലേശവുമാശയെ പ്രകാശിപ്പിച്ചീടാത്തൊര-
പ്പേശലാങ്ഗിയെയീശൻ പിന്നാലെ പാഞ്ഞു-
ചെന്നു
കേശപാശത്തിൽ പിടികൂടിത്തന്മാറോടണ-
ച്ചാശു കൈരണ്ടുകൊണ്ടുമാശ്ലേഷം-
ചെയ്തീടിനാൻ. 28
പിടിയാനയെ മത്തഹസ്തീന്ദ്രനെന്നമട്ടിൽ
മൂഢനാലാശ്ലിഷ്ടയദ്ദേവസൃഷ്ടയാംമായ
പന്താടിയങ്ങുമിങ്ങും സഞ്ചരിക്കയാൽ നീല-
കുന്തളംചുററും പാറിപ്പറക്കുംവടിവിൽത്താൻ
ധാടിയോടീശകരപാശത്തിൽനിന്നൊഴിഞ്ഞ-
ങ്ങോടിനാൾ പാരം പൃഥുനിതംബയായീടിലും.
29–30
കാമനെ മുന്നം വെന്ന മഹേശൻ വൈരിയാകും
കാമനാൽ വിജയിക്കപ്പെട്ടവൻമട്ടിലിപ്പോൾ
അദ്ഭുതകർമ്മാവാകും വിഷ്ണുവിന്നിച്ഛയ്ക്കൊത്തി-
ട്ടിപ്പരാധീനാവസ്ഥ കൈക്കൊണ്ടെന്നതേ-
യുള്ളൂ. 31
ഗർഭധാരണത്തിനായിച്ഛിക്കും ഗോവിൻ
പിൻപേ
വിഭ്രമിച്ചോടിച്ചെല്ലും മത്തനാം വൃഷംമട്ടിൽ
മോഹിനീവേഷമാളും വിഷ്ണുവിൻ പിൻപേ-
പോകും
ശ്രീഹരൻതൻ സഫലരേതസ്സു പതിച്ചിതു. 32
സാധുസമ്മതാ! മഹാത്മാവാകും ശ്രീശിവൻതൻ
രേതസ്സു ധരിത്രിയിൽ വീണഭാഗങ്ങളെല്ലാം
പൊന്നും വെള്ളിയും വിളഞ്ഞീടുമാകരങ്ങളായ്
പിന്നീടു ഭവിച്ചെന്നു ധരിക്ക ധരാപതേ! 33

മോഹനിയുടെ പിൻപേയീവിധം ഹരൻ
സരോ-
വാഹിനീകാനനോപകാനനശൈലങ്ങളിൽ
എങ്ങെങ്ങു മുനിവൃന്ദം തപസ്സുചെയ്തിരുന്നി-
തങ്ങെങ്ങു ലേശം കുസലെന്നിയേ സഞ്ചരി-
ച്ചാൻ. 34
സ്ഖലിച്ച രേതസ്സെപ്പോളപ്പൊഴേ ദേവമായാ-
വിലാസമിതെന്നോർത്തു മഹേശൻ പിൻതിരി-
ഞ്ഞാൻ. 35
തനിക്കും വിഷ്ണുവിനുമുള്ളതാം മഹത്വങ്ങൾ
തനിയേ താരതമ്യപ്പെടുത്തിച്ചിന്തിച്ചീശൻ
താനെന്നും നിയമ്യനും ശ്രീവിഷ്ണു നിയന്താവു-
മാണെന്നറിഞ്ഞു തെല്ലുമദ്ഭുതപ്പെട്ടില്ലിതിൽ. 36
ചാപല്യമീവിധത്തിൽത്തനിക്കു പിണഞ്ഞ-
തിൽ
താപവും തെല്ലുപോലും നാണവുമെന്യേ ഹരൻ
ഇരിക്കുന്നതു കണ്ടു തുഷ്ടനായ് സ്വന്തരൂപം
ധരിച്ചീവിധം ഹരിയരുളിച്ചെയ്തീടിനാൻ. 37

ശ്രീഭഗവാൻ പറഞ്ഞു

മോഹിനീരൂപംപൂണ്ട മന്മായമൂലം ഭവാൻ
മോഹിച്ചു കാട്ടീടിന ഗോഷ്ഠിയിൽനിന്നു-
മിപ്പോൾ
ഹേ പാർവതീശാ! ഭവാൻ തനിയേ സ്വസ്ഥാ-
നത്തെ
പ്രാപിച്ചതേതായാലും മങ്ഗലകരമത്രേ. 38
നൂതനഭാവങ്ങളെ മുററും സൃഷ്ടിപ്പതായ്
പൂതമാനസക്കെന്യേ തരിപ്പാനസാധ്യമാം
മന്മഹാമായതന്നെയങ്ങൊരാളൊഴിഞ്ഞിഹ
ചെമ്മേയതിക്രമിപ്പാനേതൊരു പുമാനുള്ളൂ? 39
കാലസ്വരൂപനാം ഞാൻ ഗുണഭാഗാനുസാരം
ചാലവേ കൈക്കൊൾവതായ് ഗുണരൂപി-
ണിയായി
കാലചോദിതയാമീ മാമകമായയിനി-
മേലിലങ്ങയെയൊരുകാലവും ബാധി-
ച്ചീടാ. 40

ശ്രീശുകൻ പറഞ്ഞു

ശ്രീവത്സാങ്കിതനാകും ഹരിയോടുമാകാന്ത-
നീവിധമനുഗ്രഹംകൈക്കൊണ്ടു ദേവിയോടും
ഭൂതസഞ്ചയത്തോടും ശൗരിയെ പ്രദക്ഷിണം-
ചെയ്തു വന്ദിച്ചശേഷം സ്വസ്ഥാനം പ്രാപി-
ച്ചിതു. 41
ഭഗവാൻഹരൻ പുനരൃഷീന്ദ്രസ്തുതനായ്ത്ത-
ന്നകതാർതെളിഞ്ഞംശഭൂതയായ് സ്ഥിതി-
ചെയ്യും
തന്നുടെ മായയാകും ഭവാനീദേവിയോടായ്
മന്നവശ്രേഷ്ഠാ! പിന്നെക്കഥിച്ചാനി-
പ്രകാരം: 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അപി വ്യപശ്യസ്ത്വമജസ്യ മായാം
പരസ്യ പുംസഃ പരദേവതായാഃ
അഹം കലാനാമൃഷഭോ വിമുഹ്യേ
യയാവശോഽന്യേ കിമുതാസ്വതന്ത്രാഃ. 43
യം മാമപൃച്ഛസ്ത്വമുപേത്യ യോഗാത്
സമാ സഹസ്രാന്ത ഉപാരതം വൈ
സ ഏഷ സാക്ഷാത് പുരുഷഃ പുരാണോ
ന യത്ര കാലോ വിശതേ ന വേദഃ'' 44

ശ്രീശുക ഉവാച

ഇതി തേഽഭിഹിതസ്താത! വിക്രമഃ ശാർങ്ഗധന്വനഃ
സിന്ധോർനിർമ്മഥനേ യേന ധൃതഃ പൃഷ്ഠേ മഹാചലഃ. 45
ഏതന്മുഹുഃ കീർത്തയതോഽനുശൃണ്വതോ
ന രിഷ്യതേ ജാതു സമുദ്യമഃ ക്വചിത്
യദുത്തമശ്ലോകഗുണാനുവർണ്ണനം
സമസ്തസംസാരപരിശ്രമാപഹം. 46
അസദവിഷയമങ്ഘ്രിം ഭാവഗമ്യം പ്രപന്നാ-
നമൃതമമരവര്യാനാശയത് സിന്ധുമഥ്യം
കപടയുവതിവേഷോ മോഹയൻ യഃ സുരാരീം-
സ്തമഹമുപസൃതാനാം കാമപൂരം നതോസ്മി. 47

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ശങ്കരമോഹനം നാമ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

ശ്രീശുക ഉവാച

മനുർവിവസ്വതഃ പുത്രഃ ശ്രാദ്ധദേവ ഇതി ശ്രുതഃ
സപ്തമോ വർത്തമാനോ യസ്തദപത്യാനി മേ ശൃണു. 1
ഇക്ഷ്വാകുർന്നഭഗശ്ചൈവ ധൃഷ്ടഃ ശര്യാതിരേവ ച
നരിഷ്യന്തോഽഥ നാഭാഗഃ സപ്തമോ ദിഷ്ട ഉച്യതേ. 2
കരൂഷശ്ച പൃഷധ്രശ്ച ദശമോ വസുമാൻ സ്മൃതഃ
മനോർവൈവസ്വതസ്യൈതേ ദശ പുത്രാഃ പരന്തപ. 3
ആദിത്യാ വസവോ രുദ്രാ വിശ്വേദേവാ മരുദ്ഗണാഃ
അശ്വിനാവൃഭവോ രാജന്നിന്ദ്രസ്തേഷാം പുരന്ദരഃ. 4
കശ്യപോഽത്രിർവസിഷ്ഠശ്ച വിശ്വാമിത്രോഽഥ ഗൗതമഃ
ജമദഗ്നിർഭരദ്വാജ ഇതി സപ്തർഷയഃ സ്മൃതാഃ. 5
അത്രാപി ഭഗവജ്ജന്മ കശ്യപാദദിതേരഭൂത്
ആദിത്യാനാമവരജോ വിഷ്ണുർവാമനരൂപധൃക്. 6
സംക്ഷേപതോ മയോക്താനി സപ്ത മന്വന്തരാണി തേ
ഭവിഷ്യാണ്യഥ വക്ഷ്യാമി വിഷ്ണോഃ ശക്ത്യാന്വിതാനി ച. 7
വിവസ്വതശ്ച ദ്വേ ജായേ വിശ്വകർമ്മസുതേ ഉഭേ
സംജ്ഞാ ഛായാ ച രാജേന്ദ്ര, യേ പ്രാഗഭിഹിതേ തവ. 8
തൃതീയാം ബഡവാമേകേ താസാം സംജ്ഞാസുതാസ്ത്രയഃ
യമോ യമീ ശ്രാദ്ധദേവഃ ഛായായാശ്ച സുതാഞ്ഛൃണു. 9
സാവർണ്ണിസ്തപതീ കന്യാ ഭാര്യാ സംവരണസ്യ യാ
ശനൈശ്ചരസ്തൃതീയോഽഭൂദശ്വിനൗ ബഡവാത്മജൗ. 10
അഷ്ടമേഽന്തര ആയാതേ സാവർണ്ണിർഭവിതാ മനുഃ
നിർമ്മോകവിരജസ്കാദ്യാഃ സാവർണ്ണിതനയാ നൃപ! 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരദൈവതമായിജ്ജനനവിഹീനനാം
''പരദൈവതമായിജ്ജനനവിഹീനനാം
പുരുഷോത്തമൻതൻെറ ലീല നീ കണ്ടുവല്ലോ?
ഞാനതു നിരീക്ഷിച്ചു മോഹിച്ചുപോയീ, പരാ-
ധീനരാം പുമാന്മാർതൻ കഥ പിന്നെന്തു
ചൊൽവൂ? 43

ആയിരം സംവത്സരം ഞാൻ ധ്യാനസമാ-
ധിയി-
ലായിരുന്നതിൽനിന്നുമുണന്നസമയത്തിൽ
ധ്യാനിപ്പതാരെയെന്നു ചോദിച്ചുവല്ലോ നീയാ-
ശ്രീനിവാസൻ പുരാണപുരുഷനിവനല്ലോ.
ഇവനു കാലംമൂലം നാശമോ വേദോക്തമാം
വിവിധകമ്മങ്ങളാൽ ജന്മമോ ഭവിച്ചീടാ.'' 44

ശ്രീശുകൻ പറഞ്ഞു

ക്ഷീരാബ്ധിമഥനത്തിൽ മഹത്താം മന്ദരാദ്രി
ധാരണംചെയ്തതാരോ പെട്ടെന്നു പൃഷ്ഠത്തിനാൽ
ശാർങ്ഗധനാവാകുമബ്ഭഗവാൻതൻ
ചരിത്ര-
മങ്ങയോടീവിധത്തിൽ ചൊല്ലിനേൻ
മഹീപതേ!

ഇക്കഥ വീണ്ടും വീണ്ടും കീർത്തിക്കുന്നവൻെറയും
കേൾക്കുവോൻെറയും ശ്രമം നിഷ്ഫലമാകാ
നൂനം.
ഭഗവൽക്കഥയേതും ശ്രവണമാത്രത്തിൽത്താൻ
സകലഭവപരിശ്രമവുമൊഴിക്കുന്നു. 45-46

മായാമോഹിനിയായി ദൈത്യരെ
വഞ്ചിച്ചാദി-
തേയരെയബ്ധിലബ്ധമമൃതമാശ്രുട്ടിയോ,
ഭാവഗമ്യമായസജ്ജനങ്ങൾക്കപ്രാപ്യമാം
പാവനപാദാംബുജമൊത്തു ശോഭിപ്പതാരോ,
ശരണാഗതന്മാർതന്നഖിലാഭീഷ്ടങ്ങളും
നിറവേററീടുമാ ശ്രീഹരിയേ നമിക്കുന്നേൻ. 47

അദ്ധ്യായം 13

മന്വന്തരനിരൂപണം

ശ്രീശുകൻ പറഞ്ഞു

വിവസ്വത്തനൂജനായ് ശ്രാദ്ധദേവാഭിഖ്യ-
യിൽ
ഭുവനപ്രസിദ്ധനായിക്കാലം വർത്തിച്ചിടും
സപ്തമമനുവിൻെറ സന്താനങ്ങളേയും ഞാ-
നിപ്പൊഴുതരുളുന്നു കേൾക്കുക ധരാപതേ! 1

ഇക്ഷ്വാകു,നഭഗനും ധൃഷ്ടനും, ശര്യാതി, ന-
രിഷ്യന്തൻ, നാഭാഗനും സപ്തമൻ ദിഷ്ടൻതാനും
പൃഷധ്രൻ കരൂഷനും പത്താമൻ വസുമാനും
രസാധീശ്വരാ! വൈവസ്വതനന്ദനരത്രേ. 2-3

വസുക്കളാദിത്യന്മാർ രുദ്രന്മാർ വിശ്വേദേവ-
രൃഷഭൻ മരുദ്ഗണമശ്വികളിവരെല്ലാം
ദേവന്മാരത്രേയിവക്കൊക്കെയുമധീശനായ്-
ബ്ഭ്രുവരാ! പുരന്ദരനിന്ദ്രനായ്ത്തീന്നീ-
ടിനാൻ. 4

അത്രി, കശ്യപൻ, ജമദഗ്നി, ഗൗതമൻ, വിശ്വാ-
മിത്രൻ, വസിഷ്ഠൻ, ഭരദ്വാജനും സപ്തഷികൾ.5

ചൊല്ലൊള്ളും കശ്യപൻതൻ പുത്രനായവതാരം
കൈക്കൊണ്ടാനദിതിയിലിക്കാലം
ജഗന്നാഥൻ. 6

വാമനരൂപത്തിലാണാദിത്യാനുജനായി
ശ്രീമഹാവിഷ്ണുദേവനാജന്മം വരിച്ചതും.
കഴിഞ്ഞ മന്വന്തരമേഴും ഞാൻ ഭവാനോട്
മൊഴിഞ്ഞു സംക്ഷേപമായിനിമേലുണ്ടായിടും;
മന്വന്തരങ്ങളേയുമവതാരങ്ങളേയും
ചൊന്നിടാം നേരേ കേട്ടുകൊള്ളുക മന്നവേന്ദ്രാ!
7

പൃഥ്വീശാ! സംജ്ഞയെന്നും ഛായയെന്നു-
മായ് രണ്ടു
പുത്രിമാരുണ്ടു വിശ്വകമ്മാവിനെന്നുള്ളതും
ആയവരിരുപേരും വിവസ്വാൻതനിക്കുള്ള
ജായമാരാണെന്നതും മുന്നേ ഞാൻ ചൊല്ലി-
യല്ലോ. 8

മൂന്നാമതായവനു വഡവയെന്നായൊരു
തന്വംഗീമണികൂടിയുണ്ടെന്നു ചൊൽവൂ
ചിലർ.

യമനും യമിതാനും ശ്രാദ്ധദേവനും സംജ്ഞാ-
കമനീജാതർ, ചൊല്ലാം ഛായതൻ പുത്രരേയും.
9

സാവർണ്ണി, ശനൈശ്ചരനെന്നിരു സുതന്മാരും
ഭ്രുവരാ! തപതിയാം പുത്രിയും ഛായയ്ക്കുണ്ടായ്.
തപതി സംവരണപത്നിയാ,യശ്വിനികൾ
നൃപതേ! വഡവതന്നാത്മജരെന്നോക്കണം. 10

എട്ടാം മന്വന്തരത്തിൽ മനുവാം സാവർണ്ണി,
തത്-
പുത്രരാം നിർമ്മോകനും വിരജസ്സാദ്യന്മാരും. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര ദേവാഃ സുതപസോ വിരജാ അമൃതപ്രഭാഃ
തേഷാം വിരോചനസുതോ ബലിരിന്ദ്രോ ഭവിഷ്യതി. 12

ദത്ത്വേമാം യാചമാനായ വിഷ്ണവേ യഃ പദത്രയം
രാദ്ധമിന്ദ്രപദം ഹിത്വാ തതഃ സിദ്ധിമവാപ്സ്യതി. 13

യോഽസൗ ഭഗവതാ ബദ്ധഃ പ്രീതേന സുതലേ പുനഃ
നിവേശിതോഽധികേ സ്വർഗ്ഗാദധുനാഽഽസ്തേ സ്വരാഡിവ. 14

ഗാലവോ ദീപ്തിമാൻ രാമോ ദ്രോണപുത്രഃ കൃപസ്തഥാ
ഋശ്യശൃങ്ഗഃ പിതാസ്മാകം ഭഗവാൻ ബാദരായണഃ 15

ഇമേ സപ്തർഷയസ്തത്ര ഭവിഷ്യന്തി സ്വയോഗതഃ
ഇദാനീമാസതേ, രാജൻ, സ്വേ സ്വേ ആശ്രമമണ്ഡലേ. 16

ദേവഗുഹ്യാത്സരസ്വത്യാം സാർവ്വഭൗമ ഇതി പ്രഭുഃ
സ്ഥാനം പുരന്ദരാദ്ധൃത്വാ ബലയേ ദാസ്യതീശ്വരഃ. 17

നവമോ ദക്ഷസാവർണ്ണിർമ്മനുർവരുണസംഭവഃ
ഭൂതകേതുർദ്ദീപ്തകേതുരിത്യാദ്യാസ്തത്സുതാ നൃപ! 18

പാരാ മരീചിഗർഭാദ്യാ ദേവാ ഇന്ദ്രോഽദ്ഭുതഃ സ്മൃതഃ
ദ്യുതിമത്പ്രമുഖാസ്തത്ര ഭവിഷ്യന്ത്യൃഷയസ്തതഃ. 19

ആയുഷ്മതോഽംബുധാരായാമൃഷഭോ ഭഗവത്കലാ
ഭവിതാ യേന സംരാദ്ധാം ത്രിലോകീം ഭോക്ഷ്യതേഽദ്ഭുതഃ. 20

ദശമോ ബ്രഹ്മസാവർണ്ണിരുപശ്ലോകസുതോ മഹാൻ
തത്സുതാ ഭൂരിഷേണാദ്യാ ഹവിഷ്മത്പ്രമുഖാ ദ്വിജാഃ. 21

ഹവിഷ്മാൻ സുകൃതിഃ സത്യോ ജയോ മൂർത്തിസ്തദാ ദ്വിജാഃ
സുവാസനവിരുദ്ധാദ്യാ ദേവാഃ ശംഭുഃ സുരേശ്വരഃ 22

വിഷ്വക്സേനോ വിഷൂച്യാം തു ശംഭോഃ സഖ്യം കരിഷ്യതി
ജാതഃ സ്വാംശേന ഭഗവാൻ ഗൃഹേ വിശ്വസൃജോ വിഭുഃ. 23

മനുർവൈ ധർമ്മസാവർണ്ണിരേകാദശമ ആത്മവാൻ
അനാഗതാസ്തത്സുതാശ്ച സത്യധർമ്മാദയോ ദശ. 24

വിഹംഗമാഃ കാമഗമാ നിർവ്വാണരുചയഃ സുരാഃ
ഇന്ദ്രശ്ച വൈധൃതസ്തേഷാമൃഷയശ്ചാരുണാദയഃ. 25

ആര്യകസ്യ സുതസ്തത്ര ധർമ്മസേതുരിതി സ്മൃതഃ
വൈധൃതായാം ഹരേരംശസ്ത്രിലോകീം ധാരയിഷ്യതി. 26

ഭവിതാ രുദ്രസാവർണ്ണീ രാജൻ ദ്വാദശമോ മനുഃ
ദേവവാനുപദേവശ്ച ദേവശ്രേഷ്ഠാദയഃ സുതാഃ. 27

ഋതധാമാ ച തത്രേന്ദ്രോ ദേവാശ്ച ഹരിതാദയഃ
ഋഷയശ്ച തപോമൂർത്തിസ്തപസ്വ്യാഗ്നീധ്രകാദയഃ 28

സ്വധാമാഖ്യോ ഹരേരംശഃ സാധയിഷ്യതി തന്മനോഃ
അന്തരം സത്യസഹസഃ സൂനൃതായാഃ സുതോ വിഭുഃ 29

മനുസ്ത്രയോദശോ ഭാവ്യോ ദേവസാവർണ്ണിരാത്മവാൻ
ചിത്രസേനവിചിത്രാദ്യാ ദേവസാവർണ്ണിദേഹജാഃ. 30

ദേവാഃ സുകർമ്മസുത്രാമസംജ്ഞാ ഇന്ദ്രോ ദിവസ്പതിഃ
നിർമ്മോകതത്ത്വദർശാദ്യാ ഭവിഷ്യന്ത്യൃഷയസ്തദാ. 31

ദേവഹോത്രസ്യ തനയ ഉപഹർത്താ ദിവസ്പതേഃ
യോഗേശ്വരോ ഹരേരംശോ ബൃഹത്യാം സംഭവിഷ്യതി. 32

മനുർവ്വാ ഇന്ദ്രസാവർണ്ണിശ്ചതുർദ്ദശമ ഏഷ്യതി
ഉരുഗംഭീരബുദ്ധ്യാദ്യാ ഇന്ദ്രസാവർണ്ണിവീര്യജാഃ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമൃതപ്രഭന്മാരും സുതപസ്സന്ദോഹവു-
മമരന്മാരായിടും വിരജന്മാരുമന്നാൾ.
അവർക്കിന്ദ്രനായ് വിരോചനപുത്രനാം ബലി
ഭവിക്കുമെന്നും ധരിച്ചീടുക കുരുദ്വഹാ! 12
ഏതൊരുമഹാൻ യാചിച്ചീടിന വിഷ്ണുവിന്നീ-
മേദിനിയടിമൂന്നായ് ദാനമേകിയശേഷം
തനിക്കു ലഭിക്കുമദ്ദേവേന്ദ്രപദംപോലും
തൃണംപോൽ സന്ത്യജിച്ചു സിദ്ധിയെ പ്രാപി-
ച്ചുവോ, 13

ദിതിജാരിയാൽ ബദ്ധനായനേരവും നേരേ
പ്രദർശിപ്പിച്ച സത്യംതൊട്ടു സദ്ഗുണങ്ങളാൽ
തുഷ്ടനായ് ഭഗവാനസ്സ്വർഗ്ഗലോകത്തിനേക്കാൾ
പുഷ്ടഭൂതികളാളും സുതലമാക്കേകിയോ,
ആ വൈരോചനിയിന്നും സുതലാധീശനായി
ദേവേന്ദ്രനൊപ്പം തത്ര വാഴുന്നു സുഖമായി. 14
ഗാലവൻ, ദീപ്തിമാനും, പരശുരാമൻ, കൃപൻ,
നാലുപേർ പിന്നെ ദ്രോണപുത്രനാമശ്വത്ഥാമാ
ഋശ്യശൃംഗാഖ്യൻ മുനി ഞങ്ങടെ പിതാവാകും
വ്യാസനും സപ്തർഷിമാരായിടും ധരാപതേ!
ഇക്കാലമവരെല്ലാം യോഗപ്രഭാവത്തൊടും
സൗഖ്യമായ് താന്താങ്ങടെ തന്നാശ്രമങ്ങളിൽ
വാഴ്‌വൂ. 15–16

ആ മനുവിൻെറകാലംതന്നിലാദേവഗുഹ്യ-
നാമാവിൻ സുതനായിസ്സരസ്വതീദേവിയിൽ
സാർവഭൗമാഖ്യയോടു ജനിച്ചിട്ടഖിലേശൻ
ദേവേന്ദ്രസ്ഥാനം ഹരിച്ചേകിടും ബലി-
ക്കായി. 17

ഒൻപതാം മനുവായിപ്പാശിതൻ തനൂജനും
വൻപനുമാകും ദക്ഷസാവർണ്ണി ഭവിച്ചീടും.
ഭൂതകേതുവും ദീപ്തകേതുവും മററുമാത്മ-
ജാതരായ്ഭവിക്കുമാമനുവിനക്കാലത്തിൽ. 18
പാരന്മാർ മരീചിഗർഭാദ്യരും ദേവന്മാരായ്-
ത്തീരും സുപ്രസിദ്ധനാമദ്ഭുതനിന്ദ്രനാകും.
ദ്യുതിമാൻ, വസു, ഹവ്യൻ, ജ്യോതിഷ്മാൻ,
സത്യൻ, മേധാ-
തിഥിയും, സവനനുമാമന്നു സപ്തർഷികൾ. 19
ആയുഷ്മാനെന്ന താതൻതന്നിൽനിന്നംബുധാര-
യായിടും മാതാവിലന്നൃഷഭനെന്നപേരിൽ
ചില്ലുമാൻ പിറന്നു, മുപ്പാരിൻെറയാധിപത്യ-
മദ്ഭുതാഖ്യനാം സുരനാഥനായർപ്പിച്ചീടും. 20
സന്മതേ! ഉപശ്ലോകപുത്രനായ് മഹാത്മാവാം
ബ്രഹ്മസാവർണ്ണി പത്താംമനുവായ് ഭവിച്ചീടും
ഭൂരിഷേണാദ്യർ മനുപുത്രരായീടും നൃപ-
ഹീരമേ! ഹവിഷ്മാൻതൊട്ടവരാം സപ്തർഷി
കൾ. 21
ഹവിഷ്മാൻ, സത്യൻ, ജയൻ, സുകൃതി, പൗലോ
ഹനും
നൃവരാ! ഭാർഗ്ഗവനും മൂർത്തിയുമത്രേയവർ.
സുവാസനന്മാർ വിരുദ്ധാദ്യരും സുരന്മാരായ്-
ഭവിക്കും ശംഭുനാമാവായീടും ദേവാധിപൻ. 22
അന്നീശൻ, വിശ്വസൃക്കിൻ ജായയാം വിഷൂ-
ചിയിൽ
വന്നവതരിച്ചേററം സൈന്യസന്നാഹത്തൊടും
ഇന്ദ്രനായിരിക്കുമശ്ശംഭുവിന്നപ്പൊഴപ്പോ-
ളനൂനം തുണചെയ്യും വിഷ്വക്സേനാഖ്യനായി.
23
മന്നവാ! വിഷ്ണുഭക്തൻ ധർമ്മസാവർണ്ണി പതി-
നൊന്നാമൻ മനു, സത്യധർമ്മാദ്യർ തത്സു-
തന്മാർ. 24
കാമഗർ, വിഹംഗമർ, നിർവാണരുച്യാദ്യരു-
മാമന്നു സുരവൃന്ദം വൈധൃതനിന്ദ്രനാകും
അരുണാദികളേഴുമൃഷികളാകുമെന്നു-
മറിഞ്ഞീടുക പാണ്ഡവേയ ഭൂപാലമൗലേ! 25
ആര്യകഭാര്യയാകും വൈധൃതിതന്നിലന്നാൾ
നാരായണൻതാൻ ധർമ്മസേതുവെന്നാഖ്യയോടും
സ്വാംശത്താലവതരിച്ചഖിലലോകത്തിനു-
മൈശ്വര്യാഭിവൃദ്ധിയും സൗഖ്യവുമരുളീടും. 26
രുദ്രസാവർണ്ണിയാകും ദ്വാദശമനു, ദേവ-
ശ്രേഷ്ഠന്നുമൃപദേവൻ ദേവവാനും തത്സുതർ. 27
അന്നിന്ദ്രനാകുമൃതധാമാവു, ഹരിതാദ്യർ,
വിണ്ണോരാം തപോമൂർത്തി തപസ്വ്യാഗ്നീദ്ധ്ര-
കാദ്യർ
സപ്തർഷിമാർതാൻ, സത്യസഹസ്സിൻ പുത്ര-
നായി-
ട്ടത്തവ്വിൽ സൂനൃതയാം മാതാവിൽ
സ്വധാമാവാം
നാമത്തിൽ പിറന്നീടും വിഷ്ണ്വംശമക്കാലത്തെ-
ഭൂമിപാലകന്മാരെയഖിലം രക്ഷിച്ചീടും.
28–29
ശ്രീവിഷ്ണുഭക്തനാകും ദേവസാവർണ്ണിനാമാ-
വായ്‌വരും പതിമൂന്നാം മനു, ഭൂപാലമൗലേ!
ചിത്രസേനൻ, വിചിത്രൻ മുതലായവർ മനു-
പുത്രന്മാരായും ഭവിച്ചീടുമെന്നറിഞ്ഞാലും. 30
അന്നാൾ സുകർമ്മാവു സുത്രാമാവുതൊട്ടോർസുര-
രിന്ദ്രനായ് ഭവിച്ചീടും ചൊല്ലേറ്റോള്ളും ദിവ-
സ്പതി.
നിർമ്മോകൻ തത്ത്വദർശനാമകൻ തുടങ്ങിയ
ബ്രഹ്മജ്ഞാനികളേഴുമൃഷികളായും വരും. 31
ദേവഹോത്രാഖ്യൻതൻെറ പുത്രനായ് ബൃഹ-
തിയിൽ
ശ്രീവാസുദേവാംശം സംജാതമാമത്തു പിന്നെ
യോഗേശനാമമാന്നു വിവിധമുപകാരം
നാകാധിനാഥന്നരുളീടുമെന്നറിഞ്ഞാലും. 32
ഇന്ദ്രസാവർണ്ണി പതിന്നാലാമൻ മനുവാം ത-
ന്നന്ദനരത്രേയുരുഗംഭീരബുദ്ധ്യാദികൾ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പവിത്രാശ്ചാക്ഷുഷാ ദേവാഃ ശുചിരിന്ദ്രോ ഭവിഷ്യതി
അഗ്നിബാഹുഃ ശുചിഃ ശുദ്ധോ മാഗധാദ്യാസ്തപസ്വിനഃ. 34
സത്രായണസ്യ തനയോ ബൃഹദ്ഭാനുസ്തദാ ഹരിഃ
വിതാനായാം മഹാരാജ ക്രിയാതന്തൂനവിതായിതാ. 35
രാജംശ്ചതുർദ്ദശൈതാനി ത്രികാലാനുഗതാനി തേ
പ്രോക്താന്യേഭിർമ്മിതഃ കല്പോ യുഗസാഹസ്രപര്യയഃ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മന്വന്തരാനുവർണ്ണനം നാമ ത്രയോദശോƒധ്യായഃ

ചതുർദ്ദശോƒധ്യായഃ

രാജോവാച
മന്വന്തരേഷു ഭഗവൻ യഥാ മന്വാദയസ്ത്വിമേ
യസ്മിൻ കർമ്മണി യേ യേന നിയുക്താസ്തദ്വദസ്വ മേ. 1

ഋഷിരുവാച
മനവോ മനുപുത്രാശ്ച മുനയശ്ച മഹീപതേ!
ഇന്ദ്രാഃ സുരഗണാശ്ചൈവ സർവ്വേ പുരുഷശാസനാഃ. 2
യജ്ഞാദയോ യാഃ കഥിതാഃ പൗരുഷ്യസ്തനവോ നൃപ!
മന്വാദയോ ജഗദ്യാത്രാം നയന്ത്യാഭിഃ പ്രചോദിതാഃ 3
ചതുര്യുഗാന്തേ കാലേന ഗ്രസ്താഞ്ഛ്രുതിഗണാന്യഥാ
തപസാ ഋഷയോƒപശ്യന്യതോ ധർമ്മഃ സനാതനഃ 4
തതോ ധർമ്മം ചതുഷ്പാദം മനവോ ഹരിണോദിതാഃ
യുക്താഃ സഞ്ചാരയന്ത്യദ്ധാ സ്വേ സ്വേ കാലേ മഹീം നൃപ! 5
പാലയന്തി പ്രജാപാലാ യാവദന്തം വിഭാഗശഃ
യജ്ഞഭാഗഭുജോ ദേവാ യേ ച തത്രാന്വിതാശ്ച തൈഃ. 6
ഇന്ദ്രോ ഭഗവതാ ദത്താം ത്രൈലോക്യ ശ്രിയമൂർജ്ജിതാം
ഭുഞ്ജാനഃ പാതി ലോകാംസ്ത്രീൻ കാമം ലോകേ പ്രവർഷതി. 7
ജ്ഞാനം ചാനുയുഗം ബ്രൂതേ ഹരിഃ സിദ്ധസ്വരൂപധൃക്,
ഋഷിരൂപധരഃ കർമ്മ, യോഗം യോഗേശരൂപധൃക്. 8
സർഗ്ഗം പ്രജേശരൂപേണ, ദസ്യൂൻ ഹന്യാത് സ്വരാഡ്വപുഃ
കാലരൂപേണ സർവ്വേഷാമഭാവായ പൃഥഗ്ഗുണഃ. 9
സ്തൂയമാനോ ജനൈരേഭിർമായയാ നാമരൂപയാ
വിമോഹിതാത്മഭിർന്നാനാദർശനൈർന്ന ച ദൃശ്യതേ. 10
ഏതത് കല്പവികല്പസ്യ പ്രമാണം പരികീർത്തിതം
യത്ര മന്വന്തരാണ്യാഹുശ്ചതുർദ്ദശ പുരാവിദഃ. 11

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ചതുർദ്ദശോƒധ്യായഃ

പഞ്ചദശോƒധ്യായഃ

രാജോവാച
ബലേഃ പദത്രയം ഭൂമേഃ കസ്മാദ്ധരിരയാചത
ഭൂതേശ്വരഃ കൃപണവല്ലബ്ധാർത്ഥോƒപി ബബന്ധ തം. 1
ഏതദ്വേദിതുമിച്ഛാമോ മഹത് കൗതൂഹലം ഹി നഃ
യജ്ഞേശ്വരസ്യ പൂർണ്ണസ്യ ബന്ധനം ചാപ്യനാഗസഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പവിത്രന്മാരും ചാക്ഷുഷാദ്യരും ദേവന്മാരായ്–
ഭവിക്കമിന്ദ്രനായിത്തീർന്നിടും ശുചിയന്നാൾ

അഗ്നിബാഹുവും, ശുചി, ശുദ്ധൻതൊട്ടുള്ള
വിപ്ര–
രന്നത്തെസ്സപ്തർഷിമാരായിട്ടും ഭവിച്ചീടും. 34

ആ മന്വന്തരംതന്നിൽ ഭഗവാൻ സത്രായണ–
നാമാവിൻ തനൂജനായ് വിതാനാമാതാവിങ്കൽ

ബൃഹദ്ഭാന്വാഖ്യാതനായ് ജനിച്ചു കർമ്മമാർഗ്ഗം
മഹിയിലെങ്ങും നടപ്പാക്കിടും വേണ്ടുംവിധം.
35

ഭൂപതേ! കഴിഞ്ഞതും നടക്കുന്നതും മേലാൽ
പ്രാപിക്കുന്നതുമാം മന്വന്തരം പതിന്നാലും

കേൾപ്പിച്ചീടിനേൻ യുഗസാഹസ്രപര്യന്തമാം
കല്പമിപ്പതിന്നാലുമനുകാലത്താൽ ഗണ്യം. 36

അദ്ധ്യായം 14

കല്പവികല്പകാലാവധിനിരൂപണം

രാജാവു പറഞ്ഞു

ഓരോരോ മന്വന്തരംതന്നിലും മന്വാദിക–
ളാരാരെയേതേതിനു നിയോഗിച്ചെന്നു
ചൊൽക. 1

ശ്രീശുകൻ പറഞ്ഞു

മനുക്കൾ, മനുപുത്രർ, സപ്തർഷിമാരും സുര–
ഗണവും ദേവേന്ദ്രനും പുരുഷാജ്ഞാകരന്മാർ. 2

മന്വന്തരങ്ങൾതോറും ഭഗവാൻ ജന്മംവരി–
ച്ചുന്നനു വാഴും മനുഭൂപരെക്കൊണ്ടുതന്നെ

ലോകമര്യാദ തെറ്റിച്ചീടാതെ കാര്യങ്ങളെ
ലോകത്തിൽ വിഘ്നമെന്യേ നടത്തിച്ചീടു–
ന്നിതു. 3

കാലത്താൽ ഗ്രസ്തമാകുമാഗമങ്ങളെയെല്ലാം
ചാലവേ ചതുര്യുഗാന്തത്തിലമ്മഹർഷിമാർ

തപസ്സുകൊണ്ടു കണ്ടുപിടിക്കുന്നിതു വീണ്ടും
നൃപതേ! സനാതനധർമ്മമായതിലല്ലോ. 4

പിന്നെ ശ്രീഹരിതന്നാൽ പ്രേരിതരായ്
മനുക്കൾ
നന്നായിസ്സമാഹിതരായിത്തത്കാലങ്ങളിൽ

നാലുപാദങ്ങളാലും ധർമ്മത്തെ വഴിപോലെ
ചേലായി ലോകമെങ്ങും പ്രചരിപ്പിക്കുന്നിതു.5

മനുപുത്രരാം ധരാധീശരുമവർക്കേഴും
തനയന്മാരും യജ്ഞഭുക്കുകൾ സുരന്മാരും

തദ്ഗണങ്ങളും ചേർന്നാ മന്വന്തരത്തിൻ കാല–
മൊക്കെയും പാലിക്കുന്നു ധർമ്മത്തിനൊത്തു–
ലോകം. 6

ഭഗവദ്ദത്തമായിപ്പരമൂർജ്ജിതമാം ത്രി–
ജഗദൈശ്വര്യമനുഭവിക്കും സുരേശ്വരൻ

കാലാനുകൂലം മഴചൊരിഞ്ഞു സസ്യങ്ങളെ–
ച്ചേലായി വർദ്ധിപ്പിച്ചു പാലിപ്പൂ ജഗത്ത്രയം. 7

ശ്രീനിവാസനാം ദേവനോരോരോ യുഗത്തിലും
ജ്ഞാനോപദേശംചെയ്വൂ സിദ്ധാവതാ–
രങ്ങളാൽ.

ഋഷിരൂപം ധരിച്ചു കർമ്മവും യോഗേശനാ–
മൃഷിയായ്ത്തീർന്നു യോഗമാർഗ്ഗവുമരുളുന്നു. 8

ശ്രീപതി പിന്നെ പ്രജാപതിയായ് സൃഷ്ടി–
ക്കുന്നു,
ഭൂപനായ് ചോരാദിയെ നിഹനിച്ചീടുന്നിതു.

കാലസ്വരൂപനായിട്ടഖിലലോകത്തെയു–
മാലയിപ്പിക്കയെന്ന കൃത്യവും നിർവ്വഹിപ്പൂ. 9

നാമരൂപസ്വരൂപയായിടും മായമൂലം
വ്യാമോഹിച്ചിടും ജനം നാനാശാസ്ത്രാനുസാരം

സ്തുതിച്ചീടിലുമവരാരുമിബ്ഭഗവാൻതൻ–
യഥാർത്ഥസ്വരൂപത്തെക്കാണുന്നതില്ല നൂനം. 10

പരാർദ്ധദ്വയമായുസ്സിയലും ബ്രഹ്മാവിന്റെ–
യൊരഹസ്സത്രേയവാന്തരമായിടും കല്പം.

ആയതിലൊന്നിൽ പതിന്നാലു മന്വന്തരങ്ങൾ
പോയീടുമെന്നോതുന്നു പുരാവിത്തുക്കളെല്ലാം.

ഈവിധം കല്പവികല്പങ്ങൾതൻ കാലാവധി
ഭൂപതിലലാമമേ! ചൊല്ലിനേൻ ഭവാനോ–
ടായ്. 11

അദ്ധ്യായം 15

മഹാബലിയുടെ സ്വർഗ്ഗജയം

രാജാവു പറഞ്ഞു

ശ്രീവിഷ്ണുദേവനീശനായിട്ടും ലുബ്ധൻമട്ടിൽ
മൂവടിസ്ഥലമെന്തിനിരന്നു ബലിയോടായ്

അത്ര സമ്മനസ്സോടുമേകീട്ടുമെന്തിനായ–
ദ്ദിതിജസമ്രാട്ടിനെബ്ബന്ധിച്ചു യജ്ഞേശ്വരൻ?

ഒരുകുറ്റവും ചെയ്യാത്തവനെ ദണ്ഡിപ്പതു
ശരിയ,ല്ലിക്കാര്യങ്ങൾ വിശദംവദിച്ചാലും. 1-2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

പരാജിതശ്രീരസുഭിശ്ച ഹാപിതോ
ഹീന്ദ്രേണ, രാജൻ, ഭൃഗുഭിഃ സ ജീവിതഃ
സർവ്വാത്മനാ താനഭജദ്ഭൃഗൂൻ ബലിഃ
ശിഷ്യോ മഹാത്മാർത്ഥനിവേദനേന. 3

തം ബ്രാഹ്മണാ ഭൃഗവഃ പ്രീയമാണാ
അയാജയന്വിശ്വജിതാ ത്രിണാകം
ജിഗീഷമാണം വിധിനാഭിഷിച്യ
മഹാഭിഷേകേണ മഹാനുഭാവാഃ. 4

തതോ രഥഃ കാഞ്ചനപട്ടനദ്ധോ
ഹയാശ്ച ഹര്യശ്വതുരംഗവർണ്ണാഃ
ധ്വജശ്ച സിംഹേന വിരാജമാനോ
ഹുതാശനാദാസ ഹവിർഭിരിഷ്ടാത്. 5

ധനുശ്ച ദിവ്യം പുരടോപനദ്ധം
തൂണാവരിക്തൗ കവചം ച ദിവ്യം
പിതാമഹസ്തസ്യ ദദൗ ച മാലാ-
മമ്ലാനപുഷ്പാം ജലജം ച ശുക്രഃ. 6

ഏവം സ വിപ്രാർജ്ജിതയോധനാർത്ഥ-
സ്തൈഃ കല്പിതസ്വസ്ത്യയനോഽഥ വിപ്രാൻ
പ്രദക്ഷിണീകൃത്യ കൃതപ്രണാമഃ
പ്രഹ്ലാദമാമന്ത്ര്യ നമശ്ചകാര. 7

അഥാരുഹ്യ രഥം ദിവ്യം ഭൃഗുദത്തം മഹാരഥഃ
സുസ്രഗ്ധരോഽഥ സംനഹ്യ ധന്വീ ഖഡ്ഗീ ധൃതേഷുധിഃ. 8

ഹേമാങ്ഗദലസദ്ബാഹുഃ സ്ഫുരന്മകരകുണ്ഡലഃ
രരാജ രഥമാരൂഢോ ധിഷ്ണ്യസ്ഥ ഇവ ഹവ്യവാട്. 9

തുല്യൈശ്വര്യബലശ്രീഭിഃ സ്വയൂഥൈർദൈത്യയൂഥപൈഃ
പിബദ്ഭിരിവ ഖം ദൃഗ്ഭിർദഹദ്ഭിഃ പരിധീനിവ. 10

വൃതോ വികർഷൻ മഹതീമാസുരീം ധ്വജിനീം വിഭുഃ
യയാവിന്ദ്രപുരീം സ്വൃദ്ധാം കമ്പയന്നിവ രോദസീ. 11

രമ്യാമുപവനോദ്യാനൈഃ ശ്രീമദ്ഭിർന്നന്ദനാദിഭിഃ
കൂജദ്വിഹങ്ഗമിഥുനൈർഗ്ഗായന്മത്തമധുവ്രതൈഃ. 12

പ്രവാളഫലപുഷ്പോരുഭാരശാഖാമരദ്രുമൈഃ
ഹംസസാരസചക്രാഹ്വകാരണ്ഡവകുലാകുലാഃ
നളിന്യോ യത്ര ക്രീഡന്തി പ്രമദാഃ സുരസേവിതാഃ. 13

ആകാശഗങ്ഗയാ ദേവ്യാ വൃതാം പരിഖഭൂതയാ
പ്രാകാരേണാഗ്നിവർണ്ണേന സാട്ടാലേനോന്നതേന ച. 14

രുക്മപട്ടകപാടൈശ്ച ദ്വാരൈഃ സ്ഫടികഗോപുരൈഃ
ജുഷ്ടാം വിഭക്തപ്രപഥാം വിശ്വകർമ്മവിനിർമ്മിതാം. 15

സഭാചത്വരരഥ്യാഢ്യാം വിമാനൈർന്ന്യർബ്ബുദൈർവൃതാം
ശൃങ്ഗാടകൈർമ്മണിമയൈർവജ്രവിദ്രുമവേദിഭിഃ. 16

യത്ര നിത്യവയോരൂപാഃ ശ്യാമാ വിരജവാസസഃ
ഭ്രാജന്തേ രൂപവന്നാര്യോ ഹ്യർച്ചിർഭിരിവ വഹ്നയഃ. 17

സുരസ്ത്രീകേശവിഭ്രഷ്ടനവസൗഗന്ധികസ്രജാം
യത്രാമോദമുപാദായ മാർഗ്ഗ ആവാതി മാരുതഃ. 18

ഹേമജാലാക്ഷനിർഗ്ഗച്ഛദ്ധൂമേനാഗുരുഗന്ധിനാ
പാണ്ഡുരേണ പ്രതിച്ഛന്നമാർഗ്ഗേ യാന്തി സുരപ്രിയാഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷി (ശ്രീശുകൻ) പറഞ്ഞ

അടരിൽ മഹാബലിതൻ സമസ്തൈശ്വര്യവു-
മടക്കിയിന്ദ്രൻ പ്രാണനാശവും വരുത്തവേ,

പുനർജ്ജീവിപ്പിച്ചുള്ള ശുക്രാദ്യക്സുരേന്ദ്ര-
നനേകപദാർത്ഥങ്ങളർപ്പിച്ചു ഭജിച്ചിതു. 3

ധനധാന്യാദിയെല്ലാം വേണ്ടപോലെകീട്ടമ-
ദ്ദനുജേന്ദ്രനിലതിപ്രീതരായ് ഭൃഗുവംശ്യർ

സ്വർല്ലോകവിജയേച്ഛുവായീടുമാ മഹാനെ
കില്ലെന്യേയഭിഷേകംകഴിച്ചു വഴിപോലെ

വിശ്വജിത്തെന്ന് പേരാം യാഗവും നടത്തിച്ചാ-
രിഷ്ടു സാധിക്കുവാനായ് ശുക്രാദിദ്വിജോ-
ത്തമർ. 4

ഹവിസ്സാൽ സമർച്ചിതനാകുമഗ്നിയിൽനിന്നു
സുവർണ്ണാംബരാച്ഛന്നമായീടുമൊരു തേരും

ഇന്ദ്രാശ്വതുല്യങ്ങളാം തുരഗങ്ങളും സിംഹ-
ചിഹ്നങ്ങളൊത്തു മിന്നിപ്പാറുന്ന പതാകയും. 5

പൊൻപൊതിഞ്ഞുള്ള ദിവ്യചാപവുമൊരി-
ക്കലു-
മമ്പുകളൊടുങ്ങീടാതുള്ളൊരാവനാഴിയും

ദിവ്യമാം കവചവുമുളവായിതു, പിന്നെ-
ബ്ഭവ്യനാം ബലിക്കായിത്തത് പിതാമഹ-
നേകി

വാടാത്തമലർമാല,യാചാര്യനാകും ശുക്രൻ
കേടററ ശംഖത്തെയും നന്ദിച്ചു നല്കീടിനാൻ. 6

യുദ്ധസാമഗ്രിയെല്ലാമീവിധം മഹാബലി-
യുത്തമദ്വിജന്മാരിൽനിന്നനുഗ്രഹപൂർവ്വം

കൈക്കൊണ്ടു വലംവച്ചിട്ടവരെ പ്രണമിച്ചു
ചിക്കെന്നു പ്രഹ്ലാദനെ വന്ദിച്ചു വിടവാങ്ങി. 7

പോരിനമ്മഹാരഥനൊരുങ്ങിട്ടുദിവ്യമാലാ-
ധാരിയായ് വില്ലുമമ്പുമാവനാഴിയും വാളും

എടുത്തു ഹേമാങ്ഗദകുണ്ഡലങ്ങളുംപൂണ്ടു
പടുത്വമോടും ഭൃഗുദത്തമാം തേരിലേറി

ഇരുന്നീടവേ, പരം പരിശോഭിച്ചീടിനാൻ
സ്ഫുരദാഹവനീയവഹ്നിയെന്നതുപോലെ. 8-9

തന്നോടുതുല്യം ബലമൈശ്വര്യം ശ്രീയുമാന്ന-
കണ്ണുകൊണ്ടാകാശത്തെ നുകരുംപ്രകാരവും

ദിക്കുകളെല്ലാം ദഹിപ്പിച്ചീടുംവിധത്തിലും
വിക്രമമിയന്നിടും ദൈത്യസേനേശർ ചൂഴ്ന്നു

വമ്പിച്ച സൈന്യസന്നാഹത്തൊടും മന്ദം
വിണ്ണും
കമ്പിപ്പിച്ചുഗ്രമിന്ദ്രനഗരംപ്രതി പോയാൻ.
10-11

കൂജിതവിഹംഗമമിഥുനങ്ങളാൽ പരം
രാജിതമായി മത്തഭൃങ്ഗങ്ങൾ പാടുന്നതായ്

പല്ലവപുഷ്പഫലനിർഭരശാഖാളിയാ-
ലുല്ലസിച്ചീടും സുരപാദപനിരതിങ്ങും

നന്ദനാദ്യുപവനാരാമങ്ങളാലേ രമ്യ-
മിന്ദ്രൻതൻ പുരവരമത്യന്തം ശോഭിച്ചിതേ. 12

സാരസഹംസചക്രവാകങ്ങളും ബകങ്ങളും
കാരണ്ഡവങ്ങളെന്നിപ്പക്ഷികൾ രമിച്ചീടും

നളിനീനിരയെഴുമപ്പുരിതന്നിൽസ്സുര-
ലലനാവൃന്ദം കാന്തന്മാരൊത്തു കളിക്കുന്നു. 13

അപ്പുരി,യൊരു കിടങ്ങെന്നപോൽക്കിടന്നിടും
ചൊല്ലൊങ്ങും ഗങ്ഗയാലും സ്വർണ്ണനിർമ്മി-
തങ്ങളാം

ഉന്നതതരാട്ടാലപ്രാകാരവൃന്ദത്താലും
നന്നായിച്ചുററപ്പെട്ടും ശോഭിച്ചിരുന്നു പാരം. 14

പൊൻപട്ടക്കവാടങ്ങൾ സ്ഫടികഗോപുരങ്ങ-
ളെമ്പാടും രാജപാതയീമട്ടു വിശിഷ്ടമായ്

വിശ്വകർമ്മാവിനാലേ നിർമ്മിതമായിരുന്നു
വിശ്വാതിശായിയാകും ദേവേന്ദ്രരാജധാനി. 15

ഇരിപ്പാൻ സഭകളും ലാത്തുവാൻ മുററങ്ങളും
ചരിപ്പാൻ മാർഗ്ഗങ്ങളുമസംഖ്യം വിമാനവും

പവിഴവജ്രങ്ങളാൽ നിർമ്മിച്ചതലങ്ങളാ-
ലവികലാഭയോളും ശൃങ്ഗാടകൗഘങ്ങളും

ഒത്തുചേർന്നതായ് നിത്യവയോരൂപങ്ങളാർന്നു
ശുദ്ധവസ്ത്രാലങ്കാരഭൂഷിതാങ്ഗികളായി

ശ്യാമാഖ്യയിണങ്ങിടും നാരിമാർ ജ്വാലാ-
വലീ
വ്യാമുഗ്ദ്ധവഹ്നിമട്ടിലവിടെ ലസിച്ചിതേ.
16-17

ചേർണ്ണാന്ന ദേവാങ്ഗനാകുന്തളങ്ങളിൽനിന്നും
വീണീടും സൗഗന്ധികമാലകൾതൻ സുഗന്ധം

മാരുതനനാരതം വഹിച്ചുകൊണ്ടു മാർഗ്ഗം-
തോറുമങ്ങനെ മന്ദം സഞ്ചരിച്ചിരുന്നിതേ. 18

ഒളിചിന്തിടും സ്വർണ്ണജനാലകളിലൂടെ-
വെളിക്കങ്ങകിലിൻെറ വെൺപുക പരന്നീടും

സരണിതോറും ചേർന്നു സഞ്ചരിച്ചിതു മന്ദം
സുരസുന്ദരീജനം സോല്ലാസമെല്ലാടൊഴും. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുക്താവിതാനൈർമ്മണിഹേമകേതുഭി-
ർന്നാനാപതാകാവലഭീഭിരാവൃതാം
ശിഖണ്ഡിപാരാവതഭൃങ്ഗനാദിതാം
വൈമാനികസ്ത്രീകലഗീതമങ്ഗലാം. 20

മൃദങ്ഗശങ്ഖാനകദുന്ദുഭിസ്വനൈഃ
സതാലവീണാമുരജർഷ്ടിവേണുഭിഃ
നൃത്യൈഃ സവാദ്യൈരുപദേവഗീതകൈ-
ർമ്മനോരമാം സ്വപ്രഭയാ ജിതപ്രഭാം. 21

യാം ന വ്രജന്ത്യധർമ്മിഷ്ഠാഃ ഖലാ ഭൂതദ്രുഹഃ ശഠാഃ
മാനിനഃ കാമിനോ ലുബ്ധാ ഏഭിർഹീനാ വ്രജന്തി യത്. 22

താം ദേവധാനീം സ വരൂഥിനീപതിർ-
ബഹിഃ സമന്താദ് രുരുധേ പൃതന്യയാ
ആചാര്യദത്തം ജലജം മഹാസ്വനം
ദധ്മൗ പ്രയുഞ്ജൻ ഭയമിന്ദ്രയോഷിതാം. 23

മഘവാംസ്തമഭിപ്രേത്യ ബലേഃ പരമമുദ്യമം
സർവ്വദേവഗണോപേതോ ഗുരുമേതദുവാച ഹ. 24

''ഭഗവന്നുദ്യമോ ഭൂയാൻ ബലേർന്നഃ പൂർവ്വവൈരിണഃ
അവിഷഹ്യമിമം മന്യേ കേനാസീത്തേജസോർജ്ജിതഃ
നൈനം കശ്ചിത് കുതോ വാപി പ്രതിവ്യോഢുമധീശ്വരഃ. 25

പിബന്നിവ മുഖേനേദം, ലിഹന്നിവ ദിശോ ദശ,
ദഹന്നിവ ദിശോ ദൃഗ്ഭിഃ സംവർത്താഗ്നിരിവോത്ഥിതഃ. 26

ബ്രൂഹി കാരണമേതസ്യ ദുർധർഷത്വസ്യ മദ്രിപോഃ
ഓജഃ സഹോ ബലം തേജോ യത ഏതത്സമുദ്യമഃ.'' 27

ഗുരുരുവാച

''ജാനാമി മഘവഞ്ഛത്രോരുന്നതേരസ്യ കാരണം
ശിഷ്യായോപഭൃതം തേജോ ഭൃഗുഭിർബ്രഹ്മവാദിഭിഃ. 28

ഭവദ്വിധോ ഭവാന്വാപി വർജ്ജയിത്വേശ്വരം ഹരിം
നാസ്യ ശക്തഃ പുരഃ സ്ഥാതും കൃതാന്തസ്യ യഥാ ജനാഃ. 29

തസ്മാന്നിലയമുത്സൃജ്യ യൂയം സർവ്വേ ത്രിവിഷ്ടപം
യാത, കാലം പ്രതീക്ഷന്തോ യതഃ ശത്രോർവിപര്യയഃ. 30

ഏഷ വിപ്രബലോദർക്കഃ സമ്പ്രത്യൂർജ്ജിതവിക്രമഃ
തേഷാമേവാപമാനേന സാനുബന്ധോ വിനങ്ക്ഷ്യതി.'' 31

ഏവം സുമന്ത്രിതാർത്ഥാസ്തേ ഗുരുണാർത്ഥാനുദർശിനാ
ഹിത്വാ ത്രിവിഷ്ടപം ജഗ്മുർഗ്ഗീർവ്വാണാഃ കാമരൂപിണഃ. 32

ദേവേഷ്വഥ നിലീനേഷു ബലിർവൈരോചനഃ പുരീം
ദേവധാനീമധിഷ്ഠായ വശം നിന്യേ ജഗത്ത്രയം. 33

തം വിശ്വജയിനം ശിഷ്യം ഭൃഗവഃ ശിഷ്യവത്സലാഃ
ശതേന ഹയമേധാനാമനുവ്രതമയാജയൻ. 34

തതസ്തദനുഭാവേന ഭുവനത്രയവിശ്രുതാം
കീർത്തിം ദിക്ഷു വിതന്വാനഃ സ രേജ ഉഡുരാഡിവ. 35

ബുഭുജേ ച ശ്രിയം സ്വൃദ്ധാം ദ്വിജദേവോപലംഭിതാം
കൃതകൃത്യമിവാത്മാനം മന്യമാനോ മഹാമനാഃ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
പഞ്ചദശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുത്തുമാലകളിണങ്ങീടിന വിതാനങ്ങൾ
രത്നഹേമാരചിതദ്ധ്വജങ്ങൾ കൊടികളും

ഒത്തമേല്പ്പുരകളാലാവൃതമായി പ്രാക്കൾ
മത്തകോകിലങ്ങളും ഭ്രമരസന്ദോഹവും

എങ്ങുമേ ശബ്ദിപ്പതായ് വൈമാനികസ്ത്രീകള–
സംഗീതം ചേർന്നേററവും ശുഭദമായിരുന്നു. 20

മൃദംഗാനകശംഖദുന്ദുഭിധ്വാനങ്ങളും
മൃദുലവീണാവേണുമുരജർഷ്ടിസ്വാനവും

ഉപദേവർതൻ ഗീതനർത്തനങ്ങളും ചേർന്നു
പ്രഭയാൽ മിന്നീ സാക്ഷാൽ പ്രഭയെപ്പോ
ലിപ്പുരി. 21

പ്രാണിഹിംസകർ, ഖലർ, പാപികൾ, ശാഠ,–
ലുബ്ധർ
മാനികൾ കാമികൾക്കുമില്ലവിടെ പ്രവേശം.

അങ്ങനെയൊന്നുമല്ലാത്തുള്ള സാധുക്കളുടെ
സങ്ഗമസ്ഥാനമത്രേ ദേവേന്ദ്രരാജധാനി. 22

ആ ദേവനഗരത്തെസ്സേനാധിപതിയാമാ–
ദൈതേയേശ്വരൻ ചുററും വളഞ്ഞാൻ സൈ–
ന്യങ്ങളാൽ.

ശത്രുസ്ത്രീകൾക്കു ഭീതിചേർത്തീടുമാറു ശുക്ര–
ദത്തമാം ശംഖം ധ്വനിപ്പിക്കയുംചെയ്തീടി–
നാൻ. 23

ബലിതൻ സമുദ്യമമഖിലം ധരിച്ചുടൻ
വലശാസനൻ സർവ്വസുരസന്ദോഹത്തോടും

തന്നുടെ കുലഗുരുവായിടും ബൃഹസ്പതി–
തന്നോടു ചൊല്ലീടിനാനീവിധം സ്പഷ്ടമായി.
24

''ഭഗവൻ! മഹാബലി മുൻശത്രുവസ്മദ്ഭ്രതി–
യഖിലമടക്കുവാൻ തയാററായ് വന്നിരിപ്പൂ.

വർദ്ധിച്ചതേജസ്സോടുമെത്തീടുമവനോടു
യുദ്ധത്തിനില്ല ശക്തി നമുക്കെന്നാണെന്മതം.

ഏതുമട്ടിലോ ബലം നേടിനാനിവൻ, ദൃഢ–
മേതവനവനോടിന്നേററാലും തോററുപോ–
കും. 25

മുഖത്താൽ ജഗത്ത്രയം പാനംചെയ്യുവോന്മട്ടും
ദിഗന്തങ്ങളെ നാവാൽ നക്കുവോൻവിധ–
ത്തിലും

ദൃക്കിനാൽ ദിക്കുപത്തും ദഹിപ്പിക്കുവോൻമട്ടു–
മുത്കടം കല്പവഹ്നിക്കൊത്തവനുജ്ജ്വലിപ്പൂ. 26

ഇമ്മഹദുദ്യമത്തിൻ ഹേതുവാമോജസ്സുതും
നമ്മട്ടു മനോബലം പ്രഭാവം കായശക്തി

ഇതെല്ലാമേതുമട്ടിലെവിടുന്നിവനുണ്ടായ്
മതിമൻ! ഭവാനതു ചൊല്ലണമെന്നോടി–
പ്പോൾ.'' 27

ഗുരു പറഞ്ഞു

''വൃത്രാരേ! നല്ലപോലെ ധരിച്ചിരിക്കുന്നു
ഞാൻ
ശത്രുവിൻ വദ്ധനയ്ക്കു കാരണമെന്തെന്നതും

ബ്രഹ്മജ്ഞന്മാരാം ശുക്രാചാര്യാദിഭൃഗുവംശ്യർ
സമ്മാനിച്ചിരിപ്പൂ തത്തേജസ്സീശ്ശിഷ്യനായി. 28

ഈശനാം ഹരിയെന്യേ ഭവാനോ ഭവാനെ–
പ്പോൽ
ശേഷിമാനന്യനോ ചെന്നവനോടെതിർത്തീടിൽ

അന്തകനോടു വെറും സാമാന്യജനമേററാ–
ലെന്തുണ്ടാമതിൽക്കവിഞ്ഞൊന്നുമില്ലാശിക്കു–
വാൻ. 29

അതിനാൽ, നിങ്ങളെല്ലാമവൻെറ ദുഷ്കാലത്തെ
പ്രതീക്ഷിച്ചുടൻ വിണ്ണുവിട്ടു പോയൊളിക്കു–
വിൻ. 30

ക്രമത്തിലുത്കർഷത്തെ പ്രാപിച്ചിട്ടിവൻപരാ-
ക്രമിയായ്ത്തീർന്നാനിപ്പോളാ വിപ്രർതൻ
ബലത്താൽ.

അവരെയവമാനിക്കുന്നതുകൊണ്ടുതന്നെ–
യിവനും ബന്ധുക്കളും നശിക്കും തർക്കമില്ല.'' 31

ഭാവിവിജ്ഞനാം ഗുരു ചൊന്നൊരീ വാക്യം
കേട്ടു
ദേവന്മാർ കാമരൂപംപൂണ്ടു വിൺവിട്ടു പോയാർ

ഈവിധമവർ മറഞ്ഞീടവേ, ദേവധാനി–
യാവാസമാക്കിബ്ബലി മുപ്പാരുമടക്കിനാൻ. 33

വിശ്വജേതാവായനുസരണമാർന്നീടുമാ
ശിഷ്യനെ വത്സലന്മാർ ശുക്രാദി മഹീസുരർ

ബലത്താലവനടക്കീടിനോരൈന്ദ്രം പദം
നിലനിർത്തുവാൻ യജിപ്പിച്ചു നൂറശ്വമേധം. 34

അതിൻെറ മഹാത്മ്യത്താലാ മഹാബലി
ലോക–
ത്രിതയത്തിലും ഖ്യാതം തന്നുടെ കീർത്തിപുഞ്ജം

പത്തുദിക്കിലും പരം പരത്തി ഹിമരശ്മി–
ക്കൊത്തു ലാലസിച്ചിതു പൃഥ്വീശശിഖാ–
മണേ! 35

ഇത്രയുംകൊണ്ടു കൃതകൃത്യനായെന്നമട്ടിൽ
വർത്തിക്കും മഹാബലി ഭൂദേവാനുഗ്രഹത്താൽ

സ്വായത്തമായി ക്രമവൃദ്ധിയെ പ്രാപിച്ചതാം
ശ്രീയാൽ സമാശ്ലിഷ്ടനായ് വസിച്ചാൻ
വിണ്ണിൽ സുഖം. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷോഡശോ/ധ്യായഃ

ശ്രീശുക ഉവാച

ഏവം പുത്രേഷു നഷ്ടേഷു ദേവമാതാദിതിസ്തദാ
ഹൃതേ ത്രിവിഷ്ടപേ ദൈത്യൈഃ പര്യതപ്യദനാഥവത്. 1

ഏകദാ കശ്യപസ്തസ്യാ ആശ്രമം ഭഗവാനഗാത്
നിരുത്സവം നിരാനന്ദം സമാധേർവിരതശ്ചിരാത്. 2

സ പത്നീം ദീനവദനാം കൃതാസനപരിഗ്രഹഃ
സഭാജിതോ യഥാന്യായമിദമാഹ കുരൂദ്വഹ! 3

''അപ്യഭദ്രം ന വിപ്രാണാം ഭദ്രേ! ലോകേ/ധുനാ//ഗതം?
ന ധർമ്മസ്യ ന ലോകസ്യ മൃത്യോശ്ഛന്ദാനുവർത്തിനഃ. 4

അപി വാകുശലം കിഞ്ചിത് ഗൃഹേഷു? ഗൃഹമേധിനി!
ധർമ്മസ്യാർത്ഥസ്യ കാമസ്യ യത്ര യോഗോ ഹ്യയോഗിനാം. 5

അപി വാതിഥയോ/ഭ്യേത്യ കുടുംബാസക്തയാ ത്വയാ
ഗൃഹാദപൂജിതാ യാതാഃ പ്രത്യുത്ഥാനേന വാ ക്വചിത്? 6

ഗൃഹേഷു യേഷ്വതിഥയോ നാർച്ചിതാഃ സലിലൈരപി
യദി നിര്യാന്തി തേ നൂനം ഫേരുരാജഗൃഹോപമാഃ. 7

അപ്യഗ്നയസ്തു വേലായാം ന ഹുതാ ഹവിഷാ സതി
ത്വയോദ്വിഗ്നധിയാ ഭദ്രേ! പ്രോഷിതേ മയി കർഹിചിത്? 8

യത്പൂജയാ കാമദുഘാന്യാതി ലോകാൻ ഗൃഹാന്വിതഃ
ബ്രാഹ്മണോ/ഗ്നിശ്ച വൈ വിഷ്ണോഃ സർവ്വദേവാത്മനോ മുഖം. 9

അപി സർവ്വേ കുശലിനസ്തവ പുത്രാ? മനസ്വിനി!
ലക്ഷയേ/സ്വസ്ഥമാത്മാനം ഭവത്യാ ലക്ഷണൈരഹം.'' 10

അദിതിരുവാച

ഭദ്രം ദ്വിജഗവാം ബ്രഹ്മൻ! ധർമ്മസ്യാസ്യ ജനസ്യ ച
ത്രിവർഗ്ഗസ്യ പരം ക്ഷേത്രം ഗൃഹമേധിൻ! ഗൃഹാ ഇമേ. 11

അഗ്നയോ/തിഥയോ ഭൃത്യാ ഭിക്ഷവോ യേ ച ലിപ്സവഃ
സർവ്വം ഭഗവതോ ബ്രഹ്മന്നനുധ്യാനാന്ന രിഷ്യതി. 12

കോ നു മേ, ഭഗവൻ, കാമോ ന സമ്പദ്യേത മാനസഃ
യസ്യാ ഭവാൻ പ്രജാധ്യക്ഷ ഏവം ധർമ്മാൻ പ്രഭാഷതേ. 13

തവൈവ മാരീച, മനഃശരീരജാഃ
പ്രജാ ഇമാഃ സത്ത്വരജസ്തമോജുഷഃ
സമോ ഭവാംസ്താസ്വസുരാദിഷു, പ്രഭോ,
തഥാപി ഭക്തം ഭജതേ മഹേശ്വരഃ. 14

തസ്മാദീശ ഭജന്ത്യാ മേ ശ്രേയശ്ചിന്തയ സുവ്രത!
ഹൃതശ്രിയോ ഹൃതസ്ഥാനാൻ സപത്നൈഃ പാഹി നഃ, പ്രഭോ, 15

പരൈർവിവാസിതാ സാഹം മഗ്നാ വ്യസനസാഗരേ
ഐശ്വര്യം ശ്രീര്യശഃ സ്ഥാനം ഹൃതാനി പ്രബലൈർമ്മമ. 16

യഥാ താനി പുനഃ സാധോ പ്രപദ്യേരൻ മമാത്മജാഃ
തഥാ വിധേഹി കല്യാണം ധിയാ, കല്യാണകൃത്തമ. 17

ശ്രീശുക ഉവാച

ഏവമഭ്യർത്ഥിതോ/ദിത്യാ കസ്താമാഹ സ്മയന്നിവ
''അഹോ മായാബലം വിഷ്ണോഃ സ്നേഹബദ്ധമിദം ജഗത്. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 16

പയോവ്രതനിരൂപണം

ശ്രീശുകൻ പറഞ്ഞു

ഈവിധം ദേവന്മാരെക്കാണാതാകയും സ്വർഗ്ഗം
ദേവാരിവർഗ്ഗം ഹരിക്കുകയും ചെയ്തീടവേ
അദിതി, നാഥനില്ലാത്തവളെന്നുള്ളമട്ടി-
ലതിയായ് പരിതാപം വഹിച്ചാൾ
ധരാപതേ! 1
ഒട്ടേറെ നാളായാൻ്റു പോന്നതാം സമാധിയെ
വിട്ടു മാമുനിശ്രേഷ്ഠൻ കശ്യപനൊരുനാളിൽ
നിരുത്സാഹയായ്ച്ചെററുമാനന്ദമിയലാതെ-
യിരിക്കുമവൾക്കെഴമാശ്രമം പ്രാപിച്ചിതു. 2
ആഗതനായ നിജകാന്തനെസ്സത്ക്കരിച്ചു
വേഗത്തിലാസനത്തിലിരുത്തിപ്പൂജിക്കവേ,
മ്ലാനാസ്യയായീടും തൻ പ്രേയസിതന്നോടായ-
ന്യൂനമാ മുനിവര്യൻ ചൊല്ലിനാനിപ്രകാരം. 3
''ചൊല്ലുക കല്യാണീ! നിൻ ദൈന്യകാരണം
പാരിൽ
വല്ലതുമല്ലലിപ്പോൾ വിപ്രന്മാക്കുണ്ടായിതോ?
അതുകാരണമായിദ്ധർമ്മഹാനിയും ലോക-
ക്കധികം വിനാശവും സംഭവിച്ചുവോ? ഭദ്രേ! 4
സദനേശ്വരീ! ഗൃഹാശ്രമത്തിൽ ധർമ്മത്തിനോ
തദനു കാമമർത്ഥമിവയ്ക്കോ തെല്ലെങ്കിലും
അശുഭം നേരിട്ടുവോ? യോഗികളല്ലാത്തോക്കു
കുശലപ്രദമല്ലോ ഗൃഹസ്ഥാശ്രമം കാന്തേ! 5
സദനകാര്യസക്തയായി നീ വല്ലപോതു-
മതിഥിസൽക്കാരത്തിലശ്രദ്ധകാണിച്ചുവോ?
ആഗതരാരെങ്കിലും നീയാദരിക്കായ്കയാൽ
പോകുവാനിടയായോ നിൻെറ ഗേഹത്തിൽ-
നിന്നും? 6
ഏതൊരുമന്ദിരത്തിലതിഥിജനങ്ങളെ
പാദക്ഷാളനനീരംകൊണ്ടുമർച്ചിപ്പീലയോ
ഗൃഹമതോർത്തീടുകിൽ കുറുക്കൻ വസിച്ചിടും
ഗുഹയ്ക്കുതുല്യമായേ ഗണിച്ചീടുമാറുള്ളൂ. 7
ഞാനിവിടില്ലാതുള്ള വല്ല സന്ദർഭത്തിലും
ദീനമാനസയായി നീയയേ സുമങ്ഗലേ!
ഹവിസ്സുണ്ടാക്കിയഗ്നിദേവനെയർച്ചിക്കാതെ
നിവസിക്കുവാനിടയായിതോ? പതിവ്രതേ! 8
ഗൃഹസ്ഥാശ്രമിയഗ്നിപൂജയാൽ പ്രാപിക്കുന്നു
ഗൃഹനായികേ! സർവ്വകാമദം പുണ്യലോകം.
അഗ്നിയും ഭൂദേവനും സർവ്വദേവതാരൂപ-
യുക്തനാം ശ്രീവിഷ്ണുവിൻ മുഖമെന്നുദ്ഘോ-
ഷിപ്പൂ. 9
അല്ലയോ മനസ്വിനീ! നിന്നുടെ നന്ദനന്മാ-
ക്കെല്ലാക്കും സുഖമല്ലേ? നിൻെറ ലക്ഷണം
കണ്ടാൽ
തെല്ലുമേ മനസ്സുഖമില്ലാത്തതായെനിക്കു
വല്ലഭേ! തോന്നീടുന്നു കാരണമെന്തു ചൊല്ലു.'' 10

അദിതി പറഞ്ഞു

ബ്രഹ്മജ്ഞാ! ഗൃഹമേധിൻ! ഗോക്കൾക്കും
ദ്വിജന്മാക്കും
നമ്മൾക്കും ധർമ്മത്തിനും മങ്ഗലം ഭവിക്കട്ടെ!
ധർമ്മാർത്ഥകാമങ്ങൾതന്നുത്പത്തിസ്ഥാനമെന്നു
സമ്മതിക്കപ്പെട്ടതുതന്നെയിഗ്ഗൃഹാശ്രമം. 11
സർവ്വജ്ഞാ! ഭഗവൻ! ത്വദനുധ്യാനത്തിനാലേ
സർവ്വവും ഹാനിയെന്യേ നടന്നുവരുന്നിതു
അഗ്നികളതിഥികൾ ഭൃത്യരെന്നിവരെ ഞാൻ
വിഘ്നമെന്നിയേ നിത്യമർച്ചനംചെയ്യുന്നിതു. 12
ഏതൊരുത്തിതൻ പ്രജാവൃന്ദത്തിൻ നാഥൻ
ഭവാൻ
നീതിമാർഗ്ഗങ്ങളേവം കഥിക്കുന്നുവോ നിത്യം
ആ മമ മാനസത്തിലുദയംചെയ്യുമേതു-
കാമിതങ്ങളുമുടൻ സാധിതപ്രായങ്ങൾതാൻ. 13
മരീചിമുനിസൂനോ! ഗുണത്രയത്തോടെഴും
ശരീരാന്വിതരെല്ലാം ത്വന്മനോദേഹജന്മാർ
അസുരാദ്യന്മാരാകുമവരിലാരിലും തെ-
ല്ലസമഭാവമങ്ങേക്കില്ലെല്ലാം തുല്യംതന്നെ.
എന്നിരുന്നാലും, ശക്തനായീടുമീശനെന്നും
തന്നുടെ ഭക്തനേ സംസേവിച്ചീടുന്നുവല്ലോ. 14
അതിനാൽ, സമർത്ഥനായ് സുവ്രതനാകുമങ്ങേ-
സ്സുതതം ഭജിക്കുമെൻ ശ്രേയസ്സു ചിന്തിച്ചാലും.
അരികളപഹരിച്ചിരിപ്പൂ ഞങ്ങൾക്കുള്ള
പുരിയുമൈശ്വര്യവു,മങ്ങുടൻ രക്ഷിച്ചാലും. 15
അതിശക്തരാം ശത്രുവൃന്ദങ്ങളെനിക്കുള്ള
പദവി, വിഭൂതികൾ കീർത്തിയുമാവാസവും
അടക്കിസ്ഥാനത്തുനിന്നാട്ടിയോടിച്ചോരാ
ഞാൻ
കടക്കാൻ കഴിയാത്ത കദനാബ്ധിയിൽ വീ-
ണേൻ. 16
മങ്ഗലകൃത്തേ! സാധോ! മത്പുത്രരിവ-
യെല്ലാ-
മെങ്ങനെയായാൽ വീണ്ടും പ്രാപിക്കാൻ
സാധിക്കുമോ,
ആവിധമെല്ലാം ചിന്തിച്ചുപദേശിച്ചങ്ങുടൻ
സർവവും സാധിപ്പിച്ചു മങ്ഗലം ചേർത്തീ-
ടണം. 17

ശ്രീശുകൻ പറഞ്ഞു

അദിതിതന്നാലേവമർത്ഥിതനക്കശ്യപ-
നധികാശ്ചര്യയുക്തനുട്ടവളോടു ചൊന്നാൻ.
''ഭഗവന്മായാശക്തിയദ്ഭുതകരം പരം;
ജഗത്തുപാടേ സ്നേഹപാശത്താൽ ബദ്ധമത്രേ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്വ ദേഹോ ഭൗതികോ/നാത്മാ ക്വ ചാത്മാ പ്രകൃതേഃ പരഃ
കസ്യ കേ പതിപുത്രാദ്യാ മോഹ ഏവ ഹി കാരണം. 19

ഉപതിഷ്ഠസ്വ പുരുഷം ഭഗവന്തം ജനാർദ്ദനം
സർവ്വഭൂതഗുഹാവാസം വാസുദേവം ജഗദ്ഗുരും. 20

സ വിധാസ്യതി തേ കാമാൻ ഹരിർദ്ദീനാനുകമ്പനഃ
അമോഘാ ഭഗവദ്ഭക്തിർന്നേതരേതി മതിർമ്മമ.'' 21

അദിതിരുവാച

കേനാഹം വിധിനാ ബ്രഹ്മന്നുപസ്ഥാസ്യേ ജഗത്പതിം
യഥാ മേ സത്യസങ്കല്പോ വിദധ്യാത് സ മനോരഥം. 22

ആദിശ ത്വം, ദ്വിജശ്രേഷ്ഠ, വിധിം തദുപധാവനം
ആശു തുഷ്യതി മേ ദേവഃ സീദന്ത്യാഃ സഹ പുത്രകൈഃ. 23

കശ്യപ ഉവാച

ഏതന്മേ, ഭഗവാൻ പൃഷ്ടഃ പ്രജാകാമസ്യ പദ്മജഃ
യദാഹ തേ പ്രവക്ഷ്യാമി വ്രതം കേശവതോഷണം. 24

ഫാല്ഗുനസ്യാമലേ പക്ഷേ ദ്വാദശാഹം പയോവ്രതഃ
അർച്ചയേദരവിന്ദാക്ഷം ഭക്ത്യാ പരമയാന്വിതഃ. 25

സിനീവാല്യാം മൃദാ//ലിപ്യ സ്നായാത് ക്രോഡവിദീർണ്ണയാ
യദി ലഭ്യേത വൈ സ്രോതസ്യേതം മന്ത്രമുദീരയേത്. 26

''ത്വം ദേവ്യാദിവരാഹേണ രസായാഃ സ്ഥാനമിച്ഛതാ
ഉദ്ധൃതാസി നമസ്തുഭ്യം പാപ്മാനം മേ പ്രണാശയ.'' 27

നിർവ്വർത്തിതാത്മനിയമോ ദേവമർച്ചേത് സമാഹിതഃ
അർച്ചായാം സ്ഥണ്ഡിലേ സൂര്യേ ജലേ വഹ്നൗ ഗുരാവപി. 28

''നമസ്തുഭ്യം ഭഗവതേ പുരുഷായ മഹീയസേ
സർവ്വഭൂതനിവാസായ വാസുദേവായ സാക്ഷിണേ. 29

നമോ/വ്യക്തായ സൂക്ഷ്മായ പ്രധാനപുരുഷായ ച
ചതുർവിംശദ്ഗുണജ്ഞായ ഗുണസംഖ്യാനഹേതവേ. 30

നമോ ദ്വിശീർഷ്ണേ ത്രിപദേ ചതുഃശൃംഗായ തന്തവേ
സപ്തഹസ്തായ യജ്ഞായ ത്രയീവിദ്യാത്മനേ നമഃ. 31

നമഃ ശിവായ രുദ്രായ നമഃ ശക്തിധരായ ച
സർവ്വവിദ്യാധിപതയേ ഭൂതാനാം പതയേ നമഃ. 32

നമോ ഹിരണ്യഗർഭായ പ്രാണായ ജഗദാത്മനേ
യോഗൈശ്വര്യശരീരായ നമസ്തേ യോഗഹേതവേ. 33

നമസ്ത ആദിദേവായ സാക്ഷിഭൂതായ തേ നമഃ
നാരായണായ ഋഷയേ നരായ ഹരയേ നമഃ. 34

നമോ മരകതശ്യാമവപുഷേ/ധിഗതശ്രിയേ
കേശവായ നമസ്തുഭ്യം നമസ്തേ പീതവാസസേ. 35

ത്വം സർവ്വവരദഃ പുംസാം വരേണ്യ വരദർഷഭ!
അതസ്തേ ശ്രേയസേ ധീരാഃ പാദരേണുമുപാസതേ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൗതികമായിജ്ജഡമായീടും ദേഹമെങ്ങോ?
ഏതുമേ ഗുണസങ്ഗഹീനമാമാത്മാവെങ്ങോ?
സത്യത്തിലിങ്ങാരാക്കാണുള്ളതു, കാന്തനോടും
പുത്രാദ്യരോടുമോത്താൽ വല്ലതും ബന്ധമുണ്ടോ?
19

ശരീരമാത്മാവെന്നായ് മോഹത്തിനാലേ
തെററി

ധരിപ്പതാണു ദുഃഖകാരണം, മറെറാന്നല്ല.
ത്രിജഗദ്ഗുരുവായി വാസുദേവനായ് ജന്തു-
വ്രജമാനസഗുഹാവാസിയായ് സർവേശനായ്
അഖിലാഭീഷ്ടപ്രദനാകിയ ജനാർദ്ദന-
ഭഗവാൻതന്നെബ്ഭജിച്ചീടുക വല്ലഭേ' നീ. 20
ദീനരിലനുകമ്പയാന്നീടുമാ മുകുന്ദൻ
മാനിനീമണേ! സാധിപ്പിച്ചിടും നിൻകാമിതം
അന്യദേവോപാസനപോലെ നിഷ്ഫലമായി
വന്നിടാ ഹരിയിലെ ഭക്തിയെന്നാണെന്മതം!''
21

അദിതി പറഞ്ഞു

എങ്ങനെ ഭജിച്ചീടിൽ സത്യസങ്കല്പൻ ഹരി-
യിംഗിതമെനിക്കുടൻ സാധിച്ചുതരുമെന്നായ്
സർവ്വജ്ഞനായീടുന്ന മാമുനേ! ഭവാനിപ്പോഠം
നിർവചിച്ചെന്നെയനുഗ്രഹിക്കുമാറാകണം. 22
പുത്രന്മാരോടുകൂടിയത്യന്തം ദുഃഖിച്ചീടു-
മിത്തനചിതന്നിൽ ശീഘ്രം ഭഗവാൻ പ്രസാദി-
പ്പാൻ

ഉത്തമമായ വിധിയേതെന്നു സവിസ്തരം
പൃഥചീസുരോത്തംസമേ! ഭർത്താവേ! ചൊല്ലി-
യാലും. 23

കശ്യപൻ പറഞ്ഞു

പ്രജാവൃദ്ധിയിലംശയാന്നിടും ഞാനൊരിക്ക-
ലജനോടിച്ചോദ്യംതാൻ പ്രേയസീ! ചോദി-
ച്ചിതു.

അതിന്നുത്തരമായിട്ടദ്ദേഹം ഹരിഭക്തി-
പ്രദമാം വ്രതമിതു ചൊന്നതു നിന്നോടോതാം.
24

മീനമാസത്തിൽ ശുക്ലപക്ഷത്തിലാദ്യനാഠം-
തൊ-

ട്ടുനമെന്നിയേ ദിനം പന്ത്രണ്ടും പാലുമാത്രം
ആഹാരമാക്കിപ്പരിശുദ്ധമാം ഭക്തിയോടും
ശ്രീഹരിഭഗവാനെയച്ചനംചെയ്യീടണം. 25
കിട്ടുമെന്നാകിൽ പന്നി തേറ്റയാൽ കുത്തിക്കിള-
ച്ചിട്ടിരിക്കുന്ന മണ്ണോ സാമാന്യമണ്ണുതാനോ
നല്ലപോൽ മെയ്യിൽപ്പൂശി നദിയിൽ സ്നാനം-
ചെയ്തു

മെല്ലവേ ഞാനോതുമീ മന്ത്രത്തെജ്ജപിക്കണം.
26

''ഭൂതജാലത്തിനെല്ലാം വസിക്കാനാസ്ഥാ-
നമാ-

യാദിവരാഹമൂർത്തി പാതാളംതന്നിൽനിന്നും
ഉദ്ധരിച്ചോരു ധരിത്രീശ്വരീ! നമസ്കാര-
മസ്തുമാകുക വേഗം ഭവതി മദ്ദൃഷ്ടതം.'' 27
മന്ത്രോച്ചാരണശേഷമാമണ്ണു ശരീരത്തിൽ
പന്തിയായ് രണ്ടാമതും പുരട്ടിക്കുളിച്ചുടൻ
ഹരിയെബ്ബിംബത്തിലോ നിലത്തോ
പിന്നെദ്ദിന-

കരമണ്ഡലത്തിലോ തീയിലോ ജലത്തിലോ
ഗുരുവിൽത്താനോ നന്നായ് മാനസം നിയ-
ന്ത്രിച്ചു

ശരിയായാരാധിക്കവേണമെൻ പ്രിയതമേ! 28
''ബ്രഹ്മാദിദേവന്മാക്കുമാരാധ്യനായിസ്സർവ-
കമ്മസാക്ഷിയായ് പരംപുരുഷൻതാനുമായി
സകലഭൂതസമൂഹാന്തരങ്ഗാവാസിയാം
ഭഗവൻ! വാസുദേവാ! ഭവാനു നമസ്കാരം. 29
അവ്യക്തനായിസ്സൂക്ഷ്മരൂപനായ് പ്രകൃതിയെ
സർവദാ പ്രേരിപ്പിക്കും പരമപുമാനായി
ചതുർവിംശതി മായാഗുണവും സാംഖ്യശാസ്ത്ര-
വിധവുമറിഞ്ഞീടും ഭഗവൻ! നമസ്കാരം. 30
ഇരുശീഷ്ങ്ങഠം, പാദത്രിതയം, നാലുശൃങ്ഗം,
കരമേഴിവയെഴും യജ്ഞാത്മൻ! നമസ്കാരം.
മൂന്നംഗമെഴും ശ്രുതിക്കാത്മാവായ് തത്തുവായി
മിന്നിടും ഭഗവാനായ് നമസ്കരിച്ചീടുന്നേൻ. 31
രുദ്രനായ് നമസ്കാരം, ശിവനായ് നമസ്കാരം,
വിദ്യോപദേഷ്ടാവാകും ദേവനു നമസ്കാരം.
സമസ്തശക്തിയുക്താ! സമസ്ത പ്രാണിരക്ഷാ-
സമർത്ഥാ! സർവഭൂതനാഥാ! തേ നമസ്കാരം. 32
ഹിരണ്യഗർഭനായിജ്ജഗദാത്മാവായ് പ്രാണ-
സ്വരൂപനാകും തിരുമേനിക്കു നമസ്കാരം.
യോഗേശനായീടുന്ന ഭവാനു നമസ്കാരം.
യോഗൈശ്വര്യാങ്ഗനാകുമങ്ങേയ്ക്കു
നമസ്കാരം. 33

ആദിദേവനായിടുമങ്ങേയ്ക്കു നമസ്കാര-
മേതിനും സാക്ഷിയാകും ഭവാനു നമസ്കാരം.
ധർമ്മനിൽനിന്നും നരനാരായണഷിയായി
ജന്മത്തെ വരിച്ചോരു ഭവാനു നമസ്കാരം. 34
മരതകശ്യാമളവപുസ്സായ് ശ്രീദേവിയെ-
യുരസ്സിൽ ധരിച്ചീടും ഭഗവൻ! നമസ്കാരം.
പീതവാസസ്സായ് കേശവാഭിധാനത്തി-
നാൽ വി-

ഖ്യാതനാം ഭവാനായി ഞാനിതാ നമിക്കുന്നു. 35
വരേണ്യാ! പുമാന്മാക്കു സവാഭിലാഷങ്ങള-
മരുളീടുന്നു വരദഷ്ഭനാകും ഭവാൻ.
അതിനാൽ ശ്രേയസ്സിനായ് ധീരരാം വിവേ-
കികഠം

സതതം ഭവത്പാദധൂളിയെസ്സേവിക്കുന്നു. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവർത്തന്ത യം ദേവാഃ ശ്രീശ്ച തത്പാദപദ്മയോഃ
സ്പൃഹയന്ത ഇവാമോദം ഭഗവാന്മേ പ്രസീദതാം.'' 37

ഏതൈർമ്മന്ത്രൈർഹൃഷീകേശമാവാഹനപുരസ്കൃതം
അർച്ചയേച്ഛ്രദ്ധയാ യുക്തഃ പാദ്യോപസ്പർശനാദിഭിഃ. 38

അർച്ചിത്വാ ഗന്ധമാല്യാദ്യൈഃ പയസാ സ്നപയേദ്വിഭും
വസ്ത്രോപവീതാഭരണപാദ്യോപസ്പർശനൈസ്തതഃ
ഗന്ധപുഷ്പാദിഭിശ്ചാർച്ചേത് ദ്വാദശാക്ഷരവിദ്യയാ. 39

ശൃതം പയസി നൈവേദ്യം ശാല്യന്നം വിഭവേ സതി
സസർപ്പിഃ സഗുഡം ദത്വാ ജുഹുയാന്മൂലവിദ്യയാ. 40

നിവേദിതം തദ്ഭക്തായ ദദ്യാദ്ഭുഞ്ജീത വാ സ്വയം
ദത്വാഽഽചമനമർച്ചിത്വാ താംബൂലം ച നിവേദയേത്. 41

ജപേദഷ്ടോത്തരശതം സ്തുവീത സ്തുതിഭിഃ പ്രഭും
കൃത്വാ പ്രദക്ഷിണം, ഭൂമൗ പ്രണമേദ്ദണ്ഡവന്മുദാ. 42

കൃത്വാ ശിരസി തച്ഛേഷാം ദേവമുദ്വാസയേത് തതഃ
ദ്വ്യവരാൻ ഭോജയേദ്വിപ്രാൻ പായസേന യഥോചിതം. 43

ഭുഞ്ജീത തൈരനുജ്ഞാതഃ ശേഷം സേഷ്ടഃ സഭാജിതൈഃ
ബ്രഹ്മചാര്യഥ തദ്രാത്ര്യാം ശ്വോഭൂതേ പ്രഥമേഽഹനി. 44

സ്നാതഃ ശുചിര്യഥോക്തേന വിധിനാ സുസമാഹിതഃ
പയസാ സ്നാപയിത്വാർച്ചേദ്യാവദ്വ്രതസമാപനം. 45

പയോഭക്ഷോ വ്രതമിദം ചരേദ്വിഷ്ണ്വർച്ചനാദൃതഃ
പൂർവ്വവജ്ജുഹുയാദഗ്നിം ബ്രാഹ്മണാംശ്ചാപി ഭോജയേത്. 46

ഏവം ത്വഹരഹഃ കുര്യാദ്ദ്വാദശാഹം പയോവ്രതഃ
ഹരേരാരാധനം ഹോമമർഹണം ദ്വിജതർപ്പണം 47

പ്രതിപദ്ദിനമാരഭ്യ യാവച്ഛുക്ലത്രയോദശീ
ബ്രഹ്മചര്യമധഃസ്വപ്നം സ്നാനം ത്രിഷവണം ചരേത്. 48

വർജ്ജയേദസദാലാപം ഭോഗാനുച്ചാവചാംസ്തഥാ
അഹിംസ്രഃ സർവ്വഭൂതാനാം വാസുദേവപരായണഃ. 49

ത്രയോദശ്യാമഥോ വിഷ്ണോഃ സ്നപനം പഞ്ചകൈർവ്വിഭോഃ
കാരയേച്ഛാസ്ത്രദൃഷ്ടേന വിധിനാ വിധികോവിദൈഃ 50

പൂജാം ച മഹതീം കുര്യാദ്വിത്തശാഠ്യവിവർജ്ജിതഃ
ചരും നിരൂപ്യ പയസി ശിപിവിഷ്ടായ വിഷ്ണവേ. 51

ശൃതേന തേന പുരുഷം യജേത സുസമാഹിതഃ
നൈവേദ്യം ചാതിഗുണവദ്ദദ്യാത് പുരുഷതുഷ്ടിദം. 52

ആചാര്യം ജ്ഞാനസമ്പന്നം വസ്ത്രാഭരണധേനുഭിഃ
തോഷയേദൃത്വിജശ്ചൈവ തദ്വിദ്ധ്യാരാധനം ഹരേഃ. 53

ഭോജയേത് താൻ ഗുണവതാ സദന്നേന ശുചിസ്മിതേ!
അന്യാംശ്ച ബ്രാഹ്മണാഞ്ഛക്ത്യാ യേ ച തത്ര സമാഗതാഃ. 54

ദക്ഷിണാം ഗുരവേ ദദ്യാദൃത്വിഗ്ഭ്യശ്ച യഥാർഹതഃ
അന്നാദ്യേനാശ്വപാകാംശ്ച പ്രീണയേത്സമുപാഗതാൻ. 55

ഭുക്തവത്സു ച സർവ്വേഷു ദീനാന്ധകൃപണേഷു ച
വിഷ്ണോസ്തത്പ്രീണനം വിദ്വാൻ ഭുഞ്ജീത സഹ ബന്ധുഭിഃ. 56

നൃത്യവാദിത്രഗീതൈശ്ച സ്തുതിഭിഃ സ്വസ്തിവാചകൈഃ
കാരയേത്തത്കഥാഭിശ്ച പൂജാം ഭഗവതോഽന്വഹം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത്പദാംബുജഗന്ധമാഗ്രഹിച്ചെന്നമട്ടി-
ലെപ്പൊഴും ഭവാനെയാ ലക്ഷ്മിയും സുരന്മാരും
പിരിയാതാശ്രയിച്ചു വരുന്നു, തിരുമേനി
പരമപ്രീതനായിബ്ഭവിച്ചീടണമെന്നിൽ.''
37

ഇമ്മന്ത്രം ചൊല്ലിപ്പുരോഭാഗത്തിലാവാഹിച്ചു
സമ്മാനിച്ചിരുത്തി ശ്രീഹരിയാം ഭഗവാനെ
പാദ്യോപസ്പർശനാദിയായ സൽക്കാരങ്ങളാൽ
ശ്രദ്ധയോടാചരിച്ചു പൂജിച്ചീടുകവേണം. 38
ചന്ദനമാല്യാദിയാലർച്ചിച്ചു പാലുകൊണ്ടു-
തന്നഭിഷേകംചെയ്തു പൂണനൂൽ, ഗന്ധപുഷ്പം
ഭൂഷണാചമനീയവസ്ത്രങ്ങളിത്യാദിയാൽ
ഭേഷായ് ദ്വാദശാക്ഷരിചൊല്ലിയർച്ചിച്ചീ-
ടണം. 39

ധനവാനുപാസകനായീടിൽ പാല്പായസ-
മിനിയ നെയ്പായസം ശാല്യന്നമെന്നിതെല്ലാം
ദ്വാദശാക്ഷരമന്ത്രോച്ചാരണത്തോടുകൂടി
സാദരം സമർപ്പണംചെയ്തു ഹോമിച്ചീടണം. 40
ആ നിവേദ്യത്തെ ഭക്തമുഖ്യർക്കു കൊടുക്കയോ
താനേതാൻ ഭക്ഷിക്കയോ ചെയ്യണമതിൽ-
ഭംഗമററാചമനമർപ്പിച്ചർച്ചനംചെയ്തു [പിന്നെ
ഭംഗിയായ്ത്താംബൂലവും നിവേദിക്കുക-
വേണം. 41
നൂററിയെട്ടുരു പിന്നെ ദ്വാദശാക്ഷരമന്ത്രം
തെററാതെ ജപിച്ചവതാരലീലകളാലും
സ്തോത്രങ്ങൾ ചൊല്ലി വലംവച്ചതിവിനീ-
തനായ്
ദൈത്യാരിതന്നെ ദണ്ഡംപോൽ വീണുനമി-
ക്കണം. 42
ധരിച്ചീടണം പിന്നെ പ്രസാദം ശിരസ്സിങ്കൽ,
ഹരിയെ ബിംബത്തിൽനിന്നുദ്വാസിക്കണം
പിന്നെ
പായസയുക്തം രണ്ടു ഭൂസുരന്മാർക്കെങ്കിലും
ന്യായമായേകീടണം വിഭവപൂർണ്ണമന്നം. 43
സത്കൃതഭൂസുരാനുവാദത്തോടൊത്തു ബന്ധു-
യുക്തമുച്ഛിഷ്ടമന്നം ഭുജിച്ചീടുകവേണം.
രാവതിൽ ബ്രഹ്മചര്യം പാലിച്ചു പിറേറദ്ദിനം
രാവിലേ സ്നാനംചെയ്തു ശുദ്ധനായ് മുൻ-
ചൊന്നപോൽ,
ദേവനെ നേരേ ക്ഷീരാഭിഷേകാദ്യുപചാര-
പൂർവ്വകമാവ്രതാന്തമൈകാഗ്ര്യം പൂജിക്കണം.
44–45
ഈവിധം പാലുമാത്രം കഴിച്ചുകൊണ്ടീവ്രതം
ശ്രീവിഷ്ണുപൂജയോടുമാചരിക്കുകവേണം.
നിത്യവും മുമ്മട്ടഗ്നിഹോത്രവും മഹീസുര-
സദ്യയും മുടങ്ങാതെ നടത്തുകയും വേണം. 46

ദ്വാദശിദിനത്തിലുമീവണ്ണം ഹരിപൂജ-
സാദരം നമസ്കാരം സ്തോത്രവുമഗ്നിഹോത്രം
ബ്രാഹ്മണഭോജനംതൊട്ടവയും മുടക്കാതെ
നമ്മട്ടിൽ പയോവ്രതമാചരിക്കുകവേണം. 47
പ്രതിപദ്ദിനംമുതൽ വിടൊല്ലാ ബ്രഹ്മചര്യ-
വ്രതത്തെയേതും ശുക്ലപക്ഷത്രയോദശ്യന്തം
മൂന്നുനേരത്തെക്കുളി നിലത്തു ശയിക്കയു-
മന്യരോടസത്കാര്യമോതാതെയിരിക്കയും
സുഖഭോഗങ്ങളെല്ലാം സന്ത്യജിക്കയും പിന്നെ
സകലവിധമാകും ഹിംസയുമൊഴിക്കയും .
ഈവിധം വാസുദേവദേവനെച്ചിന്തിച്ചുകൊ-
ണ്ടാവസിക്കുകവേണം നിശ്ചലഭക്തിപൂർവം.
48–49
ഇവണ്ണം പന്ത്രണ്ടുനാൾ കഴിഞ്ഞാത്രയോദശി-
ദിവസം ശാസ്ത്രജ്ഞരാം ഭൂസുരന്മാരെക്കൊണ്ടു
പഞ്ചാമൃതത്തിനാലബ്ഭഗവാനഭിഷേക-
മഞ്ചാതെ നടത്തിച്ചുകൊൾകയും വേണം
നേരേ. 50
ധനത്തിൽ ശാഠ്യമെന്യേ മഹത്തായിട്ടും പൂജ-
യനുവാസരമാചരിക്കണമതിൽ പിന്നെ
ചരുവുണ്ടാക്കിപ്പാലിൽ പാകംചെയ്തുകൊണ്ടു
പുരുഷൻതന്നെസ്സമാഹിതനായ് പൂജിക്കണം.
ഗുണമേറിടുന്നതും ഭഗവാനതിപ്രീതി-
ജനിക്കുന്നതുമായ നിവേദ്യമർപ്പിക്കണം. 51–52
ജ്ഞാനിയാം ഗുരുവിനുമൃത്വിക്കുകൾക്കും പിന്നെ
ദാനമായ് വസ്ത്രങ്ങളും ഗോഭൂഷണാദ്യങ്ങളും
കൊടുത്തു മോദിപ്പിക്കവേണമായതും പാ-
ത്താൽ
സ്പുടമായിടും ഹരിപൂജനംതന്നെ നൂനം. 53
ഹേ ശുചിസ്മിതേ! പിന്നെ യാജകദ്വിജരെയും
ദേശികവര്യനേയും സമസ്താഗതരേയും
ശക്തിക്കൊക്കുന്നമട്ടിൽ പരിശുദ്ധവും ഗുണ-
യുക്തവുമാകുമന്നം ഭുജിപ്പിക്കണം മിഷ്ടം. 54
ആചാര്യൻതനിക്കുമക്കാർമ്മികന്മാർക്കും ദാന-
മാചരിച്ചവരെസ്സംതൃപ്തരാക്കണം പിന്നെ
കഴിവുണ്ടെങ്കിൽ ചണ്ഡാളാന്തമാരെയും തീരെ-
യൊഴിക്കാതെല്ലാവർക്കും ദക്ഷിണയേകീ-
ടണം. 55
ദീനാന്ധകൃപണന്മാരേവരും മിഷ്ടാന്നത്താൽ
പ്രീണിച്ചീടുമ്പോൾ സ്വയം ഭഗവാൻ
തോഷിച്ചതായ്
അന്തരങ്ഗത്തിൽ നന്നായുറപ്പിച്ചനന്തരം
ബന്ധുക്കളോടുകൂടി ഭുജിച്ചീടണംതാനും. 56
പ്രഥമതുടങ്ങി ദ്വാദശിനാൾവരെ നൃത്തം
സ്തുതികൾ വാദ്യഘോഷം സ്വസ്തിവാചകങ്ങളും
കഥാപ്രസങ്ഗം, ഗാനംതൊട്ട വട്ടങ്ങളോടും
പതിവായ് ഭഗവാനെയർച്ചിപ്പതത്യുത്തമം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതത് പയോവ്രതം നാമ പുരുഷാരാധനം പരം
പിതാമഹേനാഭിഹിതം മയാ തേ സമുദാഹൃതം. 58
ത്വം ചാനേന മഹാഭാഗേ! സമ്യക്ചീർണ്ണേന കേശവം
ആത്മനാ ശുദ്ധഭാവേന നിയതാത്മാ ഭജാവ്യയം. 59
അയം വൈ സർവ്വയജ്ഞാഖ്യഃ സർവ്വവ്രതമിതി സ്മൃതം
തപഃസാരമിദം, ഭദ്രേ, ദാനം ചേശ്വരതർപ്പണം. 60
ത ഏവ നിയമാഃ സാക്ഷാത്ത ഏവ ച യമോത്തമാഃ
തപോ ദാനം വ്രതം യജ്ഞോ യേന തുഷ്യത്യധോക്ഷജഃ. 61
തസ്മാദേതദ്വ്രതം ഭദ്രേ, പ്രയതാ ശ്രദ്ധയാ ചര
ഭഗവാൻ പരിതുഷ്ടസ്തേ വരാനാശു വിധാസ്യതി. 62

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
അദിതിപയോവ്രതകഥനം നാമ ഷോഡശോഽധ്യായഃ

സപ്തദശോഽധ്യായഃ

ശ്രീശുക ഉവാച

ഇത്യുക്താ സാദിതീ, രാജൻ, സ്വഭർത്രാ കശ്യപേന വൈ
അന്വതിഷ്ഠദ്വ്രതമിദം ദ്വാദശാഹമതന്ദ്രിതാ. 1
ചിന്തയന്ത്യേകയാ ബുദ്ധ്യാ മഹാപുരുഷമീശ്വരം
പ്രഗൃഹ്യേന്ദ്രിയദുഷ്ടാശ്വാന്മനസാ ബുദ്ധിസാരഥിഃ 2
മനശ്ചൈകാഗ്രയാ ബുദ്ധ്യാ ഭഗവത്യഖിലാത്മനി
വാസുദേവേ സമാധായ ചചാര ഹ പയോവ്രതം. 3
തസ്യാഃ പ്രാദുരഭൂത്താത ഭഗവാനാദിപൂരുഷഃ
പീതവാസാശ്ചതുർബ്ബാഹുഃ ശങ്ഖചക്രഗദാധരഃ. 4
തം നേത്രഗോചരം വീക്ഷ്യ സഹസോത്ഥായ സാദരം
നനാമ ഭുവി കായേന ദണ്ഡവത് പ്രീതിവിഹ്വല. 5

സോത്ഥായ ബദ്ധാഞ്ജലിരീഡിതും സ്ഥിതാ
നോത്സേഹ ആനന്ദജലാകുലേക്ഷണാ
ബഭൂവ തൂഷ്ണീം പുളകാകുലാകൃതി-
സ്തദ്ദർശനാത്യുത്സവഗാത്രവേപഥുഃ. 6
പ്രീത്യാ ശനൈർഗദ്ഗദയാ ഗിരാ ഹരിം
തുഷ്ടാവ സാ ദേവ്യദിതിഃ കുരൂദ്വഹ!
ഉദ്വീക്ഷതീ സാ പിബതീവ ചക്ഷുഷാ
രമാപതിം യജ്ഞപതിം ജഗത്പതിം. 7

അദിതിരുവാച

യജ്ഞേശ, യജ്ഞപുരുഷാച്യുത, തീർത്ഥപാദ,
തീർത്ഥശ്രവഃ ശ്രവണമങ്ഗലനാമധേയ!
ആപന്നലോകവൃജിനോപശമോദയാദ്യ
ശം നഃ കൃധീശ ഭഗവന്നസി ദീനനാഥ! 8
വിശ്വായ വിശ്വഭവനസ്ഥിതിസംയമായ
സ്വൈരം ഗൃഹീതപുരുശക്തിഗുണായ ഭൂമ്നേ
സ്വസ്ഥായ ശശ്വദുപബൃംഹിതപൂർണ്ണബോധ-
വ്യാപാദിതാത്മതമസേ ഹരയേ നമസ്തേ. 9
ആയുഃ പരം വപുരഭീഷ്ടമതുല്യലക്ഷ്മീർ-
ദ്യോഭൂരസാഃ സകലയോഗഗുണാസ്ത്രിവർഗ്ഗഃ
ജ്ഞാനം ച കേവലമനന്ത ഭവന്തി തുഷ്ടാത്
ത്വത്തോ നൃണാം കിമു സപത്നജയാദിരാശീഃ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശ്വരാച്ചനയ്ക്കുള്ള മററു മാഗ്ഗത്തിലെല്ലാം
ഹേ ശുഭേ! പയോവ്രതമാമിതാണതിശ്രേഷ്ഠം.
എനിക്കുബ്രഹ്മാവുമുപദേശിച്ചതന്നോരിതു
നിനക്കു ഞാനിങ്ങനെ പറഞ്ഞുതന്നീടിനേൻ. 58

ശുദ്ധമാം ഭാവംപെടും ബുദ്ധിയാൽ നിയന്ത്രിച്ച
ചിത്തത്തൊടൊത്തു ഭാഗ്യശാലിനീ!
നീയുമേവം
എത്രയുമുത്കൃഷ്ടമാമീ വ്രതമനുഷ്ഠിച്ചു
ദൈത്യാരിഭഗവാനെയാരാധിക്കുകനേരേ. 59
ശ്രീമഹാവിഷ്ണുപ്രീതികരമായ്സ്സർവ്വയജ്ഞ-
നാമകവ്രതമിതു സമസ്തവ്രതമെന്നും
പെരുതാം ദാനമെന്നും തപസ്സിൻ സാരമെന്നും
സ്മരിപ്പൂ പരിശുദ്ധേ! മഹാന്മാരെല്ലാവരും. 60
ഇന്ദ്രിയജന്യജ്ഞാനാവിഷയനധോക്ഷജൻ
സന്തോഷിപ്പതാം ശ്രേഷ്ഠനിയമം, മററൊന്നല്ല.
യമവും ദാനം യജ്ഞം, തപസ്സും വ്രതങ്ങളും
സമസ്തമതുതന്നെയെന്നോക്ക മനസ്വിനീ! 61
അതിനാൽ ഭദ്രേ! യത്നംചെയ്തിട്ടും ശ്രദ്ധായുക്ത-
മതിയോടീവ്രതം നീയാചരിക്കുകേ നേരേ
തുഷ്ടനായ് ശ്രീഹരി നിൻ സമസ്തസങ്കല്പവു-
മൊട്ടുമേ വൈകിക്കാതെ സാധിപ്പിച്ചീടും
നൂനം. 62

അദ്ധ്യായം 17

അദിതീസ്തുതി

ശ്രീശുകൻ പറഞ്ഞു

ഈവിധം സ്വഭർത്താവാം കശ്യപൻ
ചൊന്നതെല്ലാം
ദേവമാതാവായീടുമദിതി കൈക്കൊണ്ടുടൻ
ഏതുമാലസ്യമെന്യേ പന്ത്രണ്ടുദിവസവും
സാദരമീവ്രതത്തെ കൃത്യമായനുഷ്ഠിച്ചാൾ. 1
ബുദ്ധിസാരഥിയോടൊത്തിന്ദ്രിയങ്ങളായീടും
ദുഷ്ടാശ്വനിചയത്തെ വേണ്ടപോൽ നിയന്ത്രിച്ചു
ഏകാഗ്രബുദ്ധിയോടു സർവ്വാത്മാവായിമിന്നും
ശ്രീകാന്തഭഗവാനെദ്ധ്യാനിച്ചുകൊണ്ടജസ്രം, 2
നിഷ്ഠയോടുകൂടി മററുള്ള വ്രതങ്ങളിൽ
മുഖ്യമപ്പയോവ്രതമദിതിയാചരിച്ചാൾ. 3
ആദിമാനുഷൻ ദേവൻ തത്പുരോഭാഗത്തിങ്കൽ
പീതവാസസ്സായ് ചതുർബാഹുവായ്ശങ്ഖം
ചക്രം,
ഗദ, പങ്കജമിവ ധരിച്ചിട്ടതിദ്രുതം
മുദിതാനനനായി പ്രത്യക്ഷപ്പെട്ടീടിനാൻ. 4
പെട്ടെന്നീവിധം സമസ്തേശനാം വാസുദേവൻ
ദൃഷ്ടിഗോചരനായിബ്ഭവിച്ചീടവേയവൾ
പ്രീതിയാൽ പരവശയായുടനെഴുന്നേററു
സാദരം ദണ്ഡനമസ്കാരമാചരിച്ചിതു. 5
തദ്ദർശനോത്സവത്താൽ ശരീരം വിറപൂണ്ട-
മ്മൃദംഗിപുളകിതഗാത്രിയായെഴുന്നേററു
ആനന്ദബാഷ്പം പൊഴിച്ചഞ്ജലിബന്ധത്തോടും
മൗനമായ് നിന്നീടിനാൾ സ്തുതിക്കാനാവ-
തെന്യേ. 6
അദിതി, നേത്രങ്ങളാൽ യജ്ഞേശനാമ-
ജ്ജഗത്-
പതിയെപ്പാനംചെയ്യുംമട്ടിലങ്ങൊട്ടുനേരം
അന്യൂനശ്രദ്ധാപൂർവം നോക്കിനിന്നിട്ടു പിന്നെ
മന്ദമായ് സ്തോത്രംചെയ്താൾ ഗദ്ഗദ-
വാക്യങ്ങളാൽ. 7

അദിതി പറഞ്ഞു

അച്യുതാ! യജ്ഞഫലദാതാവേ!
യജ്ഞമൂർത്തേ!
ആശ്ചര്യവൃത്താ! തീർത്ഥപാദ! ഹേ
പുണ്യകീർത്തേ!
പ്രപന്നജനശുഭപ്രദനായീടും ഹരേ!
വിപന്നപാപൗഘ! വിധ്വംസിയാമാദിദേവാ!
ദീനരക്ഷകനാകുമീശ്വരാ! ഞങ്ങൾക്കെല്ലാം
ദീനതയാകെത്തീർത്തു സൗഖ്യമിങ്ങേകീടണം. 8
വിശ്വരൂപനായ് സൃഷ്ടിസ്ഥിത്യന്തഹേതുവായി
സ്വേച്ഛയായ് മായാഗുണം സ്വീകരിച്ചാത്മ-
സ്ഥനായ്
ആത്മാവെ മറച്ചീടുമുന്നതമായാന്ധ്യത്തെ-
യാത്മജ്ഞാനത്താൽ പാടേയകററുന്നവനായി
സന്താപഹന്താവായിസ്സാധുക്കൾക്കെല്ലാമുററ-
ബന്ധുവാം ശ്രീമുകുന്ദാ! ഭവാനു നമസ്കാരം. 9
പരമായുസ്സുമിച്ഛപോലുള്ള ശരീരവും
പുരുസമ്പത്തും ദ്യോവും മഹിയും പാതാളവും
നിഖിലയോഗോത്കൃഷ്ടസിദ്ധികൾ
ത്രിവർഗ്ഗവും
തികഞ്ഞ വിവേകവും മാനുഷർക്കാകമാനം
സപദി ലഭിക്കുന്നു നിന്തിരുപ്രസാദത്താ-
ലപരിച്ഛിന്നാ! വിഭോ! ശത്രുഭീയെന്തു
പിന്നെ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

അദിത്യൈവം സ്തുതോ, രാജൻ, ഭഗവാൻ പുഷ്കരേക്ഷണഃ
ക്ഷേത്രജ്ഞഃ സർവ്വഭൂതാനാമിതി ഹോവാച ഭാരത! 11

ശ്രീഭഗവാനുവാച

ദേവമാതർഭവത്യാ മേ വിജ്ഞാതം ചിരകാങ്ക്ഷിതം
യത് സപത്നൈർഹൃതശ്രീണാം ച്യാവിതാനാം സ്വധാമതഃ.12
താനവിനിർജ്ജിത്യ സമരേ ദുർമ്മദാനസുരർഷഭാൻ
പ്രതിലബ്ധജയശ്രീഭിഃ പുത്രൈരിച്ഛസ്യുപാസിതും. 13
ഇന്ദ്രജ്യേഷ്ഠൈഃ സ്വതനയൈർഹതാനാം യുധി വിദ്വിഷാം
സ്ത്രിയോ രുദന്തീരാസാദ്യ ദ്രഷ്ടുമിച്ഛസി ദുഃഖിതാഃ. 14
ആത്മജാൻ സുസമൃദ്ധാംസ്ത്വം പ്രത്യാഹൃതയശഃശ്രിയഃ
നാകപൃഷ്ഠമധിഷ്ഠായ ക്രീഡതോ ദ്രഷ്ടുമിച്ഛസി. 15

പ്രായോഽധുനാ തേഽസുരയൂഥനാഥാ
അപാരണീയാ ഇതി ദേവി മേ മതിഃ
യത്തേഽനുകൂലേശ്വരവിപ്രഗുപ്താ
ന വിക്രമസ്തത്ര സുഖം ദദാതി. 16
അഥാപ്യുപായോ മമ ദേവി ചിന്ത്യഃ
സന്തോഷിതസ്യ വ്രതചര്യയാ തേ
മമാർച്ചനം നാർഹതി ഗന്തുമന്യഥാ,
ശ്രദ്ധാനുരൂപം ഫലഹേതുകത്വാത്. 17
ത്വയാർച്ചിതശ്ചാഹമപത്യഗുപ്തയേ
പയോവ്രതേനാനുഗുണം സമീഡിതഃ
സ്വാംശേന പുത്രത്വമുപേത്യ തേ സുതാൻ
ഗോപ്താസ്മി മാരീചതപസ്യധിഷ്ഠിതഃ. 18

ഉപധാവ പതിം ഭദ്രേ പ്രജാപതിമകല്മഷം
മാം ച ഭാവയതീ പത്യാവേവംരൂപമവസ്ഥിതം. 19
നൈതത് പരസ്മാ ആഖ്യേയം പൃഷ്ടയാപി കഥഞ്ചന
സർവ്വം സമ്പദ്യതേ, ദേവി, ദേവഗുഹ്യം സുസംവൃതം. 20

ശ്രീശുക ഉവാച

ഏതാവദുക്ത്വാ ഭഗവാംസ്തത്രൈവാന്തരധീയത
അദിതിർദുർല്ലഭം ലബ്ധ്വാ ഹരേർജ്ജന്മാത്മനി പ്രഭോ. 21
ഉപാധാവത് പതിം ഭക്ത്യാ പരയാ കൃതകൃത്യവത്
സ വൈ സമാധിയോഗേന കശ്യപസ്തദബുധ്യത. 22
പ്രവിഷ്ടമാത്മനി ഹരേരംശം ഹ്യവിതഥേക്ഷണഃ
സോഽദിത്യാം വീര്യമാധത്ത തപസാ ചിരസംഭൃതം
സമാഹിതമനാ രാജൻ ദാരുണ്യഗ്നിം യഥാനിലഃ. 23
അദിതേർധിഷ്ഠിതം ഗർഭം ഭഗവന്തം സനാതനം
ഹിരണ്യഗർഭോ വിജ്ഞായ സമീഡേ ഗുഹ്യനാമഭിഃ. 24

ബ്രഹ്മോവാച

ജയോരുഗായ ഭഗവന്നുരുക്രമ! നമോഽസ്തു തേ
നമോ ബ്രഹ്മണ്യദേവായ ത്രിഗുണായ നമോ നമഃ. 25
നമസ്തേ പൃശ്നിഗർഭായ വേദഗർഭായ വേധസേ
ത്രിനാഭായ ത്രിപൃഷ്ഠായ ശിപിവിഷ്ടായ വിഷ്ണവേ. 26

ത്വമാദിരന്തോ ഭുവനസ്യ മധ്യ-
മനന്തശക്തിം പുരുഷം യമാഹുഃ
കാലോ ഭവാനാക്ഷിപതീശ വിശ്വം
സ്രോതോ യഥാന്തഃപതിതം ഗഭീരം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ഇത്തരം സുരാംബയാൽ സ്തുതനാം സർവ്വഭൂത-
ക്ഷേത്രജ്ഞൻ പദ്മദലലോചനനരുളം-
ചെയ്താൻ. 11

ശ്രീഭഗവാൻ പറഞ്ഞു

ദേവമാതാവേ! തവ പുത്രരെ സ്വസ്ഥാനമാം
ദ്യോവിൽനിന്നോടിച്ചു തദൈശ്വര്യമശേഷവും
ശത്രുക്കളപഹരിച്ചെന്നതോർത്തോട്ടനാളാ-
യത്തലിൽ മഗ്നയായ് നീ വാഴുന്നെന്നറിഞ്ഞു
ഞാൻ. 12

ദുർമ്മദന്മാരാകുമദ്ദാനവശ്രേഷ്ഠന്മാരെ
നിന്മക്കൾ പോരിൽ വെന്നു ജയശ്രീ വീണ്ടു-
നിന്നെ
പാദവന്ദനംചെയ്തു ശുശ്രൂഷിപ്പതു കണ്ടു
മോദിച്ചീടുവാൻ ഞാനും പാരമാശിപ്പൂ ദേവി! 13
ഇന്ദ്രനാം ജ്യേഷ്ഠനോടുകൂടിയ നിൻപുത്രരാ-
ലന്തമാർന്നിടും ശത്രുവൃന്ദത്തിൻ കാന്താജനം
മരിച്ച കാന്തന്മാർതന്നരികിൽ വന്നുനിന്നു
കരയുന്നതു കണ്ടുകൊള്ളാനുമാശിപ്പൂ നീ. 14
കീർത്തിയുമൈശ്വര്യവും വീണ്ടു നിൻ മക്കളഭി-
വൃദ്ധിയാർന്നാസ്ഥാനമായീടുമാ സ്വർഗ്ഗംതന്നിൽ
സ്വേച്ഛപോൽ കേളിയാടിമേളിപ്പതീക്ഷി
ക്കാനു-
മിച്ഛിച്ചീടുന്നുണ്ടു നീയെന്നറിഞ്ഞിരിപ്പൂ ഞാൻ.
15
ഹേ ദേവീ! ദൈത്യസംഘാധീശരെ വെല്ലാ-
നിപ്പോ-
ളേതുമേ സാധിക്കയില്ലെന്നാണെന്നഭിപ്രായം.
ഇക്കാലമവർ ശക്തരായിടും ദ്വിജന്മാരാൽ
രക്ഷിതരാകയാലേ വിക്രമം ഫലിച്ചീടാ. 16
എങ്കിലുമെന്നെ നീയീ വ്രതാനുഷ്ഠാനത്തിനാൽ
മങ്കമാർമണേ! പാരം പ്രസാദിപ്പിച്ചിരിപ്പൂ.
മാമകാർച്ചനം ഫലശൂന്യമായ് വന്നുകൂടാ
നാമതിന്നുപായമെന്തെങ്കിലും ചിന്തി-
ച്ചീടാം. 17
പുത്രരക്ഷയെയുന്നിബ്ഭവതി വഴിപോലീ-
യുത്തമപയോവ്രതം പൂണ്ടെന്നെയാരാധിച്ചു
സ്തോത്രംചെയ്തിരിക്കയാൽക്കശ്യപതപ-
സ്തേജോ-
വർത്തിയായെന്നംശത്താൽ ഞാൻ തവ-
പുത്രനായി
അവതരിച്ചശേഷം നിന്നുടെ പുത്രന്മാരെ-
യവനംചെയ്തീടുവൻ സന്ദേഹമില്ല ദേവീ! 18
പാവനേ! ഞാനീമട്ടിൽ നിന്നുടെ കമിതാവി-
ലാവസിക്കുന്നതായിബ്ഭാവനം ചെയ്തുകൊണ്ടു
പാപഹീനനായ് പ്രജാപതിയായ് ഭർത്താവാമ-
ത്താപസൻതന്നെസ്സതീ! സമീപിച്ചാലും
ഭക്ത്യാ. 19
ആരുതാൻ ചോദിച്ചാലും നിന്നോടിച്ചൊന്ന-
തൊന്നു-
മാരോടും ചൊല്ലായ്‌വാൻ നീ നല്ലപോൽ
ശ്രദ്ധിക്കണം.
ദേവകാര്യങ്ങളെല്ലാം ഗോപ്യമായ് പ്രവർത്തിച്ചു
കൈവരുത്തേണ്ടതായി വന്നിരിക്കയാണി-
പ്പോൾ. 20

ശ്രീശുകൻ പറഞ്ഞു

ഇത്രയുംമാത്രം ചൊല്ലിബ്ഭഗവാൻ
ശ്രീനിവാസൻ
തത്രതാനന്തർദ്ധാനംചെയ്തിതു, ദേവമാതാ-
തന്നിൽ ദുർല്ലഭനാകും ശ്രീഹരി ജനിച്ചീടു-
മെന്നുള്ള സന്തോഷത്താൽ കൃതകൃത്യയെപ്പോലെ
ഉന്നതഭക്തിപൂർവം തന്നുടെ ഭർത്താവുതൻ
സന്നിധിതന്നിലണഞ്ഞീടിനാളവിളംബം.
സത്യദർശനനാമക്കശ്യപൻ സമാധിയാൽ
പ്രത്യക്ഷപ്പെടുത്താത്തതില്ലൊന്നുമെന്നാകയാൽ
ഹരിതന്നംശംതന്നിൽ പ്രവേശിച്ചിരിപ്പതായ്
ധരിച്ചിരുന്നാനവൾ ചെന്നിടുംമുൻപമ്മഹാൻ.
പലകാലമായ് സമാഹിതനായാചരിച്ച
വലുതാം തപസ്സിനാലാ മുനി സംഭരിച്ച
വീര്യത്തെയദിതിയിലാധാനംചെയ്തീടിനാൻ,
മാരുതൻ ദാരുതന്നിൽ വഹ്നിയെയെന്ന-
പോലെ. 21–23
അദിതീഗർഭത്തിങ്കലാവസിച്ചീടുന്ന ത-
ദ്ദിതിജവൈരിയാകും ഭഗവാനെന്നതപ്പോൾ
ബ്രഹ്മാവു ധരിച്ചുടൻ ഗുഹ്യമാം നാമങ്ങളാൽ
നന്മട്ടിൽ സ്തുതിച്ചിതപ്പരംപൂരുഷൻതന്നെ. 24

ബ്രഹ്മാവു പറഞ്ഞു

ഭഗവൻ! ജയിച്ചാലും ഹേ വിശിഷ്ടോരു-
ക്രമാ!
ത്രിഗുണാത്മകാ! നമിക്കുന്നു ഞാനുരുഗായാ!
ബ്രാഹ്മണഹിത ചിന്താലോലനായ് വിളങ്ങീടും
ബ്രഹ്മസ്വരൂപാ! ഭവാനായിതാ നമസ്കാരം. 25
ഭൂതിദ! പൃശ്നിഗർഭജാത! തേ നമസ്കാരം
വേദഗർഭസ്ഥനാകുമങ്ങേയ്ക്കു നമസ്കാരം.
സൃഷ്ടികർത്താവായ് ലോകത്രയോപരിസ്ഥ-
നായ് ത്രി-
വിഷ്ടപം നാഭിതന്നിലടക്കിയിരിപ്പോനായ്
ജീവിലോകത്തിലെല്ലാം പ്രവേശിച്ചിരുന്നിടും
കൈവല്യമൂർത്തിയാകും ഭവാനു നമസ്കാരം. 26
ഭുവനത്തിന്നാദിയും മദ്ധ്യമന്തവും പാർത്താ-
ലവിടുന്നത്രേ; സർവമായീടാൻ സമർത്ഥനാം-
നിന്തിരുവടിയെന്നും നിർവികാരനാണെന്നു
ചിന്തയാൽ പണ്ഡിതന്മാരശേഷമറിയുന്നു
ഊക്കേഴുമൊഴുക്കിൽ പെട്ടീടിന തൃണത്തെപ്പോ-
ലോക്കിൽ നയിക്കുന്നു ഭവാനീ ജഗ-
ത്തെല്ലാം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം വൈ പ്രജാനാം സ്ഥിരജങ്ഗമാനാം
പ്രജാപതീനാമസി സംഭവിഷ്ണുഃ
ദിവൗകസാം ദേവ ദിവശ്ച്യുതാനാം
പരായണം നൗരിവ മജ്ജതോഽപ്സു. 28

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വാമനപ്രാദുർഭാവേ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

ശ്രീശുക ഉവാച
ഇത്ഥം വിരിഞ്ചസ്തുതകർമ്മവീര്യഃ പ്രാദുർബഭൂവാമൃതഭൂരദിത്യാം
ചതുർഭുജഃ ശങ്ഖഗദാബ്ജചക്രഃ പിശങ്ഗവാസാ
നളിനായതേക്ഷണഃ. 1

ശ്യാമാവദാതോ ഝഷരാജകുണ്ഡല-
ത്വിഷോല്ലസച്ഛ്രീവദനാംബുജഃ പുമാൻ
ശ്രീവത്സവക്ഷാ വലയാങ്ഗദോല്ലസത്
കിരീടകാഞ്ചീഗുണചാരുനൂപുരഃ. 2

മധുവ്രതവ്രാതവിഘുഷ്ടയാ സ്വയാ വിരാജിതഃ ശ്രീവനമാലയാ ഹരിഃ
പ്രജാപതേർവേശ്മതമഃ സ്വരോചിഷാ വിനാശയൻ
കണ്ഠനിവിഷ്ടകൗസ്തുഭഃ. 3

ദിശഃ പ്രസേദുഃ സലിലാശയാസ്തദാ
പ്രജാഃ പ്രഹൃഷ്ടാ ഋതവോ ഗുണാന്വിതാഃ
ദ്യൗരന്തരിക്ഷം ക്ഷിതിരഗ്നിജിഹ്വാ
ഗാവോ ദ്വിജാഃ സംജഹൃഷുർന്നഗാശ്ച. 4

ശ്രോണായാം ശ്രവണദ്വാദശ്യാം മുഹൂർത്തേഽഭിജിതി പ്രഭുഃ
സർവ്വേ നക്ഷത്രതാരാദ്യാശ്ചക്രുസ്തജ്ജന്മ ദക്ഷിണം. 5
ദ്വാദശ്യാം സവിതാതിഷ്ഠന്മധ്യംദിനഗതോ നൃപ!
വിജയാ നാമ സാ പ്രോക്താ യസ്യാം ജന്മ വിദുർഹരേഃ. 6
ശങ്ഖദുന്ദുഭയോ നേദുർമൃദങ്ഗപണവാനകാഃ
ചിത്രവാദിത്രതൂര്യാണാം നിർഘോഷസ്തുമുലോഽഭവത്. 7
പ്രീതാശ്ചാപ്സരസോഽനൃത്യൻ ഗന്ധർവ്വപ്രവരാ ജഗുഃ
തുഷ്ടുവുർമുനയോ ദേവാ മനവഃ പിതരോഽഗ്നയഃ. 8
സിദ്ധവിദ്യാധരഗണാഃ സകിമ്പുരുഷകിന്നരാ
ചാരണാ യക്ഷരക്ഷാംസി സുപർണ്ണാ ഭുജഗോത്തമാഃ. 9
ഗായന്തോഽതിപ്രശംസന്തോ നൃത്യന്തോ വിബുധാനുഗാഃ
അദിത്യാ ആശ്രമപദം കുസുമൈഃ സമവാകിരൻ. 10

ദൃഷ്ട്വാദിതിസ്തം നിജഗർഭസംഭവം പരം പുമാംസം മുദമാപ വിസ്മിതാ
ഗൃഹീതദേഹം നിജയോഗമായയാ പ്രജാപതിശ്ചാഹ ജയേതി
വിസ്മിതഃ. 11

യത്തദ്വപുർഭാതി വിഭൂഷണായുധൈ-
രവ്യക്തചിദ്വ്യക്തമധാരയദ്ധരിഃ
ബഭൂവ തേനൈവ സ വാമനോ വടുഃ
സംപശ്യതോർദ്ദിവ്യഗതിര്യഥാ നടഃ. 12

തം വടും വാമനം ദൃഷ്ട്വാ മോദമാനാ മഹർഷയഃ
കർമ്മാണി കാരയാമാസുഃ പുരസ്കൃത്യ പ്രജാപതിം. 13
തസ്യോപനീയമാനസ്യ സാവിത്രീം സവിതാബ്രവീത്
ബൃഹസ്പതിർബ്രഹ്മസൂത്രം മേഖലാം കശ്യപോഽദദാത്. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചരാചരങ്ങളാമിപ്രജാസഞ്ചയത്തിനും
പരിചിൽ പ്രജാപതിമാരാകമീ ഞങ്ങൾക്കും

നിമിത്തഹേതുഭൂതനായിടും ദേവാ! ഭവാ-
നമർത്ത്യലോകഭ്രഷ്ടരായിടും സുര,ക്കോർത്താൽ

അബ്ധിതൻ സലിലത്തിൽ വീണടിഞ്ഞ-
വന്നൊരു
കപ്പലെന്നതുകണക്കാശ്രയസ്ഥാനമല്ലോ. 28

അദ്ധ്യായം 18

വാമനാവതാരം

ശ്രീശുകൻ പറഞ്ഞു

ബ്രഹ്മാവുതന്നാലേവം സ്തുതമാം വീര്യ-
ത്തോടും
കർമ്മങ്ങളോടും ജന്മമരണവിഹീനനായ്

കരങ്ങൾ നാലിൽ ശംഖഗദാചക്രാബ്ജങ്ങള-
മരയിൽ മഞ്ഞപ്പട്ടും ധരിച്ച പദ്മാക്ഷനായ്

ദേവമാതാവായീടുമദിതീദേവിതന്നിൽ
ശ്രീവിഷ്ണുഭഗവാൻ വന്നവതരിച്ചീടിനാൻ. 1

ശ്യാമളചാരുവർണ്ണം, മകരകുണ്ഡലാഭാ-
വ്യാമുഗ്ദ്ധമായീടുമാ വദനസരോരുഹം

ശ്രീവത്സം മാറിടത്തിൽ, കാഞ്ചികങ്കണങ്ങളും
തോൾവളകളും സ്വരൽക്കിരീടം നൂപുരങ്ങൾ

വണ്ടുകൾ മുരണ്ടീടും വനമാലയും ചേലായ്
പൂണ്ട കൗസ്തുഭരത്നം കണ്ഠത്തിലണിഞ്ഞുമേ,

സ്വന്തമാമംഗാഭയാൽ കശ്യപഭവനത്തി-
ന്നന്തർഭാഗാന്ധകാരമകററിജ്ജാതനായാൻ. 2-3

തെളിഞ്ഞു പത്തുദിക്കും സലിലാശയങ്ങള-
മലവററാനന്ദിച്ചു ജനങ്ങളെല്ലാമപ്പോൾ.

ഋതുക്കൾ ഫലപുഷ്പസമൃദ്ധമായി,സ്വർഗ്ഗം
ക്ഷിതിയന്തരിക്ഷമെന്നിവയും പ്രവൃദ്ധമായ്.

ഗോദേവദ്വിജാദിയും പർവ്വതങ്ങളും പരം
മോദിച്ചു പരൻെറയീ വാമനാവതാരത്തിൽ. 4

ചിങ്ങദ്വാദശി തിരുവോണനാളഭിജിത്താം
മംഗലമുഹൂർത്തത്തിൽ പിറന്നാനഖിലേശൻ

താരങ്ങളൃക്ഷാദിയും ശുഭസ്ഥാനത്തുനിന്നു
ശൗരിതന്നവതാരമുദാരമാക്കിത്തീർത്തു. 5

ഭഗവാൻ ജനിച്ചൊരാ ദ്വാദശിക്കഭിധാനം
നിഗദിച്ചീടുന്നിതു വിജയയെന്നേവരും.

സവിതാവന്നു ദിനമദ്ധ്യത്തിൽ സ്ഥിതി-
ചെയ്തോ-
രവസരത്തിലത്രേ ഭഗവദവതാരം. 6

പണവാനകശംഖമൃദംഗദുന്ദുഭ്യാദി-
സ്വനങ്ങളെങ്ങും തൂര്യധ്വനിയോടൊത്തു-
പൊങ്ങി. 7

മോദിച്ചു നൃത്തംവച്ചാരപ്സരസ്ത്രീകളെല്ലാം,
പ്രീതരായ് ഗാനംചെയ്താർ ഗന്ധർവ്വപ്രവരന്മാർ

മനുക്കൾ ദേവന്മാരുമഗ്നികൾ പിതൃക്കളും
മുനിശ്രേഷ്ഠരും സ്തോത്രംചെയ്തിതു യഥാ-
യോഗ്യം. 8

സിദ്ധവിദ്യാധരകിമ്പുരുഷ കിന്നരന്മാ-
രുത്തമസർപ്പങ്ങളും താർക്ഷ്യാദിപക്ഷീന്ദ്രരും

സ്തുതിച്ചും നൃത്തംചെയ്തും പാടിയും ദേവന്മാരൊ-
ത്തദിത്യാശ്രമം ചുററും പൂമഴ പൊഴിച്ചിതേ.
9-10

സ്വഗർഭംതന്നിൽനിന്നും മായാശക്തിയാൽ
ജാതൻ
ഭഗവാൻതന്നെ കണ്ടിട്ടദ്ഭുതത്തോടുകൂടി

അദിതിയാനന്ദിച്ചു, കശ്യപപ്രജാപതി
മുദിതനായി 'ജ്ജയിച്ചാലു'മെന്നോതീടിനാൻ.
11

അവ്യക്തചിത്സ്വരൂപൻ ഭൂഷണായുധങ്ങളാൽ
സുവ്യക്തം ശോഭിച്ചീടുമാകൃതിയോടുകൂടി

ദിവ്യമാം ഗതിയാളും നടൻെറമട്ടങ്ങവ-
രേവരും കാണ്കെയൊരു വാമനവടുവായാൻ. 12

ഹ്രസ്വാംഗനാമദ്വിജബാലനെക്കണ്ടൃഷീന്ദ്രർ
കശ്യപൻതന്നെക്കൊണ്ടു ചെയ്യിച്ചു സംസ്കാ-
രങ്ങൾ. 13

അക്കുമാരൻതന്നുപനയനസന്ദർഭത്തി-
ലർക്കൻ ഗായത്രീമന്ത്രമുപദേശിച്ചീടിനാൻ,

ബ്രഹ്മസൂത്രത്തെദ്ധരിപ്പിച്ചിതു ബൃഹസ്പതി,
നന്മട്ടു കടിസൂത്രം കശ്യപൻ ഘടിപ്പിച്ചാൻ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദദൗ കൃഷ്ണാജിനം ഭൂമിർദ്ദണ്ഡം സോമോ വനസ്പതിഃ
കൗപീനാച്ഛാദനം മാതാ, ദ്യൗഃ ഛത്രം ജഗതഃ പതേഃ. 15
കമണ്ഡലും വേദഗർഭഃ കുശാൻ സപ്തർഷയോ ദദുഃ
അക്ഷമാലാം മഹാരാജ! സരസ്വത്യവ്യയാത്മനഃ. 16
തസ്മാ ഇത്യുപനീതായ യക്ഷരാട് പാത്രികാമദാത്
ഭിക്ഷാം ഭഗവതീ സാക്ഷാദുമാദാദംബികാ സതീ. 17
സ ബ്രഹ്മവർച്ചസേനൈവം സഭാം സംഭാവിതോ വടുഃ
ബ്രഹ്മർഷിഗണസഞ്ജുഷ്ടാമത്യരോചത മാരിഷഃ. 18
സമിദ്ധമാഹിതം വഹ്നിം കൃത്വാ പരിസമൂഹനം
പരിസ്തീര്യ സമഭ്യർച്ച്യ സമിദ്ഭിരജുഹോദ്ദ്വിജഃ. 19

ശ്രുത്വാശ്വമേധൈര്യജമാനമൂർജ്ജിതം
ബലിം ഭൃഗൂണാമുപകല്പിതൈസ്തതഃ
ജഗാമ തത്രാഖിലസാരസംഭൃതോ
ഭാരേണ ഗാം സന്നമയൻ പദേ പദേ. 20

തം നർമ്മദായാസ്തട ഉത്തരേ ബലേ-
ര്യ ഋത്വിജസ്തേ ഭൃഗുകച്ഛസംജ്ഞകേ
പ്രവർത്തയന്തോ ഭൃഗവഃ ക്രതൂത്തമം
വ്യചക്ഷതാരാദുദിതം യഥാ രവിം. 21

ത ഋത്വിജോ യജമാനഃ സദസ്യാ
ഹതത്വിഷോ വാമനതേജസാ നൃപ!
സൂര്യഃ കിലായാത്യുത വാ വിഭാവസുഃ
സനത്കുമാരോഽഥ ദിദൃക്ഷയാ ക്രതോഃ. 22

ഇത്ഥം സശിഷ്യേഷു ഭൃഗുഷ്വനേകധാ
വിതർക്ക്യമാണോ ഭഗവാൻ സവാമനഃ
ഛത്രം സദണ്ഡം സജലം കമണ്ഡലും
വിവേശ ബിഭ്രദ്ധയമേധവാടം. 23

മൗഞ്ജ്യാ മേഖലയാ വീതമുപവീതാജിനോത്തരം
ജടിലം വാമനം വിപ്രം മായാമാണവകം ഹരിം. 24
പ്രവിഷ്ടം വീക്ഷ്യ ഭൃഗവഃ സശിഷ്യാസ്തേ സഹാഗ്നിഭിഃ
പ്രത്യഗൃഹ്ണൻ സമുത്ഥായ സംക്ഷിപ്താസ്തസ്യ തേജസാ. 25
യജമാനഃ പ്രമുദിതോ ദർശനീയം മനോരമം
രൂപാനുരൂപാവയവം തസ്മാ ആസനമാഹരത്. 26
സ്വാഗതേനാഭിനന്ദ്യാഥ പാദൗ ഭഗവതോ ബലിഃ
അവനിജ്യാർച്ചയാമാസ മുക്തസങ്ഗമനോരമം. 27

തത്പാദശൗചം ജനകല്മഷാപഹം
സ ധർമ്മവിന്മൂർദ്ധ്ന്യദധാത് സുമങ്ഗലം
യദ്ദേവദേവോ ഗിരിശശ്ചന്ദ്രമൗലി-
ർദ്ദധാര മൂർദ്ധ്നാ പരയാ ച ഭക്ത്യാ. 28

ബലിരുവാച

സ്വാഗതം തേ നമസ്തുഭ്യം, ബ്രഹ്മൻ, കിം കരവാമ തേ
ബ്രഹ്മർഷീണാം തപഃ സാക്ഷാന്മന്യേ ത്വാഽഽര്യ വപുർദ്ധരം. 29
അദ്യ നഃ പിതരസ്തൃപ്താ അദ്യ നഃ പാവിതം കുലം
അദ്യ സ്വിഷ്ടഃ ക്രതുരയം യദ്ഭവാനാഗതോ ഗൃഹാൻ. 30

അഗ്ന്യാദയോ മേ സുഹുതാ യഥാവിധി
ദ്വിജാത്മജ, ത്വച്ചരണാവനേജനൈഃ
ഹതാംഹസോ വാർഭിരിയം ച ഭൂരഹോ
തഥാ പുനീതാ തനുഭിഃ പദൈസ്തവ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാമനമൂർത്തിയാമബ്രഹ്മചാരിക്കുടപ്പാൻ
ഭൂമി നൽകൃഷ്ണാജിന,മൃക്ഷനാഥനാം ചന്ദ്രൻ

ദണ്ഡവു,മദിതി കൗപീനവും, വിൺദേവത
നന്ദിപൂർവ്വകമൊരു കുടയും കൊടുത്തിതു. 15

അക്ഷയൻ ഭഗവാനായക്ഷണം സരസ്വതി-
യക്ഷമാലയും, കുശ സപ്തർഷിമാരും പിന്നെ.

ബ്രഹ്മാവു കമണ്ഡലു, കുബേരൻ ഭിക്ഷാപാത്രം
അംബികാഭഗവതി ഭിക്ഷയും സമ്മാനിച്ചു.
16–17

ഇമ്മട്ടു സംഭാവിതനാകുമാ ബ്രഹ്മചാരി
ബ്രഹ്മതേജസ്സിനാലബ്രഹ്മർഷിസംഘം തിങ്ങും

ആ മഹാസഭാതലമതിക്രമിച്ചു കാന്തി
ഭൂമാവായ് പരിലസിച്ചീടിനാൻ മേദിനീശാ!
18

നന്നായി ജ്വലിക്കുന്നവിധത്തിൽ സ്ഥാപി-
ച്ചുള്ള
വഹ്നിയെയൊന്നുചേർത്തു നെയ്യൊഴിച്ചുച്ചിച്ചുടൻ

ഹോമദ്രവ്യങ്ങളതിലിട്ടു ഹോമിച്ചീടിനാൻ
വാമനമൂർത്തിയാമബ്രാഹ്മണകുമാരകൻ. 19

സമ്പത്സമൃദ്ധിയാലും, ദൈത്യേന്ദ്രൻ മഹാബലി
വൻപാർന്നു ശുക്രാചാര്യാദ്യുപദേശാനുസാരം

അശ്വമേധങ്ങളാലേ യജിക്കുന്നതായ്ക്കേട്ടു
വിശ്വസാരം സമസ്തം സംഭരിച്ചോരാ വടു

അടിയോരോന്നുവച്ചു ഭൂമിയെ നമിപ്പിച്ചു
നടന്നാനുടൻ നേരേ യാഗശാലയിലേക്കായ്.
20

നർമ്മദോത്തരതീരംതന്നിലബ് ഭൃഗുകച്ഛ-
നാമകക്ഷേത്രംതന്നിലുത്തമമശ്വമേധം

നടത്തും ഭൃഗുവംശ്യവിപ്രന്മാർ കണ്ടിതങ്ങോ-
ട്ടടുത്തുചെല്ലും ബ്രഹ്മചാരിയെസ്സൂര്യന്മട്ടിൽ. 21

ഋത്വിക്കുകളും യജമാനനും സദസ്യരും
തത്തേജസ്സപഹരിച്ചങ്ങോട്ടു നേരേചെല്ലും

അദ്ദേഹത്തിനെക്കണ്ടു വിസ്മയംപൂണ്ടപാര-
മധ്വരം കാണ്മാനായിസ്സനൽകുമാരൻതാനോ

മിത്രനോ വഹ്നിതാനോ യാഗശാലയി-
ലേക്കായ്
സത്വരം വരികയോയെന്നു ശങ്കിച്ചിരുന്നാർ. 22

ശുക്രാദിമുനിമാരും ശിഷ്യരും സംശയിച്ചു
നില്ക്കവേ നീക്കിണ്ടിയും ഛത്രവും ധരിച്ചുടൻ

വാമനമൂർത്തിയാകും ഭഗവാൻ മഹാവിഷ്ണു-
വാമഹാദ്ധ്വരശാലതന്നിൽച്ചെന്നേറീടി-
നാൻ. 23

അരയിൽ മുഞ്ജക്കയർ ചുററിയുമുത്തരീയം
ധരിക്കുംവിധം മൃഗചർമ്മോപവീതമാർന്നും

മായാബ്രഹ്മചാരിയായ് ജടാധാരിയായ്
ഹ്രസ്വ-
കായനായ് വിപ്രനാമബ് ഭഗവാൻ മുകുന്ദനെ

തദ്ദിവ്യതേജസ്സിനാൽ നഷ്ടപ്രകാശന്മാരാ
മൃത്വിഗ്വൃന്ദവും ശുക്രമുനിതൻ ശിഷ്യന്മാരും

എഴുന്നേററെതിരേററു സാഗ്നികളായിച്ചെന്നു
തൊഴുതു വേണ്ടുംവിധമൊക്കെയും സൽക്കരി-
ച്ചാർ. 24–25

ആകൃതിക്കൊത്തിണങ്ങുമവയവങ്ങാംമൂല-
മാകർഷണീയനായിദ്ദർശനയോഗ്യനാകും

ആ വടുവിന്നിരിപ്പാൻ സന്തോഷത്തോടുകൂടി
മാബലിതന്നേ കൊടുത്തീടിനാൻ മാന്യാ-
സനം. 26

സ്വാഗതമോതിപ്പിന്നെ മുക്തസങ്ഗാന്തരംഗം
പൂകിയാരമിച്ചീടുമബ് ഭഗവാനെബ്ബലി

അഭിനന്ദിച്ചുടൻ തൽപാദക്ഷാളനംചെയ്തു
സപര്യ വേണ്ടുംവിധം സാദരമാചരിച്ചാൻ. 27

ആരുടെ പാദതീർത്ഥം ചന്ദ്രശേഖരനാകും
ഗൗരീശൻപോലുമെന്നും മൂർദ്ധാവിൽ ഭക്തിപൂർവ്വം

ധരിച്ചിരിക്കുന്നുവോ, മങ്ഗലകരമായി
ദുരിതസമൂഹത്തെ നശിപ്പിച്ചീടുന്നതാം

ആ മഹനീയതീർത്ഥം ദൈത്യേന്ദ്രൻ മഹാബലി-
യാമോദപുരസ്സരം ശിരസ്സിൽ ധരിച്ചിതേ. 28

മഹാബലി പറഞ്ഞു

സ്വാഗതമയേ ബ്രഹ്മൻ! ഭവാനു നമസ്കാര-
മാഗമനോദ്ദേശമതെന്തെന്നു ചൊല്ലിയാലും.

ബ്രഹ്മർഷിമാർതൻ തപസ്സാകാരം ധരിച്ചേവ-
മെന്മുന്നിൽ വന്നെന്നുതാനങ്ങയെക്കരുതു-
ന്നേൻ. 29

ഞങ്ങടെ ഭവനത്തിൽ ഭവാൻ വന്നതുമൂലം
മങ്ഗലരായിത്തീർന്നു ഞങ്ങടെ പിതൃക്കളും

ശുദ്ധമായ് ഭവിച്ചിതു വംശവുമെന്നതല്ലീ-
യദ്ധ്വരമതും നേരേ യജിക്കപ്പെട്ടതായി. 30

വിപ്രബാലകാ! ഭവൽപാദക്ഷാളനനീര-
മല്ലം ഞാൻ ധരിച്ചപ്പോഴം പൊയ്പോയി മദ്-
ദുഷ്കൃതം

മാമകാഗ്നികളം നേരേ ഹോമിക്കപ്പെട്ടിതി-
ന്നെൻ
ഭൂമിയും ശുദ്ധമാക്കീ ത്വൽസൂക്ഷ്മപാദസ്പർശം. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്യദ്വടോ വാഞ്ഛസി തത് പ്രതീച്ഛ മേ
ത്വാമർത്ഥിനം വിപ്രസുതാനുതർക്കയേ
ഗാം കാഞ്ചനം ഗുണവദ്ധാമ മൃഷ്ടം
തഥാന്നപേയമുത വാ വിപ്ര കന്യാം
ഗ്രാമാൻ സമൃദ്ധാംസ്തുരഗാൻ ഗജാൻ വാ
രഥാംസ്തഥാർഹത്തമ, സമ്പ്രതീച്ഛ. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വാമനപ്രാദുർഭാവേ ബലിവാമനസംവാദേ അഷ്ടാദശോ$ഽ$ധ്യായഃ

ഏകോനവിംശതിതമോ$ഽ$ധ്യായഃ

ശ്രീശുക ഉവാച
ഇതി വൈരോചനേർവാക്യം ധർമ്മയുക്തം സ സൂനൃതം
നിശമ്യ ഭഗവാൻ പ്രീതഃ പ്രതിനന്ദ്യേദമബ്രവീത്. 1

ശ്രീഭഗവാനുവാച
വചസ്തവൈതജ്ജനദേവ സൂനൃതം
കുലോചിതം ധർമ്മയുതം യശസ്കരം
യസ്യ പ്രമാണം ഭൃഗവഃ സാംപരായേ
പിതാമഹഃ കുലവൃദ്ധഃ പ്രശാന്തഃ. 2

ന ഹ്യേതസ്മിൻ കുലേ കശ്ചിന്നിഃസത്ത്വഃ കൃപണഃ പുമാൻ
പ്രത്യാഖ്യാതാ പ്രതിശ്രുത്യ യോ വാ$ഽ$ദാതാ ദ്വിജാതയേ. 3

ന സന്തി തീർത്ഥേ യുധി വാർത്ഥിനാർത്ഥിതാഃ
പരാങ്മുഖാ യേ ത്വമനസ്വിനോ നൃപാഃ
യുഷ്മത്കുലേ യദ്യശസാമലേന
പ്രഹ്ലാദ ഉദ്ഭാതി യഥോഡുപഃ ഖേ. 4

യതോ ജാതോ ഹിരണ്യാക്ഷശ്ചരന്നേക ഇമാം മഹീം
പ്രതിവീരം ദിഗ്വിജയേ നാവിന്ദത ഗദാധരഃ. 5

യം വിനിർജ്ജിത്യ കൃച്ഛ്റേണ വിഷ്ണുഃ ക്ഷ്മോദ്ധാര ആഗതം
നാത്മാനം ജയിനം മേനേ തദ്വീര്യം ഭൂര്യനുസ്മരൻ. 6

നിശമ്യ തദ്വധം ഭ്രാതാ ഹിരണ്യകശിപുഃ പുരാ
ഹന്തും ഭ്രാതൃഹണം ക്രുദ്ധോ ജഗാമ നിലയം ഹരേഃ. 7

തമായാന്തം സമാലോക്യ ശൂലപാണിം കൃതാന്തവത്
ചിന്തയാമാസ കാലജ്ഞോ വിഷ്ണുർമ്മായാവിനാം വരഃ. 8

''യതോ യതോ$ഽ$ഹം തത്രാസൗ മൃത്യുഃ പ്രാണഭൃതാമിവ
അതോ$ഽ$ഹമസ്യ ഹൃദയം പ്രവേക്ഷ്യാമി പരാഗ്ദൃശഃ'' 9

ഏവം സ നിശ്ചിത്യ രിപോഃ ശരീര-
മാധാവതോ നിർവ്വിവിശേ$ഽ$സുരേന്ദ്ര
ശ്വാസാനിലാന്തർഹിതസൂക്ഷ്മദേഹ-
സ്തത്പ്രാണരന്ധ്രേണ വിവിഗ്നചേതാഃ. 10

സ തന്നികേതം പരിമൃശ്യ ശൂന്യ-
മപശ്യമാനഃ കുപിതോ നനാദ
ക്ഷ്മാം ദ്യാം ദിശഃ ഖം വിവരാൻ സമുദ്രാൻ
വിഷ്ണും വിചിന്വൻ ന ദദർശ വീരഃ. 11

അപശ്യന്നിതി ഹോവാച ''മയാന്വിഷ്ടമിദം ജഗത്
ഭ്രാതൃഹാ മേ ഗതോ നൂനം യതോ നാവർത്തതേ പുമാൻ.'' 12

വൈരാനുബന്ധ ഏതാവാനാമൃത്യോരിഹ ദേഹിനാം
അജ്ഞാനപ്രഭവോ മന്യുരഹംമാനോപബൃംഹിതഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വിപ്രബാലാ! സാധോ! മഹാത്മാവാകു–
മങ്ങേ–
ക്കേവലമർത്ഥിയെന്നതന്നെ ഞാൻ വിചാരിപ്പൂ.
ചൊന്നാലുമഭിലാഷമെന്തെന്നു മടിയാതെ
സന്ദേഹംവിട്ടതെന്നോടിക്ഷണം വരിച്ചാലും.
ധേനുവോ സുവർണ്ണമോ ഗുണയുക്തമാം വാസ–
സ്ഥാനമോ ശുദ്ധമാകുമന്നമോ പേയങ്ങളോ
സ്യന്ദനങ്ങളോ പിന്നെയല്ലെങ്കിലനുരൂപ–
കന്യയോ സമൃദ്ധങ്ങളായീടും ഗ്രാമങ്ങളോ
കുതിരകളോ ഗജഗണമോ വേണ്ടതെന്താ–
ണതെല്ലാമഹ്നാകുമങ്ങിതാ വാങ്ങിയാലും. 32

അദ്ധ്യായം 19

വാമനചരിതം

ശ്രീശുകൻ പറഞ്ഞു

ധർമ്മസംയുതമായി ഹിതമായ് യഥാർത്ഥമാ–
മമ്മഹാബലിയുടെ വാക്യമീവിധം കേട്ടു
അത്യന്തം സന്തുഷ്ടനായ് ഭഗവാൻ പ്രതിനന്ദി–
ച്ചിത്തരം ദൈത്യരാജൻതന്നോടു ചൊന്നീടി–
നാൻ. 1

ശ്രീഭഗവാൻ പറഞ്ഞു

അല്ലയോ ജനപാലനായീടും ദേവാ! തവ
ചൊല്ലിതു ധർമ്മ്യം സത്യം യശസ്യം കുലോ–
ചിതം
പ്രമാണമങ്ങേക്കിഹ ഭൃഗുക്കളും, പരത്തിലോ
പ്രശാന്തൻ കുലവൃദ്ധൻ പ്രഹ്ലാദൻതാനുമല്ലോ. 2
ഇക്കുലംതന്നിൽ ധൈര്യഹീനനോ ലുബ്ധ–
നോതൻ
വാഗ്ദാനം ലംഘിച്ചീടുന്നവനോ ബ്രാഹ്മണ–
ർക്കായ്
ദാനമാചരിക്കുവാൻ മടിച്ചുമാറുവോനോ
ദാനവശ്രേഷ്ഠാ! ജാതരായിട്ടില്ലിന്നോളവും. 3
ദാനയോഗ്യമായീടും സമയത്തർത്ഥികൾക്കു
ദാനമേകുവാനായിസ്സുമനസ്സില്ലാതെയോ
പോരിനു വിളിക്കുമ്പോൾ നേരിടാൻ ധൈര്യ–
മറ്റോ
ആരുമുണ്ടായിട്ടില്ലീ മന്നവാന്വയംതന്നിൽ.
നിർമ്മലകീർത്തിമാനായ് മിന്നുന്ന ചന്ദ്രനെപ്പോ–
ലംബരത്തിലീവംശ്യൻ പ്രഹ്ലാദൻ ഭക്തോ–
ത്തമൻ. 4
ഇക്കുലംതന്നിൽ ജാതൻ ഹിരണ്യൻ താനേ ഗദ–
കൈക്കൊണ്ടു ദിഗ്ജയത്തിനായിട്ടിബ്ഭൂമി–
യെങ്ങും
ചുറ്റിസ്സഞ്ചരിച്ചതിലവനോടെതിർക്കുവാ–
നൊറ്റപ്പുരുഷൻപോലുമില്ലാതെയിരുന്നിതു. 5
ഭൂമിയെയുദ്ധരിക്കുംവേളയിൽ വന്നെതിർത്തോ–
രാമഹാദൈത്യേന്ദ്രനെ യത്നത്താൽ വെന്നീ–
ടിലും
തദ്ഭൂരിവീര്യം സ്മരിച്ചവനേത്താൻ ജയിച്ചെ–
ന്നല്പവുമഭിമാനം ശ്രീഹരിക്കുണ്ടായീല. 6
തദ്വധവർത്തമാനം ഹിരണ്യകശിപു കേ–
ട്ടുടനുള്ളിൽ രോഷത്തോടും സോദരഹന്താവിനെ
കൊല്ലുവാനതിദ്രുതമഖിലലോകേശനാം
മല്ലാരിഭഗവാൻതൻ പത്തനമെത്തീടിനാൻ. 7
ശൂലവും കൈയിൽപ്പൊക്കിപ്പിടിച്ചന്തക–
നെന്ന–
പോലെ തൻനേരേ വരുമവനെക്കണ്ടു വേഗം
മായാമാനുഷൻ ഹരി തത്ക്കാലമെന്തുപായ–
മായിരിക്കണമിഹ വേണ്ടതെന്നാലോചി–
ച്ചാൻ. 8
''ഞാനെങ്ങു പോയീടിലുമങ്ങൊക്കെയി–
വനെന്നെ
പ്രാണിതൻ പിൻപേ കാല,ന്മട്ടനുഗമിച്ചീടും
അഹമിദ്ദൈത്യേന്ദ്രാന്തർഭാഗത്തിലൊളിച്ചീടാം
ബഹിർദൃഷ്ടിയാമവൻ തിരഞ്ഞീടട്ടെ–
യെങ്ങും.'' 9
നിശ്ചയിച്ചിപ്രകാരം ഭഗവാൻ ഭയത്തിനാ-
ലുച്ചലച്ചേതസ്സായിത്തൻ പ്രാണമരുത്തിനാൽ
ഛന്നസൂക്ഷ്മാംഗനായ്ത്തന്നാസികാദ്വാര–
ത്തൂടെ
തൂർണ്ണമാ ദ്രുതചരശത്രുവിന്നുള്ളം പുക്കാൻ. 10
ഹിരണ്യകശിപുവബ്ഭഗവൽപ്പത്തനത്തി–
ലൊരുവനേയും കാണാഞ്ഞുൾക്കട–
ക്രോധത്തോടും
അലറിക്കൊണ്ടു മൺവിണ്ണുകൾ ദിക്കുപത്തും
ജലരാശികളന്തരിക്ഷവും പാതാളവും
സർവത്ര ഗർവ്വത്തോടും പാഞ്ഞുപോയാരാ–
ഞ്ഞിട്ടും
സർവാന്തര്യാമിയാമദ്ദേവനെക്കണ്ടതില്ല. 11
പിന്നെസ്സ്പഷ്ടമായവൻ കഥിച്ചീടിനാ''നെങ്ങു–
മന്വേഷിച്ചീടിനേനെൻ സോദരഹന്താവിനെ
ഏതൊരിടത്തു ചെന്നാൽ മടങ്ങിവരില്ലയോ
വാദമില്ലസ്ഥലത്തു താനവൻ പോയി–
രിപ്പൂ. 12
ലോകത്തിൽ ദേഹികൾക്കു വൈരാനു–
ബന്ധമോർത്താൽ
ചാകുന്ന നാളോളംതാൻ, ദേഹാഭിമാനത്തി–
നാൽ
വർദ്ധിക്കപ്പെട്ടീടുന്ന കോപമജ്ഞാനത്തിൽനി–
ന്നുദ്ഭവിച്ചീടുന്നതാണെന്നതിൽ തർക്കമില്ല. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതാ പ്രഹ്ലാദപുത്രസ്തേ തദ്വിദ്വാൻ ദ്വിജവത്സലഃ
സ്വമായുർദ്വിജലിങ്ഗേഭ്യോ ദേവേഭ്യോഽദാത് സ
യാചിതഃ. 14

ഭവാനാചരിതാൻ ധർമ്മാനാസ്ഥിതോ ഗൃഹമേധിഭിഃ
ബ്രാഹ്മണൈഃ പൂർവ്വജൈഃ ശൂരൈരന്യൈശ്ചോദ്ദാമകീർത്തിഭിഃ 15

തസ്മാത് ത്വത്തോ മഹീമീഷദ്വൃണേഽഹം വരദർഷഭാത്
പദാനി ത്രീണി, ദൈത്യേന്ദ്ര, സംമിതാനി പദാ മമ. 16

നാന്യത് തേ കാമയേ രാജന്വദാന്യാജ്ജഗദീശ്വരാത്
നൈനഃ പ്രാപ്നോതി വൈ വിദ്വാന്യാവദർത്ഥപ്രതിഗ്രഹഃ. 17

ബലിരുവാച

അഹോ, ബ്രാഹ്മണദായാദ, വാചസ്തേ വൃദ്ധസംമതാഃ
ത്വം ബാലോ ബാലിശമതിഃ സ്വാർത്ഥം പ്രത്യബുധോ യഥാ.
18

മാം വചോഭിഃ സമാരാധ്യ ലോകാനാമേകമീശ്വരം
പദത്രയം വൃണീതേ യോഽബുദ്ധിമാൻ ദ്വീപദാശുഷം. 19

ന പുമാൻ മാമുപവ്രജ്യ ഭൂയോ യാചിതുമർഹതി
തസ്മാദ് വൃത്തികരീം ഭൂമിം, വടോ, കാമം പ്രതീച്ഛ മേ. 20

ശ്രീഭഗവാനുവാച

യാവന്തോ വിഷയാഃ ശ്രേഷ്ഠാസ്ത്രിലോക്യാമജിതേന്ദ്രിയം
ന ശക്നുവന്തി തേ സർവ്വേ പ്രതിപൂരയിതും നൃപ! 21

ത്രിഭിഃ ക്രമൈരസന്തുഷ്ടോ ദ്വീപേനാപി ന പൂര്യതേ
നവവർഷസമേതേന സപ്തദ്വീപവരേച്ഛയാ. 22

സപ്തദ്വീപാധിപതയോ നൃപാഃ വൈന്യഗയാദയഃ
അർത്ഥൈഃ കാമൈർഗ്ഗതാ നാന്തം തൃഷ്ണായ ഇതി നഃ ശ്രുതം. 23

യദൃച്ഛയോപപന്നേന സന്തുഷ്ടോ വർത്തതേ സുഖം
നാസന്തുഷ്ടസ്ത്രിഭിർല്ലോകൈരജിതാത്മോപസാദിതൈഃ. 24

പുംസോഽയം സംസൃതേർഹേതുരസന്തോഷോഽർത്ഥകാമയോഃ
യദൃച്ഛയോപപന്നേന സന്തോഷോ മുക്തയേ സ്മൃതഃ. 25

യദൃച്ഛാലാഭതുഷ്ടസ്യ തേജോ വിപ്രസ്യ വർദ്ധതേ
തത് പ്രശാമ്യത്യസന്തോഷാദംഭസേവാശുശുക്ഷണിഃ. 26

തസ്മാത് ത്രീണി പദാന്യേവ വൃണേ ത്വദ്വരദർഷഭാത്
ഏതാവതൈവ സിദ്ധോഽഹം വിത്തം യാവത്
പ്രയോജനം. 27

ശ്രീശുക ഉവാച

ഇത്യുക്തഃ സ ഹസന്നാഹ, ''വാഞ്ഛിതം പ്രതിഗൃഹ്യതാം''
വാമനായ മഹീം ദാതും ജഗ്രാഹ ജലഭാജനം. 28

വിഷ്ണവേ ക്ഷ്മാം പ്രദാസ്യന്തമുശനാ അസുരേശ്വരം
ജാനംശ്ചികീർഷിതം വിഷ്ണോഃ ശിഷ്യം പ്രാഹ വിദാം വരഃ 29

ശുക്ര ഉവാച

ഏഷ വൈരോചനേ! സാക്ഷാദ്ഭഗവാന്വിഷ്ണുരവ്യയഃ
കശ്യപാദദിതേർജ്ജാതോ ദേവാനാം കാര്യസാധകഃ. 30

പ്രതിശ്രുതം ത്വയൈതസ്മൈ യദനർത്ഥമജാനതാ
ന സാധു മന്യേ ദൈത്യാനാം മഹാനുപഗതോഽനയഃ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൽപിതാവാകും വിരോചനനും വിപ്രന്മാരി-
ലല്പമായിരുന്നില്ല വാത്സല്യം ദനുജേന്ദ്ര!
അരികൾ വിപ്രവേഷം ധരിച്ചു, പ്രഹ്ലാദജ-
ന്നരികിൽച്ചെന്നവൻെറയായുസ്സു യാചിക്കവേ
മായയാൽ ദ്വിജവേഷം ചമഞ്ഞോരവരാദി-
തേയരെന്നറിഞ്ഞിട്ടുമായുസ്സവർക്കേകിനാൻ. 14
ഗൃഹസ്ഥാശ്രമസ്ഥരാം ശുക്രാദിദ്വിജന്മാരും
മഹത്വമാളും പൂർവജാതരാം വീരന്മാരും
കീർത്തിശാലികളാകുമന്യരുമാചരിക്കു-
മുത്തമധർമ്മങ്ങളിലാസ്ഥിതനത്രേ ഭവാൻ. 15
വരദന്മാരിൽ ശ്രേഷ്ഠനാകിന ഭവാനോടു
വരിച്ചീടുന്നേനല്പം ഭൂമി ഞാനസുരേന്ദ്രാ!
എന്നുടെയിപ്പാദത്താൽ മൂന്നടിയളവാളും
മന്നിടം മാത്രം ദാനംചെയ്യാലുമതേ വേണ്ടൂ. 16
മന്നവാ! ഭവാൻ ദാനശീലനും ലോകേശനു-
മെന്നാലുമിതിലേറെയർത്ഥിക്കുന്നില്ലൊന്നുമേ.
വേണ്ടിടത്തോളം മാത്രം സാധനം സ്വീകരിക്കും
പണ്ഡിതൻ പാപത്തിനു പാത്രമായ്-
ത്തീരുന്നില്ല. 17

ബലി പറഞ്ഞു

ബ്രാഹ്മണദായാദാ! നിൻ വാക്കുകൾ
വൃദ്ധന്മാർക്കും
സമ്മതമായുള്ളവതന്നെ, സംശയമില്ല.
പാർത്തീടിൽ ഭവാൻ ബാലനല്ല ബാലിശധീയും
സ്വാർത്ഥമെന്തെന്നതേതുമറിയാത്തവനും താൻ.
18
ലോകങ്ങൾക്കെല്ലാമേകനാഥനായ്
ദ്വീപക്കണ-
ക്കേകുവാൻ പോരുമെന്നെ സ്തുതിയാൽ
തുഷ്ടനാക്കി
മൂവടിസ്ഥലം മാത്രമാവശ്യപ്പെടുന്നവൻ
ഭുവിതിൽ ഭോഷന്മാരിലൊക്കെയുമഗ്രേ-
സരൻ. 19
എന്നോടൊരിക്കൽ വന്നു യാചിക്കുന്നവൻ
പിന്നെ-
യന്യനോടൊരിക്കലുമിരക്കാനർഹനല്ല.
അതിനാലങ്ങേയ്ക്കുപജീവനത്തിനുവേണ്ടും
ക്ഷിതിയങ്ങിഷ്ടംപോലിന്നെന്നോടു
വാങ്ങിക്കൊള്ളൂ. 20

ശ്രീഭഗവാൻ പറഞ്ഞു

മൂപ്പാരിലെഴും ശ്രേഷ്ഠവിഷയമൊന്നുംതന്നെ
തൃപ്തനാക്കീടുന്നതില്ലജിതേന്ദ്രിയൻതന്നെ. 21
മൂന്നടി മന്നുകൊണ്ടു സന്തുഷ്ടനാകാത്തവ-
നാന്നിടാ തൃപ്തിയേകദ്വീപംതാൻ ലഭിക്കിലും.
അപ്പൊഴുതാശിച്ചിടും നവഖണ്ഡങ്ങളാളും
സപ്തദ്വീപത്തിന്നധിപതിയായ്
വാഴാനവൻ. 22
സപ്തദ്വീപേശന്മാരാം പൃഥുചക്രവർത്തിയും
ചൊൽപ്പൊങ്ങും ഗയാദ്യരാം നൃപപുങ്ഗവ-
ന്മാരും
അർത്ഥകാമങ്ങൾകൊണ്ടു തൃഷ്ണതന്നവസാന-
മെത്തിയിട്ടില്ലെന്നിങ്ങു ഞങ്ങൾ കേട്ടിരി-
ക്കുന്നു. 23
യദൃച്ഛാലാഭത്തിനാൽ സന്തോഷിച്ചിടും പുമാൻ,
സതതം സുഖിക്കുന്നി,തജിതചിത്തനായോൻ,
ത്രൈലോക്യം ലഭിക്കിലും തുഷ്ടനാകുന്നി-
ല്ലൊരു-
കാലത്തുമുണ്ടായിടുന്നില്ലവന്നേതും സുഖം. 24
അർത്ഥകാമങ്ങളിലെയിയസന്തോഷമത്രേ
മർത്ത്യനെ നരകാംബുരാശിയിൽത്തള്ളുന്നതും.
യദൃച്ഛാലാഭതുഷ്ടൻ ഘോരസംസാരവാരാ-
ന്നിധിയെത്തരണംചെയ്തീടുന്നിതനാ-
യാസം. 25
കിട്ടുന്ന പദാർത്ഥത്താൽ തുഷ്ടനാം ഭൂദേവനു
പുഷ്ടമായീടുന്നിതു നിജ തേജസ്സു പാരം
ജലത്താലഗ്നിമട്ടി,ലസന്തുഷ്ടിയാലതു
വിലയംഗമിക്കയും ചെയ്യുന്നിതതിദ്രുതം. 26
വരദപ്രഭുവാകും ഭവാനിൽനിന്നിദാനീം
ധരയിൽ മൂന്നടിയേയെനിക്കു വേണ്ടതുള്ളൂ.
അതിനാൽ ഞാൻ സിദ്ധനാമാവശ്യത്തിനു
മാത്രം
മതി മേ സ്വമ്പ,ത്തതിൽക്കൂടുതലനർത്ഥമാം. 27

ശ്രീശുകൻ പറഞ്ഞു

ഹരിയീവിധം കഥിച്ചീടവേ മഹാബലി
ചിരിച്ചുകൊണ്ടു, ''ങ്ങെന്നാൽ ഗ്രഹിക്കു ഭൂ''-
വെന്നോതി
വടുവിനായി ഭൂമി ദാനംചെയ്യുവാനവ-
നെടുത്തീടിനാൻ കയ്യിലുടനേ ജലപാത്രം. 28
ഭൂദാനംചെയ്യുവാനായ് ഭാവിക്കും സ്വശി-
ഷ്യനാ-
മാദാനവേന്ദ്രനോടായ് ബുധശ്രേഷ്ഠനാം ശുക്രൻ
ഈ വടു വിഷ്ണുവെന്നുമെന്തുചെയ്യുവാനാണു-
ഭാവിപ്പതിപ്പോഴെന്നുമറിഞ്ഞു പറഞ്ഞിതു. 29

ശുക്രൻ പറഞ്ഞു

ഹേ വൈരോചനേ! യിവനവ്യയനായീടുമാ
ശ്രീവിഷ്ണുഭഗവാൻതാനില്ല സംശയമേതും
ദേവകാര്യത്തിനായിക്കശ്യപമാമുനിക്കും
ദേവിയാമദിതിക്കും പുത്രനായുദ്ഭവിച്ചാൻ.
30
വിപത്തു നിനക്കുടത്തിരിപ്പതറിയാതെ
ശപഥംചെയ്തു ഭൂമിയരുളാമെന്നായി നീ.'
നന്നായില്ലതെന്നുതാനെൻ പക്ഷം ദൈത്യ-
രെല്ലാ-
മുന്നതദുഃഖമനുഭവിക്കാറായി നൂനം. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷ തേ സ്ഥാനമൈശ്വര്യം ശ്രിയം തേജോ യശഃ ശ്രുതം
ദാസ്യത്യാച്ഛിദ്യ ശക്രായ മായാമാണവകോ ഹരിഃ. 32
ത്രിഭിഃ ക്രമൈരിമാംല്ലോകാനവിശ്വകായഃ ക്രമിഷ്യതി
സർവ്വസ്വം വിഷ്ണവേ ദത്ത്വാ മൂഢ വർത്തിഷ്യസേ കഥം? 33
ക്രമതോ ഗാം പദൈകേന ദ്വിതീയേന ദിവം വിഭോഃ
ഖം ച കായേന മഹതാ താർത്തീയസ്യ കുതോ ഗതിഃ? 34
നിഷ്ഠാം തേ നരകേ മന്യേ ഹ്യപ്രദാതുഃ പ്രതിശ്രുതം
പ്രതിശ്രുതസ്യ യോഽനീശഃ പ്രതിപാദയിതും ഭവാൻ. 35
ന തദ്ദാനം പ്രശംസന്തി യേന വൃത്തിർവിപദ്യതേ
ദാനം യജ്ഞസ്തപഃ കർമ്മ ലോകേ വൃത്തിമതോ യതഃ. 36
ധർമ്മായ യശസേഽർത്ഥായ കാമായ സ്വജനായ ച
പഞ്ചധാ വിഭജന്വിത്തമിഹാമുത്ര ച മോദതേ. 37
അത്രാപി ബഹ്വൃചൈർഗ്ഗീതം ശൃണു മേഽസുരസത്തമ!
സത്യമോമിതി യത് പ്രോക്തം യന്നേത്യാഹാനൃതം ഹി
തത്. 38

സത്യം പുഷ്പഫലം വിദ്യാദാത്മവൃക്ഷസ്യ ജീവതഃ
വൃക്ഷേഽജീവതി തന്ന സ്യാദനൃതം മൂലമാത്മനഃ. 39
തദ്യഥാ വൃക്ഷ ഉന്മൂലഃ ശുഷ്യത്യുദ്വർത്തതേഽചിരാത്
ഏവം നഷ്ടാനൃതഃ സദ്യ ആത്മാ ശുഷ്യേന്ന സംശയഃ. 40
പരാഗ്രിക്തമപൂർണ്ണം വാ അക്ഷരം യത് തദോമിതി
യത് കിഞ്ചിദോമിതി ബ്രൂയാത് തേന രിച്യേത വൈ പുമാൻ
ഭിക്ഷവേ സർവ്വമോങ്കുർവ്വന്നാലം കാമേന ചാത്മനേ. 41
അഥൈതത് പൂർണ്ണമഭ്യാത്മം യച്ച നേത്യനൃതം വചഃ
സർവ്വം നേത്യനൃതം ബ്രൂയാത് സ ദുഷ്കീർത്തിഃ ശ്വസന്മൃതഃ. 42
സ്ത്രീഷു നർമ്മവിവാഹേ ച വൃത്ത്യർത്ഥേ പ്രാണസങ്കടേ
ഗോബ്രാഹ്മണാർത്ഥേ ഹിംസായാം നാനൃതം സ്യാജ്ജു-
ഗുപ്സിതം. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വാമനപ്രാദുർഭാവേ ഏകോനവിംശതിതമോഽധ്യായഃ

വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
ബലിരേവം ഗൃഹപതിഃ കുലാചാര്യേണ ഭാഷിതഃ
തൂഷ്ണീം ഭൂത്വാ ക്ഷണം രാജന്നുവാചാവഹിതോ ഗുരും. 1

ബലിരുവാച
സത്യം ഭഗവതാ പ്രോക്തം ധർമ്മോഽയം ഗൃഹമേധിനാം
അർത്ഥം കാമം യശോവൃത്തിം യോ ന ബാധേത കർഹി-
ചിത്. 2

സ ചാഹം വിത്തലോഭേന പ്രത്യാചക്ഷേ കഥം ദ്വിജം
പ്രതിശ്രുത്യ ദദാമീതി പ്രാഹ്ലാദിഃ കിതവോ യഥാ. 3
ന ഹ്യസത്യാത് പരോഽധർമ്മ ഇതി ഹോവാച ഭൂരിയം
സർവ്വം സോഢുമലം മന്യേ ഋതേഽലീകപരം നരം 4
നാഹം ബിഭേമി നിരയാന്നാധന്യാദസുഖാർണ്ണവാത്
ന സ്ഥാനച്യവനാന്മൃത്യോര്യഥാ വിപ്രപ്രലംഭനാത്. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായാവാമനനാകുമീ ഹരി നിൻ സ്ഥാനവും
തേജസ്സും ശ്രീയുമെങ്ങും വ്യാപ്തമാം നിൻ
കീർത്തിയും
സമസ്തം നിന്നിൽനിന്നും ഹരിച്ചുക്ഷണം
തന്നെ–
യമർത്ത്യാധീശ്വരന്നു കൊടുക്കും തർക്കമില്ല. 32
വിശ്വമെങ്ങുമേ തിങ്ങും ശരീരം ധരിച്ചിവൻ
നിശ്ചയമടിമൂന്നായ് മൂപ്പാരുമടക്കീടും.
മോഹത്താൽ മൂഢാ! സർവ്വം വിഷ്ണുവിനേകി–
യാൽ നിൻ
ദേഹരക്ഷയ്ക്കു പിന്നെ വല്ല മാർഗ്ഗവുമുണ്ടോ? 33
ഒരു കാലടികൊണ്ടു ഭൂമിയും ദ്വിതീയത്താൽ
സുരലോകവും മഹാകായത്താലാകാശവും
ആക്രമിച്ചീടും മഹാനാകുമാ വിഷ്ണുവിന്റെ
കാല്ക്കടൻ മൂന്നാമടിക്കേതിടമേകീടും നീ? 34
പ്രതിജ്ഞപോൽ മൂവടിസ്ഥലവുമേകീടുവാൻ
ദിതിജേശ്വരാ! ഭവാനപ്രാപ്തനായീടുകിൽ
പതിക്കും നരകത്തിൽ, തെല്ലുമേയേകായ്കിലു–
മതുതാൻ ഗതിയപ്പോളദാനമല്ലോ നല്ലൂ. 35
ദാനത്താൽ തനിക്കുപജീവനത്തിനു പററും
ഹാനിയെന്നാലതൊട്ടും പ്രശംസനീയമല്ല.
ദാനവും യാഗങ്ങളും തപസ്സും ജനതയ്ക്കു
നാനാവിധോപകാരകരമാം കർമ്മങ്ങളും
വൃത്തിസംയുക്തനായ മർത്ത്യനാചരിക്കേണ്ടും
കൃത്യങ്ങളെന്നാകയാൽ സ്വീകാര്യം വൃത്തി–
മാർഗ്ഗം. 36
ധർമ്മത്തിനായും കീർത്തി നിലനിർത്തുവാനായും
നന്മട്ടിൽ സമ്പത്തഭിവൃദ്ധമാക്കുവാനായും
തന്നുടെ സുഖാനുഭൂതിക്കായും നിജജന–
ത്തിന്നായും ഭാഗിക്കുന്ന പണ്ഡിതനായോൻ
ധനം
അഞ്ചായീവിധം ധനം ഭാഗിച്ചുകൊടുക്കുവോ–
നഞ്ചാതെയിഹത്തിലും സുഖിപ്പൂ പര–
ത്തിലും. 37
ദൈത്യേന്ദ്രാ! ബഹുവിധമന്ത്രങ്ങളാംകൊണ്ടാഗമം
സത്യാസത്യസ്വരൂപം നിർണ്ണയംചെയ്തിരിപ്പൂ.
'ഓ'മെന്ന ചൊല്ലു സത്യ,മില്ലെന്ന ചൊല്ലു–
സത്യ–
മീമട്ടിലത്രേ വിധികല്പിച്ചതിതിൽ ശ്രുതി. 38
ജീവത്താംകായശാഖിതൻ പുഷ്പഫലജാല–
മാവതു സത്യ,മതിൻ വേരസത്യവുമത്രേ.
അസത്യമൂലസ്ഥിതമായിടും ദേഹവൃക്ഷം
നശിച്ചാൽ സത്യപുഷ്പഫലവുമില്ലാതാകും. 39
വേർപുഴങ്ങിയ വൃക്ഷം വേഗത്തിലുണങ്ങിയ–
ങ്ങാപതിച്ചിടുംവിധമനൃതം വിട്ടാൽ ഭവാൻ
ഭൂപതേ! പെട്ടെന്നുതാൻ ശോഷിച്ചുപോകും
നൂന–
മാപത്തിലനൃതവുമാമെന്നാം വേദസാരം. 40

'ഓ'മെന്നു സമ്മതത്തെ സൂചിപ്പിച്ചീടും ശബ്ദം
ഭൂമീശാ! നിരർത്ഥവും പൂർണ്ണമല്ലാത്തതുംതാൻ
ഏതേകാൻ സമ്മതി,ച്ചോമെന്നു മൂളീടുന്നിതാ–
സാധനമപ്പമാനെ വിട്ടിരിക്കുന്നതല്ലോ.
ഭിക്ഷുവിനായിസ്സർവ്വമോംമൂളിയേകീടുവോ–
നക്ഷണം നശിക്കുന്നു സകല ഭോഗങ്ങളും. 41
ഇല്ലെന്നു ചൊല്ലീടുവോനന്യസമ്പത്തിനാലേ
കില്ലെന്യേ പൂർണ്ണനായിബ്ഭവിപ്പൂ ദനുജേന്ദ്രാ!
എന്നിരിക്കിലുമില്ലെന്നെപ്പൊഴും കള്ളം
ചൊല്ലീ–
ടുന്നവൻ ജീവച്ഛവം ദുഷ്കീർത്തിപാത്രവുംതാൻ.
42
നാരിമാരിലും വേളി ഹിംസയെന്നിവററിലും
നേരംപോക്കിലുമുപജീവനമാർഗ്ഗത്തിലും
പ്രാണസങ്കടത്തിലും പശുബ്രാഹ്മണഗണ–
ത്രാണനത്തിലും കള്ളം നിന്ദ്യമല്ലൊരിക്കലും.
43

അദ്ധ്യായം 20

വാമനചരിതം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ദാനവാചാര്യൻ ശുക്രനീവിധം കഥിക്കവേ
മൗനമാർന്നല്പനേരം ചിന്തിച്ചിരുന്നശേഷം
നായകൻ മഹാബലിയക്കുലാചാര്യനോടായ്
ന്യായമായരുളുംചെയ്താനീവിധം ഭൂവാസവാ! 1

ബലി പറഞ്ഞു

അർത്ഥകാമങ്ങളുപജീവനമാർഗ്ഗം, കീർത്തി–
യിത്രയ്ക്കുമനുയോജ്യമായിരിക്കുന്ന ധർമ്മം
നിത്യവും ഗൃഹസ്ഥിതനനുഷ്ഠിക്കണമെന്നാ–
യിത്തവ്വിലങ്ങുന്നരുളുംചെയ്തതു സത്യമത്രേ. 2
എന്നാലും പ്രഹ്ലാദന്റെ വംശത്തിൽപ്പിറന്ന
ഞാൻ
തന്നീടാമെന്നായ് സത്യം ചെയ്തതിന്നനന്തരം
ധനലോഭത്താൽ വെറും വഞ്ചകന്മട്ടിൽ വിപ്ര–
ജനത്തെ നിരാകരിക്കുന്നതു നല്ലതാണോ? 3
അസത്യത്തിനേക്കാളുമധർമ്മം മററില്ലെന്നു–
മസത്യാസക്തൻതന്നെയൊഴിച്ചേതവനേയും
വഹിച്ചീടുവാൻ കെല്പു തനിക്കുണ്ടെന്നും സ്പഷ്ടം
മഹിതയാമമ്മഹീദേവിയാരം ചൊല്ലീടുന്നു. 4
വിപ്രനോടാചരിക്കും വഞ്ചനതന്നിൽനിന്നു–
മുദ്ഭവിക്കുംപോൽ ഭയം, നരകാപ്തിയിങ്കലും
ദാരിദ്ര്യത്തിലും സ്ഥാനഭ്രംശംതന്നിലും ദുഃഖ–
വാരിധിയിലും മൃത്യുതന്നിലുമെനിക്കില്ല. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്യദ്ധാസ്യതി ലോകേ/സ്മിൻ സമ്പരേതം ധനാദികം
തസ്യ ത്യാഗേ നിമിത്തം കിം വിപ്രസ്തുഷ്യേന്ന തേന ചേത്. 6
ശ്രേയഃ കുർവ്വന്തി ഭൂതാനാം സാധവോ ദുസ്ത്യജാസുഭിഃ
ദധ്യങ്ശിബിപ്രഭൃതയഃ കോ വികല്പോ ധരാദിഷു. 7
യൈരിയം ബുഭുജേ ബ്രഹ്മൻ ദൈത്യേന്ദ്രൈരനിവർത്തിഭിഃ
തേഷാം കാലോ/ഗ്രസീല്ലോകാൻ ന യശോ/ധിഗതം ഭുവി. 8
സുലഭാ യുധി വിപ്രർഷേ ഹ്യനിവൃത്താസ്തനുത്യജഃ
ന തഥാ തീർത്ഥ ആയാതേ ശ്രദ്ധയാ യേ ധനത്യജഃ. 9

മനസ്വിനഃ കാരുണികസ്യ ശോഭനം
യദർത്ഥികാമോപനയേന ദുർഗ്ഗതിഃ
കുതഃ പുനർബ്രഹ്മവിദാം ഭവാദൃശാം
തതോ വടോരസ്യ ദദാമി വാഞ്ഛിതം. 10
യജന്തി യജ്ഞക്രതുഭിര്യമാദൃതാ
ഭവന്ത ആമ്നായവിധാനകോവിദാഃ
സ ഏവ വിഷ്ണുർവരദോ/സ്തു വാ പരോ
ദാസ്യാമ്യമുഷ്മൈ ക്ഷിതിമീപ്സിതാം മുനേ! 11

യദ്യപ്യസാവധർമ്മേണ മാം ബധ്നീയാദനാഗസം
തഥാപ്യേനം ന ഹിംസിഷ്യേ ഭീതം ബ്രഹ്മതനും രിപും. 12
ഏഷ വാ ഉത്തമശ്ലോകോ ന ജിഹാസതി യദ്യശഃ
ഹത്വാ മൈനാം ഹരേദ്യുദ്ധേ ശയീത നിഹതോ മയാ. 13

ശ്രീശുക ഉവാച
ഏവമശ്രദ്ധിതം ശിഷ്യമനാദേശകരം ഗുരുഃ
ശശാപ ദൈവപ്രഹിതഃ സത്യസന്ധം മനസ്വിനം. 14
''ദൃഢം പണ്ഡിതമാന്യജ്ഞഃ സ്തബ്ധോ/സ്യസ്മദുപേക്ഷയാ
മച്ഛാസനാതിഗോ യസ്ത്വമചിരാദ്ഭ്രശ്യസേ ശ്രിയഃ'' 15
ഏവം ശപ്തഃ സ്വഗുരുണാ സത്യാന്ന ചലിതോ മഹാൻ
വാമനായ ദദാവേനാമർച്ചിത്വോദകപൂർവ്വകം. 16
വിന്ധ്യാവലിസ്തദാ//ഗത്യ പത്നീ ജാലകമാലിനീ
ആനിന്യേ കലശം ഹൈമമവനേജന്യപാം ഭൃതം. 17
യജമാനഃ സ്വയം തസ്യ ശ്രീമത് പാദയുഗം മുദാ
അവനിജ്യാവഹന്മൂർധ്നി തദപോ വിശ്വപാവനീഃ. 18

തദാ/സുരേന്ദ്രം ദിവി ദേവതാഗണാ
ഗന്ധർവ്വവിദ്യാധരസിദ്ധചാരണാഃ
തത്കർമ്മ സർവ്വേ/പി ഗൃണന്ത ആർജ്ജവം
പ്രസൂനവർഷൈർവ്വവൃഷുർമ്മുദാന്വിതാഃ. 19
നേദുർമ്മുഹുർദുന്ദുഭയഃ സഹസ്രശോ
ഗന്ധർവ്വകിംപൂരുഷകിന്നരാ ജഗുഃ
''മനസ്വിനാനേന കൃതം സുദുഷ്കരം
വിദ്വാനദാദ്യദ്രിപവേ ജഗത്ത്രയം.'' 20
തദ്വാമനം രൂപമവർദ്ധതാദ്ഭുതം
ഹരേരനന്തസ്യ ഗുണത്രയാത്മകം
ഭൂഃ ഖം ദിശോ ദ്യൗർവിവരാഃ പയോധയ-
സ്തിര്യങ്നൃദേവാ ഋഷയോ യദാസത. 21
കായേ ബലിസ്തസ്യ മഹാവിഭൂതേഃ
സഹർത്ത്വിഗാചാര്യസദസ്യ ഏതത്
ദദർശ വിശ്വം ത്രിഗുണം ഗുണാത്മകേ
ഭൂതേന്ദ്രിയാർത്ഥാശയജീവയുക്തം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനധാന്യാദിയെല്ലാം മൃതനെയീലോകത്തിൽ
തനിയേയുപേക്ഷിക്കുമെന്നതു തീർച്ചതന്നെ.
അർത്ഥനയ്ക്കൊത്തതേകി വിപ്രരെത്തോഷിപ്പി-
ക്കാൻ
ഒത്തില്ലെന്നാകിൽ പിന്നെദ്ദാനത്താൽ ഫല-
മെന്തേ? 6
ഭൂതശ്രേയസ്സിനായി ദുസ്ത്യജപ്രാണൻപോലും
സാധുക്കൾ ശിബിദധീച്യാദികൾ തള്ളി-
യല്ലോ.
ആ മററുള്ളന്ത്യം വിട്ടുപിരിയും ധനാദിയെ
നാമുപേക്ഷിച്ചീടുവാൻ സംശയിക്കേണ്ടതു-
ണ്ടോ? 7
ആരണശ്രേഷ്ഠാ! പോരിൽ പിന്തിരിയാത്ത
ദൈത്യ-
വീരന്മാരടക്കിയ ഭൂമിയും ഭോഗങ്ങളും
ഗ്രസിച്ചു കാലമെന്നാലിങ്ങവർ തേടീടിന
യശസ്സു ലേശംപോലും ഹരിച്ചിട്ടില്ലയല്ലോ. 8
ബ്രഹ്മർഷേ! സമരത്തിൽ പിന്മാറീടാതെ നിന്നു
തന്മെയ്യുപേക്ഷിക്കുവാനാളുകളേറെയുണ്ടാം.
സൽപാത്രദാനത്തിനായ് ധനം സന്ത്യജിക്കു-
വാൻ
കെല്പിയലുവോർ നന്നേച്ചുരുക്കം ജഗത്തി-
തിൽ. 9
അർത്ഥികൾക്കഭിലാഷപൂരണം ചെയ്തീടുവോ-
നെത്തുന്ന വിരുദ്ധമായ് ദുർഗ്ഗതിയെന്നാലതും
കരുണാത്മാവാം ധീരചിത്തനു ശോഭനമെ-
ന്നിരിക്കെ ബ്രഹ്മജ്ഞരാം ത്വാദൃശക്കോതേണ-
മോ?
അതിനാൽ ഞാനിബ്ബ്രഹ്മചാരിതന്നഭീഷ്ടത്തെ-
യധുനാ നിറവേററാനുറച്ചുകഴിഞ്ഞിതു. 10
വേദോക്തകർമ്മാചാരസമർത്ഥരാകും നിങ്ങൾ
സാദരം യജ്ഞം ക്രതുവിധയാലാരാധിക്കും
വരദനാകും രമാകാന്തനാകട്ടീ വടു-
വൊരു മദ്ബദ്ധശത്രുവാകട്ടെയെന്താകിലും
ഞാനിവന്നിഷ്ടമുള്ള ഭൂമിയെയിപ്പോൾത്തന്നെ
ദാനമായേകീടുന്നു ദാനവകുലാചാര്യാ! 11
അനാഗസ്വിയാമെന്നെ ധർമ്മത്തെ വെടിഞ്ഞി-
വൻ
മുനിപ്രവേകാ! വൃഥാ ബന്ധനംചെയ്തീടിലും
ഭീരുവും വിപ്രവേഷധാരിയുമായീടുമീ-
വൈരിയെ വധിക്കാനും നിശ്ചയിക്കുന്നില്ല
ഞാൻ. 12
ഉത്തമശ്ലോകനാകിലധർമ്മകൃത്യത്തിനാൽ
കീർത്തിയെ ദൂഷിപ്പിക്കയില്ലതു തീർച്ചതന്നെ.
എന്നെയും നിഹനിച്ചു വേണമെന്നാലിബ്-
ഭൂമി-
യൊന്നായങ്ങടക്കാനും സാധിക്കും നിഷ്പ്രയാ-
സം.
അന്യനാണതിലേക്കു വന്നിരിക്കി,ലാ ദുഷ്ടൻ
ജന്യഭൂമിയിലെന്നാൽ ഹതനായ് ശയി-
ച്ചിടും. 13

ശ്രീശുകൻ പറഞ്ഞു

സ്വാന്തമാദേശമവമാദരിക്കാത്ത സത്യ-
സന്ധനും മനസ്വിയുമാകുമശ്ശിഷ്യൻതന്നെ
ശുക്രമാമുനിവര്യൻ ദൈവപ്രേരണമൂല-
മുത്കടക്രോധത്തോടും ചിക്കെന്നു ശപി-
ച്ചിതേ: 14
''പണ്ഡിതമാനിയായിട്ടെന്നുടെ നിദേശത്തെ-
ഖണ്ഡിച്ചു ഗുരുവാകുമെന്നെയുമുപേക്ഷിച്ചു
എന്നാജ്ഞ ലംഘിച്ചഹങ്കരിപ്പോരജ്ഞനാം-
നി-
ന്നുന്നതൈശ്വര്യം നശിക്കട്ടെയിക്ഷണ''മെ-
ന്നാൻ. 15
തന്നുടെയാചാര്യനാലീവിധം ശപ്തനായോ-
രുന്നതൻ മഹാബലി സത്യത്തെ ലംഘിച്ചില്ല.
വാമനമൂർത്തിക്കായിട്ടക്ഷണം സമർച്ചിച്ചു-
സാമോദം സമർപ്പിച്ചാനുദകപൂർവ്വം ഭൂമി. 16
മുത്തുമാലകളാർന്നു പത്നിയാം വിന്ധ്യാവലി
സത്വരം ജലപൂർണ്ണസുവർണ്ണകുംഭത്തോടും
ഉത്തമപുരുഷൻതൻ പാദക്ഷാളനത്തിനാ-
യത്യന്തം ഭക്തിപരവശയായെത്തീടിനാൾ. 17
യജമാനനാം മഹാബലിയും പിന്നെസ്സ്വയ-
മജിതശ്രീമൽപദയുഗക്ഷാളനംചെയ്തു
ഉലകമാകെപ്പരിപാവനമാക്കീടുമ-
സ്സലിലം തന്മൗലിയിൽ ധരിച്ചാൻ ഭക്തി-
പൂർവ്വം. 18
അന്തരിക്ഷത്തിലപ്പോൾ സിദ്ധന്മാർ വിദ്യാ-
ധര-
ഗന്ധർവ്വചാരണാദി ദേവതാഗണമെല്ലാം
തൽപ്രവൃത്തിയും സത്യനിഷ്ഠയും പ്രശംസിച്ചു
കല്പകപ്പൂമാരിയാലവനേ മൂടീടിനാർ. 19
ദുന്ദുഭിയെണ്ണമെന്യേ മുഴങ്ങി വീണ്ടും വീണ്ടും,
കിന്നരകിംപുരുഷഗന്ധർവ്വർ പാടിയേവം
''ചതിയിതറിഞ്ഞിട്ടുമിദ്ധീരൻ ദാനംചെയ്താൻ
ക്ഷിതിയേ,യീദുഷ്കരകൃത്യത്തിനന്യനില്ല.'' 20
ഭൂമി,യാകാശം, സ്വർഗ്ഗം, ദിക്കുകളധോലോക-
മാമട്ടാഴികൾ, തിര്യഗ്ജാതിയും മനുഷ്യരും
ദേവന്മാരൃഷികളുമെന്നല്ല ഗുണത്രപം
സർവ്വമാവസിപ്പതേതൊരുവനിലാണോ
അപരിച്ഛിന്നനാമാ വാമനമൂർത്തിക്കേഴും
വപുസ്സദ്ഭുതകരമാംവിധം വദ്ധിച്ചിതേ. 21
ഋത്വിക്കുകളും ഗുരുനാഥരും സദസ്യരു-
മുത്തമനാമമ്മഹാബലിയുമെല്ലാവരും
വീക്ഷിച്ചു ഭൂതേന്ദ്രിയാത്മാശയജീവോപേത-
വിശ്വത്തെഗ്ഗുണമയമാകുമശ്ശരീരത്തിൽ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രസാമചഷ്ടാങ്ഘ്രിതലേഽഥ പാദയോ-
ർമ്മഹീം മഹീധ്രാൻ പുരുഷസ്യ ജങ്ഘയോഃ
പതത്ത്രിണോ ജാനുനി വിശ്വമൂർത്തേ-
രൂർവ്വോർഗ്ഗണം മാരുതമിന്ദ്രസേനഃ. 23

സന്ധ്യാം വിഭോർവാസസി, ഗുഹ്യ ഐക്ഷത്
പ്രജാപതീഞ്ജഘനേ ആത്മമുഖ്യാൻ
നാഭ്യാം നഭഃ, കുക്ഷിഷു സപ്തസിന്ധൂ-
നുരുക്രമസ്യോരസി ചർക്ഷമാലാം. 24

ഹൃദ്യങ്ഗ ധർമ്മം, സ്തനയോർമുരാരേഃ
ഋതം ച സത്യം ച, മനസ്യഥേന്ദും,
ശ്രിയം ച വക്ഷ,സ്യരവിന്ദഹസ്താം
കണ്ഠേ ച സാമാനി സമസ്തരേഫാൻ. 25

ഇന്ദ്രപ്രധാനാനമരാൻ ഭുജേഷു,
തത്കർണ്ണയോഃ കകുഭോ, ദ്യൗശ്ച മൂർദ്ധ്നി,
കേശേഷു മേഘാ,ഞ്ഛ്വസനം നാസികായാ,-
മക്ഷ്ണോശ്ച സൂര്യം, വദനേ ച വഹ്നിം, 26

വാണ്യാം ച ഛന്ദാംസി, രസേ ജലേശം,
ഭ്രുവോർന്നിഷേധം ച വിധിം ച, പക്ഷ്മസു
അഹശ്ച രാത്രിം ച, പരസ്യ പുംസോ
മന്യും ലലാടേ,ഽധര ഏവ ലോഭം,
സ്പർശേ ച കാമം, നൃപ രേതസോഽംഭഃ,
പൃഷ്ഠേ ത്വധർമ്മം, ക്രമണേഷു യജ്ഞം,
ഛായാസു മൃത്യും, ഹസിതേ ച മായാം
തനൂരുഹേഷ്വോഷധിജാതയശ്ച. 27–28

നദീശ്ച നാഡീഷു ശിലാ നഖേഷു,
ബുദ്ധാവജം ദേവഗണാനൃഷീംശ്ച,
പ്രാണേഷു ഗാത്രേ സ്ഥിരജങ്ഗമാനി,
സർവ്വാണി ഭൂതാനി ദദർശ വീരഃ. 29

സർവ്വാത്മനീദം ഭുവനം നിരീക്ഷ്യ
സർവ്വേഽസുരാഃ കശ്മലമാപുരങ്ഗ!
സുദർശനം ചക്രമസഹ്യതേജോ
ധനുശ്ച ശാർങ്ഗം സ്തനയിത്നുഘോഷം. 30

പർജ്ജന്യഘോഷോ ജലജഃ പാഞ്ചജന്യഃ
കൗമോദകീ വിഷ്ണുഗദാ തരസ്വിനീ
വിദ്യാധരോഽസിഃ ശതചന്ദ്രയുക്ത-
സ്തൂണോത്തമാവക്ഷയസായകൗ ച. 31

സുനന്ദമുഖ്യാ ഉപതസ്ഥുരീശം
പാർഷദമുഖ്യാഃ സഹലോകപാലാഃ
സ്ഫുരത്കിരീടാങ്ഗദമീനകുണ്ഡല-
ശ്രീവത്സരത്നോത്തമമേഖലാംബരൈഃ. 32

മധുവ്രതസ്രഗ്വനമാലയാ വൃതോ
രരാജ രാജൻ! ഭഗവാനുരുക്രമഃ
ക്ഷിതിം പദൈകേന ബലേർവിചക്രമേ
നഭഃ ശരീരേണ ദിശശ്ച ബാഹുഭിഃ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉലകാംമൂർത്തിയാളമബ്ഭഗവാൻതൻ പാദ-
തലത്തിലതലാദിയായ കീഴ്ലോകമേഴും

പാദയുഗ്മത്തിൽ ഭൂവും, കണങ്കാൽകളിൽ
ഗിരി-
വ്രാതവും, ജാനുക്കളിൽ വിഹംഗവൃന്ദത്തെയും,

ഊരുദ്വന്ദ്വത്തിൽ പിന്നെ മാരുതഗണത്തെയും
നേരേ ദർശിച്ചീടിനാനിന്ദ്രസേനനാം ബലി. 23

വസ്ത്രത്തിൽ സന്ധ്യയേയും, ഗുഹ്യത്തിൽത്താൻ.
മുൻപരാം
ദൈത്യരെ,ജ്ജഘനത്തിൽ മരീചിമുതലായ

പ്രജേശരേയും, കണ്ടാൻ. നാഭിയിലാകാശവും
പ്രജാനായകാ! കുക്ഷിതന്നിലാഴികളേഴും.

ഉരസ്സിലൃക്ഷമാല, ഹൃദയത്തിങ്കൽ ധർമ്മ,-
മുരോജദ്വയംതന്നിലൃതസത്യങ്ങൾ രണ്ടും,

മാനസത്തിങ്കൽ ചന്ദ്രൻ, മാറിടംതന്നിൽ പദ്മ-
സൂനപാണിയാം പദ്മാദേവിയും, കണ്ഠം-
തന്നിൽ

രേഫസംയുതമാകും ശബ്ദദേവതാഗണ-
മാളജദ്വിതയത്തിലിന്ദ്രാദി സുരന്മാരും

കണ്ണുയുഗ്മത്തിലായ് ദിഗ്ദേവതകളും, മൗലി-
തന്നിലായ് സ്വർല്ലോകവും, കേശത്തിൽ-
മേഘങ്ങളും,

നാസികതന്നിൽ പ്രാണവായുക്കൾ, നേത്ര-
ങ്ങളിൽ
ഭാസ്വാനുമാസ്യംതന്നിലഗ്നിയും കാണപ്പെട്ടു.
24-26

ആ വിഷ്ണുഭഗവാൻതൻ വാണിയിൽ വേദങ്ങളും,
നാവിലായ് ജലേശനും, പുരികയുഗ്മളത്തിൽ

വിധിയുംനിഷേധവും, കൺപോളകളിൽ ദിന-
യുതരാത്രിയും, പിന്നെ നെററിയിൽ ക്രോധം-
താനും,

അധരത്തിലായ് ലോഭം, ത്വഗിന്ദ്രിയത്തിൽ-
ക്കാമം,
നിതരാം രേതസ്സിങ്കലംഭസ്സും, പൃഷ്ഠംതന്നിൽ

അധർമ്മം, പദക്രമത്തിങ്കലദ്ധ്വരങ്ങള-
മതുപോൽ തച്ഛായയിലന്തകൻതാനും പിന്നെ,

പുഞ്ചിരിതന്നിലീശമായയും, രോമങ്ങളിൽ-
തഞ്ചിയൗഷധികളും തെളിഞ്ഞുകാണായിതു.
27-28

നാഡികൾതോറും നദീപൂരവും, നഖങ്ങളി-
ലീടെഴും ശിലാളിയും ബുദ്ധിയിലജൻതാനും,

പ്രാണേന്ദ്രിയൗഘംതന്നിൽ വാനവസമൂഹവും
ജ്ഞാനികളൃഷീന്ദ്രരും, പിന്നെത്തച്ഛരീര-
ത്തിൽ

ചരാചരങ്ങളാകും സമസ്തഭൂതങ്ങളും
പരിചിൽ സ്ഥിതിചെയ്തീടുന്നതായ്ക്കണ്ടാൻ
വീരൻ. 29

സകലത്തിലുമാത്മരൂപത്തിലാവസിക്കും
ഭഗവാനിലീലോകം കണ്ട ദൈത്യന്മാരെല്ലാം

അമ്പരന്നിതു; പാരമസഹ്യതേജസ്സാളും
വമ്പാന്ന സുദർശനചക്രായുധത്തിനാലും

തുങ്ഗഗംഭീരമേഘനിഃസ്വനമിയന്നിടും
ശാർങ്ഗചാപത്തിനാലും സേവിതനല്ലോ
ഹരി. 30

മേഘഗർജ്ജനത്തോടുകൂടിയ പാഞ്ചജന്യ-
ശങ്ഖവും കൗമോദകീനാമധേയത്താൽഖ്യാതം

വേഗതയേറും ഗദ, പീലിക്കൺചിഹ്നമാന്ന
ഭീകരമായി വിദ്യാധരാഖ്യയാളും വാളും,

ബാണങ്ങളൊരിക്കലുമൊടുങ്ങീടാത്ത രണ്ടു
തൂണീരങ്ങളും സേവിച്ചീടുന്നു ഭഗവാനെ. 31

ഇന്ദ്രാദിലോകപാലന്മാരോടു സമേതം സു-
നന്ദാദിപാർഷദപ്രധാനരും സേവിക്കുന്നു.

അത്യന്തം പ്രശോഭിക്കും കിരീടം, കുണ്ഡല-
ങ്ങൾ,
കൗസ്തുഭരത്നോത്തമം, ശ്രീവത്സമങ്ഗദങ്ങൾ

കാഞ്ചനകാഞ്ചിചാരു പീതവാസസ്സെന്നിവ
തഞ്ചിയേററവും ശോഭിച്ചീടിനാനധോക്ഷജൻ.
32

വണ്ടുകൾ ചുററും വന്നു മുരളും വനമാല-
പൂണ്ടു ശോഭിക്കുമുരുക്രമനാം ഹൃഷീകേശൻ

ഒരുകാലടികൊണ്ടു ബലിതൻ ഭൂമിയേയും
ശരീരവ്യാപ്തിമൂലമാകാശതലത്തെയും

ഊക്കെഴും നീണ്ട ബാഹുദണ്ഡങ്ങൾകൊണ്ടു
പത്തു-
ദിക്കുകളേയുമതിദ്രുതമാക്രമിച്ചിതു. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദം ദ്വിതീയം ക്രമതസ്ത്രിവിഷ്ടപം
ന വൈ തൃതീയായ തദീയമണ്വപി
ഉരുക്രമസ്യാങ്ഘ്രിരുപര്യുപര്യഥോ
മഹർജ്ജനാഭ്യാം തപസഃ പരം ഗതഃ. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വിശ്വരൂപദർശനം നാമ വിംശതിതമോഽധ്യായഃ

ഏകവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

സത്യം സമീക്ഷ്യാബ്ജഭവോ നഖേന്ദുഭി-
ർഹതസ്വധാമദ്യുതിരാവൃതോഽഭ്യഗാത്
മരീചിമിശ്രാ ഋഷയോ ബൃഹദ്വ്രതാഃ
സനന്ദനാദ്യാ നരദേവ യോഗിനഃ. 1

വേദോപവേദാ നിയമാന്വിതാ യമാ-
സ്തർക്കേതിഹാസാങ്ഗപുരാണസംഹിതാഃ
യേ ചാപരേ യോഗസമീരദീപിത-
ജ്ഞാനാഗ്നിനാ രന്ധിതകർമ്മകല്മഷാഃ
വവന്ദിരേ യത്സ്മരണാനുഭാവതഃ
സ്വായംഭുവം ധാമ ഗതാ അകർമ്മകം. 2

അഥാങ്ഘ്രയേ പ്രോന്നമിതായ വിഷ്ണോ-
രുപാഹരത് പദ്മഭവോഽർഹണോദകം
സമർച്ച്യ ഭക്ത്യാഭ്യഗൃണാച്ഛുചിശ്രവാ
യന്നാഭിപങ്കേരുഹസംഭവഃ സ്വയം. 3

ധാതുഃ കമണ്ഡലുജലം തദുരുക്രമസ്യ
പാദാവനേജനപവിത്രതയാ നരേന്ദ്ര!
സ്വർധുന്യഭൂന്നഭസി സാ പതതീ നിമാർഷ്ടി
ലോകത്രയം ഭഗവതോ വിശദേവ കീർത്തിഃ. 4

ബ്രഹ്മാദയോ ലോകനാഥാഃ സ്വനാഥായ സമാദൃതാഃ
സാനുഗാ ബലിമാജഹ്രുഃ സംക്ഷിപ്താത്മവിഭൂതയേ. 5

തോയൈഃ സമർഹണൈഃ സ്രഗ്ഭിർദ്ദിവ്യഗന്ധാനുലേപനൈഃ
ധൂപൈർദ്ദീപൈഃ സുരഭിഭിർലാജാക്ഷതഫലാങ്കുരൈഃ. 6

സ്തവനൈർജ്ജയശബ്ദൈശ്ച തദ്വീര്യമഹിമാങ്കിതൈഃ
നൃത്യവാദിത്രഗീതൈശ്ച ശങ്ഖദുന്ദുഭിനിഃസ്വനൈഃ 7

ജാംബവാനൃക്ഷരാജസ്തു ഭേരീശബ്ദൈർമ്മനോജവഃ
വിജയം ദിക്ഷു സർവ്വാസു മഹോത്സവമഘോഷയത്. 8

മഹീം സർവ്വാം ഹൃതാം ദൃഷ്ട്വാ ത്രിപദവ്യാജയാച്ഞയാ
ഊചുഃ സ്വഭർത്തുരസുരാ ദീക്ഷിതസ്യാത്യമർഷിതാഃ. 9

''ന വാ അയം ബ്രഹ്മബന്ധുർവിഷ്ണുർമ്മായാവിനാം വരഃ
ദ്വിജരൂപപ്രതിച്ഛന്നോ ദേവകാര്യം ചികീർഷതി. 10

അനേന യാചമാനേന ശത്രുണാ വടുരൂപിണാ
സർവ്വസ്വം നോ ഹൃതം ഭർത്തുർന്യസ്തദണ്ഡസ്യ ബർഹിഷി. 11

സത്യവ്രതസ്യ സതതം ദീക്ഷിതസ്യ വിശേഷതഃ
നാനൃതം ഭാഷിതും ശക്യം ബ്രഹ്മണ്യസ്യ ദയാവതഃ. 12

തസ്മാദസ്യ വധോ ധർമ്മോ ഭർത്തുഃ ശുശ്രൂഷണം ച നഃ''
ഇത്യായുധാനി ജഗൃഹുർബ്ബലേരനുചരാസുരാഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാമതടിവയ്ക്കാൻ മുററും ഭാവിച്ചിടും
പുണ്ഡരീകാക്ഷൻെറയക്കാലടി വിണ്ണിനേയും

അതിക്രമിച്ചു മേന്മേൽ മഹർജ്ജനർല്ലോകങ്ങൾ-
ക്കതീതമായിത്തപോലോകവും കടന്നിതേ.

മൂന്നാമതാകുമടിക്കേകുവാൻ മഹാബലി-
ക്കൊന്നുമേ ശേഷിച്ചില്ല ഭൂപാലമാണിക്യമേ!
34

അദ്ധ്യായം 21

ബലിബന്ധനം

ശ്രീശുകൻ പറഞ്ഞു
നഖേന്ദുക്കളാൽ നിജപുരശ്രീ ഹരിച്ചുതൻ
നഗരമാക്രമിക്കും വിഷ്ണ്വങ്ഘ്രിവീക്ഷിച്ചജൻ

മരീച്യാദ്യരാമൃഷിവൃന്ദവും ബൃഹദ്വ്രത-
ധരരാം നാരദാദി മഹഷ് ്വരന്മാരും

യോഗീന്ദ്രന്മാരായീടും സനന്ദനാദ്യന്മാരു-
മാഗമോപാഗമങ്ങൾ, നിയമയമങ്ങളും

തർക്കേതിഹാസാങ്ഗങ്ങൾ, പുരാണസംഹി-
തക,-

ളൊക്കെയ്യുമെഴമധിഷ്ഠാനദേവതമാരും

യോഗമാരുതോജ്ജ്വലജ്ഞാനവഹ്നിയാൽ
പാപ-

മാകവേ ദഹിപ്പിച്ചങ്ങെത്തിയ മററുള്ളോരും

ഒത്തുചേർന്നവരാലാവൃതനായ് ഭഗവാനെ
സത്വരമഭിമുഖീകരിച്ചു നമിച്ചിതേ. 1–2

ശുഭ്രകീർത്തിമാനായി, ഭഗവന്നാഭീസരോ-
ജോദ്ഭവൻ ബ്രഹ്മാവുടൻ, ഭഗവാൻ പദ്മ-
നാഭൻ

അത്യന്തമുയർത്തിയോരപ്പാദം കഴുകാൻ നീർ
സത്വരം സ്വയം നയിച്ചർപ്പിച്ചു വാഴ്ത്തീടിനാൻ.3

ധാതാവിൻ കമണ്ഡലുസലിലമധോക്ഷജ-
പാദസ്പർശനത്തിനാൽ പാവനമായിത്തീർന്നു

സ്വർന്ദിയെന്നപേരിൽ, ഹരികീർത്തിപോൽ,
വിണ്ണിൽ-
നിന്നാപതിച്ചു ശുദ്ധമാക്കുന്നു ജഗത്ത്രയം. 4

ഹരിയും വിശ്വരൂപം മറച്ചു പൂർവ്വരൂപം
ധരിച്ചീടിനാ,നപ്പോൾ ബ്രഹ്മാദിലോ-
കേശ്വരർ

തന്നാഥനായീടുമാ ശ്രീവിഷ്ണുഭഗവാനെ-
യുന്നതാദരത്തോടും പൂജിച്ചു വിധിപോലെ. 5

അർഗ്ഘ്യപാദ്യാചമനീയങ്ങൾക്കായ്
വേണ്ട നീരും
സ്രക്കുകൾ ദിവ്യഗന്ധലേപനദ്രവ്യങ്ങളും

ധൂപദീപാക്ഷതങ്ങൾ ദൂർവാങ്കുരങ്ങൾ കായെ-
ന്നീപദാർത്ഥങ്ങളെല്ലാമർപ്പിച്ചാർ ഭക്തിപൂർവ്വം. 6

തദ്വീര്യപരാക്രമസൂചകസ്തോത്രങ്ങളും
നൃത്യങ്ങൾ ഗാനങ്ങളും കേളികൾ വാദ്യങ്ങളും

ദുന്ദുഭീവാദ്യഘോഷം ജയശബ്ദവുംകൊണ്ടു
നന്നായിബ്ഭഗവാനെയർച്ചനംചെയ്തീടി-
നാർ. 7

മാനസവേഗമാളും ജാംബവാനൃക്ഷരാജൻ
സാനന്ദം ഭേരീനാദം മുഴക്കിദ്ദിക്കിലെല്ലാം

വാമനമൂർത്തിതൻെറ വിജയമഹോത്സവം
ക്ഷേമമായാഘോഷിച്ചാൻ സമസ്തദിക്കിങ്കലും. 8

മൂവടിയായി വ്യാജയാചഞ്ജയാൽ സ്വസ്വാമി-
ഭൂവാകെയപഹരിച്ചെന്നതുമൂലമായി [തൻ

ക്രുദ്ധരായുദ്ധതന്മാരാകിയ ദൈത്യരെല്ലാ-
മിത്തരം തമ്മിൽത്തമ്മിൽപ്പറഞ്ഞു
തുടങ്ങിനാർ: 9

''നിശ്ചയമിവൻ വിപ്രനല്ല, മായാവിവര്യ-
നച്യുതൻ വടുവേഷമെടുത്തു വന്നിദാനീം

ദേവകാര്യങ്ങളെല്ലാം സാധിപ്പിക്കുവാനായി-
ട്ടീവിധം ചതിച്ചതാണെന്നതിൽ തർക്കമില്ല.10

വടുവിൻവേഷംധരിച്ചിരപ്പാൻ വന്നതാമി-
ശ്ശത്രുവാം ശത്രുവസ്മൽസ്വാമിതൻ സർവസ്വവും

അടക്കിയിരിക്കുന്നി,തമ്മഹാൻ യജ്ഞദീക്ഷി-
ച്ചുടങ്ങി ദുഷ്ടരിലും ദണ്ഡനം വിട്ടിരിപ്പൂ. 11

സത്യനിഷ്ഠനായ് സദാ ബ്രാഹ്മണഭക്തനായി-
ട്ടിത്തവ്വു വിശേഷിച്ചും യജ്ഞദീക്ഷിതനായി

കരുണാത്മാവായിട്ടുമമ്മഹാത്മാവസത്യ-
മരുളീടുന്ന കാര്യമസാധ്യംതന്നെ നൂനം. 12

അതിനാൽ നമുക്കിപ്പോൾ വേണ്ടകാര്യങ്ങൾ
രണ്ടു-
ണ്ടതിലൊന്നീ ദുഷ്ടനെയിക്ഷണം കൊല്ലു-
ന്നതാം.

അടുത്തതസ്മൽ സ്വാമിതൻ ശുശ്രൂഷയു''മെന്നാ-
യെടുത്തിതായുധങ്ങൾ തദ്ഭൃത്യദൈത്യോൽ-
ക്കരം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ സർവ്വേ വാമനം ഹന്തും ശൂലപട്ടിശപാണയഃ
അനിച്ഛതോ ബലേ, രാജൻ, പ്രാദ്രവഞ്ജാതമന്യവഃ. 14
താനഭിദ്രവതോ ദൃഷ്ട്വാ ദിതിജാനീകപാൻ നൃപ!
പ്രഹസ്യാനുചരാ വിഷ്ണോഃ പ്രത്യഷേധന്നുദായുധാഃ. 15
നന്ദഃ സുനന്ദോഽഥ ജയോ വിജയഃ പ്രബലോ ബലഃ
കുമുദഃ കുമുദാക്ഷശ്ച വിഷ്വക്സേനഃ പതത്രിരാട്. 16
ജയന്തഃ ശ്രുതദേവശ്ച പുഷ്പദന്തോഽഥ സാത്വതഃ
സർവ്വേ നാഗായുതപ്രാണാശ്ചമൂം തേ ജഘ്നുരാസുരീം. 17
ഹന്യമാനാൻ സ്വകാൻ ദൃഷ്ട്വാ പുരുഷാനുചരൈർബ്ബലിഃ
വാരയാമാസ സംരബ്ധാൻ കാവ്യശാപമനുസ്മരൻ. 18

ബലിരുവാച

ഹേ വിപ്രചിത്തേ! ഹേ രാഹോ! ഹേ നേമേ! ശ്രൂയതാം വചഃ
മാ യുധ്യത നിവർത്തധ്വം ന നഃ കാലോഽയമർത്ഥകൃത്. 19
യഃ പ്രഭുഃ സർവ്വഭൂതാനാം സുഖദുഃഖോപപത്തയേ
തം നാതിവർത്തിതും ദൈത്യാഃ പൗരുഷൈരീശ്വരഃ പുമാൻ. 20
യോ നോ ഭവായ പ്രാഗാസീദഭവായ ദിവൗകസാം
സ ഏവ ഭഗവാനദ്യ വർത്തതേ തദ്വിപര്യയം. 21
ബലേന സചിവൈർബ്ബുദ്ധ്യാ ദുർഗ്ഗൈർമ്മന്ത്രൗഷധാദിഭിഃ
സാമാദിഭിരുപായൈശ്ച കാലം നാത്യേതി വൈ ജനഃ. 22
ഭവദ്ഭിർന്നിർജ്ജിതാ ഹ്യേതേ ബഹുശോഽനുചരാ ഹരേഃ
ദൈവേനർദ്ധൈസ്ത ഏവാദ്യ യുധി ജിത്വാ നദന്തി നഃ. 23
ഏതാൻ വയം വിജേഷ്യാമോ യദി ദൈവം പ്രസീദതി
തസ്മാത് കാലം പ്രതീക്ഷധ്വം യോ നോഽർത്ഥത്വായ കല്പതേ. 24

ശ്രീശുക ഉവാച

പത്യുർന്നിഗദിതം ശ്രുത്വാ ദൈത്യദാനവയൂഥപാഃ
രസാം നിർവിവിശു, രാജൻ, വിഷ്ണുപാർഷദതാഡിതാഃ. 25
അഥ താർക്ഷ്യസുതോ ജ്ഞാത്വാ വിരാട്പ്രഭുചികീർഷിതം
ബബന്ധ വാരുണൈഃ പാശൈർബ്ബലിം സൗത്യേഽഹനി–
ക്രതൗ. 26
ഹാഹാകാരോ മഹാനാസീദ്രോദസ്യോഃ സർവ്വതോദിശം
ഗൃഹ്യമാണേഽസുരപതൗ വിഷ്ണുനാ പ്രഭവിഷ്ണുനാ. 27
തം ബദ്ധം വാരുണൈഃ പാശൈർഭഗവാനാഹ വാമനഃ
നഷ്ടശ്രിയം സ്ഥിരപ്രജ്ഞമുദാരയശസം നൃപ! 28
''പദാനി ത്രീണി ദത്താനി ഭൂമേർമ്മഹ്യം ത്വയാസുര!
ദ്വാഭ്യാം ക്രാന്താ മഹീ സർവ്വാ തൃതീയമുപകല്പയ. 29
യാവത് തപത്യസൗ ഗോഭിര്യാവദിന്ദുഃ സഹോഡുഭിഃ
യാവദ്വർഷതി പർജ്ജന്യസ്താവതീ ഭൂരിയം തവ. 30
പദൈകേന മയാ ക്രാന്തോ ഭൂർല്ലോകഃ ഖം ദിശസ്തനോഃ
സ്വർല്ലോകസ്തു ദ്വിതീയേന പശ്യതസ്തേ സ്വമാത്മനാ. 31
പ്രതിശ്രുതമദാതുസ്തേ നിരയേ വാസ ഇഷ്യതേ
വിശ ത്വം നിരയം തസ്മാദ് ഗുരുണാ ചാനുമോദിതഃ. 32
വൃഥാ മനോരഥസ്തസ്യ ദൂരേ സ്വർഗ്ഗഃ പതത്യധഃ
പ്രതിശ്രുതസ്യാദാനേന യോഽർത്ഥിനം വിപ്രലംഭതേ. 33
വിപ്രലബ്ധോ ദദാമീതി ത്വയാഹം ചാഢ്യമാനിനാ
തദ്വ്യളീകഫലം ഭുങ്ക്ഷ്വ നിരയം കതിചിത്സമാഃ''. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വാമനപ്രാദുർഭാവേ ബലിനിഗ്രഹോ നാമ ഏകവിംശതിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പട്ടിശശൂലാദ്യായുധോപേതരായീടമാ-
ട്ടഹന്മാരത്യുത്ക്കടക്രോധത്താലാക്രാന്തരായ്
സ്വാമിയാം മഹാബലിയിച്ഛിക്കാതിരുന്നിട്ടും
വാമനവധത്തിനായ് പെട്ടെന്നു പാഞ്ഞണ-
ഞ്ഞാർ. 14

വാമനൻനേക്കെത്തുമദ്ദാനവസേനാപതി-
സ്തോമത്തെ ഹാസപൂർവ്വം തടുത്താർ വിഷ്ണു-
ഭൃത്യർ. 15

നന്ദൻ, സുനന്ദൻ, ജയൻ, ഗരുഡൻ,
വിഷ്വക്സേനൻ
പിന്നെ പ്രബലൻ, ബലൻ, വിജയൻ,
ജയന്തനും
കുമുദൻ, ശ്രുതദേവൻ, സാത്വതൻ, പുഷ്പദന്തൻ,
കുമുദാക്ഷാദ്യരെന്നീ ശ്രീവിഷ്ണുപാർഷദന്മാർ
അയുതമാനസ്സൊക്കമൂക്കാന്നോരത്രേയവ-
രയതം നിഹനിച്ചാർ ദൈത്യസൈന്യാധീ-
ശരെ. 16-17

മല്ലാരിപാർഷദന്മാർ ദൈത്യാനീകാധീശരെ
കൊല്ലുന്നതല്ലലോടു വീക്ഷിച്ചു ദാനവേന്ദ്രൻ
ശുക്രശാപത്തെയോർത്താ ക്രുദ്ധരാം സ്വകീയരെ
തത്ക്കാലം പിന്തിരിച്ചാൻ യുദ്ധോദ്യമത്തിൽ-
നിന്നും. 18

ബലി പറഞ്ഞു

അല്ലയോ വിപ്രചിത്തേ! ഹേ രാഹോ,
നേമേ, കേൾപ്പിൻ
നല്ലതല്ലിപ്പോൾ കാലം നമുക്കു, യുദ്ധം
വേണ്ടാ. 19

സമസ്തദേഹികൾക്കും സുഖാസുഖങ്ങളേകാൻ
സമർത്ഥനായി മിന്നുമീശനെസ്സാധാരണൻ
ബലവീര്യങ്ങളാൽക്കീഴടക്കാൻ ഭാവിക്കുകിൽ
ഫലവത്തായീടുന്നതെങ്ങനെ ദൈത്യന്മാരേ! 20

മുന്നമേതൊരു ദേവൻ നമുക്കുത്കർഷത്തിനും
വിണ്ണോർതൻ നാശത്തിനും സങ്കല്പിച്ചി-
രുന്നുവോ
ആ ദേവൻതന്നെയിപ്പോൾ നമുക്കു നാശത്തിനും
വൃന്ദാരകോന്നതിക്കുമുത്സാഹിച്ചീടുന്നിതേ. 21

സൈന്യങ്ങൾ സചിവന്മാർ ബുദ്ധിവൈഭവം
പിന്നെ-
യുന്നതദുർഗ്ഗം മന്ത്രമൗഷധമിത്യാദിയാൽ
കാലമാമീശൻതന്നെയതിക്രമിച്ചീടുവാ-
നാലോചിക്കുകവേണ്ടാ ജനങ്ങളൊരിക്കലും. 22

ദിഷ്ടത്താലഭിവൃദ്ധി നിങ്ങളാർന്നിരുന്നോരു-
ഘട്ടത്തിൽ പലപ്പോഴും വിണ്ണോരെ വെന്നി-
ല്ലയോ?
അടരിലിപ്പോളവർ നമ്മളെജ്ജയിച്ചിട്ടു
തുടരെയട്ടഹാസം മുഴക്കുന്നോന്മാദത്താൽ. 23

ഇനിയും ജയിച്ചീടാമീശ്വരൻ പ്രസാദിക്കിൽ
ദനുജേശരേ! നമുക്കിവരെത്തർക്കമില്ല.
അതിനാൽ സമസ്തവും സഹിച്ചു നല്ലകാലം
പ്രതീക്ഷിച്ചിരിപ്പതാമുത്തമം നമുക്കിപ്പോൾ.
24

ശ്രീശുകൻ പറഞ്ഞു

ഹരിപാർഷദന്മാരാൽ മർദ്ദിതന്മാരാം ദൈത്യ-
വരന്മാരെല്ലാം പിന്നെപ്പാതാളം പൂകീ-
ടിനാർ. 25

വൈകുണ്ഠചികീർഷിതം മനസ്സിലാക്കിപ്പിന്നെ
യാഗത്തിൽ സോമരസം ഹവിസ്സാക്കിടും-
നാളിൽ
വരുണപാശത്തിനാലാ മഹാബലിതന്നെ
ഗരുഡൻ ബലമായി വരിഞ്ഞുകെട്ടീടിനാൻ. 26

കഷ്ടം! കഷ്ട! മെന്നപ്പോളുയർന്നു ശബ്ദം ദിക്കി-
ലെട്ടിലുമാകാശത്തും ധരണീതലത്തിലും. 27

വരുണപാശത്തിനാൽ ബദ്ധനായ് നഷ്ടശ്രീ-
യായ്
സ്ഥിരപ്രജ്ഞനാം ബലിതന്നോടു ചൊന്നാൻ
ഹരി. 28

"മൂന്നടിസ്ഥലമെനിക്കേകിടാമെന്നല്ലയോ
ചൊന്നതു ഭവാനെന്നാലുലകമാകെക്കൂടി
രണ്ടടി കഷ്ടിച്ചൊത്തു, മൂന്നാംകാലടിക്കിട-
മുണ്ടെങ്കിലേതെന്നുടൻ കാണിച്ചുതന്നീടുക. 29

സൂര്യനേതിടംവരെ തപിപ്പിച്ചീടുന്നുവോ,
താരങ്ങളൊത്തു ചന്ദ്രനെത്രടം വ്യാപിക്കുമോ,
എവിടംവരെ മാരിചൊരിവൂ മുകിൽമാല-
യവിടമെല്ലാമങ്ങേയ്ക്കുള്ളതായിരുന്നല്ലോ. 30

ഒരു കാലടിയാലേ ഭൂമിയും, ദ്വിതീയത്താൽ
സുരലോകവും മെയ്യാൽ ദിക്കുകൾ നഭസ്സുമായ്
ഭവൽസ്വത്തുക്കളാകെയങ്ങു കണ്ടിരിക്കവേ,
ചുവടുരണ്ടുകൊണ്ടിങ്ങളന്നെടുത്തീടിനേൻ. 31

ചൊന്നപോലെല്ലാമേകീടാത്ത നീ നരക-
ത്തിൽ-
ചെന്നാവസിച്ചീടണമെന്നല്ലോ സിദ്ധാന്തവും.
അതിനാലാചാര്യാനുമതിയോടിപ്പോൾത്തന്നെ
ദിതിജേശ്വരാ! ഭവാൻ നരകം ഗമിച്ചാലും. 32

വാഗ്ദത്തം ലംഘിക്കുകമൂലമായേതൊരുത്ത-
നർത്ഥിയെച്ചതിക്കുന്നി, തവന്റെ മനോരഥം
വ്യർത്ഥമായ്ത്തീരും, സ്വർഗ്ഗപ്രാപ്തിയും നഷ്ട-
മായ്പ്പോം,
സ്വസ്ഥാനത്തുനിന്നധഃപാതവും സംഭവിക്കും.
33

ആഢ്യനെന്നഭിമാനിച്ചീടുന്ന നീയെനിക്കാ-
യിഷ്ടംപോൽ ഭൂവേകീടാമെന്നോതി വഞ്ചി-
ച്ചു മാം
ഇപ്പൊഴുതതിൻഫലമായിട്ടു ദനുജേന്ദ്രാ!
സ്വല്പകാലത്തേക്കു നീ നരകം ഭുജിച്ചാലും." 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
ഏവം വിപ്രകൃതോ, രാജൻ, ബലിർഭഗവതാസുരഃ
ഭിദ്യമാനോഽപ്യഭിന്നാത്മാ പ്രത്യാഹാവിക്ലവം വചഃ. 1

ബലിരുവാച
''യദ്യുത്തമശ്ലോക, ഭവാൻ മമേരിതം
വചോ വ്യളീകം, സുരവര്യ, മന്യതേ
കരോമ്യൃതം തന്ന ഭവേത് പ്രലംഭനം
പദം തൃതീയം കുരു ശീർഷ്ണി മേ നിജം. 2
ബിഭേമി നാഹം നിരയാത് പദച്യുതം-
ന്ന പാശബന്ധാദ്വ്യസനാദ്ദുരത്യയാത്
നൈവാർത്ഥകൃച്ഛ്റാദ്ഭവതോ വിനിഗ്രഹാ-
ദസാധുവാദാദ് ഭൃശമുദ്വിജേ യഥാ. 3
പുംസാം ശ്ലാഘ്യതമം മന്യേ ദണ്ഡമർഹത്തമാർപ്പിതം
യം ന മാതാ പിതാ ഭ്രാതാ സുഹൃദശ്ചാദിശന്തി ഹി. 4
ത്വം നൂനമസുരാണാം നഃ പാരോക്ഷ്യഃ പരമോ ഗുരുഃ
യോ നോഽനേകമദാന്ധാനാം വിഭ്രംശം ചക്ഷുരാദിശത്. 5
യസ്മിൻ വൈരാനുബന്ധേന രൂഢേന വിബുധേതരാഃ
ബഹവോ ലേഭിരേ സിദ്ധിം യാമു ഹൈകാന്തയോഗിനഃ. 6
തേനാഹം നിഗൃഹീതോഽസ്മി ഭവതാ ഭൂരികർമ്മണാ
ബദ്ധശ്ച വാരുണൈഃ പാശൈർന്നാതിവ്രീഡേ ന ച വ്യഥേ. 7
പിതാമഹോ മേ ഭവദീയസമ്മതഃ
പ്രഹ്ലാദ ആവിഷ്കൃതസാധുവാദഃ
ഭവദ്വിപക്ഷേണ വിചിത്രവൈശസം
സംപ്രാപിതസ്ത്വത്പരമഃ സ്വപിത്രാ. 8
കിമാത്മനാനേന ജഹാതി യോഽന്തതഃ
കിം രിക്ഥഹാരൈഃ സ്വജനാഖ്യദസ്യുഭിഃ
കിം ജായയാ സംസൃതിഹേതുഭൂതയാ
മർത്ത്യസ്യ ഗേഹൈഃ കിമിഹായുഷോ വ്യയഃ.'' 9
ഇത്ഥം സ നിശ്ചിത്യ പിതാമഹോ മഹാ-
നഗാധബോധോ ഭവതഃ പാദപദ്മം
ധ്രുവം പ്രപേദേ ഹ്യകുതോഭയം ജനാദ്-
ഭീതഃ സ്വപക്ഷക്ഷപണസ്യ സത്തമഃ. 10
അഥാഹമപ്യാത്മരിപോസ്തവാന്തികം
ദൈവേന നീതഃ പ്രസഭം ത്യാജിതശ്രീഃ
ഇദം കൃതാന്താന്തികവർത്തി ജീവിതം
യയാ ധ്രുവം സ്തബ്ധമതിർന്ന ബുധ്യതേ. 11

ശ്രീശുക ഉവാച
തസ്യേത്ഥം ഭാഷമാണസ്യ പ്രഹ്ലാദോ ഭഗവത്പ്രിയഃ
ആജഗാമ കുരുശ്രേഷ്ഠ! രാകാപതിരിവോത്ഥിതഃ. 12
തമിന്ദ്രസേനഃ സ്വപിതാമഹം ശ്രിയാ
വിരാജമാനം നളിനായതേക്ഷണം
പ്രാംശും പിശങ്ഗാംബരമഞ്ജനത്വിഷം
പ്രലംബബാഹും സുഭഗം സമൈക്ഷത. 13
തസ്മൈ ബലിർവ്വാരുണപാശയന്ത്രിതഃ
സമർഹണം നോപജഹാര പൂർവ്വവത്.
നനാമ മൂർദ്ധ്നാശ്രുവിലോലലോചനഃ
സവ്രീഡനീചീനമുഖോ ബഭൂവ ഹ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 22

വരദാനനിരൂപണം

ശ്രീശുകൻ പറഞ്ഞു

ഹരിയീവിധം സത്യശോധനയ്ക്കായിത്തിര-
സ്കരിച്ചു ഹൃദ്ഭേദനംചെയ്കിലും മഹാബലി
സ്ഥിരചിത്തനായുടനദീനവാക്യങ്ങളാൽ
പരമപുമാനോടായീവിധമോതീടിനാൻ. 1

ബലി പറഞ്ഞു

''ഉത്തമശ്ലോകാ! സുരാധീശ്വരാ! മമവാക്യം
സത്യമായുള്ളതല്ലെന്നങ്ങേയ്ക്കു തോന്നുന്നെങ്കിൽ
സത്യമാക്കുന്നേനതു വഞ്ചനയല്ലെൻെറയീ-
യുത്തമാങ്ഗത്തിൽ ഭവാൻ വച്ചാലും മൂന്നാം-
പദം. 2

നരകപാതത്തിലും സ്ഥാനഭ്രംശനത്തിലും
ദുരന്തദുഃഖത്തിലും സമ്പദിനാശത്തിലും
അഥവാ ഭവാനിൽനിന്നുണ്ടാകും മൃതിയെന്നാ-
ലതിലും സത്യത്തിൽപോലെനിക്കു ഭീതി-
യില്ല. 3

അത്യന്തമഹ്നിൽനിന്നാന്നിട്ടും ദണ്ഡം പുമാ-
നെത്രയും ശ്ലാഘനീയമെന്നു ഞാൻ നിന-
യ്ക്കുന്നേൻ.

അത്തരമുള്ള ദണ്ഡം ലഭിക്കാ പിതൃമാതൃ-
മിത്രസോദരന്മാരിൽനിന്നുമിങ്ങാക്കുമോ-
ക്കിൽ. 4

അങ്ങുന്നു ദൈത്യന്മാരാം ഞങ്ങൾക്കു പരോക്ഷ്യ-
നായ്
മങ്ഗലമേകും പരമാചാര്യൻതന്നെ നൂനം.
ബഹുധാ മദാന്ധരാം ഞങ്ങളിൽ ഭ്രംശരൂപ-
മഹിതചക്ഷുസ്സേകിയനുഗ്രഹിച്ചു ഭവാൻ. 5

പരമപ്രേമഭക്തിനിഷ്ഠരാമസംഖ്യംപേർ
പരിചിൽ പ്രാപിച്ചുള്ളൊരാ സിദ്ധിതന്നെ-
യല്ലോ
നിന്തിരുവടിയിലെ വൈരാനുബന്ധത്തിനാ-
ലന്ധരാംദാനവക്കും സുലഭം ലഭിച്ചതും. 6

ഭൂരികമ്മാവായിട്ടമങ്ങയാലാകൃഷ്ടനായ്
വാരുണപാശങ്ങളാൽ ഞാനിപ്പോഴും ബദ്ധ-
നായി.

ദുഃഖിക്കുന്നില്ല ലജ്ജിക്കുന്നുമി, ല്ലങ്ങേക്കയ്യാൽ
നിഗ്രഹം പാത്താൽ ഭുക്തിമുക്തിസാധക-
മല്ലോ. 7

ഭക്തസമ്മതനായാവിഷ്കൃതസാധുവാദ-
യുക്തനായ് തിരുമേനിതന്നിലത്യാസക്തനായ്
മിന്നും മത്പിതാമഹൻ പ്രഹ്ലാദനെന്തു ദുഃഖം
മുന്നം തത്പിതാവിൽനിന്നേല്ക്കേണ്ടതായി-
വന്നു. 8

അന്ത്യത്തിൽ വെടിയേണ്ടും ദേഹത്താലെന്തേ
ഭവ-
ബന്ധകാരിണിയാകും പ്രേയസിയാലുമെന്തേ!
സ്വജനമെന്നപേരിൽ സമ്പത്തു ഹരിച്ചിടും
നിജദായാദദസ്യുക്കളാലുമെന്തേ ഫലം?
മണിമേടകളാലും മത്ത്യനെന്തുള്ള പ്രയോ-
ജനമായുസ്സു പാഴിലാക്കിടാമെന്നതെന്യേ.'' 9

സദ്ഗുണസമ്പന്നനായ് മഹാനായ്
സത്തുക്കളിൽ
മുഖ്യനായ് പൂർണ്ണജ്ഞാനിയാകുമപ്പിതാമഹൻ
ഈവിധമുറച്ചു തൻ വർഗ്ഗത്തെ നശിപ്പിക്കും
കേവലനായീട്ടുന്ന നിന്തിരുമേനിക്കെഴും
ഭയനാശങ്ങും ലേശമേശാത്ത പാദാബ്ജമാ-
ശ്രയിച്ചാനസജ്ജനസങ്ഗമഭീതിമൂലം. 10

എന്നെയും ദൈവം ജന്മശത്രുവാം ഭവാനുടെ
സന്നിധിതന്നിൽത്തന്നെ കൊണ്ടുവന്നാക്കി-
യല്ലോ.

അന്തകകരസ്ഥം സ്വജീവിതം ചലമെന്നാ-
യെന്തിനാൽ സ്തബ്ധധീയായോക്കുന്നില്ലയോ
പുമാൻ
ആ വിഭൂതിയെയെന്നെക്കൊണ്ടു നിന്തിരുമേനി
കൈവെടിയിച്ചതാനും ബലത്താലീ-
സന്ധിയിൽ. 11

ശ്രീശുകൻ പറഞ്ഞു

ബലിയീവിധം കഥിക്കുന്നുളവിന്ദുവെപ്പോൾ
വിളങ്ങും വിഷ്ണുഭക്തൻ പ്രഹ്ലാദനാഗമിച്ചാൻ.12
അംബുജനേത്രനായിപ്പീതവസ്ത്രാഢനായി
ബ്രഹ്മതേജസ്വിയായി പ്രലംബഭുജനായി
ഉന്നതനായഞ്ജനസമാനവർണ്ണനായി
മിന്നുമസ്സുന്ദരനെക്കണ്ടിതു മഹാബലി. 13

വരുണപാശാബദ്ധനാകയാൽ മുന്നേപ്പോലെ
ശരിയായ് പൂജിക്കുവാനവനു സാധിച്ചീല.
നമിച്ചു തലതാഴ്ത്തിയശ്രുനേത്രനായ് ലജ്ജാ-
നമിതവക്ത്രനായിട്ടവിടെ നിന്നീടിനാൻ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ തത്ര ഹാസീനമുദീക്ഷ്യ സത്പതിം
സുനന്ദനന്ദാദ്യനുഗൈരുപാസിതം
ഉപേത്യ ഭൂമൗ ശിരസാ മഹാമനാ
നനാമ മൂർദ്ധ്നാ പുളകാശ്രുവിക്ലവഃ. 15

പ്രഹ്ലാദ ഉവാച

ത്വയൈവ ദത്തം പദമൈന്ദ്രമൂർജ്ജിതം
ഹൃതം തദേവാദ്യ തഥൈവ ശോഭനം
മന്യേ മഹാനസ്യ കൃതോ ഹ്യനുഗ്രഹോ
വിഭ്രംശിതോ യച്ഛ്രിയ ആത്മമോഹനാത്. 16
യയാ ഹി വിദ്വാനപി മുഹ്യതേ യത–
സ്തത് കോ വിചഷ്ടേ ഗതിമാത്മനോ യഥാ
തസ്മൈ നമസ്തേ ജഗദീശ്വരായ വൈ
നാരായണായാഖിലലോകസാക്ഷിണേ. 17

ശ്രീശുക ഉവാച

തസ്യാനുശൃണ്വതോ, രാജൻ, പ്രഹ്ലാദസ്യ കൃതാഞ്ജലേഃ
ഹിരണ്യഗർഭോ ഭഗവാനുവാച മധുസൂദനം. 18
ബദ്ധം വീക്ഷ്യ പതിം സാധ്വീ തത്പത്നീ ഭയവിഹ്വലാ
പ്രാഞ്ജലിഃ പ്രണതോപേന്ദ്രം ബഭാഷേഽവാങ്മുഖീ നൃപ! 19

വിന്ധ്യാവലിരുവാച

ക്രീഡാർത്ഥമാത്മന ഇദം ത്രിജഗത് കൃതം തേ
സ്വാമ്യം തു തത്ര കുധിയോഽപര ഈശ കുര്യുഃ
കർത്തും പ്രഭോസ്തവ കിമസ്യത ആവഹന്തി
ത്യക്തഹ്രിയസ്ത്വദവരോപിതകർത്തൃവാദാഃ. 20

ബ്രഹ്മോവാച

ഭൂതഭാവന! ഭൂതേശ! ദേവദേവ! ജഗന്മയ!
മുഞ്ചൈനം ഹൃതസർവ്വസ്വം നായമർഹതി നിഗ്രഹം. 21
കൃത്സ്നാ തേഽനേന ദത്താ ഭൂർലോകാഃ കർമ്മാർജ്ജിതാശ്ച യേ
നിവേദിതം ച സർവ്വസ്വമാത്മാവിക്ലവയാ ധിയാ. 22
യത്പാദയോരശഠധീഃ സലിലം പ്രദായ
ദൂർവ്വാങ്കുരൈരപി വിധായ സതീം സപര്യാം
അപ്യുത്തമാം ഗതിമസൗ ഭജതേ ത്രിലോകീം
ദാശ്വാനവിക്ലവമനാഃ കഥമാർത്തിമൃച്ഛേത്? 23

ശ്രീഭഗവാനുവാച

ബ്രഹ്മൻ! യമനുഗൃഹ്ണാമി തദ്വിശോ വിധുനോമ്യഹം
യന്മദഃ പുരുഷഃ സ്തബ്ധോ ലോകം മാം ചാവമന്യതേ. 24
യദാ കദാചിജ്ജീവാത്മാ സംസരൻ നിജകർമ്മഭിഃ
നാനായോനിഷ്വനീശോഽയം പൗരുഷീം ഗതിമാവ്രജേത്. 25
ജന്മകർമ്മവയോരൂപവിദ്യൈശ്വര്യധനാദിഭിഃ
യദ്യസ്യ ന ഭവേത് സ്തംഭസ്തത്രായം മദനുഗ്രഹഃ. 26
മാനസ്തംഭനിമിത്താനാം ജന്മാദീനാം സമന്തതഃ
സർവ്വശ്രേയഃപ്രതീപാനാം ഹന്ത മുഹ്യേന്ന മത്പരഃ. 27
ഏഷ ദാനവദൈത്യാനാമഗ്രണീഃ കീർത്തിവർദ്ധനഃ
അജൈഷീദജയാം മായാം സീദന്നപി ന മുഹ്യതി. 28
ക്ഷീണരിക്ഥശ്ച്യുതഃ സ്ഥാനാത് ക്ഷിപ്തോ ബദ്ധശ്ച ശത്രുഭിഃ
ജ്ഞാതിഭിശ്ച പരിത്യക്തോ യാതനാമനുയാപിതഃ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര സംസ്ഥിതനായിസ്സനന്ദനന്ദാദ്യരാം
ഭൃത്യരാൽ സംസേവിതൻ ഭഗവാൻതന്നെക്കണ്ടു
ആനന്ദബാഷ്പത്തൊടും കോൾമയിർക്കൊണ്ടു
മന്നിൽ–
ത്താണുവീണുടൻ നമസ്കരിച്ചാൻ പ്രഹ്ലാദനം.15

പ്രഹ്ലാദൻ പറഞ്ഞു

സമുദ്ധമൈന്ദ്രംപദമങ്ങിവന്നേകീട്ടതി–
സ്സമയം തിരിച്ചെടുത്തെന്നതു ശോഭനംതാൻ.
ഇവന്നക്കൃത്യമൊരു മഹാനുഗ്രഹമായി–
ബ്ഭവിച്ചിട്ടുണ്ടെന്നുതാൻ വിചാരിച്ചീടുന്നു
ഞാൻ.
ഏതൊന്നാണാത്മമോഹഹേതുവായിരിപ്പതാ–
ഭൂതിയിൽനിന്നും ഭവാനിവനെയൊഴി–
ച്ചല്ലോ. 16
സൂരിയും മോഹിച്ചുപോമൈശ്വര്യം
വച്ചുപോററി–
പ്പോരുന്ന പുമാനേതുമട്ടുണ്ടാമാത്മജ്ഞാനം?
അഖിലലോകസാക്ഷിഭൂതനായ്
വിശേശനാം
ഭഗവൻ! ഭവാനായിക്കൊണ്ടിതാ നമസ്കാരം.17

ശ്രീശുകൻ പറഞ്ഞു

ഇത്രയും ചൊല്ലിക്കൂപ്പിനില്ക്കുമാ പ്രഹ്ലാദനം
കേൾക്കവേ ധാതാവേതോ ചൊല്ലുവാൻ–
ഭാവിച്ചിതു. 18
അത്തവ്വിൽബദ്ധനാം തൻ ഭർത്താവുതന്നെക്കണ്ടു
സാധ്വിയാം വിന്ധ്യാവലി ഭയവിഹ്വലയായി
കൈകൂപ്പി നമിച്ചവാങ്മുഖിയായ്
നിന്നുകൊണ്ടു
വൈകുണ്ഠഭഗവാനോടിങ്ങനെ ചൊല്ലീ–
ടിനാൾ. 19

വിന്ധ്യാവലി പറഞ്ഞു

ഈശ്വരാ! ഭവാൻ തീർത്തു ലീലയായ്
മൂപ്പാരും, ത–
ദീശന്മാരെന്നു ചിലർ ഭാവിപ്പൂ ദുർബ്ബുദ്ധികൾ
അവർക്കെന്തുള്ളൂ സ്വകർത്താവും സംഹർത്താവും
ഭുവനേശനുമാകമങ്ങേയ്ക്കു തന്നീടുവാൻ? 20

ബ്രഹ്മാവു പറഞ്ഞു

ഭൂതഭാവനാ! ദേവദേവ! ഹേ ജഗന്മയാ!
ഭൂതേശാ! സമസ്തപ്രദാതാവാമിദ്ദേഹത്തെ
നിന്തിരുമേനി മോചിപ്പിച്ചാലുമിക്ഷണത്തിൽ
ചിന്തിച്ചാൽ ബന്ധനാർഹനല്ലയിസ്സാധു–
ശീലൻ. 21

ഇമ്മഹാൻ കർമ്മാർജ്ജിതം മേദിനിയശേഷവും
സന്മനസ്സോടുകൂടിസ്സമസ്തവിഭൂതിയും
നിന്തിരുമേനിക്കായിദ്ദാനംചെയ്തതിൽ പിന്നെ
സ്വന്തമാം ദേഹംപോലുമങ്ങയിൽ
സമർപ്പിച്ചാൻ. 22
അശഠനായുള്ളവൻ നിന്തിരുപ്പാദങ്ങളി–
ലശങ്കമർഘ്യമേകിദ്ദൂർവയാൽത്താനെങ്കിലും
പരിശുദ്ധമാം പൂജ നിർവഹിച്ചീടുന്നാകിൽ
പരിചോടുത്കൃഷ്ടമാം പദവിയർഹിക്കുന്നു. 23

ശ്രീഭഗവാൻ പറഞ്ഞു

ബ്രഹ്മാവേ! ഞാനേകനെയനുഗ്രഹിച്ചീട–
വാൻ
നിർമ്മായം തുനിയുമ്പോളാദ്യമായവന്നെഴും
ഐശ്വര്യം ഹരിച്ചിടും, ധനത്താൽ മദിച്ചത്രേ
വിശ്വത്തോടൊത്തെന്നെയുമവമാനിക്കു–
ന്നതും. 24
കർമ്മസംബന്ധത്തിനാലസ്വതന്ത്രനാം ജീവൻ
ജന്മങ്ങൾ പലതാർന്നിട്ടൊടുവിൽ പുണ്യത്തി–
നാൽ
പുരുഷാർത്ഥത്തെ ലഭിച്ചീടുവാൻ യോഗ്യമാമി–
ന്നരജന്മത്തെ പ്രാപിച്ചീടുന്നു യദൃച്ഛയായ്. 25
ജന്മകർമ്മങ്ങൾ വിദ്യ, വയസ്സും സൗന്ദര്യവും
നന്മട്ടിലെഴും ധന,മൈശ്വര്യമിത്യാദിയാൽ
അഹങ്കരിക്കാതേകനിരിക്കിലതെന്നനു–
ഗ്രഹത്തിനാലാണെന്നു ധരിക്ക പിതാമഹാ! 26
മാനാഭിമാനങ്ങൾക്കു നിദാനമായി ശ്രേയോ–
ഹാനി ചേർത്തീടുന്നതാമൈശ്വര്യാദികൾ
ചെററും
മൽപരൻ മോഹിച്ചീടുന്നില്ലൊരിക്കലു.മതി–
ന്നിപ്രഹ്ലാദനാണുദാഹരണം വിധാതാവേ! 27
ഈ മഹാബലി ദൈത്യദാനവാഗ്ര്യനും യശോ–
ധാമവുമജയ്യയായീടുമെന്മായയേയും
വെന്നോനും ഞാൻ തൽ സർവ്വസമ്പത്തും
ഹരിച്ചിട്ടും
ഖിന്നത ലവലേശമില്ലാത്ത മഹാനുമാം. 28
സമ്പത്തിവന്നു സർവം നഷ്ടമായിന്ദ്രന്റെയാ–
വൻ പദവിയിൽനിന്നും പെട്ടെന്നു താഴെവീണു
ശത്രുക്കളാക്ഷേപിച്ചു ബന്ധുക്കൾ സന്ത്യജിച്ചു
ബദ്ധനായ് സഹിച്ചിതു തീവ്രയാതന–
യേയും. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുണാ ഭർത്സിതഃ ശപ്തോ ജഹൗ സത്യം ന സുവ്രതഃ
ഛലൈരുക്തോ മയാ ധർമ്മോ നായം ത്യജതി സത്യവാക്. 30
ഏഷ മേ പ്രാപിതഃ സ്ഥാനം ദുഷ്പ്രാപമമരൈരപി
സാവർണ്ണേരന്തരസ്യായം, ഭവിതേന്ദ്രോ മദാശ്രയഃ. 31
താവത് സുതലമധ്യാസ്താം വിശ്വകർമ്മവിനിർമ്മിതം
യന്നാധയോ വ്യാധയശ്ച ക്ലമസ്തന്ദ്രാ പരാഭവഃ
നോപസർഗ്ഗാ നിവസതാം സംഭവന്തി മമേക്ഷയാ. 32
ഇന്ദ്രസേന, മഹാരാജ, യാഹി, ഭോ, ഭദ്രമസ്തു തേ
സുതലം സ്വർഗ്ഗിഭിഃ പ്രാർത്ഥ്യം ജ്ഞാതിഭിഃ പരിവാരിതഃ. 33
ന ത്വാമഭിഭവിഷ്യന്തി ലോകേശാഃ കിമുതാപരേ
ത്വച്ഛാസനാതിഗാൻ ദൈത്യാംശ്ചക്രം മേ സൂദയിഷ്യതി. 34
രക്ഷിഷ്യേ സർവ്വതോഽഹം ത്വാം സാനുഗം സപരിച്ഛദം
സദാ സന്നിഹിതം വീര, തത്ര മാം ദ്രക്ഷ്യതേ ഭവാൻ. 35
തത്ര ദാനവദൈത്യാനാം സങ്ഗാത് തേ ഭാവ ആസുരഃ
ദൃഷ്ട്വാ മദനുഭാവം വൈ സദ്യഃ കുണ്ഠോ വിനങ്ക്ഷ്യതിഃ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ വാമനപ്രാദുർഭാവേ
ബലിവാമനസംവാദോ നാമ ദ്വാവിംശതിതമോഽധ്യായഃ

ത്രയോവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഇത്യുക്തവന്തം പുരുഷം പുരാതനം
മഹാനുഭാവോഽഖിലസാധുസമ്മതഃ
ബദ്ധാഞ്ജലിർബ്ബാഷ്പകലാകുലേക്ഷണോ
ഭക്ത്യുദ്ഗലോ ഗദ്ഗദയാ ഗിരാബ്രവീത്. 1

ബലിരുവാച

അഹോ പ്രണാമായ കൃതഃ സമുദ്യമഃ
പ്രപന്നഭക്താർത്ഥവിധൗ സമാഹിതഃ
യല്ലോകപാലൈസ്ത്വദനുഗ്രഹോഽമരൈ-
രലബ്ധപൂർവ്വോഽപസദേഽസുരേഽർപ്പിതഃ. 2

ശ്രീശുക ഉവാച

ഇത്യുക്ത്വാ ഹരിമാനമ്യ ബ്രഹ്മാണം സംഭവം തതഃ
വിവേശ സുതലം പ്രീതോ ബലിർമുക്തഃ സഹാസുരൈഃ. 3
ഏവമിന്ദ്രായ ഭഗവാൻ പ്രത്യാനീയ ത്രിവിഷ്ടപം
പൂരയിത്വാദിതേഃ കാമമശാസത് സകലം ജഗത്. 4
ലബ്ധപ്രസാദം നിർമ്മുക്തം പൗത്രം വംശധരം ബലിം
നിശാമ്യ ഭക്തിപ്രവണഃ പ്രഹ്ലാദ ഇദമബ്രവീത്. 5

പ്രഹ്ലാദ ഉവാച

നേമം വിരിഞ്ചോ ലഭതേ പ്രസാദം
ന ശ്രീർന്ന ശർവ്വഃ കിമുതാപരേ തേ
യന്നോഽസുരാണാമസി ദുർഗ്ഗപാലോ
വിശ്വാഭിവന്ദ്യൈരപി വന്ദിതാങ്ഘ്രിഃ. 6
യത്പാദപദ്മമകരന്ദനിഷേവണേന
ബ്രഹ്മാദയഃ ശരണദാശ്നുവതേ വിഭൂതീഃ
കസ്മാദ്വയം കുസൃതയഃ ഖലയോനയസ്തേ
ദാക്ഷിണ്യദൃഷ്ടിപദവീം ഭവതഃ പ്രണീതാഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്ദാവാക്കുകളോതിശ്ശപിച്ചാൻ ശുക്രാചാര്യൻ
പിന്നെ ഞാൻ ഛലമായിദ്ധർമ്മോപദേശം-
ചെയ്തു.

എന്നിട്ടും സുസ്ഥിരധീയായീടുമിദ്ദാനവ-
മന്നവൻ വ്യതിചലിച്ചില്ല സത്യത്തിൽ-
നിന്നും. 30

ഞാനിവന്നമർത്ത്യരാൽപോലുമപ്രാപ്യമാകും
സ്ഥാനമേകീടിനേനെന്നവലംബനത്തോടും

സാവർണ്ണിമന്വന്തരകാലത്തു സത്യവാക്കാ-
മീവിശിഷ്ടൻ വാഴാമിന്ദ്രനായാത്മഭൂവേ! 31

അക്കാലംവരെയിവൻ വിശ്വകർമ്മാവു തീർത്ത
ചൊല്ലേറ്റുന്ന സുതലത്തിൽ സുഖമായ്
വസിക്കട്ടെ!

എപ്പൊഴുമവിടത്തിലെൻ നോട്ടമുള്ളമൂല-
മല്ലവും ക്ഷീണമാധിവ്യാധികളാലസ്യവും

തിരസ്കാരവുമുപദ്രവവുമസ്ഥലത്തു
മരുവുന്നവർക്കാർക്കുമുണ്ടാകയില്ലയല്ലോ. 32

ഇന്ദ്രതുല്യനാം മഹാരാജാവേ! വൈരോചനേ!-
യൈന്ദ്രമാം പദം കിട്ടുകില്ലെന്നു ശങ്കിക്കേണ്ട.

ഇക്കാലം ബന്ധുക്കളോടൊത്തമരരാൽ കാമ്യ-
മുത്കൃഷ്ടം സുതലം നീ പ്രാപിക്ക മങ്ഗലം
തേ. 33

ഇന്ദ്രാദി ദിക്പാലകരങ്ങയെധിക്കരിക്കി-
ല്ലന്യന്മാരുടെ കഥ ചൊല്ലേണ്ടതുണ്ടോ പിന്നെ?

നിന്നാജ്ഞയനുസരിച്ചീടാത്ത ദൈത്യന്മാരെ-
യന്നേരം നശിപ്പിക്കുമെന്നുടെ സുദർശനം. 34

അനുചരന്മാരോടും പരിച്ഛദങ്ങളോടു-
മനിശം രക്ഷിച്ചുകൊണ്ടീടുവൻ ഭവാനെ ഞാൻ.

കെല്ലെഴും വീരാ! തത്ര സർവ്വദാ വാഴുമെന്നെ-
യെപ്പൊഴും സന്ദർശിക്കാമങ്ങേയ്ക്കു മഹാ-
രാജൻ! 35

അങ്ങേയ്ക്കെപ്പൊഴും ദൈത്യദാനവസന്ദോഹ-
ത്തിൻ-
സങ്ഗമത്തിനാലുണ്ടാമാസുരസ്വഭാവവും

മാമകമാഹാത്മ്യത്തിൻ ദർശനംനിമിത്തമാ-
യാമൂലം നഷ്ടമായിബ്ഭവിക്കുമവിളംബം. 36

അദ്ധ്യായം 23

ഭഗവദാദേശം

ശ്രീശുകൻ പറഞ്ഞു

അഖിലസാധുക്കൾക്കും സമ്മതനായിഗ്ഗുണ-
നികരനികേതമായഞ്ജലീബദ്ധനായി

ബാഷ്പപൂർണ്ണാന്ധീകൃതലോചനനായി-
ബ്ഭക്തി-
വായ്പിനാലുൽക്കണ്ഠിതനാകുമാ മഹാബലി

ഇക്കണക്കോതിയോരപ്പുരാണപുമാനോടായ്
ഗദ്ഗദത്തോടുകൂടിപ്പറഞ്ഞാനിപ്രകാരം. 1

ബലി പറഞ്ഞു

ശരണാഗതനാകും ഭക്തനു പുരുഷാർത്ഥ-
മരുളാൻ നമസ്കാരാരംഭത്തിൽത്തന്നെ നന്നായ്

ശ്രദ്ധിപ്പൂ ഭവാൻ നൂന,മിന്നീച,ന്നമർത്ത്യർക്കു-
മെത്താത്തോരനുഗ്രഹമല്ലയോ തന്നതി-
പ്പോഴും. 2

ശ്രീശുകൻ പറഞ്ഞു

ഇത്രയും മാത്രം ചൊല്ലി ഭഗവാനെയും ഹര-
യുക്തനാമജനേയും നമിച്ചു സന്തുഷ്ടനായ്

സുതലത്തിലേക്കുടൻ ദാനവന്മാരോടൊത്ത-
ദ്ദിതിജേശ്വരൻ ബലി യാത്രയ്ക്കു ഭാവിച്ചിതേ. 3

ഈമട്ടിൽ ഭഗവാൻ ശ്രീഹരിവാമനനായി
ഭൂമിയിൽ ജന്മമാർന്നു ബലിയിൽനിന്നും സ്വർഗ്ഗം

വീണ്ടെടുത്തിന്ദ്രനായിത്തിരിച്ചു നല്കിപ്പിന്നെ
വേണ്ടപോലഖിലലോകത്തെയും പാലി-
ച്ചിതു. 4

പാശീപാശത്തിൻബന്ധമൊഴിഞ്ഞും ഭഗ-
വാന്റെ
ശാശ്വതാനുഗ്രഹത്തെ നേടിയും സ്വവംശത്തെ

നിലനിർത്തീടും പൗത്രൻ ബലിയെക്കണ്ടു കൃഷ്ണ-
നിലീനചിത്തനാമാ പ്രഹ്ലാദനേവം ചൊ-
ന്നാൻ. 5

പ്രഹ്ലാദൻ പറഞ്ഞു

വിശ്വാഭിവന്ദ്യാർച്ചിതപാദപദ്മങ്ങളാള-
മീശ്വരാ! ഭവാനസ്മദ്ദുർഗ്ഗപാലനായ്ത്തീർന്നു.

ഈവിധം ഭാഗ്യം ബ്രഹ്മശങ്കരന്മാർക്കും രമാ-
ദേവിക്കും സിദ്ധിച്ചില്ല, മറ്റുള്ളോർക്കെന്തു
പിന്നെ? 6

ആരുടെ പാദാംബുജമകരന്ദാസേവനം
കാരണമജാദ്യരുമൈശ്വര്യം ഭുജിക്കുന്നു,

അത്തിരുമേനി വെറും നീചവംശജരാം ദുർ-
വൃത്തർ ഞങ്ങളെയനുഗ്രഹിക്കത്തക്കവണ്ണം

എന്തൊരു ഗുണമുള്ളു ഞങ്ങളിലോർത്തുകണ്ടാൽ,
നിന്തിരുവടിയുടെ കാരുണ്യംതന്നെയെല്ലാം. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്രം തവേഹിതമഹോഽമിതയോഗമായാ–
ലീലാവിസൃഷ്ടഭുവനസ്യ വിശാരദസ്യ
സർവ്വാത്മനഃ സമദൃശോ വിഷമഃ സ്വഭാവോ
ഭക്തപ്രിയോ യദസി കല്പതരുസ്വഭാവഃ. 8

ശ്രീഭഗവാനുവാച
വത്സ, പ്രഹ്ലാദ, ഭദ്രം തേ, പ്രയാഹി സുതലാലയം
മോദമാനഃ സ്വപൗത്രേണ ജ്ഞാതീനാം സുഖമാവഹ. 9
നിത്യം ദ്രഷ്ടാസി മാം തത്ര ഗദാപാണിമവസ്ഥിതം
മദ്ദർശനമഹാഹ്ലാദധ്വസ്തകർമ്മനിബന്ധനഃ. 10

ശ്രീശുക ഉവാച
ആജ്ഞാം ഭഗവതോ, രാജൻ, പ്രഹ്ലാദോ ബലിനാ സഹ
ബാഢമിത്യമലപ്രജ്ഞോ മൂർദ്ധ്ന്യാധായ കൃതാഞ്ജലിഃ 11
പരിക്രമ്യാദിപുരുഷം സർവ്വാസുരചമൂപതിഃ
പ്രണതസ്തദനുജ്ഞാതഃ പ്രവിവേശ മഹാബിലം. 12
അഥാഹോശനസം, രാജൻ, ഹരിർന്നാരായണോഽന്തികേ
ആസീനമൃത്വിജാംമദ്ധ്യേ സദസി ബ്രഹ്മവാദിനാം. 13
ബ്രഹ്മൻ! സന്തനു ശിഷ്യസ്യ കർമ്മച്ഛിദ്രം വിതന്വതഃ
യത്തത് കർമ്മസു വൈഷമ്യം ബ്രഹ്മദൃഷ്ടം സമം ഭവേത്. 14

ശുക്ര ഉവാച
കുതസ്തത് കർമ്മവൈഷമ്യം യസ്യ കർമ്മേശ്വരോ ഭവാൻ
യജ്ഞേശോ യജ്ഞപുരുഷഃ സർവ്വഭാവേന പൂജിതഃ 15
മന്ത്രതസ്തന്ത്രതശ്ഛിദ്രം ദേശകാലാർഹവസ്തുതഃ
സർവ്വം കരോതി നിശ്ഛിദ്രം നാമസങ്കീർത്തനം തവ. 16
തഥാപി വദതോ, ഭൂമൻ, കരിഷ്യാമ്യനുശാസനം
ഏതച്ഛ്രേയഃ പരം പുംസാം യത് തവാജ്ഞാനുപാലനം. 17

ശ്രീശുക ഉവാച
അഭിനന്ദ്യ ഹരേരാജ്ഞാമുശനാ ഭഗവാനിതി
യജ്ഞച്ഛിദ്രം സമാധത്ത ബലേർവിപ്രർഷിഭിഃ സഹ. 18
ഏവം ബലേർമ്മഹീം, രാജൻ, ഭിക്ഷിത്വാ വാമനോ ഹരിഃ
ദദൗ ഭ്രാത്രേ മഹേന്ദ്രായ ത്രിദിവം യത് പരൈർഹൃതം. 19
പ്രജാപതിപതിർബ്രഹ്മാ ദേവർഷിപിതൃഭൂമിപൈഃ
ദക്ഷഭൃഗ്വങ്ഗിരോമുഖ്യൈഃ കുമാരേണ ഭവേന ച 20
കശ്യപസ്യാദിതേഃ പ്രീത്യൈ സർവ്വഭൂതഭവായ ച
ലോകാനാം ലോകപാലാനാമകരോദ്വാമനം പതിം. 21
വേദാനാം സർവ്വദേവാനാം ധർമ്മസ്യ യശസഃ ശ്രിയഃ
മങ്ഗലാനാം വ്രതാനാം ച കല്പം സ്വർഗ്ഗാപവർഗ്ഗയോഃ 22
ഉപേന്ദ്രം കല്പയാഞ്ചക്രേ പതിം സർവ്വവിഭൂതയേ
തദാ സർവ്വാണി ഭൂതാനി ഭൃശം മുമുദിരേ നൃപ! 23
തതസ്ത്വിന്ദ്രഃ പുരസ്കൃത്യ ദേവയാനേന വാമനം
ലോകപാലൈർദ്ദിവം നിന്യേ ബ്രഹ്മണാ ചാനുമോദിതഃ. 24
പ്രാപ്യ ത്രിഭുവനം ചേന്ദ്ര ഉപേന്ദ്രഭുജപാലിതഃ
ശ്രിയാ പരമയാ ജുഷ്ടോ മുമുദേ ഗതസാധ്വസഃ. 25
ബ്രഹ്മാ ശർവ്വഃ കുമാരശ്ച ഭൃഗ്വാദ്യാ മുനയോ നൃപ!
പിതരഃ സർവ്വഭൂതാനി സിദ്ധാ വൈമാനികാശ്ച യേ. 26
സുമഹത് കർമ്മ തദ്വിഷ്ണോർഗ്ഗായന്തഃ പരമാദ്ഭുതം
ധിഷ്ണ്യാനി സ്വാനി തേ ജഗ്മുരദിതിം ച ശശംസിരേ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിന്തിക്കിൽ ഭവാൻെറയീ പ്രവൃത്തി
വിചിത്രംതാ-
നന്തമററെഴം തവയോഗമായാബലത്താൽ
സർവ്വലോകവും ലീലയായ്ത്തീർത്തു സർവ്വാ-
ത്മാവായ്
സർവ്വജ്ഞനായിസ്സമദർശനനായി മിന്നും
നിന്തിരുവടിയുടെ വിഷമസ്വഭാവമി-
തെന്തൊരദ്ഭുതമാലോചിപ്പാനുമശക്യമാം.
കല്പപാദപതുല്യനായീടുമവിടുന്ന
തദ്ഭക്താഭിലാഷപ്രദാതാവുതന്നെയല്ലോ. 8

ശ്രീഭഗവാൻ പറഞ്ഞു

മങ്ഗലമയേ വത്സാ! പ്രഹ്ലാദാ! പൗത്ര-
നോടൊ-
ത്തങ്ങുപോയ്ച്ചേർത്തീടു നീ ജ്ഞാതികൾ-
ക്കെല്ലാം സൗഖ്യം. 9
സുതലദ്വാരംതന്നിൽ ഗദാപാണിയായെന്നെ
സതതം കാണും, തവ കർമ്മബന്ധവും തീരും.10

ശ്രീശുകൻ പറഞ്ഞു

നിർമ്മലമനസ്സനാം പ്രഹ്ലാദനക്കല്പന
തന്മൗലിതന്നിൽ കൃതാഞ്ജലിയായ് വഹി-
ച്ചുടൻ
ബലിയോടൊത്തു ദൈത്യസൈന്യേശനായ്
സ്വഭൃവെ
വലംവച്ചാനമിച്ചു പ്രാപിച്ചാൻ മഹാവിലം.
11-12
പിന്നെയാബ്രഹ്മവാദി സദസ്സിലൃത്വിഗ്
ദ്വിജ-
വൃന്ദമധ്യത്തിൽ മിന്നുമുശനസ്സിനോടായി
സകലത്തിനും ഹേതുഭൂതനായ് വിളങ്ങുമ-
ബ്ഭഗവാൻ വാസുദേവനരുളിച്ചെയ്താനേവം:
13
''ബ്രാഹ്മണോത്തമാ! ഭവച്ഛിഷ്യനാരംഭിച്ചതാം
കർമ്മത്തിൻ വിഘ്നംതീർത്തു പൂർത്തിയാക്കണം
ഭവാൻ.
കർമ്മങ്ങൾക്കുണ്ടായിടും വൈഷമ്യമശേഷവും
ബ്രാഹ്മണദർശനത്താൽ സമമായീടുമല്ലോ.'' 14

ശുക്രൻ പറഞ്ഞു

കർമ്മേശിതാവും യജ്ഞനാഥനുമാകുമങ്ങേ
നന്മട്ടു സമസ്തവുമർപ്പിച്ചു പൂജിച്ചിടും
മങ്ഗലാത്മാവാകുമിബ്ബലിതൻ പ്രവൃത്തികൾ-
ക്കെങ്ങനെ സംഭവിക്കും വൈഷമ്യം ജഗ-
ദീശാ! 15
മന്ത്രസ്വരോച്ചാരണവൈകല്യംനിമിത്തമോ
തന്ത്രാനുഷ്ഠാനങ്ങളിൽ തെററുപററുകയാലോ
കാലദേശങ്ങൾ പാത്രമെന്നിവയ്ക്കുള്ള ദോഷം
മൂലമോ സംഭവിക്കും കർമ്മഛിദ്രങ്ങളെല്ലാം

നിന്തിരുവടിയുടെ നാമമൊന്നുച്ചരിക്കും
സന്ധിയിൽത്തീർന്നു കർമ്മം സമ്പൂർണ്ണമാക-
ന്നിതേ. 16
എങ്കിലും ഭവദാജ്ഞവഹിച്ചു ഞാനിദാനീം
ശങ്കയെന്നിയേ കർമ്മസംപൂർത്തിവരുത്തുവൻ.
നിന്തിരുവടിയുടെ കല്പനനടത്തുവോ-
നന്തരമില്ല പാരം ശ്രേയസ്സിനഹൻതന്നെ. 17

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ നന്ദിച്ചോതി ബ്രഹ്മർഷിമാ-
രോടു ചേ-
ന്നങ്ങുടൻ ശുക്രൻ ബലിതൻ യാഗം പൂരിപ്പി-
ച്ചാൻ. 18
വാമനവടിവാന്ന ഭഗവാൻ ഹരിയേവം
ഭൂമിയെയിരന്നു മൂലോകവും പാട്ടിലാക്കി
ശത്രുക്കൾ കയ്യടക്കിവെച്ചതാം സുരലോകം
വൃത്രഹന്താവിനായങ്ങേകിനാൻ ഭക്തകാമുകാ! 19
പ്രജാധിപതികൾക്കും പതിയായ് വിളങ്ങീടു-
മജ,നാദിതേയന്മാരൃഷികൾ പിതൃക്കളും
മനുഭൂപന്മാർ ദക്ഷൻ ഭൃഗുവുമങ്ഗിരസ്സും
സനൽക്കുമാരൻ ശിവനെന്നിവരോടുംകൂടി
കശ്യപാദിതിമാർതൻ സമ്പ്രീതി നേടുവാനും
വിശ്വാഭിവൃദ്ധിക്കായും വാമനമൂർത്തിതന്നെ
സമസ്തലോകങ്ങൾക്കും ലോകപാലകന്മാർക്കും
പ്രമുഖനാക്കിക്കഴിച്ചീടിനാനഭിഷേകം. 20-21
വേദങ്ങൾ, സുരവൃന്ദം, ധർമ്മം, ശ്രീ, ശുദ്ധ-
കീർത്തി-
വ്രാതം, വ്രതങ്ങൾ, മോക്ഷം, സ്വർഗ്ഗമെന്നിവ-
യ്ക്കെല്ലാം
വൃദ്ധിക്കായുപേന്ദ്രനെയീശനായ്ക്കല്പിക്കവേ,
മുത്താർന്നിതൊന്നുപോലെ സമസ്തഭൂതങ്ങളും.
പിന്നെയബ്രഹ്മാവിനാലനുമോദിതനിന്ദ്രൻ
വിണ്ണവർ വഹിക്കുന്ന പല്ലക്കിലുപേന്ദ്രനെ
ഇരുത്തിക്കൊണ്ടുപോയി ലോകപാലന്മാ-
രൊത്തു
സുരലോകത്തിൽ തുഷ്ട്യാ പ്രവേശിപ്പിച്ചീ-
ടിനാൻ. 22-24
വാമനഭുജപരിപാലിതനായിപ്പിന്നെ
സീമയററീടും സമസ്തൈശ്വര്യത്തോടുംകൂടി
ഭീതിയെന്നിയേ ലോകത്രയത്തിനീശനായി
മോദിച്ചു സുഖമായി വസിച്ചീടിനാനിന്ദ്രൻ.25
വിധിയീശാനൻ സനൽക്കുമാരൻ ഭൃഗ്വാദ്യരും
പിതൃക്കൾ സിദ്ധന്മാരും സമസ്തഭൂതങ്ങളും
അദ്ഭുതകരമാകും ഭഗവന്മഹൽക്കർമ്മ-
മെപ്പേരും പ്രകീർത്തിച്ചുമദിതീദേവിക്കെഴും
ഭാഗധേയത്തെപ്പററി വളരെ പ്രശംസിച്ചും
വേഗത്തിൽ താന്താങ്ങൾതൻ ഭവനം ഗമി-
ച്ചിതു. 26-27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വമേതന്മയാഽഽഖ്യാതം ഭവതഃ കുലനന്ദന!
ഉരുക്രമസ്യ ചരിതം ശ്രോതൄണാമഘമോചനം. 28
പാരം മഹിമ്ന ഉരുവിക്രമതോ ഗൃണാനോ
യഃ പാർത്ഥിവാനി വിമമേ സ രജാംസി മർത്ത്യഃ
കിം ജായമാന ഉത ജാത ഉപൈതി മർത്ത്യ
ഇത്യാഹ മന്ത്രദൃഗൃഷിഃ പുരുഷസ്യ യസ്യ. 29
യ ഇദം ദേവദേവസ്യ ഹരേരദ്ഭുതകർമ്മണഃ
അവതാരാനുചരിതം ശൃണ്വൻ യാതി പരാം ഗതിം. 30
ക്രിയമാണേ കർമ്മണീദം ദൈവേ പിത്ര്യേഽഥ മാനുഷേ
യത്ര യത്രാനുകീർത്ത്യേത തത് തേഷാം സുകൃതം വിദുഃ. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വാമനാവതാരചരിതേ ത്രയോവിംശതിതമോഽധ്യായഃ

ചതുർവ്വിംശതിതമോഽധ്യായഃ

രാജോവാച
ഭഗവൻ, ശ്രോതുമിച്ഛാമി ഹരേരദ്ഭുതകർമ്മണഃ
അവതാരകഥാമാദ്യാം മായാമത്സ്യവിഡംബനം. 1
യദർത്ഥമദധാദ്രൂപം മാത്സ്യം ലോകജുഗുപ്സിതം
തമഃപ്രകൃതി ദുർമ്മർഷം കർമ്മഗ്രസ്ത ഇവേശ്വരഃ 2
ഏതന്നോ, ഭഗവൻ, സർവ്വം യഥാവദ്വക്തുമർഹസി
ഉത്തമശ്ലോകചരിതം സർവ്വലോകസുഖാവഹം. 3

സൂത ഉവാച
ഇത്യുക്തോ വിഷ്ണുരാതേന ഭഗവാൻ ബാദരായണിഃ
ഉവാച ചരിതം വിഷ്ണോർമ്മത്സ്യരൂപേണ യത് കൃതം. 4

ശ്രീശുക ഉവാച
ഗോവിപ്രസുരസാധൂനാം ഛന്ദസാമപി ചേശ്വരഃ
രക്ഷാമിച്ഛംസ്തനൂർദ്ധത്തേ ധർമ്മസ്യാർത്ഥസ്യ ചൈവ ഹി. 5
ഉച്ചാവചേഷു ഭൂതേഷു ചരൻ വായുരിവേശ്വരഃ
നോച്ചാവചത്വം ഭജതേ നിർഗ്ഗുണത്വാദ്ധിയോ ഗുണൈഃ 6
ആസീദതീതകല്പാന്തേ ബ്രാഹ്മോ നൈമിത്തികോ ലയഃ
സമുദ്രോപപ്ലുതാസ്തത്ര ലോകാ ഭൂരാദയോ, നൃപ! 7
കാലേനാഗതനിദ്രസ്യ ധാതുഃ ശിശയിഷോർബ്ബലീ
മുഖതോ നിഃസൃതാൻ വേദാൻ ഹയഗ്രീവോഽന്തികേഽഹരത്. 8
ജ്ഞാത്വാ തദ്ദാനവേന്ദ്രസ്യ ഹയഗ്രീവസ്യ ചേഷ്ടിതം
ദധാര ശഫരീരൂപം ഭഗവാൻ ഹരിരീശ്വരഃ. 9
തത്ര രാജർഷിഃ കശ്ചിന്നാമ്നാ സത്യവ്രതോ മഹാൻ
നാരായണപരോഽതപ്യത് തപഃ സ സലിലാശനഃ. 10
യോഽസാവസ്മിൻ മഹാകല്പേ തനയഃ സ വിവസ്വതഃ
ശ്രാദ്ധദേവ ഇതി ഖ്യാതോ മനുത്വേ ഹരിണാർപ്പിതഃ. 11
ഏകദാ കൃതമാലായാം കുർവ്വതോ ജലതർപ്പണം
തസ്യാഞ്ജല്യുദകേ കാചിച്ഛഫര്യേകാഭ്യപദ്യത. 12
സത്യവ്രതോഽഞ്ജലിഗതാം സഹ തോയേന ഭാരത!
ഉത്സസർജ്ജ നദീതോയേ ശഫരീം ദ്രവിഡേശ്വരഃ 13
തമാഹ സാതികരുണം മഹാകാരുണികം നൃപം
''യാദോഭ്യോ ജ്ഞാതിഘാതിഭ്യോ ദീനാം മാം ദീനവത്സല!
കഥം വിസൃജസേ, രാജൻ, ഭീതാമസ്മിൻ സരിജ്ജലേ.'' 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിതൻസച്ചരിത്രം കേട്ടിരുന്നാത്മവംശ-
ദുരിതമൊഴിച്ചീടും പരീക്ഷിത്‌ക്ഷമാപതേ!
കേൾക്കുവോർക്കുള്ള പാപമാകവേ നശിപ്പിക്കു-
മിക്കഥയിക്കണക്കിൽ ഭവാനോടോതീടി-
നേൻ. 28

ഉരുവിക്രമമഹച്ചരിതമെല്ലാം ചൊല്ലാ-
നൊരുങ്ങുന്നവൻ ധരാമണ്ഡലംതന്നിൽപെടും
രുമണൽത്തരിക്കൂട്ടം മുഴവനെണ്ണിത്തീർക്കാ-
നാംമട്ടു യത്നിക്കുവോനെന്നുതാൻ വന്നുകൂടും.
മുന്നമീമന്നിൽ ജാതനായോനോ തത്കാലമോ
പിന്നെയോ ജന്മംവരിച്ചവനോ സമ്പൂർണ്ണമായ്
അറിയുന്നില്ല വിഷ്ണുമഹിമാനങ്ങളെന്നു-
മരുളീടിനാൻ മന്ത്രദ്രഷ്ടാവാമൃഷീശ്വരൻ. 29

ദേവദേവനായ് ചിത്രകർമ്മാവായിടും വാസു-
ദേവൻതൻ കഥയിതു കേൾക്കയും കീർത്തിക്കയും
ഭക്തിസംയുതം നന്നായോർക്കയും ചെയ്യുവോനു
സദ്ഗതി ലഭിച്ചീടുമില്ല സംശയമേതും. 30

വിണ്ണവർ പിതൃവർഗ്ഗം മർത്ത്യരെന്നിക്കൂട്ടരെ-
യുന്നിച്ചെയ്തീടുമേതുവിധമാം കർമ്മങ്ങളും
ഇക്കഥ വഴിപോലെ കീർത്തനംചെയ്തീടുകിൽ
തക്കവണ്ണമേതന്നെ പ്രവർത്തിച്ചതായ്ത്തീരും.
31

അദ്ധ്യായം 24

മത്സ്യാവതാരനിരൂപണം

രാജാവു പറഞ്ഞു

ആശ്ചര്യകർമ്മാവാകും ഭഗവാനാദ്യമാന്ന
മത്സ്യാവതാരവാർത്ത കേൾക്കുവാനിച്ഛിപ്പു-
ഞാൻ. 1

തമഃപ്രധാനമായി ദുർമ്മഷ്മായിജ്ജന
സമൂഹനിന്ദാസ്പദമാകുമാമത്സ്യരൂപം
ചിന്മയൻ നാരായണൻ ധരിച്ചതെന്തിനായി
കർമ്മാധീനന്റെ മട്ടിൽ ബ്രഹ്മജ്ഞോത്തമ-
മൗലേ! 2

സമസ്തലോകങ്ങൾക്കുമാനന്ദമരുളീടാൻ
സമർത്ഥമായീടുമീ ഭഗവച്ചരിതത്തെ
കേൾക്കുവാനൗത്സുക്യമാർന്നിരിക്കും ഞങ്ങ-
ളോടാ-
യാഖ്യാനംചെയ്‌വാനർഹനങ്ങുന്നുതന്നെ-
യല്ലോ. 3

സൂതൻ പറഞ്ഞു

പരീക്ഷിത്തിപ്രകാരമർത്ഥിച്ചീടവേ ശുക-
നരുളിച്ചെയ്തീടിനാൻ മത്സ്യാവതാരവൃത്തം. 4

ശ്രീശുകൻ പറഞ്ഞു

ഗോവിപ്രസുരവൃന്ദം, സാധുക്കൾ, ധർമ്മം, കാമ-
മീവകയെല്ലാം രക്ഷിച്ചീടുവാനിച്ഛയോടും
ഓരോരോരൂപം ധരിച്ചവതരിച്ചീടുന്നു
പാരിനു ഹേതുഭൂതൻ ഭഗവാൻ വാസുദേവൻ. 5

ഉത്കൃഷ്ടനികൃഷ്ടങ്ങളാകിയ ഭൂതങ്ങളി-
ലൊക്കെയും വായുമട്ടിൽച്ചരിക്കും ജഗദീശൻ
നിർഗ്ഗുണത്വത്തിനാലേയുച്ചനീചസ്വഭാവ-
യുക്തനായ്ഭവിച്ചീടുന്നില്ലേതും ധരാപതേ! 6

കഴിഞ്ഞ കല്പാന്തത്തിൽ ബ്രാഹ്മമാം നൈമി-
ത്തിക-
ലയത്തിൽ മുങ്ങിപ്പോയി മൂപ്പാരും സമുദ്ര-
ത്തിൽ. 7

കാലാനുസാരം നിദ്രകൊള്ളുവാൻ ശയിച്ചീടും-
വേളയിലജാസ്യത്തിൽനിന്നുതിർന്ന വേദങ്ങളെ
അത്യന്തം ബലശാലിയായിടും ഹയഗ്രീവ-
നത്തല്ലിലവിടെത്തി ബലത്താൽ ഹരിച്ചിതു. 8

ദൈത്യേന്ദ്രനവൻ വേദം ഹരിച്ചതായറിഞ്ഞു
ദൈത്യാരിഭഗവാനും ധരിച്ചാൻ മത്സ്യരൂപം. 9

അക്കല്പകാലംതന്നിൽ സത്യവ്രതാഖ്യനായി
സദ്ഗുണനിധിയൊരു ഭൂപനുണ്ടായിരുന്നു.
ജലജേക്ഷണഭക്തനാകുമമ്മഹാത്മാവു-
സലിലംമാത്രം ഭക്ഷിച്ചുഗ്രമായ്ത്തപംചെ-
യ്താൻ. 10

മിത്രനന്ദനനായിട്ടീ മഹാകല്പംതന്നിൽ
ശ്രാദ്ധദേവാഭിഖ്യയിൽ ഖ്യാതനാമബ്ഭൂപനെ
അത്യന്തമുത്കൃഷ്ടമാം മനുവിൻസ്ഥാനത്തേ-
ക്കായ്
മുത്തിയന്നാരോഹണംചെയ്യിച്ചാൻ ശ്രീനി-
വാസൻ. 11

കൃതമാലാസരിത്തിലൊരുനാളിലസ്സത്യ-
വ്രതരാജർഷി ജലതർപ്പണംചെയ്തിടുമ്പോൾ
അഞ്ജലീസലിലത്തിൽ വിശേഷതരമായി
മഞ്ജുളമായുള്ളൊരു മത്സ്യത്തെക്കണ്ടീടിനാൻ. 12

ദ്രവിഡരാജാവവനതിനെജ്ജലത്തോടു-
മവിടെയാ വാഹിനീജലത്തിൽ വിട്ടീടി-
നാൻ. 13

അപ്പൊഴുതമ്മത്സ്യവും കരുണതോന്നുംവിധ-
മിപ്രകാരം കഥിച്ചിതാ സത്യവ്രതനോടായ്:
''സ്വന്തജാതിയെയെന്നും ഭക്ഷിക്കും ജലജാത-
ജന്തുവൃന്ദത്തെബ്ഭയന്നെത്തിയോരെന്നെയി-
പ്പോൾ
എന്തുകാരണം ദീനവത്സലനാകും ഭവാൻ
സന്ത്യജിക്കുവാനെന്നു ചൊല്ലുക, നരേശ്വരാ!''
14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമാത്മനോഽനുഗ്രഹാർത്ഥം പ്രീത്യാ മത്സ്യവപുർദ്ധരം
അജാനൻ രക്ഷണാർത്ഥായ ശഫര്യാഃ സ മനോ ദധേ. 15

തസ്യാ ദീനതരം വാക്യമാശ്രുത്യ സ മഹീപതിഃ
കലശാപ്സു നിധായൈനാം ദയാലുർന്നിന്യ ആശ്രമം. 16

സാ തു തത്രൈകരാത്രേണ വർദ്ധമാനാ കമണ്ഡലൗ
അലബ്ധ്വാഽഽത്മാവകാശം വാ ഇദമാഹ മഹീപതിം. 17

''നാഹം കമണ്ഡലാവസ്മിൻ കൃച്ഛ്റം വസ്തുമിഹോത്സഹേ
കല്പയൗകഃ സുവിപുലം യത്രാഹം നിവസേ സുഖം.'' 18

സ ഏനാം തത ആദായ ന്യധാദൗദഞ്ചനോദകേ
തത്ര ക്ഷിപ്താ മുഹൂർത്തേന ഹസ്തത്രയമവർദ്ധത. 19

''ന മ ഏതദലം, രാജൻ, സുഖം വസ്തുമുദഞ്ചനം
പൃഥു ദേഹി പദം മഹ്യം യത് ത്വാഹം ശരണംഗതാ.'' 20

തത ആദായ സാ രാജ്ഞാ ക്ഷിപ്താ, രാജൻ, സരോവരേ
തദാവൃത്യാത്മനാ സോഽയം മഹാമീനോഽന്വവർദ്ധത. 21

''നൈതന്മേ സ്വസ്തയേ രാജന്നുദകം സലിലൗകസഃ
നിധേഹി രക്ഷായോഗേന ഹ്രദേ മാമവിദാസിനി.'' 22

ഇത്യുക്തഃ സോഽനയന്മത്സ്യം തത്ര തത്രാവിദാസിനി
ജലാശയേ സമ്മിതം തം സമുദ്രേ പ്രാക്ഷിപത് ഝഷം. 23

ക്ഷിപ്യമാണസ്തമാഹേദ,''മിഹ മാം മകരാദയഃ
അദന്ത്യതിബലാ വീര, മാം നേഹോത്സ്രഷ്ടുമർഹസി.'' 24

ഏവം വിമോഹിതസ്തേന വദതാ വല്ഗുഭാരതീം
തമാഹ, ''കോ ഭവാനസ്മാൻ മത്സ്യരൂപേണ മോഹയൻ. 25

നൈവം വീര്യോ ജലചരോ ദൃഷ്ടോഽസ്മാഭിഃ ശ്രുതോഽപി ച
യോ ഭവാൻ യോജനശതമഹ്നാഭിവ്യാനശേ സരഃ. 26

നൂനം ത്വം ഭഗവാൻ സാക്ഷാദ്ധരിർന്നാരായണോഽവ്യയഃ
അനുഗ്രഹായ ഭൂതാനാം ധത്സേ രൂപം ജലൗകസാം. 27

നമസ്തേ പുരുഷശ്രേഷ്ഠ! സ്ഥിത്യുത്പത്ത്യപ്യയേശ്വര!
ഭക്താനാം നഃ പ്രപന്നാനാം മുഖ്യോ ഹ്യാത്മഗതിർവ്വിഭോ. 28

സർവ്വേ ലീലാവതാരാസ്തേ ഭൂതാനാം ഭൂതിഹേതവഃ
ജ്ഞാതുമിച്ഛാമ്യദോ രൂപം യദർത്ഥം ഭവതാ ധൃതം? 29

ന തേഽരവിന്ദാക്ഷ! പദോപസർപ്പണം
മൃഷാ ഭവേത് സർവ്വസുഹൃത്പ്രിയാത്മനഃ
യഥേതരേഷാം പൃഥഗാത്മനാം സതാ-
മദീദൃശോ യദ്വപുരദ്ഭുതം ഹി നഃ.'' 30

ശ്രീശുക ഉവാച

ഇതി ബ്രുവാണം നൃപതിം ജഗത്പതിഃ
സത്യവ്രതം മത്സ്യവപുര്യുഗക്ഷയേ
വിഹർത്തുകാമഃ പ്രളയാർണ്ണവേഽബ്രവീ-
ച്ചികീർഷുരേകാന്തജനപ്രിയഃ പ്രിയം. 31

ശ്രീഭഗവാനുവാച

സപ്തമേഽദ്യതനാദൂർദ്ധ്വമഹന്യേതദരിന്ദമ!
നിമങ്ക്ഷ്യത്യപ്യയാംഭോധൗ ത്രൈലോക്യം ഭൂർഭുവാദികം. 32

ത്രിലോക്യാം ലീയമാനായാം സംവർത്താംഭസി വൈ തദാ
ഉപസ്ഥാസ്യതി നൗഃ കാചിദ്വിശാലാ ത്വാം മയേരിതാ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെയനുഗ്രഹിപ്പാൻ മത്സ്യരൂപത്തെദ്ധരി-
ച്ചിന്ദിരാകാന്തനാണു വന്നിരിക്കുന്നതെന്നായ്
അറിഞ്ഞില്ലെന്നാകിലും മത്സ്യത്തെ രക്ഷിക്കു-
വാൻ
കരുണാർദ്രാത്മാവാകുമാ നൃപൻ നിശ്ചയി-
ച്ചാൻ. 15

കലശംതന്നിലിട്ടമ്മീനത്തെയെടുത്തബ്ഭൂ-
വലശാസനൻ നിജാശ്രമത്തിൽ കൊണ്ടുപോ-
യാൻ. 16

കലശംതിങ്ങുംവിധമാരാത്രികൊണ്ടുതന്നെ-
വളർന്നജ്ജലേചരം ഭൂപനോടോതിയേവം. 17

''ഇച്ചെറുപാത്രത്തിൽ ഞാൻ കഷ്ടപ്പെട്ടാവ-
സിപ്പാ-
നിച്ഛിക്കുന്നില്ല മറ്റു വിസ്തൃതസ്ഥാന-
മേകൂ.'' 18

അതിനെപ്പിന്നങ്ങൊരു കുട്ടകംതന്നിൽ നീരിൽ
ക്ഷിതിനായകനിട്ടാനാ മത്സ്യം മുഹൂർത്തത്താൽ
മൂന്നുമാറളവങ്ങു വളർന്നതായിക്കണ്ടു-
മന്നവനദ്ഭുതാംഭോനിധിയിൽ മഗ്നനായാൻ.
19

''നൃപതേ! യിതുപോരാസുഖമായ് വസി-
ക്കുവാൻ
വിപുലമാകും സ്ഥലമങ്ങെനിക്കേകീടണം.
അതിനായ്ത്തന്നെയല്ലോ ഭവാനെ ഞാനന്യമാം
ഗതിയെന്നിയേ വന്നു ശരണംപ്രാപി-
ച്ചതും.'' 20

ഉടനെയക്കടാഹംതന്നിൽനിന്നെടുത്തൊരു-
തടാകസലിലത്തിൽകൊണ്ടുചെന്നിട്ടീടിനാൻ.
അസ്സരസ്സാവരണംചെയ്യുമാറൊരു മഹാ-
മത്സ്യമായതുതീർന്നു ശരീരസംവൃദ്ധിയാൽ. 21

''പതിവായ് സലിലത്തിൽ ക്രീഡിക്കുമെ-
നിക്കിന്നീ-
യുദകസ്ഥാനംപോരാ സുഖമായ് വാണീടുവാൻ
അക്ഷയനീരംപെടുംഹ്രദത്തിലെന്നെബ്ഭവാൻ
നിക്ഷേപിച്ചാലും വേണ്ടും രക്ഷോപായങ്ങ-
ളോടും.'' 22

ഇത്തരം കഥിക്കവേയതിനെ വസിക്കുവാ-
നൊത്തതാം ജലാശയംതോറുമാക്കിനാൻ
നൃപൻ.

തുടരും വളർച്ചയാലതുകളൊന്നും പോരാ-
തൊടുവിൽക്കടലിൽത്താനെത്തിച്ചാനൊരു-
മട്ടിൽ. 23

അംബുധിതന്നിലിട്ടനേരത്താ രാജാവിനോ-
ടമ്മത്സ്യം കഥിച്ചിതു, ''ഹേ ശൂരാ! ഭൂപാലകാ!
അങ്ങെന്നെയിതിലിട്ടിട്ടങ്ങുപോയീടുന്നാകിൽ
തുംഗമാം മകരാദികൾക്കിക്ഷണം ഭക്ഷ്യമാം
ഞാൻ.'' 24

ഈമട്ടു മനോഹരവാക്യത്താൽ മോഹിപ്പിക്കു-
മാമത്സ്യമൂർത്തിയോടായ് പിന്നെയാ സത്യ-
വ്രതൻ
''ഞങ്ങളേ മത്സ്യരൂപംധരിച്ചു മോഹിപ്പിക്കു-
മങ്ങുന്നാരെന്നുള്ളതു ചൊല്ലുക''യെന്നു-
ചൊന്നാൻ. 25

''കണ്ടിട്ടുംകേട്ടിട്ടുമില്ലിക്കണക്കെഴും വീര്യ-
മുണ്ടായിട്ടൊരു ജലജന്തുവേ മുന്നം ഞങ്ങൾ.
ഒരുനാൾകൊണ്ടു ശതയോജനവിസ്തീർണ്ണമാം
സരസ്സിൽകൊള്ളാത്തമട്ടല്ലയോ വളർന്നതും. 26
നിശ്ചയമായിബ്ഭവാൻ ഭഗവാൻ ഹരി, ഭൂത-
രക്ഷണത്തിനു മത്സ്യാവതാരം കൈക്കൊ-
ണ്ടതാം. 27

സമസ്തജഗൽസൃഷ്ടിസ്ഥിതികർത്താവേ! വിഭോ!
നമസ്കരിക്കുന്നു ഞാനങ്ങയെയാശ്രയിക്കും
ഭക്തരാം ഞങ്ങൾക്കെല്ലാം മുഖ്യമാമാത്മപ്രാപ്തി-
മാർഗ്ഗമതങ്ങേക്കൃപാകടാക്ഷംതന്നെയല്ലോ. 28
ഭവല്ലീലാവതാരമഖിലം സർവഭൂത-
നിവഹരക്ഷയ്ക്കെന്നതറിയാമെനിക്കെന്നാൽ
ഈ രൂപം ഭവാനിപ്പോൾ ധരിക്കാൻതക്കതായ
കാരണമെന്തെന്നറിഞ്ഞീടുവാനിച്ഛിക്കുന്നേൻ.
29

അരവിന്ദാക്ഷാ! ദേഹമാത്മാവെന്നുന്നീടുന്ന
പരന്മാരുടെ പാദാശ്രയത്താൽ ഫലമെന്തേ?
സതതം സർവസുഹൃൽപ്രിയാത്മാവാകുമങ്ങേ-
പ്പദതാർ സജ്ജനങ്ങൾ സേവിച്ചാൽ വ്യർത്ഥ-
മാകാ.

ഭവദദ്ഭുതരൂപമീദൃശം കാട്ടീടുവാ-
നവിടേക്കുണ്ടായല്ലോ കാരുണ്യമെന്നി-
ലേററം.'' 30

ശ്രീശുകൻ പറഞ്ഞു

ഏകാന്തഭക്തജനപ്രിയനായ് യുഗാന്തത്തിൽ
ഭീകരപ്രളയാബ്ധിക്രീഡാതത്പരനായി
മത്സ്യസ്വരൂപംപൂണ്ടാരാജാവിൻ പ്രിയം-
ചെയ്യാ-
നുത്സുകൻ സ്വഭ്രുവ്യമീ വാക്കുകൾ കേട്ടു ചൊ-
ന്നാൻ. 31

ശ്രീഭഗവാൻ പറഞ്ഞു

''ഇന്നുതൊട്ടേഴാംനാളിൽ സംവർത്തസലി-
ലത്തിൽ
മന്നവാ! മുങ്ങിപ്പോകുമിത്രിലോകം
സമസ്തം. 32
മുപ്പാരും കല്പാബ്ധിയിലാലയിക്കുമ്പോൾ മമ-
കല്പനയാലേ കപ്പലൊന്നു നിന്നടുത്തെത്തും. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം താവദോഷധീഃ സർവ്വാ ബീജാന്യുച്ചാവചാനി ച
സപ്തർഷിഭിഃ പരിവൃതഃ സർവ്വസത്ത്വോപബൃംഹിതഃ. 34

ആരുഹ്യ ബൃഹതീം നാവം വിചരിഷ്യസ്യവിക്ലവഃ
ഏകാർണ്ണവേ നിരാലോകേ ഋഷീണാമേവ വർച്ചസാ. 35

ദോധൂയമാനാം താം നാവം സമീരേണ ബലീയസാ
ഉപസ്ഥിതസ്യ മേ ശൃങ്ഗേ നിബധ്നീഹി മഹാഹിനാ. 36

അഹം ത്വാമൃഷിഭിഃ സാകം സഹനാവമുദന്വതി
വികർഷൻ വിചരിഷ്യാമി യാവദ്ബ്രാഹ്മീനിശാ പ്രഭോ. 37

മദീയം മഹിമാനം ച പരം ബ്രഹ്മേതി ശബ്ദിതം
വേത്സ്യസ്യനുഗൃഹീതം മേ സംപ്രശ്നൈർവിവൃതം ഹൃദി.'' 38

ഇത്ഥമാദിശ്യ രാജാനം ഹരിരന്തരധീയത
സോഽന്വവൈക്ഷത തം കാലം യം ഹൃഷീകേശ ആദിശത്. 39

ആസ്തീര്യ ദർഭാൻ പ്രാക്കൂലാൻ രാജർഷിഃ പ്രാഗുദങ്മുഖഃ
നിഷസാദ ഹരേഃ പാദൗ ചിന്തയൻ മത്സ്യരൂപിണഃ. 40

തതഃ സമുദ്ര ഉദ്വേലഃ സർവ്വതഃ പ്ലാവയൻ മഹീം
വർദ്ധമാനോ മഹാമേഘൈർവർഷദ്ഭിഃ സമദൃശ്യത. 41

ധ്യായൻ ഭഗവദാദേശം ദദൃശേ നാവമാഗതാം
താമാരുരോഹ വിപ്രേന്ദ്രൈരാദായൗഷധിവീരുധഃ. 42

തമൂചുർമ്മുനയഃ പ്രീതാ, ''രാജൻ ധ്യായസ്വ കേശവം
സ വൈ നഃ സങ്കടാദസ്മാദവിതാ ശം വിധാസ്യതി.'' 43

സോഽനുധ്യാതസ്തതോ രാജ്ഞാ പ്രാദുരാസീന്മഹാർണ്ണവേ
ഏകശൃങ്ഗധരോ മത്സ്യോ ഹൈമോ നിയുതയോജനഃ. 44

നിബധ്യ നാവം തച്ഛൃങ്ഗേ യഥോക്തോ ഹരിണാ പുരാ
വരത്രേണാഹിനാ തുഷ്ടസ്തുഷ്ടാവ മധുസൂദനം. 45

''അനാദ്യവിദ്യോപഹതാത്മസംവിദ-
സ്തന്മൂലസംസാരപരിശ്രമാതുരാഃ
യദൃച്ഛയേഹോപസൃതാ യമാപ്നുയു-
ർവ്വിമുക്തിദോ നഃ പരമോ ഗുരുർഭവാൻ. 46

ജനോഽബുധോഽയം നിജകർമ്മബന്ധനഃ
സുഖേച്ഛയാ കർമ്മ സമീഹതേഽസുഖം
യത്സേവയാ താം വിധുനോത്യസന്മതിം
ഗ്രന്ഥിം സ ഭിന്ദ്യാദ്ധൃദയം സ നോ ഗുരുഃ. 47

യത്സേവയാഗ്നേരിവ രുദ്രരോദനം
പുമാൻ വിജഹ്യാന്മലമാത്മനസ്തമഃ
ഭജേത വർണ്ണം നിജമേഷ സോഽവ്യയോ
ഭൂയാത് സ ഈശഃ പരമോ ഗുരോർഗുരുഃ. 48

ന യത്പ്രസാദായുതഭാഗലേശ-
മന്യേ ച ദേവാ ഗുരവോ ജനാഃ സ്വയം
കർത്തും സമേതാഃ പ്രഭവന്തി പുംസ-
സ്തമീശ്വരം ത്വാം ശരണംപ്രപദ്യേ. 49

അചക്ഷുരന്ധസ്യ യഥാഗ്രണീഃ കൃത-
സ്തഥാ ജനസ്യാവിദുഷോഽബുധോ ഗുരുഃ
ത്വമർക്കദൃക് സർവ്വദൃശാം സമീക്ഷണോ
വൃതോ ഗുരുർനഃ സ്വഗതിം ബുഭുത്സതാം. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്തവ്വിൽ ഭവാൻ സർവൗഷധികരം ബീജ-
ങ്ങളും
സത്വരം ശേഖരിച്ചു സപ്തർഷിമാരുമായി
സമസ്തപ്രാണിസാന്നിദ്ധ്യത്തിനാൽ സമൃ-
ദ്ധനായ്
സമീപമെത്തീടുമാ ബൃഹത്താം കപ്പലേറി
വെളിച്ചമറേറാരേകാർണ്ണവത്തിൽ ക്ലേശമെന്യേ
മിളത്സപ്തർഷിപ്രകാശത്തൊടും സഞ്ചരിക്കു.
34-35

ഊക്കാളും സമീരനാലത്യന്തം ചഞ്ചലിക്കു-
മക്കപ്പൽ സമീപസംസ്ഥിതനാമെൻെറ കൊ-
മ്പിൽ
അന്നേരമങ്ങു വന്നുചേർന്നീടുമാ വാസുകീ-
പന്നഗത്തിനെക്കൊണ്ടു ബന്ധിച്ചുനിർത്തി-
ക്കൊൾക. 36

അല്ലയോ പ്രഭോ! ചതുരാനനദേവൻതൻെറ-
യല്ലവസാനിച്ചീടും നാൾവരെബ്ഭവാനെയും
സപ്തർഷിമാരേയുമക്കപ്പലിലാവഹിച്ചു
കെല്ലൊടും കല്പപാരാവാരത്തിൽ സഞ്ചരി-
പ്പാൻ. 37

നമ്മളൊന്നിച്ചു ചെയ്യുമാ യാത്രതന്നിൽ
സാക്ഷാൽ-
ബ്രഹ്മാഖ്യയിയന്നീടുമെൻ തത്ത്വം ചോദിക്കുക
അപ്പോൾ ഞാനനുഗ്രഹരൂപത്തിൽ വിവരിപ്പ-
തെപ്പേരുമങ്ങേയുള്ളിൽ ദൃഢമായ് പതി
ഞ്ഞീടും.'' 38

ഇത്ഥമസ്സത്യവ്രതഭൂപനോടുപദേശി-
ച്ചത്തമപുമാൻതാനും മറഞ്ഞാനവിടത്തിൽ.
മന്നവൻതാനും ദേവൻ ചൊല്ലിയോരേഴാംദിന-
മെണ്ണിത്താൻ പേർത്തും കാത്തുവാണിതുന്മേഷ-
പൂർവ്വം. 39

കിഴക്കു മുഖമാക്കിദ്ദർഭകൾ വിരിച്ചതിൽ-
ത്തൊഴുതീശകോൺനോക്കിഹരിയെയോർത്തി-
രുന്നാൻ. 40

പിന്നെപ്പെമാരികോരിച്ചൊരിയും മഹാമേഘ-
വൃന്ദത്താലഭിവൃദ്ധിപ്പെട്ടു തീരംകവിഞ്ഞു
ഭൂഖണ്ഡമെങ്ങും മുക്കിയിരമ്പിക്കൊണ്ടെത്തിടും
ഭീകരപാരാവാരം വീക്ഷിച്ചാനാക്ഷമേശൻ. 41

ഹരിതന്നാദേശത്തെദ്ധ്യാനിച്ചിരുന്നീടുമ-
ദ്ധരേശൻ കണ്ടാനപ്പോളൃഷീന്ദ്രരൊത്തക്കപ്പൽ.
വിത്തുകൾ സമസ്തവുമോഷധിസമൂഹവു-
മൊത്തപ്പോളക്കപ്പലിലേറിനാൻ
നരപാലൻ. 42

തുഷ്ടരായ് സപ്തർഷികൾ ചൊല്ലിനാർ ഭൂപാ-
ലനോ-
''ടൊട്ടുമേ ഖേദിക്കൊലാ ചൊല്ലെഴും
രാജശ്രേഷ്ഠാ!
ഹരിയെ ധ്യാനിക്കുക നിതരാം ഭവാനെന്നാൽ
ഹരിക്കുമദ്ദേഹംതാൻ നമ്മുടെ ദുഃഖമെല്ലാം.''43

പിന്നെയമ്മഹീശനാലനുധ്യാതനാം ഹരി
സ്വർണ്ണത്തിൻവർണ്ണംചേർന്നൊരൊറ്റക്കൊമ്പുള്ള-
തായും
യോജനലക്ഷം വ്യാസമാർന്നീടുമൊരുമത്സ്യ-
മായിട്ടമ്മഹാബ്ധിയിൽ പ്രത്യക്ഷപ്പെട്ടീടി-
നാൻ. 44

മുന്നമേയീശാജ്ഞയാൽ പാശമായിബ്ഭവിച്ച
പന്നഗത്തിനെക്കൊണ്ടമ്മത്സ്യത്തിൻ കൊമ്പു-
തന്നിൽ
അന്നൗക ബന്ധിച്ചഥ മന്നവൻ സന്തുഷ്ടനാ-
യിന്ദിരാമണാളനെ സ്തുതിച്ചാനിപ്രകാരം:- 45

''അനാദിയായ മായ ബാധിച്ചിട്ടാത്മബോധം
ഹനിക്കപ്പെട്ടു ഭവദുഃഖത്തിൽ നിമഗ്നരായ്
ഇങ്ങെത്തി യാദൃച്ഛികം ശരണംഗമിച്ചീടും
ഞങ്ങളെ മോചിപ്പിക്കുമങ്ങുതാനസ്മദ്ഗുരു. 46

കർമ്മബന്ധത്തിൽ പെട്ടിട്ടിജ്ജനമാത്മാവിനെ-
യുണ്മയായറിയാതെ സുഖമിച്ഛിച്ചു വീണ്ടും
കർമ്മങ്ങൾ ചെയ്തീടിലും വിപരീതമായ് ദുഃഖ-
നിമഗ്നരായിബ്ഭവിച്ചീടുന്നിതടിക്കടി.
ആരുടെ സേവനത്താലീയസദ്ബുദ്ധി പാടേ
പാരാതെ നശിക്കുവാനിടയായീടുന്നുവോ
സദ്ഗുരുവായീടുമാ നിന്തിരുവടിയസ്മൽ-
ഹൃദ്ഗ്രന്ഥിയറുത്തുടൻ മോചനമേകിയാലും. 47

രുദ്രരോദനമെന്ന പേരെഴും പൊൻവെള്ളിയും
ശുദ്ധിക്കായ് വഹ്നിതന്നിൽ ഹോമിപ്പിക്കുക-
വേണം
അതുപോൽ പുമാൻ ഭവൽസേവനരൂപാ-
ഗ്നിയിൽ
മതിലേപ്പിച്ചിട്ടാത്മമാലിന്യം നശിപ്പിച്ചു
സ്വവർണ്ണമാർന്നീടണമാചാര്യാചാര്യനാക-
മവിടുന്നായീടണം ഞങ്ങടെ ഗുരുദേവൻ. 48

അന്യരാം ദേവന്മാരുമാചാര്യന്മാരും ജന-
വൃന്ദവുമൊന്നുചേർന്നങ്ങനുഗ്രഹിച്ചീടിലും
ആക്കെഴും പ്രസാദത്തിന്നായുതാംശവുമാകി-
ല്ലഗ്ഗുരുവരനെ ഞാൻ ശരണംപ്രാപിക്കുന്നു. 49

അന്ധനന്ധനെ നയിച്ചീടുംപോലത്രേ യജ്ഞാ-
നാന്ധനെയപണ്ഡിതൻ ഗുരുവായ് നയിപ്പതും.
മാർത്താണ്ഡൻമട്ടിൽ സ്വയം പ്രകാശിക്കയും
സർവ-
വസ്തുക്കളേയും നന്നായ് ദ്യോതിപ്പിക്കയും
ചെയ്യും
അങ്ങയെ സ്വസ്വരൂപജ്ഞാനമിച്ഛിച്ചീടുമീ-
ഞ്ഞങ്ങളാചാര്യനായിട്ടംഗീകരിച്ചിതി-
പ്പോൾ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനോ ജനസ്യാദിശതേഽസതീം മതിം
യയാ പ്രപദ്യേത ദുരത്യയം തമഃ
ത്വം ത്വവ്യയം ജ്ഞാനമമോഘമഞ്ജസാ
പ്രപദ്യതേ യേന ജനോ നിജം പദം. 51

ത്വം സർവ്വലോകസ്യ സുഹൃത് പ്രിയേശ്വരോ
ഹ്യാത്മാ ഗുരുർജ്ഞാനമഭീഷ്ടസിദ്ധിഃ
തഥാപി ലോകോ ന ഭവന്തമന്ധധീ-
ർജ്ജാനാതി സന്തം ഹൃദി ബദ്ധകാമഃ. 52

തം ത്വാമഹം ദേവവരം വരേണ്യം
പ്രപദ്യ ഈശം പ്രതിബോധനായ
ഛിന്ധ്യർത്ഥദീപൈർഭഗവൻ, വചോഭിർ-
ഗ്രന്ഥീൻ ഹൃദയ്യാൻ വിവൃണു സ്വമോകഃ.'' 53

ശ്രീശുക ഉവാച

ഇത്യുക്തവന്തം നൃപതിം ഭഗവാനാദിപൂരുഷഃ
മത്സ്യരൂപീ മഹാംഭോധൗ വിഹരംസ്തത്ത്വമബ്രവീത്. 54

പുരാണസംഹിതാം ദിവ്യാം സാംഖ്യയോഗക്രിയാവതീം
സത്യവ്രതസ്യ രാജർഷേരാത്മഗുഹ്യമശേഷതഃ. 55

അശ്രൗഷീദൃഷിഭിഃ സാകമാത്മതത്ത്വമസംശയം
നാവ്യാസീനോ ഭഗവതാ പ്രോക്തം ബ്രഹ്മ സനാതനം. 56

അതീതപ്രളയാപായ ഉത്ഥിതായ സ വേധസേ
ഹത്വാസുരം ഹയഗ്രീവം വേദാൻ പ്രത്യാഹരദ്ധരിഃ. 57

സ തു സത്യവ്രതോ രാജാ ജ്ഞാനവിജ്ഞാനസംയുതഃ
വിഷ്ണോഃ പ്രസാദാത് കല്പേഽസ്മിന്നാസീദ്വൈവസ്വതോ
മനുഃ. 58

സത്യവ്രതസ്യ രാജർഷേർമ്മായാമത്സ്യസ്യ ശാർങ്ഗിണഃ
സംവാദം മഹദാഖ്യാനം ശ്രുത്വാ മുച്യേത കില്ബിഷാത്. 59

അവതാരോ ഹരേര്യോഽയം കീർത്തയേദന്വഹം നരഃ
സങ്കല്പാസ്തസ്യ സിധ്യന്തി സ യാതി പരമാം ഗതിം. 60

പ്രളയപയസി ധാതുഃ സുപ്തശക്തേർമ്മുഖേഭ്യഃ
ശ്രുതിഗണമപനീതം പ്രത്യുപാദത്ത ഹത്വാ
ദിതിജമകഥയദ്യോ ബ്രഹ്മ സത്യവ്രതാനാം
തമഹമഖിലഹേതും ജിഹ്മമീനം നതോഽസ്മി. 61

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മത്സ്യാവതാരചരിതാനുവർണ്ണനം നാമ ചതുർവ്വിംശതിതമോഽധ്യായഃ

സമാപ്തോഽയം അഷ്ടമസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാകൃതജനങ്ങളിൽ തത്തുല്യനാകും ഗുരു-
വേകുന്നിതത്ഥകാമവദ്ധനമുപദേശം.
അതിനാൽ ദുരത്യയതമസ്സിലവർ വീഴ്വു,
സതതം ഭവാൻ ജ്ഞാനമുപദേശിച്ചിടുന്നു.
ജ്ഞാനത്താലത്രേ ജനം സ്വന്തരൂപത്തെയറി-
ഞ്ഞാനന്ദപദം പ്രാപിക്കുന്നതും നിഷ്പ്ര-
യാസം. 51

നിന്തിരുവടിയല്ലോ സമസ്തലോകത്തിനും
ബന്ധുവും പ്രിയനാകുമീശനുമാത്മാവതും,
ഇഷ്ടദാതാവും ബോധരൂപനും പരമുപ-
ദേഷ്ടാവുമെന്നാകിലും ബദ്ധകാമന്മാരായി
മന്ദബുദ്ധികളായ ജനങ്ങളറിയുന്നി-
ല്ലെന്നും തദന്തരങ്ഗവാസിയാമങ്ങേയേതും. 52
ദേവദേവനായധീശ്വരനായ് വരേണ്യനായ്-
ത്താവുമങ്ങയെയുപദേശത്തിനായി ഞാനും
ശരണംഗമിക്കുന്നു ഭഗവൻ! പരമാത്ഥം
ശരിയായ് പ്രകാശിപ്പിച്ചീടുന്ന വാക്യങ്ങളാൽ
ഹൃദയഗ്രന്ഥി ഖണ്ഡിച്ചിക്ഷണമാത്മരൂപ-
സ്ഥിതി ഞാൻ ധരിക്കുമാറുപദേശിച്ചീടുക.''53

ശ്രീശുകൻ പറഞ്ഞു

ഈവിധമത്ഥിച്ചിട്ടും ഭൂവരനോടായ് മത്സ്യ-
ഭാവമാന്നീടുമാദിപുരുഷൻ ഹൃഷീകേശൻ
സ്ഫീതമാം പ്രളയാംബുരാശിയിൽ-
ക്രീഡിച്ചുകൊ-
ണ്ടോതിനാൻ വേണ്ടുംവിധം തത്ത്വത്തെ
പൃഥ്വീപതേ! 54
കമ്മവും വിവേകവും ഭക്തിയുമുൾക്കൊൾവ-
തായ്
ധമ്മ്യമായ് സമസ്താത്മഗുഹ്യമായ് ദിവ്യമാകും
പുരാണസംഹിതയെയാസത്യവ്രതനോടാ-
യരുളിച്ചെയ്തീടിനാൻ ഭഗവാൻ മത്സ്യമൂത്തി.55

ഭഗവൽപ്രോക്തം സനാതനമാമാത്മജ്ഞാനം
നിഗമജ്ഞരാം മുനിമാരുമൊത്തസംശയം
കപ്പലിൽ വസിക്കുമാ രാജഷി സത്യവ്രത-
നുൾപ്പൂവിൽ പതിയുമാറെപ്പേരും ശ്രവി-
ച്ചിതേ. 56
പിന്നെയാ മത്സ്യമൂത്തി ഹയഗ്രീവനെച്ചെന്നു
കൊന്നു വേദങ്ങൾ വീണ്ടു മുൻപ്രളയാനന്തരം
നിദ്രവിട്ടെഴുനേററ നാന്മുഖൻതനിക്കായി-
ട്ടുൾത്തുന്ന മോദത്തോടുകൂടിയങ്ങേകീടിനാൻ.
57
ജ്ഞാനവിജ്ഞാനോപേതനാകുമസ്സത്യവ്രത-
മാനവേശ്വരൻ വിഷ്ണുപ്രസാദംനിമിത്തമായ്
ഇക്കല്പകാലത്തിങ്കൽ വൈവസ്വതാഭിഖ്യയിൽ
ചൊല്ക്കൊള്ളും മനുവായിത്തീന്നിതെന്നറി-
ഞ്ഞാലും. 58
രാജഷിയാകും സത്യവ്രതനും മായാമത്സ്യ-
മായൊരബ്ഭഗവാനും തമ്മിലന്നുണ്ടായതാം
ഭാഷണരൂപമാമീയാഖ്യാനം കേൾക്കുന്നവ-
നീഷലില്ലക്ഷണംതാൻ കില്ബിഷമുക്ത-
നാകും. 59
നിത്യവുമേവനാണീ ഹരിതന്നവതാരം
കീത്തിച്ചീടുന്നു നേരേയവൻെറയഭിലാഷം
സകലം, സഫലംതാനന്ത്യകാലത്തിലവൻ
ഭഗവത്സായൂജ്യവും പ്രാപിക്കുമസംശയം. 60
പ്രളയസലിലത്തിൽ ശക്തികൾ സമസ്തവും
വിലയിക്കവേ വിധിതൻ വദനത്തിൽനിന്നും
ഉതിന്ന വേദങ്ങളെ ഹരിച്ച ഹയഗ്രീവ-
ദിതിജൻതന്നെ വധിച്ചവയെ വീണ്ടെടുത്തു
ബ്രഹ്മാവിനേകിസ്സത്യവ്രതന്മാക്കായിട്ടുടൻ
നമ്പ്രട്ടിലാത്മതത്ത്വമാരുപദേശിച്ചുവോ
വിശ്വഹേതുവായ് മായാമത്സ്യമായ്
ശോഭിച്ചൊരാ-
ചിത്സ്വരൂപനാം ഭഗവാനായി നമസ്കാരം. 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നവമസ്കന്ധഃ

പ്രഥമോഽധ്യായഃ

രാജോവാച

മന്വന്തരാണി സർവ്വാണി ത്വയോക്താനി ശ്രുതാനി മേ
വീര്യാണ്യനന്തവീര്യസ്യ ഹരേസ്തത്ര കൃതാനി ച. 1
യോഽസൗ സത്യവ്രതോ നാമ രാജർഷിർദ്രവിഡേശ്വരഃ
ജ്ഞാനം യോഽതീതകല്പാന്തേ ലേഭേ പുരുഷസേവയാ. 2
സ വൈ വിവസ്വതഃ പുത്രോ മനുരാസീദിതി ശ്രുതം
ത്വത്തസ്തസ്യ സുതാശ്ചോക്താ ഇക്ഷ്വാകുപ്രമുഖാ നൃപാഃ. 3
തേഷാം വംശം പൃഥഗ്, ബ്രഹ്മൻ, വംശ്യാനുചരിതാനി ച
കീർത്തയസ്വ, മഹാഭാഗ, നിത്യം ശുശ്രൂഷതാം ഹി നഃ. 4
യേ ഭൂതാ യേ ഭവിഷ്യാശ്ച ഭവന്ത്യദ്യതനാശ്ച യേ
തേഷാം നഃ പുണ്യകീർത്തീനാം സർവ്വേഷാം വദ വിക്രമാൻ. 5

സൂത ഉവാച

ഏവം പരീക്ഷിതാ രാജ്ഞാ സദസി ബ്രഹ്മവാദിനാം
പൃഷ്ടഃ പ്രോവാച ഭഗവാഞ്ച്ഛുകഃ പരമധർമ്മവിത്. 6

ശ്രീശുക ഉവാച

ശ്രൂയതാം മാനവോ വംശഃ പ്രാചുര്യേണ പരന്തപ!
ന ശക്യതേ വിസ്തരതോ വക്തും വർഷശതൈരപി. 7
പരാവരേഷാം ഭൂതാനാമാത്മാ യഃ പുരുഷഃ പരഃ
സ ഏവാസീദിദം വിശ്വം കല്പാന്തേഽന്യന്ന കിഞ്ചന. 8
തസ്യ നാഭേഃ സമഭവത് പദ്മകോശോ ഹിരണ്മയഃ
തസ്മിഞ്ജജ്ഞേ, മഹാരാജ, സ്വയംഭൂശ്ചതുരാനനഃ. 9
മരീചിർമ്മനസസ്തസ്യ ജജ്ഞേ തസ്യാപി കശ്യപഃ
ദാക്ഷായണ്യാം തതോഽദിത്യാം വിവസ്വാനഭവത് സുതഃ. 10
തതോ മനുഃ ശ്രാദ്ധദേവഃ സംജ്ഞായാമാസ ഭാരത!
ശ്രദ്ധായാം ജനയാമാസ ദശ പുത്രാൻ സ ആത്മവാൻ. 11
ഇക്ഷ്വാകുനൃഗശര്യാതിദിഷ്ടധൃഷ്ടകരൂഷകാൻ
നരിഷ്യന്തം പൃഷധ്രം ച നഭഗം ച കവിം വിദുഃ. 12
അപ്രജസ്യ മനോഃ പൂർവ്വം വസിഷ്ഠോ ഭഗവാൻ കില
മിത്രാവരുണയോരിഷ്ടിം പ്രജാർത്ഥമകരോത് പ്രഭുഃ. 13
തത്ര ശ്രദ്ധാ മനോഃ പത്നീ ഹോതാരം സമയാചത
ദുഹിത്രർത്ഥമുപാഗമ്യ പ്രണിപത്യ പയോവ്രതാ. 14
പ്രേഷിതോഽധ്വര്യുണാ ഹോതാ ധ്യായംസ്തത് സുസമാഹിതഃ
ഹവിഷി വ്യചരത് തേന വഷട്കാരം ഗൃണന്ദ്വിജഃ. 15
ഹോതുസ്തദ്വ്യഭിചാരേണ കന്യേളാ നാമ സാഭവത്
താം വിലോക്യ മനുഃ പ്രാഹ നാതിഹൃഷ്ടമനാ ഗുരും. 16
''ഭഗവൻ, കിമിദം ജാതം കർമ്മ വോ ബ്രഹ്മവാദിനാം
വിപര്യയമഹോ, കഷ്ടം, മൈവം സ്യാദ് ബ്രഹ്മവിക്രിയാ. 17
യൂയം മന്ത്രവിദോ യുക്താസ്തപസാ ദഗ്ദ്ധകില്ബിഷാഃ
കുതഃ സങ്കല്പവൈഷമ്യമനൃതം വിബുധേഷ്വിവ.'' 18
തന്നിശമ്യ വചസ്തസ്യ ഭഗവാൻ പ്രപിതാമഹഃ
ഹോതുർവ്യതിക്രമം ജ്ഞാത്വാ ബഭാഷേ രവിനന്ദനം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നവമസ്കന്ധം

അദ്ധ്യായം 1

സുദ്യുമ്നചരിതം

രാജാവു പറഞ്ഞു

മനുവന്തരങ്ങൾ പതിന്നാലു,മായവ-
തന്നിലനന്തവീര്യൻ ശ്രീമുരാരിതൻ-
വിക്രമകൃത്യങ്ങളും ഭവാൻ ചൊന്നവ-
യൊക്കെയും ശ്രദ്ധിച്ചു കേട്ടിതു ഞാൻ മുനേ! 1
സത്യവ്രതനെന്നപേരിൽ ദ്രവിഡഭൂ-
ഭൃത്തായ് പ്രസിദ്ധനാമേതു രാജർഷിയോ
അച്യുതസേവയാൽ പൂർവ്വകല്പാന്തത്തിൽ
നിശ്ചലജ്ഞാനത്തെയാർന്നതു വേണ്ടപോൽ. 2
അന്നൃപനാണു വിവസ്വാത്മജൻ മനു-
വെന്നപേരിൽ ഖ്യാതനായ് ഭവിച്ചെന്നതും
തന്നന്ദനർതന്നെയിക്ഷ്വാകുമുഖ്യരാം
മന്നവന്മാരെന്നുമങ്ങരുൾചെയ്തിതു. 3
ഹേ മഹാഭാഗ! തദ്വംശവും തദ്വംശ്യ-
ഭൂമിപർതൻ ക്രമമൊത്ത ചരിത്രവും
എപ്പൊഴും കേൾപ്പാൻ കൊതിക്കുന്ന ഞങ്ങളോ-
ടിപ്പോൾ കഥിക്കണം ബ്രഹ്മജ്ഞനാം ഭവാൻ. 4
ആരൊക്കെയുണ്ടായിരുന്നിനിയുണ്ടാവ-
താരൊക്കെയിപ്പൊഴീ വംശത്തിലുള്ളവർ
ഏവരെന്നും പുണ്യകീർത്തികളാമവ-
ർക്കേവർക്കുമുള്ള വീര്യങ്ങളും കേൾക്കണം. 5

സൂതൻ പറഞ്ഞു

വേദവാദിപ്പരിഷത്തിൽ പരീക്ഷിത്തു-
മേദിനീപാലനീമട്ടു ചോദിക്കവേ,
ഉത്കൃഷ്ടധർമ്മവിത്താം ഭഗവാൻ ശുക-
നിക്കണക്കായതിനുത്തരമോതിനാൻ. 6

ശ്രീശുകൻ പറഞ്ഞു

ശത്രുജിത്തേ! മനുവംശത്തിൽ മുഖ്യരാം
പൃഥ്വീശർതൻ ചരിതം കേട്ടുകൊള്ളുക.
ഒക്കെയും വിസ്തരിച്ചത്ര പറഞ്ഞിടാ-
നൊക്കുകില്ലബ്ദശതങ്ങൾകൊണ്ടും നൃപാ! 7
പാരിൽ പരാവരഭൂതജാലാത്മാവു
നാരായണൻ ഭഗവാനീശ്വരൻ സ്വയം
കല്പകാലാന്തത്തിലീ വിശ്വമായ്ത്തീർന്നു;
തദ്ഭിന്നമായൊന്നുമില്ലായിരുന്നിതേ. 8
തന്നാഭിയിൽനിന്നുമുദ്ഭൂതമായ് സ്വർണ്ണ-
വർണ്ണമാളുന്നൊരു സാരസകുഡ്മളം
പിന്നെച്ചതുർമ്മുഖനാം സ്വയംഭൂവതിൽ-
നിന്നു സംജാതനായ് വന്നു മഹീപതേ! 9
ധാതൃഹൃദയത്തിൽനിന്നും മരീചിയുദ്-
ഭൂതനായ് തത്സുതനായ്ത്തീർന്നു കശ്യപൻ.
ദാക്ഷായണിയാമദിതിയിലമ്മഹ-
ർഷീശന്നുളവായിതു വിവസ്വാൻ സുതൻ. 10
അദ്ധന്യനിൽനിന്നു സംജ്ഞയാം ദേവിയിൽ
ശ്രാദ്ധദേവൻ മനു സംജാതനായിതു.
ശ്രദ്ധയാം ഭാര്യയിലാത്മവാനമ്മഹാൻ
പത്തു തനയരെയുദ്ഭവിപ്പിച്ചിതു. 11
ഇക്ഷ്വാകുവും നൃഗൻ ശര്യാതി ദിഷ്ടനും
ധൃഷ്ടൻ കരൂഷകൻതാനും നരിഷ്യനും
പിന്നെപ്പൃഷധ്രൻ നഭഗൻ കവിയുമീ-
വർണ്ണമത്രേ തത്തനയർതൻ പേരുകൾ. 12
ആദ്യം പ്രജാഹീനനായ മനുവിന്നു
പുത്രലാഭത്തിനു മിത്രാവരുണർതൻ
പ്രീത്യർത്ഥമങ്ങൊരു സത്രം ഭഗവാൻ സ-
മർത്ഥൻ വസിഷ്ഠൻ നടത്തീടിനാൻ നൃപാ! 13
അന്നാൾ പയോവ്രതയായ് ശ്രദ്ധയാം മനു-
പത്നിഹോതാവിൻ സമീപത്തു ചെന്നഥ
പുത്രിയവൾക്കൊന്നുളവാകുവാൻ തക്ക-
സത്രം നടത്താൻ നമിച്ചു യാചിച്ചിതു. 14
അദ്ധ്വര്യുചോദിതൻ ഹോതാവതിലേക്കു
ചിത്തമേകാഗ്രമാക്കിദ്ധ്യാനമാർന്നഥ
നേരേ ഹവിസ്സു ഗ്രഹിച്ചിട്ടതു വഷട്-
ക്കാരം ജപിച്ചു ഹോമിച്ചിതു വഹ്നിയിൽ. 15
ഹോതൃസങ്കല്പവ്യത്യാസംനിമിത്തമായ്
ജാതയായാളിളയെന്നൊരു കന്യക.
തന്മൂലമായതിസന്തുഷ്ടിയെന്നിയേ-
യമ്മനു ചൊന്നാൻ ഗുരുവിനോടീവിധം. 16
''എങ്ങനെ വന്നിതു വേദവിത്തുക്കളാം
നിങ്ങൾതൻ കർമ്മം വിരുദ്ധഫലാഢ്യമായ്
കഷ്ടമഹോ! ഭഗവാനേയിതുവിധം
തെററി വന്നീടാവതോ മന്ത്രവിക്രിയ. 17
മന്ത്രജ്ഞരായ് വിജിതേന്ദ്രിയചിത്തരായ്
വന്തപസ്സാൽ ദഗ്ദ്ധകില്ബിഷന്മാരുമാം
നിങ്ങളിൽ സങ്കല്പവൈഷമ്യമുണ്ടായ-
തെങ്ങനെ, കള്ളം സുരന്മാരിലെന്നപോൽ.'' 18
അമ്മനുഭാഷിതം കേട്ടു വസിഷ്ഠനാം
നിർമ്മലജ്ഞാനി മുനി ദിവ്യദൃക്കിനാൽ
ഹോതൃവ്യതിക്രമമുള്ളതുപോലെ പാ-
ർത്തോതീടിനാനാ മനുവിനോടീവിധം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഏതതത് സങ്കല്പവൈഷമ്യം ഹോതുസ്തേ വ്യഭിചാരതഃ
തഥാപ, സാധയിഷ്യേ തേ സുപ്രജാസ്ത്വം സ്വതേജസാ.'' 20
ഏവം വ്യവസിതോ, രാജൻ, ഭഗവാൻ സ മഹായശാഃ
അസ്തൗഷീദാദിപുരുഷമിളായാഃ പുംസ്ത്വകാമ്യയാ. 21
തസ്മൈ കാമവരം തുഷ്ടോ ഭഗവാൻ ഹരിരീശ്വരഃ
ദദാവിളാഭവത് തേന സുദ്യുമ്നഃ പുരുഷർഷഭഃ. 22
സ ഏകദാ, മഹാരാജ, വിചരൻ മൃഗയാം വനേ
വൃതഃ കതിപയാമാത്യൈരശ്വമാരുഹ്യ സൈന്ധവം. 23
പ്രഗൃഹ്യ രുചിരം ചാപം ശരാംശ്ച പരമാദ്ഭുതാൻ
ദംശിതോഽനുമൃഗം വീരോ ജഗാമ ദിശമുത്തരാം. 24
സ കുമാരോ വനം മേരോരധസ്താത് പ്രവിവേശ ഹ
യത്രാസ്തേ ഭഗവാഞ്ഛർവോ രമമാണഃ സഹോമയാ. 25
തസ്മിൻ പ്രവിഷ്ട ഏവാസൗ സുദ്യുമ്നഃ പരവീരഹാ
അപശ്യത് സ്ത്രീയമാത്മാനമശ്വം ച ബഡവാം നൃപ! 26
തഥാ തദനുഗാഃ സർവ്വേ ആത്മലിങ്ഗവിപര്യയം
ദൃഷ്ട്വാ വിമനസോഽഭവൻ വീക്ഷമാണാഃ പരസ്പരം. 27

രാജോവാച

കഥമേവംഗുണോ ദേശഃ കേന വാ, ഭഗവൻ, കൃതഃ
പ്രശ്നമേനം സമാചക്ഷ്വ പരം കൗതൂഹലം ഹി നഃ. 28

ശ്രീശുക ഉവാച

ഏകദാ ഗിരിശം ദ്രഷ്ടുമൃഷയസ്തത്ര സുവ്രതാഃ
ദിശോ വിതിമിരാഭാസാഃ കുർവ്വന്തഃ സമുപാഗമൻ. 29
താൻ വിലോക്യാംബികാ ദേവീ വിവാസാ വ്രീഡിതാ ഭൃശം
ഭർത്തുരങ്കാത് സമുത്ഥായ നീവീമാശ്വഥ പര്യധാത്. 30
ഋഷയോഽപി തയോർവീക്ഷ്യ പ്രസങ്ഗം രമമാണയോഃ
നിവൃത്താഃ പ്രയയുസ്തസ്മാന്നരനാരായണാശ്രമം. 31
തദിദം ഭഗവാനാഹ പ്രിയായാഃ പ്രിയകാമ്യയാ
''സ്ഥാനം യഃ പ്രവിശേദേതത് സ വൈ യോഷിദ്-
ഭവേദിതി.'' 32

തത ഊർദ്ധ്വം വനം തദ്വൈ പുരുഷാ വർജ്ജയന്തി ഹി
സാ ചാനുചരസംയുക്താ വിചചാര വനാദ്വനം. 33
അഥ താമാശ്രമാഭ്യാശേ ചരന്തീം പ്രമദോത്തമാം
സ്ത്രീഭിഃ പരിവൃതാം വീക്ഷ്യ ചകമേ ഭഗവാൻ ബുധഃ. 34
സാപി തം ചകമേ സുഭ്രൂഃ സോമരാജസുതം പതിം
സ തസ്യാം ജനയാമാസ പുരൂരവസമാത്മജം. 35
ഏവം സ്ത്രീത്വമനുപ്രാപ്തഃ സുദ്യുമ്നോ മാനവോ നൃപഃ
സസ്മാര സ്വകുലാചാര്യം വസിഷ്ഠമിതി ശുശ്രുമ. 36
സ തസ്യ താം ദശാം ദൃഷ്ട്വാ കൃപയാ ഭൃശപീഡിതഃ
സുദ്യുമ്നസ്യാശയൻ പുംസ്ത്വമുപാധാവത ശങ്കരം. 37
തുഷ്ടസ്തസ്മൈ സ ഭഗവാനൃഷയേ പ്രിയമാവഹൻ
സ്വാം ച വാചമൃതാം കുർവ്വന്നിദമാഹ വിശാംപതേ. 38
''മാസം പുമാൻ സ ഭവിതാ മാസം സ്ത്രീ തവ ഗോത്രജഃ''
ഇത്ഥം വ്യവസ്ഥയാ കാമം സുദ്യുമ്നോഽവതു മേദിനീം. 39
ആചാര്യാനുഗ്രഹാത് കാമം ലബ്ധ്വാ പുംസ്ത്വം വ്യവസ്ഥയാ
പാലയാമാസ ജഗതീം നാഭ്യനന്ദൻ സ്മ തം പ്രജാഃ. 40
തസ്യോത്കലോ ഗയോ, രാജൻ, വിമലശ്ച സുതാസ്ത്രയഃ
ദക്ഷിണാപഥരാജാനോ ബഭൂവുർദ്ധർമ്മവത്സലാഃ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഇത്തകരാറു ഭവാൻെറ ഹോതാവിൻ വ്യ-
വസ്ഥയില്ലായ്മകൊണ്ടുണ്ടായതാണെടോ.
എങ്കിലും മത്തപശ്ശക്തിമൂലം വീത-
ശങ്കം ഭവാനെസ്സുപുത്രാഢ്യനാക്കുവൻ.'' 20

ഏവമുരച്ചു മഹാകീർത്തിമാനാകു-
മാ വസിഷ്ഠർഷിയിള പുമാനാകുവാൻ
കാംക്ഷിച്ചുകൊണ്ടാദിപൂരുഷനെപ്പരം
വിശ്വാസമോടും സ്തുതിച്ചു മഹീപതേ! 21

ജ്ഞാനസ്വരൂപനീശൻ ഹരി തുഷ്ടനായ്
വേണും വരമമ്മഹർഷിക്കു നല്കിനാൻ.
മനുവാത്മജയിള സുദ്യുമ്നനെന്നപേ-
രാൻറു പുരുഷർഷഭനായ് ഭവിച്ചിതേ. 22

സൈന്ധവാശ്വത്തിലൊരുനാളവൻ ചില-
മന്ത്രിമാരൊത്തു വേട്ടയ്ക്കു തിരിച്ചിതു.
ചാരു ശരാസവുമത്യദ്ഭുതകര-
ഭൂരിബാണങ്ങളുമാൻറു സന്നദ്ധനായ്
ചെന്നു കാടൊക്കെയിളക്കി മൃഗങ്ങൾതൻ-
പിന്നാലെ പോയാൻ വടക്കൊരററംവരെ. 23–24

ഗൗരിയൊത്തീശൻ രമിച്ചിരുന്നീടുന്ന
മേരുവിൻ താഴ്വരയിൽ ഭൂപനെത്തിനാൻ. 25

വൈരിവീരാന്തകനാകുമസ്സുദ്യുമ്ന-
വീരനുമശ്വവും പെണ്ണായിതഞ്ജസാ. 26

സ്ത്രീകളായ്പോയാരനുഗരു,മാവിധ-
മാകയാൽത്തമ്മിലവീക്ഷിച്ചു ദുഃഖിച്ചിതു. 27

രാജാവു പറഞ്ഞു

ഈദൃശമാഹാത്മ്യമാളുന്ന ദേശമി-
തേതുമട്ടുണ്ടാ?യിതാരു നിർമ്മിച്ചതാം?
ഞങ്ങൾക്കു കൗതുകമുണ്ടിതറിഞ്ഞിടാ-
നങ്ങലിഞ്ഞെല്ലാമരുൾചെയ്കിടേണമേ. 28

ശ്രീശുകൻ പറഞ്ഞു

ദിക്കുകളങ്ഗഭാസ്സാൽത്തിമിരാപേത-
മാക്കിയുമന്യഭാസ്സൊക്കെയടക്കിയും
സുവ്രതന്മാരാമൃഷീശ്വരരേകദാ
ശർവ്വനെക്കാൺമാനവിടത്തിലെത്തിനാർ. 29

നഗ്നയായ് കാന്താങ്കമേറിയിരുന്നിടും
കന്നിന്മകളവരെക്കാൺകകാരണം
ഏററവും ലജ്ജിതയായുഴറേറാടെഴു-
നേററു വസനമെടുത്തുടുത്തീടിനാൾ. 30

കാമകേളീലോലരാകുമവരിൽനി-
ന്നാമം രതിഭ്രമം കണ്ടമ്മുനീശ്വരർ
അങ്ങുനിന്നും നിവർത്തിച്ചുപോയ് പ്രാപിച്ചു-
സങ്ഗാപഹം നരനാരായണാശ്രമം. 31

അപ്പോൾ പ്രിയതൻ പ്രിയമാചരിക്കുവാൻ
മുപ്പുരവൈരി ഭഗവാൻ കൊതിക്കയാൽ
''പൂരുഷനിപ്രദേശത്തു വന്നാലുടൻ
നാരിയായ്പോകട്ടെ''യെന്നു ശപിച്ചിതു. 32

അന്നുമുതൽ പുമാന്മാരാരുമാവനം-
തന്നിൽക്കടക്കുമാറില്ലെന്നു വിശ്രുതം.
സുദ്യുമ്നനങ്ങനെ പെണ്ണായനുഗരോ-
ടൊത്തു വനംതോറുമങ്ങു ചരിച്ചിതു. 33

ആശ്രമോപാന്തം ലലനാപരീതയായ്
യോഷാമണിയവൾ സഞ്ചരിച്ചീടവേ
ഇന്ദുസുതൻ ഭഗവാൻ ബുധൻ കണ്ടുടൻ
കന്ദർപ്പപീഡിതനായ് ചമഞ്ഞീടിനാൻ. 34

സുഭ്രൂവവളുമക്കോമളഗാത്രനെ-
ത്തത്പതിയാക്കുവാനാഗ്രഹിച്ചീടിനാൾ.
ഇത്ഥമവളിൽപ്പുരൂരവസ്സെന്നൊരു-
പുത്രൻ ബുധനുളവായി മഹീപതേ! 35

സ്ത്രീത്വമിമ്മട്ടു രണ്ടാമതുമാന്നൊരു
സുദ്യുമ്നനായിടും മാനവഭൂപതി
തത്കുലാചാര്യനായീടും വസിഷ്ഠനെ
ദുഃഖശാന്തിക്കായ് സ്മരിച്ചെന്നു കേൾപ്പിതേ. 36

പ്രത്യക്ഷനായി വസിഷ്ഠനവൻെറയി-
ദ്ദുഃസ്ഥിതി കണ്ടു കൃപാർദ്രനായിപ്പരം
പുംസ്ത്വമവനു വരുത്തുവാനിച്ഛിച്ചു
മൃത്യുഞ്ജയഭഗവാനെ സ്തുതിച്ചിതേ. 37

തുഷ്ടികലൻറു ഭഗവാൻ വസിഷ്ഠൻെറ-
യിഷ്ടം നടത്തുവാനാഗ്രഹിച്ചും തഥാ
സ്വന്തവചസ്സു യഥാർത്ഥമാകത്തക്ക-
പന്തിക്കുമിപ്രകാരം കഥിച്ചീടിനാൻ. 38

''ത്വദ്ഗോത്രജനവനേകമാസം പെണ്ണു-
മക്കണക്കേയൊരുമാസം പുമാനുമാം.
ഇങ്ങനെയുള്ള കരാറിലസ്സുദ്യുമ്ന-
നിങ്ഗിതംപോലെ ഭരിക്കട്ടെ മേദിനീ.'' 39

ദേശികാനുഗ്രഹത്താലവീ വ്യവസ്ഥയി-
ലാശാനുകൂലം പുരുഷത്വമാന്നവൻ
മന്നിടം നേരേ ഭരിച്ചീടിലുമഭി-
നന്ദിച്ചതില്ലവനെ പ്രജാസഞ്ചയം. 40

ഉത്കലൻ പിന്നെഗ്ഗയൻ വിമലാഖ്യനും
മക്കളവനുളവായിതു മൂന്നുപേർ.
ദക്ഷിണദേശാധിനാഥരായിധർമ്മ-
ദീക്ഷകരായും ഭവിച്ചിതു മൂവരും. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ പരിണതേ കാലേ പ്രതിഷ്ഠാനപതിഃ പ്രഭുഃ
പുരൂരവസ ഉത്സൃജ്യ ഗാം പുത്രായ ഗതോ വനം. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഇളോപാഖ്യാനേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച
ഏവം ഗതേഽഥ സുദ്യുമ്നേ മനുർവൈവസ്വതഃ സുതേ
പുത്രകാമസ്തപസ്തേപേ യമുനായാം ശതം സമാഃ. 1
തതോഽയജന്മനുർദ്ദേവമപത്യാർത്ഥം ഹരിം പ്രഭും
ഇക്ഷ്വാകുപൂർവ്വജാൻ പുത്രാംല്ലേഭേ സ്വസദൃശാൻ ദശ. 2
പൃഷധ്രസ്തു മനോഃ പുത്രോ ഗോപാലോ ഗുരുണാ കൃതഃ
പാലയാമാസ ഗാംയത്തോ രാത്ര്യാം വീരാസനവ്രതഃ. 3
ഏകദാ പ്രാവിശദ്ഗോഷ്ഠം ശാർദ്ദൂലോ നിശി വർഷതി
ശയാനാ ഗാവ ഉത്ഥായ ഭീതാസ്താ ബഭ്രമുർവ്രജേ. 4
ഏകാം ജഗ്രാഹ ബലവാൻ സാ ചുക്രോശ ഭയാതുരാ
തസ്യാസ്തത് ക്രന്ദിതം ശ്രുത്വാ പൃഷധ്രോഽഭിസസാര ഹ. 5
ഖഡ്ഗമാദായ തരസാ പ്രലീനോഡുഗണേ നിശി
അജാനന്നഹനദ്ബഭ്രോഃ ശിരഃ ശാർദ്ദൂലശങ്കയാ. 6
വ്യാഘ്രോഽപി വൃക്ണശ്രവണോ നിസ്ത്രിംശാഗ്രാഹതസ്തതഃ
നിശ്ചക്രാമ ഭൃശം ഭീതോ രക്തം പഥി സമുത്സൃജൻ. 7
മന്യമാനോ ഹതം വ്യാഘ്രം പൃഷധ്രഃ പരവീരഹാ
അദ്രാക്ഷീത് സ്വഹതാം ബഭ്രും വ്യുഷ്ടായാം നിശി ദുഃഖിതഃ. 8
തം ശശാപ കുലാചാര്യഃ കൃതാഗസമകാമതഃ
''ന ക്ഷത്രബന്ധുഃ ശൂദ്രസ്ത്വം കർമ്മണാ ഭവിതാമുനാ.'' 9
ഏവം ശപ്തസ്തു ഗുരുണാ പ്രത്യഗൃഹ്ണാത് കൃതാഞ്ജലിഃ
അധാരയദ്വ്രതം വീര ഊർദ്ധ്വരേതാ മുനിപ്രിയം. 10
വാസുദേവേ ഭഗവതി സർവ്വാത്മനി പരേഽമലേ
ഏകാന്തിത്വം ഗതോ ഭക്ത്യാ സർവ്വഭൂതസുഹൃത്സമഃ. 11
വിമുക്തസംഗഃ ശാന്താത്മാ സംയതാക്ഷോഽപരിഗ്രഹഃ
യദൃച്ഛയോപപന്നേന കല്പയൻ വൃത്തിമാത്മനഃ. 12
ആത്മന്യാത്മാനമാധായ ജ്ഞാനതൃപ്തഃ സമാഹിതഃ
വിചചാര മഹീമേതാം ജഡാന്ധബധിരാകൃതിഃ. 13
ഏവം വൃത്തോ വനം ഗത്വാ ദൃഷ്ട്വാ ദാവാഗ്നിമുത്ഥിതം
തേനോപയുക്തകരണോ ബ്രഹ്മ പ്രാപ പരം മുനിഃ. 14

കവിഃ കനീയാൻ വിഷയേഷു നിഃസ്പൃഹോ
വിസൃജ്യ രാജ്യം സഹ ബന്ധുഭിർവനം
നിവേശ്യ ചിത്തേ പുരുഷം സ്വരോചിഷം
വിവേശ കൈശോരവയാഃ പരം ഗതഃ. 15

കരൂഷാന്മാനവാദാസൻ കാരൂഷാഃ ക്ഷത്രജാതയഃ
ഉത്തരാപഥഗോപ്താരോ ബ്രഹ്മണ്യാ ധർമ്മവത്സലാഃ. 16
ധൃഷ്ടാദ്ധാർഷ്ടമഭൂത് ക്ഷത്രം ബ്രഹ്മഭൂയം ഗതം ക്ഷിതൗ
നൃഗസ്യ വംശഃ സുമതിർഭൂതജ്യോതിസ്തതോ വസുഃ. 17
വസോഃ പ്രതീകസ്തത്പുത്ര ഓഘവാനോഘവത് പിതാ
കന്യാ ചൗഘവതീ നാമ സുദർശന ഉവാഹ താം. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെ വാർദ്ധക്യകാലത്തപ്പുത്രരവ-
ന്നെന്ന മകനിലബ്ഭൂമണ്ഡലാധിപൻ
ക്ഷോണീഭരം സമർപ്പിച്ചതി ശാന്തനായ്-
ക്കാനനം പ്രാപിച്ചു വാണീടിനാൻ പ്രഭോ! 42

അദ്ധ്യായം 2

വൈവസ്വതമനുവംശവർണ്ണനം

ശ്രീശുകൻ പറഞ്ഞു

സുദ്യുമ്നനാം സുതൻ കാനനംപൂകവേ,
പുത്രരുണ്ടാകണമെന്ന സങ്കല്പത്തിൽ
വൈവസ്വതമനു കാളിന്ദിതൻ തട-
ഭൂവിൽ നൂറാണ്ടു തപസ്സാചരിച്ചിതു. 1
പിന്നെ പ്രഭുവാം ഹരിയെസ്സുതലാഭ-
മുന്നി യജിക്കയും ചെയ്യുകമൂലമായ്
തന്നോടുതുല്യരായിക്ഷ്വാകുതൊട്ടുള്ള
നന്ദനർ പത്തമ്മനുവിനുണ്ടായിതു. 2
അപ്പിതാവാത്മജന്മാരിൽ പൃഷധ്രനെ-
ക്കല്പിച്ചയച്ചിതു ഗോരക്ഷണത്തിനായ്
രാവിലും വീരാസനസ്ഥനായ് നിദ്രയും
കൈവെടിഞ്ഞാ ജോലി നിർവ്വഹിച്ചാനവൻ.3
തോരാതെ മാരിപെയ്യുന്നനാളങ്ങൊരു
ഘോരൻ പുലിയേറിവന്നു ഗോശാലയിൽ
ഗോക്കളതു കണ്ടു പാരം പരിഭ്രമി-
ച്ചുൽക്കടഭീതിയോടങ്ങിങ്ങു പാഞ്ഞിതു. 4
ശക്തനാം പുലിയൊന്നിനെപ്പിടികൂടവേ
വാശ്ശും ഭയത്തോടതുച്ചം കരഞ്ഞിതേ.
ക്രന്ദനം കേട്ടപ്പശുവിന്നടുത്തോടി-
വന്നിതു തത്പാലകൻ പൃഷധ്രൻ ദ്രുതം. 5
ചീളെന്നു വാളെടുത്തൃക്ഷങ്ങളസ്തമായ്
കാളും തമസ്സാളുമാരാവില,ങ്ങവൻ
വ്യർത്ഥമൊരു കപിലപ്പശുവിൻ തല
ശാർദ്ദൂലമെന്നോർത്തു കോതിയിട്ടീടിനാൻ. 6
വ്യാഘ്രമാവാളിന്മുനയേററു കാതററു-
മാർഗ്ഗങ്ങരംതോറും നിണംചൊരിഞ്ഞിട്ടുടൻ
വാശ്ശുംഭയത്തോടവിടെനിന്നും പാഞ്ഞു-
ചിക്കെന്നു നിർഗ്ഗമിച്ചീടിനാൻ ഭൂപതേ! 7
കൊന്നു പുലിയെയെന്നോർത്തിരിക്കും ശത്രു-
വൃന്ദാന്തകൻ പൃഷധ്രൻ രാത്രി പോകവേ
തന്നാൽ ഹതമായതു കപിലപ്പശു-
വെന്നു കണ്ടത്യന്തദുഃഖിതനായിതു. 8
ഓർക്കാതെ ചെയ്യോരപരാധമാകിലും
തത്കുലാചാര്യനവനെശ്ശപിച്ചിതു.

''ക്ഷത്രിയനീചനുമാകാതെ നീയൊരു
ശൂദ്രനാകട്ടെയിഗ്ഗോഹത്യമൂലമായ്.'' 9
ഇത്ഥം ഗുരുശപ്തനാവീരനഞ്ജലി
ബദ്ധനായ് സ്വീകരിച്ചാനതനാകുലം.
പിന്നെയവൻ വിജിതേന്ദ്രിയനായ് മുനി-
വൃന്ദപ്രിയമാം വ്രതമാചരിച്ചിതു. 10
സർവ്വാത്മകനായ് സമനായ് വിശുദ്ധനായ്
സർവ്വഭൂതൗഘസുഹൃത്തായ് വരിഷ്ഠനാം
ശ്രീവാസുദേവഭഗവാനിലെബ്ഭക്തി-
ഭാവത്തിനാലാർന്നിതൈകാന്തികത്വവും. 11
ശാന്തനായ് സങ്ഗവിഹീനനായ് ഭോഗ-
സന്ത്യജിച്ചിന്ദ്രിയസംയമനംചെയ്തു [ങ്ങളും
വല്ലതും യാദൃച്ഛികം ലഭിക്കുന്നതു
തെല്ലശിച്ചങ്ഗം നിലനിർത്തിനാനവൻ. 12
ചിത്തം പരമാത്മബദ്ധമാക്കി ജ്ഞാന-
തൃപ്തനായിസ്സുസമാഹിതനായ് സദാ
അന്ധൻ ബധിരൻ ജഡനെന്നമട്ടു ഭൂ-
മണ്ഡലമൊക്കെയും ചുററിച്ചരിച്ചിതു. 13
ഇങ്ങനെ സഞ്ചരിച്ചീടുമ്പൊഴമ്മുനി-
യങ്ങൊരു കാട്ടിൽക്കടന്നു ചെന്നീടിനാൻ.
കത്തുന്ന കാട്ടുതീ തത്ര പാർത്തിട്ടതിൽ
തത്തനു നീററിപ്പരഗതിയാർന്നിതു. 14
ഇക്ഷ്വാകുതൊട്ടവരിൽക്കനിഷ്ഠൻ കവി
കൊച്ചിലേതന്നെ വിഷയവിരക്തനായ്
ബന്ധുക്കളോടൊത്തു രാജ്യമുപേക്ഷിച്ചു
കാന്താരമെത്തി പ്രകാശസ്വരൂപനെ
അന്തരങ്ഗത്തിലുറപ്പിച്ചു മെല്ലവേ
ചിന്താനുകൂലം ഗമിച്ചാൻ പരംപദം. 15
മാനവനാം കരൂഷങ്കൽനിന്നുത്തര-
സ്ഥാനദേശാധിപരായ് ദ്വിജഭക്തരായ്
ധർമ്മസംസക്തരായ് കാരൂഷസംജ്ഞരാം
നിർമ്മലക്ഷത്രിയജാതി ഭവിച്ചിതു. 16
ധൃഷ്ടനിൽനിന്നുമുണ്ടായി ധാർഷ്ടാഭിധ-
ക്ഷത്രിയവംശ,മവർ വിപ്രരായിതു.
ഭൂപാ! നൃഗനു സുമതി,യവനിൽ നി-
ന്നാഭൂതജ്യോതി,സ്സവനു മകൻ വസു. 17
തത്തനയൻതാൻ പ്രതീക,നവനുള്ള
പുത്രനാമോഘവാന,പ്പേരിയന്നൊരു
സൂനുവുമോഘവതിയെന്നൊരു സുത-
താനുമുണ്ടായിതു ദൈവേച്ഛമൂലമായ്.
ഓഘവതിയെസ്സുദർശനനെന്നൊരു
ഭൂകാമുകൻ വിവാഹംകഴിച്ചീടിനാൻ 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്രസേനോ നരിഷ്യന്താദൃക്ഷസ്തസ്യ സുതോഽഭവത്
തസ്യ മീഢ്വാംസ്തതഃ കൂർച്ച ഇന്ദ്രസേനസ്തു തത്സുതഃ. 19
വീതിഹോത്രസ്ത്വിന്ദ്രസേനാത് തസ്യ സത്യശ്രവാ അഭൂത്
ഉരുശ്രവാഃ സുതസ്തസ്യ ദേവദത്തസ്തതോഽഭവത്. 20
തതോഽഗ്നിവേശ്യോ ഭഗവാനഗ്നിഃ സ്വയമഭൂത് സുതഃ
കാനീന ഇതി വിഖ്യാതോ ജാതൂകർണ്യോ മഹാനൃഷിഃ. 21
തതോ ബ്രഹ്മകുലം ജാതമാഗ്നിവേശ്യായനം, നൃപ,
നരിഷ്യന്താന്വയഃ പ്രോക്തോ, ദിഷ്ടവംശമതഃ ശൃണു. 22
നാഭാഗോ ദിഷ്ടപുത്രോഽന്യഃ കർമ്മണാ വൈശ്യതാം ഗതഃ
ഭലന്ദനഃ സുതസ്തസ്യ വത്സപ്രീതിർഭലന്ദനാത്. 23
വത്സപ്രീതേഃ സുതഃ പ്രാംശുസ്തത്സുതം പ്രമതിം വിദുഃ
ഖനിത്രഃ പ്രമതേസ്തസ്മാച്ചാക്ഷുഷോഽഥ വിവിംശതിഃ. 24
വിവിംശതിസുതോ രംഭഃ ഖനിനേത്രോഽസ്യ ധാർമ്മികഃ
കരന്ധമോ, മഹാരാജ, തസ്യാസീദാത്മജോ, നൃപ. 25
തസ്യാവീക്ഷിത് സുതോ യസ്യ മരുത്തശ്ചക്രവർത്ത്യഭൂത്
സംവർത്തോഽയാജയദ്യം വൈ മഹായോഗ്യംഗിരഃ സുതഃ. 26
മരുത്തസ്യ യഥാ യജ്ഞോ ന തഥാന്യസ്യ കശ്ചന
സർവ്വം ഹിരണ്മയം ത്വാസീദ്യത് കിഞ്ചിച്ചാസ്യ ശോഭനം. 27
അമാദ്യദിന്ദ്രഃ സോമേന ദക്ഷിണാഭിർദ്വിജാതയഃ
മരുതഃ പരിവേഷ്ടാരോ വിശ്വേദേവാഃ സഭാസദഃ. 28
മരുത്തസ്യ ദമഃ പുത്രസ്തസ്യാസീദ്രാജ്യവർദ്ധനഃ
സുധൃതിസ്തത്സുതോ ജജ്ഞേ സൗധൃതേയോ നരഃ സുതഃ. 29
തത്സുതഃ കേവലസ്തസ്മാദ്ധുന്ധുമാൻ വേഗവാംസ്തതഃ
ബുധസ്തസ്യാഭവദ്യസ്യ തൃണബിന്ദുർമ്മഹീപതിഃ. 30
തം ഭേജേഽലംബുഷാ ദേവീ ഭജനീയഗുണാലയം
വരാപ്സരാ യതഃ പുത്രാഃ കന്യാ ചേഡവിഡാഭവത്. 31
തസ്യാമുത്പാദയാമാസ വിശ്രവാ ധനദം സുതം
അവാപ വിദ്യാം പരമാമൃഷിര്യോഗേശ്വരാത് പിതുഃ. 32
വിശാലഃ ശൂന്യബന്ധുശ്ച ധൂമ്രകേതുശ്ച തത്സുതാഃ
വിശാലോ വംശകൃദ്രാജാ വൈശാലീം നിർമ്മമേ പുരീം. 33
ഹേമചന്ദ്രഃ സുതസ്തസ്യ ധൂമ്രാക്ഷസ്തസ്യ ചാത്മജഃ
തത്പുത്രാത്, സംയമാദാസീത് കൃശാശ്വഃ സഹദേവജഃ. 34
കൃശാശ്വാത് സോമദത്തോഽഭൂദ്യോഽശ്വമേധൈരിഡസ്പതിം
ഇഷ്ട്വാ പുരുഷമാപാഗ്ര്യാം ഗതിം യോഗേശ്വരാശ്രിതഃ. 35
സൗമദത്തിസ്തു സുമതിസ്തത്സുതോ ജനമേജയഃ
ഏതേ വൈശാലഭൂപാലാസ്തൃണബിന്ദോര്യശോധരാഃ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

ശ്രീശുക ഉവാച
ശര്യാതിർമ്മാനവോ രാജാ ബ്രഹ്മിഷ്ഠഃ സ ബഭൂവ ഹ
യോ വാ അംഗിരസാം സത്രേ ദ്വിതീയമഹ ഊചിവാൻ. 1
സുകന്യാ നാമ തസ്യാസീത് കന്യാ കമലലോചനാ
തയാ സാർദ്ധം വനഗതോ ഹ്യഗമച്ച്യവനാശ്രമം. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്രസേനൻ നരിഷ്യന്താത്മജൻ, ദക്ഷ-
നത്രേ തദീയസുതനായ് ഭവിച്ചതും
തത്സുതൻ മീഢ്വാനവനു കൂർച്ചൻ മകൻ,
തത്സുതനിന്ദ്രസേനൻതാനുമാണു കേൾ. 19
ഇന്ദ്രസേനാത്മജനാം വീതിഹോത്രൻെറ
നന്ദനൻ സത്യശ്രവസ്സാണു മന്നവാ!
സത്യശ്രവസ്സിന്നുരുശ്രവസ്സും ദേവ-
ദത്തനവനും സുതരായ് ജനിച്ചിതു. 20
അഗ്നിദേവൻതാനവനു തനൂജനാ-
യഗ്നിവേശ്യാഭിഖ്യ കൈക്കൊണ്ടു ജാതനായ്.
കാനീനനും ജാതുകർണ്ണ്യനുമെന്നപേർ-
പൂണ്ടും മഹാനാം മഹർഷിയിദ്ദേഹമാം. 21
അഗ്നിവേശ്യായനബ്രഹ്മാന്വയമവൻ-
തന്നിൽനിന്നും ജാതമായി നരാധിപാ!
ഇങ്ങനെ ഞാൻ നരിഷ്യന്തവംശം ചൊല്ലി-
യിങ്ങിനിമേൽ ദിഷ്ടവംശം ശ്രവിക്കുക. 22
മറെറാരു നാഭാഗനുണ്ടായിതു ദിഷ്ട-
പുത്രനായ്, കർമ്മത്തിനാലവൻ വൈശ്യനായ്.
തത്സുതനാണു ഭലന്ദനനെന്നവൻ,
തത്സുതനോക്ക് വത്സപ്രീതിനാമകൻ. 23
പ്രാംശു തത്പുത്രൻ, പ്രമതിയവന്മകൻ
തത്സുതൻ ഖാനിത്രനെന്നും ധരിക്കുക.
ചാക്ഷുഷൻ ഖാനിത്രസൂനുവും, പിന്നെ വി-
വിംശതി, ചാക്ഷുഷപുത്രനുമായിതു. 24
തത്തനൂജൻ രംഭനും, ധാർമ്മികൻ ഖനി-
നേത്രൻ തദീയസുതനുമാം മന്നവാ!
തത്തനയൻതാൻ കരന്ധമൻ, തത്സുത-
നത്രേയവീക്ഷിത്തു നാമമിയന്നവൻ. 25
തത്പുത്രനല്ലോ മരുത്തൻ, മഹാനവൻ
ചൊല്ലൊണ്ടിട്ടും ചക്രവർത്തിയായ്ത്തീർന്നിതു.
അംഗിരഃപുത്രൻ മഹായോഗി സംവർത്ത-
നങ്ങു നേരേ യജിപ്പിച്ചാൻ മരുത്തനെ. 26
പാരിലിബ്ഭൂപഭൂപൻെറ യജ്ഞംപോലെ-
യാരും നടത്തിയിട്ടില്ലൊരു യജ്ഞവും.
തദ്യാഗസാധനസാമഗ്രി സർവവും
ശുദ്ധസുവർണ്ണമയമായിരുന്നിതു. 27
സോമപാനംമൂലമിന്ദ്രനും ദക്ഷിണാ-
ഭൂമാവിനാൽ ദ്വിജരും മത്തരായിതു.
വിശ്വേദേവന്മാർ സദസ്യർ, വിളമ്പുകാർ
വിശ്വപ്രസിദ്ധർ മരുദ്ദേവർതാൻ പ്രഭോ! 28
ആ മരുത്തൻെറ സുതൻ ദമൻ, തത്സുതൻ
ഭൂമിപാലാ! രാജ്യവർദ്ധനനെന്നവൻ.
തത്സൂനുവത്രേ സുധൃതിനരാധിപ-
നസ്സുധൃത്യാത്മജനാം നരനാമകൻ. 29
കേവലൻതാൻ നരസൂനു,വവങ്കൽനി-
ന്നാവിർഭൂമാനവന്നുണ്ടായി വേഗവാൻ,
ബന്ധുവത്രേ വേഗവത്തനയൻ, തൃണ-
ബിന്ദുമഹീപതിതാൻ ബന്ധുനന്ദനൻ. 30
ശ്രേഷ്ഠാപ്സരസ്സാമലംബുഷാദേവിയത്-
കൃഷ്ടഗുണാലയനാകുമബ്ഭൂപനെ
കാന്തനാക്കിസ്സുതന്മാരുമവളിൽനി-
ന്നുണ്ടായിഡവിഡയെന്നൊരു കന്യയും. 31
ഉദ്ഭവിപ്പിച്ചാനവളിൽ ധനേശനാം
സത്പുത്രനെ വിശ്രവസ്സാം മുനീശ്വരൻ.
യോഗേശനാമച്ഛനിൽനിന്നു സൂക്ഷ്മധീ-
യാകുമവൻ പരമം വിദ്യയാർന്നിതു. 32
ധന്യൻ വിശാല,നഥ ശൂന്യബന്ധുവും
മന്നോർമണേ! ധൂമ്രകേതുവുമിങ്ങനെ
മൂന്നുതൃണബിന്ദുനന്ദനന്മാരിൽവ-
ച്ചൊന്നാമനായ് വംശകൃത്താം വിശാലനാം-
വൈശാലിയെന്ന പുരി വിനിർമ്മിച്ചതി-
വിശ്രുതനായിബ്ഭവിച്ച മഹീപതി. 33
ഹേമചന്ദ്രൻ തത്തനൂജനാം ധൂമ്രാക്ഷ-
നാമഹീപാലൻെറ പുത്രനാം, സംയമൻ
തൽസുതനാം, തൽസുതൻ സഹദേവനാം,
തൽസുതനല്ലോ കൃശാശ്വനരേശ്വരൻ. 34
സോമദത്തൻ തദീയാത്മജനാമഹാൻ
സീമാധികമശ്വമേധം കഴിച്ചഥ
യോഗേശനാകും പുമാനെ യജിച്ചുടൻ
യോഗേശ്വരാശ്രിതനായാർന്നു സദ്ഗതി. 35
സോമദത്തന്നു സുമതി, സുമതിക്കു
ഭൂമീപതേ! ജനമേജയഭൂപനും
പുത്രരാ,ണേവരും വൈശാലമന്നരാ-
യത്തൃണബിന്ദുവിൻ കീർത്തിവളർത്തിനാർ. 36

അദ്ധ്യായം 3

സുകന്യോപാഖ്യാനം

ശ്രീശുകൻ പറഞ്ഞു

മനുവാത്മജനായ മന്നവൻ ശര്യാതി-
യുന്നതവേദാർത്ഥവിജ്ഞാനിയായിതു.
അംഗിരസ്സുക്കൾ നടത്തിയോരദ്ധ്വരം
ഭംഗംവരാതെ രണ്ടാംനാളിൽ മുഖ്യമായ്
വേണ്ടുന്ന മന്ത്രങ്ങൾ ചൊല്ലിക്കൊടുത്തതി-
പ്പണ്ഡിതാഗ്രേസരൻതാനായിരുന്നിതു. 1
അമ്മന്നവന്നുളവായി സുകന്യയെ-
ന്നംബുജലോചനയാമൊരു കന്യക.
ആയവളോടൊത്തൊരിക്കൽ വനംഗത-
നായവനാ ച്യവനാശ്രമമെത്തിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാ സഖീഭിഃ പരിവൃതാ വിചിന്വന്ത്യങ്ഘ്രിപാൻ വനേ
വല്മീകരന്ധ്രേ ദദൃശേ ഖദ്യോതേ ഇവ ജ്യോതിഷീ. 3
തേ ദൈവചോദിതാ ബാലാ ജ്യോതിഷീ കണ്ടകേന വൈ
അവിധ്യന്മുഗ്ദ്ധഭാവേന സുസ്രാവാസൃക് തതോ ബഹു. 4
ശകൃന്മൂത്രനിരോധോഽഭൂത് സൈനികാനാം ച തത്ക്ഷണാത്
രാജർഷിസ്തമുപാലക്ഷ്യ പുരുഷാൻ വിസ്മിതോഽബ്രവീത്. 5
''അപ്യഭദ്രം ന യുഷ്മാഭിർഭാർഗ്ഗവസ്യ വിചേഷ്ടിതം
വ്യക്തം കേനാപി നസ്തസ്യ കൃതമാശ്രമദൂഷണം.'' 6
സുകന്യാ പ്രാഹ പിതരം ഭീതാ, ''കിഞ്ചിത് കൃതം മയാ
ദ്വേ ജ്യോതിഷീ അജാനന്ത്യാ നിർഭിന്നേ കണ്ടകേന വൈ.'' 7
ദുഹിതുസ്തദ്വചഃ ശ്രുത്വാ ശര്യാതിർജ്ജാതസാധ്വസഃ
മുനിം പ്രസാദയാമാസ വല്മീകാന്തർഹിതം ശനൈഃ. 8
തദഭിപ്രായമാജ്ഞായ പ്രാദാദ്ദുഹിതരം മുനേഃ
കൃച്ഛ്റാന്മുക്തസ്തമാമന്ത്ര്യ പുരം പ്രായാത് സമാഹിതഃ. 9
സുകന്യാ ച്യവനം പ്രാപ്യ പതിം പരമകോപനം
പ്രീണയാമാസ ചിത്തജ്ഞാ അപ്രമത്താനുവൃത്തിഭിഃ. 10
കസ്യചിത് ത്വഥ കാലസ്യ നാസത്യാവാശ്രമാഗതൗ
തൗ പൂജയിത്വാ പ്രോവാച ''വയോ മേ ദത്തമീശ്വരൗ. 11
ഗ്രഹം ഗ്രഹീഷ്യേ സോമസ്യ യജ്ഞേ വാമപ്യസോമപോഃ
ക്രിയതാം മേ വയോ രൂപം പ്രമദാനാം യദീപ്സിതം.'' 12
ബാഢമിത്യൂചതുർവിപ്രമഭിനന്ദ്യ ഭിഷക്തമൗ
''നിമജ്ജതാം ഭവാനസ്മിൻ ഹ്രദേ സിദ്ധവിനിർമ്മിതേ.'' 13
ഇത്യുക്ത്വാ ജരയാ ഗ്രസ്തദേഹോ ധമനിസന്തതഃ
ഹ്രദം പ്രവേശിതോഽശ്വിഭ്യാം വലീപലിതവിപ്രിയഃ 14
പുരുഷാസ്ത്രയ ഉത്തസ്ഥുരപീച്യാ വനിതാപ്രിയാഃ
പദ്മസ്രജഃ കുണ്ഡലിനസ്തുല്യരൂപാഃ സുവാസസഃ. 15
താൻ നിരീക്ഷ്യ വരാരോഹാ സരൂപാൻ സൂര്യവർച്ചസഃ
അജാനതീ പതിം സാധ്വീ അശ്വിനൗ ശരണം യയൗ. 16
ദർശയിത്വാ പതിം തസ്യൈ പാതിവ്രത്യേന തോഷിതൗ
ഋഷിമാമന്ത്ര്യ യയതുർവിമാനേന ത്രിവിഷ്ടപം. 17
യക്ഷ്യമാണോഽഥ ശര്യാതിശ്ച്യവനസ്യാശ്രമം ഗതഃ
ദദർശ ദുഹിതുഃ പാർശ്വേ പുരുഷം സൂര്യവർച്ചസം. 18
രാജാ ദുഹിതരം പ്രാഹ കൃതപാദാഭിവന്ദനാം
ആശിഷശ്ചാപ്രയുഞ്ജാനോ നാതിപ്രീതമനാ ഇവ. 19

''ചികീർഷിതം തേ കിമിദം പതിസ്ത്വയാ
പ്രലംഭിതോ ലോകനമസ്കൃതോ മുനിഃ
യത് ത്വം ജരാഗ്രസ്തമസത്യസമ്മതം
വിഹായ ജാരം ഭജസേഽമുമധ്വഗം. 20
കഥം മതിസ്തേഽവഗതാന്യഥാ സതാം
കുലപ്രസൂതേ കുലദൂഷണം ത്വിദം
ബിഭർഷി ജാരം യദപത്രപാ കുലം
പിതുശ്ച ഭർത്തുശ്ച നയസ്യധസ്തമഃ'' 21

ഏവം ബ്രുവാണം പിതരം സ്മയമാനാ ശുചിസ്മിതാ
ഉവാച, ''താത ജാമാതാ തവൈഷ ഭൃഗുനന്ദനഃ'' 22
ശശംസ പിത്രേ തത്സർവ്വം വയോ രൂപാഭിലംഭനം
വിസ്മിതഃ പരമപ്രീതസ്തനയാം പരിഷസ്വജേ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാട്ടിൽത്തരുശോഭ കണ്ടന്നൃപാത്മജ
തുഷ്ടയായ്ത്തോഴിമാരൊത്തു ചരിക്കവേ
മിന്നാമിനുങ്ങുപോൽ മിന്നും പ്രഭാഗോള-
ഖണ്ഡദ്വയം കണ്ടിതങ്ങൊരു പുററിലായ്. 3
അക്കന്യ, ദൈവപ്രചോദിതയായൊരു
മുൾക്കൊമ്പുകൊണ്ടൊന്നു കത്തിനോക്കീടി-
നാൾ.
ധാരയായ്ച്ചോരയപ്പുററിൽനിന്നക്ഷണം
ധാരാളമായ് പ്രവഹിച്ചിതു ഭൂപതേ! 4
പെട്ടെന്നതുമുതൽക്കന്നൃപസേനകൾ-
ക്കൊട്ടുക്കു മുട്ടീ മലമൂത്രമൊന്നുപോൽ.
ആയതു കണ്ടേററമദ്ഭുതപ്പെട്ടിട്ടു-
മായവരോടു ശര്യാതി കഥിച്ചിതു. 5
''ചൊല്ലാന്നിട്ടുമാ ച്യവനമുനിക്കിഹ
വല്ലതും ശല്യമുണ്ടാക്കിയോ ചൊല്ലുവിൻ?
വിശ്രുതവീരരേ! നമ്മിലാരെങ്കിലു-
മാശ്രമദൂഷണംചെയ്തിരിക്കും ദൃഢം.'' 6
ഭീതയായപ്പോൾ സുകന്യ പിതാവിനോ-
ടോതിനാൾ, ''ചെയ്തുപോയീ പിഴയൊന്നു
ഞാൻ
രണ്ടു തേജഃഖണ്ഡമിപ്പുററിനുള്ളിലായ്-
ക്കണ്ടതു മുള്ളിനാൽ കത്തിമുറിച്ചിതേ.'' 7
പുത്രി പറഞ്ഞതു കേട്ടു ശര്യാതിഭൂ-
ഭൃത്തു പരം ഭയവിഹ്വലനായുടൻ
പുററിനാലന്തർഹിതനായിടും മുനി-
ശ്രേഷ്ഠനെ പ്രീതനാക്കാൻ ശ്രമിച്ചീടിനാൻ. 8
മാമുനിതന്നഭിപ്രായമറിഞ്ഞു ത-
ന്നോമനയെയമ്മഹാനു ദാനംചെയ്തു
ചിത്തസമാധാനയുക്തം മുനിയോടു-
യാത്രപറഞ്ഞു തൻപത്തനം പൂകിനാൻ. 9
അത്യന്തകോപിഷ്ഠനാം ച്യവനർഷിയെ-
ബ്ഭർത്തൃപദത്തിൽ വരിച്ച ചിത്തജ്ഞയാം
അപ്പെണ്മണിയപ്രമത്തയായ്ക്കാന്തന്റെ
നൽപ്രിയംനേടീയനുസരണങ്ങളാൽ. 10
ഒട്ടുകാലം കഴിഞ്ഞേകദാ വന്നിതു
തത്ര നാസത്യ,രർച്ചിച്ചുചൊന്നാൻ മുനി,
''ഈശ്വരന്മാർ നിങ്ങളെൻവാർദ്ധകസ്ഥിതി-
യാശു മാററിത്തരുണതവമേകീടുവിൻ. 11
യാഗത്തിൽ നിങ്ങൾക്കിദാനീം ലഭിക്കാത്ത-
താകുമസ്സോമരസം തന്നിടാമിവൻ.
നിങ്ങളെനിക്കുടൻ നാരികൾക്കിഷ്ടമാ-
മങ്ഗസൗന്ദര്യവുമായുസ്സുമേകുവിൻ.'' 12
ദേവവൈദ്യന്മാരവരഭിനന്ദന-
പൂർവ്വം മുനിവാക്യമങ്ഗീകരിച്ചുടൻ
''സിദ്ധകൃതമീ ഹ്രദത്തിൽ മുങ്ങീടുകെ''-
ന്നദ്വിജനോടു ചൊല്ലീടിനാരക്ഷണം. 13
അങ്ഗം ജരയാലെ ജീർണ്ണിച്ചലം തൊലി-
ചുളുങ്ങി, രോമങ്ങൾ നരച്ചു, ഞരമ്പുകൾ
പൊങ്ങിയവശനാമച്ച്യവനന്റെ ക-
യ്യങ്ങു പിടിച്ചാഹ്രദത്തിലിറങ്ങിനാർ. 14
അല്പംകഴിഞ്ഞവർ മൂന്നുപേരും ഹ്രദ-
ഗർഭത്തിൽനിന്നു കരയ്ക്കുകേറീടിനാർ.
ഏതൊരു നാരിയും കാമിക്കുമാറങ്ഗ-
മാധുരിയാർന്നു സരസിജമാലയും
കർണ്ണാഭരണങ്ങൾ ശോഭനവസ്ത്രവു-
മാർന്നുശോഭിച്ചിതു മൂവരുമൊന്നുപോൽ. 15
തുല്യരൂപത്തൊടുമക്കസമാഭരാ-
യുല്ലസിച്ചീടുമവരെയസ്സാധ്വിയാൾ
കണ്ടതിൽ തൻകാന്തനേതെന്നറിഞ്ഞിടാ-
തുണ്ടായ വൈഷമ്യമോർത്തു വിനീതയായ്
അർത്ഥിച്ചിതശ്വികളോടായവർ നിജ-
ഭർത്താവിനെവിട്ടകന്നു നിന്നീടുവാൻ. 16
പാതിവ്രത്യത്തിലവൾക്കെഴും നിഷ്ഠയാൽ
മോദിച്ചു പിന്നെസ്സുകന്യകയ്ക്കശ്വികൾ
കാന്തനെക്കാട്ടിത്തദാജ്ഞയോടക്ഷണം
സ്വന്തംവിമാനത്തിലേറി വിണ്ണെത്തിനാർ. 17
പിന്നെക്കുറേനാൾ കഴിഞ്ഞദ്ധ്വരത്തിനു
സന്നദ്ധനായ് ച്യവനാശ്രമമെത്തവേ
പുത്രീസമീപമിനപ്രഭനാമൊരു
മർത്ത്യനെക്കണ്ടിതു ശര്യാതിഭൂപതി. 18
താതനെക്കണ്ടരികത്തുചെന്നിട്ടതി-
പ്രീതിപൂർവ്വം നമിച്ചാളസ്സുകന്യക.
എന്നിട്ടനുഗ്രഹിക്കാതസന്തുഷ്ടനാ-
ണെന്നഭാവത്തൊടു ചൊന്നാൻ നൃപാലകൻ. 19
''എന്താണസതി! നീ കാട്ടുവ,തോർക്കിൽ നിൻ-
കാന്തൻ ജഗദ്വന്ദ്യനാം മഹാനല്ലയോ?
വഞ്ചിച്ചു നീയമ്മുനിയെ, നിൻ ചാരത്തു
തഞ്ചുമിവൻ വഴിപോക്കനെന്നേവരും.
വൃദ്ധനാം കാന്തനെയിഷ്ടപ്പെടാതെയീ-
യദ്ധ്വഗനെജ്ജാരനായ് നീ വരിക്കയോ? 20
സൽക്കുലജാതയാം നിന്നുടെ ബുദ്ധിയെ-
ന്തിക്കണക്കേ വിപരീതമായ്ത്തീരുവാൻ?
നിന്ദ്യേ!യിതു കുലദൂഷണംതാൻ, നാണ-
മെന്നിയേ ജാരനെയങ്ഗീകരിച്ച നീ.
അച്ഛന്റെയും പ്രാണനാഥന്റെയും കുലം
ദുശ്ചരിതേ! നരകത്തിലാഴ്ത്തുന്നിതേ.'' 21
താതവാക്യങ്ങൾ കേട്ടദ്ഭുതപ്പെട്ടുകൊ-
ണ്ടോതിനാൾ മന്ദഹാസത്തൊടസ്സുന്ദരി.
''അച്ഛാ! ഭവത്സുതാവല്ലഭനും ഭൃഗു-
സ്വച്ഛവംശ്യേന്ദ്രനുമാണിമ്മഹാമതി.'' 22
പിന്നെ സ്വവല്ലഭനശ്വികളിൽനിന്നു
സൗന്ദര്യമാർന്ന കഥ ധരിപ്പിക്കവേ
അത്യന്തമദ്ഭുതത്തോടുമാ വത്സല-
പുത്രിയെപ്പുണർന്നിതു തുഷ്ടിയാലന്നൃപൻ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോമേന യാജയൻ വീരം ഗ്രഹം സോമസ്യ ചാഗ്രഹീത്.
അസോമപോരപ്യശ്വിനോശ്ച്യവനഃ സ്വേന തേജസാ. 24
ഹന്തും തമാദദേ വജ്രം സദ്യോമന്യുരമർഷിതഃ
സവജ്രം സ്തംഭയാമാസ ഭുജമിന്ദ്രസ്യ ഭാർഗ്ഗവഃ. 25
അന്വജാനംസ്തതഃ സർവ്വേ ഗ്രഹം സോമസ്യ ചാശ്വിനോഃ
ഭിഷജാവിതി യത് പൂർവ്വം സോമാഹുത്യാ ബഹിഷ്കൃതൗ. 26
ഉത്താനബർഹിരാനർത്തോ ഭൂരിഷേണ ഇതി ത്രയഃ
ശര്യാതേരഭവൻ പുത്രാ ആനർത്താദ്രേവതോഽഭവത്. 27
സോഽന്തഃസമുദ്രേ നഗരീം വിനിർമ്മായ കുശസ്ഥലീം
ആസ്ഥിതോഽഭുങ്ക്ത വിഷയാനാനർത്താദീനരിന്ദമ! 28
തസ്യ പുത്രശതം ജജ്ഞേ കകുദ്മിജ്യേഷ്ഠമുത്തമം
രേവതോ രേവതീം കന്യാം സ്വാമാദായ വിഭും ഗതഃ. 29
കന്യാവരം പരിപ്രഷ്ടും ബ്രഹ്മലോകമപാവൃതം
ആവർത്തമാനേ ഗാന്ധർവ്വേ സ്ഥിതോഽലബ്ധക്ഷണഃ ക്ഷണം. 30
തദന്ത ആദ്യമാനമ്യ സ്വാഭിപ്രായം ന്യവേദയത്
തച്ഛ്രുത്വാ ഭഗവാൻ ബ്രഹ്മാ പ്രഹസ്യ തമുവാച ഹ. 31
''അഹോ, രാജൻ, നിരുദ്ധാസ്തേ കാലേന ഹൃദി യേ കൃതാഃ
തത്പുത്രപൗത്രനപ്തൄണാം ഗോത്രാണി ച ന ശൃണ്മഹേ. 32
കാലോഽഭിയാതസ്ത്രിണവചതുര്യുഗവികല്പിതഃ
തദ്ഗച്ഛ ദേവദേവാംശോ ബലദേവോ മഹാബലഃ
കന്യാരത്നമിദം, രാജൻ, നരരത്നായ ദേഹി ഭോഃ. 33
ഭുവോ ഭാരാവതാരായ ഭഗവാൻ ഭൂതഭാവനഃ
അവതീർണ്ണോ നിജാംശേന പുണ്യശ്രവണകീർത്തനഃ''. 34
ഇത്യാദിഷ്ടോഽഭിവന്ദ്യാജം നൃപഃ സ്വപുരമാഗതഃ
ത്യക്തം പുണ്യജനത്രാസാദ്ഭ്രാതൃഭിർദ്ദിക്ഷ്വവസ്ഥിതൈഃ. 35
സുതാം ദത്ത്വാനവദ്യാംഗീം ബലായ ബലശാലിനേ
ബദര്യാഖ്യം ഗതോ രാജാ തപ്തും നാരായണാശ്രമം. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

ശ്രീശുക ഉവാച
നാഭാഗോ നഭഗാപത്യം യം തതം ഭ്രാതരഃ കവിം
യവിഷ്ഠം വ്യഭജൻ ദായം ബ്രഹ്മചാരിണമാഗതം. 1
''ഭ്രാതരോഽഭാങ്ക്ത കിം മഹ്യം'' ''ഭജാമ പിതരം തവ.''
''ത്വാം മമാര്യാസ്തതാഭാങ്ക്ഷുർമ്മാ പുത്രക തദാദൃഥാഃ'' 2
ഇമേ അംഗിരസഃ സത്രമാസതേഽദ്യ സുമേധസഃ
ഷഷ്ഠം ഷഷ്ഠമുപേത്യാഹഃ കവേ മുഹ്യന്തി കർമ്മണി. 3
താംസ്ത്വം ശംസയ സൂക്തേ ദ്വേ വൈശ്വദേവേ മഹാത്മനഃ
തേ സ്വര്യന്തോ ധനം സത്രപരിശേഷിതമാത്മനഃ. 4
ദാസ്യന്തി തേഽഥ താൻ ഗച്ഛ''തഥാ സ കൃതവാൻ യഥാ
തസ്മൈ ദത്ത്വാ യയുഃ സ്വർഗ്ഗം തേ സത്രപരിശേഷിതം. 5
തം കശ്ചിത് സ്വീകരിഷ്യന്തം പുരുഷഃ കൃഷ്ണദർശനഃ
ഉവാചോത്തരതോഽഭ്യേത്യ ''മമേദം വാസ്തുകം വസു.'' 6
''മമേദമൃഷിഭിർദ്ദത്ത''മിതി ''തർഹി സ്മ മാനവ,
സ്യാന്നൗ തേ പിതരി പ്രശ്നഃ'' പൃഷ്ടവാൻ പിതരം തഥാ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേമനാം ശര്യാതിയെക്കൊണ്ടനന്തരം
സോമയാഗം ച്യവനൻ നടത്തിച്ചിതു.
സോമരസത്തെയനർഹരാമശ്വികരം-
ക്കാമുനിയർപ്പിച്ചു തൻ തപശ്ശക്തിയാൽ. 24
ഉത്കടക്രോധവശനായക്ഷണം
ശക്രൻ ച്യവനമുനിയെ വധിക്കുവാൻ
കൈയിലെടുത്തിതു വജ്രം, കരമതു
കൈയോടെ ഭാർഗ്ഗവൻ സ്തബ്ധമാക്കീടിനാൻ. 25
മുന്നേ ഭിഷഗ്വൃത്തിയാലെ സോമാഹുതി-
തന്നിൽനിന്നും ഭ്രഷ്ടരാമശ്വികൾക്കതു്
അപ്പിച്ചതു തടഞ്ഞീടാനമർത്ത്യക്ക
ളെല്ലെഴാതായ് നടപ്പായിതന്നാൾമുതൽ. 26
മൂന്നു പുത്രന്മാരുളവായി ശര്യാതി-
മന്നനുത്താനബർഹിസ്സുമാനർത്തനും
ഭൂരിഷേണൻതാനു,മെന്നതിലാനർത്ത-
ഭൂരമണൻെറ തനൂജനാം രേവതൻ
വാരിധിക്കുള്ളിൽ കുശസ്ഥലിയെന്നൊരു
ചാരുപുരം തീർത്തതിൽ വസിച്ചങ്ങനെ
ആനർത്തമാദിദേശങ്ങൾക്കധീശനായ്
നാനാവിഭൂതികളാർന്നു സുഖിച്ചിതു. 27-28
ഉത്തമരായ് കകുദ്മ്യാദ്യരാകും നൂറു-
പുത്രരാ രേവതഭൂപനുണ്ടായിതു.
പുത്രിയാം രേവതിയോടുമൊത്തദ്ധരാ-
ഭൃത്തുതൽക്കാന്തനാരെന്നു ചിന്തിക്കുവാൻ
സത്യലോകത്തു തടസ്സമറെറത്തവേ
നൃത്തഗീതാദിരസലീനനായജൻ
ഗന്ധർവ്വവൃന്ദാവൃതനായിരിക്കയാൽ
സന്ധിക്കുവാൻ ചെററിട കാത്തുനിന്നഥ
നൃത്തഗാനങ്ങളെല്ലാം നിലച്ചീടവേ-
യാദ്യനാം ബ്രഹ്മാവിനെയന്നരേശ്വരൻ. 29-30
ആനമിച്ചിച്ഛയറിയിച്ചിതു ചതു-
രാനനൻ കേട്ടു ചിരിച്ചരുളീടിനാൻ:
''ആരെയെല്ലാം ഭവാനുന്നിതങ്ങവ-
രാരുമില്ലേവരും കാലവശത്തിലായ്.
തത്പുത്രപൗത്രനപ്താക്കൾതൻ വംശവു-
മിപ്പോൾ ശ്രവിക്കാനുമില്ല, കാലാഹൃതം. 32
ഇപ്പോളിരുപത്തിമൂന്നു ചതുര്യുഗം
പൊയ്പ്പോകയാൽ ഭവാൻ പോവുക ഭൂമിയിൽ.
ദേവദേവാംശമായ് ശക്തനാകും ബല-
ദേവനവതരിച്ചിട്ടുണ്ടു ഭൂമിയിൽ.
അന്നരരത്നത്തിനായിക്കൊടുക്കുക
മന്നവാ! കന്യകാരത്നത്തിനെബ്ഭവാൻ. 33
ഭൂവിൻഭരം ഹരിച്ചീടുവാനായ് ഭൂത-
ഭാവനൻ സ്വാംശത്തൊടും ജനിച്ചാൻ ഹരി.''
34
ഈവിധം ബ്രഹ്മാജ്ഞ കേട്ടു നമിച്ചുടൻ
ഭൂവരൻതാനും തിരിച്ചുപോന്നീടിനാൻ.

ഭ്രാതാക്കളെപ്പുരിസന്ത്യജിച്ചാസുര-
ഭീതിയാലെങ്ങോ ഗമിച്ചിതന്നു തദാ. 35
സർവാങ്ഗസുന്ദരിയാം നിജപുത്രിയെ-
യുർവീശ്വരൻ പിന്നതിബലശാലിയാം
വീരൻ ബലദേവനേകിബ്ബദര്യാഖ്യ-
നാരായണാശ്രമംപൂകി തപസ്സിനായ്. 36

അദ്ധ്യായം 4

കവിചരിതം

ശ്രീശുകൻ പറഞ്ഞു
മനാത്മജനാം നഭഗഭൂഭൃത്തുതൻ-
നന്ദനന്മാരിൽക്കനിഷ്ഠനാകും കവി
ബ്രഹ്മചര്യാശ്രമിയാകയാൽ സോദരർ-
തമ്മിൽധരയെത്തദംശമേകീടാതെ
ഭാഗിച്ചെടുത്താർ, കവി,യാശ്രമം വെടി-
ഞ്ഞാഗതനായ് നിജഭാഗമേതെന്നുടൻ
ഭ്രാതാക്കളോടു ചോദിച്ചുവായവർ
താതനത്രേ നിൻെറ പങ്കെന്നു ചൊല്ലിനാർ.
പിന്നെപ്പിതാവോടതു ചെന്നു ചൊല്ലവേ
നിന്നെയവർ കളിയാക്കിയതെന്നിയേ
ഒന്നുമില്ലെന്നു സമാശ്വസിപ്പിച്ചഥ
ചൊന്നാൻ ജനകനപ്പുത്രനോടീവിധം. 1-2
''ഇപ്പൊഴതങ്ഗിരോവംശജരായിട്ടു
വിപ്രർ നടത്തുന്നതുണ്ടങ്ങൊരദ്ധ്വരം.
ഹേ കവേ! നീയറിയുന്നു നേരേ സമ-
സ്താഗമം, ബുദ്ധിമാന്മാരാകിലുമവർ
ആറാറുനാൾക്കുടിടുമ്പൊഴ് വേണ്ടുംക്രിയ
നേരേയറിയാതുഴലുന്നു നന്ദനാ! 3
അഭ്യസിപ്പിക്ക മഹാത്മാക്കളാകുമാ-
വിപ്രരേ രണ്ടു വിശ്വേദേവസൂക്തികൾ.
യാഗശിഷ്ടം ധനമാകെയവർ വിണ്ണു-
പൂകിടുമ്പോൾ നിനക്കേകിടും നിർണ്ണയം. 4
ആകയാലസ്ഥലത്തേക്കുതാൻ നീയുടൻ
പോകെ''ന്നു താതൻെറ ചൊല്ലു കേട്ടക്കവി
ചെൽകയും സത്രം കഴിഞ്ഞു ധനമേകി
നാകത്തിലേക്കവർ പോകയുംചെയ്തിതു. 5
വിത്തമതംഗീകരിച്ചോരവനൊടാ-
യുത്തരദിക്കിൽനിന്നെത്തിക്കറുത്തൊരാൾ
'അദ്ധ്വരശിഷ്ടം ധനമെനിക്കുള്ള'തെ-
ന്നത്തവറ്ച്ചകാശവാദംതുടങ്ങിനാൻ. 6
''അല്ലല്ലൃഷികളെനിക്കിതു തന്നു, താൻ
കള്ളംപറകയാ''ണെന്നായുടൻ കവി.
''എങ്കിൽ നമുക്കു നിൻ താതനോടോതിയി-
ശ്ശങ്ക തീർക്കാ,''മെന്നു ചൊന്നിതാ വന്നവൻ.
അപ്രകാരം സമ്മതിച്ചുടനേ കവി
തൽപിതാവോടിക്കഥ ചെന്നു ചൊല്ലിനാൻ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''യജ്ഞവാസ്തുഗതം സർവ്വമുച്ഛിഷ്ടമൃഷയഃ ക്വചിത്
ചക്രുർഹി ഭാഗം രുദ്രായ സ ദേവഃ സർവ്വമർഹതി.'' 8
നാഭാഗസ്തം പ്രണമ്യാഹ, ''തവേശ കില വാസ്തുകം
ഇത്യാഹ മേ പിതാ ബ്രഹ്മൻ ശിരസാ ത്വാം പ്രസാദയേ.'' 9
''യത് തേ പിതാവദദ്ധർമ്മം ത്വം ച സത്യം പ്രഭാഷസേ
ദദാമി തേ മന്ത്രദൃശേ ജ്ഞാനം ബ്രഹ്മ സനാതനം. 10
ഗൃഹാണ ദ്രവിണം ദത്തം മത്സത്രേ പരിശേഷിതം''
ഇത്യുക്ത്വാന്തർഹിതോ രുദ്രോ ഭഗവാൻ സത്യവത്സലഃ. 11
യ ഏതത് സംസ്മരേത് പ്രാതഃ സായം ച സുസമാഹിതഃ
കവിർഭവതി മന്ത്രജ്ഞോ ഗതിം ചൈവ തഥാഽഽത്മനഃ. 12
നാഭാഗാദംബരീഷോഽഭൂന്മഹാഭാഗവതഃ കൃതീ
നാസ്പൃശദ്ബ്രഹ്മശാപോഽപി യം ന പ്രതിഹതഃ
ക്വചിത്. 13

രാജോവാച

ഭഗവൻ, ശ്രോതുമിച്ഛാമി രാജർഷേസ്തസ്യ ധീമതഃ
ന പ്രാഭൂദ്യത്ര നിർമ്മുക്തോ ബ്രഹ്മദണ്ഡോ ദുരത്യയഃ. 14

ശ്രീശുക ഉവാച

അംബരീഷോ മഹാഭാഗഃ സപ്തദ്വീപവതീം മഹീം
അവ്യയാം ച ശ്രിയം ലബ്ധ്വാ വിഭവം ചാതുലം ഭുവി. 15
മേനേഽതിദുർല്ലഭം പുംസാം സർവ്വം തത് സ്വപ്നസംസ്തുതം
വിദ്വാൻ വിഭവനിർവ്വാണം തമോ വിശതി യത് പുമാൻ. 16
വാസുദേവേ ഭഗവതി തദ്ഭക്തേഷു ച സാധുഷു
പ്രാപ്തോ ഭാവം പരം വിശ്വം യേനേദം ലോഷ്ടവത് സ്മൃതം. 17

സ വൈ മനഃ കൃഷ്ണപദാരവിന്ദയോർ-
വചാംസി വൈകുണ്ഠഗുണാനുവർണ്ണനേ
കരൗ ഹരേർമന്ദിരമാർജ്ജനാദിഷു
ശ്രുതിം ചകാരാച്യുതസത്കഥോദയേ. 18
മുകുന്ദലിംഗാലയദർശനേ ദൃശൗ
തദ്ഭൃത്യഗാത്രസ്പർശേഽംഗസംഗമം
ഘ്രാണം ച തത്പാദസരോജസൗരഭേ
ശ്രീമത്തുളസ്യാ രസനാം തദർപ്പിതേ. 19
പാദൗ ഹരേഃ ക്ഷേത്രപദാനുസർപ്പണേ
ശിരോ ഹൃഷീകേശപദാഭിവന്ദനേ
കാമം ച ദാസ്യേ ന തു കാമകാമ്യയാ
യഥോത്തമശ്ലോകജനാശ്രയാ രതിഃ. 20
ഏവം സദാ കർമ്മകലാപമാത്മനഃ
പരേഽധിയജ്ഞേ ഭഗവത്യധോക്ഷജേ
സർവ്വാത്മഭാവം വിദധന്മഹീമിമാം
തന്നിഷ്ഠവിപ്രാഭിഹിതഃ ശശാസ ഹ. 21
ഈജേഽശ്വമേധൈരധിയജ്ഞമീശ്വരം
മഹാവിഭൂത്യോപചിതാംഗദക്ഷിണൈഃ
തതൈർവസിഷ്ഠാസിതഗൗതമാദിഭി-
ർധന്വന്യഭിസ്രോതമസൗ സരസ്വതീം. 22

യസ്യ ക്രതുഷു ഗീർവ്വാണൈഃ സദസ്യാ ഋത്വിജോ ജനാഃ
തുല്യരൂപാശ്ചാനിമിഷാ വ്യദൃശ്യന്ത സുവാസസഃ. 23
സ്വർഗ്ഗോ ന പ്രാർത്ഥിതോ യസ്യ മനുജൈരമരപ്രിയഃ
ശൃണ്വദ്ഭിരുപഗായദ്ഭിരുത്തമശ്ലോകചേഷ്ടിതം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അദ്ധ്വരശിഷ്ടം ധനത്തിനശേഷവും
രുദ്രനത്രേയവകാശിയെന്നായ് പുരാ
ദക്ഷാദ്ധ്വരത്തിലൃഷികളെല്ലാമേക-
പക്ഷമായ് നിശ്ചയി''ച്ചെന്നച്ഛനോതിനാൻ. 8
എന്നതു കേട്ടു നാഭാഗനാ രുദ്രനെ-
ച്ചെന്നു നമസ്കരിച്ചോതിനാനീവിധം:
''അദ്ധ്വരഭൂമിയിൽ ശേഷിച്ചിട്ടുന്നതാം
വിത്തമങ്ങേയ്ക്കുള്ളതെന്നുതാനച്ഛനും
ചൊന്നാനതാൻ ഞാനെന്നതിനങ്ങയെ-
യിന്നു മോദിപ്പിച്ചിടുന്നു നമസ്സിനാൽ.'' 9
എന്നോതി വീണ്ടും നമിച്ചതുമൂലമായ്
നന്നായ് പ്രസാദിച്ചു രുദ്രൻ കഥിച്ചിതു.
''ധർമ്മമോതീ നിൻ പിതാവു, സത്യംതന്നെ
നിർമ്മലനായ നീയും പറഞ്ഞെന്നതിൽ
ചിത്തംതെളിഞ്ഞു സനാതനമായിടും
തത്ത്വം നിനക്കു ദാനംചെയ്യിടുന്നു ഞാൻ. 10
തന്നിരിക്കുന്ന മൽസത്രശിഷ്ടം ധന-
മൊന്നായതു നീയെടുത്തുകൊള്ളുക വേ!''
ഇത്ഥമോതിസ്സത്യവത്സലനായിടും
രുദ്രൻഭഗവാനവിടെ മറഞ്ഞിതു. 11
ഇക്കഥയാരന്തിനേരമുഷസ്സിലു-
മുത്കടശ്രദ്ധയോടും സ്മരിക്കുന്നുവോ
മന്ത്രജ്ഞനും മഹാവിദ്വാനുമായവ-
നന്ത്യം പരമപദവുമണഞ്ഞിടും. 12
നാഭാഗനന്ദനനത്രേ സുധീന്ദ്രനാം
ശ്രീപതിഭക്താഗ്ര്യനംബരീഷൻ നൃപൻ.
അപ്രതിരോധ്യമാം ബ്രാഹ്മണശാപവു-
മല്പവുമേററതില്ലമ്മഹാമർത്ത്യനിൽ. 13

രാജാവു പറഞ്ഞു

ആക്കർമവാര്യമാം ഭൂസുരശാപത്തെ-
യേല്ലാത്തമട്ടിൽ പ്രഭാവമിയന്നിടും
ബുദ്ധിമാനാമന്നരവരൻതൻ കഥ
വിസ്തരിച്ചെന്നോടു ചൊല്ലുക മാമുനേ! 14

അംബരീഷചരിതം

ശ്രീശുകൻ പറഞ്ഞു

ഭാഗവതാഗ്ര്യനായ് ദ്വീപങ്ങളേഴിനു-
മേകാധിപനാകുമംബരീഷൻ നൃപൻ
അവ്യയമായീടുമൈശ്വര്യവും തഥാ
ഭൂവിലിയലും വിഭവം സമസ്തവും,
സാധാരണപുരുഷന്മാരിലാക്കുമേ-
യേതും പരം ദുർല്ലഭമെന്നിരിക്കിലും,
ലബ്ധമായൈശ്വര്യനിർവാണവും കണ്ടു
സ്വപ്നസമാനമവയെ നിരൂപിച്ചു
മർത്ത്യനെയൈശ്വര്യമത്രേ നരകത്തി-
ലാഴ്ത്തുന്നതെന്നുറച്ചുണ്ടു വാണീടിനാൻ. 15-16
നശ്വരമത്രേ വിഷയസുഖമെന്നു
നിശ്ചയിച്ചാ വാസുദേവനിലും തഥാ
തദ്ഭക്തരാകിയ സാധുജനത്തിലും
നിർഭരപ്രേമമിയന്നു സമസ്തവും
ലോഷ്ടസദൃശം സ്മരിച്ചു യാതൊന്നിലും
പററലില്ലാതിരുന്നീടിനാനമ്മഹാൻ. 17
ശ്രീകൃഷ്ണപാദാരവിന്ദങ്ങളിലവ-
നേകാഗ്രമാക്കിയുറപ്പിച്ചു മാനസം.
തദ്ഗുണവിക്രമവർണ്ണനത്തിന്നു താൻ
വാക്കുകളും, ഹരിക്ഷേത്രങ്ങൾ നിത്യവും
ശുദ്ധമാക്കാനായ്ക്കരങ്ങളും, തത്കഥ
ശ്രദ്ധിച്ചുകേൾക്കാൻ ചെവിയുമർപ്പിച്ചിതേ. 18
മുക്തിദനാമബ്ഭഗവാന്റെ ഗേഹവും
വിഗ്രഹവും കാണ്മതിന്നു നേത്രങ്ങളും,
തദ്ഭക്തസംസ്പർശനത്തിനായ് ദേഹവു-
മെപ്പോഴുമർപ്പിച്ചിരുന്നു മഹാശയൻ.
ചാരുതുളസീമണമെഴും തത്പദ-
താരിൻ പരിമളമാളുവാൻ നാസയെ,
ആ വിഭുവിൻ നിവേദ്യത്തെ സ്വാദിക്കുവാൻ
നാവിനേയും നിയോഗിച്ചിരുന്നാനവൻ. 19
ശ്രീഹരിക്ഷേത്രപദങ്ങളിലെപ്പൊഴു-
മാസ്ഥാദപൂർവം ചരിപ്പാൻ പദങ്ങളെ,
തത്പാദപങ്കജദ്വന്ദ്വം നമിക്കുവാൻ
കല്പിച്ചിരുന്നു തന്നുത്തമാംഗത്തെയും.
കാമാശയാലല്പിതാ രമാജാനിയിൽ
പ്രേമവായ്പാലാണനുഷ്ഠിച്ചതാ മഹാൻ. 20
ഇമ്മട്ടവനിന്ദ്രിയങ്ങൾക്കതീതനായ്
കർമ്മഫലപ്രദനായ വൈകുണ്ഠനിൽ
കർമ്മങ്ങളെല്ലാം സമർപ്പിച്ചു ദേശിക-
ബ്രാഹ്മണവാക്കാദരിച്ചു കാത്താൻ മഹി. 21
ഐശ്വര്യവൃദ്ധിയാൽ വമ്പിച്ചതോതിലാ-
യശ്വമേധങ്ങളനേകമിബ്ഭൂപതി,
അംഗങ്ങൾ ദക്ഷിണയെന്നിവയേററിവ-
ച്ചങ്ങസ്സരസ്വതീവാഹിനിതന്നുടെ
ചാരത്തതിനെതിരായ്ക്കിടക്കും മണ-
ലാരണ്യഭൂമിയിൽവച്ചു സവിസ്തരം
പേർത്തും വസിഷ്ഠാസിതഗൗതമാദ്യരെ-
ച്ചേർത്തു നടത്തിയർച്ചിച്ചു യജ്ഞേശനെ. 22
ആ മഹായാഗങ്ങളിലെസ്സദസ്യരും
സീമാധികാഗതരൃത്വിഗ്ദ്വിജൗഘവും
ശുദ്ധവസ്ത്രാലംകൃതരായനിമേഷ-
നേത്രരായ് ശോഭിച്ചു വിണ്ണവരെന്നപോൽ. 23
ഉത്തമശ്ലോകചരിതം നിരന്തരം
കീർത്തനംചെയ്തും ശ്രവിച്ചും വസിച്ചിടും
അന്നൃപകിങ്കരർപോലുമർത്ഥിച്ചീല
വിണ്ണവർക്കിഷ്ടമാം സ്വർഗ്ഗത്തെയേതുമേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമർദ്ധയന്തി താൻ കാമാഃ സ്വാരാജ്യപരിഭാവിതാഃ
ദുർല്ലഭാ നാപി സിദ്ധാനാം മുകുന്ദം ഹൃദി പശ്യതഃ 25
സ ഇത്ഥം ഭക്തിയോഗേന തപോയുക്തേന പാർത്ഥിവഃ
സ്വധർമ്മേണ ഹരിം പ്രീണൻ സങ്ഗാൻ സർവ്വാഞ്ഛനൈ-
ർജ്ജഹൗ. 26

ഗൃഹേഷു ദാരേഷു സുതേഷു ബന്ധുഷു
ദ്വിപോത്തമസ്യന്ദനവാജിപത്തിഷു
അക്ഷയ്യരത്നാഭരണായുധാദി-
ഷ്വനന്തകോശേഷ്വകരോദസന്മതിം. 27

തസ്മാ അദാദ്ധരിശ്ചക്രം പ്രത്യനീകഭയാവഹം
ഏകാന്തഭക്തിഭാവേന പ്രീതോ ഭൃത്യാഭിരക്ഷണം. 28
ആരിരാധയിഷുഃ കൃഷ്ണം മഹിഷ്യാ തുല്യശീലയാ
യുക്തഃ സാംവത്സരം വീരോ ദധാര ദ്വാദശീവ്രതം. 29
വ്രതാന്തേ കാർത്തികേ മാസി ത്രിരാത്രം സമുപോഷിതഃ
സ്നാതഃ കദാചിത് കാളിന്ദ്യാം ഹരിം മധുവനേഽർച്ചയത്. 30
മഹാഭിഷേകവിധിനാ സർവ്വോപസ്കരസമ്പദാ
അഭിഷിച്യാംബരാകല്പൈർഗന്ധമാല്യാർഹണാദിഭിഃ: 31
തദ്ഗതാന്തരഭാവേന പൂജയാമാസ കേശവം
ബ്രാഹ്മണാംശ്ച മഹാഭാഗാൻ സിദ്ധാർത്ഥാനപി ഭക്തിതഃ. 32
ഗവാം രുക്മവിഷാണീനാം രൂപ്യാങ്ഘ്രീണാം സുവാസസാം
പയഃശീലവയോരൂപവത്സോപസ്കരസമ്പദാം. 33
പ്രാഹിണോത് സാധുവിപ്രേഭ്യോ ഗൃഹേഷു ന്യർബ്ബുദാനി ഷട്
ഭോജയിത്വാ ദ്വിജാനഗ്രേ സ്വാദ്വന്നം ഗുണവത്തമം. 34
ലബ്ധകാമൈരനുജ്ഞാതഃ പാരണായോപചക്രമേ
തസ്യ തർഹ്യതിഥിഃ സാക്ഷാദ്ദുർവ്വാസാ ഭഗവാനഭൂത്. 35
തമാനർച്ചാതിഥിം ഭൂപഃ പ്രത്യുത്ഥാനാസനാർഹണൈഃ
യയാചേഽഭ്യവഹാരായ പാദമൂലമുപാഗതഃ. 36
പ്രതിനന്ദ്യ സ തദ്യാച്ഞാം കർത്തുമാവശ്യകം ഗതഃ
നിമമജ്ജ ബൃഹദ്ധ്യായൻ കാളിന്ദീസലിലേ ശുഭേ. 37
മുഹൂർത്താർദ്ധാവശിഷ്ടായാം ദ്വാദശ്യാം പാരണംപ്രതി
ചിന്തയാമാസ ധർമ്മജ്ഞോ ദ്വിജൈസ്തദ്ധർമ്മസങ്കടേ. 38
''ബ്രാഹ്മണാതിക്രമോ ദോഷോ ദ്വാദശ്യാം യദപാരണേ
യത് കൃത്വാ സാധു മേ ഭൂയാദധർമ്മോ വാ ന മാം
സ്പൃശേത്. 39

അംഭസാ കേവലേനാഥ കരിഷ്യേ വ്രതപാരണം
പ്രാഹുരബ്ഭക്ഷണം വിപ്രാ ഹ്യശിതം നാശിതം ച തത്.'' 40
ഇത്യപഃ പ്രാശ്യ രാജർഷിശ്ചിന്തയൻ മനസാച്യുതം
പ്രത്യാചഷ്ട കുരുശ്രേഷ്ഠ! ദ്വിജാഗമനമേവ സഃ. 41
ദുർവ്വാസാ യമുനാകൂലാത് കൃതാവശ്യക ആഗതഃ
രാജ്ഞാഭിനന്ദിതസ്തസ്യ ബുബുധേ ചേഷ്ടിതം ധിയാ. 42
മന്യുനാ പ്രചലദ്ഗാത്രോ ഭ്രുകുടീകുടിലാനനഃ
ബുഭുക്ഷിതശ്ച സുതരാം കൃതാഞ്ജലിമഭാഷത. 43
''അഹോ അസ്യ നൃശംസസ്യ ശ്രിയോന്മത്തസ്യ പശ്യത
ധർമ്മവ്യതിക്രമം വിഷ്ണോരഭക്തസ്യേശമാനിനഃ. 44
യോ മാമതിഥിമായാതമാതിഥ്യേന നിമന്ത്ര്യ ച
അദത്ത്വാ ഭുക്തവാംസ്തസ്യ സദ്യസ്തേ ദർശയേ ഫലം.'' 45
ഏവം ബ്രുവാണ ഉത്കൃത്യ ജടാം രോഷവിദീപിതഃ
തയാ സ നിർമ്മമേ തസ്മൈ കൃത്യാം കാലാനലോപമാം. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിദ്ധക്കമെത്താത്തതായ് സ്വരൂപാനന്ദ-
സിദ്ധിയാൽ തുച്ഛീകൃതം കാമസഞ്ചയം
ചിത്തത്തിലെന്നും മുകുന്ദനെക്കണ്ടിട്ടും
സത്തുക്കളെത്തുഷ്ടരാക്കിടാ നിർണ്ണയം. 25
ഇമ്മട്ടിലംബരീഷൻ തപോയുക്തമാം
ധർമ്മവും നിർമ്മലഭക്തിയുംകൊണ്ടുടൻ
സന്തുഷ്ടനാക്കിനാൻ ശ്രീഹരിയെസ്സമ-
സ്തേന്ദ്രിയൗഘത്തെജ്ജയിക്കയും ചെയ്തിതേ. 26
ഭാര്യാസുതഗേഹബന്ധുക്കൾ സേനകൾ
വാരണാശ്വങ്ങൾ രഥങ്ങൾ കാലാൾപ്പട
അക്ഷയരത്നാഭരണായുധങ്ങളും
ലക്ഷക്കണക്കിനിയലും ധനങ്ങളും
പൂർണ്ണമായീടും സ്വഭണ്ഡാരപൂരവു-
മൊന്നുമേ കാര്യമായെണ്ണിയതില്ലവൻ. 27
ഏകാന്തഭക്തിഭാവത്താൽ പ്രസന്നനാം
ശ്രീകാന്തനാത്മഭൃത്യാവനലോലവും
ശത്രുസംഹാരചണവുമാം ചക്രമ-
തദ്ധരാധീശനു ദാനമായേകിനാൻ. 28
തുല്യസ്വഭാവയാം പത്നിയോടുംകൂടി
മല്ലാരിസേവനമിച്ഛിച്ചു വീരനാം
അംബരീഷൻനൃപൻ ദ്വാദശിയാംവ്രതം
ചെമ്മേയനുഷ്ഠിച്ചിതങ്ങൊരു വത്സരം. 29
എന്നും ദശമിതൊട്ടുള്ളനാൾ മൂന്നിലും
മന്നൻ നിശയിലുപവസിച്ചന്ത്യമായ്
കാർത്തികമാസമേകാദശിക്കീ വ്രത-
പൂർത്തിക്കു കാളിന്ദിതൻ നിർമ്മലാംബുവിൽ
സ്നാനംകഴിച്ചു മധുവനത്തിൽക്കട-
ന്നാനന്ദമൂർത്തിയെയർച്ചനംചെയ്തിതു. 30
ചന്ദനപുഷ്പാദ്യുപഹാരപൂർവ്വകം
നന്നായ് മുറയ്ക്കഭിഷേകംകഴിച്ചഥ
വിഗ്രഹത്തിൽ ശുഭ്രവസ്ത്രങ്ങൾ ചാർത്തിയി-
ട്ടർഘ്യപാദ്യാചമനീയധൂപാദിയാൽ
അർച്ചിച്ചു മാനസമച്യുതദേവനിൽ
നിശ്ചലമായുറപ്പിച്ചു പൂജിച്ചിതു,
ഭാഗ്യവാന്മാരായ് സമസ്താർത്ഥസിദ്ധിയാ-
ലാഗ്രഹമറ്റുള്ള ഭൂസുരന്മാരെയും. 31–32
പൊന്നിനാൽ കൊമ്പുകളും രജതത്തിനാൽ
നന്നായ്ക്കുളമ്പുകളും പൊതിഞ്ഞുള്ളതായ്
ചേലാർന്നവസ്ത്രം ധരിച്ചതായ് ശീലവും
പാലും വയസ്സുമഴകും സുവത്സരും
മറ്റുമുപകരണങ്ങളും ഭംഗിയി-
ലൊത്തോരറുപതുകോടിപ്പശുക്കളെ
സാധുക്കളായ് ഗൃഹാവാസികളായിട്ടും
ഭൂദേവവൃന്ദത്തിനേകി,ഗ്ഗുണമെഴും
അന്നവും നല്കിപ്പരിതൃപ്തരാമവർ-
തന്നനുവാദവും വാങ്ങി വേണ്ടുംവിധം
മന്നവൻ പാരണയ്ക്കായിത്തുടങ്ങവേ
വന്നാനതിഥിയായ് ദുർവ്വാസസാംമുനി. 33–35
വേഗമെഴുന്നേറ്റെതിരേറ്റു നൽപീഠ-
മേകിയർച്ചിച്ചുടനർഘ്യപാദ്യാദിയാൽ
''സ്വീകരിച്ചാലുമെൻ ഭിക്ഷ ഭവാ''നെന്നു
ഭൂകാന്തനാദരപൂർവ്വമർത്ഥിച്ചിതേ. 36
നന്ദിച്ചു രാജാർത്ഥനം സ്വീകരിച്ചു മാ-
ദ്ധ്യാഹ്നികത്തിന്നു മഹർഷി കാളിന്ദിയിൽ
ചെന്നു പരബ്രഹ്മവസ്തുവെദ്ധ്യാനിച്ചു
നന്നായ് മുഴുകിക്കിടന്നീടിനാനതിൽ. 37
ദ്വാദശി പിന്നീടൊരുനാഴികമാത്ര-
മാ ദിനത്തിൽ ശിഷ്ടമായീടുവോളവും
കാത്തിരുന്നിട്ടും മുനീന്ദ്രൻ വരായ്കയാ-
ലാർത്തനായ് ധർമ്മജ്ഞനാകുമമ്മന്നവൻ
ധർമ്മാകുലിതനായ് പാരണയെക്കുറി-
ച്ചമ്മേദിനീസുരരോടു ചോദിച്ചിതു. 38
''ആരണനാകുമതിഥിയെയൂട്ടാതെ
പാരണചെയ്‌വതോ, ദ്വാദശിയിൽത്തന്നെ
പാരണചെയ്യാത്തതോ ധർമ്മമേ,തിതി-
ലാരണരേ! ദോഷമെന്നിലേശീടൊലാ.'' 39
വിപ്രരുമായ് വിചാരിച്ചുള്ളനീർ കുടി-
ച്ചബ്ഭൂമിപൻ വ്രതപാരണചെയ്യുവാൻ
നിശ്ചയിച്ചാ,നശനം പിന്നനശന-
മിച്ചൊന്ന രണ്ടിലുമംബുപാനംപെടും. 40
ഭൂനാഥനേവമുറച്ചു നാരായണ-
ധ്യാനത്തൊടും ജലപാനത്തിനാൽ വ്രതം
പൂരണംചെയ്തു മുന്യാഗമനം കാത്തു
സൈ്വരമില്ലാതെ വസിച്ചാൻ കുരൂദ്വഹാ! 41
സ്നാനവും മാദ്ധ്യാഹ്നികാദിയും സാധിച്ചു
ഭാനുതനയാതടത്തിൽനിന്നും മുനി
വന്നു, നൃപൻ സൽക്കരിച്ചു, യോഗത്തിനാൽ
മന്നവചേഷ്ടിതമെല്ലാമറിഞ്ഞിതേ. 42
ക്ഷുത്തിനാലാർത്തനായ്ക്കോപത്തിനാൽ
ചലദ്-
ഗാത്രനായ് ഭ്രുകുടീവക്ത്രാസ്യനായ് മുനി
തന്നരികത്തു തൊഴുതുനിന്നീടുമാ
മന്നനെ നോക്കിയീമട്ടിൽക്കഥിച്ചിതു: 43
''എന്തൊരന്യായ! മിതീശാഭിമാനിയാ-
യന്തമറ്റുള്ള വിഭൂതിയാൽ മത്തനായ്
ചെമ്മേ ഹരിഭക്തിയറ്റൊരി ക്രൂരന്റെ
ധർമ്മവ്യതിക്രമം കാണ്മിൻ ജനങ്ങളേ! 44
വീട്ടിലതിഥിയായ് വന്നൊരെന്നെ ക്ഷണി-
ച്ചൂട്ടാതെയൈശ്വര്യമത്തു മുഴക്കയാൽ
താനേ ഭുജിച്ചവമാനിച്ച നിന്നെ ഞാൻ
കാണിച്ചുതന്നിടാമിക്ഷണം തത്ഫലം.'' 45
ഈവിധം ചൊല്ലി ക്രുദ്ധോജ്ജ്വലനേത്രനായ്
ഭൂവിൽജ്ജടവലിച്ചൊന്നടിച്ചമ്മുനി
കാലാഗ്നിതുല്യയാം കൃത്യയെയമ്മഹീ-
പാലഹനനത്തിനായ് ജനിപ്പിച്ചിതേ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താമാപതന്തീം ജ്വലതീമസിഹസ്താം പദാ ഭുവം
വേപയന്തീം സമുദ്വീക്ഷ്യ ന ചചാല പദാന്നൃപഃ. 47
പ്രാഗ്ദിഷ്ടം ഭൃത്യരക്ഷായാം പുരുഷേണ മഹാത്മനാ
ദദാഹ കൃത്യാം താം ചക്രം ക്രുദ്ധാഹിമിവ പാവകഃ. 48
തദഭിദ്രവദുദ്വീക്ഷ്യ സ്വപ്രയാസം ച നിഷ്ഫലം
ദുർവ്വാസാ ദുദ്രുവേ ഭീതോ ദിക്ഷു പ്രാണപരീപ്സയാ. 49

തമന്വധാവദ് ഭഗവദ്രഥാംഗം
ദാവാഗ്നിരുദ്ധൂതശിഖോ യഥാഹിം
തഥാനുഷക്തം മുനിരീക്ഷമാണോ
ഗുഹാം വിവിക്ഷുഃ പ്രസസാര മേരോഃ. 50
ദിശോ നഭഃ ക്ഷ്മാം വിവരാൻ സമുദ്രാം-
ല്ലോകാൻ സപാലാംസ്ത്രിദിവം ഗതഃ സഃ
യതോ യതോ ധാവതി തത്ര തത്ര
സുദർശനം ദുഷ്പ്രസഹം ദദർശ. 51
അലബ്ധനാഥഃ സ യദാ കുതശ്ചിത്
സംത്രസ്തചിത്തോഽരണമേഷമാണഃ
ദേവം വിരിഞ്ചം സമഗാ, ''വിധാത-
സ്ത്രാഹ്യാത്മയോനേഽജിതതേജസോ മാം.'' 52

ബ്രഹ്മോവാച

സ്ഥാനം മദീയം സഹവിശ്വമേതത്
ക്രീഡാവസാനേ ദ്വിപരാർദ്ധസംജ്ഞേ
ഭ്രൂഭംഗമാത്രേണ ഹി സംദിധക്ഷോഃ
കാലാത്മനോ യസ്യ തിരോഭവിഷ്യതി. 53
അഹം ഭവോ ദക്ഷഭൃഗുപ്രധാനാഃ
പ്രജേശഭൂതേശസുരേശമുഖ്യാഃ
സർവ്വേ വയം യന്നിയമം പ്രപന്നാ
മൂർദ്ധ്ന്യർപ്പിതം ലോകഹിതം വഹാമഃ. 54
പ്രത്യാഖ്യാതോ വിരിഞ്ചേന വിഷ്ണുചക്രോപതാപിതഃ
ദുർവ്വാസാഃ ശരണം യാതഃ ശർവ്വം കൈലാസവാസിനം. 55

ശ്രീരുദ്ര ഉവാച

വയം ന താത, പ്രഭവാമ ഭൂമ്നി
യസ്മിൻ പരേഽന്യേഽപ്യജജീവകോശാഃ
ഭവന്തി കാലേ ന ഭവന്തി ഹീദൃശാഃ
സഹസ്രശോ യത്ര വയം ഭ്രമാമഃ. 56
അഹം സനത്കുമാരശ്ച നാരദോ ഭഗവാനജഃ
കപിലോഽപാന്തരതമോ ദേവലോ ധർമ്മ ആസുരിഃ 57
മരീചിപ്രമുഖാശ്ചാന്യേ സിദ്ധേശാഃ പാരദർശനാഃ
വിദാമ ന വയം സർവ്വേ യന്മായാം മായയാഽഽവൃതാഃ. 58
തസ്യ വിശ്വേശ്വരസ്യേദം ശസ്ത്രം ദുർവ്വിഷഹം ഹി നഃ
തമേവ ശരണം യാഹി ഹരിസ്തേ ശം വിധാസ്യതി. 59
തതോ നിരാശോ ദുർവ്വാസാഃ പദം ഭഗവതോ യയൗ
വൈകുണ്ഠാഖ്യം യദധ്യാസ്തേ ശ്രീനിവാസഃ ശ്രിയാ സഹ. 60

സംദഹ്യമാനോഽജിതശസ്ത്രവഹ്നിനാ
തത്പാദമൂലേ പതിതഃ സവേപഥുഃ
ആ''ഹാച്യുതാനന്ത! സദീപ്സിത! പ്രഭോ!
കൃതാഗസം മാഽവ ഹി വിശ്വഭാവന! 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാളും ധരിച്ചുജ്ജ്വലിച്ചുമടിക്കടി
കാലടിവെയ്പ്പിനാൽ ഭൂമികുലുക്കിയും

തൻനേക്കടുക്കുമക്കൃത്യയെക്കണ്ടിട്ടു
നിന്നീടിനാനിളകാതെയമ്മന്നവൻ. 47

തന്നുടെ ഭൃത്യനെ രക്ഷിക്കുവാൻ ഹരി
മുന്നേ നിയമിച്ചിരുന്ന സുദർശനം

ക്രുദ്ധസർപ്പത്തെ ജ്വലനൻവിധം ദ്രുത-
മെത്തിയക്കൃത്യയെച്ചുട്ടു പൊട്ടിച്ചിതേ. 48

പാഞ്ഞു തൻനേക്കണയുന്ന ചക്രത്തെയും
താൻ ജനിപ്പിച്ചൊരക്കൃത്യതൻ നാശവും

കണ്ടതിഭീതനായ് സ്വപ്രാണരക്ഷയ്ക്കു-
വേണ്ടി മണ്ടിത്തുടങ്ങീ മുനിനായകൻ. 49

സർപ്പത്തിനെപ്പിൻതുടരുന്ന കാട്ടുതീ-
യ്യൊപ്പമായ് പിന്നാലെചെന്നിതു ചക്രവും.

ആരാൽ മുനിയും തിരിഞ്ഞുനോക്കിജ്ജവം
മേരുഗുഹയിൽക്കടക്കുവാനോടിനാൻ. 50

ദിക്കുകൾ, ഭൂമി, ഗുഹക,ളാകാശവും
സ്വർഗ്ഗം, സപാലകലോകവുമാകവേ

ഓടിനാൻ മാമുനി,യസ്ഥലത്തൊക്കെയും
കൂടെസ്സുദർശനം ചെൽവതായ്ക്കണ്ടിതേ. 51

എങ്ങുമഭയം ലഭിക്കാതെയാകയാൽ
തിങ്ങീ മുനിക്കു ഭയമുള്ളിലേറാവും.

രക്ഷിതാവാരിനിയെന്നു ചിന്തിച്ചു ചെ-
ന്നക്ഷണം ബ്രഹ്മാവിനെയാശ്രയിച്ചിതേ.

''സൃഷ്ടികർത്താവേ! അജിതതേജസ്സെന്നെ
നഷ്ടമാക്കീടാതെ രക്ഷിക്കണേ ഭവാൻ.'' 52

ബ്രഹ്മാവു പറഞ്ഞു

ശ്രീവിഷ്ണുതേജസ്സിൽനിന്നു രക്ഷിക്കുവാ-
നാവതില്ലിപ്പോളെനിക്കങ്ങയേ മുനേ!

മാമകമിപ്പദത്തോടു ജഗത്ത്രയം
മാമുനേ! സംഹരിച്ചീടുവാനന്നിടും

കാലസ്വരൂപനാമബ്ഭഗവാൻതന്റെ
ലീലാവിലസിതഭ്രൂചലനത്തിനാൽ

അദ്വിപരാർദ്ധകാലാവസാനത്തിലി-
തൊട്ടുക്കു പെട്ടെന്നു നഷ്ടമാകുന്നിതു. 53

ഞാനും മഹേശ്വരനും ഭൃഗുദക്ഷപ്ര-
ധാനപ്രജേശഭൂതേശസുരേശരും

ഏവരുമബ്ഭഗവദ്വിധി മൗലിയി-
ലാവഹിച്ചാചരിക്കുന്നു ലോകപ്രിയം.'' 54

ഏവം കഥിച്ചജൻ സന്ത്യജിച്ചീടവേ
ശ്രീവിഷ്ണുതേജസ്സിനാൽ ദഹ്യമാനനാം

ആ മുനി കൈലാസശൈലം പ്രവേശിച്ചു
കാമാരിയെശ്ശരണം ഗമിച്ചീടിനാൻ. 55

ശിവൻ പറഞ്ഞു

''അല്ലയോ വത്സാ! മുനിപുംഗവാ! ഞങ്ങ-
ളെല്ലാം ചരിക്കുമിബ്രഹ്മാണ്ഡമെന്നപോൽ

എത്രയോ ബ്രഹ്മാണ്ഡമാമഹാൻതന്നിൽനി-
ന്നത്യരം സൃഷ്ടികാലത്തുളവാകയും

കല്പകാലത്തു നശിക്കയും ചെയ്യുന്നി-
തപ്രകാരം മഹാപ്രാഭവമാർന്നിടും

ആ പ്രഭുവിൻ മഹച്ചക്രം തടുക്കുവാൻ
കെല്പില്ല ഞങ്ങളിലാർക്കുമേയോർക്കുകിൽ. 56

ഞാനും സനൽക്കുമാരൻ മുനിനാരദൻ
താനും ഭഗവാനജൻ, കപിലർഷിയും

ആസുരി, ദേവലൻ, ധർമ്മൻ, മരീചിയു-
മാസൗഭരിതൊട്ടുനാനാപ്രജേശരും

സിദ്ധേശരുമഖിലജ്ഞരെന്നാകിലും
ദൈത്യാരിദേവസങ്കല്പമറിഞ്ഞിടാ. 57-58

മായേശനാമബ്ഭഗവാൻ ഹരിക്കേഴും
മായയാലാവൃതർതന്നെയെല്ലാവരും.

വിശ്വേശ്വരനാകുമബ്ഭഗവാൻെറയീ-
ശസ്ത്രം സഹിക്കുവാൻ ഞങ്ങൾക്കസാദ്ധ്യമാം.

അങ്ങോട്ടുതന്നെ ചെന്നാശ്രയിക്കു ഭവാ,-
നങ്ങയെ ശ്രീഹരി രക്ഷിച്ചിടും ദൃഢം.'' 59

രക്ഷയില്ലെങ്ങുപോയാലുമിനിയെന്ന-
തക്ഷണം പാർത്തു നിരാശനായമ്മുനി

ശ്രീകാമുകൻ രമയോടൊത്തു മേവിടും
വൈകുണ്ഠധാമത്തിലെത്തിനാൻ സത്വരം. 60

ശസ്ത്രാഗ്നിതന്നിൽ ദഹിച്ചുമവയവ-
മത്രയും നന്നായ് വിറച്ചുമത്താപസൻ

ചേണാളുമബ്ഭഗവൽപദമൂലത്തിൽ
വീ, ''ണച്യുതാ! ലോകരക്ഷിതാവേ! വിഭോ!

അങ്ങുന്നപരാധിയാമെന്നെയിക്ഷണം
മങ്ങാതെ രക്ഷിക്കു''കെന്നിരന്നീടിനാൻ. 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജാനതാ തേ പരമാനുഭാവം
കൃതം മയാഘം ഭവതഃ പ്രിയാണാം
വിധേഹി തസ്യാപചിതിം വിധാത-
ർമ്മുച്യേത യന്നാമ്ന്യുദിതേ നാരകോऽപി.'' 62

ശ്രീഭഗവാനുവാച

അഹം ഭക്തപരാധീനോ ഹ്യസ്വതന്ത്ര ഇവ ദ്വിജ!
സാധുഭിർഗ്രസ്തഹൃദയോ ഭക്തൈർഭക്തജനപ്രിയഃ. 63
നാഹമാത്മാനമാശാസേ മദ്ഭക്തൈഃ സാധുഭിർവിനാ
ശ്രിയം ചാത്യന്തികീം ബ്രഹ്മൻ! യേഷാം ഗതിരഹം പരാ. 64
യേ ദാരാഗാരപുത്രാപ്താൻ പ്രാണാൻ വിത്തമിമം പരം
ഹിത്വാ മാം ശരണം യാതാഃ കഥം താംസ്ത്യക്തുമുത്സഹേ. 65
മയി നിർബ്ബദ്ധഹൃദയാഃ സാധവഃ സമദർശനാഃ
വശീകുർവന്തി മാം ഭക്ത്യാ സത്സ്ത്രിയഃ സത്പതിം യഥാ.
66
മത്സേവയാ പ്രതീതം ച സാലോക്യാദിചതുഷ്ടയം
നേച്ഛന്തി സേവയാ പൂർണ്ണാഃ കുതോऽന്യത് കാലവിദ്രുതം. 67
സാധവോ ഹൃദയം മഹ്യം, സാധൂനാം ഹൃദയം ത്വഹം,
മദന്യത് തേ ന ജാനന്തി നാഹം തേഭ്യോ മനാഗപി. 68
ഉപായം കഥയിഷ്യാമി തവ വിപ്ര! ശൃണുഷ്വ തത്
അയം ഹ്യാത്മാഭിചാരസ്തേ യതസ്തം യാഹി വൈ ഭവാൻ
സാധുഷു പ്രഹിതം തേജഃ പ്രഹർത്തുഃ കുരുതേऽശിവം. 69
തപോ വിദ്യാ ച വിപ്രാണാം നിഃശ്രേയസകരേ ഉഭേ
ത ഏവ ദുർവ്വിനീതസ്യ കല്പേതേ കർത്തുരന്യഥാ. 70
ബ്രഹ്മംസ്തദ്ഗച്ഛ ഭദ്രം തേ നാഭാഗതനയം നൃപം
ക്ഷമാപയ മഹാഭാഗം തതഃ ശാന്തിർഭവിഷ്യതി. 71

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
അംബരീഷചരിതേ ചതുർത്ഥോऽധ്യായഃ

പഞ്ചമോऽധ്യായഃ

ശ്രീശുക ഉവാച

ഏവം ഭഗവതാऽऽദിഷ്ടോ ദുർവ്വാസാശ്ചക്രതാപിതഃ
അംബരീഷമുപാവൃത്യ തത്പാദൗ ദുഃഖിതോऽഗ്രഹീത്. 1
തസ്യ സോദ്യമനം വീക്ഷ്യ പാദസ്പർശവിലജ്ജിതഃ
അസ്താവീത് തദ്ധരേരസ്ത്രം കൃപയാ പീഡിതോ ഭൃശം. 2

അംബരീഷ ഉവാച

ത്വമഗ്നിർഭഗവാൻ സൂര്യസ്ത്വം സോമോ ജ്യോതിഷാം പതിഃ
ത്വമാപസ്ത്വം ക്ഷിതിർവ്യോമ വായുർമ്മാത്രേന്ദ്രിയാണി ച. 3
സുദർശന, നമസ്തുഭ്യം സഹസ്രാരാച്യുതപ്രിയ!
സർവ്വാസ്ത്രഘാതിൻ! വിപ്രായ സ്വസ്തി ഭൂയാ ഇഡസ്പതേ! 4
ത്വം ധർമ്മസ്ത്വമൃതം സത്യം ത്വം യജ്ഞോऽഖിലയജ്ഞഭുക്
ത്വം ലോകപാലഃ സർവ്വാത്മാ ത്വം തേജഃ പൗരുഷം പരം. 5

നമഃ സുനാഭാഖിലധർമ്മസേതവേ
ഹ്യധർമ്മശീലാസുരധൂമകേതവേ
ത്രൈലോക്യഗോപായ വിശുദ്ധവർച്ചസേ
മനോജവായാദ്ഭുതകർമ്മണേ ഗൃണേ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കൂടം ഭവന്മഹിമാനമറിയാത്ത
മൂഢനിവൻ തവ ഭക്തജനങ്ങളിൽ

പാതകം ചെയ്തുപോയേ,നവിട്ടന്നതു
ബോധമില്ലായ്മയെന്നോർത്തു പൊറുത്തുടൻ

പ്രായശ്ചിത്തം വിധിച്ചാലും, ഭവന്നാമ-
ധേയമോതുന്നവൻ പാപനിർമ്മുക്തനാം.'' 62

ശ്രീഭഗവാൻ പറഞ്ഞു

ഞാനെന്റെ ഭക്തജനങ്ങൾക്കധീനനാം
ക്ഷോണീസുരാ! തദ്വശീകൃതമെന്മനം.

ഉണ്ടെനിക്കേറ്റം പ്രിയമവരോടതു-
കൊണ്ടസ്വതന്ത്രനെന്റമട്ടിൽ വാഴുന്നു ഞാൻ. 63

എന്നെപ്പരമാശ്രയമായുറച്ചെഴും
ധന്യരാം സാധുജനതയെക്കൂടാതെ

എന്നെയുമവ്യഭിചാരിണിയായിട്ട-
മിന്ദിരതന്നെയുമിച്ഛിപ്പതില്ല ഞാൻ. 64

പത്തനപുത്രകളത്രാപ്തർ ജീവനും
വിത്തമിഹപരലോകങ്ങളും തള്ളി

എന്നെയേകാലംബമാക്കിയ മദ്ഭക്ത-
വൃന്ദത്തെയെങ്ങനെ ഞാൻ കൈവെടി-
ഞ്ഞീടും? 65

എന്നിൽ നിർബദ്ധഹൃദയരായേതില്ല-
മെന്നങ്ങ്ഗമീക്ഷിക്കുമസ്സമദൃക്കുകൾ

ഭക്തിയാലെന്നെ വശീകരിച്ചീടുന്നു,
നിഷ്കാമനാം പതിയെസ്സതിമാർവിധം. 66

സേവാപരിപൂർണ്ണരാമവർ മാമക-
സേവനിമിത്തം കരഗതമായിടും

സാലോക്യമാദി നിർവാണചതുഷ്ടയം-
പോലുമശേഷമിച്ഛിക്കാതിരിക്കവേ,

കാലത്തിനാലേ നശിക്കുന്നതാമന്യ-
ലോലഭോഗങ്ങളെയാഗ്രഹിച്ചീടുമോ? 67

സാധുക്കളാണെൻ ഹൃദയമവർക്കെഴും
ചേതസ്സതന്നെ ഞാനും ഹേ മുനീശ്വരാ!

എന്നിൽനിന്നന്യമായൊന്നുമവരും ത-
ദന്യമായൊന്നുമീ ഞാനുമറിഞ്ഞിടാ. 68

ഓതാമതിന്നൊരുപായം മുനേ! കേൾക്ക,
ഏതവനോടപകൃത്യമാണ്ടോ ഭവാൻ

ആയവനെത്തന്നെ മായമൊഴിഞ്ഞുടൻ
പോയാശ്രയിച്ചാലു,മില്ല വേറേ ഗതി.

സാധുക്കളിൽ പ്രയോഗിച്ചീടുമാശക്തി
ബാധിച്ചിടും തിരിഞ്ഞാ പ്രയോക്താവിനെ. 69

വിദ്യയും പിന്നെത്തപസ്സും ദ്വിജന്മാർക്കു
മുക്തിയരുളുന്നവയെന്നിരിക്കിലും

ദുർവ്വിനീതർക്കു വിപരീതമാംഫലം
കൈവരുത്തീടുമവയെന്നുമോർക്കുക. 70

ആകയാൽ ഭൂസുരാ! നാഭാഗപുത്രനാം
ഭൂകാന്തനേത്താൻ സമീപിച്ചു സത്വരം

സ്വന്തം പിഴ പൊറുത്തീടുവാനർത്ഥിക്ക,
ശാന്തിവരും, ഗമിച്ചീടുക, മങ്ഗലം! 71

അദ്ധ്യായം 5

അംബരീഷചരിതം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ചക്രാഗ്നിയാലതിതപ്തനാമമ്മുനി
ചക്രപാണീവാക്കു മാനിച്ചനന്തരം

അംബരീഷാവനീ പാലാന്തികം ദുഃഖ-
നിമഗ്നനായ്ച്ചെന്നു തത്പദം കുപ്പിനാൻ. 1

മാമുനീന്ദ്രോദ്യമം പാർത്തു നിജപദ-
മാമഹാൻ സ്പർശിച്ചതോർത്തു ലജ്ജിച്ചുടൻ

തദ്വ്യസനത്തിലലിഞ്ഞംബരീഷനാ-
ശസ്ത്രോത്തമത്തെയേവം സ്തുതിച്ചീടിനാൻ: 2

അംബരീഷൻ പറഞ്ഞു

ചക്രസ്വരൂപാ! ഭഗവൻ! ഭവാൻതന്നെ-
യക്കനുമഗ്നിയും താരാധിനാഥനും

അപ്പു,മനിലനും, ഭൂവു,മാകാശവും
ശബ്ദാദിയുമിന്ദ്രിയങ്ങളുമങ്ങുതാൻ. 3

ആരങ്ങളായിരമാളും സുദർശനാ!
ശൗരിപ്രിയാ! നമിക്കുന്നു ഭവാനെ ഞാൻ.

സർവ്വാസ്ത്രസംഹാരദക്ഷാ! ധരാപതേ!-
യുർവ്വീസുരന്നരുളീടണം സ്വസ്ഥത. 4

ധർമ്മസ്വരൂപനും സത്യസ്വരൂപനും
കർമ്മാത്മകനമൃതാത്മകനും ഭവാൻ.

സർവ്വാത്മകനും പരൻപുമാൻതാനുമ-
സ്സർവ്വേശനുമായ് വിളങ്ങുന്നതങ്ങുതാൻ. 5

കോമളനാഭാ! നമിക്കുന്നു ഞാൻ, ധർമ്മ-
സീമാത്മകാ! ഭവാനായി നമസ്തുതി!

ധർമ്മഹീനാസുരധ്വംസനപാവകാ!
തന്മഹസ്സാൽ മൂവുലക കാക്കും വിഭോ!

മാനസതുല്യവേഗാ! മഹിതാദ്ഭുത-
നാനാവിശിഷ്ടകർമ്മാവേ! നമസ്തുതി. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത്തേജസാ ധർമ്മമയേന സംഹൃതം
തമഃപ്രകാശശ്ച ധൃതോ മഹാത്മനാം
ദുരത്യയസ്തേ മഹിമാ ഗിരാം പതേ!
ത്വദ്രൂപമേതത് സദസത്പരാവരം. 7
യദാ വിസൃഷ്ടസ്ത്വമനഞ്ജനേന വൈ
ബലം പ്രവിഷ്ടോഽജിത ദൈത്യദാനവം
ബാഹൂദരോർവ്വങ്ഘ്രിശിരോധരാണി
വൃക്ണന്നജസ്രം പ്രധനേ വിരാജസേ. 8
സ ത്വം ജഗത്ത്രാണ! ഖലപ്രഹാണയേ
നിരൂപിതഃ സർവ്വസഹോ ഗദാഭൃതാ
വിപ്രസ്യ ചാസ്മത്കുലദൈവഹേതവേ
വിധേഹി ഭദ്രം തദനുഗ്രഹോ ഹി നഃ. 9
യദ്യസ്തി ദത്തമിഷ്ടം വാ സ്വധർമ്മോ വാ സ്വനുഷ്ഠിതഃ
കുലം നോ വിപ്രദൈവം ചേദ്ദ്വിജോ ഭവതു വിജ്വരഃ. 10
യദി നോ ഭഗവാൻ പ്രീത ഏകഃ സർവ്വഗുണാശ്രയഃ
സർവ്വഭൂതാത്മഭാവേന ദ്വിജോ ഭവതു വിജ്വരഃ. 11

ശ്രീശുക ഉവാച
ഇതി സംസ്തുവതോ രാജ്ഞോ വിഷ്ണുചക്രം സുദർശനം
അശാമ്യത്സർവ്വതോ വിപ്രം പ്രദഹദ്രാജയാച്ഞയാ. 12
സ മുക്തോഽസ്ത്രാഗ്നിതാപേന ദുർവ്വാസാഃ സ്വസ്തിമാംസ്തതഃ
പ്രശശംസ തമുർവ്വീശം യുഞ്ജാനഃ പരമാശിഷഃ. 13

ദുർവ്വാസാ ഉവാച
''അഹോ അനന്തദാസാനാം മഹത്ത്വം ദൃഷ്ടമദ്യ മേ
കൃതാഗസോഽപി യദ്രാജൻ, മങ്ഗലാനി സമീഹസേ. 14
ദുഷ്കരഃ കോ നു സാധൂനാം, ദുസ്ത്യജോ വാ മഹാത്മനാം,
യൈഃ സങ്ഗൃഹീതോ ഭഗവാൻ സാത്വതാമൃഷഭോ ഹരിഃ. 15
യന്നാമശ്രുതിമാത്രേണ പുമാൻ ഭവതി നിർമ്മലഃ
തസ്യ തീർത്ഥപദഃ കിം വാ ദാസാനാമവശിഷ്യതേ. 16
രാജന്നനുഗൃഹീതോഽഹം ത്വയാതികരുണാത്മനാ
മദഘം പൃഷ്ഠതഃ കൃത്വാ പ്രാണാ യന്മേഽഭിരക്ഷിതാഃ.'' 17
രാജാ തമകൃതാഹാരഃ പ്രത്യാഗമനകാങ്ക്ഷയാ
ചരണാവുപസംഗൃഹ്യ പ്രസാദ്യ സമഭോജയത്. 18
സോഽശിത്വാഽഽദൃതമാനീതമാതിഥ്യം സാർവ്വകാമികം
തൃപ്താത്മാ നൃപതിം പ്രാഹ ''ഭുജ്യതാ''മിതി സാദരം. 19
''പ്രീതോഽസ്മ്യനുഗൃഹീതോഽസ്മി തവ ഭാഗവതസ്യ വൈ
ദർശനസ്പർശനാലാപൈരാതിഥ്യേനാത്മമേധസാ. 20
കർമ്മാവദാതമേതത് തേ ഗായന്തി സ്വഃസ്ത്രിയോ മുഹുഃ
കീർത്തിം പരമപുണ്യാം ച കീർത്തയിഷ്യതി ഭൂരിയം.'' 21

ശ്രീശുക ഉവാച
ഏവം സങ്കീർത്ത്യ രാജാനം ദുർവ്വാസാഃ പരിതോഷിതഃ
യയൗ വിഹായസാഽഽമന്ത്ര്യ ബ്രഹ്മലോകമഹൈതുകം. 22
സംവത്സരോഽത്യഗാത് താവദ്യാവതാ നാഗതോ ഗതഃ
മുനിസ്തദ്ദർശനാകാങ്ക്ഷോ രാജാഽബ്ഭക്ഷോ ബഭൂവ ഹ. 23
ഗതേ ച ദുർവ്വാസസി സോഽംബരീഷോ
ദ്വിജോപയോഗാതിപവിത്രമാഹരത്
ഋഷേർവിമോക്ഷം വ്യസനം ച ബുദ്ധ്വാ
മേനേ സ്വവീര്യം ച പരാനുഭാവം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്പതേ! ധർമ്മമയമാം തവമഹ–
സ്സോക്കിൽ മഹാത്മാക്കൾതൻ തമസ്സാകവേ
പോക്കി വിവേകപ്രകാശമരുളുന്നി–
താക്കമങ്ങേ മഹിമാനമലംഘ്യമാം;
ഉൽകൃഷ്ടനീച ചരാചരമൊക്കെയു–
മുടക്കൊണ്ടപാരിൻ പ്രകാശകനങ്ങുതാൻ. 7
വെല്ലുവാനാരാലുമാകാത്തൊരങ്ങയെ
മല്ലാരി സൃഷ്ടിച്ചുവിട്ടനാൾതൊട്ടുതാൻ
ദാനവസൈന്യഗണത്തിൽക്കടന്നുടൻ
പാണി, വയർ, തുട, കാൽ, കണ്ഠമെന്നിവ
എണ്ണമെന്യേ ഖണ്ഡനംചെയ്തുനാരതം
ജന്യത്തിലേററവും ശോഭിച്ചിടുന്നിതേ. 8
സർവ്വംസഹനാകുമമ്പ് ഭവാനിജ്ജഗദ്–
സർവ്വരക്ഷയ്ക്കും ഖലസംഹൃതിക്കുമായ്
ശ്രീവിഷ്ണുവിനാൽ നിയമിതനാകയാ–
ലീ വിപ്രനെയുടൻ രക്ഷിച്ചിടേണമേ. 9
എന്നാകിലസ്മത്കുലത്തിനു ഭാഗ്യവു–
മെന്നുമിവക്കതെനുഗ്രഹവും പ്രഭോ!
സൽപാത്രദാനമീ ഞാൻ നല്കിയോ, വിധി–
ക്കൊപ്പിച്ചു യജ്ഞമനുഷ്ഠിക്കയോ മമ,
വർണ്ണാശ്രമാദിധർമ്മങ്ങൾ തെററിക്കാതെ–
തന്നെ രക്ഷിക്കയോ ചെയ്തെന്നിരിക്കിലോ,
എപ്പൊഴും വിപ്രരെയീശ്വരന്മാരെന്ന–
തുൾപ്പൂവിലോർത്തു വസിച്ചിടുന്നെങ്കിലോ,
ഇദ്ദ്വിജശ്രേഷ്ഠനു നേരിട്ടിരിക്കുമീ–
യത്തലകല്മഷമാറാകട്ടെയിക്ഷണം. 10
സർവ്വത്തിലുമാത്മഭാവനംകാരണം
സർവ്വസ്വരൂപനായേകനാകും ഹരി
ഞങ്ങളിലിപ്പോൾ പ്രസന്നനായീടുകി–
ലിങ്ങിദ്ദ്വിജൻ വിജ്വരനായ്ഭവിക്കണം.'' 11

ശ്രീശുകൻ പറഞ്ഞു

ഇമ്മട്ടിലംബരീഷാവനീപാലൻെറ
നിർമ്മായമായിടുമർത്ഥനമൂലമായ്
ശാന്തമായ്ത്തീർന്നിതു ചുററുമാ വിപ്രനെ
സന്തപിപ്പിക്കുമാ വിഷ്ണുചക്രം പരം. 12
ചക്രാഗ്നിതാപവിമുക്തനായീ സ്വസ്ഥി–
കൈക്കൊണ്ടു ദുർവാസസ്സാകുമാ മാമുനി
നന്ദിച്ചനുഗ്രഹിച്ചന്നരപാലനെ
നന്നായ് പ്രശംസിച്ചു ചൊല്ലിനാനീവിധം: 13

ദുർവ്വാസാവു പറഞ്ഞു

''അദ്ഭുതമേററവുമദ്ഭുതം ഭൂപതേ–
യിപ്പൊഴറിഞ്ഞേൻ ഹരിഭക്തർതൻ ഗുണം.
ഉച്ചതരാപരാധം ചെയ്തോരെന്നില്യ–
മിച്ചിച്ചിടുന്നുവല്ലോ ഭവാൻ മംഗലം. 14
ഭക്തരക്ഷാകരനാം രമാജാനിത–
ന്നുൾക്കാമ്പപഹരിച്ചേററം വിളങ്ങിടും
സാധുക്കളാമമ്മഹാന്മാക്കു പാർക്കുകി–
ലേതുണ്ടു ദുഷ്കരമേതുണ്ടു ദുസ്ത്യജം? 15
ഏതു ഭഗവാൻെറ നാമം ശ്രവിച്ചിടും–
പോതിൽ പുരുഷൻ പരിശുദ്ധനാകുമോ,
അക്കൃഷ്ണമൂർത്തിതൻ സേവകർക്കോരുകിൽ
ബാക്കിയില്ലൊന്നുമേ സാധിച്ചിടേണ്ടതായ്. 16
ദീനകരുണാകരനാം ഭവാനാലെ
ഞാനിന്നനുഗൃഹീതൻതാൻ നരാധിപാ!
എന്നുടെ ഘോരാപരാധം ഗണിക്കാതെ–
തന്നെ രക്ഷിച്ചിരിക്കുന്നു മൽപ്രാണനെ.'' 17
പ്രത്യാഗമിക്കും മുനീന്ദ്രനെന്നുൾക്കാമ്പി–
ലോർത്തുണ്ണപേക്ഷിച്ചിരുന്നോരമ്പ്ഭൂമിപൻ
താനേ മുനിവരപാദങ്ങളിൽപ്പതി–
ച്ചാനമിച്ചാമോദമേററിമ്പ്ഭജിച്ചിതേ. 18
സാദരം സർവകാമങ്ങളൊത്തേകീടു–
മാതിഥ്യമാ മാമുനിയാന്നനന്തരം
സംതൃപ്തനായഥ ഭക്ഷിച്ചുകൊള്ളുവാൻ
ശാന്തനാകും നൃപനോടു ചൊല്ലീടിനാൻ. 19
''കേശവഭക്താഗ്രിമനാം ഭവാനുടെ
ദർശനസ്പർശനസംഭാഷണങ്ങളും
സർവ്വാത്മഭാവനയോടുമേകീടുമീ–
സർവ്വോത്തമാതിഥ്യവുംകൊണ്ടു ഞാൻ പരം
പ്രീതനായിമ്പ്ഭവിച്ചേനിദാനീമയേ
സാധോ! സമനുഗൃഹീതനുമായിതു. 20
പാവനമാം ഭവൽക്കർമ്മമിതെപ്പൊഴും
ദേവനിതംബിനീസഞ്ചയം പാടിടും
പുണ്യപരിപൂർണ്ണമാം തവ കീർത്തിയെ–
യെന്നും ജനങ്ങൾ കീർത്തിക്കയുംചെയ്തിടും.'' 21

ശ്രീശുകൻ പറഞ്ഞു

തോഷാപ്ലുതചിത്തനാം മുനിയീവിധം
ഭാഷിച്ചുരചനോടായ് യാത്രചൊന്നുടൻ
ഹേതുവിവാദികളില്ലാത്തതാകുമാ–
ധാതൃലോകം ഗമിച്ചാൻ നഭോമാർഗ്ഗമായ്. 22
ചക്രഭയത്താലവിടെനിന്നമ്മുനി–
നിഷ്ക്രമിച്ചിട്ടു തിരിയെ വരുംവരെ
പ്രത്യാഗമം കാത്തൊരാണ്ടുകാലം ജലം–
മാത്രം ഭുജിച്ചു വാണാൻ നൃപൻ വിസ്മയം! 23
പിന്നെദ്ദ്വിജോപയോഗത്താൽ പവിത്രമാ–
മന്നമശിച്ചമ്മുനിയുടെ ദുഃഖവും
തന്മുക്തിയുമതിൽത്താനാന്നധൈര്യവു–
മംബരീഷൻ നല്ലവണ്ണം ധരിക്കിലും
എല്ലാം ഭഗവൽക്കരുണാതിരേകമെ–
ന്നല്ലാതെ തന്മിടുക്കായ്ഗണിച്ചീലതാൻ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവംവിധാനേകഗുണഃ സ രാജാ
പരാത്മനി ബ്രഹ്മണി വാസുദേവേ
ക്രിയാകലാപൈഃ സമുവാഹ ഭക്തിം
യയാ//വിരിഞ്ച്യാൻ നിരയാംശ്ചകാര. 25

അഥാംബരീഷസ്തനയേഷു രാജ്യം
സമാനശീലേഷു വിസൃജ്യ ധീരഃ
വനം വിവേശാത്മനി വാസുദേവേ
മനോ ദധദ്ധ്വസ്തഗുണപ്രവാഹഃ. 26

ഇത്യേതത് പുണ്യമാഖ്യാനമംബരീഷസ്യ ഭൂപതേഃ
സങ്കീർത്തയന്നനുധ്യായൻ ഭക്തോ ഭഗവതോ ഭവേത്. 27

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
അംബരീഷചരിതം നാമ പഞ്ചമോ/ധ്യായഃ

ഷഷ്ഠോ/ധ്യായഃ

ശ്രീശുക ഉവാച
വിരൂപഃ കേതുമാഞ്ഛംഭുരംബരീഷസുതാസ്ത്രയഃ
വിരൂപാത് പൃഷദശ്വോ/ഭൂത് തത്പുത്രസ്തു രഥീതരഃ. 1

രഥീതരസ്യാപ്രജസ്യ ഭാര്യായാം തന്തവേ/ർത്ഥിതഃ
അങ്ഗിരാ ജനയാമാസ ബ്രഹ്മവർച്ചസ്വിനഃ സുതാൻ. 2

ഏതേ ക്ഷേത്രേ പ്രസൂതാ വൈ പുനസ്ത്വാങ്ഗിരസാഃ സ്മൃതാഃ
രഥീതരാണാം പ്രവരാഃ ക്ഷത്രോപേതാ ദ്വിജാതയഃ. 3

ക്ഷുവതസ്തു മനോർജ്ജജ്ഞേ ഇക്ഷ്വാകുർഘ്രാണതഃ സുതഃ
തസ്യ പുത്രശതജ്യേഷ്ഠാ വികുക്ഷിനിമിദണ്ഡകാഃ. 4

തേഷാം പുരസ്താദഭവന്നാര്യാവർത്തേ നൃപാ നൃപ!
പഞ്ചവിംശതി പശ്ചാച്ച ത്രയോ മധ്യേ പരേ/ന്യതഃ. 5

സ ഏകദാഷ്ടകാശ്രാദ്ധ ഇക്ഷ്വാകുഃ സുതമാദിശത്
''മാംസമാനീയതാം മേധ്യം വികുക്ഷേ! ഗച്ഛ മാ ചിരം.'' 6

തഥേതി സ വനം ഗത്വാ മൃഗാൻ ഹത്വാ ക്രിയാർഹണാൻ
ശ്രാന്തോ ബുഭുക്ഷിതോ വീരഃ ശശം ചാദദപസ്മൃതിഃ 7

ശേഷം നിവേദയാമാസ പിത്രേ തേന ച തദ്ഗുരുഃ
ചോദിതഃ പ്രോക്ഷണായാഹ ദുഷ്ടമേതദകർമ്മകം. 8

ജ്ഞാത്വാ പുത്രസ്യ തത് കർമ്മ ഗുരുണാഭിഹിതം നൃപഃ
ദേശാന്നിഃസാരയാമാസ സുതം ത്യക്തവിധിം രുഷാ. 9

സ തു വിപ്രേണ സംവാദം ജാപകേന സമാചരൻ
ത്യക്ത്വാ കളേബരം യോഗീ സ തേനാവാപ യത് പരം. 10

പിതര്യുപരതേ/ഭ്യേത്യ വികുക്ഷിഃ പൃഥിവീമിമാം
ശാസദീജേ ഹരിം യജ്ഞൈഃ ശശാദ ഇതി വിശ്രുതഃ. 11

പുരഞ്ജയസ്തസ്യ സുത ഇന്ദ്രവാഹ ഇതീരിതഃ
കകുത്സ്ഥ ഇതി ചാപ്യുക്തഃ ശൃണു നാമാനി കർമ്മഭിഃ. 12

കൃതാന്ത ആസീത് സമരോ ദേവാനാം സഹ ദാനവൈഃ
പാർഷ്ണിഗ്രാഹോ വൃതോ വീരോ ദേവൈർദൈത്യപരാ-
ജിതൈഃ 13

വചനാദ്ദേവദേവസ്യ വിഷ്ണോർവിശ്വാത്മനഃ പ്രഭോഃ
വാഹനത്വേ വൃതസ്തസ്യ ബഭൂവേന്ദ്രോ മഹാവൃഷഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം നനാഗുണങ്ങളാർന്നീടുമ-
ബ്ഭൂവരൻ ബ്രഹ്മാവുമാത്മാവുമായ് പരം
മിന്നീടുമബ്ഭഗവാൻ വാസുദേവനിൽ-
ത്തന്നുടെ സർവ്വകർമ്മങ്ങളുമർപ്പിച്ചു
നിർമ്മലഭക്തിപൂണ്ടോർത്താൻ നരകമായ്
ബ്രഹ്മലോകംവരെയുള്ള ഭോഗങ്ങളെ. 25

ധീരനാമംബരീഷാവനീനായകൻ
പാരിടം പിന്നെ സ്വതുല്യസ്വഭാവരാം
പുത്രർക്കേകി വനമാർന്നു വിഷ്ണുവിൽ
ചിത്തംനിറുത്തി നേടീ ഭവമോചനം. 26

പുണ്യകരമംബരീഷചരിതമി-
തന്യൂനഭക്തിപൂർവ്വം പ്രകീർത്തിക്കയും
ചിന്തിക്കയും ചെയ്തിടുന്ന പുമാൻ രമാ-
കാന്തഭക്തോത്തമനായിബ്ഭവിച്ചിടും. 27

അദ്ധ്യായം 6

അംബരീഷവംശവർണ്ണനം—സൗഭര്യാഖ്യാനം

ശ്രീശുകൻ പറഞ്ഞു

അംബരീഷന്നു വിരൂപനും കേതുമാൻ,
ശംഭുവെന്നീ മൂന്നു പുത്രർ ജനിച്ചിതു.
ആ വിരൂപന്റെ സുതനായ് പൃഷദശ്വ-
നാവിർഭവിച്ചു, രഥീതരൻ തത്സുതൻ. 1

അപ്രജനായാൻ രഥീതര,നദ്ദേഹ-
മപ്പൊഴുതങ്ഗിരസ്സോടു മടിയാതെ
തൽപത്നിയിൽ സുതോത്പത്തിക്കിരക്കയാൽ
വിപ്രതേജസ്സോടവൻ തീർത്തു പുത്രരെ. 2

അങ്ഗിരസ്സിന്നാരഥീതരഭാര്യയി-
ലിങ്ങനെ സംജാതരാണാങ്ഗിരസ്സകം.
മററുള്ള തത്പത്നിമാരുടെ പുത്രരി-
ലേററമുൽകൃഷ്ടരിവരാണസംശയം.
ക്ഷാത്രധർമ്മജ്ഞരാം ബ്രാഹ്മണരെന്നുള്ള
കീർത്തിയാർജ്ജിച്ചിരുന്നാരാങ്ഗിരസ്സകം. 3

തുമ്മിയനേരം മനുനാസയിൽനിന്നു
ജന്മമിയന്നിടുമിക്ഷ്വാകമന്നനു
നന്ദനർ നൂറിൽ വികുക്ഷി,യഥ നിമി,-
ദണ്ഡകനും ക്രമാൽ പൂർവ്വജന്മാർ നൃപാ! 4

പുത്രശതത്തിലിരുപത്തിയഞ്ചാര്യാ-
വർത്തത്തിനുംകിഴക്കുള്ള ദേശത്തിലും,
അത്രപേർ പശ്ചിമഭൂവിലും മൂന്നുപേർ
മദ്ധ്യദേശത്തിലും, ശേഷിച്ച നന്ദനർ
തെക്കുംവടക്കുമെഴും പ്രദേശത്തിലും
ചൊല്ലേറുന്ന ഭൂപാലരായിബ്ഭവി-
ച്ചിതേ. 5

ഇക്ഷ്വാകുവഷ്ടകാശ്രാദ്ധകാലത്തു, ''വി-
കുക്ഷി! പരിശുദ്ധമാം പലലത്തെ നീ
സത്വരം കൊണ്ടുവന്നീടണമി''ങ്ങെന്നു
പുത്രനോടായൊരുനാളിലോതീടിനാൻ. 6

വീരനവൻ വിപിനത്തിൽ പ്രവേശിച്ചു
പാരാതെ കർമ്മയോഗ്യങ്ങളാം മൃഗങ്ങളെ-
ക്കൊന്നു, വിശന്നുതളർന്നു ശശാമിഷം
തിന്നശേഷം കൊണ്ടുവന്നു കൊടുത്തിതു. 7

മാംസമതദ്ധ്വരയോഗ്യമാക്കീടുവാൻ
സംസ്കരണാർത്ഥം വസിഷ്ഠമുനീന്ദ്രനെ
രാട്ടുടൻ പ്രേരണചെയ്യവേ, ''മാംസമു-
ച്ഛിഷ്ടമിതു ദുഷ്ട''മെന്നോതിനാൻ മുനി. 8

പുത്രദുഷ്കൃത്യം വസിഷ്ഠൻ പറഞ്ഞറി-
ഞ്ഞത്യന്തരുഷ്ടനായ്ത്തീർന്ന മഹീപതി
ശാസ്ത്രമര്യാദ ലംഘിക്കുകമൂലമ-
പ്പുത്രനെയന്നാട്ടിൽനിന്നു കടത്തിനാൻ. 9

പിന്നെയിക്ഷ്വാകുനൃവരനാചാര്യനു-
മൊന്നിച്ചു വേദാന്തചിന്തനംചെയ്തുടൻ
ലൗകികഭോഗവിഷയവിരക്തനായ്
യോഗിയായ് പ്രാപിച്ചിതു പരമംപദം. 10

താതൻ മരിക്കെ,ശശാദനെന്നായി വി-
ഖ്യാതൻ വികുക്ഷി തിരിയെവന്നാമഹി
പാലിച്ചു യജ്ഞമസംഖ്യം നടത്തിയ-
പ്പാലാഴിമാതിൻപതിയെയർച്ചിച്ചിതേ. 11

തത്പുത്രനാകും പുരഞ്ജയഭൂപനു
കല്പിച്ചിടുന്നു തൽകർമ്മങ്ങളാംമൂലമായ്
ഇന്ദ്രവാഹൻ, കകുത്സ്ഥൻതൊട്ടപേരുകൾ;
ചൊന്നിടാമായവ നേടിയ രീതിയും. 12

നാകികളും ദാനവന്മാരുമായന്നു
ഭീകരമായൊരു യുദ്ധമുണ്ടായിതു.
പോരിൽ പരാജിതർ വിണ്ണവർ ഭൂലോക-
വീരനിവനെത്തുണയ്ക്കായ് വരിച്ചുതേ. 13

വാനവർകോനെന്റെ വാഹനമാവുകിൽ
ദാനവരെസ്സംഹരിച്ചിടാമെന്നുടൻ
ചൊന്നാൻ പുരഞ്ജയൻ, ലജ്ജനിമിത്തമാ-
യന്നതു സമ്മതിച്ചില്ല പുരന്ദരൻ.
പിന്നെ പ്രഭുവാം ഹരിതൻവചസ്സിനാ-
ലുന്നതമാമുക്ഷമായാൻ ശചീപതി. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ സന്നദ്ധോ ധനുർദ്ദിവ്യമാദായ വിശിഖാഞ്ഛിതാൻ
സ്തൂയമാനഃ സമാരുഹ്യ യുയുത്സുഃ കകുദി സ്ഥിതഃ. 15

തേജസാഽഽപ്യായിതോ വിഷ്ണോഃ പുരുഷസ്യ പരാത്മനഃ
പ്രതീച്യാം ദിശി ദൈത്യാനാം ന്യരുണത് ത്രിദശൈഃപുരം.
16

തൈസ്തസ്യ ചാഭൂത് പ്രധനം തുമുലം ലോമഹർഷണം
യമായ ഭല്ലൈരനയദ്ദൈത്യാൻ യേഽഭിയയുർമ്മൃധേ. 17

തസ്യേഷുപാതാഭിമുഖം യുഗാന്താഗ്നിമിവോല്ബണം
വിസൃജ്യ ദുദ്രുവുർദ്ദൈത്യാ ഹന്യമാനാഃ സ്വമാലയം. 18

ജിത്വാ പുരം ധനം സർവ്വം സശ്രീകം വജ്രപാണയേ
പ്രത്യയച്ഛത് സ രാജർഷിരിതി നാമഭിരാഹൃതഃ. 19

പുരഞ്ജയസ്യ പുത്രോഽഭൂദനേനാ,സ്തത്സുതഃ പൃഥുഃ
വിശ്വരന്ധിസ്തത,ശ്ചന്ദ്രോ യുവനാശ്വശ്ച തത്സുതഃ. 20

ശാബസ്തസ്തത്സുതോ യേന ശാബസ്തീ നിർമ്മമേ പുരീ
ബൃഹദശ്വസ്തു ശാബസ്തിസ്തതഃ കുവലയാശ്വകഃ. 21

യഃ പ്രിയാർത്ഥമുദങ്കസ്യ ധുന്ധുനാമാസുരം ബലീ
സുതാനാമേകവിംശത്യാ സഹസ്രൈരഹനദ്വൃതഃ. 22

ധുന്ധുമാര ഇതി ഖ്യാതസ്തത്സുതാസ്തേ ച ജജ്വലുഃ
ധുന്ധോർമ്മുഖാഗ്നിനാ സർവ്വേ ത്രയ ഏവാവശേഷിതാഃ. 23

ദൃഢാശ്വഃ കപിലാശ്വശ്ച ഭദ്രാശ്വ ഇതി ഭാരത,
ദൃഢാശ്വപുത്രോ ഹര്യശ്വോ നികുംഭസ്തത്സുതഃ സ്മൃതഃ. 24

ബർഹണാശ്വോ നികുംഭസ്യ കൃശാശ്വോഽഥാസ്യ സേനജിത്
യുവനാശ്വോഽഭവത് തസ്യ സോഽനപത്യോ വനം ഗതഃ. 25

ഭാര്യാശതേന നിർവ്വിണ്ണ ഋഷയോഽസ്യ കൃപാലവഃ
ഇഷ്ടിം സ്മ വർത്തയാഞ്ചക്രുരൈന്ദ്രീം തേ സുസമാഹിതാഃ. 26

രാജാ തദ്യജ്ഞസദനം പ്രവിഷ്ടോ നിശി തർഷിതഃ
ദൃഷ്ട്വാ ശയാനാൻ വിപ്രാംസ്താൻ പപൗ മന്ത്രജലം സ്വയം. 27

ഉത്ഥിതാസ്തേ നിശാമ്യാഥ വ്യുദകം കലശം പ്രഭോ
പപ്രച്ഛുഃ ''കസ്യ കർമ്മേദം പീതം പുംസവനം ജലം.'' 28

രാജ്ഞാ പീതം വിദിത്വാഥ ഈശ്വരപ്രഹിതേന തേ
ഈശ്വരായ നമശ്ചക്രുരഹോ ദൈവബലം ബലം. 29

തതഃ കാല ഉപാവൃത്തേ കുക്ഷിം നിർഭിദ്യ ദക്ഷിണം
യുവനാശ്വസ്യ തനയശ്ചക്രവർത്തീ ജജാന ഹ. 30

''കം ധാസ്യതി കുമാരോഽയം സ്തന്യം രോരൂയതേ ഭൃശം''
''മാം ധാതാ വത്സ മാ രോദീ''രിതീന്ദ്രോ ദേശിനീമദാത്. 31

ന മമാര പിതാ തസ്യ വിപ്രദേവപ്രസാദതഃ
യുവനാശ്വോഽഥ തത്രൈവ തപസാ സിദ്ധിമന്വഗാത്. 32

ത്രസദ്ദസ്യുരിതീന്ദ്രോഽങ്ഗ വിദധേ നാമ തസ്യ വൈ
യസ്മാത്ത്രസന്തി ഹ്യുദ്വിഗ്നാ ദസ്യവോ രാവണാദയഃ. 33

യൗവനാശ്വോഽഥ മാന്ധാതാ ചക്രവർത്ത്യവനീം പ്രഭുഃ
സപ്തദ്വീപവതീമേകഃ ശശാസാച്യുതതേജസാ. 34

ഈജേ ച യജ്ഞം ക്രതുഭിരാത്മവിദ്ഭൂരിദക്ഷിണൈഃ
സർവ്വദേവമയം ദേവം സർവ്വാത്മകമതീന്ദ്രിയം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോരിനൊരുങ്ങിക്കവചംധരിച്ചുടൻ
തൂണീരകം ദിവ്യചാപവുമാർന്ന,വൻ
പാരം സ്തുതനായ് പരമപുമാനെഴും
ഭൂരിതേജസ്സാൽ പരിപുഷ്ടികൈക്കൊണ്ടു
കാളതൻ തോളിലേറി ത്രിദശാന്വിതം,
ചീളെന്നു പശ്ചിമദിക്കിൽക്കടന്നഥ
നാനാവിഭവസമൃദ്ധമായീടിന
ദാനവന്മാർതൻ പുരം നിരോധിച്ചിതു. 15–16
രോമാഞ്ചമാക്കും ജനിക്കുംവിധമതി-
ഭീമമായീടുമപ്പോരിൽപ്പുരഞ്ജയൻ
നേരിട്ട ദൈത്യവൃന്ദത്തെയശേഷവും
തൂണീരകംവിട്ട കൊന്നൊടുക്കീടിനാൻ. 17
കല്പാന്തവഹ്നിപോലുൽബണമായിടും
തദ്ബാണപൂരം പതിക്കുമിടങ്ങളിൽ
നില്പാനശക്താതസുരരടക്കിലും
ക്ഷിപ്രംവെടിഞ്ഞു പാഞ്ഞെത്തി ഗേഹങ്ങ-
ളിൽ. 18
ഇത്ഥമാ രാജർഷി സശ്രീകമാം ദൈത്യ-
പത്തനാർത്ഥങ്ങളും ജയിച്ചിന്ദ്രനേകിനാൻ
അന്നുതൊട്ടാണിന്ദ്രവാഹാദിനാമങ്ങ-
ളന്നൃപന്നുണ്ടായിവന്നതും മന്നവാ! 19
അന്നരപാലന്റെ പുത്രനനേനസ്സു;
തന്നന്ദനൻ പൃഥു, തത്സുതനായതു
വിശ്വരന്ധ്യാഖ്യനാം, തത്സുതൻ ചന്ദ്രനും,
തത്സുതനത്രേ യുവനാശ്വമന്നവൻ. 20
ശാബസ്തനല്ലോ യുവനാശ്വപുത്ര,ന-
ബ്ഭൂപൻ രചിച്ചതാം ശാബസ്തിയാംപുരം.
ശാബസ്തജൻ ബൃഹദശ്വനാം, തത്സുതൻ
പേർപെററിടും കുവലയാശ്വകാഖ്യനാം. 21
ഏററം ബലിയാമവ,നുതങ്കഷിത-
ന്നിഷ്ടത്തിനായിരുപത്തിയോരായിരം
പുത്രരോടൊത്തു പോയ് ധുന്ധുവെന്നുള്ളൊരു
ദൈത്യവരനെത്തരസാ ഹനിച്ചിതേ. 22
ധുന്ധുമാരാഖ്യയുമായതു കാരണം
സന്ധിച്ചിരുന്നിതക്ഷോണീമണാളനിൽ.
ധുന്ധുവിന്നാനനവഹ്നിയിൽ തത്സുതർ
വെന്തുപോയ് മൂവരല്ലാത്തവരേവരും. 23
ജ്യേഷ്ഠനാകും ദൃഢാശ്വൻ കപിലാശ്വനും
ഭദ്രാശ്വനുമാണു മൂന്നുപേരസ്സുതർ.
ഹര്യശ്വനത്രേ ദൃഢാശ്വന്റെ നന്ദനൻ,
ഹര്യശ്വഭൂപതനയൻ നികുംഭനാം. 24
തത്തനയൻ ബർഹണാശ്വ,നവനുടെ
പുത്രൻ കൃശാശ്വാഭിധാനനുമാം നൃപാ!
സേനജിത്താണു തന്നന്ദനൻ, സേനജിത്-
സൂനുവല്ലോ യുവനാശ്വനരേശ്വരൻ.
ഭാര്യമാർ നൂറവനുണ്ടായിരുന്നിട്ടു-
മാരിലും സന്താനമുദ്ഭവിക്കായ്കയാൽ
കാന്തമാരോടുമൊന്നിച്ചു സന്തപ്തനായ്
കാന്താരമാർന്നു വസിച്ചീടിനാനവൻ. 25
കാരുണ്യമാർന്ന മഹർഷികളായതിൻ
കാരണംകണ്ടു മഹേന്ദ്രതുഷ്ടിക്കുടൻ
ഭൂകാന്തനെക്കൊണ്ടു പുത്രലാഭത്തിനായ്
യാഗം നടത്തിച്ചിതു വിധിപൂർവകം. 26
ദാഹാർത്തനായൊരു രാത്രിയവൻ യജ്ഞ-
ഗേഹം ഗമിച്ചു മഹീസുരരേവരും
നിദ്രയിലാണ്ടു കിടക്കുന്നതായ്ക്കണ്ടു
വിദ്രുതം നീരംകുടിച്ചു പോന്നീടിനാൻ.
പുത്രസങ്കല്പത്തിൽ മന്ത്രംജപിച്ചവി-
ടദ്വിജർ സൂക്ഷിച്ചതായിരുന്നജ്ജലം. 27
വിപ്രരെഴുന്നേററു പാത്രത്തിൽ വെള്ളമൊ-
രല്പവും കാണാഞ്ഞു രാജാവിനോടുടൻ
''പുരുഷസന്തതിക്കായുള്ളതാം മന്ത്ര-
നീരം കുടിച്ചതാ''രെന്നു ചോദിച്ചിതു. 28
ഈശ്വരപ്രേരിതനായണഞ്ഞധരാ-
ധീശ്വരൻതാനതു പാനംകഴിച്ചതായ്
പാർത്ഥഥ ഭൂസുരരദ്ഭുതമീശ്വര-
ശക്തിതാൻ ശക്തിയെന്നോർത്തു നമിച്ചിതേ. 29
പിന്നെസ്സമയമായപ്പോൾ യുവനാശ്വ-
മന്നന്റെ ദക്ഷിണകുക്ഷി പിളർന്നുടൻ
ജാതനായാനൊരു പുത്രനവനഥ
ഭൂതലത്തിൽ ചക്രവർത്തിയായ്ത്തീർന്നിതു. 30
ഇക്കുമാരൻ കരയുന്നു മുലപ്പാലി-
നാർക്കേകുമെന്നൃഷികൾ ചോദിക്കവേ,
യാഗത്തിലാരാധിതനാം സുരാധിപ-
''നേകിടാം ഞാൻ പാൽ കരയായ്ക വത്സ!
എന്നു പറഞ്ഞു തൻ ചൂണ്ടുവിരൽ നൃപ- [നീ''
നന്ദനൻതൻ വദനത്തിലർപ്പിച്ചിതു. 31
മാം ധാതാവെന്നു പറഞ്ഞുകൊണ്ടാവിര-
ലിന്ദ്രനക്കുഞ്ഞിൻ മുഖത്തിലർപ്പിക്കയാൽ
സന്ധിച്ചു മാന്ധാതൃനാമമബ്ബാലക-
നന്തമാർന്നീല, സുരദ്വിജപ്രീതിയാൽ.
പിന്നെയുവനാശ്വമന്നവനാവനം-
തന്നിൽ തപസ്സിനാൽ സിദ്ധിയാർന്നീടിനാൻ.
ആരെയാണാ രാവണാദിഘോരാസുര-
രേറെബ്ഭയപ്പെട്ടിരുന്നതങ്ങെപ്പൊഴും
വീരാഗ്ര്യനാകുമാമാന്ധാതൃഭൂപനു
പേരും ത്രസദ്ദസ്യുവെന്നിന്ദ്രനേകിനാൻ. 32–33
അച്യുതതേജസ്സിനാൽ പ്രഭുവായതി-
വിശ്രുതനായ മാന്ധാതൃമഹീപതി
സപ്തദ്വീപാന്വിതമാകും ധരിത്രിയെ-
യെപ്പേരുമേകനായ് പാലിച്ചു വേണ്ടപോൽ. 34
ആത്മതത്ത്വജ്ഞനായിട്ടുമവൻ സമ-
സ്താത്മകനായ് സർവദേവസ്വരൂപനാം
ശ്രീകാന്തനെബ്ഭൂരിദക്ഷിണായുക്തമാം
യാഗങ്ങളാൽ സമാരാധനംചെയ്തിതു. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്രവ്യം മന്ത്രോ വിധിര്യജ്ഞോ യജമാനസ്തഥർത്ത്വിജഃ
ധർമ്മോ ദേശശ്ച കാലശ്ച സർവ്വമേതദ്യദാത്മകം. 36

യാവത് സൂര്യ ഉദേതി സ്മ യാവച്ച പ്രതിതിഷ്ഠതി
സർവ്വം തദ്യൗവനാശ്വസ്യ മാന്ധാതുഃ ക്ഷേത്രമുച്യതേ. 37

ശശബിന്ദോർദുഹിതരി ബിന്ദുമത്യാമധാന്നൃപഃ
പുരുകുത്സമംബരീഷം മുചുകുന്ദം ച യോഗിനം
തേഷാം സ്വസാരഃ പഞ്ചാശത് സൗഭരിം വവ്രിരേ പതിം. 38

യമുനാന്തർജ്ജലേ മഗ്നസ്തപ്യമാനഃ പരന്തപഃ
നിർവൃതിം മീനരാജസ്യ വീക്ഷ്യ മൈഥുനധർമ്മിണഃ 39

ജാതസ്പൃഹോ നൃപം വിപ്രഃ കന്യാമേകാമയാചത
സോഽപ്യാഹ ഗൃഹ്യതാം, ബ്രഹ്മൻ, കാമം കന്യാ
സ്വയംവരേ. 40

സ വിചി,''ന്ത്യാപ്രിയം സ്ത്രീണാം ജരഠോഽയമസമ്മതഃ
വലീപലിത ഏജത്ക ഇത്യഹം പ്രത്യുദാഹൃതഃ. 41

സാധയിഷ്യേ തഥാഽഽത്മാനം സുരസ്ത്രീണാമഭീപ്സിതം
കിം പുനർമ്മനുജേന്ദ്രാണാമിതി വ്യവസിതഃ പ്രഭുഃ.'' 42

മുനിഃ പ്രവേശിതഃ ക്ഷത്ത്രാ കന്യാന്തഃപുരമൃദ്ധിമത്
വൃതശ്ച രാജകന്യാഭിരേകഃ പഞ്ചാശതാ വരഃ. 43

താസാം കലിരഭൂദ്ഭൂയാംസ്തദർത്ഥേഽപോഹ്യ സൗഹൃദം
മമാനുരൂപോ നായം വ ഇതി തദ്ഗതചേതസാം. 44

സ ബഹ്വൃചസ്താഭിരപാരണീയ-
തപഃശ്രിയാനർഘ്യപരിച്ഛദേഷു
ഗൃഹേഷു നാനോപവനാമലാംഭഃ-
സരസ്സു സൗഗന്ധികകാനനേഷു. 45

മഹാർഹശയ്യാസനവസ്ത്രഭൂഷണ-
സ്നാനാനുലേപാഭ്യവഹാരമാല്യകൈഃ
സ്വലംകൃതസ്ത്രീപുരുഷേഷു നിത്യദാ
രേമേഽനുഗായദ്ദ്വിജഭൃങ്ഗവന്ദിഷു. 46

യദ്ഗാർഹസ്ഥ്യം തു സംവീക്ഷ്യ സപ്തദ്വീപവതീപതിഃ
വിസ്മിതഃ സ്തംഭമജഹാത് സാർവ്വഭൗമശ്രിയാന്വിതം. 47

ഏവം ഗൃഹേഷ്വഭിരതോ വിഷയാൻ വിവിധൈഃ സുഖൈഃ
സേവമാനോ ന ചാതുഷ്യദാജ്യസ്തോകൈരിവാനലഃ. 48

സ കദാചിദുപാസീന ആത്മാപഹ്നവമാത്മനഃ
ദദർശ ബഹ്വൃചാചാര്യോ മീനസങ്ഗസമുത്ഥിതം. 49

''അഹോ ഇമം പശ്യത മേ വിനാശം
തപസ്വിനഃ സച്ചരിതവ്രതസ്യ
അന്തർജ്ജലേ വാരിചരപ്രസങ്ഗാത്
പ്രച്യാവിതം ബ്രഹ്മ ചിരം ധൃതം യത്. 50

സങ്ഗം ത്യജേത മിഥുനവ്രതിനാം മുമുക്ഷുഃ
സർവ്വാത്മനാ ന വിസൃജേദ് ബഹിരിന്ദ്രിയാണി
ഏകശ്ചരൻ രഹസി ചിത്തമനന്ത ഈശേ
യുഞ്ജീത തദ്വ്രതിഷു സാധുഷു ചേത് പ്രസങ്ഗഃ. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞവും ദ്രവ്യവും മന്ത്രം വിധികളും
യജ്ഞഫലപ്രദനും യജമാനനും

ഋത്വിക്കുകൾ കാലദേശങ്ങൾ ധർമ്മവും
സത്യത്തിലാരുടെ രൂപമാകുന്നുവോ,

ആ വാസുദേവഭഗവാനെയന്നൃപൻ
സർവാത്മഭാവത്തൊടും സമർച്ചിച്ചിതു. 36

സൂര്യോദയാസ്തമയാചലങ്ങൾക്കകം
ചേരുന്ന പാരിന്നധീശനായാനവൻ. 37

ഇന്നൃപനശ്ശശബിന്ദുവിൻ പുത്രിയാം
ബിന്ദുമതിയിലുണ്ടായി സുതത്രയം

ഏകൻ പുരുകുത്സ,നംബരീഷൻ പിന്നെ
യോഗി മുചുകുന്ദനുമാണു മൂന്നുപേർ.

അൻപത്തു സോദരിമാരുണ്ടിവർക്കവ-
രൻപതും സൗഭരിയെ വരിച്ചീടിനാർ. 38

കാളിന്ദിതൻ ജലമദ്ധ്യത്തിൽ മഗ്നനായ്
കാലം തപസ്സാചരിക്കുമസ്സൗഭരി

താനേ നിരീക്ഷിച്ച മൈഥുനത്താലൊരു
മീനരാജാവിയന്നീടുന്ന നിർവൃതി. 39

മൈഥുനകാംക്ഷയോടക്ഷണം സൗഭരി
സാദരം മാന്ധാതൃസന്നിധിയിൽ ചെന്നു

കന്യയേയേകുവാനർത്ഥിക്കവേ നൃപൻ
ചൊന്നാൻ സ്വയംവരത്തിൽ സ്വീകരിക്കു-
വാൻ. 40

''ഞാൻ പടുവൃദ്ധൻ, നരയും ചുളികളു-
മെമ്പാടുമാർന്നോൻ, തല വിറയ്ക്കുന്നവൻ

മങ്കമാർ കാമിക്കയില്ലെന്നെ,യെന്നല്ല
കാൺകിലുടൻതാൻ നിരാകരിക്കും ദൃഢം.

എന്നതോർത്തെന്നെ നിന്ദിക്കുവാനായ് നൃപൻ
ചൊന്നതത്രേയീസ്സ്വയംവരത്തിൻ കഥ. 41

ദാനവസ്ത്രീകളുമാഗ്രഹിക്കുംവിധം
ഞാനൊരു സുന്ദരനായ്ചമഞ്ഞീടുവൻ.

പിന്നെ നരവരകന്യകമാർക്കാശ-
വന്നീടുമെന്നതിലില്ലൊരു സംശയം.'' 42

എന്നോർക്കെയാവിധമായ്ത്തീർന്നൊരാമുനി-
തന്നെ നൃപാജ്ഞയാൽ രാജപ്രതിനിധി

വന്നു കൂട്ടിക്കൊണ്ടുപോയിസ്സമൃദ്ധമാം
കന്യകാന്തഃപുരംതന്നിലാക്കീടിനാൻ

അൻപത്തു കന്യകമാരുമനന്യനെ-
യമ്പോടു കാമിച്ചു കാന്തനാക്കീടിനാർ. 43

സുന്ദരനാമമ്മുനിയിലിഴിയൻപത്തു
കന്യകമാരും മനമൂന്നിയൊന്നുപോൽ.

സുന്ദരിയാകുമെനിക്കനുരൂപനി-
ഛന്യൻ നിനക്കനുയോജ്യനല്ലേതുമേ

അന്യോന്യമേവം പറഞ്ഞും പിണങ്ങിയും
മന്യു വളർന്നു കലഹം ഭവിച്ചിതു. 44

അന്തമററുടും തപഃപ്രഭാവത്തൊടു
മന്ത്രസംസിദ്ധിയുമാളുമസ്സൗഭരി

ചിന്തിച്ചമാത്രയിൽത്താൻ തടവെന്നിയേ
സന്ധിച്ചിതു സർവഭോഗവസ്തുക്കളും.

നാനാതരോപവനങ്ങൾ സൗഗന്ധിക-
സൂനങ്ങളാർന്നു വിമലജലാഢ്യമായ്

ഭൃങ്ഗവിഹംഗമവന്ദികളെപ്പൊഴും
ഭംഗിയായ് ഗാനംതുടരും സരസ്സുകൾ,

നാനാവിശിഷ്ടശയ്യാസനഭൂഷണ-
സ്നാനാനുലേപനഭക്ഷ്യമാല്യാദികൾ

ചേർന്നിട്ടനല്പപരിച്ഛദവൃന്ദസം-
പൂർണ്ണമായീടും മനോജ്ഞസൗധാവലി.

ഭാസുരവസ്ത്രവിഭൂഷണാലംകൃത-
ദാസികൾ, വേണ്ടുന്ന കിങ്കരസംഘവും

എല്ലാമിണങ്ങിടും ക്രീഡാസ്ഥലങ്ങളിൽ
മല്ലാക്ഷിമാരോടുമൊത്തു രമിച്ചിതേ. 45-46

സൗഭരിതൻ ഗൃഹസ്ഥാശ്രമം കണ്ടിട്ടു
ഭൂപേന്ദ്രനായ മാന്ധാതാവുമേററവും

അദ്ഭുതപ്പെട്ടടനെന്റെ വിഭൂതിക-
ളല്പിതമെന്നോർത്തു ഗർവം വെടിഞ്ഞിതു. 47

ഇത്തരമൻപതുഭാര്യമാരൊത്തു സ-
മൃദ്ധസുഖസാധനാന്വിതനായ് സദാ

ഗേഹാശ്രമതത്പരനായ് വിഷയങ്ങൾ
മോഹിച്ചു സേവിച്ചുകൊണ്ടിരുന്നീടിലും

തൃപ്തനായ് സന്തുഷ്ടിയാർന്നീല സൗഭരി,
നെയ്ത്തുള്ളികൾകൊണ്ടു വീതിഹോത്രൻ-
വിധം. 48

നാനാവിധമന്ത്രദ്രഷ്ടാവവനഥ
മാനസശാന്തികലർന്നിരുന്നോരുനാൾ

മീനസമാഗമംമൂലം നിജതപോ-
ഹാനി തനിക്കു ഭവിച്ചെന്നു കണ്ടിതു. 49

''കഷ്ടം! സദാചാരനിഷ്ഠയോടും തപ-
സ്സൊട്ടേറെനാൾ ഞാനനുഷ്ഠിച്ചതിൻ ഫലം

പെട്ടെന്നു മീനസങ്ഗത്തിനാലീവിധം
നഷ്ടമായ്പോയതു കാണ്മിൻ ജനങ്ങളേ! 50

ദമ്പതിമാരുമായുള്ള സങ്ഗം മോക്ഷ-
സമ്പാദനേച്ഛുക്കൾ സന്ത്യജിക്കേണ്ടതാം.

ഇന്ദ്രിയൗഘത്തെപ്പുറത്തുവിടാതെ, യേ-
കാന്തചരനായനന്തനാമീശനിൽ

ചേതസ്സുറപ്പിച്ചുകൊള്ളണം സങ്ഗമം
സാധുജനത്തോടു മാത്രമായീടണം. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകസ്തപസ്വ്യഹമഥാംഭസി മത്സ്യസങ്ഗാത്
പഞ്ചാശദാസമുത പഞ്ചസഹസ്രസർഗ്ഗഃ
നാന്തം വ്രജാമ്യുഭയകൃത്യമനോരഥാനാം
മായാഗുണൈർഹൃതമതിർവിഷയേഽർത്ഥഭാവഃ.'' 52

ഏവം വസൻ ഗൃഹേ കാലം വിരക്തോ ന്യാസമാസ്ഥിതഃ
വനം ജഗാമാനുയയുസ്തത്പത്ന്യഃ പതിദേവതാഃ. 53

തത്ര തപ്ത്വാ തപസ്തീക്ഷ്ണമാത്മകർഷണമാത്മവാൻ
സഹൈവാഗ്നിഭിരാത്മാനം യുയോജ പരമാത്മനി. 54

താഃ സ്വപത്യുർമ്മഹാരാജ, നിരീക്ഷ്യാധ്യാത്മികീം ഗതിം
അന്വീയുസ്തത്പ്രഭാവേന അഗ്നിം ശാന്തമിവാർച്ചിഷഃ. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
സൗഭര്യാഖ്യാനേ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ശ്രീശുക ഉവാച

മാന്ധാതുഃ പുത്രപ്രവരോ യോഽംബരീഷഃ പ്രകീർത്തിതഃ
പിതാമഹേന പ്രവൃതോ യൗവനാശ്വശ്ച തത്സുതഃ
ഹാരീതസ്തസ്യ പുത്രോഽഭൂന്മാന്ധാതൃപ്രവരാ ഇമേ. 1

നർമ്മദാ ഭ്രാതൃഭിർദ്ദത്താ പുരുകുത്സായ യോരഗൈഃ
തയാ രസാതലം നീതോ ഭുജഗേന്ദ്രപ്രയുക്തയാ. 2

ഗന്ധർവ്വാനവധീത് തത്ര വധ്യാൻ വൈ വിഷ്ണുശക്തിധൃക്
നാഗാല്ലബ്ധവരഃ സർപ്പാദഭയം സ്മരതാമിദം. 3

ത്രസദ്ദസ്യുഃ പൗരുകുത്സോ യോഽനരണ്യസ്യ ദേഹകൃത്
ഹര്യശ്വസ്തത്സുതസ്തസ്മാദരുണോഽഥ ത്രിബന്ധനഃ. 4

തസ്യ സത്യവ്രതഃ പുത്രസ്ത്രിശങ്കുരിതി വിശ്രുതഃ
പ്രാപ്തശ്ചാണ്ഡാലതാം ശാപാദ്ഗുരോഃ കൗശികതേജസാ. 5

സശരീരോ ഗതഃ സ്വർഗ്ഗമദ്യാപി ദിവി ദൃശ്യതേ
പാതിതോഽവാക്ശിരാ ദേവൈസ്തേനൈവ സ്തംഭിതോ
ബലാത്. 6

ത്രൈശങ്കവോ ഹരിശ്ചന്ദ്രോ വിശ്വാമിത്രവസിഷ്ഠയോഃ
യന്നിമിത്തമഭൂദ്യുദ്ധം പക്ഷിണോർബ്ബഹുവാർഷികം. 7

സോഽനപത്യോ വിഷണ്ണാത്മാ നാരദസ്യോപദേശതഃ
വരുണം ശരണം യാതഃ ''പുത്രോ മേ ജായതാം പ്രഭോ! 8

യദി വീരോ മഹാരാജ! തേനൈവ ത്വാം യജേ'' ഇതി
തഥേതി വരുണേനാസ്യ പുത്രോ ജാതസ്തു രോഹിതഃ. 9

''ജാതഃ സുതോ ഹ്യനേനാങ്ഗ മാം യജ''സ്വേതി സോഽ-
ബ്രവീത്
യദാ പശുർന്നിർദ്ദശഃ സ്യാദഥ മേധ്യോ ഭവേദിതി. 10

നിർദ്ദശേ ച സ ആഗത്യ യജസ്വേത്യാഹ സോഽബ്രവീത്
''ദന്താഃ പശോര്യജ്ജായേരന്നഥ മേധ്യോ ഭവേ''ദിതി. 11

ജാതാ ദന്താ യജസ്വേതി സ പ്രത്യാഹാഥ സോഽബ്രവീത്
''യദാ പതന്ത്യസ്യ ദന്താ അഥ മേധ്യോ ഭവേ''ദിതി. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാനേകനായിത്തപസ്സാചരിച്ചിതൊ-
ന്ദ്രുനമെന്യേ ചിരം നീരനിമഗ്നനായ്
വാരിചരമൈഥുനനിർവൃതി കണ്ടു
മാരപരവശനായ്ച്ചമഞ്ഞീടിനേൻ
അൻപതുനാരിമാരേ വേട്ടൊരേകാല-
മൻപതിനേയും രമിപ്പിച്ചുകൊള്ളുവാൻ.
അൻപതായ്പ്പിന്നെയവരിലോരോന്നിലു-
മൻപോടു പുത്രരൂപത്തിൽ ശതംവീതം
അയ്യായിരമാ,യിഹപരകൃത്യങ്ങൾ
ചെയ്യേണ്ടതെന്തെന്നറിയാതുഴലുന്നു.
മായാഗുണഹൃതഹൃത്തായ് പുരുഷാർത്ഥ-
മായോർത്തുപോയേൻ വിഷയങ്ങളെയ-
ഹോ!'' 52

കാലം വളരെയായ് ഗാർഹസ്ഥ്യവൃത്തിയെ-
യാളുമസ്സൗഭരിയിത്തരം ചിന്തയാൽ
പിന്നെ വിഷയവിരക്തനായ് കർമ്മങ്ങ-
ളൊന്നായ് ത്യജിച്ചു സതീമൗക്തികങ്ങളാം
തന്നുടെ ദാരങ്ങളോടൊത്തു കാനനം-
തന്നിൽ ഗമിച്ചാൻ തപസ്സാചരിക്കുവാൻ. 53
തത്ത്വജ്ഞനാമവനങ്ഗം മെലിയുമാ-
റത്യന്തതീക്ഷ്ണതപസ്സനുഷ്ഠിച്ചഥ
ആത്മാവിനേയഗ്നികളോടുമപ്പര-
മാത്മാവുതന്നിലങ്ങാലയിപ്പിച്ചിതു. 54
സാധ്വികൾ കാന്തമാർ ഭർത്തൃസായുജ്യത്തെ-
യത്തപ്വിലീക്ഷിച്ചു തത്പ്രഭാവത്തിനാൽ
ശാന്തമാമഗ്നിയെ ജ്വാലകൾമട്ടില-
ക്കാന്തനെപ്പെട്ടെന്നനുഗമിച്ചീടിനാർ. 55

അദ്ധ്യായം 7

ഹരിശ്ചന്ദ്രോപാഖ്യാനം

ശ്രീശുകൻ പറഞ്ഞു

മാന്ധാതൃപുത്രവരനംബരീഷനും
സ്വന്തം പിതാമഹനാൽ സുതനെന്നപോൽ
സ്വീകൃതനാകയാൽ മദ്ധ്യമനെങ്കിലും
ലോകപ്രസിദ്ധനായ്ത്തീർന്നു മഹാമതേ!
തത്തനയൻ യൗവനാശ്വനവനുടെ
പുത്രനാം ഹാരീതനെന്ന ധരാധവൻ
ഏവമാമാന്ധാതൃവംശജന്മാരിലീ-
മൂവരുമാണതിവിഖ്യാതരായവർ. 1
നാഗാങ്ഗന നർമ്മദയെപ്പുരുകുത്സ-
ഭൂപാലനായ്ത്തത്സഹോദരരേകിനാർ.
ഭ്രാതൃപ്രചോദിതയായവനേയവൾ
പാതാളലോകത്തു കൊണ്ടുപോയീടിനാൾ. 2
വേണ്ടും ഭഗവദനുഗ്രഹമുള്ളതു-
കൊണ്ടശ്രമം പുരുകുത്സൻ വധാർഹരാം
ഗന്ധർവ്വരെക്കൊന്നൊടുക്കിയതു കണ്ടു
സന്തുഷ്ടരായ നാഗങ്ങളിൽനിന്നുടൻ
സർപ്പഭയമിച്ചരിതമോർക്കുന്നവ-
ർക്കില്ലവുമെത്താത്തതാം വരം വാങ്ങിനാൻ. 3
അപ്പുരുകുത്സന്റെ പുത്രൻ ത്രസദ്ദസ്യു
തത്പുത്രനാണനരണ്യ,നവന്നെഴും
സൂനു ഹര്യശ്വനാം, ഹര്യശ്വനന്ദനൻ-
താനരുണൻ, തൽസുതനാം ത്രിബന്ധനൻ. 4
സത്യവ്രതൻതാൻ ത്രിബന്ധനനന്ദനൻ,
കീർത്തിച്ചിടുന്നുണ്ടവനെ ത്രിശങ്കുവായ്.
ചണ്ഡാലനായ് ഗുരുശാപത്തിനാലവൻ
പിന്നെ വിശ്വാമിത്രമാമുനിപ്രാഭവാൽ
സ്വർഗ്ഗതനായാൻ വപുസ്സോടും നക്ഷത്ര-
മാർഗ്ഗത്തിലിന്നുമവനെയീക്ഷിച്ചിടാം.
ചണ്ഡാലമെയ്യോടും വിണ്ണേറുകയാലെ
വിണ്ണോർ തലകുത്തിയിട്ടു കീഴോട്ടുടൻ
വിണ്ണു വേറൊന്നു ചമയ്ക്കുവാനമ്മുനി-
യുന്നിയതിന്നു തുനിഞ്ഞനേരം സുരർ
ഭീതരായ് സ്വർഗ്ഗലോകത്തവൻ വാഴുവാൻ
സാദരം സമ്മതിച്ചിട്ടുണ്ടു വാഴ്കയാം. 5-6
കീർത്തനീയൻ ഹരിശ്ചന്ദ്രൻ ത്രിശങ്കുവിൻ-
പുത്രനാണന്നൃപൻമൂലം വസിഷ്ഠനും
കൗശികനും പക്ഷികളായ് പരസ്പരം
വർഷസംഖ്യം തുടർന്നു പോരാടിനാർ. 7
സന്താനമുണ്ടായിടാഞ്ഞതുമൂലമായ്
സന്താപമഗ്നനായ്ത്തീർന്നിതബ്ഭൂവരൻ
നാരദവാക്യാനുസാരം ജലേശനെ
നേരേ ശരണംഗമിച്ചു ചൊല്ലീടിനാൻ:
''ഈശാ! ഭവാൻ കനിവാർന്നാശു സന്താന-
മാശിക്കുമെന്നെയനുഗ്രഹിച്ചീടണം. 8
ഹേ പ്രഭോ! വീരതനയനുണ്ടാവുകി-
ലപ്പുത്രനെക്കൊണ്ടുതന്നെ ഭവാനെ ഞാൻ
യാഗം നടത്തിയർച്ചിച്ചിടാം'' പാശിയു-
മാകട്ടെയെന്നായ് ജനിച്ചതാം രോഹിതൻ. 9
പ്രത്യക്ഷനായ് പാശി ചൊല്ലിനാനെന്നെ
നിൻ-
പുത്രനെക്കൊണ്ടു യജിപ്പിക്കുകെന്നുടൻ
പത്തുദിനം കഴിയട്ടെ സുതൻ പരി-
ശുദ്ധനാകട്ടെയെന്നോതി ധരാധവൻ. 10
പത്തുദിവസം കഴിഞ്ഞു ജലാധിപ-
നെത്തവേ, ''പല്ലുകളങ്കുരിച്ചീടാതെ
യാഗപശുവാകുവാനെന്മകൻ ശുദ്ധ-
നാകയി''ല്ലെന്നു ചൊന്നാൻ ഹരിശ്ചന്ദ്രനും. 11
പല്ലു മുളയ്ക്കവേ, വന്നു യജിക്കുവാൻ
ചൊല്ലിയ പാശിയോടന്നരപാലകൻ
''പല്ലു കിളിച്ചാലതു കൊഴിഞ്ഞെങ്കിലേ-
യുള്ളൂ പരിശുദ്ധി''യെന്നായി പിന്നെയും. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''പശോർന്നിപതിതാ ദന്താ യജ''സ്വേത്യാഹ സോഽബ്രവീത്
''യദാ പശോഃ പുനർദ്ദന്താ ജായന്തേഽഥ പശുഃ ശുചിഃ'' 13
''പുനർജ്ജാതാ യജ''സ്വതി സ പ്രത്യാഹാഥ സോഽബ്രവീത്
''സാന്നാഹികോ യദാ, രാജൻ, രാജന്യോഽഥ പശുഃ ശുചിഃ'' 14
ഇതി പുത്രാനുരാഗേണ സ്നേഹയന്ത്രിതചേതസാ
കാലം വഞ്ചയതാ തം തമുക്തോ ദേവസ്തമൈക്ഷത. 15
രോഹിതസ്തദഭിജ്ഞായ പിതുഃ കർമ്മ ചികീർഷിതം
പ്രാണപ്രേപ്സുർധനുഷ്പാണിരരണ്യം പ്രത്യപദ്യത. 16
പിതരം വരുണഗ്രസ്തം ശ്രുത്വാ ജാതമഹോദരം
രോഹിതോ ഗ്രാമമേയായ തമിന്ദ്രഃ പ്രത്യഷേധത. 17
ഭൂമേഃ പര്യടനം പുണ്യം തീർത്ഥക്ഷേത്രനിഷേവണൈഃ
രോഹിതായാദിശച്ഛക്രഃ സോഽപ്യരണ്യേഽവസത് സമാം. 18
ഏവം ദ്വിതീയേ തൃതീയേ ചതുർത്ഥേ പഞ്ചമേ തഥാ
അഭ്യേത്യാഭ്യേത്യ സ്ഥവിരോ വിപ്രോ ഭൂത്വാഽഽഹ വൃത്രഹാ. 19
ഷഷ്ഠം സംവത്സരം തത്ര ചരിത്വാ രോഹിതഃ പുരീം
ഉപവ്രജന്നജീഗർത്താദക്രീണാന്മധ്യമം സുതം.
ശുനഃശേഫം പശും പിത്രേ പ്രദായ സമവന്ദത. 20
തതഃ പുരുഷമേധേന ഹരിശ്ചന്ദ്രോ മഹായശാഃ
മുക്തോദരോഽയജദ്ദേവാൻ വരുണാദീൻ മഹത്കഥഃ. 21
വിശ്വാമിത്രോഽഭവത് തസ്മിൻ ഹോതാ ചാധ്വര്യുരാത്മവാൻ
ജമദഗ്നിരഭൂദ്ബ്രഹ്മാ വസിഷ്ഠോഽയാസ്യസാമഗഃ. 22
തസ്മൈ തുഷ്ടോ ദദാവിന്ദ്രഃ ശാതകൗംഭമയം രഥം.
ശുനഃശേഫസ്യ മാഹാത്മ്യമുപരിഷ്ടാത് പ്രചക്ഷ്യതേ. 23
സത്യസാരാം ധൃതിം ദൃഷ്ട്വാ സഭാര്യസ്യ ച ഭൂപതേഃ
വിശ്വാമിത്രോ ഭൃശം പ്രീതോ ദദാവവിഹതാം ഗതിം. 24
മനഃ പൃഥിവ്യാം താമദ്ഭിസ്തേജസാപോഽനിലേന തത്.
ഖേ വായും ധാരയംസ്തച്ച ഭൂതാദൗ തം മഹാത്മനി
തസ്മിൻ ജ്ഞാനകലാം ധ്യാത്വാ തയാജ്ഞാനം വിനിർദ്ദഹൻ. 25
ഹിത്വാ താം സ്വേന ഭാവേന നിർവ്വാണസുഖസംവിദാ
അനിർദ്ദേശ്യാപ്രതർക്ക്യേണ തസ്ഥൗ വിധ്വസ്തബന്ധനഃ. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഹരിശ്ചന്ദ്രോപാഖ്യാനം നാമ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

ശ്രീശുക ഉവാച
ഹരിതോ രോഹിതസുതശ്ചമ്പസ്തസ്മാദ്വിനിർമ്മിതാ
ചമ്പാപുരീ സുദേവോഽതോ വിജയോ യസ്യ ചാത്മജഃ. 1
ഭരുകസ്തത്സുതസ്തസ്മാദ് വൃകസ്തസ്യാപി ബാഹുകഃ
സോഽരിഭിർഹൃതഭൂ രാജാ സഭാര്യോ വനമാവിശത്. 2
വൃദ്ധം തം പഞ്ചതാം പ്രാപ്തം മഹിഷ്യനു മരിഷ്യതീ
ഔർവ്വേണ ജാനതാഽഽത്മാനം പ്രജാവന്തം നിവാരിതാ. 3
ആജ്ഞായാസ്യൈ സപത്നീഭിർഗരോ ദത്തോഽന്ധസാ സഹ
സഹ തേനൈവ സംജാതഃ സഗരാഖ്യോ മഹായശാഃ. 4
സഗരശ്ചക്രവർത്ത്യാസീത് സാഗരോ യത്സുതൈഃ കൃതഃ
യസ്താലജങ്ഘാൻ യവനാഞ്ഛകാൻ ഹൈഹയബർബ്ബരാൻ
അവധീദ് ഗുരുവാക്യേന ചക്രേ വികൃതവേഷിണഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദന്തങ്ങളെല്ലാം കൊഴിഞ്ഞപ്പൊഴും പാശി–
''യെന്താ തടസ്ഥമിനി''യെന്നു ചൊല്ലവേ
''രണ്ടാമതും യാഗഗോവിനു പല്ലുക–
ളുണ്ടായിടാതില്ല ശുദ്ധി''യെന്നാൻ നൃപൻ. 13
അപ്പൊഴും വന്നു വരുണനർച്ചിക്കവാൻ
നിർബന്ധപൂർവം കഥിക്കവേ ഭൂമിപൻ
ക്ഷത്രിയനായിടും യാഗപശുവിനു
ശുദ്ധിഭവിക്കണമെന്നാകിലായവൻ
ബദ്ധപരികരനായ്ക്കവചം പൂണ്ടു
യുദ്ധസന്നദ്ധനാകേണമെന്നോതിനാൻ. 14
പുത്രാഭിവൃദ്ധിയിലേററമനുരക്ത–
ചിത്തനാം ഭൂപന്റെയിപ്പതിവാക്കുകൾ
സത്യമെന്നോർത്തിട്ടമർത്ത്യൻ ജലാധിപൻ
കാത്തിരുന്നീടിനാനബ്ദുവൊക്കെയും. 15
രോഹിതൻ പ്രാപ്തനായ് തന്നെ വരുണനാ–
യാഹുതിചെയ്യാൻ പിതാവിന്റെ നിശ്ചയം
നേരേധരിച്ചു തൻ പ്രാണരക്ഷാർത്ഥമാ–
യാരണ്യമാന്നാൻ ധനുഷ്പാണിയായുടൻ. 16
രുഷ്ടനാം പാശി ബാധിച്ചു മഹോദര–
ക്ലിഷ്ടനായ്ത്തീർന്നു നിജപിതാവെന്നവൻ
കേട്ടു പുരത്തിലേക്കായ് പുറപ്പെട്ടിടും–
ഘട്ടത്തിലിന്ദ്രൻ തടുത്തുനിർത്തീടിനാൻ. 17
''പുണ്യതീർത്ഥക്ഷേത്രസേവനം ചെയ്തു നീ
മന്നിടം ചുററിച്ചരിക്കുവതേററവും
പുണ്യ''മെന്നുള്ള സുരേശവാക്യത്തിനാൽ
പിന്നെയുമോരാണ്ടരണ്യത്തിൽ വാണിതു. 18
ഈവിധമഞ്ചുവർഷംവരെയും ധരാ–
ദേവവൃദ്ധാകൃതിപൂണ്ടു സുരേശ്വരൻ
ചെന്നാണ്ടുതോറും പുരപ്രവേശാശയിൽ
നിന്നുമവനെബ്ബലമായ് തടഞ്ഞിതു. 19
ആറാമതാമാണ്ടടവിയിൽ സഞ്ചരി–
ച്ചാരോഹിതൻ തൻ പുരിയിലെത്തീടിനാൻ.
തേടിയജീഗർത്തമധ്യമപുത്രനാ–
യീടും ശുനശ്ശേഫനെ വിലയ്ക്കേററുടൻ
ഗോവായ് പിതാവിനു നല്കി വണങ്ങിനാൻ.
ഭൂവരൻ പിന്നെപ്പുരുഷമേധത്തിനാൽ
നേരേ വരുണാദിദേവപ്രധാനരെ–
യാരാധനചെയ്തൊഴിച്ചാൻ മഹോദരം,
സത്തുക്കൾ കീർത്തിച്ചിടും സച്ചരിതത്തൊ–
ടൊത്ത ഹരിശ്ചന്ദ്രനേററവും കീർത്തിമാൻ.
20–21
അദ്ധ്വരമായതിൽ ഹോതാവു കൗശിക–
നദ്ധ്വര്യുവാത്മവാനാം ജമദഗ്നിയും
ആയാസ്യനെന്ന മഹർഷിയുദ്ഗാതാവു–
മായിരുന്നാൻ വിധാതാവായ് വസിഷ്ഠനും. 22
തുഷ്ടനായിന്ദ്രൻ സുവർണ്ണമയം രഥം
പെട്ടെന്നു ഭൂപനു ദാനമായേകിനാൻ.
ചൊല്ലുവൻ മേലിൽ ശുനശ്ശേഫമാഹാത്മ്യ–
മെല്ലാം വിവരിച്ചു ചൊല്ലെഴും ഭൂപതേ! 23
ഉത്തമപത്നീയുതൻ ഹരിശ്ചന്ദ്രന്റെ
സത്യബലധീരത കണ്ടു തുഷ്ടനായ്
ശാശ്വതമായിടും ജ്ഞാനസമ്പത്തങ്ങു
കൗശികമാമുനി ദാനമായേകിനാൻ.
മാനസം ഭൂവിലും, ഭൂവംബുവിലു, മ–
ന്യൂനം ജലമഗ്നിതന്നിലും, തേജസ്സു
വായുവിലും, തഥാ വായു നഭസ്സിലു–
മായതു ഭൂതാദിതന്നിലുമാവിധം
ഭൂതാദിയെ മഹത്തത്ത്വത്തിലു, മതു
ബോധകലയിലും ധ്യാനത്തിനാൽ പരം
ആലയിപ്പിച്ചു വിവേകാവരണവും
ചാലെദ്ദഹിപ്പിച്ചനന്തരം ധ്യാനവും
സന്ത്യജിച്ചാക്കമേ വാങ്മാനസങ്ങളാൽ
ചിന്തിക്കുവാനുമോതാനുമാവാത്തതാം
സന്തതാനന്ദചിദാത്മകമായിടും
സ്വാന്തരൂപത്തിൽ സ്ഥിതനായ് വിളങ്ങിനാൻ.
24–26

അദ്ധ്യായം 8

സഗരചരിതം

ശ്രീശുകൻ പറഞ്ഞു

രോഹിതപുത്രൻ ഹരിതൻ, ഹരിതജൻ
സ്നേഹമതേ! ചമ്പനെന്ന മഹീപതി
തത്കൃതമാണു പേർപെററ ചമ്പാപുരി,
ചൊല്ലൊണ്ടിടുന്ന സുദേവനാം തത്സുതൻ.
തത്പുത്രനല്ലോ വിജയൻ, ഭരുകൻ ത–
ദർഭകൻ, തത്തനൂജൻ വൃകൻ, തത്സുതൻ
ബാഹുകൻ, ശത്രുവൃന്ദത്താൽ സ്വമേദിനി–
യാഹൃതമായ് വനമാന്നാൻ സഭാര്യനായ്. 1–2
വൃദ്ധനവനാവനത്തിൽ കിടന്നങ്ങു–
ചത്താനനുമൃതിക്കായൊരുമ്പെട്ടിടും
തത്പത്നിയെഗ്ഗർഭിണിയെന്നു കാൺകയാ–
ലപ്പൊഴേയൗർവ്വൻ തടഞ്ഞിതസ്സാഹസം. 3
ഗർഭിണിയാണെന്നറിഞ്ഞു ശത്രുസ്ത്രീക–
ളുപ്പെണ്മണിക്കു വിഷാന്നം കൊടുത്തിതു.
ആ വിഷത്തോടു ജനിച്ചു പുകഴ്പൂണ്ട
ഭൂവാസവനാം സഗരൻ മഹാശയൻ. 4
ചക്രവർത്തിത്വം സഗരനാർന്നീടിനാൻ,
ചൊല്ലൊണ്ട തത്സുതർ നിർമ്മിച്ചു സാഗരം.
ചാലേ ഗുരുവാകുമൗർവ്വന്റെ ചൊല്ലിനാൽ
താലജംഘാഖ്യരാം ക്ഷത്രിയന്മാരെയും
ഘോരയവനശകഹൈഹയരെയും
വീരൻ വധിച്ചിതു ബർബരന്മാരെയും
പിന്നെച്ചിലർക്കു വൈരൂപ്യമണച്ചിട്ടു
കൊന്നിടാതന്നൃപൻ വിട്ടയച്ചീടിനാൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുണ്ഡാൻ ശ്മശ്രുധരാൻ കാംശ്ചിന്മുക്തകേശാർദ്ധമുണ്ഡിതാൻ
അനന്തർവ്വാസസഃ കാംശ്ചിദബഹിർവ്വാസസോഽപരാൻ. 6
സോഽശ്വമേധൈരയജത സർവ്വവേദസുരാത്മകം
ഔർവ്വോപദിഷ്ടയോഗേന ഹരിമാത്മാനമീശ്വരം. 7
തസ്യോത്സൃഷ്ടം പശും യജ്ഞേ ജഹാരാശ്വം പുരന്ദരഃ
സുമത്യാസ്തനയാ ദൃപ്താഃ പിതുരാദേശകാരിണഃ
ഹയമന്വേഷമാണാസ്തേ സമന്താന്ന്യഖനൻ മഹീം. 8
പ്രാഗുദീച്യാം ദിശി ഹയം ദദൃശുഃ കപിലാന്തികേ
''ഏഷ വാജിഹരശ്ചൗര ആസ്തേ മീലിതലോചനഃ 9
ഹന്യതാം ഹന്യതാം പാപ'' ഇതി ഷഷ്ടിസഹസ്രിണഃ
ഉദായുധാ അഭിയയുരുന്മിമേഷ തദാ മുനിഃ. 10
സ്വശരീരാഗ്നിനാ താവന്മഹേന്ദ്രഹൃതചേതസഃ
മഹദ്വ്യതിക്രമഹതാ ഭസ്മസാദഭവൻ ക്ഷണാത്. 11

ന സാധുവാദോ മുനികോപഭർജ്ജിതാ
നൃപേന്ദ്രപുത്രാ ഇതി സത്ത്വധാമനി
കഥം തമോ രോഷമയം വിഭാവ്യതേ
ജഗത്പവിത്രാത്മനി ഖേ രജോ ഭുവഃ. 12
യസ്യേരിതാ സാംഖ്യമയീ ദൃഢേഹ നൗ-
ര്യയാ മുമുക്ഷുസ്തരതേ ദുരത്യയം
ഭവാർണ്ണവം മൃത്യുപഥം വിപശ്ചിതഃ
പരാത്മഭൂതസ്യ കഥം പൃഥങ്മതിഃ. 13

യോഽസമഞ്ജസ ഇത്യുക്തഃ സ കേശിന്യാ നൃപാത്മജഃ
തസ്യ പുത്രോംഽശുമാൻ നാമ പിതാമഹഹിതേരതഃ. 14
അസമഞ്ജസ ആത്മാനം ദർശയന്നസമഞ്ജസം
ജാതിസ്മരഃ പുരാ സങ്ഗാദ്യോഗീ യോഗാദ്വിചാലിതഃ. 15
ആചരൻ ഗർഹിതം ലോകേ ജ്ഞാതീനാം കർമ്മ വിപ്രിയം
സരയ്വാം ക്രീഡതോ ബാലാൻ പ്രാസ്യദുദ്വേജയഞ്ജനം. 16
ഏവംവൃത്തഃ പരിത്യക്തഃ പിത്രാ സ്നേഹമപോഹ്യ വൈ
യോഗൈശ്വര്യേണ ബാലാംസ്താൻ ദർശയിത്വാ തതോ യയൗ. 17
അയോധ്യാവാസിനഃ സർവ്വേ ബാലകാൻ പുനരാഗതാൻ
ദൃഷ്ട്വാ വിസിസ്മിരേ, രാജൻ, രാജാ ചാപ്യന്വതപ്യത. 18
അംശുമാംശ്ചോദിതോ രാജ്ഞാ തുരംഗാന്വേഷണേ യയൗ
പിതൃവ്യഖാതാനുപഥഃ ഭസ്മാന്തി ദദൃശേ ഹയം. 19
തത്രാസീനം മുനിം വീക്ഷ്യ കപിലാഖ്യമധോക്ഷജം
അസ്തൗത് സമാഹിതമനാഃ പ്രാഞ്ജലിഃ പ്രണതോ മഹാൻ. 20

അംശുമാനുവാച

ന പശ്യതി ത്വാം പരമാത്മനോഽജനോ
ന ബുധ്യതേഽദ്യാപി സമാധിയുക്തിഭിഃ
കുതോഽപരേ തസ്യ മനഃശരീരധീ-
വിസർഗ്ഗസൃഷ്ടാ വയമപ്രകാശാഃ. 21
യേ ദേഹഭാജസ്ത്രിഗുണപ്രധാനാ
ഗുണാൻ വിപശ്യന്ത്യുത വാ തമശ്ച
യന്മായയാ മോഹിതചേതസസ്തേ
വിദുഃ സ്വസംസ്ഥം ന ബഹിഃപ്രകാശാഃ. 22
തം ത്വാമഹം ജ്ഞാനഘനം സ്വഭാവ-
പ്രധ്വസ്തമായാഗുണഭേദമോഹൈഃ
സനന്ദനാദ്യൈർമുനിഭിർവിഭാവ്യം
കഥം ഹി മൂഢഃ പരിഭാവയാമി? 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുണ്ഡികളാക്കീ ചിലരേപ്പുനരർദ്ധ-
മുണ്ഡിതരാക്കിയുമൊട്ടുപേരേ നൃപൻ
കേശമരിഞ്ഞും, ചിലർക്കു വികൃതമായ്
മീശവച്ചിച്ചും, ചിലരുടെ ബാഹ്യമാം
വസ്ത്രവുമന്യർതന്നന്തർവസനവും
ബദ്ധമോദം ഹരിച്ചും വിട്ടയച്ചിതു. 6
ഔർവ്വോപദിഷ്ടമാം യോഗത്തിനാലവൻ
സർവ്വാഗമദേവതുരൂപനമീശനും
ആത്മാവുമാം ശ്രീഹരിയെയുപാസിച്ചി-
താത്മഭാവത്തൊടുമാശാവിഹീനനായ്. 7
അസ്സഗരാവനീപാലയജ്ഞംതന്നി-
ലുൽസൃഷ്ടമാം പശുവാകുമശ്വത്തിനെ
ദേവാധിപൻ ഹരിക്കെ,ജ്ജനകാജ്ഞയാൽ
ഗർവിതരാം തത്സുമതീകളത്രജർ
അശ്വത്തെയാരാഞ്ഞു വിശ്വമെങ്ങും ചുററി
വാശിയൊടും ഭൂമി ചുററും കുഴിച്ചിതു. 8
പിന്നെ വടക്കുകിഴക്കുദിക്കിൽ തത്ര
കണ്ണുമടച്ചിരുന്നീടും കപിലൻെറ
സന്നിധിതന്നിൽ കുതിരയെക്കണ്ടുടൻ
മന്നവപുത്രരറുപതിനായിരം
ഒന്നിച്ചുചേർന്നു ''കുതിരയെക്കട്ടിട്ടു
കണ്ണുമടച്ചിങ്ങിരിക്കുന്നു തസ്കരൻ
വന്നു പിടിക്കുവിൻ, കെട്ടുവിൻ പെട്ടെന്നു,
ദണ്ഡിക്കുവിൻ, ഹനിച്ചീടുവിൻ''നീവിധം
ആർത്തു ശസ്ത്രങ്ങളുയർത്തിയടുക്കവേ
പാർത്തീടിനാൻ കണ്മിഴിച്ചവരേ മുനി. 9–10
വിസ്മയം! സ്വന്തം ശരീരാഗ്നിയിൽത്തന്നെ
ഭസ്മമായാരവർ ഷഷ്ടിസഹസ്രവും.
ഇന്ദ്രാഹൃതചിത്തരായ് മഹാത്മാക്കളെ
നിന്ദിച്ചതിനാൽ ഹതരായിതേ സ്വയം. 11
ഭൂപേന്ദ്രപുത്രരവരമ്മുനീശ്വര-
കോപാഗ്നിയിൽ ദഗ്ദ്ധരായതല്ലേതുമേ
സത്ത്വധാമാവായുലകമാകെപ്പരി-
ശുദ്ധമാക്കീടും ശരീരം ധരിച്ചിടും
ആ മുനിതന്നിലരിശമയം തമ-
സ്സാമല്പ തെല്ലും വിഭാവനംചെയ്യുവാൻ.
ഭൂമിയിലെപ്പൊടിയെങ്ങനെയാകാശ-
സീമയിലീക്ഷിക്കുവാൻ സാധ്യമായിടും? 12
ഇപ്പാരിലെങ്ങുമുറപ്പാന്നസാംഖ്യമാം
കപ്പലിലേററി മോക്ഷേച്ഛു ജനങ്ങളെ
മൃത്യുമാർഗ്ഗത്തോടുകൂടിയതായ്ത്തീരെ-
യുത്തരിക്കാൻകഴിയാത്ത ഭവാർണ്ണവം
പാരാതെ നേരേ കടത്തിവിട്ടീടുന്ന
സൂരീന്ദ്രനായ് പരമാത്മാവുമായിടും
അമ്മഹാനിൽ ഭേദബുദ്ധിയണുപോലു-
മെമ്മട്ടിലുണ്ടായിടും? നൃപപുംഗവാ! 13
കേശിനീജാതനസമഞ്ജസനെന്ന
ഭൂശാസിതാവിൻ സുതനാകുമംശുമാൻ
അപ്പൂപ്പനാമസ്സഗരനൃപാലൻെറ
കല്പന കാത്തു വസിച്ചിരുന്നാൻ സദാ. 14
പൂർവ്വജന്മത്തിലസമഞ്ജസനൊരു
ദിവ്യനാം യോഗീശ്വരനായിരുന്നിതു.
സംഗദോഷത്തിനാൽ യോഗവിഭ്രഷ്ടനാ-
യങ്ങധഃപാതം ഭവിച്ചുപോയീടിലും
പൂർവ്വജന്മസ്മൃതിവിട്ടില്ല, സംഗമം
സർവവും സന്ത്യജിക്കാനൊരുപായമായ്
ഉർവീനിവാസികളാകെ വെറുത്തിടും
ദുർവൃത്തികം തുടർന്നീടിനാൻ സർവ്വദാ.
ഇങ്ങനെ ലോകവിനിന്ദിതകർമ്മങ്ങ-
ളെങ്ങും പ്രവർത്തിച്ചു സഞ്ചരിച്ചീടവേ
അങ്ങൊരുദിക്കിൽക്കളിച്ചിടും ബാലരെ-
യങ്ങസ്സരയൂനദിയിലെറിഞ്ഞിതേ. 15–16
ഇത്ഥം ജനദ്രോഹവൃത്തിയാൽ താതനും
പുത്രവാത്സല്യം വെടിഞ്ഞു തള്ളീടിനാൻ.
യോഗപ്രഭാവത്തിനാലക്കുമാരരെ
ലോകരെക്കാട്ടീട്ടു നാടുവിട്ടാനവൻ. 17
നഷ്ടരാം ബാലരെക്കണ്ടയോദ്ധ്യാജന-
മൊട്ടുക്കു വിസ്മയാംഭോധിനിമഗ്നരായ്
മന്നനും പശ്ചാത്തപിച്ചീടിനാനിത്ര-
ധന്യതനയനെയാട്ടിയോടിച്ചതിൽ. 18
യാഗപശുവാകമശ്വത്തെയാരാഞ്ഞു
വേഗമെത്തിക്കുവാനംശുമാനോടഥ
ചൊന്നാൻ പിതൃവ്യഖാതാധ്വാവിലൂടവൻ
ചെന്നു തദ്ഭസ്മാന്തികം കണ്ടു വാജിയെ. 19
തത്ര വാണീടും ഭഗവദവതാര-
മൂർത്തി കപിലമഹർഷിയെപ്പാർത്തവൻ
ഭക്തിപൂർവ്വം നമിച്ചഞ്ജലികൂപ്പിയേ-
കാഗ്രമനസ്കനായി സ്തുതിച്ചീടിനാൻ. 20

അംശുമാൻ പറഞ്ഞു

ആത്മവിഭിന്നനാമങ്ങയെയിപ്പൊഴും
നാന്മുഖൻപോലും സമാധിയോഗങ്ങളാൽ
ബോധിച്ചിടാതിരിക്കുമ്പോ,ഴവൻ നിജ-
ചേതസ്സു, ദേഹം ഗുണങ്ങൾ, ധീയാദിയാൽ
നിർമ്മിച്ചവരായ് പ്രകാശവിഹീനരാ-
മിമ്മന്ദധീകളറിയുന്നതെങ്ങനെ? 21
പേർത്തും ഗുണത്രയാധീനരാമീദേഹ-
ഭൃത്തുക്കളേവരുമാരുടെ മായയാൽ
മോഹിച്ചു ബാഹ്യപ്രകാശകരായ് ഗുണ-
വ്യൂഹത്തെയോ വെറുമന്ധകാരത്തെയോ
കാണുന്നതെന്നിയേ, താന്താങ്ങളിൽ സദാ
ഭാനിക്കുമമ്പ്ഭവാനെയറിപ്പീലഹോ! 22
സ്വാനുഭവത്തിനാൽ ഭേദവും ദേഹാഭി-
മാനവുമററ സനന്ദനാദ്യർക്കുമേ
ചിന്ത്യനല്ലാത്ത തിരുമേനിയെ വെറു-
മന്ധനാം ഞാൻ സ്മരിക്കാനുമാളാകുമോ? 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രശാന്തമായാഗുണകർമ്മലിങ്ഗ-
മനാമരൂപം സദസദ്വിമുക്തം
ജ്ഞാനോപദേശായ ഗൃഹീതദേഹം
നമാമഹേ ത്വാം പുരുഷം പുരാണം. 24
ത്വന്മായാരചിതേ ലോകേ വസ്തുബുദ്ധ്യാ ഗൃഹാദിഷു
ഭ്രമന്തി കാമലോഭേർഷ്യാമോഹവിഭ്രാന്തചേതസഃ. 25
അദ്യ നഃ സർവ്വഭൂതാത്മൻ! കാമകർമ്മേന്ദ്രിയാശയഃ
മോഹപാശോ ദൃഢശ്ഛിന്നോ ഭഗവംസ്തവ ദർശനാത്. 26

ശ്രീശുക ഉവാച
ഇത്ഥംഗീതാനുഭാവസ്തം ഭഗവാൻ കപിലോ മുനിഃ
അംശുമന്തമുവാചേദമനുഗൃഹ്യ ധിയാ നൃപ! 27

ശ്രീഭഗവാനുവാച
അശ്വോഽയം നീയതാം, വത്സ, പിതാമഹപശുസ്തവ
ഇമേ ച പിതരോ ദഗ്ധാ ഗങ്ഗാംഭോഽർഹന്തി നേതരത്. 28
തം പരിക്രമ്യ ശിരസാ പ്രസാദ്യ ഹയമാനയത്
സഗരസ്തേന പശുനാ ക്രതുശേഷം സമാപയത്. 29
രാജ്യമംശുമതി ന്യസ്യ നിഃസ്പൃഹോ മുക്തബന്ധനഃ
ഔർവ്വോപദിഷ്ടമാർഗ്ഗേണ ലേഭേ ഗതിമനുത്തമാം. 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
സഗരോപാഖ്യാനേ അഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ശ്രീശുക ഉവാച
അംശുമാംശ്ച തപസ്തേപേ ഗങ്ഗാനയനകാമ്യയാ
കാലം മഹാന്തം നാശക്നോത് തതഃ കാലേന സംസ്ഥിതഃ. 1
ദിലീപസ്തത്സുതസ്തദ്വദശക്തഃ കാലമേയിവാൻ
ഭഗീരഥസ്തസ്യ പുത്രസ്തേപേ സ സുമഹത് തപഃ. 2
ദർശയാമാസ തം ദേവീ പ്രസന്നാ ''വരദാസ്മി തേ''
ഇത്യുക്തഃ സ്വമഭിപ്രായം ശശംസാവനതോ നൃപഃ. 3
''കോഽപി ധാരയിതാ വേഗം പതന്ത്യാ മേ മഹീതലേ
അന്യഥാ ഭൂതലം ഭിത്ത്വാ നൃപ യാസ്യേ രസാതലം. 4
കിം ചാഹം ന ഭുവം യാസ്യേ നരാ മയ്യാമൃജന്ത്യഘം
മൃജാമി തദഘം കുത്ര രാജംസ്തത്ര വിചിന്ത്യതാം.'' 5

ഭഗീരഥ ഉവാച
''സാധവോ ന്യാസിനഃ ശാന്താ ബ്രഹ്മിഷ്ഠാ ലോകപാവനാഃ
ഹരന്ത്യഘം തേഽങ്ഗസങ്ഗാത് തേഷ്വാസ്തേ ഹ്യഘഭി-
ധാരയിഷ്യതി തേ വേഗം രുദ്രസ്ത്വാത്മാ ശരീരിണാം [ദ്ധരിഃ. 6
യസ്മിന്നോതമിദം പ്രോതം വിശ്വം ശാടീവ തന്തുഷു.'' 7
ഇത്യുക്ത്വാ സ നൃപോ ദേവം തപസാതോഷയച്ഛിവം
കാലേനാല്പീയസാ രാജംസ്തസ്യേശഃ സമതുഷ്യത. 8
തഥേതി രാജ്ഞാഭിഹിതം സർവ്വലോകഹിതഃ ശിവഃ
ദധാരാവഹിതോ ഗങ്ഗാം പാദപൂതജലാം ഹരേഃ 9
ഭഗീരഥഃ സ രാജർഷിർന്നിന്യേ ഭുവനപാവനീം
യത്ര സ്വപിതൄണാം ദേഹാ ഭസ്മീഭൂതാഃ സ്മ ശേരതേ. 10
രഥേന വായുവേഗേന പ്രയാന്തമനുധാവതീ
ദേശാൻ പുനന്തീ നിർദ്ദഗ്ധാനാസിഞ്ചത്സഗരാത്മജാൻ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായാഗുണസംഗഹീനൻ ഭവാനില്ല
മായാഗുണകൃതകർമ്മലിംഗാദികൾ
സ്ഥൂലസൂക്ഷ്മങ്ങളും നാമരൂപങ്ങളു-
മേലാത്ത ചിദ്രൂപനാം നിന്തിരുവടി
തത്ത്വം ജഗത്തിൽ പരത്തുവാനായൊരു
മർത്ത്യശരീരം ധരിച്ചിരിക്കുന്നിതു.
സത്യാത്മകനായ് പുരാണപുമാനാകു-
മത്തിരുമേനിക്കു നിത്യം നമസ്കൃതി. 24
കാമലോഭക്രോധമോഹങ്ങളാൽ മനം
കാമം ഭ്രമിച്ചവർ ഭാവൽക്കമായയാൽ
നിർമ്മിച്ചലോകം യഥാർത്ഥമെന്നോർത്തഹോ!
ചെമ്മേയുഴലുന്നു ഗേഹധനാദിയിൽ. 25
സർവ്വഭൂതാത്മൻ! ഭഗവൻ! മഹാമുനേ!
ഭവത്കദർശനത്താലെ ഞങ്ങൾക്കെഴും
കാമകർമ്മേന്ദ്രിയമാനസരൂപമാം
വ്യാമോഹബന്ധനം വിച്ഛിന്നമായിതു. 26

ശ്രീശുകൻ പറഞ്ഞു

ഇത്ഥം സ്തുതിച്ചീടുമംശുമാനേ മുനി-
സത്തമൻ നേരേയനുഗ്രഹിച്ചോതിനാൻ. 27

ശ്രീഭഗവാൻ പറഞ്ഞു

''വത്സാ! ഇതു നിൻപിതാമഹൻ വിട്ട യാ-
ഗാശ്വമാം നീയാശു കൊണ്ടുപോയീടുക.
ഇങ്ങു ദഹിച്ചിരിക്കും നിൻപിതൃവ്യർക്കു
ഗംഗാംബുവാലെന്നിയേ ശുദ്ധികൈവരാ.'' 28
അംശുമാൻ പിന്നെബ്ഭഗവാൻ കപിലനെ-
യാശു വലംവച്ചു വന്ദിച്ചു പോയിതു.
യാഗഗോവാമക്കുതിരയെക്കൊണ്ടഥ
യാഗം സഗരനും പൂർത്തിയാക്കീടിനാൻ. 29
രാജ്യം പുനരംശുമാനിൽ സമർപ്പിച്ചു
പൂജ്യൻ സഗരൻ വിഷയാശ വിട്ടുടൻ
സംസാരബന്ധവിമുക്തനായൗർവോപ-
ദേശമാർഗ്ഗത്താൽ പരഗതിനേടിനാൻ. 30

അദ്ധ്യായം 9

ഗംഗാവതരണം

ശ്രീശുകൻ പറഞ്ഞു

വാനവഗംഗയെ മേദിനിയിങ്കലേ-
ക്കാനയിച്ചീടണമെന്നു സങ്കല്പിച്ചു
അംശുമാൻ രാജ്യം സ്വപുത്രനെയേല്പിച്ചു-
ശേഷം ചിരം തപസ്സാചരിച്ചീടിനാൻ.
ഉദ്ദേശ്യസിദ്ധിയിലപ്രാപ്തനായഥ
മൃത്യുവശംഗതനായി കാലത്തിനാൽ. 1
അംശുമൽപുത്രൻ ദിലീപനും ഗംഗത-
ന്നുദ്ധരണാർത്ഥം വിഫലം ശ്രമംചെയ്തു
മന്നു വെടിഞ്ഞു. ഭഗീരഥൻ തൽസുതൻ
പിന്നെയതിനായ്ത്തപസ്സുതുടങ്ങിനാൻ. 2
അത്യന്തതുഷ്ടയായ് ഗംഗാഭഗവതി
പ്രത്യക്ഷയായ്, ''യെന്തു വേണ്ടു? തരാം വരം''
എന്നവനോടു ചൊന്നപ്പോൾ നമിച്ചുടൻ
തന്നഭിലാഷമറിയിച്ചു സാദരം. 3
''ഭൂകാമുകാ! മഹിയിൽ പതിച്ചീടിലെൻ-
വേഗം ധരിപ്പാനൊരാളില്ലയെങ്കിലോ
പോകും ധരണി പിളർന്നു ഞാൻ പാതാള-
ലോകത്തിലേക്കെന്നറിഞ്ഞീടുക ഭവാൻ. 4
എന്നല്ല വേറെയും വൈഷമ്യമുണ്ടതിൽ,
മന്നവാ! ഞാൻ വരുന്നില്ല ധരിത്രിയിൽ.
വന്നാൽ മനുഷ്യരവർക്കുള്ള പാപങ്ങ-
ളെന്നിൽക്കലർത്തിടും സ്നാനപാനങ്ങളാൽ.
പിന്നെയതു ഞാനെവിടെക്കളഞ്ഞിടു-
മെന്നു ചിന്തിച്ചുനോക്കീടുക ഭൂപതേ!'' 5

ഭഗീരഥൻ പറഞ്ഞു

''ബ്രഹ്മിഷ്ഠരായ് ജഗത്പാവനരായ് ന്യസ്ത-
കർമ്മാക്കളായ് ശാന്തരാം ഹരിസേവകർ
തീർത്തിടും സംഗമത്താൽ നിന്നഘം പാപ-
ഭിത്താം ഭഗവാനവരിലാം വാഴ്‌വതും. 6
ദേഹികൾക്കാകെയാത്മാവായ് വിളങ്ങിടും
ശ്രീഹരൻ താങ്ങും പതനവേഗം തവ.
ഊനമെന്യേ നൂലിൽ മുണ്ടുപോലബ്ഭഗ-
വാനിലോതപ്രോതമിപ്പാരിരിപ്പിതേ.'' 7
ഗംഗയോടിങ്ങനെ ചൊന്നനുവാദവും
വാങ്ങിയശേഷം ഭഗീരഥഭൂവരൻ
ക്ഷിപ്രം തപസ്സാൽ പ്രസന്നനാക്കീടിനാൻ
മുപ്പുരാരാതിയാമബ്ഭഗവാനെയും. 8
സർവ്വപ്രപഞ്ചഹിതങ്കരനാകുമ-
ശ്ശർവൻ നൃപാർത്ഥന കൈക്കൊണ്ടു തൽക്ഷണം
ശ്രീഹരിപാദപൂതാംബുവാളും സുര-
വാഹിനിയെദ്ധരിച്ചീടിനാൻ മൗലിയാൽ. 9
തൻപിതൃവ്യന്മാർക്കുടയ ശരീരങ്ങൾ
ചാമ്പലായിക്കിടക്കുന്നിടത്തേക്കുടൻ
നേരേ ജഗത്പാവനിയായ ഗംഗയെ-
യാ രാജശേഖരനാനയിച്ചീടിനാൻ. 10
വായുവേഗസ്യന്ദനത്തിൽ ഗമിച്ചീടു-
മായവനെപ്പിന്തുടർന്നു സുരാപഗ
ദേശങ്ങൾ ശുദ്ധമാക്കിസ്സഗരാത്മജ-
രാശി ദഹിച്ചോരിടം നനച്ചീടിനാൾ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ജലസ്പർശമാത്രേണ ബ്രഹ്മദണ്ഡഹതാ അപി
സഗരാത്മജാ ദിവം ജഗ്മുഃ കേവലം ദേഹഭസ്മഭിഃ. 12

ഭസ്മീഭൂതാങ്ഗസങ്ഗേന സ്വര്യാതാഃ സഗരാത്മജാഃ
കിം പുനഃ ശ്രദ്ധയാ ദേവീം യേ സേവന്തേ ധൃതവ്രതാഃ. 13

ന ഹ്യേതത് പരമാശ്ചര്യം സ്വർധുന്യാ യദിഹോദിതം
അനന്തചരണാംഭോജപ്രസൂതായാ ഭവച്ഛിദഃ. 14

സംനിവേശ്യ മനോ യസ്മിഞ്ഛ്രദ്ധയാ മുനയോഽമലാഃ
ത്രൈഗുണ്യം ദുസ്ത്യജം ഹിത്വാ സദ്യോ യാതാസ്തദാത്മതാം. 15

ശ്രുതോ ഭഗീരഥാജ്ജജ്ഞേ തസ്യ നാഭോഽപരോഽഭവത്
സിന്ധുദ്വീപസ്തതസ്തസ്മാദയുതായുസ്തതോഽഭവത്. 16

ഋതുപർണ്ണോ നളസഖോ യോഽശ്വവിദ്യാമയാന്നളാത്
ദത്ത്വാഽക്ഷഹൃദയം ചാസ്മൈ, സർവ്വകാമസ്തു തത്സുതഃ. 17

തതഃ സുദാസ,സ്തത്പുത്രോ മദയന്തീപതിന്നൃപ!
ആഹുർമ്മിത്രസഹം യം വൈ കല്മാഷാങ്ഘ്രിമുത ക്വചിത്
വസിഷ്ഠശാപാദ്രക്ഷോഽഭൂദനപത്യഃ സ്വകർമ്മണാ. 18

രാജോവാച

കിം നിമിത്തോ ഗുരോഃ ശാപഃ സൗദാസസ്യ മഹാത്മനഃ
ഏതദ്വേദിതുമിച്ഛാമഃ കഥ്യതാം ന രഹോ യദി. 19

ശ്രീശുക ഉവാച

സൗദാസോ മൃഗയാം കിഞ്ചിച്ചരൻ രക്ഷോ ജഘാന ഹ
മുമോച ഭ്രാതരം സോഽഥ ഗതഃ പ്രതിചികീഷ്യാ. 20

സംചിന്തയന്നഘം രാജ്ഞഃ സൂദരൂപധരോ ഗൃഹേ
ഗുരവേ ഭോക്തുകാമായ പക്ത്വാ നിന്യേ നരാമിഷം. 21

പരിവേക്ഷ്യമാണം ഭഗവാൻ വിലോക്യാഭക്ഷ്യമഞ്ജസാ
രാജാനമശപത് ക്രുദ്ധോ ''രക്ഷോ ഹ്യേവം ഭവിഷ്യസി.'' 22

രക്ഷഃകൃതം തദ്വിദിത്വാ ചക്രേ ദ്വാദശവാഷികം
സോഽപ്യപോഽഞ്ജലിനാഽഽദായ ഗുരും ശപ്തും സമുദ്യതഃ. 23

വാരിതോ മദയന്ത്യാപോ രുശതീഃ പാദയോജ്ജഹൗ
ദിശഃ ഖമവനീം സർവ്വം പശ്യഞ്ജീവമയം നൃപ! 24

രാക്ഷസം ഭാവമാപന്നഃ പാദേ കല്മാഷതാം ഗതഃ
വ്യവായകാലേ ദദൃശേ വനൗകോദമ്പതീ ദ്വിജൗ. 25

ക്ഷുധാർത്തോ ജഗൃഹേ വിപ്രം തത്പത്ന്യാഹാകൃതാർത്ഥവത്
''ന ഭവാൻ രാക്ഷസഃ സാക്ഷാദിക്ഷ്വാകൂണാം മഹാരഥഃ. 26

മദയന്ത്യാഃ പതിർവ്വീര നാധർമ്മം കർത്തുമർഹസി
ദേഹി മേഽപത്യകാമായാ അകൃതാർത്ഥം പതിം ദ്വിജം. 27

ദേഹോഽയം മാനുഷോ, രാജൻ, പുരുഷസ്യാഖിലാർത്ഥദഃ
തസ്മാദസ്യ വധോ വീര സർവ്വാർത്ഥവധ ഉച്യതേ. 28

ഏഷ ഹി ബ്രാഹ്മണോ വിദ്വാംസ്തപഃശീലഗുണാന്വിതഃ
ആരിരാധയിഷുർബ്രഹ്മ മഹാപുരുഷസംജ്ഞിതം
സർവ്വഭൂതാത്മഭാവേന ഭൂതേഷ്വന്തർഹിതം ഗുണൈഃ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂസുരദ്രോഹത്തിനാൽ ഹതരെങ്കിലു-
മസ്സഗരാത്മജർതൻ ദേഹധൂളിയിൽ
ഗംഗാജലസ്പർശമേററൊരുമാത്രയി-
ലങ്ങവരേവരും സ്വർഗ്ഗംഗമിച്ചിതേ. 12
ഗംഗാജലസ്പർശംഗഭസ്മത്തിലേ-
ററിങ്ങനെയങ്ങവർ വിണ്ണണഞ്ഞീടുകിൽ
കൂട്ടം വ്രതത്തോടുമദ്ദേവിയെബ്ഭജി-
ച്ചീടുവോർതൻ കഥയെന്തു ചൊല്ലീടുവാൻ! 13
വിശ്വവിഖ്യാതമാം ഗംഗാമഹത്ത്വമി-
ലാശ്ചര്യമെന്താകേണ്ടതില്ലാരുമേ.
ശ്രീഹരിപാദാബ്ജജാതയാമിസ്സുര-
വാഹിനി സംസാരഹാരിണിതാൻ ദൃഢം. 14
ശുദ്ധരായീടും മുനികൾ യാതൊന്നിനെ
ശ്രദ്ധാപുരസ്സരമുള്ളിലുറപ്പിച്ചു
ദുസ്ത്യജമാകും ശരീരാത്മഭാവന-
മത്യരം വിട്ടു താദാത്മ്യമിയന്നുവോ
അബ്ഭഗവത്പാദപദ്മങ്ങളിൽനിന്നു-
മുദ്ഭൂതഗംഗയവാച്യപ്രഭാവതാൻ. 15
ഭാഗീരഥൻ ശ്രുതനത്രേ, ശ്രുതാത്മജ-
നാകുന്ന നാഭനു സിന്ധുദ്വീപൻ സുതൻ.
തത്സുതനാണയുതായുസ്സ, തത്സുത-
നക്ഷഹൃദയം സഖനാം നളന്നേകി,
അശ്വവിദ്യാരത്നമാന്നോരൃതുപർണ്ണ-
കശ്യപീശൻ, തൽസുതൻ സർവകാമനാം.
16-17
പുത്രൻ സുദാസനവന്നു, മദയന്തീ-
ഭർത്താവു സൗദാസനത്രേ തദാത്മജൻ.
മിത്രസഹനഥ കല്മാഷപാദനെ-
ന്നിത്തരം പേരുമവന്നു ഭവിച്ചിതു.
ഹീനകർമ്മത്താലപുത്രനായക്ഷമാ-
ജാനി രക്ഷസ്സായ് വസിഷ്ഠശാപത്തിനാൽ. 18

രാജാവു പറഞ്ഞു

ഹേതുവെന്താം ഗുരുശാപം മഹാനായ
സൗദാസനിൽ വന്നിടാനെന്നറിഞ്ഞിടാൻ
താത്പര്യമുള്ളൊരീ ഞങ്ങളോടങ്ങതു
ഗോപ്യമല്ലെങ്കിൽ പറഞ്ഞുകേൾപ്പിക്കണം. 19

ശ്രീശുകൻ പറഞ്ഞു

അക്ഷമാപാലകൻ നായാട്ടിലങ്ങൊരു
രാക്ഷസനെക്കൊന്നു തത്സഹജാതനെ
വിട്ടയച്ചാൻ, പ്രതികാരേച്ഛയോടവൻ
രാട്ടിൻഗൃഹത്തിലരിവയ്പുകാരനായ്
പാർത്തിട്ടൊരിക്കൽ ഗുരുവാം വസിഷ്ഠർഷി
ക്ഷുത്തിനാലാർത്തനായുണ്ണാനിരിക്കവേ,
പൃഥ്വീശനിൽ ദോഷമേററുവാൻ കല്പിച്ചു
മർത്ത്യമാംസം പചിച്ചങ്ങു വിളമ്പിനാൻ.
20-21
ഭക്ഷണയോഗ്യമല്ലാമാംസമെന്നുടൻ
വീക്ഷിച്ചു രുഷ്ടനായാചാര്യസത്തമൻ
''ഭക്ഷണദോഷം വരുത്തിയ നീയൊരു
രാക്ഷസനായീടു''മെന്നു ശപിച്ചിതു. 22
പിന്നെയിതു രാക്ഷസൻ ചെയ്ത കൃത്രിമ-
മെന്നറിഞ്ഞാ ശിക്ഷ പന്ത്രണ്ടുവർഷമായ്
ഭേദപ്പെടുത്തീ, പ്രതിശാപമേകുവാൻ
ഭൂധവനും ജലം കൈയിൽ ധരിക്കവേ, 23
ദേശികനെശ്ശപിച്ചീടുന്നതു മഹാ-
ദോഷമെന്നായ് മദയന്തി തടുക്കയാൽ
മന്നവൻ ദിക്കുകൾ പത്തുമാകാശവും
മന്നിടവും ജീവരൂപമായ് വീക്ഷിച്ചു
മന്ത്രത്തിനാലതിതീക്ഷ്ണമാകും ജലം
സ്വന്തം പദങ്ങളിൽത്തന്നെയൊഴിച്ചിതു. 24
ശാപോദകം പതിച്ചീടുകമൂലമായ്
ഭൂപപാദങ്ങൾ കറുത്തതുകാരണം
കല്മാഷപാദാഖ്യയാന്നവൻ രാക്ഷസ-
ജന്മം വരിക്കയുംചെയ്തു ശാപത്തിനാൽ,
രാക്ഷസനായിബ്ഭവിച്ചു വനങ്ങളി-
ലിക്ഷമാപാലൻ ചരിച്ചിടുംവേളയിൽ
മുമ്പേയവിടെ വസിച്ചിടും ബ്രാഹ്മണ-
ദമ്പതിമാരുടെ മൈഥുനം കണ്ടിതു. 25
അപ്പോൾ വിശപ്പിനാലാർത്തനായിട്ടവൻ
വിപ്രനെക്കേറിപ്പിടിച്ചാനശിക്കുവാൻ.
അക്ഷണം ദീനയായ് തൽപതി ചൊല്ലിനാൾ
''ഭക്ഷിക്കരുതെൻെറ വല്ലഭനെബ്ഭവാൻ. 26
ഇക്ഷ്വാകുവംശജനങ്ങു മഹാരഥൻ
സൂക്ഷമാട്ടുത്തു, മദയന്തിതൻ പ്രിയൻ
സാക്ഷാലൊരു രാക്ഷസനല്ല നിർണ്ണയം
രക്ഷിക്കുകെന്നെയിദാനീം കൃപാംബുധേ!
അങ്ങധർമ്മാനർഹനെന്നോരുക, ഞാനൊ-
രങ്ഗന, സന്താനമിച്ഛിച്ചിടുന്നവൾ,
എന്നകൃതാർത്ഥപതി ദ്വിജനേയുടൻ-
തന്നെ മന്നോർമണേ! വിട്ടയച്ചീടുക. 27
മാനവദേഹമഖിലപുരുഷാർത്ഥ-
ദാനനിപുണപദാർത്ഥമെന്നോർക്കണം.
എന്നതിനാൽ മർത്ത്യദേഹം നശിപ്പിക്ക-
യെന്നാൽ പുമർത്ഥം ഹനിക്കുകയെന്നുതാൻ
വിദ്വജ്ജനമരുളുന്നു, വിശേഷിച്ചു-
മിദ്ദേഹമുത്തമവിപ്രൻ സുധീമണി. 28
സത്സ്വഭാവം, തപസ്സദ്ധ്യയനാദിയാം
സത്സേവ്യസർവഗുണങ്ങൾക്കുമാകരം.
സത്ത്വാദിയാൽ മറവാന്ന ഭൂതാഖില-
സംസ്ഥിതിമൂലം മഹാപുമാനെന്നു പേർ-
താവും പരബ്രഹ്മവസ്തുവെസ്സർവാത്മ-
ഭാവത്തിലർച്ചിക്കുവാൻ കൊതിപ്പോനുമാം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽയം ബ്രഹ്മർഷിവര്യസ്തേ രാജർഷിപ്രവരാദ്വിഭോ!
കഥമർഹതി ധർമ്മജ്ഞ വധം പിതുരിവാത്മജഃ. 30

തസ്യ സാധോരപാപസ്യ ഭ്രൂണസ്യ ബ്രഹ്മവാദിനഃ
കഥം വധം യഥാ ബഭ്രോർമ്മന്യതേ സന്മതോ ഭവാൻ. 31

യദ്യയം ക്രിയതേ ഭക്ഷസ്തർഹി മാം ഖാദ പൂർവ്വതഃ
ന ജീവിഷ്യേ വിനാ യേന ക്ഷണം ച മൃതകം യഥാ.'' 32

ഏവം കരുണഭാഷിണ്യാ വിലപന്ത്യാ അനാഥവത്
വ്യാഘ്രഃ പശുമിവാഖാദത് സൗദാസഃ ശാപമോഹിതഃ. 33

ബ്രാഹ്മണീ വീക്ഷ്യ ദിധിഷും പുരുഷാദേന ഭക്ഷിതം
ശോചന്ത്യാത്മാനമുർവ്വീശമശപത് കുപിതാ സതീ. 34

''യസ്മാന്മേ ഭക്ഷിതഃ പാപ കാമാർത്തായാഃ പതിസ്ത്വയാ
തവാപി മൃത്യുരാധാനാദകൃതപ്രജ്ഞ ദർശിതഃ.'' 35

ഏവം മിത്രസഹം ശപ്ത്വാ പതിലോകപരായണാ
തദസ്ഥീനി സമിദ്ധേഽഗ്നൗ പ്രാസ്യ ഭർത്തുർഗ്ഗതിം ഗതാ. 36

വിശാപോ ദ്വാദശാബ്ദാന്തേ മൈഥുനായ സമുദ്യതഃ
വിജ്ഞായ ബ്രാഹ്മണീശാപം മഹിഷ്യാ സ നിവാരിതഃ. 37

തത ഊർധ്വം സ തത്യാജ സ്ത്രീസുഖം കർമ്മണാപ്രജാഃ
വസിഷ്ഠസ്തദനുജ്ഞാതോ മദയന്ത്യാം പ്രജാമധാത്. 38

സാ വൈ സപ്ത സമാ ഗർഭമബിഭ്രന്ന വ്യജായത
ജഘ്നേഽശ്മനോദരം തസ്യാഃ സോഽശ്മകസ്തേന കഥ്യതേ. 39

അശ്മകാന്മൂലകോ ജജ്ഞേ യഃ സ്ത്രീഭിഃ പരിരക്ഷിതഃ
നാരീകവച ഇത്യുക്തോ നിക്ഷത്രേ മൂലകോഽഭവത്. 40

തതോ ദശരഥ,സ്തസ്മാത് പുത്ര ഐഡവിഡസ്തതഃ
രാജാ വിശ്വസഹോ യസ്യ ഖട്വാംഗശ്ചക്രവർത്ത്യഭൂത്. 41

യോ ദേവൈരർത്ഥിതോ ദൈത്യാനവധീദ്യുധി ദുർജ്ജയഃ
മുഹൂർത്തമായുർജ്ഞാത്വൈത്യ സ്വപുരം സംദധേ മനഃ. 42

''ന മേ ബ്രഹ്മകുലാത് പ്രാണാഃ കുലദൈവാന്ന ചാത്മജാഃ
നിഃശ്രേയോ ന മഹീ രാജ്യം ന ദാരാശ്ചാതിവല്ലഭാഃ. 43

ന ബാല്യേഽപി മതിർമ്മഹ്യമധർമ്മേ രമതേ ക്വചിത്
നാപശ്യമുത്തമശ്ലോകാദന്യത് കിഞ്ചന വസ്ത്വഹം. 44

ദേവൈഃ കാമവരോ ദത്തോ മഹ്യം ത്രിഭുവനേശ്വരൈഃ
ന വൃണേ തമഹം കാമം ഭൂതഭാവനഭാവനഃ. 45

യേ വിക്ഷിപ്തേന്ദ്രിയധിയോ ദേവാസ്തേ സ്വഹൃദി സ്ഥിതം
ന വിന്ദന്തി പ്രിയം ശശ്വദാത്മാനം കിമുതാപരേ? 46

അഥേശമായാരചിതേഷു സംഗം
ഗുണേഷു ഗന്ധർവ്വപുരോപമേഷു
രൂഢം പ്രകൃത്യാഽഽത്മനി വിശ്വകർത്തു-
ർഭാവേന ഹിത്വാ തമഹം പ്രപദ്യേ.'' 47

ഇതി വ്യവസിതോ ബുദ്ധ്യാ നാരായണഗൃഹീതയാ
ഹിത്വാന്യഭാവമജ്ഞാനം തതഃ സ്വം ഭാവമാശ്രിതഃ 48

യത് തദ്ബ്രഹ്മ പരം സൂക്ഷ്മമശൂന്യം ശൂന്യകല്പിതം
ഭഗവാൻ വാസുദേവേതി യം ഗൃണന്തി ഹി സാത്വതാഃ. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
സൂര്യവംശാനുവർണ്ണനേ നവമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മജ്ഞനായ രാജർഷിയങ്ങോക്കിലി-
ബ്രഹ്മർഷിയേ വധിക്കുന്നതു യോഗ്യമോ?
അച്ഛൻ മകനെ വധിപ്പതായേയിതു
നിശ്ചയമായിഗ്ഗണിച്ചിട്ടു സജ്ജനം. 30
വേദം പഠിച്ചുപദേശസമർത്ഥനായ്
സാധുവായ് നിഷ്പാപനാകമീ വിപ്രനെ
ഗോവിനെയെന്നപോൽ കൊല്ലുവാൻ
സമ്മതൻ
ഭൂവരനങ്ങൊരുങ്ങുന്നതു ഭംഗിയോ? 31
ആരൊരാളില്ലാതെ മാത്ര ജീവിക്കുവാ-
നൊരുന്നതില്ല ഞാ,നാജീവിതേശനെ
കക്ഷിയിലാക്കാനുറച്ചെങ്കിലാദ്യമായ്
ഭക്ഷിച്ചുകൊാംകീ മൃതപ്രായയെ-
ബ് ഭവാൻ.'' 32
ഏവം കരുണം കഥിച്ചൊരനാഥപോ-
ലാവിലമാനസയായ്ക്കരഞ്ഞീടിലും,
ഭക്ഷിച്ചു വിപ്രനെശ്ശാപവിമോഹിത-
നക്ഷമേശൻ, ഗോവിനെ വ്യാഘ്രമെന്ന-
പോൽ. 33
സന്താനകാമിയാം കാന്തനെ രാക്ഷസൻ
ഹന്ത! ഭക്ഷിപ്പതു കണ്ടപ്പതിവ്രത
സ്വാന്തമനാഥസ്ഥിതിയോർത്തു ദുഃഖിച്ചു
പൊന്നും ക്രുധയാൽ ശപിച്ചാം നൃപാലനെ. 34
''കാമാർത്തനാം മൽക്കണവനെബ് ഭക്ഷിച്ച-
സീമാധികദുരിതാചാര! ദുർമ്മതേ!
മൈഥുനംമൂലമായ് നീയും മരിപ്പതു
ബോധഹീനാ! തവ കാണിച്ചുതന്നിടാം.'' 35
ഇത്ഥമസ്സൗദാസനെശ്ശപിച്ചസ്സതി
ഭർത്തൃലോകം ഗമിപ്പാനാശവച്ചയാൽ
ഉജ്ജ്വലദഗ്നിയിൽ കാന്താസ്ഥികളിട്ടു
മജ്ജനംചെയ്തു വരഗതിയാന്നിതു. 36
ദ്വാദശവർഷം കഴിഞ്ഞു വിശാപനായ്
സൗദാസനം തത് പ്രിയയെസ്സമീപിച്ചു
മൈഥുനത്തിന്നുദ്യമിക്കവേ ബ്രാഹ്മണ-
സ്ത്രീതന്റെ ശാപവൃത്താന്തം ധരിച്ചിട്ടും
പത്നി മദയന്തി സമ്മതിക്കാതെയാ-
യത്നത്തിൽനിന്നു വിരമിച്ചുവാണിതു. 37
അങ്ഗനാസങ്ഗമസൗഖ്യം ത്യജിച്ചവ-
നിങ്ങനെയപ്രജനായിബ് ഭവിക്കയാൽ
പിന്നെത്തദനുജ്ഞയോടും വസിഷ്ഠനിൽ
നിന്നു മദയന്തി സന്താനയുക്തയായ്. 38
ഗർഭംധരിച്ചവളേഴാണ്ടു ചെന്നിട്ടു-
മർഭകനെ പ്രസവിക്കാതിരിക്കയാൽ
മർദ്ദിച്ചിതു വയർ കല്ലുകൊണ്ടമ്മുനി,
പുത്രൻ ജനിച്ചിതേയശ്മകാഭിഖ്യയിൽ. 39
ക്ഷത്രിയവംശമൊടുക്കുവാൻ ഭാർഗ്ഗവ-
നദൃക്തനായ് സഞ്ചരിക്കുന്നവേളയിൽ

നാരികംകൂട്ടത്തിൽവച്ചു രക്ഷിക്കയാൽ
നാരീകവചനെന്നും ക്ഷത്രിയാന്വയം
ചാലവേതാൻ നിലനിർത്തുകകാരണം
മൂലകനെന്നുമവന്നു പേർവന്നിതു. 40
മൂലകപുത്രൻ ദശരഥൻ, തത്സുത-
നൈലവിലനെന്നവൻ, തദീയാത്മജൻ
വിശ്വസഹൻ,തത്തനയനാം ഖട്വാങ്ഗ-
നച്ചുകീർത്തേ! ചക്രവർത്തിയായ്ത്തീർന്നിതേ. 41
ദുർജ്ജയനായിടും ഖട്വാങ്ഗഭൂപതി
നിർജ്ജരന്മാർ വന്നപേക്ഷിക്കയാലുടൻ
ചെന്നു ദൈത്യന്മാരെയെല്ലാം വധിക്കയാൽ
നന്ദിച്ചു വേണ്ടും വരങ്ങളേകീടവാൻ
വിണ്ണോരൊരുങ്ങി മഹത്ത്മേയായുസ്സു-
തന്നിലിനിയുള്ളവെന്നറിഞ്ഞായതും
സന്ത്യജിച്ചാശ്ശു പുരംപൂകിയീശനി-
ലന്തഃകരണമുറപ്പിച്ചിരുന്നിതു. 42
''മൽക്കുലദൈവമാം ബ്രഹ്മകുലത്തിലു-
മുൽകൃഷ്ടമല്ലെനിക്കോർക്കിലെൻ ജീവനും
പത്തനം, പുത്രർ, കളത്രവും മേദിനി,
വിത്തവും പിന്നെപ്പുരംപുരുഷാർത്ഥവും. 43
ബാല്യകാലത്തുമധർമ്മത്തിലെന്മനം
ചെല്ലുമാറില്ല, രമിച്ചതില്ലാവിധം.
ഉത്തമശ്ലോകൻ ഭഗവാനെയെന്നിയേ
സത്യത്തിൽ മറെറാന്നുമീക്ഷിച്ചുമില്ല ഞാൻ. 44
മുപ്പാരിനീശ്വരന്മാരാം സുരാവലി-
യർപ്പിച്ചു വേണ്ടും വരങ്ങളെനിക്കുടൻ
നാനാവിധഭൂതരക്ഷകനീശനെ
ധ്യാനിച്ചിട്ടമെനിക്കെന്തിനാണാവക. 45
ഇന്ദ്രിയൗഘത്തെയും ധീവൃത്തികളെയും
യന്ത്രണംചെയ്യാനരുതാതെ വാണിടും
വിണ്ണവരും തന്മനോവാസിയാം പ്രിയൻ-
തന്നെയറിക്ഷിക്കാ, പുനരന്യർ കാണുമോ? 46
ഈശ്വരമായാകൃതങ്ങളായ് ഗന്ധർവ-
വേശ്മതുല്യങ്ങളായീടും ഗുണങ്ങളിൽ
ബാന്ധം സ്വതേതാനുറച്ചുള്ള സങ്ഗമം
പാടേ വെടിഞ്ഞു ഭുവനകൃത്തായിടും
ഈശനെസ്സന്തതം ഭാവനംചെയ്തുകൊ-
ണ്ടാശ്രയിപ്പേനപ്പരൻപുമാനേയിവൻ.'' 47
നാരായണാകൃഷ്ടധീയായിവണ്ണമും-
ത്താരുറപ്പിച്ചുടൻ ഖട്വാങ്ഗഭൂമിപൻ
ആവൃതിനീക്കിയജ്ഞാനജമാമന്യ-
ഭാവവുംവിട്ടാ സ്വരൂപംഗമിച്ചിതേ. 48
സൂക്ഷ്മമായിശ്ശൂന്യമെന്നു കല്പിപ്പതായ്
സാക്ഷാൽ പരബ്രഹ്മവുമായശ്ശൂന്യമായ്
ഭക്തജനം വാസുദേവനെന്നിങ്ങു സു-
വ്യക്തം നിതാന്തം പ്രകീർത്തിച്ചിടുന്നതായ്
അദ്വയജ്ഞാനമായി പ്രശോഭിച്ചിടും
സത്യസ്വരൂപത്തിലാലയിച്ചീടിനാൻ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശമോഽധ്യായഃ

ശ്രീശുക ഉവാച

ഖട്വാംഗാദ്ദീർഘബാഹുശ്ച രഘുസ്തസ്മാത് പൃഥുശ്രവാഃ
അജസ്തതോ മഹാരാജസ്തസ്മാദ്ദശരഥോഽഭവത്. 1
തസ്യാപി ഭഗവാനേഷ സാക്ഷാദ്ബ്രഹ്മമയോ ഹരിഃ
അംശാംശേന ചതുർധാഗാത് പുത്രത്വം പ്രാർത്ഥിതഃ സുരൈഃ
രാമലക്ഷ്മണഭരതശത്രുഘ്നാ ഇതി സംജ്ഞയാ. 2
തസ്യാനുചരിതം രാജന്നൃഷിഭിസ്തത്ത്വദർശിഭിഃ
ശ്രുതം ഹി വർണ്ണിതം ഭൂരി ത്വയാ സീതാപതേർമ്മുഹുഃ. 3

ഗുർവ്വർത്ഥേ ത്യക്തരാജ്യോ വ്യചരദനുവനം
പദ്മപദ്ഭ്യാം പ്രിയായാഃ
പാണിസ്പർശാക്ഷമാഭ്യാം മൃജിതപഥരുജോ
യോ ഹരീന്ദ്രാനുജാഭ്യാം
വൈരൂപ്യാച്ഛൂർപ്പണഖ്യാഃ പ്രിയവിരഹരുഷാ-
ഽഽരോപിതഭ്രൂവിജൃംഭ-
ത്രസ്താബ്ധിർബ്ബദ്ധസേതുഃ ഖലദവദഹനഃ
കോസലേന്ദ്രോഽവതാന്നഃ. 4

വിശ്വാമിത്രാധ്വരേ യേന മാരീചാദ്യാ നിശാചരാഃ
പശ്യതോ ലക്ഷ്മണസ്യൈവ ഹതാ നൈരൃതപുംഗവാഃ. 5

യോ ലോകവീരസമിതൗ ധനുരൈശമുഗ്രം
സീതാസ്വയംവരഗൃഹേ ത്രിശതോപനീതം
ആദായ ബാലഗജലീല ഇവേക്ഷുയഷ്ടിം
സജ്ജീകൃതം നൃപ വികൃഷ്യ ബഭഞ്ജ മധ്യേ. 6
ജിത്വാനുരൂപഗുണശീലവയോഽങ്ഗരൂപാം
സീതാഭിധാം ശ്രിയമുരസ്യഭിലബ്ധമാനാം
മാർഗ്ഗേ വ്രജൻ ഭൃഗുപതേർവ്യനയത് പ്രരൂഢം
ദർപ്പം മഹീമകൃത യസ്ത്രിരരാജബീജാം. 7
യഃ സത്യപാശപരിവീതപിതുർന്നിദേശം
സ്ത്രൈണസ്യ ചാപി ശിരസാ ജഗൃഹേ സഭാര്യഃ
രാജ്യം ശ്രിയം പ്രണയിനഃ സുഹൃദോ നിവാസം
ത്യക്ത്വാ യയൗ വനമസൂനിവ മുക്തസങ്ഗഃ. 8
രക്ഷഃസ്വസുർവ്യകൃതരൂപമശുദ്ധബുദ്ധേ-
സ്തസ്യാഃ ഖരത്രിശിരദൂഷണമുഖ്യബന്ധൂൻ
ജഘ്നേ ചതുർദ്ദശസഹസ്രമപാരണീയ-
തോദണ്ഡപാണിരടമാന ഉവാസ കൃച്ഛ്റം. 9
സീതാകഥാശ്രവണദീപിതഹൃച്ഛയേന
സൃഷ്ടം വിലോക്യ നൃപതേ ദശകന്ധരേണ
ജഘ്നേഽദ്ഭുതൈണവപുഷാഽഽശ്രമതോഽപകൃഷ്ടോ
മാരീചമാശു വിശിഖേന യഥാ കമുഗ്രഃ. 10
രക്ഷോഽധമേന വൃകവദ്വിപിനേഽസമക്ഷം
വൈദേഹരാജദുഹിതര്യപയാപിതായാം
ഭ്രാത്രാ വനേ കൃപണവത് പ്രിയയാ വിയുക്തഃ
സ്ത്രീസങ്ഗിനാം ഗതിമിതി പ്രഥയംശ്ചചാര. 11
ദഗ്ദ്ധ്വാഽഽത്മകൃത്യഹതകൃത്യമഹൻ കബന്ധം
സഖ്യം വിധായ കപിഭിർദ്ദയിതാഗതിം തൈഃ
ബുദ്ധ്വാഥ ബാലിനി ഹതേ പ്ലവഗേന്ദ്രസൈന്യൈ-
ർവ്വേലാമഗാത് സ മനുജോഽജഭവാർച്ചിതാങ്ഘ്രിഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 10

രാമായണം

ശ്രീശുകൻ പറഞ്ഞു

ഖട്വാങ്ഗജൻ ദീർഘബാഹു, തദാത്മജൻ
കീർത്തിമാനാം രഘു, തൽപുത്രനാണജൻ
പിന്നെയജമഹീപാലതനൂജനായ്
വന്നു പിറന്നാൻ ദശരഥമന്നവൻ. 1
വിണ്ണവരർത്ഥിക്കയാൽ ഭഗവാൻ ഹരി-
തന്നുടെയംശാംശഭാവങ്ങളാലഥ
മന്നവനാമദ്ദശരഥൻതൻ നാലു-
നന്ദനന്മാരായവതാരമാർന്നിതു. 2
ശ്രീരാമനും ലക്ഷ്മണനും ഭരതനും
വീരാഗ്ര്യ! ശത്രുഘ്നനുമാണു നാലുപേർ.
ജ്ഞാനികളായ വാല്മീകിമുതലായ
നാനാമുനീന്ദ്രരാൽ വർണ്ണിതമായിടും
ശ്രീരാമചന്ദ്രചരിതം ഭവാൻ മുമ്പു-
ധാരാളമായ്ക്കേട്ടിരിക്കും പലപ്പൊഴും. 3
താതനുവേണ്ടീട്ടു രാജ്യമുപേക്ഷിച്ചു
സീതതൻ ചാരുകരസരോജങ്ങളാൽ
മെല്ലെത്തലോടുമ്പൊഴും നൊന്തിടും പദ-
പല്ലവദ്വന്ദ്വങ്ങളാൽ, ശിലാപൂർണ്ണമാം
കാനനംതോറും ചരിച്ചതാരാണഥ
വാനരരാജനും ലക്ഷ്മണനും പരം
ചാരുതചേരും പ്രശാന്തവാക്യങ്ങളാ-
ലാരുടെ മാർഗ്ഗഖേദം ശമിപ്പിച്ചുവോ,
ശൂർപ്പണഖയ്ക്കങ്ഗഭംഗത്തിനാലെ വൈ-
രൂപ്യംവരുത്തിയതിനാൽ ഭവിച്ചതാം-
ഭാര്യാവിരഹംനിമിത്തമുണ്ടാം കോപ-
ഭാരത്തിനാലെഴും ഭ്രൂ ചലനത്തിനാൽ
പേടിച്ച വാരിധിയേകിയ മാർഗ്ഗത്തി-
ലൂടെയാരാം സേതുബന്ധനംചെയ്തതും,
ദുർജ്ജനദാവാഗ്നിയാകുമക്കോസല-
രാജേശ്വരൻ കാത്തിടട്ടെയീ നമ്മളെ. 4
അക്കൗശികാത്മജൻതന്നദ്ധ്വരത്തിനു-
വിഘ്നമണച്ച മാരീചാദിദുഷ്ടരെ
ഒക്കെയും ലക്ഷ്മണൻ നോക്കിനില്ക്കെക്കൊന്ന
വിക്രമി നമ്മളെക്കാത്തുരക്ഷിക്കണം. 5
ഏതൊരാൾ ലോകവീരാഗ്ര്യസദസ്സതിൽ
സീതാസ്വയംവരാർത്ഥം തീർത്ത ശാലയിൽ
മുന്നൂറുപേരാവഹിച്ചാനയിച്ചുള്ളൊ-
രുന്നതമാം ഹരചാപമെടുത്തുടൻ
ഞാണു വലിച്ചു കുഞ്ഞാന തൻലീലകൾ
കാണിച്ചുകൊണ്ടു കരിമ്പൊടിക്കുംവിധം
നിഷ്പ്രയാസം നടുവേ മുറിച്ചിട്ടുവോ
കെല്പേറുമാ രാമചന്ദ്രൻ തുണയ്ക്കുക. 6
ശീലവയോഗുണദേഹസൗന്ദര്യാദി-
യാലേ തനിക്കനുരൂപയായ് മാറിടം
തന്നിൽ മുന്നേ സൽകൃതയായ സീതയാ-
മിന്ദിരയെവെന്നവളോടുകൂടവേ
വന്നവഴിക്കെതിരിട്ടവനെ—ക്ഷാത്ര-
വൃന്ദത്തെ മൂവേഴുവട്ടം മുടിച്ചുള്ള
ഭാർഗ്ഗവനെ—ഗ്ഗർവ്വുപോക്കി വിട്ടുള്ളൊരു
വിക്രമി രക്ഷിച്ചിടട്ടെയീ നമ്മളെ. 7
സ്ത്രീവശനാകിലും സത്യപാശാബദ്ധ-
നാം വന്ദ്യതാതന്റെ കല്പന സാദരം-
ഭാര്യാന്വിതനായ് ശിരസ്സിൽ ധരിച്ചു, തൻ-
ഭൂരിവിഭൂതിയും രാജ്യാധികാരവും
പ്രീതരാം ബന്ധുക്കളേയും സുഹൃജ്ജന-
നാദിയും, യോഗീശ്വരന്മാരസുക്കളെ
സന്ത്യജിക്കുംവിധം, നിസ്സാരമായ് വിട്ടു
കാന്താരവാസം വരിച്ചവനാരുവാൻ? 8
ദുർമ്മാനസയായ രക്ഷസ്സഹജയെ
ച്ചെമ്മേ വിരൂപിണിയാക്കീട്ടവൾക്കെഴും
വംശജരാകും ഖരദൂഷണത്രിശി-
രസ്സുകളെപ്പതിനാലായിരത്തെയും
കോദണ്ഡപാണിയായ് സംഹരിച്ചാമാർഗ്ഗ-
ഖേദം സഹിച്ചാരു കാട്ടിൽക്കഴിച്ചുവോ, 9
സീതതൻ രൂപഗുണങ്ങൾ ചൊല്ലിക്കേട്ടു
ചൂതശരാർത്തിതനാം ദശകണ്ഠനാൽ
പ്രേരിതനായ് ചാരുപൊന്മാൻവടിവാർന്നു
ചാരത്തണഞ്ഞാശ്രമസ്ഥയാം സീതയെ
ദൂരെയാകർഷിച്ച മാരീചനെയാരു
വീരഭദ്രൻ ദക്ഷനെപ്പോൽ ഹനിച്ചുവോ, 10
കൂടുവിട്ടുകാട്ടിലൊറ്റയ്ക്കുഴന്നിടും
സാദ്ധ്വിയാം ജാനകിതന്നെ ദശാനനൻ
ചെന്നായമട്ടു തട്ടിക്കൊണ്ടുപോകയാ-
ലന്യൂനകാന്താവിയോഗത്തിനാൽ പരം
ഖിന്നനെന്നുള്ള ഭാവംപൂണ്ടനുജനോ-
ടൊന്നിച്ചു കാമിനീസങ്ഗികൾതൻസ്ഥിതി
വ്യക്തമായ്ക്കാട്ടിക്കൊടുക്കുന്നവന്മട്ടി-
ലുഗ്രവനങ്ങളിലാരു ചരിച്ചുവോ, 11
തന്നുടെ കാര്യത്തിലേർപ്പെട്ടുടൽവിട്ട-
ധന്യൻ ജടായുവിൻ ദേഹം ദഹിപ്പിച്ചു,
തന്നെയശിക്കാനണഞ്ഞ കബന്ധനെ-
ക്കൊന്നഥ വാനരസഖ്യം സമാർജ്ജിച്ചു,
അക്കൂട്ടരെ വിട്ടു ജാനകീവൃത്താന്ത-
മൊക്കെയറിഞ്ഞു, കൊലചെയ്തു ബാലിയെ,
പിന്നെ പ്ലവഗേന്ദ്രസേനയോടുംകൂടി
മന്ദേതരമജേശാരാധിതാങ്ഘ്രിയായ്
മന്നിൽ നരനായവതരിച്ചുള്ളൊരാ-
പ്പുണ്യസ്വരൂപൻ കടൽത്തീരമെത്തിനാൻ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്രോഷവിഭ്രമവിവൃത്തകടാക്ഷപാത-
സംഭ്രാന്തനക്രമകരോ ഭയഗീർണ്ണഘോഷഃ
സിന്ധുഃ ശിരസ്യർഹണം പരിഗൃഹ്യ രൂപീ
പാദാരവിന്ദമുപഗമ്യ ബഭാഷ ഏതത്. 13

''ന ത്വാം വയം ജഡധിയോ നു വിദാമ, ഭൂമൻ,
കൂടസ്ഥമാദിപുരുഷം ജഗതാമധീശം
യത്സത്ത്വതഃ സുരഗണാ രജസഃ പ്രജേശാ
മന്യോശ്ച ഭൂതപതയഃ സ ഭവാൻ ഗുണേശഃ. 14

കാമം പ്രയാഹി, ജഹി, വിശ്രവസോഽവമേഹം
ത്രൈലോക്യരാവണമവാപ്നുഹി, വീര പത്നീം
ബധ്നീഹി സേതുമിഹ തേ യശസോവിതത്യൈ
ഗായന്തി ദിഗ്വിജയിനോ യമുപേത്യ ഭൂപാഃ.'' 15

ബദ്ധ്വോദധൗ രഘുപതിർവിവിധാദ്രികൂടൈഃ
സേതും കപീന്ദ്രകരകമ്പിതഭൂരുഹാങ്ഗൈഃ
സുഗ്രീവനീലഹനുമത്പ്രമുഖൈരനീകൈർ-
ലങ്കാം വിഭീഷണദൃശാഽഽവിശദഗ്രദഗ്ധാം. 16

സാ വാനരേന്ദ്രബലരുദ്ധവിഹാരകോഷ്ഠ-
ശ്രീദ്വാരഗോപുരസദോവലഭീവിടങ്കാ
നിർഭജ്യമാനധിഷണധ്വജഹേമകുംഭ-
ശൃങ്ഗാടകാ ഗജകുലൈർഹ്രദിനീവ ഘൂർണ്ണാ. 17

രക്ഷഃപതിസ്തദവലോക്യ നികുംഭകുംഭ-
ധൂമ്രാക്ഷദുർമ്മുഖസുരാന്തനരാന്തകാദീൻ
പുത്രം പ്രഹസ്തമതികായവികമ്പനാദീൻ
സർവ്വാനുഗാൻ സമഹിനോദഥ കുംഭകർണ്ണം. 18

താം യാതുധാനപൃതനാമസിശൂലചാപ-
പ്രാസർഷ്ടിശക്തിശരതോമരഖഡ്ഗദുർഗ്ഗാം
സുഗ്രീവലക്ഷ്മണമരുത്സുതഗന്ധമാദ-
നീലാങ്ഗദർക്ഷപനസാദിഭിരന്വിതോഽഗാത്. 19

തേഽനീകപാ രഘുപതേരഭിപത്യ സർവ്വേ
ദ്വന്ദ്വം വരൂഥമിഭപത്തിരഥാശ്വയോധൈഃ
ജഘ്നുർദ്രുമൈർഗ്ഗിരിഗദേഷുഭിരങ്ഗദാദ്യാഃ
സീതാഭിമർശഹതമങ്ഗലരാവണേശാൻ. 20

രക്ഷഃപതിഃ സ്വബലനഷ്ടിമവേക്ഷ്യ രുഷ്ട
ആരുഹ്യ യാനകമഥാഭിസസാര രാമം
സ്വഃസ്യന്ദനേ ദ്യുമതി മാതലിനോപനീതേ
വിഭ്രാജമാനമഹനന്നിശിതൈഃ ക്ഷുരപ്രൈഃ. 21

രാമസ്തമാഹ, ''പുരുഷാദപുരീഷ യന്നഃ
കാന്താസമക്ഷമസതാപഹൃതാ ശ്വവത് തേ
ത്യക്തത്രപസ്യ ഫലമദ്യ ജുഗുപ്സിതസ്യ
യച്ഛാമി കാല ഇവ കർത്തുരലങ്ഘ്യവീര്യഃ''. 22

ഏവം ക്ഷിപൻ ധനുഷി സന്ധിതമുത്സസർജ്ജ
ബാണം സ വജ്രമിവ തദ്ധൃദയം ബിഭേദ
സോഽസൃഗ്വമൻ ദശമുഖൈർന്ന്യപതദ്വിമാനാ-
ദ്ധാഹേതി ജല്പതി ജനേ സുകൃതീവ രിക്തഃ. 23

തതോ നിഷ്ക്രമ്യലങ്കായാ യാതുധാന്യഃ സഹസ്രശഃ
മണ്ഡോദര്യാ സമം തസ്മിൻ പ്രരുദത്യ ഉപാദ്രവൻ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർഗ്ഗമേകാഞ്ഞു കോപിച്ചുടൻ ചില ം
മാർഗ്ഗമേകാഞ്ഞു കോപിച്ചുടൻ ചില്ല
വക്രമാക്കിക്കൺചുഴററിച്ചുവപ്പിച്ചു
ഉഗ്രതരമൊന്നു നോക്കിനാൻ വാദ്ധിതൻ
നേക്കുദശരഥനന്ദനൻ രാഘവൻ.
പേടിച്ചുടൻ കടൽ നിശ്ശുബ്ധമായ്, ഭയ-
ന്നോടിത്തുടങ്ങി മകരനക്രാദിയും.
വാരാന്നിധി നിജരൂപം ധരിച്ചുപ-
ഹാരം ശിരസ്സിൽ വഹിച്ചു വന്നക്ഷണം
തത്പദാംഭോജങ്ങളിൽ സമപ്പിച്ചുകൊ-
ണ്ടിപ്രകാരം കഥിച്ചീടിനാൻ സാദരം: 13
''ആദിപുമാനായഖിലലോകേശനാ-
യേതും വികൃതിയെന്യേ വിളങ്ങും വിഭോ!
ഞങ്ങളെ മോഹിതബുദ്ധികളാകുമീ
ഞങ്ങളറിയുന്നതില്ല നേരേ ദൃഢം.
സത്വഗുണത്താൽ സുരസമൂഹത്തെയും
നിത്യം രജസ്സാൽ പ്രജാപതിമാരെയും
പിന്നെത്തമോഗുണംകൊണ്ടു ഭൂതാധിപ-
വൃന്ദത്തെയും ഭവാൻ നിമ്മിച്ചിടുന്നിതേ.
സത്വാദിയാകും ഗുണത്രയത്തിന്നെഴു
നിത്യനിയന്താവുമങ്ങുന്നതന്നെയാം. 14
വീരാ! ഭവാൻ യഥേഷ്ടം ഗമിച്ചീടുക,
പാരാതെയാ വിശ്രവസ്സിൻ പുരീഷമായ്
നിത്യം ജഗത്ത്രയത്തെക്കരയിക്കുമാ
ദുഷ്ടനിശാചരാധീശനെക്കൊന്നുടൻ
വിപ്രയോഗാത്തയാം തവൽപ്രിയപത്നിയെ
ക്ഷിപ്രം സമാശ്വസിപ്പിക്കുക വേണ്ടപോൽ.
ത്വൽക്കീത്തിയെങ്ങും വിളങ്ങുംവിധമിഹ-
ദുഷ്കരമാം സേതുബന്ധനം ചെയ്യുക
ദിഗ്വിജയേച്ഛുക്കളാം വീരർ കണ്ടിട്ടു നിൻ-
വിക്രമം പാടിപ്പുകഴ്ത്തട്ടെ മേലിലും.'' 15
പിന്നെച്ചലത്തരുവൃന്ദമിയന്നിടു-
മുന്നതനാനാഗിരിശിഖരങ്ങളെ
വാനരേന്ദ്രന്മാർ കരംകൊണ്ടിളക്കിയ-
ങ്ങാനയിച്ചാശു നിബന്ധിച്ചു സേതുവും.
ഭക്തൻ വിഭീഷണൻ ചൊന്നമാർഗ്ഗംവഴി
സുഗ്രീവനീലഹനൂമൽപ്രധാനരാൽ
ശക്തമാമക്കപിസേനയോടൊത്തഥ
മുക്കാലുമാദ്യം ഹനുമാൻ ദഹിപ്പിച്ച
ലങ്കാപുരത്തിൽക്കടന്നീടിനാനുടൻ
ശങ്കാവിഹീനം, രഘുകുലപുംഗവൻ. 16
ആനകം പൊയ്കയെയെന്നപോൽ വാനര-
സേനകൾ ലങ്കാനഗരം തകത്തിതു.
ഭണ്ഡാര,മുന്നതഗോപുരം സൗധവും
ധാന്യസദനവരങ്ങളും വിഹാരവും
ചാരുസദസ്സു, വളഭി, വിടങ്കവും
ദ്വാരവും കോലായ, പൊന്താഴികക്കുടം,
ശൃംഗാടകം, തൊട്ടതാകവേയൊന്നുപോ-
ലങ്ങു രോധിച്ചു നശിപ്പിച്ചു മിക്കതും. 17

വമ്പൻ ദശാസ്യനതു കണ്ടയച്ചിതു
കുംഭൻ, നികുംഭൻ, സുരാന്തകൻ, ദുർജ്ജയൻ,
പിന്നെ നരാന്തകൻ, ധൂമ്രാക്ഷനാമക-
നെന്നിവരെ,യവരെല്ലാം നശിക്കവേ,
നന്ദനനാമിന്ദ്രജിത്തും പ്രഹസ്തനു-
മുന്നതനാമതികായൻ, വികമ്പനൻ
എന്നിവരേയുമനുഗരേയും വിട്ടു
ജന്യത്തിനായ് കുംഭകർണ്ണനെത്തന്നെയും. 18
വാളു,വി,ല്ലു,മ്പൃഷ്ടി, ശക്തിയും, പ്രാസവും
ശൂലവും തോമരവും ധരിച്ചെത്തിടും
രാക്ഷസസേനയെ ലക്ഷ്മണൻ സുഗ്രീവ-
നൃക്ഷൻ ഹനുമാനുമംഗദൻ ജാംബവാൻ
ഗന്ധമാദൻ നീലനാദിയാം വാനര-
വൃന്ദത്തൊടൊത്തെതിത്താനുടൻ രാഘവൻ. 19
സീതയെ സ്പശിച്ചതിനാൽ ശുഭമററ
പാതകിയായ ദശാസ്യനാൽ നീതമാം
ആനതേരശ്വം പദാതിയും ചേരുമ-
സ്സേനയെ വൃക്ഷഗിരിഗദദേഷുക്കളാൽ
സംഹരിച്ചീടിനാരംഗദൻ തൊട്ടവ-
രാഹവത്തിൽ ബാഹുവീര്യസമന്വിതം. 20
സൈന്യനാശം കണ്ടു കോപിച്ചു രാവണൻ
പിന്നെ സ്വപുഷ്പകവ്യോമയാനസ്ഥനായ്
ശ്രീരാമനോടടരിന്നടുത്തീടവേ
ചാരത്തു മാതലിയാൽ നീതമായിടും
ഇന്ദ്രരഥത്തിൽക്കരേറിയ രാമനെ-
യിന്ദ്രാരി ക്രൂരമ്പുകളാൽ മറിച്ചിതേ. 21
''വിട്ടീടുമോ നിന്നെ നീചനിശാചരാ!
ദുഷ്ടനാം നീയാരുമില്ലാത്തവേളയിൽ
പട്ടിപോലെന്നാശ്രമത്തിൽനിന്നും ത്വപ-
വിട്ടെൻ പ്രിയയെയപഹരിച്ചില്ലയോ?
കാട്ടിത്തരാം നിനക്കിപ്പോളതിൻഫലം,
കർത്തൃഫലം കാലമെന്നതുപോലവേ,
ഇത്രിജഗത്തിലാരാലുമധൃഷ്യമായ്
മെത്തും മഹാവീര്യമൊത്തിയലുന്ന ഞാൻ.'' 22
ഇത്തരം ഭർത്സിച്ചു വില്ലുപൂട്ടിശ്ശരം
വിട്ടാ,നതു വജ്രതുല്യമാദുഷ്ടൻെറ
ഹൃത്തലം ഭേദിച്ചു, ചോര ധാരാളമായ്
പത്തുമുഖങ്ങളിൽനിന്നും വമിച്ചിതു.
കാണികൾ ''ഹാ! കഷ്ടം!''മെന്നു ചൊല്ലീടവേ
വീണാൻ മരിച്ചു വിമാനത്തിൽനിന്നവൻ,
പുണ്യക്ഷയത്തിൽ സുകൃതിയായുള്ളവൻ
വിണ്ണിൽനിന്നും പതിച്ചീടുന്നപോലവേ. 23
മണ്ഡോദരിയോടുകൂടി നിശാചരീ-
വൃന്ദമുച്ചത്തിൽക്കരഞ്ഞുകൊണ്ടക്ഷണം
ലങ്കാപുരാന്തർഭവനങ്ങളിൽനിന്നു
സങ്കടത്തോടുമടക്കളമെത്തിനാർ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാൻ സ്വാൻ ബന്ധൂൻ പരിഷ്വജ്യ ലക്ഷ്മണേഷുഭിരർദ്ദിതാൻ
രുരുദുഃ സുസ്വരം ദീനാ ഘ്നന്ത്യ ആത്മാനമാത്മനാ. 25

''ഹാ ഹതാഃ സ്മ വയം നാഥ! ലോകരാവണ! രാവണ!
കം യായാച്ഛരണം, ലങ്കാ ത്വദ്വിഹീനാ പരാർദ്ദിതാ. 26

നൈവം വേദ മഹാഭാഗ! ഭവാൻ കാമവശം ഗതഃ
തേജോഽനുഭാവം സീതായാ, യേന നീതോ ദശാമിമാം. 27

കൃതൈഷാ വിധവാ ലങ്കാ വയം ച കുലനന്ദന!
ദേഹഃ കൃതോഽന്നം ഗൃധ്രാണാമാത്മാ നരകഹേതവേ.'' 28

ശ്രീശുക ഉവാച

സ്വാനാം വിഭീഷണശ്ചക്രേ കോസലേന്ദ്രാനുമോദിതഃ
പിതൃമേധവിധാനേന യദുക്തം സാമ്പരായികം. 29

തതോ ദദർശ ഭഗവാനശോകവനികാശ്രമേ
ക്ഷാമാം സ്വവിരഹവ്യാധിം ശിംശപാമൂലമാസ്ഥിതാം. 30

രാമഃ പ്രിയതമാം ഭാര്യാം ദീനാം വീക്ഷ്യാന്വകമ്പത
ആത്മസന്ദർശനാഹ്ലാദവികസന്മുഖപങ്കജാം. 31

ആരോപ്യാരുരുഹേ യാനം ഭ്രാതൃഭ്യാം ഹനുമദ്യുതഃ
വിഭീഷണായ ഭഗവാൻ ദത്ത്വാ രക്ഷോഗണേശതാം
ലങ്കാമായുശ്ച കല്പാന്തം, യയൗ ചീർണ്ണവ്രതഃ പുരീം. 32

അവകീര്യമാണഃ കുസുമൈർലോകപാലാർപ്പിതൈഃ പഥി
ഉപഗീയമാനചരിതഃ ശതധൃത്യാദിഭിർമുദാ. 33

ഗോമൂത്രയാവകം ശ്രുത്വാ ഭ്രാതരം വല്കലാംബരം
മഹാകാരുണികോഽതപ്യജ്ജടിലം സ്ഥണ്ഡിലേശയം. 34

ഭരതഃ പ്രാപ്തമാകർണ്ണ്യ പൗരാമാത്യപുരോഹിതൈഃ
പാദുകേ ശിരസി ന്യസ്യ രാമം പ്രത്യുദ്യതോഽഗ്രജം. 35

നന്ദിഗ്രാമാത് സ്വശിബിരാദ് ഗീതവാദിത്രനിഃസ്വനൈഃ
ബ്രഹ്മഘോഷേണ ച മുഹുഃ പഠദ്ഭിർബ്രഹ്മവാദിഭിഃ 36

സ്വർണ്ണകക്ഷപതാകാഭിർഹൈമൈശ്ചിത്രധ്വജൈ രഥൈഃ
സദശ്വൈ രുക്മസന്നാഹൈർഭടൈഃ പുരടവർമ്മഭിഃ 37

ശ്രേണീഭിർവാരമുഖ്യാഭിർഭൃത്യൈശ്ചൈവ പദാനുഗൈഃ
പാരമേഷ്ഠ്യാന്യുപാദായ പണ്യാന്യുച്ചാവചാനി ച. 38

പാദയോർന്യപതത് പ്രേമ്ണാ പ്രക്ലിന്നഹൃദയേക്ഷണഃ
പാദുകേ ന്യസ്യ പുരതഃ പ്രാഞ്ജലിർബ്ബാഷ്പലോചനഃ. 39

തമാശ്ലിഷ്യ ചിരം ദോർഭ്യാം സ്നാപയൻ നേത്രജൈർജ്ജലൈഃ
രാമോ ലക്ഷ്മണസീതാഭ്യാം വിപ്രേഭ്യോ യേഽർഹസത്തമാഃ
തേഭ്യഃ സ്വയം നമശ്ചക്രേ പ്രജാഭിശ്ച നമസ്കൃതഃ. 40

ധുന്വന്ത ഉത്തരാസങ്ഗാൻ പതിം വീക്ഷ്യ ചിരാഗതം
ഉത്തരാഃ കോസലാ മാല്യൈഃ കിരന്തോ നനൃതുർമുദാ. 41

പാദുകേ ഭരതോഽഗൃഹ്ണാച്ചാമരവ്യജനോത്തമേ
വിഭീഷണഃ സസുഗ്രീവഃ ശ്വേതച്ഛത്രം മരുത്സുതഃ 42

ധനുർന്നിഷങ്ഗാച്ഛത്രുഘ്നഃ സീതാ തീർത്ഥകമണ്ഡലും
അബിഭ്രദങ്ഗദഃ ഖഡ്ഗം ഹൈമം ചർമ്മർക്ഷരാൺ നൃപ! 43

പുഷ്പകസ്ഥോഽന്വിതഃ സ്ത്രീഭിഃ സ്തൂയമാനശ്ച വന്ദിഭിഃ
വിരേജേ ഭഗവാൻ, രാജൻ, ഗ്രഹൈശ്ചന്ദ്ര ഇവോദിതഃ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണബാണങ്ങളേററു മൃതിയട-
ഞ്ഞക്ഷിതിയിൽക്കിടക്കുന്ന വീരാഗ്ര്യരാം
ഭർത്തൃജനത്തെയാലിങ്ഗനംചെയ്തവ-
രത്തലാൽ മാറത്തറഞ്ഞു കരഞ്ഞിതേ. 25
''ഹേ ലോകരാവണാ! രാവണാ! ഞങ്ങളി-
ക്കാലം മൃതപ്രായരായിതു രക്ഷകാ!
അങ്ങൊഴിഞ്ഞീയരിപീഡകളേററിനി-
യെങ്ങനെ ഞങ്ങൾ വസിക്കുമീ ലങ്കയിൽ?
ഘോരരിപുക്കളാൽ മർദ്ദിതമായൊരി-
ച്ചാരു ലങ്കാപുരിക്കാരിനിയാശ്രയം? 26
സീമന്തിനീരത്നമായിടും സീതതൻ-
സീമാധികപ്രാഭവത്തെയറിയാതെ
ഹേ മഹാഭാഗാ! ഭവാനാവധൂടിയെ-
ക്കാമിച്ചു കഷ്ടം,മതിനാൽ നശിച്ചിതു. 27
ശ്രീധാമമാകുമീ ലങ്കയും ഞങ്ങളും
വൈധവ്യമാർന്നിതിപ്പോൾ കുലനന്ദനാ!
ഗൃദ്ധ്രഗണത്തിനാഹാരമാക്കീ തനു-
വെത്തിച്ചു ജീവനെ ഹാ! നരകത്തിലും.'' 28

ശ്രീശുകൻ പറഞ്ഞു

പിന്നെ മരിച്ചുകിടക്കും നിജജന-
ത്തിന്നു പരഗതിയുന്നി വിഭീഷണൻ
ശ്രീരാമചന്ദ്രാജ്ഞയാൽ പിതൃകർമ്മങ്ങൾ
നേരേയനുഷ്ഠിക്കയുംചെയ്തു ഭൂപതേ! 29
കോസലേശൻ പിന്നശോകവനികയി-
ലാശ്രമത്തിൽ ശിംശപാതരുച്ഛായയിൽ
ഭർത്തൃവിരഹാതുരയായ് കൃശാങ്ഗിയായ്
വർത്തിച്ചിടും ദേവിയെച്ചെന്നു കണ്ടിതു. 30
ദീനയായിത്തൻെറ സന്ദർശനത്തിനാ-
ലാനന്ദമാർന്നു വിടർന്ന മുഖത്തൊടും
പ്രേമനിധാനമാം പ്രേയസിയെക്കണ്ടു
രാമചന്ദ്രന്നനുകമ്പ വളർന്നിതു. 31
കല്പാന്തമായുസ്സുമാശരേശത്വവു-
മൊപ്പം വിഭീഷണന്നേകിനാൻ ലങ്കയും.
സോദരരോടും വിഭീഷണസുഗ്രീവ-
വാതാത്മജരൊടും കൂടിയനന്തരം
സീതാന്വിതനായ് വിമാനത്തിലപ്സര-
ഗീതചരിതനയോദ്ധ്യയണഞ്ഞിതേ.
ഈവിധത്തിൽ പിതൃശാസനാത്രപമാ-
മാവ്രതം പൂർത്തിയാക്കീടിനാൻ രാഘവൻ. 32
ആകാശമാർഗ്ഗമായിന്നരപാലകൻ
പോകവേ പൂമഴതൂവി ദിക്പാലകർ.
ബ്രഹ്മാദ്യരുമിബ്ഭഗവദവതാര-
നിർമ്മലവൃത്തം തെളിഞ്ഞു കീർത്തിച്ചിതു. 33
വല്ക്കലംപൂണ്ടു ഗോമൂത്രപചിതമാം
ഭക്തമശിച്ചു ജടാധരനായ് സദാ
ദർഭയിൽത്താഴെബ്ഭരതൻ കിടപ്പതാ-
യാ പ്രഭു കേട്ടലിവാർന്നു തപിച്ചിതു. 34

സോദരൻ വന്നിരിക്കുന്നതായ്ക്കേട്ടു തൽ-
പാദുകദ്വന്ദ്വം ശിരസ്സിൽ വഹിച്ചുടൻ
പൗരപുരോഹിതാമാത്യരൊത്താഗമ-
ഗീരുകളുച്ചമോതും ദ്വിജസംഘവും
തങ്കത്തിനാൽ തീർത്ത ചിത്രകേതുക്കളും
പൊൻകസവിട്ട പതാകാഗണങ്ങളും
സ്വർണ്ണവിഭൂഷിതാശ്വങ്ങളിണങ്ങിടും
സ്യന്ദനവൃന്ദവും, പൊൻചട്ടയിട്ടുള്ള
നാനാഭടരും, ബഹുവാദ്യഘോഷവും,
ഗാനങ്ങളുമായ് ഭരതകമാരകൻ
നന്ദിഗ്രാമാശ്രമംതന്നിൽനിന്നക്ഷണം
ചെന്നെതിരേററാൻ വിനയപുരസ്സരം. 35–37
ശ്രേഷ്ഠങ്ങളാകും വിവിധപദാർത്ഥങ്ങൾ
കെട്ടിച്ചുമന്നിടും ഭൃത്യജനത്തൊടും
കച്ചവടക്കാരുമാ ഘോഷയാത്രയിൽ
പുംശ്ചലീസംഘവും പങ്കെടുത്തീടിനാർ. 38
പ്രേമവായ്പാൽ നിജഹൃത്തും മിഴികളും
കാമം ദ്രവീഭവിച്ചോരന്നൃപാത്മജൻ
പാദുകം രണ്ടുമാ രാമഭദ്രൻ മുൻപി-
ലാദരപൂർവ്വം സമർപ്പണംചെയ്തുടൻ
തൽപദാബ്ജങ്ങളിൽ വീണു നമിച്ചു കൈ-
കൂപ്പിയെണീററശ്രുനേത്രനായ് നിന്നിതു. 39
രണ്ടുകൈകൊണ്ടും തഴുകി, നയനാശ്രു-
കൊണ്ടവനെയഭിഷേകംകഴിച്ചുടൻ
സീതാസഹജസമേതനായ് പൂജ്യരാം
ഭൂദേവരെ സ്വയമേവ നമിച്ചഥ
പൗരാവലിയാൽ നമസ്കൃതനായ്പരം
ശ്രീരാമചന്ദ്രൻ തെളിഞ്ഞുവിളങ്ങിനാൻ. 40
ഉത്തരകോസലന്മാർ, ചിരകാലമാ-
യെത്തിയ നാഥനെക്കണ്ടതിതുഷ്ടരായ്
ഉത്തരീയങ്ങളെറിഞ്ഞു പിടിച്ചങ്ങു
നർത്തനംചെയ്തു, വിതറിനാർ മാലകൾ. 41
സീതാപതിതൻ പുരപ്രവേശത്തില-
പ്പാദുകാദ്വന്ദ്വം ഭരതൻ വഹിച്ചിതു.
ആലവട്ടങ്ങളും വെൺചാമരങ്ങളും
ചാലെക്കപീശനിശാചരാധീശരും.
മിന്നും സിതാതപത്രം പിന്നെ മാരുത-
നന്ദനനും നന്ദിപൂർവ്വം പിടിച്ചിതു. 42
തീർത്ഥപാത്രം സീതതാനും ശരാസത്തൊ-
ടൊത്താവനാഴിയശ്ശത്രുഘ്നനും, തഥാ
പൊന്നിൻപരിശയജ്ജാംബവാനും, പരം-
മിന്നിടും വാളങ്ഗദനും ധരിച്ചിതു. 43
നാരീജനാവൃതനായ് സ്തുതിപാഠക-
ന്മാരാൽ സ്തുതനായ് വിമാനസ്ഥനായിടും
ശ്രീരാമഭദ്രഭഗവാ,നുദിച്ചുയ-
ർന്നോരു ശശാങ്കൻകണക്കു, ശോഭിച്ചിതു. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രാതൃഭിന്നന്ദിതഃ സോഽപി സോത്സവാം പ്രാവിശത് പുരീം. 45
പ്രവിശ്യ രാജഭവനം ഗുരുപത്നീഃ സ്വമാതരം
ഗുരൂൻ വയസ്യാവരജാൻ പൂജിതഃ പ്രത്യപൂജയത്. 46
വൈദേഹീ ലക്ഷ്മണശ്ചൈവ യഥാവത് സമുപേയതുഃ. 47
പുത്രാൻ സ്വമാതരസ്താസ്തു പ്രാണാംസ്തന്വ ഇവോത്ഥിതാഃ
ആരോപ്യാങ്കേഽഭിഷിഞ്ചന്ത്യോ ബാഷ്പൗഘൈർവ്വിജഹുഃശുചഃ 48
ജടാ നിർമ്മുച്യ വിധിവത് കുലവൃദ്ധൈഃ സമം ഗുരുഃ
അഭ്യഷിഞ്ചദ്യഥൈവേന്ദ്രം ചതുഃസിന്ധുജലാദിഭിഃ. 49
ഏവം കൃതശിരഃസ്നാനഃ സുവാസാഃ സ്രഗ്വ്യലംകൃതഃ
സ്വലംകൃതൈഃ സുവാസോഭിർഭ്രാതൃഭിർഭാര്യയാ ബഭൗ. 50
അഗ്രഹീദാസനം ഭ്രാത്രാ പ്രണിപത്യ പ്രസാദിതഃ
പ്രജാഃ സ്വധർമ്മനിരതാ വർണ്ണാശ്രമഗുണാന്വിതാഃ
ജുഗോപ പിതൃവദ്രാമോ മേനിരേ പിതരം ച തം. 51
ത്രേതായാം വർത്തമാനായാം കാലഃ കൃതസമോഽഭവത്
രാമേ രാജനി ധർമ്മജ്ഞേ സർവ്വഭൂതസുഖാവഹേ. 52
വനാനി നദ്യോ ഗിരയോ വർഷാണി ദ്വീപസിന്ധവഃ
സർവ്വേ കാമദുഘാ ആസൻ പ്രജാനാം ഭരതർഷഭ. 53
നാധിവ്യാധിജരാഗ്ലാനിദുഃഖശോകഭയക്ലമാഃ
മൃത്യുശ്ചാനിച്ഛതാം നാസീദ്രാമേ രാജന്യധോക്ഷജേ. 54
ഏകപത്നീവ്രതധരോ രാജർഷിചരിതഃ ശുചിഃ
സ്വധർമ്മം ഗൃഹമേധീയം ശിക്ഷയൻ സ്വയമാചരത്. 55
പ്രേമ്ണാനുവൃത്ത്യാ ശീലേന പ്രശ്രയാവനതാ സതീ
ധിയാ ഹ്രിയാ ച ഭാവജ്ഞാ ഭർത്തുഃ സീതാഹരന്മനഃ. 56

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
രാമചരിതേ ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

ശ്രീശുക ഉവാച
ഭഗവാനാത്മനാഽഽത്മാനം രാമ ഉത്തമകല്പകൈഃ
സർവ്വദേവമയം ദേവമീജ ആചാര്യവാൻ മഖൈഃ. 1
ഹോത്രേഽദദാദ്ദിശം പ്രാചീം ബ്രഹ്മണേ ദക്ഷിണാം പ്രഭുഃ
അധ്വര്യവേ പ്രതീചീം ച ഉദീചീം സാമഗായ സഃ. 2
ആചാര്യായ ദദൗ ശേഷാം യാവതീ ഭൂസ്തദന്തരാ
മന്യമാന ഇദം കൃത്സ്നം ബ്രാഹ്മണോഽർഹതി നിഃസ്പൃഹഃ. 3
ഇത്യയം തദലങ്കാരവാസോഭ്യാമവശേഷിതഃ
തഥാ രാജ്ഞ്യപി വൈദേഹീ സൗമങ്ഗല്യാവശേഷിതാ. 4
തേ തു ബ്രാഹ്മണദേവസ്യ വാത്സല്യം വീക്ഷ്യ *സത്സു തത്
പ്രീതാഃ ക്ലിന്നധിയസ്തസ്മൈ പ്രത്യർപ്പ്യേദം ബഭാഷിരേ. 5

ബ്രാഹ്മണാ ഊചുഃ
''അപ്രത്തം നസ്ത്വയാ കിം നു ഭഗവൻ! ഭുവനേശ്വര!
യന്നോഽന്തർഹൃദയം വിശ്യ തമോ ഹംസി സ്വരോചിഷാ. 6
നമോ ബ്രഹ്മണ്യദേവായ രാമായാകുണ്ഠമേധസേ
ഉത്തമശ്ലോകധുര്യായ ന്യസ്തദണ്ഡാർപ്പിതാങ്ഘ്രയേ.'' 7
കദാചില്ലോകജിജ്ഞാസുർഗ്ഗൂഢോ രാത്ര്യാമലക്ഷിതഃ
ചരൻ വാചോഽശൃണോദ്രാമോ ഭാര്യാമുദ്ദിശ്യ കസ്യചിത്. 8

* 'സംസ്തുതം' ഇതി വാ പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോദരനാലഭിവന്ദിതനായനു-
മോദിതനാം ഭഗവാൻ രഘുനായകൻ
ഉത്സവഘോഷം തുടരുമയോദ്ധ്യയി-
ലുത്സാഹപൂർവ്വമെഴുന്നരുളീടിനാൻ. 45
രാജസദനം പ്രവേശിച്ചു സാദരം
പൂജിതനായ് ഗുരുപത്നീജനത്തെയും
മാതാവിനേയും വസിഷ്ഠാദികളെയും
സോദരരേയും വയസ്യരേയും മുദാ
അർച്ചിച്ചവരങ്ങടകമഴിഞ്ഞേകിട്ട-
മർച്ചനാശിസ്സുകൾ ധാരാളമാർന്നിതു. 46
സീതയും ലക്ഷ്മണനും തഥാ പൂജകൾ
ചെയ്യാൻകൊണ്ടാരവരോടനുഗ്രഹം. 47
പുത്രരെക്കണ്ടജ്ജനനീജനം ദ്രുതം
ചത്തവർ ചാടിയെണീറ്റുവരുംവിധം
ഉത്ഥിതരായങ്കമേറ്റി മിഴിനീരു-
വാർത്തഭിഷേകംകഴിച്ചുഴലാറ്റിനാർ. 48
പേർത്തും വസിഷ്ഠമഹർഷി പിന്നെക്കുല-
വൃദ്ധരോടൊത്തു ചതുസ്സിന്ധുനീരവും
ഗംഗാദി നാനാനദീജലപൂരവു-
മങ്ങുചേർത്തജ്ജടമാറ്റി വിധിപ്പടി
ദേവാധിനാഥനെയെന്നപോൽ, ശ്രീരാമ-
ദേവനെയങ്ങഭിഷേകംകഴിച്ചിതു. 49
മുങ്ങിക്കുളിച്ചു സുവസ്ത്രം ധരിച്ചതി-
ഭംഗിയിൽ മാലയണിഞ്ഞു രഘൂത്തമൻ
താദൃശാലംകൃതരായിട്ടും സീതയും
സോദരരുംചേർന്നു പാരം വിളങ്ങിനാൻ. 50
കമ്പിട്ടുകൂപ്പിബ് ഭരതനർത്ഥിക്കയാ-
ലൻപാർന്നു പിന്നെ ഗ്രഹിച്ചു സിംഹാസനം
വർണ്ണാശ്രമധർമ്മതത്പരരാം പ്രജാ-
വൃന്ദത്തെ രക്ഷിച്ചു വാണാൻ, പതിവുപോൽ. 51

ധർമ്മജ്ഞനായ് സർവ്വഭൂതജാലത്തിനും
ശർമ്മപ്രദൻ രാമനൃഴിവാഴുന്നനാൾ
ത്രേതായുഗകാലമായിരുന്നെങ്കിലു-
മാദിയുഗത്തോടു സാമ്യംവഹിച്ചിതു. 52
അന്നു വനങ്ങൾ, നദി,കുളംഭോധി,ഭൂ-
ഖണ്ഡങ്ങളും ദ്വീപവൃന്ദവുമാകവേ
എന്നും ജനാഭിലാഷത്തെ വർഷിച്ചിരു,-
ന്നെന്നല്ലൊരാധിയും വ്യാധിയും ക്ഷീണവും
അല്ലലും മൃത്യുജരാനരതൊട്ടതു-
മില്ല ദുഃഖം ഭയമിത്യാദിയൊന്നുമേ.
ഏകപത്നീവ്രതമാർന്നു രാജർഷിമാ-
ർക്കാകെ രാമൻ മാർഗ്ഗദർശിയായ് മിന്നിനാൻ. 53-54
നിർമ്മലൻ താനേ ഗൃഹസ്ഥാശ്രമികൾതൻ
ധർമ്മവും നേരേയനുഷ്ഠിച്ചുകാട്ടിനാൻ.
പ്രേമം, സുശീല,മനുസരണം, പരം
താഴ്മ,യടക്കമിവയൊത്തിണങ്ങിടും
സാദ്ധ്വീമണിയാം ജനകജ ലജ്ജയും
ബുദ്ധിവിശേഷവും ഭാവവിജ്ഞാനവും
പ്രത്യക്ഷമാക്കിയാ ശ്രീരാമചന്ദ്രന്റെ
ചിത്തമപഹരിച്ചാവസിച്ചീടിനാൾ. 55-56

അദ്ധ്യായം 11

ഉത്തരരാമായണം

ശ്രീശുകൻ പറഞ്ഞു

ഉത്തമാചാര്യവാനായ് ഭഗവാൻ രഘു-
സത്തമൻ സദ്വസ്തുപൂർണ്ണമഖങ്ങളാൽ
പിന്നെസ്സമസ്തദേവാത്മകനായിട്ടും-
തന്നെ യജിച്ചിതുതാൻതന്നെ വേണ്ടപോൽ. 1
ക്ഷോണിക്കധിപതിയായീടുമമ്മഹാൻ
ദാനമായ് പൂർവ്വദിക്കേകി ഹോതാവിനായ്
അദ്ധ്വര്യുവിന്നഥ പശ്ചിമദേശവും
മുത്താർന്നു സാമഗന്നുത്തരദേശവും. 2
ശേഷിച്ച ഭൂമിയശേഷവും ദേശിക-
ഭൂസുരന്നായും സമർപ്പിച്ചു സാദരം
നിസ്പൃഹനായ് സർവഭൂമിക്കുമർഹത
വിപ്രനാണെന്നുറപ്പിച്ചു വാണീടിനാൻ. 3
ഭൂഷകളും വസനങ്ങളുമെന്നിയേ
ശേഷിച്ചതില്ലമ്മഹാത്മാവിനൊന്നുമേ.
മംഗല്യമൊന്നൊഴിച്ചുള്ളതശേഷവു-
മങ്ങാരണക്കായരുളിനാൾ സീതയും. 4
ഭൂമീസുരർ പൂജ്യരെന്നു നിനയ്ക്കുമാ-
രാമചന്ദ്രൻതൻ സുജനവാത്സല്യവും
ഔദാര്യവും കണ്ടു തുഷ്ടരായുള്ളലി-
ഞ്ഞോതിനാരെല്ലാം തിരിച്ചേകിയിട്ടവർ. 5

ബ്രാഹ്മണർ പറഞ്ഞു

''മുപ്പാരിനീശാ! ഭഗവൻ! ഭവാൻ ഹൃത്തി-
ലുൾപ്പുക്കു ചിത്പ്രകാശത്താലിവർക്കേഴും
അജ്ഞതാന്ധ്യം പോക്കിയെന്നുള്ളതൊന്നിനാ-
ലിജ്ജനത്തിന്നു ഭവാൻ തന്നു സർവവും. 6
ഉത്തമശ്ലോകരിൽമുൻപരാം ബ്രാഹ്മണ-
സത്തമരെദ്ദൈവമായോർത്തു വാണിടും
ന്യസ്തദണ്ഡാർപ്പിതപാദനായുജ്ജിത-
ബുദ്ധിയാം രാമഭദ്രന്നായ് നമസ്കൃതി.'' 7
ലോകജിജ്ഞാസുവായ് ഗൂഢമൊരുരാവി-
ലേകനായ് വേഷംമറച്ചു ചരിക്കവേ
കേട്ടാനൊരിടത്തൊരുത്തൻ സ്വഭാര്യയെ-
പ്പറ്റിപ്പറയും വചനം രഘൂത്തമൻ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''നാഹം ബിഭർമ്മി ത്വാം ദുഷ്ടാമസതീം പരവേശ്മഗാം
സ്ത്രീലോഭീ ബിഭൃയാത് സീതാം രാമോ, നാഹം ഭജേ പുനഃ'' 9
ഇതി ലോകാദ്ബഹുമുഖാദ്ദുരാരാധ്യാദസംവിദഃ
പത്യാ ഭീതേന സാ ത്യക്താ പ്രാപ്താ പ്രാചേതസാശ്രമം. 10
അന്തർവ്വത്ന്യാഗതേ കാലേ യമൗ സാ സുഷുവേ സുതൗ
കുശോ ലവ ഇതി ഖ്യാതൗ തയോശ്ചക്രേ ക്രിയാ മുനിഃ. 11
അംഗദശ്ചിത്രകേതുശ്ച ലക്ഷ്മണസ്യാത്മജൗ സ്മൃതൗ
തക്ഷഃ പുഷ്കല ഇത്യാസ്താം ഭരതസ്യ മഹീപതേ. 12
സുബാഹുഃ ശ്രുതസേനശ്ച ശത്രുഘ്നസ്യ ബഭൂവതുഃ
ഗന്ധർവ്വാൻ കോടിശോ ജഘ്നേ ഭരതോ വിജയേ ദിശാം.
തദീയം ധനമാനീയ സർവ്വം രാജ്ഞേ ന്യവേദയത്. 13
ശത്രുഘ്നശ്ച മധോഃ പുത്രം ലവണം നാമ രാക്ഷസം
ഹത്വാ മധുവനേ ചക്രേ മഥുരാം നാമ വൈ പുരീം. 14
മുനൗ നിക്ഷിപ്യ തനയൗ സീതാ ഭർത്രാ വിവാസിതാ
ധ്യായന്തീ രാമചരണൗ വിവരം പ്രവിവേശ ഹ. 15
തച്ഛ്രുത്വാ ഭഗവാൻ രാമോ രുന്ധന്നപി ധിയാ ശുചഃ
സ്മരംസ്തസ്യാ ഗുണാംസ്താംസ്താന്നാശക്നോദ്രോദ്ധുമീശ്വരഃ. 16
സ്ത്രീപുംപ്രസംഗ ഏതാദൃക്സർവ്വത്ര ത്രാസമാവഹഃ
അപീശ്വരാണാം കിമുത ഗ്രാമ്യസ്യ ഗൃഹചേതസഃ. 17
തത ഊർദ്ധ്വം ബ്രഹ്മചര്യം ധാരയന്നജുഹോത് പ്രഭുഃ
ത്രയോദശാബ്ദസാഹസ്രമഗ്നിഹോത്രമഖണ്ഡിതം. 18
സ്മരതാം ഹൃദി വിന്യസ്യ വിദ്ധം ദണ്ഡകകണ്ടകൈഃ
സ്വപാദപല്ലവം രാമ ആത്മജ്യോതിരഗാത് തതഃ. 19
നേദം യശോ രഘുപതേഃ സുരയാച്ഞയാഽത്ത-
ലീലാതനോരധികസാമ്യവിമുക്തധാമ്നഃ
രക്ഷോവധോ ജലധിബന്ധനമസ്ത്രപൂഗൈഃ
കിം തസ്യ ശത്രുഹനനേ കപയഃ സഹായാഃ. 20
യസ്യാമലം നൃപസദസ്സു യശോഽധുനാപി
ഗായന്ത്യഘഘ്നമൃഷയോ ദിഗിഭേന്ദ്രപട്ടം
തം നാകപാലവസുപാലകിരീടജുഷ്ട-
പാദാംബുജം രഘുപതിം ശരണം പ്രപദ്യേ. 21
യൈഃ സംസ്പൃഷ്ടോഽഭിദൃഷ്ടോ വാ സംവിഷ്ടോഽനുഗതോഽപി വാ
കോസലാസ്തേ യയുഃ സ്ഥാനം യത്ര ഗച്ഛന്തി യോഗിനഃ. 22
പുരുഷോ രാമചരിതം ശ്രവണൈരുപധാരയൻ
ആനൃശംസ്യപരോ, രാജൻ, കർമ്മബന്ധൈർവിമുച്യതേ. 23

രാജോവാച

കഥം സ ഭഗവാൻ രാമോ ഭ്രാതൄൻ വാ സ്വയമാത്മനഃ
തസ്മിൻ വാ തേഽന്വവർത്തന്ത പ്രജാഃ പൗരാശ്ച ഈശ്വരേ. 24

ശ്രീശുക ഉവാച

അഥാദിശദ്ദിഗ്വിജയേ ഭ്രാതൄംസ്ത്രിഭുവനേശ്വരഃ
ആത്മാനം ദർശയൻ സ്വാനാം പുരീമൈക്ഷത സാനുഗഃ. 25
ആസിക്തമാർഗ്ഗാം ഗന്ധോദൈഃ കരിണാം മദശീകരൈഃ
സ്വാമിനം പ്രാപ്തമാലോക്യ മത്താം വാ സുതരാമിവ. 26
പ്രാസാദഗോപുരസഭാചൈത്യദേവഗൃഹാദിഷു
വിന്യസ്തഹേമകലശൈഃ പതാകാഭിശ്ച മണ്ഡിതാം. 27
പൂഗൈഃ സവൃന്തൈ രംഭാഭിഃ പട്ടികാഭിഃ സുവാസസാം
ആദർശൈരംശുകൈഃ സ്രഗ്ഭിഃ കൃതകൗതുകതോരണാം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ദുഷ്ടയായ് പാതിവ്രത്യവ്രതംവിട്ടന്യ-
പത്തനത്തിൽ പാർത്ത നിന്നെബ്ഭരിക്കുവാൻ
ഇച്ഛിച്ചീടുന്നില്ല ഞാനിനി, രാഘവൻ
വച്ചുപുലർത്തട്ടെ വീണ്ടുമസ്സീതയെ.'' 9
ഏവം വിവേകരഹിതജനത്തിൽനി-
ന്നാവിർഭവിച്ച ദുരാരാധ്യമായിടും
ലോകാപവാദം ഭയപ്പെട്ടു സീതയെ-
യേകാന്തഭുവിൽ ത്യജിച്ചിതു രാഘവൻ.
ആദികവിയായ വാല്മീകിതൻ പരി-
പൂതാശ്രമത്തെസ്സമാശ്രയിച്ചാളവൾ. 10
കാലമായപ്പോൾ പ്രസവിച്ചിതു രണ്ടു
ബാലകന്മാരെയഗ്ഗർഭിണി ജാനകി
ജാതകർമ്മങ്ങൾ നടത്തിച്ചു മാമുനി,
ഖ്യാതരത്രേയക്കുശലവർ പാരിതിൽ. 11
ജാതരായാർ ലക്ഷ്മണനങ്ഗദൻ ചിത്ര-
കേതുവെന്നും രണ്ടു പുത്രർ, ഭരതനു
പുഷ്കലൻ, തക്ഷനും, ശത്രുഘ്നനു പിന്നെ
മക്കളായിശ്ശ്രുതസേനൻ, സുബാഹുവും.
ദിഗ്വിജയത്തിൽ ഭരതനഗ്ഗന്ധർവ-
വർഗ്ഗത്തെയങ്ങു കോടിക്കണക്കിന്നുതാൻ
കൊന്നവർക്കുള്ള ധനമൊക്കെയും കൊണ്ടു-
വന്നു സമർപ്പിച്ചു രാമഭൂമീശനായ്. 12-13
ശത്രുഘ്നനും ലവണാഖ്യയാളും മധു-
പുത്രനാം രാക്ഷസനേ നിഹനിച്ചഥ
തീർത്താൻ മധുവനംതന്നിൽ മഥുരയാം
പട്ടണമെന്നതു സുപ്രസിദ്ധം നൃപാ. 14
ഭർത്താവു തള്ളിയ സീത തനൂജരെ-
ശ്ശുദ്ധഹൃത്താമമ്മുനിയെയേല്പിച്ചഥ
രാമപാദാംബുജം ധ്യാനിച്ചുകൊണ്ടുതാൻ
ഭൂമിക്കടിയിൽ മറഞ്ഞിതു വിസ്മയം. 15
അക്കഥ കേട്ടുബ്ഭഗവാൻ രഘൂത്തമ-
നൾക്കൊണ്ടദുഃഖം കഥിക്കാൻ പ്രയാസമാം.
ചിന്താബലത്തിനാലെത്ര യതിക്കിലും
ഹന്ത! മിഴിനീരടക്കാനശക്തനായ്. 16
അങ്ഗനാപൂരുഷസങ്ഗജമാംവിപ-
ത്തെങ്ങുമിതുപോൽ ഭയാവഹമാം നൃപാ!
ഈശ്വരന്മാർക്കുമിമ്മട്ടാകി,ലിഗ്ഗൃഹ-
സ്ഥാശ്രമിമാരെപ്പഴിപ്പതെന്തിന്നിതിൽ! 17
പിന്നെ പ്രഭു പതിമൂവായിരം വർഷ-
മൊന്നുപോൽ ബ്രഹ്മചര്യവ്രതനിഷ്ഠനായ്
വിഘ്നമിയലാതെയെല്ലാദിവസവു-
മഗ്നിഹോത്രത്തെയനുഷ്ഠിച്ചിരുന്നിതു. 18
പിന്നെബ്ഭഗവാൻ ദശരഥനന്ദനൻ
ദണ്ഡകകാനനകണ്ടകഛിന്നമാം
തൻപദപല്ലവം ഭക്താശയങ്ങളി-
ലൻപോടണച്ചു തൻജ്യോതിസ്സണഞ്ഞിതു. 19
തുല്യമായും കൂടുതലായുമാർക്കുമേ-
യില്ലാത്തമട്ടമേയപ്രഭാവത്തൊടും
ദേവാർത്ഥനയാലെ ലീലാതനുവാർന്നു
ഭുവിൽ പിറന്ന രഘുപതിക്കോർക്കുകിൽ
കീർത്തികരമല്ല രാക്ഷസഹത്യയും
വാർദ്ധിയെയസ്ത്രങ്ങൾകൊണ്ടു ബന്ധിച്ചതും
ഹേ നൃപാ! ശത്രുവധത്തിനീ വീരനു
വാനരന്മാരുടെ പിന്തുണ വേണമോ? 20
ദിഗ്ഗജേന്ദ്രാസ്യാഭരണമായ് ശുദ്ധമായ്
ദുഷ്കൃതധ്വംസകമായ തൽകീർത്തിയെ
രാജസഭകളിലിന്നും തെളിവോടു
തേജോനിധികളൃഷീന്ദ്രർ പാടുന്നിതു.
നാകവസുപകിരീടജുഷ്ടാങ്ഘ്രിയാം-
രാഘവനെശ്ശരണംഗമിക്കുന്നു ഞാൻ. 21
ആരാരയോദ്ധ്യാനിവാസിജനങ്ങളിൽ
ശ്രീരാമദേവനെ സ്പർശിച്ചിടുകയോ,
കാൺകയോ, നേരെയൊരുമിച്ചു വാഴ്കയോ,
കിങ്കരനായ് പിൻചരിക്കയോ ചെയ്തുവോ
ലോകോത്തരരാമവരേവരും ദ്രുതം
യോഗീന്ദ്രഗമ്യപരംപദമെത്തിനാർ. 22
അന്യപീഡാസക്തിയില്ലാത്ത പൂരുഷൻ
ധന്യമീ രാമചരിതം ശ്രവിച്ചുടൻ
നേരേ ധരിക്കുകിൽ ജന്മമൃതിദുഃഖ-
കാരണകർമ്മങ്ങളിൽനിന്നു മുക്തനാം. 23

രാജാവു പറഞ്ഞു

ശ്രീരാമനെങ്ങനെ വർത്തിച്ചു, സോദര-
ന്മാരിലെമ്മ,ട്ടവരങ്ങോട്ടുമെങ്ങനെ?
പൗരപ്രജകളോടേതുവിധം പെരു-
മാറിയദ്ദേഹ,മവരമ്മഹാനൊടും? 24

ശ്രീശുകൻ പറഞ്ഞു

ദിഗ്ജയത്തിന്നു രാമൻ ത്രിലോകാധിപൻ
ചൊല്ലൊണ്ടതത്സോദരന്മാരെ വിട്ടിതു.
സ്വപ്രജാദുഃഖസുഖങ്ങളറിഞ്ഞിടാൻ
തൻഭടരൊത്തു ചരിച്ചാൻ പുരങ്ങളിൽ. 25
ഗന്ധാംബു, ദന്തീമദജലമെന്നിവ
ചിന്തി നനഞ്ഞ പല പാതയാർന്നിടും
അപ്പുരം സ്വസ്വാമിതൻ വരവീക്ഷിച്ചു
വിഭ്രമംപൂണ്ടവിധമായിരുന്നിതേ. 26
പ്രാസാദഗോപുരചൈത്യദേവാലയാ-
വാസസഭാദിസ്ഥലമുഖമാകവേ
സ്വർണ്ണകലശവിചിത്രപതാകാളി
മിന്നിസ്സമലംകൃതമായിരുന്നിതു. 27
പൂങ്കുലതങ്കും കമുക, കലവാഴ,
തങ്കക്കസവുവസനം, സുതോരണം,
കണ്ണാടി, പൂമാലയെന്നിപ്പദാർത്ഥങ്ങ-
ളെണ്ണമെന്യേ സംഭരിച്ചു വിതാനിച്ചു
തമ്പുരാനിൽ തൻപ്രജകൾക്കിയന്നിടും
സംപ്രീതി നന്നായ് പ്രകടമാക്കീ ജനം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമുപേയുസ്തത്ര തത്ര പൗരാ അർഹണപാണയഃ
ആശിഷോ യുയുജുർദ്ദേവ "പാഹീമാം പ്രാക്
ത്വയോദ്ധൃതാം." 29

തതഃ പ്രജാ വീക്ഷ്യ പതിം ചിരാഗതം
ദിദൃക്ഷയോത്സൃഷ്ടഗൃഹാഃ സ്ത്രിയോ നരാഃ
ആരുഹ്യ ഹർമ്മ്യാണ്യരവിന്ദലോചന-
മതൃപ്തനേത്രാഃ കുസുമൈരവാകിരൻ. 30

അഥ പ്രവിഷ്ടഃ സ്വഗൃഹം ജുഷ്ടം സ്വൈഃ പൂർവ്വരാജഭിഃ
അനന്താഖിലകോശാഢ്യമനർഘ്യോരുപരിച്ഛദം 31
വിദ്രുമോദുംബരദ്വാരൈർവൈഡൂര്യസ്തംഭപങ്ക്തിഭിഃ
സ്ഥലൈർമ്മാരകതൈഃ സ്വച്ഛൈർഭ്രാജത്സ്ഫടികഭിത്തിഭിഃ. 32
ചിത്രസ്രഗ്ഭിഃ പട്ടികാഭിർവാസോമണിഗണാംശുകൈഃ
മുക്താഫലൈശ്ചിദുല്ലാസൈഃ കാന്തകാമോപപത്തിഭിഃ. 33
ധൂപദീപൈഃ സുരഭിഭിർമ്മണ്ഡിതം പുഷ്പമണ്ഡനൈഃ
സ്ത്രീപുംഭിഃ സുരസങ്കാശൈർജ്ജുഷ്ടം ഭൂഷണഭൂഷണൈഃ. 34
തസ്മിൻ സ ഭഗവാൻ രാമഃ സ്നിഗ്ദ്ധയാ പ്രിയയേഷ്ടയാ
രേമേ സ്വാരാമധീരാണാമൃഷഭഃ സീതയാ കില. 35
ബുഭുജേ ച യഥാകാലം കാമാൻ ധർമ്മമപീഡയൻ
വർഷപൂഗാൻ ബഹൂൻ നൄണാമഭിധ്യാതാങ്ഘ്രിപല്ലവഃ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ശ്രീരാമോപാഖ്യാനേ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

ശ്രീശുക ഉവാച
കുശസ്യ ചാതിഥിസ്തസ്മാന്നിഷധസ്തത്സുതോ നഭഃ
പുണ്ഡരീകോഽഥ തത്പുത്രഃ ക്ഷേമധന്വാഭവത്തതഃ. 1
ദേവാനീകസ്തതോഽനീഹഃ പാരിയാത്രോഽഥ തത്സുതഃ
തതോ ബലസ്ഥലസ്തസ്മാദ്വജ്രനാഭോഽർക്കസംഭവഃ. 2
ഖഗണസ്തത്സുതസ്തസ്മാദ്വിധൃതിശ്ചാഭവത് സുതഃ
തതോ ഹിരണ്യനാഭോഽഭൂദ്യോഗാചാര്യസ്തു ജൈമിനേഃ. 3
ശിഷ്യഃ കൗസല്യ ആധ്യാത്മം യാജ്ഞവല്ക്യോഽധ്യഗാദ്യതഃ
യോഗം മഹോദയമൃഷിർഹൃദയഗ്രന്ഥിഭേദകം. 4
പുഷ്യോ ഹിരണ്യനാഭസ്യ ധ്രുവസന്ധിസ്തതോഽഭവത്
സുദർശനോഽഥാഗ്നിവർണ്ണഃ ശീഘ്രസ്തസ്യ മരുഃ സുതഃ. 5
യോഽസാവാസ്തേ യോഗസിദ്ധഃ കലാപ*ഗ്രാമവാസിഭിഃ
കലേരന്തേ സൂര്യവംശം നഷ്ടം ഭാവയിതാ പുനഃ. 6
തസ്മാത് പ്രസുശ്രുതസ്തസ്യ സന്ധിസ്തസ്യാപ്യമർഷണഃ
മഹസ്വാംസ്തത്സുതസ്തസ്മാദ്വിശ്വസാഹ്വോഽന്വജായത. 7
തതഃ പ്രസേനജിത് തസ്മാത് തക്ഷകോ ഭവിതാ പുനഃ
തതോ ബൃഹദ്ബലോ യസ്തു പിത്രാ തേ സമരേ ഹതഃ
ഏതേ ഹീക്ഷ്വാകുഭൂപാലാ അതീതാഃ ശൃണ്വനാഗതാൻ. 8
ബൃഹദ്ബലസ്യ ഭവിതാ പുത്രോ നാമ ബൃഹദ്രണഃ
ഉരുക്രിയസ്തതസ്തസ്യ വത്സവൃദ്ധോ ഭവിഷ്യതി. 9
പ്രതിവ്യോമസ്തതോ ഭാനുർദ്ദിവാകോ വാഹിനീപതിഃ
സഹദേവസ്തതോ വീരോ ബൃഹദശ്വോഽഥ ഭാനുമാൻ. 10

* 'ഗ്രാമമാശ്രിതഃ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാഴ്ചവയ്ക്കാൻ പല വസ്തുക്കൾ കൈകളിൽ
വച്ചുകൊണ്ടങ്ങു നിരന്നു പൗരാവലി
''പണ്ടു ഭവാനുദ്ധരിച്ചൊരിബ്ഭുവിനെ
വേണ്ടപോൽക്കാത്താലു''മെന്നു ചൊന്നിട്ടുടൻ
കൊണ്ടുവന്നോരു പദാർത്ഥങ്ങളങ്ങു കാൽ–
ത്തണ്ടാരിൽ വർഷിച്ചരുളിയാശിസ്സുകൾ. 29
ഏറെനാളായ് വനവാസം കഴിഞ്ഞെത്തു–
മാരക്ഷിതാവിനെക്കാണ്മാൻ കൊതിയൊടും
വീടുകൾവിട്ടുടൻ സ്ത്രീപുമാന്മാർ മണി–
മേടമുകളിൽ കയറിനിന്നങ്ങനെ
ഏറെസ്സ്മയമത്താമരക്കണ്ണനെ
മാറാതെയൗത്സുക്യമോടു നോക്കീടിനാർ.
എന്നിട്ടുമേതുമലംഭാവമെന്നിയേ
നന്ദിച്ചു പിന്നെ മലർമാരിതൂവിനാർ. 30
അന്തവിഹീനവിവിധകോശാഢ്യമായ്
സ്വാന്തപൂർവാവനീപാലർ ഭരിച്ചതായ്
കൂടിയമട്ടിലുപകരണങ്ങളും
വൈഡൂര്യനിർമ്മിതസ്ഥൂണഗണങ്ങളും
വാരുററ വിദ്രുമനിർമ്മിതവിഗ്രഹ-
ദ്വാരങ്ങളും നീലരത്നതലങ്ങളും
സ്ഫാടികഭിത്തികൾ, ചിത്രവർണ്ണത്തോടു–
കൂടിയമാലകൾ, ചാരുകേതുക്കളും
വസ്ത്രമണിഗണഭാസ്സുകൾ, ചൈതന്യ–
വസ്തുവിനെപ്പോൽ വിളങ്ങിടും മുത്തുകൾ,
കാമോപഭോഗങ്ങൾ, സൂനവിഭൂഷക–
ളീമട്ടഖിലവുമൊത്തിണങ്ങുന്നതായ്,
ദേവസമാനരായ് ഭൂഷണഭൂഷണ-
ഭാവംപെടും സ്ത്രീപുമാന്മാരിയന്നതായ്,
മിന്നും സ്വഗേഹം ഗമിച്ചു ഹിതകൃത്യ–
സന്നദ്ധയാം ജനകാത്മജതന്നൊടും
സ്വാരാമവീരാഗ്രഗണ്യനായീടുമാ–
ശ്രീരാമചന്ദ്രദേവൻ രമിച്ചീടിനാൻ. 31-35
സ്വപ്രജാരാധിതപാദനായ് ശോഭിക്കു–
മാപ്രഭു ധർമ്മലോപംവരുത്താതെതാൻ
ധാരാളമായ് നൃവരോചിതഭോഗങ്ങ–
ളേറിയകാലമനുഭവിച്ചീടിനാൻ. 36

അദ്ധ്യായം 12

ശ്രീരാമവംശവർണ്ണനം

ശ്രീശുകൻ പറഞ്ഞു

പൃഥ്വീപതേ! കുശപുത്രനതിഥി, തൽ–
പുത്രൻ നിഷധൻ, തദീയസുതൻ നഭൻ,
പുണ്ഡരീകൻതാൻ നഭനന്ദനൻ, ക്ഷേമ–
ധന്വാവു പുണ്ഡരീകന്റെ തനൂജനാം. 1
ക്ഷോണീശ്വരാ! തത്തനയൻ ധരിക്ക ദേ–
വാനീകനാം, തത്തനൂജനനീഹനും
തത്സുതൻ പാരിയാത്രൻ, ബലൻ തത്–
തത്സുതനത്രേ സ്ഥലനെന്ന മന്നവൻ, [സുതൻ,
അസ്ഥലൻതൻ സുതനായിബ്ഭവിച്ചിതു
മിത്രാംശസംഭവൻ വജ്രനാഭൻ നൃപാ! 2
തൽപുത്രനല്ലോ സ്വഗണൻ, വിധൃതിത–
ദർഭകൻ, പിന്നെ ഹിരണ്യനാഭാഭിധൻ
തീർന്നാൻ വിധൃതിതനയനാ,യമ്മഹാ–
നാർന്നിതു ജൈമിനിയോടഥ യോഗവും. 3
ജൈമിനീശിഷ്യനായീടുമവനിൽനി–
ന്നാമഹായോഗ,മാധ്യാത്മം മഹോദയം
സംസാരനാശനമഭ്യസിച്ചീടിനാൻ
കോസലദേശ്യനാം യാജ്ഞവല്ക്യൻ മുനി. 4
പുഷ്യൻ ഹിരണ്യനാഭാത്മജനാണു കേൾ
തത്സുതനാം ധ്രുവസന്ധി, സുദർശനൻ
തത്സുത,നഗ്നിവർണ്ണൻ തദീയാത്മജൻ
തത്സുതൻ ശീഘ്രൻ തദീയസുതൻ മരു. 5
ആ മരു, യോഗസംസിദ്ധൻ, കലാപമാം
ഗ്രാമത്തിലസ്ഥലവാസീജനത്തൊടും
പാർക്കുന്നു, പുഷ്ടമാക്കീടുമിവൻ നഷ്ട–
മർക്കവംശം കലികാലാന്തവേളയിൽ. 6
അമ്മരുവിന്റെ തനയൻ പ്രസുശ്രുതൻ
തന്മകൻ സന്ധി,യമർഷണൻ തൽസുതൻ,
തത്തനയൻ മഹസ്വാ,നവനുണ്ടായ
പുത്രനത്രേ വിശ്വബാഹു മഹീപതേ! 7
തൽസുതനാകും പ്രസേനജിത്തിൻസുതൻ
തക്ഷകൻ, തത്പുത്രനത്രേ ബൃഹദ്ബലൻ,
കൊന്നാനവനെബ്ഭവത്പിതാവാമഭി–
മന്യുവടരിൽ പരീക്ഷിത്ക്ഷമാപതേ!
ഇക്ഷ്വാകുവംശജരാണിവരേവരു,–
മിക്ഷണം ചൊല്ലാമിനിജ്ജനിപ്പോരെയും. 8
ശ്രീമൻ! ബൃഹദ്ബലനുണ്ടാം ബൃഹദ്രണ–
നാമാ;വുരുക്രിയൻ തൽസുതനായിടും.
തത്പുത്രനാം വത്സവൃദ്ധന്റെ പുത്രനാ–
യുദ്ഭവിച്ചീടും പ്രതിവ്യോമനാമകൻ
തൽസുതൻ ഭാനുവിൻപുത്രൻ ദി[illegible]നാം
നിശ്ചയം ദേവസേനാപതിയാമവൻ.
ആയവനിൽ സഹദേവനും തൽസുത–
നായി ബൃഹദശ്വനും ജാതരായിടും.
വീരനാകും ബൃഹദശ്വരാജാവിൽനി–
ന്നാരാലുദിച്ചിടും ഭാനുമാനും നൃപാ! 9–10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതീകാശ്വോ ഭാനുമതഃ സുപ്രതീകോഽഥ തത്സുതഃ
ഭവിതാ മരുദേവോഽഥ സുനക്ഷത്രോഽഥ പുഷ്കരഃ. 11
തസ്യാന്തരിക്ഷസ്തത്പുത്രഃ സുതപാസ്തദമിത്രജിത്
ബൃഹദ്രാജസ്തു തസ്യാപി ബർഹിസ്തസ്മാത് കൃതഞ്ജയഃ. 12
രണഞ്ജയസ്തസ്യ സുതഃ സഞ്ജയോ ഭവിതാ തതഃ
തസ്മാച്ഛാക്യോഽഥ ശുദ്ധോദോ ലാങ്ഗലസ്തത്സുതഃ സ്മൃതഃ. 13
തതഃ പ്രസേനജിത് തസ്മാത് ക്ഷുദ്രകോ ഭവിതാ തതഃ
രണകോ ഭവിതാ തസ്മാത് സുരഥസ്തനയസ്തതഃ
സുമിത്രോ നാമ നിഷ്ഠാന്ത ഏതേ ബാർഹദ്ബലാന്വയാഃ. 14
ഇക്ഷ്വാകൂണാമയം വംശഃ സുമിത്രാന്തോ ഭവിഷ്യതി
യതസ്തം പ്രാപ്യ രാജാനം സംസ്ഥാം പ്രാപ്സ്യതി വൈ കലൗ.15

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഇക്ഷ്വാകുവംശവർണ്ണനം നാമ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

ശ്രീശുക ഉവാച
നിമിരിക്ഷ്വാകുതനയോ വസിഷ്ഠമവൃതർത്വിജം
ആരഭ്യ സത്രം സോഽപ്യാഹ, ''ശക്രേണ പ്രാഗ്വൃതോസ്മി
ഭോഃ 1
തം നിർവ്വർത്ത്യാഗമിഷ്യാമി താവന്മാം പ്രതിപാലയ''
തൂഷ്ണീമാസീദ്ഗൃഹപതിഃ സോഽപീന്ദ്രസ്യാകരോന്മഖം. 2
നിമിശ്ചലമിദം വിദ്വാൻ സത്രമാരഭതാത്മവാൻ
ഋത്വിഗ്ഭിരപരൈസ്താവന്നാഗമദ്യാവതാ ഗുരുഃ. 3
ശിഷ്യവ്യതിക്രമം വീക്ഷ്യ നിർവ്വർത്ത്യ ഗുരുരാഗതഃ
അശപത്, ''പതതാദ്ദേഹോ നിമേഃ പണ്ഡിതമാനിനഃ.'' 4
നിമിഃ പ്രതിദദൗ ശാപം ഗുരവേഽധർമ്മവർത്തിനേ
''തവാപി പതതാദ്ദേഹോ ലോഭാദ്ധർമ്മമജാനതഃ''. 5
ഇത്യുത്സസർജ്ജ സ്വം ദേഹം നിമിരധ്യാത്മകോവിദഃ
മിത്രാവരുണയോർജ്ജജ്ഞേ ഉർവ്വശ്യാം പ്രപിതാമഹഃ. 6
ഗന്ധവസ്തുഷു തദ്ദേഹം നിധായ മുനിസത്തമാഃ
സമാപ്തേ സത്രയാഗേഽഥ ദേവാനൂചുഃ സമാഗതാൻ. 7
''രാജ്ഞോ ജീവതു ദേഹോഽയം പ്രസന്നാഃ പ്രഭവോ യദി''
തഥേത്യുക്തേ നിമിഃ പ്രാഹ, ''മാ ഭൂന്മേ ദേഹബന്ധനം. 8
യസ്യ യോഗം ന വാഞ്ഛന്തി വിയോഗഭയകാതരാഃ
ഭജന്തി ചരണാംഭോജം മുനയോ ഹരിമേധസഃ 9
ദേഹം നാവരുരുത്സേഽഹം ദുഃഖശോകഭയാവഹം
സർവ്വത്രാസ്യ യതോ മൃത്യുർമ്മത്സ്യാനാമുദകേ യഥാ.'' 10

ദേവാ ഊചുഃ
''വിദേഹ ഉഷ്യതാം കാമം ലോചനേഷു ശരീരിണാം''
ഉന്മേഷണനിമേഷാഭ്യാം ലക്ഷിതോഽധ്യാത്മസംസ്ഥിതഃ. 11
അരാജകഭയം നൄണാം മന്യമാനാ മഹർഷയഃ
ദേഹം മമന്ഥുഃ സ്മ നിമേഃ കുമാരഃ സമജായത. 12
ജന്മനാ ജനകഃ സോ ഭൂദ്വൈദേഹസ്തു വിദേഹജഃ
മിഥിലോ മഥനാജ്ജാതോ മിഥിലാ യേന നിർമ്മിതാ. 13
തസ്മാദുദാവസുസ്തസ്യ പുത്രോഽഭൂന്നന്ദിവർദ്ധനഃ
തതഃ സുകേതുസ്തസ്യാപി ദേവരാതോ മഹീപതേ! 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാനുമത്പുത്രൻ പ്രതീകാശ്വനെന്നവൻ
ക്ഷോണീപതേ! സുപ്രതീകനാം തൽസുതൻ
സുപ്രതീകാത്മജനായ് മരുദേവനും
തത്പുത്രനായ് സുനക്ഷത്രനും ജാതനാം. 11
പുഷ്കരനത്രേ തദീയാത്മജനന്ത-
രിക്ഷൻ ഭവിക്കുമവന്റെ തനൂജനായ്.
തന്നന്ദനൻ സുതപസ്സിന്നമിത്രജി-
ത്തെന്നവൻ പുത്ര,നവന്റെ പുത്രനായ്
പിന്നെ ബൃഹദ്രാജനുണ്ടാമവന്റെ
നന്ദനൻ ബർഹിസ്സിനുണ്ടാം കൃതഞ്ജയൻ. 12
ആയവന്നുണ്ടാം രണഞ്ജയൻ, സഞ്ജയ-
നായിടും തൽസുതൻ, തൽസുതൻ ശാക്യനും
ശാക്യതനയനാം ശുദ്ധോദനേററവും
ശ്ലാഘ്യനാം ലാങ്ഗലൻ നന്ദനനായിടും. 13
ലാങ്ഗലപുത്രൻ പ്രസേനജിത്തായ്വരും,
മങ്ഗലാത്മൻ ക്ഷുദ്രകാഖ്യനാം തൽസുതൻ.
ക്ഷുദ്രകസൂനു രണക,നവന്നെഴ-
മർഭകനായിസ്സുരഥനും തീർന്നിടും. 14
അസ്സുരഥന്റെ സുതനാം സുമിത്രനീ-
വംശാവധിഭൂതനെന്നറിഞ്ഞീടുക.
ചൊല്ലൊണ്ടിടുമബ്ബൃഹദ്ബലവംശത്തി-
ലുദ്ഭവിക്കേണ്ടവരാണിവരേവരും.
ഇസ്സുമിത്രൻവരെ നില്ക്കുമീയിക്ഷ്വാക-
വംശം കലിയിങ്കൽ വിച്ഛിത്തിവന്നിടും. 15

അദ്ധ്യായം 13

നിമികഥ—നിമിവംശ വർണ്ണനം

ശ്രീശുകൻ പറഞ്ഞു

അദ്ധ്വരമൊന്നു തുടങ്ങിവച്ചിക്ഷ്വാക-
പുത്രൻ നിമിയുമൃത്വിക്കായ് വസിഷ്ഠനെ
ചെന്നു വിളിക്കവേ, ''യിന്ദ്രൻ മഖത്തിനായ്
മുന്നേ വരിച്ചുപോ''യെന്നു ചൊന്നാൻ മുനി. 1
''എത്താമതുകഴിഞ്ഞിട്ടങ്ങതുവരെ-
ക്കാത്താല്''മെന്ന വസിഷ്ഠവാക്യം കേട്ടു
മൗനമാർന്നാൻ നിമി, മാമുനിതാനുമാ-
വാനവർകോൻതൻ മഖം നടത്തീടിനാൻ. 2
അഞ്ചാതെയാത്മജ്ഞനാം നിമി ജീവിതം
ചഞ്ചലമെന്നു പാർത്താചാര്യനാം മുനി
എത്തുംവരെയ്ക്കന്യഭൂസുരരേ വച്ചു
സത്രവുമങ്ങു നടത്തിത്തുടങ്ങിനാൻ. 3
ഇന്ദ്രയാഗം നിവർത്തിച്ചു ഗുരുവരൻ
വന്നു ശിഷ്യന്റെയിദ്ധിക്കാരമീക്ഷിച്ചു
പണ്ഡിതമാനിയാകും നിമിതൻ തനു-
തിണ്ണംപതിക്കട്ടെയെന്നു ശപിച്ചിതു. 4

''ലോഭത്തിനാൽ ധർമ്മമേതുമറിയാത്ത-
പാപിയാമങ്ങേവപുസ്സും പതിക്കട്ടെ''
എന്നായധർമ്മം പ്രവർത്തിച്ച ദേശികൻ-
തന്നെ നിമിയും പകരം ശപിച്ചിതു. 5
അദ്ധ്യാത്മകോവിദനാം നിമിയീവിധം
തത്തനു തള്ളി, വസിഷ്ഠനനന്തരം
മിത്രാവരുണരിൽനിന്നുർവ്വശിയുടെ
പുത്രഭാവത്തിൽ ജനനം വരിച്ചിതേ. 6
ഋത്വിഗ്ദ്വിജന്മാർ നിമിശരീരം ഗന്ധ-
വസ്തുക്കളിലിട്ടു സൂക്ഷിച്ചു നല്ലപോൽ
സത്രസമാപ്തിയിലാഗതരാം സുര-
സത്തമരോടരുളീടിനാരീവിധം: 7
''തുഷ്ടരാം നിങ്ങൾ സമർത്ഥരെന്നാകിലോ
പെട്ടെന്നു ജീവിച്ചിടട്ടെയിബ്ഭൂമിപൻ.'';
ആവിധംതാനെന്നനുഗ്രഹിച്ചാരവർ
ജീവിച്ചുടൻ നിമിയർത്ഥിച്ചിതീവിധം: 8
''ഏതിൻ വിയോഗം ഭയന്നു മഹർഷിമാർ
സാദരം ശ്രീഹരിപാദം ഭജിക്കുന്നു
ശോകഭയദുഃഖവാഹിയാമത്തനു-
സ്വീകരിപ്പാനെനിക്കിഷ്ടമില്ലൊട്ടുമേ. 9
വെള്ളത്തിനുള്ളിൽക്കിടക്കുന്ന മത്സ്യത്തി-
നെല്ലായിടവും ജലമെന്നമാതിരി
ഈ ശരീരത്തിലുമെങ്ങുമെല്ലായ്പ്പൊഴും
നാശമല്ലാതെ നിരീക്ഷിപ്പതില്ല ഞാൻ.'' 10

ദേവന്മാർ പറഞ്ഞു

''പ്രാണികൾതൻ കണ്ണുകളിൽ വിദേഹ-
നായ്
വാണുകൊൾകിച്ചുപോ''ലെന്നു ചൊന്നാർ [സുരർ.
ഏവമുന്മേഷനിമേഷങ്ങളുണ്ടാക്കി-
യാവസിപ്പൂ നിമിയിന്നും മിഴികളിൽ. 11
മർത്ത്യക്കരാജകഭീതിയോർത്തിട്ടൃഷി-
സത്തമർ പിന്നെ നിമിനൃപൻതൻ തനു,
നന്നായ് മഥിക്കയാലായതിൽനിന്നൊരു
നന്ദനനുണ്ടായിവന്നിതു വിസ്മയം! 12
ജന്മത്തിനാലേ ജനകനായ് പേരാർന്ന-
തിമ്മഹാനാണു, വിദേഹജനാകയാൽ,
വൈദേഹനെന്നും, മഥനത്തിൽനിന്നുദ്-
ഭൂതനായിട്ടു മിഥിലനെന്നും ചിതം
നാമങ്ങളാർന്നാൻ, മിഥിലയാംപട്ടണ-
മീമന്നവനാൽ വിരചിതമാം നൃപാ! 13
തീർന്നാൻ മിഥിലസുതനായുദാവസു
തന്നന്ദനൻ നന്ദിവർദ്ധനനെന്നവൻ
തത്പുത്രനത്രേ സുകേതു,വവങ്കൽനി-
ന്നുദ്ഭവിച്ചാൻ ദേവരാതൻ മഹീപതേ! 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാദ് ബൃഹദ്രഥസ്തസ്യ മഹാവീര്യഃ സുധൃത് പിതാ
സുധൃതേർധൃഷ്ടകേതുർവൈ ഹര്യശ്വോഽഥ മരുസ്തതഃ. 15
മരോഃ പ്രതീപകസ്തസ്മാജ്ജാതഃ കൃതിരഥോ യതഃ
ദേവമീഢസ്തസ്യ സുതോ വിശ്രുതോഽഥ മഹാധൃതിഃ. 16
കൃതിരാതസ്തതസ്തസ്മാന്മഹാരോമാഥ തത്സുതഃ
സ്വർണ്ണരോമാ സുതസ്തസ്യ ഹ്രസ്വരോമാഽപ്യജായത. 17
തതഃ സീരധ്വജോ ജജ്ഞേ യജ്ഞാർത്ഥം കർഷതോ മഹീം
സീതാ സീരാഗ്രതോ ജാതാ തസ്മാത് സീരധ്വജഃ സ്മൃതഃ. 18
കുശധ്വജസ്തസ്യ പുത്രസ്തതോ ധർമ്മധ്വജോ നൃപഃ
ധർമ്മധ്വജസ്യ ദ്വൗ പുത്രൗ കൃതധ്വജമിതധ്വജൗ. 19
കൃതധ്വജാത് കേശിധ്വജഃ ഖാണ്ഡിക്യസ്തു മിതധ്വജാത്
കൃതധ്വജസുതോ രാജന്നാത്മവിദ്യാവിശാരദഃ 20
ഖാണ്ഡിക്യഃ കർമ്മതത്ത്വജ്ഞോ ഭീതഃ കേശിധ്വജാദ് ദ്രുതഃ
ഭാനുമാംസ്തസ്യ പുത്രോഽഭൂച്ഛതദ്യുമ്നസ്തു തത്സുതഃ. 21
ശുചിസ്തത്തനയസ്തസ്മാത് സനദ്വാജസ്തതോഽഭവത്
ഊർദ്ധ്വകേതുഃ സനദ്വാജാദജോഽഥ പുരുജിത്സുതഃ. 22
അരിഷ്ടനേമിസ്തസ്യാപി ശ്രുതായുസ്തത്സുപാർശ്വകഃ
തതശ്ചിത്രരഥോ യസ്യ ക്ഷേമർദ്ധിർമിഥിലാധിപഃ. 23
തസ്മാത് *ഹേമരഥസ്തസ്യ സുതഃ സത്യരഥസ്തതഃ
ആസീദുപഗുരുസ്തസ്മാദുപഗുപ്തോഽഗ്നിസംഭവഃ. 24
വസ്വനന്തോഽഥ തത്പുത്രോ യുയുധോ യത് സുഭാഷണഃ
ശ്രുതസ്തതോ ജയസ്തസ്മാദ്വിജയോഽസ്മാദൃതഃ സുതഃ. 25
ശുനകസ്തത്സുതോ ജജ്ഞേ വീതഹവ്യോ ധൃതിസ്തതഃ
ബഹുലാശ്വോ ധൃതേസ്തസ്യ കൃതിരസ്യ മഹാവശീ. 26
ഏതേ വൈ മൈഥിലാ രാജന്നാത്മവിദ്യാവിശാരദാഃ
യോഗേശ്വരപ്രസാദേന ദ്വന്ദ്വൈർമ്മുക്താ ഗൃഹേഷ്വപി. 27

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
നിമിവംശാനുവർണ്ണനം നാമ ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

ശ്രീശുക ഉവാച
അഥാതഃ ശ്രൂയതാം രാജൻ! വംശഃ സോമസ്യ പാവനഃ
യസ്മിന്നൈലാദയോ ഭൂപാഃ കീർത്ത്യന്തേ പുണ്യകീർത്തയഃ. 1
സഹസ്രശിരസഃ പുംസോ നാഭിഹ്രദസരോരുഹാത്
ജാതസ്യാസീത് സുതോ ധാതുരത്രിഃ പിതൃസമോ ഗുണൈഃ. 2
തസ്യ ദൃഗ്ഭ്യോഽഭവത് പുത്രഃ സോമോഽമൃതമയഃ കില
വിപ്രൗഷധ്യുഡുഗണാനാം ബ്രഹ്മണാ കല്പിതഃ പതിഃ. 3
സോഽയജദ്രാജസൂയേന വിജിത്യ ഭുവനത്രയം
പത്നീം ബൃഹസ്പതേർദ്ദൃപ്താത് താരാം നാമാഹരദ് ബലാത്. 4
യദാ സ ദേവഗുരുണാ യാചിതോഽഭിക്ഷ്ണശോ മദാത്
നാത്യജത് തത്കൃതേ ജജ്ഞേ സുരദാനവവിഗ്രഹഃ. 5
ശുക്രോ ബൃഹസ്പതേർദ്ദ്വേഷാദഗ്രഹീത് സാസുരോഡുപം
ഹരോ ഗുരുസുതം സ്നേഹാത് സർവ്വഭൂതഗണാവൃതഃ 6
സർവ്വദേവഗണോപേതോ മഹേന്ദ്രോ ഗുരുമന്വയാത്
സുരാസുരവിനാശോഽഭൂത് സമരസ്താരകാമയഃ. 7

---
* 'സമരഥഃ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവരാതാത്മജനത്രേ ബൃഹദ്രഥ-
ഭൂവരൻ, തത്തനയൻ മഹാവീര്യനാം
തത്തനയൻ സുധൃതി, ധൃഷ്ടകേതു തത്-
പുത്രനാം, തത്സുതൻ ഹര്യശ്വനാമകൻ. 15
തത്പുത്രനാം മരുവിന്നു പ്രതീപക-
നുദ്ഭൂതനായാൻ, കൃതരഥൻ തത്സുതൻ,
തൽസുതൻ ദേവമീഢൻ, തദീയാത്മജൻ
വിശ്രുതൻ, തത്സുതനത്രേ മഹാധൃതി. 16
തന്നന്ദനൻ കൃതിരാതനവനുടെ
നന്ദനൻതാൻ മഹാരോമാവു, തത്സുതൻ
സ്വർണ്ണരോമാവു, തദീയതനൂജനായ്-
ത്തീർന്നിതു ഹ്രസ്വരോമാവും ധരാപതേ! 17
സീരധ്വജൻ തത്സുതനാ,ണൊരിക്കലീ-
വീരൻ ധരണിയുഴതോരുവേളയിൽ
സീരാഗ്രഭാഗത്തുനിന്നുളവായ് സീത,
സീരധ്വജനെന്നതിനാലെ പേരുമായ്. 18
സീരധ്വജപുത്രനത്രേ കുശധ്വജൻ
കൗരവാ! ധർമ്മധ്വജനാം തദാത്മജൻ.
ധർമ്മധ്വജനു കൃതധ്വജാഖ്യാതനും
ചെമ്മേ മിതധ്വജനും രണ്ടുപുത്രരാം. 19
ബ്രഹ്മവിദ്യാപടുവായ കേശിധ്വജൻ
ജന്മംവരിച്ചാൻ കൃതധ്വജപുത്രനായ്.
ഖാണ്ഡിക്യനെന്നവനത്രേ മിതധ്വജ-
നന്ദനനായിബ്ഭവിച്ചതും മന്നവാ! 20
കേശിധ്വജനെബ്ഭയന്നു പോയാൻ കർമ്മ-
പേശലൻ ഖാണ്ഡിക്യനന്നാട്ടിൽനിന്നുടൻ.
കേശിധ്വജസുതൻ ഭാനുമാനാം, ധരാ-
ധീശാ! ശതദ്യുമ്നനത്രേ തദാത്മജൻ. 21
അശ്ശതദ്യുമ്നന്റെ പുത്രനല്ലോ ശുചി,
തത്സുതനാം സനദ്വാജധരാധവൻ.
പുത്രനവനൂർദ്ധ്വകേതു,വവനുടെ
പുത്രനജൻ, പുരുജിത്താണജാത്മജൻ. 22
തത്പുത്രനാകമരിഷ്ടനേമിക്കെഴു-
മർഭകനാം ശ്രുതായുസ്സു, സുപാർശ്വകൻ
തത്സുതൻ, ചിത്രരഥൻ തദീയാത്മജൻ,
തത്സുതൻ ക്ഷേമധിയും മിഥിലേശർതാൻ. 23
ക്ഷേമധിതൻ സുതൻ ഹേമരഥാഭിധൻ,
ഹേമരഥാത്മജൻ സത്യരഥാഖ്യനാം,
തത്സുതനാകമുപഗുരുവിൻസുത-
നാശ്രയാശാംശോദ്ഭവനുപഗുപ്തനാം. 24
പിന്നെയുപഗുപ്തജനാം വസ്വനന്തനിൽ
നിന്നു യുയുധ,നവനിൽനിന്നും തഥാ
ഉദ്ഭൂതനായാൻ സുഭാഷണൻ, തൽസുത-
നുദ്ഭവിച്ചാൻ ജയനെന്ന ജനേശ്വരൻ.
മന്നൻജയൻ തൽസുതനാം വിജയങ്കൽ-
നിന്നു ധൃതനെന്ന പുത്രനും ജാതനായ്. 25
പുത്രൻ ധൃതന്നു ശുനകൻ, ശുനകന്റെ
പുത്രനാം വീതഹവ്യൻ, തത്സുതൻ ധൃതി,
പിന്നെദ്ധൃതിക്കു ബഹുലാശ്വനാമകൻ
നന്ദനനായ്, കൃതിയത്രേ തദാത്മജൻ. 26
ജാതൻ കൃതിക്കു മഹാവശിയാം സുതൻ
മൈഥിലന്മാരായിട്ടമിവരേവരും
അദ്ധ്യാത്മവിദ്യാനിപുണരായ് യോഗേശ-
സിദ്ധപ്രസാദംനിമിത്തം ഗൃഹത്തിലും
ബന്ധവിമുക്തരായ് വാണ മഹാശയ-
രെന്നറിഞ്ഞീടുക ഭൂപശിഖാമണേ! 27

അദ്ധ്യായം 14

താരാശശാങ്കം—ഐളോപാഖ്യാനം

ശ്രീശുകൻ പറഞ്ഞു

ശ്രദ്ധിച്ചു കേൾക്കുക മേദിനീശാ! ഭവാൻ
ശുദ്ധമാം ചന്ദ്രവംശം കഥിക്കുന്നു ഞാൻ.
വർണ്ണിച്ചിരിക്കുന്നിതായതിലൈളാദി-
പുണ്യകൃത്തുക്കളാം മന്നരെ വേണ്ടപോൽ. 1
ആയിരം ബാഹുശിരസ്സുകളാർന്നിടും
മായാമയൻതന്റെ നാഭീഹ്രദത്തിലെ
പദ്മത്തിൽനിന്നുളവായ വിരിഞ്ചന്റെ-
യാത്മജനായത്രി ജാതനായീടിനാൻ.
ആ ദിവ്യനാത്മഗുണങ്ങളാലനഘം
താതസമാനനായ് ശോഭിച്ചിരുന്നിതു. 2
അത്രിനേത്രങ്ങളിൽനിന്നമൃതാത്മകൻ
പുത്രനുണ്ടായിതു സോമനാമത്തൊടും.
വിപ്രൗഷധീതാരകങ്ങൾക്കധീശനായ്-
ക്കല്പിച്ചുകൊണ്ടാനവനെപ്പിതാമഹൻ. 3
ആയവൻ ലോകത്രയം വെന്നഥ രാജ-
സൂയമഖത്താൽ ഹരിയെ യജിച്ചിതു.
ദർപ്പം മുഴത്തിട്ടപഹരിച്ചാൻ ബലാൽ
ക്ഷിപ്രം ബൃഹസ്പതീഭാര്യയാം താരയെ. 4
പിന്നപ്പലപോതിലും നിജപത്നിയെ-
ത്തന്നീടുകെന്നു ഗുരുവിരന്നീടിലും
ഒന്നുമേ ഗർവ്വത്തിനാലവൻ കേൾക്കാഞ്ഞു
ജന്യം സുരാസുരർതമ്മിലുണ്ടായിതു. 5
ശുക്രൻ ബൃഹസ്പതീദ്വേഷത്തിനാൽ ദൈത്യ-
യുക്തനായ് ചന്ദ്രന്റെ കക്ഷിയിൽ ചേർന്നിതു.
സ്നേഹത്തിനാൽ തൻഗുരുവിൻ തനൂജനു
സാഹായ്യമേകിനാൻ ഭൂതാവൃതൻ ശിവൻ. 6
ഇന്ദ്രനും ദേവസംഘാന്വിതനായ്ച്ചെന്നു-
ചേർന്നാൻ ഗുരുവരപക്ഷത്തിലക്ഷണം.
താരനിമിത്തമുളവായതാകമി-
പ്പോരിൽ നശിച്ചീടിനാരിരുകൂട്ടരും. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിവേദിതോഽഥാങ്ഗിരസാ സോമം നിർഭർത്സ്യ വിശ്വകൃത്
താരാം സ്വഭർത്രേ പ്രായച്ഛദന്തർവ്വത്നീമവൈത് പതിഃ. 8
''ഗർഭം ത്യജാശു ദുഷ്പ്രജ്ഞേ മത്ക്ഷേത്രാദാഹിതം പരൈഃ
നാഹം ത്വാം ഭസ്മസാത്കുര്യാം സ്ത്രിയം സാന്താനി-
കേഽസതി.'' 9
തത്യാജ വ്രീഡിതാ താരാ കുമാരം *ജനകപ്രഭം
സ്പൃഹാമാങ്ഗിരസശ്ചക്രേ കുമാരേ സോമ ഏവ ച. 10
മമായം ന തവേത്യുച്ചൈസ്തസ്മിൻ വിവദമാനയോഃ
പപ്രച്ഛുരൃഷയോ ദേവാ നൈവോചേ വ്രീഡിതാ തു
സാ. 11
കുമാരോ മാതരം പ്രാഹ കുപിതോഽലീകലജ്ജയാ
''കിം ന വോചസ്യസദ്വൃത്തേ ആത്മാവദ്യം വദാശു മേ!''
12
ബ്രഹ്മാ താം രഹ ആഹൂയ സമപ്രാക്ഷീച്ച സാന്ത്വയൻ
സോമസ്യേത്യാഹ ശനകൈഃ സോമസ്തം താവദഗ്രഹീത്. 13
തസ്യാത്മയോനിരകൃത ബുധ ഇത്യഭിധാം നൃപ!
ബുദ്ധ്യാ ഗംഭീരയാ യേന പുത്രേണാപോഡുരാണ്മുദം. 14
തതഃ പുരൂരവാ ജജ്ഞേ ഇലായാം യ ഉദാഹൃതഃ
തസ്യ രൂപഗുണൗദാര്യശീലദ്രവിണവിക്രമാൻ. 15
ശ്രുത്വോർവ്വശീന്ദ്രഭവനേ ഗീയമാനാൻ സുരർഷിണാ
തദന്തികമുപേയായ ദേവീ സ്മരശരാർദ്ദിതാ. 16
മിത്രാവരുണയോഃ ശാപാദാപന്നാ നരലോകതാം
നിശമ്യ പുരുഷശ്രേഷ്ഠം കന്ദർപ്പമിവ രൂപിണം
ധൃതിം വിഷ്ടഭ്യ ലലനാ ഉപതസ്ഥേ തദന്തികേ. 17
സ താം വിലോക്യ നൃപതിർഹർഷേണോത്ഫുല്ലലോചനഃ
ഉവാച ശ്ലക്ഷ്ണയാ വാചാ ദേവീം ഹൃഷ്ടതനൂരുഹഃ. 18

രാജോവാച

സ്വാഗതം തേ വരാരോഹേ ആസ്യതാം കരവാമ കിം?
സംരമസ്വ മയാ സാകം രതിർന്നൗ ശാശ്വതീഃ സമാഃ. 19

ഉർവ്വശ്യുവാച

''കസ്യാസ്ത്വയി ന സജ്ജേത മനോ ദൃഷ്ടിശ്ച സുന്ദര!
യദങ്ഗാന്തരമാസാദ്യ ച്യവതേ ഹ രിരംസയാ. 20
ഏതാവുരണകൗ രാജൻ! ന്യാസൗ രക്ഷസ്വ മാനദ!
സംരംസ്യേ ഭവതാ സാകം ശ്ലാഘ്യഃ സ്ത്രീണാം വരഃ സ്മൃതഃ. 21
ഘൃതം മേ വീര ഭക്ഷ്യം സ്യാ,ന്നേക്ഷേ ത്വാന്യത്ര മൈഥുനാത്
വിവാസസം'', തത് തഥേതി പ്രതിപേദേ മഹാമനാഃ. 22
''അഹോ രൂപമഹോ ഭാവോ നരലോകവിമോഹനം
കോ ന സേവേത മനുജോ ദേവീം ത്വാം സ്വയമാഗതാം.'' 23
തയാ സ പുരുഷശ്രേഷ്ഠോ രമയന്ത്യാ യഥാർഹതഃ
രേമേ സുരവിഹാരേഷു കാമം ചൈത്രരഥാദിഷു. 24
രമമാണസ്തയാ ദേവ്യാ പദ്മകിഞ്ജൽക്കഗന്ധയാ
തന്മുഖാമോദമുഷിതോ മുമുദേഽഹർഗ്ഗണാൻ ബഹൂൻ. 25
അപശ്യന്നുർവ്വശീമിന്ദ്രോ ഗന്ധർവ്വാൻ സമചോദയത്
''ഉർവ്വശീരഹിതം മഹ്യമാസ്ഥാനം നാതിശോഭതേ.'' 26
തേ ഉപേത്യ മഹാരാത്രേ തമസി പ്രത്യുപസ്ഥിതേ
ഉർവ്വശ്യാ ഉരണൗ ജഹ്രുർന്ന്യസ്തൗ രാജനി ജായയാ. 27

* 'കനകപ്രഭം' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ഗിരസ്സിൽനിന്നനന്തരമീമഹാ–
സങ്ഗരവാർത്തയറിഞ്ഞു പിതാമഹൻ
സോമനെബ്ഭർത്സിച്ചശേഷം ഗുരുവിന്നു
വാമാക്ഷിയെത്തിരിയെക്കൊടുപ്പിച്ചിതേ.
ലക്ഷണം കണ്ടവൾ ഗർഭിണിയാണെന്ന–
തക്ഷണംതന്നെ ധരിച്ചിതാചാര്യനും. 8
''ക്ഷിപ്രമസതീ! പരകൃതമാകുമീ–
ഗർഭം ത്യജിക്കുകെൻക്ഷേത്രത്തിൽനിന്നു നീ.
ഭസ്മമാക്കേണ്ടതുതാൻ നിന്നെയെങ്കിലും
കശ്മലേ! സന്താനമിച്ഛിച്ചിടുന്ന ഞാൻ
നാരിയായിപ്പോയി നീയെന്നതിനാലെ
ചാരമാക്കാതെ വിടുന്നിതിപ്പോൾ ഖലേ!'' 9
തന്നകൃത്യംപാർത്തു ലജ്ജിച്ചു താരയൊ–
രിന്ദുപ്രഭനാം തനയനെപ്പെററിതു.
അപ്പുത്രനിലഗ്ഗുരുവിനും സോമനു–
മൊപ്പമായ്ത്താത്പര്യമുള്ളിലുണ്ടായിതേ. 10
ഇക്കുഞ്ഞെനിക്കുള്ള,തല്ലിതെൻേറതെന്ന–
തക്കമൊയ്യച്ചമിരുവരും തങ്ങളിൽ.
താരയോടപ്പോൾ സുരരുമൃഷികളു–
മാരുടെ കുഞ്ഞാണിതെന്നു ചോദിക്കവേ
നാണംനിമിത്തമായേണീവിലോചന
ക്ഷോണിയിൽ നോക്കി മിണ്ടാതെ നിന്നീടി–
നാൾ. 11
ക്രുദ്ധനായബ്ബാലനമ്മയോടോതി, ''ദുർ–
വൃത്തേ ത്രപനടിച്ചെന്തു നില്ക്കുന്നു നീ?
നേരേ കഥിച്ചീടുകാത്മദോഷം, സ്വയ–
മാരിൽനിന്നിഗ്ഗർഭമാർന്നെന്നതാശു നീ.'' 12
പുത്രശാഠ്യത്തിലും മൗനംഭജിക്കുമ–
ദ്ധൂർത്തയെഗ്ഗൂഢം വരുത്തിപ്പിതാമഹൻ
സാന്ത്വനംചെയ്തു ചോദിക്കവേ, ചൊല്ലിനാ–
ളിന്ദുവിൻേറതെന്നവൾ മന്ദമന്ദമായ്.
കുട്ടിയെച്ചന്ദ്രനെടുത്താനനന്തരം
സ്രഷ്ടാവവനു ബുധനെന്നു നല്കി പേർ.
ഗംഭീരബുദ്ധിമാനാകുമപ്പുത്രനാ–
ലമ്പിളിയാനന്ദതുന്ദിലനായിതു. 13–14
മുന്നേ കഥിച്ചേൻ ബുധനിൽപ്പുരൂരവ–
സ്സെന്ന നരപാലനുദ്ഭൂതനായതായ്.
ആ മന്നവൻതൻ സുരൂപാദി സദ്ഗുണ–
സ്തോമത്തെ നാരദനിന്ദ്രസദസ്സതിൽ
വർണ്ണിച്ചതു കേട്ടനങ്ഗസമ്മർദ്ദന–
ഖിന്നയായുർവശിയെത്തീ തദന്തികം. 15-16
മിത്രാവരുണശാപത്താൽ നരത്വത്തിൽ
മർത്ത്യലോകത്തിലെത്തേണ്ടുമാവേളയിൽ
കന്ദർപ്പസുന്ദരനന്നൃപനെക്കണ്ടു
ചെന്നാൾ തദന്തികം ധൈര്യംവിടാതവൾ. 17
മന്നനവളേ നിരീക്ഷിച്ചു സന്തോഷ–
മാർന്നു വിടർന്ന നയനദ്വയത്തൊടും
അങ്ഗമശേഷം കുളിർപൊങ്ങിയക്ഷണ–
മിങ്ങനെ മാധുര്യവാക്യങ്ങളോതിനാൻ: 18

രാജാവു പറഞ്ഞു

സുന്ദരീ! സ്വാഗത,മിങ്ങിരുന്നീടുക,
ചൊന്നാലുമെന്താണഭീഷ്ടമെന്നുള്ളതും?
എന്നോടുകൂടി വസിക്ക, നമുക്കിനി–
യൊന്നിച്ചു ചേർന്നു രമിച്ചിടാമേറെനാൾ. 19

ഉർവ്വശി പറഞ്ഞു

''സുന്ദരാങ്ഗാ! ഭവാനേതൊരുനാരിതൻ–
കണ്ണും കരളും കവർന്നിടാ പാരിതിൽ.
അങ്ങെയ്യെഴും മാറിടം കാൺകിലക്ഷണ–
മങ്ങു രമിക്കുവാനാശവദ്ധിക്കയാൽ
സ്വന്തം വിവേകധൈര്യാദിഗുണങ്ങളെ–
സ്സന്ത്യജിച്ചീടാത്തതേതൊരു മാനിനി? 20
മാനദാ! രക്ഷിച്ചുകൊൾകവേണം ഭവാൻ
ഞാനേകിടുന്ന രണ്ടാട്ടിൻകിടാങ്ങളെ.
അങ്ങയോടൊത്തു രമിച്ചുകൊള്ളാമിവ–
ളങ്ഗനമാർക്കുതിശ്ലാഘ്യനാം വരൻ. 21
വീരാ! ഘൃതമാകണം മമ ഭക്ഷ്യമെ–
ന്നോരുക, മൈഥുനകാലത്തിലെന്നിയേ–
കാണരുതങ്ങയെ വസ്ത്രവിഹീനനായ്
ഞാ,''നെന്നവൾ ചൊല്ലിയേററാനതന്നൃപൻ.
22

രാജാവു പറഞ്ഞു

താവകസൗന്ദര്യഭാവങ്ങളദ്ഭുതം
ദേവീ! നരലോകമോഹനം, നിർണ്ണയം.
അങ്ങനെയുള്ള ഭവതി താനേ വന്നു–
തങ്ങിയാലേതൊരു മർത്ത്യൻ വെടിഞ്ഞിടും! 23

ശ്രീശുകൻ പറഞ്ഞു

സർവ്വവിധത്തിലുമാരമിപ്പിക്കുമീ–
യുർവശിയൊത്തപ്പുരൂരവസ്സാം നൃപൻ
നന്ദനചിത്രരഥപാരിഭദ്രാദി
വിണ്ണോർമലർവാടിതോറും രമിച്ചിതേ. 24
താമരവല്ലിതൻ സൗരഭ്യമാളുമാ
വാമാളകാനനഗന്ധപ്രവാഹത്തിൽ
വീണവനേതുമറിഞ്ഞീലഹോ! ധരാ–
ജാനേ! ബഹുദിനരാത്രികൾ പോയതും. 25
മോശമാണുർവ്വശിയില്ലാതിരിക്കുമീ
വാസസ്ഥലമെന്നതോർത്തു സുരേശ്വരൻ
ഗന്ധർവ്വസംഘത്തെ വിട്ടീടിനാനുട–
നന്തികത്തിങ്കലവളെയെത്തിക്കുവാൻ. 26
അങ്ങവരെത്തി മഹാനിശയിൽത്തമ–
സ്സെങ്ങും നിബിഡമായ് വ്യാപിച്ചിരിക്കവേ,
കാത്തുകൊൾവാനവൾ ഭൂപനെയേല്പിച്ചൊ–
രാട്ടിൻകിടാങ്ങളെക്കയ്യടക്കീടിനാർ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശമ്യാക്രന്ദിതം ദേവീ പുത്രയോർന്നീയമാനയോഃ
''ഹതാസ്മ്യഹം കുനാഥേന നപുംസാ വീരമാനിനാ. 28

യദ്വിശ്രംഭാദഹം നഷ്ടാ ഹൃതാപത്യാ ച ദസ്യുഭിഃ
യഃ ശേതേ നിശി സംത്രസ്തോ, യഥാ നാരീ ദിവാ പുമാൻ.'' 29

ഇതി വാക്സായകൈർവ്വിദ്ധഃ പ്രതോത്രൈരിവ കുഞ്ജരഃ
നിശി നിസ്ത്രിംശമാദായ വിവസ്ത്രോഽഭ്യദ്രവദ്രുഷാ. 30

തേ വിസൃജ്യോരണൗ തത്ര വ്യദ്യോതന്ത സ്മ വിദ്യുതഃ
ആദായ മേഷാവായാന്തം നഗ്നമൈക്ഷത സാ പതിം. 31

ഐളോഽപി ശയനേ ജായാമപശ്യൻ വിമനാ ഇവ
തച്ചിത്തോ വിഹ്വലഃ ശോചൻ ബഭ്രാമോന്മത്തവന്മഹീം. 32

സ താം വീക്ഷ്യ കുരുക്ഷേത്രേ സരസ്വത്യാം ച തത്സഖീഃ
പഞ്ച പ്രഹൃഷ്ടവദനാഃ പ്രാഹ സൂക്തം പുരൂരവാഃ. 33

''അഹോ ജായേ! തിഷ്ഠ, തിഷ്ഠ, ഘോരേ! ന ത്യക്തുമർഹസി
മാം ത്വമദ്യാപ്യനിർവൃത്യ വചാംസി കൃണവാവഹൈ. 34

സുദേഹോഽയം പതത്യത്ര, ദേവി, ദൂരം ഹൃതസ്ത്വയാ
ഖാദന്ത്യേനം വൃകാ ഗൃധ്രാസ്ത്വത്പ്രസാദസ്യ നാസ്പദം.'' 35

ഉർവ്വശ്യുവാച

''മാ മൃഥാഃ പുരുഷോഽസി ത്വം മാ സ്മ ത്വാദ്യുർവൃകാ ഇമേ
ക്വാപി സഖ്യം ന വൈ സ്ത്രീണാം വൃകാണാം ഹൃദയം യഥാ. 36

സ്ത്രിയോ ഹ്യകരുണാഃ ക്രൂരാ ദുർമ്മർഷാഃ പ്രിയസാഹസാഃ
ഘ്നന്ത്യല്പാർത്ഥേഽപി വിശ്രബ്ധം പതിം ഭ്രാതരമപ്യുത. 37

വിധായാലീകവിശ്രംഭമജ്ഞേഷു ത്യക്തസൗഹൃദാഃ
നവം നവമഭീപ്സന്ത്യഃ പുംശ്ചല്യഃ സ്വൈരവൃത്തയഃ. 38

സംവത്സരാന്തേ ഹി ഭവാനേകരാത്രം മയേശ്വര!
വത്സ്യത്യപത്യാനി ച തേ ഭവിഷ്യന്ത്യപരാണി ഭോഃ'' 39

അന്തർവ്വത്നീമുപാലക്ഷ്യ ദേവീം സ പ്രയയൗ പുരം
പുനസ്തത്ര ഗതോഽബ്ദാന്തേ ഉർവ്വശീം വീരമാതരം. 40

ഉപലഭ്യ മുദാ യുക്തഃ സമുവാസ തയാ നിശാം
അഥൈനമുർവ്വശീ പ്രാഹ കൃപണം വിരഹാതുരം. 41

''ഗന്ധർവ്വാനുപധാവേമാംസ്തുഭ്യം ദാസ്യന്തി മാ''മിതി
തസ്യ സംസ്തുവതസ്തുഷ്ടാ അഗ്നിസ്ഥാലീം ദദൗ നൃപ. 42

ഉർവ്വശീം മന്യമാനസ്താം സോബുദ്ധ്യത ചരൻ വനേ
സ്ഥാലീം ന്യസ്യ വനേ ഗത്വാ ഗൃഹാനാധ്യായതോ നിശി
ത്രേതായാം സംപ്രവൃത്തായാം മനസി ത്രയ്യവർത്തത. 43

സ്ഥാലീസ്ഥാനം ഗതോഽശ്വത്ഥം ശമീഗർഭം വിലക്ഷ്യ സഃ
തേന ദ്വേ അരണീ കൃത്വാ ഉർവ്വശീ ലോകകാമ്യയാ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗന്ധർവ്വർ കൊണ്ടുപോം തൻകിടാങ്ങൾക്കെഴും
ക്രന്ദനം കേട്ടവളേവമോതീടിനാൾ:
''കഷ്ടമേ! വീരാഭിമാനിയാം ഷണ്ഡനി–
ബ്ഭർത്താവുമൂലം ഹതയായ്ക്കഴിഞ്ഞു ഞാൻ. 28
ആരെ ഞാൻ വിശ്വസിച്ചേല്പിച്ചിവറ്റെയാ
ഭീരു നിശയിൽ കിടപ്പൂ, പെണ്ണെന്നപോൽ,
നേരം വെളുത്തുകഴിഞ്ഞാലുടനൊരു
വീരപുരുഷാഗ്ര്യനാണിന്നപുംസകം.'' 29
ഉർവശിതൻ വാക്ശരങ്ങളമ്മന്നന്റെ
മാവിടത്തിൽത്തറ, ച്ചങ്കുശവിദ്ധനാം
ആനകണക്കേ, യമർഷത്തൊടും വസ്ത്ര–
ഹീനനായ് വാളുമെടുത്തു പാഞ്ഞീടിനാൻ. 30
മന്നനെക്കണ്ടങ്ങു മേഷങ്ങളെ വിട്ടു
മിന്നലുടൻ പ്രകാശിപ്പിച്ചിതായവർ.
ഉർവ്വശി മേഷദ്വയവുമായ് വന്നിടു–
മുർവ്വീശനെ നഗ്നനായിട്ടു കണ്ടിതു. 31
ഭാര്യയെബ്ഭൂപൻ സ്വശയ്യയിൽക്കാണാഞ്ഞു
പാരം വിമനസ്കതുല്യം വിവശനായ്
അത്തൽപൂണ്ടുള്ളമവളിൽവച്ചങ്ങൊരു–
ന്മത്തനെപ്പോലിളചുറ്റിച്ചരിച്ചിതേ. 32
പിന്നെക്കുരുക്ഷേത്രമാന്ന സരസ്വതീ–
പുണ്യനദിയിൽ പ്രഹൃഷ്ടാനനകളാം
അഞ്ചു സഖികളോടൊത്തവളെക്കണ്ടു
കിഞ്ചന സംഭാഷണംചെയ്തു ഭൂവരൻ. 33
''നില്ലുനില്ലെൻ പ്രിയേ! യിപ്പൊഴും നീയെന്നെ–
യല്ലലിലാഴ്ത്തീട്ടു പോകാൻതുനികയോ?
എന്നേ രതിനിർവ്വൃതനാക്കിടാതെ നീ
സുന്ദരീ! പോവതനുചിതമല്ലയോ?
നന്ദിച്ചിവിടെ നമുക്കു കുറേനേര–
മൊന്നിച്ചിരുന്നു സംഭാഷണംചെയ്തിടാം. 34
ആഹന്ത! ദേവീ! നീ ദൂരെ ത്യജിച്ചൊരീ–
ദേഹമിവിടെപ്പതിച്ചിടുമിക്ഷണം.
ഇപ്പോൾ ഭവതിക്കെഴും പ്രസാദത്തിനി–
താസ്പദമായിബ്ഭവിപ്പതില്ലെങ്കിലോ
പ്രാണവിഹീനമീദേഹം കഴുകങ്ങൾ–
താനുമല്ലെന്നായ്ക്കളും വന്നു തിന്നിടും.'' 35

ഉർവ്വശി പറഞ്ഞു

''അല്ലയോ ചാരുപുരൂരവസ്സേ! പുമാ–
നല്ലേ ഭവാൻ മരിച്ചീടരുതേ നൃപാ!
തിന്നരുതങ്ങയെച്ചെന്നായ്ക്കൾ, ഉങ്ഗനാ–
വൃന്ദത്തിനിഷ്ടമില്ലാരിലും നിർണ്ണയം.
ആയവർതന്മനം ചെന്നായ്ക്കൾതൻ ഹൃത്തു–
മായൊരു ഭേദമില്ലാത്തതുതാൻ ദൃഢം. 36
നാരികൾക്കില്ല കരുണയശേഷവും,
ക്രൂരസ്വഭാവവുമുണ്ടവർക്കേറ്റവും
ഏറ്റും ക്ഷമാഗുണമില്ലവർക്കെപ്പൊഴു–
മേതൊരു സാഹസത്തിന്നും മുതിർന്നിടും.
അല്പകാര്യത്തിനായ്, ത്തന്നിൽ വിശ്വാ–സത്തെ–
യർപ്പിച്ചിരിക്കും സ്വഭർത്താവുതന്നെയും
സോദരന്മാരെയും കൊന്നീടുവാനവ–
ർക്കേതുംമടിയി, ല്ലിതു സുപ്രസിദ്ധമാം. 37
മൂഢരെക്കാപട്യമായ് വിശ്വസിപ്പിച്ചു
പാടേയവരുമായ് സൗഹൃദം കൈവിട്ടു
വേറേ നവനവപൂരുഷന്മാരുമാ–
യാരമിച്ചാസ്സൈ്വരവൃത്തി തുടർന്നിടും. 38
വേണ്ടാ വിഷാദം പ്രഭോ! ഞാൻ ഭവാനുമാ–
യാണ്ടറുതിക്കൊരുരാത്രി വസിച്ചിടാം.
ഉണ്ടാമപരസന്താനങ്ങളുമതു–
കൊണ്ടെന്നിലങ്ങേയ്ക്കു കാലക്രമാൽ നൃപാ!'' 39
ഗർഭിണിയാണവളപ്പൊഴതെന്നറി–
ഞ്ഞപ്പാർത്ഥിവൻ നിജഗേഹം ഗമിച്ചിതേ.
കാത്തിരുന്നാ നൃപൻ പിന്നെയുമക്കുരു–
ക്ഷേത്രത്തിലെത്തിനാൻ, വർഷാന്തരാത്രിയിൽ.
വീരനായോരു സുതനുമായ്വന്നവ–
ളാരാവിളേശനൊത്തങ്ങാവസിച്ചിതു.
വിട്ടുപിരിയുവാൻ ശേഷിയില്ലാതഴൽ–
പ്പെട്ടിടുമാരാട്ടിനോടു ചൊന്നാളവൾ. 40-41
''നന്നായ്സ്തുതിക്കുകീഗ്ഗന്ധർവ്വരെബ്ഭവാ–
നെന്നാലവരെന്നെയങ്ങേയ്ക്കു തന്നിടും.''
അപ്രകാരം സ്തുതിചെയ്യുമബ്ഭൂപനിൽ
സുപ്രസന്നാത്മാക്കളായി ഗന്ധർവ്വരും.
അദ്ഭുതശക്തിയെഴുമൊരഗ്നിസ്ഥാലി–
യപ്രഭുവിന്നു കൊടുത്തു മറഞ്ഞിതു. 42
അസ്ഥാലിയുർവ്വശിയെന്നുതാനുർവ്വീശ–
നോർത്തുമാന്നു ചരിച്ചാൻ വനങ്ങളിൽ.
അഗ്നിഹോത്രത്തിൻ സമയത്തതിൽനിന്നു–
മഗ്നിയുണ്ടായതു കണ്ടു നരാധിപൻ
സ്ഥാലിയാണല്ലാതിതുർവശിയല്ലെന്നു
ചേലായ് ധരിച്ചതു കാട്ടിൽക്കളഞ്ഞിതു.
മന്ദിരത്തിൽച്ചെന്നു രാത്രികാലത്തില–
ത്തന്വിയെ ധ്യാനിച്ചുതന്നെ വസിച്ചിതു.
ഇങ്ങനെ കാലം വളരെ നീങ്ങി, ത്രേത–
സങ്ഗതമായി, നൃപന്റെയുള്ളിൽത്തദാ.
അഗ്നിഹോത്രാദി നിഖിലകർമ്മങ്ങളും
വ്യക്തമാക്കീടുമാവേദം തെളിഞ്ഞിതേ. 43
മന്നവൻ പിന്നെ വനംഗമിച്ചാസ്ഥാലി–
യന്നു നിക്ഷേപിച്ചിടത്തു നോക്കീടവേ,
അശ്ശമീഗർഭത്തിൽനിന്നുളവായതാ–
മശ്വത്ഥവൃക്ഷത്തെയീക്ഷിച്ചു സാദരം
ഉർവ്വശീലോകത്തിലെത്തീടണമുടൻ
നിർവിശങ്കം തനിക്കെന്ന മോഹത്തിനാൽ
ഉണ്ടാക്കിനാനാദ്ദ്രുമത്തിൻ കഷണങ്ങൾ–
കൊണ്ടക്ഷണം രണ്ടരണികളുഴിപൻ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉർവ്വശീം മന്ത്രതോ ധ്യായന്നധരാരണിമുത്തരാം
ആത്മാനമുഭയോർമ്മധ്യേ യത് തത് പ്രജനനം പ്രഭുഃ 45
തസ്യ നിർമ്മന്ഥനാജ്ജാതോ ജാതവേദാ വിഭാവസുഃ
ത്രയ്യാ സ വിദ്യയാ രാജ്ഞാ പുത്രത്വേ കല്പിതസ്ത്രിവൃത്. 46
തേനായജത യജ്ഞേശം ഭഗവന്തമധോക്ഷജം
ഉർവ്വശീലോകമന്വിച്ഛൻ സർവ്വദേവമയം ഹരിം. 47
ഏക ഏവ പുരാ വേദഃ പ്രണവഃ സർവ്വവാങ്മയഃ
ദേവോ നാരായണോ നാന്യ ഏകോഽഗ്നിർവ്വർണ്ണ ഏവ ച. 48
പുരൂരവസ ഏവാസീത് ത്രയീ ത്രേതാമുഖേ നൃപ!
അഗ്നിനാ പ്രജയാ രാജാ ലോകം ഗാന്ധർവ്വമേയിവാൻ. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഐളോപാഖ്യാനേ ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

ശ്രീശുക ഉവാച

ഐളസ്യ ചോർവ്വശീഗർഭാത് ഷഡാസന്നാത്മജാ നൃപ!
ആയുഃ ശ്രുതായുഃ സത്യായൂ രയോഽഥ വിജയോ ജയഃ. 1
ശ്രുതായോർവസുമാൻ പുത്രഃ സത്യായോശ്ച ശ്രുതഞ്ജയഃ
രയസ്യ സുത ഏകശ്ച ജയസ്യ തനയോ വിഭുഃ. 2
ഭീമസ്തു വിജയസ്യാഥ, കാഞ്ചനോ ഹോത്രകസ്തതഃ
തസ്യ ജഹ്നുഃ സുതോ ഗങ്ഗാം ഗണ്ഡൂഷീകൃത്യ യോഽ-
പിബത്. 3
ജഹ്നോസ്തു പൂരുസ്തത്പുത്രോ ബലാകശ്ചാത്മജോഽജകഃ
തതഃ കുശഃ കുശസ്യാപി കുശാംബുർമ്മൂർത്തയോ വസുഃ
കുശനാഭശ്ച ചത്വാരോ ഗാധിരാസീത് കുശാംബുജഃ 4
തസ്യ സത്യവതീം കന്യാമൃചീകോഽയാചത ദ്വിജഃ
വരം വിസദൃശം മത്വാ ഗാധിർഭാർഗ്ഗവമബ്രവീത്: 5
''ഏകതഃ ശ്യാമകർണ്ണാനാം ഹയാനാം ചന്ദ്രവർച്ചസാം
സഹസ്രം ദീയതാം ശുല്കം കന്യായാഃ കുശികാ വയം.'' 6
ഇത്യുക്തസ്തന്മതം ജ്ഞാത്വാ ഗതഃ സ വരുണാന്തികം
ആനീയ ദത്ത്വാ താനശ്വാനുപയേമേ വരാനനാം. 7
സ ഋഷിഃ പ്രാർത്ഥിതഃ പത്ന്യാ ശ്വശ്ര്വാ ചാപത്യകാമ്യയാ
ശ്രപയിത്വോഭയൈർമ്മന്ത്രൈശ്ചരും സ്നാതും ഗതോ മുനിഃ. 8
താവത് സത്യവതീ മാത്രാ സ്വചരും യാചിതാ സതീ
ശ്രേഷ്ഠം മത്വാ തയായച്ഛന്മാത്രേ മാതുരദത് സ്വയം. 9
തദ്വിജ്ഞായ മുനിഃ പ്രാഹ പത്നീം, ''കഷ്ടമകാരഷീഃ
ഘോരോ ദണ്ഡധരഃ പുത്രോ ഭ്രാതാ തേ ബ്രഹ്മവിത്തമഃ'' 10
പ്രസാദിതഃ സത്യവത്യാ,''മൈവം ഭൂ''ദിതി ഭാർഗ്ഗവഃ
അഥ, ''തർഹി ഭവേത് പൗത്രോ ജമദഗ്നിസ്തതോഽഭവത്. 11
സാ ചാഭൂത് സുമഹാപുണ്യാ കൗശികീ ലോകപാവനീ
രേണോഃ സുതാം രേണുകാം വൈ ജമദഗ്നിരുവാഹ യാം. 12
തസ്യാം വൈ ഭാർഗ്ഗവഋഷേഃ സുതാ വസുമദാദയഃ
യവീയാഞ്ജജ്ഞ ഏതേഷാം രാമ ഇത്യഭിവിശ്രുതഃ. 13
യമാഹുർവാസുദേവാംശം ഹൈഹയാനാം കുലാന്തകം
ത്രിഃസപ്തകൃത്വോ യ ഇമാം ചക്രേ നിഃക്ഷത്രിയാം മഹീം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെയതിലധരാരണിയുർവ്വശി-
യെന്നുപരിയിലേത്തു താനെന്നതും
രണ്ടിനും മദ്ധ്യഭാഗം സുതനെന്നുമും-
കൊണ്ടു മന്ത്രധ്യാനപൂർവ്വം കടഞ്ഞിതു. 45
വേദസഹിതമാമഗ്നിയുണ്ടായതിൽ
ജാതവേദസ്സെന്നതായതിൻ നാമവും
ചൊല്ലുള്ളോരുമാ വേദവിദ്യമൂലം ത്രിധാ
സംസ്കാരമൊത്തു ഭാഗിച്ചോരീയഗ്നിയെ
കല്പിച്ചിതു സ്വതസ്ഥാനത്തനാകുലം
കേല്പേറിടുമപ്പുരൂരവസ്സാം നൃപൻ. 46
ഉർവ്വശീലോകേച്ഛയാലുമവൻ സർവ്വ-
ദേവസ്വരൂപനായിന്ദ്രിയാതീതനായ്
സർവ്വയജ്ഞേശനായീടും മുകുന്ദനെ
ഗർവ്വവിഹീനം യജിച്ചിതീയഗ്നിയാൽ. 47
പണ്ടുപണ്ടേ വേദമേകമാ,ണല്ലാതെ
രണ്ട,ല്ലതു വചോരൂപപ്രണവമാം.
ദേവനുമേകനേയുള്ളൂ, രണ്ടില്ല,ത-
ക്കൈവല്യമൂർത്തി നാരായണസ്വാമിതാൻ.
ജാതിയുമൊന്നുതാ,നഗ്നിയുമേകമാം.
ത്രേതായുഗം തുടങ്ങീടിനവേളയിൽ
ഉന്നതനാമപ്പുരൂരവസ്സിൻഹൃത്തിൽ-
നിന്നുളവായി ത്രിമുഖവേദം നൃപാ!
ഗന്ധർവ്വലോകംഗമിച്ചു പിന്നീ നൃപൻ
സന്താനമായീടുമഗ്നിനിമിത്തമായ്. 48-49

അദ്ധ്യായം 15

പരശുരാമചരിതം

ശ്രീശുകൻ പറഞ്ഞു

മന്നവമൗലേ! ശ്രവിക്ക, പുരൂരവ-
സ്സിന്നുർവ്വശിയിലായുസ്സു ശ്രുതായുസ്സു
സത്യായുസ്സും രയനും വിജയൻ ജയ-
നിത്യാഖ്യകളിൽ സുതരുദിച്ചിതു. 1
പുത്രൻ വസുമാൻ ശ്രുതായുസ്സിനു, തഥാ
സത്യായുസ്സിന്നു തനയൻ ശ്രുതഞ്ജയൻ,
ഏകനെന്നോൻ രയപുത്രൻ, ജയസുത-
നാകുന്നിതു വിഭു, ഭീമൻ വിജയജൻ. 2
കാഞ്ചനൻ ഭീമതനയനാം തത്സുത-
നഞ്ചിതൻ ഹോത്രകൻ, തത്സുതൻ ജഹ്നുവാം,
ജാഹ്നവീവാഹിനീനീരമശേഷമി-
ജ്ജഹ്നുവൊരിക്കൽ വായ്ക്കൊണ്ടു കുടിച്ചിതേ. 3
ജഹ്നുജൻ പൂരു,വവന്നു ബലാകനാം
നന്ദനൻ, തത്സുതനാണജകാഭിധൻ.
തത്തനയൻ കുശന്നുണ്ടായ്കുശാംബുവും
മൂർത്തയനും, വസുവും, കുശനാഭനും.
തത്രകുശാംബുജൻ ഗാഥി, തത്പുത്രിയാം
സത്യവതിയെയൃചീകനിരന്നിതു.
ഭർത്താവനുരൂപനല്ലെന്നു ഗാഥിയും
പാർത്തു ബ്ഭൃഗുസുതനോടു ചൊല്ലീടിനാൻ. 4-5
''ശ്യാമവർണ്ണത്തിലൊററച്ചെവിയുള്ളതായ്
സോമാഭയോളം സഹസ്രമശ്വങ്ങളെ
കന്യകാമൂല്യമായേകേണമെങ്കിലേ
തന്നിടൂ, ഞങ്ങൾ കുശികാഢ്യവംശ്യരാം.'' 6
എന്നതു കേട്ടു വരുണാന്തികം ചെന്നു
ചൊന്നമട്ടുള്ള കുതിരകളെ ദ്രുതം
കൊണ്ടുവന്നേകിയൃചീകമുനി വേട്ടു-
കൊണ്ടിതു സുന്ദരിയാകുമക്കന്യയെ. 7
പുത്രേച്ഛയോടൊരുനാളവളും ജന-
യിത്രിയുമൊന്നിച്ചു ചെന്നു മുനിയോടായ്
ബ്രഹ്മതേജസ്വിയാം പുത്രനെക്കാന്തയും
നിർമ്മലക്ഷാത്രതേജസ്വിയെയമ്മയും
ചിന്തിച്ചപേക്ഷിക്കമൂലമിരുവിധ-
മന്ത്രത്തൊടും ഹോമസാധനമാകവേ
സംഭരിച്ചങ്ങുവച്ചിട്ടമ്മുനീശ്വര-
നംഭസ്സിൽ മുങ്ങുവാനായിഗ്ഗമിച്ചിതു. 8
പുത്രിയുടെ ചരുവായിടും ശ്രേഷ്ഠമെ-
ന്നോർത്തു മാതാവു ചോദിക്കയാലുടൻ
സത്യവതി കൊടുത്താമട്ടിരുവരും
പാത്രങ്ങൾ മാറി ഹവിസ്സു ഭുജിച്ചിതു. 9
മാമുനിയായതറിഞ്ഞു പറ''ഞ്ഞയേ!
ഭാമിനീ! കഷ്ടമായ്പോയിതു നിൻ ക്രിയ.
ഘോരനും ദണ്ഡധരനുമാം നിൻസുതൻ,
സൂരീന്ദ്രനും ബ്രഹ്മവിത്തമാം സോദരൻ.'' 10
''അയ്യോ! ഭവിക്കരുതായതെന്നി''ക്കെന്നു
മയ്യേൽമിഴിയശ്രുതൂവിയർത്ഥിക്കവേ
സന്തുഷ്ടനായ് മുനി,യെന്നാൽ തവ സുതൻ
ശാന്തനാം പൗത്രൻ ഭയങ്കരനായിടും.
അങ്ങനെ സത്യവതിയിൽനിന്നുണ്ടായി
മങ്ഗലാത്മാവാം ജമദഗ്നിമാമുനി. 11
സത്യവതി പിന്നഖിലലോകത്തെയും
ശുദ്ധമാക്കുന്നതായ് പുണ്യനിധാനമാം
കൗശികീവാഹിനിയായിബ്ഭവിച്ചിതു
കേശവഭക്താവതംസ! മഹീപതേ!
രേണുവിൻപുത്രിയാം രേണുകയെ നിജ-
പ്രാണേശ്വരിയായ് ജമദഗ്നിയാർന്നിതു. 12
അത്തന്വിയിൽ ജമദഗ്നിമുനീന്ദ്രനു
പുത്രരായ്ത്തീർന്നു വസുമാൻ തുടങ്ങിയോർ.
അത്തനയന്മാരിലെല്ലാമിളയവൻ
കീർത്തിമാനാകിയ ഭാർഗ്ഗവരാമനാം. 13
വാസുദേവാംശാവതാരമായ് രാമനെ-
ബ്ഭാസുരകീർത്തേ! കഥിക്കുന്നിതേവരും.
ഹേഹയവംശ്യരാം ഭൂപരെയാകവേ
സംഹരിച്ചീടുവാനായിതുന്നജ്ജനി.
പിന്നെയക്ഷത്രിയയാക്കിയിരുപത്തി-
യൊന്നുവട്ടം മേദിനിയെയീവിക്രമൻ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഷ്ടം ക്ഷത്രം ഭുവോ ഭാരമബ്രഹ്മണ്യമനീനശത്
രജസ്തമോവൃതമഹൻ ഫല്ഗുന്യപി കൃതേऽഹസി. 15

രാജോവാച

കിം തദംഹോ ഭഗവതോ രാജന്യൈരജിതാത്മഭിഃ
കൃതം യേന കുലം നഷ്ടം ക്ഷത്രിയാണാമഭീക്ഷ്ണശഃ. 16

ശ്രീശുക ഉവാച

ഹൈഹയാനാമധിപതിരർജ്ജുനഃ ക്ഷത്രിയർഷഭഃ
ദത്തം നാരായണാംശാംശമാരാധ്യ പരികർമ്മഭിഃ. 17
ബാഹൂൻ ദശശതം ലേഭേ ദുർദ്ധർഷത്വമരാതിഷു
അവ്യാഹതേന്ദ്രിയൗജഃശ്രീതേജോവീര്യയശോബലം. 18
യോഗേശ്വരത്വമൈശ്വര്യം ഗുണാ യത്രാണിമാദയഃ
ചചാരാവ്യാഹതഗതിർല്ലോകേഷു പവനോ യഥാ. 19
സ്ത്രീരത്നൈരാവൃതഃ ക്രീഡൻ രേവാംഭസി മദോത്കടഃ
വൈജയന്തീം സ്രജം ബിഭ്രദ്രുരോധ സരിതം ഭുജൈഃ. 20
വിപ്ലാവിതം സ്വശിബിരം പ്രതിസ്രോതസ്സരിജ്ജലൈഃ
നാമൃഷ്യത് തസ്യ തദ്വീര്യം വീരമാനീ ദശാനനഃ. 21
ഗൃഹീതോ ലീലയാ സ്ത്രീണാം സമക്ഷം കൃതകില്ബിഷഃ
മാഹിഷ്മത്യാം സംനിരുദ്ധോ മുക്തോ യേന കപിര്യഥാ. 22
സ ഏകദാ തു മൃഗയാം വിചരൻ ഗഹനേ വനേ
യദൃച്ഛയാऽऽശ്രമപദം ജമദഗ്നേരുപാവിശത്. 23
തസ്മൈ സ നരദേവായ മുനിരർഹണമാഹരത്
സസൈന്യാമാത്യവാഹായ ഹവിഷ്മത്യാ തപോധനഃ. 24
സ വീരസ്തത്ര തദ്ദൃഷ്ട്വാ ആത്മൈശ്വര്യാതിശായനം
തന്നാദ്രിയതാഗ്നിഹോത്ര്യാം സാഭിലാഷഃ സ ഹൈഹയഃ. 25
ഹവിർദ്ധാനീമൃഷേർദ്ദർപ്പാന്നരാൻ ഹർത്തുമചോദയത്
തേ ച മാഹിഷ്മതീം നിന്യുഃ സവത്സാം ക്രന്ദതീം ബലാത്. 26
അഥ രാജനി നിര്യാതേ രാമ ആശ്രമ ആഗതഃ
ശ്രുത്വാ തത് തസ്യ ദൗരാത്മ്യം ചുക്രോധാഹിരിവാഹതഃ. 27
ഘോരമാദായ പരശും സതൂണം ചർമ്മ കാർമ്മുകം
അന്വധാവത ദുർദ്ധർഷോ മൃഗേന്ദ്ര ഇവ യൂഥപം. 28

തമാപതന്തം ഭൃഗുവര്യമോജസാ
ധനുർദ്ധരം ബാണപരശ്വധായുധം
ഐണേയചർമ്മാംബരമർക്കധാമഭി-
ര്യുതം ജടാഭിർദ്ദദൃശേ പുരീം വിശൻ. 29
അചോദയദ്ധസ്തിരഥാശ്വപത്തിഭി-
ർഗ്ഗദാസിബാണർഷ്ടിശതഘ്നിശക്തിഭിഃ
അക്ഷൗഹിണീഃ സപ്തദശാതിഭീഷണാ-
സ്താ രാമ ഏകോ ഭഗവാനസൂദയത്. 30
യതോ യതോऽസൗ പ്രഹരത് പരശ്വധോ
മനോऽനിലൗജാഃ പരചക്രസൂദനഃ
തതസ്തതശ്ഛിന്നഭുജോരുകന്ധരാ
നിപേതുരുർവ്യാം ഹതസൂതവാഹനാഃ. 31
ദൃഷ്ട്വാ സ്വസൈന്യം രുധിരൗഘകർദ്ദമേ
രണാജിരേ രാമകുഠാരസായകൈഃ
വിവൃക്ണചർമ്മധ്വജചാപവിഗ്രഹം
നിപാതിതം ഹൈഹയ ആപതദ്രുഷാ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രാഹ്മണരിൽ ഭക്തിയെന്യേ രജസ്തമഃ
സ്തോമാവൃതമായധികം ദൂഷിച്ചതായ്
ഭൂഭാരമായിബ്ഭവിച്ചതാം ക്ഷത്രിയ-
ഭൂപവംശത്തെ നശിപ്പിച്ചു ഭാർഗ്ഗവൻ
അല്പാപരാധവും വൻപിച്ച കുററമായ്-
ക്കല്പിച്ചുടൻ വധശിക്ഷതാനേകിനാൻ. 15

രാജാവു പറഞ്ഞു

ക്ഷത്രിയവംശത്തെയേവം പലേകുറി
നഷ്ടമാകത്തക്കവണ്ണം കടുപ്പമായ്
എന്തുചെയ്തു ഭഗവാനോടു തെററജി-
തേന്ദ്രിയരായിടും ക്ഷത്രിയന്മാർ മുനേ! 16

ശ്രീശുകൻ പറഞ്ഞു

ഹേഹയഭൂമിപക്ഷ്മാകവേയീശനായ്
ബാഹുജശ്രേഷ്ഠനാം കാർത്തവീര്യാർജ്ജുനൻ
ശുശ്രൂഷണാദിയാൽ നാരായണൻതന്റെ-
യംശാവതാരമാം ദത്തനെസ്സേവിച്ചു
ആയിരം കൈയുമരികൾക്കുക്ഷോഭ്യ-
നായിടാതുള്ള പരാക്രമവും പരം
അവ്യാഹതേന്ദ്രിയവ്യാപാരപൂരവു-
മവ്യയൗജഃശ്രീബലങ്ങളും വീര്യവും
കീർത്തിയും, തേജസ്സു, യോഗേശ്വരത്വവും
ബുദ്ധിയൈശ്വര്യ,മണിമാദിസിദ്ധിയും
എല്ലാം ലഭിച്ചു തടവററു കാററിനു-
തുല്യം ചരിച്ചിതു ലോകംമുഴവനും. 17-19
ഉത്കടമാം മദംപൂണ്ടിവൻ വൈജയ-
ന്ത്യാഖ്യയാം മാലധരിച്ചുകൊണ്ടേകദാ
സുന്ദരീസംഘപരീതനായ് നർമ്മദ-
തന്നിലിറങ്ങിക്കളിച്ചിടുംവേളയിൽ
ഊക്കാന്നിടുമന്നദീജലനിർഝരം
ശീഘ്രം തടഞ്ഞാൻ സഹസ്രബാഹുക്കളാൽ. 20
വീരാഭിമാനിയായീടും ദശാനനൻ
ചാരുമാഹിഷ്മതിതന്നന്തികത്തിലായ്
ദേവാർച്ചനചെയ്തിരുന്നിരുന്നു, തദാ
രേവാജലമങ്ങു പൊങ്ങിയവന്നെഴും
പാളയം മുങ്ങി സ്വസേനയും നീരത്തി-
ലാലീനമായ് നശിച്ചെന്നതു കാൺകവേ
കാർത്തവീര്യാർജ്ജുനവീര്യം സഹിക്കാതെ
പെട്ടെന്നവനുമായ് പോരിന്നടുത്തിതു. 21
സ്ത്രീകളുമായ് വിനോദിക്കുംസമയത്തി-
ലാകസ്മികമായടരിന്നടുത്തിടും
ലങ്കേശനെയൊരു വാനരത്തെപ്പോലെ
ശങ്കാരഹിതം പിടിച്ചുകെട്ടി ദ്രുതം
കൊണ്ടുപോയ് മാഹിഷ്മതീനഗരത്തിലെ-
ക്കുണ്ടുതുറുങ്കിലടച്ചഥ വിട്ടിതേ. 22
അക്കാർത്തവീര്യാർജ്ജുനനേകദാ വനം-
പുക്കു നായാടുന്നളവിലകാരണം
ചെന്നേറിനാനജ്ജമദഗ്നിതന്നുടെ
പുണ്യാശ്രമത്തിൽ പരിജനയുക്തനായ്. 23
സൈന്യങ്ങൾ, മന്ത്രിമാർ, വാഹനൗഘംതൊട്ടു
സന്നാഹമൊത്തങ്ങണഞ്ഞോരമ്മന്നനെ
സൽക്കരിച്ചാൻ കാമധേനുവിൻ കാരുണ്യ-
മൂലംകൊണ്ടു വേണ്ടവിധമത്തപോധനൻ. 24
സ്വന്തവിഭൂതികൾ തുച്ഛമെന്നാക്കിടും
വൻതരമൈശ്വര്യമങ്ങുകണ്ടർജ്ജുനൻ
തോഷിച്ചതില്ല സൽക്കാരങ്ങളി,ലവ
ന്നാശയുളവായിതക്കാമധേനുവിൽ. 25
ആൾക്കാരെ വിട്ടുടൻ കുട്ടിയോടും ബലാ-
ലക്കാമധേനുവെഗ്ഗർവ്വിഷ്ഠനാമവൻ
പെട്ടെന്നഴിപ്പിച്ചവററിൻ കരച്ചിലും
കൂട്ടാക്കിടാതെയെത്തിച്ചു മാഹിഷ്മതി. 26
മന്നൻ തിരിയെഗ്ഗമിച്ചവാറാശ്രമം-
തന്നിലെത്തീടിന രാമനീവാർത്തകൾ
കേട്ടന്നരപാലദുഷ്ടതയോർത്തതി-
രുഷ്ടനായ്ത്തീർന്നാൻ ചവിട്ടേററ പാമ്പു-
പോൽ. 27
പെട്ടെന്നു ഘോരപരശുപരിശയും
ചട്ടററ വില്ലും ശരധിയും കൈക്കൊണ്ടു
പൃഥ്വീശ്വരനെയനുഗമിച്ചാൻ ദ്രുതം,
ദുദ്ധർഷനാം സിംഹമാനയെയെന്നപോൽ. 28
ധേനുവുമായ് കാർത്തവീര്യാർജ്ജുനൻ രാജ-
ധാനിതൻ സന്നിധിയെത്തിയവേളയിൽ
വില്ലുമമ്പും പരശ്വായുധവും ധരി-
ച്ചുല്ലസത്കൃഷ്ണമൃഗത്തോലുടുത്തുടൻ
സൂര്യാംശുവർണ്ണജടാധാരി ഭാർഗ്ഗവൻ
നേരേ കുതിച്ചുവരുന്നതു കണ്ടിതു. 29
വാളൃഷ്ടിബാണഗദകൾ, ശതഘ്നിയും
വേലുമെന്നിത്യാദിയായുധജാലവും
കാലാൾ തുരഗം ഗജം രഥമിങ്ങനെ
നാലുവിഭാഗം ബലവുമൂൾക്കൊണ്ടിടും
അക്ഷൗഹിണി പതിനേഴിനേയും ചൊടി-
ച്ചുക്ഷണംതാനേ മുടിച്ചിതു ഭാർഗ്ഗവൻ. 30
കാററും ഹൃദയവും തോററുപോംവേഗത്തി-
ലൂററമിയന്നു ചരിച്ചുപ്പരശുവാൽ
ശത്രുനിരയെയരിഞ്ഞരിഞ്ഞിട്ടവൻ
യുദ്ധഭൂഭാഗമശേഷവുമൊന്നുപോൽ,
അററുവീണീടിന കൈകളും കാൽകളു-
മുത്തമാംഗങ്ങൾ, തുടകൾ, കണ്ഠങ്ങളും
ചത്ത രഥികൾ, തകർന്ന രഥങ്ങളും
ഹസ്തിസമൂഹവുംകൊണ്ടു മൂടീടിനാൻ. 31
രാമപരശുബാണങ്ങളാൽ ഭിന്നമായ്
ഭീമമാം സ്വന്തസൈന്യത്തിനിയന്നിടും
വിഗ്രഹചാപധ്വജപരിശാദികൾ
രക്തച്ചെളിപ്പുഴയിൽ കിടക്കുന്നതു-
കണ്ടതിക്രുദ്ധനായ് കാർത്തവീര്യാർജ്ജുനൻ
മണ്ടിയടുത്തിതു ഭാർഗ്ഗവൻനേർക്കുടൻ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥാഽർജ്ജുനഃ പഞ്ചശതേഷു ബാഹുഭി-
ർധനുഃഷു ബാണാൻ യുഗപത് സ സന്ദധേ
രാമായ രാമോഽസ്ത്രഭൃതാം സമഗ്രണീ-
സ്താന്യേകധന്വേഷുഭിരാച്ഛിനത് സമം. 33
പുനഃ സ്വഹസ്തൈരചലാൻ മൃധേഽങ്ഘ്രിപാ-
നുത്ക്ഷിപ്യ വേഗാദഭിധാവതോ യുധി
ഭുജാൻ കഠാരേണ കഠോരനേമിനാ
ചിച്ഛേദ രാമഃ പ്രസഭം ത്വഹേരിവ. 34
കൃത്തബാഹോഃ ശിരസ്തസ്യ ഗിരേഃ ശൃങ്ഗമിവാഹരത്
ഹതേ പിതരി തത്പുത്രാ അയുതം ദുദ്രുവുർഭയാത്. 35
അഗ്നിഹോത്രീമുപാവർത്ത്യ സവത്സാം പരവീരഹാ
സമുപേത്യാശ്രമം പിത്രേ പരിക്ലിഷ്ടാം സമർപ്പയത്. 36
സ്വകർമ്മ തത്കൃതം രാമഃ പിത്രേ ഭ്രാതൃഭ്യ ഏവ ച
വർണ്ണയാമാസ തച്ഛ്രുത്വാ ജമദഗ്നിരഭാഷത. 37
''രാമ! രാമ! മഹാബാഹോ! ഭവാൻ പാപമകാരഷീത്
അവധീന്നരദേവം യത് സർവ്വദേവമയം വൃഥാ. 38
വയം ഹി ബ്രാഹ്മണാസ്താത ക്ഷമയാർഹണതാം ഗതാഃ
യയാ ലോകഗുരുർദ്ദേവഃ പാരമേഷ്ഠ്യമഗാത് പദം. 39
ക്ഷമയാ രോചതേ ലക്ഷ്മീർബ്രാഹ്മീ സൗരീ യഥാ പ്രഭാ
ക്ഷമിണാമാശു ഭഗവാംസ്തുഷ്യതേ ഹരിരീശ്വരഃ. 40
രാജ്ഞോ മൂർദ്ധാഭിഷിക്തസ്യ വധോ ബ്രഹ്മവധാദ്ഗുരുഃ
തീർത്ഥസംസേവയാ ചാംഹോ ജഹ്യങ്ഗാച്യുതചേതനഃ.'' 41

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

ശ്രീശുക ഉവാച
പിത്രോപശിക്ഷിതോ രാമസ്തഥേതി കുരുനന്ദന!
സംവത്സരം തീർത്ഥയാത്രാം ചരിത്വാഽഽശ്രമമാവ്രജത്. 1
കദാചിദ്രേണുകാ യാതാ ഗങ്ഗായാം പദ്മമാലിനം
ഗന്ധർവ്വരാജം ക്രീഡന്തമപ്സരോഭിരപശ്യത. 2
വിലോകയന്തീ ക്രീഡന്തമുദകാർത്ഥം നദീം ഗതാ
ഹോമവേലാം ന സസ്മാര കിഞ്ചിച്ചിത്രരഥസ്പൃഹാ. 3
കാലാത്യയം തം വിലോക്യ മുനേഃ ശാപവിശങ്കിതാ
ആഗത്യ കലശം തസ്ഥൗ പുരോധായ കൃതാഞ്ജലിഃ. 4
വ്യഭിചാരം മുനിർജ്ഞാത്വാ പത്ന്യാഃ പ്രകുപിതോഽബ്രവീത്
''ഘ്നതൈനാം പുത്രകാഃ പാപാ''മിത്യുക്താസ്തേ ന ചക്രിരേ. 5
രാമഃ സഞ്ചോദിതഃ പിത്രാ ഭ്രാതൄൻ മാത്രാ സഹാവധീത്
പ്രഭാവജ്ഞോ മുനേഃ സമ്യക് സമാധേസ്തപസശ്ച സ. 6
വരേണ ച്ഛന്ദയാമാസ പ്രീതഃ സത്യവതീസുതഃ
വവ്രേ ഹതാനാം രാമോഽപി ജീവിതം ചാസ്മൃതിം വധേ. 7
ഉത്തസ്ഥുസ്തേ കുശലിനോ നിദ്രാപായ ഇവാഞ്ജസാ
പിതുർവിദ്വാംസ്തപോവീര്യം രാമശ്ചക്രേ സുഹൃദ്വധം. 8
യേഽർജ്ജുനസ്യ സുതാ, രാജൻ, സ്മരന്തഃ സ്വപിതുർവധം
രാമവീര്യപരാഭൂതാ ലേഭിരേ ശർമ്മ ന ക്വചിത്. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ഞൂറുകൈകളിലഞ്ഞൂറുവില്ലെട-
ത്തഞ്ഞൂറുബാണങ്ങളഞ്ഞൂറുകൈകളാൽ

ഏകകാലത്തിലാ രാമൻെറനേക്കവൻ
വേഗത്തിലങ്ങു തൊടുത്തുവിട്ടീടിനാൻ.

ഏകവില്ലാളമാ രാമനതാകവേ-
യേകസമയത്തുതന്നെ മുറിച്ചിതേ. 33

പിന്നെക്കരങ്ങളിൽ വൃക്ഷങ്ങളും ഗിരി-
വൃന്ദവും കൈക്കൊണ്ടു പൊക്കിപ്പിടിച്ചുടൻ

പോക്കളമെങ്ങുമേ പാഞ്ഞുനടന്നിട-
മക്കാർത്ത്വവീര്യൻെറയായിരംകൈകളും

ഭാർഗ്ഗവരാമൻ പരശ്വായുധത്തിനാൽ
ശീഘ്രമറുത്താൻ, ഫണിതൻ ഫണങ്ങളം-
പോൽ. 34

നിഷ്പ്രാണിയാമവൻതന്നുത്തമാങ്ഗവു-
മപ്പോളറുത്തിട്ടിതദ്രിശൃങ്ഗംവിധം.

ആയവൻതൻ പതിനായിരം പുത്രരു-
മായതു കണ്ടു ഭയന്നു പാഞ്ഞീടിനാർ. 35

ക്ലിഷ്ടയാമക്കാമധേനുവിനേയതിൻ-
കുട്ടിയോടൊത്തു തിരിയെ നയിച്ചുടൻ

ആശ്രമത്തിൽ കൊണ്ടുചെന്നപ്പിതാവിനു
കാഴ്ചവച്ചാൻ ശത്രുഘാതകനാമവൻ. 36

പിന്നെയവിടെ സ്വയം പ്രദർശിപ്പിച്ചൊ-
രുന്നതവീര്യപരാക്രമമാകവേ

വർണ്ണിച്ചുകേൾപ്പിച്ചു സോദരന്മാരെയും
തന്നുടെ താതനാം മാമുനിതന്നെയും. 37

മാമുനി താനതു കേട്ടു ചൊല്ലിനാൻ:
''രാമാ! മഹാഭുജാ! വീരശിഖാമണേ!

സർവദേവാത്മകനാം നരദേവനെ
നീ വധിച്ചെന്നുള്ളതു മഹാപാപമാം. 38

ബ്രാഹ്മണരാം നാം ക്ഷമകൊണ്ടു മാത്രമാം
സമ്മാന്യരായതെന്നോർക്ക വത്സ! നീ.

ലോകപിതാവിനു പാരമേഷ്ഠ്യംപദം
പൂകുവാൻ സാധിച്ചതും ക്ഷമകൊണ്ടുതാൻ. 39

സൂര്യതേജസ്സുപോൽ ബ്രാഹ്മണതേജസ്സു
പാരം വിളങ്ങുന്നതും ക്ഷമമൂലമാം.

സർവ്വവുമങ്ങു സഹിക്കുന്നവരിലേ
സർവ്വേശനാം ഹരി തുഷ്ടനാവു ദ്രുതം. 40

ബാലകാ! രാജ്യരക്ഷയ്ക്കഭിഷിക്തനായ്
ലാലസിക്കും നരപാലകൻതൻ വധം

ബ്രാഹ്മണഹത്യയെക്കാളും മഹാപാപ-
കർമ്മമാണെന്നതിനില്ലൊരു സംശയം.

ആകയാൽ ശ്രീഹരിയെ സംസ്മരിച്ചു നീ
പോക തീർത്ഥാടനത്തി,ന്നഘംപോക്കുക.'' 41

അദ്ധ്യായം 16

പരശുരാമചരിതം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ആ വീരനോരാണ്ടു താതാജ്ഞയാൽ തീർത്ഥ-
സേവകഴിച്ചാശ്രമത്തിലെത്തീടിനാൻ. 1

പിന്നെയൊരിക്കലാ രേണുക ഗങ്ഗയിൽ
ചെന്നളവങ്ങൊരു ഗന്ധർവ്വപുങ്ഗവൻ

താമരപ്പൂമാലയിട്ടുകൊണ്ടപ്സരോ-
വാമാളിയൊത്തു കളിപ്പതു കണ്ടിതു. 2

തത്ര ജലത്തിനായ്ച്ചെന്നോരവളുമ-
ച്ചിത്രരഥനെയും കാമിച്ചുനില്ക്കയാൽ

ഹോമസമയമതിക്രമിക്കുന്നത-
സ്സീമന്തിനീമണിയോർത്തില്ല തെല്ലുമേ. 3

ഹോമകാലം കഴിഞ്ഞെന്നതുകണ്ടഥ
മാമുനീശാപശങ്കാകുലയായവൾ

വെമ്പലോടും വന്നു കുംഭം മുനിയുടെ
മുൻപിലർപ്പിച്ചു കുമ്പിട്ടുനിന്നീടിനാൾ. 4

പത്നീവ്യഭിചാരദോഷം ധരിച്ചുടൻ
ക്രുദ്ധനായാത്മജന്മാരൊടമ്മാമുനി

''കൊല്ലുവിൻനിങ്ങളിപ്പാപിഷ്ഠയെ'',യെന്നു-
ചൊല്ലിനാനെങ്കിലും ചെയ്തില്ലതാരുമേ. 5

പിന്നെജ്ജമദഗ്നി രാമകുമാരനെ-
ത്തന്നരികത്തു വിളിച്ചു പറഞ്ഞിതു:

''എന്നാജ്ഞ ലംഘിച്ച നിൻ സോദരരെയും
നിന്നമ്മയേയും വധിച്ചീടു''കെന്നുതാൻ

മാമുനിതൻ തപഃശക്തി, സമാധിയും
കാമംധരിച്ചിരിക്കുന്നൊരാ രാമനും

ഏതും മടിയാതെ സോദരന്മാരെയും
മാതാവിനേയുമുടൻ ഹനിച്ചീടിനാൻ. 6

സന്തുഷ്ടനായ് മുനി രാമനോടായ് വര-
മെന്താണു വേണ്ടതെന്നാശു ചോദിക്കവേ,

ജീവിക്കണേമിസ്സഹജരുമമ്മയു,-
മീവിധമേതും സ്മരിക്കരുതായവർ.

എന്നീ വരം വാങ്ങി രാമ,നുറക്കത്തിൽ
നിന്നുമുണർന്നവരെന്നമട്ടേവരും

മെല്ലെയെണീററാർ, മുനീന്ദ്രതപശ്ശക്തി-
തെല്ലുമറിഞ്ഞിരുന്നില്ല മററുള്ളവർ.

വേണ്ടുംവിധമതു രാമനറിഞ്ഞതു-
കൊണ്ടാണവനീ സുഹൃദ്വധംചെയ്തതും. 7–8

ഉത്കടരാമവീര്യത്താൽ പരാജിത-
രക്കാർത്തവീര്യാർജ്ജുനസുതരേവരും

താതവധമോർത്തുമുതല്ക്കേതുമേ
ചേതസ്സുഖമിയന്നീടാതെ വാണിതു. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകദാ/ƒശ്രമതോ രാമേ സഭ്രാതരി വനം ഗതേ
വൈരം സിസാധയിഷവോ ലബ്ധച്ഛിദ്രാ ഉപാഗമൻ. 10
ദൃഷ്ട്വാഗ്ന്യഗാര ആസീനമാവേശിതധിയം മുനിം
ഭഗവത്യുത്തമശ്ലോകേ ജഘ്നുസ്തേ പാപനിശ്ചയാഃ. 11
യാച്യമാനാഃ കൃപണയാ രാമമാത്രാദിദാരുണാഃ
പ്രസഹ്യ ശിര ഉത്കൃത്യ നിന്യുസ്തേ ക്ഷത്രബന്ധവഃ. 12
രേണുകാ ദുഃഖശോകാർത്താ നിഘ്നന്ത്യാ/ƒത്മാനമാത്മനാ
രാമ രാമേഹി താതേതി വിചുക്രോശോച്ചകൈഃ സതീ. 13
തദുപശ്രുത്യ ദൂരസ്ഥാ ഹാ രാമേത്യാർത്തവത്സ്വനം
ത്വരയാ/ƒശ്രമമാസാദ്യ ദദൃശേ പിതരം ഹതം. 14
തദ്ദുഃഖരോഷാമർഷാർത്തിശോകവേഗവിമോഹിതഃ
''ഹാ താത! സാധോ! ധർമ്മിഷ്ഠ! ത്യക്ത്വാസ്മാൻ സ്വർഗ്ഗതോ ഭവാൻ. 15
വിലപ്യൈവം പിതുർദ്ദേഹം നിധായ ഭ്രാതൃഷു സ്വയം
പ്രഗൃഹ്യ പരശും രാമഃ ക്ഷത്രാന്തായ മനോ ദധേ. 16
ഗത്വാ മാഹിഷ്മതീം രാമോ ബ്രഹ്മഘ്നവിഹതശ്രിയം
തേഷാം സ ശീർഷഭീ, രാജൻ, മധ്യേ ചക്രേ മഹാഗിരിം. 17
തദ്രക്തേന നദീം ഘോരാമബ്രഹ്മണ്യഭയാവഹാം
ഹേതും കൃത്വാ പിതൃവധം ക്ഷത്രേ/ƒമംഗളകാരിണി. 18
ത്രിസ്സപ്തകൃത്വഃ പൃഥിവീം കൃത്വാ നിഃക്ഷത്രിയാം പ്രഭുഃ
സമന്തപഞ്ചകേ ചക്രേ ശോണിതോദാൻ ഹ്രദാൻ നൃപ. 19
പിതുഃ കായേന സന്ധായ ശിര ആദായ ബർഹിഷി
സർവ്വദേവമയം ദേവമാത്മാനമയജന്മഖൈഃ. 20
ദദൗ പ്രാചീം ദിശം ഹോത്രേ ബ്രഹ്മണേ ദക്ഷിണാം ദിശം
അധ്വര്യവേ പ്രതീചീം വൈ ഉദ്ഗാത്രേ ഉത്തരാം ദിശം. 21
അന്യേഭ്യോ/ƒവാന്തരദിശഃ കശ്യപായ ച മധ്യതഃ
ആര്യാവർത്തമുപദ്രഷ്ട്രേ സദസ്യേഭ്യസ്തതഃ പരം. 22
തതശ്ചാവഭൃഥസ്നാനവിധൂതാശേഷകില്ബിഷഃ
സരസ്വത്യാം ബ്രഹ്മനദ്യാം രേജേ വ്യഭ്ര ഇവാംശുമാൻ. 23
സ്വദേഹം ജമദഗ്നിസ്തു ലബ്ധ്വാ സംജ്ഞാനലക്ഷണം
ഋഷീണാം മണ്ഡലേ സോ/ƒഭൂത് സപ്തമോ രാമപൂജിതഃ. 24
ജാമദഗ്ന്യോ/ƒപി ഭഗവാൻ രാമഃ കമലലോചനഃ
ആഗാമിന്യന്തരേ, രാജൻ, വർത്തയിഷ്യതി വൈ ബൃഹത്. 25
ആസ്തേ/ƒദ്യാപി മഹേന്ദ്രാദ്രൗ ന്യസ്തദണ്ഡഃ പ്രശാന്തധീഃ
ഉപഗീയമാനചരിതഃ സിദ്ധഗന്ധർവ്വചാരണൈഃ. 26
ഏവം ഭൃഗുഷു വിശ്വാത്മാ ഭഗവാൻ ഹരിരീശ്വരഃ
അവതീര്യ പരം ഭാരം ഭുവോ/ƒഹൻ ബഹുശോ നൃപാൻ. 27
ഗാധേരഭൂന്മഹാതേജാഃ സമിദ്ധ ഇവ പാവകഃ
തപസാ ക്ഷാത്രമുത്സൃജ്യ യോ ലേഭേ ബ്രഹ്മവർച്ചസം. 28
വിശ്വാമിത്രസ്യ ചൈവാസൻ പുത്രാ ഏകശതം നൃപ,
മധ്യമസ്തു മധുച്ഛന്ദാ മധുച്ഛന്ദസ ഏവ തേ. 29
പുത്രം കൃത്വാ ശുനഃശേഫം ദേവരാതം ച ഭാർഗ്ഗവം
ആജീഗർത്തം സുതാനാഹ ജ്യേഷ്ഠ ഏഷ പ്രകല്പ്യതാം. 30
യോ വൈ ഹരിശ്ചന്ദ്രമഖേ വിക്രീതഃ പുരുഷഃ പശുഃ
സ്തുത്വാ ദേവാൻ പ്രജേശാദീൻ മുമുചേ പാശബന്ധനാത്. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകദാ രാമനും സോദരരും വനം
പൂകിയതക്കത്തിലജ്ജുനനന്ദനർ
വൈരനിര്യാതനമിച്ഛിച്ചുകൊണ്ടുതാൻ
പാരാതെ ചെന്നാശ്രമത്തിലേറീടിനാർ. 10
പാപകർമ്മത്തിനൊരുങ്ങീടിനോരവർ,
താപാപഹാരി ഭഗവാൻ മുകുന്ദനെ
ധ്യാനിച്ചുറപ്പിച്ചുകൊണ്ടഗ്നിശാലയിൽ–
ത്താനേയിരിക്കും മുനിയെ വധിച്ചിതു. 11
മാമുനിയേ വധിക്കായ്‌വിനെന്നപ്പൊഴാ–
രാമമാതാവങ്ങു കേണിരന്നീടിലും
ക്ഷാത്രധർമ്മംവിട്ട ഭീകരന്മാരവർ
ശ്രദ്ധിച്ചിടാതെ ബലാലമ്മഹർഷിതൻ–
ഉത്തമാങ്ഗത്തെയറുത്തെടുത്താശു തത്–
പത്തനത്തിൽ കൊണ്ടുപോയിതു ഭൂപതേ! 12
ഭർത്തൃവിയോഗത്തിനാലും തനിക്കെഴും
ദുഃസ്ഥിതിയോർത്തും സതിയായ രേണുക
''കുഞ്ഞേ! വരൂ രാമ! രാമാ! വരി''കെന്നു
നെഞ്ഞിലറഞ്ഞു വിളിച്ചുകരഞ്ഞിതേ. 13
ഉച്ചത്തിലീയാർത്തനാദം ശ്രവിച്ചുട–
നുച്ചണ്ഡവീര്യപരാക്രമൻ ഭാർഗ്ഗവൻ
ദൂരസ്ഥനാകിലുമോടിവന്നാശ്രമ–
മേറവേ കണ്ടാൻ ഹതനാം പിതാവിനെ. 14
ദുഃഖരോഷാമർഷശോകവേഗത്തിനാൽ
ചിക്കെന്നു മോഹിതചിത്തനായിട്ടവൻ
''ആധാരഹീനരാം ഞങ്ങളേവിട്ടഹോ!
സാധോ! പിതാവേ! ഭവാൻ വിണ്ണണഞ്ഞു–
ഇത്ഥം വിലപിച്ചു പിന്നെപ്പിതൃതനു [വോ?''
കാത്തുകൊൾവാൻ സഹജാതരെയേല്പിച്ചു
ക്ഷിപ്രം കരത്തിൽ പരശ്വായുധമെടു–
ത്തിപ്പൊഴാ ക്ഷത്രിയവംശം മുടിക്കുവൻ
എന്നു മനസ്സിൽ ദൃഢമായുറപ്പിച്ചു
മന്ദേതരം തനിയേ തിരിച്ചീടിനാൻ. 15–16
ഘോരമാം ബ്രാഹ്മണഹത്യനിമിത്തമായ്
പാരമശ്രീകമായിബ്ഭവിച്ചുള്ളതാം
പേരാന്ന മാഹിഷ്മതിയിലെത്തിക്കാർത്ത–
വീര്യാർജ്ജുനനന്ദനർതൻ ശിരസ്സുകൾ
ഖണ്ഡിച്ചുകൂട്ടിയതുകളെക്കൊണ്ടങ്ങൊ–
രുന്നതമായ ഗിരി ചമച്ചീടിനാൻ. 17
തദ്രുധിരത്താൽ ദ്വിജഭക്തിഹീനർക്കു
ചിത്തഭയപ്രദമാകും നദിയെയും
അഞ്ചാതെ രക്തോദകത്താൽ സ്യമന്താഭി–
പഞ്ചകത്തിൽത്തീർത്തു പഞ്ചഹ്രദത്തെയും.
ക്ഷത്രിയവംശമശേഷമന്യായമാം
കൃത്യങ്ങളാലേ ദുഷിച്ചോരീവേളയിൽ
ഏവം പിതൃവധം ഹേതുവാക്കിദ്ധരാ–
മൂവേഴുവട്ടമക്ഷത്രമാക്കീടിനാൻ. 18–19
ഭിന്നം പിതൃശിരസ്സാന്നു ശരീരത്തൊ–
ടൊന്നിച്ചു ചേർത്തഖിലാമർത്ത്യമൂർത്തിയായ്
സർവ്വാത്മകനായ ദേവനെയഗ്നിയിൽ
സർവ്വാത്മഭാവത്തൊടും യജിച്ചീടിനാൻ. 20
ഹോതാവിനായ് പൂർവ്വദിഗ്ഭുവിഭാഗവും
ധാതാവിനായഥ ദക്ഷിണദേശവും
അദ്ധ്വര്യുവിന്നായപരദിക്കും നല്കി–
യുത്തരദേശമുദ്ഗാതാവിനുമവൻ. 21
അന്യർക്കവാന്തരദിക്കുകളിൽപ്പെട്ടും
മന്നുമക്കശ്യപനായ് മധ്യദേശവും
ശ്രേഷ്ഠോപദ്രഷ്ടാവിനാര്യാവർത്തത്തെയും
ശിഷ്ടമെല്ലാം സദസ്യർക്കുമേകീടിനാൻ. 22
പിന്നെയാബ്രഹ്മനദിയാം സരസ്വതി–
തന്നിൽ വ്രതാന്തിമസ്നാനംകഴിച്ചവൻ
ദൃഷ്ടകൃതമാകെയകററിയഭ്രൗഘനി–
ർമ്മുക്തനാമർക്കൻകണക്കു വിളങ്ങിനാൻ. 23
ആ ജമദഗ്നിചൈതന്യസ്മൃതിചിഹ്ന–
തേജശ്ശരീരയുതനായനന്തരം
സപ്തർഷിമാരിലേഴാമനായ് രാമനാ–
ലഭ്യർച്ചിതനായ് പരിലസിച്ചീടിനാൻ. 24
ഹേ മന്നവാ! വരും മന്വന്തരത്തിലീ–
രാമനും വേദപ്രചാരകനായിടും. 25
സന്യസ്തദണ്ഡനായിട്ടുമ്മഹേന്ദ്രാദ്രി–
തന്നിൽ പ്രശാന്തനായ് വാഴുന്നിതിപ്പൊഴും
കീർത്തിച്ചിടുന്നുണ്ടു ചാരണഗന്ധർവ്വ–
സിദ്ധഗണം തച്ചരിതം നിരന്തരം. 26
ഈശനായ് ഭക്തസന്താപാപഹാരിയായ്
വിശ്വാത്മകനാം മഹാവിഷ്ണുവീവിധം
ഭാർഗ്ഗവവംശത്തിൽ വന്നു പിറന്നിള–
യ്ക്കുഗ്രഭരമായ്ഭവിച്ച ഭൂപാലരെ
ഒക്കെയും സംഹരിച്ചുർവിക്കുളവായ
ദുഃഖമൊഴിച്ചീടിനാൻ കുരുപുങ്ഗവാ! 27
ഗാഥിയിൽനിന്നും ജ്വലദഗ്നിയെന്നപോൽ
ജാതനായ് തേജസ്വിയാം കുശികാത്മജൻ
ചെമ്മേ തപസ്സിനാൽ ക്ഷത്രിയത്വംവിട്ടു
ബ്രാഹ്മണതേജസ്സിയന്നു ശോഭിച്ചിതു. 28
പുത്രനവന്നു ശതമുളവായതിൽ
മധ്യമൻപേർ മധുച്ഛന്ദസ്സതാകയാൽ
അന്യതനയരേയും വിളിപ്പൂ മധു–
ച്ഛന്ദസ്സുകളെന്നു ലോകരശേഷവും. 29
പിന്നെബ്ഭൃഗുവംശജനായജീഗർത്ത–
നന്ദനനായ് ദേവരാതാപരാഖ്യനായ്–
മിന്നും ശുനശ്ശേഫനെ ജ്യേഷ്ഠനായ്ത്തന്നെ–
യെണ്ണാൻ സുതരോടു ചൊന്നാൻ കുശികജൻ. 30
പുത്രവാത്സല്യം വെടിഞ്ഞച്ഛനമ്മമാർ
മുററും ഹരിശ്ചന്ദ്രയജ്ഞഗോവാകവാൻ
വിററാരവനെ,യവനും സ്തുതികളാൽ
തെറെറന്നജാദികളെ പ്രസാദിപ്പിച്ചു
പാശബന്ധങ്ങളിൽനിന്നു വിമോചന–
മാശു സിദ്ധിച്ചു രക്ഷിച്ചു തൻ പ്രാണനെ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോ രാതോ ദേവയജനേ ദേവൈർഗ്ഗാധിപ്യ താപസഃ
ദേവരാത ഇതി ഖ്യാതഃ ശുനഃശേഫഃ സ ഭാർഗ്ഗവഃ. 32
യേ മധുച്ഛന്ദസോ ജ്യേഷ്ഠാഃ കുശലം മേനിരേ ന തത്
അശപത് താന്മുനിഃ ക്രുദ്ധോ, ''മ്ലേച്ഛാ ഭവത ദുർജ്ജനാഃ'' 33
സ ഹോവാച മധുച്ഛന്ദാഃ സാർദ്ധം പഞ്ചാശതാ തതഃ
''യന്നോ ഭവാൻ സംജാനീതേ തസ്മിംസ്തിഷ്ഠാമഹേ വയം.'' 34
ജ്യേഷ്ഠം മന്ത്രദൃശം ചക്രുസ്ത്വാമന്വഞ്ചോ വയം സ്മ ഹി
വിശ്വാമിത്രഃ സുതാനാഹ, ''വീരവന്തോ ഭവിഷ്യഥ. 35
യേ മാനം മേ/നുഗൃഹ്ണന്തോ വീരവന്തമകർത്ത മാം. 36
ഏഷ വഃ കുശികാ വീരോ ദേവരാതസ്തമന്വിത
അന്യേ ചാഷ്ടകഹാരീതജയക്രതുമദാദയഃ'' 37
ഏവം കൗശികഗോത്രം തു വിശ്വാമിത്രൈഃ പൃഥഗ്വിധം
പ്രവരാന്തരമാപന്നം തദ്ധി ചൈവം പ്രകല്പിതം. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഷോഡശോ/ധ്യായഃ

സപ്തദശോ/ധ്യായഃ

ശ്രീശുക ഉവാച
യഃ പുരൂരവസഃ പുത്ര ആയുസ്തസ്യാഭവൻ സുതാഃ
നഹുഷഃ ക്ഷത്രവൃദ്ധശ്ച രജീ രംഭശ്ച വീര്യവാൻ. 1
അനേനാ ഇതി, രാജേന്ദ്ര, ശൃണു ക്ഷത്രവൃധോ/ന്വയം
ക്ഷത്രവൃദ്ധസുതസ്യാസൻ സുഹോത്രസ്യാത്മജാസ്ത്രയഃ. 2
കാശ്യഃ കുശോ ഗൃത്സമദ ഇതി ഗൃത്സമദാദഭൂത്
ശുനകഃ ശൗനകോ യസ്യ ബഹ്വൃചപ്രവരോ മുനിഃ. 3
കാശ്യസ്യ കാശിസ്തത്പുത്രോ രാഷ്ട്രോ ദീർഘതമഃ പിതാ
ധന്വന്തരിർദൈർഘതമ ആയുർവ്വേദപ്രവർത്തകഃ. 4
യജ്ഞഭുഗ്വാസുദേവാംശഃ സ്മൃതമാത്രാർത്തിനാശനഃ
തത്പുത്രഃ കേതുമാനസ്യ ജജ്ഞേ ഭീമരഥസ്തതഃ. 5
ദിവോദാസോ ദ്യുമാംസ്തസ്മാത് പ്രതർദ്ദന ഇതി സ്മൃതഃ
സ ഏവ ശത്രുജിദ്വത്സ ഋതധ്വജ ഇതീരിതഃ
തഥാ കുവലയാശ്വേതി പ്രോക്തോ/ലർക്കാദയസ്തതഃ. 6
ഷഷ്ടിവർഷസഹസ്രാണി ഷഷ്ടിവർഷശതാനി ച
നാലർക്കാദപരോ, രാജൻ, മേദിനീം ബുഭുജേ യുവാ. 7
അലർക്കാത് സന്തതിസ്തസ്മാൽ സുനീഥോ/ഥ സുകേതനഃ
ധർമ്മകേതുഃ സുതസ്തസ്മാത് സത്യകേതുരജായത. 8
ധൃഷ്ടകേതുഃ സുതസ്തസ്മാത് സുകുമാരഃ ക്ഷിതീശ്വരഃ
വീതിഹോത്രസ്യ ഭർഗ്ഗോ/തോ ഭാർഗ്ഗഭൂമിരഭൂന്നൃപ. 9
ഇതീമേ കാശയോ ഭൂപാഃ ക്ഷത്രവൃദ്ധാന്വയായിനഃ 10
രംഭസ്യ രഭസഃ പുത്രോ ഗംഭീരശ്ച*ക്രതുസ്തതഃ
തസ്യ ക്ഷേത്രേ ബ്രഹ്മ ജജ്ഞേ ശൃണു വംശമനേനസഃ. 11
ശുദ്ധസ്തതഃ ശുചിസ്തസ്മാത് ത്രികകുദ്ധർമ്മസാരഥിഃ
തതഃ ശാന്തരയോ ജജ്ഞേ കൃതകൃത്യഃ സ ആത്മവാൻ. 12
രജേഃ പഞ്ചശതാന്യാസൻ പുത്രാണാമമിതൗജസാം
ദേവൈരഭ്യർത്ഥിതോ ദൈത്യാൻ ഹത്വേന്ദ്രായാദദാദ്ദിവം. 13

* 'അക്രിയഃ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവയജനത്തിൽ വിണ്ണവർ തുഷ്ടരായ്
ജീവസംരക്ഷണംചെയ്കതുകാരണം
ദേവരാതാഖ്യപൂലതും ഭൃഗുവംശ്യ-
സർവ്വപ്രധാനനാം താപസനാണിവൻ. 32
ജ്യേഷ്ഠനായ് വയ്ക്കിനിവനെയെന്നച്ഛന്റെ
ശാസ്യമപ്പുത്രരിൽ പൂർവ്വജരൻപതും
ഒട്ടുമനുസരിക്കായ്കയാൽ രുഷ്ടനായ്
''ദുഷ്ടരേ! മ്ലേച്ഛരായ്ത്തീർന്നീടുവിൻ
നിങ്ങളും.'' 33

എന്നമ്മുനിയവരെശ്ശപിച്ചാൻ, മധു-
ച്ഛന്ദസ്സുതാനമിതരതനൂജരും
വന്നു ചൊന്നാർ, ''പിതാവേ! ഭവദാജ്ഞയെ-
യെന്നുമനുസരിക്കാം ഞങ്ങ''ളെന്നുടൻ. 34
ജ്യേഷ്ഠനായ് മന്ത്രവിത്താം ശുനശ്ശേഫനെ
സ്പഷ്ടമായങ്ഗീകരിച്ചാരവർ തദാ.
''അങ്ങയെജ്ജ്യേഷ്ഠനാക്കിപ്പിന്തുടർന്നീടാം
ഞങ്ങ'',ളെന്നങ്ങവനോടും കഥിച്ചിതു.
അപ്പുത്രരോടു വിശ്വാമിത്രനോതിനാ-
''നിപ്പൊഴെൻ മാനത്തെ രക്ഷിച്ചു നിങ്ങളും
വീരപുമാനാക്കിയെന്നെയതിനാലെ
വീരതനയർ നിങ്ങൾക്കുളവായിടും. 35-36
വീരനാമിദ്ദേവരാതനെ നിങ്ങളും
വേറായ്ക്കരുതാതനുഗമിച്ചീടുവിൻ.
പുത്രഭാവത്തിലിവനെ വരിച്ചു ഞാ''-
നിത്രയും ചൊല്ലിയനുഗ്രഹിച്ചാൻ മുനി.
അന്യരായഷ്ടകൻ, ഹാരീതകൻ ജീവ-
നെന്നിവരേയും ക്രതുമാനെയുമഥ
നന്ദനരാക്കിയങ്ഗീകരിച്ചീടിനാ-
നന്നതനായ വിശ്വാമിത്രമാമുനി. 37
ഇത്ഥമക്കൗശികഗോത്രം കശികജ-
പുത്രർനിമിത്തം പലവിധമായിതു.
ആ ദേവരാതനെ മുഖ്യനാക്കീടിന-
ഹേതുവാലന്യപ്രധാനവുമായിതു. 38

അദ്ധ്യായം 17

ചന്ദ്രവംശാനുവർണ്ണനം

ശ്രീശുകൻ പറഞ്ഞു

മന്നൻ പുരൂരവസ്സിൻപുത്രനായുസ്സ്-
തന്നുടെയാത്മജന്മാരായ് നഹുഷനും
ക്ഷത്രവൃദ്ധൻ, വീര്യവാനാം രജീരംഭ-
നിത്തരം മൂന്നുപേരുദ്ഭവിച്ചീടിനാർ. 1
പിന്നനേനസ്സും പുരൂരവസ്സിൻപുത്ര-
നെന്നോർക്ക, കേളിനി ക്ഷത്രവൃദ്ധാന്വയം
ക്ഷത്രവൃദ്ധാത്മജനായ സുഹോത്രനു-
പുത്രർ കാശ്യൻ, കുശൻ, ഗൃത്സമദാഖ്യനും
മൂന്നു പേരാണതിൽ ഗൃത്സമദൻതന്റെ
നന്ദനനത്രേ ശുനകനെന്നുള്ളവൻ.
നാനാതരമെഴുമൃക്കുകളിൽ പടു
ശൗനകമാമുനിയാണു തദാത്മജൻ. 2-3
കാശ്യസുതൻ കാശി, രാഷ്ട്രൻ തദാത്മജൻ,
തത്സുതൻ ദീർഘതമസ്സെന്നു വിശ്രുതൻ
മേദിനീശാ! തദീയാത്മജൻ താനായു-
ർവ്വേദപ്രചാരകനായ ധന്വന്തരി. 4
വാസുദേവാംശമാമീ മഹാത്മാവിനെ-
സ്സംസ്മരിച്ചാലുടൻ രോഗം ശമിച്ചിടും.
ഈ ദിവ്യനദ്ധ്വരഭുക്കാം, തത്സുതൻ
കേതുമാൻ, ഭീമരഥനാം തദാത്മജൻ. 5
ഭീമരഥാത്മജനാണു ദിവോദാസ-
നാമകൻ തത്തനയൻ ദ്യുമാനെന്നവൻ
ശത്രുജിത്തെന്നുമൃതദ്ധ്വജനെന്നും പ്ര-
തർദ്ദനനും കുവലയാശ്വനുമെന്നും
നാനാഭിധാനങ്ങളുണ്ടായവനു, തൽ-
സൂനുക്കളത്രേയലർക്കൻതുടങ്ങിയോർ. 6
പിന്നെയറുപത്തിയാറായിരമാണ്ടു
മന്നലർക്കൻ വാണു താരുണ്യയുക്തനായ്
അന്യനായന്നൊരു ഭൂപാലനിദ്ധരാ-
മണ്ഡലംതന്നിലുണ്ടായിരുന്നില്ല താൻ. 7
സന്തതിയെന്നാണലർക്കപ്പുത്രന്നു പേർ,
സന്തതീസൂനു സുനീഥാഭിധാനനാം.
തത്പുത്രനാകും സുകേതനൻതന്നിൽനി-
ന്നുദ്ഭൂതനായ് ധർമ്മകേതു, തന്നന്ദനൻ 8
സത്യകേത്വാഖ്യ,നവനിൽനിന്നും ധൃഷ്ട-
കേതുവും, തത്സുതനായ് സുകുമാരനും,
തത്പുത്രനാം വീതിഹോത്രനും, ഭർഗ്ഗനു-
മബ്ഭർഗ്ഗന ഭാർഗ്ഗഭൂമിയും പുത്രരായ്. 9
കാശീസുതരിവരാക്ഷത്രവൃദ്ധന്റെ
വംശജന്മാരെന്നറിക നരേശ്വരാ! 10
പിന്നെ രഭസൻ ഗഭീരനെന്നിങ്ങനെ
നന്ദനരുണ്ടായി രംഭനു രണ്ടുപേർ.
ആ രഭസന്റെ സുതനാം ക്രതുവിന്റെ
ഭാര്യയിലാം ദ്വിജവംശമുണ്ടായതും. 11
ചൊല്ലാമനേനസ്സുതൻ കുലം ശുദ്ധനെ-
ന്നുള്ളോൻ തദാത്മജൻ, തൽസുതനാം ശുചി
പേരാളുമശ്ശുചിതൻ തനയൻ ധർമ്മ-
സാരഥിനാമമെഴും ത്രികകുപ്പതാൻ.
ശാന്തനായാത്മവാനായ് കൃതകൃത്യനാം
ശാന്തരയനാണവനുടെ നന്ദനൻ. 12
വിക്രമശാലികളായീടുമഞ്ഞൂറു-
മക്കളുണ്ടായ് രജിഭൂപതിക്കായവർ
വിണ്ണവരർത്ഥിക്കയാലേ ദനുജരെ-
ച്ചെന്നു നശിപ്പിച്ചു വിണ്ണിന്ദ്രനേകിനാർ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രസ്തസ്മൈ പുനർദ്ദത്ത്വാ ഗൃഹീത്വാ ചരണൗ രജേഃ
ആത്മാനമർപ്പയാമാസ പ്രഹ്ലാദാദ്യരിശങ്കിതഃ. 14
പിതര്യുപരതേ പുത്രാ യാചമാനായ നോ ദദുഃ
ത്രിവിഷ്ടപം മഹേന്ദ്രായ യജ്ഞഭാഗാൻ സമാദദുഃ. 15
ഗുരുണാ ഹൂയമാനേഽഗ്നൗ ബലഭിത്തനയാൻ രജേഃ
അവധീദ്ഭ്രംശിതാൻ മാർഗ്ഗാന്ന കശ്ചിദവശേഷിതഃ. 16
കുശാത് പ്രതിഃ ക്ഷാത്രവൃദ്ധാത് സഞ്ജയസ്തത്സുതോ ജയഃ
തതഃ കൃതഃ കൃതസ്യാപി ജജ്ഞേ ഹര്യവനോ നൃപ. 17
സഹദേവസ്തതോ ഭീമോ ജയസേനസ്തു തത്സുതഃ
സങ്കൃതിസ്തസ്യ ച ജയഃ ക്ഷത്രധർമ്മാ മഹാരഥഃ
ക്ഷത്രവൃദ്ധാന്വയാ ഭൂപാഃ ശൃണു വംശം ച നാഹുഷാത്. 18

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ചന്ദ്രവംശാനുവർണ്ണനേ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

ശ്രീശുക ഉവാച
യതിര്യയാതിഃ സംയാതിരായതിർവിയതിഃ കൃതിഃ
ഷഡിമേ നഹുഷസ്യാസന്നിന്ദ്രിയാണീവ ദേഹിനഃ. 1
രാജ്യം നൈച്ഛദ്യതിഃ പിത്രാ ദത്തം തത്പരിണാമവിത്
യത്ര പ്രവിഷ്ടം പുരുഷ ആത്മാനം നാവബുധ്യതേ. 2
പിതരി ഭ്രംശിതേ സ്ഥാനാദിന്ദ്രാണ്യാ ധർഷണാദ്ദ്വിജൈഃ
പ്രാപിതേഽജഗരത്വം വൈ യയാതിരഭവന്നൃപ. 3
ചതസൃഷ്വാദിശദ്ദിക്ഷു ഭ്രാതൄൻ ഭ്രാതാ യവീയസഃ
കൃതദാരോ ജുഗോപോർവ്വീം കാവ്യസ്യ വൃഷപർവ്വണഃ. 4

രാജോവാച
ബ്രഹ്മർഷിർഭഗവാൻ കാവ്യഃ ക്ഷത്രബന്ധുശ്ച നാഹുഷഃ
രാജന്യവിപ്രയോഃ കസ്മാദ്വിവാഹഃ പ്രതിലോമകഃ? 5

ശ്രീശുക ഉവാച
ഏകദാ ദാനവേന്ദ്രസ്യ ശർമ്മിഷ്ഠാ നാമ കന്യകാ
സഖീസഹസ്രസംയുക്താ ഗുരുപുത്ര്യാ ച ഭാമിനീ. 6
ദേവയാന്യാ പുരോദ്യാനേ പുഷ്പിതദ്രുമസങ്കുലേ
വ്യചരത് കളഗീതാളിനളിനീപുളിനേഽബലാ. 7
താ ജലാശയമാസാദ്യ കന്യാഃ കമലലോചനാഃ
തീരേ ന്യസ്യ ദുകൂലാനി വിജഹ്രുഃ സിഞ്ചതീർമ്മിഥഃ. 8
വീക്ഷ്യ വ്രജന്തം ഗിരിശം സഹ ദേവ്യാ വൃഷസ്ഥിതം
സഹസോത്തീര്യ വാസാംസി പര്യധുർവ്രീഡിതാഃ സ്ത്രിയഃ. 9
ശർമ്മിഷ്ഠാജാനതീ വാസോ ഗുരുപുത്ര്യാഃ സമവ്യയത്
സ്വീയം മത്വാ പ്രകുപിതാ ദേവയാനീദമബ്രവീത്: 10
''അഹോ നിരീക്ഷ്യതാമസ്യാ ദാസ്യാഃ കർമ്മ ഹ്യസാമ്പ്രതം
അസ്മദ്ധാര്യം ധൃതവതീ ശുനീവ ഹവിരധ്വരേ. 11
യൈരിദം തപസാ സൃഷ്ടം മുഖം പുംസഃ പരസ്യ യേ
ധാര്യതേ യൈരിഹ ജ്യോതിഃ ശിവഃ പന്ഥാശ്ച ദർശിതഃ. 12
യാൻ വന്ദന്ത്യുപതിഷ്ഠന്തേ ലോകനാഥാഃ സുരേശ്വരാഃ
ഭഗവാനപി വിശ്വാത്മാ പാവനഃ ശ്രീനികേതനഃ. 13
വയം തത്രാപി ഭൃഗവഃ ശിഷ്യോഽസ്യാ നഃ പിതാസുരഃ
അസ്മദ്ധാര്യം ധൃതവതീ ശൂദ്രോ വേദമിവാസതീ.'' 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്കിലും പ്രഹ്ലാദനാദിശത്രുക്കളെ–
ശ്ശങ്കിച്ചു വീണ്ടും രജിതൻ പദാംബുജം
കൂപ്പിത്രിദിവമവനെയേല്പിച്ചിത–
സ്സപ്തി,യാത്മാവിനേയുമർപ്പിച്ചിതേ. 14
മൃത്യുവശഗതനായ് രജി,യിന്ദ്രന–
പ്പുത്രരോടായ് വിണ്ണിരന്നീടിലുമവർ
സ്വീകരിച്ചില്ലത്രേ, യജ്ഞഭാഗത്തെയും
നാകികൾക്കേകാതെ താനേ ഭുജിച്ചിതു. 15
ദേവഗുരുവരൻ ഹോമം നടത്തവേ
ദേവാധിപൻ ധർമ്മമാർഗ്ഗവിഭ്രഷ്ടരാം
അന്നരപാലസുതരെ ഹോമാഗ്നിയി–
ലൊന്നൊഴിയാതിട്ടു കൊന്നൊടുക്കീടിനാൻ. 16
ക്ഷത്രവൃദ്ധാത്മജനാം കശൻതന്നുടെ
പുത്രൻ പ്രതി, തത്തനയനാം സഞ്ജയൻ
തൽപുത്രനത്രേ ജയൻ, തത്സുതൻ കൃത–
നുദ്ഭൂതനായ്, ഹര്യവനനവന്നുമേ. 17
ഹര്യവനജൻ സഹദേവന പുത്ര–
നായ ഭീമന്നു ജയസേനനാത്മജൻ.
സംകൃതിയത്രേ ജയസേനജൻ, ജയൻ
സംകൃതിനന്ദനനെന്നും ധരിക്കുക.
എന്നുമാക്ഷാത്രധർമ്മത്തിലലംനിഷ്ഠ–
യാന്ന മഹാരഥനായിരുന്നു ജയൻ.
ക്ഷത്രവൃദ്ധാന്വയജാതരാണിച്ചൊന്ന
പൃഥ്വീശർ, ചൊൽവനിനി നഹുഷാന്വയം. 18

അദ്ധ്യായം 18

ദേവയാനീചരിതം

ശ്രീശുകൻ പറഞ്ഞു

നന്ദനഷൾക്കം നഹുഷന്നുളവായി–
തിന്ദ്രിയൗഘം ശരീരിക്കെന്നപോലവേ.
പേർ യതി പിന്നെ യയാതി സംയാതിയു–
മായതിയേവം വിയതി കൃതിയുമാം. 1
മൂത്തതനൂജൻ യതിയപ്പിതാവിനാൽ
ദത്തമാം രാജ്യമിച്ഛിച്ചില്ല തെല്ലുമേ.
തത്പരിണാമമറിഞ്ഞിരുന്നാനവൻ
തത്പ്രവിഷ്ടന്നാത്മബോധമുണ്ടായിടാ. 2
ഇന്ദ്രാണിയെയാഗ്രഹിക്കയാൽ ബ്രാഹ്മണ–
വൃന്ദത്തിനാൽ നഹുഷൻ ഭ്രഷ്ടനായുടൻ
ശാപംനിമിത്തമജഗരമാകവേ,
ഭൂപതിയായാൻ യയാതിയാംനന്ദനൻ. 3
നാലുദിക്കും ഭരിച്ചീടാൻ കനിഷ്ഠരാം
നാലു സഹോദരന്മാരെ നിയോഗിച്ചു
ശുക്രൻെറയും വൃഷപർവ്വാവുതൻെറയും
ചൊല്ലൊണ്ട കന്യകമാരെയും വേട്ടഥ
സർവ്വഭൂമിക്കുമേകാധിപനായ് ശരി–
ക്കുർവ്വീപരിപാലനംചെയ്തു വാണിതു. 4

രാജാവു പറഞ്ഞു

ബ്രഹ്മർഷിയല്ലയോ ശുക്രൻ യയാതിയാ–
മമ്മഹീപാലകൻ ക്ഷത്രിയനല്ലയോ?
ബ്രാഹ്മണകന്യയെ ക്ഷത്രിയൻ വേൾപ്പതു
സമ്മതിക്കപ്പെടാവുന്നതോ മാമുനേ!
ഇത്രനാളും നടപ്പില്ലാത്ത ഭൂസുര–
ക്ഷത്രിയബന്ധം ഭവിച്ചതുമെങ്ങനെ? 5

ശ്രീശുകൻ പറഞ്ഞു

ആയിരമാളികളൊത്തു ഗുരുപുത്രി–
യായീടുമാ ദേവയാനിയുമായ് മുദാ
ദൈത്യരാജാത്മജ ശർമ്മിഷ്ഠയേകദാ
പൂത്ത തരുക്കൾതിങ്ങും പുരവാടിയിൽ
ചാരും ഭൃങ്ഗസ്വനംചേരും സരോജിനീ–
തീരത്തിലങ്ങനെ സഞ്ചരിച്ചീടിനാൾ. 6–7
അംബുജലോചനമാരവരേവരു–
മംബരം തീരത്തഴിച്ചുവച്ചക്ഷണം
അത്തടാകത്തിലിറങ്ങി വെള്ളം തെററി–
വീഴ്ക്കിപ്പരസ്പരം കേളിയാടീടിനാർ. 8
പാർവതീദേവിയുമായ് ഭഗവാൻ ശിവ–
നാവഴിയേ വൃഷവാഹനസംസ്ഥനായ്
ആഗമിക്കുന്നതു കണ്ടവർ ലജ്ജിച്ചു
വേഗം കരയേറി വസ്ത്രംധരിച്ചിതേ. 9
ശർമ്മിഷ്ഠയാ വെമ്പലിൽ ദേവയാനിത–
ന്നംബരം മാറിയെടുത്തങ്ങുടുത്തിതു.
ആയതു കണ്ടു ഗുരുസുത കോപിഷ്ഠ–
യായീവിധം കടുവാക്യങ്ങളോതിനാൾ: 10
''കഷ്ടമഹോ! കാണ്മിനെൻ ദാസിയാമിവൾ
കാട്ടിയ ധാർഷ്ട്യമിതിന്നു മാലോകരേ!
പട്ടിയമർത്ത്യഹവിസ്സു ഹരിച്ചിടും–
മട്ടെൻ വസനമെടുത്തുടുത്താളിവൾ. 11
ഇപ്രപഞ്ചം തപശ്ശക്തിയാലാരുതാൻ–
തീർപ്പ്,താരാണപ്പരൻ പുമാൻതൻ മുഖം,
ബ്രഹ്മപ്രകാശം ധരിക്കുന്നതാരുവാൻ,
സന്മാർഗ്ഗമാരു കാട്ടുന്നു ജനങ്ങളെ, 12
നേരേ സുരേശരും ലോകനാഥന്മാരു–
മാരെയാം വന്നു വന്ദിപ്പതു നിത്യവും,
പാവനനായ്ജഗദാത്മാവുമാം രമാ–
ദേവീനിലയനും വന്ദിപ്പതാരെയാം, 13
ആ വിപ്രരിൽ വിശേഷിച്ചു ഭൃഗുവംശ–
ഭൂവെൻ ജനക,നവളസുരാത്മജ
ദൈത്യനവനസ്മദീയശിഷ്യൻ, മഹാ–
ധൂർത്തയസതിയിവൾ, പാർത്തുകാണുവിൻ.
ഞങ്ങൾ ധരിക്കേണ്ട ശുദ്ധമാം വസ്ത്രമീ–
യങ്ഗനയാന്നു, ശൂദ്രൻ വേദമെന്നപോൽ.'' 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ശപന്തീം ശർമ്മിഷ്ഠാ ഗുരുപുത്രീമഭാഷത,
രുഷാ ശ്വസന്ത്യുരങ്ഗീവ ധർഷിതാ ദഷ്ടദച്ഛദാ. 15

''ആത്മവൃത്തമവിജ്ഞായ കത്ഥസേ ബഹു ഭിക്ഷുകി!
കിം ന പ്രതീക്ഷസേഽസ്മാകം ഗൃഹാൻ ബലിഭുജോ യഥാ.'' 16

ഏവംവിധൈഃ സുപരുഷൈഃ ക്ഷിപ്ത്വാഽഽചാര്യസുതാം സതീം
ശർമ്മിഷ്ഠാ പ്രാക്ഷിപത് കൂപേ വാസ ആദായ മന്യുനാ. 17

തസ്യാം ഗതായാം സ്വഗൃഹം യയാതിർമൃഗയാം ചരൻ
പ്രാപ്തോ യദൃച്ഛയാ കൂപേ ജലാർത്ഥീ താം ദദർശ ഹ. 18

ദത്ത്വാ സ്വമുത്തരം വാസസ്തസ്യൈ രാജാ വിവാസസേ
ഗൃഹീത്വാ പാണിനാ പാണിമുജ്ജഹാര ദയാപരഃ. 19

തം വീരമാഹൗശനസീ പ്രേമനിർഭരയാ ഗിരാ
''രാജംസ്ത്വയാ ഗൃഹീതോ മേ പാണിഃ പരപുരഞ്ജയ!
ഹസ്തഗ്രാഹോഽപരോ മാ ഭൂദ്ഗൃഹീതായാസ്ത്വയാ ഹി മേ. 20

ഏഷ ഈശകൃതോ വീര! സംബന്ധോ നൗ ന പൗരുഷഃ
യദിദം കൂപമഗ്നായാ ഭവതോ ദർശനം മമ. 21

ന ബ്രാഹ്മണോ മേ ഭവിതാ ഹസ്തഗ്രാഹോ മഹാഭുജ!
കചസ്യ ബാർഹസ്പത്യസ്യ ശാപാദ്യമശപം പുരാ.'' 22

യയാതിരനഭിപ്രേതം ദൈവോപഹൃതമാത്മനഃ
മനസ്തു തദ്ഗതം ബുദ്ധ്വാ പ്രതിജഗ്രാഹ തദ്വചഃ. 23

ഗതേ രാജനി സാ വീരേ തത്ര സ്മ രുദതീ പിതുഃ
ന്യവേദയത് തതഃ സർവ്വമുക്തം ശർമ്മിഷ്ഠയാ കൃതം. 24

ദുർമ്മനാ ഭഗവാൻ കാവ്യഃ പൗരോഹിത്യം വിഗർഹയൻ
സ്തുവൻ വൃത്തിം ച കാപോതീം ദുഹിത്രാ സ യയൗ പുരാത്. 25

വൃഷപർവ്വാ തമാജ്ഞായ പ്രത്യനീകവിവക്ഷിതം
ഗുരും പ്രസാദയൻ മൂർധ്നാ പാദയോഃ പതിതഃ പഥി. 26

ക്ഷണാർധമന്യുർഭഗവാൻ ശിഷ്യം വ്യാചഷ്ട ഭാർഗ്ഗവഃ
''കാമോഽസ്യാഃ ക്രിയതാം രാജൻ! നൈനാം ത്യക്തു-
മിഹോത്സഹേ.'' 27

തഥേത്യവസ്ഥിതേ പ്രാഹ ദേവയാനീ മനോഗതം
''പിത്രാ ദത്താ യതോ യാസ്യേ സാനുഗാ യാതു മാമനു.'' 28

സ്വാനാം തത് സങ്കടം വീക്ഷ്യ തദർത്ഥസ്യ ച ഗൗരവം
ദേവയാനീം പര്യചരത് സ്ത്രീസഹസ്രേണ ദാസവത്. 29

നാഹുഷായ സുതാം ദത്ത്വാ സഹ ശർമ്മിഷ്ഠയോശനാ
തമാഹ, ''രാജഞ്ഛർമ്മിഷ്ഠാമാധാസ്തല്പേ ന കർഹിചിത്.'' 30

വിലോക്യൗശനസീം രാജഞ്ഛർമ്മിഷ്ഠാ സപ്രജാം ക്വചിത്
തമേവ വവ്രേ രഹസി സഖ്യാഃ പതിമൃതൗ സതീ. 31

രാജപുത്ര്യാർത്ഥിതോഽപത്യേ ധർമ്മം ചാവേക്ഷ്യ ധർമ്മവിത്
സ്മരഞ്ഛുക്രവചഃ കാലേ ദിഷ്ടമേവാഭ്യപദ്യത. 32

യദും ച തുർവ്വസും ചൈവ ദേവയാനീ വ്യജായത
ദ്രുഹ്യും ചാനും ച പൂരും ച ശർമ്മിഷ്ഠാ വാർഷപർവ്വണീ. 33

ഗർഭസംഭവമാസുര്യാ ഭർത്തുർവ്വിജ്ഞായ മാനിനീ
ദേവയാനീ പിതുർഗ്ഗേഹം യയൗ ക്രോധവിമൂർച്ഛിതാ. 34

പ്രിയാമനുഗതഃ കാമീ വചോഭിരുപമന്ത്രയൻ
ന പ്രസാദയിതും ശേകേ പാദസംവാഹനാദിഭിഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയ്യും കണക്കമററിങ്ങനെ ഭർത്സനം
ചെയ്യും ഗുരുസുതതന്നെ നിന്ദിച്ചുടൻ
ചുണ്ടു കടിച്ചുപിടിച്ചരിശമൊത്തു
വീണ്ടും ശ്വസിച്ചു ശർമ്മിഷ്ഠ ചൊല്ലീടിനാൾ. 15
''ഭിക്ഷുകീ! നിൻ ചരിതങ്ങളോക്കാതൊരു-
ലക്ഷ്യമററെന്തൊക്കെയോ പുലമ്പുന്ന നീ
കാക്കകളെപ്പോലെയസ്മദ്ഗൃഹങ്ങളിൽ
ലാക്കിന കാലംകഴിപ്പവളല്ലീ നീ?'' 16
രുഷ്ടയായ് ശർമ്മിഷ്ഠയേവം പരുഷവാ-
ക്കൊട്ടേറെയോതിസ്സതി ദേവയാനിയെ
പെട്ടെന്നു വസ്ത്രമുരിഞ്ഞെടുത്തിട്ടൊരു-
പൊട്ടക്കിണററുതന്നുള്ളിലായ്ത്തള്ളിനാൾ. 17
ആസുരവാം ഗേഹം ഗമിക്കെ, യയാതിയും
നായാടി ദാഹാർത്തനായ്ക്കൂപസന്നിധി
യാദൃച്ഛികം വന്നു നോക്കവേ കണ്ടിത-
ശ്ശാതോദരിയതിൽ വീണുകിടപ്പതായ്. 18
തന്നുത്തരീയത്തെ നഗ്നയായീടുമ-
ത്തന്വീമണിക്കതിലിട്ടുകൊടുത്തുടൻ
ചെന്നു തൻ പാണികളാൽ പിടിച്ചേററിനാ-
നന്നതകാരുണ്യവാനന്നരേശ്വരൻ. 19
ആ മഹാവീരനോടായ് ദേവയാനിയും
പ്രേമമയോക്തികളോതിനാളീവിധം:
''അങ്ങു പിടിച്ചൊരിപ്പാണിയിൽ മറെറാരാൾ
മംഗലാത്മൻ! പിടിക്കാനിടയാകൊലാ. 20
ഈശ്വരനിശ്ചയമാണിസ്സമാഗമം
സംശയമില്ല, നരകൃതമല്ലതാൻ.
അല്ലെങ്കിലെങ്ങനെ കൂപനിമഗ്ന ഞാൻ
ദുർല്ലഭനാകും ഭവാനെ വീക്ഷിച്ചിടും? 21
മുന്നമീ ഞാൻ ശപിച്ചോരു ബൃഹസ്പതി-
നന്ദനനാം കചനെന്നെശ്ശപിക്കയാൽ
ബ്രാഹ്മണവംശജനാകും വരനെയി-
ജ്ജന്മമെനിക്കു ലഭിക്കില്ല നിശ്ചയം.'' 22
തന്നഭിപ്രായത്തിനൊത്തതല്ലെങ്കിലു-
മിന്നിതു ദൈവികമായ്‌വന്നതെന്നതും
അത്തന്വിയിൽ തൻ മനസ്സുപതിഞ്ഞതും
പാർത്താവിധത്തിലനുസരിച്ചാൻ നൃപൻ. 23
വീരൻ യയാതി പോയീടവേ താതൻെറ
ചാരത്തു തേങ്ങിക്കരഞ്ഞുകൊണ്ടങ്ങവൾ
ചെന്നു ശർമ്മിഷ്ഠതൻ ദുർവാക്യമാകവേ
ചൊന്നാൾ കിണററിലവൾ തള്ളിയിട്ടതും. 24
ജ്ഞാനിയാം ശുക്രനതു കേട്ടു കോപിച്ചു
താനേ വെറുത്താൻ പുരോഹിതജീവിതം.
ഉഞ്ഛവൃത്തി സ്തുതിപൂർവമവിടെനി-
ന്നഞ്ചാതെ പുത്രിയുമായിറങ്ങീടിനാൻ. 25
ആ വൃഷപർവാവറിഞ്ഞാൻ സ്വദേശികൻ
ദേവഗണത്തെത്തുണയ്ക്കുവാൻ പോവതായ്
പിമ്പേ ഗമിച്ചു വഴിയിൽവച്ചമ്മുനി
തൻപദം കൂപ്പിനാൻ തത്പ്രസാദത്തിനായ്. 26
കോപമരനിമിഷം നിലനില്ക്കാത്ത
താപസൻ പിന്നന്നൃപനോടു ചൊല്ലിനാൻ
''എന്തിവൾക്കിഷ്ടമെന്നാലതു സാധിക്ക,
സന്ത്യജിക്കാൻ ശക്തനല്ല ഞാൻ പുത്രിയെ.'' 27
അങ്ങനെ സമ്മതിച്ചാനാനൃപനന്ത-
രംഗം വെളിവാക്കിനാൾ ദേവയാനിയും.
''താതൻ വിവാഹംകഴിച്ചയച്ചീടുവ-
തേതിടത്താകിലുമെന്നോടുകൂടവേ
ശർമ്മിഷ്ഠ തോഴികളോടൊത്തനുഗമി-
ച്ചെന്മട്ടുമെൻ ദാസിയായി വസിക്കണം.'' 28
ശുക്രൻ പിരിഞ്ഞുപോയാൽ വരാവുന്നതാം
ദുഃഖവുമല്ലെങ്കിലുള്ള ഗുണങ്ങളും
ഒക്കവേ ചിന്തചെയ്തുഗ്രപുത്രിയെ
സൽക്കരിച്ചീടുവാൻ ശർമ്മിഷ്ഠയെ നൃപൻ
ആയിരം തോഴികളൊത്തയച്ചാ,നവൾ
പോയിതു ദേവയാനീദാസ്യമാളുവാൻ. 29
പിന്നെ നഹുഷാത്മജനാം യയാതിക്കു-
തന്നെയശ്ശർമ്മിഷ്ഠയോടൊത്തു പുത്രിയെ
ശുക്രമഹർഷി കൊടുത്താ നൃപനൊടായ്,
''കേൾക്കണമങ്ങൊരു സംഗതി ഭൂപതേ!
അങ്ങു ശർമ്മിഷ്ഠയെത്താവകശയ്യയിൽ
സംഗമിപ്പിച്ചീടരു''തെന്നുമോതിനാൻ. 30
ദേവയാനിക്കു സന്താനമുണ്ടായത-
ക്കാർവേണിമാർമണിശർമ്മിഷ്ഠ കണ്ടുടൻ
താനും പ്രജാവതിയാകുവാനിച്ഛിച്ചു
താനേയൃതുസമയത്തിലസ്സാദ്ധ്വിയാൾ
ദേവയാനീകാന്തനായി ലസിക്കുമ-
ബ്ഭൂവരനെഗ്ഗൂഢമായി വരിച്ചിതു. 31
ദൈത്യേന്ദ്രപുത്രിയൃതുസമയം ചെയ്യൊ-
രർത്ഥന തള്ളാവതല്ലെന്നു കണ്ടുടൻ
ഓർമ്മിച്ചു ശുക്രവാക്യത്തെയെന്നാകിലും,
ധർമ്മമാലോചിച്ചു ചിത്തമുറപ്പിച്ചു
ദിഷ്ടമരികിലണച്ചിരിക്കുന്ന ശ-
ർമ്മിഷ്ഠയെ പ്രാപിച്ചിതന്നരനായകൻ. 32
ദേവയാനിക്കു യദു,തുർവസുതാനു-
മാവിധം ശർമ്മിഷ്ഠയിൽ ദ്രുഹ്യു, പൂരുവും
മദ്ധ്യമനായിട്ടനുവുമനുക്രമം
പുത്രഭാവത്തിലുളവായിവന്നിതു. 33
ഭർത്താവിൽനിന്നുമദൈത്യഭൂപാലക-
പുത്രി ഗർഭംധരിച്ചെന്നതറിഞ്ഞുടൻ
മാനിനി കോപവിമൂർച്ഛിതയായ് ദേവ-
യാനി താനേ പിതൃഗേഹത്തിലെത്തിനാൾ. 34
കാമിയായീടും യയാതി പിമ്പേ ചെന്നു
സാമവാക്യങ്ങൾ വഴിയിൽ വഴിപോലെ
ചൊല്ലിപ്പദസ്പർശനാദി പലേവിധ-
മുള്ള പരിലാളനാദിനയങ്ങളാൽ
മെല്ലെസ്സമാശ്വസിപ്പിക്കാൻ ശ്രമിക്കിലും
തെല്ലും പ്രസാദിച്ചതില്ല ശുക്രാത്മജ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുക്രസ്തമാഹ കുപിതഃ, ''സ്ത്രീകാമാനൃതപൂരുഷ!
ത്വാം ജരാ വിശതാം, മന്ദ, വിരൂപകരണീ നൃണാം.'' 36

യയാതിരുവാച

''അതൃപ്തോഽസ്മ്യദ്യ കാമാനാം ബ്രഹ്മൻ! ദുഹിതരി സ്മ തേ''
''വ്യത്യസ്യതാം യഥാകാമം വയസാ യോഽഭിധാസ്യതി.'' 37
ഇതിലബ്ധവ്യവസ്ഥാനഃ പുത്രം ജ്യേഷ്ഠമവോചത
''യദോ! താത! പ്രതീച്ഛേമാം ജരാം ദേഹി നിജം വയഃ. 38
മാതാമഹകൃതാം വത്സ! ന തൃപ്തോ വിഷയേഷ്വഹം
വയസാ ഭവദീയേന രംസ്യേ കതിപയാഃ സമാഃ''. 39

യദുരുവാച

''നോത്സഹേ ജരസാ സ്ഥാതുമന്തരാ പ്രാപ്തയാ തവ
അവിദിത്വാ സുഖം ഗ്രാമ്യം വൈതൃഷ്ണ്യം നൈതി പൂരുഷഃ'' 40
തുർവ്വസുശ്ചോദിതഃ പിത്രാ ദ്രുഹ്യുശ്ചാനുശ്ച ഭാരത!
പ്രത്യാചഖ്യുരധർമ്മജ്ഞാ ഹ്യനിത്യേ നിത്യബുദ്ധയഃ. 41
അപൃച്ഛത് തനയം പൂരും വയസോനം ഗുണാധികം
''ന ത്വമഗ്രജവദ്വത്സ! മാം പ്രത്യാഖ്യാതുമർഹസി.'' 42

പൂരുരുവാച

''കോ നു ലോകേ മനുഷ്യേന്ദ്ര! പിതുരാത്മകൃതഃ പുമാൻ
പ്രതികർത്തും ക്ഷമോ യസ്യ പ്രസാദാദ്വിന്ദതേ പരം, 43
ഉത്തമശ്ചിന്തിതം കുര്യാത് പ്രോക്തകാരീ തു മധ്യമഃ
അധമോഽശ്രദ്ധയാ കുര്യാദകർത്തോച്ചരിതം പിതുഃ''. 44
ഇതി പ്രമുദിതഃ പൂരുഃ പ്രത്യഗൃഹ്ണാജ്ജരാം പിതുഃ
സോഽപി തദ്വയസാ കാമാൻ യഥാവജ്ജുജുഷേ, നൃപ! 45
സപ്തദ്വീപപതിഃ സമ്യക് പിതൃവത് പാലയൻ പ്രജാഃ
യഥോപജോഷം വിഷയാഞ്ജുജുഷേഽവ്യാഹതേന്ദ്രിയഃ. 46
ദേവയാന്യപ്യനുദിനം മനോവാഗ്ദേഹവസ്തുഭിഃ
പ്രേയസഃ പരമാം പ്രീതിമുവാഹ പ്രേയസീ രഹഃ. 47
അയജദ്യജ്ഞപുരുഷം ക്രതുഭിർഭൂരിദക്ഷിണൈഃ
സർവ്വദേവമയം ദേവം സർവ്വവേദമയം ഹരിം. 48
യസ്മിന്നിദം വിരചിതം വ്യോമ്നീവ ജലദാവലിഃ
നാനേവ ഭാതി നാഭാതി സ്വപ്നമായാമനോരഥഃ. 49
തമേവ ഹൃദി വിന്യസ്യ വാസുദേവം ഗുഹാശയം
നാരായണമണീയാംസം നിരാശീരയജത് പ്രഭും. 50
ഏവം വർഷസഹസ്രാണി മനഃഷഷ്ഠൈർമ്മനഃസുഖം
വിദധാനോഽപി നാതൃപ്യത് സാർവ്വഭൗമഃ കദിന്ദ്രിയൈഃ. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
അഷ്ടാദശോഽധ്യായഃ

ഏകോനവിംശതിതമോധ്യായഃ

ശ്രീശുക ഉവാച
സ ഇത്ഥമാചരൻ കാമാംസ്ത്രൈണോഽപഹ്നവമാത്മനഃ
ബുദ്ധ്വാ പ്രിയായൈ നിർവ്വിണ്ണോ ഗാഥാമേതാമഗായത. 1
''ശൃണു, ഭാർഗ്ഗവ്യമൂം ഗാഥാം മദ്വിധാചരിതാം ഭുവി
ധീരാ യസ്യാനുശോചന്തി വനേ ഗ്രാമനിവാസിനഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്താന്തമെല്ലാമറിഞ്ഞുശനസ്സുതി–
ക്രുദ്ധനായ് മന്നവനോടു ചൊല്ലീടിനാൻ,
''നാരിയിൽക്കാമം മുഴക്കുകമൂലമായ്
നേരു പാലിക്കാത്ത മൂഢമതേ! ജളാ!
ആക്കം വിരൂപതചേർക്കും ജര നിന്റെ
മെയ്യലങ്കോലമണച്ചിടട്ടിക്ഷണം.'' 36

യയാതി പറഞ്ഞു

''ബ്രാഹ്മണശ്രേഷ്ഠാ! ഭവത്പുത്രിയൊത്തു
കാമഭോഗങ്ങളിന്നോളം ഭുജിക്കിലും [ഞാൻ
തൃപ്തനായിട്ടില്ലതുമൂലമിശ്ശാപ–
കല്പന ഭേദപ്പെടുത്തണം മാമുനേ!'' 37
മാററത്തിനേവമനുമതികിട്ടവേ
ജ്യേഷ്ഠസുതനെ വിളിച്ചു ചൊന്നാൻ നൃപൻ.
''പുത്രാ! യദോ! തവ മാതൃപിതാവിനാൽ
ദത്തം ജരയിതേറേറകുക യൗവനം.
തൃപ്തി ഭോഗാനുഭവത്തിൽ വരാത്ത ഞാ–
നല്പനാൾകൂടി രമിക്കട്ടെയിപ്പോൾ.'' 37–39

യദു പറഞ്ഞു

''യൗവനമധ്യമാവസ്ഥയിലങ്ങേയ്ക്കു
കൈവന്നൊരിജ്ജരയേല്ക്കുകയില്ല ഞാൻ
ഗ്രാമ്യസുഖത്തെയറിയാത്ത പൂരുഷ–
നെമ്മട്ടു വൈരാഗ്യയുക്തനായ്ത്തീ–
ന്നിടും?'' 40

മന്നവൻ, തുർവസു, ദ്രുഹ്യു,വനുവെന്ന
മൂന്നുപേരോടുമിച്ചോദ്യമാവർത്തിച്ചു
നിത്യമല്ലാത്ത ദേഹാദിയിൽ സത്യധീ–
മെത്തുമവരും നിരാകരിച്ചീടിനാർ. 41
ഊനവയസ്സനെന്നാലും ബഹുഗുണാ–
സ്ഥാനമാം പൂരുവിനോടഥ ചൊല്ലിനാൻ:
''വത്സ! നിൻ സോദരർക്കൊപ്പമെൻ വാക്കുകൾ
നിസ്സാരനായ്ക്കരുതേണ്ടവനല്ല നീ.'' 42

പൂരു പറഞ്ഞു

''പാർത്ഥിവാ! ഗാത്രകൃത്താകും പിതാവു
പ്രത്യുപകാരത്തിനേതവൻ ശേഷിമാൻ? [തൻ–
താതൻ പ്രസാദിക്കിലേ പരലോകത്തി–
ലേതവനും സുഖം സിദ്ധിച്ചിടൂ ദൃഢം. 43
താതാഭിലാഷം ശരിയായറിഞ്ഞു സാ–
മോദം പ്രവർത്തിച്ചിടും സുതനുത്തമൻ,
ചൊല്ലീട്ടു ചെയ്യുവോൻ മധ്യമൻ, ചൊല്ലിലും
മെല്ലെയശ്രദ്ധനായ്ച്ചെയ്‌വോനധമനാം.
ചൊന്നിട്ടുമൊന്നും പ്രവർത്തിച്ചിടാത്തവൻ
നന്ദനനല്ല പിതാവിൻ പുരീഷമാം.'' 44
ഈവിധം തുഷ്ടനായ് പൂരു പിതൃജരാ–
കൈവരിച്ചിട്ടു യുവത്വമേകീടിനാൻ.
രാട്ടും തരുണനായ്ത്തീർന്നു ഭോഗങ്ങളെ–
യിഷ്ടാനുസാരമനുഭവിച്ചീടിനാൻ. 45
ദ്വീപമേഴിന്നുമധിപൻ യയാതിയാം
ഭൂപനാരോഗ്യവാനായി പ്രജാളിയെ
അച്ഛനെപ്പോലെ കൂറാർന്നു രക്ഷിച്ചുകൊ–
ണ്ടിച്ഛപോലുള്ള ഭോഗങ്ങൾ ഭുജിച്ചിതു. 46
പ്രേയസിയാം ദേവയാനിയുമെന്നുമാ–
പ്രേയാനു മാനസവാക്ശരീരങ്ങളാൽ
ആനന്ദദാനം രഹസ്സിലനുഷ്ഠിച്ചു
മാനിനീമൗക്തികമായ് ലസിച്ചീടിനാൾ. 47
പിന്നെസ്സമസ്തവേദാത്മകനായ് സുര–
വൃന്ദസ്വരൂപനാം യജ്ഞപുമാൻതന്നെ
മന്നവനർച്ചിച്ചിതു ഭൂരിദക്ഷിണ–
യാർന്ന വിവിധമഖങ്ങളാൽ വേണ്ടപോൽ. 48
ആരിൽ വിനിർമ്മിതമായിരിക്കുന്നൊരി–
പ്പാരിടം വ്യോമത്തിലഭ്രസമാനമായ്
സ്വപ്നമായാമനോരാജ്യങ്ങളെന്നപോൽ
സുപ്രഭമായിട്ടുമപ്രഭമായുമേ
കാണപ്പെടുന്നു, മനോഗുഹാവാസിയായ്
പ്രാണിജാലത്തെച്ചലിപ്പിപ്പവനായി
സൂക്ഷ്മസ്വരൂപനായ് സർവ്വേശനാകുമാ–
വാസുദേവൻ ഭഗവാനെയുൾത്താരതിൽ
നന്നായുറപ്പിച്ചു യാതൊന്നിലുമാശ–
യെന്നിയേയർച്ചനം ചെയ്തീടിനാൻ നൃപൻ.
49–50

ഈവിധമായിരമാണ്ടു യയാതിയാം
ഭൂവരൻ കാമാക്തചിത്തേന്ദ്രിയങ്ങളാൽ
നാനാവിഷയസുഖങ്ങളനുഭവി–
ച്ചാനന്ദമാർന്നീടുവാനായ് ശ്രമിക്കിലും
മാനസസംതൃപ്തിയേതുമുണ്ടായീല;
ജ്ഞാനത്തിനാലേയതു കൈവരൂ ദൃഢം. 51

അദ്ധ്യായം 19

ദേവയാനീനിർവാണം

ശ്രീശുകൻ പറഞ്ഞു

സ്ത്രീലമ്പടനാ യയാതിനൃപൻ ബഹു–
കാലം വിവിധവിഷയസുഖങ്ങളിൽ–
മുങ്ങി വിരക്തനായ്ത്തീർന്നിട്ടൊരു ഗാഥ–
യിങ്ങനെ പാടിനാൻ പ്രേയസി കേൾക്കു–
വാൻ. 1

''ഭാർഗ്ഗവീ! ധീരരാം കാനനവാസികൾ
കേൾക്കുകിൽ പാരം പരിതപിക്കുന്നതാം
മാദൃശഗ്രാമനിവാസികൾതൻ കഥ
സാദരം കേൾക്കുക മത്പ്രാണനായികേ! 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബസ്ത ഏകോ വനേ കശ്ചിത് വിചിന്വൻ പ്രിയമാത്മനഃ
ദദൾ കൂപേ പതിതാം സ്വകർമ്മവശഗാമജാം. 3

തസ്യാ ഉദ്ധരണോപായം ബസ്തഃ കാമീ വിചിന്തയൻ
വ്യധത്ത തീർത്ഥമുദ്ധൃത്യ വിഷാണാഗ്രേണ രോധസീ. 4

സോത്തീര്യ കൂപാത് സുശ്രോണീ തമേവ ചകമേ കില
തയാ വൃതം സമുദ്വീക്ഷ്യ ബഹ്വ്യോഽജാഃ കാന്തകാമിനീഃ. 5

പീവാനം ശ്മശ്രുലം പ്രേഷ്ഠം മീഢ്വാംസം യാഭകോവിദം
സ ഏകോഽജവൃഷസ്താസാം ബഹ്വീനാം രതിവർദ്ധനഃ
രേമേ കാമഗ്രഹഗ്രസ്ത ആത്മാനം നാവബുധ്യത. 6

തമേവ പ്രേഷ്ഠതമയാ രമമാണമജാന്യയാ
വിലോക്യ കൂപസംവിഗ്നാ നാമൃഷ്യത് ബസ്തകർമ്മ തത്. 7

തം ദുർഹൃദം സുഹൃദ്രൂപം കാമിനം ക്ഷണസൗഹൃദം
ഇന്ദ്രിയാരാമമുത്സൃജ്യ സ്വാമിനം ദുഃഖിതാ യയൗ. 8

സോഽപി ചാനുഗതഃ സ്ത്രൈണഃ കൃപണസ്താം പ്രസാദിതും
കർവ്വന്നിഡവിഡാകാരം നാശക്നോത് പഥി സന്ധിതും. 9

തസ്യാസ്തത്ര ദ്വിജഃ കശ്ചിദജാസ്വാമ്യച്ഛിനദ്രുഷാ
ലംബന്തം വൃഷണം ഭൂയഃ സന്ദധേഽർത്ഥായ യോഗവിത്. 10

സംബദ്ധവൃഷണഃ സോഽപി ഹ്യജയാ കൂപലബ്ധയാ
കാലം ബഹുതിഥം, ഭദ്രേ, കാമൈർന്നാദ്യാപി തുഷ്യതി. 11

തഥാഹം കൃപണഃ, സുഭ്രു, ഭവത്യാഃ പ്രേമയന്ത്രിതഃ
ആത്മാനം നാഭിജാനാമി മോഹിതസ്തവ മായയാ. 12

യത് പൃഥിവ്യാം വ്രീഹിയവം ഹിരണ്യം പശവഃ സ്ത്രിയഃ
ന ദുഹ്യന്തി മനഃ പ്രീതിം പുംസഃ കാമഹതസ്യ തേ. 13

ന ജാതുകാമഃ കാമാനാമുപഭോഗേന ശാമ്യതി
ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർദ്ധതേ. 14

യദാ ന കുരുതേ ഭാവം സർവ്വഭൂതേഷ്വമങ്ഗലം
സമദൃഷ്ടേസ്തദാ പുംസഃ സർവ്വാഃ സുഖമയാ ദിശഃ. 15

യാ ദുസ്ത്യജാ ദുർമ്മതിഭിർജ്ജീര്യതോ യാ ന ജീര്യതേ
താം തൃഷ്ണാം ദുഃഖനിവഹാം ശർമ്മകാമോ ദ്രുതാ ത്യജേത്. 16

മാത്രാ സ്വസ്രാ ദുഹിത്രാ വാ നാവിവിക്താസനോ ഭവേത്
ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കർഷതി. 17

പൂർണ്ണം വർഷസഹസ്രം മേ വിഷയാൻ സേവതോഽസകൃത്
തഥാപി ചാനുസവനം തൃഷ്ണാ തേഷൂപജായതേ. 18

തസ്മാദേതാമഹം ത്യക്ത്വാ ബ്രഹ്മണ്യാധായ മാനസം
നിർദ്വന്ദ്വോ നിരഹങ്കാരശ്ചരിഷ്യാമി മൃഗൈഃ സഹ. 19

ദൃഷ്ടം ശ്രുതമസദ് ബുദ്ധ്വാ നാനുധ്യായേന്ന സംവിശേത്
സംസൃതിം ചാത്മനാശം ച തത്ര വിദ്വാൻ സ ആത്മദൃക്.'' 20

ഇത്യുക്ത്വാ നാഹുഷോ ജായാം തദീയം പൂരവേ വയഃ
ദത്ത്വാ സ്വാം ജരസം തസ്മാദാദദേ വിഗതസ്പൃഹഃ. 21

ദിശി ദക്ഷിണപൂർവ്വസ്യാം ദ്രുഹ്യും ദക്ഷിണതോ യദും
പ്രതീച്യാം തുർവ്വസും ചക്ര ഉദീച്യാമനുമീശ്വരം. 22

ഭൂമണ്ഡലസ്യ സർവ്വസ്യ പൂരുമർഹത്തമം വിശാം
അഭിഷിച്യാഗ്രജാംസ്തസ്യ വശേ സ്ഥാപ്യ വനം യയൗ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂട്ടം പിരിഞ്ഞൊരു കോലാടരണ്യത്തി-
ലിഷ്ടപദാർത്ഥം തിരഞ്ഞുനടക്കവേ
അന്ധുവിൽ സ്വന്തകർമ്മാധീനയായ് വീണു
സന്തപിക്കുന്ന പെണ്ണാടിനെക്കണ്ടിതു. 3
കാമിയാം മേഷമവളെക്കരേറ്റുവാൻ
കാമം പരിചിന്തനം ചെയ്തു കൊമ്പിനാൽ
മണ്ണിടിച്ചുണ്ടൊരു മാർഗ്ഗമുണ്ടാക്കീട്ടു
മന്ദേതരമതിൻ തീരമേറ്റീടിനാൻ. 4
പെണ്ണാട്, തന്നെ രക്ഷിച്ച മേഷത്തിനെ-
ത്തന്നെ കാമിച്ചു കണവനാക്കീടിനാൾ.
അങ്ഗം കൊഴുത്തു മിനുത്തു രോമങ്ങളും-
തിങ്ങിയക്ഷീണനായ് പ്രേമനിധാനനായ്
മൈഥുനത്തിന്നു സമർത്ഥനായെപ്പൊഴും
രേതസ്സൊഴുക്കിയവളൊത്തുലാത്തിടും
ആ മേഷവര്യനെക്കാന്തനാക്കീടുവാൻ
കാമിച്ചു മറ്റു പെണ്ണാടുകളും പരം. 5
ആ മേഷമാടുകളിൽ പ്രമുഖൻ ബലി
കാമപ്പിശാചിന്നധീനനായെപ്പൊഴും
എണ്ണമറ്റുള്ള പെണ്ണാടുകളെസ്സ്വയം
നന്നായ് രമിപ്പിച്ചു സഞ്ചരിച്ചീടിനാൻ.
ചിന്തിച്ചതില്ലവനാത്മാവിനെപ്പററി-
യെന്തെങ്കിലുമഹോ മാത്രപോലും പ്രിയേ. 6
അത്യന്തരാഗയുതയാകുമന്യയോ-
ടൊത്തു രമിക്കുമവനെ നോക്കീട്ടുടൻ
കൂപത്തിൽ വീണ പെണ്ണാടിന്നുളവായ
കോപമടക്കുവാൻ ശേഷിയില്ലാതവൾ, 7
ദുഷ്ടഹൃദയനായ് സൽസുഹൃത്തിന്നെഴും-
മട്ടുകാട്ടി ക്ഷണം കൊണ്ടുതാൻ സൗഹൃദം
വിട്ടിടുമിന്ദ്രിയാരാമനാം കാമിയെ
പെട്ടെന്നു തള്ളീട്ടണഞ്ഞു നാഥാന്തികം. 8
ദീനനായ് നാരീവശഗതനായിടു-
മാണാടവളെസ്സമാശ്വസിപ്പിക്കുവാൻ
പിന്നാലെ ചെന്നു ശബ്ദങ്ങൾ പുറപ്പെടീ-
ച്ചെന്നാലുമെല്ലാം വിഫലമായ്ത്തീർന്നിതു. 9
പെണ്ണാടുതൻ നാഥനാം ദ്വിജൻ ക്രുദ്ധനായ്
ഖണ്ഡനം ചെയ്താനജാണ്ഡ,മനന്തരം
തന്നുടെ കാര്യസിദ്ധിക്കു യോജിപ്പിച്ചു
നന്നായുപായജ്ഞനാമദ്ധരാസുരൻ. 10
വീണ്ടും വൃഷണം ലഭിച്ചൊരാണാടുടൻ
കണ്ടുകിണററിൽ പതിച്ച പെണ്ണാടുമായ്
വേണ്ടപോൽക്കാമം സുചിരം ഭുജിക്കിലു-
മുണ്ടായതില്ലൊരു തൃപ്തിയിന്നോളവും. 11
സുന്ദരിമാർമണേ! ആ മേഷതുല്യ നീ
മന്ദനും ത്വത്പ്രേമപാശനിബദ്ധനായ്
നിന്നുടെ മായാവിലാസങ്ങളിൽ ഭ്രമി-
ച്ചിന്നുമാത്മാവെയറിയാതിരിപ്പു,തേ. 12
ഇന്നീയവനിയിലുള്ള ധാന്യങ്ങളും
സ്വർണ്ണനാണ്യങ്ങളും ഗോസമൂഹങ്ങളും
സുന്ദരിമാരുമൊന്നിച്ചു യത്നിക്കിലും
നന്ദിക്കയില്ല കാമാഹതൻ തന്മനം. 13
കാമവിഷയോപഭോഗം നിമിത്തമായ്
കാമാശയേറുവതെന്യേ ശമിച്ചിടാ,
നെയ്യൊഴിച്ചീടിൽ ജ്വലിക്കുന്നതെന്നിയേ
തീയൊരുനാളും ശമിക്കാത്തമാതിരി. 14
സർവഭൂതത്തിലുമെപ്പോളമങ്ഗല-
ഭാവമിയലാതിരിക്കുമപ്പോൾമുതൽ
തുല്യദൃക്കാമപ്പുരുഷന്നു ദിക്കുക-
ളെല്ലാമൊരുപോൽ സുഖമയമായിടും. 15
അങ്ഗം ജരിപ്പിച്ചിടും ജരയും ചെറ്റു-
ഭംഗംവരുത്താതെയുള്ളതായജ്ഞരാൽ
ദുസ്ത്യജമാ,യന്തമററ ദുഃഖങ്ങളെ-
യേററുന്ന തൃഷ്ണ സുഖേച്ഛുവിട്ടീടണം. 16
മാതാവിനോടോ, സഹോദരിതന്നോടോ,
പ്രീതിയേറും സുതയോടോ സമേതനായ്
ഏകാസനത്തിലിരിക്കരു,താരെയു-
മാകർഷണം ചെയ്‌വതാണിന്ദ്രിയോത്കരം. 17
വീണ്ടും വിഷയങ്ങൾ സേവിക്കുമീയെനി-
ക്കാണ്ടുകളായിരം പോയിരിക്കുന്നിതേ
എന്നിട്ടുമിപ്പൊഴുമാ വിഷയങ്ങളി-
ലൊന്നിനൊന്നാശയെനിക്കേറിടുന്നിതു. 18
എന്നാകയാലിതു സന്ത്യജിച്ചിട്ടുടൻ-
തന്നെ ജ്ഞാനപ്പരബ്രഹ്മത്തിൽ മാനസം
നന്നായുറപ്പിച്ചഹന്ത വെടിഞ്ഞു നിർ-
ദ്വന്ദ്വനായ് സഞ്ചരിച്ചീടാം മൃഗാളിയിൽ. 19
കാണ്മതും കേൾപ്പതുമായ സമസ്തവു-
മുണ്മയല്ലായ്കയാൽ ധ്യാനിച്ചിടായ്കവ.
ആയവയാശിക്കുമൂലമായ് സംസാര-
മായതമായാത്മനാശം ഭവിച്ചിടും.
എന്നതു നേരേ മനസ്സിലാക്കീടുന്ന-
പണ്ഡിതന്നാത്മാവു സാക്ഷാൽക്കരിച്ചിടാം.''
നിസ്പൃഹനായ യയാതിയജ്ജായയോ- [20
ടിപ്രകാരം കഥിച്ചിട്ടു തൻ യൗവനം
പൂരുവിനായിത്തിരിച്ചേകി തജ്ജര-
പാരാതെയങ്ഗീകരിച്ചുകൊണ്ടീടിനാൻ. 21
അക്ഷണം ദ്രുഹ്യുവിനേയഗ്നികോണിലും
ദക്ഷിണദിക്കിൽ യദുവിനെയും തഥാ
അത്തുർവസുവിനെപ്പശ്ചിമദിക്കിലു-
മുത്തരദിക്കിലനുവിനെത്തന്നെയും
നായകരാക്കി നിയമിച്ചനന്തരം
സ്വീയതനയരിലേററവും ശ്ലാഘ്യനായ്
പൂരുഷന്മാരിലത്യുത്തമനായിടും
പൂരുവിനെസ്സർവ്വഭൂമണ്ഡലത്തിനും
നാഥനാക്കീട്ടഭിഷേകം കഴിച്ചുത-
ത്സോദരരെത്തദധീനത്തിലാക്കിനാൻ.
പിന്നെയദ്ധന്യാഗ്ര്യനാകും യയാതിയാം-
മന്നൻ തപസ്സിനായ് കാനനം പൂകിനാൻ. 22-23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസേവിതം വർഷപൂഗാൻ ഷഡ്വർഗ്ഗം വിഷയേഷു സഃ
ക്ഷണേന മുമുചേ നീഡം ജാതപക്ഷ ഇവ ദ്വിജഃ. 24

സ തത്ര നിർമ്മുക്തസമസ്തസങ്ഗ
ആത്മാനുഭൂത്യാ വിധുതത്രിലിങ്ഗഃ
പരേഽമലേ ബ്രഹ്മണി വാസുദേവേ
ലേഭേ ഗതിം ഭാഗവതീം പ്രതീതഃ. 25

ശ്രുത്വാ ഗാഥാം ദേവയാനീ മേനേ പ്രസ്തോഭമാത്മനഃ
സ്ത്രീപുംസോഃ സ്നേഹവൈക്ലബ്യാത് പരിഹാസമിവേരിതം. 26
സാ സംനിവാസം സുഹൃദാം പ്രപായാമിവ ഗച്ഛതാം
വിജ്ഞായേശ്വരതന്ത്രാണാം മായാവിരചിതം പ്രഭോഃ. 27
സർവ്വത്ര സങ്ഗമുത്സൃജ്യ സ്വപ്നൗപമ്യേന ഭാർഗ്ഗവീ
കൃഷ്ണേ മനഃ സമാവേശ്യ വ്യധുനോല്ലിങ്ഗമാത്മനഃ. 28
നമസ്തുഭ്യം ഭഗവതേ വാസുദേവായ വേധസേ
സർവ്വഭൂതാധിവാസായ ശാന്തായ ബൃഹതേ നമഃ. 29

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഏകോനവിംശതിതമോഽധ്യായഃ

വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

പൂരോർവംശം പ്രവക്ഷ്യാമി യത്ര ജാതോഽസി ഭാരത!
യത്ര രാജർഷയോ വംശ്യാ ബ്രഹ്മവംശ്യാശ്ച ജജ്ഞിരേ. 1
ജനമേജയോ ഹ്യഭൂത് പൂരോഃ, പ്രചിന്വാംസ്തത്സുതസ്തതഃ
പ്രവീരോഽഥ നമസ്യുർവൈ തസ്മാച്ചാരുപദോഽഭവത്. 2
തസ്യ സുദ്യുരഭൂത് പുത്രസ്തസ്മാദ് ബഹുഗവസ്തതഃ
സംയാതിസ്തസ്യാഹംയാതി രൗദ്രാശ്വസ്തത്സുതഃ സ്മൃതഃ. 3
ഋതേയുസ്തസ്യ കക്ഷേയുഃ സ്ഥണ്ഡിലേയുഃ കൃതേയുകഃ
ജലേയുഃ സന്തതേയുശ്ച ധർമ്മസത്യവ്രതേയവഃ. 4
ദശൈതേഽപ്സരസഃ പുത്രാ വനേയുശ്ചാവമഃ സ്മൃതഃ
ഘൃതാച്യാമിന്ദ്രിയാണീവ മുഖ്യസ്യ ജഗദാത്മനഃ. 5
ഋതേയോ രന്തിഭാരോഽഭൂത് ത്രയസ്തസ്യാത്മജാ നൃപ!
സുമതിർദ്ധ്രുവോഽപ്രതിരഥഃ കണ്വോഽപ്രതിരഥാത്മജഃ. 6
തസ്യ മേധാതിഥിസ്തസ്മാത് പ്രസ്കണ്വാദ്യാ ദ്വിജാതയഃ
പുത്രോഽഭൂത് സുമതേ രൈഭ്യോ ദുഷ്യന്തസ്തത്സുതോ മതഃ. 7
ദുഷ്യന്തോ മൃഗയാം യാതഃ കണ്വാശ്രമപദം ഗതഃ
തത്രാസീനാം സ്വപ്രഭയാ മണ്ഡയന്തീം, രമാമിവ, 8
വിലോക്യ സദ്യോ മുമുഹേ, ദേവമായാമിവ, സ്ത്രിയം
ബഭാഷേ താം വരാരോഹാം ഭടൈഃ കതിപയൈർവൃതഃ. 9
തദ്ദർശനപ്രമുദിതഃ സംനിവൃത്തപരിശ്രമഃ
പപ്രച്ഛ കാമസന്തപ്തഃ പ്രഹസൻ ശ്ലക്ഷ്ണയാ ഗിരാ. 10
''കാ ത്വം കമലപത്രാക്ഷി! കസ്യാസി ഹൃദയങ്ഗമേ!
കിം വാ ചികീർഷിതം ത്വത്ര ഭവത്യാ നിർജനേ വനേ. 11
വ്യക്തം രാജന്യതനയാം വേദ്മ്യഹം ത്വാ സുമധ്യമേ!
ന ഹി ചേതഃ പൗരവാണാമധർമ്മേ രമതേ ക്വചിത്.'' 12

ശകുന്തളോവാച

വിശ്വാമിത്രാത്മജൈവാഹം ത്യക്താ മേനകയാ വനേ
വേദൈതദ്ഭഗവാൻ കണ്വോ വീര, കിം കരവാമ തേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏറിയവർഷം വിഷയഭോഗങ്ങളെ
മാറാതെ സേവിച്ചശേഷം വിരക്തനാം
അക്ഷമേശൻ വിട്ടു വൈഷയികംസുഖം,
പക്ഷം മുളച്ച പറവ കൂടെന്നപോൽ. 24
ഏതിനോടും സങ്ഗമം വെടിഞ്ഞാത്മാനു-
ഭൂതിയാൽ ദേഹാത്മഭാവവും കൈവിട്ടു,
പ്രഖ്യാതനാകും യയാതിയാവാസുദേ-
വാഖ്യയാളും ശുദ്ധമാം ബ്രഹ്മവസ്തുവിൽ
വൈകുണ്ഠഭക്തിയാൽ മാത്രം ലഭിക്കുവ-
താകും പരമഗതിയെയാർന്നീടിനാൻ. 25
ഗേഹിനിയാം ദേവയാനിയും ദമ്പതീ-
സ്നേഹജദുഃഖപ്രകാശകമായ് പരം
ഹാസ്യമട്ടിൽ ചൊന്ന ഗാഥ തനിക്കു നൽ-
പ്രോത്സാഹനമെന്നുതന്നെ നിനച്ചിതു. 26
പാന്ഥജനപ്രപാവാസം കണ,ക്കീശ-
യന്ത്രിതരാം സുഹൃത്തുക്കളൊത്തൻ സങ്ഗവും
ചിന്തയാൽ സ്വപ്നസമാനമായ് തന്നുടെ-
യന്തരങ്ഗത്തിൽ ധരിച്ചു തന്മാനസം
ഭക്തജനാശ്രയഭൂതനായീടുമ-
ദൈത്യാരിദേവനിലാലയിപ്പിച്ചുടൻ
അങ്ഗനാരതം ഭവദുഃഖഹേതുവാം
ലിങ്ഗശരീരത്തെയും ദഹിപ്പിച്ചിതേ. 27-28
സൃഷ്ടികർത്താവായ് സമസ്തഭൂതത്തിലും
നിത്യനിവാസിയായൈശ്വര്യപൂർണ്ണനായ്
ശാന്തനായിബ്ബൃഹത്തായ് വാസുദേവനാം
തന്തിരുമേനിയെ ഞാൻ നമിക്കുന്നിതേ. 29

അദ്ധ്യായം 20

ശകുന്തളോപാഖ്യാനം

ശ്രീശുകൻ പറഞ്ഞു

വിശ്രുതനാകും ഭവാനും ഭവാനുടെ
വംശ്യരാം രാജർഷിമാരും വരിഷ്ഠരാം
ബ്രഹ്മവംശ്യന്മാരുമുദ്ഭവിച്ചുള്ളതാ-
മമ്മഹാപൂരുവംശം കഥിക്കുന്നു ഞാൻ. 1
പൂരുസുതൻ ജനമേജയൻ, തത്സുതൻ
വീരൻ പ്രചിന്വാൻ, പ്രവീരൻ തദാത്മജൻ.
പുത്രനവനു നമസ്യു,വവനുടെ
പുത്രനാം ചാരുപദൻ, സുദ്യു തത്സുതൻ
തത്പുത്രനായ ബഹുഗവൻതന്നുടെ-
യർഭകൻ സംയാതിയെന്നു പേരാർന്നവൻ,
തത്തനയൻതാനഹംയാതിയെന്നവൻ,
രൗദ്രാശ്വനാമകനത്രേ തദാത്മജൻ. 2-3

പിന്നെ രൗദ്രാശ്വനുപന്നു,ഘൃതാചിയിൽ-
നിന്നുമൃതേയു, കക്ഷേയു, സ്ഥണ്ഡിലേയു
പിന്നെക്കൃതേയു ജലേയു സന്തതേയു
പിന്നെ ധർമ്മേയു സത്യേയു വ്രതേയുവും
പത്താമനായി വനേയുവുമിങ്ങനെ
പത്തുപുത്രന്മാർ, ജഗത്തിനാത്മാവതായ്
മിന്നിടും പ്രാണന്നെഴും വശവർത്തിയാ-
മിന്ദ്രിയസന്ദോഹമെന്നപോൽ ജാതരായ്,
എല്ലാവരിലുമിളയ വനേയുവിൻ-
ചൊല്ലിൽ വർത്തിപ്പവരായിബ്ഭവിച്ചിതു.
4-5

രന്തിഭാരൻതാനൃതേയുസുതൻ ധരാ-
കാന്താ! സുതർ മൂന്നവന്നുളവായിതു.
നാമം സുമതി, ധ്രുവ,നപ്രതിരഥ-
നീമട്ടിലാണവർക്കെന്നറിഞ്ഞീടുക.
കണ്വനത്രേയപ്രതിരഥനന്ദനൻ
കണ്വതനയനാകുന്നു മേധാതിഥി.
മേധാതിഥിതൻ തനൂജർതാൻ പ്രസ്കണ്വ-
നാദിമഹീസുരർ, രൈഭ്യൻ സുമതിജൻ.
തത്സുതനാണതിവിഖ്യാതനായിടും
ദുഷ്യന്തനെന്ന ധരേശശിഖാമണി. 6-7
നായാട്ടിനായ്ക്കുറേ ഭൃത്യരുമൊത്തവൻ
പോയവഴിക്കു കണ്വാശ്രമമേറിനാൻ.
സ്വപ്രഭയാലാശ്രമത്തെയലങ്കരി-
ച്ചപ്പോഴും, മലർമകളെ,ട്ടങ്ങിരുന്നിടും
കാമിനിയെ, ദ്ദേവമായയെപ്പോൽക്കണ്ടു
കാമിച്ചവളുടെ ചാരത്തണഞ്ഞിതേ.
നായാട്ടിനാലെഴും ക്ഷീണമശേഷവു-
മായവളെക്കണ്ടമാത്രയ്ക്കകന്നവൻ
കാമസന്തപ്തനായ് മന്ദഹാസത്തൊടു-
മാമനോഹാരിണിയോടു ചോദിച്ചിതേ. 8-10
''സാരസലോചനേ, ചേതോഹരാംഗി! നീ-
യാരോമലേ! ചൊല്ലുകാരുടെ കന്യക?
നിർജ്ജനമാമീ വനത്തിൽ നീ ചെയ്യുവാ-
നിച്ഛിപ്പതെന്തെന്നു ചൊന്നാലുമെന്നൊ-
ടായ്. 11
സുന്ദരീ! നീയൊരു രാജാത്മജയെന്നു
തോന്നുന്നു, നിന്നിൽ പതിയുന്നിതെന്മനം.
മാമകചേതസ്സധർമ്മത്തിലേതുമേ
സ്ത്രീമണേ! ചെന്നീടുമാറില്ലൊരിക്കലും.'' 12

ശകുന്തള പറഞ്ഞു

മേനകയെന്നെയിക്കാട്ടിൽ ത്യജിച്ചിതു
ഞാനക്കുശികജരാജർഷിതൻ സുത.
കണ്വമുനിക്കറിയാമിതയേ! വീര-
മന്നവാ! ചെയ്യേണ്ടതെന്തവിടേക്കിവർ? 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസ്യതാം ഹ്യരവിന്ദാക്ഷ! ഗൃഹ്യതാമർഹണം ച നഃ
ഭുജ്യതാം സന്തി നീവാരാ ഉഷ്യതാം യദി രോചതേ. 14

ദുഷ്യന്ത ഉവാച

''ഉപപന്നമിദം, സുഭ്രു, ജാതായാഃ കുശികാന്വയേ
സ്വയം ഹി വൃണുതേ രാജ്ഞാം കന്യകാഃ സദൃശം വരം.'' 15

ഓമിത്യുക്തേ യഥാധർമ്മമുപയേമേ ശകുന്തളാം
ഗാന്ധർവ്വവിധിനാ രാജാ ദേശകാലവിഭാഗവിത്. 16

അമോഘവീര്യോ രാജർഷിർമ്മഹിഷ്യാം വീര്യമാദധേ
ശ്വോഭൂതേ സ്വപുരം യാതഃ, കാലേനാസൂത സാ സുതം. 17

കണ്വഃ കുമാരസ്യ വനേ ചക്രേ സമുചിതാഃ ക്രിയാഃ
ബദ്ധ്വാ മൃഗേന്ദ്രാംസ്തരസാ ക്രീഡതി സ്മ സ ബാലകഃ. 18

തം ദുരത്യയവിക്രാന്തമാദായ പ്രമദോത്തമാ
ഹരേരംശാംശസംഭൂതം ഭർത്തുരന്തികമാഗമത്. 19

യദാ ന ജഗൃഹേ രാജാ ഭാര്യാപുത്രാവനിന്ദിതൗ
ശൃണ്വതാം സർവ്വഭൂതാനാം ഖേ വാഗാഹാശരീരിണീ. 20

''മാതാ ഭസ്ത്രാ, പിതുഃ പുത്രോ യേന ജാതഃ സ ഏവ സഃ
ഭരസ്വ പുത്രം, ദുഷ്യന്ത, മാവമംസ്ഥാഃ ശകുന്തളാം. 21

രേതോധാഃ പുത്രോ നയതി നരദേവ! യമക്ഷയാത്
ത്വം ചാസ്യ ധാതാ ഗർഭസ്യ, സത്യമാഹ ശകുന്തളാ.'' 22

പിതര്യുപരതേ സോഽപി ചക്രവർത്തീ മഹായശാഃ
മഹിമാ ഗീയതേ തസ്യ ഹരേരംശഭുവോ ഭുവി. 23

ചക്രം ദക്ഷിണഹസ്തേഽസ്യ പദ്മകോശോഽസ്യ പാദയോഃ
ഈജേ മഹാഭിഷേകേണ സോഽഭിഷിക്തോഽധിരാഡ്വിഭുഃ. 24

പഞ്ചപഞ്ചാശതാ മേധ്യൈർഗ്ഗംഗായാമനുവാജിഭിഃ
മാമതേയം പുരോധായ യമുനായാമനു പ്രഭുഃ
അഷ്ടസപ്തതിമേധ്യാശ്വാൻ ബബന്ധ പ്രദദദ് വസു. 25

ഭരതസ്യ ഹി ദൗഷ്യന്തേരഗ്നിഃ സാചീഗുണേ ചിതഃ
സഹസ്രം ബദ്വശോ യസ്മിൻ ബ്രാഹ്മണാ ഗാ വിഭേജിരേ. 26

ത്രയസ്ത്രിംശച്ഛതം ഹ്യശ്വാൻ ബദ്ധ്വാ വിസ്മാപയൻ നൃപാൻ
ദൗഷ്യന്തിരത്യഗാന്മായാം ദേവാനാം ഗുരുമായയൗ. 27

മൃഗാൻ ശുക്ലദതഃ കൃഷ്ണാൻ ഹിരണ്യേന പരീവൃതാൻ
അദാത് കർമ്മണി മഷ്ണാരേ നിയുതാനി ചതുർദ്ദശ. 28

ഭരതസ്യ മഹത് കർമ്മ ന പൂർവ്വേ നാപരേ നൃപാഃ
നൈവാപുർന്നൈവ പ്രാപ്സ്യന്തി ബാഹുഭ്യാം ത്രിദിവം യഥാ. 29

കിരാതഹൂണാൻ യവനാനന്ധ്രാൻ കങ്കാൻ ഖശാൻ ശകാൻ
അബ്രഹ്മണ്യാൻ നൃപാംശ്ചാഹൻ മ്ലേച്ഛാൻ ദിഗ്വിജയേഽ-
ഖിലാൻ. 30

ജിത്വാ പുരാസുരാ ദേവാൻ യേ രസൗകാംസി ഭേജിരേ
ദേവസ്ത്രീയോ രസാം നീതാഃ പ്രാണിഭിഃ പുനരാഹരത്. 31

സർവ്വകാമാൻ ദുദുഹതുഃ പ്രജാനാം തസ്യ രോദസീ
സമാസ്ത്രിണവസാഹസ്രീർദ്ദിക്ഷു ചക്രമവർത്തയത്. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ങുന്നിവിടെയൊരല്പമിരിക്കുക,
ഞങ്ങളേകും പൂജയങ്ഗീകരിക്കുക
കിട്ടുമേറെത്തിനതൊട്ട ധാന്യങ്ങളി–
ങ്ങിഷ്ടമുണ്ടെങ്കിൽ വസിച്ചാലുമൊട്ടുനാൾ. 14

ദുഷ്യന്തൻ പറഞ്ഞു

''സുഭ്രു! വിശുദ്ധ കുശികാന്വവായത്തി–
ലുദ്ഭൂതയാം ഭവതിക്കിതു യുക്തമാം
പൃഥ്വീശപുത്രിമാർ സാദൃശ്യമാർന്നിടും
ഭർത്തൃജനത്തെ സ്വയം വരിക്കുന്നിതേ.'' 15
ഓമെന്നുസമ്മതമായവളേകിട്ട–
മാമാത്രയിൽ ദേശകാലജ്ഞനാ നൃപൻ
ഗാന്ധർവ്വരീതിയിൽ ധർമ്മാനുസാരമ–
പ്പുത്തണിപ്പോർമുലയാളെ വേട്ടീടിനാൻ. 16
നിഷ്ഫലമാകാത്തൊരബ്ഭൂപവീര്യവു–
മപ്പൊഴേതന്നെ ധരിച്ചു ശകുന്തള.
പിറേറന്നുഷസ്സിൽ പുരംപൂകിനാൻ നൃപൻ,
പെററാൾ സമയമായപ്പോളൊരുണ്ണിയെ. 17
കുട്ടിക്കുടൻ ജാതകർമ്മം യഥാവിധി.
കാട്ടിൽവച്ചങ്ങു കഴിച്ചു കണ്വൻമുനി
കുട്ടിനാൾ സിംഹോത്കരത്തെപ്പിടിച്ചാശു
കെട്ടിയിട്ടങ്ങു കളിപ്പിച്ചിതാ ശിശു. 18
ഈശ്വരാംശാംശസംഭൂതനായ് ദുർദ്ധർഷ–
ശാശ്വതവീര്യംകലരുമബ്ബാലനെ
ഉത്തമയാമാവരാങ്ഗിയെടുത്തങ്ങു–
ഭർത്തൃസവിധത്തിലെത്തിനാളേകദാ. 19
ദോഷരഹിതരായീടുമവരെയ–
ബ്ഭൂശാസിതാവപവാദഭയത്തിനാൽ
സ്വീകരിപ്പാൻ മടിച്ചീടവേ, കേൾക്കായി–
താകാശവാണികളുച്ചത്തിലിങ്ങനെ: 20
''രാജൻ! സുതൻ പിതാവിൻവകതാ,നമ്മ–
ബീജനിക്ഷേപണഭാജനംമാത്രമാം.
നന്ദനനജ്ജനകൻതാനസംശയ–
മെന്നതിനാൽ നീ ഭരിക്കുകിപ്പുത്രനെ.
നിന്ദിച്ചിടായ്ക ശകുന്തളതന്നെയും
മന്നവാ! രേതസ്സിൽനിന്നുളവാക്കിയ
പുത്രൻ പിതാവിനെ മൃത്യുപുരത്തിൽനി–
ന്നുദ്ധരിക്കുന്നിതെന്നല്ലിശ്ശകുന്തള
സത്യമത്രേ ഭവാനോടിപ്പൊഴീശ്ശർഭ–
കത്താവു നീതന്നെയെന്നു പറഞ്ഞതും.'' 21–22
പിന്നെസ്സുതനെശ്ശകുന്തളയോടൊത്തു
നന്ദിച്ചു മന്നവനങ്ഗീകരിച്ചിതു.
പുത്രനവൻ പിതൃകാലശേഷം ചക്ര–
വർത്തിയായ് കീർത്തിമാനായിബ്ഭവിച്ചിതു.
ഇന്നും ഭഗവദംശത്താൽപ്പിറന്നൊരി– [23
മ്മന്നവൻതൻകഥ വാഴ്ത്തുന്നു പാരിതിൽ.
ചക്രമിവൻെറ വലത്തുകരത്തിലും
വ്യക്തമത്രേ പദ്മകോശം പദത്തിലും

മന്നിനധിരാജനായഭിഷിക്തനി–
മ്മന്നവേന്ദ്രൻ മാമതേയമഹർഷിയെ
ആചാര്യനാക്കിയിത്തത്തി,യൻപത്തഞ്ചു–
വാജികളാൽ ഗങ്ഗതൻ പുളിനത്തിലും
പിന്നെഴുപത്തിയെട്ടശ്വങ്ങളാലെ കാ–
ളിന്ദീതടത്തിലും വച്ചു ശക്തിക്കൊത്തു
ഭംഗിയായ് ദക്ഷിണയേറും മഖങ്ങള–
ഭംഗം നടത്തിയർച്ചിച്ചാൻ മുകുന്ദനെ. 24–25
ഇത്ഥം ദൗഷ്യന്തജൻ ഭരതൻ നൃപൻ
ശുദ്ധസ്ഥലത്തിൽ ജ്വലിപ്പിച്ചു വഹ്നിയെ
യാഗംകഴിച്ചു ദാനംചെയ്ത ഗോക്കളെ
ഭാഗിച്ചെടുത്തു ബദ്വക്കണക്കിൽ ദ്വിജർ. 26
മൂവായിരത്തിമുന്നൂറു തുരംഗങ്ങ–
ളാവഹിക്കുന്ന രഥത്തിൽക്കരയേറി
അന്യനൃപന്മാർക്കു വിസ്മയമേററമാ–
റന്യൂനമെങ്ങും ചരിച്ചു ദുഷ്യന്തജൻ. 27
പൊന്നിൽ പൊതിഞ്ഞതിശുഭ്രദന്തങ്ങളാൽ
മിന്നും പതിന്നാലുലക്ഷം ഗജങ്ങളെ
ദാനമായേകിനാൻ 'മഷ്ണാര'പാവന–
സ്ഥാനത്തിലാർന്ന മഖത്തിൽവച്ചിമ്മഹാൻ. 28
ചൊല്ക്കൊള്ളുമിബ്ഭരതാവനീജാനിത–
ന്നുത്കൃഷ്ടകർമ്മമനുകരിച്ചീടുവാൻ
പൂർവ്വനൃപന്മാരിലാർക്കും കഴിഞ്ഞീല,
ഭാവിഭൂപർക്കുമസാദ്ധ്യമെന്നേവരു.
ചെയ്യണം സത്കർമ്മ,മല്ലാതിഹ വെറും–
കയ്യൂക്കിനാൽ വിണ്ണു ലഭ്യമല്ലാത്തപോൽ,
ഇ'ബ്ഭരതാ'വനീപാലതിലകത്തി–
നൊപ്പം ചമഞ്ഞിടാനാരുമാളായിടാ. 29
വേദവിധിക്കൊത്ത കർമ്മങ്ങളിലുമ–
ബ്ഭൂദേവരിലും വിമുഖരായ് വാണിടും
കാട്ടാളജാതി,യവനപുളിന്ദർതൻ–
കൂട്ടം, കഴകമാംസാശനരായിടും
കങ്കഖശശകന്മാ,രതിദൃപ്തത–
തങ്കം നൃപർ, മ്ലേച്ഛരെന്നിത്തരക്കാരെ
ഒക്കവേ ദിഗ്വിജയത്തിൽ നിഹനിച്ചി–
തുത്കടവീര്യപരാക്രമിയിന്നൃപൻ. 30
എന്നല്ല പണ്ടസുരന്മാരമർത്ത്യരെ
വെന്നു ബലത്താലപഹരിച്ചത്യരം
പാതാളമെത്തിച്ച ദേവാങ്ഗനകളെ
വീതശങ്കം വീണ്ടുകൊണ്ടുവന്നീടിനാൻ. 31
ഇമ്മഹാൻ മന്നവനായിരിക്കുന്നനാൾ
ഭൂമ്യന്തരിക്ഷലോകങ്ങൾ രണ്ടും സമം
ഇഷ്ടപദാർത്ഥങ്ങളൊക്കെയും വർഷിച്ചു
തുഷ്ടി ജനതയ്ക്കു ചേർത്തിരുന്നു സദാ.
ഈമട്ടിരുപത്തിയേഴായിരമാണ്ടു
ഭൂമിഭരിച്ചു തന്നാജ്ഞനടത്തിനാൻ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ സമ്രാഡ് ലോകപാലാഖ്യമൈശ്വര്യമധിരാട് ശ്രിയം
ചക്രം ചാസ്ഖലിതം പ്രാണാൻ മൃത്യുപേത്യുപരരാമ ഹ. 33

തസ്യാസൻ, നൃപ, വൈദർഭ്യഃ പത്ന്യസ്തിസ്രഃ സുസമ്മതാഃ
ജഘ്നുസ്ത്യാഗഭയാത് പുത്രാൻ നാനുരൂപാ ഇതീരിതേ. 34

തസ്യൈവം വിതഥേ വംശേ തദർത്ഥം യജതഃ സുതം
മരുത്സ്തോമേന മരുതോ ഭരദ്വാജമുപാദദുഃ. 35

അന്തർവത്ന്യാം ഭ്രാതൃപത്ന്യാം മൈഥുനായ ബൃഹസ്പതിഃ
പ്രവൃത്തോ വാരിതോ ഗർഭം ശപ്ത്വാ വീര്യമവാസൃജത്. 36

തം ത്യക്തുകാമാം മമതാം ഭർത്തൃത്യാഗവിശങ്കിതാം
നാമനിർവചനം തസ്യ ശ്ലോകമേനം സുരാ ജഗുഃ, 37

''മൂഢേ ഭരദ്വാജമിമം ഭര ദ്വാജം ബൃഹസ്പതേ.''
യാതൗ യദുക്ത്വാ പിതരൗ ഭരദ്വാജസ്തതസ്ത്വയം. 38

ചോദ്യമാനാ സുരൈരേവം മത്വാ വിതഥമാത്മജം
വ്യസൃജൻ മരുതോഽബിഭ്രൻ ദത്തോഽയം വിതഥേഽന്വയേ. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
വിംശതിതമോഽധ്യായഃ

ഏകവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
വിതഥസ്യ സുതോ മന്യുർബൃഹത്ക്ഷത്രോ ജയസ്തതഃ
മഹാവീര്യോ നരോ ഗർഗ്ഗഃ സങ്കൃതിസ്തു നരാത്മജഃ. 1

ഗുരുശ്ച രന്തിദേവശ്ച സങ്കൃതേഃ പാണ്ഡുനന്ദന!
രന്തിദേവസ്യ ഹി യശ ഇഹാമുത്ര ച ഗീയതേ. 2

വിയദ്വിത്തസ്യ ദദതോ ലബ്ധം ലബ്ധം ബുഭുക്ഷതഃ
നിഷ്കിഞ്ചനസ്യ ധീരസ്യ സകുടുംബസ്യ സീദതഃ. 3

വ്യതീയുരഷ്ടചത്വാരിംശദഹാന്യപിബതഃ കില
ഘൃതപായസസംയാവം തോയം പ്രാതരുപസ്ഥിതം. 4

കൃച്ഛ്റപ്രാപ്തകുടുംബസ്യ ക്ഷുത്തൃഡ്ഭ്യാം ജാതവേപഥോഃ
അതിഥിർബ്രാഹ്മണഃ കാലേ ഭോക്തുകാമസ്യ ചാഗമത്. 5

തസ്മൈ സംവ്യഭജത് സോഽന്നമാദൃത്യ ശ്രദ്ധയാന്വിതഃ
ഹരിം സർവ്വത്ര സമ്പശ്യൻ സ ഭുക്ത്വാ പ്രയയൗ ദ്വിജഃ. 6

അഥാന്യോ ഭോക്ഷ്യമാണസ്യ വിഭക്തസ്യ മഹീപതേ!
വിഭക്തം വ്യഭജത് തസ്മൈ വൃഷലായ ഹരിം സ്മരൻ. 7

യാതേ ശൂദ്രേ തമന്യോഽഗാദതിഥിഃ ശ്വഭിരാവൃതഃ
''രാജൻ മേ ദീയതാമന്നം സഗണായ ബുഭുക്ഷതേ.'' 8

സ ആദൃത്യാവശിഷ്ടം യദ് ബഹുമാനപുരസ്കൃതം
തച്ച ദത്ത്വാ നമശ്ചക്രേ ശ്വഭ്യഃ ശ്വപതയേ വിഭുഃ. 9

പാനീയമാത്രമുച്ഛേഷം തച്ചൈകപരിതർപ്പണം
പാസ്യതഃ പുൽക്കസോഽഭ്യാഗാ''ദപോ ദേഹ്യശുഭസ്യ മേ.'' 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിക്പാലകരും പകച്ചുമൈശ്വര്യവു-
മല്ലേതരാധിരാജദ്രവിണങ്ങളും
അപ്രധൃഷ്യാജ്ഞാബലമിന്ദ്രിയങ്ങളും,
സ്വപ്നസമാനം, വെറും മിഥ്യയെന്നുതാൻ
കല്പിച്ചവയിൽനിന്നെല്ലാം വിരമിച്ചി-
തബ്ഭരതൻ ചക്രവർത്തിദുഷ്യന്തജൻ. 33
ഉത്തമപത്നിമാർ മൂന്നാവിദർഭേന്ദ്ര-
പുത്രിമാരായവന്നുണ്ടായിരുന്നിതു.
നന്ദനന്മാരും ജനിച്ചി,തെന്നാലവർ
തന്നോടു സാമ്യമില്ലാത്തവരെന്നുടൻ
മന്നവൻ ചൊല്ലവേ ത്യാഗഭയത്തിനാൽ
കൊന്നുകളഞ്ഞിതവരെയപ്പത്നിമാർ. 34
പുത്രലാഭാർത്ഥമഥ മരുൽസോമമാം
സത്രം നടത്തി മരുദ്ദേവതകളെ
പൂജിക്കയാലവർ തുഷ്ടരായിബ്ഭര-
ദ്വാജനെപ്പുത്രനായ് ഭൂപനു നല്കിനാർ. 35
ഗീഷ്പതി, സോദരനാമുതത്ഥ്യൻതന്റെ
ഗർഭിണീകാന്തതൻ സങ്ഗത്തിനേകദാ,
ചെന്നാ,നുടൻ ഗർഭഗൻസുതൻ പാടില്ല-
തെന്നു തടുത്താൻ, ബൃഹസ്പതി രുഷ്ടനായ്
നീയന്ധനാമെന്നരുളി നിജവീര്യ-
മായവളിൽ പകർന്നീടവേയശ്ശിശു
കാലാൽത്തൊഴിച്ചു വെളിക്കു തള്ളീയതു-
ബാലരൂപത്തിൽ ഭരദ്വാജനായതാം. 36
ഭർത്തൃകോപം ഭയപ്പെട്ടാ, മമതയി-
പ്പുത്രനെത്തള്ളാനൊരുങ്ങുതു പാർത്തുടൻ
നാകികൾ തന്നാമധേയമുൾക്കൊള്ളുമി-
ശ്ലോകമവൾ കേൾക്കുമാറു പാടീടിനാർ. 37
''മൂഢേ! ഭരിക്ക നീ നിങ്ങളിരുവരും
കൂടിജ്ജനിപ്പിച്ചൊരിബ്ഭരദ്വാജനെ''
മുന്നേ സുതനെബ്ഭരിക്കാനവളോടു
ചൊന്നതനുസരിച്ചീടായ്കമൂലമായ്
വിണ്ണോർ''ഭരിമം ഭര ദ്വാജം ബൃഹസ്പതേ!''
എന്നു ബൃഹസ്പതിയോടു ചൊല്ലീടിനാർ.
പിന്നെഗ്ഗുരുവും മമതയുമീ മൊഴി-
യന്യോന്യമാവർത്തനംചെയ്തു പോയിതു.
എന്നതുമൂലം ഭരദ്വാജനാമവും
ചേർന്നിതവനെന്നറിയുക മന്നവാ! 38
ദേവവാക്യത്തെ വിഗണിച്ചിരുവരും
കൈവെടിഞ്ഞപ്പോളവനെ മരുത്തുകൾ
വേണ്ടപോൽ പോററിക്കുലം നിലനിർത്തുവാൻ
കൊണ്ടുവന്നേകീ! ഭരതനു ഭാരതാ! 39

അദ്ധ്യായം 21

ഭരദ്വാജവംശാനുവർണ്ണനം—രന്തിദേവകഥ

ശ്രീശുകൻ പറഞ്ഞു

മന്യു, വിതഥാഖ്യനാകും ഭരദ്വാജ-
മന്നവൻതന്നുടെ നന്ദനനായിതു.
വീരാ! ബൃഹത്ക്ഷത്രനും ജയനും മഹാ-
വീര്യൻ നരൻ ഗർഗ്ഗനും മന്യുപുത്രരാം.
അന്നരൻതൻസുതനാം സംകൃതിയുടെ
നന്ദനരാം ഗുരുവും രന്തിദേവനും
ഇന്നുമാ രന്തിദേവൻതന്റെ കീർത്തിയെ
മന്നിലും വിണ്ണിലും കീർത്തിച്ചിടുന്നിതേ. 1–2
ദ്യോവിൽനിന്നും വീണുകിട്ടുംവിധം വശാൽ
കൈവുന്നിടുന്നതു മാത്രമാം തദ്ധനം.
ആവിധമുള്ള ധനവും വ്യയംചെയ്തു
ജീവിതമാർഗ്ഗവും മുട്ടി വിഷമിച്ചു
പട്ടിണിയായ് നിജപ്രാരബ്ധമൂലമായ്
കിട്ടുന്നതന്നന്നതന്നെ ദാനംചെയ്തു
ശിഷ്ടമായിട്ടൊരുവസ്തുവുമെന്നിയേ
കുട്ടികളും ധർമ്മപത്നിയുമായൊത്തു
കഷ്ടമായുള്ളോരവസ്ഥയിലാപ്പെട്ടു
വട്ടത്തിലായ് ജലപാനവുമെന്നിയേ
നാല്പത്തിയെട്ടഹോരാത്രങ്ങൾ തള്ളവേ-
യല്പമന്നം, പായസം, ജലമെന്നിവ
കിട്ടീ പ്രഭാതത്തിലായതശിക്കുവാൻ
കുട്ടികളൊത്തു തുനിഞ്ഞിടുംവേളയിൽ
ഏററം വിശന്നുതളർന്നൊരു ഭൂസുരൻ
പെട്ടെന്നതിഥിയായ് വന്നുകേറീടിനാൻ. 3-5
എങ്ങും ഹരിയെ നിരീക്ഷിച്ചിരിക്കുമ-
മ്മങ്ഗലാത്മാവുടനസ്സാധനങ്ങളെ
ഭാഗിച്ചതിഥിക്കു നല്കിനാൻ, ഭക്ഷിച്ചു
പോകയുംചെയ്താൻ ധരണീസുരോത്തമൻ. 6
ബാക്കിയന്നം വിഭജിച്ചു ഭുജിക്കുവാ-
നോക്കുമ്പൊഴുതൊരു ശൂദ്രനെത്തീടിനാൻ.
ശേഷശയനസ്തുതിയോടവന്നുടൻ
ശേഷിച്ചതിൽ ഭൂരിഭാഗവുമേകിനാൻ. 7
ആയതശിച്ചവൻ പോയീടവേ കറേ
നായകളൊത്തൊരുത്തൻ വന്നു ചൊല്ലിനാൻ:
''ശ്വാക്കളും ഞാനും വിശന്നുവലയുന്നു
ശീഘ്രമശനമരുളിയാലും പ്രഭോ!'' 8
അർത്ഥനയാദരിച്ചക്ഷണം, ശേഷിച്ച-
ഭക്തമപ്പാടേ ബഹുമാനപൂർവ്വകം
ഏകിയശ്ശ്വാക്കളേയും തൽപതിയേയും
ശ്രീകാന്തഭാവനയോടും നമിച്ചിതേ. 9
ശിഷ്ടമല്പം ജലമുണ്ടതുമേകനു
തുട്ടു ശമിപ്പിക്കുവാൻ മാത്രമേവരു.
ആയതെടുത്തു കുടിക്കാൻതുടങ്ങവേ
''പേയമെന്തെങ്കിലും തന്നാലു''മെന്നോതി,10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ താം കരുണാം വാചം നിശമ്യ വിപുലശ്രമാം
കൃപയാ ഭൃശസന്തപ്ത ഇദമാഹാമൃതം വചഃ. 11

''നകാമയേഽഹം ഗതിമീശ്വരാത് പരാ-
മഷ്ടർദ്ധിയുക്താമപുനർഭവം വാ
ആർത്തിം പ്രപദ്യേഽഖിലദേഹഭാജാ-
മന്തഃസ്ഥിതോ യേന ഭവന്ത്യദുഃഖാഃ. 12

ക്ഷുത്തൃട് ശ്രമോ ഗാത്രപരിശ്രമശ്ച
ദൈന്യം ക്ലമഃ ശോകവിഷാദമോഹാഃ
സർവ്വേ നിവൃത്താഃ കൃപണസ്യ ജന്തോ-
ർജ്ജിജീവിഷോർജ്ജീവജലാർപ്പണാന്മേ.'' 13

ഇതി പ്രഭാഷ്യ പാനീയം മ്രിയമാണഃ പിപാസയാ
പുല്ക്കസായാദദാദ്ധീരോ നിസർഗ്ഗകരുണോ നൃപഃ. 14

തസ്യ ത്രിഭുവനാധീശാഃ ഫലദാഃ ഫലമിച്ഛതാം
ആത്മാനം ദർശയാഞ്ചക്രുർമ്മായാ വിഷ്ണുവിനിർമ്മിതാഃ. 15

സ വൈ തേഭ്യോ നമസ്കൃത്യ നിസ്സങ്ഗോ വിഗതസ്പൃഹഃ
വാസുദേവേ ഭഗവതി ഭക്ത്യാ ചക്രേ മനഃ പരം. 16

ഈശ്വരാലംബനം ചിത്തം കുർവ്വതോഽനന്യരാധസഃ
മായാ ഗുണമയീ, രാജൻ, സ്വപ്നവത് പ്രത്യലീയത. 17

തത്പ്രസങ്ഗാനുഭാവേന രന്തിദേവാനുവർത്തിനഃ
അഭവൻ യോഗിനഃ സർവ്വേ നാരായണപരായണാഃ. 18

ഗർഗ്ഗാച്ഛിനിസ്തതോ ഗാർഗ്യഃ ക്ഷത്രാത് ബ്രഹ്മ ഹ്യവർത്തത
ദുരിതക്ഷയോ മഹാവീര്യാത് തസ്യ ത്രയ്യാരുണിഃ കവിഃ. 19

പുഷ്കരാരുണിരിത്യത്ര യേ ബ്രാഹ്മണഗതിം ഗതാഃ
ബൃഹത്ക്ഷത്രസ്യ പുത്രോഽഭൂദ്ധസ്തീ യദ്ധസ്തിനാപുരം. 20

അജമീഢോ ദ്വിമീഢശ്ച പുരുമീഢശ്ച ഹസ്തിനഃ
അജമീഢസ്യ വംശ്യാഃ സ്യുഃ പ്രിയമേധാദയോ ദ്വിജാഃ. 21

അജമീഢാത് ബൃഹദിഷു,സ്തസ്യ പുത്രോ ബൃഹദ്ധനുഃ
ബൃഹത്കായസ്തതസ്തസ്യ പുത്ര ആസീജ്ജയദ്രഥഃ. 22

തത്സുതോ വിശദ,സ്തസ്യ സേനജിത് സമജായത
രുചിരാശ്വോ ദൃഢഹനുഃ കാശ്യോ വത്സശ്ച തത്സുതാഃ. 23

രുചിരാശ്വസുതഃ പ്രാജ്ഞഃ, പൃഥുസേനസ്തദാത്മജഃ
പാരസ്തത്തനയോ നീപസ്തസ്യ പുത്രശതം ത്വഭൂത്. 24

സ കൃത്വ്യാം ശുകകന്യായാം ബ്രഹ്മദത്തമജീജനത്
സ യോഗീ ഗവി ഭാര്യായാം വിഷ്വക്സേനമധാത് സുതം. 25

ജൈഗീഷവ്യോപദേശേന യോഗതന്ത്രം ചകാര ഹ
ഉദക്സ്വനസ്തതസ്തസ്മാത് ഭല്ലാദോ ബാർഹദീഷവാഃ. 26

യവീനരോ ദ്വിമീഢസ്യ കൃതിമാംസ്തത്സുതസ്തതഃ
നാമ്നാ സത്യധൃതിര്യസ്യ ദൃഢനേമിഃ സുപാർശ്വകൃത്. 27

സുപാർശ്വാത് സുമതിസ്തസ്യ പുത്രഃ സന്നതിമാംസ്തതഃ
കൃതിർഹിരണ്യനാഭാദ് യോ യോഗം പ്രാപ്യ ജഗൗ സ്മ
ഷട്. 28

സംഹിതാഃ പ്രാച്യസാമ്നാം വൈ നീപോ ഹ്യുഗ്രായുധസ്തതഃ
തസ്യ ക്ഷേമ്യഃ സുവീരോഽഥ, സുവീരസ്യ രിപുഞ്ജയഃ. 29

തതോ ബഹുരഥോ നാമ പുരുമീഢോഽപ്രജോഽഭവത്
നളിന്യാമജമീഢസ്യ നീലഃ ശാന്തിഃ സുതസ്തതഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചണ്ഡാലനേകനണഞ്ഞാനവനുടെ
ക്രന്ദനം കേട്ട മനസ്സലിഞ്ഞേററവും
സന്തപ്തനായിട്ടമൃതസമാനമായ്
ശാന്തമധുരമാം ഗീരുകളോതിനാൻ. 11
''ആശിച്ചിട്ടുന്നതില്ലീശനിൽനിന്നുമ-
ഷ്ടൈശ്വര്യസിദ്ധിയും നിർവ്വാണവുമിവൻ
സർവ്വതനുഭൃത്തുക്കൾക്കുമന്തഃസ്ഥനായ്
സർവ്വദുഃഖങ്ങളുമേല്ക്കുവാനോക്കുവേൻ.
അല്ലലതിനാലവർക്കു നശിക്കുമെ-
ന്നുള്ളതിനാൽ മററെനിക്കില്ലൊരാശയും. 12
ജീവിച്ചിരിക്കുവാനിച്ഛിച്ചു കേണിടും
ജീവിക്കു,മജ്ജീവനഹേതുവാം ജലം
ഞാനേകിയാലതുമൂലമെനിക്കുള്ള
ദീനഭാവം, ക്ഷുത്തു, ദാഹം, തളർച്ചയും
ശോകവിഷാദമോഹങ്ങളും തൊട്ടുള്ളതു-
മാകെയകന്നുപോമില്ലൊരു സംശയം.'' 13
ഈവിധമോതിപ്പിപാസ സഹിക്കുവാ-
നാവാതെ ചാകുമാറായ സുധീരനാം
ആ രന്തിദേവൻ കൃപാപരാധീനനായ്
നീരമതപ്പുല്ക്കസനും കൊടുത്തിതു. 14
ഈശ്വരമായാവിരചിതരായ്, ഫല-
മാശിപ്പവർക്കേതരുളാൻ സമർത്ഥരാം
ലോകത്രയേശർ നേരേയും സ്വരൂപമ-
ബ്ഭൂകാന്തനെയഥ കാട്ടിക്കൊടുത്തിതു. 15
നിസ്സംഗനായ് വിഗതസ്പൃഹനായിട്ടു-
മക്ഷ്മാമണാളനവരെ നമിച്ചിതേ.
ഒന്നുമർത്ഥിച്ചീല ശ്രീവാസുദേവനി-
ലുന്നതഭക്ത്യാ നമിച്ചിതു പിന്നെയും. 16
ശ്രീഹരിയിൽത്താൻ മനസ്സുറപ്പിച്ചന്യ-
മോഹങ്ങളെല്ലാമുപേക്ഷിച്ചിരുന്നിടും
അപ്പാർത്ഥിവന്നു ഗുണാത്മികയാം മായ
സ്വപ്നസമാനം വിലയംഗമിച്ചിതു. 17
രന്തിദേവാധീനവർത്തികളേവരും
സന്തതമുള്ള തത്സാഹചര്യത്തിനാൽ
യോഗികളും ശ്രീനിവാസഭഗവാനി-
ലേകാന്തഭക്തരുമായ് ഭവിച്ചീടിനാർ. 18
ഗർഗ്ഗനിൽനിന്നു സിനിയും, സിനിക്കഥ
ഗാർഗ്ഗ്യനും നന്ദനന്മാരായ്ഭവിച്ചിതു.
ഈവിധം ക്ഷത്രിയജാതിയിൽനിന്നു ഭൂ-
ദേവവർഗ്ഗം ജാതമായി ധരിത്രിയിൽ.
പിന്നെ ദുരിതക്ഷയൻ മഹാവീര്യൻെറ
നന്ദനനായാ,നവൻെറ തനൂജരായ്
പേരെഴും ത്രയ്യാരുണിയും കവി, പുഷ്ക-
രാരുണിയും ഭൂസുരഗതിയാർന്നിതു.
ഹസ്തിയത്രേ ബൃഹൽക്ഷത്രൻെറ നന്ദനൻ,
ഹസ്തിനാപട്ടണമായവൻ തീർത്തതാം. 19–20
പിന്നജമീഢൻ, ദ്വിമീഢൻ, പുരുമീഢ-
നെന്നു മൂന്നാത്മജർ ഹസ്തിക്കുദിച്ചിതു.
ആജമീഢന്മാർ പ്രിയമേധമുഖ്യരാം,
രാജൻ! ദ്വിജരായ്ഭവിച്ചിതക്കൂട്ടരും. 21
പിന്നജമീഢജനാകും ബൃഹദിഷു-
തന്നിൽനിന്നുണ്ടായ് ബൃഹദ്ധനുസ്സെന്നവൻ.
തന്നന്ദനൻ ബൃഹൽക്കായ,നാണായവൻ-
തന്നുടെ പുത്രനാകുന്നു ജയദ്രഥൻ. 22
തത്സുതനാകും വിശദൻെറ പുത്രനാ-
മസ്സേനജിത്തിൻ തനയരായ് നാലുപേർ
തീർന്നാർ, രുചിരാശ്വനുമാദൃഢധനു-
സ്സെന്നവനും കാശ്യനും വത്സനും നൃപാ! 23
പ്രാജ്ഞൻ രുചിരാശ്വനിൽനിന്നു ജാതനായ്,
പ്രാജ്ഞസുതനാം പൃഥുസേനനെന്നവൻ.
പാരനാം തത്സുതൻ, നീപൻ തദാത്മജൻ
നൂറുപുത്രന്മാരവന്നു ഭവിച്ചിതു. 24
കൃത്വിയെന്നുള്ള ശുകകന്യയിൽ ബ്രഹ്മ-
ദത്തനെന്നുള്ളൊരു പുത്രനും ജാതനായ്
യോഗിയവൻ ഭാര്യഗോവിലുളവാക്കി-
യേകസുതനെ—വിഷ്വക്സേനനെ—നൃപാ! 25
ജൈഗീഷവ്യോപദേശത്തിനാൽ നിർമ്മിച്ചു
യോഗശാസ്ത്രം ബ്രഹ്മദത്തയോഗീശ്വരൻ.
വിഷ്വക്സേനാത്മജനത്രേയുദക്സ്വനൻ,
തത്സുതൻ ഭല്ലാദനാമകൻ ഭൂമിപാ!
ഏന്നിവരെല്ലാം ബൃഹദിഷുവംശ്യരാം;
ചൊന്നിടാം ഞാൻ ദ്വിമീഢൻെറ വംശ-
ത്തെയും. 26
ആ ദ്വിമീഢൻെറ സുതനാം യവീനരൻ,
പുത്രനവന്നു ധൃതിമാൻ, തദാത്മജൻ
സത്യധൃതിതാൻ, ദൃഢനേമി തത്സുതൻ,
പുത്രനവന്നു സുപാർശ്വനമാം നൃപാ! 27
അസ്സുപാർശ്വൻെറ തനയൻ സുമതിയാം
തത്സുതൻ സന്നതിമാൻ, കൃതി തത്സുതൻ,
യോഗം ഹിരണ്യനാഭങ്കേന്നറിഞ്ഞാറു-
ഭാഗമാക്കിപ്പഠിപ്പിച്ചു സാമം കൃതി. 28
നാമധേയങ്ങളവർക്കു ചൊൽവൂ പ്രാച്യ-
സാമങ്ങളുംതൻ സംഹിതകളെന്നായ് ജനം
നീപൻ കൃതിസുത,നുഗ്രായുധാഖ്യനാം
നീപാത്മജാതൻ, സുവീരനാം തൽസുതൻ. 29
തത്പുത്രനാകും രിപുഞ്ജയൻതന്നിൽനി-
ന്നുദ്ഭൂതനായാൻ ബഹുരഥമന്നവൻ.
അപ്പുരുമീഢനപുത്രനായ്ത്തീർന്നിതു,
പില്പാടജമീഢനു തൻ നളിനിയാം-
കാന്തയിൽ നീലനെന്നുണ്ടായൊരുമകൻ,
ശാന്തിയാം നീലതനയൻ ധരാപതേ! 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാന്തേഃ സുശാന്തിസ്തത്പുത്രഃ പുരുജോഽർക്കസ്തതോഽഭവത്
ഭർമ്യാശ്വസ്തനയസ്തസ്യ പഞ്ചാസന്മുദ്ഗലാദയഃ. 31
യവീനരോ ബൃഹദിഷുഃ കാമ്പില്യഃ സഞ്ജയഃ സുതാഃ
ഭർമ്യാശ്വഃ പ്രാഹ ''പുത്രാ, മേ പഞ്ചാനാം രക്ഷണായ ഹി. 32
വിഷയാണാമലമിമേ'' ഇതി പഞ്ചാലസംജ്ഞിതാഃ
മുദ്ഗലാദ്ബ്രഹ്മ നിർവൃത്തം ഗോത്രം മൗദ്ഗല്യ-
സംജ്ഞിതം. 33
മിഥുനം മുദ്ഗലാദ് ഭാർമ്യാദ്ദിവോദാസഃ പുമാനഭൂത്
അഹല്യാ കന്യകാ യസ്യാം ശതാനന്ദസ്തു ഗൗതമാത്. 34
തസ്യ സത്യധൃതിഃ പുത്രോ ധനുർവേദവിശാരദഃ
ശരദ്വാംസ്തത്സുതോ യസ്മാദുർവശീദർശനാത് കില. 35
ശരസ്തംബേഽപതത് രേതോ മിഥുനം തദഭൂച്ഛുഭം
തദ്ദൃഷ്ട്വാ കൃപയാഗൃഹ്ണാച്ഛന്തനുർമൃഗയാം ചരൻ
കൃപഃ കുമാരഃ കന്യാ ച ദ്രോണപത്ന്യഭവത് കൃപീ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഏകവിംശതിതമോഽധ്യായഃ

ദ്വാവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
മിത്രേയുശ്ച ദിവോദാസാച്ച്യവനസ്തത്സുതോ നൃപ!
സുദാസഃ സഹദേവോഽഥ സോമകോ ജന്തുജന്മകൃത്. 1
തസ്യ പുത്രശതം തേഷാം യവീയാൻ പൃഷതഃ സുതഃ
ദ്രുപദോ ദ്രൗപദീ തസ്യ ധൃഷ്ടദ്യുമ്നാദയഃ സുതാഃ. 2
ധൃഷ്ടദ്യുമ്നാദ് ധൃഷ്ടകേതുർഭാർമ്യാഃ പഞ്ചാലകാ ഇമേ
യോഽജമീഢസുതോ ഹ്യന്യ ഋക്ഷഃ സംവരണസ്തതഃ. 3
തപത്യാം സൂര്യകന്യായാം കുരുക്ഷേത്രപതിഃ കുരുഃ
പരീക്ഷിത് സുധനുർജഹ്നുർനിഷധാശ്വഃ കുരോഃ സുതാഃ. 4
സുഹോത്രോഽഭൂത് സുധനുഷശ്ച്യവനോഽഥ തതഃ കൃതീ
വസുസ്തസ്യോപരിചരോ ബൃഹദ്രഥമുഖാസ്തതഃ. 5
കുശാംബമത്സ്യപ്രത്യഗ്രചേദിപാദ്യാശ്ച ചേദിപാഃ
ബൃഹദ്രഥാത് കുശാഗ്രോഽഭൂദൃഷഭസ്തസ്യ, തത്സുതഃ 6
ജജ്ഞേ സത്യഹിതോഽപത്യം പുഷ്പവാം, സ്തത്സുതോ ജഹുഃ
അന്യസ്യാം ചാപി ഭാര്യായാം ശകലേ ദ്വേ ബൃഹദ്രഥാത്. 7
തേ മാത്രാ ബഹിരുത്സൃഷ്ടേ ജരയാ ചാപി സന്ധിതേ
ജീവ ജീവേതി ക്രീഡന്ത്യാ ജരാസന്ധോഽഭവത് സുതഃ. 8
തതശ്ച സഹദേവോഽഭൂത് സോമാപിര്യച്ഛ്രുതശ്രവാഃ
പരീക്ഷിദനപത്യോഽഭൂത് സുരഥോ നാമ ജാഹ്നവഃ. 9
തതോ വിദൂരഥ,സ്തസ്മാത് സാർവ്വഭൗമസ്തതോഽഭവത്
ജയസേന,സ്തത്തനയോ രാധികോഽതോ[1] ദ്യുമാനഭൂത്. 10
തതശ്ച ക്രോധനസ്തസ്മാദ് ദേവാതിഥിരമുഷ്യ ച
[2]ഋക്ഷസ്തസ്യ ദിലീപോഽഭൂത് പ്രതീപസ്തസ്യ ചാത്മജഃ. 11
ദേവാപിഃ ശന്തനുസ്തസ്യ ബാഹ്ലീക ഇതി ചാത്മജാഃ
പിതൃരാജ്യം പരിത്യജ്യ ദേവാപിസ്തു വനം ഗതഃ. 12

1 'അയുതോഹ്യഭൂത്' ഇതി പാഠഃ. 2 'ഋഷ്യസ്തസ്യ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാന്തീതനയൻ സുശാന്തി, യവന്റെ
സന്താനമാകും പുരുജന്റെ പുത്രനാം
അർക്കന്റെ നന്ദനൻ ഭർമ്യാശ്വനഞ്ചു-
മക്കളുണ്ടായ് മുദ്ഗലനും, യവീനരൻ,
പിന്നെ ബൃഹദിഷു, കാമ്പില്യസഞ്ജയ-
രെന്നിങ്ങനെയുള്ള നാമധേയങ്ങളിൽ.
അഞ്ചുപേരോടുമായ് ഭർമ്യാശ്വനോതിനാ-
''നഞ്ചുപേർ നിങ്ങളുഞ്ചിന്ദ്രിയങ്ങൾക്കെഴും
ശബ്ദാദിയാകും വിഷയങ്ങളെയെനി-
ക്കെപ്പൊഴും നേടിത്തരുവാൻ സമർത്ഥരാം.''
എന്നു പറഞ്ഞതുമൂലമവർക്കഥ-
വന്നു പഞ്ചാലരെന്നുള്ളൊരു നാമവും.
മുദ്ഗലൻതന്നിൽനിന്നുദ്ഭൂതമായിതു
മൗദ്ഗല്യമെന്നു ധരണീസുരാന്വയം. 31-33
മുദ്ഗലനുണ്ടായ് മിഥുനമതിൽ പുമാ-
നോർക്ക ദിവോദാസനും സ്ത്രീയഹല്യയും,
ഗൗതമനങ്ഗീകരിച്ചിതഹല്യയെ
ഗൗതമപുത്രൻ ശതാനന്ദമാമുനി. 34
സത്യധൃതിയെന്ന തത്തനയൻ ധനുർ-
വിദ്യയിലേററം സമർത്ഥനായ്ത്തീർന്നിതു.
തന്നന്ദനൻ ശരദ്വാനൊരുനാളതി-
സുന്ദരിയുർവശിയെക്കണ്ടമാത്രയിൽ
പുല്ലിൽപ്പതിച്ച രേതസ്സിൽനിന്നുണ്ടായി
നല്ല ശുഭമാം മിഥുനമൊന്നൂഴിപാ! 35
വേട്ടയ്ക്കു കാട്ടിൽ ചരിച്ചിട്ടും, ശന്തനു-
രാട്ടതനശ്ശുരസ്സംബന്ധമായിട്ടും
സന്തതിദ്വന്ദ്വത്തിനെക്കണ്ടലിവാർന്നു
സന്തോഷപൂർവ്വമെടുത്തു വളർത്തിനാൻ,
ആ മിഥുനംതാൻ കൃപനും, കൃപിയു,മ-
ബ്ഭാമിനിയാം ദ്രോണപത്നിയായ്ത്തീർന്നതും. 36

അദ്ധ്യായം 22

സോമവംശപരമ്പര

ശ്രീശുകൻ പറഞ്ഞു

മിത്രായുസ്സത്രേ ദിവോദാസനന്ദനൻ,
തത്തനയന്മാർ ച്യവനൻ സുദാസനും
സോമകനും, സഹദേവനുമാ,ണതിൽ
സോമകൻതൻ തനയൻ ജന്തുനാമകൻ. 1
സോമകപുത്രശതത്തിലിജ്ജന്തുവാം
ഭൂമിപാ! ജ്യേഷ്ഠൻ, പൃഷതൻ കനിഷ്ഠനും.
തന്നന്ദനനാം ദ്രുപദനിൽ ദ്രൗപദീ-
കന്യയും ധൃഷ്ടദ്യുമ്നാദ്യരും ജാതരായ്. 2
ധൃഷ്ടദ്യുമ്നാത്മജാതൻ ധൃഷ്ടകേതു,വി-
ഷ്ടരാം ഭാർമ്യർ പഞ്ചാലകരായിതു.
ചൊല്ലാമിനിയജമീഢനിൽനിന്നുദി-
ച്ചുള്ളതാം മറെറാരുവംശവും മന്നവാ!
പിന്നെയജമീഢപുത്രനാമൃക്ഷനിൽ-
നിന്നുളവായിതു സംവരണാഭിധൻ. 3
സൂര്യജയാകും തപതിയയാളുടെ
ഭാര്യയത്രേ, കുരുവാണു തന്നന്ദനൻ.
അക്കുരുക്ഷേത്രം ചമച്ചിതിദ്ദേഹമെ-
ന്നോർക്ക, പരീക്ഷിത്തു പിന്നെ സുധനുസ്സു
ജഹ്നു, നിഷധാശ്വനെന്നിവർ തൽസുതർ
തീർന്നു സുധനുസ്സിൽനിന്നു സുഹോത്രനും.
തന്നന്ദനൻ ച്യവനൻ, കൃതി തൽസുതൻ,
തന്നന്ദനൻ താനുപരിചരൻ വസു.
തന്നന്ദനനായ് ബൃഹദ്രഥൻതൊട്ടവർ
പിന്നെക്കുശാംബനും വത്സപ്രത്യഗ്രരും
ചേദിപൻതാനും വസുപുത്രരാ,ണവർ
ചേദിരാജ്യം പരിപാലിച്ചിരുന്നിതു.
പിന്നെക്കുശാശ്വൻ ബൃഹദ്രഥപുത്രനായ്-
ത്തീർന്നു, തത്പുത്രനൃഷഭ,നൃഷഭജൻ
സത്യഹിതൻ, തൽസുതൻ പുഷ്പവാൻ, ധരാ-
ട്ടത്തേ! തദീയതനയനത്രേ ജഹു.
അന്യയാം ഭാര്യയിൽ പിന്നെ ബൃഹദ്രഥ-
മന്നനുണ്ടായിതിരുഖണ്ഡമായ് പ്രജ. 4-7
മാതാവതിനെ വെളിക്കെറിഞ്ഞതാം തദാ
മോദിച്ചവിടെക്കളിയാടിട്ടും ജര
രണ്ടു ഖണ്ഡങ്ങളും ചേർത്തു യോജിപ്പിച്ചു-
കൊണ്ടു 'ജീവിക്ക' 'ജീവിക്ക'യെന്നോതവേ
ജീവനുണ്ടായതിനെന്നതു മൂലമായ്
കൈവന്നിതു ജരാസന്ധനാമം നൃപാ! 8
തീർന്നിതവനിൽ സഹദേവനാമകൻ,
തന്നന്ദനനായ സോമാപിയിൽനിന്നും
ഉദ്ഭൂതനായാൻ ശ്രുതശ്രവസ്സെന്നവ,-
നപ്പരീക്ഷിത്തിനുണ്ടായില്ല സന്തതി.
മന്നവമൗലേ! സുരഥനൃപൻ കുരു-
നന്ദനനാം ജഹ്നുവിന്റെ തനൂജനാം. 9
പിന്നെസ്സുരഥജനാകും വിദൂരഥ-
മന്നനു സാർവ്വഭൗമൻ പുത്രനായിതു.
തൽസുതനാം ജയസേനനു രാധികൻ,
തൽസൂനുവാകും ദ്യുമാനഥ ക്രോധനൻ.
തൽസുതൻ ദേവാതിഥിക്കൃക്ഷനും സുതർ,
തൽസുതനാം ദിലീപനു പ്രതീപനും. 10-11
ദേവാപി, ശന്തനു, ബാഹ്ലീകനിങ്ങനെ
മൂവരുളവായ് പ്രതീപനു നന്ദനർ.
ദേവാപിയപ്പിതൃരാജ്യം ത്യജിച്ചീശ-
ഭാവനനായി വനം ഗമിച്ചീടിനാൻ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭവച്ഛന്തനൂ രാജാ പ്രാങ്ങ്മഹാഭിഷസംജ്ഞിതഃ
യം യം കരാഭ്യാം സ്പൃശതി ജീർണ്ണം യൗവനമേതി സഃ. 13

ശാന്തിമാപ്നോതി ചൈവാഗ്ര്യാം കർമ്മണാ തേന ശന്തനുഃ
സമാ ദ്വാദശ തദ്രാജ്യേ ന വവഷ് യദാ വിഭുഃ. 14

''ശന്തനുർബ്രാഹ്മണൈരുക്തഃ പരിവേത്തായമഗ്രഭുക്
രാജ്യം ദേഹ്യഗ്രജായാശു പുരരാഷ്ട്രവിവൃദ്ധയേ.'' 15

ഏവമുക്തോ ദ്വിജൈർജ്യേഷ്ഠം ഛന്ദയാമാസ സോഽബ്രവീത്
തന്മന്ത്രിപ്രഹിതൈർവിപ്രൈർവേദാദ്വിഭ്രംശിതോ ഗിരാ. 16

വേദവാദാതിവാദാൻ വൈ തദാ ദേവോ വവഷ് ഹ
ദേവാപിര്യോഗമാസ്ഥായ കലാപഗ്രാമമാശ്രിതഃ. 17

സോമവംശേ കലൗ നഷ്ടേ കൃതാദൗ സ്ഥാപയിഷ്യതി,
ബാഹ്ലീകാത് സോമദത്തോഽഭൂത് ഭൂരിർഭൂരിശ്രവാസ്തതഃ. 18

ശലശ്ച ശന്തനോരാസീത്, ഗങ്ഗായാം ഭീഷ്മ ആത്മവാൻ
സർവ്വധർമ്മവിദാം ശ്രേഷ്ഠോ മഹാഭാഗവതഃ കവിഃ
വീരയൂഥാഗ്രണീര്യേന രാമോഽപി യുധി തോഷിതഃ. 19

ശന്തനോർദാശകന്യായാം ജജ്ഞേ ചിത്രാങ്ഗദഃ സുതഃ
വിചിത്രവീര്യശ്ചാവരജോ നാമ്നാ ചിത്രാങ്ഗദോ ഹതഃ. 20

യസ്യാം പരാശരാത് സാക്ഷാദവതീർണ്ണോ ഹരേഃ കലാ
വേദഗുപ്തോ മുനിഃ കൃഷ്ണോ യതോഽഹമിദമധ്യഗാം. 21

ഹിത്വാ സ്വശിഷ്യാൻ പൈലാദീൻ ഭഗവാൻ ബാദരായണഃ
മഹ്യം പുത്രായ ശാന്തായ പരം ഗുഹ്യമിദം ജഗൗ. 22

വിചിത്രവീര്യോഽഥോവാഹ കാശിരാജസുതേ ബലാത്.
സ്വയംവരാദുപാനീതേ അംബികാംബാലികേ ഉഭേ. 23

തയോരാസക്തഹൃദയോ ഗൃഹീതോ യക്ഷ്മണാ മൃതഃ. 24

ക്ഷേത്രേഽഗ്രജസ്യ വൈ ഭ്രാതുർമാത്രോക്തോ ബാദരായണഃ
ധൃതരാഷ്ട്രം ച പാണ്ഡും ച വിദുരം ചാപ്യജീജനത്. 25

ഗാന്ധാര്യാം ധൃതരാഷ്ട്രസ്യ ജജ്ഞേ പുത്രശതം നൃപ!
തത്ര ദുര്യോധനോ ജ്യേഷ്ഠോ ദുഃശളാ ചാപി കന്യകാ. 26

ശാപാന്മൈഥുനരുദ്ധസ്യ പാണ്ഡോഃ കുന്ത്യാം മഹാരഥാഃ
ജാതാ ധർമ്മാനിലേന്ദ്രേഭ്യോ യുധിഷ്ഠിരമുഖാസ്ത്രയഃ. 27

നകുലഃ സഹദേവശ്ച മാദ്ര്യാം നാസത്യദസ്രയോഃ
ദ്രൗപദ്യാം പഞ്ച പഞ്ചഭ്യഃ പുത്രാസ്തേ പിതരോഽഭവൻ. 28

യുധിഷ്ഠിരാത് പ്രതിവിന്ധ്യഃ ശ്രുതസേനോ വൃകോദരാത്
അർജ്ജുനാത് ശ്രുതകീർത്തിസ്തു ശതാനീകസ്തു നാകുലിഃ. 29

സഹദേവസുതോ, രാജൻ, ശ്രുതകർമ്മാ തഥാപരേ
യുധിഷ്ഠിരാത് തു പൗരവ്യാം ദേവകോഽഥ ഘടോത്കചഃ 30

ഭീമസേനാദ്ധിഡിംബായാം കാല്യം സർവ്വഗതസ്തതഃ
സഹദേവാത് സുഹോത്രം തു വിജയാസൂത പാർവ്വതീ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയതിനാൽ ധര കാത്തിതു ശന്തനു,
പോയജന്മത്തിൽ മഹാഭിഷക്കെന്നൊരു
പേരിയന്നോരമ്മഹാന്റെ കരങ്ങളാ-
ലാരുടെ ജീർണ്ണദേഹത്തു തൊട്ടീടിലും
യൗവനമാർന്നീടുമായവനക്ഷണം;
കൈവന്നിതാകയാൽ ശന്തനുനാമവും.
തത്കരസ്പർശനമേല്ക്കുന്നമാത്രയി-
ലാർക്കുമാരോഗ്യവും വർദ്ധിച്ചുവന്നിതു.
വർഷാധിദേവനിബ്ഭൂപന്റെ ഭൂമിയിൽ
വർഷിച്ചതില്ല പന്ത്രണ്ടുസംവത്സരം. 13–14
മാരിയില്ലാത്തതെന്തെന്നു ചോദിക്കവേ-
യാരണർ ശന്തനുവോടു ചൊല്ലീടിനാർ.
''ജ്യേഷ്ഠനിരിക്കവേ രാജ്യം ഭരിച്ചിടും
രാട്ടിനു പേർ പരിവേത്താവു മന്നവാ!
ആ ദോഷമങ്ങേക്കു പററിയിരിപ്പതാം
ഹേതു മഴയിങ്ങു പെയ്യാതിരിക്കുവാൻ.
ആകയാൽ വേഗം ജനക്ഷേമമോർത്തങ്ങു
നല്കുക രാജ്യം ഭവദ്ജ്യേഷ്ഠനായുടൻ.'' 15
ഇപ്രകാരം വിപ്രവാക്യങ്ങൾ കേൾക്കയാൽ
ക്ഷിപ്രം ധരാഭരമേററുവാങ്ങീടുവാൻ
ജ്യേഷ്ഠനോടായ്ച്ചെന്നപേക്ഷിച്ചു ശന്തനു-
രാട്ടതിൻമുമ്പേ നിജമന്ത്രിസത്തമൻ
ഭൂദേവരിൽ ചില വാഗ്മികളേ വിട്ടു
വേദമാർഗ്ഗങ്ങളിൽനിന്നു ദേവാപിയെ
തെററിച്ചു പാഷണ്ഡനാക്കീടിനാൻ സ്വന്ത-
രാഷ്ട്രം ഭരിപ്പാൻ വരുമെന്ന ഭീതിയാൽ.
ആകയാൽ വേദവാക്യത്തെയപവദി-
ച്ചേകിനാനുത്തരം ശന്തനുവിന്നവൻ.
മാരി ചൊരിഞ്ഞിതു ദേവനുമക്ഷണ-
മോർക്കിലാശ്ചര്യമത്രേയിതേററവും.
ദേവാപിയോഗമഹിമയാലിപ്പൊഴും
സ്വാവയവത്തിനു കേടേതുമെന്നിയേ
ആവസിപ്പൂ കലാപഗ്രാമഭൂമിയിൽ,
ഭൂവരശ്രേഷ്ഠാ! കലികാലസന്ധിയിൽ
നാമാവശേഷമാം ചന്ദ്രവംശത്തിനെ-
യാമഹാനുദ്ധരിച്ചീടും കൃതാദിയിൽ.
പേരെഴും ബാഹ്ലീകജൻ സോമദത്തനു
ഭൂരി, ഭൂരിശ്രവസ്സും ശലനും സുതർ. 16–18
ശന്തനുവിന്നഥ ഗംഗയിലാത്മജ്ഞ-
വൃന്ദനിഷേവ്യനായ് ധർമ്മജ്ഞമുഖ്യനായ്
വീരാഗ്രഗണ്യനായ് ശ്രീഹരിസേവക-
ന്മാരിൽ പ്രസിദ്ധനാം ഭീഷ്മരുണ്ടായിതു.
ഘോരപരശ്വായുധധരൻതന്നെയും
പോരിൽ പ്രമർദ്ദിതനാക്കിനാനീ മഹാൻ. 19
പൃഥ്വീപതിയായ ശന്തനുവിന്നഥ
സത്യവതീയെന്ന മുക്കുവകന്യയിൽ
ചിത്രാംഗദനും വിചിത്രവീര്യാഖ്യനും
പുത്രരായ്ത്തീർന്നെന്നറിക, കുരൂദ്വഹാ!
എന്നതിൽ ചിത്രാംഗദനെന്ന പുത്രനെ-
ക്കൊന്നിതു ഗന്ധർവ്വനായ ചിത്രാംഗദൻ. 20
വേദഗോപ്താവായ് മഹാവിഷ്ണുതന്നംശ-
ഭൂതനായ് മത്പിതാവായിടും വ്യാസനും
അത്തന്വിയിൽ പിറന്നാ,നീയിതിഹാസ-
മദ്ദേഹമാണെന്നെയഭ്യസിപ്പിച്ചതും. 21
സ്വന്തമാം പൈലാദിശിഷ്യരെയാകവേ
സന്ത്യജിച്ചുബ്ബാദരായണമാമുനി
ശാന്തസുതനാമെനിക്കതിഗുഹ്യമി-
ഗ്രന്ഥോത്തമമുപദേശിച്ചുതന്നിതു. 22
ഭീഷ്മരാലാനീതരായ് കാശിഭൂപാല-
കാത്മജമാരായ് മനോഹാരിണികളാം
അംബികയേയുമംബാലികതന്നെയും
ചെമ്മേ വരിച്ചാൻ വിചിത്രവീര്യൻ നൃപൻ. 23
രാഗമവരിലധികമേറിക്ഷയ-
രോഗംപിടിച്ചു മൃതിയടഞ്ഞാനവൻ. 24
അഗ്രജഭ്രാതൃകളത്രത്തിലമ്മയാ-
ലുക്തനായ് വ്യാസൻ ധൃതരാഷ്ട്രർതന്നെയും
പാണ്ഡുവിനേയും വിദുരനാമമ്മഹാ-
പണ്ഡിതനേയും ജനിപ്പിച്ചു പാണ്ഡവാ! 25
പിന്നെദ്ധൃതരാഷ്ട്രമന്നനു ഗാന്ധാരി-
തന്നിൽ നൂറാത്മജന്മാരുമനന്തരം
ദുശ്ശീലയെന്നൊരു പുത്രിയുമുണ്ടായി,
സച്ചരിതാ! കേൾ തദഗ്ര്യൻ സുയോധനൻ. 26
ശാപത്തിനാൽ രുദ്ധമൈഥുനനാം പാണ്ഡു-
ഭൂപതിതൻകാന്തയായിടും കുന്തിയിൽ
ധർമ്മാനിലേന്ദ്രരിൽനിന്നു മഹാരഥർ
ധർമ്മജാദ്യരുളവായി മൂന്നുപേർ. 27
നാസത്യദസ്രരിൽനിന്നഥ മാദ്രിയിൽ
ഭാസുരന്മാരാം നകുലസഹദേവർ
ജാതരായൈവരുമോരോ തനൂജരെ
പ്രീതരായ് പാഞ്ചാലിയിൽ ജനിപ്പിച്ചിതേ.
ആയവരേവരും ത്വൽപിതൃവ്യന്മാര-
തായിബ്ഭവിച്ചെന്നറിക ഭൂവാസവാ! 28
ധർമ്മജന്മാവിൽനിന്നും പ്രതിവിന്ധ്യനു-
മമ്മാരുതിയിൽനിന്നും ശ്രുതസേനനും
ഇന്ദ്രാത്മജനിൽനിന്നും ശ്രുതകീർത്തിയും
പിന്നെ നകുലജനായ് ശതാനീകനും
ചെമ്മേ സഹദേവനന്ദനനായ് ശ്രുത-
കർമ്മാവുമുദ്ഭൂതരായി മഹീപതേ!
വേറെയും ധർമ്മജന്മാവിനു ഭാര്യയാം
പൗരവിയിൽ ദേവകനെന്ന പുത്രനും,
ഭീമസേനന്നു ഹിഡിംബിയെന്നുള്ളൊരു
കാമിനിതന്നിൽ ഘടോൽക്കചാഭിഖ്യനും,
കാലിയാമന്യയിൽ സർവ്വഗതാഖ്യനും,
ചാലവേയസ്സഹദേവന്നനന്തരം
പർവ്വതകന്യയായീടും വിജയയി-
ലുർവീശ്വരാ! ജാതനായി സുഹോത്രനും. 29–31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരേണുമത്യാം നകുലോ *വീരമിത്രം തഥാർജ്ജുനഃ
ഇരാവന്തമുലൂപ്യാം വൈ സുതായാം ബഭ്രുവാഹനം
മണിപൂരപതേഃ സോഽപി തത്പുത്രഃ പുത്രികാസുതഃ. 32
തവ താതഃ സുഭദ്രായാമഭിമന്യുരജായത
സർവ്വാതിരഥജിദ്വീര ഉത്തരായാം തതോ ഭവാൻ. 33
പരിക്ഷീണേഷു കുരുഷു ദ്രൗണേർബ്രഹ്മാസ്ത്രതേജസാ
ത്വം ച കൃഷ്ണാനുഭാവേന സജീവോ മോചിതോഽന്തകാത്. 34
തവേമേ തനയാസ്താത ജനമേജയപൂർവ്വകാഃ
ശ്രുതസേനോ ഭീമസേന ഉഗ്രസേനശ്ച വീര്യവാൻ. 35
ജനമേജയസ്ത്വാം വിദിത്വാ തക്ഷകാന്നിധനം ഗതം
സർപ്പാൻ വൈ സർപ്പയാഗാഗ്നൗ സ ഹോഷ്യതി രുഷാന്വിതഃ 36
കാവഷേയം പുരോധായ തുരം തുരഗമേധയാട്
സമന്താത് പൃഥിവീം സർവ്വാം ജിത്വാ യക്ഷ്യതി ചാധ്വരൈഃ. 37
തസ്യ പുത്രഃ ശതാനീകോ യാജ്ഞവല്ക്യാത് ത്രയീം പഠൻ
അസ്ത്രജ്ഞാനം ക്രിയാജ്ഞാനം ശൗനകാത് പരമേഷ്യതി. 38
സഹസ്രാനീകസ്തത് പുത്രസ്തതശ്ചൈവാശ്വമേധജഃ
അസീമകൃഷ്ണസ്തസ്യാപി നേമിചക്രസ്തു തത്സുതഃ. 39
ഗജാഹ്വയേ ഹൃതേ നദ്യാ കൗശാംബ്യാം സാധു വത്സ്യതി
ഉക്തസ്തതശ്ചിത്രരഥസ്തസ്മാത് കവിരഥഃ സുതഃ. 40
തസ്മാച്ച വൃഷ്ടിമാംസ്തസ്യ സുഷേണോഽഥ മഹീപതിഃ
സുനീഥസ്തസ്യ ഭവിതാ നൃചക്ഷുര്യത് സുഖീനലഃ. 41
പരിപ്ലവഃ സുതസ്തസ്മാന്മേധാവീ സുനയാത്മജഃ
നൃപഞ്ജയസ്തതോ ദൂർവ്വസ്തിമിസ്തസ്മാജ്ജനിഷ്യതി. 42
തിമേർബൃഹദ്രഥസ്തസ്മാച്ഛതാനീകഃ സുദാസജഃ
ശതാനീകാദ് ദുർദ്ദമനസ്തസ്യാപത്യം വഹീനരഃ. 43
ദണ്ഡപാണിർന്നിമിസ്തസ്യ ക്ഷേമകോ ഭവിതാ നൃപഃ
ബ്രഹ്മക്ഷത്രസ്യ വൈ പ്രോക്തോ വംശോ ദേവർഷിസത്-
കൃതഃ 44
ക്ഷേമകം പ്രാപ്യ രാജാനം സംസ്ഥാം പ്രാപ്സ്യതി വൈ കലൗ
അഥ മാഗധരാജാനോ ഭവിതാരോ വദാമി തേ. 45
ഭവിതാ സഹദേവസ്യ മാർജ്ജാരിര്യച്ഛ്റുതശ്രവാഃ
തതോഽയുതായുസ്തസ്യാപി നിരമിത്രോഽഥ തത്സുതഃ 46
സുനക്ഷത്രഃ, സുനക്ഷത്രാത് ബൃഹത്സേനോഽഥ കർമ്മജിത്.
തതഃ സുതഞ്ജയാദ്വിപ്രഃ ശുചിസ്തസ്യ ഭവിഷ്യതി. 47
ക്ഷേമോഽഥ സുവ്രതസ്തസ്മാത് ധർമ്മനേത്രഃ ശമസ്തതഃ
ദ്യുമത്സേനോഽഥ സുമതിഃ സുബലോ ജനിതാ തതഃ. 48
സുനീഥഃ സത്യജിദഥ വിശ്വജിദ് യദ്രിപുഞ്ജയഃ
ബാർഹദ്രഥാശ്ച ഭൂപാലാ ഭാവ്യാഃ സാഹസ്രവത്സരം. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ദ്വാവിംശതിതമോഽധ്യായഃ

ത്രയോവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
അനോഃ സഭാനരശ്ചക്ഷുഃ പരോക്ഷശ്ച ത്രയഃ സുതാഃ
സഭാനരാത് കാലനരഃ സൃഞ്ജയസ്തത്സുതസ്തതഃ. 1

* 'നിരമിത്രം' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്നകലന്ന കരേണുമതിയെന്ന
തന്വിയിൽ വീരമിത്രാഖ്യനാം പുത്രനും
പാർത്ഥന്നുലൂപിയാം നാഗവധൂടിയിൽ
പുത്രനിരാവാനമുണ്ടായിവന്നിതു.
പാർത്ഥൻ മണിപുരദേശാധികാരിതൻ–
പുത്രിയെ പുത്രികാധർമ്മാനുസാരമായ്
അങ്ഗീകരിച്ചിട്ടവളിലുളവാക്കി
മങ്ഗലാത്മൻ! ബഭ്രുവാഹനൻതന്നെയും. 32
നിന്നപ്പനാമഭിമന്യു സുഭദ്രയിൽ
പിന്നെജ്ജനിച്ചു വീരന്മാരെ വെന്നിതു
ഉത്തരതന്നിലഭിമന്യുതന്നുടെ
പുത്രനായങ്ങു ജനിച്ചു മഹീപതേ! 33
പോരിൽക്കുരുവംശമാകെ നശിക്കവേ
വീരനാം ദ്രൗണിതൻ ബ്രഹ്മാസ്ത്രവഹ്നിയിൽ
വെന്തടിഞ്ഞീടും ഭവാനെയുടനാർത്ത–
ബന്ധുവാം ശ്രീഹരി വന്നു രക്ഷിച്ചിതു. 34
അല്ലയോ വത്സാ! ഭവാനുടെ നന്ദന–
രല്ലോ ജനമേജയൻ ശ്രുതസേനനും
ഭീമസേനൻ വീര്യവാനുഗ്രസേനനീ–
നാമങ്ങളാന്നിടും സദ്ഗുണരാശികൾ. 35
തക്ഷകദഷ്ടനായങ്ങു മരിച്ചതായ്
ജ്യേഷ്ഠസുതനായിടും ജനമേജയൻ
കേട്ടതിരുഷ്ടനായ് സർപ്പയാഗാഗ്നിയി–
ലിട്ടു സർപ്പങ്ങളെയാകെ ഹോമിച്ചിടും. 36
കാവഷേയൻ തുരനെന്ന മഹർഷിയെ
ഭൂവരനാചാര്യനാക്കിവച്ചിട്ടഥ
മേദിനിയാകവേ വെന്നിട്ടനേകാശ്വ–
മേധങ്ങളാംകൊണ്ടു ഹരിയെ യജിച്ചിടും. 37
കേൾക്ക തത്പുത്രൻ ശതാനീകനായാജ്ഞ–
വല്ക്യമഹർഷിയിൽനിന്നാഗമങ്ങളും
ശൗനകൻതന്നൊടസ്ത്രം ക്രിയാജ്ഞാനവു–
മൂനമെന്യേയഭ്യസിച്ചിടും വേണ്ടപോൽ. 38
തത്തനയൻ സഹസ്രാനീകനാണു തത്–
പുത്രനത്രേയശ്വമേധജനെന്നവൻ
തത്പുത്രനായിട്ടസീമകൃഷ്ണൻ പിന്നെ–
യുദ്ഭവിക്കും, നേമിചക്രനാം തൽസുതൻ. 39
ഹസ്തിനാപട്ടണം ഗങ്ഗാതരങ്ഗിണീ–
ഗ്രസ്തമായീടുന്നളവിലബ്ഭൂമിപൻ
വാണിടും കൗശാംബിയാം പുരത്തിൽ സുഖം
ചേണാന്ന ചിത്രരഥൻ തത്തനുജനാം.
തത്പുത്രനായിക്കവിരഥൻ തീർന്നിട്ടു–
മുദ്ഭവിച്ചീടുമവന്നഥ വൃഷ്ടിമാൻ,
തത്സുതനാകും സുഷേണൻ, സുനീഥനാം
തത്സുതനെന്നു ധരിക്ക ധരാപതേ!
തന്നന്ദനനാം നൃചക്ഷുസ്സിൽനി,ന്നതിൽ–
പിന്നെയുളവാം സുഖീനലനെന്നവൻ. 40–41
തത്പുത്രനായ പാരിപ്ലവൻതന്നിൽനി–
ന്നുദ്ഭവിച്ചീടും സുനയ,നവന്നഥ
മേധാവി പുത്രനാം, പിന്നെ നൃപഞ്ജയൻ
മേധാവിതന്നുടെ നന്ദനനായിടും.
തത്സുതൻ ദൂർവൻ തദാത്മജനാം തിമി,–
തത്സുതനത്രേ ബൃഹദ്രഥനാമകൻ
തത്പുത്രനായ സുദാസനിൽനിന്നു പി–
ന്നുദ്ഭവിച്ചീടും ശതാനീകനെന്നവൻ.
തന്നന്ദനനായ് ജനിച്ചിടും ദുർമ്മൻ,
പിന്നെത്തദാത്മജനാകും വഹീനരൻ. 42–43
തത്പുത്രനാം ദണ്ഡപാണി,യവനിൽനി–
ന്നുദ്ഭവിക്കും നിമി, തത്സുതൻ ക്ഷേമകൻ,
ദേവർഷിമാരാൽ സുസത്കൃതമായ് ധരാ–
ദേവവർഗ്ഗത്തിനും ക്ഷത്രിയൗഘത്തിനും
ജന്മഭൂവാകും ജനമേജയവംശ–
മിമ്മട്ടു ഞാനരുൾചെയ്തിതു ഭൂപതേ! 44
ക്ഷേമകനാമകഭൂമിപവാഴ്ചയോ–
ടീ മഹദ്വംശം കലിയിൽ നശിച്ചിടും.
പിന്നെ നൃപരായ് ഭവിച്ചിടും മാഗധർ,
ചൊന്നിടാം ഞാനമ്മഹീപതിമാരെയും. 45
ഭൂമീപതേ! സഹദേവജൻ മാർജ്ജാരി,
സോമാപിയെന്നുമവനെ വിളിച്ചിടും.
തത്പുത്രനാകും ശ്രുതശ്രവസ്സെന്നവ–
ന്നുദ്ഭൂതനാമയുതായുസ്സിളാപതേ!
തന്നന്ദനൻ നിരമിത്രൻ, തദാത്മജൻ
തന്നെ സുനക്ഷത്രനാമകൻ, തത്സുതൻ
അബ്ബൃഹത്സേനൻ, തദാത്മജൻ കർമ്മജി,–
ത്തപ്പാർത്ഥിവൻതൻതനയൻ ശ്രുതഞ്ജയൻ.
തത്പുത്രനാകും ശുചിയെന്ന വിപ്രനി–
ലുദ്ഭൂതനായിടും ക്ഷേമൻ. തദാത്മജൻ;
സുവ്രതൻ, തത്സുതൻ ധർമ്മനേത്രാഹ്വയ,–
നാവിർഭവിക്കുമവനിൽനിന്നും ശ്രുതൻ
പിന്നെ ശ്രുതനിൽ ദ്യുമത്സേനനു,മവൻ–
തന്നിൽ സുമതി, സുബലനാം തത്സുതൻ. 46–48
പിന്നെയവനിൽ സുനീഥൻ, സുനീഥനിൽ–
നിന്നുമസ്സത്യജിത്തും സത്യജിത്തിനു
വിശ്വജിത്തും വിശ്വജിത്തിൽ ജനിച്ചിടും
വിശ്രുതകീർത്തേ! രിപുഞ്ജയഭൂപനും.
ആയിരംവർഷം ബൃഹദ്രഥവംശജ–
രായൊരിബ്ഭൂപാലർ ഭൂമി ഭരിച്ചിടും. 49

അദ്ധ്യായം 23

യദുവംശാനുകീർത്തനം

ശ്രീശുകൻ പറഞ്ഞു

പിന്നെയനുവിൻസുതനായ് സഭാനര–
മന്നനും ചക്ഷുസ്സുതാനും പരോക്ഷനും
തീർന്നിതു, കാലനരൻതാൻ സഭാനര–
നന്ദനൻ, തത്സുതനായിതു സൃഞ്ജയൻ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനമേജയസ്തസ്യ പുത്രോ മഹാശീലോ മഹാമനാഃ
ഉശീനരസ്തിതിക്ഷുശ്ച മഹാമനസ ആത്മജൗ. 2
ശിബിർവനഃ ശമിർദ്ദക്ഷശ്ചതാരോശീനരാത്മജാഃ
വൃഷദർഭഃ സുവീരശ്ച മദ്രഃ കൈകേയ ആത്മജാഃ. 3
ശിബേശ്ചത്വാര ഏവാസംസ്തിതിക്ഷോശ്ച രുശദ്രഥഃ
തതോ ഹേമോഽഥ സുതപാ ബലിഃ സുതപസോഽഭവത്. 4
അങ്ഗവങ്ഗകലിങ്ഗാദ്യാഃ സുഹ്മപുണ്ഡ്രാന്ധ്രസംജ്ഞിതാഃ
ജജ്ഞിരേ ദീർഘതമസോ ബലേഃ ക്ഷേത്രേ മഹീക്ഷിതഃ. 5
ചക്രുഃ സ്വനാമ്നാ വിഷയാൻ ഷഡിമാൻ പ്രാച്യകാംശ്ച തേ
ഖനപാനോഽങ്ഗതോ ജജ്ഞേ തസ്മാദ്ദിവിരഥസ്തതഃ
സുതോ ധർമ്മരഥോ യസ്യ ജജ്ഞേ ചിത്രരഥോഽപ്രജാഃ. 6
രോമപാദ ഇതി ഖ്യാതസ്തസ്മൈ ദശരഥഃ സഖാ
ശാന്താം സ്വകന്യാം പ്രായച്ഛദൃഷ്യശൃങ്ഗ ഉവാഹ താം. 7
ദേവേഽവർഷതി യം രാമാ ആനിന്യുർഹരിണീസുതം
നാട്യസങ്ഗീതവാദിത്രൈർവിഭ്രമാലിങ്ഗനാർഹണൈഃ. 8
സ തു രാജ്ഞോഽനപത്യസ്യ നിരൂപ്യേഷ്ടിം മരുത്വതഃ
പ്രജാമദാദ് ദശരഥോ യേന ലേഭേഽപ്രജഃ പ്രജാഃ. 9
ചതുരങ്ഗോ രോമപാദാത്, പൃഥുലാക്ഷസ്തു തത്സുതഃ
ബൃഹദ്രഥോ ബൃഹത്കർമ്മാ ബൃഹദ്ഭാനുശ്ച തത്സുതാഃ. 10
ആദ്യാദ് ബൃഹന്മനാസ്തസ്മാജ്ജയദ്രഥ ഉദാഹൃതഃ
വിജയസ്തസ്യ സംഭൂത്യാം തതോ ധൃതിരജായത. 11
തതോ ധൃതവ്രതസ്തസ്യ സത്കർമ്മാധിരഥസ്തതഃ
യോഽസൗ ഗങ്ഗാതടേ ക്രീഡൻ മഞ്ജൂഷാന്തർഗ്ഗതം ശിശും. 12
കന്ത്യാപവിദ്ധം കാനീനമനപത്യോഽകരോത് സുതം
വൃഷസേനഃ സുതസ്തസ്യ കർണ്ണസ്യ ജഗതീപതേ! 13
ദ്രുഹ്യോശ്ച തനയോ ബഭ്രുഃ സേതുസ്തസ്യാത്മജസ്തതഃ
ആരബ്ധസ്തസ്യ ഗാന്ധാരസ്തസ്യ ധർമ്മസ്തതോ ധൃതഃ 14
ധൃതസ്യ ദുർമ്മനാ,സ്തസ്മാത് പ്രചേതാഃ, പ്രാചേതസം ശതം
മ്ലേച്ഛാധിപതയോഽഭൂവന്നുദീചീം ദിശമാശ്രിതാഃ. 15
തുർവ്വസോശ്ച സുതോ വഹ്നിർവഹ്നേ[1]ർഭാർഗോഽഥ ഭാനുമാൻ
[2]സുഭാനുസ്തത്സുതോഽസ്യാപി കരന്ധമ ഉദാരധീഃ. 16
മരുതസ്തത്സുതോഽപുത്രഃ പുത്രം പൗരവമന്വഭൂത്
ദുഷ്യന്തഃ സ പുനർഭേജേ സ്വം വംശം രാജ്യകാമുകഃ. 17
യയാതേർജ്ജ്യേഷ്ഠപുത്രസ്യ യദോർവംശം നരർഷഭ!
വർണ്ണയാമി മഹാപുണ്യം സർവ്വപാപഹരം നൃണാം. 18
യദോർവംശം നരഃ ശ്രുത്വാ സർവ്വപാപൈഃ പ്രമുച്യതേ
യത്രാവതീർണ്ണോ ഭഗവാൻ പരമാത്മാ നരാകൃതിഃ. 19
യദോഃ സഹസ്രജിത് ക്രോഷ്ടാ നളോ രിപുരിതി ശ്രുതാഃ
ചത്വാരഃ സൂനവസ്തത്ര ശതജിത് പ്രഥമാത്മജഃ. 20
മഹാഹയോ വേണുഹയോ ഹൈഹയശ്ചേതി തത്സുതാഃ
ധർമ്മസ്തു ഹൈഹയസുതോ നേത്രഃ കന്തേഃ പിതാ തതഃ. 21
സോഹഞ്ജിരഭവത് കന്തേർമ്മഹിഷ്മാൻ ഭദ്രസേനകഃ
ദുർമ്മദോ ഭദ്രസേനസ്യ ധനകഃ കൃതവീര്യസൂഃ 22
കൃതാഗ്നിഃ കൃതവർമ്മാ ച കൃതൗജാ ധനകാത്മജാഃ
അർജ്ജുനഃ കൃതവീര്യസ്യ സപ്തദ്വീപേശ്വരോഽഭവത്. 23

1 'ഭർഗ്ഗോ' ഇതി പാഠഃ. 2 'ത്രിഭാനു'രിതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൃഞ്ജയപുത്രൻ ജനമേജയനൃപൻ,
സഞ്ജാതനായ് മഹാശീലനബ്ഭൂപനിൽ
തന്നന്ദനനാം മഹാമനസ്സിൻസുത-
ദ്വന്ദ്വമുശീനരൻതാനും തിതിക്ഷുവും. 2
പിന്നെശ്ശിബിയും വനൻ, ശമി, ദക്ഷനു-
മെന്നു നാലത്രേയുശീനരനന്ദനർ.
നാലുപേരത്രേ ശിബിക്കും സുതർ മഹീ-
പാലമൗലേ! വൃഷദർഭൻ, സുവീരനും.
മദ്രനും കൈകയനുംതാൻ, തിതിക്ഷുവിൻ-
പുത്രൻ രുശദ്രഥൻ, തത്സുതൻ ഹേമനാം
തൽപുത്രനാകും സുതപസ്സിൽനിന്നു സ-
മുദ്ഭൂതനായി ബലിയും മഹാമതേ! 3-4
പൃഥ്വീശനാം ബലിതൻ കാന്തയിലാറു-
പുത്രരദ്ദീർഘതമസ്സിനുണ്ടായിതു.
അങ്ഗനും വങ്ഗൻ കലിങ്ഗനും സുഹ്മനും,
മങ്ഗലാത്മൻ! പുണ്ഡ്രനാന്ധ്രനുമാണവർ. 5
സ്വന്തനാമത്തിൽ നഗരമോരോന്നവർ
ചന്തമായ് പൂർവ്വദിക്കിൽച്ചമച്ചീടിനാർ.
അങ്ഗതനയൻ ഖനപാനനാ,ണവ-
ന്നങ്ങുളവായാൻ ദിവിരഥനാം സുതൻ.
ധർമ്മരഥൻ തത്സുതൻ തൽസുതനായ
സന്മതി ചിത്രരഥൻ പുത്രഹീനനായ്. 6
രോമപാദാഖ്യയാൽ ഖ്യാതനായീടിനോ-
രാമഹാനായ് സഖാവാകും ദശരഥൻ
ദാനംകൊടുത്ത തൻ ശാന്തയാം പുത്രിയെ
ജ്ഞാനിയാമൃശ്യശൃങ്ഗൻമുനി വേട്ടിതു. 7
ആ രോമപാദരാജാവിൻെറ രാജ്യത്തു
മാരിയുണ്ടാകാതിരുന്നൊരുവേളയിൽ
ഭൂസുരവാക്കിനാൽ സുന്ദരിമാരായ
വേശ്യാജനത്തെ വനത്തിലയച്ചുടൻ
സംഗീതനൃത്തവാദ്യങ്ങളും ലീലകൾ
ശൃങ്ഗാരചേഷ്ടകളാലിങ്ഗനാദിയും
ഭംഗിയായ് കാട്ടി വശീകരിപ്പിച്ചൃശ്യ-
ശൃങ്ഗനെ സ്വന്തം പുരത്തിൽ വരുത്തിനാൻ. 8
ആ മുനിസന്താനഹീനനായീടുമാ-
രോമപാദന്നു മഹേന്ദ്രാദ്ധ്വരത്തിനാൽ
പുത്രനെ നേടിക്കൊടുത്തു പിന്നീവഴി-
ക്കത്രേ ദശരഥൻ സപ്രജനായതും. 9
രോമപാദൻെറ തനയൻ ചതുരങ്ഗ-
നാമകനാം, പൃഥുലാക്ഷൻ തദാത്മജൻ,
ചെമ്മേയവന്നു ബൃഹദ്രഥനും, ബൃഹൽ-
ക്കർമ്മാവുമാ ബൃഹദ്ഭാനുവും പുത്രരായ്. 10
ആദ്യനായീടും ബൃഹദ്രഥൻതന്നുടെ
പുത്രൻ ബൃഹന്മനസ്സിന്നു ജയദ്രഥൻ
പുത്രനായ്, സംഭൂതിതന്നിൽ വിജയനെ-
ത്തീർത്താനവൻ, ധൃതിയത്രേ വിജയജൻ. 11
പിന്നെദ്ധൃതിയുടെ പുത്രൻ ധൃതവ്രതാ-
ഖ്യനു സത്ക്കർമ്മാവു നന്ദനനായിതു.

തന്നന്ദനനാമധിരഥമന്നവൻ
മന്ദാകിനീതടംതന്നിൽ മേളിക്കവേ
കിട്ടിയ പെട്ടിക്കകത്തടങ്ങീടിന
കുട്ടിയെയപ്രജനാമവനാർന്നിതു.
എന്നാലതക്കുന്തി തള്ളിയ കാനീന-
കർണ്ണനത്രേ, തത്സുതൻ വൃഷസേനനാം. 12-13
ദ്രുഹ്യുവിൻ വംശമിനിക്കഥിക്കുന്നു ഞാൻ;
ദ്രുഹ്യുസുതൻ ബഭ്രു, സേതു തദാത്മജൻ,
സേതുജനാരബ്ധനത്രേയവന്നാത്മ-
ജാതനായ്ത്തീർന്നിതു ഗാന്ധാരമന്നവൻ.
ധർമ്മനാകുന്നിതു ഗാന്ധാരനന്ദനൻ
ധർമ്മാഹ്വയൻെറ തനയനത്രേ ധൃതൻ. 14
ദുർമ്മനസ്സത്രേ ധൃതസുത,നായവൻ-
തന്മകനായ് പ്രചേതസ്സുളവായിതു.
പുത്രർ നൂറുണ്ടായവന്നവർ മ്ലേച്ഛാധി-
പത്യമാർന്നുത്തരദിക്കാശ്രയിച്ചിതേ. 15
തുർവ്വസുനന്ദനൻ വഹ്നി, തദാത്മജ-
നുർവ്വീശ! ഭർഗനാം, തത്സുതൻ ഭാനുമാൻ,
ഭാനുമത്പുത്രൻ ത്രിഭാനു, തന്നന്ദനൻ
ദാനസ്വഭാവിയായീടും കരന്ധമൻ, 16
തത്പുത്രനാകും മരുത്തനു സന്താന-
മുദ്ഭവിക്കായ്കയാൽ, പൂരുവിൻ വംശ്യനാം-
ദുഷ്യന്തനെ സ്വീകരിച്ചാ,നവൻ രാജ്യ-
മിച്ഛിച്ചു വീണ്ടും സ്വവംശംവരിച്ചിതു. 17
വർണ്ണിച്ചിടുന്നു യയാതിക്കെഴും ജ്യേഷ്ഠ-
നന്ദനനാം യദുവിൻകുലം ഞാനിനി.
മർത്ത്യദുരിതങ്ങളാകെത്തുലപ്പതു-
മെത്രയും പുണ്യപ്രദവുമാണക്കുലം. 18
അക്കഥ കേൾക്കുവോർ വീണ്ടും ജനിദുഃഖ-
മേല്ക്കാ ദൃഢം, സർവ്വപാപവിമുക്തരാം.
ഇക്കുലത്തിൽ ശ്രീനിവാസൻ നരാകൃതി
കൈക്കൊണ്ടവതീർണ്ണനായിരിക്കുന്നിതേ. 19
ധീമാൻ യദുവിൻസുതന്മാർ സഹസ്രജി-
ന്നാമവാൻ, ക്രോഷ്ടാ,നലനും രിപുവുമാം.
പിന്നെസ്സഹസ്രജത്തിന്നുളവാകിയ
നന്ദനനാം ശതജിത്തിനു പുത്രരായ്-
തീർന്നു മഹാഹയൻ വേണുഹയൻതാനു-
മെന്നല്ല ഹൈഹയനും മൂന്നു നന്ദനർ.
ധർമ്മനത്രേ ഹൈഹയൻെറ പുത്രൻ തദീ-
യാത്മജൻ നേത്രൻ തദാത്മജൻ കന്തിയാം. 20-21
കന്തീസുതൻ സോഹഞ്ജിത്താണവനുടെ
സന്തതിയത്രേ മഹിഷ്മാ,നവൻതൻെറ
പുത്രനല്ലോ ഭദ്രസേനകൻ, തൽസുത-
രദ്ദുർമ്മദനും ധനകനുമാം നൃപ! 22
ആദ്യൻ ധനകനു നന്ദനന്മാർ കൃത-
വീര്യൻ കൃതാഗ്നിയഥ കൃതവർമ്മാവു
പിന്നെ കൃതൗജസ്സുമത്രേ, കൃതവീര്യ-
നന്ദനനർജ്ജുനൻ ദ്വീപേഴിനീശനായ്. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദത്താത്രേയാദ്ധരേരംശാത് പ്രാപ്തയോഗമഹാഗുണഃ
ന നൂനം കാർത്തവീര്യസ്യ ഗതിം യാസ്യന്തി പാർത്ഥിവാഃ
യജ്ഞദാനതപോയോഗശ്രുതവീര്യജയാദിഭിഃ. 24

പഞ്ചാശീതിസഹസ്രാണി ഹ്യവ്യാഹതബലഃ സമാഃ
അനഷ്ടവിത്തസ്മരണോ ബുഭുജേ/ക്ഷയ്യ ഷഡ്വസു. 25

തസ്യ പുത്രസഹസ്രേഷു പഞ്ചൈവോർവ്വരിതാ മൃധേ
ജയധ്വജഃ ശൂരസേനോ വൃഷഭോ മധുരൂർജ്ജിതഃ. 26

ജയധ്വജാത് താലജങ്ഘസ്തസ്യ പുത്രശതം ത്വഭൂത്
ക്ഷത്രം യത് താലജങ്ഘാഖ്യമൗർവ്വതേജോപസംഹൃതം. 27

തേഷാം ജ്യേഷ്ഠോ വീതിഹോത്രോ വൃഷ്ണിഃ പുത്രോ മധോഃ
സ്മൃതഃ. 28

തസ്യ പുത്രശതം ത്വാസീത് വൃഷ്ണിജ്യേഷ്ഠം യതഃ കുലം
മാധവാ വൃഷ്ണയോ, രാജൻ, യാദവാശ്ചേതി സംജ്ഞിതാഃ. 29

യദുപുത്രസ്യ ച ക്രോഷ്ടോഃ പുത്രോ വൃജിനവാംസ്തതഃ
ശ്വാഹിസ്തതോ രുശേകുർവ്വൈ തസ്യ ചിത്രരഥസ്തതഃ. 30

ശശബിന്ദുർമ്മഹായോഗീ മഹാഭോഗോ മഹാനഭൂത്
ചതുർദ്ദശമഹാരത്നശ്ചക്രവർത്ത്യപരാജിതഃ. 31

തസ്യ പത്നീസഹസ്രാണാം ദശാനാം സുമഹായശാഃ
ദശലക്ഷസഹസ്രാണി പുത്രാണാം താസ്വജീജനത്. 32

തേഷാം തു ഷട്പ്രധാനാനാം പൃഥുശ്രവസ ആത്മജഃ
ധർമ്മോ നാമോശനാ തസ്യ ഹയമേധശതസ്യ യാട്. 33

തത്സുതോ രുചകസ്തസ്യ പഞ്ചാസന്നാത്മജാഃ ശൃണു
പുരുജിദ്രുക്മരുക്മേഷു പൃഥുജ്യാമഘസംജ്ഞിതാഃ. 34

ജ്യാമഘസ്ത്വപ്രജോ/പ്യന്യാം ഭാര്യാം ശൈബ്യാപതിർഭയാത്
നാവിന്ദച്ഛത്രുഭവനാദ് ഭോജ്യാം കന്യാമഹാരഷീത്. 35

രഥസ്ഥാം താം നിരീക്ഷ്യാഹ ശൈബ്യാ പതിമമർഷിതാ,
''കേയം കുഹക! മത്സ്ഥാനം രഥമാരോപി''തേതി വൈ. 36

''സ്നുഷാ ത''വേത്യഭിഹിതേ സ്മയന്തീ പതിമബ്രവീത്
''അഹം വന്ധ്യ/ാസപത്നീ ച സ്നുഷാ മേ യുജ്യതേ
കഥം?'' 37

''ജനയിഷ്യസി യം രാജ്ഞി തസ്യേയമുപയുജ്യതേ''
അന്വമോദന്ത തദ്വിശ്വേദേവാഃ പിതര ഏവ ച. 38

ശൈബ്യാ ഗർഭമധാത് കാലേ കുമാരം സുഷുവേ ശുഭം
സ വിദർഭ ഇതി പ്രോക്ത ഉപയേമേ സ്നുഷാം സതീം. 39

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
യദുവംശാനുവർണ്ണനേ ത്രയോവിംശതിതമോ/ധ്യായഃ

ചതുർവ്വിംശതിതമോ/ധ്യായഃ

ശ്രീശുക ഉവാച
തസ്യാം വിദർഭോ/ജനയത് പുത്രൗ നാമ്നാ കുശക്രഥൗ
തൃതീയം രോമപാദം ച വിദർഭകുലനന്ദനം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാർത്തവീര്യാർജ്ജുനൻ, വിഷ്ണ്വംശമായിട്ടു
ദത്താത്രേയാഖ്യമഹർഷിയിൽനിന്നഥ
യോഗാദിനാനാവിശിഷ്ടഗുണങ്ങളെ
സ്വീകരിച്ചേററം മഹാനായ് ഭവിച്ചിതേ.
ദാനതപോയജ്ഞയോഗപരാക്രമ-
ജ്ഞാനവീര്യാദിയാലാ നൃപനാന്നതാം
ഉന്നതമാഹാത്മ്യമന്യമഹീപാല-
രൊന്നുമൊരിക്കലും പ്രാപിച്ചിടാ ദൃഢം. 24
അവ്യാഹതബലത്തോടുമനശ്വര-
ദ്രവ്യം, സ്മൃതിയെന്നിവയോടുമാ നൃപൻ
എൺപത്തിയയ്യായിരം വർഷമാററിതു
സമ്പൂർണ്ണമാറിന്ദ്രിയവിഷയങ്ങളും. 25
ആയിരമർജ്ജുനനന്ദനരിൽ പര-
ശ്വായുധനോടുള്ള പോരിലവശിഷ്ടർ
കേട്ടാക്ക ജയധ്വജൻ, ശൂരസേനൻ, വൃഷ-
ഭാഖ്യൻ,മധു,വൂർജ്ജിതനുമാണഞ്ചുപേർ. 26
താലജങ്ഘൻതാൻ ജയധ്വജനന്ദനൻ
ചാലേയവനുളവായി നൂറാത്മജർ.
അത്താലജങ്ഘൻെറ വംശം, സഗരഭൂ-
ഭൃത്തൗർവതേജസ്സിനാൽ സംഹരിച്ചിതേ. 27
വീതിഹോത്രൻ താലജങ്ഘക്കെഴും ജ്യേഷ്ഠ-
പുത്രൻ, മധു തൽസുതൻ, വൃഷ്ണി തൽസുതൻ. 28
പുത്രർ, മധുവിനു നൂറുപേരുണ്ടതിൽ
മൂത്തവൻതാൻ വൃഷ്ണി,യമ്മധുജാതരെ
മാധവന്മാരെന്നു ചൊല്ലുന്നിതു വൃഷ്ണി-
ജാതരെ വൈഷ്ണവരെന്നും കഥിപ്പതേ.
മൂലപുമാൻ യദുവാകയാൽ രണ്ടില്പ-
മേലുവോരേയും യദുക്കളെന്നോതിടും. 29
ആ യദുവിൻസുതൻ ക്രോഷ്ടാവു, തൽസുത-
നായി വൃജിനവാൻ, തൽസുതൻ ശ്വാഹിയാം.
തത്പുത്രനാകും രുശേകുവിൽനിന്നു സ-
മുദ്ഭൂതനാകിയ ചിത്രരഥൻതൻെറ
പുത്രനായീടും ശശബിന്ദുമന്നവ-
നുത്തമയോഗിയായത്യന്തഭോഗിയായ്
സത്യസങ്കല്പാദിസദ്ഗുണയുക്തനാ-
യിദ്ധാത്രിയിൽ പതിന്നാലുവിധംപെടും
ധന്യരത്നങ്ങളോടൊത്തുചേന്നാരാലു-
മെന്നുമജയ്യനായ് ശോഭിച്ചിരുന്നിതേ. 30-31
മണ്ഡലാധീശനായ് കീർത്തിമാനാമിവ-
നുണ്ടായിരുന്നിതയുതം മഹിഷിമാർ.
ലക്ഷക്കണക്കിനെല്ലാരിലുമായ് ദശ-
ലക്ഷസഹസ്രം സുതരുമുണ്ടായിതു. 32
സുപ്രധാനന്മാരവരിൽ, പൃഥുശ്രവ-
സ്സാം,പൃഥുകീർത്തി, പൃഥുയശസ്സാദിയാം
ആറുപേരത്രേ, പൃഥുശ്രവസ്സിന്നെഴും
പേരാന്ന പുത്രനാം ധർമ്മനിൽനിന്നഥ
ജാതനായോരുശനസ്സാം നരേശ്വരൻ
സാദരം നൂറശ്വമേധം നടത്തിനാൻ. 33
തത്പുത്രനായ രുചകനിൽനിന്നുമ-
ഞ്ചർഭകരുണ്ടായ് പുരുജിത്തു, രുക്മനും
രുക്മേഷുവും, പൃഥു, ജ്യാമഘനിങ്ങനെ;
ജ്യാമഘപത്നിയാം ശൈബ്യയെന്നുള്ളവൾ.
പുത്രനുണ്ടായീലവളി,ലജ്യാമഘ-
നത്തനപിയെബ്ഭയന്നാന്നുമില്ലന്യയെ.
ശത്രുക്കളെ വെന്നുപഭോഗ്യയാമൊരു
മുഗ്ദ്ധാംഗിയെക്കൊണ്ടുവന്നിതങ്ങേകദാ. 34-35
വല്ലഭൻ തേരിലേററിക്കൊണ്ടു വന്നൊര-
മ്മല്ലാക്ഷിയെക്കണ്ടു കോപിച്ചു ശൈബ്യയും
ചോദിച്ചു, ''വഞ്ചകാ! മത്സ്ഥാനസംസ്ഥിത-
യേതവളാണിവ''ളെന്നവനോടുടൻ. 36
ഭാര്യയെപ്പേടിച്ചു ചൊല്ലിനാൻ, ''നിൻപുത്ര-
ഭാര്യയിവ''ളെന്നവളൊടാ ജ്യാമഘൻ.
''പെററവളല്ല ഞാൻ, ഞാനൊഴിഞ്ഞങ്ങേയ്ക്കു
മററൊരുഭാര്യയുമില്ലെന്നിരിക്കവേ,
അങ്ങീയരുളിയ സംഗതിയെങ്ങനെ
സംഗത''മെന്നു ഹസിച്ചുകൊണ്ടോതിനാൾ. 37
''രാജ്ഞീ! ഭവതിയിനിജ്ജനിപ്പിച്ചിടും
പ്രാജ്ഞനാം പുത്രന്നിവൾ കാന്തയായിടും.''
എന്നു ഭയന്നുവിറച്ചുകൊണ്ടന്നൃപൻ
ചൊന്നീടവേ,യവനിൽ സുപ്രസന്നരാം
വിണ്ണവരുമപ്പിതൃക്കളും ചൊല്ലിനാർ
''വന്നീടുമങ്ങനെ''യെന്നു സുസ്പഷ്ടമായ്. 38
ഗർഭംധരിച്ചുടൻ ശൈബ്യയും കാലമാ-
യപ്പോൾ, ശുഭലക്ഷണങ്ങളിയന്നിടും
ചാരുകുമാരനെപ്പെററാളവന്നഥ
പേരും വിദർഭനെന്നിട്ടിതനന്തരം
അമ്മയവിടെ സ്നുഷയായ് ഗണിച്ചുതാൻ
നമ്മട്ടുപോററും സതിയെ വരിച്ചിതു. 39

അദ്ധ്യായം 24

യദുവംശനിരൂപണം

ശ്രീശുകൻ പറഞ്ഞു

പിന്നെ വിദർഭനവളിൽ കുശൻ, ക്രഥ-
നെന്നിവരേയും കലനന്ദനനായി
രോമപാദാഖ്യനാം പുത്രനേയും കാല-
താമസമെന്നിയേയുദ്ഭവിപ്പിച്ചിതു. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രോമപാദസുതോ ബഭ്രുർബ്ഭ്രോഃ കൃതിരജായത
ഉശികസ്തത്സുതസ്തസ്മാച്ചേദിശ്ചൈദ്യാദയോ, നൃപ. 2
ക്രഥസ്യ കുന്തിഃ പുത്രോ/ഭൂദ്വൃഷ്ണിസ്തസ്യാഥ നിർവൃതിഃ
തതോ ദശാർഹോ നാമ്നാഭൂത് തസ്യ വ്യോമഃ സുതസ്തതഃ. 3
ജീമൂതോ വികൃതിസ്തസ്യ യസ്യ ഭീമരഥഃ സുതഃ
തതോ നവരഥഃ പുത്രോ ജാതോ ദശരഥസ്തതഃ. 4
കരംഭിഃ ശകുനേഃ പുത്രോ ദേവരാതസ്തദാത്മജഃ
ദേവക്ഷത്രസ്തതസ്തസ്യ മധുഃ കുരുവശാദനുഃ. 5
പുരുഹോത്രസ്ത്വനോഃ പുത്രസ്തസ്യായുഃ സാത്വതസ്തതഃ
ഭജമാനോ ഭജിദ്ദിവ്യോ വൃഷ്ണിർദ്ദേവാവൃധോ/ന്ധകഃ
സാത്വതസ്യ സുതാഃ സപ്ത മഹാഭോജശ്ച മാരിഷ. 6
ഭജമാനസ്യ നിമ്ലോചിഃ കിങ്കിണോ ധൃഷ്ടിരേവ ച
ഏകസ്യാമാത്മജാഃ പത്ന്യാമന്യസ്യാം ച ത്രയഃ സുതാഃ
ശതാജിച്ച സഹസ്രാജിദയുതാജിദിതി പ്രഭോ. 7
ബഭ്രുർദ്ദേവാവൃധസുതസ്തയോഃ ശ്ലോകൗ പഠന്ത്യമൂ. 8
യഥൈവ ശൃണുമോ ദൂരാത് സംപശ്യാമസ്തഥാന്തികാത്
ബഭ്രുഃ ശ്രേഷ്ഠോ മനുഷ്യാണാം ദേവൈർദ്ദേവാവൃധഃ സമഃ. 9
പുരുഷാഃ പഞ്ചഷഷ്ടിശ്ച ഷട്സഹസ്രാണി ചാഷ്ട ച
യേ/മൃതത്വമനുപ്രാപ്താ ബഭ്രോർദ്ദേവാവൃധാദപി. 10
മഹാഭോജോ/പി ധർമ്മാത്മാ ഭോജാ ആസംസ്തദന്വയേ
വൃഷ്ണേഃ സുമിത്രഃ പുത്രോ/ഭൂദ്യുധാജിച്ച പരന്തപ! 11
ശിനിസ്തസ്യാനമിത്രശ്ച നിമ്നോ/ഭൂദനമിത്രതഃ
സത്രാജിതഃ പ്രസേനശ്ച നിമ്നസ്യാപ്യാസതുഃ സുതൗ. 12
അനമിത്രസുതോ യോ/ന്യഃ ശിനിസ്തസ്യാഥ സത്യകഃ
യുയുധാനഃ സാത്യകിർവ്വൈ ജയസ്തസ്യ കുണിസ്തതഃ. 13
യുഗന്ധരോ/നമിത്രസ്യ വൃഷ്ണിഃ പുത്രോ/പരസ്തതഃ
ശ്വഫൽക്കശ്ചിത്രരഥശ്ച ഗാന്ദിന്യാം ച ശ്വഫൽക്കതഃ
അക്രൂരപ്രമുഖാ ആസൻ പുത്രാ ദ്വാദശ വിശ്രുതാഃ. 14
ആസങ്ഗഃ സാരമേയശ്ച മൃദുരോ മൃദുവിദ്ഗിരിഃ
ധർമ്മവൃദ്ധഃ സുകർമ്മാ ച ക്ഷേത്രോപേക്ഷോ/രിമർദ്ദനഃ
ശത്രുഘ്നോ ഗന്ധമാദശ്ച പ്രതിബാഹുശ്ച ദ്വാദശ. 15
തേഷാം സ്വസാ സുചീരാഖ്യാ ദ്വാവക്രൂരസുതാവപി
ദേവവാനുപദേവശ്ച തഥാ ചിത്രരഥാത്മജാഃ. 16
പൃഥുർവിദൂരഥാദ്യാശ്ച ബഹവോ വൃഷ്ണിനന്ദനാഃ
കുകുരോ ഭജമാനശ്ച ശുചിഃ കംബലബർഹിഷഃ. 17
കുകുരസ്യ സുതോ വഹ്നിർവിലോമാ തനയസ്തതഃ
കപോതരോമാ തസ്യാനുഃ സഖാ യസ്യ ച തുംബുരുഃ. 18
അന്ധകോ ദുന്ദുഭിസ്തസ്മാദരിദ്യോതഃ പുനർവ്വസുഃ
തസ്യാഹുകശ്ചാഹുകീ ച കന്യാ ചൈവാഹുകാത്മജൗ. 19
ദേവകശ്ചോഗ്രസേനശ്ച ചത്വാരോ ദേവകാത്മജാഃ
ദേവവാനുപദേവശ്ച സുദേവോ ദേവവർദ്ധനഃ. 20
തേഷാം സ്വസാരഃ സപ്താസൻ ധൃതദേവാദയോ നൃപ!
ശാന്തിദേവോപദേവാ ച ശ്രീദേവാ ദേവരക്ഷിതാ
സഹദേവാ ദേവകീ ച വസുദേവ ഉവാഹ താഃ 21
കംസഃ സുനാമാ ന്യഗ്രോധഃ കങ്കഃ ശങ്കുഃ സുഹുസ്തഥാ
രാഷ്ട്രപാലോ/ഥ സൃഷ്ടിശ്ച തുഷ്ടിമാനൗഗ്രസേനയഃ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബഭ്രുവത്രേ രോമപാദാത്മജൻ, കൃതി–
തത്പുത്രനായാൻ കുശികൻ തദാത്മൻ,
പിന്നെക്കുശികജനായിട്ടും ചേദിയിൽ–
നിന്നു ചൈദ്യാദിനൃപന്മാർ ജനിച്ചിതു. 2
കന്തിയല്ലോ ക്രഥനന്ദനൻ, വൃഷ്ണി തത്–
സന്തതി, തത്സുതൻ നിർവൃതിനാമകൻ
നിർവൃതിപുത്രനായീടും ദശാർഹനി–
ച്ചുർവീപതേ, ജനിച്ചാൻ വ്യോമനാമകൻ. 3
ജീമൂതനാം വ്യോമനന്ദനൻ, തത്സുതൻ
ഭൂമീശമൗലേ! വികൃതി, തദാത്മജൻ–
ഭീമരഥാഖ്യൻ, നവരഥൻ തത്സുതൻ
ധീമൻ! ദശരഥനാമകൻ തത്സുതൻ. 4
വത്സാ! ദശരഥപുത്രൻ ശകുനിതാൻ,
തത്സുതനാണു കരംഭി, തദാത്മജൻ
ദേവരാതന്നു ദേവക്ഷത്രനാത്മജൻ,
ഭൂവരാ! തത്സുതനായ് ഭവിച്ചാൻ മധു.
മന്നവനാം മധുവിന്നു തനൂജനായ്–
ത്തീർന്നാൻ കുരുവശൻ, തത്സുതനാണനു. 5
തത്പുത്രനാം പുരുഹോത്രനിൽനിന്നു സ–
മുദ്ഭൂതനായുസ്സു, തത്സുതൻ സാത്വതൻ,
സാത്വതനിൽ ഭജമാനൻ, ഭജി, ദിവ്യൻ
സത്തമനാം വൃഷ്ണി, ദേവാവൃധാഖ്യനും
അന്ധകനും മഹാഭോജനുമിങ്ങനെ
സന്താനവും മുറയ്ക്കേഴുളവായിതു. 6
അബ്ഭജമാനന്നൊരു ഭാര്യയിൽനിന്നു–
മുദ്ഭൂതർ, നിമ്ലോചി, കിങ്കിണൻ, ധൃഷ്ടിയും
അന്യയാം കാന്തയിൽനിന്നും ശതാജിത്തു
പിന്നെസ്സഹസ്രാജിത്തങ്ങയുതാജിത്തും
ഉണ്ടായിതു മുറയ്ക്കേവമക്കാന്തമാർ
രണ്ടുമാർന്നീടിനാർ മുമ്മൂന്നു പുത്രരെ. 7
ദേവാവൃധസുതൻ ബഭ്രു,വിവരെയി–
ങ്ങേവരും വാഴ്ത്തുന്നു രണ്ടു പദ്യങ്ങളാൽ. 8
ദൂരത്തുനിന്നു കേൾക്കുന്നതുപോലെതാൻ
ചാരത്തു വന്നു നോക്കുമ്പൊഴും കണ്ടിടാം.
ബഭ്രുമനുഷ്യരിൽ ശ്രേഷ്ഠനാം, വിണ്ണവ–
ർക്കൊപ്പം വിളങ്ങുവോൻതന്നെ ദേവാവൃധൻ. 9
ഈ രണ്ടുപേരുടെ വംശജരായിട്ട–
മാറായിരത്തിയെഴുപത്തിമൂന്നുപേർ
നിത്യം തദീയോപദേശാനുസാരമായ്
വർത്തിച്ചു മോക്ഷപദവിയാർന്നീടിനാർ. 10
അത്യന്തധർമ്മിഷ്ഠനത്രേ മഹാഭോജൻ
തദ്വംശ്യർ ഭോജരെന്നെങ്ങും പ്രസിദ്ധരാം
ചെമ്മേ സുമിത്രൻ, യുധാജിത്തുമെന്നു ര–
ണ്ടാത്മജർ വൃഷ്ണിക്കു ജാതരായീടിനാർ. 11
ആ യുധാജിത്തിൽ സിനി,യനമിത്രനെ–
ന്നായിരുനന്ദനർ സംജാതരായിതു.
നിമ്നനനമിത്രജനാണു, രണ്ടുപേർ
നിമ്നജർ സത്രാജിതനും പ്രസേനനും. 12
പിന്നെയനമിത്രനന്യസുതൻ ശിനി–
തന്നിൽനിന്നും ജനിച്ചീടിനാൻ സത്യകൻ.
സത്യകപുത്രൻ യുയുധാനനാണു, തത്–
പുത്രൻ ജയൻ ജയനന്ദനനാം കുണി. 13
അന്യസുതനനമിത്രനുണ്ടായ് വൃഷ്ണി–
യെന്നനാമത്തിൽ, കുണിജൻ യുഗന്ധരൻ
ഉണ്ടായ് ശ്വഫല്കനും ചിത്രരഥാഖ്യനും
രണ്ടു തനയർ വൃഷ്ണി,ക്കാശ്വഫല്കനു
അക്രൂരനും തഥാഖ്യാതരാം പന്ത്രണ്ടു–
മക്കളുമുണ്ടായി ഗാന്ദിനീകാന്തയിൽ. 14
ആസംഗനും സാരമേയൻ, മൃദുരനും
ഹേ സന്മതേ! മൃദുവിത്തുതാനും ഗിരി,
ധർമ്മവൃദ്ധൻ, സുകർമ്മാവു, ക്ഷേത്രോപേക്ഷ–
നമ്മട്ടരിമർദ്ദന,നഥ ശത്രുഘ്നൻ,
ഗന്ധമാദൻ, പ്രതിബാഹുവിപ്പേർകളി–
ലുണ്ടായ് സുചീരയും തത്സഹജാതയായ്. 15
അക്രൂരനു ദേവവാ,നുപദേവനും
മക്കളാം, ചിത്രരഥനു തനൂജരായ്–
ത്തീർന്നു പൃഥുവും വിഡൂരഥാദ്യന്മാരു,–
മെന്നീവിധത്തിൽ പല പലമന്നവർ.
മന്നിൽ പുകഴുമീ വൃഷ്ണിവംശത്തിനെ–
യെന്നും പ്രമുദിതമാക്കിയിരുന്നിതേ,
ചെമ്മേ കുകുരൻ ഭജമാനനും ശുചി
കംബളബർഹിഷനെന്നു നാലാത്മജർ. 16–17
അന്ധകനുണ്ടായ്, കുകുരന്നഥ വഹ്നി–
സന്തതിയായാൻ വിലോമാവു തത്സുതൻ
തത്പുത്രനത്രേ കപോതരോമാവു, ത–
ദർഭകൻ തുംബുരു സ്നേഹിതനാമനു. 18
അന്ധകനാണനുപുത്രൻ, തദാത്മജൻ
ദുന്ദുഭി, തത്തനയൻ ദരിദ്യോതനാം
തത്പുത്രനാകും പുനർവസുവിങ്കൽനി–
ന്നുദ്ഭവിച്ചാനാഹുകനെന്ന പുത്രനും
ആഹുകിയെന്ന മകളും ഭവിച്ചു, പി–
ന്നാഹുകനുണ്ടായിതു രണ്ടു നന്ദനർ
ദേവകനുമുഗ്രസേനനുമാണവർ;
ദേവകനിൽ ദേവവാ,നുപദേവനും
ശ്രീസുദേവൻ ദേവവർദ്ധനനെന്നു ഭൂ–
വാസവാ! നാലുതനയരുണ്ടായിതു. 19–20
സോദരിമാരങ്ങവർക്കു ധൃതദേവ–
മേദിനീശാ! ശാന്തിദേവയുപദേവ
ശ്രീദേവയും ദേവരക്ഷിതയും നര–
ദേവമണേ! സഹദേവയും ദേവകി
എന്നപേരിൽത്തീർന്നിതീയേഴുപേരെയും
നന്ദിച്ചു വേട്ടുകൊണ്ടാൻ വസുദേവനും. 21
കംസൻ, സുനാമാവു, ന്യഗ്രോധനും കങ്ക–
നാശങ്കുവും സുഹൂ, രാഷ്ട്രപാലൻ, സൃഷ്ടി,
തുഷ്ടിമാനിങ്ങനെയുഗ്രസേനൻതന്റെ
പുത്രരായൊൻപതു പേരുളവായിതു. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കംസാ കംസവതീ കങ്കാ ശൂരഭൂ രാഷ്ട്രപാലികാ
ഉഗ്രസേനദുഹിതരോ വസുദേവാനുജസ്ത്രിയഃ. 23

ശൂരോ വിദൂരഥാദാസീദ്ഭജമാനഃ സുതസ്തതഃ
ശിനിസ്തസ്മാത് സ്വയംഭോജോ ഹൃദീകസ്തത്സുതോ മതഃ. 24

ദേവബാഹുഃ ശതധനുഃ കൃതവർമ്മേതി തത്സുതാഃ
ദേവമീഢസ്യ ശൂരസ്യ മാരിഷാ നാമ പത്ന്യഭൃത്. 25

തസ്യാം സ ജനയാമാസ ദശ പുത്രാനകല്മഷാൻ
വസുദേവം ദേവഭാഗം ദേവശ്രവസമാനകം 26

സൃഞ്ജയം ശ്യാമകം കങ്കം ശമീകം വത്സകം വൃകം
ദേവദുന്ദുഭയോ നേദുരാനകാ യസ്യ ജന്മനി. 27

വസുദേവം ഹരേഃ സ്ഥാനം വദന്ത്യാനകദുന്ദുഭിം
പൃഥാ ച ശ്രുതദേവാ ച ശ്രുതകീർത്തിഃ ശ്രുതശ്രവാഃ 28

രാജാധിദേവീ ചൈതേഷാം ഭഗിന്യഃ പഞ്ച കന്യകാഃ
കുന്തേഃ സഖ്യുഃ പിതാ ശൂരോ ഹ്യപുത്രസ്യ പൃഥാമദാത്. 29

സാ//പ ദുർവ്വാസസോ വിദ്യാം ദേവഹൂതീം പ്രതോഷിതാത്
തസ്യാ വീര്യപരീക്ഷാർത്ഥമാജുഹാവ രവിം ശുചിഃ. 30

തദൈവോപാഗതം ദേവം വീക്ഷ്യ വിസ്മിതമാനസാ
''പ്രത്യയാർത്ഥം പ്രയുക്താ മേ യാഹി ദേവ! ക്ഷമസ്വ മേ.'' 31

''അമോഘം ദർശനം ദേവി! ആധിത്സേ ത്വയി ചാത്മജം
യോനിര്യഥാ ന ദുഷ്യേത കർത്താഹം തേ സുമധ്യമേ.'' 32

ഇതി തസ്യാം സ ആധായ ഗർഭം സൂര്യോ ദിവം ഗതഃ
സദ്യഃ കുമാരഃ സംജജ്ഞേ ദ്വിതീയ ഇവ ഭാസ്കരഃ. 33

തം സാത്യജന്നദീതോയേ കൃച്ഛ്റാല്ലോകസ്യ ബിഭ്യതീ
പ്രപിതാമഹസ്താമുവാഹ പാണ്ഡുർവൈ സത്യവിക്രമഃ 34

ശ്രുതദേവാം തു കാരൂഷോ വൃദ്ധശർമ്മാ സമഗ്രഹീത്
യസ്യാമഭൂദ്ദന്തവക്ത്ര ഋഷിശപ്തോ ദിതേഃ സുതഃ. 35

കൈകേയോ ധൃഷ്ടകേതുശ്ച ശ്രുതകീർത്തിമവിന്ദത
സന്തർദ്ദനാദയസ്തസ്യ പഞ്ചാസൻ കൈകയാഃ സുതാഃ. 36

രാജാധിദേവ്യാമാവന്ത്യൗ ജയസേനോ/ജനിഷ്ട ഹ
ദമഘോഷശ്ചേദിരാജഃ ശ്രുതശ്രവസമഗ്രഹീത്. 37

ശിശുപാലഃ സുതസ്തസ്യാഃ കഥിതസ്തസ്യ സംഭവഃ
ദേവഭാഗസ്യ കംസായാം ചിത്രകേതുബൃഹദ്ബലൗ. 38

കംസവത്യാം ദേവശ്രവസഃ സുവീര ഇഷുമാംസ്തഥാ
കങ്കായാമാനകാജ്ജാതഃ സത്യജിത് പുരുജിത് തഥാ. 39

സൃഞ്ജയോ രാഷ്ട്രപാല്യാം ച വൃഷദുർമ്മർഷണാദികാൻ
ഹരികേശഹിരണ്യാക്ഷൗ ശൂരഭൂമ്യാം ച ശ്യാമകഃ. 40

മിശ്രകേശ്യാമപ്സരസി വൃകാദീൻ വത്സകസ്തഥാ
തക്ഷപുഷ്കരശാലാദീൻ ദുർവാക്ഷ്യാം വൃക ആദധേ. 41

സുമിത്രാർജ്ജുനപാലാദീഞ്ഛമീകാത്തു സുദാമിനീ
കങ്കശ്ച കർണ്ണികായാം വൈ ഋതധാമജയാവപി. 42

പൗരവീ രോഹിണീ ഭദ്രാ മദിരാ രോചനാ ഇളാ
ദേവകീപ്രമുഖാ ആസൻ പത്ന്യ ആനകദുന്ദുഭേഃ. 43

ബലം ഗദം സാരണം ച ദുർമ്മദം വിപുലം ധ്രുവം
വസുദേവസ്തു രോഹിണ്യാം കൃതാദീനുദപാദയത്. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കംസയും കംസവതി, കങ്ക, ശൂരഭൂ-
രാഷ്ട്രാദിപാലികയെന്നിവരഞ്ചുപേർ
ഏവരുമുഗ്രസേനാത്മജമാർ, വസു-
ദേവാനുജസഹധർമ്മിണിമാരുമാം. 23
ശൂരൻ വിദൂരഥപുത്രൻ, ഭജമാന-
നോരുക തത്തനയൻ, ശിനി തൽസുതൻ
തത്പുത്രനാകും സ്വയംഭോജനിൽനിന്നു-
ദ്ഭവിച്ചീടിനാൻ പിന്നെ ഹൃദീകനും. 24
ദേവബാഹ്വാഖ്യൻ, ശതധനുസ്സും തഥാ
ദേവമീഢൻ, കൃതവർമ്മാവുമെന്നവർ
നേരേ ഹൃദീകജർ, ദേവമീഢാത്മജൻ
ശൂരനമ്മാരിഷയെ വരിച്ചീടിനാൻ. 25
ശൂരനു മാരിഷതന്നിൽ പരിശുദ്ധി-
ചേരുന്ന പത്തു പുത്രന്മാർ ഭവിച്ചിതു.
ആ വസുദേവനും ദേവഭാഗാഖ്യനും
ദേവശ്രവസ്സാനകൻ സൃഞ്ജയാഖ്യനും
ശ്യാമകൻ കങ്കശമീകനും വത്സകൻ
ഭൂമീശ്വരാ! വൃകനെന്നുമാം പേരുകൾ.
ആനകദുന്ദുഭിതൊട്ട വാദ്യങ്ങളെ
വാനവർ തജ്ജന്മനേരം മുഴക്കയാൽ
ശ്രീനാഥജന്മഭൂവാം വസുദേവനി-
ലാനകദുന്ദുഭീനാമവും ചേർന്നിതു.
ശൂരാത്മജമാർ പൃഥയും ശ്രുതദേവ,
ചാരുശ്രുതശ്രവസ്സും ശ്രുതകീർത്തിയും
പിന്നെയാ രാജാധിദേവിയുംതന്നെയാ-
മെന്നിവരിൽ പൃഥയെപ്പുത്രഹീനനും
തന്നുടെയിഷ്ടനുമാം കുന്തിഭോജനു
നന്ദിച്ചു ദാനമായ് ശൂരൻ കൊടുത്തിതു. 26–29
മാമുനിയായ ദുർവ്വാസസ്സിനെയവൾ
കാമം പ്രമുദിതനാക്കിയനന്തരം
ദേവവൃന്ദത്തെ വിളിച്ചുവരുത്തുന്ന
ദേവഹൂതീവിദ്യയഭ്യസിച്ചീടിനാൾ.
ഒക്കെമോയീവിദ്യയെന്നറിഞ്ഞീടുവാ-
നക്കന്യസ്സംശുദ്ധയായ് വിളിച്ചീടിനാൾ. 30
ചാരത്തുടൻതാനണയും ദിനേശനെ
നേരേ നിരീക്ഷിച്ചു വിസ്മയചിത്തയായ്
''മന്ത്രബലം പരീക്ഷിക്കാൻ വിളിച്ചു ഞാൻ.
നിന്തിരുമേനി പൊറുത്തു, പോയീടണം.'' 31
എന്നുള്ള കുന്തീവചനം ശ്രവിച്ചിനൻ
ചൊന്നാ''നയേ ദേവി! മാമകദർശനം
നിഷ്ഫലമാകാ, ഭവതിയിൽ പുത്രനെ-
യുദ്ഭവിപ്പിക്കുന്നു ഞാൻ, ധരിച്ചീടു നീ.
യോനിക്കു ദോഷമശേഷമേശീടാതെ
ഞാനിന്നനുഗ്രഹിച്ചീടാം ഭവതിയെ.'' 32
എന്നു പറഞ്ഞു ഗർഭാധാനവുംചെയ്തു
വിണ്ണണഞ്ഞീടിനാൻ മാർത്താണ്ഡദേവനും.
രണ്ടാമഹസ്കരൻമട്ടൊരു ബാലന-
ന്നണ്ടാർദലാക്ഷിയിലുണ്ടായിതക്ഷണം. 33

ലോകരെപ്പേടിപ്പിച്ചവളക്കുമാരനെ
ശോകവിവശയായാററിൽ കളഞ്ഞിതു.
പിന്നെയത്തന്വങ്ഗിയെസ്സത്യവിക്രമൻ
പാണ്ഡുവങ്ങേ പ്രപിതാമഹൻ വേട്ടിതു. 34
വൃദ്ധശർമ്മാവു കാരൂഷദേശാധിപൻ
വേട്ടാൻ ശ്രുതദേവയെ,യാവധൂടിയിൽ
പണ്ടൃഷിശാപത്തിനാൽ ദിതിയിൽ ജനി-
യാണ്ടവൻ ദന്തവക്ത്രാഖ്യയിൽ ജാതനായ്. 35
ആ ശ്രുതകീർത്തിയെ വേട്ടിതു കേകയാ-
ധീശനാം ധൃഷ്ടകേത്വാഖ്യധരാധവൻ
പുത്രരും ജാതരായ് കൈകയന്മാരെന്നു
കീർത്തിതർ സന്തർദ്ദനാദികളഞ്ചുപേർ. 36
രാജാധിദേവിയിൽ വിന്ദാനുവിന്ദരാം
രാജാക്കളെജ്ജനിപ്പിച്ചാൻ ജയസേനൻ
അങ്ങവർ രണ്ടുമവന്തിക്കധീശരാ-
യെങ്ങുമഭംഗുരകീർത്തിചാർത്തീടിനാർ
ചേദിരാജാവാം ദമഘോഷനും പുരു-
മോദം വരിച്ചാൻ ശ്രുതശ്രവസ്സിന്നെയും. 37
അത്തന്വിയിൽ ശിശുപാലൻ ജനിച്ചതു
പൃഥ്വീപതേ! മുമ്പു വിസ്തരിച്ചീടിനേൻ.
ജാതരായീ ദേവഭാഗന്നഥ ചിത്ര-
കേതു, ബൃഹദ്ബലനും കാന്ത കംസയിൽ. 38
കംസവതിയായ കാന്തയിൽ ദേവശ്ര-
വസ്സിന്നിഷുമാൻ സുവീരനും ജാതരായ്.
പൃഥ്വീശനാമാനകന്നഥ കങ്കയിൽ
സത്യജിത്തും പുരുജിത്തും ജനിച്ചിതു. 39
സൃഞ്ജയന്നാ രാഷ്ട്രപാലിയാം ജായയിൽ
സഞ്ജാതരായ് വൃഷദുർമ്മർഷണാദികൾ.
ശ്യാമകന്നുണ്ടായിതു ശൂരഭൂമിയിൽ
ശ്രീമൻ! ഹരികേശനും ഹിരണ്യാക്ഷനും. 40
അപ്സരസ്ത്രീയായിടും മിശ്രകേശിയിൽ
വത്സകൻ പിന്നെ വൃകാദ്യരേയും, വൃകൻ
ചാലവേ ദുർവാക്ഷിയിൽത്തക്ഷപുഷ്കര-
ശാലാദ്യരേയുമഥ ജനിപ്പിച്ചിതു. 41
പത്നി, ദാമിനിയിൽ ശമീകൻ തീർത്തു
പിന്നെസ്സുമിത്രാർജ്ജുനപാലമുഖ്യരെ
കർണ്ണികയിൽ ജനിപ്പിച്ചു കങ്കൻ ജയ-
നെന്നവനേയുമൃതധാമനേയുമേ. 42
പൗരവി, രോഹിണി, ഭദ്ര,മദിരയും
ശ്രീരോചന,യിള, ദേവകിതൊട്ടവർ
ആനകദുന്ദുഭിതന്നുടെ ഭാര്യമാ-
രാണെന്നതും ധരിച്ചീടുക കൗരവാ! 43
സാരണൻ, പിന്നെബ്ബലൻ, ഗദൻ, ദുർമ്മദൻ
വീരൻ വിപുലൻ, ധ്രുവൻ കൃതനാദിയാം
നന്ദനന്മാരെയാ രോഹിണീഭാര്യയിൽ
പിന്നെജ്ജനിപ്പിച്ചിതാനകദുന്ദുഭി. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഭദ്രോ ഭദ്രവാഹശ്ച ദുർമ്മദോ ഭദ്ര ഏവ ച
പൗരവ്യാസ്തനയാ ഹ്യേതേ ഭൂതാദ്യാ ദ്വാദശാഭവൻ. 45

നന്ദോപനന്ദകൃതകശൂരാദ്യാ മദിരാത്മജാഃ
കൗസല്യാ കേശിനം ത്വേകമസൂത കുലനന്ദനം. 46

രോചനായാമതോ ജാതാ ഹസ്തഹേമാങ്ഗദാദയഃ
ഇളായാമുരുവല്ക്കാദീൻ യദുമുഖ്യാനജീജനത്. 47

വിപൃഷ്ഠോ ധൃതദേവായാമേക ആനകദുന്ദുഭേഃ
ശാന്തിദേവാത്മജാ, രാജൻ, ശ്രമപ്രതിശ്രുതാദയഃ. 48

രാജാനഃ കല്പവർഷാദ്യാ ഉപദേവാസുതാ ദശ
വസുഹംസസുവംശാദ്യാഃ ശ്രീദേവായാസ്തു ഷട്സുതാഃ. 49

ദേവരക്ഷിതയാ ലബ്ധ്വാ നവ ചാത്ര ഗദാദയഃ
വസുദേവഃ സുതാനഷ്ടാവാദധേ സഹദേവയാ. 50

പുരുവിശ്രുതമുഖ്യാംസ്തു സാക്ഷാദ്ധർമ്മോ വസൂനിവ
വസുദേവസ്തു ദേവക്യാമഷ്ട പുത്രാനജീജനത്. 51

കീർത്തിമന്തം സുഷേണം ച ഭദ്രസേനമുദാരധീഃ
ഋജും സമ്മർദ്ദനം ഭദ്രം സങ്കർഷണമഹീശ്വരം. 52

അഷ്ടമസ്തു തയോരാസീത് സ്വയമേവ ഹരിഃ കില
സുഭദ്രാ ച മഹാഭാഗാ തവ, രാജൻ, പിതാമഹീ. 53

യദാ യദേഹ ധർമ്മസ്യ ക്ഷയോ വൃദ്ധിശ്ച പാപ്മനഃ
തദാ തു ഭഗവാനീശ ആത്മാനം സൃജതേ ഹരിഃ. 54

ന ഹ്യസ്യ ജന്മനോ ഹേതുഃ കർമ്മണോ വാ, മഹീപതേ,
ആത്മമായാം വിനേശസ്യ പരസ്യ ദ്രഷ്ടുരാത്മനഃ. 55

യന്മായാചേഷ്ടിതം പുംസഃ സ്ഥിത്യുത്പത്ത്യപ്യയായ ഹി
അനുഗ്രഹസ്തന്നിവൃത്തേരാത്മലാഭായ ചേഷ്യതേ. 56

അക്ഷൗഹിണീനാം പതിഭിരസുരൈർന്നൃപലാഞ്ഛനൈഃ
ഭുവ ആക്രമ്യമാണായാ അഭാരായാ കൃതോദ്യമഃ 57

കർമ്മാണ്യപരിമേയാണി മനസാപി സുരേശ്വരൈഃ
സഹസങ്കർഷണശ്ചക്രേ ഭഗവാൻ മധുസൂദനഃ. 58

കലൗ ജനിഷ്യമാണാനാം ദുഃഖശോകതമോനുദം
അനുഗ്രഹായ ഭക്താനാം സുപുണ്യം വ്യതനോദ്യശഃ. 59

യസ്മിൻ സത്കർണ്ണപീയൂഷേ യശസ്തീർത്ഥവരേ സകൃത്
ശ്രോത്രാഞ്ജലിരുപസ്പൃശ്യ ധുനുതേ കർമ്മവാസനാം. 60

ഭോജവൃഷ്ണ്യന്ധകമധുശൂരസേനദശാർഹകൈഃ
ശ്ലാഘനീയേഹിതഃ ശശ്വത് കുരുസൃഞ്ജയപാണ്ഡുഭിഃ. 61

സ്നിഗ്ദ്ധസ്മിതേക്ഷിതോദാരൈർവ്വാക്യൈർവിക്രമലീലയാ
നൃലോകം രമയാമാസ മൂർത്ത്യാ സർവ്വാങ്ഗരമ്യയാ. 62

യസ്യാനനം മകരകുണ്ഡലചാരുകർണ്ണ-
ഭ്രാജത്കപോലസുഭഗം സവിലാസഹാസം
നിത്യോത്സവം ന തതൃപുർദൃശിഭിഃ പിബന്ത്യോ
നാര്യോ നരാശ്ച മുദിതാഃ കുപിതാ നിമേശ്ച. 63

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെമ്മേ സുഭദ്രനും ഭദ്രവാഹാഭിധൻ
ദുർമ്മദൻ താനുമബ്ഭദ്രഭൂതാദ്യരും

ഇത്തരം പൗരവിതന്നിലും പന്ത്രണ്ടു-
പുത്രരെയദ്ദേഹമുദ്ഭവിപ്പിച്ചിതു. 45

നന്ദോപനന്ദകൃതകശൂരാദ്യരാം
നന്ദനരെജ്ജനിപ്പിച്ചാൻ മദിരയിൽ,

കൗസല്യയിൽക്കുലനന്ദനനായിട്ടും
കേശിയെ മാത്രമുളവാക്കിനാനവൻ. 46

ഹസ്തഃഹമാങ്ഗദാദ്യന്മാരെ രോചനാ-
പതിയിലു,മുരുവല്കൻ യദുതൊട്ടു

യാദവന്മാരെയിളാദേവിതന്നിലും
ജാതരാക്കീ, മുഖ്യനമ്മക്കളിൽ യദു. 47

തീർത്താൻ ധൃതദേവതന്നിൽ വിപൃഷ്ഠനെ-
ന്നൊററമകനേയു,മശ്ശാന്തിദേവയിൽ

പിന്നെ ശ്രമനെ പ്രതിശ്രുതമുഖ്യരെ
തന്നെയും, പതിയുപദേവയിലവൻ-

കല്പവഷാദിയാം പത്തു സുതരെയു-
മുത്പലനേത്രയാം ശ്രീദേവയിൽ വസു

ഹംസസുവംശാദിഷൾക്കത്തെയും ദേവ-
രക്ഷിതയിൽ ഗദൻതൊട്ടുസുതരെയും. 48–49

തീർത്താൻ സഹദേവയിൽ പുരുവിശ്രുതാ-
ദ്യുത്തമരെട്ടുസുതരെയും ശൂരജൻ.

അഷ്ടവസുക്കളെദ്ധർമ്മദേവൻവിധ-
മെട്ടുതനയരെദ്ദേവകിതന്നിലും. 50-51

കീർത്തിമാനും സുഷേണൻ ദാനശീലനാം
ഭദ്രസേനാഭിധ,നൃജ്വഭിധാനനും

സമ്മർദ്ദനനുമനന്തരം ഭദ്രനും
ചെമ്മേ ഭുജഗാധിനായകനായിട്ടും

സങ്കർഷണനും ജനിച്ചിതെട്ടാമനാ-
യങ്ങവതാരമാന്നാൻ സ്വയം ശ്രീഹരി.

ദമ്പതിമാരാമവരുടെ പുത്രിതാൻ
നിൻ പിതാവിൻജനയിത്രി സുഭദ്ര കേൾ.
52–53

എപ്പൊഴെപ്പോൾ ധർമ്മമെപ്പേരുമേ നശി-
ച്ചിപ്പാരിലെങ്ങുമധർമ്മം പരന്നിടും

അപ്പൊഴപ്പോൾ സമസ്തേശ്വരനായിട്ടും
ചിൽപ്പുമാൻ ലോകത്തവതരിക്കുന്നിതേ. 54

സങ്ഗരഹിതനായ്, സാക്ഷിയായീശനാ-
യെങ്ങും നിറഞ്ഞു വിളങ്ങും ഭഗവാന്റെ

ജന്മകർമ്മങ്ങൾക്കു കാരണം പാർക്കുകിൽ
തന്മായയെന്നിയേ മററൊന്നുമല്ലതാൻ. 55

ആരുടെ മായതൻ വ്യാപാരമോ പുമാ-
ന്നോരുകിൽ ജന്മസ്ഥിതിലയഹേതുവായ്

നേരേയതിൽനിന്നുമുള്ള നിവൃത്തിതാൻ
പൂരുഷന്നാത്മലാഭാനുഗ്രഹം നൃപാ! 56

അക്ഷൗഹിണീനായകരാം നൃപാഭാസ-
രാക്ഷസഭൂപാലർതന്നക്രമങ്ങളാൽ

ഭൂമിക്കു വാച്ചും ഭരം ഹരിപ്പാൻ ഹരി
കാമിച്ചതിൻഫലമാണീ നരജനി. 57

വിൺനായകക്കും മനസ്സുകൊണ്ടും പരി-
ഗണ്യമല്ലാത്ത വിവിധകർമ്മങ്ങളെ

സങ്കർഷണനോടുമൊത്തനുഷ്ഠിച്ചിതു
ശങ്കയെന്യേ ഭഗവാൻ മധുസൂദനൻ. 58

മന്നിൽക്കലിയിൽ ജനിക്കും നിജഭക്ത-
വൃന്ദത്തെയെല്ലാമനുഗ്രഹിച്ചീടുവാൻ

യുക്തമായ് ദുഃഖതമോഹരമായ് പുണ്യ-
വർദ്ധകമാം കീർത്തിയെങ്ങും പരത്തിനാൻ. 59

സാധുജനകർണ്ണപീയൂഷമാം രമാ-
നാഥകഥാപുണ്യതീർത്ഥമൊരുകുറി

ശ്രോത്രപുടങ്ങളാം പാനപാത്രങ്ങളാൽ
ശ്രദ്ധയോടാചമിച്ചീടുന്ന പൂരുഷൻ

ത്രുഢമാമകർമ്മവാസനാസഞ്ചയം
പാടേ നശിച്ചു മോക്ഷാർഹനായ്ത്തീർന്നിടും. 60

ശൂരസേനാന്ധകസൃഞ്ജയപാണ്ഡവ-
കൗരവദാശാർഹഭോജവൃഷ്ണ്യാദ്യരാൽ

ശ്ലാഘ്യതരങ്ങളാം വ്യാപാരപൂരവും
സ്നിഗ്ദ്ധസ്മിതേക്ഷണോദാരവാക്യങ്ങളും

വിക്രമലീലയുമാരമ്യസർവാങ്ഗ-
യുക്തശരീരവുംകൊണ്ടനുവാസരം

മാനവലോകത്തെയാരമിപ്പിച്ചിതേ-
യാനകദുന്ദുഭീസൂനുവാം മാധവൻ. 61–62

കുണ്ഡലചാരുകർണ്ണങ്ങളും ശോഭനേ-
ഗണ്ഡങ്ങളുംകൊണ്ടതീവസുഭഗമായ്

ഹാസവിലാസമനോഹരമായി, നി-
ത്യോത്സവയുക്തമായീടും തദാനനം

കണ്ണുകൾകൊണ്ടു നുകരും പുമാന്മാരു-
മൊന്നോടെ തന്വികളും പരിതുഷ്ടരായ്

എന്നും നിമേഷനിദാനമാമന്നിമി-
മന്നവനോടു കോപിച്ചിടുന്നു നൃപാ! 63

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാതോ ഗതഃ പിതൃഗൃഹാദ്‌വ്രജമേധിതാർത്ഥോ
ഹത്വാ രിപൂൻ സുതശതാനി കൃതോരുദാരഃ
ഉത്പാദ്യ തേഷു പുരുഷഃ ക്രതുഭിഃ സമീജേ
ആത്മാനമാത്മനിഗമം പ്രഥയഞ്ജനേഷു. 64

പൃഥ്വ്യാഃ സ വൈ ഗുരുഭരം ക്ഷപയൻ കുരൂണാ-
മന്തഃസമുത്ഥകലിനാ യുധി ഭൂപചമ്വഃ
ദൃഷ്ട്യാ വിധൂയ വിജയേ ജയമുദ്വിഘോഷ്യ
പ്രോച്യോദ്ധവായ ച പരം സമഗാത് സ്വധാമ. 65

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ ശ്രീസൂര്യസോമ
വംശാനുകീർത്തനേ യദുവംശാനുകീർത്തനം നാമ ചതുർവ്വിംശതിതമോഽധ്യായഃ

സമാപ്തോഽയം നവമസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്നിൽ ഭഗവാൻ പിറന്ന പിതൃഗൃഹം
തന്നിൽനിന്നമ്പാടിയാന്ന്വിടം പരം

ധന്യമാക്കി, ശ്ശത്രുവൃന്ദത്തെയാകവേ
കൊന്നു, ബഹുഭാര്യമാരെ വരിച്ചഥ,

എണ്ണമററാത്മജരേയും ജനിപ്പിച്ച
തന്നുടെ വേദമാർഗ്ഗത്തെജ്ജനങ്ങളിൽ

നന്നായ് പ്രസിദ്ധപ്പെടുത്തി യജിച്ചിതു
തന്നെത്താൻതന്നെയസംഖ്യം മഖങ്ങളാൽ. 64

കുന്തീസുതരും കുരുക്കളുമായെഴു-
മന്തഃകലഹം നിമിത്തമാക്കീട്ടുതാൻ

ധാത്രീഭരം ഹരിച്ചീടുവാനിച്ഛിച്ചു
യുദ്ധക്കളത്തിലരാതിസൈന്യങ്ങളെ

നോട്ടത്തിനാൽ നശിപ്പിച്ചാ വിജയനു
നേട്ടമെന്നെന്നും പരസ്യമാക്കീട്ടടൻ

തത്ത്വവുമുദ്ധവനായുപദേശിച്ചു
സ്വസ്ഥാനമാന്നാൻ ഭഗവാൻ ജനാർദ്ദനൻ. 65

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശമസ്കന്ധഃ

(പൂർവ്വാർദ്ധഃ)

പ്രഥമോഽധ്യായഃ

രാജോവാച

കഥിതോ വംശവിസ്താരോ ഭവതാ സോമസൂര്യയോഃ
രാജ്ഞാം ചോഭയവംശ്യാനാം ചരിതം പരമാദ്ഭുതം. 1
യദോശ്ച ധർമ്മശീലസ്യ നിതരാം മുനിസത്തമ!
തത്രാംശേനാവതീർണ്ണസ്യ വിഷ്ണോർവീര്യാണി ശംസ നഃ. 2
അവതീര്യ യദോർവംശേ ഭഗവാൻ ഭൂതഭാവനഃ
കൃതവാൻ യാനി വിശ്വാത്മാ താനി നോ വദ വിസ്തരാത്. 3
നിവൃത്തതർഷൈരുപഗീയമാനാദ്
ഭവൌഷധാച്ഛ്രോത്രമനോഭിരാമാത്
ക ഉത്തമശ്ലോകഗുണാനുവാദാത്
പുമാൻ വിരജ്യേത വിനാ പശുഘ്നാത്. 4
പിതാമഹാ മേ സമരേഽമരഞ്ജയൈർ-
ദ്ദേവവ്രതാദ്യാതിരഥൈസ്തിമിങ്ഗിലൈഃ
ദുരത്യയം കൌരവസൈന്യസാഗരം
കൃത്വാതരൻ വത്സപദം സ്മ യത്പ്ലവാഃ. 5
ദ്രൌണ്യസ്ത്രവിപ്ലുഷ്ടമിദം മദങ്ഗം
സന്താനബീജം കുരുപാണ്ഡവാനാം
ജുഗോപ കുക്ഷിം ഗത ആത്തചക്രോ
മാതുശ്ച മേ യഃ ശരണം ഗതായാഃ. 6
വീര്യാണി തസ്യാഖിലദേഹഭാജാ-
മന്തർബ്ബഹിഃ പൂരുഷകാലരൂപൈഃ
പ്രയച്ഛതോ മൃത്യുമുതാമൃതം ച
മായാമനുഷ്യസ്യ വദസ്വ വിദ്വൻ! 7
രോഹിണ്യാസ്തനയഃ പ്രോക്തോ രാമഃ സങ്കർഷണസ്ത്വയാ
ദേവക്യാ ഗർഭസംബന്ധഃ കുതോ ദേഹാന്തരം വിനാ. 8
കസ്മാന്മുകുന്ദോ ഭഗവാൻ പിതുർഗ്ഗേഹാദ് വ്രജം ഗതഃ
ക്വ വാസം ജ്ഞാതിഭിഃ സാർദ്ധം കൃതവാൻ സാത്വതാം പതിഃ 9
വ്രജേ വസൻ കിമകരോന്മധുപുര്യാം ച കേശവഃ
ഭ്രാതരം ചാവധീത് കംസം മാതുരദ്ധാഽതദർഹണം. 10
ദേഹം മാനുഷമാശ്രിത്യ കതി വർഷാണി വൃഷ്ണിഭിഃ
യദുപുര്യാം സഹാവാത്സീത് പത്ന്യഃ കത്യഭവൻ പ്രഭോഃ. 11
ഏതദന്യച്ച സർവ്വം മേ മുനേ! കൃഷ്ണവിചേഷ്ടിതം
വക്തുമർഹസി സർവ്വജ്ഞ! ശ്രദ്ദധാനായ വിസ്തൃതം. 12
നൈഷാതിദുസ്സഹാ ക്ഷുന്മാം ത്യക്തോദമപി ബാധതേ
പിബന്തം ത്വന്മുഖാംഭോജച്യുതം ഹരികഥാമൃതം. 13

സൂത ഉവാച

ഏവം നിശമ്യ ഭൃഗുനന്ദനസാധുവാദം
വൈയാസകിഃ സ ഭഗവാനഥ വിഷ്ണുരാതം
പ്രത്യർച്ച്യ കൃഷ്ണചരിതം കലികല്മഷഘ്നം
വ്യാഹർത്തുമാരഭത ഭാഗവതപ്രധാനഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശമസ്കന്ധം

അദ്ധ്യായം 1

ശ്രീകൃഷ്ണാവതാരകാരണനിരൂപണം—
ദേവകീവിവാഹം

രാജാവു പറഞ്ഞു

സോമാർക്കവംശപരമ്പരയും തദ്വംശ്യരാം
ഭൂമിപന്മാർതൻ പരമാദ്ഭുതചരിത്രവും
മാമുനിശ്രേഷ്ഠാ! ഭവാനരുളിച്ചെയ്തതെല്ലാ-
മാമോദപൂർവ്വം ഞങ്ങളേവരും കേട്ടിരിപ്പൂ. 1
ധർമ്മിഷ്ഠൻ യദുവിന്റെ വിസ്തൃതവംശ-
ത്തെയും
ബ്രഹ്മജ്ഞാ! ചൊല്ലീ ഭവാ,നായതിൽ നി-
ജാംശമാം
രാമദേവനൊടൊത്തു ഭൂമിയിൽ ജന്മമാർന്നോ-
രാമഹാവിഷ്ണുവിന്റെ വീര്യങ്ങൾ കേൾപ്പി-
ച്ചാലും.
വിശ്വാത്മാവായിബ്ഭൂതരക്ഷിതാവായി യദു-
വംശത്തിൽ ജാതനാമബ്ഭഗവാൻ
നാരായണൻ
ഏതേതു കർമ്മങ്ങളെയാചരിച്ചെന്നാലവ
മോദമോടശേഷവും ഞങ്ങളോടോതി-
യാലും. 2-3
ആശയററവരെല്ലാമത്യന്തം ശ്ലാഘിപ്പതായ്
സംസാരരോഗശാന്തിക്കുത്തമൗഷധമായി
ശ്രോത്രമാനസാനന്ദപ്രദാനസമർത്ഥമാ-
മുത്തമശ്ലോകഗുണകീർത്തനം തന്നിൽനിന്നും
നിത്യവും പശുഹിംസചെയ്യുന്നവനെന്യേ
മർത്ത്യജാതിയിൽപെട്ടമേതവൻ വിട്ടുമാറും? 4
വിണ്ണവരേയും പോരിൽ വെന്നിടും ഗാംഗ-
ദത്ത-
കർണ്ണാദിമഹാരഥതിമിംഗിലങ്ങൾതിങ്ങും
ദുസ്തരകുരുസൈന്യവാർദ്ധി ഗോപദപ്രായ-
മുത്തരിച്ചതുമേതു കപ്പലാൽ മൽപൂർവ്വജർ, 5
അശ്വത്ഥാമാവിന്നസ്ത്രവഹ്നിയിൽവെന്തുപോയ
വിശ്രുതകുരുപാണ്ഡവാന്വയതന്തുവാകും
ഈ മമ ശരീരത്തെശ്ശരണാഗതയാകും
മാമകമാതാവുതൻ കുക്ഷിയിലക്ഷണത്തിൽ
ചക്രപാണിയായ്ക്കടന്നുജ്ജ്വലബ്രഹ്മാസ്ത്ര-
ത്തിൻ
ശക്തിയെക്കെടുത്തിസ്സംരക്ഷിച്ചതേതു ദേവൻ, 6
പ്രാണികൾക്കെല്ലാമുള്ളും പുറവും നിറഞ്ഞു തൽ-
പ്രാണനും കാലാത്മകൻതാനുമായെല്ലാവർക്കും
മൃത്യുവുമമൃതവുമേകമാ മായാമർത്ത്യ-
മൂർത്തിതൻ വിക്രമങ്ങൾ ചൊല്ലുകയേ വിഭോ-
ന്മണേ! 7
രോഹിണീസുതനായ രാമനെങ്ങനെ വന്നു
ദേഹത്തിൻമാററമെന്യേ ദേവകീഗർഭബന്ധം?
അദ്ദേഹത്തിനെബ്ഭവാൻ ദേവകീദേവി-
ക്കെഴും
പുത്രനായല്ലോ ചൊല്ലീ സങ്കർഷണാഭി-
ഖ്യയിൽ. 8
താതമന്ദിരം തന്നിൽനിന്നു ഗോഷ്ഠത്തിലേക്കു
യാതനാകുവാനെന്തു കാരണം ശ്രീമുകുന്ദൻ?
ഭക്തരക്ഷകനാമബ്ഭഗവാൻ തദ്ബാന്ധവ-
യുക്തനായേതുദിക്കിൽ വസിച്ചു മഹാമുനേ! 9
കേശവൻ വ്രജത്തിലും മഥുരാപുരത്തിലും
വാസമാർന്നീടുംകാലമെന്തെല്ലാം പ്രവർത്തിച്ചു?
ഹേതുവെന്തനുചിതമാംവിധം താനേ ചെന്നു
മാതാവിൻ ഭ്രാതാവാമക്കംസനെ വധിക്കു-
വാൻ? 10
മായാമാനുഷവേഷം ധരിച്ചു വൃഷ്ണികളു-
മായെത്രവർഷം യദുപുരിയിൽ നിവസിച്ചു?
കെല്പൊടും ഗൃഹാശ്രമം സ്വീകരിച്ചിരു-
ന്നുള്ളോ-
രാപ്പുരുഷവെത്ര ഭാര്യമാരെയംഗീകരിച്ചു? 11
എന്നിത്യാദിയാം രമാവല്ലഭചേഷ്ടിതങ്ങ-
ളൊന്നൊഴിയാതെ സർവ്വം കേൾക്കുവാൻ
ശ്രദ്ധയേറും
ഞങ്ങളോടനുക്രമം വിസ്തരിച്ചോതീടുവാൻ
മംഗലാത്മാവേ! ഭവാനർഹനായ്-
ഭവിക്കുന്നു. 12
സലിലപാനം പോലുമുപേക്ഷിച്ചിരിക്കുമീ-
യളവിലസഹ്യമാം വിശപ്പു ലേശം പോലും
ത്വന്മുഖാംബുജച്യുതമീഹരികഥാമൃതം
നന്നട്ടു പാനംചെയ്യുമീയെന്നെബ്ബാധിപ്പീല. 13

സൂതൻ പറഞ്ഞു

ഇത്തരം പരീക്ഷിത്തിൻ സാധുവായീടും
ചോദ്യം
കേട്ടു സന്തുഷ്ടനായി പ്രത്യുച്ചചെയ്തശേഷം
ഭാഗവതാഗ്ര്യൻ ശുകൻ കലികല്മഷധ്വംസി-
യാകും ശ്രീഹരികഥ ചൊല്ലുവാനാരംഭി-
ച്ചാൻ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

സമ്യഗ്വ്യവസിതാ ബുദ്ധിസ്തവ രാജർഷിസത്തമ!
വാസുദേവകഥായാം തേ യജ്ജാതാ നൈഷ്ഠികീ രതിഃ. 15

വാസുദേവകഥാപ്രശ്നഃ പുരുഷാംസ്ത്രീൻ പുനാതി ഹി
വക്താരം പൃച്ഛകം ശ്രോതൄംസ്തത്പാദസലിലം യഥാ. 16

ഭൂമിർദൃപ്തനൃപവ്യാജദൈത്യാനീകശതായുതൈഃ
ആക്രാന്താ ഭൂരിഭാരേണ ബ്രഹ്മാണം ശരണം യയൗ. 17

ഗൗർഭൂത്വാശ്രുമുഖീ ഖിന്നാ ക്രന്ദന്തീ കരുണം വിഭോഃ
ഉപസ്ഥിതാന്തികേ തസ്മൈ വ്യസനം സ്വമവോചത. 18

ബ്രഹ്മാ തദുപധാര്യാഥ സഹ ദേവൈസ്തയാ സഹ
ജഗാമ സത്രിനയനസ്തീരം ക്ഷീരപയോനിധേഃ. 19

തത്ര ഗത്വാ ജഗന്നാഥം ദേവദേവം വൃഷാകപിം
പുരുഷം പുരുഷസൂക്തേന ഉപതസ്ഥേ സമാഹിതഃ. 20

ഗിരം സമാധൗ ഗഗനേ സമീരിതാം
നിശമ്യ വേധാസ്ത്രിദശാനുവാച ഹ
''ഗാം പൗരുഷീം മേ ശൃണുതാമരാഃ പുനർ-
വിധീയതാമാശു തഥൈവ മാ ചിരം. 21

പുരൈവ പുംസാവധൃതോ ധരാജ്വരോ
ഭവദ്ഭിരംശൈര്യദുഷൂപജന്യതാം
സ യാവദുർവ്യാ ഭരമീശ്വരേശ്വരഃ
സ്വകാലശക്ത്യാ ക്ഷപയംശ്ചരേദ് ഭുവി. 22

വസുദേവഗൃഹേ സാക്ഷാദ്ഭഗവാൻ പുരുഷഃ പരഃ
ജനിഷ്യതേ തത്പ്രിയാർത്ഥം സംഭവന്തു സുരസ്ത്രിയഃ. 23

വാസുദേവകലാനന്തഃ സഹസ്രവദനഃ സ്വരാട്
അഗ്രതോ ഭവിതാ ദേവോ ഹരേഃ പ്രിയചികീർഷയാ. 24

വിഷ്ണോർമ്മായാ ഭഗവതീ യയാ സമ്മോഹിതം ജഗത്
ആദിഷ്ടാ പ്രഭുണാംശേന കാര്യാർത്ഥേ സംഭവിഷ്യതി.'' 25

ശ്രീശുക ഉവാച

ഇത്യാദിശ്യാമരഗണാൻ പ്രജാപതിപതിർവിഭുഃ
ആശ്വാസ്യ ച മഹീം ഗീർഭിഃ സ്വധാമ പരമം യയൗ. 26

ശൂരസേനോ യദുപതിർമ്മഥുരാമാവസൻ പുരീം
മാഥുരാൻ ശൂരസേനാംശ്ച വിഷയാൻ ബുഭുജേ പുരാ. 27

രാജധാനീ തതഃ സാഭൂത് സർവ്വയാദവഭൂഭുജാം
മഥുരാ ഭഗവാൻ യത്ര നിത്യം സംനിഹിതോ ഹരിഃ. 28

തസ്യാം തു കർഹിചിച്ഛൗരിർവസുദേവഃ കൃതോദ്വഹഃ
ദേവക്യാ സൂര്യയാ സാർദ്ധം പ്രയാണേ രഥമാരുഹത്. 29

ഉഗ്രസേനസുതഃ കംസഃ സ്വസുഃ പ്രിയചികീർഷയാ
രശ്മീൻ ഹയാനാം ജഗ്രാഹ രൗക്മൈ രഥശതൈർവൃതഃ. 30

ചതുഃശതം പാരിബർഹം ഗജാനാം ഹേമമാലിനാം
അശ്വാനാമയുതം സാർദ്ധം രഥാനാം ച ത്രിഷട്ശതം. 31

ദാസീനാം സുകുമാരീണാം ദ്വേ ശതേ സമലംകൃതേ
ദുഹിത്രേ ദേവകഃ പ്രാദാദ്യാനേ ദുഹിതൃവത്സലഃ. 32

ശങ്ഖതൂര്യമൃദങ്ഗാശ്ച നേദുർദുന്ദുഭയഃ സമം
പ്രയാണപ്രക്രമേ താവദ്വരവധ്വോഃ സുമങ്ഗളം. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

അല്ലയോ രാജർഷിമാർചൂടിടും ചൂഡാമണേ!
നല്ലകാര്യത്തിൽത്തന്നെ പതിഞ്ഞു ഭവന്മതി.
ശുദ്ധമാം വാസുദേവഭഗവച്ചരിതത്തി-
ലിത്രമേൽ ദൃഢരാഗം വന്നതു നന്നുതന്നെ. 15
ശ്രീദാമോദരപരിപാവനകഥാപ്രശ്നം
ചോദിക്കുന്നവനെയും കേട്ടീടുന്നവനെയും
കേൾപ്പിക്കുന്നവനെയും മൂന്നുപേരെയുമൊപ്പം
തത്പാദസലിലംപോലപ്പൊഴേ ശുദ്ധമാക്കും.
16

ഉർവീശരായിബ്ഭൂപവേഷധാരികളായി-
ഗ്ഗർവിഷ്ഠന്മാരാം ദൈത്യനായകർ നയിച്ചീടും
അന്തമററുള്ള സേനാഗണത്തിൻ ഭാരത്താലാ-
ക്രാന്തയായ് ഭൂമിദേവിയജനെയാശ്രയിച്ചാൾ.
17

ഗോവൃതൻവടിവാൻ ദുഃഖിതയായിക്കണ്ണീർ-
ത്തുവിക്കൊണ്ടതിദീനം ക്രന്ദനംചെയ്തു പാരം
ബ്രഹ്മാവിൻസമീപത്തു ചെന്നു സങ്കോച-
മെന്യേ
തന്മഹാസങ്കടത്തെയറിയിച്ചിതു നേരേ. 18
ഭൂമിതൻ ദുഃഖമെല്ലാം ധരിച്ച പിതാമഹൻ
താമസിയാതെതന്നെ സുരസഞ്ചയത്തോടും
മുക്കണ്ണുദേവനോടും കൂടിയങ്ങവളൊത്തു
ചൊല്ക്കൊണ്ട പാലാഴിതൻ തീരത്തിലെ-
ത്തീടിനാൻ. 19
ആ വിധാതാവു പിന്നെയഭീഷ്ടപ്രദനായി
ദേവദേവനായ് ജഗന്നാഥനായ് വിളങ്ങീടും
പരമപൂമാൻതന്നെയേകാഗ്രചിത്തനായി-
പ്പുരുഷസൂക്തങ്ങളാൽപ്പെരികെ സ്തോത്രം-
ചെയ്താൻ. 20
സ്രഷ്ടാവു സമാധിയിൽ സുവ്യക്തമായശരീരി
കേട്ടിട്ടു ചൊന്നീടിനാനാദിതേയരോടേവം:
''സുരശ്രേഷ്ഠരേ! നിങ്ങൾ കേൾക്കുവിനെ-
ന്നിൽനിന്നും
ഹരിതൻവാക്കാവിധം പ്രവർത്തിക്കുവിൻ
ശീഘ്രം. 21
അദ്ദേഹം മുന്നേ ധരിച്ചിരിപ്പൂ ധരിത്രിത-
ന്നത്തലാകവേ, യദുകലത്തിൽ പോയി
നിങ്ങൾ
തദംശങ്ങളമൊത്തു ജനിക്കിൻ സർവേശ്വരൻ
തദനു നിജകാലശക്തിയാൽ മന്നിടത്തിൽ
എന്നോളം ധരാഭരം ഹരിക്കാൻ സഞ്ചരിക്കു-
മന്നോളമദ്ദേവനെസ്സർവഥാ സഹായിപ്പിൻ.22
വന്നുടൻ ജനിച്ചീടും വസുദേവാലയത്തി-
ലിന്ദിരാരമണവാളൻ ഭഗവാൻ നാരായണൻ.
തത്പ്രിയമാചരിക്കാൻ യാദവാന്വയംതന്നി-
ലുദ്ഭവിക്കട്ടെ പോയിദ്ദേവസ്ത്രീകളും വേഗം.
23

സഹസ്രമുഖനായിസ്സാക്ഷാൽ ശ്രീനിവാ-
സാംശ-
സഹിതനായി സ്വയം ഭാസ്യനാമനന്തനും
പുരുഷോത്തമഹിതം ചെയ്യുവാനിച്ഛയോടും
ധരണിതന്നിൽ മുന്നേ വന്നവതരിച്ചീടും. 24
സകലവിധശക്തിസംയുതയായിസ്സർവ-
ജഗന്മോഹിനിയാകുമീശ്വരമായതാനും
ആ പ്രഭുവിന്റെയാജ്ഞയാദരിച്ചംശത്തോടു-
മുദ്ഭവിച്ചീടും കാര്യസിദ്ധിക്കായ് പൃഥ്വി-
തന്നിൽ.'' 25

ശ്രീശുകൻ പറഞ്ഞു

പ്രജാധിപതികൾക്കും പതിയാമജൻ സുര-
പ്രജത്തോടീവിധത്തിലാദേശിച്ചിളയേയും
സാന്ത്വനവാക്യങ്ങളാലാശ്വസിപ്പിച്ചശേഷം
സ്വന്തമാമത്യുൽകൃഷ്ടധാമത്തെ പ്രാപിച്ചിതേ.
യദുഭൂപതിയാകും ശൂരസേനാഭിധാനൻ [26
മധുരാപുരിതന്നിൽ വസിച്ചുതദീയമാം
ശൂരസേനങ്ങളെന്നു പേരെഴും ദേശങ്ങളെ
നേരേ ധർമ്മാനുസാരം പാലിച്ചുകൊണ്ടീടി-
നാൻ. 27
അതിനാൽ സർവയദുഭവംശഭൂപാലന്മാർക്കും
മധുരതന്നെ രാജധാനിയായ്ഭവിച്ചിതു.
ചൊല്ക്കൊണ്ടുമപ്പട്ടണം ശ്രീഹരിസന്നിധാന-
മെപ്പൊഴുമിയന്നേററം ശോഭിച്ചീടുന്നതല്ലോ. 28
ഏകദാ തത്പുരത്തിൽ ശൂരസേനാത്മജാത-
നാകുമാ വസുദേവൻ വിവാഹംകഴിച്ചുടൻ
നവോഢയായീടുമാ ദേവകിയോടുകൂടി
സ്വവാസസ്ഥാനംപൂകാൻ രഥത്തിലേറീടി-
നാൻ. 29
ഉഗ്രസേനജൻ കംസൻ സോദരിതന്നോടാള-
മുൽക്കടസ്നേഹത്തിനാൽ താൻതന്നെ തേർ-
തെളിപ്പാൻ
ഏറെപ്പൊന്നണിരഥം ചൂഴ്ന്നിടും സ്യന്ദനത്തി-
ലേറിയങ്ങശ്വങ്ങൾതൻ കടിഞ്ഞാൺ പിടി-
ച്ചിതേ. 30
സ്വർണ്ണാലംകൃതങ്ങളാം നാനൂറു ഗജങ്ങളും
പൊന്നണിഞ്ഞുള്ള പതിനായിരമശ്വങ്ങളും
ആയിരത്തെണ്ണൂറു നൽസ്യന്ദനങ്ങളും മൂല്യ-
മായവക്പ്പിതാവു മോദിച്ചു നല്കീടിനാൻ. 31
പുത്രീവത്സലനായ ദേവകനവൾക്കഥ
യാത്രയ്ക്കു ഭാവിച്ചപ്പോൾ സമലംകൃതമാരായ്
ഭാസുരതരഗാത്രിമാരാകുമിരുനൂറു
ദാസിമാരെയുമേറ്റം തെളിഞ്ഞു കൊടുത്തിതു. 32
അത്യന്തമോദത്തോടും ദമ്പതിമാരാമവർ
യാത്രയാരംഭിച്ചപ്പോൾ മംഗലകരങ്ങളാം
മൃദംഗശംഖതൂര്യദുന്ദുഭ്യാദിയാം നാനാ-
വിധവാദ്യങ്ങളെങ്ങും മുഴങ്ങിയൊന്നുപോലെ.
33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഥി പ്രഗ്രഹിണം കംസമാഭാഷ്യാഹാശരീരവാക്
''അസ്യാസ്ത്വാമഷ്ടമോ ഗർഭോ ഹന്താ യാം വഹസേഽബുധ!'' 34
ഇത്യുക്തഃ സ ഖലഃ പാപോ ഭോജാനാം കുലപാംസനഃ
ഭഗിനീം ഹന്തുമാരബ്ധഃ ഖഡ്ഗപാണിഃ കചേഽഗ്രഹീത്. 35
തം ജുഗുപ്സിതകർമ്മാണം നൃശംസം നിരപത്രപം
വസുദേവോ മഹാഭാഗ ഉവാച പരിസാന്ത്വയൻ. 36

വസുദേവ ഉവാച

ശ്ലാഘനീയഗുണഃ ശൂരൈർഭവാൻ ഭോജയശസ്കരഃ
സ കഥം ഭഗിനീം ഹന്യാത് സ്ത്രിയമുദ്വാഹപർവ്വണി. 37
മൃത്യുർജ്ജന്മവതാം, വീര, ദേഹേന സഹ ജായതേ
അദ്യ വാബ്ദശതാന്തേ വാ മൃത്യുർവൈ പ്രാണിനാം ധ്രുവഃ. 38
ദേഹേ പഞ്ചത്വമാപന്നേ ദേഹീ കർമ്മാനുഗോഽവശഃ
ദേഹാന്തരമനുപ്രാപ്യ പ്രാക്തനം ത്യജതേ വപുഃ. 39
വ്രജംസ്തിഷ്ഠൻ പദൈകേന യഥൈവൈകേന ഗച്ഛതി
യഥാ തൃണജലൂകൈവം ദേഹീ കർമ്മഗതിം ഗതഃ. 40
സ്വപ്നേ യഥാ പശ്യതി ദേഹമീദൃശം
മനോരഥേനാഭിനിവിഷ്ടചേതനഃ
ദൃഷ്ടശ്രുതാഭ്യാം മനസാനുചിന്തയൻ
പ്രപദ്യതേ തത് കിമപി ഹ്യപസ്മൃതിഃ. 41
യതോ യതോധാവതി ദൈവചോദിതം
മനോ വികാരാത്മകമാപ പഞ്ചസു
ഗുണേഷു മായാരചിതേഷു ദേഹ്യസൗ
പ്രപദ്യമാനഃ സഹ തേന ജായതേ. 42
ജ്യോതിര്യഥൈവോദകപാർത്ഥിവേഷ്വദഃ
സമീരവേഗാനുഗതം വിഭാവ്യതേ.
ഏവം സ്വമായാരചിതേഷ്വസൗ പുമാൻ
ഗുണേഷു രാഗാനുഗതോ വിമുഹ്യതി. 43
തസ്മാന്ന കസ്യചിദ് ദ്രോഹമാചരേത് സ തഥാവിധഃ
ആത്മനഃ ക്ഷേമമന്വിച്ഛൻ ദ്രോഗ്ധുർവൈ പരതോ ഭയം. 44
ഏഷാ തവാനുജാ ബാലാ കൃപണാ പുത്രികോപമാ
ഹന്തും നാർഹസി കല്യാണീമിമാം ത്വം ദീനവത്സല. 45

ശ്രീശുക ഉവാച

ഏവം സ സാമഭിർഭേദൈർബ്ബോധ്യമാനോഽപി ദാരുണഃ
ന ന്യവർത്തത, കൗരവ്യ, പുരുഷാദാനനുവ്രതഃ. 46
നിർബ്ബന്ധം തസ്യ തം ജ്ഞാത്വാ വിചിന്ത്യാനകദുന്ദുഭിഃ
പ്രാപ്തം കാലം പ്രതിവ്യോഢുമിദം തത്രാന്വപദ്യത. 47
''മൃത്യുർബ്ബുദ്ധിമതാപോഹ്യോ യാവദ്ബുദ്ധിബലോദയം
യദ്യസൗ ന നിവർത്തേത നാപരാധോഽസ്തി ദേഹിനഃ. 48
പ്രദായ മൃത്യവേ പുത്രാൻ മോചയേ കൃപണാമിമാം
സുതാ മേ യദി ജായേരൻ മൃത്യുർവാ ന മ്രിയേത ചേത്. 49
വിപര്യയോ വാ കിം ന സ്യാദ്ഗതിർധാതുർദുരത്യയാ
ഉപസ്ഥിതോ നിവർത്തേത നിവൃത്തഃ പുനരാപതേത്. 50
അഗ്നേര്യഥാ ദാരുവിയോഗയോഗയോ-
രദൃഷ്ടതോഽന്യന്ന നിമിത്തമസ്തി
ഏവം ഹി ജന്തോരപി ദുർവ്വിഭാവ്യഃ
ശരീരസംയോഗവിയോഗഹേതുഃ.'' 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അൻപോട വഴിയിൽ തേർതെളിച്ചു പോം
കംസനെ
സംബോധനംചെയ്തുടൻ കേരക്കായിതശരീരി
''മൂഢാ! നീ കൊണ്ടുപോമീ ദേവകിതൻ
ഗർഭത്തിൽ–
ക്കുടമഷ്ടമപുത്രൻ കൊന്നിടും നിന്നെ നൂനം.'' 34
ഇത്രയും കേട്ടീടിനമാത്രയിൽത്താനബ്ഭോജ–
ഗോത്രത്തെ ദൂഷിപ്പിക്കും ദുഷ്ടാഗ്രഗണ്യൻ
കംസൻ
വാളെടുത്തുടുത്തുടൻ സോദരീവധത്തിനായ്
ചീളെന്നു പിടികൂടി തൽക്കേശപാശം
തന്നിൽ. 35
നിന്ദ്യകർമ്മോദ്യുക്തനായ് ലജ്ജാഹീനനായ്യദ്ധ–
മന്യുവായ് നൃശംസക്ഷത്തംസമാമക്കംസനെ
ശാന്തനാക്കുവാൻ മഹാശാന്തനാം വസുദേവൻ
സാന്ത്വനവചസ്സുകരം സാദരമോതീടിനാൻ: 36

വസുദേവൻ പറഞ്ഞു

അങ്ങുന്നു ശൂരശ്ലാഘ്യസൽഗുണഗണരംഗം
അങ്ങല്ലോ ഭോജവംശയശസ്സും വദ്ധിപ്പിച്ചു
അങ്ങനെയുള്ളോരങ്ങു ഭവത്സോദരിയേയീ
മംഗല്യമുഹൂത്തത്തിൽ കൊല്ലുക നല്ലതാണോ?
37
മരണമിജ്ജഗത്തിൽ ദേഹികരക്കശേഷവും
ശരീരത്തോടുകൂടിയുള്ളതുതന്നെയല്ലോ.
ഇന്നാവാമതു പക്ഷേ, ശതാബ്ദാവസാനത്തി–
ലെന്നുമാ,മത്രേയുള്ള വ്യത്യാസം വീരമൗലേ! 38
തൻതനു നശിച്ചീടുമളവിൽ ദേഹിയസ്വ–
തന്ത്രനായ് നിജപൂവ്വകർമ്മാനുഗതനായി
മററൊരു ശരീരത്തെയങ്ഗീകരിച്ചിട്ടുടൻ
തെററെന്നുപേക്ഷിക്കുന്നു പഴയ ശരീരത്തെ. 39
സഞ്ചരിച്ചീടുന്നവനൊരു പാദത്തിൽ നിന്നി–
ട്ടുഞ്ചാതെ മറേറക്കാലാൽ ചരിക്കുംവിധത്തിലും
അങ്ഗാഢമൊരു പുല്ലിലൂന്നി മററൊരുപുല്ലിൽ
സങ്ഗിക്കും പുഴുവിൻെറ ഗതിക്കുതുല്യമായും
ജീവനും സ്വപ്രാരബ്ധകർമ്മാനുസാരമായ്ത്തൻ–
പൂവ്വദേഹത്തെത്തള്ളിപ്രാപിപ്പൂ നവംദേഹം. 40
നിത്യവും കണ്ടും കേട്ടും ഗാഢമാംപരിചയം
സിദ്ധിക്കും വസ്തുക്കളെക്കുറിച്ചു സദാകാലം
ധ്യാനിച്ചിരിക്കും മനംകൊണ്ടൊരു രൂപംതീത്തു
താനതാണെന്നുതന്നെയുറപ്പിച്ചതിന്നെഴും
ആനന്ദമെന്നപോലെ ദുഃഖവും മാറിമാറി–
ത്താനേ താനാളുന്നതായനുഭൂതിയിൽപെടും
സ്വപ്നാവസ്ഥിതിയിലും മനോരാജ്യത്തിങ്കലു–
മെപ്രകാരത്തിൽത്തൻ മെയ് വിസ്മൃതമാകു–
ന്നുവോ
ആ വിധം ജീവൻ പൂവ്വദേഹത്തെ വിടുന്നതും
നവ്യമാം ദേഹം ധരിക്കുന്നതും സ്മരിച്ചീടാ. 41
കർമ്മചോദിതമായി വികാരസ്വരൂപമാ–
മമ്മനം പഞ്ചഭൂതഗുണങ്ങളായിരിക്കും
ഏതേതു ദേഹങ്ങളിൽ പാഞ്ഞെത്തു,മതി–
ലെല്ലാം
സാദരം ജീവാത്മാവും കടന്നാ ദേഹം, താനായ്
ഭാവിച്ചു ദേഹത്തോടുകൂടിത്താൻ വീണ്ടും ജന്മം
കൈവരിച്ചാത്മകർമ്മഫലങ്ങരം ഭുജിക്കുന്നു. 42
ജ്യോതിർമ്മണ്ഡലമിഹ സലിലപാത്രങ്ങളിൽ
വാതവേഗാനുഗതമായിളകീടുംവിധം–
ആത്മാവും സ്വമായയാൽ നിർമ്മിക്കപ്പെട്ടും ഗുണ–
സദ്മമാം ദേഹംതന്നിൽ മോഹിപ്പൂ രാഗത്തി–
നാൽ. 43
ആയതുമൂലമാത്മക്ഷേമമിച്ഛിക്കുന്നവൻ
ചെയ്യുവാൻപാടില്ലൊരുനാളിലും പരദ്രോഹം
അന്യരെ ദ്രോഹിച്ചിടും പുമാനു പരലോകം–
തന്നിലും ഭയംതന്നെ സന്ദേഹമില്ല തെല്ലും. 44
ത്വത്സഹോദരിയിവരം ബാല, ദുഃഖിത,യങ്ങേ
വത്സലപുത്രിയോടുസമാനതന്നെയല്ലോ.
ദീനവത്സലൻ ഭവാൻ സൽഗുണവതിയാമീ–
മാനിനീരത്നത്തിനെക്കൊല്ലുക യോഗ്യമല്ല.'' 45

ശ്രീശുകൻ പറഞ്ഞു

സാമഭേദങ്ങളാകും വാക്യങ്ങരം ചൊല്ലീട്ടവ–
നീമട്ടിൽ നല്ലപോലെ ബോധനംചെയ്തീടിലും
ക്രൂരനായ് നരാദനതുല്യനാമക്കംസനിൽ
കൗരവ്യാ! ഭാവഭേദമേതുമേ കണ്ടതില്ല. 46
നിർബന്ധമതു കണ്ടു തൽക്കാലരക്ഷാമാർഗ്ഗം
ക്ഷിപ്രമാലോചിച്ചീയൊരുപായം കണ്ടെ–
ത്തിനാൻ. 47
ബുദ്ധിമാനായുള്ളവൻ മൃത്യുവെത്തടുക്കുവാൻ
ശക്ത്യനുസാരം പരിശ്രമിച്ചീടേണ്ടതല്ലോ.
പിന്നെയുമതുവന്നു ബാധിച്ചീടുന്നതാകിൽ
തന്നുപേക്ഷയാലെന്ന പഴിക്കില്ലല്ലോ വഴി. 48
പുത്രന്മാരെനിക്കിനിയിവളിലുണ്ടാവുകിൽ,
ചത്തുപോയതുമില്ലങ്ങവരെന്നിരിക്കുകിൽ,
കൊല്ലുവാനായി വന്നു കൊണ്ടുവന്നേകാമെന്നു
ചൊല്ലിയിക്കൃപാർഹയെ രക്ഷിക്കാമി–
ക്ഷണത്തിൽ.
പററിയില്ലെന്നും പക്ഷേ, വന്നേക്കാം;
തടുക്കുവാൻ
പററുമോ, ദുരത്യയമാ ദൈവഗതിയാക്കും.
വന്നൊരീ വിപത്തിൽനിന്നൊഴിയട്ടേ–
താകിലും 49
പിന്നേതുമായ്ക്കൊള്ളട്ടെ ചിന്ത്യമല്ലവയി–
പ്പോരം. 50
വഹ്നിതൻ ദാരുയോഗവിയോഗങ്ങരക്കു തുല്യം
തന്നെ ജന്തുവിൻ ദേഹയോഗവും വിയോഗവും
രണ്ടിനുമദൃഷ്ടമെന്നല്ലാതെയന്യമായി–
ക്കണ്ടിടുന്നില്ല ഹേതു, ദുർവിഭാവ്യംതാൻപരം. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം വിമൃശ്യ തം പാപം യാവദാത്മനിദർശനം
പൂജയാമാസ വൈ ശൗരിർബ്രഹ്മമാനപുരസ്സരം. 52
പ്രസന്നവദനാംഭോജോ നൃശംസം നിരപത്രപം
മനസാ ദൂയമാനേന വിഹസന്നിദമബ്രവീത്. 53
''ന ഹ്യസ്യാസ്തേ ഭയം, സൗമ്യ, യദ്വാഗാഹാശരീരിണീ
പുത്രാൻ സമർപ്പയിഷ്യേഽസ്യാ യതസ്തേ ഭയമുത്ഥിതം.'' 54

ശ്രീശുക ഉവാച:

സ്വസുർവധാന്നിവവൃതേ കംസസ്തദ്വാക്യസാരവിത്
വസുദേവോഽപി തം പ്രീതഃ പ്രശസ്യ പ്രാവിശദ്ഗൃഹം. 55
അഥ കാല ഉപാവൃത്തേ ദേവകീ സർവ്വദേവതാ
പുത്രാൻ പ്രസുഷുവേ ചാഷ്ടൗ കന്യാം ചൈവാനുവത്സരം. 56
കീർത്തിമന്തം പ്രഥമജം കംസായാനകദുന്ദുഭിഃ
അർപ്പയാമാസ കൃച്ഛ്റേണ സോഽനൃതാദതിവിഹ്വലഃ. 57
കിം ദുഃസഹം നു സാധൂനാം? വിദുഷാം കിമപേക്ഷിതം?
കിമകാര്യം കദര്യാണാം? ദുസ്ത്യജം കിം ധൃതാത്മനാം? 58
ദൃഷ്ട്വാ സമത്വം തച്ഛൗരേഃ സത്യേ ചൈവ വ്യവസ്ഥിതം
കംസസ്തുഷ്ടമനാ, രാജൻ, പ്രഹസന്നിദമബ്രവീത്. 59
''പ്രതിയാതു കുമാരോഽയം ന ഹ്യസ്മാദസ്തി മേ ഭയം
അഷ്ടമാദ്യുവയോർഗ്ഗർഭാന്മൃത്യുർമ്മേ വിഹിതഃ കില.'' 60
തഥേതി സുതമാദായ യയാവാനകദുന്ദുഭിഃ
നാഭ്യനന്ദത തദ്വാക്യമസതോഽവിജിതാത്മനഃ. 61
നന്ദാദ്യാ യേ വ്രജേ ഗോപാ യാശ്ചാമീഷാം ച യോഷിതഃ
വൃഷ്ണയോ വസുദേവാദ്യാ ദേവക്യാദ്യാ യദുസ്ത്രിയഃ 62
സർവ്വേ വൈ ദേവതാപ്രായാ ഉഭയോരപി, ഭാരത,
ജ്ഞാതയോ ബന്ധുസുഹൃദോ യേ ച കംസമനുവ്രതാഃ. 63
ഏതത് കംസായ ഭഗവാൻ ശശംസാഭ്യേത്യ നാരദഃ
ഭൂമേർഭാരായമാണാനാം ദൈത്യാനാം ച വധോദ്യമം. 64
ഋഷേർവിനിർഗ്ഗമേ കംസോ യദൂൻ മത്വാ സുരാനിതി
ദേവക്യാ ഗർഭസംഭൂതം വിഷ്ണും ച സ്വവധം പ്രതി. 65
ദേവകീം വസുദേവം ച നിഗൃഹ്യ നിഗഡൈർഗ്ഗൃഹേ
ജാതം ജാതമഹൻ പുത്രം തയോരജനശങ്കയാ. 66
മാതരം പിതരം ഭ്രാതൄൻ സർവ്വാംശ്ച സുഹൃദസ്തഥാ
ഘ്നന്തി ഹ്യസുതൃപോ ലുബ്ധാ രാജനാഃ പ്രായശോ ഭുവി. 67
ആത്മാനമിഹ സഞ്ജാതം ജാനൻ പ്രാഗ്വിഷ്ണുനാ ഹതം
മഹാസുരം കാലനേമിം യദുഭിഃ സ വ്യരുധ്യത. 68
ഉഗ്രസേനം ച പിതരം യദുഭോജാന്ധകാധിപം
സ്വയം നിഗൃഹ്യ ബുഭുജേ ശൂരസേനാൻ മഹാബലഃ. 69

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ശ്രീകൃഷ്ണാവതാരോപക്രമേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച

പ്രലംബബകചാണൂരതൃണാവർത്തമഹാശനൈഃ
മുഷ്ടികാരിഷ്ടദ്വിവിദപൂതനാകേശിധേനുകൈഃ 1
അന്യൈശ്ചാസുരഭൂപാലൈർബ്ബാണഭൗമാദിഭിര്യുതഃ
യദൂനാം കദനം ചക്രേ ബലീ മാഗധസംശ്രയഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനം ബുദ്ധിക്കൊത്തു ചിന്തിച്ചപ്പാപിഷ്ഠനെ-
യെത്രയും ബഹുമാനിച്ചർച്ചിച്ചാൻ വസുദേവൻ.
ആനനാംഭോജം നന്നായ് വിടർത്തു ചിരിച്ചത-
ന്മാനസതാരിൽ ദുഃഖമൊക്കവേ മറച്ചവൻ
നാണമില്ലാതെ നിലകൊള്ളുമാ ക്രൂരനോടായ്
തേനോലുംവചനങ്ങളീവിധം ചൊല്ലീടിനാൻ.
''അല്ലയോ സൗമ്യശീലാ! ഭവാനെയി-
പ്പെൺകൊടി
കൊല്ലുമെന്നല്ലല്ലോ നാം കേട്ടതാകാശവാണി
ത്വദ്ഭയത്തിനു ഹേതുഭൂതരാം പുത്രന്മാരെ-
യുദ്ഭവിച്ചീടുമ്പൊഴേ കൊണ്ടുവന്നേകീടു-
വൻ. 52–54

ശ്രീശുകൻ പറഞ്ഞു

തദ്വാക്യസാരജ്ഞനാം കംസൻ
സ്വസഹോദരീ-
ഹത്യോദ്യമത്തിൽനിന്നുമക്ഷണം വിരമിച്ചാൻ.
തുഷ്ടനായ് വസുദേവനവനെ സ്തുതിച്ചുകൊ-
ണ്ടൊട്ടുമേ വൈകാതെ തത്പത്തനം
പൂകീടിനാൻ. 55
സർവ്വദേവതാരൂപധാരിണിയായീടുമ-
ദ്ദേവകീദേവി മുറയ്ക്കെട്ടു പുത്രന്മാരെയും
പിന്നെ നല്ലൊരു കന്യാരത്നത്തിനേയുമാണ്ടി-
ലൊന്നെന്നകണക്കിനു കാലത്തിൽ
പെററീടിനാൾ. 56
കീർത്തിമാനെന്നപേരിൽ കീർത്തിതനാകമാദ്യ-
പുത്രനെപ്പെററന്നുതാൻ ഭോജരാജൻെറ മുമ്പിൽ
സത്യലംഘനത്തിങ്കലതിവിഹ്വലൻ ശൗരി-
യത്യന്തം പണിപ്പെട്ടു കൊണ്ടുചെന്നർപ്പിച്ചിതേ.
എന്താണു സാധുക്കൾക്കു സഹിപ്പാൻകഴിയാത്ത-
തെന്തുള്ള പണ്ഡിതന്മാർക്കൊന്നുപേക്ഷി-
തമായി?
എന്താണാ ക്ഷുദ്രന്മാർക്കു ചെയ്യുവാൻ
പാടില്ലാത്ത-
തെന്തു താനാത്മജ്ഞർക്കു സന്ത്യാജ്യമല്ലാത്തതും?
സ്യാലൻെറ സമത്വവും സത്യനിഷ്ഠയും കണ്ടു
ചാലവേ തുഷ്ടനായിച്ചിരിച്ചോതിനാൻ
കംസൻ. 57–59
''കൊണ്ടുപോയീട്ടു ഭവാനിക്കിശോരനെ,-
യെനി-
ക്കുണ്ടാകാനില്ല ഭീതിയിവനിൽനിന്നേതുമേ.
എട്ടാമതായി നിങ്ങൾക്കുണ്ടാകും പുത്രനെന്നെ
നഷ്ടമാക്കുമെന്നല്ലോ കേട്ടതും വ്യോമവാണി.''
ആകട്ടെയെന്നു ചൊല്ലിക്കുഞ്ഞിനെപ്പേറി- [60
പ്പോന്നാൻ
വേഗമാ വസുദേവ,നെന്നാലും സ്വമനസ്സാൽ
ഒട്ടുമേയഭിനന്ദിച്ചില്ലജിതാത്മാക്കളിൽ
ശ്രേഷ്ഠനായ് ദുഷ്ടനാമക്കംസൻെറ വാക്യ-
ങ്ങളെ. 61

നന്ദാദി ഗോഷ്ഠവാസീജനവും ഗോപനാരീ-
വൃന്ദവും വസുദേവൻതൊട്ടു യാദവന്മാരും
ദേവകിമുതലായ യാദവനാരിമാരു-
മീവംശദ്വിതയത്തിൽ ബന്ധിച്ച ജനങ്ങളും
കംസാനുചരന്മാരുമേവരും മിക്കവാറും
സംശയമെന്യേയാദിതേയന്മാരെന്നുള്ളതും
ധാത്രിക്കു ഭാരമായിത്തീർന്നിരിക്കുന്ന ദുഷ്ട-
ദൈത്യരെ സംഹരിപ്പാനുള്ളൊരുദ്യമത്തേയും
ഭഗവാൻ ശ്രീനാരദനതിനുശേഷം കംസ-
നികടേ ചെന്നേകദാ കില്ലെന്യേ ചൊല്ലീടി-
നാൻ 62–64
ദേവർഷി പോയീടവേ യദുക്കൾ സുരരെന്നും
ദേവകീ ഗർഭംഗതൻ, ശ്രീമഹാവിഷ്ണുവെന്നും
തന്നെക്കൊല്ലുവാനായിജ്ജന്മമാർന്നിരിക്കയാ-
ണെന്നുമക്കംസൻ ചിന്തിച്ചക്ഷണംതന്നെ
ചെന്നു 65
സ്വാലയംതന്നിൽ വസുദേവദേവകിമാരെ-
ച്ചേലായിച്ചങ്ങലയാൽ ബന്ധിച്ചിട്ടവരുപെററ
ബാലരെയാറിനേയും ശ്രീഹരിയെന്ന ശങ്ക-
മൂലമായ്ക്കൊന്നീടിനാൻ നിർദ്ദയം പല-
പ്പൊഴായ്. 66
സ്വപ്രാണപോഷണത്തെമാത്രമിച്ഛിച്ച വാഴും
പൃഥ്വീശർ മിക്കവാറും താതമാതാക്കളേയും
ഭ്രാതാക്കളേയുമിഷ്ടന്മാരെയുമേവരേയും
ബോധിച്ചപോലെയിങ്ങു കൊല്ലുന്നു കില്ലെ-
ന്നിയേ. 67
പോയജന്മം താൻ കാലനേമിയെന്നൊരു
ദൈത്യ-
നായിരുന്നെന്നുമന്നു തന്നെക്കൊന്നെന്നും വിഷ്ണു
ഈ ജന്മത്തിലും ക്രമമതിന്നുതന്നെയെന്നും
ഭോജേശൻ പാർത്തു യദുവിദ്വേഷം തുടങ്ങി-
നാൻ. 68
യാദവഭോജാന്ധകാധീശനായുഗ്രസേനാ-
ഖ്യാതനാം താതനേയും പിടിച്ചുകെട്ടിത്താനേ
ശൂരസേനാഖ്യങ്ങളാം ദേശങ്ങളടക്കിനാൻ,
പേരാർന്ന മഹാബലശാലിയാം ഭോജരാജൻ. 69

അദ്ധ്യായം 2

ശ്രീകൃഷ്ണനെ അജാദികൾ സ്തുതിക്കുന്നതു്

ശ്രീശുകൻ പറഞ്ഞു

ചാണൂരബകതൃണാവർത്താഘപ്രലംബക-
ധേനുകകേശ്യരിഷ്ടമുഷ്ടികദ്വിവിദാദി
നാനാകിങ്കരന്മാരും പൂതനതാനുമന്യ-
ബാണാദി ദൈത്യമഹീപാലകന്മാരും ചേർന്നു
മാഗധസഹായനായ് ശക്തനാമവൻ, തന്നാ-
ലാകുംപോൽ യദുക്കളെ നിത്യവും ദുഃഖിപ്പി-
ച്ചാൻ. 1–2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ പീഡിതാ നിവിവിശുഃ കുരുപഞ്ചാലകേകയാൻ
സാല്വാൻ വിദർഭാൻ നിഷധാൻ വിദേഹാൻ കോസലാ-
ന്യകേ തമനരുന്ധാനാ ജ്ഞാതയഃ പര്യുപാസതേ [നപി. 3
ഹതേഷു ഷട്സു ബാലേഷു ദേവക്യാ ഔഗ്രസേനിനാ. 4
സപ്തമോ വൈഷ്ണവം ധാമ യമനന്തം പ്രചക്ഷതേ
ഗർഭോ ബഭൂവ ദേവക്യാ ഹർഷശോകവിവർദ്ധനഃ 5
ഭഗവാനപി വിശ്വാത്മാ വിദിത്വാ കംസജം ഭയം
യദൂനാം നിജനാഥാനാം യോഗമായാം സമാദിശത്. 6
''ഗച്ഛ, ദേവി, വ്രജം, ഭദ്രേ, ഗോപഗോഭിരലംകൃതം
രോഹിണീ വസുദേവസ്യ ഭാര്യാഽഽസ്തേ നന്ദഗോകുലേ. 7
അന്യാശ്ച കംസസംവിഗ്നാ വിവരേഷു വസന്തി ഹി
ദേവക്യാ ജഠരേ ഗർഭം ശേഷാഖ്യം ധാമ മാമകം
തത് സംനികൃഷ്യ രോഹിണ്യാ ഉദരേ സന്നിവേശയ. 8
അഥാഹമംശഭാഗേന ദേവക്യാഃ പുത്രതാം, ശുഭേ,
പ്രാപ്സ്യാമി ത്വം യശോദായാം നന്ദപത്ന്യാം ഭവിഷ്യസി. 9
അർച്ചിഷ്യന്തി മനുഷ്യാസ്ത്വാം സർവ്വകാമവരേശ്വരീം
*നാനോപഹാരബലിഭിഃ സർവ്വകാമവരപ്രദാം. 10
നാമധേയാനി കുർവ്വന്തി സ്ഥാനാനി ച നരാ ഭുവി
ദുർഗ്ഗേതി ഭദ്രകാളീതി വിജയാ വൈഷ്ണവീതി ച 11
കുമുദാ ചണ്ഡികാ കൃഷ്ണാ മാധവീ കന്യകേതി ച.
മായാ നാരായണീശാനീ ശാരദേത്യംബികേതി ച. 12
ഗർഭസങ്കർഷണാത്തം വൈ പ്രാഹുഃ സങ്കർഷണം ഭുവി
രാമേതി ലോകരമണാദ്ബലം ബലവദുച്ഛ്റയാത്.'' 13

ശ്രീശുക ഉവാച

സന്ദിഷ്ടൈവം ഭഗവതാ തഥേത്യോമിതി തദ്വചഃ
പ്രതിഗൃഹ്യ പരിക്രമ്യ ഗാം ഗതാ തത് തഥാകരോത്. 14
ഗർഭേ പ്രണീതേ ദേവക്യാ രോഹിണീം യോഗനിദ്രയാ
''അഹോ വിസ്രംസിതോ ഗർഭ'' ഇതി പൗരാ വിചുക്രുശുഃ. 15
ഭഗവാനപി വിശ്വാത്മാ ഭക്താനാമഭയങ്കര
ആവിവേശാംശഭാഗേന മന ആനകദുന്ദുഭേഃ. 16
സ ബിഭ്രത് പൗരുഷം ധാമ ഭ്രാജമാനോ യഥാ രവിഃ
ദുരാസദോഽതിദുർദ്ധർഷോ ഭൂതാനാം സംബഭൂവ ഹ. 17

തതോ ജഗന്മംഗളമച്യുതാംശം
സമാഹിതം ശൂരസുതേന ദേവീ
ദധാര സർവ്വാത്മകമാത്മഭൂതം
കാഷ്ഠാ യഥാഽഽനന്ദകരം മനസ്തഃ. 18

സാ ദേവകീ സർവ്വജഗന്നിവാസ-
നിവാസഭൂതാ നിതരാം ന രേജേ
ഭോജേന്ദ്രഗേഹേഽഗ്നിശിഖേവ രുദ്ധാ
സരസ്വതീ ജ്ഞാനഖലേ യഥാ സതീ. 19

താം വീക്ഷ്യ കംസഃ പ്രഭയാഽജിതാന്തരാം
വിരോചയന്തീം ഭവനം ശുചിസ്മിതാം
ആർഹൈഷ ''മേ പ്രാണഹരോ ഹരിർഗ്ഗുഹാം
ധ്രുവം ശ്രിതോ യന്ന പുരേയമീദൃശീ. 20

* 'ധൂപോപഹാരബലിഭിഃ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാദവരെല്ലാം കംസപീഡയാൽ വേഷംമാറി
ഭീതരായ് കുരുസാല്വപാഞ്ചാലകേകയങ്ങളും
നിഷധവിദേഹങ്ങളും കോസലവിദർഭാദി
വിഷയങ്ങളിൽ പോയി വസിച്ചാർ ഗൂഢ-
മായി. 3

ബന്ധുവർഗ്ഗത്തിൽ ചിലർ ഭോജരാജൻെറ
കീഴിൽ
സന്തതം തദാജ്ഞാനുവർത്തികളായ് വസി
ച്ചാർ.

ദേവകീബാലന്മാരെയാറിനെ ക്രൂരനാകും
ഭ്രവരൻ കംസൻ കൊന്നശേഷമാ വരാങ്ഗന
ശ്രീവിഷ്ണുധാമമാകും ശേഷനെ ഹർഷശോക-
സംവൃദ്ധമാംവിധത്തിൽ ഗർഭത്തിലാവഹി-
ച്ചാൾ. 4-5

ഭക്താഗ്ര്യന്മാരാം വസുദേവാദി യാദവന്മാ-
രൊക്കെയും ദുഷ്ടനാമക്കംസനിൽനിന്നേററിട്ടും
ദുഃഖത്തെസ്സർവ്വാത്മാവാം ഭഗവാൻ നേരേ
പാർത്തു
ചിക്കെന്നു നിജയോഗമായയോടരുളും-
ചെയ്താൻ. 6

''മങ്ഗലേ! ഗമിക്ക ഗോഗോപാലംകൃതം
വ്രജ-
മങ്ങു രോഹിണിവാഴ്വൂ വസുദേവൻെറ പത്നി.7

മററു നാരികളെല്ലാം ഗഹ്വരംതോറും ചെന്നു
പാററിക്കംസനെപ്പേടിച്ചൊളിച്ചു വസിക്കുന്നു.
ദേവകീഗർഭസ്ഥമാം ശേഷാഖ്യം മന്മഹസ്സു
നീ വഹിച്ചെത്തിക്കണം രോഹിണീജഠര-
ത്തിൽ. 8

ശോഭനേ! പൂർണ്ണരൂപം ധരിച്ചുകൊണ്ടീ ഞാനും
പ്രാപിച്ചീടുന്നേനിനിദ്ദേവകീപുത്രഭാവം.
നീയുടൻ നന്ദഗോപൻതന്നുടെ പത്നിയാകു-
മാ യശോദയിൽ ജനിച്ചീടുക മായാദേവീ! 9

നിഖിലകാമവരേശ്വരിയായ് ജനരാശി-
ക്കഖിലം സർവകാമവരദായിനിയാകും
നിന്നെ നാനോപഹാരബലികളുംകൊണ്ടേററ-
വും
നന്ദിയോടാരാധിക്കും നിത്യവും മർത്ത്യാവലി.
10

വൈഷ്ണവി, ദുർഗ്ഗ,മായ,വിജയ, ഭദ്രകാളി
കൃഷ്ണ, ചണ്ഡിക, പിന്നെ മാധവി, കുമുദയും
ശാരദ, കന്യകയു,മംബിക,യീശാനിയും
നാരായണിയുമേവം നാമങ്ങൾ നിനക്കുണ്ടാം.
11-12

ഗർഭത്തിൽനിന്നു സുഖമാകർഷിക്കുകയാലേ
കല്പിക്കും വന്നിനിസ്സങ്കർഷണാഭിധാനം
ഉലകം രമിപ്പിക്കുമൂലമായ് രാമാഖ്യയും
ബലിഷ്ഠനാകകൊണ്ടു ബലനാമവുമുണ്ടാം.'' 13

ശ്രീശുകൻ പറഞ്ഞു

ഓംമൂളിയക്കല്പനയാദരിച്ചധീശനെ-
യാ മായ ചുററി വലംവച്ചു വന്ദിച്ചശേഷം
പെട്ടെന്നു ധരാതലം പ്രാപിച്ചു ലോകനാഥൻ
ചട്ടംകെട്ടിയമട്ടിലൊക്കെയും പ്രവർത്തിച്ചാൾ.
14

ദേവകീഗർഭം മായ രോഹിണീജഠരത്തിൽ
സാവകാശത്തിൽ മാററിയപ്പൊഴപ്പൗരവൃന്ദം
''അലസിപ്പോയീ കഷ്ടം ദേവകൻതൻ തനൂജ-
യ്ക്കുളവായതാം ഗർഭശിശു''വെന്നാക്രോശിച്ചാർ.
15

വിശ്വാത്മാവെന്നാകിലും ഭക്തസഞ്ചയത്തിനു
ശാശ്വതാഭയപ്രദനാകും ശ്രീനാരായണൻ
അംശഭാഗങ്ങളോടുമാ വസുദേവൻതൻെറ-
യാശയംതന്നിലാവേശിച്ചിതു നൃപോത്തമാ! 16

പൗരുഷം ധാമംപൂണ്ട സൂര്യവർച്ചസ്സായവ-
നാരാലുമഗമ്യനായ് വിളങ്ങീ ദുർദ്ധർഷനായ്.17

പിന്നച്യുതാംശമായി വാസുദേവനാൽ നല്ല-
വണ്ണമർപ്പിതമായി ജഗന്മങ്ഗലമായി
സർവ്വഭൂതൗഘത്തിനുമാനന്ദപ്രദമായി
സർവ്വാത്മാവായിരിക്കുമാദിവ്യതേജസ്സിനെ
ദേവകി മനസ്സാലേ ധരിച്ചാൾ ഭൂരിസൗഖ്യം
ജീവികൾക്കേകീടുന്ന സോമനെദ്ദിക്കെന്ന-
പോൽ. 18

സർവ്വലോകാവാസഭൂതന്നുടെ നിവാസമാം
ദേവകി കംസാലയംതന്നിലാബദ്ധയായി
ജ്ഞാനവഞ്ചകനിലെശ്ശോഭനവാണിക്കൊത്തും
ഭാനിച്ചില്ലധികമായാവൃതാനലന്മട്ടും. 19

ഉള്ളിലബ്ഭഗവാനെ വഹിച്ചു ഭാസ്സാൽ ഗൃഹ-
മുല്ലസിപ്പിച്ചു ശുചിസ്മിതയായ് ശോഭിച്ചിട്ടും
അവളെക്കണ്ടു കംസൻ നിനച്ചാൻ, ''മത്-
പ്രാണനെ-
ക്കവരും ഹരിതാനിഗ്ഗുഹയിൽ തർക്കമില്ല.
എന്തുകൊണ്ടെന്നാലിവളീമട്ടിലലൗകിക-
കാന്തിയാവഹിച്ചിതന്നില്ല മുൻപൊരിക്കലും.
20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിമദ്യ തസ്മിൻ കരണീയമാശു മേ
യദർത്ഥതന്ത്രോ ന വിഹന്തി വിക്രമം
സ്ത്രിയാഃ സ്വസുർഗ്ഗുരുമത്യാ വധോഽയം
യശഃ ശ്രിയം ഹന്ത്യനകാലമായുഃ. 21
സ ഏഷ ജീവൻ ഖലു സമ്പരേതോ
വർത്തേത യോഽത്യന്തനൃശംസിതേന
ദേഹേ മൃതേ തം മനുജാഃ ശപന്തി
ഗന്താ തമോഽന്ധം തനുമാനിനോ ധ്രുവം.'' 22
ഇതി ഘോരതമാദ്ഭാവാത് സന്നിവൃത്തഃ സ്വയംപ്രഭുഃ
ആസ്തേ പ്രതീക്ഷംസ്തജ്ജന്മ ഹരേർവൈരാനുബന്ധകൃത്. 23
ആസീനഃ സംവിശംസ്തിഷ്ഠൻ ഭുഞ്ജാനഃ പര്യടൻ മഹീം
ചിന്തയാനോ ഹൃഷീകേശമപശ്യത് തന്മയം ജഗത്. 24
ബ്രഹ്മാ ഭവശ്ച തത്രൈത്യ മുനിഭിർന്നാരദാദിഭിഃ
ദേവൈഃ സാനുചരൈഃ സാകം ഗീർഭിർവൃഷണമൈഡയൻ. 25
''സത്യവ്രതം സത്യപരം ത്രിസത്യം
സത്യസ്യ യോനിം നിഹിതം ച സത്യേ
സത്യസ്യ സത്യമൃതസത്യനേത്രം
സത്യാത്മകം ത്വാം ശരണം പ്രപന്നാഃ. 26
ഏകായനോഽസൗ ദ്വിഫലസ്ത്രിമൂല-
ശ്ചതുരസഃ പഞ്ചവിധഃ ഷഡാത്മാ
സപ്തത്വഗഷ്ടവിടപോ നവാക്ഷോ
ദശച്ഛദീ ദ്വിഖഗോ ഹ്യാദിവൃക്ഷഃ. 27
ത്വമേക ഏവാസ്യ സതഃ പ്രസൂതി-
സ്ത്വം സന്നിധാനം ത്വമനുഗ്രഹശ്ച
ത്വന്മായയാ സംവൃതചേതസസ്ത്വാം
പശ്യന്തി നാനാ ന വിപശ്ചിതോ യേ. 28
ബിഭർഷി രൂപാണ്യവബോധ ആത്മാ
ക്ഷേമായ ലോകസ്യ ചരാചരസ്യ
സത്ത്വോപപന്നാനി സുഖാവഹാനി
സതാമഭദ്രാണി മുഹുഃ ഖലാനാം. 29
ത്വയ്യംബുജാക്ഷാഖിലസത്ത്വധാമ്നി
സമാധിനാഽഽവേശിതചേതസൈകേ
ത്വത്പാദപോതേന മഹത്കൃതേന
കുർവ്വന്തി ഗോവത്സപദം ഭവാബ്ധിം. 30
സ്വയം സമുത്തീര്യ സുദുസ്തരം ദ്യുമൻ-
ഭവാർണ്ണവം ഭീമമദഭ്രസൗഹൃദാഃ
ഭവത്പദാംഭോരുഹനാവമത്ര തേ
നിധായ യാതാഃ സദനുഗ്രഹോ ഭവാൻ. 31
യേഽന്യേഽരവിന്ദാക്ഷ വിമുക്തമാനിന-
സ്ത്വയ്യസ്തഭാവാദവിശുദ്ധബുദ്ധയഃ
ആരുഹ്യ കൃച്ഛ്റേണ പരം പദം തതഃ
പതന്ത്യധോഽനാദൃതയുഷ്മദങ്ഘ്രയഃ. 32
തഥാ ന തേ മാധവ താവകാഃ ക്വചിത്
ഭ്രശ്യന്തി മാർഗ്ഗാത്ത്വയി ബദ്ധസൗഹൃദാഃ
ത്വയാഭിഗുപ്താ വിചരന്തി നിർഭയാ
വിനായകാനീകപമൂർദ്ധസു, പ്രഭോ! 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്തൊന്നു ചെയ്യേണ്ടു ഞാനിക്ഷണമവനോടു-
ചിന്തിച്ചാൽ ചതുരുപായങ്ങളും ഫലിച്ചീടാ.
അത്ഥതന്ത്രത്തിന്നടിപ്പെട്ടവനെന്നാകിലും
ചെററുമേയത്ര ഹനിക്കുന്നില്ല തദ്വിക്രമം.
നാരിയായ് സുഭഗയായീടുമീ സ്വസാവിനെ
വീരൻ ഞാൻ വധിക്കുകിലെന്നുടെ സൽകീ-
ത്തിയും
ആയുസ്സുമൈശ്വര്യവുമക്ഷണമൊന്നായ് നഷ്ട-
മായീടുമെന്നുള്ളതിലില്ല സംശയമേതും. 21
അത്യന്തം ഘോരവൃത്തികൊണ്ടു തൻകാലം
പോക്കും
മത്ത്യനൂഴിയിൽ ജീവനോടുതാനിരുന്നാലും
ചത്തവൻതന്നെ നൂനം ദേഹാത്മധീയാളുമാ-
ദുഷ്ടനെജ്ജനം നശിക്കട്ടെന്നു ശപിച്ചീടും.
പരലോകത്തു ചെല്ലുംനേരത്തുമവൻ ഘോര-
നരകംതന്നെയനുഭവിക്കേണ്ടതായുംവരും.'' 22
ഈവിധമോത്തഘ്ഘോരസങ്കല്പമുപേക്ഷിച്ചു
സർവ്വദാ ശ്രീവിഷ്ണുവിൽ വൈരാനുബന്ധ-
ത്തോടും
തജ്ജനനത്തെസ്സദാ കാത്തുകൊണ്ടിരുന്നിതു
ദുജ്ജനവൃന്ദാഗ്രിമനാകിയ ഭോജരാജൻ. 23
ഇരിക്കുമ്പൊഴും ശയിക്കുമ്പൊഴും നില്ക്കുമ്പൊഴും
ചിരിക്കുമ്പൊഴും ഭുജിക്കുമ്പൊഴുമെന്നുവേണ്ടാ
എപ്പോഴും ഭഗവാനെത്തന്നെ ചിന്തിച്ചു ജഗ-
ത്തെപ്പേരും തത്സ്വരൂപമായിത്താൻ കണ്ടാ-
നവൻ. 24
കാമാരിഭഗവാനും ബ്രഹ്മാവും നാരദാദി-
മാമുനീന്ദ്രന്മാരൊടും സാനുഗാമികളാകും
ആദിതേയന്മാരൊടുമങ്ങെത്തിയഭീഷ്ടപ്ര-
ദാതാവാം ഭഗവാനെ സ്തുതിച്ചാർ വാക്യ-
ങ്ങളാൽ. 25
''സത്യമാം വ്രതത്തോടും സത്യമാം പ്രാപ്യ-
സ്ഥാന-
മൊത്തതായ് പഞ്ചഭൂതഹേതുവായ്
ത്രിസത്യമായ്
സത്യത്തിൽ വത്തിപ്പതായ് സത്യത്തിൽ
സത്യമായി
സത്യദശനം സത്യവാക്കിവയേകുന്നതായ്
സത്യത്തിൽ കാലത്രയത്തിങ്കലും സ്ഥിതി-
ചെയ്യും
സത്യസ്വരൂപാ! ഞങ്ങളങ്ങയെയാശ്രയിപ്പൂ. 26
പ്രകൃതിയാകുമേകാശ്രയത്തെയാന്നതായി-
സ്സുഖദുഃഖങ്ങളാം ഫലദ്വയങ്ങളിയന്നതായ്
സത്വാദിഗുണങ്ങളാം മൂന്നു വേരുള്ളതായ് പു-
രുഷാത്ഥങ്ങളാകും നാലു രസങ്ങളും ചേരുന്നതായ്

പഞ്ചേന്ദ്രിയങ്ങളാകുമഞ്ചു ലക്ഷണങ്ങളും
തഞ്ചുന്നതായിശ്ശോകമോഹങ്ങളും ജര,മൃത്യു
ക്ഷുത്തൃട്ടീമട്ടു ഷൾസ്വഭാവമാളുന്നതാ-
യസ്ഥി, മേദസ്സു, ശുക്ലം, മജ്ജ, തോൽ,
മാംസം, രക്തം
ഇത്തരം ത്വക്കേഴാന്തു പഞ്ചഭൂതങ്ങളും ചിത്തം
ബുദ്ധിയുമഹങ്കാരമെന്നെട്ടു ശാഖ ചേന്നു
കണ്ണു രണ്ടിരുചെവി നാസികാദ്വാരദ്വയം
പിന്നെ വായ് മലമൂത്രദ്വാരങ്ങളെന്നിങ്ങനെ
പൊത്തുകളൊൻപതാന്നു ദശപ്രാണങ്ങളാകും
പത്തില, ജീവാത്മാവും പരമാത്മാവുമെന്ന-
പക്ഷികൾ രണ്ടുമൊത്തുചേന്നിണങ്ങി-
യീയാദി-
വൃക്ഷമെപ്പൊഴും നിലകൊള്ളുന്നു നിസ്സംശയം.
27
സത്താമിപ്രപഞ്ചഭൂരുഹത്തിൻ ജന്മഭൂവും
ഭത്താവും സംഹത്താവുമേകനാം ഭവാനല്ലോ
ത്വന്മായാവൃതചിത്തരങ്ങയെബ്ബഹുരൂപ-
സംബന്ധിയായും വിജ്ഞരുള്ളവണ്ണവും
കാൺമൂ. 28
ജ്ഞാനസ്വരൂപനാകുമങ്ങുന്നു ചരാചര-
സ്ഥാനമായിരിക്കുമീ ലോകത്തിൻ ക്ഷേമ-
ത്തിനായ്
സത്തുക്കൾക്കെല്ലാം സുഖപ്രദമായ് ദുഷ്ടന്മാക്കു
മൃത്യുകാരണമായിസ്സത്വപ്രധാനങ്ങളാം
എത്രയോ മൂത്തികളെദ്ധരിച്ചീടുന്നു വീണ്ടു-
മത്യന്തമാവശ്യമാം ഘട്ടത്തിൽ സ്വേച്ഛയായി.
ശുദ്ധസത്വാകാരമായ് വിളങ്ങും ഭവാനിൽ
സ്വ-
ചിത്തത്തെസ്സമാധിയാൽ ബന്ധിച്ച ഭക്താ-
ദുസ്തരഭയങ്കരഭവാബ്ധി ഗോഷ്പദംമ- [ഗ്രിമർ
ട്ടുത്തരിച്ചാരവക്കു പിൻഗാമിജനങ്ങളിൽ
നിർഭരസ്നേഹമുണ്ടു നിശ്ചയം, ത്വത്പാദമാം
കപ്പലിങ്ങിട്ടിട്ടത്രേ പോയതങ്ങവരെല്ലാം.
29–31
എന്നാലുമശുദ്ധധീയാന്നിടും ചിലർ മുക്ത-
രെന്നു ഭാവിച്ചു ഭവത്പാദപങ്കജം ലേശം
മാനിയാതായിപ്പാടുപെട്ടവരാന്നോരുച്ച-
സ്ഥാനത്തുനിന്നു പെട്ടെന്നധഃപതിക്കുന്നിതേ.
32
അങ്ങയിൽ സൗഹൃദത്തെസ്സന്ധിച്ചിരിക്കുന്നവ-
ക്കെങ്ങുമേ പററീടാറില്ലാവിധം സ്ഥാനഭ്രംശം
അക്കൂട്ടർ ഭവാനുടെ രക്ഷയിൽ ഭയമെന്യേ
വിഘ്നദേവതകൾ തന്മൂദ്ധാവിൽച്ചവിട്ടുന്നു. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്ത്വം വിശുദ്ധം ശ്രയതേ ഭവാൻ സ്ഥിതൗ
ശരീരിണാം ശ്രേയ ഉപായനം വപുഃ
വേദക്രിയായോഗതപഃസമാധിഭി-
സ്തവാർഹണം യേന ജനഃ സമീഹതേ. 34
സത്ത്വം ന ചേദ്ധാതരിദം നിജം ഭവേ-
ദ്വിജ്ഞാനമജ്ഞാനഭിദാപമാർജ്ജനം
ഗുണപ്രകാശൈരനുമീയതേ ഭവാൻ
പ്രകാശതേ യസ്യ ച യേന വാ ഗുണഃ. 35
ന നാമരൂപേ ഗുണജന്മകർമ്മഭി-
ർന്നിരൂപിതവ്യേ തവ തസ്യ സാക്ഷിണഃ
മനോവചോഭ്യാമനുമേയവർത്മനോ
ദേവ ക്രിയായാം പ്രതിയന്ത്യഥാപി ഹി. 36
ശൃണ്വൻ ഗൃണൻ സംസ്മരയംശ്ച ചിന്തയൻ
നാമാനി രൂപാണി ച മങ്ഗളാനി തേ
ക്രിയാസു യസ്ത്വച്ചരണാരവിന്ദയോ-
രാവിഷ്ടചേതാ ന ഭവായ കല്പതേ. 37
ദിഷ്ട്യാ ഹരേഽസ്യാ ഭവതഃ പദോ ഭുവോ
ഭാരോഽപനീതസ്തവ ജന്മനേശിതുഃ
ദിഷ്ട്യാങ്കിതാം ത്വത്പദകൈഃ സുശോഭനൈർ-
ദ്രക്ഷ്യാമ ഗാം ദ്യാം ച തവാനുകമ്പിതാം. 38
ന തേഽഭവസ്യേശ ഭവസ്യ കാരണം
വിനാ വിനോദം ബത തർക്കയാമഹേ
ഭവോ നിരോധഃ സ്ഥിതിരപ്യവിദ്യയാ
കൃതാ യതസ്ത്വയ്യഭയാശ്രയാത്മനി. 39
മത്സ്യാശ്വകച്ഛപനൃസിംഹവരാഹഹംസ-
രാജന്യവിപ്രവിബുധേഷു കൃതാവതാരഃ
ത്വം പാസി നസ്ത്രിഭുവനം ച യഥാധുനേശ
ഭാരം ഭുവോ ഹര, യദൂത്തമ, വന്ദനം തേ. 40
ദിഷ്ട്യാംബ! തേ കുക്ഷിഗതഃ പരഃ പുമാ-
നംശേന സാക്ഷാദ്ഭഗവാൻ ഭവായ നഃ
മാഭൂദ്ഭയം ഭോജപതേർമുമൂർഷോ-
ർഗ്ഗോപ്താ യദൂനാം ഭവിതാ തവാത്മജഃ.'' 41

ശ്രീശുക ഉവാച
ഇത്യഭിഷ്ടൂയ പുരുഷം യദ്രൂപമനിദം യഥാ
ബ്രഹ്മേശാനൗ പുരോധായ ദേവാഃ പ്രതിയയുർദ്ദിവം. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ ഗർഭഗതവിഷ്ണോർബ്രഹ്മാദികൃതസ്തുതിർന്നാമ ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

ശ്രീശുക ഉവാച
അഥ സർവ്വഗുണോപേതഃ കാലഃ പരമശോഭനഃ
യർഹ്യേവാജനജന്മർക്ഷം ശാന്തർക്ഷഗ്രഹതാരകം. 1
ദിശഃ പ്രസേദുർഗ്ഗഗനം നിർമ്മലോഡുഗണോദയം
മഹീ മങ്ഗളഭൂയിഷ്ഠപുരഗ്രാമവ്രജാകരാ. 2
നദ്യഃ പ്രസന്നസലിലാ ഹ്രദാ ജലരുഹശ്രിയഃ
ദ്വിജാലികുലസംനാദസ്തബകാ വനരാജയഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാലനത്തിങ്കൽ ഭവാൻ പ്രാണികളെല്ലാം
ശ്രേയ-
സ്സേല്പമാറാളുന്നിതു ശുദ്ധസത്ത്വസ്വരൂപം
സ്വാദ്ധ്യായകർമ്മതപസ്സമാധികളാൽ ജനം
നിത്യവുമർച്ചിക്കുന്ന ഭവാനെ ഭക്തിപൂർവം. 34

ധാതാവേ! ഭവത്സത്ത്വമൂർത്തിയില്ലെന്നിരിക്കി-
ലേതുമറ്റൊഴിച്ചീടുമജ്ഞാനഭേദബുദ്ധി?

ഗുണപ്രകാശങ്ങളാൽ സ്വഗുണം ദ്യോതിപ്പിക്കു-
മനഘനാകുമങ്ങേയനുമാനിപ്പൂ ജനം. 35

സന്തതം തത്സാക്ഷിയായ് നിലകൊണ്ടനു-
മേയ-
പന്ഥാവിയന്നീടുന്ന നിന്തിരുമേനിക്കെഴും

ഗുണങ്ങൾ ജനനങ്ങൾ കർമ്മങ്ങളിവമൂല-
മണഞ്ഞീടുമാ നാമരൂപഭേദങ്ങളെല്ലാം

വാങ്മാനസാതീതങ്ങളെങ്കിലും കർമ്മങ്ങളിൽ
നിന്മഹാനുഗ്രഹത്താൽ ഭക്തന്മാരറിയുന്നു. 36

നിന്തിരുനാമങ്ങളെച്ചൊല്ലുകയും ശ്രവിക്കയും
സന്തതം രൂപങ്ങളെ നേരേ സംസ്മരിക്കയും

അന്യരെ സ്മരിപ്പിച്ചീടുകയും കർമ്മങ്ങളി-
ലനഘം ഭവത്പാദപങ്കജങ്ങളിൽത്തന്നെ

മാനസമുറപ്പിച്ചുവയ്ക്കയും ചെയ്‌വോനേവ-
നാണവന്നേശുകില്ല ലേശവും ഭവക്ലേശം. 37

തൽപ്പദോൽപ്പന്നയാമീബ്ഭൂദേവിയാന്ന-
ഭാര-
മിപ്പൊഴേ ഭവജ്ജന്മമൊന്നിനാൽ തീർന്നു ഭാഗ്യം.

ഇന്നിമേൽ തവച്ഛോഭനപാദങ്ങൾ പതിഞ്ഞ-
തായ്
വിണ്ണുമീ മന്നും ഞങ്ങൾ കണ്ടു കൺകുളിർപ്പിക്കും.

എന്നല്ല രണ്ടിടത്തുമങ്ങലിഞ്ഞാളും ഭക്ത-
വൃന്ദാനുഗ്രഹകരലീലകളേയും കാണും. 38

ജനനഹീനനാകും ഭവാനു ജന്മഹേതു
വിനോദമെന്നേ ഞങ്ങൾ ഗണിച്ചീടുന്നതുള്ള

ശരണാസ്പദാ! ജീവാത്മാവുതന്നുടെജന്മം
മരണമെന്നിതെല്ലാം തവന്മായാകൃതങ്ങൾ-
താൻ. 39

മത്സ്യവുമശ്വം കൂർമ്മം വരാഹം നരസിംഹം
ഹംസം ശ്രീരാമൻ പരശ്വായുധൻ വടുതാനും

ഇങ്ങനെ നാനാരൂപം ധരിച്ചു ഞങ്ങളേയു-
മങ്ങിത്രിലോകത്തെയുമെങ്ങനെ കാക്കുന്നുവോ

ഇപ്പോഴുമക്കണക്കേ ഭൂഭാരം ഹരിച്ചാലും
കെല്പേറും യദുശ്രേഷ്ഠാ! ഭവാനു നമസ്കാരം! 40

മാതാവേ! സാക്ഷാൽ പരൻപൂരുഷൻ ഭാഗ്യ-
ത്തിനാൽ
സാദരം ഭവതിതൻ കുക്ഷിയിൽ ഗതനായി.

മരിപ്പാനിച്ഛിച്ചീടും കംസനെപ്പേടിക്കേണ്ടാ
പരിരക്ഷിച്ചുകൊള്ളും നിന്മകൻ യദുവംശം.''
41

ശ്രീശുകൻ പറഞ്ഞു

ഇക്കാണും പ്രപഞ്ചത്തിൽനിന്നു വേറായി
മിന്നും
ചില്ക്കാമ്പാം ഭഗവാനെയീവിധം സ്തോത്രം-
ചെയ്തു

മുക്കണ്ണനേയും ബ്രഹ്മാവിനേയും മുൻനടത്തി
സ്വർഗ്ഗലോകത്തിലേക്കു പോയിതസ്സുരസംഘം.
42

അദ്ധ്യായം 3

ശ്രീകൃഷ്ണാവതാരം—വസുദേവ-ദേവകീസ്തുതി

ശ്രീശുകൻ പറഞ്ഞു

ഭൂവരാ! പിന്നെസ്സർവ്വഗുണയുക്തമായ്-
ബ്രഹ്മ-
ദേവതചേർന്ന പുണ്യനക്ഷത്രമൊത്തതായി

അതിശോഭനമായി ശാന്തർക്ഷഗ്രഹതാരാ-
യുതമാം സന്മങ്ഗലകാലമാസന്നമായി. 1

ദിക്കുകളേറ്റം പ്രസാദിച്ചു നിർമ്മലതാരാ-
കോൽക്കരങ്ങളാലേററം ശോഭിച്ചിതാകാശവും

ധരയും ശുഭവസ്തുസമ്പൂർണ്ണപുരഗ്രാമാ-
കരഗോകുലഗ്രാമയുതയായുല്ലസിച്ചാൾ. 2

നദികളെല്ലാം വെള്ളംതെളിഞ്ഞു ലാലസിച്ചു
ഹ്രദങ്ങൾ ശോഭിച്ചിതു സരോജങ്ങളാൽ പാരം

വനരാജികളെല്ലാം വിഹങ്ഗഭൃങ്ഗചാരു-
നിനദംകലർന്നിടും പൂകുല തിങ്ങിമിന്നി. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വവൗ വായുഃ സുഖസ്പർശഃ പുണ്യഗന്ധവഹഃ ശുചിഃ
അഗ്നയശ്ച ദ്വിജാതീനാം ശാന്താസ്തത്ര സമിന്ധത. 4

മനാംസ്യാസൻ പ്രസന്നാനി സാധൂനാമസുരദ്രുഹാം
ജായമാനേ/ജനേ തസ്മിൻ നേദുർദുന്ദുഭയോ ദിവി. 5

ജഗുഃ കിന്നരഗന്ധർവ്വാസ്തുഷ്ടുവുഃ സിദ്ധചാരണാഃ
വിദ്യാധര്യശ്ച നനൃതുരപ്സരോഭിഃ സമം തദാ. 6

മുമുചുർമ്മുനയോ ദേവാഃ സുമനാംസി മുദാന്വിതാഃ
മന്ദം മന്ദം ജലധരാ ജഗർജ്ജുരനുസാഗരം. 7

നിശീഥേ തമ ഉദ്ഭൂതേ ജായമാനേ ജനാർദ്ദനേ
ദേവക്യാം ദേവരൂപിണ്യാം വിഷ്ണുഃ സർവ്വഗുഹാശയഃ
*ആവിരാസീദ്യഥാ പ്രാച്യാം ദിശീന്ദുരിവ പുഷ്കലഃ. 8

തമദ്ഭുതം ബാലകമംബുജേക്ഷണം
ചതുർഭുജം ശങ്ഖഗദാദ്യുദായുധം
ശ്രീവത്സലക്ഷ്മം ഗളശോഭികൗസ്തുഭം
പീതാംബരം സാന്ദ്രപയോദസൗഭഗം. 9

മഹാർഹവൈഡൂര്യകിരീടകുണ്ഡല-
ത്വിഷാ പരിഷ്വക്തസഹസ്രകുന്തളം
ഉദ്ദാമകാഞ്ച്യങ്ഗദകങ്കണാദിഭിർ-
വിരോചമാനം വസുദേവ ഐക്ഷത. 10

സ വിസ്മയോത്ഫുല്ലവിലോചനോ ഹരിം
സുതം വിലോക്യാനകദുന്ദുഭിസ്തദാ
കൃഷ്ണാവതാരോത്സവസംഭ്രമോ/സ്പൃശൻ
മുദാ ദ്വിജേഭ്യോ/യുതമാപ്ലുതോ ഗവാം. 11

അഥൈനമസ്തൗദവധാര്യ പൂരുഷം
പരം നതാങ്ഗഃ കൃതധീഃ കൃതാഞ്ജലിഃ
സ്വരോചിഷാ, ഭാരത, സൂതികാഗൃഹം
വിരോചയന്തം ഗതഭീഃ പ്രഭാവവിത്. 12

''വിദിതോ/സി ഭവാൻ സാക്ഷാത് പുരുഷഃ പ്രകൃതേഃ പരഃ
കേവലാനുഭവാനന്ദസ്വരൂപഃ സർവ്വബുദ്ധിദൃക് 13

സ ഏവ സ്വപ്രകൃത്യേദം സൃഷ്ട്വാഗ്രേ ത്രിഗുണാത്മകം
തദനു ത്വം ഹ്യപ്രവിഷ്ടഃ പ്രവിഷ്ട ഇവ ഭാവ്യസേ. 14

യഥേമേ/വികൃതാ ഭാവാസ്തഥാ തേ വികൃതൈഃ സഹ
നാനാവീര്യാഃ പൃഥഗ്ഭൂതാ വിരാജം ജനയന്തി ഹി. 15

സന്നിപത്യ സമുത്പാദ്യ ദൃശ്യന്തേ/നുഗതാ ഇവ
പ്രാഗേവ വിദ്യമാനത്വാന്ന തേഷാമിഹ സംഭവഃ. 16

ഏവം ഭവാൻ ബുദ്ധ്യനുമേയലക്ഷണൈർ-
ഗ്രാഹ്യൈർഗ്ഗുണൈഃ സന്നപി തദ്ഗുണാഗ്രഹഃ
അനാവൃതത്വാദ്ബഹിരന്തരം ന തേ
സർവ്വസ്യ സർവ്വാത്മന ആത്മവസ്തുനഃ. 17

യ ആത്മനോ ദൃശ്യഗുണേഷു സന്നിതി
വ്യവസ്യതേ സ്വവ്യതിരേകതോ/ബുധഃ
വിനാനുവാദം ന ച തന്മനീഷിതം
സമ്യഗ്യതസ്ത്യക്തമുപാദദത് പുമാൻ. 18

* ഗ്രഹനില ടിപ്പണിയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗന്ധവാഹനും സുഖസ്പർശനനായിപ്പുണ്യ-
ഗന്ധമാവഹിച്ചു സംശുദ്ധനായ് വീശീടിനാൻ.
ബ്രാഹ്മണജാതിക്കെഴമഗ്നികൾ ശാന്തങ്ങളാ-
യമ്മുഹൂർത്തത്തിൽ താനേയുജ്ജ്വലിച്ചിതു പാരം.
4
ദാനവദ്രോഹമനുഭവിക്കും സാധുക്കൾതൻ-
മാനസമെല്ലാമതി പ്രസന്നമായ് ഭവിച്ചു.
അജ്ജന്മഹീനൻ ദേവൻ ജനിച്ചസമയത്തിൽ
നിർജ്ജരദുന്ദുഭ്യാദി മുഴങ്ങീ വിണ്ണിലെങ്ങും. 5
തുഷ്ടരായ് ഗാനംചെയ്താർ ഗന്ധർവ്വ-
കിന്നരന്മാർ
സിദ്ധചാരണന്മാരും സ്തോത്രങ്ങൾ കീർത്തി-
ച്ചിതു.
വിദ്യാധരാങ്ഗനാളിയപ്സരഃസ്ത്രീകളോടു-
മൊത്തുചേർന്നുല്ലാസമായ് നർത്തനംചെയ്തീടി-
നാർ. 6
സുമനസ്സമൂഹത്തെച്ചൊരിഞ്ഞാർ സന്തുഷ്ടരായ്
സുമനസ്സന്ദോഹവും മാമുനിജനങ്ങളും
അംഭോധിഗംഭീരമായ് ശബ്ദിച്ചുതുടങ്ങിയ-
ങ്ങംഭോദസമൂഹവും ഗർജ്ജിച്ചു മന്ദമന്ദം. 7
ഭുവാകെക്കൂരിരുട്ടിൽ മുഴുകും നിശീഥത്തിൽ
ദേവരൂപിണിയാകും ദേവകീദേവിതന്നിൽ
ആവിർഭവിച്ചാൻ പൂർണ്ണൻ സർവാന്തഃസ്ഥിതൻ
വിഷ്ണു
പൂർവ്വദിങ്നാരിതന്നിൽ ചന്ദ്രനെന്നതുപോലെ.
8
പങ്കജാക്ഷനായ് ചതുഷ്പാണിയായ്കരങ്ങളിൽ
ശങ്ഖചക്രങ്ങൾ ഗദപദ്മമെന്നിവയാന്നും
മാറിൽ ശ്രീവത്സമെന്ന ലക്ഷ്മവും കണ്ഠംതന്നിൽ
ചാരുകൗസ്തുഭമഹാരത്നവും പൂണ്ടു നന്നായ്
മഞ്ഞപ്പട്ടുടയാടയുടുത്തു സാന്ദ്രാംബുദ-
മഞ്ജുളവർണ്ണത്തൊടുമനർഘവൈഡൂര്യങ്ങൾ
പതിച്ച കിരീടത്തിൻ കാന്തിയും കർണ്ണഭൂഷാ-
ദ്യുതിയും കലർന്നിടും നീലകുന്തളത്തോടും
പൊന്നരഞ്ഞാണും കങ്കണാങ്ഗദാദിയുംചേർന്നു
മിന്നീടുമാ ബാലനെക്കണ്ടിതു ശൂരസേനി. 9-10
അദ്ഭുതോൽഫുല്ലനേത്രയുക്തനായ് വസുദേവ-
നപ്പോൾ സ്വസുതനായ് ശ്രീഹരിയെ വീക്ഷി-
ക്കയാൽ
കൃഷ്ണാവതാരോത്സവവിഭ്രമചിത്തനായി-
പ്പൂർണ്ണമാമാനന്ദാംഭോരാശിയിൽ മുങ്ങീടിനാൻ.
ബ്രാഹ്മണർക്കായിപ്പതിനായിരം പശുക്കളെ
തന്മനതാരിങ്കലക്ഷണത്തിൽ സങ്കല്പിച്ചാൻ. 11

മേദിനീശ്വരാ! പിന്നെ സ്വന്തമാം തേജസ്സി-
നാൽ
സൂതികാലയം മിന്നിച്ചവിടെശ്ശയിച്ചീടും
ബാലനെപ്പരൻപുമാനെന്നുതാൻ നിശ്ചയിച്ചു
ചാലവേ തൽപ്രഭാവം ധരിച്ചു കരംകൂപ്പി
തത്പദതാരിൽ നമസ്കരിച്ചു വസുദേവൻ
നിർഭയനായിപ്പുനരീവിധം സ്തുതിച്ചിതു. 12
''പ്രകൃതിഭിന്നനായിക്കേവലാനുഭവത്തിൻ
തികവുമാനന്ദവുമായിടും രൂപമാളും
പുരുഷനായിസ്സർവധീവൃത്തികളും വീക്ഷി-
ച്ചിരിക്കും ഭവാനിപ്പോൾ നേത്രഗോചര-
നായി. 13
അബ്ഭവാൻ സ്വമായയാൽ ത്രിഗുണരൂപ-
മാകു-
മിപ്രപഞ്ചത്തെയാദ്യം വിരചിച്ചതിൽ പിന്നെ
സത്യത്തിലപ്രവിഷ്ടനെന്നിരിക്കിലുമതിൽ
നിത്യവും പ്രവിഷ്ടൻതാനെന്നപോൽ ഭാവി-
ക്കുന്നു. 14
വേറായിരിക്കുന്നേരം ശക്തിയെന്നിയേ,
നാനാ-
വീര്യങ്ങളാളുന്ന നിർവികാരതത്ത്വമേഴും
പൃത്ഥ്വ്യാദിവികൃതങ്ങളായീടും തത്ത്വങ്ങളോ-
ടൊത്തുടൻ വിരാട്ടാകും ബ്രഹ്മാണ്ഡം രചി-
ക്കുന്നു. 15
അമ്മഹദാദിയാകും തത്ത്വങ്ങളൊത്തുചേർന്നു
ബ്രഹ്മാണ്ഡം രചിച്ചതിൽ പിന്നതിൽ ഗമിച്ച-
തായ്
കാൺകിലുമവ മുന്നേതാനതിലിരിക്കയാൽ
ശങ്കിപ്പതയുക്തമാണനുഗതങ്ങളെന്നായ്. 16
ഈവിധമനുമേയമായിടും ലക്ഷണങ്ങ-
ളാവഹിച്ചറിഞ്ഞീടാൻ യോഗ്യമായിരുന്നീടും
ഗുണങ്ങളോടു ഭവാൻ ചേർന്നിരുന്നെന്നാലുമ-
ഗ്ഗുണങ്ങൾ ഗ്രഹിക്കുന്നില്ലങ്ങയെത്തീച്ചതന്നെ.
സമസ്തസ്വരൂപനും സർവാത്മാവുമായെങ്ങും
സമമായ് വ്യാപിച്ചിരിക്കുന്നൊരുപദാർത്ഥമാം
നിന്തിരുമേനിയനാവൃതനെന്നതുമൂലം
ചിന്തിക്കിലങ്ങേക്കകംപുറമെന്നുള്ളതില്ല. 17
ആത്മാവുമൂലം കാണപ്പെടുന്ന ദേഹാദിയെ
ആത്മാവില്ലാതെ സത്തെന്നായിഹ ഗണിക്കു-
വോൻ
മൂഢൻതാൻ, കാര്യങ്ങളാം വസ്തുക്കൾ തൽക്കാ-
രണ-
ത്തോടുകൂടാതെ നിലനില്ക്കയില്ല നൂനം.
ആകയാൽ ത്യാജ്യമാകും ദേഹാദിഗുണകാര്യം
വാഗ്വ്യവസായത്തിനു മാത്രമായ് ഭവി-
ക്കുന്നു. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത്തോഽസ്യ ജന്മസ്ഥിതിസംയമാൻ, വിഭോ,
വദന്ത്യനീഹാദഗുണാദവിക്രിയാത്
ത്വയീശ്വരേ ബ്രഹ്മണി നോ വിരുധ്യതേ
ത്വദാശ്രയത്വാദുപചര്യതേ ഗുണൈഃ. 19

സത്ത്വം ത്രിലോകസ്ഥിതയേ സ്വമായയാ
ബിഭർഷി ശുക്ലം ഖലു വർണ്ണമാത്മനഃ
സർഗ്ഗായ രക്തം രജസോപബൃംഹിതം
കൃഷ്ണം ച വർണ്ണം തമസാ ജനാത്യയേ. 20

ത്വമസ്യ ലോകസ്യ, വിഭോ, രിരക്ഷിഷുർ-
ഗൃഹേഽവതീർണ്ണോഽസി മമാഖിലേശ്വര!
രാജന്യസ ജ്ഞാസുരകോടിയൂഥപൈ-
ർന്നിർവ്യൂഹ്യമാനാ നിഹനിഷ്യസേ ചമൂഃ. 21

അയം ത്വസഭ്യസ്തവ ജന്മ നൗ ഗൃഹേ
ശ്രുത്വാഗ്രജാംസ്തേ ന്യവധീത്, സുരേശ്വര,
സ തേഽവതാരം പുരുഷൈഃ സമർപ്പിതം
ശ്രുത്വാധുനൈവാഭിസരത്യുദായുധഃ.'' 22

ശ്രീശുക ഉവാച

അഥൈനമാത്മജം വീക്ഷ്യ മഹാപുരുഷലക്ഷണം
ദേവകീ തമുപാധാവത് കംസാദ്ഭീതാ ശുചിസ്മിതാ. 23

ദേവക്യുവാച

രൂപം യത്തത് പ്രാഹുരവ്യക്തമാദ്യം
ബ്രഹ്മ ജ്യോതിർന്നിർഗ്ഗുണം നിർവ്വികാരം
സത്താമാത്രം നിർവ്വിശേഷം നിരീഹം
സ ത്വം സാക്ഷാദ്വിഷ്ണുരധ്യാത്മദീപഃ. 24

നഷ്ടേ ലോകേ ദ്വിപരാർദ്ധാവസാനേ
മഹാഭൂതേഷ്വാദിഭൂതം ഗതേഷു
വ്യക്തേഽവ്യക്തം കാലവേഗേന യാതേ
ഭവാനേകഃ ശിഷ്യതേഽശേഷസംജ്ഞഃ. 25

യോഽയം കാലസ്തസ്യ തേഽവ്യക്തബന്ധോ
ചേഷ്ടാമാഹുശ്ചേഷ്ടതേ യേന വിശ്വം
നിമേഷാദിർവത്സരാന്തോ മഹീയാം.
സ്തം ത്വേശാനം ക്ഷേമധാമ പ്രപദ്യേ. 26

മർത്ത്യോ മൃത്യുവ്യാളഭീതഃ പലായൻ
ലോകാൻ സർവ്വാന്നിർഭയം നാധ്യഗച്ഛത്
ത്വത്പാദാബ്ജം പ്രാപ്യ യദൃച്ഛയാദ്യ
സ്വസ്ഥഃ ശേതേ മൃത്യുരസ്മാദപൈതി. 27

സ ത്വം ഘോരാദുഗ്രസേനാത്മജാന്ന-
സ്ത്രാഹി ത്രസ്താൻ ഭൃത്യവിത്രാസഹാസി
രൂപം ചേദം പൗരുഷം ധ്യാനധിഷ്ണ്യം
മാ പ്രത്യക്ഷം മാംസദൃശാം കൃഷീഷ്ഠാഃ. 28

ജന്മ തേ മയ്യസൗ പാപോ മാ വിദ്യാന്മധുസൂദന!
സമുദ്വിജേ ഭവദ്ധേതോഃ കംസാദഹമധീരധീഃ. 29

ഉപസംഹര വിശ്വാത്മന്നദോ രൂപമലൗകികം
ശങ്ഖചക്രഗദാപദ്മശ്രിയാ ജുഷ്ടം ചതുർഭുജം. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാപാരവിഹീനനായ് നിർഗ്ഗുണനായി
വികാ-
രാപേതനായീടുന്ന തിരുമേനിയിൽനിന്നും

ഇപ്രപഞ്ചത്തിൻ സൃഷ്ടിസംസ്ഥിതിസം-
യമങ്ങ-
ളുദ്ഭൂതമെന്നു ചൊൽവൂ, ബ്രഹ്മമായീശനാകും

അങ്ങയെയാശ്രയിക്കും ഗുണങ്ങാം ചെയ്‌വ-
തെല്ലാ-
മങ്ങുപചരിക്കുന്നു, നിരോധിക്കുന്നതില്ല. 19

സ്വന്തമായയാൽ ഭവാൻ ത്രിലോകരക്ഷയ്ക്കായി-
ശ്ശാന്തമാം നിജ സത്ത്വപ്രധാനമൂർത്തിയേയും

സൃഷ്ടിക്കായ് സുരഞ്ജകരജോരൂപവും സംഹാ-
രത്തിങ്കൽത്തമഃക്രോധമൂർത്തിയും ധരിക്കുന്നു. 20

ഹേ ഹരേ! ഭവാനിപ്പോരം ലോകരക്ഷയ്ക്കായ്
മമ-
ഗേഹത്തിലവതീർണ്ണനായിരിക്കുന്നുവല്ലോ.

ക്ഷത്രിയനാമമാളും ദൈത്യേന്ദ്രർ നയിച്ചിടും
വമ്പിച്ചസൈന്യങ്ങളെയൊടുക്കും പാടേ
ഭവാൻ. 21

ജനിക്കും ഭവാനസ്മദ്ഗേഹത്തിലെന്നു കേട്ടു-
ഹനിച്ചാൻ നൃശംസനാം കംസൻ നിൻ ജ്യേഷ്ഠ-
ന്മാരെ.

ഭൃത്യരിൽനിന്നിജ്ജന്മവൃത്താന്തമറിഞ്ഞുകൊ-
ണ്ടെത്തിടും വാളുയർത്തിപ്പിടിച്ചിങ്ങീയസ-
ഭ്യൻ.'' 22

ശ്രീശുകൻ പറഞ്ഞു

ദേവകീദേവിമഹാപുരുഷലക്ഷണങ്ങാം-
താവും തൻതനൂജനെക്കണ്ടേററം സന്തുഷ്ടയായ്

കംസനിൽനിന്നും പരം ഭീതയെങ്കിലും മന്ദ-
ഹാസത്തോടിപ്രകാരം സ്തുതിച്ചുതുടങ്ങിനാം.
23

ദേവകി പറഞ്ഞ

അവ്യക്ത,മാദ്യം, ബ്രഹ്മം, നിർഗ്ഗുണം,
നിർവ്വികാരം
നിർവിശേഷം, നിരീഹം, ജ്യോതിസ്സു,സത്താ-
മാത്രം

ഇത്തരം ബഹുവിധം വേദമുദ്ഘോഷിച്ചിടു-
മദ്ധ്യാത്മദീപമാം ശ്രീവിഷ്ണുദേവൻതാൻ്റ
ഭവാൻ. 24

ലോകങ്ങളങ്ങദ്വിപരാർദ്ധകാലാവസാന-
ത്താകവേ നഷ്ടമായും മഹാഭൂതങ്ങളെല്ലാം

ആദിഭൂതത്തിൽ ചേർന്നു ലയിച്ചും വ്യക്തമെല്ലാം
സ്ഥീതമാം കാലവേഗംമൂലമായവ്യക്തത്തിൽ

പ്രസഭം വിലയിച്ചുമിരിക്കും സന്ദർഭത്തി-
ലശേഷസംജ്ഞനാമങ്ങൊരുവൻ ശേഷിക്കുന്നു.
25

അവ്യക്തബന്ധോ! നിമേഷാദിവർഷാന്തമായി-
സ്സർവലോകങ്ങളേയും ചേഷ്ടിപ്പിക്കുന്നതാകും

മഹത്താം കാലത്തെയും ഭവാൻെറ ചേഷ്ടയായി
മഹാന്മാരെല്ലാം കഥിക്കുന്നതുനിമിത്തമായ്

എല്ലാക്കുമീശനായുമഭയപ്രദനായു-
മുല്ലസിക്കും ഭവാനെശ്ശരണംപ്രാപിക്കുന്നേൻ. 26

മൃത്യുവാം വ്യാളത്തിനെബ്ഭയന്നു ലോക-
മെങ്ങും
മർത്ത്യൻ പാഞ്ഞുഴന്നിട്ടും രക്ഷകിട്ടാതെയായി

ഖേദിച്ചു യാദൃച്ഛികം ത്വത്പദാബ്ജത്തിൽ-
പ്പതി-
ച്ചേച്ചുമേ ഭയമെന്യേ സ്വൈരമായ് ശയിക്കുന്നു.

അവനിൽനിന്നും മൃത്യുവപ്പൊഴേതന്നെ ഭയ-
വിവശനായിട്ടപഗമിച്ചീടുന്നുവല്ലോ. 27

അങ്ങിപ്പോരം ഘോരനാകും കംസനെപ്പേടി-
ച്ചെഴും
ഞങ്ങളെ രക്ഷിച്ചാലും സേവകഭയാപഹാ!

ധ്യാനിപ്പാൻ യോഗ്യമായി വൈഷ്ണവമാമീ
രൂപം
കാണിക്കാതിരിക്കണം സാമാന്യന്മാരെ-
ബ്ഭവാൻ. 28

മാധവാ! ഭവാനെന്നിൽ ജാതനായെന്ന കാര്യം
ബോധിച്ചീടരുതേതും പാപിഷ്ഠനാമക്കംസൻ

ധീരധീയല്ലാത്ത ഞാനങ്ങയെയുദ്ദേശിച്ചു
ഭീരുത തേടീടുന്നു കംസനിൽനിന്നു പാരം. 29

ശങ്ഖചക്രങ്ങാം ഗദാപദ്മങ്ങളിവററിനാൽ
ഭംഗിതേടീടും നാലു പാണികളിയന്നിടും

ഈയലൗകികരൂപം സമസ്തവിശ്വാത്മക-
നായീടുമങ്ങുന്നുപസംഹരിച്ചീടേണമേ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വം യദേതത് സ്വതനൌ നിശാന്തേ
യഥാവകാശം പുരുഷഃ പരോ ഭവാൻ
ബിഭർത്തി സോഽയം മമ ഗർഭഗോഽഭൂ-
ദഹോ നൃലോകസ്യ വിഡംബനം ഹി തത്. 31

ശ്രീഭഗവാനുവാച

ത്വമേവ പൂർവ്വസർഗ്ഗേഽഭൂഃ പൃശ്നിഃ സ്വായംഭുവേ സതി
തദായം സുതപാ നാമ പ്രജാപതിരകല്മഷഃ. 32

യുവാം വൈ ബ്രഹ്മണാഽഽദിഷ്ടൌ പ്രജാസർഗ്ഗേ യദാ തതഃ
സന്നിയമ്യേന്ദ്രിയഗ്രാമം തേപാഥേ പരമം തപഃ. 33

വർഷവാതാതപഹിമഘർമ്മകാലഗുണാനനു
സഹമാനൌ ശ്വാസരോധവിനിർദ്ധൂതമനോമലൌ. 34

ശീർണ്ണപർണ്ണാനിലാഹാരാവുപശാന്തേന ചേതസാ
മത്തഃ കാമാനഭീപ്സന്തൌ മദാരാധനമീഹതുഃ. 35

ഏവം വാം തപ്യതോസ്തീവ്രം തപഃ പരമദുഷ്കരം
ദിവ്യവർഷസഹസ്രാണി ദ്വാദശേയുർമ്മദാത്മനോഃ. 36

തദാ വാം പരിതുഷ്ടോഽഹമമുനാ വപുഷാനഘേ!
തപസാ ശ്രദ്ധയാ നിത്യം ഭക്ത്യാ ച ഹൃദി ഭാവിതഃ. 37

പ്രാദുരാസം വരദരാഡ്യുവയോഃ കാമദിത്സയാ
''വ്രിയതാം വര'' ഇത്യുക്തേ മാദൃശോ വാം വൃതഃ സുതഃ. 38

അജുഷ്ടഗ്രാമ്യവിഷയാവനപത്യൌ ച ദമ്പതീ
ന വവ്രാഥേഽപവർഗ്ഗം മേ മോഹിതൌ മമ മായയാ. 39

ഗതേ മയി യുവാം ലബ്ധ്വാ വരം മത്സദൃശം സുതം
ഗ്രാമ്യാൻ ഭോഗാനഭുഞ്ജാഥാം യുവാം പ്രാപ്തമനോരഥൌ. 40

അദൃഷ്ട്വാന്യതമം ലോകേ ശീലൌദാര്യഗുണൈഃ സമം
അഹം സുതോ വാമഭവം പൃശ്നിഗർഭ ഇതി ശ്രുതഃ. 41

തയോർവ്വാം പുനരേവാഹമദിത്യാമാസ കശ്യപാത്
ഉപേന്ദ്ര ഇതി വിഖ്യാതോ വാമനത്വാച്ച വാമനഃ. 42

തൃതീയേഽസ്മിൻ ഭവേഽഹം വൈ തേനൈവ വപുഷാഥ വാം
ജാതോ ഭൂയസ്തയോരേവ സത്യം മേ വ്യാഹൃതം സതി. 43

ഏതദ്വാം ദർശിതം രൂപം പ്രാഗ്ജന്മസ്മരണായ മേ
നാന്യഥാ മദ്ഭവം ജ്ഞാനം മർത്ത്യലിങ്ഗേന ജായതേ. 44

യുവാം മാം പുത്രഭാവേന ബ്രഹ്മഭാവേന ചാസകൃത്
ചിന്തയന്തൌ കൃതസ്നേഹൌ യാസ്യേഥേ മദ്ഗതിം പരാം.
യദി കംസാദ് ബിഭേഷി ത്വം തർഹി മാം ഗോകുലം നയ
മന്മായാമാനയാശു ത്വം യശോദാഗർഭസംഭവാം. 45

ശ്രീശുക ഉവാച

ഇത്യുക്ത്വാഽഽസീദ്ധരിസ്തൂഷ്ണീം ഭഗവാനാത്മമായയാ
പിത്രോഃ സമ്പശ്യതോഃ സദ്യോ ബഭൂവ പ്രാകൃതഃ ശിശുഃ. 46

തതശ്ച ശൌരിർഭഗവത് പ്രചോദിതഃ
സുതം സമാദായ സ സൂതികാഗൃഹാത്
യദാ ബഹിർഗ്ഗന്തുമിയേഷ തർഹ്യജാ
യാ യോഗമായാജനി നന്ദജായയാ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്പാന്താവസാനത്തിലാരുടെയുള്ളിൽനിന്നു-
മിപ്രപഞ്ചങ്ങളെല്ലാമുദ്ഭൂതമായീടുമോ

അത്തിരുമേനി മമ ഗർഭഗനെന്നു കേട്ടാൽ
മർത്ത്യലോകത്തിന്നതു ഹാസ്യകകാരണമാകും. 31

ശ്രീഭഗവാൻ പറഞ്ഞു

പൂർവ്വജന്മത്തിൽ സതീ! ഭവതി പൃശ്നിനാമം
കൈവരിച്ചോരുതാൻ സ്വായംഭുവമന്വന്തര-
ത്തിൽ

അന്നനഘനാമിവൻ സുതപസ്സെന്നുള്ള പേ-
രാർന്നീടും പ്രജാപതിതാനുമായിരുന്നിതു. 32

നിങ്ങൾ പിന്നജാജ്ഞയാൽ പ്രജാസൃഷ്ടിക്കാ-
യന്ത-
രങ്ഗേന്ദ്രിയങ്ങൾ നന്നായടക്കിത്തപം
ചെയ്താർ. 33

മഴ കാററുഷ്ണം വെയിൽ മഞ്ഞിവ സഹിച്ചുകൊ-
ണ്ടൊഴിച്ചു മനോമലം ശ്വാസരോധനംമൂലം. 34

ശുഷ്കപത്രവും കാററുമശിച്ചു ശാന്തമാക-
മുൾക്കാമ്പോടെന്നെക്കാമപൂർത്തിക്കായാരാധി-
ച്ചാർ. 35

പന്തീരായിരം ദിവ്യവത്സരം ചിത്തമെന്നിൽ
ബന്ധിച്ചീവിധം തീവ്രദുഷ്കരതപംചെയ്താർ.36

അനഘേ! നിങ്ങൾ നിത്യം ഭക്തിശ്രദ്ധയോ-
ടെന്നെ
മനസ്സിൽ ധ്യാനിച്ചുള്ള തപസ്സാൽ തുഷ്ടനായി

വരദരാജനാം ഞാനീ സ്വരൂപത്തിൽ വന്നു
''വരം വാങ്ങുവി''നെന്നായരുളിച്ചെയ്തീടവേ

എന്നോടുസമാനനാമൊരു പുത്രനെയന്നു
തന്നീടവേണമെന്നായഭ്യർത്ഥിച്ചിതു നിങ്ങൾ.
37-38

ഗ്രാമ്യഭോഗങ്ങളററ നിഷ്പുത്രരാകും നിങ്ങൾ
മന്മായയാലേ മോഹിച്ചിച്ഛിച്ചതില്ല മോക്ഷം.
39

ഞാൻ പോയശേഷം നിങ്ങളെന്നനുഗ്രഹ-
ത്തിനാൽ
സംപ്രാപ്തമനോരഥരായി മത്സമാനനാം

നന്ദനനോടുംകൂടി ഗ്രാമ്യമാം സുഖങ്ങളെ
യൊന്നൊഴിയാതെ സേവിച്ചീടിനാർ
നിരന്തരം. 40

അനന്യസാധാരണസൗശീല്യൗദാര്യാദിയാം
ഗുണങ്ങളൊത്തിണങ്ങിപ്പൃശ്നിഗർഭാഭിഖ്യ-
യിൽ

സുപ്രസിദ്ധനാമൊരു പുത്രനായ് നിങ്ങൾ-
ക്കന്നോ-
ളുദ്ഭവിച്ചീടിനേനന്നാദ്യമായ് ജനനീ! കേൾ.
41

അദിതീകശ്യപന്മാരായ നിങ്ങളിൽ വീണ്ടു-
മുദിച്ചേനുപേന്ദ്രാഖ്യയാൻ വാമനനായി. 42

മൂന്നാം പ്രാവശ്യമിന്നും നിങ്ങൾക്കാവപുസ്സോടു
വന്നു നന്ദനനായിപ്പിറന്നേൻ സത്യം സതീ!43

മുജ്ജന്മസ്മൃതിക്കായി നിങ്ങളെക്കാട്ടീടിനേൻ
പൂജ്യമീമത്സ്വരൂപമീവിധം ജനയിത്രീ!

അല്ലെങ്കിൽ മർത്ത്യദേഹം ധരിച്ചിരിക്കും
നിങ്ങൾ-
ക്കില്ലാതെയായിപ്പോകും മദ്ഭവജ്ഞാനം
തെല്ലും. 44

പുത്രവാത്സല്യംകൊണ്ടും ബ്രഹ്മഭാവനയാലും
നിത്യവുമെന്നെത്തന്നെ ചിന്തിച്ചു വാഴും
നിങ്ങൾ

തക്കമില്ലിശ്ശരീരം പതിക്കുംസമയത്തി-
ലുൽക്കൃഷ്ടമായീടുന്ന മത്പദം പ്രാപിച്ചീടും.

കംസനിൽ പേടിയങ്ങേയ്ക്കുണ്ടെങ്കിലെന്നെയും
കൊ-
ണ്ടാശു ഗോകുലമെത്തി യശോദാന്തികം-
തന്നിൽ

കിടത്തിയങ്ങുനിന്നെന്മായയെബ്ഭവോ-
നിങ്ങോ-
ട്ടെടുത്തുകൊണ്ടുപോന്നുകൊള്ളുക ജാതമോദം. 45

ശ്രീശുകൻ പറഞ്ഞു

ഈ വിധമരുൾചെയ്തു ഭഗവാൻ ഹരി മൗനം
കൈവരിച്ചിതേയവർ കണ്ടുകൊണ്ടിരിക്കവേ

പെട്ടെന്നു നിജമായാവൈഭവംനിമിത്തമായ്
സ്പഷ്ടമങ്ഗീകരിച്ചാൻ പ്രാകൃതശിശുരൂപം.46

ഭഗവദാദേശത്തെ മാനിച്ചു വസുദേവൻ
മകനെപ്പേറിക്കൊണ്ടു പേററവിട്ടനേരം

ജനനവിഹീനയായീടുമാ യോഗമായ
ജനിച്ചാൻ നന്ദഗോപപത്നിയാം
യശോദയിൽ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തയാ ഹൃതപ്രത്യയസർവ്വവൃത്തിഷു
ദ്വാസ്ഥേഷു പൗരേഷ്വപി ശായിതേഷ്വഥ
ദ്വാരസ്തു സർവ്വാഃ പിഹിതാ ദുരത്യയാ
ബൃഹത്കപാടായസകീലശൃങ്ഖലൈഃ. 48

താഃ കൃഷ്ണവാഹേ വസുദേവ ആഗതേ
സ്വയം വ്യശീര്യന്ത യഥാ തമോ രവേഃ
വവർഷ പർജ്ജന്യ ഉപാംശുഗർജ്ജിതഃ
ശേഷോഽന്വഗാദ്വാരി നിവാരയൻ ഫണൈഃ. 49

മഘോനി വർഷത്യസകൃദ്യമാനുജാ
ഗംഭീരതോയൗഘജവോർമ്മിഫേനിലാ
ഭയാനകാവർത്തശതാകുലാ നദീ
മാർഗ്ഗം ദദൗ സിന്ധുരിവ ശ്രിയഃ പതേഃ. 50

നന്ദവ്രജം ശൗരിരുപേത്യ തത്ര താൻ
ഗോപാൻ പ്രസുപ്താനുപലഭ്യ നിദ്രയാ
സുതം യശോദാശയനേ നിധായ ത-
ത്സുതാമുപാദായ പുനർഗൃഹാനഗാത്. 51

ദേവക്യാഃ ശയനേ ന്യസ്യ വസുദേവോഽഥ ദാരികാം
പ്രതിമുച്യ പദോർല്ലോഹമാസ്തേ പൂർവ്വവദാവൃതഃ. 52

യശോദാ നന്ദപത്നീ ച ജാതം പരമബുധ്യത
ന തല്ലിങ്ഗം പരിശ്രാന്താ നിദ്രയാപഗതസ്മൃതിഃ. 53

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ കൃഷ്ണജന്മനി തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

ശ്രീശുക ഉവാച

ബഹിരന്തഃ പുരദ്വാരഃ സർവ്വാഃ പൂർവ്വവദാവൃതാഃ
തതോ ബാലധ്വനിം ശ്രുത്വാ ഗൃഹപാലാഃ സമുത്ഥിതാഃ. 1

തേ തു തൂർണ്ണമുപവ്രജ്യ ദേവക്യാ ഗർഭജന്മ തത്
ആചഖ്യുർഭോജരാജായ യദുദ്വിഗ്നഃ പ്രതീക്ഷതേ. 2

സ തല്പാത് തൂർണ്ണമുത്ഥായ കാലോഽയമിതി വിഹ്വലഃ
സൂതീഗൃഹമഗാത് തൂർണ്ണം പ്രസ്ഖലൻ മുക്തമൂർദ്ധജഃ. 3

തമാഹ ഭ്രാതരം ദേവീ കൃപണാ കരുണം സതീ
''സ്നുഷേയം തവ, കല്യാണ, സ്ത്രിയം മാ ഹന്തുമർഹസി. 4

ബഹവോ ഹിംസിതാ ഭ്രാതഃ ശിശവഃ പാവകോപമാഃ
ത്വയാ ദൈവനിസൃഷ്ടേന പുത്രികൈകാ പ്രദീയതാം. 5

നന്വഹം തേ ഹ്യവരജാ ദീനാ ഹതസുതാ, പ്രഭോ,
ദാതുമർഹസി മന്ദായാ അങ്ഗേമാം ചരമാം പ്രജാം.'' 6

ശ്രീശുക ഉവാച

ഉപഗുഹ്യാത്മജാമേവം രുദത്യാ ദീനദീനവത്
യാചിതസ്താം വിനിർഭർത്സ്യ ഹസ്താദാചിച്ഛിദേ ഖലഃ. 7

താം ഗൃഹീത്വാ ചരണയോർജ്ജാതമാത്രാം സ്വസുഃ സുതാം
അപോഥയച്ഛിലാപൃഷ്ഠേ സ്വാർത്ഥോന്മൂലിതസൗഹൃദഃ. 8

സാ തദ്ധസ്താത് സമുത്പത്യ സദ്യോ ദേവ്യംബരം ഗതാ
അദൃശ്യതാനുജാ വിഷ്ണോഃ സായുധാഷ്ടമഹാഭുജാ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവകീഗർഭഗേഹദ്വാരപാലന്മാരുടെ
സർവ്വേന്ദ്രിയങ്ങളേയും ഹരിച്ചാൾ മായയപ്പോൾ.

പൗരവൃന്ദവും ഗാഢനിദ്രയിൽ പെട്ട ബോധം-
തീരെയില്ലാതെ മൃതപ്രായരായ്ക്കിടന്നിതേ.

വലുതാമിരുമ്പ്ഴി, ചങ്ങലയെന്നിവററാൽ
ബലമായ് ബന്ധിച്ചിരുന്നീടിന
വാതിലെല്ലാം

തനയൻതന്നെപ്പേറിശ്ശൂരജൻ ചെന്നനേരം
തനിയേ നീങ്ങിയിനോദയത്തിലിരുട്ടുപോൽ.

വർഷിച്ചു മന്ദമന്ദം ഗർജ്ജിച്ചു മേഘാവലി
ശേഷനും പത്തികൾകുടപിടിച്ചു കൂടെച്ചെന്നാൻ.
48–49

ദേവേന്ദ്രൻ തുരുതുരെ മാരിതൂകവേ ഭീക-
രാവർത്തശതത്തൊടും ഫേനഖണ്ഡങ്ങളോടും

ഊക്കോടും കരകവിഞ്ഞൊഴുകും കളിന്ദജ
മാർഗ്ഗമേകിനാൾ രാമന്നംബുധിയെന്ന-
പോലെ. 50

യോഗമായയാൽ ഗാഢമുറങ്ങും ഗോപരൊത്ത
ഗോകുലമെത്തി നന്ദപത്നിതൻസമീപത്തിൽ

സുതനെക്കിടത്തിത്തത്സുതയെയെടുത്തങ്ങു-
സദനം പ്രാപിച്ചിതു ശൂരസേനജൻ ശീഘ്രം.51

പിന്നെയപ്പെൺകുഞ്ഞിനെദ്ദേവകീശയന-
ത്തിൽ
മന്ദമായ് ശയിപ്പിച്ചു വാതിലും ബന്ധിച്ചുടൻ

ചങ്ങല മുന്നേപ്പോലെ തന്നുടെ പാദങ്ങളി-
ലങ്ങുറപ്പിച്ചു കിടന്നീടിനാൻ വസുദേവൻ. 52

പെററു താനെന്നതെന്യേ കുഞ്ഞാണോ
പെണ്ണോയെന്നു
മററിട്ടും ക്ഷീണത്താലും മായാവൈഭവത്താലും

ഓർമ്മകെട്ടതുമൂലം പെററുമേ ധരിച്ചതി-
ല്ലമ്മയാം നന്ദപത്നി യശോദാദേവിയപ്പോൾ.
53

അദ്ധ്യായം 4

കംസൻെറ ദേവകീസാന്ത്വനം, ശിശുവധശ്രമം

ശ്രീശുകൻ പറഞ്ഞു

ഉള്ളിലും പുറമേയുമിയലും വാതിലെല്ലാം
നല്ലപോൽ ദൃഢം മുന്നേപ്പോലെ ബന്ധിച്ച-
ശേഷം

ബാലരോദനം കേട്ട കാവല്ക്കാരെല്ലാവരും
ചാലവേ സസംഭ്രമമുണർന്നങ്ങെഴുന്നേററാർ. 1

പെട്ടെന്നു ഭോജരാജസന്നിധിതന്നിൽ ചെന്നു-
ദൃഷ്ടനേതൊന്നു കാത്തു ഭീതനായ് വാഴുന്നവോ

ദേവകീദേവിതൻെറയാഗർഭജന്മവാർത്ത
കാവല്ക്കാർ വിനയത്തോടവനെയറിയിച്ചാർ.
2

തല്പത്തിൽനിന്നു കംസൻ വേഗത്തിലെഴുന്നേററി-
ട്ടാംപ്പൂവിലിവൻ കാലനെന്നുന്നി വൈവശ്യ-
ത്താൽ

ഇടറിവീണു മുടിയഴിഞ്ഞു ചിന്നിപ്പാറി-
യുടനേചെന്നേറിനാൻ സൂതികാലയംതന്നിൽ.3

കദനാർത്തയാം സതി ദേവകീദേവിയപ്പോൾ
മൃദുദീനസ്വരത്തിൽ ഭ്രാതാവോടോതീടിനാൾ:

''കല്യാണശീലാ! ഭവത്സ്നുഷയായീടേണ്ടവ-
ളല്ലയോയിവൾ, നന്നോ ഭവാനു നാരീവധം? 4

അല്ലയോ സഹോദരാ! പാവകസമാനരാ-
യുല്ലസിച്ചിരുന്നതാമെത്രയോ മദ്ബാലരെ

ദൈവചോദിതനായിക്കൊന്നിതു ഭവാൻ മുന്നം
കേവലമീബാലയെയെങ്കിലും തരേണമേ. 5

ഹേ പ്രഭോ! ഹതസുതയായതിദീനയാകു-
മിബ്ഭാഗ്യഹീന ഭവാൻതന്നനുജത്തിയല്ലോ.

അന്ത്യമായുണ്ടായൊരിപ്പെൺകുഞ്ഞിനെയെ-
ങ്കിലു-
മന്തകന്നേകാതൊഴിച്ചെനിക്കു നല്കേണമേ.'' 6

ശ്രീശുകൻ പറഞ്ഞു

പുത്രിയെക്കെട്ടിപ്പിടിച്ചീവിധം കേണീടുമ-
സ്സാദ്ധ്വിയെബ്ഭർത്സിച്ചിട്ടക്കന്യയെക്കയ്യി-
ലാക്കി. 7

ഉടനേ സ്വരക്ഷയോർത്തഖ്ഖലൻ കാലിൽ-
ത്തൂക്കി-
പ്പിടിച്ചു പാറപ്പുറത്തടിച്ചാൻ നിസ്നേഹനായ്. 8

ഞൊടിക്കാ വിഷ്ണുസ്വസാവവൻെറ കൈയിൽ
നിന്നു-
മെടുത്തുചാടിനിന്നാളാകാശമദ്ധ്യത്തിങ്കൽ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവ്യസ്രഗംബരാലേപരത്നാഭരണഭൂഷിതാ
ധനുഃശൂലേഷുചർമ്മാസിശങ്ഖചക്രഗദാധരാ. 10

സിദ്ധചാരണഗന്ധർവൈരപ്സരഃകിന്നരോരഗൈഃ
ഉപാഹൃതോരുബലിഭിഃ സ്തൂയമാനേദമബ്രവീത്: 11

''കിം മയാ ഹതയാ മന്ദ, ജാതഃ ഖലു തവാന്തകൃത്
യത്ര ക്വ വാ പൂർവശത്രുർമ്മാ ഹിംസീഃ കൃപണാൻ വൃഥാ.'' 12

ഇതി പ്രഭാഷ്യ തം ദേവീ മായാഭഗവതീ ഭുവി
ബഹുനാമനികേതേഷു ബഹുനാമാ ബഭൂവ ഹ. 13

തയാഭിഹിതമാകർണ്യ കംസഃ പരമവിസ്മിതഃ
ദേവകീം വസുദേവം ച വിമുച്യ പ്രശ്രിതോഽബ്രവീത്. 14

''അഹോ ഭഗിന്യഹോ, ഭാമ, മയാ വാം ബത പാപ്മനാ
പുരുഷാദ ഇവാപത്യം ബഹവോ ഹിംസിതാഃ സുതാഃ. 15

സ ത്വഹം ത്യക്തകാരുണ്യസ്ത്യക്തജ്ഞാതിസുഹൃത് ഖലഃ
കാംല്ലോകാൻ വൈ ഗമിഷ്യാമി ബ്രഹ്മഹേവ മൃതഃ ശ്വസൻ. 16

ദൈവമപ്യനൃതം വക്തി ന മർത്ത്യാ ഏവ കേവലം
യദ്വിശ്രംഭാദഹം പാപഃ സ്വസുർന്നിഹതവാഞ്ഛിശൂൻ. 17

മാ ശോചതം മഹാഭാഗാവാത്മജാൻ സ്വകൃതംഭുജഃ
ജന്തവോ ന സദൈകത്ര ദൈവാധീനാസ്തദാസതേ. 18

ഭുവി ഭൗമാനി ഭൂതാനി യഥാ യാന്ത്യപയാന്തി ച
നായമാത്മാ തഥൈതേഷു വിപര്യേതി യഥൈവ ഭൂഃ. 19

യഥാ നൈവംവിദോ ഭേദോ യത ആത്മവിപര്യയഃ
ദേഹയോഗവിയോഗൗ ച സംസൃതിർന്ന നിവർത്തതേ. 20

തസ്മാദ്, ഭദ്രേ, സ്വതനയാൻ മയാ വ്യാപാദിതാനപി
മാനുശോച യതഃ സർവ്വഃ സ്വകൃതം വിന്ദതേഽവശഃ. 21

യാവദ്ധതോഽസ്മി ഹന്താസ്മീത്യാത്മാനം മന്യതേഽസ്വദൃക്
താവത്തദഭിമാന്യജ്ഞോ ബാധ്യബാധകതാമിയാത്. 22

ക്ഷമധ്വം മമ ദൗരാത്മ്യം സാധവോ ദീനവത്സലാഃ''
ഇത്യുക്ത്വാശ്രുമുഖഃ പാദൗ ശ്യാലഃ സ്വസ്രോരഥാഗ്രഹീത്. 23

മോചയാമാസ നിഗഡാദ്വിശ്രബ്ധഃ കന്യകാഗിരാ
ദേവകീം വസുദേവം ച ദർശയന്നാത്മസൗഹൃദം. 24

ഭ്രാതുഃ സമനുതപ്തസ്യ ക്ഷാന്ത്വാ രോഷം ച ദേവകീ
വ്യസൃജദ്വസുദേവശ്ച പ്രഹസ്യ തമുവാച ഹ. 25

''ഏവമേതന്മഹാഭാഗ! യഥാ വദസി ദേഹിനാം
അജ്ഞാനപ്രഭവാഹംധീഃ സ്വപരേതിഭിദാ യതഃ. 26

ശോകഹർഷഭയദ്വേഷലോഭമോഹമദാന്വിതാഃ
മിഥോ ഘ്നന്തം ന പശ്യന്തി ഭാവൈർഭാവം പൃഥഗ്ദൃശഃ.'' 27

ശ്രീശുക ഉവാച

കംസ ഏവം പ്രസന്നാഭ്യാം വിശുദ്ധം പ്രതിഭാഷിതഃ
ദേവകീവസുദേവാഭ്യാമനുജ്ഞാതോഽവിശദ്ഗൃഹം. 28

തസ്യാം രാത്ര്യാം വ്യതീതായാം കംസ ആഹൂയ മന്ത്രിണഃ
തേഭ്യ ആചഷ്ട തത്സർവ്വം യദുക്തം യോഗനിദ്രയാ. 29

ആകർണ്യ ഭർത്തുർഗദിതം തമൂചുർദേവശത്രവഃ
ദേവാൻപ്രതി കൃതാമർഷാ ദൈതേയാ നാതികോവിദാഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവ്യപുഷ്പങ്ങളും കോർത്തമാലയും പൂഞ്ചേലയും
നവ്യലേപനങ്ങളും രത്നഭൂഷണങ്ങളും
ധരിച്ച ശങ്ഖചക്രഗദാശൂലാസിചാപ-
ശരചർമ്മാഢ്യമെട്ടു മഹാബാഹുക്കളുംപൂണ്ടു
കിന്നരസിദ്ധചാരണാപ്സരോഗന്ധർവ്വാദി-
സന്ദോഹം ചൂഴ്ന്നു ചെയ്യും സ്തുതിപൂജകളേറും
മിന്നുമമ്മായാദേവി ദുഷ്ടനാം ഭോജരാജൻ-
തന്നോടായിപ്രകാരം വിളിച്ചുപറഞ്ഞിതു. 11
''എന്തൊരുഫലമെന്നെ നീ കൊന്നാൽ,
മൂഢാ! നിന്റെ-
യന്തകൻ പൂർവ്വവൈരി ജനിച്ചാനൊരുദിക്കിൽ.
വൃഥാ നീ ദീനന്മാരെ ഹിംസിച്ചീടരുതധഃ-
പതിക്കും ഹിംസാകൃത്യമാചരിച്ചീടു
ന്നവൻ.'' 12
ഈവിധമവനോടു കഥിച്ചു ഭഗവതി
ദേവമായാദേവിയുമവിടെ മറഞ്ഞിതേ.
ഉലകിൽ പലേടത്തും പ്രതിഷ്ഠിച്ചീ ദേവിയെ
പല നാമങ്ങൾകൊണ്ടു ജനങ്ങൾ പൂജിക്കുന്നു.13
ദേവിതൻ വാക്യം കേട്ടു വിസ്മയപ്പെട്ടു കംസൻ
ദേവകീദേവിയേയുമാ വസുദേവനേയും
ചങ്ങലയഴിച്ചുവിട്ടവരോടായിപ്പിന്നെ-
യിങ്ങനെ ചൊല്ലീടിനാൻ വിനയസമന്വിതം.
14
''കഷ്ടം! മാഹന്തകഷ്ടം! മല്ലയോ സഹോദരീ!
ശിഷ്ടാഗ്രഗണ്യാ! മമ സോദരീപ്രാണേശ്വരാ!
ഇന്നീചൻ നിങ്ങൾക്കേഴമെത്രയോ കുഞ്ഞു-
ങ്ങളെ-
ക്കൊന്നുപോയപത്യത്തെയശിക്കും നരാശൻ-
പോൽ. 15
കാരുണ്യമററു ബന്ധുജനത്തെ ത്യജിച്ചോരു
ക്രൂരനും ദുഷ്ടാഗ്ര്യനുമായ ഞാനിനിമേലിൽ
ബ്രഹ്മഹന്താവിനൊത്തു ജീവിച്ചീടിലും മൃത-
സമ്മിതം വീഴ്വതേതു നരകക്കുണ്ടിലാമോ?16
ദൈവവും പൊളിചൊൽവൂ, മനുഷ്യർമാത്രമല്ല,
കേവലമശരീരിവാക്യത്തെ വിശ്വസിച്ചു
പാപിഷ്ഠനിവൻ സ്വന്തം സോദരീശിശുക്കളെ-
ക്കോപാന്ധനായിക്കൊലചെയ്യുവാനിടയായി.
17
വിവേകികളേ! നിങ്ങൾ ദുഃഖിച്ചീടായ്വിനനു-
ഭവിച്ചു കർമ്മഫലം ശിശുക്കളെന്നോയുള്ളൂ.
നാശമററെങ്ങും ജീവിജാലങ്ങളിരിപ്പതീ-
ശ്ശീശാധീനത്തിലത്രേ പ്രപഞ്ചം സമസ്തവും.18
ഭൂതങ്ങളുണ്ടാകുന്നു നശിച്ചീടുന്നു പിന്നെ-
യേതുമില്ലാത്മാവിനു മാററങ്ങളൊന്നുംതന്നെ.
മണ്ണിൽനിന്നുണ്ടാകുന്ന കുടങ്ങളഴിയുന്നു
മണ്ണി,ലില്ലല്ലോ ഭാവഭേദങ്ങളതിനോർക്കിൽ.19
ഇത്തത്ത്വം നേരേ ധരിച്ചീടാത്ത മനുഷ്യനെ
വിട്ടുമാറീടുന്നില്ല ദേഹാത്മബുദ്ധിഭ്രമം.
ആകയാൽ ജന്മമൃതിരൂപമായീടും ഭവ-
സാഗരംതന്നിലവൻ കിടന്നു നീന്തീടുന്നു. 20
ഞാൻ കൊലചെയ്തു നിന്റെ തനുജന്മാരെയെന്നു
ശങ്കിച്ചു വെറുതേ നീ ദുഃഖിച്ചീടരുതേതും
എല്ലാ ജീവിയും തത്തൽകർമ്മങ്ങൾ ഭുജിക്കയാ-
ണില്ല സംശയമസ്വതന്ത്രരായ് സഹോദരീ!21
കൊന്നവനെന്നും കൊല്ലപ്പെട്ടവനെന്നുമുള്ള
തോന്നലെന്നോളം നിലനിന്നീടുമന്നാൾവരെ
ആത്മജ്ഞനല്ലായവൻ ദൈഹികവ്യാപാരങ്ങ-
ളാത്മാവിനുള്ളതെന്നു ഭാവിച്ചു മേവീടുന്നു. 22
ഹീനനാമെൻ ദുഷ്ടത കനിഞ്ഞു പൊറുക്കുവിൻ,
ദീനവത്സരല്ലോ സത്തുക്കളെല്ലാവരും.''
എന്നോതിത്തുരുതുരെക്കണ്ണുനീർ വാർത്തുകൊണ്ടു
ചെന്നവരുടെ കാലുപിടിച്ചീടിനാൻ കംസൻ.
23
കന്യകാവാക്യങ്ങളെ വിശ്വസിച്ചാത്മസ്നേഹ-
മന്യൂനംകാട്ടി രണ്ടുപേരെയും മോചിപ്പിച്ചാൻ.
24
ഭ്രാതാവിൻ പശ്ചാത്താപം പാർത്തു തദ്ദൗഷ്ട്യ-
മെല്ലാം
ചേതസ്സിൽ സഹിച്ചമർഷത്തെയും സന്ത്യ-
ജിച്ചു,
ദേവകിതാനും വസുദേവനും ചിരിച്ചുകൊ-
ണ്ടീവിധം സ്പഷ്ടമായിട്ടവനോടോതി മന്ദം. 25
''ഹേ മഹാഭാഗാ! ഭവാൻ ചൊന്നതു സത്യം-
തന്നെ-
യീമന്നിലഹംഭാവമജ്ഞതാജന്യമാക്കും
അതിനാലത്രേ നിന്റെയെന്റെയെന്നുള്ള ഭേദം
മതിയിൽ പതിയുന്നു ദേഹികൾക്കെല്ലാ-
മൊപ്പം. 26
ഹർഷശോകങ്ങൾ ലോഭമോഹങ്ങൾ ഭയം മദം
ദ്വേഷമെന്നിവ കലന്നീടിന ഭേദധീകൾ
ഭാവങ്ങൾകൊണ്ടന്യോന്യം ഹനിപ്പൂ, സത്യാ-
ത്മക-
ദേവനെയാരുംതന്നെ കാണുന്നതില്ല നൂനം.''
27

ശ്രീശുകൻ പറഞ്ഞു

ദമ്പതിമാരാമവർ നല്പ്രസന്നരായേവ-
മിമ്പമായ് ചൊല്ലും ശുദ്ധവാക്യങ്ങൾ കേട്ട-
ശേഷം
തൻഗൃഹം പൂകീടിനാനനുവാദത്തോടട-
നൻപോടു ഭോജമഹീപാലനായിടും കംസൻ.28
പിറേറന്നു മന്ത്രിമാരെ വരുത്തിയവരോടായ്
മുററുമായോഗമായാഗീതകളോതീടിനാൻ. 29
ആദിതേയദ്വേഷ്യാലുക്കളനതിസമത്സര-
ദൈതേയർ തത്സ്വാമിതൻ വാക്കുകൾ കേട്ടു
ചൊന്നാർ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഏവം ചേത്തർഹി ഭോജേന്ദ്ര പുരഗ്രാമവ്രജാദിഷു
അനിർദ്ദശാന്നിർദ്ദശാംശ്ച ഹനിഷ്യാമോഽദ്യ വൈ ശിശൂൻ. 31
കിമുദ്യമൈഃ കരിഷ്യന്തി ദേവാഃ സമരഭീരവഃ
നിത്യമുദ്വിഗ്നമനസോ ജ്യാഘോഷൈർധനുഷസ്തവ. 32
അസ്യതസ്തേ ശരവ്രാതൈർഹന്യമാനാഃ സമന്തതഃ
ജിജീവിഷവ ഉത്സൃജ്യ പലായനപരാ യയുഃ. 33
കേചിത് പ്രാഞ്ജലയോ ദീനാ ന്യസ്തശസ്ത്രാ ദിവൗകസഃ
മുക്തകച്ഛശിഖാഃ കേചിദ് ഭീതാഃ സ്മ ഇതി വാദിനഃ. 34
ന ത്വം വിസ്മൃതശസ്ത്രാസ്ത്രാൻ വിരഥാൻ ഭയസംവൃതാൻ
ഹംസ്യന്യാസക്തവിമുഖാൻ ഭഗ്നചാപാനയുധ്യതഃ. 35
കിം ക്ഷേമശൂരൈർവിബുധൈരസംയുഗവികത്ഥനൈഃ
രഹോജുഷാ കിം ഹരിണാ ശംഭുനാ വാ വനൗകസാ
കിമിന്ദ്രേണാല്പവീര്യേണ ബ്രഹ്മണാ വാ തപസ്യതാ. 36
തഥാപി ദേവാഃ സാപത്ന്യാന്നോപേക്ഷ്യാ ഇതി മന്മഹേ
തതസ്തന്മൂലഖനനേ നിയുങ്ക്ഷ്വാസ്മാനനുവ്രതാൻ. 37

യഥാഽഽമയോഽങ്ഗേ സമുപേക്ഷിതോ നൃഭി-
ർന ശക്യതേ രൂഢപദശ്ചികിത്സിതും
യഥേന്ദ്രിയഗ്രാമ ഉപേക്ഷിതസ്തഥാ
രിപുർമഹാൻ ബദ്ധബലോ ന ചാല്യതേ. 38

മൂലം ഹി വിഷ്ണുർദേവാനാം യത്ര ധർമ്മഃ സനാതനഃ
തസ്യ ച ബ്രഹ്മഗോവിപ്രാസ്തപോയജ്ഞാഃ സദക്ഷിണാഃ 39
തസ്മാത് സർവ്വാത്മനാ, രാജൻ, ബ്രാഹ്മണാൻ ബ്രഹ്മവാദിനഃ
തപസ്വിനോ യജ്ഞശീലാൻ ഗാശ്ച ഹന്മോ ഹവിർദ്ദുഘാഃ. 40
വിപ്രാ ഗാവശ്ച വേദാശ്ച തപഃ സത്യം ദമഃ ശമഃ
ശ്രദ്ധാ ദയാ തിതിക്ഷാ ച ക്രതവശ്ച ഹരേസ്തനൂഃ. 41
സ ഹി സർവ്വസുരാധ്യക്ഷോ ഹ്യസുരദ്വിഡ്ഗുഹാശയഃ
തന്മൂലാ ദേവതാഃ സർവ്വാഃ സേശ്വരാഃ സചതുർമ്മുഖാഃ
അയം വൈ തദ്വധോപായോ യദൃഷീണാം വിഹിംസനം.'' 42

ശ്രീശുക ഉവാച

ഏവം ദുർമ്മന്ത്രിഭിഃ കംസഃ സഹ സമ്മന്ത്ര്യ ദുർമ്മതിഃ
ബ്രഹ്മഹിംസാം ഹിതം മേനേ കാലപാശാവൃതോഽസുരഃ. 43
സന്ദിശ്യ സാധുലോകസ്യ കദനേ കദനപ്രിയാൻ
കാമരൂപധരാൻ ദിക്ഷു ദാനവാൻ ഗൃഹമാവിശത്. 44
തേ വൈ രജഃപ്രകൃതയസ്തമസാ മൂഢചേതസഃ
സതാം വിദ്വേഷമാചേരുരാരാദാഗതമൃത്യവഃ 45
ആയുഃ ശ്രിയം യശോ ധർമ്മം ലോകാനാശിഷ ഏവ ച
ഹന്തി ശ്രേയാംസി സർവ്വാണി പുംസോ മഹദതിക്രമഃ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

ശ്രീശുക ഉവാച

നന്ദസ്ത്വാത്മജ ഉത്പന്നേ ജാതാഹ്ലാദോ മഹാമനാഃ
ആഹൂയ വിപ്രാൻ വേദജ്ഞാൻ സ്നാതഃ ശുചിരലംകൃതഃ 1
വാചയിത്വാ സ്വസ്ത്യയനം ജാതകർമ്മാത്മജസ്യ വൈ
കാരയാമാസ വിധിവത് പിതൃദേവാർച്ചനം തഥാ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അങ്ങനെയെന്നാകിലോ ഭോജഭൂപതേ!
ഞങ്ങൾ
മങ്ങാതെ ചെന്നു പുരവ്രജഗ്രാമങ്ങൾതോറും
പത്തുനാൾ തികഞ്ഞതുമല്ലാത്തുള്ളതുമായ
കുട്ടികൾതമ്മെപ്പാടേ നഷ്ടമാക്കീടാമിപ്പോൾ.
യുദ്ധഭീരുക്കൾ സുരർ യത്നിച്ചാലെന്തേ ഫലം?
നിത്യവുമവരങ്ങേ ഞാണൊലിയിൽ ഭയ-
ന്നോർ. 31–32
ജീവേച്ഛുക്കളൊസ്ത്രാവകാസ്ത്രങ്ങൾ ചുററുമേററ
സർവ്വവും ത്യജിച്ചോടിയൊളിച്ചോരത്രേ-
യവർ. 33
ദീനരായ്ച്ചിലർ ശസ്ത്രം കളഞ്ഞു കുപ്പിയന്യർ
താനേ ഭീതരെന്നേററാ,രഴിഞ്ഞ കേശത്തൊടും.
തേരററും വില്ലൊടിഞ്ഞുമായുധം വിസ്മരിച്ചും
ഭീരുക്കളായിച്ചേർന്നുമൊററയ്ക്കും പാഞ്ഞാർ
ചിലർ.
യുദ്ധത്തിൽപെടാത്തോരെയാരെയുംതന്നെ
ഭവാൻ
മൃത്യുവിന്നിരയാക്കമാറില്ല വീരമൗലേ! 34–35
നാരിമാർമുമ്പിൽ നിജശൂരതകാട്ടിപ്രൗഢ-
ഗീരുകൾ സമാധാനകാലത്തു ജല്പിച്ചിടും
ത്രിദശന്മാരാലെന്തു കഴിയു,മേകാന്തത്തിൽ
സ്ഥിതിചെയ്തിടും ഹരിയാലുമെന്തുള്ള ഫലം?
ഗിരിയിൽ വസിച്ചീടും ഹരനാലെന്തു കാര്യം?
തരിമ്പും വീര്യമററോരിന്ദ്രനെക്കൊണ്ടുമെന്തേ?
എപ്പൊഴും തപസ്സുചെയ്തിരിക്കും ധാതാവാലു-
മല്പവും പ്രയോജനമില്ലെന്നു തീർച്ചതന്നെ. 36
എന്നിരിക്കിലുമസ്മച്ഛത്രുക്കളായീടുമാ
വിണ്ണവർ നിസ്സാരരെന്നോർത്തിരിക്കാവതല്ല.
അങ്ങുന്നൊരനുവാദംതന്നാലും ഭൃത്യന്മാരാം
ഞങ്ങൾക്ക തൻമൂലവിച്ഛേദനംചെയ്തീടു-
വാൻ. 37
രോഗമങ്ഗത്തിലാന്നാലുപേക്ഷകാണിക്കുകിൽ
വേഗത്തിലതു പടർന്നചികിത്സ്യമായ്ത്തീരും.
ഇന്ദ്രിയസമൂഹവുമുപേക്ഷനിമിത്തം നി-
യന്ത്രിപ്പാനരുതാത്തവിധമായ്ത്തീർന്നീടുന്നു.
ശത്രുവിനേയുമമ്മട്ടാദ്യമേ ഹനിക്കായ്കി-
ലത്യരമഭിവൃദ്ധി കൈക്കൊണ്ടിട്ടധൃഷ്യനാം. 38
ദേവവൃന്ദത്തിൻ മൂലമാവിഷ്ണുവത്രേ പാർക്കിൽ,
കേവലം സനാതനമായിടും ധർമ്മത്തിനും
ഗോവിപ്രർ തപസ്സുസദക്ഷിണാദ്ധ്വരം വേദ-
മീവകയെല്ലാററിനുമാശ്രയമവനല്ലോ. 39
അതിനാൽ സ്വാമിൻ! സർവപ്രകാരത്തിലും
ഞങ്ങൾ
ശ്രുതിയഭ്യസിപ്പിക്കും ബ്രാഹ്മണവർഗ്ഗത്തെയും
യാഗശീലന്മാരെയും പാൽ ഹവിസ്സിനു നല്കും
ഗോഗണത്തെയും കൊല്ലാം താപസവൃന്ദ-
ത്തെയും. 40
ബ്രാഹ്മണർ പശുക്കളും വേദങ്ങൾ ശമംദമം
ധർമ്മാനുഷ്ഠാനം സത്യഭാഷണം വിശ്വാസവും
കാരുണ്യം തിതിക്ഷയുമദ്ധ്വരങ്ങളുമെല്ലാം
നാരായണന്റെ ദേഹംതന്നെയാം തർക്ക-
മില്ല. 41
ഈശാന ബ്രഹ്മാദ്യരാമഖിലദേവന്മാർക്ക-
മീശനുമസുരവിദ്വേഷിയും ഹരിയത്രേ.
അക്കൂട്ടർക്കെല്ലാം തായിവേരായി നില്ക്കുന്നതും
ഏദ്ഗുഹാവാസിയാകുമവൻതാൻ തർക്കമില്ല.
അവനെയൊരുത്തനെ വധിച്ചാൽ സർവദേവ-
നിവഹസംഹാരമായ്ബ്ഭവിക്കും ഭോജേ-
ശ്വരാ!
തത്തനുവാകുംവേദം വെളിപ്പെടുത്തും മുനി-
സത്തമന്മാരെക്കൊന്നാലവനെക്കൊന്ന-
തായി.'' 42

ശ്രീശുകൻ പറഞ്ഞു

ദുർമ്മതിയായിക്കാലപാശബദ്ധനാം കംസൻ
ദുർമ്മന്ത്രിമാരുമായിമ്മട്ടു മന്ത്രണംചെയ്തു
ബ്രാഹ്മണഹിംസതന്നെയേററവും ഹിതമായി
തന്മനതാരിൽ തോന്നിത്തുടരാൻ നിശ്ചയി-
ച്ചാൻ. 43
സാധുമർദ്ദനത്തിങ്കൽ തുഷ്ടരായിഷ്ടംപോല-
ങ്ങേതുരൂപവും ധരിച്ചീടുന്ന ദൈതേയരെ
നാലുദിക്കിലും സാധുദ്രോഹത്തിനാജ്ഞാപിച്ചു
ചാലവേ വിട്ടു കംസൻ സ്വാലയം പുകീടി-
നാൻ. 44
സിദ്ധമാം രജോഗുണമിണങ്ങിത്തമോഗുണ-
വൃദ്ധിയാൽ മൂഢന്മാരായാസന്നമൃത്യുക്കളാം
അക്കൂട്ടരാവുംവിധം സാധുക്കൾക്കസഹ്യമാം
ദുഃഖമേകീടുമാറു തുടർന്നാരുപദ്രവം. 45
മഹത്തുക്കളെയതിക്രമിച്ചീടുന്നവന്റെ
മഹദൈശ്വര്യം കീർത്തിയായുസ്സാശിസ്സുപുണ്യം
സ്വർഗ്ഗാദിലോകങ്ങളും ശ്രേയസ്സും സമസ്തവും
ചിക്കെന്നു നശിക്കുന്നു സന്ദേഹമേതുമില്ല. 46

അദ്ധ്യായം 5

അവതാരമഹോത്സവം—നന്ദമഥുരാഗമനം

ശ്രീശുകൻ പറഞ്ഞു

പുത്രനുദ്ഭവിച്ചപ്പോൾ മഹാമനസ്സൻ നന്ദ-
നത്യാഹ്ലാദത്തോടുടനു ദൈവജ്ഞവിപ്രന്മാരെ
വിളിച്ചുവരുത്തി സൽക്കരിച്ചിരുത്തിപ്പോയി-
ക്കുളിച്ചു ശുദ്ധവസ്ത്രഭൂഷകൾ ധരിച്ചിതേ. 1
സ്വസ്ത്യയനത്തോടൊത്തു പുത്രസംസ്കാരം പിതൃ-
ശ്രാദ്ധവുംദേവാർച്ചയും വിധിപോൽ നടത്തി-
ച്ചാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധേനൂനാം നിയുതേ പ്രാദാദ്വിപ്രേഭ്യഃ സമലംകൃതേ
തിലാദ്രീൻ സപ്ത രത്നൗഘശാതകൗംഭാംബരാവൃതാൻ. 3

കാലേന സ്നാനശൗചാഭ്യാം സംസ്കാരൈസ്തപസേജ്യയാ
ശുദ്ധ്യന്തി ദാനൈഃ സന്തുഷ്ട്യാ ദ്രവ്യാണ്യാത്മാഽഽത്മവിദ്യയാ. 4

സൗമങ്ഗല്യഗിരോ വിപ്രാഃ സൂതമാഗധബന്ദിനഃ
ഗായകാശ്ച ജഗുർന്നേദുർഭേര്യോ ദുന്ദുഭയോ മുഹുഃ. 5

വ്രജഃ സമ്മൃഷ്ടസംസിക്തദ്വാരാജിരഗൃഹാന്തരഃ
ചിത്രധ്വജപതാകാസ്രക്ചൈലപല്ലവതോരണൈഃ 6

ഗാവോ വൃഷാ വത്സതരാ ഹരിദ്രാതൈലരൂഷിതാഃ
വിചിത്രധാതുബർഹസ്രഗ്വസ്ത്രകാഞ്ചനമാലിനഃ. 7

മഹാർഹവസ്ത്രാഭരണകഞ്ചുകോഷ്ണീഷഭൂഷിതാഃ
ഗോപാഃ സമായയൂ, രാജൻ, നാനോപായനപാണയഃ. 8

ഗോപ്യശ്ചാകർണ്യ മുദിതാ യശോദായാഃ സുതോദ്ഭവം
ആത്മാനം ഭൂഷയാഞ്ചക്രുർവസ്ത്രാകല്പാഞ്ജനാദിഭിഃ. 9

നവകുങ്കുമകിഞ്ജല്കമുഖപങ്കജഭൂതയഃ
ബലിഭിസ്ത്വരിതം ജഗ്മുഃ പൃഥുശ്രോണ്യശ്ചലത്കചാഃ. 10

ഗോപ്യഃ സുമൃഷ്ടമണികുണ്ഡലനിഷ്കകണ്ഠ്യ-
ശ്ചിത്രാംബരാഃ പഥി ശിഖാച്യുതമാല്യവർഷാഃ
നന്ദാലയം സവലയാ വ്രജതീർവിരേജുർ-
വ്യാലോലകുണ്ഡലപയോധരഹാരശോഭാഃ. 11

താ ആശിഷഃ പ്രയുഞ്ജാനാ''ശ്ചിരം പാഹീ''തി ബാലകേ
ഹരിദ്രാചൂർണ്ണതൈലാദ്ഭിഃ സിഞ്ചന്ത്യോഽജനമുജ്ജഗുഃ. 12

അവാദ്യന്ത വിചിത്രാണി വാദിത്രാണി മഹോത്സവേ
കൃഷ്ണേ വിശ്വേശ്വരേഽനന്തേ നന്ദസ്യ വ്രജമാഗതേ. 13

ഗോപാഃ പരസ്പരം ഹൃഷ്ടാ ദധിക്ഷീരഘൃതാംബുഭിഃ
ആസിഞ്ചന്തോ വിലിമ്പന്തോ നവനീതൈശ്ച ചിക്ഷിപുഃ. 14

നന്ദോ മഹാമനാസ്തേഭ്യോ വാസോഽലങ്കാരഗോധനം
സൂതമാഗധവന്ദിഭ്യോ യേഽന്യേ വിദ്യോപജീവിനഃ. 15

തൈസ്തൈഃ കാമൈരദീനാത്മാ യഥോചിതമപൂജയത്
വിഷ്ണോരാരാധകാർത്ഥായ സ്വപുത്രസ്യോദയായ ച. 16

രോഹിണീ ച മഹാഭാഗാ നന്ദഗോപാഭിനന്ദിതാ
വ്യചരദ്ദിവ്യവാസഃസ്രക്കണ്ഠാഭരണഭൂഷിതാ. 17

തത ആരഭ്യ നന്ദസ്യ വ്രജഃ സർവ്വസമൃദ്ധിമാൻ
ഹരേർന്നിവാസാത്മഗുണൈ രമാക്രീഡമഭൂന്നൃപ. 18

ഗോപാൻ ഗോകുലരക്ഷായാം നിരൂപ്യ മഥുരാം ഗതഃ
നന്ദഃ കംസസ്യ വാർഷികം കരം ദാതും, കുരൂദ്വഹ! 19

വസുദേവ ഉപശ്രുത്യ ഭ്രാതരം നന്ദമാഗതം
ജ്ഞാത്വാ ദത്തകരം രാജ്ഞേ യയൗ തദവമോചനം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപ്രർക്കായലങ്കരിച്ചീടിന രണ്ടുലക്ഷം
നല്ലശുവൃന്ദത്തെയും, രത്നസഞ്ചയത്താലും
പൊൻനീരിൽമുക്കിയുള്ള പട്ടാലും മൂടിയോരേ-
ഴുന്നതതിലശൈലങ്ങളേയും ദാനംചെയ്താൻ. 3
സ്നാനശൗചങ്ങൾകൊണ്ടും കാലത്തിനാലും
തപോ-
ദാനയാഗങ്ങൾ തുഷ്ടിസംസ്കാരമിവകൊണ്ടും
ശുദ്ധമാകുന്നു സർവ്വവസ്തുവുമെന്നാലാത്മ-
വിദ്യയാലെന്യേയാത്മാവാന്നിടാ
പരിശുദ്ധി. 4
ഭൂദേവന്മാരും സൂതവന്ദിമാഗധന്മാരും
സാദരം സുമങ്ഗലവാക്യങ്ങളുച്ചരിച്ചാർ
സങ്ഗീതമാലപിച്ചു തെളിഞ്ഞു ഗായകന്മാ-
രെങ്ങുമേ പൊങ്ങി ഭേരീദുന്ദുഭിധ്വാനങ്ങളും. 5
ഗോകുലദ്വാരാങ്കണമന്ദിരാന്തർഭാഗങ്ങ-
ളാകവേ തുത്തുതളിച്ചുമായ് പൂമാലകൾ
ചിത്രധ്വജങ്ങൾ പതാകകളും ശുദ്ധവസ്ത്ര-
പത്രാഭിലസത്തോരണങ്ങളുമൊത്തുമിന്നി. 6
മഞ്ജുളവത്സതരവൃഷഭങ്ങളെയെല്ലാം
മഞ്ഞളും തൈലം മനയോലയും തേച്ചു നന്നായ്
പീലിമാലയും പൊന്നിൻചങ്ങലവസ്ത്രങ്ങളും
ചാലവേ ചാർത്തിയലങ്കരിച്ചു നിർത്തിയെങ്ങും.7
അനർഘവസ്ത്രങ്ങളും ഭൂഷകൾ കുപ്പായവു-
മണിഞ്ഞു തലപ്പാവുംവച്ചു സന്തുഷ്ടരായി
നാനാവിധോപായനദ്രവ്യങ്ങളോടുകൂടി-
യാനായരെല്ലാം വന്നാർ നന്ദഗോപാന്തി-
കത്തിൽ. 8
പെററിതു യശോദയെന്നറിഞ്ഞപ്പോഴേ പരം-
തുഷ്ടരായ് ഗോപീജനം വസ്ത്രഭൂഷണങ്ങളും
അഞ്ജനാദിയുംകൊണ്ടു ദേഹവും നേത്രങ്ങളും
മഞ്ജുളതരമാക്കി യാത്രയ്ക്കായൊരുങ്ങിനാർ. 9
കുങ്കുമപ്പൊട്ടിട്ടബ്ജകേസരങ്ങളും ചൂടി
പങ്കജാനനശോഭ വർദ്ധിപ്പിച്ചതിവേഗം
കൊങ്കകൾ കുലുങ്ങുമാറപ് പൃഥുനിതംബിനീ-
സങ്ഘവും ബലികളാവഹിച്ചു വന്നീടി-
നാർ. 10
വിളക്കിമിന്നിച്ചിട്ടും കണ്ണുഭൂഷകളാന്നു
ഗളത്തിൽ പതക്കംപൂണ്ടച്ചുവസ്ത്രം ധരിച്ചു
വഴികൾതോറും ശിഖാമാലയിൽനിന്നു പൂക്കൾ
പൊഴിഞ്ഞു മലർമാരിചൊരിഞ്ഞും നിരന്തരം
കുണ്ഡലങ്ങളും കുചഹാരവും ചലിച്ചുണ്ടാ-
മുന്നതപ്രഭാപൂരം സർവത്ര പരത്തിയും
വളകൾ കിലുക്കിയും വന്നണഞ്ഞോരഗ്ഗോപ-
ലലനമാരാലേററം ശോഭിച്ചു നന്ദാലയം. 11

''ഈശ്വരാ! പാലിച്ചാലും ചിരമീയുണ്ണിയെ''
ന്നാശീർവാക്യങ്ങളുച്ചമരുളിയവരെല്ലാം [തൈ-
മഞ്ഞൾതൈലത്താൽ തമ്മിൽ സേചനംചെയ്തു
കൊണ്ടു
കഞ്ജനാഭനെ സ്തുതിച്ചീടിനാർ വഴിപോലെ.12
ലോകങ്ങൾക്കധീശനായപരിച്ഛിന്നനാകം
ശ്രീകാന്തൻ നന്ദഗോപനന്ദനഭാവംപൂണ്ടു
ഗോകുലംതന്നിലവതരിച്ച മഹോത്സവ-
യാഗത്തിൽ നാനാചിത്രവാദ്യങ്ങൾ
ഘോഷിച്ചിതേ. 13
പിന്നെയഗ്ഗോപവൃന്ദമാനന്ദാതിരേകത്താൽ
വെണ്ണ നെയ് പാൽ തൈരിവയെടുത്തു
തുള്ളിച്ചാടി
അന്യോന്യമഭിഷേകംകഴിച്ചു പാത്രമെല്ലാം
വിണ്ണിലേക്കെട്ടെത്തെറിഞ്ഞീടിനാരുത്സാഹ-
ത്താൽ 14
ഔദാര്യനിധിനന്ദൻ മാനസം തെളിഞ്ഞുടൻ
സൂതമാഗധവന്ദിസന്ദോഹത്തിനും തഥാ
അന്യപണ്ഡിതന്മാർക്കുമേകിനാൻ വസ്ത്രഭൂഷാ-
വൃന്ദവുമെണ്ണമററ ഗോധനധാന്യാദിയും. 15
ഏതേതാരാരൊക്കെയങ്ങാശിച്ചതവർക്കെല്ലാം
പ്രീതനായ് മഹാമനസ്സാകുമന്നന്ദഗോപൻ
സമ്മാനിച്ചിതു മഹാവിഷ്ണുവിൻ പ്രീതിക്കായും
മേന്മേൽത്തന്മകന്നഭിവൃദ്ധിയുണ്ടാകുവാനും. 16
നന്ദഗോപനാലേററമഭിനന്ദിതയാകു-
മുന്നതഭാഗ്യവതി രോഹിണീദേവിതാനും
കണ്ഠഭൂഷകൾ ദിവ്യാംബരങ്ങൾ മാല്യങ്ങളും-
കൊണ്ടലങ്കൃതയായിട്ടവിടെസ്സഞ്ചരിച്ചാൾ. 17
അക്കണ്ണു ജനിച്ചനാൾമുതല്ക്കു നന്ദഗോഷ്ഠ-
മുത്കൃഷ്ടമായിസ്സർവ്വസമൃദ്ധമായിത്തീർന്നു.
എന്നും ശ്രീഹരിവാസമഹത്ത്വം നിമിത്തമാ-
യിന്ദിരാദേവീക്രീഡാസ്ഥാനമായും വിളങ്ങി.
18
ഭൂപതിശിഖാമണേ! ഗോകുലസംരക്ഷണം
ഗോപരിൽത്താൻ ചുമത്തിക്കംസനായാണ്ടു
തോറും
പതിവായേകും കപ്പം കൊടുപ്പാനൊരുനാളിൽ
മഥുരാപുരംതന്നിൽ പോയിതു നന്ദഗോപൻ.19
നന്ദനാം സ്വസോദരൻ കംസനു കപ്പമേകാൻ
വന്നെന്നും കണക്കുതീർത്തതെല്ലാം
കൊടുത്തെന്നും
ശ്രവിച്ചു വസുദേവൻ മഥുരതന്നിൽ നന്ദ-
നിവാസമന്ദിരത്തിൽക്കാണ്മാനായ്
ചെന്നീടിനാൻ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ദൃഷ്ട്വാ സഹസോത്ഥായ ദേഹഃ പ്രാണമിവാഗതം
പ്രീതഃ പ്രിയതമം ദോർഭ്യാം സസ്വജേ പ്രേമവിഹ്വലഃ. 21

പൂജിതഃ സുഖമാസീനഃ പൃഷ്ട്വാനാമയമാദൃതഃ
പ്രസക്തധീഃ സ്വാത്മജയോരിദമാഹ, വിശാമ്പതേ. 22

''ദിഷ്ട്യാ ഭ്രാതഃ പ്രവയസ ഇദാനീമപ്രജസ്യ തേ
പ്രജാശായാ നിവൃത്തസ്യ പ്രജാ യത്സമപദ്യത. 23

ദിഷ്ട്യാ സംസാരചക്രേഽസ്മിൻ വർത്തമാനഃ പുനർഭവഃ
ഉപലബ്ധോ ഭവാനദ്യ ദുർല്ലഭം പ്രിയദർശനം. 24

നൈകത്ര പ്രിയസംവാസഃ സുഹൃദാം ചിത്രകർമ്മണാം
ഓഘേന വ്യൂഹ്യമാനാനാം പ്ലവാനാം സ്രോതസോ യഥാ. 25

കച്ചിത് പശവ്യം നിരുജം ഭൂര്യംബുതൃണവീരുധം
ബൃഹദ്വനം തദധുനാ യത്രാസ്സേ ത്വം സുഹൃദ്വൃതഃ. 26

ഭ്രാതർമ്മമ സുതഃ കച്ചിന്മാത്രാ സഹ ഭവദ്വ്രജേ
താതം ഭവന്തം മന്വാനോ ഭവദ്ഭ്യാമുപലാളിതഃ. 27

പുംസസ്ത്രിവർഗ്ഗോ വിഹിതഃ സുഹൃദോ ഹ്യനുഭാവിതഃ
ന തേഷു ക്ലിശ്യമാനേഷു ത്രിവർഗ്ഗോഽർത്ഥായ കല്പതേ.'' 28

നന്ദ ഉവാച

അഹോ തേ ദേവകീപുത്രാഃ കംസേന ബഹവോ ഹതാഃ
ഏകാവശിഷ്ടാവരജാ കന്യാ സാപി ദിവം ഗതാ. 29

നൂനം ഹ്യദൃഷ്ടനിഷ്ഠോഽയമദൃഷ്ടപരമോ ജനഃ
അദൃഷ്ടമാത്മനസ്തത്ത്വം യോ വേദ ന സ മുഹ്യതി. 30

വസുദേവ ഉവാച

കരോ വൈ വാർഷികോ ദത്തോ രാജ്ഞേ ദൃഷ്ടാ വയം ച വഃ
നേഹ സ്ഥേയം ബഹുതിഥം സന്ത്യുത്പാതാശ്ച ഗോകുലേ. 31

ശ്രീശുക ഉവാച

ഇതി നന്ദാദയോ ഗോപാഃ പ്രോക്താസ്തേ ശൗരിണാ യയുഃ
അനോഭിരനഡുദ്യുക്തൈസ്തമനുജ്ഞാപ്യ ഗോകുലം. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ നന്ദ–വസുദേവസങ്ഗമോ നാമ പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

ശ്രീശുക ഉവാച

നന്ദഃ പഥി വചഃ ശൗരേർന്ന മൃഷേതി വിചിന്തയൻ
ഹരിം ജഗാമ ശരണമുത്പാതാഗമശങ്കിതഃ. 1

കംസേന പ്രഹിതാ ഘോരാ പൂതനാ ബാലഘാതിനീ
ശിശൂംശ്ചചാര നിഘ്നന്തീ പുരഗ്രാമവ്രജാദിഷു. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂർച്ഛിതൻ പ്രാണബലയുക്തനാംവിധം നന്ദൻ
ചാർച്ചക്കാരനെക്കണ്ടു വേഗമങ്ങെഴുന്നേററു
തുഷ്ടനായ് പ്രേമപരവശനായുടൻതന്നെ-
കെട്ടിപ്പിടിച്ചീടിനാൻ രണ്ടുകൈകൊണ്ടും
ഗാഢം. 21
സൽക്കൃതനായിസ്സമാദൃതനാം വസുദേവൻ
സൗഖ്യപ്രശ്നാനന്തരം സ്വപുത്രദ്വിതയത്തിൽ
സക്തനായ്ത്തത്കാര്യങ്ങളറിവാനതിക്ക-
ണ്ഠയോ-
ടിക്കണക്കോതീടിനാൻ നന്ദഗോപനോടായി.
22
''ഭ്രാതാവേ! സന്താനവിഹീനനായ് വയസ്സ-
നായ്
ചേതസ്സിൽ പ്രജാവാഞ്ഛ നിശ്ശേഷം വിട്ടിരി-
ക്കും
അങ്ങേയ്ക്കു പുത്രനുണ്ടായെന്ന സംഗതി പാർത്താൽ
തുംഗമാം ഭാഗ്യംകൊണ്ടെന്നല്ലാതെയെന്തു-
ചൊൽവൂ. 23
സംസാരവർത്തിയാകുമങ്ങിതുകാലം വീണ്ടും
സംശയമില്ല, പുത്രരൂപത്തിൽ ജനിച്ചിതു
ആക്കും ദുർല്ലഭമല്ലോ സുഹൃദ്ദർശനമോർക്കിൽ
ഭാഗ്യപൂരത്താലതിന്നെനിക്കു സിദ്ധമായീ. 24
വാഹിനീപ്രവാഹത്തിൽ പെട്ടിടും തൃണാദി-
പോൽ
സ്നേഹിതന്മാരും സ്വസ്വകർമ്മങ്ങൾക്കധീന-
രായ്
ഓരോരോ സ്ഥാനത്തു ചെന്നടിഞ്ഞീടുന്ന-
തെന്യേ
ചേരുന്നില്ലൊന്നിച്ചൊരുദിക്കിലും സുഹൃ-
ത്തമാ! 25
അങ്ങിപ്പോൾ സുഹൃജ്ജനയുക്തനായ് വസി-
ച്ചീടും
മങ്ഗലബൃഹദ്വനം ഗോക്കൾക്കു യോഗ്യം-
താനോ?
ധാരാളംപുല്ലും വള്ളിക്കുടിൽക്കൂട്ടവുമച്ഛ-
നീരവും ചേർന്ന നല്ല സൗഖ്യമാം സ്ഥാനമല്ലേ?
26
സോദരാ! മമപുത്രൻ രോഹിണിയൊത്ത-
ങ്ങയെ
താതനെന്നുതാനുന്നി തവൽപത്നിയാം യശോദ
നിത്യവുമേകം പരിലാളനമനുഭവി-
ച്ചത്തലെന്നിയേ സുഖമായി വാണീടുന്നുവോ?
27
പുരുഷന്മാർക്കശേഷം ധർമ്മാർത്ഥകാമങ്ങളാം
പുരുഷാർത്ഥങ്ങൾ മൂന്നും ബാന്ധവഹിതത്തി-
നായ്
ഭവിച്ചീടണ,മല്ലാതായവർ ദുഃഖിക്കുകിൽ
ത്രിവർഗ്ഗം പ്രയോജനഹീനമെന്നതേവരൂ.'' 28

നന്ദൻ പറഞ്ഞു

കഷ്ടമേ! നിൻ ദേവകീപുത്രരെയശേഷവും
ദുഷ്ടനാം കംസൻ കൊന്നുകളഞ്ഞിതല്ലോസഖേ!
ഒടുവിലുണ്ടായൊരക്കന്യകയഖ്ഖലൻതൻ-
പിടിയിൽനിന്നു ചാടി വിണ്ടലം പ്രാപി-
ച്ചിതേ. 29
ലോകമിതദൃഷ്ടത്തിൽ നിഷ്ഠവുമദൃഷ്ടമാ-
മേകാവലംബത്തൊടു വർത്തിക്കുന്നതുമത്രേ.
ഭ്രാതാവേ! യദൃഷ്ടമാണാത്മാവിൻതത്ത്വമെന്നു
ബോധിപ്പോൻ സുഖത്തിലും മോഹിക്കാ ദുഃഖ-
ത്തിലും. 30

വസുദേവൻ പറഞ്ഞു

വാർഷികഭോഗം കംസന്നേകി നാംതമ്മി-
ലുള്ള
ദർശനവും കഴിഞ്ഞു താമസിക്കേണ്ടായിനി
ഗോകുലത്തിനു ഭവാൻ പോകണം വേഗമങ്ങു-
ഭീകരങ്ങളാമുത്പാതങ്ങളുണ്ടാകുന്നുണ്ടാം. 31

ശ്രീശുകൻ പറഞ്ഞു

വസുദേവോക്തികേട്ടു വണ്ടികൾ കെട്ടി-
വിശങ്കയോടുംകൂടി നന്ദാദിഗോപവൃന്ദം [പ്പാരം
ശൂരസേനജൻതന്നോടനുവാദവും വാങ്ങി
നേരേ ഗോകുലത്തിലേക്കപ്പൊഴേ പോയീടി-
നാർ. 32

അദ്ധ്യായം 6

പൂതനാമോക്ഷം

ശ്രീശുകൻ പറഞ്ഞു

വഴിയിൽ നന്ദഗോപൻ വസുദേവൻെറ
വാക്യം
പഴുതായ്വരാനിടയില്ലെന്നു വിചാരിച്ചു
ആപച്ഛങ്കിതനായി മാനസംകൊണ്ടക്ഷണം
ശ്രീപതിഭഗവാനെ ധ്യാനിച്ചു ഗമിച്ചിതു. 1
കംസപ്രേഷിതയായി പൂതനാനാമമാള-
മാശരി ഭയങ്കരി ബാലഘാതിനിയപ്പോൾ
പട്ടണംവ്രജംഗ്രാമം തൊട്ടുള്ളോരിടങ്ങളി-
ലൊട്ടുക്കു ശിശുക്കളെ ഹനിച്ചു സഞ്ചരിച്ചാൾ.
2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന യത്ര ശ്രവണാദീനി രക്ഷോഽഘ്നാനി സ്വകർമ്മസു
കർവ്വന്തി സാത്വതാം ഭർത്തുര്യാതുധാന്യശ്ച തത്ര ഹി. 3
സാ ഖേചര്യേകദോപേത്യ പൂതനാ നന്ദഗോകുലം
യോഷിത്വാ മായയാഽഽത്മാനം പ്രാവിശത് കാമചാരിണീ. 4
താം കേശബന്ധവ്യതിഷക്തമല്ലികാം
ബൃഹന്നിതംബസ്തനകൃച്ഛ്റമധ്യമാം
സുവാസസം കമ്പിതകർണ്ണഭൂഷണ-
ത്വിഷോല്ലസത് കുന്തളമണ്ഡിതാനനാം. 5
വല്ഗുസ്മിതാപാങ്ഗവിസർഗ്ഗവീക്ഷിതൈർ-
മ്മനോ ഹരന്തീം വനിതാം വ്രജൌകസാം
അമംസതാം ഭോജകരേണ രൂപിണീം
ഗോപ്യഃ ശ്രിയം ദ്രഷ്ടുമിവാഗതാം പതിം. 6
ബാലഗ്രഹസ്തത്ര വിചിന്വതീ ശിശൂൻ
യദൃച്ഛയാ നന്ദഗൃഹേഽസദന്തകം
ബാലം പ്രതിച്ഛന്നനിജോരുതേജസം
ദദർശ തല്പേഽഗ്നിമിവാഹിതം ഭസി. 7
വിബുധ്യ താം ബാലകമാരികാഗ്രഹം
ചരാചരാത്മാഽഽസ നിമീലിതേക്ഷണഃ
അനന്തമാരോപയദങ്കമന്തകം
യഥോരഗം സുപ്തമബുദ്ധിരജ്ജുധീഃ. 8
താം തീക്ഷ്ണചിത്താമതിവാമചേഷ്ടിതാം
വീക്ഷ്യാന്തരാ കോശപരിച്ഛദാസിവത്
വരസ്ത്രിയം തത്പ്രഭയാ ച ധർഷിതേ
നിരീക്ഷമാണേ ജനനീ ഹ്യതിഷ്ഠതാം. 9
തസ്മിൻ സ്തനം ദുർജ്ജരവീര്യമുല്ബണം
ഘോരാങ്കമാദായ ശിശോർദ്ദദാവഥ
ഗാഢം കരാഭ്യാം ഭഗവാൻ പ്രപീഡ്യ തത്-
പ്രാണൈഃ സമം രോഷസമന്വിതോഽപിബത്. 10
സാ മുഞ്ച മുഞ്ചാലമിതി പ്രഭാഷിണീ
നിഷ്പീഡ്യമാനാഖിലജീവമർമ്മണി
വിവൃത്യ നേത്രേ ചരണൌ ഭുജൌ മുഹുഃ
പ്രസ്വിന്നഗാത്രാ ക്ഷിപതീ രുരോദ ഹ. 11
തസ്യാഃ സ്വനേനാതിഗഭീരരംഹസാ
സാദ്രിർമ്മഹീ ദ്യൌശ്ച ചചാല സഗ്രഹാ
രസാ ദിശശ്ച പ്രതിനേദിരേ ജനാഃ
പേതുഃ ക്ഷിതൌ വജ്രനിപാതശങ്കയാ. 12
നിശാചരീത്ഥം വ്യഥിതസ്തനാ വ്യസുർ-
വ്യാദായ കേശാംശ്ചരണൌ ഭുജാവപി
പ്രസാര്യ ഗോഷ്ഠേ നിജരൂപമാസ്ഥിതാ
വജ്രാഹതോ വൃത്ര ഇവാപതന്നൃപ. 13
പതമാനോഽപി തദ്ദേഹസ്ത്രിഗവ്യൂത്യന്തരദ്രുമാൻ
ചൂർണ്ണയാമാസ, രാജേന്ദ്ര, മഹദാസീത്തദദ്ഭുതം. 14
ഈഷാമാത്രോഗ്രദംഷ്ട്രാസ്യം ഗിരികന്ദരനാസികം
ഗണ്ഡശൈലസ്തനം രൌദ്രം പ്രകീർണ്ണാരുണമൂർദ്ധജം. 15
അന്ധകൂപഗഭീരാക്ഷം പുലിനാരോഹഭീഷണം
ബദ്ധസേതുഭുജോർവങ്ഘ്രി ശൂന്യതോയഹ്രദോദരം. 16
സന്തത്രസുഃ സ്മ തദ്വീക്ഷ്യ ഗോപാ ഗോപ്യഃ കളേബരം
പൂർവ്വം തു തന്നിഃസ്വനിതഭിന്നഹൃത്കർണ്ണമസ്തകാഃ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതിടങ്ങളിലെല്ലാം രാക്ഷസഹരമാകം
മാധവനാമശ്രവണാദികാം കർമ്മങ്ങളിൽ

ഇല്ലാതെയിരുന്നീടുമസ്ഥലങ്ങളിലെന്യേ
ചെല്ലമാറില്ല നിശാചരികളാരും നേരേ. 3

ആകാശമാർഗ്ഗത്തൂടെ മായാവൈഭവത്തിനാ-
ലേകദാ സുന്ദരാങ്ഗിയായൊരു നാരിയായി

കാമരൂപിണിയവാം നന്ദഗോകുലംതന്നി-
ലാമോദത്തോടുകൂടി മന്ദമായ് ചെന്നേറിനാം.4

നല്ലപോൽ മുടിചീകി മിനുക്കിക്കെട്ടീട്ടതിൽ
മല്ലികാമലർമാല മോടിയിൽ ചൂടിക്കൊണ്ടും

കൊങ്കകാം നിതംബമെന്നിവററിൻ ഭാരത്തി-
സങ്കടപ്പെടുംമട്ടു കൃശമാം മദ്ധ്യത്തൊടും [നാൽ

ചലൽക്കുണ്ഡലദ്വന്ദ്വകാന്തികന്ദളിയാലേ
തിളങ്ങും കേശത്തിനാൽ വിളങ്ങും മുഖത്തൊടും

ഭ്രൂവല്ലിഭൃംഗങ്ങാംപൂണ്ട സുസ്മിതനോട്ടങ്ങളാൽ
ക്ഷിപ്രമാവ്രജവാസീജനമാനസം പാടേ

ഹരിച്ചു കയ്യിൽ കേളീപങ്കജംപൂണ്ടെത്തുമ-
ത്തരുണീരത്നത്തിനെക്കണ്ടു ഗോപികാം-
ക്കെല്ലാം

ചാലവേ വല്ലഭനെക്കാണുവാൻ വന്നീടിന-
പാലാഴിമങ്കയെന്ന ശങ്കയങ്കുരിച്ചിതേ. 5-6

ബാലകന്മാരെഗ്ഗോഷ്ഠമെങ്ങുമേയന്വേഷിച്ചു
ബാലഘാതകിയാമപ്പിശാചി യാദൃച്ഛികം

നന്ദഗേഹത്തിൽ വന്നു ഭസ്മാച്ഛാദിതവഹ്നി-
യെന്നപോൽച്ഛന്നഭാസ്സാം കുട്ടിയെക്കണ്ടീ-
ടിനാം. 7

ചരാചരാത്മാവവനവളെബ്ബാലപ്രാണൻ
ഹരിക്കും പിശാചെന്നു ധരിച്ചു കണ്ണടച്ചാൻ.

അപരിച്ഛിന്നനായിക്കാലനാമബ്ബാലനെ-
യബുദ്ധിയായി സുപ്തനായിടും സർപ്പത്തിനെ

കയറെന്നോർത്തു ചെന്നങ്ങെടുക്കുംവിധത്തില-
ക്കയൽക്കണ്ണിയാളെടുത്തങ്കത്തിലണച്ചതേ. 8

കഠിനചിത്തയായി വാമമാം ചേഷ്ടിതങ്ങ-
ളിടചേർന്നുറയിലെ വാളുപോലിരുന്നിടും

അത്തനചിതന്നെത്തത്ര കണ്ടു രണ്ടമ്മമാരും
മെത്തിടും തത്ക്കാന്തിയാൽ മോഹിച്ചിരുന്നീ-
ടിനാർ. 9

ക്രൂരയാമവാംപിന്നെയങ്കത്തിലാളും കുഞ്ഞിൻ-
ചോരിവായ്തന്നിൽ വീര്യമേറിടും വിഷം-
ചേരും

തന്മുലയെടുത്തങ്ങു കൊടുത്താം ുടിയാതെ
ചെമ്മേയമർഷത്തൊടും രണ്ടു പാണികാം
കൊണ്ടും

പിടിച്ചു പീഡിപ്പിച്ചു തത് പ്രാണങ്ങളോ-
ടൊത്തു

കുടിച്ചീടിനാനതബ്ഭഗവാൻ ശ്രീനി-
വാസൻ. 10

''മുലകാം വിട്ടു വിട്ടു മതി''യെന്നുച്ചമായി
പ്രലപിച്ചാത്മജീവമർമ്മസ്ഥാനങ്ങളെല്ലാം

നിഷ്പീഡ്യമാനയായിക്കണ്ണുകാം പുഴററീട്ടു
തദ്ഭുജപാദങ്ങളെക്കുടഞ്ഞു വീണ്ടും വീണ്ടും

അങ്ഗങ്ങാം വിയർപ്പിനാൽ നനഞ്ഞങ്ങ-
സഹ്യമാം

തുങ്ഗവേദനയൊടുമൂച്ഛത്തിൽ മുറയിട്ടാം. 11

പുരുഗംഭീരരംഹസ്സാളമശ്ശബ്ദത്തിനാൽ
ഗിരികാം മന്നുവിണ്ണും ചലിച്ചു ഗ്രഹങ്ങളും

മാറ്റൊലിക്കൊണ്ടിതധോലോകങ്ങളിലുമിടി-
യേററപോൽ ധരിത്രിയിൽ വാണിതു
ജനാവലി. 12

രാക്ഷസിയിപ്രകാരം പീഡിതസ്തനയായി-
ട്ടക്ഷണം വായുംപിളർന്നവിടെ നിഷ്പ്രാണയായ്

കാൽ കരങ്ങളും തലമുടിയും പരത്തിയ-
ഗ്ഗോകുലംതന്നിൽ വജ്രാഹതനാം വൃത്രന്മട്ടിൽ

ഘോരമാം നിജ നിശാചരിതൻ രൂപത്തൊടും
പാരാതെ നിലംപതിച്ചീടിനാളിളാപതേ! 13

തൽപതനത്താൽ വീണതകന്നു പൊടിയായ്
പോ-

യദ്ഭുത! മാറുവിളിപ്പാട്ടിലെ വൃക്ഷജാലം. 14

കരുവിൽക്കോൽപോൽ നീണ്ട ദംഷ്ട്രകളെഴും
ഭയ-

ങ്കരമാം വക്ത്രം, ഗുഹാസമനാസാദ്വാരങ്ങാം

വൻ പാറക്കല്ലിനോടുതുല്യമാം സ്തനയുഗ്മം
ചെമ്പിച്ചു ചിന്നിപ്പാറിക്കിടന്നീടുന്ന കേശം

മണൽത്തിട്ടപോൽ നാഭി, സേതുപോൽ കൈ-
കാലുകാം

കിണറുകണക്കാഴമേറീടും നയനങ്ങാം

ജലംവററിടും ഹ്രദംപോലെഴും വയറെന്നീ-
നിലയിലവളുടെ ഘോരമാം ദേഹം കണ്ടു

ഏററവും ഭീതരായാർ മുന്നേ തദ്ഘോരശബ്ദം
കേട്ടുള്ളംതകർന്നുള്ള ഗോപരും ഗോപിമാരും.
15-17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലം ച തസ്യാ ഉരസി ക്രീഡന്തമകുതോഭയം
ഗോപ്യസ്തൂർണ്ണം സമഭ്യേത്യ ജഗൃഹുർജാതസംഭ്രമാഃ. 18

യശോദാരോഹിണീഭ്യാം താഃ സമം ബാലസ്യ സർവ്വതഃ
രക്ഷാം വിദധിരേ സമ്യഗ്ഗോപുച്ഛഭ്രമണാദിഭിഃ. 19

ഗോമൂത്രേണ സ്നാപയിത്വാ പുനർഗ്ഗോരജസാർഭകം
രക്ഷാം ചക്രുശ്ച ശകൃതാ ദ്വാദശാങ്ഗേഷു നാമഭിഃ. 20

ഗോപ്യഃ സംസ്പൃഷ്ടസലിലാ അങ്ഗേഷു കരയോഃ പൃഥക്
ന്യസ്യാത്മന്യഥ ബാലസ്യ ബീജന്യാസമകുർവ്വത. 21

''അവ്യാദജോഽങ്ഘ്രിമണിമാംസ്തവ ജാന്വഥോരൂ
യജ്ഞോഽച്യുതഃ കടിതടം ജഠരം ഹയാസ്യഃ
ഹൃത് കേശവസ്ത്വദുര ഈശ ഇനസ്തു കണ്ഠം
വിഷ്ണുർഭുജം മുഖമുരുക്രമ ഈശ്വരഃ കം. 22

ചക്ര്യഗ്രതഃ സഹഗദോ ഹരിരസ്തു പശ്ചാത്
ത്വത്പാർശ്വയോർധനുരസീ മധുഹാഽജനശ്ച
കോണേഷു ശങ്ഖ ഉരുഗായ ഉപര്യുപേന്ദ്ര-
സ്താർക്ഷ്യഃ ക്ഷിതൗ ഹലധരഃ പുരുഷഃ സമന്താത്. 23

ഇന്ദ്രിയാണി ഹൃഷീകേശഃ പ്രാണാൻ നാരായണോഽവതു
ശ്വേതദ്വീപപതിശ്ചിത്തം മനോ യോഗേശ്വരോഽവതു. 24

പൃശ്നിഗർഭസ്തു തേ ബുദ്ധിമാത്മാനം ഭഗവാൻ പരഃ
ക്രീഡന്തം പാതു ഗോവിന്ദഃ ശയാനം പാതു മാധവഃ. 25

വ്രജന്തമവ്യാദ്വൈകുണ്ഠ ആസീനം ത്വാം ശ്രിയഃ പതിഃ
ഭുഞ്ജാനം യജ്ഞഭുക് പാതു സർവ്വഗ്രഹഭയങ്കരഃ 26

ഡാകിന്യോ യാതുധാന്യശ്ച കുഷ്മാണ്ഡാ യേഽർഭകഗ്രഹാഃ
ഭൂതപ്രേതപിശാചാശ്ച യക്ഷരക്ഷോവിനായകാഃ 27

കോടരാ രേവതീ ജ്യേഷ്ഠാ പൂതനാമാതൃകാദയഃ
ഉന്മാദാ യേ ഹ്യപസ്മാരാ ദേഹപ്രാണേന്ദ്രിയദ്രുഹഃ 28

സ്വപ്നദൃഷ്ടാ മഹോത്പാതാ വൃദ്ധബാലഗ്രഹാശ്ച യേ
സർവ്വേ നശ്യന്തു തേ വിഷ്ണോർന്നാമഗ്രഹണഭീരവഃ.'' 29

ശ്രീശുക ഉവാച

ഇതി പ്രണയബദ്ധാഭിർഗ്ഗോപീഭിഃ കൃതരക്ഷണം
പായയിത്വാ സ്തനം മാതാ സംന്യവേശയദാത്മജം. 30

താവന്നന്ദാദയോ ഗോപാ മഥുരായാ വ്രജം ഗതാഃ
വിലോക്യ പൂതനാദേഹം ബഭൂവുരതിവിസ്മിതാഃ. 31

നൂനം ബതർഷിഃ സംജാതോ യോഗേശോ വാ സമാസ സഃ
സ ഏവ ദൃഷ്ടോ ഹ്യുത്പാതോ യദാഹാനകദുന്ദുഭിഃ. 32

കളേബരം പരശുഭിശ്ഛിത്വാ തത്തേ വ്രജൗകസഃ
ദൂരേ ക്ഷിപ്ത്വാവയവശോ ന്യദഹൻ കാഷ്ഠധിഷ്ഠിതം. 33

ദഹ്യമാനസ്യ ദേഹസ്യ ധൂമശ്ചാഗരുസൗരഭഃ
ഉത്ഥിതഃ കൃഷ്ണനിർഭുക്തസപദ്യാഹതപാപ്മനഃ. 34

പൂതനാ ലോകബാലഘ്നീ രാക്ഷസീ രുധിരാശനാ
ജിഘാംസയാപി ഹരയേ സ്തനം ദത്ത്വാഽഽപ സദ്ഗതിം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേടിയെന്നിയേയവരുടെയ മാറിടത്തിൽ
ക്രീഡചെയ്തിരുന്നീടുമച്ചെറുപൈതൽതന്നെ
അൻപിയന്നീടും ഗോപീജനങ്ങളതിദ്രുതം
സംഭ്രമത്തോടുകൂടിയോടിച്ചെന്നെടുത്തിതു. 18
പിന്നെയാ യശോദയും രോഹിണിതാനുമൊത്തു
ചേർന്നങ്ങുബ്ബാലകൻതൻ സർവ്വാവയവത്തിലും
പശുവിൻവാൽകൊണ്ടുഴിഞ്ഞിടുക മുതലായി
കുശലങ്ങളാം രക്ഷാകർമ്മങ്ങളാചരിച്ചാർ. 19
ഗോമൂത്രംതന്നിൽ പിന്നെക്കുഞ്ഞിനെക്കുളി–
പ്പിച്ച–
ക്കാമിനീയുകാങ്ഗത്തിൽ ഗോരജസ്സണിയിച്ചു
പന്ത്രണ്ടു ദേഹസ്ഥാനംതന്നിൽ ചാണകംതേച്ചു
പന്ത്രണ്ടു നാമമോതിയാന്നിതു രക്ഷാവിധി. 20
പിന്നെയഗ്ഗോപീജനം സലിലസ്പർശംചെയ്തു
തന്നവയവങ്ങളിൽ കൈകളിലാത്മാവിലും
ബീജവിന്യാസംചെയ്തു ബാലകാങ്ഗങ്ങൾ
തോറു–
മാചരിച്ചീടിനാരതാവിധം വേറേവേറേ. 21
''അവനംചെയ്തീടട്ടെയജനായിടും ദേവൻ
തവ കാലടികളെ,യണിമാൻ ജാനുക്കളെ,
ഊരുബന്ധത്തെയജ്ഞ,നച്യുതൻ കടിതടം,
പാരാതെ ജാരത്തെ ഹയാസ്യൻതാനും
പിന്നെ,
കേശവൻ ഹൃദയത്തെ,യീശാനൻ മാറിടത്തെ,
ഭാസ്വാൻ നിൻഗളത്തെയും, വിഷ്ണു പാണി–
കളേയും,
ആനനമുരുക്രമൻതാനു,മങ്ങുത്തമാങ്ഗ–
സ്ഥാനത്തെയീശനും, മുൻഭാഗമച്ചക്രിതാനും.22
പശ്ചാദ്ഭാഗത്തെഗ്ഗദാധരനാം ഹരിതാനും,
പാർശ്വങ്ങൾ ചാപധരനായിടും മധുദ്വിട്ടും,
ചൊല്ലൊല്ലുള്ളമസിധരനജനൻതാനും പിന്നെ,
നാൽക്കോണുകളെശ്ശിഖധരനാമുരുഗായൻ,
ഉപരിതലംതന്നിലുപേന്ദ്രൻ, കീഴ്ഭാഗത്തു
സപദി സീരായുധൻ, ഭൂമിയിൽത്താർക്ഷ്യൻ
താനും,
ചുററിനും സമസ്താന്തര്യാമിയാം ഭഗവാനും
കുട്ടിയെ രക്ഷിക്കട്ടെ പീഡനങ്ങളിൽനിന്നും.23
ഇന്ദ്രിയങ്ങളെ ഹൃഷീകേശനും, പ്രാണങ്ങളെ
സന്തതം ജലശായിഭഗവാൻതാനും, ചിത്തം
ശ്വേതദ്വീപാധീശനും, മാനസം യോഗീശനു–
മാതങ്കമെന്യേ പരിപാലിച്ചീടുകവേണം. 24
പരനാം ഭഗവാൻ നിന്നാത്മാവിനേയും തഥാ
ശരിയായ് പൃശ്നിഗർഭൻ ബുദ്ധിയും പോറ്റീടട്ടെ.
ക്രീഡാകാലത്തിലഗ്ഗോവിന്ദനും
ശയിക്കുമ്പോൾ
കൂടസ്ഥനാകും രമാധവനും രക്ഷിക്കണം. 25
ചരിക്കുംസമയത്തു വൈകുണ്ഠൻഭഗവാനു–
മിരിക്കുംനേരം നേരേ കമലാകാന്തൻതാനും
ഭക്ഷിച്ചീടുമ്പോൾ സർവ്വഗ്രഹഭീകരനായി
സാക്ഷാൽ യജ്ഞഭോക്താകും ദേവനും
കാത്തിടട്ടെ. 26
യാതുധാനികൾ പിന്നെ ഡാകിനികളും കൂശ്മാ–
ണ്ഡാദികൾ പിശാചങ്ങളർഭകഗ്രഹങ്ങളും
ഭൂതപ്രേതങ്ങൾ യക്ഷരാക്ഷസവിനായകർ
പൂതനരേവതിയും കോടരമാതൃകാദി
മർത്ത്യജാതിക്കു ചിത്തവിഭ്രമം നിരന്തരം
ചേർത്തീടുമുന്മാദാപസ്മാരാദി ബാധാവലി.
27–28
സ്വപ്നോത്പാതങ്ങൾവൃദ്ധബാലഗ്രഹങ്ങളീമ–
ട്ടെപ്പൊഴും ദേഹേന്ദ്രിയപ്രാണൗഘദ്രോഹം–
ചെയ്യും
ദേവതാവൃന്ദം സർവം നശിക്കട്ടവരെല്ലാം
ശ്രീവിഷ്ണുനാമം കേട്ടാൽ ഭയന്നു മണ്ടുവോർ–
താൻ.'' 29

ശ്രീശുകൻ പറഞ്ഞു

പ്രണയബദ്ധരാമഗ്ഗോപികളീവിധത്തിൽ
തനു സംരക്ഷണങ്ങൾചെയ്തു തൻതനൂജനെ
ജനനി യശോദ ചെന്നെടുത്തു മുലയേകി–
യനുമോദിച്ചു ശയിപ്പിച്ചിതു ശയ്യതന്നിൽ. 10
നന്ദാദിഗോപവൃന്ദം മഥുരതന്നിൽനിന്നും
വന്നു പൂതനാദേഹം കണ്ടു വിസ്മയപ്പെട്ടാർ. 31
ആനകദുന്ദുഭിയൊരൃഷിയോ യോഗേശനോ
ആണു നിശ്ചയം പരമാശ്ചര്യംതന്നെ പാർത്താൽ
തുങ്ഗമാം വിപത്തുകളാ മഹാൻ
ചൊന്നപോൽത്താ–
നിങ്ങു ഞാൻ വന്നപ്പൊഴും കണ്ടിരിക്കുന്നു–
വല്ലോ. 32
ഗോകുലനിവാസികൾ പൂതനാദേഹം പിന്നെ
വേഗത്തിൽ കോടാലിയാൽ പല
ഖണ്ഡങ്ങളാക്കി
ദൂരത്തിൽ കൊണ്ടുപോയി ധാരാളം വിറകിട്ടു
പാരാതെ മൂടിദ്ദഹിപ്പിച്ചിതു ധരാപതേ! 33
ഭഗവാൻ കൃഷ്ണൻ സ്തന്യപാനംചെയ്തുമൂല–
മഘമററുള്ളോരവൾതൻ ദേഹം ദഹിക്കവേ
അകിലിൻ ഗന്ധംപോലെ സൗരഭ്യമിയന്നിടും
പുകയട്ടിക്കിലെങ്ങും വ്യാപിച്ചു പൊങ്ങീ
പരം. 34
പാതകി രക്തപാനംചെയ്യുവോൾ
ലോകബാല–
ഘാതകിയപ്പൂതന കൊല്ലുവാനാണെങ്കിലും
ഭഗവാൻ മുകുന്ദനു മുലനല്കിയമൂലം
സകലം പാപം തീർന്നു സദ്ഗതിയാന്നീ–
ടിനാൾ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിം പുനഃ ശ്രദ്ധയാ ഭക്ത്യാ കൃഷ്ണായ പരമാത്മനേ
യച്ഛൻ പ്രിയതമം കിം നു രക്താസ്തന്മാതരോ യഥാ? 36
പദ്ഭ്യാം ഭക്തഹൃദിസ്ഥാഭ്യാം വന്ദ്യാഭ്യാം ലോകവന്ദിതൈഃ
അങ്ഗം യസ്യാഃ സമാക്രമ്യ ഭഗവാനപിബത് സ്തനം. 37
യാതുധാന്യപി സാ സ്വർഗ്ഗമവാപ ജനനീഗതിം
കൃഷ്ണഭുക്തസ്തനക്ഷീരാഃ കിമു ഗാവോ നു മാതരഃ. 38
പയാംസി യാസാമപിബത് പുത്രസ്നേഹസ്നുതാന്യലം
ഭഗവാൻ ദേവകീപുത്രഃ കൈവല്യാദ്യഖിലപ്രദഃ. 39
താസാമവിരതം കൃഷ്ണേ കുർവ്വതീനാം സുതേക്ഷണം
ന പുനഃ കല്പതേ, രാജൻ, സംസാരോഽജ്ഞാനസംഭവഃ. 40
കടധൂമസ്യ സൗരഭ്യമവഘ്രായ വ്രജൗകസഃ
''കിമിദം കുത ഏവേ''തി വദന്തോ വ്രജമായയുഃ. 41
തേ തത്ര വർണ്ണിതം ഗോപൈഃ പൂതനാഗമനാദികം
ശ്രുത്വാ തന്നിധനം സ്വസ്തി ശിശോശ്ചാസൻ സുവിസ്മിതാഃ. 42
നന്ദഃ സ്വപുത്രമാദായ *പ്രോഷ്യാഗത ഉദാരധീഃ
മൂർദ്ധ്ന്യുപാഘ്രായ പരമാം മുദം ലേഭേ, കുരൂദ്വഹ! 43
യ ഏതത് പൂതനാമോക്ഷം കൃഷ്ണസ്യാർഭകമദ്ഭുതം
ശൃണുയാച്ഛ്രദ്ധയാ മർത്ത്യോ ഗോവിന്ദേ ലഭതേ രതിം. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

രാജോവാച

യേന യേനാവതാരേണ ഭഗവാൻ ഹരിരീശ്വരഃ
കരോതി കർണ്ണരമ്യാണി മനോജ്ഞാനി ച നഃ പ്രഭോ. 1
യച്ഛൃണ്വതോഽപൈത്യരതിർവിതൃഷ്ണാ
സത്ത്വം ച ശുദ്ധ്യത്യചിരേണ പുംസഃ
ഭക്തിർഹരൗ തത്പുരുഷേ ച സഖ്യം
തദേവ ഹാരം വദ മന്യസേ ചേത്. 2
അഥാന്യദപി കൃഷ്ണസ്യ തോകാചരിതമദ്ഭുതം
മാനുഷം ലോകമാസാദ്യ തജ്ജാതിമനുരുന്ധതഃ. 3

ശ്രീശുക ഉവാച

കദാചിദൗത്ഥാനികകൗതുകാപ്ലവേ
ജന്മർക്ഷയോഗേ സമവേതയോഷിതാം
വാദിത്രഗീതദ്വിജമന്ത്രവാചകൈ-
ശ്ചകാര സൂനോരഭിഷേചനം സതീ. 4
നന്ദസ്യ പത്നീ കൃതമജ്ജനാദികം
വിപ്രൈഃ കൃതസ്വസ്ത്യയനം സുപൂജിതൈഃ
അന്നാദ്യവാസഃസ്രഗഭീഷ്ടധേനുഭിഃ
സംജാതനിദ്രാക്ഷമശീശയച്ഛനൈഃ. 5
ഔത്ഥാനികൗത്സുക്യമനാ മനസ്വിനീ
സമാഗതാൻ പൂജയതീ വ്രജൗകസഃ
നൈവാശൃണോദ്വൈ രുദിതം സുതസ്യ സാ
രുദൻ സ്തനാർത്ഥീ ചരണാവുദക്ഷിപത്. 6

* 'പ്രേത്യാഗതം' ഇതി വാ പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നിരിക്കുമ്പോൾ ശ്രദ്ധായുതഭക്തിയോടമ്മ-
യെന്നപോൽ ഹിതകരവസ്തുക്കൾ സമർപ്പിച്ചു

ശ്രീകൃഷ്ണഭഗവാനെയെന്നുമാരാധിക്കുവോർ
പൂകിടും പരംപദമെന്നതിൽ തർക്കമുണ്ടോ? 36

ജഗദ്വന്ദിതന്മാരാൽ വന്ദ്യമായ് ഭക്തന്മാർത-
ന്നകതാരിങ്കൽ വിളങ്ങീടുമപ്പാദങ്ങളാൽ

ഏതവളുടെ ദേഹമാക്രമിച്ചാനോ മുല,
പൂതനയായീടുമന്നിശാചരിക്കുപോലും

അമ്മമാർക്കേഴും സ്വർഗ്ഗം ലഭിച്ചീടുകിൽ പിന്നെ-
യമ്മുകുന്ദനു ഹിതഭോജനങ്ങളും പാലും

പ്രീതിപൂർവ്വകമെല്ലാനാളിലുമേകീടിന
മാതാക്കൾ ഗോവൃന്ദവുമാർന്നിടും ഗതി-
യേതോ! 37-38

മോക്ഷപര്യന്തമെല്ലാപ്പുരുഷാർത്ഥവുമേകും
സാക്ഷാൽ ശ്രീകൃഷ്ണൻ, പുത്രസ്നേഹത്താൽ
ചുരന്നിടും

ആരുടെ പാലു പാനംചെയ്തുവോ ഭഗവാനെ-
യാരനാരതം സുതനെന്നുതാൻ ഭാവിച്ചുവോ

ആയവർക്കൊരിക്കലുമജ്ഞാനംമൂലമുള-
വായീടും പുനർജ്ജന്മമുണ്ടാകുന്നില്ല
നൂനം. 39-40

പൂതനയുടെ ദേഹം ദഹിപ്പിച്ചതിൽനിന്നുദ്-
ഭൂതമാം ധൂമത്തിന്റെ സുഗന്ധമേററു ഗോപർ

''എന്തൊരു സൗരഭ്യമിതെവിടെനിന്നു-
വ''ന്നെ-
ന്നന്തരാ തമ്മിൽ പറഞ്ഞെത്തിനാരസ്ഥല-
ത്തിൽ. 41

പൂതനാഗമനാദികാര്യങ്ങൾ തന്മൃത്യുവു-
മേതുമേ ദോഷമുണ്ടാക്കുണ്ടാകാഞ്ഞതുമെല്ലാം

വർണ്ണിച്ചു ഗോഷ്ഠസ്ഥിതഗോപന്മാർ പറഞ്ഞതു
വന്നവരൊക്കെക്കേട്ടു വിസ്മയംപൂണ്ടാർ
പാരം. 42

അകലെനിന്നുമപ്പോളാഗതൻ നന്ദഗോപൻ
മകനെയെടുത്തുച്ചിമുകന്നു മോദംപൂണ്ടാൻ. 43

അദ്ഭുതകരമായിശ്ശ്രീകൃഷ്ണപരാത്മാവി-
ന്നർഭകലീലയാമിപ്പൂതനാമോക്ഷം പരം

സശ്രദ്ധം ശ്രവിച്ചീടും മർത്ത്യനബ്ഭഗ-
വാൻതൻ-
വിശ്രുതഭക്തനായിബ്ഭവിക്കും കില്ലില്ല-
തിൽ. 44

അദ്ധ്യായം 7

ശകടതൃണാവർത്തവധം—ഭഗവാന്റെ വായിൽ വിശ്വപ്രദർശനം

രാജാവു പറഞ്ഞു

ഏതവതാരമെല്ലാമെടുത്തു ഭഗവാൻ ശ്രീ-
മാധവ,നേതുവിധം കർമ്മങ്ങളാചരിച്ചോ,
അതെല്ലാം ഞങ്ങൾക്കേററം ചേതോമോഹന-
ങ്ങളും
ശ്രുതികൾക്കത്യാനന്ദപ്രദവുംതാൻ മുനീന്ദ്രാ! 1

ഏതൊന്നു കേട്ടാലുടൻ പുരുഷന്നരതി സം-
ജാതമായ് നശിക്കുന്നിതാശകളശേഷവും,
ശുദ്ധമാകുന്നു മനം, ഹരിയിലുത്കൃഷ്ടമാം
ഭക്തിയും ഭക്തന്മാരിൽ സ്നേഹവും ഭവിക്കുന്നു,
ചൊല്ലേറും മഹർഷേ! യബ്ഭഗവൽക്കഥതന്നെ
ചൊല്ലണം ഞങ്ങളോടായവിടേക്കിഷ്ട-
മെങ്കിൽ. 2

മനുഷ്യലോകംതന്നിൽ ഭഗവാൻ കൃഷ്ണൻ വന്നു
ജനിച്ചു സാധാരണമാനവനെന്നപോലെ
ചെറിയ നാളിൽക്കാണിച്ചീടിന മററദ്ഭുത-
കരങ്ങൾ കർമ്മങ്ങളുമിക്ഷണം കേൾപ്പി-
ല്ലാലും. 3

ശ്രീശുകൻ പറഞ്ഞു

ഉണ്ണികൾ കമിഴ്ന്നുവീഴുന്നതു ഗണിച്ചെങ്ങും
പെണ്ണുങ്ങൾ നടത്തുമൗത്ഥാനികമഹോത്സവം
മൂന്നാംമാസത്തിൽ പതിവ്രതയാം യശോദയും
തന്വങ്ഗീജനസഭാമദ്ധ്യത്തിൽവച്ചൊരു-
ന്നാൾ
ഗാനവാദ്യങ്ങൾ വിപ്രമന്ത്രഘോഷവുമൊത്തു
സാനന്ദമാഘോഷിച്ചു പുത്രനെക്കുളിപ്പിച്ചാൾ.
4

സ്നാനാദികഴിച്ചന്നവസനഗോമാല്യങ്ങൾ
ദാനമായ്ക്കൊടുത്തതുമൂലമായ് സന്തുഷ്ടരാം
ബ്രാഹ്മണരേകുമാശിസ്സിയന്നുമുറക്കത്താൽ
കൺമണി പാതിയോളമടഞ്ഞുമിരുന്നിടും
തന്മകൻതന്നെപ്പിന്നെക്കൊണ്ടുപോയ് ശയ്യ-
തന്നി-
ലമ്മയാമാ യശോദ മെല്ലവേ കിടത്തിനാൾ. 5

ഔത്ഥാനികോത്സവത്തിലുത്സുക യശോദയ-
ങ്ങെത്തിയ ഗോഷ്ഠവാസീജനത്തെസ്സൽക്കരി-
പ്പാൻ
ശ്രദ്ധിച്ചിരുന്നമൂലം കൈകാൽകൾ കടഞ്ഞു-
തത്-
പുത്രൻ പാൽകുടിക്കുവാൻ കരഞ്ഞതറി-
ഞ്ഞീല. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധഃ ശയാനസ്യ ശിശോരനോഽല്പക-
പ്രവാളമൃദ്വങ്ഘ്രിഹതം വ്യവർത്തത
വിധ്വസ്തനാനാരസകുപ്യഭാജനം
വ്യത്യസ്തചക്രാക്ഷവിഭിന്നകൂബരം. 7
ദൃഷ്ട്വാ യശോദാപ്രമുഖാ വ്രജസ്ത്രിയഃ
ഔത്ഥാനികേ കർമ്മണി യാഃ സമാഗതാഃ
നന്ദാദയശ്ചാദ്ഭുതദർശനാകുലാഃ
''കഥം സ്വയം വൈ ശകടം വിപര്യഗാത്''
ഇതി ബ്രുവന്തോതിവിവാദമോഹിതാ,
ജനാസ്സമന്താത് പരിവവ്രുരാത്മവത്. 8
ഊചുരവ്യവസിതമതീൻ ഗോപാൻ ഗോപീശ്ച ബാലകാഃ
''രുദതാനേന പാദേന ക്ഷിപ്തമേതന്ന സംശയഃ''. 9
ന തേ ശ്രദ്ദധിരേ ഗോപാ ബാലഭാഷിതമിത്യുത
അപ്രമേയം ബലം തസ്യ ബാലകസ്യ ന തേ വിദുഃ. 10
രുദന്തം സുതമാദായ യശോദാ ഗ്രഹശങ്കിതാ
കൃതസ്വസ്ത്യയനം വിപ്രൈഃ സൂക്തൈഃ സ്തനമപായയത്. 11
പൂർവ്വവത് സ്ഥാപിതം ഗോപൈർബ്ബലിഭിഃ സപരിച്ഛദം
വിപ്രാ ഹുത്വാർച്ചയാഞ്ചക്രുർദ്ധ്യക്ഷതകുശാംബുഭിഃ. 12
യേഽസൂയാനൃതദംഭേർഷ്യാഹിംസാമാനവിവർജ്ജിതാഃ
ന തേഷാം സത്യശീലാനാമാശിഷോ വിഫലാഃ കൃതാഃ. 13
ഇതി ബാലകമാദായ സാമർഗ്ഗ്യജുരുപാകൃതൈഃ
ജലൈഃ പവിത്രൗഷധിഭിരഭിഷിച്യ ദ്വിജോത്തമൈഃ. 14
വാചയിത്വാ സ്വസ്ത്യയനം നന്ദഗോപഃ സമാഹിതഃ
ഹുത്വാ ചാഗ്നിം ദ്വിജാതിഭ്യഃ പ്രാദാദന്നം മഹാഗുണം. 15
ഗാവഃ സർവ്വഗുണോപേതാ വാസഃസ്രഗ്രുക്മമാലിനീഃ
ആത്മജാഭ്യുദയാർത്ഥായ പ്രാദാത്തേ ചാന്വയുഞ്ജത. 16
വിപ്രാ മന്ത്രവിദോ യുക്താസ്തൈര്യാഃ പ്രോക്താസ്തഥാഽഽശിഷഃ
താ നിഷ്ഫലാ ഭവിഷ്യന്തി ന കദാചിദപി സ്ഫുടം. 17
ഏകദാഽഽരോഹമാരൂഢം ലാളയന്തീ സുതം സതീ
ഗരിമാണം ശിശോർവോഢും ന സേഹേ ഗിരികൂടവത്. 18
ഭൂമൗ നിധായ തം ഗോപീ വിസ്മിതാ ഭാരപീഡിതാ
മഹാപുരുഷമാദധ്യൗ ജഗതാമാസ കർമ്മസു. 19
ദൈത്യോ നാമ്നാ തൃണാവർത്തഃ കംസഭൃത്യഃ പ്രണോദിതഃ
ചക്രവാതസ്വരൂപേണ ജഹാരാസീനമർഭകം. 20
ഗോകുലം സർവ്വമാവൃണ്വൻ മുഷ്ണംശ്ചക്ഷൂംഷി രേണുഭിഃ
ഈരയൻ സുമഹാഘോരശബ്ദേന പ്രദിശോ ദിശഃ. 21
മുഹൂർത്തമഭവദ്ഗോഷ്ഠം രജസാ തമസാഽഽവൃതം
സുതം യശോദാ നാപശ്യത്തസ്മിൻ ന്യസ്തവതീ യതഃ. 22
നാപശ്യത് കശ്ചനാത്മാനം പരം ചാപി വിമോഹിതഃ
തൃണാവർത്തനിസൃഷ്ടാഭിഃ ശർക്കരാഭിരുപദ്രുതഃ. 23
ഇതി ഖരപവനചക്രപാംസുവർഷേ
സുതപദവീമബലാ വിലക്ഷ്യ മാതാ
അതികരുണമനുസ്മരന്ത്യശോചദ്-
ഭുവി പതിതാ മൃതവത്സകാ യഥാ ഗൗ. 24
രുദിതമനുനിശമ്യ തത്ര ഗോപ്യോ
ഭൃശമനുതപ്തധിയോഽശ്രുപൂർണ്ണമുഖ്യഃ
രുരുദുരനുപലഭ്യ നന്ദസൂനും
പവന ഉപാരത പാംസുവർഷവേഗേ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലനെക്കിടത്തിയ ശയ്യതൻ സമീപത്തി-
ലേലുന്ന വലുതായ ശകടമൊന്നക്ഷണം
മഞ്ജുളമൃദുലങ്ങളാകുമബ്ബാലകൻതൻ-
കുഞ്ഞിക്കാലുകളുടെ തൊഴികളേല്ക്കയാലേ
തകർന്നുവീണു താഴത്തതിൻ ചക്രാക്ഷങ്ങളും
നുകവും നാനാരസയുക്തങ്ങളാം പാത്രങ്ങളും 7
ഔത്ഥാനികോത്സവത്തിനെത്തിയ ഗോപി-
മാരു-
മുത്തമയശോദയും നന്ദാദിഗോപന്മാരും
അതു കണ്ടദ്ഭുതപ്പെട്ടെങ്ങനെ താനേ വണ്ടി-
പതിച്ചു തകർന്നെന്നു തമ്മിൽ വാദിച്ചുനിന്നാർ.
ശകടപതനത്തിൻ ശബ്ദം കേട്ടേറെജ്ജനം
നികടം വന്നു ചുററും ദുഃഖിതർമട്ടു നിന്നാർ. 8
എങ്ങനെ പൊളിഞ്ഞിപ്പോളീവണ്ടി വീണെ-
ന്നുള്ള
സംഗതി തീർച്ചയാകാതേവരും വിഷമിക്കെ,
കുട്ടികളോ ചൊന്നാർ വണ്ടി, കേഴമക്കുഞ്ഞു-
കാലാൽ
തട്ടിയിട്ടതാം താഴത്തെന്നുള്ള പരമാർത്ഥം. 9
കുട്ടികൾ പേചൊല്ലുന്നു, സംഭാവ്യമല്ലിതെന്നു
കേട്ടവരെല്ലാമോർത്തു, വിശ്വസിച്ചീലതാരും. 10
ക്രന്ദനംചെയ്യും നിജപുത്രനു ഗ്രഹബാധ-
യെന്നോർത്തു യശോദയക്കുഞ്ഞിനെച്ചെന്നെ-
ടുത്തു
വിപ്രരെ വരുത്തിസ്സ്വസ്ത്യയനം ചൊല്ലി-
പ്പിച്ചി-
ട്ടപ്പൊഴേ രക്ഷാവിധിനടത്തിപ്പാൽ കൊടു-
ത്താൾ. 11
ബലവാന്മാരായിടും ഗോപന്മാർ കൊണ്ടുവന്ന
ബലിസാധനങ്ങളാൽ പ്രോക്ഷണം മന്ത്രപൂർവ്വം
അർപ്പിച്ചക്ഷതം, തയിർ, ദർഭ, നീരിവററിനാൽ
വിപ്രന്മാരർച്ചിച്ചുടൻ ബലിയുമേകീടിനാർ. 12
''അനൃതം, ദംഭ, മീർഷ്യ, യസൂയ, ഹിംസ, മാനാ-
ദ്യനന്തദോഷങ്ങളിലൊന്നുമില്ലാതെയുള്ള
സത്യശീലന്മാരുടെയാശിസ്സും കൃത്യങ്ങളും
വ്യർത്ഥമായ്ഭവിക്കുകയില്ലൊരുനാളും ദൃഢം.
13
ഈമട്ടു വിചാരിച്ചു കുഞ്ഞിനെയെടുത്തുടൻ
സാമൃക്കും യജുസ്സും മന്ത്രങ്ങളാം ജപിപ്പിച്ചു
ശുദ്ധമാമൗഷധങ്ങളാം കലക്കീടിന നീരിൽ
പുത്രനെ വിപ്രന്മാരെക്കൊണ്ടഭിഷേചിപ്പിച്ചു,
14
പുണ്യാഹം ജപിപ്പിച്ചു ദുർഗ്രഹശാന്തിക്കായി-
ട്ടന്യൂനം വിധിക്കൊത്തു ഹോമവും നടത്തിച്ചു
നന്ദനും സമാധാനചിത്തനായ് ദ്വിജന്മാർക്കാ-
യന്നവും വിഭവസമ്പൂർണ്ണമായേകീടിനാൻ. 15

ഗുണങ്ങളിയന്നിടും ഗോക്കളെ വസ്ത്രങ്ങളും
കനകമാല്യങ്ങളും മലർമാലയും ചാർത്തി
നന്ദനഭ്യുദയത്തിനാരണന്മാർക്കു നല്കി,
നന്ദിച്ചങ്ങാശിസ്സുകളവരുമേകീടിനാർ. 16
വേദജ്ഞന്മാരും ഹരിഭക്തരുമായീടുമാ-
ഭൂദേവന്മാർതന്നനുഗ്രഹങ്ങളൊരിക്കലും
നിഷ്ഫലമായിബ്ഭവിച്ചീടുകയില്ലെന്നുള്ള-
തുറപ്പുവിലുറപ്പിച്ചുകൊള്ളുക ഭൂമീപതേ! 17
പിന്നൊരുനാളസ്സതി മകനേ മടിയേററി
നന്ദിച്ചു ലാളനംചെയ്തിരിക്കുംസമയത്തിൽ
പർവ്വതക്കൂടംപോലബ്ബാലകശരീരവും
ദുർവ്വഹമായ ഭാരമാവഹിപ്പതായ്ക്കണ്ടാൾ. 18
ഭാരാതിരേകത്തിനാൽ പുത്രനെ വഹിക്കുവാൻ
തീരെ വയ്യാതെ താഴെ നിറുത്തി യശോദയും
അദ്ഭുതപ്പെട്ടു പാരമച്യുതധ്യാനത്തൊടു-
മേർപ്പെട്ടീടിനാൾ വീട്ടുജോലിയിലോരോ-
ന്നിലും. 19
കംസഭൃത്യനായ് തൃണാവർത്തനെന്നൊരു
ദൈത്യൻ
കംസശംസിതനായിച്ചുഴലിക്കാററായ് വന്നു,
പാടേ ഗോകുലമടിച്ചിളക്കിപ്പൊടിയേററി
മൂടിയക്ഷികളെല്ലാം ദിക്കുകൾ പത്തും പിന്നെ
ഘോരമായിരമ്പിച്ചുകൊണ്ടെത്തിശ്ശയിക്കുമ-
ച്ചാരുബാലനെയപഹരിച്ചീടിനാൻ ശീഘ്രം.
20–21
ചിന്തുമപ്പൊടിപരന്നപ്പനേരമഗ്ഗോഷ്ഠ-
മന്ധകാരത്താൽ സമാവൃതമായിരുന്നിതു.
പിന്നെയന്നന്ദപത്നി ചെന്നങ്ങു നോക്കീടവേ
നന്ദനൻതന്നെക്കണ്ടില്ലവിടെയെങ്ങുംതന്നെ. 22
അത്തൃണാവർത്തനുദ്ധക്കാടെറിഞ്ഞ ശിലോച്ചയം
പ്രത്യങ്ഗമേററവരും മോഹിതന്മാരാകയാൽ
അന്യോന്യസന്ദർശനം സാദ്ധ്യമായില്ലെന്നല്ല
തന്നെത്തന്നെയും കാണാൻ പണിയായ്-
ത്തീർന്നു പാരം. 23
ഇങ്ങനെയച്ചുഴൽക്കാറേററിയോരദ്ധൂളിയിൽ
മുങ്ങിയക്കുഞ്ഞു പോയ മാർഗ്ഗത്തെയറിയാതെ
അബലയാകുമമ്മ മൃതവത്സയാം ഗോവി-
ന്നുപമ വഹിച്ചോരോന്നോർത്തു ഭൂമിയിൽ
വീണാൾ. 24
കാററു നിലച്ചോട്ടു ധൂളിയുമടങ്ങവേ
കേട്ടിതു കരച്ചിലന്നന്ദഗോപാലയത്തിൽ
ഗോപികളോടിയെത്തി നന്ദജാതനെക്കാണാ-
ഞ്ഞാപച്ഛങ്കയാൽ കണ്ണീരൊഴുക്കിക്കര-
ഞ്ഞിതു. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃണാവർത്തഃ ശാന്തരയോ വാത്യാരൂപധരോ ഹരൻ
കൃഷ്ണം നഭോഗതോ ഗന്തും നാശക്നോദ് ഭൂരിഭാരഭൃത്. 26
തമശ്മാനം മന്യമാന ആത്മനോ ഗുരുമത്തയാ
ഗളേ ഗൃഹീത ഉത്സ്രഷ്ടും നാശക്നോദദ്ഭുതാർഭകം. 27
ഗളഗ്രഹണനിശ്ചേഷ്ടോ ദൈത്യോ നിർഗ്ഗതലോചനഃ
അവ്യക്തരാവോ ന്യപതത് സഹബാലോ വ്യസുർവ്രജേ. 28

തമന്തരിക്ഷാത് പതിതം ശിലായാം
വിശീർണ്ണസർവ്വാവയവം കരാളം,
പുരം യഥാ രുദ്രശരേണ വിദ്ധം,
സ്ത്രിയോ രുദത്യോ ദദൃശുഃ സമേതാഃ. 29

പ്രാദായ മാത്രേ പ്രതിഹൃത്യ വിസ്മിതാഃ
കൃഷ്ണം ച തസ്യോരസി ലംബമാനം
തം സ്വസ്തിമന്തം പുരുഷാദനീതം
വിഹായസാ മൃത്യുമുഖാത് പ്രമുക്തം
ഗോപ്യശ്ച ഗോപാഃ കില നന്ദമുഖ്യാ
ലബ്ധ്വാ പുനഃ പ്രാപുരതീവ മോദം. 30

അഹോ ബതാത്യദ്ഭുതമേഷ രക്ഷസാ
ബാലോ നിവൃത്തിം ഗമിതോഽഭ്യഗാത് പുനഃ
ഹിംസ്രഃ സ്വപാപേന വിഹിംസിതഃ ഖലഃ
സാധുഃ സമത്വേന ഭയാദ്വിമുച്യതേ. 31

കിം നസ്തപശ്ചീർണ്ണമധോക്ഷജാർച്ചനം
പൂർത്തേഷ്ടദത്തമുത ഭൂതസൗഹൃദം
യത്സംപരേതഃ പുനരേവ ബാലകോ
ദിഷ്ട്യാ സ്വബന്ധൂൻ പ്രണയന്നുപസ്ഥിതഃ. 32

ദൃഷ്ട്വാദ്ഭുതാനി ബഹുശോ നന്ദഗോപോ ബൃഹദ്വനേ
വസുദേവവചോ ഭൂയോ മാനയാമാസ വിസ്മിതഃ. 33
ഏകദാർഭകമാദായ സ്വാങ്കമാരോപ്യ ഭാമിനീ
പ്രസ്നുതം പായയാമാസ സ്തനം സ്നേഹപരിപ്ലുതാ. 34
പീതപ്രായസ്യ ജനനീ സാ തസ്യ രുചിരസ്മിതം
മുഖം ലാളയതീ രാജൻ, ജൃംഭതോ ദദൃശേ ഇദം. 35

ഖം രോദസീ ജ്യോതിരനീകമാശാഃ
സൂര്യേന്ദുവഹ്നിശ്വസനാംബുധീംശ്ച
ദ്വീപാൻ നഗാംസ്തദ്ദുഹിതൄർവനാനി
ഭൂതാനി യാനി സ്ഥിരജങ്ഗമാനി. 36

സാ വീക്ഷ്യ വിശ്വം സഹസാ, രാജൻ, സംജാതവേപഥുഃ
സമ്മീല്യ മൃഗശാബാക്ഷീ നേത്രേ ആസീത് സുവിസ്മിതാ. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
തൃണാവർത്തമോക്ഷോ നാമ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

ശ്രീശുക ഉവാച
ഗർഗ്ഗഃ പുരോഹിതോ, രാജൻ, യദൂനാം സുമഹാതപാഃ
വ്രജം ജഗാമ നന്ദസ്യ വസുദേവപ്രചോദിതഃ. 1
തം ദൃഷ്ട്വാ പരമപ്രീതഃ പ്രത്യുത്ഥായ കൃതാഞ്ജലിഃ
ആനർച്ചാധോക്ഷജധിയാ പ്രണിപാതപുരസ്സരം. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂഴലിക്കാററായ് വന്ന കണ്ണനാമുണ്ണിയേയാ-
ന്നഴകിലാകാശത്തേക്കയന്ന തൃണാവത്തൻ

ശിശുവിൻ ഭാരത്തിനാൽ മന്ദവേഗനായ്
ത്തീരെ-

യശക്തനായിത്തീന്നാനപരി ഗമിക്കുവാൻ. 26

ഭാരമേറുകയാലക്കുഞ്ഞിനെക്കല്ലെന്നുതാൻ-
തേറിയദ്ദൈത്യൻ താഴെത്തള്ളുവാൻ ശ്രമി-
ക്കിലും

അദ്ഭുതാർഭകനവൻ തദ്ഗളതലംതന്നിൽ
കെല്ലിലാന്നിട്ടും പിടി വിട്ടത്താനശക്ത-
നായ് 27

അപ്പിടുത്തത്തിനാൽ നിശ്ചേഷ്ടനായ്ക്കണ്ണും
തള്ളി-

ശ്ശബ്ദിക്കാൻ വയ്യാതവൻ ചത്തു കുഞ്ഞൊത്തു
വീണാൻ. 28

ആകാശംതന്നിൽനിന്നും കല്ലിന്മേൽ വീണു
ദേഹ-

മാകവേ തകന്നുള്ള ഭീകരദൈതേയനെ

കരയും നാരിമാരുമാഗതന്മാരും കണ്ടാർ
ഹരനാരാചഭിന്നം പുരമെന്നതുപോലെ. 29

ദൈത്യവക്ഷസ്സിലാളും കുഞ്ഞിനെഗ്ഗോപീജനം
മൃത്യുവക്ത്രത്തിൽനിന്നാന്നമ്മയ്ക്കു സമ്മാനിച്ചാർ.

അദൃഷ്ടൻ ഹരിച്ചുടൻ വ്യോമത്തിൽക്കൊണ്ടു-
പോയി-

ട്ടത്യരമവിടെനിന്നശ്മത്തിൽ പതിച്ചിട്ടും

ഒട്ടുമേ കേടെന്നിയേ കുട്ടിയെ രണ്ടാമതും-
കിട്ടിയെന്നതിൽ ഗോപസ്ത്രീകളും ഗോപന്മാരും

നന്ദഗോപനുമേററമദ്ഭുതാധീനരായി-
ട്ടന്യൂനാനന്ദാംബുധിതന്നിലാറാടീടിനാർ. 30

''ആശ്ചര്യ! മത്യാശ്ചര്യ! മിബ്ബാലൻ രക്ഷ-
സ്സിനാൽ

നാശംപ്രാപിച്ചശേഷം വന്നിതു രണ്ടാമതും

ഹിംസാശീലനാം ഖലൻ തത്പാപത്തി-
നാൽത്തന്നെ

ഹിംസിതൻ, സമത്വത്താൽ മുക്തഭീയത്രേ
സാധു. 31

ഭാഗ്യമീവിധം വന്നു ഭവിക്കത്തക്കവണ്ണം
യോഗ്യമായ് നമ്മളം ചെയ്ത സൽക്കമ്മമെന്താ-
ണാവോ?

നമ്മളം മുൻജന്മത്തിങ്കൽ ഹരിയെയാരാധിച്ചു
നിമ്മിച്ചു കുളം കിണർ തടാകങ്ങളുമെല്ലാം.

ധാരാളം ദാനംചെയ്തു പഞ്ചയജ്ഞംനടത്തി-
യാരിലും സമസ്നേഹമാന്നിരുന്നിതു നൂനം.

അല്ലെങ്കിൽ മൃതബാലൻ തിരിച്ചുവന്നിങ്ങനെ
കില്ലററു ബന്ധുക്കളെയെങ്ങനെ തോഷി-
പ്പിക്കും?'' 32

അദ്ഭുതസംഭവങ്ങൾ പലതുമിതുപോല-
ങ്ങപ്പൊഴപ്പൊഴായ്ക്കണ്ടു ധരിച്ച നന്ദഗോപൻ

അദ്ഭുതസ്തബ്ധനായി വസുദേവൻെറ വാക്യ-
മുൻപൂവിലല്ലേതരം ബഹുമാനിച്ചീടിനാൻ. 33

ഒരുനാൾ യശോദയമ്മകനെ മടിയേററി-
യിരുത്തിച്ചുരന്ന തന്മുലപ്പാൽ കുടിപ്പിച്ചാൾ. 34

സാമാന്യം മുലകുടിച്ചീടുമബ്ബാലകൻ തൻ
ന്ദുമന്ദസ്മിതച്ഛവിയാന്നീടുമാനനാബ്ജം

ലാളിച്ചിരുന്നോരവളാത്മജൻ വായ് പിളന്ന-
വേളയിൽക്കണ്ടീടിനാളീദൃശം യദൃച്ഛയാ. 35

ഭൂമിയുമാകാശവുമന്തരിക്ഷവും ജ്യോതിഃ-
സ്തോമവും സൂര്യേന്ദുവായ്വഗ്നികൾ ദിക്കു പത്തും

ഗിരികൾ വനനദീദ്വീപസാഗരങ്ങളും
സ്ഥിരങ്ങൾ ചരങ്ങളും കണ്ടിതു വക്ത്രം-
തന്നിൽ. 36

അമ്മയിങ്ങനെ വിശ്വം കണ്ടു വിസ്മയപ്പെട്ടു
തന്മേനി വിറച്ചക്ഷിയടച്ചങ്ങിരുന്നിതു. 37

അദ്ധ്യായം 8

നാമകരണം, ബാലലീല, നന്ദയശോദാപൂർവകഥ

ശ്രീശുകൻ പറഞ്ഞു

ഭൂപതേ! യദുപുരോഹിതനാം ഗർഗ്ഗൻ മഹാ-
താപസൻ വസുദേവവാക്കിനാൽ ഗോഷ്ഠമാ-
ന്നാൻ. 1

അദ്ദേഹത്തിനെക്കണ്ടു സന്തോഷത്തോടുകൂടി
സത്വരം കൈകൾ കൂപ്പിസ്സാദരമെഴുന്നേററു

ശ്രീജാനീഭാവത്തൊടും നമിച്ചിട്ടനന്തരം
പൂജനംചെയ്തീടിനാൻ വിധിപോൽ നന്ദ-
ഗോപൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂപവിഷ്ടം കൃതാതിഥ്യം ഗിരാ സൂനൃതയാ മുനിം
നന്ദയിത്വാഽബ്രവീദ്, ''ബ്രഹ്മൻ പൂർണ്ണസ്യ കരവാമ കിം? 3

മഹദ്വിചലനം നൄണാം ഗൃഹിണാം ദീനചേതസാം
നിഃശ്രേയസായ, ഭഗവൻ, കല്പതേ നാന്യഥാ ക്വചിത്. 4

ജ്യോതിഷാമയനം സാക്ഷാദ്യത്തജ്ജ്ഞാനമതീന്ദ്രിയം
പ്രണീതം ഭവതാ യേന പുമാൻ വേദ പരാവരം. 5

ത്വം ഹി ബ്രഹ്മവിദാം ശ്രേഷ്ഠഃ സംസ്കാരാൻ കർത്തുമർഹസി
ബാലയോരനയോർന്നൄണാം ജന്മനാ ബ്രാഹ്മണോ ഗുരുഃ.'' 6

ഗർഗ്ഗ ഉവാച

യദൂനാമഹമാചാര്യഃ ഖ്യാതശ്ച ഭുവി സർവ്വതഃ
സുതം മയാ സംസ്കൃതം തേ മന്യതേ ദേവകീസുതം. 7

കംസഃ പാപമതിഃ സഖ്യം തവ ചാനകദുന്ദുഭേഃ
ദേവക്യാ അഷ്ടമോ ഗർഭോ ന സ്ത്രീ ഭവിതുമർഹതി. 8

ഇതി സഞ്ചിന്തയൻ ശ്രുത്വാ ദേവക്യാ ദാരികാവചഃ
അപി ഹന്താഽഽഗതാശങ്കസ്തർഹി തന്നോഽനയോ ഭവേത്. 9

നന്ദ ഉവാച

അലക്ഷിതോഽസ്മിൻ രഹസി മാമകൈരപി ഗോവ്രജേ
കുരു ദ്വിജാതിസംസ്കാരം സ്വസ്തിവാചനപൂർവ്വകം. 10

ശ്രീശുക ഉവാച

ഏവം സംപ്രാർത്ഥിതോ വിപ്രഃ സ്വചികീർഷിതമേവ തത്
ചകാര നാമകരണം ഗൂഢോ രഹസി ബാലയോഃ. 11

ഗർഗ്ഗ ഉവാച

അയം ഹി രോഹിണീപുത്രോ രമയൻ സുഹൃദോ ഗുണൈഃ
ആഖ്യാസ്യതേ രാമ ഇതി ബലാധിക്യാദ്ബലം വിദുഃ
യദൂനാമപൃഥഗ്ഭാവാത് സങ്കർഷണമുശന്ത്യത. 12

ആസൻ വർണ്ണാസ്ത്രയോ ഹ്യസ്യ ഗൃഹ്ണതോഽനുയുഗം തനൂഃ
ശുക്ലോ രക്തസ്തഥാ പീത ഇദാനീം കൃഷ്ണതാം ഗതഃ. 13

പ്രാഗയം വസുദേവസ്യ ക്വചിജ്ജാതസ്തവാത്മജഃ
വാസുദേവ ഇതി ശ്രീമാനഭിജ്ഞാഃ സംപ്രചക്ഷതേ. 14

ബഹൂനി സന്തി നാമാനി രൂപാണി ച സുതസ്യ തേ
ഗുണകർമ്മാനുരൂപാണി താന്യഹം വേദ നോ ജനാഃ. 15

ഏഷ വഃ ശ്രേയ ആധാസ്യദ് ഗോപഗോകുലനന്ദനഃ
അനേന സർവ്വദുർഗ്ഗാണി യൂയമഞ്ജസ്തരിഷ്യഥ. 16

പുരാനേന വ്രജപതേ സാധവോ ദസ്യുപീഡിതാഃ
അരാജകേ രക്ഷ്യമാണാ ജിഗ്യുർദസ്യൂൻ സമേധിതാഃ. 17

യ ഏതസ്മിൻ മഹാഭാഗാ പ്രീതിം കുർവ്വന്തി മാനവാഃ
നാരയോഽഭിഭവന്ത്യേതാൻ വിഷ്ണുപക്ഷാനിവാസുരാഃ. 18

തസ്മാന്നന്ദാത്മജോഽയം തേ നാരായണസമോ ഗുണൈഃ
ശ്രിയാ കീർത്ത്യാനുഭാവേന ഗോപായസ്വ സമാഹിതഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൽകൃതനായിസ്സുഖമാസീനനാമമ്മുനി–
മുഖ്യനെസ്സത്യവാക്കാൽത്തുഷ്ടനാക്കിയശേഷം
''അല്ലയോ ബ്രഹ്മൻ! ഞങ്ങൾ ചെയ്യേണ്ടതെ–
ന്താണിപ്പോ–
ളെല്ലാമേ തികഞ്ഞുള്ളോരങ്ങേ''ക്കെന്നരുൾ–
ചെയ്യാൻ. 3

''ഭഗവൻ! മഹാത്മാർതൻ സഞ്ചാരം ദുഃഖാബ്ധ്–
ധിയി–
വകപ്പെട്ടോരിഗ്ഗൃഹാശ്രമികൾക്കെല്ലാമ്പൊഴും
ശ്രേയസ്സിനായിത്തന്നെ ഭവിച്ചീടുന്നു നൂന–
മായതന്യഥാ ഭവിക്കുന്നതില്ലൊരിക്കലും. 4
ഇന്ദ്രിയാതീതജ്ഞാനമായിട്ടും ജ്യോതിശ്ശാസ്ത്രം
നിന്തിരുവടിയല്ലോ നിർമ്മിച്ചിരിക്കുന്നതും
നേരേയശ്ശാസ്ത്രത്തിനാലല്ലയോ ഭൂതഭാവി–
കാര്യങ്ങൾ നിത്യം പുമാനറിഞ്ഞുകൊള്ളു–
ന്നതും? 5
ബ്രഹ്മജ്ഞന്മാരിൽ ശ്രേഷ്ഠനായീടുമങ്ങുന്നത്രേ
ചെമ്മേയിബ്ബാലന്മാർതൻ സംസ്കാരത്തിനു
യോഗ്യൻ
ൠത്വക്ക് ജന്മത്താൽത്താനോരുകിലാചാര്യ–
ന്മാർ
പൃഥ്വീസുരന്മാരല്ലോ പാരിതിൽ സൂരീ–
ശ്വരാ!'' 6

ഗർഗ്ഗൻ പറഞ്ഞു

യാദവന്മാർതൻ കുലഗുരുവാം ഞാനെന്നതീ–
മേദിനീതലമെങ്ങും പ്രസിദ്ധംതന്നെയല്ലോ.
എന്നാൽ സംസ്കൃതനാകിൽ തവത്പുത്രനദ്ദേ–
വകീ–
നന്ദനനെന്നു ലോകരാകവേ നിനച്ചീടും. 7
അങ്ങുമാ വസുദേവൻതാനുമന്യോന്യമാളും
തുംഗസൗഹൃദത്തേയും ദേവകീദേവിക്കെഴും
അഷ്ടമഗർഭം നാരിയായിട്ട ഭവിക്കുവാ–
നൊട്ടുമേയവകാശമില്ലാത്തതാണെന്നതും
''നിന്നെക്കൊല്ലുവാനേകൻ ഭൂമിയിൽ ജനി–
ച്ചു''തായ്
കന്യകയുടെ വാക്കും ചേർത്തു ചിന്തിച്ചിടുമ്പോൾ
പാപിയാം ഭോജരാജൻ സംശയാധീനനായി–
ക്കോപാവിഷ്ടനായ് വന്നിബ്ബാലനെക്കൊല–
ചെയ്കിൽ
നമ്മുടെ വലുതായ ബുദ്ധിമോശത്തിനാലേ
സന്മതേ! സംഭവിച്ചെന്നല്ലാതെ വന്നീടുമോ?
8–9

നന്ദൻ പറഞ്ഞു

ഗോകുലമതിൽ മമ ബന്ധുക്കൾപോലുമറ്റൊ–
രേകാന്തസ്ഥലത്തിൽവച്ചിക്കാലം മാമുനീന്ദ്രാ!
സ്വസ്തിവാചകംചൊല്ലി ദ്വിജാതിക്കാവ–
ശ്യമാം
ശുദ്ധസംസ്കാരം നേരേ നിർവ്വഹിച്ചാലും
ഭവാൻ. 10

ശ്രീശുകൻ പറഞ്ഞു

നന്ദനാലേവമഭ്യർത്ഥിതനാം ഗർഗ്ഗൻ ഗൂഢം
പിന്നെയബ്ബാലനാമകരണം നിർവ്വ–
ഹിച്ചാൻ. 11

ഗർഗ്ഗൻ പറഞ്ഞു

രോഹണീതനുജനായീടുമിബ്ബാലൻ ഗുണ–
വ്യൂഹത്താൽ മിത്രങ്ങളെ രമിപ്പിക്കുകമൂലം
രാമനെന്നിവനെയെല്ലാവരും വിളിച്ചീടും
സീമാതീതമാം ബലംമൂലമായ് ബലാഖ്യയും
ചലിയാത്തോരഭേദഭാവന യദുകളി–
ലുളവായിവനുണ്ടാം സങ്കർഷണാഭിഖ്യയും. 12
ശരീരം യുഗന്തോറുമാളുമിബ്ബാലനുണ്ടാം
നിറങ്ങൾ ശുക്ലം രക്തം പീതമെന്നിവ മൂന്നും
ഇപ്പൊഴക്കൃഷ്ണവർണ്ണം സ്വീകരിച്ചിരിക്കയാൽ
കല്പിക്കാവതാം കൃഷ്ണനെന്നുള്ള നാമധേയം. 13
താവകതനുജനാമിബ്ബാലൻ മന്നൊരിക്ക–
ലാവസുദേവൻതന്റെ പുത്രനായ് ജനിച്ചിതു.
അതിനാലഭിജ്ഞന്മാർ ശ്രീവാസുദേവനെന്നാം
പതിവായ് വിളിച്ചീടുമെന്നതും ധരിച്ചാലും.
14
ഗുണകർമ്മാനുസാരം ഭവാന്റെയിപ്പുത്രനി–
ലിണങ്ങും ബഹുനാമധേയങ്ങൾ രൂപങ്ങളും
അറിയാമെനിക്കവയൊക്കെയും നല്ലവണ്ണം
ധരിച്ചീടുന്നില്ലവയേതുമേ ജനോത്കരം. 15
ഗോപരെത്തോഷിപ്പിക്കും നമ്മുടെ ഗോക്കളെയു–
മീബാലനറപ്പിക്കും നിങ്ങൾതൻ ശ്രേയസ്സുകൾ.
ഇക്കുമാരകൻമൂലം നിങ്ങൾക്ക സമസ്തമാം
ദുർഗ്ഗങ്ങളേയുമങ്ങു തരിക്കാം നിഷ്പ്രയാസം. 16
ഗോകുലനാഥാ! പണ്ടു രാജാവില്ലാതിരിക്കെ
വ്യാകുലം സാധുക്കൾക്ക ദസ്യുക്കൾ ചേർത്തീടവേ
ഇക്കുട്ടി സാധുക്കളെ രക്ഷിച്ചു ശക്തിവർദ്ധി–
പ്പിക്കയാലവരുടൻ ദുർജ്ജനങ്ങളെ വെന്നാർ. 17
ഇവനിൽ പ്രീതിയേറും ഭാഗ്യശാലികൾക്കാർക്കും
ഭവിച്ചീടുന്നതില്ല ശത്രുപീഡകളേതും.
ദാനവന്മാരിൽനിന്നും ബാധകളശേഷവും
ശ്രീനാരായണഭക്തവർഗ്ഗത്തിനേല്ക്കാത്തപോൽ.
18
അതിനാലയേ നന്ദാ! ശ്രീ,കീർത്തി,യനുഭാവ,–
മതുലഗുണോത്കരമിവയാലീ നിൻ സുതൻ
ശ്രീനാരായണസമനാകയാലനാരതം
നീ നേരേ സംരക്ഷിച്ചു വളർത്തിക്കൊൾകേ–
വേണ്ടു. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

ഇത്യാത്മാനം സമാദിശ്യ ഗർഗ്ഗേ ച സ്വഗൃഹം ഗതേ
നന്ദഃ പ്രമുദിതോ മേനേ ആത്മാനം പൂർണ്ണമാശിഷാം. 20

കാലേന വ്രജതാല്പേന ഗോകുലേ രാമകേശവൗ
ജാനുഭ്യാം സഹ പാണിഭ്യാം രിങ്ഗമാണൗ വിജഹ്രതുഃ. 21

താവങ്ഘ്രിയുഗ്മമനുകൃഷ്യ സരീസൃപന്തൗ
ഘോഷപ്രഘോഷരുചിരം വ്രജകർദ്ദമേഷു
തന്നാദഹൃഷ്ടമനസാവനുസൃത്യ ലോകം
മുഗ്ദ്ധപ്രഭീതവദുപേയതുരന്തി മാത്രോഃ. 22

തന്മാതരൗ നിജസുതൗ ഘൃണയാ സ്നുവന്ത്യൗ
പങ്കാങ്ഗരാഗരുചിരാവുപഗൃഹ്യ ദോർഭ്യാം
ദത്ത്വാ സ്തനം പ്രപിബതോഃ സ്മ മുഖം നിരീക്ഷ്യ
മുഗ്ദ്ധസ്മിതാല്പദശനം യയതുഃ പ്രമോദം. 23

യർഹ്യങ്ഗനാദർശനീയകുമാരലീലാ–
വന്തർവ്രജേ തദബലാഃ പ്രഗൃഹീതപുച്ഛൈഃ
വത്സൈരിതസ്തത ഉഭാവനുകൃഷ്യമാണൗ
പ്രേക്ഷന്ത്യ ഉജ്ഝിതഗൃഹാ ജഹൃഷുർഹസന്ത്യഃ. 24

ശൃങ്ഗ്യഗ്നിദംഷ്ട്ര്യസിജലദ്വിജകണ്ടകേഭ്യഃ
ക്രീഡാപരാവതിചലൗ സ്വസുതൗ നിഷേദ്ധും
ഗൃഹ്യാണി കർത്തുമപി യത്ര ന തജ്ജനന്യൗ
ശേകാത ആപതുരലം മനസോഽനവസ്ഥാം. 25

കാലേനാല്പേന, രാജർഷേ, രാമഃ കൃഷ്ണശ്ച ഗോകുലേ
അഘൃഷ്ടജാനുഭിഃ പദ്ഭിർവ്വിചക്രമതുരഞ്ജസാ. 26

തതസ്തു ഭഗവാൻ കൃഷ്ണോ വയസ്യൈർവ്രജബാലകൈഃ
സഹ രാമോ വ്രജസ്ത്രീണാം ചിക്രീഡേ ജനയൻ മുദം. 27

കൃഷ്ണസ്യ ഗോപ്യോ രുചിരം വീക്ഷ്യ കൗമാരചാപലം
ശൃണ്വന്ത്യാഃ കില തന്മാതുരിതി ഹോചുഃ സമാഗതാഃ. 28

''വത്സാൻ മുഞ്ചൻ ക്വചിദസമയേ ക്രോശസംജാതഹാസഃ
സ്തേയം സ്വാദ്വത്ത്യഥ ദധി പയഃ കല്പിതൈഃ സ്തേയയോഗൈഃ
മർക്കാൻ ഭോക്ഷ്യൻ വിഭജതി സ ചേന്നാത്തി ഭാണ്ഡം ഭിനത്തി
ദ്രവ്യാലാഭേ സ ഗൃഹകുപിതോ യാത്യുപക്രോശ്യ തോകാൻ. 29

ഹസ്താഗ്രാഹ്യേ രചയതി വിധിം പീഠകോലൂഖലാദ്യൈ–
ശ്ഛിദ്രം ഹ്യന്തർന്നിഹിതവയുനഃ ശിക്യഭാണ്ഡേഷു തദ്വിത്
ധ്വാന്താഗാരേ ധൃതമണിഗണം സ്വാങ്ഗമർത്ഥപ്രദീപം
കാലേ ഗോപ്യോ യർഹി ഗൃഹകൃത്യേഷു സുവ്യഗ്രചിത്താഃ. 30

ഏവം ധാർഷ്ട്യാന്യുശതി കുരുതേ മേഹനാദീനി വാസ്തൗ
സ്തേയോപായൈർവിരചിതകൃതിഃ സുപ്രതീകോ യഥാഽഽസ്തേ''
ഇത്ഥം സ്ത്രീഭിഃ സഭയനയനശ്രീമുഖാലോകിനീഭിർ–
വ്യാഖ്യാതാർത്ഥാ പ്രഹസിതമുഖീ ന ഹ്യുപാലബ്ധുമൈച്ഛത്. 31

ഏകദാ ക്രീഡമാനാസ്തേ രാമാദ്യാ ഗോപദാരകാഃ
കൃഷ്ണോ മൃദം ഭക്ഷിതവാനിതി മാത്രേ ന്യവേദയൻ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ഈവിധമാത്മാവാം ശ്രീമുകുന്ദൻതൻ രഹസ്യ-
ഭാവത്തെ സൂചിപ്പിച്ചു ഗർഗ്ഗൻ സ്വഗേഹമാ-
ന്നാൻ.
നന്ദനും തുഷ്ടനായി നിനച്ചാൻ താനേ സർവ്വ-
പൂർണ്ണശ്രേയസ്സും തന്നിലൊത്തുചേർന്നിരിപ്പ-
തായ്. 20
മാമുനി ഗർഗ്ഗൻ പോയിക്കുറച്ചുകാലംകൊണ്ടാ-
രാമനും കൃഷ്ണനും കാൽമുട്ടുകൾ കരങ്ങളും
കുത്തിക്കൊണ്ടിഴഞ്ഞെങ്ങും നടന്നുകളിച്ചിതു
മുത്തു കാണികൾക്കെല്ലാം വർദ്ധിക്കുംവിധം
ഭംഗ്യാ. 21
രണ്ടു കാൽമുട്ടുകളും വലിച്ചുകുത്തിക്കുത്തി-
ക്കൊണ്ടു ഗോഷ്ഠത്തിൽ പൊടിചെളി-
തന്നിലുമെങ്ങും
കിങ്കിണീനാദത്തോടും വളഞ്ഞുതിരിഞ്ഞിഴ-
ഞ്ഞങ്കുരിതാനന്ദം സഞ്ചരിച്ചാരിരുപേരും.
ചിലപ്പോൾ ജനങ്ങൾതൻ നേർക്കോട്ടു ചെന്നു
ഭീതി-
കലർന്നു തിരിഞ്ഞമ്മമാരുടെയടുത്തെത്തും. 22
ജനനിമാരും സ്നേഹാധിക്യത്താൽച്ചുരന്നോലും
സ്തനങ്ങളാർന്നു, ചെളിക്കുറിക്കൂട്ടങ്ങമെങ്ങും
അണിഞ്ഞു ശോഭിച്ചിടും നിജനന്ദനന്മാരെ-
ക്കനിഞ്ഞു രണ്ടുകൈകൾകൊണ്ടുമാശ്ലേഷം-
ചെയ്തു.
മുലനല്കിയിട്ടുതു മോദത്തോടവർ കുടി-
പ്പളവിൽ പല്ലങ്ങനെ മുളച്ചുവരുന്നതും
പുഞ്ചിരിതഞ്ചുന്നതുമായീടുമവർക്കേഴ-
മഞ്ചിതാസ്യങ്ങൾ നോക്കിയാനന്ദമാർന്നീടി-
നാർ. 23
അങ്ഗനാദർശനീയലീലകൾ കാട്ടീടുമാ-
റങ്ങവർ മുതിർന്നങ്ഗമല്പാല്പം കൊഴുക്കവേ
പശുക്കുട്ടികൾക്കേഴും വാൽ ചെന്നു പിടിച്ചീടു-
മശങ്കമവയങ്ങിങ്ങവരെയിഴച്ചീടും.
ഗോഷ്ഠമദ്ധ്യത്തിൽ സ്ത്രീകൾ ചിരിച്ചുകൊണ്ടി-
ക്കളി
വീട്ടുകാര്യം മറന്നു നിന്നു കണ്ടാനന്ദിക്കും. 24
ഒരിടത്തിലും തെല്ലുമടങ്ങിയിരിക്കാതെ
തുടരെക്കേളീലോലരായീടുമപ്പുത്രരെ
ദംഷ്ട്രയും കൊമ്പുമുള്ള മൃഗങ്ങൾ, മുള്ള, നീർ, തീ-
യിത്തരമെല്ലാററിലുംനിന്നു രക്ഷിക്കുവാനും
ആലയത്തിലെ ജോലി നിർവ്വഹിപ്പാനുമൊരേ-
കാലത്തു സാധിക്കാതായമ്മമാർ
വിഷമിച്ചാർ. 25
രാമകൃഷ്ണന്മാർ പിന്നെക്കുറച്ചുനാളിന്നകം
ഭൂമിപാ! പാദമൂന്നി നടന്നാർ വ്രജമെങ്ങും. 26
ഭഗവാൻ കൃഷ്ണൻ പിന്നെ വയസ്യഗോപബാല-
പ്രകരത്തൊടും ബലരാമസംയുതനായി
ആനന്ദം ഗോപികൾക്കു മേല്ക്കുമേലേറുമാറു
നാനാലീലകളേയും കാണിച്ചുകളിച്ചിതു. 27
ഗോപികളൊന്നുചേർന്നു നന്ദാത്മജന്റെ ബാല-
ചാപലം കണ്ടു വന്നു യശോദയോടു
ചൊന്നാർ. 28
''പെണ്മണേ! യകാലത്തു ഞങ്ങടെ ഗേഹങ്ങ-
ളിൽ
നിന്മകൻ വന്നുകേറിഗ്ഗോവത്സങ്ങളെയെല്ലാം
അഴിച്ചുവിടും, ഞങ്ങൾ ഭർത്സിച്ചാൽ
മന്ദസ്മിതം-
പൊഴിച്ചുകൊണ്ടു നില്ക്കും, ചോരണ-
സാമർത്ഥ്യത്താൽ.
രുച്യമാം തൈരും പാലും കട്ടശിച്ചീടുമാകെ,
മിച്ചമുണ്ടെങ്കിൽ ഭാഗിച്ചേകിടും പൂച്ചകൾക്കും
തിന്നവ തൃപ്തിയാർന്നാൽ പാത്രങ്ങൾ തച്ചുടയ്ക്കു-
മൊന്നുമേ സാധനങ്ങൾ ലഭിച്ചീലെന്നാകിലോ
വീട്ടിലുള്ളവരോടു കോപിച്ചിട്ടവിടത്തെ-
ക്കുട്ടികളെയും നുള്ളിക്കരയിച്ചോടിപ്പോകും. 29
പത്തനകൃത്യങ്ങളിൽ ഞങ്ങളേവരും വ്യഗ്ര-
ചിത്തകളായിരിക്കും തക്കവുംപാർത്തങ്ങെത്തി
നെയ്യുപാൽ തൈരുമിരിക്കുന്നതായറിഞ്ഞുറി-
കയ്യെത്തീടാത്തതാണെന്നാകിലന്നേരത്തിവൻ
ഉരലുമതിന്മീതേ പീഠവും വച്ചതിന്മേൽ
പരിചോടേറിനിന്നങ്ങെടുത്തു ഭുജിച്ചീടും.
എന്നാലുമെത്താത്തപ്പോൾ പാത്രത്തിൻ
ചോട്ടിൽ ദ്വാര-
മൊന്നുതീർത്തിട്ടു ചോർത്തി വായിലാക്കീടുന്നിതു.
ഭൂഷണഭാസ്സാലിരുൾമുറിക്കുള്ളിലും പാക്കിൽ
മോഷണത്തിനു തടവില്ലിവനേതും നാഥേ! 30
ഞങ്ങൾ വല്ലതുമവന്നഹിതം കഥിക്കുകിൽ
ഞങ്ങളോടളവററു ധാർഷ്ട്യവാക്കുകളോതും
എന്നല്ല ശുദ്ധമാക്കിയിട്ടിരിക്കുന്നോരസ്മ-
ന്മന്ദിരമെല്ലാം മലമൂത്രദൂഷിതമാക്കും.
കള്ളത്തരങ്ങളേവം കാണിച്ചശേഷം നല്ല-
പിള്ളയെപ്പോലെയല്ലോ വന്നിവൻ നില്ക്കു-
ന്നതും.
ഇവന്റെ മുഖഭാവമൊന്നു നോക്കുക നേരേ
ഭവതി,''യെന്നു ഗോപീജനങ്ങളോതീടവേ
പേടിയാൽ ചഞ്ചലിക്കും കണ്ണുകളാലേ ശോഭ-
തേടീടും ഖിന്നമാകും തന്മുഖമാ യശോദ
വീക്ഷിച്ചശേഷമൊന്നു ചിരിച്ചതല്ലാതെയൊ-
രക്ഷരം ശാസിപ്പോതാനവൾക്കു തോന്നിയില്ല.
31
ഒരുനാൾ പിന്നെബ്ബലരാമാദി ഗോപന്മാരോ-
ടൊരുമിച്ചിരുന്നങ്ങു കളിക്കും സന്ദർഭത്തിൽ
മണ്ണു തിന്നിതു കണ്ണനെ,ന്നതിൽച്ചിലബാലർ
ചെന്നുടൻ മാതാവാകും യശോദയോടു ചൊ-
ന്നാർ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാ ഗൃഹീത്വാ കരേ കൃഷ്ണമുപാലഭ്യ ഹിതൈഷിണീ
യശോദാ ഭയസംഭ്രാന്തപ്രേക്ഷണാക്ഷമഭാഷത: 33

''കസ്മാന്മൃദമദാന്താത്മൻ, ഭവാൻ ഭക്ഷിതവാൻ രഹഃ
വദന്തി താവകാ ഹ്യേതേ കുമാരാസ്തേ/ഗ്രജോ/പ്യയം.'' 34

''നാഹം ഭക്ഷിതവാനംബ, സർവ്വേ മിഥ്യാഭിശംസിനഃ
യദി സത്യഗിരസ്തർഹി സമക്ഷം പശ്യ മേ മുഖം.'' 35

''യദ്യേവം തർഹി വ്യാദേഹീ''ത്യുക്തഃ സ ഭഗവാൻ ഹരിഃ
വ്യാദത്താവ്യാഹതൈശ്വര്യഃ ക്രീഡാമനുജബാലകഃ. 36

സാ തത്ര ദദൃശേ വിശ്വം ജഗത് സ്ഥാസ്നു ച ഖം ദിശഃ
സാദ്രിദ്വീപാബ്ധിഭൂഗോളം സവായ്വഗ്നീന്ദുതാരകം. 37

ജ്യോതിശ്ചക്രം ജലം തേജോ നഭസ്വാൻ വിയദേവ ച
വൈകാരികാണീന്ദ്രിയാണി മനോ മാത്രാ ഗുണാസ്ത്രയഃ. 38

ഏതദ്വിചിത്രം സഹ ജീവകാല–
സ്വഭാവകർമ്മാശയലിംഗഭേദം
സൂനോസ്തനൗ വീക്ഷ്യ വിദാരിതാസ്യേ
വ്രജം സഹാത്മാനമവാപ ശങ്കാം. 39

''കിം സ്വപ്ന ഏതദുത ദേവമായാ
കിം വാ മദീയോ ബത ബുദ്ധിമോഹഃ
അഥോ അമുഷ്യൈവ മമാർഭകസ്യ
യഃ കശ്ചനൗത്പത്തിക ആത്മയോഗഃ. 40

അഥോ യഥാവന്ന വിതർക്കഗോചരം
ചേതോമനഃകർമ്മവചോഭിരഞ്ജസാ
യദാശ്രയം യേന യതഃ പ്രതീയതേ
സുദുർവിഭാവ്യം പ്രണതാസ്മി തത്പദം. 41

അഹം മമാസൗ പതിരേഷ മേ സുതോ
വ്രജേശ്വരസ്യാഖിലവിത്തപാ സതീ
ഗോപ്യശ്ച ഗോപാഃ സഹഗോധനാശ്ച മേ
യന്മായയേത്ഥം കുമതിഃ സ മേ ഗതിഃ.'' 42

ഇത്ഥം വിദിതതത്ത്വായാം ഗോപികായാം സ ഈശ്വരഃ
വൈഷ്ണവീം വ്യതനോന്മായാം പുത്രസ്നേഹമയീം വിഭുഃ. 43

സദ്യോനഷ്ടസ്മൃതിർഗ്ഗോപീ സാ//രോപ്യാരോഹമാത്മജം
പ്രവൃദ്ധസ്നേഹകലിലഹൃദയാ//സീദ്യഥാ പുരാ. 44

ത്രയ്യാ ചോപനിഷദ്ഭിശ്ച സാംഖ്യയോഗൈശ്ച സാത്വതൈഃ
ഉപഗീയമാനമാഹാത്മ്യം ഹരിം സാമന്യതാത്മജം. 45

രാജോവാച

നന്ദഃ കിമകരോദ്, ബ്രഹ്മൻ, ശ്രേയ ഏവം മഹോദയം
യശോദാ ച മഹാഭാഗാ പപൗ യസ്യാഃ സ്തനം ഹരിഃ. 46

പിതരൗ നാന്വവിന്ദേതാം കൃഷ്ണോദാരാർഭകേഹിതം
ഗായന്ത്യദ്യാപി കവയോ യല്ലോകശമലാപഹം. 47

ശ്രീശുക ഉവാച

ദ്രോണോ വസൂനാം പ്രവരോ ധരയാ സഹ ഭാര്യയാ
കരിഷ്യമാണ ആദേശാൻ ബ്രഹ്മണസ്തമുവാച ഹ. 48

''ജാതയോർന്നൗ മഹാദേവേ ഭുവി വിശ്വേശ്വരേ ഹരൗ
ഭക്തിഃ സ്യാത് പരമാ ലോകേ യയാഞ്ജോ ദുർഗ്ഗതിം
തരേത്.'' 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിതമിച്ഛിച്ചീടുമാ യശോദയോടിയെത്തി
ചിതമായ് രണ്ടുകൈയ്യും കൂട്ടിപ്പിടിച്ചു നിർത്തി
ഭർത്സിച്ചശേഷം ഭയചകിതനേത്രനാമാ-
വത്സനോടായിക്കഥിച്ചീടിനാളിപ്രകാരം: 33
''മണ്ണിപ്പോളദാന്താ! നീയെന്തിനു തിന്നു ഗൂഢം
ചൊന്നാരതെന്നോടിപ്പോൾ രാമനും ബാല-
ന്മാരും.'' 34
''അമ്മേ! ഞാൻ മണ്ണു തീരെത്തിന്നതില്ലിവ-
രെല്ലാം
ചുമ്മാതെ കള്ളമെന്നെത്തല്ലിക്കാൻ പറഞ്ഞതാം.
നേരല്ല ഞാൻ ചൊല്ലുന്നതെന്നാകിലിവർ
കാൺകെ
നേരേയെൻ വായ് തുറപ്പിച്ചമ്മയ്ക്കു നോക്കാ-
മല്ലോ.'' 35
''എന്നാൽ നീ വായ് തുറക്കു, ഞാനൊന്നു
നോക്കീടട്ടെ''-
യെന്നവൾ കഥിക്കവേ, സമസ്തൈശ്വര്യഭൂവാം
ക്രീഡാമാനുഷബാലൻ ഭഗവാൻ വാസുദേവ-
നാടലെന്നിയേ വക്ത്രം പിളർന്നു കാട്ടീടിനാൻ.
അതിലങ്ങവൾ കണ്ടാളീച്ചരാചരവിശ്വം [36
ക്ഷിതിയുമാകാശവും ദ്വീപാദ്രിശൈലങ്ങളും
ദിക്കുകൾ വായ്വഗ്നീന്ദുതാരാദിഗ്രഹഗണ-
യുക്തമാം ഭൂഗോളവും സമസ്തലോകങ്ങളും. 37
ജ്യോതിസ്സമൂഹോപേതമായിടും സ്വർഗ്ഗലോകം
വാതാഗ്ന്യംബ്വാകാശാദിയായുള്ള ഭൂതങ്ങളും
ചിത്തവും വികാരത്തോടൊത്തീടുമിന്ദ്രിയങ്ങൾ
ശബ്ദാദിവിഷയങ്ങൾ സത്ത്വാദിഗുണങ്ങളും.38
ഈ വിചിത്രമാം വിശ്വം വീക്ഷിച്ചിട്ടുടൻതന്നെ
ജീവൻ, സ്വഭാവം, കാലം, കർമ്മമാശയമിവ
ചേർന്നീടും ലിംഗദേഹങ്ങൾക്കെഴും ഭേദ-
ത്തെയും
തന്നോടുകൂടി സ്ഥിതിചെയ്യുന്ന ഗോഷ്ഠത്തെയും
പുത്രന്റെ പിളർന്നതാം വക്ത്രത്തിൽ കാങ്ക-
യാല-
സ്സാദ്ധ്വി കുപലവിധശങ്കയങ്കുരിച്ചിതു. 39
''സ്വപ്നമോയിതു ദേവമായയോ പാർത്തീടുകി-
ലദ്ഭുതമഥവാ മന്മാനസഭ്രമംതാനോ
പുത്രനിൽ ജന്മസിദ്ധമായുള്ളതായ വല്ല
പ്രത്യേകതരമാളുമൈശ്വര്യമായീടുമോ? 40
ബുദ്ധി, മാനസം, കർമ്മം, വചസ്സെന്നിവയ്ക്കേതു-
മെത്താത്തതായെളുപ്പമൂഹ്യവുമല്ലാത്തതാം
ഏതിനെയാശ്രയിച്ചിപ്രപഞ്ചം നിലകൊള്ളു-
ന്നേതിൻ പ്രേരണമൂലം വ്യാപൃതമായീടുന്നു,
ഏതൊന്നിലാലയിപ്പു പാരം ദുർവ്വിഭാവ്യമാ-
മാ,ദാമോദരദിവ്യപദത്തെ ബ്ഭജിക്കുന്നേൻ.41
ഞാൻ സതി, യിദ്ദേഹമെൻവല്ലഭ, നീബാലകൻ
മത്സുതൻ, വ്രജേശ്വരസ്വത്തിവൾ പാലിക്കേ-
ണ്ടോൾ.
ഗോധനമിയന്നിടും ഗോപരും ഗോപീജന-
വ്രാതവുമെനിക്കുള്ളതെന്നല്ലാമുള്ള മോഹം
ആരുടെ മായാമൂലമുദ്ഭവിച്ചീടുന്നിതാ-
നാരായണസ്വാമിയെശ്ശരണം പ്രാപിക്കു-
ന്നേൻ.'' 42
ഇത്ഥമാ യശോദ തൻപുത്രന്റെ യഥാർത്ഥമാം
തത്ത്വത്തെദ്ധരിച്ചു നിന്നീടവേ സർവേശനാം
ആ വിഭുവക്ഷണത്തിലവളിൽ സുതസ്നേഹ-
ഭാവമാർന്നിടും വിഷ്ണുമായയെ പ്രയോഗിച്ചാൻ.
43
പെട്ടെന്നു തത്ത്വസ്മൃതിയശേഷം വെടി-
പുത്രനെയെടുത്തു മുന്മട്ടു തന്മടിയോറി [ഞ്ഞവൾ
വളരും വാത്സല്യത്താൽ വ്യാപ്തമായിരിക്കുമുൾ-
ത്തളിരാർന്നുല്യമാംവിധത്തിൽ ലാളി-
ച്ചിതേ. 44
ആഗമത്താലുമുപനിഷത്തുകളാലുമാ-
യോഗസാംഖ്യങ്ങളാലും പഞ്ചരാത്രങ്ങളാലും
കീർത്തിക്കപ്പെട്ടീടും വന്മാഹാത്മ്യമിയന്നീടും
ദൈത്യാരിഭഗവാനെപ്പുത്രനെന്നുതാനോ-
ർത്താൾ. 45

രാജാവു പറഞ്ഞു

ഇത്രമേൽ ഭാഗധേയം സിദ്ധിക്കാനേതുപുണ്യ-
കൃത്യമാ നന്ദഗോപനനുഷ്ഠിച്ചയേ ബ്രഹ്മൻ!
നിത്യവും ഹരിയേവം തന്മുലകുടിക്കുവാൻ
സാദ്ധ്വിയാം യശോദയും ചെയ്തു സൽകൃത്യ-
മേതോ? 46
ലോകപാപഘ്നമായിക്കവീന്ദ്രർ കീർത്തിച്ചിടും
ശ്രീകൃഷ്ണബാലലീല കണ്ടു കൺകുളർപ്പിക്കാൻ
അമ്മയ്ക്കും പിതാവിനും സംഗതിയായി-
ല്ലതിൻ-
കർമ്മദോഷങ്ങളേയും കഥിക്ക മുനീശ്വരാ!
കവികളിന്നും ലോകകളങ്കഹരമായി
ഭുവനംതന്നിൽ ഗാനംചെയ്‌വതിക്കഥ-
യല്ലോ. 47

ശ്രീശുകൻ പറഞ്ഞു

ഭൂഭാരം ഹരിക്കുവാൻ ജന്മത്തെസ്സ്വീകരിക്കും
ശ്രീപതിതൻ തുണയ്ക്കായ് ഭൂമിയിൽ ജനി-
ക്കുവാൻ
സുരജ്യേഷ്ഠനാവസുശ്രേഷ്ഠനാം ദ്രോണനോടും
ധരയാം തദ്ഭാമിനിതന്നോടും കല്പിക്കവേ
തുഷ്ടനായാനിദേശം സമ്മതിച്ചിട്ടാവസു-
ശ്രേഷ്ഠനീവിധം പിതാമഹനോടോതീ-
ടിനാൻ. 48
''അന്യനും ദുർഗ്ഗതിയെത്തരിപ്പാൻ പോരുന്നതാ-
മനന്യഭക്തി, ദേവദേവനായ് വിശ്വേശനാം
ഹരിയിൽ, ഭൂജാതരാം ഞങ്ങൾക്കു രണ്ടുപേർക്കും
പെരുതായ് വന്നീടുവാനങ്ങനുഗ്രഹി-
ച്ചാലും.'' 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അസ്ത്വി''ത്യുക്തഃ സ ഭഗവാൻ വ്രജേ ദ്രോണോ മഹായശാഃ
ജജ്ഞേ നന്ദ ഇതി ഖ്യാതോ യശോദാ സാ ധരാഭവത്. 50

തതോ ഭക്തിർഭഗവതി പുത്രീഭൂതേ ജനാർദ്ദനേ
ദമ്പത്യോർന്നിതരാമാസീദ് ഗോപഗോപീഷു ഭാരത! 51

കൃഷ്ണോ ബ്രഹ്മണ ആദേശം സത്യം കർത്തും വ്രജേ വിഭുഃ
സഹരാമോ വസംശ്ചക്രേ തേഷാം പ്രീതിം സ്വലീലയാ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വിശ്വരൂപദർശനേ അഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

ശ്രീശുക ഉവാച

ഏകദാ ഗൃഹദാസീഷു യശോദാ നന്ദഗേഹിനീ
കർമ്മാന്തരനിയുക്താസു നിർമ്മമന്ഥ സ്വയം ദധി. 1

യാനി യാനീഹ ഗീതാനി തദ്ബാലചരിതാനി ച
ദധിനിർമ്മന്ഥനേ കാലേ സ്മരന്തീ താന്യഗായത. 2

ക്ഷൌമം വാസഃ പൃഥുകടിതടേ ബിഭ്രതീ സൂത്രനദ്ധം
പുത്രസ്നേഹസ്നുതകുചയുഗം ജാതകമ്പം ച സുഭ്രൂഃ
രജ്ജ്വാകർഷശ്രമഭുജചലത്കങ്കണൗ കുണ്ഡലേ ച
സ്വിന്നം വക്ത്രം കബരവിഗളന്മാലതീ നിർമ്മമന്ഥ. 3

താം സ്തന്യകാമ ആസാദ്യ മഥ്നന്തീം ജനനീം ഹരിഃ
ഗൃഹീത്വാ ദധിമന്ഥാനം ന്യഷേധത് പ്രീതിമാവഹൻ. 4

തമങ്കമാരൂഢമപായയത് സ്തനം
സ്നേഹസ്നുതം സസ്മിതമീക്ഷതീ മുഖം
അതൃപ്തമുത്സൃജ്യ ജവേന സാ യയാ-
വുത്സിച്യമാനേ പയസി ത്വധിശ്രിതേ. 5

സഞ്ജാതകോപഃ സ്ഫുരിതാരുണാധരം
സംദശ്യ ദദ്ഭിർദ്ധിമന്ഥഭാജനം
ഭിത്ത്വാ മൃഷാശ്രുർദൃഷദശ്മനാ രഹോ
ജഘാസ ഹൈയംഗവമന്തരം ഗതഃ. 6

ഉത്താര്യ ഗോപീ സുശൃതം പയഃ പുനഃ
പ്രവിശ്യ സംദൃശ്യ ച ദധ്യമത്രകം
ഭഗ്നം വിലോക്യ സ്വസുതസ്യ കർമ്മ ത-
ജ്ജഹാസ, തം ചാപി ന തത്ര പശ്യതീ. 7

ഉലൂഖലാങ്ഘ്രേരുപരി വ്യവസ്ഥിതം
മർക്കായ കാമം ദദതം ശിചി സ്ഥിതം
ഹൈയംഗവം ചൗര്യവിശങ്കിതേക്ഷണം
നിരീക്ഷ്യ പശ്ചാൽ സുതമാഗമച്ഛനൈഃ. 8

താമാത്തയഷ്ടിം പ്രസമീക്ഷ്യ സത്വര-
സ്തതോഽവരുഹ്യാപസസാര ഭീതവത്
ഗോപ്യന്വധാവന്ന യമാപ യോഗിനാം
ക്ഷമം പ്രവേഷ്ടും തപസേരിതം മനഃ. 9

അന്വഞ്ചമാനാ ജനനീ ബൃഹച്ചല-
ച്ഛ്രോണീഭരാക്രാന്തഗതിഃ സുമധ്യമാ
ജവേന വിസ്രംസിതകേശബന്ധന-
ച്യുതപ്രസൂനാനുഗതിഃ പരാമൃശത്. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാ, ''വങ്ങനെതന്നെ''യെന്നുടനനുഗ്രഹം
സമ്മോദത്തോടുമേകി; കീർത്തിമാൻ ദ്രോണൻ
പിന്നെ
മന്നിൽ നന്ദനായ് വന്നുപിറന്നാനമ്പാടിയിൽ
തന്വീസത്തമ ധര യശോദയായുംതീർന്നാൾ. 50
അതിനാൽ പുത്രനായിപ്പിറന്ന ഭഗവാനി-
ലിതരഗോപഗോപീജനത്തേക്കാളുമേററം
ഉന്നതമായീടുന്ന ഭക്തിയുള്ളവരായി-
ത്തീർന്നിതു യശോദയും നന്ദനും മന്നവേന്ദ്രാ! 51
ബ്രഹ്മാവുതന്നാദേശം സത്യമാക്കീടുവാനായ്
ചിന്മയൻ സർവവ്യാപി ഭഗവാൻ കൃഷ്ണൻ
പിന്നെ
ഗോഷ്ഠത്തിൽ ബലനൊത്തു വസിച്ചു
ബാലലീല-
കാട്ടിഗ്ഗോകുലവാസീജനത്തെ മോദിപ്പി-
ച്ചാൻ. 52

അദ്ധ്യായം 9

തൈർക്കലത്തകർപ്പ്, കൃഷ്ണബന്ധനം

ശ്രീശുകൻ പറഞ്ഞു

ഒരുനാൾ ഗൃഹദാസീവൃന്ദത്തെയെല്ലാം
കാര്യാ-
ന്തരങ്ങൾക്കാജ്ഞാപിച്ചു വിട്ടതിന്നനന്തരം
നന്ദപത്നിയായീടും യശോദ താനേതന്നെ
ചെന്നിരുന്നങ്ങു ദധി കടഞ്ഞുതുടങ്ങിനാൾ. 1
അക്കുമാരൻതൻ നാനാതരലീലകളേയു-
മക്കാലം ജനതതി കീർത്തിപ്പതശേഷവും
ഉൾക്കാമ്പിൽ സംസ്മരിച്ചിട്ടാനന്ദനിമഗ്നയാ-
യക്കുടുംബിനി ചില പാട്ടുകൾ പാടീടിനാൾ 2
പൃഥുലനിതംബത്തിൽ പൊന്നരഞ്ഞാണം
കൊണ്ടു
നിതരാം ബന്ധിച്ചുള്ള ശുഭ്രമാം വസ്ത്രത്തോടും
പുത്രസ്നേഹത്താൽ പാരം പാൽ ചുരന്നൊഴുകീടും
മുത്തണിമുല രണ്ടും ചഞ്ചലിച്ചീടുമാറും
കടകോൽക്കയർ വലിച്ചിളകും കരങ്ങളിൽ
കിടക്കും വളകളെയൊക്കെയും കിലുക്കിയും
ചലൽക്കുണ്ഡല പ്രഭ മിന്നിച്ചും പാരം ശ്രമ-
ജലബിന്ദുക്കൾ ചിന്നിമിന്നുമാനനമാർന്നും
കുന്തളംതന്നിൽനിന്നും മല്ലികപ്പൂക്കൾ ചുററും
ചിന്തിയും സുഭ്രൂവവൾ കടഞ്ഞീടിനാൾ
ദധി. 3
ഇമ്മട്ടു മഥിച്ചീടുമമ്മതൻ സമീപത്തി-
ലമ്മകൻ സ്തന്യപാനാസക്തനായ് വന്നുനിന്നു
കടകോലിനു കേറിപ്പിടിച്ചു മനനത്തെ-
ത്തടഞ്ഞു, സൗഹൃദത്തെ പ്രകടമാക്കീടിനാൻ. 4
അങ്കത്തിൽ സ്ഥിതിചെയ്യുമവന്റെ മന്ദസ്മിതം
തങ്കിന മുഖമംഗി നോക്കിക്കൊണ്ടിരുന്നവൾ
പാനം ചെയ്യിച്ചീടിനാളവനെ സ്നേഹത്തിനാൽ
താനേ പാൽ ചുരന്നോലും തന്മുലകളെ നേരേ.
അടുപ്പിൽ പാൽ തിളച്ചു തൂവീടുന്നതു കണ്ടു
തിടുക്കത്തോടുമതിന്നുപശാന്തിക്കായവൾ
കുടിച്ചു സംതൃപ്തനായീടാത്ത തനൂജനെ-
പ്പിടിച്ചുമാററിനിർത്തിയെഴുന്നേററങ്ങു പോ-
യാൾ. 5
ചിന്തമുൾക്രോധത്തോടു വിറയ്ക്കും ചെഞ്ചുണ്ടുടൻ
ദന്തങ്ങൾകൊണ്ടമർത്തിക്കടിച്ചുപിടിച്ചവൻ
രണ്ടു കണ്ണിലുംനിന്നു ധാരാളം കണ്ണീർ വാർത്തു-
കൊണ്ടു കൽക്കളികോപ്പാൽ തൈക്കലം
തച്ചുടച്ചു
നിലയമദ്ധ്യത്തിലേകാന്തസ്ഥലത്തുപോയ്
തലേന്നാളത്തെ വെണ്ണയെടുത്തു തിന്നീടിനാൻ.
6
തിളച്ചു പാകമായ പാലുടനുറിതന്നിൽ
നലമോടെടുത്തവളടച്ചുവച്ചു വേഗം
തിരിച്ചുവന്നു പുത്രൻ തൈക്കലം തകർത്തിട്ടു
മറഞ്ഞുനില്പതോർത്തു ചിരിച്ചീടിനാൾ താനേ.
7
ഉറിയിൽനിന്നെടുത്തോരാ വെണ്ണയുരലിന്മേ-
ലിരുന്നിട്ടിച്ചുപോലെ കുരങ്ങിനേകീടിന
ചോരണശങ്കിതാക്ഷൻ തൻതനയനെക്കണ്ടു
ചാരത്തു പിന്നിലൂടെ മന്ദമായ്ച്ചെന്നാളവൾ.
8
വടിയൊന്നെടുത്തെത്തുമമ്മയെക്കണ്ടു ഭയം-
നടിച്ചങ്ങുരലിൽനിന്നിറങ്ങിയോടീടിനാൻ.
തപഃപ്രേരിതമായി പ്രവേശോചിതമാകും
തപസ്വീജനമനസ്സിന്നുമപ്രാപ്യനായി
മിന്നുമപ്പുരാതനനായീടും പുമാൻതന്നെ
മന്ദമെന്നിയേയനുഗമിച്ചാളാ ഗോപിക. 9
ത്വരിതം പിമ്പേ പാഞ്ഞും തടിച്ച നിജ
ശ്രോണീ-
ഭരത്താലിടയ്ക്കിടെത്തടഞ്ഞും ഗതിവേഗം
അഴിഞ്ഞ മുടിക്കെട്ടിൽനിന്നിഴിഞ്ഞീടും
പൂക്കൾ
വഴിയിലനുഗമിക്കുന്നെന്നു തോന്നുമാറും
ശോഭനമായീടുന്ന മധ്യമൊത്തിണങ്ങുമ-
ഗ്ഗോപികാരത്നം ചെന്നു പിടിച്ചാൾ തനൂജനെ.
10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃതാഗസം തം പ്രരുദന്തമക്ഷിണീ
കഷന്തമഞ്ജന്മഷിണീ സ്വപാണിനാ
ഉദ്വീക്ഷമാണം ഭയവിഹ്വലേക്ഷണം
ഹസ്തേ ഗൃഹീത്വാ ഭിഷയന്ത്യവാഗുരത്. 11
ത്യക്ത്വാ യഷ്ടിം സുതം ഭീതം വിജ്ഞായാർഭകവത്സലാ
ഇയേഷ കില തം ബദ്ധും ദാമ്നാഽതദ്വീര്യകോവിദാ. 12
ന ചാന്തർന ബഹിര്യസ്യ ന പൂർവം നാപി ചാപരം
പൂർവാപരം ബഹിശ്ചാന്തർജ്ജഗതോ യോ ജഗച്ച യഃ. 13
തം മത്വാഽഽത്മജമവ്യക്തം മർത്ത്യലിങ്ഗമധോക്ഷജം
ഗോപികോലൂഖലേ ദാമ്നാ ബബന്ധ പ്രാകൃതം യഥാ. 14
തദ്ദാമ ബധ്യമാനസ്യ സ്വാർഭകസ്യ കൃതാഗസഃ
ദ്വ്യങ്ഗുലോനമഭൂത്തേന സന്ദധേഽന്യച്ച ഗോപികാ. 15
യദാഽഽസീത്തദപി ന്യൂനം തേനാന്യദപി സന്ദധേ
തദപി ദ്വ്യങ്ഗുലം ന്യൂനം യദ്യദാദത്ത ബന്ധനം. 16
ഏവം സ്വഗേഹദാമാനി യശോദാ സന്ദധത്യപി
ഗോപീനാം സുസ്മയന്തീനാം സ്മയന്തീ വിസ്മിതാഭവത്. 17
സ്വമാതുഃ സ്വിന്നഗാത്രായാ വിസ്രസ്തകബരസ്രജഃ
ദൃഷ്ട്വാ പരിശ്രമം കൃഷ്ണഃ കൃപയാഽഽസീത് സ്വബന്ധനേ. 18
ഏവം സന്ദർശിതാ ഹ്യങ്ഗ ഹരിണാ ഭൃത്യവശ്യതാ
സ്വവശേനാപി കൃഷ്ണേന യസ്യേദം സേശ്വരം വശേ. 19
നേമം വിരിഞ്ചോ ന ഭവോ ന ശ്രീരപ്യങ്ഗസംശ്രയാ
പ്രസാദം ലേഭിരേ ഗോപീ യത്തത് പ്രാപ വിമുക്തിദാത്. 20
നായം സുഖാപോ ഭഗവാൻ ദേഹിനാം ഗോപികാസുതഃ
ജ്ഞാനിനാം ചാത്മഭൂതാനാം യഥാ ഭക്തിമതാമിഹ. 21
കൃഷ്ണസ്തു ഗൃഹകൃത്യേഷു വ്യഗ്രായാം മാതരി പ്രഭുഃ
അദ്രാക്ഷീദർജ്ജുനൗ പൂർവം ഗുഹ്യകൗ ധനദാത്മജൗ. 22
പുരാ നാരദശാപേന വൃക്ഷതാം പ്രാപിതൗ മദാത്
നളക്കുബരമണിഗ്രീവാവിതി ഖ്യാതൗ ശ്രിയാന്വിതൗ. 23

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ഗോപീപ്രസാദോ നാമ നവമോഽധ്യായഃ

ദശമോഽധ്യായഃ

രാജോവാച

കഥ്യതാം ഭഗവന്നേതത്തയോഃ ശാപസ്യ കാരണം
യത്തദ്വിഗർഹിതം കർമ്മ യേന വാ ദേവർഷേസ്തമഃ. 1

ശ്രീശുക ഉവാച

രുദ്രസ്യാനുചരൗ ഭൂത്വാ സുദൃപ്തൗ ധനദാത്മജൗ
കൈലാസോപവനേ രമ്യേ മന്ദാകിന്യാം മദോത്കടൗ 2
വാരുണീം മദിരാം പീത്വാ മദാഘൂർണ്ണിതലോചനൗ
സ്ത്രീജനൈരനുഗായദ്ഭിശ്ചേരതുഃ പുഷ്പിതേ വനേ. 3
അന്തഃ പ്രവിശ്യ ഗങ്ഗായാമംഭോജവനരാജിനി
ചിക്രീഡതുര്യുവതിഭിർഗ്ഗജാവിവ കരേണുഭിഃ. 4
യദൃച്ഛയാ ച ദേവർഷിർഭഗവാംസ്തത്ര കൗരവ!
അപശ്യന്നാരദോ ദേവൗ ക്ഷീബാണൗ സമബുധ്യത. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപരാധിയായ് മഷിപരന്ന മിഴി രണ്ടും
സ്വപാണിയുഗത്തിനാൽക്കശക്കിക്കരഞ്ഞലം
ഉപരി നോക്കും ഭയവിഹ്വലനേത്രനാകും
സ്വപുത്രൻതൻ പാണികരം പിടിച്ചു
ചേർത്തണച്ചു
ഭീഷണിപ്പെടുത്തിക്കൊണ്ടകമേ സ്നേഹത്തോടു-
മാ സതീമണിയേററം ഭർത്സനംചെയ്തീടിനാരം.
11

തനയൻ ഭീതനെന്നായ് സുതവത്സലയാമ-
ജ്ജനനിയറിഞ്ഞു തൻ വടി ദൂരെക്കളഞ്ഞു
തദ്ബലമശേഷവും ധരിക്കാത്തുരൽതന്നിൽ
കെല്ലൊടും പിടിച്ചുടൻ കെട്ടുവാനിച്ഛിച്ചിതു 12

ഏതവനുള്ളമില്ല പുറവും മുമ്പും പിമ്പും
ഏതവൻ ജഗത്തായിട്ടായതിൻ പൂർവാപരം
ഉള്ളിലും പുറമേയുമവ്യക്തനായി നില-
കൊള്ളുന്ന മർത്ത്യചിഹ്നമൊത്തധോക്ഷജനായി
അവനെ സ്വപുത്രനെന്നുന്നി പ്രാകൃതനെപ്പോ-
ലവരം പാശത്താൽ ബന്ധിച്ചീടുവാൻ
ശ്രമിച്ചിതു. 13–14

അപരാധിയെശ്ശിക്ഷിച്ചീടായ്കിൽ തത്സ്വഭാവ-
മുപരി ദുഷിച്ചുപോമെന്നോരത്തപ്പുത്രൻതന്നെ
ഉരലിൽ കെട്ടീടുവാൻ കയറിൻനീളമിരു-
വിരൽ പോരാതെയായിച്ചേർത്തു കെട്ടിനാരം
പാശം. 15

എന്നിട്ടും രണ്ടങ്ഗുലം പോരാതെയായാക്കയർ
പിന്നെയും ചേർത്തുകെട്ടിയപ്പൊഴും മുന്നട്ടുതാൻ
കൊണ്ടുവന്നീടും പാശമൊക്കെയുമീവിധത്തിൽ
രണ്ടങ്ഗുലത്തിൻനീളം കുറവായ്ത്തന്നെ
കണ്ടോരം. 16

വീട്ടിലെക്കയറെല്ലാമരിച്ചുപെറുക്കീട്ടു
കെട്ടുവാൻ വീണ്ടുമവരം യത്നിക്കുന്നതു കണ്ടു
കൂട്ടമേ ചിരിയായി ഗോപിമാരത്യദ്ഭുത-
പ്പെട്ടിതു യശോദയും ചിരിച്ചീടിനാരം പാരം.
17

വിയർത്തും ദേഹമാകെക്കബരീഭരം തന്നി-
ലിയന്ന പൂമാലയതഴിഞ്ഞും യത്നിച്ചിട്ടും
അമ്മയെക്കണ്ടിട്ടുരുകാരുണ്യംകലന്നഥ
ചിന്മയൻ കെട്ടിക്കൊള്ളാൻ സമ്മതംകൊടു-
ത്തിതു. 18

ചൊല്ലെഴ്ളൊള്ളും പൂജ്യഭൂപാ! സ്വതന്ത്രനായീടിലും
ഭക്താർത്തിഹരനാകും ഭഗവാൻ കൃഷ്ണനേവം
ഭൃത്യന്മാർക്കധീനനാണെന്നതു കാട്ടീടിനാൻ;
തദ്വശഗതമല്ലോ സേശ്വരമീത്രിലോകം. 19

മുക്തിദനായീടുമാ മുകുന്ദൻതൻപ്രസാദ-
മിക്കാലം നന്ദപത്നിയശോദയാന്നമട്ടിൽ
മുക്കണ്ണൻ ഭഗവാനും ബ്രഹ്മദേവനും മാറിൽ
പുക്കിരുന്നിടും ലക്ഷ്മീദേവിയുമാന്നതില്ല. 20

ഗോപികാത്മജ...യാവസിച്ചീടുന്നോരി-
ശ്ശ്രീപതി ഭഗവാനെ,ബ്ഭക്തന്മാർക്കെന്ന-
പോലെ,
എളുതിൽ പ്രാപിക്കുവാനാമല്ല ദേഹാത്മധീ-
കലരുന്നോർക്കും യോഗീശ്വരർക്കും ജ്ഞാനി-
കാരക്കും. 21

അമ്മ പോയ് വീണ്ടും വീട്ടുജോലിയിൽ
ശ്രദ്ധിക്കവേ-
യമ്മകൻ പ്രഭുവാകും ശ്രീകൃഷ്ണപരമാത്മാ
മുജ്ജന്മം കുബേരന്റെ പുത്രരാം രണ്ടു യക്ഷ-
രർജ്ജുനവൃക്ഷങ്ങളായ് നില്പതു കണ്ടീടി-
നാൻ 22

നളകൂബരമണിഗ്രീവന്മാരെന്നു പണ്ടേ
വളരെ പ്രസിദ്ധന്മാർ, ഭൂരിസമ്പത്തിയന്നോർ.
പുരുഗർവ്വംനിമിത്തം നാരദശാപത്തിനാൽ
മരുതുമരങ്ങളായവിടെ നിന്നതത്രേ. 23

അദ്ധ്യായം 10

നളകൂബരമോക്ഷം—യക്ഷസ്തുതി

രാജാവു പറഞ്ഞു

കാരണമെന്താണവർക്കീവിധമൊരു ശാപം
നേരിടാനെന്നതെന്നോടോതുക മുനീശ്വരാ!
ശാന്തനാമാ നാരദൻ കോപിക്കത്തക്കവണ്ണ-
മെന്തൊരു നീചകൃത്യമാണവർ ചെയ്തുള്ളതും? 1

ശ്രീശുകൻ പറഞ്ഞു

രുദ്രാനുചരന്മാരാമായക്ഷരാജാത്മജ-
രെത്രയും മദാന്ധരായ്ത്തന്നത്താൻ മറന്നഹോ
വാരുണീമദ്യം പാരം കുടിച്ചു മത്തന്മാരായ്
ചോരപോൽ കണ്ണുരണ്ടും ചുവപ്പിച്ചാരമ്യമാം
മന്ദാകിനീതടത്തിൽ കൈലാസാചലംതന്നിൽ
നന്നായിത്തളിർത്തു പൂത്തുള്ളൊരു മലർക്കാവിൽ
അനുഗാനത്തോടെത്തും കമനീഗണത്തോടൊ-
ത്തണഞ്ഞു വിനോദിച്ചു ചുററിസ്സഞ്ചരിച്ചിതു.
2–3

പിന്നീടു നീർത്താരുകരം വിടരും വിളങ്ങുമാ-
ജാഹ്നവീതരങ്ഗിണീമദ്ധ്യത്തിലങ്ങിറങ്ങി
കരേണുഗണമൊത്ത രണ്ടു മത്തേഭങ്ങരംപോൽ
തരുണീമണികളോടൊത്തവർ ക്രീഡി-
ച്ചിതേ. 4

ഭഗവാൻ ദേവർഷിയാം നാരദനതേവഴി-
യകസ്മാൽ വന്നീ രണ്ടു ദേവന്മാരെയും കണ്ടു
മദിരാപാനത്തിനാൽ മത്തരായ്ത്തീർന്നി-
ട്ടാണീ-
യതിക്രമങ്ങളേവം കാട്ടുന്നതെന്നറിഞ്ഞാൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ദൃഷ്ട്വാ വ്രീഡിതാ ദേവ്യോ വിവസ്ത്രാഃ ശാപശങ്കിതാഃ
വാസാംസി പര്യധുഃ ശീഘ്രം, വിവസ്ത്രൗ നൈവ ഗുഹ്യകൗ. 6

തൗ ദൃഷ്ട്വാ മദിരാമത്തൗ ശ്രീമദാന്ധൗ സുരാത്മജൗ
തയോരനുഗ്രഹാർത്ഥായ ശാപം ദാസ്യന്നിദം ജഗൗ. 7

നാരദ ഉവാച

ന ഹ്യന്യോ ജുഷതോ ജോഷ്യാൻ ബുദ്ധിഭ്രംശോ രജോഗുണഃ
ശ്രീമദാദാഭിജാത്യാദിര്യത്ര സ്ത്രീ ദ്യൂതമാസവഃ. 8

ഹന്യന്തേ പശവോ യത്ര നിർദ്ദയൈരജിതാത്മഭിഃ
മന്യമാനൈരിമം ദേഹമജരാമൃത്യു നശ്വരം. 9

ദേവസംജ്ഞിതമപ്യന്തേ കൃമിവിഡ്ഭസ്മസംജ്ഞിതം
ഭൂതധ്രുക് തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യതഃ. 10

ദേഹഃ കിമന്നദാതുഃ സ്വം നിഷേക്തുർമ്മാതുരേവ ച
മാതുഃ പിതുർവാ ബലിനഃ ക്രേതുരഗ്നേഃ ശുനോഽപി വാ. 11

ഏവം സാധാരണം ദേഹമവ്യക്തപ്രഭവാപ്യയം
കോ വിദ്വാനാത്മസാത്കൃത്വാ ഹന്തി ജന്തൂനൃതേഽസതഃ. 12

അസതഃ ശ്രീമദാന്ധസ്യ ദാരിദ്ര്യം പരമഞ്ജനം
ആത്മൗപമ്യേന ഭൂതാനി ദരിദ്രഃ പരമീക്ഷതേ. 13

യഥാ കണ്ടകവിദ്ധാങ്ഗോ ജന്തോർനേച്ഛതി താം വ്യഥാം
ജീവസാമ്യം ഗതോ ലിങ്ഗൈർന തഥാവിദ്ധകണ്ടകഃ. 14

ദരിദ്രോ നിരഹംസ്തംഭോ മുക്തഃ സർവ്വമദൈരിഹ
കൃച്ഛ്രം യദൃച്ഛയാഽഽപ്നോതി തദ്ധി തസ്യ പരന്തപഃ. 15

നിത്യം ക്ഷുത്ക്ഷാമദേഹസ്യ ദരിദ്രസ്യാന്നകാങ്ക്ഷിണഃ
ഇന്ദ്രിയാണ്യനുശുഷ്യന്തി ഹിംസാപി വിനിവർത്തതേ. 16

ദരിദ്രസ്യൈവ യുജ്യന്തേ സാധവഃ സമദർശിനഃ
സദ്ഭിഃ ക്ഷിണോതി തം തർഷം തത ആരാദ്വിശുദ്ധ്യതി. 17

സാധൂനാം സമചിത്താനാം മുകുന്ദചരണൈഷിണാം
ഉപേക്ഷ്യൈഃ കിം ധനസ്തംഭൈരസദ്ഭിരസദാശ്രയൈഃ. 18

തദഹം മത്തയോർമ്മാധ്വ്യാ വാരുണ്യാ ശ്രീമദാന്ധയോഃ
തമോമദം ഹരിഷ്യാമി സ്ത്രൈണയോരജിതാത്മനോഃ. 19

യദിമൗ ലോകപാലസ്യ പുത്രൗ ഭൂത്വാ തമഃപ്ലുതൗ
ന വിവാസസമാത്മാനം വിജാനീതഃ സുദുർമ്മദൗ. 20

അതോഽർഹതഃ സ്ഥാവരതാം സ്യാതാം നൈവം യഥാ പുനഃ
സ്മൃതിഃ സ്യാന്മത്പ്രസാദേന തത്രാപി മദനുഗ്രഹാത്. 21

വാസുദേവസ്യ സാന്നിദ്ധ്യം ലബ്ധ്വാ ദിവ്യശരച്ഛതേ
വൃത്തേ സ്വർല്ലോകതാം ഭൂയോ ലബ്ധഭക്തീ ഭവിഷ്യതഃ. 22

ശ്രീശുക ഉവാച

ഏവമുക്ത്വാ സ ദേവർഷിർഗ്ഗതോ നാരായണാശ്രമം
നളകൂബരമണിഗ്രീവാവാസതുര്യമളാർജ്ജുനൗ. 23

ഋഷേർഭാഗവതമുഖ്യസ്യ സത്യം കർത്തും വചോ ഹരിഃ
ജഗാമ ശനകൈസ്തത്ര യത്രാസ്താം യമളാർജ്ജുനൗ. 24

''ദേവർഷിർമ്മേ പ്രിയതമോ യദിമൗ ധനദാത്മജൗ
തത്തഥാ സാധയിഷ്യാമി യദ്ഗീതം തന്മഹാത്മനാ.'' 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസ്ത്രഹീനകളാകും ദേവികൾ മുനിയെക്ക-
ണ്ടത്യരം ലജ്ജപൂണ്ടു ശാപഭീതകളായി
വസനം ധരിച്ചിതു, ഗുഹ്യകർ വസ്ത്രഹീനർ
നിഷേധമട്ടിൽച്ചെറ്റും കൂട്ടാക്കാതിരുന്നിതേ. 6
മദിരാമത്തന്മാരായ് സുരനന്ദനരായ് ശ്രീ-
മദത്താലന്ധന്മാരാമവരെക്കണ്ടമ്മുനി
തദനുഗ്രഹത്തിനും തൽപ്രയോജനത്തിനു-
മിതുമട്ടരുളിച്ചെയ്തീടിനാൻ ശാപവാക്യം. 7

നാരദൻ പറഞ്ഞു

ഇഷ്ടഭോഗങ്ങളെന്നും സേവിക്കും പുമാനാഭി-
ജാത്യാദിഭാവമെല്ലാം ദോഷംതാനെന്നാകിലും
ശ്രീമദത്തിലുംകവിഞ്ഞുള്ളത,ല്ലതിലല്ലോ
കാമിനീസേവ മദ്യപാനവും ചൂതാട്ടവും. 8
നശ്വരമാമീ ദേഹം ജരാമൃത്യുക്കളറ്റ
ശാശ്വതവസ്തുവെന്നു കരുതുന്നവരായി
നിർദ്ദയന്മാരായജിതേന്ദ്രിയന്മാരായവ-
രത്രേ ഗോസമൂഹത്തെ ഹിംസിക്കുന്നതു നൂനം. 9
ദേവാഖ്യമെന്നാകിലുമന്ത്യത്തിൽ മലം ഭസ്മം
കേവലം കൃമിയീമട്ടോരോ പേരാണു മാറും
ഈ ദേഹത്തിനുവേണ്ടിബ് ഭൂതൗഘദ്രോഹം
ചെയ്വോ-
നേതും സ്വപ്രയോജനമറിഞ്ഞീടുന്നില്ലഹോ
പരദ്രോഹത്തിൻ ഫലമായല്ലോ ഘോരമാകും
നരകംതന്നിലവൻ വീണുഴന്നീടുന്നതും. 10
ദേഹം തൻേറയോ? ചോറുതന്നവൻേറയോ?
ബീജം
മോഹത്താൽക്കലത്തീട്ടത് പാദിപ്പിച്ചവ-
ൻേറയോ?
മാതാവിൻേറയോ? മാതൃപിതാവിൻേറയോ?
ജാത-
വേദസ്സിൻേറയോ? ശ്വാനൻതൻേറയോ?
ശക്തൻേറയോ? 11
ഈവിധം സാമാന്യമായ് ചിന്തിക്കിലവ്യ-
ക്തത്തി-
ലാവിർഭവിച്ചായതിലാലയിക്കുമീ ദേഹം
സ്വന്തമാണെന്നുറച്ചു മൂഢനല്ലാതെയൊരു
ചിന്തകനൊരിക്കലും ചെയ്യിടാ ജന്തു-
ഹിംസ. 12
അസത്തായ് ശ്രീമദാന്ധനായീടുന്നവന്നോ-
പ്രശസ്തമാമഞ്ജനം ദാരിദ്ര്യമെന്നതത്രേ [ത്താൽ
ദരിദ്രൻ, തന്നെപ്പോലെയന്യഭൂതങ്ങളേയും
കരുണാപുരസ്സരം വീക്ഷിച്ചീടുന്നു നൂനം. 13
മുള്ള തൻ ശരീരത്തിൽത്തറച്ചു നോവറിഞ്ഞി-
ട്ടുള്ളവൻ ജന്തുക്കളിലാ വ്യഥയേല്പിച്ചിടാ.
അവൻതാൻ ചിഹ്നങ്ങളാൽ ജീവസാമ്യം
വഹിപ്പോൻ,
ഭവിക്കുന്നില്ലാവിധം മുള്ളുകൊള്ളാതെയു-
ള്ളോൻ. 14

ദരിദ്രനഹന്തയാൽ സ്തബ്ധനായ്ത്തീരുന്നില്ല
ശരിക്കു ഗർവ്വങ്ങളിൽനിന്നവൻ മുക്തനത്രേ.
ദരിദ്രൻ യദൃച്ഛയായ് കഷ്ടത്തിൽ പെട്ടിടുന്നു
കരുതീടണമതും തച്ച്റേഷ്ഠതപസ്സായ്ത്താൻ. 15
വിശപ്പുമൂലം നിത്യം ശോഷിക്കും വപുസ്സോടു-
മശിപ്പാനനുപദമന്നമാഗ്രഹിച്ചീടും
അധനൻതന്നിന്ദ്രിയഗണവും ശുഷ്കിച്ചിടു-
മതുപോലവനിൽനിന്നൊഴിവു ഹിംസ-
താനും. 16
സമദർശികളായ സാധുക്കളോടു മിക്ക-
സമയത്തിലും ചേർച്ച ദരിദ്രനുണ്ടാകുന്നു.
അതിനാലവനെഴും ഭോഗാശയസ്തമിക്കു-
ന്നതിനോടൊപ്പം പരിശുദ്ധനായും ഭവിപ്പൂ. 17
സമചിത്തരായ്ക്കൃഷ്ണചരണമാലംബമാ-
യമരും സാധുക്കൾക്കു ദുർജ്ജനാശ്രിതന്മാരായ്
നിഷേധ്യന്മാരായ് ധനമദത്താൽ സ്തബ്ധന്മാരാ-
മസത്തുക്കളെക്കൊണ്ടു വല്ലതും ഗുണമുണ്ടോ? 18
അതിനാൽ ശ്രീമദാന്ധന്മാരായ് സ്ത്രീജനവശീ-
കൃതരായ് മദ്യപാനമത്തരായ് നിർഭീകരായ്
അജിതേന്ദ്രിയന്മാരാമിവർതൻ തമോമദ-
മജ്ഞനന്ദനനാം ഞാൻ ഹരിക്കുന്നുണ്ടിദാനീം. 19
ഭുവനപാലനാകും കുബേരൻതൻ സുതന്മാ-
രിവരജ്ഞാനപ്ലുതന്മാരായി ദുർമ്മദത്താൽ
വസ്ത്രഹീനന്മാർ തങ്ങളെന്നുള്ള കാര്യംപോലു-
മൂഢന്മാരിലറിയുന്നില്ലെന്നതുമൂലമായി
സ്ഥാവരങ്ങളായ് ഭവിച്ചീടണമെന്നാകിലേ-
യീവിധം ദുർവൃത്തിയിലേർപ്പെടാതിരുന്നിടൂ. 20
മൽപ്രസാദത്താൽ മേലിൽ നിന്ദ്യകൃത്യത്തി-
ലിവ-
രുൾപ്പെടാതാകും, സ്മൃതി നിലനില്ക്കയുംചെയ്യും.
ദേവവർഷങ്ങൾ നൂറു കഴിഞ്ഞീടവേ വാസു-
ദേവസാന്നിധ്യത്തിനാൽ സ്വന്തരൂപം ധരിച്ചു
സ്വർല്ലോകം പ്രവേശിച്ചു തെല്ലുമേ മദമെന്യേ
മല്ലാരിഭക്തമുഖ്യന്മാരായിബ്ഭവിക്കട്ടെ. 22

ശ്രീശുകൻ പറഞ്ഞു

ഈവിധമരുളിച്ചെയ്തുടനേ പോയീടിനാൻ
ദേവർഷി നാരദൻ ശ്രീനാരായണാശ്രമത്തിൽ
നളകൂബരമണിഗ്രീവന്മാരിരുപേരും
നിലകൊണ്ടിതു രണ്ടു മരുതുമരങ്ങളായ്. 23
ചൊല്ലേറുണ്ട ഭാഗവതമുഖ്യനാം മഹർഷിതൻ
വാക്കു നേരാക്കീടുവാനാക്കയാലുരലോടും
അത്തരുയുഗ്മം നിലകൊള്ളുന്ന ദിക്കിലേക്കാ-
യുത്തമപുമാൻതാനും ഗമിച്ചാൻ മന്ദംമന്ദം. 24
''നാരദമുനിയെനിക്കേറ്റവും പ്രിയതമ-
നീരണ്ടുപേരും പാർത്താൽ കുബേരപ്രിയപുത്രർ
അതിനാലാ മഹാത്മാവരുളിച്ചെയ്ത വാക്യ-
മധുനാ സത്യമാക്കിത്തീർപ്പതുണ്ടിക്ഷണം
ഞാൻ.'' 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യന്തരേണാർജ്ജുനയോഃ കൃഷ്ണസ്തു യമയോര്യയൗ
ആത്മനിർവ്വേശമാത്രേണ തിര്യഗ്ഗതമുലൂഖലം. 26

ബാലേന നിഷ്കർഷയതാന്വഗുലൂഖലം ത-
ദ്ദാമോദരേണ തരസോത്കലിതാങ്ഘ്രിബന്ധൗ
നിഷ്പേതതുഃ പരമവിക്രമിതാതിവേപ-
സ്കന്ധപ്രവാളവിടപൗ കൃതചണ്ഡശബ്ദൗ. 27

തത്ര ശ്രിയാ പരമയാ കകുഭഃ സ്ഫുരന്തൗ
സിദ്ധാവുപേത്യ കുജയോരിവ ജാതവേദാഃ
കൃഷ്ണം പ്രണമ്യ ശിരസാഽഖിലലോകനാഥം
ബദ്ധാഞ്ജലീ വിരജസാവിദമൂചതുഃ സ്മ. 28

''കൃഷ്ണ കൃഷ്ണ! മഹായോഗിംസ്ത്വമാദ്യഃ പുരുഷഃ പരഃ
വ്യക്താവ്യക്തമിദം വിശ്വം രൂപം തേ ബ്രാഹ്മണാ വിദുഃ. 29
ത്വമേകഃ സർവ്വഭൂതാനാം ദേഹാസ്വാത്മേന്ദ്രിയേശ്വരഃ
ത്വമേവ കാലോ ഭഗവാൻ വിഷ്ണുരവ്യയ ഈശ്വരഃ. 30
ത്വം മഹാൻ പ്രകൃതിഃ സൂക്ഷ്മാ രജഃസത്ത്വതമോമയീ
ത്വമേവ പുരുഷോഽധ്യക്ഷഃ സർവ്വക്ഷേത്രവികാരവിത്. 31
ഗൃഹ്യമാണൈസ്ത്വമഗ്രാഹ്യോ വികാരൈഃ പ്രാകൃതൈർഗ്ഗുണൈഃ
കോ ന്വിഹാർഹതി വിജ്ഞാതും പ്രാക്സിദ്ധം ഗുണസംവൃതഃ. 32
തസ്മൈ തുഭ്യം ഭഗവതേ വാസുദേവായ വേധസേ
ആത്മദ്യോതഗുണൈഃ ഛന്നമഹിമ്നേ ബ്രഹ്മണേ നമഃ. 33
യസ്യാവതാരാ ജ്ഞായന്തേ ശരീരേഷ്വശരീരിണഃ
തൈസ്തൈരതുല്യാതിശയൈർവ്വീര്യൈർദ്ദേഹിഷ്വസങ്-
സ ഭവാൻ സർവ്വലോകസ്യ ഭവായ വിഭവായ ച [ഗതൈഃ. 34
അവതീർണ്ണോഽംശഭാഗേന സാമ്പ്രതം പതിരാശിഷാം. 35
നമഃ പരമകല്യാണ നമഃ പരമമങ്ഗള
വാസുദേവായ ശാന്തായ യദൂനാം പതയേ നമഃ. 36
അനുജാനീഹി നൗ ഭൂമംസ്തവാനുചരകിങ്കരൗ
ദർശനം നൗ ഭഗവത ഋഷേരാസീദനുഗ്രഹാത്. 37

വാണീ ഗുണാനുകഥനേ, ശ്രവണൗ കഥായാം,
ഹസ്തൗ ച കർമ്മസു, മനസ്തവ പാദയോർന്നഃ
സ്മൃത്യാം, ശിരസ്തവ നിവാസജഗത്പ്രണാമേ,
ദൃഷ്ടിഃ സതാം ദർശനേഽസ്തു ഭവത്തനൂനാം.'' 38

ശ്രീശുക ഉവാച

ഇത്ഥം സങ്കീർത്തിതസ്താഭ്യാം ഭഗവാൻ ഗോകുലേശ്വരഃ
ദാമ്നാ ചോലൂഖലേ ബദ്ധഃ പ്രഹസന്നാഹ ഗുഹ്യകൗ. 39

ശ്രീഭഗവാനുവാച

ജ്ഞാതം മമ പുരൈവൈതദൃഷിണാ കരുണാത്മനാ
യച്ഛ്രീമദാന്ധയോർവ്വാഗ്ഭിർവ്വിഭ്രംശോഽനുഗ്രഹഃ കൃതഃ. 40
സാധൂനാം സമചിത്താനാം സുതരാം മത്കൃതാത്മനാം
ദർശനാന്നോ ഭവേദ്ബന്ധഃ പുംസോഽക്ഷ്ണോഃ സവിതു-
തദ്ഗച്ഛതം മത്പരമൗ നളകൂബര സാദനം [ര്യഥാ. 41
സഞ്ജാതോ മയി ഭാവോ വാമീപ്സിതഃ പരമോഽഭവഃ. 42

ശ്രീശുക ഉവാച

ഇത്യുക്തൗ തൗ പരിക്രമ്യ പ്രണമ്യ ച പുനഃ പുനഃ
ബദ്ധോലൂഖലമാമന്ത്ര്യ ജഗ്മതുർദിശമുത്തരാം. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ നാരദശാപോ നാമ ദശമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നോർത്തു ഭഗവാൻ ശ്രീമുകുന്ദനൊപ്പമങ്ങു
നിന്നൊരമ്മരുത്തു മാമരങ്ങൾ രണ്ടിന്റെയും
മധ്യത്തിൽച്ചെന്നേറിനാനപ്പൊഴുതുലൂഖല-
മത്തരുയുഗളത്തിൽക്കുറുക്കേ തടഞ്ഞിതു. 26
വിലങ്ങെത്തടഞ്ഞിട്ടുമുരലിലാഞ്ഞു ബാലൻ
വലിച്ചീടവേ തായിവേരുകളററക്ഷണം
വലിയ ശബ്ദത്തോടും തദ്ബലവിക്രമത്താൽ
ചലിക്കുംസ്കന്ധപത്രനാനാശാഖകളോടും
വിലസത്പല്ലവപ്രസൂനങ്ങളോടുംകൂടി
നിലത്തു പതിച്ചിതമ്മരുതുമരം രണ്ടും. 27
പരമജ്യോതിസ്സിനാൽച്ചുഴവും ശോഭിപ്പിച്ച-
ത്തരുയുഗ്മത്തിൽനിന്നും വഹ്നിയെന്നതുപോലെ
സിദ്ധന്മാരിരുവരുമഹങ്കാരാപേതരായ്
ഹസ്തങ്ങൾ കൂപ്പിജ്ജഗന്നായകൻതന്റെ മുമ്പിൽ
പ്രത്യക്ഷപ്പെട്ടു തനതുത്തമാങ്ഗങ്ങളാലേ
സത്വരം നമസ്കരിച്ചോതിനാരീവിധത്തിൽ.28
''ഹേ കൃഷ്ണ! കൃഷ്ണ! മഹായോഗിൻ!
നിന്തിരുമേനി-
യാകുന്നു പുരാണനും പരനുമാകും പുമാൻ
സ്ഥൂലസൂക്ഷ്മസ്വരൂപമാകുമീ വിശ്വമങ്ങേ-
ക്കോലമെന്നറിയുന്നുണ്ടാത്മജ്ഞാനിക-
ളെല്ലാം. 29
അങ്ങത്രേ സർവ്വഭൂതവൃന്ദത്തിന്റെയും പ്രാണ-
നങ്ഗ,മിന്ദ്രിയ,മഹങ്കാരമെന്നിവയ്ക്കീശൻ
നിരപേക്ഷനായ്ക്കാലരൂപനായ് വിഷ്ണു-
വായി-
പ്പരിശോഭിക്കുമേകനീശ്വരൻ ഭവാനല്ലോ. 30
സത്വാദിഗ്ഗുണത്രയം സമമായിരിക്കുമ്പോ-
ളത്യന്തസൂക്ഷ്മരൂപധാരിണിയായിരിക്കും
പ്രകൃതിതാനും ഗുണവികാരാവസ്ഥാദിയിൽ
പ്രകടമാകും മഹത്തത്ത്വവുമങ്ങുന്നത്രേ.
മാനസദേഹേന്ദ്രിയസമൂഹപരിണാമ-
ജ്ഞാനിയുമദ്ധ്യക്ഷനാം പുമാനും ഭവാനല്ലോ.31
പ്രകൃതിഗ്ഗുണങ്ങളാൽ ക്കാണപ്പെട്ടിടും ദൃശ്യ-
വികാരങ്ങളാലങ്ങേയറിയാൻ സാധിച്ചീടാ.
ഗുണസംവൃതനായോനെങ്ങനെയറിയും ത്രി-
ഗുണത്തിൻ മുൻപേയുള്ള വസ്തുവേയിഹ-
പാത്താൽ? 32
തന്നിൽനിന്നുദ്ഭൂതമായീടിന ഗുണങ്ങളാ-
ലുന്നതം സ്വമാഹാത്മ്യം നിഹ്നുതിചെയ്തി-
രിക്കും
സൃഷ്ടികർത്താവായ് പരബ്രഹ്മമായ് വസുദേവ-
പുത്രനാം ഭഗവാനേ! ഭവാനു നമസ്കാരം. 33
തുല്യമായിട്ടും തെല്ലുമധികമായുമാരു-
മില്ലാതിരിപ്പോനായിട്ടന്യാസങ്ഗതനായി-
മൂർത്തിഹീനനാം ഭവാനുത്കടവിക്രമങ്ങൾ
ഭക്തരക്ഷണത്തിന്നായ് വന്നിങ്ങു കാണിക്കു-
മ്പോൾ
സകലജനങ്ങളും സംശയലേശമെന്യേ
ഭഗവദവതാരമാണതെന്നറിഞ്ഞീടും. 34
ആശിസ്സുകൾക്കശേഷമീശനബ്ഭവാൻ ജന-
രാശിതൻഭവത്തിനും വിഭവത്തിനുമായി
പൂർണ്ണസ്വരൂപത്തോടുകൂടിയിക്കാലം ധരാ-
മണ്ഡലംതന്നിലവതരിച്ചിരിക്കുന്നിതേ. 35
പരമാനന്ദരൂപാ! പരമമങ്ഗലാത്മൻ!
പരമേശാദിവന്ദ്യപാദാ! തേ നമസ്കാരം.
ശാന്തനായ് യദുജനനാഥനായ് വസുദേവ-
സന്തതിയായ് വിളങ്ങും ഭവാനു നമസ്കാരം. 36
നിന്തിരുവടിയുടെ ദാസദാസരാം ഞങ്ങൾ
സ്വന്തമന്ദിരം പൂകാനനുജ്ഞ നല്കിയാലും
ദേവർഷിനാരദൻതന്നനുഗ്രഹത്തിനാലേ
ഭാവൽക്കസന്ദർശനത്തിനു സങ്ഗതിയായി.37
ഞങ്ങടെ വാണിയങ്ങേഗ്ഗുണകീർത്തനത്തിനും,
മങ്ങാതെ കർണ്ണങ്ങൾ നിൻ കഥകൾ കേൾപ്പ-
തിന്നും,
ഹസ്തങ്ങൾ തവാർച്ചാദിപുണ്യകർമ്മങ്ങൾക്കായും,
ചിത്തം ത്വത്പാദസ്മരണത്തിനു,മുത്തമാങ്ഗം
താവകാവാസഭൂവിൻനമനത്തിനും, മിഴി
സർവ്വേശാ! ഭക്തദർശനത്തിനും ഭവിക്കണം.'' 38

ശ്രീശുകൻ പറഞ്ഞു

ഇത്തരം യക്ഷന്മാരാൽ സ്തുതനായുലൂഖല-
ബദ്ധനായ് സർവയദുവൃന്ദാധിനാഥനായി
നന്ദനന്ദനനാകും ഭഗവാനവരോടായ്
മന്ദഹാസവും ചെയ്തുകൊണ്ടരുൾചെയ്താനേവം.
39

ശ്രീഭഗവാൻ പറഞ്ഞു

ഐശ്വര്യമദാന്ധരായിരുന്നീടിലുമപ-
ഭ്രംശമംശവുമററമഹത്താമനുഗ്രഹം
നാരദൻ കരുണാത്മാ നിങ്ങൾക്കേകിയതായി
നേരേ ധരിച്ചിരിപ്പു മുന്നമേതന്നെയീ ഞാൻ. 40
സ്വധർമ്മനിഷ്ഠന്മാരായ് സമധീകളായെന്നിൽ
മതിവച്ചിരിക്കുന്ന സാധുക്കൾതൻ കാഴ്ചയാൽ
സൂര്യസന്ദർശനത്താൽ മിഴികളെന്നപോൽ
പൂരുഷൻ ഭവബന്ധമുക്തനായ്ത്തെളിയുന്നു. 41
അതിനാലിപ്പോൾ നളകൂബരാ! മണിഗ്രീവാ!
സദനം പൂകീടുവിൻ നിങ്ങൾ മത്പരരായി
ഇനിമേൽ സംസാരത്തിൻ ബന്ധമോ തന്മൂല-
മായ്
ജനിയോ നിങ്ങൾക്കൊരുകാലത്തുമുണ്ടാ-
യിടാ. 42

ശ്രീശുകൻ പറഞ്ഞു

ഉരലിൽക്കെട്ടപ്പെട്ടു കിടക്കുമബ്ബാലക-
നരുളിച്ചെയ്തതാമീവാക്കുകൾ കേട്ടിട്ടവർ
മുത്താർന്നു വീണ്ടും വീണ്ടുമവനേ നമസ്കരി-
ച്ചത്തരദിക്കിലേക്കു പോയിതു രണ്ടുപേരും. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാദശോ/ധ്യായഃ

ശ്രീശുക ഉവാച

ഗോപാ നന്ദാദയഃ ശ്രുത്വാ ദ്രുമയോഃ പതതോ രവം
തത്രാജഗ്മുഃ, കുരുശ്രേഷ്ഠ, നിർഘാതഭയശങ്കിതാഃ. 1

ഭൂമ്യാം നിപതിതൗ തത്ര ദദൃശുർയമളാർജ്ജുനൗ
ബഭ്രമുസ്തദവിജ്ഞായ ലക്ഷ്യം പതനകാരണം. 2

ഉലൂഖലം വികഷ്ന്തം ദാമ്നാ ബദ്ധം ച ബാലകം
കസ്യേദം കുത ആശ്ചര്യമുത്പാത ഇതി കാതരാഃ. 3

ബാലാ ഊചു,''രനേനേതി തിര്യഗ്ഗതമുലൂഖലം
വികഷ്താ മധ്യഗേന പുരുഷാവപ്യചക്ഷ്മഹി.'' 4

ന തേ തദുക്തം ജഗൃഹുന്ന ഘടേതേതി തസ്യ തത്
ബാലസ്യോത്പാടനം തർവ്വോഃ കേചിത് സന്ദിഗ്ധചേതസഃ.
5

ഉലൂഖലം വികഷ്ന്തം ദാമ്നാ ബദ്ധം സ്വമാത്മജം
വിലോക്യ നന്ദഃ പ്രഹസദ്വദനോ വിമുമോച ഹ. 6

ഗോപീഭിഃ സ്തോഭിതോ/നൃത്യദ്ഭഗവാൻ ബാലവത് ക്വചിത്
ഉദ്ഗായതി ക്വചിന്മുഗ്ധസ്തദ്വശോ ദാരുയന്ത്രവത്. 7

ബിഭർത്തി ക്വചിദാജ്ഞപ്തഃ പീഠകോന്മാനപാദുകം
ബാഹുക്ഷേപം ച കുരുതേ സ്വാനാം ച പ്രീതിമാവഹൻ. 8

ദർശയംസ്തദ്വിദാം ലോക ആത്മനോ ഭൃത്യവശ്യതാം
വ്രജസ്യോവാഹ വൈ ഹർഷം ഭഗവാൻ ബാലചേഷ്ടിതൈഃ. 9

''ക്രീണീഹി ഭോഃ ഫലാ''നീതി ശ്രുത്വാ സത്വരമച്യുതഃ
ഫലാർത്ഥീ ധാന്യമാദായ യയൗ സർവ്വഫലപ്രദഃ. 10

ഫലവിക്രയിണീ തസ്യ ച്യുതധാന്യം കരദ്വയം
ഫലൈരപൂരയദ്രത്നൈഃ ഫലഭാണ്ഡമപൂരി ച. 11

സരിത്തീരഗതം കൃഷ്ണം ഭഗ്നാർജ്ജുനമഥാഹ്വയത്
രാമം ച രോഹിണീ ദേവീ ക്രീഡന്തം ബാലകൈർഭൃശം. 12

നോപേയാതാം യദാffഹൂതൗ ക്രീഡാസങ്ഗേന പുത്രകൗ
യശോദാം പ്രേഷയാമാസ രോഹിണീ പുത്രവത്സലാം. 13

ക്രീഡന്തം സാ സുതം ബാലൈരതിവേലം സഹാഗ്രജം
യശോദാജോഹവീത് കൃഷ്ണം പുത്രസ്നേഹസ്നുതസ്തനീ. 14

''കൃഷ്ണ, കൃഷ്ണ,ാരവിന്ദാക്ഷ, താത, ഏഹി, സ്തനം പിബ,
അലം വിഹാരൈഃ, ക്ഷുത്ക്ഷാന്തഃ ക്രീഡാശ്രാന്തോ/സി
പുത്രക. 15

ഹേ രാമാ,ഗച്ഛ താതാശു, സാനുജഃ കുലനന്ദന
പ്രാതരേവ കൃതാഹാരസ്തദ്ഭവാൻ ഭോക്തുമർഹതി. 16

പ്രതീക്ഷതേ ത്വാം ദാശാർഹ ഭോക്ഷ്യമാണോ വ്രജാധിപഃ
ഏഹ്യാവയോഃ പ്രിയം ധേഹി സ്വഗൃഹാൻ യാത ബാലകാഃ.17

ധൂളിധൂസരിതാങ്ഗസ്ത്വം പുത്ര മജ്ജനമാവഹ
ജന്മർക്ഷമദ്യ ഭവതോ വിപ്രേഭ്യോ ദേഹി ഗാഃ ശുചിഃ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 11

വൃന്ദാവനഗമനം—വത്സവൃകവധം

ശ്രീശുകൻ പറഞ്ഞു

നന്ദാദിവല്ലവന്മാരെല്ലാമാ വന്മരങ്ങൾ
മന്നിടംതന്നിൽ വീണോരുന്നതശബ്ദം കേട്ട
ഇടിത്തീവീണെന്നുള്ള ശങ്കയോടസ്ഥലത്തി–
ലുടനേയോടിവന്നാർ സംഭ്രമസമന്വിതം. 1
കണ്ടിതു പിഴുതുവീണവിടെക്കിടക്കുമാ–
രണ്ടു വൃക്ഷങ്ങളേയു,മുരലിൽ പാശത്തിനാൽ
ബദ്ധനാം ബാലനേയും, വിസ്മയസ്തബ്ധരായി–
ട്ടീത്തരുയുഗ്മം വീണതെങ്ങനെ,യാരുമൂലം,
എന്തൊരു കാരണത്താ,ലെന്നൊന്നുമറിയാതെ
എന്തോ വിപത്സൂചകമെന്നോർത്തുഴന്നീടിനാർ. 2–3
''ഉരലു വിലങ്ങനെ വലിച്ചിഴച്ചുകൊണ്ടി–
ത്തരുയുഗ്മത്തിന്നിടയ്ക്കുകൂടിക്കൃഷ്ണൻ വന്നുകേറി
ബലമായ് വലിച്ചപ്പോൾ ചടചടാ മുഴങ്ങി
നിലംപതിച്ചതാണീ മരുതുമരം രണ്ടും.
ഉടനേയവയിൽനിന്നിരുവർ വന്നിവന്റെ–
യടികൾ പണിഞ്ഞേതോ പറഞ്ഞു പോയീ–
ടിനാർ.
കണ്ടിതു ഞങ്ങ''ളെന്നു കുട്ടികളെല്ലാരോടു–
മുണ്ടായപോലെതന്നെ പറഞ്ഞുകേൾപ്പിച്ചിതു. 4
ഭൂരുഹങ്ങളെബ്ബാലൻ തള്ളിയിട്ടെന്നുള്ളതു
ചേരുന്നതല്ലായ്കയാലാ വാക്കു മിക്കപേർക്കും
നേരെന്നു തോന്നിയില്ല തീരെ,പ്പിന്നതിൽ–
ച്ചില–
പേരുടെ മനതാരിലങ്കുരിച്ചിതു ശങ്ക. 5
പാശബദ്ധമാമുലൂഖലത്തെ വലിച്ചിഴ–
ച്ചാ ശിശു സഞ്ചരിപ്പതീക്ഷിച്ച നന്ദഗോപൻ
പുഞ്ചിരിയോടുകൂടിപ്പുത്രന്റെ ചാരത്തെത്തി–
യഞ്ചാതെ കെട്ടഴിച്ചുവിട്ടിതു വിസ്മയംതാൻ. 6
വല്ലവീജനങ്ങളാൽ പ്രേരിതനായ്ച്ചില–
പ്പോൾ
നല്ലപോൽ നൃത്തംവയ്ക്കും ഭഗവാൻ ബാലനെ–
പ്പോൽ
ചിലപ്പോൾ മരപ്പാവമട്ടവർക്കധീനനായ്
ചില പാട്ടുകളജ്ഞമജ്ഞനെപ്പോലെ പാടും. 7
ബാന്ധവജനങ്ങളെ പ്രീതിപ്പെടുത്താനവ–
രെന്തുകല്പിച്ചാകിലുമതെല്ലാമവൻ ചെയ്യും.
പീഠങ്ങളളവിന്റെ പാത്രങ്ങൾ പാദരക്ഷ–
കൂടെയുമാവഹിപ്പാൻ ചിലപ്പോൾ മടിച്ചീടാ.
ചിലപ്പോളവരോടു മല്ലിനായ്ക്കയ്യുംപൊക്കി
ബലവാനെന്നമട്ടിൽച്ചെന്നിടും മന്ദേതരം. 8
ലോകത്തിലിപ്രകാരം സാരജ്ഞരായുള്ളവ–
ർക്കാകവേ നിജഭൃത്യവശ്യത നല്ലപോലെ
സ്പഷ്ടമാക്കിയ ഘോഷനിവാസിജനങ്ങളെ
കുട്ടിക്കേളികൾ കാട്ടിസ്സന്തുഷ്ടരാക്കീടിനാൻ. 9
''അല്ലയോ ജനങ്ങളേ! വന്നിങ്ങു വാങ്ങീടുവിൻ
നല്ല കായ്കളെ''യെന്നായ് വിളിച്ചു
ചൊല്ലുന്നതു
കേൾക്കവേ സർവ്വഫലപ്രദനാം ശ്രീകൃഷ്ണനും
ശീഘ്രത്തിൽ ഫലേച്ഛുവായ്ച്ചെന്നതു
വാങ്ങിപ്പോയാൻ. 10
കായ്കറിക്കച്ചവടക്കാരിയാം നാരി,യവൻ
പോകുന്നവഴിതന്നിൽ കൈകളിൽനിന്നായവ
ചോർന്നുപോകയാൽ കേണീടുന്നതു കണ്ടലിഞ്ഞു
നന്ദിച്ചു വീണ്ടും രണ്ടു കൈകളും ഫലങ്ങളാൽ
സമ്പൂർണ്ണമാക്കീട്ടവൻ തത്പ്രസാദത്തിനാലേ
തൻ ഭാണ്ഡമനർഘരത്നങ്ങളാൽ നിറച്ചിതു. 11
മരുതുമരങ്ങളെപ്പുഴക്കിയിട്ടശേഷം
സരിത്തീരത്തു നിജകൂട്ടുകാരുമായ്ച്ചേർന്നു
കളിയിലേർപ്പെട്ടിടും രാമഗോവിന്ദന്മാരെ
വിളിച്ചീടിനാൾ വന്നു രോഹിണി
സുന്ദരാംഗി. 12
കളിയിലത്യാസക്തരായിടും സുതന്മാരെ
വിളിച്ചിട്ടവർ ചെന്നീടായ്കയാലവൾ പിന്നെ
സത്വരമവരെയങ്ങാനയിക്കുവാനായി
പുത്രവത്സലയാകുമാ യശോദയെ വിട്ടാൾ. 13
വളരെ വൈകി നേരമെന്നിട്ടും കുട്ടരൊത്തു
കളിച്ചുരസിച്ചിരുന്നീടുമാ ബാലന്മാരെ
പുത്രസ്നേഹത്താൽ ചുരന്നൊഴുകും സ്തനങ്ങളോ–
ടൊത്തവൾ ചെന്നു വിളിച്ചീടിനാൾ വീണ്ടും
വീണ്ടും. 14
''താമരക്കണ്ണാ! കണ്ണാ! മകനേ! വേഗം വന്നു
നീ മുലകുടിക്കുക, മതിയാക്കുക കേളി.
ഓമലേ! വിശക്കുന്നതില്ലയോ കളിയാൽ
നിൻ–
പൂമൃദുമേനി വാടി ക്ഷീണിച്ചുപോയിതല്ലോ. 15
രാമാ! ബാലകാ! കുലനന്ദനാ! വന്നീടുക–
യോമനേ!യനുജനെ വിളിച്ചുകൊണ്ടാശു നീ.
രാവിലേ കഴിച്ചതോ കഴിച്ചു പോന്നതല്ലേ
ഹാ! വൈകി നേരം പാരം വന്നുണ്ണാകഴിക്കുക.
16
നിന്നച്ഛൻ വ്രജനാഥനുണ്ണുവാൻ വന്നെപ്പൊഴേ
നിന്നെയും കാത്തങ്ങിരിക്കുന്നിതു ഭാഗവംശ്യാ!
വരുവിൻ രണ്ടുപേരും താതനെ മോദിപ്പിക്കിൻ
പിരിഞ്ഞുപോവിൻ ബാലന്മാരേ! സ്വഗേഹ–
ങ്ങളിൽ. 17
നന്ദനാ! പൊടിമൂടിയഴുക്കായ് ദേഹമാകെ–
യിന്നു നിൻ ജന്മനാളാം ചെന്നുടൻ കുളിക്കുക.
സ്നാനാനന്തരം പരിശുദ്ധനായ് പശുക്കളെ
ദാനംചെയ്യാലും സാധുദ്വിജന്മാർക്കാകലം. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശ്യ പശ്യ വയസ്യാംസ്തേ മാതൃമുഖ്യാൻ സ്വലംകൃതാൻ
ത്വം ച സ്നാതഃ കൃതാഹാരോ വിഹരസ്വ സ്വലംകൃതഃ.'' 19

ഇത്ഥം യശോദാ തമശേഷശേഖരം
മത്വാ സുതം സ്നേഹനിബദ്ധധീർനൃപ,
ഹസ്തേ ഗൃഹീത്വാ സഹരാമമച്യുതം
നീത്വാ സ്വവാടം കൃതവത്യഥോദയം. 20

ഗോപവൃദ്ധാ മഹോത്പാതാനനുഭൂയ ബൃഹദ്വനേ
നന്ദാദയഃ സമാഗമ്യ വ്രജകാര്യമമന്ത്രയൻ. 21

തത്രോപനന്ദനാമാഽഽഹ ഗോപോ ജ്ഞാനവയോഽധികഃ
ദേശകാലാർത്ഥതത്ത്വജ്ഞഃ പ്രിയകൃദ്രാമകൃഷ്ണയോഃ 22

''ഉത്ഥാതവ്യമിതോഽസ്മാഭിർഗ്ഗോകുലസ്യ ഹിതൈഷിഭിഃ
ആയാന്ത്യത്ര മഹോത്പാതാ ബാലാനാം നാശഹേതവഃ. 23

മുക്തഃ കഥഞ്ചിദ്രാക്ഷസ്യാ ബാലഘ്ന്യാ ബാലകോ ഹ്യസൗ
ഹരേരനുഗ്രഹാന്നൂനമനശ്ചോപരി നാപതത്. 24

ചക്രവാതേന നീതോഽയം ദൈത്യേന വിപദം വിയത്
ശിലായാം പതിതസ്തത്ര പരിത്രാതഃ സുരേശ്വരൈഃ. 25

യന്ന മ്രിയേത ദ്രുമയോരന്തരം പ്രാപ്യ ബാലകഃ
അസാവന്യതമോ വാപി തദപ്യച്യുതരക്ഷണം. 26

യാവദൗത്പാതികോഽരിഷ്ടോ വ്രജം നാഭിഭവേദിതഃ
താവദ്ബാലാനുപാദായ യാസ്യാമോഽന്യത്ര സാനുഗാഃ. 27

വനം വൃന്ദാവനം നാമ പശവ്യം നവകാനനം
ഗോപഗോപീഗവാം സേവ്യം പുണ്യാദ്രിതൃണവീരുധം. 28

തത്തത്രാദ്യൈവ യാസ്യാമഃ ശകടാൻ യുങ്ക്ത, മാ ചിരം,
ഗോധനാന്യഗ്രതോ യാന്തു ഭവതാം യദി രോചതേ.'' 29

തച്ഛ്രുത്വൈകധിയോ ഗോപാഃ സാധു സാധ്വിതി വാദിനഃ
വ്രജാൻ സ്വാൻ സ്വാൻ സമായുജ്യ യയുരൂഢപരിച്ഛദാഃ. 30

വൃദ്ധാൻ ബാലാൻ സ്ത്രിയോ, രാജൻ, സർവ്വോപകരണാനി ച
അനസ്സ്വാരോപ്യ ഗോപാലാ യത്താ ആത്തശരാസനാഃ. 31

ഗോധനാനി പുരസ്കൃത്യ ശൃംഗാണ്യാപൂര്യ സർവ്വതഃ
തൂര്യഘോഷേണ മഹതാ യയുഃ സഹപുരോഹിതാഃ. 32

ഗോപ്യോ രൂഢരഥാ നൂതനകുചകുങ്കുമകാന്തയഃ
കൃഷ്ണലീലാ ജഗുഃ പ്രീതാ നിഷ്കകണ്ഠ്യഃ സുവാസസഃ. 33

തഥാ യശോദാരോഹിണ്യാവേകം ശകടമാസ്ഥിതേ
രേജതുഃ കൃഷ്ണരാമാഭ്യാം തത്കഥാശ്രവണോത്സുകേ. 34

വൃന്ദാവനം സംപ്രവിശ്യ സർവ്വകാലസുഖാവഹം
തത്ര ചക്രുർവ്രജാവാസം ശകടൈരർദ്ധചന്ദ്രവത്. 35

വൃന്ദാവനം ഗോവർദ്ധനം യമുനാപുലിനാനി ച
വീക്ഷ്യാസീദുത്തമാ പ്രീതീ രാമമാധവയോർനൃപ. 36

ഏവം വ്രജൗകസാം പ്രീതിം യച്ഛന്തൗ ബാലചേഷ്ടിതൈഃ
കളവാക്യൈഃ സ്വകാലേന വത്സപാലൗ ബഭൂവതുഃ. 37

അവിദൂരേ വ്രജഭുവഃ സഹ ഗോപാലദാരകൈഃ
ചാരയാമാസതുർവത്സാൻ നാനാക്രീഡാപരിച്ഛദൗ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമ്മമാർ കളിപ്പിച്ചു വസ്ത്രഭൂഷണങ്ങളെ-
ച്ചെമ്മേ ചാർത്തിച്ചു വിട്ട ചങ്ങാതിമാരെക്കാണ്മ.
നീയും കളിച്ചുണ്ടംബരാഭരണങ്ങളാർന്നു
പോയിക്കളിച്ചുകൊാംക പിന്നെയും വേണ-
മെങ്കിൽ.'' 19

ഇത്തരം ജഗത്ത്രയപൂജ്യനാമവനെത്തൻ-
പുത്രനെന്നായ് നിനച്ചാ യശോദ യശോനിധേ!
പ്രേമവാത്സിനാൽ ബദ്ധചിത്തയായ് സരാമനാ-
മാമുകുന്ദനെക്കൈക്കെ പിടിച്ചു കൊണ്ടുപോയി
കളിപ്പിച്ചണിയിച്ചു വസ്ത്രവുംധരിപ്പിച്ചി-
ട്ടലഘുവിഭവാഢ്യം ഭോജനം ഭുജിപ്പിച്ചാം. 20

ആപത്തു കൂടക്കൂടെ ബൃഹദ്വനത്തിൽക്കണ്ട-
ഗ്ഗോപവൃദ്ധന്മാരാകും നന്ദഗോപാദ്യരെല്ലാം
ഒന്നുചേർന്നൊരുനാളിൽ ഗോകുലാഭ്യുദയത്തി-
നിന്നി നാമെന്തുവേണ്ടതെന്ന ചിന്തനംചെ-
യ്താർ. 21

മുഖ്യരാമക്കൂട്ടരിൽ വയസ്സും വിവേകവും
ദിക്കാലതത്ത്വാർത്ഥവിജ്ഞാനവുമാർന്ന പാരം
രാമകൃഷ്ണന്മാർക്കിഷ്ടംചെയ്യുവാനെല്ലാഴ്പ്പോഴും
കാമിക്കമുപനന്ദൻ ചൊല്ലിനാനിപ്രകാരം: 22
''ബാലകാരിഷ്ടഹേതുഭൂതങ്ങളത്പാതങ്ങളാം
നാളിൽനാളിലുമിങ്ങു കാണ്മതുണ്ടതുമൂലം
ഗോകുലഹിതൈഷികളാകിയ നമ്മളെല്ലാം
വേഗത്തിലിവിടുന്നു പോകയാണത്യുത്തമം. 23
കഷ്ടിച്ചു രക്ഷപ്പെട്ടാൻ ബാലഘാതകിയായി
ദുഷ്ടയാം നിശാചരനാരിയിൽനിന്നിബ്ബാലൻ.
ഉപരി മറിഞ്ഞൊരാ വണ്ടിയും ഭഗവാന്റെ-
കൃപയാലക്കുഞ്ഞിന്റെ ദേഹത്തു തട്ടിയില്ല. 24
ചുഴലിക്കാററായ് വന്ന ദാനവനക്കുട്ടിയെ-
ച്ചുഴററിയെടുത്തങ്ങു നഭസ്സിൽക്കൊണ്ടുപോയാൻ
അവിടെനിന്നു പിന്നെക്കല്ലിന്മേൽ വീണു,-
വൈവേ-
മവനംചെയ്തുകൊണ്ടാനാ മഹാവിപത്തിലും. 25
പുഴങ്ങിവീഴും രണ്ടു മരങ്ങാംതന്മദ്ധ്യത്തിൽ
നുഴഞ്ഞേറിയശേഷം ബാലനോ മറെറാരാളോ
മരണം പ്രാപിച്ചില്ലെന്നുള്ളതും ചിന്തിക്കകിൽ
പരമേശ്വരകൃപാവൈഭവംതന്നെയല്ലോ. 26
ഘോരാപത്തിനിയും വന്നണയുംമുൻപേ
ബാല-
ന്മാരെയുമെടുത്തു ഗോഭൃത്യാദിയോടുകൂടി
ഇവിടെനിന്നും വേറേയെവിടെങ്കിലുംപോയി
നിവസിച്ചീടുന്നതു നന്നെന്നാണെന്റെ പക്ഷം.
27
നവകാനനമാർന്ന ഗോക്കൾക്കും ഗോപഗോപീ-
നിവഹത്തിനും ഹിതകരമായ് സംസേവ്യമായ്
പുണ്യാദ്രിതൃണലതാലയങ്ങളിയന്നിടും
വൃന്ദാവനാഭിധാനമുണ്ടൊരു വനോത്തമം. 28
അവിടേക്കിപ്പോാം പോകാമിച്ഛിക്കിൽ,
വണ്ടിയെല്ലാം
ജവത്തിൽ കെട്ടട്ടെ, മുൻ പോകട്ടെ ഗോധന-
ങ്ങാം.'' 29
അതു കേട്ടെല്ലാവരുമേകാഭിപ്രായത്തിൽത്താ-
നതു നന്നതു നന്നെന്നുദ്ഘോഷിച്ചക്ഷണ-
ത്തിൽ.
ശകടമെല്ലാം കെട്ടിത്താന്താങ്ങാംക്കാവശ്യമാം
വകകളേററിയതിവേഗത്തിൽ പോയീടിനാർ.
30
ചാപാസ്ത്രമമ്പുംപൂണ്ടു യത്നശീലന്മാരാകും
ഗോപന്മാർ സ്ത്രീകളേയും വൃദ്ധരെബ്ബാലരേയും
വേണ്ടതാം സമസ്തോപകരണങ്ങളെയുമാ-
വണ്ടികാംക്കകത്തേററിഗ്ഗമിച്ചാരുടൻതന്നെ. 31
ഗോധനങ്ങളെ മുൻപേ നടത്തിശ്ശൃംഗ്ഗ-
വാദ്യ-
നാദപൂരത്തോടുമത്തൂര്യഘോഷങ്ങളോടും
സ്വന്തമാം പുരോഹിതൻതന്നോടുമാഘോ-
ഷത്തോ-
ടന്തരമെന്യേ ഗോപരാകവേ യാത്രയായി. 32
കുങ്കുമം കൊങ്കകളിൽ തേച്ചതിശോഭയാർന്ന
തങ്കപ്പതക്കങ്ങളും കണ്ണുഭൂഷണങ്ങളും
സുവസ്ത്രങ്ങളുംപൂണ്ടു രഥത്തിലേറിഗ്ഗോപീ-
നിവഹം ബാലകൃഷ്ണലീലകാം പാടീടിനാർ. 33
നന്ദനകഥാശ്രവണോത്സുകരായിട്ടേക-
സ്യന്ദനസ്ഥിതരാകും രോഹിണീയശോദമാർ
രാമകൃഷ്ണന്മാരോടു ചേർന്നവരെന്നമൂലം
സീമാതിരേകകാന്തികലർന്നു ശോഭിച്ചിതു. 34
സകലകാലസുഖാവഹമാ വൃന്ദാവനം
ശകടമാഗ്ഗമെത്തി വല്ലവരെല്ലാവരും
അദ്ധചന്ദ്രാകാരത്തിലവിടെയപ്പോാംത്തന്നെ
പുത്തനായ് ഭവനങ്ങാം നിമ്മിച്ചു നിവസി-
ച്ചാർ. 35
വൃന്ദാവനാഖ്യം വനം, കാളിന്ദീപുളിനങ്ങ-
ളുന്നതഗോവദ്ധനപർവ്വതമെന്നിതെല്ലാം
രാമകൃഷ്ണന്മാർ കണ്ടു സീമാവിഹീനമാക-
മാമോദമകതാരിലാന്നിതു ഭൂമീപതേ! 36
ചാരുലീലകളാലും മോഹനകരങ്ങളാം
ഗീതകാംകൊണ്ടും ഗോപവൃന്ദത്തെയാകമാനം
ആനന്ദിപ്പിച്ചു കാലംകൊണ്ടു ഗോവത്സങ്ങളെ
താനേ മേയ്ക്കമാറായിത്തീന്നിതക്കമാരന്മാർ. 37
മററുള്ള ഗോപബാലന്മാരോടുകൂടിയെണ്ണ-
മററുള്ള കളിക്കോപ്പുംപൂണ്ടു ഗോഷ്ഠത്തിൻചുററും
അടുത്ത പുൽപ്രദേശംതോറും ഗോവത്സങ്ങളെ-
യടിച്ചുവിട്ടു ലീലാലലസരായ് ചരിച്ചാർ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്വചിദ്വാദയതോ വേണും ക്ഷേപണൈഃ ക്ഷിപതഃ ക്വചിത്
ക്വചിത് പാദൈഃ കിങ്കിണീഭിഃ ക്വചിത് കൃത്രിമ-
ഗോവൃഷൈഃ
വൃഷായമാണൗ നർദ്ദന്തൗ യുയുധാതേ പരസ്പരം. 39

അനുകൃത്യ രുതൈർജ്ജന്തൂംശ്ചേരതുഃ പ്രാകൃതൗ യഥാ. 40

കദാചിദ്യമുനാതീരേ വത്സാംശ്ചാരയതോഃ സ്വകൈഃ
വയസ്യൈഃ കൃഷ്ണബലയോർജ്ജിഘാംസുർദ്ദൈത്യ ആഗമത്. 41

തം വത്സരൂപിണം വീക്ഷ്യ വത്സയൂഥഗതം ഹരിഃ
ദർശയൻ ബലദേവായ ശനൈർമുഗ്ദ്ധ ഇവാസദത്. 42

ഗൃഹീത്വാപരപാദാഭ്യാം സഹലാങ്ഗൂലമച്യുതഃ
ഭ്രാമയിത്വാ കപിത്ഥാഗ്രേ പ്രാഹിണോദ്ഗതജീവിതം. 43

സ കപിത്ഥൈർമ്മഹാകായഃ പാത്യമാനൈഃ പപാത ഹ
തം വീക്ഷ്യ വിസ്മിതാ ബാലാഃ ശശംസുഃ സാധു
സാധ്വിതി. 44

ദേവാശ്ച പരിസന്തുഷ്ടാ ബഭൂവുഃ പുഷ്പവർഷിണഃ
വത്സാസുരം ഹതം ശ്രുത്വാ വ്രജേ ഗോപ്യശ്ച വിസ്മിതാഃ. 45

തൗ വത്സപാലകൗ ഭൂത്വാ സർവ്വലോകൈകപാലകൗ
സപ്രാതരാശൗ ഗോവത്സാംശ്ചാരയന്തൗ വിചേരതുഃ. 46

സ്വം സ്വം വത്സകുലം സർവ്വേ പായയിഷ്യന്ത ഏകദാ
ഗത്വാ ജലാശയാഭ്യാശം പായയിത്വാ പപുർജ്ജലം. 47

തേ തത്ര ദദൃശുർബ്ബാലാ മഹാസത്ത്വമവസ്ഥിതം
തത്രസുർവജ്രനിർഭിന്നം ഗിരേഃ ശൃങ്ഗമിവ ച്യുതം. 48

സ വൈ ബകോ നാമ മഹാനസുരോ ബകരൂപധൃക്
ആഗത്യ സഹസാ കൃഷ്ണം തീക്ഷ്ണതുണ്ഡോഽഗ്രസദ്ബലീ. 49

കൃഷ്ണം മഹാബകഗ്രസ്തം ദൃഷ്ട്വാ രാമാദയോഽർഭകാഃ
ബഭൂവുരിന്ദ്രിയാണീവ വിനാ പ്രാണം വിചേതസഃ. 50

തം താലുമൂലം പ്രദഹന്തമഗ്നിവദ്-
ഗോപാലസൂനും പിതരം ജഗദ്ഗുരോഃ
ചച്ഛർദ്ദ സദ്യോഽതിരുഷാക്ഷതം ബക-
സ്തുണ്ഡേന ഹന്തും പുനരഭ്യപദ്യത. 51

തമാപതന്തം സ നിഗൃഹ്യ തുണ്ഡയോർ-
ദോർഭ്യാം ബകം കംസസഖം സതാം പതിഃ
പശ്യത്സു ബാലേഷു ദദാര ലീലയാ
മുദാവഹോ വീരണവദ്ദിവൗകസാം. 52

തദാ ബകാരിം സുരലോകവാസിനഃ
സമാകിരൻ നന്ദനമല്ലികാദിഭിഃ
സമീഡിരേ ചാനകശങ്ഖസംസ്തവൈ-
സ്തദ്വീക്ഷ്യ ഗോപാലസുതാ വിസിസ്മിരേ. 53

മുക്തം ബകാസ്യാദുപലഭ്യ ബാലകാ
രാമാദയഃ പ്രാണമിവൈന്ദ്രിയോ ഗണഃ
സ്ഥാനാഗതം തം പരിരഭ്യ നിർവൃതാഃ
പ്രണീയ വത്സാൻ വ്രജമേത്യ തജ്ജഗുഃ. 54

ശ്രുത്വാ തദ്വിസ്മിതാ ഗോപാ ഗോപ്യശ്ചാതിപ്രിയാദൃതാഃ
പ്രേത്യാഗതമിവൗത്സുക്യാദൈക്ഷന്ത തൃഷിതേക്ഷണാഃ. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിലെടത്തിരുന്നോടക്കുഴല്വ വായിച്ചീടും,
വലിച്ചു കവണകൊണ്ടെറിയും ചിലദിക്കിൽ,
അന്യത്ര കിങ്കിണികൾ കിലുക്കിച്ചാടുമോട്ടം,
പിന്നെഗ്ഗോവൃഷങ്ങൾ-തൻ വേഷമാണ്ടെല്ലാ-
മുക്കറയിട്ടും ചുര മാന്തിയും സഞ്ചരിച്ചും [വരും
മുഷ്ടോട്ട തമ്മിൽത്തമ്മിൽക്കുത്തിയും
കളിയാട്ടും. 39
പക്ഷികളെപ്പോൽ ചിലസമയം ശബ്ദിച്ചീടും,
പക്ഷികളതു കേട്ടു പിന്നെയും ശബ്ദിച്ചീടും,
ഇങ്ങനെ സാധാരണകുട്ടികളെന്നമട്ടിൽ
ഭംഗമററിരുപേരും ചരിച്ചാർ വനങ്ങളിൽ. 40
ഒരിക്കൽ കൂട്ടരൊത്തു കാളിന്ദീനദിതൻെറ
കരയ്ക്കു വത്സങ്ങളെത്തീററിസ്സഞ്ചരിക്കവേ,
രാമകൃഷ്ണരാമിരുപേരെയും വധിക്കുവാൻ
കാമിച്ചു വന്നീടിനാൻ തത്ര ദാനവനേകൻ. 41
ഗോവത്സവേഷം ധരിച്ചവററിൻകൂട്ടത്തിൽ വ-
ന്നാവസിക്കുമദ്ദൈത്യനീചനെക്കണ്ടു കണ്ണൻ.
ജ്യേഷ്ഠനു കാട്ടിക്കൊടുത്തറിയാത്തവനെന്ന-
മട്ടിൽ തത്സമീപത്തു സാവധാനമായ്-
ച്ചെന്നാൻ. 42
വാലും പിൻകാലു രണ്ടും പിടിച്ചു ചുഴററിയ-
ബ്ബാലകൻ കഥകഴിച്ചവനെ,ച്ചാരത്തെഴും
കപിത്ഥപാദപത്തിന്നഗ്രത്തിലെറിഞ്ഞുടൻ
നിപതിപ്പിച്ചാനതിൻ കായ്കളെധാരാളമായ്.43
മഹാകായനാമവനാ ഫലങ്ങളോടൊത്തു
മഹിയിൽ വീണീടിനാനാശ്ചര്യമത്രേ .
പാർത്താൽ.
അവനെക്കണ്ടദ്ഭുതപ്പെട്ടു കുട്ടികളെല്ലാം
കവിഞ്ഞ മോദാൽ ബലേ! ഭേഷെന്നു
ചൊന്നീടിനാർ. 44
അമർത്ത്യസമൂഹവും സന്തോഷത്തോടുകൂടി
വിമാനങ്ങളിൽ വന്നു ചൊരിഞ്ഞാർ
മലർമാരി.
കൊന്നിതു വത്സാസുരൻതന്നെയെന്നതു
ഗോപീ-
സന്ദോഹം കേട്ടു പരമാശ്ചര്യമഗ്നരായാർ. 45
ഭുവനത്രിതയത്തിൻ മുഖ്യരക്ഷകന്മാരാ-
മവരീവിധം പശുവത്സപാലന്മാരായി
പ്രാതലിൻ പൊതിച്ചോറുംവഹിച്ചു
മെല്ലെപ്പശു-
പോതങ്ങളെയും തീററിയഞ്ചിതം സഞ്ചരി-
ച്ചാർ. 46
ഒരുനാളവരവയ്ക്കുള്ള ഗോവത്സങ്ങളെ-
യൊരു വാപിതൻ തീരത്തടിച്ചുകൊണ്ടുപോയി
അവയ്ക്കു വേണ്ടുംവണ്ണം സലിലംകൊടുത്തുട-
നവരും തണ്ണീർ കോരിക്കുടിച്ചു ദാഹം
തീർത്താർ. 47

ദീർഘമാമത്തടാകതീരത്തു കിടന്നിടു-
മുഗ്രമാമൊരു മഹാസത്വത്തെക്കണ്ടേവരും
പേടിച്ചുവിറച്ചുപോയ് വജ്രഭിന്നമാം ഗിരി-
കൂടമോയിതെന്നൊരു ശങ്കയങ്കുരിച്ചിതു. 48
ബലിയായ് ബകരൂപധരനായ് ബകാസുരൻ
വലിയ തീക്ഷ്ണതുണ്ഡമാർന്നുടത്തണഞ്ഞുടൻ
ഭഗവാൻ പദ്മാലയാവല്ലഭൻതന്നെക്കൊത്തി-
യകത്താക്കിനാനൊരുനിമിഷാർദ്ധത്തിനു-
ള്ളിൽ. 49
കണ്ണനെ മഹാബകഗ്രസിതനായിക്കണ്ടി-
ട്ടന്യബാലകന്മാരും ജ്യേഷ്ഠനാം രാമൻതാനും
പ്രാണനെപ്പിരിഞ്ഞെഴുമിന്ദ്രിയങ്ങളെപ്പോലെ
കാണുമാറായി പാരം ചൈതന്യവിഹീന-
രായ്. 50
തീപോലെ, താലുമൂലം ദഹിപ്പിച്ചീടുന്നൊരാ-
ഗോപാലതനൂജനും ധാതാവിൻ പിതാവുമാം
ഹരിയെ ഛർദ്ദിച്ചിട്ടക്ഷതനായ്ക്കണ്ടു വീണ്ടു-
മരിശംപൂണ്ടു കൊത്തിക്കൊല്ലുവാൻ പാഞ്ഞടു-
ത്താൻ. 51
പിന്നെയും നേർക്കു ചെല്ലുമക്കംസസഖാവിനെ
വിണ്ണോർതൻ മോദകൃത്താം സാധുരക്ഷിതാ-
വവൻ
കുട്ടികൾ കണ്ടുനില്ക്കെയവൻെറ ചുണ്ടുരണ്ടും
പെട്ടെന്നു ബാഢം രണ്ടു കൈകൊണ്ടും പിടി-
ച്ചുടൻ
കളിയായ് മുഞ്ജപ്പുല്ലുകണക്കെ തച്ഛരീര-
മെളുപ്പം രണ്ടായ്ക്കീറിദ്ധരയിലിട്ടീടിനാൻ.52
വാനവരുടൻതന്നെ നന്ദനമല്ലികാദി-
സൂനങ്ങൾ വർഷിച്ചിതബ്ബകാരിതന്മൗലിയിൽ.
ആനകശംഖാദിയാം വാദ്യഘോഷങ്ങളോടും
നാനാപദാനങ്ങളാൽ സ്തോത്രവുംചെയ്തീടിനാർ.
അതു കണ്ടങ്ങു നിന്ന ഗോപബാലന്മാരെല്ലാ-
മതിയായാശ്ചര്യാബ്ധിമഗ്നരായ്ഭവിച്ചിതു. 53
ബകവക്ത്രത്തിൽനിന്നും മോചിച്ചു വന്നീടിന
ഭഗവാൻ ശ്രീകൃഷ്ണനെ രാമാദികുമാരന്മാർ
ഇന്ദ്രിയസമൂഹമാപ്രാണനെ പ്രാപിക്കുംപോൽ
ചെന്നു കെട്ടിപ്പിടിച്ചു സന്തുഷ്ടചിത്തരായി
ഗോവത്സങ്ങളെച്ചേർത്തു ഗോകുലംതന്നിൽ
ചെന്നി-
ട്ടീവിശേഷങ്ങളെല്ലാം പറഞ്ഞുകേൾപ്പിച്ചിതു.
അക്കഥ കേട്ടു ഗോപീജനവും ഗോപന്മാരും
ചിക്കെന്നു വിസ്മയാംഭോരാശിയിൽ പതി-
ച്ചിതു.
അധികസ്നേഹത്തിനാലാദരവോടങ്ങവർ
മതിവന്നീടാതുള്ളമട്ടെഴും നേത്രങ്ങളാൽ
ചത്തുപോയവൻ തിരിച്ചെത്തിയാലെന്നമട്ടിൽ
ദൈത്യാരിതന്നെ നോക്കിനിന്നിതുൽക്കണ്ഠ-
യോടും. 54–55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അഹോ ബതാസ്യ ബാലസ്യ ബഹവോ മൃത്യവോഽഭവൻ
അപ്യാസീദ്വിപ്രിയം തേഷാം കൃതം പൂർവ്വം യതോ ഭയം. 56

അഥാപ്യഭിഭവന്ത്യേനം നൈവ തേ ഘോരദർശനാഃ
ജിഘാംസയൈനമാസാദ്യ നശ്യന്ത്യഗ്നൗ പതങ്ഗവത്. 57

അഹോ ബ്രഹ്മവിദാം വാചോ നാസത്യാഃ സന്തി കർഹിചിത്
ഗർഗ്ഗോ യദാഹ ഭഗവാനന്വഭാവി തഥൈവ തത്.'' 58

ഇതി നന്ദാദയോ ഗോപാഃ കൃഷ്ണരാമകഥാം മുദാ
കുർവ്വന്തോ രമമാണാശ്ച നാവിന്ദൻ ഭവവേദനാം. 59

ഏവം വിഹാരൈഃ കൗമാരൈഃ കൗമാരം ജഹതുർവ്രജേ
നിലായനൈഃ സേതുബന്ധൈർമർക്കടോത്പ്ലവനാദിഭിഃ. 60

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വത്സബകവധോ നാമ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

ശ്രീശുക ഉവാച

ക്വചിദ്വനാശായ മനോ ദധദ്വ്രജാത്
പ്രാതഃ സമുത്ഥായ വയസ്യവത്സപാൻ
പ്രബോധയൻ ശൃങ്ഗരവേണ ചാരുണാ
വിനിർഗ്ഗതോ വത്സപുരഃസരോ ഹരിഃ. 1

തേനൈവ സാകം പൃഥുകാഃ സഹസ്രശഃ
സ്നിഗ്ധാഃ സുശിഗ്വേത്രവിഷാണവേണവഃ
സ്വാൻ സ്വാൻ സഹസ്രോപരിസംഖ്യയാന്വിതാൻ
വത്സാൻ പുരസ്കൃത്യ വിനിര്യയുർമുദാ. 2

കൃഷ്ണവത്സൈരസങ്ഖ്യാതൈര്യൂഥീകൃത്യ സ്വവത്സകാൻ
ചാരയന്തോഽർഭലീലാഭിർവിജഹ്രുസ്തത്ര തത്ര ഹ. 3

ഫലപ്രവാളസ്തബകസുമനഃപിഞ്ഛധാതുഭിഃ
കാചഗുഞ്ജാമണിസ്വർണ്ണഭൂഷിതാ അപ്യഭൂഷയൻ. 4

മുഷ്ണന്തോഽന്യോന്യശിക്യാദീൻ ജ്ഞാതാനാരാച്ച ചിക്ഷിപുഃ
തത്രത്യാശ്ച പുനർദ്ദൂരാദ്ധസന്തശ്ച പുനർദ്ദദുഃ. 5

യദി ദൂരം ഗതഃ കൃഷ്ണോ വനശോഭേക്ഷണായ തം
അഹം പൂർവ്വമഹം പൂർവ്വമിതി സംസ്പൃശ്യ രേമിരേ. 6

കേചിദ്വേണൂൻ വാദയന്തോ ധ്മാന്തഃ ശൃങ്ഗാണി കേചന
കേചിദ്ഭൃങ്ഗൈഃ പ്രഗായന്തഃ കൂജന്തഃ കോകിലൈഃ പരേ. 7

വിച്ഛായാഭിഃ പ്രധാവന്തോ ഗച്ഛന്തഃ സാധുഹംസകൈഃ
ബകൈരുപവിശന്തശ്ച നൃത്യന്തശ്ച കലാപിഭിഃ. 8

വികർഷന്തഃ കീശബാലാനാരോഹന്തശ്ച തൈർദ്രുമാൻ
വികുർവ്വന്തശ്ച തൈഃ സാകം പ്ലവന്തശ്ച പലാശിഷു. 9

സാകം ഭേകൈർവിലങ്ഘന്തഃ സരിത്പ്രസ്രവസംപ്ലുതാഃ
വിഹസന്തഃ പ്രതിച്ഛായാഃ ശപന്തശ്ച പ്രതിസ്വനാൻ. 10

ഇത്ഥം സതാം ബ്രഹ്മസുഖാനുഭൂത്യാ
ദാസ്യം ഗതാനാം പരദൈവതേന
മായാശ്രിതാനാം നരദാരകേണ
സാകം വിജഹ്രുഃ കൃതപുണ്യപുഞ്ജാഃ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

''കഷ്ടമാഹന്തകഷ്ടമെത്രയോപ്രാവശ്യമി-
ക്കുട്ടിക്കു നേരിട്ടിതു മരണകാരണങ്ങൾ
എന്നിരിക്കിലും നേരേയവനെ ദ്രോഹിക്കു-
വാൻ
വന്നവർക്കന്യേ നാശമവനു പററിയില്ല.
അങ്ങോട്ടൊന്നിനുമവൻ പോയില്ല ഹിംസി-
ക്കുവാ-
നിങ്ങോട്ടു വന്നു താനേ മൃത്യുവിന്നിരയാ-
യാർ. 56

ഘോരദംശനന്മാരാമവർക്കു സാധിച്ചില്ല
തീരെയിശ്ശിശുവിനെപ്പീഡനമേല്പിക്കുവാൻ
ഹനനമാശിച്ചുവന്നിവനെപ്രാപിച്ചുടൻ
കനലിൽപ്പെട്ട പാററയെന്നപോൽ നശി-
ക്കുന്നു. 57

പൃഥ്വീദേവന്മാരുടെ വാക്കുകളൊരിക്കലും
മിഥ്യയായ് ഭവിക്കുകയില്ല നിശ്ചയംതന്നെ.
ഗർഗ്ഗനാം ഭഗവാനന്നോതിയ വചസ്സുക-
ളൊക്കെയുമവ്വണ്ണംതാനിന്നനുഭവപ്പെട്ടു.'' 58

രാമകൃഷ്ണന്മാരുടെ കഥകളോരോന്നേവ-
മാമോദപുരസ്സരം നന്ദാദിഗോപവൃന്ദം
പറഞ്ഞു രമിച്ചു നാൾകഴിച്ചിരുന്നുമൂല-
മറിഞ്ഞതില്ലേതുമേ സംസാരസങ്കടങ്ങൾ. 59

മറഞ്ഞിരിക്ക, പിന്നെയണകൾ കെട്ടീടുക,
കരങ്ങിന്മട്ടു ചാട്ടം ചാടുകയിത്യാദിയാം
വ്യാമുഗ്ദ്ധലീലയാലേ രാമനും കൃഷ്ണൻതാനും
കൗമാരകാലമെല്ലാം നയിച്ചാർ ഗോകുല-
ത്തിൽ. 60

അദ്ധ്യായം 12

അഘാസുരമോക്ഷം

ശ്രീശുകൻ പറഞ്ഞു

ഒരുനാളുഷസ്സിങ്കൽ ശ്രീകൃഷ്ണനെഴുന്നേററി-
ട്ടരണ്യത്തിലാണിന്നു ഭക്ഷണമെന്നുറച്ച്
ചിത്തമോഹനമാകും ശൃംഗനാദങ്ങളാലേ
സത്വരം തോഴരേയും വത്സപാലന്മാരെയും
ഉണർത്തിഗ്ഗോവത്സത്തിൻഗണത്തെ മുൻനടത്തി
വിനിർഗ്ഗമിച്ചീടിനാൻ ഗോകുലംതന്നിൽ-
നിന്നും. 1

അവനോടൊത്തസംഖ്യമിഷ്ടരാം ബാലന്മാർ-
നിവഹമുടനേറെ വടികൾ ശിക്യങ്ങളും [തൻ
കൊമ്പുകൾ കുഴൽകളും മററു സാധനങ്ങളു-
മൻപോടു വഹിച്ചുകൊണ്ടായിരക്കണക്കെഴും
താന്താങ്ങളുടെ വത്സഗണത്തെ മുൻനടത്തി-
സ്സന്തോഷസമന്വിതമിറങ്ങിപ്പുറപ്പെട്ടാർ. 2

എണ്ണമററുള്ള കൃഷ്ണവത്സങ്ങളോടുകൂടി-
യൊന്നാക്കിച്ചേർത്തു നിജ പശുക്കുട്ടികളേയും
കാനനംതോറുമവരങ്ങിങ്ങദ്ഭുതകര-
നാനാവിനോദങ്ങളിലേർപ്പെട്ടു രമിച്ചിതേ. 3

പവിഴം കുന്നിക്കുരു, സുവർണ്ണരത്നങ്ങളും
സവിശേഷമായണിഞ്ഞിരുന്ന ദേഹങ്ങളിൽ
പൂ,വില,ഫലം, തളിർ, പൂങ്കൊത്തു,
മയിൽപ്പീലി,
കേവലം മനയോലയെന്നിവ പൂണ്ടു-
കൊണ്ടാർ. 4

ശിക്യാദിപദാർത്ഥങ്ങളന്യോന്യം മോഷ്ടിച്ചിടും,
ചിക്കെന്നു കണ്ടുപിടിച്ചെറിയുമതു ദൂരെ.
പിന്നെയുമെടുത്തതങ്ങെറിയും, മററൊരുത്ത-
നൊന്നിച്ചുചേർന്നു ചിരിച്ചുടമസ്ഥനു നല്കും. 5

കാനനശോഭ കാണ്മാൻ ശ്രീകൃഷ്ണൻ കുറേദൂരം
താനേ പോയീടുന്നാകിൽ ഞാൻമുമ്പു ഞാൻ-
മുമ്പെന്നായ്
പിണങ്ങിയോടി മററുകുട്ടികൾചെന്നങ്ങു ത-
ത്തനവരിൽത്തൊട്ടു കെട്ടിപ്പിടിച്ചു രമിച്ചിടും. 6

ചില ബാലന്മാരോടക്കുഴൽ വായിക്കും, മററു-
ചിലർ കൊമ്പെടുത്തുടനൂതിടും വേറേചിലർ,
മധുപസ്വനമനുകരിച്ചു മൂളും ചിലർ,
മുദിതരായിക്കുയിലെന്നതുപോലെ കൂവും. 7

പക്ഷികൾ പാറുമ്പോളവററിൻനിഴലിൽക്കൂ-
ടക്ഷണമോടും ചിലർ, ചിലരന്നത്തിൻ
പിൻപേ
നടക്കും,ബകാന്തികം ചെന്നതിൻഗതി നന്നായ്
നടിക്കും ചിലർ, മയിലെന്നപോലാടും
ചിലർ. 8

പിടിച്ചു വലിച്ചിടും വാനരലാംഗൂലങ്ങ-
ളുടനേ ചാടിക്കേറും വൃക്ഷത്തിലവയ്ക്കൊപ്പം.
കരങ്ങിന്മട്ടു പല്ലുമിളിച്ചുകാട്ടിപ്പല-
തരത്തിൽ ഗോഷ്ടികാണിച്ചേററവും രസി-
ച്ചീടും. 9

തോടുകൾ നദികളെന്നിവയിൽച്ചാടിമുങ്ങ-
മോടുന്നതവളയെത്തുടന്നു നീന്തിക്കേറും,
പ്രതിബിംബങ്ങളെക്കണ്ടധികം ഹസിച്ചീടും,
പ്രതിദ്ധ്വാനങ്ങളേയും, ശപിക്കും വേണ്ടും-
വണ്ണം. 10

ഇത്ഥം സജ്ജനബ്രഹ്മസൗഖ്യാനുഭൂതിയായി-
ബ്ഭൃത്യഭാവം ഗമിച്ചോർക്കുത് കൃഷ്ണദൈവമായി
മായാശ്രിതർക്കു മർത്ത്യബാലനാമക്കണ്ണനു-
മായൊത്തു പുണ്യവാന്മാർ ബാലന്മാർ കളി-
ച്ചിതു. 11

Digitized by Arya Samaj Foundation Chennai and eGangotri

യത്പാദപാംസുർബ്ബഹുജന്മകൃച്ഛ്റതോ
ധൃതാത്മഭിര്യോഗിഭിരപ്യഗമ്യഃ
സ ഏവ യദ്ദൃഗ്വിഷയഃ സ്വയം സ്ഥിതഃ
കിം വർണ്ണ്യതേ ദിഷ്ടമതോ വ്രജൗകസാം. 12
അഥാഘനാമാഭ്യപതന്മഹാസുര-
സ്തേഷാം സുഖക്രീഡനവീക്ഷണാക്ഷമഃ
നിത്യം യദന്തർന്നിജജീവിതേപ്സുഭിഃ
പീതാമൃതൈരപ്യമരൈഃ പ്രതീക്ഷ്യതേ. 13
ദൃഷ്ട്വാർഭകാൻ കൃഷ്ണമുഖാനഘാസുരഃ
കംസാനുശിഷ്ടഃ സ ബകീബകാനുജഃ
''അയം തു മേ സോദരനാശകൃത്തയോ-
ർദ്വയോർമ്മമൈനം സബലം ഹനിഷ്യേ. 14
ഏതേ യദാ മത്സുഹൃദോസ്തിലാപഃ
കൃതാസ്തദാ നഷ്ടസമാ വ്രജൗകസഃ
പ്രാണേ ഗതേ വർഷ്മസു കാ നു ചിന്താ
പ്രജാസവഃ പ്രാണഭൃതോ ഹി യേ തേ.'' 15
ഇതി വ്യവസ്യാജഗരം ബൃഹദ്വപുഃ
സ യോജനായാമമഹാദ്രിപീവരം
ധൃത്വാദ്ഭുതം വ്യാത്തഗുഹാനനം തദാ
പഥി വ്യശേത ഗ്രസനാശയാ ഖലഃ. 16
ധരാധരോഷ്ഠോ ജലദോത്തരോഷ്ഠോ
ദര്യാനനാന്തോ ഗിരിശൃങ്ഗദംഷ്ട്രഃ
ധ്വാന്താന്തരാസ്യോ വിതതാധ്വജിഹ്വഃ
പരുഷാനിലശ്വാസദവേക്ഷണോഷ്ണഃ. 17
ദൃഷ്ട്വാ തം താദൃശം സർവ്വേ മത്വാ വൃന്ദാവനശ്രിയം
വ്യാത്താജഗരതുണ്ഡേന ഹ്യുത്പ്രേക്ഷന്തേ സ്മ ലീലയാ. 18
''അഹോ മിത്രാണി ഗദത സത്ത്വകൂടം പുരഃ സ്ഥിതം
അസ്മത്സംഗ്രസനവ്യാത്തവ്യാലതുണ്ഡായതേ ന വാ. 19
സത്യമർക്കകരാരക്തമുത്തരാഹനുവദ്ഘനം
അധരാഹനുവദ്രോധസ്തത്പ്രതിച്ഛായയാരുണം. 20
പ്രതിസ്പർദ്ധേതേ സൃക്വഭ്യാം സവ്യാസവ്യേ നഗോദരേ
തുങ്ഗശൃങ്ഗാലയോഽപ്യേതാസ്തദ്ദംഷ്ട്രാഭിശ്ച പശ്യത. 21
ആസ്തൃതായാമമാർഗ്ഗോഽയം രസനാം പ്രതിഗർജ്ജതി
ഏഷാമന്തർഗ്ഗതം ധ്വാന്തമേതദപ്യന്തരാനനം. 22
ദാവോഷ്ണഖരവാതോഽയം ശ്വാസവദ്ഭാതി പശ്യത
തദ്ദഗ്ധസത്ത്വദുർഗ്ഗന്ധോഽപ്യന്തരാമിഷഗന്ധവത്. 23
അസ്മാൻ കിമത്ര ഗ്രസിതാ നിവിഷ്ടാ-
നയം തഥാ ചേദ്ബകവദ്വിനങ്ക്ഷ്യതി
ക്ഷണാദനേനേതി ബകാര്യുശന്മുഖം
വീക്ഷ്യോദ്ധസന്തഃ കരതാഡനൈര്യയുഃ.'' 24
ഇത്ഥം മിഥോഽതഥ്യമതജ്ജ്ഞഭാഷിതം
ശ്രുത്വാ വിചിന്ത്യേത്യമൃഷാ മൃഷായതേ
രക്ഷോ വിദിത്വാഖിലഭൂതഹൃത്സ്ഥിതഃ
സ്വാനാം നിരോദ്ധും ഭഗവാൻ മനോ ദധേ. 25
താവത് പ്രവിഷ്ടാസ്ത്വസുരോദരാന്തരം
പരം ന ഗീർണ്ണാഃ ശിശവഃ സവത്സാഃ
പ്രതീക്ഷമാണേന ബകാരിവേശനം
ഹതസ്വകാന്തസ്മരണേന രക്ഷസാ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വളരെജ്ജന്മം തപംചെയ്തു സംയമംനേടി
വിളങ്ങും യോഗീന്ദ്രന്മാരുടെ പാദധൂളി
സുഗമമാകുന്നതില്ലപ്പദ്മാപതിയായ
ഭഗവാൻ ഹരിതാനേ നേത്രഗോചരനായി
സ്ഥിതിചെയ്യുമ്പോഴ് ഗോഷ്ഠവാസികളുടെ
ഭാഗ്യ-
മതിരററതാണതു വർണ്ണ്യമല്ലാരാലുമേ. 12

അമൃതം ഭുജിക്കിലും ജീവിതമിച്ഛിച്ചീടു-
മമർത്ത്യർ കാത്തിരിപ്പതാരുടെ നാശത്തെയോ,
ഇക്കുമാരൻതൻ സുഖലീലകൾ കണ്ടിരിപ്പാ-
നാക്കില്ല തെല്ലും ക്ഷമ,യഘനാമാ ദാനവൻ
ഒരുനാൾ വൃന്ദാവനംതന്നിലക്കുമാരന്മാർ
സരസം കളിക്കുമ്പോളസ്ഥലത്തെത്തീടി-
നാൻ. 13

''പൂതനാബകാസുരസോദരനവൻ കംസ-
ചോദിതൻ കൃഷ്ണാദ്യരാം ബാലരെക്കണ്ടുറച്ചാൻ
ഇവൻതാൻ മത്സോദരഘാതകൻ, രാമനോടൊ-
ത്തിവനെ വധിക്കുന്നേൻ സോദരപ്രീതിക്കി-
പ്പോൾ. 14

ഇവരെക്കൊണ്ടു ഞാനെൻ സഹജപിണ്ഡോദക-
മിവിടെച്ചെയ്യുന്നാകിൽ ഗോഷ്ഠവാസിക-
ളെല്ലാം
മൃതതുല്യന്മാരായിബ്ഭവിക്കും തർക്കമില്ലി-
ക്ഷിതിയിൽ ശരീരികൾ സന്താനാസുക്ക-
ളത്രേ.'' 15

ഏവമഘഖലനോർത്തു യോജനയോളം നീണ്ട
പീവരദേഹമാളും വാച്ചോരു പെരുമ്പാമ്പായ്
കുഹരംപോലെ വായും പിളർന്നു ബാലനേ നി-
ഗ്രഹിപ്പാൻ വന്നു മാർഗ്ഗമധ്യത്തിൽ കിട-
ന്നിതേ. 16

കീഴ്ച്ചുണ്ടു മന്നിങ്കലും മേലേതാകാശത്തിലും
വച്ചു ഗഹ്വരതുല്യവക്ത്രാന്തർഭാഗത്തോടും
ഗിരിശൃംഗോപമാനദംഷ്ട്രകളോടും പാര-
മിരുട്ടടഞ്ഞിരിക്കുമാനനദ്വാരത്തോടും
കാട്ടുതീപോൽ ജ്വലിക്കും കണ്ണുകൾ, കൊടു-
ങ്കാററു-
തോററുപോം ശ്വാസം, മാർഗ്ഗംപോൽ നീണ്ട
നാവുമൊത്തു, 17

കിടക്കുമതിനെക്കണ്ടേവരും വൃന്ദാവന-
സ്ഫുടശ്രീയാണെന്നുടനകമേ വിചാരിച്ചാർ.
കളിയായതിനെപ്പിന്നുൽപ്രേക്ഷിക്കയും
ചെയ്താർ
പിളർന്നുവച്ചിരിപ്പോരജഗരാസ്യമെന്നായ്. 18

''മുൻപിലിക്കിടക്കുന്നതെൻ പ്രിയതോഴ-
ന്മാരേ!
വൻപിയന്നീടുമൊരു ജന്തുവല്ലയോ, ചൊൽ-
വിൻ.
അഥവാ വായ്പൊളിച്ചു നമ്മളെ വിഴുങ്ങുവാൻ
സ്ഥിതിചെയ്തിടും പാമ്പിൻതുണ്ഡമോ,
ചൊല്ലീടുവിൻ. 19

ശരിയാണക്കാംശുവാൽ തുടുത്ത വാരിദത്തിൻ-
നിരപോലിരിക്കുന്നുണ്ടിതിന്റെയുത്തരോഷ്ഠം
തത്പ്രതിബിംബത്തിനാൽ ശോണമിന്നദീ-
തീര-
മിപ്രാണിയുടെ കീഴ്ച്ചുണ്ടുപോലിരിക്കുന്നു. 20

ഇടത്തും വലത്തുമായ്ച്ചേരുമിഗ്ഗുഹകൾക്കു-
കിടനില്ലുന്നുണ്ടിതിന്നധരാഗ്രങ്ങൾ രണ്ടും
വക്ത്രത്തിൽ നന്നായുയർന്നിരിക്കുമദ്ദംഷ്ട്രകൾ
തക്കമേററശ്രീശൃംഗസാദൃശ്യം വഹിക്കുന്നു. 21

നീണ്ടേറെ വിസ്താരമായ്ക്കിടക്കുമീ മാർഗ്ഗത്തി-
ന്നുണ്ടിതിൻ നാവിനോടു നിതരാം സാമ്യഭാവം.
ഇഗ്ഗിരിശിഖരാന്തർഭാഗാന്ധകാരമിതിൻ
വക്ത്രത്തിനുള്ളിലുള്ള കൂരിരുട്ടിനുതുല്യം. 22

കാട്ടുതീ തട്ടിച്ചുട്ടൊരിക്കൊടുങ്കാറേറാക്കിലീ-
ദുഷ്ടജന്തുവിൻ ശ്വാസമെന്നപോൽ വീശീടുന്നു.
ദാവാഗ്നിദഗ്ദ്ധപ്രാണിവർഗ്ഗത്തിൻ ദുർഗ്ഗന്ധമി-
ജ്ജീവിതൻ വായ്ക്കുള്ളിലെ മാംസഗന്ധംപോൽ
കാണ്മിൻ. 23

ഇവിടെ നമ്മേയിവൻ വിഴുങ്ങീടുമോ എന്നാ-
ലിവനും നശിച്ചീടും പെട്ടെന്നു ബകന്മട്ടിൽ.''
എന്നോതിബ്ബകാരിതന്മോഹനമുഖം നോക്കി
നന്നായിക്കയ്യുംകൊട്ടിച്ചിരിച്ചുപോയാ-
രവർ. 24

നേരറിഞ്ഞീടാതേവമന്യോന്യമവർ ചൊല്ലും
ഗീരുകൾ കേട്ടു സത്യമസത്യായിതമെന്നായ്
ചിന്തിച്ചു സർവഭൂതസ്ഥിതനാം ഭഗവാന-
ജ്ജന്തുവേ രക്ഷസ്സെന്നു ധരിച്ചു തൻകൂട്ടരിൽ
ആരുമേയതിൻ ഘോരവക്ത്രത്തിൽപ്പെട്ടീടാതെ
വാരണംചെയ്തീടണമെന്നുടൻ വിചാരി-
ച്ചാൻ. 25

അപ്പൊഴേയ്ക്കുവരുമഗ്ഗോവത്സങ്ങളും ചെന്നൂ-
ങ്ങബ്ഭോഗിതൻ വയററിലാപ്പെട്ടുകഴി-
ഞ്ഞിതു.
എന്നാലും സ്വസോദരസ്മൃതിയാൽ ബകാ-
രിയെ-
ത്തന്നെയുന്നീടുമഘനവരെ വിഴുങ്ങീല. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താൻ വീക്ഷ്യ കൃഷ്ണഃ സകലാഭയപ്രദോ
ഹ്യനന്യനാഥാൻ സ്വകരാദവച്യുതാൻ
ദീനാംശ്ച മൃത്യോർജ്ജഠരാഗ്നിഘാസാൻ
ഘൃണാർദ്ദിതോ ദിഷ്ടകൃതേന വിസ്മിതഃ. 27

കൃത്യം കിമത്രാസ്യ ഖലസ്യ ജീവനം
ന വാ അമീഷാം ച സതാം വിഹിംസനം
ദ്വയം കഥം സ്യാദിതി സംവിചിന്ത്യ ത-
ജ്ജ്ഞാത്വാവിശത്തുണ്ഡമശേഷദൃഗ്ഘരിഃ. 28

തദാ ഘനച്ഛദാ ദേവാ ഭയാദ്ധാഹേതി ചുക്രുശുഃ
ജഹൃഷുര്യേ ച കംസാദ്യാഃ കൗണപാസ്ത്വഘബാന്ധവാഃ. 29

തച്ഛ്രുത്വാ ഭഗവാൻ കൃഷ്ണസ്ത്വവ്യയഃ സാർഭവത്സകം
ചൂർണ്ണീചികീർഷോരാത്മാനം തരസാ വവൃധേ ഗളേ. 30

തതോ/തികായസ്യ നിരുദ്ധമാർഗ്ഗിണോ
ഹ്യുദ്ഗീർണ്ണദൃഷ്ടേർഭ്രമതസ്ത്വിതസ്തതഃ
പൂർണ്ണോ/ന്തരങ്ഗേ പവനോ നിരുദ്ധോ
മൂർദ്ധൻ വിനിഷ്പാട്യ വിനിർഗ്ഗതോ ബഹിഃ. 31

തേനൈവ സർവ്വേഷു ബഹിർഗ്ഗതേഷു
പ്രാണേഷു വത്സാൻ സുഹൃദഃ പരേതാൻ
ദൃഷ്ട്യാ സ്വയോത്ഥാപ്യ തദന്വിതഃ പുനർ-
വക്ത്രാന്മുകുന്ദോ ഭഗവാൻ വിനിര്യയൗ. 32

പീനാഹിഭോഗോത്ഥിതമദ്ഭുതം മഹ-
ജ്ജ്യോതിഃ സ്വധാമ്നാ ജ്വലയദ്ദിശോ ദശ
പ്രതീക്ഷ്യ ഖേ/വസ്ഥിതമീശനിർഗ്ഗമം
വിവേശ തസ്മിൻ മിഷതാം ദിവൗകസാം. 33

തതോ/തിഹൃഷ്ടാഃ സ്വകൃതോ/കൃതാർഹണം
പുഷ്പൈഃ സുരാ അപ്സരസശ്ച നർത്തനൈഃ
ഗീതൈഃ സുഗാ വാദ്യധരാശ്ച വാദ്യകൈഃ
സ്തവൈശ്ച വിപ്രാ ജയനിഃസ്വനൈർഗ്ഗണാഃ. 34

തദദ്ഭുതസ്തോത്രസുവാദ്യഗീതികാ-
ജയാദിനൈകോത്സവമങ്ഗളസ്വനാൻ
ശ്രുത്വാ സ്വധാമ്നോ/ന്ത്യജ ആഗതോ/ചിരാത്
ദൃഷ്ട്വാ മഹീശസ്യ ജഗാമ വിസ്മയം. 35

രാജന്നാജഗരം ചർമ്മ ശുഷ്കം വൃന്ദാവനേ/ദ്ഭുതം
വ്രജൗകസാം ബഹുതിഥം ബഭൂവാക്രീഡഗഹ്വരം. 36

ഏതത് കൗമാരജം കർമ്മ ഹരേരാത്മാഹിമോക്ഷണം
മൃത്യോഃ പൗഗണ്ഡകേ ബാലാ ദൃഷ്ട്വാചുർവ്വിസ്മിതാ വ്രജേ. 37

നൈതദ്വിചിത്രം മനുജാർഭമായിനഃ
പരാവരാണാം പരമസ്യ വേധസഃ
അഘോ/പി യത്സ്പർശനധൗതപാതകഃ
പ്രാപാത്മസാമ്യം ത്വസതാം സുദുർല്ലഭം. 38

സകൃദ്യദങ്ഗപ്രതിമാന്തരാഹിതാ
മനോമയീ ഭാഗവതീം ദദൗ ഗതിം
സ ഏവ നിത്യാത്മസുഖാനുഭൂത്യഭി-
വ്യുദസ്തമായോ/ന്തർഗ്ഗതോ ഹി കിം പുനഃ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്യാശ്രയരായി സ്വകരച്യുതരായോ-
രനാഥബാലന്മാരും ഗോവത്സസമൂഹവും

അന്തകജാഠരാഗ്നിതൻ കബളമായ്ത്തീൎന്നു
വെ ട്ടിടിയുവാൻപോകുന്നതു കണ്ടഖിലേശൻ

കാരുണ്യവിധേയനായ് ദിഷ്ടപ്രഭാവത്തെയും-
ത്താരിലോൎത്തിട്ടതീവ വിസ്മിതനായീടി-
നാൻ. 27

''വേണ്ടതെന്തിങ്ങിപ്പോൾ നാം ദൈത്യനെ
വധിക്കണെ-
മുണ്ടായില്ലുടാതാനും ബാലന്മാൎക്കുപദ്രവം

രണ്ടുമൊന്നിച്ചു സാധിച്ചീടണ''മെന്നായ്
സൎവ്വം
കണ്ടിരിക്കുവോൻ നിനച്ചതിനൊരുപായവും

കണ്ടുവെച്ചജഗരവക്ത്രഗഹ്വരംതന്നിൽ
കുണ്ഠതയെന്യേ താനും ചെന്നങ്ങു കേറീടിനാൻ.
28

അന്നേരം മേഘാവൃതർ വിണ്ണവർ ഭയംപൂണ്ടു
ക്രന്ദനംചെയ്താർ കഷ്ടം! കഷ്ടമെന്നോതിപ്പാരം.

അഘബന്ധുക്കളാകും കംസാദികൗണപന്മാ-
രഖിലമന്തമററ സന്തോഷമേന്തീടിനാർ. 29

അക്കരച്ചിലു കേട്ടിട്ടവ്യയൻ കൃഷ്ണൻതാനും
ചീക്കെന്നു വത്സബാലഗണത്തോടൊത്തുതന്നെ

തന്നെപ്പൊടിക്കാനോൎക്കുമവന്റെ കണ്ഠസ്ഥ-
നായ്-
ത്തീൎന്നു തൻ ശരീരത്തെപ്പെട്ടെന്നു വൎദ്ധിപ്പി-
ച്ചാൻ. 30

അതിനാൽ പ്രാണമാൎഗ്ഗം തടഞ്ഞബ്ഭീമകായ-
നതിയായ് കണ്ണു രണ്ടും തള്ളിച്ചു നാലുപാടും

ചുഴലും പ്രാണനെത്തൻ തനുമദ്ധ്യത്തിൽ മുട്ടി-
ച്ചൊഴിച്ചാൻ വെളിയിൽ സ്വമൂൎദ്ധാവു പിളൎന്ന-
വൻ. 31

ആ മാൎഗ്ഗമായവന്റെ സമസ്തപ്രാണേന്ദ്രിയ-
സ്തോമവും ബഹിൎഗ്ഗതമാകവേ, ശ്രീമുകുന്ദൻ

മൃതതുല്യരാമിഷ്ടബാലന്മാരെയും വത്സ-
വിതതിയേയും നോട്ടംകൊണ്ടുടനെണീപ്പിച്ചു

അവരോടൊന്നിച്ചഘവദനംതന്നിൽനിന്നു-
മവികലാങ്ഗനായിപ്പുറത്തുവന്നീടിനാൻ. 32

തടിച്ച നാഗാങ്ഗത്തിൽനിന്നൊരദ്ഭുതപ്രഭാ-
പടലം പുറപ്പെട്ടു ദിക്കുകൾ ശോഭിപ്പിച്ചു

വിണ്ണിൽനിന്നീശവിനിൎഗ്ഗമനം നോക്കി
നില്പും
വിണ്ണവർ കാൺകെച്ചെന്നുചേൎന്നിതബ്ഭഗ-
വാനിൽ. 33

സന്തുഷ്ടരായിപ്പിന്നെസ്സുരന്മാർ തങ്ങൾക്കായി-
സ്സന്തതം ശ്രമിച്ചീടും ഭഗവാൻ ശ്രീകൃഷ്ണനെ

സൂനങ്ങൾകൊണ്ടും, ഗായകന്മാരാം ഗന്ധൎവ്വ-
ന്മാർ
ഗാനങ്ങൾകൊണ്ടുമപ്സരസ്സുകൾ നൃത്തംകൊണ്ടും

ഭൂസുരർ സ്തുതികൊണ്ടും പാൎഷദവൃന്ദം ജയ-
ഘോഷങ്ങൾകൊണ്ടും പൂജിച്ചീടിനാർ വഴി-
പോലെ. 34

വാനവരാചരിച്ചോരദ്ഭുതകരസ്തോത്ര-
ഗാനനൎത്തനജയഘോഷങ്ങൾ സമീപത്തിൽ

കേട്ടുടൻ ബ്രഹ്മാവെത്തിയീശ്വരമഹിമാനം
സ്പഷ്ടമായ് വീക്ഷിച്ചേററമാശ്ചൎയ്യപ്പെട്ടീടി-
നാൻ. 35

അദ്ഭുതകരമാകുമിപ്പെരുമ്പാമ്പിൻ ചൎമ്മം
പില്പാട്ടുണങ്ങി വൃന്ദാവനത്തിൽബ്ബഹുകാലം

വ്രജവാസികൾക്കെല്ലാം ക്രീഡാകന്ദരമായി-
ട്ടജസ്രം ഭവിച്ചിരുന്നെന്നുമങ്ങറിഞ്ഞാലും. 36

കൗമാരകാലത്തിലെ മൃത്യുവിൽനിന്നുമുള്ളോ-
രാത്മാഹിവിമോചനം ഭഗവച്ചേഷ്ടകൎമ്മം

കുട്ടികൾ പൗഗണ്ഡത്തിലെന്നായിക്കണ്ടാ-
ശ്ചര്യ-
പ്പെട്ടതുവിധം ചെന്നു ചൊല്ലിനാർ ഗോകുല-
ത്തിൽ. 37

ആശ്ചര്യപ്പെടാനില്ലങ്ങീയഘമോചനത്തിൽ
വിശ്വസ്രഷ്ടാവായ് മായാൎഭകനായ് പരേ-
ശനാം

ആ ബാലൻ സ്പൎശിക്കയാലനഘനായിട്ടഘൻ
പ്രാപിച്ചിതസത്തുക്കൾക്കപ്രാപ്യം ഹരിരൂപം.
38

ആരുടെ മനോജ്ഞമാം പ്രതിമയൊരിക്കലും-
ത്താരിങ്കൽ നേരേയുറപ്പിച്ചിടും ഭക്തന്മാൎക്കായ്

ആ മനോമയരൂപം ഭഗവദ്ഗതിതന്നെ
സാമാന്യമായങ്ങരുളീടുമെന്നിരിക്കുമ്പോൾ,

നിത്യനായ് പ്രകൃതിയെയാത്മാനന്ദാനുഭവ-
പൂൎത്തിയാലസ്തമിപ്പിച്ചീടുമപ്പരൻ പുമാൻ

അന്തൎഭാഗത്തിൽ പ്രവേശിച്ചവന്നെഴും ഗതി-
യെന്തെന്നു വിശേഷിച്ചു ചൊല്ലേണ്ടതുണ്ടോ
നൃപാ! 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത ഉവാച

ഇത്ഥം ദ്വിജാ യാദവദേവദത്തഃ
ശ്രുത്വാ സ്വരാത്മുശ്ചരിതം വിചിത്രം
പപ്രച്ഛ ഭൂയോഽപി തദേവ പുണ്യം
വൈയാസകിം യന്നിഗൃഹീതചേതാഃ. 40

രാജോവാച

ബ്രഹ്മൻ, കാലാന്തരാകൃതം തത്കാലീനം കഥം ഭവേത്
യത് കൗമാരേ ഹരികൃതം ജഗുഃ പൗഗണ്ഡകേഽർഭകാഃ. 41
തദ് ബ്രൂഹി മേ, മഹായോഗിൻ, പരം കൗതൂഹലം ഗുരോ
നൂനമേതദ്ധരേരേവ മായാ ഭവതി നാന്യഥാ. 42
വയം ധന്യതമാ ലോകേ ഗുരോഽപി ക്ഷത്രബന്ധവഃ
യത് പിബാമോ മുഹുസ്ത്വത്തഃ പുണ്യം കൃഷ്ണകഥാമൃതം. 43

സൂത ഉവാച

ഇത്ഥം സ്മ പൃഷ്ടഃ സ തു ബാദരായണി-
സ്തത്സ്മാരിതാനന്തഹൃതാഖിലേന്ദ്രിയഃ
കൃച്ഛ്രാത് പുനർല്ലബ്ധബഹിർദൃശിഃ ശനൈഃ
പ്രത്യാഹ തം ഭാഗവതോത്തമോത്തമ! 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

ശ്രീശുക ഉവാച

സാധു പൃഷ്ടം, മഹാഭാഗ, ത്വയാ ഭാഗവതോത്തമ!
യന്നൂതനയസീശസ്യ ശൃണ്വന്നപി കഥാം മുഹുഃ. 1

സതാമയം സാരഭൃതാം നിസർഗ്ഗോ
യദർത്ഥവാണീശ്രുതിചേതസാമപി
പ്രതിക്ഷണം നവ്യവദച്യുതസ്യ യത്
സ്ത്രിയാ വിടാനാമിവ സാധുവാർത്താ. 2

ശൃണുഷ്വാവഹിതോ, രാജന്നപി ഗുഹ്യം വദാമി തേ
ബ്രൂയുഃ സ്നിഗ്ദ്ധസ്യ ശിഷ്യസ്യ ഗുരവോ ഗുഹ്യമപ്യുത. 3
തഥാഘവദനാന്മൃത്യോ രക്ഷിത്വാ വത്സപാലകാൻ
സരിത്പുളിനമാനീയ ഭഗവാനിദമബ്രവീത്. 4

''അഹോഽതിരമ്യം പുളിനം വയസ്യാഃ
സ്വകേളിസമ്പന്മൃദുലാച്ഛവാലുകം
സ്ഫുടത്സരോഗന്ധഹൃതാലിപത്രിക-
ധ്വനിപ്രതിധ്വാനലസദ്ദ്രുമാകുലം. 5

അത്ര ഭോക്തവ്യമസ്മാഭിർദ്ദിവാ രൂഢം ക്ഷുധാർദ്ദിതാഃ
വത്സാഃ സമീപേഽപഃ പീത്വാ ചരന്തു ശനകൈസ്തൃണം.'' 6
തഥേതി പായയിത്വാർഭാ വത്സാനാരുധ്യ ശാദ്വലേ
മുക്ത്വാ ശിക്യാനി ബുഭുജുഃ സമം ഭഗവതാ മുദാ. 7

കൃഷ്ണസ്യ വിഷ്വക്പുരുരാജിമണ്ഡലൈ-
രഭ്യാനനാഃ ഫുല്ലദൃശോ വ്രജാർഭകാഃ
സഹോപവിഷ്ടാ വിപിനേ വിരേജുഃ
ഛദാ യഥാംഭോരുഹകർണ്ണികായാഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂതൻ പറഞ്ഞു

ഇത്തരമാ യാദവദേവത്തെനാം പരീ-
ക്ഷിത്തു തൻരക്ഷിതാവിൻ വിസ്മയ-
പുണ്യവൃത്തം
കേട്ട മാനസം വശീകൃതമായ് വീണ്ടും
കേൾപ്പാൻ
തുഷ്ടനായ് ചോദിച്ചിതേ വ്യാസപുത്രനോ-
ടേവം. 40

രാജാവു പറഞ്ഞു

അന്യകാലത്തിൽ ചെയ്ത കർമ്മം തത്കാല-
മെന്ന വന്നീടുന്നതുമെങ്ങനെ മഹാമുനേ! [കൃത-
മാധവൻ കൗമാരത്തിൽ ചെയ്തതു പൗഗണ്ഡ-
ത്തിൽ
ചെയ്തതായല്ലോ ചൊല്ലീ വല്ലവബാലകന്മാർ.
41

ഹേ മഹായോഗിൻ! ഗുരോ! നിന്തിരുവടി-
പ്രേമപൂർവകമതു മരുളിച്ചെയ്തീടണം. [യിപ്പോൾ
ആയതു കേൾപ്പാനേറീടുന്ന കൗതുകം ഹരി-
മായയായീടാമതിൻ ഹേതുവും,
മറ്റൊന്നാകാ. 42

ക്ഷത്രബന്ധുക്കളാണ ഞങ്ങളെങ്കിലും ഗുരോ!
ധാത്രീവാസികളിൽവച്ചേററവും ധന്യരല്ലോ,
പുണ്യവർദ്ധകമാകും ശ്രീകൃഷ്ണകഥാമൃതം
പിന്നെയും ഭവാനിൽനിന്നാസ്വാദിക്കമൂലം.
43

സൂതൻ പറഞ്ഞു

ഇങ്ങനെ പരീക്ഷിത്തു ചോദിച്ച സമയത്ത-
ശ്ശാർങ്ഗിയാൽഹൃതസമസ്തേന്ദ്രിയനമ്മുനീന്ദ്രൻ
ശ്രമത്താൽ മെല്ലെ വീണ്ടും ബാഹ്യജ്ഞാന-
ത്തെ വീണ്ട-
ക്ഷ്ക്ഷമേശനോട ചൊന്നാൻ ഭാഗവതോത്തം-
സമേ! 44

അദ്ധ്യായം 13

വത്സസ്തേയം

ശ്രീശുകൻ പറഞ്ഞു

സാധോ! ഹേ മഹാഭാഗാ! ഭഗവതാഗ്ര-
ഗണ്യാ!
സാധുവാണങ്ങേച്ചോദ്യമെന്നതിൽത്തർക്കമില്ല.
എത്രയോകുറിയീശചരിതം കേട്ടീടിലും
പുത്തനായ്ത്തന്നെയതു തോന്നിടും വീണ്ടും-
വീണ്ടും. 1

കണ്ണുങ്ങൾ ചിത്തം വചസ്സെന്നിവയീശലീലാ-
കണ്ണനസഞ്ചിന്തനകീർത്തനങ്ങൾക്കായ്ക്കൊണ്ടെ
വിനിയോഗിക്കുന്നതു സാരജ്ഞന്മാർക്കും സാധു-
ജനങ്ങൾക്കുള്ള ജന്മസാഫല്യം ഗുണമല്ലോ.
ശാർങ്ഗിതൻ സച്ചരിത്രമവർക്ക കാമുകന്മാ-
ർക്കങ്ഗനാപ്രസങ്ഗംപോലെപ്പൊഴും
പുത്തനത്രേ. 2

അരചാ! കേട്ടുകൊൾക സശ്രദ്ധം,
ഗുഹ്യമാണെ-
ന്നിരുന്നീടിലും, ചൊല്ലാം ഭവാനോടിദാനീം
ഞാൻ
നൽപ്രിയമിയന്നീടും ശിഷ്യരോടാചാര്യന്മാർ
ഗോപ്യമാം സംഗതിയും പറയും തീർച്ചതന്നെ.3

അഘനാമസുരൻതൻ മുഖമൃത്യുവിൽനിന്നു-
മഖിലവത്സബാലഗണത്തെയുദ്ധരിച്ച
സരിത്തീരത്തിൽ കൊണ്ടുവന്നിട്ടു ഭഗവാൻശ്രീ-
ഹരിതാനിപ്രകാരമരുളിച്ചെയ്തീടിനാൻ: 4

''സ്നേഹിതന്മാരേ! കാണ്മിനീ മണൽ-
ത്തിട്ടയേററം
മോഹനതരമായി രമ്യമായ് വിളങ്ങുന്നു.
നമുക്ക കളിക്കവാൻ വേണ്ടുന്ന സമ്പത്തോടും
വിമലമൃദുമണൽത്തരിക്കൂട്ടങ്ങളോടും
വിടർന്ന ചെന്താമരപ്പൂക്കൾതൻ ഗന്ധത്തിനാ-
ലടുത്തുകൂടീടിന മധുപൗഘത്തിന്റെയും
പത്രിയൂഥത്തിന്റെയും സ്വാനപ്രതിസ്വാനങ്ങ-
ളൊത്തൊട്ടും പൂത്തുനില്ക്കും പാദപനിര ചേർന്നും
അത്യന്തം പരിലസിച്ചീടുന്നു കാണവോർതൻ
ചിത്തമാകർഷിക്കുന്നുണ്ടെത്രയും ചിത്രമാം-
ത്താൽ. 5

ഉച്ചയായല്ലോ നേരമിവിടെയിരുന്നിനി-
ബ്ഭക്ഷണം കഴിച്ചീടാം, വിശന്നുതളരുന്നു.
വത്സങ്ങളടുത്തുള്ളൊരീ നദിയിലെ വെള്ള-
മിച്ഛപോൽ കടിച്ചിട്ടു പുല്ലു തിന്നട്ടെ
നന്നായ്.'' 6

കുട്ടികളെല്ലാമതു സമ്മതിച്ചുടൻ പശു-
ക്കുട്ടികൾക്കംബുവേകിപ്പുൽപ്പുറങ്ങളിൽ വിട്ടു
ചോററികളിൽനിന്നുമെടുത്തു കണ്ണനോടൊ-
ത്തേറെയാമോദംകലന്നിരുന്നു ഭുജിച്ചിതേ. 7

കണ്ണന്റെ ചുററും നീണ്ടനിരയായസ്ഥലത്തി-
ലന്യോന്യമഭിമുഖമൊരുമിച്ചിരുന്നീടും
ഫുല്ലാക്ഷന്മാരാകമക്കമാരതുല്ലസിച്ചി-
തല്ലിയെച്ചുഴന്നിടും സാരസദലങ്ങൾപോൽ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേചിത് പുഷ്പൈർദ്ദളൈഃ കേചിത് പല്ലവൈരങ്കുരൈഃ
ഫലൈഃ
ശിഗ്ഭിസ്ത്വഗ്ഭിർദൃഷദ്ഭിശ്ച ബുഭുജുഃ കൃതഭാജനാഃ. 9

സർവ്വേ മിഥോ ദർശയന്തഃ സ്വസ്വഭോജ്യരുചിം പൃഥക്
ഹസന്തോ ഹാസയന്തശ്ചാഭ്യവജഹ്രുഃ സഹേശ്വരാഃ. 10

ബിഭ്രദ്വേണും ജഠരപടയോഃ
ശൃങ്ഗവേത്രേ ച കക്ഷേ
വാമേ പാണൗ മസൃണകബളം
തത്ഫലാന്യങ്ഗുലീഷു
തിഷ്ഠൻ മദ്ധ്യേ സ്വപരിസുഹൃദോ
ഹാസയൻ നർമ്മഭിഃ സ്വൈഃ
സ്വർഗ്ഗേ ലോകേ മിഷതി ബുഭുജേ
യജ്ഞഭുഗ് ബാലകേളിഃ. 11

ഭാരതൈവം വത്സപേഷു ഭുഞ്ജാനേഷ്വച്യുതാത്മസു
വത്സാസ്ത്വന്തർവ്വനേ ദൂരം വിവിശുസ്തൃണലോഭിതാഃ. 12

താൻ ദൃഷ്ട്വാ ഭയസംത്രസ്താനൂചേ കൃഷ്ണോഽസ്യ ഭീഭയം
''മിത്രാണ്യാശാന്മാ വിരമതേഹാനേഷ്യേ വത്സകാനഹം.'' 13

ഇത്യുക്ത്വാദ്രിദരീകുഞ്ജഗഹ്വരേഷ്വാത്മവത്സകാൻ
വിചിന്വൻ ഭഗവാൻ കൃഷ്ണഃ സപാണികബളോ യയൗ. 14

അംഭോജന്മജനിസ്തദന്തരഗതോ
മായാർഭകസ്യേശിതുർ-
ദ്രഷ്ടും മഞ്ജു മഹിത്വമന്യദപി ത-
ദ്വത്സാനിതോ വത്സപാൻ
നീത്വാന്യത്ര കുരൂദ്വഹാന്തരദധാത്
ഖേഽവസ്ഥിതോ യഃ പുരാ
ദൃഷ്ട്വാഘാസുരമോക്ഷണം പ്രഭവതഃ
പ്രാപ്തഃ പരം വിസ്മയം. 15

തതോ വത്സാനദൃഷ്ട്വേത്യ പുളിനേഽപി ച വത്സപാൻ
ഉഭാവപി വനേ കൃഷ്ണോ വിചികായ സമന്തതഃ. 16

ക്വാപ്യദൃഷ്ട്വാന്തർവ്വിപിനേ വത്സാൻ പാലാംശ്ച വിശ്വവിത്
സർവ്വം വിധികൃതം കൃഷ്ണഃ സഹസാവജഗാമ ഹ. 17

തതഃ കൃഷ്ണോ മുദം കർത്തും തന്മാതൄണാം ച കസ്യ ച
ഉഭയായിതമാത്മാനം ചക്രേ വിശ്വകൃദീശ്വരഃ. 18

യാവദ്വത്സപവത്സകാല്പകവപു-
ര്യാവത് കരാങ്ഘ്ര്യാദികം
യാവദ്യഷ്ടിവിഷാണവേണുദളശി-
ഗ്യാവദ്വിഭൂഷാംബരം
യാവച്ഛീലഗുണാഭിധാകൃതിവയോ
യാവദ്വിഹാരാദികം
സർവ്വം വിഷ്ണുമയം ഗിരോഽങ്ഗവദജഃ
സർവ്വസ്വരൂപോ ബഭൗ. 19

സ്വയമാത്മാഽഽത്മഗോവത്സാൻ പ്രതിവാര്യാത്മവത്സപൈഃ
ക്രീഡന്നാത്മവിഹാരൈശ്ച സർവ്വാത്മാ പ്രാവിശദ്വ്രജം. 20

തത്തദ്വത്സാൻ പൃഥങ്നീത്വാ തത്തദ്ഗോഷ്ഠേ നിവേശ്യ സഃ
തത്തദാത്മാഭവദ്രാജംസ്തത്തത്സദ്മ പ്രവിഷ്ടവാൻ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂ,വില, തളിർ, മുള, കാ,യുണക്കില, തോട്-
മാവിധം മരത്തൊലി,ശിലയെന്നിത്യാദിയാൽ
ഓരോരുത്തരുമോരോ പാത്രമുണ്ടാക്കീട്ടതിൽ
ചോറുമക്കറികളും വിളമ്പിയുണ്ടീടിനാർ. 9
പിന്നവർ താന്താങ്ങടെതൻ ഭക്ഷ്യത്തിൻ-
രുചിഭേദ-
മന്യോന്യമറിയിച്ചും ചിരിച്ചും ചിരിപ്പിച്ചും
അഖിലത്തിനുമധീശ്വരനായ് വിളങ്ങുമ-
ബ്ഭഗവാൻ മുകുന്ദനുമൊത്തിരുന്നശിച്ചിതേ.10
ഒരു മുണ്ടിനുമീതേ വേറൊന്നു ചുററീട്ടുള്ളോ-
രരയിലാ വസ്ത്രങ്ങടെ രണ്ടിനുമിടയ്ക്കായി
അരിയോരോടക്കുഴലൂരിപ്പോകാതെ നേരേ
തിരുകിക്കൊമ്പും കോലുമിടം കക്ഷത്തിൽ
ചേർത്തു
കോമളപാണിതന്നിൽ സ്നിഗ്ദ്ധം ചോറുരുളയും
പൂമൃദുവിരലുകൾക്കിടയിൽ ഫലാദിയും
ധരിച്ചു ബാലമദ്ധ്യസ്ഥിതനായ് നേരമ്പോക്കു-
പറഞ്ഞു കൂട്ടുകാരെച്ചിരിപ്പിച്ചിടയ്ക്കിടെ
യാഗാംശം ഭുജിക്കുവോനെങ്കിലും ബാലലീലാ-
യോഗരഞ്ജിതനായിബ്ഭഗവാൻ വാസുദേവൻ
സ്വർഗ്ഗലോകാവാസികളൊക്കെയും കാൺകെ-
ബ്ബാല-
സൽകൃതനായിബ്ഭുജിച്ചീടിനാൻ തുഷ്ട-
നായി. 11
ഈവിധമച്യുതങ്കൽ മാനസമുറപ്പിച്ചു
മേവുമക്കുമാരന്മാരുണ്ടുകൊണ്ടിരിക്കവേ,
പുല്ലു വാഞ്ഛിച്ചപ്പശുക്കുട്ടികളാ വനത്തി-
ന്നുള്ളിലേക്കതിദൂരമങ്ങിങ്ങു പാഞ്ഞുപോയി.
12
ഭയസന്ത്രസ്തന്മാരായാ ബാലന്മാരെക്കണ്ടു
ഭയഭീകരനാകും ഭഗവാൻ കൃഷ്ണൻ ചൊന്നാൻ:
"ഉണ്ടുകൊള്ളുവിൻ നിങ്ങൾ, ഞാൻ പോയി
വത്സങ്ങളെ-
ക്കൊണ്ടുവന്നീടാം തിരഞ്ഞെവിടെനിന്നെ-
ങ്കിലും." 13
എന്നോതിഗ്ഗിരിദരീകുഞ്ജഗഹ്വരങ്ങളിൽ
തന്നുടെ വത്സങ്ങളെയന്വേഷിക്കുവാനായി
ചോറുരുളയും കൈയിൽ വഹിച്ചുകൊണ്ടുതന്നെ
പാരാതെ പോയീടിനാൻ ഭഗവാൻ ഹൃഷീ-
കേശൻ. 14
പ്രഭുവാം കൃഷ്ണനാന്നോരഘമോക്ഷണം മുൻപേ
നഭസ്സിൽനിന്നു വീക്ഷിച്ചാശ്ചര്യമാന്നോരജൻ
മായാബാലകൻതന്റെ മററുള്ള മനോജ്ഞങ്ങ-
ളായ ലീലകളേയും കാണുവാൻ കാങ്ക്ഷി-
ച്ചാദ്യം

ആ വത്സങ്ങളെ മാററീട്ടവയെത്തേടിക്കണ്ണൻ
പോവതാം തക്കത്തിനപ്പാലകബാലരേയും
അന്യമായീടും ഗുഹാസ്ഥലത്തു കൊണ്ടുപോയി
നന്നായി മറച്ചിട്ടു മറഞ്ഞാനത്യദ്ഭുതം. 15
പശുക്കുട്ടികളേയും യമുനാതീരത്താളും
പശുപബാലരേയും കാണായ്കനിമിത്തമായ്
രണ്ടിനേയും തിരഞ്ഞാ വനത്തിൽ നാലുപാടും
പുണ്ഡരീകാക്ഷൻ ചുററിനടന്നു നോക്കീടിനാൻ.
16
വനമദ്ധ്യത്തിലെങ്ങും വത്സങ്ങളേയും ഗോപ-
തനയരേയും കാണാതാകയാൽ വിശ്വവിത്താം
നന്ദനന്ദനനിതാ ബ്രഹ്മാവു കാണിച്ചോരു
കന്നത്തമെന്നുതന്നെ ധരിച്ചാനഹോ! ചിത്രം!
17
അമ്മമാർക്കെല്ലാവർക്കും ബ്രഹ്മദേവനുമൊപ്പം
സമ്മോദമേകീടുവാൻ വിശ്വകർത്താവാമവൻ
തന്നത്താൻ വത്സങ്ങളും ബാലകന്മാരുമായി-
ത്തീർന്നമിന്നിനാൻ സ്വയം മുന്നേപ്പോൽ
ഭേദമെന്യേ. 18
ഗോവത്സങ്ങളും വത്സപാലരാം ബാലന്മാരും
പൂർവ്വമേതേതു മട്ടിലെത്രയുണ്ടായിരുന്നോ
എങ്ങനെയിരുന്നുവോ കൈകാൽകളുമുട-
ങ്ങിയോ-
രങ്ഗങ്ങ,ളോടക്കുഴൽ, കൊമ്പു,കോലുകൾ,
പിന്നെ
പുഷ്പാദ്യലങ്കാരങ്ങൾ, ഭൂഷണാംബരങ്ങളു-
മെപ്രകാരമാം ശീലഗുണങ്ങൾ നാമങ്ങളും
വാക്കു,മാകൃതി,കേളിയൊക്കെയുമ്മട്ടായിരു-
ന്നക്കണ,'മെല്ലാം വിഷ്ണുസ്വരൂപ'മെന്ന
വാക്യം
അർത്ഥവത്താക്കിക്കാട്ടുംവിധത്തിൽ ഭഗവാൻ
സ-
മസ്തസ്വരൂപനായിപ്പരിശോഭിച്ചീടിനാൻ. 19
താനങ്ങു താനേ താനായീടിന വത്സങ്ങളെ
താനായ ബാലന്മാരെക്കൊണ്ടഥ തെളിപ്പിച്ചു
ആത്മലീലകളാലേ വിഹരിച്ചുംകൊണ്ടഖി-
ലാത്മാവു കൃഷ്ണൻ പ്രവേശിച്ചിതു ഗോകുല-
ത്തിൽ. 20
ഓരോരുത്തരും സ്വന്തം ഗോവത്സസമൂഹത്തെ
വേറുവേറായ് നയിച്ചിട്ടതാതിൻ തൊഴുത്തിൽ-
ത്താൻ
ചേർത്തിട്ടു പൂർവ്വമാം സ്വരൂപത്തിൽ താന്താ-
ങ്ങടെതൻ
പത്തനങ്ങളിൽച്ചെന്നു കേറിയബ്ഭഗവാൻ-
താൻ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്മാതരോ വേണുരവത്വരോത്ഥിതാ
ഉത്ഥാപ്യ ദോർഭിഃ പരിരഭ്യ നിർഭരം
സ്നേഹസ്നുതസ്തന്യപയഃസുധാസവം
മത്വാ പരം ബ്രഹ്മ സുതാനപായയൻ. 22

തതോ നൃപോന്മർദ്ദനമജ്ജലേപനാ-
ലങ്കാരരക്ഷാതിലകാശനാദിഭിഃ
സംലാളിതഃ സ്വാചരിതൈഃ പ്രഹർഷയൻ
സായം ഗതോ യാമയമേന മാധവഃ. 23

ഗാവസ്തതോ ഗോഷ്ഠമുപേത്യ സത്വരം
ഹുങ്കാരഘോഷൈഃ പരിഹൂതസങ്ഗതാൻ
സ്വകാൻ സ്വകാൻ വത്സതരാനപായയൻ
മുഹുർലിഹന്ത്യഃ സ്രവദൗധസം പയഃ. 24

ഗോഗോപീനാം മാതൃതാസ്മിൻ സർവ്വാ സ്നേഹർദ്ധികാം വിനാ
പുരോവദാസ്വപി ഹരേസ്തോകതാ മായയാ വിനാ. 25

വ്രജൗകസാം സ്വതോകേഷു സ്നേഹവല്ല്യാബ്ദമന്വഹം
ശനൈർന്നിസ്സീമ വവൃധേ യഥാ കൃഷ്ണേ ത്വപൂർവ്വവത്. 26

ഇത്ഥമാത്മാഽഽത്മനാഽഽത്മാനം വത്സപാലമിഷേണ സഃ
പാലയൻ വത്സപോ വർഷം ചിക്രീഡേ വനഗോഷ്ഠയോഃ. 27

ഏകദാ ചാരയൻ വത്സാൻ സരാമോ വനമാവിശത്
പഞ്ചഷാസു ത്രിയാമാസു ഹായനാപൂരണീഷ്വജഃ. 28

തതോ വിദൂരാച്ചരതോ ഗാവോ വത്സാനുപവ്രജം
ഗോവർദ്ധനാദ്രിശിരസി ചരന്ത്യോ ദദൃശുസ്തൃണം. 29

ദൃഷ്ട്വാഥ തത്സ്നേഹവശോഽസ്മൃതാത്മാ
സ ഗോവ്രജോഽത്യാത്മപദുർഗ്ഗമാർഗ്ഗഃ
ദ്വിപാത് കകുദ്ഗ്രീവ ഉദാസ്യപുച്ഛോ-
ഽഗാദ്ധുംകൃതൈരാസ്നപയാ ജവേന. 30

സമേത്യ ഗാവോഽധോ വത്സാൻ വത്സവത്യോഽപ്യപായയൻ
ഗിലന്ത്യ ഇവ ചാങ്ഗാനി ലിഹന്ത്യഃ സ്വൗധസം പയഃ. 31

ഗോപാസ്തദ്രോധനായാസമൗഘ്യലജ്ജോരുമന്യുനാ
ദുർഗ്ഗാധ്വകൃച്ഛ്റതോഽഭ്യേത്യ ഗോവത്സൈർദ്ദദൃശുഃ സുതാൻ. 32

തദീക്ഷണോത്പ്രേമരസാപ്ലുതാശയാ
ജാതാനുരാഗാ ഗതമന്യവോഽർഭകാൻ
ഉദുഹ്യ ദോർഭിഃ പരിരഭ്യ മൂർദ്ധനി
ഘ്രാണൈരവാപുഃ പരമാം മുദം തേ. 33

തതഃ പ്രവയസോ ഗോപാസ്തോകാശ്ലേഷസുനിർവൃതാഃ
കൃച്ഛ്റാച്ഛനൈരപഗതാസ്തദനുസ്മൃത്യുദശ്രവഃ. 34

വ്രജസ്യ രാമഃ പ്രേമർദ്ധേർവീക്ഷ്യൗത്കണ്ഠ്യമനുക്ഷണം
മുക്തസ്തനേഷ്വപത്യേഷ്വപ്യഹേതുവിദചിന്തയത്. 35

''കിമേതദദ്ഭുതമിവ വാസുദേവേഽഖിലാത്മനി
വ്രജസ്യ സാത്മനസ്തോകേഷ്വപൂർവ്വം പ്രേമ വർദ്ധതേ. 36

കേയം വാ കുത ആയാതാ ദൈവീ വാ നാര്യുതാസുരീ
പ്രായോ മായാസ്തു മേ ഭർത്തുർന്നാന്യാ മേഽപി വിമോഹിനീ.'' 37

ഇതി സഞ്ചിന്ത്യ ദാശാർഹോ വത്സാൻ സവയസാനപി
സർവ്വാനാചഷ്ട വൈകുണ്ഠം ചക്ഷുഷാ വയുനേന സഃ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമ്മമാരെല്ലാം വേണുനാദം കേട്ടെഴുന്നേററു
സമ്മോദത്തോട പരബ്രഹ്മത്തെപ്പുത്രരെന്നായ്
നിശ്ചയിച്ചെട്ടത്തങ്കമണച്ചു കുടിപ്പിച്ചാ-
രുച്ചസ്നേഹത്താൽ ചുരന്നൊഴുകും സ്തന്യാ-
സവം. 22

ഭൂപതേ! യാമനിയമങ്ങളെക്കൊണ്ടും നിജ-
വ്യാപാരങ്ങളെക്കൊണ്ടുമാമോദംചേർത്തു പാരം
വൈകുന്നേരത്തു ഗേഹം ഗമിച്ച മുകുന്ദനെ
വൈകാതഭ്യങ്ഗസ്നാനം ചെയ്യിച്ചു കുറിയിട്ടു
അലങ്കരിപ്പിച്ചുട്ടിത്തനുരക്ഷയ്ക്കായുഴി-
ഞ്ഞുളവെന്നിയേ ലാളിച്ചീടിനാരം
ജനയിത്രി. 23

വനത്തിൽനിന്നുവേഗം ഗോഷ്ഠമെത്തിയ പശു-
ഗണങ്ങളും ഹുങ്കാരത്താൽ വിളിക്കുന്നതു കേട്ടു
അരികിലോടിച്ചെല്ലും സ്വവത്സങ്ങളെ നക്കി-
ച്ചുരന്ന മുലപ്പാലു കുടിപ്പിച്ചിതു മോദാൽ. 24
ശ്രീകൃഷ്ണൻ സ്വാമിയെന്നഗ്ഗോക്കൾക്കും
മകനെന്നു

ഗോകുലനാരിമാർക്കും മുന്നേപ്പോൽത്തന്നെ
കണ്ണനഗ്ഗോപിമാരിലിരുന്ന മാതൃഭാവ- [ഭാവം
ത്തിന്നുമേതുമേ മാററം സംഭവിച്ചിരുന്നില്ല.
എന്നാലും മുൻപത്തേതിൽ വർദ്ധിച്ചിരുന്നു പാര-
മന്യോന്യം മായാപേതമായിട്ടും സ്നേഹം-
മാത്രം. 25

മെല്ലെമെല്ലവേ നാളിൽ നാളിലഗ്ഗോഷ്ഠവാസീ-
വല്ലവീവല്ലവന്മാർക്കാത്മനന്ദനന്മാരിൽ
കണ്ണനിലെന്നമട്ടിലൊരു വത്സരംവരെ-
യന്യൂനം സുസൗഹൃദം വർദ്ധിച്ചിതപൂർവ്വമായ്.26
ഏവമാത്മസ്വരൂപൻ ഭഗവാൻ വാസുദേവൻ
കേവലമാത്മാവിനെയാത്മാവുകൊണ്ടുതന്നെ
ഗോവത്സപാലച്ഛലാൽ പാലിക്കുന്നവനായി-
ട്ടാവ്രജവനങ്ങളിൽ ക്രീഡിച്ചാനൊരുകൊല്ലം.
27

ആണ്ടൊന്നു തികഞ്ഞീടാനഞ്ചാറു നാളുള്ളപ്പോൾ
കൊണ്ടൽനേർവർണ്ണൻ ബലരാമനോടൊത്തൊ-
രുന്നാൾ

ഗോവത്സസമൂഹത്തെയടിച്ചു തെളിച്ചുകൊ-
ണ്ടാവിരാനന്ദം പ്രവേശിച്ചിതു കാനന-
ത്തിൽ. 28
ഉന്നതഗോവർദ്ധനശൈലശൃങ്ഗത്തിൽ തൃണം-
തിന്നുന്ന പശുവൃന്ദമവിടെനിന്നേററവും-
ദൂരത്തായ് ഗോകുലത്തിൻ ചാരത്തു വനത്തിൽ
സ-
ഞ്ചാരമാർന്നീടും സ്വന്തം പോതങ്ങളുംതമ്മെ-
ക്കണ്ടാർ. 29
തന്നത്താൻ മറന്നുടനപ്പശുഗണം വത്സ-
വൃന്ദത്തിൽ വളർന്നീടും സ്നേഹത്തിനധീനമായ്
പാലകർ തടുത്തിട്ടും ലേശവും കൂട്ടാക്കാതെ
നാലുകാലുംപറിച്ചു തലയും വാലുംപൊക്കി
പിരടി പൂഞ്ഞക്കുടംതന്നീതെയാക്കിദൃഗ്-
സരണികളിലൂടെച്ചുരത്തിപ്പാലൊഴുക്കി
ഇക്കാലികൾമട്ട ഹുങ്കാരത്തോടുകൂടി
ത്വരിതം പാഞ്ഞെത്തിയാവ്രജോപകാനന-
ത്തിൽ 30

പശുക്കൾ സവത്സകളെങ്കിലും ചെന്നപ്പൂർവ്വ-
പ്രസവപോതങ്ങളെയൊക്കെയും വീണ്ടും
വീണ്ടും

വിഴുങ്ങാൻഭാവിക്കുന്നവിധത്തിൽനക്കിനക്കി-
യൊഴുകുംപാലാർന്നിടും മുലകൾ കുടിപ്പിച്ചാർ.31
തടുക്കാൻചെയ്ത യത്നം പാഴിലാകയാൽ ഗോപർ
ചൊടിച്ചും നാണിച്ചുമഗ്ഗോവൃന്ദത്തിനു പിൻപേ
ദുർഗ്ഗമമാർഗ്ഗംതാണ്ടിപ്പണിപ്പെട്ടെത്തിച്ചേർന്ന,
പശുക്കിടാങ്ങളോടൊത്തു കണ്ടു തൻപുത്രരേയും.32
പുത്രരെക്കണ്ടുണ്ടായ സന്തോഷരസംതന്നിൽ
ചിത്തമാപ്പ്ലുതമായി ക്രോധമെല്ലാം ശമിച്ചു
പുത്രരെയെടുത്തണച്ചാശ്ലേഷംചെയ്തു വീണ്ടും
മൂർദ്ധാവിൽ മുകർന്നററമാനന്ദമാർന്നീടിനാർ. 33
വൃദ്ധഗോപന്മാരെല്ലാം തനയാശ്ലേഷത്തിനാ-
ലത്യന്തസന്തോഷത്തോടവിടെനിന്നു മന്ദം
തദനുസ്മൃതിമൂലം ബാഷ്പാവിലാക്ഷന്മാരാ-
യതിനുശേഷം പണിപ്പെട്ടങ്ങു പോയീടി-
നാർ. 34

പാൽകുടിമാറീടിന ബാലന്മാരിലുമേവം
ഗോകുലവാസികൾക്കു നാൾതോറും വർദ്ധി-
ച്ചീടും

പ്രേമമീക്ഷിച്ചിട്ടതിൻ കാരണമറിയാതെ
രാമദേവനും ചിന്തിച്ചീടിനാനിപ്രകാരം: 35
''മുന്നമീ വ്രജസ്ഥിതക്കഖിലം സർവ്വാത്മാവാം
കണ്ണനിലായിരുന്നു കൂടുതലായി പ്രേമം
അവർക്കുമിഗ്ഗോക്കൾക്കുമതു ശതസ്സുതന്മാരിൽ
ദിവസംപ്രതിയേറിക്കാണുവതദ്ഭുതംതാൻ. 36
എന്തിതെങ്ങനെയുണ്ടായ് ദേവന്മാരാരെങ്കിലും
സ്വന്തമായയെ പ്രയോഗിച്ചതായിരിക്കുമോ?
മാനവൻതന്മായയോ? ദാനവമായതാനോ?
ഞാനുമായതിനാലേ മോഹിതനല്ലോ
പാർത്താൽ.

നിർണ്ണയം മറെറാന്നുമല്ലിതു മത്സ്വാമിയാകു-
മുണ്ണിക്കൃഷ്ണൻെറ മായാപ്രയോഗമെന്നേ-
വങ്ങ്.'' 37
ഈവിധം സഞ്ചിന്തനംചെയ്തഥ ബലഭദ്ര-
നാ വത്സഗണത്തെയും വയസ്യബാലരേയും
എല്ലാവരേയും ജ്ഞാനമയമാം ചക്ഷുസ്സിനാൽ
മല്ലാരിയായിത്തന്നെ തെളിഞ്ഞു കണ്ടീടി-
നാൻ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''നൈതേ സുരേശാ ഋഷയോ ന ചൈതേ
ത്വമേവ ഭാസീശ ഭിദാശ്രയേഽപി
സർവ്വം പൃഥക്ത്വം നിഗമാത് കഥം വ''ദേ-
ത്യുക്തേന വൃത്തം പ്രഭുണാ ബലോഽവൈത്. 39

താവദേത്യാത്മഭൂരാത്മമാനേന ത്രുട്യനേഹസാ
പുരോവദബ്ദം ക്രീഡന്തം ദദൃശേ സകലം ഹരിം. 40

''യാവന്തോ ഗോകുലേ ബാലാഃ സവത്സാഃ സർവ്വ ഏവ ഹി
മായാശയേ ശയാനാ മേ നാദ്യാപി പുനരുത്ഥിതാഃ. 41

ഇത ഏതേഽത്ര കുതസ്ത്യാ മന്മായാമോഹിതേതരേ
താവന്ത ഏവ തത്രാബ്ദം ക്രീഡന്തോ വിഷ്ണുനാ സമം.'' 42

ഏവമേതേഷു ഭേദേഷു ചിരം ധ്യാത്വാ സ ആത്മഭൂഃ
സത്യാഃ കേ കതരേ നേതി ജ്ഞാതും നേഷ്ടേ കഥഞ്ചന. 43

ഏവം സമ്മോഹയൻ വിഷ്ണും വിമോഹം വിശ്വമോഹനം
സ്വയൈവ മായയാജോഽപി സ്വയമേവ വിമോഹിതഃ. 44

തമ്യാം തമോവന്നൈഹാരം ഖദ്യോതാർച്ചിരിവാഹനി
മഹതീതരമായൈശ്യം നിഹന്ത്യാത്മനി യുഞ്ജതഃ. 45

താവത് സർവ്വേ വത്സപാലാഃ പശ്യതോഽജസ്യ തത്ക്ഷണാത്
വ്യദൃശ്യന്ത ഘനശ്യാമാഃ പീതകൗശേയവാസസഃ. 46

ചതുർഭുജാഃ ശങ്ഖചക്രഗദാരാജീവപാണയഃ
കിരീടിനഃ കുണ്ഡലിനോ ഹാരിണോ വനമാലിനഃ. 47

ശ്രീവത്സാങ്ഗദദോരത്നകംബുകങ്കണപാണയഃ
നൂപുരൈഃ കടകൈർഭാതാഃ കടിസൂത്രാങ്ഗുലീയകൈഃ 48

ആങ്ഘ്രിമസ്തകമാപൂർണ്ണാസ്തുളസീനവദാമഭിഃ
കോമളൈഃ സർവ്വഗാത്രേഷു ഭൂരിപുണ്യവദർപ്പിതൈഃ. 49

ചന്ദ്രികാവിശദസ്മേരൈഃ സാരുണാപാങ്ഗവീക്ഷിതൈഃ
സ്വകാർത്ഥാനാമിവ രജഃസത്ത്വാഭ്യാം സ്രഷ്ടൃപാലകാഃ. 50

ആത്മാദിസ്തംബപര്യന്തൈർമ്മൂർത്തിമദ്ഭിശ്ചരാചരൈഃ
നൃത്യഗീതാദ്യനേകാർഹൈഃ പൃഥക് പൃഥഗുപാസിതാഃ. 51

അണിമാദ്യൈർമ്മഹിമഭിരജാദ്യാഭിർവിഭൂതിഭിഃ
ചതുർവിംശതിഭിസ്തത്ത്വൈഃ പരീതാ മഹദാദിഭിഃ. 52

കാലസ്വഭാവസംസ്കാരകാമകർമ്മഗുണാദിഭിഃ
സ്വമഹിധ്വസ്തമഹിഭിർമ്മൂർത്തിമദ്ഭിരുപാസിതാഃ. 53

സത്യജ്ഞാനാനന്താനന്ദമാത്രൈകരസമൂർത്തയഃ
അസ്പൃഷ്ടഭൂരിമാഹാത്മ്യാ അപി ഹ്യുപനിഷദ്ദൃശാം. 54

ഏവം സകൃദ്ദദർശാജഃ പരബ്രഹ്മാത്മനോഽഖിലാൻ
യസ്യ ഭാസാ സർവ്വമിദം വിഭാതി സചരാചരം. 55

തതോഽതി*കുതുകോദ്വൃത്തസ്തിമിതൈകാദശേന്ദ്രിയഃ
തദ്ധാമ്നാഭൂദജസ്തൂഷ്ണീം പൂർദ്ദേവ്യന്തീവ പുത്രികാ. 56

ഇതീരേശേഽതർക്ക്യേ നിജമഹിമനി സ്വപ്രമിതികേ
പരത്രാജാതോഽതന്നിരസനമുഖബ്രഹ്മകമിതൗ
അനീശേഽപി ദ്രഷ്ടും കിമിദമിതി വാ മുഹ്യതി സതി
ചച്ഛാദാജോ ജ്ഞാത്വാ സപദി പരമോഽജാജവനികാം.
57

---

* 'കുതുകോദ്ധൃത്യ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ദേവേശന്മാരുമൃഷിമാരുമല്ലിവർ, ഭേദ-
ഭാവാശ്രയത്തിങ്കലുമീശാ! നീതാൻ ലസിപ്പൂ.
എങ്ങനെ വന്നി''തെന്നു ചോദിച്ചറിഞ്ഞാൻ
പിന്നെ
ശാർങ്ഗിയോടീസ്സംഗതി മുഴുവൻ ബല-
ഭദ്രൻ. 39

ആണ്ടൊന്നു കഴിഞ്ഞപ്പോൾ ബ്രഹ്മാവിൻ-
കാലമാനം
കൊണ്ടാകിൽ ത്രുടികഴിഞ്ഞങ്ങജൻ നോക്കീ-
ടവേ
നന്ദജൻ താനേതന്നെ സർവ്വവുമായ്ച്ചമഞ്ഞു
മുന്നേപ്പോലുല്ലാസമായ്ക്കളിക്കുന്നതു
കണ്ടാൻ. 40

''ഗോകുലംതന്നിലുള്ള സവത്സബാലന്മാരെ-
യാകവേ മന്മായയാൽ മറച്ചുവച്ചീടിനേൻ.
ഇപ്പൊഴുമവിടെത്താൻ കിടപ്പുണ്ടവരെല്ലാ-
മദ്ഭുതമിതുവരെയെഴുന്നേററിട്ടുമില്ല. 41
കൃത്യമായത്തരത്തിലത്രയുമെണ്ണത്തിൽത്താ-
നിസ്ഥലത്തിലും കാണ്മതെവിടെനിന്നാ-
ണാവോ?
ഈയൊരത്ഭുതവുമിവർ കൃഷ്ണനോടൊന്നിച്ചിവി-
ടായാതരായിക്കളിക്കുന്നുണ്ടു വിസ്മയംതാൻ.''
42

ഭേദമിതേവം കണ്ടു വളരെച്ചിന്തിച്ചിട്ടു-
മേതാണു വാസ്തവത്തിലുള്ളതീരണ്ടിലെന്നായ്
വേധാവും മനസ്സിലാക്കീടുവാൻ ശക്തനായി-
ല്ലേതുമേ വിഷ്ണുമായാമോഹിതനാകയാലേ. 43
വിഗതമോഹനായി വിശ്വമോഹനനാകും
ഭഗവാൻ മുകുന്ദനെ മോഹിപ്പിക്കുവാനായി
പ്രവർത്തിച്ചോരപ്പിതാമഹനും ഹരിമായാ-
വിവശീകൃതനായി വിമോഹിച്ചെന്നേ-
വേണ്ടു. 44
തമിസ്രതന്നിൽ മഞ്ഞിൻ തമസ്സുമട്ടും പകൽ-
സമയം ഖദ്യോതത്തിൻ പ്രകാശമെന്നമട്ടും
മഹാനിൽ പ്രയോഗിക്കും നീചമാംനിജമായ
നിഹനിക്കുന്നു നൂനമവന്റെ ശക്തിയെ-
ത്താൻ. 45
ധാതാവു നോക്കിനില്ക്കേയാവത്സബാ-
ലോത്കരം
പീതാംബരങ്ങൾ പൂണ്ടു മേഘവർണ്ണത്തിൽ-
ക്കാണായ്. 46
കരങ്ങൾ നാലിയന്നു ശംഖചക്രാബ്ജഗദാ-
ധരരായ് മുത്തുമാല വനമാലയും പൂണ്ടു, 47
ശംഖവളകൾ കയ്യിൽ, ശ്രീവത്സകാന്തിചേരു-
മംഗദങ്ങളും വിരൽതോറും മോതിരങ്ങളും
കടകം കടിസൂത്രം നൂപുരദ്വയങ്ങളും
വടിവിലാന്നു പുണ്യകൃത്തുകൾതീർത്തു ചാർത്തും

തുളസീമാലാജാലമാപാദചൂഡംപൂണ്ടു
വിലസുന്നതായ്ക്കണ്ടാനവരെച്ചതു-
ർമ്മുഖൻ. 48-49
പുഞ്ചിരിപ്പൂനിലാവുമരുണാപാംഗങ്ങളിൽ-
ത്തഞ്ചിടും നോട്ടങ്ങളുമാർന്നീടുമവരെല്ലാം
രജസ്സത്വങ്ങളാകും ഗുണദ്വയത്താൽ ഭക്ത-
വ്രജാത്മപ്രദന്മാരാം രക്ഷകർമട്ടു മിന്നീ. 50
ബ്രഹ്മാദി തൃണാന്തമാം ചരാചരങ്ങളാലേ
നന്മട്ടുനൃത്തഗീതാദ്യനേകവിധങ്ങളാൽ
പ്രത്യേകമാരാധിതന്മാരായിട്ടണിമാദി
സിദ്ധികൾ മഹത്തത്ത്വം തുടങ്ങിയുള്ളതാകും.
തത്ത്വങ്ങളിരുപത്തിനാലും സ്വമഹത്ത്വത്താൽ
ധ്വസ്തമാഹാത്മ്യമാളും കാലം, സ്വഭാവം, കർമ്മം,
സംസ്കാരം, കാമം, ഗുണത്രയമിത്യാദിമൂർത്തി
കൈക്കൊണ്ടു ചുററുംനിന്നു സേവിക്കുന്ന-
വരായി, 51-53

സത്യജ്ഞാനാനന്താനന്ദൈകരൂപന്മാരായി-
ശ്ശുദ്ധോപനിഷദ്ദൃഷ്ടിയുള്ളോർക്കുമജ്ഞേ-
യമാം
ഭൂരിമാഹാത്മ്യം ചേരും ശ്രീനാരായണൻതന്റെ
ചാരുരൂപത്തെദ്ധരിച്ചവരായ്ക്കാണപ്പെട്ടു. 54
ഏതൊന്നിൻമഹസ്സിനാലിച്ചരാചരവിശ്വം
ദ്യോതിച്ചീടുന്നീവിധമപ്പരബ്രഹ്മമായി
ഗോവത്സപശുപാലസമൂഹത്തെയും പിന്നെ
സർവ്വവസ്തുക്കളേയും ബ്രഹ്മാവു കണ്ടീടിനാൻ.
55

ഇത്തരമസംഖ്യം ശ്രീവിഷ്ണുരൂപങ്ങൾ വീക്ഷി-
ച്ചത്യന്തം വിസ്മയിച്ചു, തന്മഹത്തേജസ്സിനാൽ
ചിത്തവും ജ്ഞാനേന്ദ്രിയകർമ്മേന്ദ്രിയൗഘങ്ങളും
സ്തബ്ധമായ് വ്രജകുലദേവതയുടെ മുമ്പിൽ
മപ്പാവതന്മട്ടു മൗനത്തെബ്ഭജിച്ചിതു
സുരവർഗ്ഗത്തിൻ മുഖ്യനാകുമച്ചതുർമ്മുഖൻ. 56
അപ്പിതാമഹനേവമനൂഹ്യനായിപ്പര-
മപ്രമേയപ്രഭാവമിയലുന്നവനായി
മായാതീതനായ് സ്വയം ഭാസ്യനായ്
സദാനന്ദ-
മായിടും സ്വരൂപമാർന്നുല്ലസിപ്പവനായി
അതന്നിരോധനാദിശ്രുതികൾകൊണ്ടുമാത്രം
ശുദ്ധിതാശയർക്കു സുഗ്രാഹ്യനായ് വിളങ്ങീടും
അവനിലെന്തിതെന്നു മോഹിച്ചു കാണ്മാൻ
കൂടി-
യവശമശക്തനായ്ത്തീർന്നുഴന്നീടുംനേരം
ജന്മാദിരഹിതനബ്ഭഗവാനതു പാർത്തു
തന്മായാവരണത്തെ മാററിനാൻ കൃപാർദ്ര-
നായ്. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോഽർവ്വാക് പ്രതിലബ്ധാക്ഷഃ കഃ പരേതവദുത്ഥിതഃ
കൃച്ഛ്റാദുന്മീല്യ വൈ ദൃഷ്ടീരാചഷ്ടേദം സഹാത്മനാ. 58
സപദ്യേവാഭിതഃ പശ്യൻ ദിശോഽപശ്യത് പുരഃ സ്ഥിതം
വൃന്ദാവനം ജനാജീവ്യദ്രുമാകീർണ്ണം സമാപ്രിയം. 59
യത്ര നൈസർഗ്ഗദുർവ്വൈരാഃ സഹാസൻ നൃമൃഗാദയഃ
മിത്രാണീവാജിതാവാസദ്രുതരുട്തർഷകാദികം. 60

തത്രോദ്വഹത് പശുപവംശശിശുത്വനാട്യം
ബ്രഹ്മാദ്വയം പരമനന്തമഗാധബോധം
വത്സാൻ സഖീനിവ പുരാ പരിതോ വിചിന്വ-
ദേകം സപാണികബളം പരമേഷ്ഠ്യചഷ്ട. 61

ദൃഷ്ട്വാ ത്വരേണ നിജധോരണതോഽവതീര്യ
പൃഥ്വ്യാം വപുഃ കനകദണ്ഡമിവാഭിപാത്യ
സ്പൃഷ്ട്വാ ചതുർമ്മുകുടകോടിഭിരംഘ്രിയുഗ്മം
നത്വാ മുദശ്രുസുജലൈരകൃതാഭിഷേകം. 62

ഉത്ഥായോത്ഥായ കൃഷ്ണസ്യ ശിരസാ പാദയോഃ പതൻ
ആസ്തേ മഹിത്വം പ്രാഗ്ദൃഷ്ടം സ്മൃത്വാ സ്മൃത്വാ പുനഃ പുനഃ. 63

ശനൈരഥോത്ഥായ വിമൃജ്യ ലോചനേ
മുകുന്ദമുദ്വീക്ഷ്യ വിനമ്രകന്ധരഃ
കൃതാഞ്ജലിഃ പ്രശ്രയവാൻ സമാഹിതഃ
സവേപഥുർഗ്ഗദ്ഗദയൈഡതേളയാ. 64

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

ബ്രഹ്മോവാച

നൗമീഡ്യ തേഽഭ്രവപുഷേ തഡിദംബരായ
ഗുഞ്ജാവതംസപരിപിച്ഛലസന്മുഖായ
വന്യസ്രജേ കബളവേത്രവിഷാണവേണു-
ലക്ഷ്മശ്രിയേ മൃദുപദേ പശുപാംഗജായ. 1

അസ്യാപി, ദേവ വപുഷോ മദനുഗ്രഹസ്യ
സ്വേച്ഛാമയസ്യ ന തു ഭൂതമയസ്യ കോഽപി
നേശേ മഹി ത്വവസിതും മനസാഽന്തരേണ
സാക്ഷാത്തവൈവ കിമുതാത്മസുഖാനുഭൂതേഃ. 2

ജ്ഞാനേ പ്രയാസമുദപാസ്യ നമന്ത ഏവ
ജീവന്തി സന്മുഖരിതാം ഭവദീയവാർത്താം
സ്ഥാനേ സ്ഥിതാഃ ശ്രുതിഗതാം തനുവാങ്മനോഭി-
ര്യേ പ്രായശോഽജിത ജിതോഽപ്യസി തൈസ്ത്രിലോക്യാം. 3

ശ്രേയഃസ്രുതിം ഭക്തിമുദസ്യ തേ വിഭോ
ക്ലിശ്യന്തി യേ കേവലബോധലബ്ധയേ
തേഷാമസൗ ക്ലേശല ഏവ ശിഷ്യതേ
നാന്യദ്യഥാ സ്ഥൂലതുഷാവഘാതിനാം. 4

പുരേഹ, ഭൂമൻ, ബഹവോഽപി യോഗിന-
സ്ത്വദർപ്പിതേഹാ നിജകർമ്മലബ്ധയാ
വിബുധ്യ ഭക്ത്യൈവ കഥോപനീതയാ
പ്രപേദിരേഽഞ്ജോഽച്യുത, തേ ഗതിം പരാം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മെല്ലെമെല്ലവേയുണർന്നിന്ദ്രിയവികാസവും
തെല്ലുതെല്ലാൻ വല്ലവിധവുമെഴുന്നേററു
മിഴികൾ പണിപ്പെട്ടു തുറന്നു തന്നോടുചേ-
ർന്നെഴുമിപ്രപഞ്ചത്തെ വീക്ഷിച്ചാൻ ചതുരാ-
സ്യൻ. 58
നാലുഭാഗത്തും നോക്കിക്കായ്കനി നിറ-
ഞ്ഞതാ-
യാളുകൾക്കെല്ലാമുപജീവനയോഗ്യമാകും
വൃക്ഷങ്ങൾ തിങ്ങിക്കണ്ണിനോടൊത്ത വൃന്ദാവന-
മക്ഷണം തന്മുന്നിലായ് വീക്ഷിച്ചാൻ സുര-
ജ്യേഷ്ഠൻ. 59
നിസർഗ്ഗവൈരത്തോടുകൂടിയ മനുഷ്യരു-
മസംഖ്യം മൃഗങ്ങളും മിത്രങ്ങളെന്നമട്ടിൽ
അജിതാവാസത്തിനാൽ ക്രോധലോഭങ്ങ-
ളെല്ലാം
ത്യജിച്ചിണങ്ങിച്ചേർന്നു തത്ര വാഴ്വതു
കണ്ടാൻ. 60
ആനായവംശജാതബാലൻ താനെന്ന ഭാവം
കാണിച്ചദ്വയമായിപ്പരമായനന്തമായ്
ഏകമായ് ജ്ഞാനാത്മകമാകുമാ ബ്രഹ്മത്തിനെ
ലോകേശൻ മുന്നേപ്പോലെ ഗോവത്സപാല-
ന്മാരെ
തിരഞ്ഞു പാണിയിൽ ചോറുരുളയാവഹിച്ചു
ചരിക്കുന്നവനായിട്ടവിടെക്കണ്ടീടിനാൻ. 61
സൃഷ്ടികർത്താവു നിജവാഹനംതന്നിൽനിന്നും
പെട്ടെന്നിറങ്ങി മന്നിൽ സുവർണ്ണദണ്ഡം
പോലെ
കിരീടം നാലും തൊടുംവിധത്തിൽ ഹരിപാദ-
സരോജങ്ങളിൽ വീണു നമസ്കരിച്ചീടിനാൻ.
സന്തോഷബാഷ്പങ്ങളാം പാവനജലം പരം
ചിന്തിപ്പിന്നഭിഷേകംകഴിച്ചാൻ വീണ്ടും-
വീണ്ടും. 62
മുൻപേയബ്ഭഗവാനിൽ താൻ കണ്ട
മാഹാത്മ്യങ്ങ-
ളൻപോടു വീണ്ടും വീണ്ടും സ്മരിച്ചിട്ടെഴുന്നേററും
പിന്നെയും പിന്നെയുമപ്പാദാബ്ജങ്ങളിൽ
വീണു-
സന്നതി തുടർന്നുമങ്ങവിടെ സ്ഥിതിചെയ്താൻ.
63
മെല്ലെമെല്ലവേ പിന്നെയെഴുന്നേററക്ഷിയെല്ലാം
നല്ലപോൽ തുടച്ചിട്ടബ്ഭഗവാൻതന്നെ
നോക്കി
ആനതകണ്ഠനായിട്ടഞ്ജലിബന്ധത്തോടും
മാനസൈകാഗ്ര്യത്തോടുമേററവും വിനീത-
നായ്
വേപഥുശരീരനായ് ഗദ്ഗദവാക്യങ്ങളാൽ
ശ്രീപതിഭഗവാനെ സ്തുതിച്ചാൻ പിതാമഹൻ.
64

അദ്ധ്യായം 14

ബ്രഹ്മസ്തുതി

ബ്രഹ്മാവു പറഞ്ഞു

അംബുദവർണ്ണനായി മിന്നലിൻ കാന്തി
മംബരമാർന്നു കന്നിക്കുരക്കുകന്നാലും [ചിത്ത-
പീലിയാലും വിളങ്ങുമാനനത്തോടും വന-
മാലയുമണിഞ്ഞു ചോറുരുള, കൊമ്പും, കോലും,
വേണുവും, ധരിച്ചതിമൃദുപാദാബ്ജങ്ങൾ ചേ-
ർന്നാനായർകോനാം നന്ദൻതൻ പുത്രഭാവ-
ത്തോടും
പരിശോഭിക്കും സ്തുത്യാ! ഭഗവൻ! പദ്മാപതേ!
പരിചോടങ്ങയേ ഞാനാനമിച്ചീടുന്നിതേ. 1
ദേവേശാ! ഭക്താശിസ്സിന്നവിടുന്നാർന്നതായി-
ക്കേവലം ഭൂതമയമല്ലാതെയുള്ളതായി
ഇപ്പൊഴുതെന്നെക്കാണിച്ചനുഗ്രഹിച്ചതാമീ-
യദ്ഭുതശരീരത്തിൻ മാഹാത്മ്യം ധരിക്കുവാൻ
ബ്രഹ്മാവാമിവൻപോലും ശക്തനല്ലാതിരിക്കെ-
യെമ്മട്ടിലറിഞ്ഞീടുമന്യന്മാരഖിലാത്മൻ!
ആനന്ദാനുഭവത്തോടൊത്ത നിൻ സാക്ഷാൽ
മഹി-
മാനത്തെയുള്ളവണ്ണമറിയാനാക്കുമാകാ. 2
ജ്ഞാനസമ്പാദനത്തിൻ പ്രയത്നം കൈ-
വെടിഞ്ഞു
സ്ഥാനസ്ഥിതന്മാരായിസ്സത്തുക്കൾ കീർത്തി-
പ്പതാം
നിന്തിരുമേനിക്കെഴും ചരിതം കേട്ടുകേട്ടു
സ്വന്തമാം ദേഹംകൊണ്ടും വാങ്മാനസ-
ങ്ങളാലും
നിന്തിരുമേനിതന്നെ നമനംചെയ്തുകൊണ്ടു
സന്തതം ജീവിക്കുന്നതാരാണിപ്പാരിടത്തിൽ,
ആവോലുമജിതനാമങ്ങയെ മൂപ്പാരിലും
സാരജ്ഞരാമബ്ഭക്തജനങ്ങൾ ജയിക്കുന്നു. 3
ഹേ വിഭോ! ശ്രേയഃപ്രവാഹത്തോടുചേർന്ന-
താകും
ഭാവത്കഭക്തിയോഗമാർഗ്ഗത്തെയുപേക്ഷിച്ചു
കേവലം ജ്ഞാനം നേടാൻ ക്ലേശിക്കുമപ്പുരുഷൻ,
ഹാ! വെറും സ്ഥൂലമാകും പതിർ കുത്തുവോൻ-
വിധം,
അത്യന്തം ദുഃഖം മാത്രമാളുന്നെന്നല്ലാതണു-
മാത്രവും പ്രയോജനമുണ്ടാകുന്നില്ല നൂനം. 4
അച്യുതാ! പണ്ടിപ്പാരിലനേകം യോഗീന്ദ്ര-
ന്മാർ
നിച്ചലും സ്വകർമ്മങ്ങളങ്ങയിൽ സമർപ്പിച്ചു
ത്വച്ചരിതത്തിൽനിന്നുമുദ്ഭവിപ്പിച്ചതായി-
സ്സ്വച്ഛമാം സ്വകാർമ്മങ്ങൾനിമിത്തം ലഭിപ്പതാം
നിശ്ചലഭക്തിയാൽത്താൻ പ്രയാസമേതുമെന്യേ
ഉച്ചമാം ഭവത്പദം പ്രാപിച്ചു ലസിക്കുന്നു. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാപി ഭൂമൻ മഹിമാഗുണസ്യ തേ
വിബോദ്ധുമർഹത്യമലാന്തരാത്മഭിഃ
അവിക്രിയാത് സ്വാനുഭവാദരൂപതോ
ഹ്യനന്യബോധ്യാത്മതയാ ന ചാന്യഥാ. 6

ഗുണാത്മനസ്തേഽപി ഗുണാൻ വിമാതും
ഹിതാവതീർണ്ണസ്യ ക ഈശിരേഽസ്യ
കാലേന യൈർവാ വിമിതാഃ സുകല്പൈർ-
ഭൂപാംസവഃ ഖേ മിഹികാ ദ്യുഭാസഃ. 7

തത്തേഽനുകമ്പാം സുസമീക്ഷമാണോ
ഭുഞ്ജാന ഏവാത്മകൃതം വിപാകം
ഹൃദ്വാഗ്വപുർഭിർവിദധന്നമസ്തേ
ജീവേത യോ മുക്തിപദേ സ ദായഭാക്. 8

പശ്യേശ, മേഽനാര്യമനന്ത ആദ്യേ
പരാത്മനി ത്വയ്യപി മായിമായിനി
മായാം വിതത്യേക്ഷിതുമാത്മവൈഭവം
ഹ്യഹം കിയാനൈച്ഛമിവാർച്ചിരഗ്നൗ. 9

അതഃ ക്ഷമസ്വാച്യുത, മേ രജോഭുവോ
ഹ്യജാനതസ്ത്വത് പൃഥഗീശമാനിനഃ
അജാവലേപാന്ധതമോഽന്ധചക്ഷുഷ
ഏഷോഽനുകമ്പ്യോ മയി നാഥവാനിതി. 10

ക്വാഹം തമോമഹദഹംഖചരാഗ്നിവാർഭൂ-
സംവേഷ്ടിതാണ്ഡഘടസപ്തവിതസ്തികായഃ
ക്വേദൃഗ്വിധാവിഗണിതാണ്ഡപരാണുചര്യാ-
വാതാധ്വരോമവിവരസ്യ ച തേ മഹിത്വം. 11

ഉത്ക്ഷേപണം ഗർഭഗതസ്യ പാദയോഃ
കിം കല്പതേ മാതുരധോക്ഷജാഗസേ?
കിമസ്തിനാസ്തിവ്യപദേശഭൂഷിതം
തവാസ്തി കുക്ഷേഃ കിയദപ്യനന്തഃ. 12

ജഗത്ത്രയാന്തോദധിസംപ്ലവോദേ
നാരായണസ്യോദരനാഭിനാളാത്
വിനിർഗ്ഗതോഽജസ്ത്വിതി വാങ്ന വൈ മൃഷാ
കിം ത്വീശ്വര ത്വന്ന വിനിർഗ്ഗതോഽസ്മി. 13

നാരായണസ്ത്വം ന ഹി സർവ്വദേഹിനാ-
മാത്മാസ്യധീശാഖിലലോകസാക്ഷീ
നാരായണോഽങ്ഗം നരഭൂജലായനാ-
ത്തച്ചാപി സത്യം ന തവൈവ മായാ. 14

തച്ചേജ്ജലസ്ഥം തവ സജ്ജഗദ്വപുഃ
കിം മേ ന ദൃഷ്ടം ഭഗവംസ്തദൈവ?
കിം വാ സുദൃഷ്ടം ഹൃദി മേ തദൈവ?
കിം നോ സപദ്യേവ പുനർവ്യദർശി? 15

അത്രൈവ മായാധമനാവതാരേ
ഹ്യസ്യ പ്രപഞ്ചസ്യ ബഹിഃ സ്ഫുടസ്യ
കൃത്സ്നസ്യ ചാന്തർജ്ജഠരേ ജനന്യാ
മായാത്വമേവ പ്രകടീകൃതം തേ. 16

യസ്യ കുക്ഷാവിദം സർവ്വം സാത്മം ഭാതി യഥാ തഥാ
തത്ത്വയ്യപീഹ തത് സർവ്വം കിമിദം മായയാ വിനാ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിടന്നരൂപനമനന്യന്മാക്ക്ജ്ഞേയനു-
മവികാരിയും സ്വാനുഭൂതനുമെന്നാകിലും
അല്ലയോ ഭൂമൻ! ഗുണാതീതനാം ഭവാൻെറ
സ്സല്യമായീടും മഹിമാനത്തെസ്സാധുവൃന്ദം [നി-
പരിശുദ്ധമാമന്തഃകരണവൃത്തികൾകൊ-
ണ്ടൊരു മട്ടറിയുന്നു,ണ്ടറിയാ മററൊന്നിനാൽ. 6

ഭഗവൻ! ഹിതം ലോകക്കരുളാൻ ഗുണം പാരം
പ്രകടമാക്കീട്ടവതരിച്ച ഭവാനുടെ
ഗുണമാഹാത്മ്യങ്ങളെപ്പരിച്ഛേദിപ്പാനിഹ
നിനയ്ക്കിൽ ശക്തനായിട്ടുള്ളവനേതൊരുത്തൻ
പടുക്കൾ ചിലർ പക്ഷേ, വളരെക്കാലം ശ്രമം
തുടന്നിക്ഷിതിയിലെപ്പാംസുസഞ്ചയത്തേയും
അന്തരിക്ഷത്തിലുള്ള മഞ്ഞിൻതുള്ളികളേയു-
മന്തമററീടും നഭഃജ്യോതിസ്സഞ്ചയത്തെയും
എത്രയുണ്ടെന്നു തിട്ടപ്പെടുത്തിയേക്കാം,മെന്നാൽ
സാധ്യമല്ലവരാലും ഗണിക്കാൻ ഭവത്തത്വം. 7

അതിനാലങ്ങേക്കെഴും കാരുണ്യമൊന്നുമാത്രം
പ്രതീക്ഷിച്ചാത്മകർമ്മഫലഭോക്താവായി
ഹൃദയം, ദേഹം, വചസ്സിവയാലങ്ങയേത്താൻ
നിതാന്തം നമസ്കാരംചെയ്യേവൻ ജീവിക്കുമോ,
ആയവൻ മുക്തിപ്രദനായീടും ഭവാനുടെ
ദായാദനായിബ്ഭവിച്ചീടുന്നു തർക്കമില്ല. 8

നിന്തിരുമേനിയെൻെറ ദുസ്സ്വഭാവത്തെപ്പററി-
ച്ചിന്തിച്ചുനോക്കിയാലുമന്തരംഗത്തിൽ
സ്വാമിൻ!

മായകളുടെനേക്കും മായയെ പ്രയോഗിപ്പാ-
നായേററം സമർത്ഥനായാദ്യനായനന്തനായ്-
സമസ്തനിയന്താവായിരിക്കും ഭവാനിലും
പ്രമാദത്തിനാൽ മമ പ്രാഭവം കാണിക്കുവാൻ
വഹ്നിയിൽനിന്നും പുറപ്പെട്ട തീപ്പൊരിയങ്ങാ-
വഹ്നിയെത്തപിപ്പിക്കാൻ ശ്രമിക്കുംമട്ടിലേറ്റം
സാഹസമായിപ്പോയീ നിന്തിരുവടിയിൽ
ഞാൻ
മോഹത്താൽ ചെയ്തതായ മായാപ്രയോഗം
പ്രഭോ! 9

അച്യുതാ! ഭവാനതുമൂലമായജ്ഞനാം ഞാ-
നിച്ചെയ്തോരപരാധം പൊറുത്തുകൊള്ളേണമേ.
രജോഗുണത്തിൽനിന്നുമുദ്ഭവിച്ചവനായി-
ട്ടജാഭിമാനിയായി,വിവേകം കൈവെടിഞ്ഞു
നിന്നിൽനിന്നും വിഭിന്നനാണെന്നുമീശനെന്നു-
മുന്നി ഞാൻ ചെയ്തുപോയോരീയപരാധം
ഭവാൻ
അന്യാവലംബമില്ലാത്തവനാണിവനെന്നോ-
ർത്തന്യൂനകാരുണ്യത്താലഖിലം ക്ഷമിച്ചാലും.
10

പ്രകൃതി,മഹദഹംതത്ത്വങ്ങ,ളഗ്നി,ഭൂമി,
ഗഗനം, വായു, ജലമിവയാൽ ചൂഴ്ന്നതാകും
പെരിയോരണ്ഡകടാഹത്തിലെൺപത്തിനാലു
വിരൽപ്രമാണം ദേഹമിയലുമിവനെങ്ങോ?
അത്തരമനേകാണ്ഡപരമാണുക്കൾ നൂഴാ-
നൊത്ത രോമദ്വാരങ്ങളാന്നിടും ഭവാനെ-
ങ്ങോ? 11

ഗർഭസ്ഥനാകും ശിശുവിൻെറ കാൽത്തൊഴി-
യല്ലവുമപരാധമായമ്മ നിനയ്ക്കുമോ? [കളെ-
അസ്തിനാസ്തീതി രണ്ടുശബ്ദത്താൽ ചൊല്ല-
പ്പെടും
വസ്തുക്കളെല്ലാമങ്ങേക്കുക്ഷിയിലിരിക്കുന്നു.
ഞാനുമങ്ങതിനുള്ളിൽപ്പെട്ടിരിക്കുന്ന ഭവൽ-
സൂനുതാൻ, പൊറുത്താലുമെൻ പിഴ,യധോ-
ക്ഷജാ! 12

ത്രൈലോക്യം നശിച്ചിടുംവേളയിലംഭോ-
ധികൾ
മേളിച്ചു വർദ്ധിച്ചിടും ജലത്തിൽ ശയിക്കയാൽ
നാരായണാഖ്യയാളും നിന്തിരുവടിക്കെഴും
ചാരുനാഭീനാളത്തിൽനിന്നു ഞാനുണ്ടായതായ്
ചൊല്ലുമച്ചൊല്ലു സത്യംതന്നെയതപ്രകാര-
മല്ലയോ സ്വാമിൻ! ഭവാൻ ചൊന്നാലും
പരമാർത്ഥം. 13

ജഗദീശ്വരാ! ഭവാൻ സാക്ഷിതാനെല്ലാററിനും
സകലദേഹികൾക്കുമാത്മാവുമത്രേ നൂനം.
എന്നിതു രണ്ടുകൊണ്ടുമങ്ങു നാരായണൻതാൻ
പിന്നെയപ്പരാത്മാവിൽനിന്നു സംഭവിച്ചതാം
തണ്ണീരിൽ ശയിപ്പതു നാരായണാഖ്യൻ ഭവാൻ-
തന്നംശമെന്നതങ്ങേ മായതാൻ സത്യമല്ല. 14

ഭാവൽക്കം ലോകാകാരവപുസ്സു നീരസംസ്ഥ-
മാവുകിലെന്താണു ഞാൻ കാണായ്വാനുള്ള
ഹേതു
മാമകഹൃത്തിലപ്പോൾ ഞാനതു കാണ്മാനെന്താ-
ണാമാത്രയ്ക്കതു കാണാതാകാനുമെന്തുമൂലം? 15

പുറമേ കാണപ്പെടും സമസ്തപ്രപഞ്ചവും
വെറുതേ തോന്നൽമാത്രമെന്നതിജ്ജന്മത്തിൽ-
ഞാൻ
സാദരം തിരുമേനിയുള്ളത്തിലിപ്രപഞ്ചം
മാതാവാം യശോദയെക്കാണിച്ചു
ധരിപ്പിച്ചോൻ. 16

ഇവിടെയിതൊക്കെയും കണ്ടീടുന്നതുപോലെ
ഭവാൻെറയുള്ളത്തിലുമങ്ങയോടൊത്തുതന്നെ
കാണുകയാലതിൻപ്രതിബിംബമാണിതെന്നുള്ള
ശങ്കയ്ക്കില്ലടിസ്ഥാനമെല്ലാം നിന്മായയത്രേ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യൈവ ത്വദൃതേഽസ്യ കിം മമ ന തേ
മായാത്വമാദർശിതാ-
മേകോഽസി പ്രഥമം തതോ വ്രജസുഹൃ-
ദ്വത്സാഃ സമസ്താ അപി
താവന്തോഽസി ചതുർഭുജാസ്തദഖിലൈഃ
സാകം മയോപാസിതാ-
സ്താവന്ത്യേവ ജഗന്ത്യഭൂസ്തദമിതം
ബ്രഹ്മാദ്വയം ശിഷ്യതേ. 18

അജാനതാം ത്വത്പദവീമനാത്മ-
ന്യാത്മാഽഽത്മനാ ഭാസി വിതത്യ മായാം
സൃഷ്ടാവിവാഹം ജഗതോ വിധാന
ഇവ ത്വമേഷോഽന്ത ഇവ ത്രിനേത്രഃ. 19

സുരേഷ്വൃഷിഷ്വീശ തഥൈവ നൃഷ്വപി
തിര്യക്ഷു യാദസ്സ്വപി തേഽജനസ്യ
ജന്മാസതാം ദുർമ്മദനിഗ്രഹായ
പ്രഭോ വിധാതഃ സദനുഗ്രഹായ ച. 20

കോ വേത്തി, ഭൂമൻ, ഭഗവൻ, പരാത്മൻ,
യോഗേശ്വരോതീർഭവതസ്ത്രിലോക്യാം
ക്വ വാ കഥം വാ കതി വാ കദേതി
വിസ്താരയൻ ക്രീഡസി യോഗമായാം. 21

തസ്മാദിദം ജഗദശേഷമസത്സ്വരൂപം
സ്വപ്നാഭമസ്തധിഷണം പുരുദുഃഖദുഃഖം
ത്വയ്യേവ നിത്യസുഖബോധതനാവനന്തേ
മായാത ഉദ്യദപി യത് സദിവാവഭാതി. 22

ഏകസ്ത്വമാത്മാ പുരുഷഃ പുരാണഃ
സത്യഃ സ്വയംജ്യോതിരനന്ത ആദ്യഃ
നിത്യോഽക്ഷരോഽജസ്രസുഖോ നിരഞ്ജനഃ
പൂർണ്ണോഽദ്വയോ മുക്ത ഉപാധിതോഽമൃതഃ. 23

ഏവംവിധം ത്വാം സകലാത്മനാമപി
സ്വാത്മാനമാത്മാത്മതയാ വിചക്ഷതേ
ഗുർവ്വർക്കലബ്ധോപനിഷത്സുചക്ഷുഷാ
യേ തേ തരന്തീവ ഭവാനൃതാംബുധിം. 24

ആത്മാനമേവാത്മതയാഽവിജാനതാം
തേനൈവ ജാതം നിഖിലം പ്രപഞ്ചിതം
ജ്ഞാനേന ഭൂയോഽപി ച തത് പ്രലീയതേ
രജ്ജ്വാമഹേർഭോഗഭവാഭവൗ യഥാ. 25

അജ്ഞാനസംജ്ഞൗ ഭവബന്ധമോക്ഷൗ
ദ്വൗ നാമ നാന്യൗ സ്ത ഋതജ്ഞഭാവാത്
അജസ്രചിത്യാത്മനി കേവലേ പരേ
വിചാര്യമാണേ തരണാവിവാഹനീ. 26

ത്വാമാത്മാനം പരം മത്വാ പരമാത്മാനമേവ ച 27
ആത്മാ പുനർബ്ബഹിർമൃഗ്യ അഹോഽജ്ഞജനതാജ്ഞതാ.

അന്തർഭവേഽനന്ത ഭവന്തമേവ
ഹ്യതത്ത്യജന്തോ മൃഗയന്തി സന്തഃ
അസന്തമപ്യന്ത്യഹിമന്തരേണ 28
സന്തം ഗുണം തം കിമു യന്തി സന്തഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ങൊരാളൊഴിഞ്ഞിങ്ങു കാണുന്നതശേഷവും
ഉണ്ട്ഗമാം ഭവന്മായയെന്നിപ്പോൾ കാട്ടിത്തന്നു
ഞാൻ പശുവത്സഗോപബാലരെ മറപ്പതിൻ-
മുമ്പേകനായിരുന്നോരങ്ങുന്നനേകനായി
എത്ര ഗോവത്സസുഹൃദ്ബാലകന്മാരായെന്നാ-
ലത്രയുമെണ്ണം ചതുഷ്പാണികളായിത്തീർന്നാൻ.
അവരെ വേറേവേറേ ഞാനും മറ്റുള്ള ദേവ-
നിവഹങ്ങളും ചുറ്റും നിന്നു സേവിപ്പതായും
ഓരോ ബ്രഹ്മാണ്ഡമോരോരുത്തരെച്ചൂഴ്ന്നതായും
നേരേ കണ്ടങ്ങദ്വയബ്രഹ്മമെന്നറിഞ്ഞു ഞാൻ. 18
നിന്തിരുമേനിക്കെഴും വസ്തുവസ്വരൂപത്തെ
ചിന്തിച്ചറിഞ്ഞീടാത്ത ജനരാശിതൻ കണ്ണിൽ
പ്രകൃതിസ്ഥിതനായി സൃഷ്ടികാര്യം നടത്താൻ
ഭഗവൻ! ഭവാനേപ്പെട്ടീടുമ്പോളീ ഞാൻമട്ടും
പരിരക്ഷയിലങ്ങേപ്പോലെയും പ്രലയത്തിൽ
ഹരനൊപ്പവും ബഹുരൂപനായ് ശോഭിക്കുന്നു. 19
ഹേ! വിധാതാവേ പ്രഭോ! ജന്മഹീനനാം
ഭവാൻ
ദേവന്മാരിലുമൃഷിമാരിലും മർത്ത്യരിലും
ജലജതിര്യഗ്വർഗ്ഗങ്ങളിലുമോരോകാല-
യളവിൽ ജനനത്തെ സ്വീകരിക്കുന്നതോർത്താൽ
ദുർമ്മദാന്ധരെയാകെ ഹനിച്ചു സാധുക്കളെ
നന്മട്ടിലനുഗ്രഹിച്ചീടുവാൻതന്നെയല്ലോ. 20
അപരിച്ഛിന്നാ! ഹരേ! ഭഗവൻ! പരാത്മാവേ!
അപരിമേയയോഗപ്രഭാവാ! സർവ്വേശ്വരാ!
നിന്തിരുമേനിക്കെഴും ശക്തിയെയെവിടേതു-
സന്ധിയിലെത്രമാത്രമേതേതുവിധമെല്ലാം
കാണിച്ചുകളിക്കുവാനാണെന്നുമെങ്ങുനിന്നു-
മാണു കിട്ടുന്നതങ്ങേക്കീ ശക്തിയെന്നുള്ളതും,
ഏതേതു ലീലകളെക്കൊണ്ടാണു ഭവാൻ ഭക്ത-
വ്രാതത്തെയനുഗ്രഹിച്ചീടുന്നതെന്നും, സർവ്വം
യോഗമായയാൽ ദ്യോതിപ്പിച്ചിട്ടുമങ്ങേക്കളി-
യാകുന്നുവെന്നുമാരുണ്ടറിവോൻ ത്രിലോക-
ത്തിൽ. 21
അതിനാൽ വാസ്തവത്തിലില്ലാത്തതായ് നിര
പ്രതിഭമായി വെറും സ്വപ്നസന്നിഭമായി [സ്ഥു-
ദുഃഖദുഃഖദമാമിപ്രപഞ്ചംസമസ്തവും
ത്വൽകൃതമായയിൽനിന്നുദ്ഭൂതമെന്നാകിലും
അനന്തനായി നിത്യാനന്ദജ്ഞാനാത്മാവായീ-
ടിന നിന്തിരുവടിയോടു ചേർന്നിരിക്കയാൽ
സത്യമാസ്തോന്നീടുന്നുവെന്നതെന്നിയേ സ്വതേ
സത്യത്വമില്ലെന്നറിഞ്ഞീടുന്നു
വിവേകികൾ. 22
അവിടുന്നേകനാത്മാവപരിച്ഛേദ്യനാദ്യ-
നവികലാനന്ദചിത്സ്വരൂപൻ നിത്യൻ പൂർണ്ണൻ
പുരുഷൻ നിരഞ്ജനനജസ്രസുഖാത്മകൻ
പുരാണനപക്ഷയവിഹീനൻ ദയാപേതൻ
സത്യസ്വരൂപൻ സ്വയം പ്രകാശിക്കുമവൻ
മൃതി-
യെത്താത്തോൻ സർവ്വോപാധിവിമുക്തൻ
മുക്തൻ ധ്രുവം. 23
ഈവിധം ജഗത്സർവ്വാത്മാക്കൾക്കുമാത്മാവാകും
ഹേ വിഷ്ടരശ്രവസ്സേ! ഗുരുവായ് വിളങ്ങീടും
സൂര്യനിൽനിന്നു കിട്ടും ജ്ഞാനചക്ഷുസ്സാലങ്ങേ
നേരേയാത്മാത്മാവായിട്ടാരു കണ്ടീടുന്നുവോ
അവരേവരും ദ്രുതമസത്യമായീടുമീ-
ഭവസാഗരം കടന്നവരോയെന്നു തോന്നും. 24
മോഹത്താലാത്മാവിനെയാത്മാവെന്നറി-
യാതെ
ദേഹാത്മഭാവമാളുമജ്ഞാനികൾക്കശേഷം
ഇക്കാണും പ്രപഞ്ചത്തിൽ ഞാനെന്നുമെൻേറ-
തെന്നു-
മൊക്കെയും തോന്നീടുന്നിതദ്ധ്യാസംനിമി-
ത്തമായ്.
ജ്ഞാനത്താലാത്മാവിനെശ്ശരിയായറിയു-
മ്പോൾ-
താനേയാത്മാവിൽത്തന്നെയദ്ധ്യാസം
നശിക്കുന്നു.
കയറുകണ്ടിട്ടാദ്യം പാമ്പെന്നു ശങ്കിച്ചേറ്റം
ഭയന്നീടുവോരത്രു പാശമെന്നറിയുമ്പോൾ
സപദി ഭീതിയില്ലാതാകുമ്പോൽ ജ്ഞാ-
നാപ്തിയിൽ
പ്രപഞ്ചം സത്യമെന്ന തോന്നലും വിട്ടീടുന്നു. 25
സംസാരബന്ധം, മോക്ഷമെന്ന നാമങ്ങൾരണ്ടു-
മീശ്വരാ! സുപ്രസിദ്ധമജ്ഞാനജന്യമെന്നായ്
പ്രകൃതിവിഭിന്നനായദ്വിതീയനായ് ജ്ഞാനാ-
ത്മകനാമാത്മാവിനെക്കുറിച്ചു ചിന്തിക്കുകിൽ,
മിത്രനിലഹോരാത്രമെന്നപോലാനന്ദവും
സത്യവുമാകും ഭാവം തന്നിൽനിന്നന്യമല്ല. 26
ആത്മാവായിട്ടുമങ്ങു ദേഹമാണെന്നും ദേഹ-
മാത്മാവാണെന്നും വിചാരിച്ചിഹ വീണ്ടും-
വീണ്ടും
ബഹിർഭാഗത്തിലെല്ലാമാത്മാവെയാരാഞ്ഞിടും
മഹാമൂഢന്മാരുടെയജ്ഞതയാശ്ചര്യംതാൻ. 27
അനന്താ! സംസാരത്തിന്മദ്ധ്യത്തിൽ-
സാധുക്കളാം
ജനങ്ങൾ ഭവാനെയിച്ചിജ്ജഡശരീരത്തിൽ
തിരഞ്ഞിട്ടതല്ലതല്ലെന്നസത്താകെത്തള്ളി-
യറിഞ്ഞീടുന്നു ചിത്സ്വരൂപത്തെ നല്ലവണ്ണം.
അരികിലില്ലായ്കിലും സർപ്പത്തെദ്ധിക്കരിക്കാ-
തറിയാ സമീപസ്ഥപാശത്തെസ്സുജനങ്ങൾ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥാപി തേ, ദേവ, പദാംബുജദ്വയ-
പ്രസാദലേശാനുഗൃഹീത ഏവ ഹി
ജാനാതി തത്ത്വം, ഭഗവൻ, മഹിമ്നോ
ന ചാന്യ ഏകോഽപി ചിരം വിചിന്വൻ. 29

തദസ്തു മേ നാഥ സ ഭൂരിഭാഗോ
ഭവേഽത്ര വാന്യത്ര തു വാ തിരശ്ചാം
യേനാഹമേകോഽപി ഭവജ്ജനാനാം
ഭൂത്വാ നിഷേവേ തവ പാദപല്ലവം. 30

അഹോഽതിധന്യാ വ്രജഗോരമണ്യഃ
സ്തന്യാമൃതം പീതമതീവ തേ മുദാ
യാസാം വിഭോ വത്സതരാത്മജാത്മനാ
യത്തൃപ്തയേഽദ്യാപി ന ചാലമധ്വരാഃ. 31

അഹോ ഭാഗ്യമഹോ ഭാഗ്യം നന്ദഗോപവ്രജൗകസാം
യന്മിത്രം പരമാനന്ദം പൂർണ്ണം ബ്രഹ്മസനാതനം. 32

ഏഷാം തു ഭാഗ്യമഹിമാച്യുത താവദാസ്താ-
മേകാദശൈവ ഹി വയം ബത ഭൂരിഭാഗാഃ
ഏതദ്ധൃഷീകചഷകൈരസകൃത് പിബാമഃ
ശർവ്വാദയോഽങ്ഘ്ര്യുദജമധ്വമൃതാസവം തേ. 33

തദ് ഭൂരിഭാഗ്യമിഹ ജന്മ കിമപ്യടവ്യാം
യദ് ഗോകുലേഽപി കതമാങ്ഘ്രിരജോഽഭിഷേകം
യജ്ജീവിതം തു നിഖിലം ഭഗവാൻ മുകുന്ദ-
സ്ത്വദ്യാപി യത് പദരജഃ ശ്രുതിമൃഗ്യമേവ. 34

ഏഷാം ഘോഷനിവാസിനാമുത ഭവാൻ
കിം ദേവ രാതേതി ന-
ശ്ചേതോ വിശ്വഫലാത് ഫലം ത്വദപരം
കുത്രാപ്യയന്മുഹ്യതി
സദ്വേഷാദിവ പൂതനാപി സകുലാ
ത്വാമേവ ദേവാ പിതാ
യദ്ധാമാർത്ഥസുഹൃത് പ്രിയാത്മതനയ-
പ്രാണാശയാസ്ത്വത് കൃതേ. 35

താവദ്രാഗാദയഃ സ്തേനാസ്താവത് കാരാഗൃഹം ഗൃഹം
താവന്മോഹോഽങ്ഘ്രിനിഗഡോ യാവത് കൃഷ്ണ ന തേ
ജനാഃ. 36

പ്രപഞ്ചം നിഷ്പ്രപഞ്ചോഽപി വിഡംബയസി ഭൂതലേ
പ്രപന്നജനതാനന്ദസന്ദോഹം പ്രഥിതും പ്രഭോ! 37

ജാനന്ത ഏവ ജാനന്തു കിം ബഹൂക്ത്യാ ന മേ പ്രഭോ,
മനസോ വപുഷോ വാചോ വൈഭവം തവ ഗോചരഃ. 38

അനുജാനീഹി മാം കൃഷ്ണ, സർവ്വം ത്വം വേത്സി സർവ്വദൃക്
ത്വമേവ ജഗതാം നാഥോ ജഗദേതത്തവാർപ്പിതം. 39

ശ്രീകൃഷ്ണ, വൃഷ്ണികുലപുഷ്കരജോഷദായിൻ,
ക്ഷ്മാനിർജ്ജരദ്വിജപശൂദധിവൃദ്ധികാരിൻ,
ഉദ്ധർമ്മശാർവ്വരഹരക്ഷിതിരാക്ഷസധ്രു-
ഗാകല്പമാർക്കമർഹൻ, ഭഗവൻ, നമസ്തേ! 40

ശ്രീശുക ഉവാച

ഇത്യഭിഷ്ടൂയ ഭൂമാനം ത്രിഃ പരിക്രമ്യ പാദയോഃ
നത്വാഭീഷ്ടം ജഗദ്ധാതാ സ്വധാമ പ്രത്യപദ്യത. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്കിലും ഭഗവൻ! ഹേ ദേവേശാ! ഭവത്പാദ-
പങ്കജസേവമൂലം ത്വത്പ്രസാദാംശമാളും
ഭാഗവതന്മാരറിയുന്നു നിൻ തത്ത്വം ചിര-
മേകാന്തം ധ്യാനിക്കിലുമറിയാ മററുള്ളവർ. 29
അതിനാൽ സ്വാമിൻ! തവ ദാസനായീട-
മെന്നി-
ലധുനാ ഭവാൻ കനിഞ്ഞേകണമനുഗ്രഹം.
എനിക്കിജ്ജന്മത്തിലോ പിന്നെയോ
തിര്യഗ്ജന്തു-
ഗണത്തിൽത്താനോ വേറേ വല്ലതും വർഗ്ഗ-
ത്തിലോ
അനഘാ! ഭവദ്ഭക്തർക്കിടയിലൊരുത്തനായ്
ജനിച്ചിട്ടങ്ങേപ്പദപല്ലവം സേവിക്കണം. 30
അതിനു ഭാഗ്യം സിദ്ധിച്ചാൽമതി മറെറാ-
ന്നിലും
മതിയിലെനിക്കില്ല ലേശവുമാശയിപ്പോൾ.
ആശ്ചര്യം! വ്രജത്തിലെഗ്ഗോക്കളും നാരിമാരു-
മീശ്വരാ! ഞങ്ങളേക്കാളേററവും ധന്യരത്രേ.
ഗോവത്സഗോപബാലവേഷങ്ങൾ കൈ-
വരിച്ചു
സേവിച്ചുവല്ലോ മുദാ തത്സ്തന്യാമൃതം ഭവാൻ.
യാഗങ്ങൾപോലുമിന്നും ഭവാനെത്തൃപ്തനാക്കാ-
നാകാത്തതായിട്ടല്ലോ കണ്ടീടുന്നതും വിഭോ! 31
നന്ദഗോകുലവാസീവൃന്ദത്തിൻഭാഗധേയ-
മുന്നതമഹോ പരമോന്നതംതന്നെയോർക്കിൽ.
സമ്പൂർണ്ണസനാതനപരമാനന്ദബ്രഹ്മ-
മൻപോടവർക്കു മിത്രമായ്ത്തന്നെ തീർന്നുവല്ലോ.
അച്യുതാ! ഗോഷ്ഠവാസീജനത്തിൻഭാഗ്യം പരം
മെച്ചംതാനിരിക്കട്ടെ വിസ്മയംതന്നെ
പാർക്കിൽ. 32
ശിവൻ ഞാൻതൊട്ട പതിനൊന്നമർത്ത്യരും
വ്രജ-
നിവാസീജനേന്ദ്രിയപാനപാത്രങ്ങളാലേ
നിന്തിരുപ്പാദാംഭോജമധ്വമൃതാസവത്തെ
സന്തതം വേണ്ടുംവിധം പാനംചെയ്യുന്നു-
വല്ലോ. 33
ആ മഹാഭാഗ്യമുണ്ടെന്നാകിലുമിനി മർത്ത്യ-
ഭൂമിയിൽ ജനിക്കുവാൻ യോഗമുണ്ടെനിക്കെ-
ങ്കിൽ
വൃന്ദാവനത്തിങ്കലോ ഗോകുലത്തിലോ പെട-
മൊന്നിൻെറ പാദധൂളിയേല്ക്കുവാനൊക്കുംവിധം
പുല്ലായെങ്കിലും ജീവിച്ചീടുവാനവസരം
തെല്ലു സിദ്ധിച്ചാൽപ്പുല്ലായ്ത്തള്ളവേനജ-
സ്ഥാനം
മുക്തിദൻ ഭഗവാൻതൻ പാദപാംസുക്കൾ വേദ-
വാക്യത്താലിന്നുമാരായേണ്ടതായിരിക്കുന്നു. 34

സമസ്തഫലാത്മകനങ്ങുന്നീ ഘോഷംതന്നി-
ലമരുന്നവർക്കേന്തു ഫലത്തെയേകമെന്നായ്
നല്ലപോൽ ചുഴിഞ്ഞുനോക്കീടിലുമപ്പോഴെല്ലാം
വല്ലാതെ മോഹം കലർന്നീടുന്നിതെന്മനം
അങ്ങേത്താൻ ഭവാൻ സ്വയം ദാനംചെയ്യാ-
ലുമവ-
ർക്കെന്തും തക്കതായ ഫലമാകയില്ലിരാ ധ്രുവം.
കള്ളവേഷത്തിൽ വന്നു പാൽ തന്ന പൂതനക്കു-
ന്നല്ല തത്കുലത്തിനും ത്വത്പദമേകി-
യപ്പോൾ,
പത്തനം ധനം പ്രീതിവിഷയപദാർത്ഥങ്ങൾ
മിത്രങ്ങൾ ദേഹം പുത്രരിന്ദ്രിയപ്രാണങ്ങളും
ചിത്തവുമെല്ലാംതന്നെ നിന്തിരുവടിക്കായി
നിത്യവുമുഴിഞ്ഞോർക്കെന്തേകിയാൽ
മതിയാകും? 35
ഹേ കൃഷ്ണാ! ജനരാശി ഭവാനാലെന്നോളവും
സ്വീകരിക്കപ്പെടാതെയിരിക്കുമന്നോളമേ
രാഗാദിതസ്കരന്മാർ മോഷ്ടിക്കു ജ്ഞാനസമ്പ-
ത്താകുന്നും സ്വമന്ദിരം കാരാഗാരവുമാകും.
അത്രത്തോളമേ മോഹം പാദശൃങ്ഖലപോലെ
മർത്ത്യനെ ബന്ധിച്ചിട്ട ഘോരമാം
സംസാരത്തിൽ. 36
ഹേ പ്രഭോ! നിഷ്പ്രപഞ്ചനെങ്കിലുമങ്ങാശ്രയം-
പ്രാപിക്കും ജനതതിക്കാനന്ദം ദിനംപ്രതി,
വിസ്തരിക്കുവാൻ മന്നിൽ പുത്രഭാവത്തെയാർന്നു
പ്രത്യഹം പ്രപഞ്ചത്തെയനുകരിക്കുന്നിതേ. 37
ഏറെയെന്തിനു കഥിക്കുന്നു ഞാൻ ഭവത്തത്ത്വം
ഹേ രമാജാനേ! യറിയുന്നവരറിയട്ടെ.
നിന്തിരുവടിയുടെ മാഹാത്മ്യം വചസ്സിനു-
മന്തരംഗം വപുസ്സിന്നിവയ്ക്കുമതീതംതാൻ. 38
ഹേ കൃഷ്ണാ! സർവ്വദൃക്കാമവിടുന്നറിയുന്നു
ലോകത്തിലുള്ള കാര്യമാകവേയുള്ളവണ്ണം.
ലോകേശനങ്ങുതന്നെ ഞാനഭിമാനിക്കുമീ-
ലോകത്തെയർപ്പിക്കുന്നേനങ്ങനുഗ്രഹിച്ചാലും. 39
വൈകുണ്ഠാ! വൃഷ്ണിവംശപുഷ്കരദിവാകരാ!
ഭൂഗോനിർജ്ജരദ്വിജവാരിധിവൃദ്ധിപ്രദാ!
രുക്ഷപാഖണ്ഡതമോഹർത്താവേ! ധരാതല-
രാക്ഷസവംശനാശകൃത്തേ! യാസുര്യപൂജ്യാ!
ഭഗവൻ! ഭവാനെ ഞാനാകല്പം നമിക്കുന്നി-
തകളങ്കിതഭക്തിവിനയസമന്വിതം. 40
ശ്രീശുകൻ പറഞ്ഞു
ഈവിധം ഭഗവാനെ സ്തുതിച്ചു പാദങ്ങളിൽ
മൂവുരു നമിച്ചു തൻധാമം ഗമിച്ചാനജൻ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോഽനുജ്ഞാപ്യ ഭഗവാൻ സ്വഭുവം പ്രാഗവസ്ഥിതാൻ
വത്സാൻ പുളിനമാനിന്യേ യഥാ പൂർവസഖം സ്വകം. 42

ഏകസ്മിന്നപി യാതേഽബ്ദേ പ്രാണേശം ചാന്തരാഽത്മനഃ
കൃഷ്ണമായാഹതാ, രാജൻ, ക്ഷണാർദ്ധം മേനിരേഽർഭകാഃ. 43

കിം കിം ന വിസ്മരന്തീഹ മായാമോഹിതചേതസഃ
യന്മോഹിതം ജഗത്സർവ്വമഭീക്ഷ്ണം വിസ്മൃതാത്മകം. 44

ഊചുശ്ച സുഹൃദഃ കൃഷ്ണം ''സ്വാഗതം തേഽതിരംഹസാ
നൈകോഽപ്യഭോജി കബളഏഹീതഃ സാധു ഭുജ്യതാം.'' 45

തതോ ഹസൻ ഹൃഷീകേശോഽഭ്യവഹൃത്യ സഹാർഭകൈഃ
ദർശയംശ്ചർമ്മാജഗരം ന്യവർത്തത വനാദ്വ്രജം. 46

ബർഹപ്രസൂനനവധാതുവിചിത്രിതാങ്ഗഃ
പ്രോദ്ദാമവേണുദലശൃങ്ഗരവോത്സവാഢ്യഃ
വത്സാൻ ഗൃണന്നനുഗഗീതപവിത്രകീർത്തി-
ർഗ്ഗോപീദൃഗുത്സവദൃശിഃ പ്രവിവേശ ഗോഷ്ഠം. 47

അദ്യാനേന മഹാവ്യാളോ യശോദാനന്ദസൂനുനാ
ഹതോഽവിതാ വയം ചാസ്മാദിതി ബാലാ വ്രജേ ജഗുഃ. 48

രാജോവാച

ബ്രഹ്മൻ പരോദ്ഭവേ കൃഷ്ണേ ഇയാൻ പ്രേമാ കഥം ഭവേത്
യോഽഭൂതപൂർവ്വസ്തോകേഷു സ്വോദ്ഭവേഷ്വപി കഥ്യതാം. 49

ശ്രീശുക ഉവാച

സർവ്വേഷാമപി ഭൂതാനാം നൃപ സ്വാത്മൈവ വല്ലഭഃ
ഇതരേഽപത്യവിത്താദ്യാസ്തദ്വല്ലഭതയൈവ ഹി. 50

തദ്രാജേന്ദ്ര യഥാ സ്നേഹഃ സ്വസ്വകാത്മനി ദേഹിനാം
ന തഥാ മമതാലംബി പുത്രവിത്തഗൃഹാദിഷു. 51

ദേഹാത്മവാദിനാം പുംസാമപി, രാജന്യസത്തമ,
യഥാ ദേഹഃ പ്രിയതമസ്തഥാ നഹ്യനുയേ ച തം. 52

ദേഹോഽപി മമതാഭാക് ചേത്തർഹ്യസൗ നാത്മവത് പ്രിയഃ
യജ്ജീര്യത്യപി ദേഹേഽസ്മിൻ ജീവിതാശാ ബലീയസീ. 53

തസ്മാത് പ്രിയതമഃ സ്വാത്മാ സർവ്വേഷാമപി ദേഹിനാം
തദർത്ഥമേവ സകലം ജഗദേതച്ചരാചരം. 54

കൃഷ്ണമേനമവേഹി ത്വമാത്മാനമഖിലാത്മനാം
ജഗദ്ധിതായ സോഽപ്യത്ര ദേഹീവാഭാതി മായയാ. 55

വസ്തുതോഽജാനതാമത്ര കൃഷ്ണം സ്ഥാസ്നു ചരിഷ്ണു ച
ഭഗവദ്രൂപമഖിലം നാന്യദ്വസ്ത്വിഹ കിഞ്ചന. 56

സർവ്വേഷാമപി വസ്തൂനാം ഭാവാർത്ഥോ ഭവതി സ്ഥിതഃ
തസ്യാപി ഭഗവാൻ കൃഷ്ണഃ കിമതദ്വസ്തു രൂപ്യതാം. 57

സമാശ്രിതാ യേ പദപല്ലവപ്ലവം
മഹത്പദം പുണ്യയശോ മുരാരേഃ
ഭവാംബുധിർവ്വത്സപദം പരം പദം
പദം പദം യദ്വിപദാം ന തേഷാം. 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുത്രനാം ബ്രഹ്മാവിനെ യാത്രയാക്കീട്ടമ്മായാ-
മൂർത്തി തന്മായയാലേ മുൻപിരുന്നിടത്തുതാൻ
കൂട്ടരെയിരുത്തിയക്കാളിന്ദീപുളിനത്തിൽ
തുഷ്ടനായ് വത്സങ്ങളുമൊത്തെത്തീ തത്സ-
മീപം. 42

സ്വപ്രാണനാഥനാം ശ്രീകൃഷ്ണനെപ്പിരിഞ്ഞവ-
രപ്പൊഴേക്കൊരുവർഷമിങ്ങനെ കഴിച്ചതിൽ
അദ്ഭുതപ്പെടേണ്ടതില്ലാണ്ടൊന്നു തന്മായയാ-
ലർഭകർക്കരക്ഷണമായിട്ടേ തോന്നിയുള്ളൂ. 43
മായാമോഹിതചിത്തരായവർ മറക്കാത്ത-
തായിട്ടീ ലോകംതന്നിലെന്തുള്ളൂ ചിന്തി-
ക്കുകിൽ.

തന്മായാവിമോഹിതമീ ലോകം വീണ്ടും
വീണ്ടും

ചെമ്മേ നിജാത്മാവിനെപ്പോലും
വിസ്മരിക്കുന്നു. 44

''പെട്ടെന്നു വന്നുവല്ലോ കൃഷ്ണാ! നീ പോയ-
ശേഷ-

മൊററച്ചോററുരുളയുമുണ്ടതില്ലല്ലോ ഞങ്ങൾ.
മുഷ്ടമായിവിടിരുന്നുണ്ടാലുമെന്നക്ഷണം''
തുഷ്ടരായ്ക്കുട്ടികൾ ഭഗവാനോടു ചൊന്നാർ. 45
ചിരിച്ചുകൊണ്ടു പിന്നെബ് ഭഗവാ-
നവരോടൊ-

ത്തിരുന്നു ഭക്ഷണവും കഴിച്ചു സംതൃപ്തനായ്
അപ്പെരുമ്പാമ്പിൻ ചർമ്മമവരെയെല്ലാം കാട്ടി
ക്ഷിപ്രമാ വനം വിട്ടു ഗോകുലം പൂകീടിനാൻ.
പീലികൾ പുഷ്പങ്ങളും തലയിൽച്ചൂടി മന-
യോലയാലങ്ഗങ്ങളിൽ നൽക്കുറിക്കൂട്ടുമിട്ടു
ഉച്ചമായ്ക്കൊമ്പുമോടക്കുഴലും മുഴക്കീട്-
മൊച്ചയാലത്യുത്സാഹസമ്പന്നനായിത്തന്നെ
വത്സസഞ്ചയത്തിനെ ലാളിച്ചുമനുഗാമി-
വത്സന്മാർ പാടും നിജ സ്തുതിഗീതങ്ങൾ കേട്ടും
ഗോകുലനാരീനയനാനന്ദകരനായി
ശ്രീകൃഷ്ണപരമാത്മാവെത്തിനാൻ
ഗോകുലത്തിൽ. 46-47
ഇന്നീ യശോദാനന്ദനന്ദനനൊരു മഹാ-
പന്നഗത്തിനെക്കൊന്നു ഞങ്ങളെ രക്ഷിച്ചിതു.
അതിൻെറ വായിൽപ്പെട്ട ഞങ്ങൾക്കു ലേശം
ദേഹ-
ക്ഷതി പററിയില്ലെന്നകുട്ടികൾ വിളി-
ച്ചോതി. 48

രാജാവു പറഞ്ഞു

സ്വന്തപുത്രരിൽ സാധാരണ കാണ്മതിലേറ്റം
മുന്തിയമട്ടിൽ സ്നേഹം ഗോഷ്ഠവാസികൾ-
ക്കെല്ലാം
അന്യനിൽ ജാതനായിട്ടുള്ളൊരീ ശ്രീകൃഷ്ണനിൽ
വന്നതെന്തെന്നെന്നോടായ് ബ്രഹ്മജ്ഞാ!
ചൊല്ലിയാലും. 49

ശ്രീശുകൻ പറഞ്ഞു

ആത്മാവുതാൻ സമസ്തഭൂതരാശികൾക്കും മുഖ്യ-
മാത്മസൗഖ്യത്തിനത്രേ സന്താനധനാദികൾ.
പരമാനന്ദരൂപം ധരിച്ചു വിളങ്ങും ശ്രീ-
ഹരി സർവ്വാത്മാവെന്നായ് പ്രസിദ്ധം
നരേശ്വരാ! 50

ദേഹികൾക്കെല്ലാമതുമൂലമായ്ത്താന്താങ്ങൾ-
തൻ-

ദേഹത്തിലുളവാകും വിധത്തിലെഴും സ്നേഹം
മമതാഭാവം പെട്ടമർത്ഥപുത്രാലയാദി-
പ്രമുഖവസ്തുക്കളിലൊന്നിലുമുണ്ടായ്‌വരാ. 51
ശരീരംതന്നെയാത്മാവെന്നുറച്ചീടും മൂഢ-
പുരുഷക്കിതിൽ പ്രേമമേറുമെന്നോർത്തേണമോ
അവർക്കാ സ്വദേഹത്തിലെന്നപോൽ
പുത്രാദിയിൽ

ഭാവിക്കാ കുറെന്നതും പ്രസിദ്ധംതന്നെ രാജൻ!
52

ദേഹവും മമതയ്ക്കാസ്പദമാണവ,ർക്കെന്നാൽ
ദേഹത്തിലാത്മാവിൽപോലില്ലവർക്കേതും
പ്രിയം.

ശരീരം നശിച്ചീടും സന്ദർഭത്തിലും ജീവി-
ച്ചിരിപ്പാനധികമായാഗ്രഹിക്കുന്നുണ്ടവർ. 53
ആകയാൽ ശരീരികൾക്കഖിലം ജീവാത്മാവി-
ലാകുന്നു ഗാഢപ്രേമമെന്നതിനില്ല വാദം.
ധനധാന്യാദിചരാചരങ്ങളാത്മസൗഖ്യ-
ത്തിനുതാനാക്കും പ്രേമാസ്പദങ്ങളാകുന്നതും. 54
ഇക്കൃഷ്ണൻ സർവ്വഭൂതാവലിക്കുമാത്മാവെന്ന-
തുൾക്കാമ്പിലുറപ്പിച്ചുകൊള്ളുക ഭൂപതേ! നീ.
അവനുമിങ്ങു ലോകഹിതാർത്ഥം ഗോകുലത്തി-
ലവതരിച്ചിരിപ്പൂ, ദേഹിപോൽ, മായ-
യാലേ. 55

നേരേയിക്കൃഷ്ണപരമാത്മാവേയറിയുവോർ
പാരിലെച്ചരാചരവസ്തുക്കളശേഷവും
തത്സ്വരൂപമായ്ത്തന്നെ കാണുന്നിതെല്ലാ-
യ്പോഴും
നിശ്ചയമവർക്കന്യമല്ലൊരു തൃണംപോലും. 56
കാര്യരൂപത്തിൽക്കാണും സമസ്തവസ്തുക്കൾതൻ
കാരണവസ്തുക്കൾക്കും കാരണമായ് വിളങ്ങും
പുരുഷനായീടുമിക്കൃഷ്ണനേയൊഴിച്ചൊരു
തുരുമ്പിങ്ങുണ്ടോ നൃപാ! ചിന്തിച്ചുനോക്കി-
യാലും. 57

പുണ്യകീർത്തിയാം മുരവൈരിതൻ മഹത്പദ-
ദ്വന്ദ്വപല്ലവപോതമാശ്രയിച്ചീടുന്നവൻ
സംസാരപാരാവാരം ഗോവത്സപദപ്രായം
സംശയമേതും വേണ്ടാ കടക്കുന്നനായാസം. 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതത്തേ സർവ്വമാഖ്യാതം യത് പൃഷ്ടോഽഹമിഹ ത്വയാ
യത് കൗമാരേ ഹരികൃതം പൗഗണ്ഡേ പരികീർത്തിതം. 59
ഏതത് സുഹൃദ്ഭിശ്ചരിതം മുരാരേ-
രഘാർദ്ദനം ശാദ്വലജേമനം ച
വ്യക്തേതരദ്രൂപമജോർവ്വഭിഷ്ടവം
ശൃണ്വൻ ഗൃണന്നേതി നരോഽഖിലാർത്ഥാൻ. 60
ഏവം വിഹാരൈഃ കൗമാരൈഃ കൗമാരം ജഹതുർവ്രജേ
നിലായനൈഃ സേതുബന്ധൈർമ്മർക്കടോത്പ്ലവനാദിഭിഃ. 61

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ബ്രഹ്മസ്തുതിർന്നാമ ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

ശ്രീശുക ഉവാച
തതശ്ച പൗഗണ്ഡവയഃശ്രിതൗ വ്രജേ
ബഭൂവതുസ്തൗ പശുപാലസമ്മതൗ
ഗാശ്ചാരയന്തൗ സഖിഭിഃ സമം പദൈർ-
വൃന്ദാവനം പുണ്യമതീവ ചക്രതുഃ. 1
തന്മാധവോ വേണുമുദീരയൻ വൃതോ
ഗോപൈർ ഗൃണദ്ഭിഃ സ്വയശോ ബലാന്വിതഃ
പശൂൻ പുരസ്കൃത്യ പശവ്യമാവിശ-
ദ്വിഹർത്തുകാമഃ കുസുമാകരം വനം. 2
തന്മഞ്ജുഘോഷാലിമൃഗദ്വിജാകുലം
മഹന്മനഃ പ്രഖ്യപയഃസരസ്വതാ
വാതേന ജുഷ്ടം ശതപത്രഗന്ധിനാ
നിരീക്ഷ്യ രന്തും ഭഗവാൻ മനോ ദധേ. 3
സ തത്ര തത്രാരുണപല്ലവശ്രിയാ
ഫലപ്രസൂനോരുഭരേണ പാദയോഃ
സ്പൃശച്ഛിഖാൻ വീക്ഷ്യ വനസ്പതീൻ മുദാ
സ്മയന്നിവാഹാഗ്രജമാദിപൂരുഷഃ. 4

ശ്രീഭഗവാനുവാച
അഹോ അമീ ദേവവരാമരാർച്ചിതം
പാദാംബുജം തേ സുമനഃ ഫലാർഹണം
നമന്ത്യുപാദായ ശിഖാഭിരാത്മന-
സ്തമോഽപഹത്യൈ തരുജന്മ യത് കൃതം. 5
ഏതേഽലിനസ്തവ യശോഽഖിലലോകതീർത്ഥം
ഗായന്ത ആദിപുരുഷാനുപദം ഭജന്തേ
പ്രായോ അമീ മുനിഗണാ ഭവദീയമുഖ്യാ
ഗൂഢം വനേഽപി ന ജഹത്യനഘാത്മദൈവം. 6
നൃത്യന്ത്യമീ ശിഖിന ഈഡ്യ മുദാ ഹരിണ്യഃ
കുർവ്വന്തി ഗോപ്യ ഇവ തേ പ്രിയമീക്ഷണേന
സൂക്തൈശ്ച കോകിലഗണാ ഗൃഹമാഗതായ
ധന്യാ വനൗകസ ഇയാൻ ഹി സതാം നിസർഗ്ഗഃ. 7
ധന്യേയമദ്യ ധരണീ തൃണവീരുധസ്ത്വത്-
പാദസ്പൃശോ ദ്രുമലതാഃ കരജാഭിമൃഷ്ടാഃ
നദ്യോഽദ്രയഃ ഖഗമൃഗാഃ സദയാവലോകൈർ-
ഗോപ്യോഽന്തരേണ ഭുജയോരപി യത് സ്പൃഹാ ശ്രീഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദജൻ കൗമാരത്തിൽച്ചെയ്തതു പൗഗണ്ഡത്തി-
ലെന്നു ബാലന്മാർ ചൊന്നതെന്തെന്നതറി-
ഞ്ഞിടാൻ

എന്നോടു ഭവാൻ ചോദിച്ചീടിന ചോദ്യത്തിനു-
മിന്നേവം ചൊല്ലീടിനേനുത്തരം പൃഥ്വീ-
പതേ! 59

പശുപസഖാക്കളൊത്തികൃഷ്ണനാന്ന ലീലാ-
വിശേഷങ്ങളും തച്ചിദാനന്ദസ്വരൂപവും

പച്ചപ്പുല്ലിന്മേലിരുന്നുണ്ടതുമദ്ഭുതപ്പെ-
ട്ടച്ചതുർമ്മുഖൻ ചെയ്തോരുൽകൃഷ്ണസ്തോത്രങ്ങളും

ആശ്ചര്യകരമഘവധവും കീർത്തിക്കയും
നിശ്ചലഭക്തിപൂർവ്വം കേൾക്കയും ചെയ്തീടുവോർ

ഭഗവദ്ഭക്തന്മാരായൈഹികഭോഗസൗഖ്യ-
മഖിലമാന്നിട്ടന്ത്യം മുക്തരായ് ഭവിച്ചീടും. 60

ഒളിച്ചുകളിക്കുക വാനരന്മാരെപ്പോൽപ്പ-
ല്ലിളിച്ചു മരക്കൊമ്പിലങ്ങിങ്ങു ചാടിവീഴ്ക

നീരൊഴുക്കണകെട്ടിത്തടുക്കുകെന്നിത്യാദി
ഓരോ കൗമാരോചിതലീലകളാചരിച്ചു

രാമനും ശ്രീകൃഷ്ണനും കൗമാരകാലം പര-
മാമോദപുരസ്സരം കഴിച്ചാർ ഗോകുലത്തിൽ. 61

അദ്ധ്യായം 15

ധേനുകവധം

ശ്രീശുകൻ പറഞ്ഞു

പിന്നെയബ്ബാലകന്മാർ പൗഗണ്ഡ-
വയസ്സരായ്-
ത്തീന്നപ്പോൾപ്പശുക്കളെ മേയ്ക്കുവാൻ
പ്രാപ്തരെന്നായ്

നന്ദാദ്യരയയ്ക്കയാൽ സ്നേഹിതന്മാരുമൊത്തു
വൃന്ദാവനത്തിൽപ്പശുവൃന്ദത്തെ മേച്ചീടിനാർ. 1

നിജകീർത്തിയെഗ്ഗാനംചെയ്തീടും ഗോപബാല-
വ്രജത്താൽച്ചുററപ്പെട്ടു രാമനോടൊത്തു കണ്ണൻ

വേണുവുമൂതിപ്പശുവൃന്ദത്തെ മുൻനടത്തി-
ച്ചേണാന്ന നല്ല പുല്ലും വെള്ളവും പുഷ്പങ്ങളും

ധാരാളമിയന്നു ഗോപാലനോചിതമാകും-
ചാരുവൃന്ദാവനത്തിൽ കടന്നാൻ
ലീലേച്ഛുവായ്. 2

മഞ്ജുളസ്വനമാളും മൃഗാളിദ്വിജാളിയാൽ
രഞ്ജിതമായിസ്സജ്ജനാശയംപോലച്ഛമാം

സരസ്സിൽനിന്നും സരോജാതസൗരഭം പരം-
ധരിച്ചു വരും മന്ദമാരുതൻ വീശുന്നതാം

വൃന്ദാവനത്തെക്കണ്ടിട്ടവിടം രമിക്കുവാൻ
നന്നെന്നു മനതാരിലുറച്ചാൻ നന്ദാത്മജൻ. 3

അങ്ങങ്ങായരുണമാം പല്ലവകാന്തിയാന്നു
തിങ്ങിടും ഫലപുഷ്പഭരത്താൽത്താഴ്ന്നു പാരം

പാദത്തിലഗ്രഭാഗം തടയും തരുക്കളെ
മാധവൻ കണ്ടദ്ഭുതംപൂണ്ടോതീ രാമനോ-
ടായ്. 4

ശ്രീഭഗവാൻ പറഞ്ഞു

അല്ലയോ ദേവശ്രേഷ്ഠാ! വിസ്മയംതന്നെ
ഫുല്ലപ്രസൂനഫലബലികളാവഹിച്ചു [കാണുക

തരുക്കൾ തജ്ജന്മത്തിൻ ഹേതുവാമജ്ഞാനം
സം-
ഹരിപ്പാനായിദ്ദേവേശാർച്ചിതം ഭവത്പദം

ശാഖകളാകും തദീയോത്തമാംഗങ്ങൾ താഴ്ത്തി
സ്വാഗതമോതി നമസ്കരിച്ചീടുന്നു ചിത്രം! 5

ആദിപൂരുഷാ! കാൺകീ ഭൃംഗവൃന്ദത്തെ,സ്സർവ്വ-
ഭൂതജാലങ്ങളേയും പാവനമാക്കിത്തീക്കും

നിന്തിരുവടിയുടെ സത്കീർത്തി പാടിച്ചുഴന്നു
സന്തതം ഭജിക്കുന്നിതങ്ങയെ മിക്കവാറും.

ഗൂഢസ്വരൂപനാകും നിജ ദൈവത്തെസ്സേവി-
ച്ചീടുവാൻ വനത്തിലുമനഘാ! ത്വദീയരാം

മാമുനീജനങ്ങളമീ വേഷം ചമഞ്ഞു തൽ-
സ്വാമിയെപ്പക്ഷേ, ഭജിച്ചീടുന്നതായും വരാം. 6

നത്തനംചെയ്വൂ മുദാ കേകികൾ കാൺക
ഭവാ-
നത്ര ഗോപികമാരെപ്പോലെയീ മാൻപേടകൾ

നോട്ടങ്ങൾകൊണ്ടങ്ങയെത്തുഷ്ടനാക്കുന്നു,
കുയിൽ-
ക്കൂട്ടവും ഗൃഹാഗതനായീടുമങ്ങേയ്ക്കായി

മധുരകൂജനത്താൽ പ്രിയമാചരിക്കുന്നീ-
യതിഥിസൽക്കാരത്താൽ വനസ്ഥജന്തുക്കളും

കൃതാത്ഥരായിബ്ഭവിച്ചിരിപ്പൂ, സ്വമന്ദിരാ-
ഗതരെപ്പൂജിപ്പതുതന്നെയാം സദാചാരം. 7

ഇബ്ഭൂമി ധന്യയായീ ത്വത്പദസ്പർശനത്താ-
ലിപ്പൊഴിത്തൃണങ്ങളും വല്ലരീഗേഹങ്ങളും

കരജസംഗമത്താൽ പാദപലതാളിയും
കരുണാകടാക്ഷത്താലാറുകൾ ശൈലങ്ങളും

പക്ഷികൾ മൃഗങ്ങളും, പൂമാതു കൊതിച്ചിടും
വക്ഷസ്സിൻ സംഗമത്താൽ ധന്യരായ്
ഗോപിമാരും. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച
ഏവം വൃന്ദാവനം ശ്രീമത് കൃഷ്ണഃ പ്രീതമനാഃ പശൂൻ
രേമേ സഞ്ചാരയന്നദ്രേഃ സരിദ്രോധസ്സു സാനുഗഃ. 9

ക്വചിദ് ഗായതി ഗായത്സു മദാന്ധാളിഷ്വനുവ്രതൈഃ
ഉപഗീയമാനചരിതഃ സ്രഗ്വീ സങ്കർഷണാന്വിതഃ. 10

ക്വചിച്ച കളഹംസാനാമനുകൂജതി കൂജിതം
അഭിനൃത്യതി നൃത്യന്തം ബർഹിണം ഹാസയൻ ക്വചിത്. 11

മേഘഗംഭീരയാ വാചാ നാമഭിർദൂരഗാൻ പശൂൻ
ക്വചിദാഹ്വയതി പ്രീത്യാ ഗോഗോപാലമനോജ്ഞയാ. 12

ചകോരക്രൗഞ്ചചക്രാഹ്വഭാരദ്വാജാംശ്ച ബർഹിണഃ
അനുരൗതി സ്മ സത്ത്വാനാം ഭീതവദ്വ്യാഘ്രസിംഹയോഃ. 13

ക്വചിത് ക്രീഡാപരിശ്രാന്തം ഗോപോത്സങ്ഗോപബർഹണം
സ്വയം വിശ്രമയത്യാര്യം പാദസംവാഹനാദിഭിഃ. 14

നൃത്യതോ ഗായതഃ ക്വാപി വല്ഗതോ യുധ്യതോ മിഥഃ
ഗൃഹീതഹസ്തൗ ഗോപാലാൻ ഹസന്തൗ പ്രശശംസതുഃ. 15

ക്വചിത് പല്ലവതല്പേഷു നിയുദ്ധശ്രമകർശിതഃ
വൃക്ഷമൂലാശ്രയഃ ശേതേ ഗോപോത്സങ്ഗോപബർഹണഃ. 16

പാദസംവാഹനം ചക്രുഃ കേചിത്തസ്യ മഹാത്മനഃ
അപരേ ഹതപാപ്മാനോ വ്യജനൈഃ സമവീജയൻ. 17

അന്യേ തദനുരൂപാണി മനോജ്ഞാനി മഹാത്മനഃ
ഗായന്തി സ്മ, മഹാരാജ, സ്നേഹക്ലിന്നധിയഃ ശനൈഃ. 18

ഏവം നിഗൂഢാത്മഗതിഃ സ്വമായയാ
ഗോപാത്മജത്വം ചരിതൈർവിഡംബയൻ
രേമേ രമാലാളിതപാദപല്ലവോ
ഗ്രാമ്യൈഃ സമം ഗ്രാമ്യവദീശചേഷ്ടിതഃ. 19

ശ്രീദാമാ നാമ ഗോപാലോ രാമകേശവയോഃ സഖാ
സുബലസ്തോകകൃഷ്ണാദ്യാ ഗോപാഃ പ്രേമ്ണേദമബ്രുവൻ. 20

''രാമ, രാമ, മഹാബാഹോ, കൃഷ്ണ, ദുഷ്ടനിബർഹണ,
ഇതോഽവിദൂരേ സുമഹദ്വനം താലാളിസങ്കുലം. 21

ഫലാനി തത്ര ഭൂരീണി പതന്തി പതിതാനി ച
സന്തി കിം ത്വവരുദ്ധാനി ധേനുകേന ദുരാത്മനാ. 22

സോഽതിവീര്യോഽസുരോ രാമ, ഹേ കൃഷ്ണ, ഖരരൂപധൃക്
ആത്മതുല്യബലൈരന്യൈർജ്ഞാതിഭിർബ്ബഹുഭിർവൃതഃ. 23

തസ്മാത് കൃതനരാഹാരാദ്ഭീതൈർനൃഭിരമിത്രഹൻ,
ന സേവ്യതേ പശുഗണൈഃ പക്ഷിസങ്ഘൈർവിവർജ്ജിതം. 24

വിദ്യന്തേഽഭുക്തപൂർവ്വാണി ഫലാനി സുരഭീണി ച
ഏഷ വൈ സുരഭിർഗ്ഗന്ധോ വിഷൂചീനോഽവഗൃഹ്യതേ. 25

പ്രയച്ഛ താനി നഃ കൃഷ്ണ, ഗന്ധലോഭിതചേതസാം
വാഞ്ഛാസ്തി മഹതീ രാമ, ഗമ്യതാം യദി രോചതേ.'' 26

ഏവം സുഹൃദ്വചഃ ശ്രുത്വാ സുഹൃത്പ്രിയചികീർഷയാ
പ്രഹസ്യ ജഗ്മതുർഗ്ഗോപൈർവൃതൗ താലവനം പ്രഭൂ. 27

ബലഃ പ്രവിശ്യ ബാഹുഭ്യാം താലാൻ സമ്പരികമ്പയൻ
ഫലാനി പാതയാമാസ മതങ്ഗജ ഇവൗജസാ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

രാമനോടിപ്രകാരം ഭഗവാൻ വാസുദേവൻ
ശ്രീമത്താം വൃന്ദാവനമാഹാത്മ്യം ചൊന്നശേഷം
പ്രീതനായ് ഗോപാലരൊത്തദ്രിനിഗ്ദ്ധതനദീ–
രോധസ്സിൽപ്പശുക്കളെച്ചരിപ്പിച്ചാരമിച്ചാൻ. 9
അനുഗാപദാനം ഗാനം ചെയ്യുമ്പോൾ കണ്ണൻ
വനമാലയും പൂണ്ടു രാമനോടൊത്തുല്ലാത്തും
പൂന്തേനുണ്ടേററം മദം പൂണ്ടു വണ്ടുകൾ മൂളും
സന്ധിയിലവയ്ക്കൊപ്പം ഗാനം ചെയ്തിടും താനും.
10
ഒരിടത്തവൻ ചിരിപ്പിച്ചിടും കൂട്ടരെ മ–
റെറാരിടത്തന്നങ്ങളെപ്പോൽക്കളം ശബ്ദിച്ചിടും.
മയിലിന്നഭിമുഖമായ് നിന്നു ചിലദിക്കി–
ലയത്തമതുപോലെതന്നെ നർത്തനം ചെയ്യും. 11
ചിലപ്പോൾ ഗോപാലകർ ഗോക്കൾക്കും
സമാഹ്വാദം
വളർത്തിയിടിമുഴങ്ങീടും മട്ടുച്ചം വാക്കാൽ
ദൂരത്തിൽപ്പാഞ്ഞുപോകും ഗോക്കളെയവയ്ക്കുള്ള
പേരുകൾ ചൊല്ലി പ്രേമപൂർവ്വകം വിളിച്ചിടും.
ചക്രക്രൗഞ്ചങ്ങൾ മയിൽ, ചെമ്പോത്തുതൊട്ട
പക്ഷി–
വർഗ്ഗത്തിൻ സ്വനമനുസരിച്ചു ശബ്ദിച്ചിടും.
പിന്നെയാ മൃഗങ്ങളിൽ സിംഹവ്യാഘ്രാദി–
ഘോര–
വന്യജന്തുൽക്കരത്തിൽ ഭീതനെന്നായ്
നടിക്കും. 12–13
ചിലപ്പോൾക്കളിച്ചേറെ ക്ഷീണിച്ചു
ഗോപാലാങ്കം
ബലൻ, തൻ തലയണയാക്കിപ്പോയ്
ശയിക്കവേ
ചിക്കെന്നു ചാരത്തെത്തിക്കാൽ തലോടിയും
മററും
തക്ക ശുശ്രൂഷചെയ്തു വിശ്രമിപ്പിച്ചുകൊള്ളും. 14
ചിലപ്പോൾ പരസ്പരമോടിയും ചാടിവീണും
ചിലപ്പോൾ മല്പിടിച്ചും കളിക്കും ഗോപന്മാരെ
രാമകൃഷ്ണന്മാർ കൈക്കു പിടിച്ചു ചിരിച്ചുകൊ–
ണ്ടാമോദപുരസ്സരം വിവിധം പുകഴ്ത്തിടും. 15
നന്ദജൻ ചില സുഹൃത്തുക്കളുമായിച്ചില–
സന്ദർഭങ്ങളിൽ ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ടേററം
തളർന്നു തരുച്ചോട്ടിൽ തോഴർതന്മടിത്തട്ടിൽ
തലയുംവച്ചു തളിർമെത്തയിൽ കിടന്നിടും. 16
ആ മഹാത്മാവിൻ കാലു തടവും ചില പുണ്യ–
ദ്രുമാക്കൾ ചിലർ വീശും
പല്ലവവ്യജനത്താൽ. 17
അന്യരും സ്നേഹക്ലിന്നചിത്തരായ് മനോജ്ഞവും
സന്ദർഭോചിതവുമാം പാട്ടുകൾ പാടും മന്ദം. 18
ഈവിധമാത്മതത്ത്വം മറച്ചു മായാചേഷ്ട–
കൈവരിച്ചോരു ഗോപസൂനുവെന്നുള്ളമട്ടിൽ
പൂമാതു ലാളിച്ചീടും പാദപല്ലവത്തോടും
സാമാന്യാതീതങ്ങളാമീശകർമ്മങ്ങളോടും
രാമാനുജാതൻ ഗ്രാമവാസികളൊത്തു വെറും
ഗ്രാമീണനെന്ന മട്ടിൽ ക്രീഡിച്ചു രമിച്ചിതേ. 19
രാമകൃഷ്ണന്മാർക്കേററമിഷ്ടനാം ശ്രീദാമാവും
ശ്രീമാനാം സുബലനും സ്തോകകൃഷ്ണനും പിന്നെ
ചില ഗോപന്മാരും ചേർന്നൊരുനാളവരോടാ–
യലംഘ്യതരപ്രേമം പൂണ്ടേവം ചൊല്ലീടിനാർ:20
''ഹേ രാമാ! മഹാബാഹോ! ദുർജ്ജനാന്തകാ!
കൃഷ്ണാ!
ചാരത്തുണ്ടൊരു താലവിപിനം വിശാലമായ്.
21
അക്കാട്ടിൽ പനമ്പഴം ധാരാളം പൊഴിയുന്നു–
ണ്ടിക്കാലം മുമ്പിനാലേ വീണതുമുണ്ടസംഖ്യം
ദുഷ്ടനാം ധേനുകനെപ്പേടിച്ചങ്ങാരും ചെന്നു
തൊട്ടിടുന്നില്ലക്കായ്കൾ നഷ്ടപ്പെടുന്നു വൃഥാ. 22
ഗർദ്ദഭവേഷം ധരിച്ചിരിക്കുമാ രാക്ഷസ–
നത്യന്തം ശക്തിമാനും തത്തുല്യം ബലിഷ്ഠരാം
ബന്ധുവൃന്ദത്താൽ സമാവൃതനുമാണെന്നതു
ചിന്തിച്ചുകൊൾവിൻ നിങ്ങൾ ഹേ
രാമകൃഷ്ണന്മാരേ! 23
ശത്രുഹന്താവേ! നരഭോജിയാമാ ദൈത്യനെ–
യത്യന്തം ഭയന്നങ്ങു ചെന്നിടാ മർത്ത്യരാരും.
ആവിധം തന്നെ മൃഗപക്ഷിസഞ്ചയത്താലും
സേവിതമല്ലെന്നായിബ്ഭവിച്ചിതക്കാ–
നനം. 24
മുന്നം നാമനുഭവിക്കാത്തതും സൗരഭ്യസം–
പൂർണ്ണവുമാകും നല്ല ഫലങ്ങളതിൽക്കാണും.
ദിക്കെങ്ങും വ്യാപിക്കുമീയുൽക്കൃഷ്ടമാം
സുഗന്ധം
തൽക്കമില്ലാ വനത്തിൽനിന്നിങ്ങു വരു–
ന്നതാം. 25
ഗന്ധലോഭിതചിത്തർ ഞങ്ങൾക്കിന്നയേ
കൃഷ്ണാ!
പൊന്തിടുന്നുള്ളിലതിനാഗ്രഹം ബലഭദ്രാ!
ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾ ഞങ്ങളൊത്താ–
വനത്തിൽ
പെട്ടെന്നു വന്നീടുവാൻ തന്നെ നിശ്ചയിക്കു–
വിൻ.'' 26
ഇങ്ങനെ സുഹൃദ്വാക്യം കേട്ടുകമലിഞ്ഞു ത–
ദിങ്ഗിതം സാധിപ്പിക്കാവേണമെന്നുറച്ചുള്ളിൽ
ഗോപന്മാരോടുക്കൂടിയക്കുണമക്കാനനം
പ്രാപിച്ചീടിനാർ ബലഭദ്രനും ശ്രീകൃഷ്ണനും. 27
മത്തഹസ്തീന്ദ്രൻമട്ടിലുക്കോടത്താലങ്ങളെ
ഹസ്തങ്ങൾ രണ്ടുകൊണ്ടും പിടിച്ചു ബലഭദ്രൻ
അത്യരം വീണ്ടും വീണ്ടും കുലുക്കിത്തുരുതുരെ
വീഴ്ത്തിനാൻ താഴത്തു തത്ഫലങ്ങളശേഷവും.
28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലാനാം പതതാം ശബ്ദം നിശമ്യാസുരരാസഭഃ
അഭ്യധാവത് ക്ഷിതിതലം സനഗം പരികമ്പയൻ. 29

സമേത്യ തരസാ പ്രത്യഗ്ദ്വാഭ്യാം പദ്ഭ്യാം ബലം ബലീ
നിഹത്യോരസി കാശബ്ദം മുഞ്ചൻ പര്യസരത് ഖലഃ. 30

പുനരാസാദ്യ സംരബ്ധ ഉപക്രോഷ്ടാ പരാക്സ്ഥിതഃ
ചരണാവപരൗ, രാജൻ, ബലായ പ്രാക്ഷിപദ്രുഷാ. 31

സ തം ഗൃഹീത്വാ പ്രപദോർ ഭ്രാമയിത്വൈകപാണിനാ
ചിക്ഷേപ തൃണരാജാഗ്രേ ഭ്രാമണത്യക്തജീവിതം. 32

തേനാഹതോ മഹാതാലോ വേപമാനോ ബൃഹച്ഛിരാഃ
പാർശ്വസ്ഥം കമ്പയൻ ഭഗ്നഃ സ ചാന്യം സോഽപി ചാപരം. 33

ബലസ്യ ലീലയോത്സൃഷ്ടഖരദേഹഹതാഹതാഃ
താലാശ്ചകമ്പിരേ സർവ്വേ മഹാവാതേരിതാ ഇവ. 34

നൈതച്ചിത്രം ഭഗവതി ഹ്യനന്തേ ജഗദീശ്വരേ
ഓതപ്രോതമിദം യസ്മിംസ്തന്തുഷ്വങ്ഗ യഥാ പടഃ. 35

തതഃ കൃഷ്ണം ച രാമം ച ജ്ഞാതയോ ധേനുകസ്യ യേ
ക്രോഷ്ടാരോഽഭ്യദ്രവൻ സർവ്വേ സംരബ്ധാ ഹത ബാന്ധവാഃ. 36

താംസ്താനാപതതഃ കൃഷ്ണോ രാമശ്ച നൃപ, ലീലയാ
ഗൃഹീത പശ്ചാച്ചരണാൻ പ്രാഹിണോത്തൃണരാജസു. 37

ഫലപ്രകരസങ്കീർണ്ണം ദൈത്യദേഹൈർഗ്ഗതാസുഭിഃ
രരാജ ഭൂഃ സതാലാഗ്രൈർഘനൈരിവ നഭസ്തലം. 38

തയോസ്തത് സുമഹത് കർമ്മ നിശമ്യ വിബുധാദയഃ
മുമുചുഃ പുഷ്പവർഷാണി, ചക്രുർവാദ്യാനി, തുഷ്ടുവുഃ. 39

അഥ താലഫലാന്യാദൻ മനുഷ്യാ ഗതസാധ്വസാഃ
തൃണം ച പശവശ്ചേരുർഹതധേനുകകാനനേ. 40

കൃഷ്ണഃ കമലപത്രാക്ഷഃ പുണ്യശ്രവണകീർത്തനഃ
സ്തൂയമാനോഽനുഗൈർഗ്ഗോപൈഃ സാഗ്രജോ വ്രജമാവ്രജത്. 41

തം ഗോരജശ്ഛുരിതകുന്തളബദ്ധബർഹ-
വന്യപ്രസൂനരുചിരേക്ഷണചാരുഹാസം
വേണും ക്വണന്തമനുഗൈരനുഗീതകീർത്തിം
ഗോപ്യോ ദിദൃക്ഷിത ദൃശോഽഭ്യഗമൻ സമേതാഃ. 42

പീത്വാ മുകുന്ദമുഖസാരഘമക്ഷിഭൃങ്ഗൈ-
സ്താപം ജഹുർവിരഹജം വ്രജയോഷിതോഽഹ്നി
തത്സത്കൃതിം സമധിഗമ്യ വിവേശ ഗോഷ്ഠം
സവ്രീഡഹാസവിനയം യദപാങ്ഗമോക്ഷം. 43

തയോര്യശോദാരോഹിണ്യൗ പുത്രയോഃ പുത്രവത്സലേ
യഥാകാമം യഥാകാലം വ്യധത്താം പരമാശിഷഃ. 44

ഗതാധ്വാനശ്രമൗ തത്ര മജ്ജനോന്മർദ്ദനാദിഭിഃ
നീവീം വസിത്വാ രുചിരാം ദിവ്യസ്രഗ്ഗന്ധമണ്ഡിതൗ. 45

ജനന്യുപഹൃതം പ്രാശ്യ സ്വാദ്വന്നമുപലാളിതൗ
സംവിശ്യ വരശയ്യായാം സുഖം സുഷുപതുർവ്രജേ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലങ്ങൾ വീഴുംശബ്ദം ശ്രവിച്ചു ഖരരൂപം-
കലരും ധേനുകാഖ്യനായീടുമദ്ദാനവൻ
വൃക്ഷസംയുതയാമിദ്ധാത്രിയെച്ചലിപ്പിച്ചി-
ട്ടക്ഷണം കുതിച്ചുപാഞ്ഞെത്തിനാ-
നസ്ഥലത്തിൽ. 29
ബലിയാം ഖലനുടനടുത്തു പിൻകാലിനാൽ
ബലൻെറ മാറിൽത്തൊഴിച്ചതികക്ക്ശമാകും-
ഖരശബ്ദത്തെപ്പുറപ്പെടുവിച്ചടിക്കടി-
യരിശത്തോടാ വനം ചുററിസ്സഞ്ചരിച്ചിതേ. 30
ക്രുദ്ധനാമഗ്ഗർദ്ദഭം പിന്നെയുമടുത്തുവ-
ന്നത്യുരം തിരിഞ്ഞുനിന്നപ്പുറം കാൽകളാൽ-
ത്താൻ
അത്യന്തം രോഷത്തോടുകൂടിയൂക്കോടബ്ബല-
ഭദ്രനാമരാതിയെത്തൊഴിച്ചീടിനാൻ വീണ്ടും. 31
ആ രാമനവനെത്തത്പാദാഗ്രഭാഗം രണ്ടും
പാരാതെ പിടിച്ചെടുത്തൊരു കൈയാൽച്ചുഴററി
നിഷ്പ്രാണനാക്കിത്തീർത്താ ഭ്രമണവേഗ-
ത്താൽത്താൻ
മേല്പോട്ടെടുത്തങ്ങെറിഞ്ഞീടിനാൻ താലാ-
ഗ്രത്തിൽ. 32
ആ ശവദേഹമൂക്കോടങ്ങൊരു പനയിന്മേ-
ലാശു വീഴവേ ഫലപൂർണ്ണമാമപ്പാദപം
മററൊന്നിൽപ്പതിച്ചതു വേറൊന്നിൽ വീണ-
ങ്ങനെ
തെറെറന്നിതെല്ലാംകൂടിയൊന്നിച്ചു താഴെ
വീണു. 33
കളിയായ് ബലഭദ്രനെടുത്തെറിഞ്ഞീടിന
ഖലധേനുകശവമൂക്കോടു ചെന്നടിച്ചു
പനകളടിക്കടി തുടരെത്താഴെവീണാ-
വനമാകവേ വാതകമ്പിതമെന്നമട്ടായ്. 34
അനന്തനായിജ്ജഗദീശനാം ഭഗവാനി-
ലണുവുമദ്ഭുതമായ്ത്തീരുന്നില്ലിസ്സംഗതി
ആലോചിക്കുമ്പോൾ നൂലുകളിലാവസ്ത്രംമട്ടി-
ലീലോകമദ്ദേവനിലോതപ്രോതംതാനല്ലോ.
35
അദ്ദൈത്യൻ മരിച്ചപ്പോൾ ജംബുകരൂപരാം
തദ്-
ഭൃത്യബന്ധൗഘം രാമകൃഷ്ണന്മാരുടെനേരേ
അത്യന്തമമർഷവുമത്തലുമാവഹിച്ചു
സത്വരം തുരുതുരെക്കുതിച്ചുപാഞ്ഞെത്തി-
നാർ. 36
ലോകൈകവീരന്മാരാം രാമകൃഷ്ണന്മാരതി-
വേഗമങ്ങവറെറയും പ്രയാസമേതുമെന്യേ
പിൻകാലുകളിൽ പിടിച്ചെടുത്തത്താലമൂല-
ത്തിങ്കലങ്ങടിച്ചു കൊന്നീടിനാർ ലീല-
യായി. 37
താലാഗ്രങ്ങളും മൃതദൈതേയദേഹങ്ങളും
ചേലാളും പനമ്പഴക്കൂട്ടവും നിറഞ്ഞെഴും
ആ മഹീതലം മേഘസമൂഹാവൃതമാകും
വ്യോമമണ്ഡലമെന്നവിധമായ് ശോഭി-
ച്ചിതേ. 38
ശ്രേഷ്ഠമാമിവർക്കെഴുമിക്കൃത്യം ശ്രവിച്ചുടൻ
തുഷ്ടരായ് മലർമാരി പൊരിഞ്ഞു നിർജ്ജര-
ദുന്ദുഭി മുതലായ വാദ്യഘോഷങ്ങളോടു- [ന്മാർ.
മന്യൂനം വേണ്ടുംവിധമവരെ സ്തുതിച്ചിതു. 39
ധേനുകവധംമൂലം ഭീതിയററാവനത്തിൽ
മാനവരെല്ലാം ചെന്നു തിന്നുന്നു പനമ്പഴം.
കില്ലററു പശുക്കളും നിത്യവുമതിൽച്ചെന്നു
മെല്ലവേ പച്ചപ്പുല്ലു തിന്നു സഞ്ചരിച്ചിതു. 40
പുണ്യകീർത്തനത്തോടും ശ്രവണത്തോടും ചേർന്നു
നന്ദജൻ സാരസാക്ഷൻ തന്നനുചരന്മാരാം
ഗോപരാൽ സ്തുതനായി രാമനോടൊത്തുചേർന്നു
പ്രാപിച്ചീടിനാൻ പിന്നെഗ്ഗോകുല-
മനാകുലം. 41
ഗോഗണസഞ്ചാരത്താൽ പൊങ്ങിടും
പൊടിയാള-
മാകമ്രകേശംതന്നിൽ പൂക്കളും, പീലിയും
ചാർത്തി
വേണുവുമൂതിസ്സുസ്മിതേക്ഷണനായി സ്വാപ-
ദാനങ്ങൾ പാടും തോഴരൊത്തെത്തും ഭഗവാനെ
കാണുവാൻ കാംക്ഷയേറും ഗോകുലത്തിലെ മധു-
വാണിമാരൊത്തുചേർന്നു ചെന്നെതി-
രേററീടിനാർ. 42
ഗോപികൾ മുകുന്ദാസ്യാബ്ജാസവം
നേത്രങ്ങളാ-
ലാപൂർണ്ണം പാനംചെയ്തിട്ടഹസ്സിലക്കണ്ണനെ
പിരിഞ്ഞിരുന്ന ദുഃഖം ത്യജിച്ചാർ, നാണം
പരി-
സ്ഫുരിക്കും മന്ദസ്മിതം വിനയമിവ ചേരും
തത് കടാക്ഷങ്ങളാകും സത്കാരങ്ങളുമേററു
ഗോക്കളും ഗോപന്മാരുമൊത്തങ്ങു ചെന്നേ-
റിനാൻ. 43
പുത്രവാത്സല്യമേറും രോഹിണീയശോദമാർ
സത്വരം രാമകൃഷ്ണന്മാർക്കു തദിച്ഛയ്ക്കൊത്തും
കാലാനുസൃതമായുമേതുമേ ലോഭമെന്യേ
ചാലവേ പരമമാമാശിസ്സു വഷിച്ചിതു. 44
എണ്ണ തേപ്പിച്ചു കുളിപ്പിച്ചുടൻ, മാർഗ്ഗശ്രമ-
മന്യൂനം പോക്കി, നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു,
ശ്രേഷ്ഠങ്ങളാകും പുഷ്പമാലകൾ ചാർത്തി, കുറി-
ക്കൂട്ടുമങ്ഗത്തിൽ തേപ്പിച്ചണിയിപ്പിച്ചാർ
ഭംഗ്യാ. 45
അമ്മമാർ കൊണ്ടുവന്ന രുച്യന്നം ഭുജിച്ചഥ
നന്മട്ടിലവരുടെ ലാളനങ്ങളുമേററു
രാമകൃഷ്ണന്മാർ നല്ല മൃദുലശയ്യതന്നിൽ
സാമോദം സുഖമായിശ്ശയിച്ചങ്ങുറങ്ങിനാർ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം സ ഭഗവാൻ കൃഷ്ണോ വൃന്ദാവനചരഃ ക്വചിത്
യയൗ രാമമൃതേ, രാജൻ, കാളിന്ദീം സഖിഭിർവൃതഃ. 47
അഥ ഗാവശ്ച ഗോപാശ്ച നിദാഘാതപപീഡിതാഃ
ദുഷ്ടം ജലം പപുസ്തസ്യാസ്തൃഷാർത്താ വിഷദൂഷിതം. 48
വിഷാംഭസ്തദുപസ്പൃശ്യ ദൈവോപഹതചേതസഃ
നിപേതുർവ്യസവഃ സർവ്വേ സലിലാന്തേ, കുരൂദ്വഹ! 49
വീക്ഷ്യ താൻ വൈ തഥാഭൂതാൻ കൃഷ്ണോ യോഗേശ്വരേശ്വരഃ
ഈക്ഷയാമൃതവർഷിണ്യാ സ്വനാഥാൻ സമജീവയത്. 50
തേ സമ്പ്രതീതസ്മൃതയഃ സമുത്ഥായ ജലാന്തികാത്
ആസൻ സുവിസ്മിതാഃ സർവ്വേ വീക്ഷമാണാഃ പരസ്പരം. 51
അന്വമംസത തദ്രാജൻ, ഗോവിന്ദാനുഗ്രഹേക്ഷിതം
പീത്വാ വിഷം പരേതസ്യ പുനരുത്ഥാനമാത്മനഃ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ധേനുകവധോ നാമ പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

ശ്രീശുക ഉവാച
വിലോക്യ ദൂഷിതാം കൃഷ്ണാം കൃഷ്ണഃ കൃഷ്ണാഹിനാ വിഭുഃ
തസ്യാവിശുദ്ധിമന്വിച്ഛൻ സർപ്പം തമുദവാസയത്. 1

രാജോവാച
കഥമന്തർജ്ജലേഽഗാധേ ന്യഗൃഹ്ണാദ്ഭഗവാനഹിം
സ വൈ ബഹുയുഗാവാസം യഥാഽഽസീദ്വിപ്ര, കഥ്യതാം. 2
ബ്രഹ്മൻ, ഭഗവതസ്തസ്യ ഭൂമ്നഃ സ്വച്ഛന്ദവർത്തിനഃ
ഗോപാലോദാരചരിതം കസ്തൃപ്യേതാമൃതം ജുഷൻ? 3

ശ്രീശുക ഉവാച
കാളിന്ദ്യാം കാളിയസ്യാസീദ്ധ്രദഃ കശ്ചിദ്വിഷാഗ്നിനാ
ശ്രപ്യമാണപയാ യസ്മിൻ പതന്ത്യുപരിഗാഃ ഖഗാഃ. 4
വിപ്രുഷ്മതാ വിഷോദോർമ്മിമാരുതേനാഭിമർശിതാഃ
മ്രിയന്തേ തീരഗാ യസ്യ പ്രാണിനഃ സ്ഥിരജങ്ഗമാഃ. 5
തം ചണ്ഡവേഗവിഷവീര്യമവേക്ഷ്യ തേന
ദുഷ്ടാം നദീം ച ഖലസംയമനാവതാരഃ
കൃഷ്ണഃ കദംബമധിരുഹ്യ തതോഽതിതുങ്ഗ-
മാസ്ഫോട്യ ഗാഢരശനോ ന്യപതദ്വിഷോദേ. 6
സർപ്പഹ്രദഃ പുരുഷസാരനിപാതവേഗ-
സംക്ഷോഭിതോരഗവിഷോച്ഛ്വസിതാംബുരാശിഃ
പര്യക്പ്ലുതോ വിഷകഷായവിഭീഷണോർമ്മി-
ർദ്ധാവൻ ധനുഃശതമനന്തബലസ്യ കിം തത്. 7
തസ്യ ഹ്രദേ വിഹരതോ ഭുജദണ്ഡഘൂർണ്ണ-
വാർഘോഷമങ്ഗ വരവാരണവിക്രമസ്യ
ആശ്രുത്യ തത് സ്വസദനാഭിഭവം നിരീക്ഷ്യ
ചക്ഷുഃശ്രവാഃ സമസരത്തദമൃഷ്യമാണഃ. 8
തം പ്രേക്ഷണീയസുകുമാരഘനാവദാതം
ശ്രീവത്സപീതവസനം സ്മിതസുന്ദരാസ്യം
ക്രീഡന്തമപ്രതിഭയം കമലോദരാങ്ഘ്രിം
സന്ദശ്യ മർമ്മസു രുഷാ ഭുജയാ ചഛാദ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃന്ദാവനത്തിലേവം സഞ്ചരിക്കവേ നന്ദ-
നന്ദനനൊരുനാളിൽ ജ്യേഷ്ഠനെക്കൂടാതെതാൻ
സ്നേഹിതന്മാരാൽ സമാവൃതനായ്ക്കളിന്ദജാ-
വാഹിനീതീരംതന്നിൽ സാമോദം
പോയീടിനാൻ. 47

ഗോക്കളും ഗോപന്മാരുമുഷ്ണകാലത്തിങ്കലെ-
യുത്കടാതപമേററു ദാഹപീഡിതരായി
പെട്ടെന്നന്നദിയിൽ ചെന്നിറങ്ങി
വിഷത്തിനാൽ
ദുഷ്ടമായീടുന്ന തത് സലിലം കുടിച്ചിതേ. 48

ദൈവോപഹതരായി വിഷാംബുസ്പർശത്തി-
നാൽ
ജീവഹീനരായ് സലിലാന്തികം
വീണാരവർ. 49

അതു കണ്ടെല്ലാരെയും ജീവേശ്വരശൻ ദ്രുതം
സുധാവർഷിയാം കടാക്ഷങ്ങളാൽ
ജീവിപ്പിച്ചാൻ. 50

ആലസ്യംതീർന്നു വീണ്ടും സ്മൃതിയാർന്നെ-
ണീററഗ്ഗോ-
പാലരും പശുക്കളും വിസ്മയസ്തബ്ധരായി
അന്യോന്യം മുഖത്തോടുമുഖം വീക്ഷിച്ചുകൊണ്ടു
നിന്നിതു കാളിന്ദിതൻ തീരത്തിൽ
നീരാന്തികം. 51

വിഷപാനത്താൽ ചത്തുപോയവരശേഷവു-
മസുവാർന്നുടനെഴുന്നേററു പാർത്തീടുകിൽ
ഭഗവദനുഗ്രഹംകൊണ്ടെന്നു തീർച്ചയാക്കി
പ്രകടിപ്പിച്ചാരതുമന്യോന്യവീക്ഷണ-
ത്താൽ. 52

അദ്ധ്യായം 16

കാളിയമർദ്ദനം

ശ്രീശുകൻ പറഞ്ഞു

കാളിയഭോഗിശ്രേഷ്ഠൻതൻ വിഷം
വ്യാപിച്ചത്രേ
കാളിന്ദിനദീജലം ദുഷിച്ചതെന്ന കാര്യം
ധരിച്ചാ വിഭുവുടനായതിൻ ശുദ്ധിക്കായി
പുറത്താക്കിനാനതിൽനിന്നുമബ്ഭുജംഗത്തെ. 1

രാജാവു പറഞ്ഞു

അതിയായാഴമാളുമതിൻ മദ്ധ്യത്തിൽ പണ്ടേ
പതിവായ് വസിച്ചീടുമബ്ഭുജഗാധീശനെ
ഏതുമട്ടതിൽനിന്നും നന്ദജനാട്ടിവിട്ടെ-
ന്നോതണം ഞങ്ങളോടായ് ബ്രഹ്മജ്ഞോത്തമാ,
ഭവാൻ. 2

സ്വച്ഛന്ദവൃത്തിയായിസ്സമസ്തവ്യാപിയാക-
മച്യുതഭഗവാൻതാൻ ഗോപാലനായി വന്നു
കൈക്കൊണ്ട കമ്മരൂപാമൃതത്തെസ്സേവി-
ക്കവോ-
ക്കാക്കുമുണ്ടാകുന്നില്ല ചെററുമേയലംഭാവം. 3

ശ്രീശുകൻ പറഞ്ഞു

കാളിയഫണികതിലുണ്ടായിരുന്നിതാഴ-
മാളുന്ന മഹാഹ്രദമൊ,ന്നതിലുള്ള വെള്ളം
തിളച്ചിരുന്നു വിഷവഹ്നിയാൽ, മീതേ പോകു-
ന്നളവിൽ വിഹംഗങ്ങൾ വെന്തതിൽ
വീണിരുന്നു. 4

ആ ഹ്രദത്തിലെത്തിരമാലയിൽനിന്നും വിഷ-
വാഹിയായെത്തും കാററു തട്ടുന്നനിമിഷത്തിൽ
കരയിൽപെട്ട ജീവിജാലങ്ങളെല്ലാം മൃതി-
ക്കിരയായ്ക്കരിയുന്നു തീരസ്ഥവൃക്ഷങ്ങളും. 5

ചണ്ഡവേഗതയാളും വിഷവീര്യം വഹിക്കും
പന്നഗത്തെയുമവൻമൂലമായ് ദുഷിച്ചതാം
അന്നദീനീരത്തെയും ദുഷ്ടനിഗ്രഹത്തിനായ്
വന്നവതരിച്ചൊരാ ശ്രീകൃഷ്ണപരമാത്മാ
കണ്ടു, തൻ കാഞ്ചി നന്നായ് മുറുക്കി നിബ-
ന്ധിച്ചു-
കൊണ്ടതിൻ തീരമാളും കടമ്പുവൃക്ഷമേറി
കൈകൊട്ടിച്ചിരിച്ചുകൊണ്ടെടുത്തുചാടീടി-
നാൻ
കാകോളകലുഷിതമാകുമക്കയംതന്നിൽ. 6

അഖിലബ്രഹ്മാണ്ഡവും കുക്ഷിയിലടക്കീടും
ഭഗവാനങ്ങു ചാടിവീഴവേ ഭാരത്തിനാൽ,
കാളിയബന്ധുക്കളാം നാഗങ്ങൾ കോപിഷ്ഠ-
രായ്
കാളുന്ന വിഷം പാരം കവിട്ടിത്തിളച്ചതാം
അക്കയനീരം നൂറു വില്പാടു ദൂരം ചുററും
വക്കു രണ്ടിലും പൊന്തിയെന്നതിലെന്ത-
ദ്ഭുതം? 7

മത്തവാരണതുല്യവിക്രമിയായക്കയ-
മദ്ധ്യത്തിൽ വിഹരിക്കും ഭഗവാൻ വാസു-
കരദണ്ഡങ്ങളാലക്കയത്തിലുണ്ടാക്കിയ [ദേവൻ
പെരിയഘോഷം കേട്ടിട്ടന്നിമിഷത്തിൽ-
ത്തന്നെ
നിജാവാസാക്രമത്തിലസഹമാനനായ-
ബ്ഭുജഗനായകൻ തത്സമീപമെത്തീടിനാൻ. 8

സുന്ദരമൃദ്വംഗനായ് സ്മിതാസ്യനായി മേഘ-
വർണ്ണനായ് ശ്രീവത്സവും പീതവസ്ത്രവും പൂണ്ടു
ചെന്നളിനോദരംപോൽത്തുടുത്ത പാദദ്വന്ദ്വ-
മാർന്നു നിർഭയനായി ക്രീഡിക്കും ഭഗവാനെ
ക്രുദ്ധനാം ഫണിവര്യൻ മമ്മസ്ഥാനങ്ങൾതോറും
സത്വരം കൊത്തിയങ്ങ്ഗമാകവേ ചുററീടി-
നാൻ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം നാഗഭോഗപരിവീതമദൃഷ്ടചേഷ്ട-
മാലോക്യ തത്പ്രിയസഖാഃ പശുപാ ഭൃശാർത്താഃ
കൃഷ്ണേƒർപ്പിതാത്മസുഹൃദർത്ഥകളത്രകാമാ
ദുഃഖാനുശോകഭയമൂഢധിയോ നിപേതുഃ. 10
ഗാവോ വൃഷാ വത്സതര്യഃ ക്രന്ദമാനാഃ സുദുഃഖിതാഃ
കൃഷ്ണേ ന്യസ്തേക്ഷണാ ഭീതാ രുദത്യ ഇവ തസ്ഥിരേ. 11
അഥ വ്രജേ മഹോത്പാതാസ്ത്രിവിധാ ഹ്യതിദാരുണാഃ
ഉത്പേതുർഭുവി ദിവ്യാത്മന്യാസന്നഭയശംസിനഃ. 12
താനാലക്ഷ്യ ഭയോദ്വിഗ്നാ ഗോപാ നന്ദപുരോഗമാഃ
വിനാ രാമേണ ഗാഃ കൃഷ്ണം ജ്ഞാത്വാ ചാരയിതും ഗതം. 13
തൈർദ്ദുർന്നിമിത്തൈർന്നിധനം മത്വാ പ്രാപ്തമതദ്വിദഃ
തത്പ്രാണാസ്തന്മനസ്കാസ്തേ ദുഃഖശോകഭയാതുരാഃ. 14
ആബാലവൃദ്ധവനിതാഃ സർവ്വേƒങ്ഗ, പശുവൃത്തയഃ
നിർജ്ജഗ്മുർഗ്ഗോകുലാദ്ദീനാഃ കൃഷ്ണദർശനലാലസാഃ. 15
താംസ്തഥാ കാതരാൻ വീക്ഷ്യ ഭഗവാൻ മാധവോ ബലഃ
പ്രഹസ്യ കിഞ്ചിന്നോവാച പ്രഭാവജ്ഞോƒനുജസ്യ സഃ. 16
തേƒന്വേഷമാണാ ദയിതം കൃഷ്ണം സൂചിതയാ പദൈഃ
ഭഗവല്ലക്ഷണൈർജ്ജഗ്മുഃ പദവ്യാ യമുനാതടം. 17
തേ തത്ര തത്രാബ്ജയവാങ്കുശാശനി-
ധ്വജോപപന്നാനി പദാനി വിശ്പതേഃ
മാർഗ്ഗേ ഗവാമന്യപദാന്തരാന്തരേ
നിരീക്ഷമാണാ യയുരങ്ഗസത്വരാഃ. 18
അന്തർഹ്രദേ ഭുജഗഭോഗപരീതമാരാത്
കൃഷ്ണം നിരീഹമുപലഭ്യ ജലാശയാന്തേ
ഗോപാംശ്ച മൂഢധിഷണാൻ പരിതഃ പശൂംശ്ച
സംക്രന്ദതഃ പരമകശ്മലമാപുരാർത്താഃ. 19
ഗോപ്യോƒനുരക്തമനസോ ഭഗവത്യനന്തേ
തത്സൗഹൃദസ്മിതവിലോകഗിരഃ സ്മരന്ത്യഃ
ഗ്രസ്തേƒഹിനാ പ്രിയതമേ ഭൃശദുഃഖതപ്താഃ
ശൂന്യം പ്രിയവ്യതിഹൃതം ദദൃശുസ്ത്രിലോകം. 20
താഃ കൃഷ്ണമാതരമപത്യമനുപ്രവിഷ്ടാം
തുല്യവ്യഥാഃ സമനുഗൃഹ്യ ശുചഃ സ്രവന്ത്യഃ
താസ്താ വ്രജപ്രിയകഥാഃ കഥയന്ത്യ ആസൻ
കൃഷ്ണാനനേƒർപ്പിതദൃശോ മൃതകപ്രതീകാഃ. 21
കൃഷ്ണപ്രാണാന്നിർവ്വിശതോ നന്ദാദീൻ വീക്ഷ്യ തം ഹ്രദം
പ്രത്യഷേധത് സ ഭഗവാൻ രാമഃ കൃഷ്ണാനുഭാവവിത്. 22
ഇത്ഥം സ്വഗോകുലമനന്യഗതിം നിരീക്ഷ്യ
സസ്ത്രീകുമാരമതിദുഃഖിതമാത്മഹേതോഃ
ആജ്ഞായ മർത്ത്യപദവീമനുവർത്തമാനഃ
സ്ഥിത്വാ മുഹൂർത്തമുദതിഷ്ഠദുരങ്ഗബന്ധാത്. 23
തത്പ്രഥ്യമാനവപുഷാ വ്യഥിതാത്മഭോഗ-
സ്ത്യക്ത്വോന്നമയ്യ കുപിതഃ സ്വഫണാൻ ഭുജങ്ഗഃ
തസ്ഥൗ ശ്വസൻ ശ്വസനരന്ധ്രവിഷാംബരീഷ-
സ്തബ്ധേക്ഷണോല്മുകമുഖോ ഹരിമീക്ഷമാണഃ. 24
തം ജിഹ്വയാ ദ്വിശിഖയാ പരിലേലിഹാനം
ദ്വേ സൃക്വിണീ ഹ്യതികരാളവിഷാഗ്നിദൃഷ്ടിം
ക്രീഡന്നമും പരിസസാര യഥാ ഖഗേന്ദ്രോ
ബഭ്രാമ സോƒപ്യവസരം പ്രസമീക്ഷമാണഃ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനങ്ങാനരുതാത്തവിധമബ് ഭുജംഗത്തിൻ-
തനുവാൽ സർവ്വാംഗവും ചുററപ്പെട്ടിരിപ്പതു
ഇഷ്ടരായ് സ്വന്തം പുത്രകളത്രധനാദി സ-
മസ്തവും തന്നിലർപ്പിച്ചുള്ള ഗോപന്മാർ കണ്ടു
ഒന്നിനൊന്നുപരിയായ് വധിക്കും ദുഃഖത്താലു-
മുന്നതഭയത്താലും മോഹിച്ചുവീണീടിനാർ. 10
ഗോവൃഷഭങ്ങൾ വത്സതരികളെന്നിതെല്ലാ-
മീ വിപത്തീക്ഷിച്ചേററം വ്യസനത്തോടുകൂടി
ഉറക്കെക്കരഞ്ഞുകൊണ്ടക്ഷികൾ ഭഗവാനി-
ലുറപ്പിച്ചങ്ങുനിന്നാർ ഭീതരെന്നുള്ളമട്ടിൽ. 11
വാമാംഗം ചലിച്ചിതു ഗോഷ്ഠവാസികൾ-
ക്കപ്പോൾ
വ്യോമത്തിൽനിന്നു വീണു കൊള്ളിമീനടി- [ക്കടി
ഉണ്ടായി ഭൂകമ്പവുമേററമാപത്തടുത്തി-
ട്ടുണ്ടെന്നബ് ഭയങ്കരോത്പാതങ്ങൾ സൂചി-
പ്പിച്ചു. 12

ദുർല്ലക്ഷണങ്ങളേവം കണ്ടിട്ടു നന്ദാദ്യരാം
വല്ലഭരെല്ലാവരും ഭയവിഹ്വലരായാർ.
കാലിമേയ്ക്കുവാനിന്നു രാമനെക്കൂടാതല്ലോ
ചാലവേ കൃഷ്ണൻ പോയതെന്നതുമതോടൊപ്പം,
ദുർന്നിമിത്തങ്ങളേയും ചേർത്തു പര്യാലോചിച്ചു
കണ്ണനിൽ പ്രാണൻ ഹൃത്തുമർപ്പിച്ചോരവരെല്ലാം
നന്ദജമൃതി ശങ്കിച്ചേററവും ദുഃഖിച്ചാർ ത-
ദുന്നതമാഹാത്മ്യത്തെ മോഹത്താലറി-
ഞ്ഞീല. 13–14

ആബാലസ്ത്രീവൃദ്ധമാം ഗോഷ്ഠവാസീജനം ശ്രീ-
ഗോപാലകൃഷ്ണദർശനോത്സുകചിത്തരായി
ഗോഗണതുല്യം ചെററും വിവേകവിഹീനരായ്
വേഗത്തിൽ പുറപ്പെട്ടാർ ഗോകുലംതന്നിൽ-
നിന്നും. 15

മധുവംശജൻ രാമൻ ഗോപവൃന്ദത്തിന്റെയീ-
മതിവിഭ്രമം കണ്ടു ചിരിച്ചതല്ലാതപ്പോൾ
ഉരിയാടിയില്ലവരോടൊരു വാക്കുപോലും
ഹരിപ്രഭാവം നേരേ ധരിച്ചിരിക്കമൂലം. 16
കണ്ണൻതൻ കാൽച്ചോടുകൾ പതിഞ്ഞ പാടു
നോക്കി-
യന്യൂനമാരാഞ്ഞവർ കാളിന്ദീതീരമെത്തി. 17
പങ്കജം, യവം, ധ്വജ, മങ്കുശ, മശനിയും
തങ്കും ശ്രീകൃഷ്ണപാദപതനമങ്ങിങ്ങവർ
ഗോക്കൾതൻ കാല്പാടുകൾക്കിടയിൽ സൂസൂ-
ക്ഷ്മമായ്
നോക്കിയാ മാർഗ്ഗത്തിലൂടെത്തിനാർ
സസംഭ്രമം. 18
വ്യാളത്താൽ ചുററപ്പെട്ടിട്ടനങ്ങാനരുതാതെ
കാളിന്ദീമദ്ധ്യമാളും കമലേക്ഷണനേയും
തീരത്തിൽ മോഹിച്ചങ്ങു കിടക്കും ഗോപരേയും
ചാരത്തു ചുററുംനിന്നു കരയും ഗോക്കളേയും
ദൂരത്തുനിന്നുതന്നെ വീക്ഷിച്ചിട്ടവരും ഹാ!
പാരാതെ മൂർച്ഛിച്ചങ്ങു നിലത്തു പതിച്ചിതേ. 19
അനന്തനായീടുമബ് ഭഗവാൻ ഗോവിന്ദനി-
ലനുരക്തമാരാകും ഗോപനാരിമാരെല്ലാം
സ്വപ്രിയതമൻ സർപ്പഗ്രസ്തനായ്ക്കണ്ടു ദുഃഖ-
തപ്തമാനസമാരായ്ക്കാർമുകിൽവർണ്ണൻതന്റെ
പുഞ്ചിരിതഞ്ചീടുമാ വാക്കുകൾ നോട്ടങ്ങളും
നെഞ്ചകംതന്നിൽ നേരേ സ്മരിക്കുന്നവരായി
ആ പ്രഭുവിനോടു ചേർന്നിരുന്നീടാത്തതാമീ-
മൂപ്പാരും വെറും ശൂന്യമെന്നുതാൻ വിചാരി-
ച്ചാർ. 20
കാളുന്ന കാളിന്ദിതൻ കയത്തിൽ ചാടീടുവാൻ
ചീളെന്നു തുനിയുമമ്മാധവമാതാവിനെ
തടഞ്ഞുനിർത്തി, ത്തുല്യദുഃഖിതകളാം ഗോപ-
മടവാർജനം ചുററുംനിന്നു കണ്ണീർപൊഴിച്ചു
കണ്ണനെ നോക്കിക്കൊണ്ടു തത്-
പൂർവ്വവൃത്താന്തങ്ങൾ
വർണ്ണിച്ചു ചൊല്ലി മൃതപ്രായരായ് സ്ഥിതി-
ചെയ്താർ. 21
നന്ദജാതനിൽ പ്രാണൻ സമർപ്പിച്ചിരിക്കുമ-
ന്നന്ദാദി ഗോപന്മാരും കയത്തിൽച്ചാടീടുവാൻ
സന്നദ്ധരെന്നുകണ്ടു മുകുന്ദമാഹാത്മ്യത്തെ
നന്നായറിഞ്ഞിരുന്ന മുസലി
നിരോധിച്ചാൻ. 22
ഗോകുലമാബാലസ്ത്രീവൃദ്ധം താൻമൂലമായി-
വ്യാകുലപ്പെടുന്നതു ഭഗവാൻ കൃഷ്ണൻ കണ്ടു
മർത്ത്യരീത്യനുസാരം മുഹൂർത്തനേരം നിന്നി-
ട്ടുത്വരം മുക്തനായാൻ സർപ്പ-
ബന്ധത്തിൽനിന്നും. 23
വേഗത്തിലുള്ള തനുവൃദ്ധിയാൽ കാളിയാംഗ-
മാകവേ ഞെരിഞ്ഞതി വേദനയാർന്നിട്ടവൻ
കണ്ണനെക്കൈവെടിഞ്ഞു കോപാ-
വിഷ്ടനായ് ഫണ-
മുന്നമിപ്പിച്ചു കൂടക്കൂടെത്തൻ ശ്വാസം വിട്ടും
മൂക്കിലൂടവേ വിഷം ധാരാളം വ്യാപിപ്പിച്ചും
തീക്കൊള്ളിക്കൊപ്പം തീവ്രമാനനം ചുവപ്പിച്ചും
കണ്ണുകൾ നിലയ്ക്കുതാൻ നിറുത്തി ഞരക്കമോ-
ടന്യൂനം ഭഗവാനെ നോക്കിത്താൻ
നിന്നീടിനാൻ. 24
ഘോരമാം വിഷവഹ്നി ചിന്നുമക്ഷികളോടും
കീറിയ നാവാൽ നക്കും കടവായകളോടും-
കൂടിയ ഭുജംഗത്തിൻ നാലുഭാഗവും ചുററി
ക്രീഡിച്ചാൻ താർക്ഷ്യൻമട്ടിൽ ഭഗവാൻ
മധുവൈരി.
ഉഗ്രനാമുരഗേന്ദ്രൻ കണ്ണനെക്കടിക്കുവാൻ
തക്കവുംനോക്കിച്ചുററിത്തിരിഞ്ഞു-
കൊണ്ടിരുന്നാൻ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം പരിഭ്രമഹതൗജസമുന്നതാംസ-
മാനമ്യ തത് പൃഥുശിരഃ സ്വധിരൂഢ ആദ്യഃ
തന്മൂർദ്ധരത്നനികരസ്പർശാതിതാമ്ര-
പദാംബുജോഽഖിലകലാദിഗുരുർന്നനർത്ത. 26

തം നർത്തുമുദ്യതമവേക്ഷ്യ തദാ തദീയ-
ഗന്ധർവ്വസിദ്ധസുരചാരണദേവവധ്വഃ
പ്രീത്യാ മൃദങ്ഗപണവാനകവാദ്യഗീത-
പുഷ്പോപഹാരനുതിഭിഃ സഹസോപസേദുഃ. 27

യദ്യച്ഛിരോ ന നമതേഽങ്ഗ, ശതൈകശീർഷ്ണ-
സ്തത്തന്മമർദ്ദ ഖരദണ്ഡധരോഽങ്ഘ്രിപാതൈഃ
ക്ഷീണായുഷോ ഭ്രമത ഉല്ബണമാസ്യതോഽസൃങ്
നസ്തോ വമൻ പരമകശ്മലമാപ നാഗഃ. 28

തസ്യാക്ഷിഭിർഗ്ഗരളമുദ്വമതഃ ശിരസ്സു
യദ്യത്സമുന്നമതി നിഃശ്വസതോ രുഷോച്ചൈഃ
നൃത്യൻ പദാനുനമയൻ ദമയാംബഭൂവ
പുഷ്പൈഃ പ്രപൂജിത ഇവേഹ പുമാൻ പുരാണഃ. 29

തച്ചിത്രതാണ്ഡവവിരുഗ്ണഫണാതപത്രോ
രക്തം മുഖൈരുരുവമൻ നൃപ ഭഗ്നഗാത്രഃ
സ്മൃത്വാ ചരാചരഗുരും പുരുഷം പുരാണം
നാരായണം തമരണം മനസാ ജഗാമ. 30

കൃഷ്ണസ്യ ഗർഭജഗതോഽതിഭരാവസന്നം
പാർഷ്ണിപ്രഹാരപരിരുഗ്ണഫണാതപത്രം
ദൃഷ്ട്വാഹിമാദ്യമുപസേദുരമുഷ്യ പത്ന്യഃ
ആർത്താഃ ശ്ലഥദ്വസനഭൂഷണകേശബന്ധാഃ. 31

താസ്തം സുവിഗ്നമനസോഽഥ പരസ്കൃതാർഭാഃ
കായം നിധായ ഭുവി ഭൂതപതിം പ്രണേമുഃ
സാധ്വ്യഃ കൃതാഞ്ജലിപുടാഃ ശമലസ്യ ഭർത്തു-
ർമ്മോക്ഷേപ്സവഃ ശരണദം ശരണം പ്രപന്നാഃ. 32

നാഗപത്ന്യ ഊചുഃ

ന്യായ്യോ ഹി ദണ്ഡഃ കൃതകില്ബിഷേഽസ്മിം-
സ്തവാവതാരഃ ഖലനിഗ്രഹായ
രിപോഃ സുതാനാമപി തുല്യദൃഷ്ടേ-
ർദ്ധത്സേ ദമം ഫലമേവാനുശംസൻ. 33

അനുഗ്രഹോഽയം ഭവതഃ കൃതോ ഹി നോ
ദണ്ഡോഽസതാം തേ ഖലു കല്മഷാപഹഃ
യദ്ദന്ദശൂകത്വമമുഷ്യ ദേഹിനഃ
ക്രോധോഽപി തേഽനുഗ്രഹ ഏവ സമ്മതഃ. 34

തപഃ സുതപ്തം കിമനേന പൂർവ്വം
നിരസ്തമാനേന ച മാനദേന
ധർമ്മോഽഥ വാ സർവ്വജനാനുകമ്പയാ
യതോ ഭവാംസ്തുഷ്യതി സർവ്വജീവഃ. 35

കസ്യാനുഭാവോഽസ്യ ന ദേവ വിദ്മഹേ
തവാങ്ഘ്രിരേണുസ്പർശാധികാരഃ
യദ്വാഞ്ഛയാ ശ്രീർല്ലലനാഽഽചരത്തപോ
വിഹായ കാമാൻ സുചിരം ധൃതവ്രതാ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെ വട്ടംചുററി ക്ഷീണിച്ച കാളിയൻതൻ-
തുങ്ഗമാം ഫണങ്ങളെയാനമിപ്പിച്ചതിന്മേൽ

കയററിഫ്ഫണമണികാന്തിയാൽ മിന്നും പദ-
ദ്വയത്താലക്കലാദിമാചാര്യൻ നൃത്തം-
ചെയ്യാൻ. 26

നർത്തനംചെയ്യാൻ ദേവൻ ഭാവിച്ചനിമി-
ഷത്തി-
ലെത്തിനാർ തദ്ബാന്ധവരായിട്ടം
വാനവന്മാർ.

മധുരഗാനംചെയ്തു ഗന്ധർവ്വർ, ചാരണന്മാർ
മൃദങ്ഗാനകപണവാദികാം ഘോഷിച്ചിതു.

പുഷ്പവർഷം ചൊരിഞ്ഞാരപ്സരസ്സരസംഘ-
മർപ്പിച്ചു നത്സുഗന്ധദ്രവ്യങ്ങാം സിദ്ധന്മാരും.

മാമുനിജനങ്ങളോടൊത്തുടൻ മററുള്ളോരു-
മാമോദപുരസ്സരം സ്തോത്രങ്ങാം
ചൊല്ലീടിനാർ. 27

തളൻ കറങ്ങുമഫ്ഫണികു മുഖ്യമായി-
ത്തലകാം നൂറുള്ളതിൽ താണീടാതതേതുണ്ടോ

അതിനെയെല്ലാം ദുഷ്ടനിഗ്രഹസമർത്ഥമാം
പദങ്ങാംകൊണ്ടു കൃഷ്ണൻ മർദ്ദനംചെയ്തമൂലം

മൂക്കിലും വായിലുംനിന്നുടനേ ധാരാളമായ്
രക്തമുദ്വമിച്ചവനാലസ്യാവസ്ഥയാന്നാൻ. 28

ഈക്ഷണങ്ങളിൽനിന്നും വഹ്നിയുദ്വമിപ്പിച്ചി-
ട്ടീർഷ്യയോടുച്ചം നിശ്വസിക്കുമഫണീന്ദ്രന്റെ

പൊന്തിയ ഫണങ്ങളെച്ചവട്ടിത്താഴ്ത്തി ത്താഴ്ത്തി-
ച്ചിന്തും തദഹമ്മതിയസ്തമിപ്പിച്ചീടിനാൻ.

അപ്പൊഴതിലദ്ദേഹം പുരാണപുമാനായും
പുഷ്ടാരാധിതനെന്നമട്ടിലും കാണപ്പെട്ടു. 29

നന്ദജൻതൻ വിചിത്രതാണ്ഡവംനിമിത്തമായ്
ഭിന്നങ്ങളാകും ഫണാതപത്രഗണത്തൊടും

ഭഗ്നാവയവത്തൊടുമാനനങ്ങളിലൂടെ
രക്തവും വമിച്ചേററെ ക്ഷീണനായക്കാളിയൻ

സകലചരാചരഗുരുവായ് പുരാണനാം
ഭഗവാൻ മുകുന്ദനെ സ്മരിച്ചാശ്രയമാന്നാൻ. 30

ജഗത്തുകാംക്കൊള്ളിച്ചിടും കൃഷ്ണൻതൻ ചവിട്ടേറ്റു
തകന്ന ശിരസ്സുകളാന്നതി ഭാരത്തിനാൽ

തളന്ന ഫണീന്ദ്രനെക്കണ്ടു തൽക്കാന്താജനം
വളന്ന ദുഃഖത്തിനാൽ വസ്ത്രഭൂഷണങ്ങളും

കേശബന്ധവുമഴിഞ്ഞവശമാദ്യനാമ-
ക്കേശവനിതന്നന്തികമെത്തിനാര-
ക്ഷണത്തിൽ. 31

ഉരംപ്പൂവിൽ തിങ്ങും ഭയംകാരണം താന്താങ്ങാം-
ന്നർഭകന്മാരെ മുൻപിലണച്ചസ്സതീഗണം [ത-

പ്പാണികാം കൂപ്പിപ്പാപിയായിട്ടം ഭർത്താവുതൻ
ത്രാണനമാഗ്രഹിച്ചു ശരണപ്രദനാകും

ഭൂതേശൻ കൃഷ്ണൻതന്നെശ്ശരണം ഗമിച്ചുടൻ
സാദരം താണുവീണു നമിച്ചാർ ഭക്തിപൂർവ്വം. 32

നാഗപത്നിമാർ പറഞ്ഞു

ദുഷ്കൃതമാചരിച്ചോരിവനിൽബ്ഭവാ-
നിപ്പോാം
കൈക്കൊണ്ടതായ ശിക്ഷയെത്രയും ന്യാ-
യമത്രേ.

ശത്രുക്കളിലും പുത്രന്മാരിലും തുല്യദൃക്കായ്
വർത്തിക്കുമങ്ങേജ്ജനി ദുഷ്ടനിഗ്രഹത്തിനാം.

ഖലന്മാരെയും നല്ലനിലയിലാക്കാനല്ലോ
ഫലേച്ഛവായിബ്ഭവാൻ സ്വീകരിക്കുന്ന
ദണ്ഡം. 33

ഞങ്ങളെയനുഗ്രഹിച്ചിരിക്കുന്നിതുമൂല-
മങ്ങുന്നിദാനീം; ദുഷ്ടന്മാരുടെനേരേ ഭവാൻ

ദണ്ഡമാചരിപ്പതു തത്കല്മഷാപഹാര-
ത്തിന്നുതാനെന്നുള്ളതിലില്ല സന്ദേഹമേതും.

ദന്ദശൂകത്വമാന്നാൻ പാപത്താലിവൻ ഭവ-
ന്മനസ്സുവമനുഗ്രഹത്തിന്നെന്നു സമ്മതംതാൻ. 34

എന്തൊരുവിധം തപസ്സാണാവോ പൂർവ്വം ഗർവ്വം
സന്ത്യജിച്ചുദാരനായിവനാചരിച്ചതും.

അന്തമററുള്ള ജീവരാശിയിലെല്ലാം കൃപ-
ചിന്തുമെന്തൊരുവിധം ധർമ്മമാചരിച്ചിതോ

അല്ലെങ്കിലിപ്രകാരം സമസ്തജീവനായി-
ട്ടുല്ലസിച്ചീടും ഭവാൻ തോഷിക്കയില്ലി-
ദാനീം. 35

ഉത്തമയാകും രമയാരെയാശിച്ചോ ചിരം
ന്യസ്തകാമയായ് വ്രതയുക്തയായ് തപംചെയ്തു

അങ്ങനെയുള്ളോരങ്ങേക്കാല്പൊടിയേല്ക്കാൻ
ഭാഗ്യ-
മെങ്ങനെയിവന്നുണ്ടായെന്നതജ്ഞാതമത്രേ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന നാകപൃഷ്ഠം ന ച സാർവ്വഭൗമം
ന പാരമേഷ്ഠ്യം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ
വാഞ്ഛന്തി യത് പാദരജഃപ്രപന്നാഃ. 37

തദേഷ നാഥാപ ദുരാപമന്യൈ-
സ്തമോജനിഃ ക്രോധവശോഽപ്യഹീശഃ
സംസാരചക്രേ ഭ്രമതഃ ശരീരിണോ
യദിച്ഛതഃ സ്യാദ്വിഭവഃ സമക്ഷഃ. 38

നമസ്തുഭ്യം ഭഗവതേ പുരുഷായ മഹാത്മനേ
ഭൂതാവാസായ ഭൂതായ പരായ പരമാത്മനേ. 39

ജ്ഞാനവിജ്ഞാനനിധയേ ബ്രഹ്മണേഽനന്തശക്തയേ
അഗുണായാവികാരായ നമസ്തേ പ്രാകൃതായ ച. 40

കാലായ കാലനാഭായ കാലാവയവസാക്ഷിണേ
വിശ്വായ തദുപദ്രഷ്ട്രേ തത്കർത്രേ വിശ്വഹേതവേ. 41

ഭൂതമാത്രേന്ദ്രിയപ്രാണമനോബുദ്ധ്യാശയാത്മനേ
ത്രിഗുണേനാഭിമാനേന ഗൂഢസ്വാത്മാനുഭൂതയേ. 42

നമോഽനന്തായ സൂക്ഷ്മായ കൂടസ്ഥായ വിപശ്ചിതേ
നാനാവാദാനുരോധായ വാച്യവാചകശക്തയേ. 43

നമഃ പ്രമാണമൂലായ കവയേ ശാസ്ത്രയോനയേ
പ്രവൃത്തായ നിവൃത്തായ നിഗമായ നമോ നമഃ. 44

നമഃ കൃഷ്ണായ രാമായ വസുദേവസുതായ ച
പ്രദ്യുമ്നായാനിരുദ്ധായ സാത്വതാം പതയേ നമഃ. 45

നമോ ഗുണപ്രദീപായ ഗുണാത്മച്ഛാദനായ ച
ഗുണവൃത്ത്യുപലക്ഷ്യായ ഗുണദ്രഷ്ട്രേ സ്വസംവിദേ. 46

അവ്യാകൃതവിഹാരായ സർവ്വവ്യാകൃതസിദ്ധയേ
ഹൃഷീകേശ, നമസ്തേഽസ്തു മുനയേ മൗനശീലിനേ. 47

പരാവരഗതിജ്ഞായ സർവ്വാധ്യക്ഷായ തേ നമഃ
അവിശ്വായ ച വിശ്വായ തദ്ദ്രഷ്ട്രേഽസ്യ ച ഹേതവേ. 48

ത്വം ഹ്യസ്യ ജന്മസ്ഥിതിസംയമാൻ, പ്രഭോ,
ഗുണൈരനീഹോഽകൃത കാലശക്തിധൃക്
തത്തത്സ്വഭാവാൻ പ്രതിബോധയൻ സതഃ
സമീക്ഷയാമോഘവിഹാര ഈഹസേ. 49

തസ്യൈവ തേഽമൂസ്തനവസ്ത്രിലോക്യാം
ശാന്താ അശാന്താ ഉത മൂഢയോനയഃ
ശാന്താഃ പ്രിയാസ്തേ ഹ്യധുനാവിതും സതാം
സ്ഥാതുശ്ച തേ ധർമ്മപരീപ്സയേഹതഃ. 50

അപരാധഃ സകൃദ്ഭർത്രാ സോഢവ്യഃ സ്വപ്രജാകൃതഃ
ക്ഷന്തുമർഹസി ശാന്താത്മൻ, മൂഢസ്യ ത്വാമജാനതഃ. 51

അനുഗൃഹ്ണീഷ്വ ഭഗവൻ! പ്രാണാംസ്ത്യജതി പന്നഗഃ
സ്ത്രീണാം നഃ സാധുശോച്യാനാം പതിഃ പ്രാണഃ പ്രദീയതാം. 52

വിധേഹി തേ കിങ്കരീണാമനുഷ്ഠേയം തവാജ്ഞയാ
യച്ഛ്രദ്ധയാനുതിഷ്ഠൻ വൈ മുച്യതേ സർവ്വതോഭയാത്. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർഗ്ഗലോകമോ, സാർവ്വഭൗമത്വസ്ഥാനം
താനോ,
മുഖ്യമാമജത്വമോ പാതാളാധീശത്വമോ
അഷ്ടസിദ്ധിയോ മോക്ഷംപോലുമോ
വാഞ്ഛിച്ചീടാ
ശ്രേഷ്ഠമാം ഭവത്പാദപാംസുക്കളണി-
ഞ്ഞവർ. 37
സംസാരചക്രംതന്നിൽ ഭ്രമിപ്പോരെല്ലാം ഭവ-
ത്സംസേവചെയ്വതേത്രേ വിഭവമിച്ഛിച്ചാണോ,
അന്യദുർല്ലഭമേത്ര തമോജാതനായ് ക്രോധ-
മന്ദിരമാമിഫ്ഫണിവര്യന കിട്ടി നാഥാ! 38
പരനായ് പുമാനായിബ്ഭൂതസ്വരൂപനായി
പരമാത്മാവായ് ഭൂതാവാസിയായ്
സർവ്വാത്മാവായ്
പരിശോഭിച്ചീടുന്ന ഭഗവൻ! കൃഷ്ണമൂർത്തേ!
തിരുമേനിയെ നമസ്കരിച്ചീടുന്നു ഞങ്ങൾ. 39
ജ്ഞാനവിജ്ഞാനങ്ങൾക്ക നിധാനമായിഗ്ഗുണ-
ഹീനനായ് ബ്രഹ്മമായിട്ടനന്തശക്തനായി
അവികാരിയായ് സങ്ഗാപേതനായ്
പ്രകൃതിയെ
പ്രവർത്തിപ്പിക്കുമങ്ങേക്കായിതാ നമസ്കാരം! 40
കാലരൂപനായ്ക്കാലാവയവസാക്ഷിയായി
കാലത്തിൻ ശക്തിക്കെന്നുമാശ്രയഭൂതനായി
ലോകരൂപനായ് ലോകദ്രഷ്ടാവായ്-
തത്കർത്താവായ്
ലോകകാരണനാകുമങ്ങയേ നമിക്കുന്നു. 41
പഞ്ചഭൂതങ്ങൾ, ശബ്ദാദികളാം വിഷയങ്ങൾ,
പഞ്ചജ്ഞാനേന്ദ്രിയങ്ങ,ളഞ്ചുകർമ്മേന്ദ്രിയങ്ങൾ
മാനസം, ബുദ്ധി, ചിത്ത,മഹങ്കാരവും ദശ-
പ്രാണങ്ങളെന്നിവററിൻ സ്വരൂപമായി മററും
അപാരഗുണനിർമ്മിതാഭിമാനത്താൽ സ്വാത്മാ-
നുഭവം മറച്ചാളുമങ്ങേയ്ക്കു നമസ്കൃതി. 42
അഖണ്ഡനായി സൂക്ഷ്മഭൂതനായ്ക്കൂടസ്ഥനാ-
യഖിലജ്ഞനായ്ബ്ബഹുവാദാനുസാരിയായി
വാച്യവാചകഭേദശക്തിരൂപനായ് മിന്നു-
മച്യുതാ! തിരുവടിക്കായിതാ നമസ്കാരം! 43
ജ്ഞാനരൂപനായ് പ്രമാണാസ്പദമായിശ്ശാസ്ത്ര-
യോനിയായ് പ്രവൃത്തിനിവൃത്തികൾക്ക-
ധീശനായ്
നിഗമമൂർത്തിയാകും നിൻതിരുമേനിക്കായി
ഭഗവൻ! നമസ്കാരം! പിന്നെയും നമസ്കാരം! 44
രാമനായ് കൃഷ്ണനായി വസുദേവജനായി
ശ്രീമത് പ്രദ്യുമ്നൻതാനുമനിരുദ്ധനുമായി
ഭക്തവൃന്ദത്തിൻ നാഥനായീടുമങ്ങേക്കായി-
ട്ടിക്കാലം നമസ്കരിച്ചീടുന്നു ഞങ്ങളെല്ലാം. 45
ഗുണത്രയത്തെ നന്നായ് ദ്യോതിപ്പിക്കു-
വോനായി
ഗുണത്താലാത്മാവിനെ മറയ്ക്കുന്നവനായി
ഗുണവൃത്തിയാൽ ജ്ഞേയനായ് സ്വയം-
ഭാസ്യനായി
ഗുണസാക്ഷിയായീടും ഭഗവൻ! നമസ്കാരം! 46
അല്ലയോ ഹൃഷീകേശാ! പ്രകടമാക്കീടാതെ-
യുള്ള ലീലകളോടുമുല്ലസിക്കുന്നു ഭവാൻ.
മനനശീലമാർന്ന മൗനസ്വഭാവത്തെയു-
മനുസരിക്കുമങ്ങേക്കായിതാ നമസ്കാരം! 47
അതിസ്ഥൂലവുമതിസൂക്ഷ്മവുമായീടുന്ന
ഗതിവിശേഷങ്ങളെയറിയുന്നവനായി
വിശ്വംവിട്ടവനായി വിശ്വാധിഷ്ഠാതാവായി
വിശ്വസ്വരൂപനായി വിശ്വത്തിൻ ദ്രഷ്ടാവായി
അഖിലജഗത്തിനും കാരണമായും മിന്നും
ഭഗവൻ! ഭവാനായിക്കൊണ്ടിതാ നമസ്കാരം!
48
അനീഹനെന്നാകിലുമങ്ങുന്നു ഫലവത്താ-
മനേകവിധമായ ലീലകളോടുകൂടി
നോട്ടത്താൽ ജന്തുക്കളിൽ സംസ്കാരസ്വരൂപ-
ത്തിൽ
പെട്ടിടും തത്തദ്ഭിന്നസ്വഭാവമുണർത്തുന്നു.
കാലശക്തിയെ ധരിച്ചങ്ങഥ ഗുണങ്ങളാൽ
ചാലവേ ലോകം തീർത്തു കാത്തു
സംഹരിക്കുന്നു. 49
ശാന്തിയുമശാന്തിയും മൗഢ്യവുമിയന്നിടും
ജന്തുക്കൾ മൂപ്പാരിലുമുള്ളവയശേഷവും
നിൻതിരുവടിയുടെ ദേഹങ്ങൾതന്നെ നൂനം
സന്തതം ധർമ്മപരിപാലനവാഞ്ഛമൂലം
കർമ്മങ്ങൾ ചെയ്യുവോനായ് സാധുരക്ഷണ-
ത്തിനു
ചെമ്മേയൊരുമ്പെട്ടിടും നിൻതിരുവടിക്കി-
പ്പോൾ
ശാന്തസ്വഭാവമിയന്നീടുന്ന ജന്തുക്കളിൽ
സന്തോഷമേറീടുമെന്നുള്ളതു തീർച്ചതന്നെ. 50
തൻപ്രജ ചെയ്തീടുന്നോരപരാധത്തെ സ്വാമി-
യൻപോടുമൊരുകുറി സഹിച്ചീടേണ്ടതല്ലോ.
അങ്ങയെയറിയാതിമ്മൂഢനാചരിച്ചോരി-
ത്തുങ്ഗാപരാധം ക്ഷമിച്ചീടുക ശാന്താത്മാവേ!
51
പ്രാണനെ വെടിയാറായീ സർപ്പ,മനുഗ്രഹി-
ക്കേണമേ ഭവാ,നിനിയിവനെയവിളംബം.
സത്തുക്കൾതൻ കാരുണിക്കേററമർഹതയാള-
മിസ്ത്രീജനത്തിൻ പ്രാണനാഥനായിരുന്നീടും
ഇദ്ദേഹത്തിനെയങ്ങുന്നനുഗ്രഹിച്ചു ഭംഗ-
മെത്തിക്കാതേകേണമേ ഞങ്ങൾക്ക
കൃപാനിധേ! 52
നിൻതിരുമേനിയുടെ കിങ്കരിമാരാമിവ-
രെന്താണു ചെയ്യേണ്ടതെന്നുള്ളതു കല്പിച്ചാലും
ശ്രദ്ധയോടങ്ങേയാജ്ഞയനുസരിക്കുന്നവൻ
മുക്തനായീടുമുടൻ സർവ്വഭീതിയിൽനിന്നും. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച
ഇത്ഥം സ നാഗപത്നീഭിർഭഗവാൻ സമഭിഷ്ടുതഃ
മൂർച്ഛിതം ഭഗ്നശിരസം വിസസർജ്ജാങ്ഘ്രികുട്ടനൈഃ. 54
പ്രതിലബ്ധേന്ദ്രിയപ്രാണഃ കാലിയഃ ശനകൈർഹരിം
കൃച്ഛ്റാത് സമുച്ഛ്വസൻ ദീനഃ കൃഷ്ണം പ്രാഹ കൃതാഞ്ജലിഃ. 55

കാലിയ ഉവാച
വയം ഖലാഃ സഹോത്പത്ത്യാ താമസാ ദീർഘമന്യവഃ
സ്വഭാവോ ദുസ്ത്യജോ, നാഥ, ലോകാനാം യദസദ്ഗ്രഹഃ. 56
ത്വയാ സൃഷ്ടമിദം വിശ്വം ധാതർഗ്ഗുണവിസർജ്ജനം
നാനാസ്വഭാവവീര്യൗജോയോനിബീജാശയാകൃതി. 57
വയം ച തത്ര, ഭഗവൻ, സർപ്പാ ജാത്യുരുമന്യവഃ
കഥം ത്യജാമസ്ത്വന്മായാം ദുസ്ത്യജാം മോഹിതാഃ സ്വയം. 58
ഭവാൻ ഹി കാരണം തത്ര സർവ്വജ്ഞോ ജഗദീശ്വരഃ
അനുഗ്രഹം നിഗ്രഹം വാ മന്യസേ തദ്വിധേഹി നഃ. 59

ശ്രീശുക ഉവാച
ഇത്യാകർണ്യ വചഃ പ്രാഹ ഭഗവാൻ കാര്യമാനുഷഃ
''നാത്ര സ്ഥേയം ത്വയാ സർപ്പ, സമുദ്രം യാഹി മാ ചിരം
സ്വജ്ഞാത്യപത്യദാരാഢ്യോ ഗോനൃഭിർ*ഭുജ്യതാം നദീ. 60
യ ഏതത് സംസ്മരേന്മർത്ത്യസ്തുഭ്യം മദനുശാസനം
കീർത്തയന്നുഭയോഃ സന്ധ്യോർന്ന യുഷ്മദ്ഭയമാപ്നുയാത്. 61
യോഽസ്മിൻ സ്നാത്വാ മദാക്രീഡേ ദേവാദീംസ്തർപ്പയേജ്ജലൈഃ
ഉപോഷ്യ മാം സ്മരന്നർച്ചേത് സർവ്വപാപൈഃ പ്രമുച്യതേ. 62
ദ്വീപം രമണകം ഹിത്വാ ഹ്രദമേതമുപാശ്രിതഃ
യദ്ഭയാത് സ സുപർണ്ണസ്ത്വാം നാദ്യാന്മത്–
പാദലാഞ്ഛിതം.'' 63

ശ്രീശുക ഉവാച
ഏവമുക്തോ ഭഗവതാ കൃഷ്ണേനാദ്ഭുതകർമ്മണാ
തം പൂജയാമാസ മുദാ നാഗപത്ന്യശ്ച സാദരം. 64
ദിവ്യാംബരസ്രങ്മണിഭിഃ പരാർദ്ധ്യൈരപി ഭൂഷണൈഃ
ദിവ്യഗന്ധാനുലേപൈശ്ച മഹത്യോത്പലമാലയാ. 65
പൂജയിത്വാ ജഗന്നാഥം പ്രസാദ്യ ഗരുഡധ്വജം
തതഃ പ്രീതോഽഭ്യനുജ്ഞാതഃ പരിക്രമ്യാഭിവന്ദ്യ തം.
സകളത്രസുഹൃത്പുത്രോ ദ്വീപമബ്ധേർജ്ജഗാമ ഹ. 66
തദൈവ സാമൃതജലാ യമുനാ നിർവ്വിഷാഭവത്
അനുഗ്രഹാദ്ഭഗവതഃ ക്രീഡാമാനുഷരൂപിണഃ. 67

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ കാലിയമോക്ഷണം നാമ ഷോഡശോഽധ്യായഃ

സപ്തദശോഽധ്യായഃ

രാജോവാച
നാഗാലയം രമണകം കസ്മാത്തത്യാജ കാലിയഃ
കൃതം കിം വാ സുപർണ്ണസ്യ തേനൈകേനാസമഞ്ജസം. 1

ശ്രീശുക ഉവാച
ഉപഹാര്യൈഃ സർപ്പജനൈർമ്മാസി മാസീഹ യോ ബലിഃ
വാനസ്പത്യോ, മഹാബാഹോ, നാഗാനാം പ്രാങ്നിരൂപിതഃ. 2

* 'ഭുജ്യതേ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

നാഗകാമിനിമാരാലീവിധം സ്തുതനാമാ–
ശ്രീകൃഷ്ണൻ പാദാഘാതനിമിത്തം ഭഗ്നങ്ങളാം
ഫണങ്ങളിയന്നിടും കാളിയസർപ്പത്തിനെ–
ഗ്ഘൃണയാലുടൻ നൃത്തം നിറുത്തി
വിട്ടീടിനാൻ. 54

മന്ദമായ് പ്രതിലബ്ധമായിടും പ്രാണേന്ദ്രിയ–
വൃന്ദയുക്തനായ് പാരം പണിപ്പെട്ടുച്ഛ്വസിച്ചു
ദീനനായ് സാഞ്ജലിയായ് നിന്നിട്ടു–
ബ്ഭഗവാൻ ശ്രീ–
ജാനിയോടിപ്രകാരം കാളിയൻ
ചൊല്ലീടിനാൻ. 55

കാളിയൻ പറഞ്ഞു

ഞങ്ങളോ ജന്മത്താൽത്താൻ ദുഷ്ടരും
തമോഗുണ–
മങ്ഗീകരിച്ചുള്ളോരും ക്രുദ്ധരുമത്രേ നാഥാ!
സഹജസ്വഭാവമീ ലോകർക്കു സന്ത്യാജ്യമ–
ല്ലഹംധീയതുകൊണ്ടാണാർക്കുമുണ്ടാകുന്നതും. 56
നാനാസ്വഭാവം വീര്യമോജസ്സാശയം ബീജം
യോനിയാകൃതിയിവയോടുകൂടിയതായി
ഗുണഭേദത്താൽ ബഹുവിധത്തിൽ കാണുമതായീ–
ടിന ലോകം രചിച്ചതങ്ങുന്നുതാൻ
പിതാവേ! 57
ജാതിസ്വഭാവത്താൽത്താൻ ക്രോധശീലരാം
സർപ്പ–
ജാതികം ഞങ്ങൾ ഭവന്മായാമോഹിതരല്ലോ.
ദുസ്ത്യജയായീടുമാ മായയെബ്ഭവത്കൃപ–
യെത്താതെ താനേ ഞങ്ങളെങ്ങനെ–
യൊഴിച്ചിടും? 58
സർവ്വജ്ഞനായിസ്സമസ്തേശനായ് വിളങ്ങിടും
ഹേ വിഷ്ണോ! ഭവാനത്രേ സകലത്തിനും മൂലം.
അവിടുന്നെന്നെയിഷ്ടംപോലനുഗ്രഹിക്കയോ
ഭുവനേശ്വരേശ്വരാ! നിഗ്രഹിക്കയോ ചെയ്ക. 59

ശ്രീശുകൻ പറഞ്ഞു

എന്നതു കേട്ടു കാര്യമാനുഷൻ ഭഗവാൻ ശ്രീ–
നന്ദജനവനോടായോതിനാനിപ്രകാരം:
''ഇന്നദീജലമെന്നുമെന്നുമറുള്ള പശു–
വൃന്ദവും മനുഷ്യരും പാനംചെയ്യുന്നതല്ലോ.
നീയിതിൽ വസിക്കേണ്ട വേഗമസ്സമുദ്രത്തിൽ
പോയി വാഴ്ക പുത്രകളത്രാദികളോടും. 60
നിങ്ങളോടുള്ള മമ ശാസനമിതു ചിത്താ–
രങ്ഗത്തിൽ സന്ധ്യതോറുമോർക്കയോ
കീർത്തിക്കയോ
ചെയ്യുന്ന മർത്ത്യർക്കിനി നിങ്ങളിൽനിന്നുമേതും
ഭീയൊരുകാലത്തിലും ഭവിക്കാതിരിക്കണം. 61
ഉപവാസത്തോടാരെൻ ക്രീഡാസ്ഥാനമാമിതി–
ലുപവേശിച്ചു കുളികഴിച്ചിസ്സലിലത്താൽ
പിതൃക്കളേയും ദേവന്മാരെയും തർപ്പണംചെ–
യ്തതിനുശേഷമെന്നെ സ്മരിച്ചു പൂജിച്ചിടും
ആ നരൻ സർവ്വവിധമായ പാപത്തിൽനിന്നു–
മൂനമെന്നിയേ വേഗം മോചിതനായിത്തീരും.
62
ആ രമണകദ്വീപം വെടിഞ്ഞീഹ്രദംതന്നി–
ലാരെബ്ഭയന്നിട്ടാണോ വന്നതു കാളിയാ, നീ
അപ്പത്രിപ്രവരനെയിനിമേൽ പേടിക്കേണ്ടാ
മത്പാദചിഹ്നങ്ങളെ മെയ്യിൽ നീ
വഹിക്കയാൽ.'' 63

ശ്രീശുകൻ പറഞ്ഞു

അദ്ഭുതകർമ്മാവാകും ഭഗവാൻ കൃഷ്ണൻതന്റെ
കല്പനയിതു കേട്ടുസർപ്പവും പത്നിമാരും
അധികം മോദത്തോടുമാദരവോടുംകൂടി
വിധിപോൽ ഭഗവാനെയർച്ചനംചെയ്തീടി–
നാർ. 64
ശോഭനവസനങ്ങൾ മാലകൾ മണിവൃന്ദ–
മാഭരണങ്ങളും നൽഗന്ധലേപനങ്ങളും
നീലത്താമരപ്പൂക്കളാലേ നിർമ്മിച്ച ദിവ്യ–
മാലാജാലവുംകൊണ്ടു പൂജിച്ചാർ
വേണ്ടുംവിധം. 65
ജഗന്നാഥനെയേവമർച്ചിച്ചു സന്തോഷിപ്പി–
ച്ചകതാർ നിറഞ്ഞിടും മുത്തോടൊത്തക്കാളിയൻ
കളത്രപുത്രമിത്രബന്ധുക്കളോടു ചേർന്നു
ജലധിമദ്ധ്യസ്ഥിതദ്വീപത്തിൽ
പ്രവേശിച്ചാൻ. 66
അപ്പോളക്കാളിന്ദിയും ലീലാമാനുഷൻതന്റെ
നിർഭരാനുഗ്രഹത്താൽ വിഷസംബന്ധം വിട്ടു
പീയൂഷസമം സ്വാദുകലരും ജലത്തോടു–
സംയുതയായിശ്ശോഭിച്ചീടിനാൾ
ധരേശ്വരാ! 67

അദ്ധ്യായം 17

കാളിയോത്സാരണം—ഗോപദാവാഗ്നിമോചനം

രാജാവു പറഞ്ഞു

കാളിയൻ നാഗാലയമാകുമാ രമണകം
ചാലവേയുപേക്ഷിച്ചു പോരുവാനെന്തു മൂലം?
പത്രിരാജനിൽ ഭീതിയിവനു മാത്രം വരാൻ
പ്രത്യേകമവനോടു ചെയ്ത തെറ്റെന്താണി–
വൻ? 1

ശ്രീശുകൻ പറഞ്ഞു

ഗരുഡൻ, തനിക്കുള്ള ഭക്ഷ്യസാധനങ്ങളാ–
മരവങ്ങൾക്കവന്റെ ശല്യമില്ലാതെയാക്കാൻ
ആഗ്രമരച്ചോട്ടിൽവച്ചു സർപ്പങ്ങൾ മാസംതോറും
കേമമായ് ബലിയേകാൻ നിശ്ചയംചെയ്തു
മുന്നം. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വം സ്വം ഭാഗം പ്രയച്ഛന്തി നാഗാഃ പർവ്വണി പർവ്വണി
ഗോപീഥായാത്മനഃ സർവ്വേ സുപർണ്ണായ മഹാത്മനേ. 3

വിഷവീര്യമദാവിഷ്ടഃ കാദ്രവേയസ്തു കാളിയഃ
കദർത്ഥീകൃത്യ ഗരുഡം സ്വയം തം ബുഭുജേ ബലിം. 4

തച്ഛ്രുത്വാ കുപിതോ, രാജൻ, ഭഗവാൻ ഭഗവത്പ്രിയഃ
വിജിഘാംസുർമ്മഹാവേഗഃ കാളിയം സമുപാദ്രവത്. 5

തമാപതന്തം തരസാ വിഷായുധഃ
പ്രത്യഭ്യയാദുച്ഛ്റിതനൈകമസ്തകഃ
ദദ്ഭിഃ സുപർണ്ണം വ്യദശദ്ദദായുധഃ
കരാളജിഹ്വോച്ഛ്വസിതോഗ്രലോചനഃ. 6

തം താർക്ഷ്യപുത്രഃ സ നിരസ്യ മന്യുമാൻ
പ്രചണ്ഡവേഗോ മധുസൂദനാസനഃ
പക്ഷേണ സവ്യേന ഹിരണ്യരോചിഷാ
ജഘാന കദ്രുസുതമുഗ്രവിക്രമഃ. 7

സുപർണ്ണപക്ഷാഭിഹതഃ കാളിയോഽതീവ വിഹ്വലഃ
ഹ്രദം വിവേശ കാളിന്ദ്യാസ്തദഗമ്യം ദുരാസദം. 8

തത്രൈകദാ ജലചരം ഗരുഡോ ഭക്ഷ്യമീപ്സിതം
നിവാരിതഃ സൗഭരിണാ പ്രസഹ്യ ക്ഷുധിതോഽഹരത്. 9

മീനാൻ സുദുഃഖിതാൻ ദൃഷ്ട്വാ ദീനാൻ മീനപതൗ ഹതേ
കൃപയാ സൗഭരിഃ പ്രാഹ തത്രത്യ ക്ഷേമമാചരൻ. 10

''അത്ര പ്രവിശ്യ ഗരുഡോ യദി മത്സ്യാൻ സ ഖാദതി
സദ്യഃ പ്രാണൈർവ്വിയുജ്യേത സത്യമേതദ് ബ്രവീമ്യഹം.'' 11

തം കാളിയഃ പരം വേദ നാന്യഃ കശ്ചന ലേലിഹഃ
അവാത്സീദ് ഗരുഡാദ്ഭീതഃ കൃഷ്ണേന ച വിവാസിതഃ. 12

കൃഷ്ണം ഹ്രദാദ്വിനിഷ്ക്രാന്തം ദിവ്യസ്രഗ്ഗന്ധവാസസം
മഹാമണിഗണാകീർണ്ണം ജാംബൂനദപരിഷ്കൃതം. 13

ഉപലഭ്യോത്ഥിതാഃ സർവ്വേ ലബ്ധപ്രാണാ ഇവാസവഃ
പ്രമോദനിഭൃതാത്മാനോ ഗോപാഃ പ്രീത്യാഭിരേമിരേ. 14

യശോദാ രോഹിണീ നന്ദോ ഗോപ്യോ ഗോപാശ്ച, കൗരവ,
കൃഷ്ണം സമേത്യ ലബ്ധേഹാ ആസംല്ലബ്ധമനോരഥാഃ. 15

രാമശ്ചാച്യുതമാലിങ്ഗ്യ ജഹാസാസ്യാനുഭാവവിത്
നഗാ ഗാവോ വൃഷാ വത്സാ ലേഭിരേ പരമാം മുദം. 16

നന്ദം വിപ്രാഃ സമാഗത്യ ഗുരവഃ സകളത്രകാഃ
ഊചുസ്തേ, ''കാളിയഗ്രസ്തോ ദിഷ്ട്യാ മുക്തസ്തവാത്മജഃ. 17

ദേഹി ദാനം ദ്വിജാതീനാം കൃഷ്ണനിർമ്മുക്തിഹേതവേ''
നന്ദഃ പ്രീതമനാ, രാജൻ, ഗാഃ സുവർണ്ണം തദാദിശത്. 18

യശോദാപി മഹാഭാഗാ നഷ്ടലബ്ധപ്രജാ സതീ
പരിഷ്വജ്യാങ്കമാരോപ്യ മുമോചാശ്രുകലാം മുഹുഃ. 19

താം രാത്രിം തത്ര, രാജേന്ദ്ര, ക്ഷുത്തൃഡ്ഭ്യാം ശ്രമകർശിതാഃ
ഊഷുർവ്രജൗകസോ ഗാവഃ കാളിന്ദ്യാ ഉപകൂലതഃ. 20

തദാ ശുചിവനോദ്ഭൂതോ ദാവാഗ്നിഃ സർവ്വതോ വ്രജം
സുപ്തം നിശീഥ ആവൃത്യ പ്രദഗ്ധുമുപചക്രമേ. 21

തത ഉത്ഥായ സംഭ്രാന്താ ദഹ്യമാനാ വ്രജൗകസഃ
കൃഷ്ണം യയുസ്തേ ശരണം മായാമനുജമീശ്വരം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഗങ്ങളെല്ലാമവന്നാത്മരക്ഷയ്ക്കായ് സ്വസ്വ-
ഭാഗം കൊടുത്തുവന്നു മുറയ്ക്കു വാവുതോറും. 3
കദ്രുവിൻ പുത്രനായികാകോളവീര്യമദ-
മത്തനാമക്കാളിയനൊരിക്കൽ തന്നോഹരി
ഏകിയുമില്ല താർക്ഷ്യൻ നിസ്സാരനെന്നമട്ടി-
ലാകെയബ്ബലി താനേ ഭക്ഷിക്കുകയും
ചെയ്താൻ. 4
ഭഗവത്പ്രിയനാകും ഭഗവാൻ താർക്ഷ്യൻ,
തന്നേ-
വിഗണിച്ചതായ് കേട്ടിട്ടത്യന്തം രുഷ്ടനായി
അക്ഷണം കാളിയനെക്കൊലചെയ്യണ-
മെന്നോ-
രിച്ഛയോടതിവേഗമണഞ്ഞാൻ തത്സമീപം. 5
പത്തികളെല്ലാം പൊക്കിദ്ദന്തായുധങ്ങൾ കാട്ടി-
യത്യന്തഭീകരങ്ങൾ നാവുകൾ വെളിക്കാക്കി
അത്യുഗ്രനയനങ്ങൾ തള്ളിച്ചനിത്തിശ്ശീഘ്രം
കൊത്തിനാൻ ഗരുത്മാനെ വിഷപ്പല്ലുക-
ളാലേ. 6
അതിവിക്രമനായി പ്രചണ്ഡവേഗവാനായ്
മധുസൂദനവാഹമായതിക്രുദ്ധനാകും
ഗരുഡൻ കദ്രുജനെത്തുച്ഛമായ് വിചാരിച്ച
ഹിരണ്യഭാസ്സാം വാമപക്ഷംകൊണ്ടടി-
ച്ചിതേ. 7
ഗരുഡപക്ഷാഹതി തുടരെസ്സഹിക്കുവാ-
നരുതാതായിപ്പാരം പാരവശ്യംകലർന്നു
കാളിയനുടൻ താർക്ഷ്യൻ പ്രവേശിച്ചീടാ-
ത്തതാം
കാളിന്ദീദുരാസദഹ്രദത്തിൽ വന്നു വാണാൻ. 8
ഒരിക്കൽത്തനിക്കിഷ്ടഭക്ഷ്യമാം മത്സ്യത്തിനെ
ഗരുത്മാനതിൽനിന്നും പിടിച്ചു തിന്നീടവേ
സൗഭരി മുനി കണ്ടു നിരോധിക്കിലും, ക്ഷുത്താൽ
ശ്രീപതിവാഹം ബലാൽ ഹരിച്ചാൻ മീന-
ങ്ങളെ. 9
മീനനാഥനെയവൻ ഹനിച്ചീടുകമൂലം
ദീനങ്ങളായിത്തീർന്ന മത്സ്യവൃന്ദത്തെക്കണ്ടു
കാരുണ്യവശനായി തത്രസ്ഥമത്സ്യങ്ങൾക്കു
ഭൂരിസൗഖ്യത്തെച്ചിന്തിച്ചോതിനാൻ
മുനിയേവം. 10
''ഇനിമേലിങ്ങു വന്നു ഗരുഡൻ മത്സ്യങ്ങളെ
ഹനനംചെയ്തു ഭക്ഷിച്ചീടുമെന്നിരിക്കിലോ
സത്വരമവൻ പ്രാണഹീനനായ് ഭവിക്കട്ടെ
സത്യമായ്ത്തന്നെ ചൊൽവതാണു ഞാനീ
വാക്കുകൾ.'' 11
കാളിയനല്ലാതെയിസ്സൗഭരീശാപമന്യ-
വ്യാളിവർഗ്ഗത്തിലാരുംതാനറിഞ്ഞിരുന്നില്ല.
ഗരുഡൻതന്നെപ്പേടിച്ചവനിങ്ങെത്തി വാണു,
പറഞ്ഞയല്ലാനിപ്പോൾ ഭഗവാനതിൽ-
നിന്നും. 12

പട്ടവസ്ത്രങ്ങൾ, ദിവ്യസുഗന്ധപുഷ്പമാലകൾ,
ശ്രേഷ്ഠരത്നങ്ങൾ, തങ്കഭൂഷകളിത്യാദിയാൽ
അംഗമാകവേയലങ്കരിച്ചാ ഹ്രദത്തിൽനി-
ന്നങ്ങനെ കരയ്ക്കേറി വരുമക്കൃഷ്ണൻതന്നെ. 13
കണ്ടു ഗോപന്മാരെല്ലാമെഴുന്നേറ്റുടൻ മോദം-
കൊണ്ടു സമ്പൂർണ്ണമാകും മാനസത്തോടുകൂടി
ലബ്ധപ്രാണങ്ങളാകുമിന്ദ്രിയഗണം മട്ടി-
ലപ്പരൻപുമാൻതന്നെച്ചെന്നു കെട്ടിപ്പിടി-
ച്ചാർ. 14
നന്ദനും യശോദയും രോഹിണിതാനും ഗോപ-
വൃന്ദവും ഗോപിമാരും പ്രാപിച്ചു മുകുന്ദനെ
ചലനശക്തിയാർന്നു തോഷചേഷ്ടകൾ കാട്ടി-
സ്സുലഭം മനോരഥമെന്നോർത്തു നിന്നീടിനാർ. 15
തദനുഭാവജ്ഞനാം രാമനും കനിഷ്ഠനെ-
ത്തദനു ഗാഢം പുണർന്നിട്ടഥ ചിരിച്ചിതേ.
ഗോക്കളും വൃഷങ്ങളും വത്സങ്ങൾ വൃക്ഷങ്ങളു-
മൊക്കെയുല്ലസിച്ചിതു വർദ്ധിച്ച സന്തോഷ-
ത്താൽ. 16
ഭാര്യാസംയുതരായ ഭൂസുരദേശികന്മാർ
ഭൂരിമോദത്തോടുമന്നന്ദാന്തികത്തിലെത്തി,
''കാളിയഗ്രസ്തനാകും ത്വത്പുത്രൻ മഹാഭാഗ്യ-
മേളനംമൂലം മുക്തനാ''യെന്നു ചൊല്ലീടി-
നാർ. 17
''തന്നാലുമിനിദ്ദാനം ഞങ്ങൾക്കു തെളിഞ്ഞുടൻ
നന്ദനമോചനത്താൽ സന്തുഷ്ടനാകും ഭവാൻ.''
എന്നോതും മഹീസുരന്മാർക്കു ഗോഗണത്തെയും
സ്വർണ്ണവുമകീടിനാനുടനെ നന്ദഗോപൻ. 18
നഷ്ടമായതിൻശേഷം കിട്ടിയ കുട്ടിയൊത്ത
പുഷ്ടഭാഗ്യയും പതിവ്രതയുമാം യശോദ
തനയൻതന്നെ നിജമടിയിലെടുത്തേററി-
പ്പുണർന്നു മോദാശ്രുക്കൾ പൊഴിച്ചാൾ
വീണ്ടും വീണ്ടും. 19
ദാഹവും ക്ഷുത്തുംമൂലമേററവും ക്ഷീണിച്ചീടും
ദേഹമാർന്നിടും ഗോപവൃന്ദവും പശുക്കളും
യമുനാതരംഗിണീമഞ്ജുളപുളിനത്തിൻ-
സമീപമൊരിടത്തിലാ രാത്രി നയിച്ചിതേ. 20
അർദ്ധരാത്രിയിലത്ര ശയിച്ചു നിദ്രചെയ്യും
ഗോഷ്ഠത്തെ ഗ്രീഷ്മകാലബന്ധുവാം ദാവാനലൻ
നാലുഭാഗവും ചുററിദ്ദഹിപ്പിക്കുവാനായി
ജ്വാലകളുജ്ജ്വലിപ്പിച്ചടുത്താൻ മഹാമതേ! 21
കാട്ടുതീച്ചൂടു സഹിച്ചീടുവാനരുതാത-
ഗ്ഗോഷ്ഠവാസികളെല്ലാം സംഭ്രാന്തരായിത്തദാ
മായാമർത്ത്യനായീശനായീടും മുകുന്ദനെ
മായമെന്നിയേ ചെന്നു ശരണം ഗമിച്ചിതേ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കൃഷ്ണ, കൃഷ്ണ, മഹാഭാഗ, ഹേ രാമ,ാമിതവിക്രമ,
ഏഷ ഘോരതമോ വഹ്നിസ്താവകാൻ ഗ്രസതേ ഹി നഃ. 23

സുദുസ്തരാന്നഃ സ്വാൻ പാഹി കാലാഗ്നേഃ സുഹൃദഃ പ്രഭോ
ന ശക്നുമസ്ത്വച്ചരണം സന്ത്യക്തുമകുതോഭയം.'' 24

ഇത്ഥം സ്വജനവൈക്ലബ്യം നിരീക്ഷ്യ ജഗദീശ്വരഃ
തമഗ്നിമപിബത്തീവ്രമനന്തോഽനന്തശക്തിധൃക്. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ദാവാഗ്നിമോചനം നാമ സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

ശ്രീശുക ഉവാച

അഥ കൃഷ്ണഃ പരിവൃതോ ജ്ഞാതിഭിർമ്മുദിതാത്മഭിഃ
അനുഗീയമാനോ ന്യവിശദ് വ്രജം ഗോകുലമണ്ഡിതം. 1

വ്രജേ വിക്രീഡതോരേവം ഗോപാലച്ഛദ്മമായയാ
ഗ്രീഷ്മോ നാമർത്തുരഭവന്നാതിപ്രേയാഞ്ഛരീരിണാം. 2

സ ച വൃന്ദാവനഗുണൈർവസന്ത ഇവ ലക്ഷിതഃ
യത്രാസ്തേ ഭഗവാൻ സാക്ഷാദ്രാമേണ സഹ കേശവഃ. 3

യത്ര നിർഝരനിർഹ്രാദനിവൃത്തസ്വനഝില്ലികം
ശശ്വത്തച്ഛീകരർജ്ജീഷദ്രുമമണ്ഡലമണ്ഡിതം. 4

സരിത്സരഃപ്രസ്രവണോർമ്മിവായുനാ
കല്ഹാരകഞ്ജോത്പലരേണുഹാരിണാ
ന വിദ്യതേ യത്ര വനൗകസാം ദവോ
നിദാഘവഹ്ന്യർക്കഭവോഽതിശാദ്വലേ. 5

അഗാധതോയഹ്രദിനീതടോർമ്മിഭിർ-
ദ്രവത് പുരീഷ്യാഃ പുളിനൈഃ സമന്തതഃ
ന യത്ര ചണ്ഡാംശുകരാ വിഷോല്ബണാ
ഭുവോ രസം ശാദ്വലിതം ച ഗൃഹ്ണതേ. 6

വനം കുസുമിതം ശ്രീമന്നദച്ചിത്രമൃഗദ്വിജം
ഗായന്മയൂരഭ്രമരം കൂജത്കോകിലസാരസം. 7

ക്രീഡിഷ്യമാണസ്തത് കൃഷ്ണോ ഭഗവാൻ ബലസംയുതഃ
വേണും വിരണയൻ ഗോപൈർഗ്ഗോധനൈഃ സംവൃതോഽവി-
പ്രവാളബർഹസ്തബകസ്രഗ്ധാതുകൃതഭൂഷണാഃ [ശത്. 8
രാമകൃഷ്ണാദയോ ഗോപാ നനൃതുർയ്യുയുധുർജ്ജഗുഃ. 9

കൃഷ്ണസ്യ നൃത്യതഃ കേചിജ്ജഗുഃ കേചിദവാദയൻ
വേണുപാണിതലൈഃ ശൃംഗൈഃ പ്രശശംസുരഥാപരേ. 10

ഗോപജാതി പ്രതിച്ഛന്നാ ദേവാ ഗോപാലരൂപിണഃ
ഈഡിരേ കൃഷ്ണരാമൗ ച നടാ ഇവ നടം നൃപ. 11

ഭ്രാമണൈർലംഘനൈ ക്ഷേപൈരാസ്ഫോടനവികർഷണൈഃ
ചിക്രീഡതുർന്നിയുദ്ധേന കാകപക്ഷധരൗ ക്വചിത്. 12

ക്വചിന്നൃത്യത്സു ചാന്യേഷു ഗായകൗ വാദകൗ സ്വയം
ശശംസതുർമ്മഹാരാജ, ''സാധുസാ''ധ്വിതി വാദിനൗ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹേ കൃഷ്ണാ! കൃഷ്ണാ! ഭാഗ്യവാരിധേ! ഹരേ!
രാമാ!
ലോകവിക്രമാ! ഘോരമാകുമിദ്ദാവവഹ്നി
ഇവിടെദ്ദഹിപ്പിപ്പാൻ ഭാവിപ്പു ഭുവനേശാ!
വേദീയരായീടും ഞങ്ങളെയെല്ലാമിപ്പോൾ. 23
ദുസ്തരമായീടുമിക്കാലാഗ്നിതന്നിൽനിന്നും
സത്വരമവിടുന്നു ഞങ്ങളെ രക്ഷിച്ചാലും.
ഹേ പ്രഭോ! സമസ്തമാം ഭീതിയസ്തമിപ്പിക്കും
ത്വത്പദമുപേക്ഷിപ്പാൻ ശക്തരല്ലല്ലോ
ഞങ്ങൾ.'' 24
ഇമ്മട്ടിൽ സ്വജനത്തിൻ പാരവശ്യത്തെക്കണ്ടു
നിർമ്മലൻ ജഗദീശനനന്തൻ വാസുദേവൻ
ഏററവും തീവ്രമായിട്ടുജ്ജ്വലിച്ചിടുകുമ-
ക്കാട്ടുതീ പാനംചെയ്യാൻ നിമിഷാർദ്ധ-
ത്തിനുള്ളിൽ. 25

അദ്ധ്യായം 18

വൃന്ദാവനലീല—പ്രലംബവധം

ശ്രീശുകൻ പറഞ്ഞു

നന്ദജൻ പിന്നെത്തന്നെച്ചുഴന്നു ഗാനംചെയ്യും
തന്നുടെ സന്തുഷ്ടരാം ബന്ധുക്കളോടുകൂടി
ഗോഗണത്തിനാലലംകൃതമായ് വിളങ്ങുമ-
ഗ്ഗോകുലംതന്നിൽ പ്രവേശിച്ചിതു ധരാപതേ! 1
ഗോപാലച്ഛലമാന്ന രാമകൃഷ്ണന്മാരേവം
ഗോപവാടത്തിൽ ക്രീഡ തുടന്നു വാണീടവേ,
തനുഭൃത്തുകൾക്കാക്കുമുള്ളത്തിലതിപ്രിയ-
മണച്ചീടാത്തതാകും ഗ്രീഷ്മമാവിർഭവിച്ചു. 2
ദൈത്യാരിഭഗവാനാ രാമദേവനോടൊത്തു
പ്രത്യക്ഷം വിഹരിപ്പതായ വൃന്ദാവനത്തിൽ
തദ്ഗുണഗണത്താലാ ഗ്രീഷ്മകാലവുമപ്പോൾ
ചൊല്ലെഴുമ്പോള്ളും വസന്തത്തിൻതുല്യമായ്
കാണപ്പെട്ടു. 3
എവിടെക്കാട്ടാറുതൻ ഘോഷത്താൽ
ഝില്ലീകട-
രവത്തിൻശല്യം തെല്ലുമില്ലാതെയിരുന്നുവോ
അസ്ഥലമാ വാഹിനീനീരസേചനംമൂലം
സ്നിഗ്ദ്ധമാം വൃക്ഷവൃന്ദം തഴച്ചു ശോഭിച്ചിതു. 4
നദികൾ, സരസ്സുകൾ, ഗിരിനിർഝരങ്ങളെ-
ന്നിതുകൾക്കെഴും തിരമാലയിൽ സങ്ഗമിച്ചും
ആമ്പൽ, കല്ഹാരം, പദ്മമിവററിൻ മണ-
മാളും
പൂമ്പൊടിയാവഹിച്ചും കുളിർകാററനാരതം
സഞ്ചരിപ്പതായെങ്ങും പച്ചപ്പുല്ലുകൾ തിങ്ങി
നെഞ്ചകം കുളിർപ്പിക്കുമേതൊരുവനംതന്നിൽ
നിദാഘകാലത്തിലെസ്സൂര്യനും തീയുംമൂല-
മുദിക്കും ദാവാഗ്നിതൻ പീഡയുണ്ടാകുന്നില്ല; 5
ഏററവുമാഴമാളും ഹ്രദത്തിൻ തീരങ്ങളി-
ലൂററമായടിച്ചേറും തിരമാലകളാലേ
തിട്ടുകളിടിഞ്ഞലിഞ്ഞൊഴുകിച്ചേർന്ന ചെളി-
ക്കെട്ടുകളേയോ വാച്ച പച്ചപ്പുൽക്കൂട്ടത്തെയോ
ഉണക്കീടുവാൻ വിഷസന്നിഭതീക്ഷ്ണങ്ങളാ-
മിനാംശുഗണമെങ്ങു ശക്തങ്ങളായില്ലയോ; 6
അച്ചാരുവൃന്ദാവനം, ശബ്ദിക്കും നാനാമൃഗ-
പ്പക്ഷികളാലും പൂത്ത പാദപനിരയാലും
സാരസം കുയിൽ ഭൃങ്ഗം മയിലെന്നിവ-
യെഴും
ചാരുനാദങ്ങളാലും ശ്രീമത്തായ് ശോഭിച്ചിതു.7
രാമനോടൊത്തു കൃഷ്ണപരമാത്മാവു, പശു-
സ്തോമത്തിനാലും ഗോപന്മാരാലും പരീതനായ്
വേണുവും ശബ്ദിപ്പിച്ചു ലീലാലാലസനായി-
പ്പീനമോദത്തോടുമക്കാനനം പ്രവേശിച്ചാൻ. 8
രാമകൃഷ്ണാദിഗോപന്മാരെല്ലാം മയിൽപ്പീലി
പൂമാല, മനയോല, തളിർ, പൂങ്കൊത്തെന്നിവ
നന്നായണിഞ്ഞു പാട്ടുപാടിയും നൃത്തംവച്ചു-
മന്യോന്യം യുദ്ധംചെയ്തുമവിടെക്കളിച്ചിതു. 9
താണ്ഡവം കണ്ണൻ ചെയ്യുംവേളയിൽച്ചിലർ
പാടി-
യന്യർ കൊമ്പൂതി,യോടക്കുഴൽ വായിച്ചു
ചിലർ,
പാണികൾകൊണ്ടു താളംപിടിച്ചു മററുള്ളവർ,
കാണികൾ, ''ബലേഭേ''യെന്നരുളി
പ്രശംസിച്ചാർ. 10
ഭൂപതേ! ഗോപജാതിച്ഛലത്താൽ സ്വരൂപത്തെ
ഗോപനംചെയ്തു ഗോപവേഷമാന്നിടും സുരർ
ഭഗവാൻ കൃഷ്ണനേയും രോഹിണീപുത്രനേയും
പ്രകാമം പ്രശംസിച്ചാർ നടന്മാർ
നടനെപ്പോൽ. 11
ഒരിക്കൽ കാകപക്ഷധാരികളാ സോദരർ
കരങ്ങൾ തമ്മിൽ കോർത്തുപിടിച്ചു വട്ടംചുററും
ചാടിയും തള്ളിയിട്ടും വലിച്ചും കൈയടിച്ചും
ധാടിയോടേപ്പെട്ടിടും ബാഹുയുദ്ധത്തിൽ
പിന്നെ. 12
അന്യന്മാർ നൃത്തംചെയ്യു സമയം രാമൻതാനും
കണ്ണനും താളം കൊട്ടും, ഗാനവും ചെയ്യും
നന്നായ്
എന്നല്ല, ''കൊള്ളാം, കൊള്ളാം നൃത്ത''മിതെ-
ന്നൊക്കെയും
നന്നായി വാഴ്ത്തിച്ചൊല്ലി പ്രോത്സാഹിപ്പിക്കും-
പരം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്വചിദ് ബില്വൈഃ ക്വചിത് കുംഭൈഃ ക്വചാമലകമുഷ്ടിഭിഃ
അസ്പൃശ്യനേത്രബന്ധാദ്യൈഃ ക്വചിന്മൃഗഖഗേഹയാ. 14

ക്വചിച്ച ദർദ്ദുരപ്ലാവൈർവിവിധൈരുപഹാസകൈഃ
കദാചിത് സ്പന്ദോളികയാ കർഹിചിന്നൃപചേഷ്ടയാ. 15

ഏവം തൗ ലോകസിദ്ധാഭിഃ ക്രീഡാഭിശ്ചേരതുർവനേ
നദ്യദ്രിദ്രോണികുഞ്ജേഷു കാനനേഷു സരസ്സു ച. 16

പശൂംശ്ചാരയതോർഗോപൈസ്തദ്വനേ രാമകൃഷ്ണയോഃ
ഗോപരൂപീ പ്രലംബോഽഗാദസുരസ്തജ്ജിഹീർഷയാ. 17

തം വിദ്വാനപി ദാശാർഹോ ഭഗവാൻ സർവ്വദർശനഃ
അന്വമോദത തത്സഖ്യം വധം തസ്യ വിചിന്തയൻ. 18

തത്രോപാഹൂയ ഗോപാലാൻ കൃഷ്ണഃ പ്രാഹ വിഹാരവിത്
''ഹേ ഗോപാ, വിഹരിഷ്യാമോ ദ്വന്ദ്വീഭൂയ യഥായഥം.'' 19

തത്ര ചക്രുഃ പരിവൃഢൗ ഗോപാ രാമജനാർദ്ദനൗ
കൃഷ്ണസംഘട്ടിനഃ കേചിദാസൻ രാമസ്യ ചാപരേ. 20

ആചേരുർവിവിധാഃ ക്രീഡാ വാഹ്യവാഹകലക്ഷണാഃ
യത്രാരോഹന്തി ജേതാരോ വഹന്തി ച പരാജിതാഃ. 21

വഹന്തോ വാഹ്യമാനാശ്ച ചാരയന്തശ്ച ഗോധനം
ഭാണ്ഡീരകം നാമ വടം ജഗ്മുഃ കൃഷ്ണപുരോഗമാഃ. 22

രാമസംഘട്ടിനോ യർഹി ശ്രീദാമവൃഷഭാദയഃ
ക്രീഡായാം ജയിനസ്താംസ്താനൂഹുഃ കൃഷ്ണാദയോ നൃപ! 23

ഉവാഹ കൃഷ്ണോ ഭഗവാൻ ശ്രീദാമാനം പരാജിതഃ
വൃഷഭം ഭദ്രസേനസ്തു പ്രലംബോ രോഹിണീസുതം. 24

അവിഷഹ്യം മന്യമാനഃ കൃഷ്ണം ദാനവപുങ്ഗവഃ
വഹൻ ദ്രുതതരം പ്രാഗാദവരോഹണതഃ പരം. 25

തമുദ്വഹൻ ധരണിധരേന്ദ്രഗൗരവം
മഹാസുരോ വിഗതരയോ നിജം വപുഃ
സ ആസ്ഥിതഃ പുരടപരിച്ഛദോ ബഭൗ
തഡിദ്ദ്യുമാനുഡുപതിവാഡിവാംബുദഃ. 26

നിരീക്ഷ്യ തദ്വപുരലമംബരേ ചരത്
പ്രദീപ്തദൃഗ്ഭ്രുകുടിതടോഗ്രദംഷ്ട്രകം
ജ്വലച്ഛിഖം കടകകിരീടകുണ്ഡല-
ത്വിഷാദ്ഭുതം ഹലധര ഈഷദത്രസത്. 27

അഥാഗതസ്മൃതിരഭയോ രിപും ബലോ
വിഹായ സാർത്ഥമിവ ഹരന്തമാത്മനഃ
രുഷാഹനച്ഛിരസി ദൃഢേന മുഷ്ടിനാ
സുരാധിപോ ഗിരിമിവ വജ്രരംഹസാ. 28

സ ആഹതഃ സപദി വിശീർണ്ണമസ്തകോ
മുഖാദ്വമൻ രുധിരമപസ്മൃതോഽസുരഃ
മഹാരവം വ്യസുരപതത്സമീരയൻ
ഗിരിര്യഥാ മഘവത ആയുധാഹതഃ. 29

ദൃഷ്ട്വാ പ്രലംബം നിഹതം ബലേന ബലശാലിനാ
ഗോപാഃ സുവിസ്മിതാ ആസൻ, ''സാധു സാധ്വി''തി
വാദിനഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിലപ്പോം കുവലത്തിൻകായ്കളും കംഭ്വേക്ഷ-
ഫലജാലവുമെടുത്തെറിഞ്ഞു കളിച്ചീടും
നെല്ലിക്കായൊരുപിടി ചിലപ്പോം വാരി-
യെണ്ണും
ചൊല്ലിച്ചുത്തെററിച്ചു ''നീതോറ്റു, ഞാൻവെ''-
ന്നെന്നോതും.
ചിലപ്പോം കണ്ണുകെട്ടിത്തൊടുന്ന കളി,
തൊടാ-
തൊളിഞ്ഞുമാറിക്കളി, മൃഗപക്ഷികംമട്ടിൽ
ചാടിയും, നിനദിച്ചുമിങ്ങനെ ലോകരീതി
മോടിയോടനുസരിച്ചങ്ങവർ കേളിയാടും. 14
തവളച്ചാട്ടം ചാട്ടമൂഞ്ഞാലിലേറിയാടും
വിവിധം നേരമ്പോക്കു പറയും ചിലനേരം
കള്ളനും ഭൂപാലനും മന്ത്രിയുമായി നിന്നു
സോല്ലാസം കേസു കേട്ടും വിധിച്ചും
കളിച്ചീടും. 15
രാമകൃഷ്ണന്മാരേവം പർവ്വതതടം, നദി,
താമരപ്പൊയ്ക, യദ്രികുഞ്ജമെന്നതിലെല്ലാം
ലോകസാമാന്യമാകും ലീലകളോടാ വന-
മാകവേയാനന്ദസമ്പൂർണ്ണരായ് സഞ്ചരി-
ച്ചാർ. 16
അക്കാട്ടിൽ ഗോപന്മാരുമൊത്തവരിരുപേരും
പയ്ക്കളെ മേച്ചു ചരിച്ചീടവേയൊരുനാളിൽ
പ്രലംബാസുരൻ ശീഘ്രമാ രാമകൃഷ്ണന്മാരെ-
ക്കൊലചെയ്യുവാനുന്നിഗ്ഗോപവേഷത്തിൽ
വന്നാൻ. 17
ഭഗവാൻ കൃഷ്ണൻ സർവ്വദർശനനസ്സംഗതി-
കയമേ ധരിക്കിലുമാമട്ടു കാണിക്കാതെ
''എങ്ങനെയാ ദുഷ്ടനെക്കൊൽവതാം ന''-
ന്നെന്നന്ത-
രംഗത്തിൽ ചിന്തിച്ചുടൻ തത്സഖ്യം
സമ്പാദിച്ചാൻ. 18
''അല്ലയോ ഗോപന്മാരേ! വരുവിൻ കളി-
ച്ചീടാം,
തുല്യജോടിയായ്നിന്നുചെയ്തിടാം ദ്വന്ദ്വയുദ്ധം''
എന്നേവം നാനാലീലാവിജ്ഞനായ് വിള-
ങ്ങിടും
നന്ദജൻ ഗോപന്മാരെ വിളിച്ചു ചൊല്ലീടി-
നാൻ. 19
ഇരുഭാഗമായ് നിന്നാർ ഗോപന്മാരപ്പോളതി-
ലൊരുഭാഗക്കാർ നേതാവായിട്ടു രാമനേയും
ഇതരസംഘക്കാരമ്മധുസൂദനനേയു-
മെതിരില്ലാതെതന്നെ തിരഞ്ഞെടുത്തീ-
ടിനാർ. 20
തോററവർ ജിതനെത്തൻ പുറത്തങ്ങെടുത്തേറ്റി-
ച്ചുററിസ്സഞ്ചരിക്കണമെന്നൊരു നിശ്ചയത്തിൽ
ആനായന്മാരശേഷം സന്തുഷ്ടചിത്തന്മാരായ്
മാനസോല്ലാസമേറും കളിയിലേർപ്പെട്ടിതേ.21

വെന്നവരെപ്പുറത്തു തോററവരാവഹിച്ചു-
മന്യന്മാർ പശുക്കളെത്തീററിയും മന്ദേതരം
ഭാണ്ഡീരവടച്ചോടാം നിശ്ചിതസ്ഥാനം-
തന്നിൽ
നന്ദജാദ്യരാം ഗോപന്മാരെല്ലാം ചെന്നു
ചേർന്നാർ. 22
രാമപക്ഷീയരാകും ശ്രീദാമാവൃഷഭാദ്യർ
കാമമദ്വന്ദ്വയുദ്ധലീലയിൽ ജയിക്കയാൽ
അച്യുതൻതുടങ്ങിയോർ വിജയികളെപ്പൂർവ്വ-
നിശ്ചയമനുസരിച്ചക്ഷണമാവഹിച്ചാർ. 23
ശ്രീദാമാവിനെപ്പരാജിതനാം മുകുന്ദനും
സാദരം വൃഷഭനെബ്ഭദ്രസേനാഖ്യൻതാനും
രോഹിണീതനൂജനെ പ്രലംബാസുരനും ദ്വ-
ന്ദ്വാഹവലീലാഫലമായുടനാവഹിച്ചാർ. 24
ദാനവശ്രേഷ്ഠൻ നന്ദജാതനെയെതിർക്കുവാൻ
താനശക്തനെന്നോർത്തു രോഹിണീതനൂജനെ
നിശ്ചിതസ്ഥലത്തിറക്കീടാതെ കൊന്നീടുവാ-
നിച്ഛയോടതിദൂരം വേഗത്തിൽ
കൊണ്ടുപോയാൻ. 25
ഗിരിരാജനുതുല്യം ഭാരമാളുമാ മഹാ-
പുരുഷാഗ്ര്യനെ വഹിച്ചീടുമമ്മഹാസുരൻ
മന്ദവേഗനായ് സ്വന്തരൂപധാരിയായ് നാനാ-
സ്വർണ്ണഭൂഷകൾ പൂണ്ടു മിന്നൽപോൽ
മിന്നുവോനായ്
അംബരംതന്നിൽക്കലാധീശനെദ്ധരിച്ചെഴ-
മംബുദമെന്നമട്ടിലേററവും ശോഭിച്ചിതേ. 26
അധികാഭയോടാകാശത്തു സഞ്ചരിപ്പതായ്
പ്രദീപ്താക്ഷികളൊത്ത ചില്ലിത്തടങ്ങളോടും
ഘോരദംഷ്ട്രകളോടും തോംവള, കിരീടവും,
ചാരുകുണ്ഡലങ്ങളുമണിഞ്ഞു മിന്നുന്നതാം
അദ്ഭുതകരമാകുമദ്ദൈത്യദേഹം കണ്ടി-
ട്ടല്പമൂംഭീതിപൂണ്ടാൻ രോഹിണീകുമാരകൻ. 27
പെട്ടെന്നു പരമാത്മാവസ്ഥയോർമ്മയിൽ
പെട്ടി-
ട്ടൊട്ടുമേ ഭയമെന്യേ രാമൻ, സംഘത്തെ വിട്ടു-
തന്നെയെടുത്തുകൊണ്ടു പോയീടുമാ വൈരിയെ
പിന്നെത്തൻ വജ്രതുല്യകഠിനമുഷ്ടിയാലേ
തട്ടാന്തു പർവ്വതത്തെ ദേവാധിനാഥനെന്ന-
മട്ടിലുക്കോടുമുത്തമാംഗത്തിലടിച്ചിതേ. 28
അടിയേററുടൻ തല തകർന്നു ദൈത്യൻ കട-
കടെച്ചെഞ്ചോര പാരം വമിച്ചു വായിൽനിന്നും.
സ്മൃതിവിട്ടസുവുമററിന്ദ്രായുധത്താൽ ഹതൻ
ക്ഷിതിഭൃത്തെന്നമട്ടു വീണു വൻ
ശബ്ദത്തോടും. 29
പ്രലംബൻതന്നെബ്ബലശാലിയാം ബലഭദ്രൻ
കൊലചെയ്തതു കണ്ടു ഗോപന്മാരെല്ലാവരും
നന്ദിച്ചു നന്നുനന്നെന്നദ്ഭുതാധീനരായി-
ട്ടന്യൂനപ്രേമപരവശരായ്ക്കഥിച്ചിതു. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശിഷോഽഭിഗൃണന്തസ്തം പ്രശശംസുസ്തദർഹണം
പ്രേത്യാഗതമിവാലിങ്ഗ്യ പ്രേമവിഹ്വലചേതസഃ. 31
പാപേ പ്രലംബേ നിഹതേ ദേവാഃ പരമനിർവൃതാഃ
അഭ്യവർഷൻ ബലം മാല്യൈഃ ശശംസുഃ ''സാധു
സാധ്വ''ിതി. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ പ്രലംബവധോ നാമ അഷ്ടാദശോഽധ്യായഃ

ഏകോനവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

ക്രീഡാസക്തേഷു ഗോപേഷു തദ്ഗാവോ ദൂരചാരിണീഃ
സ്വൈരം ചരന്ത്യോ വിവിശുസ്തൃണലോഭേന ഗഹ്വരം. 1
അജാ ഗാവോ മഹിഷ്യശ്ച നിർവ്വിശന്ത്യോ വനാദ്വനം
ഇഷീകാടവീം നിർവ്വിവിശുഃ ക്രന്ദന്ത്യോ ദാവതർഷിതാഃ. 2
തേഽപശ്യന്തഃ പശൂൻ ഗോപാഃ കൃഷ്ണരാമാദയസ്തദാ
ജാതാനുതാപാ ന വിദുർവ്വിചിന്വന്തോ ഗവാം ഗതിം. 3
തൃണൈസ്തത്ഖുരദച്ഛിന്നൈർഗ്ഗോഷ്പദൈരങ്കിതൈർഗ്ഗവാം
മാർഗ്ഗമന്വഗമൻ സർവ്വേ നഷ്ടാജീവ്യാ വിചേതസഃ. 4
മുഞ്ജാടവ്യാം ഭ്രഷ്ടമാർഗ്ഗം ക്രന്ദമാനം സ്വഗോധനം
സംപ്രാപ്യ തൃഷിതാഃ ശ്രാന്താസ്തതസ്തേ സംന്യവർത്തയൻ. 5
താ ആഹൂതാ ഭഗവതാ മേഘഗംഭീരയാ ഗിരാ
സ്വനാമ്നാം നിനദം ശ്രുത്വാ പ്രതിനേദുഃ പ്രഹർഷിതാഃ. 6

തതഃ സമന്താദ്വനധൂമകേതു-
ര്യദൃച്ഛയാഭൂത് ക്ഷയകൃദ്വനൗകസാം
സമീരിതഃ സാരഥിനോല്ബണോല്മുകൈ-
ർവ്വിലേലിഹാനഃ സ്ഥിരജങ്ഗമാൻ മഹാൻ. 7
തമാപതന്തം പരിതോ ദവാഗ്നിം
ഗോപാശ്ച ഗാവഃ പ്രസമീക്ഷ്യ ഭീതാഃ
ഊചുശ്ച കൃഷ്ണം സബലം പ്രപന്നാ
യഥാ ഹരിം മൃത്യുഭയാർദ്ദിതാ ജനാഃ. 8

''കൃഷ്ണ, കൃഷ്ണ, മഹാവീര, ഹേ രാമാമിതവിക്രമ,
ദാവാഗ്നിനാ ദഹ്യമാനാൻ പ്രപന്നാംസ്ത്രാതുമർഹഥഃ. 9
നൂനം ത്വദ്ബാന്ധവാഃ കൃഷ്ണ ന ചാർഹന്ത്യവസീദിതും
വയം ഹി സർവ്വധർമ്മജ്ഞ ത്വന്നാഥാസ്ത്വത്പരായണാഃ.'' 10

ശ്രീശുക ഉവാച

വചോ നിശമ്യ കൃപണം ബന്ധൂനാം ഭഗവാൻ ഹരിഃ
''നിമീലയത മാ ഭൈഷ്ട ലോചനാ''നീത്യഭാഷത. 11
തഥേതി മീലിതാക്ഷേഷു ഭഗവാനഗ്നിമുല്ബണം
പീത്വാ മുഖേന താൻ കൃച്ഛ്രാദ്യോഗാധീശോ വ്യമോ-
ചയത്. 12

തതശ്ച തേഽക്ഷീണ്യുന്മീല്യ പുനർഭാണ്ഡീരമാപിതാഃ
നിശാമ്യ വിസ്മിതാ ആസന്നാത്മാനം ഗാശ്ച മോചിതാഃ. 13
കൃഷ്ണസ്യ യോഗവീര്യം തദ്യോഗമായാനുഭാവിതം
ദാവാഗ്നേരാത്മനഃ ക്ഷേമം വീക്ഷ്യ തേ മേനിരേഽമരം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരലോകത്തുന്നിന്നു തിരിച്ചുവന്നോനെന്ന–
തരത്തിൽക്കെട്ടിപ്പിടിച്ചാശീർവാക്യങ്ങളോതി
സ്തുത്യർഹനായി പൃഥുവിക്രമനാകും ബല-
ഭദ്രനെയാനായന്മാരതിയായ്
പ്രശംസിച്ചാർ. 31

ദുഷ്ടനാം പ്രലംബനെക്കൊന്നപ്പോൾ വൃന്ദാരക-
രൊട്ടുക്കു പരമനിർവൃതരായ് പൂമാലകൾ
രാമഭദ്രന്റെ മെയ്യിൽ വർഷിച്ചു ''സാധു സാധു
സാമർത്ഥ്യ''മെന്നൊക്കെയും പുകഴ്ത്തി–
പ്പറഞ്ഞിതേ. 32

അദ്ധ്യായം 19

ഗോപാലനം—ദാവാഗ്നിമോചനം

ശ്രീശുകൻ പറഞ്ഞു

ഗോപന്മാരെല്ലാം ക്രീഡാസക്തരായ്–
ത്തീർന്നീടവേ
ഗോപടലങ്ങൾ മേഞ്ഞുമേഞ്ഞു പാഞ്ഞതിദൂരം
തൃണലോഭത്താൽ സ്വൈരം സഞ്ചരിച്ചൊട്ട–
വിൽച്ചെ–
ന്നണഞ്ഞാരൊരു മഹാരണ്യാന്തർഭാഗം–
തന്നിൽ. 1

ആടുക,ളെരുമകൾ, ഗോക്കളെന്നിവയോരോ
കാട്ടുകൾതോറും ചരിച്ചത്യന്തം ദാഹാർത്തരായ്
കുടിപ്പാൻ ജലംകിട്ടാത്തുച്ചത്തിൽക്കരഞ്ഞുകൊ–
ണ്ടൊട്ടുവിലൊരു മുഞ്ജക്കാട്ടിനുള്ളിൽ–
ക്കടന്നാർ. 2

രാമകൃഷ്ണാദ്യന്മാരാം ഗോപന്മാരപ്പോൾപ്പശു–
സ്തോമത്തെക്കാണാഞ്ഞനുതാപയുക്തന്മാരായി
അൻപോടുഗ്ഗോക്കൾ പോയ മാർഗ്ഗത്തെ–
യന്വേഷിച്ചു
തുമ്പേതും കിട്ടീടാതെ വിഷമിച്ചിതു പാരം. 3

കുളമ്പും പല്ലുംകൊണ്ടു മുറിഞ്ഞ തൃണങ്ങളും
നിലത്തു പതിഞ്ഞ കാൽച്ചുവടിൻ ചിഹ്നങ്ങളും
നോക്കിയാജീവ്യമാകുമപ്പശുവൃന്ദം പോയ–
മാർഗ്ഗത്തെയനുഗമിച്ചാരാഞ്ഞിതവർ വീണ്ടും. 4

മുഞ്ജാരണ്യത്തിൽ വഴിമുട്ടിയാക്രന്ദിക്കും ഗോ–
പുഞ്ജത്തെച്ചെന്നു കണ്ടു ഭാവത്താൽ
ശ്രാന്തന്മാരാം
വല്ലവരവർ പിന്നെക്കാനനംതന്നിൽനിന്നും
മെല്ലവേ ഗോവൃന്ദത്തെത്തിരിച്ചടിച്ചീടിനാർ. 5

ഭഗവാൻ കൃഷ്ണൻ മേഘഗംഭീരസ്വരത്തിൽ ഗോ–
പ്രകരങ്ങളെപ്പേരുപറഞ്ഞു വിളിച്ചപ്പോൾ
പെട്ടെന്നപ്പശുവൃന്ദം മുത്താൻ വിളികേൾക്കും–
മട്ടിൽത്താൻ പ്രതിശബ്ദിച്ചീടിനാരക്ഷണ–
ത്തിൽ. 6

അതിനുശേഷം വനധൂമകേതുവായ് വന–
സ്ഥിതജന്തുക്കൾക്കെല്ലാം നാശകാരണമായി
വലുതാം വനവഹ്നി കാററിനാൽ വർദ്ധിച്ചുഗ്ര–
സ്ഫുലിങ്ഗങ്ങളാൽച്ചുററും ചരാചരത്തെയെല്ലാം
ഗ്രസിച്ചുകൊണ്ടപ്പശുസംഘവും ഗോപന്മാരും
വസിക്കും സ്ഥലം ചുഴന്നെത്തിതതിശീഘ്രം. 7

നാലുഭാഗത്തും വ്യാപിച്ചെത്തുമദ്ദാവാഗ്നിയെ–
ച്ചാലവേ ഗോപന്മാരും ഗോസമൂഹവും കണ്ടു
മൃത്യുഭീതരാം ജനം ഹരിയെയാശ്രയിക്കും–
മട്ടു ചെന്നാശ്രയിച്ചാർ സരാമൻ ഭഗവാനെ. 8

''അല്ലയോ കൃഷ്ണാ കൃഷ്ണാ! മഹാവീരാഗ്രഗണ്യാ!
തുല്യമില്ലാത്ത പരാക്രമധാമമേ! രാമാ!
ദാവാഗ്നിതന്നിൽപ്പെട്ടു ദഹിക്കുമീ ഞങ്ങളെ–
ച്ചാവാതെ നിങ്ങൾ രക്ഷിച്ചീടണ–
മിക്ഷണത്തിൽ. 9

ഹേ കൃഷ്ണാ! ധർമ്മജ്ഞാ! നിൻ ബന്ധുക്കളാമീ
ശോകമല്പവുമനുഭവിക്കാനർഹരല്ല. [ഞങ്ങൾ
ഞങ്ങൾക്കു നാഥൻ ഭവാനൊരുവനല്ലാതാരു–
ണ്ടങ്ങയെസ്സദാ ഞങ്ങളാശ്രയിക്കുവോരല്ലേ.''
10

ശ്രീശുകൻ പറഞ്ഞു

ഭഗവാൻ കൃഷ്ണൻ ബന്ധുജനത്തിൻ
ദീനവാക്യ–
മകതാരലിഞ്ഞു കേട്ടവരോടോതീടിനാൻ:
''പേടിച്ചീടേണ്ടാ നിങ്ങളൊട്ടുമേ,യെല്ലാവരും
പാടേ കണ്ണുകളടച്ചിരുന്നീടുവി''നെന്നായ്. 11

ആകട്ടെയെന്നേവരും കണ്ണടച്ചിരുന്നപ്പോൾ
യോഗേശൻ മുകുന്ദൻ സ്വവദനംകൊണ്ടുതന്നെ
അഘോരവഹ്നി പാനംചെയ്തു തൻ
ബന്ധുക്കളെ–
യൊക്കെയും മരണത്തിൽനിന്നങ്ങു
മോചിപ്പിച്ചാൻ. 12

കൺതുറന്നവരെല്ലാം ചുററിനും നോക്കീടവേ–
യെന്തൊരദ്ഭുതം! തങ്ങൾ ഭാണ്ഡീരവൃക്ഷ–
ച്ചോട്ടിൽ
നില്ക്കയാണിപ്പൊഴെന്നും തങ്ങളെ–
ഗ്ഗോക്കളോടൊ-
ത്തക്കണ്ണൻ രക്ഷിച്ചെന്നും ധരിച്ചു
വിസ്മയിച്ചാർ. 13

യോഗമായാപ്രഭാവവായ്പിനാൽ സമ്പാദിത–
മാകിന വീര്യത്താലഘോരവഹ്നിയിൽ–
നിന്നും
തങ്ങളെപ്പാലിച്ചതു പാർത്തവരുറച്ചിതി–
മ്മങ്ഗലൻ മൃതിഭീതിയററൊരു മഹാനെ–
ന്നായ്. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗാഃ സന്നിവർത്ത്യ സായാഹ്നേ സഹരാമോ ജനാർദ്ദനഃ
വേണും വിരണയൻ ഗോഷ്ഠമഗാദ്ഗോപൈരഭിഷ്ടുതഃ. 15

ഗോപീനാം പരമാനന്ദ ആസീദ്ഗോവിന്ദദർശനേ
ക്ഷണം യുഗശതമിവ യാസാം യേന വിനാഭവത്. 16

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ദാവാഗ്നിപാനം നാമ ഏകോനവിംശതിതമോഽധ്യായഃ

വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

തയോസ്തദദ്ഭുതം കർമ്മ ദാവാഗ്നേർമ്മോക്ഷമാത്മനഃ
ഗോപാഃ സ്ത്രീഭ്യഃ സമാചഖ്യുഃ പ്രലംബവധമേവ ച. 1

ഗോപവൃദ്ധാശ്ച ഗോപ്യശ്ച തദുപാകർണ്യ വിസ്മിതാഃ
മേനിരേ ദേവപ്രവരൗ കൃഷ്ണരാമൗ വ്രജം ഗതൗ. 2

തതഃ പ്രാവർത്തത പ്രാവൃട് സർവ്വസത്ത്വസമുദ്ഭവാ
വിദ്യോതമാനപരിധിർവിസ്ഫൂർജ്ജിതനഭസ്തലാ. 3

സാന്ദ്രനീലാംബുദൈർവ്യോമസവിദ്യുത്സ്തനയിത്നുഭിഃ
അസ്പഷ്ടജ്യോതിരാച്ഛന്നം ബ്രഹ്മേവ സഗുണം ബഭൗ. 4

അഷ്ടൗ മാസാൻ നിപീതം യദ് ഭൂമ്യാശ്ചോദമയം വസു
സ്വഗോഭിർമ്മോക്തുമാരേഭേ പർജ്ജന്യഃ കാല ആഗതേ. 5

തഡിത്വന്തോ മഹാമേഘാശ്ചണ്ഡശ്വസനവേപിതാഃ
പ്രീണനം ജീവനം ഹ്യസ്യ മുമുചുഃ കരുണാ ഇവ. 6

തപഃകൃശാ ദേവമീഢാ ആസീദ്വർഷീയസീ മഹീ
യഥൈവ കാമ്യതപസസ്തനുഃ സമ്പ്രാപ്യ തത്ഫലം. 7

നിശാമുഖേഷു ഖദ്യോതാസ്തമസാ ഭാന്തി ന ഗ്രഹാഃ
യഥാ പാപേന പാഖണ്ഡാ ന ഹി വേദാഃ കലൗ യുഗേ. 8

ശ്രുത്വാ പർജ്ജന്യനിനദം മണ്ഡൂകാ വ്യസൃജൻ ഗിരഃ
തൂഷ്ണീം ശയാനാഃ പ്രാഗ്യദ്വദ്ബ്രാഹ്മണാ നിയമാത്യയേ. 9

ആസന്നുത്പഥവാഹിന്യഃ ക്ഷുദ്രനദ്യോഽനുശുഷ്യതീഃ
പുംസോ യഥാസ്വതന്ത്രസ്യ ദേഹദ്രവിണസമ്പദഃ. 10

ഹരിതാ ഹരിഭിഃ ശഷ്പൈരിന്ദ്രഗോപൈശ്ച ലോഹിതാഃ
ഉച്ഛിലീന്ധ്രകൃതച്ഛായാ നൃണാം ശ്രീരിവ ഭൂരഭൂത്. 11

ക്ഷേത്രാണി സസ്യസമ്പദ്ഭിഃ കർഷകാണാം മുദം ദദുഃ
*മാനിനാമുപതാപം ച ദൈവാധീനമജാനതാം. 12

ജലസ്ഥലൗകസഃ സർവ്വേ നവവാരിനിഷേവയാ
അബിഭ്രദ്രുചിരം രൂപം യഥാ ഹരിനിഷേവയാ. 13

സരിദ്ഭിഃ സംഗതഃ സിന്ധുശ്ചുക്ഷുഭേ ശ്വസനോർമ്മിമാൻ
അപക്വയോഗിനശ്ചിത്തം കാമാക്തം ഗുണയുഗ്യഥാ. 14

ഗിരയോ വർഷധാരാഭിർഹന്യമാനാ ന വിവ്യഥുഃ
അഭിഭൂയമാനാ വ്യസനൈര്യഥാധോക്ഷജചേതസഃ. 15

മാർഗ്ഗാ ബഭൂവുഃ സന്ദിഗ്ധാസ്തൃണൈശ്ഛന്നാ ഹ്യസംസ്കൃതാഃ
നാഭ്യസ്യമാനാഃ ശ്രുതയോ ദ്വിജൈഃ കാലഹതാ ഇവ. 16

* 'ധനിനാം' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദജൻ പിന്നെബ്ബലഭദ്രനോടൊത്തു പശു-
വൃന്ദത്തെത്തിരിച്ചാട്ടിസ്സന്ധ്യയാം സമയത്തിൽ
സാദരം ഗോപന്മാരാൽ സ്തുതനായോടക്കുഴ-
ലൂതിക്കൊണ്ടമ്പാടിയിലമ്പോടു
ചെന്നേറിനാൻ. 15
ആരൊരാളില്ലാത്തപ്പോളാക്കാണോ പാക്കിൽ
ക്ഷണ-
നേരമായിരം യുഗമെന്നപോൽ കലാശിപ്പൂ,
അന്നന്ദകുമാരന്റെ ദർശനത്താലഗ്ഗോപ-
സുന്ദരിമാരാനന്ദതുന്ദിലമാരായിതു. 16

അദ്ധ്യായം 20

ഋതുവർണ്ണനം

ശ്രീശുകൻ പറഞ്ഞു
കാട്ടുതീതന്നിൽനിന്നും തങ്ങളെ രക്ഷിച്ചതും
ദുഷ്ടനാം പ്രലംബനെക്കൊന്നതും മററുമായി
ശ്രേഷ്ഠമാം രാമകൃഷ്ണന്മാരുടെ കർമ്മങ്ങളെ
ഗോഷ്ഠനാരികളോടു ഗോപന്മാർ
ചൊല്ലീടിനാർ. 1
വൃദ്ധരാം ഗോപന്മാരും സ്ത്രീകളുമതുകേട്ടി-
ട്ടത്യന്തം വിസ്മയിച്ചു രാമനും കൃഷ്ണൻതാനും
ഗോഷ്ഠത്തിലവതാരംകൈക്കൊണ്ട രണ്ടു ദേവ-
ശ്രേഷ്ഠന്മാരെന്നുതന്നെ ദൃഢമായ് വിശ്വ-
സിച്ചാർ. 2
സകലസത്വജാലജന്മഹേതുകമായി
പ്രകടം മിന്നും പരിവേഷത്തോടൊത്തതായി
അതിക്ഷുബ്ധമാമാകാശത്തോടുസമേതമായ്
തദനന്തരം മഴക്കാലവും വന്നണഞ്ഞു. 3
മിന്നലോടൊപ്പമിടിമുഴക്കങ്ങളും ചേർന്നു
മിന്നിടും സാന്ദ്രനീലമേഘത്താൽ ഛന്നമായി
മങ്ങിയ സൂര്യചന്ദ്രഭാസ്സോടും പരബ്രഹ്മ-
മങ്ഗമാന്നുമട്ടിലാകാശം ശോഭിച്ചിതു. 4
ഭാസ്കരൻ ഭുവിൽനിന്നുമെട്ടുമാസങ്ങൾകൊണ്ടു
ഗോക്കളാലന്നന്നായി നേടിവെച്ചിരുന്നതാം
നീരമാം ധനമെല്ലാം ഭൂമിക്കു തിരിച്ചേകാ-
നാരംഭിച്ചിതു കാലമാഗതമായീടവേ. 5
മിന്നലോടിടചേർന്നു കൊടുങ്കാററടിമൂലം
ഛിന്നഭിന്നമായ് പാറുമുന്നതമേഘാവലി
കരുണാത്മാക്കൾമട്ടിലുലകിന്നതിപ്രിയ-
കരമാം ജീവനത്തെ മുററും മോചിച്ചിതേ. 6
വേനലിൻചൂടാൽപ്പരം ക്ഷീണയാം
ക്ഷോണിതന്മേൽ
പ്രീണിച്ചു വർഷദേവൻ സേചനംചെയ്കമൂലം
പുഷ്ടാങ്ഗയായാൾ ധര കാമ്യമാം തപസ്സു ചെ-
യ്തിഷ്ടലാഭത്താൽ കൃശൻ സ്ഥൂലാങ്ഗനാകും-
വിധം. 7
കലിയിൽ പാപത്തിനാൽ പാഖണ്ഡർ
ശോഭിക്കുന്നു,
വിളങ്ങുന്നില്ല നന്നായ് വേദങ്ങളതുപോലെ,
സന്ധ്യയിലിരുട്ടിനാൽ മിന്നുന്നു
ഖദ്യോതങ്ങൾ,
പന്തിയായ് ഗ്രഹോത്കരം പ്രശോഭിച്ചീ-
ടുന്നില്ല. 8
മിണ്ടാതെ കിടന്നോരു തവളക്കൂട്ടമൊപ്പം
കൊണ്ടലിൻ സ്വനം കേട്ടിട്ടുയർത്തീ
ശബ്ദഘോഷം.
ഗുരുവിൻ നിയമാവസാനത്തിൽ, മൗനം ഭജി-
ച്ചിരുന്ന വിപ്രബാലർ വേദോക്തിഘോഷം-
പോലെ. 9
കരകൾ കവിഞ്ഞു പാഞ്ഞുകോടുമുപദ്രവ-
കരമായൊഴുകീടുമമ്മഴപ്പുഴയെല്ലാം
അസ്വതന്ത്രനാം മർത്ത്യൻതന്നുടെ ധനം, തനു-
വൈശ്വര്യമിവയ്ക്കൊപ്പം ക്രമത്തിൽ
ശോഷിച്ചിതേ. 10
ചിലെടം പച്ചപ്പുല്ലാൽ ഹരിതമായും മററു-
ചിലെടമൊരു ജാതികീടങ്ങളാൽ ചുവന്നും
കുടപോൽ ചിലയിടം വെൺകൂണിയന്നും നൃപ!
ഭടശ്രീമട്ടിൽ ഭൂമി ചിത്രവർണ്ണാഢ്യയായി. 11
സസ്യവൃദ്ധിയാലഭിമാനികളായീടുമ-
ക്കർഷകർക്കേകി മോദം കൃഷിക്ഷേത്രങ്ങളെല്ലാം
ദൈവാധീനത്തെയറിഞ്ഞീടാതെ
വാഴ്വോരവ-
ക്കാവിധം നല്ലീയുപതാപവുമതോടൊപ്പം. 12
സലിലസ്ഥലവാസിപ്രാണികളെല്ലാം നവ-
ജലസേവയാൽ, ഹരിസേവനംകൊണ്ടെന്ന-
പോൽ,
അതുലിതാഭമാകും മോഹനാകൃതിപൂണ്ടു
നിതരാം പരിശോഭിച്ചെന്നതേ പറയേണ്ടു. 13
സരിത്സങ്ഗമമിയന്നുററമാം കാററുതട്ടി-
ത്തിരമാലകൾ പൊങ്ങിയുരുണ്ടുമറിഞ്ഞിടും
സാഗരം ഗുണാഢ്യമായ്ക്കാമോക്തമാമപക്വ-
യോഗിതൻ മാനസംപോലത്യന്തം
ക്ഷോഭിച്ചിതേ. 14
ഗിരികൾ, ജലധാരാഹന്യമാനങ്ങളായി-
പ്പെരികെപ്പീഡിതങ്ങളെന്നുതാനിരിക്കിലും
ഹരിയിൽ മാനസംവച്ചിരിക്കും ഭക്തന്മാർപോ-
ലൊരുമട്ടിലും ദുഃഖമാവഹിച്ചിരുന്നില്ല. 15
സംസ്കരിക്കാത്ത തൃണഗണത്താലാച്ഛന്നമായ്
മാർഗ്ഗങ്ങൾ സന്ദേഹാസ്പദങ്ങളായ് ഭവിച്ചിതു
നാളിൽനാളിൽ ദ്വിജന്മാരുരുവിട്ടീടാത്തതായ്-
ക്കാലാഹതങ്ങളാകും വേദങ്ങളെന്നപോലെ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകബന്ധുഷു മേഘേഷു വിദ്യുതശ്ചലസൗഹൃദാഃ
സ്ഥൈര്യം ന ചക്രുഃ കാമിന്യഃ പുരുഷേഷു ഗുണിഷ്വിവ. 17

ധനുർവിയതി മാഹേന്ദ്രം നിർഗ്ഗുണം ച ഗുണിന്യഭാത്
വ്യക്തേ ഗുണവ്യതികരേഽഗുണവാൻ പുരുഷോ യഥാ. 18

ന രരാജോഡുപശ്ഛന്നഃ സ്വജ്യോത്സ്നാരാജിതൈർഘനൈഃ
അഹംമത്യാ ഭാസിതയാ സ്വഭാസാ പുരുഷോ യഥാ. 19

മേഘാഗമോത്സവാ ഹൃഷ്ടാഃ പ്രത്യനന്ദഞ്ഛിഖണ്ഡിനഃ
ഗൃഹേഷു തപ്താ നിർവ്വിണ്ണാ യഥാച്യുതജനാഗമേ. 20

പീത്വാപഃ പാദപാഃ പദ്ഭിരാസന്നാനാത്മമൂർത്തയഃ
പ്രാക്ക്ഷാമാസ്തപസാ ശ്രാന്താ യഥാ കാമാനുസേവയാ. 21

സരസ്സ്വശാന്തരോധസ്സു ന്യൂഷുരങ്ഗാപി സാരസാഃ
ഗൃഹേഷ്വശാന്തകൃത്യേഷു ഗ്രാമ്യാ ഇവ ദുരാശയാഃ. 22

ജലൗഘൈർന്നിരഭിദ്യന്ത സേതവോ വർഷതീശ്വരേ,
പാഖണ്ഡിനാമസദ്വാദൈർവേദമാർഗ്ഗാഃ കലൗ യഥാ. 23

വ്യമുഞ്ചൻ വായുഭിർന്നുന്നാ ഭൂതേഭ്യോഽഥാമൃതം ഘനാഃ
യഥാഽഽശിഷോ വിശ്പതയഃ കാലേ കാലേ ദ്വിജേരിതാഃ. 24

ഏവം വനം തദ്വർഷിഷ്ഠം പക്വഖർജ്ജൂരജംബുമത്
ഗോഗോപാലൈർവൃതോ രന്തും സബലഃ പ്രാവിശദ്ധരിഃ. 25

ധേനവോ മന്ദഗാമിന്യ ഊധോഭാരേണ ഭൂയസാ
യയുർഭഗവതാഽഽഹൂതാ ദ്രുതം പ്രീത്യാ സ്നുതസ്തനീഃ. 26

വനൗകസഃ പ്രമുദിതാ വനരാജീർമ്മധുച്യുതഃ
ജലധാരാ ഗിരേർന്നാദാനാസന്നാ ദദൃശേ ഗുഹാഃ. 27

ക്വചിദ്വനസ്പതിക്രോഡേ ഗുഹായാം ചാഭിവർഷതി
നിർവ്വിശ്യ ഭഗവാൻ രേമേ കന്ദമൂലഫലാശനഃ. 28

ദധ്യോദനം സമാനീതം ശിലായാം സലിലാന്തികേ
സംഭോജനീയൈർബ്ബുഭുജേ ഗോപൈഃ സങ്കർഷണാന്വിതഃ. 29

ശാദ്വലോപരി സംവിശ്യ ചർവ്വതോ മീലിതേക്ഷണാൻ
തൃപ്താൻ വൃഷാൻ വത്സതരാൻ ഗാശ്ച സോധോഭരശ്രമാഃ. 30

പ്രാവൃട്ശ്രിയം ച താം വീക്ഷ്യ സർവ്വഭൂതമുദാവഹാം
ഭഗവാൻ പൂജയാഞ്ചക്രേ ആത്മശക്ത്യുപബൃംഹിതാം. 31

ഏവം നിവസതോസ്തസ്മിൻ രാമകേശവയോർ വ്രജേ
ശരത്സമഭവദ്വ്യഭ്രാ സ്വച്ഛാംബ്വപരുഷാനിലാ. 32

ശരദാ നീരജോത്പത്ത്യാ നീരാണി പ്രകൃതിം യയുഃ
ഭ്രഷ്ടാനാമിവ ചേതാംസി പുനര്യോഗനിഷേവയാ. 33

വ്യോമ്നോഽബ്ദം ഭൂതശാബല്യം ഭുവഃ പങ്കമപാം മലം
ശരജ്ജഹാരാശ്രമിണാം കൃഷ്ണേ ഭക്തിര്യഥാ ശുഭം. 34

സർവ്വസ്വം ജലദാ ഹിത്വാ വിരേജുഃ ശുഭ്രവർച്ചസഃ
യഥാ ത്യക്തൈഷണാഃ ശാന്താ മുനയോ മുക്തകില്-
ബിഷാഃ. 35

ഗിരയോ മുമുചുസ്തോയം ക്വചിന്ന മുമുചുഃ ശിവം,
യഥാ ജ്ഞാനാമൃതം കാലേ ജ്ഞാനിനോ ദദതേ ന വാ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിന്നലിൻനിര ലോകബന്ധുക്കളാകും മേഘ-
വൃന്ദത്തിൽ സ്നേഹപൂർവ്വം സ്ഥിരമായ് നിന്നതില്ല
പ്രേമഹീനകളാകും കാമിനീജനഗുണ-
ധാമങ്ങളായ് ലസിക്കും പുരുഷന്മാരിൽ-
പോലെ. 17

നിർഗ്ഗുണമായീടുമമ്മഹേന്ദ്രചാപം ഗുണ-
യുക്തമാമാകാശത്തിലത്യന്തം ശോഭിച്ചിതേ.
ഗുണസംയുതമായി വിളങ്ങും പ്രപഞ്ചത്തിൽ
ഗുണരിക്തനായിട്ടും പുരുഷനെന്നമട്ടിൽ. 18
സ്വപ്രകാശത്താൽ ശോഭിച്ചീടുന്ന മേഘങ്ങളാൽ
നിർഭരം മറയ്ക്കപ്പെട്ടീടിന നിശാകരൻ
സ്വച്ഛവിയാൽ പ്രകാശിപ്പിച്ചീടുമഹന്തയാ-
ലച്ഛന്നൻ പുരുഷനെന്നതുപോൽ,
ശോഭിച്ചീല. 19

മേഘാഗമത്തിൽ പരമുത്സാഹത്തോടുകൂടി-
ക്കേകികൾ പീലി വിതിർത്താടിയാനന്ദിച്ചിതു.
ആലയത്തിൽ ശപിച്ചു തപിച്ചു വിരക്തരാ-
മാളുകൾ ഹരിഭക്താഗമത്തിലെന്നപോലെ. 20
വേനലിലുണങ്ങിയ വൃക്ഷങ്ങൾ സലിലമ-
ന്യൂനമായ് വേരുകളിലൂടവേ പാനംചെയ്തു
ആദിയിൽ തീവ്രതപോനിഷ്ഠയാൽ കൃശമായി-
സ്സാദമാന്നതിൽപ്പിന്നെക്കാമാനുഭൂതിയാലേ
പഴയപോലെ പുഷ്ടിയിയലും മർത്ത്യക്കൊപ്പ-
മഴകിൽപ്പലവടിവാൻ ലാലസിച്ചിതേ. 21
സാരസപക്ഷിവൃന്ദമശാന്തങ്ങളാം സര-
സ്തീരങ്ങൾതോറും ക്രൂരവ്യാപാരരതമായി
നിവസിച്ചിതു ദുഷ്ടവിഷയകാംക്ഷയോടും
ഭവനങ്ങളിൽ വാഴും ഗ്രാമീണരെന്നപോലെ.22
പാകാരി വർഷിക്കവേ, സലിലപ്രവാഹ-
ത്തിൻ-
വേഗത്താൽ പൊട്ടിപ്പോയീ സേതുബന്ധങ്ങ-
ളെല്ലാം.
കലിയിൽ നാസ്തികന്മാർതന്നുടെയസദ്വാദ-
ബലത്താൽ വേദമാർഗ്ഗം ഭേദിക്കപ്പെടുംവിധം.
23
വാതപ്രചോദിതങ്ങളായീടും കാർമേഘങ്ങൾ
ഭൂതജാലത്തിനായിട്ടമൃതം ചൊരിഞ്ഞിതു
ഭൂസുരപ്രേരിതന്മാർ ഭൂപന്മാർ നിരന്തര-
മാശിസ്സു യഥാകാലം മോചിച്ചീടുന്നമട്ടിൽ. 24
ഈവിധം സമൃദ്ധമായ്, പഴുത്തു പാകംവന്ന
ഞാവൽപ്പഴങ്ങളോടുമീന്തപ്പഴങ്ങളോടും
മിന്നുമാ വനംതന്നിൽ രമിപ്പാൻ ഗോപപശു-
സന്ദോഹം ചൂഴ്ന്നെത്തിനാൻ രാമനോടൊത്തു
കണ്ണൻ. 25
അകിടിൻഭാരത്തിനാൽ മന്ദമായ്പോകും
ഗോക്കൾ
ഭഗവാൻ വിളിച്ചപ്പോൾ സ്നേഹാതിരേക-
ത്തിനാൽ
ചുരത്തി ക്ഷീരം പാരമൊഴുക്കിക്കൊണ്ടുകണ്ണ-
ന്നരികത്തേക്കു വേഗം നടന്നുചെന്നീടിനാർ.
26

പാദപവൃന്ദമെല്ലാം തേൻ ചൊരിയുന്നതായി
മോദപൂർവ്വകം വനവാസികൾ കണ്ടീടിനാർ.
ജലധാരകൾ ശൈലങ്ങളിലുണ്ടായി, കേട്ടാ-
രൊലി, ഗഹ്വരങ്ങളെക്കണ്ടിതു സമീപ-
ത്തായ്. 27
ചിലപ്പോൾ മഴനാളിൽത്തരുകോടരത്തിലും
ചിലപ്പോൾ ഗിരിഗുഹയ്ക്കകത്തും പാർത്തു കണ്ണൻ
കന്ദങ്ങൾ ഫലമൂലവൃന്ദങ്ങളെന്നിത്യാദി
തിന്നതിസുഖമായി നാളുകൾ നയിച്ചിതു. 28
സഹഭോജനയോഗ്യരായിട്ടും ഗോപരൊത്തു
ഗൃഹാനീതമാം തയിർച്ചോർപ്പൊതിയഴിച്ചഥ
ജലസന്നിധി ശിലമേലിരുന്നുണ്ടീടിനാൻ
ബലഭദ്രോപേതനാമുപേന്ദ്രൻ നന്ദാത്മജൻ. 29
വയർ നിറഞ്ഞു കണ്ണു ചിമ്മിപ്പുൽത്തകിടിയി-
ലയവിറക്കി വാഴും വൃഷവത്സങ്ങളേയും
അകിടിൻഭാരത്തിനാൽ താന്തരാം ഗോക്കളേയും
സകലഭൂതമോദാവഹയായ് സ്വശക്തിയാൽ
വളർത്തപ്പെട്ടതായോരാ വർഷാലക്ഷ്മിയേയും
വെളിവായ്ക്കണ്ടു കൃഷ്ണൻ ബഹുമാനിച്ചീ-
ടിനാൻ. 30-31
രാമകൃഷ്ണന്മാരേവം വ്രജത്തിൽ വസിക്കവേ
കാർമുകിലകന്നെത്തിച്ചേർന്നിതു ശരൽക്കാലം.
കലങ്ങിക്കിടന്നോരു സലിലമെല്ലാം നന്നായ്
തെളിഞ്ഞു മിന്നീ, മന്ദം വന്നിതു
ഗന്ധവാഹൻ. 32
നീരജം കുളങ്ങളിൽ നിരന്നു ധാരാളമായ്,
നീരവും സ്വസ്വഭാവം പ്രാപിച്ചു ശോഭിച്ചിതു
ഭ്രഷ്ടയോഗികൾ വീണ്ടും യോഗസ്വീകരണ-
ത്താൽ
ശുദ്ധമാനസന്മാരായ് ഭവിക്കുന്നതുപോലെ. 33
വ്യോമത്തിൽ മേഘത്തെയും ഭൂതശാബല്യ-
ത്തെയും
ഭൂമിതൻ പങ്കത്തെയും ജലത്തിൻ മലത്തെയും
ഹരിച്ചു ശരൽക്കാല,മാശ്രമീജനാശുഭം
പരമപുമാനുടെ സേവനം ഹരിക്കുംപോൽ. 34
ഏഷണത്രയം വിട്ടു ശാന്തരായ് ദുഷ്കൃതൗഘം
ധ്വംസിച്ചു ലാലസിക്കും മാമുനിമാരെപ്പോലെ
ജലദസമൂഹവും സർവസ്വത്തെയും തള്ളി
വിലസീ പാരം പരിശുദ്ധമാം മഹസ്സോടും. 35
മലകൾ ശുദ്ധമായ സലിലം മോചിച്ചിതു;
ചിലെടത്തൊട്ടുംതന്നെ മോചിച്ചതില്ലതാനും
ജ്ഞാനോപദേശം തക്കകാലത്തു വിവേകികൾ
താനേയേകീടു,മല്ലാത്തപ്പൊഴി,ല്ലെന്നമട്ടിൽ.
36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൈവാവിദൻ ക്ഷീയമാണം ജലം ഗാധജലേചരാഃ
യഥാഽയുരന്വഹം ക്ഷയ്യം നരാ മൂഢാഃ കുടുംബിനഃ. 37

ഗാധവാരിചരാസ്താപമവിന്ദഞ്ഛരദർക്കജം
യഥാ ദരിദ്രഃ കൃപണഃ കുടുംബ്യവിജിതേന്ദ്രിയഃ. 38

ശനൈഃ ശനൈർജ്ജഹുഃ പങ്കം സ്ഥലാന്യാമം ച വീരുധഃ
യഥാഹംമമതാം ധീരാഃ ശരീരാദിഷ്വനാത്മസു. 39

നിശ്ചലാംബുരഭൂത്തൂഷ്ണീം സമുദ്രഃ ശരദാഗമേ
ആത്മന്യുപരതേ സമ്യങ്മുനിർവ്യുപരതാഗമഃ. 40

കേദാരേഭ്യസ്ത്വപോഽഗൃഹ്ണൻ കർഷകാ ദൃഢസേതുഭിഃ
യഥാപ്രാണൈഃസ്രവജ്ജ്ഞാനം തന്നിരോധേനയോഗിനഃ. 41

ശരദർക്കാംശുജാംസ്താപാൻ ഭൂതാനാമുഡുപോഽഹരത്
ദേഹാഭിമാനജം ബോധോ മുകുന്ദോ വ്രജയോഷിതാം. 42

ഖമശോഭത നിർമ്മേഘം ശരദ്വിമലതാരകം
സത്ത്വയുക്തം യഥാ ചിത്തം ശബ്ദബ്രഹ്മാർത്ഥദർശനം. 43

അഖണ്ഡമണ്ഡലോ വ്യോമ്നി രരാജോഡുഗണൈഃ ശശീ
യഥാ യദുപതിഃ കൃഷ്ണോ വൃഷ്ണിചക്രാവൃതോ ഭുവി. 44

ആശ്ലിഷ്യ സമശീതോഷ്ണം പ്രസൂനവനമാരുതം
ജനാസ്താപം ജഹുർഗ്ഗോപ്യോ ന കൃഷ്ണഹൃതചേതസഃ. 45

ഗാവോ മൃഗാഃ ഖഗാ നാര്യഃ പുഷ്പിണ്യഃ ശരദാഭവൻ
അന്വീയമാനാഃ സ്വവൃഷൈഃ ഫലൈരീശക്രിയാ ഇവ. 46

ഉദഹൃഷ്യൻ വാരിജാനി സൂര്യോത്ഥാനേ കുമുദ്വിനാ
രാജ്ഞാ തു നിർഭയാ ലോകാ യഥാ ദസ്യൂൻ വിനാ നൃപ. 47

പുരഗ്രാമേഷ്വാഗ്രയണൈരിന്ദ്രിയൈശ്ച മഹോത്സവൈഃ
ബഭൗ ഭൂഃ പക്വസസ്യാഢ്യാ കലാഭ്യാം നിതരാം ഹരേഃ. 48

വണിങ്മുനി നൃപസ്നാതാ നിർഗ്ഗമ്യാർത്ഥാൻ പ്രപേദിരേ
വർഷരുദ്ധാ യഥാ സിദ്ധാഃ സ്വപിണ്ഡാൻ കാല ആഗതേ. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
പ്രാവൃട്ശരദ്വർണ്ണനം നാമ വിംശതിതമോഽധ്യായഃ

ഏകവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഇത്ഥം ശരത്സ്വച്ഛജലം പദ്മാകരസുഗന്ധിനാ
ന്യവിശദ്വായുനാ വാതം സഗോഗോപാലകോഽച്യുതഃ. 1

കുസുമിതവനരാജിശുഷ്മിഭൃങ്ഗ-
ദ്വിജകുലഘുഷ്ടസരഃസരിന്മഹീധ്രം
മധുപതിരവഗാഹ്യ ചാരയൻ ഗാഃ
സഹപശുപാലബലശ്ചുകൂജ വേണും. 2

തദ്വ്രജസ്ത്രിയ ആശ്രുത്യ വേണുഗീതം സ്മരോദയം
കാശ്ചിത് പരോക്ഷം കൃഷ്ണസ്യ സ്വസഖീഭ്യോഽന്വവർണ്ണയൻ. 3

തദ്വർണ്ണയിതുമാരബ്ധാഃ സ്മരന്ത്യഃ കൃഷ്ണചേഷ്ടിതം
നാശകൻ സ്മരവേഗേന വിക്ഷിപ്തമനസോ, നൃപ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഴമില്ലാത്തതായ സലിലസ്ഥാനങ്ങളിൽ
വാഴുന്ന മത്സ്യാദിയാം ജലജന്തുക്കളൊന്നും
അറിയുന്നില്ലന്നീരമല്ലാല്ലമന്നന്നായി-
ക്കുറഞ്ഞുകുറഞ്ഞു വന്നീടുമപ്പരമാർത്ഥം,
കുടുംബഭാരം പേറിയുൽക്കടം ദുഃഖിച്ചിടും
പടുമൂഢന്മാരായുഃക്ഷയത്തെയെന്നപോലെ. 37
ക്ഷുദ്രങ്ങളായീടുമജ്ജലജന്തുക്കൾ ശര-
ന്മാർത്താണ്ഡകരാതപമേറേററത്തപിച്ചിതേ
അജസ്രം ഗൃഹഭരംമൂലമായ് മാലാർന്നിടു-
മജിതേന്ദ്രിയൻ നിസ്വൻ സംസാരംകൊണ്ടെ-
ന്നപോൽ. 38
നിലങ്ങൾ മെല്ലെമെല്ലെച്ചെളിയും തഥാ ലതാ-
നിലയനങ്ങൾ പച്ചനിറവും വെടിഞ്ഞിതു
ധീരന്മാരാത്മാവല്ലാതുള്ള ദേഹാദിതന്നി-
ലേറും ഞാനെന്റെയെന്നിബ്ഭാവങ്ങൾ
വെടിയുംപോൽ. 39
ശരൽക്കാലാഗമത്തിലചഞ്ചലാംബുവായി
വരുണാലയം മൗനംഭജിച്ചിരുന്നു താനേ.
മാനസം ശമംപ്രാപിച്ചീടവേ വേദപാഠം
താനേ വെടിഞ്ഞിരിക്കും യോഗീന്ദ്രനെന്ന-
പോലെ. 40
കൃഷിക്കാർ കൃഷിഭൂവിൽനിന്നൂർന്നുപോകും ജലം
പ്രസഭം തടഞ്ഞിതു ദൃഢമാം സേതുക്കളാൽ
ഇന്ദ്രിയമാർഗ്ഗമായി സ്രവിക്കും ജ്ഞാനം യോഗി-
സന്ദോഹം നിരോധത്താലാത്മാവിൽ നിർത്തും-
വിധം. 41
ജ്ഞാനം ദേഹാഭിമാനജാതഖേദത്തെയും ശ്രീ-
ജാനി ഗോപികാജനസന്താപത്തെയുംപോലെ
ശരൽക്കാംശുക്കളാൽ പ്രാണികളാളും താപ-
ഭരത്തെപ്പാടേ ഹരിച്ചീടിനാൻ ശീതഭാനു. 42
നിർമ്മേഘമായിശ്ശരച്ഛുഭ്രതാരങ്ങൾ ചേരു-
മംബരം, വേദാർത്ഥത്തെദ്ധരിക്കാൻതക്കവണ്ണം
ശുദ്ധവും സത്ത്വഗുണയുക്തവുമായിരിക്കും
ചിത്തത്തിൻ സമാനമായത്യന്തം ശോഭി-
ച്ചിതു. 43
അന്തരിക്ഷത്തിലാച്ഛാദനമെന്നിയേ പൂർണ്ണ-
ചന്ദ്രനും താരങ്ങളുമതിയായ് പ്രകാശിച്ചു
വൃഷ്ണിസംഘത്താൽ സമാവൃതനായ് വിള-
ങ്ങീടും
കൃഷ്ണനാം യദുജനരാജാവെന്നതുപോലെ. 44
സുമവാടിയിൽനിന്നു സൗരഭ്യം വഹിച്ചെത്തും
സമശീതോഷ്ണവാതമൊഴിച്ചു ജനതാപം
മാനസം ശ്രീകൃഷ്ണനാൽ ഹരിക്കപ്പെട്ട ഗോപ-
മാനിനീജനം മാത്രം വഹിച്ചു താപഭാരം. 45
ശരത്തിൽ ഗോക്കളും പെൺപക്ഷികൾ മൃഗ-
ങ്ങളും
ശരിക്കു നാരിമാരും കാന്തന്മാരോടു ചേർന്നു
ഗർഭിണികളായ്ത്തീർന്നു ദേവാച്ഛാപ്രവൃത്തിക-
ളെപ്പൊഴും സഫലങ്ങളായിട്ടു തീരുംവിധം. 46
മേദിനീശാഗമത്തിൽ കള്ളന്മാരൊഴിച്ചുള്ള
സാധുക്കളെല്ലാം പരം മോദിച്ചീടുന്നപോലെ,
സൂര്യോദയത്തിൽ ശരൽക്കാലത്തു വികസിച്ചു
വാരിജാതങ്ങളാമ്പലൊഴിച്ചുള്ളവയെല്ലാം. 47
ഗ്രാമപട്ടണങ്ങളിൽ പുത്തരിവെച്ചുണ്ണൈന്ദ്രി-
യാമോദകരമഹോത്സവങ്ങൾ ഘോഷിച്ചിതു.
തെളിഞ്ഞു പക്വസസ്യഫലാഢ്യധര പാരം
വിളങ്ങി വിഷ്ണ്വംശമാം രാമകൃഷ്ണന്മാരാലും. 48
ഘോരമാരിയാൽ നിവാരിതരായിട്ടും ബ്രഹ്മ-
ചാരികൾ വണിക്കുകൾ നൃപന്മാർ മുനിമാരും
യോഗസിദ്ധന്മാർ കാലമാകുമ്പോൾ
പ്രാപ്യസ്ഥാനം
പൂകിടുംവിധം പുറത്തിറങ്ങിസ്സഞ്ചരിച്ചു
താന്താങ്ങൾക്കുചിതമാം വ്യാപാരങ്ങളിൽപ്പെട്ടു
ചിന്തിതാർത്ഥങ്ങളെല്ലാം പ്രാപിച്ചു,
ഭൂപോത്തമാ! 49

അദ്ധ്യായം 21

വേണുഗാനനിരൂപണം

ശ്രീശുകൻ പറഞ്ഞു

ഇമ്മട്ടിൽ ശരത്സ്വച്ഛസലിലംകലർന്നതാ-
യംബുജാകരഗന്ധവാഹിയാം സമീരണൻ
വീശുമാക്കാനനത്തിൽക്കടന്നാൻ സകൗതുകം
കേശവൻ ഗോക്കളോടും ഗോപന്മാരോടും
കൂടി. 1
പൂത്തുനിന്നിടും വനരാജിയിൽനിന്നു തേനു-
ണ്ടാർത്തിടും മത്തഭൃംഗവിഹംഗമങ്ങൾ ചൂഴും
ആറുകൾ സരസ്സുകൾ ഗിരികളെന്നിതെല്ലാം
പേറുമക്കാനനത്തിൽ ഗോപഗോസമൂഹവും
രാമനുമൊത്തു ചെന്നു പശുക്കളെ മേച്ചുകൊണ്ടു-
ക്കാർമുകിൽവർണ്ണൻ കണ്ണൻ വായിച്ചാ-
നോടക്കുഴൽ. 2
മന്മഥോദയഹേതുവാകുമാ വേണുഗാനം
നന്മട്ടു ഗോഷ്ഠസ്ഥരാം ഗോപനാരികൾ കേട്ടു
കണ്ണനില്ലാതിരിക്കെ ചിലർ തദ്വനലീല
വർണ്ണിച്ചു തോഴിമാരെക്കേൾപ്പിച്ചു
മോദിച്ചിതേ. 3
തത്കഥ വിസ്തരിക്കാനാരംഭിച്ചിരിക്കുമാ-
മയ്യുണ്ണിമാരെല്ലാം തദ്വ്യാപാരം സൗന്ദര്യവും
സ്മരിച്ചു മാരതാപഭിന്നമാനസമാരായ്
ശരിക്കായതു ചൊല്ലാനശക്തരായിത്തീർന്നാർ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബർഹാപീഡം നടവരവപുഃ കർണ്ണയോഃ കർണ്ണികാരം
ബിഭ്രദ്വാസഃ കനകകപിശം വൈജയന്തീം ച മാലാം
രന്ധ്രാൻ വേണോരധരസുധയാ പൂരയൻ ഗോപവൃന്ദൈർ-
വൃന്ദാരണ്യം സ്വപദരമണം പ്രാവിശദ്ഗീതകീർത്തിഃ. 5
ഇതി വേണുരവം, രാജൻ, സർവ്വഭൂതമനോഹരം
ശ്രുത്വാ വ്രജസ്ത്രിയഃ സർവ്വാ വർണ്ണയന്ത്യോഽഭിരേമിരേ. 6

ഗോപ്യ ഊചുഃ

അക്ഷണ്വതാം ഫലമിദം ന പരം വിദാമഃ
സഖ്യഃ പശൂനനുവിവേശയതോർവ്വയസ്യൈഃ
വക്ത്രം വ്രജേശസുതയോരനുവേണുജുഷ്ടം
യൈർവ്വാ നിപീതമനുരക്തകടാക്ഷമോക്ഷം. 7
ചൂതപ്രവാളബർഹസ്തബകോത്പലാബ്ജ-
മാലാനുപൃക്തപരിധാനവിചിത്രവേഷൗ
മധ്യേ വിരേജതുരലം പശുപാലഗോഷ്ഠ്യാം
രങ്ഗേ യഥാ നടവരൗ ക്വ ച ഗായമാനൗ. 8
ഗോപ്യഃ കിമാചരദയം കുശലം സ്മ വേണു-
ർദാമോദരാധരസുധാമപി ഗോപികാനാം
ഭുങ്ക്തേ സ്വയം യദവശിഷ്ടരസം ഹ്രദിന്യോ
ഹൃഷ്യത്ത്വചോഽശ്രു മുമുചുസ്തരവോ യഥാഽഽര്യാഃ. 9
വൃന്ദാവനം സഖി ഭുവോ വിതനോതി കീർത്തിം
യദ്ദേവകീസുതപദാംബുജലബ്ധലക്ഷ്മി
ഗോവിന്ദവേണുമനുമത്തമയൂരനൃത്യം
പ്രേക്ഷ്യാദ്രിസാന്വപരതാന്യസമസ്തസത്ത്വം. 10
ധന്യാഃ സ്മ മൂഢമതയോഽപി ഹരിണ്യ ഏതാ
യാ നന്ദനന്ദനമുപാത്തവിചിത്രവേഷം
ആകർണ്യ വേണുരണിതം സഹ കൃഷ്ണസാരൈഃ
പൂജാം ദധുർവിരചിതാം പ്രണയാവലോകൈഃ. 11
കൃഷ്ണം നിരീക്ഷ്യ വനിതോത്സവരൂപശീലം
ശ്രുത്വാ ച തത്ക്വണിതവേണുവിചിത്രഗീതം
ദേവ്യോ വിമാനഗതയഃ സ്മരനുന്നസാരാ
ഭ്രശ്യത്പ്രസൂനകബരാ മുമുഹുർവിനീവ്യഃ. 12
ഗാവശ്ച കൃഷ്ണമുഖനിർഗ്ഗതവേണുഗീത-
പീയൂഷമുത്തഭിതകർണ്ണപുടൈഃ പിബന്ത്യഃ
ശാവാഃ സ്നുതസ്തനപയഃകബലാഃ സ്മ തസ്ഥു-
ർഗ്ഗോവിന്ദമാത്മനി ദൃശാശ്രുകലാഃ സ്പൃശന്ത്യഃ. 13
പ്രായോ ബതാംബവിഹഗാ മുനയോ വനേഽസ്മിൻ
കൃഷ്ണേക്ഷിതം തദുദിതം കളവേണുഗീതം
ആരുഹ്യ യേ ദ്രുമഭുജാൻ രുചിരപ്രവാളാൻ
ശൃണ്വന്ത്യമീലിതദൃശോ വിഗതാന്യവാചഃ. 14
നദ്യസ്തദാ തദുപധാര്യ മുകുന്ദഗീത-
മാവർത്തലക്ഷിതമനോഭവഭഗ്നവേഗാഃ
ആലിങ്ഗനസ്ഥഗിതമൂർമ്മിഭുജൈർമ്മുരാരേർ-
ഗൃഹ്ണന്തി പാദയുഗളം കമലോപഹാരാഃ. 15
ദൃഷ്ട്വാഽഽതപേ വ്രജപശൂൻ സഹ രാമഗോപൈഃ
സഞ്ചാരയന്തമനുവേണുമുദീരയന്തം
പ്രേമപ്രവൃദ്ധ ഉദിതഃ കുസുമാവലീഭിഃ
സഖ്യുർവ്യധാത് സ്വവപുഷാംബുദ ആതപത്രം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീലികൾകൊണ്ടു തീർത്ത ശിരോഭൂഷണ-
ത്തൊടും

ചേലഞ്ചും നടവരരഞ്ജിതദേഹത്തൊടും
പൊന്നൊളിപ്പട്ടുടുത്തു കണ്ഠത്തിൽക്കർണ്ണികാര-
ത്തിന്നലർ കണ്ണും തന്നിൽ വൈജയന്തിമാ-
ലയും

ധരിച്ചും വേണുദ്വാരമധരാമൃതത്തിനാൽ
നിറച്ചും ഗോപവൃന്ദം പുകഴ്ത്തും പുകൾപൂണ്ടും
ഭഗവാൻ കൃഷ്ണൻ പ്രവേശിച്ചിതു നിജപാദ-
യുഗത്താൽ രമിപ്പിച്ചീടുന്ന വൃന്ദാവനത്തിൽ. 5
നൃപതേ! സർവ്വഭൂതമാനസങ്ങളുമേവ-
മപഹരിച്ചീടുമാ വേണുനാദം ശ്രവിച്ചു
സമസ്തഗോപാംഗനമാരും തദ്ഗുണപൂരം
സമർത്ഥമാംവിധത്തിൽ വർണ്ണിച്ചു രമിച്ചിതേ. 6

ഗോപികൾ പറഞ്ഞു

''അല്ലയോ തോഴിമാരേ! വയസ്യരോടുംകൂടി-
പ്പുല്ലുകൾ തീററി മെല്ലെഗ്ഗോക്കളെച്ചരിപ്പിച്ചു
വേണുഗാനത്തോടൊപ്പം പ്രേമവീക്ഷണങ്ങളെ-
സ്സാനന്ദം തൂകും നന്ദനന്ദനൻതന്നാനനം
പാനംചെയ്കയും സേവിക്കുകയും ചെയ്വതത്രേ
നൂനം കണ്ണുള്ളവർക്കു പരമമാകും ഫലം.
ഇന്നതിലുത്കൃഷ്ടമായ് മോഹനപദാർത്ഥമൊ-
ന്നന്യമീ മന്നിലുണ്ടെന്നറിയുന്നില്ല ഞങ്ങൾ. 7
മാന്തളിർ മയിൽപ്പീലിയുത്പലമാല്യങ്ങളും
സന്ധിപ്പിച്ചുള്ള വസ്ത്രഗണത്താൽ വിചിത്രമാം
വേഷങ്ങൾപൂണ്ടൊരിക്കൽ ഗോപന്മാർതൻ
സദസ്സിൽ

ക്കൂസാതിരുന്നു രണ്ടു നടനായകർമട്ടിൽ
രാമകൃഷ്ണന്മാർ ചേർന്നു തദ്ഗാനകലാതുല-
സാമർത്ഥ്യം പ്രദർശിപ്പിച്ചേററവും വിരാജി-
ച്ചാർ. 8

എന്തൊരു പുണ്യമാണാ വേണുവാചരിച്ചതു
ചിന്തിക്കിലിതു പരമദ്ഭുതം സഖിമാരേ!
വല്ലവാംഗനമാരാം നമുക്കു ദുർല്ലഭ്യമാം
മല്ലവൈരിതന്നധരാമൃതം സ്വതന്ത്രമായ്
കേവലം രസമാത്രമായതു ഭുജിക്കുന്ന-
താ വനവൃക്ഷങ്ങളും സരസ്സുകളും കണ്ടു
രോമാഞ്ചമിയന്നാര്യജനംമട്ടാദരത്തോ-
ടാമോദാശ്രുക്കളനവരതം പൊഴിച്ചിതേ. 9
അല്ലയോ തോഴീ! വൃന്ദാവനമിദ്ധരണിക്കു
തുല്യമില്ലാത്ത കീർത്തി പരത്തിയുല്ലസിപ്പൂ.
ദേവകീതനൂജൻതൻ പാദാബ്ജപതനശ്രീ-
താവിയും തന്മോഹനവേണുഗാനത്തോടൊത്തു
മത്തകേകികൾ നൃത്തംചെയ്വതു നിരീ-
ക്ഷിച്ചി-
ട്ടദ്രിതൻ സാനുക്കളിലാനന്ദനിമഗ്നരായ്
കൃത്യം മറന്നു നില്പും സകലജീവിജാല-
മൊത്തുമേററവും ശോഭിക്കുന്നിതീ വനോ-
ത്തമം. 10

മുഢകളായീടിലും ധന്യകളത്രേയീ മാൻ-
പേടകളെല്ലാം പരമദ്ഭുതം പാർത്തീടുകിൽ.
വേണുഗാനങ്ങൾ കേട്ടു കൃഷ്ണസാരങ്ങളോടൊ-
ത്താനന്ദനിലീനരായ് പ്രേമസൂചകങ്ങളാം
കടാക്ഷങ്ങളാൽ നന്നായ് വിചിത്രചാരുവേഷ-
മുടയനന്ദാത്മജൻതന്നെയർച്ചനംചെയ്താർ. 11
ലലനോത്സവങ്ങളാം സൗന്ദര്യസൗശീല്യങ്ങൾ
കലന്ന കാർവർണ്ണനെദ്ദർശിച്ചും തദീയമാം
വേണുഗാനങ്ങൾ കേട്ടും വിമാനമേറിപ്പോകും
വാനവനാരിമാർക്കു മാരമാൽ മുഴക്കയാൽ
കൊഴിഞ്ഞു മുടിയണിപ്പൂവുകൾ, വസ്ത്രങ്ങളു-
മഴിഞ്ഞതൊന്നുമറിഞ്ഞീല്ലവർ മോഹമാ-
ന്നാർ. 12

ഗോക്കളക്കൃഷ്ണാനനഗളിതഗാനാമൃതം
പൊക്കിയ കർണ്ണദ്വയം വഴിയാസ്വാദിച്ചും
പുല്ലുംബളവും ചുരന്നൊഴുകും പാലും വായി-
ലാക്കിയ പല്ലിടാങ്ങളനങ്ങാതാമട്ടിൽത്താൻ
കണ്ണനിൽ മനമൂന്നിക്കണ്ണുനീരൊഴുക്കിയും
നിന്നിതു പാർത്തീടുകിൽ വിസ്മയം
തോഴിമാരേ! 13

അമ്മേ! യീവനത്തിലെ വിഹംഗമുനീശ്വരർ
നന്മൃദുത്തളിരണിത്തരുശാഖകളേറി
കണ്ണനെക്കണ്ടും കളവേണുഗാനങ്ങൾ കേട്ടും
കണ്ണടയ്ക്കാതെയൊരു വാക്കുമുച്ചരിക്കാതെ
നിശ്ചലമേകാഗ്രമായ് സ്ഥിതിചെയ്യുന്നു പര-
മാശ്ചര്യ! മവയുടെ ഭാഗ്യമെന്തോതീടേണ്ടു! 14
അപ്പോലന്നദികളുമുത്പലേക്ഷണൻതന്റെ-
യപ്പാട്ടു കേട്ടു ചുഴിയെന്നൊരു കൈതവത്താൽ
മദനതാപം കാട്ടിപ്പരിരംഭണങ്ങളാ-
ലതിനെ നല്ലവണ്ണം മറച്ചീടുന്നമട്ടിൽ
തിരക്കൈകളാലുപഹാരങ്ങളേന്തി വന്നു-
മ്മുരദ്വേഷിതൻ കാലുപിടിച്ചീടുന്നു ചിത്രം! 15
കാർവർണ്ണൻ കൊടുംവെയിലിൽ ബല-
ഗോപാലാന്വിതം
ഗോവൃന്ദത്തിനുപിൻപേ വേണുവും ധ്വനി-
പ്പിച്ചു

നടന്നു പാടുന്നതു കണ്ടു സൗഹൃദം വള-
ർന്നുടനേയംബുവാഹമുപരിഭാഗത്തെത്തി
തൻ പ്രിയന്നായിപ്പൂക്കൾ ചൊരിഞ്ഞും
സ്വദേഹത്തെ-
യൻപോടൊരാതപത്രമാക്കിയും നില-
കൊണ്ടാൻ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർണ്ണാഃ പുളിന്ദ്യ ഉരുഗായപദാബ്ജരാഗ-
ശ്രീകുങ്കുമേന ദയിതാസ്തനമണ്ഡിതേന
തദ്ദർശനസ്മരരുജസ്തൃണരൂഷിതേന
ലിമ്പന്ത്യ ആനനകുചേഷു ജഹുസ്തദാധിം. 17

ഹന്തായമദ്രിരബലാ ഹരിദാസവര്യോ
യദ്രാമകൃഷ്ണചരണസ്പർശപ്രമോദഃ
മാനം തനോതി സഹ ഗോഗണയോസ്തയോര്യത്
പാനീയസൂയവസകന്ദരകന്ദമൂലൈഃ. 18

ഗാ ഗോപകൈരനുവനം നയതോരുദാര-
വേണുസ്വനൈഃ കളപദൈസ്തനുഭൃത്സു സഖ്യഃ
അസ്പന്ദനം ഗതിമതാം പുളകസ്തരൂണാം
നിര്യോഗപാശകൃതലക്ഷണയോർവിചിത്രം.'' 19

ഏവംവിധാ ഭഗവതോ യാ വൃന്ദാവനചാരിണഃ
വർണ്ണയന്ത്യോ മിഥോ ഗോപ്യഃ ക്രീഡാസ്തന്മയതാം യയുഃ. 20

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വേണുഗീതം നാമ ഏകവിംശതിതമോഽധ്യായഃ

ദ്വാവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഹേമന്തേ പ്രഥമേ മാസി നന്ദവ്രജകുമാരികാഃ
ചേരുർഹവിഷ്യം ഭുഞ്ജാനാഃ കാത്യായന്യർച്ചനവ്രതം. 1

ആപ്ലുത്യാംഭസി കാളിന്ദ്യാ ജലാന്തേ ചോദിതേഽരുണേ
കൃത്വാ പ്രതികൃതിം ദേവീമാനർച്ചുർനൃപ സൈകതീം. 2

ഗന്ധൈർമാല്യൈഃ സുരഭിഭിർബലിഭിർധൂപദീപകൈഃ
ഉച്ചാവചൈശ്ചോപഹാരൈഃ പ്രവാളഫലതണ്ഡുലൈഃ. 3

''കാത്യായനി, മഹാമായേ, മഹായോഗിന്യധീശ്വരി,
നന്ദഗോപസുതം ദേവി പതിം മേ കുരു തേ നമഃ''
ഇതി മന്ത്രം ജപന്ത്യസ്താഃ പൂജാം ചക്രുഃ കുമാരികാഃ. 4

ഏവം മാസം വ്രതം ചേരുഃ കുമാര്യഃ കൃഷ്ണചേതസഃ
ഭദ്രകാളീം സമാനർച്ചുർഭൂയാന്നന്ദസുതഃ പതിഃ. 5

ഉഷസ്യുത്ഥായ ഗോത്രൈഃ സ്വൈരന്യോന്യാബദ്ധബാഹവഃ
കൃഷ്ണമുച്ചൈർജ്ജഗുര്യാന്ത്യഃ കാളിന്ദ്യാം സ്നാതുമന്വഹം. 6

നദ്യാം കദാചിദാഗത്യ തീരേ നിക്ഷിപ്യ പൂർവ്വവത്
വാസാംസി കൃഷ്ണം ഗായന്ത്യോ വിജഹ്രുഃ സലിലേ മുദാ. 7

ഭഗവാംസ്തദഭിപ്രേത്യ കൃഷ്ണോ യോഗേശ്വരേശ്വരഃ
വയസ്യൈരാവൃതസ്തത്ര ഗതസ്തത്കർമ്മസിദ്ധയേ. 8

താസാം വാസാംസ്യുപാദായ നീപമാരുഹ്യ സത്വരം
ഹസദ്ഭിഃ പ്രഹസൻ ബാലൈഃ പരിഹാസമുവാച ഹ. 9

''അത്രാഗത്യാബലാഃ കാമം സ്വം സ്വം വാസഃ പ്രഗൃഹ്യതാം
സത്യം ബ്രവാണി നോ നർമ്മ യദ്യൂയം വ്രതകർശിതാഃ. 10

ന മയോദിതപൂർവ്വം വാ അനൃതം തദിമേ വിദുഃ
ഏകൈകശഃ പ്രതീച്ഛധ്വം സഹൈവോത സുമധ്യമാഃ.'' 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃന്ദാവനത്തിൽ വാഴും കാട്ടാളനാരിമാരും
നിർണ്ണയം കൃതാത്ഥകളാകുന്നു തോഴിമാരേ!
ദയിതാസ്തനങ്ങളിൽ പൂശിയ കുങ്കുമം ചി-
ന്മയൻതൻ പാദതാരിൽ ക്രീഡയിൽക്കലന്നതു
പുല്ലിന്മേൽ പുരണ്ടതായ്ക്കണ്ടുടൻ കാമാമയ-
മുള്ളിലേറിയിട്ടായതെടുത്തു മുഖത്തിലും
കൊങ്കക്കുടങ്ങൾമേലും ചാർത്തിയിട്ടപ്പൊഴേയ-
പ്പങ്കജബാണപീഡയാകവേയകററിനാർ. 17
മാനിനീമണിമാരേ! യദ്ഭുതമിഗ്ഗിരീന്ദ്രൻ
ശ്രീനിവാസൻതന്നുടെ സേവകന്മാരിൽ മുമ്പൻ
രാമകൃഷ്ണന്മാരുടെ പാദസ്പർശനത്തിനാ-
ലാമോദമിയന്നീടുന്നുണ്ടിവൻ നിരന്തരം
ഗോക്കളും ഗോപരും ചേർന്നവരെത്തുമ്പോളവൻ
സൽക്കരിക്കുന്നു കന്ദതൃണാംബുഗ്ഗഹാദിയാൽ.
18
എറിയും പശുക്കൾതൻ കാലുകൾ കെട്ടുവാനും
തെറിപ്പയ്യുകളെക്കെട്ടി വലിക്കുന്നതിന്നുമായ്
ചെറുതും വലുതുമാം പാശങ്ങൾ കഴുത്തിലും
ശിരസ്സിങ്കലും ചുററിദ്ധരിച്ച ശോഭിച്ചിടും
ദിവ്യന്മാരായീടുമാ രാമകൃഷ്ണന്മാരുടെ-
യവ്യക്തകളപദവേണുനാദങ്ങൾ കേൾക്കും
ചരദേഹികൾക്കാകെച്ചഞ്ചലമില്ലായ്കയും
തരുക്കൾക്കെല്ലാമുണ്ടാകുന്നിതു രോമാഞ്ചവും.''
ഇങ്ങനെ വൃന്ദാവനചാരിയാം ഭഗവാൻതൻ-
മംഗലകരമാകും ലീലാനുവർണ്ണനത്തിൽ
മുങ്ങിയാ ഗോപസ്ത്രീകൾ കൃഷ്ണനിൽ ദൃഢഭക്തി
തിങ്ങിത്തന്മയികളായ്ത്തീർന്നിതു
മഹീപതേ! 19-20

അദ്ധ്യായം 22

വസ്ത്രാപഹരണം

ശ്രീശുകൻ പറഞ്ഞു

ഹേമന്തകാലത്തിലെ പ്രഥമമാസംതന്നിൽ
ശ്രീമതിമാരാം നന്ദഗോകുലകുമാരികൾ
ശുദ്ധമാം നീവാരാന്നം ഭക്ഷിച്ച കാമ്യാർത്ഥമായ്
കാത്യായന്യാരാധനാവ്രതമാചരിച്ചിതേ. 1
അരുണോദയത്തിൽത്താൻ കളിച്ച
കാളിന്ദിയിൽ,
പരിപാവനമാകുമന്നദീതീരംതന്നിൽ
മണലുകൊണ്ടു നന്നായ് ദേവീവിഗ്രഹം
തീർത്താ-
വനിതാവൃന്ദം പൂജിച്ചീടിനാർ വിധി-
പോലെ. 2
ചന്ദനധൂപദീപസുരഭിമാല്യങ്ങളു-
മന്യൂനാന്നോപഹാരവൃന്ദവുംകൊണ്ടും പിന്നെ
തണ്ഡുല,മിളംതളിർ, കായ്കളെന്നിവകൊണ്ടും
ധന്യാംഗിമാരാമവർ ദേവിയെയച്ചിച്ചിതു. 3
''അല്ലയോ കാത്യായനീ! ഹേ ദേവീ!
മഹാമായേ!
ചൊല്ലേറും യോഗേശ്വരീ! സമസ്തലോകേ-
ശ്വരീ!
നന്ദജൻ കൃഷ്ണൻ മമ കാന്തനായ് വന്നീടുവാ-
നെന്നെയിന്നനുഗ്രഹിച്ചീടണം നമസ്കാരം.''
എന്നിപ്രകാരമുള്ള മന്ത്രത്തെജ്ജപിച്ചിട്ടു-
സ്സുന്ദരിമാരേവരുമുമയെയച്ചിച്ചിതു. 4
കണ്ണനെക്കാന്തനായിക്കിട്ടുവാൻ സങ്കല്പിച്ച-
പ്പെണ്ണുങ്ങളൊരുമാസമവനിൽ മനംനിർത്തി
ആർത്തി തീർത്തഖിലക്ഷമഹീഷുമേകീടുമ-
ബ്ഭദ്രകാളിയെ വിഘ്നമെന്നിയേ പൂജിച്ചിതു. 5
രാവിലേയെഴുന്നേററു ബന്ധുവർഗ്ഗത്തിൽപെട്ട
കാർവേണിമാരുമായിക്കൈകോർത്തുപിടി-
ച്ചുടൻ
സ്നാനാർത്ഥം ഗമിക്കവേ കൃഷ്ണനെക്കുറിച്ചുറ-
ച്ചാനന്ദനിമഗ്നരായ്പ്പാടിനാർ വീണ്ടും
വീണ്ടും. 6
പതിവുപോലേകദാ ഗോപികളെല്ലാം ചേർന്ന-
ന്നദിയിൽച്ചെന്നു തീരത്തഴിച്ചുവച്ചു വസ്ത്രം
ജലത്തിലിറങ്ങി ശ്രീവാസുദേവനെപ്പററി-
പ്പലതും ചൊല്ലിപ്പാടി ക്രീഡനം
ചെയ്തീടിനാർ. 7
യോഗേശ്വരന്മാർക്കെല്ലാമീശ്വരനായീടുമാ-
ശ്രീകൃഷ്ണഭഗവാനസ്സംഗതിയറിഞ്ഞുടൻ
ആഗമിച്ചീടിനാൻ തൽസ്നേഹിതന്മാരുമായി
സ്ത്രീകൾക്കക്രിയാഫലം പ്രദാനംചെയ്തീ-
ടുവാൻ. 8
കരയിൽ വച്ചിരിക്കുമാ വസ്ത്രങ്ങളെ ദ്രുതം
ഹരിച്ചു സമീപസ്ഥമാമൊരു കടമ്പിന്മേൽ
കരേറി സ്മിതാസ്യരാം തോഴരോടൊപ്പം
ചിരി-
ച്ചുരച്ചാനീവിധത്തിൽ പരിഹാസമായ്
ദേവൻ. 9
''അബലമാരേ! നിങ്ങൾ താന്താങ്ങൾക്കുള്ള
വസ്ത്ര-
മിവിടെവന്നു നേരേയെന്നോടു വാങ്ങി-
ക്കൊൾവിൻ.
നേരു ഞാൻ പറയുന്നു, നേരമ്പോക്കോതുകല്ലെ-
ന്നോരുവിൻ വ്രതകൃശഗാത്രികൾ
നിങ്ങളോടായ്. 10
സുന്ദരിമാരേ! മുൻപു ഞാൻ കള്ളംപറഞ്ഞിട്ടി-
ല്ലെന്നുള്ളതിവർക്കെല്ലാമറിയാം നല്ലപോലെ.
ഒററയ്ക്കോ സംഘംചേർന്നോ ജലത്തിൽനിന്നു
കേറി-
ത്തെറെറന്നുവന്നാടകളംഗീകരിച്ചീടുവിൻ.''11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ തത് ക്ഷ്വേളിതം ദൃഷ്ട്വാ ഗോപ്യഃ പ്രേമപരിപ്ലുതാ
വ്രീഡിതാഃ പ്രേക്ഷ്യ ചാന്യോന്യം ജാതഹാസാ ന നിര്യയുഃ. 12
ഏവം ബ്രുവതി ഗോവിന്ദേ നർമ്മണാ//ക്ഷിപ്തചേതസഃ
ആകണ്ഠമഗ്നാഃ ശീതോദേ വേപമാനാസ്തമബ്രുവൻ. 13
''മാനയം ഭോഃ കൃഥാസ്ത്വാം തു നന്ദഗോപസുതം പ്രിയം
ജാനീമോ/ങ്ഗ വ്രജശ്ലാഘ്യം ദേഹി വാസാംസി വേപിതാഃ. 14
ശ്യാമസുന്ദര, തേ ദാസ്യഃ കരവാമ തവോദിതം
ദേഹി വാസാംസി, ധർമ്മജ്ഞ, നോചേദ്രാജ്ഞേ ബ്രുവാമഹേ.'' 15

ശ്രീഭഗവാനുവാച

''ഭവത്യോ യദി മേ ദാസ്യോ മയോക്തം വാ കരിഷ്യഥ
അത്രാഗത്യ സ്വവാസാംസി പ്രതീച്ഛന്തു ശുചിസ്മിതാഃ.'' 16
തതോ ജലാശയാത് സർവ്വാ ദാരികാഃ ശീതവേപിതാഃ
പാണിഭ്യാം യോനിമാച്ഛാദ്യ പ്രോത്തേരുഃ ശീതകർശിതാഃ. 17
[1]ഭഗവാനാഹതാ വീക്ഷ്യ ശുദ്ധഭാവപ്രസാദിതഃ
സ്കന്ധേ നിധായ വാസാംസി പ്രീതഃ പ്രോവാച സസ്മിതം. 18

''യൂയം വിവസ്ത്രാ യദപോ ധൃതവ്രതാ
വ്യഗാഹതൈതത്തദു ദേവഹേളനം
ബദ്ധ്വാഞ്ജലിം മൂർദ്ധ്ന്യപനുത്തയേ/ംഹസഃ
കൃത്വാ നമോ/ധോവസനം പ്രഗൃഹ്യതാം.'' 19
ഇത്യച്യുതേനാഭിഹിതാ വ്രജാബലാ
മത്വാ വിവസ്ത്രാപ്ലവനം വ്രതച്യുതിം
തത്പൂർത്തികാമാസ്തദശേഷകർമ്മണാം
സാക്ഷാത്കൃതം നേമുരവദ്യമൃഗ്യതഃ. 20

താസ്തഥാവനതാ ദൃഷ്ട്വാ ഭഗവാൻ ദേവകീസുതഃ
വാസാംസി താഭ്യഃ പ്രായച്ഛത് കരുണസ്തേന തോഷിതഃ. 21

ദൃഢം പ്രലബ്ധാസ്ത്രപയാ ച ഹാപിതാഃ
പ്രസ്തോഭിതാഃ ക്രീഡനവച്ച കാരിതാഃ
വസ്ത്രാണി ചൈവാപഹൃതാന്യഥാപ്യമും
താനാഭ്യസൂയൻ പ്രിയസങ്ഗനിർവൃതാഃ. 22

പരിധായ സ്വവാസാംസി പ്രേഷ്ഠസങ്ഗമസജ്ജിതാഃ
ഗൃഹീതചിത്താ നോ ചേലുസ്തസ്മിംല്ലജ്ജായിതേക്ഷണാഃ. 23
താസാം വിജ്ഞായ ഭഗവാൻ സ്വപാദസ്പർശകാമ്യയാ
ധൃതവ്രതാനാം സങ്കല്പമാഹ ദാമോദരോ/ബലാഃ. 24
സങ്കല്പോ വിദിതഃ, സാധ്വ്യോ, ഭവതീനാം മദർച്ചനം
മയാനുമോദിതഃ സോ/സൗ സത്യോ ഭവിതുമർഹതി. 25
മയ്യാവേശിതധിയാം കാമഃ കാമായ കല്പതേ
ഭർജ്ജിതാ ക്വഥിതാ ധാനാ പ്രായോ ബീജായ [2]നേഷ്യതേ. 26
യാതാബലാ വ്രജം സിദ്ധാ മയേമാ രംസ്യഥ ക്ഷപാഃ
യദുദ്ദിശ്യ വ്രതമിദം ചേരുരാര്യാർച്ചനം സതീഃ.'' 27

ശ്രീശുക ഉവാച

ഇത്യാദിഷ്ടാ ഭഗവതാ ലബ്ധകാമാഃ കുമാരികാഃ
ധ്യായന്ത്യസ്തത്പദാംഭോജം കൃച്ഛ്റാന്നിർവ്വിവിശുർവ്രജം. 28
അഥ ഗോപൈഃ പരിവൃതോ ഭഗവാൻ ദേവകീസുതഃ
വൃന്ദാവനാദ് ഗതോ ദൂരം ചാരയൻ ഗാഃ സഹാഗ്രജഃ. 29
നിദാഘാർക്കാതപേ തിഗ്മേ ഛായയാഭിഃ സ്വാഭിരാത്മനഃ
ആതപത്രായിതാൻ വീക്ഷ്യ ദ്രുമാനാഹ വ്രജൗകസഃ. 30

1 ആഹതാഃ ഹന്തേർഗത്യർത്ഥത്വാത് സമീപമാഗതാ. ഇത്യർത്ഥഃ—ബാലബോധിനി. 2 'നേശതേ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വല്ലവിമാരവൻെറയാ വിനോദങ്ങൾ കണ്ടുൽ-
ഫല്ലപ്രേമത്തിലാണ്ടു നാണിച്ചു തമ്മിൽ-
ത്തമ്മിൽ
നോക്കിത്തുമന്ദഹാസംതൂകിനിന്നെന്നതെന്യേ
നിർഗ്ഗമിച്ചില്ലാരുമേയസ്സലിലത്തിൽ-
നിന്നും. 12
ഗോവിന്ദനേവം ചൊല്ലിയപ്പോൾ
തൽപരിഹാസ-
ഭാവത്താലാകൃഷ്ടമാം മാനസത്തോടുകൂടി
കഴുത്തുവരെയ്ക്കുമശ്ശീതളസലിലത്തിൽ
മുഴുകി വിറപൂണ്ടു ചൊല്ലിനാരവരേവം: 13
''അന്യായംചെയ്തീടരുതഖിലപൂജ്യാ! ഭവാൻ
നന്ദൻെറ പുത്രൻ, ഗോഷ്ഠനിവാസികളിൽ
ശ്രേഷ്ഠൻ.
അങ്ങയെ പ്രിയനെന്നു കരുതിപ്പോരും
ഞങ്ങൾ-
ക്കങ്ഗങ്ങൾ വിറയ്ക്കുന്നു,തന്നാലും വസന-
ങ്ങൾ. 14
ശ്യാമസുന്ദരാ! ഞങ്ങൾ ഭവദ്ദാസികളങ്ങേ-
ക്കാമമെന്തെന്നുള്ളതു ചൊല്ലുക, ചെയ്യാമുടൻ.
ധർമ്മജ്ഞാ! കൃഷ്ണാ! തരു വസ്ത്രങ്ങളല്ലെന്നാകിൽ
ചെമ്മേ ചെന്നരുളീടും രാജാവിനോടു
ഞങ്ങൾ.'' 15

ശ്രീഭഗവാൻ പറഞ്ഞു

''ഹേ ശുചിസ്മിതകളേ! നിങ്ങളെല്ലാരും മമ
ദാസികളാണെങ്കിലെൻ വാക്കു കേൾ-
ക്കേണ്ടതല്ലോ.
മടവാർമണിമാരേ! മടിക്കാതേറിവന്നീ-
പ്പുടവയെല്ലാം വാങ്ങിയുടുത്തു പോയീടുവിൻ.''
തണുപ്പാൽ കോച്ചിവിറച്ചതിയായ്
ക്ലേശിക്കുമാ-
വനിതാജനം പിന്നെക്കൈകളാൽ ഗുഹ്യഭാഗം
മറച്ചുകൊണ്ടജ്ജലാശയത്തിൽനിന്നു മെല്ലെ-
ക്കരെയ്ക്കു ലജ്ജാഭരമാവഹിച്ചേറിച്ചെന്നാർ. 17
ശുദ്ധഭാവത്താൽ തുഷ്ടനായ നന്ദജൻ, ഗുഹ്യം-
പൊത്തിക്കൊണ്ടാഗമിച്ചോരവരെക്കണ്ടിട്ടുടൻ
മാമരക്കൊമ്പത്തു പൂഞ്ചേലകൾതൂക്കിയിട്ടും-
പ്രേമസൂചകമാകും പുഞ്ചിരിപൂണ്ടു ചൊന്നാൻ:
18
''വ്രതധാരിണിമാരാം നിങ്ങൾ നഗ്നകളായി-
ട്ടുയമുനാ സലിലത്തിലിറങ്ങിയതു പാർത്താൽ
സുരനിന്ദനമാണു,.തത്പാപഹനനാർത്ഥം
ശിരസ്സിൽ കൈകൾ കൂപ്പി നമിച്ചു വാങ്ങിൻ
വസ്ത്രം.'' 19
ഇത്തരം നന്ദാത്മജൻ ചൊന്നതു കേട്ടസ്ത്രീകൾ
വസ്ത്രഹീനമാം സ്നാനം വ്രതഭങ്ഗമെന്നുന്നി
വ്രതപൂരണമിച്ഛിച്ചഖിലക്രിയാഫല-
പ്രദനാം ഭഗവാനെ നമനംചെയ്തീടിനാർ.

സകല പാപങ്ങളും തീർത്തു കാത്തീടുന്നതി-
ബ്ഭഗവാനെന്നതവർ വിശ്വസിച്ചി-
രിക്കുന്നു. 20
അതു കണ്ടലിഞ്ഞതിപ്രീതനായ് വസുദേവ-
സുതനങ്ങവർക്കുടൻ വസ്ത്രങ്ങളേകീടിനാൻ. 21
ചതിച്ചു നല്ലപോലെ മാനംകെടുത്തിപ്പിന്നെ-
യതിയായുപഹസിച്ചുനർമ്മവാക്യങ്ങളാൽ
കളിക്കോപ്പുമട്ടിട്ടുതട്ടിയങ്ങിങ്ങുതട്ടി
വെളിവായ് വസ്ത്രങ്ങളും ഹരിച്ചെന്നിരിക്കിലും
പ്രിയനാം നന്ദജൻതൻ ചേഷ്ടയാലത്യാനന്ദ-
മിയലുമന്നാരിമാരവനെ വെറുത്തില്ല. 22
എല്ലാരും താന്താങ്ങൾതൻ വസ്ത്രങ്ങളുടുത്തിട്ടു
മല്ലവൈരിയാൽ വശീകൃതമാം മനമാർന്നു
പ്രേഷ്ഠസങ്ഗമത്തിനായൊരുങ്ങി ത്രപാസ്മര-
ദൃഷ്ടികളപ്പുമാനിൽ വിട്ടു നിശ്ചലം നിന്നാർ.
തന്നുടെ പാദസ്പർശമിച്ഛിച്ചു നോമ്പുനോററ
തന്വിമാർതൻ സങ്കല്പമറിഞ്ഞു ചൊന്നാൻ
കൃഷ്ണൻ: 23-24
''മങ്കമാർമണികളേ! മത്പാദസംസേ[illegible]
സങ്കല്പിച്ചിരിക്കുന്നു നിങ്ങളെന്നറിഞ്ഞു [illegible].
അത്യന്തം തുഷ്ടനായി ഞാനു,മായതുമൂലം
സത്യമായ്ത്തന്നെയതു ഭവിച്ചീടേണ്ടതല്ലോ.
എന്നിലുൾക്കാമ്പുറപ്പിച്ചീടുവോർക്കേഴും കാമ-
മെന്നുമേ വിഷയഭോഗങ്ങളിൽ ഗമിച്ചീടാ.
പക്വമായ്മദ്ഭക്തിയാൽ കരിഞ്ഞതാമാവിത്തു
മിക്കതും തീച്ചയായും മുളയ്ക്കുന്നില്ല നൂനം.25-26
ഗമിപ്പിനമ്പാടിയിൽ സിദ്ധിക്കുമഭിലാഷം
രമിക്കാമെന്നോടൊത്തു നിങ്ങൾക്കീ
നിശകളിൽ
ആയതുദ്ദേശിച്ചല്ലോ കാത്യായന്യർച്ചാവ്രതം
മായമെന്നിയേ നിത്യം നിങ്ങളാചരിച്ചതും.''
27

ശ്രീശുകൻ പറഞ്ഞു

ഈമട്ടു ഭഗവാനാലാദിഷ്ടരായി ലബ്ധ-
കാമിതകളാമവർ കൃഷ്ണപാദാംഭോരുഹം
ചലനഹീനമുള്ളിൽ ധ്യാനിച്ചുകൊണ്ടു മെല്ലെ
വളരെപ്പണിപ്പെട്ടു ഗമിച്ചാർ ഗോകുലത്തിൽ.
പിന്നെയഗ്ഗോപന്മാരാലാവൃതനായി നന്ദ-
നന്ദനൻ ഭഗവാനാ വൃന്ദാവനത്തിൽനിന്നും
വളരെദ്ദൂരം പശുവൃന്ദത്തെത്തീററിത്തീററി
ബലിയാം ബലഭദ്രനോടൊത്തു പോയീടി-
നാൻ. 28-29
തീക്ഷ്ണമാം ഗ്രീഷ്മകാലമാർത്താണ്ഡാംശുക്കൾ
തന്ന-
ത്യുഷ്ണമേശാതെ സാന്ദ്രച്ഛായയാൽ നിരോധിച്ചു
തനിക്കു കുടയായിട്ടുവിടെ നില്ക്കും വൃക്ഷ-
ഗണത്തെ നിരീക്ഷിച്ചു ഗോപന്മാരോടു
ചൊന്നാൻ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹേ സ്തോകകൃഷ്ണ, ഹേ അംശോ, ശ്രീദാമൻ, സുബലാർജ്ജുന,
വിശാലർഷഭ, തേജസ്വിൻ, ദേവപ്രസ്ഥ, വരൂഥപ, 31
പശ്യതൈതാൻ മഹാഭാഗാൻ പരാർത്ഥൈകാന്തജീവിതാൻ
വാതവർഷാതപഹിമാൻ സഹന്തോ വാരയന്തി നഃ. 32
അഹോ ഏഷാം വരം ജന്മ സർവ്വപ്രാണ്യുപജീവനം
സുജനസ്യേവ യേഷാം വൈ വിമുഖാ യാന്തി നാർത്ഥിനഃ. 33
പത്രപുഷ്പഫലച്ഛായാമൂലവല്ക്കലദാരുഭിഃ
ഗന്ധനിര്യാസഭസ്മാസ്ഥിതോക്മൈഃ കാമാൻ വിതന്വതേ. 34
ഏതാവജ്ജന്മസാഫല്യം ദേഹിനാമിഹ ദേഹിഷു
പ്രാണൈരർത്ഥൈർധിയാ വാചാ ശ്രേയ ഏവാചരേത്സദാ.'' 35
ഇതി പ്രവാളസ്തബകഫലപുഷ്പദളോത്കരൈഃ
തരൂണാം നമ്രശാഖാനാം മധ്യേന യമുനാം ഗതഃ. 36
തത്ര ഗാഃ പായയിത്വാപഃ സുമൃഷ്ടാഃ ശീതളാഃ ശിവാഃ
തതോ നൃപ, സ്വയം ഗോപാഃ കാമം സ്വാദു പപുർജ്ജലം. 37
തസ്യാ ഉപവനേ കാമം ചാരയന്തഃ പശൂൻ നൃപ,
കൃഷ്ണരാമാവുപാഗമ്യ ക്ഷുധാർത്താ ഇദമബ്രുവൻ. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗോപീവസ്ത്രാപഹാരോ നാമ ദ്വാവിംശതിതമോഽധ്യായഃ

ത്രയോവിംശതിതമോഽധ്യായഃ

ഗോപാ ഊചുഃ

രാമ, രാമ, മഹാവീര്യ, കൃഷ്ണ, ദുഷ്ടനിബർഹണ,
ഏഷാ വൈ ബാധതേ ക്ഷുന്നസ്തച്ഛാന്തിം കർത്തുമർഹഥഃ. 1

ശ്രീശുക ഉവാച

ഇതി വിജ്ഞാപിതോ ഗോപൈർഭഗവാൻ ദേവകീസുതഃ
ഭക്തായാ വിപ്രഭാര്യായാഃ പ്രസീദന്നിദമബ്രവീത്. 2
''പ്രയാത ദേവയജനം ബ്രാഹ്മണാ ബ്രഹ്മവാദിനഃ
സത്രമാംഗിരസം നാമ ഹ്യാസതേ സ്വർഗ്ഗകാമ്യയാ. 3
തത്ര ഗത്വൗദനം ഗോപാ യാചതാസ്മദ്വിസർജ്ജിതാഃ
കീർത്തയന്തോ ഭഗവത ആര്യസ്യ മമ ചാഭിധാം.'' 4
ഇത്യാദിഷ്ടാ ഭഗവതാ ഗത്വാഽയാചന്ത തേ തഥാ
കൃതാഞ്ജലിപുടാ വിപ്രാൻ ദണ്ഡവത് പതിതാ ഭുവി. 5
ഹേ ഭൂമിദേവാഃ ശൃണുത, കൃഷ്ണസ്യാദേശകാരിണഃ
പ്രാപ്താഞ്ജാനീത ഭദ്രം വോ ഗോപാൻ നോ രാമചോദിതാൻ. 6
ഗാശ്ചാരയന്താവവിദൂര ഓദനം
രാമാച്യുതൗ വോ ലഷതോ ബുഭുക്ഷിതൗ
തയോർദ്വിജാ ഓദനമർത്ഥിനോര്യദി
ശ്രദ്ധാ ച വോ യച്ഛത ധർമ്മവിത്തമാഃ. 7
ദീക്ഷായാഃ പശുസംസ്ഥായാഃ സൗത്രാമണ്യാശ്ച സത്തമാഃ
അന്യത്ര ദീക്ഷിതസ്യാപി നാന്നമശ്നൻ ഹി ദുഷ്യതി.'' 8
ഇതി തേ ഭഗവദ്യാച്ഞാം ശൃണ്വന്തോഽപി ന ശുശ്രുവുഃ
ക്ഷുദ്രാശാ ഭൂരികർമ്മാണോ ബാലിശാ വൃദ്ധമാനിനഃ. 9
ദേശഃ കാലഃ പൃഥഗ്ദ്രവ്യം മന്ത്രതന്ത്രർത്ത്വിജോഽഗ്നയഃ
ദേവതാ യജമാനശ്ച ക്രതുർധർമ്മശ്ച യന്മയഃ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അംശോ! തേജസ്വിൻ! വിശാലഷ്ഭോ!
ദേവപ്രസ്ഥാ!
ഹേ സ്തോകകൃഷ്ണാ! സുബലാർജ്ജുനാ! വരൂഥപാ!
ശ്രീദാമൻ! പരക്കായ് സ്വജീവിതം പോററും
മഹാ-
ഭാഗരാകമിത്തരുവൃന്ദത്തെ നോക്കീടുവിൻ.
എന്നുമാതപവാതഹിമവർഷങ്ങളേററു
നിന്നിവ നമ്മെച്ചൂടിൽനിന്നു സംരക്ഷിക്കുന്നു.
ജീവികൾക്കെല്ലാമുപജീവനമരുളീടു- [31–32
മീവൃക്ഷജന്മമോർത്താലെത്രയും ശ്രേഷ്ഠം ചിത്രം!
നല്ലവരുടെമുമ്പിൽപ്പോലിവററിന്നടുത്തും
ചെല്ലുമർത്ഥികളാരും പോരേണ്ടാ
നിരാശരായ്. 33
ഇലയും പൂവും കായും തളിരും നിഴലും നൽ-
ത്തൊലിയും കൊമ്പും തായിത്തടിയുംകൊണ്ടും
പിന്നെ
ക്ഷീരം, സുഗന്ധം, ചാരം, കാതലെന്നിവ
കൊണ്ടും
പൂരിപ്പിക്കുന്നു സർവ്വകാമവുമിത്തരുക്കൾ. 34
ദേഹികളർത്ഥം, പ്രാണൻ, ബുദ്ധി, വാക്കെന്നി-
തെല്ലാം
ദേഹിതൻ ശ്രേയസ്സിനായുപയോഗിച്ചീടണം.
അതുതാനീ ലോകത്തിൽ ജന്മസാഫല്യമെന്നു-
ള്ളതിനു സന്ദേഹമില്ലെൻ പ്രിയസഖാക്കളേ!''
ഇത്തരമോരോന്നോതി മാധവൻ ഫലപുഷ്പ-
പത്രപല്ലവചയപൂർണ്ണമായാനമ്രമാം.
ഭൂരുഹസമൂഹത്തിന്നിടയിൽക്കൂടിപ്പോയി-
പ്പാരാതെ സൂരാത്മജാതീരത്തിലെത്തീടിനാൻ.
35–36
മന്നവാ! നിർമ്മലമായാരോഗ്യപ്രദമാക-
മന്നദീശീതശുദ്ധസലിലം പശുക്കളെ
പാനംചെയ്യിച്ചശേഷമാസ്വാദ്യമാമന്നീരം
താനുമഗ്ഗോപന്മാരും കുടിച്ചു ദാഹം തീർത്താർ.37
അന്നദീപുളിനോപവനത്തിൽ പിന്നെപ്പശു-
വൃന്ദത്തെത്തീററിപ്പാരം വിശന്നുതളർന്നലം
ഗോപന്മാർ രാമനേയും ഭഗവാൻ കൃഷ്ണനേയും
പ്രാപിച്ചു ചൊല്ലീടിനാരവരോടിപ്രകാരം. 38

അദ്ധ്യായം 23

വിപ്രപത്ന്യനുഗ്രഹലീല

ഗോപന്മാർ പറഞ്ഞു

ഹേ രാമാ! മഹാവീരാ! ഹേ കൃഷ്ണാ!
ദുഷ്ടാന്തകാ!
ഘോരമാം വിശപ്പിനാൽ പീഡിതർ
ഞങ്ങളിപ്പോൾ.
അതിനൊരുപശാന്തിയുണ്ടാക്കീടണം വേഗം
മതിമാന്മാരാം നിങ്ങളതിനർഹന്മാരല്ലോ. 1

ശ്രീശുകൻ പറഞ്ഞു

ആ വാക്കു കേട്ടു കൃഷ്ണൻ ഭക്തയായീടും മഹീ-
ദേവപത്നിയെയനുഗ്രഹിപ്പാനുന്നിച്ചോന്നാൻ:2
''ആങ്ഗിരസാഖ്യം സത്രം വേദവാദിദ്വി-
ജന്മാ-
രങ്ങനുഷ്ഠിക്കുന്നതായി പ്രസിദ്ധം
സ്വർഗ്ഗതിക്കായ്
ആ സത്രശാലയിൽച്ചെന്നാഹാരം തരികെന്ന-
ബ്ഭൂസുരന്മാരോടായി യാചിക്കിൻ
ലജ്ജിക്കേണ്ട.
ഞാനുമണ്ണനുംകൂടി പറഞ്ഞുവിട്ടതെന്നും
വേണമെന്നാകിൽ ചൊല്ലിബ്ഭക്ഷ്യത്തെ-
ച്ചോദിക്കുവിൻ.'' 3–4
എന്നുള്ള ഭഗവാൻതന്നാദേശം കൈക്കൊണ്ടുടൻ
ചെന്നവർ യാഗശാല പൂകിയഞ്ജലികൂപ്പി
ദണ്ഡംപോൽ മന്നിടത്തിൽ പതിച്ചു
നമിച്ചുകൈ-
ണ്ടന്നമദ്ധരാസുരന്മാരോടു യാചിച്ചിതേ. 5
''മേദിനീദേവന്മാരേ! കേൾക്കുവിൻ
ശ്രീകൃഷ്ണൻത-
ന്നാദേശവശന്മാരാം ഗോപന്മാരല്ലോ ഞങ്ങൾ.
ഞങ്ങളേ യദൂത്തമനാകുമാ ബലഭദ്ര-
നിങ്ങോട്ടു പറഞ്ഞയച്ചെന്നതും ബോധിക്കു-
വിൻ. 6
ചാരത്തായ് പശുക്കളെ മേച്ചതിക്ഷുധാർത്തരാ-
മാ രാമകൃഷ്ണന്മാരും നിങ്ങളിൽനിന്നും ഭോജ്യം
പ്രതീക്ഷിക്കുന്നുണ്ടതിൽ ശ്രദ്ധയുണ്ടെങ്കിലന്ന-
മിദാനീം നല്കീടുവിൻ ധർമ്മജ്ഞദ്വിജന്മാരേ! 7
സത്തമന്മാരേ! ദീക്ഷാപൂർവ്വകമായീടുമീ-
സത്രത്തിൽ സൗത്രാമണിയൊഴിച്ചും
പശുഹിംസ-
പൂർത്തിയായതിൻപിമ്പും ദീക്ഷിതാന്നം ഭുജി-
ച്ചാൽ
നിർദ്ദോഷമെന്നുള്ളതു ശാസ്ത്രസമ്മതമല്ലോ?''
ഇത്തരം ഭഗവാൻതൻ യാചന കേട്ടെങ്കിലും
ക്ഷുദ്രാശ വളർന്നതിക്ലിഷ്ടകർമ്മങ്ങൾ ചെയ്തു
വിജ്ഞരാണെന്നു താനേ ഭാവിച്ചു
ഞെളിഞ്ഞീടു-
മജ്ഞരാമദ്വിജന്മാർ ബഹുമാനിച്ചതില്ല. 9
കാലദേശങ്ങൾ മന്ത്രതന്ത്രങ്ങൾ നാനാവസ്തു-
ജാലമഗ്നികളിഷ്ടദേവതയൃത്വിക്കുകൾ
ധർമ്മവും യജമാനനദ്ധ്വരമെന്നിതെല്ലാ-
മുണ്മയിലേതു മഹാത്മാവുതൻ സ്വരൂപമോ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ം ബ്രഹ്മ പരമം സാക്ഷാദ്ഭഗവന്തമധോക്ഷജം
മനുഷ്യദൃഷ്ട്യാ ദുഷ്പ്രജ്ഞാ മർത്ത്യാത്മാനോ ന മേനിരേ. 11

ന തേ യദോമിതി പ്രോചുർന്നേതി ച പരന്തപ
ഗോപാ നിരാശാഃ പ്രത്യേത്യ തഥോചുഃ കൃഷ്ണരാമയോഃ. 12

തദുപാകർണ്യ ഭഗവാൻ പ്രഹസ്യ ജഗദീശ്വരഃ
വ്യാജഹാര പുനർഗ്ഗോപാൻ ദർശയൻ ലൗകികീം ഗതിം: 13

''മാം ജ്ഞാപയത പത്നീഭ്യഃ സസങ്കർഷണമാഗതം
ദാസ്യന്തി കാമമന്നം വഃ സ്നിഗ്ദ്ധാ മയ്യുഷിതാ ധിയാ.'' 14

ഗത്വാഥ പത്നീശാലായാം ദൃഷ്ട്വാഽഽസീനാഃ സ്വലംകൃതാഃ
നത്വാ ദ്വിജസതീർഗ്ഗോപാഃ പ്രശ്രിതാ ഇദമബ്രുവൻ. 15

''നമോ വോ, വിപ്രപത്നീഭ്യോ, നിബോധത വചാംസി നഃ
ഇതോഽവിദൂരേ ചരതാ കൃഷ്ണേനേഹേഷിതാ വയം. 16

ഗാശ്ചാരയൻ സ ഗോപാലൈഃ സരാമോ ദൂരമാഗതഃ
ബുഭുക്ഷിതസ്യ തസ്യാന്നം സാനുഗസ്യ പ്രദീയതാം.'' 17

ശ്രുത്വാച്യുതമുപായാതം നിത്യം തദ്ദർശനോത്സുകാഃ
തത്കഥാക്ഷിപ്തമനസോ ബഭൂവുർജ്ജാതസംഭ്രമാഃ. 18

ചതുർവ്വിധം ബഹുഗുണമന്നമാദായ ഭാജനൈഃ
അഭിസസ്രുഃ പ്രിയം സർവ്വാഃ സമുദ്രമിവ നിമ്നഗാഃ. 19

നിഷിദ്ധ്യമാനാഃ പതിഭിർഭ്രാതൃഭിർബ്ബന്ധുഭിഃ സുതൈഃ
ഭഗവത്യുത്തമശ്ലോകേ ദീർഘശ്രുതധൃതാശയാഃ. 20

യമുനോപവനേഽശോകനവപല്ലവമണ്ഡിതേ
വിചരന്തം വൃതം ഗോപൈഃ സാഗ്രജം ദദൃശുഃ സ്ത്രിയഃ. 21

ശ്യാമം ഹിരണ്യപരിധിം വനമാല്യബർഹ-
ധാതുപ്രവാളനടവേഷമനുവ്രതാംസേ
വിന്യസ്തഹസ്തമിതരേണ ധുനാനമബ്ജം
കർണ്ണോത്പലാളകകപോലമുഖാബ്ജഹാസം. 22

പ്രായഃ ശ്രുതപ്രിയതമോദയകർണ്ണപൂരൈ-
ര്യസ്മിൻ നിമഗ്നമനസസ്തമഥാക്ഷിരന്ധ്രൈഃ
അന്തഃ പ്രവേശ്യ സുചിരം പരിരഭ്യ താപം
പ്രാജ്ഞം യഥാഭിമതയോ വിജഹുർന്നരേന്ദ്ര. 23

താസ്തഥാ ത്യക്തസർവ്വാശാഃ പ്രാപ്താ ആത്മദിദൃക്ഷയാ
വിജ്ഞായാഖിലദൃഗ്ദ്രഷ്ടാ പ്രാഹ പ്രഹസിതാനനഃ. 24

''സ്വാഗതം വോ മഹാഭാഗാ, ആസ്യതാം, കരവാമ കിം?
യന്നോ ദിദൃക്ഷയാ പ്രാപ്താ ഉപപന്നമിദം ഹി വഃ. 25

നന്വദ്ധാ മയി കുർവ്വന്തി കുശലാഃ സ്വാർത്ഥദർശിനഃ
അഹൈതുക്യവ്യവഹിതാം ഭക്തിമാത്മപ്രിയേ യഥാ. 26

പ്രാണബുദ്ധിമനഃസ്വാത്മദാരാപത്യധനാദയഃ
യത്സമ്പർക്കാത് പ്രിയാ ആസംസ്തതഃ കോന്വപരഃ പ്രിയഃ. 27

തദ്യാത ദേവയജനം പതയോ വോ ദ്വിജാതയഃ
സ്വസത്രം പാരയിഷ്യന്തി യുഷ്മാഭിർഗൃഹമേധിനഃ.'' 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രിയാതീതനായിസ്സാക്ഷാൽ ശ്രീപരബ്രഹ്മ-
ശാന്തമൂർത്തിയായ് വിളങ്ങീടുമമ്പ് ഭഗവാനെ
ബുദ്ധിഹീനന്മാരാമാ ബ്രാഹ്മണർ വെറുമൊരു
മർത്ത്യനെന്നോർത്തു ഗണ്യമാക്കിയില്ലാ
വാക്കുകൾ.. 11
ഓമെന്നോ നാസ്തിയെന്നോ പറഞ്ഞില്ല-
ദ്വിജന്മാർ
ധീ മങ്ങി നിരാശരായ് മടങ്ങിവന്നു വേഗം
രാമഗോവിന്ദന്മാരോടിക്കാര്യമശ്ശേഷമന്മാ-
രാമയഭാവത്തോടും പറഞ്ഞുകേൾപ്പിച്ചിതേ 12
ജഗദീശ്വരനായിസ്സർവ്വത്ര വിളങ്ങിടും
ഭഗവാൻ കൃഷ്ണനതു കേട്ടു പുഞ്ചിരിപൂണ്ടു
ലോകസമ്പ്രദായത്തെ പ്രകാശിപ്പിച്ചുകൊണ്ട-
വ്യാകുലമവരോടായരുളിച്ചെയ്തീടിനാൻ: 13
''വന്നിരിക്കുന്നു ഞാനും ജ്യേഷ്ഠനുമിവിടത്തി-
ലെന്നതാ വിപ്രപത്നിമാരോടു ചെന്നു
ചൊൽവിൻ
എന്നിലുള്ളുറപ്പിച്ചു വസിക്കുമാ സ്നിഗ്ദ്ധമാർ
തന്നിടുമിഷ്ടംപോലെ ഭക്ഷ്യങ്ങൾ നിങ്ങൾ-
ക്കെല്ലാം.'' 14
പിന്നെയപ്പത്നീശാലപുക്കലംകൃതരായി
മിന്നുമസ്സതികളെത്തൊഴുതു ചൊന്നാരവർ. 15
''ആരണഭാര്യമാരേ, നിങ്ങൾക്കു നമസ്കാരം,
നേരേയീ ഞങ്ങളോതും ഗീരുകൾ കേട്ടീടുവിൻ
ചാരത്തു സഞ്ചരിക്കും ശ്രീകൃഷ്ണഭഗവാൻതൻ-
പ്രേരണയാലേ വന്ന ഗോപന്മാരാണു
ഞങ്ങൾ. 16
രാമനും ഗോപന്മാരുമൊത്തു ഗോക്കളെത്തീറ്റി-
യാമഹാൻ ഗേഹത്തിൽനിന്നേററവും ദൂരംപെട്ടും
ഇസ്ഥലത്തെത്തിയിപ്പോൾ ക്ഷുത്തിനാലാ-
ർത്തനായി
വർത്തിപ്പൂ തോഴരോടും, തന്നാലുമന്നം
വേഗം.'' 17
തച്ചരിതാകർണ്ണനാകൃഷ്ടമാനസമാരായ്
നിച്ചലും തദ്ദർശനമിച്ഛിക്കുമസ്സാദ്ധ്വികൾ
അച്യുതനന്തികത്തിലാഗമിച്ചെന്ന വാർത്ത-
യുടൻച്ചേർന്നമാത്രയിൽ സംഭ്രാന്തകളായി-
ത്തീർന്നാർ. 18
ഉത്തമശ്ലോകഗുണശ്രവണത്തിനാൽ പണ്ടേ
ചിത്തമമ്പ് ഭഗവാനിലുറപ്പിച്ചിരുന്നിടും
അദ്ദ്വിജസ്ത്രീകൾ ചതുർവ്വിധമായ് ബഹു-
ഗുണോത്-
കൃഷ്ടമാമന്നം നല്ല ഭാജനങ്ങളിലേന്തി
ഭർത്താക്കന്മാരും ബന്ധുവൃന്ദവും ഭ്രാതാക്കളും
പുത്രരും തടുത്തിട്ടും നില്ക്കാതെയൊന്നിച്ചുടൻ
ആറുകളബ്ധിയിലേക്കെന്നപോൽ പ്രിയനാമ-
ച്ചാരുഗോപാലകൃഷ്ണൻതന്നേക്കു
പാഞ്ഞീടിനാർ. 19-20

അശോകനൂതനപല്ലവഭൂഷ ചാർത്തി
പ്രശോഭിക്കുമന്നദീതീരോപവനംതന്നിൽ
അഗ്രജനോടൊത്തുചേർന്നു സഞ്ചരിച്ചീടുന്നൊരു
കണ്ണനെയക്കാമിനീമണികൾ കണ്ടീടിനാർ. 21
കാർമുകിൽനിറമാർന്ന സുവർണ്ണപ്രഭയോളം
കോമളാംബരംപൂണ്ടു വനമാലകൾ ചാർത്തി
പീലികൾ മനയോല നവപല്ലവങ്ങളും
ചാലവേയണിഞ്ഞൊരു നടന്റെ വേഷമാർന്നു
കരമൊന്നനുഗൻതൻ തോളിലിട്ടന്യമാകും
കരത്താലൊരു കേളീപങ്കജത്തെച്ചുഴററി
കർണ്ണദ്വയത്തിൽ നീലത്താമരപ്പൂക്കളിട്ടു
ചിന്നിയും കുറുനിര കപോലങ്ങളിലെങ്ങും
പുഞ്ചിരിപൊഴിഞ്ഞിടും മഞ്ജുളാനനത്തോടു
തഞ്ചിടും കൃഷ്ണനെക്കണ്ടാനന്ദമാർന്നീടിനാർ. 22
ഏറെനാൾ ഗുണോൽക്കരം കേട്ടുകൊണ്ടു-
മാത്ര-
മാരിലാണവർ ചിത്തം ലയിപ്പിച്ചിരുന്നതും
ആ പ്രിയതമൻതന്നെയക്ഷി ദ്വാരത്തിലൂടെ
ഉൾപ്രവേശിപ്പി,ച്ചഹംവൃത്തികൾ പ്രാജ്ഞ-
നെപ്പോൽ
അധികനേരം പരിരംഭണംചെയ്തു താപം
നിതരാമൊഴിവാക്കി നിന്നിതു നരേശ്വരാ! 23
അന്യമാമാഗ്രഹങ്ങളഖിലം സന്ത്യജിച്ചു
തന്നെക്കാണ്മാനായി വന്നോരന്നാരിമാരെ
സമസ്തബുദ്ധിസാക്ഷി ഭഗവാനറിഞ്ഞുടൻ
സ്മന്ദഹാസാസ്യനായ് കഥിച്ചാ-
നിപ്രകാരം: 24
''ഭാഗ്യശാലിനികളേ! നിങ്ങടെ വരവിപ്പോൾ
യോഗ്യംതാ,നിരിക്കുവി,നെന്തു വേണ്ടതു
ഞങ്ങൾ?
എന്നെക്കാണ്മാൻതന്നെയാണിഹ നിങ്ങൾ
വന്ന-
തെന്നാകിലതു നിങ്ങൾക്കേററവും യുക്തം
തന്നെ. 25
സ്വന്തമാം പുരുഷാർത്ഥസാരമാരാഞ്ഞറിഞ്ഞ
ചിന്തകരാത്മാവായും സ്നേഹിതനായും മിന്നും
എന്നിലെന്നുമേയഹേതുകമായ് മറവറോ-
രുന്നതതരമാകും ഭക്തിയാവഹിക്കുന്നു. 26
പ്രാണമാനസബന്ധുശരീരകളത്രസ-
ന്താനവിത്താദിയെല്ലാമാരുടെ സംസർഗ്ഗത്താൽ
പ്രിയദങ്ങളായിടുമപ്പരമാത്മാവേക്കാൾ
പ്രിയനായ് ശരീരികൾക്കന്യ-
നാരിരിക്കുന്നു? 27
അതിനാൽ പോയീടുവിൻ യജ്ഞവാടത്തിൽ
നിങ്ങൾ
പതികളായീടുമഗ്ഗൃഹസ്ഥദ്വിജാദികൾ
സാദ്ധ്വികളായീടുന്ന നിങ്ങളോടൊത്തുചേർന്നു
പൂർത്തിയാക്കീടട്ടെയസ്സത്രത്തെയഭംഗുരം.'' 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്ന്യ ഊചുഃ

മൈവം വിഭോഽർഹതി ഭവാൻ ഗദിതും നൃശംസം
സത്യം കുരുഷ്വ നിഗമം തവ പാദമൂലം
പ്രാപ്താ വയം തുളസിദാമപദാവസൃഷ്ടം
കേശൈർനിവോഢുമതിലംഘ്യസമസ്തബന്ധൂൻ. 29

ഗൃഹ്ണന്തി നോ ന പതയഃ പിതരൗ സുതാ വാ
ന ഭ്രാതൃബന്ധുസുഹൃദഃ കുത ഏവ ചാന്യേ
തസ്മാദ് ഭവത്പ്രപദയോഃ പതിതാത്മനാം നോ
നാന്യാ ഭവേദ് ഗതിരരിന്ദമ, തദ്വിധേഹി. 30

ശ്രീഭഗവാനുവാച

പതയോ നാഭ്യസൂയേരൻ പിതൃഭ്രാതൃസുതാദയഃ
ലോകാശ്ച വോ മയോപേതാ ദേവാ അപ്യനുമന്വതേ. 31

ന പ്രീതയേഽനുരാഗായ ഹ്യംഗസംഗോ നൃണാമിഹ
തന്മനോ മയി യുഞ്ജാനാ അചിരാന്മാമവാപ്സ്യഥ. 32

ശ്രീശുക ഉവാച

ഇത്യുക്താ ദ്വിജപത്ന്യസ്താ യജ്ഞവാടം പുനർഗ്ഗതാഃ
തേ ചാനസൂയവഃ സ്വാഭിഃ സ്ത്രീഭിഃ സത്രമപാരയൻ. 33

തത്രൈകാ വിധൃതാ ഭർത്രാ ഭഗവന്തം യഥാശ്രുതം
ഹൃദോപഗുഹ്യ വിജഹൗ ദേഹം കർമ്മാനുബന്ധനം. 34

ഭഗവാനപി ഗോവിന്ദസ്തേനൈവാന്നേന ഗോപകാൻ
ചതുർവ്വിധേനാശയിത്വാ സ്വയം ച ബുഭുജേ പ്രഭുഃ. 35

ഏവം ലീലാനരവപുർന്നൃലോകമനുശീലയൻ
രേമേ ഗോഗോപഗോപീനാം രമയൻ രൂപവാക്കൃതൈഃ. 36

അഥാനുസ്മൃത്യ വിപ്രാസ്തേ അന്വതപ്യൻ കൃതാഗസഃ
യദ്വിശ്വേശ്വരയോര്യാച്ഞാമഹന്മ നൃവിഡംബയോഃ. 37

ദൃഷ്ട്വാ സ്ത്രീണാം ഭഗവതി കൃഷ്ണേ ഭക്തിമലൗകികീം
ആത്മാനം ച തയാ ഹീനമനുതപ്താ വ്യഗർഹയൻ. 38

''ധിഗ് ജന്മ നസ്ത്രിവൃദ്വിദ്യാം ധിഗ് വ്രതം ധിഗ് ബഹുജ്ഞതാം
ധിക്കുലം ധിക്ക്രിയാദാക്ഷ്യം വിമുഖാ യേ ത്വധോക്ഷജേ. 39

നൂനം ഭഗവതോ മായാ യോഗിനാമപി മോഹിനീ
യദ്വയം ഗുരവോ നൄണാം സ്വാർത്ഥേ മുഹ്യാമഹേ ദ്വിജാഃ. 40

അഹോ പശ്യത നാരീണാമപി കൃഷ്ണേ ജഗദ്ഗുരൗ
ദുരന്തഭാവം യോഽവിധ്യന്മൃത്യുപാശാൻ ഗൃഹാഭിധാൻ. 41

നാസാം ദ്വിജാതിസംസ്കാരോ ന നിവാസോ ഗുരാവപി
ന തപോ നാത്മമീമാംസാ ന ശൗചം ന ക്രിയാഃ ശുഭാഃ. 42

അഥാപി ഹ്യുത്തമശ്ലോകേ കൃഷ്ണേ യോഗേശ്വരേശ്വരേ
ഭക്തിർദൃഢാ നചാസ്മാകം സംസ്കാരാദിമതാമപി. 43

നനു സ്വാർത്ഥവിമൂഢാനാം പ്രമത്താനാം ഗൃഹേഹയാ
അഹോ നഃ സ്മാരയാമാസ ഗോപവാക്യൈഃ സതാം ഗതിഃ. 44

അന്യഥാ പൂർണ്ണകാമസ്യ കൈവല്യാദ്യാശിഷാംപതേഃ
ഈശിതവ്യൈഃ കിമസ്മാഭിരീശസ്യൈതദ്വിഡംബനം. 45

ഹിത്വാന്യാൻ ഭജതേ യം ശ്രീഃ പാദസ്പർശാശയാ സകൃത്
ആത്മദോഷാപവർഗ്ഗേണ തദ്യാച്ഞാ ജനമോഹിനീ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്നികൾ പറഞ്ഞു

ഹേ വിഭോ! ഭവാനേവം പരുഷം ചൊല്ലുന്നതു
ഭുവിനീശ്വരനാകുമങ്ങേയ്ക്കു യോഗ്യമല്ല.
സത്യമാക്കണമങ്ങേന്നിഗമം ഭവാനിപ്പോൾ
പുത്രാദിബന്ധുക്കളെ നിരാകരിച്ചു ഞങ്ങൾ
ത്വത് പദസ്പർശമേല്ക്കും തുളസീമാലയാന്നു
നിർഭരം മുടിതന്നിൽച്ചൂടുവാനല്ലോ വന്നു. 29
ഭർത്താക്കന്മാരുമിനിയച്ഛനമ്മമാർ പുത്ര-
മിത്രബാന്ധവാദ്യരും ഞങ്ങളെ സ്വീകരിക്കാ.
അന്യന്മാരാരും പിന്നെയങ്ഗീകരിച്ചീടുകി-
ല്ലെന്നതു വിശേഷിച്ചു ചൊല്ലേണ്ടതില്ലയല്ലോ!
നിന്തിരുപ്പാദങ്ങളിൽ മനമർപ്പിച്ച ഞങ്ങൾ-
ക്കെന്തൊരു ഗതി വേറേ, തന്നാലും
ഭവദ്ദാസ്യം. 30

ശ്രീഭഗവാൻ പറഞ്ഞു

എന്നരികത്തു വന്ന നിങ്ങളെബ് ഭർത്താ-
ക്കന്മാ-
രെന്നല്ല പിതൃഭ്രാതൃസുഹൃദ് ബാന്ധവന്മാരും
അന്യരുമാരുംതന്നെ നിരോധിക്കുകയില്ല.
വിണ്ണോരുമതിന്നവക്കുളളുമുപദേശം. 31
അങ്ഗസങ്ഗമം പാർത്താൽ മർത്ത്യർക്കി-
സ്സംസാരത്തി-
ലെങ്ങുമേ രാഗത്തിനും പ്രീതിക്കുമായിത്തീരാ.
അതിനാൽ മനമെന്നിൽ യോജിപ്പിച്ചോരു
നിങ്ങ-
ളധികം താമസിക്കാതെന്നെത്താൻ
പ്രാപിച്ചീടും. 32

ശ്രീശുകൻ പറഞ്ഞു

എന്നതു കേട്ടാ വിപ്രപത്നിമാരെല്ലാവരും
പിന്നെപ്പോയിതു യാഗശാലയിലേക്കു മെല്ലെ.
വിപ്രരുമനന്തരമവരോടല്പംപോലു-
മപ്രിയമിയലാതാ യാഗവും പൂരിപ്പിച്ചാർ. 33
തത്രതാൻ സ്വഭർത്താവു ബലമാസ്കടഞ്ഞുള്ളോ-
രുത്തമഭക്ത, യഥാശ്രുതനാം ഭഗവാനെ
ഹൃത്തുകൊണ്ടാലിംഗനംചെയ്തിട്ടു കർമ്മങ്ങളാൽ
ബദ്ധമാം നിജദേഹം പെട്ടെന്നു സന്ത്യജി-
ച്ചാൾ. 34
ഗോവിന്ദൻ ഭഗവാനും പിന്നെയച്ചതുർവിധ-
പാവനാന്നത്തിനാൽ തൻ ഗോപാലകുമാരരെ
തുഷ്ടമായൂട്ടി പ്രഭുവായി മിന്നുന്ന താനും
തുഷ്ടനായിരുന്നങ്ങു ഭക്ഷണംകഴിച്ചിതു. 35
ഈവിധം ലീലാനരശരീരം സ്വീകരിച്ചു
കേവലം മർത്ത്യലോകോചിത-
കൃത്യങ്ങൾക്കൊത്തു
വാക്കു മെയ് വ്യാപാരമെന്നിവയാൽ ഗോപ-
ഗോപീ-
ഗോക്കളെ രമിപ്പിച്ചു രമിച്ചീടിനാൻ സ്വയം.
36

മർത്ത്യലീലകൾ കാട്ടും വിശ്വേശ്വരന്മാരുടെ-
യർത്ഥന നമ്മൾ നിരാകരിച്ചതോർത്തീടുകിൽ
തെറ്റുതാനെന്നു പിന്നെയാഢ്യരാനിജ്ജരന്മാ-
രുറ്റു ചിന്തിച്ചു പാരം പശ്ചാത്തപിച്ചീ-
ടിനാർ. 37
ഭഗവാൻ ശ്രീകൃഷ്ണനിൽ നാരികൾക്കെഴുമലൗ-
കികഭക്തിയും തങ്ങൾക്കേതുമതില്ലാത്തതും
പാർത്തലം പശ്ചാത്താപയുക്തരാമദ്വിജന്മാർ
പാർത്തലപതേ! പാരമാത്മനിന്ദനംചെയ്താർ.
38
ഭഗവദ് ഭക്തിഹീനന്മാരായ നമ്മൾക്കെഴും
ത്രിഗുണയുതമാകും ജന്മവും വിദ്യതാനും
വ്രതവും ബഹുശാസ്ത്രജ്ഞാനഭാവവും കുല-
മതിപ്പും ക്രിയാദാക്ഷ്യമെന്നതും നിന്ദ്യംതന്നെ.
39
ഭഗവന്മായാശക്തി യോഗീശ്വരന്മാരുടെ-
യകതാരിനും മോഹജനകംതന്നെ നൂനം.
നമ്മളോ മഹീദേവർ; മനുഷ്യർക്കുപദേശം
ചെമ്മേ ചെയ്യേണ്ടോരഹോ! സ്വാർത്ഥത്തിൽ
മോഹിക്കുന്നു. 40
സ്ത്രീകൾക്കുപോലും ലോകഗുരുവാം മുകുന്ദനി-
ലേകാന്തഭക്തിയുളവായതു കാൺമിൻ ചിത്രം!
അതിനാൽ ഗൃഹാഭിഖ്യമൃത്യുപാശങ്ങളേയ-
സ്സതിമാർ നിശ്ശേഷമായ് ഛേദിച്ചിരി-
ക്കുന്നിതു. 41
ഇവർക്കില്ലേതുമുപനയന,മില്ല ഗുരു-
നിവാസ,മില്ല ശൗചം ശുഭമാം കർമ്മങ്ങളും. 42
എങ്കിലും യോഗേശനാമുത്തമശ്ലോകൻതങ്കൽ
തങ്കിടുന്നുണ്ടു ദൃഢമായീടും പ്രേമഭക്തി.
സകല സംസ്കാരവും നേടിയ നമുക്കതു
ശകലംപോലുമില്ലാതായതു കഷ്ടംതന്നെ. 43
സ്വാർത്ഥത്തിൽ വിമൂഢരായ് മന്ദിരകൃത്യങ്ങളാൽ
മത്തരാമീ നമ്മളെസ്സജ്ജനാശ്രയനാകും
മല്ലാരിഭഗവാൻ തെല്ലുള്ളലിഞ്ഞൊരുപക്ഷേ,
വല്ലവവാക്യങ്ങളാലോർമ്മിപ്പിച്ചെന്നുമാവാം.
44
അല്ലെങ്കിൽ പരിപൂർണ്ണകാമനായ്
കൈവല്യാദി-
ക്കെല്ലാമീശനാമവന്നസ്വതന്ത്രന്മാരാകും
നമ്മളെക്കൊണ്ടെന്തുള്ള സാധിപ്പാ,നക്കൃപാത്മാ
നമ്മേയനുഗ്രഹിപ്പാൻ യാചകവേഷമാർന്നാൻ.
45
അന്യരെയെല്ലാം തള്ളി ശ്രീദേവിയാത്മദോഷ-
മൊന്നോടേ സന്ത്യജിച്ചിട്ടങ്ഘ്രിശുശ്രൂഷാശ-
യാൽ
അർച്ചിപ്പതാരെയാണോ നിത്യവുമാവിഷ്ണുവിൻ-
യാചഞ്ഞ ലോകത്തെ മോഹിപ്പിപ്പതി-
ലെന്തദ്ഭുതം. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശഃ കാലഃ പൃഥഗ്ദ്രവ്യം മന്ത്രതന്ത്രർത്ത്വിജോഽഗ്നയഃ
ദേവതാ യജമാനശ്ച ക്രതുർധർമ്മശ്ച യന്മയഃ. 47

സ ഏഷ ഭഗവാൻ സാക്ഷാദ്വിഷ്ണുര്യോഗേശ്വരേശ്വരഃ
ജാതോ യദുഷ്വിത്യശൃണ്മ ഹ്യപി മൂഢാ ന വിദ്മഹേ. 48

അഹോ വയം ധന്യതമാ യേഷാം നസ്താദൃശീഃ സ്ത്രിയഃ
ഭക്ത്യാ യാസാം മതിർജ്ജാതാ അസ്മാകം നിശ്ചലാ ഹരൗ. 49

നമസ്തുഭ്യം ഭഗവതേ കൃഷ്ണായാകുണ്ഠമേധസേ
യന്മായാമോഹിതധിയോ ഭ്രമാമഃ കർമ്മവർത്മസു. 50

സ വൈ ന ആദ്യഃ പുരുഷഃ സ്വമായാമോഹിതാത്മനാം
അവിജ്ഞാതാനുഭാവാനാം ക്ഷന്തുമർഹത്യതിക്രമം.'' 51

ഇതി സ്വാഘമനുസ്മൃത്യ കൃഷ്ണേ തേ കൃതഹേളനാഃ
ദിദൃക്ഷവോഽപ്യച്യുതയോഃ കംസാദ് ഭീതാ ന ചാചലൻ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
യജ്ഞപത്ന്യുദ്ധരണം നാമ ത്രയോവിംശതിതമോഽധ്യായഃ

ചതുർവ്വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഭഗവാനപി തത്രൈവ ബലദേവേന സംയുതഃ
അപശ്യന്നിവസൻ ഗോപാനിന്ദ്രയാഗകൃതോദ്യമാൻ. 1

തദഭിജ്ഞോഽപി ഭഗവാൻ സർവ്വാത്മാ സർവ്വദർശനഃ
പ്രശ്രയാവനതോഽപൃച്ഛദ് വൃദ്ധാൻ നന്ദപുരോഗമാൻ. 2

''കഥ്യതാം മേ പിതാ കോഽയം സംഭ്രമോ വ ഉപാഗതഃ
കിം ഫലം കസ്യ ചോദ്ദേശഃ കേന വാ സാധ്യതേ മഖഃ. 3

ഏതദ് ബ്രൂഹി മഹാൻ കാമോ മഹ്യം ശുശ്രൂഷവേ പിതാ
ന ഹി ഗോപ്യം ഹി സാധൂനാം കൃത്യം സർവ്വാത്മനാമിഹ. 4

അസ്ത്യസ്വപരദൃഷ്ടീനാമമിത്രോദാസ്തവിദ്വിഷാം
ഉദാസീനോഽരിവദ്വർജ്ജ്യ ആത്മവത് സുഹൃദുച്യതേ. 5

ജ്ഞാത്വാജ്ഞാത്വാ ച കർമ്മാണി ജനോഽയമനുതിഷ്ഠതി
വിദുഷഃ കർമ്മസിദ്ധിഃ സ്യാത്തഥാ നാവിദുഷോ ഭവേത്. 6

തത്ര താവത് ക്രിയായോഗോ ഭവതാം കിം വിചാരിതഃ
അഥവാ ലൗകികസ്തന്മേ പൃച്ഛതഃ, സാധു, ഭണ്യതാം.'' 7

നന്ദ ഉവാച

പർജ്ജന്യോ ഭഗവാനിന്ദ്രോ മേഘാസ്തസ്യാത്മമൂർത്തയഃ
തേഽഭിവർഷന്തി ഭൂതാനാം പ്രാണനം ജീവനം പയഃ. 8

തം താത വയമന്യേ ച വാർമ്മുചാം പതിമീശ്വരം
ദ്രവ്യൈസ്തദ്രേതസാ സിദ്ധൈര്യജന്തേ ക്രതുഭിർന്നരാഃ. 9

തച്ഛേഷേണോപജീവന്തി ത്രിവർഗ്ഗഫലഹേതവേ
പുംസാം പുരുഷകാരാണാം പർജ്ജന്യഃ ഫലഭാവനഃ. 10

യ ഏവം വിസൃജേദ്ധർമ്മം പാരമ്പര്യാഗതം നരഃ
കാമാല്ലോഭാദ്ഭയാദ്ദ്വേഷാത് സ വൈ നാപ്നോതി ശോഭനം. 11

ശ്രീശുക ഉവാച

വചോ നിശമ്യ നന്ദസ്യ തഥാന്യേഷാം വ്രജൗകസാം
ഇന്ദ്രായ മന്യും ജനയൻ പിതരം പ്രാഹ കേശവഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശകാലങ്ങൾ, മന്ത്രതന്ത്രങ്ങ,ളഗ്നി, പുരോ-
ഡാശാദിദ്രവ്യം, കർമ്മകർത്താക്കൾ, യജമാനൻ
ദേവത, യാഗധർമ്മ,മെന്നിവയെല്ലാമേതു-
ദേവൻതൻ സ്വരൂപമായ് പരിശോഭിച്ചി-
ടുന്നു. 47

യോഗേശന്മാർക്കും പരമേശ്വരനായിസ്സർവ്വ-
ലോകസ്വരൂപനാമബ്ഭഗവാൻ മഹാവിഷ്ണു.
യദുവംശത്തിലവതരിച്ചതായങ്ങൊരു
ശ്രുതി പരന്നതന്നു നമ്മളും കേട്ടിരുന്നു.
എന്നിട്ടും മൂഢന്മാരായീടിന നമ്മളാരും
പിന്നീടക്കാര്യം തീരെ സ്മരിച്ചതില്ല കഷ്ടം! 48

എത്രയും ധന്യരത്രേ നമ്മ,ളിത്തരമുള്ളോ-
രുത്തമനാരിമാർക്ക നമുക്കു സിദ്ധിക്കയാൽ.
അച്ചുമാം തദ്ഭക്തിയാൽ നമുക്കും ഹരിയിങ്കൽ
നിശ്ചലബുദ്ധിയുളവായിരിക്കുന്നുവല്ലോ. 49

അകുണ്ഠമതിയായിസ്സർവ്വത്ര വിളങ്ങിടും
ഭഗവൻ! വാസുദേവാ! ഭവാനു നമസ്കാരം.
ത്വന്മായയാലേ നിത്യം മോഹിത-
ചിത്തന്മാരായ്
കർമ്മമാർഗ്ഗത്തിൽ ഭ്രമിച്ചീടുന്നു ഞങ്ങളെല്ലാം. 50

അവിടേക്കുഴമനുഭാവത്തിലജ്ഞരായി-
ത്തവ മായയാൽ വിമോഹിതധീകളുമാകും
ഞങ്ങടെ യതിക്രമമാദ്യപൂരുഷനാകു-
മങ്ങുന്നു നിശ്ശേഷമായ്പ്പൊറുത്തിടേണ്ട-
തല്ലോ.'' 51

നന്ദജവിനിന്ദനമാചരിച്ചോരാ വിപ്ര-
സന്ദോഹം സ്വാപരാധം സ്മരിച്ചു വീണ്ടും വീണ്ടും
രാമഗോവിന്ദന്മാരെക്കാണ്മതിനിച്ഛിക്കിലു-
മാമോഹം കംസഭീയാൽ ത്യജിക്കേണ്ടതായ്-
വന്നു. 52

അദ്ധ്യായം 24

ഇന്ദ്രയാഗഭംഗം

ശ്രീശുകൻ പറഞ്ഞു

നന്ദജൻ ബലഭദ്രയുക്തനായ് ഗോപവാടം-
തന്നിൽ വാഴവേ നന്ദഗോപാദി ഗോപവൃന്ദം
എല്ലാരുമൊത്തുചേർന്നു ദേവേന്ദ്രപൂജയ്ക്കായി
നല്ലപോൽ പരിശ്രമിക്കുന്നതു കണ്ടീടിനാൻ. 1
സർവ്വദർശനനായിസ്സർവ്വാത്മാവാകും വാസു-
ദേവനതറിഞ്ഞിരിക്കുന്നവനെന്നാകിലും
ഒന്നുമേയറിയാത്തഭാവത്തിൽ വിനീതനായ്
നന്ദാദിഗോപവൃദ്ധന്മാരോടു ചോദിച്ചിതേ: 2

''നിങ്ങളിലെല്ലാം കാണുമിപ്പരിശ്രമത്തിനു
സംഗതിയെന്തെന്നെന്നോടോതുക
മത്പിതാവേ!
എന്താണു ഫലം, യാഗമാർക്കാ,ണുദ്ദേശമെന്താ-
ണെന്തെല്ലാം ദ്രവ്യങ്ങളാണതിനു വേണ്ടുന്നതും.3
കർമ്മനിർവ്വഹണത്തിലങ്ങേയ്ക്കു കാണുന്നുണ്ടോ-
രുന്മേഷ,മെന്നോടതിൻ ഹേതുവോതുക താതാ!
മോദമുണ്ടതു കേൾപ്പാൻ സർവ്വാത്മഭാവമാളും
സാധുക്കളുടെ കൃത്യം ഗോപ്യമായ്‌വരാ നൂനം.4
ഞാനെന്നുമന്യനെന്നും വിരോധി സുഹൃത്തുദാ-
സീനനനീവിധത്തിലും ഭേദമററവർക്കാർക്കും
ഗോപ്യമി,ല്ലുദാസീനനരിപോൽ സന്ത്യാജ്യനു-
മെപ്പൊഴും സുഹൃത്താത്മതുല്യനുമെന്നു
ചൊൽവൂ. 5
ജനങ്ങളറിഞ്ഞിട്ടുമറിയാതെയും കർമ്മ-
മനുവാസരം ചെയ്യുമറിഞ്ഞോനുണ്ടാം ഫലം
കർമ്മസാരാർത്ഥമറിഞ്ഞീടാതെ കർമ്മം
ചെയ്‌വോ-
നമ്മട്ടിൽതത്ഫലാനുഭൂതിയും കൈവന്നിടാ.6
ഇപ്പൊഴുതിവിടത്തിൽ നിങ്ങടെ കർമ്മാരംഭ-
മല്പമെങ്കിലും ചിന്തചെയ്തുകൊണ്ടുള്ളതാണോ?
ജനകാ! പക്ഷേ, വെറും ലോകാനുകരണമോ?
കനിവാർന്നെന്നോടരുളീടണം യുക്തിപൂർവ്വം.'' 7

നന്ദൻ പറഞ്ഞു

ഭഗവാനിന്ദ്രൻ വർഷപതിയാകുന്നു, മേഘ-
പ്രകരമവന്നതിപ്രിയമൂർത്തികളത്രേ.
ജീവശക്തിയെബ്ഭൂതജാലത്തിനേകുന്നതായ്
ജീവാധാരമാം ജലം മേഘങ്ങളരുളുന്നു. 8
നന്ദനാ! മേഘവൃന്ദനാഥനായവനെയ-
യനൃനം നയിച്ചീടുമിന്ദ്രനെയീ ഞങ്ങളും
അന്യരാം ജനങ്ങളും മാരിയാൽ മന്നിൽനിന്നു-
മാർന്നിടും ദ്രവ്യങ്ങൾകൊണ്ടർച്ചിപ്പൂ
മഖങ്ങളാൽ. 9
ധർമ്മാർത്ഥകാമപ്രാപ്തിക്കിമ്മഹാമഖോച്ഛിഷ്ട-
മാർന്നുപജീവിക്കുന്നു മന്നിൽ മാനവരെല്ലാം
പുരുഷപ്രയത്നങ്ങൾക്കഖിലം ഫലം പാർത്താൽ
സുരനായകനത്രേയരുളുന്നതും പുത്രാ! 10
ഈ മട്ടു പാരമ്പര്യാഗതമായീടും ധർമ്മം
കാമക്രോധങ്ങൾകൊണ്ടോ ഭയലോഭങ്ങളാലോ
ആരാണുപേക്ഷിപ്പതാ മാനവനൊരിക്കലും
പാരിതിൽ സൗഖ്യമൊരുകാലത്തു-
മുണ്ടായിടാ. 11

ശ്രീശുകൻ പറഞ്ഞു

നന്ദഗോപനുമന്യഗോപരുമിപ്രകാരം
ചൊന്നതു കേട്ടശേഷം ഭഗവാൻ ജനാർദ്ദനൻ
വിണ്ണോർനായകനതിക്രുദ്ധനായ്ത്തീരത്തക്ക-
വണ്ണമപ്പിതാവിനോടീവിധമോതീടിനാൻ: 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

കർമ്മണാ ജായതേ ജന്തുഃ കർമ്മണൈവ വിലീയതേ
സുഖം ദുഃഖം ഭയം ക്ഷേമം കർമ്മണൈവാഭിപദ്യതേ. 13

അസ്തി ചേദീശ്വരഃ കശ്ചിത് ഫലരൂപ്യന്യകർമ്മണാം
കർത്താരം ഭജതേ സോഽപി ന ഹ്യകർത്തുഃ പ്രഭുർഹി സഃ. 14

കിമിന്ദ്രേണേഹ ഭൂതാനാം സ്വസ്വകർമ്മാനുവർത്തിനാം
അനീശേ നാന്യഥാ കർത്തും സ്വഭാവവിഹിതം നൃണാം. 15

സ്വഭാവതന്ത്രോ ഹി ജനഃ സ്വഭാവമനുവർത്തതേ
സ്വഭാവസ്ഥമിദം സർവ്വം സദേവാസുരമാനുഷം. 16

ദേഹാനുച്ചാവചാഞ്ജന്തുഃ പ്രാപ്യോത്സൃജതി കർമ്മണാ
ശത്രുർമ്മിത്രമുദാസീനഃ കർമ്മൈവ ഗുരുരീശ്വരഃ. 17

തസ്മാത് സംപൂജയേത് കർമ്മ സ്വഭാവസ്ഥഃ സ്വകർമ്മകൃത്
അഞ്ജസാ യേന വർത്തേത തദേവാസ്യ ഹി ദൈവതം. 18

ആജീവ്യൈകതരം ഭാവം യസ്ത്വന്യമുപജീവതി
ന തസ്മാദ്വിന്ദതേ ക്ഷേമം, ജാരം നാര്യസതീ യഥാ. 19

വർത്തേത ബ്രഹ്മണാ വിപ്രോ, രാജന്യോ രക്ഷയാ ഭുവഃ,
വൈശ്യസ്തു വാർത്തയാ ജീവേച്ഛൂദ്രസ്തു ദ്വിജസേവയാ. 20

കൃഷിവാണിജ്യഗോരക്ഷാ കുസീദം തുര്യമുച്യതേ
വാർത്താ ചതുർവ്വിധാ, തത്ര വയം ഗോവൃത്തയോഽനിശം. 21

സത്ത്വം രജസ്തമ ഇതി സ്ഥിത്യുത്പത്ത്യന്തഹേതവഃ
രജസോത്പദ്യതേ വിശ്വമന്യോന്യം വിവിധം ജഗത്. 22

രജസാ ചോദിതാ മേഘാ വർഷന്ത്യംബൂനി സർവ്വതഃ
പ്രജാസ്തൈരേവ സിദ്ധ്യന്തി, മഹേന്ദ്രഃ കിം കരിഷ്യതി? 23

ന നഃ പുരോ ജനപദാ ന ഗ്രാമാ ന ഗൃഹാ വയം
നിത്യം വനൗകസസ്താത, വനശൈലനിവാസിനഃ. 24

തസ്മാദ് ഗവാം ബ്രാഹ്മണാനാമദ്രേശ്ചാരഭ്യതാം മഖഃ
യ ഇന്ദ്രയാഗസംഭാരാസ്തൈരയം സാധ്യതാം മഖഃ. 25

പച്യന്താം വിവിധാഃ പാകാഃ സൂപാന്താഃ പായസാദയഃ
സംയാവാപൂപശഷ്കുല്യഃ സർവ്വദോഹശ്ച ഗൃഹ്യതാം. 26

ഹൂയന്താമഗ്നയഃ സമ്യഗ്ബ്രാഹ്മണൈർബ്രഹ്മവാദിഭിഃ
അന്നം ബഹുവിധം തേഭ്യോ ദേയം വോ ധേനുദക്ഷിണാഃ. 27

അന്യേഭ്യശ്ചാശ്വചാണ്ഡാളപതിതേഭ്യോ യഥാർഹതഃ
യവസം ച ഗവാം ദത്ത്വാ ഗിരയേ ദീയതാം ബലിഃ. 28

സ്വലംകൃതാ ഭുക്തവന്തഃ സ്വനുലിപ്താഃ സുവാസസഃ
പ്രദക്ഷിണം ച കുരുത ഗോവിപ്രാനലപർവ്വതാൻ. 29

ഏതന്മമ മതം താത, ക്രിയതാം യദി രോചതേ
അയം ഗോബ്രാഹ്മണാദ്രീണാം മഹ്യം ച ദയിതോ മഖഃ. 30

ശ്രീശുക ഉവാച

കാലാത്മനാ ഭഗവതാ ശക്രദർപ്പം ജിഘാംസതാ
പ്രോക്തം നിശമ്യ നന്ദാദ്യാഃ സാധ്വഗൃഹ്ണന്ത തദ്വചഃ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

കർമ്മത്താലുളവായിവരുന്നു ജീവിജാലം
കർമ്മത്താൽത്തന്നെ നഷ്ടമാകയും ചെയ്യുന്നു.
സൗഖ്യവും ദുഃഖങ്ങളും ഭീതിയുമഭയവു-
മൊക്കെയുമതുകൊണ്ടുതന്നെയാണുണ്ടാവതും. 13
അന്യർതൻ കർമ്മങ്ങൾക്കു ഫലങ്ങളേകീടുവാൻ
പോന്നീടുമൊരീശ്വരനുണ്ടെന്നുവന്നാലവൻ
കർമ്മങ്ങൾ ചെയ്യുന്നവനെന്നിയേ ക്രിയാഫലം
ചുമ്മാതിരിക്കുന്നവന്നേകുവാനശക്തനാം. 14
മനുഷ്യരെല്ലാം പൂർവ്വജന്മകർമ്മാനുസാര-
മനുഭവിക്കുന്നിതു സുഖവും ദുഃഖങ്ങളും
അമ്മുറ മാററീടുവാൻ കെല്പററ വാനോർ-
കോനാൽ
കർമ്മാനുഗതരാമീ മർത്ത്യർക്കെന്തുള്ള സാദ്ധ്യം. 15
പ്രാണികളെല്ലാം പാരിൽ സ്വഭാവാ-
ധീനരായി
വാണീടുന്നിതിപ്പാരിൽ ദൈത്യരുമമർത്ത്യരും
മാനവന്മാരും ചരാചരസർവവും ചേർന്നു
കാണുവോരിപ്രപഞ്ചം പ്രകൃതിസംസ്ഥം-
ദൃഢം. 16
ഉൽകൃഷ്ടനികൃഷ്ടങ്ങളായീടും ശരീരങ്ങൾ
കൈക്കൊണ്ടിട്ടുപേക്ഷിപ്പൂ ജീവൻ സ്വ-
കർമ്മങ്ങളാൽ.
മിത്രവുമരാതിയുമുദാസീനനും പര-
മോത്തമനായീടുന്ന ഗുരുവും കർമ്മംതന്നെ. 17
അതിനാൽസ്വഭാവസ്ഥനായിസ്വവർണ്ണാശ്രമ-
വിധിക്കൊത്തുള്ള കർമ്മമാചരിപ്പവനായി
കർമ്മത്തെയർച്ചിക്കണമായതിങ്ങരുളീടും
നമ്മൾക്കു സൗഖ്യം നൂനം, ദൈവതം കർമ്മം-
തന്നെ. 18
ഒരു ദേവനെസ്സേവിച്ചുപജീവിച്ചിട്ടു മ-
റെറാരു ദേവനെപ്പിന്നെയാശ്രയിച്ചീടുന്നവൾ
ജാരനെ പ്രാപിച്ചീടും നാരിയെന്നതുപോലെ
പാരിതിൽ യഥാർത്ഥമാം സൗഖ്യമഹിക്കു-
ന്നീല. 19
ആരണൻ വേദംകൊണ്ടും ക്ഷത്രിയൻ ധരിത്രി
തൻ-
സംരക്ഷണത്തിനാലുമുപജീവിച്ചിടേണം
വൈശ്യൻ വാർത്തയെക്കൊണ്ടും ശൂദ്രൻ മേദിനീ
ദേവ-
ശുശ്രൂഷകൊണ്ടും വേണം ജീവിതം
നയിക്കുവാൻ. 20
കൃഷി, വാണിജ്യം, പശുപാലനം, നാലാമതായ്
കുസീദമേവം നാലുവിധത്തിലത്രേ വാർത്ത
എന്നതിൽ ഗോസമൂഹപരിരക്ഷണംമാത്ര-
മെന്നുമാചരിച്ചുപജീവിക്കുന്നവർ നമ്മൾ. 21

സത്ത്വം, രജസ്സ്, തമസ്സിഗ്ഗുണം മൂന്നുമാണു-
ത്പത്തി, രക്ഷണം, നാശമിവറ്റു കാരണങ്ങൾ.
രാജസഗുണംമൂലം സ്ത്രീപുംസങ്ഗമത്തിനാ-
ലീജഗത്തുളവായിട്ടിങ്ങനെ കാണുന്നു നാം. 22
കൊണ്ടലിൻകൂട്ടം രജോഗുണപ്രേരിതമായി
വേണ്ടപോലെങ്ങും ജലം വർഷിച്ചീടുകമൂലം
ഉണ്ടാകും പദാർത്ഥങ്ങളാലുന്നു ജനാവലി-
യണ്ടർകോനിതിൽ ചെയ്യുന്നതെന്തെന്നു
ചിന്തിച്ചാലും. 23
നമുക്കു പുരങ്ങളി,ല്ലില്ല ദേശങ്ങൾ ഗ്രാമ-
സമൂഹമില്ല, നല്ല ഭവനങ്ങളുമില്ല.
പിതാവേ! പൂജ്യാ! വനൗകസ്സുകളാകും നമ്മൾ
നിതാന്തം മലയിലും കാട്ടിലുമല്ലോ വാഴ്വു. 24
അതിനാൽ പശുക്കൾക്കും ധരണീസുരർക്കുമീ-
ക്ഷിതിഭൃത്തിനുമായിത്തുടങ്ങാമൊരു യാഗം.
ഇന്ദ്രയാഗത്തിനായിച്ചേർത്ത വസ്തുക്കൾകൊണ്ടു
തന്ദ്രിവിട്ടിപ്പോൾ നമുക്കിതു
നിർവ്വഹിച്ചീടാം. 25
പരിപ്പും പായസവും മുറുക്കും നെയ്യപ്പവും
ശരിയായ് പാകംചെയ്തു വിവിധഭോജ്യങ്ങളും
തൈരുപാലാജ്യാദിയും സംയാവമെന്ന പല-
ഹാരവുമവിളംബം സഭരിക്കുവിൻ നിങ്ങൾ. 26
ബ്രഹ്മജ്ഞന്മാരായീടും ധരണീദേവവൃന്ദം
സമ്യക്കായഗ്നികളെയുജ്ജ്വലിപ്പിച്ചിടട്ടെ-
അവർക്കായ് രസോപേതമന്നവും ഗോക്കളേയും
സുവർണ്ണധാന്യാദിയും ദക്ഷിണ നല്കീടണം. 27
നായകർ, നായാടികൾ, പതിതർ
തുടങ്ങിയോ-
ർക്കായുമേകീടവേണം ഭക്ഷണം യഥായോഗ്യം.
പച്ചപ്പുല്ലുകൾ പശുരാശിക്കു പാരമേകി-
യർച്ചിച്ചിടേണം നിവേദ്യങ്ങളാലീയദ്രിയെ. 28
എല്ലാരും കുളിച്ചുണ്ടു സോല്ലാസം കുറിക്കൂട്ടും
നല്ല ഭൂഷണങ്ങളും ധരിച്ചു വസ്ത്രങ്ങളും
പൃഥ്വീദേവന്മാരെയും ഗോസമൂഹത്തേയുമീ-
യദ്രീന്ദ്രനേയും ചുററിച്ചെയ്യണം പ്രദക്ഷിണം. 29
എന്നഭിപ്രായമിതു നിങ്ങൾക്കും നല്ലതെന്നു-
തോന്നുന്നുവെങ്കിലിപ്പോളാചരിക്കുവിനേവം.
ഗോബ്രാഹ്മണർക്കും പിന്നെയദ്രിക്കുമീയെ-
നിക്കു-
മുറ്റംപ്രിയമല്ലേതരം ചെയ്വതാണീയദ്ധ്വരം. 30

ശ്രീശുകൻ പറഞ്ഞു

കാലസ്വരൂപനായിട്ടേവേന്ദ്രാഹങ്കാരമു-
ന്മൂലനംചെയ്യുവാനായാഗ്രഹമിയന്നിടും
മാധവൻതൻ വാക്കുകളിങ്ങനെ കേട്ടിട്ടു-
നാദരവോടു കൈക്കൊണ്ടീടിനാർ
നന്ദാദികൾ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ ച വ്യദധുഃ സർവ്വം യഥാഽഽഹ മധുസൂദനഃ
വാചയിത്വാ സ്വസ്ത്യയനം തദ്ദ്രവ്യേണ ഗിരിദ്വിജാൻ. 32

ഉപഹൃത്യ ബലീൻ സർവ്വാനാദൃതാ യവസം ഗവാം
ഗോധനാനി പുരസ്കൃത്യ ഗിരിം ചക്രുഃ പ്രദക്ഷിണം. 33

അനാംസ്യനഡുദ്യുക്താനി തേ ചാരുഹ്യ സ്വലംകൃതാഃ
ഗോപ്യശ്ച കൃഷ്ണവീര്യാണി ഗായന്ത്യഃ സദ്വിജാശിഷഃ. 34

കൃഷ്ണസ്ത്വന്യതമം രൂപം ഗോപവിശ്രംഭണം ഗതഃ
''ശൈലോഽസ്മീ''തി ബ്രുവൻ ഭൂരി ബലിമാദദ്
ബൃഹദ്വപുഃ. 35

തസ്മൈ നമോ വ്രജജനൈഃ സഹ ചക്രേഽഽത്മനാഽഽത്മനേ
''അഹോ പശ്യത ശൈലോഽസൗ രൂപീ നോഽനുഗ്രഹം
വ്യധാത്. 36

ഏഷോഽവജാനതോ മർത്ത്യാൻ കാമരൂപീ വനൗകസഃ
ഹന്തി ഹ്യസ്മൈ നമസ്യാമഃ ശർമ്മണേ ആത്മനോ ഗവാം.'' 37

ഇത്യദ്രിഗോദ്വിജമഖം വാസുദേവപ്രണോദിതാഃ
യഥാ വിധായ തേ ഗോപാഃ സഹകൃഷ്ണാ വ്രജം യയുഃ. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ചതുർവ്വിംശതിതമോഽധ്യായഃ

പഞ്ചവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഇന്ദ്രസ്തദാഽഽത്മനഃ പൂജാം വിജ്ഞായ വിഹതാം, നൃപ,
ഗോപേഭ്യഃ കൃഷ്ണനാഥേഭ്യോ നന്ദാദിഭ്യശ്ചുകോപ സഃ. 1

ഗണം സാംവർത്തകം നാമ മേഘാനാം ചാന്തകാരിണാം
ഇന്ദ്ര പ്രാചോദയത് ക്രുദ്ധോ വാക്യം ചാഹേശമാന്യത. 2

''അഹോ, ശ്രീമദമാഹാത്മ്യം ഗോപാനാം കാനനൗകസാം
കൃഷ്ണം മർത്ത്യമുപാശ്രിത്യ യേ ചക്രുർദ്ദേവഹേളനം. 3

യഥാഽദൃഢൈഃ കർമ്മമയൈഃ ക്രതുഭിർന്നാമനൗനിഭൈഃ
വിദ്യാമാന്വീക്ഷികീം ഹിത്വാ തിതീർഷന്തി ഭവാർണ്ണവം. 4

വാചാലം ബാലിശം സ്തബ്ധമജ്ഞം പണ്ഡിതമാനിനം
കൃഷ്ണം മർത്ത്യമുപാശ്രിത്യ ഗോപാ മേ ചക്രുരപ്രിയം. 5

ഏഷാം ശ്രിയാവലിപ്താനാം കൃഷ്ണേനാധ്മായിതാത്മനാം
ധുനുത ശ്രീമദസ്തംഭം പശൂൻ നയത സംക്ഷയം. 6

അഹം ചൈരാവതം നാഗമാരുഹ്യാനുവ്രജേ വ്രജം
മരുദ്ഗണൈർമ്മഹാവീര്യൈർന്നന്ദഗോഷ്ഠജിഘാംസയാ.'' 7

ശ്രീശുക ഉവാച

ഇത്ഥം മഘവതാഽഽജ്ഞപ്താ മേഘാ നിർമ്മുക്തബന്ധനാഃ
നന്ദഗോകുലമാസാരൈഃ പീഡയാമാസുരോജസാ. 8

വിദ്യോതമാനാ വിദ്യുദ്ഭിഃ സ്തനന്തഃ സ്തനയിത്നുഭിഃ
തീവ്രൈർമ്മരുദ്ഗണൈർന്നുന്നാ വവൃഷുർജ്ജലശർക്കരാഃ. 9

സ്ഥൂണാസ്ഥൂലാ വർഷധാരാ മുഞ്ചത്സ്വഭ്രേഷ്വഭീക്ഷ്ണശഃ
ജലൗഘൈഃ പ്ലാവ്യമാനാ ഭൂർന്നാദൃശ്യത നതോന്നതം. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രയാഗത്തിനായിച്ചേർത്ത സാധനങ്ങളാൽ
നന്ദാദ്യരാദ്യമായിപ്പുണ്യാഹം കഴിപ്പിച്ചു

പിന്നെസ്സാദരം ദ്വിജന്മാരെയും ഗിരിയെയു-
മൂന്നിസ്സമസ്തമാകും നൈവേദ്യം സമർപ്പിച്ചു

പല്ലുകളേകിപ്പശുവൃന്ദത്തെ നടത്തിച്ചു
നല്ലപോലലങ്കാരമാർന്നുള്ള ഗോപീജനം

ഉത്തമവൃഷനീതശകടങ്ങളിലേറി
സദ്വിജാശിസ്സിയന്നു ഭഗവന്മാഹാത്മ്യത്തെ

ഗാനവും ചെയ്തുകൊണ്ടശ്ശൈലത്തെച്ചുററി രമാ-
ജാനി ചൊന്നതുപോലെ സർവ്വവും
നിർവ്വഹിച്ചാർ. 32-34

നന്ദജൻ ഗോപന്മാർക്കു വിശ്വാസംവരുത്തുവാ-
നുന്നതമായീടിന മറെറാരു രൂപംപൂണ്ടു

നിന്നിട്ടു ''ഞാൻ പർവ്വത''മെന്നു ഗോപ-
ന്മാരൊടായ്-
ച്ചൊന്നവരേകും ബലിയാകവേ ഭക്ഷിച്ചിതു. 35

''ആശ്ചര്യംതന്നെ, കാൺമിൻ സ്വരൂപം
ധരിച്ചിപ്പോ-
ളിശ്ശൈലം നമ്മെയെല്ലാമനുഗ്രഹിച്ചുവല്ലോ. 36

കാമരൂപനിഗ്ഗിരിയവനിൽ നിന്ദയോടു-
മീമലതന്നിൽ വാഴും മർത്ത്യരെ നശിപ്പിക്കും.

നമുക്കും പശുക്കൾക്കും ക്ഷേമാഭിവൃദ്ധിക്കായി
നമസ്കരിച്ചീടണമിഗ്ഗിരീന്ദ്രനെയിപ്പോൾ.''

എന്നോതിപ്പഴമേട്ടു ഗോപന്മാരോടുകൂടി
നിന്നു തൻ സ്വരൂപത്തെത്താൻതന്നെ
നമിച്ചിതു. 37

ദൈത്യാരിപ്രചോദിതരാകുമാ വല്ലവന്മാ-
രദ്രിഗോദ്വിജയാഗമീവിധം യഥാവിധി

പൂർത്തിയാക്കീട്ടുകൃഷ്ണഭഗവാനോടുകൂടി-
യത്യന്തമോദംപൂണ്ടു ഗോകുലംപൂകീടിനാർ. 38

അദ്ധ്യായം 25

ഗോവർദ്ധനോദ്ധാരണം

ശ്രീശുകൻ പറഞ്ഞു

തൻ പൂജ മുടക്കിയെന്നറിഞ്ഞു ശക്രൻ,
കൃഷ്ണൻ-
മുൻപനാം നന്ദാദ്യരോടത്യന്തം ക്രുദ്ധനായാൻ. 1
നാശകാരികളായ സംവർത്തമേഘങ്ങളെ

ഈശാഭിമാനിയവൻ വിളിച്ചു ചൊല്ലീടി-
നാൻ: 2

''കഷ്ടമിക്കാട്ടുവാഴിഗ്ഗോപന്മാർ ശ്രീമദത്താൽ
കാട്ടുന്ന വികൃതികളാശ്ചര്യംതന്നെ പാർത്താൽ

മർത്ത്യനാമക്കൃഷ്ണനെയാശ്രയിച്ചവരിപ്പോൾ
മത്തരായമർത്ത്യരെയവമാനിച്ചുവല്ലോ. 3

അമ്മൂഢരാത്മവിദ്യയുപേക്ഷിച്ചുറപ്പററ-
കർമ്മരൂപമാം ചെറു കൊതുമ്പുവള്ളമേറി

ഘോരസംസാരമഹാവാരാശി കടക്കുവാൻ
പാരമിച്ഛിക്കുന്നതായ് തോന്നുന്നു ചിത്രം!
ചിത്രം! 4

ബാലിശനായി വിദ്വന്മാനിയായ് വാചാ-
ലനായ്
കാലനു വശനായി സ്തബ്ധനായജ്ഞനാകും

കണ്ണനെയാശ്രയിച്ചിട്ടാനായന്മാരശേഷം
വിണ്ണവർകോനാമെനിക്കഹിതമാചരിച്ചാർ. 5

ഐശ്വര്യമത്തരായിക്കൃഷ്ണോപദേശങ്ങൾ കേ-
ട്ടാശയവൃദ്ധിയാളും വല്ലവന്മാർക്കു വായ്ക്കും

ശ്രീമദം പാടേ ഹനിച്ചീടുവിൻ തഥാ പശു-
സ്തോമത്തിനേയും ചെന്നിക്ഷണത്തിൽ
നശിപ്പിക്കിൻ. 6

ഞാനുമൈരാവതത്തിന്മേലേറി വീര്യമാളും
ചേണാർന്ന മരുദ്ദേവവൃന്ദത്തോടൊത്തു വേഗം

നന്ദഗോകുലം മുടിക്കുന്നതു കാൺമാനായി-
പ്പിന്നാലെ വരുന്നുണ്ടു ചെന്നാലും മേഘ-
ങ്ങളേ!'' 7

ശ്രീശുകൻ പറഞ്ഞു

അണ്ടർകോനേവം കല്പിച്ചഴിച്ചുവിട്ടുള്ളോര-
ക്കൊണ്ടലിൻകൂട്ടം തുല്യമില്ലാത്ത ശക്തിയോടും

ഘോരമാം മഹാമാരി ചൊരിഞ്ഞു
ഗോകുലത്തെ-
പ്പാരാതെ നാനാതരം പീഡകളേല്പിച്ചിതേ. 8

മിന്നലുകളാൽ കൂടെക്കൂടെ മിന്നിത്തിളങ്ങി-
യുന്നതതരമാകും തെന്നലാൽ നുന്നങ്ങളായ്

ഗംഭീരഗർജ്ജനങ്ങൾ മുഴക്കി മുകിൽമാല
തുമ്പററവിധം പിന്നെക്കൽമാരി ചൊരി-
ഞ്ഞിതേ! 9

സ്ഥൂണസ്ഥൂലങ്ങളാകും വർഷധാരകളാലേ
താണിടമേതുയർന്നഭാഗമേതെന്നതേതും

കാണുവാനാർക്കും കഴിഞ്ഞീടാത്തവിധത്തില-
ക്ഷോണിയെസ്സലിലത്തിലാഴ്ത്തിയാ
മേഘാവലി. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്യാസാരാതിവാതേന പശവോ ജാതവേപനാഃ
ഗോപാ ഗോപ്യശ്ച ശീതാർത്താ ഗോവിന്ദം ശരണം യയുഃ. 11

ശിരഃ സുതാംശ്ച കായേന പ്രച്ഛാദ്യാസാരപീഡിതാഃ
വേപമാനാ ഭഗവതഃ പാദമൂലമുപായയുഃ. 12

''കൃഷ്ണ, കൃഷ്ണ, മഹാഭാഗ, ത്വന്നാഥം ഗോകുലം പ്രഭോ,
ത്രാതുമർഹസി ദേവാന്നഃ കുപിതാദ്ഭക്തവത്സല!'' 13

ശിലാവർഷനിപാതേന ഹന്യമാനമചേതനം
നിരീക്ഷ്യ ഭഗവാൻ മേനേ കുപിതേന്ദ്രകൃതം ഹരിഃ. 14

''അപർത്ത്വത്യുല്ബണം വർഷമതിവാതം ശിലാമയം
സ്വയാഗേ വിഹതേഽസ്മാഭിരിന്ദ്രോ നാശായ വർഷതി. 15

തത്ര പ്രതിവിധിം സമ്യഗാത്മയോഗേന സാധയേ
ലോകേശമാനിനാം മൗഢ്യാദ്ധരിഷ്യേ ശ്രീമദം തമഃ. 16

ന ഹി സദ്ഭാവയുക്താനാം സുരാണാമീശവിസ്മയഃ
മത്തോഽസതാം മാനഭങ്ഗഃ പ്രശമായോപകല്പതേ. 17

തസ്മാന്മച്ഛരണം ഗോഷ്ഠം മന്നാഥം മത്പരിഗ്രഹം
ഗോപായേ സ്വാത്മയോഗേന സോഽയം മേ വ്രത ആഹിതഃ.''18

ഇത്യുക്ത്വൈകേന ഹസ്തേന കൃത്വാ ഗോവർദ്ധനാചലം
ദധാര ലീലയാ കൃഷ്ണഃ ഛത്രാകമിവ ബാലകഃ. 19

അഥാഹ ഭഗവാൻ, ഗോപാൻ, ''ഹേഽംബ,താത,വ്രജൗകസഃ
യഥോപജോഷം വിശത ഗിരിഗർത്തം സഗോധനാഃ. 20

ന ത്രാസ ഇഹ വഃ കാര്യോ മദ്ധസ്താദ്രിനിപാതനേ,
വാതവർഷഭയേനാലം തത്ത്രാണം വിഹിതം ഹി വഃ.'' 21

തഥാ നിർവ്വിവിശുർഗ്ഗർത്തം കൃഷ്ണാശ്വാസിതമാനസാഃ
യഥാവകാശം സധനാഃ സവ്രജാഃ സോപജീവിനഃ. 22

ക്ഷുത്തൃഡ്വ്യഥാം സുഖാപേക്ഷാം ഹിത്വാ തൈർവ്രജവാസിഭിഃ
വീക്ഷ്യമാണോ ദധാവദ്രിം സപ്താഹം നാചലത് പദാത്. 23

കൃഷ്ണയോഗാനുഭാവം തം നിശാമ്യേന്ദ്രോഽതിവിസ്മിതഃ
നിഃസ്തംഭോ ഭ്രഷ്ടസങ്കല്പഃ സ്വാൻ മേഘാൻ സംന്യവാരയത്. 24

ഖം വ്യഭ്രമുദിതാദിത്യം വാതവർഷം ച ദാരുണം
നിശാമ്യോപരതം ഗോപാൻ ഗോവർദ്ധനധരോഽബ്രവീത്. 25

''നിര്യാത, ത്യജത ത്രാസം ഗോപാഃ സസ്ത്രീധനാർഭകാഃ
ഉപാരതം വാതവർഷം വ്യുദപ്രായാശ്ച നിമ്നഗാഃ.'' 26

തതസ്തേ നിര്യയുർഗ്ഗോപാഃ സ്വം സ്വമാദായ ഗോധനം
ശകടോഢോപകരണം സ്ത്രീബാലസ്ഥവിരാഃ ശനൈഃ. 27

ഭഗവാനപി തം ശൈലം സ്വസ്ഥാനേ പൂർവ്വവത് പ്രഭുഃ
പശ്യതാം സർവ്വഭൂതാനാം സ്ഥാപയാമാസ ലീലയാ. 28

തം പ്രേമവേഗാന്നിഭൃതാ വ്രജൗകസോ
യഥാ സമീയുഃ പരിരംഭണാദിഭിഃ
ഗോപ്യശ്ച സസ്നേഹമപൂജയൻ മുദാ
ദധ്യക്ഷതാദ്ഭിര്യുയുജുഃ സദാശിഷഃ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേമാരി കൊടുങ്കാററുമേററമേററിട്ടപ്പശു–
സ്തോമവും ഗോപന്മാരും ഗോപസ്ത്രീജനങ്ങളും
ശീതബാധയാൽക്കോച്ചിവിറച്ചുകൊണ്ടക്ഷണം
സാദരം ഭഗവാനെശ്ശരണം പ്രാപിച്ചിതേ. 11
ധാരാപാതത്താൽ പരം ദുഃഖിച്ചു വിറപൂണ്ടു–
ള്ളോരു മെയ്കൊണ്ടുതന്നെ നിജോത്ത–
മാങ്ഗത്തെയും
കുഞ്ഞുങ്ങളേയുമഞ്ഞു മറച്ചുപിടിച്ചുടൻ
കഞ്ജലോചനപാദമൂലത്തിലെത്തീടിനാർ. 12
''ഹേ കൃഷ്ണാ! കൃഷ്ണാ! ഭക്തവത്സലാ! ഭാഗ്യരാശേ!
യോഗേശാ! ഭവാൻ നാഥനായൊരീ
ഞങ്ങളേയും
ഗോവൃന്ദത്തെയുമഞ്ജുന്നത്യന്തം ക്രുദ്ധനാകും
ദേവരാജനിൽനിന്നുമിക്ഷണം രക്ഷിച്ചാലും''
ഘോരമാമാസാരവും ശിലാവർഷവുമേററു [13
ഭൂരി സങ്കടപ്പെട്ടും ഗോപികാഗോപരേയും
പൈക്കുട്ടത്തെയും കണ്ടു ഭഗവാൻ മുകുന്ദനി–
തൊക്കെയും രുഷ്ടൻ ശക്രൻ കാട്ടുന്ന കൈ–
യെന്നോർത്താൻ. 14
''തന്മഖം നാം മുടക്കിയതിനാൽ ക്രുദ്ധനായി
നമ്മളെ നശിപ്പിക്കാൻ ദേവേന്ദ്രനകാലത്തിൽ
ഏററവും ഘോരമായിക്കൊടുങ്കാററടിച്ചേന്നോ–
ട്ടുററമാം ശിലാവർഷം ചൊരിഞ്ഞീടുന്നു നൂനം.
ഇതിനിക്ഷണം പ്രതിവിധി ഞാനുണ്ടാക്കുവ–
നെതിരററിടും മമ യോഗമായാബലത്താൽ.
ഈശൻ ഞാനാണു ലോകത്തെന്ന–
ഭിമാനിപ്പോർത–
ന്നൈശ്വര്യമദാന്ധത ഹരിപ്പേൻ വേണ്ടും–
വിധം. 15–16
സദ്ഭാവയുക്തന്മാരാം ദേവന്മാർക്കാർക്കുംതന്നെ–
യുദ്ഭവിക്കില്ല തങ്ങളീശന്മാരെന്ന ഗർവ്വം
അസത്തുക്കളിലുണ്ടാമഹന്തയപ്പാടേ ഞാൻ
പ്രസഭം ശമിപ്പിച്ചീടേണ്ടതുതന്നെയല്ലോ. 17
അതിനാലെന്നെത്തന്നെ ശരണം ഗമിച്ചതാ–
യിതരനായിട്ടൊരു നായകനില്ലാത്തതായ്
എന്നാൽ സ്വീകൃതമാമീ ഗോഷ്ഠം യോഗത്താൽ
പോററു–
കെന്നതെൻ മുഖ്യവ്രതമെന്നു ഞാൻ കരുതുന്നു.''
ഈവിധം സമാശ്വസിപ്പിച്ചൊരു കരത്തിനാൽ
ഗോവർദ്ധനാചലത്തെച്ചാരുഗോപാലകൃഷ്ണൻ
ചാലവേയൊരു കൈയാൽ പറിച്ചെടുത്തുയർത്തി
ലീലയായ് ബാലനൊരു കൂണെന്നപോൽ
പിടിച്ചാൻ. 18–19
''മാതാവേ! മൽപിതാവേ! വല്ലവന്മാരേ!
നിങ്ങ–
ളുമേ വൈകീടാതെ ഗോധനത്തോടുകൂടി
ഇമ്മഹാ പർവ്വതത്തിൻ ഗർത്തത്തിൽ പ്രവേശിച്ചു
സമ്മോദംപൂണ്ടു സുഖം വസിപ്പി''നെന്നു
ചൊന്നാൻ. 20
''ദീനത സന്ത്യജിപ്പിൻ, കാണിയും വേണ്ടാ മമ
പാണിയിൽനിന്നിഗ്ഗിരി വീണുപോമെന്ന
ഭീതി.
ഊററമാം കാററിൽനിന്നും ഘുററം മാരിയിൽ
നിന്നും
പോറ്റുന്നകാര്യമീ ഞാനേറ്റതാണില്ല മാറ്റം.'' 21
ഭഗവദ്വചസ്സുകളീവിധം കേട്ടു ഗോപ–
നികരം സമാശ്വസ്തചിത്തത്തോടപ്പോഴുംത്തന്നെ
ഗോധനഭൃത്യ നാനാസാധനസമന്വിത–
മേത്തുമേ തിരക്കെന്യേ ചെന്നതിൽ
പ്രവേശിച്ചാർ.. 22
ഉറക്കം ദാഹം വിശപ്പെന്നിവയെന്നിയേ ശ്രീ
ഹരിയെ നോക്കിനിന്നാർ വ്രജവാസിക–
ളെല്ലാം.
കണ്ണനും ഗിരിധരിച്ചേഴുനാളൊരേനില–
നിന്നിതു നിന്നിടത്തുനിന്നൊട്ടുമിളകാതെ. 23
ശ്രീകൃഷ്ണഭഗവാൻതൻ യോഗപ്രഭാവം കണ്ടു
പാകാരി വിസ്മയിച്ചു ശമിച്ചു ഗർവ്വമെല്ലാം
സ്വന്തമാം സങ്കല്പത്തിൽനിന്നു വിഭ്രഷ്ടനായി
പിന്തിരിയുവാനഭ്രവൃന്ദത്തോടാജ്ഞാപിച്ചാൻ.
കാറാകെ മാറി ഘോരമാരിയും കാററും നിന്നു
സൂര്യോദയത്തോടൊപ്പം തെളിഞ്ഞാകാശം കണ്ടു
ഗിരിയും പൊക്കിപ്പിടിച്ചങ്ങനെ നിന്നിടും
ഹരിയാഗ്ഗോപന്മാരോടോതിനാനീ– [ശ്രീ–
വിധത്തിൽ. 24–25
''അല്ലയോ ഗോപന്മാരേ! പുറത്തുപോയീ–
ടുവിൻ
മെല്ലെ സ്ത്രീധനാർഭകസാധനസമന്വിതം.
മഴയും കാററും മാറിയാറുകളും ജലവൃദ്ധി–
യൊഴിഞ്ഞങ്ങൊഴുകുന്നു പേടി കൈവിട്ടീ–
ടുവിൻ.'' 26
പിന്നീടായവരെല്ലാം സ്ത്രീബാലവൃദ്ധപശു–
വൃന്ദമൊത്തവരവർക്കുള്ള സാധനങ്ങളും
ശകടങ്ങളിലേററിശ്ശൈലഗർത്തത്തിൽനിന്നു–
മകന്നു മെല്ലെമെല്ലെപ്പുറത്തു വന്നീടിനാർ. 27
എല്ലാരും കാണ്കെപ്പിന്നെയാപ്രഭു പർവ്വതത്തെ
മെല്ലെ മുന്മട്ടിൽത്തന്നെ ലീലയാ–
യുറപ്പിച്ചാൻ. 28
പ്രേമാധിക്യത്താൽ പൂർണ്ണന്മാരാമഗ്ഗോപരും
തത്–
കാമിനിമാരും ചുററും നിന്നുടൻ യഥായോഗ്യം
ആലിങ്ഗനങ്ങളാലും ദധിയക്ഷതം ജലം
പാലെന്നിവററിനാലും പൂജിച്ചാർ ഭഗവാനെ.
മുദിതന്മാരായീടും ധരണീസുരന്മാരും
ഹൃദയം തുറന്നാശിസ്സരുളീടിനാർ പാരം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യശോദാ രോഹിണീ നന്ദോ രാമശ്ച ബലിനാം വരഃ
കൃഷ്ണമാലിങ്ഗ്യ യുയുജുരാശിഷഃ സ്നേഹകാതരാഃ. 30

ദിവി ദേവഗണാഃ സാധ്യാഃ സിദ്ധഗന്ധർവ്വചാരണാഃ
തുഷ്ടുവുർമ്മുമുചുസ്തുഷ്ടാഃ പുഷ്പവർഷാണി, പാർത്ഥിവ. 31

ശങ്ഖദുന്ദുഭയോ നേദുർദ്ദിവി ദേവപ്രണോദിതാഃ
ജഗുർഗ്ഗന്ധർവ്വപതയസ്തുംബുരുപ്രമുഖാ നൃപ. 32

തതോഽനുരക്തൈഃ പശുപൈഃ പരിശ്രിതോ,
രാജൻ, സഗോഷ്ഠം സബലോഽവ്രജദ്ധരിഃ
തഥാവിധാന്യസ്യ കൃതാനി ഗോപികാ
ഗായന്ത്യ ഈയുർമ്മുദിതാ ഹൃദിസ്പൃശഃ. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ പഞ്ചവിംശതിതമോധ്യായഃ

ഷഡ്വിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
ഏവംവിധാനി കർമ്മാണി ഗോപാഃ കൃഷ്ണസ്യ വീക്ഷ്യ തേ
അതദ്വീര്യവിദഃ പ്രോചുഃ സമഭ്യേത്യ സുവിസ്മിതാഃ. 1

''ബാലകസ്യ യദേതാനി കർമ്മാണ്യത്യദ്ഭുതാനി വൈ
കഥമർഹത്യസൗ ജന്മ ഗ്രാമ്യേഷ്വാത്മജുഗുപ്സിതം. 2

യഃ സപ്തഹായനോ ബാലഃ കരേണൈകേന ലീലയാ
കഥം ബിഭ്രദ്ഗിരിവരം, പുഷ്കരം ഗജരാഡിവ. 3

തോകേനാമീലിതാക്ഷേണ പൂതനായാ മഹൗജസഃ
പീതഃ സ്തനഃ സഹപ്രാണൈഃ കാലേനേവ വയസ്തനോഃ. 4

ഹിന്വതോഽധഃ ശയാനസ്യ മാസ്യസ്യ ചരണാവുദക്
അനോഽപതദ്വിപര്യസ്തം രുദതഃ പ്രപദാഹതം. 5

ഏകഹായന ആസീനോ ഹ്രിയമാണോ വിഹായസാ
ദൈത്യേന യസ്തൃണാവർത്തമഹൻ കണ്ഠഗ്രഹാതുരം. 6

ക്വചിദ്ധൈയങ്ഗവസ്തൈന്യേ മാത്രാ ബദ്ധ ഉലൂഖലേ
ഗച്ഛന്നർജ്ജുനയോർമ്മദ്ധ്യേ ബാഹുഭ്യാം താവപാതയത്. 7

വനേ സഞ്ചാരയൻ വത്സാൻ-സരാമോ ബാലകൈർവൃതഃ
ഹന്തുകാമം ബകം ദോർഭ്യാം മുഖതോഽരിമപാടയത്. 8

വത്സേഷു വത്സരൂപേണ പ്രവിശന്തം ജിഘാംസയാ
ഹത്വാ ന്യപാതയത്തേന കപിത്ഥാനി ച ലീലയാ. 9

ഹത്വാ രാസഭദൈതേയം തദ്ബന്ധൂംശ്ച ബലാന്വിതഃ
ചക്രേ താലവനം ക്ഷേമം പരിപക്വഫലാന്വിതം. 10

പ്രലംബം ഘാതയിത്വോഗ്രം ബലേന ബലശാലിനാ
അമോചയദ് വ്രജപശൂൻ ഗോപാംശ്ചാരണ്യവഹ്നിതഃ. 11

ആശീവിഷതമാഹീന്ദ്രം ദമിത്വാ വിമദം ഹ്രദാത്
പ്രസഹ്യോദ്വാസ്യ യമുനാം ചക്രേഽസൗ നിർവ്വിഷോദകാം. 12

ദുസ്ത്യജശ്ചാനുരാഗോഽസ്മിൻ സർവ്വേഷാം നോ വ്രജൗകസാം
നന്ദ തേ തനയേഽസ്മാസു തസ്യാപ്യൗത്പത്തികഃ കഥം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്നേഹകാതരരാകും നന്ദനും യശോദയും
രോഹിണിതാനും ബലശാലിയാം രാമൻതാനും
ശ്രീകൃഷ്ണഭഗവാനെഗ്ഗാഢമായാശ്ലേഷിച്ചു
ചൊല്ലിനാനനുഗ്രഹവാക്യങ്ങൾ മേല്ക്കുമേലേ. 30
സിദ്ധന്മാർ ഗന്ധർവ്വന്മാർ ചാരണർ സുരന്മാരും
സാദ്ധ്യരും മുദാ പൂക്കൾ വിതറി സ്തോത്രം–
ചെയ്താർ. 31
ഗന്ധർവ്വപതിമാരാം തുംബുരുമുതൽപേരും
നന്ദിച്ച ദേവന്മാരാൽ പ്രേരിതന്മാരായ്
വിണ്ണിൽ
ദുന്ദുഭിശംഖാദിയാം വിശിഷ്ടവാദ്യങ്ങളെ
സന്തോഷസൂചകമായ് മുഴക്കിഗ്ഗാനം–
ചെയ്താർ. 32
ഭൂപാലശിഖാമണേ! യതിൽ പിന്നനുരക്ത–
ഗോപാലാവൃതനായി രാമസംയുതനായി
ഭഗവാൻ ഗോകുലത്തിൽ പോയിതു
ഗോപിമാരു–
മകമേ വാണീടുമക്കാർമുകിൽവർണ്ണൻതന്റെ
ഗോവർദ്ധനോദ്ധാരണം തൊട്ട ലീലകളോരോ–
ന്നാവർത്തിച്ചാവർത്തിച്ചു പാടിയങ്ങെത്തി–
ച്ചേർന്നാർ. 33

അദ്ധ്യായം 26

നന്ദനോടു ഗോപന്മാരുടെ കൃഷ്ണകൃത്യകഥനം

ശ്രീശുകൻ പറഞ്ഞു

കൊണ്ടൽനേർവർണ്ണന്റെയീയദ്ഭുതകൃത്യ–
ങ്ങളെ–
ക്കണ്ടു തത്പ്രഭാവാനഭിജ്ഞരാം വല്ലവന്മാർ
അദ്ഭുതപ്പെട്ടു നന്ദഗോപാന്തികത്തിൽച്ചെന്നു
സുപ്രസന്നാത്മാക്കളായ്ക്കഥിച്ചാരിപ്ര–
കാരം: 1
''കുട്ടി കാണിച്ചീടുന്ന കൃത്യങ്ങൾ സാധാരണ–
മട്ടിലുള്ളവയല്ല, വിസ്മയംതന്നെ പാർത്താൽ
ഈ മഹാൻ തനിക്കനുചിതമാംവിധത്തിലീ
ഗ്രാമീണർക്കിടയിൽ വന്നെങ്ങനെ ജാത–
നായീ? 2
ഉദ്ഭവിച്ചിട്ടിപ്പൊഴുതേഴാണ്ടു കഴിഞ്ഞില്ലീ–
യർഭകൻ മഹാഗിരിയൊററക്കൈകൊണ്ടുതന്നെ
വാരണശ്രേഷ്ഠനൊരു പത്മത്തെയെന്ന–
പോൽ നി–
സ്സാരമായ്പ്പൊക്കിപ്പിടിച്ചെങ്ങനെ
നിലകൊണ്ടു? 3
കണ്മിഴിക്കാത്തോരിളംപ്രായത്തിലങ്കമേററി–
യമ്മിഞ്ഞ നല്കും ശക്തയായ പൂതനതന്റെ
പഞ്ചപ്രാണങ്ങളേയും സ്തനദ്വാരങ്ങൾമാർഗ്ഗ–
മഞ്ചാതെ, താരുണ്യത്തെക്കാലമെന്നതു–
പോലെ,
വലിച്ചെടുത്തഘ ഘോരരാക്ഷസിതന്നെ–
ബ്ബലാൽ
കൊലചെയ്തതു പാർത്താലെത്രയും ചിത്രമത്രേ. 4
മൂന്നാംമാസത്തിൽത്താഴെക്കിടന്ന കാലും കയ്യും
നന്നായ്ക്കുടഞ്ഞു കരഞ്ഞീടമിപ്പൈതലിന്റെ
കാല്ത്തൊഴിയേററിട്ടുദ്വാസ്ഥിതമാം
പെരുംവണ്ടി
സത്വരം ദൂരെവീണു തകർന്നതേതുമട്ടിൽ! 5
വയസ്സൊന്നായിരുന്ന കളിക്കുമിക്കുഞ്ഞിനെ
വിയന്മാർഗ്ഗമായ് വന്നങ്ങെടുത്തുകൊണ്ടുപോയ
ദുഷ്ടനാം തൃണാവർത്തദൈത്യനെക്കണ്ഠം ഞെക്കി–
പ്പൊട്ടിച്ചു പെട്ടെന്നുതാൻ ഹനിച്ചീടിനാ–
നിവൻ. 6
ഒരുനാൾ വെണ്ണ കട്ടതിന്നവേ മാതാവു ചെ–
ന്നുരലിൽക്കെട്ടിയിട്ടപോതതുമിഴച്ചിവൻ
മരുതുമരം രണ്ടിന്നിടയിൽക്കയ്യും കത്തി–
ച്ചരിച്ചു താഴെത്തള്ളിയിട്ടിതു രണ്ടിനേയും. 7
ബാലകാവൃതനായി രാമനോടൊത്തു കാട്ടിൽ
കാലികളേയും മേച്ചു ചരിക്കുംവേളതന്നിൽ
നിഹനാശയാൽ വന്ന ബകനെച്ചുണ്ടുരണ്ടും
ഗ്രഹിച്ചു രണ്ടായ്ക്കീറിയെറിഞ്ഞാ–
നിബ്ബാലകൻ. 8
കൊല്ലുവാനാശയോടു വത്സന്മാർക്കിടയിൽത്ത–
ത്തുല്യവേഷത്തിൽ വന്ന ദൈത്യനെ
നിഗ്രഹിച്ചു
കളിയായ് മേല്പോട്ടെടുത്തെറിഞ്ഞു
വീഴ്ത്തീടിനാൻ
നിലത്തു തുരുതുരെക്കപിത്ഥഫലോത്കരം. 9
രാമനോടൊത്തു താലവനത്തിൽ പ്രവേശിച്ചി–
ക്കോമളകുമാരകൻ ധേനുകാസുരനേയും
ബന്ധുക്കളേയും കൊന്നപ്പനങ്കാടുടൻ സ്വ–
ജന്തുഗമ്യവും പക്വഫലയുക്തവുമാക്കി. 10
ഉഗ്രനാം പ്രലംബനെക്കൊല്ലിച്ചു രാമനേക്കൊ–
ണ്ടക്കാട്ടുതീയിൽനിന്നും കാത്തു
ഗോഗോപാളിയെ. 11
കാളും കാകോളമാളും കാളിയസർപ്പത്തിനെ–
ക്കേളിയായമർത്തിത്തദ്ദർപ്പത്തെശ്ശമിപ്പിച്ചു
കാളിന്ദിതന്നിൽനിന്നുമാട്ടിത്തജ്ജലം
പ്രാണി–
ജാലത്തിനാസ്വാദ്യമാമ്മാറു നിർവ്വിഷമാക്കി. 12
ഉത്തമാ! നന്ദാ! ഭവത്പുത്രനാമിവങ്കലു–
ണ്ടത്യാജ്യമാകുമനുരാഗമീ ഞങ്ങൾക്കെല്ലാം
ഞങ്ങളിൽ സ്വാഭാവികമായുണ്ടിക്കുട്ടിക്കുമു–
ത്തുംഗമാം പ്രേമമിതു രണ്ടുമെങ്ങനെ വന്നു? 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്വ സപ്തഹായനോ ബാലഃ ക്വ മഹാദ്രിവിധാരണം
തതോ നോ ജായതേ ശങ്കാ, വ്രജനാഥ, തവാത്മജേ.'' 14

നന്ദ ഉവാച
ശ്രൂയതാം മേ വചോ, ഗോപാ, വ്യേതു ശങ്കാ ച വോഽർഭകേ
ഏനം കുമാരമുദ്ദിശ്യ ഗർഗ്ഗോ മേ യദുവാച ഹ. 15

''വർണ്ണാസ്ത്രയഃ കിലാസ്യാസൻ ഗൃഹ്ണതോഽനുയുഗം തനൂഃ
ശുക്ലോ രക്തസ്തഥാ പീത, ഇദാനീം കൃഷ്ണതാം ഗതഃ. 16

പ്രാഗയം വസുദേവസ്യ ക്വചിജ്ജാതസ്തവാത്മജഃ
വാസുദേവ ഇതി ശ്രീമാനഭിജ്ഞാഃ സമ്പ്രചക്ഷതേ. 17

ബഹൂനി സന്തി നാമാനി രൂപാണി ച സുതസ്യ തേ
ഗുണകർമ്മാനുരൂപാണി താന്യഹം വേദ നോ ജനാഃ. 18

ഏഷ വഃ ശ്രേയ ആധാസ്യദ്ഗോപഗോകുലനന്ദനഃ
അനേന സർവ്വദുർഗ്ഗാണി യൂയമഞ്ജസ്തരിഷ്യഥ. 19

പുരാനേന വ്രജപതേ, സാധവോ ദസ്യുപീഡിതാഃ
അരാജകേ രക്ഷ്യമാണാ ജിഗ്യുർദസ്യൂൻ സമേധിതാഃ. 20

യ ഏതസ്മിൻ മഹാഭാഗാഃ പ്രീതിം കുർവ്വന്തി മാനവാഃ
നാരയോഽഭിഭവന്ത്യേതാൻ വിഷ്ണുപക്ഷാനിവാസുരാഃ. 21

തസ്മാന്നന്ദകുമാരോഽയം നാരായണസമോ ഗുണൈഃ
ശ്രിയാ കീർത്ത്യാനുഭാവേന തത്കർമ്മസു ന വിസ്മയഃ.'' 22

ഇത്യദ്ധാ മാം സമാദിശ്യ ഗർഗ്ഗേ ച സ്വഗൃഹം ഗതേ
മന്യേ നാരായണസ്യാംശം കൃഷ്ണമക്ലിഷ്ടകാരിണം. 23

ഇതി നന്ദവചഃ ശ്രുത്വാ ഗർഗ്ഗഗീതം വ്രജൗകസഃ
ദൃഷ്ടശ്രുതാനുഭാവാസ്തേ കൃഷ്ണസ്യാമിതതേജസഃ
മുദിതാ നന്ദമാനർച്ചുഃ കൃഷ്ണം ച ഗതവിസ്മയാഃ. 24

ദേവേ വർഷതി യജ്ഞവിപ്ലവരുഷാ
വജ്രാശ്മവർഷാനിലൈഃ
സീദത്പാലപശുസ്ത്രി ആത്മശരണം
ദൃഷ്ട്വാനുകമ്പ്യുത്സ്മയൻ
ഉത്പാട്യൈകകരേണ ശൈലമബലോ
ലീലോച്ഛിലീന്ധ്രം യഥാ
ബിഭ്രദ് ഗോഷ്ഠമപാന്മഹേന്ദ്രമദഭിത്
പ്രീയാന്ന ഇന്ദ്രോ ഗവാം. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ ഷഡ്വിംശതിതമോഽധ്യായഃ

സപ്തവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
ഗോവർദ്ധനേ ധൃതേ ശൈല ആസാരാദ്രക്ഷിതേ വ്രജേ
ഗോലോകാദാവ്രജത് കൃഷ്ണം സുരഭിഃ ശക്ര ഏവ ച. 1

വിവിക്ത ഉപസംഗമ്യ വ്രീഡിതഃ കൃതഹേളനഃ
പസ്പർശ പാദയോരേനം കിരീടേനാർക്കവർച്ചസാ. 2

ദൃഷ്ടശ്രുതാനുഭാവോഽസ്യ കൃഷ്ണസ്യാമിതതേജസഃ
നഷ്ടത്രിലോകേശമദ ഇദമാഹ കൃതാഞ്ജലിഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആണ്ടേഴു കഴിയാത്ത ബാലനെങ്ങിമ്മാമല
പൂണ്ടുനില്ക്കയെന്ന സംഗതിയെങ്ങു പാർത്താൽ!
അതിനാൽ ഗോകുലേശാ! ഭവത്പുത്രനെപ്പററി
മതിയിലങ്കുരിപ്പൂ ശങ്കയീ ഞങ്ങൾ-
ക്കെല്ലാം.'' 14

നന്ദൻ പറഞ്ഞു

അല്ലയോ ഗോപന്മാരേ! കേൾക്കുവിൻ
മത്പുത്രനെ
വല്ലാതെ ശങ്കിക്കുന്ന നിങ്ങ,ളതിരിക്കട്ടെ
അവനെക്കുറിച്ചെന്നോടാ ഗർഗ്ഗമുനീശ്വരൻ
പ്രവചിച്ചതുമേതുമട്ടെന്നു കേട്ടീടുവിൻ. 15
''ചതുര്യുഗത്തിങ്കലുമവതരിച്ചീടുമി-
സ്സുതനു ശുക്ലം രക്തം പീതമീ വർണ്ണത്രയം
ശരിയായുണ്ടെങ്കിലുമിദാനീം കൃഷ്ണവർണ്ണം
ധരിച്ചാണവതരിച്ചുള്ളതെന്നോർത്തീടണം. 16
ശ്രീമാനാമീ നിൻ സുതൻ വസുദേവജനായി-
ബ്ഭൂമിയിൽ മുന്നം ജാതനായതുമൂലമായി
ഇവന്റെ മാഹാത്മ്യങ്ങളറിയും പണ്ഡിതന്മാ-
രിവനെ വാസുദേവനാമത്തിൽ വിളിച്ചീടും.17
നിൻതനയനു ഗുണകർമ്മാനുരൂപമായി-
ട്ടനന്തമററുള്ള നാമരൂപങ്ങൾ ഭവിക്കുന്നു
ഞാനവയെല്ലാമറിയുന്നുണ്ടു പക്ഷേ, മററു-
മാനവരാരുംതന്നെയറിയുന്നില്ല ചെററും. 18
നിങ്ങൾക്കിസ്സുതൻ സർവ്വശ്രേയസ്സുമുണ്ടാക്കിടു-
മിങ്ങു മോദിപ്പിച്ചിടും ഗോപഗോവൃന്ദത്തെയും
സമസ്തസങ്കടത്തിൽനിന്നുമീ നിങ്ങളെല്ലാം
വിമുക്തരായിത്തീരുമിപ്പുത്രൻ നിമിത്തമായ്.19
അല്ലയോ വ്രജേശ്വരാ! പണ്ടിവൻ രാജാക്കന്മാ-
രില്ലാതെയിരിക്കവേ ദസ്യുപീഡിതന്മാരാം
സജ്ജനങ്ങളെ രക്ഷിച്ചഭിവൃദ്ധിയിലാക്കി
ദുർജ്ജനങ്ങളെയെല്ലാം ജയിച്ചു പുകൾപൂണ്ടോൻ.20
വിശുദ്ധചിത്തന്മാരാം ശ്രീഹരിഭക്തന്മാരെ-
യസുരന്മാർക്കെന്നപോ,ലിവനിൽ പ്രേമമാളും
ഭാഗ്യവാന്മാരെയേതും ശല്യപ്പെടുത്താൻ ശത്രു-
വർഗ്ഗത്തിനൊരിക്കലും സാധിക്കയില്ല-
യല്ലോ. 21
ആകയാൽ നന്ദാ! തവ തനയൻ ഗുണങ്ങളാൽ
വൈകുണ്ഠദേവനോടുതുല്യനാണില്ല വാദം
ഐശ്വര്യാനുഭാവങ്ങൾ കീർത്തിയുമവനിൽക്ക-
ണ്ടാശ്ചര്യമാർന്നീടേണ്ട നിങ്ങളിലാരും-
തന്നെ.'' 22

എന്നെല്ലാമെന്നോടോതീ ഗർഗ്ഗമാമുനി നിജ-
മന്ദിരംതന്നിൽ ഗമിച്ചീടിനാ,നന്നാൾമുതൽ
അദ്ഭുതകരങ്ങളാമക്കൃഷ്ണകർമ്മങ്ങൾ ക-
ണ്ടിപ്പുത്രൻ വിഷ്ണ്വംശമാണെന്നോർത്തു
വാഴുന്നു ഞാൻ. 23
നന്ദനിൽനിന്നുമേവം ഗർഗ്ഗവാക്യം ശ്രവിച്ചും
കണ്ണന്റെ കർമ്മങ്ങളെ നിത്യവും കണ്ടും കേട്ടും
നന്ദിച്ചഗ്ഗോപാവലിയദ്ഭുതം കൈവെടിഞ്ഞു
നന്ദജാതനെ നന്നായെന്നുമർച്ചനംചെയ്താർ. 24
യാഗവിഘ്നത്താലിന്ദ്രൻ കോപിച്ചു
നിയോഗിച്ച
മേഘങ്ങളിടിമിന്നൽ വാത്യയെന്നിവയൊത്തു
തൂകിയ ശിലാവർഷമേററു ഗോവൃന്ദങ്ങളും
സ്ത്രീകളും ഗോപന്മാരും ക്ലേശിക്കുന്നതു കണ്ടു
താനെന്യേ നാഥനില്ലാതിരിക്കുമവരായിൽ
മാനസമലിഞ്ഞുടനേതൊരു കുമാരകൻ
പുഞ്ചിരിപൂണ്ടു കളിക്കുൺമട്ടിലൊററക്കൈയാ-
ലഞ്ചാതെ മല ചോടേയിളക്കിപ്പൊക്കി-
നിന്നോ,
ശക്രഗർവ്വം ഹനിച്ചു ഗോകുലം കാത്തൊരഗ്ഗോ-
പക്രശക്രൻതാൻ പ്രസാദിക്കണമീ-
ഞങ്ങളിൽ. 25

അദ്ധ്യായം 27

ഇന്ദ്രസ്തുതി—ഗോവിന്ദാഭിഷേകം

ശ്രീശുകൻ പറഞ്ഞു

ഗോവർദ്ധനത്തെധരിച്ചാസാരംതന്നിൽ-
നിന്നു-
മീവിധം ഗോകുലത്തെസ്സംരക്ഷിച്ചതു കണ്ടു
ദേവലോകത്തുനിന്നും കാമധേനുവുമൊത്തു
ദേവേന്ദ്രൻ, ഭഗവാന്റെ സന്നിധിയെത്തീ-
ടിനാൻ. 1
അപരാധത്താൽ പരം ലജ്ജിച്ചു താലതാഴ്ത്തി-
യുപവേശിച്ചു മെല്ലെയേകാന്തസ്ഥലംതന്നിൽ
അക്കനെപ്പോലെ മിന്നും തന്നുടെ കിരീടത്താ-
ലക്കൃഷ്ണപാദാംബുജയുഗളം തലോടിനാൻ. 2
അതിതേജസ്വിയാമിക്കൃഷ്ണന്റെ മഹത്വങ്ങൾ
ശ്രുതിയിൽപ്പെട്ടും നേരേ കണ്ടനുഭവപ്പെട്ടും
മുപ്പാരിനീശൻ താനാണെന്നുള്ള ഗർവ്വം വിട്ടു-
സ്സ്വർപ്പതി കൈകൾകൂപ്പി സ്തുതിച്ചാനി-
പ്രകാരം: 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്ര ഉവാച
വിശുദ്ധസത്ത്വം തവ ധാമ ശാന്തം
തപോമയം ധ്വസ്തരജസ്തമസ്കം
മായാമയോഽയം ഗുണസമ്പ്രവാഹോ
ന വിദ്യതേ തേഽഗ്രഹണാനുബന്ധഃ. 4
കുതോ നു തദ്ധേതവ ഈശ തത്കൃതാ
ലോഭാദയോ യേഽബുധലിങ്ഗഭാവാഃ
തഥാപി ദണ്ഡം ഭഗവാൻ ബിഭർത്തി
ധർമ്മസ്യ ഗുപ്ത്യൈ ഖലനിഗ്രഹായ. 5
പിതാ ഗുരുസ്ത്വം ജഗതാമധീശോ
ദുരത്യയഃ കാല ഉപാത്തദണ്ഡഃ
ഹിതായ സ്വേച്ഛാതനുഭിഃ സമീഹസേ
മാനം വിധുന്വഞ്ജഗദീശമാനിനാം. 6
യേ മദ്വിധാജ്ഞാ ജഗദീശമാനിന-
സ്ത്വാം വീക്ഷ്യ കാലേഽഭയമാശു തന്മദം
ഹിത്വാഽഽര്യമാർഗ്ഗം പ്രഭജന്ത്യപസ്മയാ
ഈഹാ ഖലാനാമപി തേഽനുശാസനം. 7
സ ത്വം മമൈശ്വര്യമദപ്ലുതസ്യ
കൃതാഗസസ്തേഽവിദുഷഃ പ്രഭാവം
ക്ഷന്തും പ്രഭോഽഥാർഹസി മൂഢചേതസോ
മൈവം പുനർഭൂന്മതിരീശ മേഽസതീ. 8
തവാവതാരോഽയമധോക്ഷജേഹ സ്വയംഭരാണാമുരുഭാരജന്മനാം
ചമൂപതീനാമഭവായ ദേവ ഭവായ യുഷ്മച്ചരണാനുവർത്തിനാം. 9
നമസ്തുഭ്യം ഭഗവതേ പുരുഷായ മഹാത്മനേ
വാസുദേവായ കൃഷ്ണായ സാത്വതാം പതയേ നമഃ. 10
സ്വച്ഛന്ദോപാത്തദേഹായ വിശുദ്ധജ്ഞാനമൂർത്തയേ
സർവ്വസ്മൈ സർവ്വബീജായ സർവ്വഭൂതാത്മനേ നമഃ. 11
മയേദം ഭഗവൻ, ഗോഷ്ഠനാശായാസാരവായുഭിഃ
ചേഷ്ടിതം വിഹതേ യജ്ഞേ മാനിനാ തീവ്രമന്യുനാ. 12
ത്വയേശാനുഗൃഹീതോഽസ്മി ധ്വസ്തസ്തംഭോ വൃഥോദ്യമഃ
ഈശ്വരം ഗുരുമാത്മാനം ത്വാമഹം ശരണം ഗതഃ. 13

ശ്രീശുക ഉവാച
ഏവം സങ്കീർത്തിതഃ കൃഷ്ണോ മഘോനാ ഭഗവാനമും
മേഘഗംഭീരയാ വാചാ പ്രഹസന്നിദമബ്രവീത്. 14

ശ്രീഭഗവാനുവാച
മയാ തേഽകാരി മഘവൻ, മഖഭങ്ഗോഽനുഗൃഹ്ണതാ
മദനുസ്മൃതയേ നിത്യം മത്തസ്യേന്ദ്രശ്രിയാ ഭൃശം. 15
മാമൈശ്വര്യശ്രീമദാന്ധോ ദണ്ഡപാണിം ന പശ്യതി
തം ഭ്രംശയാമി സമ്പദ്ഭ്യോ യസ്യ ചേച്ഛാമ്യനുഗ്രഹം. 16
ഗമ്യതാം, ശക്ര, ഭദ്രം വഃ ക്രിയതാം മേഽനുശാസനം
സ്ഥീയതാം സ്വാധികാരേഷു യുക്തൈർവ്വഃ സ്തംഭവർജ്ജിതൈഃ. 17
അഥാഹ സുരഭിഃ കൃഷ്ണമഭിവന്ദ്യ മനസ്വിനീ
സ്വസന്താനൈരുപാമന്ത്ര്യ ഗോപരൂപിണമീശ്വരം. 18

സുരഭിരുവാച
കൃഷ്ണ, കൃഷ്ണ, മഹായോഗിൻ, വിശ്വാത്മൻ, വിശ്വസംഭവ,
ഭവതാ ലോകനാഥേന സനാഥാ വയമച്യുത. 19
ത്വം നഃ പരമകം ദൈവം, ത്വം ന ഇന്ദ്രോ, ജഗത്പതേ,
ഭവായ ഭവ ഗോവിപ്രദേവാനാം യേ ച സാധവഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രൻ പറഞ്ഞു

നിന്തിരുമേനിക്കെഴും സ്വരൂപം രജസ്തമോ-
ബന്ധമററതും തപോമയവും സുശാന്തവും
ശുദ്ധസത്വവുംതന്നെയാകയാലജ്ഞാനത്താ-
ലെത്തീടുമീപ്രാകൃതസംസാരമങ്ങേക്കില്ല. 4
അജ്ഞാനമില്ലെന്നാകിലെങ്ങനെയുണ്ടായിടും
തജ്ജന്യാബുധലിംഗഭാവങ്ങൾ ലോഭാദികൾ
എങ്കിലും ഭവാൻ ധർമ്മപാലനത്തിനും ഖല-
സംഘനിഗ്രഹത്തിനും ധരിച്ചീടുന്നു ദണ്ഡം. 5
അധൃഷ്യകാലരൂപശോഭിതനായിജ്ജഗൽ-
പ്പിതാവായാചാര്യനായധീശനാകും ഭവാൻ
ലോകത്തിൻ ഹിതത്തിനായ് ദണ്ഡമാ-
ന്നുലകത്തി-
ലേകനായകൻ ഞാനെന്നഭിമാനിച്ചു വാഴും
ദുഷ്ടന്മാരുടെ ഗർവമഖിലം ദൂരീകരി-
ച്ചിഷ്ടാനുസാരം രൂപം ധരിച്ചു ചേഷ്ടിക്കുന്നു. 6
ഈശാഭിമാനിമാരായെന്നെപ്പോലജ്ഞന്മാരാം
മോശക്കാർ ഭയകാലത്തഭയനാകുമങ്ങേ
കണ്ടു തന്മദമെല്ലാം പെട്ടെന്നു വിട്ടൊഴിഞ്ഞു
കുണ്ഠതയേതുമെന്യേ ചരിപ്പു സന്മാർഗ്ഗത്തിൽ.
അതിനാലങ്ങേക്കെഴുമീ ലീല ഖലന്മാർക്കു-
മധൃഷ്യമാകുമനുശാസനമായ് ഭവിപ്പൂ. 7
ഈശ്വരാ, ലേശം ഭവന്മാഹാത്മ്യമറിയാതെ
ഐശ്വര്യത്തിനാൽ മദാപ്ലുതനായ്
ദുർബുദ്ധിയായ്
കററവാളിയായീടും ഞാൻ ചെയ്തുപോയതാമ-
ത്തെററെല്ലാം പ്രഭോ! ഭവാൻ പൊറുത്തുകൊ-
ള്ളേണമേ!
എനിക്കീവിധമുള്ള ദുർബുദ്ധിയിനിമേലിൽ
ജനിക്കായ്‌വാനുമങ്ങുന്നനുഗ്രഹിക്കേണമേ! 8
ശ്രീപതേ! ഭവാൻെറയീ മർത്ത്യാവതാര-
മോക്കിൽ
ഭൂഭാരഭൂതന്മാരായ് സ്വാർത്ഥലോലുപന്മാരാം
മന്നവന്മാർക്കു നാശം ചേർപ്പാനും ത്വത്പാദാര-
വിന്ദസേവകവൃന്ദസ്വാസ്ഥ്യിക്കും ഭവിക്കുന്നു. 9
പുരുഷനായി വാസുദേവനായ് പരാനന്ദ-
സ്വരൂപനായി യദുനാഥനായ് മഹാത്മാവായ്
ഐശ്വര്യംതൊട്ടു ഗുണഗണത്താൽ സംപൂർണ്ണനാ-
മീശ്വരാ! നമസ്കാരം നിന്തിരുമേനിക്കായി. 10
വിശ്വമൂർത്തിയായ് സ്വച്ഛജ്ഞാനസ്വരൂ-
പനായി
സ്വേച്ഛാസ്വീകൃതവപുസ്സോടു ചേർന്നവനായി
സമസ്തചരാചരകാരണമായിബ്ഭൂത-
സമൂഹാത്മാവായിടും ഭവാനെ നമിക്കുന്നേൻ. 11
ഈശാഭിമാനിയാം ഞാൻ യാഗവിഘ്നം
നിമിത്തം
വാശിപൂണ്ടതിക്രോധാവിഷ്ടനായ് ഗോഷ്ഠം
പാടേ
മാരിയും കൊടുങ്കാററുംമൂലമായ് നശിപ്പിക്കാൻ
പാരം ശ്രമിച്ചെന്നൊരു കുററം ഞാൻ ചെയ്തു-
പോയി. 12
ധ്വസ്താഹംകൃതിയായി നിഷ്ഫലപരിശ്രമ-
യുക്തനാമെന്നെയങ്ങുന്നനുഗ്രഹിച്ചാനിപ്പോൾ
ഗുരുവായ് ചരാചരസമസ്തേശ്വരനായി-
പ്പരമാത്മാവാമങ്ങേശ്ശരണം ഗമിക്കുന്നേൻ. 13

ശ്രീശുകൻ പറഞ്ഞു

ഇത്തരമിന്ദ്രൻ സ്തുതിച്ചീടവേയിടിനാദ-
മൊത്തതിഗംഭീരമായീടുന്ന വാക്യങ്ങളാൽ
ഭഗവാൻ വാസുദേവൻ മന്ദഹാസവുംചെയ്തു
നിഗദിച്ചിതു പിന്നെയവനോടിപ്രകാരം. 14

ശ്രീഭഗവാൻ പറഞ്ഞു

''പാകാരേ! ശക്രശ്രീയാലത്യന്തം മത്തനാം
ലോകേശനാകുമെന്നെ വിസ്മരിക്കായ്‌വാനായി [നീ
അന്യൂനം നിന്നെയനുഗ്രഹിപ്പാനിച്ഛിച്ചു ഞാൻ
നിന്നദ്ധ്വരത്തിൻ വിഘ്നംചേർത്തെന്ന-
തോർത്തീടുക. 15
ഐശ്വര്യശ്രീമദത്താലന്ധനായീടുന്നവ-
നീശനായ് ദണ്ഡപാണിയാമെന്നെക്കാണുന്നീല
ആരെയനുഗ്രഹിപ്പാനാണു ഞാനാഗ്രഹിപ്പ-
തോരുക, സമ്പത്തിൽനിന്നവനേയൊഴിക്കും
ഞാൻ. 16
പൊയ്ക്കൊൾക ശക്രാ! ഭദ്രം നിങ്ങൾക്കു,
മൽക്കല്പന
കൈക്കൊണ്ടു ഗർവംവിട്ടു പാലിപ്പിൻ
സ്വാധികാരം.'' 17
പിന്നെയാ മനസ്വിനിയായിടും കാമധേനു-
വന്യൂനഗോപവേഷം ധരിച്ചു വിളങ്ങിടും
ഈശനാം മുകുന്ദനെസ്സന്താനസമേതയാ-
യാശു വന്ദനംചെയ്തു ചൊല്ലിനാളിപ്രകാരം: 18

സുരഭി പറഞ്ഞു

''ഹേ കൃഷ്ണാ! കൃഷ്ണാ! മഹായോഗിൻ!
വിശ്വാത്മൻ! ഹരേ!
വൈകുണ്ഠാ! ഭവാനാലേ സനാഥരായി
ഞങ്ങൾ. 19
ലോകേശാ! ഭവാനത്രേ ഞങ്ങൾക്കത്യു-
ത്കൃഷ്ടനാ-
മേകദൈവത,മങ്ങു സജ്ജനൗഘത്തിൻെറയും
ഗോവിപ്രസുരവൃന്ദത്തിൻെറയും ക്ഷേമത്തിനായ്
കേവലമിന്ദ്രസ്ഥാനമങ്ഗീകരിച്ചീടണം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രം നസ്ത്വാഭിഷേക്ഷ്യാമോ ബ്രഹ്മണാ നോദിതാ വയം
അവതീർണ്ണോഽസി, വിശ്വാത്മൻ, ഭൂമേർഭാരാപനുത്തയേ. 21

ശ്രീശുക ഉവാച
ഏവം കൃഷ്ണമുപാമന്ത്ര്യ സുരഭിഃ പയസാഽഽത്മനഃ
ജലൈരാകാശഗങ്ഗായാ ഐരാവതകരോദ്ധൃതൈഃ. 22
ഇന്ദ്രഃ സുരർഷിഭിഃ സാകം നോദിതോ ദേവമാതൃഭിഃ
അഭ്യഷിഞ്ചത ദാശാർഹം ''ഗോവിന്ദ'' ഇതിചാഭ്യധാത്. 23
''അഹമിന്ദ്രോ ഹി ദേവാനാം ത്വം ഗവാമിന്ദ്രതാം ഗതഃ
ഗോവിന്ദ ഇതി ലോകേ ത്വാം ഗാസ്യന്തി ഭുവി മാനവാഃ.'' 24
തത്രാഗതാസ്തുംബുരുനാരദാദയോ
ഗന്ധർവ്വവിദ്യാധരസിദ്ധചാരണാഃ
ജഗുര്യശോ ലോകമലാപഹം ഹരേഃ
സുരാങ്ഗനാഃ സംനനൃതുർമ്മുദാന്വിതാഃ. 25
തം തുഷ്ടുവുർദ്ദേവനികായകേതവോ
വ്യവാകിരംശ്ചാദ്ഭുതപുഷ്പവൃഷ്ടിഭിഃ
ലോകാഃ പരാം നിർവൃതിമാപ്നുവംസ്ത്രയോ
ഗാവസ്തദാ ഗാമനയൻ പയോദ്രുതാം. 26
നാനാരസൗഘാഃ സരിതോ വൃക്ഷാ ആസൻ മധുസ്രവാഃ
അകൃഷ്ടപച്യൗഷധയോ ഗിരയോഽബിഭ്രദുന്മണീൻ. 27
കൃഷ്ണേഽഭിഷിക്ത ഏതാനി സത്ത്വാനി, കുരുനന്ദന,
നിർവ്വൈരാണ്യഭവംസ്താത ക്രൂരാണ്യപി നിസർഗ്ഗതഃ. 28
ഇതി ഗോഗോകുലപതിം ഗോവിന്ദമഭിഷിച്യ സഃ
അനുജ്ഞാതോ യയൗ ശക്രോ വൃതോ ദേവാദിഭിർദ്ദിവം. 29

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഇന്ദ്രസ്തുതിർന്നാമ സപ്തവിംശതിതമോഽധ്യായഃ

അഷ്ടാവിംശതിതമോഽധ്യായഃ

ശ്രീശുക ഉവാച
ഏകാദശ്യാം നിരാഹാരഃ സമഭ്യർച്ച്യ ജനാർദ്ദനം
സ്നാതും നന്ദസ്തു കാളിന്ദ്യാ ദ്വാദശ്യാം ജലമാവിശത്. 1
തം ഗൃഹീത്വാനയദ് ഭൃത്യോ വരുണസ്യാസുരോഽന്തികം
അവിജ്ഞായാസുരീം വേലാം പ്രവിഷ്ടമുദകം നിശി. 2
ചുക്രുശുസ്തമപശ്യന്തഃ കൃഷ്ണ രാമേതി ഗോപകാഃ
ഭഗവാംസ്തദുപശ്രുത്യ പിതരം വരുണാഹൃതം
തദന്തികം ഗതോ രാജൻ, സ്വാനാമഭയദോ വിഭുഃ. 3
പ്രാപ്തം വീക്ഷ്യ ഹൃഷീകേശം ലോകപാലഃ സപര്യയാ
മഹത്യാ പൂജയിത്വാഽഽഹ തദ്ദർശനമഹോത്സവഃ. 4

വരുണ ഉവാച
അദ്യ മേ നിഭൃതോ ദേഹോഽദ്യൈവാർത്ഥോഽധിഗതഃ പ്രഭോ,
അക്ഷ്ണോർവാചശ്ച സാഫല്യം തവ മേ ദർശനാദ്വിഭോ!
ത്വത്പാദഭാജോ ഭഗവന്നവാപുഃ പാരമധ്വനഃ. 5
നമസ്തുഭ്യം ഭഗവതേ ബ്രഹ്മണേ പരമാത്മനേ
ന യത്ര ശ്രൂയതേ മായാ ലോകസൃഷ്ടിവികല്പനാ. 6
അജാനതാ മാമകേന മൂഢേനാകാര്യവേദിനാ
ആനീതോഽയം തവ പിതാ തത്പ്രഭോ ക്ഷന്തുമർഹതി. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങജൻ പ്രേരിപ്പിച്ചിട്ടാഗതരാമീ ഞങ്ങ-
ളങ്ങയെയിന്ദ്രനാക്കിക്കഴിക്കുന്നഭിഷേകം

വിശ്വാത്മൻ! ഭവാൻ ധരാഭാരാപഹാരത്തിനാ-
യിച്ഛയോടവതരിച്ചിരിക്കുന്നിതു നൂനം.'' 21

സുരഭിയേവം ചൊല്ലിസ്സ്വന്തമാം ക്ഷീര-
ത്തിനാൽ

സരസീരുഹാക്ഷനെയഭിഷേചിച്ചീടിനാൾ.

സുരമാതാക്കളാലേ ചോദിതനായിപ്പിന്നെ-
സ്സുരഷിമാരൊത്തൈരാവതത്തിൻ തുമ്പിക്ക-
യ്യാൽ

കോരിയ ഗങ്ഗാജലംകൊണ്ടഭിഷേകംചെയ്തു
ശ്രീരമണനു നല്കീ ഗോവിന്ദനാമ-
മിന്ദ്രൻ. 22-23

''ദേവന്മാർക്കെല്ലാമിന്ദ്രൻ ഞാനെന്നു സുപ്ര-
സിദ്ധം

ഗോവൃന്ദത്തിനിക്കാലം ഭവാനമിന്ദ്രനായി.

ഭുവിതിൽ മാനവന്മാർ ഭവാനെയിനിമേലിൽ
ഗോവിന്ദനെന്നപേരിൽ കീർത്തിക്കു''മെന്നു-
ചൊന്നാൻ. 24

നാരദതുംബുരുവാദി മാമുനിമാരും സിദ്ധ-
ചാരണവിദ്യാധരസാദ്ധ്യഗന്ധർവാദ്യരും

വേഗമസ്ഥലത്തെത്തി ലോകമാലിന്യാപഹം
ശ്രീകൃഷ്ണമഹിമാനം സാനന്ദം ഗാനംചെയ്താർ.

തത്രതാൻ വൃന്ദാരകസുന്ദരീവൃന്ദങ്ങളു-
മത്യന്തമോദത്തോടു നർത്തനംചെയ്തീടിനാർ. 25

ദേവമുഖ്യന്മാരേററം സ്തുതിച്ചു മലർമാരി
തൂവിനാർ, ലോകത്രയം സൗഖ്യനിർവൃതി-
യാർന്നു.

പരമാനന്ദംപൂണ്ടു പശുക്കളാർദ്രമാക്കീ
ധരണീതലം ചുരന്നൊഴുകും ക്ഷീരത്തിനാൽ.26

ആറുകൾ നാനാരസമൊഴുകചീ, തരുനിര-
ധാരാളം തേൻചൊരിഞ്ഞു സസ്യസഞ്ചയങ്ങളും

തനിയേ പാകമായീ, ഗിരികളന്തർമ്മണി-
ഗണത്തെപ്പുറത്തേക്കായ് പ്രകാശിപ്പിച്ചു-
പാരം. 27

കുരുനന്ദനാ! ധരാമണാളാ! ഭഗവാൻ ശ്രീ-
ഹരിയീവിധമഭിഷിക്തനായ്ത്തീർന്നീടവേ

ക്രൂരസ്വഭാവമാളും സർപ്പജാതികൾപോലും
വൈരമല്പവുമില്ലാത്തവയായ് ഭവിച്ചിതു. 28

ഈവിധം ഗോഗോകുലപതിയാം മുകുന്ദനെ
ഗോവിന്ദനാക്കി മോദിച്ചഭിഷേചിച്ചശേഷം

പാകാരി, സുരഗണയുക്തനായ് ദേവലോകം
പൂകിനാൻ ഭഗവാന്റെയനുജ്ഞയോടുകൂടി. 29

അദ്ധ്യായം 28

നന്ദമോക്ഷം

ശ്രീശുകൻ പറഞ്ഞു

ഒരിക്കലേകാദശിനാളിലന്നന്ദഗോപൻ
നിരാഹാരനായ് ജനാർദ്ദനനെയാരാധിച്ചു
കുളിക്കാൻ ദ്വാദശിക്കു കാളിന്ദീനദിതന്നിൽ
വെളുക്കാനേറെ മുൻപേയിറങ്ങി മുങ്ങീടിനാൻ.1
ആസുരീവേളതന്നിലിരവിൽ സലിലത്തി-
ലാസാദിപ്പോരവനെയസുരൻ പാശീഭൃത്യൻ
ആരെന്നറിഞ്ഞിടാതങ്ങെടുത്തു കൊണ്ടുപോയി-
പ്പാരാതെ വരുണന്റെ ചാരത്തണച്ചീടിനാൻ.2
നന്ദനെക്കാണാഞ്ഞുടൻ ഗോപന്മാർ കൃഷ്ണാ!
രാമാ!
എന്നൊക്കെക്കൂട്ടത്തോടേ വിളിച്ചു മുറയിട്ടാർ.
പരമപൂമാനതു കേട്ടുടൻ പിതാവിനെ
വരുണൻ ഹരിച്ചതായ് ധരിച്ചുവെച്ചിട്ടുടൻ
ഭക്തന്മാർക്കഭയത്തെയരുളും വിഭുവാകു-
മക്കൃഷ്ണപരമാത്മാവെത്തിനാൻ തദന്തികം. 3
തഞ്ചാരത്തണഞ്ഞൊരാ ഹൃഷീകേശനെക്കണ്ടി-
ട്ടഞ്ചിതതരമാം തദ്ദർശനമഹോത്സവം
കൊണ്ടാടിപ്പാരം ബഹുമാനിച്ചാലോകപാലൻ
വേണ്ടപോലാരാധിച്ചു ചൊല്ലിനാ-
നിപ്രകാരം. 4

വരുണൻ പറഞ്ഞു

അല്ലയോ! സ്വാമിൻ! ഞാനീദേഹമാർന്ന-
തിൻഫലം
കില്ലില്ല, ലഭിച്ചിപ്പോളർത്ഥവാനമായ്ത്തീ-
ർന്നേൻ.
ഭവദ്ദർശനത്തിനാൽ സഫലങ്ങളായ്ത്തീർന്നി-
തിവനു നേത്രങ്ങളും വചനങ്ങളുമിപ്പോൾ.
മല്ലാരേ! ഭഗവാനേ! ത്വത്പാദസേവകന്മാ-
രെല്ലാരും കടക്കുന്നു സംസാരപാരാവാരം. 5
പാരിനെപ്പലേവിധം പ്രദർശിപ്പിക്കും മായ-
യ്ക്കാരൊരാളതീതനായ് വർത്തിച്ചിടുന്നു പാ-
ർത്താൽ
പരമാത്മാവായ് പരബ്രഹ്മസ്വരൂപനായി-
പ്പരിശോഭിച്ചീടുമമ്പ് ഭവാനു നമസ്കാരം. 6
ഹേ പ്രഭോ! കാര്യജ്ഞാനമില്ലാത്ത മൂഢനാകും
മദ്ഭൃത്യനറിയാതെ ഭവാന്റെ പിതാവിനെ
എന്നടുത്താനയിച്ചോരപരാധത്തെയമ്പ് ഭവാൻ
നന്നായിപ്പൊറുക്കണമെന്നു ഞാനർത്ഥിക്കുന്നു. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമാപ്യനുഗ്രഹം കൃഷ്ണ, കർത്തുമർഹസ്യശേഷദൃക്
ഗോവിന്ദ, നീയതാമേഷ പിതാ തേ, പിതൃവത്സല. 8
പിതൈഷ തേ മയാ നീതോ യന്നസ്ത്വത്പാദദർശനം
പ്രജ്ഞാ വയമനുഗ്രാഹ്യാഃ സാപരാധാ അപി പ്രഭോ! 9

ശ്രീശുക ഉവാച
ഏവം പ്രസാദിതഃ കൃഷ്ണോ ഭഗവാനീശ്വരേശ്വരഃ
ആദായാഗാത് സ്വപിതരം ബന്ധൂനാം ചാവഹൻ മുദം. 10
നന്ദസ്ത്വതീന്ദ്രിയം ദൃഷ്ട്വാ ലോകപാലമഹോദയം
കൃഷ്ണേ ച സന്നതിം തേഷാം ജ്ഞാതിഭ്യോ വിസ്മിതോഽ-
ബ്രവീത്. 11

തേ ത്വൗത്സുക്യധിയോ, രാജൻ, മത്വാ ഗോപാസ്തമീശ്വരം
അപി നഃ സ്വഗതിം സൂക്ഷ്മാമുപാധാസ്യദധീശ്വരഃ. 12
ഇതി സ്വാനാം സ ഭഗവാൻ വിജ്ഞായാഖിലദൃക് സ്വയം
സങ്കല്പസിദ്ധയേ തേഷാം കൃപയൈതദചിന്തയത്. 13
''ജനോ വൈ ലോക ഏതസ്മിന്നവിദ്യാകാമകർമ്മഭിഃ
ഉച്ചാവചാസു ഗതിഷു ന വേദ സ്വാം ഗതിം ഭ്രമൻ.'' 14
ഇതി സഞ്ചിന്ത്യ ഭഗവാൻ മഹാകാരുണികോ ഹരിഃ
ദർശയാമാസ ലോകം സ്വം ഗോപാനാം തമസഃ പരം. 15
സത്യം ജ്ഞാനമനന്തം യദ്ബ്രഹ്മജ്യോതിഃ സനാതനം
യദ്ധി പശ്യന്തി മുനയോ ഗുണാപായേ സമാഹിതാഃ. 16
തേ തു ബ്രഹ്മഹ്രദം നീതാ മഗ്നാഃ കൃഷ്ണേന ചോദ്ധൃതാഃ
ദദൃശുർബ്രഹ്മണോ ലോകം യത്രാക്രൂരോഽധ്യഗാത് പുരാ. 17
നന്ദാദയസ്തു തം ദൃഷ്ട്വാ പരമാനന്ദനിർവൃതാഃ
കൃഷ്ണം ച തത്ര ഛന്ദോഭിഃ സ്തൂയമാനം സുവിസ്മിതാഃ. 18

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ അഷ്ടാവിംശതിതമോഽധ്യായഃ

ഏകോനത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച
ഭഗവാനപി താ രാത്രീഃ ശരദോത്ഫുല്ലമല്ലികാഃ.
വീക്ഷ്യ രന്തും മനശ്ചക്രേ യോഗമായാമുപാശ്രിതഃ. 1

തദോഡുരാജഃ കകുഭഃ കരൈർമ്മുഖം
പ്രാച്യാ വിലിമ്പന്നരുണേന ശന്തമൈഃ
സ ചർഷണീനാമുദഗാച്ഛുചോ മൃജൻ
പ്രിയഃ പ്രിയായാ ഇവ ദീർഘദർശനഃ. 2

ദൃഷ്ട്വാ കുമുദ്വന്തമഖണ്ഡമണ്ഡലം
രമാനനാഭം നവകുങ്കുമാരുണം
വനം ച തത് കോമളഗോഭിരഞ്ജിതം
ജഗൗ കളം വാമദൃശാം മനോഹരം. 3

നിശമ്യ ഗീതം തദനംഗവർദ്ധനം
വ്രജസ്ത്രിയഃ കൃഷ്ണഗൃഹീതമാനസാഃ
ആജഗ്മുരന്യോന്യമലക്ഷിതോദ്യമാഃ
സ യത്ര കാന്തോ ജവലോലകുണ്ഡലാഃ. 4

ദുഹന്ത്യോഽഭിയയുഃ കാശ്ചിദ്ദോഹം ഹിത്വാ സമുത്സുകാഃ
പയോഽധിശ്രിത്യ സംയാവമനുദ്വാസ്യാപരാ യയുഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതൃവത്സലാ! സർവ്വദർശനാ! ഗോവിന്ദാ! ഗോ-
പാധിപാ! കൃഷ്ണാ! കൊണ്ടുപോയാലും
പിതാവിനെ.

അദ്ദേഹത്തിനെയിങ്ങു കൊണ്ടുവന്നതുമൂലം
സിദ്ധിച്ചു ഭവത്പാദദർശനമെനിക്കിപ്പോൾ.

എന്നെയങ്ങനുഗ്രഹിച്ചീടുക കുററംചെയ്യോ-
രെന്നിരിക്കിലുമങ്ങേ പ്രജകളനുഗ്രാഹ്യർ. 8-9

ശ്രീശുകൻ പറഞ്ഞു

ദേവദേവനായ് സർവ്വാധീശ്വരനാകും കൃഷ്ണ-
നീവിധം തദ്വാക്യങ്ങൾ കേട്ടതിതുഷ്ടനായി

താതനോടൊന്നിച്ചുടൻ ഗോകുലം പ്രവേശിച്ചു
മോദമേകിനാൻ നിജബന്ധുവൃന്ദത്തി-
നെല്ലാം. 10

നന്ദനും മുൻപു കണ്ടിട്ടില്ലാത്ത വരുണന്ത-
ന്നനൈശ്വര്യത്തെയും കൃഷ്ണനിലവക്കെഴും

ഭൃത്യഭാവത്തെയും കണ്ടദ്ഭുതപ്പെട്ടിട്ടതു
വിസ്തരിച്ചോതി ബന്ധുവൃന്ദത്തെ-
ധരിപ്പിച്ചാൻ. 11

ഗോപന്മാർ ഗോവിന്ദനെയീശനെന്നുറച്ചുത-
ദ്വൈഭവം വീണ്ടും കാണ്മാനുത്സുകരായിത്തീർന്നു

ഈശ്വരനാണെങ്കിലുമദ്ദേഹം നമ്മെയെല്ലാം
സൂക്ഷ്മമാം തദ്ഭൂതികൾ കാട്ടുമെന്നോർത്തു
വാണാർ. 12

ഈവിധം സ്വന്തം ജനാവലിതന്നഭിപ്രായം
സർവ്വജ്ഞൻ വാസുദേവൻ മനസ്സിലാക്കി സ്വയം

തന്മനോരഥം സാധിപ്പിക്കുവാൻ കാരുണ്യമാ-
ർന്നിമ്മട്ടിലനന്തരം ചിന്തിച്ചാനകതാരിൽ. 13

''ഉലകിലിജ്ജനങ്ങളജ്ഞതനിമിത്തമായ്
പലമട്ടുള്ള കർമ്മംചെയ്യുന്നു കാമാർത്ഥമായ്

അതിനാലുച്ചനീചയോനികൾതോറും പൂകി
സതതം സ്വസ്വരൂപമറിയാതുഴലുന്നു '' 14

ഈവിധം ചിന്തി,ച്ചവർക്കു കൃപാനിധി
സാക്ഷാൽ
ശ്രീവിഷ്ണുതമഃപരം വൈകുണ്ഠം കാട്ടീടിനാൻ.15

ജ്ഞാനനാശത്തിൽ സമാഹിതമാനസന്മാരാം
മുനിസന്ദോഹം സദാ സന്ദർശിച്ചീടുന്നതായ്

സത്യമായനന്തമായ് ബോധമായ്
ജ്യോതിസ്സായി
നിത്യമാം പരബ്രഹ്മരൂപവും ദർശിപ്പിച്ചാൻ. 16

അവരേ കൃഷ്ണൻ ബ്രഹ്മഹ്രദത്തിൽ
മുക്കിപ്പൊക്കി-
ജ്ജവമക്രൂരൻ മുന്നം യമുനാഹ്രദംതന്നിൽ

കണ്ട വൈകുണ്ഠത്തെയുമവിടെവച്ചുതന്നെ
വേണ്ടപോൽ ഗോപന്മാരെക്കാണിച്ചു-
കൊടുത്തിതു. 17

നന്ദാദിഗോപന്മാരാ വൈകുണ്ഠലോകത്തെയും
ഛന്ദോവൃന്ദത്താൽ സ്തൂയമാനനാം കൃഷ്ണനേയും

തെളിഞ്ഞുകണ്ടു പരമാനന്ദനിർല്ലീനരാ-
യുളവററീടുമദ്ഭുതാബ്ധിയിലാറാടിനാർ. 18

അദ്ധ്യായം 29

വേണുഗാനം കേട്ട ഗോപികാഗമനം—
ഭഗവദന്തർദ്ധാനം

ശ്രീശുകൻ പറഞ്ഞു

ശരത്കാലത്തിനാലുൽഫുല്ലമാം മല്ലികപ്പൂ-
നിരയാലാരമ്യമന്നിശകൾ പാർത്തു പേർത്തും

യോഗമായയെയംഗീകരിച്ചു രമിക്കുവാൻ
യോഗേശൻ ഭഗവാനുമുൾത്താരിൽ
നിശ്ചയിച്ചാൻ. 1

രമിക്കാൻ ഭഗവാനങ്ങാശിക്കെച്ചിരം പിരി-
ഞ്ഞമരും കാന്തൻ നിജപ്രിയയെ
പ്രീണിപ്പിക്കാൻ

തച്ചാരുവദനത്തിൽ താനേ തൻ കരങ്ങളാൽ
സ്വച്ഛന്ദം ചന്ദനച്ചാറണിയിക്കുന്നമട്ടിൽ

ശാന്തരശ്മികൾകൊണ്ടു പൂർവ്വദിങ്മുഖം പൂശി-
ജ്ജനുതാപം ശമിപ്പിച്ചുദിച്ചാനുഡുരാജൻ. 2

കമലാസ്യശ്രീയാർന്നു നവകുങ്കുമത്തിനു-
സമമായ്ച്ചോന്നു പൂർണ്ണവൃത്തമൊത്തുല്ലസിക്കും

ഹിമദീധിതിയേയും തച്ചാരുരശ്മിപൂര-
നിമഗ്നമായി മിന്നുമാ വൃന്ദാവനത്തെയും

കണ്ടു വാമാക്ഷീജനചിത്തം ഹരിക്കുമാറു
കൊണ്ടൽനേർവർണ്ണൻ കളം വായിച്ചാ-
നോടക്കുഴൽ. 3

കാമവർദ്ധകമാകുമാ ഗാനം ശ്രവിച്ചുടൻ
ശ്രീമുകുന്ദാകർഷിതാശയരാം ഗോപസ്ത്രീകൾ

അന്യോന്യമലക്ഷിതോദ്യമത്തോടാശു-
തത്താൽ

നന്നായിച്ചലിച്ചിടും കർണ്ണഭൂഷകളാർന്നു

അക്കാന്തനിരുന്നിടും സ്ഥലത്തേക്കോടിവന്നാ-
രുൾക്കാമ്പിൽ വളർന്നീടുമാമോദത്തോടുകൂടി. 4

പയ്യുകറന്നവർ ചിലർ പാലുപേക്ഷിച്ചും ചില
മയ്ക്കണ്ണിമാർ കറന്ന പാലടുപ്പേററി വച്ചും

പാകമാം ഗോധൂമാന്നമിറക്കിവെക്കാതെയും
വേഗമുത്സുകരായ്ത്തത്സമീപമണഞ്ഞിതു. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിവേഷയന്ത്യസ്തദ്ധിത്വാ പായയന്ത്യഃ ശിശൂൻ പയഃ
ശുശ്രൂഷന്ത്യഃ പതീൻ കാശ്ചിദശ്നന്ത്യോഽപാസ്യ ഭോജനം. 6

ലിമ്പന്ത്യഃ പ്രമൃജന്ത്യോഽന്യാ അഞ്ജന്ത്യഃ കാശ്ച ലോചനേ
വ്യത്യസ്തവസ്ത്രാഭരണാഃ കാശ്ചിത് കൃഷ്ണാന്തികം യയുഃ. 7

താ വാര്യമാണാഃ പതിഭിഃ പിതൃഭിർഭ്രാതൃബന്ധുഭിഃ
ഗോവിന്ദാപഹൃതാത്മാനോ ന ന്യവർത്തന്ത മോഹിതാഃ. 8

അന്തർഗൃഹഗതാഃ കാശ്ചിദ് ഗോപ്യോഽലബ്ധവിനിർഗ്ഗമാഃ
കൃഷ്ണം തദ്ഭാവനായുക്താ ദധ്യുർമ്മീലിതലോചനാഃ. 9

ദുസ്സഹപ്രേഷ്ഠവിരഹതീവ്രതാപധുതാശുഭാഃ
ധ്യാനപ്രാപ്താച്യുതാശ്ലേഷനിർവൃത്യാ ക്ഷീണമങ്ഗളാഃ. 10

തമേവ പരമാത്മാനം ജാരബുദ്ധ്യാപി സങ്ഗതാഃ
ജഹുർഗ്ഗുണമയം ദേഹം സദ്യഃ പ്രക്ഷീണബന്ധനാഃ. 11

രാജോവാച

കൃഷ്ണം വിദുഃ പരം കാന്തം ന തു ബ്രഹ്മതയാ, മുനേ,
ഗുണപ്രവാഹോപരമസ്താസാം ഗുണധിയാം കഥം? 12

ശ്രീശുക ഉവാച

ഉക്തം പുരസ്താദേതത്തേ ചൈദ്യഃ സിദ്ധിം യഥാഗതഃ
ദ്വിഷന്നപി ഹൃഷീകേശം കിമുതാധോക്ഷജപ്രിയാഃ. 13

നൃണാം നിഃശ്രേയസാർത്ഥായ വ്യക്തിർഭഗവതോ, നൃപ
അവ്യയസ്യാപ്രമേയസ്യ നിർഗ്ഗുണസ്യ ഗുണാത്മനഃ. 14

കാമം ക്രോധം ഭയം സ്നേഹമൈക്യം സൗഹൃദമേവ ച
നിത്യം ഹരൗ വിദധതോ യാന്തി തന്മയതാം ഹി തേ. 15

ന ചൈവം വിസ്മയഃ കാര്യോ ഭവതാ ഭഗവത്യജേ
യോഗേശ്വരേശ്വരേ കൃഷ്ണേ യത ഏതദ്വിമുച്യതേ. 16

താ ദൃഷ്ട്വാന്തികമായാതാ ഭഗവാൻ വ്രജയോഷിതഃ
അവദദ്വദതാം ശ്രേഷ്ഠോ വാചഃ പേശൈർവിമോഹയൻ. 17

ശ്രീഭഗവാനുവാച

സ്വാഗതം വോ മഹാഭാഗാഃ പ്രിയം കിം കരവാണി വഃ
വ്രജസ്യാനാമയം കച്ചിദ്, ബ്രൂതാഗമനകാരണം. 18

രജന്യേഷാ ഘോരരൂപാ ഘോരസത്ത്വനിഷേവിതാ
പ്രതിയാത വ്രജം, നേഹ സ്ഥേയം, സ്ത്രീഭിഃ സുമധ്യമാഃ. 19

മാതരഃ പിതരഃ പുത്രാ ഭ്രാതരഃ പതയശ്ച വഃ
വിചിന്വന്തി ഹ്യപശ്യന്തോ മാകൃഢ്വം ബന്ധുസാധ്വസം. 20

ദൃഷ്ടം വനം കുസുമിതം രാകേശകരരഞ്ജിതം
യമുനാനിലലീലൈജത്തരുപല്ലവശോഭിതം. 21

തദ്യാത മാ ചിരം ഗോഷ്ഠം, ശുശ്രൂഷധ്വം പതീൻ സതീഃ
ക്രന്ദന്തി വത്സാ ബാലാശ്ച താൻ പായയത ദുഹ്യത. 22

അഥവാ മദഭിസ്നേഹാദ്ഭവത്യോ യന്ത്രിതാശയാഃ
ആഗതാഹ്യുപപന്നം തത് പ്രീയന്തേ മയി ജന്തവഃ. 23

ഭർത്തുഃ ശുശ്രൂഷണം സ്ത്രീണാം പരോ ധർമ്മോ ഹ്യമായയാ
തദ്ബന്ധൂനാം ച കല്യാണ്യഃ പ്രജാനാം ചാനുപോഷണം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിളമ്പിക്കൊടുക്കുവോർ കഞ്ഞിന്നു
പാലേകുവോർ
തെളിഞ്ഞു ഭർത്താവിനെശുശ്രൂഷിച്ചിരുന്നവർ
ഉണ്ടുകൊണ്ടിരുന്നവരേവരും ഗാനം കേട്ടു
മണ്ടിനാർ പണിനിർത്തിയസ്ഥലത്തേയ്ക്കുമന്ദം. 6
കണ്ണെഴുതിയും നിജ ദേഹസംശുദ്ധി ചെയ്തും
ചന്ദനകുങ്കമാദി പൂശിയുമിരുന്നവർ
ഒന്നുമേ പൂർത്തിയാക്കീടാതെയും, പിന്നെച്ചില-
തന്വികൾ വസ്ത്രങ്ങളും സ്വർണ്ണഭൂഷണങ്ങളും
അസ്ഥാനങ്ങളിലായിദ്ധരിച്ചും വേഗത്തില-
ദൈത്യാരിഭഗവാൻതൻ സമീപത്തെ-
ത്തീടിനാർ. 7
ഭർത്താക്കന്മാരും പിതൃജനവും ബന്ധുമിത്ര-
പുത്രസോദരന്മാരും ബലമായ്ത്തടഞ്ഞിട്ടും
വാസുദേവനിൽ മനം പററിച്ചേർന്നുകമൂലം
ഭാസുരാങ്ഗികളാരും മടങ്ങിപ്പോയതില്ല. 8
മന്ദിരാന്തർഭാഗത്തിൽപെട്ടുപോയുള്ള ചില-
തന്വികൾ ബഹിർഗ്ഗമിച്ചീടുവാൻ മാർഗ്ഗമെന്യേ
കണ്ണുകളടച്ചുടനവിടെത്താനിരുന്നു
കണ്ണനെ നിരന്തരം ധ്യാനിച്ചു കഴിഞ്ഞിതേ. 9
ദുസ്സഹപ്രിയവിയോഗാഗ്നിതാപത്താൽ പാപം
നിശ്ശേഷം നഷ്ടമാക്കി ധ്യാനത്താൽ-
സിദ്ധിച്ചതാം
അച്യുതസമാശ്ലേഷാനന്ദത്താൽ പുണ്യം കൂടി
വിച്യുതമാക്കിജ്ജാരബുദ്ധികൊണ്ടാണെങ്കിലും
അപ്പരമാത്മാവിനെത്തന്നെ സംപ്രാപിച്ചുള്ള
ശുഭ്രമാനസകളായീടുമാ ഗോപസ്ത്രീകൾ
പെട്ടെന്നു ദൃഢകർമ്മപാശബന്ധങ്ങളെല്ലാം
പൊട്ടിച്ചു ഗുണമയശരീരം സന്ത്യ-
ജിച്ചാർ. 10–11

രാജാവു പറഞ്ഞു

ബ്രഹ്മജ്ഞാ! വെറും കാന്തനെന്നെന്യേയ-
ന്നിർഗ്ഗുണ-
ബ്രഹ്മത്തെയവരറിഞ്ഞല്ലല്ലോ സേവിച്ചതും.
ഗുണബുദ്ധികളാകുമവർക്കു പിന്നെങ്ങനെ
ഗുണപ്രവാഹത്തിൽനിന്നുണ്ടാകുമുപരമം? 12

ശ്രീശുകൻ പറഞ്ഞു

വേണ്ടപോലിസ്സംഗതി മുന്നേ ഞാനരുളും
ചെയ്തി-
ട്ടുണ്ടല്ലോ, ഹൃഷീകേശദ്വേഷിയാം ചേദീശനും
മുക്തി കൈവന്നീടവേ,മെത്തിടും ഹരിപ്രീതി
സിദ്ധിച്ച ഗോപിമാർതൻ കഥ ചൊല്ലേ-
ണ്ടതുണ്ടോ? 13
ഗുണങ്ങൾക്കതീതനായ് വികാരവിഹീനനായ്
ഗുണരൂപനായഗോചരനായ് വിളങ്ങീടും
ഭഗവാൻ നാരായണൻതന്നുടെയവതാരം
ജഗത്തിൽ ജനങ്ങൾക്കു മോക്ഷദാനത്തിനത്രേ.
14

എപ്പോഴും ചിൽപുമാനിൽ കാമമോ
വിദ്വേഷമോ
നിർഭരം വാത്സല്യമോ ഭക്തിയോ സംബന്ധമോ
ചിത്തത്തിലുറപ്പിച്ചീടുന്നവരാരാകിലും
സത്വരം ഭഗവത്സായുജ്യത്തെ പ്രാപിക്കുന്നു. 15
യോഗേശ്വരേശനായിജ്ജന്മാദിവിഹീനനാം
ശ്രീകൃഷ്ണഭഗവാനിലിത്തരം സന്ദേഹങ്ങൾ
ഭഗവദ്ഭക്തനാകുമങ്ങേയ്ക്കു ഭംഗിയല്ലി-
ജ്ജഗത്തു തത്കാരുണ്യംകൊണ്ടല്ലോ
മോചിക്കുന്നു. 16
കവിശ്രേഷ്ഠനായീടും ഭഗവാൻ ഭക്തപ്രിയൻ
സവിധമണഞ്ഞോരഗ്ഗോപികമാരെപ്പാർത്തു
സ്വന്തമാം വാഗ്വിലാസംകൊണ്ടുടനവർക്കെല്ലാ-
മന്തരംഗത്തിൽ മോഹമേറുമാറോതീ-
ടിനാൻ: 17

ശ്രീഭഗവാൻ പറഞ്ഞു

സ്വാഗതം നിങ്ങൾക്കെല്ലാം ഭാഗ്യകേദാര-
ങ്ങളേ!
ആഗമനോദ്ദേശമെന്തെന്നതു ചൊന്നീടുവിൻ.
എന്താണഭീഷ്ടം നിങ്ങൾക്കാചരിക്കേണ്ടതും
ഞാൻ
ബന്ധുമിത്രാദികൾക്കും സുഖമോ സഖിമാരേ!
18
ഘോരസത്ത്വാസേവിതയല്ലിതഘോരരൂപ
സ്ത്രീരത്നങ്ങളേ! വ്രജം ഗമ്യമല്ലിഹ സ്ഥേയം.19
മാതാപിതാക്കന്മാരും പുത്രരും കാന്തന്മാരും
സോദരന്മാരുമെല്ലാം നിങ്ങളെക്കാണായ്കയാൽ
എങ്ങുമന്വേഷിച്ചിടും നിശ്ചയംതന്നെ നിങ്ങ-
ളങ്ങനെ ബന്ധുഭീതി ചേർപ്പതിനർഹരല്ല. 20
പുഷ്പിതമായിപ്പൂർണ്ണചന്ദ്രാംശുപൂരം ചിന്നി-
യെപ്പോഴും മനോജ്ഞമായ്ക്കാളിന്ദീ-
സമീരണൻ
മന്ദമായ്ച്ചലിപ്പിക്കും തരുപല്ലവങ്ങളാൽ
മിന്നുമീവനം കണ്ടുകഴിഞ്ഞുവല്ലോ നിങ്ങൾ.21
അല്ലയോ നാരിമാരേ! പോയിനിഗ്ഗോകുല-
ത്തിൽ
വല്ലഭശുശ്രൂഷകൾ ചെയ്യുവിൻ നിങ്ങളെല്ലാം.
നിന്നഹോ ക്രന്ദിക്കയാം ബാലരും വത്സങ്ങളും
ചെന്നു പാൽ കൊടുക്കുവിൻ, പയ്ക്കളെക്കറക്കു-
വിൻ. 22
നിങ്ങളെല്ലാരും പക്ഷേയെന്നിലുത്തുംഗപ്രേമം
തിങ്ങിയാവേശത്തോടുമിങ്ങു വന്നവരെങ്കിൽ
അതു നല്ലതുതന്നെ; ജന്തുക്കളെല്ലാമെന്നി-
ലതുലസന്തോഷസമ്പൂർണ്ണരായ് ഭവിക്കുന്നു. 23
വല്ലവാങ്ഗനമാരേ! നാരിമാർക്കമായമാം
വല്ലഭശുശ്രൂഷയും, നന്ദനമിത്രാദിയെ
ശരിയായ്പ്പരിപാലിച്ചീടുകെന്നതുമത്രേ
പരമമാകും ധർമ്മം, പരിചിന്തനംചെയ്കിൽ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുശ്ശീലോ ദുർഭഗോ വൃദ്ധോ ജഡോ രോഗ്യധനോഽപി വാ
പതിഃ സ്ത്രീഭിർന്ന ഹാതവ്യോ ലോകേപ്സുഭിരപാതകീ. 25

അസ്വർഗ്ഗ്യമയശസ്യം ച ഫല്ഗു കൃച്ഛ്റം ഭയാവഹം
ജുഗുപ്സിതം ച സർവ്വത്ര ഔപപത്യം കുലസ്ത്രിയാഃ. 26

ശ്രവണാദ്ദർശനാദ്ധ്യാനാന്മയി ഭാവോഽനുകീർത്തനാത്
ന തഥാ സന്നികർഷേണ, പ്രതിയാത തതോ ഗൃഹാൻ. 27

ശ്രീശുക ഉവാച

ഇതി വിപ്രിയമാകർണ്ണ്യ ഗോപ്യോ ഗോവിന്ദഭാഷിതം
വിഷണ്ണാ ഭഗ്നസങ്കല്പാശ്ചിന്താമാപുർദ്ദുരത്യയാം. 28

കൃത്വാ മുഖാന്യവശുചഃ ശ്വസനേന ശുഷ്യദ്-
ബിംബാധരാണി ചരണേന ഭുവം ലിഖന്ത്യഃ
അസ്രൈരുപാത്തമഷിഭിഃ കുചകുങ്കുമാനി
തസ്ഥുർമൃജന്ത്യ ഉരുദുഃഖഭരാഃ സ്മ തൂഷ്ണീം. 29

പ്രേഷ്ഠം പ്രിയേതരമിവ പ്രതിഭാഷമാണം
കൃഷ്ണം തദർത്ഥവിനിവർത്തിതസർവ്വകാമാഃ
നേത്രേ വിമൃജ്യ രുദിതോപഹതേ സ്മ കിഞ്ചിത്
സംരംഭഗദ്ഗദഗിരോഽബ്രുവതാനുരക്താഃ. 30

ഗോപ്യ ഊചുഃ

മൈവം വിഭോഽർഹതി ഭവാൻ ഗദിതും നൃശംസം
സന്ത്യജ്യ സർവ്വവിഷയാംസ്തവ പാദമൂലം
ഭക്താ ഭജസ്വ ദുരവഗ്രഹ മാ ത്യജാസ്മാൻ
ദേവോ യഥാഽഽദിപുരുഷോ ഭജതേ മുമുക്ഷൂൻ. 31

യത്പത്യപത്യസുഹൃദാമനുവൃത്തിരങ്ഗ,
സ്ത്രീണാം സ്വധർമ്മ ഇതി ധർമ്മവിദാ ത്വയോക്തം
അസ്ത്വേവമേതദുപദേശപദേ ത്വയീശേ,
പ്രേഷ്ഠോ ഭവാംസ്തനുഭൃതാം കില ബന്ധുരാത്മാ. 32

കുർവ്വന്തി ഹി ത്വയി രതിം കുശലാഃ സ്വ ആത്മൻ
നിത്യപ്രിയേ പതിസുതാദിഭിരാർത്തിദൈഃ കിം?
തന്നഃ പ്രസീദ, പരമേശ്വര, മാ സ്മ ഛിന്ദ്യാ
ആശാം ഭൃതാം ത്വയി ചിരാദരവിന്ദനേത്ര. 33

ചിത്തം സുഖേന ഭവതാപഹൃതം ഗൃഹേഷു
യന്നിർവ്വിശത്യുത കരാവപി ഗൃഹ്യകൃത്യേ
പാദൌ പദം ന ചലതസ്തവ പാദമൂലാ-
ദ്യാമഃ കഥം വ്രജമഥോ കരവാമ കിം വാ. 34

സിഞ്ചാങ്ഗ! നസ്ത്വദധരാമൃതപൂരകേണ
ഹാസാവലോകകളഗീതജഹൃച്ഛയാഗ്നിം
നോ ചേദ്വയം വിരഹജാഗ്ന്യുപയുക്തദേഹാ
ധ്യാനേന യാമ പദയോഃ പദവീം സഖേ തേ. 35

യർഹ്യംബുജാക്ഷ, തവ പാദതലം രമായാ
ദത്തക്ഷണം ക്വചിദരണ്യജനപ്രിയസ്യ
അസ്പ്രാക്ഷ്മ തത്പ്രഭൃതി നാന്യസമക്ഷമങ്ഗ
സ്ഥാതും ത്വയാഭിരമിതാ ബത പാരയാമഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃസ്വഭാവിയോ ഭാഗ്യഹീനനോ വയസ്സനോ
നിഃസ്വനോ മൂർഖൻതാനോ രോഗിയോ
ആരാകിലും
ക്ഷതപാപനാം പതി പുണ്യലോകേച്ഛുക്കളാം
മതിനേർമുഖികളാൽ ത്യാജ്യനല്ലൊരിക്കലും. 25
കുലനാരിക്കു ജാരസംസർഗ്ഗജാതം സുഖം
ചലവും നിന്ദാർഹവുമെപ്പൊഴും ഭയദവും
തുച്ഛവും പണിപ്പെട്ടു സാധിക്കേണ്ടതുമയ-
ശസ്യവുമസ്വർഗ്ഗ്യവുമാണു ഗോപികമാരേ! 26
ശ്രവണം, ധ്യാന,മനുകീർത്തനം, സന്ദർശന-
മിവയാലെന്നിൽ സ്നേഹമേത്തുമട്ടുറയ്ക്കുമോ,
ആവിധം സ്നേഹം നിങ്ങൾക്കെൻ പാർശ്വ-
സ്ഥിതികൊണ്ടു
കൈവരാ, മടങ്ങുവിനതിനാൽ നിങ്ങളി-
പ്പോൾ. 27

ശ്രീശുകൻ പറഞ്ഞു

ഈവിധം ഗോവിന്ദൻതന്നപ്രിയവാക്യം
കേട്ടു
വൈവശ്യമിയന്നേററം സങ്കടത്തോടുകൂടി
സങ്കല്പം തകരാറിലായെന്ന ശങ്കയോട-
ങ്ങങ്കമാരപാരമാം ചിന്തയിൽ മഗ്നരായാർ. 28
വന്മാലാൽ തപ്തമാം നിഃശ്വാസത്താൽ
വരണ്ടതാം
ബിംബാധരങ്ങളോടുകൂടിയ മുഖാബ്ജങ്ങൾ
താഴ്ത്തിക്കാൽകൊണ്ടു ഭുവിൽ വരച്ചു
മഷിയോടു-
മൊത്തങ്ങു ധാരയായിട്ടൊഴുകും മിഴിനീരാൽ
സ്തനകുങ്കുമം മാച്ചു ദുഃഖഭാരം വഹിച്ചാ-
വനിതാമാണിക്യങ്ങൾ മൗനമായ്
നിന്നീടിനാർ. 29
കണ്ണനെയുന്നിസ്സ്വകാമവും തള്ളിക്കേണു
കണ്ണുനീർ തുളുമ്പീടും കണ്ണുകൾ തുടച്ചുടൻ
അത്യന്തംപ്രിയനായിട്ടനിഷ്ടന്മട്ടപ്രിയ-
മിത്തരം ചൊല്ലീടുമക്കൃഷ്ണനോടീർഷ്യയാലേ
ഇടറും മൊഴികളാലനുരക്തരാം ഗോപ-
മടവാർജനമേവം കുറഞ്ഞൊന്നോതീടിനാർ. 30

ഗോപികൾ പറഞ്ഞു

ഹേ വിഭോ! ഞങ്ങളോടു നിന്തിരു-
മേനിയിപ്പോ-
ളീവിധം ക്രൂരവാക്യം ചൊല്ലുക നല്ലതല്ല.
മതിയാൽ വിഷയങ്ങളഖിലം തള്ളിബ്-
ഭവത്-
പദമൂലത്തെ നന്നായ് സേവിക്കുമീ ഞങ്ങളെ,
മുമുക്ഷുക്കളെയാദിപുരുഷൻ ഭജിച്ചീടും-
ക്രമത്തിൽത്താ,നിദാനീമങ്ങുന്നു ഭജിച്ചാലും.
ദേവഗ്രഹരൂപനാകും നിന്തിരുവടി
പരിത്യജിച്ചീടൊലാ ഞങ്ങളെയൊരി-
ക്കലും. 31
പതി സന്തതി സുഹൃദ്ബന്ധുവൃന്ദത്തെ സ്ത്രീകൾ
പതിവായനുസരിക്കേണ്ടതു ധർമ്മമെന്നായ്
ഇമ്മന്നിനധീശനായുപദേശാർഹനായി-
ധർമ്മജ്ഞനാകും ഭവാൻ ഞങ്ങളോടുരച്ചതു
അങ്ങേക്കു യോഗ്യംതന്നെ, ജനരാശിക്കു
പാർക്കി-
ലങ്ഗീകാര്യവുമാ,ണതവിടെയിരിക്കട്ടെ.
ദേഹികൾക്കാത്മാവായും ബന്ധുവായും
നിതാന്ത-
സ്നേഹിതനായുമുള്ളതവിടുന്നേകനല്ലോ. 32
പണ്ഡിതവൃന്ദമെന്നും പ്രിയനുമാത്മാവുമായ്-
മിന്നുന്ന ഭവാനിലുൾപ്രേമമാർന്നിരിക്കുന്നു.
പരമേശ്വരാ! പദ്മദലലോചനാ! ദുഃഖ-
കരരാം കാന്തന്മാരുമെന്തിനു പുത്രന്മാരും.
അങ്ങയിലേറെനാളായ് വേരൂന്നിയുറച്ചോരു-
ത്തുംഗമാമസ്മൽക്കാമം ഹനിക്കാതാ-
ശിസ്സേകൂ. 33
പത്തനപ്രവിഷ്ടമാം ഞങ്ങൾതൻ മാനസവും
നിത്യവും ഗൃഹകൃത്യലോലമാം കൈകാൽകളും
സുഖരൂപനാം ഭവാൻഹരിച്ചീടുകമൂല-
മഘഹീനമാം ഭവൽപാദമൂലത്തിൽനിന്നും
ഞങ്ങൾക്കൊരടിവയ്ക്കാൻ കാൽ പൊങ്ങുന്നില്ല
പിന്നെ-
യെങ്ങനെ പൂകും വ്രജം, പൂകീട്ടു ചെയ്‌വ-
തെന്തോ? 34
പ്രേഷ്ഠാ! നിന്തിരുവടി പുഞ്ചിരിതഞ്ചീടുമാ-
നോട്ടങ്ങളാലും മനോഹരമാം ഗാനത്താലും
ഞങ്ങളിൽ ജ്വലിപ്പിച്ച കാമവഹ്നിയെക്കനി-
ഞ്ഞങ്ങധരാമൃതത്താൽ സേചനംചെയ്യേണമേ.
അല്ലെങ്കിൽ ത്വദ്വിയോഗജന്യമാം വഹ്നി-
തന്നിൽ
കില്ലെന്യേ ശരീരങ്ങളാകവേ ദഹിപ്പിച്ചു
ധ്യാനത്താൽ ഞങ്ങളെല്ലാം തൽപാദമൂല-
ത്തിങ്ക-
ലാനന്ദമൂർത്തേ! വിനാവിളംബം ചേർന്നു-
കൊള്ളാം. 35
കമലവിലോചനാ! രമാദേവിക്കു ചില-
സമയം മഹോത്സവപ്രദമായ് വിളങ്ങീടും
കാനനജനപ്രിയങ്കരനായീടും തിരു-
മേനിതൻ പാദാംബുജം തൊട്ടനാൾതൊട്ടേ
ഭവാൻ
ആനന്ദാംബുധിയിലാറാടിക്കും ഞങ്ങൾക്കൊട്ടും
ത്രാണിയില്ലന്യാന്തികം നിമിഷം നില്ക്കാൻ-
പോലും. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീര്യത് പദാംബുജരജശ്ചകമേ തുളസ്യാ
ലബ്ധ്വാപി വക്ഷസി പദം കില ഭൃത്യജുഷ്ടം
യസ്യാഃ സ്വവീക്ഷണകൃതേഽന്യസുരപ്രയാസ-
സ്തദ്വദ്വയം ച തവ പാദരജഃ പ്രപന്നാഃ. 37
തന്നഃ പ്രസീദ വൃജിനാർദ്ദന തേഽങ്ഘ്രിമൂലം
പ്രാപ്താ വിസൃജ്യ വസതീസ്ത്വദുപാസനാശാഃ
ത്വത്സുന്ദരസ്മിതനിരീക്ഷണതീവ്രകാമ-
തപ്താത്മനാം, പുരുഷഭൂഷണ, ദേഹി ദാസ്യം. 38
വീക്ഷ്യാളകാവൃതമുഖം തവ കുണ്ഡലശ്രീ-
ഗണ്ഡസ്ഥലാധരസുധം ഹസിതാവലോകം
ദത്താഭയം ച ഭുജദണ്ഡയുഗം വിലോക്യ
വക്ഷഃശ്രിയൈകരമണം ച ഭവാമ ദാസ്യഃ. 39
കാ സ്ത്ര്യംഗ, തേ കളപദായതമൂർച്ഛിതേന
സമ്മോഹിതാഽഽര്യചരിതാന്ന ചലേത് ത്രിലോക്യാം
ത്രൈലോക്യസൗഭഗമിദം ച നിരീക്ഷ്യ രൂപം
യദ്ഗോദ്വിജദ്രുമമൃഗാഃ പുളകാന്യബിഭ്രൻ. 40
വ്യക്തം ഭവാൻ വ്രജഭയാർത്തിഹരോഽഭിജാതോ
ദേവോ യഥാഽഽദിപുരുഷഃ സുരലോകഗോപ്താ
തന്നോ നിധേഹി കരപങ്കജമാർത്തബന്ധോ,
തപ്തസ്തനേഷു ച ശിരസ്സു ച കിങ്കരീണാം. 41

ശ്രീശുക ഉവാച

ഇതി വിക്ലവിതം താസാം ശ്രുത്വാ യോഗേശ്വരേശ്വരഃ
പ്രഹസ്യ സദയം ഗോപീരാത്മാരാമോഽപ്യരീരമത്. 42
താഭിഃ സമേതാഭിരുദാരചേഷ്ടിതഃ
പ്രിയേക്ഷണോത്ഫുല്ലമുഖീഭിരച്യുതഃ
ഉദാരഹാസദ്വിജകുന്ദദീധിതി-
ര്വ്യരോചതൈണാങ്ക ഇവോഡുഭിർവൃതഃ. 43
ഉപഗീയമാന ഉദ്ഗായൻ വനിതാശതയൂഥപഃ
മാലാം ബിഭ്രദ്വൈജയന്തീം വ്യചരന്മണ്ഡയൻ വനം. 44
നദ്യാഃ പുളിനമാവിശ്യ ഗോപീഭിർഹിമവാലുകം
രേമേ തത്തരളാനന്ദകുമുദാമോദവായുനാ. 45
ബാഹുപ്രസാരപരിരംഭകരാളകോരു-
നീവീസ്തനാലഭനനർമ്മനഖാഗ്രപാതൈഃ
ക്ഷ്വേള്യാവലോകഹസിതൈർവ്രജസുന്ദരീണാ-
മുത്തംഭയൻ രതിപതിം രമയാഞ്ചകാര. 46
ഏവം ഭഗവതഃ കൃഷ്ണാല്ലബ്ധമാനാ മഹാത്മനഃ
ആത്മാനം മേനിരേ സ്ത്രീണാം മാനിന്യോഽഭ്യധികം ഭുവി. 47
താസാം തത് സൗഭഗമദം വീക്ഷ്യ മാനം ച കേശവഃ
പ്രശമായ പ്രസാദായ തത്രൈവാന്തരധീയത. 48

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഭഗവതോ രാസക്രീഡാവർണ്ണനം നാമ ഏകോനത്രിംശത്തമോഽധ്യായഃ

ത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

അന്തർഹിതേ ഭഗവതി സഹസൈവ വ്രജാംഗനാഃ
അതപ്യംസ്തമചക്ഷാണാഃ കരിണ്യ ഇവ യൂഥപം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരുടെ നൽക്കടാക്ഷം ലഭിക്കാനന്യദേവ-
ന്മാരെല്ലാം പരിശ്രമംചെയ്യുന്നാ മഹാലക്ഷ്മി-
മാറിടം കിട്ടിയിട്ടും തൃപ്തയാകാതെ ഭൃത്യ-
രാരാധിച്ചിടും ഭവത്പാദാബ്ജമധൂളിയെ
തുളസിയൊത്താശിപ്പൂ, ഞങ്ങളുമാവിധംതാൻ
വിലസദ്ഭവത്പാദധൂളിയെയാശ്രയിപ്പൂ 37
അതിനാൽ, ദുഃഖഹാരിൻ! വീടുപേക്ഷിച്ചു ഭവത്-
പദമാശ്രയിച്ചീടും ഞങ്ങളിൽ പ്രസാദിക്കു.
സുന്ദരമന്ദസ്മിതരുചിയൊത്തങ്ങക്കട-
ക്കണ്ണുകൾകൊണ്ടു വിട്ടീടുന്ന വീക്ഷണങ്ങളാൽ
കന്ദർപ്പതാപപരാധീനകളാകും ഞങ്ങൾ-
ക്കന്യൂനം ദാസ്യമേകൂ പുരുഷമാണിക്യമേ! 38
കുണ്ഡലാഭയാൽ മിന്നും ഗണ്ഡസ്ഥലങ്ങളും സു-
മന്ദസ്മിതത്തോടൊത്തു കടാക്ഷങ്ങളും ചേർന്ന
അളകാവൃതമായിട്ടധരാമൃതമാർന്നു
വിലസും മുഖാബ്ജവുമഭയപ്രദങ്ങളാം
നീണ്ട കൈകളും രമാരമണമാകും മാറും
കണ്ടാനന്ദിക്കും ഞങ്ങളാശിപ്പൂ ഭവദ്ദാസ്യം. 39
ലളിതകളപദയുക്തമായ് ദീർഘസ്വര-
മിളിതമാകുമങ്ങേ മധുരഗാനം കേട്ടും
ത്രൈലോക്യത്തിലുമതിസുന്ദരതരമായി-
ലാലസിച്ചീടുമങ്ങേക്കോമളരൂപം കണ്ടും
മോഹിച്ചു ധർമ്മഭ്രംശം ഭവിക്കാത്തവളായി
ശ്രീഹരേ! മുപ്പാരിലുമേതൊരു നാരിയുള്ളൂ? 40
തവഗാനം കേട്ടും രൂപമീക്ഷിച്ചും മൃഗപക്ഷി-
ഗോക്കളും വൃക്ഷങ്ങളും പുളകംപൂണ്ടു നിൽപ്പൂ.
ആദിപൂരുഷൻ ദേവൻ ദേവന്മാരുടെ ദുഃഖ-
മേതൊരുവിധം തീർത്തു രക്ഷിച്ചുവരുന്നുവോ,
ആവിധം വ്രജവാസീജനസങ്കടം തീർക്കാൻ
ഭുവിലങ്ങവതരിച്ചെന്നതു നിശ്ചയംതാൻ.
അതിനാലവിടുന്നിക്കിങ്കരീജനങ്ങൾത-
ന്നതിതപ്തങ്ങളാകും കൊങ്കകൾമേലും തഥാ
ഉത്തമാംഗത്തിലും നിൻ ശീതളകരാംബുജം
ചേർത്തു സന്താപശാന്തിവരുത്തു,കാന്ത-
ബന്ധോ. 41

ശ്രീശുകൻ പറഞ്ഞു

ശോകമൂലംകൊണ്ടീടുമീ ഗോപികാജന-
വാക്യം
യോഗേശ്വരേശൻ കൃഷ്ണൻ കേട്ടു സുസ്മിതനായി
ആത്മാരാമനായിരുന്നീടിലും കൃപയാല-
പ്പിദ്മാക്ഷികളെ നേരേയാരമിപ്പി-
ച്ചീടിനാൻ. 42

പ്രിയൻതൻ കടാക്ഷത്താൽ ഫുല്ലാസ്യമാരാകുമ-
ക്കയൽക്കണ്ണിമാരോടു ചേർന്നു പൂഴ്ന്നുദാരമാം
വ്യാപാരത്തോടും മന്ദഹാസങ്ങളോടും കുന്ദ-
ശ്രീ പരാജയപ്പെടും ദന്താഭയോടുംകൂടി
ശ്രീകൃഷ്ണൻ താരാഗണാവൃതനായ് ലസിച്ചീടും
രാകാശശാങ്കനെന്നവിധമായ് ശോഭിച്ചിതു. 43
സ്ത്രീശതയൂഥഭർത്താവായിത്തന്മദ്ധ്യത്തിലായ്
കേശവൻ വൈജയന്തീമാലയുമിട്ടു നിന്നു
വേണുവുമൂതിഗ്ഗോപികാസ്തുതനായ-
ക്കാനനത്തിന്നൊരലങ്കാരമായ്ത്തീർന്നീടിനാൻ.
44
ഹിമശീകരമാകുമന്നദീതീരത്തില-
ക്കമനീമണികളോടൊത്തുചേർന്നംബുജാക്ഷൻ
തിരമാലയിൽത്തട്ടിയാമ്പലിൻ മണമാർന്നു
വരുമക്കുളിർകാറേറ്റേററവും രമിച്ചിതു. 45
കയ്യുനീട്ടുക, മെയ്യോടടുപ്പിച്ചാലിംഗനം-
ചെയ്യുക, കരം, തുട,യളകം, തുണിക്കുത്തും
മുലയും സ്പർശിക്കുക രസകരങ്ങളായി-
പ്പലതും പറയുക നഖാഗ്രങ്ങളാൽ പിന്നെ
അംഗങ്ങളുല്ലാസമായ് മുറിപ്പെടുത്തുകെന്നീ
ശൃംഗാരലീല, നോട്ടം പുഞ്ചിരിയിത്യാദി-
യാൽ
ഗോപസുന്ദരിമാർതൻ കാമമുദ്ദീപിപ്പിച്ചു
ഗോപാലകൃഷ്ണൻ നന്നായവരേ രമിപ്പിച്ചാൻ. 46
ഇങ്ങനെ സർവ്വാത്മാവാം ഭഗവാൻ കൃഷ്ണങ്കൽനി-
ന്നങ്ഗനമാർക്കുപൂർവ്വസൽക്കാരം ലഭിക്കയാൽ
ഞങ്ങളെക്കവിഞ്ഞാരുമില്ലെന്നൊരഹങ്കാര-
മങ്ങവർക്കുള്ളിലോരോരുത്തർക്കും വളർന്നിതു. 47
ഉൽക്കടമായീടുമസ്സൗന്ദര്യാഭിമാനവും
മുഷ്ടും കണ്ടുടനതു ശമിപ്പിക്കുവാനായും
തൽപ്രസാദത്തിനായുമപ്പൊഴസ്ഥലത്തു താ-
നപ്രത്യക്ഷനായിതു കേശവൻ ക്ലേശാപഹൻ. 48

അദ്ധ്യായം 30

ഗോപികളുടെ കൃഷ്ണാന്വേഷണം, ലീലാനുകരണം

ശ്രീശുകൻ പറഞ്ഞു

പെട്ടെന്നു കാണാതായ കാർമുകിൽവർണ്ണൻ
തന്നെ-
ഗ്ഗോഷ്ഠസുന്ദരീവൃന്ദമങ്ങെങ്ങുമാരാഞ്ഞുടൻ
കരിവീരനെക്കാണാഞ്ഞന്വേഷിച്ചുഴന്നീടും
കരിണീഗണംകണക്കത്യന്തം ദുഃഖിച്ചിതു. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗത്യാനുരാഗസ്മിതവിഭ്രമേക്ഷിതൈ-
ർമനോരമാലാപവിഹാരവിഭ്രമൈഃ
ആക്ഷിപ്തചിത്താഃ പ്രമദാ രമാപതേ-
സ്താസ്താവിചേഷ്ടാ ജഗൃഹുസ്തദാത്മികാഃ. 2

ഗതിസ്മിതപ്രേക്ഷണഭാഷണാദിഷു
പ്രിയാഃ പ്രിയസ്യ പ്രതിരൂഢമൂർത്തയഃ
അസാവഹംത്വിത്യബലാസ്തദാത്മികാ
ന്യവേദിഷുഃ കൃഷ്ണവിഹാരവിഭ്രമാഃ. 3

ഗായന്ത്യ ഉച്ചൈരമുമേവ സംഹതാ
വിചിക്യുരുന്മത്തകവദ്വനാദ്വനം
പപ്രച്ഛുരാകാശവദന്തരം ബഹിർ-
ഭൂതേഷു സന്തം പുരുഷം വനസ്പതീൻ. 4

''ദൃഷ്ടോ വഃ കച്ചിദശ്വത്ഥ പ്ലക്ഷ ന്യഗ്രോധ നോ മനഃ
നന്ദസൂനുർഗ്ഗതോ ഹൃത്വാ പ്രേമഹാസാവലോകനൈഃ. 5

കച്ചിത് കുരവകാശോകനാഗപുന്നാഗചമ്പകാഃ
രാമാനുജോ മാനിനീനാമിതോ ദർപ്പഹരസ്മിതഃ. 6

കച്ചിത്തുളസി, കല്യാണി, ഗോവിന്ദചരണപ്രിയേ,
സഹത്വാളികുലൈർബ്ബിഭ്രദ് ദൃഷ്ടസ്തേƒതിപ്രിയോƒച്യുതഃ. 7

മാലത്യദർശി വഃ കച്ചിന്മല്ലികേ, ജാതി, യൂഥികേ
പ്രീതിം വോ ജനയൻ യാതഃ കരസ്പർശേന മാധവഃ. 8

ചൂതപ്രിയാളപനസാസനകോവിദാര-
ജംബ്വർക്കബില്വബകുളാമ്രകദംബനീപാഃ
യേƒന്യേ പരാർത്ഥഭവകാ യമുനോപകൂലാഃ
ശംസന്തു കൃഷ്ണപദവീം രഹിതാത്മനാം നഃ. 9

കിം തേ കൃതം ക്ഷിതി,തപോ ബത കേശവാങ്ഘ്രി-
സ്പർശോത്സവോത്പുളകിതാങ്ഗരുഹൈർവിഭാസി
അപ്യങ്ഘ്രിസംഭവ ഉരുക്രമവിക്രമാദ്വാ
ആഹോ വരാഹവപുഷഃ പരിരംഭണേന. 10

അപ്യേണപത്ന്യുപഗതഃ പ്രിയയേഹ ഗാത്രൈ-
സ്തന്വൻ ദൃശാം, സഖി, സുനിർവൃതിമച്യുതോ വഃ
കാന്താങ്ഗസങ്ഗകുചകുങ്കുമരഞ്ജിതായാഃ
കുന്ദസ്രജഃ കുലപതേരിഹ വാതി ഗന്ധഃ. 11

ബാഹും പ്രിയാംസ ഉപധായ ഗൃഹീതപദ്മോ
രാമാനുജസ്തുളസികാളികുലൈർമ്മദാന്ധൈഃ
അന്വീയമാന ഇഹ വസ്തരവഃ പ്രണാമം
കിംവാഭിനന്ദതി ചരൻ പ്രണയാവലോകൈഃ. 12

പൃച്ഛതേമാ ലതാ ബാഹൂനപ്യാശ്ലിഷ്ടാ വനസ്പതേഃ
നൂനം തത്കരജസ്പൃഷ്ടാ ബിഭ്രത്യുത്പുളകാന്യഹോ.'' 13

ഇത്യുന്മത്തവചോ ഗോപ്യഃ കൃഷ്ണാന്വേഷണകാതരാഃ
ലീലാ ഭഗവതസ്താസ്താഹ്യനുചക്രുസ്തദാത്മികാഃ. 14

കസ്യാശ്ചിത് പൂതനായന്ത്യാഃ കൃഷ്ണായന്ത്യപിബത് സ്തനം
തോകായിത്വാ രുദത്യന്യാ പദാഹഞ്ഛകടായതീം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗമന,മന്ദരാഗം, പുഞ്ചിരി, കടാക്ഷം, വി-
ഭ്രമമെന്നിവകൊണ്ടും മോഹനാലാപത്താലും
നാനാചേഷ്ടകൾകൊണ്ടും കൃഷ്ണനാലാകൃഷ്ടിത-
മാനസമാരാകുമഗ്ഗോപികമാരശേഷം
ശ്രീരമണങ്കലാത്മാവണച്ചു തല്ലീലക-
ളോരോന്നു സരസമായനുകരിച്ചീടിനാർ. 2
പ്രിയൻതൻ നടത്തയും ചിരിയും നോക്കും
വാക്കും
കയൽക്കണ്ണിമാരാൻ കണ്ണനാവേശിച്ചപോൽ
തന്മയീഭാവമാന്നു തത്തുല്യനാട്യത്തോടും
തന്മുഗ്ദ്ധവിഹാരവിഭ്രമങ്ങളോടുംകൂടി
ഞാൻ കൃഷ്ണൻ, ഞാൻ കൃഷ്ണനെന്നിങ്ങനെ
തമ്മിൽത്തമ്മിൽ
സങ്കോചമേതുമെന്യേ കഥിച്ചാരെല്ലാവരും. 3
സമ്മേളിച്ചവരുടനുച്ചത്തിൽപ്പാടിക്കൊണ്ടു-
ന്മത്തമാരെന്നുള്ളവിധമാ വനംതോറും
തിരഞ്ഞു സർവ്വഭൂതജാലത്തിനകംപുറം
നിറഞ്ഞു നഭസ്സുപോൽ വ്യാപിച്ചു ഭാസിച്ചിടും
പരമൻ പുമാൻതന്നെച്ചോദിച്ചീടിനാർ
പിന്നെ-
ത്തരുസഞ്ചയത്തോടച്ചൈതന്യവിഹീനകൾ. 4
''ചൊല്ലേറുമശ്വത്ഥമേ! പ്ലക്ഷമേ! ന്യഗ്രോ-
ധമേ!
ചൊല്ലുവിൻ, ഞങ്ങളോടു കണ്ണനെക്കണ്ടോ
നിങ്ങൾ!
അക്കള്ളൻ പ്രേമസ്മിതേക്ഷണത്താൽ
ഞങ്ങൾക്കെഴു-
മുൾക്കാമ്പും ഹരിച്ചുകൊണ്ടിതിലേ ഗമി-
ച്ചിതോ! 5
നാഗമേ! ചെമ്പകമേ! ഹേ കുരവകമേ! പു-
ന്നാഗമേ!യശോകമേ! കണ്ടുവോ ചൊൽവിൻ
നിങ്ങൾ.
കാമിനീദർപ്പം പോക്കും പുഞ്ചിരിതഞ്ചീടുമാ-
രാമാനുജാതനിപ്പോളീവഴി പോകുന്നതായ്. 6
തുളസീ! സുമംഗലേ! ഗോവിന്ദപാദപ്രിയേ!
അളിസങ്കുലത്തോടും നിന്നെയാവഹിച്ചീടും-
നിൻ പ്രാണപ്രിയതമനാകുമച്യുതനേ നീ
സമ്പ്രതി കണ്ടെന്നാകിൽ ഞങ്ങളോടോതി-
യാലും. 7
മല്ലികേ! പിച്ചകമേ! യൂഥികേ! ഹേ മാലതീ!
ചൊല്ലുവിൻ പരമാർത്ഥം തെല്ലുമേ മറയ്ക്കാതെ
കരസ്പർശത്താൽ നിങ്ങൾക്കാമോദമിയററിയ
സരസൻ ശ്രീകൃഷ്ണനീവഴിയേ വന്നുകണ്ടോ? 8
ചൂതമേ! പ്രിയാളമേ! കോവിദാരമേ! ജംബു-
പാദപങ്ങളേ! വില്വപനസാസനങ്ങളേ!
അക്കാമ്രകദംബനീപങ്ങളേ! ബകുളമേ!
ചൊല്ലിക്കൊണ്ടു കാളിന്ദിതൻ തീരത്തിൽ
പരാർത്ഥമായ്
ജനിയാർന്നീടും നിങ്ങൾ മാനസമില്ലാത്തൊരീ-
വനിതമാർക്കു ചൊല്ലിത്തരുവിൻ കൃഷ്ണമാർഗ്ഗം. 9
ധരണീദേവീ! മുന്നം ഭവതിയാചരിച്ചു
പരമം തപം ദൃഢം, വിസ്മയംതന്നെ പാർക്കിൽ.
നന്ദജപാദസ്പർശംനിമിത്തം മഹോത്സവ-
മാർന്നു രോമാഞ്ചംപൂണ്ടു ഭവതി ശോഭിക്കുന്നു.
നിനക്കിപ്പുളകമക്കൃഷ്ണാങ്ഘ്രിസ്പർശത്താൽ-
ത്താൻ
ജനിച്ചതാണോ?, മുന്നം വാമനാക്രമണത്താൽ
ചാലവേ സിദ്ധിച്ചതോ? വരാഹമൂർത്തി തന്റെ-
യാലിംഗനത്തിനാലേ ചേർന്നതോ?
ചൊന്നീടുക.
മേദിനീ! കൃഷ്ണനിപ്പോളേതിടത്തുണ്ടെന്നതീ-
യാതുരമാരോടായ് നീയരുളിച്ചെയ്യീടുമോ? 10
ഏണീ! ഹേ തോഴീ! കണ്ണൻ പ്രേയസീ-
സമേതനായ്
ചേണാളുമംഗങ്ങളാൽ നിങ്ങടെ നേത്രങ്ങളെ
അതിയായാനന്ദിപ്പിച്ചിവിടെ നിന്നാഗതനായിതോ, കാന്തതന്നംഗസംഗത്തിനാൽ
സ്തനകുങ്കുമം ചേർന്ന ഗോവിന്ദകുന്ദസ്രക്കിൻ
തനിച്ച സൗരഭ്യമിങ്ങെങ്ങുമേ വീശുന്നല്ലോ. 11
അല്ലയോ വൃക്ഷങ്ങളേ! മദത്താലന്ധങ്ങളായ്
ചൊല്ലേറും തുളസിയിൽ ഭ്രമിക്കും ഭൃംഗങ്ങ-
ളാൽ
സമനുഗതനായിക്കരത്തിൽക്കേളീപദ്മ-
സുമവും ധരിച്ചുകൊണ്ടങ്ങനെ രാമാനുജൻ
ഹൃദയേശ്വരിയുടെ തോളത്തു കൈയുമിട്ടു
മുദിതനായിട്ടിവിടങ്ങിങ്ങു സഞ്ചരിച്ചു,
പ്രണയം ചിന്തും കടാക്ഷങ്ങളാൽ നിങ്ങൾക്കെഴും
പ്രണാമം നേരേ വീക്ഷിച്ചഭിനന്ദിച്ചുവോ
ചൊൽ? , 12
പാദപബാഹുക്കളെയാശ്ലേഷിച്ചാനന്ദാനു-
ഭൂതിയിലാണ്ടീടുമീ വല്ലരീതല്ലജങ്ങൾ
രാമാനുജാതനഖസ്പൃഷ്ടങ്ങളത്രേ ഭാഗ്യം!
രോമാഞ്ചമിയന്നിവയുല്ലാസമാർന്നു നിൽപ്പൂ.
തർക്കമെന്നിയേ വേഗം നന്ദജൻ പോയതാമാ-
മാർഗ്ഗത്തെയവയോടു ചെന്നിനിച്ചോദിക്കു-
വിൻ.'' 13
ഈവിധമുന്മത്തരെപ്പോലോരോന്നോതി-
ക്കൊണ്ടു-
പ്പൂവലംഗികൾ കൃഷ്ണാന്വേഷണക്ലാന്തമാരായ്
മല്ലാരിതന്നിൽ മനമർപ്പിച്ചുകൊണ്ടോരോരോ
തല്ലീലാവിലാസങ്ങളനുകരിച്ചീടിനാർ. 14
പൂതനയായിച്ചമഞ്ഞീടിനാളൊരു നാരി
സാദരം കൃഷ്ണനായിട്ടൊരുത്തി പാൽ കുടിച്ചാൾ.
ഉണ്ണിയായ്ക്കിടന്നങ്ങു കരഞ്ഞാളേക, പിന്നെ-
യന്യ വണ്ടിയായ്ത്തീർന്നു തൊഴിയാൽ-
ത്തകർന്നിതു. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൈത്യായിത്വാ ജഹാരാന്യാമേകാ കൃഷ്ണാർഭാവനാം
രിങ്ഗയാമാസ കാപ്യങ്ഘ്രീ കർഷന്തീ ഘോഷ-
നിഃസ്വനൈഃ. 16

കൃഷ്ണരാമായിതേ ദ്വേ തു ഗോപായന്ത്യശ്ച കാശ്ചന
വത്സായതീം ഹന്തി ചാന്യാ തത്രൈകാ തു ബകായതീം. 17

ആഹൂയ ദൂരകാ യദ്വത് കൃഷ്ണസ്തമനു*കർവ്വതീം
വേണും ക്വണന്തീം ക്രീഡന്തീമന്യാഃ ശംസന്തി സാധ്വിതി. 18

കസ്യാംചിത് സ്വഭുജം ന്യസ്യ ചലന്ത്യാഹാപരാ നനു
''കൃഷ്ണോഽഹം പശ്യത ഗതിം ലളിതാ''മിതി തന്മനാഃ. 19

''മാ ഭൈഷ്ട വാതവർഷാഭ്യാം തത്ത്രാണം വിഹിതം മയാ''
ഇത്യുക്ത്വൈകേന ഹസ്തേന യതന്ത്യുന്നിദധേഽംബരം. 20

ആരുഹ്യൈകാ പദാഽഽക്രമ്യ ശിരസ്യാഹാപരാം നൃപ!
''ദുഷ്ടാഹേ ഗച്ഛ, ജാതോഽഹം ഖലാനാം നനു ദണ്ഡധൃക്.'' 21

തത്രൈകോവാച ''ഹേ ഗോപാ! ദാവാഗ്നിം
പശ്യതോല്ബണം
ചക്ഷൂംഷ്യാശ്വപിദധ്വം വോ വിധാസ്യേ ക്ഷേമമഞ്ജസാ.''22

ബദ്ധാന്യയാ സ്രജാ കാചിത്തന്വീ തത്ര ഉലൂഖലേ
ഭീതാ സുദൃക് പിധായാസ്യം ഭേജേ ഭീതിവിഡംബനം. 23

ഏവം കൃഷ്ണം പൃച്ഛമാനാ വൃന്ദാവനലതാസ്തരൂൻ
വ്യചക്ഷത വനോദ്ദേശേ പദാനി പരമാത്മനഃ. 24

''പദാനി വ്യക്തമേതാനി നന്ദസൂനോർമ്മഹാത്മനഃ
ലക്ഷ്യന്തേ ഹി ധ്വജാംഭോജവജ്രാങ്കുശയവാദിഭിഃ.'' 25

തൈസ്തൈഃ പദൈസ്തത്പദവീമന്വിച്ഛന്ത്യോഽഗ്രതോഽബലാഃ
വധ്വാഃ പദൈഃ സുപൃക്താനി വിലോക്യാർത്താഃ സമബ്രുവൻ.26

''കസ്യാഃ പദാനി ചൈതാനി യാതായാ നന്ദസൂനുനാ
അംസന്യസ്തപ്രകോഷ്ഠായാഃ കരേണോഃ കരിണാ യഥാ. 27

അനയാഽഽരാധിതോ നൂനം ഭഗവാൻ ഹരിരീശ്വരഃ
യന്നോ വിഹായ ഗോവിന്ദഃ പ്രീതോ യാമനയദ്രഹഃ. 28

ധന്യാ അഹോ അമീ ആള്യോ ഗോവിന്ദാങ്ഘ്ര്യബ്ജരേണവഃ
യാൻ ബ്രഹ്മേശോ രമാദേവീ ദധുർമ്മൂർദ്ധ്ന്യഘനുത്തയേ. 29

തസ്യാ അമൂനി നഃ ക്ഷോഭം കുർവ്വന്ത്യുച്ചൈഃ പദാനി യത്
യൈകാപഹൃത്യ ഗോപീനാം രഹോ ഭുങ്ക്തേഽച്യുതാധരം. 30

ന ലക്ഷ്യന്തേ പദാന്യത്ര തസ്യാ നൂനം തൃണാങ്കുരൈഃ
ഖിദ്യത്സുജാതാങ്ഘ്രിതലാമുന്നിന്യേ പ്രേയസീം പ്രിയഃ. 31

ഇമാന്യധികമഗ്നാനി പദാനി വഹതോ വധൂം
ഗോപ്യഃ പശ്യത കൃഷ്ണസ്യ ഭാരാക്രാന്തസ്യ കാമിനഃ. 32

അത്രാവരോപിതാ കാന്താ പുഷ്പഹേതോർമ്മഹാത്മനാ
അത്ര പ്രസൂനാപചയഃ പ്രിയാർത്ഥേ പ്രേയസാ കൃതഃ
പ്രപദാക്രമണേ ഏതേ പശ്യതാസകലേ പദേ. 33

കേശപ്രസാധനം ത്വത്ര കാമിന്യാഃ കാമിനാ കൃതം
താനി ചൂഡയതാ കാന്താമുപവിഷ്ടമിഹ ധ്രുവം. 34

* 'വർത്തതീം' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാനവനായി വന്നൊരങ്ഗന കണ്ണനുണ്ണി-
താനെന്നു ഭാവിച്ചീടുമന്യയേ ഹരിച്ചിതു.
കെട്ടിയ ചിലങ്കകൾ കിലുക്കിക്കൊണ്ടൊരുത്തി
മുട്ടുകൾ നിലത്തൂന്നിയിഴഞ്ഞുനടന്നിതു. 16
രണ്ടു ഗോപിമാർ രാമകൃഷ്ണന്മാരായും ചില
കൊണ്ടൽവേണിമാർ ഗോപന്മാരായും
നിന്നിട്ടേക
കൊന്നിതു വത്സായിതനാരിയെ,ബ്ബകായിത-
തന്വിയെയന്യയാകുമങ്ഗനതാനും ശീഘ്രം. 17
കണ്ണനായ് നടിച്ചൊരു ഗോപിക വത്സബാല-
വൃന്ദത്തെയെന്നമട്ടിൽ ദൂരെപ്പോയോരെയെല്ലാം
തന്നുടെ കുഴൽവിളിച്ചരികത്തണച്ചിതു
നിന്നവരതു കണ്ടു ഭേഷെന്നു ഘോഷിച്ചിതു. 18
ഒരുത്തിയന്യതന്വിതൻ തോളിൽക്കരംവച്ചു-
ചരിച്ചു മുകുന്ദനിൽ മാനസം നേരേ നിർത്തി
''ഞാനുണ്ണിക്കൃഷ്ണനാണെൻ ചാരുസഞ്ചാരം
നിങ്ങൾ
കാണുവി''നെന്നു തോഴിമാരോടു
ചൊല്ലീടിനാൾ. 19
''രൂക്ഷമായീടും കാററും മഴയും പേടിക്കേണ്ട
രക്ഷിച്ചു നിങ്ങളെ ഞാനതിൽനി''ന്നെന്നു
ചൊല്ലി
നന്ദജനെന്നമട്ടിലൊരുത്തിയൊററക്കൈയാൽ
തന്നുത്തരീയം യത്നിച്ചുയർത്തിപ്പിടിച്ചിതു. 20
ഒരുത്തിയന്യാങ്ഗനാദേഹത്തു ചാടിക്കേറി-
ശ്ശിരസ്സിൽച്ചവുട്ടിനിന്നി''ട്ടയേ ദുഷ്ടഭോഗിൻ!
പെട്ടെന്നു പോയീടുക, ദുഷ്ടശാസനത്തിനായ്
വിഷ്ടപംതന്നിലവതരിച്ചേ''നെന്നോ-
തിനാൾ. 21
കൂട്ടത്തിലൊരുത്തി, ''ഹേ വല്ലവന്മാരേ!
കൊടും-
കാട്ടുതീ കാണ്മിൻ, നിങ്ങൾ കണ്ണടയ്ക്കുവിൻ
വേഗം.
നിങ്ങൾക്കു നിഷ്പ്രയാസമീവിഷമാവസ്ഥയിൽ
ഭംഗമേല്ക്കാതെ സുഖം ചേർത്തീടാ''മെന്നു
ചൊന്നാൾ. 22
ഒരു സുന്ദരിയന്യയാമൊരു തന്വിതന്നാ-
ലുരലായ് ഭാവിപ്പോളിൽ മാലയായ്
ബദ്ധയായി
ശോകംപൂണ്ടാകമ്രാക്ഷി മോഹനംതന്നാനനം
കൈകളാൽ മറച്ചുനിന്നഭിനയിച്ചാൾ ഭയം. 23
ഈവിധം വൃന്ദാവനതരുവല്ലികളോടായ്
കാർവർണ്ണൻതന്നെയന്വേഷിച്ചവരാ വനത്തിൽ
നിർഭരം ചുററീടവേ തെളിഞ്ഞുകണ്ടീടിനാ-
രപ്പരൻപുമാന്റെ കാല്പാടുകളുദ്ദാമമോദം. 24
''ഇച്ചുവടമ്മഹാത്മാവിന്റേതാണെന്നുള്ളതു
നിശ്ചയംതന്നെ,യിതാ തെളിഞ്ഞുകാണു-
ന്നിതിൽ
അംബുജം, ധ്വജം, വജ്രം,മങ്കുശം,യവമാദി-
യമ്മഹാപുരുഷന്റെ ലക്ഷണമാകമാനം.'' 25
ഓരോരോ കാല്പാടിലുമീവക ചിഹ്നങ്ങളെ
നേരേ സൂക്ഷിച്ചുനോക്കിത്തദ്ഗതിയാരായവേ
മുന്നിലായവരൊരു നാരിതൻ ചുവടോടു
ചേർന്ന തത്പാദപാതം കണ്ടു ദുഃഖിച്ചു
ചൊന്നാർ: 26
''കരിയോടൊരുമിച്ചു കരിണിമട്ടമ്മനോ-
ഹരന്റെ തോളിൽക്കൈയുമിട്ടവനോടു ചേർന്നു
നടന്നിരിക്കുന്നിതേയൊരുത്തി, കാണ്മിനിക്കാ-
ലടികൾ പാർത്തീടുകിലേതവൾക്കു-
ള്ളതാവാം? 27
നമ്മളേയുപേക്ഷിച്ചു തുഷ്ടനായക്കോമളൻ
ചെമ്മേയേകാന്തസ്ഥലത്തേതവളുമായ്-
പ്പോയോ?
മനോഭിലാഷമാകെയരുളുമാ ശ്രീഹരി-
യനയാരാധിതനെന്നുള്ളതു നിർവ്വിവാദം. 28
ആശ്ചര്യം തോഴിമാരേ! ഇക്കൃഷ്ണപാദാംബുജ-
പാംസുക്കളത്യന്തമുൽകൃഷ്ടങ്ങളത്രേ നൂനം.
ബ്രഹ്മാവും മഹേശനും ശ്രീദേവിതാനും പാപ-
നിമ്മാർജ്ജനത്തിന്നിതു ശിരസ്സിൽ
ധരിക്കുന്നു. 29
ഏകയായേതൊരുത്തി ഗോപികാസർവ്വസ്വമാം
ശ്രീകൃഷ്ണാധരം ഹരിച്ചേകാന്തം നുകർന്നുവോ
അത്തന്വിയുടെ കുഴല്പാടു കാണുമ്പോൾ നമു-
ക്കത്തൽ വർദ്ധിപ്പു നാം പിന്നെമ്മട്ടിപ്പൊടി
ചൂടും? 30
അപ്പുറത്തവളുടെ ചുവടു കാണുന്നതി-
ല്ലിപ്പുല്ലിൻമുന തച്ചിട്ടവൾതൻ കാൽത്താരടി
നൊന്തപ്പോൾത്താനേയവനപ്രാണപ്രിയ-
യെത്തൻ
സ്കന്ധത്തിലേററിക്കൊണ്ടു നടന്നിരിക്കും
ദൃഢം. 31
അവളെത്തോളിൽത്താങ്ങും കാമിയാം
കണ്ണന്റെ കാൽ-
ച്ചുവടു ഭാരത്തിനാൽ താണുകാണുന്നുവല്ലോ. 32
നോക്കുവിനിച്ചോടുക,ളിവിടെയിറക്കിനാ-
നക്കമനിയെ,പ്പിന്നെ മഹാത്മാവാകും കൃഷ്ണൻ
സാദരമവൾക്കായിപ്പുഷ്പങ്ങൾ പറിക്കുവാൻ
പാദാഗ്രമൂന്നിനിന്നോരപൂർണ്ണച്ചോടുണ്ടിതാ. 33
അഴിഞ്ഞുകിടന്നോരത്തന്വിതൻ കേശപാശ-
മഴകിലക്കാമിതാൻ പന്തിയായ്
ബന്ധിച്ചതിൽ
പുതിയ മലർമാല ചാർത്തിനാനതിനായി
ക്ഷിതിയിൽ സ്ഥിതിചെയ്ത ചിഹ്നവുമുണ്ടു
കാണ്മാൻ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രേമേ തയാ ചാത്മരത ആത്മാരാമോഽപ്യഖണ്ഡിതഃ
കാമിനാം ദർശയൻ ദൈന്യം സ്ത്രീണാം ചൈവ ദുരാ–
ത്മതാം.'' 35

ഇത്യേവം പ്രലപന്ത്യസ്താശ്ചേരുർഗ്ഗോപ്യോ വിചേതസഃ
യാം ഗോപീമനയത് കൃഷ്ണോ വിഹായാന്യാഃ സ്ത്രിയോ
വനേ. 36

സാ ച മേനേ തദാഽഽത്മാനം വരിഷ്ഠാം സർവ്വയോഷിതാം
ഹിത്വാ ഗോപീഃ കാമയാനാ മാമസൗ ഭജതേ പ്രിയഃ. 37

തതോ ഗത്വാ വനോദ്ദേശം ദൃപ്താ കേശവമബ്രവീത്
''ന പാരയേഽഹം ചലിതും നയ മാം യത്ര തേ മനഃ.'' 38

ഏവമുക്തഃ പ്രിയാമാഹ, ''സ്കന്ധ ആരുഹ്യതാ''മിതി
തതശ്ചാന്തർദ്ദധേ കൃഷ്ണഃ സാ വധൂരന്വതപ്യത. 39

''ഹാ നാഥ, രമണ, പ്രേഷ്ഠ, ക്വാസി? ക്വാസി? മഹാഭുജ,
ദാസ്യാസ്തേ കൃപണായാ മേ സഖേ! ദർശയ സന്നിധിം.'' 40

അന്വിച്ഛന്ത്യോ ഭഗവതോ മാർഗ്ഗം ഗോപ്യോഽവിദൂരതഃ
ദദൃശുഃ പ്രിയവിശ്ലേഷമോഹിതാം ദുഃഖിതാം സഖീം. 41

തയാ കഥിതമാകർണ്യ മാനപ്രാപ്തിം ച മാധവാത്
അവമാനം ച ദൗരാത്മ്യാദ്വിസ്മയം പരമം യയുഃ. 42

തതോഽവിശൻ വനം ചന്ദ്രജ്യോത്സ്നാ യാവദ്വിഭാവ്യതേ
തമഃ പ്രവിഷ്ടമാലക്ഷ്യ തതോ നിവവൃതുഃ സ്ത്രിയഃ. 43

തന്മനസ്കാസ്തദാലാപാസ്തദ്വിചേഷ്ടാസ്തദാത്മികാഃ
തദ്ഗുണാനേവ ഗായന്ത്യോ നാത്മാഗാരാണി സസ്മരുഃ. 44

പുനഃ പുളിനമാഗത്യ കാളിന്ദ്യാഃ കൃഷ്ണഭാവനാഃ
സമവേതാ ജഗുഃ കൃഷ്ണം തദാഗമനകാംക്ഷിതാഃ 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
രാസക്രീഡായാം കൃഷ്ണാന്വേഷണം നാമ ത്രിംശത്തമോഽധ്യായഃ

ഏകത്രിംശത്തമോഽധ്യായഃ

ഗോപ്യ ഊചുഃ

ജയതി തേഽധികം ജന്മനാ വ്രജഃ
ശ്രയത ഇന്ദിരാ ശശ്വദത്ര ഹി
ദയിത ദൃശ്യതാം ദിക്ഷു താവകാ–
സ്ത്വയി ധൃതാസവസ്ത്വാം വിചിന്വതേ. 1

ശരദുദാശയേ സാധുജാതസത്–
സരസിജോദരശ്രീമുഷാ ദൃശാ
സുരതനാഥ, തേഽശുല്കദാസികാ
വരദ, നിഘ്നതോ നേഹ കിം വധഃ. 2

വിഷജലാപ്യയാദ്വ്യാളരാക്ഷസാ–
ദ്വർഷമാരുതാദ്വൈദ്യുതാനലാത്
വൃഷമയാത്മജാദ്വിശ്വതോഭയാ–
ദൃഷഭ തേ വയം രക്ഷിതാ മുഹുഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാവിൽ മാത്രം രതിയാൻറ പൂർണ്ണനായ് നിത്യ-
മാത്മാനന്ദത്തിൽത്തന്നെ രമിപ്പോനെന്നാകിലും
കാമികളിയന്നിടും ദീനഭാവവും തഥാ
കാമിനിമാരിൽക്കലർന്നീടുന്ന ദുർബുദ്ധിയും
ലോകരെധരിപ്പിച്ചിട്ടവരേയതിൽനിന്നു
പാകത്തിൽ പിൻതിരിച്ചു ബോധമുള്ള-വരാക്കാൻ
അകമേയാശിക്കയാലാ നാരിയോടു ചേർന്നു
ഭഗവാൻ ശ്രീനിവാസൻ രമിച്ചുകൊണ്ടീ-ടിനാൻ.'' 35

ഈ വിധമുന്മത്തകാമട്ടിലാ ഗോപസ്ത്രീക-
ളാ വനംതന്നിലെങ്ങും പ്രലപിച്ചുഴലുമ്പോൾ,
അന്യഗോപികമാരെയാകവേയുപേക്ഷിച്ചു
നന്ദജൻ നയിച്ചോരത്തന്വിയും തന്നത്താനേ
കാമയാനകളായിക്കാമനീയകമാളും
കാമിനികളെയെല്ലാം കാനനംതന്നിൽത്തള്ളി,
എന്നെയിപ്രിയനംഗീകരിച്ചു സേവിക്കയാൽ
സുന്ദരീരത്നം ഞാൻതാനെന്നുന്നി മദമാർന്നാൾ.
36-37

പിന്നെയാ വിപിനത്തിൽ കുറേച്ചെന്നപ്പോ-ളവൾ
കണ്ണനോ, ''ടെനിക്കിനി നടപ്പാനരു''തെന്നും
''വേണമെന്നാകിലെന്നേക്കൂടിയങ്ങിച്ചിട്ടും
സ്ഥാനത്തെടുത്തുകൊണ്ടുപോകണ''മെന്നും
ചൊന്നാൾ. 38

നന്ദജാതനമപ്പോളത്തരുണിയോടായി-
ച്ചൊന്നാൻ, ''നീ വന്നെൻ തോളിലേറി-
ക്കൊള്ളുക''യെന്നായ്.
പിന്നെക്കണ്ടതേയില്ല, വനത്തിലേകയായ-
സ്സുന്ദരിതാനും ദുഃഖവിവശയായീടിനാൾ. 39

''സ്വാമിൻ! ഹേ സുഖപ്രദാ! പരമപ്രേമരൂപാ!
ഹേ മഹാബാഹോ! ഭവാനെവിടെ-
യാണിദാനീം?
ദുഃഖത്തെസ്സഹിക്കുവാൻ കെല്പറേറാരിദ്ദാസിയെ
ചിക്കെന്നു കാണിച്ചുതന്നീടുക സന്നിധാനം.''
40

ഇത്തരം കാന്തൻതന്റെ വേർപാടാൽ-
മോഹിച്ചേററ-
മത്തലാൽ പരവശചിത്തയാമത്തോഴിയെ
അവിദൂരത്തിൽ പ്രിയമാർഗ്ഗമാരായും ഗോപീ-
നിവഹംകണ്ടാരൊരുഭാഗത്തക്കാനനത്തിൽ. 41

മാധവൻ മാനിച്ചതും പിന്നെത്തൻ
ദുർബുദ്ധിയാൽ
പ്രീതിയെന്നിയേ നിന്ദിച്ചെന്നതുമെല്ലാമവൾ
വിസ്തരിച്ചവരോടു ചൊല്ലിയതെല്ലാം കേട്ട-
മ്മത്തകാശിനിമാരുമാശ്ചര്യപ്പെട്ടാർ പരം. 42

താരേശൻ മറഞ്ഞതും മുനിലാവണഞ്ഞതും
ക്രൂരിരുൾപ്രവേശവും കണ്ടിട്ടുഗ്ഗോപീജനം
പ്രിയതമാന്വേഷണം തൽക്കാലംനിർത്തി ദുഃഖ-
മയമാനസമാരായ് കാനനംവിട്ടീടിനാർ. 43

കണ്ണനിലുള്ളുറപ്പിച്ചവനെക്കുറിച്ചോരോ-
ന്നന്യോന്യം സംസാരിച്ചും കാട്ടിയും
തച്ചേഷ്ടകൾ
തദ്ഗുണഗണം വാഴ്ത്തിപ്പാടിയും തദാത്മാക്ക-
ളക്കമനികളാരുമോർത്തതേയില്ല ഗേഹം. 44

പിന്നവർ കളിന്ദജാപുളിനം പ്രവേശിച്ചു
നന്ദജരൂപമുള്ളിൽ ധ്യാനിച്ചിരുന്നശേഷം
സന്നിധിയണയണം കൃഷ്ണനെന്നാഗ്രഹിച്ചി-
ട്ടൊന്നിച്ചു ചേർന്നു പിന്നെപ്പാടിനാർ
കൃഷ്ണഗീതം. 45

അദ്ധ്യായം 31

ഗോപികാഗീതം

ഗോപികൾ പറഞ്ഞു

ദയിതാ! ജയിക്കുന്നു ഗോകുലം ത്വജ്ജ-
ന്മത്താൽ
നിയതമതിൽ നൃത്തമാടുന്നു ലക്ഷ്മീദേവി.
പ്രാണനങ്ങേക്കായുഴിഞ്ഞവരീ സ്വജനങ്ങൾ
കാണുക ദിക്കുതോറുമങ്ങയെയാരായുന്നു. 1

ശരൽക്കാലത്തിൽ സരോജാതമാം സരോ-
ജത്തി-
ന്നരിയോരന്തശ്ശോഭകവരും നേത്രത്തിനാൽ
അക്രീതദാസിമാരാം ഞങ്ങളെക്കൊല്ലുന്നു നീ,
ഓർക്കുകിലതു വധമല്ലയോ സുരതേശാ! 2

വിഷനീരത്താലെഴും നാശത്തിൽനിന്നുമാശീ-
വിഷദൈത്യനിൽനിന്നും വഷവാത്യയിൽ-
നിന്നും
വൈദ്യുതാഗ്നിയിൽനിന്നുമാ വൃഷമയാസുര-
പുത്രരിൽനിന്നും മററു സർവ്വഭീതിയിൽനിന്നും
അല്ലയോ മഹാത്മാവേ! നിന്തിരുവടിതന്നെ-
യല്ലയോ രക്ഷിച്ചതു ഞങ്ങളെ വീണ്ടും വീണ്ടും.3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന ഖലു ഗോപികാനന്ദനോ ഭവാ–
നഖിലദേഹിനാമന്തരാത്മദൃക്
വിഖനസാർത്ഥിതോ വിശ്വഗുപ്തയേ
സഖ ഉദേയിവാൻ സാത്വതാം കുലേ. 4

വിരചിതാഭയം വൃഷ്ണിധുര്യ, തേ
ചരണമീയുഷാം സംസൃതേർഭയാത്
കരസരോരുഹം, കാന്ത, കാമദം
ശിരസി ധേഹി നഃ ശ്രീകരഗ്രഹം. 5

വ്രജജനാർത്തിഹൻ, വീരയോഷിതാം
നിജജനസ്മയധ്വംസനസ്മിത!
ഭജ, സഖേ, ഭവത്കിങ്കരീഃ സ്മ നോ
ജലരുഹാനനം ചാരു ദർശയ. 6

പ്രണതദേഹിനാം പാപകർശനം
തൃണചരാനുഗം ശ്രീനികേതനം
ഫണിഫണാർപ്പിതം തേ പദാംബുജം
കൃണു കുചേഷു നഃ കൃന്ധി ഹൃച്ഛയം. 7

മധുരയാ ഗിരാ വല്ഗുവാക്യയാ
ബുധമനോജ്ഞയാ, പുഷ്കരേക്ഷണ!
വിധികരീരിമാ വീര മുഹ്യതീ–
രധരസീധുനാഽഽപ്യായയസ്വ നഃ. 8

തവ കഥാമൃതം തപ്തജീവനം
കവിഭിരീഡിതം കല്മഷാപഹം
ശ്രവണമങ്ഗളം ശ്രീമദാതതം
ഭുവി ഗൃണന്തി തേ ഭൂരിദാ ജനാഃ. 9

പ്രഹസിതം പ്രിയപ്രേമവീക്ഷണം
വിഹരണം ച തേ ധ്യാനമങ്ഗളം
രഹസി സംവിദോ യാ ഹൃദിസ്പൃശഃ
കുഹക നോ മനഃ ക്ഷോഭയന്തി ഹി. 10

ചലസി യദ്വ്രജാച്ചാരയൻ പശൂൻ
നളിനസുന്ദരം, നാഥ, തേ പദം
ശിലതൃണാങ്കുരൈഃ സീദതീതി നഃ
കലിലതാം മനഃ, കാന്ത, ഗച്ഛതി. 11

ദിനപരിക്ഷയേ നീലകുന്തളൈ–
ർവ്വനരുഹാനനം ബിഭ്രദാവൃതം
ഘനരജസ്വലം ദർശയൻ മുഹു–
ർമ്മനസി നഃ സ്മരം വീര യച്ഛസി. 12

പ്രണതകാമദം പദ്മജാർച്ചിതം
ധരണിമണ്ഡനം ധ്യേയമാപദി
ചരണപങ്കജം ശന്തമം ച തേ
രമണ നഃ സ്തനേഷ്വർപ്പയാധിഹൻ. 13

സുരതവർദ്ധനം ശോകനാശനം
സ്വരിതവേണുനാ സുഷ്ഠുചുംബിതം
ഇതരരാഗവിസ്മാരണം നൃണാം
വിതര, വീര, നസ്തേഽധരാമൃതം. 14

അടതി യദ്ഭവാനഹ്നി കാനനം ത്രുടിര്യുഗായതേ ത്വാമപശ്യതാം
കുടിലകുന്തളം ശ്രീമുഖം ച തേ ജഡ ഉദീക്ഷതാം പക്ഷ്മകൃദ്ദൃശാം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിൻതിരുമേനി വെറും ഗോപികാപുത്രനല്ല,
ജന്തുജാലത്തിന്നന്തരാത്മാവിൻ സാക്ഷി-
യല്ലോ!

അവിടുന്നജാർത്ഥനനിമിത്തം ലോകരക്ഷ-
യ്ക്കുവതരിച്ചതത്രേ യാദവാന്വയംതന്നിൽ. 4

കാന്താ! ഹേ വൃഷ്ണിവര്യാ! സംസാരഭയത്തി-
നാൽ
നിൻതിരുപ്പാദം പ്രാപിപ്പവർക്കു നിത്യാഭയം

അരുളീടുന്നതായി ശ്രീകരഗ്രഹമാം ത്വത്-
ക്കരാബ്ജമണച്ചാലും ഞങ്ങടെ മൗലി-
തന്നിൽ. 5

സ്വജനഗർവം മന്ദഹാസത്താൽ നശിപ്പിക്കു-
മജിതാ! വ്രജവാസീക്ലേശനാശനാ! വീര!

വന്നു കൈക്കൊളളുക ഭവാനീ ഭവദ്ദാസിമാരെ-
യൊന്നു കാണിക്കുക തവ സാരസാനനം നേരേ. 6

പ്രണതജനപാപം ഹരിക്കുന്നതായ് പശു-
ഗണത്തിൻ പിൻപേ ചരിക്കുന്നതായ്
ശ്രീധാമമായ്

ഫണിതൻ ഫണഗണംതന്നിലർപ്പിച്ച നിൻ കാ-
ലിണ ഞങ്ങടെ കൊങ്കചേർത്താററു
മാരതാപം. 7

സുരേന്ദ്രജനമനോഹരമാമങ്ങേച്ചാരു-
ഗീരിനാൽ വിമോഹിതമാരാമീ ദാസിമാരെ

വാരിജേക്ഷണാ! ഭവാനധരാമൃതത്തിനാൽ
പാരാതെ ജീവിപ്പിച്ചീടേണമേ
പ്രാണനാഥാ! 8

സന്തപ്തന്മാരെജ്ജീവിപ്പിപ്പതായ്
ബ്രഹ്മജ്ഞന്മാർ
സന്തതം വാഴ്ത്തുന്നതായ് കല്മഷാപഹമായി

ശ്രവണത്താൽതാൻ ശുഭപ്രദമായ് സുശാന്തമാം
തവ സൽക്കഥാമൃതമേതവർ ചിന്തിക്കയും

കീർത്തിക്കുകയും ചെയ്യും പുണ്യശാലികളാമ-
മ്മർത്ത്യർ മുജ്ജന്മത്തിലും വളരെക്കൊടുത്തോർ
താൻ. 9

കപടരക്ഷാ! കാന്താ! നിന്മന്ദഹാസങ്ങള-
മപരിയനുരാഗം തുളുമ്പും നോട്ടങ്ങളും

ധ്യാനമംഗലപ്രദലീലാവിലാസങ്ങളും
മാനസസ്പൃക്കായിടും രഹസ്സല്ലാപങ്ങളും

നിനയ്ക്കുംതോറും കാമകോമളാ! ഞങ്ങൾക്കുള്ള
മനസ്സു നിരന്തരം ചഞ്ചലിച്ചീടുന്നിതേ. 10

ഹേ കാന്താ! കണ്ണാ! ഭവാൻ ഗോക്കളെ
മേയ്ക്കുവാനായ്
ഗോകുലംതന്നിൽനിന്നും പോകുന്നനേരമെല്ലാം

നളിനസുമനോഹരമാം നിഞ്ചേവടി
ശിലാഗ്രം മുള്ളിൻമുനയെന്നിതുകളിൽത്തട്ടി

നൊന്തേററുതളർന്നുപോമങ്ങെന്നതോർത്തു
ഞങ്ങൾ-
ക്കന്തരംഗം ഹാ തരംഗിതമായ് ഭവി-
ക്കുന്നു. 11

ഹേ വീരാ! നീയന്തിയിൽ നീലകുന്തളങ്ങളാ-
ലാവൃതമായിപ്പാരം ധൂളികളണിഞ്ഞതാം

നിന്മുഖാംബുജം കാട്ടി ഞങ്ങൾക്കു
മാനസത്തിൽ
മന്മഥതാപം വളർത്തീടുന്നു വീണ്ടും വീണ്ടും. 12

നാഥാ! സന്താപഹാരിൻ! നതാഭീഷ്ടദമായി
മേദിനീവിഭൂഷയായജപൂജിതമായി

പുരുസൗഖ്യദമായി വിപത്തിൽ ധ്യേയമാം-
നിൻ
ചരണാംബുജം വയ്ക്കുക ഞങ്ങടെ
കുചങ്ങളിൽ. 13

സുരതസുഖം പരം വളർത്തുന്നതായ് ശോക-
ഹരമായ് സ്വനിതമാം വേണു ചുംബിപ്പതായി

ഇതരസൗഖ്യസ്മൃതിയാക്കുമേ പോക്കുന്ന നി-
ന്നധരാമൃതം ഞങ്ങൾക്കരുളീടുക വീരാ! 14

അങ്ങരണ്യത്തിൽ പകൽസമയം സഞ്ചരിക്കെ-
യങ്ങേദ്ദർശനം സിദ്ധിക്കാത്തവർക്കാകമാനം

ഓരോരോനിമേഷവുമോരോരോ യുഗമായി
മാറുന്നു, കുടിലമാം കുന്തളം ചൂഴ്ന്നു മിന്നും

സുന്ദരം നിന്നാനനാംഭോരുഹം കാണുവോർ-
തൻ-
കണ്ണുകൾക്കിമചേർത്തോനെത്രയും
മൂഢൻതന്നെ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിസുതാന്വയഭ്രാതൃബാന്ധവാ–
നതിവിലങ്ഘ്യ തേഽന്ത്യച്യുതാഗതാഃ
ഗതിവിദസ്തവോദ്ഗീതമോഹിതാഃ
കിതവ യോഷിതഃ കസ്ത്യജേന്നിശി? 16

രഹസി സംവിദം ഹൃച്ഛയോദയം
പ്രഹസിതാനനം പ്രേമവീക്ഷണം
ബൃഹദുരഃശ്രിയോ വീക്ഷ്യ ധാമ തേ
മുഹുരതിസ്പൃഹാ മുഹ്യതേ മനഃ. 17

വ്രജവനൗകസാം വ്യക്തിരങ്ഗ തേ
വൃജിനഹന്ത്ര്യലം വിശ്വമങ്ഗളം
ത്യജ മനാക് ച നസ്ത്വത്സ്പൃഹാത്മനാം
സ്വജനഹൃദ്രുജാം യന്നിഷൂദനം. 18

യത്തേ സുജാതചരണാംബുരുഹം സ്തനേഷു
ഭീതാഃ ശനൈഃ പ്രിയ ദധീമഹി കർക്കശേഷു
തേനാടവീമടസി തദ്വ്യഥതേ ന കിംസ്വിത്
കൂർപ്പാദിഭിർഭ്രമതി ധീർഭവദായുഷാം നഃ. 19

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ രാസക്രീഡായാം ഗോപീഗീതം നാമ
ഏകത്രിംശത്തമോഽധ്യായഃ

ദ്വാത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

ഇതി ഗോപ്യഃ പ്രഗായന്ത്യഃ പ്രലപന്ത്യശ്ച ചിത്രധാ
രുരുദുഃ സുസ്വരം, രാജൻ, കൃഷ്ണദർശനലാലസാഃ. 1

താസാമാവിരഭൂച്ഛൗരിഃ സ്മയമാനമുഖാംബുജഃ
പീതാംബരധരഃ സ്രഗ്വീ സാക്ഷാന്മന്മഥമന്മഥഃ. 2

തം വിലോക്യാഗതം പ്രേഷ്ഠം പ്രീത്യുത്ഫുല്ലദൃശോഽബലാഃ
ഉത്തസ്ഥുര്യുഗപത് സർവ്വാസ്തന്വഃ പ്രാണമിവാഗതം. 3

കാചിത് കരാംബുജം ശൗരേർജ്ജഗൃഹേഽഞ്ജലിനാ മുദാ
കാചിദ്ദധാര തദ്ബാഹുമംസേ ചന്ദനരൂഷിതം. 4

കാചിദഞ്ജലിനാഽഗൃഹ്ണാത്തന്വീ താംബൂലചർവ്വിതം
ഏകാ തദങ്ഘ്രികമലം സന്തപ്താ സ്തനയോരധാത്. 5

ഏകാ ഭ്രുകുടിമാബധ്യ പ്രേമസംരംഭവിഹ്വലാ
ഘ്നതീവൈക്ഷത് കടാക്ഷേപൈഃ സംദഷ്ടദശനച്ഛദാ. 6

അപരാനിമിഷദ്ദൃഗ്ഭ്യാം ജുഷാണാ തന്മുഖാംബുജം
ആപീതമപി നാതൃപ്യത് സന്തസ്തച്ചരണം യഥാ. 7

തം കാചിന്നേത്രരന്ധ്രേണ ഹൃദികൃത്യ നിമീല്യ ച
പുളകാങ്ഗ്യുപഗുഹ്യാസ്തേ യോഗീവാനന്ദസംപ്ലുതാ. 8

സർവ്വാസ്താഃ കേശവാലോകപരമോത്സവനിർവൃതാഃ
ജഹുർവ്വിരഹജം താപം പ്രാജ്ഞം പ്രാപ്യ യഥാ ജനാഃ. 9

താഭിർവ്വിധൂതശോകാഭിർഭഗവാനച്യുതോ വൃതഃ
വ്യരോചതാധികം താത പുരുഷഃ ശക്തിഭിര്യഥാ. 10

താഃ സമാദായ കാളിന്ദ്യാ നിർവ്വിശ്യ പുളിനം വിഭുഃ
വികസത്കുന്ദമന്ദാരസുരഭ്യനിലഷട്പദം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അച്യുതാ, ഗതിയറിഞ്ഞീടുന്ന ഭവാൻെറയീ–
യുച്ചത്തിലുള്ള ഗാനം കേട്ടു മോഹിച്ചു ഞങ്ങൾ
ബാന്ധവകാന്തപുത്രസോദരവംശാദിയെ–
സ്സന്ത്യജിച്ചരണ്യത്തിൽ നിന്നടുത്തെത്തീടവേ
കിഞ്ചന മാനിക്കാതെ രാത്രിയിലിസ്ത്രീകളെ
വഞ്ചകാ! നീയെന്നിയേയേതവൻ കൈ–
വിട്ടീടും? 16

പങ്കജബാണാമയമുളവാക്കീടുന്ന നിൻ–
സങ്കേതനർമ്മങ്ങളും പ്രേമവീക്ഷണങ്ങളും
മന്ദഹാസാഞ്ചിതമായ് മിന്നുമാ മുഖാബ്ജവു–
മിന്ദിരാമന്ദിരമാം വിസ്തൃതോരഃസ്ഥാനവും
പിന്നെയും പിന്നെയും കണ്ടുൽക്കണ്ഠയാന്നീ–
ടുമീ–
തന്വംഗിമാർതൻ മനം മോഹിച്ചീടുന്നു
കാന്താ! 17

അങ്ങുന്നിങ്ങവതരിച്ചിരിക്കുന്നതു വിശ്വ–
മംഗലമരുളാനും, ഗോകുലജനത്തിനും
കാനനവാസികൾക്കും ദുഃഖംപോക്കുവാനു–
മാണെന്നു ഞങ്ങളറിഞ്ഞീടുന്നു പൂജ്യപാദാ!
കാന്താ! ഭവാനിൽ നിത്യമത്യന്തം സ്പൃഹ–
യാളു–
മന്തരംഗത്തോടൊത്തീ വനത്തിലുഴന്നിടും
സ്വാന്തമാമിജ്ജനത്തിൻ മാനസാമയം മാററാ–
നെന്താണു മരുന്നതു തന്നാലുമല്പമിപ്പോൾ. 18
നിന്തിരുമൃദുപാദം നൊന്തീടുമെന്ന ഭീയാൽ
മന്ദമായേയണയ്ക്കു ഞങ്ങളിക്കുചങ്ങളിൽ
അത്തളിരടിയിണ കാനനസഞ്ചാരത്തിൽ
കൂത്ത കണ്ടകങ്ങളും ശിലാഗ്രങ്ങളും തച്ചു
നോവുമോ എന്നുള്ളൊരു ശങ്കമൂലമായ് ഭവാൻ
ജീവനായുള്ള ഞങ്ങൾക്കുഴറുന്നുള്ളം പരം. 19

അദ്ധ്യായം 32

ഭഗവത്പ്രത്യക്ഷീകരണ സാന്ത്വനങ്ങൾ

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ പലേവിധം പാടിയും പ്രലപിച്ചും
മംഗളാംഗികളാമഗ്ഗോപിമാരെല്ലാവരും
അച്യുതസന്ദർശനലാലസമാരായ് പര–
മുച്ചത്തിൽ നിലവിളിച്ചീടിനാർ ധരാപതേ! 1
മഞ്ഞപ്പട്ടുടുത്തൊരു മാലയും കഴുത്തിലി–
ട്ടഞ്ജസാ മന്ദസ്മിതമോഹനാനനനായി
തന്മധ്യഭാഗത്തുടൻ പ്രത്യക്ഷനായാൻ സാക്ഷാൽ
മന്മഥമന്മഥനാം വേണുഗോപാലകൃഷ്ണൻ. 2

പ്രിയവല്ലഭനണഞ്ഞതു കണ്ടാമോദത്താൽ
നയനംവിടുർത്തിയാ വല്ലവസ്ത്രീകളെല്ലാം
പ്രാണനംഗങ്ങൾതോറും വീണവരെന്നമട്ടിൽ
ക്ഷീണമററൊന്നിച്ചുടൻ ചാടിയങ്ങെഴു–
നേററാർ. 3

ഒരുത്തിയക്ഷണത്തിൽ ശൗരിതൻ കരാംബുജം
ധരിച്ചാൾ മോദംപൂണ്ടു രണ്ടുകയ്യുകൾകൊണ്ടും
ചന്ദനമണിഞ്ഞതാമിടത്തേക്കരമന്യ–
തന്വിയാൾ പിടിച്ചു തദ്ഗളത്തിൽ ചുററീ–
ടിനാൾ. 4

ഒരു സുന്ദരിയപ്പോൾ താംബൂലചർവ്വിതത്തെ–
യിരുകൈകളും നീട്ടിസ്സാദരം സ്വീകരിച്ചാൾ.
വിരഹസന്തപ്തയാം മറെറാരുമനോഹരി
ചരണാംബുജം പിടിച്ചുണച്ചാൾ കുചങ്ങ–
ളിൽ. 5

പ്രേമസംരംഭവിഘ്നംനിമിത്തം ക്ഷോഭിച്ചൊരു
കാമിനി കാമതാപാവശയായ്ക്കാർവർണ്ണനെ
പുരികം വളച്ചുടൻ ചുണ്ടമർത്തിക്കടിച്ചു
പരുഷം കൊല്ലുമാറൊന്നുഗ്രമായ് നോക്കീ–
ടിനാൾ. 6

അന്യ,യാ മുഖാംബുജം നിന്നിമേഷമാം നിജ–
കണ്ണിനാൽ ധാരാളമായ് പാനംചെയ്തെ–
ന്നാകിലും
സത്തുക്കൾ, തൽപദാബ്ജസേവയിലെന്ന–
പോലെ
തൃപ്തിയെന്നിയേ വീണ്ടും നോക്കിക്കൊണ്ടങ്ങു–
നിന്നാൾ. 7

ഒരുത്തി ഭഗവാനെ നയനദ്വാരംവഴി
പരിചോടുള്ളിലാക്കി കണ്ണുകളടച്ചുടൻ
പരിരംഭണംചെയ്തു കോൾമയിർക്കൊണ്ടു പാരം
പരമാനന്ദംതന്നിൽ മുഴകി നിലകൊണ്ടാൾ. 8
അവരേവരും കേശവാലോകനോത്സവത്താ–
ലവിരളാനന്ദാബ്ധിതന്നിലാറാടിപ്പരം
വിരഹജാതതാപമാകവേ സന്ത്യജിച്ചാർ.
പരിചിൽ പ്രാജ്ഞൻതന്നെ പ്രാപിച്ച ജന–
ങ്ങൾപോൽ. 9

ദുഃഖമുക്തകളാമസ്ത്രീകളാൽ പരീതനായ്
ഭക്തവത്സലനായ ഭഗവാൻ വാസുദേവൻ
ജ്ഞാനവീര്യാദിനാനാശക്തികളോടു ചേന്നു–
ചേണാന്ന പുരുഷന്മട്ടേറ്റവും വിളങ്ങിനാൻ. 10
വിരിഞ്ഞുനില്ക്കും കന്ദമന്ദാരസുമങ്ങൾതൻ
പരിമളത്താലളിനികരം പാറുന്നതായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരച്ചന്ദ്രാംശുസന്ദോഹധ്വസ്തദോഷാതമഃ ശിവം
കൃഷ്ണായാ ഹസ്തതരളാചിതകോമളവാലുകം. 12

തദ്ദർശനാഹ്ലാദവിധൂതഹൃദ്രുജോ
മനോരഥാന്തം ശ്രുതയോ യഥാ യയുഃ
സ്വൈരുത്തരീയൈഃ കുചകുങ്കുമാങ്കിതൈ-
രചീക്ലൃപന്നാസനമാത്മബന്ധവേ. 13

തത്രോപവിഷ്ടോ ഭഗവാൻ സ ഈശ്വരോ
യോഗേശ്വരാന്തർഹൃദി കല്പിതാസനഃ
ചകാസ ഗോപീപരിഷദ്ഗതോഽർച്ചിത-
സ്ത്രൈലോക്യലക്ഷ്മ്യേകപദം വപുർദ്ദധത്. 14

സഭാജയിത്വാ തമനംഗദീപനം
സഹാസലീലേക്ഷണവിഭ്രമഭ്രുവാ
സംസ്പർശനേനാങ്കകൃതാങ്ഘ്രിഹസ്തയോഃ
സംസ്തുത്യ ഈഷത്കുപിതാ ബഭാഷിരേ. 15

ഗോപ്യ ഊചുഃ

ഭജതോഽനുഭജന്ത്യേക ഏക ഏതദ്വിപര്യയം
നോഭയാംശ്ച ഭജന്ത്യേക ഏതന്നോ ബ്രൂഹി, സാധു, ഭോഃ. 16

ശ്രീഭഗവാനുവാച

മിഥോ ഭജന്തി യേ സഖ്യഃ സ്വാർത്ഥൈകാന്തോദ്യമാ ഹി തേ
ന തത്ര സൗഹൃദം ധർമ്മഃ സ്വാർത്ഥാർത്ഥം തദ്ധി നാന്യഥാ. 17

ഭജന്ത്യഭജതോ യേ വൈ കരുണാഃ പിതരോ യഥാ
ധർമ്മോ നിരപവാദോഽത്ര സൗഹൃദം ച സുമധ്യമാഃ. 18

ഭജതോഽപി ന വൈ കേചിദ്ഭജന്ത്യഭജതഃ കുതഃ
ആത്മാരാമാ ഹ്യാപ്തകാമാ അകൃതജ്ഞാ ഗുരുദ്രുഹഃ. 19

നാഹം തു സഖ്യോ ഭജതോഽപി ജന്തൂൻ
ഭജാമ്യമീഷാമനുവൃത്തിവൃത്തയേ
യഥാധനോ ലബ്ധധനേ വിനഷ്ടേ
തച്ചിന്തയാന്യന്നിഭൃതോ ന വേദ. 20

ഏവം മദർത്ഥോജ്ഝിതലോകവേദ-
സ്വാനാം ഹി വോ മയ്യനുവൃത്തയേഽബലാഃ
മയാ പരോക്ഷം ഭജതാ തിരോഹിതം.
മാസൂയിതും മാർഹഥ,തത് പ്രിയം പ്രിയാഃ. 21

ന പാരയേഽഹം നിരവദ്യസംയുജാം
സ്വസാധുകൃത്യം വിബുധായുഷാപി വഃ
യാ മാഭജന ദുർജ്ജരഗേഹശൃംഖലാഃ
സംവൃശ്ച്യ തദ്വഃ പ്രതിയാതു സാധുനാ. 22

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
രാസക്രീഡായാം ഗോപീസാന്ത്വനം നാമ
ദ്വാത്രിംശത്തമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരച്ചന്ദ്രാംശുക്കളാലിരുട്ടകററുന്നതായ്
പരമസൗഖ്യപ്രദായകമായ് കാളിന്ദിതൻ–
കര തരങ്ഗജാലം തടവീടുന്ന മനോ–
ഹരമാം വാലുകകളൊത്തുചേർന്നിണങ്ങീടും
അന്നദീതീരത്തനുയോജ്യസ്ഥാനത്താ വിഭു
പിന്നെയഗ്ഗോപനാരിമാരുമായ്–
ച്ചേർന്നണഞ്ഞാൻ. 11–12
തദ്ദർശനാഹ്ലാദത്താൽ ഹൃദയരോഗം മാററി–
യാസ്ത്രീകൾ കൃതാർത്ഥരായ് ശ്രുതിദേവകൾ–
ക്കൊപ്പം
സ്വന്തബന്ധുവിനായിട്ടുത്തരീയങ്ങളെല്ലാം
ചന്തമായ് വിരിച്ചങ്ങൊരാസനം
ചമച്ചേകി. 13
മുപ്പാരിൻ നിയന്താവും യോഗീശാന്തർഭാഗ–
ത്തിൽ
കല്പിതാസനനുമാണെങ്കിലും ശങ്കയെന്യേ
ത്രൈലോക്യശോഭയ്ക്കേകാസ്പദമാം മേനിയാർന്നു
ലാലസിച്ചീടുന്നോരാ ഭഗവാൻ ശ്രീനിവാസൻ
അതിമോദത്തോടുടനുത്തരീയാസനത്തിൽ
സ്ഥിതിചെയ്തവരാൽ സത്കൃതനായ്
ശോഭിച്ചിതേ. 14
കാമോദ്ദീപനനാമക്കണ്ണന്റെതൻ കാലും കൈയും
പ്രേമപൂർവകം മെല്ലെയങ്കത്തിലണച്ചുടൻ
മൃദുവായ് തലോടിസ്സത്കരിച്ചു വേണ്ടുംവിധം
സ്തുതിച്ചിട്ടാ വല്ലവവല്ലാക്ഷിതല്ലജങ്ങൾ
ഹാസലീലാകടാക്ഷവിലാസഭ്രൂയുക്തരാ–
യീഷദീർഷ്യയോടേവം ഭഗവാനോടു
ചൊന്നാർ. 15

ഗോപികൾ പറഞ്ഞു

അനഘാ! ചിലരിഹ തങ്ങളെബ്ഭജിച്ചീടും
ജനത്തെബ്ഭജിക്കുന്നിതങ്ങോട്ടുമതുപോലെ
ചിലരോ ഭജിക്കുന്ന ഭജിക്കാത്തവരേയും
ചിലർ സേവിക്കുന്നതില്ലീ രണ്ടുകൂട്ടരേയും
ഇമ്മൂന്നുതരക്കാർക്കുമിയലും സ്ഥിതിഭേദം
നമ്മട്ടിലീ ഞങ്ങളെ ധരിപ്പിച്ചാലും ഭവാൻ. 16

ഭഗവാൻ പറഞ്ഞു

അന്യോന്യം ഭജിക്കുവോരേവരും
സ്വാർത്ഥത്തിനു–
തന്നെ സേവിച്ചീടുവോരാണയേ തോഴിമാരേ!
സ്വാർത്ഥത്തിനെന്യേ മററുവിധത്തിലല്ലാ–
യ്കയാൽ
തീർത്തോതാമതിൽ സ്നേഹമില്ല, ധർമ്മവുമില്ല.17
ഇങ്ങോട്ടു ഭജിച്ചീടാത്തവരെപ്പിതാക്കളും മ–
ട്ടങ്ങോട്ടു ഭജിക്കുവോർ കരുണാത്മാക്കളത്രേ.
സുന്ദരിമാരേ!യിതിൽ ധർമ്മവും സൗഹൃദവു–
മൊന്നിച്ചൊരപവാദമെന്നിയേ സ്ഥിതി
ചെയ്വൂ. 18
തങ്ങളെബ്ഭജിച്ചീടുവോരെയും ഭജിക്കാത്തോ–
രെങ്ങനെ ഭജിക്കാത്ത ജനത്തെബ്ഭജിച്ചീടും?
ആത്മാരാമന്മാ,രാപ്തകാമന്മാർ, കൃതഘ്നന്മാർ,
,പദ്മാക്ഷിമാരേ! ഗുരുദ്രോഹികളെന്നിങ്ങനെ
ഇങ്ങുണ്ടു നാലിനക്കാർ, ഭജിക്കുവോരെപ്പോലു–
മങ്ങോട്ടു ഭജിക്കാത്ത കൂട്ടത്തിലെ–
ന്നോർക്കുവിൻ. 19
ഇന്നാലുതരക്കാരിൽപ്പെട്ടവനായിട്ടെന്നെ–
ത്തന്വങ്ഗിമാരേ! നിങ്ങൾ ധരിക്കാ–
തിരിക്കുവിൻ!
കരുണാനിധാനവുമഖിലജന്തുക്കൾക്കും
പരമസുഹൃത്തുമായിരിക്കുമെപ്പോഴും ഞാൻ.
എന്നെബ്ഭജിക്കുവോർതന്മാനസം
മററൊന്നിലും
ചെന്നിടാതെന്നിൽത്തന്നെ നിലനിൽത്തണ–
മെന്നായ്
ഉന്നി ഞാൻ ഭക്തന്മാരെബ്ഭജിച്ചീടാതെ ചില
സന്ദർഭങ്ങളിൽ തിരോഭൂതനാമെന്നേയുള്ളൂ.
നിഃസ്വനു യാദൃച്ഛികം ലബ്ധമായീടും ധനം
നിശ്ശേഷമൊന്നായ് നഷ്ടപ്പെട്ടു–
പോയീടുന്നാകിൽ,
തന്നന്തരങ്ഗമെന്നുമാ നഷ്ടധനത്തിൽനി–
ന്നന്യമാം വിഷയത്തിൽ ഗമിക്കാത്തതു–
പോലെ,
എന്നഭാവത്തിങ്കലെൻ ഭക്തന്മാരുടെ മന–
മെന്നെവിട്ടൊരിക്കലും പിരിഞ്ഞുപോകാ
ദൃഢം. 20
എന്നതല്ലെന്നെയുന്നിസ്സ്വന്തമാം സമസ്തവു–
മൊന്നോടേ തള്ളി വേദമാർഗ്ഗവുമുല്ലങ്ഘിച്ചു
വന്നൊരീ നിങ്ങൾക്കെല്ലാമെന്നിലെ
പ്രേമമാൽക്കഷ്–
മന്യൂനം മറഞ്ഞുനിന്നൊന്നു കണ്ടാനന്ദിപ്പാൻ
എന്നുള്ളിലാശ വർദ്ധിച്ചീടുകകൊണ്ടുമത്രേ
ഇന്നു ഞാനപ്രത്യക്ഷനായതെന്നോർത്തീടുവിൻ.
ഇതിനാൽ നിങ്ങളെന്നോടസൂയപ്പെടുന്നതു
ചിതമല്ലൊട്ടും മമ പ്രേമഭാജനങ്ങളേ! 21
നിർദ്ദോഷസംയോഗസംയുതമാം നിങ്ങൾക്കെഴും
ഉത്തമസേവനത്തിൻ പ്രത്യുപകാരം
ചെയ്വാൻ
ശക്തനായ് ഭവിക്കുന്നതില്ല ഞാൻ ദേവായുസ്സു
സിദ്ധമാണെനിക്കെന്നുവന്നാലും
ഗോപിമാരേ!
വീടാകുമാ ദുർജ്ജരശൃങ്ഖല പാടേ പൊട്ടി–
ച്ചാടലററെന്നെബ്ഭജിച്ചെന്നുള്ള കാര്യമോ–
ർത്താൽ
എത്രയോ മഹത്താകുമായുഷ്മത്കൃത്യംതന്നെ
പ്രത്യുപകാരമായിത്തീരട്ടെ
നിങ്ങൾക്കെല്ലാം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രയസ്ത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

ഇത്ഥം ഭഗവതോ ഗോപ്യഃ ശ്രുത്വാ വാചഃ സുപേശലാഃ
ജഹുർവിരഹജം താപം തദങ്ഗോപചിതാശിഷഃ. 1

തത്രാരഭത ഗോവിന്ദോ രാസക്രീഡാമനുവ്രതൈഃ
സ്ത്രീരത്നൈരന്വിതഃ പ്രീതൈരന്യോന്യാബദ്ധബാഹുഭിഃ. 2

രാസോത്സവഃ സംപ്രവൃത്തോ ഗോപീമണ്ഡലമണ്ഡിതഃ
യോഗേശ്വരേണ കൃഷ്ണേന താസാം മധ്യേ ദ്വയോർദ്വയോഃ
പ്രവിഷ്ടേന ഗൃഹീതാനാം കണ്ഠേ സ്വനികടം സ്ത്രിയഃ. 3

യം മന്യേരൻ നഭസ്താവദ്വിമാനശതസങ്കുലം
ദിവൗകസാം സദാരാണാമൗത്സുക്യാപഹൃതാത്മനാം. 4

തതോ ദുന്ദുഭയോ നേദുർന്നിപേതുഃ പുഷ്പവൃഷ്ടയഃ
ജഗുർഗ്ഗന്ധർവ്വപതയഃ സസ്ത്രീകാസ്തദ്യശോഽമലം. 5

വലയാനാം നൂപുരാണാം കിങ്കിണീനാം ച യോഷിതാം
സപ്രിയാണാമഭൂച്ഛബ്ദസ്തുമുലോ രാസമണ്ഡലേ. 6

തത്രാതിശുശുഭേ താഭിർഭഗവാൻ ദേവകീസുതഃ
മധ്യേ മണീനാം ഹൈമാനാം മഹാമരകതോ യഥാ. 7

പാദന്യാസൈർഭുജവിധുതിഭിഃ
സസ്മിതൈർഭ്രൂവിലാസൈ-
ർഭജ്യന്മധ്യൈശ്ചലകുചപടൈഃ
കുണ്ഡലൈർഗ്ഗണ്ഡലോലൈഃ
സ്വിദ്യന്മുഖ്യഃ കബരരശനാ-
ഗ്രന്ഥയഃ കൃഷ്ണവധ്വോ
ഗായന്ത്യസ്തം തഡിത ഇവ താ
മേഘചക്രേ വിരേജുഃ. 8

ഉച്ചൈർജ്ജഗുർനൃത്യമാനാ രക്തകണ്ഠ്യോ രതിപ്രിയാഃ
കൃഷ്ണാഭിമർശമുദിതാ യദ്ഗീതേനേദമാവൃതം. 9

കാചിത്സമം മുകുന്ദേന സ്വരജാതീരമിശ്രിതാഃ
ഉന്നിന്യേ പൂജിതാ തേന പ്രീയതാ സാധു സാധ്വിതി
തദേവ ധ്രുവമുന്നിന്യേ തസ്യൈ മാനം ച ബഹ്വദാത്. 10

കാചിദ്രാസപരിശ്രാന്താ പാർശ്വസ്ഥസ്യ ഗദാഭൃതഃ
ജഗ്രാഹ ബാഹുനാ സ്കന്ധം ശ്ലഥദ്വലയമല്ലികാ. 11

തത്രൈകാംസഗതം ബാഹും കൃഷ്ണസ്യോത്പലസൗരഭം
ചന്ദനാലിപ്തമാഘ്രായ ഹൃഷ്ടരോമാ ചുചുംബ ഹ. 12

കസ്യാശ്ചിന്നാട്യവിക്ഷിപ്തകുണ്ഡലത്വിഷമണ്ഡിതം
ഗണ്ഡം ഗണ്ഡേ സന്ദധത്യാ അദാത്താംബൂലചർവ്വിതം. 13

നൃത്യന്തീ ഗായതീ കാചിത് കൂജന്നൂപുരമേഖലാ
പാർശ്വസ്ഥാച്യുതഹസ്താബ്ജം ശ്രാന്താധാത് സ്തനയോഃ
ശിവം. 14

ഗോപ്യോ ലബ്ധ്വാച്യുതം കാന്തം ശ്രിയ ഏകാന്തവല്ലഭം
ഗൃഹീതകണ്ഠ്യസ്തദ്ദോർഭ്യാം ഗായന്ത്യസ്തം വിജഹ്രിരേ. 15

കർണ്ണോത്പലാളകവിടങ്കകപോലഘർമ്മ-
വക്ത്രശ്രിയോ വലയനൂപുരഘോഷവാദ്യൈഃ
ഗോപ്യഃ സമം ഭഗവതാ നനൃതുഃ സ്വകേശ-
സ്രസ്തസ്രജോ ഭ്രമരഗായകരാസഗോഷ്ഠ്യാം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 33

രാസക്രീഡാവർണ്ണനം

ശ്രീശുകൻ പറഞ്ഞു

ഈവിധം ഭഗവാൻതൻ പേശലവാക്യങ്ങൾ
കേ-
ട്ടാ വധൂടികളെല്ലാം തദങ്ഗസ്പർശനത്താൽ
സ്വമനോരഥങ്ങളെശ്ശുരിയായ് പൂരിപ്പിച്ചി-
ട്ടമന്ദം വിരഹജസന്താപം സന്ത്യജിച്ചാർ. 1
രണ്ടു ഗോപികൾക്കൊരു കൃഷ്ണനക്കണക്കിരു-
വണ്ടാർകേശിനിമാരെത്തന്നിടംവലം നിർത്തി
തൽക്കരമോരോന്നു തൻകഴുത്തിൽ ചേർത്ത-
ണച്ചി-
ട്ടിക്രമത്തിനു തൊട്ടു തൊട്ടു വൃത്തത്തിൽനിന്നു
ഗോപികാമണ്ഡലാലംകൃതനായ് രാസോത്സവം
ശ്രീപതി യോഗേശ്വരൻ ഘോഷിച്ചാൻ-
വേണ്ടുംവിധം.
പ്രീതരായ് നിജവശംവദരായ് പരസ്പരം
ചാതുര്യത്തോടു കൈകൾ കോർത്തു വൃത്തത്തിൽ
നില്ക്കും
ആ വാമാമണികൾതന്മദ്ധ്യത്തിൽ
സ്ഥിതനായി-
ശ്ശ്രീവാസുദേവൻ രാസക്രീഡയ്ക്കായാ-
രംഭിച്ചാൻ.
തത്സമയത്തിങ്കലീയുത്സവം കാണ്മാനുള്ളോ-
രൗത്സുക്യത്തിനാലപഹൃതമാനസന്മാരായ്
ഭാമിനിമാരുമൊത്തു ദേവന്മാരണഞ്ഞിട്ടും
വ്യോമയാനങ്ങളാലേ നിറഞ്ഞു നഭഃസ്ഥലം 2-4
മുഴങ്ങീ ദുന്ദുഭ്യാദിവാദ്യങ്ങൾ, മലർമാരി-
പൊഴിഞ്ഞു, കാന്തമാരുമായൊത്തു ഗന്ധർവ്വേശർ
നിർമ്മലമായീടുമബ്ഭഗവൽകീർത്തിപുഞ്ജം
സമ്മോദപുരസ്സരം നന്മട്ടു ഗാനംചെയ്താർ. 5
കണ്ണനാം കാന്തനൊത്തു മിന്നുമാ ഗോപനാരീ-
വൃന്ദത്തിൻ വലയങ്ങൾ നൂപുരജാലങ്ങളും
കിങ്ങിണികളും തമ്മിലുരുമ്മിക്കളസ്വനം
പൊങ്ങിയാ രാസലീലാമണ്ഡലം-
തന്നിലെങ്ങും. 6
ആ വധൂമണികളോടൊത്തുചേർന്ന് സ്ഥലത്തിൽ
ശ്രീവസുദേവാത്മജനത്യന്തം വിളങ്ങിനാൻ
പൊന്മണിഗണങ്ങൾതന്മദ്ധ്യത്തിൽ
ശോഭിച്ചീടു-
മമ്മഹാമരതകരത്നമെന്നതുപോലെ. 7
ഭംഗിയായടിവച്ചുമാങ്ഗ്യങ്ങൾ കാണിച്ചുമു-
ത്തുങ്ഗമായീടും കൊങ്കക്കുടങ്ങൾ കുലുങ്ങിയും
മന്ദഹാസഭ്രൂ വിലാസത്തോടുമൊടിഞ്ഞുപോ-
മെന്നാക്കും തോന്നിച്ചിടും കൃശമാം മദ്ധ്യത്തോടും
ഗണ്ഡലോലങ്ങളാകും കണ്ണുഭൂഷകളോടും
നന്നായിച്ചലിച്ചീടും വസ്ത്രസ്തനങ്ങളോടും
ദൃഢമാം കചകാഞ്ചീബന്ധങ്ങളോടും വേർപ്പു-
പൊടിയും മനോഹരാനനങ്ങളോടുംകൂടി
കണ്ണനെപ്പററിപ്പാടുമാ സ്ത്രീകൾ മിന്നീയഭ്ര-
വൃന്ദത്തിൽ സൗദാമിനീമാലയെന്നതുപോലെ 8
നിസ്തുലരതിപ്രിയമേലുമാ ലോലാക്ഷിമാർ
നർത്തനംചെയ്തുകൊണ്ടു തെളിഞ്ഞ കണ്ഠത്തൊടും
അച്യുതസ്പർശനത്താലത്യന്തം സന്തോഷത്തോ-
ടുച്ചത്തിൽപ്പാടീടിനാരീ ലോകമാകെ-
ക്കേൾക്കെ. 9
ഒരുത്തി ഭഗവാനോടൊപ്പമായുച്ചത്തിൽത്താൻ
സ്വരം പാടിനാൾ കലർപ്പെന്നിയേ ഭംഗിയായി.
ഹരി, 'ഹാ! ബലേഭേഷെന്ന'വളെ
മാനിച്ചാൻ മ-
റെറാരുവളപ്പോൾ ധ്രുവതാളമായതിനെത്താൻ
കല്പിച്ചു, പാടീടിനാളുച്ചത്തിലവളെയ-
ച്ചില്ല്യുമാനേറും ബഹുമാനിച്ചു സൽക്കരിച്ചാൻ.
നൃത്യത്താൽ തളർന്നു തൻ വളകളൂരിവീണും [10
പൃഥ്വിയിൽ മല്ലികപ്പൂ പൊഴിഞ്ഞുമൊരുനാരി
ചാരത്തുനില്ക്കും വേണുധരനാം ഭഗവാന്റെ-
വാതുററ ഗളം ഗ്രഹിച്ചീടിനാൾ കരത്തിനാൽ. 11
ചന്ദനച്ചാറു പൂശിയുത്പലഗന്ധം ചിന്തി-
ത്തന്നുടെ ഗളമാളും നന്ദജകരാംബുജം
അന്യയാമൊരുനാരി മണത്തു രോമം ചീർത്തി-
ട്ടന്യൂനമോദത്തോടും ചുംബിച്ചാൾ, ഭാഗ്യമത്രേ.
നാട്യത്താൽ ചഞ്ചലിക്കും കാതിലതൻ
കാന്തിയാ-
ലേററവും മിനുമിനുത്തീടുമാ ഗണ്ഡസ്ഥലം
തന്നുടെ കവിളത്തു ചേർത്തു നിന്നീടുന്നൊരു
തന്വങ്ഗിക്കേകീടിനാൻ താംബൂലരസം
കൃഷ്ണൻ. 12-13
ആടിയും പാടിയും കാൽച്ചിലമ്പുമരഞ്ഞാണും
ധാടിയാൽ കിലുക്കിയും മോടിയാന്നൊരുതന്വി
അവശയായി പാർശ്വസ്ഥിതനാം ഭഗവാൻതൻ
ശിവദം കരം പിടിച്ചണച്ചാൾ സ്തനങ്ങളിൽ. 14
ഈവിധം പൂമാതുതന്നേകാന്തകാന്തനാകും
ഗോവിന്ദഭഗവാനെബ്ഭർത്താവായ് ലഭിച്ചഥ
തൽക്കരം ഗളത്തിൽ ചേർത്തവനേക്കുറിച്ചുതാ-
നുൽകൃഷ്ടഗാനംപാടി ഗോപിമാർ
വിഹരിച്ചാർ. 15
കർണ്ണോത്പലാളകങ്ങൾകൊണ്ടലങ്കൃതങ്ങളാം
ഗണ്ഡസ്ഥലങ്ങൾകൊണ്ടും വിയർപ്പുനീരത്താലും
ആനനശ്രീയേററിയും മൗലിയിലണിഞ്ഞീടും
സൂനമാലകളെല്ലാം പൊഴിഞ്ഞുമഗ്ഗോപികൾ
പൊങ്ങും നൂപുരകാഞ്ചീവാദ്യഘോഷങ്ങളോടും
ഭൃംഗഗായകചാരുസംഗീതമേളത്തോടും
സംഗതമാകുംവിധമാ രാസരങ്ഗംതന്നിൽ
ഭംഗിയായ് ഭഗവാനോടൊത്തു നർത്തനം-
ചെയ്താർ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം പരിഷ്വങ്ഗകരാഭിമർശ-
സ്നിഗ്ദ്ധേക്ഷണോദ്ദാമവിലാസഹാസൈഃ
രേമേ രമേശോ വ്രജസുന്ദരീഭി-
ര്യഥാർഭകഃ സ്വപ്രതിബിംബവിഭ്രമഃ. 17

തദങ്ഗസങ്ഗപ്രമുദാകുലേന്ദ്രിയാഃ
കേശാൻ ദുകൂലം കുചപട്ടികാം വാ
നാഞ്ജഃ പ്രതിവ്യോഢുമലം വ്രജസ്ത്രിയോ
വിസ്രസ്തമാലാഭരണാഃ കുരൂദ്വഹ! 18

കൃഷ്ണവിക്രീഡിതം വീക്ഷ്യ മുമുഹുഃ ഖേചരസ്ത്രിയഃ
കാമാർദ്ദിതാഃ ശശാങ്കശ്ച സഗണോ വിസ്മിതോ/ഭവത്. 19

കൃത്വാ താവന്തമാത്മാനം യാവതീർഗ്ഗോപയോഷിതഃ
രേമേ സ ഭഗവാംസ്താഭിരാത്മാരാമോ/പി ലീലയാ. 20

താസാമതിവിഹാരേണ ശ്രാന്താനാം വദനാനി സഃ
പ്രാമൃജത് കരുണഃ പ്രേമ്ണാ ശന്തമേനാങ്ഗപാണിനാ. 21

ഗോപ്യഃ സ്ഫുരത്പുരടകുണ്ഡലകുന്തളത്വിഡ്-
ഗണ്ഡശ്രിയാ സുധിതഹാസനിരീക്ഷണേന
മാനം ദധത്യ ഋഷഭസ്യ ജഗുഃ കൃതാനി
പുണ്യാനി തത്കരരുഹസ്പർശപ്രമോദാഃ. 22

താഭിര്യുതഃ ശ്രമമപോഹിതുമങ്ഗസങ്ഗ-
ഘൃഷ്ടസ്രജഃ സ കുചകുങ്കുമരഞ്ജിതായാഃ
ഗന്ധർവ്വപാളിഭിരനുദ്രുത ആവിശദ്വാഃ
ശ്രാന്തോ ഗജീഭിരിഭരാഡിവ ഭിന്നസേതുഃ. 23

സോ/ംഭസ്യലം യുവതിഭിഃ പരിഷിച്യമാനഃ
പ്രേമ്ണേക്ഷിതഃ പ്രഹസതീഭിരിതസ്തതോ/ങ്ഗ
വൈമാനികൈഃ കുസുമവർഷിഭിരീഡ്യമാനോ
രേമേ സ്വയം സ്വരതിരത്ര ഗജേന്ദ്രലീലഃ. 24

തതശ്ച കൃഷ്ണോപവനേ ജലസ്ഥല-
പ്രസൂനഗന്ധാനിലജുഷ്ടദിക്തടേ
ചചാര ഭൃങ്ഗപ്രമദാഗണാവൃതോ
യഥാ മദച്യുദ്ദ്വിരദഃ കരേണുഭിഃ. 25

ഏവം ശശാങ്കാംശുവിരാജിതാ നിശാഃ
സ സത്യകാമോ/നുരതാബലാഗണഃ
സിഷേവ ആത്മന്യവരുദ്ധസൗരതഃ
സർവ്വാഃ ശരത്കാവ്യകഥാരസാശ്രയാഃ. 26

രാജോവാച

സംസ്ഥാപനായ ധർമ്മസ്യ പ്രശമായേതരസ്യ ച
അവതീർണ്ണോ ഹി ഭഗവാനംശേന ജഗദീശ്വരഃ. 27

സ കഥം ധർമ്മസേതൂനാം വക്താ കർത്താഭിരക്ഷിതാ
പ്രതീപമാചരദ്, ബ്രഹ്മൻ, പരദാരാഭിമർശനം. 28

ആപ്തകാമോ യദുപതിഃ കൃതവാൻ വൈ ജുഗുപ്സിതം
കിമഭിപ്രായ ഏതം നഃ സംശയം ഛിന്ധി, സുവ്രത. 29

ശ്രീശുക ഉവാച

ധർമ്മവ്യതിക്രമോ ദൃഷ്ട ഈശ്വരാണാം ച സാഹസം
തേജീയസാം ന ദോഷായ വഹ്നേഃ സർവ്വഭുജോ യഥാ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊരുതട്ടിലാലിങ്ഗനം, കരസ്പർശനം, സ്നിഗ്ദ്ധ-
പ്രേമവീക്ഷണം ഹാസവിലാസമിത്യാദിയാൽ
പ്രതിബിംബങ്ങളാം വച്ചു കളിക്കും ബാലൻമട്ട-
സ്സ്തുതികളോടു ചേർന്നു രമേശൻ രമിച്ചതേ. 17
തങ്ങ്ഗസങ്ങ്ഗത്തിനാൽ വളർന്ന സന്തോഷ-
ത്താൽ
നിതരാമിന്ദ്രിയങ്ങളും തളർന്നു മാല്യങ്ങളും
ഭൂഷണങ്ങളുമഴിഞ്ഞാ വ്രജവധൂടികൾ
കേശവും പൂഞ്ചേലയും പയോജാവരണവും
പെട്ടെന്നു കെട്ടുവാനും ശരിയായ് ധരിപ്പാനു-
മൊട്ടുമേ ശേഷി ശേഷിക്കാത്തവരായ്-
ഭവിച്ചാർ. 18
കണ്ണന്റെ കളിയിതു കണ്ടു കാമാർത്തിപൂണ്ടു
വിണ്ണവസ്ത്രീകളെല്ലാംമോഹിച്ചു വീണീടിനാർ.
മതിയുമിതു നോക്കി സ്സ്വഗണങ്ങളോടൊത്തു
ഗതിയെന്നിയേ നിന്നാൻ വിസ്മയപ്പെട്ടു-
പാരം. 19
ഭൂമീവല്ലഭാ! പിന്നെബ്ഭഗവാൻ കൃഷ്ണനാത്മാ-
രാമനെന്നിരിക്കിലും കാരുണ്യപൂരത്തിനാൽ
ഓരോ നാരിക്കുമോരോ കൃഷ്ണനായിച്ചമഞ്ഞും
നേരേ രമിപ്പിച്ചാനാ വല്ലവാങ്ഗനമാരെ. 20
അതിരററുള്ളതാമാ ലീലയാൽ തളർന്ന ത-
ദ്വദനാംബുജങ്ങളെക്കരുണാനിധിയാകും
ഭഗവാൻ ശ്രീമുകുന്ദനതിസൗഖ്യദമാകും
സ്വകരസരോജത്താൽ മന്ദമായ്
തലോടിനാൻ. 21
ഭഗവൽകരനഖസ്പർശത്താലഗ്ഗോപികാ-
നികരം പാരമാററാദാംബുധീനിമഗ്നമായ്
മിന്നിടും സ്വർണ്ണകർണ്ണഭൂഷകം ചാരുകേശ-
മെന്നിവതൻ കാന്തിയാൽ വിളങ്ങും
ഗണ്ഡത്തോടും
മന്ദഹാസാഞ്ചിതമാമമൃതകടാക്ഷത്താ-
ലന്യൂനം പ്രാണേശനെ മാനിച്ചു സൽക്ക-
രിച്ചാർ.
പിന്നെയേവരും ചേർന്നു സന്തോഷപുരസ്സരം
പുണ്യദമാകും ഹരികീർത്തനം പാടീടിനാർ. 22
അങ്ഗസങ്ഗത്താൽ മാല ഭഞ്ജിച്ചു ശരീരത്തി
ലെങ്ങുമേ കുചകുംഭകുങ്കുമം വ്യാപിച്ചെഴും
അത്തന്വിമാരോടൊത്തു, ഗന്ധർവ്വശ്രേഷ്ഠതുല്യ-
മത്തഭൃങ്ഗാവലി പിന്തുടർന്നു താന്തനായി
ക്ഷീണമാററുവാനാററിൽ ഭഗവാൻ സേതു ഭേദി-
ച്ചാന, തൻ പിടികളൊത്തെന്നമട്ടിറങ്ങി-
നാൻ. 23
അഴകിൽ ചിരിച്ചുകൊണ്ടങ്ങിങ്ങു വെള്ളം
തെററി-
യൊഴിച്ചമ്മൃഗക്കണ്ണികൾ രാഗസൂചകമായി
വിട്ടിടും കടാക്ഷങ്ങളേററുമാ വൈമാനികർ
തുഷ്ടരായ് വന്നു മലർമാരി വർഷിച്ചു പാരം

സ്തുതികളന്നു കേട്ടു മുദിതനായ് ലക്ഷ്മീ-
പതി,യാത്മാവിൽ സ്വയം രമിപ്പോ-
നെന്നാകിലും,
ഈവിധം സലിലത്തിൽ ഗജേന്ദ്രലീലതാനേ-
യാ വധൂമണികളോടാചരിച്ചാരമിച്ചാൻ. 24
പിന്നെയജ്ജലത്തിലും കരയ്ക്കും വികസിച്ചു-
നിന്നീടും പുഷ്പങ്ങൾതൻ സുഗന്ധം വഹിച്ചീടും
മന്ദമാരുതൻ ലാത്തും സുന്ദരാരാമംതന്നി-
ലിന്ദിന്ദിരങ്ങളാലും സുന്ദരീവൃന്ദത്താലും
പരീതനായി മദംപൊട്ടിയ കരിവീരൻ,
കരേണുഗണത്തോടൊത്തെന്നപോൽ-
സഞ്ചരിച്ചാൻ. 25
ശശാങ്കകരങ്ങളാൽ പ്രശോഭിക്കുമശ്ശര-
ന്നിശകളെക്കുറിച്ചു രസജ്ഞകവീശ്വരർ
ഏതേതുവിധമുള്ള കഥകൾ രസങ്ങളും
ചാതുര്യമോടു വർണ്ണിച്ചീടുമോ കാവ്യങ്ങളിൽ
അതുകൾക്കാസ്പദങ്ങളായിടും ബഹുലീലാ-
വിധങ്ങളനക്ഷരവരമായൊത്താന്നു
സത്യസങ്കല്പനാകും കൃഷ്ണനാത്മാവിലവ-
രുദ്ധസൗരതനായന്നിശകൾ സേവിച്ചിതേ. 26

രാജാവു പറഞ്ഞു

ധർമ്മസ്ഥാപനത്തിനും ലോകത്തിലധർമ്മ-
ത്തിൻ-
നിർമ്മൂലച്ഛേദത്തിനുമല്ലയോ മഹാമുനേ!
സ്വാംശമാം, ബലഭദ്രരാമനോടൊത്തു യദു-
വംശത്തിലവതാരമാർന്നതു നാരായണൻ. 27
ധർമ്മമര്യാദകൾക്കു കർത്താവും വക്താവുമാ-
മമ്മഹാനവയെല്ലാം നേരേ വിരുദ്ധമായി
പിന്നെയെങ്ങനെ പരദാരസങ്ഗമത്തിനു
സന്നദ്ധനായതെന്നു ചൊല്ലുക മഹാമതേ! 28
ആപ്തകാമനാം ഹരിയെന്തഭിപ്രായത്തിന്മേൽ
നിർഭരം നിഷിദ്ധമാമീ കൃത്യമാചരിച്ചു
ഞങ്ങൾക്കുദിച്ചതാമീ സന്ദേഹം സുവ്രതാഢ്യ-
നങ്ങുന്നിദാനീം തീർത്തുതന്നാലും യോഗീ-
ശ്വരാ! 29

ശ്രീശുകൻ പറഞ്ഞു

അതിതേജസ്സാർന്നീടുമീശ്വരന്മാർക്കു ധർമ്മ-
വ്യതിക്രമങ്ങളും വൻസാഹസകർമ്മങ്ങളും
കാണുന്നു സാധാരണമായിഹ, തന്മൂലമായ്
ഹാനിയേതുമേയവർക്കില്ലെന്നു ധരിച്ചാലും!
ശിഷ്ടദുഷ്ടങ്ങളായ സർവ്വവസ്തുക്കളേയും
പെട്ടെന്നു ഭക്ഷിക്കുന്നുണ്ടഗ്നിയെന്നിരിക്കിലും
ഒട്ടുമേയശുദ്ധിയില്ലതിന്നു നല്ലതേറെ
ദുഷ്ടമാം പദാർത്ഥത്തെ ശുദ്ധമാക്കുന്നതാനും. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൈതത് സമാചരേജ്ജാതു മനസാപി ഹ്യനീശ്വരഃ
വിനശ്യത്യാചരൻ മൌഢ്യാദ്യഥാരുദ്രോഽബ്ധിജം വിഷം. 31

ഈശ്വരാണാം വചഃ സത്യം തഥൈവാചരിതം ക്വചിത്
തേഷാം യത് സ്വവചോയുക്തം ബുദ്ധിമാംസ്തത് സമാചരേത്. 32

കുശലാചരിതേനൈഷാമിഹ സ്വാർത്ഥോ ന വിദ്യതേ
വിപര്യയേണ വാഽനർത്ഥോ നിരഹംകാരിണാം, പ്രഭോ. 33

കിമുതാഖിലസത്ത്വാനാം തിര്യങ്മർത്ത്യദിവൌകസാം
ഈശിതുശ്ചേശിതവ്യാനാം കുശലാകുശലാന്വയഃ. 34

യത്പാദപങ്കജപരാഗനിഷേവതൃപ്താ
യോഗപ്രഭാവവിധുതാഖിലകർമ്മബന്ധാഃ
സ്വൈരം ചരന്തി മുനയോഽപി ന നഹ്യമാനാ-
സ്തസ്യേച്ഛയാഽഽത്ത വപുഷഃ കത ഏവ ബന്ധഃ. 35

ഗോപീനാം തത്പതീനാം ച സർവ്വേഷാമേവ ദേഹിനാം
യോഽന്തശ്ചരതി സോഽദ്ധ്യക്ഷഃ ക്രീഡനേനേഹ ദേഹഭാക്. 36

അനുഗ്രഹായ ഭൂതാനാം മാനുഷം ദേഹമാസ്ഥിതഃ
ഭജതേ താദൃശീഃ ക്രീഡാ യാഃ ശ്രുത്വാ തത്പരോ ഭവേത്. 37

നാസൂയൻ ഖലു കൃഷ്ണായ മോഹിതാസ്തസ്യ മായയാ
മന്യമാനാഃ സ്വപാർശ്വസ്ഥാൻ സ്വാൻ സ്വാൻ ദാരാൻ
വ്രജൌകസഃ. 38

ബ്രഹ്മരാത്ര ഉപാവൃത്തേ വാസുദേവാനുമോദിതാഃ
അനിച്ഛന്ത്യോ യയുർഗ്ഗോപ്യഃ സ്വഗൃഹാൻ ഭഗവത്പ്രിയാഃ. 39

വിക്രീഡിതം വ്രജവധൂഭിരിദം ച വിഷ്ണോഃ
ശ്രദ്ധാന്വിതോഽനുശൃണുയാദഥ വർണ്ണയേദ്യഃ
ഭക്തിം പരാം ഭഗവതി പ്രതിലഭ്യ കാമം
ഹൃദ്രോഗമാശ്വപഹിനോത്യചിരേണ ധീരഃ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
രാസക്രീഡാവർണ്ണനം നാമ ത്രയസ്ത്രിംശത്തമോഽദ്ധ്യായഃ

ചതുസ്ത്രിംശത്തമോഽദ്ധ്യായഃ

ശ്രീശുക ഉവാച

ഏകദാ ദേവയാത്രായാം ഗോപാലാ ജാതകൌതുകാഃ
അനോഭിരനഡുദ്യുക്തൈഃ പ്രയയുസ്തേഽംബികാവനം. 1

തത്ര സ്നാത്വാ സരസ്വത്യാം ദേവം പശുപതിം വിഭും
ആനർച്ചുരർഹണൈർഭക്ത്യാ ദേവീം ച നൃപതേഽംബികാം. 2

ഗാവോ ഹിരണ്യം വാസാംസി മധു മധ്വന്നമാദൃതാഃ
ബ്രാഹ്മണേഭ്യോ ദദുഃ സർവ്വേ ദേവോ നഃ പ്രീയതാമിതി. 3

ഊഷുഃ സരസ്വതീ തീരേ ജലം പ്രാശ്യ ധൃതവ്രതാഃ
രജനീം താം മഹാഭാഗാ നന്ദസുനന്ദകാദയഃ. 4

കശ്ചിന്മഹാനഹിസ്തസ്മിൻ വിപിനേഽതിബുഭുക്ഷിതഃ
യദൃച്ഛയാഽഽഗതോ നന്ദം ശയാനമുരഗോഽഗ്രസീത്. 5

സ ചുക്രോശാഹിനാ ഗ്രസ്തഃ ''കൃഷ്ണ, കൃഷ്ണ, മഹാനയം
സർപ്പോ മാം ഗ്രസതേ, താത, പ്രപന്നം പരിമോചയ.'' 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശ്വരനല്ലാത്തവൻ തത്കർമ്മങ്ങളെധരാ-
ധീശ്വരാ! സമാചരിക്കരുതു മനംകൊണ്ടും
അറിവററായതാചരിക്കവോനബ്ധിജാതം
ഗരളമശിച്ചീടമരുദ്രൻപോൽ നശിക്കും. 31
ഈശ്വരന്മാർതൻ വചസ്സെപ്പൊഴും സത്യമത്രേ!
നിശ്ചയം തത്കർമ്മങ്ങൾ ചിലതേ സത്യമാവൂ.
സത്യമാമാവാക്യത്തെത്തിരിച്ചറിഞ്ഞു നിത്യം
ബുദ്ധിമാൻ പ്രവർത്തിച്ചുകൊള്ളണമതേ നല്ലൂ. 32
അഹന്തയററോരവക്കിയലും സത്കർമ്മത്താ-
ലിഹത്തിലവക്കില്ല തെല്ലുമേ പ്രയോജനം.
അതുപോൽ വിപരീതാചരണംകൊണ്ടു ചെറ്റും
ക്ഷിതിപാലകമൗലേ! ദോഷവുമവക്കില്ല. 33
സുരന്മാർ നരർ തിര്യക്കിത്യാദി നാനാരൂപം
ധരിക്കും സർവ്വസത്വസഞ്ചയത്തേയും നിത്യം
നന്മട്ടു നിയന്ത്രിക്കുമീശനു പുണ്യപാപ-
സംബന്ധമെവിടെനിന്നെങ്ങനെ-
യുണ്ടായിടും? 34
ആരുടെ പാദാംബുജപാംസുസേവനത്താലേ
പൂരിതകാമന്മാരാം ഭക്തരും കർമ്മബന്ധം
യോഗത്താൽച്ഛേദിച്ചുള്ള യോഗീന്ദ്രന്മാരും
ജ്ഞാന-
യോഗികൾ മുനിമാരും ചരിപ്പൂ ബന്ധമെന്യേ.
സ്വേച്ഛയാൽ ശരീരത്തെദ്ധരിച്ചു ശോഭിക്കുമാ-
വിശ്വാത്മാ ഭഗവാനു ബന്ധമെങ്ങനെ-
യുണ്ടാം? 35
വല്ലവസ്ത്രീകൾക്കും തദ്വല്ലഭന്മാക്കും പിന്നെ-
യെല്ലാ ശരീരികൾക്കുമുള്ളത്തിൽ സഞ്ചരിക്കും
ബുദ്ധീന്ദ്രിയാദ്യദ്ധ്യക്ഷൻ ഭഗവാൻ
ഹൃഷീകേശൻ
മൂത്തിയെദ്ധരിക്കുന്നു ലീലയായെന്നേയുള്ളൂ. 36
ഭൂതാനുഗ്രഹത്തിനായ് മാനുഷവേഷമാന്നീ
ഭൂതലംതന്നിലവതരിച്ചോരീ മുകുന്ദൻ
ഏതൊന്നു കേട്ടാൽ ജനമതിലാസക്തമാമോ
താദൃശലീലയെല്ലാമാചരിച്ചീടുന്നിതേ. 37
ഈശ്വരമായയാലേ മോഹിതന്മാരാം ഗോഷ്ഠ-
വാസികൾ ഭാര്യമാരെത്തത്സമീപസ്ഥരായി
പാത്തുമൂലമിതിൽ കൃഷ്ണനോടവക്കാക്കും
ചെറുമേ നിന്ദാഭാവമുളവായതുമില്ല. 38
ബ്രാഹ്മമാകും മുഹൂത്തമെത്തവേ ഭഗവാന്റെ
സമ്മതത്തോടുകൂടി തൽപ്രിയമാരായിടും
ഗോപികൾ പോകാനിച്ഛയില്ലാത്തോരാ-
യീടിലും
പ്രാപിച്ചാർ നിജനിജനിലയം നൃപോ-
ത്തമാ! 39

ഏതവൻ ശ്രദ്ധാപൂവം ഗോപികളൊത്ത
ദൈത്യാ-
രാതിതൻ ലീലയിതു കേട്ടിടും, കീർത്തിച്ചിടും,
ധീമാനാമവൻ മഹാവിഷ്ണുവിലുത്കൃഷ്ടമാം
പ്രേമസംയുക്തഭക്തി കൈവന്നു, നിഷ്ടയാസം
കാമമായീടും നിജഹൃദയരോഗം വേഗം
ഭൂമീശശിഖാമണേ! ശമിപ്പിച്ചീടുന്നിതു. 40

അദ്ധ്യായം 34

നന്ദന്റെ സർപ്പമോചനം—ശങ്ഖചൂഡവധം

ശ്രീശുകൻ പറഞ്ഞു

ശിവയാത്രോത്സവത്തിലുത്സുകന്മാരായൊരു-
ദിവസം വല്ലവന്മാരെല്ലാരുമൊത്തുകൂടി
കാളവണ്ടികളേറി മഥുരാപുരംതന്നി-
ലാളുമംബികാവനംതന്നിലേക്കാശു
പോയാർ. 1
അവിടെസ്സരസ്വതീനദിയിൽ സ്നാനംചെയ്തി-
ട്ടവരാ വിഭുവാകും ഭഗവാൻ ഹരനേയും
അംബികാദേവിയേയും ധൂപദീപാദ്യങ്ങളാൽ
സമ്മോദപുരസ്സരമച്ചനംചെയ്തീടിനാർ. 2
തങ്ങളിൽ തോഷിക്കണമീശ്വരനെന്നായ്
ധ്യാനി-
ച്ചങ്ങവർ ഗോക്കളേയും മധുവും സുവർണ്ണവും
മധുരാന്നവും വസ്ത്രരാശിയും ബ്രാഹ്മണക്കായ്
ക്ഷിതിപാലകാ! മനംതെളിഞ്ഞു
ദാനംചെയ്താർ. 3
നന്ദനും സുനന്ദകാദ്യരുമാം മഹാഭാഗ-
രന്നരാവിലേമുതലന്നദീതീരംതന്നിൽ
വ്രതത്തോടംബുമാത്രമശിച്ചുകൊണ്ടംബികാ-
പതിയാം ഭഗവാനെസ്സേവചെയ്താവസി-
ച്ചാർ. 4
അക്കാട്ടിൽ ബുഭുക്ഷുവായ് നിസ്സംബ്ദം
സഞ്ചരിക്കു-
മുഗ്രനാമൊരുസപ്പം വന്നുടൻ യാദൃച്ഛികം
ഉറങ്ങിക്കിടന്നീടുമന്നന്ദഗോപൻതന്റെ-
യരികത്തണഞ്ഞുടനവനെ ഗ്രസിച്ചിതു. 5
അഹിഗ്രസ്തനാമവനാ''ഹന്ത! കൃഷ്ണാ! കൃഷ്ണാ!
ഗ്രഹിച്ചാനൊരു മഹാപന്നഗമമെന്നെയിപ്പോൾ
ശരണാഗതനാകുമെന്നെ നീയിക്ഷണത്തിൽ
പരിരക്ഷി''ക്കെന്നുച്ചം വിളിച്ചു കര-
ഞ്ഞിതേ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ചാക്രന്ദിതം ശ്രുത്വാ ഗോപാലാഃ സഹസോത്ഥിതാഃ
ഗ്രസ്തം ച ദൃഷ്ട്വാ വിഭ്രാന്താഃ സർപ്പം വിവ്യധുരുല്മുകൈഃ. 7
അലാതൈർദ്ദഹ്യമാനോ/പി നാമുഞ്ചത്തമുരങ്ഗമഃ
തമസ്പൃശത് പദാഭ്യേത്യ ഭഗവാൻ സാത്വതാം പതിഃ. 8
സ വൈ ഭഗവതഃ ശ്രീമത് പാദസ്പർശഹതാശുഭഃ
ഭേജേ സർപ്പവപുർഹിത്വാ രൂപം വിദ്യാധരാർച്ചിതം. 9
തമപൃച്ഛദ്ധൃഷീകേശഃ പ്രണതം സമുപസ്ഥിതം
ദീപ്യമാനേന വപുഷാ പുരുഷം ഹേമമാലിനം. 10
''കോ ഭവാൻ പരയാ ലക്ഷ്മ്യാ രോചതേ/ദ്ഭുതദർശനഃ
കഥം ജുഗുപ്സിതാമേതാം ഗതിം വാ പ്രാപിതോ/വശഃ.'' 11

സർപ്പ ഉവാച

''അഹം വിദ്യാധരഃ കശ്ചിത് സുദർശന ഇതി ശ്രുതഃ
ശ്രിയാ സ്വരൂപസമ്പത്ത്യാ വിമാനേനാചരം ദിശഃ. 12
ഋഷീൻ വിരൂപാനങ്ഗിരസഃ പ്രാഹസം രൂപദർപ്പിതഃ
തൈരിമാം പ്രാപിതോ യോനിം പ്രലബ്ധൈഃ സ്വേന പാപ്മനാ. 13
ശാപോ മേ/നുഗ്രഹായൈവ കൃതസ്തൈഃ കരുണാത്മഭിഃ
യദഹം ലോകഗുരുണാ പദാ സ്പൃഷ്ടോ ഹതാശുഭഃ. 14
തം ത്വാഹം ഭവഭീതാനാം പ്രപന്നാനാം ഭയാപഹം
ആപൃച്ഛേ ശാപനിർമ്മുക്തഃ പാദസ്പർശാദമീവഹൻ. 15
പ്രപന്നോ/സ്മി മഹായോഗിൻ, മഹാപുരുഷ, സത്പതേ,
അനുജാനീഹി മാം ദേവ, സർവ്വലോകേശ്വരേശ്വര
ബ്രഹ്മദണ്ഡാദ്വിമുക്തോ/ഹം സദ്യസ്തേ/ച്യുതദർശനാത്. 16
യന്നാമ ഗൃഹ്ണന്നഖിലാൻ ശ്രോതൄനാത്മാനമേവ ച
സദ്യഃ പുനാതി കിം ഭൂയസ്തസ്യ സ്പൃഷ്ടഃ പദാ ഹി തേ.'' 17
ഇത്യനുജ്ഞാപ്യ ദാശാർഹം പരിക്രമ്യാഭിവന്ദ്യ ച
സുദർശനോ ദിവം യാതഃ കൃച്ഛ്റാന്നന്ദശ്ച മോചിതഃ. 18

നിശാമ്യ കൃഷ്ണസ്യ തദാത്മവൈഭവം
വ്രജൌകസോ വിസ്മിതചേതസസ്തതഃ
സമാപ്യ തസ്മിൻ നിയമം പുനർവ്രജം
നൃപാ/യയുസ്തത് കഥയന്ത ആദൃതാഃ. 19

കദാചിദഥ ഗോവിന്ദോ രാമശ്ചാദ്ഭുതവിക്രമഃ
വിജഹ്രതുർവനേ രാത്ര്യാം മധ്യഗൌ വ്രജയോഷിതാം. 20
ഉപഗീയമാനൌ ലളിതം സ്ത്രീജനൈർബ്ബദ്ധസൌഹൃദൈഃ
സ്വലംകൃതാനുലിപ്താങ്ഗൌ സ്രഗ്വിണൌ വിരജോ/ംബരൌ. 21
നിശാമുഖം മാനയന്താവുദിതോഡുപതാരകം
മല്ലികാഗന്ധമത്താളിജുഷ്ടം കുമുദവായുനാ. 22
ജഗതുഃ സർവ്വഭൂതാനാം മനഃശ്രവണമങ്ഗളം
തൌ കല്പയന്തൌ യുഗപത് സ്വരമണ്ഡലമൂർച്ഛിതം. 23
ഗോപ്യസ്തദ്ഗീതമാകർണ്ണ്യ മൂർച്ഛിതാ നാവിദൻ നൃപ,
സ്രംസദ്ദുകൂലമാത്മാനം സ്രസ്തകേശസ്രജം തതഃ. 24
ഏവം വിക്രീഡിതോഃ സ്വൈരം ഗായതോഃ സമ്പ്രമത്തവത്
ശങ്ഖചൂഡ ഇതി ഖ്യാതോ ധനദാനുചരോ/ഭ്യഗാത്. 25
തയോർന്നിരീക്ഷതോ രാജംസ്തന്നാഥം പ്രമദാജനം
ക്രോശന്തം കാലയാമാസ ദിശ്യുദീച്യാമശങ്കിതഃ. 26
ക്രോശന്തം കൃഷ്ണ, രാമേതി വിലോക്യ സ്വപരിഗ്രഹം
യഥാ ഗാ ദസ്യുനാ ഗ്രസ്താ ഭ്രാതരാവന്വധാവതാം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തന്നിലവിളി കേട്ട ഗോപന്മാരെഴുന്നേററു-
ചെന്നുടൻ നന്ദൻ സർപ്പഗ്രസ്തനെന്നതു കണ്ടു
വിഭ്രാന്തരായിപ്പാരം തീക്കൊള്ളിക്കണകൊണ്ടു
സർപ്പത്തെക്കണക്കററു താഡനംചെയ്തീടിനാർ.
7
ഊക്കിലത്തീക്കൊള്ളികൾകൊണ്ടേത്ര
താഡിച്ചിട്ടു-
മൂക്കനാം ഭുജംഗമം നന്ദനെ വിട്ടതില്ല.
പിന്നെയമ്പ് ഭഗവാൻ ശ്രീമാധവനാഗമിച്ചു-
പ്പന്നഗശരീരത്തിൽ പാദത്താൽ
തലോടിനാൻ. 8
ഭഗവത്പാദാംബുജസ്പർശത്താലഘമെല്ലാ-
മകന്നു സർപ്പദേഹം വെടിഞ്ഞു മാത്രസ്സവൻ.
വിദ്യാധരാരാധിതമായിട്ടും നിജ ചാരു-
മൂർത്തിയെയംഗീകരിച്ചേററവും വിളങ്ങിനാൻ.9
പൊന്മാലയിട്ടു സമുജ്ജ്വലിക്കും വപുസ്സോടും
ചെമ്മേ നമിക്കുമവനോടു നന്ദജൻ ചൊന്നാൻ.10
''ചൊന്നാലും സുന്ദരാംഗനാകുമങ്ങാരെന്നതും
നിന്ദ്യമാമീയവസ്ഥയാന്നതെങ്ങനെയെന്നും.''
11

സർപ്പം പറഞ്ഞു

''ഞാനൊരു ഗന്ധർവ്വൻ സുദർശനാഭിധൻ
വ്യോമ-
യാനത്തിൽ സുരൂപനായ് ചരിച്ചീടി-
നേനെങ്ങും. 12
ആംഗിരോവംശ്യരായി വൈരൂപ്യമാളുമൃഷി-
പുംഗവന്മാരെപ്പാരം സൗന്ദര്യഗർവ്വത്തിനാൽ
ഞാനപഹസിക്കയാൽ ശപിച്ചാരവരെന്നെ
ഹീനമീ സർപ്പജന്മം വരിച്ചേൻ പാപ--
ത്തിനാൽ. 13
അക്കരുണാത്മാക്കൾതൻ ശാപമിപ്പാപിഷ്ഠനു
പാർക്കിലനുഗ്രഹമായ്ത്തന്നെ തീർന്നി-
തിപ്പോൾ
ജഗൽപ്പൂജ്യനാമങ്ങേപ്പാദസംസ്പർശത്താലെൻ
സകലപാപങ്ങളുമററു ഞാൻ ശുദ്ധനായേൻ. 14
ദുരിതവിനാശനാ! സംസാരഭീതരായി-
ശ്ശരണംഗമിക്കുവോർക്കഭയമേകും വിഭോ!
തൃക്കഴൽത്തളിരാലേ തടവീടിനമൂലം
ദുഷ്കൃതമകന്ന ഞാനൊന്നിരക്കുന്നു ഹരേ! 15
സത്പതേ! മഹായോഗിൻ! പുരുഷോത്തമാ!
വിഷ്ണോ!
മുപ്പാരിന്നധീശർക്കുമീശ്വരാ! ഭക്തപാലാ!
ശരണാഗതനാകുമെനിക്കു പോയീടുവാൻ
തരണമനുവാദം നിന്തിരുവടിയിപ്പോൾ.
അച്യുതാ! മുക്തനായി ഞാൻ ഭവദ്ദർശനത്താ-
ലുച്ചണ്ഡമാകും ബ്രഹ്മശാപത്തിൽനിന്നത്യരം.
16

നിന്തിരുനാമം കീർത്തിച്ചീടുവോനപ്പോൾ-
ത്തന്നെ
സ്വാന്തമാത്മാവിനേയും കേൾക്കുന്ന ജനത്തേയും
ശുദ്ധമാക്കുന്നുണ്ടേകകാലത്തിൽ, പാദസ്പർശം
സിദ്ധമായെന്നാലുള്ള ഫലമെന്തോതിടേണ്ടു!''
17
ഈവിധമനുവാദം വാങ്ങിയസ്സുദർശനൻ
ദേവനെ വലംവച്ചു കൂപ്പി വിണ്ണണഞ്ഞുതേ.
നന്ദനും പണിപ്പെട്ടു മോചിതനായാനേവം
പന്നഗഗ്രഹണമാം സങ്കടംതന്നിൽനിന്നും. 18
നന്ദജമാഹാത്മ്യമിതീക്ഷിച്ചു ഗോഷ്ഠവാസീ-
സന്ദോഹമത്യാശ്ചര്യവാരിധിമഗ്നരായി
അക്കഥ ചൊല്ലിക്കൊണ്ടു കൃഷ്ണനിലത്യാദര-
യുക്തരായ് ഗോകുലത്തെഗ്ഗമിച്ചാർ മന്ദം മന്ദം.
അത്യന്തം പരാക്രമശാലികളാകും ബല- 19
ഭദ്രനും കൃഷ്ണൻതാനും പിന്നെയങ്ങൊരു രാവിൽ
വല്ലവസ്ത്രീകളൊത്തു കാനനത്തിൽ കടന്നു
സോല്ലാസം സഞ്ചരിച്ചാർ ലീലാ-
ലാലസരായി. 20
പ്രേമധാമങ്ങളാമഗ്ഗോപിമാർതന്മദ്ധ്യത്തിൽ
രാമനും കൃഷ്ണൻതാനുമവരാൽ സ്തുതരായി
മാലകളിട്ടു മെയ്യിൽ ചന്ദനം പൂശി നല്ല
ചേലയും ഭൂഷകളുമണിഞ്ഞു ശോഭിച്ചിതു. 21
ചന്ദ്രനും താരങ്ങളുമുദിച്ചു മല്ലപ്പൂവിൻ
ഗന്ധത്താൽ മദംപൂണ്ടു വണ്ടുകൾ സേവിപ്പതാം
കുമുദസൗരഭിലമാരുതൻ വീശും സന്ധ്യാ-
സമയത്തിനുചേരും വേഷത്തിലുല്ലസിച്ചാർ.
22
സപ്തസ്വരാരോഹണാവരോഹണങ്ങളൊന്നി-
ച്ചൊപ്പിച്ചു തുടന്നിട്ടും തന്മനോഹരഗാനം
സകലജീവിജാലമാനസകർണ്ണങ്ങൾക്കും
നികാമം സന്മംഗലദായകമായ് ഭവിച്ചു. 23
ഗോപികമാരപ്പാട്ടു കേട്ടു മൂർച്ഛിച്ചു പാരം
ഭൂപതേ! ദേഹസ്മൃതിപോലുമില്ലാതെയായി.
ചേലകളഴിഞ്ഞതും കേശത്തിലണിഞ്ഞ പൂ-
മാലകൾ പൊഴിഞ്ഞതുമേതുമേയറിഞ്ഞീല. 24
ഈവിധം പ്രമത്തന്മാർമട്ടിലാ രാമൻതാനും
ദേവകീതനൂജനും പാടിക്കളിച്ചീടവേ
ശംഖചൂഡാഖ്യയാൽ വിഖ്യാതനാമക്കുബേര-
കിങ്കരനതിവേഗം നേക്കു വന്നെടുത്തിതു. 25
ശങ്കയററവനവർ കാൺകവേ കേണീടുമ-
ങ്ങങ്കമാരെയും ഹരിച്ചുത്തരദിക്കണഞ്ഞാൻ. 26
''ഹേ! കൃഷ്ണാ! രാമാ! രക്ഷിക്കേണമേ-
യെന്നിങ്ങനെ
ശോകത്താലുച്ചം കരഞ്ഞീടുമാ സ്വജനത്തെ
തസ്കരഗ്രസ്തപശുവൃന്ദത്തെപ്പോലെ പാലു-
ച്ചിക്കെന്നവൻെറ പിമ്പേ പാഞ്ഞിത-
സ്സോദരന്മാർ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''മാ ഭൈഷ്ട''ത്യഭയാരാവൗ ശാലഹസ്തൗ തരസ്വിനൗ
ആസേദതുസ്തം തരസാ ത്വരിതം ഗുഹ്യകാധമം. 28
സാ വീക്ഷ്യ താവനുപ്രാപ്തൗ കാലമൃത്യു ഇവോദ്വിജൻ
വിസൃജ്യ സ്ത്രീജനം മൂഢഃ പ്രാദ്രവജ്ജീവിതേച്ഛയാ. 29
തമന്വധാവദ് ഗോവിന്ദോ യത്ര യത്ര സ ധാവതി
ജിഹീർഷുസ്തച്ഛിരോരത്നം തസ്ഥൗ രക്ഷൻ സ്ത്രിയോ ബലഃ. 30
അവിദൂര ഇവാഭ്യേത്യ ശിരസ്തസ്യ ദുരാത്മനഃ
ജഹാര മുഷ്ടിനൈവാങ്ഗ, സഹചൂഡാമണിം വിഭുഃ. 31
ശങ്ഖചൂഡം നിഹത്യൈവം മണിമാദായ ഭാസ്വരം
അഗ്രജായാദദാത് പ്രീത്യാ പശ്യന്തീനാം ച യോഷിതാം. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ശങ്ഖചൂഡവധോ നാമ ചതുസ്ത്രിംശത്തമോഽധ്യായഃ

പഞ്ചത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച
ഗോപ്യഃ കൃഷ്ണേ വനം യാതേ തമനുദ്രുതചേതസഃ
കൃഷ്ണലീലാഃ പ്രഗായന്ത്യോ നിന്യുർദ്ദുഃഖേന വാസരാൻ. 1

ഗോപ്യ ഊചുഃ
വാമബാഹുകൃതവാമകപോലോ
വല്ഗിതഭ്രുരധരാർപ്പിതവേണും
കോമളാങ്ഗുലിഭിരാശ്രിതമാർഗ്ഗം
ഗോപ്യ ഈരയതി യത്ര മുകുന്ദഃ. 2
വ്യോമയാനവനിതാഃ സഹ സിദ്ധൈ-
ർവ്വിസ്മിതാസ്തദുപധാര്യ സലജ്ജാഃ
കാമമാർഗ്ഗണസമർപ്പിതചിത്താഃ
കശ്മലം യയുരപസ്മൃതനീവ്യഃ. 3
ഹന്ത ചിത്രമബലാഃ ശൃണുതേദം
ഹാരഹാസ ഉരസി സ്ഥിരവിദ്യുത്
നന്ദസൂനുരയമാർത്തജനാനാം
നർമ്മദോ യർഹി കൂജിതവേണുഃ. 4
വൃന്ദശോ വ്രജവൃഷാ മൃഗഗാവോ
വേണുവാദ്യഹൃതചേതസ ആരാത്
ദന്തദഷ്ടകബളാ ധൃതകർണ്ണാ
നിദ്രിതാ ലിഖിതചിത്രമിവാസൻ. 5
ബർഹിണസ്തബകധാതുപലാശൈ-
ർബ്ബദ്ധമല്ലപരിബർഹവിഡംബഃ
കർഹിചിത് സബല ആലി സഗോപൈ-
ർഗ്ഗാഃ സമാഹ്വയതി യത്ര മുകുന്ദഃ. 6
തർഹി ഭഗ്നഗതയഃ സരിതോ വൈ
തത്പദാംബുജരജോഽനിലനീതം
സ്പൃഹയതീർവയമിവാബഹുപുണ്യാഃ
പ്രേമവേപിതഭുജാഃ സ്തിമിതാപഃ. 7
അനുചരൈഃ സമനുവർണ്ണിതവീര്യ
ആദിപൂരുഷ ഇവാചലഭൂതിഃ
വനചരോ ഗിരിതടേഷു ചരന്തീ-
ർവ്വേണുനാഽഽഹ്വയതി ഗാഃ സ യദാ ഹി. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''പേടിച്ചീടായ്‌വി''നെന്നു ചൊല്ലിയ-
മോരോ പന
മൂടോടെ പിഴുതുടൻ പിടിച്ചും കരങ്ങളിൽ

കൂടുന്ന വേഗത്തിലഗ്ഗുഹ്യകാധമൻതൻെറ
കൂടെത്താനോടിയടുത്തീടിനാരിരുപേരും. 28

കാലമൃത്യുക്കളെന്നപോലവേ തൻ പിന്നാലെ
ചീളെന്നടുത്തീടുന്ന രാമഗോവിന്ദന്മാരെ

മൂഢനാമവൻ കണ്ടു പേടിച്ചാ സ്ത്രീകളെ വി-
ട്ടാടലോടോടീടിനാനാത്മരക്ഷയ്ക്കായ് ദ്രുതം. 29

തല്പിരോരത്നം പറിച്ചീടുവാനിച്ഛയോടു-
മച്യുതൻ വീണ്ടുമനുധാവനംചെയ്താനെങ്ങും.

വാമാക്ഷീജനങ്ങൾതൻ പരിരക്ഷണത്തിനായ്
കാമപാലനും നിലകൊണ്ടിതസ്ഥലം-
തന്നിൽ. 30

സമസ്തസമർത്ഥനാം ശ്രീഹരിയാഖ്ഖലൻതൻ
സമീപമെത്തിശ്ശീഘ്രം ചൂഡാരത്നത്തോടൊപ്പം

ഹരിച്ചീടിനാൻ നിജ മുഷ്ടിയാലാ ഗുഹ്യക-
ശിരസ്സും നിമിഷത്താൽ മേദിനീ-
പാലമൗലേ! 31

ഈമട്ടിൽ ശങ്ഖചൂഡൻതന്നെക്കൊന്നു-
ജ്ജ്വലത്താ-
മാ മണി ഹരിച്ചു തൻ സ്ത്രീജനം കാണ്കെത്തന്നെ

പ്രീതി കൈവരുത്തിയാ രത്നത്തെ രാമനായി-
സ്സാദരം സമർപ്പിച്ചാൻ ഭഗവാൻ ജനാർദ്ദനൻ.32

അദ്ധ്യായം 35

ഗോപീയുഗളഗീതം

ശ്രീശുകൻ പറഞ്ഞു

വനത്തിൽ ഗമിച്ചീടും നന്ദജനുടെ പിമ്പേ
മനസ്സു പൊയ്പോയുള്ള വല്ലവാങ്ഗനാവൃന്ദം

കണ്ണനെൻറ നാനാവിധലീലകൾ പാടി-
ക്കൊണ്ടു-
തന്നെയപ്പകലെല്ലാം കഴിച്ചുകൂട്ടീടിനാർ. 1

ഗോപികൾ പറഞ്ഞു

ഇടതു കയ്യിടത്തെക്കവിളിൽച്ചേർത്തു ചില്ലി-
ക്കൊടികളിളക്കിത്തൻ കോമളാങ്ഗുലികളാൽ

വേണുവിൻ സപ്തസ്വരദ്വാരങ്ങളടച്ചുമാ-
സ്ഥാനങ്ങൾ തുറന്നും ശ്രീമുകുന്ദൻ
വായിക്കുമ്പോൾ, 2

വ്യോമയാനത്തിൽ യാത്രചെയ്തീടും ഗന്ധർവ്വ-
സ്ത്രീ-
സ്തോമം സ്വകാന്തന്മാരോടൊന്നിച്ചു മേവീടിലും

ഗാനം കേട്ടാശ്ചര്യപ്പെട്ടനങ്ഗബാണാർത്തമാം
മാനസമാർന്നു നാണംകലർന്നു മോഹിച്ചിതു. 3

അല്ലയോ സഖിമാരേ! മറ്റൊരത്ഭുതം
കേൾപ്പിൻ
ഫുല്ലസുസ്മിതപ്രഭ ഹാരത്തിൽച്ചേർത്തിണക്കി

ആർത്തലോകത്തിൻ നർമ്മപ്രദനായ്
മാറിൽ നിത്യ-
വിദ്യുത്താർന്നിടും കൃഷ്ണൻ വേണുവായിച്ചി-
ടമ്പോൾ, 4

ദൂരത്തായ് വ്രജത്തിലെ ഗോവൃഷമൃഗങ്ങള-
ച്ചാരുഗാനത്താലപഹൃതമാനസരായി

തിന്നുവാനാർന്ന തൃണകബളം ദന്തങ്ങളിൽ-
ത്തന്നെവച്ചയവിറക്കീടാതെയുറങ്ങുമ്പോൾ

കണ്ണുകൾ കൂർപ്പിച്ചുമക്കണ്ണുകൾ പൂട്ടിക്കൊണ്ടും
നിന്നുപോയിതു ചിത്രലിഖിതങ്ങളെ-
പ്പോലെ. 5

മയിൽപ്പീലികൾ, മനയോല, പച്ചിലകളു-
മിയന്നു മല്ലവേഷധരനാം ശ്രീമുകുന്ദൻ

ബലയുക്തനായ് ഗോപന്മാരെയും
ഗോക്കളേയും
വിളിച്ചീടുന്നതെപ്പോൾക്കുഴലാലപ്പോൾ-
ത്തോഴീ! 6

കാററത്തു പറന്നിടും തൽപദാംബുജധൂളി-
യേററമാശിക്കുമല്പപുണ്യരാം നമ്മെപ്പോലെ

സ്നേഹത്താൽ കരങ്ങളെയിളക്കിയൊഴുക്കററു
വാഹിനികളും സ്തബ്ധാംബുക്കളായ്
ഭവിക്കുന്നു. 7

അനുഗാമികൾ വീര്യംവാഴ്ത്തീയുമാദ്യൻ പുമാൻ
കണക്കേയചഞ്ചലശ്രീ ധരിച്ചും നികാമം

വനചാരിയാം കൃഷ്ണൻ ഗിരിയിൽ മേവും പശു-
നിരയെയോടക്കുഴൽകൊണ്ടേപ്പോൾ
വിളിക്കുമോ, 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനലതാസ്തരവ ആത്മനി വിഷ്ണും
വ്യഞ്ജയന്ത്യ ഇവ പുഷ്പഫലാഢ്യാഃ
പ്രണതഭാരവിടപാ മധുധാരാഃ
പ്രേമഹൃഷ്ടതനവഃ സസൃജുഃ സ്മ. 9
ദർശനീയതിലകോ വനമാലാ-
ദിവ്യഗന്ധതുളസീമധുമത്തൈഃ
അളികലൈരലഘുഗീതമഭീഷ്ട-
മാദ്രിയൻ യർഹി സന്ധിതവേണുഃ. 10
സരസി സാരസഹംസവിഹങ്ഗാ-
ശ്ചാരുഗീതഹൃതചേതസ ഏത്യ
ഹരിമുപാസത തേ യതചിത്താ
ഹന്ത മീലിതദൃശോ ധൃതമൗനാഃ. 11
സഹബലഃ സ്രഗവതംസവിലാസഃ
സാനുഷു ക്ഷിതിഭൃതോ വ്രജദേവ്യഃ
ഹർഷയൻ യർഹി വേണുരവേണ
ജാതഹർഷ ഉപരംഭതി വിശ്വം. 12
മഹദതിക്രമണശങ്കിതചേതാ
മന്ദമന്ദമനുഗർജ്ജതി മേഘഃ
സുഹൃദമഭ്യവർഷത് സുമനോഭിഃ
ഛായയാ ച വിദധത് പ്രതപത്രം. 13
വിവിധഗോപചരണേഷു വിദഗ്ദ്ധോ
വേണുവാദ്യ ഉരുധാ നിജശിക്ഷാഃ
തവ സുതഃ സതി യദാധരബിംബേ
ദത്തവേണുരനയത് സ്വരജാതീഃ. 14
സ വനശസ്തദുപധാര്യ സുരേശാഃ
ശക്രശർവ്വപരമേഷ്ഠിപുരോഗാഃ
കവയ ആനതകന്ധരചിത്താഃ
കശ്മലം യയുരനിശ്ചിതതത്ത്വാഃ. 15
നിജപദാബ്ജദളൈർധ്വജവജ്ര-
നീരജാങ്കുശവിചിത്രലലാമൈഃ
വ്രജഭുവഃ ശമയൻ ഖുരതോദം
വർഷ്മധുര്യഗതിരീഡിതവേണുഃ. 16
വ്രജതി തേന വയം സവിലാസ-
വീക്ഷണാർപ്പിതമനോഭവവേഗാഃ
കുജഗതിം ഗമിതാ ന വിദാമഃ
കശ്മലേന കബരം വസനം വാ. 17
മണിധരഃ ക്വചിദാഗണയൻ ഗാ
മാലയാ ദയിതഗന്ധതുളസ്യാഃ
പ്രണയിനോഽനുചരസ്യ കദാംസേ
പ്രക്ഷിപൻ ഭുജമഗായത യത്ര. 18
ക്വണിതവേണുരവവഞ്ചിതചിത്താഃ
കൃഷ്ണമന്വസത കൃഷ്ണഗൃഹിണ്യഃ
ഗുണഗണാർണ്ണമനുഗത്യ ഹിരണ്യോ
ഗോപികാ ഇവ വിമുക്തഗൃഹാശാഃ. 19
കുന്ദദാമകൃതകൗതുകവേഷോ
ഗോപഗോധനവൃതോ യമുനായാം
നന്ദസൂനുരനഘേ തവ വത്സോ
നർമ്മദഃ പ്രണയിനാം വിജഹാര. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാനനത്തിലെത്തരുവൃന്ദവും ലതാളിയും
സ്വാനന്ദം ദ്യോതിപ്പിക്കും വിധത്തിലപ്പോശം,
ചിത്രം!

സൂനവും ഫലങ്ങളും നിറഞ്ഞു ഭാരത്തിനാ-
ലാനമ്രങ്ങളായ് നിന്നു നറുതേൻ ചൊരിയുന്നു 9

വനമാലയിലതിദിവ്യമാം സൗരഭ്യത്തെ-
പ്പുലത്തും തുളസിതൻ മധുവാൽ മദംപൂണ്ട

വണ്ടുകളുച്ചം ഹിതകരമായ് ചെയ്യും ഗാനം
വേണ്ടപോലനുകരിച്ചീടുവാനിച്ഛയോടും

ചേണാന്ന പൊട്ടുമിട്ടു വിളങ്ങും കണ്ണൻ നിജ-
ശോണാധരത്തിലോടക്കുഴലങ്ങണയ്ക്കുവേ, 10

സരസ്സിൽ സാരസങ്ങളം ഹംസങ്ങളം തുടങ്ങിയ
പറവക്കൂട്ടം ഗാനാഹൃതമാം ചേതസ്സുന്നു

ചാരത്തണഞ്ഞു മൗനംപൂണ്ടു സംയമത്തോടും
ശൗരിയേയുപാസിപ്പൂ വിസ്മയം
തോഴിമാരേ! 11

കണ്ണിഭൂഷയായ് മലർമാലയാന്നതിമോദാ-
ലണ്ണനോടൊത്തുചേന്ന പർവ്വതസാനുക്കളിൽ

ലീലയായ് ചരിച്ചീടും ഭഗവാൻ നന്ദസൂനു-
വീലോകം പാടേയാനന്ദാബ്ധിയിലാഴ്ത്തീടുവാൻ

മാനസംതന്നിലുന്നി ഹേ വ്രജദേവിമാരേ!
താനേതൻ വേണുസ്വനം പാരെങ്ങും നിറ-
യ്ക്കുവേ. 12

കൊണ്ടലും മഹദതിക്രമണം നന്നല്ലെന്നു
കണ്ടുടൻ മന്ദമന്ദമനുഗർജ്ജനംചെയ്യും

മിത്രത്തെ മലർമാരിചൊരിഞ്ഞു നിഴൽകൊണ്ടു
വൃത്തത്തിലൊരു കുട ചമച്ചും
സേവിച്ചിതേ. 13

അല്ലയോ സതീമണേ! യശോദേ! നാനാവിധ-
വല്ലവലീലകളിൽ വിശ്രുതൻ നിൻ നന്ദനൻ.

തൊണ്ടിപ്പഴത്തെ വെല്ലും ചെഞ്ചുണ്ടിൽ
വേണു ചേർത്തു-
കൊണ്ടു തന്നത്താനഭ്യസിച്ചതായ് നാനാമട്ടാം

സ്വരജാതികളെല്ലാമദ്ഭുതകരമായി-
സ്സരസം പ്രയോഗിച്ചുതുടങ്ങുംസന്ദർഭത്തിൽ, 14

ദേവേശൻ പരമേശൻ ബ്രഹ്മാവുമുതലായ
ദേവശ്രേഷ്ഠന്മാരെല്ലാം നിപുണന്മാരെങ്കിലും

അപ്പാട്ടു കേട്ടു തലതാഴ്ത്തിപ്പാണ്ഡിത്യഗർവ്വ-
മപ്പാടേ വെടിഞ്ഞുടൻ മോഹിച്ചീടുന്നു
ചിത്രം! 15

അങ്കുശം, കൊടിക്കൂറ, പങ്കജം, വജ്രമിവ
തങ്കിടും തൽപാദാബ്ജമണച്ചീ വ്രജഭുവിൽ,

മദയാനപോലാടിയലഞ്ഞു ചരിച്ചു ഗോ-
ഷ്ഠപോതത്തിൻ ക്ലമം ഗോഷ്ഠഭൂവിനു തീർത്തു

മാനസസമ്മോഹനമാകുമക്കളവേണു-
ഗാനമമനോജ്ഞാങ്ഗനാരംഭിച്ചീടുംനേരം,
16

ശൃങ്ഗാരരസോദ്ഭവസ്ഥാനമാം കടക്കണ്ണു
ഞങ്ങളിൽക്കാമാമയമളവറ്റുളവാക്കി

സ്ഥാവരാവസ്ഥ ചേർത്തു മോഹിപ്പിക്കയാൽ
ഞങ്ങളും
നീവിയും മുടിക്കെട്ടുമഴിഞ്ഞതറിഞ്ഞീല. 17

ഉത്കൃഷ്ടഗന്ധമാളും തുളസീമാലയിട്ടു
ഗോക്കളെയെണ്ണിത്തിട്ടപ്പെടുത്താൻ ശ്രദ്ധ-
യോടും

ഇഷ്ടന്റെ തോളിൽ കൈയിട്ടമ്മണിധരൻ കൃഷ്ണൻ
സ്പഷ്ടവായോടക്കുഴൽ വായിക്കുംസമയ-
ത്തിൽ. 18

വേണുനാദത്താലപഹൃതമാനസമാരാം
ചേണാന്ന കൃഷ്ണമൃഗകാന്തമാർ മാൻപേടകളം

ഇഗ്ഗോപികളെപ്പോലെ പുത്രഗേഹാശനാദി-
യൊക്കെയും ത്യജിച്ചനുഗമിച്ചു ഭജിക്കുന്നു. 19

അനഘേ! കുന്ദമാലാലംകൃതനാകും തവ-
തനയൻ ഗോപാലഗോസഞ്ചയാവൃതനായി

വിനോദമോരോന്നാതിക്കൂട്ടുകാരെച്ചിരിപ്പി-
ച്ചിനാത്മജാസരിത്തിൽ ക്രീഡിക്കുംസന്ദർഭ-
ത്തിൽ, 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ദവായുരുപവാത്യനകൂലം
മാനയൻ മലയജസ്പർശേന
വന്ദിനസ്തമുപദേവഗണാ യേ
വാദ്യഗീതബലിഭിഃ പരിവവ്രുഃ. 21

വത്സലോ വ്രജഗവാം യദഗധ്രോ
വന്ദ്യമാനചരണഃ പഥി വൃദ്ധൈഃ
കൃത്സ്നഗോധനമുപോഹ്യ ദിനാന്തേ
ഗീതവേണുരനുഗേഡിതകീർത്തിഃ. 22

ഉത്സവം ശ്രമരുചാപി ദൃശീനാ-
മുന്നയൻ ഖുരരജഃച്ഛുരിതസ്രക്
ദിത്സയൈതി സുഹൃദാശിഷ ഏഷ
ദേവകീജഠരഭൂരുഡുരാജഃ. 23

മദവിഘൂർണിതലോചന ഈഷ-
ന്മാനദഃ സ്വസുഹൃദാം വനമാലീ
ബദരപാണ്ഡുവദനോ മൃദുഗണ്ഡം
മണ്ഡയൻ കനകകുണ്ഡലലക്ഷ്മ്യാ. 24

യദുപതിർദ്വിരദരാജവിഹാരോ
യാമിനീപതിരിവൈഷ ദിനാന്തേ
മുദിതവക്ത്ര ഉപയാതി ദുരന്തം
മോചയൻ വ്രജഗവാം ദിനതാപം. 25

ശ്രീശുക ഉവാച
ഏവം വ്രജസ്ത്രിയോ, രാജൻ, കൃഷ്ണലീലാനുഗായതീഃ
രേമിരേഽഹസ്സു തച്ചിത്താസ്തന്മനസ്കാ മഹോദയാഃ. 26

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വൃന്ദാവനക്രീഡായാം ഗോപികായുഗളഗീതം നാമ
പഞ്ചത്രിംശത്തമോഽധ്യായഃ

ഷട്ത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച
അഥ തർഹ്യാഗതോ ഗോഷ്ഠമരിഷ്ടോ വൃഷഭാസുരഃ
മഹീം മഹാകകുത്കായഃ കമ്പയൻ ഖുരവിക്ഷതാം. 1

രംഭമാണഃ ഖരതരം പദാ ച വിലിഖൻ മഹീം
ഉദ്യമ്യ പുച്ഛം വപ്രാണി വിഷാണാഗ്രേണ ചോദ്ധരൻ. 2

കിഞ്ചിത് കിഞ്ചിച്ഛകൃന്മുഞ്ചൻ മൂത്രയൻ സ്തബ്ധലോചനഃ
യസ്യ നിർഹ്രാദിതേനാങ്ഗ നിഷ്ഠുരേണ ഗവാം നൃണാം. 3

പതന്ത്യകാലതോ ഗർഭാഃ സ്രവന്തി സ്മ ഭയേന വൈ
നിർവ്വിശന്തി ഘനാ യസ്യ കകുദ്യചലശങ്കയാ. 4

തം തീക്ഷ്ണശൃങ്ഗമുദ്വീക്ഷ്യ ഗോപ്യോ ഗോപാശ്ച
തത്രസുഃ
പശവോ ദുദ്രുവുർഭീതാ, രാജൻ, സംത്യജ്യ ഗോകുലം. 5

കൃഷ്ണ കൃഷ്ണേതി തേ സർവ്വേ ഗോവിന്ദം ശരണം യയുഃ
ഭഗവാനപി തദ്വീക്ഷ്യ ഗോകുലം ഭയവിദ്രുതം, 6

''മാ ഭൈഷ്ടേതി'' ഗിരാഽഽശ്വാസ്യ വൃഷാസുരമുപാഹ്വയത്
''ഗോപാലൈഃ പശുഭിർമ്മന്ദ ത്രാസിതൈഃ കിമസത്തമ! 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചന്ദനസുഗന്ധിയാം ശീതളമന്ദാനിലൻ
വന്നവൻതന്നെയനുകൂലമായ് വീശീടുന്നു

വന്ദികളാകുമുപദേവന്മാർ വാഴ്ത്തീടുന്നു-
ണ്ടെന്നല്ല വാദ്യഗീതബലികളർപ്പിക്കുന്നു. 21

വ്രജഗോവാത്സല്യത്താലദ്രിയേന്തിയ കണ്ണ-
നജാദിവൃദ്ധനതപാദനായ് മാർഗ്ഗങ്ങളിൽ

സായത്തിൽ ധേനുക്കളെച്ചേർത്തു ഗോഷ്ഠത്തിൽ വേണു-
വായിച്ചുകൊണ്ടു ഗോപസ്തുതനായ് വരുന്നിതു. 22

പൊടിയും ശ്രമാംബുവാൽ നയനോത്സവം ചേർത്തു
പൊടിമൂടിയ മാല ധരിച്ചു വഴിപോലെ

സുഹൃത്തുക്കളെയെല്ലാമനുഗ്രഹിച്ചീടുവാ-
നിഹ ദേവകീദേവീഗർഭത്തിൽ ഗതനായി

പിറന്ന മനോഹരനാകുമസ്സുധാകരൻ
വരുന്നുണ്ടന്തികത്തേക്കമന്ദം സതീമണേ! 23

അധികപ്രേമത്തിനാലക്ഷികൾ ചലിപ്പിച്ചു
ബദരതുല്യപാണ്ഡുമുഖനായ് കർണ്ണങ്ങളിൽ

ധരിച്ചിരിക്കും സ്വർണ്ണകുണ്ഡലദ്വിതയത്തിൻ-
സ്സുരത്കാന്തിയാൽ മൃദുഗണ്ഡങ്ങൾ ശോഭിപ്പിച്ചു, 24

മദയാനപോലാടിയലഞ്ഞു ദിനാന്തത്തിൽ
മതിയെന്നപോൽ മുദിതാനനനായ കൃഷ്ണൻ

ഗോഷ്ഠഗോനിവഹത്തിൻ ദുരന്തദിനതാപ-
മസ്തമിപ്പിച്ചുകൊണ്ടിങ്ങടുത്തു വരുന്നിതാ. 25

ശ്രീശുകൻ പറഞ്ഞു

ഈവിധം ഭഗവാനിൽ മാനസമുറപ്പിച്ചു
ജീവിതം സമർപ്പിച്ച പുണ്യശാലിനികളാം

വല്ലവിമാരഹസ്സിൽപോലുമേ കൃഷ്ണലീല-
സോല്ലാസം പാടി നേരം നയിച്ചാരയേ രാജൻ! 26

അദ്ധ്യായം 36

അരിഷ്ടാസുരവധം—അക്രൂരപ്രേഷണം

ശ്രീശുകൻ പറഞ്ഞു

തദനന്തരമരിഷ്ടാസുരൻ വൃഷരൂപി
ക്ഷിതിയെഖ്ഖുരങ്ങളാൽ ഭേദനംചെയ്തു പാരം
ചലിപ്പിച്ചെത്തീടിനാൻ നന്ദഗോകുലംതന്നിൽ
വലുതാം പൂഞ്ഞക്കുടമാളും വൻകായത്തോടും. 1

ഏററവുമുഗ്രമായി മുക്കറയിട്ടു ഭുവി-
ലൂററമായ്ച്ചുരമാന്തി വാലു മേലോട്ടു നിർത്തി

ചീററി വീറോടു വിഷാണാഗ്രങ്ങൾകൊണ്ടു കത്തി-
ക്കുററനമ്മതിലെല്ലാം തകർത്തുതുടങ്ങിനാൻ. 2

അല്പാല്പം മലങ്ങളും മൂത്രവും വിസർജ്ജിച്ചു-
സ്തബ്ധാക്ഷൻ മുഴക്കിടും ഘോരമാം ശബ്ദം കേട്ടു

ഭീതരാം സ്ത്രീഗോക്കൾതൻ ഗർഭങ്ങളകാലത്തിൽ
ചേതപ്പെട്ടിതു പൂജ്യാ! പതിച്ചും സ്രവിച്ചുമേ.

ഗിരിശങ്കയാൽ മേഘമവന്റെ പൂഞ്ഞിന്മേൽ വ-
ന്നിരിക്കാറുണ്ടവന്റെ മെയ്യത്ര വലുതല്ലോ! 3-4

നരേന്ദ്രാ! തീക്ഷ്ണശൃംഗനാകുമാ വൃഷഭത്തെ
നിരീക്ഷിച്ചമ്പരന്നാർ ഗോപികൾ ഗോപന്മാരും.

ഗോക്കളാകവേ പേടിച്ചവിടം ത്യജിച്ചോരോ-
ദിക്കിലേക്കങ്ങുമിങ്ങും പാഞ്ഞുപോയിതു ശീഘ്രം. 5

അല്ലയോ കൃഷ്ണാ! കൃഷ്ണാ! ഞങ്ങളെ രക്ഷിക്കെന്നു
ചൊല്ലിയബ്ഭഗവാനെയെല്ലാരുമാശ്രയിച്ചാർ

പേടിച്ചു നിലവിളിച്ചപ്പശുവൃന്ദമെല്ലാ-
മോടിപ്പോയീടുന്നതും കണ്ടിതു കൊണ്ടൽവർണ്ണൻ. 6

''പേടിക്കായ്കെ''ന്നഗ്ഗോപന്മാരെയാ-ശ്വസിപ്പിച്ചു
വാടാതെ വൃഷാസുരൻതന്നോടു ചൊന്നാൻ കൃഷ്ണൻ:

''മൂഢാ! ദുർബ്ബുദ്ധേ! ഗോപന്മാരെയും ഗോക്കളേയും
പാടേ നീയെന്തിനായിപ്പേടിപ്പിക്കുന്നു വൃഥാ.

ആമെങ്കിൽ നമ്മോടടുത്തൊരുകൈ നോക്കീടു''കെ-
ന്നാ മുരദ്വേഷി ചാരത്തവനെ വിളിച്ചിതേ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബലദർപ്പഹാഹം ദുഷ്ടാനാം ത്വദ്വിധാനാം ദുരാത്മനാം''
ഇത്യാസ്ഫോട്യാച്യുതോഽരിഷ്ടം തലശബ്ദേന കോപയൻ. 8
സഖ്യുരംസേ ഭുജാഭോഗം പ്രസാര്യാവസ്ഥിതോ ഹരിഃ,
സോഽപ്യേവം കോപിതോഽരിഷ്ടഃ ഖുരേണാവനിമുല്ലിഖൻ
ഉദ്യത്പുച്ഛഭ്രമന്മേഘഃ ക്രുദ്ധഃ കൃഷ്ണമുപാദ്രവത്. 9
അഗ്രന്യസ്തവിഷാണാഗ്രഃ സ്തബ്ധാസൃഗ്ലോചനോഽച്യുതം
കടാക്ഷിപ്യാദ്രവത്തൂർണ്ണമിന്ദ്രമുക്തോഽശനിര്യഥാ. 10
ഗൃഹീത്വാ ശൃങ്ഗയോസ്തം വാ അഷ്ടാദശപദാനി സഃ
പ്രത്യപോവാഹ ഭഗവാൻ ഗജഃ പ്രതിഗജം യഥാ. 11
സോഽപവിദ്ധോ ഭഗവതാ പുനരുത്ഥായ സത്വരഃ
ആപതത് സ്വിന്നസർവ്വാങ്ഗോ നിഃശ്വസൻ ക്രോധ–
മൂർച്ഛിതഃ. 12

തമാപതന്തം സ നിഗൃഹ്യ ശൃങ്ഗയോഃ
പദാ സമാക്രമ്യ നിപാത്യ ഭൂതലേ
നിഷ്പീഡയാമാസ യഥാഽഽർദ്രമംബരം
കൃത്വാ വിഷാണേന ജഘാന സോഽപതത്. 13
അസൃഗ്വമൻ മൂത്രശകൃത് സമുത്സൃജൻ
ക്ഷിപംശ്ച പാദാനനവസ്ഥിതേക്ഷണഃ
ജഗാമ കൃച്ഛ്റം നിരൃതേരഥ ക്ഷയം
പുഷ്പൈഃ കിരന്തോ ഹരിമീഡിരേ സുരാഃ. 14
ഏവം കകുദ്മിനം ഹത്വാ സ്തൂയമാനഃ സ്വജാതിഭിഃ
വിവേശ ഗോഷ്ഠം സബലോ ഗോപീനാം നയനോത്സവഃ. 15
അരിഷ്ടേ നിഹതേ ദൈത്യേ കൃഷ്ണേനാദ്ഭുതകർമ്മണാ
കംസായാഥാഹ ഭഗവാൻ നാരദോ ദേവദർശനഃ. 16
യശോദായാഃ സുതാം കന്യാം ദേവക്യാഃ കൃഷ്ണമേവ ച
രാമം ച രോഹിണീപുത്രം വസുദേവേന ബിഭ്യതാ. 17
ന്യസ്തൗ സ്വമിത്രേ നന്ദേ വൈ യാഭ്യാം തേ പുരുഷാഹതാഃ. 18
നിശമ്യ തദ് ഭോജപതിഃ കോപാത് പ്രചലിതേന്ദ്രിയഃ
നിശാതമസിമാദത്ത വസുദേവജിഘാംസയാ. 19
നിവാരിതോ നാരദേന തത്സുതൗ മൃത്യുമാത്മനഃ
ജ്ഞാത്വാ ലോഹമയൈഃ പാശൈർബ്ബബന്ധ സഹ ഭാര്യയാ. 20
പ്രതിയാതേ തു ദേവർഷൗ കംസ ആഭാഷ്യ കേശിനം
പ്രേഷയാമാസ ''ഹന്യേതാം ഭവതാ രാമകേശവൗ''
തതോ മുഷ്ടികചാണൂരശലതോശലകാദികാൻ. 21
അമാത്യാൻ ഹസ്തിപാംശ്ചൈവ സമാഹൂയാഹ ഭോജരാട്. 22
''ഭോ ഭോ നിശമ്യതാമേതദ്വീരചാണൂരമുഷ്ടികൗ
നന്ദവ്രജേ കിലാസാതേ സുതാവാനകദുന്ദുഭേഃ
രാമകൃഷ്ണൗ തതോ മഹ്യം മൃത്യുഃ കില നിദർശിതഃ. 23
ഭവദ്ഭ്യാമിഹ സംപ്രാപ്തൗ ഹന്യേതാം മല്ലലീലയാ
മഞ്ചാഃ ക്രിയന്താം വിവിധാ മല്ലരങ്ഗപരിശ്രിതാഃ
പൗരാ ജാനപദാഃ സർവേ പശ്യന്തു സ്വൈരസംയുഗം. 24
മഹാമാത്ര, ത്വയാ, ഭദ്ര, രങ്ഗദ്വാര്യുപനീയതാം
ദ്വിപഃ കുവലയാപീഡോ ജഹി തേന മമാഹിതൗ. 25
ആരഭ്യതാം ധനുര്യാഗശ്ചതുർദശ്യാം യഥാവിധി
വിശസന്തു പശൂൻ മേധ്യാൻ ഭൂതരാജായമീഢുഷേ.'' 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''നിന്നെപ്പോൽ ദുർബ്ബുദ്ധികളായിടും ദുഷ്ട-
ന്മാർത-
ന്നുന്നതാഹങ്കാരവും ബലവും ഹരിക്കുന്ന-
നാശമററവൻ ഞാ''നെന്നുരച്ചു കൈകരം കൊട്ടി
രോഷമങ്ങവന്നേറ്റീ കൈത്തലശബ്ദത്തിനാൽ.
തോഴൻെറ തോളിൽ സപ്പഭുജത്തെ നീട്ടിയിട്ട
കോഴയെന്നിയേ കണ്ണൻ നിന്നിടുംസന്ദർഭത്തിൽ
രുഷ്ടനാമരിഷ്ടനും കുളമ്പാൽ മന്നിൽ മാന്തി-
യേററവും കിളത്തിയ വാലിനാൽ മേഘങ്ങളെ
ഇളക്കിക്കൊണ്ടു പാരം ക്രോധാക്രാന്തനായ്
പെട്ടെ-
ന്നളിനേർവർണ്ണൻതൻെറ നേർക്കങ്ങു പാഞ്ഞു-
ചെന്നാൻ. 8-9
തലയുംതാഴ്ത്തിക്കൊമ്പും കുലുക്കിയിപ്പോൾ-
കുത്തി-
ക്കൊലചെയ്തീടുമെന്ന ഭാവത്തിൽ ഭഗവാനെ
കണ്ണിമയ്ക്കാതെ ദഹിപ്പിച്ചിടുമാറു നോക്കി-
യിന്ദ്രവജ്രംകണക്കെപ്പാഞ്ഞടുത്തിതു വേഗം. 10
കൊമ്പു രണ്ടിലും കേറിപ്പിടിച്ചക്ഷണംതന്നെ
വൻപനാമാനയന്യഗജത്തെയെന്നപോലെ
ചൊടിച്ചട്ടുഷ്ടാഗ്ര്യനെബ് ഭഗവാൻ
വാസുദേവ-
നെടുത്തങ്ങെറിഞ്ഞിതു പതിനെട്ടടിദ്ദൂരം. 11
ഏററിനാൽ ദൂരെ വീണോരഖ്ഖലൻ
ത്വരയോടും
പാരാതെയെഴുന്നേററു വിയർത്ത ദേഹത്തോടും
ക്രോധമൂർച്ഛിതനായി നിശ്വാസത്തോടു വീണ്ടും
മാധവൻതൻെറ നേരേയാഞ്ഞു പാഞ്ഞടു-
ത്തിതേ. 12
പിന്നെയും കൊമ്പുകളിൽപ്പിടിച്ചു നിലത്തിട്ട
നന്നായിപ്പാദങ്ങളാൽത്തൊഴിച്ചും ചവുട്ടിയും
നനഞ്ഞ വസ്ത്രം തല്ലിക്കശക്കുംവിധത്തില-
ത്തനു മട്ടിച്ചു വീഴ്ത്തിക്കൊമ്പൂരിയടിച്ചിതു. 13
ഛർദ്ദിച്ചും രക്തം, മലമൂത്രങ്ങൾ വിസർജ്ജിച്ചും,
പൃഥ്വിയിൽക്കാലുനാലും കൂടെക്കൂടിട്ടടിച്ചും
കണ്ണുകളുഴററിയും കഷ്ടത്തിലായിപ്പിന്നെ
ദണ്ഡപാണിതൻ പുരം പ്രാപിച്ചാനെന്നേ
വേണ്ടു.
വിണ്ണവരിതു കണ്ടു തുഷ്ടരായ് മുകുന്ദനെ
നന്നായി സ്തുതിച്ചുടൻ ചൊരിഞ്ഞാർ
മലർമാരി. 14
വൃഷഭാസുരനെയീവിധത്തിൽ നിഹനിച്ച
വസുദേവജൻ ഗോപവൃന്ദസംസ്തുതനായി
രാമഭദ്രനോടൊത്തു ഗോപസുന്ദരീജന-
സ്തോമത്തിൻ നേത്രോത്സവമരുളി-
ഗ്ഗോഷ്ഠമാന്നാൻ. 15
അദ്ഭുതകർമ്മാവാകും ഭഗവാൻ ദാമോദരൻ
കെല്പേറുമരിഷ്ടനാം ദൈത്യനെക്കൊന്നീടവേ
ദേവദർശനനാകും ഭഗവാൻ നാരദർഷി
ഭ്രവരൻ കംസൻതന്നോടീവിധം ചെന്നു
ചൊന്നാൻ: 16
''ദേവകിയുടെ കന്യ, യശോദ പെററതത്രേ-
യാവിധം യശോദതൻ പുത്രനായ്ക്കരുതീടും
കണ്ണൻ ദേവകീഗർഭജാതൻതാനാ രോഹിണീ-
നന്ദനൻ രാമൻതാനും ദേവകീജാതനത്രേ. 17
നിന്നെയാ വസുദേവൻ ഭയന്നു മിത്രമാകും
നന്ദനെയേല്പിച്ചിതു പുത്രരെ വളർത്തുവാൻ.
അന്നന്നായ് നീയയച്ച ഭൃത്യരെയശേഷവും
കൊന്നതും ബലിഷ്ഠരാമാ രണ്ടു കുമാരർതാൻ.''
നാരദവാക്യമേവം കേട്ടു രുഷ്ടനായ്ക്കംസൻ
പാരാതെ വാളെടുത്താൻ വസുദേവനെ-
ക്കൊൽവാൻ. 18-19
തടഞ്ഞാനതിൽനിന്നുമവനെയമ്മാമുനി-
യുടനേ, തന്നന്തകർ തത്പുത്രരെന്നോക്കയാൽ.
ഇരിമ്പു ചങ്ങലയാൽ പിടിച്ചു തളച്ചിട്ടാൻ
തരസാ വസുദേവൻതന്നെയും പത്നിയേയും. 20
നാരദൻ പോയശേഷം കേശിയെ വിളിച്ചവൻ
പ്രേരിപ്പിച്ചയച്ചിതു രാമകൃഷ്ണാഹതിക്കായ്. 21
മുഷ്ടികചാണൂരന്മാർ ശലതോശലകന്മാർ-
തൊട്ട ദുഷ്ടന്മാരെയും മന്ത്രിമാരെയും പിന്നെ
ഹസ്തിപാലന്മാരെയും വിളിച്ചുവരുത്തിയി-
ട്ടിത്തരം വചസ്സുകളോതിനാൻ ഭോജരാജൻ. 22
വീരരാം ചാണൂരാ! ഹേ മുഷ്ടികാ! കേൾപ്പിൻ
ഗീരുകൾ നേരേ വസുദേവനന്ദനന്മാരായ് [മമ-
രാമകൃഷ്ണന്മാരെന്നു രണ്ടുപേരമ്പാടിയിൽ
താമസിക്കുന്ന കാര്യമറിഞ്ഞിട്ടില്ലേ നിങ്ങൾ?
അവരിൽനിന്നുണ്ടാകുമെനിക്കു മൃതിയെന്ന
വിവരം നാരദങ്കൽനിന്നുമിന്നറിഞ്ഞു ഞാൻ. 23
വരുത്താമവരെ ഞാൻ മല്ലയുദ്ധത്തിനിങ്ങ-
ത്തരത്തിൽക്കൊന്നീടുവിൻ രണ്ടുപേരെയും
നിങ്ങൾ.
മുഷ്ടിയുദ്ധത്തിനായിട്ടിവിടെച്ചുററും പല-
കെട്ടിടങ്ങളും സജ്ജമാക്കുവിൻ മഞ്ചങ്ങളും
പൗരരും ഗ്രാമവാസീവൃന്ദവുമെല്ലാവരും
നേരേയിസ്സേച്ഛായുദ്ധം കണ്ടുകൊണ്ടാടീടട്ടെ.
ഹസ്തിപാ! സമർത്ഥാ! നീ കുവലയാപീഡമാം
മത്തേഭത്തിനെ രങ്ഗദ്വാരത്തിൽ നിർത്തീടുക
അതിനെക്കൊണ്ടു കൊല്ലിച്ചീടുകെൻ
ശത്രുക്കളെ-
ച്ചതിവിൽ മല്ലരങ്ഗത്തേക്കവർ കടക്കു-
മ്പോൾ.
വിധിപോൽ ചതുർദ്ദശിനാളൊരു ധനുര്യാഗം
ശിതികണ്ഠപ്രസാദം നേടുവാൻ തുടങ്ങണം.
ആ മഹോത്സവംതന്നിൽ പരിശുദ്ധമാം പശു-
സ്തോമത്തെ വേണ്ടപോലെ ബലിയ-
മപ്പിക്കട്ടെ 24-26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യാജ്ഞാപ്യാർത്ഥതന്ത്രജ്ഞ ആഹൂയ യദുപുംഗവം
ഗൃഹീത്വാ പാണിനാ പാണിം തതോ/ക്രൂരമുവാച ഹ. 27

''ഭോ ഭോ ദാനപതേ മഹ്യം ക്രിയതാം മൈത്രമാദൃതഃ
നാന്യസ്ത്വത്തോ ഹിതതമോ വിദ്യതേ ഭോജവൃഷ്ണിഷു. 28

അതസ്ത്വാമാശ്രിതഃ സൗമ്യ, കാര്യഗൗരവസാധനം
യഥേന്ദ്രോ വിഷ്ണുമാശ്രിത്യ സ്വാർത്ഥമധ്യഗമദ്വിഭുഃ. 29

ഗച്ഛ നന്ദവ്രജം തത്ര സുതാവാനകദുന്ദുഭേഃ
ആസാതേ താവിഹാനേന രഥേനാനയ മാ ചിരം. 30

നിസൃഷ്ടഃ കില മേ മൃത്യുർദേവൈർവൈകുണ്ഠസംശ്രയൈഃ
താവാനയ സമം ഗോപൈർനന്ദാദ്യൈഃ സാഭ്യുപായനൈഃ. 31

ഘാതയിഷ്യ ഇഹാനീതൗ കാലകല്പേന ഹസ്തിനാ
യദി മുക്തൗ തതോ മല്ലൈർഘാതയേ വൈദ്യുതോപമൈഃ. 32

തയോർനിഹതയോസ്തപ്താൻ വസുദേവപുരോഗമാൻ
തദ്ബന്ധൂൻ നിഹനിഷ്യാമി വൃഷ്ണിഭോജദശാർഹകാൻ. 33

ഉഗ്രസേനം ച പിതരം സ്ഥവിരം രാജ്യകാമുകം
തദ്ഭ്രാതരം ദേവകം ച യേ ചാന്യേ വിദ്വിഷോ മമ. 34

തതശ്ചൈഷാ മഹീ മിത്ര ഭവിത്രീ നഷ്ടകണ്ടകാ
ജരാസന്ധോ മമ ഗുരുർദ്വിവിദോ ദയിതഃ സഖാ. 35

ശംബരോ നരകോ ബാണോ മയ്യേവ കൃതസൗഹൃദാഃ
തൈരഹം സുരപക്ഷീയാൻ ഹത്വാ ഭോക്ഷ്യേ മഹീം നൃപാൻ. 36

ഏതജ്ജ്ഞാത്വാ//നയ ക്ഷിപ്രം രാമകൃഷ്ണാവിഹാർഭകൗ
ധനുർമ്മഖനിരീക്ഷാർത്ഥം ദ്രഷ്ടും യദുപുരശ്രിയം.'' 37

അക്രൂര ഉവാച

രാജൻ, മനീഷിതം സധ്ര്യക് തവ സ്വാവദ്യമാർജ്ജനം
സിദ്ധ്യസിദ്ധ്യോഃ സമം കുര്യാദ്, ദൈവം ഹി
ഫലസാധനം. 38

മനോരഥാൻ കരോത്യുച്ചൈർജ്ജനോ ദൈവഹതാനപി
യുജ്യതേ ഹർഷശോകാഭ്യാം, തഥാപ്യാജ്ഞാം കരോമി തേ. 39

ശ്രീശുക ഉവാച

ഏവമാദിശ്യ ചാക്രൂരം മന്ത്രിണശ്ച വിസൃജ്യ സഃ
പ്രവിവേശ ഗൃഹം കംസസ്തഥാക്രൂരഃ സ്വമാലയം. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരസംപ്രേഷണം നാമ ഷട്ത്രിംശത്തമോ/ധ്യായഃ

സപ്തത്രിംശത്തമോ/ധ്യായഃ

ശ്രീശുക ഉവാച

കേശീ തു കംസപ്രഹിതഃ ഖുരൈർമ്മഹീം
മഹാഹയോ നിർജ്ജരയൻ മനോജവഃ
സടാവധൂതാഭ്രവിമാനസങ്കുലം
കുർവ്വൻ നഭോ ഹേഷിതഭീഷിതാഖിലഃ. 1

വിശാലനേത്രോ വികടാസ്യകോടരോ
ബൃഹദ്ഗളോ നീലമഹാംബുദോപമഃ
ദുരാശയഃ കംസഹിതം ചികീർഷുർ-
വ്രജം സ നന്ദസ്യ ജഗാമ കമ്പയൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നെല്ലാമാജ്ഞാപിച്ചു മന്ത്രതന്ത്രജ്ഞനാകും
മന്നവൻ യദുശ്രേഷ്ഠനായീടുമക്രൂരനെ
വിളിച്ചുവരുത്തിക്കൈപിടിച്ചുകൊണ്ടു പിന്നെ
വളർന്ന സന്തോഷത്തോടോതിനാ–
നീവിധത്തിൽ. 27

"ഉത്തമോദാരവൃത്തനങ്ങെനിക്കിപ്പോളൊരു
മിത്രകൃത്യത്തെസ്സാധോ! സാധിച്ചുതന്നീടണം.
യാദവവൃഷ്ണിവംശജാതരിൽ നിന്നട്ടെനി–
ക്കാദൃതനായില്ലൊരാരാം ഹിതൈഷിയായു–
മിപ്പോഴം. 28

അതിനാൽ സൗമ്യ! കാര്യഗൗരവപദാത്ഥമാ–
യിദാനീമങ്ങയേ ഞാനാശ്രയിച്ചീടുന്നിതു.
വിഭുവാമിന്ദ്രൻ വിഷ്ണുദേവനെയാശ്രയിച്ചി–
ട്ടഭംഗം സ്വന്തകാര്യം സാധിച്ചീടുന്നപോലെ.
29

വേഗമങ്ങിപ്പോഴുംത്തന്നെ നന്ദഗോഷ്ഠത്തി–
ലൊന്നു
പോകണം തത്ര വാഴും രാമകൃഷ്ണാഖ്യന്മാരാം
ആനകദുന്ദുഭ്യാത്മജാതരെ വേഗത്തിലീ–
യാനത്തിലേററിയിങ്ങു കൊണ്ടുവന്നീട–
വേണം. 30

ദൈത്യാരിസഹായത്തോടവരേയെനിക്കൊരു–
മൃത്യുവായിട്ടുമത്ത്യർ വിട്ടിരിക്കുന്നുപോലും.
നന്ദാദ്യരോടു മല്ലയുദ്ധം കാണ്മതിനെന്നു
ചൊന്നുപായനോപേതം വന്നാലു–
മെല്ലാരുമായ്. 31

ഇവിടെക്കൊണ്ടുവന്നാലപ്പൊഴേ വധിപ്പിക്കാ–
മവരേ മൃത്യുതുല്യമത്തമാതങ്ഗത്തിനാൽ.
അപ്പണി പററീടാഞ്ഞിൽ വൈദ്യുതസമരായി–
ക്കെല്പെഴും മല്ലന്മാരെക്കൊണ്ടുടൻ
കൊല്ലിച്ചീടാം. 32

ഇരുപേരവരെസ്സംഹരിച്ചാൽ തപ്തന്മാരായ്–
മരുവും വൃഷ്ണിഭോജദാശാഹന്മാരായീടും
തദ്ബന്ധുസമൂഹത്തെയാകവേയൊന്നിട്ടിടാ–
തപ്പൊഴേ കൊന്നീടുവൻ സന്ദേഹമില്ല തെല്ലും.
33

വൃദ്ധനായ് രാജ്യേച്ഛുവായുഗ്രസേനാഭി–
ഖ്യനാം
മത്താതനേയും പിന്നെത്തത്സഹോദരനാകും
ദേവകനേയും മററു ശത്രുക്കളേയും മന്നിൽ
ജീവനോടിനി വെച്ചുവാഴിക്കാ മാത്രയും
ഞാൻ. 34

മിത്രമേ! ശത്രുക്കളെയാകവേയൊടുക്കിയാ–
ലിദ്ധര നമുക്കരിരഹിതയായിത്തീരും.
മന്നവൻ ജരാസന്ധൻ മദ്ഗുരുനാഥനത്രേ–
യുന്നതൻ ദ്വിവിദനെന്നുററമിത്രവുമല്ലോ. 35
ശംബരനരകന്മാർ ബാണനും പാത്തീടുകിൽ
നമ്മോടു മമത്വത്തിൽ വത്തിക്കുന്നവരത്രേ.
അവരോടൊത്തുചേർന്നങ്ങടരിൽ സുരപക്ഷ–
ന്നവരന്മാരെക്കൊന്നു സാവ്വഭൗമനായ് വാഴ്വേൻ.
ഇത്തത്ത്വം ധരിച്ചു പോയ്
ധനുര്യജ്ഞോത്സവത്തോ–
ടൊത്തിഹ യദുപുരംഗി കാണ്മവാനായി
യുക്തമാമേതുപായം കൈക്കൊണ്ടുമതിദ്രുത–
മക്കുമാരകന്മാരെയിവിടെയാനയിക്ക." 36-37

അക്രൂരൻ പറഞ്ഞു

സ്വന്തമാം വിപത്തൊഴിച്ചീടുവാനത്രേ
ഭവാൻ
ചിന്തിപ്പതിപ്പോളതു നല്ലതുതന്നെ രാജൻ!
സിദ്ധിച്ചീടിലും ഫലം സിദ്ധിക്കാഞ്ഞിലും സമ–
ചിത്തത പാലിക്കണം ഫലമോ
ദൈവാധീനം. 38

ദൈവത്താൽ ഹതങ്ങളാം മനോരാജ്യങ്ങളേയും
കൈവരുത്തുവാൻ ജനം നല്ലപോൽ പ്രവത്തിപ്പൂ
ആശാലാഭത്തിൽ പരിതോഷവുമലാഭത്തിൽ
ക്ലേശവും നരക്കുണ്ടാമെങ്കിലുമാജ്ഞ കേൾപ്പൻ.
39

ശ്രീശുകൻ പറഞ്ഞു

അക്രൂരൻതന്നോടേവമാദേശിച്ചിട്ടു മന്ത്രി–
മുഖ്യരേയും പിരിച്ചുപുക്കിനാൻ ഗേഹം കംസൻ.
ആവിധംതന്നെ യദുശ്രേഷ്ഠനാമക്രൂരനും
ഗോവിന്ദധ്യാനത്തോടും സ്വാലയം
പ്രാപിച്ചിതേ. 40

അദ്ധ്യായം 37

കേശിവധം, നാരദസ്തുതി, വ്യോമാസുരവധം

ശ്രീശുകൻ പറഞ്ഞു

ഭോജേശൻ ചൊല്ലിവിട്ട കേശിയും
വമ്പിച്ചൊരു
വാജിയായ് ഖുരങ്ങളാൽ ഭൂതലം വിഭേദിച്ചും
സടയാൽ വാനിൽ വിമാനാവലിയേയും
മേഘ–
പടലിയേയും പാററിയങ്ങിങ്ങു പറപ്പിച്ചും
മാനസവേഗമാന്നും ഗംഭീരഹേഷിതത്താൽ
പ്രാണിജാലത്തെയെല്ലാം ഭീഷണിപ്പെടു–
ത്തിയും, 1
വിസ്തീണ്ണഗുഹയ്ക്കൊത്ത വദനാന്തർഭാഗവു–
മത്യന്തം വിശാലങ്ങളായിടും നേത്രങ്ങളും
തടിച്ചു നീണ്ടതായ കഴുത്തും മേഘങ്ങളോ–
ടിടയും നിറവും ദുമ്മനസ്സുമിയന്നുടൻ
സ്വാമിയാം ഭോജേശൻതന്നിങ്ഗിതം
സാധിപ്പിക്കാൻ
കാമിച്ചുകൊണ്ടുന്നന്ദഗോകുലം പ്രവേശിച്ചാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ത്രാസയന്തം ഭഗവാൻ സ്വഗോകുലം
തദ്ധേഷിതൈർവാലവിഘൂർണ്ണിതാംബുദം
ആത്മാനമാജൗ മൃഗയന്തമഗ്രണീ–
രുപാഹ്വയത് സ വ്യനദന്മൃഗേന്ദ്രവത്. 3

സ തം നിശാമ്യാഭിമുഖോ മുഖേന ഖം
പിബന്നിവാഭ്യദ്രവദത്യമർഷണഃ
ജഘാന പദ്ഭ്യാമരവിന്ദലോചനം
ദുരാസദശ്ചണ്ഡജവോ ദുരത്യയഃ. 4

തദ്വഞ്ചയിത്വാ തമധോക്ഷജോ രുഷാ
പ്രഗൃഹ്യ ദോർഭ്യാം പരിവിധ്യ പാദയോഃ
സാവജ്ഞമുത്സൃജ്യ ധനുഃശതാന്തരേ
യഥോരഗം താർക്ഷ്യസുതോ വ്യവസ്ഥിതഃ. 5

സ ലബ്ധസംജ്ഞഃ പുനരുത്ഥിതോ രുഷാ
വ്യാദായ കേശീ തരസാഽഽപതദ്ധരിം
സോഽപ്യസ്യ വക്ത്രേ ഭുജമുത്തരം സ്മയൻ
പ്രവേശയാമാസ യഥോരഗം ബിലേ. 6

ദന്താ നിപേതുർഭഗവദ്ഭുജസ്പൃശ–
സ്തേ കേശിനസ്തപ്തമയഃസ്പൃശോ യഥാ
ബാഹുശ്ച തദ്ദേഹഗതോ മഹാത്മനോ
യഥാഽഽമയഃ സംവവൃധേ ഉപേക്ഷിതഃ. 7

സമേധമാനേന സ കൃഷ്ണബാഹുനാ
നിരുദ്ധവായുശ്ചരണാംശ്ച വിക്ഷിപൻ
പ്രസ്വിന്നഗാത്രഃ പരിവൃത്തലോചനഃ
പപാത ലേണ്ഡം വിസൃജൻ ക്ഷിതൗ വ്യസുഃ. 8

തദ്ദേഹതഃ കക്ക്ടികാഫലോപമാ–
ദ്വ്യസോരപാകൃഷ്യ ഭുജം മഹാഭുജഃ
അവിസ്മിതോഽയത്നഹതാരിരുത്സ്മയൈഃ
പ്രസൂനവർഷൈർദ്ദിവിഷദ്ഭിരീഡിതഃ. 9

ദേവർഷിരുപസങ്ഗമ്യ ഭാഗവതപ്രവരോ നൃപ
കൃഷ്ണമക്ലിഷ്ടകർമ്മാണം രഹസ്യേതദഭാഷത. 10

‘‘കൃഷ്ണ കൃഷ്ണാപ്രമേയാത്മൻ, യോഗേശ, ജഗദീശ്വര,
വാസുദേവാഖിലാവാസ, സാത്വതാംപ്രവര, പ്രഭോ. 11

ത്വമാത്മാ സർവ്വഭൂതാനാമേകോ ജ്യോതിരിവൈധസാം
ഗൂഢോ ഗുഹാശയഃ സാക്ഷീ മഹാപുരുഷ ഈശ്വരഃ. 12

ആത്മനാഽഽത്മാശ്രയഃ പൂർവ്വം മായയാ സസൃജേ ഗുണാൻ
തൈരിദം സത്യസങ്കല്പഃ സൃജസ്യത്സ്യവസീശ്വരഃ. 13

സ ത്വം ഭൂധരഭൂതാനാം ദൈത്യപ്രമഥരക്ഷസാം
അവതീർണ്ണോ വിനാശായ സേതൂനാം രക്ഷണായ ച. 14

ദിഷ്ട്യാ തേ നിഹതോ ദൈത്യോ ലീലയായം ഹയാകൃതിഃ
യസ്യ ഹേഷിതസംത്രസ്താസ്ത്യജന്ത്യനിമിഷാ ദിവം. 15

ചാണൂരം മുഷ്ടികം ചൈവ മല്ലാനന്യാംശ്ച ഹസ്തിനം
കംസം ച നിഹതം ദ്രക്ഷ്യേ പരശ്വോഽഹനി തേ വിഭോ. 16

തസ്യാനു ശങ്ഖയവനമുരാണാം നരകസ്യ ച
പാരിജാതാപഹരണമിന്ദ്രസ്യ ച പരാജയം. 17

ഉദ്വാഹം വീരകന്യാനാം വീര്യശുല്കാദിലക്ഷണം
നൃഗസ്യമോക്ഷണം പാപാദ്ദ്വാരകായാം ജഗത്പതേ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉച്ചഹേഷിതത്താൽ സ്വഗോഷ്ഠത്തെപ്പേടി-
പ്പിച്ചും
പുച്ഛാഗ്രത്തിനാൽ കൊണ്ടൽക്കുലത്തെ-
പ്പാറിപ്പിച്ചും
പോരിനു തന്നെത്തേടുമവൻറെ മുമ്പിൽച്ചെന്നു
ചാരത്തു വരികെന്നു ഭഗവാൻ വിളിച്ചിതു.
വീരനാമദ്ദാനവനമഷ്‌ത്തോടുകൂടി
ഘോരമാം സിംഹനാദംകണക്കൊന്നു-
ലറിനാൻ. 3
നന്ദജാതനെക്കണ്ടു ഗഗനം വിഴുങ്ങുവാ-
നെന്നമട്ടാസ്യം പിളർന്നത്യന്തം ക്രുദ്ധനായി
അധൃഷ്യനവൻ ചണ്ഡവേഗത്തിലടുത്തു പിൻ-
പദങ്ങൾകൊണ്ടു തൊഴിച്ചീടിനാൻ
ഭഗവാനെ. 4
തൊഴിയതൊഴിഞ്ഞു കാൽരണ്ടിലും പിടികൂടി-
ച്ചുഴററിബ് ഭുജഗത്തെഗ്ഗരുഡനെന്നപോലെ
അവജ്ഞയോടും നൂറുവില്ലാടു ദൂരെ വീഴ്ത്തി-
യവിടെ സ്ഥിതിചെയ്താൻ ഭഗവാന-
ക്ഷീണനായ്. 5
ദൂരെപ്പോയ് വീണു മൂർച്ഛകലർന്നു കിടന്നൊര-
ഷ് ഘോരദാനവൻ ബോധമുണ്ടായ-
നിമിഷത്തിൽ
പെട്ടെന്നങ്ങെഴുന്നേററു വക്ത്രവും പിളർന്നതി-
രുഷ്ടനായ് മുകുന്ദൻറെ നേർക്കോടിയടുത്തിതേ.
ഭഗവാൻ, ദ്വാരംതന്നിൽ ഭുജങ്ഗമത്തെ-
പ്പോൽ, വാ-
ജ്യകമേ ചിരിച്ചുകൊണ്ടിടംകയ്യേററീടിനാൻ. 6
ചുട്ട ലോഹത്തിനൊക്കും ഭഗവദ്ഭുജത്തിനാൽ
സ്പൃഷ്ടമാം തദ്ദന്തങ്ങൾ പറിഞ്ഞുപതിച്ചിതേ.
ദനുജദേഹാന്തഃസ്ഥമമ്മഹാത്മാവിൻ ബാഹു-
കനത്തുവീർത്തു ചികിത്സിക്കാത്ത രോഗം-
മട്ടിൽ. 7
വൃദ്ധമാം ഭഗവാൻറെ കരത്താലവൻ ശ്വാസം-
മുട്ടിയിട്ടങ്ഗമാകെ വിയർത്തൊലിച്ചു പാരം!
കാലുകളിട്ടടിച്ചു കണ്ണുകൾ വട്ടംചുററി-
ച്ചോലോലെ മലം വീഴ്ത്തി വീണിതു
നിഷ്പ്രാണനായ്. 8
മൂത്ത കക്കരിക്കപോൽ മന്നിൽ
വീണോരമ്മൃത-
ദൈത്യൻറെ മെയ്യിൽനിന്നു
കൈ വലിച്ചെടുത്തുടൻ
അശ്രമമരാതിയെസ്സംഹരിക്കിലുമേതും
വിസ്മയവിഹീനനായ് നിന്നിതമ്മഹാബാഹു.
അദ്ഭുതത്തോടുകൂടി വിണ്ണവരെല്ലാമപ്പോൾ
കല്പകമലർതൂവിക്കണ്ണനെ വാഴ്ത്തീടിനാർ. 9

ഭാഗവതോത്തംസമാം നാരദമഹാമുനി-
യേകാന്തത്തിങ്കൽ, ക്ലേശരഹിതകർമ്മാവാകും
ശ്രീകൃഷ്ണഭഗവാൻതൻ സമീപം തുഷ്ടിയോടു-
മാഗതനായിക്കഥിച്ചീടിനാനിപ്രകാരം: 10
''അപ്രമേയാത്മൻ! കൃഷ്ണാ! യോഗേശാ!
ഭക്തപാലാ!
മുപ്പാരിനീശാ! പ്രഭോ! നിഖിലാവാസാ!
ഹരേ! 11
വിറകിനുള്ളിൽ ജ്യോതിസ്സെന്നപോൽ
സർവ്വചരാ-
ചരത്തിനുള്ളിൽ ഭവാൻ മിന്നുന്നി-
തേകാത്മാവായ്
ഗുഹാശയസ്ഥനായിസ്സമസ്തസാക്ഷിയായി
മഹാപൂരുഷനാകുമീശ്വരനത്രേ ഭവാൻ. 12
അനന്യാശ്രയൻ ഭവാൻ നിന്തിരുമായതന്നാൽ
ഗുണങ്ങളാദ്യം സൃഷ്ടി,ച്ചവയെക്കൊണ്ടു പിന്നെ
സത്യസങ്കല്പനാകുമീശനാമങ്ങീ ലോകം
സൃഷ്ടിച്ചു പരിപാലിച്ചൊടുക്കമൊടുക്കുന്നു. 13
അത്തരമുള്ളോരങ്ങു ഭൂപരായ് മദിച്ചീടും
ദൈത്യരാക്ഷസഭൃതവൃന്ദത്തെ ഹനിക്കാനും
ധർമ്മവും മര്യാദയും നിലനിർത്തീടുവാനു-
മിമ്മന്നിലവതരിച്ചിരിപ്പൂ മർത്ത്യനായി. 14
ആക്കേഴും ഹേഷിതത്താൽ ദേവന്മാർ
സന്ത്രസ്തരായ്
സ്വർഗ്ഗത്തെ ത്യജിച്ചുവോ, ഹയത്തിൻ രൂപമാളും
ആയസുരനെയിപ്പോൾ പ്രയാസമേതുമെന്യേ
കായാമ്പൂവർണ്ണാ! ഭവാൻ
ഹനിച്ചതതിഭാഗ്യം. 15
ചാണൂരനേയും തഥാ മുഷ്ടികാസുരനേയും
പീനാങ്ഗന്മാരായിടും മററു മല്ലന്മാരെയും
ഹസ്തീന്ദ്രനേയും ദുഷ്ടനാകുമക്കംസനേയും
മററന്നാൾ വിഭോ! ഭവാൻ കൊൽവതായ്-
ക്കാണുന്നു ഞാൻ. 16
അതിനുശേഷം, ശങ്ഖൻ യവനൻ മുരൻതൊട്ട-
ദിതിജരേയും ഭവാൻ നരകനേയും കൊല്ലും.
വിണ്ണിൽപ്പോയ്പ്പിന്നെപ്പാരിജാതത്തെ
ഹരിച്ചീടു-
മന്നേരം വന്നെതിർക്കുമിന്ദ്രനെത്തോല്പിച്ചീടും.
17
വീര്യശുല്കാദിയായ ചിഹ്നങ്ങളിയലുന്ന
വീരകന്യകമാരെ വേട്ടുകൊണ്ടീടും ഭവാൻ
ദ്വാരകതന്നിലോന്തായ്ക്കിടക്കും നൃഗനെന്നു-
ഭൂരമണനെശ്ശാപമുക്തനാക്കീടും പിന്നെ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്യമന്തകസ്യ ച മണേരാദാനം സഹ ഭാര്യയാ
മൃതപുത്രപ്രദാനം ച ബ്രാഹ്മണസ്യ സ്വധാമതഃ. 19
പൗണ്ഡ്രകസ്യ വധം പശ്ചാത് കാശിപുര്യാശ്ച ദീപനം
ദന്തവക്ത്രസ്യ നിധനം ചൈദ്യസ്യ ച മഹാക്രതൗ. 20
യാനി ചാന്യാനി വീര്യാണി ദ്വാരകാമാവസൻ ഭവാൻ
കർത്താ ദ്രക്ഷ്യാമ്യഹം താനി ഗേയാനി കവിഭിർഭുവി. 21
അഥ തേ കാലരൂപസ്യ ക്ഷപയിഷ്ണോരമുഷ്യ വൈ
അക്ഷൗഹിണീനാം നിധനം ദ്രക്ഷ്യാമ്യർജ്ജുനസാരഥേഃ. 22

വിശുദ്ധവിജ്ഞാനഘനം സ്വസംസ്ഥയാ
സമാപ്തസർവ്വാർത്ഥമമോഘവാഞ്ഛിതം
സ്വതേജസാ നിത്യനിവൃത്തമായാ-
ഗുണപ്രവാഹം ഭഗവന്തമീമഹി. 23
ത്വാമീശ്വരം സ്വാശ്രയമാത്മമായയാ
വിനിർമ്മിതാശേഷവിശേഷകല്പനം
ക്രീഡാർത്ഥമദ്യാത്തമനുഷ്യവിഗ്രഹം
നതോഽസ്മി ധുര്യം യദുവൃഷ്ണിസാത്വതാം.'' 24

ശ്രീശുക ഉവാച

ഏവം യദുപതിം കൃഷ്ണം ഭാഗവതപ്രവരോ മുനിഃ
പ്രണിപത്യാഭ്യനുജ്ഞാതോ യയൗ തദ്ദർശനോത്സവഃ. 25
ഭഗവാനപി ഗോവിന്ദോ ഹത്വാ കേശിനമാഹവേ
പശൂനപാലയത് പാലൈഃ പ്രീതൈർവ്രജസുഖാവഹഃ. 26
ഏകദാ തേ പശൂൻ പാലാശ്ചാരയന്തോഽദ്രിസാനുഷു
ചക്രുർനിലായനക്രീഡാശ്ചോരപാലാപദേശതഃ. 27
തത്രാസൻ കതിചിച്ചോരാഃ പാലാശ്ച കതിചിന്നൃപ
മേഷായിതാശ്ച തത്രൈകേ വിജഹ്രുരകുതോഭയാഃ. 28
മയപുത്രോ മഹാമായോ വ്യോമോ ഗോപാലവേഷധൃക്
മേഷായിതാനപോവാഹ പ്രായശ്ചോരായിതോ ബഹൂൻ. 29
ഗിരിദര്യാം വിനിക്ഷിപ്യ നീതം നീതം മഹാസുരഃ
ശിലയാ പിദധേ ദ്വാരം ചതുഃപഞ്ചാവശേഷിതാഃ. 30
തസ്യ തത് കർമ്മ വിജ്ഞായ കൃഷ്ണഃ ശരണദഃ സതാം
ഗോപാൻ നയന്തം ജഗ്രാഹ വൃകം ഹരിരിവൗജസാ. 31
സ നിജം രൂപമാസ്ഥായ ഗിരീന്ദ്രസദൃശം ബലീ
ഇച്ഛൻ വിമോക്തുമാത്മാനം നാശക്നോദ് ഗ്രഹണാതുരഃ. 32
തം നിഗൃഹ്യാച്യുതോ ദോർഭ്യാം പാതയിത്വാ മഹീതലേ
പശ്യതാം ദിവി ദേവാനാം പശുമാരമമാരയത്. 33
ഗുഹാപിധാനം നിർഭിദ്യ ഗോപാൻ നിഃസാര്യ കൃച്ഛ്രതഃ
സ്തൂയമാനഃ സുരൈർഗ്ഗോപൈഃ പ്രവിവേശ സ്വഗോകുലം. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വ്യോമാസുരവധോ നാമ സപ്തത്രിംശത്തമോഽധ്യായഃ

അഷ്ടത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

അക്രൂരോഽപി ച താം രാത്രിം മധുപുര്യാം മഹാമതിഃ
ഉഷിത്വാ രഥമാസ്ഥായ പ്രയയൗ നന്ദഗോകുലം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാംബവാൻതന്നിൽനിന്നും സ്യമന്തകാഖ്യം
രത്നം
ജാംബവത്യാഖ്യയാം തത്പുത്രിയോടൊത്താ-
ന്നിട്ടും
മൃതപുത്രനെസ്സാന്ദീപനിയാം ഗുരുവിന്നായ്
സ്വധാമംതന്നിൽനിന്നാനയിച്ചു
ദാനംചെയ്യും 19
പൗണ്ഡ്രകൻതന്നെക്കൊല്ലും പിന്നെയ-
ക്കാശീപുര-
മൊന്നോടേ ചുട്ടെരിക്കും, രാജസൂയാദ്ധ്വരത്തിൽ
ദന്തവക്ത്രാഖ്യനേയുമശ്ശിശുപാലനേയു-
മന്തരമില്ല നിഹനിച്ചിടും നിഷ്പ്രയാസം. 20
ദ്വാരകാനഗരത്തിൽ വസിക്കും ഭവാൻ പിന്നെ
വീരകൃത്യങ്ങളും മററുപലതുമാചരിക്കും
സൂരികളവയെല്ലാം നിത്യവും ഗാനംചെയ്യും
നേരേയിതെല്ലാമിപ്പോൾ ദർശിച്ചീടുന്നുണ്ടു
ഞാൻ. 21
കാലസ്വരൂപൻ ഭവാൻ ഭൂഭാരം കുറയ്ക്കുവാ-
നാലോചിച്ചർജ്ജുനൻതൻ സാരഥ്യമാണ്ടു
പിന്നെ
അരിസൈന്യത്തെയാകെ നശിപ്പിച്ചീടുന്നതും
ശരിയായ്ക്കാണുന്നു ഞാനഖില-
ലോകേശ്വരാ! 22
സ്വന്തതേജസ്സിനാലേ മായാഗുണപ്രവാഹം
സന്തതം നിവർത്തിച്ച സഫലകാമനായി
ഐശ്വര്യസമ്പൂർണ്ണനായ് ജ്ഞാനാത്മാവാകും
ജഗ-
ദീശ്വരാ! ഞങ്ങളങ്ങേശ്ശരണംപ്രാപിക്കുന്നു. 23
സമസ്തേശനായ് സർവം സവിശേഷമായ്
തീർക്കാൻ
സമർത്ഥനായിസ്സ്വയാശ്രയനായിങ്ങിദാനീം
ലോകാനുഗ്രഹത്തിനു മർത്ത്യവേഷം ധരിച്ചു
ഭാഗവതാഢ്യന്മാരാം യദുവൃഷ്ണികൾക്കെല്ലാം
നായകനായി വിളങ്ങീടിന തിരുമേനി-
ക്കായിതാ ഭക്തിപൂർവ്വം നമസ്കരിച്ചീടുന്നു.'' 24

ശ്രീശുകൻ പറഞ്ഞു

ഭാഗവതപ്രധാനൻ ദേവമാമുനിയേവം
ശ്രീകൃഷ്ണഭഗവാനെ നമനംചെയ്തശേഷം
തദ്ദർശനോത്സവത്താലാഹ്ലാദചിത്തനായി-
സ്സത്വരം തദീയാജ്ഞയോടങ്ങു
പോയീടിനാൻ. 25
ഗോവിന്ദഭഗവാനക്കേശിയെപ്പോരിൽ-
ക്കൊന്നി-
ട്ടാ വ്രജവാസീജനസൗഖ്യദായകനായി
ആവസിച്ചമ്പാടിയിൽപ്രീതരാംഗോപരൊത്തു
ഗോവൃന്ദപരിരക്ഷ നിത്യവും നിർവ്വഹിച്ചാൻ. 26

ഒരുനാൾ വല്ലവന്മാർ ഗിരിസാനുക്കളിൽ ഗോ-
നിരയെപ്പുല്ലുതിന്നാൻ വിട്ടിട്ടങ്ങൊരിടത്തിൽ
വല്ലേടം ചെന്നൊളിച്ചും ചോരനെപ്പിടിച്ചുമേ
കള്ളനും രാജാവുമെന്നുള്ളൊരു കളിയാന്നാർ. 27
ചിലർ ചോരന്മാരായും ചിലർ ഭൂപന്മാരായും
ചിലരാടുകളായും കളിച്ചാർ ഭീതിയെന്യേ. 28
മായാവിയാകും മയപുത്രനാം വ്യോമാസുര-
നായാൽനായിഗ്ഗോപവേഷത്തിലക്കൂട്ടത്തിൽ
ചോരനായ് നിന്നു മേഷായിതരാം
ഗോപരെയൊ-
ട്ടേറെയങ്ങപഹരിച്ചക്ഷണം മറഞ്ഞിതേ. 29
ഗിരിഗഹ്വരംതന്നിലവരെക്കൊണ്ടിട്ടടൻ
ശരിയായ് തദ്ദ്വാരവും കല്ലുകൾകൊണ്ടടച്ചാൻ.
കഷ്ടിച്ചു നാലോ പക്ഷേയഞ്ചോ പേരല്ലാതെയ-
ക്കൂട്ടത്തിലതിൽപ്പിന്നെ ശേഷിച്ചതി-
ല്ലാരുമേ. 30
ഭക്തപാലകനായ ഭഗവാനവന്റെയീ-
ദുഷ്കർമ്മമറിഞ്ഞുടനഗ്ഗോപചോരൻതന്നെ
ഉന്നതബലത്തോടു ചെന്നങ്ങു പിടിച്ചിതേ
ചെന്നായെക്കണ്ടീരവശ്രേഷ്ഠനെന്നുള്ളമട്ടിൽ. 31
ദൈത്യേന്ദ്രനതുനേരം ഗോപവേഷം ത്യജിച്ചി-
ട്ടദ്രിസന്നിഭമാകും സ്വന്തരൂപം ധരിച്ചു,
അപ്പിടി വല്ലവാറും വിട്ടത്തിപ്പോയീടുവാൻ
കെല്പൊടും ശ്രമിക്കിലും വിഫലമായി-
ത്തീർന്നു. 32
പൃഥ്വിയിൽത്തള്ളിയിട്ടദ്ദുഷ്ടനെ വിണ്ണോർ
കാൺകെ
ഹസ്തത്താൽ ബലാൽ ഞെക്കിക്കൊന്നിതു,
ഗോവിനെപ്പോൽ. 33
പിന്നെയഗ്ഗുഹാമുഖം ഭേദിച്ചു കടന്നതിൽ-
നിന്നുമഗ്ഗോപന്മാരെ മോചിപ്പിച്ചനന്തരം
എല്ലാരുമൊത്തുചേർന്നു ദേവൗഘസ്തുതനായി-
ട്ടുല്ലാസപൂർവം വ്രജം പൂകിനാൻ നന്ദാത്മജൻ. 34

അദ്ധ്യായം 38

അക്രൂരഗോകുലയാത്ര

ശ്രീശുകൻ പറഞ്ഞു

അന്നു രാവമ്മഹാത്മാവക്രൂരൻ മധുപുരി-
തന്നിലാവസിച്ചുഷഃകാലത്തിലെഴുന്നേററു
മന്നവനിദേശത്തെ മാനിച്ചു തേരിലേറി
നന്ദഗോകുലത്തിലേക്കാശു പോയിതു നേരേ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗച്ഛൻ പഥി മഹാഭാഗോ ഭഗവത്യംബുജേക്ഷണേ
ഭക്തിം പരാമുപഗത ഏവമേതദചിന്തയത്. 2
''കിം മയാഽഽചരിതം ഭദ്രം കിം തപ്തം പരമം തപഃ
കിം വാഥാപ്യർഹതേ ദത്തം യദ്രക്ഷ്യാമ്യദ്യ കേശവം. 3
മമൈതദ് ദുർല്ലഭം മന്യ ഉത്തമശ്ലോകദർശനം
വിഷയാത്മനോ, യഥാ ബ്രഹ്മകീർത്തനം ശൂദ്രജന്മനഃ. 4
മൈവം മമാധമസ്യാപി സ്യാദേവാച്യുതദർശനം
ഹ്രിയമാണഃ കാലനദ്യാ കചിത്തരതി കശ്ചന. 5
മമാദ്യാമങ്ഗലം നഷ്ടം ഫലവാംശ്ചൈവ മേ ഭവഃ
യന്നമസ്യേ ഭഗവതോ യോഗിധ്യേയാങ്ഘ്രിപങ്കജം. 6
കംസോ ബതാദ്യാകൃതമേഽത്യനുഗ്രഹം
ദ്രക്ഷ്യേഽങ്ഘ്രിപദ്മം പ്രഹിതോഽമുനാ ഹരേഃ
കൃതാവതാരസ്യ ദുരത്യയം തമഃ
പൂർവ്വേഽതരൻ യന്നഖമണ്ഡലത്വിഷാ. 7
യദർച്ചിതം ബ്രഹ്മഭവാദിഭിഃ സുരൈഃ
ശ്രിയാ ച ദേവ്യാ മുനിഭിഃ സസാത്വതൈഃ
ഗോചാരണായാനുചരൈശ്ചരദ്വനേ
യദ് ഗോപികാനാം കുചകുങ്കുമാങ്കിതം. 8
ദ്രക്ഷ്യാമി നൂനം സുകപോലനാസികം
സ്മിതാവലോകാരുണകഞ്ജലോചനം
മുഖം മുകുന്ദസ്യ ഗുഡാളകാവൃതം
പ്രദക്ഷിണം മേ പ്രചരന്തി വൈ മൃഗാഃ. 9
അപ്യദ്യ വിഷ്ണോർമ്മനുജത്വമീയുഷോ
ഭാരാവതാരായ ഭുവോ നിജേച്ഛയാ
ലാവണ്യധാമ്നോ ഭവിതോപലംഭനം
മഹ്യം ന ന സ്യാത് ഫലമഞ്ജസാ ദൃശഃ. 10
യ ഈക്ഷിതാഹം രഹിതോഽപ്യസത്സതോഃ
സ്വതേജസാപാസ്തതമോഭിദാഭ്രമഃ
സ്വമായയാഽഽത്മൻ, രചിതൈസ്തദീക്ഷയാ
പ്രാണാക്ഷധീഭിഃ സദനേഷ്വഭീയതേ. 11
യസ്യാഖിലാമീവഹഭിഃ സുമങ്ഗലൈ-
ർവ്വാചോ വിമിശ്രാ ഗുണകർമ്മജന്മഭിഃ
പ്രാണന്തി ശുംഭന്തി പുനന്തി വൈ ജഗത്
യാസ്തദ്വിരക്താഃ ശവശോഭനാ മതാഃ. 12
സ ചാവതീർണ്ണഃ കില സാത്വതാന്വയേ
സ്വസേതുപാലാമരവര്യശർമ്മകൃത്
യശോ വിതന്വൻ വ്രജ ആസ്ത ഈശ്വരോ
ഗായന്തി ദേവാ യദശേഷമങ്ഗലം. 13
തം ത്വദ്യ നൂനം മഹതാം ഗതിം ഗുരും
ത്രൈലോക്യകാന്തം ദൃശിമന്മഹോത്സവം
രൂപം ദധാനം ശ്രിയ ഈപ്സിതാസ്പദം
ദ്രക്ഷ്യേ മമാസന്നുഷസഃ സുദർശനാഃ. 14
അഥാവരൂഢഃ സപദീശയോ രഥാത്
പ്രധാനപുംസോശ്ചരണം സ്വലബ്ധയേ
ധിയാ ധൃതം യോഗിഭിരപ്യഹം ധ്രുവം
നമസ്യ ആഭ്യാം ച സഖീൻ വനൗകസഃ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർഗ്ഗത്തിൽവച്ചു പദ്മനേത്രനാം ശ്രീകൃഷ്ണനി-
ലുത്കടമാകും ഭക്തിയുളവായതുമൂലം
ഭാഗ്യവാന്മാരിലഗ്രേസരനായ് വിളങ്ങീടു-
മക്രൂരനിക്കണക്കിലുൾക്കാമ്പിൽ ചിന്തി-
ച്ചിതു: 2

''മാധവസന്ദർശനലാഭത്തിനീ ഞാൻ മുന്ന-
മേതൊരുവിധമായ മംഗലകർമ്മംചെയ്തോ
എന്തൊരു കടുന്തപസ്സാചരിച്ചിരിക്കുമോ
എന്തൊരു മഹാദാനമാകുമോ ഞാൻ ചെയ്തതും!3
ഉത്തമശ്ലോകന്മാർതൻ ദർശനമെനിക്കോർത്താ-
ലെത്രയും ദുർല്ലഭമായുള്ളതുതന്നെ നൂനം,
ചിത്തമിന്ദ്രിയവിഷയങ്ങളിൽ ഭ്രമിച്ചിടും
ശൂദ്രനു വേദമന്ത്രോച്ചാരണമെന്നപോലെ. 4
അച്യുതൻതന്നെക്കാണ്മാനെനിക്കു സാധിച്ചിടും
നിശ്ചയ,മധമൻതാൻ ഞാനെന്നതിരിക്കിലും
കാലവാഹിനീഹൃതജന്തുജാലത്തിൽനിന്നു
കൂലമേറീടുന്നുണ്ടു ചിലപ്പോൾ ചിലതെല്ലാം. 5
യോഗീന്ദ്രധ്യാനയോഗ്യമായിടും ഭഗവാൻതൻ-
ശ്രീകരം പാദാംബുജം നമിക്കാൻ പോകുന്നു
ഞാൻ.
അതിനാലെൻ ദുഷ്കൃതമശേഷം നശിച്ചുപോ-
യധുനാ മമജന്മം സഫലമായും തീർന്നു. 6
ഒന്നോർത്താൽ ഭഗവാനെക്കാണുവാനയച്ചതു
നന്നാ,യതെന്നെക്കംസനനുഗ്രഹിച്ചതത്രേ!
ഏതൊന്നിൻ നഖങ്ങൾതൻ പ്രഭയാൽ
പണ്ടുള്ളവർ
ചേതസ്സിലുള്ളതാകും ദുസ്തരതമസ്സാററി, 7
ബ്രഹ്മരുദ്രാദ്യന്മാരും ലക്ഷ്മിയും ഭക്തന്മാരും
ബ്രഹ്മജ്ഞമുനിമാരുമാരാധിച്ചിടുന്നതായ്.
അരണ്യംതന്നിൽ പശുഗണത്തോടൊ,ത്ത-
വററിൻ-
പിറകേയനുദിനം സഞ്ചരിച്ചീടുന്നതായ്
വല്ലവീജനകുചകുങ്കുമപങ്കത്തിനാൽ
നല്ലപോലങ്കിതമായഭയസ്ഥാനമാകും
അപ്പാദം—നരജന്മം വരിച്ച കൃഷ്ണന്റെയ-
ത്തൃപ്പാദാംബുജം—കാണ്മാൻ സിദ്ധിച്ചു മമ
ഭാഗ്യം. 8
ചാരുനാസികാഗണ്ഡസ്ഥലങ്ങൾ മന്ദസ്മിതം-
ചേരുന്ന കടാക്ഷങ്ങളാലുന്ന ശോണാക്ഷികൾ
എന്നിവയൊത്തിണങ്ങിച്ചുരുണ്ടിരുണ്ട കേശം
ചുഴ്ന്നിടും ശ്രീമുകുന്ദമുഖം ഞാൻ കാണും നൂനം.
എന്നെയും വലംവച്ചു സഞ്ചരിക്കുന്ന മൃഗ-
സന്ദോഹ,മിതു ശുഭലക്ഷണംതന്നെയല്ലോ. 9

ഭൂഭാരഹരണാർത്ഥം സ്വേച്ഛയായ് മർത്ത്യഭാവം
പ്രാപിച്ചു ലാവണ്യത്തിന്നാശ്രയസ്ഥാനമായും
വിളങ്ങും ശ്രീകൃഷ്ണൻതൻ ദർശനമെനിക്കിന്നു
സുലഭം ഭവിച്ചീടും നേത്രവും ഫലവത്താം. 10
കർത്തൃത്വമാദിയായ ജീവധർമ്മങ്ങളെന്യേ
സത്തിനുമസത്തിനും സാക്ഷിയായ്
ചിച്ഛക്തിയാൽ
തമസ്സിൻ രൂപമാകുമജ്ഞാനത്തേയുമതു-
നിമിത്തമുളവാകും ഭേദഭ്രമങ്ങളേയും
അസ്തമിപ്പിച്ചു ലേശമഹംബുദ്ധിയുമെന്യേ
നിത്യാനന്ദസ്വരൂപസ്ഥിതനെന്നിരിക്കിലും
തന്നിലാലീനമാകും മായയെ വീക്ഷണത്താൽ
നന്നായുണർത്തിത്തന്നിലതിനെക്കൊണ്ടുക്ഷണം
പ്രാണേന്ദ്രിയങ്ങൾ ധീയും നിർമ്മിപ്പിച്ചുവി-
ലോൺ
വാണീടുന്നിതു മർത്ത്യവേഷത്തിലമ്പാടി-
യിൽ. 11
നിഖിലപാപങ്ങളും നശിപ്പിച്ചീടുന്നതായ്
പുകഴും ജന്മകർമ്മഗുണങ്ങൾ കലന്നതാം
ആരുടെ വീര്യങ്ങളെക്കീർത്തിക്കും വചസ്സുകൾ
പാരിനെയുണർത്തിസ്സംശുദ്ധമാക്കീടുന്നുവോ
അക്കൃഷ്ണഭഗവാൻതൻ വൃത്തത്തിൽ വിമുഖന്റെ
വാക്കുകൾ വെറും ശവാലങ്കരണങ്ങളത്രേ. 12
തന്നാൽക്കല്പിതമാകും ധർമ്മത്തെ രക്ഷിച്ചിടും
വിണ്ണവശ്രേഷ്ഠന്മാർക്കു സൗഖ്യദായകനായി
കീർത്തിയെ വർദ്ധിപ്പിച്ചു സാത്വതാന്വയം-
തന്നിൽ
ദൈത്യാരി ജന്മമാർന്നു വസിപ്പൂ ഗോകുലത്തിൽ.
അഖിലശുഭങ്ങളേലുമരുളും ഭഗവാൻതൻ
പുകൾ നിത്യവും ഗാനംചെയ്യുന്നു സുരവൃന്ദം. 13
ഗുരുവായ് മഹത്തുക്കളെത്തേണ്ടും സ്ഥാനമായി
ശരിക്കു ലോകത്രയസൗന്ദര്യസീമയായി
ഇന്ദിരാദേവീസമസ്തേപ്സിതാസ്പദമായി
കണ്ണുള്ളവർക്കു പരമോത്സവമായ് വിളങ്ങും
കണ്ണനെക്കാണാമെനിക്കെന്നതു തീർച്ചതാ,നി-
പ്പൊന്നുഷസ്സിൽ ഞാൻ കാണ്മൂ ശോഭന-
വസ്തുക്കളെ. 14
ചെന്നു ഞാൻ തേരിൽനിന്നുമിറങ്ങിയാത്മലാഭ-
ത്തിന്നുടനീശന്മാരാം രാമകൃഷ്ണന്മാരുടെ
യോഗീശാർച്ചിതം പാദപങ്കജം നമിക്കും ഞാൻ
വേഗം തദ്വനവാസിസ്നേഹിതരെയും കൂപ്പും. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്യങ്ഘ്രിമൂലേ പതിതസ്യ മേ വിഭുഃ
ശിരസ്യധാസ്യന്നിജഹസ്തപങ്കജം
ദത്താഭയം കാലഭുജങ്ഗരംഹസാ
പ്രോദ്വേജിതാനാം ശരണൈഷിണാം നൃണാം. 16
സമർഹണം യത്ര നിധായ കൗശിക-
സ്തഥാ ബലിശ്ചാപ ജഗത്ത്രയേന്ദ്രതാം
യദ്വാ വിഹാരേ വ്രജയോഷിതാം ശ്രമം
സ്പർശേന സൗഗന്ധികഗന്ധ്യപാനുദത്. 17
ന മയ്യുപൈഷ്യത്യരിബുദ്ധിമച്യുതഃ
കംസസ്യ ദൂതഃ പ്രഹിതോഽപി വിശ്വദൃക്
യോഽന്തർബഹിശ്ചേതസ ഏതദീഹിതം
ക്ഷേത്രജ്ഞ ഈക്ഷത്യമലേന ചക്ഷുഷാ. 18
അപ്യങ്ഘ്രിമൂലേഽവഹിതം കൃതാഞ്ജലിം
മാമീക്ഷിതാ സസ്മിതമാർദ്രയാ ദൃശാ
സപദ്യപധ്വസ്തസമസ്തകില്ബിഷോ
വോഢാ മുദം വീതവിശങ്ക ഊർജ്ജിതാം. 19
സുഹൃത്തമം ജ്ഞാതിമനന്യദൈവതം
ദോർഭ്യാം ബൃഹദ്ഭ്യാം പരിരപ്സ്യതേഽഥ മാം
ആത്മാ ഹി തീർത്ഥീക്രിയതേ തദൈവ മേ
ബന്ധശ്ച കർമ്മാത്മക ഉച്ഛ്വസിത്യതഃ. 20
ലബ്ധാങ്ഗസങ്ഗം പ്രണതം കൃതാഞ്ജലിം
മാം വക്ഷ്യതേഽക്രൂര തതേത്യുരുശ്രവാഃ
തദാ വയം ജന്മഭൃതോ മഹീയസാ
നൈവാദൃതോ യോ ധിഗമുഷ്യ ജന്മ തത്. 21
ന തസ്യ കശ്ചിദ്ദയിതഃ സുഹൃത്തമോ
ന ചാപ്രിയോ ദ്വേഷ്യ ഉപേക്ഷ്യ ഏവ വാ
തഥാപി ഭക്താൻ ഭജതേ യഥാ തഥാ
സുരദ്രുമോ യദ്വദുപാശ്രിതോഽർത്ഥദഃ. 22
കിഞ്ചാഗ്രജോ മാവനതം യദൂത്തമഃ
സ്മയൻ പരിഷ്വജ്യ ഗൃഹീതമഞ്ജലൗ
ഗൃഹം പ്രവേശ്യാപ്തസമസ്തസത്കൃതം
സംപ്രക്ഷ്യതേ കംസകൃതം സ്വബന്ധുഷു.'' 23

ശ്രീശുക ഉവാച

ഇതി സഞ്ചിന്തയൻ കൃഷ്ണം ശ്വഫല്കതനയോഽധ്വനി
രഥേന ഗോകുലം പ്രാപ്തഃ സൂര്യശ്ചാസ്തഗിരിം നൃപ! 24

പദാനി തസ്യാഖിലലോകപാല-
കിരീടജുഷ്ടാമലപാദരേണോഃ
ദദർശ ഗോഷ്ഠേ ക്ഷിതികൗതുകാനി
വിലക്ഷിതാന്യബ്ജയവാങ്കുശാദ്യൈഃ. 25
തദ്ദർശനാഹ്ലാദവിവൃദ്ധസംഭ്രമഃ
പ്രേമ്ണോർദ്ധ്വരോമാശ്രുകലാകുലേക്ഷണഃ
രഥാദവസ്കന്ദ്യ സ തേഷ്വചേഷ്ടത
പ്രഭോരമൂന്യങ്ഘ്രിരജാംസ്യഹോ ഇതി. 26

ദേഹം ഭൃതാമിയാനർത്ഥോ ഹിത്വാ ദംഭം ഭിയം ശുചം
സംദേശാദ് യോ ഹരേർല്ലിങ്ഗദർശനശ്രവണാദിഭിഃ. 27
ദദർശ കൃഷ്ണം രാമം ച വ്രജേ ഗോദോഹനം ഗതൗ
പീതനീലാംബരധരൗ ശരദംബുരുഹേക്ഷണൗ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നല്ല തത്പാദാബ്ജമൂലത്തിൽപ്പതിച്ചിടു-
മെന്നുടെ ശിരസ്സിങ്കലാ വിഭു കൃപാപൂർവം,

കാലാഹിവേഗം ഭയന്നാശ്രയിച്ചീടുവോർതൻ-
മാലാററിയഭയത്തെയരുളും തത്കരാബ്ജം

സമർപ്പിച്ചെന്നെയനുഗ്രഹിക്കുമതുമൂല-
മമിതാനന്ദവാരാന്നിധിയിലാറാടും ഞാൻ. 16

സ്വപ്പ്തി മഹാബലിയെന്നിവരേതിൽ ബലി-
യപ്പിച്ചു മൂപ്പാരിനുമീശന്മാരായിത്തീർന്നോ

ലീലയിൽ ഗോപാങ്ഗനാക്ഷീണത്തെ-
സ്സൗഗന്ധികം-
പോലെ സൗരഭ്യമാളുമക്കരമല്ലോ തീർത്തു. 17

കംസപ്രേരിതനും തദ്വ തനുമാകുമെന്നെ-
സ്സംശയിക്കില്ല സർവ്വദർശനനാമക്കൃഷ്ണൻ.

ഉള്ളിലും പുറമേയുമിയലും വ്യാപാരങ്ങ-
ളെല്ലാം താനീക്ഷിക്കുന്നുണ്ടമലദൃക്കാമവൻ. 18

സാദരം കാൽക്കൽ കൈകൾ കൂപ്പി
നിന്നീടുമെന്നെ
പ്രീതനായ്ക്കൃപാർദ്രാക്ഷിയുഗ്മത്താൽ
കടാക്ഷിക്കും

അപ്പോളെൻ ദുരിതങ്ങളാകവേയകന്നു ഞാ-
നംപ്പൂവിലളവററ സന്തോഷമാവഹിക്കും. 19

പിതൃവ്യനായിസ്സുഹൃത്തമനായന്യദൈവ-
മതിയററവനാകുമീയെന്നെയനന്തരം

ആയതബാഹുക്കളാൽപ്പരിരംഭണംചെയ്യു-
മായതിനാലെന്നങ്ഗം ശുദ്ധമാ,മറും-
ബന്ധം. 20

അങ്ഗസങ്ഗമമാന്നു നമിച്ചു കരംകൂപ്പി-
യങ്ങു നിന്നീടുമെന്നെയക്രൂര! താതാ! എന്നായ്

മഹിതകീർത്തിമാനാം ഭഗവാൻ വിളിച്ചിടു-
മഹമക്ഷണം ജന്മസാഫല്യമിയന്നിടും.

മഹാത്മാവായീടുമദ്ദേവനാലനാദൃതൻ
മഹിയിൽ മഹാ നിന്ദ്യനായ് ഭവിച്ചീടും
നൂനം. 21

ഒരുവൻ പ്രിയനായുമപ്രിയനായും പിന്നെ-
യൊരുവൻ സുഹൃത്തായുമുപേക്ഷ്യനായുമേകൻ

ഒരുവൻ ദ്വേഷ്യനായുമില്ലവന്നീ ലോകത്തിൽ;
സുരപാദപമത്ഥമാശ്രിതക്കേകുന്നപോൽ

തന്നെബ്ഭജിക്കും ഭക്തജനത്തിന്നഭീഷ്ടങ്ങ-
ളൊന്നൊഴിയാതെയവൻ സാധിപ്പി-
ച്ചീടുന്നിതു. 22

പിന്നെ യാദവശ്രേഷ്ഠനായിടും ജ്യേഷ്ഠൻ രാമൻ
വന്നു സുസ്മിതനായിക്കൈക്കൂപ്പിനില്ലുമെന്നെ-

ക്കെട്ടിപ്പിടിച്ചു ഗന്ധം ഗൃഹത്തിൽക്കൊണ്ടു-
പോയി-
പ്പെട്ടെന്നു സൽക്കരിച്ചങ്ങിരുത്തിയനന്തരം

എന്നോടു ചോദിച്ചിടും ബാന്ധവക്ക-
കംസനിൽ
നിന്നു നേരിട്ടിടുന്ന ശല്യത്തെപ്പററിയെല്ലാം.'' 23

ശ്രീശുകൻ പറഞ്ഞു

വഴിയിലിപ്രകാരം കൃഷ്ണനെക്കുറിച്ചെല്ലാ-
മ്പൊഴുതും ചിന്തിച്ചുകൊണ്ടക്രൂരൻ ശ്വഫല്ക്കജൻ

തേരതിലേറിപ്പോയി നന്ദഗോകുലത്തിലും
സൂര്യനസ്തമയാദ്രിതന്നിലും പ്രവേശിച്ചാൻ. 24

അങ്കുശം, യവം, സരസീരുഹമിത്യാദിയാ-
ലങ്കിതമായി, ലോകപാലന്മാർമൗലിതന്നിൽ

വാരിപ്പൂശിടും ധൂളികലന്ന ഭൂമിക്കല-
ങ്കാരമാം കാല്പാടുകൾ കാണായി
ഗോഷ്ഠഭൂവിൽ. 25

അതു കണ്ടാഹ്ലാദത്താൽ വിഭ്രമചിത്തനായി-
ട്ടതിയാം പ്രേമത്തിനാൽക്കോൾമയിക്കൊണ്ടു
പാരം,

ബാഷ്പാവിലാക്ഷനായിട്ടിവയാ പ്രഭുവിന്റെ
കാല്പൊടികളെന്നുന്നി വിസ്മയാധീനനായി

പെട്ടെന്നു രഥത്തിൽനിന്നെടുത്തു താഴെച്ചാടി-
യൊട്ടിടയദ്ധൂളിയിൽക്കിടന്നുരുണ്ടീടിനാൻ. 26

പേടിയോ കാപട്യമോ ദുഃഖമോ ലവലേശം-
തേടാതെ ഫലാപേക്ഷയററതാം ഹരിഭക്തി

ഒന്നുതാൻ ശ്രേഷ്ഠമെന്നും ദേഹികൾക്കശേഷമ-
തന്യൂനപുരുഷാർത്ഥസാധകമെന്നും നേരേ

സന്ദേശംമുതൽ ഹരിലിങ്ഗദർശനംവരെ
വർണ്ണിച്ച കാര്യങ്ങളാലക്രൂരൻ തെളിയിച്ചാൻ. 27

അമ്പാടിതന്നിൽപ്പിന്നെയക്രൂരൻ കണ്ടീടിനാ-
നിമ്പമായ് നീലപീതവസ്ത്രധാരികളായി

ശരത്സരോജേക്ഷണന്മാരാകും രാമകൃഷ്ണ-
പുരുഷരത്നങ്ങളെപ്പൈക്കറക്കും സ്ഥലത്തിൽ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിശോരൗ ശ്യാമളശ്വേതൗ ശ്രീനികേതൗ ബൃഹദ്ഭുജൗ
സുമുഖൗ സുന്ദരവരൗ ബാലദ്വിരദവിക്രമൗ. 29

ധ്വജവജ്രാങ്കുശാംഭോജൈശ്ചിഹ്നിതൈരങ്ഘ്രിഭിർവ്രജം
ശോഭയന്തൗ മഹാത്മാനാവനുക്രോശസ്മിതേക്ഷണൗ. 30

ഉദാരരുചിരക്രീഡൗ സ്രഗ്വിണൗ വനമാലിനൗ
പുണ്യഗന്ധാനുലിപ്താങ്ഗൗ സ്നാതൗ വിരജവാസസൗ. 31

പ്രധാനപുരുഷാവാദ്യൗ ജഗദ്ധേതൂ ജഗത്പതീ
അവതീർണ്ണൗ ജഗത്യർത്ഥേ സ്വാംശേന ബലകേശവൗ. 32

ദിശോ വിതിമിരാ, രാജൻ, കുർവ്വാണൗ പ്രഭയാ സ്വയാ
യഥാ മാരകതഃ ശൈലോ രൗപ്യശ്ച കനകാചിതൗ. 33

രഥാത്തൂർണ്ണമവപ്ലുത്യ സോഽക്രൂരഃ സ്നേഹവിഹ്വലഃ
പപാത ചരണോപാന്തേ ദണ്ഡവദ് രാമകൃഷ്ണയോഃ. 34

ഭഗവദ്ദർശനാഹ്ലാദബാഷ്പപര്യാകുലേക്ഷണഃ
പുളകാചിതാങ്ഗ ഔത്കണ്ഠ്യാത് സ്വാഖ്യാനേ നാശകൻ,
നൃപ. 35

ഭഗവാംസ്തമഭിപ്രേത്യ രഥാങ്ഗാങ്കിതപാണിനാ
പരിരേഭേഽഭ്യുപാകൃഷ്യ പ്രീതഃ പ്രണതവത്സലഃ. 36

സങ്കർഷണശ്ച പ്രണതമുപഗുഹ്യ മഹാമനാഃ
ഗൃഹീത്വാ പാണിനാ പാണീ അനയത് സാനുജോ ഗൃഹം. 37

പൃഷ്ട്വാഥ സ്വാഗതം തസ്മൈ നിവേദ്യ ച വരാസനം
പ്രക്ഷാല്യ വിധിവത് പാദൗ മധുപർക്കാർഹണമാഹരത്. 38

നിവേദ്യ ഗാം ചാതിഥയേ സംവാഹ്യ ശ്രാന്തമാദൃതഃ
അന്നം ബഹുഗുണം മേധ്യം ശ്രദ്ധയോപാഹരദ്വിഭുഃ. 39

തസ്മൈ ഭുക്തവതേ പ്രീത്യാ രാമഃ പരമധർമ്മവിത്
മുഖവാസൈർഗ്ഗന്ധമാല്യൈഃ പരാം പ്രീതിം വ്യധാത്
പുനഃ. 40

പപ്രച്ഛ സത്കൃതം നന്ദഃ കഥം സ്ഥ നിരനുഗ്രഹേ
''കംസേ ജീവതി ദാശാർഹ! സൗനപാലാ ഇവാവയഃ 41

യോഽവധീത് സ്വസ്വസുസ്തോകാൻ ക്രോശന്ത്യാ
അസുതൃപ് ഖലഃ
കിം നു സ്വിത്തത്പ്രജാനാം വഃ കുശലം വിമൃശാമഹേ.'' 42

ഇത്ഥം സൂനൃതയാ വാചാ നന്ദേന സുസഭാജിതഃ
അക്രൂരഃ പരിപൃഷ്ടേന ജഹാവധ്വപരിശ്രമം. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരാഗമനം നാമ അഷ്ടത്രിംശത്തമോഽധ്യായഃ

ഏകോനചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച
സുഖോപവിഷ്ടഃ പര്യങ്കേ രാമകൃഷ്ണോരുമാനിതഃ
ലേഭേ മനോരഥാൻ സർവ്വാൻ പഥി യാൻ സ ചകാര ഹ. 1

കിമലഭ്യം ഭഗവതി പ്രസന്നേ ശ്രീനികേതനേ
തഥാപി തത്പരാ രാജൻ, ന ഹി വാഞ്ഛന്തി കിഞ്ചന. 2

സായന്തനാശനം കൃത്വാ ഭഗവാൻ ദേവകീസുതഃ
സുഹൃത്സു വൃത്തം കംസസ്യ പപ്രച്ഛാന്യച്ചികീർഷിതം. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്വേതശ്യാമളവർണ്ണന്മാരായിസ്സൗന്ദര്യസ-
ങ്കേതമാം മുഖങ്ങളാർന്നായതബാഹുക്കളായ്
അത്യന്തം സൗകുമാര്യംകലരും കിശോരരായ്
കട്ടിയാനതൻ പരാക്രമമാർന്നവരായി. 29
പങ്കജധ്വജാങ്കുശവജ്രചിഹ്നങ്ങളാലും
തൻകഴൽകളാലലങ്കരിച്ചു ഗോഷ്ഠഭൂമി
മന്ദഹാസങ്ങളിടതൂർന്ന കാരുണ്യപൂരം
ചൊരിഞ്ഞീടും കടാക്ഷങ്ങളാർന്നിടും മഹാന്മാരായ്.
30
ചാരുലീലയും ദാനശീലവുമൊത്തിണങ്ങി
ഹാരവും തഥാ വനമാലയും പൂണ്ടു നന്നായ്
കുളിച്ചു കുറിക്കൂട്ടമണിഞ്ഞു ദേഹത്തിൽ നി-
ർമ്മലമാം വസ്ത്രങ്ങളും ധരിച്ചു ഭംഗിയായി. 31
വെള്ളിമാമലമട്ടും സുവർണ്ണം വ്യാപിച്ചതാ-
യുള്ളൊരു മരതകമാമലയ്ക്കൊപ്പമായും
സ്വന്തമാം കാന്തിച്ചുടമൂലമായ് മുറ്റും ദിഗ-
ന്താന്ധകാരത്തെയാകെ മുടിച്ചും ശോഭിച്ചിടും.
ജഗൽക്കാരണന്മാരായാദ്യരായ് പ്രധാനരായ്
ജഗന്നാഥന്മാരായിബ്ഭുവനരക്ഷണാർത്ഥം
വിഷ്ണ്വംശത്തിനാൽ ഭുവിൽ ജനിച്ചീടിന രാമ-
കൃഷ്ണാഖ്യപ്രഖ്യാതരെയക്രൂരൻ കണ്ടീടിനാൻ.
പ്രേമവിഹ്വലനായിസ്സ്യന്ദനംതന്നിൽനിന്നു-
മാ മഹാൻ താഴെച്ചാടിയച്ചരണാബ്ജ-
ങ്ങളിൽ
കേവലമൊരു ദണ്ഡമെന്നതുപോലെതന്നെ
ഭൂവരശിഖാമണേ! പതിച്ചാനക്ഷണത്തിൽ.
32-34
തദ്ദർശനാനന്ദത്താലശ്രുപൂർണ്ണാക്ഷനായി-
ട്ടത്യന്തം പുളകിതഗാത്രനാശ്വഫല്ഗുജൻ
ഉത്കണ്ഠനിമിത്തമായ് സ്വനാമമോതുവാനും
ശക്തിയററവനായിത്തീർന്നെന്നേ പറയേണ്ടു.
പ്രീതനും നതജനവത്സലൻതാനുമാകും
മാധവ,നാരാണതെന്നറിഞ്ഞിട്ടപ്പോഴുത്തന്നെ
നിത്യവും സുദർശനം ധരിച്ചു തഴമ്പാളും
ഹസ്തത്താൽപ്പിടിച്ചെഴുന്നേല്പിച്ചു തലോടിനാൻ.
നമിക്കുമക്രൂരനെ മഹാത്മാ രാമൻതാനു-
മമന്ദമാശ്ലേഷിച്ചു കൈപിടിച്ചക്ഷണംതാൻ
അനുജനോടുംകൂടിയാലയാന്തർഭാഗത്തി-
ലനുമോദനപൂർവ്വംമെല്ലവേയാനയിച്ചാൻ. 35-37
സ്വാഗതമോതിപ്പിന്നെശ്ശ്രേഷ്ഠമാ-
മാസനത്തെ-
യേകിത്തത്പാദം രണ്ടും കഴുകി വിധിപോലെ
മധുപർക്കാദി നാനാവസ്തുക്കളാലശ്ശുദ്ധ-
മതിയെ വേണ്ടുംവിധമർച്ചനംചെയ്തീടിനാൻ. 38
അതിഥിക്കായിപ്പിന്നെഗ്ഗോവിനെ
നിവേദിച്ചി-
ട്ടതിശ്രാന്തനായീടുമവനെത്താനേ വിട്ടു
പാദശുശ്രൂഷചെയ്തു ശുദ്ധമായ് ഗുണമാളു-
മോദനം ശ്രദ്ധാപൂർവ്വം വിധിപോലശി-
പ്പിച്ചാൻ. 39
പരമധർമ്മജ്ഞനാം രാമനങ്ങുണ്ണുംകഴി-
ഞ്ഞിരിക്കുമക്രൂരനു മുഖവാസങ്ങളാകും
താംബൂലങ്ങളും ഗന്ധപുഷ്പമാലകളും നല്കി
സമ്മോദമകതാരിൽ നന്നുട്ട വളർത്തിനാൻ. 40
''ദാശാർഹവംശ്യാ! ശ്രേഷ്ഠാ! നിതരാം
ക്രൂരനാമ-
ക്കംസനായുസ്സോടിരുന്നീടവേ നിങ്ങളെല്ലാം,
അങ്ങഹോ! ഗോഘാതകൻ പോററുന്ന
മേഷങ്ങളാമ-
ട്ടെങ്ങനെ കഴിച്ചീടു''ന്നെന്നു ചോദിച്ചു നന്ദൻ.
41
''സ്വപ്രാണതൃപ്തിക്കായി ദുഷ്ടനാമേ-
തൊരുത്തൻ
നിർഭരം കണ്ണീർവാർത്തു കരയും സ്വസാവുതൻ
ബാലകന്മാരെക്കൊന്നാൻ; തജ്ജനങ്ങളാം
നിങ്ങ-
ളാളുന്ന സുഖമെന്തിനല്ലെങ്കിൽ ചോദിക്കുന്നു.''
42
മാധുര്യവാക്യങ്ങളാൽ നന്ദനാലിപ്രകാരം
സാദരം സൽക്കൃതനായ് ഭവിക്കനിമിത്ത-
ഭക്തപ്രധാനനാകുമക്രൂരനറിഞ്ഞീല [മായ്
മാർഗ്ഗസഞ്ചാരത്തിനാൽ ജാതമാം ക്ഷീണമേതും.
43

അദ്ധ്യായം 39

ശ്രീകൃഷ്ണമഥുരായാത്ര, ഗോപീവിരഹദുഃഖം, അക്രൂരവൈകുണ്ഠദർശനം

ശ്രീശുകൻ പറഞ്ഞു
സുഖമായ് മഞ്ചംതന്നിൽ സ്ഥിതനായ്
രാമനാലും
ഭഗവാൻ കൃഷ്ണനാലും ബഹുമാനിതനാകും
അക്രൂരനദ്ധ്വാവിൽവച്ചുണ്ടായ മനോരഥ-
മൊക്കെയെവ്വണ്ണമത്ഭുതമായിതു ചിത്രം! 1
ശ്രീനികേതനനാകും ഭഗവാൻ പ്രസാദിക്കും
മാനവർക്കസാധ്യമായെന്തുള്ളു ചിന്തിക്കുകിൽ,
എന്നിരിക്കിലുമവരെപ്പൊഴും ഹരിഭക്തി-
യെന്നിയേ മറെറാന്നുമേയാശിക്കുന്നി-
ല്ലയല്ലോ. 2
കായാമ്പൂവർണ്ണൻ, സായങ്കാലഭക്ഷണശേഷ-
മായവനോടായ്ക്കംസൻ, സുഹൃത്തുക്കളി-
ലെല്ലാം
പെരുമാറുന്നമട്ടുമിപ്പൊഴുതാചരിപ്പാൻ
കരുതും കാര്യങ്ങളും ചോദിച്ചാൻ സ്നേഹപൂർവ്വം. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

താത, സൗമ്യാഗതഃ കച്ചിത്, സ്വാഗതം ഭദ്രമസ്തു വഃ
അപി സ്വജ്ഞാതിബന്ധൂനാമനമീവമനാമയം. 4

കിം ന നഃ കുശലം പൃച്ഛേ ഏധമാനേ കുലാമയേ
കംസേ മാതുലനാമ്‌ന്യങ്ഗ സ്വാനാം നസ്തത് പ്രജാസു ച. 5

'അഹോ അസ്മദഭൂദ് ഭൂരി പിത്രോർവൃജിനമാര്യയോഃ
യദ്ധേതോഃ പുത്രമരണം യദ്ധേതോർബന്ധനം തയോഃ. 6

ദിഷ്ട്യാദ്യ ദർശനം സ്വാനാം മഹ്യം വഃ, സൗമ്യ, കാങ്ക്ഷിതം
സഞ്ജാതം വർണ്ണ്യതാം, താത, തവാഗമനകാരണം. 7

ശ്രീശുക ഉവാച

പൃഷ്ടോ ഭഗവതാ സർവം വർണ്ണയാമാസ മാധവഃ
വൈരാനുബന്ധം യദുഷു വസുദേവവധോദ്യമം. 8

യത്സന്ദേശോ യദർത്ഥം വാ ദൂതഃ സംപ്രേഷിതഃ സ്വയം
യദുക്തം നാരദേനാസ്യ സ്വജന്മാനകദുന്ദുഭേഃ. 9

ശ്രുത്വാക്രൂരവചഃ കൃഷ്ണോ ബലശ്ച പരവീരഹാ
പ്രഹസ്യ നന്ദം പിതരം രാജ്ഞാഽഽദിഷ്ടം വിജജ്ഞതുഃ 10

ഗോപാൻ സമാദിശത് സോഽപി ''ഗൃഹ്യതാം സർവഗോരസഃ
ഉപായനാനി ഗൃഹ്ണീധ്വം യുജ്യന്താം ശകടാനി ച. 11

യാസ്യാമഃ ശ്വോ മധുപുരീം ദാസ്യാമോ നൃപതേ രസാൻ
ദ്രക്ഷ്യാമഃ സുമഹത്പർവ്വ യാന്തി ജാനപദാഃ കില.''
ഏവമാഘോഷയത് ക്ഷത്ത്രാ നന്ദഗോപഃ സ്വഗോകുലേ. 12

ഗോപ്യസ്താസ്തദുപശ്രുത്യ ബഭൂവുർവ്യഥിതാ ഭൃശം
രാമകൃഷ്ണൗ പുരീം നേതുമക്രൂരം വ്രജമാഗതം. 13

കാശ്ചിത്തത്കൃതഹൃത്താപശ്വാസമ്ലാനമുഖശ്രിയഃ
സ്രംസദ്ദുകൂലവലയകേശഗ്രന്ഥ്യശ്ച കാശ്ചന. 14

അന്യാശ്ച തദനുധ്യാനനിവൃത്താശേഷവൃത്തയഃ
നാഭ്യജാനന്നിമം ലോകമാത്മലോകം ഗതാ ഇവ. 15

സ്മരന്ത്യശ്ചാപരാഃ ശൗരേരനുരാഗസ്മിതേരിതാഃ
ഹൃദിസ്പൃശശ്ചിത്രപദാ ഗിരഃ സംമുമുഹുഃ സ്ത്രിയഃ. 16

ഗതിം സുലലിതാം ചേഷ്ടാം സ്നിഗ്ധഹാസാവലോകനം
ശോകാപഹാനി നർമ്മാണി പ്രോദ്ദാമചരിതാനി ച. 17

ചിന്തയന്ത്യോ മുകുന്ദസ്യ ഭീതാ വിരഹകാതരാഃ
സമേതാഃ സങ്ഘശഃ പ്രോചുരശ്രുമുഖ്യോഽച്യുതാശയാഃ. 18

ഗോപ്യ ഊചുഃ

അഹോ വിധാതസ്തവ ന ക്വചിദ്ദയാ
സംയോജ്യ മൈത്ര്യാ പ്രണയേന ദേഹിനഃ
താംശ്ചാകൃതാർത്ഥാൻ വിയുനങ്ക്ഷ്യപാർത്ഥകം
വിക്രീഡിതം തേഽർഭകചേഷ്ടിതം യഥാ. 19

യസ്ത്വം പ്രദർശ്യാസിതകുന്തളാവൃതം
മുകുന്ദവക്ത്രം സുകപോലമുന്നസം
ശോകാപനോദസ്മിതലേശസുന്ദരം
കരോഷി പാരോക്ഷ്യമസാധു തേ കൃതം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

പിതാവേ! സൗമ്യശീലാ! ഭവാൻ വന്ന–
ത്തുമൂല–
മതീവ ഞങ്ങൾ തുഷ്ടരായിതു, മങ്ഗലം തേ
നമ്മുടെ വംശ്യബന്ധുമിത്രങ്ങൾക്കെല്ലാമി–
പ്പോൾ
സന്മതേ, ദുഃഖമേതുമില്ലല്ലോ സുഖമല്ലീ? 4
അമ്മാമനെന്ന പേരു വഹിച്ച കംസനാകും
നമ്മുടെ വംശരോഗം വദ്ധിച്ചുവന്നീടവേ,
തൽപ്രജകളുമസ്മദ്ബാന്ധവവൃന്ദങ്ങളു–
മിപ്പൊഴുതാളും സുഖമെന്തിനു ചോദിക്കുന്നു? 5
ആര്യരാമപ്പുനമ്മമാരഹോ! ഞങ്ങൾ രണ്ടു–
പേരുമൂലമായെന്തു സങ്കടം സഹിച്ചുപോയ്
തൽ പുത്രന്മാരെഖ്ഖലൻ ഹനിച്ചിട്ടവരെയു–
മപ്പൊഴേ കാരാഗൃഹംതന്നിലിട്ടടച്ചിതു.
ആശിക്കുന്നു ഞാൻ ചിരകാലമായ് താങ്കൾക്കെഴും
ദർശനം, ഭാഗ്യത്താലതിന്നു സാധിച്ചു താത!
ഭവദീയാഗമത്തിൻ കാരണമെന്തെന്നതും
വിവരിച്ചെന്നോടരുളീടുക പൂജ്യപാദാ! 7

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ നന്ദാത്മജൻ ചോദിക്കെ, മധുവംശ്യ–
പുങ്ഗവൻ, യദുക്കളിൽക്കംസനു വളർന്നിടും
വൈരാനുബന്ധത്തെയും വസുദേവനെക്കൊ–
ല്ലാൻ
തീരുമാനിച്ചുള്ളതും വിശദം ചൊല്ലീടിനാൻ. 8
മല്ലയുദ്ധത്തിനുള്ളോരൊരുക്ക,മുദ്ദേശവും,
കില്ല(..) കൃഷ്ണൻ വസുദേവനന്ദനനെന്നായ്
നാരദൻ കംസനോടു ചെന്നു ചൊന്നതും മററും
നേരേ കാർവർണ്ണനോടായക്രൂരൻ പറഞ്ഞിതു. 9
അക്രൂരവാക്യം കേട്ടു രാമകൃഷ്ണന്മാർ ചിരി–
ച്ചക്കംസനിദേശത്തെ നന്ദനെയറിയിച്ചാർ. 10
നന്ദനും ഗോപന്മാരോടക്ഷണം കല്പിച്ചിതു:
''ചെന്നുടനെടുക്കുവിൻ ഗോരസമശേഷവും
കാഴ്ചദ്രവ്യങ്ങളേയും സംഭരിക്കുവിൻ വേഗം
വീഴ്ചയെന്നിയേ ശകടങ്ങളും കെട്ടീടുവിൻ. 11
നാളെപ്പോകണം നമുക്കൊക്കെയും മധുരയ്ക്കു
ചാലവേ ഭൂപാലനു നല്കണം ഗോരസങ്ങൾ
ഏററവും ശ്രേഷ്ഠമായോരുത്സവം നടക്കുന്നു
നാട്ടുകാരെല്ലാം പോകും, നമുക്കും പോയീ
ടണം.''
ഈവിധം വിളംബരം രക്ഷാധികാരിമൂല–
മാ വ്രജമെങ്ങും കൊട്ടിഗ്ഘോഷിപ്പിച്ചറി–
യിച്ചാൻ. 12
മധുരാപുരത്തിലേക്കാ രാമകൃഷ്ണന്മാരെ
ത്വരിതം കൊണ്ടുപോകാനക്രൂരൻ വന്നതായി
ഗോപിമാരശേഷവും ശ്രവിച്ചിട്ടളവററ
താപാംഭോരാശിതന്നിലാമഗ്നരായീടിനാർ. 13
ചിലർ തന്മനോദുഃഖദീർഘനിശ്വാസത്തിനാ–
ലൊളിമങ്ങിയ മുഖത്തോടുചേർന്നവരായാർ.
ചില ഗോപിമാർ വസ്ത്രമിഴിഞ്ഞും വളയൂർന്നും
ചിലർ കാർകുന്തലിൻ കെട്ടഴിഞ്ഞും
നിലകൊണ്ടാർ. 14
തദ്ധ്യാനംമൂലമായിച്ചില നാരികളന്യ–
വൃത്തികളശേഷവും കൈവെടി,ഞ്ഞാത്മാ–
വിനെ
നന്നായിസ്സാക്ഷാൽക്കരിച്ചീടിന യോഗീ–
ന്ദ്രന്മാ–
രെന്നപോൽ, ദേഹംകൂടെ മറന്നു നിന്നീടിനാർ.
അന്യഗോപികളനുരാഗസൂചകമായി [15
മന്ദഹാസത്തോടരുൾചെയ്‌വതായന്തഃ–
സ്പൃക്കായ്
നാനാത്ഥയുക്തങ്ങളാം നന്ദജവാക്യങ്ങളെ
മാനസംതന്നിൽ സ്മരിച്ചാഹന്ത!
മോഹമാർന്നാർ. 16
മുകുന്ദൻതന്റെ മനോഹരമാം നടത്തയും
സകലചേഷ്ടകളും സസ്മിതകടാക്ഷവും
ദുഃഖാപഹാരകങ്ങളായിടും നമ്മങ്ങളും
ചൊല്ലേറ്റൊണ്ട കമ്മങ്ങളും ചിന്തിച്ചു
ചിത്തതാരിൽ
വിരഹാതുരരായിബ്ഭീരുക്കളായിച്ചിത്തം
ഹരിയിൽത്താനുറപ്പിച്ചുള്ളൊരമ്മല്ലാക്ഷിമാർ
സംഘംസംഘമായ്ച്ചേർന്നുനിന്നശ്രുമുഖി–
മാരായ്
സങ്കടപ്പെട്ടു തമ്മിലുച്ചത്തിൽ പറഞ്ഞിതു.
17–18

ഗോപികൾ പറഞ്ഞു

സൃഷ്ടികർത്താവേ! കഷ്ട! മഞ്ഞങ്ങക്കൊട്ടുമേ
ദയാ–
ദൃഷ്ടിയില്ലയോ? മിത്രഭാവത്തിൽ ജന്തുക്കളെ
അന്യോന്യം സ്നേഹത്തോടു ചേത്തവർ–
കൃതാത്ഥരായ്–
ത്തീന്നിടുംമുൻപേ ഭവാൻ വേർപിരിച്ചീ–
ടുന്നിതേ.
താവകക്രീഡയിതു പാക്കകിൽ വിധാതാവേ!
കേവലം കുട്ടിക്കളിയെന്നതുപോലെതന്നെ. 19
നീലകന്തളം ചുഴ്ന്നു ചാരുഗണ്ഡങ്ങളാന്നു
ചേലിയന്നുയന്നതാം നാസികയൊത്തിണങ്ങി
അഖിലദുഃഖാപഹമന്ദസ്മിതത്തോടൊത്ത–
മ്മുകുന്ദമുഖാംബുജം തീർത്തു ഞങ്ങളെക്കാട്ടി
പെട്ടെന്നു കാണാതാക്കിത്തീക്കുമിത്തൊഴി–
ലങ്ങേ–
ക്കൊട്ടുമേ യോജിച്ചതല്ലതീവ നിന്ദ്യമത്രേ! 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രൂരസ്ത്വമക്രൂരസമാഖ്യയാ സ്മ ന-
ശ്ചക്ഷുർഹി ദത്തം ഹരസേ ബതാജ്ഞവത്
യേനൈകദേശേഽഖിലസർഗ്ഗസൗഷ്ഠവം
ത്വദീയമദ്രാക്ഷ്മ വയം മധുദ്വിഷഃ. 21
ന നന്ദസൂനുഃ ക്ഷണഭങ്ഗസൗഹൃദഃ
സമീക്ഷതേ നഃ സ്വകൃതാതുരാ ബത!
വിഹായ ഗേഹാൻ സ്വജനാൻ സുതാൻ പതീം-
സ്തദ്ദാസ്യമദ്ധോപഗതാ നവപ്രിയഃ. 22
സുഖം പ്രഭാതാ രജനീയമാശിഷഃ
സത്യാ ബഭൂവുഃ പുരയോഷിതാം ധ്രുവം
യാഃ സംപ്രവിഷ്ടസ്യ മുഖം വ്രജസ്പതേഃ
പാസ്യന്ത്യപാങ്ഗോത്കലിതസ്മിതാസവം. 23
താസാം മുകുന്ദോ മധുമഞ്ജുഭാഷിതൈർ-
ഗൃഹീതചിത്തഃ പരവാൻ മനസ്വ്യപി
കഥം പുനർനഃ പ്രതിയാസ്യതേഽബലാ
ഗ്രാമ്യാഃ സലജ്ജസ്മിതവിഭ്രമൈർഭ്രമൻ. 24
അദ്യ ധ്രുവം തത്ര ദൃശോ ഭവിഷ്യതേ
ദാശാർഹഭോജാന്ധകവൃഷ്ണിസാത്വതാം
മഹോത്സവഃ ശ്രീരമണം ഗുണാസ്പദം
ദ്രക്ഷ്യന്തി യേ ചാധ്വനി ദേവകീസുതം. 25
മൈതദ്വിധസ്യാകരുണസ്യ നാമ ഭൂ-
ദക്രൂര ഇത്യേതദതീവ ദാരുണഃ
യോഽസാവനാശ്വാസ്യ സുദുഃഖിതം ജനം
പ്രിയാത് പ്രിയം നേഷ്യതി പാരമധ്വനഃ. 26
അനാർദ്രധീരേഷ സമാസ്ഥിതോ രഥം
തമന്വമീ ച ത്വരയന്തി ദുർമ്മദാഃ
ഗോപാ അനോഭിഃ സ്ഥവിരൈരുപേക്ഷിതം
ദൈവം ച നോഽദ്യ പ്രതികൂലമീഹതേ. 27
നിവാരയാമഃ സമുപേത്യ മാധവം
കിം നോഽകരിഷ്യൻ കുലവൃദ്ധബാന്ധവാഃ
മുകുന്ദസങ്ഗാന്നിമിഷാർദ്ധദുസ്ത്യജാ-
ദ്ദൈവേന വിധ്വംസിതദീനചേതസാം. 28
യസ്യാനുരാഗലലിതസ്മിതവല്ഗുമന്ത്ര-
ലീലാവലോകപരിരംഭണരാസഗോഷ്ഠ്യാം
നീതാഃ സ്മ നഃ ക്ഷണമിവ ക്ഷണദാ വിനാ തം
ഗോപ്യഃ കഥം ന്വതിതരേമ തമോ ദുരന്തം. 29
യോഽഹ്നഃ ക്ഷയേ വ്രജമനന്തസഖഃ പരീതോ
ഗോപൈർവിശൻ ഖുരരജശ്ഛുരിതാളകസ്രക്
വേണും ക്വണൻ സ്മിതകടാക്ഷനിരീക്ഷണേന
ചിത്തം ക്ഷിണോത്യമുമൃതേ നു കഥം ഭവേമ. 30

ശ്രീശുക ഉവാച

ഏവം ബ്രുവാണാ വിരഹാതുരാ ഭൃശം
വ്രജസ്ത്രിയഃ കൃഷ്ണവിഷക്തമാനസാഃ
വിസൃജ്യ ലജ്ജാം രുരുദുഃ സ്മ സുസ്വരം
ഗോവിന്ദ ദാമോദര മാധവേതി. 31

സ്ത്രീണാമേവം രുദന്തീനാമുദിതേ സവിതര്യഥ
അക്രൂരശ്ചോദയാമാസ കൃതമൈത്രാദികോ രഥം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാവേ! ക്രൂരനാം നീയക്രൂരനായി വന്നു
ചെമ്മേ നീ തന്ന ദൃഷ്ടിയജ്ഞനെപ്പോൽ
ഹരിപ്പൂ.
ശ്രീകൃഷ്ണാങ്ഗത്തിലാളും സൗന്ദര്യപ്രവാഹം
ത-
ന്നേകമാം കണികകൊണ്ടല്ലയോ പിതാമഹാ!
ലോകത്തിലങ്ങുമിങ്ങുമങ്ങു സൗന്ദര്യസൃഷ്ടി-
പ്രാഗല്ഭ്യം യഥാർത്ഥത്തിൽ പ്രകടിപ്പിക്കു-
ന്നതും.
അപ്പരമാർത്ഥം ഞങ്ങൾ കണ്ടറിഞ്ഞതുകൊണ്ടോ
ക്ഷിപ്രം നീയസ്മന്നേത്രം ഹരിച്ചുകൊണ്ടതി-
പ്പോൾ. 21

ക്ഷണത്തിൽ സ്നേഹംവിടും സ്വഭാവമാർന്ന നവ-
പ്രണയമിച്ഛിക്കുമന്നന്ദജൻ സുന്ദരാങ്ഗൻ
വല്ലഭപുത്രമിത്രസ്വജനസദനാദി-
യെല്ലാം സന്ത്യജിച്ച തദ്ദാസഭാവം വരിച്ച
തത്കൃത്യങ്ങളാലേററം ദുഃഖിക്കുമീ ഞങ്ങളെ
നോക്കീടുന്നതുപോലുമില്ലിപ്പോൾ
കഷ്ടം കഷ്ടം! 22

മഥുരാപുരത്തിലെക്കാമിനിമാർതൻ മനോ-
രഥങ്ങളശേഷവും സാധിതപ്രായമായീ.
ആഗതനാകും കണ്ണൻതന്നപാങ്ഗത്താലുദ്ധ-
മാകിന ഹാസാസവമാർന്നിടും മുഖാംബുജം
ഇന്നവർ കാണും നേരേയവർക്കു പാർത്തീടുകി-
ലിന്നിശീഥിനി സുഖദായിനിതന്നെ നൂനം. 23

ധീരനാകിലും നന്ദനന്ദനനങ്ങപ്പുര-
നാരിമാരുടെ മധുമഞ്ജുവാക്യങ്ങളാലും
സലജ്ജാസ്മേരചാരുവിഭ്രമങ്ങളാലും ഏ-
ത്തിളകിപ്പരാധീനനായിത്തദ്ദാസനായ് പോം.
പെണ്മണികളേ! വെറും ഗ്രാമകാമിനിമാരാം
നമ്മളെക്കാണ്മാനിനിയെങ്ങനെയവൻ
വരും! 24

ശ്രീദേവീമണാളനായ് സമസ്തഗുണോത്കര-
കേദാരമായ് വിളങ്ങും ദേവകീതനൂജനെ
അവിടെയാവിശാലരാജപാതയിൽക്കൂടി-
സ്സവിലാസം നടന്നുപോകവേ ഭക്തന്മാരാം
ദാശാർഹഭോജാന്ധകവൃഷ്ണ്യാദിജനാവലി
ദർശിച്ചു നേത്രോത്സവം കൊണ്ടാടും വേണ്ടും-
വിധം. 25

ദുഃഖനിമഗ്നരാകും നമ്മളോടൊരാശ്വാസ-
വാക്യവും കഥിച്ചീടാതത്യന്തം പ്രിയനാകും
കണ്ണനെക്കണ്ണെത്താത്ത ദിക്കിനു-
കൊണ്ടുപോമീ-
ഷണ്ഡനേററവും ഭയങ്കരനാം ക്രൂരൻതന്നെ!
ദുഷ്കർമ്മമിക്കണക്കാചരിക്കും കൃപാഹീന-
നക്രൂരനെന്ന നാമമേകിയതേതു മൂഢൻ? 26

അക്രൂരകഥ പോട്ടെ, നമ്മളെത്തിരിഞ്ഞൊന്നു-
നോക്കാതെയന്നിർദ്ദയൻ തേരേറിയല്ലോ കണ്ണൻ.
വണ്ടികൾ പൂട്ടിക്കെട്ടി ദുഗ്ദ്ധാദ്യന്ധരാം ഗോപ-
സന്ദോഹം യാത്രയ്ക്കായിത്തിടുക്കംകൂട്ടുന്നിതേ.
വൃദ്ധന്മാരാരും തടുക്കുന്നതുമില്ലീ യാത്ര-
യിത്തവ്വിൽ ദൈവംകൂടി വെറുത്തു നമ്മെ
നൂനം. 27

നാണംകൈവിട്ടു നമ്മളൊന്നിച്ചു ചേർന്നുചെന്നു-
പ്രാണസ്നേഹിതനായ കൃഷ്ണനെത്തടുക്കണം.
കാണിനേരവുമിങ്ങു തത്സങ്ഗം വിട്ടിരിക്കാൻ
ത്രാണിയറ്റേററം ദൂനമാനസമാരായീടും
നമ്മളെയെന്തെടുക്കും കുലവൃദ്ധന്മാരാകും
നമ്മുടെ ബാന്ധവന്മാരിപ്രാണസങ്കട-
ത്തിൽ? 28

ലലനമാരേ! പാക്കിലാരുടെയനുരാഗ-
ലളിതഹാസരമ്യരഹസ്സല്ലാപങ്ങളും
വിലാസാഞ്ചിതതരകടാക്ഷങ്ങളും ദേഹം
പുളകംകൊള്ളിച്ചോരാലിങ്ഗനങ്ങളുമാണോ
രാസലീലയിൽ നമ്മെയാ നിശകളെയെല്ലാ-
മീഷലെന്നിയേ ക്ഷണസന്നിഭം നയിച്ചതും
സുന്ദരനായീടുമാ നന്ദജാതനെക്കൂടാ-
തിന്നു നാമീ ദുരന്തദുഃഖമെങ്ങനെ താണ്ടും? 29

വല്ലവാവൃതനായി രാമനോടൊത്തന്തിയി-
ലുല്ലാസവാനായളകങ്ങളും മാല്യങ്ങളും
ഖുരധൂളികൾ പററിദ്ധൂസരങ്ങളായ് മനോ-
ഹരമായോടക്കുഴൽ വായിച്ചുകൊണ്ടു മെല്ലെ
ഗോഷ്ഠത്തിൽ പ്രവേശിച്ചു സുസ്മിതകടാക്ഷ-
ത്താൽ
പെട്ടെന്നു നമ്മൾക്കെഴും മാനസം കവർന്നീടും
കാമനീയകവാരിരാശിയായ് ലസിച്ചീടു-
മാ മഹാനില്ലാതെ നാമെങ്ങനെ
ജീവിച്ചീടും? 30

ശ്രീശുകൻ പറഞ്ഞു

വിരഹാർത്തകളായിക്കൃഷ്ണനിൽ മനംപതി-
ച്ചിരിക്കുമഗ്ഗോപികളീവിധമെല്ലാം ചൊല്ലി
നാണമെന്നിയേ ''കൃഷ്ണാ! ഗോവിന്ദാ!
ദാമോദരാ!
പ്രാണേശാ!'' എന്നൊക്കെയുമുച്ചത്തിൽ
വിളിച്ചിതേ. 31

ഇക്കണക്കാക്രന്ദനംചെയ്യുമഗ്ഗോപിമാരോ-
ടക്രൂരനാശ്വാസമായൊന്നുമേ ചൊന്നീടാതെ
പ്രഭാതസന്ധ്യാവന്ദനാദി നിർവ്വഹിച്ചുടൻ
ശുഭമാം മുഹൂർത്തത്തിലേറിയത്തേർ
തെളിച്ചാൻ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോപാസ്തമന്വസജ്ജന്ത നന്ദാദ്യാഃ ശകടൈസ്തതഃ
ആദായോപായനം ഭൂരികുംഭാൻ ഗോരസസംഭൃതാൻ. 33

ഗോപ്യശ്ച ദയിതം കൃഷ്ണമനുവ്രജ്യാനുരഞ്ജിതാഃ
പ്രത്യാദേശം ഭഗവതഃ കാങ്ക്ഷന്ത്യശ്ചാവതസ്ഥിരേ. 34

താസ്തഥാ തപ്യതീർവീക്ഷ്യ സ്വപ്രസ്ഥാനേ യദൂത്തമഃ
സാന്ത്വയാമാസ സപ്രേമൈ''രായാസ്യ'' ഇതി ദൗത്യകൈഃ. 35

യാവദാലക്ഷ്യതേ കേതുര്യാവദ്രേണൂ രഥസ്യ ച
അനുപ്രസ്ഥാപിതാത്മാനോ ലേഖ്യാനീവോപലക്ഷിതാഃ. 36

താ നിരാശാ നിവവൃതുർഗ്ഗോവിന്ദവിനിവർത്തനേ
വിശോകാ അഹനീ നിന്യുർഗ്ഗായന്ത്യഃ പ്രിയചേഷ്ടിതം. 37

ഭഗവാനപി സമ്പ്രാപ്തോ രാമാക്രൂരയുതോ, നൃപ,
രഥേന വായുവേഗേന കാളിന്ദീമഘനാശിനീം. 38

തത്രോപസ്പൃശ്യ പാനീയം പീത്വാ മൃഷ്ടം മണിപ്രഭം
വൃക്ഷഷണ്ഡമുപവ്രജ്യ സരാമോ രഥമാവിശത്. 39

അക്രൂരസ്താവുപാമന്ത്ര്യ നിവേശ്യ ച രഥോപരി
കാളിന്ദ്യാ ഹ്രദമാഗത്യ സ്നാനം വിധിവദാചരത്. 40

നിമജ്ജ്യ തസ്മിൻ സലിലേ, ജപൻ ബ്രഹ്മ സനാതനം,
താവേവ ദദൃശേഽക്രൂരോ രാമകൃഷ്ണൗ സമന്വിതൗ. 41

തൗ രഥസ്ഥൗ കഥമിഹ സുതാവാനകദുന്ദുഭേഃ
തർഹി സ്വിത് സ്യന്ദനേ ന സ്ത ഇത്യുന്മജ്ജ്യ വ്യചഷ്ട സഃ. 42

തത്രാപി ച യഥാപൂർവ്വമാസീനൗ പുനരേവ സഃ
ന്യമജ്ജദ്ദർശനം യന്മേ മൃഷാ കിം സലിലേ തയോഃ. 43

ഭൂയസ്തത്രാപി സോഽദ്രാക്ഷീത് സ്തൂയമാനമഹീശ്വരം
സിദ്ധചാരണഗന്ധർവ്വൈരസുരൈർന്നതകന്ധരൈഃ. 44

സഹസ്രശിരസം ദേവം സഹസ്രഫണമൗലിനം
നീലാംബരം ബിസശ്വേതം ശൃങ്ഗൈഃ ശ്വേതമിവ സ്ഥിതം.
45

തസ്യോത്സങ്ഗേ ഘനശ്യാമം പീതകൗശേയവാസസം
പുരുഷം ചതുർഭുജം ശാന്തം പദ്മപത്രാരുണേക്ഷണം. 46

ചാരുപ്രസന്നവദനം ചാരുഹാസനിരീക്ഷണം
സുഭ്രൂന്നസം ചാരുകർണ്ണം സുകപോലാരുണാധരം. 47

പ്രലംബപീവരഭുജം തുങ്ഗാംസോരഃസ്ഥലശ്രിയം
കംബുകണ്ഠം നിമ്നനാഭിം വലിമത്പല്ലവോദരം. 48

ബൃഹത്കടിതടശ്രോണികരഭോരുദ്വയാന്വിതം
ചാരുജാനുയുഗം ചാരുജങ്ഘായുഗളസംയുതം. 49

തുങ്ഗഗുൽഫാരുണനഖവ്രാതദീധിതിഭിർവൃതം
നവാങ്ഗുല്യങ്ഗുഷ്ഠദളൈർവ്വിലസത്പാദപങ്കജം. 50

സുമഹാർഹമണിവ്രാതകിരീടകടകാങ്ഗദൈഃ
കടിസൂത്രബ്രഹ്മസൂത്രഹാരനൂപുരകുണ്ഡലൈഃ. 51

ഭ്രാജമാനം പദ്മകരം ശങ്ഖചക്രഗദാധരം
ശ്രീവത്സവക്ഷസം ഭ്രാജത്കൗസ്തുഭം വനമാലിനം. 52

സുനന്ദനന്ദപ്രമുഖൈഃ പാർഷദൈഃ സനകാദിഭിഃ
സുരേശൈർബ്രഹ്മരുദ്രാദ്യൈർന്നവഭിശ്ച ദ്വിജോത്തമൈഃ. 53

പ്രഹ്ലാദനാരദവസുപ്രമുഖൈർഭാഗവതോത്തമൈഃ
സ്തൂയമാനം പൃഥഗ്ഭാവൈർവ്വചോഭിരമലാത്മഭിഃ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദാദിഗോപവൃന്ദം ദധിഭാജനങ്ങളു-
മെണ്ണമററുപായനസാധനങ്ങളുമെല്ലാം
അന്യൂനം താന്താങ്ങടെതൻ ശകടങ്ങളിലേററി-
പ്പിന്നാലേ മധുപുരിതന്നിലേക്കാശു പോയാർ.
വല്ലതും ചൊല്ലും പ്രിയൻ കൃഷ്ണൻ നമ്മളോടെന്നു
വല്ലവിമാരോത്തനുഗമിച്ചിട്ടൊട്ടുദൂരം
മന്ദഹാസാമുഗ്ദ്ധമാം കടാക്ഷങ്ങളോടൊത്തു
കണ്ണനെ നോക്കിക്കൊണ്ടാ വഴിയിൽ
നിന്നീടിനാർ. 33–34
തൻപുറപ്പാടിലേററം തപിക്കും ഗോപിമാരെ-
യൻപോടു പാർത്തു കൃഷ്ണൻ, ''ഞാൻ തിരിച്ചെ-
ത്താം വേഗം''
എന്നൊരു ദൂതൻവഴി സന്ദേശവാക്യത്തിനാൽ
നന്നായാശ്വസിപ്പിച്ചാനവരെ നന്ദിപൂർവ്വം. 35
പിന്നെയപ്പൊടിയും തേർക്കൊടിയും
നേത്രങ്ങളിൽ-
നിന്നങ്ങു മറഞ്ഞിടുംവരെയാ മാർഗ്ഗത്തിൽത്താൻ
നന്ദജനോടെ പിൻപേ മാനസമയച്ചിട്ടാ-
പ്പെണ്ണുങ്ങൾ ചിത്രങ്ങൾപോൽ നിശ്ചലം
നിന്നീടിനാർ. 36
മാധവൻ മറഞ്ഞപ്പോളവരും നിരാശരായ്
ദൂതവാക്യത്തെയോർത്തു തെല്ലൊരാ-
ശ്വാസത്തൊടും
ശ്രീകൃഷ്ണാപദാനങ്ങൾ സാദരം പാടിക്കൊണ്ടു-
ഗ്ഗോകുലംതന്നിൽ ദിനരാത്രങ്ങൾ
തള്ളീടിനാർ. 37
അക്രൂരരാമയുക്തൻ ഭഗവാൻ മുകുന്ദനും
ചിക്കെന്നു വായുവേഗമിയലും സ്യന്ദനത്തിൽ
അഘനാശിനിയാമക്കാളിന്ദീനദിക്കെഴും
സുഖദായകമാകും തീരത്തിലെത്തീടിനാൻ. 38
ശുദ്ധമായ് മണിപ്രഭമായിടും സലിലത്തിൽ
സത്വരമുപസ്പർശം രാമകൃഷ്ണന്മാർ ചെയ്തു
ഒട്ടു നീരം കുടിച്ചു, തിങ്ങിനിന്നീടും തരു-
ക്കൂട്ടത്തന്നിടയിലാ രഥത്തിൽച്ചെന്നേറിനാർ.
അക്രൂരൻ യഥാസ്ഥാനത്തവരേയിരുത്തീട്ടാ-
വിഖ്യാതന്മാരോടനുവാദവും വാങ്ങി വേഗം
യമുനയ്ക്കെഴും തീർത്ഥഘട്ടത്തിലണഞ്ഞുച്ച-
സമയം സ്നാനംകഴിച്ചീടിനാൻ വിധിപോലെ.
സലിലംതന്നിൽ മുങ്ങി പ്രണവമന്ത്രം ജപി-
ച്ചുളവിൽ കണ്ടാനൊന്നിച്ചാ-
രാമകൃഷ്ണന്മാരെ. 39–41
തേരതിലിരിക്കുന്ന രാമകൃഷ്ണന്മാരിഹ
നീരിലെങ്ങനെ വന്നു, രഥത്തിലിപ്പോളവർ
കാണുകില്ലായിരിക്കാമെന്നുള്ളിലോർത്തു
പൊങ്ങി
നീർനിന്നക്രൂരനാ രഥത്തിൽ നോക്കീടിനാൻ.
രണ്ടുപേരുമത്തേരിൽ മുന്നേപ്പോലിരിപ്പതായ്-
ക്കണ്ടിതു നേരേ,യെന്നാൽ നീരിലെസ്സന്ദർശനം
ശരിയായിരിക്കയില്ലെന്നോർത്തു രണ്ടാമതും
പരിശോധിക്കുവാനായ് വെള്ളത്തിൽ
മുങ്ങീടിനാൻ. 42–43
നീരത്തിലപ്പോൾ നതകന്ധരരായിസ്സിദ്ധ-
ചാരണാസുരന്മാരും ഗന്ധർവ്വസമൂഹവും
സ്തോത്രങ്ങൾ ചൊല്ലി വീണ്ടും കീർത്തിക്കു-
മാദിശേഷ-
മൂർത്തിയെ കണ്ടീടിനാനക്രൂരൻ വ്യക്തമായി. 44
ശിരസ്സായിരമാർന്ന സഹസ്രഫണത്തിലും
കിരീടംപൂണ്ടു ബിസസമാനശുഭ്രാങ്ഗനായ്
നീലവാസസ്സായ് ശൃങ്ഗരാജിയൊത്താളും
ശ്വേത-
ശൈലംപോൽ ശോഭിച്ചിതു ഭഗവാ-
നാദിശേഷൻ. 45
നാലു ബാഹുക്കളാർന്നു ധരിച്ചു പീതാംബരം
നീലവർണ്ണാഭനായിശ്ശാന്തസ്വരൂപനായി
പങ്കജദലാരുണനേത്രനാം കൃഷ്ണനെത്ത-
ദങ്കത്തിൽക്കണ്ടാനുടനക്രൂരൻ ഭക്താഗ്രിമൻ. 46
ചാരുവായ് പ്രസന്നമാം വദനം മന്ദഹാസം-
ചോരുമാ നോട്ടം, സുഭ്രൂ, ശോഭനമായ നാസ,
മിന്നുന്ന ഗണ്ഡസ്ഥലം, സമമായ് മനോജ്ഞമാം
കർണ്ണങ്ങ,ളരുണിമയാർന്നിടുമധരോഷ്ഠം. 47
മുട്ടോളം നീണ്ടുരുണ്ട കരങ്ങൾ, തടിച്ച തോൾ,
നിത്യവും ലക്ഷ്മിവാഴും വിസ്തൃത-
വക്ഷഃസ്ഥലം,
കംബുവിനൊത്ത കണ്ഠം, നിമ്നമാം നാഭിദേശം,
കമ്രമാം വലിത്രയമാർന്ന പല്ലവോദരം. 48
തടിച്ച കടിതടശ്രോണികൾ, കരികര-
മിടയുമൂരുദ്വന്ദ്വമഞ്ചിതജാനുയുഗ്മം. 49
ചേണാർന്ന കണങ്കാൽകളീഷദുന്നതഗുല്ഫം
ശോണമായ്ച്ചുററും കാന്തി ചിന്തിടും
നഖപങ്ക്തി
കോമളാങ്ഗുലികളുമങ്ഗുഷ്ഠങ്ങളും ചേർന്നു
കാമനീയകമാകും പാദപങ്കജദ്വയം. 50
എന്നിവയൊത്തിണങ്ങിയനർഘരത്നോത്കരം
മിന്നിടും കിരീടവും കടകാങ്ഗദങ്ങളും
അണിഞ്ഞരഞ്ഞാൺ പൂണ്ടൽ ഹാരനൂപുരങ്ങളും
മണികുണ്ഡലങ്ങളും, കൈ നാലിൽ ശങ്ഖം
ചക്രം
ഗദ പദ്മവും, മാറിൽ ശ്രീവത്സലക്ഷ്മവും പൂ-
ണ്ടതുലിതാഭമാകും കൗസ്തുഭരത്നമാർന്നും. 51–52
അമലചിത്തന്മാരാം സുനന്ദൻ നന്ദൻമുൻപാം
പ്രമുഖഭൃത്യരാലും സനകാദികളാലും
ബ്രഹ്മരുദ്രാദ്യന്മാരാം സുരേശരാലും നവ-
ബ്രാഹ്മണശ്രേഷ്ഠരാലും ഭക്തപ്രധാനന്മാരാം
നാരദപ്രഹ്ലാദന്മാർ വസുതൊട്ടവരാലു-
മോരോരോ ഭാവംപെടും ഗീരിനാൽ
സ്തുതനായും. 53–54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രിയാ പുഷ്ട്യാ ഗിരാ കാന്ത്യാ കീർത്ത്യാ തുഷ്ട്യേലയോർജ്ജയാ
വിദ്യയാവിദ്യയാ ശക്ത്യാ മായയാ ച നിഷേവിതം. 55
വിലോക്യ സുഭൃശം പ്രീതോ ഭക്ത്യാ പരമയാ യുതഃ
ഹൃഷ്യത്തനൂരുഹോ ഭാവപരിക്ലിന്നാത്മലോചനഃ. 56
ഗിരാ ഗദ്ഗദയാസ്തൗഷീത് സത്ത്വമാലംബ്യ സാത്വതഃ
പ്രണമ്യ മൂർദ്ധ്നാവഹിതഃ കൃതാഞ്ജലിപുടഃ ശനൈഃ. 57

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരപ്രതിയാനേ ഏകോനചത്വാരിംശത്തമോഽധ്യായഃ

ചത്വാരിംശത്തമോഽധ്യായഃ

അക്രൂര ഉവാച

നതോഽസ്മ്യഹം ത്വാഖിലഹേതുഹേതും
നാരായണം പൂരുഷമാദ്യമവ്യയം
യന്നാഭിജാതാദരവിന്ദകോശാദ്_
ബ്രഹ്മാഽഽവിരാസീദ്യത ഏഷ ലോകഃ. 1
ഭൂസ്തോയമഗ്നിഃ പവനഃ ഖമാദി–
ർമ്മഹാനജാദിർമ്മന ഇന്ദ്രിയാണി
സർവ്വേന്ദ്രിയാർത്ഥാ വിബുധാശ്ച സർവ്വേ
യേ ഹേതവസ്തേ ജഗതോഽങ്ഗഭൂതാഃ. 2
നൈതേ സ്വരൂപം വിദുരാത്മനസ്തേ
ഹ്യജാദയോഽനാത്മതയാ ഗൃഹീതാഃ
അജോഽനുബദ്ധഃ സ ഗുണൈരജായാ
ഗുണാത് പരം വേദ ന തേ സ്വരൂപം. 3
ത്വാം യോഗിനോ യജന്ത്യദ്ധാ മഹാപുരുഷമീശ്വരം
സാധ്യാത്മം സാധിഭൂതം ച സാധിദൈവം ച സാധവഃ. 4
ത്രയ്യാ ച വിദ്യയാ കേചിത് ത്വാം വൈ വൈതാനികാ ദ്വിജാഃ
യജന്തേ വിതതൈര്യജ്ഞൈർന്നാനാരൂപാമരാഖ്യയാ. 5
ഏകേ ത്വാഖിലകർമ്മാണി സന്ന്യസ്യോപശമം ഗതാഃ
ജ്ഞാനിനോ ജ്ഞാനയജ്ഞേന യജന്തി ജ്ഞാനവിഗ്രഹം. 6
അന്യേ ച സംസ്കൃതാത്മാനോ വിധിനാഭിഹിതേന തേ
യജന്തി ത്വന്മയാസ്ത്വാം വൈ ബഹുമൂർത്ത്യേകമൂർത്തികം. 7
ത്വാമേവാന്യേ ശിവോക്തേന മാർഗ്ഗേണ ശിവരൂപിണം
ബഹ്വാചാര്യവിഭേദേന, ഭഗവൻ, സമുപാസതേ. 8
സർവ്വ ഏവ യജന്തി ത്വാം സർവ്വദേവമയേശ്വരം
യേഽപ്യന്യദേവതാഭക്താ യദ്യപ്യന്യധിയഃ പ്രഭോ. 9
യഥാദ്രിപ്രഭവാ നദ്യഃ പർജ്ജന്യാപൂരിതാഃ പ്രഭോ
വിശന്തി സർവ്വതഃ സിന്ധും തദ്വത്ത്വാം ഗതയോഽന്തതഃ. 10
സത്ത്വം രജസ്തമ ഇതി ഭവതഃ പ്രകൃതേർഗ്ഗുണാഃ
തേഷു ഹി പ്രാകൃതാഃ പ്രോതാ ആബ്രഹ്മസ്ഥാവരാദയഃ. 11
തുഭ്യം നമസ്തേഽസ്ത്വവിഷക്തദൃഷ്ടയേ
സർവ്വാത്മനേ സർവ്വധിയാം ച സാക്ഷിണേ
ഗുണപ്രവാഹോഽയമവിദ്യയാ കൃതഃ
പ്രവർത്തതേ ദേവനൃതിര്യഗാത്മസു. 12
അഗ്നിർമ്മുഖം, തേഽവനിരങ്ഘ്രിരീക്ഷണം,
സൂര്യോ നഭോ, നാഭിരഥോ ദിശഃ ശ്രുതിഃ
ദ്യൗഃ, കം സുരേന്ദ്രാ,സ്തവ ബാഹവോഽർണ്ണവാഃ,
കുക്ഷിർമ്മരുത് പ്രാണബലം പ്രകല്പിതം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീ,യിള, പുഷ്ടി, തുഷ്ടി,യൂർജ്ജയും, കീർത്തി,
വാണി,
മായയും, ശക്തി, കാന്തി, യവിദ്യ, വിദ്യയേവം
പന്തിരണ്ടധിഷ്ഠാനദേവതകളും ചുററും
സ്വന്തരൂപം ധരിച്ചു സേവിക്കുന്നവനായും. 55
വിളങ്ങും ഭഗവാനെക്കണ്ടു സന്തുഷ്ടനായി-
പ്പുളകംപൂണ്ടുത്കടഭക്തിസംയുക്തനായി
ഭാവത്താൽ നേത്രങ്ങളും മനസ്സുമാർദ്രമായി-
ത്തൂവിനാനാനന്ദാശ്രു നയനങ്ങളിൽനിന്നും. 56
ജ്ഞാനമാലംബിച്ചവഹിതനായ്പ്പിന്നെ നിജ
പാണികൾ കൂപ്പി നമസ്കരിച്ചു ശിരസ്സിനാൽ,
ഇടറും വാക്യങ്ങളാലക്രൂരൻ ഭക്തോത്തമൻ
തുടരെബ്ഭഗവാനെ സ്തുതിച്ചാൻ മന്ദംമന്ദം. 57

അദ്ധ്യായം 40

അക്രൂരസ്തുതി

അക്രൂരൻ പറഞ്ഞു

ആരുടെ നാഭീപദ്മംതന്നിലുണ്ടായി ധാതാ-
വാരിൽനിന്നാണീ വിശ്വമുളവായിട്ടുള്ളതും
സകലഹേതുക്കൾക്കും ഹേതുവായാദ്യനായി
വികലതാപേതനായ് പൂർണ്ണനായ് വിളങ്ങീടും
ഭഗവാൻ ശ്രീമങ്ഗലദേവതാപ്രാണേശനെ-
യകതാരഴിഞ്ഞു ഞാൻ നമസ്കരിക്കുന്നിതേ! 1
ഭൂമി,യപ്പ്,ഗ്നി,വായു,വാകാശം തദാദിയു-
മാ മഹത്തത്വം, മൂലപ്രകൃതി, തന്മൂലവും
മാനസമിന്ദ്രിയങ്ങൾ, തദ്വിഷയങ്ങൾ, സർവ്വ-
വാനവ,രേവം ജഗൽക്കാരണഭൂതങ്ങളായ്
എന്തെല്ലാം ഭവിച്ചിട്ടുണ്ടായവയശേഷവും
നിന്തിരുവടിയുടെയങ്ഗഭൂതങ്ങളത്രേ. 2
ആത്മാവല്ലാസ്സുമൂലം പ്രകൃതിതൊട്ടുള്ളവ-
യാത്മാവാമങ്ങേക്കെഴും സ്വരൂപമറിവീല.
പ്രകൃതിഗുണബദ്ധനാകയാലജൻപോലും
പ്രകൃതിക്കതീതനാമങ്ങേ സ്വരൂപം കാണാ. 3
യോഗികൾ നിയന്താവായ്
മഹാത്മാവാകുമങ്ങേ-
യേകാഗ്രഭാവത്തോടും യജിച്ചീടുന്നു നിത്യം.
സാധുക്കൾ ദേഹത്തിലും ഭൂതസഞ്ചയത്തിലു-
മാദിതേയന്മാരിലുമങ്ങയെയർച്ചിക്കുന്നു. 4
യാഗനിഷ്ഠരാം ചില വിപ്രന്മാർ നാനാവിധ-
യാഗങ്ങൾകൊണ്ടു, ബഹുവിധരൂപങ്ങളോടും
അമർത്ത്യനാമത്തോടും വിളങ്ങും ഭവാനെത്താൻ
നിമിത്തമാക്കി ത്രയീവിദ്യയാൽ പൂജിക്കുന്നു. 5
ശ്രേഷ്ഠരാം വിവേകികൾ കർമ്മങ്ങളെല്ലാം വിട്ടു
വാട്ടമെന്നിയേ ജ്ഞാനവിഗ്രഹനായ് വിളങ്ങും
നിന്തിരുമേനിയേത്താൻ ജ്ഞാനയജ്ഞങ്ങൾ-
കൊണ്ടു-
മന്തരമേതുമെന്യേയർച്ചനം ചെയ്യുന്നിതു. 6
നിന്തിരുവടി കല്പിച്ചീടിന വിധിക്കൊത്തി-
ട്ടന്തരങ്ഗത്തെ മററു ചിലപേർ സംസ്കരിച്ചു
ഏകസ്വരൂപനായുമനേകരൂപനായും
വൈകുണ്ഠാ! ഭവാനേത്താനാരാധിക്കുന്നു
നേരേ. 7
നാനാചാര്യാഭിപ്രായഭേദത്താൽ വേറേചിലർ
സാനന്ദം മഹേശനെക്കുറിച്ചു നിർണ്ണീതമാം
പന്ഥാവിലൂടേ ശിവസ്വരൂപനായിരിക്കും
നിന്തിരുവടിയേത്താനുപാസിച്ചീടുന്നിതേ. 8
എന്നല്ല നിനക്കുകിലെല്ലാരും പ്രഭോ! സർവ്വ-
വൃന്ദാരകാത്മകാ! സച്ചിന്മയാ! പരാപരാ!
അന്യദേവതാബുദ്ധി വച്ചുകൊണ്ടെന്നാകിലും
നിർണ്ണയം നിയന്താവാമങ്ങേത്താനർച്ചിക്കുന്നു. 9
അദ്രിതൻ സാനുക്കളിൽനിന്നുണ്ടായ് മഴമൂലം
വർദ്ധിച്ചു നാനാവഴിയൊഴുകും പുഴയെല്ലാം
സിന്ധുവിൽ ചെന്നുചേരും-
വിധത്തിലാകെയന്ത്യം
നിന്തിരുമേനിയിൽത്താനാലയിക്കുന്നു
നൂനം. 10
സത്വവും രജസ്സുമത്തമസ്സുമങ്ങേയ്ക്കെഴും
ശക്തിയിൽനിന്നു ജാതമായുള്ള ഗുണങ്ങളാം.
ബ്രഹ്മാവുമുതൽ സ്ഥാവരാന്തമാം ജീവലോകം
നമ്മട്ടഗ്ഗുണങ്ങളിൽക്കോർത്തിരിക്കുന്നതത്രേ. 11
ഒന്നിലും പററാത്ത ധീയാൻ സർവ്വാത്മാവായി-
ട്ടന്യൂനം സർവ്വബുദ്ധി സാക്ഷിയായിരുന്നീടും
അങ്ങേയ്ക്കു നമസ്കാരം, ദേവൻ മാനുഷൻ മൃഗ-
മിങ്ങനെ മൂന്നുജാതിശരീരം ധരിപ്പോരിൽ
താവകമായാഗുണപ്രവാഹം പ്രവർത്തിപ്പൂ
സർവ്വാന്തര്യാമിയാകുമങ്ങുന്നസക്തനത്രേ. 12
വഹ്നിയാണങ്ങേ മുഖ,മവനീതലം പാദം,
കണ്ണാണു കർമ്മസാക്ഷി, നാഭിതാൻ നഭഃസ്ഥലം
ശിരസ്സു സത്യലോകം, കർണ്ണങ്ങൾ ദിക്കെട്ടുമാം,
കരങ്ങൾ സുരേശന്മാ,രുദരം സമുദ്രങ്ങൾ,
പിന്നെയാ പ്രാണശക്തി വായുവുമാണെന്നിഹ
നിർണ്ണയിച്ചിരിക്കുന്നു മുന്നമേയഭിജ്ഞന്മാർ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രോമാണി വൃക്ഷൗഷധയഃ, ശിരോരുഹാ
മേഘാഃ, പരസ്യാസ്ഥി നഖാനി തേഽദ്രയഃ
നിമേഷണം രാത്ര്യഹനീ, പ്രജാപതി-
ർമേഢ്റസ്തു, വൃഷ്ടിസ്തവ വീര്യമിഷ്യതേ. 14

ത്വയ്യവ്യയാത്മൻ, പുരുഷേ പ്രകല്പിതാ
ലോകാഃ സപാലാ ബഹുജീവസങ്കുലാഃ
യഥാ ജലേ സഞ്ജിഹതേ ജലൗകസോഽ-
പ്യുദുംബരേ വാ മശകാ മനോമയേ. 15

യാനി യാനീഹ രൂപാണി ക്രീഡനാർത്ഥം ബിഭർഷി ഹി
തൈരാമൃഷ്ടശുചോ ലോകാ മുദാ ഗായന്തി തേ യശഃ. 16

നമഃ കാരണമത്സ്യായ പ്രളയാബ്ധിചരായ ച
ഹയശീർഷ്ണേ നമസ്തുഭ്യം മധുകൈടഭമൃത്യവേ. 17

അകൂപാരായ ബൃഹതേ നമോ മന്ദരധാരിണേ
ക്ഷിത്യുദ്ധാരവിഹാരായ നമഃ സൂകരമൂർത്തയേ. 18

നമസ്തേഽദ്ഭുതസിംഹായ സാധുലോകഭയാപഹ,
വാമനായ നമസ്തുഭ്യം ക്രാന്തത്രിഭുവനായ ച. 19

നമോ ഭൃഗൂണാം പതയേ ദൃപ്തക്ഷത്രവനച്ഛിദേ
നമസ്തേ രഘുവര്യായ രാവണാന്തകരായ ച. 20

നമസ്തേ വാസുദേവായ നമഃ സങ്കർഷണായ ച
പ്രദ്യുമ്നായാനിരുദ്ധായ സാത്വതാം പതയേ നമഃ. 21

നമോ ബുദ്ധായ ശുദ്ധായ ദൈത്യദാനവമോഹിനേ
മ്ലേച്ഛപ്രായക്ഷത്രഹന്ത്രേ നമസ്തേ കൽക്കിരൂപിണേ. 22

ഭഗവഞ്ജീവലോകോഽയം മോഹിതസ്തവ മായയാ
അഹം മമേത്യസദ്ഗ്രാഹോ ഭ്രാമ്യതേ കർമ്മവർത്മസു. 23

അഹം ചാത്മാത്മജാഗാരദാരാർത്ഥസ്വജനാദിഷു
ഭ്രമാമി സ്വപ്നകല്പേഷു മൂഢഃ സത്യധിയാ വിഭോ. 24

അനിത്യാനാത്മദുഃഖേഷു വിപര്യയമതിർഹ്യഹം
ദ്വന്ദ്വാരാമസ്തമോവിഷ്ടോ ന ജാനേ ത്വാഽഽത്മനഃ പ്രിയം. 25

യഥാബുധോ ജലം ഹിത്വാ പ്രതിച്ഛന്നം തദുദ്ഭവൈഃ
അഭ്യേതി മൃഗതൃഷ്ണാം വൈ തദ്വത്ത്വാഹം പരാങ്മുഖഃ. 26

നോത്സഹേഽഹം കൃപണധീഃ കാമകർമ്മഹതം മനഃ
രോദ്ധും പ്രമാഥിഭിശ്ചാക്ഷൈർഹ്രിയമാണമിതസ്തതഃ. 27

സോഽഹം തവാങ്ഘ്ര്യുപഗതോഽസ്മ്യസതാം ദുരാപം
തച്ചാപ്യഹം ഭവദനുഗ്രഹ ഈശ മന്യേ
പുംസോ ഭവേദ്യർഹി സംസരണാപവർഗ്ഗ-
സ്ത്വയ്യബ്ജനാഭ സദുപാസനയാ മതിഃ സ്യാത്. 28

നമോ വിജ്ഞാനമാത്രായ സർവ്വപ്രത്യയഹേതവേ
പുരുഷേശപ്രധാനായ ബ്രഹ്മണേഽനന്തശക്തയേ. 29

നമസ്തേ വാസുദേവായ സർവ്വഭൂതക്ഷയായ ച
ഹൃഷീകേശ നമസ്തുഭ്യം പ്രപന്നം പാഹി മാം പ്രഭോ. 30

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരസ്തുതിർന്നാമ ചത്വാരിംശത്തമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രോമങ്ങൾ വൃക്ഷൌഷധീജാലവും, ശിരോരോമം
കാർമേഘങ്ങളും, പരമേശനാം ഭവാനുടെ

നഖരാസ്ഥികളദ്രിഗണവും, നിമേഷങ്ങൾ
പകലും രാവും, പ്രജാപതി ഗുഹ്യവുമല്ലോ.

നിന്തിരുമേനിക്കേഴും രേതസ്സു വൃഷ്ടിയെന്നും
ബന്ധുരമൂർത്തേ! പണ്ടേ കഥിക്കപ്പെടുന്നിതേ. 14

അവ്യയാത്മാവേ! സംഖ്യയററുള്ള ജീവന്മാരാൽ
സുവ്യാപ്തങ്ങളായ് ലോകപാലസംയുതങ്ങളാം

ലോകങ്ങൾ മാനസസ്വരൂപനായ് പുമാനായി-
ട്ടേകനാം ഭവാനി,ലജ്ജലജന്തുക്കളെല്ലാം

ജലത്തിലെന്നമട്ടുമീച്ചകളത്തിവൃക്ഷ-
ഫലത്തിലെന്നമട്ടും, സഞ്ചരിച്ചീടുന്നിതേ. 15

ലീലാത്മങ്ങാന്നീടുമോരോരു രൂപങ്ങളാൽ
മാലാകെയൊഴിച്ചുള്ള ജനങ്ങളെല്ലാവരും

അന്തമില്ലാതെയുള്ള താവകകീർത്തിപുഞ്ജം
സന്തോഷത്തോടുകൂടിപ്പാടുന്നു നിരന്തരം. 16

കാരണസലിലത്തിൽ സഞ്ചാരംചെയ്തീടിന
കാരണമത്സ്യമാകുമങ്ങേയ്ക്കു നമസ്കാരം.

മധുകൈടഭന്മാരെക്കൊല്ലുവാൻ ജന്മമാന്ന
ദിതിജാരാതേ! ഹയഗ്രീവ! തേ നമസ്കാരം. 17

മന്ദരപർവ്വതത്തെപ്പൃഷ്ഠത്താലുദ്ധരിച്ചോ-
രുന്നതകൂർമ്മാകൃതേ! ഭവാനു നമസ്കൃതി.

മന്നിനെയുയർത്തുകയെന്നുള്ള ലീലയ്ക്കായി-
പ്പന്നിയായ് ജനിച്ചോരു ഭവാനു നമസ്കാരം. 18

ഭീതിദം നാരസിംഹാത്യദ്ഭുതരൂപംപൂണ്ട
സാധുസഞ്ചയഭയാപഹ! തേ നമസ്കാരം.

ഭൂമൻ! മൂവടിയായി മൂപ്പാരുമളന്നോരു
വാമനമൂർത്തിക്കായി മാമകം നമസ്കാരം. 19

ഗർവിതക്ഷത്രവനച്ഛേദിയാം ഭൃഗുവംശ-
സ്വാധിപതിയെ ഞാൻ നമസ്കരിക്കുന്നിതേ.

രാവണാന്തകനായി രഘുവംശോദ്ഭൂതനായ്
ഭൂവരലലാമമാം രാമനായ് നമസ്കാരം. 20

ക്ഷേത്രപാലകനാകും ശ്രീവാസുദേവനായും
ചൊല്ലെഴുന്ന സങ്കർഷണമൂർത്തിക്കായെട്ടും
തഥാ

പ്രദ്യുമ്നനായുമനിരുദ്ധദേവനായെട്ടും
പ്രത്യേകം പ്രത്യേകമായ് നമസ്കരിച്ചീടു-
ന്നേൻ. 21

ദൈത്യദാനവന്മാരെയാകവേ മോഹിപ്പിക്കും
ശുദ്ധസ്വരൂപനാകും ബുദ്ധനായ് നമസ്കാരം.

ദുഷ്ടരമ്ലേച്ഛപ്രായക്ഷത്രിയഹന്താവായി-
ക്കല്കിയായ് ഭവിച്ചീടും ഭവാനു നമസ്കാരം. 22

ഭഗവൻ! ഭവന്മായാമോഹിതരായിപ്പരം
ജഗത്തിൽപ്പെട്ടും ജീവിജാലങ്ങളശേഷവും

ഞാനെന്നുമെൻേറതെന്നുമുള്ള തുച്ഛമാമഭി-
മാനത്താലുഴലുന്നു കർമ്മമാർഗ്ഗത്തിൽ സദാ. 23

ഹേ ഹരേ! വെറും സ്വപ്നതുല്യമാം ഭാര്യാപുത്ര-
ദേഹഗേഹങ്ങൾ, ധനം, ബന്ധുക്കളെന്നിത്യാദി

കേടൊരിക്കലും ഭവിക്കാത്തവയെന്നുള്ളൊരു
മൂഢബുദ്ധിയാൽ ജനമവയിൽ ഭ്രമിക്കുന്നു. 24

അനിത്യം നിത്യമെന്നുമനാത്മാവാത്മാവെന്നും
നിനച്ചു വിപരീതബുദ്ധിയാന്നീടുന്ന ഞാൻ

ദ്വന്ദ്വാരാമനായ്ത്തമോവൃതനായേതുമറി-
യുന്നതില്ലാത്മപ്രിയൻ ഭവാനെ മഹാപ്രഭോ! 25

അറിവററവൻ നീരിലുണ്ടായ തൃണാദിയാൽ
മറയ്ക്കപ്പെട്ടിരിക്കും സലിലമുപേക്ഷിച്ചു

മരീചികയ്ക്കുപിൻപേ പാഞ്ഞീടുംവിധം ഞാനും
തിരുമേനിയിൽ പരാങ്മുഖനായുഴലുന്നു. 26

മന്ദധീയായുള്ള ഞാൻ കാമ്യകർമ്മങ്ങളാലേ
ഹന്യമാനമായ് ബലമേറുമെൻ നയനങ്ങൾ

അങ്ങിങ്ങു കൊണ്ടുപോമെൻ ചിത്തത്തെ
നിരോധിപ്പാ-
നിങ്ങശേഷവും ശേഷിയില്ലാതെ വലയുന്നു. 27

ഇപ്പോൾ ഞാനസജ്ജനദുഷ്പ്രാപമായിരിക്കും
തവത്പാദപങ്കജത്തെയാശ്രയിച്ചിരിക്കുന്നു.

ഇന്നതുമങ്ങേക്കേഴുമനുഗ്രഹത്താൽ സിദ്ധി-
ച്ചെന്നു ഞാൻ നിനയ്ക്കുന്നു നിഖിലനിയന്താവേ!

സദുപാസനയാലേ ഭവാനിൽ പതിയും ധീ-
യതുകാരണമായി മുക്തിയും സിദ്ധിച്ചീടും. 28

ജ്ഞാനമൂർത്തിയായ് പുരുഷേശമുഖ്യനായ് സർവ്വ-
ജ്ഞാനകാരണനായി ബ്രഹ്മസ്വരൂപനായി

അന്തമററുള്ള ശക്തിയോടു ചേർന്നിരുന്നീടും
നിന്തിരുവടിയെ ഞാൻ നമസ്കരിച്ചീടുന്നു. 29

സർവ്വഭൂതാവലിക്കും സുഖവാസസ്ഥാനമാം
ശ്രീവാസുദേവാ! വിഭോ! ഭഗവൻ! നമസ്കാരം!

ശരണാഗതനാകുമെന്നെ നിന്തിരുമേനി
പരിപാലനംചെയ്തുകൊണ്ടാലും
ഹൃഷീകേശാ! 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

സ്തുവതസ്തസ്യ ഭഗവാൻ ദർശയിത്വാ ജലേ വപുഃ
ഭൂയഃ സമാഹരത് കൃഷ്ണോ, നടോ നാട്യമിവാത്മനഃ. 1

സോഽപി ചാന്തർഹിതം വീക്ഷ്യ ജലാദുന്മജ്ജ്യ സത്വരഃ
കൃത്വാ ചാവശ്യകം സർവ്വം വിസ്മിതോ രഥമാഗമത്. 2

തമപൃച്ഛദ് ധൃഷീകേശഃ ''കിം തേ ദൃഷ്ടമിവാദ്ഭുതം
ഭൂമൗ വിയതി തോയേ വാ തഥാ ത്വാം ലക്ഷയാമഹേ.'' 3

അക്രൂര ഉവാച

''അദ്ഭുതാനീഹ യാവന്തി ഭൂമൗ വിയതി വാ ജലേ
ത്വയി വിശ്വാത്മകേ താനി കിം മേഽദൃഷ്ടം വിപശ്യതഃ. 4

യത്രാദ്ഭുതാനി സർവ്വാണി ഭൂമൗ വിയതി വാ ജലേ
തം ത്വാനപശ്യതോ ബ്രഹ്മൻ! കിം മേ ദൃഷ്ടമിഹാദ്ഭുതം.'' 5

ഇത്യുക്ത്വാ ചോദയാമാസ സ്യന്ദനം ഗാന്ദിനീസുതഃ
മഥുരാമനയദ്രാമം കൃഷ്ണം ചൈവ ദിനാത്യയേ. 6

മാർഗ്ഗേ ഗ്രാമജനാ രാജംസ്തത്ര തത്രോപസങ്ഗതാഃ
വസുദേവസുതൗ വീക്ഷ്യ പ്രീതാ ദൃഷ്ടിം ന ചാദദുഃ. 7

താവദ്വ്രജൗകസസ്തത്ര നന്ദഗോപാദയോഽഗ്രതഃ
പുരോപവനമാസാദ്യ പ്രതീക്ഷന്തോഽവതസ്ഥിരേ. 8

താൻ സമേത്യാഹ ഭഗവാനക്രൂരം ജഗദീശ്വരഃ
ഗൃഹീത്വാ പാണിനാ പാണിം പ്രശ്രിതം പ്രഹസന്നിവ. 9

''ഭവാൻ പ്രവിശതാമഗ്രേ സഹയാനഃ പുരീം ഗൃഹം
വയം ത്വിഹാവമുച്യാഥ തതോ ദ്രക്ഷ്യാമഹേ പുരീം.'' 10

അക്രൂര ഉവാച

നാഹം ഭവദ്ഭ്യാം രഹിതഃ പ്രവേക്ഷ്യേ മഥുരാം, പ്രഭോ,
ത്യക്തും നാർഹസി മാം നാഥ ഭക്തം തേ ഭക്തവത്സല. 11

ആഗച്ഛ യാമ ഗേഹാൻ നഃ സനാഥാൻ കുർവ്വധോക്ഷജ
സഹാഗ്രജഃ സഗോപാലൈഃ സുഹൃദ്ഭിശ്ച, സുഹൃത്തമ. 12

പുനീഹി പാദരജസാ ഗൃഹാൻ നോ ഗൃഹമേധിനാം
യച്ഛൗചേനാനുതൃപ്യന്തി പിതരഃ സാഗ്നയഃ സുരാഃ. 13

അവനിജ്യാങ്ഘ്രിയുഗളമാസീച്ഛ്ലോക്യോ ബലിർമ്മഹാൻ
ഐശ്വര്യമതുലം ലേഭേ ഗതിം ചൈകാന്തിനാം തു യാ. 14

ആപസ്തേഽങ്ഘ്ര്യവനേജന്യസ്ത്രീംല്ലോകാഞ്ഛുചയോഽപുനൻ
ശിരസാധത്ത യാഃ ശർവ്വഃ സ്വര്യാതാഃ സഗരാത്മജാഃ. 15

ദേവ ദേവ! ജഗന്നാഥ! പുണ്യശ്രവണകീർത്തന!
യദൂത്തമോത്തമശ്ലോക! നാരായണ! നമോഽസ്തു തേ. 16

ശ്രീഭഗവാനുവാച

ആയാസ്യേ ഭവതോ ഗേഹമഹമാര്യസമന്വിതഃ
യദുചക്രദ്രുഹം ഹത്വാ വിതരിഷ്യേ സുഹൃത്പ്രിയം. 17

ശ്രീശുക ഉവാച

ഏവമുക്തോ ഭഗവതാ സോഽക്രൂരോ വിമനാ ഇവ
പുരീം പ്രവിഷ്ടഃ കംസായ കർമ്മാവേദ്യ ഗൃഹം യയൗ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 41

മഥുരാപ്രവേശം, രജകവധം, സുദാമാനുഗ്രഹം

ശ്രീശുകൻ പറഞ്ഞു

ഭഗവാൻ കൃഷ്ണൻ പിന്നെ സ്തുതിചെയ്യരുളീടും
സുകൃതാംബുധിയാകുമക്രൂരൻതന്നെ നീരിൽ
ശരിയായ് നിജ ചതുഷ്പാണിയാം രൂപം കാട്ടി
മറച്ചാനതും നടൻ സ്വവേഷം മാറുംമട്ടിൽ. 1
ബലസോദരനന്തർഹിതനായതായ്ക്കണ്ടു-
ജ്ജലത്തിൽനിന്നും പൊങ്ങിസ്സംഭ്രമത്തോടുകൂടി
മദ്ധ്യാഹ്നകർമ്മംചെയ്തു വിസ്മയാധീനനായി
സത്വരം സ്യന്ദനത്തിലങ്ങുചെന്നേറീടിനാൻ. 2
''അപ്പിലോ വ്യോമത്തിലോ ഭൂതലത്തിലോ
ഭവാ-
നദ്ഭുതമേതോ കണ്ടോ തോന്നുന്നുണ്ടാവിധം''
സാദരമേവം ഭക്തമുഖ്യനാമവനോടു [മേ
ചോദിച്ചാൻ സർവ്വേന്ദ്രിയപ്രേരകൻ
വാസുദേവൻ. 3

അക്രൂരൻ പറഞ്ഞു

''അന്തരിക്ഷത്തിങ്കലും ഭുവിലും ജലത്തിലു-
മെന്തെല്ലാം വിസ്മയങ്ങളുണ്ടവയശേഷവും
നിന്തിരുമേനിതന്നിൽത്തെളിഞ്ഞു-
കണ്ടോരെനി-
ക്കെന്തിരിക്കുന്നു വിശേഷിച്ചൊരദ്ഭുതം
പ്രഭോ! 4
അല്ലയോ പരബ്രഹ്മസ്വരൂപാ! വിസ്മയങ്ങ-
ളെല്ലാമുൾക്കൊള്ളുമങ്ങേ നിതാന്തം
നോക്കിക്കാണും
എനിക്കു ഭവദ്രൂപമെന്നിയേ ദൃശ്യമായി
നിനയ്ക്കിൽ മന്നിൽ വിണ്ണിലപ്പിലു-
മില്ലൊന്നുമേ.'' 5
അക്രൂരനേവം ചൊല്ലിത്തേരോടിച്ചവരൊത്തു
ശീഘ്രമെത്തിനാൻ സന്ധ്യയ്ക്കുമ്മഥുരാ-
പുരത്തിൽ. 6
പന്ഥാവിലങ്ങിങ്ങായി ഗ്രാമീണർ കൂട്ടംകൂടി-
സ്സന്ധിച്ചു വസുദേവനന്ദനന്മാരെക്കണ്ടു
അത്യാനന്ദത്താൽ പിന്നെയവരിൽനിന്നു
നേത്രം
പ്രത്യാഹരിക്കുന്നതിന്നസമർത്ഥരായ് നിന്നാർ. 7
നന്ദഗോപാദിവ്രജൗകസ്സുകൾ മുൻപേയങ്ങു
ചെന്നുചേർന്നുപുരത്തിൻ പൂർവ്വോപവനംതന്നിൽ
രാമകൃഷ്ണന്മാരുടെ വരവും പാർത്തുപ്പുരാ-
രാമഭംഗികൾ നോക്കിയിരുന്നു വിശ്രമിച്ചാർ. 8
അവരോടൊത്തുചേർന്നിട്ടഖിലേശ്വരൻ ഭക്ത-
പ്രവരൻതൻ കൈപിടിച്ചോതിനാൻ
ചിരിച്ചേവം: 9
''തേരുമായ് മുന്നേ ഭവാൻ പട്ടണഭവനത്തിൽ
നേരേ ചെല്ലുക, ഞങ്ങൾ വിശ്രമിക്കട്ടെയല്പം.
പിന്നെയിന്നഗരത്തെസ്സന്ദർശിക്കുവാനായി-
ട്ടൊന്നു സഞ്ചരിച്ചിടാമെന്നു ഞാൻ
നിനയ്ക്കുന്നു.'' 10

അക്രൂരൻ പറഞ്ഞു

നിങ്ങളെക്കൂടാതെ ഞാൻ മഥുരാപുരിക്കുള്ളി-
ലെങ്ങനെ ചെന്നു കേറും ഭക്തവത്സലാ!
സ്വാമിൻ!
ഭക്തനായീടുമെന്നെയുപേക്ഷിച്ചീടുന്നതു
യുക്തമായിരിക്കയില്ലങ്ങേയ്ക്കെന്നറി-
ഞ്ഞാലും. 11
ജ്യേഷ്ഠഭ്രാതാവായിടും ബലഭദ്രനോടുമീ-
ക്കൂട്ടുകാരായ ഗോപന്മാരോടുംകൂടിബ്ഭവാൻ
വന്നാലുമധോക്ഷജാ! പോയിടാം നമുക്കസ്മ-
ന്മന്ദിരങ്ങളെബ്ഭവാൻ സനാഥമാക്കിയാലും.
പാദധൂളികളാലേ നിന്തിരുവടിയിപ്പോൾ [12
പൂതമാക്കീടേണമേ ഞങ്ങടെ ഗേഹങ്ങളെ
അതിൻെറ സംശുദ്ധിയാൽ തൃപ്തരായ്തീരും തപ്ത-
പിതൃവർഗ്ഗവും പിന്നെസ്സർവ്വനിർജ്ജരന്മാരും. 13
ത്വത്പദാംബുജയുഗക്ഷാളനത്തിനാൽ ബലി
നൽപ്പുകൾ പൂണ്ടു നേടി മഹത്താമൈശ്വര്യവും
അത്യന്തം മഹാനായി നിഷ്കാമഭക്തന്മാർക്കു-
മെത്താത്തോരുത്കൃഷ്ടമാം ഗതിയും
പ്രാപിച്ചിതു. 14
ത്വത്പദസംസർഗ്ഗത്താൽ ശുദ്ധമാം ഗംഗാ-
ജലം
മൂപ്പാരിനേയും പരിപാവനമാക്കുന്നിതേ.
ശിവനജ്ജലമാന്നാൻ ശിരസ്സിൽ,
വിണ്ണേറിനാർ
ജവം തത്സ്പർശനത്താൽ സഗരനന്ദനന്മാർ. 15
ഭുവനനാഥാ! ദേവദേവാ! കീർത്തിപ്പവർക്കും
ശ്രവിപ്പവർക്കും പാപഹരനാമഘാരാതേ!
ഉത്തമശ്ലോകാ! യദുശ്രേഷ്ഠാ! ഹേ നാരായണാ!
നിത്യവും നമസ്കാരംചെയ്യുന്നു ഭവാനു ഞാൻ. 16

ശ്രീഭഗവാൻ പറഞ്ഞു

യാദവദ്രോഹിയാമക്കംസനെക്കൊന്നി-
ട്ടാര്യോ-
പേതനായ് വന്നിടാം ഞാൻ നിങ്ങടെ
ഭവനത്തിൽ.
സുഹൃജ്ജനത്തിനുള്ള സമസ്താഭിലാഷവും
മഹാത്മൻ! സാധിപ്പിക്കുന്നുണ്ടിവന-
വിളംബം. 17

ശ്രീശുകൻ പറഞ്ഞു

ഇക്കണക്കിലക്കൃഷ്ണഭഗവദ്വാക്യങ്ങൾ കേ-
ട്ടക്രൂരൻ മനസ്സില്ലാമനസ്സോടുടൻതന്നെ
പുരത്തിൽച്ചെന്നു കംസനോടു തൻ പ്രവൃത്തി-
കൾ
ധരിപ്പിച്ചനന്തരം ഭവനം ഗമിച്ചിതേ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥാപരാഹ്ണേ ഭഗവാൻ കൃഷ്ണഃ സങ്കർഷണാന്വിതഃ
മഥുരാം പ്രാവിശദ്ഗോപൈർദ്ദിദൃക്ഷുഃ പരിവാരിതഃ. 19

ദദർശ താം സ്ഫാടികതുങ്ഗഗോപുര-
ദ്വാരാം ബൃഹദ്ധേമകപാടതോരണാം
താമ്രാരകോഷ്ഠാം പരിഖാദുരാസദാ-
മുദ്യാനരമ്യോപവനോപശോഭിതാം. 20

സൗവർണ്ണശൃങ്ഗാടകഹർമ്മ്യനിഷ്കുടൈഃ
ശ്രേണീസഭാഭിർഭവനൈരുപസ്കൃതാം
വൈഡൂര്യവജ്രാമലനീലവിദ്രുമൈ-
ർമ്മുക്താഹരിദ്ഭിർവ്വലഭീഷു വേദിഷു. 21

ജുഷ്ടേഷു ജാലാമുഖരന്ധ്രകുട്ടിമേ-
ഷ്വാവിഷ്ടപാരാവതബർഹിനാദിതാം
സംസിക്തരഥ്യാപണമാർഗ്ഗചത്വരാം
പ്രകീർണ്ണമാല്യാങ്കുരലാജതണ്ഡുലാം. 22

ആപൂർണ്ണകുംഭൈർദ്ദധിചന്ദനോക്ഷിതൈഃ
പ്രസൂനദീപാവലിഭിഃ സപല്ലവൈഃ
സവൃന്ദരംഭാക്രമുകൈഃ സകേതുഭിഃ
സ്വലംകൃതദ്വാരഗൃഹാം സപട്ടികൈഃ. 23

താം സംപ്രവിഷ്ടൗ വസുദേവനന്ദനൗ
വൃതൗ വയസ്യൈർന്നരദേവവർത്മനാ
ദ്രഷ്ടും സമീയുസ്ത്വരിതാഃ പുരസ്ത്രിയോ
ഹർമ്മ്യാണി ചൈവാരുരുഹുർന്നൃപോത്സുകാഃ. 24

കാശ്ചിദ്വിപര്യഗ്ധൃതവസ്ത്രഭൂഷണാ
വിസ്മൃത്യ ചൈകം യുഗളേഷ്വഥാപരാഃ
കൃതൈകപത്രശ്രവണൈകനൂപുരാ
നാങ്ക്ത്വാ ദ്വിതീയം ത്വപരാശ്ച ലോചനം. 25

അശ്നന്ത്യ ഏകാസ്തദപാസ്യ സോത്സവാ
അഭ്യജ്യമാനാ അകൃതോപമജ്ജനാഃ
സ്വപന്ത്യ ഉത്ഥായ നിശമ്യ നിഃസ്വനം
പ്രപായയന്ത്യോഽർഭമപോഹ്യ മാതരഃ. 26

മനാംസി താസാമരവിന്ദലോചനഃ
പ്രഗൽഭലീലാഹസിതാവലോകനൈഃ
ജഹാര മത്തദ്വിരദേന്ദ്രവിക്രമോ
ദൃശാം ദദച്ഛ്രീരമണാത്മനോത്സവം. 27

ദൃഷ്ട്വാ മുഹുഃ ശ്രുതമനുദ്രുതചേതസസ്തം
തത് പ്രേക്ഷണോത്സ്മിതസുധോക്ഷണലബ്ധമാനാഃ
ആനന്ദമൂർത്തിമുപഗുഹ്യ ദൃശാഽഽത്മലബ്ധം
ഹൃഷ്യത്ത്വചോ ജഹുരനന്തമരിന്ദമാധിം. 28

പ്രാസാദശിഖരാരൂഢാഃ പ്രീത്യുത്ഫുല്ലമുഖാംബുജാഃ
അഭ്യവർഷൻ സൗമനസ്യൈഃ പ്രമദാ ബലകേശവൗ. 29

ദധ്യക്ഷതൈഃ സോദപാത്രൈഃ സ്രഗ്ഗന്ധൈരഭ്യുപായനൈഃ
താവാനർച്ചുഃ പ്രമുദിതാസ്തത്ര തത്ര ദ്വിജാതയഃ. 30

ഊചുഃ പൗരാ ''അഹോ ഗോപ്യസ്തപഃ കിമചരൻ മഹത്
യാ ഹ്യേതാവനുപശ്യന്തി നരലോകമഹോത്സവൗ.'' 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിറേറന്നു പിന്നെ വാസുദേവനഗ്ഗോപന്മാരാൽ
ചുററപ്പെട്ടവനായി രാമനോടൊത്തുചേന്നു
തുങ്ഗമാമപ്പുരത്തിൻഭങ്ഗി കാണുവാനുള്ളിൽ
തിങ്ങുമാഗ്രഹത്തോടങ്ങിങ്ങുമേ
സഞ്ചരിച്ചാൻ. 19

അത്യുന്നതങ്ങളായി സ്ഫടികമയങ്ങളാം
പത്തനദ്വാരങ്ങളും ഗോപുരവൃന്ദങ്ങളും
വിസ്തൃതപ്പൊൻവാതിൽകൾ
തോരണങ്ങളുമെല്ലാ-
മൊത്തുചേന്നനുപമം ലാലസിച്ചീടുന്നതായ്,
പിത്തള ചെമ്പെന്നിവകൊണ്ടുള്ള കവാടങ്ങൾ-
ചേത്തുള്ള പല ധാന്യഗേഹങ്ങളിയന്നതായ്,
ശത്രുക്കൾക്കതിക്രമിച്ചീടുവാനാകാത്തമ-
ട്ടത്യന്തമാഴമാളും കിടങ്ങു ചൂഴന്നതായ്
രമ്യോപവനങ്ങളാരാമങ്ങൾ നിഷ്കുടങ്ങൾ
പൊന്മയഹർമ്മ്യങ്ങളെന്നിവയാൽ
ശോഭിപ്പതായ്.

ശ്രേണീജനത്തിൻ സഭാസ്ഥാനങ്ങളാലുമന്യ-
നാനാഗേഹങ്ങളാലും സമലംകൃതമായി,
ശുദ്ധവൈഡൂര്യവജ്രനീലവിദ്രുമങ്ങൾ, വെൺ-
മുത്തുകൾ, മരതകമീവകരത്നങ്ങളാൽ
വിളങ്ങും വളഭികൾ, വേദികൾ, ജാലമുഖ-
വിലസദ്വാരശിലാതലങ്ങളെന്നിവററിൽ
കൂട്ടമായ്ക്കൂടി മാടപ്രാക്കളും മയിൽകളും
പററിച്ചേന്നിരുന്നെന്നും ശബ്ദിച്ചിടുന്നതായി,
പനിനീർ ചന്ദനച്ചാറിത്യാദിവസ്തുക്കളാൽ
നനച്ച രഥ്യാപണാങ്കണങ്ങൾ മാർഗ്ഗങ്ങളും
കലന്നതായി,പ്പടിവാതിലുതോറും വാഴ-
ക്കുലകൾ പൂമാലകൾ കരിക്കിൻകുലകളും
ഭങ്ഗിയായ്ക്കെട്ടി വിതാനിച്ച വീടുകളാന്നും,
മങ്ഗലകരങ്ങളാം മാലകൾ പൂമൊട്ടുകൾ
ധാന്യങ്ങൾ മലപ്പൊടിയെന്നിവ വിതറിയും,
പൂണ്ണകുംഭങ്ങൾവച്ചും, ദധിചന്ദനാദിയാൽ
നനയ്ക്കപ്പെട്ടും, മൃദുപല്ലവസൂനദീപ-
ഗണങ്ങളിണങ്ങിയും ഫലസമ്പൂണ്ണങ്ങളാം
ധാരാളം വാഴ, കേരം, കമുകെന്നിവ ചേന്നും,
ചാരുവസ്ത്രങ്ങളാലും കൊടിക്കൂറകളാലും
രമ്യമാം ദ്വാരഗൃഹപൂരത്തോടൊത്തു മിന്നു-
മമ്മഹാ മധുപുരി കണ്ടിതു കൊണ്ടൽവണ്ണൻ.
20-23

സവയസ്സരാം ഗോപന്മാരൊത്താ രാജമാർഗ്ഗം
പ്രവേശിച്ചൊരാ വസുദേവപുത്രരെക്കാണ്മാൻ
പുരനാരികളെല്ലാമുത്സാഹത്തോടുകൂടി
ത്വരിതം സൗധങ്ങളിലേറിനാർ സസംഭ്രമം.24

അവനീശ്വരാ! ഭൂഷാജാലവും വസ്ത്രങ്ങളു-
മവരിൽച്ചിലരസ്ഥാനങ്ങളിൽ ധരിച്ചിട്ടും
രണ്ടുവയവങ്ങളിലൊന്നിനെ വിസ്മരിച്ചു-
കൊണ്ടൊരു കാതിൽമാത്രം കുണ്ഡലമിട്ടും
ചിലർ
കാതരാക്ഷിമാർ ചിലർ തത്പാദസരമേക-
പാദത്തിൽ മാത്രമിട്ടുമമന്ദം വന്നീടിനാർ. 25

ഉണ്ണുവാനിരുന്നവരായതു നിറുത്തിയ-
മെണ്ണതേച്ചവരെല്ലാം സ്നാനംചെയ്യീടാതെയും
കണ്ണെഴുതിയോരൊരുമിഴിയിൽ മഷിചേത്തു-
മുണ്ണിക്കു പാൽകൊടുത്തോരതിനെത്തള്ളിവിട്ടും
പൂണ്ണനിദ്രയിൽപ്പെട്ടോർ ഞെട്ടിയങ്ങെഴുന്നേററും
കണ്ണനാഗമിക്കുന്ന ഘോഷം കേട്ടോടി-
ച്ചെന്നാർ. 26

മദയാനതൻയാനമിയലും കണ്ണൻ, ശ്രീയെ-
യതിയായ് രമിപ്പിക്കും തന്നുടെ ദേഹംകൊണ്ടും
മന്ദഹാസത്തിനാലും നോട്ടങ്ങളാലുമത്യാ-
നന്ദപ്രദങ്ങളാകും ചാരുലീലകളാലും
കണ്ണുകൾക്കുത്സവത്തെയരുളുന്നവനായ-
ത്തനങ്ഗീജനമനസ്സാകവേ ഹരിച്ചിതേ. 27

ഏറെപ്രാവശ്യം കേട്ടിട്ടുള്ള ഗോവിന്ദൻതന്നെ
നേരേ കണ്ടന്തരങ്ഗം ദ്രവിച്ചപ്പുരസ്ത്രീകൾ
നന്ദജസ്മേരകടാക്ഷാമൃതസേചനത്താ-
ലന്യൂനം മാനിക്കപ്പെട്ടവരാ,യക്ഷിമാർഗ്ഗം
ഹൃദയഗതനാകമാനന്ദമൂത്തിതന്നെ-
യതിയായാലിങ്ഗനംചെയ്തു രോമാഞ്ചംപൂണ്ടു,
ഇത്രനാൾ കാണാതിരുന്നതിനാലിയന്നിടു-
മത്തലാകവേ വെടിഞ്ഞീടിനാരരിംദമാ! 28

പ്രാസാദശിഖരത്തിലേറിയ വാമാക്ഷിമാർ
തോഷാധിക്യത്താൽ ഫുല്ലാസ്യാംബുജാഢ്യ-
കളായി
രാമകൃഷ്ണന്മാരുടെ കോമളദേഹങ്ങളിൽ
പൂമഴ തുരുതുരെപ്പൊഴിച്ചാർ മഹീപതേ! 29

ജലപാത്രങ്ങളോടുകൂടിയക്ഷതം ദധി
പലമട്ടുള്ള കാഴ്ചദ്രവ്യവുംവച്ചു നേരേ
വിപ്രക്ഷത്രിയവൈശ്യജാതികളങ്ങിങ്ങായി-
ട്ടപ്പുരംപുമാൻതന്നെത്തുഷ്ടിയോടച്ചിച്ചിതേ. 30

''നരലോകത്തിൻ മഹോത്സവമായ്
മഹിതന്നിൽ
പരിശോഭിക്കുമിവരിരുപേരെയും ചാരേ
കാണുവാൻ ഭാഗ്യമാളും ഗോപികളെന്തു തപ-
സ്സാണോ ചെയ്തതു ചിത്ര''മെന്നു പൗരന്മാർ
ചൊന്നാർ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രജകം കഞ്ചിദായാന്തം രങ്ഗകാരം ഗദാഗ്രജഃ
ദൃഷ്ട്വാഽയാചത വാസാംസി ധൗതാന്യത്യുത്തമാനി ച. 32
''ദേഹ്യാവയോഃ സമുചിതാന്യങ്ഗ വാസാംസി ചാർഹതോഃ
ഭവിഷ്യതി പരം ശ്രേയോ ദാതുസ്തേ നാത്ര സംശയഃ.'' 33
സ യാചിതോ ഭഗവതാ പരിപൂർണ്ണേന സർവ്വതഃ
സാക്ഷേപം രുഷിതഃ പ്രാഹ ഭൃത്യോ രാജ്ഞഃ സുദുർമ്മദഃ. 34
''ഈദൃശാന്യേവ വാസാംസി നിത്യം ഗിരിവനേചരാഃ
പരിധത്ത കിമുദ്വൃത്താ രാജദ്രവ്യാണ്യഭീപ്സഥ. 35
യാതാശു ബാലിശാ മൈവം പ്രാർത്ഥ്യം യദി ജിജീവിഷാ
ബധ്നന്തി ഘ്നന്തി ലുമ്പന്തി ദൃപ്തം രാജകുലാനി വൈ.'' 36
ഏവം വികത്ഥമാനസ്യ കുപിതോ ദേവകീസുതഃ
രജകസ്യ കരാഗ്രേണ ശിരഃ കായാദപാതയത്. 37
തസ്യാനുജീവിനഃ സർവ്വേ വാസഃ കോശാൻ വിസൃജ്യ വൈ
ദുദ്രുവുഃ സർവ്വതോ മാർഗ്ഗം വാസാംസി ജഗൃഹേഽച്യുതഃ. 38
വസിത്വാഽഽത്മപ്രിയേ വസ്ത്രേ കൃഷ്ണഃ സങ്കർഷണസ്തഥാ
ശേഷാണ്യാദത്ത ഗോപേഭ്യോ വിസൃജ്യ ഭുവി കാനിചിത്. 39
തതസ്തു വായകഃ പ്രീതസ്തയോർവേഷമകല്പയത്
വിചിത്രവർണ്ണൈശ്ചൈലേയൈരാകല്പൈരനുരൂപതഃ. 40
നാനാലക്ഷണവേഷാഭ്യാം കൃഷ്ണരാമൗ വിരേജതുഃ
സ്വലംകൃതൗ ബാലഗജൗ പർവ്വണീവ സിതേതരൗ. 41
തസ്യ പ്രസന്നോ ഭഗവാൻ പ്രാദാത് സാരൂപ്യമാത്മനഃ
ശ്രിയം ച പരമാം ലോകേ ബലൈശ്വര്യസ്മൃതീന്ദ്രിയം. 42

തതഃ സുദാമ്നോ ഭവനം മാലാകാരസ്യ ജഗ്മതുഃ
തൗ ദൃഷ്ട്വാ സ സമുത്ഥായ നനാമ ശിരസാ ഭുവി. 43
തയോരാസനമാനീയ പാദ്യം ചാർഘ്യാർഹണാദിഭിഃ
പൂജാം സാനുഗയോശ്ചക്രേ സ്രക്താംബൂലാനുലേപനൈഃ. 44
പ്രാഹ ''നഃ സാർത്ഥകം ജന്മ പാവിതം ച കുലം പ്രഭോ
പിതൃദേവർഷയോ മഹ്യം തുഷ്ടാ ഹ്യാഗമനേന വാം. 45
ഭവന്തൗ കില വിശ്വസ്യ ജഗതഃ കാരണം പരം
അവതീർണ്ണാവിഹാംശേന ക്ഷേമായ ച ഭവായ ച. 46
ന ഹി വാം വിഷമാ ദൃഷ്ടിഃ സുഹൃദോർജ്ജഗദാത്മനോഃ
സമയോഃ സർവ്വഭൂതേഷു ഭജന്തം ഭജതോരപി. 47
താവാജ്ഞാപയതം ഭൃത്യം കിമഹം കരവാണി വാം
പുംസോഽത്യനുഗ്രഹോ ഹ്യേഷ ഭവദ്ഭിര്യന്നിയുജ്യതേ.'' 48

ഇത്യഭിപ്രേത്യ, രാജേന്ദ്ര, സുദാമാ പ്രീതമാനസഃ
ശസ്തൈഃ സുഗന്ധൈഃ കുസുമൈർമ്മാലാ വിരചിതാ ദദൗ. 49
താഭിഃ സ്വലംകൃതൗ പ്രീതൗ കൃഷ്ണരാമൗ സഹാനുഗൗ
പ്രണതായ പ്രപന്നായ ദദതുർവരദൗ വരാൻ. 50
സോഽപി വവ്രേഽചലാം ഭക്തിം തസ്മിന്നേവാഖിലാത്മനി
തദ്ഭക്തേഷു ച സൗഹാർദ്ദം ഭൂതേഷു ച ദയാം പരാം. 51
ഇതി തസ്മൈ വരം ദത്ത്വാ ശ്രിയം ചാന്വയവർദ്ധിനീം
ബലമായുര്യശഃ കാന്തിം നിർജ്ജഗാമ സഹാഗ്രജഃ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
പുരപ്രവേശോ നാമ ഏകചത്വാരിംശത്തമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രങ്ഗകാരനാമൊരു രജകൻ മുണ്ടുകെട്ടും
താങ്ങി വന്നീടുന്നതു കണ്ടുടൻ കൊണ്ടൽവർണ്ണൻ
''ഉൽകൃഷ്ടങ്ങളാം ശുഭ്രവസ്ത്രങ്ങൾ ഞങ്ങൾ-
ക്കായി-
ത്തക്കമെന്നിയേ തരി''കെന്നവനോടിരന്നാൻ.
32
''അല്ലയോ ശ്രേഷ്ഠാ! നീ സമർഹരാമീ
ഞങ്ങൾക്ക
കില്ലെന്യേ സമുചിതവസ്ത്രങ്ങൾ തന്നീടുക.
നിനക്കു നിനക്കിതുമൂലമായുണ്ടായിടു-
മനന്തശ്രേയസ്സുകൾ നിണ്ണയം രജകേന്ദ്രാ.'' 33
സർവ്വത്ര നിറഞ്ഞിരുന്നീടുമബ്ഭഗവാനാ-
ലീവിധം സംയാചിതനബ്ഭോജരാജഭൃത്യൻ
ദൃപ്തനുമുദ്ധതനായി ക്രോധത്തോടു-
മിമ്മട്ടു പരിഹാസവാക്യങ്ങളോതീടിനാൻ: 34
''കാട്ടിലും മലയിലും സഞ്ചരിച്ചീടും നിങ്ങൾ
രാട്ടിന്റെ വസനങ്ങളാശിക്കുന്നുവോ ചിത്രം!
ഉദ്വൃത്തന്മാരേ! നിങ്ങളിത്തരം പട്ടുവസ്ത്രം-
മാത്രമേ നിത്യം ധരിച്ചീടുമാറുള്ളോ
ചൊൽവിൻ. 35
പൊയ്ക്കൊൾവിൻ മൂർഖന്മാരേ! ജീവിക്കാ-
നാഗ്രഹിക്കി-
ല്ലിക്കണക്കെഴമാശ കൈവിട്ടു വേഗം നിങ്ങൾ.
അല്ലായ്കിൽ നൃപഭൃത്യർ നിങ്ങളെബ്ബന്ധിച്ചിടും
തല്ലിയെല്ലൊടിച്ചിടും മുതലമടക്കീടും.'' 36
പെട്ടെന്നു രുഷ്ടനായിദ്ദേവകീതനുജനി-
മ്മട്ടസഭ്യങ്ങൾ ചൊല്ലുമവന്റെയുത്തമാങ്ഗം
കായത്തിൽനിന്നും നഖംകൊണ്ടുടൻ ഭിന്നമാക്കി
ആയാസമേതുമെന്യേ ഭൂമിയിലിട്ടീടിനാൻ. 37
തുണിക്കെട്ടുകളപ്പോഴുപേക്ഷിച്ചിട്ടവന്റെ-
യനുയായികളെല്ലാം പേടിച്ചങ്ങോടിപ്പോയാർ.
മല്ലാരിഭഗവാനുമവയിൽനിന്നക്ഷണം
നല്ലവസ്ത്രങ്ങളെല്ലാം തിരഞ്ഞെടുത്തീടിനാൻ.
38
തങ്ങൾക്കു സമുചിതമായുള്ള വസനങ്ങൾ
ശാർങ്ഗിയും മുസലിയും ധരിച്ചു, ശേഷിച്ചവ
വല്ലവന്മാർക്കു നല്കിബ്ബാക്കിയാ വഴിയിലും
തള്ളിയുല്ലാസപൂർവ്വം മെല്ലവേ ഗമിച്ചിതു. 39
പിന്നൊരു തുന്നൽക്കാരനാ വീരകൃത്യം കണ്ടു
നന്ദിച്ചു രണ്ടുപേർക്കുമിണങ്ങീടുന്നതോതിൽ
വിചിത്രവർണ്ണവസ്ത്രഗണത്താൽ നല്ലവേഷം
രചിച്ചു ചാർത്തീടിനാൻ തദങ്ഗങ്ങളിൽ നേരേ.
വെളുപ്പും കറുപ്പുമാം വർണ്ണത്തിൽ വേണ്ടുംവിധ-
മലങ്കരിച്ചു മഹോത്സവത്തിൽ നിറുത്തിടും
ആനക്കുട്ടികൾമട്ടിലേററവും ശോഭിച്ചിതു
നാനാവർണ്ണാലങ്കാരഭൂഷിതന്മാരാമവർ. 40-41
തുഷ്ടനായവന്നുടൻ ഭഗവാൻ ലോകത്തിലുത്-
കൃഷ്ടമാം ശ്രീ,യിന്ദ്രിയപാടവം, ബലം, സ്മൃതി
ഐശ്വര്യമെന്നിതെല്ലാം ദാനംചെയ്തു-
തെന്നിയേ
ശാശ്വതസാരൂപ്യവുമേകിനാൻ ഭുകാമുകാ! 42
പിന്നെസ്സുദാമാവെന്നു പേരെഴും മാലാകാരൻ
തന്നുടെ മന്ദിരത്തിൽച്ചെന്നിതു രണ്ടുപേരും.
അവരെക്കണ്ടപ്പോഴെഴുന്നേററാദരിച്ചി-
ട്ടവനും ധരിത്രിയിൽ പതിച്ചു നമിച്ചിതു. 43
ആസനങ്ങളേകിപ്പാദ്യവും സമർപ്പിച്ചു-
ശേഷം പൂമാല പിന്നെത്താംബൂലം കുറിക്കൂട്ടും
അരുളിയവരെയുമനുചരന്മാരെയും
തരസാ വഴിപോലെ പൂജനംചെയ്തീടിനാൻ.44
''പരമേശ്വരാ! യുഷ്മദാഗമനത്താലെന്നിൽ
പരിതുഷ്ടരായ്ത്തീർന്നു പിതൃക്കളൃഷിമാരും
നമ്മുടെ ഞങ്ങൾക്കുള്ള വംശവും ശുദ്ധമായി
ജന്മവും ഫലവത്താ''യെന്നവൻ
ചൊന്നീടിനാൻ. 45
''ഇപ്രപഞ്ചത്തിനെല്ലാം ഭവാന്മാരിരുപേരു-
മുൽപത്തിബീജങ്ങളാണെന്നതിൽത്തർക്കമില്ല.
അംശത്താൽ നിങ്ങൾ മന്നിലവതരിച്ച-
തോർത്താൽ
വിശ്വത്തിൻക്ഷേമത്തിനുമഭിവൃദ്ധിക്കുമല്ലോ. 46
സകലഭൂതത്തിലും സമദൃഷ്ടികളായി
ജഗത്സ്വരൂപന്മാരായ്ത്തങ്ങളെബ്ഭജിപ്പോരെ
അങ്ങോട്ടും ഭജിപ്പോരായുററമിത്രങ്ങളാകും
നിങ്ങൾക്കു ഭാവഭേദമാരിലുമില്ല നൂനം. 47
അങ്ങനെയുള്ള നിങ്ങൾ ദാസനാമീയെന്നോടു
മങ്ങാതെ കല്പിച്ചാലും ഞാനെന്തുവേണമെ-
ന്നായ്.
എന്നിൽനിന്നെന്തെങ്കിലും ഭവാന്മാർ
സ്വീകരിച്ചീ-
ടുന്നതുതാനെനിക്കു വലുതാമനുഗ്രഹം.'' 48
എന്നോതിയഭിപ്രായമറിഞ്ഞസ്സുദാമാവും
നന്ദിച്ചു സുഗന്ധിപ്പൂമാലകൾ തീർത്തേകി-
നാൻ. 49
മാലകളാലുമലംകൃതരായ് വരദാന-
ലോലരായ് സഗോപരാമായവർ സന്തുഷ്ടരായ്
അവനമിച്ചു നേരേ ശരണംഗമിച്ചിടു-
മവനായ്പ്പിന്നെ വേണ്ടും വരങ്ങളേകീ-
ടിനാർ. 50
അഖിലാത്മാവായിടും ഭഗവാൻ മുകുന്ദനിൽ
വികലമല്ലാതുള്ള നിശ്ചലഭക്തിയേലും
തദ്ഭക്തജനങ്ങളിൽ സ്നേഹവും ഭൂതങ്ങളിൽ
നിർഭരം കാരുണ്യവും വരിച്ചീടിനാനവൻ. 51
ആവിധം വരമവന്നരുളിക്കുലവൃദ്ധി
കൈവരുമൈശ്വര്യവും ബലവും ദീർഘായുസ്സും
കീർത്തിയുമങ്ഗാഭയുമേകിയാ രാമനോടു-
മൊത്തങ്ങു പോയീടിനാനവിടെനിന്നും
ഹരി. 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

അഥ വ്രജൻ രാജപഥേന മാധവഃ
സ്ത്രിയം ഗൃഹീതാങ്ഗവിലേപഭാജനാം
വിലോക്യ കുബ്ജാം യുവതീം വരാനനാം
പപ്രച്ഛ യാന്തീം പ്രഹസൻ രസപ്രദഃ. 1
''കാ ത്വം വരോർവ്വേതദുഹാനുലേപനം
കസ്യാങ്ഗനേ വാ കഥയസ്വ സാധു നഃ
ദേഹ്യാവയോരങ്ഗവിലേപമുത്തമം
ശ്രേയസ്തതസ്തേ ന ചിരാദ് ഭവിഷ്യതി.'' 2

സൈരന്ധ്ര്യുവാച

''ദാസ്യസ്മ്യഹം, സുന്ദര, കംസസമ്മതാ
ത്രിവക്രനാമാ ഹ്യനുലേപകർമ്മണി
മദ്ഭാവിതം ഭോജപതേരതിപ്രിയം
വിനാ യുവാം കോഽന്യതമസ്തദർഹതി.'' 3
രൂപപേശലമാധുര്യഹസിതാലാപവീക്ഷിതൈഃ
ധർഷിതാത്മാ ദദൗ സാന്ദ്രമുഭയോരനുലേപനം. 4
തതസ്താവങ്ഗരാഗേണ സ്വവർണ്ണേതരശോഭിനാ
സമ്പ്രാപ്തപരഭാഗേന ശുശുഭാതേഽനുരഞ്ജിതൗ. 5
പ്രസന്നോ ഭഗവാൻ കുബ്ജാം ത്രിവക്രാം രുചിരാനനാം
ഋജ്വീം കർത്തും മനശ്ചക്രേ ദർശയൻ ദർശനേ ഫലം. 6
പദ്ഭ്യാമാക്രമ്യ പ്രപദേ ദ്വ്യങ്ഗുല്യുത്താനപാണിനാ
പ്രഗൃഹ്യ ചിബുകേഽധ്യാത്മമുദനീനമദച്യുതഃ. 7
സാ തദർജ്ജുസമാനാങ്ഗീ ബൃഹച്ഛ്റോണിപയോധരാ
മുകുന്ദസ്പർശനാത് സദ്യോ ബഭൂവ പ്രമദോത്തമാ. 8
തതോ രൂപഗുണൗദാര്യസമ്പന്നാ പ്രാഹ കേശവം
ഉത്തരീയാന്തമാകൃഷ്യ സ്മയന്തീ ജാതഹൃച്ഛയാ. 9
''ഏഹി, വീര, ഗൃഹം യാമോ ന ത്വാം ത്യക്തുമിഹോത്സഹേ
ത്വയോന്മഥിതചിത്തായാഃ പ്രസീദ പുരുഷർഷഭ!'' 10
ഏവം സ്ത്രിയാ യാച്യമാനഃ കൃഷ്ണോ രാമസ്യ പശ്യതഃ
മുഖം വീക്ഷ്യാനുഗാനാം ച പ്രഹസംസ്താമുവാച ഹ. 11
''ഏഷ്യാമി തേ ഗൃഹം സുഭ്രൂഃ പുംസാമാധിവികർശനം
സാധിതാർത്ഥോഽഗൃഹാണാം നഃ പാന്ഥാനാം തേ പരായണം.'' 12

വിസൃജ്യ മാധ്വ്യാ വാണ്യാ താം വ്രജൻ മാർഗ്ഗേ വണിക്പഥൈഃ
നാനോപായനതാംബൂലസ്രഗ്ഗന്ധൈഃ സാഗ്രജോഽർച്ചിതഃ. 13
തദ്ദർശനസ്മരക്ഷോഭാദാത്മാനം നാവിദൻ സ്ത്രിയഃ
വിസ്രസ്തവാസഃകബരവലയാലേഖ്യമൂർത്തയഃ. 14
തതഃ പൗരാൻ പൃച്ഛമാനോ ധനുഷഃ സ്ഥാനമച്യുതഃ
തസ്മിൻ പ്രവിഷ്ടോ ദദൃശേ ധനുരൈന്ദ്രമിവാദ്ഭുതം. 15
പുരുഷൈർബ്ബഹുഭിർഗ്ഗുപ്തമർച്ചിതം പരമർദ്ധിതം
വാര്യമാണോ നൃഭിഃ കൃഷ്ണഃ പ്രസഹ്യ ധനുരാദദേ. 16

കരേണ വാമേന സലീലമുദ്ധൃതം
സജ്യം ച കൃത്വാ നിമിഷേണ പശ്യതാം
നൃണാം വികൃഷ്യ പ്രബഭഞ്ജ മധ്യതോ
യഥേക്ഷുദണ്ഡം മദകര്യുരുക്രമഃ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 42

സൈരന്ധ്രീവരദാനം, മല്ലരംഗവർണ്ണനം

ശ്രീശുകൻ പറഞ്ഞു

രാജപാതയിൽക്കൂടിപ്പിന്നെയും സഞ്ചരിക്കും
തേജസ്വി കൃഷ്ണ,നങ്ഗലേപനപാത്രമേന്തി
താരുണ്യവതിയായിക്കോമളാസ്യയാമൊരു
നാരിയാം കുനിക്കുനി വരുന്നതായിക്കണ്ടാൻ.
പുഞ്ചിരിയോടുകൂടി രസങ്ങളുതിർത്തുകൊ–
ണ്ടഞ്ചിതമാമ്മാറേവം ചോദിച്ചാന–
വളൊടായ്: 1

''അങ്ഗനേ! വരോരു, നീയാരാണ, കുറിക്കൂട്ടി–
തെ, ഞാക്കു കൊടുക്കാനായ് കൊണ്ടുപോകുന്നു?
ചൊല്ലു!
ഞങ്ങൾക്കു തന്നീടു നീയുത്തമമിപ്പദാർത്ഥം
മങ്ഗലം നിനക്കതുമൂലമായ് വന്നുകൂടും.'' 2

സൈരന്ധ്രി പറഞ്ഞു

''സുന്ദരാ! ത്രിവക്രയെന്നാണെന്റെ
നാമധേയം,
മന്നന കുറിക്കൂട്ടു ചമയ്ക്കും ദാസിയാം ഞാൻ.
എന്നങ്ഗലേപനത്തിൽ ഭോജേശനിഷ്ടമേറു–
മെന്നാലിതണിഞ്ഞീടാൻ യോഗ്യത
നിങ്ങൾക്കത്രേ.'' 3

സൗന്ദര്യരൂപരസാലാപഹാസേക്ഷണങ്ങൾ
തന്നാലേയപഹൃതമാനസയായിട്ടവൾ
നന്നായിത്തണുത്തേററം കുറുകിയിരിക്കുമ–
ധന്യമാം കുറിക്കൂട്ടങ്ങവർക്കു നല്കീടിനാൾ. 4

സ്വന്തദേഹത്തിൻ വർണ്ണത്തിന്നെതിർനിറം–
പെടും
ഗന്ധലേപനമതു ഭംഗിയായണിഞ്ഞുടൻ
ബന്ധുരാങ്ഗന്മാരായിട്ടാനവപ്പരിഷത–
ന്നന്തകന്മാരാമവരേററവും ശോഭിച്ചിതേ. 5

തുഷ്ടനായ് ഭഗവാൻ തദ്ദർശനഫലം തദാ
സ്പഷ്ടമായ്ക്കാട്ടീടണം ലോകരെയെന്നമട്ടിൽ
ആ ത്രിവക്രതൻ ദേഹത്തിങ്കലെ വളവുകൾ
തീർത്തു സുന്ദരിയാക്കാനരംത്താരിൽ
നിശ്ചയിച്ചാൻ. 6

കൊണ്ടൽനേർവർണ്ണൻ നിജചെന്തളിരടിയിണ–
കൊണ്ടു തത്പാദാഗ്രങ്ങൾ രണ്ടിലും ചവുട്ടീട്ടു
രണ്ടു കൈവിരലുകൾ മലർത്തിത്താടിചേർത്തു–
കൊണ്ടവളുടെ ദേഹമുന്നമിപ്പിച്ചീടിനാൻ. 7

പൃഥുലനിതംബയായ് പീനസുസ്തനിയാമ–
സ്സുദതി ഹരികരസ്പർശനമേല്ക്കമൂലം
ശരീരമുജ്ജ്വലമായിക്കുനുകളെല്ലാം തീർന്നു
പരിശോഭിച്ചാളൊരു സുന്ദരീരത്നമായി. 8

അത്യന്തം രൂപഗുണൗദാര്യസമ്പന്നയാക–
മത്തന്വി മദനാസ്ത്രഖിന്നയായ് കൂസലെന്യേ
ഉത്തരീയത്തിൽക്കേറിപ്പിടിച്ചു ചിരിച്ചുകൊ–
ണ്ടിത്തരം വചനങ്ങൾ ഭഗവാനോടു
ചൊന്നാൾ: 9

''പുരുഷർഷഭാ! വരികെൻ സദനത്തിലങ്ങേ–
പ്പിരിഞ്ഞുപോകാനെനിക്കില്ലിപ്പോൾ
കെല്പല്പവും.
അങ്ങുമൂലമായ് മനം മന്മഥൻ മഥിക്കുമീ–
യങ്ഗനയാകുമെന്നിൽ പ്രസാദിച്ചീ–
ടേണമേ.'' 10

ഈമട്ടിലവളർത്ഥിച്ചീടവേ വാസുദേവൻ
രാമദേവന്റെയും തന്നനുഗന്മാരുടേയും
ആനനങ്ങളിൽ നോക്കിച്ചിരിച്ചുകൊണ്ടീവിധ–
മാ നാരീമണിയോടായരുളിച്ചെയ്തീടിനാൻ: 11

''സുന്ദരീ! ചിലതെല്ലാം സാധിച്ചശേഷം
വരാം
നിന്നുടെ മന്ദിരത്തി, ലാലയവിഹീനരായ്
പാന്ഥന്മാരായീടുമീ ഞങ്ങൾക്കു തവ ഗേഹ–
മന്തരങ്ഗാധിയകററുന്നതുതന്നെയല്ലോ.'' 12

മധുരവചസ്സോതിയവളെ വിട്ടു വീണ്ടും
മധുരാനഗരത്തിൽ ബലനുമായ് ചരിക്കും
കണ്ണനെ വണിക്കുകളാരാധിച്ചിതു മാല്യ–
ചന്ദനതാംബൂലാദി നാനോപായനങ്ങളാൽ. 13

കണ്ണനെക്കണ്ടപ്പുരനാരിമാർ മാരാർത്തിയാൽ
തന്നങ്ഗംപോലും മറന്നംബരമിഴിഞ്ഞതും
കേശക്കെട്ടഴിഞ്ഞതും വളകളൂർന്നുള്ളതും
ലേശവുമറിയാതെ നിന്നിതു ചിത്രങ്ങൾ–
പോൽ. 14

പുനരച്യുതൻ പുരജനസഞ്ചയത്തോടായ്
ധനുസ്ഥാനത്തെച്ചോദിച്ചറിഞ്ഞസ്ഥലം–
തന്നിൽ
അണഞ്ഞിട്ടത്യദ്ഭുതകരമായിന്ദ്രചാപം–
കണക്കെ മിന്നും വില്ലു വല്ലവരൊത്തു
കണ്ടാൻ. 15

അനേകം പുരുഷന്മാർ കാത്തുസൂക്ഷിപ്പതായി–
ട്ടനുവാസരമർച്ചിക്കുന്നതായ് രത്നാദിയാൽ
അലങ്കരിച്ചമിന്നുമാ വില്ലു രക്ഷിവൃന്ദം
വിലക്കീടിലും ബലാലെടുത്താൻ
ബലാനുജൻ. 16

കണ്ണിമയ്ക്കാതെ നോക്കിനില്ക്കുമജ്ജനങ്ങൾതൻ–
മുന്നിൽവച്ചിടത്തുകൈകൊണ്ടു വില്ലങ്ങെടുത്തി
ഞാൺപൂട്ടി വലിച്ചുടൻ നടുവേയൊടിച്ചിതു
വമ്പനാം ഗജശ്രേഷ്ഠൻ കരിമ്പെന്നതു–
പോലെ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനുഷോ ഭജ്യമാനസ്യ ശബ്ദഃ ഖം രോദസീ ദിശഃ
പൂരയാമാസ യം ശ്രുത്വാ കംസസ്ത്രാസമുപാഗമത്. 18

തദ്രക്ഷിണഃ സാനുചരാഃ കുപിതാ ആതതായിനഃ
ഗ്രഹീതുകാമാ ആവവ്രുർ''ഗൃഹ്യതാം, ബധ്യതാ''മിതി. 19

അഥ താൻ ദുരഭിപ്രായാൻ വിലോക്യ ബലകേശവൗ
ക്രുദ്ധൗ ധന്വന ആദായ ശകലേ താംശ്ച ജഘ്നതുഃ. 20

ബലം ച കംസപ്രഹിതം ഹത്വാ ശാലാമുഖാത്തതഃ
നിഷ്ക്രമ്യ ചേരതുർഹൃഷ്ടൗ നിരീക്ഷ്യ പുരസമ്പദഃ. 21

തയോസ്തദദ്ഭുതം വീര്യം നിശാമ്യ പുരവാസിനഃ
തേജഃ പ്രാഗല്ഭ്യം രൂപം ച മേനിരേ വിബുധോത്തമൗ. 22

തയോർവിചരതോഃ സ്വൈരമാദിത്യോഽസ്തമുപേയിവാൻ
കൃഷ്ണരാമൗ വൃതൗ ഗോപൈഃ പുരാച്ഛകടമീയതുഃ. 23

ഗോപ്യോ മുകുന്ദവിഗമേ വിരഹാതുരാ യാ
ആശാസതാശിഷ ഋതാ മധുപുര്യഭൂവൻ
സമ്പശ്യതാം പുരുഷഭൂഷണഗാത്രലക്ഷ്മീം
ഹിത്വേതരാൻ ന ഭജതശ്ചകമേഽയനം ശ്രീഃ. 24

അവനിക്താങ്ഘ്രിയുഗളൗ ഭുക്ത്വാ ക്ഷീരോപസേചനം
ഊഷതുസ്താം സുഖം രാത്രിം ജ്ഞാത്വാ കംസചികീർഷിതം. 25

കംസസ്തു ധനുഷോ ഭംഗം രക്ഷിണാം സ്വബലസ്യ ച
വധം നിശമ്യ ഗോവിന്ദരാമവിക്രീഡിതം പരം. 26

ദീർഘപ്രജാഗരോ ഭീതോ ദുർന്നിമിത്താനി ദുർമ്മതിഃ
ബഹൂന്യചഷ്ടോഭയഥാ മൃത്യോർദ്ദൗത്യകരാണി ച. 27

അദർശനം സ്വശിരസഃ പ്രതിരൂപേ ച സത്യപി
അസത്യപി ദ്വിതീയേ ച ദ്വൈരൂപ്യം ജ്യോതിഷാം തഥാ. 28

ഛിദ്രപ്രതീതിഃ ഛായായാം പ്രാണഘോഷാനുപശ്രുതിഃ
സ്വർണ്ണപ്രതീതിർവൃക്ഷേഷു സ്വപദാനാമദർശനം. 29

സ്വപ്നേ പ്രേതപരിഷ്വംഗഃ ഖരയാനം വിഷാദനം
യായാന്നളദമാല്യേകസ്തൈലാഭ്യക്തോ ദിഗംബരഃ. 30

അന്യാനി ചേത്ഥംഭൂതാനി സ്വപ്നജാഗരിതാനി ച
പശ്യൻ മരണസന്ത്രസ്തോ നിദ്രാം ലേഭേ ന ചിന്തയാ. 31

വ്യുഷ്ടായാം നിശി കൗരവ്യ! സൂര്യേ ചാദ്ഭ്യഃ സമുത്ഥിതേ
കാരയാമാസ വൈ കംസോ മല്ലക്രീഡാമഹോത്സവം. 32

ആനർച്ചുഃ പുരുഷാ രംഗം തൂര്യഭേര്യശ്ച ജഘ്നിരേ
മഞ്ചാശ്ചാലംകൃതാഃ സ്രഗ്ഭിഃ പതാകാചൈലതോരണൈഃ. 33

തേഷു പൗരാ ജാനപദാ ബ്രഹ്മക്ഷത്രപുരോഗമാഃ
യഥോപജോഷം വിവിശൂ രാജാനശ്ച കൃതാസനാഃ. 34

കംസഃ പരിവൃതോഽമാത്യൈഃ രാജമഞ്ച ഉപാവിശത്
മണ്ഡലേശ്വരമധ്യസ്ഥോ ഹൃദയേന വിദൂയതാ. 35

വാദ്യമാനേഷു തൂര്യേഷു മല്ലതാളോത്തരേഷു ച
മല്ലാഃ സ്വലംകൃതാ ദൃപ്താഃ സോപാധ്യായാഃ സമാവിശൻ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിൽമുറിഞ്ഞതിൻ ശബ്ദമാകാശമന്തരിക്ഷം
ഭൂമിയും ദിക്കു പത്തുമെങ്ങുമേ നിറഞ്ഞിതു.
ഗംഭീരധ്വനിയതു കേട്ടടൻ ഭോജരാജൻ
സംഭ്രാന്തചിത്തനായിപ്പേടിച്ചു
ഞെട്ടിപ്പോയീ. 18

രക്ഷിവൃന്ദങ്ങളെല്ലാമനുഗാമികളോടൊ-
ത്തക്ഷണം ക്രുദ്ധരായി വധിപ്പാനിച്ഛയോടും
''കെട്ടുവിൻ, പിടിക്കുവിൻ'' രാമകൃഷ്ണരെയെന്നു
ചൊല്ലി-
പ്പെട്ടെന്നു വളഞ്ഞിതു രാമഗോവിന്ദന്മാരെ. 19

പിന്നെയക്കാവല്ക്കാരാം ദുർമ്മദന്മാരുടെ
സന്നാഹം കണ്ടു രാമകൃഷ്ണന്മാർ കോപിഷ്ഠരായ്
വില്ലുഖണ്ഡങ്ങളെക്കൊണ്ടടിച്ചിട്ടവരെ-
യൊക്കെയക്കാത്തജന്തൻ പുരിയിലാക്കീ-
ടിനാർ. 20

കംസനങ്ങയച്ചുള്ള സേനകളെയും കൊന്നു
കേശവരാമന്മാരശ്ശാലതന്നുന്നിതിനിന്നും
പുറപ്പെട്ടിപ്പുരത്തിൻ സമ്പത്സമൃദ്ധി കണ്ടു
പുരുമോദംകലന്നു സഞ്ചരിച്ചിതു വീണ്ടും. 21

പുരവാസികളേവമദ്ഭുതകരമാം തത്-
പൗർവീര്യവും രൂപഗുണവും പ്രാഗല്ഭ്യവും
കണ്ടപ്പോളിവർ സാധാരണമാനുഷരല്ല
രണ്ടു നിർജ്ജരമുഖ്യന്മാരെന്നു നിശ്ചയിച്ചാർ. 22

സൈ്വരമായവരേവം സഞ്ചാരംചെയ്തിട്ട-
മ്പോൾ
സൂര്യനുമസ്താചലം പ്രാപിച്ചാനതുനേരം
ഗോപാലാവൃതന്മാരായ് രാമനും ശ്രീകൃഷ്ണനും
പ്രാപിച്ചീടിനാർ വണ്ടിത്താവളം
മേളത്തോടും. 23

സേവിച്ച മററു ദേവന്മാരെ ത്യജിച്ചു ലക്ഷ്മീ-
സേവിക്കും പരൻപുമാൻതന്നുടെ ദേഹകാന്തി
മഥുരാപുരംതന്നിൽക്കണ്ടവർക്കെല്ലാം, യദു-
പതിതൻ പുറപ്പാടിൽ വിരഹാതുരമാരായ്
വല്ലവനാരീജനം ചൊല്ലിയതോരോന്നായി-
ട്ടെല്ലാമങ്ങനുഭവപ്പെട്ടിതു നല്ലവണ്ണം. 24

കഴകിക്കാലും കയ്യും കഴിച്ചു പാലും ചോറും
മുഴവനറിഞ്ഞിട്ടക്കംസന്റെ ശ്രേയത്തേയും
കഴിച്ചുകൂട്ടീടിനാരാരാത്രിയവിടെത്താ-
നഴലെന്നിയേയവരേവരും കുരൂദ്വഹാ! 25

വില്ലൊടിച്ചതും രക്ഷിസംഘത്തെ വധിച്ചതും
പുല്ലുപോൽ സ്വസൈന്യത്തെയാകവേയരി-
ഞ്ഞതും
അദ്ഭുതകരങ്ങളാം തല്ലീലാവിധങ്ങളു-
മെപ്പേരും കേട്ടുഖലകുലമൗലിയാം കംസൻ, 26

ഒട്ടുമേയുറങ്ങിയില്ലാ രാത്രിയേററം ഭയ-
പ്പെട്ടടൻ സ്വപ്നത്തിലും സ്പഷ്ടമായ് ജാഗ്ര-
ത്തിലും
അന്തകദൗത്യം വഹിച്ചീടും ഭീകരങ്ങളാ-
മന്തമററുള്ള നാനാദുർന്നിമിത്തങ്ങളും കണ്ടാൻ. 27

കണ്ണാടിയിലും നീരംതന്നിലും നോക്കീ-
ടുമ്പോൾ
തന്നുടെ രൂപം ശിരസ്സില്ലാതെ കണ്ടാനവൻ
എന്നുമാത്രമല്ലേകദീപം കാണുമ്പോഴെല്ലാ-
മൊന്നല്ല രണ്ടുദീപമെന്നതോന്നലുമുണ്ടായ്. 28

പ്രതിരൂപത്തിൽക്കണ്ടാൻ ദ്വാരങ്ങളുള്ളതായി,
ശ്രുതികൾ പൊത്തീടുമ്പോൾ കേൾക്കാതായ്
പ്രാണശബ്ദം.
സ്വപ്നപ്രതീതിയുണ്ടായ്വന്നിതു വൃക്ഷങ്ങളിൽ
മണ്ണിൽത്തൻ കാൽ പതിഞ്ഞ ചുവടു
കാണാതായി. 29

സ്വപ്നത്തിൽ പ്രേതങ്ങൾ വന്നാശ്ലേഷിക്കു-
ന്നതായു-
മെപ്പൊഴും കഴുതമേൽ സഞ്ചരിക്കുന്നതായും
കാകോളമശിക്കുക, രാമച്ചമാലയിട്ടു
പോകുക, താനേയെണ്ണ പുരട്ടിസ്സഞ്ചരിക്ക,
വസ്ത്രമില്ലാതെ നടന്നീടുകയെന്നിത്യാദി
മൃത്യുലക്ഷണങ്ങളും ഭോജേശൻ കണ്ടീടിനാൻ. 30

ജാഗ്രത്തിൽ സ്വപ്നത്തിലുമിത്തരം നാനാവിധ-
മുഗ്രദുർന്നിമിത്തങ്ങൾ വേറെയും കാൺകമൂലം
മരണസന്ത്രസ്തനാം ഭോജഭൂപതി ചിന്താ-
ഭരത്താലാക്രാന്തനായുറങ്ങിയില്ലാ രാവിൽ. 31

അല്ലു പോയ് ദിനേശ്വരൻ നീരിൽനിന്നു-
യർന്നപ്പോൾ
മല്ലലീലോത്സവത്തെ ഘോഷിപ്പിച്ചിതു
കംസൻ. 32

ആളുകൾ രംഗസ്ഥലം പൂജിച്ചു മുഴക്കിനാർ
ചീളെന്നു തൂര്യഭേരീവാദ്യങ്ങളുത്യുച്ചത്തിൽ
മാലകൾ, പതാകകൾ, തോരണങ്ങളുംകൊണ്ടും
ചേലകൾകൊണ്ടുമലങ്കരിച്ച മഞ്ചങ്ങളിൽ, 33

ബ്രാഹ്മണക്ഷത്രിയാദിപൗരരും, ദേശങ്ങളിൽ
താമസിപ്പോരുമങ്ങു സൗഖ്യമായ്
പ്രവേശിച്ചാർ.
രാജാക്കന്മാരും പരമുത്സാഹത്തോടു വന്നു
രാജിതമഞ്ചങ്ങളിലിരുപ്പിടിച്ചിതേ. 34

മന്ത്രിസംഘാതാവൃതൻ ഭോജാധീശ്വരൻതാനും
സന്തതം തുടിക്കുന്ന ഹൃദയത്തോടുകൂടി
നൃപമണ്ഡലമധ്യസ്ഥിതമാം രാജാസന-
മുപവേശിച്ചീടിനാൻ കുരുവംശാധീശ്വരാ! 35

മല്ലന്മാരുടെ ഹസ്തതാളമേളങ്ങളോടൊ-
ത്തുള്ളതാം തൂര്യവാദ്യഘോഷങ്ങൾ മുഴങ്ങവേ
നല്ലപോലലംകൃതന്മാരായിഗ്ഗർവിഷ്ഠരാം
മല്ലവൃന്ദവും വന്നാരുപാദ്ധ്യായന്മാരൊടും. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാണൂരോ മുഷ്ടികഃ കൂടഃ ശലസ്തോശല ഏവ ച
ത ആസേദുരുപസ്ഥാനം വല്ഗുവാദ്യപ്രഹർഷിതാഃ. 37

നന്ദഗോപാദയോ ഗോപാ ഭോജരാജസമാഹൂതാഃ
നിവേദിതോപായനാസ്തേ ഏകസ്മിൻ മഞ്ച ആവിശൻ. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
മല്ലരംഗോപവർണ്ണനം നാമ ദ്വിചത്വാരിംശത്തമോഽധ്യായഃ

ത്രിചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

അഥ കൃഷ്ണശ്ച രാമശ്ച കൃതശൗചൗ പരന്തപ!
മല്ലദുന്ദുഭിനിർഘോഷം ശ്രുത്വാ ദ്രഷ്ടുമുപേയതുഃ. 1

രംഗദ്വാരം സമാസാദ്യ തസ്മിൻ നാഗമവസ്ഥിതം
അപശ്യത് കുവലയാപീഡം കൃഷ്ണോഽംബഷ്ഠപ്രചോദിതം. 2

ബദ്ധ്വാ പരികരം ശൗരിഃ സമൂഹ്യ കുടിലാലകാൻ
ഉവാച ഹസ്തിപം വാചാ മേഘനാദഗഭീരയാ. 3

''അംബഷ്ഠാ ബഷ്ഠ, മാർഗ്ഗം നൗ ദേഹ്യപക്രമ, മാ ചിരം
നോ ചേത് സകുഞ്ജരം ത്വാദ്യ നയാമി യമസാദനം.'' 4

ഏവം നിർഭർത്സിതോഽംബഷ്ഠഃ കുപിതഃ കോപിതം ഗജം
ചോദയാമാസ കൃഷ്ണായ കാലാന്തകയമോപമം. 5

കരീന്ദ്രസ്തമഭിദ്രുത്യ കരേണ തരസാഽഗ്രഹീത്
കരാദ്വിഗളിതഃ സോഽമും നിഹത്യാംഘ്രിഷ്വലീയത. 6

സംക്രുദ്ധസ്തമചക്ഷാണോ ഘ്രാണദൃഷ്ടിഃ സ കേശവം
പരാമൃശത് പുഷ്കരേണ സ പ്രസഹ്യ വിനിർഗ്ഗതഃ. 7

പുച്ഛേ പ്രഗൃഹ്യാതിബലം ധനുഷഃ പഞ്ചവിംശതിം
വിചകർഷ യഥാ നാഗം സുപർണ്ണ ഇവ ലീലയാ. 8

സ പര്യാവർത്തമാനേന സവ്യദക്ഷിണതോഽച്യുതഃ
ബഭ്രാമ ഭ്രാമ്യമാണേന ഗോവത്സേനേവ ബാലകഃ. 9

തതോഽഭിമുഖമഭ്യേത്യ പാണിനാഽഽഹത്യ വാരണം
പ്രാദ്രവൻ പാതയാമാസ സ്പൃശ്യമാനഃ പദേ പദേ. 10

സ ധാവൻ ക്രീഡയാ ഭൂമൗ പതിത്വാ സഹസോത്ഥിതഃ
തം മത്വാ പതിതം ക്രുദ്ധോ ദന്താഭ്യാം സോഽഹനത് ക്ഷിതിം. 11

സ്വവിക്രമേ പ്രതിഹതേ കുഞ്ജരേന്ദ്രോഽത്യമർഷിതഃ
ചോദ്യമാനോ മഹാമാത്രൈഃ കൃഷ്ണമഭ്യദ്രവദ്രുഷാ. 12

തമാപതന്തമാസാദ്യ ഭഗവാൻ മധുസൂദനഃ
നിഗൃഹ്യ പാണിനാ ഹസ്തം, പാതയാമാസ ഭൂതലേ. 13

പതിതസ്യ പദാഽഽക്രമ്യ, മൃഗേന്ദ്ര ഇവ ലീലയാ
ദന്തമുത്പാട്യ തേനേഭം ഹസ്തിപാംശ്ചാഹനദ്ധരിഃ. 14

മൃതകം ദ്വിപമുത്സൃജ്യ ദന്തപാണിഃ സമാവിശത്
അംസന്യസ്തവിഷാണോഽസൃങ്മദബിന്ദുഭിരങ്കിതഃ
വിരൂഢസ്വേദകണികാവദനാംബുരുഹോ ബഭൗ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാണൂരമുഷ്ടികന്മാർ, തോശലൻ, കൂടൻ, ശല-
നീ നിരുപമമല്ലപ്രധാനന്മാരും പിന്നെ
മോഹനമാകും വാദ്യഘോഷത്തിൽ
ഘോഷിച്ചുകൊ-
ണ്ടാറ്റാദപുരസ്സരം രംഗത്തിൽ
പ്രവേശിച്ചാർ. 37
ഭോജേശാഹൂതന്മാരാം നന്ദാദിഗോപന്മാരും
രാജാവിന്നുപായനദ്രവ്യങ്ങളും സമർപ്പിച്ചു
മല്ലലീലോത്സവം സന്ദർശിപ്പാനായിപ്പിന്നെ
മെല്ലവേ മഞ്ചമൊന്നിലേറിയങ്ങിരുന്നിതേ.38

അദ്ധ്യായം 43

കുവലയാപീഡവധം, ചാണൂരനോട് സംവാദം

ശ്രീശുകൻ പറഞ്ഞു

രാമകൃഷ്ണന്മാർ പിന്നെ പ്രാതഃസ്നാനാനന്തരം
ഭീമമായീടും തൂര്യദുന്ദുഭീധ്വാനം കേട്ടു
മല്ലന്മാർ കാണിച്ചീടും വിരുതു കണ്ടീടുവാൻ
സോല്ലാസമങ്ങു രംഗസ്ഥലത്തേക്കാശു
പോയാർ. 1
രംഗദ്വാരത്തിലവരെത്തവേയസ്ഥലത്തിൽ
തുംഗമാം കുവലയാപീഡാഖ്യഗജേന്ദ്രനെ
മങ്ങാതെ ഗജപാലൻ നയിച്ചിട്ടുന്നതായി
ശൃംഗാരമൂർത്തിയാമമ്പ് ഭഗവാൻ
കണ്ടീടിനാൻ. 2
ഉടനേ പരികരബദ്ധനായ് ദൈത്യാരാതി
കടിലാളകങ്ങളെയൊതുക്കിക്കൂട്ടിക്കെട്ടി
ഇടിനാദംപോലുള്ള ഗംഭീരവാക്യങ്ങളാൽ
ഝടിതി ചൊല്ലീടിനാനാനക്കാരനോടേവം: 3
''അംബഷ്ഠാ! മാറിപ്പോക മാർഗ്ഗത്തിൽനിന്നു
വേഗം,
ചെമ്മേ നീ വഴി നല്ക ഞങ്ങൾക്കു രണ്ടുപേർക്കും.
അല്ലെങ്കിൽ നിന്നെയിപ്പോളാനയോടൊത്തു-
തന്നെ
കില്ലില്ല കാലാലയത്തിന്നു ഞാനയച്ചീടും.'' 4
ഇത്തരം ഭഗവാനാൽ ഭർത്സിതൻ ഗജപാലൻ
ക്രുദ്ധനായ് ക്കാലാന്തകയമസന്നിഭനാകും
വാരണേന്ദ്രനെപ്പാരം കോപിഷ്ഠനാക്കി മധു-
വൈരിതൻനേരേ നയിച്ചീടിനാനതി-
വേഗം. 5
കരീന്ദ്രൻ ദ്രുതം പാഞ്ഞുവന്നുടൻ തുമ്പിക്കയ്യാൽ
മുരവൈരിയെപ്പിടിച്ചീടിനാൻനിമിഷത്താൽ.
ഹസ്തത്തിൽനിന്നക്ഷണം ഗളിച്ചമ്മഹാൻ
ഹസ്തി-
മസ്തകംതന്നിൽ മുഷ്ടിചുരുട്ടിയൊന്നിടിച്ചു,
നൊടിയിലാ വാരണവരന്റെ പാദങ്ങളും ത-
ന്നിടയിൽ മാറി മറഞ്ഞീടിനാനനാകുലം. 6
കണ്ണനെക്കാണാഞ്ഞയാൽ മന്യു വർദ്ധിച്ചുഗ്രനും
പിന്നെയും മണത്തറിഞ്ഞക്ഷണം പിടിച്ചിതേ.
അപ്പിടി ബലാൽക്കാരംകൊണ്ടു താൻ വിട-
വിച്ചി-
ട്ടപ്പൊഴേ ജഗന്നാഥൻ വെളിക്കു ചാടീടിനാൻ.7
ശക്തനാം ഗജേന്ദ്രനെയക്ഷണം വാലിൽപ്പിടി-
ച്ചുകോട്ടമിരുപത്തിയഞ്ചടി ദൂരംവരെ
ലീലയായ് പിന്നിലോട്ടു വലിച്ചിഴച്ചീടിനാൻ
വ്യാളത്തെഗ്ഗരുഡനെന്നതുപോൽ നന്ദജാതൻ. 8
പാടിപ്പാനിടംവലം ഭ്രമിക്കും ശക്തനാമ-
ക്കൊടിയഗജത്തെ,ഗ്ഗോവത്സത്തെബ്ബാലൻ-
വിധം.
അച്യുതനങ്ങോട്ടുടനിങ്ങോട്ടെന്നുള്ളമട്ടി-
ലുച്ചലിപ്പിച്ചു വട്ടംകറക്കി ക്ഷീണിപ്പിച്ചാൻ. 9
പൃഷ്ഠത്തിൽ പിടിവിട്ടു മുന്നിൽവന്നുകോട്ടടൻ
തച്ചുടമാടിയുമാന പിടിക്കാൻ ഭാവിക്കുമ്പോൾ
തൊട്ടുതൊട്ടിടാമട്ടിൽപ്പിന്നെയും ചുറ്റിപ്പാഞ്ഞും
മുട്ടുകുത്തിച്ചു വീഴ്ത്തീയാനയെ-
യാനായർകോൻ 10
ലീലയാ,യോടിക്കണ്ണൻ ഭുവിൽ വീണെഴ-
നേററാൻ
ചാലവേ രുഷ്ടനായിട്ടക്ഷണം കഞ്ജരേന്ദ്രൻ
വീണുപോയവനെന്നോർത്തോടിച്ചെന്നൊന്നു
കുത്തീ,
താണുപോയിതു മന്നിലാനതൻ കൊമ്പു
രണ്ടും. 11
ഏററവും ക്രുദ്ധനായിപ്പിന്നെയുമാനക്കാരാൽ
തെറെറന്നു സംപ്രേരിതനക്കുവലയാപീഡം
ചുററിത്തിരിഞ്ഞു വീണ്ടും ഭഗവാൻ മുകുന്ദനെ
പെട്ടെന്നു പിടിക്കുവാനാഞ്ഞുപാഞ്ഞെത്തീ-
ടിനാൻ. 12
സത്വരം തന്റെനേരേ പാഞ്ഞടുത്തീടും ഗജ-
ശ്രേഷ്ഠനെ മധുദ്വേഷി ഭഗവാൻ ചാടിച്ചെന്നു
ചിക്കെന്നു തൻ പാണിയാൽ തുമ്പിക്കരത്തിൽ
പിടി-
ച്ചൂക്കോട് വലിച്ചങ്ങു നിലത്തു വീഴ്ത്തീടിനാൻ.
ശക്തനാം കൃഷ്ണൻ സിംഹംമട്ടു ലീലയാൽ [13
കാൽകൊ-
ണ്ടാക്രമിച്ചഗ്ഗജത്തിൻ കൊമ്പുകൾ വലിച്ചൂരി
അതുകൊണ്ടടിച്ചങ്ങു കൊന്നിതു വേഗത്തിലാ-
മദവാരണത്തേയും ഗജപാലന്മാരെയും. 14
മൃതഹസ്തിയെത്തള്ളി ദന്തപാണിയായ് രമാ-
പതിയക്കൊമ്പു പിന്നെത്തൻ തോളിൽ
വച്ചങ്ങനെ
ചോരത്തുള്ളികൾ മദനീർത്തുള്ളികളുംകൊണ്ടു
പാരമങ്കിതനായി രംഗത്തിലേറീടവേ
ശ്രമാംബുകണങ്ങളാലധികം ശോഭിച്ചിതു
കമനീയമായീടും തദീയാനനാംബുജം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധൃതൗ ഗോപൈഃ കതിപയൈർബ്ബലദേവജനാർദ്ദനൗ
രംഗം വിവിശതൂ രാജൻ ഗജദന്തവരായുധൗ. 16

മല്ലാനാമശനി,ർന്നൃണാം നരവരഃ,
സ്ത്രീണാം സ്മരോ മൂർത്തിമാൻ,
ഗോപാനാം സ്വജനോ,ഽസതാം ക്ഷിതിഭുജാം
ശാസ്താ, സ്വപിത്രോഃ ശിശുഃ,
മൃത്യുർഭോജപതേ,ർവ്വിരാഡവിദുഷാം,
തത്ത്വം പരം യോഗിനാം,
വൃഷ്ണീനാം പരദേവതേതി വിദിതോ
രംഗം ഗതഃ സാഗ്രജഃ. 17

ഹതം കുവലയാപീഡം ദൃഷ്ട്വാ താവപി ദുർജ്ജയൗ
കംസോ മനസ്യപി തദാ ഭൃശമുദ്വിവിജേ, നൃപ! 18

തൗ രേജതൂ രംഗഗതൗ മഹാഭുജൗ
വിചിത്രവേഷാഭരണസ്രഗംബരൗ
യഥാ നടാവുത്തമവേഷധാരിണൗ
മനഃ ക്ഷിപന്തൗ പ്രഭയാ നിരീക്ഷതാം. 19

നിരീക്ഷ്യ താവുത്തമപൂരുഷൗ ജനാ
മഞ്ചസ്ഥിതാ നാഗരരാഷ്ട്രകാ, നൃപ
പ്രഹർഷവേഗോത്കലിതേക്ഷണാനനാഃ
പപുന്ന തൃപ്താ നയനൈസ്തദാനനം. 20

പിബന്ത ഇവ ചക്ഷുഭ്യാം ലിഹന്ത ഇവ ജിഹ്വയാ
ജിഘ്രന്ത ഇവ നാസാഭ്യാം ശ്ലിഷ്യന്ത ഇവ ബാഹുഭിഃ. 21

ഊചുഃ പരസ്പരം തേ വൈ യഥാ ദൃഷ്ടം യഥാ ശ്രുതം
തദ്രൂപഗുണമാധുര്യപ്രാഗല്ഭ്യസ്മാരിതാ ഇവ. 22

''ഏതൗ ഭഗവതഃ സാക്ഷാദ്ധരേർന്നാരായണസ്യ ഹി
അവതീർണ്ണാവിഹാംശേന വസുദേവസ്യ വേശ്മനി. 23

ഏഷ വൈ കില ദേവക്യാം ജാതോ നീതശ്ച ഗോകുലം
കാലമേതം വസൻ ഗൂഢോ വവൃധേ നന്ദവേശ്മനി. 24

പൂതനാനേന നീതാന്തം ചക്രവാതശ്ച ദാനവഃ
അർജ്ജുനൗ ഗുഹ്യകഃ കേശീ ധേനുകോഽന്യേ ച തദ്വിധാഃ. 25

ഗാവഃ സപാലാ ഏതേന ദാവാഗ്നേഃ പരിമോചിതാഃ
കാളിയോ ദമിതഃ സർപ്പ ഇന്ദ്രശ്ച വിമദഃ കൃതഃ. 26

സപ്താഹമേകഹസ്തേന ധൃതോഽദ്രിപ്രവരോഽമുനാ
വർഷവാതാശനിഭ്യശ്ച പരിത്രാതം ച ഗോകുലം. 27

ഗോപ്യോഽസ്യ നിത്യമുദിതഹസിതപ്രേക്ഷണം മുഖം
പശ്യന്ത്യോ വിവിധാംസ്താപാംസ്തരന്തി സ്മാശ്രമം മുദാ. 28

വദന്ത്യനേന വംശോഽയം യദോഃ സുബഹുവിശ്രുതഃ
ശ്രിയം യശോ മഹത്ത്വം ച ലപ്സ്യതേ പരിരക്ഷിതഃ. 29

അയം ചാസ്യാഗ്രജഃ ശ്രീമാൻ രാമഃ കമലലോചനഃ
പ്രലംബോ നിഹതോ യേന വത്സകോ യേ ബകാദയഃ.'' 30

ജനേഷ്വേവം ബ്രുവാണേഷു തൂര്യേഷു നിനദത്സു ച
കൃഷ്ണരാമൗ സമാഭാഷ്യ ചാണൂരോ വാക്യമബ്രവീത്. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചില ഗോപന്മാർ ചൂഴ്ന്നും ദന്തായുധങ്ങളാർന്നും
ബാലകൃഷ്ണന്മാർ മല്ലരംഗത്തിൽ
പ്രവേശിച്ചാർ. 16

മല്ലന്മാർക്കിടിവാളായ്, മർത്ത്യർക്ക പൃഥ്വീശനായ്,
മല്ലാക്ഷിമാർക്ക മൂർത്തിയാർന്ന മന്മഥനായി,
വല്ലവന്മാർക്ക നല്ല സുഹൃത്തായ്, ദുഷ്ടഭൂപ-
ക്കെല്ലാർക്കും ശാസിതാവായ്,ത്താതനും
മാതാവിനും
നല്ലൊരു ശിശുവായി,ക്കംസന്നന്തകനായി,-
ത്തെല്ലുമേ ബോധമില്ലാത്തവർക്ക വിരാട്ടായി,
യോഗികൾക്കെല്ലാം പരംതത്ത്വമായ്,
വൃഷ്ണിവംശ്യ-
ർക്കാകവേയാരാധ്യനാം പരദൈവതമായി
മിന്നും ശ്രീകൃഷ്ണൻ രാമദേവനോടൊത്തു രംഗം
തന്നിൽച്ചെന്നേറീടവേയധികം
ശോഭിച്ചിതു. 17

അക്കുവലയാപീഡഗജത്തെ ഹനിച്ചതും
ശക്തരായ് ദുർജ്ജയരായങ്ങവർ നില്ക്കുന്നതും
പാർത്തതിധീരനാണെന്നാകിലും ഭോജരാജ-
ന്നുൾത്താരിൽ വളർന്നിതു നിസ്തുലമാകും
ഭയം. 18

മുട്ടോളം നീണ്ട ബാഹുയുഗളത്തൊടും നാനാ-
മട്ടേഴും ശ്രേഷ്ഠവസ്ത്രഭൂഷാമാല്യങ്ങളാർന്നും
ഉത്തമവേഷം ധരിച്ചെത്തിടും രണ്ടു നട-
സത്തമർക്കൊത്തു, ഭാസ്സാൽ കാണികൾക്കേഴും
ചിത്തം
ഹരിച്ചുകൊണ്ടാ മല്ലരംഗത്തിൽ പ്രവേശിച്ച
ഹരിയും ഹലിതാനും പരിശോഭിച്ചാർ
പരം. 19

മഞ്ചസ്ഥിതന്മാർ, നാനാദേശത്തുനിന്നും വന്നു-
തഞ്ചുവോർ പൗരന്മാരെന്നിത്യാദി ജനമെല്ലാം
ഉത്തമപുരുഷന്മാരായീടുമവരെക്ക-
ണ്ടത്യന്തസന്തോഷത്താൽ
ഫുല്ലാക്ഷാനനന്മാരായ്
അഞ്ചിതം തന്മുഖാബ്ജം നേത്രത്താൽപാനം-
ചെയ്തു
കിഞ്ചന തൃപ്തിയില്ലാത്തവരായ്ഭവിച്ചിതു. 20

കണ്ണിനാൽ പാനംചെയ്തീടുന്നവർമട്ടും, നാവാൽ
നന്നായി നക്കീടുവോർകണക്കും നാസയാലേ
ഘ്രാണിച്ചാസ്വദിക്കുവോരെന്നുള്ള
വിധത്തിലും,
പാണിയാൽ പുൽകീടുവോർമട്ടിലും
സ്ഥിതിചെയ്താർ. 21

എല്ലാരും ശ്രവിച്ചപോൽ നേരിട്ടുതന്നേയവ-
ർക്കുള്ളതാം രൂപഗുണമാധുര്യപ്രാഗല്ഭ്യങ്ങളാം
കണ്ടിവർ സാമാന്യരല്ലേതിനും ശക്തരെന്നായ്
കൊണ്ടാടിത്തമ്മിൽത്തമ്മിലീവിധം
കഥിച്ചിതേ: 22

''ഈ രണ്ടുപേരും ദുഃഖനാശനനാകും സാക്ഷാൽ
നാരായണൻതന്നംശത്തോടുമീയുഴിതന്നിൽ
ധർമ്മസംരക്ഷണാർത്ഥം വസുദേവാലയത്തിൽ
ചെമ്മേ വന്നവതരിച്ചുള്ളവർതന്നെ നൂനം. 23

ദേവകീജഠരത്തിൽ ജാതനാമിക്കൃഷ്ണനെ-
യാ വ്രജത്തിങ്കൽ നന്ദഗോപൻതൻ മന്ദിരത്തിൽ
കൊണ്ടുപോയ് ഗൂഢം വസിപ്പിക്കയാലിത്ര-
നാളും
ഇണ്ടലെന്നിയേ രത്ര സുഖമായ്ത്താൻ
വളർന്നാൻ. 24

പൂതനയേയും ചക്രവാതമായ്ച്ചെന്നീടിന
ദൈതേയനേയും ശംഖചൂഡനാം യക്ഷനേയും
ധേനുകനേയും കേശിയേയുമത്തരമന്യ-
ദാനവരേയും ലീലയായിസ്സംഹരിച്ചതും
അംബരമുരുമ്മിനിന്നീടിന രണ്ടർജ്ജുന-
വന്മരങ്ങളെത്തള്ളിയിട്ടതുമിവനത്രേ. 25

പിന്നെയഗ്ഗോക്കളേയും ഗോപന്മാരെയും ദാവ-
വഹ്നിയിൽനിന്നു മുക്തരാക്കിനാൻ
നിമിഷത്താൽ.
കാളിയഭുജഗത്തിൻ ഗർവ്വമസ്തമിപ്പിച്ചു
ചീളെന്നു പോക്കീടിനാൻ
ദേവേന്ദ്രാഹങ്കാരവും. 26

മാമലയൊററക്കൈയാൽ പൊക്കിയേഴുനാൾ
നിന്നു
പേമാരിയിടി കാററുമേല്ക്കാതെ കാത്താൻ
വ്രജം. 27

പുഞ്ചിരിതൂകിപ്പാരം സന്തോഷത്തോടു നോക്കു-
മഞ്ചിതമാമിവൻതന്നാനനം നിത്യം കണ്ടു
വല്ലവീജനം നാനാവിധത്തിലിയന്നിടു-
മല്ലലാകവേയകററീടിനാൻ നിഷ്പ്രയാസം. 28

യദുവംശത്തെയിവൻ പാലിച്ചുകൊള്ളുമെന്നു-
മതിനാലതുപാരിൽ വിശ്രുതമാകുമെന്നും
ഐശ്വര്യം മഹത്ത്വവും കീർത്തിയും
മേല്ക്കുമേലീ-
വംശത്തിൽ വർദ്ധിച്ചീടുമെന്നുമേവരും
ചൊൽവൂ, 29

പ്രലംബബകവത്സാദ്യസുരന്മാരെക്കൊന്ന
ജലജാക്ഷനാം ബലരാമനും സുന്ദരൻതാൻ.''30

ജനങ്ങളീവിധത്തിൽ ചൊല്ലുകയും തൂര്യവാദ്യം
നിനദിക്കയും ചെയ്തസമയം നേരേ വന്നു
രാമനേയുമാ മധുസൂദനനേയും വിളി-
ച്ചീമട്ടു ചൊല്ലീടിനാൻ ചാണൂരൻ
മല്ലമുഖ്യൻ: 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹേ നന്ദസൂനോ, ഹേ രാമ, ഭവന്തൗ വീരസമ്മതൗ
നിയുദ്ധകുശലൗ ശ്രുത്വാ രാജ്ഞാഽഽഹൂതൗ ദിദൃക്ഷുണാ. 32

പ്രിയം രാജ്ഞഃ പ്രകുർവ്വന്ത്യഃ ശ്രേയോ വിന്ദന്തി വൈ പ്രജാഃ
മനസാ കർമ്മണാ വാചാ വിപരീതമതോഽന്യഥാ. 33

നിത്യം പ്രമുദിതാ ഗോപാ വത്സപാലാ യഥാസ്ഫുടം
വനേഷു മല്ലയുദ്ധേന ക്രീഡന്തശ്ചാരയന്തി ഗാഃ. 34

തസ്മാദ്രാജ്ഞഃ പ്രിയം യൂയം വയം ച കരവാമഹേ
ഭൂതാനി നഃ പ്രസീദന്തി സർവ്വഭൂതമയോ നൃപ.'' 35

തന്നിശമ്യാബ്രവീത് കൃഷ്ണോ ദേശകാലോചിതം വചഃ
നിയുദ്ധമാത്മനോഽഭീഷ്ടം മന്യമാനോഽഭിനന്ദ്യ ച. 36

''പ്രജാ ഭോജപതേരസ്യ വയം ചാപി വനേചരാഃ
കരവാമ പ്രിയം നിത്യം തന്നഃ പരമനുഗ്രഹഃ. 37

ബാലാ വയം തുല്യബലൈഃ ക്രീഡിഷ്യാമോ യഥോചിതം
ഭവേന്നിയുദ്ധം മാ ധർമ്മഃ സ്പൃശേന്മല്ലസഭാസദഃ.'' 38

ചാണൂര ഉവാച

ന ബാലോ ന കിശോരസ്ത്വം ബലശ്ച ബലിനാം വരഃ
ലീലയേഭോ ഹതോ യേന സഹസ്രദ്വിപസത്ത്വഭൃത്. 39

തസ്മാദ് ഭവദ്ഭ്യാം ബലിഭിര്യോദ്ധവ്യം നാനയോഽത്ര വൈ
മയി വിക്രമ, വാർഷ്ണേയ, ബലേന സഹ മുഷ്ടികഃ. 40

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
കുവലയാപീഡവധോ നാമ ത്രിചത്വാരിംശത്തമോഽധ്യായഃ

ചതുശ്ചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

ഏവം ചർച്ചിതസങ്കല്പോ ഭഗവാൻ മധുസൂദനഃ
ആസസാദാഥ ചാണൂരം മുഷ്ടികം രോഹിണീസുതഃ. 1

ഹസ്താഭ്യാം ഹസ്തയോർബ്ബദ്ധ്വാ പദ്ഭ്യാമേവ ച പാദയോഃ
വിചകൃഷതുരന്യോന്യം പ്രസഹ്യ വിജിഗീഷയാ. 2

അരത്നീ ദ്വേ അരത്നിഭ്യാം ജാനുഭ്യാം ചൈവ ജാനുനീ
ശിരഃ ശീർഷ്ണോരസോരസ്താവന്യോന്യമഭിജഘ്നതുഃ. 3

പരിഭ്രാമണവിക്ഷേപപരിരംഭാവപാതനൈഃ
ഉത്സർപ്പണാപസർപ്പണൈശ്ചാന്യോന്യം പ്രത്യരുന്ധതാം. 4

ഉത്ഥാപനൈരുന്നയനൈശ്ചാലനൈഃ സ്ഥാപനൈരപി
പരസ്പരം ജിഗീഷന്താവപചക്രതുരാത്മനഃ. 5

തദ് ബലാബലവദ്യുദ്ധം സമേതാഃ സർവ്വയോഷിതഃ
ഊചുഃ പരസ്പരം, രാജൻ, സാനുകമ്പാ വരൂഥശഃ. 6

''മഹാനയം ബതാധർമ്മ ഏഷാം രാജസഭാസദാം
യേ ബലാബലവദ്യുദ്ധം രാജ്ഞോഽന്വിച്ഛന്തി പശ്യതഃ. 7

ക്വ വജ്രസാരസർവ്വാംഗൗ മല്ലൗ ശൈലേന്ദ്രസന്നിഭൗ
ക്വ ചാതിസുകുമാരാംഗൗ കിശോരൗ നാപ്തയൗവനൗ. 8

ധർമ്മവ്യതിക്രമോഹ്യസ്യ സമാജസ്യ ധ്രുവം ഭവേത്
യത്രാധർമ്മഃ സമുത്തിഷ്ഠേന്ന സ്ഥേയം തത്ര കർഹിചിത്. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''നന്ദജാ! രാമാ! നിങ്ങൾ രണ്ടാളുകളും മല്ല-
ജന്യത്തിൽ സമർത്ഥരെന്നോതുന്നു വീരരെല്ലാം
പൃഥ്വീശൻതാനുമതു കേട്ടു നിങ്ങടെ മല്ല-
യുദ്ധപാടവം കാണ്മാൻ നിങ്ങളെ
വിളിപ്പിച്ചാൻ. 32

മാനസം കർമ്മം വചസ്സെന്നിവകൊണ്ടു ധരാ-
ജാനിതൻ ഹിതമെന്നതാചരിച്ചീടും ജനം
ശ്രേയസ്സാർന്നിടുന്നിതേ,യതിനു വിരുദ്ധമായ്
ചെയ്യുവോർ നൃപശിക്ഷയ്ക്കർഹരായ്
ഭവിക്കുന്നു. 33

ഗോവത്സപാലന്മാരാം ഗോപന്മാരെല്ലാനാളും
പോയ് വനങ്ങളിൽ തുഷ്ട്യാ ഗോക്കളെ-
ച്ചരിപ്പിച്ചു
മല്ലയുദ്ധത്താൽ ക്രീഡിച്ചീടുന്നുണ്ടെന്നകാര്യ-
മെല്ലായിടത്തും കേൾവിയുള്ളതുതന്നെയല്ലോ!
34

അതിനാലിപ്പോൾ നമുക്കിരുകൂട്ടർക്കും നൃപ-
ഹിതമാചരിച്ചിടാം, സകലഭൂതങ്ങളും
ആയതുമൂലം നമ്മിൽ പ്രസാദിച്ചീടും ക്ഷമാ-
നായകൻ സർവ്വഭൂതസ്വരൂപൻതന്നെയല്ലോ.''
35

ദ്വന്ദ്വയുദ്ധത്തെയേററമിഷ്ടമായ് നിനച്ചീടും
നന്ദജനതിനെയങ്ങേററവും പ്രശംസിച്ചു
ദേശകാലങ്ങൾക്കനുകൂലമായിരുന്നിടും
ഭാഷയിൽ ചാണൂരനോടിങ്ങനെ
ചൊല്ലീടിനാൻ: 36

''വനത്തിൽ കിടക്കുന്ന ഞങ്ങളുമീ രാജാവിൻ
ജനങ്ങൾതന്നെയതുകാരണമീയുള്ളോരും
നരദേവാജ്ഞയനുസരിച്ചുകൊള്ളാമതു
പരമാശിസ്സിനായിത്തന്നെ തീർന്നീടുമല്ലോ. 37
കുട്ടികളത്രേ ഞങ്ങൾ സമാനബലംപെടും
കൂട്ടരുമായ് കളിക്കാം, മടിയില്ലതിനേതും
അല്ലാതെ സദസ്യരിലധർമ്മയുദ്ധം കണ്ടാ-
ലുള്ളതാം ദോഷമേററിവയ്ക്കുരുതെന്നേയുള്ളൂ.''38

ചാണൂരൻ പറഞ്ഞു

ആയിരമാനയ്ക്കെഴുമൂക്കാളും ഗജേന്ദ്രനെ-
യായാസമെന്യേ കൊന്ന നീയോ കേവലം
ബാലൻ!
പാരിതിൽ കീർത്തി ചാർത്തും ബലിഷ്ഠന്മാരിൽ
മുഖ്യ-
നീ രാമൻ കിശോരനോ? വിസ്മയം
വിസ്മയംതാൻ! 39
അതിശക്തരാം നിങ്ങൾ ശക്തരാം മല്ലന്മാരോ-
ടെതിരിട്ടീടാൻ കഴിവുള്ളവർതന്നെ നൂനം.
കാട്ടുക നീയെന്നോടു വിക്രമം വൃഷ്ണിവംശ്യാ!
മുഷ്ടികനോടു വീര്യം രാമനും കാണിക്കട്ടെ. 40

അദ്ധ്യായം 44

കംസവധം

ശ്രീശുകൻ പറഞ്ഞു

ആവിധം സങ്കല്പിച്ചു മധുസൂദനനാക-
മാ വിധു ചാണൂരൻെറ നേരെയും, ബലഭദ്രൻ
മുഷ്ടികൻതൻെറ നേർക്കും പാരാതെ ചെന്നീടി-
നാർ
മുഷ്ടിയുദ്ധത്തിനായിട്ടൊട്ടുമേ മടിയെന്യേ. 1
ചാണൂരകൃഷ്ണന്മാരും മുഷ്ടികരാമന്മാരും
പാണികൾകൊണ്ടു കൈകൾ, കാൽകളാൽ
പാദങ്ങളും
നേരേ ബന്ധിച്ചുകൊണ്ടു ജയേച്ഛയോടും
ബലാൽ-
ക്കാരമായ് പരസ്പരം പിടിച്ചുവലിച്ചിതു 2
മുഷ്ടികൾ ചുരുട്ടീട്ടു മുഷ്ടികളിലും തഥാ
മുട്ടുകൾ മടക്കീട്ടു മുട്ടുകൾ രണ്ടിങ്കലും
ശിരസ്സാൽ ശിരസ്സിലുമുരസ്സാലുരസ്സിലു-
മിരുകൂട്ടരുമൂക്കോടിടിച്ചാർ തമ്മിൽത്തമ്മിൽ. 3
വട്ടംചുററിക്ക,'ദൂരത്തെടുത്തെറിഞ്ഞീടുക,
കെട്ടിപ്പിടിച്ചു വീഴ്പ്പുമുട്ടിക്ക, വീഴ്ത്തീടുക,
മുന്നോട്ടു വലിക്കുക, പിന്നോക്കം തള്ളീടുക-
യെന്നുള്ള കൃത്യങ്ങളാലന്യോന്യം
രോധിച്ചിതു. 4
വീണവൻതന്നെപ്പൊക്കിപ്പിടിച്ചും
ചലിപ്പിച്ചും
പാണികൊണ്ടിളകാതെ പിടിച്ചു നിറുത്തിയും
ഇരുകൂട്ടരും ജയമിച്ഛിച്ചു പരസ്പരം
ശരീരത്തിനു പീഡ കണക്കറേറല്പിച്ചിതേ. 5
അല്ലയോ നൃപാ! സംഘം സംഘമായ്
വന്നുചേർന്ന
മല്ലാക്ഷിമാരെല്ലാ,മീ ബലഹീനരോടായി
മല്ലവീരന്മാർ യുദ്ധംചെയ്വതു കണ്ടു പാരാ-
മുള്ളലിഞ്ഞിപ്രകാരം പറഞ്ഞാർ പരസ്പരം: 6
''ഈ രാജസഭതന്നിലിരിക്കുമിവർക്കെല്ലാം
പോരായ്മയാണിപ്പോ,രിതേററവുമധർമ്മമാം
ശക്തരുമശക്തരുമായുള്ള പോരു കാണ്മാ-
നിക്കാലം രാജാവിനെയനുവദിപ്പു കഷ്ടം! 7
മേരുമാമലമട്ടിലുന്നതന്മാരായ് വജ്ര-
സാരസർവ്വാങ്ഗന്മാരാമീ മല്ലവര്യരെങ്ങോ?
താരുണ്യംപ്രാപിക്കാത്ത സുകുമാരന്മാരാം കി-
ശോരന്മാരിവർ രണ്ടുപേരുമെങ്ങോർത്തു-
കണ്ടാൽ! 8
ഇതു കണ്ടിസ്സദസ്സിലിരുന്നീടുന്നവർക്കു-
മധർമ്മം ബാധിച്ചീടുമില്ല സംശയമേതും.
എവിടെ സ്ഥിതിചെയ്യാൽ ധർമ്മവിഭ്രംശമുണ്ടാ-
മവിടെയിരിപ്പതു യോഗ്യമല്ലൊരിക്കലും. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന സഭാം പ്രവിശേത് പ്രാജ്ഞഃ സഭ്യദോഷാനനുസ്മരൻ
അബ്രുവൻ വിബ്രുവന്നജ്ഞോ നരഃ കില്ബിഷ-
മശ്നുതേ. 10

വല്ഗതഃ ശത്രുമഭിതഃ കൃഷ്ണസ്യ വദനാംബുജം
വീക്ഷ്യതാം ശ്രമവാര്യുപ്തം പദ്മകോശമിവാംബുഭിഃ. 11

കിം ന പശ്യത രാമസ്യ മുഖമാതാമ്രലോചനം
മുഷ്ടികംപ്രതി സാമർഷം ഹാസസംരംഭശോഭിതം. 12

പുണ്യാ ബത വ്രജഭുവോ യദയം നൃലിങ്ഗ-
ഗൂഢഃ പുരാണപുരുഷോ വനചിത്രമാല്യഃ
ഗാഃ പാലയൻ സഹബലഃ ക്വണയംശ്ച വേണും
വിക്രീഡയാഞ്ചതി ഗിരിത്രരമാർച്ചിതാങ്ഘ്രിഃ. 13

ഗോപ്യസ്തപഃ കിമചരൻ യദമുഷ്യ രൂപം
ലാവണ്യസാരമസമോർദ്ധ്വമനന്യസിദ്ധം
ദൃഗ്ഭിഃ പിബന്ത്യനുസവാഭിനവം ദുരാപ-
മേകാന്തധാമ യശസഃ ശ്രിയ ഐശ്വരസ്യ. 14

യാ ദോഹനേഽവഹനനേ മഥനോപലേപ-
പ്രേങ്ഖേങ്ഖനാർഭരുദിതോക്ഷണമാർജ്ജനാദൗ
ഗായന്തി ചൈനമനുരക്തധിയോഽശ്രുകണ്ഠ്യോ
ധന്യാ വ്രജസ്ത്രിയ ഉരുക്രമചിത്തയാനാഃ. 15

പ്രാതർവ്രജാദ്‌വ്രജത ആവിശതശ്ച സായം
ഗോഭിഃ സമം ക്വണയതോഽസ്യ നിശമ്യ വേണും
നിർഗ്ഗമ്യ തൂർണ്ണമബലാഃ പഥി ഭൂരിപുണ്യാഃ
പശ്യന്തി സസ്മിതമുഖം സദയാവലോകം.'' 16

ഏവം പ്രഭാഷമാണാസു സ്ത്രീഷു യോഗേശ്വരോ ഹരിഃ
ശത്രും ഹന്തും മനശ്ചക്രേ ഭഗവാൻ ഭരതർഷഭ! 17

സഭയാഃ സ്ത്രീഗിരഃ ശ്രുത്വാ പുത്രസ്നേഹശുചാഽഽതുരൗ
പിതരാവന്വതപ്യേതാം പുത്രയോരബുധൗ ബലം. 18

തൈസ്തൈർന്നിയുദ്ധവിധിഭിർവിവിധൈരച്യുതേതരൗ
യുയുധാതേ യഥാന്യോന്യം തഥൈവ ബലമുഷ്ടികൗ. 19

ഭഗവദ്ഗാത്രനിഷ്പാതൈർവജ്രനിഷ്പേഷനിഷ്ഠുരൈഃ
ചാണൂരോ ഭജ്യമാനാങ്ഗോ മുഹുർഗ്ലാനിമവാപ ഹ. 20

സ ശ്യേനവേഗ ഉത്പത്യ മുഷ്ടീകൃത്യ കരാവുഭൗ
ഭഗവന്തം വാസുദേവം ക്രുദ്ധോ വക്ഷസ്യബാധത. 21

നാചലത്തത് പ്രഹാരേണ മാലാഹത ഇവ ദ്വിപഃ
ബാഹ്വോർന്നിഗൃഹ്യ ചാണൂരം ബഹുശോ ഭ്രാമയൻ ഹരിഃ. 22

ഭൂപൃഷ്ഠേ പോഥയാമാസ തരസാ ക്ഷീണജീവിതം
വിസ്രസ്താകല്പകേശസ്രഗിന്ദ്രധ്വജ ഇവാപതത്. 23

തഥൈവ മുഷ്ടികഃ പൂർവ്വം സ്വമുഷ്ട്യാഭിഹതേന വൈ
ബലഭദ്രേണ ബലിനാ തലേനാഭിഹതോ ഭൃശം. 24

പ്രവേപിതഃ സ രുധിരമുദ്വമൻ മുഖതോഽർദ്ദിതഃ
വ്യസുഃ പപാതോർവ്യുപസ്ഥേ, വാതാഹത ഇവാങ്ഘ്രിപഃ. 25

തതഃ കൂടമനുപ്രാപ്തം രാമഃ പ്രഹരതാം വരഃ
അവധീല്ലീലയാ, രാജൻ, സാവജ്ഞം വാമമുഷ്ടിനാ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറിവുള്ളവർ പോയീടരുതു സഭതന്നിൽ
കുറവും കുററങ്ങളും കാണമങ്ങെന്നോക്കണം.
കണ്ടു മിണ്ടാതിരുന്നീടിലും, വല്ലവക്കും-
വേണ്ടിയക്കാഴ്ചയ്ക്കെതിരായിട്ടു കഥിക്കിലും,
ഉള്ളതു ചൊന്നാലാരും വകവയ്ക്കുകയില്ലെ-
ന്നുള്ളിലോത്തറിഞ്ഞുകൂടെന്നുരചെയ്യീടിലും,
മനുഷ്യൻ പാപമനുഭവിച്ചീടണമെന്നു
നിനച്ചു സഭയ്ക്കാരും പോകാത്തതത്രേ നല്ല! 10
നീരവ്യാപിതപദ്മകോശസന്നിഭമായി
ധാരാളം ശ്രമജലം ചിന്നി മിന്നുന്നതായി
ഘോരശത്രുവിൻ ചുററും സഞ്ചരിച്ചീടും സുകു-
മാരനാം കൃഷ്ണന്റെയാ മുഖാബ്ജം
നോക്കീടുവിൻ. 11
മുഷ്ടികനോടു വായ്ക്കും ക്രോധത്താൽ ചുവപ്പാന്ന
ദൃഷ്ടികളോടുകൂടി ഹാസ്യഭാവം തുളുമ്പും
രാമന്റെ മനോജ്ഞമാം വദനാംബുജം നേരേ
ഹേ മധുമൊഴിമാരേ! കാണ്മതില്ലയോ
നിങ്ങൾ? 12
പുണ്യസമ്പൂർണ്ണമത്രേ ഗോകുലഭൂമി ചിത്രം!
തന്നുടെ രൂപം മർത്ത്യദേഹത്താൽ മറച്ചലം
കാട്ടുപൂമാലയിട്ടു ജ്യേഷ്ഠനാം രാമനോടും
കൂട്ടുകാരോടുംകൂടി വേണുവും ധ്വനിപ്പിച്ചു
ഗോക്കളെ മേച്ചു വിധിയീശനും മലർമാതും
ഭക്തിപൂർവ്വകമെന്നുമർച്ചിക്കും പാദങ്ങളാൽ
പുരാണപുമാനിവൻ ലീലയായ് ഗോഷ്ഠാന്തിക-
ഗിരിപ്രദേശങ്ങളിൽ സഞ്ചരിക്കുന്നു നിത്യം. 13
എന്തൊരുവിധമായ കടുത്ത തപസ്സാണോ
ബന്ധുരാങ്ഗികളാമഗ്ഗോപികളാന്നുള്ളതും!
സൗന്ദര്യസാരമായിത്തുല്യവും കവിഞ്ഞതു-
മന്യമൊന്നില്ലാത്തതായനന്യസിദ്ധമായി
ശ്രീകീർത്തിയൈശ്വര്യമെന്നുള്ളവയെല്ലാററിനു-
മേകാന്തധാമമായിട്ടത്യന്തം ദുരാപമായ്
നിത്യവും നവംനവമാമിവനുടെ രൂപം
നേത്രങ്ങൾകൊണ്ടങ്ങവർ പാനംചെയ്യുന്നു-
വല്ലോ. 14
ക്ഷീരം കറക്കുമ്പൊഴും, ധാന്യങ്ങൾ
കുത്തുമ്പൊഴും,
തൈരരങ്ങീടുമ്പൊഴും, തളിക്കുമ്പൊഴും ഗേഹം,
തൊട്ടിലിൽ കുട്ടികളെക്കിടത്തിയാട്ടുമ്പൊഴും,
കുട്ടിക്കരച്ചിലടക്കീടുവാൻ പാടുമ്പൊഴും,
മന്ദിരം തുത്തുവാരുമ്പോതിലുമെല്ലായ്പൊഴും
കണ്ണൻതന്നലൗകികലീലകളോരോന്നുമേ
വർണ്ണിച്ചു പാടിയാനന്ദാശ്രുക്കൾ പൊഴിക്കമ-
ദ്ധന്യകളേററം പുണ്യംചെയ്യവർതന്നെനൂനം. 15
രാവിലേ വ്രജംവിട്ടു പുറത്തുപോയന്തിയിൽ
ഗോവൃന്ദസമേതനായ് സരസം വേണുവൂതി
വരുന്നു കണ്ണനെന്നു വേണുനാദത്താലവ-
രറിഞ്ഞക്ഷണംതന്നെ വഴിയിൽ വന്നുനിന്നു

അവന്റെ ദയാമയസുസ്മിതമുഖാംബുജ-
മവലോകനംചെയ്യുമപ്പുണ്യമെന്തു ചൊൽവൂ!''
നാരികളേവം കഥിച്ചീടവേ യോഗേശനാം
ശൗരിയും ശത്രുവിനെ ഹനിപ്പാൻ
നിശ്ചയിച്ചാൻ. 16-17
സദസ്സിലിരുന്നിട്ടും സ്ത്രീകളീവിധം ചൊല്ലു-
ന്നതു കേട്ടിട്ടു നന്ദഗോപനും യശോദയും
പുത്രസ്നേഹാധിക്യത്താൽ തദ്ബലമറിഞ്ഞീ-
ടാതത്യന്തമനുതപിച്ചീടിനാർ മോഹത്തി-
നാൽ. 18
അച്യുതചാണൂരന്മാർ ദ്വന്ദ്വയുദ്ധത്തിൽ മുന്നേ
വച്ച ചട്ടങ്ങൾക്കൊപ്പിച്ചേതേതുവിധമെല്ലാം
അന്യോന്യം യുദ്ധംചെയ്യുതാവിധംതന്നെ ഭേദ-
മെന്നിയേ മുഷ്ടികനും രാമനും പോരാടിനാർ.
വജ്രപാതോപമാനം കാഠിന്യമിയന്നീട- [19
മജ്ജഗദീശാങ്ഗങ്ങൾ വന്നു വീഴ്കമൂലം
ചാണൂരദേഹമാകെബ്ഭഗ്നമായ്‌വീണ്ടുംവീണ്ടും
ക്ഷീണത്താലവശനായ്ത്തീന്നിതു ചിത്രം!
ചിത്രം! 20
ശ്യേനവേഗത്തിൽ ചാടിയെഴുന്നേററുഗ്രനാമ-
ച്ചാണൂരൻ നിജ മുഷ്ടി ചുരുട്ടിപ്പിടിച്ചുടൻ
രൂക്ഷമായിട്ടമമഷത്തൊടും വാസുദേവ-
വക്ഷസ്ഥലത്തിലേറ്റമുഗ്രമായൊന്നടിച്ചാൻ. 21
മാലകൊണ്ടടികൊണ്ടമാതങ്ഗമെ-
ന്നപോൽ ഗോ-
പാലകൃഷ്ണൻ ശ്രീഹരിയൊട്ടുമേ ചലിക്കാതെ
പെട്ടെന്നു പിടികൂടിയവനെയേറെനേരം-
മിട്ടു വട്ടംകറക്കി വളരെ ക്ഷീണിപ്പിച്ചാൻ. 22
ക്ഷീണജീവിതനാമച്ചാണൂരമല്ലൻതന്നെ
ക്ഷോണിയിലെടുത്തടിച്ചീടിനാൻ ജനാർദ്ദനൻ.
കേശവും മാല്യങ്ങളും ഭൂഷണങ്ങളുമഴി-
ഞ്ഞാശു ഭൂമിയിലിന്ദ്രധ്വജംപോലവൻ
വീണാൻ. 23
മുഷ്ടികൻതാനും തഥാ രുഷ്ടനായ് രാമൻതന്നെ
മുഷ്ടികൊണ്ടൊന്നടിച്ചാൻ, ബലിയാം
ബലഭദ്രൻ
കൈത്തലംകൊണ്ടതീവ ശക്തിയോടവനേയും
സത്വരം പ്രഹരങ്ങളേല്പിച്ചാനസ്സശങ്കം. 24
രാമതാഡനങ്ങളേറ്റേററവും വിറച്ചുകൊ-
ണ്ടാ മഹാമല്ലനാകും മുഷ്ടികൻവായിൽനിന്നും
ചോരയും കവിട്ടി നിഷ്പ്രാണനായ്ക്കൊടുങ്കാ-
ററിൽ
ഭൂരുഹമെന്നപോലെ ഭൂമിയിൽ പതിച്ചിതേ. 25
ഉടനേയെതിരിട്ട കൂടനാംമല്ലൻതന്നെ-
യടരിൽസ്സമർത്ഥനായീടുമാ രൗഹിണേയൻ
ലീലയായ് വാമമുഷ്ടികൊണ്ടടി,ച്ചപ്പോൾ-
തന്നെ
കാലാലയത്തിലേക്കായവജ്ഞയോടയച്ചാൻ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈവ ഹി ശലഃ കൃഷ്ണപദാപഹതശീർഷകഃ
ദ്വിധാ വിദീർണ്ണസ്തോശലക ഉഭാവപി നിപേതതുഃ. 27

ചാണൂരേ മുഷ്ടികേ കൂടേ ശലേ തോശലകേ ഹതേ
ശേഷാഃ പ്രദുദ്രുവുർമ്മല്ലാഃ സർവ്വേ പ്രാണപരീപ്സവഃ. 28

ഗോപാൻ വയസ്യാനാകൃഷ്യ തൈഃ സംസൃജ്യ വിജഹ്രതുഃ
വാദ്യമാനേഷു തൂര്യേഷു വല്ഗന്തൗ രുതനൂപുരൗ. 29

ജനാഃ പ്രജഹൃഷുഃ സർവ്വേ കർമ്മണാ രാമകൃഷ്ണയോഃ
ഋതേ കംസം വിപ്രമുഖ്യാഃ സാധവഃ സാധു സാധ്വിതി. 30

ഹതേഷു മല്ലവര്യേഷു വിദ്രുതേഷു ച ഭോജരാട്
ന്യവാരയത് സ്വതൂര്യാണി, വാക്യം ചേദമുവാച ഹ. 31

''നിഃസാരയത ദുർവൃത്തൗ വസുദേവാത്മജൗ പുരാത്,
ധനം ഹരത ഗോപാനാം, നന്ദം ബധ്നീത ദുർമ്മതിം. 32

വസുദേവസ്തു ദുർമ്മേധാ ഹന്യതാമാശ്വസത്തമഃ
ഉഗ്രസേനഃ പിതാ ചാപി സാനുഗഃ പരപക്ഷഗഃ.'' 33

ഏവം വികത്ഥമാനേ വൈ കംസേ പ്രകുപിതോഽവ്യയഃ
ലഘിമ്നോത്പത്യ തരസാ മഞ്ചമുത്തുങ്ഗമാരുഹത്. 34

തമാവിശന്തമാലോക്യ മൃത്യുമാത്മന ആസനാത്
മനസ്വീ സഹസോത്ഥായ ജഗൃഹേ സോഽസിചർമ്മണീ. 35

തം ഖഡ്ഗപാണിം വിചരന്തമാശു
ശ്യേനം യഥാ ദക്ഷിണസവ്യമംബരേ
സമഗ്രഹീദ്ദുർവ്വിഷഹോഗ്രതേജാ
യഥോരഗം താർക്ഷ്യസുതഃ പ്രസഹ്യ. 36

പ്രഗൃഹ്യ കേശേഷു ചലത്കിരീടം
നിപാത്യ രങ്ഗോപരി തുങ്ഗമഞ്ചാത്
തസ്യോപരിഷ്ടാത് സ്വയമബ്ജനാഭഃ
പപാത വിശ്വാശ്രയ ആത്മതന്ത്രഃ. 37

തം സമ്പരേതം വിചകർഷ ഭൂമൗ
ഹരിര്യഥേഭം ജഗതോ വിപശ്യതഃ
ഹാഹേതി ശബ്ദഃ സുമഹാംസ്തദാഭൂ-
ദുദീരിതഃ സർവ്വജനൈർന്നരേന്ദ്ര! 38

സ നിത്യദോദ്വിഗ്നധിയാ തമീശ്വരം
പിബൻ വദൻ വാ വിചരൻ സ്വപഞ്ശ്വസൻ
ദദർശ ചക്രായുധമഗ്രതോ യത-
സ്തദേവ രൂപം ദുരവാപമാപ. 39

തസ്യാനുജാ ഭ്രാതരോഽഷ്ടൗ കങ്കന്യഗ്രോധകാദയഃ
അഭ്യധാവന്നതിക്രുദ്ധാ ഭ്രാതുർന്നിർവ്വേശകാരിണഃ. 40

തഥാതിരഭസാംസ്താംസ്തു സംയത്താൻ രോഹിണീസുതഃ
അഹൻ പരിഘമുദ്യമ്യ പശൂനിവ മൃഗാധിപഃ. 41

നേദുർദ്ദുന്ദുഭയോ വ്യോമ്നി ബ്രഹ്മേശാദ്യാ വിഭൂതയഃ
പുഷ്പൈഃ കിരന്തസ്തം പ്രീതാഃ ശശംസുർന്നനൃതുഃ സ്ത്രിയഃ. 42

തേഷാം സ്ത്രിയോ, മഹാരാജ, സുഹൃന്മരണദുഃഖിതാഃ
തത്രാഭീയുർവ്വിനിഘ്നന്ത്യഃ ശീർഷാണ്യശ്രുവിലോചനാഃ. 43

ശയാനാൻ വീരശയ്യായാം പതീനാലിങ്ഗ്യ ശോചതീഃ
വിലേപുഃ സുസ്വരം നാര്യോ വിസൃജന്ത്യോ മുഹുഃ ശുചഃ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശലതോശലകാഖ്യരിരുപേർ മുകുന്ദനെ-
ക്കൊലചെയ്യുവാനായിപ്പെട്ടെന്നു പാഞ്ഞടു-
ത്താർ.
ശലനെക്കാൽകൊണ്ടൊരു തൊഴിയാലുത്ത-
മാങ്ഗം
പിളന്നു, തോശലകൻതന്നുടെ പാദം രണ്ടും
ബലമായ്പ്പിടിച്ചുടൻ രണ്ടായിക്കീറിയിട്ടും
ഖലന്മാരുടെ കഥകഴിച്ചാൻ നന്ദാത്മജൻ. 27
മുഷ്ടികചാണൂരതോശലകശലകുട-
ദുഷ്ടമല്ലരെയെല്ലാം പെട്ടെന്നു ഹനിക്കവേ
പ്രാണരക്ഷേച്ഛുക്കളായ് മററു മല്ലന്മാരെല്ലാം
ക്ഷോണീശാ! കഴിയുന്ന വേഗത്തിൽ
പാഞ്ഞീടിനാർ. 28
എതിക്കാനാരുമെന്യേ തൂര്യവാദ്യപ്രഘോഷം
സതതം മുഴങ്ങിക്കൊണ്ടിരിക്കുംസമയത്തിൽ
ഇഷ്ടരാം ഗോപന്മാരുമായൊത്തു ചാടീടുക,
കെട്ടിപ്പിടിക്ക, ശക്തിയന്യോന്യം പരീക്ഷിക്ക,
ഇത്യാദി ലീലകാട്ടി നൂപുരശബ്ദം ചേത്തു
തുഷ്ടി കാണികൾക്കേകിയങ്ങവർ
സഞ്ചരിച്ചാർ. 29
കംസനെയൊഴിച്ചു ഭൂദേവമുഖ്യന്മാരായ-
സ്സംസത്തിലിരുന്നിടും സകലജനങ്ങളും
രാമകൃഷ്ണന്മാരുടെ കർമ്മം ക''ണ്ടിതു കൊള്ളാം
കേമമാ''യെന്നു ചൊല്ലിയാമോദമാന്നീ-
ടിനാർ: 30
മല്ലമുഖ്യന്മാർ കൊല്ലപ്പെട്ടു പേടിച്ചു ശേഷി-
ച്ചുള്ളവരോടിയതു കണ്ടപ്പോൾ ഭോജരാജൻ
തൂര്യാദിവാദ്യമെല്ലാം നിറുത്താനാജ്ഞാപിച്ചു
പാരിച്ച നിരാശയോടീവിധം ചൊല്ലീ-
ടിനാൻ: 31
''ദുർവൃത്തന്മാരാം വസുദേവപുത്രരെ ശങ്ക-
കൈവിട്ടു പട്ടണത്തിൻപുറത്തു തള്ളീടുവിൻ.
വല്ലവധനമെല്ലാം കൊള്ളയിട്ടടക്കുവിൻ,
കില്ലെന്യേ ദുർബുദ്ധിയാം നന്ദനെബ്ബന്ധി-
ക്കുവിൻ. 32
ദുഷ്ടനാം വസുദേവൻതന്നെയും, ശത്രുക്കളോ-
ടൊട്ടിനില്ക്കുമൂലമച്ഛനെന്നിരിക്കിലും,
ഉഗ്രസേനനാമസത്തമാഗ്രഗണ്യനേയും'
ചിക്കെന്നു കൊന്നീടുവിൻ തദ്ബന്ധുവർഗ്ഗ-
ത്തെയും.'' 33
കംസനീവിധമനാവശ്യങ്ങൾ ഭൃത്യരോടു-
ശംസിച്ചീടവേയതിക്രുദ്ധനായ് വാസുദേവൻ
അഞ്ചാതെ ലംഘിമാവാൻതൽപതിച്ചുച്ചസ്ഥമാം
മഞ്ചത്തിലനായാസം പെട്ടെന്നു ചാടി-
വീണാൻ. 34
അന്തകന്മട്ടിലാവേശിച്ചീടുമവനെത്ത-
ന്നന്തികംതന്നിൽക്കണ്ടിട്ടതിധീരനാം കംസൻ
പെട്ടെന്നു തന്നാസനംവിട്ടങ്ങു ചാടിയെഴു-
ന്നേററുടൻ കയ്യിലാക്കീ തൻ പരിശയും
വാളും. 35
പരുന്തുപോൽ നഭസ്സിലിടത്തും വലത്തുമായ്
ചരിച്ചു വലംകയ്യിൽ വാളുമായ് ഭ്രമിച്ചീടും
അവനേയങ്ങസഹ്യവിക്രമിയാകും രമാ-
നിവാസൻ പിടിച്ചിതു ഗരുഡൻ പാമ്പി-
നേപ്പോൽ 36
ചഞ്ചലന്മൗലിയാകുമവനെക്കേശംതന്നി-
ലഞ്ചാതെ പിടിച്ചു തത്തുംഗമഞ്ചത്തിൽനിന്നും
ക്ഷോണിയിൽ വീഴ്ത്തി വിശ്വാശ്രയനായ്
സ്വതന്ത്രനാം
താനുമങ്ങാപതിച്ചാൻ തച്ഛരീരത്തിന്മീതേ. 37
ജനങ്ങൾ കണ്ടിരിക്കെ, മൃതനാമവനെ ശ്രീ-
മണാളൻ സിംഹം ഗജവീരനെയെന്നമട്ടിൽ
ക്ഷിതിയിലിട്ടു വലിച്ചിഴച്ചാൻ, ജനരാശി-
യതു കണ്ടഹോ! ''കഷ്ടം കഷ്ട''മെന്നുര-
ചെയ്താർ. 38
ഇരിക്കുമ്പൊഴും കിടക്കുമ്പൊഴുമുണ്ണുമ്പൊഴും
ചരിക്കുമ്പൊഴും കഥിച്ചീടുന്നസമയത്തും
സ്വപ്നത്തിങ്കലും ശ്വസിക്കുമ്പോഴും ദശി-
ച്ചുള്ളോ-
രപ്പരംപുരുഷനെ പ്രാപിച്ചാൻ ഭോജരാജൻ. 39
കങ്കന്യഗ്രോധാദ്യരാം കംസസോദരരെട്ടു-
മങ്കത്തിനായി പ്രതികാരമിച്ഛിച്ചിട്ടുടൻ
ക്രുദ്ധരായ് വന്നീടിനാർ ദൈത്യാരിയുടെ
നേരേ-
യത്യുഗ്രവേഗം പെടുമവരെയെല്ലാമുടൻ
കേസരി മൃഗങ്ങളെയെന്നപോൽ ബലരാമ-
നാശു തച്ചൊടുക്കിനാൻ പരിഘായുധത്തി-
നാൽ. 40-41
മുഴങ്ങീയാകാശത്തിൽ ദുന്ദുഭീവാദ്യഘോഷം
മുഴുത്ത മോദത്തൊടും വിഷ്ണ്വംശഭൃതന്മാരാം
ബ്രഹ്മാദിവിബുധന്മാർ പൂമഴ ചൊരിഞ്ഞുടൻ
നന്മട്ടിൽ സ്തുതിച്ചിതു, നാരികൾ നൃത്തം-
ചെയ്താർ. 42
ഭർത്തൃനിര്യാണംമൂലം ദുഃഖാത്തമാരായ തത്-
പത്നിമാർ വീണ്ടും തലയ്ക്കടിച്ചു കരഞ്ഞഹോ!
കണ്ണുനീരൊലിപ്പിച്ചുമ്മൃതദേഹങ്ങൾക്കെഴും
സന്നിധിതന്നിലേക്കു വേഗത്തിലോടി-
വന്നാർ. 43
വീരശയ്യയിൽ ശയിച്ചീടുമക്കാന്തന്മാരെ
നാരിമാർ പുണന്നേററം മാലാന്നു വീണ്ടും
വീണ്ടും
കണ്ണുനീർ വാത്തു ഭർത്തൃഗുണങ്ങളോരോന്നായി
വർണ്ണിച്ചു വാഴ്ത്തിച്ചൊല്ലി വാവിട്ടു-
കരഞ്ഞിതേ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹാ നാഥ, പ്രിയ, ധർമ്മജ്ഞ, കരുണാനാഥ, വത്സല,
ത്വയാ ഹതേന നിഹതാ വയം തേ സഗൃഹപ്രജാഃ. 45

ത്വയാ വിരഹിതാ പത്യാ പുരീയം പുരുഷർഷഭ!
ന ശോഭതേ വയമിവ നിർവൃത്തോത്സവമംഗളാ. 46

അനാഗസാം ത്വം ഭൂതാനാം കൃതവാൻ ദ്രോഹമുൽബണം
തേനേമാം ഭോ ദശാം നീതോ, ഭൂതധ്രുക് കോ ലഭേത ശം? 47

സർവ്വേഷാമിഹ ഭൂതാനാമേഷ ഹി പ്രഭവാപ്യയഃ
ഗോപ്താ ച തദവധ്യായീ ന ക്വചിത് സുഖമേധതേ.'' 48

ശ്രീശുക ഉവാച

രാജയോഷിത ആശ്വാസ്യ ഭഗവാംല്ലോകഭാവനഃ
യാമാഹുർലൗകികീം സംസ്ഥാം ഹതാനാം സമകാരയത്. 49

മാതരം പിതരം ചൈവ മോചയിത്വാഥ ബന്ധനാത്
കൃഷ്ണരാമൗ വവന്ദാതേ ശിരസാഽഽസ്പൃശ്യ പാദയോഃ. 50

ദേവകീവസുദേവശ്ച വിജ്ഞായ ജഗദീശ്വരൗ
കൃതസംവന്ദനൗ പുത്രൗ സസ്വജാതേ ന ശങ്കിതൗ. 51

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
കംസവധോ നാമ ചതുശ്ചത്വാരിംശത്തമോഽധ്യായഃ

പഞ്ചചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

പിതരാവുപലബ്ധാർത്ഥൗ വിദിത്വാ പുരുഷോത്തമഃ
മാ ഭൂദിതി നിജാം മായാം തതാന ജനമോഹിനീം. 1

ഉവാച പിതരാവേത്യ സാഗ്രജഃ സാത്വതർഷഭഃ
പ്രശ്രയാവനതഃ പ്രീണൻ''നംബ, താ''തേതി സാദരം. 2

''നാസ്മത്തോ യുവയോസ്താത നിത്യോത്കണ്ഠിതയോരപി
ബാല്യപൗഗണ്ഡകൈശോരാഃ പുത്രാഭ്യാമഭവൻ ക്വചിത്. 3

ന ലബ്ധോ ദൈവഹതയോർവാസോ നൗ ഭവദന്തികേ
യാം ബാലാഃ പിതൃഗേഹസ്ഥാ വിന്ദന്തേ ലാളിതാ മുദം. 4

സർവ്വാർത്ഥസംഭവോ ദേഹോ ജനിതഃ പോഷിതോ യതഃ
ന തയോര്യാതി നിർവ്വേശം പിത്രോർമ്മർത്ത്യഃ ശതായുഷാ. 5

യസ്തയോരാത്മജഃ കല്പ ആത്മനാ ച ധനേന ച
വൃത്തിം ന ദദ്യാത്തം പ്രേത്യ സ്വമാംസം ഖാദയന്തി ഹി. 6

മാതരം പിതരം വൃദ്ധം ഭാര്യാം സാധ്വീം സുതം ശിശും
ഗുരും വിപ്രം പ്രപന്നം ച കല്പോഽബിഭ്രച്ഛ്വസൻ മൃതഃ. 7

തന്നാവകല്പയോഃ കംസാന്നിത്യമുദ്വിഗ്നചേതസോഃ
മോഘമേതേ വ്യതിക്രാന്താ ദിവസാ വാമനർച്ചതോഃ. 8

തത് ക്ഷന്തുമർഹഥസ്താത മാതർന്നൗ പരതന്ത്രയോഃ
അകുർവ്വതോർവാം ശുശ്രൂഷാം ക്ലിഷ്ടയോർദ്ദുർഹൃദാ ഭൃശം.'' 9

ശ്രീശുക ഉവാച

ഇതി മായാമനുഷ്യസ്യ ഹരേർവിശ്വാത്മനോ ഗിരാ
മോഹിതാവങ്കമാരോപ്യ പരിഷ്വജ്യാപതുർമ്മുദം. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹേ! നാഥാ! കൃപാനിധേ! ധർമ്മജ്ഞാ! ഹേ
വത്സലാ!
പ്രാണേശാ! ഹതനാകുമങ്ങയോടൊപ്പംതന്നെ
തനയഗേഹാദിയോടൊന്നിച്ചിബ്ഭവദീയ-
ജനവും ഹതരായിക്കഴിഞ്ഞിരിക്കുന്നിതേ. 45
പുരുഷശ്രേഷ്ഠാ! പ്രിയവല്ലഭനാകും ഭവാൻ
പിരിഞ്ഞുള്ളോരിപ്പുരി ഞങ്ങളെപ്പോലെതന്നെ
മങ്ഗളങ്ങളുമുത്സവങ്ങളുമില്ലാത്തതായ്
മങ്ങിയല്പവും ശോഭിച്ചീടാത്ത മട്ടിലായി. 46
അങ്ങപരാധമേതും ചെയ്യാത്ത ഭൂതങ്ങളെ-
യെങ്ങുമേയുപദ്രവിച്ചെന്നതുമൂലമായി
ഈയവസ്ഥയിലായി ഭൂതദ്രോഹികളെങ്ങു-
പോയാലും സുഖം ലഭിച്ചീടുകയില്ല നൂനം. 47
ഉലകിൽ സർവ്വഭൂതജാതത്തിന്നുത്പത്തിക്കും
വിലയത്തിനും ഹേതുവിപ്പുരൻപുമാനല്ലോ.
അവനേയവമാനിച്ചീടുവാനോരുന്നവ-
നെവിടെക്കിട്ടും സുഖമാമ്മാറൊരഭിവൃദ്ധി?''48

ശ്രീശുകൻ പറഞ്ഞു

ലോകരക്ഷകൻ കൃഷ്ണനന്നൃപകാന്തമാരെ-
യാകവേ നല്ലപോലെയാശ്വസിപ്പിച്ചശേഷം
മൃതന്മാർക്കിഹ വേണ്ടും സംസ്കാരകർമ്മമെല്ലാം
വിധിപോൽ നടത്തിച്ചാൻ തത്പര-
ഗതിക്കായി. 49
രാമകൃഷ്ണന്മാരഥ മാതാപിതാക്കന്മാരെ-
യാ മുഹൂർത്തത്തിൽച്ചെന്നങ്ങഴിച്ചുവിട്ടശേഷം
ഏറ്റവും വിനീതനായ്സ്സുതത്പാദങ്ങളിൽ വീണു
സാഷ്ടാങ്ഗം പ്രണമിച്ചു വന്ദിച്ചാർ
ഭക്തിപൂർവ്വം. 50
കൃഷ്ണരാമന്മാർ പാർക്കിൽ കേവലം പുത്രരല്ല
വിഷ്ണ്വംശഭൂതന്മാരാം ലോകേശന്മാരെന്നുതാൻ
ദേവകിതാനും വസുദേവനും ധരിച്ചുടൻ
കൈവന്ന ഭക്തിയോടു വന്ദനംചെയ്യാതന്യേ
ശങ്കിതമനസ്കരായ് പുത്രഭാവത്തിൽച്ചെന്നു
മുൻകണക്കണച്ചപ്പോളാശ്ലേഷംചെയ്തതില്ല. 51

അദ്ധ്യായം 45

കൃഷ്ണന്റെ ദേവകീവസുദേവസാന്ത്വനം—വിദ്യാഭ്യാസം—ഗുരുദക്ഷിണ

ശ്രീശുകൻ പറഞ്ഞു

പുരുഷോത്തമൻ പിന്നെത്തന്നുടെ പിതാ-
ക്കന്മാർ
പുരുഷാർത്ഥത്തെ പ്രാപിച്ചവരാണെന്നറിഞ്ഞു
ജനമോഹിനിയാകും തന്മായനിമിത്തമായ്
ജനനീജനകന്മാർതന്മനം മോഹിപ്പിച്ചാൻ. 1
മാതാപിതാക്കന്മാർതൻ സമീപം രാമനൊത്തു
മാധവൻ ചെന്നു നമസ്കരിച്ചു വിനീതനായ്
''അമ്മേ! പിതാവേ!'' എന്നീവിധത്തിൽ
വിളിച്ചുടൻ
നന്മട്ടിൽ തുഷ്ടരാക്കിയിങ്ങനെ ചൊല്ലീ-
ടിനാൻ: 2
''അല്ലയോ താതാ! ഞങ്ങൾനിമിത്തം,
കഴിഞ്ഞ നാ-
ളെല്ലാമേ കഴിച്ചതുത്കണ്ഠയോടല്ലോ നിങ്ങൾ.
ബാല്യകൗമാരങ്ങളിൽ പൗഗണ്ഡത്തിലും
സൗഖ്യം
തെല്ലുമേ നിങ്ങൾക്കുണ്ടായിരുന്നില്ലി-
പ്പുത്രരാൽ. 3
അച്ഛനമ്മമാരുടെ ഭവനങ്ങളിൽ വാഴും
കൊച്ചുകുഞ്ഞുങ്ങൾക്കേഴും ലാളനാനന്ദനങ്ങൾ
ഭാഗ്യഹീനന്മാരാമീ ഞങ്ങൾക്കു ലഭിച്ചീല
മിക്കനേരവും വീടുവിട്ടു പോയതുമൂലം. 4
പുരുഷാർത്ഥങ്ങളെല്ലാം സാധിക്കാനുതകീടും
ശരീരം ജനിപ്പിച്ച താതനും മാതാവിനും
മനുഷ്യൻ തീർക്കേണ്ടതാം വൻകടം നൂറുവർഷ-
മനിശം ശ്രമിച്ചാലും വീട്ടുവാൻ സാധിച്ചീടാ.5
സമർത്ഥനായീടിലും തന്നുടെ ദേഹപരി-
ശ്രമത്തിനാലും സ്വന്തമായിട്ടും ധനംകൊണ്ടും
മാതാപിതാക്കന്മാരെസ്സന്തോഷിപ്പിച്ചിടാത്ത-
തേതു പുത്രനാണവൻ പരലോകത്തെത്തവേ
അവന്റെ മാംസം യമഭടന്മാരറുത്തട-
ത്തവനെക്കൊണ്ടുതന്നെ തീറ്റിക്കും തർക്കമില്ല 6
കഴിവുള്ളോരു മർത്ത്യൻ പെറ്റ മാതാവിനേയും
കിഴവനായിട്ടും തൻ ജനകനേയും പിന്നെ
സാദ്ധ്വിയാംഭാര്യയേയും ശിശുസന്താനത്തേയു-
മുത്തമാചാര്യനേയും, ശരണാഗതന്മാരാം
വേദജ്ഞദ്വിജരേയും രക്ഷിക്കാതിരിക്കിലെ-
പ്പാതകി മൃതതുല്യൻതന്നെയാംശ്വസിക്കിലും.7
ഉന്നതൻ കംസൻതന്നെ നിത്യവും ഭയപ്പെട്ടും
ചെന്നെതിരിടാൻ ശേഷിയശേഷമില്ലാതെയും
ഇത്രകാലവും യുഷ്മത്പൂജയാചരിക്കാതെ
വ്യർത്ഥമായ് ദിവസങ്ങൾ കഴിക്കേണ്ടതായ്-
വന്നു. 8
അമ്മേ! ഹേ താതാ! ദുഷ്ടനായിട്ടും ഭോജാധി-
പൻ
നമ്മെട്ടു ദുഃഖിപ്പിച്ച നിങ്ങളെശ്ശുശ്രൂഷിക്കാൻ
ശക്തിയില്ലാത്തവരും പരാധീനരുമാമി-
മ്മക്കൾതന്നപരാധം പൊറുത്തുകൊള്ളേ-
ണമേ.'' 9

ശ്രീശുകൻ പറഞ്ഞു

വിശ്വാത്മാവായി മായാമർത്ത്യനാം ശ്രീകൃഷ്ണന്റെ
വശ്യവാക്കുകളേവം കേട്ടു മോഹിച്ചു പാരം
പുത്രനെ മടിയേറ്റിപ്പുണർന്നു മുകർന്നേറ്റം
മൂത്തിയന്നിതു വസുദേവനും പത്നിതാനും. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിഞ്ചന്താവശ്രുധാരാഭിഃ സ്നേഹപാശേന ചാവൃതൗ
ന കിഞ്ചിദൂചതുഃ, രാജൻ, ബാഷ്പകണ്ഠൗ വിമോഹിതൗ. 11

ഏവമാശ്വാസ്യ പിതരൗ ഭഗവാൻ ദേവകീസുതഃ
മാതാമഹം തൂഗ്രസേനം യദൂനാമകരോന്നൃപം. 12

ആഹ, ''ചാസ്മാൻ, മഹാരാജ, പ്രജാശ്ചാജ്ഞപ്തുമർഹസി
യയാതിശാപാദ്യദുഭിർന്നാസിതവ്യം നൃപാസനേ. 13

മയി ഭൃത്യ ഉപാസീനേ ഭവതോ വിബുധാദയഃ
ബലിം ഹരന്ത്യവനതാഃ കിമുതാന്യേ നരാധിപാഃ.'' 14

സർവ്വാൻ സ്വാൻ ജ്ഞാതിസംബന്ധാൻ ദിഗ്ഭ്യഃ
കംസഭയാകുലാൻ
യദുവൃഷ്ണ്യന്ധകമധുദാശാർഹകുകുരാദികാൻ. 15

സഭാജിതാൻ സമാശ്വാസ്യ വിദേശാവാസകർശിതാൻ
ന്യവാസയത് സ്വഗേഹേഷു വിത്തൈഃ സന്തർപ്പ്യ
വിശ്വകൃത്. 16

കൃഷ്ണസങ്കർഷണഭുജൈർഗുപ്താ ലബ്ധമനോരഥാഃ
ഗൃഹേഷു രേമിരേ സിദ്ധാഃ കൃഷ്ണരാമഗതജ്വരാഃ. 17

വീക്ഷന്തോഽഹരഹഃ പ്രീതാ മുകുന്ദവദനാംബുജം
നിത്യം പ്രമുദിതം ശ്രീമത്സദയസ്മിതവീക്ഷണം. 18

തത്ര പ്രവയസോഽപ്യാസൻ യുവാനോഽതിബലൗജസഃ
പിബന്തോഽക്ഷൈർമ്മുകുന്ദസ്യ മുഖാംബുജസുധാം മുഹുഃ. 19

അഥ നന്ദം സമാസാദ്യ ഭഗവാൻ ദേവകീസുതഃ
സങ്കർഷണശ്ച,രാജേന്ദ്ര, പരിഷ്വജ്യേദമൂചതുഃ. 20

''പിതര്യുവാഭ്യാം സ്നിഗ്ദ്ധാഭ്യാം പോഷിതൗ ലാളിതൗ ഭൃശം
പിത്രോരഭ്യധികാ പ്രീതിരാത്മജേഷ്വാത്മനോഽപി ഹി. 21

സ പിതാ സാ ച ജനനീ യൗ പുഷ്ണീതാം സ്വപുത്രവത്
ശിശൂൻ ബന്ധുഭിരുത്സൃഷ്ടാനകല്പൈഃ പോഷരക്ഷണേ. 22

യാത യൂയം വ്രജം, താത, വയം ച സ്നേഹദുഃഖിതാൻ
ജ്ഞാതീൻ വോ ദ്രഷ്ടുമേഷ്യാമോ വിധായ സുഹൃദാം
സുഖം.'' 23

ഏവം സാന്ത്വയ്യ ഭഗവാൻ നന്ദം സവ്രജമച്യുതഃ
വാസോഽലങ്കാരകുപ്യാദ്യൈരർഹയാമാസ സാദരം. 24

ഇത്യുക്തസ്തൗ പരിഷ്വജ്യ നന്ദഃ പ്രണയവിഹ്വലഃ
പൂരയന്നശ്രുഭിർന്നേത്രേ സഹ ഗോപൈർവ്രജം യയൗ. 25

അഥ ശൂരസുതോ, രാജൻ, പുത്രയോഃ സമകാരയത്
പുരോധസാ ബ്രാഹ്മണൈശ്ച യഥാവദ്ദ്വിജസംസ്കൃതിം. 26

തേഭ്യോഽദാദ്ദക്ഷിണാ ഗാവോ രുക്മമാലാഃ സ്വലംകൃതാഃ
സ്വലംകൃതേഭ്യഃ സംപൂജ്യ സവത്സാഃ ക്ഷൗമമാലിനീഃ 27

യാഃ കൃഷ്ണരാമജന്മർക്ഷേ മനോദത്താ മഹാമതിഃ
താശ്ചാദദാദനുസ്മൃത്യ കംസേനാധർമ്മതോ ഹൃതാഃ 28

തതശ്ച ലബ്ധസംസ്കാരൗ ദ്വിജത്വം പ്രാപ്യ സുവ്രതൗ
ഗർഗ്ഗാദ്യദുകുലാചാര്യാദ്ഗായത്രം വ്രതമാസ്ഥിതൗ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്നേഹപാശത്താൽച്ചുററപ്പെട്ടു കണ്ണീരൊഴുക്കി
മോഹിതരായിട്ടവരശ്രുപ്രവാഹംതന്നിൽ
നന്ദനന്മാരെ നന്നായ്ക്കുളിപ്പിച്ചതെന്നിയേ-
യൊന്നുമുച്ചരിക്കുവാൻ ശക്തരായ്ത്തീർന്നതില്ല.
ഈവിധമച്ഛനമ്മമാരെയാശ്വസിപ്പിച്ചി- [11
ട്ടാ വിഭു മാതാമഹനുഗ്രസേനനെപ്പിന്നെ
വിധിപൂർവ്വകം വേണ്ടതൊക്കെയും സംഭരിച്ചു
യദുരാട്ടാക്കീട്ടുടൻ കഴിച്ചാനഭിഷേകം. 12
''യയാതീശാപത്തിനാൽ യദുക്കരം രാജാസന-
മിയന്നുകൂടാത്തവരെങ്കിലും മഹാരാജൻ!
അങ്ങതിന്നർഹനത്രേ നിർവിഘ്നം ഭവാനിനി
ഞങ്ങളെയെല്ലാം വേണ്ടവിധത്തിൽ ശാസി-
ച്ചാലും. 13
ഭവത്സേവകനായ ഞാനിങ്ങു വസിക്കുമ്പോരം
ഭവാനെസ്സുരന്മാരും വന്ദിച്ചു ബലിയേകും.
എന്നിരിക്കവേ ഭൂമിപാലന്മാരാരെങ്കിലും
നിന്ദനംചെയ്യുമെന്ന ശങ്കയ്ക്കില്ലവകാശം.'' 14
കംസനെബ്ഭയന്നന്യദേശങ്ങളാശ്രയിക്കും
ത്വത്സംബന്ധികളാകും യദുവൃഷ്ണ്യന്ധകന്മാർ
കുകുരർ ദാശാർഹന്മാർ മധുക്കളെന്നിങ്ങനെ
സകലരേയും വരുത്തീടണമെന്നു ചൊല്ലി
ത്വരിതം ദേശംതോറുമാളയച്ചെല്ലാരെയും
വരുത്തിത്തത്തദ്ഭവനങ്ങളിൽത്തന്നെ
വീണ്ടും. 15
അന്യദേശാവാസത്താൽ ക്ഷീണിച്ചു കൃശന്മാ-
രായ്
വന്നീടുമവർക്കെല്ലാം വേണ്ടുന്ന ധനങ്ങളും
മററു സാധനങ്ങളുമാവശ്യംപോലെ നല്കി-
യേററവും സുഖമായിപ്പാർപ്പിച്ചു സംരക്ഷി-
ച്ചാൻ. 16
രാമകൃഷ്ണന്മാരുടെ ബാഹുവീര്യച്ഛായയി-
ലാ മധുപുരവാസീജനങ്ങളാകമാനം
അഖിലമനോരഥസിദ്ധിയാൽ സമ്പൂർണ്ണരായ്
സുഖമായനാമയം വസിച്ചാർ ഗേഹങ്ങ-
ളിൽ. 17
ശ്രീമത്തായ് കൃപാരസംതുളുമ്പും നോട്ടത്തോടു-
മാമോദമാർന്നെപ്പൊഴും പുഞ്ചിരിപൂണ്ടിരിക്കും
മുകുന്ദമുഖാംബുജം മധുരാവാസീജന-
നികരം നിത്യം കണ്ടു സമ്പ്രീതരായീടി-
നാർ. 18
ശ്രീനിവാസാനനാബ്ജാമൃതമിന്ദ്രിയങ്ങളാൽ
പാനംചെയ്തിട്ടമ്മധുപുരത്തിൽ വസിച്ചിടും
വൃദ്ധന്മാർപോലും ബലമോജസ്സെന്നിത്യാ-
ദിയോ-
ടൊത്ത യൗവനയുക്തന്മാരായിച്ചമഞ്ഞിതു. 19
പിന്നെ നന്ദാന്തികത്തിൽ രാമകൃഷ്ണന്മാർ ചെന്നു
വന്ദിച്ചു സമാശ്ലേഷംചെയ്തു ചൊല്ലിനാ-
രേവം: 20

''ഹേ താതാ! ജനയിത്രീ! ഞങ്ങളെ നിങ്ങ-
ളേററം
പ്രീതിയോടിത്രനാളും ലാളിച്ചു വളർത്തിനാർ.
സ്വന്തമാം ശരീരത്തിലുള്ളതിലേറെ സ്നേഹം
സന്തതികളിലച്ഛനമ്മമാർക്കുള്ളതല്ലോ. 21
പോഷിപ്പിച്ചീടുവാനും സംരക്ഷിച്ചീടുവാനും
ശേഷിയെന്നിയേ ബന്ധുജനങ്ങളാം സന്ത്യജിക്കും
ഇളംകുഞ്ഞുങ്ങളെസ്സ്വപുത്രന്മാരെന്നപോലെ
വളർത്തുവോരാണവർക്കച്ഛനമ്മമാർ നൂനം. 22
ജനകാ! നിങ്ങളിപ്പോരം ഗോകുലം ഗമിച്ചാലും
മനസ്സന്തോഷം ബന്ധുജനങ്ങൾക്കേകീട്ടുടൻ
ഞങ്ങളും, ജ്ഞാതികളായ് സ്നേഹത്താൽ
ദുഃഖിച്ചിടും
നിങ്ങളെക്കാണ്മാനായി വന്നിടാം
ഗോകുലത്തിൽ.'' 23
ഇങ്ങനെ നന്ദനേയും യശോദയേയും പിന്നെ-
യങ്ങുള്ള ഗോപരെയുമാശ്വസിപ്പിച്ചശേഷം
ചാരുഭൂഷണവസ്ത്രഗണവും പാത്രങ്ങളും
ധാരാളമവർക്കേകിസ്സൽക്കരിപ്പിച്ചാൻ ഹരി.24
ശ്രീഹരിതൻ മോഹനവാക്യങ്ങൾ കേട്ടു നന്ദൻ
സ്നേഹവിഹ്വലനായിട്ടാ രാമകൃഷ്ണന്മാരെ
ചെന്നുടൻ കെട്ടിപ്പിടിച്ചശ്രുക്കൾ വാർത്തു ഗോപ-
വൃന്ദയുക്തനായ് പോയാൻ ഗോകുലംതന്നി-
ലേക്കായ്. 25
ശൂരസേനജൻ തനതാചാര്യനേയും വിപ്ര-
ന്മാരെയും വരുത്തിത്തൻ നന്ദനന്മാർക്കായ്
പിന്നെ
വിധിപോലവരെക്കൊണ്ടാരണോചിതമാകും-
വിധത്തിലുള്ളതായ സംസ്കാരം കഴിപ്പി-
ച്ചാൻ. 26
പിന്നെയങ്ങലംകൃതരാകുമാ വിപ്രർക്കായി
സ്വർണ്ണമാലകരം ശുഭ്രവസ്ത്രങ്ങളിവയാലേ
നന്നായലങ്കരിച്ച ഗോക്കളെ വത്സങ്ങളോ-
ടൊന്നിച്ചു ദാനംചെയ്താൻ ദക്ഷിണയോടു-
കൂടി. 27
നന്ദനൻ ജനിച്ചപ്പോളേതൊരുവിധം പശു-
വൃന്ദത്തെദ്ദാനംചെയ്വാൻ സങ്കല്പിച്ചിരുന്നുവോ
അത്തരം വിഭൂഷിതവിശിഷ്ടഗോക്കളെത്താ-
നദ്ധീമാൻ മോദത്തോടുമത്തവ്വിൽ ദാനം-
ചെയ്താൻ.
അധർമ്മമായ്ക്കംസനവയെ ഹരിക്കയാ-
ലതന്നു സാധിക്കാത്തതോർത്തിതു ചെയ്തു-
തത്രേ. 28
രാമകൃഷ്ണന്മാർ പിന്നെസ്സംസ്കാരസമ്പന്നരായ്
ഭൂമിദേവത്വമാർന്നു വ്രതങ്ങളാചരിച്ചാർ.
യദുവംശാചാര്യനാം ഗർഗ്ഗമാമുനിതന്നാൽ
കഥിതം ഗായത്രമാം വ്രതവുമനുഷ്ഠിച്ചാർ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഭവൗ സർവ്വവിദ്യാനാം സർവ്വജ്ഞൗ ജഗദീശ്വരൗ
നാന്യസിദ്ധാമലജ്ഞാനം ഗൂഹമാനൗ നരേഹിതൈഃ 30
അഥോ ഗുരുകുലേ വാസമിച്ഛന്താവുപജഗ്മതുഃ
കാശ്യം സാന്ദീപനിം നാമ ഹ്യവന്തീപുരവാസിനം. 31
യഥോപസാദ്യ തൗ ദാന്തൗ ഗുരൗ വൃത്തിമനിന്ദിതാം
ഗ്രാഹയന്താവുപേതൗ സ്മ ഭക്ത്യാ ദേവമിവാദൃതൗ. 32
തയോർദ്വിജവരസ്തുഷ്ടഃ ശുദ്ധഭാവാനുവൃത്തിഭിഃ
പ്രോവാച വേദാനഖിലാൻ സാങ്ഗോപനിഷദോ ഗുരുഃ. 33
സരഹസ്യം ധനുർവ്വേദം ധർമ്മാൻ ന്യായപഥാംസ്തഥാ
തഥാ ചാന്വീക്ഷികീം വിദ്യാം രാജനീതിം ച ഷഡ്വിധാം. 34
സർവ്വം നരവരശ്രേഷ്ഠൗ സർവ്വവിദ്യാപ്രവർത്തകൗ
സകൃന്നിഗദമാത്രേണ തൗ സംജഗൃഹതുർന്നൃപ! 35
അഹോരാത്രൈശ്ചതുഃഷഷ്ട്യാ സംയത്തൗ താവതീഃ കലാഃ
ഗുരുദക്ഷിണയാഽഽചാര്യം ഛന്ദയാമാസതുർന്നൃപ! 36

ദ്വിജസ്തയോസ്തം മഹിമാനമദ്ഭുതം
സംലക്ഷ്യ രാജന്നതിമാനുഷീം മതിം
സമ്മന്ത്ര്യ പത്ന്യാ സ മഹാർണ്ണവേ മൃതം
ബാലം പ്രഭാസേ വരയാംബഭൂവ ഹ. 37
തഥേത്യഥാരുഹ്യ മഹാരഥൗ രഥം
പ്രഭാസമാസാദ്യ ദുരന്തവിക്രമൗ
വേലാമുപവ്രജ്യ നിഷീദതുഃ ക്ഷണം
സിന്ധുർവിദിത്വാർഹണമാഹരത്തയോഃ. 38

തമാഹ ഭഗവനാശു, ''ഗുരുപുത്രഃ പ്രദീയതാം
യോഽസാവിഹ ത്വയാ ഗ്രസ്തോ ബാലകോ
മഹതോർമ്മിണാ.'' 39

സമുദ്ര ഉവാച
''നൈവാഹാർഷമഹം, ദേവ, ദൈത്യഃ പഞ്ചജനോ മഹാൻ
അന്തർജ്ജലചരഃ കൃഷ്ണ! ശങ്ഖരൂപധരോഽസുരഃ. 40
ആസ്തേ തേനാഹൃതോ നൂനം'', തച്ഛ്രുത്വാ സത്വരം പ്രഭുഃ 41
ജലമാവിശ്യ തം ഹത്വാ നാപശ്യദുദരേഽർഭകം. 42
തദങ്ഗപ്രഭവം ശങ്ഖമാദായ രഥമാഗമത്.
തതഃ സംയമനീം നാമ യമസ്യ ദയിതാം പുരീം
ഗത്വാ ജനാർദ്ദനഃ ശങ്ഖം പ്രദധ്മൗ സഹലായുധഃ. 43
ശങ്ഖനിർഹ്രാദമാകർണ്യ പ്രജാസംയമനോ യമഃ
തയോഃ സപര്യാം മഹതീം ചക്രേ ഭക്ത്യുപബൃംഹിതാം. 44
ഉവാചാവനതഃ കൃഷ്ണം സർവ്വഭൂതാശയാലയം,
''ലീലാമനുഷ്യ, ഹേ വിഷ്ണോ, യുവയോഃ കരവാമ കിം?'' 45

ശ്രീഭഗവാനുവാച
''ഗുരുപുത്രമിഹാനീതം നിജ കർമ്മനിബന്ധനം
ആനയസ്വ, മഹാരാജ, മച്ഛാസനപുരസ്കൃതഃ.'' 46
തഥേതി തേനോപാനീതം ഗുരുപുത്രം യദൂത്തമൗ
ദത്ത്വാ സ്വഗുരവേ ഭൂയോ ''വൃണീഷ്വേ''തി തമൂചതുഃ. 47

ഗുരുരുവാച
സമ്യക് സമ്പാദിതോ, വത്സ, ഭവദ്ഭ്യാം ഗുരുനിഷ്ക്രയഃ
കോ നു യുഷ്മദ്വിധഗുരോഃ കാമാനാമവശിഷ്യതേ. 48
ഗച്ഛത സ്വഗൃഹം വീരൗ കീർത്തിർവ്വാമസ്തു പാവനീ
ഛന്ദാംസ്യയാതയാമാനി ഭവന്ത്വിഹ പരത്ര ച. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗദീശ്വരന്മാരായ് സർവ്വജ്ഞന്മാരുമായി-
സ്സകലവിദ്യോൽപത്തിസ്ഥാനഭൂതന്മാരായി
മാനുഷനാട്യത്തിനാൽ സ്വതസ്സിദ്ധമാം ശുദ്ധ-
ജ്ഞാനത്തെ മറച്ചു സഞ്ചരിക്കുന്നവരായി
ഗുരുസന്നിധിവാസമിച്ഛിക്കുന്നവരാം ശ്രീ-
ഹരിയും മുസലിയും ശ്രീകാശീപുരിതന്നിൽ
ജനിയാന്നവന്തിയിൽ വസിക്കും സാന്ദീപനി-
മുനിതൻ ഭവനത്തെ പ്രാപിച്ചാരനന്തരം. 30-31
ദാന്തരാമവർ വേണ്ടുംവിധമഗ്ഗുരുപ്രവേ-
കാന്തികമണഞ്ഞു നിർദോഷമാം വ്യാപാരങ്ങൾ
പ്രദർശിപ്പിക്കുവോരായ് ദേവനെയെന്നപട്ടി-
ലധികം ഭക്തിപൂർവ്വം സേവിച്ചാരാചാര്യനെ. 32
ശുദ്ധഭാവത്തോടൊത്ത തത്പ്രവൃത്തികൾ കണ്ടു
തുഷ്ടനായ് ദ്വിജവരനാകുമാ ഗുരുനാഥൻ
ഭങ്ഗിയായുപദേശിച്ചീടിനാനവർക്കായി
സാങ്ഗോപനിഷത്തുകൾ ചേർന്ന
വേദങ്ങളെല്ലാം. 33
ന്യായശാസ്ത്രങ്ങൾ, ധർമ്മശാസ്ത്രങ്ങൾ,
രഹസ്യമാ-
മായുധവിദ്യ,യാറുവിധമാം രാജനീതി,
കക്ഷ്ശതക്ഷ്വിദ്യയെന്നിവയെല്ലാം നന്നാ-
യുൾക്കൊള്ളുംവിധം നേരേയവരെപ്പഠി-
പ്പിച്ചാൻ. 34
സമസ്തവിദ്യോത്പത്തിസ്ഥാനഭൂതരായ് നൃപ-
പ്രമുഖന്മാരായീടുമായവരിരുപേരും
ഒരിക്കൽ കേൾക്കുന്നവയൊന്നും-
താനൊരിക്കലും
മറക്കാതുള്ളമട്ടിൽ ശരിയായ് ഗ്രഹിച്ചിതു. 35
കൃത്യമായറുപത്തിനാലഹോരാത്രങ്ങൾകൊ-
ണ്ടത്രയുമെണ്ണമാളും കലാവിദ്യകളെല്ലാം
ധരിച്ചസ്സംയതന്മാർ ദക്ഷിണയായിഗ്ഗുരു-
വരനാശിച്ചീടുന്നതെന്തെന്നു ചോദിച്ചിതേ. 36
ക്ഷിതിനായകാ! വിപ്രനവർതന്നമാനുഷ-
മതിയുമത്യദ്ഭുതമാഹാത്മ്യങ്ങളുമോർത്തു
പത്നിയോടാലോചിച്ചു മഹാർണ്ണവപ്രഭാസ-
തീർത്ഥത്തിൽ മരിച്ച തദ്ബാലനെ-
ച്ചോദിച്ചിതു. 37
''അങ്ങനെയാ''ട്ടെന്നോതി മഹാരഥ-
ന്മാരായി-
ത്തുങ്ഗവിക്രമിമാരാമവരക്കുമാരനെ
തിരഞ്ഞാ പ്രഭാസത്തിലബ്ധിതീരത്തുചെന്നൊ-
ട്ടിരുന്നപ്പോഴേയബ്ധി വന്നു സൽക്കരിച്ചിതു. 38
''തരങ്ഗമാലയാലെൻ ഗുരുനന്ദനനെ നീ
ഹരിച്ചു, തന്നീടുകെ''ന്നാഴിയോടോതി
കൃഷ്ണൻ. 39

സമുദ്രം പറഞ്ഞു

''ഹേ ദേവാ! ഹരിച്ചില്ല ഞാൻ
വേദദ്ദേശികാത്മ-
ജാതനെ,യെന്നുള്ളിലൊരസുരൻ വസിക്കുന്നു.
പുരുശക്തനായ് ജലചരനായ് ശങ്ഖാകൃതി-
ധരനായ് പഞ്ചജനനാമകനാണായവൻ. 40
ഹരിച്ചതവനാണക്കുട്ടിയെ''യതു കേട്ട-
ത്യരമസ്സലിലത്തിലെങ്ങുമേ മുങ്ങിനോക്കി,
ദിതിജൻതന്നെക്കണ്ടുപിടിച്ചു ഹനിച്ചാൻ, ത-
ദുദരം തന്നിൽക്കണ്ടീലക്കുമാരനെക്കണ്ണൻ. 41
പഞ്ചജനാങ്ഗത്തിൽനിന്നുണ്ടായശങ്ഖ-
മാന്നി-
ട്ടഞ്ചാതെ രാമനോടുമൊന്നിച്ചു തേരിലേറി
വേഗത്തിൽ സംയമനീനാമകാന്തകപുരി
പൂകിയുച്ചത്തിൽ ശങ്ഖമൂതിനാൻ മുരാരാതി.
42-43
ശങ്ഖനിസ്വനം കേട്ടു പ്രജാസംയമൻ യമൻ
കിങ്കരഭാവത്തിൽ വന്നർച്ചിച്ചാൻ ഭക്തിപൂർവ്വം. 44
സമസ്തഭൂതാശയാലയനാം ഭഗവാനെ
നമിച്ചു കാലൻ, ''ലീലാമാനുഷാ! മഹാവിഷ്ണോ!
നിങ്ങൾക്കിദാനീമിഹ ഞങ്ങളെക്കൊ-
ണ്ടെന്തൊരു
സംഗതിയാണു സാധിക്കേണ്ടതു
കല്പി''ക്കെന്നോൻ. 45

ശ്രീഭഗവാൻ പറഞ്ഞു

''മഹാരാജാവേ! നിജകർമ്മാനുസൃതമായി-
ട്ടിഹ കൊണ്ടുവന്നുള്ളോരാചാര്യതനുജനെ
മമ ശാസനം ബഹുമാനിച്ചു ഞങ്ങൾക്കങ്ങി-
സ്സമയം മടിയെന്യേ തന്നാലും ധർമ്മദേവാ!''46
അങ്ങനെതന്നെയെന്നായന്തകനാനയിച്ച
മങ്ഗലബാലനോടൊത്താചാര്യാന്തി-
കമെത്തി,
''പുത്രനെ വരിച്ചുകൊണ്ടാലു''മെന്ന-
ദ്ദേഹത്തോ-
ടർത്ഥിച്ചാർ വിനീതരായാ യദുകലോത്തമർ. 47

ഗുരു പറഞ്ഞു

ഹേ വത്സാ! ഭവാന്മാർതൻ ഗുരുദക്ഷിണ
പാർത്താൽ
ഭുവിൽ മററാരാലുമേ സാധിച്ചീടാത്തതൊന്നാം
ത്വാദൃശശിഷ്യസമ്പത്താർന്നിടുമാചാര്യനു
യാതൊരു കാമങ്ങളും ശേഷിക്കുന്നില്ല നൂനം. 48
അല്ലയോ വീരന്മാരേ! സ്വഗൃഹം പൂകീടുവിൻ,-
നല്ലസിക്കട്ടെ യുഷ്മത് പാവനകീർത്തി പാരിൽ
നിങ്ങളഭ്യസിച്ചുള്ള വിദ്യകളിഹത്തിലും
മങ്ങാതെ പരത്തിലും തെളിഞ്ഞുവിളങ്ങട്ടെ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുണൈവമനുജ്ഞാതൗ രഥേനാനിലരംഹസാ
ആയാതൗ സ്വപുരം, താത, പർജ്ജന്യനിനദേന വൈ. 50

സമനന്ദൻ പ്രജാഃ സർവ്വാ ദൃഷ്ട്വാ രാമജനാർദ്ദനൗ
അപശ്യന്ത്യോ ബഹ്വഹാനി നഷ്ടലബ്ധധനാ ഇവ. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗുരുപുത്രാനയനം നാമ പഞ്ചചത്വാരിംശത്തമോഽധ്യായഃ

ഷട്ചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

വൃഷ്ണീനാം പ്രവരോ മന്ത്രീ കൃഷ്ണസ്യ ദയിതഃ സഖാ
ശിഷ്യോ ബൃഹസ്പതേഃ സാക്ഷാദുദ്ധവോ ബുദ്ധിസത്തമഃ. 1

തമാഹ ഭഗവാൻ പ്രേഷ്ഠം ഭക്തമേകാന്തിനം ക്വചിത്
ഗൃഹീത്വാ പാണിനാ പാണിം പ്രപന്നാർത്തിഹരോ ഹരിഃ. 2

''ഗച്ഛോദ്ധവ, വ്രജം, സൗമ്യ, പിത്രോർന്നൗ പ്രീതിമാവഹ
ഗോപീനാം മദ്വിയോഗാധിം മത്സന്ദേശൈർവിമോചയ. 3

താ മന്മനസ്കാ മത്പ്രാണാ മദർത്ഥേ ത്യക്തദൈഹികാഃ
യേ ത്യക്തലോകധർമ്മാശ്ച മദർത്ഥേ താൻ ബിഭർമ്മ്യഹം. 4

മയി താഃ പ്രേയസാം പ്രേഷ്ഠേ ദൂരസ്ഥേ ഗോകുലസ്ത്രിയഃ
സ്മരന്ത്യോഽങ്ഗ വിമുഹ്യന്തി വിരഹൗത്കണ്ഠ്യവിഹ്വലാഃ. 5

ധാരയന്ത്യതികൃച്ഛ്റേണ പ്രായഃ പ്രാണാൻ കഥഞ്ചന
പ്രത്യാഗമനസന്ദേശൈർബ്ബല്ലവ്യോ മേ മദാത്മികാഃ.'' 6

ശ്രീശുക ഉവാച

ഇത്യുക്ത ഉദ്ധവോ, രാജൻ, സന്ദേശം ഭർത്തുരാദൃതഃ
ആദായ രഥമാരുഹ്യ പ്രയയൗ നന്ദഗോകുലം. 7

പ്രാപ്തോ നന്ദവ്രജം ശ്രീമാൻ നിമ്ലോചതി വിഭാവസൗ
ഛന്നയാനഃ പ്രവിശതാം പശൂനാം ഖുരരേണുഭിഃ. 8

വാസിതാർത്ഥേഽഭിയുധ്യദ്ഭിർന്നാദിതം ശുഷ്മിഭിർവൃഷൈഃ
ധാവന്തീഭിശ്ച വാസ്രാഭിരുധോഭാരൈഃ സ്വവത്സകാൻ. 9

ഇതസ്തതോ വിലംഘദ്ഭിർഗ്ഗോവത്സൈർമ്മണ്ഡിതം സിതൈഃ
ഗോദോഹശബ്ദാഭിരവം വേണൂനാം നിഃസ്വനേന ച. 10

ഗായന്തീഭിശ്ച കർമ്മാണി ശുഭാനി ബലകൃഷ്ണയോഃ
സ്വലംകൃതാഭിർഗ്ഗോപീഭിർഗ്ഗോപൈശ്ച സുവിരാജിതം. 11

അഗ്ന്യർക്കാതിഥിഗോവിപ്രപിതൃദേവാർച്ചനാന്വിതൈഃ
ധൂപദീപൈശ്ച മാല്യൈശ്ച ഗോപാവാസൈർമ്മനോരമം. 12

സർവ്വതഃ പുഷ്പിതവനം ദ്വിജാലികുലനാദിതം
ഹംസകാരണ്ഡവാകീർണ്ണൈഃ പദ്മഷണ്ഡൈശ്ച മണ്ഡിതം. 13

തമാഗതം സമാഗമ്യ കൃഷ്ണസ്യാനുചരം പ്രിയം
നന്ദഃ പ്രീതഃ പരിഷ്വജ്യ വാസുദേവധിയാഽർച്ചയത്. 14

ഭോജിതം പരമാന്നേന സംവിഷ്ടം കശിപൗ സുഖം
ഗതശ്രമം പര്യപൃച്ഛത് പാദസംവാഹനാദിഭിഃ. 15

''കച്ചിദങ്ഗ, മഹാഭാഗ, സഖാ നഃ ശൂരനന്ദനഃ
ആസ്തേ കുശല്യപത്യാദ്യൈര്യുക്തോ മുക്തഃ സുഹൃദ്വ്രതഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശികവര്യനേവമനുജ്ഞ നല്കീടവേ
ആശുഗവേഗംപൂണ്ട മേഘഗർജ്ജനമാളും
സ്യന്ദനംതന്നിലേറി രാമനും ശ്രീകൃഷ്ണനും
മന്ദിരത്തിലേക്കായിപ്പോയിതു മഹീപതേ! 50
ഏറെനാളായിക്കാണാതിരിക്കും ജനാവലി-
യാ രാമദേവനേയും മുകുന്ദനേയും കണ്ടു
നഷ്ടമായ്പ്പോയ ധനം തിരിയെ വീണ്ടും കണ്ടു-
കിട്ടിയമട്ടിലേററം സന്തുഷ്ടിയാർന്നീടിനാർ. 51

അദ്ധ്യായം 46

ഉദ്ധവദൂത്

ശ്രീശുകൻ പറഞ്ഞു

ഉദ്ധവൻ വൃഷ്ണിവൃന്ദശ്രേഷ്ഠനും മന്ത്രീന്ദ്രനും
ദൈത്യാരിക്കതിപ്രിയമിയലും നന്മിത്രവും
സാക്ഷാൽ ശ്രീബൃഹസ്പതിതന്നന്തേവാസി-
താനും
സൂക്ഷ്മബുദ്ധികളിൽവച്ചഗ്രഗണ്യനുമല്ലോ. 1
ആശ്രിതദുഃഖം പോക്കും ശ്രീഹരി,തന്നേ മാത്ര-
മാശ്രയിക്കുമാ സ്നിഗ്ദ്ധഭക്തന്റെ പാണിതന്നിൽ
തൻകരപദ്മംകൊണ്ടു പിടിച്ചു മന്ദമായുടം-
ത്തങ്കിടും ഹർഷത്തോടു കഥിച്ചാനിപ്രകാരം: 2
''ഉദ്ധവാ! സൗമ്യാ! ഭവാൻ പോകണം
ഗോകുലത്തിൽ
സത്വരം പിതാക്കളെസ്സന്തുഷ്ടരാക്കീടണം.
മാമകവിയോഗത്താൽ ദുഃഖിക്കും
ഗോപാങ്ഗനാ-
സ്തോമത്തെയാശ്വസിപ്പിക്കേണമെൻ-
സന്ദേശത്താൽ. 3
അവരേവരുമെന്നിൽ മാനസംവച്ചിരിപ്പോ-
രിവനാണവരുടെ ജീവനു,മെന്നല്ലവർ
എനിക്കുവേണ്ടിസ്സ്വദേഹധർമ്മങ്ങളേയും
തൃണവൽഗണിച്ചു സന്ത്യജിച്ചിരിക്കുന്നിതേ.
എനിക്കായ് ലോകധർമ്മമാകെ വിട്ടിരി-
പ്പോരെ-
യനിശം രക്ഷിച്ചവർക്കേകുവൻ പുരുഷാർത്ഥം. 4
ഇഷ്ടവസ്തുക്കളിൽവച്ചേററവുമിഷ്ടനാം ഞാ-
നത്യന്തം ദൂരസ്ഥനായിരിക്കേയഗ്ഗോപികാം
വിരഹോത്കണ്ഠമൂലം വൈവശ്യമിയ-
ന്നെന്നെ
സ്മരിച്ചു കൂടെക്കൂടെ മൂർച്ഛിക്കുന്നുണ്ടു നൂനം. 5
ഞാൻ പ്രാണനായിട്ടുള്ളോരെൻ ഗോപി-
മാരോടായി-
ട്ടുൻപോടു ഞാൻ മടങ്ങിവരുന്നുണ്ടെന്ന കാര്യം
അങ്ങു പോയറിയിച്ചാലവരിലേതാനുംപേ-
രെങ്കിലും വല്ലവാറും ധരിച്ചീടിലാം
പ്രാണൻ.'' 6

ശ്രീശുകൻ പറഞ്ഞു

ഉദ്ധവനേവം നിജസ്വാമിതൻ സന്ദേശത്തെ-
യത്യന്തം ഭക്ത്യാദരപൂർവകം സ്വീകരിച്ചു
സ്യന്ദനംതന്നിലേറി നന്ദിച്ചു മന്ദേതരം
നന്ദഗോകുലത്തിലേക്കായങ്ങു പോയീടിനാൻ.
സൂര്യനസ്തമിക്കവേ ഗോഗണഖുരങ്ങളാൽ [7
ധാരാളമായിധരാതലത്തിൽനിന്നു പൊങ്ങും
ധൂളിയാൽ നിജരഥമാച്ഛന്നമായീടിന-
വേളയിൽ ശ്രീമാനവൻ വ്രജത്തിലെത്തി-
ച്ചേർന്നാൻ. 8
പുഷ്പിതകളാം പശുഗണത്തിൻപിൻപേ
പാഞ്ഞു
കെല്പോടു തമ്മിൽ കുത്തും കാളകളാലും പരം
ചുരന്നോരകിടാർന്ന വത്സങ്ങളുടെ നേരേ
ത്വരിക്കും ഗോക്കളാലും ശബ്ദിക്കപ്പെട്ടു-
ന്നതായ്, 9
ഏററവും ശുഭ്രങ്ങളായങ്ങിങ്ങു പായും പശു-
ക്കുട്ടികളാലുമോടക്കുഴലിൻ നാദത്താലും
മണ്ഡിതനായിപ്പശുദോഹനനിനദങ്ങൾ
നന്നായി പ്രതിദ്ധ്വനിച്ചീടുന്നതായിസ്സദാ, 10
അങ്ഗങ്ങളലങ്കരിച്ചെപ്പൊഴും രാമകൃഷ്ണ-
മങ്ഗലചരിതങ്ങൾ ഗാനംചെയ്തിരുന്നീടും
സുന്ദരഗാത്രിമാരാം ഗോപികാങ്ഗനമാർതൻ-
വൃന്ദത്താലനുപമം വിളങ്ങീടുന്നതായി, 11
വഹ്ന്യർക്കാതിഥിപശുപിതൃദേവോൽക്കരത്തെ-
യെന്നുമാരാധിച്ചിടും ഗോപാലയങ്ങളാലും
ചേലഞ്ചുമ്മാറു ധൂപദീപങ്ങളാലും പുഷ്പ-
മാലാലംകൃതിയാലും ലാലസിച്ചീടുന്നതായ്,
12
പുഷ്പിതവനം ചൂഴും വിഹഗഗണങ്ങളും
ഷട്പദസമൂഹവുമെപ്പൊഴും ശബ്ദിപ്പതായ്,
അന്നങ്ങൾ കുളക്കോഴിയെന്നിവചേർന്ന പദ്മ-
ഷണ്ഡങ്ങളാർന്നു പാരം ശോഭിച്ചിരുന്നു
ഗോഷ്ഠം. 13
ദൈത്യാരിതൻ സുഹൃത്തായ് തത്സഹ-
ഗാമിയാകു-
മുദ്ധവൻ ഗൃഹാഗതനായതു കണ്ടു നന്ദൻ
ചെന്നുടൻ കെട്ടിപ്പിടിച്ചംബുജവിലോചന-
നെന്ന ധീയോടുതന്നെ വേണ്ടപോല
ച്ച്ചിച്ചിതേ. 14
പരമമന്നമേകിബ്ഭക്ഷണം കഴിപ്പിച്ചി-
ട്ടൊരു പല്ലവമൃദുശയ്യയിൽ ശയിപ്പിച്ചു
കാൽ തടവിയും മററും ക്ഷീണമാററിയശേഷം
സാദരമവനോടു ചോദിച്ചാനിപ്രകാരം: 15
''സൂരിസമ്മതാ! പൂജ്യാ! ഞങ്ങടെ സുഹൃത്താമ-
ശ്ശ്രുരജൻ മുക്തനായിസ്സുഹൃത്സംവൃതനായി
പുത്രബാന്ധവമിത്രവൃന്ദത്തോടൊത്തുചേർന്നി-
ട്ടത്യന്തം സുഖമായി വാഴുന്നോ മഹാഭാഗാ! 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിഷ്ട്യാ കംസോ ഹതഃ പാപഃ സാനുഗഃ സ്വേന പാപ്മനാ
സാധൂനാം ധർമ്മശീലാനാം യദൂനാം ദ്വേഷ്ടി യഃ സദാ. 17
അപി സ്മരതി നഃ കൃഷ്ണോ മാതരം സുഹൃദഃ സഖീൻ
ഗോപാൻ വ്രജം ചാത്മനാഥം ഗാവോ വൃന്ദാവനം ഗിരിം. 18
അപ്യായാസ്യതി ഗോവിന്ദഃ സ്വജനാൻ സകൃദീക്ഷിതും
തർഹി ദ്രക്ഷ്യാമ തദ്വക്ത്രം സുനസം സുസ്മിതേക്ഷണം. 19
ദാവാഗ്നേർവ്വാതവർഷാച്ച വൃഷസർപ്പാച്ച രക്ഷിതാഃ
ദുരത്യയേഭ്യോ മൃത്യുഭ്യഃ കൃഷ്ണേന സുമഹാത്മനാ. 20
സ്മരതാം കൃഷ്ണവീര്യാണി ലീലാപാങ്ഗനിരീക്ഷിതം
ഹസിതം ഭാഷിതം ചാങ്ഗ സർവ്വാ നഃ ശിഥിലാഃ ക്രിയാഃ. 21
സരിച്ഛൈലവനോദ്ദേശാൻ മുകുന്ദപദഭൂഷിതാൻ
ആക്രീഡാനീക്ഷമാണാനാം മനോ യാതി തദാത്മതാം. 22
മന്യേ കൃഷ്ണം ച രാമം ച പ്രാപ്താവിഹ സുരോത്തമൗ
സുരാണാം മഹദർത്ഥായ ഗർഗ്ഗസ്യ വചനം യഥാ. 23
കംസം നാഗായുതപ്രാണം മല്ലൗ ഗജപതിം തഥാ
അവധിഷ്ടാം ലീലയൈവ പശൂനിവ മൃഗാധിപഃ. 24
താലത്രയം മഹാസാരം ധനുര്യഷ്ടിമിവേഭരാട്
ബഭഞ്ജൈകേന ഹസ്തേന സപ്താഹമദധാദ് ഗിരിം. 25
പ്രലംബോ ധേനുകോഽരിഷ്ടസ്തൃണാവർത്തോ ബകാദയഃ
ദൈത്യാഃ സുരാസുരജിതോ ഹതാ യേനേഹ ലീലയാ.'' 26

ശ്രീശുക ഉവാച

ഇതി സംസ്മൃത്യ സംസ്മൃത്യ നന്ദഃ കൃഷ്ണാനുരക്തധീഃ
അത്യുത്കണ്ഠോഽഭവത്തൂഷ്ണീം പ്രേമപ്രസരവിഹ്വലഃ. 27
യശോദാ വർണ്ണ്യമാനാനി പുത്രസ്യ ചരിതാനി ച
ശൃണ്വന്ത്യശ്രൂണ്യവാസ്രാക്ഷീത് സ്നേഹസ്നുതപയോധരാ. 28
തയോരിത്ഥം ഭഗവതി കൃഷ്ണേ നന്ദയശോദയോഃ
വീക്ഷ്യാനുരാഗം പരമം നന്ദമാഹോദ്ധവോ മുദാ. 29

ഉദ്ധവ ഉവാച

യുവാം ശ്ലാഘ്യതമൗ നൂനം ദേഹിനാമിഹ, മാനദ,
നാരായണേഽഖിലഗുരൗ യത് കൃതാ മതിരീദൃശീ. 30

ഏതൗ ഹി വിശ്വസ്യ ച ബീജയോനീ
രാമോ മുകുന്ദഃ പുരുഷഃ പ്രധാനം
അന്വീയ ഭൂതേഷു വിലക്ഷണസ്യ
ജ്ഞാനസ്യ ചേശാത ഇമൗ പുരാണൗ. 31
യസ്മിൻജനഃ പ്രാണവിയോഗകാലേ
ക്ഷണം സമാവേശ്യ മനോ വിശുദ്ധം
നിർഹൃത്യ കർമ്മാശയമാശു യാതി
പരാം ഗതിം ബ്രഹ്മമയോഽർക്കവർണ്ണഃ. 32
തസ്മിൻ ഭവന്താവഖിലാത്മഹേതൗ
നാരായണേ കാരണമർത്ത്യമൂർത്തൗ
ഭാവം വിധത്താം നിതരാം, മഹാത്മൻ,
കിം വാവശിഷ്ടം യുവയോഃ സുകൃത്യം. 33

ആഗമിഷ്യത്യദീർഘേണ കാലേന വ്രജമച്യുതഃ
പ്രിയം വിധാസ്യതേ പിത്രോർഭഗവാൻ സാത്വതാം പതിഃ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധുക്കളായിധർമ്മശീലന്മാരായീടുമാ-
യാദവന്മാരെയെന്നും ദ്രോഹിച്ച പാപിഷ്ഠനാം
കംസനും കൂട്ടുകാരും സ്വന്തദുഷ്കർമ്മങ്ങളാ-
ലാശു നാശംവരിച്ചാരായതു ഭാഗ്യമായി. 17
കോമളനാകും കണ്ണൻ മാതാവിനേയും പ്രേമ-
ധാമങ്ങളാം ഞങ്ങളേയുമിഷ്ടഗോപന്മാരെയും
താനാത്മാവാകും ഗോഷ്ഠഗോഗണാദ്രികളേയും
ചേണാർന്ന വൃന്ദാവനത്തേയുമിന്നോ-
ർക്കുന്നുവോ? 18
വരുമോ കണ്ണനൊരുകുറിയെങ്കിലുമിങ്ങീ-
വിരഹാർത്തരായോരീസ്സ്വജനങ്ങളെക്കാണ്മാൻ?
വന്നെങ്കിൽ ഞങ്ങൾക്കൊന്നു കാണാമായി-
രുന്നിതാ
സുന്ദരം സുനാസികം സുനേത്രസ്സ്മിതാനനം. 19
കാട്ടുതീ കൊടുങ്കാററു പേമാരിയിവററിലും
ഊററനാം വൃഷങ്കലും കാളിയസർപ്പത്തിലും
മററുള്ള പല മൃത്യുകാരണങ്ങളിലുംനി-
ന്നൊററയ്ക്കുമ്മഹാത്മാവീ ഞങ്ങളെ
രക്ഷിച്ചിതു. 20
കണ്ണന്റെ വിക്രമങ്ങൾ കേളികൾ കടാക്ഷങ്ങൾ
മന്ദഹാസങ്ങളും സംഭാഷണങ്ങളും സദാ
ഓർത്തുകൊണ്ടിരുന്നീടും ഞങ്ങടെ പ്രവൃത്തിക-
ളുദ്ധവാ! സമസ്തവും ശിഥിലങ്ങളായ്-
ത്തീർന്നു. 21
മുകുന്ദപാദാംബുജഭൂഷിതനദീതട-
നികുഞ്ജശൈലങ്ങളും വിഹാരസ്ഥാനങ്ങളും
കാനനപ്രദേശവും കണ്ടുകൊണ്ടിരിപ്പോർതൻ
മാനസം തന്മയപ്പെട്ടീടുന്നു, മഹാമതേ! 22
രാമകൃഷ്ണന്മാർ ദേവകാര്യലാഭത്തിനായി-
ബ്ഭൂമിയിൽ ജന്മമാർന്ന സുരശ്രേഷ്ഠന്മാരെ-
ന്നായ്
ഗർഗ്ഗമാമുനി ചൊന്ന വാക്കു നേരെന്നു ഞങ്ങ-
ളൊക്കെയും നല്ലപോലെ വിശ്വസി-
ച്ചിരിക്കുന്നു. 23
അയുതമാനസ്സുള്ളോരുക്കാളും കംസനേയും
സ്ഥയമേറുമാ മല്ലന്മാരെയും ഗജത്തെയും,
കേസരി മൃഗങ്ങളെയെന്നപോൽ, കളിയായയ-
ബ്ഭാസുരകുമാരന്മാർ സംഹരിച്ചിരിക്കുന്നു. 24
മുപ്പന്നനീളമാളും വില്ലൊടിച്ചാൻ മുകുന്ദൻ
നിഷ്പ്രയാസം ഗജേന്ദ്രൻ വടിയൊന്നൊ-
ടിക്കുമ്പോൽ.
ഒരുകൈകൊണ്ടുതന്നെയുന്നതഗിരീന്ദ്രനെ-
ദ്ധരിച്ചാ നിലയ്ക്കേഴുദിവസം നിന്നാനവൻ. 25
വാനവദാനവരെജ്ജയിച്ച തൃണാവർത്ത-
ധേനുകാരിഷ്ടബകപ്രലംബാദികളാകും
നാനാദൈതേയന്മാർക്കുമീ വ്രജംതന്നിൽവെച്ചു
ഹാനിചേർത്തിതു രാമകൃഷ്ണന്മാർ
ലീലയായി.'' 26

ശ്രീശുകൻ പറഞ്ഞു

ഇക്കണക്കോരോന്നോർത്തോർത്തച്യുതൻ-
തന്നിലനു-
രക്തനായ് വിവശനായ് പ്രേമവിഹ്വലനായി
ഉത്കണ്ഠയോടു ചൊല്ലിനന്ദൻ, തദ്വിയോഗജ-
ദുഃഖാധിക്യത്താൽ മൗനംഭജിച്ചങ്ങിരുന്നിതു 27
പുത്രവീര്യങ്ങൾ വർണ്ണിച്ചതുമന്നതു കേട്ടു
സാധ്വിയാം യശോദയും സ്നേഹാതിരേക-
ത്തിനാൽ
ചുരന്ന മുലകളിൽനിന്നേററപ്പാലൊഴുകി-
ച്ചൊരിഞ്ഞീടിനാൾ കണ്ണീർക്കണങ്ങൾ
ധാരാളമായ്. 28
ഇത്ഥമബ്ഭഗവാനിൽ നന്ദനും യശോദയ്ക്കും
വർദ്ധിച്ചുവന്നീടുമുൽകൃഷ്ടാനുരാഗം കണ്ടു
അത്യന്തം സന്തുഷ്ടനായ് ഭാഗവതാഗ്ര്യനാകു-
മുദ്ധവൻ ചൊല്ലീടിനാൻ നന്ദഗോപനോ-
ടേവം: 29

ഉദ്ധവൻ പറഞ്ഞു

മാനദാ! ദേഹംധരിച്ചവരിൽ നിങ്ങളാണി-
ക്ഷോണിയിലേററം ശ്ലാഘ്യരെന്നതിൽ
തർക്കമില്ല.
നിങ്ങൾക്കിങ്ങനെ ബുദ്ധിയഖിലാ-
ചാര്യനാകും
ശാർങ്ഗിയാം ഭഗവാനിൽ സ്ഥിരമായ്
നില്ക്കുന്നല്ലോ! 30
ഹേ നന്ദഗോപാ! രാമകൃഷ്ണന്മാർ ജഗദ്ബീജ-
യോനികൾ പുരുഷനും പ്രകൃതിതാനുമത്രേ.
അനാദ്യരായോരവർ സർവ്വഭൂതൗഘത്തിലു-
മനുപ്രവേശിച്ചിട്ടു തദ്വിലക്ഷണമാകും
ജ്ഞാനത്തെത്തത്തദ്വിഷയങ്ങളിൽ
പ്രേരിപ്പിച്ചു-
ന്നുനമായ് വ്യാപിപ്പിക്കുമീശ്വരന്മാരു-
മല്ലോ. 31
അനഘ! ജനം പ്രാണൻവിടുന്നസമയത്തിൽ
ക്ഷണമെങ്കിലും ശുദ്ധമാനസമേതവങ്കൽ
ഉറപ്പിച്ചുടൻ കർമ്മവാസന നശിപ്പിച്ചു
പരിചിൽ ബ്രഹ്മമയമായീടും സ്വരൂപത്തെ
ധരിച്ചു ദിവാകരോജ്ജ്വലതേജസ്വിയായി
പരമമാകുംപദം പ്രാപിച്ചു മിന്നുന്നുവോ, 32
അഖിലനിദാനമായ് കാരണമർത്ത്യദേഹം
പ്രകടം സ്വീകരിച്ചു മഹാനായ് സർവ്വാത്മാവാം
ആ വിഷ്ണുഭഗവാനിലീവിധം ഭാവബന്ധം
കൈവന്ന നിങ്ങൾക്കിനി വേണ്ടതായി-
ല്ലൊന്നുമേ. 33
ഭക്തപാലകനായ ഭഗവാൻ കൃഷ്ണൻ കാലം-
ദീർഘിപ്പിച്ചീടാതെതാനിവിടെ വന്നുചേർന്നു
അച്ഛനമ്മമാരാകും നിങ്ങൾക്കു രണ്ടുപേർക്കു-
മിഷ്ടാനുസാരം ഹിതമാചരിച്ചീടും നൂനം. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത്വാ കംസം രങ്ഗമധ്യേ പ്രതീപം സർവ്വസാത്വതാം
യദാഹ വഃ സമാഗത്യ കൃഷ്ണഃ സത്യം കരോതി തത്. 35

മാ ഖിദ്യതം മഹാഭാഗൌ ദ്രക്ഷ്യഥഃ കൃഷ്ണമന്തികേ
അന്തർഹൃദി സ ഭൂതാനാമാസ്തേ ജ്യോതിരിവൈധസി. 36

നഹ്യസ്യാസ്തി പ്രിയഃ കശ്ചിന്നാപ്രിയോ വാസ്ത്യമാനിനഃ
നോത്തമോ നാധമോ നാപി സമാനസ്യാസമോഽപി വാ. 37

ന മാതാ ന പിതാ തസ്യ ന ഭാര്യാ ന സുതാദയഃ
നാത്മീയോ ന പരശ്ചാപി ന ദേഹോ ജന്മ ഏവ ച. 38

ന ചാസ്യ കർമ്മ വാ ലോകേ സദസന്മിശ്രയോനിഷു
ക്രീഡാർത്ഥഃ സോഽപി സാധൂനാം പരിത്രാണായ കല്പതേ. 39

സത്വം രജസ്തമ ഇതി ഭജതേ നിർഗ്ഗുണോ ഗുണാൻ
ക്രീഡന്നതീതോഽത്ര ഗുണൈഃ സൃജത്യവതി ഹന്ത്യജഃ. 40

യഥാ ഭ്രമരികാ ദൃഷ്ട്യാ ഭ്രാമ്യതീവ മഹീയതേ
ചിത്തേ കർത്തരി തത്രാത്മാ കർത്തേവാഹംധിയാ സ്മൃതഃ. 41

യുവയോരേവ നൈവായമാത്മജോ ഭഗവാൻ ഹരിഃ
സർവ്വേഷാമാത്മജോ ഹ്യാത്മാ പിതാ മാതാ സ ഈശ്വരഃ. 42

ദൃഷ്ടം ശ്രുതം ഭൂതഭവദ്ഭവിഷ്യത്-
സ്ഥാസ്നുശ്ചരിഷ്ണുർമ്മഹദല്പകം ച
വിനാച്യുതാദ്വസ്തു തരാം ന വാച്യം
സ ഏവ സർവ്വം പരമാർത്ഥഭൂതഃ. 43

ഏവം നിശാ സാ ബ്രുവതോർവ്യതീതാ
നന്ദസ്യ കൃഷ്ണാനുചരസ്യ, രാജൻ,
ഗോപ്യഃ സമുത്ഥായ നിരൂപ്യ ദീപാൻ
വാസ്തൂൻ സമഭ്യർച്ച്യ ദധീന്യമന്ഥൻ. 44

താ ദീപദീപ്തൈർമ്മണിഭിർവിരേജൂ
രജ്ജൂർവികർഷദ്ഭുജകങ്കണസ്രജഃ
ചലന്നിതംബസ്തനഹാരകുണ്ഡല-
ത്വിഷത് കപോലാരുണകുങ്കുമാനനാഃ. 45

ഉദ്ഗായതീനാമരവിന്ദലോചനം
വ്രജാങ്ഗനാനാം ദിവമസ്പൃശദ്ധ്വനിഃ
ദധ്നശ്ച നിർമ്മന്ഥനശബ്ദമിശ്രിതോ
നിരസ്യതേ യേന ദിശാമമങ്ഗലം. 46

ഭഗവത്യുദിതേ സൂര്യേ നന്ദദ്വാരി വ്രജൗകസഃ
ദൃഷ്ട്വാ രഥം ശാതകൗംഭം ''കസ്യായ''മിതി ചാബ്രുവൻ. 47

''അക്രൂര ആഗതഃ കിം വാ യഃ കംസസ്യാർത്ഥസാധകഃ
യേന നീതോ മധുപുരീം കൃഷ്ണഃ കമലലോചനഃ. 48

കിം സാധയിഷ്യത്യസ്മാഭിർഭർത്തുഃ *പ്രേതസ്യ നിഷ്കൃതിം''
ഇതി സ്ത്രീണാം വദന്തീനാമുദ്ധവോഽഗാത് കൃതാഹ്നികഃ. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
നന്ദശോകാപനയനം നാമ ഷട്ചത്വാരിംശത്തമോഽധ്യായഃ

* 'പ്രീതസ്യ' ഇതി വാ പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വൃന്ദത്തിൻ ശത്രുവാകിയ ഭോജേശനെ
നിഗ്രഹിച്ചതിൻശേഷം സാദരമടുത്തെത്തി

രങ്ഗസ്ഥലത്തുവച്ചാ ശ്രീകൃഷ്ണപരമാത്മാ
നിങ്ങളോടോതീടിന വാക്കുകരം സത്യ-
മാക്കും. 35

ഹേ മഹാഭാഗാ! സാദ്ധ്വീ! യശോദേ!-
ദുഃഖിക്കായ്വിൻ
ശ്രീമുരാന്തകൻ നിങ്ങരംക്കരികിൽ-
കാണായ്വരും

ആ വിഭു സർവ്വഭൂതഹൃദയാന്തർഭാഗത്തി-
ലാവസിക്കുന്നി,തഗ്നി കാഷ്ഠത്തിലെന്ന-
പോലെ. 36

അനഭിമാനിയാകുമവനില്ലൊരാളിഷ്ട-
നനിഷ്ടനില്ല തുല്യനില്ലോത്താലതുല്യനും

ഉത്തമനധമനുമെന്ന ഭേദവുമില്ലീ-
വിഷ്ടപത്തിങ്കലൊന്നിനോടുമില്ലൊരു-
ബന്ധം. 37

അമ്മയില്ലില്ലച്ഛനും ഭാര്യയും പുത്രാദിയു-
മമ്മുകുന്ദനു പാക്കിലില്ലാരും സ്വകീയരും

പരകീയരുമില്ല ജന്മവും ശരീരവു-
മൊരുകാലത്തുമില്ലെന്നറിക ഗോകുലേശാ! 38

ഉലകിലവന്നില്ല കർമ്മമെങ്കിലും ധർമ്മം
നിലനിറുത്തിസ്സാധുജനത്തെ രക്ഷിക്കുവാൻ

ലീലയായുച്ചനീചസമ്മിശ്രയോനിതോറും
ചാലവേ കർമ്മത്തിനൊത്താവിർഭവിക്കു-
ന്നിതേ. 39

ഗുണഹീനനായ് വികാരാതീതനാണെങ്കിലു-
മനിശം ലീലയായിസ്സത്ത്വാദിഗുണത്രയം

സ്വീകരിച്ചവയെക്കൊണ്ടജനായുള്ളോരിവൻ
ലോകത്തെയുളവാക്കിക്കാത്തഴിച്ചീടുന്നിതു. 40

തലക്കറക്കമുള്ള മനുഷ്യനെപ്പോഴമീ-
യിള കറങ്ങുന്നെന്നുതോന്നുമ്പോലഹംധീയാൽ

മനസ്സു കർത്താവായിട്ടിരിക്കെയജ്ഞാനികരം
നിനപ്പൂ കർത്താവായിട്ടകർത്താവാത്മാവിനെ. 41

ഭഗവാൻ കൃഷ്ണൻ യുഷ്മത്തനയൻ മാത്രമല്ല
സകലപേക്കും തന്നുജനുമാത്മാവുതാനും

മാതാവും താതൻതാനുമീശനുമാണെന്നതു
ചേതസ്സിലുറപ്പിച്ചുകൊള്ളുക ശുദ്ധബുദ്ധേ! 42

കണ്ടതും നാം കേട്ടതുമിപ്പോഴുള്ളതും മേലി-
ലുണ്ടാകുന്നതും കീഴിലുദ്ഭൂതമായുള്ളതും

ചെറുതും വൻപിച്ചതും സ്ഥിരങ്ങരം ചരങ്ങളും
ഹരിതാൻ യഥാർത്ഥത്തിലെല്ലാ,മില്ലന്യ-
മൊന്നും. 43

ഈവിധം കഥിച്ചവരിരിക്കെക്കഴിഞ്ഞിതാ
രാവുടൻ, ഗോപാങ്ഗനാജനങ്ങളെഴുന്നേററു

വിളക്കു കത്തിച്ചു വീടടിച്ചുവാരിത്തളി-
ച്ചലങ്കരിച്ചു തയിരരങ്ങിത്തുടങ്ങിനാർ. 44

കങ്കണമാലയാന്ന കൈകളാൽ കടകോലിൽ-
ത്തങ്കുമപ്പാശമാശു പിടിച്ചുവലിക്കയാൽ

ചലിക്കും നിതംബങ്ങരം കുചങ്ങരം
ഹാരങ്ങരം കാ-
തിലകളാലേ ശോഭിച്ചീടുന്ന കപോലങ്ങരം

കുങ്കുമാരുണമുഖമെന്നിവ ചേന്നീടുമ-
മ്മങ്കമാർ മിന്നി ദീപദീപ്തരത്നങ്ങളാലേ. 45

തയിരരങ്ങുംശബ്ദഘോഷത്തിന്നിടയിലു-
ടയന്നു ഗോപിമാർതൻ കൃഷ്ണാപദാനഗാനം.

ആയതു കേട്ടീടുന്ന ദിഗന്തങ്ങളിൽനിന്നു
പോയീടുന്നിതു ശീഘ്രമശുഭമോകമാനം. 46

സൂര്യോദയത്തിൽ ഗോപനാരികരം നന്ദാലയ-
ദ്വാരത്തിൽ കിടക്കുമസ്സുവർണ്ണരഥം കണ്ടു

ആരുടേതായിരിക്കാമിദ്ദിവ്യമണിത്തേരെ-
ന്നോരോരുത്തരും തമ്മിൽച്ചോദിച്ചു-
തുടങ്ങിനാർ, 47

''ആരൊരാരം മുന്നം കംസകാര്യത്തിനിങ്ങു-
വന്നു
സാരസാക്ഷനെ മധുപുരിയിൽ കൊണ്ടുപോയി

ദുഃഖമീ നമുക്കെല്ലാമേററിവച്ചിരിക്കുന്നോ-
രക്രൂരനാമാ ക്രൂരൻ വന്നിരിക്കയോ വീണ്ടും? 48

മൃതനാം തത്സ്വാമിതൻ പ്രീണന-
ത്തിന്നുള്ള നി-
ഷ്കൃതിയും നമ്മേക്കൊണ്ടു സാധിപ്പാനാശി-
ക്കയോ?''

ഗോപികളിപ്രകാരം കഥിക്കെത്തദന്തികം
പ്രാപിച്ചാൻ സന്ധ്യാച്ചനകഴിച്ചുകൃഷ്ണ-
ദൂതൻ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച

തം വീക്ഷ്യ കൃഷ്ണാനുചരം വ്രജസ്ത്രിയഃ
പ്രലംബബാഹും നവകഞ്ജലോചനം
പീതാംബരം പുഷ്കരമാലിനം ലസ-
ന്മുഖാരവിന്ദം മണിമൃഷ്ടകുണ്ഡലം. 1

''ശുചിസ്മിതാഃ കോഽയമപീച്യദർശനഃ
കുതശ്ച കസ്യാച്യുതവേഷഭൂഷണഃ''
ഇതി സ്മ സർവ്വാഃ പരിവവ്രുരുത്സുകാ-
സ്തമുത്തമശ്ലോകപദാംബുജാശ്രയം. 2

തം പ്രശ്രയേണാവനതാഃ സുസത്കൃതം
സവ്രീഡഹാസേക്ഷണസൂനൃതാദിഭിഃ
രഹസ്യപൃച്ഛന്നുപവിഷ്ടമാസനേ
വിജ്ഞായ സന്ദേശഹരം രമാപതേഃ. 3

''ജാനീമസ്ത്വാം യദുപതേഃ പാർഷദം സമുപാഗതം
ഭർത്രേഹ പ്രേഷിതം പിത്രോർഭവാൻ പ്രിയചികീർഷയാ. 4

അന്യഥാ ഗോവ്രജേ തസ്യ സ്മരണീയം ന ചക്ഷ്മഹേ
സ്നേഹാനുബന്ധോ ബന്ധൂനാം മുനേരപി സുദുസ്ത്യജഃ. 5

അന്യേഷ്വർത്ഥകൃതാ മൈത്രീ യാവദർത്ഥവിഡംബനം
പുംഭിഃ സ്ത്രീഷു കൃതാ യദ്വത് സുമനസ്സ്വിവ ഷട്പദൈഃ. 6

നിസ്സ്വം ത്യജന്തി ഗണികാ, അകല്പം നൃപതിം പ്രജാഃ,
അധീതവിദ്യാ ആചാര്യ,മൃത്വിജോ ദത്തദക്ഷിണം, 7

ഖഗാ വീതഫലം വൃക്ഷം, ഭുക്ത്വാ ചാതിഥയോ ഗൃഹം,
ദഗ്ധം മൃഗാസ്തഥാരണ്യം, ജാരോ ഭുക്ത്വാ രതാം സ്ത്രിയം.'' 8

ഇതി ഗോപ്യോ ഹി ഗോവിന്ദേ ഗതവാക്കായമാനസാഃ
കൃഷ്ണദൂതേ വ്രജം യാതേ ഉദ്ധവേ ത്യക്തലൗകികാഃ. 9

ഗായന്ത്യഃ പ്രിയകർമ്മാണി രുദന്ത്യശ്ച ഗതഹ്രിയഃ
തസ്യ സംസ്മൃത്യ സംസ്മൃത്യ യാനി കൈശോരബാല്യയോഃ. 10

കാചിന്മധുകരം ദൃഷ്ട്വാ ധ്യായന്തീ കൃഷ്ണസങ്ഗമം
പ്രിയപ്രസ്ഥാപിതം ദൂതം കല്പയിത്വേദമബ്രവീത്. 11

ഗോപ്യുവാച

മധുപ, കിതവബന്ധോ, മാ സ്പൃശാങ്ഘ്രിം സപത്ന്യാഃ
കുചവിലുളിതമാലാകുങ്കുമശ്മശ്രുഭിർനഃ
വഹതു മധുപതിസ്തന്മാനിനീനാം പ്രസാദം
യദുസദസി വിഡംബ്യം യസ്യ ദൂതസ്ത്വമീദൃക്. 12

സകൃദധരസുധാം സ്വാം മോഹിനീം പായയിത്വാ
സുമനസ ഇവ സദ്യസ്തത്യജേഽസ്മാൻ ഭവാദൃക്
പരിചരതി കഥം തത്പാദപദ്മം തു പദ്മാ
ഹ്യപി ബത ഹൃതചേതാ ഉത്തമശ്ലോകജല്പൈഃ. 13

കിമിഹ ബഹു ഷഡങ്ഘ്രേ, ഗായസി ത്വം യദൂനാ-
മധിപതിമഗൃഹാണാമഗ്രതോ നഃ പുരാണം
വിജയസഖസഖീനാം ഗീയതാം തത്പ്രസങ്ഗഃ
ക്ഷപിതകുചരുജസ്തേ കല്പയന്തീഷ്ടമിഷ്ടാഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 47

ഉദ്ധവദൗത്യ്—ഭ്രമരഗീതം, ഉദ്ധവപ്രതിയാനം

ശ്രീശുകൻ പറഞ്ഞു

നീണ്ടുരുണ്ടുള്ള ബാഹുദണ്ഡങ്ങളൊ-
ത്തിണങ്ങി-
ത്തണ്ടലർമാലയിട്ട നവാംബുജാക്ഷനായി
മിന്നുന്ന മുഖാബ്ജവും രത്നശോഭിതങ്ങളാം
കുണ്ഡലങ്ങളുമൊത്തു മുന്നിലായ് ശോഭിച്ചീടും
ദൈത്യാരിദേവാനുഗവൃന്ദാഗ്രഗണ്യനാകു-
മുദ്ധവൻതന്നെഗ്ഗോപീജനങ്ങൾ കണ്ടീടിനാർ. 1
''നല്ല പുഞ്ചിരിപൂണ്ട ചാരുദർശനനായി
മല്ലാരിക്കൊത്ത വേഷഭൂഷകളണിഞ്ഞിട്ടും
ഇവനാരെവിടെനിന്നായിടാമിങ്ങു വന്ന-
തിവനു ബന്ധുക്കളോ''രെന്നൊക്കെയറിഞ്ഞി-
ട്ടാൻ
ഉത്സുകരായീടുമഗ്ഗോപനാരികൾ വേഗം
തത്സവിധത്തിലെത്തിച്ചുററുമായ്
നിന്നീടിനാർ. 2
അവനെ വാസുദേവസന്ദേശവാഹിയെന്നാ-
യവരുമറിഞ്ഞേററമാദരവോടുകൂടി
നമിച്ചു സൽക്കരിച്ചു പീഠത്തിലിരുത്തിയി-
ട്ടുമായമേകാന്തത്തിൽ ചോദിച്ചാരിപ്രകാരം: 3
''ഇങ്ങുവന്നിരിക്കുന്നോരങ്ങുന്നമ്മുകുന്ദൻത-
ന്നിങ്ഗിതജ്ഞനാം ദൂതനെന്നറിയുന്നു ഞങ്ങൾ
അച്ഛനമ്മമാർക്കിഷ്ടം ചെയ്യുവാനിച്ഛിച്ചിട്ടു-
മച്യുതനങ്ങേയിങ്ങോട്ടയച്ചിരിക്കയാവാം. 4
അല്ലാതദ്ദേഹത്തിനിഗ്ഗോഷ്ഠത്തിൽ
സ്മരിക്കവാൻ
വല്ലതുമുള്ളതായിക്കാണുന്നതില്ല ഞങ്ങൾ.
കഴിയാ ബന്ധുക്കൾതൻ സ്നേഹപാശത്തിൽ-
നിന്നു-
മൊഴിയാൻ ബ്രഹ്മജ്ഞനാം മുനിക്കും
നിനയ്ക്കുകിൽ. 5
അന്യരിൽ കാര്യസാദ്ധ്യംവരെ മാത്രമേ നില-
നിന്നീടു മൈത്രി മന്നിൽ മർത്ത്യർക്കു സാധാ-
രണം.
കാമിനിമാരിൽ സ്നേഹം പുമാന്മാർ വെടിയുന്നു
കാമപൂർത്തിയിൽ, മധുകരങ്ങൾ പൂക്കളിൽ-
പ്പോൽ. 6
ദാസികൾ നിസ്സ്വനേയും, പ്രജകളശക്തനാം
ഭൂശാസിതാവിനേയും, പഠിച്ചു വിദ്വാനായോൻ
ഗുരുവിനേയു,മൃത്വിക്പ്രകരം ദക്ഷിണാന-
ന്തരമായാജ്യനേയും സന്ത്യജിച്ചീടുന്നിതു. 7
പതത്രിഗണം ഫലമററ പാദപത്തേയു-
മതിഥി ഗേഹത്തെയുമതുപോൽ മൃഗാവലി
വെന്ത കാനനത്തെയും, ജാരനാസക്തയാകും
സുന്ദരിയേയുമനുഭവിച്ചിട്ടുപേക്ഷിപ്പൂ.'' 8
ഈമട്ടു വാക്കും മെയ്യും മനസ്സും ഗോവിന്ദനി-
ലാമഗ്നമാക്കീടിന ഗോപികാങ്ഗനാവൃന്ദം
ശ്രീകൃഷ്ണദൂതനാകുമുദ്ധവൻ വ്രജംഗത-
നാകവേ സന്ത്യജിച്ചു സമസ്തവ്യാപാരവും. 9
ബാല്യകൈശോരകാലത്തൊക്കെയെക്കണ്ണൻ-
ചെയ്ത
സല്ലീലയോരോന്നോരത്തോർത്തുമേ
ലജ്ജയെന്യേ
അത്യന്തമിഷ്ടപ്പെട്ടമക്കഥയുച്ചം പാടി-
ത്തുടിരഹാർത്തി മുഴുത്തു കരഞ്ഞുതുടങ്ങിനാർ. 10
ഒരുത്തി വണ്ടിനെക്കണ്ടച്യുതസങ്ഗമത്തെ
സ്മരിച്ചുസ്സരോരുഹനേത്രനിങ്ങയച്ചതാം
ഒരു ദൂതനാണിവനെന്നു സങ്കല്പിച്ചുട-
നരുളിച്ചെയ്തീടിനാളവനോടിപ്രകാരം. 11

ഗോപസ്ത്രീ പറഞ്ഞു

മധുപാ! കിതവസുഹൃത്തേ! നീയസ്സപത്നി
വധൂടീസ്തനങ്ങളിലിളകിക്കിടന്നിട്ടും
മാലയിൽനിന്നുമാന്ന കുങ്കുമപങ്കത്തിനാൽ
മാലിന്യമിയന്ന നിൻ മുഖരോമങ്ങളാലേ
തൊട്ടുപോകരുതസ്മത്പാദങ്ങൾ, യാദവന്മാ-
രൊട്ടുക്കു ഹസിക്കുമാറപ്പെണ്ണുങ്ങളെയെല്ലാം
നമിച്ചമ്മധുപതി നേടട്ടെ തത്പ്രസാദം
സമർത്ഥൻ നീ തദ്ദൂത,നവനു ചേരുവോൻ-
താൻ. 12
നിന്നോടുസമനവൻ പൂക്കളെ നീയെന്നപോൽ
തന്നെ മോഹനമാകും തദീയാധരാമൃതം
ഒരിക്കൽമാത്രം പാനംചെയ്യിച്ചീ ഞങ്ങളേയും
തെരിക്കെന്നുപേക്ഷിച്ചു കടന്നുകളഞ്ഞിതു.
എങ്ങനെ നിത്യവും തത്പദാബ്ജപരിചര്യ
മങ്ഗലഗാത്രിയാകും ശ്രീദേവി സാധിക്കുന്നു
ഉത്തമശ്ലോകൻ നിജമുഗ്ദ്ധവാക്യങ്ങളാൽത്ത-
ച്ചിത്തവുമപഹരിച്ചിരിക്കും തർക്കമില്ല. 13
ഷൾപദമേ! നീയെന്തിന്നാലയംപോലുമററാ-
രിപ്പരിഷയ്ക്കുമുന്നിൽ മുൻവ്രജാധീശനാകും
കണ്ണനെപ്പററിയേററം വർണ്ണിച്ചു പാടീടുന്ന-
തിന്നവൻ മഥുരയിൽ യദുനാഥനായ് വാഴ്വു.
അവിടെച്ചെന്നപ്പാർത്ഥസഖാവിൻ സഖീജന-
ശ്രവണവിഷയമാക്കീടുകിഗ്ഗാനാമൃതം.
എന്നും തദാലിങ്ഗനാനന്ദനിർവൃതരാമ-
ത്തരുണികൾ നിന്നഭീഷ്ടമഖിലം
സാധിപ്പിക്കും. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവി ഭുവി ച രസായാം കാഃ സ്ത്രിയസ്തദ്ദുരാപാഃ
കപടരുചിരഹാസഭ്രൂവിജൃംഭസ്യ യാഃ സ്യുഃ
ചരണരജ ഉപാസ്തേ യസ്യ ഭൂതിർവയം കാ
അപി ച കൃപണപക്ഷേ ഹ്യുത്തമശ്ലോകശബ്ദഃ. 15

വിസൃജ ശിരസി പാദം വേദ്മ്യഹം ചാടുകാരൈ-
രനുനയ വിദുഷസ്തേഽഭ്യേത്യ ദൗത്യൈർമ്മുകുന്ദാത്
സ്വകൃത ഇഹ വിസൃഷ്ടാപത്യപത്യന്യലോകാ
വ്യസൃജദകൃതചേതാഃ കിം നു സന്ധേയമസ്മിൻ. 16

മൃഗയുരിവ കപീന്ദ്രം വിവ്യധേ ലുബ്ധധർമ്മാ
സ്ത്രിയമകൃത വിരൂപാം സ്ത്രീജിതഃ കാമയാനാം
ബലിമപി ബലിമത്ത്വാവേഷ്ടയദ്ധ്വാങ്ക്ഷവദ്യ-
സ്തദലമസിതസഖ്യൈർദുസ്ത്യജസ്തത്കഥാർത്ഥഃ. 17

യദനുചരിതലീലാകർണ്ണപീയൂഷവിപ്രുട്-
സകൃദദനവിധൂതദ്വന്ദ്വധർമ്മാ വിനഷ്ടാഃ
സപദി ഗൃഹകുടുംബം ദീനമുത്സൃജ്യ ദീനാ
ബഹവ ഇഹ വിഹംഗാ ഭിക്ഷുചര്യാം ചരന്തി. 18

വയമൃതമിവ ജിഹ്മവ്യാഹൃതം ശ്രദ്ദധാനാഃ
കുലികരുതമിവാജ്ഞാഃ കൃഷ്ണവധ്വോ ഹരിണ്യഃ
ദദൃശുരസകൃദേതത്തന്നഖസ്പർശതീവ്ര-
സ്മരരുജ ഉപമന്ത്രിൻ ഭണ്യതാമന്യവാർത്താ. 19

പ്രിയസഖ പുനരാഗാഃ പ്രേയസാ പ്രേഷിതഃ കിം
വരയ കിമനുരുന്ധേ മാനനീയോഽസി മേഽംഗ
നയസി കഥമിഹാസ്മാൻ ദുസ്ത്യജദ്വന്ദ്വപാർശ്വം
സതതമുരസി, സൗമ്യ, ശ്രീർവ്വധൂഃ സാകമാസ്തേ. 20

അപി ബത മധുപുര്യാമാര്യപുത്രോഽധുനാഽഽസ്തേ
സ്മരതി സ പിതൃഗേഹാൻ, സൗമ്യ, ബന്ധൂംശ്ച ഗോപാൻ
ക്വചിദപി സ കഥാ നഃ കിങ്കരീണാം ഗൃണീതേ
ഭുജമഗുരുസുഗന്ധം മൂർദ്ധ്ന്യധാസ്യത് കദാ നു. 21

ശ്രീശുക ഉവാച

അഥോദ്ധവോ നിശമ്യൈവം കൃഷ്ണദർശനലാലസാഃ
സാന്ത്വയൻ പ്രിയസന്ദേശൈർഗ്ഗോപീരിദമഭാഷത. 22

ഉദ്ധവ ഉവാച

അഹോ യൂയം സ്മ പൂർണ്ണാർത്ഥാ ഭവത്യോ ലോകപൂജിതാഃ
വാസുദേവേ ഭഗവതി യാസാമിത്യർപ്പിതം മനഃ. 23

ദാനവ്രതതപോഹോമജപസ്വാധ്യായസംയമൈഃ
ശ്രേയോഭിർവിവിധൈശ്ചാന്യൈഃ കൃഷ്ണേ ഭക്തിർഹി
സാധ്യതേ. 24

ഭഗവത്യുത്തമശ്ലോകേ ഭവതീഭിരനുത്തമാ
ഭക്തിഃ പ്രവർത്തിതാ ദിഷ്ട്യാ മുനീനാമപി ദുർല്ലഭാ. 25

ദിഷ്ട്യാ പുത്രാൻ പതീൻ ദേഹാൻ സ്വജനാൻ ഭവനാനി ച
ഹിത്വാഽവൃണീത യൂയം യത് കൃഷ്ണാഖ്യം പുരുഷം പരം. 26

സർവ്വാത്മഭാവോഽധികൃതോ ഭവതീനാമധോക്ഷജേ
വിരഹേണ, മഹാഭാഗാ, മഹാൻ മേഽനുഗ്രഹഃ കൃതഃ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ചിതമാകും കള്ളപ്പുഞ്ചിരിയാലും ചില്ലി-
ത്തഞ്ചലനത്തിനാലുമവൻ നാകത്തിലും
ഭൂവിലും പാതാളത്തുമേതൊരു നാരിയാളെ-
ക്കൈവശപ്പെടുത്തുവാൻ സാധിച്ചീടാതെയുള്ളൂ?
സമ്പദ്ദേവതയാകും ശ്രീമഹാലക്ഷ്മിപോലും
സമ്പ്രീതിപൂർവ്വം സേവിക്കുന്ന തത്പദധൂളി.
മോശക്കാരാട്ടെ ഞങ്ങളുത്തമശ്ലോകനാമ-
ഭൂഷിതനവൻ ദീനരക്ഷ ചെയ്യേണ്ടോനല്ലേ? 15
വണ്ടേ! നീയെന്റെ കാല്ക്കൽ വീഴേണ്ട കണ്ണനോടു
വേണ്ട കള്ളങ്ങളെല്ലാം പഠിച്ചുവന്നവൻ നീ.
പറഞ്ഞു മയക്കുവാൻ പാടവം നിനക്കേറു-
മറിയാമെനിക്കതു നമ്മോടു ഫലിച്ചീടാ.
അവനെ വിശ്വസിച്ചിട്ടിവിടെ ഭർത്തൃപുത്ര-
ഭവനാദിയും പാരലൗകികകർമ്മങ്ങളും
ഒക്കെയും സന്ത്യജിച്ചോരെന്നെക്കൈവിട്ടു-
പോയോ-
രക്കൃതഘ്നനമായിട്ടെന്തിനാണിനിസ്സന്ധി. 16
ധർമ്മഹീനനാം വേടനെപ്പോലവൻ കപീന്ദ്രനെ-
ച്ചെമ്മേ മറഞ്ഞുനിന്നിട്ടൊളിയമ്പെയ്തു
കൊന്നാൻ,
കാമിനീജിതനായിക്കാമിച്ചു വന്നീടിന
ഭാമിനിക്കംഗഭംഗം വരുത്തിവിട്ടു പിന്നെ,
ബലിഭുക്കെന്നപോലെ ബലി ഭക്ഷിച്ചിട്ടുടൻ
ബലിയെ വേഷ്ടനംചെയ്തധഃപതിപ്പിച്ചിതു.
അതിനാലെനിക്കിനിക്കറുത്ത നിറമാളും
കിതവനോടുള്ളൊരു സൗഹൃദം വേണ്ടേ വേണ്ട.
എന്നൊക്കെയിരിക്കിലും തത്കഥാസാരാമൃത-
മെന്നുമേ ദുസ്ത്യജം താനെന്തൊന്നു
ചെയ്തിടേണ്ടു! 17
ആരുടെ ചാരുലീലാചരിതകർണ്ണാമൃത-
സാരത്തിലൊരുതുള്ളിയെങ്കിലുമാസ്വദിപ്പോർ
ദ്വന്ദ്വധർമ്മങ്ങളും വിട്ടിട്ടേററവും വിനഷ്ടരായ്
ഖിന്നമാം ഗൃഹത്തെയും കുടുംബത്തെയും തള്ളി-
ലക്ഷക്കണക്കിൽ പക്ഷിഗണങ്ങളെന്നമട്ടിൽ
ഭിക്ഷുചര്യയെയനുഷ്ഠിച്ചുപോരുന്നു പാരിൽ. 18
അറിവററീടുന്നൊരു കരിമാൻ പേടമാര-
ക്കിരാതനിനദത്തെയെന്നപോലീ ഞങ്ങളും
കൃഷ്ണന്റെ കപടവാക്കൊക്കെയും നേരെ-
ന്നോർത്തി-
ട്ടന്നന്നായ് പലപ്പൊഴും തന്നഖസ്പർശതുല്യം
ഏററവും കഠിനമാം മന്മഥരുജപാര-
മേററിതു ദൂതാ! മററു വല്ലതും ചൊല്ലീടു നീ. 19
അല്ലയോ വണ്ടേ! നീ പോയ്‌വന്നുവോ
വീണ്ടും? പ്രിയൻ
മല്ലാരി ചൊല്ലിവിട്ടോ പിന്നെയും നിന്നെ-
ത്തന്നെ?

അങ്ങനെയെന്നാൽ, ബഹുമാനിച്ചീടുന്നു ഞങ്ങ-
ളിംഗിതമെന്തെന്നതു ചൊല്ലു സാധിക്കാം
സഖേ!
ഞങ്ങളെത്തത്സമീപം കൊണ്ടുപോകാനാണു
നീ-
യിങ്ങുദ്യമിപ്പതെങ്കി,ലെങ്ങനെ വരും ഞങ്ങൾ?
അങ്ങുണ്ടു ദുസ്ത്യജമാം സപത്നീശത്രുപക്ഷം,
മംഗലദേവതയും വാഴ്‌വു തന്മാറിടത്തിൽ.20
അല്ലയോ സൗമ്യാ! പരം സന്തോഷമാര്യപുത്ര-
നല്ലലെന്നിയേ മധുപുരത്തിൽ വാഴുന്നുവോ!
അമ്മഹാൻ സാധുക്കളാം ബന്ധുക്കളേയുമച്ഛ-
നമ്മമാരെയും ഗോപന്മാരെയും ഗേഹങ്ങളും
സ്മരിക്കുന്നുണ്ടോ, വല്ലപ്പോഴുമീ ദാസിമാർതൻ
ചരിതമെന്തെങ്കിലുമരുളീടുമാറുണ്ടോ?
അകിലിൻമണമാളും തത്കരമിക്കിങ്കരീ-
ചികുരങ്ങളിലണച്ചീടുമോ വല്ലനാളും? 21

ശ്രീശുകൻ പറഞ്ഞു

ഉദ്ധവൻ പിന്നെ നന്ദനന്ദനദർശനത്തി-
ലത്യാശയോടു വാഴുമാ ഗോപനാരിമാരെ
പ്രിയസന്ദേശവാക്കാൽ സാന്ത്വനം
ചെയ്തുകൊണ്ടു
നയചാതുര്യത്തോടു ചൊല്ലിനാനിപ്രകാരം. 22

ഉദ്ധവൻ പറഞ്ഞു

ആശ്ചര്യം സർവ്വലോകപൂജിതകളാം നിങ്ങൾ
നിശ്ചയം സാധിച്ചിതു ജന്മത്തിൻ പ്രയോജനം.
നിങ്ങൾക്കു ഭഗവാൻ ശ്രീവാസുദേവനിലന്ത-
രംഗമർപ്പിക്കാനിടയായതു ഭാഗ്യംതന്നെ. 23
ദാനങ്ങൾ വ്രതതപോഹോമങ്ങൾ ജപങ്ങളു-
മൂനമററെഴും വേദാദ്ധ്യയനം യോഗങ്ങളും
അന്യങ്ങളായ നാനാശ്രേയസ്സുകളുംകൊണ്ടു
കൃഷ്ണനിൽ പരം പ്രേമം നേടുന്നു ജനാവലി. 24
മാമുനിമാർക്കുപോലും ദുർല്ലഭമാകും ശ്രേഷ്ഠ-
പ്രേമമുത്തമശ്ലോകനായിടും ഭഗവാനിൽ
ഭവതികൾക്കു ഭവിച്ചെന്നതു പാർത്തീടുകി-
ലവധിയററ യുഷ്മദ്ഭാഗധേയംതാൻ ദൃഢം. 25
സ്വജനഭർത്തൃപുത്രദേഹഗേഹങ്ങളെല്ലാം
ത്യജിച്ചു പാടേ മഹാഭാഗ്യത്താൽ നിങ്ങളെല്ലാം
കൃഷ്ണാഖ്യനായിപ്പരംപുരുഷനായ മഹാ-
വിഷ്ണുദേവാവതാരമൂർത്തിയെ വരിച്ചിതേ. 26
ശ്രീകൃഷ്ണഭഗവാനിലേകാന്തഭക്തി മഹാ-
ഭാഗമാർമണികളേ! നേടിക്കഴിഞ്ഞു നിങ്ങൾ
നിങ്ങടെ വിയോഗജദുഃഖവുമെനിക്കിപ്പോൾ
തുംഗാനുഗ്രഹമായിത്തീർന്നെന്നു
കരുതുന്നേൻ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രൂയതാം പ്രിയസന്ദേശോ ഭവതീനാം സുഖാവഹഃ
യമാദായാഗതോ, ഭദ്രാ, അഹം ഭർത്തു രഹസ്കരഃ. 28

ശ്രീഭഗവാനുവാച
ഭവതീനാം വിയോഗോ മേ ന ഹി സർവ്വാത്മനാ ക്വചിത്
യഥാ ഭൂതാനി ഭൂതേഷു ഖം വായ്വഗ്നിർജ്ജലം മഹീ
തഥാഹം ച മനഃപ്രാണഭൂതേന്ദ്രിയഗുണാശ്രയഃ. 29

ആത്മന്യേവാത്മനാഽഽത്മാനം സൃജേ ഹന്മ്യനുപാലയേ
ആത്മമായാനുഭാവേന ഭൂതേന്ദ്രിയഗുണാത്മനാ. 30

ആത്മാ ജ്ഞാനമയഃ ശുദ്ധോ വ്യതിരിക്തോഽഗുണാന്വയഃ
സുഷുപ്തിസ്വപ്നജാഗ്രദ്ഭിർമ്മായാവൃത്തിഭിരീയതേ. 31

യേനേന്ദ്രിയാർത്ഥാൻ ധ്യായേത മൃഷാ സ്വപ്നവദുത്ഥിതഃ
തന്നിരുന്ധ്യാദിന്ദ്രിയാണി വിനിദ്രഃ പ്രത്യപദ്യത. 32

ഏതദന്തഃ സമാമ്നായോ യോഗഃ സാംഖ്യം മനീഷിണാം
ത്യാഗസ്തപോ ദമഃ സത്യം, സമുദ്രാന്താ ഇവാപഗാഃ. 33

യത്ത്വഹം ഭവതീനാം വൈ ദൂരേ വർത്തേ പ്രിയോ ദൃശാം
മനസഃ സന്നികർഷാർത്ഥം മദനുധ്യാനകാമ്യയാ. 34

യഥാ ദൂരചരേ പ്രേഷ്ഠേ മനഃ ആവിശ്യ വർത്തതേ
സ്ത്രീണാം ച ന തഥാ ചേതഃ സന്നികൃഷ്ടേഽക്ഷിഗോചരേ 35

മയ്യാവേശ്യ മനഃ കൃത്സ്നം വിമുക്താശേഷവൃത്തി യത്
അനുസ്മരന്ത്യോ മാം നിത്യമചിരാന്മാമുപൈഷ്യഥ. 36

യാ മയാ ക്രീഡതാ രാത്ര്യാം വനേഽസ്മിൻ വ്രജ ആസ്ഥിതാഃ
അലബ്ധരാസാഃ കല്യാണ്യോ മാഽഽപുർമ്മദ്വീര്യചിന്തയാ. 37

ശ്രീശുക ഉവാച
ഏവം പ്രിയതമാദിഷ്ടമാകർണ്ണ്യ വ്രജയോഷിതഃ
താ ഊചുരുദ്ധവം പ്രീതാസ്തത്സന്ദേശാഗതസ്മൃതീഃ. 38

ഗോപ്യ ഊചുഃ
ദിഷ്ട്യാഹിതോ ഹതഃ കംസോ യദൂനാം സാനുഗോഽഘകൃത്
ദിഷ്ട്യാപ്തൈർല്ലബ്ധസർവ്വാർത്ഥൈഃ കുശല്യാസ്തേഽച്യു-
തോഽധുനാ. 39

കച്ചിദ്ഗദാഗ്രജഃ സൗമ്യ, കരോതി പുരയോഷിതാം
പ്രീതിം നഃ സ്നിഗ്ദ്ധസവ്രീഡഹാസോദാരേക്ഷണാർച്ചിതഃ. 40

കഥം രതിവിശേഷജ്ഞഃ പ്രിയശ്ച വരയോഷിതാം
നാനുബദ്ധ്യേത തദ്വാക്യൈർവ്വിഭ്രമൈശ്ചാനുഭാജിതഃ. 41

അപി സ്മരതി നഃ സാധോ ഗോവിന്ദഃ പ്രസ്തുതേ ക്വചിത്
ഗോഷ്ഠീമധ്യേ പുരസ്ത്രീണാം ഗ്രാമ്യാഃ സ്വൈരകഥാന്തരേ. 42

താഃ കിം നിശാഃ സ്മരതി യാസു തദാ പ്രിയാഭിർ-
വൃന്ദാവനേ കുമുദകുന്ദശശാങ്കരമ്യേ
രേമേ ക്വണച്ചരണനൂപുരരാസഗോഷ്ഠ്യാ-
മസ്മാഭിരീഡിതമനോജ്ഞകഥഃ കദാചിത്. 43

അപ്യേഷ്യതീഹ ദാശാർഹസ്തപ്താഃ സ്വകൃതയാ ശുചാ
സഞ്ജീവയൻ നു നോ ഗാത്രൈര്യഥേന്ദ്രോ വനമംബുദൈഃ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭർത്താവിൻ രഹസ്യങ്ങളറിയും ഞാനിസ്ഥല-
ത്തെത്തിയതിപ്പോളേതൊന്നാവഹിച്ചുകൊ-
ണ്ടാണോ
നിങ്ങൾക്കു സുഖദമാമാ പ്രിയസന്ദേശത്തെ
മങ്ഗലഗാത്രിമാരേ! സാദരം കേട്ടുകൊൾ-
വിൻ. 28

ശ്രീഭഗവാൻ പറഞ്ഞു

ഒരുകാലത്തും സമസ്താത്മാവാമെന്നോടില്ല
വിരഹമെന്നോർക്കുവിൻ ഭാഗ്യശാലിനിമാരേ!
പഞ്ചഭൂതങ്ങളേതുവിധത്തിൽ സർവ്വഭൂത-
സഞ്ചയത്തിലും വ്യാപിച്ചിരിക്കുമതുപോലെ
മനഃപ്രാണങ്ങൾ ഭൂതേന്ദ്രിയങ്ങളെന്നിവററിൻ-
ഗുണങ്ങൾക്കധിഷ്ഠാനരൂപനായിരിപ്പു ഞാൻ. 29
ഭൂതങ്ങളിന്ദ്രിയങ്ങൾ ഗുണങ്ങൾ പ്രാണങ്ങളീ-
ജാതിയിൽ വിവിധമായെന്മായാപ്രഭാവ-
ത്താൽ
ആത്മാവേക്കൊണ്ടുതന്നെയാത്മാവേ നിരന്തര-
മാത്മാവിൽ സൃഷ്ടിക്കുന്നു പാലിക്കുന്നൊടു-
ക്കുന്നു. 30
ജ്ഞാനസ്വരൂപനായിദ്ദേഹഭിന്നനായ് ഗുണ-
ഹീനനായ് ശുദ്ധനായിട്ടാത്മാവു ശോഭിക്കുന്നു.
സുഷുപ്തിസ്വപ്നജാഗ്രത്ത്രിതയമായ വൃത്തി-
വിശേഷമാത്മാവിനു നാനാത്വം തോന്നി-
ക്കുന്നു. 31
ഉണർന്നിരിക്കുന്നവൻ സ്വപ്നസന്നിഭമായി
നിനച്ചീടണം സമസ്തേന്ദ്രിയാർത്ഥങ്ങളേയും.
ധ്യാനിച്ചതേതിനാലാണിന്ദ്രിയാർത്ഥങ്ങളെയാം-
മാനസം വിനിദ്രനായ് നിരോധിക്കയും
വേണം. 32
മനീഷികൾക്കു യോഗം സന്ന്യാസം സാംഖ്യം
തപോ-
ധനവും ദമം സത്യഭാഷണമെന്നിതെല്ലാം
മനസ്സംയമനത്തിൽച്ചെന്നവസാനിക്കുന്നി-
തനിശ,മാറാകവേയബ്ധിയിലെന്നപോലെ. 33
ഇഷ്ടനാം ഞാൻ നിങ്ങടെ ദൃഷ്ടികൾക്കതിദൂരം
വർത്തിക്കുന്നതു യുഷ്മച്ചിത്തനിഗ്രഹാർത്ഥംതാൻ.
മാമകാനുധ്യാനത്തിലുൽസുകം യുഷ്മന്മനം
വാമാക്ഷിമാരേ!യെന്നോടടുക്കാനതേ നല്ലു. 34
നാരീമാനസം ദൂരസ്ഥിതനാം പ്രേയാനിൽ
പോൽ
ചാരത്തുപെടുമിഷ്ടവസ്തുവിലെത്തിച്ചേരാ. 35
അന്യമാം വിചാരങ്ങളാകവേ പരിത്യജി-
ച്ചെന്നിൽത്താൻ മാനസത്തെ നല്ലപോലുറപ്പിച്ചു
എന്നെയെപ്പോഴും ധ്യാനിച്ചിരുന്നീടുന്ന നിങ്ങ-
ളെന്നോടുതന്നെ ചേരും കാലതാമസമെന്യേ 36
വൃന്ദാവനത്തിൽ നിശയിങ്കൽ ഞാൻ രാസലീല
തന്നിലേർപ്പെട്ടിരിക്കെയെന്നോടു ചേർന്നീടാതെ
ഗോഷ്ഠത്തിൽ വാണ വാമാമണികളെന്നാൽ-
ത്തന്നെ
പെട്ടെന്നു ചേർന്നുവല്ലോ മദ്വീര്യചിന്തന-
ത്താൽ. 37

ശ്രീശുകൻ പറഞ്ഞു

ഈമട്ടിൽ പ്രിയതമസന്ദേശം കേട്ടാ വ്രജ-
ഭാമിനീജനം പൂർവ്വസ്മരണയോടുകൂടി
ശ്രീകൃഷ്ണസാക്ഷാത്കാരമാർന്നപോൽ പ്രീത-
രായ-
ബ്ഭാഗവതാഗ്ര്യനോടായീവിധം കഥിച്ചിതു.
38

ഗോപികൾ പറഞ്ഞു

യദുക്കൾക്കെല്ലാം ദുഃഖപ്രദനാം വൈരിയായി
സ്ഥിതിചെയ്തിരുന്നൊരക്കംസനും കൂട്ടുകാരും
ഹതരായ്ക്കഴിഞ്ഞിതു ഭാഗധേയത്താലിപ്പോൾ
ദിതിജകുലാന്തകനാകുമാ വാസുദേവൻ
സകലസമ്പത്താർന്നു ബന്ധുമിത്രങ്ങൾ ചൂഴ്ന്നു
സുഖമായ് മഥുരയിൽ വസിച്ചീടുന്നതില്ലേ? 39
ഹേ സാധോ! ഞങ്ങടെയത്താമരക്കണ്ണൻ പുര-
യോഷാജനത്തിൻ ത്രപാസ്മേരവീക്ഷണങ്ങ-
ളാൽ
സത്കൃതനായിസ്സദാ സന്തുഷ്ടചിത്തനായ-
ബ്ഭാഗ്യശാലിനിമാരെ രസിപ്പിച്ചീടു-
ന്നില്ലേ? 40
രതിവിശേഷജ്ഞനായുത്കൃഷ്ടസ്ത്രീകൾ-
ക്കെല്ലാ-
മതീവ പ്രിയനായി മിന്നുമസ്സുന്ദരാങ്ഗൻ
തദ്വിലാസങ്ങളാലും തത്സംഭാഷണത്താലു-
മത്തന്വികൾക്കെങ്ങനെ ദാസനാകാതി-
രിക്കും! 41
സ്വച്ഛന്ദമപ്പട്ടണസുന്ദരീമദ്ധ്യത്തില-
ങ്ങച്യുതൻ സല്ലാപത്താലുല്ലസിച്ചിരിക്കവേ
ഗ്രാമീണാങ്ഗനമാരാം ഞങ്ങളെ വല്ലപ്പോഴു-
മാ മഹാൻ സ്മരിക്കുമോ ചൊല്ലുക
സാധുശീല! 42
ആമ്പലും മല്ലപ്പൂവും വിടർന്നു ശോഭിക്കവേ
അമ്പിളിയാകാശത്തിൽ തെളിഞ്ഞുവിളങ്ങവേ
വൃന്ദാവനത്തിൽ പ്രിയതമകളാകും ഞങ്ങൾ
വർണ്ണിച്ചു തല്ലീലകൾ പാടീടുന്നതു കേട്ടു
കാൽച്ചിലമ്പൊലി ചേർത്തു രാസരങ്ഗത്തി-
ലവൻ
സ്വച്ഛന്ദം രമിച്ചൊരാ നിശകളോർക്കുന്നുണ്ടോ? 43
സ്വകൃതദുഃഖങ്ങളാൽ തപിക്കുമീ ഞങ്ങളെ
മഘവാൻ മേഘങ്ങളാൽ ദഹിച്ച വനത്തെ-
പ്പോൽ,
അങ്ഗസംസ്പർശത്തിനാൽ ജീവി-
പ്പിക്കുവാനായി-
ട്ടിങ്ങു വന്നീടുമോ ചൊൽ ദാശാർഹനെന്നെ-
ങ്കിലും? 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കസ്മാത് കൃഷ്ണ ഇഹായാതി പ്രാപ്തരാജ്യോ ഹതാഹിതഃ
നരേന്ദ്രകന്യാ ഉദ്വാഹ്യ പ്രീതഃ സർവ്വസുഹൃദ്വൃതഃ. 45

കിമസ്മാഭിർവ്വനൗകോഭിരന്യാഭിർവ്വാ മഹാത്മനഃ
ശ്രീപതേരാപ്തകാമസ്യ ക്രിയേതാർത്ഥഃ കൃതാത്മനഃ. 46

പരം സൗഖ്യം ഹി നൈരാശ്യം സ്വൈരിണ്യപ്യാഹ
പിങ്ഗളാ
തജ്ജാനതീനാം നഃ കൃഷ്ണേ തഥാപ്യാശാ ദുരത്യയാ. 47

ക ഉത്സഹേത സന്ത്യക്തുമുത്തമശ്ലോകസംവിദം
അനിച്ഛതോഽപി യസ്യ ശ്രീരങ്ഗാന്ന ച്യവതേ ക്വചിത്. 48

സരിച്ഛൈലവനോദ്ദേശാ ഗാവോ വേണുരവാ ഇമേ
സങ്കർഷണസഹായേന കൃഷ്ണേനാചരിതാഃ പ്രഭോ. 49

പുനഃ പുനഃ സ്മാരയന്തി നന്ദഗോപസുതം, ബത!
ശ്രീനികേതൈസ്തത്പദകൈർവ്വിസ്മർത്തും നൈവ ശക്നുമഃ. 50

ഗത്യാ ലളിതയോദാരഹാസലീലാവലോകനൈഃ
മാധ്വ്യാ ഗിരാ ഹൃതധിയഃ കഥം തം വിസ്മരാമഹേ? 51

ഹേ നാഥ! ഹേ രമാനാഥ! വ്രജനാഥാർത്തിനാശന!
മഗ്നമുദ്ധര ഗോവിന്ദ! ഗോകുലം വൃജിനാർണ്ണവാത്. 52

ശ്രീശുക ഉവാച

തതസ്താഃ കൃഷ്ണസന്ദേശൈർവ്യപേതവിരഹജ്വരാഃ
ഉദ്ധവം പൂജയാഞ്ചക്രുർജ്ഞാത്വാഽഽത്മാനമധോക്ഷജം. 53

ഉവാസ കതിചിന്മാസാൻ ഗോപീനാം വിനുദഞ്ഛുചഃ
കൃഷ്ണലീലാകഥാം ഗായൻ രമയാമാസ ഗോകുലം. 54

യാവന്ത്യഹാനി നന്ദസ്യ വ്രജേഽവാത്സീത് സ ഉദ്ധവഃ
വ്രജൗകസാം ക്ഷണപ്രായാണ്യാസൻ കൃഷ്ണസ്യ വാർത്തയാ. 55

സരിദ്വനഗിരിദ്രോണീർവ്വീക്ഷൻ കുസുമിതാൻ ദ്രുമാൻ
കൃഷ്ണം സംസ്മാരയൻ രേമേ ഹരിദാസോ വ്രജൗകസാം. 56

ദൃഷ്ട്വൈവമാദി ഗോപീനാം കൃഷ്ണാവേശാത്മവിക്ലവം
ഉദ്ധവഃ പരമപ്രീതസ്താ നമസ്യന്നിദം ജഗൗ. 57

''ഏതാഃ പരം തനുഭൃതോ ഭുവി ഗോപവധ്വോ
ഗോവിന്ദ ഏവ നിഖിലാത്മനി രൂഢഭാവാഃ
വാഞ്ഛന്തി യദ്ഭവഭിയോ മുനയോ വയം ച
കിം ബ്രഹ്മജന്മഭിരനന്തകഥാരസസ്യ? 58

ക്വേമാഃ സ്ത്രിയോ വനചരീർവ്യഭിചാരദുഷ്ടാഃ?
കൃഷ്ണേ ക്വ ചൈഷ പരമാത്മനി രൂഢഭാവഃ?
നന്വീശ്വരോഽനുഭജതോഽവിദുഷോഽപി സാക്ഷാ-
ച്ഛ്റേയസ്തനോത്യഗദരാജ ഇവോപയുക്തഃ. 59

നായം ശ്രിയോഽങ്ഗ ഉ നിതാന്തരതേഃ പ്രസാദഃ
സ്വര്യോഷിതാം നളിനഗന്ധരുചാം കുതോഽന്യാഃ
രാസോത്സവേഽസ്യ ഭുജദണ്ഡഗൃഹീതകണ്ഠ-
ലബ്ധാശിഷാം യ ഉദഗാദ് വ്രജസുന്ദരീണാം. 60

ആസാമഹോ ചരണരേണുജുഷാമഹം സ്യാം
വൃന്ദാവനേ കിമപി ഗുല്മലതൗഷധീനാം
യാ ദുസ്ത്യജം സ്വജനമാര്യപഥം ച ഹിത്വാ
ഭേജുർമ്മുകുന്ദപദവീം ശ്രുതിഭിർവ്വിമൃഗ്യാം. 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അരിവൃന്ദത്തെക്കൊന്നു രാജ്യവും കൈക്കലാക്കി
നരേന്ദ്രകന്യമാരെക്കല്യാണംകഴിച്ചേററം
സന്തുഷ്ടനായിസ്സൗഹൃദ്വൃതനായ് വാഴും കൃഷ്ണ-
നെന്തിനായല്ലെങ്കിലീവ്രജത്തിൽ
വന്നീടണം? 45
മഹാത്മാവായി രമാകാന്തനായ് കാമങ്ങൾ നി-
ർവ്വഹിച്ചു വശീകൃതമാനസനായിരിക്കും
കണ്ണനിക്കാട്ടിൽ വാഴും ഞങ്ങളെക്കൊണ്ടോ മറ്റു
തന്വംഗിമാരെക്കൊണ്ടോ വല്ലതുമുണ്ടോ
കാര്യം? 46
നൈരാശ്യംതന്നെ പരം സൗഖ്യകാരണ-
മെന്നായ്
സ്വൈരിണീമണിയാമപ്പിംഗലതാനും
ചൊന്നാൾ.
അറിയാം ഞങ്ങൾക്കതെങ്കിലുമക്കൃഷ്ണനിൽ
പെരുകമാശ ഞങ്ങൾക്കടക്കാനില്ല ശക്തി. 47
ഇച്ഛിക്കാതിരുന്നിട്ടുമാരുടെ ദേഹത്തുനി-
ന്നച്ഛാംഗിയാം മംഗലദേവത മാറുന്നില്ല
ഉത്തമശ്ലോകനാകുമവന്റെ ചരിതത്തെ
പൃഥ്വിയിലേതൊരുത്തൻ ത്യജിപ്പാനു-
ത്സാഹിക്കും? 48
ശ്രീനികേതനമാകും തത്പദം പതിഞ്ഞുള്ള
കാനനഗിരിസരിദ്ദേശങ്ങൾ കാണുമ്പോഴും,
വേണുഗാനങ്ങൾ കേട്ടീടുന്നസന്ദർഭത്തിലും,
ചേണാർന്ന നന്ദഗോപനന്ദനനേയും പിന്നെ
രാമനോടൊത്തമ്മഹാൻ ചെയ്ത കർമ്മങ്ങളേയും
ഹേ മഹാമതേ! ഞങ്ങളോർത്തുപോകുന്നു വീണ്ടും.
അദ്ഭുതമത്രേ, ഞങ്ങൾ തത്കഥ
വിസ്മരിക്കാ-
നെപ്പോഴും ശ്രമിച്ചിട്ടും നിഷ്ഫലമായ്
ഭവിപ്പൂ. 49–50
ലളിതയാനത്താലും മോഹനമന്ദസ്മിതം
കലരും നോട്ടത്താലും തേൻചോരും ഗീരിനാലും
ഹൃതമാനസമാരായീടുമീ ഞങ്ങളങ്ങ-
മ്മതിനേർവദനനെയെങ്ങനെ വിസ്മരിക്കും? 15
ഹേ നാഥാ! രമാകാന്താ! ഗോകുലപതേ!
കൃഷ്ണാ!
ദീനസന്താപഹാരിൻ! ഗോവിന്ദാ! ദാമോദരാ!
ശോകാംബുരാശിതന്നിൽ മുഴുകിയിരിക്കുമീ-
ഗോകുലമങ്ങിക്ഷണമുദ്ധരിച്ചീടേണമേ. 52

ശ്രീശുകൻ പറഞ്ഞു

പുനരഗ്ഗോപീജനം കൃഷ്ണസന്ദേശവാക്യം
നിനച്ചു വിരഹാർത്തി വെടിഞ്ഞബ്ഭഗവാനെ
പരമാത്മാവെന്നറിഞ്ഞുദ്ധവൻതന്നെ നന്നായ്
പരിചരിച്ചു വേണ്ടവിധത്തിൽ പൂജിച്ചിതു. 53
നന്ദജചാരുലീലാചരിതം ഗാനംചെയ്ത-
പ്പെണ്ണുങ്ങളുടെ ദുഃഖം ഹരിച്ചുകൊണ്ടങ്ങനെ
ഉദ്ധവൻ കുറേമാസമാവസിച്ചമ്പാടിയിൽ
തത്രസ്ഥജനങ്ങളെയത്യന്തം രമിപ്പിച്ചാൻ. 54
ഉദ്ധവൻ ഗോകുലത്തിൽ വാണനാളോരോനാളും
ദൈത്യനാശനകഥാവർണ്ണനംമൂലമായി
ഗോഷ്ഠവാസികൾക്കെല്ലാം മുഹൂർത്തസമാനമായ്-
മാത്രമേ തോന്നിയുള്ളു ഗോത്രാധീശ്വരമൗലേ!
55
അദ്രികൾ സരിത്തുകൾ ഗുഹകൾ വനങ്ങളും
പൂത്ത പാദപങ്ങളും നിത്യവും കണ്ടുകൊണ്ടും
ഗോകുലജനങ്ങളിൽ ശ്രീഹരിസ്തുതിചേർത്തും
വൈകുണ്ഠഭക്തനാകുമുദ്ധവൻ രമിച്ചിതേ. 56
നന്ദജാവേശത്തിനാലിത്തരമുള്ള ഗോപ-
സുന്ദരീജനചിത്തവിക്ലവം കണ്ടു പാരം
തുഷ്ടനായ് സ്ത്രീകളെ നമിക്കാനിച്ഛിച്ചൊരു
പാട്ടുപാടിനാനവനുച്ചത്തിലിപ്രകാരം: 57
''ശരീരം യഥാർത്ഥത്തിൽ ധരിച്ചീടുവോരിന്നി-
ദ്ധരയിൽ ഗോപാംഗനാജനങ്ങളത്രേ ദൃഢം.
ഇവർക്കു നിഖിലാത്മാ ഭഗവാൻ ഗോവിന്ദനിൽ
ഭവിച്ചിരിക്കുന്നിതു രൂഢമൂലമാം പ്രേമം.
അതു കൈവരാനത്രേ സംസാരഭീതന്മാരും
യതിവര്യന്മാരുമീ ഞങ്ങളും വാഞ്ഛിക്കുന്നു.
അനന്തകഥാരസമാസ്വദിച്ചീടുവോനു
നിനയ്ക്കിൽ ബ്രഹ്മജന്മംകൊണ്ടുമെന്തുള്ളൂ
ഫലം? 58
അബലമാരായ് നിത്യം വനവാസിനിമാരായ്
വ്യഭിചാരത്താൽ ദൂഷിച്ചവരാമിവരെങ്ങോ?
പരമാത്മാവാം കൃഷ്ണഭഗവാങ്കലെദൃഢ-
തരമാം ഭാവബന്ധമെവിടെ,യെന്തന്തരം!
അജ്ഞനായിരിക്കിലുമേതവൻ നിരന്തരം
പ്രാജ്ഞനാമീശനെസ്സംസേവനംചെയ്തീടുമോ,
ദിവ്യൗഷധത്തെയറിഞ്ഞീടാതെ സേവി-
പ്പോൻ മ-
ട്ടവ്യയശ്രേയസ്സവനിയന്നീടുന്നു നൂനം. 59
രാസലീലോത്സവത്തിൽ ഭഗവാൻ
വാസുദേവൻ
ദാസിമാരാകും ഗോപസ്ത്രീകൾതൻ
കണ്ഠങ്ങളിൽ
പാണികൾ സമർപ്പിച്ചു തന്മനോരഥമേകി
മാനസം തെളിഞ്ഞരുളീടിന നൽപ്രസാദം
നളിനസൗരഭ്യസൗകുമാര്യമാളും ദേവ-
ലലനമാർക്കും ശ്രീക്കുമി,ല്ലന്യർക്കുണ്ടോ പിന്നെ?
60
ദുസ്ത്യജസ്വജനങ്ങൾതമ്മെയുമാര്യധർമ്മ-
പദ്ധതിയേയും തള്ളി ശ്രുതിയാൽ തേടേണ്ടതാം
ഹരിമാർഗ്ഗത്തെയിവർ ഭജിച്ചാ,രിവർക്കെഴും
ചരണധൂളിയേററു മിന്നും വൃന്ദാവനത്തിൽ
വല്ല വല്ലിയോ പുല്ലോ മരുന്നോ പിന്നെ മററു-
വല്ലതുമായോ വന്നു ജനിപ്പാനിച്ഛിപ്പൂ ഞാൻ. 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാ വൈ ശ്രിയാർച്ചിതമജാദിഭിരാപ്തകാമൈ-
ര്യോഗേശ്വരൈരപി യദാത്മനി രാസഗോഷ്ഠ്യാം
കൃഷ്ണസ്യ തദ് ഭഗവതശ്ചരണാരവിന്ദം
ന്യസ്തം സ്തനേഷു വിജഹുഃ പരിരഭ്യ താപം. 62

വന്ദേ നന്ദവ്രജസ്ത്രീണാം പാദരേണുമഭീക്ഷ്ണശഃ
യാസാം ഹരികഥോദ്ഗീതം പുനാതി ഭുവനത്രയം.'' 63

ശ്രീശുക ഉവാച
അഥ ഗോപീരനുജ്ഞാപ്യ യശോദാം നന്ദമേവ ച
ഗോപാനാമന്ത്ര്യ ദാശാർഹോ യാസ്യന്നാരുരുഹേ രഥം. 64

തം നിർഗ്ഗതം സമാസാദ്യ നാനോപായനപാണയഃ
നന്ദാദയോഽനുരാഗേണ പ്രാവോചന്നശ്രുലോചനാഃ. 65

''മനസോ വൃത്തയോ നഃ സ്യുഃ കൃഷ്ണപാദാംബുജാശ്രയാഃ
വാചോഽഭിധായിനീർന്നാമ്നാം കായസ്തത് പ്രഹ്വണാദിഷു. 66

കർമ്മഭിർഭ്രാമ്യമാണാനാം യത്ര ക്വാപീശ്വരേച്ഛയാ
മങ്ഗലാചരിതൈർദ്ദാനൈഃ രതിർന്നഃ കൃഷ്ണ ഈശ്വരേ.'' 67

ഏവം സഭാജിതോ ഗോപൈഃ കൃഷ്ണഭക്ത്യാ നരാധിപ!
ഉദ്ധവഃ പുനരാഗച്ഛന്മഥുരാം കൃഷ്ണപാലിതാം. 68

കൃഷ്ണായ പ്രണിപത്യാഹ ഭക്ത്യുദ്രേകം വ്രജൗകസാം
വാസുദേവായ രാമായ രാജ്ഞേ ചോപായനാന്യദാത്. 69

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഉദ്ധവപ്രതിയാനേ സപ്തചത്വാരിംശത്തമോഽധ്യായഃ

അഷ്ടചത്വാരിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച
അഥ വിജ്ഞായ ഭഗവാൻ സർവ്വാത്മാ സർവ്വദർശനഃ
സൈരന്ധ്ര്യാഃ കാമതപ്തായാഃ പ്രിയമിച്ഛൻ ഗൃഹം യയൗ. 1

മഹാർഹോപസ്കരൈരാഢ്യം കാമോപായോപബൃംഹിതം
മുക്താദാമപതാകാഭിർവ്വിതാനശയനാസനൈഃ
ധൂപൈഃ സുരഭിഭിർദ്ദീപൈഃ സ്രഗ്ഗന്ധൈരപി മണ്ഡിതം. 2

ഗൃഹം തമായാന്തമവേക്ഷ്യ സാഽഽസനാത്
സദ്യഃ സമുത്ഥായ ഹി ജാതസംഭ്രമാ
യഥോപസങ്ഗമ്യ സഖീഭിരച്യുതം
സഭാജയാമാസ സദാസനാദിഭിഃ. 3

തഥോദ്ധവഃ സാധു തയാഭിപൂജിതോ
ന്യഷീദദുർവ്യാമഭിമൃശ്യ ചാസനം
കൃഷ്ണോഽപി തൂർണ്ണം ശയനം മഹാധനം
വിവേശ ലോകാചരിതാന്യനുവ്രതഃ. 4

സാ മജ്ജനാലേപദുകൂലഭൂഷണ-
സ്രഗ്ഗന്ധതാംബൂലസുധാസവാദിഭിഃ
പ്രസാധിതാത്മോപസസാര മാധവം
സവ്രീഡലീലോത്സ്മിതവിഭ്രമേക്ഷിതൈഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദിരയാലുമാപ്തകാമരാം ലോകേശാദി
വിണ്ണവശ്രേഷ്ഠരാലും യോഗീന്ദ്രവൃന്ദത്താലും

അകമേയേതൊന്നെന്നുമച്ചിക്കപ്പെട്ടുന്നി,താ
മുകുന്ദപാദാംബുജം രാസലീലാസദസ്സിൽ

തുങ്ഗമാം കുചങ്ങളിലണച്ചീടവേ പുല്കി-
യങ്ഗജതാപമേറ്റു നാരിമാരകററിയോ, 62

ആരുടെയുച്ചൈസ്സരശ്ശ്രീഹരികഥാഗാനം
പാരിടം മൂന്നും പരിപാവനമാക്കിത്തീർത്തോ,

അമ്പാടിതന്നിൽ വാഴുമാ ഗോപവധൂടിമാർ
തൻപാദധൂളിയെ ഞാനെപ്പൊഴും
വന്ദിക്കുന്നു.'' 63

ശ്രീശുകൻ പറഞ്ഞു

ഗോപികളോടും പിന്നെയശോദയോടും നന്ദ-
ഗോപൻതന്നോടുമനുവാദം വാങ്ങിയശേഷം

വല്ലവവൃന്ദത്തോടു യാത്രയുംചൊല്ലിച്ചെന്ന-
മ്മല്ലാരിദൂതൻ നിജ രഥത്തിലേറീടിനാൻ. 64

ഉദ്ധവൻ പുറപ്പെടുന്നളവിൽ കണ്ണുനീരും
വാർത്തനവധി കാഴ്ചദ്രവ്യങ്ങളാവഹിച്ചു

തത്സവിധത്തിലെത്തിസ്സമപ്പിച്ചതിപ്രേമ-
പ്രശ്രയപൂർവ്വം ചൊന്നാരീവിധം
നന്ദാദികൾ: 65

''എപ്പൊഴുമസ്മച്ചിത്തവൃത്തികൾ മുകുന്ദൻതൻ
തൃപ്പാദാംബുജങ്ങളെയാശ്രയിച്ചീടുവാനും,

ഗീതകൾ തന്നാമങ്ങളുച്ചരിക്കാനും, കായം
നേരേ തന്നമസ്കാരത്തിന്നുമായ് ഭവിക്കണം. 66

ഈശ്വരേച്ഛയാലെവിടെങ്കിലും കർമ്മമൂലം
നിശ്ചയമെന്യേ ഭ്രമിച്ചീടുമീ ഞങ്ങൾ ചെയ്യും

ദാനാദിനാനാവിധസൽക്രിയകളും രമാ-
ജാനിതന്നനുരാഗമൊന്നിനായ്ത്തീർന്നീ-
ടണം.'' 67

ഹേ നരാധിപാ! കൃഷ്ണഭക്തിയാലിപ്രകാര-
മാനായന്മാരാൽ സമച്ചിതനക്കൃഷ്ണദൂതൻ

മാധവൻ രക്ഷിച്ചീടും മഥുരാപുരത്തിൽ സ-
മ്മോദസമ്പൂർണ്ണഹൃത്തായമന്ദം പോയണ-
ഞ്ഞാൻ. 68

വാസുദേവനെ നമസ്കരിച്ചുശേഷം ഗോഷ്ഠ-
വാസികൾക്കെഴും പ്രേമോത്കർഷത്തെക്കുറി-
ച്ചോതി

രാമഭദ്രനും പിന്നെക്കൃഷ്ണനുമുഗ്രസേന-
ഭൂമിപാലനും കാഴ്ചദ്രവ്യങ്ങളേകീടിനാൻ. 69

അദ്ധ്യായം 48

കുബ്ജാരതി— അക്രൂരന്റെ സത്കാരം

ശ്രീശുകൻ പറഞ്ഞു

സകലാത്മകനായിസ്സർവ്വദർശനനാകും
ഭഗവാനശ്ലോകലകുശലം ധരിച്ചുടൻ

കാമസന്തപ്തയാമാ സൈരന്ധ്രിക്കിഷ്ടമേകാൻ
കാമിച്ചിട്ടവൾക്കെഴും ഭവനം പൂകീടിനാൻ. 1

മാരോദ്ദീപകങ്ങളാം സാധനങ്ങളും വില-
തീരാത്ത വിവിധോപകരണങ്ങളും പിന്നെ

മുത്തുമാലാപതാകാദ്യഞ്ചിതവിതാനങ്ങൾ,
മെത്തകളാസനങ്ങൾ, സുഗന്ധം വമിച്ചീടും

മാലാചന്ദനധൂപദീപങ്ങളിത്യാദിയാ-
ലാലയമതു പാരം ലാലസിച്ചിരുന്നിതേ. 2

ഭവനാഗതനാമബ്ഭഗവാൻ തന്നെക്കണ്ടി-
ട്ടവളും പെട്ടെന്നു സംഭ്രമത്തോടെഴുന്നേററു

സഖികളോടുകൂടി വന്നു പീഠാദിയേകി-
യകളങ്കിതം വേണ്ടും സത്കാരംചെയ്തീടി-
നാൾ. 3

ഉദ്ധവനെയും തഥാ വേണ്ടപോൽ സത്കരി-
ട്ടുത്തമാസനം നല്കി,യദ്ദേഹമതു തൊട്ടു [ച്ചി-

നന്ദിയെ പ്രദർശിപ്പിച്ചിരുന്നാൻ നിലത്തുതാൻ,
നന്ദജൻതാനും മണിമയമാം മഞ്ചംതന്നിൽ

ചെന്നുടനിരുന്നിതു ലൗകികാചാരങ്ങളെ
നന്നായിട്ടനുസരിച്ചീടുവോനെന്നമട്ടിൽ. 4

കളിച്ചംബരഭൂഷാചന്ദനാദികൾ പൂണ്ടു
ലളിതഗാത്രി മാല ധരിച്ചു രണമേററു

മുറുക്കിസ്സുധാമധുരാസവം സേവിച്ചുട-
നൊരുങ്ങി നന്നായ് നാണംകുണുങ്ങി
മന്ദസ്മിതം

ചൊരിഞ്ഞു ലീലാവിലാസങ്ങളോടും കടാക്ഷ-
ശതങ്ങൾ പൊഴിച്ചുകൊണ്ടണഞ്ഞാൾ
കൃഷ്ണാന്തികം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഹൂയ കാന്താം നവസങ്ഗമഹ്രിയാ
വിശങ്കിതാം കങ്കണഭൂഷിതേ കരേ
പ്രഗൃഹ്യ ശയ്യാമധിവേശ്യ രാമയാ
രേമേഽനലേപാർപ്പണപുണ്യലേശയാ. 6
സാനങ്ഗതപ്തകുചയോരുരസസ്തഥാക്ഷ്ണോ-
ർജ്ജിഘ്രന്ത്യനന്തചരണേന രുജോ മൃജന്തീ
ദോർഭ്യാം സ്തനാന്തരഗതം പരിരഭ്യ കാന്ത-
മാനന്ദമൂർത്തിമജഹാദതിദീർഘതാപം. 7
സൈവം കൈവല്യനാഥം തം പ്രാപ്യ ദുഷ്പ്രാപമീശ്വരം
അങ്ഗരാഗാർപ്പണേനാഹോ ദുർഭഗേദമയാചത. 8
''ആഹോഷ്യതാമിഹ പ്രേഷ്ഠ, ദിനാനി കതിചിന്മയാ
രമസ്വ നോത്സഹേ ത്യക്തും സങ്ഗം തേഽംബുരുഹേക്ഷണ!''
തസ്യൈ കാമവരം ദത്ത്വാ മാനയിത്വാ ച മാനദഃ
സഹോദ്ധവേന സർവ്വേശഃ സ്വധാമാഗമദർച്ചിതം. 10
ദുരാരാധ്യം സമാരാധ്യ വിഷ്ണും സർവ്വേശ്വരേശ്വരം
യോ വൃണീതേ മനോഗ്രാഹ്യമസത്ത്വാത് കുമനീഷ്യസൗ. 11
അക്രൂരഭവനം കൃഷ്ണഃ സഹരാമോദ്ധവഃ പ്രഭുഃ
കിഞ്ചിച്ചികീർഷയൻ പ്രാഗാദക്രൂരപ്രിയകാമ്യയാ. 12
സ താൻ നരവരശ്രേഷ്ഠാനാരാദ് വീക്ഷ്യ സ്വബാന്ധവാൻ
പ്രത്യുത്ഥായ പ്രമുദിതഃ പരിഷ്വജ്യാഭ്യനന്ദത. 13
നനാമ കൃഷ്ണം രാമം ച സ തൈരപ്യഭിവാദിതഃ
പൂജയാമാസ വിധിവത് കൃതാസനപരിഗ്രഹാൻ. 14
പാദാവനേജനീരാപോ ധാരയഞ്ശിരസാ നൃപ!
അർഹണേനാംബരൈർദ്ദിവ്യൈർഗ്ഗന്ധസ്രഗ്ഭൂഷണോത്തമൈഃ. 15
അർച്ചിത്വാ ശിരസാഽഽനമ്യ പാദാവങ്കഗതൗ മൃജൻ
പ്രശ്രയാവനതോഽക്രൂരഃ കൃഷ്ണരാമാവഭാഷത. 16
''ദിഷ്ട്യാ പാപോ ഹതഃ കംസഃ സാനുഗോ വാമിദം കുലം
ഭവദ്ഭ്യാമുദ്ധൃതം കൃച്ഛ്റാദ്ദുരന്താച്ച സമേധിതം. 17
യുവാം പ്രധാനപുരുഷൗ ജഗദ്ധേതൂ ജഗന്മയൗ
ഭവദ്ഭ്യാം ന വിനാ കിഞ്ചിത് പരമസ്തി ന ചാപരം. 18
ആത്മസൃഷ്ടമിദം വിശ്വമന്വാവിശ്യ സ്വശക്തിഭിഃ
ഈയതേ ബഹുധാ, ബ്രഹ്മൻ, ശ്രുതപ്രത്യക്ഷഗോചരം.
യഥാ ഹി ഭൂതേഷു ചരാചരേഷു
മഹ്യാദയോ യോനിഷു ഭാന്തി നാനാ
ഏവം ഭവാൻ കേവല ആത്മയോനി-
ഷ്വാത്മാഽഽത്മതന്ത്രോ ബഹുധാ വിഭാതി. 20
സൃജസ്യഥോ ലുമ്പസി പാസി വിശ്വം
രജസ്തമഃസത്ത്വഗുണൈഃ സ്വശക്തിഭിഃ
ന ബധ്യസേ തദ്ഗുണകർമ്മഭിർവ്വാ
ജ്ഞാനാത്മനസ്തേ ക്വ ച ബന്ധഹേതുഃ. 21
ദേഹാദ്യുപാധേരനിരൂപിതത്വാത്
ഭവോ ന സാക്ഷാന്ന ഭിദാഽഽത്മനഃ സ്യാത്
അതോ ന ബന്ധസ്തവ നൈവ മോക്ഷഃ
സ്യാതാം നികാമസ്ത്വയി നോഽവിവേകഃ. 22
ത്വയോദിതോഽയം ജഗതോ ഹിതായ
യദാ യദാ വേദപഥഃ പുരാണഃ
ബാധ്യേത പാഖണ്ഡപഥൈരസദ്ഭി-
സ്തദാ ഭവാൻ സത്ത്വഗുണം ബിഭർത്തി. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നവസങ്ഗമംമൂലം ലജ്ജിച്ചു ശങ്കതേട-
മവളേ വിളിച്ചുടൻ വളകളണിഞ്ഞിട്ടും-
കൈകളിൽപ്പിടിച്ചേററിശ്ശയ്യയി,ൽക്കേറിക്കൂട്ടു-
നല്ലിയ പുണ്യത്തിനാൽ ഭഗവാൻ
രമിപ്പിച്ചാൻ. 6

ആനന്ദസ്വരൂപനാമമ്പ് ഭഗവാനെ നിജ-
പാണികാംകൊണ്ടു ഗാഢം പരിരംഭണം-
ചെയ്തും

കാമസന്തപ്തങ്ങളാം തത്കുചയുഗത്തിലും
കോമളാക്ഷങ്ങളിലും മാറിലും കൂടെക്കൂടെ
അക്കഴലിണപിടിച്ചുണച്ചും മണത്തുമാ-
ദീഘദുഃഖത്തെയകററീടിനാളസ്സുന്ദരി. 7

കൈവല്യനാഥനായ് ദുഷ്പ്രാപ്യനായീശനാകു-
മാ വിഭുവിനെമ്പ് ഭാഗ്യവിഹീനയാമത്തന്വി
അങ്ഗരാഗാപ്പണത്തിൻ പുണ്യത്താ-
ലിപ്രകാരം

സങ്ഗമിച്ചതിൻശേഷമിങ്ങനെ
യാചിച്ചിതു: 8

''വനജേക്ഷണാ! മമ വല്ലഭാ! ഭവാൻ കുറേ-
ദ്ദിനങ്ങളെന്നോടൊത്തു വസിച്ചു രമിച്ചാലും
അങ്ങേസ്സങ്ഗമം ത്യജിച്ചിരുന്നീടുവാനെനി-
ക്കങ്ങ ഗജതുല്യാകൃതേ! തെല്ലുമേയില്ല
ശേഷി.'' 9

മാനദൻ ഹരിയവൾക്കിഷ്ടമാം വരമേകി
മാനിച്ചു ഭക്ത്യാഗ്ര്യനാമുദ്ധവനോടുകൂടി
അമന്ദമോദത്തോടുമനർഘസവ്സമ്പ-
ത്സമൃദ്ധമാകും നിജഭവനം ഗമിച്ചിതേ. 10

ദുരാരാധ്യനായ് സർവ്വവ്യാപിയായീശന്മാക്കും
പരമേശനാം വാസുദേവനെയാരാധിച്ചു
ദർശനം നേടിയിട്ടും തുച്ഛമാം വിഷയങ്ങ-
ളിച്ഛിക്കുന്നവൻ വെറും ദുർബുദ്ധിതന്നെ
നൂനം. 11

അക്രൂരനോടു ചൊന്ന വാക്കു പാലിക്കാനുമ-
മ്പ് ഭക്തനെക്കൊണ്ടു ചില സംഗതി
സാധിക്കാനും

ഇച്ഛിച്ചു രാമനോടുമുദ്ധവനോടുംകൂടി-
യച്യുതനനന്തരമണഞ്ഞാൻ തദ്ഗൃഹത്തിൽ.12

ബന്ധുക്കളായീടുമാ രാജേന്ദ്രന്മാരെ ദൂരെ-
ശ്ശാന്തനക്രൂരൻ കണ്ടു സന്തോഷസമന്വിതം
എഴുനേററെതിരേററു നമിച്ചു, നമിതനായ്-
ത്തഴുകിപ്പീഠങ്ങളിലിരുത്തിപ്പൂജിച്ചിതു. 13-14

പാദങ്ങൾ കഴുകിയസ്സലിലം ശിരസ്സിങ്കൽ
സാദരം ധരിച്ചതു സർവാങ്ഗമൊഴുക്കിനാൻ.
ശുദ്ധവസ്ത്രങ്ങൾ ചാത്തിച്ചനന്ദനം പൂശി
മെയ്യി-
ലുത്തമമാല്യഭൂഷാജാലവുമണിയിച്ചു.

അനഘസാധനങ്ങൾകൊണ്ടു പൂജിച്ചു തല-
കുനിച്ചു നമസ്കരിച്ചഥ തത്പാദാബ്ജങ്ങൾ

തന്നങ്കമേററിവച്ചു തലോടി സപ്രശ്രയം
പിന്നെയക്രൂരൻ രാമകൃഷ്ണന്മാരോടു
ചൊന്നാൻ: 15-16

''നിങ്ങളപ്പാപിഷ്ഠനാം കംസനെയനുചാരി-
പുങ്ഗവന്മാരോടൊത്തു നിഹനിച്ചിക്കുലത്തെ

ദുസ്തരമാകും ദുഃഖവാരിരാശിയിൽനിന്നു-
മുദ്ധരിച്ചഭിവൃദ്ധിചേർത്തതു ഭാഗ്യമായി. 17

പ്രധാനപുരുഷന്മാരിരുവർ നിങ്ങളത്രേ,
അതുപോൽ നിങ്ങൾ ലോകസ്വരൂപന്മാ-
രുമല്ലോ.

പാരിതിൻ ഹേതുഭൂതന്മാരാകും നിങ്ങളെന്യേ
കാരണകാര്യങ്ങളായ് മറെറാന്നുമില്ല നൂനം.18

ഈശരാ! തിരുമേനി സത്ത്വാദിഗുണങ്ങളാൽ
വിശ്വം തീർത്തതിലനുപ്രവേശിച്ചവൻമട്ടിൽ

ശ്രുതപ്രത്യക്ഷങ്ങൾക്കു വിഷയമാകത്തക്ക-
വിധത്തിൽ ബഹുരൂപനായിട്ടു ശോഭിക്കുന്നു.19

സകലഭൂതങ്ങളും ഭൂമ്യാദി പഞ്ചഭൂത-
വികൃതിജാതങ്ങളാ,ണില്ല സംശയമേതും.

ഭൗതികങ്ങളിലോരോവിധത്തിൽപ്പഞ്ചഭൂത-
മേതുമട്ടാണിരിപ്പതായതുപോലെതന്നെ

ശുദ്ധനായ് സ്വതന്ത്രനായാത്മാവാം ഭവാൻ
താനേ

സൃഷ്ടിച്ച ഭൂതങ്ങളിൽ ബഹുധാ ശോഭിക്കുന്നു.20

സ്വന്തശക്തികളാകും സത്ത്വാദി ഗുണങ്ങളാൽ
നിന്തിരുവടി വിശ്വം തീർത്തു കാത്തഴിക്കുന്നു.

ബന്ധിക്കപ്പെടുന്നുമില്ലഗ്ഗുണകർമ്മങ്ങളാൽ
ബന്ധമെങ്ങനെ ബോധാത്മകനു
ഭവിച്ചീടും? 21

ജനിയും ഭേദധീയും ശരീരാദ്യുപാധിത-
ന്നനിർവാച്യതമൂലം സത്യത്തിൽ ജീവന്നില്ല

ബന്ധമോക്ഷങ്ങൾ രണ്ടുമതിനാലങ്ങേയ്ക്കില്ല-
തുണ്ടെന്നു തോന്നീടുകിലവിവേകത്താലല്ലോ.
22

ലോകനന്മയ്ക്കായ് പണ്ടേയങ്ങരുൾചെയ്തു-
തായോ-

രാഗമമാഗ്ഗം ദുരാചാരരാമസത്തുക്കൾ

അത്യന്തം ദുഷിപ്പിക്കുംകാലത്തിലെല്ലാം
ഭവാൻ

സത്ത്വമാശ്രയിച്ചവതരിക്കുന്നിതു മന്നിൽ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ത്വം പ്രഭോഽദ്യ വസുദേവഗൃഹേഽവതീർണ്ണഃ
സ്വാംശേന ഭാരമപനേതുമിഹാസി ഭൂമേഃ
അക്ഷൗഹിണീശതവധേന സുരേതരാംശ-
രാജ്ഞാമമുഷ്യ ച കുലസ്യ യശോ വിതന്വൻ. 24
അദ്യേശ നോ വസതയഃ ഖലു ഭൂരിഭാഗാ
യഃ സർവ്വദേവപിതൃഭൂതനൃദേവമൂർത്തിഃ
യത്പാദശൗചസലിലം ത്രിജഗത് പുനാതി
സ ത്വം ജഗദ്ഗുരുരധോക്ഷജ യാഃ പ്രവിഷ്ടഃ. 25
കഃ പണ്ഡിതസ്ത്വദപരം ശരണം സമീയാത്
ഭക്തപ്രിയാദൃതഗിരഃ സുഹൃദഃ കൃതജ്ഞാത്
സർവ്വാൻ ദദാതി സുഹൃദോ ഭജതോഽഭികാമാ-
നാത്മാനമപ്യുപചയാപചയൗ ന യസ്യ. 26
ദിഷ്ട്യാ, ജനാർദ്ദന, ഭവാനിഹ നഃ പ്രതീതോ
യോഗേശ്വരൈരപി ദുരാപഗതിഃ സുരേശൈഃ
ഛിന്ധ്യാശു നഃ സുതകളത്രധനാപ്തഗേഹ-
ദേഹാദിമോഹരശനാം ഭവദീയമായാം.'' 27

ശ്രീശുക ഉവാച

ഇത്യർച്ചിതഃ സംസ്തുതശ്ച ഭക്തേന ഭഗവാൻ ഹരിഃ
അക്രൂരം സസ്മിതം പ്രാഹ ഗീർഭിഃ സമ്മോഹയന്നിവ. 28

ശ്രീഭഗവാനുവാച

''ത്വം നോ ഗുരുഃ പിതൃവ്യശ്ച ശ്ലാഘ്യോ ബന്ധുശ്ച നിത്യദാ
വയം തു രക്ഷ്യാഃ പോഷ്യാശ്ച അനുകമ്പ്യാഃ പ്രജാ ഹി വഃ. 29
ഭവദ്വിധാ മഹാഭാഗാ നിഷേവ്യാ അർഹസത്തമാഃ
ശ്രേയസ്കാമൈർനൃഭിർന്നിത്യം ദേവാഃ സ്വാർത്ഥാ ന സാധവഃ. 30
ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാ മൃച്ഛിലാമയാഃ
തേ പുനന്ത്യുരുകാലേന ദർശനാദേവ സാധവഃ. 31
സ ഭവാൻ സുഹൃദാം വൈ നഃ ശ്രേയാൻ ശ്രേയശ്ചികീർഷയാ
ജിജ്ഞാസാർത്ഥം പാണ്ഡവാനാം ഗച്ഛസ്വ ത്വം ഗജാഹ്വയം. 32
പിതര്യുപരതേ ബാലാഃ സഹ മാത്രാ സുദുഃഖിതാഃ
ആനീതാഃ സ്വപുരം രാജ്ഞാ വസന്ത ഇതി ശുശ്രുമ. 33
തേഷു രാജാംബികാപുത്രോ ഭ്രാതൃപുത്രേഷു ദീനധീഃ
സമോ ന വർത്തതേ നൂനം ദുഷ്പുത്രവശഗോഽന്ധദൃക്. 34
ഗച്ഛ ജാനീഹി തദ്വൃത്തമധുനാ സാധ്വസാധു വാ
വിജ്ഞായ തദ്വിധാസ്യാമോ യഥാ ശം സുഹൃദാം ഭവേത്.''35
ഇത്യക്രൂരം സമാദിശ്യ ഭഗവാൻ ഹരിരീശ്വരഃ
സങ്കർഷണോദ്ധവാഭ്യാം വൈ, തതഃ സ്വഭവനം യയൗ. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂർവ്വാർദ്ധേ അഷ്ടചത്വാരിംശത്തമോഽധ്യായഃ

ഏകോനപഞ്ചാശത്തമോഽധ്യായഃ

ശ്രീശുക ഉവാച

സ ഗത്വാ ഹസ്തിനപുരം പൗരവേന്ദ്രയശോഽങ്കിതം
ദദർശ തത്രാംബികേയം സഭീഷ്മം വിദുരം പൃഥാം 1
സഹപുത്രം ച ബാഹ്ലീകം ഭാരദ്വാജം സഗൗതമം
കർണ്ണം സുയോധനം ദ്രൗണിം പാണ്ഡവാൻ സുഹൃദോഽപരാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്തിരുമേനിയിപ്പോറം യാദവവംശയശോ-
വൃദ്ധിക്കും ദൈത്യഭൂപസൈന്യാക്ഷൗഹിണീ-
ശതം

ഹനിച്ചു ധരാഭാരം ഹരിച്ചീടുന്നതിന്നും
ജനിച്ചിരിക്കുന്നിതേ വസുദേവാലയത്തിൽ. 24

നിഖിലദേവപിതൃഭൂതഭൂപാങ്ഗനായി
ജഗത്ത്രയത്തെപ്പാദക്ഷാളനസലിലത്താൽ

ശുദ്ധമാക്കീടുമീശാ! ഭവദാഗമനത്താ-
ലത്രയും പവിത്രങ്ങളായിതു മദ്ഗൃഹങ്ങരം. 25

സേവകസുഹൃജ്ജനാഭീഷ്ടങ്ങളേകീടുന്ന-
തവനാ,ണാത്മാവിനെപ്പോലുമാരരുളുന്ന,

വൃദ്ധിക്ഷയങ്ങളാക്കി,ല്ലാരാണു കൃതജ്ഞനും
മിത്രവും സത്യവാക്ക,മാരാണോ ഭക്തബന്ധു

അത്തിരുമേനിയേത്താനല്ലാതെ മറെറാരാളെ
വിദ്വാനാമേതൊരുത്തൻ ശരണം
പ്രാപിച്ചീടും? 26

അല്ലയോ ജനാർദ്ദനാ! യോഗേശ്വരന്മാരാലും
ചൊല്ലേറും ദേവാധിപന്മാരാലും ദുരാപമാം

പദ്ധതിയാളും ഭവാൻ ഭാഗ്യപൂരത്താലിപ്പോറം
പ്രത്യക്ഷനായിത്തീർന്നു, ഞങ്ങരംക്കു
നിന്മായയാം

പത്തനധനഭാര്യാപുത്രദേഹാശാപാശം
സത്വരം ഖണ്ഡനംചെയ്യനുഗ്രഹിക്കേ-
ണമേ.'' 27

ശ്രീശുകൻ പറഞ്ഞു

ഇക്കണക്കർച്ചിക്കയും സ്തോത്രംചെയ്യുയും
ചെയ്ത-

ഭക്തനാമക്രൂരനെപ്പങ്കജവിലോചനൻ

പിന്നെസ്സുവാക്യങ്ങളാൽ മോഹിപ്പിക്കു-
വോൻമട്ടിൽ

മന്ദഹാസത്തോടേവമരുളിച്ചെയ്തീടിനാൻ: 28

ശ്രീഭഗവാൻ പറഞ്ഞു

''ശാന്തനാം ഭവാനസ്മദ്ഗുരുവും പിതൃജന-
ബന്ധുവും പിതൃസഹോദരനുംതന്നെയല്ലോ.

ഞങ്ങളോ, നിങ്ങരംക്കെഴും സന്തതികളുമെന്നും
നിങ്ങരം പോററീടേണ്ടോരുമനുകമ്പാർഹരും-
താൻ. 29

മഹാഭാഗന്മാരായി പൂജ്യപൂജിതന്മാരായ്
മഹാത്മാരാകും ഭവാദൃശന്മാരെല്ലാസ്സൊഴും

ശ്രേയസ്സാളുവാനാശിച്ചീടുന്ന ജനങ്ങളാൽ
മായമെന്നിയേ നിത്യം സേവനീയന്മാരത്രേ.

സ്വാർത്ഥതത്പരരത്രേവിണ്ണവരെല്ലാ,മെന്നാൽ
സത്തുക്കളപ്രകാരമുള്ളവരല്ലയല്ലോ. 30

സലിലമയങ്ങളാം തീർത്ഥങ്ങളും മൃത്പാഷാണ-
കലിതദേവബിംബഗണമെന്നിവയെല്ലാം

വളരെക്കാലംകൊണ്ടേ ശുദ്ധമാക്കീടൂ, പാക്കി-
ലെളുതിൽ ദർശനത്താൽ ശുദ്ധമാക്കുന്നു സാധു. 31

ബാന്ധവവൃന്ദത്തിൽവച്ചേറ്റവും ശ്രേഷ്ഠൻ ഭവാൻ
കുന്തീനന്ദനന്മാർതൻ കുശലമാരായ്‌വാനും

മെത്തിടും ശ്രേയസ്സവർക്കുളവാക്കീടുവാനും
ഹസ്തിനപുരത്തിലേക്കൊന്നു പോകണ-
മിപ്പോറം. 32

അച്ഛനന്തരിക്കവേ മാതാവിനോടുകൂടി-
ക്കൊച്ചുകുട്ടികളാമപ്പാണ്ഡവന്മാരെ നൃപൻ

സ്വന്തമാം രാജധാനിതന്നിലേക്കാനയിച്ചു
സന്തപിപ്പിക്കുന്നതായ്ക്കേട്ടിരിക്കുന്നു ഞാനും.
33

അംബികാപുത്രനാകുമിന്നത്തെക്കുരുരാജൻ
തന്മക്കളോടും സഹജാതപുത്രന്മാരൊടും

സമദൃഷ്ടിയായ് പെരുമാറുന്നതില്ലദുഷ്ടൻ
കുമതികളാം സുതക്കധീനൻ നേത്രഹീനൻ. 34

അതിനാലിപ്പോറംത്തന്നെ പോയാലു-
മവക്കെഴും

സ്ഥിതി നന്നെന്നോ തീയതെന്നോ ചെന്ന-
റിഞ്ഞാലും.

പിന്നീടു നമുക്കസ്സൽസുഹൃത്തുക്കളാമവ-
ക്കന്യൂനസുഖംചേരുംവിധത്തിൽ
പ്രവത്തിക്കാം.'' 35

ഇത്തരമക്രൂരനോടാദേശിച്ചഖിലേശ-
നുദ്ധവസങ്കർഷണയുക്തനായ് ഗേഹമാന്നാൻ. 36

അദ്ധ്യായം 49

അക്രൂരഹസ്തിനപുരഗമനം

ശ്രീശുകൻ പറഞ്ഞു

പൂരുവംശജനരപാലകന്മാർതൻ കീർത്തി-
സ്മാരകമായി മിന്നും ഹസ്തിനപുരംതന്നിൽ

ഭീഷ്മസംയുതനാകുമംബികാസുതനേയും
സൂക്ഷ്മധീയായീടുന്ന വിദുരൻ, കുന്തീദേവി, 1

പുത്രസംയുതനാകും ബാഹ്ലീകൻ ഗൗതമനോ-
ടൊത്തെഴും ഭരദ്വാജനന്ദനനശ്വത്ഥാമാ

പാണ്ഡവർ കർണ്ണൻ സുയോധനൻതൊട്ടവരേയു-
മന്യമിത്രങ്ങളേയുമക്രൂരൻ ചെന്നു കണ്ടാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാവദുപസങ്ഗമ്യ ബന്ധുഭിർഗാന്ദിനീസുതഃ
സംപൃഷ്ടസ്തൈഃ സുഹൃദ്വാർത്താം സ്വയം ചാപൃച്ഛദവ്യയം. 3

ഉവാസ കതിചിന്മാസാൻ രാജ്ഞോ വൃത്തവിവിത്സയാ
ദുഷ്പ്രജസ്യാല്പസാരസ്യ ഖലച്ഛന്ദാനുവർത്തിനഃ. 4

തേജ ഓജോ ബലം വീര്യം പ്രശ്രയാദീംശ്ച സദ്ഗുണാൻ
പ്രജാനുരാഗം പാർത്ഥേഷു ന സഹദ്ഭിശ്ചികീർഷിതം. 5

കൃതം ച ധാർത്തരാഷ്ട്രൈര്യദ് ഗരദാനാദ്യപേശലം
ആചഖ്യൗ സർവ്വമേവാസ്മൈ പൃഥാ വിദുര ഏവ ച. 6

പൃഥാ തു ഭ്രാതരം പ്രാപ്തമക്രൂരമുപസൃത്യ തം
ഉവാച ജന്മനിലയം സ്മരന്ത്യശ്രുകലേക്ഷണാ. 7

''അപി സ്മരന്തി നഃ സൗമ്യ, പിതരൗ ഭ്രാതരശ്ച മേ
ഭഗിന്യോ ഭ്രാതൃപുത്രാശ്ച ജാമയഃ സഖ്യ ഏവ ച. 8

ഭ്രാത്രേയോ ഭഗവാൻ കൃഷ്ണഃ ശരണ്യോ ഭക്തവത്സലഃ
പൈതൃഷ്വസ്രേയാൻ സ്മരതി രാമശ്ചാംബുരുഹേക്ഷണഃ. 9

സാപത്നമധ്യേ ശോചന്തീം വൃകാണാം ഹരിണീമിവ
സാന്ത്വയിഷ്യതി മാം വാക്യൈഃ പിതൃഹീനാംശ്ച
ബാലകാൻ. 10

കൃഷ്ണ, കൃഷ്ണ, മഹായോഗിൻ, വിശ്വാത്മൻ, വിശ്വഭാവന,
പ്രപന്നാം പാഹി, ഗോവിന്ദ, ശിശുഭിശ്ചാവസീദതീം. 11

നാന്യത്തവ പദാംഭോജാത് പശ്യാമി ശരണം നൃണാം
ബിഭ്യതാം മൃത്യുസംസാരാദീശ്വരസ്യാപവർഗ്ഗികാത്. 12

നമഃ കൃഷ്ണായ ശുദ്ധായ ബ്രഹ്മണേ പരമാത്മനേ
യോഗേശ്വരായ യോഗായ ത്വാമഹം ശരണം ഗതാ.'' 13

ശ്രീശുക ഉവാച

ഇത്യനുസ്മൃത്യ സ്വജനം കൃഷ്ണം ച ജഗദീശ്വരം
പ്രാരുദദ്ദുഃഖിതാ, രാജൻ, ഭവതാം പ്രപിതാമഹീ. 14

സമദുഃഖസുഖോഽക്രൂരോ വിദുരശ്ച മഹായശാഃ
സാന്ത്വയാമാസതുഃ കുന്തീം തത് പുത്രോത്പത്തിഹേതുഭിഃ. 15

യാസ്യൻ രാജാനമഭ്യേത്യ വിഷമം പുത്രലാലസം
അവദത് സുഹൃദാം മധ്യേ ബന്ധുഭിഃ സൗഹൃദോദിതം. 16

അക്രൂര ഉവാച

ഭോ ഭോ വൈചിത്രവീര്യ, ത്വം കുരൂണാം കീർത്തിവർദ്ധന
ഭ്രാതര്യുപരതേ പാണ്ഡാവധുനാഽഽസനമാസ്ഥിതഃ. 17

ധർമ്മേണ പാലയന്നുർവ്വീം പ്രജാഃ ശീലേന രഞ്ജയൻ
വർത്തമാനഃ സമഃ സ്വേഷു ശ്രേയഃ കീർത്തിമവാപ്സ്യസി. 18

അന്യഥാ ത്വാചരംല്ലോകേ ഗർഹിതോ യാസ്യസേ തമഃ
തസ്മാത് സമത്വേ വർത്തസ്വ പാണ്ഡവേഷ്വാത്മജേഷു ച. 19

നേഹ ചാത്യന്തസംവാസഃ കർഹിചിത് കേനചിത് സഹ
രാജൻ, സ്വേനാപി ദേഹേന, കിമു ജായാത്മജാദിഭിഃ? 20

ഏകഃ പ്രസൂയതേ, ജന്തുരേക ഏവ പ്രലീയതേ
ഏകോഽനുഭുങ്ക്തേ സുകൃതമേക ഏവ ച ദുഷ്കൃതം. 21

അധർമ്മോപചിതം വിത്തം ഹരന്ത്യന്യേഽല്പമേധസഃ
സംഭോജനീയാപദേശൈർജ്ജലാനീവ ജലൗകസഃ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്രൂരൻ വന്നതായിട്ടറിഞ്ഞു സുഹൃത്തുക്ക-
ളൊക്കെയുമെത്തി, പിന്നീടവരുമായിച്ചേർന്നു
കുശലപ്രശ്നം കഴിഞ്ഞന്യോന്യം സുഖദുഃഖ-
വിശേഷമശേഷവും ചോദിച്ചു ധരിച്ചിതു. 3
അല്പധീയായി ദുഷ്ടന്മാരാകും പുത്രന്മാരൊ-
ത്തെപ്പൊഴും ഖലമതമാചരിച്ചിരുന്നിടും
മന്നൻതൻ പ്രവൃത്തികൾ കണ്ടറിഞ്ഞീടുവാനായ്
പിന്നെയും വാണാൻ കുറേനാളവനപ്പുരത്തിൽ.4
തേജസ്സ്,കായശക്തി,യോജസ്സ്,വീര്യം,ശൗര്യ-
മാജന്മസിദ്ധവിനയാദിസദ്ഗുണങ്ങളും
ജനപ്രേമവും പാണ്ഡുസുതരിൽ ധൃതരാഷ്ട്ര-
തനയർ കണ്ടിട്ടൊട്ടും സഹിക്കാതവരോടായ്, 5
ആചരിച്ചുള്ള വിഷദാനാദികൃത്യങ്ങളും
നീചകർമ്മങ്ങൾ വീണ്ടും നിശ്ചയിച്ചിരിപ്പതും
അവനോടായിക്കുന്തീദേവിയും വിദുരനും
വിവരിച്ചോതിക്കേട്ടു മനസ്സിലാക്കീടിനാൻ. 6
പിന്നെയക്കുന്തി സമാഗതനാമസ്സോദരൻ-
തന്നന്തികത്തിൽ ചെന്നു തന്നുടെ ജന്മസ്ഥലം
സ്മരിച്ചുകൊണ്ടു ബാഷ്പം തുളുമ്പും നേത്രങ്ങളാ-
ന്നരുളിച്ചെയ്തീടിനാളവനോടിപ്രകാരം: 7
''ഹേ സൗമ്യശീലാ! മമ മാതാവും താതൻതാനു-
മാ സഹോദരന്മാരും സോദരീപുത്രന്മാരും
ഭ്രാതൃപുത്രരും കുലസ്ത്രീകളായീടും സഹ-
ജാതനന്ദിനിമാരുമസ്സുഖീജനങ്ങളും
എന്നെയുമെന്റെ പുത്രന്മാരെയുമിതുകാല-
മുന്നതഗുണാംബുധേ! സ്മരിച്ചീടുന്നതുണ്ടോ? 8
ഭക്തവത്സലനായിശ്ശരണ്യനായെൻ ഭ്രാതൃ-
പുത്രനാം ഭഗവാൻ ശ്രീകൃഷ്ണനും രാമൻതാനും
പിതാവിൻ സഹോദരിയായീടുമീയെന്നെയും
സുതന്മാരെയുമിപ്പോളോർക്കുന്നതുണ്ടോ
ചൊല്ലൂ? 9
ചെന്നായ്ക്കൾതന്മദ്ധ്യത്തിൽപെട്ട മാൻപേട-
യെപ്പോൽ,
വന്നിങ്ങീയരാതികൾക്കിടയിലകപ്പെട്ട
ദുഃഖിക്കുമീയെനിക്കുമച്ഛനന്തരിച്ചോരെൻ
മക്കൾക്കുമാശ്വാസമായ് വല്ലതും ചൊല്ലി-
വിട്ടോ? 10
ഹേ മഹായോഗിൻ! വിശ്വപാലകാ!
വിശ്വാത്മാവേ!
ഹേ മധുഹരാ! കൃഷ്ണാ! കുട്ടികളോടുകൂടി
ക്ലേശിച്ചിടാനീമങ്ങേയാശ്രയിച്ചീടുമെന്നെ-
ക്കേശിനാശനാ! പരിപാലിച്ചുകൊള്ളേ-
ണമേ! 11
മൃത്യുസംസാരപാരാവാരത്തിലുഴന്നിടും
മർത്ത്യർക്കു സമസ്തേശനായിടും ഭവാനുടെ
മുക്തിദായകമാകും പാദാബ്ജമൊഴിഞ്ഞന്യ-
വസ്തുവാശ്രയയോഗ്യമായിങ്ങു കാണ്മീല
ഞാൻ. 12
ബ്രഹ്മമായ് യോഗേശനായ് ധർമ്മസ്വരൂപനായി-
ച്ചിന്മയനായിപ്പരമാത്മാവായ് വിളങ്ങിടും
ഹേ കൃഷ്ണാ! നമസ്കരിച്ചീടുന്നു, ഞാനങ്ങയെ
ഏകാവലംബമാക്കിയുറപ്പിച്ചിരിക്കുന്നു.'' 13

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ വിശേശനം സ്വന്തബന്ധുവുമാമ-
ശ്ശാർങ്ഗിയെയമ്മൂത്തശ്ശി ചിന്തിച്ചു
കരഞ്ഞിതു. 14
തദ്ദുഃഖസുഖതുല്യഭാക്കാകുമക്രൂരനും
ക്ഷത്താവും, തത്പുത്രർതൻ ജന്മഹേതുക്കളാകും
അമർത്ത്യന്മാർതൻ മേന്മ കഥിച്ചും മറ്റും ദുഃഖം
ശമിപ്പിച്ചിതു പല സാന്ത്വനവാക്യങ്ങളാൽ.15
പോരുന്നേരത്തു ഭേദബുദ്ധിയായ് പുത്രന്മാരിൽ
പാരമാസക്തനാമംബ്ഭൂപനെസ്സമീപിച്ചു
ബന്ധുക്കൾ സൗഹൃദത്താൽ ചൊല്ലിയ
സന്ദേശവു-
മന്തരാ ചൊന്നാൻ സുഹൃത്സദസ്സിൽവച്ചീ-
വിധം 16

അക്രൂരൻ പറഞ്ഞു

അല്ലയോ വിചിത്രവീര്യാത്മജാ! കുരുകീർത്തി
നല്ലപോൽ ഹൃദ്യമാക്കിയുല്ലസിച്ചീടും പ്രഭോ!
അനുജൻ പാണ്ഡുഭൂപൻ മൃതനാകവേ സിംഹാ-
സനത്തിലിപ്പോളിരിക്കുന്നതു ഭവാനല്ലോ. 17
ധർമ്മാനുസാരം ഭൂമിരക്ഷിച്ചും പ്രജകളെ
നന്മട്ടിൽ സത്സ്വഭാവംകൊണ്ടുതാൻ
രഞ്ജിപ്പിച്ചും
സ്വന്തപുത്രരെപ്പോലപ്പാണ്ഡുനന്ദനരേയും
ചിന്തിച്ചും വാണാലുണ്ടാം ശ്രേയസ്സും
സൽക്കീർത്തിയും. 18
അല്ലെങ്കിൽ നിന്ദിച്ചീടുമങ്ങയേ ലോകം പാര-
മല്ലലിന്നിരയാകും നരകത്തിലും വീഴും.
നിൻതനയരെപ്പോലെ കുന്തീനന്ദനരേയും
ചിന്തിച്ചു ഭേദബുദ്ധിയെന്നിയേ വാണീടുക.19
നിത്യസംവാസമാർക്കുമാരോടുമിവിടില്ല;
സത്യമാണാത്മദേഹംപോലുമേ വിടേണ്ടതാം
പിന്നെ നന്ദനർ ഭാര്യതൊട്ടവരുടെ കാര്യം
മന്നവാ വിശേഷിച്ചു ചൊല്ലേണ്ടതില്ല-
യല്ലോ! 20
ഒരുവനായിട്ടത്രേ ജനിച്ചീടുന്നു ജന്തു-
വൊരുവനായിത്തന്നെ മരിച്ചീടുന്നുതാനും.
ഒരുവനായിത്തന്നെ പുണ്യപാപങ്ങളേയും
ധരണീദ്രത്തേ! യനുഭവിക്കുമെന്നോർക്കുക. 21
ബുദ്ധിഹീനന്മാർ നിത്യമധർമ്മകൃത്യങ്ങളാൽ
വദ്ധിപ്പിച്ചീടും ധനം ഭോജനീയരായ് വൃഥാ
ഭാവിച്ചു പുത്രാദികൾ ഹരിപ്പു മത്സ്യാദി തൻ-
ജീവനജലമെല്ലാം ചെറുമത്സ്യങ്ങൾമട്ടിൽ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൃഷ്ടാതീ യാനധർമ്മേണ സ്വബുദ്ധ്യാ തമപണ്ഡിതം
ത്യ/കൃതാർത്ഥം, പ്രഹിണ്വന്തി പ്രാണാ രായഃ സുതാദയഃ. 23
സ്വയം കില്ബിഷമാദായ തൈസ്ത്യക്തോ നാർത്ഥകോവിദഃ
അസിദ്ധാർത്ഥോ വിശത്യന്ധം സ്വധർമ്മവിമുഖസ്തമഃ. 24
തസ്മാല്ലോകമിമം, രാജൻ, സ്വപ്നമായാമനോരഥം
വീക്ഷ്യായമ്യാത്മനാ//ത്മാനം സമഃ ശാന്തോ ഭവ, പ്രഭോ. 25

ധൃതരാഷ്ട്ര ഉവാച
യഥാ വദതി കല്യാണീം വാചം, ദാനപതേ, ഭവാൻ
തഥാനയാ ന തൃപ്യാമി മർത്ത്യഃ പ്രാപ്യ യഥാമൃതം. 26
തഥാപി സൂനൃതാ, സൗമ്യ, ഹൃദി ന സ്ഥീയതേ ചലേ
പുത്രാനുരാഗവിഷമേ വിദ്യുത് സൗദാമനീ യഥാ. 27
ഈശ്വരസ്യ വിധിം കോ നു വിധുനോത്യന്യഥാ പുമാൻ
ഭൂമേർഭാരാവതാരായ യോ/വതീർണ്ണോ യദോഃ കുലേ. 28

യോ ദുർവിമർശപഥയാ നിജമായയേദം
സൃഷ്ട്വാ ഗുണാൻ വിഭജതേ തദനുപ്രവിഷ്ടഃ
തസ്മൈ നമോ ദുരവബോധവിഹാരതന്ത്ര-
സംസാരചക്രഗതയേ പരമേശ്വരായ. 29

ശ്രീശുക ഉവാച
ഇത്യഭിപ്രേത്യ നൃപതേരഭിപ്രായം സ യാദവഃ
സുഹൃദ്ഭിഃ സമനുജ്ഞാതഃ പുനര്യദുപുരീമഗാത്. 30
ശശംസ രാമകൃഷ്ണാഭ്യാം ധൃതരാഷ്ട്രവിചേഷ്ടിതം
പാണ്ഡവാൻപ്രതി, കൗരവ്യ, യദർത്ഥം പ്രേഷിതഃ സ്വയം. 31

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഏകോനപഞ്ചാശത്തമോ/ധ്യായഃ
സമാപ്തമിദം ദശമസ്കന്ധസ്യ പൂർവ്വാർദ്ധം

(ഉത്തരാർദ്ധം)

പഞ്ചാശത്തമോ/ധ്യായഃ

ശ്രീശുക ഉവാച
അസ്തിഃ പ്രാപ്തിശ്ച കംസസ്യ മഹിഷ്യൗ ഭരതർഷഭ!
മൃതേ ഭർത്തരി ദുഃഖാർത്തേ ഈയതുഃ സ്മ പിതുർഗൃഹാൻ. 1
പിത്രേ മഗധരാജായ ജരാസന്ധായ ദുഃഖിതേ
വേദയാഞ്ചക്രതുഃ സർവ്വമാത്മവൈധവ്യകാരണം. 2
സ തദപ്രിയമാകർണ്യ ശോകാമർഷയുതോ, നൃപ,
അയാദവീം മഹീം കർത്തും ചക്രേ പരമമുദ്യമം. 3
അക്ഷൗഹിണീഭിർവിംശത്യാ തിസൃഭിശ്ചാപി സംവൃതഃ
യദുരാജധാനീം മഥുരാം ന്യരുണത് സർവ്വതോദിശം. 4
നിരീക്ഷ്യ തദ്ബലം, കൃഷ്ണ, ഉദ്വേലമിവ സാഗരം
സ്വപുരം തേന സംരുദ്ധം സ്വജനം ച ഭയാകുലം. 5
ചിന്തയാമാസ ഭഗവാൻ ഹരിഃ കാരണമാനുഷഃ
തദ്ദേശകാലാനുഗുണം സ്വാവതാരപ്രയോജനം. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വന്തമെന്നോർത്തു മൂഢനധർമ്മകൃത്യങ്ങളാൽ
സന്തതം പുലർത്തീടും കളത്രപുത്രാദ്യരും

അന്തമററുള്ള വിത്തം പ്രാണനും സന്ത്യജിക്കു-
മന്ത്യത്തിലസംതൃപ്തനായീടുമബ്ഭോഷനെ. 23

സ്വധർമ്മവിമുഖനായ് പുരുഷാർത്ഥങ്ങൾ നേടാൻ
പടുരനല്ലാതേററം നിരാശനായിട്ടവൻ

ന്നവരാൽ ത്യക്തനായിപ്പാപങ്ങൾ ചുമന്നുകൊ-
ന്നവശനായിച്ചെന്നു വീഴുന്നു നരകത്തിൽ. 24

ന്നതിനാൽ പ്രപഞ്ചത്തെ മായയും മനോരഥ-
ത്തിനും സ്വപ്നത്തിനും തുല്യമായ് വിചാരിച്ചു

ചിത്തത്തെദ്ധിഷണയാലടക്കിസ്സമദൃക്കാ-
യത്യന്തശാന്തനായി നിവസിച്ചാലും പ്രഭോ! 25

ധൃതരാഷ്ട്രർ പറഞ്ഞു

ഔദാര്യനിധികളിലഗ്ര്യനാമക്രൂരാ! നീ
ചൊല്ലോരീയുപദേശമത്യന്തം ശുഭപ്രദം!

മാനവക്കെല്ലാം മോക്ഷപ്രദവുമാണെന്നാലും
താനിതുകൊണ്ടു തൃപ്തിപ്പെടുന്നതില്ല തെല്ലും. 26

നിന്നുടെയിസ്സൂനൃതവാക്ക്ദ്രിശൃങ്ഗത്തിലെ
മിന്നലിൻമട്ടിൽ സൗമ്യാ! ചഞ്ചലതരമായി

പുത്രപ്രേമത്താൽ സമസ്വഭാവം വിട്ടതാമെൻ
ചിത്തത്തിൽ സ്ഥിരമായി നിലനില്ക്കുന്നി-
ല്ലഹോ! 27

മേദിനീഭാരം തീർപ്പാൻ യാദവവംശംതന്നിൽ
ജാതനാം മധുവൈരിഭഗവാൻതന്നിച്ഛയെ

മറ്റൊരുവിധമാക്കിത്തീർക്കുവാനീലോകത്തിൽ
ചെറുമേ കഴിവാർക്കുമില്ലെന്നു ധരിച്ചാലും. 28

ആർക്കുമേയചിന്ത്യമായീടും സ്വമായാശക്തി
കൈക്കൊണ്ടു ലോകം നിർമ്മിച്ചന്തര്യാമിയാ-
യതിൽ

സ്ഥിതനായ് ഗുണകർമ്മഫലങ്ങൾ നിശ്ചയിക്കും
സ്വതന്ത്രനാകമീശൻതൻ കളിയാക്കുംതന്നെ

ദുർവിഭാവ്യം താൻ പാർത്തുകാണ്കിലബ്ഭഗ-
വാനെ
സർവ്വാത്മഭാവത്തോടും നമസ്കരിക്കുന്നു ഞാൻ. 29

ശ്രീശുകൻ പറഞ്ഞു

ഈവിധമാ യാദവൻ ധൃതരാഷ്ട്രാഭിപ്രായം
ഭൂവരമൗലേ, നേരേ മനസ്സിലാക്കി വേഗം

സുഹൃത്തുക്കളോടനുവാദവും വാങ്ങിപ്പിന്നെ
മഹത്ത്വമേറീടുമാ മധുര പുകീടിനാൻ. 30

പാണ്ഡവരോടു ധൃതരാഷ്ട്രമന്നവൻ ചെയ്തോ-
രന്യായങ്ങളുമിനിച്ചെയ്യുവാൻപോകുന്നതും

രാമകൃഷ്ണന്മാരോടായോതിനാനാ മഹാനെ
ശ്രീമുരാന്തകൻ ചൊല്ലിവിട്ടതുമതിനല്ലോ. 31

(ഉത്തരാർദ്ധം)

അദ്ധ്യായം 50

ജരാസന്ധയുദ്ധം—ദ്വാരകാനിർമ്മാണം

ശ്രീശുകൻ പറഞ്ഞു

അസ്തിയെന്നും പ്രാപ്തിയെന്നുമഭിഖ്യയ
പതിമാർ കംസനു രണ്ടുപേരുണ്ടു കേൾ.

ഭർത്തൃമൃതിമൂലം ദുഃഖിച്ചവർ താത-
പത്തനത്തിൽ പോയ് വസിച്ചെന്നു വിശ്രുതം.

സന്തപ്തരാമവർ മാഗധനാം ജരാ-
സന്ധനെന്നെങ്ങും പുകഴും പിതാവിനെ

വൈധവ്യമുണ്ടാവതിനുള്ള കാരണം
സാദരമെല്ലാം പറഞ്ഞുകേൾപ്പിച്ചിതു. 2

അപ്രിയമാകുമാ വാക്കുകൾ കേട്ടവ-
നല്പേതരക്ലേശവിദ്വേഷയുക്തനായ്

മേദിനി യാദവാപേതമാക്കീടുവാൻ
ചേതസ്സിലുന്നി ശ്രമം തുടങ്ങീടിനാൻ. 3

അക്ഷൗഹിണിയിരുപത്തിമൂന്നൊത്തു ചൂ-
ഴ്ന്നക്ഷണം രോധിച്ചിതമ്മധുരാപുരം. 4

കാരണമാനുഷനാം ഭഗവാൻ ഹരി;
തീരം കവിഞ്ഞുവരും കടലെന്നപോൽ

തദ് ബലത്തേയുമവൻ നിരോധിച്ചുള്ളൊ-
രപ്പുരത്തേയും സ്വജനത്തെയും കണ്ടു

തദ്ദേശകാലാനുസാരം നിജജന-
നോദ്ദേശസിദ്ധിക്കെഴും വഴിയോർത്തിതു 5-6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഹനിഷ്യാമി ബലം ഹ്യേതദ്ഭുവി ഭാരം സമാഹിതം
മാഗധേന സമാനീതം വംശ്യാനാം സർവ്വഭൂഭുജാം. 7
അക്ഷൗഹിണീഭിഃ സങ്ഖ്യാതം ഭടാശ്വരഥകുഞ്ജരൈഃ
മാഗധസ്തു ന ഹന്തവ്യോ ഭൂയഃ കർത്താ ബലോദ്യമം. 8
ഏതദർത്ഥോഽവതാരോഽയം ഭൂഭാരഹരണായ മേ
സംരക്ഷണായ സാധൂനാം കൃതോഽന്യേഷാം വധായ ച. 9
അന്യോഽപി ധർമ്മരക്ഷായൈ ദേഹഃ സംഭ്രിയതേ മയാ
വിരാമായാപ്യധർമ്മസ്യ കാലേ പ്രഭവതഃ ക്വചിത്.'' 10
ഏവം ധ്യായതി ഗോവിന്ദ ആകാശാത് സൂര്യവർച്ചസൗ
രഥാവുപസ്ഥിതൗ സദ്യഃ സസൂതൗ സപരിച്ഛദൗ. 11
ആയുധാനി ച ദിവ്യാനി പുരാണാനി യദൃച്ഛയാ
ദൃഷ്ട്വാ താനി ഹൃഷീകേശഃ സങ്കർഷണമഥാബ്രവീത്. 12
''പശ്യാര്യ, വ്യസനം പ്രാപ്തം യദൂനാം ത്വാവതാം, പ്രഭോ,
ഏഷ തേ രഥ ആയാതോ ദയിതാന്യായുധാനി ച. 13
യാനമാസ്ഥായ ജഹ്യേതദ്വ്യസനാത് സ്വാൻ സമുദ്ധര
ഏതദർത്ഥം ഹി നൗ ജന്മ സാധൂനാമീശ ശർമ്മകൃത്. 14
ത്രയോവിംശത്യനീകാഖ്യം ഭൂമേർഭാരമപാകുരു''
ഏവം സമ്മന്ത്ര്യ ദാശാർഹൗ ദംശിതൗ രഥിനൗ പുരാത്. 15
നിർജ്ജഗ്മതുഃ സ്വായുധാഢ്യൗ ബലേനാല്പീയസാഽഽവൃതൗ
ശങ്ഖം ദധ്മൗ വിനിർഗ്ഗത്യ ഹരിർദാരുകസാരഥിഃ. 16
തതോഽഭൂത് പരസൈന്യാനാം ഹൃദി വിത്രാസവേപഥുഃ
താവാഹ മാഗധോ വീക്ഷ്യ, ''ഹേ കൃഷ്ണ, പുരുഷാധമ! 17
ന ത്വയാ യോദ്ധുമിച്ഛാമി ബാലേനൈകേന ലജ്ജയാ
ഗുപ്തേന ഹി ത്വയാ മന്ദ! ന യോത്സ്യേ യാഹി ബന്ധുഹൻ! 18
തവ, രാമ, യദി ശ്രദ്ധാ യുധ്യസ്വ ധൈര്യമുദ്വഹ
ഹിത്വാ വാ മച്ഛരൈഃ ഛിന്നം ദേഹം സ്വര്യാഹി, മാം ജഹി.''
19

ശ്രീഭഗവാനുവാച

ന വൈ ശൂരാ വികത്ഥന്തേ, ദർശയന്ത്യേവ പൗരുഷം
ന ഗൃഹ്ണീമോ വചോ രാജന്നാതുരസ്യ മുമൂർഷതഃ. 20

ശ്രീശുക ഉവാച

ജരാസുതസ്താവഭിസൃത്യ മാധവൗ
മഹാബലൗഘേന ബലീയസാഽഽവൃണോത്
സസൈന്യയാനധ്വജവാജിസാരഥീ
സൂര്യാനലൗ വായുരിവാഭ്രരേണുഭിഃ. 21
സുപർണ്ണതാലധ്വജചിഹ്നിതൗ രഥാ-
വലക്ഷയന്ത്യോ ഹരിരാമയോർമ്മൃധേ
സ്ത്രിയഃ പുരാട്ടാലകഹർമ്മ്യഗോപുരം
സമാശ്രിതാഃ സംമുമുഹുഃ ശുചാർദ്ദിതാഃ. 22
ഹരിഃ പരാനീകപയോമുചാം മുഹുഃ
ശിലീമുഖാത്യുല്ബണവർഷപീഡിതം
സ്വസൈന്യമാലോക്യ സുരാസുരാർച്ചിതം
വ്യസ്ഫൂർജ്ജയച്ഛാർങ്ഗശരാസനോത്തമം. 23
ഗൃഹ്ണൻ നിഷങ്ഗാദഥ സന്ദധച്ഛരാൻ
വികൃഷ്യ മുഞ്ചഞ്ഛിതബാണപൂഗാൻ
നിഘ്നൻ രഥാൻ കുഞ്ജരവാജിപത്തീൻ
നിരന്തരം യദ്വദലാതചക്രം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ക്ഷോണിക്കു ഭാരമായ് മാഗധാനീതമാ-
യാനതേരശ്വപദാതികൾ ചേർന്നതായ്

അക്ഷൗഹിണിക്കണക്കീ വംശ്യരാം നൃപർ
രക്ഷിച്ചിടും തത്സമസ്തസൈന്യത്തെയും

നഷ്ടമാക്കാം, ജരാസന്ധനെ വിട്ടിടാം;
ദുഷ്ടൻ വരട്ടെ വീണ്ടും സൈന്യയുക്തനായ്. 7–8

മേദിനീഭാരം ഹരിച്ചീടുവാനുമ-
സ്സാധുജനത്തിൻ പരിപാലനത്തിനും

ദുഷ്ടവൃന്ദത്തെ നശിപ്പിക്കുവാനുമായ്
വിഷ്ടപംതന്നിലവതരിച്ചീടിനേൻ. 9

ഇമ്മട്ടു മുൻപും ചിലപ്പോൾച്ചിലേടത്തു
ജന്മമാർന്നിട്ടുണ്ടു പാരിൽ പലേവിധം.

വേണ്ടതായ്‌വന്നിടും ഘട്ടത്തിലൊക്കെയും
പൂണ്ടിടും ഞാനുടലിങ്ങനെ മേലിലും.'' 10

ശ്രീകൃഷ്ണനീവിധം ചിന്തിച്ചിരിക്കവേ-
യാകാശവീഥിയിൽനിന്നുമക്ക്ഷോഭമായ്

രണ്ടു തേർ സൂതപരിച്ഛദയുക്തമായ്
തൻെറ സമീപമണഞ്ഞിതു വിസ്മയം! 11

ദിവ്യങ്ങളാം പുരാണായുധജാലങ്ങ-
ളാവഹിച്ചീടുമത്തേരുകൾ കണ്ടുടൻ

സങ്കർഷണനോടു ചൊല്ലിനാനീവിധം
തങ്കുംമുദാ ഭഗവാൻ മധുസൂദനൻ: 12

''ആര്യാ! ഭവാൻ യദുക്കൾക്കേകരക്ഷകൻ,
ഘോരദുഃഖത്തിലവർ വീണു, കാണുക

ചാരത്തു വന്നിരിക്കുന്നു ഭവാനുടെ
തേരും വിശിഷ്ടമാമായുധജാലവും. 13

സ്യന്ദനമേറിയിശ്ശത്രുസൈന്യങ്ങളെ-
ക്കൊന്നൊടുക്കിക്കദനത്തിൽനിന്നിക്ഷണം

ഉദ്ധരിച്ചാലും സ്വജനത്തെയീശ്വരാ!
മൂർത്തിയാർന്നാർ നമ്മൾ സാധുരക്ഷാർത്ഥമായ്. 14

മൂന്നുമിരുപതുമക്ഷൗഹിണി ചേർന്ന
സൈന്യമാം ഭൂഭാരമങ്ങു ഹരിക്കണം.''

എന്നു മന്ത്രിച്ചവർ ചട്ടയിട്ടായുധ-
മാർന്ന തേരേറിക്കുറച്ചു സൈന്യത്തൊടും

പട്ടണംവിട്ടു വെളിക്കുവ,ന്നൂതിനാൻ
പെട്ടെന്നു ശങ്ഖമദ്ദാരുകസാരഥി. 15–16

ദൈത്യാരിശങ്ഖധ്വനി കേട്ട മാത്രയിൽ
ശത്രുസൈന്യങ്ങൾ പേടിച്ചുവിറച്ചിതേ.

ഭൂപതി മാഗധൻ ചൊന്നാൻ ഹരിയോടു,
''ഹേ പുരുഷാധമാ! കൃഷ്ണാ! ജഡമതേ!

നീയസഹായൻ വെറുമൊരു ബാലക-
നായോധനാസമർത്ഥൻ ബന്ധുഘാതകൻ

പേടിച്ചൊളിച്ചിരിക്കുന്ന നിന്നോടട-
രാടുവാൻ ലജ്ജിച്ചിടുന്നു, പൊയ്ക്കൊൾക നീ.
17–18

രാമാ! വരിക നീയെന്നോടു പോരിനാ-
യാമെങ്കിലാവഹിച്ചീടുക ധീരത,

ഒന്നുകിലെന്നമ്പു തച്ചു ഭിന്നാങ്ഗനായ്
വിണ്ണേറുകല്ലെങ്കിലെന്നെ ഹനിക്കുക.'' 19

ശ്രീഭഗവാൻ പറഞ്ഞു

വീരരായുള്ളോർ പ്രശംസിക്കുകയില്ല,
പൗരുഷം കാട്ടുകയേയുള്ളു നിശ്ചയം.

ചാകാനടുത്തൊരു രോഗിതൻ വാക്കുകൾ
ഞാൻ കാര്യമായിഗ്ഗണിക്കുന്നതില്ലിഹ. 20

ശ്രീശുകൻ പറഞ്ഞു

ഏററം ബലിയവൻ തന്മഹാസേനയാൽ
ചുററിവളഞ്ഞുടനാ രണ്ടുപേരെയും

മാരുതൻ മേഘങ്ങളും പൊടിയുംകൊണ്ടു
സൂര്യാഗ്നികളെ മൂടുംപോൽ മറച്ചിതേ. 21

താർക്ഷ്യതാലാങ്കങ്ങൾതങ്കുന്നതാം സരോ-
ജാക്ഷരാമസ്യന്ദനങ്ങൾ കാണായ്കയാൽ

ആധിമൂലം പുരാട്ടാലകഗോപുര-
സൗധസ്ഥനാരികൾ മോഹിച്ചുവീണിതു. 22

ശത്രുസൈന്യങ്ങളാം മേഘനിരയ്ക്കുഴ-
മത്യുഗ്രബാണവർഷങ്ങളാൽ തൻപട

പീഡിതമായ് കണ്ടു ശാർങ്ഗി സുരാസുരൗ-
ഘേഡിതശാർങ്ഗധനുസ്സൊലിക്കൂട്ടിനാൻ. 23

ബാണമെടുത്തും തൊടുത്തുമടിക്കടി
ഞാണു വലിച്ചുവിട്ടും വിപക്ഷക്കെഴും

ഹസ്തിരഥാശ്വപദാതികൾ വീഴ്ത്തിയും
ദൈത്യാരി മിന്നിയലാതചക്രോപമം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർഭിന്നകുംഭാഃ കരിണോ നിപേതു-
രനേകശോഽശ്വാഃ ശരവൃക്ണകന്ധരാഃ
രഥാ ഹതാശ്വധ്വജസൂതനായകാഃ
പദാതയശ്ഛിന്നഭുജോരുകന്ധരാഃ. 25
സംഛിദ്യമാനദ്വിപദേഭവാജിനാ-
മംഗപ്രസൂതാഃ ശതശോഽസൃഗാപഗാഃ
ഭുജാഹയഃ പൂരുഷശീർഷകച്ഛപാ
ഹതദ്വിപദ്വീപഹയഗ്രഹാകുലാഃ. 26
കരോരുമീനാ നരകേശശൈവലാ
ധനുസ്തരംഗായുധഗുല്മസങ്കുലാഃ
അച്ഛൂരികാവർത്തഭയാനകാ മഹാ-
മണിപ്രവേകാഭരണാശ്മശർക്കരാഃ. 27
പ്രവർത്തിതാ ഭീരുഭയാവഹാ മൃധേ
മനസ്വിനാം ഹർഷകരീഃ പരസ്പരം
വിനിഘ്നതാരീൻ മുസലേന ദുർമ്മദാൻ
സങ്കർഷണേനാപരിമേയതേജസാ. 28
ബലം തദംഗാർണ്ണവദുർഗ്ഗഭൈരവം
ദുരന്തപാരം മഗധേന്ദ്രപാലിതം
ക്ഷയം പ്രണീതം വസുദേവപുത്രയോ-
ർവ്വിക്രീഡിതം തജ്ജഗദീശയോഃ പരം. 29
സ്ഥിത്യുദ്ഭവാന്തം ഭുവനത്രയസ്യ യഃ
സമീഹതേഽനന്തഗുണഃ സ്വലീലയാ
ന തസ്യ ചിത്രം പരപക്ഷനിഗ്രഹ-
സ്തഥാപി മർത്ത്യാനുവിധസ്യ വർണ്ണ്യതേ. 30
ജഗ്രാഹ വിരഥം രാമോ ജരാസന്ധം മഹാബലം
ഹതാനീകാവശിഷ്ടാസും സിംഹഃ സിംഹമിവൗജസാ. 31
ബധ്യമാനം ഹതാരാതിം പാശൈർവ്വാരുണമാനുഷൈഃ
വാരയാമാസ ഗോവിന്ദസ്തേന കാര്യചികീർഷയാ. 32
സ മുക്തോ ലോകനാഥാഭ്യാം വ്രീഡിതോ വീരസമ്മതഃ
തപസേ കൃതസങ്കല്പോ വാരിതഃ പഥി രാജഭിഃ. 33
വാക്യൈഃ പവിത്രാർത്ഥപദൈർന്നയനൈഃ പ്രാകൃതൈരപി
സ്വകർമ്മബന്ധപ്രാപ്തോഽയം യദുഭിസ്തേ പരാഭവഃ. 34
ഹതേഷു സർവ്വാനീകേഷു നൃപോ ബാർഹദ്രഥസ്തദാ
ഉപേക്ഷിതോ ഭഗവതാ മഗധാൻ ദുർമ്മനാ യയൗ. 35
മുകുന്ദോഽപ്യക്ഷതബലോ നിസ്തീർണ്ണാരിബലാർണ്ണവഃ
വികീര്യമാണഃ കുസുമൈസ്ത്രിദശൈരനുമോദിതഃ. 36
മാഥുരൈരുപസംഗമ്യ വിജ്വരൈർമ്മുദിതാത്മഭിഃ
ഉപഗീയമാനവിജയഃ സൂതമാഗധവന്ദിഭിഃ. 37
ശംഖദുന്ദുഭയോ നേദുർഭേരീതൂര്യാണ്യനേകശഃ
വീണാവേണുമൃദംഗാനി പുരം പ്രവിശതി പ്രഭൗ. 38
സിക്തമാർഗ്ഗാം ഹൃഷ്ടജനാം പതാകാഭിരലംകൃതാം
നിർഘുഷ്ടാം ബ്രഹ്മഘോഷേണ കൗതുകാബദ്ധതോരണാം. 39
നിചീയമാനോ നാരീഭിർമ്മാല്യദധ്യക്ഷതാങ്കുരൈഃ
നിരീക്ഷ്യമാണഃ സസ്നേഹം പ്രീത്യുത്കലിതലോചനൈഃ. 40
ആയോധനഗതം വിത്തമനന്തം വീരഭൂഷണം
യദുരാജായ തത് സർവ്വമാഹൃതം പ്രാദിശത് പ്രഭുഃ 41
ഏവം സപ്തദശകൃത്വസ്താവത്യക്ഷൗഹിണീബലഃ
യുയുധേ മാഗധോ രാജാ യദുഭിഃ കൃഷ്ണപാലിതൈഃ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമ്പുകളേററശ്വവൃന്ദം ഗളങ്ങളും
കുംഭികൾ കുംഭങ്ങളും മുറിഞ്ഞും പരം
കാലാൾപ്പട, തുട കൈകാൽകളററുമ-
ക്കാലം രഥങ്ങൾ സൂതാശ്വധ്വജാധിപർ
നഷ്ടമായും പല ഖണ്ഡങ്ങളായ് മന്നി-
ടത്തിൽ നിരക്കെപ്പതിച്ചു തുരുതുരെ. 25
നിസ്തുലതേജസ്വി രാമൻ മുടിച്ചിതു
ശത്രുക്കളെത്തൻ മുസലാഹതികളാൽ
ആത്തപരുഷം പ്രതിഭടസേനയിൽ-
പ്പെട്ട രഥാശ്വപദാതിഗണത്തെയും.
ഹസ്തിസമൂഹത്തെയസ്ത്രചയത്തിനാൽ
പത്തുമരിഞ്ഞരിഞ്ഞിട്ടിതു കേശവൻ.
ധീരശ്ശൂരന്മാർക്ക സന്തോഷദായിയായ്
ഭീരുക്കളായോർക്ക ഭീതിയേററുന്നതായ്-
ിന്നും മണിപ്രകാണ്ഡാഭരണങ്ങളിൽ
ചിന്നുന്ന രത്നങ്ങളാം ശിലാവൃന്ദവും
ആയുധഗുല്മങ്ങളും വിൽത്തിരകളു-
മായിരംവീതം പരിശച്ചുഴികളും
നാനാതരകേശശൈവലക്കൂട്ടവും
പീനഭുജങ്ങളാം സർപ്പസമൂഹവും
പൂരുഷമസ്തകകച്ഛപജാലവു-
മൂരുഹസ്തങ്ങളാം മത്സ്യസന്ദോഹവും
ചത്ത ഗജങ്ങളാം ദ്വീപങ്ങളും ഹയ-
ക്കൂട്ടങ്ങളായിട്ടും നക്രചക്രങ്ങളും
തിങ്ങിയതായ് ഛിദ്യമാനനരാശ്വമാ-
തങ്ഗാങ്ഗകങ്ങളിൽനിന്നുളവായതാം
ചോരപ്പുഴകളനേകം പലവഴി
പാരിടമെങ്ങും പരന്നൊഴുകീ തദാ. 26-28
സിന്ധുസമം ദുർഗ്ഗമമായ് ഭയദമാ-
യന്തരഹിതമായ് മാഗധനീതമാം
അപ്പട പാടേയൊടുക്കിനാർ, കേളിയായ്
കല്പിച്ചിടാം ജഗദീശർക്കിതോർക്കുകിൽ. 29
ത്രൈലോക്യസൃഷ്ടിസ്ഥിതിലയം ലീലയാ-
യാളുന്നതേതൊരനന്തഗുണാത്മകൻ
ശത്രുപക്ഷത്തെയദ്ദേഹം തുലച്ചതി-
ലത്രയാശ്ചര്യപ്പെടേണ്ടതില്ലെങ്കിലും
മർത്ത്യനായ് ദുഷ്കരകൃത്യങ്ങൾ ചെയ്കയാ-
ലത്തരം വർണ്ണിച്ചിടുന്നു സാധാരണർ. 30
തരററു സൈന്യം നശിച്ചു ജീവന്മാത്ര-
ധാരിയായ് വൻബലിയാം മഗധേശനെ
കേസരിയെക്കേസരിപോൽ ബലഭദ്ര-
നാശു പിടിച്ചാൻ മഹാപ്രഭാവത്തിനാൽ. 31

വാരുണമർത്ത്യപാശങ്ങളാലാഹത-
വൈരിയായീടുമവനെ ബന്ധിച്ചുടൻ
കൊല്ലുവാൻ ഭാവിപ്പതു കണ്ടതിൽനിന്നു
മല്ലാരി, തൻകാര്യമോർത്തു തടഞ്ഞിതു. 32
ലോകേശരിൽനിന്നു മോചിച്ച ലജ്ജിത-
നാകയാൽ മാഗധൻ പോയാൻ തപസ്സിനായ്.
വീരവ്രതനാമവനേ നൃപർ വഴി-
ക്കാരാലണഞ്ഞു നിവാരണംചെയ്തിതേ. 33
''ഇത്തോൽവി യാദവന്മാരിൽനിന്നങ്ങേയ്ക്കു
പററുവാൻ ത്വത്കർമ്മബന്ധമാം കാരണം''
ഇത്ഥമോരോ ലോകനീതികളാലും വി-
ശ്രുദ്ധാർത്ഥവാക്യങ്ങളാലും മടക്കിനാർ. 34
ശ്രീകൃഷ്ണനാഹതസൈന്യനായ് വിട്ടോരാ
മാഗധൻ ദുർമ്മനസ്സായ് പുരം പൂകിനാൻ. 35
അക്ഷതമാകും നിജബലമൊത്തരി-
പക്ഷസൈന്യാബ്ധി കടന്ന കാർവർണ്ണനെ
ദേവകൾ പൂമഴപെയ്തുമോദിച്ചി-
താവിലഹീനരായ് മാഥുരന്മാർ മുദാ,
അന്തികമെത്തിയെതിരേററു മാഗധ-
വന്ദിവൃന്ദത്തിൻ വിജയഘോഷ-
ത്തൊടും. 36-37
നന്ദാത്മജാതൻ മുകുന്ദൻ മുരഹര-
നിന്ദിരാകാന്തൻ പ്രഭു പുരം പൂകവേ
ശങ്ഖവീണാവേണുദുന്ദുഭിഭേരീമൃ-
ദങ്ഗതൂര്യങ്ങൾ മുഴങ്ങിയെങ്ങും പരം. 38
നന്നായ് നനച്ച വഴികൾ ചേർന്നും, ജന-
മൊന്നുപോലാനന്ദമാർന്നും, പതാകകൾ
എങ്ങും നിരപ്പിനു പാറിയും, തോരണ-
മങ്ങിങ്ങു കൗതുകമാമ്മാറു തൂങ്ങിയും,
ഭൂസുരവേദനിർഘോഷം മുഴങ്ങിയു-
മുത്സവസൂചിതമായിരുന്നപ്പുരം. 39
പൂക്കൾ, മലർ, ദധി, യക്ഷതമെന്നിവ
മൈക്കണ്ണിമാർ ചൊരിഞ്ഞാർ കൃഷ്ണമൗലിയിൽ
പ്രീതിയാലുത്ഫുല്ലനേത്രരായ് സ്നേഹസ-
മാദരപൂർവ്വകം നോക്കിനിന്നാർ ജനം. 40
പോരിൽക്കരസ്ഥമാം വിത്തവും നിസ്സീമ-
വീരവിഭൂഷകളും യദുമന്നനായ്
സർവ്വം സകലജഗത്പതി ദൈതേയ-
ഗർവ്വഹരൻ ഹരി കാഴ്ചവച്ചീടിനാൻ. 41
ഇത്ഥം പതിനേഴുവട്ടം ജരാസന്ധ-
നത്രതന്നക്ഷൗഹിണീബലമൊത്തഥ
കേശവൻ കാത്തുപോരുന്ന യദുക്കളോ-
ടാശയാൽ വാശിക്ക വന്നു പോരാടിനാൻ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷീണവംസ്തദ്ബലം സർവ്വം വൃഷ്ണയഃ കൃഷ്ണതേജസാ
ഹതേഷു സ്വേഷ്വനീകേഷു ത്യക്തോഽഗാദരിഭിർന്നൃപഃ. 43
അഷ്ടാദശമസംഗ്രാമ ആഗാമിനി തദന്തരാ
നാരദപ്രേഷിതോ വീരോ യവനഃ പ്രത്യദൃശ്യത. 44
രുരോധ മഥുരാമേത്യ തിസൃഭിർമ്ലേച്ഛകോടിഭിഃ
നൃലോകേ ചാപ്രതിദ്വന്ദ്വോ വൃഷ്ണീൻ ശ്രുത്വാഽഽത്മസ-
മ്മിതാൻ. 45
തം ദൃഷ്ട്വാചിന്തയത് കൃഷ്ണഃ സങ്കർഷണസഹായവാൻ:
''അഹോ യദൂനാം വൃജിനം പ്രാപ്തം ഹ്യുഭയതോ മഹത്. 46
യവനോഽയം നിരുന്ധേഽസ്മാനദ്യ താവന്മഹാബലഃ
മാഗധോഽപ്യദ്യ വാ ശ്വോ വാ പരശ്വോ വാഽഽഗമിഷ്യതി. 47
ആവയോര്യുധ്യതോരസ്യ യദ്യാഗന്താ ജരാസുതഃ
ബന്ധൂൻ വധിഷ്യത്യഥവാ നേഷ്യതേ സ്വപുരം ബലീ. 48
തസ്മാദദ്യ വിധാസ്യാമോ ദുർഗ്ഗം ദ്വിപദദുർഗ്ഗമം
തത്ര ജ്ഞാതീൻ സമാധായ യവനം ഘാതയാമഹേ.'' 49
ഇതി സമ്മന്ത്ര്യ ഭഗവാൻ ദുർഗ്ഗം ദ്വാദശയോജനം
അന്തഃസമുദ്രേ നഗരം കൃത്സ്നാദ്ഭുതമചീകരത്. 50
ദൃശ്യതേ യത്ര ഹി ത്വാഷ്ട്രം വിജ്ഞാനം ശില്പനൈപുണം
രഥ്യാചത്വരവീഥീഭിര്യഥാവാസ്തു വിനിർമ്മിതം. 51
സുരദ്രുമലതോദ്യാനവിചിത്രോപവനാന്വിതം
ഹേമശൃംഗൈർദിവിസ്പൃഗ്ഭിഃ സ്ഫാടികാട്ടാലഗോപുരൈഃ 52
രാജതാരകുടൈഃ കോഷ്ഠൈർഹേമകുംഭൈരലംകൃതൈഃ
രത്നകൂടൈർഗൃഹൈർഹൈമൈർമ്മഹാമരകതസ്ഥലൈഃ. 53
വാസ്തോഷ്പതീനാം ച ഗൃഹൈർവല്ലഭീഭിശ്ച നിർമ്മിതം
ചാതുർവ്വർണ്യജനാകീർണ്ണം യദുദേവഗൃഹോല്ലസത്. 54
സുധർമ്മാം പാരിജാതം ച മഹേന്ദ്രഃ പ്രാഹിണോദ്ധരേഃ
യത്ര ചാവസ്ഥിതോ മർത്ത്യോ മർത്ത്യധർമ്മൈർന്ന യുജ്യതേ. 55
ശ്യാമൈകകർണ്ണാൻ വരുണോ ഹയാൻ ശുക്ലാൻ മനോജവാൻ
അഷ്ടൗ നിധിപതിഃ കോശാംല്ലോകപാലോ നിജോദയാൻ 56
യദ്യദ്ഭഗവതാ ദത്തമാധിപത്യം സ്വസിദ്ധയേ
സർവ്വം പ്രത്യർപ്പയാമാസുർഹരൗ ഭൂമിഗതേ നൃപ! 57
തത്ര യോഗപ്രഭാവേണ നീത്വാ സർവ്വജനം ഹരിഃ
പ്രജാപാലേന രാമേണ കൃഷ്ണഃ സമനുമന്ത്രിതഃ
നിർജ്ജഗാമ പുരദ്വാരാത് പദ്മമാലീ നിരായുധഃ. 58

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ദുർഗ്ഗനിവേശനം നാമ പഞ്ചാശത്തമോഽധ്യായഃ

ഏകപഞ്ചാശത്തമോഽധ്യായഃ

ശ്രീശുക ഉവാച

തം വിലോക്യ വിനിഷ്ക്രാന്തമുജ്ജിഹാനമിവോഡുപം
ദർശനീയതമം ശ്യാമം പീതകൗശേയവാസസം. 1
ശ്രീവത്സവക്ഷസം ഭ്രാജത്കൗസ്തുഭാമുക്തകന്ധരം
പൃഥുദീർഘചതുർബ്ബാഹും നവകഞ്ജാരുണേക്ഷണം. 2
നിത്യപ്രമുദിതം ശ്രീമത്സുകപോലം ശുചിസ്മിതം
മുഖാരവിന്ദം ബിഭ്രാണം സ്ഫുരന്മകരകുണ്ഡലം. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണപ്രഭാവത്തിനാലപ്പോഴൊക്കെയും
വൃഷ്ണികൾ തത്സൈന്യമൊക്കെയൊടുക്കിനാർ.
സ്വന്തസൈന്യത്തെ നശിപ്പിച്ചരാതികൾ
സന്ത്യജിക്കും, മടങ്ങും സ്വയമന്നൃപൻ. 43
മുട്ടാതെ മാഗധൻ യുദ്ധത്തിനായ്പതി-
നെട്ടാമതും കോപ്പുകൂട്ടിത്തുടങ്ങവേ
നാരദപ്രേരിതനായ് പോരിനായൊരു
വീരൻ യവനൻ മഥുര പൂകീടിനാൻ. 44
മാനവലോകത്തിലപ്രതിദ്വന്ദ്വിതാൻ
താനെന്നു മാനിച്ചവൻ മഥുരാപുരം
തന്നോടു വൃഷ്ണികൾ തുല്യരെന്നായ്ക്കേട്ടു
മൂന്നുകോടി മ്ലേച്ഛരൊത്തു വളഞ്ഞിതേ. 45
സങ്കർഷണസഹിതൻ കൃഷ്ണ,നായവ-
നങ്കത്തിനു വന്നിരിപ്പ,തു പാർത്തഹോ
സങ്കടം രണ്ടുഭാഗത്തുനിന്നും യദു-
സംഘത്തിനേല്പതിൽ
ചിന്തയാർന്നീടിനാൻ. 46
''വന്നു നിരോധിപ്പു നമ്മെ മഹാസൈന്യ-
സന്നാഹമൊത്തീ യവനൻ മഹാബലൻ.
ഇന്നുതാനോ നാളെയോ തക്കമേറ്റു മ-
റ്റന്നാളിലോ മഗധേശനും വന്നിടും. 47
നാമിരുപേരുമിവനോടെതിർക്കവേ-
യാ മഹാശക്തൻ ജരാസന്ധനെത്തുകിൽ
നമ്മുടെ ബന്ധുക്കളെക്കൊല്ലുമല്ലെങ്കി-
ലമ്മഗധസ്ഥു കെട്ടിക്കൊണ്ടുപോയിടും. 48
ആകയാൽ മർത്ത്യർക്കു ദുർഗ്ഗമമാം ദുർഗ്ഗ-
മേകമിപ്പോൾത്തന്നെ നിർമ്മിച്ചവിടെ നാം
ജ്ഞാതികളെ വസിപ്പിച്ചു യവനനെ
വീതവിളംബം കഥകഴിച്ചീടണം.'' 49
ഇമ്മട്ടു സമ്മന്ത്രണംചെയ്തു ഗോവിന്ദ-
നംബുധിക്കുള്ളിലായ് പന്ത്രണ്ടുയോജന
ദുർഗ്ഗവുമാർക്കുമാശ്ചര്യമിയറ്റുവാൻ
തക്ക നഗരവും തീർപ്പിച്ചു ഭംഗിയായ്. 50
വിശ്വകർമ്മാവിന്റെ വിജ്ഞാനവും കര-
കൗശലവും തത്ര ദൃശ്യമാം നല്ലപോൽ
രഥ്യകൾ വീഥികൾ ചത്വരവൃന്ദവും
ചിത്രമാം സ്ഥാനസ്ഥിതഭവനങ്ങളും. 51
ദേവദ്രുമലതാരാമനിരകള-
മാവിധം ചിത്രതരോപവനങ്ങളും
വിണ്ണുരുമ്മും താഴികപ്പൊൻകുടങ്ങളാൽ
മിന്നിടും സ്ഫാടികഗോപുരാട്ടാലങ്ങൾ. 52
വെള്ളിയും പിത്തളയുംകൊണ്ടു തീർത്തതാ-
യുള്ള പല പാചകശാലകൾ തഥാ
ശ്രേഷ്ഠമരതകക്കൽത്തളങ്ങൾ ഹേമ-
സ്പൃഷ്ടങ്ങൾ രത്നശിഖരഗൃഹങ്ങളും. 53
ദേവാലയങ്ങൾ വലഭികളെന്നിവ
താവി യദുരാജഗേഹോല്ലസിതമായ്
നാലുവർണ്ണത്തിലുമുള്ള ജനതതി-
യാലേയലംകൃതമായിരുന്നിപ്പുരം. 54
മർത്ത്യധർമ്മങ്ങളെവിടെ വസിച്ചിടും
മർത്ത്യനാണേതുമേ ചേരാതെയുള്ളതും
അസ്സുധർമ്മാസഭയും പാരിജാതവും
കൃഷ്ണനയച്ചുകൊടുത്തു സുരേശ്വരൻ. 55
ഒറ്റക്കരിഞ്ചെവിയാർന്ന മനോവേഗ-
മുറ്റതാം വെള്ളക്കുതിരകൾ പാശിയും
എട്ടു നിധികൾ ധനദനും തദ്ഭൂതി-
യൊട്ടാകെ വിഷ്ടപപാലരുമേകിനാർ. 56
ഇന്ദ്രാദികൾക്കു തത്തദ്വൈഭവത്തിനാ-
ലെന്തൊക്കെയാധിപത്യം ഹരി നല്കിയോ,
ആവകയെല്ലാം ധരാജാതനായൊരാ-
ദ്ദേവനായ് പ്രത്യർപ്പണംചെയ്തിതായവർ. 57
ശ്രീകൃഷ്ണനഞ്ജജനങ്ങളെയാകവേ
യോഗപ്രഭാവത്തിനാൽ നയിച്ചീടിനാൻ
പിന്നെ പ്രജാപാലനാകും മുസലിയോ-
ടൊന്നിച്ചു നന്നായനുമന്ത്രണംചെയ്തു
നേരേ നിരായുധനായ് പദ്മമാലിയായ്
പാരാതെയപ്പുരംവിട്ടു പോയീടിനാൻ. 58

അദ്ധ്യായം 51

മുചുകുന്ദനാൽ കാലയവനനാശം; മുചുകുന്ദസ്തുതി

ശ്രീശുകൻ പറഞ്ഞു

വിണ്ണിൽ വിളങ്ങിടും പൂർണ്ണേന്ദുവെന്നപോൽ
കണ്ണിനു സൗഖ്യംവളർത്തും മനോജ്ഞനായ്
ശ്യാമളവർണ്ണനായ് ശ്രീവത്സലാഞ്ഛനം
കോമളവക്ഷഃസ്ഥലത്തിൽ ധരിച്ചഥ, 1
കൗസ്തുഭരത്നം ഗളതലംതന്നിലാ-
ർന്നുത്തുംഗമായ് നീണ്ട നാലുകരത്തൊടും
പീതാംബരാഢനായ് സുസ്മേരയുക്തനായ്
പ്രീതനായ് ചാരുസരോജനേത്രങ്ങളും, 2
വ്യാമുഗ്ദ്ധമായിടും ഗണ്ഡതലങ്ങളും
ശ്രീമന്മകരക്കുഴക്കുണ്ഡലങ്ങളും
ചേർന്നു മിന്നും മുഖാബ്ജം കലർന്നീടുമ-
ക്കണ്ണനെക്കണ്ടാൻ മഹായവനാസുരൻ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''വാസുദേവോ ഹ്യയമിതി പുമാൻ ശ്രീവത്സലാഞ്ഛനഃ
ചതുർഭുജോഽരവിന്ദാക്ഷോ വനമാല്യതിസുന്ദരഃ. 4
ലക്ഷണൈർനാരദപ്രോക്തൈർനാന്യോ ഭവിതുമർഹതി
നിരായുധശ്ചലൻ പദ്ഭ്യാം യോത്സ്യേഽനേന നിരായുധഃ.'' 5
ഇതി നിശ്ചിത്യ യവനഃ പ്രാദ്രവന്തം പരാങ്മുഖം
അന്വധാവജ്ജിഘൃക്ഷുസ്തം ദുരാപമപി യോഗിനാം. 6
ഹസ്തപ്രാപ്തമിവാത്മാനം ഹരിണാ സ പദേ പദേ
നീതോ ദർശയതാ ദൂരം യവനേശോഽദ്രികന്ദരം. 7
''പലായനം യദുകുലേ ജാതസ്യ തവ നോചിതം.''
ഇതി ക്ഷിപന്നനുഗതോ നൈനം പ്രാപാഹതാശുഭഃ. 8
ഏവം ക്ഷിപ്തോഽപി ഭഗവാൻ പ്രാവിശദ്ഗിരികന്ദരം
സോഽപി പ്രവിഷ്ടസ്തത്രാന്യം ശയാനം ദദൃശേ നരം. 9
''നന്വസൗ ദൂരമാനീയ ശേതേ മാമിഹ സാധുവത്.''
ഇതി മത്വാച്യുതം മൂഢസ്തം പദാ സമതാഡയത്. 10
സ ഉത്ഥായ ചിരം സുപ്തഃ ശനൈരുന്മീല്യ ലോചനേ
ദിശോ വിലോകയൻ പാർശ്വേ തമദ്രാക്ഷീദവസ്ഥിതം. 11
സ താവത്തസ്യ രുഷ്ടസ്യ ദൃഷ്ടിപാതേന, ഭാരത,
ദേഹജേനാഗ്നിനാ ദഗ്ധോ ഭസ്മസാദഭവത്ക്ഷണാത്. 12

രാജോവാച

കോ നാമ സ പുമാൻ ബ്രഹ്മൻ! കസ്യ? കിം വീര്യ ഏവ ച
കസ്മാദ്ഗുഹാം ഗതഃ ശിശ്യേ? കിന്തേജോ യവനാർദ്ദനഃ? 13

ശ്രീശുക ഉവാച

സ ഇക്ഷ്വാകുകുലേ ജാതോ മാന്ധാതൃതനയോ മഹാൻ
മുചുകുന്ദ ഇതി ഖ്യാതോ ബ്രഹ്മണ്യഃ സത്യസങ്ഗരഃ. 14
സ യാചിതഃ സുരഗണൈരിന്ദ്രാദ്യൈരാത്മരക്ഷണേ
അസുരേഭ്യഃ പരിത്രസ്തൈസ്തദ്രക്ഷാം സോഽകരോച്ചിരം. 15
ലബ്ധ്വാ ഗുഹം തേ സ്വഃപാലം മുചുകുന്ദമഥാബ്രുവൻ
''രാജൻ വിരമതാം കൃച്ഛ്റാദ് ഭവാൻ നഃ പരിപാലനാത്. 16
നരലോകേ പരിത്യജ്യ രാജ്യം നിഹതകണ്ടകം
അസ്മാൻ പാലയതോ, വീര, കാമാസ്തേ സർവ്വ
ഉജ്ഝിതാഃ. 17

സുതാ മഹിഷ്യോ ഭവതോ ജ്ഞാതയോഽമാത്യമന്ത്രിണഃ
പ്രജാശ്ച തുല്യകാലീയാ നാധുനാ സന്തി കാലിതാഃ. 18
കാലോ ബലീയാൻ ബലിനാം ഭഗവാനീശ്വരോഽവ്യയഃ
പ്രജാഃ കാലയതേ ക്രീഡൻ പശുപാലോ യഥാ പശൂൻ. 19
വരം വൃണീഷ്വ ഭദ്രം തേ ഋതേ കൈവല്യമദ്യ നഃ
ഏക ഏവേശ്വരസ്തസ്യ ഭഗവാൻ വിഷ്ണുരവ്യയഃ.'' 20
ഏവമുക്തഃ സ വൈ ദേവാനഭിവന്ദ്യ മഹായശാഃ
നിദ്രാമേവ തതോ വവ്രേ സ രാജാ ശ്രമകർശിതഃ. 21
''യഃ കശ്ചിന്മമ നിദ്രായാ ഭങ്ഗം കുര്യാത് സുരോത്തമാഃ
സ ഹി ഭസ്മീഭവേദാശു'', തഥോക്തശ്ച സുരൈസ്തദാ. 22
അശയിഷ്ട ഗുഹാവിഷ്ടോ നിദ്രയാ ദേവദത്തയാ
''സ്വാപം യാതം യസ്തു മധ്യേ ബോധയേത്ത്വാമചേതനഃ
സ ത്വയാ ദൃഷ്ടമാത്രസ്തു ഭസ്മീഭവേതു തത്ക്ഷണാത്.'' 23
യവനേ ഭസ്മസാന്നീതേ ഭഗവാൻ സാത്വതർഷഭഃ
ആത്മാനം ദർശയാമാസ മുചുകുന്ദായ ധീമതേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ശ്രീവത്സചിഹ്നമിവനുണ്ട്, താമര-
പ്പൂവിനു സാമ്യംവഹിക്കുന്നു കണ്ണുകാം,
ആവഹിക്കുന്നു വനമാല, സൗന്ദര്യ-
മേവമില്ലാർക്കുമിവനതിസുന്ദരൻ. 4

ദേവമുനി ചൊന്ന ലക്ഷണമൊക്കെയു-
ണ്ടോ വാസുദേവനിവൻതന്നെ നിശ്ചയം
ആയുധഹീനനിവൻ പദചാരി നി-
രായുധനായിവനോടടരാടുവൻ.'' 5

എന്നുറപ്പിച്ചു മുഖത്തു നോക്കീടാതെ
പിന്നാലെ വേഗമായോഗിദുരാപനാം
നന്ദജനെപ്പിടിച്ചീടുവാനിച്ഛയോ-
ടുന്നതനാം യവനൻ പാഞ്ഞുചെന്നിതു. 6

തൊട്ടു തൊട്ടില്ലെന്നമട്ടിലനുപദം
കിട്ടിടും കൈയിലെന്നങ്ങു തോന്നുംവിധം
ദുഷ്ടനെ ദൂരെയൊരു ഗിരികന്ദര-
മെത്തിച്ചിടുംവരെയോടീടിനാൻ ഹരി. 7

''നന്നല്ല യാദവവംശത്തിലുണ്ടായ
കണ്ണാ! നിനക്കിപ്പലായന''മെന്നുടൻ
നിന്ദിച്ചു ചൊന്നോടിയെത്തുമപ്പാപിക്കു
നന്ദജനെത്തൊടാൻ സാധിച്ചതില്ലതാൻ. 8

നന്നായവനാലധിക്ഷിപ്തനാം ഹരി
ചെന്നു ഗിരികന്ദരത്തിൽ കടന്നിതു.
കേറീ പുറകേയവനുമപ്പോളതിൽ
സ്വൈരമായേകൻ കിടപ്പതായ്ക്കണ്ടിതേ. 9

''ഇത്രദൂരംവരെയെന്നെയോടിച്ചവ-
നത്ര സുഖമായ്ക്കിടന്നുറങ്ങുന്നുവോ''
ഇത്തരമോർത്തു മൂഢൻ യവനാധിപൻ
ബദ്ധരോഷം പദത്താൽ ചവിട്ടീടിനാൻ. 10

ഏറിയകാലമായ് നിദ്രയിലാണ്ടൊരു
പൂരുഷശ്രേഷ്ഠനെഴുന്നേറ്റു മെല്ലവേ
കണ്ണുമിഴിച്ചൊന്നു ചുറ്റിനും നോക്കവേ
സന്നിധി നില്ക്കും യവനനെക്കണ്ടിതു. 11

രുഷ്ടനായീടുമപ്പൂരുഷൻതന്നുടെ
നോട്ടത്തിനാൽ സ്വന്തദേഹത്തിൽനിന്നുതാൻ
കാളുന്ന വഹ്നിയുളവായിവന്നതിൽ
കാലയവനൻ ദഹിച്ചു നീറായിതേ. 12

രാജാവു പറഞ്ഞു

ആരാണു കാലയവനാന്തകൻ മുനേ!
പേരെന്തവ,നവനാരുടെ നന്ദനൻ?
എന്തൊക്കെയാണവൻ തന്മഹിമാനങ്ങ-
ളെന്തിനായ് വന്നിഗ്ഗുഹയിൽക്കിടന്നതും? 13

ശ്രീശുകൻ പറഞ്ഞു

ആ മഹാനിക്ഷ്വാകുവംശജൻ മാന്ധാതൃ-
ഭൂമിപനന്ദനൻ ബ്രാഹ്മണസേവകൻ,
സത്യനിഷ്ഠൻ മുചുകുന്ദാഖ്യയാൽ സുപ്ര-
സിദ്ധനാമെന്നു ധരിക്ക ധരാപതേ. 14

ദാനവന്മാരെബ്ഭയന്നു ദേവേന്ദ്രാദി
വാനവരാത്മരക്ഷാർത്ഥമർത്ഥിക്കയാൽ
വിണ്ണിലെത്തിസ്സുരദൈത്യഭീതിയിൽ-
നിന്നു കാത്താൻ ചിരമിന്നരപാലകൻ. 15

വിണ്ണവർ വേലായുധനെ സ്വരക്ഷണ-
ത്തിന്നു ലഭിച്ചളവിന്നൃപനോടവർ
''ഞങ്ങളെപ്പാലിച്ചിടേണ്ടതിനായിനി-
യങ്ങു ദുഃഖിക്കേണ്ടതി''ല്ലെന്നു ചൊല്ലിനാർ. 16

വീരാ! ഭവാനെതിരററ നരലോക-
മാരാൽ പരിത്യജിച്ചെത്രയോകാലമായ്
ഞങ്ങൾക്കുവന്നസ്ഥൽപരിപാലനത്തിനായ്
തുങ്ഗമാം ക്ലേശങ്ങളേറെസ്സഹിച്ചിതു. 17

മന്നവാ! നിൻ പത്നിമാരും തനൂജരും
നിന്നുടെ വംശജബന്ധുമിത്രാദ്യരും
ഉന്നതരാമമാത്യന്മാർ പ്രജകളു-
മിന്നില്ല, കാലാഹതരായ്ക്കഴിഞ്ഞിതു. 18

കാലം ബലികളിൽവച്ചു ബലിഷ്ഠനാം;
കാലമത്രേ സകലം നിയന്ത്രിപ്പതും,
കാലികളെപ്പശുപാലകനെന്നപോൽ
കാലമഹാദേവനാം ഭഗവാൻ സ്വയം,
ലോകത്തിലുള്ള ജനസഞ്ചയത്തിനെ-
യാകെയങ്ങിങ്ങു ചലിപ്പിപ്പു ലീലയായ്. 19

കൈവല്യമൊന്നൊഴിഞ്ഞേതു വരങ്ങളും
വൈവശ്യമില്ല തരാം, വരിച്ചീടുക
മോക്ഷദാനത്തിനപക്ഷയഹീനനാം
സാക്ഷാൽ മഹാവിഷ്ണുവേകനധികാരി.'' 20

എന്നതു കേട്ടതികീർത്തിമാനന്നൃപൻ
വന്ദിച്ചവരോടു ചൊല്ലിനാനീവിധം
''ക്ഷീണത്തിനാൽ കൃശഗാത്രനായീടിന
ഞാനൊരു ദീർഘനിദ്രയ്ക്കു ഭാവിപ്പിതേ. 21

നിങ്ങളതിനായ് വരമെനിക്കേകണം;
ഭങ്ഗമെൻ നിദ്രയ്ക്കുളവാക്കിടുന്നവൻ
അപ്പൊഴേ ഭസ്മീഭവിക്കണമെ''ന്നതി-
നപ്രകാരം വരമേകി സുരാന്വയം. 22

''ക്ഷുദ്രനാമേതവൻ നീയുറങ്ങുന്നള-
വെത്തിയിടയ്ക്കുണർത്തീടുമെന്നാലവൻ
ദൃഷ്ടിമാത്രത്തിനാൽ ഭസ്മമായ്ത്തീരു''മെ-
ന്നിത്തരം ദേവദത്തം വരമാർന്നുടൻ
അമ്മുചുകുന്ദനൊരു ഗുഹയ്ക്കുള്ളിലായ്
ചെമ്മേ കടന്നു കിടന്നുറങ്ങീടിനാൻ. 23

കാലയവനനെച്ചാരമാക്കീടിന
വേളയിലബ്ഭഗവാൻ ഭക്തവത്സലൻ
ബുദ്ധിമാനാം മുചുകുന്ദന്റെ മുൻപിലായ്
പ്രത്യക്ഷനായിത്തെളിഞ്ഞു വിളങ്ങിനാൻ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമാലോക്യ ഘനശ്യാമം പീതകൗശേയവാസസം
ശ്രീവത്സവക്ഷസം ഭ്രാജത് കൗസ്തുഭേന വിരാജിതം. 25
ചതുർഭുജം രോചമാനം വൈജയന്ത്യാ ച മാലയാ
ചാരുപ്രസന്നവദനം സ്ഫുരന്മകരകുണ്ഡലം. 26
പ്രേക്ഷണീയം നൃലോകസ്യ സാനുരാഗസ്മിതേക്ഷണം
അപീച്യവയസം മത്തമൃഗേന്ദ്രോദാരവിക്രമം. 27
പര്യുദ്വിഗ്നോ മഹാബുദ്ധിസ്തേജസാ തസ്യ ധർഷിതഃ
ശങ്കിതഃ ശനകൈ രാജാ ദുർദ്ധർഷമിവ തേജസാ. 28

മുചുകുന്ദ ഉവാച

''കോ ഭവാനിഹ സംപ്രാപ്തോ വിപിനേ ഗിരിഗഹ്വരേ
പദ്ഭ്യാം പദ്മപലാശാഭ്യാം വിചരസ്യുരുകണ്ടകേ? 29
കിംസ്വിത്തേജസ്വിനാം തേജോ ഭഗവാൻ വാ വിഭാവസുഃ
സൂര്യഃ സോമോ മഹേന്ദ്രോ വാ ലോകപാലോഽപരോഽപി വാ. [30
മന്യേ ത്വാം ദേവദേവാനാം ത്രയാണാം പുരുഷർഷഭം
യദ് ബാധസേ ഗുഹാധ്വാന്തം പ്രദീപഃ പ്രഭയാ യഥാ. 31
ശുശ്രൂഷതാമവ്യളീകമസ്മാകം നരപുംഗവ!
സ്വജന്മകർമ്മഗോത്രം വാ കഥ്യതാം യദി രോചതേ. 32
വയം തു, പുരുഷവ്യാഘ്ര, ഐക്ഷ്വാകാഃ ക്ഷത്രബന്ധവഃ
മുചുകുന്ദ ഇതി പ്രോക്തോ യൗവനാശ്വാത്മജഃ പ്രഭോ. 33
ചിരപ്രജാഗരശ്രാന്തോ, നിദ്രയാപഹതേന്ദ്രിയഃ
ശയേസ്മിൻ വിജനേ കാമം കേനാപ്യുത്ഥാപിതോഽധുനാ. 34
സോഽപി ഭസ്മീകൃതോ നൂനമാത്മീയേനൈവ പാപ്മനാ
അനന്തരം ഭവാൻ ശ്രീമാൻ ലക്ഷിതോഽമിത്രശാതനഃ. 35
തേജസാ തേഽവിഷഹ്യേണ ഭൂരി ദ്രഷ്ടും ന ശക്നുമഃ
ഹതൗജസോ മഹാഭാഗ! മാനനീയോഽസി ദേഹിനാം.'' 36
ഏവം സംഭാഷിതോ രാജ്ഞാ ഭഗവാൻ ഭൂതഭാവനഃ
പ്രത്യാഹ പ്രഹസൻ വാണ്യാ മേഘനാദഗഭീരയാ. 37
''ജന്മകർമ്മാഭിധാനാനി സന്തി മേഽങ്ഗ, സഹസ്രശഃ
ന ശക്യന്തേഽനുസംഖ്യാതുമനന്തത്വാന്മയാപി ഹി. 38
ക്വചിദ്രജാംസി വിമമേ പാർത്ഥിവാന്യുരുജന്മഭിഃ
ഗുണകർമ്മാഭിധാനാനി ന മേ ജന്മാനി കർഹിചിത്. 39
കാലത്രയോപപന്നാനി ജന്മകർമ്മാണി മേ നൃപ!
അനുക്രമന്തോ നൈവാന്തം ഗച്ഛന്തി പരമർഷയഃ. 40
തഥാപ്യദ്യതനാന്യങ്ഗ ശൃണുഷ്വ ഗദതോ മമ
വിജ്ഞാപിതോ വിരിഞ്ചേന പുരാഹം ധർമ്മഗുപ്തയേ
ഭൂമേർഭാരായമാണാനാമസുരാണാം ക്ഷയായ ച. 41
അവതീർണ്ണോ യദുകുലേ ഗൃഹ ആനകദുന്ദുഭേഃ
വദന്തി വാസുദേവേതി വസുദേവസുതം ഹി മാം. 42
കാലനേമിർഹതഃ കംസഃ പ്രലംബാദ്യാശ്ച സദ്വിഷഃ
അയം ച യവനോ ദഗ്ദ്ധോ രാജംസ്തേ തിഗ്മചക്ഷുഷാ. 43
സോഽഹം തവാനുഗ്രഹാർത്ഥം ഗുഹാമേതാമുപാഗതഃ
പ്രാർത്ഥിതഃ പ്രചുരം പൂർവം ത്വയാഹം ഭക്തവത്സലഃ. 44
വരാൻ വൃണീഷ്വ രാജർഷേ സർവ്വാൻ കാമാൻ ദദാമി തേ
മാം പ്രപന്നോ ജനഃ കശ്ചിന്ന ഭൂയോഽർഹതി ശോചിതും.'' 45

ശ്രീശുക ഉവാച

ഇത്യുക്തസ്തം പ്രണമ്യാഹ മുചുകുന്ദോ മുദാന്വിതഃ
ജ്ഞാത്വാ നാരായണം ദേവം ഗർഗ്ഗവാക്യമനുസ്മരൻ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീലമേഘാഭനായ് പീതവസ്ത്രംപൂണ്ടു
നാലു ഭുജങ്ങളും ശ്രീവത്സലക്ഷ്മവും
വൈജയന്തീമാല കൗസ്തുഭരത്നവും
ഭ്രാജന്മകരസൽകുണ്ഡലദ്വന്ദ്വവും
ചാരുപ്രസന്നാനനവുമനുരാഗ-
പൂരിതമാം മന്ദഹാസേക്ഷണങ്ങളും
ഒത്തിണങ്ങിച്ചാരുയൗവനയുക്തനായ്
മർത്ത്യലോകത്തിനു ദർശനയോഗ്യനായ്
മത്തമൃഗേന്ദ്രപരാക്രമനായിട്ടും
ദൈത്യാരിയെക്കണ്ടു തന്മഹസ്സാലിവൻ
ദുർദ്ധർഷനെന്നോർത്തു കീഴടങ്ങീ സ്വയം
ബുദ്ധിമാനന്നൃപൻ ചൊല്ലിനാൻ മെല്ലവേ. 25–28

മുചുകുന്ദൻ പറഞ്ഞു

''മുള്ളു നിറഞ്ഞതാമീ വനത്തിൻ ഗുഹ-
യ്ക്കുള്ളിൽ മൃദുലസരോജസമാനമാം
ചാരുകഴലിണകൊണ്ടു ചരിക്കുമ-
ങ്ങാരെന്നറിയുവാനാഗ്രഹിക്കുന്നു ഞാൻ. 29
പേർകൊണ്ട തേജസ്വികൾക്കൊക്കെയും മഹ-
സ്സേകുന്ന തേജോനിധാനമോ? സൂര്യനോ?
രാകാശശിയോ? സുരാധീശനോ? മററു-
ലോകപാലന്മാരിലാരാനുമോ പ്രഭോ! 30
ദേവാധിനായകർ മൂവരിൽ മുഖ്യനാം
ശ്രീവിഷ്ണുവെന്നോർത്തിടുന്നു ഭവാനെ ഞാൻ.
ദീപമിരുട്ടിനെയെന്നപോൽ ഗഹ്വര-
പ്രാപിതധ്വാന്തമങ്ങുന്നകററുന്നിതേ. 31
പുരുഷേന്ദ്രാ! ഭവജ്ജന്മകർമ്മങ്ങളു-
മാരാണു താതമാതാക്കളെന്നുള്ളതും
നേരേ ശ്രവിക്കുവാനിച്ഛിക്കുമെന്നോടു
നേരായ് ഭവാനിഷ്ടമെങ്കിലോതീടുക. 32
ഇക്ഷ്വാകുവംശത്തിലുദ്ഭവിച്ചീടിന
സുക്ഷത്രബാന്ധവർ ഞങ്ങളയി പ്രഭോ!
എൻ താതനോ യവനാശ്വതനൂജനാം
മാന്ധാതൃഭൂപൻ, മുചുകുന്ദനാണു ഞാൻ. 33
ഞാൻ ചിരം നിദ്രയില്ലാതതിക്ഷീണനായ്
പഞ്ചേന്ദ്രിയങ്ങൾ തളർന്നു കൃശാങ്ഗനായ്
ഏകാന്തമിഗ്ഗുഹപുക്കുറങ്ങീടിനേ-
നേകനിപ്പോളിങ്ങു വന്നുണർത്തീടിനാൻ. 34
എന്താകിലും ബലശാലിയാമപ്പുമാൻ
വെന്തു വെണ്ണീറായ് സ്വപാപത്തിനാൽ ദ്രുതം
കണ്ടീടിനേനുടൻ ശ്രീയുതനായരി-
മണ്ഡലമർദ്ദനനങ്ങയെ മുന്നിലായ്. 35
ഹേ മഹാത്മാവേ! യസഹ്യമായുള്ള നിൻ-
സീമാതിരക്തമഹസ്സാൽ ഭവന്മുഖം
ആവതില്ലേറെനേരം നോക്കുവാനിട-
ലാവഹിപ്പോക്കങ്ങു മാനനീയൻ ദ്രുതം.'' 36
ഏവം നൃപോക്തികൾ കേട്ടളവിൽ ഭൂത-
ഭാവനനാകും ഭഗവാൻ ജനാർദ്ദനൻ
സ്മേരാനനനായി മേഘഗംഭീരമാം
ഗീരിനാലിത്തരമുത്തരമോതിനാൻ: 37
''ഹേ മഹാഭാഗാ! മമ ജന്മകർമ്മങ്ങൾ
നാമങ്ങളും സഹസ്രക്കണക്കുണ്ടു കേൾ.
എണ്ണിപ്പറവാനനന്തമൂലമാ- 38
യെന്നാലുമേററം പ്രയാസമാം മന്നവാ!
പക്ഷേ, പലപല ജന്മങ്ങൾ കൊണ്ടൊരാ-
ളിക്ഷിതിധൂളികളെണ്ണിയെന്നായ് വരാം
അമ്മട്ടിലെൻ ഗുണകർമ്മനാമങ്ങളും
ജന്മവും തിട്ടപ്പെടുത്താവതല്ല കേൾ. 39
മൂന്നു കാലത്തിലുമുള്ളതാമെൻ ജനു-
സ്സെന്നുമെണ്ണിക്കൊണ്ടിരിക്കും മുനീന്ദ്രരും
അന്തമില്ലാത്തതു താനതെന്നുള്ളൊരു
ചിന്തയാൽ പിന്തിരിയാൻ നിനയ്ക്കുന്നിതേ. 40
എന്നിരുന്നാലുമിന്നത്തെയവസ്ഥകൾ
ചൊന്നീടുവൻ കേൾക്ക പൂജനീയാ! ഭവാൻ
ധർമ്മരക്ഷയ്ക്കും ധരാഭാരഭൂതരാ-
യിമ്മന്നിൽ വർദ്ധിച്ച ദുഷ്ടഭൂപാലരെ
ചെമ്മേ നശിപ്പിക്കുവാനുമെൻ സന്നിധി
ബ്രഹ്മാവു മുമ്പു വന്നർത്ഥിച്ചിരുന്നിതേ. 41
ഭൂവിലതിനാൽ യദുകുലത്തിൽ വസു-
ദേവൻെറ ഗേഹേ പിറന്നു തത്പുത്രനായ്
ഏവരുമെന്നെയതുനിമിത്തം വാസു-
ദേവനെന്നത്രേ വിളിച്ചുവരുന്നതും. 42
മാമകശത്രുക്കളായിടുമക്കാല-
നേമി കംസപ്രലംബാദ്യരാം ദുഷ്ടരെ
കൊന്നിതു ഞാൻ, ഭവത്തീവ്രനോട്ടത്തിനാ-
ലിന്നിവനേയും ദഹിപ്പിച്ചിരിപ്പതേ. 43
നിന്നെയനുഗ്രഹിച്ചീടുവാനിഗ്ഗുഹ
തന്നിൽ വന്നീടിനേനിപ്പൊഴുതാശു ഞാൻ
മുന്നം ഭവാൻ ഭക്തവത്സലനായിട്ടു-
മെന്നെയനുദിനം ധ്യാനിച്ചിരുന്നിതേ. 44
വേണ്ടും വരങ്ങളശേഷം വരിച്ചുകൊൾ-
കിണ്ടലിന്നർഹനല്ലെൻ ഭക്തർ നിശ്ചയം.'' 45

ശ്രീശുകൻ പറഞ്ഞു

വാക്കുകളിങ്ങനെ കേട്ടു സന്തുഷ്ടനായ്
ഗർഗ്ഗവാക്യം മുചുകുന്ദൻ സ്മരിച്ചുടൻ
നാരായണൻതാനിതെന്നുറപ്പിച്ചഥ
നേരേ നമസ്കരിച്ചോതിനാനീവിധം. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുചുകുന്ദ ഉവാച

വിമോഹിതോ/യം ജന ഈശമായയാ
ത്വദീയയാ ത്വാം ന ഭജത്യനർത്ഥദൃക്
സുഖായ ദുഃഖപ്രഭവേഷു സജ്ജതേ
ഗൃഹേഷു യോഷിത് പുരുഷശ്ച വഞ്ചിതഃ. 47

ലബ്ധ്വാ ജനോ ദുർല്ലഭമത്ര മാനുഷം
കഥഞ്ചിദവ്യങ്ഗമയത്നതോ/നഘ
പാദാരവിന്ദം ന ഭജത്യസന്മതിർ-
ഗൃഹാന്ധകൂപേ പതിതോ യഥാ പശുഃ. 48

മമൈഷ കാലോ/ജിത നിഷ്ഫലോ ഗതോ
രാജ്യശ്രിയോന്നദ്ധമദസ്യ ഭൂപതേഃ
മർത്ത്യാത്മബുദ്ധേഃ സുതദാരകോശഭൂ-
ഷ്വാസജ്ജമാനസ്യ ദുരന്തചിന്തയാ. 49

കളേബരേ/സ്മിൻ ഘടകുഡ്യസന്നിഭേ
നിരൂഢമാനോ നരദേവ ഇത്യഹം
വൃതോ രഥേഭാശ്വപദാത്യനീകപൈ-
ർഗ്ഗാം പര്യടംസ്ത്വാഗണയൻ സുദുർമ്മദഃ. 50

പ്രമത്തമുച്ചൈരിതികൃത്യചിന്തയാ
പ്രവൃദ്ധലോഭം വിഷയേഷു ലാലസം
ത്വമപ്രമത്തഃ സഹസാഭിപദ്യസേ
ക്ഷുല്ലേലിഹാനോ/ഹിരിവാഖുമന്തകഃ. 51

പുരാ രഥൈർഹേമപരിഷ്കൃതൈശ്ചരൻ
മതങ്ഗജൈർവാ നരദേവസംജ്ഞിതഃ
സ ഏവ കാലേന ദുരത്യയേന തേ
കളേബരോ വിട്കൃമിഭസ്മസംജ്ഞിതഃ. 52

നിർജ്ജിത്യ ദിക്ചക്രമഭൂതവിഗ്രഹോ
വരാസനസ്ഥഃ സമരാജവന്ദിതഃ
ഗൃഹേഷു മൈഥുന്യസുഖേഷു യോഷിതാം
ക്രീഡാമൃഗഃ പൂരുഷ ഈശ നീയതേ. 53

കരോതി കർമ്മാണി തപസ്സുനിഷ്ഠിതോ
നിവൃത്തഭോഗസ്തദപേക്ഷയാ ദദത്
പുനശ്ച ഭൂയേയമഹം സ്വരാഡിതി
പ്രവൃദ്ധതർഷോ ന സുഖായ കല്പതേ. 54

ഭവാപവർഗ്ഗോ ഭ്രമതോ യദാ ഭവേ-
ജ്ജനസ്യ തർഹ്യച്യുത സത്സമാഗമഃ
സത്സങ്ഗമോ യർഹി തദൈവ സദ്ഗതൗ
പരാവരേശേ ത്വയി ജായതേ മതിഃ. 55

മന്യേ മമാനുഗ്രഹ ഈശ തേ കൃതോ
രാജ്യാനുബന്ധാപഗമോ യദൃച്ഛയാ
യഃ പ്രാർത്ഥ്യതേ സാധുഭിരേകചര്യയാ
വനം വിവിക്ഷദ്ഭിരഖണ്ഡഭൂമിപൈഃ. 56

ന കാമയേ/ന്യം തവ പാദസേവനാ-
ദകിഞ്ചനപ്രാർത്ഥ്യതമാദ്വരം വിഭോ!
ആരാധ്യ കസ്ത്വാം ഹ്യപവർഗ്ഗദം, ഹരേ,
വൃണീത ആര്യോ വരമാത്മബന്ധനം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുചുകുന്ദൻ പറഞ്ഞു

ഈശ്വരാ! സ്ത്രീപുമാന്മാരാകമിജ്ജന-
രാശി നിന്മായയാൽ മോഹിതരാകയാൽ

തത്ത്വമറിയാതഹോ! ഭവൽസേവന-
കൃത്യത്തിലേററം വിമുഖരായിട്ടവർ

വഞ്ചിതരായ് ദുഃഖഭൂവാം ഗൃഹങ്ങളിൽ
തഞ്ചിസ്സുഖാസക്തിയോടു വാഴുന്നിതു. 47

എന്നല്ല കാമസൗഖ്യം പാർത്തുകാണുകിൽ
പന്നി പശു പക്ഷികൾക്കുമുള്ളോന്നതാൻ

മന്നിൽ സുദുർല്ലഭമാകും നരജന്മ-
മന്യൂനപുണ്യാങ്ഗയുക്തം ലഭിക്കിലും

നിർമ്മലാ! ദുർമ്മനസ്സായ് പശുവെന്നപോ-
ലിമ്മന്ദിരാന്ധകൂപത്തിൽ നിപതിച്ചു

ജന്മം വിഫലമാക്കീടുന്നതെന്നിയേ
നിന്മഞ്ജുളാങ്ഘ്രി ഭജിക്കുന്നതില്ലഹോ! 48

വർദ്ധിച്ച മധുരാസമ്പത്തിനാൽ മദ-
മത്തനായ് നശ്വരദേഹത്തെയാത്മാവതായ്

ചിന്തിച്ചു ഭൂധനജായാസുതകോശ-
ബന്ധം പിണഞ്ഞു നരേശ്വരനായ ഞാൻ

ഇത്രയുംകാലം പ്രയോജനമെന്നിയേ
വ്യർത്ഥമായ് പോക്കിനേനായുസ്സധീശ്വരാ! 49

ആനതേരശ്വം പദാതിയുമുൾപ്പെട്ടും
സേനയോടും സൈന്യനായകന്മാരൊടും

മൺകുടം ഭിത്തിയിവറ്റു സമം ക്ഷണ-
ഭങ്ഗുരം മെയ്യിൽ നരദേവനെന്നെഴും

ക്രുദ്ധഗർവ്വത്തൊടും മേദിനിയേ നാലു-
പാടും ചുഴന്നു ചരിച്ചു ദിവാനിശം

ദുർമ്മദത്താലന്ധനായ ഞാനങ്ങയെ
മന്മനതാരിൽ സ്മരിച്ചതില്ലേതുമേ. 50

അങ്ങനെ വേണമതിങ്ങനെ വേണമി-
തിങ്ങനെ ചിന്തിച്ചുഴന്നതിലോഭിയായ്

ലാലസനായ് വിഷയങ്ങളിൽ വേണ്ടതി-
ലാലോചനയററ മത്തനാം മർത്ത്യനെ

സ്പഷ്ടം ഗ്രസിപ്പൂ ഭവാൻ വിശപ്പാൽ നാവു-
നീട്ടും ഭുജങ്ഗമെലിയെയെന്നുള്ളപോൽ. 51

സ്വർണ്ണഭൂഷാലംകൃതസ്യന്ദനംതന്നിൽ
മന്നിൽ മദഗജവൃന്ദവുമായ് പുരാ

സഞ്ചരിച്ചുള്ള നരദേവനാമക-
മഞ്ചിതദേഹം ദുരത്യയനായിടും

കാലരൂപൻ ഭവാൻ മാററുന്നിതന്ത്യമായ്
ചാലേ മലം പുഴ ചാരമിപ്പേരിലായ്. 52

ദിക്ചക്രമാകവേ വിക്രമത്താൽ വെന്നു
വിഗ്രഹമെന്യേ വരാസനസംസ്ഥനായ്

തന്നോടുതുല്യരാമന്യനൃപാലക-
വൃന്ദത്തിനാലഭിവന്ദിതനായ് സദാ

ദമ്പതീഭാവാനന്ദയുക്തമാം ഗേഹത്തി-
ലമ്പൊടും സ്ത്രീജനക്രീഡാമൃഗമായി

പാരം പരവശനായ്ക്കഴിഞ്ഞീടുമ-
പ്പൂരുഷനെ നയിക്കുന്നു ഭവാൻ വിഭോ! 53

മയ്ക്കണ്ണിമാരുമായ് സങ്ഗമസൗഖ്യവും
ചക്രവർത്തിത്വവും ലബ്ധമായീടിലും

ഒക്കെയും സന്ത്യജിച്ചിന്ദ്രനാകേണമെ-
ന്നുൾക്കാമ്പിലത്യാശയോടതിനായുടൻ

ദാനങ്ങളും തപസ്സും സദ്വ്രതങ്ങളും
നാനാക്രിയകളുമാചരിക്കുന്നിതേ.

എല്ലാം നിതാന്തം ദുരന്തദുഃഖത്തിനാ-
യല്ലാതെ സൗഖ്യത്തിനായല്ലിതൊന്നുമേ. 54

ഇപ്രകാരം ഭ്രമിച്ചീടും ജനാവലി-
ക്കെപ്പോൾ ഭവിക്കുന്നു സംസാരനാശനം

അപ്പോൾ മഹത്സങ്ഗമത്തിന്നിടയാകു-
മുൾപ്പൂവിലായവർക്കാനിമിഷംമുതൽ

സാധുജനപ്രാപ്യനായിപ്പരാവര-
നാഥനാമങ്ങയിലുണ്ടായ്‌വരും മതി. 55

കാനനവാസത്തിനായാശയാർന്നിടും
ജ്ഞാനികളാം ചക്രവർത്തികളാകവേ

സാദരമേകാന്തചര്യയാൽ തേടിടും
മേദിനീബന്ധഹര,മാമനുഗ്രഹം

നിന്തിരുമേനി കനിഞ്ഞെനിക്കേകിയെ-
ന്നന്തരങ്ഗത്തിൽ നിരൂപിച്ചിടുന്നു ഞാൻ. 56

ഞാനുമകിഞ്ചനന്മാരാകെയൊന്നുപോൽ
മാനിച്ചിടും തൽപ്പദസേവയെന്നിയേ

അന്യമാകും വരമിച്ഛിച്ചീടുന്നീല
മന്നിലറിവല്പമെങ്കിലുമുള്ളവൻ

മുക്തിപ്രദനാം ഭവാനെയർച്ചിച്ചിട്ടു
ദുഃഖകരമാത്മബന്ധം വരിക്കുമോ? 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാദമീസ്തനുഭൃതാമഹമാശിഷ ഈശ സർവ്വതോ
രജസ്തമഃസത്ത്വഗുണാനുബന്ധനാഃ
നിരഞ്ജനം നിർഗ്ഗുണമദ്വയം പരം
ത്വാം ജ്ഞപ്തിമാത്രം പുരുഷം വ്രജാമ്യഹം. 58
ചിരമിഹ വൃജിനാർത്തസ്തപ്യമാനോഽനുതാപൈ-
രവിതൃഷഷഡമിത്രോഽലബ്ധശാന്തിഃ കഥഞ്ചിത്
ശരണദ! സമുപേതസ്ത്വത്പദാബ്ജം പരാത്മ-
ന്നഭയമൃതമശോകം പാഹി മാഽഽപന്നമീശ. 59

ശ്രീഭഗവാനുവാച
സാർവ്വഭൗമ, മഹാരാജ, മതിസ്തേ വിമലോർജ്ജിതാ
വരൈഃ പ്രലോഭിതസ്യാപി ന കാമൈർവിഹതാ യതഃ. 60
പ്രലോഭിതോ വരൈര്യത്ത്വമപ്രമാദായ വിദ്ധി തത്
ന ധീർമ്മയ്യേകഭക്താനാമാശീർഭിർഭിദ്യതേ കചിത്. 61
യുഞ്ജാനാനാമഭക്താനാം പ്രാണായാമാദിഭിർമ്മനഃ
അക്ഷീണവാസനം, രാജൻ, ദൃശ്യതേ പുനരുത്ഥിതം. 62
വിചരസ്വ മഹീം കാമം മയ്യാവേശിതമാനസഃ
അസ്ത്വേവ നിത്യദാ തുഭ്യം ഭക്തിർമ്മയ്യനപായിനീ. 63
ക്ഷാത്രധർമ്മസ്ഥിതോ ജന്തൂൻ ന്യവധീർമൃഗയാദിഭിഃ
സമാഹിതസ്തത്തപസാ ജഹ്യഘം മദുപാശ്രിതഃ. 64
ജന്മന്യനന്തരേ, രാജൻ, സർവ്വഭൂതസുഹൃത്തമഃ
ഭൂത്വാ ദ്വിജവരസ്ത്വം വൈ മാമുപൈഷ്യസി കേവലം. 65

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
മുചുകുന്ദസ്തുതിർന്നാമ ഏകപഞ്ചാശത്തമോഽധ്യായഃ

ദ്വിപഞ്ചാശത്തമോഽധ്യായഃ

ശ്രീശുക ഉവാച
ഇത്ഥം സോഽനുഗൃഹീതോങ്ഗ, കൃഷ്ണേനേക്ഷ്വാകുനന്ദനഃ
തം പരിക്രമ്യ സന്നമ്യ നിശ്ചക്രാമ ഗുഹാമുഖാത്. 1
സ വീക്ഷ്യ ക്ഷുല്ലകാൻ മർത്ത്യാൻ പശൂൻ വീരുദ്വനസ്പതീൻ
മത്വാ കലിയുഗം പ്രാപ്തം ജഗാമ ദിശമുത്തരാം. 2
തപഃശ്രദ്ധായുതോ ധീരോ നിഃസങ്ഗോ മുക്തസംശയഃ
സമാധായ മനഃ കൃഷ്ണേ പ്രാവിശദ്ഗന്ധമാദനം. 3
ബദര്യാശ്രമമാസാദ്യ നരനാരായണാലയം
സർവ്വദ്വന്ദ്വസഹഃ ശാന്തസ്തപസാഽഽരാധയദ്ധരിം. 4
ഭഗവാൻ പുനരാവ്രജ്യ പുരീം യവനവേഷ്ടിതാം
ഹത്വാ മ്ലേച്ഛബലം നിന്യേ തദീയം ദ്വാരകാം ധനം. 5
നീയമാനേ ധനേ ഗോഭിർന്നൃഭിശ്ചാച്യുതചോദിതൈഃ
ആജഗാമ ജരാസന്ധസ്ത്രയോവിംശത്യനീകപഃ. 6
വിലോക്യ വേഗരഭസം രിപുസൈന്യസ്യ മാധവൗ
മനുഷ്യചേഷ്ടാമാപന്നൗ, രാജൻ, ദുദ്രുവതുർദ്രുതം. 7
വിഹായ വിത്തം പ്രചുരമഭീതൗ ഭീരുഭീതവത്
പദ്ഭ്യാം പദ്മപലാശാഭ്യാം ചേലതുർബ്ബഹുയോജനം. 8
പലായമാനൗ തൗ ദൃഷ്ട്വാ മാഗധഃ പ്രഹസൻ ബലീ
അന്വധാവദ്രഥാനീകൈരീശയോരപ്രമാണവിത്. 9
പ്രദ്രുത്യ ദൂരം സംശ്രാന്തൗ തുങ്ഗമാരുഹതാം ഗിരിം
പ്രവർഷണാഖ്യം ഭഗവാൻ നിത്യദാ യത്ര വർഷതി. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകയാൽ സത്ത്വരജസ്തമസ്സംബന്ധി-
യാകുമാ ശ്രേയസ്സഖിലമുപേക്ഷിച്ചു
ജ്ഞാനഘനനായ് ഗുണാപേതനായ് സങ്ഗ-
ഹീനനാമങ്ങയെ പ്രാപിച്ചിടുന്നു ഞാൻ. 58
ഞാനിവിടെച്ചിരം പാപാർത്തനായ് തപ്യ-
മാനനായാദ്ധ്യാത്മികാദിദുഃഖങ്ങളാൽ,
കാമാദിശത്രുഷൾക്കത്താൽ പരീതനായ്
ഭ്രമൻ! ലവലേശവും ശാന്തിയെന്നിയേ
ഹേ പരമാത്മസ്വരൂപാ! ശരണദാ!
താപാപഹമാം തവ പദാംഭോരുഹം
പ്രാപിച്ചി,താപന്നനാമെന്നെയച്യുതാ!
നീ പരിപാലനംചെയ്തുകൊള്ളേണമേ. 59

ശ്രീഭഗവാൻ പറഞ്ഞു

സാർവ്വഭൌമാ! മഹാരാജൻ! ബലിഷ്ഠവും
പാവനവുംതന്നെയാണു ഭവന്മതി.
കാമം വരങ്ങളാൽ ചോദിതനാകിലും
നീ മോഹിതനായതില്ല കാമങ്ങളാൽ. 60
ഇപ്പോൾ വരമങ്ങു വാങ്ങുവാൻ ഞാൻ ചൊന്ന-
തപ്രമാദത്തിനായ് മാത്രമാം ഭൂപതേ!
എന്നിലേകാന്തരതിയാളുവോർമതി-
ഭിന്നമാകാ വിഷയാശയാൽത്തെല്ലുമേ. 61
പ്രാണരോധാദി ശീലിച്ചിടും മദ്ഭക്തി-
ഹീനരായുള്ള ജനങ്ങൾക്കിയന്നിടും
വാസന തീരെ നശിക്കാത്ത മാനസം
വൈഷയികാശയിലാണ്ടുപോം പിന്നെയും. 62
എന്നിലാവേശിതമാം മനസ്സോടു നീ
മന്നിലിഷ്ടംപോലെ സഞ്ചരിച്ചീടുക
എന്നിലചഞ്ചലഭക്തിയെന്നും നില-
നിന്നിടാൻ നിന്നെയനുഗ്രഹിക്കുന്നു ഞാൻ. 63
ക്ഷത്രിയധർമ്മമാം നായാട്ടിനാൽ മൃഗ-
ഹത്യകണക്കറ്റുചെയ്ത പാപോത്കരം
എന്നാശ്രിതനായ്ത്തപോവൃത്തിയാലുടൻ-
തന്നെ ദഹിപ്പിക്ക സാർവ്വഭൌമാ! ഭവാൻ. 64
ഭാവിജന്മത്തിൽ ഭവാനയി ഭൂപതേ!
സർവ്വഭൂതങ്ങൾക്കുമേററവുമിഷ്ടനാം
ഭൂവിണ്ണവനായ് ജനിക്കു,മതോടുതാൻ
കേവലനായിടുമെന്നോടു ചേർന്നിടും. 65

അദ്ധ്യായം 52

രുക്മിണീസ്വയംവരം—ബ്രാഹ്മണപ്രേഷണം

ശ്രീശുകൻ പറഞ്ഞു

കണ്ണനാലേവമനുഗ്രഹീതൻ മുചു-
കുന്ദനൃപൻ ഭഗവാനെ വലംവച്ചു
ദണ്ഡനമസ്തുതിചെയ്തു ഗുഹാമുഖം-
തന്നിൽനിന്നക്ഷണം നിഷ്ക്രമിച്ചീടിനാൻ. 1
നീളംകുറഞ്ഞ മനുഷ്യരേയും മൃഗ-
ജാലത്തെയും തരുവല്ലീനിരയെയും
കണ്ടു കലികാലമാഗതമായെന്നു
കണ്ടുത്തരദിക്കിലേക്കു പോയാനവൻ. 2
ധീരനായിത്തപശ്ശ്രദ്ധയാന്നാസക്തി-
ചേരാതെ സന്ദേഹമൊന്നിലുമെന്നിയേ
മാധവനിൽത്താൻ മനംനിറുത്തിഗ്ഗന്ധ-
മാദനപർവതത്തിൽ പ്രവേശിച്ചിതേ. 3
നേരേ ബദര്യാശ്രമത്തിലെഴും നര-
നാരായണാലയമെത്തി പിന്നന്നൃപൻ
ദ്വന്ദ്വസഹനനായ് പ്രശാന്തനായിത്തപ-
സ്സാന്നു ഭഗവാൻ ഹരിയെയർച്ചിച്ചിതേ. 4
ദൈത്യാരി പിന്നെ യവനരുദ്ധം മധു-
പത്തനമെത്തിയാ മ്ലേച്ഛസൈന്യങ്ങളെ
കൊന്നു തദീയ ധനങ്ങളശേഷവു-
മാന്നുടൻ ദ്വാരാവതിയിലാക്കീടിനാൻ. 5
ആളുകളേയും മൃഗങ്ങളേയുംകൊണ്ടു
കാളായവണ്ണൻ ധനം നയിച്ചീടവേ
വന്നാനിരുപതും മൂന്നുമക്ഷൌഹിണി-
തന്നാഥനാമജ്ജരാസന്ധഭൂമിപൻ. 6
ശത്രുസൈന്യത്തിൻ ഗതിവേഗമീക്ഷിച്ചു
ദൈത്യാരിയും ബലഭദ്രനുമപ്പൊഴേ
മർത്ത്യശീലം സ്വീകരിച്ചുപുരിവിട്ടു
സത്വരം ഭീരുക്കളെന്നമട്ടോടിനാർ. 7
വിത്തചയംവിട്ടു ഭീതരതിഭീതർ-
മട്ടു മൃദുലപദാംബുരുഹങ്ങളാൽ
നില്ലാതെയെങ്ങും ബഹുയോജനവഴി
ചിക്കെന്നു പാഞ്ഞിതു രാമനും കൃഷ്ണനും. 8
പേടിച്ചുപായുമവരെ നിരീക്ഷിച്ചു
ധാടി കലന്നു ബലിഷ്ഠനാം മാഗധൻ
ഈശ്വരന്മാരാമവരുടെ വൈഭവം
ലേശമറിയാതെ പൊട്ടിച്ചിരിച്ചുടൻ
തേർപ്പടയോടൊത്തവരിരുപേരെയു-
മാർഭാടമോടുമനുഗമിച്ചീടിനാൻ. 9
ഏറിയദൂരമോടിത്തളർന്നിട്ടവ-
രേറിനാർ ചെന്നാ പ്രവർഷണാഖ്യാദ്രിയിൽ
എന്നുമേയിപ്പർവതത്തിൽ മുടങ്ങാതെ
വിണ്ണോർവരൻ മഴ പെയ്യിച്ചിടുന്നിതേ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗിരൗ നിലീനാവാജ്ഞായ നാധിഗമ്യ പദം, നൃപ,
ദദാഹ ഗിരിമേധോഭിഃ സമന്താദഗ്നിമുത്സൃജൻ. 11
തത ഉത്പത്യ തരസാ ദഹ്യമാനതടാദുഭൗ
ദശൈകയോജനോത്തുങ്ഗാന്നിപേതതുരധോ ഭുവി. 12
അലക്ഷ്യമാണൗ രിപുണാ സാനുഗേന യദൂത്തമൗ
സ്വപുരം പുനരായാതൗ സമുദ്രപരിഖാം നൃപ. 13
സോ$പി ദഗ്ധാവിതി മൃഷാ മന്വാനോ ബലകേശവൗ
ബലമാകൃഷ്യ സുമഹന്മഗധാൻ മാഗധോ യയൗ. 14
ആനർത്താധിപതിഃ ശ്രീമാൻ രൈവതോ രേവതീം സുതാം
ബ്രഹ്മണാ ചോദിതഃ പ്രാദാദ്ബലായേതി പുരോദിതം. 15
ഭഗവാനപി ഗോവിന്ദ ഉപയേമേ കുരൂദ്വഹ!
വൈദർഭീം ഭീഷ്മകസുതാം ശ്രിയോ മാത്രാം സ്വയംവരേ. 16
പ്രമഥ്യ തരസാ രാജ്ഞഃ സാല്വാദീംശ്ചൈദ്യപക്ഷഗാൻ
പശ്യതാം സർവ്വലോകാനാം താർക്ഷ്യപുത്രഃ സുധാമിവ. 17

രാജോവാച

ഭഗവാൻ ഭീഷ്മകസുതാം രുക്മിണീം രുചിരാനനാം
രാക്ഷസേന വിധാനേന ഉപയേമ ഇതി ശ്രുതം. 18
ഭഗവൻ, ശ്രോതുമിച്ഛാമി കൃഷ്ണസ്യാമിതതേജസഃ
യഥാ മാഗധസാല്വാദീൻ ജിത്വാ കന്യാമുപാഹരത്. 19
ബ്രഹ്മൻ, കൃഷ്ണകഥാഃ പുണ്യാ മാധ്വീർല്ലോകമലാപഹാഃ
കോ നു തൃപ്യേത ശൃണ്വാനഃ ശ്രുതജ്ഞോ നിത്യനൂതനാഃ. 20

ശ്രീശുക ഉവാച

രാജാ$$സീദ് ഭീഷ്മകോ നാമ വിദർഭാധിപതിർമ്മഹാൻ
തസ്യ പഞ്ചാഭവൻ പുത്രാഃ കന്യൈകാ ച വരാനനാ. 21
രുക്മ്യഗ്രജോ രുക്മരഥോ രുക്മബാഹുരനന്തരഃ
രുക്മകേശോ രുക്മമാലീ രുക്മിണ്യേഷാം സ്വസാ സതീ. 22
സോപശ്രുത്യ മുകുന്ദസ്യ രൂപവീര്യഗുണശ്രിയഃ
ഗൃഹാഗതൈർഗ്ഗീയമാനാസ്തം മേനേ സദൃശം പതിം. 23
താം ബുദ്ധിലക്ഷണൗദാര്യരൂപശീലഗുണാശ്രയാം
കൃഷ്ണശ്ച സദൃശീം ഭാര്യാം സമുദ്വോഢും മനോ ദധേ. 24
ബന്ധൂനാമിച്ഛതാം ദാതും കൃഷ്ണായ ഭഗിനീം, നൃപ,
തതോ നിവാര്യ കൃഷ്ണദ്വിഡ് രുക്മീ ചൈദ്യമമന്യത. 25
തദവേത്യാസിതാപാങ്ഗീ വൈദർഭീ ദുർമ്മനാ ഭൃശം
വിചിന്ത്യാപ്തം ദ്വിജം കഞ്ചിത് കൃഷ്ണായ പ്രാഹിണോദ്
ദ്രുതം. 26
ദ്വാരകാം സ സമഭ്യേത്യ പ്രതീഹാരൈഃ പ്രവേശിതഃ
അപശ്യദാദ്യം പുരുഷമാസീനം കാഞ്ചനാസനേ. 27
ദൃഷ്ട്വാ ബ്രഹ്മണ്യദേവസ്തമവരുഹ്യ നിജാസനാത്
ഉപവേശ്യാർഹയാഞ്ചക്രേ യഥാ$$ത്മാനം ദിവൗകസഃ. 28
തം ഭുക്തവന്തം വിശ്രാന്തമുപഗമ്യ സതാം ഗതിഃ
പാണിനാഭിമൃശൻ പാദാവവ്യഗ്രസ്തമപൃച്ഛത. 29
''കച്ചിദ്ദ്വിജവരശ്രേഷ്ഠ, ധർമ്മസ്തേ വൃദ്ധസമ്മതഃ
വർത്തതേ നാതികൃച്ഛ്റേണ സന്തുഷ്ടമനസഃ സദാ. 30
സന്തുഷ്ടോ യർഹി വർത്തേത ബ്രാഹ്മണോ യേന കേനചിത്
അഹീയമാനഃ സ്വാദ്ധർമ്മാത് സ ഹ്യസ്യാഖിലകാമധുക്. 31
അസന്തുഷ്ടോ$സകൃല്ലോകാനാപ്നോത്യപി സുരേശ്വരഃ
അകിഞ്ചനോ$പി സന്തുഷ്ടഃ ശേതേ സർവ്വാങ്ഗവിജ്വരഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്രിയിലെങ്ങും തിരഞ്ഞു കാണാഞ്ഞവ-
നോർത്താൻ ഗുഹയിലെങ്ങാനമൊളിച്ചതായ്
പിന്നെഗ്ഗുഹകൾക്കു ചുററും വിറകുകൾ
കന്നുകന്നായ്ക്കൂട്ടിയങ്ങു തീയിട്ടിതേ. 11
അഗ്ഗിരിപ്രാന്തപ്രദേശമെല്ലാമഗ്നി-
യുൽക്കടം കത്തിജ്ജ്വലിച്ചിട്ടപ്പോളവർ
ചിക്കെന്നു ചാടീ പതിനൊന്നുയോജന-
പൊക്കമെഴുമമ്മലയിൽനിന്നൂഴിയിൽ. 12
പിൻപേ വരുമനുചാരികളോടൊത്ത
വൻപനാമാ വൈരി കാണാതിരുവരും
ചുററും ജലനിധിയാം കിടങ്ങുള്ള തത്-
പട്ടണം പ്രാപിച്ചു വാണിതക്ഷീണരായ്. 13
രാമകൃഷ്ണന്മാർ ദഹിച്ചുപോയെന്നുതാ-
നാ മാഗധേശ്വരൻ തെററിദ്ധരിച്ചുടൻ
വൻപാർന്നിടും നിജ സേനയോടുംകൂടി
സമ്പ്രീതനായ് തൻപുരം പൂകി ഭൂപതേ. 14
ആനർത്തഭൂമിപൻ ശ്രീയുതൻ രൈവതൻ
ചേണാർന്ന രേവതിയെന്ന തനൂജയെ
ബ്രഹ്മപ്രചോദനയാൽ ബലരാമനു
ചെമ്മേ കൊടുത്തെന്നു ചൊല്ലിനേൻ
മുന്നമേ. 15
താർമങ്കതന്നവതാരമാം ഭീഷ്മക-
ഭൂമിപപുത്രിയാം രുക്മിണീദേവിയെ
സാധുജനാവനതത്പരൻ മാധവൻ
ചേദീശപക്ഷീയസാല്വാദിഭൂപരെ
ആകവേ, ചെന്നാ സ്വയംവരത്തിൽ സർവ്വ-
ലോകരും കാൺകവേ മർദ്ദനംചെയ്തഥ
പക്ഷിപ്രവരനമൃതത്തെയെന്നപോ-
ലക്ഷണംതന്നെ പരിഗ്രഹിച്ചീടിനാൻ. 16-17

രാജാവു പറഞ്ഞു

രാക്ഷസമാർഗ്ഗത്തിൽ വൈദർഭിയെജ്ജല-
ജാക്ഷനുപയമിച്ചെന്നു കേൾപ്പുണ്ടു ഞാൻ. 18
മാഗധസാല്വാദ്യരാം മഹീപാലരെ-
യാകവേ വെന്നസ്സുമുഖിയെശ്ശക്തനാം
മാധവനേതുവിധത്തിൽ വേട്ടെന്നതു
ബോധിക്കുവാനാഗ്രഹിക്കുന്നു ഞാൻ മുനേ! 19
ബ്രഹ്മൻ! സുകൃതം വളർത്തുന്നതും ലോക-
കല്മഷം പാടേ നശിപ്പിച്ചിടുന്നതും
എന്നും പുതിയതായ്ത്തോന്നുന്നതുമായ
നന്ദജവൃത്തം ശ്രവിച്ചാൽ മതിവരാ. 20

ശ്രീശുകൻ പറഞ്ഞു

ഉണ്ടായിരുന്നു മഹാനായ് വിദർഭഭൂ-
മണ്ഡലാധീശനായ് ഭീഷ്മകനാമകൻ
നന്ദനരഞ്ചുപേരുണ്ടായവന്നതി-
സുന്ദരിയായൊരു കന്യകാരത്നവും. 21

രുക്മിയാണഗ്രജൻ, രുക്മരഥൻ പിന്നെ,
രുക്മബാഹ്വാഭിധൻ, രുക്മകേശാഖ്യനും,
രുക്മമാല്യൻതാനമുണ്ടായതിൽപ്പിന്നെ
രുക്മിണിയാം തത്സഹജയും ജാതയായ്. 22
നന്ദജസൗന്ദര്യവീര്യാദിസദ്ഗുണ-
വർണ്ണനം ഗേഹാഗതരിൽനിന്നായവൾ
അന്വഹം കേട്ടു തനിക്കനുരൂപനാം
കണ്ണനെക്കാന്തനെന്നായുറപ്പിച്ചിതേ. 23
ഔദാര്യചിഹ്നധീരൂപശീലാദിയാൽ
സാദൃശ്യമാളുമവളെ മുകുന്ദനും
വല്ലഭയാക്കി വിവാഹംനടത്തുവാ-
നുള്ളിൽ വിചാരിച്ചിരുന്നു ധരാപതേ. 24
ബന്ധുരഗാത്രിയെക്കൃഷ്ണനു നല്കുവാൻ
ബന്ധുക്കളാശിച്ചതിന്നു വിരുദ്ധമായ്
മാധവദ്വേഷിയാമഗ്രജൻ ശിശുപാലനു
സാദരം നല്കാനുറച്ചിതു രുക്മിയും. 25
അക്കാര്യമങ്ങസിതാപാംഗിയാളറി-
ഞ്ഞുടൽക്കടദുഃഖനിമഗ്നയായേകദാ
ചിന്തിച്ചു വിശ്വസ്തനാമൊരു വിപ്രനെ
കാന്താന്തികത്തിൽ ദ്രുതമയച്ചീടിനാൾ. 26
ദ്വാരകാപട്ടണമെത്തിയാ ബ്രാഹ്മണൻ
ദ്വാരപാലാനുവാദത്തോടകത്തേറി
സ്വർണ്ണാസനത്തിലിരുന്നരുളീടുമ-
ക്കണ്ണനാമാദിപുരുഷനെക്കണ്ടിതു. 27
ബ്രാഹ്മണനെക്കണ്ടു തന്നാസനത്തിൽനി-
ന്നമ്മഹാഭൂസുരഭക്തനെണീററുടൻ
നന്ദിച്ചിരുത്തിസ്സുരജനം സാദരം-
തന്നെയർച്ചിക്കുംവിധത്തിലർച്ചിച്ചിതു. 28
ഊണുകഴിഞ്ഞങ്ങു വിശ്രമിച്ചീടുമ-
ക്ഷോണീസുരൻതന്നരികത്തണഞ്ഞഥ
സാധുജനാശ്രയസ്ഥാനമാം ശ്രീഹരി-
പാദം തടവീട്ടു ചോദിച്ചു സാദരം: 29
''ഭൂസുരശ്രേഷ്ഠാ! ഭവന്മാനസ,മനാ-
യാസം ലഭിപ്പതിലെപ്പൊഴും തുഷ്ടമോ?
സാധുജനസമ്മതമാംവിധത്തിലാ
വേദോക്തകർമ്മങ്ങളാചരിക്കുന്നിതോ? 30
കിട്ടുന്നതിൽത്തുഷ്ടനായി സ്വധർമ്മവും
വിട്ടിടാതെപ്പോഴിരിക്കുന്ന ഭൂസുരൻ
അപ്പോളതുതാൻ തദീയകാമങ്ങളെ-
യെപ്പേരുമങ്ങു സാധിപ്പിച്ചിടുന്നിതേ. 31
ഇന്ദ്രനായാലുമസന്തുഷ്ടനെങ്കിലോ
ഹന്ത! സുഖംതേടിയോടുന്നിതെങ്ങുമേ.
പാരം ദരിദ്രനും സന്തുഷ്ടനെന്നാകി-
ലേറെസ്സുഖത്തോടുകൂടിശ്ശയിച്ചിടും. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപ്രാൻ സ്വലാഭസന്തുഷ്ടാൻ സാധൂൻ ഭൂതസുഹൃത്തമാൻ
നിരഹങ്കാരിണഃ ശാന്താൻ നമസ്യേ ശിരസാഽസകൃത്. 33
കച്ചിദ്വഃ കുശലം, ബ്രഹ്മൻ, രാജതോ യസ്യ ഹി പ്രജാഃ
സുഖം വസന്തി വിഷയേ പാല്യമാനാഃ സ മേ പ്രിയഃ.. 34
യതസ്ത്വമാഗതോ ദുർഗ്ഗം നിസ്തീര്യേഹ യദിച്ഛയാ
സർവ്വം നോ ബ്രൂഹ്യഗുഹ്യം ചേത്, കിം കാര്യം കരവാമ തേ.'' [35
ഏവം സംപൃഷ്ടസംപ്രശ്നോ ബ്രാഹ്മണഃ പരമേഷ്ഠിനാ
ലീലാഗൃഹീതദേഹേന തസ്മൈ സർവ്വമവർണ്ണയത്. 36

രുക്മിണ്യുവാച

ശ്രുത്വാ ഗുണാൻ ഭുവനസുന്ദര, ശൃണ്വതാം തേ
നിർവ്വിശ്യ കർണ്ണവിവരൈർഹരതോഽങ്ഗ, താപം
രൂപം ദൃശാം ദൃശിമതാമഖിലാർത്ഥലാഭം
ത്വയ്യച്യുതാവിശതി ചിത്തമപത്രപം മേ. 37
കാ ത്വാ മുകുന്ദ മഹതീ കുലശീലരൂപ-
വിദ്യാവയോദ്രവിണധാമഭിരാത്മതുല്യം
ധീരാ പതിം കുലവതീ ന വൃണീത കന്യാ
കാലേ നൃസിംഹ നരലോകമനോഽഭിരാമം? 38
തന്മേ ഭവാൻ ഖലു വൃതഃ പതിരങ്ഗ ജായാ-
മാത്മാർപ്പിതശ്ച ഭവതോഽത്ര, വിഭോ, വിധേഹി.
മാ വീരഭാഗമഭിമർശതു ചൈദ്യ ആരാദ്-
ഗോമായുവന്മൃഗപതേർബ്ബലി, മംബുജാക്ഷ. 39
പൂർത്തേഷ്ടദത്തനിയമവ്രതദേവവിപ്ര-
ഗുർവ്വർച്ചനാദിഭിരലം ഭഗവാൻ പരേശഃ
ആരാധിതോ യദി ഗദാഗ്രജ ഏത്യ പാണിം
ഗൃഹ്ണാതു മേ ന ദമഘോഷസുതാദയോഽന്യേ. 40
ശ്വോ ഭാവിനി ത്വമജിതോദ്വഹനേ വിദർഭാൻ
ഗുപ്തഃ സമേത്യ പൃതനാപതിഭിഃ പരീതഃ
നിർമ്മഥ്യ ചൈദ്യമഗധേന്ദ്രബലം പ്രസഹ്യ
മാം രാക്ഷസേന വിധിനോദ്വഹ വീര്യശുൽക്കാം. 41
അന്തഃപുരാന്തരചരീമനിഹത്യ ബന്ധൂം-
സ്ത്വാമുദ്വഹേ കഥമിതി പ്രവദാമ്യുപായം
പൂർവ്വേദ്യുരസ്തി മഹതീ കുലദേവിയാത്രാ
യസ്യാം ബഹിർന്നവവധൂർഗ്ഗിരിജാമുപേയാത്. 42
യസ്യാങ്ഘ്രിപങ്കജരജഃസ്നപനം മഹാന്തോ
വാഞ്ഛന്ത്യുമാപതിരിവാത്മതമോഽപഹത്യൈ
യർഹ്യംബുജാക്ഷ ന ലഭേത ഭവത് പ്രസാദം
ജഹ്യാമസൂൻ വ്രതകൃശാഞ്ഛതജന്മഭിഃ സ്യാത്. 43

ബ്രാഹ്മണ ഉവാച

ഇത്യേതേ ഗുഹ്യസന്ദേശം യദുദേവ, മയാഽഽഹൃതാഃ
വിമൃശ്യ കർത്തും യച്ചാത്ര ക്രിയതാം തദനന്തരം. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
രുക്മിണ്യുദ്വാഹപ്രസ്താവേ ദ്വിപഞ്ചാശത്തമോഽധ്യായഃ.

ത്രിപഞ്ചാശത്തമോഽധ്യായഃ

ശ്രീശുക ഉവാച

വൈദർഭ്യാഃ സ തു സന്ദേശം നിശമ്യ യദുനന്ദനഃ
പ്രഗൃഹ്യ പാണിനാ പാണിം പ്രഹസന്നിദമബ്രവീത്. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''സാധുക്കളായ് സ്വതേ കിട്ടുന്നതുകൊണ്ടു
മോദിപ്പവരായഹന്താവിഹീനരായ്
ഭൂതാളിതൻ സുഹൃത്തുക്കളായ് ശാന്തരാം
ഭൂദേവരെ ഞാൻ നമിക്കുന്നിതെപ്പൊഴും. 33

ബ്രാഹ്മണാ! നിങ്ങൾക്കരചനിൽനിന്നലം
ക്ഷേമമോ? യാതൊരുവൻെറ ധരിത്രിയിൽ
മേവും ജനം സുഖമായിരിക്കുന്നിതാ
ഭൂവരനത്രേ മദീയ സുഹൃത്തമൻ. 34

ഏതു രാജ്യത്തുനിന്നെന്തുകാര്യത്തിനായ്
പാഥോധി ലങ്ഘിച്ചിവിടെ വന്നൂ ഭവാൻ?
ചൊല്ലിയാലും ഗോപ്യമല്ലെന്നിരിക്കിലി-
തെല്ലാം,മുടനെന്തുവേണ്ടു ഞാനെന്നതും.'' 35

ഈവിധം ലീലാഗൃഹീതശരീരനാ-
മാവിഭു ചോദിച്ചവാറദ്ധരാസുരൻ
പിന്നെയാ രുക്മിണീസന്ദേശമാകവേ
ചൊന്നാനവളുടെ വാക്യത്തിലിങ്ങനെ: 36

രുക്മിണി പറഞ്ഞു

ലോകൈകസുന്ദരാ! കർണ്ണംവഴിയകം-
പൂകിശ്ശ്രവിക്കുവോർക്കല്ലലാറുന്നതാം
ത്വദ്ഗുണോത്കർഷവും കണ്ണുള്ളവർക്കഖിലം-
പോക്കിസ്സമസ്തപുമർത്ഥവുമേകിടും
നിന്മേനിതന്മേന്മയും കേട്ടപത്രപം
മന്മനമങ്ങയിലാണ്ടുപോയച്യുതാ! 37

മുക്തിപ്രദാ! നരശ്രേഷ്ഠാ! കുലീനയും
സദ്ഗുണധാമവും ധീരയുമായിടും
ഏതൊരു കന്യക ശീലകുലരൂപ-
മാധുര്യവിദ്യാധനപ്രാഭവാദിയാൽ
തുല്യനായ് മാനവലോകമനോജ്ഞനാ-
യുള്ള ഭവാനെ വരിക്കില്ല കാന്തനായ്? 38

ആകയാലങ്ങയെ വല്ലഭനായ് വരി-
ച്ചേകിനേനാത്മാവുമങ്ങേയ്ക്കുയേ വിഭോ!
വേഗമിവിടെവന്നങ്ങേ മഹിഷിയായ്
സ്വീകരിച്ചെന്നെയനുഗ്രഹിക്കേണമേ!
വീരാ! കുറുക്കൻ ഹരിഭാഗമെന്നപോൽ
തീരെത്തൊടായ്ക ശിശുപാലനെന്നുടൽ. 39

പൂർത്തേഷ്ടദത്തനിയമവ്രതങ്ങളും
പൃഥ്വീസുരഗുരുദേവാർച്ചനകളും
കൃത്യമായ് ഞാനനുഷ്ഠിച്ചവയെങ്കിലോ
എത്തിബ് ഭവാൻതാൻ ഗ്രഹിക്കണമെൻകരം.
ചൈദ്യാദിദുഷ്ടമഹീപതിമാർ മമ
മൂർത്തി തൊടാനുമിടവരുത്തീടൊലാ. 40

നാളെ നടത്തുവാൻ നിശ്ചയിച്ചീടുമീ-
വേളിയിൽ സേനാധിപാവൃതനായ് ഭവാൻ
ഗൂഢമണഞ്ഞു ജരാസന്ധചൈദ്യാദി-
മുഖ്യനൃപസൈന്യമാകെ വിമഥിച്ചു
വീര്യശുല്കാഢ്യയാമെന്നെബ്ബലാലങ്ങു
പാരാതെ കൈക്കൊൾക രാക്ഷ-
സോദ്വാഹമായ്. 41

അന്തഃപുരാന്തസ്ഥയാം നിന്നെയെങ്ങനെ
ബന്ധുക്കളെ വധിക്കാതെ ഞാൻ വേട്ടിടും,
എന്നു ഭവാനൊരുവേള ശങ്കിക്കുകിൽ
ചൊന്നീടുവൻ ഞാനതിനൊരുപായവും.
കല്യാണനാളിൻതലേദിവസം വധൂ-
വല്ലാസപൂർവ്വം കുലദേവിയെത്തൊഴാൻ
പെണ്മെ വെളിയിൽച്ചരിക്കുവതാം കുല-
ധർമ്മമാഘട്ടമിതിന്നുചിതം പ്രഭോ! 42

ആരുടെ പാദാബ്ജധൂളിയിൽ മഗ്നരായ്
ഗൗരീവരനും മഹത്തുക്കളന്യരും
നിശ്ചലമാത്മതമസ്സകററീടുവാ-
നിച്ഛിച്ചിടുന്നുവോ സാരസലോചനാ!
ആ നിന്തിരുവടിതൻ പ്രസാദത്തിനു
ഞാനിപ്പൊഴർഹയല്ലെന്നു വന്നീടുകിൽ
ഏററം വ്രതകൃശമായീടുമിത്തനു
പെട്ടെന്നുപേക്ഷിക്കുവേനില്ല സംശയം.
നൂറു ജന്മങ്ങൾകൊണ്ടെങ്കിലും ഞാനിനി-
ച്ചേരും ഭവാനിലെന്നുള്ളതു നിശ്ചയം. 43

ബ്രാഹ്മണൻ പറഞ്ഞു

ഞാനാവഹിച്ച രഹസ്യസന്ദേശമി-
താനന്ദരൂപാ! ഭവാനവിളംബിതം
വീണ്ടും പരിചിന്തനംചെയ്തനന്തരം
വേണ്ടതു ചെയ്താലുമെന്നു ചൊന്നാൻ
ദ്വിജൻ. 44

അദ്ധ്യായം 53

രുക്മിണീസ്വയംവരം—രുക്മിണീഹരണം

ശ്രീശുകൻ പറഞ്ഞു

ശ്രീകൃഷ്ണനീവിധം രുക്മിണീസന്ദേശ-
മാകർണ്ണനംചെയ്തു സന്തുഷ്ടചിത്തനായ്
ആരണപാണി പിടിച്ചു ചിരിച്ചുകൊ-
ണ്ടീരണംചെയ്തീടിനാൻ പിന്നെയിങ്ങനെ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച
തഥാഹമപി തച്ചിത്തോ നിദ്രാം ച ന ലഭേ നിശി
വേദാഹം രുക്മിണാ ദ്വേഷാന്മമോദ്വാഹോ നിവാരിതഃ. 2
താമാനയിഷ്യ ഉന്മഥ്യ രാജന്യാപസദാൻ മൃധേ
മത്പരാമനവദ്യാങ്ഗീ,മേധസോഽഗ്നിശിഖാമിവ. 3

ശ്രീശുക ഉവാച
ഉദ്വാഹർക്ഷം ച വിജ്ഞായ രുക്മിണ്യാ മധുസൂദനഃ
''രഥഃ സംയുജ്യതാമാശു ദാരു''കേത്യാഹ സാരഥിം. 4
സ ചാശ്വൈഃ ശൈബ്യസുഗ്രീവമേഘപുഷ്പവലാഹകൈഃ
യുക്തം രഥമുപാനീയ തസ്ഥൗ പ്രാഞ്ജലിരഗ്രതഃ. 5
ആരുഹ്യ സ്യന്ദനം ശൗരിർദ്വിജമാരോപ്യ തൂർണ്ണഗൈഃ
ആനർത്താദേകരാത്രേണ വിദർഭാനഗമദ്ധയൈഃ. 6
രാജാ സ കുണ്ഡിനപതിഃ പുത്രസ്നേഹവശംഗതഃ
ശിശുപാലായ സ്വാം കന്യാം ദാസ്യൻ കർമ്മാണ്യകാരയത്. 7
പുരം സംമൃഷ്ടസംസിക്തമാർഗ്ഗരഥ്യാചതുഷ്പഥം
ചിത്രധ്വജപതാകാഭിസ്തോരണൈഃ സമലംകൃതം. 8
സ്രഗ്ഗന്ധമാല്യാഭരണൈർവ്വിരജോഽംബരഭൂഷിതൈഃ
ജുഷ്ടം സ്ത്രീപുരുഷൈഃ ശ്രീമദ്ഗൃഹൈരഗരുധൂപിതൈഃ. 9
പിതൄൻ ദേവാൻ സമഭ്യർച്ച്യ വിപ്രാംശ്ച വിധിവന്നൃപ
ഭോജയിത്വാ യഥാന്യായം വാചയാമാസ മങ്ഗലം. 10
സുസ്നാതാം സുദതീം കന്യാം കൃതകൗതുകമങ്ഗളാം
അഹതാംശുകയുഗ്മേന ഭൂഷിതാം ഭൂഷണോത്തമൈഃ. 11
ചക്രുഃ സാമർഗ്ഗ്യജുർമ്മന്ത്രൈർവധ്വാ രക്ഷാം ദ്വിജോത്തമാഃ
പുരോഹിതോഽഥർവ്വവിദ്വൈ ജുഹാവ ഗ്രഹശാന്തയേ. 12
ഹിരണ്യരൂപ്യവാസാംസി തിലാംശ്ച ഗുഡമിശ്രിതാൻ
പ്രാദാദ്ധേനൂശ്ച വിപ്രേഭ്യോ രാജാ വിധിവിദാം വരഃ. 13
ഏവം ചേദിപതീ രാജാ ദമഘോഷഃ സുതായ വൈ
കാരയാമാസ മന്ത്രജ്ഞൈഃ സർവ്വമഭ്യുദയോചിതം. 14
മദച്യുദ്ഭിർഗ്ഗജാനീകൈഃ സ്യന്ദനൈർഹേമമാലിഭിഃ
പത്ത്യശ്വസങ്കുലൈഃ സൈന്യൈഃ പരീതഃ കുണ്ഡിനം
യയൗ. 15

തം വൈ വിദർഭാധിപതിഃ സമഭ്യേത്യാഭിപൂജ്യ ച
നിവേശയാമാസ മുദാ കല്പിതാന്യനിവേശനേ. 16
തത്ര സാല്വോ ജരാസന്ധോ ദന്തവക്ത്രോ വിദൂരഥഃ
ആജഗ്മുശ്ചൈദ്യപക്ഷീയാഃ പൗണ്ഡ്രകാദ്യാഃ സഹസ്രശഃ. 17
കൃഷ്ണരാമദ്വിഷോ യത്താഃ കന്യാം ചൈദ്യായ സാധിതും
യദ്യാഗത്യ ഹരേത് കൃഷ്ണോ രാമാദ്യൈർയദുഭിർവൃതഃ. 18
യോത്സ്യാമഃ സംഹതാസ്തേന ഇതി നിശ്ചിതമാനസാഃ
ആജഗ്മുർഭൂഭുജഃ സർവ്വേ സമഗ്രബലവാഹനാഃ. 19
ശ്രുത്വൈതദ്ഭഗവാൻ രാമോ വിപക്ഷീയനൃപോദ്യമം
കൃഷ്ണം ചൈകം ഗതം ഹർത്തും കന്യാം കലഹശങ്കിതഃ. 20
ബലേന മഹതാ സാർദ്ധം ഭ്രാതൃസ്നേഹപരിപ്ലുതഃ
ത്വരിതഃ കുണ്ഡിനം പ്രാഗാദ്ഗജാശ്വരഥപത്തിഭിഃ. 21
ഭീഷ്മകന്യാ വരാരോഹാ കാങ്ക്ഷന്ത്യാഗമനം ഹരേഃ
പ്രത്യാപത്തിമപശ്യന്തീ ദ്വിജസ്യാചിന്തയത്തദാ. 22
''അഹോ ത്രിയാമാന്തരിത ഉദ്വാഹോ മേഽല്പരാധസഃ
നാഗച്ഛത്യരവിന്ദാക്ഷോ നാഹം വേദ്മ്യത്ര കാരണം
സോഽപി നാവർത്തതേഽദ്യാപി മത്സന്ദേശഹരോ ദ്വിജഃ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

അത്തനവിയിൽത്താൻ മനസ്സർപ്പിച്ചു ഞാൻ
നിദ്രയുമെന്നിയേ രാത്രി നയിപ്പതേ.
വൈരത്തിനാലെൻ വിവാഹത്തിനു രുക്മി
നേരേ തടസ്സമായ് നില്പതറിഞ്ഞു ഞാൻ. 2
എന്നിലനുരക്തയാകുമസ്സുന്ദരി-
തന്നെയരണിയിൽനിന്നഗ്നിയെയെന്നപോൽ
ആനയിച്ചീടുവനായോധനംതന്നിൽ
ഞാനന്നൃപാധമന്മാരെ മഥിച്ചുതാൻ. 3

ശ്രീശുകൻ പറഞ്ഞു

വൈദർഭിതൻ വിവാഹർക്ഷമറിഞ്ഞുടൻ
മാധവൻ ദാരുകനായിടും സൂതനെ
നേരേ വിളിച്ചരുളംചെയ്തീടിനാൻ നിജ-
തേരു പൂട്ടി ദ്രുതം കൊണ്ടുവന്നീടുവാൻ. 4
ശൈബ്യം വലാഹകം സുഗ്രീവവും മേഘ-
പുഷ്പവുമെന്ന നാമങ്ങളിയന്നിടും
നാലു കുതിരകളാളുന്ന തേരുമായ്
ചീളെന്നു വന്നു വണങ്ങിനിന്നാനവൻ. 5
വിപ്രനെയേററിക്കരേറിനാൻ കൃഷ്ണനും,
ക്ഷിപ്രം നടത്തിനാൻ തേരു ദാരുകൻ.
വേഗമിയലും കുതിരകളാകയാ-
ലേകരാത്രംകൊണ്ടു കുണ്ഡിനമെത്തിനാൻ. 6
നന്ദനസ്നേഹവശഗതനാകുമ-
ക്കുണ്ഡിനഭൂപതിയുത്സാഹയുക്തനായ്
കന്യകയെശ്ശിശുപാലനു നല്കുവാൻ
സന്നദ്ധനായ് വേണ്ടതൊക്കെയൊരു-
ക്കിനാൻ. 7
ചിത്രധ്വജങ്ങളിൽപ്പാറും പതാകക-
ളുത്തുംഗതോരണപങ്ക്തിയിത്യാദിയാൽ
നന്നായലംകൃതമായിച്ചതുഷ്പഥ-
മെന്നല്ലിടവഴി രാജമാർഗ്ഗങ്ങളും
ഭേഷായടിച്ചുതളിച്ചതായ് ച്ചന്ദന-
ഭൂഷണഗന്ധമാല്യങ്ങളണിഞ്ഞലം
ശുഭ്രവസ്ത്രാഞ്ചിതസ്ത്രീപുരുഷോത്കര-
മെപ്പൊഴും തിങ്ങിവിളങ്ങുന്നതായിടും
ശ്രീമത്സദനങ്ങളംതോറുമകിലിൻെറ
ധൂമം പരന്നു സുരഭിലമായ് പരം
മിന്നുമപ്പട്ടണമാക്കമാകർഷക-
മെന്നവിധത്തിൽ വിഭൂഷിതമാക്കിനാൻ. 8–9
പിന്നെപ്പിതൃക്കളേയും സുരന്മാരെയും
മന്നവനർച്ചിച്ചശേഷം ദ്വിജന്മാരെ
നന്നായ് ഭുജിപ്പിച്ചവരിൽനിന്നാശിസ്സു-
മുന്നതമോദത്തൊടങ്ഗീകരിച്ചിതു. 10
തീർത്ഥജലത്തിൽ കുളിപ്പിച്ചു ഭൂഷകരം
ചാർത്തിച്ചു കോടിപ്പുടവയുടുപ്പിച്ചു
കാപ്പുകെട്ടിച്ചസ്സുദതിയാം കന്യക്കു
വിപ്രരെക്കൊണ്ടു ചൊല്ലിച്ചിതു മംഗലം. 11
സാമമൃക്കും യജുസ്സും മന്ത്രമോതിയ-
ബ്ഭൂമീസുരന്മാർ വധൂരക്ഷ ചെയ്തിതു.
പിന്നെയഥർവ്വജ്ഞനാചാര്യനും ഗ്രഹ-
വൃന്ദശാന്തിക്കു ഹോമം നടത്തീടിനാൻ. 12
ശാസ്ത്രവിധിജ്ഞനായീടുമബ്ഭൂപനാൽ
പൃഥ്വീസുരർക്കു സുവർണ്ണവും വെള്ളിയും
വസ്ത്രങ്ങളും ഗുളംചേർത്ത തിലങ്ങളും
ദത്തമായെത്രയോ നല്ല പശുക്കളും. 13
ഇത്ഥമച്ചേദീശനാം ദമഘോഷനും
പുത്രാഭ്യുദയത്തിനായുചിതങ്ങളാം
സർവകർമ്മങ്ങളും മന്ത്രജ്ഞരായിടു-
മുർവ്വീസുരരെ വരുത്തി നടത്തിനാൻ. 14
പൊൻമാല തൂക്കിയ തേരുകളാലും മ-
ദാംബുവൊഴുകും ഗജസേനയാലുമേ
കാലാളും കുതിരപ്പടകളാലും ശിശു-
പാലൻ പരീതനായ് കുണ്ഡിനമെത്തിനാൻ. [15
സുപ്രസിദ്ധൻ വിദർഭാവനീപാലക-
നപ്പൊഴേ ചെന്നെതിരേററു പൂജിച്ചുടൻ
അന്യർക്കു കല്പിതമല്ലാതെയുള്ളൊരു
മാന്യസ്ഥലത്തിൽ മുദാ വസിപ്പിച്ചിതു. 16
തത്ര സാല്വൻ, ജരാസന്ധനൃപൻ, ദന്ത-
വക്ത്രൻ, വിദൂരഥൻ, പൗണ്ഡ്രകനാദിയാം
എണ്ണമററുള്ള ശിശുപാലപക്ഷീയ-
മന്നവരും മുദാ വന്നു ചേർന്നീടിനാർ. 17
രാമാദിയാദവസംവൃതൻ കൃഷ്ണനീ-
വാമാമണിയെ ഹരിക്കുകിലക്ഷണം
നാമൊത്തുചേർന്നവനോടെതിരാടിയാ
ശ്രീമതിയേ വീണ്ടു ചേദിപന്നേകണം. 18–19
എന്നു കരുതിയിരുന്നാർ ഹരിദ്വേഷി-
മന്നവരേവരും സർവ്വബലത്തൊടും.
ഏകനായ് കന്യയെ കൈക്കലാക്കാൻ ഹരി
പോകയും ശത്രുക്കളേവരും പോരിനായ്
എത്തുകയും ചെയ്തതായറിഞ്ഞബ്ബല-
ഭദ്രൻ രണശങ്കിതനായ് ഭവിച്ചിതു. 20
ഭ്രാതൃപ്രണയപരിപ്ലുതനായ് പരം
സ്യന്ദനാശ്വഗജപത്തിയുക്തമാം
വൻപിച്ച സേനയോടൊത്തുടൻ കുണ്ഡിനം
മുൻപിട്ടതിവേഗമങ്ങു പാഞ്ഞെത്തിനാൻ. 21
ഉന്നതസൗധോപരിയേറി രുക്മിണി
നന്ദാത്മജൻതൻ വരവും പ്രതീക്ഷിച്ചു-
നിന്നിട്ടു കണ്ടില്ലയച്ചോരു വിപ്രനും
വന്നതില്ലപ്പോഴും വിചാരിച്ചിതീവിധം: 22
''ഭാഗ്യമില്ലാത്തവളാംതന്നെ ഞാൻ വേളിക്കു
പാക്കിലിരവുകഴിയാത്ത താമസം
കണ്ണനെക്കാണുന്നതില്ലഹോ കാരണ-
മൊന്നുമറിയാനുമാവതല്ലേതുമേ.
സന്ദേശവാഹിയായീടുമാ വിപ്രനും
വന്നതില്ലല്ലോ മടങ്ങിയിതേവരെ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപി മയ്യനവദ്യാത്മാ ദൃഷ്ട്വാ കിഞ്ചിജ്ജുഗുപ്സിതം
മത്പാണിഗ്രഹണേ നൂനം നായാതി ഹി കൃതോദ്യമഃ. 24

ദുർഭഗായാ ന മേ ധാതാ നാനുകൂലോ മഹേശ്വരഃ
ദേവീ വാ വിമുഖാ ഗൗരീ രുദ്രാണീ ഗിരിജാ സതീ.'' 25

ഏവം ചിന്തയതീ ബാലാ ഗോവിന്ദഹൃതമാനസാ
ന്യമീലയത കാലജ്ഞാ നേത്രേ ചാശ്രുകലാകുലേ. 26

ഏവം വധ്വാഃ പ്രതീക്ഷന്ത്യാ ഗോവിന്ദാഗമനം നൃപ,
വാമ ഊരുർ ഭുജോ നേത്രമസ്ഫുരൻ പ്രിയഭാഷിണഃ. 27

അഥ കൃഷ്ണവിനിർദ്ദിഷ്ടഃ സ ഏവ ദ്വിജസത്തമഃ
അന്തഃപുരചരീം ദേവീം രാജപുത്രീം ദദർശ ഹ. 28

സാ തം പ്രഹൃഷ്ടവദനമവ്യഗ്രാത്മഗതിം സതീ
ആലക്ഷ്യ ലക്ഷണാഭിജ്ഞാ സമപൃച്ഛച്ഛുചിസ്മിതാ. 29

തസ്യാ ആവേദയത് പ്രാപ്തം ശശംസ യദുനന്ദനം
ഉക്തം ച സത്യവചനമാത്മോപനയനം പ്രതി. 30

തമാഗതം സമാജ്ഞായ വൈദർഭീ ഹൃഷ്ടമാനസാ
ന പശ്യന്തീ ബ്രാഹ്മണായ പ്രിയമന്യന്നനാമ സാ. 31

പ്രാപ്തൗ ശ്രുത്വാ സ്വദുഹിതുരുദ്വാഹപ്രേക്ഷണോത്സുകൗ
അഭ്യയാത്തൂര്യഘോഷേണ രാമകൃഷ്ണൗ സമർഹണൈഃ. 32

മധുപർക്കമുപാനീയ വാസാംസി വിരജാംസി സഃ
ഉപായനാന്യഭീഷ്ടാനി വിധിവത്സമപൂജയത്. 33

തയോർന്നിവേശനം ശ്രീമദുപകല്പ്യ മഹാമതിഃ
സസൈന്യയോഃ സാനുഗയോരാതിഥ്യം വിദധേ യഥാ. 34

ഏവം രാജ്ഞാം സമേതാനാം യഥാവീര്യം യഥാവയഃ
യഥാബലം യഥാവിത്തം സർവൈഃ കാമൈഃ സമർഹയത്. 35

കൃഷ്ണമാഗതമാകർണ്യ വിദർഭപുരവാസിനഃ
ആഗത്യ നേത്രാഞ്ജലിഭിഃ പപുസ്തന്മുഖപങ്കജം. 36

''അസ്യൈവ ഭാര്യാ ഭവിതും രുക്മിണ്യർഹതി, നാപരാ
അസാവപ്യനവദ്യാത്മാ ഭൈഷ്മ്യാഃ സമുചിതഃ പതിഃ. 37

കിഞ്ചിത്സുചരിതം യന്നസ്തേന തുഷ്ടസ്ത്രിലോകകൃത്
അനുഗൃഹ്ണാതു ഗൃഹ്ണാതു വൈദർഭ്യാഃ പാണിമ-
ച്യുതഃ.'' 38

ഏവം പ്രേമകലാബദ്ധാ വദന്തി സ്മ പുരൗകസഃ
കന്യാ ചാന്തഃപുരാത് പ്രാഗാദ്ഭടൈർഗുപ്താംബികാലയം. 39

പദ്ഭ്യാം വിനിര്യയൗ ദ്രഷ്ടും ഭവാന്യാഃ പാദപല്ലവം
സാ ചാനുധ്യായതീ സമ്യങ്മുകുന്ദചരണാംബുജം. 40

യതവാങ്മാതൃഭിഃ സാർദ്ധം സഖീഭിഃ പരിവാരിതാ
ഗുപ്താ രാജഭടൈഃ ശൂരൈഃ സന്നദ്ധൈരുദ്യതായുധൈഃ
മൃദംഗശംഖപണവാസ്തൂര്യഭേര്യശ്ച ജഘ്നിരേ. 41

നാനോപഹാരബലിഭിർവാരമുഖ്യാഃ സഹസ്രശഃ
സ്രഗ്ഗന്ധവസ്ത്രാഭരണൈർദ്വിജപത്ന്യഃ സ്വലംകൃതാഃ. 42

ഗായന്തശ്ച സ്തുവന്തശ്ച ഗായകാ വാദ്യവാദകാഃ
പരിവാര്യ വധൂം ജഗ്മുഃ സൂതമാഗധവന്ദിനഃ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദോഷരഹിതനാമമ്മഹാൻ പാവമീ
യോഷയിലെന്തെങ്കിലും ദോഷമീക്ഷിച്ചു
എന്നുടെ പാണിഗ്രഹണത്തിലുത്സാഹ-
മെന്നിയേ മൗനംഭജിച്ചെന്നുവന്നിടാം.
ആ വാർത്തയെന്നെയറിയിക്കുവാൻ മടി-
ച്ചാവാമിതേവരെയെത്താഞ്ഞതും ദ്വിജൻ. 24
ദുർഭഗയാകുമെനിക്കനുകൂലമ-
ല്ലിപ്പോഴുംച്ചതുർമ്മുഖൻതാനും മഹേശനും
രുദ്രാണിയായിസ്സതിയായ്ഗ്ഗിരിവര-
പുത്രിയാം ദേവിയുമെന്നെ വെറുത്തിതോ?''25
ഗോവിന്ദമോഹിതചിത്തയബ്ബാലിക-
യീവിധമൊട്ടു ചിന്തിച്ചിട്ടനന്തരം .
കാലജ്ഞയാമവൾ കണ്ണീർതുളുമ്പുമാ-
ലോലമിഴികളടച്ചിരുന്നീടിനാൾ. 26
ഇങ്ങനെ കൃഷ്ണാഗമനം കൊതിക്കുമ-
മ്മങ്ഗലാങ്ഗിക്കിടംപാണി വാമോരുവും
വാമനയനവും നന്നായ്ത്തുടിച്ചിതു
കാമലാഭത്തിന്റെ മുന്നറിവെന്നപോൽ. 27
നന്ദജൻ ചൊല്ലിവിട്ടുള്ളൊരാ ബ്രാഹ്മണൻ
വന്നുടനന്തഃപുരത്തിൽ ചരിച്ചിട്ടു
സുന്ദരിയാകുമബ്ഭൂപാലപുത്രിയെ-
ച്ചെന്നു കണ്ടീടിനാൻ സന്തോഷപൂർവ്വകം. 28
വ്യഗ്രതയററ ഗതിയും പ്രസന്നമാം
വക്ത്രവും കണ്ടുടൻ ലക്ഷണവിജ്ഞയാം
രുക്മിണി പുഞ്ചിരിപൂണ്ടു, ''വിശേഷമെ-
ന്തൊക്കെ''യെന്നദ്വിജനോടു ചോദിച്ചിതേ. 29
കൊണ്ടൽവർണ്ണൻ വന്നിരിക്കുന്നുവെന്നതും
കൊണ്ടുപോകാം നിന്നെയെന്നമ്മഹാപുമാൻ
തന്നോടു സത്യപ്രതിജ്ഞചെയ്തെന്നതും
സന്ദേഹമെന്യേ ധരിപ്പിച്ചു ഭൂസുരൻ. 30
വന്നു യദുപതിയെന്നറിഞ്ഞേററമാ-
നന്ദസംപൂർണ്ണഹൃദയയാം രുക്മിണി
തക്കതായേകുവാനൊന്നുമേ കാണാഞ്ഞു
ചിക്കെന്നു ഭൂമീസുരനെ നമിച്ചുതേ. 31
തന്മകൾതൻ വിവാഹോത്സവം കാണ്മാൻ
വന്നുദാ രാമകൃഷ്ണന്മാരണഞ്ഞതായ്-
ക്കേട്ടുടൻ തൂര്യഘോഷത്തോടും ഭീഷ്മക-
രാട്ടെതിരേററാനുപായനപൂർവ്വകം. 32
ശുദ്ധവസ്ത്രങ്ങളും മധുപർക്കമെന്നതും
മററഭീഷ്ടോപായനങ്ങളും സാദരം
കൊണ്ടുവന്നർപ്പിച്ചു രാമകൃഷ്ണന്മാരെ
വേണ്ടവിധത്തിലർച്ചിച്ചിതബ്ഭൂമിപൻ. 33
ധീമാൻ നൃപാലനവർക്കും തദീയാനു-
ഗാമികൾക്കും സേനകൾക്കും വസിക്കുവാൻ
ശ്രീമന്നിലയങ്ങൾ ചാരത്തു കല്പിച്ചു
കാമമാതിഥ്യം സമാചരിച്ചീടിനാൻ. 34
തത്ര സമാഗതന്മാരായിട്ടും മററു
പൃഥ്വീശരേയുമിമ്മട്ടു യഥോചിതം
വിത്തവീര്യപ്രായസൈന്യഗണനകൾ-
ക്കൊത്തു പൂജിച്ചാൻ സമസ്തകാമങ്ങളാൽ. 35
കുണ്ഡിനവാസികളേവരും നന്ദജൻ
വന്നെന്നു കേട്ടു സമീപമണഞ്ഞുടൻ
നേത്രാഞ്ജലികളാൽ പാനംകഴിച്ചിതേ
നിസ്തുലമാം തന്മുഖപങ്കജമധു. 36
''ഇക്കോമളൻതൻ മഹിഷിയാകേണ്ടവൾ
രുക്മിണിതാ,നന്യയല്ലതു നിർണ്ണയം.
സന്മനസ്സായീടുമിമ്മഹാൻതന്നെയ-
പ്പെണ്മണിക്കേററമനുരൂപനാം വരൻ. 37
നമ്മളിലല്പം സുകൃതമിരിക്കുകിൽ
നമ്മെയനുഗ്രഹിക്കട്ടെ ലോകേശ്വരൻ
അച്ഛചരിതയാം വൈദർഭിതൻ പാണി-
യച്യുതൻതന്നെ ഗ്രഹിക്കട്ടെ ഭംഗിയായ്.''38
പ്രേമാംശബദ്ധരായപ്പുരവാസിക-
ളീമട്ടു സംഭാഷണംചെയ്തിരിക്കവേ,
അന്തഃപുരത്തിങ്കൽനിന്നുമക്കന്യക
സ്വന്തം ഭടജനമുഖ്യരാൽ ഗുപ്തയായ്
നിർമ്മലഗാത്രിമാരാകും സഖികളൊ-
ത്തംബികാക്ഷേത്രത്തിലേക്കു തിരിച്ചിതേ. 39
ഉത്പലനേത്രപാദാംബുരുഹം തന-
തുൾപ്പൂവിൽ നേരേ ധരിച്ചുകൊണ്ടുസ്സതി
അംബികാദേവീപാദഭജനത്തിനു
തൻ മൃദുപാദങ്ങളാൽത്താൻ ഗമിച്ചിതു. 40
അമ്മമാരോടൊത്തു തോഴീജനം ചൂഴ്ന്നു
നന്മട്ടു മൗനംഭജിച്ചു വിദർഭജ
ആയുധം പൊക്കിപ്പിടിച്ചിരിക്കും വീര-
രായിട്ടും രക്ഷിഭടരാൽ പ്രഗുപ്തയായ്
ഭേരീമൃദംഗപണവശംഖാനക-
തൂര്യാദിവാദ്യഘോഷത്തോടും പോയിതേ. 41
ദേവ്യർച്ചനയ്ക്കായ് ബലിസാധനങ്ങളു-
മാവഹിച്ചുദ്വിജദാസീകദംബവും
ശുഭ്രവസ്ത്രാലംകൃതകളായ് ചന്ദന-
കർപ്പൂരമാല്യാഭരണങ്ങളാർന്നിട്ടു
വിപ്രാങ്ഗനകളമീ ഘോഷയാത്രയി-
ലുൾപ്പെട്ടുകമ്പടിയായിഗ്ഗമിച്ചിതേ. 42
വന്ദികൾ മാഗധസൂതരും ഗായക-
വൃന്ദവും വാദ്യംമുഴക്കും ജനങ്ങളും
പാടിയും കേടിയിൽ വാഴ്ത്തിയുമങ്ങിട-
കൂടി നടന്നാർ വധൂടിതൻ ചുററുമായ്. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസാദ്യ ദേവീസദനം ധൗതപാദകരാംബുജാ
ഉപസ്പൃശ്യ ശുചിഃ ശാന്താ പ്രവിവേശാംബികാന്തികം. 44
താം വൈ പ്രവയസോ ബാലാം വിധിജ്ഞാ വിപ്രയോഷിതഃ
ഭവാനീം വന്ദയാഞ്ചക്രുർഭവപത്നീം ഭവാന്വിതാം. 45
''നമസ്യേ ത്വാംബികേ/ഭീക്ഷ്ണം സ്വസന്താനയുതാം
ശിവാം
ഭൂയാത് പതിർമ്മേ ഭഗവാൻ കൃഷ്ണസ്തദനുമോദതാം.'' 46
അദ്ഭിർഗ്ഗന്ധാക്ഷതൈർധൂപൈർവ്വാസഃസ്രങ്മാല്യഭൂഷണൈഃ
നാനോപഹാരബലിഭിഃ പ്രദീപാവലിഭിഃ പൃഥക്. 47
വിപ്രസ്ത്രിയഃ പതിമതീസ്തഥാ തൈഃ സമപൂജയത്
ലവണാപൂപതാംബൂലകണ്ഠസൂത്രഫലേക്ഷുഭിഃ. 48
തസ്യൈ സ്ത്രിയസ്താഃ പ്രദദുഃ ശേഷാം യുയുജുരാശിഷഃ
താഭ്യോ ദേവ്യൈ നമശ്ചക്രേ ശേഷാം ച ജഗൃഹേ വധൂഃ. 49
മുനിവ്രതമഥ ത്യക്ത്വാ നിശ്ചക്രാമാംബികാഗൃഹാത്
പ്രഗൃഹ്യ പാണിനാ ഭൃത്യാം രത്നമുദ്രോപശോഭിനാ. 50

താം ദേവമായാമിവ വീരമോഹിനീം
സുമധ്യമാം കുണ്ഡലമണ്ഡിതാനനാം
ശ്യാമാം നിതംബാർപ്പിതരത്നമേഖലാം
വ്യഞ്ജത്സ്തനീം കുന്തളശങ്കിതേക്ഷണാം. 51

ശുചിസ്മിതാം ബിംബഫലാധരദ്യുതി-
ശോണായമാനദ്വിജകുന്ദകുഡ്മളാം
പദാ ചലന്തീം കളഹംസഗാമിനീം
ശിഞ്ജത്കലാനൂപുരധാമശോഭിനാ
വിലോക്യ വീരാ മുമുഹുഃ സമാഗതാ
യശസ്വിനസ്തത്കൃതഹൃച്ഛയാർദ്ദിതാഃ. 52

യാം വീക്ഷ്യ തേ നൃപതയസ്തദുദാരഹാസ-
വ്രീഡാവലോകഹൃതചേതസ ഉജ്ഝിതാസ്ത്രാഃ
പേതുഃ ക്ഷിതൗ ഗജരഥാശ്വഗതാ വിമൂഢാ
യാത്രാച്ഛലേന ഹരയേ/ർപ്പയതീം സ്വശോഭാം. 53

സൈവം ശനൈശ്ചലയതീ ചലപദ്മകോശൗ
പ്രാപ്തിം തദാ ഭഗവതഃ പ്രസമീക്ഷ്യമാണാ
ഉത്സാര്യ വാമകരജൈരളകാനപാങ്ഗൈഃ
പ്രാപ്താൻ ഹ്രിയൈക്ഷത നൃപാൻ ദദൃശേ/ച്യുതം സാ. 54

താം രാജകന്യാം രഥമാരുരുക്ഷതീം
ജഹാര കൃഷ്ണോ ദ്വിഷതാം സമീക്ഷതാം
രഥം സമാരോപ്യ സുപർണ്ണലക്ഷണം
രാജന്യചക്രം പരിഭൂയ മാധവഃ. 55

തതോ യയൗ രാമപുരോഗമൈഃ ശനൈഃ
സൃഗാലമധ്യാദിവ ഭാഗഹൃദ്ധരിഃ. 56

തം മാനിനഃ സ്വാഭിഭവം യശഃക്ഷയം
പരേ ജരാസന്ധവശാ ന സേഹിരേ
അഹോ ധിഗസ്മാൻ യശ ആത്തധന്വനാം
ഗോപൈർഹൃതം കേസരിണാം മൃഗൈരിവ. 57

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
രുക്മിണീഹരണം നാമ ത്രിപഞ്ചാശത്തമോ/ധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർമ്മലദേവ്യാലയത്തിലെത്തീട്ടവൾ
നന്മട്ട കൈകാൽ കഴകി വിശുദ്ധയായ്

ചെമ്മേയുപസ്പർശനംചെയ്തു ശാന്തയാ-
യംബികാദേവീസമീപത്തു ചെന്നിതു. 44

വൃദ്ധകളും വിധിവിത്തമമാരുമാം
വൃദ്ധമഹീസുരസ്ത്രീകളക്കന്യയെ

വന്ദനംചെയ്യിച്ചിതീശനോടൊന്നിച്ചു-
മിന്നും ഭവപത്നിയായ ഭവാനിയെ. 45

''ദേവീ! ശുഭദേ! സ്വസന്താനയുക്തയായ്
മേവും ഭവതിയെ വന്ദിച്ചിടുന്നു ഞാൻ
മല്ലാരിയെന്നുടെ വല്ലഭനായ്‌വരാൻ
നല്ലപോലെന്നെയനുഗ്രഹിച്ചീടുക.'' 46

അംബുഗന്ധാക്ഷതധൂപദീപങ്ങളു-
മംബരഭൂഷണമാലാകലാപവും

മററു വിവിധബലിസാധനങ്ങളും
മുററുമർപ്പിച്ചു വെവ്വേറെയർച്ചിച്ചിതേ. 47

അംബികാപൂജ കഴിഞ്ഞു സഭർത്തൃക-
ബ്രാഹ്മണിമാരെയുമർച്ചിച്ചിതാവിധം

ഉപ്പ, താംബൂലം, ഗളസൂത്രവും, തേങ്ങ,
നല്ലലഹാരം, കരിമ്പിവയാലുമേ. 48

നൈവേദ്യശിഷ്ടമവൾക്കരുളീട്ടവ-
രേവരും നന്നായനുഗ്രഹിച്ചീടിനാർ.

കന്യക വീണ്ടുമവരെയുമംബിക-
തന്നെയും കുപ്പി പ്രസാദമാർന്നീടിനാൾ. 49

പിന്നെ മൗനവ്രതം സന്ത്യജിച്ചിട്ടവൾ
മിന്നും മണിമോതിരമെഴും പാണിയാൽ

ഉത്തമതോഴിതൻ പാണിപിടിച്ചു തത്-
ക്ഷേത്രത്തിൽനിന്നു പുറത്തുപോന്നീടിനാൾ. 50

ദേവമായയ്ക്കൊത്തു വീരവിമോഹന-
ഭാവമിയന്നു കൃശതരമധ്യയായ്

കുണ്ഡലമണ്ഡിതവക്ത്രയായ് ശ്യാമയായ്
പൊന്നരഞ്ഞാൺമിന്നിടും നിതംബത്തോടും

വ്യക്തസ്തനിയായ്ത്തലമുടിയിൽ ശങ്ക-
വായ്ക്കുന്നമട്ടെഴുമക്ഷിയുഗത്തോടും

തൊണ്ടിപ്പഴത്തിനങ്ങിണ്ടലണച്ചിടും
ചുണ്ടിൻചുവപ്പു തടവി ലസിച്ചിടും

പല്ലുകളാം മുല്ലമൊട്ടുകളാന്നമി-
തൊല്ലുസച്ഛിഞ്ജിതനൂപുരയുക്തമാം

കാലിണകൊണ്ടരയന്നപ്പിടയെന്ന-
പോലെ മെല്ലെച്ചരിച്ചീടുമക്കന്യയെ

കണ്ടു കാമാർത്തരായ് തത്രസ്ഥരാം കീർത്തി-
പൂണ്ട വീരാഗ്രിമരാകെ മോഹിച്ചിതു. 51-52

യാത്രാമ്ലുലത്തിനാൽ സ്വന്തമാം കാന്തിയെ
ദൈത്യാരിതന്നിലർപ്പിച്ചിടും കന്യയെ

മന്നവർ നോക്കീട്ടു തന്മന്ദഹാസവു-
മന്യൂനലജ്ജാസ്മരത്കടാക്ഷങ്ങളും

കണ്ടു മതിമങ്ങിയസ്ത്രങ്ങൾ കൈവിട്ടു
ദന്തീന്ദ്രരിലും രഥസമൂഹത്തിലും

അശ്വഗണത്തിലുംനിന്നു വിമൂഢരാ-
യാശ്ചര്യമേവരും താഴെ വീണീടിനാർ. 53

ഉല്ലസൽപങ്കജകുഡ്മളകാന്തിയെ
വെല്ലും പദങ്ങളാൽ മെല്ലെച്ചരിക്കവേ

വന്നിതോ നന്ദജനെന്നറിഞ്ഞീടുവാൻ
തന്നളകങ്ങളിടംകൈനഖങ്ങളാൽ

നീക്കിക്കടക്കണ്ണുകൊണ്ടൊന്നു നോക്കിനാൾ
ലാക്കിൽ സലജ്ജമബ്ഭൂപരെയാകവേ.

കണ്ടാളിടയിൽത്തനിക്കു കാണേണ്ടതാം
കൊണ്ടൽനേർവർണ്ണനെത്തന്നെയും സുന്ദരി. 54

സ്യന്ദനാരോഹണകാംക്ഷയോടന്നൃപ-
കന്യക, തന്നെ നോക്കുന്നതു കണ്ടുടൻ

ശത്രുക്കളേവരും കാൺകവേ മാധവൻ
പത്രീന്ദ്രചിഹ്നമിയന്ന തൻതേരതിൽ

ചെന്നവളെപ്പിടിച്ചേററീടിനാൻ മുദാ
മന്നരെയാകവേ നിന്ദിച്ചുകൊണ്ടുതാൻ. 55

കേസരി ജംബുകമധ്യത്തിൽനിന്നു നി-
ജാംശം ഹരിച്ചങ്ങു കൊണ്ടുപോകുംവിധം

വാമാക്ഷിയേയും ഹരിച്ചാ രമാപതി
രാമാദിബന്ധുജനമൊത്തു മെല്ലവേ

യാത്രയായാൻ ജരാസന്ധനൃപവശ-
വർത്തികൾ ഗർവിഷ്ഠഭൂപതിമാർ തദാ,

തങ്ങൾക്കു വന്നോരവമാനവും യശോ-
ഭംഗവുമൊട്ടും സഹിക്കാത്തമട്ടിലായ്.

''അമ്പെടുത്തുള്ളോരിൽ മുമ്പരാം നമ്മുടെ
വൻപുകൾ സിംഹൗഘകീർത്തിയേണങ്ങൾ-
പോൽ

കഷ്ടം! ഹരിച്ചു പശുപാലരിപ്പോഴ-
തൊട്ടും സഹിക്കാവതല്ല, നാം നിന്ദ്യർതാൻ.''
56-57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുഃപഞ്ചാശത്തമോഽധ്യായഃ

ശ്രീശുക ഉവാച

ഇതി സർവ്വേ സുസംരബ്ധാ വാഹാനാരുഹ്യ ദംശിതാഃ
സ്വൈഃ സ്വൈർബ്ബലൈഃ പരിക്രാന്താ അന്വീയുർദ്ധൃത-
കാർമ്മുകാഃ. 1
താനാപതത ആലോക്യ യാദവാനീകയൂഥപാഃ
തസ്ഥുസ്തത്സംമുഖാ രാജൻ, വിസ്ഫൂർജ്ജ്യ സ്വധനൂംഷി തേ. 2
അശ്വപൃഷ്ഠേ ഗജസ്കന്ധേ രഥോപസ്ഥേ ച കോവിദാഃ
മുമുചുഃ ശരവർഷാണി മേഘാ അദ്രിഷ്വപോ യഥാ. 3
പത്യുർബ്ബലം ശരാസാരൈശ്ഛന്നം വീക്ഷ്യ സുമധ്യമാ
സവ്രീഡമൈക്ഷത്തദ്വക്ത്രം ഭയവിഹ്വലലോചനാ. 4
പ്രഹസ്യ ഭഗവാനാഹ, ''മാ സ്മ ഭൈർവ്വാമലോചനേ,
വിനങ്ക്ഷ്യത്യധുനൈവൈതത് താവകൈഃ ശാത്രവം
ബലം.'' 5

തേഷാം തദ്വിക്രമം വീരാ ഗദസങ്കർഷണാദയഃ
അമൃഷ്യമാണാ നാരാചൈർജ്ജഘ്നുർഹയഗജാൻ രഥാൻ. 6
പേതുഃ ശിരാംസി രഥിനാമശ്വിനാം ഗജിനാം ഭുവി
സകുണ്ഡലകിരീടാനി സോഷ്ണീഷാണി ച കോടിശഃ. 7
ഹസ്താഃ സാസിഗദേഷ്വാസാഃ കരഭാ ഊരവോഽങ്ഘ്രയഃ
അശ്വാശ്വതരനാഗോഷ്ട്രഖരമർത്ത്യശിരാംസി ച. 8
ഹന്യമാനബലാനീകാ വൃഷ്ണിഭിർജ്ജയകാങ്ക്ഷിഭിഃ
രാജാനോ വിമുഖാ ജഗ്മുർജ്ജരാസന്ധപുരഃസരാഃ. 9
ശിശുപാലം സമഭ്യേത്യ ഹൃതദാരമിവാതുരം
നഷ്ടത്വിഷം ഗതോത്സാഹം ശുഷ്യദ്വദനമബ്രുവൻ. 10
''ഭോ ഭോഃ പുരുഷശാർദ്ദൂല, ദൗർമ്മനസ്യമിദം ത്യജ
ന പ്രിയാപ്രിയയോ രാജൻ നിഷ്ഠാ ദേഹിഷു ദൃശ്യതേ. 11
യഥാ ദാരുമയീ യോഷിന്നൃത്യതേ കുഹകേച്ഛയാ
ഏവമീശ്വരതന്ത്രോഽയമീഹതേ സുഖദുഃഖയോഃ. 12
ശൗരേഃ സപ്തദശാഹം വൈ സംയുഗാനി പരാജിതഃ
ത്രയോവിംശതിഭിഃ സൈന്യൈർജ്ജിഗ്യ ഏകമഹം പരം. 13
തഥാപ്യഹം ന ശോചാമി ന പ്രഹൃഷ്യാമി കർഹിചിത്
കാലേന ദൈവയുക്തേന ജാനൻ വിദ്രാവിതം ജഗത്. 14
അധുനാപി വയം സർവ്വേ വീരയൂഥപയൂഥപാഃ
പരാജിതാഃ ഫല്ഗുതന്ത്രൈര്യദുഭിഃ കൃഷ്ണപാലിതൈഃ. 15
രിപവോ ജിഗ്യുരധുനാ കാല ആത്മാനുസാരിണി
തദാ വയം വിജേഷ്യാമോ യദാ കാലഃ പ്രദക്ഷിണഃ.'' 16
ഏവം പ്രബോധിതോ മിത്രൈശ്ചൈദ്യോഽഗാത്
സാനുഗഃ പുരം
ഹതശേഷാഃ പുനസ്തേഽപി യയുഃ സ്വം സ്വം പുരം നൃപാഃ. 17
രുക്മീ തു രാക്ഷസോദ്വാഹം കൃഷ്ണദ്വിഡസഹൻ സ്വസുഃ
പൃഷ്ഠതോഽന്വഗമത് കൃഷ്ണമക്ഷൗഹിണ്യാ വൃതോ ബലീ. 18
രുക്മ്യമർഷീ സുസംരബ്ധഃ ശൃണ്വതാം സർവ്വഭൂഭുജാം
പ്രതിജജ്ഞേ മഹാബാഹുർദ്ദംശിതഃ സശരാസനഃ. 19
''അഹത്വാ സമരേ കൃഷ്ണമപ്രത്യൂഹ്യ ച രുക്മിണീം
കുണ്ഡിനം ന പ്രവേക്ഷ്യാമി; സത്യമേതദ്ബ്രവീമി വഃ.'' 20
ഇത്യുക്ത്വാ രഥമാരുഹ്യ സാരഥിം പ്രാഹ സത്വരഃ
''ചോദയാശ്വാൻ യതഃ കൃഷ്ണസ്തസ്യ മേ സംയുഗം ഭവേത്. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 54

രുക്മീപരാജയം—രുക്മിണീവിവാഹം

ശ്രീശുകൻ പറഞ്ഞു

ഈവിധം ക്രുദ്ധരായ് യുദ്ധസന്നദ്ധരായ്
ഭൂവരരസ്ത്രശസ്ത്രങ്ങളം ധരിച്ചുടൻ
സ്വന്തവാഹങ്ങളിൽ സേനാഗണത്തോടും
പിന്തുടർന്നാർ ശ്രീനിവാസനെസ്സത്വരം. 1
നേരെവരുമവരെക്കണ്ടു യാദവ–
വീരസേനാധിപതിമാരശേഷവും
പെട്ടെന്നവരുടെനേർക്കു തിരിഞ്ഞു വിൽ–
പൂട്ടി ധ്വനിപ്പിച്ചുകൊണ്ടു നിന്നീടിനാർ. 2
തേരിലുമാനപ്പുറത്തുമശ്വത്തിലു–
മേറിവരും രണകോവിദരായിടും
അബ്ഭടരമ്പു വർഷിച്ചാർ യദുക്കളി–
ലബ്ദങ്ങളം മാരി ഗിരികളിലെന്നപോൽ. 3
ഭർത്തൃസൈന്യം ശരമാരിയാൽ ഛന്നമാ–
യത്തവ്വിലവീക്ഷിച്ചു ഭീഷ്മകനന്ദിനി
സാദ്ധ്വസത്താൽച്ചലന്നേത്രയായ് ലജ്ജിച്ചു
ഭർത്താവു തന്മുഖത്തൊന്നു നോക്കീടിനാൾ. 4
''സുന്ദരീ! പേടിച്ചിടായ്ക, നിൻ ബാന്ധവ–
സൈന്യത്തിനാലീ രിപുബലമാകവേ
നഷ്ടമാമിക്ഷണ''മെന്നുടൻ പുഞ്ചിരി–
യിട്ടുകൊണ്ടോതീടിനാൻ മധുസൂദനൻ. 5
വീരരാം രാമഗദാദ്യർ ശത്രുക്കൾതൻ
ഘോരാക്രമണമസഹ്യമായീടവേ
ക്രൂരമ്പുകൾവിട്ടു തദ്രഥൗഘത്തെയും
വാരണാശ്വങ്ങളേയും നശിപ്പിച്ചിതേ. 6
തേരിലുമശ്വഗജസമൂഹത്തിലു–
മേറിയടരാടിയോർതൻ ശിരസ്സുകൾ
കുണ്ഡലോഷ്ണീഷകിരീടസമന്വിതം
മന്നിൽത്തെരുതെരെ വീണിതസംഖ്യമായ്. 7
വാളും പരിചയുമമ്പുമാളും കര–
ജാലം പ്രകോഷ്ഠങ്ങളം പാദോരുപൂരവും
ആന കതിര കഴുതയുമൊട്ടാദിയാം
നാനാമൃഗഗണത്തിൻെറയുമാവിധം
മർത്ത്യരുടേയും ശിരസ്സമൂഹങ്ങളും
പൃഥ്വീതലത്തിൽ നിരക്കെപ്പതിച്ചിതേ. 8
സ്വന്തസൈന്യത്തെജ്ജയേച്ഛുക്കൾ യാദവ–
രന്തകപത്തനത്തിന്നയച്ചീടവേ
പിന്തിരിഞ്ഞങ്ങു ഗമിച്ചീടിനാർ ജരാ–
സന്ധൻതുടങ്ങിയ മന്നവരൊക്കെയും. 9
കാന്തയെയന്യൻ ഹരിച്ചവൻ മട്ടതി–
സന്തപ്തനായ്ക്കാന്തിയററു മങ്ങിപ്പരം
ശുഷ്കവദനനായുത്സാഹഹീനനായ്
നില്ക്കും ശിശുപാലനോടു ചൊന്നാരവർ. 10
''ദുഃഖിക്കൊലാ പുരുഷർഷഭാ! ദേഹികൾ–
ക്കൊക്കെയുണ്ടാം സുഖമെന്നപോൽ ദുഃഖവും. 11
രണ്ടും സ്ഥിരമായിതേവരെയാരിലും
കണ്ടിട്ടന്നില്ല നിലനിന്നിട്ടന്നതായ്.
പെണ്മരപ്പാവയന്നത്തേകേൾപ്പൊപ്പ–
മെമ്മട്ടു നർത്തനംചെയ്യുന്ന ഭൂപതേ!
അക്കണക്കീശ്വരാധീനനാം ജന്തുവും
ദുഃഖസുഖങ്ങളിൽ ചേഷ്ടിച്ചിട്ടുന്നതേ. 12
ഞാനിരുപത്തിമൂന്നക്ഷൗഹിണിയായ
സേനയോടൊത്തു പതിനേഴുവട്ടവും
തോററെൻ ഹരിയോടടരി, ലന്ത്യം പതി–
നെട്ടാമതേ ജയം കിട്ടിയതുള്ളു മേ. 13
ഈ ലോകമീശ്വരപ്രേരിതമായിടും–
കാലത്തിനൊത്തു ചലിക്കുന്നതായി ഞാൻ
കണ്ടു ജയത്തിലാഹ്ലാദവും തോൽവിയി–
ലിണ്ടലുമെന്നിയേ വാഴുന്നു ചേദിപാ! 14
ഇപ്പോഴഖിലസേനാധിപാധീശരു–
മൊപ്പെട്ട നമ്മളീയല്പസംഖ്യാകമാം
നന്ദജപാലിതയാദവസേനയാൽ
ഇന്നും പരാജിതരായ് ഭവിച്ചു നൃപാ! 15
കാലമിപ്പോളനുകൂലമവർക്കതു–
മൂലം ജയിച്ചു, നമുക്കുമതുപോലെ
നല്ലകാലം വരുന്നേരമെങ്ങാകിലും
ചെല്ലുന്നിടത്തു വിജയമുണ്ടായ്‌വരും.'' 16
ഇത്തരം ബന്ധുക്കൾ ചൊന്നതു കേട്ടഥ
ചൈദ്യനും സാനുഗനായ് പുരം പൂകിനാൻ.
ചത്തതൊഴിച്ചുള്ള ഭൂപാലരും നിജ–
പത്തനംതോറുമണഞ്ഞു വസിച്ചിതേ. 17
മാധവദ്വേഷിയും ശക്തനുമാം രുക്മി
സോദരീരാക്ഷസോദ്വാഹാസഹിഷ്ണുവായ്
അക്ഷൗഹിണീമഹാസേനാപരീതനാ–
യക്ഷണം പിന്തുടർന്നാൻ വാസുദേവനെ. 18
ക്രുദ്ധനായേററമമർഷം സഹിക്കുവാൻ
ശക്തനല്ലാതെയാ രുക്മി മഹാഭുജൻ
ചട്ടയിട്ടസ്ത്രചാപങ്ങളാർന്നന്നൃപ–
രൊട്ടുക്കുകേൾക്കെ പ്രതിജ്ഞചെയ്തീടിനാൻ: 19
''നന്ദജനെക്കൊന്നിടാതെയും രുക്മിണി–
തന്നെ വീണ്ടിങ്ങോട്ടു കൊണ്ടുവരാതെയും
കുണ്ഡിനത്തിൽ പ്രവേശിക്കുകയില്ല ഞാ–
നെന്നു സത്യം നിങ്ങളോടു ചൊല്ലുന്നിതാ.'' 20
എന്നു പറഞ്ഞു തേരേറിയത്തേരാളി–
തന്നോടു, ''കൃഷ്ണസവിധത്തിലേക്കു നീ
തേരുതെളിക്കയെനിക്കവനോടൊരു
പോരു നടത്തണ''മെന്നു ചൊല്ലീടിനാൻ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യാഹം നിശിതൈർബ്ബാണൈർഗ്ഗോപാലസ്യ സുദുർമ്മതേഃ
നേഷ്യേ വീര്യമദം യേന സ്വസാ മേ പ്രസഭം ഹൃതാ.'' 22
വികത്ഥമാനഃ കുമതിരീശ്വരസ്യാപ്രമാണവിത്
രഥേനൈകേന ഗോവിന്ദം തിഷ്ഠ തിഷ്ഠേത്യഥാഹ്വയത്. 23
ധനുർവികൃഷ്യ സുദൃഢം ജഘ്നേ കൃഷ്ണം ത്രിഭിഃ ശരൈഃ
ആഹ ''ചാത്ര ക്ഷണം തിഷ്ഠ യദൂനാം കുലപാംസന. 24
കുത്ര യാസി സ്വസാരം മേ മുഷിത്വാ ധ്വാങ്ക്ഷവദ്ധവിഃ
ഹരിഷ്യേഽദ്യ മദം മന്ദ, മായിനഃ കൂടയോധിനഃ. 25
യാവന്ന മേ ഹതോ ബാണൈഃ ശയീഥാ, മുഞ്ച ദാരികാം;''
സ്മയൻ കൃഷ്ണോ ധനുശ്ഛിത്വാ ഷഡ്ഭിർവിവ്യാധ
രുക്മിണം. 26
അഷ്ടഭിശ്ചതുരോ വാഹാൻ, ദ്വാഭ്യാം സൂതം, ധ്വജം ത്രിഭിഃ
സ ചാന്യദ്ധനുരാദായ കൃഷ്ണം വിവ്യാധ പഞ്ചഭിഃ. 27
തൈസ്താഡിതഃ ശരൗഘൈസ്തു ചിച്ഛേദ ധനുരച്യുതഃ
പുനരന്യദുപാദത്ത തദപ്യച്ഛിനദവ്യയഃ. 28
പരിഘം പട്ടിശം ശൂലം ചർമ്മാസീ ശക്തിതോമരൗ
യദ്യദായുധമാദത്ത തത്സർവ്വം സോഽച്ഛിനദ്ധരിഃ. 29
തതോ രഥാദവപ്ലുത്യ ഖഡ്ഗപാണിർജ്ജിഘാംസയാ
കൃഷ്ണമഭ്യദ്രവത് ക്രുദ്ധഃ, പതങ്ഗ ഇവ പാവകം. 30
തസ്യ ചാപതതഃ ഖഡ്ഗം തിലശശ്ചർമ്മ ചേഷുഭിഃ
ഛിത്വാസിമാദദേ തിഗ്മം രുക്മിണം ഹന്തുമുദ്യതഃ. 31
ദൃഷ്ട്വാ ഭ്രാതൃവധോദ്യോഗം രുക്മിണീ ഭയവിഹ്വലാ
പതിത്വാ പാദയോർഭർത്തുരുവാച കരുണം സതീ. 32
''യോഗേശ്വരാ,പ്രമേയാത്മൻ, ദേവദേവ, ജഗത്പതേ,
ഹന്തും നാർഹസി, കല്യാണ, ഭ്രാതരം മേ, മഹാഭുജ.'' 33

ശ്രീശുക ഉവാച

തയാ പരിത്രാസവികമ്പിതാങ്ഗയാ
ശുചാവശുഷ്യന്മുഖരുദ്ധകണ്ഠയാ
കാതര്യവിസ്രംസിതഹേമമാലയാ
ഗൃഹീതപാദഃ കരുണോ ന്യവർത്തത. 34
ചൈലേന ബദ്ധ്വാ തമസാധുകാരിണം
സശ്മശ്രുകേശം പ്രവപൻ വ്യരൂപയത്
താവന്മമർദ്ദുഃ പരസൈന്യമദ്ഭുതം
യദുപ്രവീരാ നളിനീം യഥാ ഗജാഃ. 35

കൃഷ്ണാന്തികമുപവ്രജ്യ ദദൃശുസ്തത്ര രുക്മിണം
തഥാഭൂതം ഹതപ്രായം ദൃഷ്ട്വാ സങ്കർഷണോ വിഭുഃ
വിമുച്യ ബദ്ധം കരുണോ ഭഗവാൻ കൃഷ്ണമബ്രവീത്: 36
''അസാധ്വിദം ത്വയാ, കൃഷ്ണ, കൃതമസ്മജ്ജുഗുപ്സിതം,
വപനം ശ്മശ്രുകേശാനാം വൈരൂപ്യം സുഹൃദോ വധഃ. 37
മൈവാസ്മാൻ സാധ്വ്യസൂയേഥാ ഭ്രാതുർവൈരൂപ്യചിന്തയാ
സുഖദുഃഖദോ ന ചാന്യോഽസ്തി യതഃ സ്വകൃതഭുക് പുമാൻ. 38
ബന്ധുർവധാർഹദോഷോഽപി ന ബന്ധോർവധമർഹതി
ത്യാജ്യഃ സ്വേനൈവ ദോഷേണ ഹതഃ കിം ഹന്യതേ പുനഃ. 39
ക്ഷത്രിയാണാമയം ധർമ്മഃ പ്രജാപതിവിനിർമ്മിതഃ
ഭ്രാതാപി ഭ്രാതരം ഹന്യാദ്യേന ഘോരതരസ്തതഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''മാമകസോദരിതന്നെ ഹരിച്ചോരു
കോമട്ടിതന്റെ വലുതായ ദർപ്പം
മൂർച്ഛയേറീടുമെൻ ബാണഗണങ്ങളാൽ
തീർച്ചയായിത്തീർത്തുവയ്ക്കുവനിക്ഷണം.'' 22

ദുർബുദ്ധിയീശപ്രമാണമറിയാതെ
ജല്പിച്ചിതുവിധം, ശൗരിതൻ പിന്നാലെ
''നില്ലെടാ നില്ലുനി''ല്ലെന്നു ചൊല്ലിക്കൊണ്ടു
കില്ലെന്നിയേ രഥമാത്രനായ് ചെന്നിതു. 23

വില്ലു സുദൃഢം വലിച്ചു മൂന്നമ്പിനാൽ
മല്ലാരിയേയെയ്തു ചൊല്ലിനാനിങ്ങനെ:
''യാദവവംശം ദുഷിപ്പിച്ചിടുന്ന നീ
ഭീതിയറ്റെൻമുന്നിൽ മാത്ര നിന്നീടുക. 24

മത്സോദരിയെയും കട്ടുകൊണ്ടെങ്ങു നീ
തസ്കരാ! പോകുന്നു, കാകൻ ഹവിസ്സുപോൽ.
കള്ളമായ് പോരിടും മായാവിയായ നിൻ-
ഗർവ്വിക്ഷണത്തിൽ ഞാനില്ലാതെയാക്കുവൻ. 25

എന്നസ്ത്രമേറ്റു നീ ചത്തുവീഴുന്നതിൻ-
മുന്നമേ കന്യയെത്തന്നീടെടാ, ശഠാ!''
പുഞ്ചിരിയോടുടൻ കണ്ണനാ വിൽ മുറി-
ച്ചുഞ്ചാതെ തത്തനു കീറിയാറമ്പിനാൽ. 26

എട്ടമ്പു വിട്ടു നാലശ്വങ്ങളേയു,മാ-
മട്ടു രണ്ടമ്പിനാൽത്തേരാളിതന്നെയും,
മൂന്നു ബാണത്താൽ ധ്വജത്തെയും, മാധവൻ
ഖണ്ഡിച്ചു രുക്മിയതു കണ്ടു തൽക്ഷണം
മറ്റൊരു വില്ലെടുത്തഞ്ചു ശരങ്ങളെ
വിട്ടു മുകുന്ദശരീരം പിളർന്നിതു. 27

വില്ലതു മല്ലാരി ഖണ്ഡിച്ചു, മറ്റൊരു
വില്ലു നിജകയ്യിലാക്കിനാൻ രുക്മിയും.
ആയതുമക്ഷണം തന്നെ മുറിച്ചള-
വായുധം മറ്റുമോരോന്നെടുത്തീടിനാൻ. 28

ശൂലം പരിഘവും പട്ടിശം തോമരം
വാളും പരിചയും ശക്തിയുമിങ്ങനെ
ആയുധമേതേതവനെടുത്തപ്പൊഴു-
തായതശേഷം മുറിച്ചാൻ മുരാന്തകൻ. 29

തേരിൽനിന്നും രുക്മി പിന്നിറങ്ങി ഖഡ്ഗ-
ധാരിയായ് ക്രോധത്തോടും ഹനനാശയാൽ,
വഹ്നിതൻനേരേ ശലഭംപോലെ, പാഞ്ഞു-
ചെന്നീടിനാൻ ഭഗവാന്റെനേർക്കക്ഷണം. 30

ചീളെന്നു നേർക്കു പാഞ്ഞെത്തുമവന്റെയാ
വാളും പരിചയുമസ്ത്രഗണങ്ങളാൽ
കീറിത്തിലപ്രായമാക്കിയാ ദുഷ്ടനെ
വീരൻ വധിക്കുവാൻ വാളെടുത്തീടിനാൻ. 31

ഭീതിപരവശയായ് സതി രുക്മിണി
ഭ്രാതൃവധത്തിൻ സമുദ്യമം കാൺകയാൽ
ഭർതൃപാദങ്ങളിൽ വീണു നമിച്ചുകൊ-
ണ്ടത്തലോടിത്ഥം കരുണമായ്ച്ചൊല്ലിനാൾ: 32

''യോഗേശ്വരാ! ദേവദേവാ! ഗണിക്കുവാ-
നാവാത്ത മാഹാത്മ്യമാളും ജഗത്പതേ!
മംഗലാത്മൻ! മഹാബാഹോ! കൃപാംബുധേ! -
യങ്ങെൻ സഹജനെക്കൊൽവതു യോഗ്യമോ?''
33

ശ്രീശുകൻ പറഞ്ഞു

പേടിച്ചു പാരം ശരീരം വിറച്ചുകൊ-
ണ്ടോടലാൽ വാടിവരണ്ട മുഖത്തോടും
കണ്ഠമിടറിയും, പാരം വിവശത-
കൊണ്ടു പൊന്മാലയഴിഞ്ഞുമസ്സുന്ദരി
തൻ പദതാരിൽ പതിച്ചു നമിക്കവേ-
യൻപാർന്നതിൽനിന്നു പിൻതിരിഞ്ഞാൻ
ഹരി. 34

അന്യായകൃത്താമവനെ വസ്ത്രങ്ങളാൽ
നന്നായ് നിബന്ധിച്ചു കേശവും മീശയും
അങ്ങുമിങ്ങും ക്ഷുരപ്പിച്ചു വിരൂപത-
യങ്ഗത്തിനുചേർത്തിതപ്പോൾ, യദുസേന
ശത്രുവിൻ സൈന്യഗണത്തെ മഥിച്ചിതു
ഹസ്തികൾ താമരപ്പൊയ്കയെയെന്നപോൽ. 35

അപ്പോൾ വിഭുവാം ബലഭദ്രദേവന-
ച്ചിൽപ്പൂരുഷൻതൻ സമീപത്തിലെത്തിനാൻ.
തത്ര സംബദ്ധനായ് ജീവച്ഛവംമട്ടു
വർത്തിക്കുമാ രുക്മിയെക്കണ്ടലിഞ്ഞുടൻ
ചെന്നങ്ങഴിച്ചുവിട്ടിട്ടു നന്ദാത്മജൻ-
തന്നോടു പിന്നെയരുളിനാനീവിധം: 36

''നന്നായതില്ല നിൻ കൃത്യ,മിതേറ്റവും
നിന്ദ്യമത്രേ നമുക്കോർക്കിൽ സഹോദരാ!
നേരേ സുഹൃൽശ്മശ്രുകേശങ്ങൾ ഖണ്ഡിച്ചു
വൈരൂപ്യമേറ്റുക കൊല്ലുകതന്നെയാം. 37

സാധ്വീ! സഹോദരവൈരൂപ്യചിന്തയാൽ
ക്രുദ്ധയാകായ്ക ഭവതിയീ ഞങ്ങളിൽ
മർത്ത്യൻ സ്വകർമ്മഫലഭുക്കുതാ,നതി-
ലുത്തരവാദിത്വമന്യനില്ലേതുമേ. 38

ബന്ധുവഥവാ വധോചിതനെങ്കിലും
ബന്ധുവിൽനിന്നു വധത്തെയർഹിച്ചിടാ
ബന്ധുവിനാൽ ത്യാജ്യനത്രേ ദുഷ്ടനവൻ
സ്വന്തകർമ്മത്താൽ ഹതനെന്നിരിക്കവേ
വീണ്ടുമവനെ ഹനിക്കുകയെന്നതു
വേണ്ടാത്തതാണതിനിന്ദ്യവുംതന്നെയാം. 39

പോരിലേർപ്പെട്ടാൽ സഹജനോ ബന്ധുവോ
ആരാകിലും വധിക്കാവതാമെന്നിഹ
ക്ഷത്രിയന്മാർക്കജകല്പിതം ധർമ്മമി-
തെത്രയും ഘോരം നിനയ്ക്കിൽ സഹോദരാ! 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യസ്യ ഭൂമേർവിത്തസ്യ സ്ത്രിയോ മാനസ്യ തേജസഃ
മാനിനോ/ന്യസ്യ വാ ഹേതോഃ ശ്രീമദാന്ധാഃ ക്ഷിപന്തി
ഹി. 41

തവേയം വിഷമാ ബുദ്ധിഃ സർവ്വഭൂതേഷു ദുർഹൃദാം
യന്മന്യസേ സദാ/ഭദ്രം സുഹൃദാം ഭദ്രമജ്ഞവത്. 42

ആത്മമോഹോ നൃണാമേഷ കല്പ്യതേ ദേവമായയാ
സുഹൃദ്ദുർഹൃദുദാസീന ഇതി ദേഹാത്മമാനിനാം. 43

ഏക ഏവ പരോ ഹ്യാത്മാ സർവ്വേഷാമപി ദേഹിനാം
നാനേവ ഗൃഹ്യതേ മൂഢൈര്യഥാ ജ്യോതിര്യഥാ നഭഃ. 44

ദേഹ ആദ്യന്തവാനേഷ ദ്രവ്യപ്രാണഗുണാത്മകഃ
ആത്മന്യവിദ്യയാ ക്ലൃപ്തഃ സംസാരയതി ദേഹിനം. 45

നാത്മനോ/ന്യേന സംയോഗോ വിയോഗശ്ചാസതഃ സതി
തദ്ധേതുത്വാത്തത് പ്രസിദ്ധേർദൃഗ്രൂപാഭ്യാം യഥാ രവേഃ. 46

ജന്മാദയസ്തു ദേഹസ്യ വിക്രിയാ നാത്മനഃ ക്വചിത്
കലാനാമിവ നൈവേന്ദോർമൃതിർഹ്യസ്യ കുഹൂരിവ. 47

യഥാ ശയാന ആത്മാനം വിഷയാൻ ഫലമേവ ച
അനുഭുങ്ക്തേ/പ്യസത്യർത്ഥേ തഥാ//പ്നോത്യബുധോ ഭവം. 48

തസ്മാദജ്ഞാനജം ശോകമാത്മശോഷവിമോഹനം
തത്ത്വജ്ഞാനേന നിർഹൃത്യ സ്വസ്ഥാ ഭവ, ശുചിസ്മിതേ.'' 49

ശ്രീശുക ഉവാച

ഏവം ഭഗവതാ തന്വീ രാമേണ പ്രതിബോധിതാ
വൈമനസ്യം പരിത്യജ്യ മനോ ബുദ്ധ്യാ സമാദധേ. 50

പ്രാണാവശേഷ ഉത്സൃഷ്ടോ ദ്വിഡ്ഭിർഹതബലപ്രഭഃ
സ്മരൻ വിരൂപകരണം വിതഥാത്മമനോരഥഃ. 51

ചക്രേ ഭോജകടം നാമ നിവാസായ മഹത്പുരം
''അഹത്വാ ദുർമ്മതിം കൃഷ്ണമപ്രത്യൂഹ്യ യവീയസീം
കുണ്ഡിനം ന പ്രവേക്ഷ്യാമീ''ത്യുക്ത്വാ തത്രാവസദ്രുഷാ. 52

ഭഗവാൻ ഭീഷ്മകസുതാമേവം നിർജ്ജിത്യ ഭൂമിപാൻ
പുരമാനീയ വിധിവദുപയേമേ, കുരൂദ്വഹ. 53

തദാ മഹോത്സവോ നൄണാം യദുപുര്യാം ഗൃഹേ ഗൃഹേ
അഭൂദനന്യഭാവാനാം കൃഷ്ണേ യദുപതൗ നൃപ. 54

നരാ നാര്യശ്ച മുദിതാഃ പ്രമൃഷ്ടമണികുണ്ഡലാഃ
പാരിബർഹമുപാജഹ്രുർവരയോശ്ചിത്രവാസസോഃ. 55

സാ വൃഷ്ണിപുര്യുത്തഭിതേന്ദ്രകേതുഭി-
ർവ്വിചിത്രമാല്യാംബരരത്നതോരണൈഃ
ബഭൗ പ്രതിദ്വാര്യുപക്ലൃപ്തമംഗളൈ-
രാപൂർണ്ണകുംഭാഗരുധൂപദീപകൈഃ. 56

സിക്തമാർഗ്ഗാ മദച്യുദ്ഭിരാഹൂതപ്രേഷ്ഠഭൂഭുജാം
ഗജൈർദ്വാഃസു പരാമൃഷ്ടരംഭാപൂഗോപശോഭിതാ. 57

കുരുസൃഞ്ജയകൈകേയവിദർഭയദുകുന്തയഃ
മിഥോ മുമുദിരേ തസ്മിൻ സംഭ്രമാത് പരിധാവതാം. 58

രുക്മിണ്യാ ഹരണം ശ്രുത്വാ ഗീയമാനം തതസ്തതഃ
രാജാനോ രാജകന്യാശ്ച ബഭൂവുർഭൃശവിസ്മിതാഃ. 59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദത്താലന്ധരായിട്ടും മാനികരം
ഭൂമിയോ രാജ്യമോ വിത്തമോ നാരിയോ
മാനമോ സ്വന്തമാം വൈഭവമോ മററു
നാനാവിധകാരണങ്ങളോമൂലമായ്
സന്തതം നിന്ദിച്ചിടുന്നു ബന്ധുക്കളെ-
യെന്താകിലുമിതു നമ്മരംക്കയോഗ്യമാം. 41
സർവ്വഭൂതദ്രോഹമാചരിക്കും മഹാ-
ഗർവ്വിതന്മാക്കറിവററവരെന്നപോൽ
ആശിപ്പു നീ സുഹൃത്തുക്കളിൽപോൽ ശുഭം
മോശം തവ ധീ വിഷമധീതാൻ ദൃഢം. 42
ദേഹാഭിമാനികരംക്കൊക്കെയുമൂഴിയിൽ
സ്നേഹിതൻ ശത്രുവുദാസീനനീവിധം
ഭേദധീ മായയാലുണ്ടായിടുന്നിതു
ചേതസ്സിലോത്തുനോക്കീടുക നീ ശുഭേ! 43
ഏകനത്രേ പരമാത്മാവു, ദേഹികരം-
ക്കാകെ മൗഢ്യത്തിനാൽ ജ്യോതിസ്സുപോലെയും
ആകാശമെന്നകണക്കുമനേകനാ-
യാകമ്രഗാത്രി! തോന്നീടുന്ന മായയാൽ. 44
ദ്രവ്യഗുണപ്രാണരൂപത്തിലുള്ളതായ്
സുവ്യക്തബന്ധമാത്മാവിലവിദ്യയാൽ
നേരേ പിണഞ്ഞതായ് ജന്മമരണങ്ങരം
ചേരുന്നതാകുമീ ദേഹംനിമിത്തമായ്
സംസാരബന്ധം ശരീരികരംക്കാകവേ
സംശയമെന്നിയേ സംഭവിക്കുന്നിതേ. 45
അന്യരോടില്ല സംയോഗം വിയോഗവു-
മെന്നുമാത്മാവിന്നസത്ത്വത്തിനാൽ സതി!
നേത്രരൂപങ്ങരം മാർത്താണ്ഡാശ്രയത്തിനാൽ
മാത്രം വിളങ്ങുംവിധത്തിലാത്മാവിനാൽ
സത്യമല്ലാത്ത ദേഹേന്ദ്രിയബുദ്ധ്യാദി
പ്രത്യക്ഷമായി പ്രകാശിച്ചിടുന്നിതേ. 46
ജന്മാദിയാം വികാരങ്ങരം ദേഹത്തിനാ-
ണെണ്മയിലാത്മാവിനില്ലൊരുകാലവും
വൃദ്ധിക്ഷയങ്ങരം ക... ...രംക്കുപോൽ ചന്ദ്ര-
നെത്തില്ല,മാവാസ്യമട്ടിലത്രേ മൃതി. 47
സുപ്തൻ വിഷയങ്ങളേയും ഫലത്തെയും
സ്വപ്നത്തിലേതുവിധം ഭുജിക്കുന്നുവോ
അപ്പോലെയജ്ഞനും സംസാരമഗ്നനായ്
തൽഫലം നിത്യമനുഭവിക്കുന്നിതു. 48
ആകയാലജ്ഞാനജാതമായ് മോഹത്തെ-
യേകുന്നതായ് ദേഹശോഷകമായിടും
ശോകം പരമാത്മചിന്തയാൽ സംഹരി-
ച്ചേകാന്തശാന്തത കൈക്കൊണ്ടിരിക്ക നീ.'' 49

ശ്രീശുകൻ പറഞ്ഞു

രാമനാലേവമുപദിഷ്ടയാകുമ-
ക്കാമിനിമാർമണി രുക്മിണിയപ്പൊഴേ
ദുഃഖം ത്യജിച്ചു വിവേകബലത്തിനാ-
ലുരംക്കാമ്പടക്കി പ്രശാന്തയായ് വാണിതേ. 50
ഊക്കും പ്രഭയുമഭിമാനവും വൈരി-
വർഗ്ഗം ഹനിച്ചതിനാൽ പ്രാണശേഷനായ്
നിഷ്ഫലമാം മനോരാജ്യത്തൊടും സ്വവൈ-
രൂപ്യത്തെയോത്തോത്തു വീർപ്പിട്ടു
രുക്മിയും, 51
സത്യപ്രതിജ്ഞയാൽ ഭോജകടാഖ്യമാം-
പത്തനം പുത്തനായൊന്നു പണിയിച്ചു,
''ദുർമ്മതിയായിടും കൃഷ്ണനെക്കൊന്നവൻ
ചെമ്മേ ഹരിച്ച സഹജയെ മീളാതെ
കുണ്ഡിനത്തിൽ കേറുകില്ല ഞാ''നെന്നതു
ചൊന്നമഷ്ത്തൊടു വാണീടിനാനതിൽ. 52
മന്നവരെ വെന്നു നന്ദജൻ ഭീഷ്മക-
നന്ദിനിയെത്തൻപുരത്തിൽ നയിച്ചുടൻ
ശാസ്ത്രപ്രകാരം സമസ്തചടങ്ങൊടും
പേർത്തും വിവാഹംകഴിച്ചു വസിച്ചിതു 53
യാദവപാലനായീടും മുകുന്ദനിൽ
പ്രീതിയേറുന്ന ജനങ്ങരംക്കശേഷവും
അന്നേരമാ യദുപട്ടണംതന്നിലെ
മന്ദിരംതോറും നടന്നു മഹോത്സവം. 54
നന്മണികുണ്ഡലമാന്ന പുരുഷരും
പെണ്മണിമാരും മുഴുത്ത മോദത്തിനാൽ
ശുദ്ധവസനാന്വിതരാം വധൂവര-
ർക്കുത്തമമാം പദാർത്ഥങ്ങളേകീടിനാർ. 55
ദ്വാരങ്ങരംതോറും ശുഭപദാർത്ഥങ്ങളും
പൂരിതകുംഭങ്ങരം ധൂപദീപങ്ങളും
പാരമുച്ചംപാറുമിന്ദ്രധ്വജങ്ങളും
തോരണപങ്ക്തിയും മാല്യാംബരങ്ങളും
എന്നീവിധത്തിലാ യാദവപത്തനം
നന്നായ് വിളങ്ങിയാ മങ്ഗല്യവേളയിൽ. 56
ആ വിവാഹത്തിൽ ക്ഷണിച്ചുവരുത്തിയ
ഭൂവരർതൻ ഗജദാനനീരത്തിനാൽ
മാർഗ്ഗങ്ങളാകെ നനഞ്ഞിതാ ദ്വാരങ്ങ-
ളൊക്കെ ക്രമുകരംഭാലംകൃതങ്ങളായ്. 57
കല്യാണഘോഷത്തിൽ മേളിച്ച മന്നവ-
രുല്ലാസമോടങ്ങു ചുററിച്ചരിക്കവേ
കേകയസൃഞ്ജയകുന്തികുരുയദു
ഭൂകാന്തരും വിദർഭാദിഭൂപാലരും
യാദൃച്ഛികം തമ്മിലീക്ഷിച്ചു ഭാഷണം-
ചെയ്തു സന്തുഷ്ടരായിബ്ഭവിച്ചീടിനാർ. 58
അങ്ങുമിങ്ങും രുക്മിണീഹരണം പരം
ഭങ്ഗിയായ് മാഗധവന്ദികരം സൂതരും
പാടുന്നതു കേട്ടു വിസ്മയപ്പെട്ടിതു
പാടേ നൃപകന്യമാരും നൃപാലരും. 59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാരകായാമഭൂദ്രാജൻ മഹാമോദഃ പുരൗകസാം
രുക്മിണ്യാ രമയോപേതം ദൃഷ്ട്വാ കൃഷ്ണം ശ്രിയഃപതിം. 60

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
രുക്മിണ്യുദ്വാഹം നാമ ചതുഃപഞ്ചാശത്തമോ/ധ്യായഃ

പഞ്ചപഞ്ചാശത്തമോ/ധ്യായഃ

ശ്രീശുക ഉവാച

കാമസ്തു വാസുദേവാംശോ ദഗ്ധഃ പ്രാഗ് രുദ്രമന്യുനാ
ദേഹോപപത്തയേ ഭൂയസ്തമേവ പ്രത്യപദ്യത. 1

സ ഏവ ജാതോ വൈദർഭ്യാം കൃഷ്ണവീര്യസമുദ്ഭവഃ
പ്രദ്യുമ്ന ഇതി വിഖ്യാതഃ സർവ്വതോ/നവമഃ പിതുഃ. 2

തം ശംബരഃ കാമരൂപീ ഹൃത്വാ തോകമനിർദ്ദശം
സ വിദിത്വാ/ത്മനഃ ശത്രും പ്രാസ്യോദന്വത്യഗാദ് ഗൃഹം. 3

തം നിർജ്ജഗാര ബലവാൻ മീനഃ സോ/പ്യപരൈഃ സഹ
വൃതോ ജാലേന മഹതാ ഗൃഹീതോ മത്സ്യജീവിഭിഃ. 4

തം ശംബരായ കൈവർത്താ ഉപാജഹ്രുരുപായനം
സൂദാ മഹാനസം നീത്വാവദ്യൻ സ്വധിതിനാദ്ഭുതം
ദൃഷ്ട്വാ തദുദരേ ബാലം മായാവത്യൈ ന്യവേദയൻ. 5

നാരദോ/കഥയത് സർവ്വം തസ്യാഃ ശങ്കിതചേതസഃ
ബാലസ്യ തത്ത്വമുത്പത്തിം മത്സ്യോദരനിവേശനം. 6

സാ ച കാമസ്യ വൈ പത്നീ രതിർന്നാമ യശസ്വിനീ
പത്യുർന്നിർദ്ദഗ്ധദേഹസ്യ ദേഹോത്പത്തിം പ്രതീക്ഷതീ. 7

നിരൂപിതാ ശംബരേണ സാ സൂപൗദനസാധനേ
കാമദേവം ശിശും ബുദ്ധ്വാ ചക്രേ സ്നേഹം തദാർഭകേ. 8

നാതിദീർഘേണ കാലേന സ കാർഷ്ണീ രൂഢയൗവനഃ
ജനയാമാസ നാരീണാം വീക്ഷന്തീനാം ച വിഭ്രമം. 9

സാ തം പതിം പദ്മദലായതേക്ഷണം
പ്രലംബബാഹും നരലോകസുന്ദരം
സവ്രീഡഹാസോത്തഭിതഭ്രുവേക്ഷതീ
പ്രീത്യോപതസ്ഥേ രതിരങ്ഗസൗരതൈഃ. 10

തമാഹ ഭഗവാൻ കാർഷ്ണി, ''മാതസ്തേ മതിരന്യഥാ
മാതൃഭാവമതിക്രമ്യ വർത്തസേ കാമിനീ യഥാ.'' 11

രതിരുവാച

''ഭവാൻ നാരായണസുതഃ ശംബരേണാഹൃതോ ഗൃഹാത്
അഹം തേ/ധികൃതാ പത്നീ രതിഃ കാമോ ഭവാൻ പ്രഭോ. 12

ഏഷ ത്വാനിർദ്ദശം സിന്ധാവക്ഷിപച്ഛംബരോ/സുരഃ
മത്സ്യോ/ഗ്രസീത്തദുദരാദിഹ പ്രാപ്തോ ഭവാൻ പ്രഭോ! 13

തമിമം ജഹി ദുർദ്ധർഷം ദുർജ്ജയം ശത്രുമാത്മനഃ
മായാശതവിദം ത്വം ച മായാഭിർമ്മോഹനാദിഭിഃ. 14

പരിശോചതി തേ മാതാ കുരരീവ ഗതപ്രജാ
പുത്രസ്നേഹാകുലാ ദീനാ വിവത്സാ ഗൗരിവാതുരാ.'' 15

പ്രഭാഷ്യൈവം ദദൗ വിദ്യാം പ്രദ്യുമ്നായ മഹാത്മനേ
മായാവതീ മഹാമായാം സർവ്വമായാവിനാശിനീം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാരകാവാസികളും രുക്മിണിയായിട്ടും
താരാർമകളോടു ചേർന്ന രമേശനെ

നേരേ നിരീക്ഷിച്ചപാരമാമാനന്ദ-
വാരാന്നിധിയിലാറാടിനാർ നിത്യവും. 60

അദ്ധ്യായം 55

പ്രദ്യുമ്നോത്പത്തി—ശംബരവധം

ശ്രീശുകൻ പറഞ്ഞു

വാസുദേവാംശമാം കാമദേവൻ പര-
മേശ്വരകോപാഗ്നിയിൽ ദഹിച്ചാൻ പുരാ

പിന്നെയും ദേഹം ധരിപ്പാൻ മുകുന്ദനെ-
ത്തന്നെ ശരണംഗമിച്ചീടിനാനവൻ. 1

വന്നവൻ കൃഷ്ണവീര്യത്തിനാൽ ഭീഷ്മക-
കന്യയിൽ പ്രദ്യുമ്നനായിജ്ജനിച്ചിതു.

അച്ഛനെപ്പോലെ സമസ്തഗുണങ്ങളു-
മൊരുംച്ചേർന്നു പാരം പ്രശോഭിച്ചിതശ്ശിശു. 2

പത്തുനാളാകാത്തതാകുമക്കുഞ്ഞിനെ
ശത്രുവെന്നോർത്തു മായാരൂപി ശംബരൻ

പാരാതെ വന്നു ഹരിച്ചങ്ങു കൊണ്ടുപോയ്
വാരാശിയിലെറിഞ്ഞാലയംപൂകിനാൻ. 3

ഊക്കനാം മത്സ്യം വിഴുങ്ങിയക്കുഞ്ഞിനെ,
മുക്കവരിട്ട വമ്പിച്ച വലയ്ക്കകം-

പെട്ടിതു മററു മത്സ്യങ്ങളോടൊത്തിതും
പെട്ടെന്നിതിനെപ്പിടിച്ചീടിനാരവർ. 4

ഇമ്മഹാമീനത്തെയമ്മത്സ്യജീവികൾ
ശംബരന്നായ്ക്കാഴ്ചവച്ചിതു സാദരം.

വയ്പുകാർ പാചകശാലയിൽ കൊണ്ടുപോയ്
ക്ഷിപ്രമതിനെക്കഷണിച്ചവേളയിൽ

അദ്ഭുതബാലനെക്കണ്ടുദരത്തില-
തപ്പൊഴേ മായാവതിയോടു ചൊല്ലിനാർ. 5

ചെന്നവൾ നോക്കീട്ടു ശങ്കാകുലയായി-
നിന്നപോതങ്ങാഗതനായി നാരദൻ

ബാലകോത്പത്തിയും മത്സ്യോദരാപ്തിയും
ചാലവേ സത്യമായോതിനാൻ സർവ്വവും. 6

മായാവതി ശിവകോപാഗ്നിയിൽ വെന്തു-
പോയ കാമൻതൻ ശരീരസമുദ്ഭവം

കാത്തുവസിക്കുന്ന കാമദേവപ്രിയ-
പത്നിയശസ്വിനിയാ രതീദേവിതാൻ. 7

നമ്മട്ടു ചോറും പരിപ്പുമൊരുക്കുവാൻ
ശംബരൻതന്നാൽ നിയമിതയാമവൾ

മന്മഥനാണശ്ശിശുവെന്നറിഞ്ഞുടൻ
നിർമ്മലസ്നേഹമവനിൽ പുലർത്തിനാൾ. 8

അല്പനാളിന്നകം കൃഷ്ണാത്മജനവൻ
കെല്പാർന്ന യൗവനസൗന്ദര്യയുക്തനായ്

കാണുന്ന കാമിനിമാർക്കശേഷം പരം
മാനസമോഹം വളർത്തി വിളങ്ങിനാൻ. 9

മർത്ത്യലോകത്തിൽ നൃഭാഗനായ് പങ്കജ-
പത്രദലോപമകോമളനേത്രനായ്

ആയതബാഹുവായ് ലാലസിച്ചീടുമ-
പ്പ്രേയാനെ രാഗരതിയോടടുക്കുടവേ

ചാരുതരസ്മേരലജ്ജാകടാക്ഷങ്ങൾ
പാരം ചൊരിഞ്ഞു ഭജിച്ചു മായാവതി. 10

''അമ്മേ! തവ മതി മാതൃഭാവം വെടി-
ഞ്ഞിമ്മട്ടിലെന്നെയും കാമിച്ചിടുംവിധം

കാണുമതെ''ന്നെന്നു ഭഗവാൻ മധുസൂദ-
നാത്മജൻ ചോദിച്ചു മായാവതിയൊടായ്. 11

രതി പറഞ്ഞു

''ദാമോദരാത്മജനാകുമവിടുന്നു
കാമനാം, ഗേഹത്തിൽനിന്നുമിശ്ശംബരൻ

അങ്ങയെഗ്ഗൂഢമപഹരിച്ചീടിനാ-
നങ്ങേയധികൃതപത്നിയീ ഞാൻ രതി. 12

പത്തുനാളാകാത്ത ബാലനാമങ്ങയെ-
ത്തെററെന്നെറിഞ്ഞാൻ കടലിലിശ്ശംബരൻ.

മീനം വിഴുങ്ങി,യതിന്റെ വയററിൽനി-
ന്നൂനമററിങ്ങു ലഭിച്ചിതയി പ്രഭോ! 13

ദുർദ്ധർഷനും ദുർജ്ജയനുമാമിബ്ഭവ-
ച്ഛത്രു ബഹുവിധമായയറിഞ്ഞവൻ

മോഹനാദ്യങ്ങളാം മായാവിധങ്ങളാൽ
സംഹരിച്ചാലുമിവനെയങ്ങിക്ഷണം. 14

കുട്ടി പൊയ്പോയ പശുവെന്നപോലെയും
നഷ്ടപ്രജയാം കുരരിയെപ്പോലെയും

നന്ദനസ്നേഹാകുലയായനാരതം
ക്രന്ദനംചെയ്യുന്നു നിന്നമ്മ വല്ലഭോ!'' 15

ഇമ്മട്ടു മായാവതിയാം രതീദേവി
ചെമ്മേ കഥിച്ചമ്മഹാത്മാവിനായുടൻ

ഏകീടിനാൾ സർവ്വമായാവിനാശിനി-
യാകും മഹാമായയായിടും വിദ്യയെ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ച ശംബരമഭ്യേത്യ സംയുഗായ സമാഹ്വയത്
അവിഷഹ്യൈസ്തമാക്ഷേപൈഃ ക്ഷിപൻ സഞ്ജനയൻ
കലിം. 17
സോഽധിക്ഷിപ്തോ ദുർവ്വാചോഭിഃ പാദാഹത ഇവോരഗഃ
നിശ്ചക്രാമ ഗദാപാണിരമർഷാത്താമ്രലോചനഃ. 18
ഗദാമാവിധ്യ തരസാ പ്രദ്യുമ്നായ മഹാത്മനേ
പ്രക്ഷിപ്യ വ്യനദന്നാദം വജ്രനിഷ്പേഷനിഷ്ഠുരം. 19
താമാപതന്തീം ഭഗവാൻ പ്രദ്യുമ്നോ ഗദയാ ഗദാം
അപാസ്യ ശത്രവേ ക്രുദ്ധഃ പ്രാഹിണോത് സ്വഗദാം, നൃപ. 20
സ ച മായാം സമാശ്രിത്യ ദൈതേയീം മയദർശിതാം
മുമുചേഽസ്ത്രമയം വർഷം കാർഷ്ണൗ വൈഹായസോഽസുരഃ. 21
ബാധ്യമാനോഽസ്ത്രവർഷേണ രൗക്മിണേയോ മഹാരഥഃ
സത്ത്വാത്മികാം മഹാവിദ്യാം സർവ്വമായോപമർദ്ദിനീം. 22
തതോ ഗൗഹ്യകഗാന്ധർവ്വപൈശാചോരഗരാക്ഷസീഃ
പ്രായുങ്ക്ത ശതശോ ദൈത്യഃ കാർഷ്ണിർവ്വ്യധമയത്
സ താഃ. 23
നിശാതമസിമുദ്യമ്യ സകിരീടം സകുണ്ഡലം
ശംബരസ്യ ശിരഃ കായാത് താമ്രശ്മശ്ര്വോജസാഽഹരത്. 24
ആകീര്യമാണോ ദിവിജൈഃ സ്തുവദ്ഭിഃ കുസുമോത്കരൈഃ
ഭാര്യയാംബരചാരിണ്യാ പുരം നീതോ വിഹായസാ. 25
അന്തഃപുരവരം, രാജൻ, ലലനാശതസങ്കുലം
വിവേശ പത്ന്യാ ഗഗനാദ്വിദ്യുതേവ വലാഹകഃ. 26
തം ദൃഷ്ട്വാ ജലദശ്യാമം പീതകൗശേയവാസസം
പ്രലംബബാഹും താമ്രാക്ഷം സുസ്മിതം രുചിരാനനം. 27
സ്വലംകൃതമുഖാംഭോജം നീലവക്രാളകാളിഭിഃ
കൃഷ്ണം മത്വാ സ്ത്രിയോ ഹ്രീതാ നിലില്യുസ്തത്ര തത്ര ഹ. 28
അവധാര്യ ശനൈരീഷദ്വൈലക്ഷണ്യേന യോഷിതഃ
ഉപജഗ്മുഃ പ്രമുദിതാഃ സസ്ത്രീരത്നം സുവിസ്മിതാഃ. 29
അഥ തത്രാസിതാപാംഗീ വൈദർഭീ വൽഗുഭാഷിണീ
അസ്മരത് സ്വസുതം നഷ്ടം സ്നേഹസ്നുതപയോധരാ. 30
''കോ ന്വയം നരവൈഡൂര്യഃ, കസ്യ വാ കമലേക്ഷണഃ
ധൃതഃ കയാ വാ ജഠരേ, കേയം ലബ്ധാ ത്വനേന വാ. 31
മമ ചാപ്യാത്മജോ നഷ്ടോ നീതോ യഃ സൂതികാഗൃഹാത്
ഏതത്തുല്യവയോരൂപോ യദി ജീവതി കുത്രചിത്. 32
കഥം ത്വനേന സമ്പ്രാപ്തം സാരൂപ്യം ശാർങ്ഗധന്വനഃ
ആകൃത്യാവയവൈർഗ്ഗത്യാ സ്വരഹാസാവലോകനൈഃ 33
സ ഏവ വാ ഭവേന്നൂനം യോ മേ ഗർഭേ ധൃതോഽർഭകഃ
അമുഷ്മിൻ പ്രീതിരധികാ, വാമഃ സ്ഫുരതി മേ ഭുജഃ.'' 34
ഏവം മീമാംസമാനായാം വൈദർഭ്യാം ദേവകീസുതഃ
ദേവക്യാനകദുന്ദുഭ്യാമുത്തമശ്ലോക ആഗമത്. 35
വിജ്ഞാതാർത്ഥോഽപി ഭഗവാംസ്തൂഷ്ണീമാസ ജനാർദ്ദനഃ
നാരദോഽകഥയത് സർവ്വം ശംബരാഹരണാദികം. 36
തച്ഛ്രുത്വാ മഹദാശ്ചര്യം കൃഷ്ണാന്തഃപുരയോഷിതഃ
അഭ്യനന്ദൻ ബഹൂനബ്ദാൻ നഷ്ടം മൃതമിവാഗതം. 37
ദേവകീവസുദേവശ്ച കൃഷ്ണരാമൗ തഥാ സ്ത്രിയഃ
ദമ്പതീ തൗ പരിഷ്വജ്യ രുക്മിണീ ച യയുർ മുദം. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രദ്യുമ്നനുമുടൻ ശംബരസന്നിധി-
യെത്തിയസഭ്യങ്ങളായതിനിന്ദ്യമാം
വാക്യങ്ങളാലധിക്ഷേപിച്ചു കോപിഷ്ഠ-
നാക്കിയടക്കു ചൊടിച്ചു വിളിച്ചിതേ. 17
ദുർവാക്കുകളാലധിക്ഷിപ്തനാമവൻ
ഗർവമിയന്നു, ചവിട്ടേററ പാമ്പുപോൽ,
ക്രുദ്ധനായ് കണ്ണും ചുവപ്പിച്ചൊരു ഗദ
ഹസ്തത്തിലേന്തിയിറങ്ങിവന്നീടിനാൻ. 18
അത്യുരമുഗ്ഗദ ചുററിച്ചു ധീരനാം
പ്രദ്യുമ്നനെ പ്രഹരിച്ചുടൻ ശംബരൻ
അംഭോദഗർജ്ജനത്തോടുസമാനമാം
ഗംഭീരശബ്ദത്തിലൊന്നലറീടിനാൻ. 19
നേക്കു വരുമുഗ്ഗദ ഗദയാൽത്തടു-
ത്തുക്കിൽച്ചൊടിച്ചൊന്നടിച്ചു കൃഷ്ണാത്മജൻ. 20
മുൻപു മയനിൽനിന്നഭ്യസിച്ചീടിന
വൻപാന്ന മായയെയാശ്രയിച്ചക്ഷണം
ശംബരനംബരമേറി രമാജാനി-
തൻ മകനിൽ ശരമാരി തൂവീടിനാൻ. 21
ബാണവഷത്തിനാൽ പീഡിതൻ രുക്മിണീ-
സൂനു സമസ്തമായാമദ്ദിനിയായി
സത്ത്വാത്മികയാകുമാ മഹാമായയെ
ദൈത്യൻെറനേരേ പ്രയോഗിച്ചിതക്ഷണം. 22
ആശരൻ പിന്നെയഗ്ഗൗഹ്യകഗാന്ധർവ്വ-
പൈശാചപന്നഗരാക്ഷസീയങ്ങളാം
നാനാവിധമായ മായകളാകെയ-
ന്യൂനം പ്രയോഗിച്ചിതച്യുതപുത്രനിൽ.
പ്രദ്യുമ്നനായതശേഷവുമപ്പൊഴേ-
യസ്തമിപ്പിച്ചാൻ ശ്രമമേതുമെന്നിയേ. 23
മിന്നും കിരീടവും ചെമ്പിച്ച മീശയും
കണ്ഡലബന്ധവുമൊത്തുചേന്നുള്ളതാം
ശംബരദൈത്യശിരസ്സറുത്തിട്ടിതേ
നന്മട്ടു മൂച്ചയാളുന്ന വാളാലവൻ. 24
വിണ്ണവർ വാഴ്ത്തിച്ചൊരിഞ്ഞ പുഷ്പങ്ങളാൽ
ഛന്നനാം മാധവനന്ദനനപ്പൊഴേ
മായാവതിയായ ഭാര്യയോടൊത്തു വി-
ഹായസ്സിലൂടെ പുരം ഗമിച്ചീടിനാൻ. 25
മിന്നൽപ്പിണറൊത്തുചേന്ന നീലാംബുദ-
മെന്നപോൽ ഭാര്യാസഹിതനായമ്മഹാൻ
സന്തുഷ്ടനായ് ബഹുകാമിനീയുക്തമാ-
മന്തഃപുരവരംതന്നിൽ വന്നേറിനാൻ. 26
അംബുദശ്യാമനായ് പീതവാസസ്സായ് പ്ര-
ലംബഭുജനായരുണാംബുജാക്ഷനായ്
നീലാളകാളിയും മന്ദസ്മിതാഭയു-
മാളും മനോജ്ഞമുഖാരവിന്ദത്തൊടും. 27

പ്രദ്യുമ്നനെക്കണ്ടു നാരികൾ കൃഷ്ണനെ-
ന്നോത്തു നാണിച്ചങ്ങുമിങ്ങുമൊളിച്ചിതു. 28
അല്പമാം ലക്ഷണഭേദംനിമിത്തമാ-
യപ്പുമാൻ കൃഷ്ണനല്ലെന്നു ധരിച്ചവർ
സ്ത്രീരത്നസംയുക്തനാകുമവനുടെ
ചാരത്തു മോദാദ്ഭുതങ്ങളാന്നെത്തിനാർ. 29
സ്നേഹംവളന്നു മുലകൾ ചുരന്നതി-
മോഹനഭാഷിണി രുക്മിണിയക്ഷണം
മുൻപു കാണാതെപോയോരു തനൂജനെ-
യൻപോടു മാനസതാരിൽ സ്മരിച്ചിതേ. 30
''ഇന്നരമാണിക്യമാരായിരിക്കുമീ-
യിന്ദീവരേക്ഷണനാരുടെ നന്ദനൻ?
ഗർഭത്തിലാരാന്നിവനെ,യിധന്യനു
ലബ്ധയായ്പ്പെണ്മണിയേതായിരിക്കുമോ? 31
പേററതന്നിൽനിന്നാരോ ഹരിച്ചതായ്
പുത്രനെനിക്കൊന്നു നഷ്ടമായ്പ്പോയിതു.
ജീവിച്ചവനെവിടെങ്കിലും വാഴുകി-
ലീ വിശിഷ്ടാത്മാവിനെപ്പോലിരുന്നിടും. 32
ആകൃതിയങ്ഗങ്ങളും യാനം സ്വര,മവ-
ലോകനം പുഞ്ചിരിയെന്നിവയൊക്കെയും
ശ്രീകാന്തനിൽപ്പോലെതാനിവനിൽ പര-
മാകഷകമായ് ഭവിച്ചിരിക്കുന്നിതേ. 33
നിശ്ചയമായിവൻ മാമകഗർഭഗ-
നച്യുതനന്ദനൻതാനായിരിക്കണം.
പ്രേമമിവനിലെനിക്കേറിടുന്നിതെൻ-
വാമകരം തുടിച്ചീടുന്നു നല്ലപോൽ.'' 34
ഈവിധം രുക്മിണി ചിന്തിച്ചിരിക്കവേ
ദേവകിയും വസുദേവനുമൊത്തുതാൻ
ഉത്തമശ്ലോകനായീടുമധോക്ഷജ-
നസ്ഥലംതന്നിലങ്ങാഗമിച്ചീടിനാൻ. 35
കാര്യങ്ങളെല്ലാമറിഞ്ഞീടിലും മധു-
വൈരി മൗനംഭജിച്ചാൻ, തദാ നാരദൻ
ശംബരൻ വന്നു ഹരിച്ചതുതൊട്ടുള്ളൊ-
രമ്മകൻതൻ കഥ വിസ്തരിച്ചോതിനാൻ. 36
അക്കഥ കേട്ടു കൃഷ്ണാന്തഃപുരസ്ത്രീക-
ളൊക്കെയുമാശ്ചര്യസിന്ധുനിമഗ്നരായ്
ചത്തവനേറെനാളിന്നുശേഷം തിരി-
ച്ചെത്തിയാലെന്നപോൽ മുത്തിയന്നീ-
ടിനാർ. 37
ദേവകിയും വസുദേവനും രാമനും
ദേവകീപുത്രനും രുക്മിണീദേവിയും
അന്തഃപുരസ്ത്രീകളും ദമ്പതികളെ-
പ്പൂണ്ടു വീണ്ടും പരമാനന്ദമാന്നിതു. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഷ്ടം പ്രദ്യുമ്നമായാതമാകർണ്യ ദ്വാരകൗകസഃ
''അഹോ മൃത ഇവായാതോ ബാലോ ദിഷ്ട്യേ''തിഹാ-
ബ്രുവൻ. 39

യം വൈ മുഹുഃ പിതൃസരൂപനിജേശഭാവാ-
സ്തന്മാതരോ യദഭജൻ രഹരൂഢഭാവാഃ
ചിത്രം ന തത് ഖലു രമാസ്പദബിംബബിംബേ
കാമേ സ്മരേ/ക്ഷിവിഷയേ കിമുതാന്യനാര്യഃ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
പ്രദ്യുമ്നോത്പത്തിനിരൂപണം നാമ പഞ്ചപഞ്ചാശത്തമോ/ധ്യായഃ

ഷട്പഞ്ചാശത്തമോ/ധ്യായഃ

ശ്രീശുക ഉവാച

സത്രാജിതഃ സ്വതനയാം കൃഷ്ണായ കൃതകില്ബിഷഃ
സ്യമന്തകേന മണിനാ സ്വയമുദ്യമ്യ ദത്തവാൻ. 1

രാജോവാച

സത്രാജിതഃ കിമകരോത്, ബ്രഹ്മൻ, കൃഷ്ണസ്യ കില്ബിഷം
സ്യമന്തകം കുതസ്തസ്യ കസ്മാദ്ദത്താ സുതാ ഹരേഃ? 2

ശ്രീശുക ഉവാച

ആസീത് സത്രാജിതഃ സൂര്യോ ഭക്തസ്യ പരമഃ സഖാ
പ്രീതസ്തസ്മൈ മണിം പ്രാദാത്സൂര്യസ്തുഷ്ടഃ സ്യമന്തകം. 3
സ തം ബിഭ്രൻ മണിം കണ്ഠേ ഭ്രാജമാനോ യഥാ രവിഃ
പ്രവിഷ്ടോ ദ്വാരകാം രാജംസ്തേജസാ നോപലക്ഷിതഃ. 4
തം വിലോക്യ ജനാ ദൂരാത്തേജസാ മുഷ്ടദൃഷ്ടയഃ
ദീവ്യതേ/ക്ഷൈർഭഗവതേ ശശംസുഃ സൂര്യശങ്കിതാഃ. 5
''നാരായണ, നമസ്തേ/സ്തു ശങ്ഖചക്രഗദാധര,
ദാമോദ,രാരവിന്ദാക്ഷ, ഗോവിന്ദ, യദുനന്ദന! 6
ഏഷ ആയാതി സവിതാ ത്വാം ദിദൃക്ഷുർജ്ജഗത്പതേ!
മുഷ്ണൻ ഗഭസ്തിചക്രേണ നൃണാം ചക്ഷൂംഷി തിഗ്മഗുഃ. 7
നന്വന്വിച്ഛന്തി തേ മാർഗ്ഗം ത്രിലോക്യാം വിബുധർഷഭാഃ
ജ്ഞാത്വാദ്യ ഗൂഢം യദുഷു ദ്രഷ്ടും ത്വാം യാത്യജഃ പ്രഭോ.'' 8

ശ്രീശുക ഉവാച

നിശമ്യ ബാലവചനം പ്രഹസ്യാംബുജലോചനഃ
പ്രാഹ,''നാസൗ രവിർദ്ദേവഃ സത്രാജിന്മണിനാ ജ്വലൻ.'' 9
സത്രാജിത് സ്വഗൃഹം ശ്രീമത് കൃതകൗതുകമങ്ഗലം
പ്രവിശ്യ ദേവസദനേ മണിം വിപ്രൈർന്യവേശയത്. 10
ദിനേ ദിനേ സ്വർണ്ണഭാരാനഷ്ടൗ സ സൃജതി, പ്രഭോ,
ദുർഭിക്ഷമാര്യരിഷ്ടാനി സർപ്പാധിവ്യാധയോ/ശുഭഃ
ന സന്തി മായിനസ്തത്ര യത്രാസ്തേ/ഭ്യർച്ചിതോ മണിഃ. 11
സ യാചിതോ മണിം ക്വാപി യദുരാജായ ശൗരിണാ
നൈവാർത്ഥകാമുകഃ പ്രാദാദ്യാച്ഞാഭങ്ഗമതർക്കയൻ. 12
തമേകദാ മണിം കണ്ഠേ പ്രതിമുച്യ മഹാപ്രഭം
പ്രസേനോ ഹയമാരുഹ്യ മൃഗയാം വ്യചരദ്വനേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഷ്ടനാം പ്രദ്യുമ്നനായാതനായതായ്-
ക്കേട്ടവർ ദ്വാരകാവാസികളേവരും,

''ദിഷ്ടവിശേഷത്തിനാൽ മൃതബാലനെ-
ക്കിട്ടിയാശ്ചര്യമാശ്ചര്യ''മെന്നോതിനാർ. 39

അച്ഛനെപ്പോലെയിരിക്കുകമൂലമാ-
യച്യുതനെന്നുള്ള ഭാവത്തൊടമ്മമാർ

ഏറ്റമനുരാഗപൂർവ്വമേകാന്തത്തി-
ലൊറ്റയ്ക്കവനെബ്ഭജിച്ചാർ പലപ്പൊഴും.

ശ്രീദേവിതന്നാശ്രയസ്ഥാനമായിടും
മാധവൻതൻ ശരിയാം പ്രതിബിംബമായ്

ഏതവനും സ്മരിച്ചീടുന്നമാത്രയിൽ
ചേതസ്സിളക്കിടുമക്കാമദേവനെ

നേരേ നിരീക്ഷിപ്പവർക്കിതു വന്നതി-
ലാരുമാശ്ചര്യപ്പെടേണ്ടതില്ലേതുമേ.

മാതൃജനത്തിൻ സ്ഥിതിയിതാണെന്നാകി-
ലോതേണമോ പരനാരിമാർതൻ കഥ. 40

അദ്ധ്യായം 56

സ്യമന്തകകഥ—ജാംബവതീവരണം—ഭാമാപരിണയം

ശ്രീശുകൻ പറഞ്ഞു

ദൈത്യാരിയോടപരാധം പ്രവർത്തിച്ച
സത്രാജിതനാ സ്യമന്തകത്തോടൊത്തു

പുത്രിയാകും സത്യഭാമയെസ്സന്തുഷ്ട-
ചിത്തനായേകിനാൻ കൃഷ്ണനായിസ്സ്വയം. 1

രാജാവു പറഞ്ഞു

ബ്രാഹ്മണശ്രേഷ്ഠാ! വസുദേവജനോടു
കല്മഷമെന്താചരിച്ചു സത്രാജിതൻ?

ഏതുമട്ടായവനു കിട്ടീ സ്യമന്തകം?
ഹേതുവെന്തേകുവാൻ കൃഷ്ണനു പുത്രിയെ? 2

ശ്രീശുകൻ പറഞ്ഞു

ഭക്തനാം സത്രാജിതന്നു ദിവാകര-
നത്യന്തമിഷ്ടനായിട്ടു ഭവിച്ചിതു.

സന്തോഷസൂചകമായിട്ടരവിന്ദ-
ബന്ധുവവനു കൊടുത്താൻ സ്യമന്തകം. 3

സത്രാജിതൻ കഴുത്തിൽധരിച്ചമ്മണി
മിത്രസമാനപ്രകാശനായേകദാ

ആരിതെന്നാർക്കുമേ നോക്കിയറിഞ്ഞിടാൻ
തീരെയാകാതെയദ്വാരക പുക്കിനാൻ. 4

ഭൂരിതേജസ്സിനാൽ കണ്ണഞ്ചിയാളുകൾ
ദൂരത്തുനിന്നു നിരീക്ഷിച്ചുകൊണ്ടവൻ

സൂര്യൻ വരുന്നെന്നു ശങ്കിച്ചു ശൗരിതൻ-
ചാരത്തു ചെന്നു ചൊന്നീടിനാരീവിധം: 5

''നാരായണാ! ശംഖചക്രഗദാധര!
സാരസാക്ഷാ! നമസ്കാരം യദൂത്തമ! 6

അങ്ങയെക്കാണ്മതിന്നായി ജഗൽപതേ!
ഇങ്ങോട്ടുതന്നെ വരുന്നു ദിവാകരൻ.

തീക്ഷ്ണതേജസ്സിനാൽ നോക്കും ജനങ്ങൾത-
ന്നക്ഷികൾ പെട്ടെന്നടഞ്ഞുപോകുന്നിതു. 7

നിന്തിരുമേനിതൻ കാന്തിയും തിരയുന്ന
സന്തതമാദിതേയാധിപരേവരും

ഇപ്പോഴോ ഭവാൻ ഗൂഢനായി യദുക്കളി-
ലുദ്ഭവിച്ചെന്നറിഞ്ഞാഗമിപ്പു രവി.'' 8

ശ്രീശുകൻ പറഞ്ഞു

സത്യമറിയാതവർ ചൊന്ന വാക്കുകൾ
കേട്ടംബുജാക്ഷൻ ചിരിച്ചവരോടുടൻ,

''മാർത്താണ്ഡനല്ല മണിയും ധരിച്ചിഹ
സത്രാജിതൻ വരു''ന്നെന്നു ചൊല്ലീടിനാൻ. 9

കാലോചിതവിതാനാദിയാൽ മംഗല-
മേലും സ്വസമ്പന്നഗേഹത്തിലമ്മണി

കൊണ്ടുപോയ് ദേവാലയംതന്നിൽ വിപ്രരെ-
ക്കൊണ്ടു വപ്പിച്ചു പൂജിച്ചു സത്രാജിതൻ. 10

നിത്യവുമിമ്മണി വച്ചുപൂജിച്ചിടു-
മസ്ഥലത്തിൽ ദുർമ്മൃതികൾ ദുർഭിക്ഷവും

സർപ്പഭീ മാര്യരിഷ്ടാധിരോഗാദിയു-
മല്ലുമെത്തിടാ മായാവിമാരുമേ,

എന്നതു മാത്രമ ല്ലസ്ഥലത്തന്നുമേ
സ്വർണ്ണവും വർദ്ധിക്കുമെട്ടുഭാരം നൃപാ! 11

യാദവരാജാവിനായിട്ടിതു ജഗ-
ന്നാഥനൊരിക്കലവനോടിരന്നിതു,

അന്ധാശയമേറുമവൻ കൊടുത്തില്ല ചെ-
റോർത്തീലതിനാൽ വരുന്ന ദോഷത്തെയും. 12

ശ്രീകരമാമിമ്മണി കഴുത്തിൽ ധരി-
ച്ചേകദാ തത്സഹജൻ പ്രസേനാഭിധൻ

നായാട്ടിനായിക്കുതിരപ്പുറത്തങ്ങു
പോയി വനത്തിലിളക്കി മൃഗങ്ങളെ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസേനം സഹയം ഹത്വാ മണിമാച്ഛിദ്യ കേസരീ
ഗിരിം വിശഞ്ജാംബവതാ നിഹതോ മണിമിച്ഛതാ. 14

സോ/പി ചക്രേ കുമാരസ്യ മണിം ക്രീഡനകം ബിലേ
അപശ്യൻ ഭ്രാതരം ഭ്രാതാ സത്രാജിത് പര്യതപ്യത. 15

''പ്രായഃ കൃഷ്ണേന നിഹതോ മണിഗ്രീവോ വനം ഗതഃ
ഭ്രാതാ മ''മേതി തച്ഛ്രുത്വാ കർണ്ണേ കർണ്ണേ/ജപഞ്ജനാഃ. 16

ഭഗവാംസ്തദുപശ്രുത്യ ദുര്യശോ ലിപ്തമാത്മനി
മാർഷ്ടും പ്രസേനപദവീമന്വപദ്യത നാഗരൈഃ. 17

ഹതം പ്രസേനമശ്വം ച വീക്ഷ്യ കേസരിണാ വനേ
തം ചാദ്രിപൃഷ്ഠേ നിഹതമൃക്ഷേണ ദദൃശുർജ്ജനാഃ. 18

ഋക്ഷരാജബിലം ഭീമമന്ധേന തമസാ//വൃതം
ഏകോ വിവേശ ഭഗവാനവസ്ഥാപ്യ ബഹിഃ പ്രജാഃ. 19

തത്ര ദൃഷ്ട്വാ മണിശ്രേഷ്ഠം ബാലക്രീഡനകം കൃതം
ഹർത്തും കൃതമതിസ്തസ്മിന്നവതസ്ഥേ/ർഭകാന്തികേ. 20

തമപൂർവ്വം നരം ദൃഷ്ട്വാ ധാത്രീ ചുക്രോശ ഭീതവത്
തച്ഛ്രുത്വാഭ്യദ്രവത് ക്രുദ്ധോ ജാംബവാൻ ബലിനാം വരഃ. 21

സ വൈ ഭഗവതാ തേന യുയുധേ സ്വാമിനാ//ത്മനഃ
പുരുഷം പ്രാകൃതം മത്വാ കുപിതോ നാനുഭാവവിത്. 22

ദ്വന്ദ്വയുദ്ധം സുതുമുലമുഭയോർവിജിഗീഷതോഃ
ആയുധാശ്മദ്രുമൈർദ്ദോർഭിഃ ക്രവ്യാർത്ഥേ ശ്യേനയോരിവ. 23

ആസീത്തദഷ്ടാവിംശാഹമിതരേതരമുഷ്ടിഭിഃ
വജ്രനിഷ്പേഷപരുഷൈരവിശ്രമമഹർന്നിശം. 24

കൃഷ്ണമുഷ്ടിവിനിഷ്പാതനിഷ്പിഷ്ടാംഗോരുബന്ധനഃ
ക്ഷീണസത്ത്വഃ സ്വിന്നഗാത്രസ്തമാഹാതീവവിസ്മിതഃ. 25

''ജാനേ ത്വാം സർവ്വഭൂതാനാം പ്രാണ ഓജഃ സഹോ ബലഃ
വിഷ്ണും പുരാണപുരുഷം പ്രഭവിഷ്ണുമധീശ്വരം. 26

ത്വം ഹി വിശ്വസൃജാം സ്രഷ്ടാ സൃജ്യാനാമപി യച്ച സത്
കാലഃ കലയതാമീശഃ പര ആത്മാ തഥാ//ത്മനാം. 27

യസ്യേഷദുത്കലിതരോഷകടാക്ഷമോക്ഷൈ-
ർവ്വർത്മാദിശത് ക്ഷുഭിതനക്രതിമിംഗിലോ/ബ്ധിഃ
സേതുഃ കൃതഃ സ്വയശ ഉജ്ജ്വലിതാ ച ലങ്കാ
രക്ഷഃശിരാംസി ഭുവി പേതുരിഷുക്ഷതാനി.'' 28

ഇതി വിജ്ഞാതവിജ്ഞാനമൃക്ഷരാജാനമച്യുതഃ
വ്യാജഹാര, മഹാരാജ, ഭഗവാൻ ദേവകീസുതഃ. 29

അഭിമൃശ്യാരവിന്ദാക്ഷഃ പാണിനാ ശങ്കരേണ തം
കൃപയാ പരയാ ഭക്തം പ്രേമഗംഭീരയാ ഗിരാ. 30

''മണിഹേതോരിഹ പ്രാപ്താ വയമൃക്ഷപതേ, ബിലം
മിഥ്യാഭിശാപം പ്രമൃജന്നാത്മനോ മണിനാമുനാ.'' 31

ഇത്യുക്തഃ സ്വാം ദുഹിതരം കന്യാം ജാംബവതീം മുദാ
അർഹണാർത്ഥം സ മണിനാ കൃഷ്ണായോപജഹാര ഹ. 32

അദൃഷ്ട്വാ നിർഗ്ഗമം ശൗരേഃ പ്രവിഷ്ടസ്യ ബിലം ജനാഃ
പ്രതീക്ഷ്യ ദ്വാദശാഹാനി ദുഃഖിതാഃ സ്വപുരം യയുഃ. 33

നിശമ്യ ദേവകീ ദേവീ രുക്മിണ്യാനകദുന്ദുഭിഃ
സുഹൃദോ ജ്ഞാതയോ/ശോചൻ ബിലാത്കൃഷ്ണമനിർഗ്ഗതം. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിംഹം, കതിരയോടൊത്തപ്രസേനനെ-
സ്സംഹരിച്ചത് കൃഷ്ണമാമമ്മണിയുമായ്
ശൈലമേറീടവേ, ജാംബവാൻ തത്ര ത-
ലോലനായ്ക്കൊന്നിതക്കേസരിതന്നെയും. 14
കന്ദരത്തിൽ പ്രവേശിച്ചടനമ്മണി
നന്ദനനായിക്കൊടുത്താൻ കളിക്കുവാൻ.
സത്രാജിതനാ പ്രസേനൻ മടങ്ങിയ-
ണ്ടെത്താഞ്ഞു പാരം പരിതപിച്ചീടിനാൻ. 15
നായാട്ടിനായ് മണിപൂണ്ട വനത്തിനു
പോയ തൻതമ്പിയെക്കൃഷ്ണൻ വധിച്ചതായ്
ചൊന്നാനവനതു കേട്ടവൻ തൽസുഹൃൽ-
ക്കണ്ണത്തിൽ മന്ത്രിച്ചപരനോടായവൻ
ചെന്നു പറഞ്ഞവനന്യനോടിങ്ങനെ
മന്നിലീ വാർത്ത പരന്നിതെല്ലാടവും. 16
വാർത്തയിതു കേട്ട കൃഷ്ണനും തന്നിലെ
കീർത്തിദോഷത്തെയൊഴിപ്പതിനോർത്തുടൻ
നാട്ടുകാരൊത്താ പ്രസേനമാർഗ്ഗങ്ങളെ-
ക്കാട്ടിൽക്കയറിത്തിരഞ്ഞുതുടങ്ങിനാൻ. 17
പിന്നെ പ്രസേനനെയശ്വത്തൊടും വനം-
തന്നിൽ മൃഗാധിപൻ കൊന്നിട്ടിരിപ്പതും
അദ്രിപൃഷ്ഠത്തിൽ കപിപ്രഹരത്തിനാൽ
ചത്തുകിടക്കും ഹരിയെയും കണ്ടിതു. 18
കൂട്ടുകാരെബ്ബഹിർദ്വാരത്തിൽ നിർത്തിയി-
ട്ടൊററയ്ക്കിരുട്ടുനിറഞ്ഞതിഭീമമാം
ഋക്ഷപ്രവരകുഹരത്തിനുള്ളിലേ-
ക്കക്ഷണമച്യുതൻ ചെന്നുകേറീടിനാൻ. 19
ബാലനു ലീലയ്ക്കു നല്കിയിരിക്കുമാ
ശ്രീലസദ്രത്നത്തെയങ്ങു കണ്ടാൻ വിഭു.
കൈക്കലാക്കേണമതെന്നു നിനച്ചുകൊ-
ണ്ടക്കുമാരാന്തികം ചെന്നുനിന്നീടിനാൻ. 20
ധാത്രിയതിനുമുൻപീക്ഷിച്ചിട്ടാത്തൊരാ
മർത്ത്യനെക്കണ്ടു ഭയന്നു കരഞ്ഞിതു.
ക്രന്ദനം കേട്ട ബലിഷ്ഠനാം ജാംബവാൻ
വന്നിതു പാഞ്ഞതിരുഷ്ടനായ് സത്വരം. 21
ക്രുദ്ധനായ്ത്തത്പ്രഭാവാജ്ഞനായേററം പ്ര-
സിദ്ധനാം ജാംബവാൻ തത്സ്വാമിയായിടും
ദൈത്യാരിയോടടൻ പ്രാകൃതനെന്നുള്ളി-
ലോർത്തു ചെന്നേററു രണം തുടങ്ങീടിനാൻ. 22
രണ്ടുപേരും ജയേച്ഛുക്കളായായുധം-
കൊണ്ടും കരം ശില വൃക്ഷാദിയാലുമേ
യുദ്ധം കഠോരമായ്ച്ചെയ്തിതു മാംസാശ-
മൂത്തു പരുന്തുകളന്യോന്യമെന്നപോൽ. 23
മുഷ്ടിസംഘട്ടനശബ്ദമിടിരവം-
മട്ടിൽ തുമുലമായ് വ്യാപിച്ചിതെങ്ങുമേ.
ഈവിധം വിശ്രമമററിരുപത്തെട്ടു
രാവും പകലുമടരാടിനാരവർ. 24

ശ്രീകൃഷ്ണമുഷ്ടിപാതത്തിനാൽ സന്ധിക-
ളാകെച്ചതഞ്ഞു തളർന്ന ജാംബവാൻ
ഊക്കററു പാരം വിയർത്തു ഭഗവാനെ
നോക്കിയാശ്ചര്യമാർന്നിങ്ങനെ
ചൊല്ലിനാൻ: 25
''സർവ്വഭൂതപ്രാണനോജസ്സുമെന്നല്ല
സർവ്വഹൃദയബലവുമങ്ങുന്നുതാൻ.
വിഷ്ണുവായേററം പുരാതനനായ് പ്രഭ-
വിഷ്ണുവാം സർവ്വേശനങ്ങെന്നറിഞ്ഞു ഞാൻ. 26
ലോകസ്രഷ്ടാക്കളെ സൃഷ്ടിപ്പതും ഭവാ-
നാകുന്നു സൃജ്യപദാർത്ഥനിദാനവും
സർവ്വപ്രവർത്തകരേയും നയിച്ചിടും
സർവ്വാത്മകനാം സമസ്തേശ്വരൻ ഭവാൻ. 27
ആരല്പരോഷംകലർന്നു നോക്കീടവേ
വാരാശിയേററവും പേടിച്ചു സത്വരം
ക്ഷുബ്ധതിമിംഗിലനക്രസമേതനായ്
ക്ഷിപ്രം വണങ്ങി വഴിയങ്ങു നല്കിയോ,
ഏതു മഹാൻ സ്വയശസ്സാം ചിറകെട്ടി
വീതിഹോത്രന്നിരയാക്കി ലങ്കാപുരം
ശുക്ഷശരങ്ങളാൽ ഖണ്ഡിച്ചടിക്കടി
രക്ഷശ്ശിരസ്സുകം ഭൂമിയിൽ വീഴ്ത്തിയോ
ആ മമ സ്വാമിയാകും ഭഗവാൻ രഘു-
രാമനത്രേ നിന്തിരുവടി നിർണ്ണയം.'' 28
ദുഃഖഹരങ്ങളാം തൃക്കൈകൾകൊണ്ടു തൻ
ഭക്തനാം ജാംബവാനെത്തലോടീട്ടടൻ
തത്ത്വം ധരിച്ചോരവനോടു സൗഹൃദ-
യുക്തഗംഭീരവാക്യങ്ങളും ചൊന്നാൻ
ഹരി: 29-30
''ഋക്ഷപതേ! യെന്നിലിമ്മണിമൂലമായ്
നിക്ഷിപ്തമാമപവാദമൊഴിക്കുവാൻ
ഞങ്ങളീ രത്നം കരസ്ഥമാക്കാനുന്നി-
യിങ്ങോട്ടു വന്നതാണെന്നു ധരിക്കുക.'' 31
ഇത്രയുമീശനുരളിയമാത്രയിൽ
മുത്തൊടും മുത്തോടു ജാംബവത്യാഖ്യയാം
പുത്രിയെക്കൃഷ്ണനായിസ്സമർപ്പിച്ചിതു
ഭക്താഗ്രഗണ്യനായീടുമജ്ജാംബവാൻ. 32
കണ്ണനെക്കാത്തു വെളിക്കു പന്ത്രണ്ടുനാം
നിന്നശേഷം പുരവാസികളേവരും
പിന്നെ നിജനിലയങ്ങളിലേക്കങ്ങു
കണ്ണനീരും വാർത്തു മന്ദം മടങ്ങിനാർ. 33
കന്ദരംതന്നിൽനിന്നും വെളിക്കച്യുതൻ
വന്നതില്ലെന്നറിഞ്ഞാനകദുന്ദുഭി,
ദേവകി, ഭീഷ്മകപുത്രിയും മിത്രങ്ങ-
ളേവരും പാരം പരിതാപമാർന്നിതേ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്രാജിതം ശപന്തസ്തേ ദുഃഖിതാ ദ്വാരകൗകസഃ
ഉപതസ്ഥുശ്ചന്ദ്രഭാഗാം ദുർഗ്ഗാം കൃഷ്ണോപലബ്ധയേ. 35
തേഷാം തു ദേവ്യുപസ്ഥാനാത് പ്രത്യാദിഷ്ടാശിഷാ സ ച
പ്രാദുർബ്ബഭൂവ സിദ്ധാർത്ഥഃ സദാരോ ഹർഷയൻ ഹരിഃ. 36
ഉപലഭ്യ ഹൃഷീകേശം മൃതം പുനരിവാഗതം
സഹ പത്ന്യാ മണിഗ്രീവം സർവ്വേ ജാതമഹോത്സവാഃ. 37
സത്രാജിതം സമാഹൂയ സഭായാം രാജസന്നിധൗ
പ്രാപ്തിം ചാഖ്യായ ഭഗവാൻ മണിം തസ്മൈ ന്യവേദയത്. 38
സ ചാതിവ്രീഡിതോ രത്നം ഗൃഹീത്വാവാങ്മുഖസ്തതഃ
അനുതപ്യമാനോ ഭവനമഗമത് സ്വേന പാപ്മനാ. 39
സോഽനുധ്യായംസ്തദേവാഘം ബലവദ്വിഗ്രഹാകുലഃ
''കഥം മൃജാമ്യാത്മരജഃ പ്രസീദേദ്വാച്യുതഃ കഥം? 40
കിം കൃത്വാ സാധു മഹ്യം സ്യാന്ന ശപേദ്വാ ജനോ യഥാ
അദീർഘദർശനം ക്ഷുദ്രം മൂഢം ദ്രവിണലോലുപം. 41
ദാസ്യേ ദുഹിതരം തസ്മൈ സ്ത്രീരത്നം രത്നമേവ ച
ഉപായോഽയം സമീചീനസ്തസ്യ ശാന്തിർന്ന ചാന്യഥാ.'' 42
ഏവം വ്യവസിതോ ബുദ്ധ്യാ സത്രാജിത് സ്വസുതാം ശുഭാം
മണിം ച സ്വയമുദ്യമ്യ കൃഷ്ണായോപജഹാര ഹ. 43
താം സത്യഭാമാം ഭഗവാനുപയേമേ യഥാവിധി
ബഹുഭിര്യാചിതാം ശീലരൂപൗദാര്യഗുണാന്വിതാം. 44
ഭഗവാനാഹ, ''ന മണിം പ്രതീച്ഛാമോ വയം, നൃപ,
തവാസ്താം ദേവഭക്തസ്യ വയം ച ഫലഭാഗിനഃ.'' 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
സ്യമന്തകോപാഖ്യാനം നാമ ഷട്പഞ്ചാശത്തമോഽധ്യായഃ

സപ്തപഞ്ചാശത്തമോഽധ്യായഃ

ശ്രീശുക ഉവാച
വിജ്ഞാതാർത്ഥോഽപി ഗോവിന്ദോ ദഗ്ധാനാകർണ്ണ്യ പാണ്ഡവാൻ
കുന്തീം ച കുല്യകരണേ സഹരാമോ യയൗ കുരൂൻ. 1
ഭീഷ്മം കൃപം സവിദുരം ഗാന്ധാരീം ദ്രോണമേവ ച
തുല്യദുഃഖൗ ച സംഗമ്യ, ''ഹാ കഷ്ട''മിതി ഹോചതുഃ. 2
ലബ്ധ്വൈതദന്തരം, രാജൻ, ശതധന്വാനമൂചതുഃ
അക്രൂരകൃതവർമ്മാണൗ, ''മണിഃ കസ്മാന്ന ഗൃഹ്യതേ? 3
യോഽസ്മഭ്യം സംപ്രതിശ്രുത്യ കന്യാരത്നം വിഗർഹ്യ നഃ
കൃഷ്ണായാദാന്ന സത്രാജിത് കസ്മാദ് ഭ്രാതരമന്വിയാത്?'' 4
ഏവം ഭിന്നമതിസ്താഭ്യാം സത്രാജിതമസത്തമഃ
ശയാനമവധീല്ലോഭാത് സ പാപഃ ക്ഷീണജീവിതഃ. 5
സ്ത്രീണാം വിക്രോശമാനാനാം ക്രന്ദന്തീനാമനാഥവത്
ഹത്വാ പശൂൻ സൗനികവന്മണിമാദായ ജഗ്മിവാൻ. 6
സത്യഭാമാ ച പിതരം ഹതം വീക്ഷ്യ ശുചാർപ്പിതാ
വ്യലപ''ത്താത താ''തേതി ''ഹാ ഹതാ''സ്മീതി മുഹ്യതീ. 7
തൈലദ്രോണ്യാം മൃതം പ്രാസ്യ ജഗാമ ഗജസാഹ്വയം
കൃഷ്ണായ വിദിതാർത്ഥായ തപ്താഽഽചഖ്യൗ പിതുർവധം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖിതരാകമദ്വാരകാവാസിക-
ളൊക്കെയും സത്രാജിതനെശ്ശപിച്ചിതു
പിന്നെ മുകുന്ദലബ്ധിക്കുടനമ്പലം
തന്നിലണഞ്ഞു ഭജിച്ചിതു ദുർഗ്ഗയെ. 35
നിങ്ങൾക്കു കാണാമുടൻ കൃഷ്ണനെയെന്നു
മങ്ങാതനുഗ്രഹിച്ചീടിനാളീശ്വരി.
പെണ്മണിയൊത്തമ്മണിയുമായ് ശാർങ്ഗിയും
സമ്മോദമോടുടൻ ചെന്നു കേറീടിനാൻ. 36
നാരിയോടൊത്തു മണിഗ്രീവനായണ-
ഞ്ഞോരു ഹരിയെപ്പുരജനം കണ്ടുടൻ
ചത്തവൻ വീണ്ടും തിരിയെ വന്നാലുള്ള-
മട്ടു മഹോത്സവം കൊണ്ടാടിനാർ പരം. 37
തത്ര സഭയിൽ നരപാലസന്നിധി
സത്രാജിതനെ വരുത്തി മുരാന്തകൻ
ഏതുവിധം ലഭിച്ചെന്നതു വിസ്തരി-
ച്ചോതീട്ടവനു കൊടുത്താൻ സ്യമന്തകം. 38
നാണിച്ചവൻ തലതാഴ്ത്തി മണി വാങ്ങി-
ക്കേണു താൻ ചെയ്ത തെറ്റോർത്തു വീടാന്നിതേ.
39
ശക്തനമായുള്ള വിഗ്രഹത്താൽത്തനി-
ക്കെത്തിയ ദുഃഖം സ്മരിച്ചുകൊണ്ടപ്പൊഴും
സ്വാന്തമാലിന്യമൊഴിച്ചു മുകുന്ദനെ-
സ്സന്തുഷ്ടനാക്കാൻ വഴിയോർത്തു വാണിതു. 40
''എന്തുചെയ്താൽ നന്മയുണ്ടായിടുമെനി-
ക്കെന്തുചെയ്താൽ ജനം ദീർഘദൃക്കെന്നിയേ
വിത്താശയാൽ പരം പാപകൃത്യം ചെയ്ത
ക്ഷുദ്രനാമെന്നെശ്ശപിക്കാതിരുന്നിടും, 41
സ്ത്രീരത്നമായിടുമെൻ നന്ദിനിയെയു-
മീ രത്നതല്ലജത്തേയും മുകുന്ദനായ്
ഞാനതുളാമിതിന്നില്ല വേറേ സമീ-
ചീനമാം മാർഗ്ഗങ്ങളൊന്നുമോർത്തീടുകിൽ.'' 42
ഈവിധം ചിന്തിച്ചുറച്ചു സത്രാജിതൻ
സർവ്വകല്യാണഗുണയുതയായിടും
തൻപുത്രിയേയുമനർഘരത്നത്തെയു-
മമ്പോടുതാനേ സമർപ്പിച്ചു കൃഷ്ണനിൽ. 43
നാനാനൃപാലകാഭ്യർത്ഥിതയായ് രൂപ-
ദാനസൗശീല്യാദി സദ്ഗുണയുക്തയായ്
നാരീകുലമണിയാം സത്യഭാമയെ-
ശ്ശൗരി വിധിപോൽ വിവാഹംകഴിച്ചിതു. 44
''ഞങ്ങളങ്ങീകരിക്കുന്നതില്ലിമ്മണി-
യങ്ങേയ്ക്കിരിക്കട്ടെ ദേവഭക്തൻ ഭവാൻ
ഞങ്ങളും തത്ഫലഭാക്കുകളാകയാൽ
സങ്ഗതമാ''ണതുമെന്നു ചൊന്നാൻ ഹരി. 45

അദ്ധ്യായം 57

സ്യമന്തകകഥ—ശതധന്വാവധം

ശ്രീശുകൻ പറഞ്ഞു

കാര്യങ്ങളെല്ലാം ധരിക്കിലുമാമധു-
വൈരിയനന്തരം കുന്തിയും പുത്രരും
വെന്തുപോയെന്നു കേട്ടായതിലേക്കുടൻ
ചിന്തിച്ചു വംശോചിതക്രിയ ചെയ്യുവാൻ
രാമസഹിതനായ് പോയീടിനാൻ കുരു-
നാമകരാജ്യങ്ങളിലേക്കതിദ്രുതം. 1
ദ്രോണരേയും വിദുരോപേതനായങ്ങു
വാണീടുമമ്പ്ഭീഷ്മരേയും കൃപരെയും
ഗാന്ധാരിതന്നെയും കണ്ടു സമദുഃഖ-
മേന്തി ''യഹോ കഷ്ട!''മെന്നു ചൊല്ലീടിനാൻ.
2
അക്രൂരനും കൃതവർമ്മാവുതാനുമി-
ത്തക്കമോർത്തു ശതധന്വാവുതന്നോടായ്
''എന്താണു കയ്യിലാക്കാത്തതങ്ങമ്മണി
ചിന്തവിട്ടുദ്യമിച്ചാലു''മെന്നോതിനാർ. 3
''കന്യകാരത്നത്തെയേകാം നമുക്കെന്നു
ചൊന്നിട്ടു നമ്മളെ നിന്ദനംചെയ്തഥ
ശ്രീകൃഷ്ണനായിട്ടവളെ മണിയൊടു-
മേകിയ സത്രാജിതനായ ദുഷ്ടനെ
സോദരപന്ഥാവിലേക്കു നയിപ്പതി-
നേതും മടിക്കേണ്ടതില്ല നമുക്കിനി.'' 4
ഏവമവരാൽ പ്രചോദിതനായ് ക്ഷീണ-
ജീവിതനായ് പാപിയായതിലോഭിയായ്
ദുഷ്ടാഗ്ര്യനാം ശതധന്വാവു നിദ്രയിൽ-
പ്പെട്ടിടും സത്രാജിതനെ വധിച്ചിതേ. 5
അന്യാവലംബനമെന്നിയേ കേണിടും
തന്വീജനം കണ്ടിരിക്കവേയങ്ങവൻ
ഗോസമൂഹത്തെക്കശാപ്പുകാരൻവിധ-
മാശു ഹനിച്ചമ്മണിയുമായ് പോയിതേ. 6
അസ്സത്യഭാമ, മരിച്ചുകിടക്കുമാ-
വത്സലനാകും പിതാവിനെക്കണ്ടഹോ!
''ഹാ! താത! ഹാ! മൽപിതാവേ!''ഇതുവിധ-
മാധിവശയായ്ക്കരഞ്ഞു മോഹിച്ചിതു. 7
ഇട്ടു തൈലത്തോണിതന്നിൽ പിതാവിനെ
പെട്ടെന്നു ഹസ്തിനമെത്തിയബ്ഭാമിനി
സങ്ഗതിയെല്ലാമറിഞ്ഞിരുന്നീടുമ-
ശ്ശാർങ്ഗിയോടത്താതഹത്യയോതീടിനാൾ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാകർണ്യേശ്വരൗ രാജന്നനുസൃത്യ നൃലോകതാം
''അഹോ നഃ പരമം കഷ്ട''മിത്യസ്രാക്ഷൗ വിലേപതുഃ. 9

ആഗത്യ ഭഗവാംസ്തസ്മാത് സഭാര്യഃ സാഗ്രജഃ പുരം
ശതധന്വാനമാരേഭേ ഹന്തും ഹർത്തും മണിം തതഃ. 10

സോഽപി കൃതോദ്യമം ജ്ഞാത്വാ ഭീതഃ പ്രാണപരീപ്സയാ
സാഹായ്യേ കൃതവർമ്മാണമയാചത, സ ചാബ്രവീത്. 11

''നാഹമീശ്വരയോഃ കര്യാം ഹേലനം രാമകൃഷ്ണയോഃ
കോ ന ക്ഷേമായ കല്പേത തയോർവൃജിനമാചരൻ. 12

കംസഃ സഹാനുഗോഽപീതോ യദ്ദ്വേഷാത്ത്യാജിതഃ ശ്രിയാ
ജരാസന്ധഃ സപ്തദശ സംയുഗാൻ വിരഥോ ഗതഃ.'' 13

പ്രത്യാഖ്യാതഃ സ ചാക്രൂരം പാർഷ്ണിഗ്രാഹമയാചത
സോഽപ്യാഹ, ''കോ വിരുദ്ധ്യേത വിദ്വാനീശ്വരയോർബ്ബലം. 14

യ ഇദം ലീലയാ വിശ്വം സൃജത്യവതി ഹന്തി ച
ചേഷ്ടാം വിശ്വസൃജോ യസ്യ ന വിദുർമ്മോഹിതാജയാ. 15

യഃ സപ്തഹായനഃ ശൈലമുത്പാട്യൈകേന പാണിനാ
ദധാര ലീലയാ ബാല ഉച്ഛിലീന്ധ്രമിവാർഭകഃ. 16

നമസ്തസ്മൈ ഭഗവതേ കൃഷ്ണായാദ്ഭുതകർമ്മണേ
അനന്തായാദിഭൂതായ കൂടസ്ഥായാത്മനേ നമഃ.'' 17

പ്രത്യാഖ്യാതഃ സ തേനാപി ശതധന്വാ മഹാമണിം
തസ്മിൻ ന്യസ്യാശ്വമാരുഹ്യ ശതയോജനഗം യയൗ. 18

ഗരുഡധ്വജമാരുഹ്യ രഥം രാമജനാർദ്ദനൗ
അന്വയാതാം മഹാവേഗൈരശ്വൈ, രാജൻ, ഗുരുദ്രുഹം. 19

മിഥിലായാമുപവനേ വിസൃജ്യ പതിതം ഹയം
പദ്ഭ്യാമധാവത് സന്ത്രസ്തഃ കൃഷ്ണോഽപ്യന്വദ്രവദ്രുഷാ. 20

പദാതേർഭഗവാംസ്തസ്യ പദാതസ്തിഗ്മനേമിനാ
ചക്രേണ ശിര ഉത്കൃത്യ വാസസോ വ്യചിനോന്മണിം. 21

അലബ്ധമണിരാഗത്യ കൃഷ്ണ ആഹാഗ്രജാന്തികം,
''വൃഥാ ഹതഃ ശതധനുർമ്മണിസ്തത്ര ന വിദ്യതേ.'' 22

തത ആഹ ബലോ, ''നൂനം സ മണിഃ ശതധന്വനാ
കസ്മിംശ്ചിത് പുരുഷേ ന്യസ്തസ്തമന്വേഷ പുരം വ്രജ. 23

അഹം വിദേഹമിച്ഛാമി ദ്രഷ്ടും പ്രിയതമം മമ''
ഇത്യുക്ത്വാ മിഥിലാം, രാജൻ, വിവേശ യദുനന്ദനഃ. 24

തം ദൃഷ്ട്വാ സഹസോത്ഥായ മൈഥിലഃ പ്രീതമാനസഃ
അർഹയാമാസ വിധിവദർഹണീയം സമർഹണൈഃ. 25

ഉവാസ തസ്യാം കതിചിന്മിഥിലായാം സമാ വിഭുഃ
മാനിതഃ പ്രീതിയുക്തേന ജനകേന മഹാത്മനാ
തതോഽശിക്ഷദ് ഗദാം കാലേ ധാർത്തരാഷ്ട്രഃ സുയോധനഃ. 26

കേശവോ ദ്വാരകാമേത്യ നിധനം ശതധന്വനഃ
അപ്രാപ്തിം ച മണേഃ പ്രാഹ പ്രിയായാഃ പ്രിയകൃദ്വിഭുഃ. 27

തതഃ സ കാരയാമാസ ക്രിയാ ബന്ധോർഹതസ്യ വൈ
സാകം സുഹൃദ്ഭിർഭഗവാൻ യാ യാഃ സ്യുഃ സാമ്പരായികാഃ. 28

അക്രൂരഃ കൃതവർമ്മാ ച ശ്രുത്വാ ശതധനോർവധം
വ്യൂഷതുർഭയവിത്രസ്തൗ ദ്വാരകായാഃ പ്രയോജകൗ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമകൃഷ്ണന്മാരതു കേട്ട മാനവ-
സ്തോമസ്വഭാവമനുസരിച്ചക്ഷണം
''ഉന്നതദുഃഖമിതാഹന്ത! സഹ്യമ''-
ല്ലെന്നു കണ്ണീർവാർത്തു ചൊല്ലിക്കരഞ്ഞിതേ. 9
സത്യഭാമാബലഭദ്രസംയുക്തനായ്
ഹസ്തിനം വിട്ടു നിജപുരമാർന്നുടൻ
വാസുദേവൻ ശതധന്വാവിനെക്കൊന്നു
ഭാസുരരത്നം ഹരിപ്പാൻ ശ്രമിച്ചിതു. 10
ഇക്കാര്യമശ്ശതധന്വാവറിഞ്ഞുടൻ
വാശ്ശും ഭയത്തൊടും പ്രാണരക്ഷാർത്ഥമായ്
അക്കൃതവർമ്മാവുതന്നുടെ ചാരത്തു
ചിക്കെന്നു ചെന്നു സഹായമർത്ഥിച്ചിതു. 11
''ഈശ്വരന്മാരായ രാമകൃഷ്ണന്മാർക്കു
ലേശവുമപ്രിയം ചെയ്യുകയില്ല ഞാൻ.
ക്ഷേമമാശിച്ചീടുമേതൊരു പൂരുഷ-
നാ മഹാന്മാരോടപരാധമാർന്നിടും? 12
ആരുടെ വൈരംനിമിത്തമശ്രീകനായ്
വീരനാം കംസനനുയായിമാരൊടും
അന്തംവരിച്ചുവോ, മാഗധമന്നവ-
നന്തമററുള്ള സൈന്യത്തൊടുമാരുമായ്
പോരിനെത്തിപ്പതിനേഴുകുറിയൊരു
തേരുശേഷിക്കാതെതന്നെ തോറേറാടിയോ
അക്കൃഷ്ണനോടെതിരായി നിന്നീടുവാൻ
ശക്തിയെനിക്കേതുമി''ല്ലെന്നു
ചൊല്ലിനാൻ. 13
അക്രൂരനെസ്സമീപിച്ചു പിന്നെസ്സഹാ-
യിക്കണമെന്നപേക്ഷിച്ചീടിനാനവൻ.
''ഒക്കകി,ല്ലീശ്വരന്മാരാമവരെ ഞാൻ
ധിക്കരിക്കി''ല്ലെന്നരുളിയദ്ദേഹവും. 14
''ലീലയായ് നിർമ്മിപ്പതാരിജ്ജഗത്ത്രയം
പാലിപ്പതും? സംഹരിപ്പതുമാരുവാൻ?
ആരുടെ മായയാൽ മോഹിച്ചജാദ്യരു-
മാരുടെ മേന്മയറിയുന്നതില്ലയോ? 15
ലീലയായേഴുവയസ്സിലേവൻ സ്വയം
ശൈലംപുഴക്കിയെടുത്തൊരു പാണിയാൽ
കൂണു കുഞ്ഞിന്മട്ടുയർത്തിപ്പിടിച്ചൊരു
ദീനതയെന്നിയേയേഴുനാൾ നിന്നുവോ? 16
ആദിപുമാനായനന്തനായ് വിസ്മയീ-
ഭൂതകർമ്മാവായ് വികാരവിഹീനനായ്
സർവ്വാത്മകനായ് വിളങ്ങുമക്കൃഷ്ണനെ
ഗർവ്വവിഹീനം നമസ്കരിക്കുന്നു ഞാൻ.'' 17
അക്രൂരനും വെടിഞ്ഞപ്പോൾ മണിയവൻ-
പക്കലേകിശ്ശതയോജന പാഞ്ഞിടും
അശ്വത്തിലേറിസ്സുജീവരക്ഷയ്ക്കുട-
നശ്ശതധന്വാവു ശീഘ്രമോടീടിനാൻ. 18
ഏററവും വേഗമിയലുമശ്വങ്ങളെ-
പ്പൂട്ടിയ താർക്ഷ്യധ്വജരഥമാർന്നുടൻ
അഗ്ഗുരുദ്രോഹിയെപ്പിന്തുടർന്നീടിനാൻ
ശീഘ്രഗതിയിലാ രാമനും കൃഷ്ണനും. 19
വീണുപോയ് വാജി മിഥിലാന്തികത്തിലാ
പ്രാണിയെ വിട്ടവൻ പ്രാണസംഭീതനായ്
പാഞ്ഞിതതിദ്രുതം സ്യന്ദനം കൈവെടി-
ഞ്ഞാഞ്ഞു പാഞ്ഞങ്ങടുത്തീടിനാൻ കൃഷ്ണനും. 20
കണ്ണൻ പദചാരിയായപ്പദചാരി-
തന്നുത്തമാങ്ഗം നിശാതചക്രത്തിനാൽ
ഖണ്ഡിച്ചുവീഴ്ത്തീട്ടവന്റെ വസ്ത്രങ്ങളിൽ
നന്നായ്ത്തിരഞ്ഞുനോക്കീടിനാനമ്മണി. 21
''രത്നം ലഭിച്ചീല, പാഴിലായ്പ്പോയിതു
യത്ന,മവനെ വൃഥാ വധിച്ചീടിനേൻ,''
എന്നീവിധം ജ്യേഷ്ഠനോടരുളീടിനാൻ
നന്ദകുമാരൻ നയനമനോഹരൻ. 22
ചൊന്നാനുടൻ ബലഭദ്ര,''നവൻ മണി-
യന്യനെയേല്പിച്ചിരിക്കണം നിശ്ചയം
നേരേ നഗരത്തിലേക്കു പോയാശു നീ-
യാരാണതാരെന്നു നേരറിഞ്ഞീടുക. 23
ഞാനെൻ സുഹൃത്താം വിദേഹഭൂപാലനെ-
ക്കാണുവാനിച്ഛിച്ചിടുന്നു സഹോദരാ!''
എന്നു പറഞ്ഞു മിഥിലാപുരത്തിലേ-
ക്കുന്നതനാം ബലദേവൻ ഗമിച്ചിതു. 24
രാമാഗമനം നിരീക്ഷിച്ചു മൈഥില-
ഭൂമീശ്വരനെഴുന്നേററുചെന്നേററവും
പ്രീതിപൂർവ്വം സ്വീകരിച്ചു വിധിപോലെ
സാദരമർച്ചിച്ചു യോഗ്യവസ്തുക്കളാൽ. 25
പ്രേമയുതനായ് മഹാനാം ജനകനാൽ
രാമൻ ബഹുമാനിതനായ് മിഥിലയിൽ
പാർത്താൻ കുറേക്കാല,മന്നാണവനോടു
ധാർത്തരാഷ്ട്രൻ ഗദായുദ്ധം പഠിച്ചതും. 26
പ്രേയസിതൻ പ്രിയകൃത്താം മുകുന്ദൻ സ്വ-
കീയപുരമാർന്നു വല്ലഭയോടുടൻ
ചൊന്നീടിനാൻ, ശതധന്വാവിനെ വധി-
ച്ചെന്നതും രത്നം ലഭിക്കാതിരുന്നതും. 27
പിന്നെ മൃതബന്ധുവിന്നുദ്ഗതിക്കിഷ്ട-
വൃന്ദമൊത്താചരിച്ചാൻ വേണ്ടതൊക്കെയും. 28
ദുഷ്കൃത്യചോദകരാം കൃതവർമ്മാവു-
മക്രൂരനും ശതധന്വാവുതൻ വധം
കേട്ടു ഭയന്നുടൻ ദ്വാരകാപട്ടണം
വിട്ടു പെട്ടെന്നോടിയെങ്ങോ മറഞ്ഞിതു. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അക്രൂരേ പ്രോഷിതേ/രിഷ്ടാന്യാസൻ വൈ ദ്വാരകൗകസാം
ശാരീരാ മാനസാസ്താപാ മുഹുർദൈവികഭൗതികാഃ.'' 30
ഇത്യങ്ഗോപദിശന്ത്യേകേ വിസ്മൃത്യ പ്രാഗുദാഹൃതം
മുനിവാസനിവാസേ കിം ഘടേതാരിഷ്ടദർശനം. 31
''ദേവേ/വർഷതി കാശീശഃ ശ്വഫല്കായാഗതായ വൈ
സ്വസുതാം ഗാന്ദിനീം പ്രാദാത് തതോ/വർഷത് സ്മ
കാശിഷു. 32
തത്സുതസ്തത്പ്രഭാവോ/സാവക്രൂരോ യത്ര യത്ര ഹ
ദേവോ/ഭിവർഷതേ തത്ര നോപതാപാ ന മാരികാഃ.'' 33
ഇതി വൃദ്ധവചഃ ശ്രുത്വാ നൈതാവദിഹ കാരണം
ഇതി മത്വാ സമാനായ്യ പ്രാഹാക്രൂരം ജനാർദ്ദനഃ. 34
പൂജയിത്വാഭിഭാഷ്യൈനം കഥയിത്വാ പ്രിയാഃ കഥാഃ
വിജ്ഞാതാഖിലചിത്തജ്ഞഃ സ്മയമാന ഉവാച ഹ. 35
''നനു ദാനപതേ! ന്യസ്തസ്ത്വയ്യാസ്തേ ശതധന്വനാ
സ്യമന്തകോ മണിഃ ശ്രീമാൻ വിദിതഃ പൂർവ്വമേവ നഃ. 36
സത്രാജിതോ/നപത്യത്വാദ്ഗൃഹ്ണീയുർദുഹിതുഃ സുതാഃ
ദായം നിനീയാപഃ പിണ്ഡാൻ വിമുച്യർണ്ണം ച ശേഷിതം. 37
തഥാപി ദുർധരസ്ത്വന്യൈസ്ത്വയ്യാസ്താം സുവ്രതേ മണിഃ
കിന്തു മാമഗ്രജഃ സമ്യങ് ന പ്രത്യേതി മണിം പ്രതി. 38
ദർശയസ്വ മഹാഭാഗ! ബന്ധൂനാം ശാന്തിമാവഹ
അവ്യുച്ഛിന്നാ മഖാസ്തേ/ദ്യ വർത്തന്തേ രുക്മവേദയഃ.'' 39
ഏവം സാമഭിരാലബ്ധഃ ശ്വഫല്കതനയോ മണിം
ആദായ വാസസാച്ഛന്നം ദദൗ സൂര്യസമപ്രഭം. 40
സ്യമന്തകം ദർശയിത്വാ ജ്ഞാതിഭ്യോ രജ ആത്മനഃ
വിമൃജ്യ മണിനാ, ഭൂയസ്തസ്മൈ പ്രത്യർപ്പയത് പ്രഭുഃ. 41

യസ്ത്വേതദ്ഭഗവത ഈശ്വരസ്യ വിഷ്ണോ-
ർവ്വീര്യാഢ്യം വൃജിനഹരം സുമങ്ഗലം ച
ആഖ്യാനം പാതി ശൃണോത്യനുസ്മരേദ്വാ
ദുഷ്കീർത്തിം ദുരിതമപോഹ്യ യാതി ശാന്തിം. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
സ്യമന്തകോപാഖ്യാനം നാമ സപ്തപഞ്ചാശത്തമോ/ധ്യായഃ

അഷ്ടപഞ്ചാശത്തമോ/ധ്യായഃ

ശ്രീശുക ഉവാച
ഏകദാ പാണ്ഡവാൻ ദ്രഷ്ടും പ്രതീതാൻ പുരുഷോത്തമഃ
ഇന്ദ്രപ്രസ്ഥം ഗതഃ ശ്രീമാൻ യുയുധാനാദിഭിർവൃതഃ. 1
ദൃഷ്ട്വാ തമാഗതം പാർത്ഥാ മുകുന്ദമഖിലേശ്വരം
ഉത്തസ്ഥുര്യുഗപദ്വീരാഃ പ്രാണാ മുഖ്യമിവാഗതം. 2
പരിഷ്വജ്യാച്യുതം വീരാ അങ്ഗസങ്ഗഹതൈനസഃ
സാനുരാഗസ്മിതം വക്ത്രം വീക്ഷ്യ തസ്യ മുദം യയുഃ. 3
യുധിഷ്ഠിരസ്യ ഭീമസ്യ കൃത്വാ പാദാഭിവന്ദനം
ഫാല്ഗുനം പരിരഭ്യാഥ യമാഭ്യാം ചാഭിവന്ദിതഃ. 4
പരമാസന ആസീനം കൃഷ്ണാ കൃഷ്ണമനിന്ദിതാ
നവോഢാ വ്രീഡിതാ കിഞ്ചിച്ഛനൈരേത്യാഭ്യവന്ദത. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അക്രൂരനപ്പുരം വിട്ടുപോയന്നുതൊ–
ട്ടുഗ്രമാം കായികമാനസികാമയം

ദ്വാരകാവാസികൾക്കുണ്ടായടിക്കടി
നേരിട്ടു ദൈവികഭൗതികാപത്തുകൾ.'' 30

ഏവം ചിലരങ്ങു വിശ്വസിച്ചീടിനാർ
പൂർവ്വമുദാഹരിച്ചുള്ളതോർക്കാതഹോ!

മാമുനിമാർക്കു നിവാസമാം ശ്രീഹരി
താമസിക്കും ദിക്കിലെന്തൊരരിഷ്ടയാം! 31

''കാശിയിലേറെനാൾ വർഷമെന്യേ ജനം
ക്ലേശിക്കവേ, ഗാന്ദിനിയെന്ന പുത്രിയെ

അക്രൂരതാതനായീടും ശ്വഫല്കനാ–
യക്കാശിരാട്ടേകി, പെയ്തുപോൽ മാരിയും. 32

താതപ്രഭാവം മുഴുവനുമുണ്ടാത്മ–
ജാതനായീടുമക്രൂരനിലും ദൃഢം.

ഊഴത്തിനുണ്ടായിടും മഴയായവൻ
വാഴുന്നിട,ത്തടക്കില്ലൊരരിഷ്ടയും.'' 33

വൃദ്ധവാക്കേവം ശ്രവിച്ചിട്ടതിലില്ലൊ–
രർത്ഥ,മതല്ലിതിൻ ഹേതുവെന്നോർത്തുടൻ

അക്രൂരനെയാളയച്ചു വരുത്തിയി–
ട്ടിക്കണക്കായവനോടു ചൊന്നാൻ ഹരി. 34

നേരേയവനെയർച്ചിച്ചു വിശേഷങ്ങ–
ളോരോന്നു ചൊല്ലിപ്പഴയ കാര്യങ്ങളും

വിസ്തരിച്ചോതിച്ചിരിച്ചുകൊണ്ടാ സർവ്വ–
വിത്താം ഹരി പിന്നെയിങ്ങനെ
ചൊല്ലിനാൻ: 35

''ദാനപതേ! ശതധന്വാവു താവകാ–
ധീനത്തിൽ വച്ചോരാ ശ്രീമൽസ്യമന്തകം

നിൻ കൈവശമിരിപ്പുണ്ടെന്നു ഞങ്ങളും
ശങ്കയെന്യേ ധരിച്ചിട്ടുണ്ടു മുന്നമേ. 36

സത്രാജിതന്നു തനൂജരില്ലായ്കയാൽ
പുത്രിയാം സത്യഭാമയ്ക്കുഴം നന്ദനർ

പിണ്ഡം നടത്തിക്കടം തീർത്തു ശേഷിച്ചു–
വന്ന ധനം ഗ്രഹിക്കേണ്ടതല്ലോ മുറ. 37

എങ്കിലും ദുർധരമീമണി ഭക്തനാം–
നിൻ കൈവശംതാനിരിക്കട്ടെ സുവ്രതാ!

ജ്യേഷ്ഠനീ രത്നവിഷയത്തിലെന്നെയു–
മൊട്ടുമേ വിശ്വസിച്ചിട്ടില്ലിരിപ്പതും. 38

കാട്ടുക രത്നം മഹാഭാഗ! ബാന്ധവ–
ർക്കൊട്ടു സമാധാനമേകിയാലും ഭവാൻ

ഓതുക നേരേ നടക്കുന്നിതോ ഹേമ–
വേദിയിൽവച്ചുള്ളതാകുമങ്ങേ മഖം.'' 39

ഉത്തരം സാമവാക്യത്താൽ വശീകൃത–
ചിത്തനായീടും ശ്വഫല്കാത്മജൻ തദാ

മുണ്ടിൽ പൊതിഞ്ഞുള്ളൊരർക്കാഭമമ്മണി
പുണ്ഡരീകാക്ഷകരത്തിലർപ്പിച്ചിതേ. 40

ദായാദരെയസ്യമന്തകം കാട്ടിയി–
ട്ടായതുമൂലം തനിക്കു പിണഞ്ഞതാം

ദുഷ്കീർത്തി പോക്കിയിട്ടച്യുതനമ്മണി–
യക്രൂരനായിത്തിരിച്ചുകൊടുത്തിതു. 41

ആരൊരാളൈശ്വര്യപൂർണ്ണനാം വിഷ്ണുവിൻ–
വീര്യമുൾക്കൊള്ളുവതായ് പാപാപഹാരിയായ്

കല്യാണദായകമാകുമിസ്സൽക്കഥ
ചൊല്ലുകയോ, കേൾക്കുകയോ, പഠിക്കയോ,

ഓർക്കയോ ചെയ്യുമാ മർത്ത്യൻ സ്വദുഷ്കൃതം
പോക്കി യശസ്വിയായ്
ശാന്തിയിയന്നിടും. 42

അദ്ധ്യായം 58

അഷ്ടമഹിഷീവിവാഹം

ശ്രീശുകൻ പറഞ്ഞു

പിന്നൊരുനാളിൽ പുനർലഭിച്ചീടിന
പാണ്ഡവരെക്കാണുവാൻ പുരുഷോത്തമൻ

ഇന്ദ്രപ്രസ്ഥത്തിനു സാത്യകിമുൻപായ
തൻ തോഴരോടുകൂടിഗ്ഗമിച്ചീടിനാൻ. 1

വീരരാം പാണ്ഡവരീശനാം കൃഷ്ണനെ
നേരേ നിരീക്ഷിച്ചു മോദപുരസ്സരം

ഇന്ദ്രിയജാലമപ്രാണനെയെന്നപോ–
ലൊന്നിച്ചെഴുന്നേററു ചാരത്തണഞ്ഞുടൻ, 2

മണ്ടാതെ ഗാഢമായ് കെട്ടിപ്പിടിച്ചു ത–
ദങ്ഗസങ്ഗത്തിനാൽ പാപമശേഷവും

പോക്കിയനുരാഗസുസ്മിതയുക്തമാം
വക്ത്രാംബുജം പാർത്തു മോദമിയന്നിതേ. 3

ധർമ്മജനേയുമനിലാത്മജനെയും
ചെമ്മേ നമിച്ചു, പുണർന്നു കിരീടിയെ,

പിന്നെ നകുലസഹദേവരാലഭി–
വന്ദിതനായ് വിളങ്ങീടിനാൻ മാധവൻ. 4

സുന്ദരിയായി നവോഢയായ് സദ്ഗുണ–
മന്ദിരമായ പാഞ്ചാലിയും കിഞ്ചന

നാണംകലർന്നു നമിച്ചു വരാസന–
സ്ഥാനമലങ്കരിച്ചീടും മുകുന്ദനെ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്രൈവ സാത്യകിഃ പാർത്ഥൈഃ പൂജിതശ്ചാഭിവന്ദിതഃ
നിഷസാദാസനേഽന്യേ ച പൂജിതാഃ പര്യുപാസത. 6

പൃഥാം സമാഗത്യ കൃതാഭിവാദന-
സ്തയാതിഹാർദ്ദാർദ്രദൃശാഭിരംഭിതഃ
ആപൃഷ്ടവാംസ്താം കുശലം സഹസ്നുഷാം
പിതൃഷ്വസാരം പരിപൃഷ്ടബാന്ധവഃ. 7

തമാഹ പ്രേമവൈക്ലവ്യരുദ്ധകണ്ഠാശ്രുലോചനാ
സ്മരന്തീ താൻ ബഹൂൻ ക്ലേശാൻ ക്ലേശാപായാത്മദർശനം. 8
''തദൈവ കുശലം നോഽഭൂത് സനാഥാസ്തേ കൃതാ വയം
ജ്ഞാതീൻ നഃ സ്മരതാ കൃഷ്ണ! ഭ്രാതാ മേ പ്രേഷിതസ്ത്വയാ. 9
ന തേഽസ്തി സ്വപരഭ്രാന്തിർവിശ്വസ്യ സുഹൃദാത്മനഃ
തഥാപി സ്മരതാം ശശ്വത് ക്ലേശാൻ ഹംസി ഹൃദി സ്ഥിതഃ'' 10

യുധിഷ്ഠിര ഉവാച

''കിം ന ആചരിതം ശ്രേയോ, ന വേദാഹമധീശ്വര!
യോഗേശ്വരാണാം ദുർദ്ദർശോ യന്നോ ദൃഷ്ടഃ കുമേധസാം.'' 11
ഇതി വൈ വാർഷികാൻമാസാൻ രാജ്ഞാ സോഽഭ്യർത്ഥിതഃ സുഖം
ജനയൻ നയനാനന്ദമിന്ദ്രപ്രസ്ഥൗകസാം വിഭുഃ. 12
ഏകദാ രഥമാരുഹ്യ വിജയോ വാനരധ്വജം
ഗാണ്ഡീവം ധനുരാദായ തൂണൗ ചാക്ഷയസായകൗ. 13
സാകം കൃഷ്ണേന സന്നദ്ധോ വിഹർത്തും വിപിനം വനം
ബഹുവ്യാളമൃഗാകീർണ്ണം പ്രാവിശത് പരവീരഹാ. 14
തത്രാവിധ്യച്ഛരൈർവ്യാഘ്രാൻ സൂകരാൻ മഹിഷാൻ രുരൂൻ
ശരഭാൻ ഗവയാൻ ഖഡ്ഗാൻ ഹരിണാഞ്ഛശശല്ലകാൻ. 15
താൻ നിന്യുഃ കിങ്കരാ രാജ്ഞേ മേധ്യാൻ പർവ്വണ്യുപാഗതേ
തൃട്പരീതഃ പരിശ്രാന്തോ ബീഭത്സുര്യമുനാമഗാത്. 16
തത്രോപസ്പൃശ്യ വിശദം പീത്വാ വാരി മഹാരഥൗ
കൃഷ്ണൗ ദദൃശതുഃ കന്യാം ചരന്തീം ചാരുദർശനാം. 17
താമാസാദ്യ വരാരോഹാം സുദ്വിജാം രുചിരാനനാം
പപ്രച്ഛ പ്രേഷിതഃ സഖ്യാ ഫാല്ഗുനഃ പ്രമദോത്തമാം. 18
''കാ ത്വം? കസ്യാസി? സുശ്രോണി! കുതോഽസി? കിം
ചികീർഷസി?
മന്യേ ത്വാം പതിമിച്ഛന്തീം സർവ്വം കഥയ, ശോഭനേ!'' 19

കാളിന്ദ്യുവാച

''അഹം ദേവസ്യ സവിതുർദുഹിതാ പതിമിച്ഛതീ
വിഷ്ണും വരേണ്യം വരദം തപഃ പരമമാസ്ഥിതാ. 20
നാന്യം പതിം വൃണേ വീര! തമൃതേ ശ്രീനികേതനം
തുഷ്യതാം മേ സ ഭഗവാൻ മുകുന്ദോഽനാഥസംശ്രയഃ. 21
കാളിന്ദീതി സമാഖ്യാതാ വസാമി യമുനാജലേ
നിർമ്മിതേ ഭവനേ പിത്രാ യാവദച്യുതദർശനം.'' 22
തഥാവദദ് ഗുഡാകേശോ വാസുദേവായ സോഽപി താം
രഥമാരോപ്യ തദ്വിദ്വാൻ ധർമ്മരാജമുപാഗമത്. 23
യദൈവ കൃഷ്ണഃ സന്ദിഷ്ടഃ പാർത്ഥാനാം പരമാദ്ഭുതം
കാരയാമാസ നഗരം വിചിത്രം വിശ്വകർമ്മണാ 24
ഭഗവാംസ്തത്ര നിവസൻ സ്വാനാം പ്രിയചികീർഷയാ
അഗ്നയേ ഖാണ്ഡവം ദാതുമർജ്ജുനസ്യാസ സാരഥിഃ. 25
സോഽഗ്നിസ്തുഷ്ടോ ധനുരദാദ്ധയാൻ ശ്വേതാൻ രഥം നൃപ!
അർജ്ജുനായാക്ഷയൗ തൂണൗ വർമ്മ ചാഭേദ്യമസ്ത്രിഭിഃ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാത്യകിയേയും ഭഗവാനെയെന്നപോൽ
വ്യത്യാസമെന്നിയേ പൂജിച്ചു പാണ്ഡവർ
ചുററിനും കൃഷ്ണനെസ്സേവിച്ചു നിന്നിട്ടും
മററനുയായികളേയുമർച്ചിച്ചിതു. 6
കുന്തിതന്നന്തികമാർന്നു ശ്രീ ഹരി,
സന്തോഷബാഷ്പം ചൊരിഞ്ഞുകൊണ്ടപ്പുതി
കണ്ണനെക്കെട്ടിപ്പിടിച്ചു ചോദിച്ചിതു
തന്നുടെ ബന്ധുക്കളുംതൻ ക്ഷേമവാർത്തകൾ. 7
പിന്നെ സ്നേഹാനവിതയാം പിതൃസോദരി
തന്നോടു സൗഖ്യമാരാഞ്ഞിതു കണ്ണനും.
പ്രേമവാഷ്പാലശ്രുസംപൂർണ്ണനേത്രയാ-
യാ മാനിനീമണി ഗദ്ഗദത്തോടുടൻ
അന്നോളവുമനുഭൂതങ്ങളാം വിവി-
ധോന്നതദുഃഖങ്ങളോരോന്നുമോർത്തോർത്തു
ശോകാപഹമാകുമാത്മസന്ദർശന-
മേകിടുമബ്ഭഗവാനോടു ചൊല്ലിനാൾ: 8
''അങ്ങെൻ സഹജനെ ജ്ഞാതികളായിട്ടും
ഞങ്ങടെ സൗഖ്യസ്ഥിതിയറിഞ്ഞീടുവാൻ
ഇങ്ങോട്ടയച്ചനാൾതൊട്ടു സുഖംതന്നെ,
ഞങ്ങളുന്നത്രേ സനാഥരായ്ത്തീർന്നതും. 9
ലോകസുഹൃത്തുമാത്മാവുമോർക്കിൽ ഭവാ-
നേക,നില്ലേതും സ്വപരഭേദം തവ
എങ്കിലും നിത്യം സ്മരിക്കുന്നവർക്കുള്ള
സങ്കടം പോക്കുന്ന തമ്മനോവാസിയായ്.'' 10

യുധിഷ്ഠിരൻ പറഞ്ഞു

പുണ്യകർമ്മം ഞങ്ങളാചരിച്ചുള്ളതു
നിർണ്ണയമെന്താണതെന്നറിവാൻ പണി
യോഗീശ്വരർക്കുമദൃശ്യനാമങ്ങയെ
ലോകേശ! ദർശിച്ചിതീ മന്ദബുദ്ധികൾ. 11
പിന്നെയമ്മന്നവനർത്ഥിക്കുകമൂല-
മിന്ദ്രപ്രസ്ഥാവാസികൾക്കാകെയൊന്നുപോൽ
നേത്രസാഫല്യമരുളി മഴക്കാല-
മത്രയും സൗഖ്യമായ് തത്ര വസിച്ചിതേ. 12
ശത്രുവീരന്മാർക്കൊരന്തകനർജ്ജുനൻ
ബദ്ധപരികരനായങ്ങൊരുദിനം
വാനരലക്ഷ്മകേതുസ്യന്ദനമതിൽ
ബാണമൊടുങ്ങാത്ത തൂണീരയുഗ്മവും
ഗാണ്ഡീവചാപവുമാർന്നു വിഹരണ-
ത്തിന്നു ഭഗവാൻ മുരാന്തകൻതാനുമായ്
നാനാമൃഗവ്യാളകീർണ്ണമാകും ഘോര-
കാനനംതന്നിൽക്കടന്നീടിനാൻ മുദാ. 13–14
കാട്ടിൽ പുലി, സൂകരം, ഗവയം, രുരു,
കാട്ടുപോത്തും, ശശം, ഖഡ്ഗവും, ശല്ലകം
എട്ടടിമാൻ, ഹരിണംതൊട്ടതാം മൃഗ-
ക്കൂട്ടത്തെയമ്പുകൾ വിട്ടു കൊന്നീടിനാൻ. 15
ഭൂമീപതിക്കു വരുംവാവുനാളിലേ-
ഹോമത്തിനാവശ്യമുള്ള മൃഗങ്ങളെ
ഭൃത്യരെയേല്പിച്ചയച്ചു ദാഹാർത്തനായ്
പാർത്ഥൻ ഹരിയൊത്തണഞ്ഞു കാളിന്ദിയിൽ.
സൂര്യസുതയിലുപസ്പർശനംചെയ്തു 16
നീരം കടിച്ചു മഹാരഥന്മാരവർ
നിന്നീടവേ,യതിസുന്ദരിയാമൊരു
കന്യകാരത്നം വരുന്നതു കണ്ടിതു. 17
മഞ്ജുമുഖിയായ് സുദതിയായീടുമ-
കഞ്ജാക്ഷിയെസ്സമീപിച്ചു ധനഞ്ജയൻ
ശ്രീവാസുദേവപ്രചോദനംമൂലമാ-
യീവിധമായവളോടു ചോദിച്ചിതു: 18
''സുന്ദരി! നീയേതു? നിന്നച്ഛനാ?,രെങ്ങ-
നിന്നു വരുന്നു? ചൊൽ?,വന്നതുമെന്തിനായ്?
കാന്തനെക്കാമിച്ചുഴലുന്നവളെന്നു
ചിന്തിച്ചിടുന്നു ഞാൻ, സത്യമോതീടുക.'' 19

കാളിന്ദി പറഞ്ഞു

''മാർത്താണ്ഡദേവതനയയാകുന്ന ഞാ-
നത്തമനായി വരദനാം കൃഷ്ണനെ
വല്ലഭനാക്കി വരിക്കുവാനിച്ഛിച്ചു
കില്ലെന്നിയേ തപസ്സാചരിക്കുന്നിതു. 20
വീരപുരുഷാ! രമാവാസഗേഹമാം
നാരായണനെയൊഴിഞ്ഞു മററാരെയും
വല്ലഭനായി വരിക്കില്ല ഞാൻ, നാഥ-
നില്ലാത്തവർക്കെന്നുമാശ്രയസ്ഥാനമായ്
മുക്തിപ്രദനാം മുകുന്ദനെന്നെങ്കിലും
ഭക്തയാമെന്നിൽ പ്രസാദിച്ചരുളണം. 21
അച്ഛൻ യമുനാംബുവിൽ ചമച്ചീടിനോ-
രച്ഛവസതിയിൽ കാളിന്ദിയെന്നു പേർ
കൈക്കൊണ്ടു വാഴുന്നി,തച്യുതദർശന-
മെക്കാലമുണ്ടാമതുവരെ വാഴുവൻ.'' 22
കാളിന്ദിതൻ വാക്കു ശക്രാത്മജാതന-
ക്കാളിയമർദ്ദനനോടു ചൊല്ലീടിനാൻ.
തേരിലവളെയുമേററിക്കൃപാനിധി
നേരേ യുധിഷ്ഠിരസന്നിധി പൂകിനാൻ. 23
അത്യന്തമാവശ്യമായ് പാണ്ഡുനന്ദന-
രർത്ഥിക്കെ, വിശ്വകർമ്മാവിനെക്കൊണ്ടുടൻ
ദൈത്യാരിയത്യദ്ഭുതമായ് വിചിത്രമാം
പത്തനം തീർപ്പിച്ചവർക്കു നല്കീടിനാൻ. 24
അച്യുതൻ പിന്നെ നിജജനത്തിൻ പ്രിയ-
മിച്ഛിച്ചു തൽപുരത്തിൽത്താൻ നിവസിച്ചു
ഖാണ്ഡവമഗ്നിക്കരുളുവാനായിന്ദ്ര-
നന്ദനസാരഥ്യഭാവം ഭജിച്ചിതു. 25
ഖാണ്ഡവദാഹം കഴിഞ്ഞു സന്തുഷ്ടനായ്
വഹ്നി,യസ്ത്രത്താലഭേദ്യമാം ചട്ടയും
വെള്ളക്കുതിരകളെച്ചേർത്തിണക്കിയ
നല്ലതായുള്ളൊരു തേരും ശരാസവും.
ബാണമൊടുങ്ങാത്ത തൂണീരയുഗ്മവും
വാനവർകോൻതൻതനുജനു നല്കിനാൻ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മയശ്ച മോചിതോ വഹ്നേഃ സഭാം സഖ്യ ഉപാഹരത്
യസ്മിൻ ദുര്യോധനസ്യാസീജ്ജലസ്ഥലദൃശിഭ്രമഃ. 27
സ തേന സമനുജ്ഞാതഃ സുഹൃദ്ഭിശ്ചാനുമോദിതഃ
ആയയൗ ദ്വാരകാം ഭൂയഃ സാത്യകിപ്രമുഖൈർവൃതഃ. 28
അഥോപയേമേ കാളിന്ദീം സുപുണ്യർത്ത്വൃക്ഷ ഊർജ്ജിതേ
വിതന്വൻ പരമാനന്ദം സ്വാനാം പരമമംഗളം. 29
വിന്ദാനുവിന്ദാവാവന്ത്യൗ ദുര്യോധനവശാനുഗൗ
സ്വയംവരേ സ്വഭഗിനീം കൃഷ്ണേ സക്താം ന്യഷേധതാം. 30
രാജാധിദേവ്യാസ്തനയാം മിത്രവിന്ദാം പിതൃഷ്വസുഃ
പ്രസഹ്യ ഹൃതവാൻ കൃഷ്ണോ, രാജൻ, രാജ്ഞാം പ്രപശ്യതാം. 31
നഗ്നജിന്നാമ കൗസല്യ ആസീദ് രാജാതിധാർമ്മികഃ
തസ്യ സത്യാഭവത് കന്യാ ദേവീ നാഗ്നജിതീ നൃപ. 32
ന താം ശേകുർന്നൃപാ വോഢുമജിത്വാ സപ്ത ഗോവൃഷാൻ
തീക്ഷ്ണശൃംഗാൻ സുദുർദ്ധർഷാൻ വീരഗന്ധാസഹാൻ
ഖലാൻ. 33
താം ശ്രുത്വാ വൃഷജില്ലഭ്യാം ഭഗവാൻ സാത്വതാം പതിഃ
ജഗാമ കൗസല്യപുരം സൈന്യേന മഹതാ വൃതഃ. 34
സ കോസലപതിഃ പ്രീതഃ പ്രത്യുത്ഥാനാസനാദിഭിഃ
അർഹണേനാപി ഗുരുണാ പൂജയൻ പ്രതിനന്ദിതഃ. 35

വരം വിലോക്യാഭിമതം സമാഗതം
നരേന്ദ്രകന്യാ ചകമേ രമാപതിം
ഭൂയാദയം മേ പതിരാശിഷോഽമലാഃ
കരോതു സത്യാ യദി മേ ധൃതോ വ്രതൈഃ. 36
യത് പാദപങ്കജരജഃ ശിരസാ ബിഭർത്തി
ശ്രീരബ്ജജഃ സഗിരിശഃ സഹലോകപാലൈഃ
ലീലാതനുഃ സ്വകൃതസേതുപരീപ്സയേശഃ
കാലേ ദധത് സ ഭഗവാൻ മമ കേന തുഷ്യേത്. 37

അർച്ചിതം പുനരിത്യാഹ, ''നാരായണ! ജഗത്പതേ!
ആത്മാനന്ദേന പൂർണ്ണസ്യ കരവാണി കിമല്പകഃ.'' 38

ശ്രീശുക ഉവാച
തമാഹ ഭഗവാൻ ഹൃഷ്ടഃ കൃതാസനപരിഗ്രഹഃ
മേഘഗംഭീരയാ വാചാ സസ്മിതം കുരുനന്ദന! 39

ശ്രീഭഗവാനുവാച
നരേന്ദ്ര, യാച്ഞാ കവിഭിർവിഗർഹിതാ
രാജന്യബന്ധോർന്നിജധർമ്മവർത്തിനഃ
തഥാപി യാചേ തവ സൗഹൃദേച്ഛയാ
കന്യാം ത്വദീയാം ന ഹി ശുല്ക്കദാ വയം. 40

രാജോവാച
കോഽന്യസ്തേഽഭ്യധികോ നാഥ കന്യാവര ഇഹേപ്സിതഃ
ഗുണൈകധാമ്നോ യസ്യാംഗേ ശ്രീർവസത്യനപായിനീ. 41
കിന്ത്വസ്മാഭിഃ കൃതഃ പൂർവ്വം സമയഃ സാത്വതർഷഭ!
പുംസാം വീര്യപരീക്ഷാർത്ഥം കന്യാവരപരീപ്സയാ. 42
സപ്തൈതേ ഗോവൃഷാ വീര! ദുർദ്ദാന്താ ദുരവഗ്രഹാഃ
ഏതൈർഭഗ്നാഃ സുബഹവോ ഭിന്നഗാത്രാ നൃപാത്മജാഃ. 43
യദി മേ നിഗൃഹീതാഃ സ്യുസ്ത്വയൈവ യദുനന്ദന!
വരോ ഭവാനഭിമതോ ദുഹിതുർമ്മേ ശ്രിയഃ പതേ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖാണ്ഡവദാഹത്തിലാപ്പെട്ടൊരു മയൻ-
തന്നെ രക്ഷിച്ചവനെക്കൊണ്ടു തോഴനായ്
ധാത്രാപ്പൂന്ന ജലസ്ഥലവിഭ്രമം
ചേർത്ത സഭയൊന്നു തീർപ്പിച്ചു നല്കിനാൻ. 27

പിന്നെ നൃപാനുജ്ഞയോടും സുഹൃദഭി-
വന്ദിതനായിബ്ഭഗവാൻ ജനാർദ്ദനൻ
സാത്യകിതൊട്ടുള്ള യാദവന്മാരുമാ-
യദ്ദ്വാരകയിൽ തിരിച്ചു പോയീടിനാൻ. 28

ഊർജ്ജിതപുണ്യർത്തുനക്ഷത്രയോഗത്തി-
ലച്യുതൻ സ്വന്തജനങ്ങൾക്കശേഷവും
അത്യന്തമംഗലവും പരമാനന്ദ-
വൃദ്ധിയും ചേർത്തു കാളിന്ദിയെ വേട്ടിതേ. 29

ദുര്യോധനാധീനർ വിന്ദാനുവിന്ദാഖ്യ-
ചേരുമവന്തീനൃപതികൾ രണ്ടുപേർ
കണ്ണനിലുത്സുകയായ തത്സോദരി-
തന്നെത്തടുത്താർ സ്വയംവരവേളയിൽ. 30

താതഭഗിനിയാം രാജാധിദേവിയിൽ
ജാതയാമാ മിത്രവിന്ദയെസ്സത്വരം
മന്നവരേവരും നോക്കിനില്ക്കെബ്ബലാൽ
നന്ദാത്മജൻ ചെന്നപഹരിച്ചീടിനാൻ. 31

അത്യന്തധർമ്മധീ നഗ്നജിത്തെന്നൊരു
പൃഥ്വീശനുണ്ടായിരുന്നിതയോദ്ധ്യയിൽ
സത്യയും നാഗ്നജിതിയുമാം നാമങ്ങ-
ളൊത്തൊരു പുത്രിയബ്ഭൂപനുണ്ടായിതു. 32

വീരഗന്ധം സഹിക്കാത്തതായ് ദുർമ്മതി-
ചേരുന്നതായ് കൂർത്ത കൊമ്പുകളാർന്നിടും
ദുർദ്ധർഷസപ്തവൃഷങ്ങളെ വെല്ലാതെ
പൃഥ്വീശരക്കവളേ ലഭിക്കാതെയായ്. 33

അക്കഥ കേട്ടു ഭഗവാൻ മഹാസൈന്യ-
യുക്തനായി പ്രവേശിച്ചാനയോദ്ധ്യയിൽ. 34

ഏററവും തുഷ്ടനായ് കൗസല്യനുമെതി-
രേററുചിതാസനമേകി വേണ്ടുംവിധം
ഉത്തമദ്രവ്യങ്ങൾകൊണ്ടു പൂജിച്ചുട-
നുത്തമശ്ലോകാഭിനന്ദനമാർന്നിതു. 35

ശ്രീകാന്തനായ് സമ്മതനായ് സ്വഗേഹത്തി-
ലാഗതൻ കാന്തനെക്കണ്ടു കാമിച്ചവൾ
''ഞാൻ വ്രതം നേരേ ധരിച്ചവളെന്നാകി-
ലീ വരനെ ലഭിക്ക''ട്ടെന്നു നേർന്നിതു. 36

ആരുടെ പാദാബ്ജധൂളി ശിരസ്സില-
മ്മാരാരിയും ജഗത്പാലകരേവരും
താരാർമകളും ധരിപ്പൂ വിരിഞ്ചനും
പാരിൽ നിജകൃതധർമ്മമര്യാദകൾ

നേരേ നിലനിറുത്തീടുവാനായവ-
താരമാർന്നീടുമാ നാരായണൻ സ്വയം
എന്തുപായത്താൽ പ്രസാദിച്ചിടുമെന്ന
ചിന്തയിലാണ്ടു വസിച്ചീടിനാളവൾ. 37

പിന്നെയുമർച്ചിച്ചരച, ''നയേ ജഗ-
ത്തിന്നധീശ! മുകുന്ദാ! ജഗത്കാരണം!
ആനന്ദപൂർണ്ണനാമങ്ങേക്കൊരല്പനാം
ഞാനെന്തു ചെയ്യേണ്ടു''തെന്നു ചോദിച്ചിതു. 38

ശ്രീശുകൻ പറഞ്ഞു

നന്ദിച്ചുടൻ മഹിതാസനസംസ്ഥനായ്
മന്ദഹാസത്തോടുമിന്ദീവരേക്ഷണൻ
മേഘനിനദസമാനഗംഭീരമായ്
ഭൂകാന്തനോടരുളീടിനാനീവിധം: 39

ശ്രീഭഗവാൻ പറഞ്ഞു

''പൃഥ്വീശ്വരാ! സ്വധർമ്മത്തിൽ വർത്തിച്ചീ
ക്ഷത്രിയന്നർത്ഥന നിന്ദ്യമെന്നാകിലും
ത്വത്സൗഹൃദേച്ഛയാൽ യാചിച്ചിടുന്നു ഞാൻ
വത്സലയായ ഭവാനുടെ കന്യയെ
ശുല്ക്കമേകിക്കന്യകയെ വരിക്കുവാൻ
തക്കവരല്ലയീ ഞങ്ങളെന്നോർക്കുക.'' 40

രാജാവു പറഞ്ഞു

സദ്ഗുണസർവ്വസ്വമാകും ഭവാനില്പ-
മുത്കൃഷ്ടനാം വരൻ കന്യകയ്ക്കാരുവാൻ?
രക്ഷകാ! ശ്രീദേവി നിന്തിരുമേനിതൻ
വക്ഷസ്സിലല്ലോ വസിക്കുന്നു സുസ്ഥിരം. 41

വീരാഗ്രിമൻ മമ കന്യകാകാന്തനായ്-
ത്തീരേണമെന്നോർത്തയേ ഭക്തവത്സലാ!
വീരപരീക്ഷനടത്തി വിജയിയെ
നേരേ വരിപ്പാൻ പ്രതിജ്ഞചെയ്തീടി-
നേൻ. 42

വീരാ! മദമാളുമിക്കാളകളേഴു-
മാരും പിടിച്ചാൽ വഴങ്ങാത്തവ ദൃഢം
എത്രയോ രാജകമാരരിവയ്ക്കേഴും
കുത്തേററു കീറി മടങ്ങീ നിരാശരായ്. 43

ശ്രീവല്ലഭാ! ഭവാനെന്നിയേ മററാർക്കു-
മാവതല്ലീ വൃഷഭങ്ങളെക്കെട്ടുവാൻ
ഇക്കാര്യമങ്ങുന്നു സാധിക്കുമക്ഷണം
മത്കന്യകയ്ക്കു ഭവാൻ പതിയായിടും. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം സമയമാകർണ്യ ബദ്ധ്വാ പരികരം പ്രഭുഃ
ആത്മാനം സപ്തധാ കൃത്വാ ന്യഗ്രഹ്ണാല്ലീലയൈവ താൻ. 45

ബദ്ധ്വാ താൻ ദാമഭിഃ ശൗരിർഭഗ്നദർപ്പാൻ ഹതൗജസഃ
വ്യകർഷല്ലീലയാ ബദ്ധാൻ, ബാലോ ദാരുമയാൻ യഥാ. 46

തതഃ പ്രീതഃ സുതാം രാജാ ദദൗ കൃഷ്ണായ വിസ്മിതഃ
താം പ്രത്യഗൃഹ്ണാദ്ഭഗവാൻ വിധിവത് സദൃശീം പ്രഭുഃ. 47

രാജപത്ന്യശ്ച ദുഹിതുഃ കൃഷ്ണം ലബ്ധ്വാ പ്രിയം പതിം
ലേഭിരേ പരമാനന്ദം ജാതശ്ച പരമോത്സവഃ. 48

ശംഖഭേര്യാനകാ നേദുർഗ്ഗീതവാദ്യദ്വിജാശിഷഃ
നരാ നാര്യഃ പ്രമുദിതാഃ സുവാസസഃ സ്രഗലങ്കൃതാഃ. 49

ദശധേനുസഹസ്രാണി പാരിബർഹമദാദ്വിഭുഃ
യുവതീനാം ത്രിസാഹസ്രം നിഷ്കഗ്രീവസുവാസസാം. 50

നവനാഗസഹസ്രാണി നാഗാച്ഛതഗുണാൻ രഥാൻ
രഥാച്ഛതഗുണാനശ്വാനശ്വാച്ഛതഗുണാൻ നരാൻ. 51

ദമ്പതീ രഥമാരോപ്യ മഹത്യാ സേനയാ വൃതൗ
സ്നേഹപ്രക്ലിന്നഹൃദയോ യാപയാമാസ കോസലഃ. 52

ശ്രുത്വൈതദ്രുരുധുർഭൂപാ നയന്തം പഥി കന്യകാം
ഭഗ്നവീര്യാഃ സുദുർമ്മർഷാ യദുഭിർഗ്ഗോവൃഷൈഃ പുരാ. 53

താനസ്യതഃ ശരവ്രാതാൻ ബന്ധുപ്രിയകൃദർജ്ജുനഃ
ഗാണ്ഡീവീ കാലയാമാസ സിംഹഃ ക്ഷുദ്രമൃഗാനിവ. 54

പാരിബർഹമുപാഗൃഹ്യ ദ്വാരകാമേത്യ സത്യയാ
രേമേ യദൂനാമൃഷഭോ ഭഗവാൻ ദേവകീസുതഃ. 55

ശ്രുതകീർത്തേഃ സുതാം ഭദ്രാമുപയേമേ പിതൃഷ്വസുഃ
കൈകേയീം ഭ്രാതൃഭിർദ്ദത്താം കൃഷ്ണഃ സന്തർദ്ദനാദിഭിഃ. 56

സുതാം ച മദ്രാധിപതേർല്ലക്ഷ്മണാം ലക്ഷണൈര്യുതാം
സ്വയംവരേ ജഹാരൈകഃ സ, സുപർണ്ണഃ സുധാമിവ. 57

അന്യാശ്ചൈവംവിധാ ഭാര്യാഃ കൃഷ്ണസ്യാസൻ സഹസ്രശഃ
ഭൗമം ഹത്വാ തന്നിരോധാദാഹൃതാശ്ചാരുദർശനാഃ. 58

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
അഷ്ടമഹിഷ്യുദ്വാഹോ നാമ അഷ്ടപഞ്ചാശത്തമോ$\int$ധ്യായഃ

ഏകോനഷഷ്ടിതമോ$\int$ധ്യായഃ

രാജോവാച

യഥാ ഹതോ ഭഗവതാ ഭൗമോ യേന ച താഃ സ്ത്രിയഃ
നിരുദ്ധാ ഏതദാചക്ഷ്വ വിക്രമം ശാർങ്ഗധന്വനഃ. 1

ശ്രീശുക ഉവാച

ഇന്ദ്രേണ ഹൃതച്ഛത്രേണ ഹൃതകുണ്ഡലബന്ധുനാ
ഹൃതാമരാദ്രിസ്ഥാനേന ജ്ഞാപിതോ ഭൗമചേഷ്ടിതം. 2

സഭാര്യോ ഗരുഡാരൂഢഃ പ്രാഗ്ജ്യോതിഷപുരം യയൗ
ഗിരിദുർഗ്ഗൈഃ ശസ്ത്രദുർഗ്ഗൈർജ്ജലാഗ്ന്യനിലദുർഗ്ഗമം
മുരപാശായുതൈർഘോരൈർദൃഢൈഃ സർവ്വത ആവൃതം. 3

ഗദയാ നിർബ്ബിഭേദാദ്രീൻ ശസ്ത്രദുർഗ്ഗാണി സായകൈഃ
ചക്രേണാഗ്നിം ജലം വായും മുരപാശാംസ്തഥാസിനാ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യപ്രതിജ്ഞയുണ്ടെന്നു കേട്ടച്യുതൻ
ബദ്ധപരികരനായുടൻ ലീലയായ്
ഏഴുരൂപം ധരിച്ചാ വൃഷഭങ്ങളെ–
യേഴിനേയും പിടിച്ചങ്ങു കെട്ടീടിനാൻ. 45

ഊക്കമഹന്തയും പോക്കിയവററിനെ
മൂക്കു തുളച്ചു കയററിട്ടു കേശവൻ
കുട്ടികളക്കളിപ്പാവകളെച്ചര–
ടിട്ടു വലിക്കുംവിധം കളിപ്പിച്ചിതു. 46

മോദിച്ചു ഭൂപനും വിസ്മയത്തോടുടൻ
സാദരം പുത്രിയെക്കൃഷ്ണനു നല്കിനാൻ.
ഏററമനുരൂപയാമവളേയുട–
നേററു ഭഗവാൻ വിവാഹംകഴിച്ചിതു. 47

പുത്രിക്കിണങ്ങിയ കാന്തനാം കണ്ണനെ–
ക്കിട്ടുകമൂലമായ് രാജദാരങ്ങളും
അത്യന്തമാനന്ദമഗ്നരായാർ മുററ–
ത്തുസ്ഥലമെങ്ങും നടന്നു മഹോത്സവം. 48

ശങ്ഖതൂര്യാനകനാദം മുഴങ്ങീതു
സംഗീതവും ദ്വിജാശിസ്സുകളും പരം
ചാരുവസനഭൂഷാലംകൃതരായി
നാരിമാരാനന്ദമാർന്നു പുരുഷരും. 49

സ്ത്രീധനമായിത്തെളിഞ്ഞു കൊടുത്തിത–
ബ്ഭൂധവൻ പത്തുസഹസ്രം പശുക്കളെ,
കണ്ഠാഭരണങ്ങളാന്നു സുവസ്ത്രങ്ങളും
പൂണ്ടുള്ള മൂവായിരം ദാസിമാരെയും. 50

ഒൻപതിനായിരമാനകളേയുമാ
വൻപനതിൻനൂറിരട്ടി രഥങ്ങളും
തേരിൻ ശതഗുണമശ്വങ്ങളുമതിൻ–
നൂറുമടങ്ങു പദാതിയും നല്കിനാൻ. 51

വൻപിച്ച സൈന്യസന്നാഹത്തൊടന്നവ–
ദമ്പതിമാരെസ്സുസൗഹൃദക്ലിന്നനാം
കോസലാധീശ്വരൻ യാത്രയാക്കീടിനാൻ
ഭാസുരമായൊരു തേരിലേററിദ്രുതം. 52

കന്യകാകാമികളായമ്മദവൃഷ–
വൃന്ദത്തിനോടും യദുക്കളോടും മുൻപു
വന്നേററു തോററ മഹീശരീ വാർത്ത കേ–
ട്ടൊന്നിച്ചുവന്നു വഴിയിൽ തടുത്തിതു. 53

ബാണവർഷംചെയ്തുമാ നൃപരേ രമാ–
ജാനിപ്രിയനായ ഗാണ്ഡീവധാരിതാൻ
ക്ഷുദ്രമൃഗങ്ങളെക്കേസരിയെന്നപോൽ
സത്വരം നാനാവഴിക്കു പായിച്ചിതു. 54

യാദവേശൻ ഭഗവാൻ മധുസൂദനൻ
സ്ത്രീധനത്തോടും കമനിമാർത്തമാം
സത്യയൊടും മുദാ ദ്വാരകാപട്ടണ–
മെത്തിസ്സുഖമായ് വസിച്ചു കുരുദ്വഹാ! 55

പിന്നെപ്പിതൃസോദരിയാം ശ്രുതകീർത്തി–
തന്നുടെ പുത്രിയായ്ക്കേകയഭൂമിയിൽ
ഉത്ഭവയായ് സന്തർദ്ദനാദി സഹോദര–
ദത്തയാം ഭദ്രയെ വേളികഴിച്ചിതു. 56

ലക്ഷണയുക്തയായ് മദ്രേശപുത്രിയാം
ലക്ഷ്മണയേയും സ്വയംവരവേളയിൽ
ഏകനായ്ത്താർക്ഷ്യനമൃതത്തെയെന്നപോൽ
ശ്രീകാമുകൻ ഭഗവാൻ ഹരിച്ചീടിനാൻ. 57

ഏവം സഹസ്രക്കണക്കിലുണ്ടായിതു
ഗോവിന്ദദേവനു വേറെയും ഭാര്യമാർ
ഭൗമനെക്കൊന്നിട്ടു വേട്ടാൻ ബലാലവൻ
താമസിപ്പിച്ച സുകുമാരിമാരെയും. 58

അദ്ധ്യായം 59

നരകാസുരവധം— പാരിജാതഹരണം

രാജാവു പറഞ്ഞു

നാരിമാരെബ്ബലാൽക്കാരം ഹരിച്ചൊരാ–
ഗ്ഘോരനാകും നരകാസുരനേ ഹരി
എങ്ങനെയാണു വധിച്ചതു? ചൊല്ലുക,
ശാർങ്ഗിതൻ വിക്രമമങ്ങു സവിസ്തരം. 1

ശ്രീശുകൻ പറഞ്ഞു

മേരുഗിരിയിലെ സ്വന്തമാസ്ഥാനവും
വാരുണച്ഛത്രവും ദേവമാതാവുതൻ
കുണ്ഡലദ്വന്ദ്വവും ഭൗമൻ ഹരിച്ചതു
ചെന്നറിയിച്ചാൻ സുരേശ്വരൻ കൃഷ്ണനെ. 2

ദുർഗ്ഗമപർവ്വതശസ്ത്രദുർഗ്ഗങ്ങളു–
മഗ്നിസലിലപവനദുർഗ്ഗങ്ങളും
ചേർന്നിട്ടയുതദൃഢമുരപാശങ്ങളും
ചൂഴ്ന്ന തത്പ്രാഗ്ജ്യോതിഷപുരത്തിൽ
ദ്രുതം.
ഭാര്യയോടൊത്തു ഗരുഡാധിരൂഢനായ്
ശ്രീരമണൻ ഭഗവാൻ പ്രവേശിച്ചിതേ. 3

അദ്രികളെഗ്ഗദകൊണ്ടുമശ്ശസ്ത്രങ്ങ–
ളസ്ത്രങ്ങളാലും ജലം, വഹ്നി, കാററിവ
ചക്രത്തിനാലും മുരപാശമാകവേ
ചിക്കെന്നു വാളുകൊണ്ടും മുറിച്ചാൻ വിഭു. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശങ്ഖനാദേന യന്ത്രാണി, ഹൃദയാനി മനസ്വിനാം,
പ്രാകാരം ഗദയാ ഗുർവ്യാ നിർബ്ബിഭേദ ഗദാധരഃ. 5

പാഞ്ചജന്യധ്വനിം ശ്രുത്വാ യുഗാന്താശനിഭീഷണം
മുരഃ ശയാന ഉത്തസ്ഥൗ ദൈത്യഃ പഞ്ചശിരാ ജലാത്. 6

ത്രിശൂലമുദ്യമ്യ സുദുർന്നിരീക്ഷണോ
യുഗാന്തസൂര്യാനലരോചിരുല്ബണഃ
ഗ്രസംസ്ത്രിലോകീമിവ പഞ്ചഭിർമ്മുഖൈ-
രഭ്യദ്രവത്താർക്ഷ്യസുതം യഥോരഗഃ. 7

ആവിധ്യ ശൂലം തരസാ ഗരുത്മതേ
നിരസ്യ വക്ത്രൈർവ്യനദത് സ പഞ്ചഭിഃ
സ രോദസീ സർവ്വദിശോഽന്തരം മഹാ-
നാപൂരയന്നണ്ഡകടാഹമാവൃണോത്. 8

തദാപതദ്വൈ ത്രിശിഖം ഗരുത്മതേ
ഹരിഃ ശരാഭ്യാമഭിനത്ത്രിധൗജസാ
മുഖേഷു തം ചാപി ശരൈരതാഡയത്
തസ്മൈ ഗദാം സോഽപി രുഷാ വ്യമുഞ്ചത. 9

താമാപതന്തീം ഗദയാ ഗദാം മൃധേ
ഗദാഗ്രജോ നിർബ്ബിഭിദേ സഹസ്രധാ
ഉദ്യമ്യ ബാഹൂനഭിധാവതോഽജിതഃ
ശിരാംസി ചക്രേണ ജഹാര ലീലയാ. 10

വ്യസുഃ പപാതാംഭസി കൃത്തശീർഷോ
നികൃത്തശൃങ്ഗോഽദ്രിരിവേന്ദ്രതേജസാ
തസ്യാത്മജാഃ സപ്ത പിതുർവ്വധാതുരാഃ
പ്രതിക്രിയാമർഷജുഷഃ സമുദ്യതാഃ. 11

താമ്രോഽന്തരിക്ഷഃ ശ്രവണോ വിഭാവസു-
ർവ്വസുർന്നഭസ്വാനരുണശ്ച സപ്തമഃ
പീഠം പുരസ്കൃത്യ ചമൂപതിം മൃധേ
ഭൗമപ്രയുക്താ നിരഗൻ ധൃതായുധാഃ. 12

പ്രായുഞ്ജതാസാദ്യ ശരാനസീൻ ഗദാഃ
ശക്ത്യൃഷ്ടിശൂലാന്യജിതേ രുഷോല്ബണാഃ
തച്ഛസ്ത്രകൂടം ഭഗവാൻ സ്വമാർഗ്ഗണൈ-
രമോഘവീര്യസ്തിലശശ്ചകർത്ത ഹ. 13

താൻ പീഠമുഖ്യാനനയദ്യമക്ഷയം
നികൃത്തശീർഷോരുഭുജാംഘ്രിവർമ്മണഃ
സ്വാനീകപാനച്യുതചക്രസായകൈ-
സ്തഥാ നിരസ്താൻ നരകോ ധരാസുതഃ. 14

നിരീക്ഷ്യ ദുർമ്മർഷണ ആസ്രവന്മദൈ-
ർഗ്ഗജൈഃ പയോധിപ്രഭവൈർന്നിരാക്രമത്
ദൃഷ്ട്വാ സഭാര്യം ഗരുഡോപരിസ്ഥിതം
സൂര്യോപരിഷ്ടാത് സതഡിദ്ഘനം യഥാ
കൃഷ്ണം സ തസ്മൈ വ്യസൃജച്ഛതഘ്നീം
യോധാശ്ച സർവ്വേ യുഗപത് സ്മ വിവ്യധുഃ. 15

തദ്ഭൗമസൈന്യം ഭഗവാൻ ഗദാഗ്രജോ
വിചിത്രവാജൈർന്നിശിതൈഃ ശിലീമുഖൈഃ
നികൃത്തബാഹൂരുശിരോധ്രവിഗ്രഹം
ചകാര തർഹ്യേവ ഹതാശ്വകുഞ്ജരം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യന്ത്രസമൂഹവും വീരാഗ്രഗണ്യർത്ത–
ന്നന്തഃകരണവും പ്രാകാരപങ്ക്തിയും

ളുഞ്ഞം വിഭേദിച്ച ശങ്ഖനാദം ഗദ–
യെന്നിവയാലേ ഗദാരണകോവിദൻ. 5

കല്പാന്തകാലാശനിഭീഷണമാകു–
മപ്പാഞ്ചജന്യധ്വനി കേട്ടമാത്രയിൽ

പഞ്ചശിരസ്കൻ ശയാനൻ മുരാസുര–
നഞ്ചാതെ നീരത്തിൽനിന്നെഴുന്നേററിതേ. 6

കല്പാന്തസൂര്യാഗ്നിരോചിസ്സിയന്നേററ–
മുല്ബണനായ് ദുന്നിരീക്ഷണനാമവൻ

മൂന്നു മുനയുള്ള ശൂലം ചുഴററിയ–
പ്പന്നഗം പക്ഷിരാജൻെറനേക്കെന്നപോൽ

അഞ്ചു മുഖത്താൽ ത്രിലോകം വിഴുങ്ങീട്ടു–
മഞ്ചാതിവനെന്നു കാണികൾക്കൊക്കെയും

ശങ്ക വളർത്തിയശങ്കമതിദ്രുതം
പങ്കജനേത്രൻെറനേർക്ക വന്നീടിനാൻ. 7

ഊക്കിലശ്ശൂലം ചുഴററിഗ്ഗരുഡൻെറ
നേക്കെറിഞ്ഞിട്ടഞ്ചു വക്ത്രവുംകൊണ്ടുടൻ

ഉൽക്കടമായൊന്നലറിനാ,നദ്ധ്വനി
ദിക്കുകൾ നാലുമാകാശപ്രദേശവും

മന്നിടവും മദ്ധ്യഭാഗമെങ്ങും നിറ–
ഞ്ഞണ്ഡകടാഹത്തെയും മുഴക്കീ പരം. 8

താർക്ഷ്യതനുവിൽ പതിക്കുമശ്ശൂലത്തെ–
യീക്ഷിച്ച നന്ദജൻ രണ്ടു ശരങ്ങളാൽ

മൂന്നായ് മുറിച്ചിട്ടവൻെറ മുഖങ്ങളോ–
രോന്നിലുമമ്പുകളോരോന്നയച്ചിതേ.

കോപിഷ്ഠനായതിപാപി മുരാസുരൻ
ശ്രീപതിയെഗ്ഗദകൊണ്ടടിച്ചീടിനാൻ. 9

നേരേവരുമഗ്ഗദയെഗ്ഗദാഗ്രജൻ
പോരിൽ ഗദയാൽ പലതാക്കവേ, കരം

പൊക്കി നേക്കെത്തുമവൻെറ ശിരസ്സുകൾ
ചക്രത്തിനാൽ ഹരിച്ചാൻ ഹരി ലീലയായ്. 10

ഉത്തമാങ്ഗങ്ങൾ മുറിഞ്ഞസുവററുടൻ
വൃത്രാരിവജ്രം പതിച്ചററുവീണതാം

ശൃങ്ഗങ്ങളാലും ഗിരിയെന്നമാതിരി–
യങ്ങു പതിച്ചാൻ മുരാസുരൻ ഭീകരൻ.

താതവധാർത്തരായീട്ടും തദീയാത്മ–
ജാതരേഴും പ്രതികാരത്തിനെത്തിനാർ. 11

ആയുധമാന്ന നരകനാൽ പ്രേരിത–
രായവർ പീഠനെസ്സേനാപതിയാക്കി

മുൻനിർത്തിയന്തരിക്ഷൻ, ശ്രവണൻ, വസു,
പിന്നെ നഭസ്വാൻ, വിഭാവസു, താമ്രനും,

സപ്തമനാകുമരുണനും വന്നിതു
കെല്പോടുമായോധനത്തിനതിദ്രുതം. 12

ദ്വേഷം മുഴുത്തുഗ്രരാമവർ വന്നെതി–
ർത്തീശനാം കൃഷ്ണനിൽ ശൂലവും ശക്തിയും

ഋഷ്ടിയും വാളും ഗദയും ശരങ്ങളും
ധാർഷ്ട്യത്തൊടും പ്രയോഗിച്ചതശേഷവും

ബാണങ്ങളാൽ തിലപ്രായമാക്കീ രമാ–
ജാനിയമോഘവീര്യൻ ബഹുവിസ്മയം! 13

പീഠൻപ്രധാനിയായുള്ളോരസ്സേനയെ–
പ്പാടേ ഭഗവാൻ സ്വചക്രബാണങ്ങളാൽ

കൈകാൽ ശിരസ്സു തുട കവചങ്ങളു–
മാകവേ ഖണ്ഡിച്ചു ദണ്ഡപാണീപുരം

ചിക്കെന്നണച്ചതു പാർത്തതിദുഃഖവു–
മുൾക്രോധവുമാർന്നണഞ്ഞു ഭൗമാസുരൻ. 14

തീരെ ക്രുധ സഹിച്ചീടാതെയായവൻ
വാരിധിതന്നിൽനിന്നും ജനിച്ചുള്ളതായ്

പാരം മദജലം വാർന്നൊഴുകുന്നതാ–
മേറെഗ്ഗജങ്ങളുമായ് വന്നെതിരിട്ടു

സൂര്യോപരിസ്ഥം തടിന്മേഘമെന്നപോൽ
ഭാര്യാന്വിതം ഗരുഡൻമേലിരുന്നിടും

ശൗരിയിൽ ഘോരമാകും ശതഘ്ന്യായുധം
നേരേ പ്രയോഗിച്ചതോടൊപ്പമേവരും

നാരാചവർഷവും പാരം ചൊരിഞ്ഞിതാ
നാരായണസ്വാമിതന്നുടെ മേനിയിൽ. 15

അക്ഷണംതാൻ ഭഗവാൻ ചിറകൊത്തതി–
രൂക്ഷമാമമ്പുകൾ വിട്ടപ്പടയുടെ

ഉത്തമാങ്ഗം തുട കൈകാലുകൾ തനു
ചട്ടയും ഛേദിച്ചു തള്ളിക്കണക്കററു

ആനകളേയും തുരഗഗണത്തെയും
പ്രാണവിഹീനങ്ങളാക്കി വീഴ്ത്തീടിനാൻ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാനി യോധൈഃ പ്രയുക്താനി ശസ്ത്രാസ്ത്രാണി കുരൂദ്വഹ!
ഹരിസ്താന്യച്ഛിനത്തീക്ഷ്ണൈഃ ശരൈരേകൈകശസ്ത്രിഭിഃ.17
ഉഹ്യമാനഃ സുപര്‍ണ്ണേന പക്ഷാഭ്യാം നിഘ്നതാ ഗജാൻ
ഗരുത്മതാ ഹന്യമാനാസ്തുണ്ഡപക്ഷനഖൈര്‍ഗ്ജാഃ. 18
പുരമേവാവിശന്നാര്‍ത്താ നരകോ യുധ്യയുധ്യത
ദൃഷ്ട്വാ വിദ്രാവിതം സൈന്യം ഗരുഡേനാര്‍ദ്ദിതം സ്വകം. 19
തം ഭൗമഃ പ്രാഹരച്ഛക്ത്യാ വജ്രഃ പ്രതിഹതോ യതഃ
നാകമ്പത തയാ വിദ്ധോ, മാലാഹത ഇവ ദ്വിപഃ. 20
ശൂലം ഭൗമോഽച്യുതം ഹന്തുമാദദേ വിതഥോദ്യമഃ
തദ്വിസര്‍ഗ്ഗാത് പൂര്‍വ്വമേവ നരകസ്യ ശിരോ ഹരിഃ
അപാഹരദ് ഗജസ്ഥസ്യ ചക്രേണ ക്ഷുരനേമിനാ. 21

സകുണ്ഡലം ചാരുകിരീടഭൂഷണം
ബഭൗ പൃഥിവ്യാം പതിതം സമുജ്ജ്വലത്
ഹാഹേതി സാധ്വിത്യൃഷയഃ സുരേശ്വരാ
മാല്യൈര്‍മ്മുകുന്ദം വികിരന്ത ഈഡിരേ. 22
തതശ്ച ഭൂഃ കൃഷ്ണമുപേത്യ കുണ്ഡലേ
പ്രതപ്തജാംബൂനദരത്നഭാസ്വരേ
സവൈജയന്ത്യാ വനമാലയാര്‍പ്പയത്
പ്രാചേതസം ഛത്രമഥോ മഹാമണിം. 23

അസ്തൗഷീദഥ വിശ്വേശം ദേവീ ദേവവരാര്‍ച്ചിതം
പ്രാഞ്ജലിഃ പ്രണതാ, രാജൻ, ഭക്തിപ്രവണയാ ധിയാ. 24

ഭൂമിരുവാച

നമസ്തേ ദേവദേവേശ! ശങ്ഖചക്രഗദാധര!
ഭക്തേച്ഛോപാത്തരൂപായ പരമാത്മൻ നമോഽസ്തു തേ. 25
നമഃ പങ്കജനാഭായ നമഃ പങ്കജമാലിനേ
നമഃ പങ്കജനേത്രായ നമസ്തേ പങ്കജാങ്ഘ്രയേ. 26
നമോ ഭഗവതേ തുഭ്യം വാസുദേവായ വിഷ്ണവേ
പുരുഷായാദിബീജായ പൂര്‍ണ്ണബോധായ തേ നമഃ. 27
അജായ ജനയിത്രേഽസ്യ ബ്രഹ്മണേഽനന്തശക്തയേ
പരാവരാത്മൻ! ഭൂതാത്മൻ! പരമാത്മൻ! നമോഽസ്തു തേ. 28

ത്വം വൈ സിസൃക്ഷുരജ ഉത്കടം, പ്രഭോ,
തമോ നിരോധായ ബിഭര്‍ഷ്യസംവൃതഃ
സ്ഥാനായ സത്ത്വം ജഗതോ ജഗത്പതേ!
കാലഃ പ്രധാനം പുരുഷോ ഭവാൻ പരഃ. 29
അഹം പയോ ജ്യോതിരഥാനിലോ നഭോ
മാത്രാണി ദേവാ മന ഇന്ദ്രിയാണി
കര്‍ത്താ മഹാനിത്യഖിലം ചരാചരം
ത്വയ്യദ്വിതീയേ ഭഗവന്നയം ഭ്രമഃ. 30
തസ്യാത്മജോഽയം തവ പാദപങ്കജം
ഭീതഃ പ്രപന്നാര്‍ത്തിഹരോപസാദിതഃ
തത് പാലയൈനം കുരു ഹസ്തപങ്കജം
ശിരസ്യമുഷ്യാഖിലകല്മഷാപഹം. 31

ശ്രീശുക ഉവാച

ഇതി ഭൂമ്യാര്‍ത്ഥിതോ വാഗ്ഭിര്‍ഭഗവാൻ ഭക്തിനമ്രയാ
ദത്ത്വാഭയം ഭൗമഗൃഹം പ്രാവിശത് സകലര്‍ദ്ധിമത്. 32
തത്ര രാജന്യകന്യാനാം ഷട്സഹസ്രാധികായുതം
ഭൗമാഹൃതാനാം വിക്രമ്യ രാജഭ്യോ ദദൃശേ ഹരിഃ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൗമടോസ്ത്രശസ്ത്രങ്ങളോരോന്നുമാ-
ശ്രീമാൻ മുറിച്ചിതു മൂന്നു ശരങ്ങളാൽ. 17

താർക്ഷ്യൻ ഭഗവാനെയുമാവഹിച്ചിരു-
പക്ഷങ്ങളാം ചുണ്ടു നഖങ്ങളിവററിനാൽ

കൊത്തിയും മാന്തിയും താഡനംചെയ്തുമ-
മ്മത്തഗജങ്ങളെശ്ശല്യപ്പെടുത്തിനാൻ. 18

ആനകളെല്ലാം നിലവിളിച്ചക്ഷണം
നാനാവഴി പാഞ്ഞണഞ്ഞിതു പത്തനം.

ആയതു കണ്ടു കോപിച്ചു ഭഗവാനൊ-
ടായിത്തുടന്നിതു ഭൗമനായോധനം. 19

ഇന്ദ്രവജ്രത്തെജ്ജയിച്ച ശക്ത്യായുധം-
കൊണ്ടു നരകനടിച്ചിതു താർക്ഷ്യനെ

മാലകൊണ്ടുള്ളോരടി വാരണമെന്ന-
പോലെ ഗണിച്ചാൻ ഗരുഡനത്താഡനം. 20

പിന്നെയവൻ ശൂലമാന്നാൻ മുരാരിയെ-
ക്കൊന്നീടുവാനായ് പ്രയോജനമെന്നിയേ

ശൂലം വിടുംമുൻപു ചക്രത്തിനാലാന-
മേലാമവൻെറ ശിരസ്സറുത്താൻ ഹരി. 21

കണ്ഡലബന്ധത്തൊടും കിരീടത്തൊടും
മിന്നും തദുത്തമാങ്ഗം താഴെ വീഴവേ

വിണ്ണോർവരരും മുനികളും ഹാ! സാധു-
വെന്നായ് മലർമാരിതൂവി സ്തുതിച്ചിതു. 22

അപ്പോഗം ധരാദേവി കൃഷ്ണാന്തികം വന്നു
തപ്തസുവർണ്ണപതിതരത്നാഭമാം

കണ്ഡലബന്ധമാ വൈജയന്തീമാല-
യെന്നതുമുന്നതവാരുണച്ഛത്രവും

പിന്നെ മഹാമണിയും ഹരിപാദാര-
വിന്ദങ്ങളിൽ സമർപ്പിച്ചിതു സാദരം. 23

മന്നവാ! പിന്നെദ്ധരണിവൃന്ദാരക-
വൃന്ദനിഷേവിതനാം ജഗന്നാഥനെ

വീണു നമിച്ചഞ്ജലിചെയ്തു ഭക്തിയാ-
ലാനമ്രധീയായിവണ്ണം സ്തുതിച്ചിതു. 24

ഭൂമി പറഞ്ഞു

ഭക്തേച്ഛപോലെതാൻ രൂപമാളും ശങ്ഖ-
ചക്രഗദാധരാ! വിഷ്ണോ! നമസ്തുതി

ദേവദേവേശാ! പരമാത്മകാ! ഹരേ!
ഹേ വിഭോ! നിത്യം നമസ്കരിക്കുന്നു ഞാൻ. 25

പങ്കജനാഭാ! നമിപ്പു ഭവാനെ ഞാൻ
പങ്കജമാലിൻ! ഭവാനു നമസ്തുതി

പങ്കജനേത്രാ! നമിക്കുന്നിതങ്ങയെ,
പങ്കജപാദാ! നമസ്കാരമെപ്പൊഴും. 26

ശ്രീവാസുദേവനായ് കാരണമൂലമായ്
ശ്രീവിഷ്ണുവാം ഭവാനായി നമസ്തുതി.

ഐശ്വര്യയുക്തനായ് ജ്ഞാനസംപൂർണ്ണനാ-
മീശാ! ഭവാനെ നമസ്കരിക്കുന്നു ഞാൻ. 27

ജന്മാദിഹീനാ! സമസ്തഗുണാത്മകാ!
ബ്രഹ്മമേ കാരണകാര്യരൂപാ! ഹരേ!

അന്തമററുള്ള ബലമെഴും സർവ്വഭൂ-
താന്തരങ്ഗസ്ഥിതാ! നിത്യം നമസ്തുതി. 28

ലോകനിർമ്മാണാശമൂലം രജോഗുണം
സ്വീകരിച്ചങ്ങുലകം രചിക്കുന്നിതേ,

സത്വഗുണമാന്നു പാലിച്ചിടുന്നിതു
രുദ്രനായ് സംഹരിക്കുന്നു തമസ്സിനാൽ

ഛന്നനല്ലാത്ത പരൻപൂരുഷൻ ഭവാൻ-
തന്നെയാം കാലം പ്രധാനവുമീശ്വരാ! 29

ഞാൻ തൊട്ടു പഞ്ചഭൂതങ്ങളും ശബ്ദാദിയു-
മിന്ദ്രാദിവാനോർ മനസ്സിന്ദ്രിയങ്ങളും

കത്താവതാമഹംകാരം മഹത്തത്വ-
ബുദ്ധികളെന്നിച്ചരാചരം സർവ്വം

ഭ്രാന്തിയത്രേ,യേകനായ് ഭഗവാനായ
നിന്തിരുമേനിയിലെന്നതു നിർണ്ണയം. 30

ആശ്രയിക്കുന്നോർക്കഭയം കൊടുത്തിടു-
മീശ്വരാ! ഭീതനാമിബ്ഭൗമപുത്രനെ

തൽപദപങ്കജംതന്നിലർപ്പിക്കുന്നി-
തിപ്പോ,ളവിടുന്നിവനെ രക്ഷിക്കണേ.

കല്മഷധ്വംസിയാം തൽപാണിപദ്മമീ
നിർമ്മലൻതൻ ശിരസ്സിങ്കലണയ്ക്കണേ. 31

ശ്രീശുകൻ പറഞ്ഞു

ഈവിധം ഭക്തിയാൽ നമ്രയായമ്മഹീ-
ദേവിയർത്ഥിക്കവേയിന്ദിരാവല്ലഭൻ

അൻപാന്നവന്നഭയം കൊടുത്തിട്ടുടൻ
സമ്പന്നമാം ഭൗമഗേഹം ഗമിച്ചിതു. 32

നേരേ നരകൻ ഹരിച്ചതാകും പതി-
നാറായിരം നൃപകന്യകമാരെയും

കണ്ടീടിനാനന്നരകഭവനത്തി-
ലിണ്ടലോടും വസിക്കുന്നതായ് മാധവൻ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം പ്രവിഷ്ടം സ്ത്രിയോ വീക്ഷ്യ നരവീരം വിമോഹിതാഃ
മനസാ വവ്രിരേഽഭീഷ്ടം പതിം ദൈവോപസാദിതം. 34

''ഭൂയാത് പതിരയം മഹ്യം ധാതാ തദനുമോദതാം''
ഇതി സർവ്വാഃ പൃഥക് കൃഷ്ണേ ഭാവേന ഹൃദയം ദധുഃ. 35

താഃ പ്രാഹിണോദ്ദ്വാരവതീം സുമൃഷ്ടവിരജോഽംബരാഃ
നരയാനൈർമ്മഹാകോശാൻ രഥാശ്വാൻ ദ്രവിണം മഹത്. 36

ഐരാവതകുലേഭാംശ്ച ചതുർദ്ദന്താംസ്തരസ്വിനഃ
പാണ്ഡുരാംശ്ച ചതുഃഷഷ്ടിം പ്രേഷയാമാസ കേശവഃ. 37

ഗത്വാ സുരേന്ദ്രഭവനം ദത്ത്വാദിത്യൈ ച കുണ്ഡലേ
പൂജിതസ്ത്രിദശേന്ദ്രേണ സഹേന്ദ്രാണ്യാ ച സപ്രിയഃ. 38

ചോദിതോ ഭാര്യയോത്പാട്യ പാരിജാതം ഗരുത്മതി
ആരോപ്യ സേന്ദ്രാൻ വിബുധാൻ നിർജ്ജിത്യോപാനയത്
പുരം. 39

സ്ഥാപിതഃ സത്യഭാമായാ ഗൃഹോദ്യാനോപശോഭനഃ
അന്വഗുർഭ്രമരാഃ സ്വർഗ്ഗാത് തദ്ഗന്ധാസവലമ്പടാഃ. 40

യയാച ആനമ്യ കിരീടകോടിഭിഃ
പാദൗ സ്പൃശന്നച്യുതമർത്ഥസാധനം
സിദ്ധാർത്ഥ ഏതേന വിഗൃഹ്യതേ മഹാ-
നഹോ സുരാണാം ച തമോ, ധിഗാഢ്യതാം. 41

അഥോ മുഹൂർത്ത ഏകസ്മിൻ നാനാഗാരേഷു താഃ സ്ത്രിയഃ
യഥോപയേമേ ഭഗവാംസ്താവദ്രൂപധരോഽവ്യയഃ. 42

ഗൃഹേഷു താസാമനപായ്യതർക്ക്യകൃ-
ന്നിരസ്തസാമ്യാതിശയേഷ്വവസ്ഥിതഃ
രേമേ രമാഭിർന്നിജകാമസംപ്ലുതോ
യഥേതരോ ഗാർഹകമേധികാംശ്ചരൻ. 43

ഇത്ഥം രമാപതിമവാപ്യ പതിം സ്ത്രിയസ്താ
ബ്രഹ്മാദയോഽപി ന വിദുഃ പദവീം യദീയാം
ഭേജുർമ്മുദാ വിരതമേധിതയാനുരാഗ-
ഹാസാവലോകനവസങ്ഗമജല്പലജ്ജാഃ. 44

പ്രത്യുദ്ഗമാസനവരാർഹണപാദശൗച-
താംബൂലവിശ്രമണവീജനഗന്ധമാല്യൈഃ
കേശപ്രസാരശയനസ്നപനോപഹാരൈ-
ർദ്ദാസീശതാ അപി വിഭോർവിദധുഃ സ്മ ദാസ്യം. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
പാരിജാതഹരണനരകവധോ നാമ ഏകോനഷഷ്ടിതമോഽധ്യായഃ

ഷഷ്ടിതമോഽധ്യായഃ

ശ്രീശുക ഉവാച
കർഹിചിത് സുഖമാസീനം സ്വതല്പസ്ഥം ജഗദ്ഗുരും
പതിം പര്യചരദ് ഭൈഷ്മീ വ്യജനേന സഖീജനൈഃ. 1

യസ്ത്വേതല്ലീലയാ വിശ്വം സൃജത്യത്ത്യവതീശ്വരഃ
സ ഹി ജാതഃ സ്വസേത്വനാം ഗോപീഥായ യദുഷ്വജഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗതനാം നരവീരനെക്കണ്ടൊരാ
സ്ത്രീകൾ മോഹിച്ചു മനസ്സുകൊണ്ടക്ഷണം

ദൈവം സമീപമണച്ചോരഭീഷ്ടനാ-
മാ വിഭൂവേ വരനായ് വരിച്ചീടിനാർ. 34

''ഇദ്ദേഹമെന്നുടെ വല്ലഭനാകുവാൻ
സത്വരം ദൈവമെന്നിൽ പ്രസാദിക്കണം.''

പ്രത്യേകമീവിധമോരോരുത്തനവിയ-
മോർത്തുറപ്പിച്ചിതു കണ്ണനിൽ മാനസം. 35

ശുദ്ധവസ്ത്രാലംകൃതകളായ് നിർമ്മല-
ചിത്തമാരാകുമന്നാരീജനങ്ങളെ

തണ്ടുകളിൽ ദ്വാരകയ്ക്കയച്ചീടിനാൻ
വേണ്ടും ധനാശ്വരഥകോശസംയുതം. 36

ഐരാവതവംശജങ്ങളായുക്കൊണ്ടു
പാരം വെളുത്തു നന്നാലുകൊമ്പാർന്നിടും

ആനകളേയറുപത്തിനാലെണ്ണത്തെ-
യാ നാട്ടിൽനിന്നും ഭഗവാനയച്ചിതു. 37

ഇന്ദ്രസദനത്തിലെത്തിയദിതിക്കു
കുണ്ഡലദ്വന്ദ്വം കൊടുത്തു, സഭാര്യനാം

ശക്രനാലർച്ചിതനായാൻ പ്രിയയോടു
യുക്തനായ് മിന്നിടുമിന്ദിരാവല്ലഭൻ. 38

ഭാര്യയാം ഭാമയാൽ പ്രേരിതനായഥ
പാരിജാതത്തെപ്പുഴക്കിയെടുത്തുടൻ

പക്ഷീന്ദ്രനിൽവച്ചുടക്കെത്തിയ സഹ-
സ്രാക്ഷാദിവിണ്ണോരെ
വെന്നണഞ്ഞാൻ പുരം. 39

സത്യഭാമാന്തഃപുരോപവനത്തിന-
തത്യന്തശോഭചേർക്കുംവിധം നട്ടിതു.

തദ്ഗന്ധമാധ്വീവിലോലമധുപാളി
സ്വർഗ്ഗത്തിൽനിന്നുമനുഗമിച്ചു പരം. 40

തൻകിരീടാഗ്രം പദാംബുരുഹങ്ങളിൽ
തങ്കിടുമാറു നമിച്ചു ഹരിയൊടായ്

കാര്യസിദ്ധിക്കായിരന്നു സിദ്ധാർത്ഥനായ്-
ത്തീരവേ പോരാടിനാൻ ശചീശൻ മഹാൻ.

വിണ്ണവർതന്നവിവേകമത്യദ്ഭുതം,
നിന്ദ്യമത്രേ തദ്ധനാഢ്യതയും പരം. 41

പിന്നെയൊരേ മുഹൂർത്തത്തിലസ്ത്രീകളെ
കണ്ണൻ പല ഭവനങ്ങളിൽവച്ചുതാൻ

അത്രയും രൂപംധരിച്ചു യഥാവിധി
പൃഥ്വീപതേ! വിവാഹംകഴിച്ചീടിനാൻ. 42

നിസ്തുലസമ്പത്സമൃദ്ധമായുള്ള തൻ
പത്തനംതോറും സ്വരൂപസ്ഥിതൻ ഹരി

നിത്യം നിജകാമമഗ്നനായ് സാമാന്യ-
മർത്ത്യനെപ്പോലെ ഗൃഹാശ്രമമാർന്നുതാൻ

ഭാര്യമാരാം പതിനാറായിരത്തെട്ടു
നാരിമാരോടു ചേർന്നാരമിച്ചീടിനാൻ. 43

ആരുടെ മാർഗ്ഗമജാദിസുരാധിപ-
ന്മാരുമറിഞ്ഞിടുന്നി,ല്ലാ രമേശനെ

വല്ലഭനായ് വരിച്ചേററവും മോദമാ-
ർന്നുല്ലസദ്രാഗസ്മിതകടാക്ഷങ്ങളും

സങ്ഗമം ഭാഷണം ലജ്ജയും പൂണ്ടിതേ-
യങ്ഗനാരത്നങ്ങളാമവരേവരും. 44

കിങ്കരിമാർ നൂറുവീതമാർന്നീടുമാ-
മങ്കമാർ മാധവനാഗമിച്ചീടവേ

ചെന്നെതിരേററാസനമേകിയർഘ്യവും
നന്ദിച്ചുനല്കി,പ്പദങ്ങൾ കഴുകുക,

താംബൂലമേകുക, കാലു തലോടുക,
നന്മട്ടു വീശുക, ചന്ദനം പൂശുക,

സൂനമാല്യം ചാർത്തുക, മുടി കെട്ടുക,
സ്നാനംകഴിപ്പിക്ക, ഭക്ഷണമേകുക,

താനേ സഹശയിച്ചീടുകയിങ്ങനെ
നാനാവിധം ദാസ്യമാർന്നു വസിച്ചിതു. 45

അദ്ധ്യായം 60

കൃഷ്ണരുക്മിണീസംവാദം

ശ്രീശുകൻ പറഞ്ഞു

ഏകദാ സൗഖ്യമായ് ശയ്യയിൽ വാണിടും
ലോകഗുരുവാം സ്വകാന്തനെ രുക്മിണി

ദാസിമാരോടൊത്തു വെഞ്ചാമരത്തിനാൽ
വീശിയുപചരിച്ചീടിനാൾ സാദരം. 1

ലീലയായ് ലോകം രചിച്ചു സംരക്ഷിച്ച-
താലയിപ്പിക്കുമജനാമധീശ്വരൻ

തന്നാൽ കൃതമായ മര്യാദ പാലിപ്പ-
തിന്നു യദുകുലത്തിൽ ജനിച്ചീടിനാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മിന്നന്തർഗൃഹേ ഭ്രാജന്മുക്താദാമവിലംബിനാ
വിരാജിതേ വിതാനേന ദീപൈർമ്മണിമയൈരപി. 3
മല്ലികാദാമഭിഃ പുഷ്പൈർദ്വിരേഫകുലനാദിതേ
ജാലരന്ധ്രപ്രവിഷ്ടൈശ്ച ഗോഭിശ്ചന്ദ്രമസോഽമലൈഃ. 4
പാരിജാതവനാമോദവായുനോദ്യാനശാലിനാ
ധൂപൈരഗുരുജൈ, രാജൻ! ജാലരന്ധ്രവിനിർഗ്ഗതൈഃ. 5
പയഃഫേനനിഭേ ശുഭ്രേ പര്യങ്കേ കശിപൂത്തമേ
ഉപതസ്ഥേ സുഖാസീനം ജഗതാമീശ്വരം പതിം. 6
വാലവ്യജനമാദായ രത്നദണ്ഡം സഖീകരാത്
തേന വീജയതീ ദേവീ ഉപാസാഞ്ചക്ര ഈശ്വരം. 7

സോപാച്യുതം ക്വണയതീ മണിനൂപുരാഭ്യാം
രേജേഽങ്ഗുലീയവലയവ്യജനാഗ്രഹസ്താ
വസ്ത്രാന്തഗൂഢകുചകുങ്കുമശോണഹാര–
ഭാസാ നിതംബധൃതയാ ച പരാർദ്ധ്യകാഞ്ച്യാ. 8
താം രൂപിണീം ശ്രിയമനന്യഗതിം നിരീക്ഷ്യ
യാ ലീലയാ ധൃതതനോരനുരൂപരൂപാ
പ്രീതഃ സ്മയന്നളകകുണ്ഡലനിഷ്കകണ്ഠ–
വക്ത്രോല്ലസത്സ്മിതസുധാം, ഹരിരാബഭാഷേ. 9

ശ്രീഭഗവാനുവാച

രാജപുത്രീപ്സിതാ ഭൂപൈർല്ലോകപാലവിഭൂതിഭിഃ
മഹാനുഭാവൈഃ ശ്രീമദ്ഭീ രൂപൗദാര്യബലോർജ്ജിതൈഃ. 10
താൻ പ്രാപ്താനർത്ഥിനോ ഹിത്വാ ചൈദ്യാദീൻ സ്മരദുർമ്മദാൻ
ദത്താ ഭ്രാത്രാ സ്വപിത്രാ ച കസ്മാന്നോ വവൃഷേഽസമാൻ? 11
രാജഭ്യോ ബിഭ്യതഃ സുഭ്രൂഃ സമുദ്രം ശരണം ഗതാൻ
ബലവദ്ഭിഃ കൃതദ്വേഷാൻ പ്രായസ്ത്യക്തനൃപാസനാൻ. 12
അസ്പഷ്ടവർത്മനാം പുംസാമലോകപഥമീയുഷാം
ആസ്ഥിതാഃ പദവീം സുഭ്രൂഃ പ്രായഃ സീദന്തി യോഷിതഃ. 13
നിഷ്കിഞ്ചനാ വയം ശശ്വന്നിഷ്കിഞ്ചനജനപ്രിയാഃ
തസ്മാത് പ്രായേണ ന ഹ്യാഢ്യാ മാം ഭജന്തി സുമധ്യമേ. 14
യയോരാത്മസമം വിത്തം ജന്മൈശ്വര്യാകൃതിർഭവഃ
തയോർവിവാഹോ മൈത്രീ ച നോത്തമാധമയോഃ
ക്വചിത്. 15

വൈദർഭ്യേതദവിജ്ഞായ ത്വയാഽദീർഘസമീക്ഷയാ
വൃതാ വയം ഗുണൈർഹീനാ ഭിക്ഷുഭിഃ ശ്ലാഘിതാ മുധാ. 16
അഥാത്മനോഽനുരൂപം വൈ ഭജസ്വ ക്ഷത്രിയർഷഭം
യേന ത്വമാശിഷഃ സത്യാ ഇഹാമുത്ര ച ലപ്സ്യസേ. 17
ചൈദ്യസാല്വജരാസന്ധദന്തവക്ത്രാദയോ നൃപാഃ
മമ ദ്വിഷന്തി വാമോരു! രുക്മീ ചാപി തവാഗ്രജഃ. 18
തേഷാം വീര്യമദാന്ധാനാം ദൃപ്താനാം സ്മയനുത്തയേ
ആനീതാസി മയാ ഭദ്രേ തേജോഽപഹരതാസതാം. 19
ഉദാസീനാ വയം നൂനം ന സ്ത്ര്യപത്യാർത്ഥകാമുകാഃ
ആത്മലബ്ധ്യാഽഽസ്മഹേ പൂർണ്ണാ ഗേഹയോർജ്ജ്യോതിര–
ക്രിയാഃ.'' 20

ശ്രീശുക ഉവാച

ഏതാവദുക്ത്വാ ഭഗവാനാത്മാനം വല്ലഭാമിവ
മന്യമാനാമവിശ്ലേഷാത് തദ്ദർപ്പഘ്ന ഉപാരമത്. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേലാപ്പിനാൽ സമലംകൃതമായ് മുത്തു-
മാലകളേറെയിഴഞ്ഞുകിടപ്പതായ്
നന്മണിദീപങ്ങളാൽ പ്രശോഭിച്ചിട്ട-
മമ്മഞ്ജുമന്ദിരംതന്നിലലോഭമായ്
പാരിജാതപ്പൂവനഗന്ധവാഹനും
നേരേയകിൽപ്പുകയും പ്രസരിപ്പതായ്
മല്ലികാമാലകൾ പൂക്കളും ചേർന്നതാ-
യുല്ലസദ്ഭൃംഗസല്ലാപമിയന്നതായ്
ചന്തമേറും ജാലകങ്ങളിലൂടവേ
ചന്ദ്രകിരണാവലി കടന്നേററവും
മിന്നുമന്തർഗൃഹംതന്നിൽ ജലനുര-
യെന്നകണക്കു ധാവള്യമിയന്നിട്ടും
പട്ടുതലയണയാളുമക്കട്ടിലി-
ലേററവും സൗഖ്യമായാസീനനായിട്ടും
വിശ്വേശ്വരനാകുമാത്മഭർത്താവിനെ-
യാശ്ചര്യരൂപിണി ദേവി സേവിച്ചിതു. 3-6
രത്നദണ്ഡംചേർന്ന വെഞ്ചാമരം വധൂ-
രത്നമാം രുക്മിണി തോഴിയിൽനിന്നുടൻ.
വാങ്ങി സ്വയമപ്പരൻപുമാനേയവൾ
ഭംഗിയായ് വീശിയുപാസനംചെയ്തിതു. 7
അച്യുതസന്നിധി രത്നമയങ്ങളാം
കാൽച്ചിലമ്പിന്നൊലിചേർത്തു, കരങ്ങളിൽ
അംഗുലീയങ്ങൾ വിശറി വളകളു-
മങ്ങു ധരിച്ചു സുവസ്ത്രാവൃതങ്ങളാം
കൊങ്കകളിലണിഞ്ഞീടിന കുങ്കുമ-
പങ്കത്തിനാൽത്തുടുത്തീടും മണിമാല
തങ്കി, നിതംബതലത്തിലനർഘമാം
പൊൻകാഞ്ചിപൂണ്ടു വിളങ്ങിനാൾ
രുക്മിണി. 8
ലീലാതനുവിന്നനുരൂപമായിട്ടും
ചേലഞ്ചുമാകൃതിയാർന്നളകങ്ങളും
കുണ്ഡലദ്വന്ദ്വം, ഗളത്തിൽ പതക്കം, സു-
മന്ദഹാസാമൃതമെന്നിവയും ചേർന്നു
താനെന്നിയേയന്യമായിട്ടുമാശ്രയം
കാണാതെതന്നേയുപാസനംചെയ്തലം
മിന്നുമാ ലക്ഷ്മിയാം രുക്മിണിയെക്കണ്ടു
നന്ദിച്ചു പുഞ്ചിരിപൂണ്ടു ചൊന്നാൻ ഹരി: 9
ശ്രീഭഗവാൻ പറഞ്ഞു
മന്നവകന്യേ! ജഗൽപാലകൈശ്വര്യ-
മാർന്ന മഹാനുഭാവന്മാർ മഹീശ്വരർ
സൗന്ദര്യരൂപബലൗദാര്യസദ്ഗുണ-
പൂർണ്ണരനേകർ കാമിച്ചവളാണു നീ. 10
മന്മഥമാലാർന്നു വന്നിരന്നീടുമാ
ദുർമ്മദന്മാരായ ചൈദ്യാദിഭൂപരെ
തള്ളിസ്സഹജൻെറയും പിതാവിൻെറയും
ചൊല്ലും വിഗണിച്ചു സാദൃശ്യമേതുമേ
ഇല്ലാതിരിക്കുമീയെന്നെ നീയെന്തിനായ്
വല്ലഭനാക്കി വരിച്ചു സുശോഭനേ! 11
സുന്ദരീ! ഞങ്ങൾ നൃപാലരെപ്പേടിച്ചു
വന്നിങ്ങു വാരിധിതന്നിൽ വാണീടുവോർ
ശക്തവിദ്വേഷം സമാർജ്ജിച്ചിരിപ്പവർ
മിക്കവാറും നൃപത്വം വിട്ടിരിപ്പവർ. 12
സ്പഷ്ടമാകാത്തോരലൗകികപന്ഥാവിൽ
നിത്യം ചരിക്കുന്നവരുമത്രേ ശുഭേ!
എങ്ങനെ ഞങ്ങൾ കഴിഞ്ഞുകൂടുന്നതെ-
ന്നിങ്ങാർക്കുമേതുമറിയാൻ പ്രയാസമാം.
അങ്ങനെയുള്ളോരു ഞങ്ങളെ നമ്പീട്ട-
മംഗനമാർക്കഴലെന്യേ സുഖം വരാ. 13
നിഷ്കിഞ്ചനരാണു ഞങ്ങളെല്ലായ്പൊഴും
നിഷ്കിഞ്ചനപ്രിയന്മാരുമത്രേ ദൃഢം.
ആകയാലെന്നെബ്ഭജിക്കാ സുമദ്ധ്യമേ
ലോകത്തിലാഢ്യരായുള്ളവരാരുമേ. 14
സമ്പത്തു സൗന്ദര്യമെന്നിവ രണ്ടിലും
സംഭവം ജന്മവിഭൂതിയിവററിലും,
സാദൃശ്യമുണ്ടിരുവർക്കുമെന്നാകിലേ
സാധുവായീടു വിവാഹവും മൈത്രിയും.
ഉത്തമന്മാർക്കുമധമർക്കുമന്യോന്യ-
മൊത്തതല്ലീവക രണ്ടുമൊരിക്കലും. 15
വൈദർഭി! നീയിക്കഥയറിഞ്ഞീടാതെ
ഹാ! ദീർഘദർശനം ലേശവുമെന്നിയേ
പാരമബ്ഭിക്ഷുക്കൾ വാഴ്ത്തുന്ന നിർഗ്ഗുണ-
ന്മാരായ ഞങ്ങളെയംഗീകരിച്ചിതേ. 16
തന്വീമണേ! നീയിഹത്തിൽ പരത്തിലും
നിന്നഭിലാഷങ്ങളേകാൻ സമർത്ഥനായ്
പാരമനുരൂപനായോരു സുക്ഷത്ര-
വീരനെത്തന്നെ വരിച്ചുകൊൾകിന്നി നീ. 17
ചേദിപ സാല്വ ജരാസന്ധ ദന്തവ-
ക്ത്രാദി നൃപരും തവാഗ്രജൻ രുക്മിയും
എന്നുടെ നിത്യവിരോധികളായ്ഭവി-
ച്ചെന്നെയധികമായ് ദ്വേഷിച്ചിരിപ്പതേ. 18
ഊക്കാലുയർന്ന മദത്തിനാലന്ധരാ-
മക്കൂട്ടർതന്നഹങ്കാരം ഹനിക്കുവാൻ
ഭദ്രേ! യസജ്ജനതേജോഹരനിവൻ
സത്വരം നിന്നെയും കൊണ്ടുപോന്നീടി-
നേൻ. 19
ഞങ്ങളുദാസീനരർത്ഥപുത്രാദിയി-
ലംഗനമാരിലുമാശയില്ലാത്തവർ
ദേഹഗേഹങ്ങളിൽ ജ്യോതിസ്സുപോൽ ക്രിയാ-
രാഹിത്യമാർന്നാത്മലാഭസമ്പൂർണ്ണരാം. 20
ശ്രീശുകൻ പറഞ്ഞു
വല്ലഭനെല്ലായ്പൊഴും തൻസമീപത്തി-
ലുള്ളതിനാലന്യപത്നിമാരിൽപരം
വല്ലഭ ഞാനെന്നു മാനിച്ചിരിക്കുമ-
മ്മല്ലാക്ഷി രുക്മിണിതൻ മുഷ്ക്കു തീർക്കുവാൻ
ഇത്തരമെല്ലാമവളോടു ചൊല്ലിയി-
ട്ടുത്തമപൂരുഷൻ മൗനംഭജിച്ചിതേ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ത്രിലോകേശപതേസ്തദാऽऽത്മനഃ
പ്രിയസ്യ ദേവ്യശ്രുതപൂർവ്വമപ്രിയം
ആശ്രുത്യ ഭീതാ ഹൃദി ജാതവേപഥു-
ശ്ചിന്താം ദുരന്താം രുദതീ ജഗാമ ഹ. 22
പദാ സുജാതേന നഖാരുണശ്രിയാ
ഭുവം ലിഖന്ത്യശ്രുഭിരഞ്ജനാസിതൈഃ
ആസിഞ്ചതീ കുങ്കുമരുഷിതൗ സ്തനൗ
തസ്ഥാവധോമുഖ്യതിദുഃഖരുദ്ധവാക്. 23
തസ്യാഃ സുദുഃഖഭയശോകവിനഷ്ടബുദ്ധേ-
ർഹസ്താച്ഛ്ലഥദ്വലയതോ വ്യജനം പപാത
ദേഹശ്ച വിക്ലവധിയഃ സഹസൈവ മുഹ്യൻ
രംഭേവ വായുവിഹതാ പ്രവികീര്യ കേശാൻ. 24
തദ്ദൃഷ്ട്വാ ഭഗവാൻ കൃഷ്ണഃ പ്രിയായാഃ പ്രേമബന്ധനം
ഹാസ്യപ്രൗഢിമജാനന്ത്യാഃ കരുണഃ സോऽന്വകമ്പത. 25
പര്യങ്കാദവരുഹ്യാശു താമുത്ഥാപ്യ ചതുർഭുജഃ
കേശാൻ സമുഹ്യ തദ്വക്ത്രം പ്രാമൃജത് പദ്മപാണിനാ. 26
പ്രമൃജ്യാശ്രുകലേ നേത്രേ സ്തനൗ ചോപഹതൗ ശുചാ
ആശ്ലിഷ്യ ബാഹുനാ രാജന്നനന്യവിഷയാം സതീം. 27
സാന്ത്വയാമാസ സാന്ത്വജ്ഞഃ കൃപയാ കൃപണാം പ്രഭുഃ
ഹാസ്യപ്രൗഢിഭ്രമച്ചിത്താമതദർഹാം സതാം ഗതിഃ. 28

ശ്രീഭഗവാനുവാച

മാ മാ വൈദർഭ്യസൂയേഥാ ജാനേ ത്വാം മത്പരായണാം
ത്വദ്വചഃ ശ്രോതുകാമേന ക്ഷ്വേല്യാऽऽചരിതമങ്ഗനേ! 29
മുഖം ച പ്രേമസംരംഭസ്ഫുരിതാധരമീക്ഷിതും
കടാക്ഷേപാരുണാപാങ്ഗം സുന്ദരഭ്രുകുടീതടം. 30
അയം ഹി പരമോ ലാഭോ ഗൃഹേഷു ഗൃഹമേധിനാം
യന്നർമ്മൈരീയതേ യാമഃ പ്രിയയാ, ഭീരു, ഭാമിനി. 31

ശ്രീശുക ഉവാച

സൈവം ഭഗവതാ രാജൻ! വൈദർഭീ പരിസാന്ത്വിതാ
ജ്ഞാത്വാ തത് പരിഹാസോക്തിം പ്രിയത്യാഗഭയം ജഹൗ. 32
ബഭാഷ ഋഷഭം പുംസാം വീക്ഷന്തീ ഭഗവന്മുഖം
സവ്രീഡഹാസരുചിരസ്നിഗ്ദ്ധാപാങ്ഗേന ഭാരത! 33

രുക്മിണ്യുവാച

നന്വേവമേതദരവിന്ദവിലോചനാഹ
യദ്വൈ ഭവാൻ ഭഗവതോऽസദൃശീ വിഭൂമ്നഃ
ക്വ സ്വേ മഹിമ്ന്യഭിരതോ ഭഗവാംസ്ത്ര്യധീശഃ
ക്വാഹം ഗുണപ്രകൃതിരജ്ഞഗൃഹീതപാദാ? 34
സത്യം ഭയാദിവ ഗുണേഭ്യ ഉരുക്രമാന്തഃ
ശേതേ സമുദ്ര ഉപലംഭനമാത്ര ആത്മാ
നിത്യം കദിന്ദ്രിയഗണൈഃ കൃതവിഗ്രഹസ്ത്വം
ത്വത്സേവകൈർന്നൃപപദം വിധുതം തമോऽന്ധം. 35
ത്വത്പാദപദ്മമകരന്ദജുഷാം മുനീനാം
വർത്മാസ്ഫുടം നൃപശുഭിർന്നനു ദുർവ്വിഭാവ്യം
യസ്മാദലൗകികമിവേഹിതമീശ്വരസ്യ
ഭൂമംസ്തവേഹിതമഥോ അനു യേ ഭവന്തം. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വത്രയേശനാം ഭർത്താവിൽനിന്നേവ-
മശ്രുതപൂർവ്വമാം വാക്കുകൾ കേട്ടവൾ
ഭീതയായ് നെഞ്ചിടിപ്പോടും കരഞ്ഞുകൊ-
ണ്ടാധിയോടാണ്ടാൾ ദുരന്തമാം ചിന്തയിൽ. 22

ചിന്നും നഖാരുണസ്വപ്രഭയാൽ പരം
മിന്നും പദത്താൽ വരച്ചും ധരിത്രിയിൽ
അഞ്ജനംചേർന്ന കറുത്ത കണ്ണീരിനാ-
ലഞ്ജസാ കുങ്കുമമാളും കുചങ്ങളെ
നന്നായ് നനച്ചുമധോമുഖിയായങ്ങു
നിന്നിതു നാവനക്കാൻ കഴിയാതഹോ! 23

ദുഃഖഭയങ്ങൾ വളർന്നു ചിന്താശക്തി
മിക്കതുമറ്റു വിവശയായാളവൾ.
ഊരിവീണു കങ്കണങ്ങൾ കരത്തിൽനി-
ന്നോരാതെ താഴെപ്പതിച്ചു വെൺചാമരം.
ദീനയായ് വാർമുടി ചിന്നി മോഹിച്ചുടൻ
വീണിതു കാററിൽപതിച്ചൊരു വാഴപോൽ.24

പ്രേമപ്രകർഷം പ്രകടമാക്കും പ്രിയ-
ഭാമിനിതൻ വീഴ്ച കണ്ടു കാരുണ്യവാൻ
മങ്ഗലദേവതാവല്ലഭൻതന്നന്ത-
രങ്ഗത്തിലാർദ്രത തിങ്ങിവിങ്ങീ തുലോം.25

ശയ്യയിൽനിന്നുമിറങ്ങിച്ചതുർഭുജൻ
കയ്യുകൾകൊണ്ടു പിടിച്ചെണീപ്പിച്ചുടൻ
താനേ തലമുടി ചേർത്തു കെട്ടിപ്പദ്മ-
പാണിയാൽ മെല്ലെത്തുടച്ചാൻ തദാനനം. 26

സാന്ത്വവിജ്ഞാനിയായ് സജ്ജനസഞ്ചയ-
മന്ത്യമെത്തേണ്ടും പദമാകുമാ പ്രഭു
കണ്ണീർതുളുമ്പും മിഴികളുമശ്രുവാൽ
ക്ലിന്നമാം കൊങ്കകളും തുടച്ചിട്ടുടൻ
അന്യാശ്രയമററു ഹാസ്യരസജ്ഞാന-
മെന്നിയേ കേഴുമസ്സാധ്വിയെയാർദ്രനായ്
പാണികളാൽ ഗാഢമാലിങ്ഗനംചെയ്തു
താനേ തടവിസ്സമാശ്വസിപ്പിച്ചിതു. 27–28

ശ്രീഭഗവാൻ പറഞ്ഞു

എന്നോടസൂയപ്പെടായ്ക വൈദർഭി! നീ
നിന്നെ മദേകാശ്രയയെന്നറിഞ്ഞു ഞാൻ.
പ്രേമകോപത്താലധരമിളക്കിയും
കാമം കടക്കൺ ചുവന്നും മനോജ്ഞമാം
ഭ്രൂ ലതായുഗ്മതടങ്ങളിണങ്ങിയും
ലാലസിക്കുന്നതായ് നിന്മുഖം കാൺകയും
നിൻ വാക്കു കേൾക്കയും ചെയ്യുവാനാഗ്രഹി-
ച്ചേവം വിനോദങ്ങൾ നിന്നോടു
ചൊന്നതാം. 29–30

ഖിന്നരാകും ഗൃഹമേധികൾക്കൊക്കെയും
സുന്ദരീമൗലേ! നിജകാന്തമാരുമായ്
തെല്ലുസമയം വിനോദരസത്തില-
ങ്ങുല്ലാസമായ് നയിക്കാനിടയാവുകിൽ
ഹേ ഭയശീലേ! യതു വലുതായൊരു
ലാഭമാണെന്നതിനില്ലൊരു സംശയം. 31

ശ്രീശുകൻ പറഞ്ഞു

മന്നവാ! വൈദർഭിയീവിധം മാധവൻ
ചൊന്ന വാക്യങ്ങളാലാശ്വസിച്ചേററവും
പിന്നെയതു നർമ്മവാക്യങ്ങളെന്നോർത്തു
തന്നേയിനി ത്യജിക്കില്ലെന്നുറച്ചിതു. 32

ഭാരതപുങ്ഗവാ! പിന്നെ ലജ്ജാസ്മേര-
ചാരുകടാക്ഷങ്ങളാൽ ഭഗവന്മുഖം
വീക്ഷിച്ചുകൊണ്ടപ്പുരുഷോത്തമനൊടായ്
ലക്ഷ്മീസമാനയാം രുക്മിണി ചൊല്ലിനാൾ.
33

രുക്മിണി പറഞ്ഞു

സാരസലോചനാ! നിന്തിരുമേനിതൻ
ഗീരുകൾ നേരുതാനില്ലൊരു സംശയം.
എങ്ങും നിറഞ്ഞു വിളങ്ങും ഭവാനൊടീ-
യങ്ഗനയ്ക്കില്ല സാദൃശ്യമേതും ഹരേ!
മൂർത്തിത്രയേശനായ് സ്വന്തമഹിമാവിൽ
നിത്യമാനന്ദിച്ചിരിക്കുമങ്ങെങ്ങുവാൻ?
ചാലവേ അജ്ഞാർച്ചിതപാദയായ് ഗുണ-
ശീലയായീടിന ഞാനെങ്ങു പാർക്കുകിൽ? 34

വിക്രമശാലിൻ! നിനക്കിലങ്ങേറെയ്ക്കൊട്ടു-
മുൾക്കാമ്പിലില്ല, ഭയമതും സത്യമാം.
ജ്ഞാനഘനനുമാത്മാവുമാം നിന്തിരു-
മേനി ഗുണഭീതനെന്നമട്ടിൽ സ്വയം
വാരിധിതന്നിലൊളിച്ചു വസിപ്പതും
നേരുതാൻ, കുത്സിതമാം വിഷയങ്ങളെ
അങ്ങൊട്ടുമിഷ്ടപ്പെടുന്നില്ലവയോടു
സംഗരംചെയ്യുന്നിതങ്ങുന്നനാരതം.
ഗാഢതമോന്ധമാമന്ധൃപസ്ഥാനവും
പാടേ വെടിഞ്ഞിതു താവകസേവകർ. 35

ത്വൽപാദപത്മമകരന്ദസേവന-
തൽപരരാം മുനിമാരുടെ പദ്ധതി
അസ്പഷ്ടവും പശുപ്രായരായീടുവോ-
ർക്കെപ്പൊഴുതും ദുർവിഭാവ്യവും തന്നെയാം.
ഹേ ഭഗവൻ! ഭവദ് ഭക്തജനങ്ങൾതൻ
വ്യാപാരവുമസാധാരണമാവുകിൽ
എങ്ങും നിറഞ്ഞ പരനാം ഭവാനുടെ
സങ്ഗതി ലൗകികമല്ലെന്നു ചൊല്ലണോ? 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഷ്കിഞ്ചനോ നനു ഭവാൻ ന യതോഽസ്തി കിഞ്ചി-
ദ്യസ്മൈ ബലിം ബലിഭുജോഽപി ഹരന്ത്യജാദ്യാഃ
ന ത്വാ വിദന്ത്യസുതൃപോഽന്തകമാഢ്യതാന്ധാഃ
പ്രേഷ്ഠോ ഭവാൻ ബലിഭുജാമപി തേഽപി തുഭ്യം. 37

ത്വം വൈ സമസ്തപുരുഷാർത്ഥമയഃ ഫലാത്മാ
യദ്വാഞ്ഛയാ സുമതയോ വിസൃജന്തി കൃത്സ്നം
തേഷാം വിഭോ! സമുചിതോ ഭവതഃ സമാജഃ
പുംസഃ സ്ത്രിയാശ്ച രതയോഃ സുഖദുഃഖിനോന്ന. 38

ത്വം ന്യസ്തദണ്ഡമുനിഭിർഗ്ഗദിതാനുഭാവ
ആത്മാഽഽത്മദശ്ച ജഗതാമിതി മേ വൃതോഽസി
ഹിത്വാ ഭവദ്ഭ്രുവ ഉദീരിതകാലവേഗ-
ധ്വസ്താശിഷോഽബ്ജഭവനാകപതീൻ, കുതോഽന്യേ? 39

ജാഡ്യം വചസ്തവ, ഗദാഗ്രജ, യസ്തു ഭൂപാൻ
വിദ്രാവ്യ ശാർങ്ഗനിനദേന ജഹർത്ഥ മാം ത്വം
സിംഹോ യഥാ സ്വബലിമീശ പശൂൻ സ്വഭാഗം
തേഭ്യോ ഭയാദ്യദുദധിം ശരണം പ്രപന്നഃ. 40

യദ്വാഞ്ഛയാ നൃപശിഖാമണയോഽങ്ഗ വൈന്യ-
ജായന്തനാഹുഷഗയാദയ ഐകപത്യം
രാജ്യം വിസൃജ്യ വിവിശുർവനമംബുജാക്ഷ!
സീദന്തി തേഽനുപദവീം ത ഇഹാസ്ഥിതാഃ കിം? 41

കാന്യം ശ്രയേത തവ പാദസരോജഗന്ധ-
മാഘ്രായ സന്മുഖരിതം ജനതാപവർഗ്ഗം
ലക്ഷ്മ്യാലയം ത്വവിഗണയ്യ ഗുണാലയസ്യ
മർത്ത്യാ സദോരുഭയമർത്ഥവിവിക്തദൃഷ്ടിഃ. 42

തം ത്വാനുരൂപമഭജം ജഗതാമധീശ-
മാത്മാനമത്ര ച പരത്ര ച കാമപൂരം
സ്യാന്മേ തവാങ്ഘ്രിരരണം സൃതിഭിർഭ്രമന്ത്യാ
യോ വൈ ഭജന്തമുപയാത്യനൃതാപവർഗ്ഗഃ. 43

തസ്യാഃ സ്യുരച്യുത നൃപാ ഭവതോപദിഷ്ടാഃ
സ്ത്രീണാം ഗൃഹേഷു ഖരഗോശ്വബിഡാലഭൃത്യാഃ
യത് കർണ്ണമൂലമരികർഷണ നോപയായാദ്
യുഷ്മത്കഥാ മൃഡവിരിഞ്ചസഭാസു ഗീതാ. 44

ത്വക്ശ്മശ്രുരോമനഖകേശപിനദ്ധമന്ത-
ർമ്മാംസാസ്ഥിരക്തകൃമിവിട്കഫപിത്തവാതം
ജീവച്ഛവം ഭജതി കാന്തമതിർവിമൂഢാ
യാ തേ പദാബ്ജമകരന്ദമജിഘ്രതീ സ്ത്രീ. 45

അസ്ത്വംബുജാക്ഷ, മമ തേ ചരണാനുരാഗ
ആത്മൻ! രതസ്യ മയി ചാനതിരിക്തദൃഷ്ടേഃ
യർഹ്യസ്യ വൃദ്ധയ ഉപാത്തരജോഽതിമാത്രോ
മാമീക്ഷസേ തദു ഹ നഃ പരമാനുകമ്പാ. 46

നൈവാളീകമഹം മന്യേ വചസ്തേ മധുസൂദന!
അംബായാ ഇവ ഹി പ്രായഃ കന്യായാഃ സ്യാദ്രതിഃ
ക്വചിത്. 47

വ്യൂഢായാശ്ചാപി പുംശ്ചല്യാ മനോഽഭ്യേതി നവം നവം
ബുധോഽസതീം ന ബിഭൃയാത് താം ബിഭ്രദുഭയച്യുതഃ. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരിൽനിന്നന്യമായില്ലൊന്നുമോർക്കുകിൽ
പാരിതിലബ്ഭവാൻ നിഷ്കിഞ്ചനൻ ദൃഢം.
ആഢ്യതയാലന്ധരായിന്ദ്രിയങ്ങൾതൻ–
പാട്ടിലായീടിന പാമരന്മാർ വിഭോ!
അങ്ങയെയന്തകനെന്നറിയുന്നതി–
ല്ലെങ്ങും സകാമരച്ഛിക്കുമജാദ്യരും
കാമം ഭജിപ്പൂ ഭവാനെയങ്ങും പരം
പ്രേമമവരുമായിപ്പുലർത്തുന്നിതു. 37
നീതാൻ സമസ്തവുമർത്ഥമയൻ ഫല–
ദാതാവുമോർക്കിൽ, ഭവത്സേവനാശയാൽ
ബുദ്ധിമാന്മാർ സർവ്വവും ത്യജിച്ചെപ്പൊഴു–
മുദ്യമിക്കുന്നു ഭവാനോടു ചേരുവാൻ.
അങ്ങനെയുള്ളവർക്കങ്ങേസ്സമാഗമം
മങ്ഗലദായകംതാൻ, രതിലോലരാം
സൗഖ്യദുഃഖാമഗ്നർ നാരീപുമാന്മാർക്കി–
തൊക്കുകയില്ലെന്നെനിക്കറിയാവതാം. 38
അന്യരെ ദണ്ഡിച്ചിടാതുള്ള മാമുനി–
വൃന്ദമാത്മപ്രദനായ് ജഗൽപ്രാണനാം
നിന്തിരുമേനിയെ നേരേയറിഞ്ഞുതാൻ
സന്തതം വാഞ്ഛന്നിതങ്ങേ മഹിമകൾ.
തദ്ഭ്രൂ ചലനമാത്രത്താൽ മനോരഥ–
മെപ്പേരുമസ്തമിച്ചിട്ടജേന്ദ്രാദ്യരും
ക്ഷിപ്രം നശിച്ചുപോമെന്നിരുന്നീടവേ–
യല്പജന്തുക്കടെ കാര്യമോതേണമോ?
ഞാനിതെല്ലാം ശരിയായറിഞ്ഞിട്ടുതാ–
നാണു ഭവാനെ വരനായ് വരിച്ചതും. 39
ഹേ ഗദജ്യേഷ്ഠാ! ജഗദീശ്വരാ! നിജ–
ഭാഗം മൃഗേന്ദ്രൻ മൃഗങ്ങളെയോടിച്ചു
കൈക്കലാക്കുംവിധം ശാർങ്ഗരവത്തിനാൽ
മുഷ്കരഭൂപരെയൊക്കെയും പായിച്ചു
സ്വന്തധനമാകുമെന്നെ ഹരിച്ചോരു
നിന്തിരുമേനിയവരെബ്ഭയന്നു പോയ്
സിന്ധുവിനെശ്ശരണംഗമിച്ചെന്ന ചൊ–
ല്ലെന്തസംബന്ധം, വെറും പൊളി നിർണ്ണയം. 40
മന്നോർമണികളായ് വാണിരുന്നോരംഗ–
വൈന്യജായന്തഗയനഹുഷാദികൾ
ശ്രീകാമുകനാം ഭവാനെയാശിച്ചട–
നേകാധിപത്യസ്വരാജ്യമുപേക്ഷിച്ചു
കാനനംതന്നിൽ പ്രവേശിച്ചു നിന്തിരു–
മേനിതൻ മാർഗ്ഗമാന്നാരവർ തുച്ഛരോ? 41
സദ്ഗുണധാമമാം നിന്തിരുമേനിതൻ,–
ഭക്തപ്രശംസ്യമായ് ദുഃഖവിധ്വംസിയായ്
ഇന്ദിരാധാമമാമപ്പദാബ്ജത്തിന്റെ
ഗന്ധമാഘ്രാണിച്ചശേഷമതു വിട്ടു
സാരജ്ഞയാമേതു നാരി വരിച്ചിടും
ഭീരുതയെപ്പൊഴും ചേർന്നീടുമന്യനെ? 42
ലോകേശ്വരനായിഹപരകാമങ്ങ–
ളേകുവോനായഖിലാന്തർനിവാസിയായ്
പാരമനുകൂലനായ് വിളങ്ങീടിന
ശൗരേ! ഭവാനെ വരിച്ചീടിനേനിവൾ.
സത്യമല്ലാത്ത ദേഹാദിഭ്രമം തീർത്തു
ഭക്തരെ വിട്ടുപിരിയാതെ കാത്തിടും
നിന്തിരുമേനിതൻ പാദം ഭവാബ്ധിയിൽ
നീന്തുമെനിക്കൊരു പോതമായ്ത്തീരണം. 43
ശത്രുഹരാ! ഹരബ്രഹ്മസഭകളിൽ
കീർത്തിച്ചിടും നിന്തിരുമേനിതൻ കഥ
ഏതൊരു നാരികൾ കേൾപ്പാനൊരിക്കലും
സാധിച്ചതില്ലയോ ദുർഭാഗ്യയാമവൾ.
നാരീഗൃഹങ്ങളിൽ കാള, കഴുത, മാ–
ർജ്ജാരൻ, ശുനകനിവയ്ക്കുമബ്ഭൃത്യനും
ഒപ്പമായ് നാണംവെടിഞ്ഞു കിടന്നിടു–
മബ്ഭൂപരെത്താൻ വരിക്കട്ടെ വല്ലഭാ! 4
ഏതൊരു കാമിനി ഭാവൽക്കപാദാബ്ജ–
ജാതമധുമണം ഘ്രാണിപ്പതില്ലയോ
ആ മൂഢ, ചർമ്മം, നഖം, കുന്തളം, മുഖ–
രോമമിവയാലെ മൂടിമറച്ചതായ്
ഉള്ളിൽ മാംസം, വസ, രക്തം, കൃമി, മല–
മെല്ലു, വാതം, കഫം, പിത്തവും ചേർന്നതാം
ജീവച്ഛവത്തിനെത്തന്നെ ഭജിക്കുന്നു
ജീവേശ്വരനെന്ന ബുദ്ധിയോടച്യുതാ! 45
എന്നിലംബുജനേത്രാ! വിശേഷദൃ–
ക്കെന്നിയേ ആത്മരതനായിരുന്നിടും
അങ്ങേക്കെഴും ചരണാബ്ജങ്ങളിൽ മമ
മങ്ങാതനുരാഗമുണ്ടായ്‌വരേണമേ!
ആയതിൻ വൃദ്ധിക്കുതക്കവണ്ണം രജ–
സ്സായത്തമാക്കിബ്ഭവാനൊന്നു നോക്കുകിൽ
ആയതുതന്നെ ഞങ്ങൾക്കേറ്റവും ശ്രേഷ്ഠ–
മായ പരമാനുകമ്പയും തോഷവും. 46
കള്ളമാണെന്നു കരുതുന്നതില്ല ഞാൻ
തെല്ലും ഭവാനുടെ ചൊല്ലു മധുരിപോ!
കന്യയാം കാശീശപുത്രിയംബയ്ക്കന്ന–
വണ്ണമൊരുത്തനിൽ സ്ത്രീക്കുളവാം രതി. 47
വേളികഴിച്ചവളാകിലും പുംശ്ചലി–
യാളുന്നു നിത്യം നവനവ മർത്ത്യരെ
ബുദ്ധിമാനായോൻ ഭരിക്കരുതപ്പാതി–
വ്രത്യവിഹീനയാം സ്ത്രീയെയൊരിക്കലും
പുംശ്ചലീഭർത്താവുഭയലോകത്തിലും
വിച്യുതനായ് ഭവിച്ചീടുന്നു നിശ്ചയം.'' 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

സാധ്വ്യേതച്ഛ്രോതുകാമൈസ്ത്വം രാജപുത്രി! പ്രലംഭിതാ
മയോദിതം യദന്വാത്ഥ സർവ്വം തത് സത്യമേവ ഹി. 49

യാൻ യാൻ കാമയസേ കാമാൻ മയ്യകാമായ ഭാമിനി!
സന്തി ഹ്യേകാന്തഭക്തായാസ്തവ, കല്യാണി, നിത്യദാ. 50

ഉപലബ്ധം പതിപ്രേമ പാതിവ്രത്യം ച തേഽനഘേ
യദ്വാക്യൈശ്ചാല്യമാനായാ ന ധീർമ്മയ്യപകർഷിതാ. 51

യേ മാം ഭജന്തി ദാമ്പത്യേ തപസാ വ്രതചര്യയാ
കാമാത്മാനോഽപവർഗ്ഗേശം മോഹിതാ മമ മായയാ. 52

മാം പ്രാപ്യ മാനിന്യപവർഗ്ഗസമ്പദം
വാഞ്ഛന്തി യേ സമ്പദ ഏവ തത്പതിം
തേ മന്ദഭാഗ്യാ നിരയേഽപി യേ നൃണാം
മാത്രാത്മകത്വാന്നിരയഃ സുസംഗമഃ. 53

ദിഷ്ട്യാ ഗൃഹേശ്വര്യസകൃന്മയി ത്വയാ
കൃതാനുവൃത്തിർഭവമോചനീ ഖലൈഃ
സുദുഷ്കരാസൗ സുതരാം ദുരാശിഷോ
ഹ്യസുംഭരായാ നികൃതിഞ്ജുഷഃ സ്ത്രിയാഃ. 54

ന ത്വാദൃശീം പ്രണയിനീം ഗൃഹിണീം ഗൃഹേഷു
പശ്യാമി മാനിനി! യയാ സ്വവിവാഹകാലേ
പ്രാപ്താൻ നൃപാനവഗണയ്യ രഹോഹരോ മേ
പ്രസ്ഥാപിതോ ദ്വിജ ഉപശ്രുതസത്കഥസ്യ. 55

ഭ്രാതുർവിരൂപകരണം യുധി നിർജ്ജിതസ്യ
പ്രോദ്വാഹപർവ്വണി, ച തദ്വധമക്ഷഗോഷ്ഠ്യാം
ദുഃഖം സമുത്ഥമസഹോഽസ്മദയോഗഭീത്യാ
നൈവാബ്രവീഃ കിമപി തേന വയം ജിതാസ്തേ. 56

ദൂതസ്ത്വയാഽഽത്മലഭനേ സുവിവിക്തമന്ത്രഃ
പ്രസ്ഥാപിതോ മയി ചിരായതി ശൂന്യമേതത്
മത്വാ ജിഹാസ ഇദമംഗമനന്യയോഗ്യം
തിഷ്ഠേത തത്ത്വയി വയം പ്രതിനന്ദയാമഃ. 57

ശ്രീശുക ഉവാച

ഏവം സൗരതസംലാപൈർഭഗവാഞ്ജഗദീശ്വരഃ
സ്വരതോ രമയാ രേമേ നരലോകം വിഡംബയൻ. 58

തഥാന്യാസാമപി വിഭുർഗൃഹേഷു ഗൃഹവാനിവ
ആസ്ഥിതോ ഗൃഹമേധീയാൻ ധർമ്മാംല്ലോകഗുരുർഹരിഃ. 59

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണരുക്മിണീസംവാദോ നാമ ഷഷ്ടിതമോഽധ്യായഃ

ഏകഷഷ്ടിതമോഽധ്യായഃ

ശ്രീശുക ഉവാച

ഏകൈകശസ്താഃ കൃഷ്ണസ്യ പുത്രാൻ ദശ ദശാബലാഃ
അജീജനന്നനവമാൻ പിതുഃ സർവ്വാത്മസമ്പദാ. 1

ഗൃഹാദനപഗം വീക്ഷ്യ രാജപുത്ര്യോഽച്യുതം സ്ഥിതം
പ്രേഷ്ഠം ന്യമംസത സ്വം സ്വം ന തത്തത്ത്വവിദഃ സ്ത്രിയഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

നിന്നുടെ വാക്കിതു കേൾക്കുവാനായ് നൃപ-
കന്യകേ! യെന്നാൽ പ്രലംഭിതയായി നീ

മദ്വാണികാംക്ഷ നിൻ വ്യാഖ്യാനവും പാക്കി-
ലെത്രയും സത്യമുചിതവുംതാൻ സതി! 49

അന്യവിഷയാശയസ്സമിപ്പിക്കുവാ-
നെന്നിലേകാന്തമാം ഭക്തിയാശിപ്പു നീ.

സുസ്ഥിരഭക്തി നിനക്കുണ്ടിവകല-
ത്യുത്തമേ! പ്രത്യേകമൊന്നും തരേണ്ട ഞാൻ. 50

സത്തമേ! വല്ലഭപ്രേമവും ചാരിത്ര-
ശുദ്ധിയും നിന്നിൽ വിളങ്ങുന്നു വേണ്ടപോൽ.

വാക്കുകളാൽ ഞാനിളക്കീട്ടുമെന്നിൽ നിൻ-
ധീസ്സു ചാഞ്ചല്യം സുമുഖി! കണ്ടീല ഞാൻ. 51

കാമസ്വഭാവികം ദമ്പതീസൗഖ്യം നി-
കാമമിച്ഛിച്ചു തപോവ്രതനിഷ്ഠരായ്

മുക്തിദനാമെന്നെയർച്ചിച്ചീടുന്നു നി-
സ്സക്മവരെന്റെ മായയാൽ മോഹിതർ. 52

സുന്ദരീ! മോക്ഷപ്രദാനനിപുണനാ-
മെന്നെശ്ശുഭാചരണങ്ങളാൽ പ്രാപിച്ചു

പിന്നെയും വിത്തമിച്ഛിക്ക,ന്നതേകുന്നോ-
രെന്നെയാശിക്കാ ഹതഭാഗ്യരാമവർ.

ശ്രേഷ്ഠമാം മാനുഷജന്മം ലഭിക്കിലും
വിട്ടിടുന്നില്ല വിഷയാശയെങ്കിലോ

പെട്ടിടും ഘോരനരകത്തിലായവൻ
പെട്ടെന്നതാകും സുലഭമല്ലോ പ്രിയേ! 53

ധന്യേ ഗൃഹേശ്വരീ! ദുഷ്ടക്കസാദ്ധ്യമാ-
യുന്നതസംസാരദുഃഖമൊഴിപ്പതായ്

എന്നോടിയലുമനുസരണം സദാ
നിന്നിലുണ്ടെന്നു കാണുന്നതു ഭാഗ്യമാം

ദുഷ്ടമായീടുമഭിപ്രായമാന്നസു-
പോററുവാനേററവുമാശയോടെപ്പൊഴും

അന്യനെ വഞ്ചിക്കുവാൻ മടിയററൊരു
തന്വിക്കു നേടാവതല്ലീ നില ശുഭേ! 54

മാന്യേ! സുശീലേ! ഗൃഹത്തിൽ ഗ്ഗൃഹി-
ണിയായ്
നിന്നെക്കണക്കു കാണ്മീലൊരു കാന്തയെ

കല്യാണകാലത്തു വന്ന നൃപന്മാരെ-
യെല്ലാം വിഗണിച്ചു, കേട്ടറിവാലെ നീ

സന്ദേശവും കൊടുത്തെന്നുടെ ചാരത്തു
മന്ദേതരമൊരു വിപ്രനെ വിട്ടിതു. 55

പോരിൽ മടങ്ങിയ നിൻസഹജന്നു ഞാൻ
വൈരൂപ്യമേററിയതും വേളിവേളയിൽ

ദ്യൂതകളിക്കും സ്ഥലത്തുവച്ചസ്സഹ-
ജാതനാം രുക്മിയെ നിഗ്രഹിച്ചെന്നതും

എന്നെപ്പിരിയുന്നതിലുള്ള ഭീതിയാ-
ലൊന്നുമേ മിണ്ടാതെ സവ്വം സഹിച്ചു നീ.

എന്നതുകാരണമായി നീ ഞങ്ങളെ
വെന്നിരിക്കുന്നിതു തന്വംഗിമാർമണേ! 56

പ്രാണനാമെന്നെ ലഭിപ്പതിനുന്നി നീ
വാണീടവേ വിവാഹത്തിനണഞ്ഞെത്തുവാൻ

തെല്ലു ഞാൻ താമസിച്ചപ്പൊഴതിജ്ജഗ-
ത്തെല്ലാം വെറും ശൂന്യമായ്ത്തന്നെ കണ്ടുടൻ

കല്യാണി! വിശ്വസ്തനാമൊരു ദൂതനെ
ചൊല്ലിയെൻ സന്നിധിവിട്ടതുമെന്നിയേ

അന്യനനഹ്മായീടുമീ നിൻ വപു-
സ്സന്നേരമേ തള്ളുവാനുമുറച്ചു നീ

ആ ഗുണം നിന്നിലിരിക്കെ നിനക്കൊന്നു-
മേകേണ്ടതില്ലഭിനന്ദനമെന്നിയേ. 57

ശ്രീശുകൻ പറഞ്ഞു

ലോകേശനാത്മരതൻ ഭഗവാൻ മത്ത്യ-
ലോകത്തെയേവമനുകരിച്ചച്യുതൻ

സൗരതസല്ലാപമാന്നഥ ലക്ഷ്മിയാം
ശ്രീരുക്മിണിയോടുചേന്നു രമിച്ചിതേ. 58

ലോകഗുരുവും വിഭുവുമായീടുമ-
ശ്ശ്രീകൃഷ്ണനാലയധമ്മമാന്നീവിധം

മററുള്ള ഭാര്യാഗൃഹങ്ങളിലും മുറ-
തെററാതെയദ്ധമ്മമാചരിച്ചീടിനാൻ. 59

അദ്ധ്യായം 61

അനിരുദ്ധവിവാഹം—രുക്മിവധം

ശ്രീശുകൻ പറഞ്ഞു

അക്കൃഷ്ണകാന്തമാരായിടുമോരോരു-
മൈക്കണ്ണിമാരും സമസ്തഗുണോച്ചയം

ഒത്തിണങ്ങിപ്പിതൃസന്നിഭന്മാരായ
പത്തു സുതരെവീതം ജനിപ്പിച്ചിതേ. 1

ഓരോ നൃപാത്മജമാരും ഗൃഹംവിട്ടു
ദൂരെഗ്ഗമിക്കാതെ വാഴും മുകുന്ദനെ

കണ്ടു താന്താങ്ങൾക്കതിപ്രിയനെന്നോത്തു-
കൊണ്ടാരറിഞ്ഞീല തത്തത്ത്വമാരുമേ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാർവബ്ജകോശവദനായതബാഹുനേത്ര-
സപ്രേമഹാസരസവീക്ഷിതവല്ഗുജല്പൈഃ
സമ്മോഹിതാ ഭഗവതോ ന മനോ വിജേതും
സ്വൈർവിഭ്രമൈഃ സമശകൻ വനിതാ വിഭ്വ്യഃ. 3
സ്മായാവലോകലവദർശിതഭാവഹാരി-
ഭ്രൂമണ്ഡലപ്രഹിതസൗരതമന്ത്രശൗണ്ഡൈഃ
പത്ന്യസ്തു ഷോഡശസഹസ്രമനംഗബാണൈ-
ര്യസ്യേന്ദ്രിയം വിമഥിതും കരണൈർന ശേകുഃ. 4
ഇത്ഥം രമാപതിമവാപ്യ പതിം സ്ത്രിയസ്താ
ബ്രഹ്മാദയോഽപി ന വിദുഃ പദവീം യദീയാം
ഭേജുർമുദാഽവിരതമേധിതയാഽനുരാഗ-
ഹാസാവലോകനവസംഗമലാലസാദ്യം. 5
പ്രത്യുദ്ഗമാസനവരാർഹണപാദശൗച-
താംബൂലവിശ്രമണവീജനഗന്ധമാല്യൈഃ
കേശപ്രസാരശയനസ്നപനോപഹാര്യൈ-
ർദാസീശതാ അപി വിഭോർവിദധുഃ സ്മ ദാസ്യം. 6
താസാം യാ ദശപുത്രാണാം കൃഷ്ണസ്ത്രീണാം പുരോദിതാഃ
അഷ്ടൗ മഹിഷ്യസ്തത്പുത്രാൻ പ്രദ്യുമ്നാദീൻ ഗൃണാമി തേ. 7
ചാരുദേഷ്ണഃ സുദേഷ്ണശ്ച ചാരുദേഹശ്ച വീര്യവാൻ
സുചാരുശ്ചാരുഗുപ്തശ്ച ഭദ്രചാരുസ്തഥാപരഃ. 8
ചാരുചന്ദ്രോ വിചാരുശ്ച ചാരുശ്ച ദശമോ ഹരേഃ
പ്രദ്യുമ്നപ്രമുഖാ ജാതാ രുക്മിണ്യാം നാവമാഃ പിതുഃ. 9
ഭാനുഃ സുഭാനുഃ സ്വർഭാനുഃ പ്രഭാനുർഭാനുമാംസ്തഥാ
ചന്ദ്രഭാനുർബൃഹദ്ഭാനുരതിഭാനുസ്തഥാഷ്ടമഃ. 10
ശ്രീഭാനുഃ പ്രതിഭാനുശ്ച സത്യഭാമാത്മജാ ദശ.
സാംബഃ സുമിത്രഃ പുരുജിച്ഛതജിച്ച സഹസ്രജിത്. 11
വിജയശ്ചിത്രകേതുശ്ച വസുമാൻ ദ്രവിഡഃ ക്രതുഃ
ജാംബവത്യാഃ സുതാ ഹ്യേതേ സാംബാദ്യാഃ പിതൃസമ്മതാഃ. 12
വീരശ്ചന്ദ്രോഽശ്വസേനശ്ച ചിത്രഗുർവേഗവാൻ വൃഷഃ
ആമഃ ശങ്കുർവസുഃ ശ്രീമാൻ കുന്തിർനാഗ്നജിതേഃ സുതാഃ. 13
ശ്രുതഃ കവിർവൃഷോ വീരഃ സുബാഹുർഭദ്ര ഏകലഃ
ശാന്തിർദർശഃ പൂർണ്ണമാസഃ കാളിന്ദ്യാഃ സോമകോഽവരഃ 14
പ്രഘോഷോ ഗാത്രവാൻ സിംഹോ ബലഃ പ്രബല ഊർദ്ധ്വഗഃ
മാദ്ര്യാഃ പുത്രാ മഹാശക്തിഃ സഹ ഓജോഽപരാജിതഃ. 15
വൃകോ ഹർഷോഽനിലോ ഗൃധ്രോ വർദ്ധനോഽന്നാദ ഏവ ച
*മഹീശഃ പാവനോ വഹ്നിർമിത്രവിന്ദാത്മജാഃ ക്ഷുധിഃ. 16
സംഗ്രാമജിദ് ബൃഹത്സേനഃ ശൂരഃ പ്രഹരണോഽരിജിത്
ജയഃ സുഭദ്രോ ഭദ്രായാ വാമ ആയുശ്ച സത്യകഃ. 17
ദീപ്തിമാംസ്താമ്രതപ്താദ്യാ രോഹിണ്യാസ്തനയാ ഹരേഃ
പ്രദ്യുമ്നാച്ചാനിരുദ്ധോഽഭൂദ്രുക്മവത്യാം മഹാബലഃ. 18
പുത്ര്യാം തു രുക്മിണോ, രാജൻ, നാമ്നാ ഭോജകടേ പുരേ
ഏതേഷാം പുത്രപൗത്രാശ്ച ബഭൂവുഃ കോടിശോ നൃപ,
മാതരഃ കൃഷ്ണജാതാനാം സഹസ്രാണി ച ഷോഡശ. 19
രാജോവാച
കഥം രുക്മ്യരിപുത്രായ പ്രാദാദ്ദുഹിതരം യുധി
കൃഷ്ണേന പരിഭൂതസ്തം ഹന്തും രന്ധ്രം പ്രതീക്ഷതേ.
ഏതദാഖ്യാഹി മേ വിദ്വൻ! ദ്വിഷോർവൈവാഹികം മിഥഃ. 20

* 'മഹാശ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാരുസരസിജതുല്യാനനം, പ്രേമ-
സാരസ്മേരൽസ്മിതം, മഞ്ജുളഭാഷണം,
ആയതബാഹുനേത്രങ്ങൾ, രസകര-
മായ കടാക്ഷമിവയാൽ വിമോഹിതർ
ആ സ്ത്രീകൾ തദ്വിലാസങ്ങളാൽ മാധവ-
ചിത്തം ജയിപ്പാനശക്തകളായിതേ. 3
ഗൂഢഹാസംചേർന്ന നോട്ടത്തിൽനിന്നുദി-
ച്ചീടുമന്തർഗ്ഗതം സ്പഷ്ടമാക്കുന്നതാം
ചില്ലീശരാസങ്ങളിൽനിന്നുതിർന്നിടും
മല്ലബാണാസ്ത്രങ്ങൾ കൃത്യങ്ങളാലുമേ
അക്കാന്തമാർ പതിനാറായിരത്തിനും
ശക്തിയില്ലാതായിളക്കുവാൻ തന്മനം. 4
ഇത്ഥം രമാകാന്തനെ സ്വന്തകാന്തനായ്
സിദ്ധിച്ചൊരാ സ്ത്രീജനത്തിൻപദവിയെ
ബ്രഹ്മാദ്യരുമറിഞ്ഞീല, ദിനംപ്രതി
ചെമ്മേ വളർന്നിടും സന്തുഷ്ടിയോടവർ
രാഗസ്മിതം കടാക്ഷം നവസങ്ഗമോ-
ദ്വേഗോത്സുകതയിവയെബ്ഭജിച്ചിതു. 5
ദാസിമാർ നൂറുനൂറുണ്ടെങ്കിലും ശ്രീനി-
വാസാഗമത്തിലപ്പത്നിമാർതാൻ സ്വയം
ചെന്നെതിരേററാസനാർഘ്യങ്ങൾ നല്കിയും
നന്നായ് പദങ്ങൾ കഴുകിത്തലോടിയും
താംബൂലമർപ്പിച്ചു വെൺചാമരത്തിനാൽ
നന്നുവീശി ശ്രമം ഹരിച്ചും പരം
ചന്ദനംപൂശി മാല്യംചാർത്തി വാർമുടി
നന്നായ് നിബന്ധിച്ചു ശയ്യ വിരിച്ചഥ
സ്നാനംകഴിപ്പിച്ചു ഭക്ഷ്യപേയങ്ങള-
ന്യൂനമർപ്പിച്ചും കൃതാർത്ഥകളായിതു. 6
പത്തുസുതർവീതമാളും ഹൃഷീകേശ-
പത്നികളിലെട്ടു മുഖ്യദാരങ്ങളെ
മുന്നം കഥിച്ചീടിനേൻ, ഞാനവരുടെ
നന്ദനനാമധേയങ്ങളും ചൊല്ലിടാം. 7
ചാരുദേഷ്ണൻ, സുദേഷ്ണൻ, വീര്യവാനായ
ചാരുദേഹൻ സുചാരു ചാരുഗുപ്തനും
ഭദ്രചാരു ചാരുചന്ദ്രൻ വിചാരുവും
ചാരുവും പൂർവ്വജൻ പ്രദ്യുമ്നനിങ്ങനെ
താതസമാനപ്രഭാവരാം രുക്മിണീ-
ജാതർതൻ പത്തുനാമങ്ങളെന്നോർക്ക. 8-9
ഭാനു സുഭാനു സ്വർഭാനു പ്രഭാനുവും
ഭാനുമാനും ചന്ദ്രഭാനു ബൃഹദ്ഭാനു
പിന്നതിഭാനു ശ്രീഭാനു പ്രതിഭാനു-
വെന്നിവർ പത്തുപേർ സത്യഭാമാസുതർ.
10-11
ജാംബവതീസുതർ സാംബൻ സുമിത്രനും
ചെമ്മേ പുരുജിത് ശതജിത്തുമെന്നവൻ

സാധോ! സഹസ്രജിത്തും വിജയൻ ചിത്ര-
കേതു,വസുമാൻ, ദ്രവിഡൻ, ക്രതുവുമാം. 12
വീരനും ചന്ദ്രാശ്വസേനനും ചിത്രഗു,
സാരജ്ഞ! വേഗവാനും വൃഷനാമകൻ
ആമനും ശങ്കു, വസു, സുന്ദരൻ കുന്തി-
യീമട്ടു പത്തുപേർ നാഗ്നജിതീസുതർ. 13
പിന്നെ ശ്രുതൻ കവിയും വൃഷൻ വീരനും
ധന്യൻ സുബാഹുവുമേകലൻ ഭദ്രനും
ശാന്തിയും ദർശനും പൂർണ്ണമാസൻതാനു-
മന്തിമൻ സോമനും കാളിന്ദിതൻ സുതർ. 14
ശ്രീപ്രഘോഷൻ ഗാത്രവാൻ സിംഹനും ബലൻ
ശ്രീപ്രബലോർദ്ധ്വഗന്മാർ മഹാശക്തിയും
പിന്നെസ്സഹനു,മോജ,സ്സപരാജിത-
നെന്നിവർ പത്തുപേർ ലക്ഷ്മണാപുത്രരാം. 15
ശ്രീവൃകൻ ഹർഷ,നനിലനും ഗൃധ്രനു-
മാവർദ്ധനനു,മുന്നാദൻ മഹീശനും
പാവനനാമകൻ വഹ്നിതാനും ക്ഷുധി-
യീവിധം പത്തുപേർ മിത്രവിന്ദാത്മജർ. 16
സംഗ്രാമജിത്തു ബൃഹത്സേനനും ശൂര-
നങ്ങു പ്രഹരണൻതാ,നരിജിത് ജയൻ
ശ്രീസുഭദ്രൻ വാമ,നായുസ്സു സത്യക-
നീസുതർ പത്തുമബ്ഭദ്രയിൽ ജാതരാം. 17
ദീപ്തിമാൻ, താമ്രതപ്തൻ മുതലായവ-
രുദ്ഭൂതരായിതു രോഹിണീദേവിയിൽ.
പ്രദ്യുമ്നനിൽനിന്നു രുക്മവതിക്കനി-
രുദ്ധനെന്നുണ്ടായ് ബലിഷ്ഠനൊരാത്മജൻ. 18
പ്രദ്യുമ്നപത്നിയാം രുക്മവതി രുക്മി-
പുത്രിതാൻ, ഭോജകടാഖ്യയിയന്നിടും
പത്തനംതന്നിൽ ജനിച്ചാനനിരുദ്ധ-
നിത്ഥം സഹസ്രം പതിനാറൊടെട്ടുമാം
ദൈത്യാരിദേവമഹിഷിമാർതൻപുത്ര-
പൗത്രരായ് കൃഷ്ണസന്താനപരമ്പര
കോടിക്കണക്കിനു നാശംക്കുനാശം വദ്ധിച്ചു
പാടേ നിറഞ്ഞു ധരാതലം കൗരവാ! 19

രാജാവു പറഞ്ഞു

ശത്രുവിൻ പുത്രനാം പ്രദ്യുമ്നനായ് നിജ-
പുത്രിയെയെങ്ങനെ രുക്മി കൊടുത്തിതു?
പോരിൽ പരാജിതനായവമാനവും-
പേറി ഹരിയെ വധിപ്പാനവസരം
കാത്തു വസിക്കുന്ന രുക്മിയെല്ലായ്പൊഴും,
പാർത്താൽ വിരോധികൾ തമ്മിലെബ്ബാന്ധവം
എങ്ങുമസാധാരണമെന്നിരിക്കയാ-
ലങ്ങിതിൻ ഹേതുവെന്തെന്നു ചൊല്ലീടണം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാഗതമതീതം ച വർത്തമാനമതീന്ദ്രിയം
വിപ്രകൃഷ്ടം വ്യവഹിതം സമ്യക് പശ്യന്തി യോഗിനഃ. 21

ശ്രീശുക ഉവാച

വൃതഃ സ്വയംവരേ സാക്ഷാദനങ്ഗോഽങ്ഗയുതസ്തയാ
രാജ്ഞഃ സമേതാൻ നിർജ്ജിത്യ ജഹാരൈകരഥോ യുധി. 22

യദ്യപ്യനുസ്മരൻ വൈരം രുക്മീ കൃഷ്ണാവമാനിതഃ
വ്യതരദ് ഭാഗിനേയായ സുതാം കുർവൻ സ്വസുഃ പ്രിയം. 23

രുക്മിണ്യാസ്തനയാം രാജൻ! കൃതവർമ്മസുതോ ബലീ
ഉപയേമേ വിശാലാക്ഷീം കന്യാം ചാരുമതീം കില. 24

ദൗഹിത്രായാനിരുദ്ധായ പൗത്രീം രുക്മ്യദദാദ്ധരേഃ
രോചനാം ബദ്ധവൈരോഽപി സ്വസുഃ പ്രിയചികീർഷയാ
ജാനന്നധർമ്മം തദ്യൗനം സ്നേഹപാശാനുബന്ധനഃ. 25

തസ്മിന്നഭ്യുദയേ രാജൻ! രുക്മിണീ രാമകേശവൗ
പുരം ഭോജകടം ജഗ്മുഃ സാംബപ്രദ്യുമ്നകാദയഃ. 26

തസ്മിൻ നിവൃത്ത ഉദ്വാഹേ കാലിങ്ഗപ്രമുഖാ നൃപാഃ
ദൃപ്താസ്തേ രുക്മിണം പ്രോചു, ''ർബ്ബലമക്ഷൈർവിനിർജ്ജയ. 27

അനക്ഷജ്ഞോ ഹ്യയം രാജന്നപി തദ്വ്യസനം മഹത്''
ഇത്യുക്തോ ബലമാഹൂയ തേനാക്ഷൈ രുക്മ്യദീവ്യത. 28

ശതം സഹസ്രമയുതം രാമസ്തത്രാദദേ പണം
തം തു രുക്മ്യജയത്തത്ര കാലിങ്ഗഃ പ്രാഹസദ്ബലം
ദന്താൻ സന്ദർശയന്നുച്ചൈർന്നാമൃഷ്യത്തദ്ധലായുധഃ. 29

തതോ ലക്ഷം രുക്മ്യഗൃഹ്ണാദ് ഗ്ലഹം തത്രാജയദ് ബലഃ
ജിതവാനഹമിത്യാഹ രുക്മീ കൈതവമാശ്രിതഃ. 30

മന്യുനാ ക്ഷുഭിതഃ ശ്രീമാൻ സമുദ്ര ഇവ പർവ്വണി
ജാത്യാരുണാക്ഷോഽതിരുഷാ ന്യർബ്ബുദം ഗ്ലഹമാദദേ. 31

തം ചാപി ജിതവാൻ രാമോ ധർമ്മേണ,ഛലമാശ്രിതഃ
രുക്മീ, ''ജിതം മയാത്രേമേ വദന്തു പ്രാശ്നികാ''ഇതി. 32

തദാബ്രവീന്നഭോവാണീ, ''ബലേനൈവ ജിതോ ഗ്ലഹഃ
ധർമ്മതോ വചനേനൈവ രുക്മീ വദതി വൈ മൃഷാ.'' 33

താമനാദൃത്യ വൈദർഭോ ദുഷ്ടരാജന്യചോദിതഃ
സങ്കർഷണം പരിഹസൻ ബഭാഷേ കാലചോദിതഃ. 34

'നൈവാക്ഷകോവിദാ യൂയം ഗോപാലാ വനഗോചരാഃ
അക്ഷൈർദ്ദീവ്യന്തി രാജാനോ ബാണൈശ്ച ന ഭവാദൃശാഃ.'' 35

രുക്മിണൈവമധിക്ഷിപ്തോ രാജഭിശ്ചോപഹാസിതഃ
ക്രുദ്ധഃ പരിഘമുദ്യമ്യ ജഘ്നേ തം നൃമ്ണസംസദി. 36

കലിങ്ഗരാജം തരസാ ഗൃഹീത്വാ ദശമേ പദേ
ദന്താനപാതയത് ക്രുദ്ധോ യോഽഹസദ്വിവൃതൈർദ്വിജൈഃ. 37

അന്യേ നിർഭിന്നബാഹൂരുശിരസോ രുധിരോക്ഷിതാഃ
രാജാനോ ദുദ്രുവുർഭീതാ ബലേന പരിഘാർദ്ദിതാഃ. 38

നിഹതേ രുക്മിണി സ്യാലേ നാബ്രവീത് സാധ്വസാധു വാ
രുക്മിണീബലയോ, രാജൻ, സ്നേഹഭങ്ഗഭയാദ്ധരിഃ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതവും ഭാവിയുമിന്ദ്രിയമാനസാ–
തീതവും ഛന്നവും ദൂരസ്ഥിതവുമാം
ഏതൊരു വർത്തമാനത്തെയും യോഗികൾ
ബോധിച്ചിടുന്നു യോഗേശ്വരാ! നല്ലപോൽ. 21

ശ്രീശുകൻ പറഞ്ഞു

സാക്ഷാലനംഗനെയംഗസംയുക്തനായ്
വീക്ഷിച്ചു കാമിച്ചവൾ വരിച്ചാൾ സ്വയം.
നേരേ സ്വയംവരത്തിൽ ധരാപാലരെ
പോരിൽ വെന്നിട്ടവളേ ഗ്രഹിച്ചാനവൻ. 22
കൃഷ്ണാവമാനിതൻ രുക്മിയശ്ശൗരിയിൽ
തീക്ഷ്ണവൈരത്തോടിരിപ്പവനെങ്കിലും
സോദരീസ്നേഹത്തിനാൽ ഭാഗിനേയനായ്
ചേതോഹരിയാം മകളെക്കൊടുത്തിതു. 23
ചാരുതചേർന്നിടും രുക്മിണീപുത്രിയാം
ചാരുമതിയെന്ന കന്യകാരത്നത്തെ
അക്കൃതവർമ്മാവുതന്റെ തനൂജനും
ശക്തനുമാം ബലിയെന്നവൻ വേട്ടിതു. 24
ദൈത്യാരിതൻ ബദ്ധശത്രുവാകും രുക്മി,
പുത്രതനൂജയാം രോചനയേയഥ
പുത്രീസുതനാമനിരുദ്ധനേകിനാൻ
പേർത്തുമധർമ്മമതെന്നറിഞ്ഞീടിലും
സോദരീസ്നേഹപാശാനുബന്ധത്തിനാൽ
സാദരമീ വേളിയും നടത്തീടിനാൻ. 25
ആ വിവാഹോത്സവത്തിന്നു വൈദർഭിയും
ഗോവിന്ദനും ബലഭദ്രനും സാംബനും
പ്രദ്യുമ്നമുഖ്യരും ഭോജകടമെന്ന–
പത്തനത്തിൽ പോയിരുന്നു മോദാന്വിതം. 26
കല്യാണകർമ്മം കഴിഞ്ഞു വിനോദമാ–
ന്നെല്ലാരുമങ്ങിരിക്കുന്നോരുവേളയിൽ
ചൂതിൽ ബലനെ ജയിക്കുവാൻ കാലിംഗ–
മേദിനീപാലാദ്യർ രുക്മിയോടോതിനാർ. 27
രാമനനക്ഷജ്ഞനാണെങ്കിലും ചൂതിൽ നി–
കാമം ഭ്രമിപ്പവനെന്നവർ ചൊല്ലയാൽ
അക്ഷണം രുക്മി ബലഭദ്രനെ വിളി–
ച്ചക്ഷങ്ങൾകൊണ്ടു കളി തുടങ്ങീടിനാൻ. 28
നൂറു പിന്നെസ്സഹസ്രം പതിനായിര–
മീരീതിയിൽ പണയംപറഞ്ഞാൻ ബലൻ.
വെന്നാനതൊക്കെയും രുക്മി കാലിംഗനാം
മന്നവൻ പല്ലു കാണിച്ചുകൊണ്ടങ്ങനെ
പാരമുറക്കെച്ചിരിച്ചു ഹസിച്ചതു
സീരായുധന്നു സഹിച്ചതില്ലേതുമേ! 29

ലക്ഷം പണയമായ് വച്ചിതു രുക്മിയ–
മക്ഷമതിൽബ്ബലഭദ്രൻ ജയിച്ചിതു.
ആയതും താൻതന്നെയാണു ജയിച്ചതെ–
ന്നായുടൻ മായംപറഞ്ഞീടിനാനവൻ. 30
സ്വാഭാവികമായ ഗുണാക്ഷനാം ഹലി
കാപട്യവാക്യങ്ങൾ കേട്ടു കോപത്തിനാൽ
അബ്ധി വെളുത്തവാവിൻനാളിലെന്നപോൽ
ക്ഷുബ്ധനായ് നിഷ്കം ദശകോടി വച്ചിതു. 31
ധർമ്മമായക്കളിയും ജയിച്ചാൻ ഹലി
മുൻമട്ടിലപ്പൊഴും രുക്മി പൊയ്യോതിനാൻ.
''ഇക്കുറിയും ഞാൻ ജയിച്ചിരിക്കുന്നതിൽ
തർക്കമെന്നാൽ പറയട്ടെ മദ്ധ്യസ്ഥർതാൻ.'' 32
''ഇക്കളി രാമൻ ജയിച്ചു ധർമ്മപ്പടി
ഭോഷ്കു പറയുന്നു രുക്മി''യെന്നിങ്ങനെ
അപ്പൊഴാകാശത്തുനിന്നശരീരിയും
സുസ്പഷ്ടമായിട്ടഖിലരും കേട്ടിതു. 33
വൈദർഭനായതിനേയുമനാദരി–
ച്ചാ ദുഷ്ടഭൂപർതൻ പ്രേരണമൂലമായ്
കാലപ്രചോദിതനായ് ബലരാമനെ–
ച്ചേലായ് പരിഹസിച്ചീവിധം ചൊല്ലി–
നാൻ: 34
''കാലികളെ മേച്ചു കാട്ടിൽ വാഴും ഗോപ–
ബാലർക്കു ചൂതിൽ മിടുക്കെങ്ങനെ വരും?
അമ്പുമക്ഷങ്ങളുംകൊണ്ടു കളിപ്പതു
മുമ്പിലേ മന്നർതാൻ, താദൃശരല്ല കേൾ.'' 35
ഈവിധം ദുർവാക്കു രുക്മി കഥിക്കയും
ഭൂവരർ കേട്ടു ഹസിക്കയുംചെയ്കയാൽ
അക്ഷമനായ് മുസലത്താൽ സദസ്സിൽവെ–
ച്ചക്ഷണം രാമൻ ഹനിച്ചിതു രുക്മിയെ. 36
പല്ലിളിച്ചേററം ഹസിച്ച കലിംഗഭൂ–
വല്ലഭൻ ഭീതനായോടിയെന്നാകിലും
പത്താമടിക്കു പിടിച്ചു തദ്ദന്തങ്ങൾ
ക്രുദ്ധൻ മുസലിയടിച്ചു കൊഴിച്ചിതു. 37
ഭൂമീപതികൾ മററുള്ളവരും തദാ
രാമഭദ്രൻതൻ പരിഘാഹതിയേററു
ഊരു കൈകാൽ ശിരസ്സെന്നിവ ഭിന്നമായ്
ചോരയൊലിപ്പിച്ചുകൊണ്ടു മണ്ടീടിനാർ. 38
സ്യാലനാം രുക്മിയെയേവം ഹലായുധൻ
കാലപുരത്തിനയച്ചതിൽ ശ്രീഹരി
രാമന്റെയും വിദർഭാത്മജതന്റെയും
പ്രേമഭംഗം ഭയന്നൊന്നുകിലിക്രിയ
നന്നായിയെന്നോ മറിച്ചതു നിന്ദ്യമാ–
യെന്നോ പറയാതെ മൗനംഭജിച്ചിതു. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ/നിരുദ്ധം സഹ സൂര്യയാ വരം
രഥം സമാരോപ്യ യയുഃ കുശസ്ഥലീം
രാമാദയോ ഭോജകടാദ്ദശാർഹാഃ
സിദ്ധാഖിലാർത്ഥാ മധുസൂദനാശ്രയാഃ. 40

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
അനിരുദ്ധവിവാഹേ രുക്മിവധോ നാമ ഏകഷഷ്ടിതമോ/ധ്യായഃ

ദ്വിഷഷ്ടിതമോ/ധ്യായഃ

രാജോവാച

ബാണസ്യ തനയാമൂഷാമുപയേമേ യദൂത്തമഃ
തത്ര യുദ്ധമഭൂദ് ഘോരം ഹരിശങ്കരയോർമ്മഹത്
ഏതത്സർവ്വം, മഹായോഗിൻ, സമാഖ്യാതും ത്വമർഹസി. 1

ശ്രീശുക ഉവാച

ബാണഃ പുത്രശതജ്യേഷ്ഠോ ബലേരാസീന്മഹാത്മനഃ
യേന വാമനരൂപായ ഹരയേ/ദായി മേദിനീ. 2

തസ്യൗരസഃ സുതോ ബാണഃ ശിവഭക്തിരതഃ സദാ
മാന്യോ വദാന്യോ ധീമാംശ്ച സത്യസന്ധോ ദൃഢവ്രതഃ. 3

ശോണിതാഖ്യേ പുരേ രമ്യേ സ രാജ്യമകരോത് പുരാ
തസ്യ ശംഭോഃ പ്രസാദേന കിങ്കരാ ഇവ തേ/മരാഃ
സഹസ്രബാഹുർവാദ്യേന താണ്ഡവേ/തോഷയന്മൃഡം. 4

ഭഗവാൻ സർവ്വഭൂതേശഃ ശരണ്യോ ഭക്തവത്സലഃ
വരേണച്ഛന്ദയാമാസ, സ തം വവ്രേ പുരാധിപം. 5

സ ഏകദാ//ഹ ഗിരിശം പാർശ്വസ്ഥം വീര്യദുർമ്മദഃ
കിരീടേനാർക്കവർണ്ണേന സംസ്പൃശംസ്തത്പദാംബുജം. 6

''നമസ്യേ ത്വാം മഹാദേവ! ലോകാനാം ഗുരുമീശ്വരം
പുംസാമപൂർണ്ണകാമാനാം കാമപൂരാമരാങ്ഘ്രിപം. 7

ദോഃ സഹസ്രം ത്വയാ ദത്തം പരം ഭാരായ മേ/ഭവത്
ത്രിലോക്യാം പ്രതിയോദ്ധാരം ന ലഭേ ത്വദൃതേ സമം. 8

കണ്ഡൂത്യാ നിഭൃതൈർദ്ദോർഭിര്യുയുത്സുർദ്ദിഗ്ഗജാനഹം
ആദ്യാ/യാം ചൂർണ്ണയന്നദ്രീൻ ഭീതാസ്തേ/പി പ്രദുദ്രുവുഃ.'' 9

തച്ഛ്രുത്വാ ഭഗവാൻ ക്രുദ്ധഃ, ''കേതുസ്തേ ഭജ്യതേ യദാ
ത്വദ്ദർപ്പഘ്നം ഭവേന്മൂഢ, സംയുഗം മത്സമേന തേ.'' 10

ഇത്യുക്തഃ കുമതിർഹൃഷ്ടഃ സ്വഗൃഹം പ്രാവിശന്നൃപ,
പ്രതീക്ഷൻ ഗിരിശാദേശം സ്വവീര്യനശനം കുധീഃ. 11

തസ്യോഷാ നാമ ദുഹിതാ സ്വപ്നേ പ്രാദ്യുമ്നിനാ രതിം
കന്യാലഭത കാന്തേന പ്രാഗദൃഷ്ടശ്രുതേന സാ. 12

സാ തത്ര തമപശ്യന്തീ, ''ക്വാസി കാ''ന്തേതി വാദിനീ
സഖീനാം മധ്യ ഉത്തസ്ഥൗ വിഹ്വലാ വ്രീഡിതാ ഭൃശം. 13

ബാണസ്യ മന്ത്രീ കുംഭാണ്ഡശ്ചിത്രലേഖാ ച തത്സുതാ
സഖ്യപൃച്ഛത് സഖീമൂഷാം കൗതൂഹലസമന്വിതാ. 14

''കം ത്വം മൃഗയസേ സുഭ്രു കീദൃശസ്തേ മനോരഥഃ
ഹസ്തഗ്രാഹം ന തേ/ദ്യാപി രാജപുത്ര്യുപലക്ഷയേ.'' 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാധവനാശ്രയമായുള്ള രാമാദി-
യാദവർ സാധിച്ച സർവ്വകാര്യങ്ങളും

തേരിൽ വധുവൊത്തനിരുദ്ധനെയേററി
നേരേയണഞ്ഞിതദ്ദ്വാരകാപട്ടണം. 40

അദ്ധ്യായം 62

അനിരുദ്ധബന്ധനം—ബാണയുദ്ധം

രാജാവു പറഞ്ഞു

ബാണസുതയാമുഷയെ യദൂത്തമൻ
പാണിഗ്രഹണംകഴിക്കവേ കൃഷ്ണനും

ശങ്കരനും തമ്മിലേററവുമുഗ്രമാ-
മങ്കമുണ്ടായതു ചൊല്ലുക മാമുനേ! 1

ശ്രീശുകൻ പറഞ്ഞു

വാമനമൂർത്തിയായ് ചെന്ന ഭഗവാനു
ഭൂമി കൊടുത്ത മഹാനാം ബലിയുടെ

നൂറുതനൂജരിലഗ്രജനായതു
വീരനാകും ബാണനായിരുന്നു നൃപാ!

മാന്യൻ മതിമാൻ ശിവഭക്തിയുക്തൻ വ-
ദാന്യൻ വ്രതസത്യനിഷ്ഠനമാണവൻ. 2-3

മുന്നം മനോജ്ഞമാം ശോണിതാഖ്യം പുരം-
തന്നിൽ വസിച്ചവൻ രാജ്യം ഭരിച്ചിതു.

ശങ്കരപ്രീതിനിമിത്തമവനോടു-
കിങ്കരഭാവം ഭജിച്ചിതമർത്ത്യരും.

വാദ്യമേളത്താൽ സഹസ്രഹസ്തൻ തുഷ്ടി-
ചേർത്താൻ മൃഡനു തൽ താണ്ഡവവേളയിൽ. 4

ഭൂതേശ്വരൻ ഭഗവാൻ ഭക്തവത്സലൻ
പ്രീതനായേകദാ പ്രത്യക്ഷനായ് ചെന്നു

കല്പിച്ചു,''വേണ്ടും വരം വരി''ക്കെന്നെങ്ങു
''മത്പുരം കാത്തിങ്ങു നില്ക്കു''കെന്നാനവൻ.5

വീര്യമദാന്ധനാമബ്ബാണനേകദാ
ചാരത്തു വാഴും ഹരനെയക്ഷോഭമാം

തന്നുടെ പൊൽക്കിരീടം പദത്തിൽ തൊടും-
വണ്ണം നമസ്കരിച്ചോതിനാനീവിധം: 6

''ഹേ മഹാദേവാ! ജഗദ്ഗുരുവായ് പൂർണ്ണ-
കാമരല്ലാത്ത നരർക്കു കല്പദ്രുവായ്

എല്ലാം നിയന്ത്രിക്കുമീശനാമങ്ങയെ
കല്യാണമൂർത്തേ! നമസ്കരിക്കുന്നു ഞാൻ. 7

അത്യന്തഭാരമായ്ത്തീർന്നെനിക്കങ്ങയാൽ
ദത്തമാമിക്കരമായിരവും വിഭോ!

മൂന്നു ലോകത്തിലും കാണ്മതില്ലങ്ങയേ-
യെന്നിയേ മത്സമനാമെതിരാളിയേ. 8

കൈത്തരിപ്പാർന്നു തിങ്ങുന്ന ബാഹുക്കളാൽ
യുദ്ധേച്ഛുവാം ഞാൻ ഗിരികളെയൊക്കെയും

ചൂർണ്ണമാക്കിട്ടിക്കരികൾക്കു പിന്നാലെ
ചെന്നേനവയും ഭയന്നങ്ങു പാഞ്ഞിതു.'' 9

ക്രുദ്ധനായാനതു കേട്ട ഗംഗാധരൻ,
''ബുദ്ധിഹീനാ! നിൻകൊടിയെന്നു വീഴുമോ,

അന്നടരാടാം നിനക്കു മത്സന്നിഭൻ-
തന്നോടു, നിന്നഹങ്കാരവും തീർന്നിടും.'' 10

ഗൗരീശവാക്കതു കേട്ടതിതുഷ്ടനായ്
പാരാതെ തൻഗൃഹം പൂകിയദ്ദുർമ്മതി,

വീര്യവിനാശസംസൂചകമായ്ക്കൊടി-
ക്കൂറ പതിപ്പതു പാർത്തു പാർത്തീടിനാൻ. 11

തത്പുത്രിയാകുമുഷയെന്ന കന്യക
മുല്പാടു കാൺകയോ കേൾക്കയോ ചെയ്യാത്ത

പ്രദ്യുമ്നപുത്രനാം ഭർത്താവുമൊത്തൊരു-
രാത്രിയിൽ സ്വപ്നത്തിലാരമിച്ചീടിനാൾ. 12

ഉന്നിദ്രയായക്കണവനെക്കാണാതെ,
''സുന്ദരാ! കാന്താ! ഭവാനിപ്പൊഴെങ്ങുവാൻ?''

എന്നതിഖിന്നയായ് ചൊല്ലി നാണിച്ചെണീ-
റ്റന്നാസ്സഖീജനമദ്ധ്യമിരുന്നിതേ. 13

ബാണസചിവകുംഭാണ്ഡതനൂജയാം
ചേർന്നാൻ ചിത്രലേഖാഖ്യയാം തോഴിയാൾ

പാരവശ്യം പാർത്തുഷയോടതിനുള്ള-
കാരണം ചോദിച്ചു കൗതുകപൂർവ്വകം: 14

''ഹേ രാജകന്യേ! അവിവാഹിത നീയി-
താരെയാണാരാഞ്ഞിടുന്നതു സുന്ദരീ!

പാണിഗ്രഹം നിനക്കുണ്ടാകിൽ ഞങ്ങളും
കാണില്ലയോ, നിന്മനോരഥമെന്തു ചൊൽ?''
15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊഷോവാച

ദൃഷ്ടഃ കശ്ചിന്നരഃ സ്വപ്നേ ശ്യാമഃ കമലലോചനഃ
പീതവാസാ ബൃഹദ്ബാഹുര്യോഷിതാം ഹൃദയങ്ഗമഃ. 16
തമഹം മൃഗയേ കാന്തം പായയിത്വാധരം മധു
ക്വാപി യാതഃ സ്പൃഹയതീം ക്ഷിപ്ത്വാ മാം വൃജിനാർണ്ണവേ. 17

ചിത്രലേഖോവാച

''വ്യസനം തേഽപകർഷാമി ത്രിലോക്യാം യദി ഭാവ്യതേ
തമാനേഷ്യേ നരം യസ്തേ മനോഹർത്താ തമാദിശ.'' 18
ഇത്യുക്ത്വാ ദേവഗന്ധർവ്വസിദ്ധചാരണപന്നഗാൻ
ദൈത്യവിദ്യാധരാൻ യക്ഷാൻ മനുജാംശ്ച യഥാലിഖത്. 19
മനുജേഷു ച സാ വൃഷ്ണീൻ ശൂരമാനകദുന്ദുഭിം
വ്യലിഖദ്രാമകൃഷ്ണൗ ച, പ്രദ്യുമ്നം വീക്ഷ്യ ലജ്ജിതാ. 20
അനിരുദ്ധം വിലിഖിതം വീക്ഷ്യോഷാവാങ്മുഖീ ഹ്രിയാ,
''സോഽസാവസാ''വിതി പ്രാഹ സ്മയമാനാ മഹീപതേ! 21
ചിത്രലേഖാ തമാജ്ഞായ പൗത്രം കൃഷ്ണസ്യ യോഗിനീ
യയൗ വിഹായസാ, രാജൻ, ദ്വാരകാം കൃഷ്ണപാലിതാം. 22
തത്ര സുപ്തം സുപര്യങ്കേ പ്രാദ്യുമ്നിം യോഗമാസ്ഥിതാ
ഗൃഹീത്വാ ശോണിതപുരം സഖ്യൈ പ്രിയമദർശയത്. 23
സാ ച തം സുന്ദരവരം വിലോക്യ മുദിതാനനാ
ദുഷ്പ്രേക്ഷ്യേ സ്വഗൃഹേ പുംഭീ രേമേ പ്രാദ്യുമ്നിനാ സമം. 24
പരാർദ്ധ്യവാസഃസ്രഗ്ഗന്ധധൂപദീപാസനാദിഭിഃ
പാനഭോജനഭക്ഷ്യൈശ്ച വാക്യൈഃ ശുശ്രൂഷയാർച്ചിതഃ. 25
ഗൂഢഃ കന്യാപുരേ ശശ്വത് പ്രവൃദ്ധസ്നേഹയാ തയാ
നാഹർഗ്ഗണാൻ സ ബുബുധേ ഊഷയാപഹൃതേന്ദ്രിയഃ. 26
താം തഥാ യദുവീരേണ ഭുജ്യമാനാം ഹതവ്രതാം
ഹേതുഭിർല്ലക്ഷയാഞ്ചക്രുരാപ്രീതാം ദുരവച്ഛദൈഃ. 27
ഭടാ ആവേദയാഞ്ചക്രൂ, ''രാജംസ്തേ ദുഹിതുർവയം
വിചേഷ്ടിതം ലക്ഷയാമഃ കന്യായാഃ കുലദൂഷണം. 28
അനപായിഭിരസ്മാഭിർഗ്ഗുപ്തായാശ്ച ഗൃഹേ പ്രഭോ!
കന്യായാ ദൂഷണം പുംഭിർദ്ദുഷ്പ്രേക്ഷ്യായാ ന വിദ്-
മഹേ.'' 29
തതഃ പ്രവ്യഥിതോ ബാണോ ദുഹിതുഃ ശ്രുതദൂഷണഃ
ത്വരിതഃ കന്യകാഗാരം പ്രാപ്തോഽദ്രാക്ഷീദ്യദൂദ്വഹം. 30

കാമാത്മജം തം ഭുവനൈകസുന്ദരം
ശ്യാമം പിശങ്ഗാംബരമംബുജേക്ഷണം
ബൃഹദ്ഭുജം കുണ്ഡലകുന്തളത്വിഷാ
സ്മിതാവലോകേന ച മണ്ഡിതാനനം. 31
ദീവ്യന്തമക്ഷൈഃ പ്രിയയാഭിനൃമ്ണയാ
തദങ്ഗസങ്ഗസ്തനകുങ്കുമസ്രജം
ബാഹ്വോർദ്ദധാനം മധുമല്ലികാശ്രിതാം
തസ്യാഗ്ര ആസീനമവേക്ഷ്യ വിസ്മിതഃ. 32
സ തം പ്രവിഷ്ടം വൃതമാതതായിഭി-
ർഭടൈരനീകൈരവലോക്യ മാധവഃ
ഉദ്യമ്യ മൗർവ്വം പരിഘം വ്യവസ്ഥിതോ
യഥാന്തകോ ദണ്ഡധരോ ജിഘാംസയാ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഷ പറഞ്ഞു

ശ്യാമനായ് പദ്മാക്ഷനായ് ദീർഘബാഹു-
കാമിനിമാർക്ക് ഹൃദയംഗമനായി [വായ്
പീതവാസസ്സാമൊരു സുകുമാരനെ-
സ്സാദരം സ്വപ്നത്തിൽ വീക്ഷിച്ചു ഞാൻ
സഖീ! 16

ആരാഞ്ഞിടുന്നതക്കാന്തനെയാണു ഞാൻ
പാരമധരാമൃതം ഭുജിപ്പിച്ചു മാം
ആഗ്രഹമേററിയെന്നെക്കദനാബ്ധിയിൽ
മുക്കിയിട്ടെങ്ങോ മറഞ്ഞുകളഞ്ഞിതു. 17

ചിത്രലേഖ പറഞ്ഞു

''മുപ്പാരിടത്തിലെവിടെയുണ്ടെങ്കിലു-
മപ്പുമാനെക്കൊണ്ടുവന്നേകി ഞാൻ തവ-
ദുഃഖമൊഴിച്ചിടാം ചേതോഹരനാകു-
മക്കാന്തനാരിതിലെന്നു ചൊല്ലീടുക.'' 18

എന്നു പറഞ്ഞവൾ ദേവാസുരസിദ്ധ-
പന്നഗഗന്ധർവ്വയക്ഷഗണത്തെയും
മർത്ത്യരേയും ചെററു മാററമില്ലാതെതാൻ
പ്രത്യേകമായ് വരച്ചങ്ങു കാട്ടീടിനാൾ. 19

മർത്ത്യരിൽ വൃഷ്ണികൾ, ശൂരൻ, വസുദേവർ
മററും ബലരാമകൃഷ്ണരിവരെയും
പ്രദ്യുമ്നനേയും മുറപോലെയപ്പൊഴ-
ച്ചിത്രലേഖാഖ്യ വരച്ചുകാണിച്ചിതു.
പ്രദ്യുമ്നചിത്രം നിരീക്ഷിച്ചവേളയി-
ലിത്തിരി ലജ്ജയുഷസ്സുളവായിതു. 20

പിന്നെയനിരുദ്ധചിത്രമീക്ഷിച്ചവൾ
നന്നായി നാണിച്ചു താഴ്ത്തി മുഖാംബുജം.
മന്ദഹാസത്തോ, ''ടിവൻതന്നെ''യെന്നുടൻ
ചൊന്നീടിനാളൊരു സന്ദേഹമെന്നിയേ. 21

യോഗസിദ്ധ്യന്വിതകുംഭാണ്ഡനന്ദിനി
ശ്രീകൃഷ്ണപൗത്രനവനെന്നറിഞ്ഞഥ
ശ്രീകാന്തപാലിതമായിടും ദ്വാരക-
പൂകിനാളാകാശമാർഗ്ഗമായക്ഷണം. 22

മെത്തമേൽ സൗഖ്യമുറങ്ങിക്കിടക്കുമ-
പ്രദ്യുമ്നപുത്രനെ യോഗബലത്തിനാൽ
മെല്ലെയെടുത്തങ്ങു കൊണ്ടുചെന്നേകിനാൾ
വല്ലഭനെസ്സഖിക്കായ് ചിത്രലേഖയും. 23

സുന്ദരന്മാരിലഗ്രേസരനാകുമ-
ബ്ധന്യനെക്കണ്ടു മുദിതാസ്യയാമുഷ
പുരുഷദുഷ്പ്രേക്ഷ്യമാകും സ്വഗേഹത്തി-
ലാരമിച്ചാളവനോടുകൂടിസ്സദാ. 24

പട്ടാംബരങ്ങൾ സുഗന്ധസുമങ്ങളാൽ
കെട്ടിയ മാലകൾ ചന്ദനക്കൂട്ടുകൾ
ആസനധൂപദീപങ്ങൾ വാക്യങ്ങൾ ശു-
ശ്രൂഷകൾ ഭോജനപാനഭക്ഷ്യങ്ങളും
മററു വിശേഷപദാർത്ഥങ്ങളുംകൊണ്ടു
മുററുമർച്ചിച്ചാളനിരുദ്ധനെയുഷ. 25

പൊന്തിടും സ്നേഹമിയലുമക്കന്യയാ-
ലന്തഃപുരംതന്നിലാച്ഛന്നനാമവൻ
നിത്യമപഹൃതചിത്തനായ് നാളുക-
ളെത്രയോ പോയതറിഞ്ഞതില്ലേതുമേ. 26

ഏവം യദുവീരനാൽ ഭുജ്യമാനയായ്
ഭാവംപകന്നു രതിസുഖപ്രീതയാം
തന്വിയിൽ പ്രത്യക്ഷമായ ചിഹ്നങ്ങളാൽ
കന്യാവ്രതഹാനി വീക്ഷിച്ചു രക്ഷികൾ. 27

''മന്നവാ! കന്യകയാകുമങ്ങേസ്സുത-
യന്വയദൂഷകമാകും പ്രവൃത്തിയിൽ
ഏർപ്പെട്ടിരിപ്പതായ് കാണുന്നു ഞങ്ങ''ളെ-
ന്നപ്പൊഴേ ചെന്നവർ ബാണനോടോ-
തിനാർ. 28

''എങ്ങുമേ പോകാത്ത ഞങ്ങളാൽ ഗുപ്തയായ്
ഭംഗിയേറീടും സദനത്തിനുള്ളിലായ്
അന്യപുമാന്മാർക്ക് കാണാൻ കഴിയാത്ത
കന്യകയ്ക്കീദോഷമെങ്ങനെ വന്നുവോ?
ഞങ്ങളിതിലപരാധികളല്ലേതു-
മങ്ങിനിക്കല്പിച്ചു വേണ്ടതു ചെയ്യുക '' 29

ഇത്തരം പുത്രിതൻ ദോഷം ശ്രവിച്ചേററ-
മത്തലിയന്നു ബദ്ധപ്പെട്ടു ബാണനും
സത്വരം കന്യകാന്തർഗ്ഗൃഹം പൂകവേ
തത്രസ്ഥനാം യദുവീരനെക്കണ്ടിതേ. 30

കഞ്ജേക്ഷണനായി ലോകസുഭഗനാ-
യഞ്ജനവർണ്ണനായ് പീതാംബരാഢ്യനായ്
ആയതബാഹുവായ്ക്കുണ്ഡലകുന്തള-
ശ്രീയും സ്മിതകടാക്ഷങ്ങളും യോജിച്ചു
മുഗ്ദ്ധമുഖനായ് സമസ്താംഗമംഗല-
യുക്തയാം പ്രേയസിയുമൊത്തു കരുക്കളാൽ
ഉല്ലാസമായിക്കളിച്ചുകൊണ്ടങ്ങനെ
മല്ലാക്ഷിതന്നംഗസംഗമംമൂലമായ്
തത്കുചകുങ്കുമംചേർന്നുള്ള മല്ലികാ-
സ്രക്കു കൈത്തണ്ടിലണിഞ്ഞതിഭംഗിയിൽ
തന്നുടെ മുന്നിലിരുന്നീടുമക്കാമ-
നന്ദനനെക്കണ്ടു വിസ്മയിച്ചാനവൻ. 31-32

ശസ്ത്രങ്ങൾ പൊക്കിപ്പിടിച്ചു ഭടർ ചേർന്ന
പത്തിയോടൊത്തു നേരേ പാഞ്ഞടുത്തിടും
ബാണനെക്കണ്ടു ഭയരഹിതം നിജ-
പാണിയിലുള്ള മുരുപരിഘായുധം
പൊക്കിപ്പിടിച്ചന്തകന്മട്ടനിരുദ്ധ-
നഗ്രനായ് വൈരിവധേച്ഛുവായ് നിന്നിതു. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിഘൃക്ഷയാ താൻ പരിതഃ പ്രസപ്പതഃ
ശുനോ യഥാ സൂകരയൂഥപോഽഹനത്
തേ ഹന്യമാനാ ഭവനാദ്വിനിർഗ്ഗതാ
നിർഭിന്നമൂർദ്ധോരുഭുജാഃ പ്രദുദ്രുവുഃ. 34

തം നാഗപാശൈർബ്ബലിനന്ദനോ ബലീ
ഘ്നന്തം സ്വസൈന്യം കുപിതോ ബബന്ധ ഹ
ഊഷാ ഭൃശം ശോകവിഷാദവിഹ്വലാ
ബദ്ധം നിശമ്യാശ്രുകലാക്ഷ്യരൗദിഷീത്. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
അനിരുദ്ധബന്ധോ നാമ ദ്വിഷഷ്ടിതമോഽധ്യായഃ

ത്രിഷഷ്ടിതമോഽധ്യായഃ

ശ്രീശുക ഉവാച

അപശ്യതാം ചാനിരുദ്ധം തദ്ബന്ധൂനാം ച ഭാരത!
ചത്വാരോ വാർഷികാ മാസാ വ്യതീയുരനുശോചതാം. 1

നാരദാത്തദുപാകർണ്യ വാർത്താം ബദ്ധസ്യ കർമ്മ ച
പ്രയയുഃ ശോണിതപുരം വൃഷ്ണയഃ കൃഷ്ണദേവതാഃ. 2

പ്രദ്യുമ്നോ യുയുധാനശ്ച ഗദഃ സാംബോഽഥ സാരണഃ
നന്ദോപനന്ദഭദ്രാദ്യാ രാമകൃഷ്ണാനുവർത്തിനഃ. 3

അക്ഷൗഹിണീഭിർദ്വാദശഭിഃ സമേതാഃ സർവ്വതോദിശം
രുരുധുർബ്ബാണനഗരം സമന്താത് സാത്വതർഷഭാഃ. 4

ഭജ്യമാനപുരോദ്യാനപ്രാകാരാട്ടാലഗോപുരം
പ്രേക്ഷമാണോ രുഷാവിഷ്ടസ്തുല്യസൈന്യോഽഭിനിര്യയൗ. 5

ബാണാർത്ഥേ ഭഗവാൻ രുദ്രഃ സസുതൈഃ പ്രമഥൈർവൃതഃ
ആരുഹ്യ നന്ദിവൃഷഭം യുയുധേ രാമകൃഷ്ണയോഃ. 6

ആസീത് സുതുമുലം യുദ്ധമദ്ഭുതം രോമഹർഷണം
കൃഷ്ണശങ്കരയോ, രാജൻ, പ്രദ്യുമ്നഗുഹയോരപി. 7

കുംഭാണ്ഡകൂപകർണ്ണാഭ്യാം ബലേന സഹ സംയുഗഃ
സാംബസ്യ ബാണപുത്രേണ ബാണേന സഹ സാത്യകേഃ. 8

ബ്രഹ്മാദയഃ സുരാധീശാ മുനയഃ സിദ്ധചാരണാഃ
ഗന്ധർവ്വാപ്സരസോ യക്ഷാ വിമാനൈർദ്രഷ്ടുമാഗമൻ. 9

ശങ്കരാനുചരാഞ്ഛൗരിർഭൂതപ്രമഥഗുഹ്യകാൻ
ഡാകിനീര്യാതുധാനാംശ്ച വേതാളാൻ സവിനായകാൻ. 10

പ്രേതമാതൃപിശാചാംശ്ച കുഷ്മാണ്ഡാൻ ബ്രഹ്മരാക്ഷസാൻ
ദ്രാവയാമാസ തീക്ഷ്ണാഗ്രൈഃ ശരൈഃ ശാർങ്ഗധനു-
ശ്ച്യുതൈഃ. 11

പൃഥഗ്വിധാനി പ്രായുങ്ക്ത പിനാക്യസ്ത്രാണി ശാർങ്ഗിണേ
പ്രത്യസ്ത്രൈഃ ശമയാമാസ ശാർങ്ഗപാണിരവിസ്മിതഃ. 12

ബ്രഹ്മാസ്ത്രസ്യ ച ബ്രഹ്മാസ്ത്രം വായവ്യസ്യ ച പാർവ്വതം
ആഗ്നേയസ്യ ച പാർജ്ജന്യം നൈജം പാശുപതസ്യ ച. 13

മോഹയിത്വാ തു ഗിരിശം ജൃംഭണാസ്ത്രേണ ജൃംഭിതം
ബാണസ്യ പൃതനാം ശൗരിർജ്ജഘ്നാസിഗദേഷുഭിഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാലുഭാഗത്തുനിന്നും പിടികൂടവാൻ
ചീളെന്നു പാഞ്ഞടുക്കും ഭടപാളിയെ

പോത്രിപ്രവരനാ ശ്വാക്കളെയെന്നപോൽ
പ്രദ്യുമ്നജൻ പരിഘപ്രയോഗത്തിനാൽ

ഉത്തമാങ്ഗം കാൽ കരവും മുറിച്ചുടൻ
പത്തനത്തിന്നുപുറത്തു പായിച്ചിതേ. 34

സൈന്യനാശം കണ്ടു കോപിഷ്ഠനായ് ബലി–
നന്ദനൻ ബാണനനിരുദ്ധനെ ദ്രുതം

ബന്ധിച്ചു നാഗപാശത്താലതു കണ്ടു
സന്തപിച്ചേററം പരവശയായുഷ

ചിന്താകുലയായ് മിഴിനീരൊഴുക്കിയാ–
ഹന്ത! കരഞ്ഞീടിനാൾ ദീനദീനമായ്. 35

അദ്ധ്യായം 63

ബാണയുദ്ധം—ശിവജ്വരസ്തുതി, അനിരുദ്ധലാഭം

ശ്രീശുകൻ പറഞ്ഞു

പ്രദ്യുമ്നപുത്രനെക്കാണാതെയായ്പ്പാര–
മത്തലിയന്നു തദ്ബന്ധുഭൃത്യാദികൾ

മഞ്ചി, മഴക്കാലമാം നാലുമാസവു–
മെങ്ങവൻ പോയെന്നറിയാതുഴന്നിതേ. 1

ബാണനാൽ ബദ്ധനനിരുദ്ധനെന്നതു
വീണാധരമുനി ചൊല്ലിദ്ധരിക്കയാൽ,

കൃഷ്ണനാം രക്ഷിതാവോടൊത്തു പോയിതു
വൃഷ്ണികൾ ബാണപുരിയിലേക്കക്ഷണം. 2

പ്രദ്യുമ്നസാരണസാംബയുയുധാന–
ഭദ്രോപനന്ദഗദനന്ദമുഖ്യരാം

യാദവവീരരുമേതുമേ വൈകാതെ
മാധവൻതന്നെയനുഗമിച്ചീടിനാർ. 3

ദ്വാദശാക്ഷൗഹിണീയുക്തരായീടുമാ
യാദവർ നാലുഭാഗത്തുനിന്നും ദ്രുതം

ശോണിതപട്ടണത്തിൽക്കടന്നേറിയ–
ബ്ബാണനഗരം നിരോധനംചെയ്തിതു. 4

ഉന്നതമാം മതിൽക്കെട്ടുകളട്ടാല–
മന്ദിരഗോപുരസന്ദോഹമങ്ങവർ

തട്ടിത്തകർപ്പതു കണ്ടു ചെന്നേററിതു
രുഷ്ടനായ് ബാണൻ സമസൈന്യയുക്തനായ്.
5

അപ്പോൾ സസുതൻ പ്രമഥാവൃതൻ ഹരൻ
കെല്പെഴും നന്ദിവൃഷത്തിലാരൂഢനായ്

ബാണനുവേണ്ടിയാ രാമനോടും രമാ–
ജാനിയോടും നിന്നടരാടിയത്യുഗ്രം. 6

ദൈത്യാരിയും മഹാദേവനും തമ്മിലും
പ്രദ്യുമ്നനും ഗുഹനും തമ്മിലും പരം

ആശ്ചര്യദമായ് ഭയങ്കരമായ് രോമ–
ഹർഷണമാം രണമുണ്ടായി മന്നവാ! 7

കുംഭാണ്ഡകൂപകർണ്ണന്മാരൊടു ബലൻ
സാംബനബ്ബാണതനൂജനൊടും തഥാ

സാത്യകി ബാണനോടും ചെന്നെതിരിട്ടു
യുദ്ധം പലമട്ടു ഘോരം നടന്നിതു. 8

പോരിതു കാണ്മാനജാദിസുരേശ്വരർ
ചാരണസിദ്ധഗന്ധർവാപ്സരസ്സുകൾ

മാമുനിമാർ യക്ഷരും വിമാനങ്ങളിൽ
സീമാവിഹീനമങ്ങാഗമിച്ചീടിനാർ. 9

ഭൂതപ്രമഥഗണം ഗുഹ്യകപ്രേത–
മാതൃപിശാചങ്ങളാ ബ്രഹ്മരാക്ഷസർ

വിഘ്നേശ്വരൻ നാഥനായ വേതാളങ്ങ–
ളിക്കണക്കുള്ള ശിവകിങ്കരാളിയെ

ശാർങ്ഗധനുസ്സുതിർത്തീടും ശരങ്ങളാൽ
ശാർങ്ഗിഭഗവാൻ ക്ഷണത്തിലോടിച്ചിതേ.
10–11

നാനാവിധാസ്ത്രജാലങ്ങൾ ഹരൻ രമാ–
ജാനിതൻനേരേ പ്രയോഗിച്ചതൊക്കെയും

ദൈത്യാരിയൊട്ടും പരിഭ്രമമെന്നിയേ
പ്രത്യസ്ത്രവർഷത്തിനാൽ ശമിപ്പിച്ചിതു. 12

ബ്രഹ്മാസ്ത്രമാജാതിയസ്ത്രങ്ങളെക്കൊണ്ടു–
മമ്മട്ടു പാർവതത്താലെ വായവ്യവും

പാശുപതം വൈഷ്ണവത്തിനാലും ഹനി–
ച്ചാശു പാഞ്ചജന്യത്തിനാലെയഗ്ന്യസ്ത്രവും

ജൃംഭണാസ്ത്രത്തിനാൽ ശൗരി ഗിരീശനെ
സ്തംഭിതനാക്കി മോഹിപ്പിച്ചു സത്വരം

ബാണസൈന്യത്തെയസികൾ ഗദകളും
ബാണങ്ങളുംകൊണ്ടു സംഹരിച്ചീടിനാൻ.
13–14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്കന്ദഃ പ്രദ്യുമ്നബാണൗഘൈരർദ്ദ്യമാനഃ സമന്തതഃ
അസൃഗ്വിമുഞ്ചൻ ഗാത്രേഭ്യഃ ശിഖിനാപാക്രമദ്രണാത്. 15
കുംഭാണ്ഡഃ കൂപകർണ്ണശ്ച പേതതുർമ്മുസലാർദ്ദിതൗ
ദുദ്രുവുസ്തദനീകാനി ഹതനാഥാനി സർവ്വതഃ. 16
വിശീര്യമാണം സ്വബലം ദൃഷ്ട്വാ ബാണോഽത്യമർഷണഃ
കൃഷ്ണമഭ്യദ്രവത് സങ്ഖ്യേ രഥീ ഹിത്വൈവ സാത്യകിം. 17
ധനൂംഷ്യാകൃഷ്യ യുഗപദ് ബാണഃ പഞ്ചശതാനി വൈ
ഏകൈകസ്മിഞ്ഛരൗ ദ്വൗ ദ്വൗ സന്ദധേ രണദുർമ്മദഃ. 18
താനി ചിച്ഛേദ ഭഗവാൻ ധനൂംഷി യുഗപദ്ധരിഃ
സാരഥിം രഥമശ്വാംശ്ച ഹത്വാ ശങ്ഖമപൂരയത്. 19
തന്മാതാ കോടരാ നാമ നഗ്നാ മുക്തശിരോരുഹാ
പുരോഽവതസ്ഥേ കൃഷ്ണസ്യ പുത്രപ്രാണരിരക്ഷയാ. 20
തതസ്തിര്യങ്മുഖോ നഗ്നാമനിരീക്ഷൻ ഗദാഗ്രജഃ
ബാണശ്ച താവത് വിരഥഃ ഛിന്നധന്വാവിശത് പുരം. 21
വിദ്രാവിതേ ഭൂതഗണേ ജ്വരസ്തു ത്രിശിരാസ്ത്രിപാത്
അഭ്യധാവത ദാശാർഹം ദഹന്നിവ ദിശോ ദശ. 22
അഥ നാരായണോ ദേവസ്തം ദൃഷ്ട്വാ വ്യസൃജജ്ജ്വരം
മാഹേശ്വരോ വൈഷ്ണവശ്ച യുയുധാതേ ജ്വരാവുഭൗ. 23
മാഹേശ്വരഃ സമാക്രന്ദൻ വൈഷ്ണവേന ബലാർദ്ദിതഃ
അലബ്ധ്വാഭയമന്യത്ര ഭീതോ മാഹേശ്വരോ ജ്വരഃ
ശരണാർത്ഥീ ഹൃഷീകേശം തുഷ്ടാവ പ്രയതാഞ്ജലിഃ. 24

ജ്വര ഉവാച

നമാമി ത്വാനന്തശക്തിം പരേശം
സർവ്വാത്മാനം കേവലം ജ്ഞപ്തിമാത്രം
വിശ്വോത്പത്തിസ്ഥാനസംരോധഹേതും
യത്തദ് ബ്രഹ്മ ബ്രഹ്മലിങ്ഗം പ്രശാന്തം. 25
കാലോ ദൈവം കർമ്മ ജീവഃ സ്വഭാവോ
ദ്രവ്യം ക്ഷേത്രം പ്രാണ ആത്മാ വികാരഃ
തത്സങ്ഘാതോ ബീജരോഹപ്രവാഹ-
സ്ത്വന്മായൈഷാ തന്നിഷേധം പ്രപദ്യേ. 26
നാനാഭാവൈർലീലയൈവോപപന്നൈ-
ർദ്ദേവാൻ സാധൂംല്ലോകസേതൂൻ ബിഭർഷി
ഹംസ്യുന്മാർഗ്ഗാൻ ഹിംസയാ വർത്തമാനാൻ
ജന്മൈതത്തേ ഭാരഹാരായ ഭൂമേഃ. 27
തപ്തോഽഹം തേ തേജസാ ദുഃസഹേന
ശാന്തോഗ്രേണാത്യുല്ബണേന ജ്വരേണ
താവത്താപോ ദേഹിനാം തേഽങ്ഘ്രിമൂലം
നോ സേവേരൻ യാവദാശാനുബദ്ധാഃ. 28

ശ്രീഭഗവാനുവാച

''ത്രിശിരസ്തേ പ്രസന്നോഽസ്മി വ്യേതു തേ മജ്ജ്വരാദ് ഭയം
യോ നൗ സ്മരതി സംവാദം തസ്യ ത്വന്ന ഭവേദ് ഭയം.'' 29
ഇത്യുക്തോഽച്യുതമാനമ്യ ഗതോ മാഹേശ്വരോ ജ്വരഃ
ബാണസ്തു രഥമാരൂഢഃ പ്രാഗാദ്യോത്സ്യഞ്ജനാർദ്ദനം. 30
തതോ ബാഹുസഹസ്രേണ നാനായുധധരോഽസുരഃ
മുമോച പരമക്രുദ്ധോ ബാണാംശ്ചക്രായുധേ നൃപ. 31
തസ്യാസ്യതോഽസ്ത്രാണ്യസകൃച്ചക്രേണ ക്ഷുരനേമിനാ
ചിച്ഛേദ ഭഗവാൻ ബാഹൂൻ ശാഖാ ഇവ വനസ്പതേഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രദ്യുമ്നബാണങ്ങളാൽ നാലുഭാഗവു-
മർദ്ദിതനായ് സ്യന്ദനങ്ങ്ഗങ്ങളിൽനിന്നു
രക്തവും ചിന്തി മയിൽവാഹനത്തോടും
പോർക്കളംവിട്ടു പുറത്തുപോയീടിനാൻ. 15
കുംഭാണ്ഡകൂപകർണ്ണന്മാരുലക്കകൊ-
ണ്ടമ്പോടടിയേററു ചത്തുവീണീടിനാർ.
പാലകനാശത്തിനാലെ തത്സേനകൾ
നാലുവഴിക്കും ഭയന്നു പാഞ്ഞീടിനാർ. 16
കേശവബാണവർഷത്താൽ സ്വസേനതൻ-
നാശം നിരീക്ഷിച്ചു ക്ഷുബ്ധനായ് ബാണനും
സാത്യകിയെസ്സന്ത്യജിച്ചു തേരേറിയാ-
യുദ്ധത്തിലേററു മുകുന്ദനോടത്വരം. 17
കല്യൻ രണദുർമ്മദൻ ബാണനഞ്ഞൂറു-
വില്ലൊരേനേരമൊന്നിച്ചു വലിച്ചതിൽ
ഓരോന്നിലുംനിന്നുമീരണ്ടു ബാണങ്ങ-
ളാരാൽ മുരാരിതൻ നേർക്കയച്ചീടിനാൻ. 18
ഏകകാലത്തുതാൻ വിക്രമിയാകുമാ-
ശ്രീകൃഷ്ണനഞ്ഞൂറുവില്ലും മുറിച്ചഥ
കൊന്നു കുതിരകളോടൊത്തു സൂതനെ
സ്യന്ദനവും തകർത്തിട്ടു ശംഖൂതിനാൻ. 19
ബാണമാതാവായ കോടരയെന്നവൾ
നാണമില്ലാതെ മുടിയുമഴിച്ചിട്ടു
നന്ദനപ്രാണരക്ഷയ്ക്കുടൻ നഗ്നയായ്
വന്നു മുകുന്ദൻെറ മുന്നിൽ നിന്നീടിനാൾ. 20
വസ്ത്രവിഹീനയെ നോക്കരുതെന്നുള്ള
ശാസ്ത്രപ്രകാരം മുഖംതിരിച്ചാൻ ഹരി
തക്കമെതോർത്തു വില്ലററു വിരഥനായ്
നില്ക്കുമബ്ബാണനും തൽപുരം പൂകിനാൻ. 21
ഭൂതഗണത്തെയശേഷം തുരത്തവേ
പാദത്രയവും ത്രിശിരസ്സമാർന്നിട്ടും
ക്രൂരം ശിവജ്വരം ദിക്കു പത്തും ചുട്ടു-
മാറു മുരാരിതൻ നേർക്കോടിവന്നിതു. 22
നാരായണനതു കണ്ടുടനായതിൻ-
നേരേ ജ്വരമൊന്നു സൃഷ്ടിച്ചുവിട്ടിതു.
ശങ്കരവിഷ്ണുജ്വരങ്ങൾ തമ്മിൽപ്പുന-
രങ്കം ഭയങ്കരമായി നടന്നിതു. 23
ഗംഭീരവിഷ്ണുജ്വരത്തിനാൽ മർദ്ദിതം
ശംഭുജ്വരമെങ്ങുമാശ്രയമെന്നിയേ
ഭീതനായഞ്ജലികൂപ്പിയാക്രന്ദനം-
ചെയ്തുകൊണ്ടേററം സ്തുതിച്ചാൻ മുരാരിയെ. 24

ജ്വരം പറഞ്ഞു

ചൈതന്യരൂപനായ് കേവലനായ് സർവ്വ-
ഭൂതാത്മകനായജാദ്യക്ഷമീശനായ്
ലോകസൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങ-
ളാകെ നടക്കുവാൻ കാരണഭൂതനായ്
ശാന്തനായന്തമററീടുന്ന ശക്തിയെ-
യേന്തും പരബ്രഹ്മമായി വിളങ്ങിടും
നിന്തിരുമേനിതൻ പാദാരവിന്ദത്തിൽ
ഞാൻ താണുവീണു നമസ്കരിക്കുന്നിതേ. 25
കാലകർമ്മങ്ങൾ ജീവൻ ദൈവമാത്മാവു
ശീലം വികാരവും ക്ഷേത്രവും പ്രാണനും
പഞ്ചഭൂതം, പതിനൊന്നിന്ദ്രിയങ്ങൾ, തത്-
സഞ്ചിതദേഹവും ബീജത്തിൽനിന്നഥ
വി,ത്തതിൽനിന്നു മുളയിതുമട്ടിലാ-
വർത്തനമെന്നിതെല്ലാം തവ മായതാൻ. 26
ലീലയാൽ നിഷ്പ്രയാസം പല ഭാവങ്ങ-
ളാളും തിരുമേനി ദേവവൃന്ദത്തെയും
ലോകമര്യാദയും സാധുജനത്തെയു-
മേകനായി ഭരിക്കുന്നിതു വേണ്ടപോൽ.
അന്യരെ ഹിംസിച്ചു ജീവിച്ചിടും ഖല-
വൃന്ദത്തെയെല്ലാം ഹനിക്കയും ചെയ്‌വൂതേ.
സ്വാമിൻ! ഭവാനിജ്ജനനം വരിച്ചതും
ഭൂമിഭാരാപഹാരത്തിനുതാൻ ദൃഢം. 27
നിന്തിരുതേജസ്സിൽനിന്നുമുണ്ടായതായ്
ശാന്തവുമുഗ്രവുമായിരിക്കുന്നതായ്
ഉജ്ജ്വലത്തായതിദുസ്സഹമായിട്ടു-
മിജ്ജ്വരത്താൽ പരിതപ്തനീ ഞാൻ വിഭോ.
ആശാനുബദ്ധരായേതൊരുനാൾവരെ-
യീശനാമങ്ങളെയാശ്രയിപ്പീലയോ
അന്നുവരേയ്ക്കും ശരീരികൾ ദുഃഖത്തിൽ-
നിന്നു വിമുക്തരാകുന്നില്ല നിർണ്ണയം. 28

ശ്രീഭഗവാൻ പറഞ്ഞു

''ഹേ ത്രിശിരസ്സേ! പ്രസന്നനായ് നിന്നിൽ ഞാ-
നെത്തിടാ മദ്ജ്വരഭീതി നിനക്കിനി.
മന്നിലീ നമ്മുടെ സംവാദമോർപ്പോനു
നിന്നിൽനിന്നുണ്ടാകരുതിനിമേൽ ഭയം.'' 29
ഇത്രയും കേട്ടുടൻ മാഹേശ്വരജ്വരം
ദൈത്യാരിതന്നെ നമിച്ചു പോയീടിനാൻ.
യുദ്ധേച്ഛുവായ് ത്തേരിലേറിബ്ബലിസുതൻ
സത്വരം വീണ്ടുമെതിർത്താൻ മുകുന്ദനെ. 30
ആയിരം ബാഹുക്കളിലും പലതര-
മായുധജാലം ധരിച്ചു ബാണാസുരൻ
ചക്രായുധൻനേർക്കതീവ കോപിഷ്ഠനായ്
ചിക്കെന്നു വിട്ടാനനവധിയമ്പുകൾ. 31
അസ്ത്രങ്ങൾ വീണ്ടുമയയ്ക്കുമബ്ബാണൻെറ
ഹസ്തങ്ങളെല്ലാം ഭഗവാൻ ജനാർദ്ദനൻ
ഛേദിച്ചുതള്ളീ നിശിതചക്രത്തിനാൽ
പാദപശാഖകൾ കോതിയിടുംവിധം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാഹുഷ്വ് ഛിദ്യമാനേഷു ബാണസ്യ ഭഗവാൻ ഭവഃ
ഭക്താനുകമ്പ്യുപവ്രജ്യ ചക്രായുധമഭാഷത. 33

ശ്രീരുദ്ര ഉവാച

ത്വം ഹി ബ്രഹ്മ പരം ജ്യോതിർഗൂഢം ബ്രഹ്മണി വാങ്മയേ
യം പശ്യന്ത്യമലാത്മാന ആകാശമിവ കേവലം. 34

നാഭിർന്നഭോഽഗ്നിർമ്മുഖ,മംബു രേതോ,
ദ്യൗഃ ശീർഷ,മാശാ ശ്രുതി,രങ്ഘ്രിരുർവ്വീ,
ചന്ദ്രോ മനോ, യസ്യ ദൃഗർക്ക, ആത്മാ
അഹം, സമുദ്രോ ജഠരം, ഭുജേന്ദ്രഃ.
രോമാണി യസ്യൗഷധയോഽംബുവാഹാഃ
കേശാ, വിരിഞ്ചോ ധിഷണാ, വിസർഗ്ഗഃ
പ്രജാപതിർ, ഹൃദയം യസ്യ ധർമ്മഃ
സ വൈ ഭവാൻ പുരുഷോ ലോകകല്പഃ. 35-36
തവാവതാരോഽയമകുണ്ഠധാമൻ!
ധർമ്മസ്യ ഗുപ്ത്യൈ, ജഗതോ ഭവായ.
വയം ച സർവ്വേ ഭവതാനുഭാവിതാ
വിഭാവയാമോ ഭുവനാനി സപ്ത. 37
ത്വമേക ആദ്യഃ പുരുഷോഽദ്വിതീയ–
സ്തുര്യഃ സ്വദൃഗ്,ഘേതു,രഹേതു,രീശഃ
പ്രതീയസേഽഥാപി യഥാവികാരം
സ്വമായയാ സർവ്വഗുണപ്രസിദ്ധ്യൈ. 38
യഥൈവ സൂര്യഃ പിഹിതഃ ഛായയാ സ്വയാ
ഛായാം ച രൂപാണി ച സഞ്ചകാസ്തി
ഏവം ഗുണേനാപിഹിതോ ഗുണാംസ്ത്വ–
മാത്മപ്രതീപോ ഗുണിനശ്ച ഭൂമൻ! 39

യന്മായാമോഹിതധിയഃ പുത്രദാരഗൃഹാദിഷു
ഉന്മജ്ജന്തി നിമജ്ജന്തി പ്രസക്താ വൃജിനാർണ്ണവേ. 40
ദേവദത്തമിമം ലബ്ധ്വാ നൃലോകമജിതേന്ദ്രിയഃ
യോ നാദ്രിയേത ത്വത്പാദൗ സ ശോച്യോ
ഹ്യാത്മവഞ്ചകഃ. 41
യസ്ത്വാം വിസൃജതേ മർത്ത്യ ആത്മാനം പ്രിയമീശ്വരം
വിപര്യയേന്ദ്രിയാർത്ഥാർത്ഥം വിഷമത്ത്യമൃതം ത്യജൻ. 42
അഹം ബ്രഹ്മാഥ വിബുധാ മുനയശ്ചാമലാശയാഃ
സർവ്വാത്മനാ പ്രപന്നാസ്ത്വാമാത്മാനം പ്രേഷ്ഠമീശ്വരം. 43

തം ത്വാ ജഗത്സ്ഥിത്യുദയാന്തഹേതും
സമം പ്രശാന്തം സുഹൃദാത്മദൈവം.
അനന്യമേകം ജഗദാത്മകേതം
ഭവാപവർഗ്ഗായ ഭജാമ ദേവം. 44
അയം മമേഷ്ടോ ദയിതോഽനുവർത്തീ
മയാഭയം ദത്തമമുഷ്യ ദേവ!
സമ്പാദ്യതാം തദ്ഭവതഃ പ്രസാദോ
യഥാ ഹി തേ ദൈത്യപതൗ പ്രസാദഃ. 45

ശ്രീഭഗവാനുവാച

''യദാത്ഥ ഭഗവംസ്ത്വന്നഃ കരവാമ പ്രിയം തവ
ഭവതോ യദ്വ്യവസിതം തന്മേ സാധ്വനുമോദിതം. 46
അവധ്യോഽയം മമാപേഷ്യ വൈരോചനിസുതോഽസുരഃ
പ്രഹ്ലാദായ വരോ ദത്തോ ന വധ്യോ മേ തവാന്വയഃ. 47

007312

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാണബാഹുക്കളം മുറയ്ക്കു മുറിപ്പതു
കാണവേയബ് ഭക്തവത്സലൻ ശ്രീശിവൻ
ഉടക്കാമ്പലിഞ്ഞു സമീപത്തു ചെന്നുടൻ
ചക്രായുധനോടു ചൊല്ലിനാനീവിധം: 33

ശ്രീരുദ്രൻ പറഞ്ഞു

നിർമ്മലമാനസരാരെയാണാകാശ-
സമ്മിതമെങ്ങും നിറഞ്ഞുകാണുന്നതും
വാങ്മയബ്രഹ്മത്തിലാലീനമായ് പര-
ബ്രഹ്മമാമപ്പരംജ്യോതിസ്സതാൻ ഭവാൻ. 34
ആരുടെ നാഭി നഭ,സ്സാനനമഗ്നി,-
യാരുടെ ശുക്ലം ജലം, തല വിണ്ണുമാം,
ശ്രോത്രങ്ങളാശകം, കാലടി ഭൂമിയും,
ചിത്തം ശശാങ്കൻ, നയനം ദിനേശനും,
പാണിയിന്ദ്രൻ, വയറാഴി,യഹന്ത ഞാൻ,
ചേണാന്ന രോമങ്ങളോഷധീജാലവും. 35
കേശങ്ങൾ മേഘം, ധിഷണ വിരിഞ്ചനു-
മാശയം ധർമ്മവും, മേഢ്റം പ്രജാപതി
ഏകനാകും നിന്തിരുവടിതന്നെയാം
ലോകസ്വരൂപനാമാ വിരാട്പൂരുഷൻ. 36
ധർമ്മരക്ഷയ്ക്കും ജഗൽപോഷണത്തിനും
ജന്മമിതങ്ഗീകരിച്ചു ഭവാൻ ദൃഢം.
അങ്ങേയനുഗ്രഹമൊന്നിനാൽ മാത്രമീ-
ഞങ്ങൾ പാലിക്കുന്നിതേഴുലകും വിഭോ! 37
ആദ്യനായ് പാവനനായിപ്പുരുഷനാ-
യദ്വയനായവസ്ഥാത്രയസാക്ഷിയായ്
എല്ലാററിനും കാരണനായഹേതുവാ-
യെല്ലായ്പൊഴും സ്വയംഭാസ്യനായ് മിന്നിടും
നിന്തിരുമേനി സർവ്വേശനെന്നാകിലും
സ്വന്തമാം മായാഗുണപ്രഭാവത്തിനാൽ
സത്ത്വഗുണപ്രസിദ്ധിക്കു വികാരാനു-
സാരമറിയപ്പെടുന്നു വിഭിന്നനായ്. 38
സൂര്യൻ സ്വകാന്തിയാലുദ്ഭൂതമായിടും
വാരിദച്ഛായയാൽ മറന്നെന്നാകിലും
മേഘങ്ങളേയുമവ മറച്ചീടുമീ-
ലോകത്തിലുള്ള സമസ്തരൂപത്തെയും
നല്ലവണ്ണം പ്രകാശിപ്പിച്ചിടുന്നപോ-
ലല്ലയോ ഭൂമൻ! സ്വയംപ്രകാശൻ ഭവാൻ
എന്നും ഗുണനിഹന്തതനായ് ഗുണങ്ങളെ
മിന്നിച്ചിടുന്നു ഗുണികളേയും പരം. 39

നിന്തിരുമേനിതൻ മായയാൽ മോഹിതർ
സന്തതം പുത്രദാരാർത്ഥഗൃഹാദിയിൽ-
സക്തരായ് സംസാരവാരാശിയിൽ വീണു
ദുഃഖിച്ചിടുന്നിതേ മുങ്ങിയും പൊങ്ങിയും. 40
ദേവനാൽ ദത്തമാമീനൃലോകം ലബ്ധ-
മാവുകിലുമജിതേന്ദ്രിയചിത്തനായ്
ത്വത്പദംവിട്ടവൻ ശോച്യനാം, തജ്ജനി
നിഷ്ഫലംതാനാത്മവഞ്ചകനാണവൻ. 41
ഏവനാത്മാവും സുഹൃത്തുമധീശനു-
മായ് വിളങ്ങീടുന്ന നിന്തിരുമേനിയെ
നേരേ വിപരീതമായിടുമിന്ദ്രിയ-
പൂരപ്രസാദത്തിനായ് ത്യജിക്കുന്നുവോ
ആ മാനുഷനമൃതത്തെയുപേക്ഷിച്ചു
ഭീമമാകും വിഷം ഭക്ഷിച്ചിടുന്നിതേ. 42
ഞാനുമജനും വിബുധരും നിർമ്മല-
മാനസന്മാരാം മുനികളും പാർക്കിൽ
വിഷ്ടപനാഥനമാത്മാവുമേററവു-
മിഷ്ടനമാം തിരുമേനിതൻ കിങ്കരർ. 43
ലോകോദയസ്ഥിതിനാശനിദാനമാ-
യേകനായ് ഭേദരഹിതനായ് ശാന്തനായ്
ഇഷ്ടനമാത്മാവുമീശനുമായ്ത്തന്നെ-
വിട്ടന്യമൊന്നുമില്ലാത്തവനായ് സദാ
വിഷ്ടപം ജീവനിവസ്തുധിഷ്ഠാനമായ്
സൃഷ്ട്യാദിയാൽ വിനോദിപ്പവനായിടും
നിന്തിരുമേനിയെ ഞങ്ങൾ ഭജിക്കുന്നി-
തന്തരമെന്നിയേ മോക്ഷലാഭത്തിനായ്. 44
എന്നനുചാരിയിവൻ കരുണാർഹനു-
മെന്നിഷ്ടനമാണഭയം കൊടുത്തു ഞാൻ.
മങ്ങാതിവനെയനുഗ്രഹിച്ചീടണ-
മങ്ങുമപ്രഹ്ലാദനെയെന്നപോലവേ. 45

ശ്രീഭഗവാൻ പറഞ്ഞു

''അങ്ങേക്കതിപ്രിയമായങ്ങു ചൊല്ലിയ
സംഗതിയെന്താകിലും ചെയ്തിടാമഹം
ഏതുവിധത്തിൽ ഭവാൻ പ്രവർത്തിപ്പതും
മോദകരമാണെനിക്കു ഗങ്ഗാധരാ! 46
വൈരോചനീസുതനാകുമിദ്ദാനവ-
നോരുകിലെന്നാൽ വധാർഹനല്ലേതുമേ.
നിന്നുടെ വംശ്യരെ ഞാൻ വധിക്കില്ലെന്നു
മുന്നമേ പ്രഹ്ലാദനായ് വരമേകിനേൻ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദർപ്പോപശമനായാസ്യ പ്രവൃക്ണാ ബാഹവോ മയാ
സൂദിതം ച ബലം ഭൂരി യച്ച ഭാരായിതം ഭുവഃ. 48
ചത്വാരോഽസ്യ ഭുജാഃ ശിഷ്ടാ ഭവിഷ്യന്ത്യജരാമരാഃ
പാർഷദമുഖ്യോ ഭവതോ ന കുതശ്ചിദ്ഭയോഽസുരഃ.'' 49
ഇതി ലബ്ധ്വാഭയം കൃഷ്ണം പ്രണമ്യ ശിരസാഽസുരഃ
പ്രാദ്യുമ്നിം രഥമാരോപ്യ സവധ്വാ സമുപാനയത്. 50
അക്ഷൗഹിണ്യാ പരിവൃതം സുവാസഃസമലംകൃതം
സപത്നീകം പുരസ്കൃത്യ യയൗ രുദ്രാനുമോദിതഃ. 51

സ്വരാജധാനീം സമലംകൃതാം ധ്വജൈഃ
സതോരണൈരുക്ഷിതമാർഗ്ഗചത്വരാം
വിവേശ ശംഖാനകദുന്ദുഭിസ്വനൈ-
രഭ്യുദ്യതഃ പൗരസുഹൃദ്ദ്വിജാദിഭിഃ. 52

യ ഏവം കൃഷ്ണവിജയം ശങ്കരേണ ച സംയുഗം
സംസ്മരേത് പ്രാതരുത്ഥായ ന തസ്യ സ്യാത് പരാജയഃ. 53

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
അനിരുദ്ധാനയനം നാമ ത്രിഷഷ്ടിതമോഽധ്യായഃ

ചതുഃഷഷ്ടിതമോഽധ്യായഃ

ശ്രീശുക ഉവാച

ഏകദോപവനം രാജൻ ജഗ്മുര്യദുകുമാരകാഃ
വിഹർത്തും സാംബപ്രദ്യുമ്നചാരുഭാനുഗദാദയഃ. 1
ക്രീഡിത്വാ സുചിരം തത്ര വിചിന്വന്തഃ പിപാസിതാഃ
ജലം നിരുദകേ കൂപേ ദദൃശുഃ സത്ത്വമദ്ഭുതം. 2
കൃകലാസം ഗിരിനിഭം വീക്ഷ്യ വിസ്മിതമാനസാഃ
തസ്യ ചോദ്ധരണേ യത്നം ചക്രുസ്തേ കൃപയാന്വിതാഃ. 3
ചർമ്മജൈസ്താന്തവൈഃ പാശൈർബ്ബദ്ധ്വാ പതിതമർഭകാഃ
നാശക്നുവൻ സമുദ്ധർത്തും കൃഷ്ണായാചഖ്യുരുത്സുകാഃ. 4
തത്രാഗത്യാരവിന്ദാക്ഷോ ഭഗവാൻ വിശ്വഭാവനഃ
വീക്ഷ്യോജ്ജഹാര വാമേന തം കരേണ സ ലീലയാ. 5

സ ഉത്തമശ്ലോകകരാഭിമൃഷ്ടോ
വിഹായ സദ്യഃ കൃകലാസരൂപം
സന്തപ്തചാമീകരചാരുവർണ്ണഃ
സ്വർഗ്ഗ്യദ്ഭുതാലങ്കരണാംബരസ്രക്. 6
പപ്രച്ഛ വിദ്വാനപി തന്നിദാനം
ജനേഷു വിഖ്യാപയിതും മുകുന്ദഃ
''കസ്ത്വം മഹാഭാഗ! വരേണ്യരൂപോ?
ദേവോത്തമം ത്വാം ഗണയാമി നൂനം. 7
ദശാമിമാം വാ കതമേന കർമ്മണാ
സംപ്രാപിതോഽസ്യതദർഹഃ സുഭദ്ര!
ആത്മാനമാഖ്യാഹി വിവിത്സതാം നോ
യന്മന്യസേ നഃ ക്ഷമമത്ര വക്തും.'' 8

ശ്രീശുക ഉവാച

ഇതി സ്മ രാജാ സംപൃഷ്ടഃ കൃഷ്ണേനാനന്തമൂർത്തിനാ
മാധവം പ്രണിപത്യാഹ കിരീടേനാർക്കവർച്ചസാ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദർപ്പഹാനിക്കായിവൻെറ കരങ്ങളെ-
യിപ്പോം മുറിച്ചുകളഞ്ഞു ഞാൻ മിക്കതും.

ഭൂമിക്കു ഭാരമാം തദ്ഭൂരിസേനതൻ-
സ്തോമത്തെയും നശിപ്പിച്ചേൻ മഹേശ്വരാ! 48

ശേഷിച്ച നാലു ബാഹുക്കളും ജരാനര-
യേശാത്തതും നശിക്കാത്തതുമായിടും

ത്വത്പാർഷദമുഖ്യനാകമിദ്ദാനവൻ
നിർഭയനായും ഭവിച്ചിടുമേതിലും.'' 49

ബാണനീവണ്ണമഭയം ലഭിച്ചുടൻ
പാണികൾ കൂപ്പി നമിച്ചു മുകുന്ദനെ

തേരിലുഷയൊത്തനിരുദ്ധനെയേററി
നേരേ ഭഗവാൻെറ മുന്നിലർപ്പിച്ചിതേ. 50

അക്ഷൗഹിണിയാൽ പരിവൃതനായ്ച്ചാരു-
വസ്ത്രവിഭൂഷിതനായ് വധൂയുക്തനാം

പ്രദ്യുമ്നപുത്രനെ മുന്നിലാക്കിശ്ശൗരി
രുദ്രാനുമോദിതനായ് യാത്രയായിതേ. 51

തോരണയുക്തധ്വജങ്ങൾ സലിലാർദ്ര-
ചാരുമാർഗ്ഗങ്ങളിവയാൽ വിളങ്ങിടും

ദ്വാരകയിൽ പുരവാസികൾ തുഷ്ടരായ്
പാരാതെ വന്നെതിരേററു മുഴക്കിടും

ദുന്ദുഭിശങ്ഖാനകാദിസ്വനത്തൊടും
ചെന്നേറിനാൻ ഭഗവാൻ ഭക്തവത്സലൻ. 52

ഈവിധം കൃഷ്ണവിജയവും കാലാരി-
ദേവനുമായുള്ള യുദ്ധവും നിത്യവും

രാവിലെയങ്ങെഴുന്നേററു നിനപ്പോനു
തോൽവിയൊരിക്കലുമൊന്നിലും വന്നിടാ. 53

അദ്ധ്യായം 64

നൃഗമോക്ഷം

ശ്രീശുകൻ പറഞ്ഞു

സാംബൻ ഗദൻ ചാരുഭാനുവും പ്രദ്യുമ്ന-
നിമ്മട്ടിലൊട്ടു യദുകുലബാലകർ

ഏകദാ ചാരത്തെഴുമൊരു പൂവാടി-
പൂകിനാരുത്സാഹമോടു കളിക്കുവാൻ. 1

ഏറെനേരം കളിച്ചീടവേ ദാഹിച്ചു
നീരമാരാഞ്ഞു കണ്ടാർ കിണററൊന്നവർ.

അപ്പിയലാത്തൊരക്കൂപത്തിനുള്ളിലൊ-
രദ്ഭുതജന്തു കിടപ്പതായ്ക്കണ്ടിതു. 2

ഓന്തതു ശൈലസമം ബൃഹത്താകയാ-
ലന്തമററദ്ഭുതമാന്നിതബ്ബാലകർ

കാരുണ്യമാന്നിട്ടതിനെക്കരേററുവാൻ
പാരം പരിശ്രമംചെയ്തു നോക്കീടിനാർ. 3

തോലുകൊണ്ടും നൂലുകൊണ്ടും കയറുകൾ
ചാലെപ്പിണച്ചു ബന്ധിച്ചു തത്പ്രാണിയെ

ഉദ്ധരിക്കാൻ ശ്രമിച്ചൊക്കാതെയൗത്സുക്യ-
യുക്തരായ്ച്ചെന്നറിയിച്ചാർ മുകുന്ദനെ. 4

ലോകസംരക്ഷകനാം ഭഗവാൻ ഹരി
വേഗമങ്ങെത്തിയജ്ജന്തുവിനെക്കണ്ടു

ലീലയായക്ഷണം വാമകരംകൊണ്ടു
ചാലവേ നിഷ്പ്രയാസം കരകേററിനാൻ. 5

ഉത്തമശ്ലോകകരസ്പർശനത്തില-
സ്സത്വം കൃകലാസവേഷമുപേക്ഷിച്ചു

തപ്തസുവർണ്ണത്തിനൊത്തവർണ്ണത്തൊടു-
മത്യദ്ഭുതകരഭൂഷണൗഘത്തൊടും

മാലയും ശുഭ്രവസനങ്ങളുമാന്നു
ലാലസിക്കുന്നൊരു ദേവനായ്ത്തീന്നിതു. 6

നേരേ തനിക്കറിയാമെങ്കിലുമതിൻ-
കാരണം ലോകർക്കു ബോദ്ധ്യമാക്കീടുവാൻ

ചോദിച്ചിതു ഭഗവാൻ, ''ഭവാനാരെന്ന-
തോതുക, ദിവ്യാകൃതിയാം ഭവാനെ ഞാൻ

വൃന്ദാരകേശരിലാരെങ്കിലുമെന്നു-
തന്നെ വിചാരിച്ചിടുന്നു മഹാമതേ! 7

സൗമ്യാ! ഭവാനിസ്ഥിതി കൈവരാൻ ചെയ്ത
കർമ്മമെന്താണിതിന്നർഹനല്ലെങ്കിലും,

കേട്ടീടുവാനാഗ്രഹിച്ചിടും ഞങ്ങളോ-
ടിഷ്ടമുണ്ടെങ്കിലരുളിയാലും ഭവാൻ.'' 8

ശ്രീശുകൻ പറഞ്ഞു

എന്നതു കേട്ടന്നൃപൻ സൂര്യസന്നിഭം
മിന്നും കിരീട,മനേകസ്വരൂപനാം

മായാപതിതൻ പദാബ്ജങ്ങളിൽ ചേർത്തു 9
മായമെന്യേ കഥിച്ചീടിനാനീവിധം:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൃഗ ഉവാച

''നൃഗോ നാമ നരേന്ദ്രോഽഹമിക്ഷ്വാകുതനയഃ പ്രഭോ!
ദാനിഷ്വാഖ്യായമാനേഷു യദി തേ കർണ്ണമസ്പൃശം. 10
കിം ന തേഽവിദിതം നാഥ സർവ്വഭൂതാത്മസാക്ഷിണഃ
കാലേനാവ്യാഹതദൃശോ വക്ഷ്യേഽഥാപി തവാജ്ഞയാ. 11
യാവന്ത്യഃ സികതാ ഭൂമേര്യാവന്ത്യോ ദിവി താരകാഃ
യാവന്ത്യോ വർഷധാരാശ്ച താവതീരദദം സ്മ ഗാഃ. 12

പയസ്വിനീസ്തരുണീഃ ശീലരൂപ-
ഗുണോപപന്നാഃ കപിലാ ഹേമശൃംഗീഃ
ന്യായാർജ്ജിതാ രൂപ്യഖുരാഃ സവത്സാ
ദുകൂലമാലാഭരണാ ദദാവഹം. 13
സ്വലംകൃതേഭ്യോ ഗുണശീലവദ്ഭ്യഃ
സീദത്കുടുംബേഭ്യ ഋതവ്രതേഭ്യഃ
തപഃശ്രുതബ്രഹ്മവദാന്യസദ്ഭ്യഃ
പ്രാദാം യുവഭ്യോ ദ്വിജപുംഗവേഭ്യഃ. 14
ഗോഭൂഹിരണ്യായതനാശ്വഹസ്തിനഃ
കന്യാഃ സദാസീസ്തിലരൂപ്യശയ്യാഃ
വാസാംസി രത്നാനി പരിച്ഛദാൻ രഥാ-
നിഷ്ടം ച യജ്ഞൈശ്ചരിതം ച പൂർത്തം. 15

കസ്യചിദ്ദ്വിജമുഖ്യസ്യ ഭ്രഷ്ടാ ഗൗർമ്മമഗോധനേ
സംപൃക്താവിദുഷാ സാ ച മയാ ദത്താ ദ്വിജാതയേ. 16
താം നീയമാനാം തത്സ്വാമീ ദൃഷ്ട്വോവാച 'മ'മേതി തം
'മ'മേതി പ്രതിഗ്രാഹ്യാഹ 'നൃഗോ മേ ദത്തവാ'നിതി. 17
വിപ്രൗ വിവദമാനൗ മാമൂചതുഃ സ്വാർത്ഥസാധകൗ
'ഭവാൻ ദാതാപഹ'ർത്തേതി തച്ഛ്രുത്വാ മേഽഭവദ്ഭ്രമഃ. 18
അനുനീതാവുഭൗ വിപ്രൗ ധർമ്മകൃച്ഛ്രഗതേന വൈ
'ഗവാം ലക്ഷം പ്രകൃഷ്ടാനാം ദാസ്യാമ്യേഷാ പ്രദീയതാം. 19
ഭവന്താവനുഗൃഹ്ണീതാം കിങ്കരസ്യാവിജാനതഃ
സമുദ്ധരത മാം കൃച്ഛ്രാത് പതന്തം നിരയേഽശുചൗ.' 20
'നാഹം പ്രതീച്ഛേ വൈ രാജ'ന്നിത്യുക്ത്വാ സ്വാമ്യപാക്രമത്
'നാന്യദ്ഗവാമപ്യയുതമിച്ഛാ'മീത്യപരോ യയൗ. 21
ഏതസ്മിന്നന്തരേ യാമൈർദ്ദൂതൈർന്നീതോ യമക്ഷയം
യമേന പൃഷ്ടസ്തത്രാഹം ദേവദേവ ജഗത്പതേ! 22
'പൂർവ്വം ത്വമശുഭം ഭുങ്ക്ഷേ ഉതാഹോ നൃപതേ ശുഭം.'
നാന്തം ദാനസ്യ ധർമ്മസ്യ പശ്യേ ലോകസ്യ ഭാസ്വതഃ. 23
'പൂർവ്വം ദേവാശുഭം ഭുഞ്ജ' ഇതി പ്രാഹ പതേതി സഃ
താവദദ്രാക്ഷമാത്മാനം കൃകലാസം പതൻ പ്രഭോ! 24
ബ്രഹ്മണ്യസ്യ വദാന്യസ്യ തവ ദാസസ്യ കേശവ!
സ്മൃതിർന്നാദ്യാപി വിധ്വസ്താ ഭവത്സന്ദർശനാർത്ഥിനഃ. 25

സ ത്വം കഥം മമ വിഭോഽക്ഷിപഥഃ പരാത്മാ
യോഗേശ്വരൈഃ ശ്രുതിദൃശാമലഹൃദ്വിഭാവ്യഃ
സാക്ഷാദധോക്ഷജ ഉരുവ്യസനാന്ധബുദ്ധേഃ
സ്യാന്മേഽനുദൃശ്യ ഇഹ യസ്യ ഭവാപവർഗ്ഗഃ. 26

ദേവദേവ! ജഗന്നാഥ! ഗോവിന്ദ! പുരുഷോത്തമ!
നാരായണ! ഹൃഷീകേശ! പുണ്യശ്ലോകാച്യുതാവ്യയ! 27
അനുജാനീഹി മാം കൃഷ്ണ യാന്തം ദേവഗതിം പ്രഭോ!
യത്ര ക്വാപി സതശ്ചേതോ ഭൂയാന്മേ ത്വത്പദാസ്പദം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൃഗൻ പറഞ്ഞു

''ഞാൻ നൃഗനെന്ന നരേന്ദ്ര,നിക്ഷ്വാകുവിൻ
നന്ദനനെന്നു ധരിക്ക മഹാപ്രഭോ!
ദാനശീലന്മാരെയെണ്ണുകിലാദ്യമായ്
ഞാനാം ഭവാൻെറ ചെവിയിൽപ്പെടുന്നതും. 10
അവ്യാഹതദൃക്കിയലും ജഗത്പതേ!
സർവഭൂതൗഘാത്മസാക്ഷിയാകും ഭവാൻ
ബോധിച്ചിടാത്തതായൊന്നുമില്ലെങ്കിലു-
മോതുന്നു നിന്തിരുമേനി കല്പിക്കയാൽ. 11
മന്നിൽ മണൽത്തരിയെത്രയുണ്ടാകാശ-
മണ്ഡലംതന്നിലെത്താരവുമെത്രയാം,
ധാത്രിയിൽ വീഴും മഴത്തുള്ളിയെത്രയാ-
ണത്രയും ഗോക്കളെദ്ദാനമായേകിനേൻ. 12
പാലേറെയുള്ളതും പ്രായം കുറഞ്ഞതും
ശീലരൂപാദിഗുണങ്ങളിയന്നതും
വെള്ളിക്കുളമ്പു പൊൻകൊമ്പു വത്സങ്ങളു-
മുള്ളതും വസ്ത്രമാലാദിയണിഞ്ഞതും
ശുദ്ധമായാർജ്ജിച്ചതും കപിലംനിറ-
മൊത്തതുമാണു ഞാൻ നല്കിയ ഗോധനം. 13
നന്നായലംകൃതരായ് ഗുണശീലാദി-
യാൻറു തളന്ന കുടുംബമിയന്നഥ
സത്യവ്രതംപൂണ്ട നിത്യതപസ്സിനാൽ
കീർത്തികലന്നാഗമോദാരരായ് പരം
സത്തുക്കളാകും ധരണീസുരന്മാരി-
ലത്രേ സമർപ്പിച്ചതും ധേനുസഞ്ചയം. 14
എന്നതുകൂടാതനവധി ഭൂമിയും
പൊന്നും ഗൃഹസ്യന്ദനാശ്വഗജങ്ങളും
വെള്ളിയും ദാസീയുതകന്യമാരെയു-
മെള്ള,മുപകരണങ്ങളും വസ്ത്രങ്ങളും
രത്നങ്ങളും ശയനങ്ങളുമേകിനേൻ,
തീർത്തു പൂർത്തങ്ങളും യജിച്ചു യാഗങ്ങളും. 15
എങ്ങനെയോ തെററിമാറിയൊരു വിപ്ര-
പുങ്ഗവൻതൻ പശു മദ്ഗോഗണങ്ങളിൽ
സങ്ഗതമായതറിയാതതിനേയു-
മങ്ങേകിനേനൊരു വിപ്രനു സാദരം. 16
ഭൂമീസുരൻ ഗോവുമായ് പോകവേയതിൻ-
സ്വാമി കണ്ടി'ട്ടിതെനിക്കുള്ള'തെന്നുടൻ
ചൊന്നാൻ, തദാ പ്രതിഗ്രാഹിഭൂമീസുരൻ
'മന്നൻ നൃഗനെനിക്കേകിയ'തെന്നുമായ്. 17
ഈവിധം സ്വാർത്ഥസാദ്ധ്യത്തിനു വാദിക്കു-
മാ വിപ്രയുഗ്മമെൻ ചാരത്തണഞ്ഞുടൻ
'അങ്ങെനിക്കേകിയതല്ലേയി'തെന്നേക-
'നങ്ങെൻ പശുവെക്കവ'ന്നെന്നതന്യനും
ചൊന്നതു കേട്ടേററമസ്വസ്ഥനായി ഞാ-
നെന്നു ല്പപാരം പരിഭ്രമിച്ചീടിനേൻ. 18
'വിട്ടുകൊടുപ്പിനിഗ്ഗോവിനെപ്പാൽ പരം
കിട്ടുന്ന ലക്ഷമെണ്ണത്തെത്തരാമിവൻ.
ബോധവിഹീനനായീടുമീ ദാസനെ
ഹേ ദ്വിജന്മാരേ!യനുഗ്രഹിച്ചീടുവിൻ. 19
ശുദ്ധിയില്ലാത്ത നരകത്തിലേക്കു കാൽ-
കുത്തുമെന്നേയാ വ്യഥയിൽനിന്നേററുവിൻ.'
ധർമ്മവ്യഥയിലകപ്പെട്ടു ഞാനേവ-
മർമ്മഹീദേവദ്വയത്തൊടർത്ഥിച്ചിതു. 20
'വിട്ടയച്ചീടുകയില്ല ഞാ'നെന്നുടൻ
കട്ടായമായ് പശുവിന്നുടമസ്ഥനും
'ലക്ഷത്തോടൊത്തയുതംകൂടിയാകിലും
കാംക്ഷയി'ല്ലെന്നന്യനും ചൊല്ലി
യാത്രയായ്. 21
അന്തകദൂതരസ്സന്ധിയിലെന്നെയും
ബന്ധനംചെയ്തു നയിച്ചു യമാലയം.
ദേവദേവാ! തത്ര ചെന്നനേരം ധർമ്മ-
ദേവനുമെന്നെ വിളിച്ചു ചോദിച്ചിതു: 22
'ദുഷ്കൃതത്തിൻ ഫലമാദ്യശുഭത്തെയോ
സത്കർമ്മജമാം ശുഭത്തെയോ ഭൂപതേ!
മുന്നേയനുഭവിപ്പാനാഗ്രഹിപ്പത'-
ങ്ങെന്നെന്നൊടുദ്ദണ്ഡപാണി ചോദിക്കവേ,
ചിന്തിച്ചു ഞാൻ ചെയ്ത ദാനധർമ്മങ്ങളന്ത-
ന്നന്തവും കണ്ടീല പുണ്യലോകാന്തവും. 23
'ആദ്യമശുഭം ഭുജിച്ചുകൊള്ളാ'മെന്നു
തീർത്തുരചെയ്തേൻ, 'പതിച്ചീടു'കെന്നുടൻ
ചൊന്നാൻ യമൻ, ഞാനൊരോന്തായ-
വനിയിൽ
വന്നു കൂപത്തിൽ പതിച്ചതയി പ്രഭോ! 24
ഭൂസുരഭക്തനായങ്ങയെക്കാണുവാ-
നാശിപ്പവനാ,യുദാരമനസ്കനായ്,
നിന്തിരുമേനിതൻ ദാസനെനിക്കു ജ-
ന്മാന്തരസംസ്മൃതി പോയതില്ലേതുമേ. 25
യോഗേശ്വരരാൽ ശ്രുതിദൃക്കിനാൽ ശുദ്ധ-
മാകും ഹൃദയത്തിൽ നിത്യം വിഭാവ്യനായ്
ഇന്ദ്രിയാതീതനായ് ബ്രഹ്മസ്വരൂപനായ്
സന്തതം മോക്ഷാർഹദൃശ്യനാകും ഭവാൻ
ഇന്നെനിക്കീവിധമക്ഷിക്കു ലക്ഷ്യമാ-
യെന്നതെൻ ഭാഗ്യവിശേഷം ജഗത്പതേ! 26
ദേവ ദേവാ! ജഗന്നാഥ! നാരായണാ!
ഗോവിന്ദ! നാശഹീനാ! പുരുഷോത്തമാ!
വിണ്ണവലോകം ഗമിപ്പാൻ തുടങ്ങിടു-
മെന്നെയനുഗ്രഹിച്ചാലും ഹൃഷീകേശാ!
എങ്ങു ഞാൻ പോകിലുമെപ്പൊഴും ത്വത്പദ-
സങ്ഗമസംയുതമാകണമെന്മനം. 27-28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമസ്തേ സർവ്വഭാവായ ബ്രഹ്മണേഽനന്തശക്തയേ
കൃഷ്ണായ വാസുദേവായ യോഗാനാം പതയേ നമഃ.'' 29
ഇത്യുക്ത്വാ തം പരിക്രമ്യ പാദൗ സ്പൃഷ്ട്വാ സ്വമൗലിനാ
അനുജ്ഞാതോ വിമാനാഗ്ര്യമാരുഹത് പശ്യതാം നൃണാം. 30
കൃഷ്ണഃ പരിജനം പ്രാഹ ഭഗവാൻ ദേവകീസുതഃ
ബ്രഹ്മണ്യദേവോ ധർമ്മാത്മാ രാജന്യാനനുശിക്ഷയൻ. 31
''ദുർജ്ജരം ബത ബ്രഹ്മസ്വം ഭുക്തമഗ്നേർമ്മനാഗപി
തേജീയസോഽപി കിമുത രാജ്ഞാമീശ്വരമാനിനാം. 32
നാഹം ഹാലാഹലം മന്യേ വിഷം യസ്യ പ്രതിക്രിയാ
ബ്രഹ്മസ്വം ഹി വിഷം പ്രോക്തം, നാസ്യ പ്രതിവിധിർ–
ഭുവി. 33
ഹിനസ്തി വിഷമത്താരം, വഹ്നിരദ്ഭിഃ പ്രശാമ്യതി,
കുലം സമൂലം ദഹതി ബ്രഹ്മസ്വാരണിപാവകഃ. 34
ബ്രഹ്മസ്വം ദുരനുജ്ഞാതം ഭുക്തം ഹന്തി ത്രിപൂരുഷം
പ്രസഹ്യ തു ബലാദ്ഭുക്തം ദശ പൂർവാൻ ദശാപരാൻ. 35
രാജാനോ രാജലക്ഷ്മ്യാന്ധാ നാത്മപാതം വിചക്ഷതേ
നിരയം യേഽഭിമന്യന്തേ ബ്രഹ്മസ്വം സാധു ബാലിശാഃ. 36
ഗൃഹ്ണന്തി യാവതഃ പാംസൂൻ ക്രന്ദതാമശ്രുബിന്ദവഃ
വിപ്രാണാം ഹൃതവൃത്തീനാം വദാന്യാനാം കുടുംബിനാം. 37
രാജാനോ രാജകുല്യാശ്ച താവതോഽബ്ദാന്നിരങ്കുശാഃ
കുംഭീപാകേഷു പച്യന്തേ ബ്രഹ്മദായാപഹാരിണഃ. 38
സ്വദത്താം പരദത്താം വാ ബ്രഹ്മവൃത്തിം ഹരേച്ച യഃ
ഷഷ്ടിവർഷസഹസ്രാണി വിഷ്ഠായാം ജായതേ കൃമിഃ. 39
ന മേ ബ്രഹ്മധനം ഭൂയാദ് യദ്ഗൃദ്ധ്വാല്പായുഷോ നരാഃ
പരാജിതാശ്ച്യുതാ രാജ്യാദ് ഭവന്ത്യുദ്വേജിനോഽഹയഃ. 40
വിപ്രം കൃതാഗസമപി നൈവ ദ്രുഹ്യത മാമകാഃ
ഘ്നന്തം ബഹു ശപന്തം വാ നമസ്കുരുത നിത്യശഃ. 41
യഥാഹം പ്രണമേ വിപ്രാനനുകാലം സമാഹിതഃ
തഥാ നമത യൂയം ച യോഽന്യഥാ മേ സ ദണ്ഡഭാക്. 42
ബ്രാഹ്മണാർത്ഥോ ഹ്യപഹൃതോ ഹർത്താരം പാതയത്യധഃ
അജാനന്തമപി ഹ്യേനം നൃഗം ബ്രാഹ്മണഗൗരിവ.'' 43
ഏവം വിശ്രാവ്യ ഭഗവാൻ മുകുന്ദോ ദ്വാരകൗകസഃ
പാവനഃ സർവ്വലോകാനാം വിവേശ നിജമന്ദിരം. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
നൃഗോപാഖ്യാനം നാമ ചതുഃഷഷ്ടിതമോഽധ്യായഃ

പഞ്ചഷഷ്ടിതമോഽധ്യായഃ

ശ്രീശുക ഉവാച

ബലഭദ്രഃ കുരുശ്രേഷ്ഠ! ഭഗവാൻ രഥമാസ്ഥിതഃ
സുഹൃദ്ദിദൃക്ഷുരുത്കണ്ഠഃ പ്രയയൗ നന്ദഗോകുലം. 1
പരിഷ്വക്തശ്ചിരോത്കണ്ഠൈർഗ്ഗോപൈർഗ്ഗോപീഭിരേവ ച
രാമോഽഭിവാദ്യ പിതരാവാശീർഭിരഭിനന്ദിതഃ. 2
''ചിരം നഃ പാഹി ദാശാർഹ! സാനുജോ ജഗദീശ്വരഃ''
ഇത്യാരോപ്യാങ്കമാലിങ്ഗ്യ നേത്രൈഃ
സിഷിചതുർജ്ജലൈഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വഭാവത്തിൻനിദാനമായ് ബ്രഹ്മമായ്
ശ്രീവാസുദേവനായ് യോഗാധിനാഥനാം
ദാമോദരാ! മഹാശക്തിയുക്താ! ഹരേ!
ശ്രീമന്മുകുന്ദാ! നമസ്കരിക്കുന്നു ഞാൻ.'' 29

ഓതിയേവം ഭഗവാനെ വലംവച്ചു
ചെയ്തു ശിരസ്സിനാൽ തത്പദസ്പർശവും
അമ്മന്നനേവരും കാൺകെബ്ഭഗവാന്റെ
സമ്മതംവാങ്ങി വിമാനത്തിലേറിനാൻ. 30

ധർമ്മസ്വരൂപനും ദേവപ്രമുഖനും
ബ്രാഹ്മണഭക്തനുമായിടുമച്യുതൻ
മന്നവന്മാരെയനുശാസനംചെയ്തു
തന്നനുചാരികളോടു ചൊല്ലീടിനാൻ: 31

''വന്മഹസ്സാർന്നീടുമഗ്നിക്കുപോലുമീ-
ബ്രഹ്മസ്വമൊട്ടും ദഹിക്കാത്തതൊന്നുതാൻ
പിന്നെദ്ദ്വിജൻ ദൈവമെന്നു മാനിച്ചിടും
മന്നവർതൻകഥ ചൊല്ലേണ്ടതെന്തുവാൻ? 32

ഹാലാഹലം വിഷമെന്നു ഞാൻ പാർത്തിടു-
ന്നീ,ലതിൻ പ്രത്യൗഷധമുണ്ടു പാരിതിൽ
ബ്രഹ്മസ്വമാകും വിഷത്തിനോർത്തീടുകി-
ലിമ്മന്നിലില്ല മറുമരുന്നൊന്നുമേ. 33

അഗ്നിയെക്കാളും വിഷത്തിനെക്കാളുമ-
ത്യുഗ്രമാം ബ്രാഹ്മണൻതന്മുതൽ നിർണ്ണയം.
കാകോളമക്ഷണമായതശിച്ചീടു-
മേകനെ മാത്രമേ കൊന്നിട്ടു, വഹ്നിയും
വേഗം കെടും സലിലത്തിനാൽ, ബ്രഹ്മസ്വ-
മാകമരണിയിലുണ്ടാമുഷർബ്ബുധൻ
ഭൂസുരസ്വത്തു ഹരിച്ച പാപിഷ്ഠന്റെ
വംശം മുഴുക്കെ നശിപ്പിച്ചിടുന്നിതേ. 34

സമ്മതമെന്യേ ദ്വിജസ്വത്തടക്കിയ
ദുർമ്മതിയും പുത്രപൗത്രപുത്രാദ്യരും
എത്തിടും നാശം, ബലത്താലതാർന്നിടും
മർത്ത്യനു മുൻപിൻ തലമുറ പത്തിലും. 35

രാജവിഭൂതിയാൽ ചിന്താബലമററ-
രാജസമൂഹം ദ്വിജസ്വം നലമെന്നു
കാംക്ഷിച്ചിടുന്നു, വെറുമജ്ഞരാമവർ
വീക്ഷിപ്പതില്ലാത്മനാശത്തെയേതുമേ. 36

എത്രയുമൗദാര്യശാലികളായ് നിജ
വൃത്തി കവന്നുമൂലം കരഞ്ഞിടും
പൃഥ്വീസുരരുടെ കണ്ണീർക്കണംപതി-
ച്ചെത്രമാത്രം ധൂളിജാലം നനയുമോ; 37

അത്രയുംനാം ദ്വിജദായം ഹരിച്ചവൻ
പൃഥ്വീശനോ തദീയാന്വയജാതനോ
ആരാകിലും ഘോരമായ കുംഭീപാക-
ഘോരനരകത്തിൽ വീണു ദഹിച്ചിടും. 38

താനോ പരനോ കൊടുത്തതായുള്ളതാം
ക്ഷോണീസുരധനം കയ്യടക്കീടുവോൻ
വിഷ്ഠയിലെ കൃമിയായി ജനിച്ചങ്ങു
ഷഷ്ടിസഹസ്രവർഷം കിടക്കുന്നിതേ. 39

ചേരാസ്സു മേ ദ്വിജസ്വ,ത്തതാശിച്ചിടും
പൂരുഷനല്ലായുസ്സായിബ്ഭവിച്ചിടും.
നാട്ടിൽനിന്നും ഭ്രഷ്ടനാമവനേതിലും
തോററുപോം, ക്രൂരാഹിയായും ജനിച്ചിടും. 40

വല്ലതും തെററുചെയ്യാലും ശപിക്കിലും
കൊല്ലുകിലുമെൻജനങ്ങളാകും നിങ്ങൾ
വിപ്രനെ ദ്രോഹിക്കരുതൊരുനാളിലു-
മെപ്പൊഴുമാരും നമിക്കുകയെന്നിയേ. 41

ഞാനനുകാലം സമാഹിതനായ് ധരാ-
വാനവന്മാരെ നമസ്കരിക്കുംവിധം
നിങ്ങളും നേരേ നമിക്കുവിനല്ലായ്കിൽ
നിങ്ങളെൻ ശിക്ഷയ്ക്കു പാത്രീഭവിച്ചിടും. 42

ബ്രഹ്മസ്വമെന്നറിയാതാകിലുമതു
ചെമ്മേയപഹരിച്ചീടുന്ന പൂരുഷൻ
സന്ദേഹമില്ലിന്നൃഗധരാവ: സ്വ-
നെന്നകണക്കിലധഃപതിച്ചീടുമേ.'' 43

സർവ്വജഗത്തും പരിശുദ്ധമാക്കിടും
നിർവ്വാണദനാം ഭഗവാൻ ജനാർദ്ദനൻ
ദ്വാരകാവാസി ജനങ്ങളെയിക്കഥ
നേരേ ധരിപ്പിച്ചണഞ്ഞിതു തത്പുരം. 44

അദ്ധ്യായം 65

ബലഭദ്രജയം—യമുനാകർഷണം

ശ്രീശുകൻ പറഞ്ഞു

ശ്രീബലഭദ്രഭഗവാൻ സുഹൃത്തുക്കളും
വേർപെട്ട ദുഃഖം സഹിക്കരുതായ്കയാൽ
തദ്ദർശനാഗ്രഹത്താൽ നന്ദഗോകുല-
മെത്തിനാൻ സ്യന്ദനമേറി, കുരുദ്വഹാ! 1

ദീർഘവിയോഗാത്തരാം ഗോപഗോപിക-
ളൊക്കെയണച്ചു പുണർന്നു സങ്കർഷണൻ
മാതാപിതാക്കളെ വന്ദിച്ചു,വരതി-
പ്രീതരായേകമാശിസ്സുകളാർന്നിതേ. 2

''ദാശാർഹ! നീയനുജോപേതനായ്ജ്ജഗ-
ദീശാ! ചിരം പരിപാലിക്ക ഞങ്ങളെ''
എന്നോതിയങ്കത്തിലേററി മുകർന്നവർ
കണ്ണീരുകൊണ്ടഭിഷേചിച്ചു പുത്രനെ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോപവൃദ്ധാംശ്ച വിധിവദ്യവിഷ്ഠൈരഭിവന്ദിതഃ
യഥാവയോ യഥാസഖ്യം യഥാസംബന്ധമാത്മനഃ. 4

സമുപേത്യാഥ ഗോപാലാൻ ഹാസ്യഹസ്തഗ്രഹാദിഭിഃ
വിശ്രാന്തം സുഖമാസീനം പപ്രച്ഛുഃ പര്യുപാഗതാഃ. 5

പൃഷ്ടാശ്ചാനാമയം സ്വേഷു പ്രേമഗദ്ഗദയാ ഗിരാ
കൃഷ്ണേ കമലപത്രാക്ഷേ സന്ന്യസ്താഖിലരാധസഃ. 6

''കച്ചിന്നോ ബാന്ധവാ രാമ! സർവ്വേ കുശലമാസതേ?
കച്ചിത് സ്മരഥ നോ രാമ യൂയം ദാരസുതാന്വിതാഃ. 7

ദിഷ്ട്യാ കംസോ ഹതഃ പാപോ ദിഷ്ട്യാ മുക്താഃ സുഹൃജ്ജനാഃ
നിഹത്യ നിർജ്ജിത്യ രിപൂൻ, ദിഷ്ട്യാ ദുർഗ്ഗം സമാശ്രിതാഃ.'' 8

ഗോപ്യോ ഹസന്ത്യഃ പപ്രച്ഛു രാമസന്ദർശനാദൃതാഃ
''കച്ചിദാസ്തേ സുഖം കൃഷ്ണഃ പുരസ്ത്രീജനവല്ലഭഃ. 9

കച്ചിത് സ്മരതി വാ ബന്ധൂൻ പിതരം മാതരം ച സഃ
അപ്യസൗ മാതരം ദ്രഷ്ടും സകൃദപ്യാഗമിഷ്യതി
അപി വാ സ്മരതേഽസ്മാകമനുസേവാം മഹാഭുജഃ. 10

മാതരം പിതരം ഭ്രാതൄൻ പതീൻ പുത്രാൻ സ്വസൄരപി
യദർത്ഥേ ജഹിമ ദാശാർഹ, ദുസ്ത്യജാൻ സ്വജനാൻ പ്രഭോ! 11

താ നഃ സദ്യഃ പരിത്യജ്യ ഗതഃ സംഛിന്നസൗഹൃദഃ
കഥം ന താദൃശം സ്ത്രീഭിർന്ന ശ്രദ്ധീയേത ഭാഷിതം. 12

കഥം ന ഗൃഹ്ണന്ത്യനവസ്ഥിതാത്മനോ
വചഃ കൃതഘ്നസ്യ ബുധാഃ പുരസ്ത്രിയഃ
ഗൃഹ്ണന്തി വൈ ചിത്രകഥസ്യ സുന്ദര!
സ്മിതാവലോകോച്ഛ്വസിതസ്മരാതുരാഃ. 13

കിം നസ്തത്കഥയാ ഗോപ്യഃ കഥാഃ കഥയതാപരാഃ
യാത്യസ്മാഭിർവിനാ കാലോ യദി തസ്യ തഥൈവ നഃ.'' 14

ഇതി പ്രഹസിതം ശൗരേർജ്ജല്പിതം ചാരു വീക്ഷിതം
ഗതിം പ്രേമപരിഷ്വങ്ഗം സ്മരന്ത്യോ രുരുദുഃ സ്ത്രിയഃ. 15

സങ്കർഷണസ്താഃ കൃഷ്ണസ്യ സന്ദേശൈർഹൃദയങ്ഗമൈഃ
സാന്ത്വയാമാസ ഭഗവാൻ നാനാനുനയകോവിദഃ. 16

ദ്വൗ മാസൗ തത്ര ചാവാത്സീന്മധും മാധവമേവ ച
രാമഃ ക്ഷപാസു ഭഗവാൻ ഗോപീനാം രതിമാവഹൻ. 17

പൂർണ്ണചന്ദ്രകലാമൃഷ്ടേ കൗമുദീഗന്ധവായുനാ
യമുനോപവനേ രേമേ സേവിതേ സ്ത്രീഗണൈർവൃതഃ. 18

വരുണപ്രേഷിതാ ദേവീ വാരുണീ വൃക്ഷകോടരാത്
പതന്തീ തദ്വനം സർവ്വം സ്വഗന്ധേനാധ്യവാസയത്. 19

തം ഗന്ധം മധുധാരായാ വായുനോപഹൃതം ബലഃ
ആഘ്രായോപഗതസ്തത്ര ലലനാഭിഃ സമം പപൗ. 20

ഉപഗീയമാനചരിതോ വനിതാഭിർഹലായുധഃ
വനേഷു വ്യചരത് ക്ഷീബോ മദവിഹ്വലലോചനഃ. 21

സ്രഗ്വ്യേകകുണ്ഡലോ മത്തോ വൈജയന്ത്യാ ച മാലയാ
ബിഭ്രത് സ്മിതമുഖാംഭോജം സ്വേദപ്രാലേയഭൂഷിതം. 22

സ ആജുഹാവ യമുനാം ജലക്രീഡാർത്ഥമീശ്വരഃ
നിജം വാക്യമനാദൃത്യ മത്ത ഇത്യാപഗാം ബലഃ
അനാഗതാം ഹലാഗ്രേണ കുപിതോ വിചകർഷ ഹ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററു വയോധികഗോപരേയും വിധി-
ക്കൊത്തവൻ കുപ്പീയിളയോരവനെയും.
ബന്ധുത സൗഹൃദം പ്രായവുമൊക്കുന്ന-
പന്തിക്കുതാനുപചാരംനടന്നിതു. 4
ഗോപാലകർതൻ ഗൃഹങ്ങളെപ്പിന്നീടു
പ്രാപിച്ചു മന്ദഹാസത്തോടുകൂടവേ
കൈകരം പിടിച്ചവരോടുമനാമയം
നാഗാധിരാജാംശഭൃതനാരാഞ്ഞിതേ.
ഐശ്വര്യമാകവേ കണ്ണനിലർപ്പിച്ചോ-
രസ്സുഹൃത്തുക്കളിടറുംസ്വരത്തൊടും
രാമദേവൻ ചെററു വിശ്രമിച്ചീടവേ
പ്രേമംനിമിത്തമണഞ്ഞു തത്സന്നിധി
തങ്ങടംതൻ ബാന്ധവന്മാരായ യാദവ-
പുങ്ഗവന്മാർതൻ കുശലമാരാഞ്ഞിതേ. 5–6
''ഞങ്ങടെ ബന്ധുജനങ്ങൾക്കശേഷവും
മങ്ഗലമോ രാമ!, ഭാര്യാസുതാനപിതർ
നിങ്ങളിപ്പോൾ വല്ലപോതിലുമെങ്കിലും
ഞങ്ങളെയോക്കുമാറുണ്ടോ യദൂത്തമാ! 7
ഭാഗ്യത്തിനാൽ പാപി കംസൻ ഹതനായി
ഭാഗ്യത്തിനാൽ സുഹൃത്തുക്കൾ വിമുക്തരായ്
ശത്രുക്കളെ നിഹനിച്ചു ജയിച്ചവ-
ന്നെത്തിയദ്ദുർഗ്ഗമണഞ്ഞതും ഭാഗ്യമായ്'' 8
മങ്ങാതെ രാമനെക്കണ്ടു വിനീതരായ്
ഭങ്ഗ്യാ ചിരിച്ചു ചോദിച്ചിതു ഗോപിമാർ:
''മല്ലാരിയങ്ങുപ്പുരസുന്ദരീജന-
വല്ലഭനായിസ്സുസുഖം വസിപ്പിതോ? 9
ജ്ഞാതികളേയും ജനകനേയും തഥാ
മാതാവിനേയുമദ്ദേഹമോക്കുന്നുവോ?
അമ്മയെക്കാണ്മാനൊരുകുറിയെങ്കിലു-
മമ്മഹാത്മാവിവിടേക്കു വന്നീടുമോ? 10
ദുസ്ത്യജരും സ്വജനങ്ങളുമാം പുത്ര-
ഭർത്തൃസഹോദരീസോദരന്മാരെയും
മാതാപിതാക്കളേയും ത്യജിച്ചീ ഞങ്ങൾ
ചെയ്തു ശുശ്രൂഷയക്കണ്ണനോർത്തീടുമോ? 11
അങ്ങനെയുള്ളോരിവരെ നിസ്സ്നേഹനാ-
യിങ്ങവൻ പെട്ടെന്നുപേക്ഷിച്ചു പോയിതു.
അങ്ഗനമാരാ മനോഹരവാണിക-
ളെങ്ങനെ വിശ്വസിക്കാതെയിരുന്നിടും? 12
അസ്ഥിരനായി കൃതഘ്നനാമന്നന്ദ-
പുത്രന്റെ വാക്കു നിപുണകളായിടും
പട്ടണനാരികൾ വിശ്വസിക്കുന്നതെ-
ന്തിട്ടിൽ? വിചിത്രചരിതങ്ങളോതുവാൻ
സാമർത്ഥ്യമേറുമവന്റെ മനോഹര-
മുമന്ദഹാസംകലന്ന നോട്ടങ്ങളാൽ
ക്ഷുബ്ധകാമാതുരമാരാമവരതു
സത്യമായ്ത്തന്നെ ധരിച്ചുപോം നിശ്ചയം. 13
ചൊല്ലുവിൻ തോഴികളേ! മററുവല്ലതു-
മില്ല നമുക്കു ഫലം തത്കഥകളാൽ
നമ്മെ വെടിഞ്ഞവൻ കാലംകഴിക്കുകി-
ലമ്മട്ടു നമ്മൾക്കുമെന്തരുതാത്തതും.'' 14
ഇങ്ങനെ ശൗരിതൻ മന്ദസ്മിതത്തെയും
ശൃങ്ഗാരവീക്ഷണത്തേയും ഗതിയെയും
സംഭാഷണത്തെയും പ്രേമാത്മകപരി-
രംഭണത്തേയുമോർത്താ സ്ത്രീകൾ കേണിതേ. 15
നാനാവിധാനുനയകോവിദൻ രാമ-
നാനായമാനിനിമാരെയശേഷവും
ചാരുഹൃദയങ്ഗമകൃഷ്ണസന്ദേശ-
ഗീരുകളോതിസ്സമാശ്വസിപ്പിച്ചിതേ. 16
മേടമിടവമീരണ്ടു മാസങ്ങളു-
മേടലർബാണോപമൻ ഭഗവാൻ ഹലി
രാത്രിതോറും ഗോപികൾക്കു രതിചേർത്തു
പാർത്തീടിനാൻ തത്ര മോദപുരസ്സരം. 17
പൂർണ്ണചന്ദ്രാംശുക്കൾതട്ടിയാമ്പന്മണ-
മാർന്ന സമീരനാൽ സേവിതമായിടും
സൂര്യസുതോപവനത്തിൽ ബലൻ ഗോപ-
നാരീസമാവൃതനായ് രമിച്ചീടിനാൻ. 18
വാരുണീദേവി വരുണാജ്ഞയാൽ വന്നു
ഭൂരുഹകോടരനിസ്സൃതയായുടൻ
ആ രമ്യകാനനഭാഗമശേഷവും
സൗരഭ്യപൂർണ്ണമാക്കീടിനാളക്ഷണം. 19
തെന്നലണച്ചീടുമമ്മധുധാരത-
ന്നന്യൂനഗന്ധം സ്വദിച്ചു സങ്കർഷണൻ
അങ്ങുചെന്നാശു സമ്മോദപൂർവം ഗോപി-
കാങ്ഗനമാരൊത്തു സേവിച്ചു വേണ്ടപോൽ.
20
മത്തനായേററം മദാലസലോചന-
യുക്തനായ് സ്ത്രീകളാൽ കീർത്തിതവൃത്തനാം
ശ്രീബലദേവൻ ഭഗവാൻ വനങ്ങളി-
ലാപൂർണ്ണമോദം വിചരിച്ചിതിച്ഛപോൽ. 21
മാല പലതുമാ വൈജയന്ത്യാഖ്യമാം
മാലയുമിട്ടേകകുണ്ഡലനായവൻ
ഘർമ്മഹിമകണഭൂഷിതസുസ്മിത-
സന്മുഗ്ധവക്ത്രാംബുജനായ് വിളങ്ങിനാൻ. 22
ഈശ്വരനാം ബലരാമൻ ജലക്രീഡ-
യാശിച്ചരികിൽ വിളിച്ചു കാളിന്ദിയെ
മത്തനെന്നോർത്തനാദരിച്ചെത്താഞ്ഞു
ക്രുദ്ധനായാഞ്ഞുവലിച്ചാൻ കലപ്പയാൽ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''പാപേ! ത്വം മാമവജ്ഞായ യന്നായാസി മയാ//ഹൂതാ?
നേഷ്യേ ത്വാം ലാങ്ഗലാഗ്രേണ ശതധാ കാമചാരിണീം.'' 24
ഏവം നിർഭർത്സിതാ ഭീതാ യമുനാ യദുനന്ദനം
ഉവാച ചകിതാ വാചം പതിതാ പാദയോർനൃപ! 25
''രാമ, രാമ, മഹാബാഹോ! ന ജാനേ തവ വിക്രമം
യസ്യൈകാംശേന വിധൃതാ ജഗതീ ജഗതഃ പതേ! 26
പരം ഭാവം ഭഗവതോ ഭഗവൻ! മാമജാനതീം
മോക്തുമർഹസി വിശ്വാത്മൻ! പ്രപന്നാം ഭക്തവത്സല!'' 27
തതോ വ്യമുഞ്ചദ്യമുനാം യാചിതോ ഭഗവാൻ ബലഃ
വിജഗാഹ ജലം സ്ത്രീഭിഃ കരേണുഭിരിവേഭരാട്. 28
കാമം വിഹൃത്യ സലിലാദുത്തീർണ്ണായാസിതാംബരേ
ഭൂഷണാനി മഹാർഹാണി ദദൗ കാന്തിഃ ശുഭാം സ്രജം. 29
വസിത്വാ വാസസീ നീലേ മാലാമാമുച്യ കാഞ്ചനീം
രേജേ സ്വലങ്കൃതോ ലിപ്തോ മാഹേന്ദ്ര ഇവ വാരണഃ. 30
അദ്യാപി ദൃശ്യതേ രാജൻ യമുനാ//കൃഷ്ടവർത്മനാ
ബലസ്യാനന്തവീര്യസ്യ വീര്യം സൂചയതീവ ഹി. 31
ഏവം സർവ്വാ നിശാ യാതാ ഏകേവ രമതോ വ്രജേ
രാമസ്യാക്ഷിപ്തചിത്തസ്യ മാധുര്യൈർവ്രജയോഷിതാം. 32

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ബലദേവവിജയേ യമുനാകർഷണം നാമ പഞ്ചഷഷ്ടിതമോ/ധ്യായഃ

ഷട്ഷഷ്ടിതമോ/ധ്യായഃ

ശ്രീശുക ഉവാച
നന്ദവ്രജം ഗതേ രാമേ കരൂഷാധിപതിർനൃപ!
''വാസുദേവോ/ഹ''മിത്യജ്ഞോ ദൂതം കൃഷ്ണായ
പ്രാഹിണോത്. 1
''ത്വം വാസുദേവോ ഭഗവാനവതീർണ്ണോ ജഗത്പതിഃ''
ഇതി പ്രസ്തോഭിതോ ബാലൈർമേന ആത്മാനമച്യുതം. 2
ദൂതം ച പ്രാഹിണോന്മന്ദഃ കൃഷ്ണായാവ്യക്തവർത്മനേ
ദ്വാരകായാം യഥാ ബാലോ നൃപോ ബാലകൃതോ/ബുധഃ. 3
ദൂതസ്തു ദ്വാരകാമേത്യ സഭായാമാസ്ഥിതം പ്രഭും
കൃഷ്ണം കമലപത്രാക്ഷം രാജസന്ദേശമബ്രവീത്. 4
''വാസുദേവോ/വതീർണ്ണോ/ഹമേക ഏവ ന ചാപരഃ
ഭൂതാനാമനുകമ്പാർത്ഥം ത്വം തു മിഥ്യാഭിധാം ത്യജ. 5
യാനി ത്വമസ്മച്ചിഹ്നാനി മൗഢ്യാദ്ബിഭർഷി സാത്വത!
ത്യക്ത്വൈഹി മാം ത്വം ശരണം നോ ചേദ്ദേഹി
മമാഹവം.'' 6
ശ്രീശുക ഉവാച
കത്ഥനം തദുപാകർണ്യ പൗണ്ഡ്രകസ്യാല്പമേധസഃ
ഉഗ്രസേനാദയഃ സഭ്യാ ഉച്ചകൈർജ്ജഹസുസ്തദാ. 7
ഉവാച ദൂതം ഭഗവാൻ പരിഹാസകഥാമനു
''ഉത്സ്രക്ഷ്യേ മൂഢ! ചിഹ്നാനി യൈസ്ത്വമേവം വികത്ഥസേ.
മുഖം തദപിധായാജ്ഞ കങ്കഗൃധ്രവടൈർവൃതഃ [8
ശയിഷ്യസേ ഹതസ്തത്ര ഭവിതാ ശരണം ശുനാം.'' 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഞാൻ വിളിച്ചിട്ട പാപിഷ്ഠേ! വരാതെ നീ-
യേവമെന്നേയവമാനിക്കകൊരണം

സ്വച്ഛന്ദചാരിണീ! നിന്നെയീലാങ്ഗല-
പുച്ഛത്തിനാൽ ഛിന്നഭിന്നമാക്കീടുവൻ.'' 24

ഇമ്മട്ട ഭർത്സിതയായതിഭീതയാ-
യമ്മഹാവാഹിനി പാരം വിറച്ചുടൻ

പാദങ്ങളിൽ താണുവീണു നമസ്കരി-
ച്ചോതീടിനാൾ യദുപുത്രനോടീവിധം: 25

''രാമ! രാമ! മഹാബാഹോ! ഭവദ്വീര്യ-
മീമന്ദ തീരെയറിയുന്നതില്ലഹോ!

ലോകപതിയാം ഭവാനീയുലകത്തെ-
യാകെയേകാംശത്തിനാൽ ധരിക്കുന്നിതേ. 26

ഹേ ഭഗവൻ! ഭക്തവത്സലാ! ത്വന്മഹ-
ദ്വൈഭവമേതുമറിയാതെയുള്ള ഞാൻ

അങ്ങയെയാശ്രയിക്കുന്നിതിപ്പാവത്തെ-
യങ്ങു രക്ഷിക്കേണ്ടതല്ലി വിശ്വാത്മകാ!'' 27

ഇങ്ങനെ കേണപേക്ഷിച്ച കാളിന്ദിയെ
തുങ്ഗകൃപാലു രാമൻ വിട്ടയച്ചിതേ.

പിന്നെപ്പിടികളോടൊത്തു ഗജാധിപ-
നെന്നപോൽ പെണ്ണുങ്ങളൊത്തങ്ങിറ-
ങ്ങിനാൻ. 28

സ്വച്ഛന്ദമായ് വിഹരിച്ചു വെള്ളത്തിൽനി-
ന്നച്ഛാങ്ഗനായ് കേറിവന്നിട്ടു രാമനായ്

രണ്ടു നീലപ്പട്ടു ശോഭനമാലയും
വേണ്ടും മഹാർഹവിഭൂഷണജാലവും

തണ്ടാരിൽമാതുടൻ പ്രത്യക്ഷയായ് മുദാ
കൊണ്ടുവന്നങ്ങു സമ്മാനമായേകിനാൾ. 29

നീലവസ്ത്രങ്ങളുടുത്തു പൊന്മാലയും
ചേലായണിഞ്ഞു സമലംകൃതാങ്ഗനായ്

ഭങ്ഗ്യാ കുറിക്കൂട്ടു ചാർത്തി സുരേശ്വരോ-
ത്തുങ്ഗമതങ്ഗജതുല്യം വിളങ്ങിനാൻ. 30

സീമാതിവീര്യമിയന്നീടുമാ ബല-
രാമൻെറ വിക്രമം വ്യക്തമാക്കുംവിധം

ഇന്നുമദ്ദേഹം തിരിച്ച മാർഗ്ഗത്തിലൂ-
ടന്നിമ്നഗയൊഴുകുന്നിതു ഭൂപതേ! 31

ഇപ്രകാരം വ്രജസുന്ദരീമാധുരീ-
വാപ്പിയിൽ മനസ്സു മുഴുകിയമ്പാടിയിൽ

ആരമിക്കും ഭഗവാനു കഴിഞ്ഞുപോ-
യാ രാത്രിയെല്ലാമൊരു നിശയെന്നപോൽ. 32

അദ്ധ്യായം 66

പൗണ്ഡ്രകവധം

ശ്രീശുകൻ പറഞ്ഞു

നന്ദഗോഷ്ഠത്തിൽ മുസലി വസിക്കവേ
പൗണ്ഡ്രകൻ കാരുഷഭൂപനജ്ഞൻപരം

''ഞാനാണിഹ വാസുദേവ''നെന്നായ് രമാ-
ജാനിയെ ദൂതനെ വിട്ടറിയിച്ചിതു. 1

''നീ വിശ്വരക്ഷയ്ക്കവതരിച്ചീടിന
ശ്രീവാസുദേവ''നെന്നായവിവേകികൾ

വാഴ്ത്തുന്നതു കേട്ട പൗണ്ഡ്രകനായതു
വാസ്തവമെന്നഭിമാനിച്ചിതേ സ്വയം. 2

ലീലയിൽ കുട്ടികൾ കല്പിച്ച ബാലഭൂ-
പാലനെപ്പോലതിമന്ദധീയാമവൻ

നേരേമേയപ്രഭാവനാം കൃഷ്ണനെ
കാര്യമിതു ധരിപ്പിക്കയും ചെയ്തിതു. 3

ദ്വാരകയിൽ ചെന്നു ദൂതൻ സഭയിലു-
ശ്ശൗരിയോടായ് നൃപസന്ദേശമോതിനാൻ. 4

''ജീവികളിൽ ദയ കാട്ടാനവതീർണ്ണ-
നാ വാസുദേവനിവിടെ ഞാനേകനാം.

വ്യാജനാമത്തെ നീയേവം ധരിപ്പതു
ന്യായമല്ലപ്പേരുപേക്ഷിക്കുകിക്ഷണം. 5

മൂഢതയാൽ നീ ധരിച്ചീടുമെൻ ചിഹ്ന-
മോടികളെല്ലാം ത്യജിച്ചിങ്ങു വന്നുടൻ

എന്നെശ്ശരണംഗമിച്ചുകൊൾകല്ലെങ്കി-
ലെന്നോടു യുദ്ധം തുടങ്ങുക യാദവാ!'' 6

ശ്രീശുകൻ പറഞ്ഞു

ബുദ്ധിവിഹീനനാം പൗണ്ഡ്രകൻതൻെറയി-
ക്കത്ഥനം കേട്ട സഭയിലിരുന്നിടും

ഉഗ്രസേനൻമുതലായ യദുവീര-
രൊക്കെയും പെട്ടെന്നു പൊട്ടിച്ചിരിച്ചുപോയ്.
7

ദൂതൻെറയിപ്പരിഹാസവാക്കിന്നൊത്തു
ദൈതേയവൈരിയിവണ്ണം കഥിച്ചിതു:

''മാമകചിഹ്നങ്ങൾ വച്ചുകെട്ടിക്കൊണ്ടു
കേമമായ് വമ്പുപറഞ്ഞു ഞെളിഞ്ഞിടും

ധിക്കാരിയായ നിന്നെക്കൊണ്ടതൊക്കെയും
ചിക്കെന്നു ഞാനുപേക്ഷിപ്പിക്കുവൻ ദൃഢം. 8

നിന്നെ ഞാൻ വന്നു ശരണംഗമിക്കണ-
മെന്നോതിയ വായടയ്ക്കാതെതന്നെ നീ

ശീഘ്രം ഹതനായ് പതിച്ചു കഴുകനും
കാക്കയും ചൂഴ്ന്നു നരികൾക്കു ഭക്ഷ്യമാം.'' 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ദൂതസ്തദാക്ഷേപം സ്വാമിനേ സർവ്വമാഹരത്
കൃഷ്ണോഽപി രഥമാസ്ഥായ കാശീമുപജഗാമ ഹ. 10
പൗണ്ഡ്രകോഽപി തദുദ്യോഗമുപലഭ്യ മഹാരഥഃ
അക്ഷൗഹിണീഭ്യാം സംയുക്തോ നിശ്ചക്രാമ പുരാദ് ദ്രുതം. 11
തസ്യ കാശിപതിർമ്മിത്രം പാർഷ്ണിഗ്രാഹോഽന്വയാന്നൃപ!
അക്ഷൗഹിണീഭിസ്തിസൃഭിരപശ്യത് പൗണ്ഡ്രകം ഹരിഃ. 12
ശങ്ഖാര്യസിഗദാശാർങ്ഗശ്രീവത്സാദ്യുപലക്ഷിതം
ബിഭ്രാണം കൗസ്തുഭമണിം വനമാലാവിഭൂഷിതം. 13
കൗശേയവാസസീ പീതേ വസാനം ഗരുഡധ്വജം
അമൂല്യമൗല്യാഭരണം സ്ഫുരന്മകരകുണ്ഡലം. 14
ദൃഷ്ട്വാ തമാത്മനസ്തുല്യവേഷം കൃത്രിമമാസ്ഥിതം
യഥാ നടം രങ്ഗഗതം വിജഹാസ ഭൃശം ഹരിഃ. 15
ശൂലൈർഗ്ഗദാഭിഃ പരിഘൈഃ ശക്ത്യൃഷ്ടിപ്രാസതോമരൈഃ
അസിഭിഃ പട്ടിശൈർബ്ബാണൈഃ പ്രാഹരന്നരയോ ഹരിം. 16

കൃഷ്ണസ്തു തത് പൗണ്ഡ്രകകാശിരാജയോ-
ർബ്ബലം ഗജസ്യന്ദനവാജിപത്തിമത്
ഗദാസിചക്രേഷുഭിരാർദ്ദയദ് ഭൃശം
യഥാ യുഗാന്തേ ഹുതഭുക് പൃഥക് പ്രജാഃ. 17

ആയോധനം തദ്രഥവാജികുഞ്ജര-
ദ്വിപത്ഖരോഷ്ട്രൈരരിണാവഖണ്ഡിതൈഃ
ബഭൗ ചിതം മോദവഹം മനസ്വിനാ-
മാക്രീഡനം ഭൂതപതേരിവോല്ബണം. 18

അഥാഹ പൗണ്ഡ്രകം ശൗരി, ''ഭോ ഭോഃ പൗണ്ഡ്രക യദ്ഭവാൻ
ദൂതവാക്യേന മാമാഹ, താന്യസ്ത്രാണ്യുത്സൃജാമി തേ. 19
ത്യാജയിഷ്യേഽഭിധാനം മേ യത്ത്വയാജ്ഞ മൃഷാ ധൃതം
വ്രജാമി ശരണം തേഽദ്യ യദി നേച്ഛാമി സംയുഗം.'' 20
ഇതി ക്ഷിപ്ത്വാ ശിതൈർബ്ബാണൈർവിരഥീകൃത്യ പൗണ്ഡ്രകം
ശിരോഽവൃശ്ചദ്രഥാങ്ഗേന, വജ്രേണേന്ദ്രോ യഥാ ഗിരേഃ. 21
തഥാ കാശിപതേഃ കായാച്ഛിര ഉത്കൃത്യ പത്രിഭിഃ
ന്യപാതയത് കാശിപുര്യാം പദ്മകോശമിവാനിലഃ. 22
ഏവം മത്സരിണം ഹത്വാ പൗണ്ഡ്രകം സസഖം ഹരിഃ
ദ്വാരകാമാവിശത് സിദ്ധൈർഗ്ഗീയമാനകഥാമൃതഃ. 23
സ നിത്യം ഭഗവദ്ധ്യാനപ്രധ്വസ്താഖിലബന്ധനഃ
ബിഭ്രാണശ്ച ഹരേ രാജൻ! സ്വരൂപം തന്മയോഽഭവത്. 24
ശിരഃ പതിതമാലോക്യ രാജദ്വാരേ സകുണ്ഡലം
''കിമിദം കസ്യ വാ വക്ത്ര''മിതി സംശയിരേ ജനാഃ. 25
രാജ്ഞഃ കാശിപതേർജ്ഞാത്വാ മഹിഷ്യഃ പുത്രബാന്ധവാഃ
പൗരാശ്ച, ''ഹാ ഹതാ രാജൻ! നാഥ! നാഥേ''തി
പ്രാരുദൻ. 26
സുദക്ഷിണസ്തസ്യ സുതഃ കൃത്വാ സംസ്ഥാവിധിം പിതുഃ
''നിഹത്യ പിതൃഹന്താരം യാസ്യാമ്യപചിതിം പിതുഃ.'' 27
ഇത്യാത്മനാഭിസന്ധായ സോപാധ്യായോ മഹേശ്വരം
സുദക്ഷിണോഽർച്ചയാമാസ പരമേണ സമാധിനാ. 28
പ്രീതോഽവിമുക്തേ ഭഗവാംസ്തസ്മൈ വരമദാദ് ഭവഃ
പിതൃഹന്തൃവധോപായം സ വവ്രേ വരമീപ്സിതം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൂതനീയാക്ഷേപമെല്ലാം ദ്രുതം ചെന്നു
സാദരം തത്സ്വാമിയെയറിയിച്ചിതു.
പാരാതെ കാശീപുരസമീപത്തേക്കു
തേരിലേറിഗ്ഗമിച്ചീടിനാൻ കൃഷ്ണനും. 10
നന്ദജോദ്ദേശ്യം മഹാരഥനായിട്ടു
പൗണ്ഡ്രകൻതാനുമറിഞ്ഞവിളംബിതം
അക്ഷൗഹിണീയുഗത്തോടും പുരത്തിൽനി-
ന്നക്ഷമനായിപ്പുറത്തേക്കു വന്നിതു. 11
തദ്ബന്ധുവായിട്ടു കാശിമഹീപതി-
യപ്പോഴുതക്ഷൗഹിണീത്രയസംയുതം,
പൗണ്ഡ്രകനെപ്പിന്തുടർന്നാൻ തുണയ്ക്കുവാൻ;
കണ്ടിതു കൃഷ്ണനപ്പൗണ്ഡ്രകഭൂപനെ. 12
ശങ്ഖചക്രങ്ങളസിഗദശാർങ്ഗവ്യ-
മങ്കമാം ശ്രീവത്സമെന്നിവയോടൊത്തു
കൗസ്തുഭരത്നമണിഞ്ഞു വനമാല-
യിട്ടു മഞ്ഞപ്പട്ടു രണ്ടു ധരിച്ചഥ
താർക്ഷ്യദ്ധ്വജമാർന്നമൂല്യമാകും മൗല്യ-
ഭൂഷണജാലമിയന്നു മിന്നിപ്പരം.
ചാരുമകരക്കുഴക്കണ്ണഭൂഷകം
നേരേയണിഞ്ഞു തന്നോടുസമാനമായ്
കൃത്രിമവേഷം ധരിച്ചോരബ്ഭൂപനെ
പ്രത്യക്ഷമായ്ബ്ഭഗവാൻ മുരശാസനൻ
രങ്ഗഗതനാമൊരു നടനെന്നപോ-
ലങ്ങു കണ്ടദ്ഭുതപ്പെട്ടു ചിരിച്ചിതേ. 13–15
ശൂലം, പരിഘം, ഗദ, ശക്തി, ഋഷ്ടിയും
വാളും ശരപ്രാസതോമരജാലവും
പട്ടിശശസ്ത്രങ്ങളും പ്രയോഗിച്ചിതു
ദുഷ്ടരാം ശത്രുക്കളപ്പോൾ മുരാരിയിൽ. 16
പൗണ്ഡ്രകകാശീനൃപന്മാരുടെ ഗജ-
സ്യന്ദനവാജിപദാതിസൈന്യങ്ങളെ
കാളും ഗദാസിചക്രാസ്ത്രങ്ങളാൽ കല്പ-
കാലാഗ്നിമട്ടിൽത്തപിപ്പിച്ചു മാധവൻ. 17
രണ്ടുഭാഗത്തിലുമസ്ത്രപ്രയോഗങ്ങൾ-
കൊണ്ടു ഖണ്ഡം ഖണ്ഡമാം ഗജാശ്വങ്ങളും
തേരുകാലാളുഷ്ട്രഗർദ്ദഭൗഘങ്ങളും
ചേരുന്നതായ് വീരമോദനിദാനമായ്
ഭീരുജനാളിക്കു ഭീതിദമായ്പരം
ഘോരതരമായിടുമപ്പടക്കളം
കല്പാന്തകാലത്തു സംഹാരരുദ്രന്റെ
നിർഭരകേളിസ്ഥലംപോലെയായിതു. 18
അപ്പൊഴപ്പൗണ്ഡ്രകനോടു ചൊല്ലീടിനാൻ
ചിത്പൂരുഷ, ''നെടാ പൗണ്ഡ്രകാ! ദുർമ്മതേ!
ഏതൊന്നു ഞാനുപേക്ഷിക്കണമെന്നു നീ
ദൂതൻമുഖേനയെന്നോടു പറഞ്ഞുവോ

ആ പ്രശസ്ത്രായുധം നിന്നെ വധിക്കുവാ-
നിപ്പോളിതാ നിന്റെനേർക്കു വിടുന്നു ഞാൻ. 19
മൂഢാ! ജനത്തെ വഞ്ചിക്കുവാൻ നീ ധരി-
ച്ചീടുമെൻ നാമധേയത്തെ ഞാനിക്ഷണം
പാടേ ത്യജിപ്പിച്ചിടുന്നു നിന്നെക്കൊണ്ടു
പാടവമുണ്ടെങ്കിലൊന്നു കാണട്ടെ ഞാൻ.
നിന്നോടടരാടിടുവാനശക്തനായ്
വന്നിടുമ്പോൾ ഞാൻ ശരണം ഗമിച്ചിടാം.'' 20
ഇത്ഥമാക്ഷേപിച്ചു മൂർച്ചകലർന്നിടും
ശസ്ത്രങ്ങൾകൊണ്ടു രഥം തകർത്തക്ഷണം
ചക്രത്തിനാൽ തച്ഛിരസ്സറുത്താൻ വജ്ര-
ശക്തിയാൽ ശക്രൻ ഗിരിശൃങ്ഗമെന്നപോൽ. 21
കാശിരാജാവിൻ തലയുമതുപോലെ-
യാശു നാരാചങ്ങൾകൊണ്ടു മുറിച്ചുടൻ
കാശീപുരത്തിൽ വീഴ്ത്തീടിനാൻ പങ്കജ-
കോശത്തെ മാരുതനെന്നതുപോലവേ. 22
ഈവിധം മാത്സര്യമാളുമപ്പൗണ്ഡ്രക-
ഭൂവരനെ സ്നേഹിതനോടുകൂടവേ
കൊന്നുടൻ സിദ്ധഗണം പുകഴ്ത്തും സുധാ-
സന്നിഭവൃത്തത്തൊടാർന്നാൻ പുരം ഹരി. 23
ഭൂപതേ! മാധവധ്യാനത്തിനാൽ ധ്വസ്ത-
പാപനായീടുമപ്പൗണ്ഡ്രകഭൂധവൻ
തന്മയപ്പെട്ടു ഹരിസ്വരൂപം പൂണ്ടു
ചെമ്മേ ഹരിലോകമാർന്നു സുഖിച്ചിതേ. 24
രാജഗേഹദ്വാരസന്നിധി വീണതി-
രാജിതമാമശ്ശിരസ്സു കണ്ടാളുകൾ
''എന്തോന്നിതാരുടെ വക്ത്ര''മെന്നൊക്കെയും
ചിന്താകലരായ്ഭവിച്ചു നരേശ്വരാ! 25
കാശിരാജാവിൻ ശിരസ്സാണതെന്നറി-
ഞ്ഞാശു തത്പുത്രകളത്രബന്ധുക്കളും
പൗരരും, ''ഹാ! നാഥ! കഷ്ടമീ ഞങ്ങളും
നേരായ് നിഹതരാ''യെന്നു കേണീടിനാർ. 26
കാശീമഹീശതനയൻ സുദക്ഷിണ-
നാശു സംസ്കാരകർമ്മങ്ങൾ കഴിച്ചഥ
താതഹന്താവിൻ വധത്താൽ പ്രതിക്രിയ
ചെയ്തീടുവനെന്നകമേയുറപ്പിച്ചു
സ്വാന്തഗുരൂപദേശത്തോടുമേശനെ-
യന്തഃകരണമടക്കിയർച്ചിച്ചിതേ. 27–28
തത്തപസ്സാൽ പരിതുഷ്ടനായ് ശ്രീശിവൻ
പ്രത്യക്ഷനായവന്നേകീടിനാൻ വരം.
താതഹന്താവിൻ വധരൂപമായതു
മോദപുരസ്സരം നേടീടിനാനവൻ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ദക്ഷിണാഗ്നിം പരിചര ബ്രാഹ്മണൈഃ സമമൃത്വിജം
അഭിചാരവിധാനേന സ ചാഗ്നിഃ പ്രമഥൈർവൃതഃ. 30
സാധയിഷ്യതി സങ്കല്പമബ്രഹ്മണ്യേ പ്രയോജിതഃ''
ഇത്യാദിഷ്ടസ്തഥാ ചക്രേ കൃഷ്ണായാഭിചരൻ വ്രതീ. 31
തതോഽഗ്നിരുത്ഥിതഃ കുണ്ഡാന്മൂർത്തിമാനതിഭീഷണഃ
തപ്തതാമ്രശിഖാശ്മശ്രുരങ്ഗാരോദ്ഗാരിലോചനഃ. 32
ദംഷ്ട്രോഗ്രഭ്രുകുടീദണ്ഡകഠോരാസ്യഃ സ്വജിഹ്വയാ
ആലിഹൻ സൃക്കിണീ നഗ്നോ വിധുന്വംസ്ത്രിശിഖം ജ്വലത്. 33
പദ്ഭ്യാം താലപ്രമാണാഭ്യാം കമ്പയന്നവനീതലം
സോഽഭ്യധാവദ്വൃതോ ഭൂതൈർദ്വാരകാം പ്രദഹൻ ദിശഃ. 34
തമാഭിചാരദഹനമായാന്തം ദ്വാരകൗകസഃ
വിലോക്യ തത്രസുഃ സർവ്വേ വനദാഹേ മൃഗാ യഥാ. 35
അക്ഷൈഃ സഭായാം ക്രീഡന്തം ഭഗവന്തം ഭയാതുരാഃ
''ത്രാഹി ത്രാഹി ത്രിലോകേശ! വഹ്നേഃ പ്രദഹതഃ പുരം.'' 36
ശ്രുത്വാ തജ്ജനവൈക്ലവ്യം ദൃഷ്ട്വാ സ്വാനാം ച സാധ്വസം
ശരണ്യഃ സമ്പ്രഹസ്യാഹ ''മാ ഭൈഷ്ടേത്യവിതാസ്മ്യഹം.'' 37
സർവ്വസ്യാന്തർബ്ബഹിഃസാക്ഷീ കൃത്യാം മാഹേശ്വരീം വിഭുഃ
വിജ്ഞായ തദ്വിഘാതാർത്ഥം പാർശ്വസ്ഥം ചക്രമാദിശത്. 38

തത് സൂര്യകോടിപ്രതിമം സുദർശനം
ജാജ്വല്യമാനം പ്രളയാനലപ്രഭം
സ്വതേജസാ ഖം കകുഭോഽഥ രോദസീ
ചക്രം മുകുന്ദാസ്ത്രമഥാഗ്നിമാർദ്ദയത്. 39

കൃത്യാനലഃ പ്രതിഹതഃ സ രഥാങ്ഗപാണേ-
രസ്ത്രൗജസാ സ നൃപ ഭഗ്നമുഖോ നിവൃത്തഃ
വാരാണസീം പരിസമേത്യ സുദക്ഷിണം തം
സർത്വിഗ്ജനം സമദഹത് സ്വകൃതോഽഭിചാരഃ. 40

ചക്രം ച വിഷ്ണോസ്തദനുപ്രവിഷ്ടം
വാരാണസീം സാട്ടസഭാലയാപണാം
സഗോപുരാട്ടാലകകോഷ്ഠസങ്കുലാം
സകോശഹസ്ത്യശ്വരഥാന്നശാലാം. 41

ദഗ്ധ്വാ വാരാണസീം സർവ്വാം വിഷ്ണോശ്ചക്രം സുദർശനം
ഭൂയഃ പാർശ്വമുപാതിഷ്ഠത് കൃഷ്ണസ്യാക്ലിഷ്ടകർമ്മണഃ. 42
യ ഏതം ശ്രാവയേന്മർത്ത്യ ഉത്തമശ്ലോകവിക്രമം
സമാഹിതോ വാ ശൃണുയാത് സർവ്വപാപൈഃ പ്രമുച്യതേ. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
പൗണ്ഡ്രകാദിവധോ നാമ ഷട്ഷഷ്ടിതമോഽധ്യായഃ

സപ്തഷഷ്ടിതമോഽധ്യായഃ

രാജോവാച

ഭൂയോഽഹം ശ്രോതുമിച്ഛാമി രാമസ്യാദ്ഭുതകർമ്മണഃ
അനന്തസ്യാപ്രമേയസ്യ യദന്യത് കൃതവാൻ പ്രഭുഃ. 1

ശ്രീശുക ഉവാച

നരകസ്യ സഖാ കശ്ചിദ്ദ്വിവിദോ നാമ വാനരഃ
സുഗ്രീവസചിവഃ സോഽഥ ഭ്രാതാ മൈന്ദസ്യ വീര്യവാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഋത്വിക്കിനൊപ്പം യജമാനവാഞ്ഛിതം
സാദ്ധ്യമാക്കും ദക്ഷിണാഗ്നിയെ വേണ്ടപോൽ

ശത്രുവിനാശസങ്കല്പത്തൊടും ദ്വിജ–
രൊത്തു യജിക്ക, നീയാവിധം ചെയ്കിലോ,

ഭൂദേവനല്ല നിൻ വൈരിയെന്നാൽ മമ–
ഭൂതഗണാവൃതമാകുമാ വഹ്നിതാൻ

കൈവരുത്തും നിന്നഭീഷ്ട''മെന്നീശ്വരൻ
ചൊൽവതു കേട്ടസ്സുദക്ഷിണമന്നവൻ

ആഭിചാരപ്രയോഗങ്ങൾ തുടങ്ങിനാൻ
ശ്രീപതിനേർക്കായ് വ്രതനിയമത്തൊടും. 30-31

കണ്ഠത്തിൽനിന്നതിഭീഷണനായ് ശോണ–
വർണ്ണത്തിലുള്ള മുടികളും ശ്മശ്രുവും

തീക്കട്ടമിന്നും മിഴികളും ദംഷ്ട്രാദ്വ–
യോഗ്രമായ് ഭീകരഭ്രൂകുടിയാന്നതാം

വക്ത്രവുമൊത്തൊരു രൂപം ധരിച്ചിട്ട–
മഗ്നിപുരുഷൻ പുറപ്പെട്ടു നാവിനാൽ

നക്കിയോഷ്ഠം, പ്രജ്ജ്വലച്ഛൂലമൊന്നങ്ങു
പൊക്കിപ്പിടിച്ചു ചലിപ്പിച്ചു
നഗ്നനായ്. 32-33

താലതുല്യങ്ങളാം കാലുകളാൽ ഭൂമി
ചേലായ് വിറപ്പിച്ചു ഭൂതഗണങ്ങളാൽ

ആവൃതനായ്പ്പത്തുദിക്കും ദഹിപ്പിക്കു–
മാവിധം ദ്വാരാവതിയിലേക്കോടിനാൻ. 34

ദ്വാരകാവാസികളായതനാമാഭി–
ചാരാഗ്നിപൂരുഷൻതന്നെ വീക്ഷിച്ചുടൻ

കാനനമാകെ ദഹിപ്പതുകാണുമാ–
മാനകൾപോലതിഭീതി തേടീടിനാർ. 35

അക്ഷങ്ങൾകൊണ്ടു സഭയിൽക്കളിച്ചിടും
പക്ഷീന്ദ്രവാഹനനോടവരേവരും

''രക്ഷിക്ക നാഥ! പുരം ചുടുമീയാശ്രു–
ശുക്ഷണീമൂർത്തിയിൽനി''ന്നെന്നു
ചൊല്ലിനാർ. 36

സന്തപിക്കുന്നു ജനമെന്നു കേട്ടും സ്വ–
ബന്ധുമിത്രഭ്രമം കണ്ടും ശരണ്യനാം

മാധവൻ മന്ദഹാസത്തൊടു ചൊല്ലിനാൻ,
''ഭീതിവിട്ടീടുവിൻ, രക്ഷിപ്പ''നെന്നുടൻ. 37

സർവ്വഭൂതാന്തർബഹിർഭാഗസംസ്ഥനായ്
സർവ്വത്തിനും സാക്ഷിയാം ഭഗവാൻ ഹരി

മാഹേശ്വരീകൃത്യയെന്നറിഞ്ഞാശു ത–
ത്സംഹൃതിക്കായ് നിജചക്രമയച്ചിതേ. 38

കോടിസൂര്യപ്രഭമായ് പ്രളയാനല–
നോടുതുല്യം ജ്വലിച്ചാത്മതേജസ്സിനാൽ

ദിക്കുകളേയുമാകാശത്തെയും ജ്വലി–
പ്പിക്കും മുകുന്ദാസ്ത്രമാമസ്സുദർശനം

അഗ്നിപുരുഷന്റെനേർക്കാശു പാഞ്ഞുട–
നുഗ്രതരപീഡനങ്ങളേല്പിച്ചിതേ. 39

ചക്രപ്രഭയാൽ പ്രതിഹതനായിട്ട–
മഗ്നിപുരുഷനവിടെനിന്നും ദ്രുതം

ഋത്വിഗ്വൃതനാം സുദക്ഷനെച്ചെന്നു
ചുട്ടാൻ, സ്വകൃത്യമവനെ ഹനിച്ചിതു. 40

ചക്രിതൻ ചക്രവും വാരാണസീപുരം
പുക്കു സഭാലയാട്ടാപണപങ്ക്തിയും

അട്ടാലഗോപുരകോശഗൃഹങ്ങളും
തപിട്ടാന്നിടും കോഷ്ഠചന്ദ്രശാലാളിയും

മറ്റുമിയന്നു വിളങ്ങുമക്കാശിയേ
മുറ്റും ദഹിപ്പിച്ചണഞ്ഞു കൃഷ്ണാന്തികം. 41-42

കേൾക്കുന്നമാത്രയിലജ്ഞാനമാകവേ
പോക്കും കഥയാന്ന കൃഷ്ണപരാക്രമം,

ചിത്തമടക്കിശ്ശ്രവിച്ചിടും പൂരുഷൻ
സത്വരം പാപവിമുക്തനായ്ത്തീർന്നിടും. 43

അദ്ധ്യായം 67

ദ്വിവിദവധം

രാജാവു പറഞ്ഞു

സീമാവിഹീനനായദ്ഭുതകൃത്യനാം
രാമദേവൻതൻ ചരിതം ശ്രവിക്കുവാൻ

ആശിച്ചിടുന്നു ഞാനാ വിഭുവായതിൻ–
ശേഷമെന്തെല്ലാം പ്രവർത്തിച്ചു ചൊല്ലുക. 1

ശ്രീശുകൻ പറഞ്ഞു

അന്നരകന്റെ സുഹൃത്തായ് ദ്വിവിദനെ–
ന്നുന്നതവീര്യമാർന്നൊരു വാനരൻ

മൈന്ദസഹജനും സുഗ്രീവവാനര–
മന്നവമന്ത്രിയുമായിരുന്നാനവൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഖ്യുഃ സോഽപചിതിം കുർവ്വൻ വാനരോ രാഷ്ട്രവിപ്ലവം
പുരഗ്രാമാകരാൻ ഘോഷാനദഹദ്വഹ്നിമുത്സൃജൻ. 3
ക്വചിത് സ ശൈലാനുത്പാട്യ തൈർദ്ദേശാൻ സമചൂർണ്ണയത്
ആനർത്താൻ സുതരാമേവ യത്രാസ്തേ മിത്രഹാ ഹരിഃ. 4
ക്വചിത് സമുദ്രമധ്യസ്ഥോ ദോർഭ്യാമുത്ക്ഷിപ്യ തജ്ജലം
ദേശാൻ നാഗായുതപ്രാണോ വേലാകൂലാനമജ്ജയത്. 5
ആശ്രമാനൃഷിമുഖ്യാനാം കൃത്വാ ഭഗ്നവനസ്പതീൻ
അദൂഷയച്ഛകൃന്മൂത്രൈരഗ്നീൻ വൈതാനികാൻ ഖലഃ. 6
പുരുഷാൻ യോഷിതോ ദൃപ്തഃ ക്ഷ്മാഭൃദ്ദ്രോണീഗുഹാസു സഃ
നിക്ഷിപ്യ ചാപ്യധാച്ഛൈലൈഃ പേശസ്കാരീവ കീടകം. 7
ഏവം ദേശാൻ വിപ്രകുർവ്വൻ ദൂഷയംശ്ച കുലസ്ത്രിയഃ
ശ്രുത്വാ സുലലിതം ഗീതം ഗിരിം രൈവതകം യയൗ. 8
തത്രാപശ്യദ്യദുപതിം രാമം പുഷ്കരമാലിനം
സുദർശനീയസർവ്വാങ്ഗം ലലനായൂഥമധ്യഗം. 9
ഗായന്തം വാരുണീം പീത്വാ മദവിഹ്വലലോചനം
വിഭ്രാജമാനം വപുഷാ പ്രഭിന്നമിവ വാരണം. 10
ദുഷ്ടഃ ശാഖാമൃഗഃ ശാഖാമാരൂഢഃ കമ്പയൻ ദ്രുമാൻ
ചക്രേ കിലകിലാശബ്ദമാത്മാനം സംപ്രദർശയൻ. 11
തസ്യ ധാർഷ്ട്യം കപേർവീക്ഷ്യ തരുണ്യോ ജാതിചാപലാഃ
ഹാസ്യപ്രിയാ വിജഹസുർബ്ബലദേവപരിഗ്രഹാഃ. 12
താ ഹേലയാമാസ കപിർഭ്രൂക്ഷേപൈഃ സമ്മുഖാദിഭിഃ
ദർശയൻ സ്വഗുദം താസാം രാമസ്യ ച നിരീക്ഷതഃ. 13
തം ഗ്രാവ്ണാ പ്രാഹരത് ക്രുദ്ധോ ബലഃ പ്രഹരതാം വരഃ
സ വഞ്ചയിത്വാ ഗ്രാവാണം മദിരാകലശം കപിഃ. 14
ഗൃഹീത്വാ ഹേലയാമാസ ധൂർത്തസ്തം കോപയൻ ഹസൻ
നിർഭിദ്യ കലശം ദുഷ്ടോ വാസാംസ്യാസ്ഫാലയദ് ബലം. 15
കദർത്ഥീകൃത്യ ബലവാൻ വിപ്രചക്രേ മദോദ്ധതഃ
തം തസ്യാവിനയം ദൃഷ്ട്വാ ദേശാംശ്ച തദുപദ്രുതാൻ. 16
ക്രുദ്ധോ മുസലമാദത്ത ഹലം ചാരിജിഘാംസയാ
ദ്വിവിദോഽപി മഹാവീര്യഃ സാലമുദ്യമ്യ പാണിനാ. 17
അഭ്യേത്യ തരസാ തേന ബലം മൂർദ്ധന്യതാഡയത്
തം തു സങ്കർഷണോ മൂർദ്ധ്നി പതന്തമചലോ യഥാ. 18
പ്രതിജഗ്രാഹ ബലവാൻ സുനന്ദേനാഹനച്ച തം
മുസലാഹതമസ്തിഷ്കോ വിരേജേ രക്തധാരയാ. 19
ഗിരിര്യഥാ ഗൈരികയാ പ്രഹാരം നാനുചിന്തയൻ.
പുനരന്യം സമുത്ക്ഷിപ്യ കൃത്വാ നിഷ്പത്രമോജസാ. 20
തേനാഹനത് സുസംക്രുദ്ധസ്തം ബലഃ ശതധാച്ഛിനത്
തതോഽന്യേന രുഷാ ജഘ്നേ തം ചാപി ശതധാച്ഛിനത്. 21
ഏവം യുധ്യൻ ഭഗവതാ ഭഗ്നേ ഭഗ്നേ പുനഃ പുനഃ
ആകൃഷ്യ സർവ്വതോ വൃക്ഷാൻ നിർവൃക്ഷമകരോദ്വനം. 22
തതോഽമുഞ്ചച്ഛിലാവർഷം ബലസ്യോപര്യമർഷിതഃ
തത് സർവ്വം ചൂർണ്ണയാമാസ ലീലയാ മുസലായുധഃ. 23
സ ബാഹൂ താലസങ്കാശൗ മുഷ്ടീകൃത്യ കപീശ്വരഃ
ആസാദ്യ രോഹിണീപുത്രം താഭ്യാം വക്ഷസ്യരൂരുജത്. 24
യാദവേന്ദ്രോഽപി തം ദോർഭ്യാം ത്യക്ത്വാ മുസലലാങ്ഗലേ
ജത്രാവഭ്യർദ്ദയത് ക്രുദ്ധഃ സോഽപതദ്രുധിരം വമൻ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇഷ്ടനാം ഭൗമനോടുള്ളതാം തൻകടം
വീട്ടുവാനച്യുതാധീനസ്ഥിതങ്ങളാം
പട്ടണഗ്രാമാകരങ്ങൾ കടിൽകള-
മൊട്ടുക്ക തീയിട്ടു ചുട്ടുപൊട്ടിച്ചിതേ. 3
മൂഢനവൻ ചിലനേരം ഗിരികളെ-
പ്പാടേയിളക്കിയിട്ടോരോരുദേശവും
ധൂളിയാക്കിസ്സുഹൃദ്ഘാതകനാ ഹരി
പാലിക്കമാനത്തഭ്രുവും മൂടിച്ചിതു. 4
വാരിധിമധ്യത്തിറങ്ങി പിന്നെച്ചില-
നേരമയുതഗജശക്തനാമവൻ
പാണികളാൽ നീരുയർത്തി വേലാന്തിക-
നാനാപ്രദേശങ്ങളുമങ്ങു മുക്കിനാൻ. 5
മുന്യാശ്രമങ്ങളിലാളും ഫലവൃക്ഷ-
വൃന്ദമശേഷം നശിപ്പിച്ചനന്തരം
ഹോമാഗ്നിയേയും പുരീഷമൂത്രങ്ങളാ-
ലാമഹാപാപിയശുദ്ധമാക്കീടിനാൻ. 6
ഗർവ്വിതനാമവൻ സ്ത്രീപുരുഷാളിയെ
സർവ്വദാ ശൈലകുഹരസാനുക്കളിൽ
വേട്ടാളനപ്പുഴക്കൂട്ടത്തിനെക്കണ-
ക്കിട്ടടച്ചേററീ പുറത്തു വൻകല്ലുകൾ. 7
ഇത്ഥം കുലനാരിമാരെദ്ദൂഷിപ്പിച്ചു-
മത്തൽ ജനതയ്ക്കു ചേർത്തും ചരിക്കവേ
അദ്വിവിദൻ കേട്ടു രൈവതകാദ്രിയി-
ലത്യന്തമോഹനഗാനമൊന്നേകദാ. 8
തത്ര കണ്ടീടിനാൻ പങ്കജമാലയു-
മിട്ടതിസുന്ദരനാകും ഹലായുധൻ
ചാരുരമണീമണികൾതന്മദ്ധ്യത്തി-
ലേറിയിരുന്നതിയായി രസിപ്പതും. 9
വാരുണീപാനത്തിനാലെ മദാലസ-
ചാരുനയനങ്ങളാർന്നു മനോജ്ഞമാം
പാട്ടുകൾ പാടും ഹലി വിളങ്ങീ മദം-
പൊട്ടിവാർന്നീടും ഗജശ്രേഷ്ഠനെന്നപോൽ. 10
ദുഷ്ടൻ ദ്വിവിദനൊരു തരുശാഖയിൽ
പെട്ടെന്നു ചാടിക്കയറിച്ചലിപ്പിച്ചു
തന്നെ നന്നായ് പ്രദർശിപ്പിച്ചു സീരിക്കു,
പിന്നെക്കിലുകിലാശബ്ദമുയർത്തിനാൻ. 11
ഹാസ്യപ്രിയകളായ് ജാത്യാ ചപലത-
യേസിടും രാമമഹിഷിമാരാകവേ
വാനരത്തിൻെറയിദ്ധിക്കാരമീക്ഷിച്ചു
ക്ഷോണീപതേ! യുറക്കെച്ചിരിച്ചീടിനാർ. 12
നോക്കിയിരിക്കേ ഹലിയെഗ്ഗണിക്കാതെ
മർക്കടമന്നാരിമാരുടെ നേർക്കടൻ
പൃഷ്ഠംതിരിച്ചങ്ങു കാട്ടിപ്പുരികങ്ങ-
ളിട്ടിളക്കീട്ടവരെക്കളിയാക്കിനാൻ. 13

അസ്ത്രശസ്ത്രപ്രയോഗത്തിൽപ്പടു ബല-
ഭദ്രൻ കുപിതനായമ്മർക്കടത്തിനെ
കല്ലു പെറുക്കിയെറിഞ്ഞാ,നവനതു
തെല്ലുമേല്ക്കാതെയൊഴിഞ്ഞുമാറി ദ്രുതം
മദ്യപാത്രം ചെന്നെടുത്തുകൊണ്ടോടിയ-
ധൂർത്തൻ ഹസിച്ചു കോപിപ്പിച്ചു രാമനെ:
പിന്നെയപ്പാത്രമെറിഞ്ഞുടച്ചിട്ടോടി-
വന്നു വസ്ത്രങ്ങളുരിഞ്ഞു
പാഞ്ഞീടിനാൻ. 14–15
ശക്തനവൻ ഹലി നിസ്സാരനെന്നുന്നി
മുഷ്ടാന്നപകൃതിചെയ്യാൻ പലേവിധം
ധിക്കാരവുമാ വിനയമില്ലായ്മയും
മിക്ക ദേശങ്ങളേയും നശിപ്പിപ്പതും
ഓർത്തു മുസലഹലങ്ങളാർന്നാൻ ബല-
ഭദ്രൻ, കുപിതനായപ്പോൾ ദ്വിവിദനും
പാണിയാൽ വൃക്ഷം പിഴുതുയർത്തിശ്ശത്രു-
ഹാനിയിച്ഛിച്ചു തലയ്ക്കടിച്ചീടിനാൻ.
മാമലമട്ടിൽ തലയിൽപ്പതിക്കുമ-
ബ്ഭൂമീരുഹത്തെബ്ബലിയാം ഹലായുധ
ശീഘ്രം സുനന്ദമുസലത്തിനാൽത്തടു-
ത്തുക്കോടവൻെറ ശിരസ്സിലടിച്ചിതു.
പർവ്വതത്തിൽ ധാതുരാഗംകണക്കു ത-
ത്സർവ്വാങ്ഗവും ചുടുചോരയൊലിക്കിലും
അത്താഡനത്തെഗ്ഗണിക്കാതെ പിന്നെയും
പൃഥ്വീരുഹം പിഴുതിട്ടിലയാകവേ
ഊരിബ്ബലഭദ്രനെയടിച്ചാൻ കപി,
സീരിയമ്മാമരം നൂറായ് നുറുക്കിനാൻ.
വേറൊരു വന്മരം കൈക്കൊണ്ടവനുടൻ
വീറോടു വീണ്ടും മുസലിയെത്തല്ലിനാൻ.
അപ്പാദപത്തെയും തൻ മുസലത്തിനാൽ
ക്ഷിപ്രം പല ഖണ്ഡമാക്കിനാൻ
ശ്രീഹലി. 16–21
ഒന്നു നശിപ്പിക്കിൽ മറ്റൊന്നതുമാത്ര
ഖണ്ഡിക്കിൽ വേറൊന്നിതുവിധം വാനരൻ
അക്കാനനത്തിലിയലും തരുക്കളെ-
യൊക്കെപ്പിഴുതു നിസ്തരുവാക്കിനാൻ. 22
പിന്നെശ്ശിലാമാരി വർഷിച്ചു മർക്കടം,
ചൂർണ്ണമാക്കീ രാമനായതും ലീലയാൽ. 23
മുഷ്ടിചുരുട്ടിപ്പനകൾകണക്കുള്ള
ഹസ്തങ്ങളാൽബ്ബലോരസ്സിലിടിച്ചിതു. 24
രുഷ്ടനായ് രാമൻ മുസലഹലങ്ങളെ-
പ്പെട്ടെന്നുപേക്ഷിച്ചു കൈകൊണ്ടു താനുടൻ
മർക്കടത്തിൻെറ പിരടിക്കടിച്ചിതു
രക്തവും ഛർദ്ദിച്ചു വീണിടിനാൻ കപി. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചകമ്പേ തേന പതതാ സടങ്കഃ സവനസ്പതിഃ
പർവ്വതഃ കുരുശാർദ്ദൂല, വായുനാ നൗരിവാംഭസി. 26

ജയശബ്ദോ നമശ്ശബ്ദഃ സാധു സാധ്വിതി ചാംബരേ
സുരസിദ്ധമുനീന്ദ്രാണാമാസീത് കുസുമവർഷിണാം. 27

ഏവം നിഹത്യ ദ്വിവിദം ജഗദ്വ്യതികരാവഹം
സംസ്തൂയമാനോ ഭഗവാൻ ജനൈഃ സ്വപുരമാവിശത്. 28

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ദ്വിവിദവധോ നാമ സപ്തഷഷ്ടിതമോऽധ്യായഃ

അഷ്ടഷഷ്ടിതമോऽധ്യായഃ

ശ്രീശുക ഉവാച

ദുര്യോധനസുതാം രാജൻ! ലക്ഷ്മണാം സമിതിഞ്ജയഃ
സ്വയംവരസ്ഥാമഹരത് സാംബോ ജാംബവതീസുതഃ. 1

കൗരവാഃ കുപിതാ ഊചുർ, ''ദുർവിനീതോऽയമർഭകഃ
കദർത്ഥീകൃത്യ നഃ കന്യാമകാമാമഹരദ്ബലാത്. 2

ബധ്നീതേമം ദുർവ്വിനീതം കിം കരിഷ്യന്തി വൃഷ്ണയഃ
യേऽസ്മത് പ്രസാദോപചിതാം ദത്താം നോ ഭുഞ്ജതേ മഹീം. 3

നിഗൃഹീതം സുതം ശ്രുത്വാ യദ്യേഷ്യന്തീഹ വൃഷ്ണയഃ
ഭഗ്നദർപ്പാഃ ശമം യാന്തി പ്രാണാ ഇവ സുസംയതാഃ.'' 4

ഇതി കർണ്ണഃ ശലോ ഭൂരിര്യജ്ഞകേതുഃ സുയോധനഃ
സാംബമാരേഭിരേ ബദ്ധും കുരുവൃദ്ധാനുമോദിതാഃ. 5

ദൃഷ്ട്വാനുധാവതഃ സാംബോ ധാർത്തരാഷ്ട്രാൻ മഹാരഥഃ
പ്രഗൃഹ്യ രുചിരം ചാപം തസ്ഥൗ സിംഹ ഇവൈകലഃ. 6

തം തേ ജിഘൃക്ഷവഃ ക്രുദ്ധാ, ''സ്തിഷ്ഠ തി''ഷ്ഠേതി ഭാഷിണഃ
ആസാദ്യ ധന്വിനോ ബാണൈഃ കർണ്ണാഗ്രണ്യഃ സമാകിരൻ. 7

സോऽപവിദ്ധഃ കുരുശ്രേഷ്ഠ! കുരുഭിര്യദുനന്ദനഃ
നാമൃഷ്യത്തദചിന്ത്യാർഭഃ സിംഹഃ ക്ഷുദ്രമൃഗൈരിവ. 8

വിസ്ഫൂർജ്ജ്യ രുചിരം ചാപം സർവ്വാൻ വിവ്യാധ സായകൈഃ
കർണ്ണാദീൻ ഷഡ്രഥാൻ വീരാംസ്താവദ്ഭിര്യുഗപത് പൃഥക്. 9

ചതുർഭിശ്ചതുരോ വാഹാനേകൈകേന ച സാരഥീൻ
രഥിനശ്ച മഹേഷ്വാസാംസ്തസ്യ തത്തേऽഭ്യപൂജയൻ. 10

തം തു തേ വിരഥം ചക്രുശ്ചത്വാരശ്ചതുരോ ഹയാൻ
ഏകസ്തു സാരഥിം ജഘ്നേ വിച്ഛേദാന്യഃ ശരാസനം. 11

തം ബദ്ധ്വാ വിരഥീകൃത്യ കൃച്ഛ്റേണ കുരവോ യുധി
കുമാരം സ്വസ്യ കന്യാം ച സ്വപുരം ജയിനോऽവിശൻ. 12

തച്ഛ്രുത്വാ നാരദോക്തേന, രാജൻ, സഞ്ജാതമന്യവഃ
കുരൂൻ പ്രത്യുദ്യമം ചക്രുരുഗ്രസേനപ്രചോദിതാഃ. 13

സാന്ത്വയിത്വാ തു താൻ രാമഃ സന്നദ്ധാൻ വൃഷ്ണിപുങ്ഗവാൻ
നൈച്ഛത് കുരൂണാം വൃഷ്ണീനാം കലിം കലിമലാപഹഃ. 14

ജഗാമ ഹാസ്തിനപുരം രഥേനാദിത്യവർച്ചസാ
ബ്രാഹ്മണൈഃ കുലവൃദ്ധൈശ്ച വൃതശ്ചന്ദ്ര ഇവ ഗ്രഹൈഃ. 15

ഗത്വാ ഗജാഹ്വയം രാമോ ബാഹ്യോപവനമാസ്ഥിതഃ
ഉദ്ധവം പ്രേഷയാമാസ ധൃതരാഷ്ട്രം ബുഭുത്സയാ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാഖാമൃഗപതനത്തിനാലദ്രിരി,
ശാഖികൾ ടങ്കങ്ങളെന്നിവയൊത്തുടൻ

അപ്പിൽ കൊട്ടകാററടിച്ചിളക്കീടിന
കപ്പലിൻമട്ടിലധികം ചലിച്ചിതേ. 26

വിണ്ണവരും സിദ്ധമാമുനിശ്രേഷ്ഠരും
വന്നു വാനിൽ പുഷ്പവർഷംചൊരിഞ്ഞുടൻ

നന്ദനന്നെന്നു ചൊന്നിട്ടു ജയശബ്ദ-
മൊന്നിച്ചുയർത്തീ നമശ്ശബ്ദവും പരം. 27

ലോകവിനാശകരനാം ദ്വിവിദനെ
ഏകനായേവം ഹനിച്ചു ജനങ്ങളാൽ

പാരം സ്തുതനായ് ഭഗവാൻ ഹലായുധൻ
ദ്വാരകയിൽ പ്രവേശിച്ചാൻ കുരുദ്വഹാ! 28

അദ്ധ്യായം 68

ഹസ്തിനപുരാകർഷണം

ശ്രീശുകൻ പറഞ്ഞു

ജാംബവതീസുതൻ സാംബൻ, സുയോധനൻ
തന്മകളായിടും ലക്ഷ്മണയെബ്ബലാൽ

ചെന്നു ഹരിച്ചാൻ സ്വയംവരമണ്ഡപം-
തന്നിലൊരുങ്ങിനിന്നീടിനവേളയിൽ. 1

''ദുശ്ശീലനാമിക്കുമാരകൻ നമ്മളെ
നിസ്സാരമാക്കിയകാമയാം കന്യയെ

കൈക്കലാക്കീ ബലാ''ലെന്നപ്പൊഴക്കുരു-
മുഖ്യരെല്ലാവരും ക്രുദ്ധരായ്ച്ചൊല്ലിനാർ. 2

''കെട്ടിനവിനീതനാമിവനേ,യെന്തു-
കാട്ടിടും വൃഷ്ണികളെന്നറിഞ്ഞീടണം.

നമ്മാൽ കനിഞ്ഞു കൊടുത്ത മന്നല്ലയോ?
നന്മട്ടനുഭവിക്കുന്നതുമിന്നവർ. 3

ബന്ധിച്ച പുത്രനെ നമ്മളെന്നായ് ശ്രവി-
ച്ചന്തികത്തിങ്കലവരണഞ്ഞീടുകിൽ

സംയതപ്രാണങ്ങൾമട്ടു ഗർവ്വം വിട്ടു
പോയിടും താനേ തിരിച്ചു നിരാശരായ്.'' 4

എന്നു ചൊല്ലിക്കർണ്ണനും യജ്ഞകേതുവും
പിന്നെശ്ശലഭൂരിദുര്യോധനാദ്യരും

വൃദ്ധാനുമോദിതരായ്ച്ചെന്നു സാംബനെ-
സ്സത്വരം ബന്ധിപ്പതിനുദ്യമിച്ചിതു. 5

പിന്നാലെ പാഞ്ഞുവരും കുരുവീരരെ
ജന്യശൂരൻ കണ്ടു സാംബൻ, ശരാസനം

നന്നായ്ധരിച്ചേകനായ്ക്കുസലെന്നിയേ
നിന്നീടിനാനൊരു കേസരിയെന്നപോൽ. 6

ക്രുദ്ധരായ്ക്കർണ്ണപ്രമുഖരാം കൗരവർ
സത്വരം സാംബനെബ്ബദ്ധനാക്കീടുവാൻ

ഇച്ഛിച്ചു, ''നില്ലെടാ നി''ല്ലെന്നു ചൊന്നുടൻ
തച്ചാപമാർന്നു ശരമാരിതൂകിനാർ. 7

കൗരവാസ്ത്രങ്ങളാൽ ഭിന്നശരീരനായ്
ചോരയൊലിപ്പിച്ചെഴും മുകുന്ദാത്മജൻ

ക്ഷുദ്രമൃഗപീഡ കേസരിയെന്നപോ-
ലൊട്ടും സഹിച്ചില്ലവരുടെ വിക്രമം. 8

വീരൻ രുചിരശരാസം ധ്വനിപ്പിച്ചു
പാരാതെ കർണ്ണാദ്യരാമാറുപേരെയും

തേരുകളേയുമൊരേകാലമോരോരു-
ക്കുരമ്പു വിട്ടു മുറിപ്പെടുത്തീടിനാൻ. 9

നാലമ്പുകൊണ്ടു കുതിരകൾ നാലിനെ-
ച്ചാലവേയെയ്തു, പിന്നേകശരത്തിനാൽ

തേരാളിതന്നെയും വേറൊന്നിനാലെ വെ-
വ്വേറേ രഥിവീരരേയും മുറിച്ചിതു.

സാംബൻെറയീ മഹനീയമാം കർമ്മത്തെ
വന്മോദമോടു പുകഴ്ത്തിയെല്ലാവരും. 10

ഏവരുംചേർന്നു തകർത്തു തത്സ്യന്ദനം
നാൽവരവൻെറ കുതിരകൾ നാലിനെ

കൊന്നിതൊരുവനത്തേരാളിതന്നെയു-
മന്യനവൻെറ വില്ലും മുറിച്ചീടിനാൻ. 11

പാരം പണിപ്പെട്ടവരേവരും ചേർന്നു
വീരനാം സാംബനെബ്ബന്ധിച്ചവനെയും

ലക്ഷ്മണയേയും നഗരത്തിലാനയി-
ച്ചുക്ഷണം കൊണ്ടാടിനാർ വിജയോത്സവം. 12

നാരദവാക്കിനാൽ യാദവരിക്കഥ
നേരേ ധരിച്ചതിയായമർഷത്തൊടും

ഉഗ്രസേനപ്രേരിതരായ്ക്കുരുക്കളോ-
ടുഗ്രയുദ്ധത്തിന്നൊരുക്കംതുടങ്ങിനാർ. 13

യുദ്ധസന്നദ്ധരാം വൃഷ്ണിജനങ്ങളെ-
യത്തവ്വിലകലിദോഷഹരൻ ഹലി

സാന്ത്വനംചെയ്താൻ, കുരുക്കളുമായ് രണം
പന്തിയല്ലെന്നുള്ള ചിന്തനിമിത്തമായ് 14

പിന്നെ ദ്വിജരും കുലവൃദ്ധരും ചേർന്നു
ചെന്നു സൂര്യാഭമാം തേരിലേറിബ്ബലൻ

മുററും ഗ്രഹഗണം ചൂഴ്ന്നിടുമിന്ദുപോൽ
തെറ്റെന്നു ഹസ്തിനപത്തനമെത്തിനാൻ. 15

ഹസ്തിനംപ്രാപിച്ചു ബാഹ്യഭാഗത്തിലെ-
യുദ്യാനഭൂവിൽ വസിച്ചു ഹലായുധൻ.

ഉദ്ധവനെദ്ധൃതരാഷ്ട്രമഹീശ്വര-
ചിത്തമെന്തെന്നറിഞ്ഞീടാനയച്ചിതേ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽഭിവന്ദ്യാംബികാപുത്രം ഭീഷ്മം ദ്രോണം ച ബാഹ്ലികം
ദുര്യോധനം ച വിധിവദ്രാമമാഗതമബ്രവീത്. 17

തേഽതിപ്രീതാസ്തമാകർണ്യ പ്രാപ്തം രാമം സുഹൃത്തമം
തമർച്ചയിത്വാഭിയയുഃ സർവ്വേ മങ്ഗലപാണയഃ. 18

തം സങ്ഗമ്യ യഥാന്യായം ഗാമർഘ്യം ച ന്യവേദയൻ
തേഷാം യേ തത്പ്രഭാവജ്ഞാഃ പ്രണേമുഃ ശിരസാ ബലം. 19

ബന്ധൂൻ കുശലിനഃ ശ്രുത്വാ പൃഷ്ട്വാ ശിവമനാമയം
പരസ്പരമഥോ രാമോ ബഭാഷേഽവിക്ലവം വചഃ. 20

''ഉഗ്രസേനഃ ക്ഷിതീശേശോ യദ്വ ആജ്ഞാപയത് പ്രഭുഃ
തദവ്യഗ്രധിയഃ ശ്രുത്വാ കുരുധ്വം മാ വിളംബിതം. 21

യദ്യൂയം ബഹവസ്ത്വേകം ജിത്വാധർമ്മേണ ധാർമ്മികം
അബധ്നീതാഥ തന്മൃഷ്യേ ബന്ധൂനാമൈക്യകാമ്യയാ.'' 22

വീര്യശൗര്യബലോന്നദ്ധമാത്മശക്തിസമം വചഃ
കുരവോ ബലദേവസ്യ നിശമ്യോചുഃ പ്രകോപിതാഃ. 23

''അഹോ മഹച്ചിത്രമിദം കാലഗത്യാ ദുരത്യയാ
ആരുരുക്ഷത്യുപാനദ്വൈ ശിരോ മുകുടസേവിതം. 24

ഏതേ യൗനേന സംബദ്ധാഃ സഹശയ്യാസനാശനാഃ
വൃഷ്ണയസ്തുല്യതാം നീതാ അസ്മദ്ദത്തനൃപാസനാഃ. 25

ചാമരവ്യജനേ ശങ്ഖമാതപത്രം ച പാണ്ഡുരം
കിരീടമാസനം ശയ്യാം ഭുഞ്ജന്ത്യസ്മദുപേക്ഷയാ. 26

അലം യദൂനാം നരദേവലാഞ്ഛനൈ-
ർദ്ദാതുഃ പ്രതീപൈഃ ഫണിനാമിവാമൃതം
യേഽസ്മത്പ്രസാദോപചിതാ ഹി യാദവാ
ആജ്ഞാപയന്ത്യദ്യ ഗതത്രപാ ബത. 27

കഥമിന്ദ്രോഽപി കുരുഭിർഭീഷ്മദ്രോണാർജ്ജുനാദിഭിഃ
അദത്തമവരുന്ധീത സിംഹഗ്രസ്തമിവോരണഃ.'' 28

ശ്രീശുക ഉവാച

ജന്മബന്ധുശ്രിയോന്നദ്ധമദാസ്തേ ഭരതർഷഭ!
ആശ്രാവ്യ രാമം ദുർവ്വാച്യമസഭ്യാഃ പുരമാവിശൻ. 29

ദൃഷ്ട്വാ കുരൂണാം ദൗശ്ശീല്യം ശ്രുത്വാഽവാച്യാനി ചാച്യുതഃ
അവോചത് കോപസംരബ്ധോ ദുഷ്പ്രേക്ഷ്യഃ പ്രഹസൻ മുഹുഃ. 30

''നൂനം നാനാമദോന്നദ്ധാഃ ശാന്തിം നേച്ഛന്ത്യസാധവഃ
തേഷാം ഹി പ്രശമോ ദണ്ഡഃ പശൂനാം ലഗുഡോ യഥാ. 31

അഹോ യദൂൻ സുസംരബ്ധാൻ കൃഷ്ണം ച കുപിതം ശനൈഃ
സാന്ത്വയിത്വാഹമേതേഷാം ശമമിച്ഛന്നിഹാഗതഃ. 32

ത ഇമേ മന്ദമതയഃ കലഹാഭിരതാഃ ഖലാഃ
തം മാമവജ്ഞായ മുഹുർദുർഭാഷാൻ മാനിനോഽബ്രുവൻ. 33

നോഗ്രസേനഃ കില വിഭുർഭോജവൃഷ്ണ്യന്ധകേശ്വരഃ
ശക്രാദയോ ലോകപാലാ യസ്യാദേശാനുവർത്തിനഃ. 34

സുധർമ്മാഽഽക്രമ്യതേ യേന പാരിജാതോഽമരാങ്ഘ്രിപഃ
ആനീയ ഭുജ്യതേ സോഽസൗ ന കിലാധ്യാസനാർഹണഃ. 35

യസ്യ പാദയുഗം സാക്ഷാച്ഛ്രീരുപാസ്തേഽഖിലേശ്വരീ
സ നാർഹതി കില ശ്രീശോ നരദേവപരിച്ഛദാൻ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദ്ധവനംബികാപുത്രബാഹ്ലീകരോ-
ടൊത്ത ഭീഷ്മദ്രോണദുര്യോധനാദ്യരെ
ചെന്നു കണ്ടിട്ടു സവിനയം വന്ദിച്ചു
വന്നിരിക്കുന്നു ബലനെന്നു ചൊല്ലിനാൻ. 17

ഏററം സുഹൃത്താം മുസലിതന്നാഗമം
കേട്ടു സന്തുഷ്ടരായ്ക്കൗരവരേവരും
ഉദ്ധവനെസ്സത്കരിച്ചുപഹാരങ്ങൾ
ഹസ്തങ്ങളിലാർന്നു ചെന്നെതിരേററിതു. 18

രാമാന്തികത്തിലണഞ്ഞു ഗോവർഘ്യവും
കാമം വിധിക്കൊത്തു മററുവസ്തുക്കളും
അർപ്പിച്ചു തത്പ്രഭാവജ്ഞരാം കൗരവർ
ക്ഷിപ്രം ബലനെ നമിച്ചാർ ശിരസ്സിനാൽ. 19

ചൊല്ലിയന്യോന്യം കുശലങ്ങൾ ബാന്ധവ-
ർക്കെല്ലാം സുഖമെന്നറിഞ്ഞവരോടുടൻ
വീരാഗ്ര്യനാകുമാ രോഹിണീനന്ദനൻ
കാര്യങ്ങൾ ഗൗരവപൂർവം കഥിച്ചിതേ: 20

''പാരം പ്രഭുവായ് നൃപാലനൃപാലനായ്
പേരാളുമുഗ്രസേനൻെറയിക്കല്പന
കൗരവരേ! സാവധാനമായ്ച്ചിന്തിച്ചു
കാര്യമായ്പ്പെട്ടെന്നു നിങ്ങൾ കൈക്കൊ-
ള്ളുവിൻ. 21

ധർമ്മമാർഗ്ഗത്തിൽച്ചരിച്ചീടുമേകനെ
ചെമ്മേ പലർ നിങ്ങൾക്കൂടിയധർമ്മമായ്
വെന്നു ബന്ധിച്ചതു ബാന്ധവൈക്യാഗ്രഹ-
മൊന്നിനാൽ ഞങ്ങൾ സഹിച്ചിരിക്കു-
ന്നിതു.'' 22

വീര്യശൗര്യങ്ങൾ ബലമെന്നിവററിനാ-
ലാരുമടുക്കാത്ത വിക്രമനാം ബലൻ
ഏവം പറഞ്ഞതു കേട്ടിട്ടു കൗരവർ
ഭാവംപകർന്നു കോപിച്ചു പറഞ്ഞിതു: 23

''ചിത്രമിതോർക്കുകിൽ കാലവിശേഷമെ-
ന്നത്രേ നിനയ്ക്കേണ്ടു വിസ്മയമേററവും.
പൊന്നിൻകിരീടമണിയും ശിരസ്സതി-
ലൊന്നേറുവാൻ പാദരക്ഷ കൊതിപ്പിതേ. 24

അല്പരാം വൃഷ്ണികൾ നമ്മോടു ബന്ധത്തി-
ലേർപ്പെട്ടതുമൂലമന്നുമുതല്ക്കവർ
ഒപ്പമിരിപ്പും ശയനവുമുണ്ണുമായ്
പില്ലാടു നമ്മൾ കൊടുത്ത നൃപാസനം
നന്നായ് ഭൂഷിപ്പിച്ചഹന്തയാലന്ധരാ-
യിന്നു നമ്മോടു സമത്വം നടിപ്പിതേ. 25

ചാമര,മാലവട്ടം, ശംഖ,മാസനം
പൂമെത്തശയ്യ, വെൺകൊററക്കുടയതും
നമ്മളൗദാസീന്യമാർന്നതുമൂലമായ്
നമ്മുടവരിന്നനുഭവിക്കുന്നിതേ. 26

പാലു കൊടുക്കുന്നവനിൽ ഫണിഗണം-
പോലെ ദാതാവിൽ വിദ്വേഷമിയന്നിടും
യാദവന്മാർ ധരിക്കേണ്ടതില്ലേതുമ-
മ്മേദിനീനായകചിഹ്നങ്ങളിന്നിമേൽ.

അദ്ഭുതം! നമ്മളയത്തിയ യാദവർ
കല്പിപ്പു നമ്മോടു നാണമില്ലാതഹോ! 27

ദ്രോണഭീഷ്മാർജ്ജുനമുഖ്യർ നല്ലാത്തതു
വാനവർകോനുമൈടുക്കുവാനാകുമോ?
പഞ്ചാസ്യനാൽ ഗ്രസ്തമായിരിക്കുന്നതു
പിഞ്ചു മേഷത്തിനു കിട്ടുവതെങ്ങനെ?'' 28

ശ്രീശുകൻ പറഞ്ഞു

ഉന്നതവംശ്യ,രുയന്ന ബന്ധുക്കളോ-
ടന്വിതരെന്നിവയാൽ മദമാർന്നിടും
ദുഷ്ടരാം കൗരവരീവിധം ദുർവച-
സ്സോട്ടേറെയോതിപ്പുരത്തിൽ ഗമിച്ചിതു. 29

നാശരഹിതനായ് ദുഷ്പ്രേക്ഷ്യനായാദി-
ശേഷാവതാരമാം രാമൻ കുരുക്കൾതൻ
ദുർഭാഷണം കേട്ടു കോപിഷ്ഠനായ് വീണ്ടു-
മല്ലേതരം പ്രഹസിച്ചരുളീടിനാൻ: 30

''നാനാവിധമദഗർവിതരായിടും
ഹീന,രസാധുക്കൾ ശാന്തിയിച്ഛിച്ചിടാ.
നിർണ്ണയം ദുഷ്ടമൃഗങ്ങൾക്കു ദണ്ഡുപോൽ
ദണ്ഡനംതന്നെയിവർക്കുചിതം ദൃഢം. 31

കഷ്ടം! ക്രുധിതരാം യാദവന്മാരെയും
രുഷ്ടനാം കൃഷ്ണനേയും സാന്ത്വനംചെയ്തു
ബന്ധുക്കളാകുമിവരുമായിശ്ശമം-
ചിന്തിച്ചു സന്ധിക്കിവിടെ വന്നീടിനേൻ. 32

ബുദ്ധിവിഹീനരായ് ശണ്ഠയിൽക്കൗതുകം
മെത്തും ഖലരാമിവരെന്നെ നിന്ദിച്ചു
വീണ്ടുമീയെന്നെയഭിമാനമാർന്നഹോ!
വേണ്ടപോൽ ഭർത്സിക്കയും ചെയ്തിരിപ്പതേ.33

ആരാണു പാർക്കിൽ സുധർമ്മാസഭതന്നിൽ
നേരേ കടന്നു സുരശാഖിയായിടും
പാരിജാതത്തെ സ്വരാജധാനിക്കക-
ത്താരാലണച്ചു സംസ്ഥാപിച്ചു വാഴ്വതും
ചൊല്ലെഴുമംബ്ഭോജവൃഷ്ണ്യന്ധകേശനാ-
മുഗ്രസേനൻ കല്പനയ്ക്കർഹനല്ലപോൽ
കെല്പേറുമമ്മഹാനീ ദുഷ്പ്രഭുക്കൾതൻ-
ന്നൊപ്പമിരിക്കുവാൻ യോഗ്യനുമല്ല-
പോൽ. 34 35

ഏതവൻതൻ പദപങ്കജദ്വന്ദ്വമാ-
ശ്രീദേവി നിത്യമുപാസിച്ചിടുന്നുവോ,
ശ്രീവല്ലഭനാകുമക്കൃഷ്ണനില്ലപോൽ
ഭൂവരചിഹ്നം ധരിപ്പതിനർഹത. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യാങ്ഘ്രിപങ്കജരജോഽഖിലലോകപാലൈ-
ർമൌല്യുത്തമൈർധൃതമുപാസിതതീർത്ഥതീർത്ഥം
ബ്രഹ്മാ ഭവോഽഹമപി യസ്യ കലാഃ കലായാഃ
ശ്രീശ്ചോദ്വഹേമ ചിരമസ്യ നൃപാസനം ക്വ. 37
ഭുഞ്ജതേ കുരുഭിർദ്ദത്തം ഭൂഖണ്ഡം വൃഷ്ണയഃ കില
ഉപാനഹഃ കില വയം, സ്വയം തു കുരവഃ ശിരഃ. 38
അഹോ, ഐശ്വര്യമത്താനാം മത്താനാമിവ മാനിനാം
അസംബദ്ധാ ഗിരോ രുക്ഷാഃ കഃ സഹേതാനുശാസിതാ. 39
അദ്യ നിഷ്കൗരവീം പൃഥ്വീം കരിഷ്യാ''മീത്യമർഷിതഃ
ഗൃഹീത്വാ ഹലമുത്തസ്ഥൗ ദഹന്നിവ ജഗത്ത്രയം. 40
ലാങ്ഗലാഗ്രേണ നഗരമുദ്വിദാര്യ ഗജാഹ്വയം
വിചകർഷ സ ഗങ്ഗായാം പ്രഹരിഷ്യന്നമർഷിതഃ. 41
ജലയാനമിവാഘൂർണ്ണം ഗങ്ഗായാം നഗരം പതത്
ആകൃഷ്യമാണമാലോക്യ കൗരവാ ജാതസംഭ്രമാഃ. 42
തമേവ ശരണം ജഗ്മുഃ സകുടുംബാ ജിജീവിഷവഃ
സലക്ഷ്മണം പുരസ്കൃത്യ സാംബം പ്രാഞ്ജലയഃ പ്രഭും. 43
''രാമ! രാമാഖിലാധാര! പ്രഭാവം ന വിദാമ തേ
മൂഢാനാം നഃ കുബുദ്ധീനാം ക്ഷന്തുമർഹസ്യതിക്രമം. 44
സ്ഥിത്യുത്പത്ത്യപ്യയാനാം ത്വമേകോ ഹേതുർന്നിരാശ്രയഃ
ലോകാൻ ക്രീഡനകാനീശ, ക്രീഡതസ്തേ വദന്തി ഹി. 45
ത്വമേവ മൂർദ്ധ്നീദമനന്ത ലീലയാ
ഭൂമണ്ഡലം ബിഭർഷി സഹസ്രമൂർദ്ധൻ!
അന്തേ ച യഃ സ്വാത്മനി രുദ്ധവിശ്വഃ
ശേഷേഽദ്വിതീയഃ പരിശിഷ്യമാണഃ. 46
കോപസ്തേഽഖിലശിക്ഷാർത്ഥം ന ദ്വേഷാന്ന ച മത്സരാത്
ബിഭ്രതോ ഭഗവൻ! സത്ത്വം സ്ഥിതിപാലനതത്പരഃ. 47
നമസ്തേ സർവ്വഭൂതാത്മൻ! സർവ്വശക്തിധരാവ്യയ!
വിശ്വകർമ്മൻ! നമസ്തേഽസ്തു ത്വാം വയം ശരണം ഗതാഃ.'' 48

ശ്രീശുക ഉവാച

ഏവം പ്രപന്നൈഃ സംവിഗ്നൈർവേപമാനായനൈർബ്ബലഃ
പ്രസാദിതഃ സുപ്രസന്നോ മാ ഭൈഷ്ടേത്യഭയം ദദൗ. 49
ദുര്യോധനഃ പാരിബർഹം കുഞ്ജരാൻ ഷഷ്ടിഹായനാൻ
ദദൗ ച ദ്വാദശശതാന്യയുതാനി തുരങ്ഗമാൻ. 50
രഥാനാം ഷട്സഹസ്രാണി രൗക്മാണാം സൂര്യവർച്ചസാം
ദാസീനാം നിഷ്കകണ്ഠീനാം സഹസ്രം ദുഹിതൃവത്സലഃ. 51
പ്രതിഗൃഹ്യ തു തത് സർവ്വം ഭഗവാൻ സാത്വതർഷഭഃ
സസുതഃ സസ്നുഷഃ പ്രാഗാത് സുഹൃദ്ഭിരഭിനന്ദിതഃ. 52
തതഃ പ്രവിഷ്ടഃ സ്വപുരം ഹലായുധഃ
സമേത്യ ബന്ധൂനനുരക്തചേതസഃ
ശശംസ സർവ്വം യദുപുങ്ഗവാനാം
മധ്യേ സഭായാം കുരുഷു സ്വചേഷ്ടിതം. 53
അദ്യാപി ച പുരം ഹ്യേതത് സൂചയദ്രാമവിക്രമം
സമുന്നതം ദക്ഷിണതോ ഗങ്ഗായാമനുദൃശ്യതേ. 54

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ഹാസ്തിനപുരകർഷണരൂപസങ്കർഷണവിജയോ നാമ
അഷ്ടഷഷ്ടിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരുടെ പാദാബ്ജധൂളി, കിരീടങ്ങൾ
ചേരും ശിരസ്സാൽ ധരിച്ച ശക്രാദ്യരും
ആനമിക്കുന്നുവോ, സർവ്വതീർത്ഥത്തിലും
സ്നാനംകഴിച്ചു പരിശുദ്ധരായിടും
യോഗീശ്വരന്മാരുമാരുടെ കാല്പൊടി
ശോകമൊഴിക്കുവാനായണിയുന്നുവോ,
ബ്രഹ്മാവുമീശനും ഞാനുമാലക്ഷ്മിയും
ചെമ്മേ ചിരകാലമായ്ത്തീർത്ഥതീർത്ഥമാം
ആക്കേഴമങ്ഘ്രിരജസ്സു ധരിക്കുന്നി-
തക്കൃഷ്ണനോക്കിലെവിടെ നൃപാസനം? 37
കൗരവദത്തം മഹിയാണുപോൽ യദു-
വീരർ നിതാന്തമനുഭവിക്കുന്നതും
ഞങ്ങൾ വെറും പാദരക്ഷകളും കുരു-
പുംഗവരുത്തമാംഗങ്ങളുമാണുപോൽ. 38
മത്തർമദൈശ്വര്യമത്തുനിമിത്തമായ്-
മെത്തുമഹങ്കാരമാളുമിക്കൂട്ടർതൻ
രൂക്ഷങ്ങളാം വിടുവാക്കുകൾ ദണ്ഡന-
ദക്ഷരായുള്ളോർ സഹിക്കുന്നതെങ്ങനെ? 39
നിഷ്കൗരവമാക്കുവേൻ ഭൂമിയിപ്പൊ''ഴെ-
ന്നുൽക്കടരോഷത്തൊടോതി ഹലായുധൻ
മുപ്പാരുമാശു ദഹിപ്പിച്ചിടുംവിധം
ക്ഷിപ്രം ഹലവുമെടുത്തെഴുന്നേററിതേ. 40
ഹസ്തിനമാം നഗരത്തെയഗ്ഗംഗയി-
ലാഴ്ത്തിയൊഴുക്കുവാനിച്ഛയോടും ഹലി-
തന്നായുധാഗ്രം ധരയിലാഴ്ത്തിബ്ബലാൽ
മന്ദാകിനിയിലേക്കാഞ്ഞുവലിച്ചിതേ. 41
രാമനാലാകർഷിതമായ ഹസ്തിന-
നാമനഗരം ജലയാനമെന്നപോൽ
ചോടേയിളകിത്തിരിഞ്ഞങ്ങു ഗംഗയിൽ-
പ്പാടേ പതിക്കുവാൻഭാവിപ്പതു കണ്ടു
കൗരവന്മാർ സകുടുംബം പരിഭ്രമി-
ച്ചാരഴൽ തേടി സ്വജീവേച്ഛയോടുടൻ
ലക്ഷ്മണാസംയുതനാകിയ സാംബനെ-
യക്ഷണം മുൻനിർത്തിയഞ്ജലിബദ്ധരായ്
നേരേ പ്രഭുവായിടും ബലഭദ്രനെ-
പ്പാരാതെ ചെന്നു ശരണംഗമിച്ചിതേ. 42–43
''രാമ! രാമാ! സകലാധാരഭൂതനാം
സ്വാമിൻ! ധരിച്ചീലിവർ ഭവൽപ്രാഭവം
ധീയററ ദുർമ്മനസ്സന്മാരിവർ ചെയ്തോ-
രീയപരാധം ഭവാൻ പൊറുത്തീടണം. 44
അന്യാശ്രയമററൊരങ്ങുതാനിജ്ജഗ-
ത്തിന്നുദ്ഭവസ്ഥിതിനാശൈകകാരണം
ഇപ്പാരു നിന്തിരുമേനിക്കെഴും കളി-
ക്കോപ്പെന്നഭിജ്ഞരരുളുന്നിതീശ്വരാ! 45

ആയിരം മൂർദ്ധാവിയന്നോരനന്താഖ്യ-
നായിടും നിന്തിരുമേനിതാൻ ലീലയായ്
മേദിനിയേ വഹിക്കുന്നിതവസാന-
മാദിശേഷൻ ഭവാനദ്വയനീശ്വരൻ
ലോകമശേഷവും തന്നിലടക്കിയി-
ട്ടേകനായ് ശേഷിച്ചു ശാന്തം ശയിപ്പിതേ. 46
സത്ത്വഗുണം ധരിച്ചീടുമങ്ങേ ക്രുധ
പാർത്താൽ ജനരക്ഷണത്തിനുവേണ്ടിയാം.
അല്ലാതെ വിദ്വേഷമാത്സര്യമൂലമാ-
യുള്ളതല്ലെന്നറിയുന്നുണ്ടു ഞങ്ങളും.
മര്യാദ ലോകത്തു പാലിച്ചിടേണ്ടുന്ന
കാര്യത്തിലങ്ങുന്നു തത്പരനെപ്പൊഴും. 47
സർവ്വഭൂതാത്മൻ! സമസ്തശക്താ! വിഭോ!
സർവ്വകർമ്മങ്ങളും ചെയ്യിക്കുമീശ്വരാ!
നാശവിഹീനാ! നമസ്കാര,മങ്ങയേ-
യാശ്രയിച്ചീടുന്നു ഞങ്ങൾ രക്ഷിക്കുക.'' 48

ശ്രീശുകൻ പറഞ്ഞു

വീടുകളെല്ലാമിളകിച്ചലമായ്
പേടിച്ചുവന്നീവിധമാശ്രയിച്ചിടും
കൗരവരിൽ സുപ്രസന്നനായ് ഭീയിനി-
ത്തീരെ വേണ്ടെന്നഭയം കൊടുത്താൻ
ബലൻ. 49
സ്ത്രീധനമായ് ഷഷ്ടിപൂർണ്ണരാം കുഞ്ജര-
നാഥരെയോരായിരത്തിരുനൂറിനെ
ലക്ഷണമെല്ലാം തികഞ്ഞു വിളങ്ങിടും
അശ്വങ്ങളങ്ങു പതിനായിരത്തെയും
സൂര്യാഭയാർന്നു കനകമയങ്ങളാ-
മാറായിരം സ്യന്ദനങ്ങളേയും തഥാ.
ഭാസുരമാകും പതക്കങ്ങളാൽപ്പരി-
ഭൂഷിതകന്യകളാകുമോരായിരം
ദാസികളേയുമേകീടിനാൻ നന്ദിനീ-
വത്സലനാകും സുയോധനമന്നവൻ. 50–51
അംഗീകരിച്ചതഖിലം സുതനൊടു-
മംഗനാമൗലിയായീടും സ്നുഷയൊടും
സ്നേഹിതന്മാരാലഭിനന്ദിതനായി
രൗഹിണേയൻ പുറപ്പെട്ടിതു തുഷ്ടനായ്. 52
ദ്വാരകയിൽച്ചെന്നു രാമനനുരാഗ-
മേറിടും ബന്ധുജനത്തെ വിളിച്ചുടൻ
നേരേ സഭചേർത്തതിൽവച്ചു കൗരവ-
കാര്യങ്ങളെല്ലാം വിശദം കഥിച്ചിതേ. 53
ഹസ്തിനമിന്നും ബലഭദ്രവിക്രമം
സ്പഷ്ടതരമായ് പ്രകാശിച്ചിടുംവിധം
മന്ദാകിനിയെയനുഗമിച്ചീടുവാ-
നുന്നിയതായ് തെക്കുയർന്നുകാണാവതാം. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകോനസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

നരകം നിഹതം ശ്രുത്വാ തഥോദ്വാഹം ച യോഷിതാം
കൃഷ്ണേനൈകേന ബഹ്വീനാം തദ്ദിദൃക്ഷുഃ സ്മ നാരദഃ. 1
''ചിത്രം ബതൈതദേകേന വപുഷാ യുഗപത് പൃഥക്
ഗൃഹേഷു ദ്വ്യഷ്ടസാഹസ്രം സ്ത്രിയ ഏക ഉദാവഹത്!'' 2
ഇത്യുത്സുകോ ദ്വാരവതീം ദേവർഷിർദ്രഷ്ടുമാഗമത്
പുഷ്പിതോപവനാരാമദ്വിജാളികുലനാദിതാം. 3
ഉത്ഫുല്ലേന്ദീവരാംഭോജകൽഹാരകുമുദോത്പലൈഃ
ഛുരിതേഷു സരസ്സുച്ചൈഃ കൂജിതാം ഹംസസാരസൈഃ. 4
പ്രാസാദലക്ഷൈർനവഭിർജ്ജുഷ്ടാം സ്ഫാടികരാജതൈഃ
മഹാമരകതപ്രഖ്യൈഃ സ്വർണ്ണരത്നപരിച്ഛദൈഃ. 5

വിഭക്തരഥ്യാപഥചത്വരാപണൈഃ
ശാലാസഭാഭീ രുചിരാം സുരാലയൈഃ
സംസിക്തമാർഗ്ഗാങ്ഗണവീഥിദേഹളീം
പതത്പതാകാധ്വജവാരിതാതപാം. 6

തസ്യാമന്തഃപുരം ശ്രീമദർച്ചിതം സർവ്വധിഷ്ണ്യപൈഃ
ഹരേഃ സ്വകൗശലം യത്ര ത്വഷ്ടാ കാർത്സ്ന്യേന ദർശിതം. 7
തത്ര ഷോഡശഭിഃ സദ്മസഹസ്രൈഃ സമലംകൃതം
വിവേശൈകതമം ശൗരേഃ പത്നീനാം ഭവനം മഹത്. 8
വിഷ്ടബ്ധം വിദ്രുമസ്തംഭൈർവൈഡൂര്യഫലകോത്തമൈഃ
ഇന്ദ്രനീലമയൈഃ കുഡ്യൈർജ്ജഗത്യാ ചാഹതത്വിഷാ. 9
വിതാനൈർന്നിർമ്മിതൈസ്ത്വഷ്ട്രാ മുക്താദാമവിലംബിഭിഃ
ദാന്തൈരാസനപര്യങ്കൈർമ്മണ്യുത്തമപരിഷ്കൃതൈഃ. 10
ദാസീഭിർന്നിഷ്കകണ്ഠീഭിഃ സുവാസോഭിരലംകൃതം
പുംഭിഃ സകഞ്ചുകോഷ്ണീഷസുവസ്ത്രമണികുണ്ഡലൈഃ. 11

രത്നപ്രദീപനികരദ്യുതിഭിർന്നിരസ്ത-
ധ്വാന്തം വിചിത്രവലഭീഷു ശിഖണ്ഡിനോഽങ്ഗ
നൃത്യന്തി യത്ര വിഹിതാഗുരുധൂപമക്ഷൈ-
ർന്നിര്യാന്തമീക്ഷ്യ ഘനബുദ്ധയ ഉന്നദന്തഃ. 12
തസ്മിൻ സമാനഗുണരൂപവയസ്സുവേഷ-
ദാസീസഹസ്രയുതയാനുസവം ഗൃഹിണ്യാ
വിപ്രോ ദദർശ ചമരവ്യജനേന രുക്മ-
ദണ്ഡേന സാത്വതപതിം പരിവീജയന്ത്യാ. 13
തം സന്നിരീക്ഷ്യ ഭഗവാൻ സഹസോത്ഥിതഃ ശ്രീ-
പര്യങ്കതഃ സകലധർമ്മഭൃതാം വരിഷ്ഠഃ
ആനമ്യ പാദയുഗളം ശിരസാ കിരീട-
ജുഷ്ടേന സാഞ്ജലിരവീവിശദാസനേ സ്വേ. 14
തസ്യാവനിജ്യ ചരണൗ തദപഃ സ്വമൂർദ്ധ്നാ-
ബിഭ്രജ്ജഗദ്ഗുരുതരോഽപി സതാംപതിർഹി
ബ്രഹ്മണ്യദേവ ഇതി യദ്ഗുണനാമയുക്തം
തസ്യൈവ യച്ചരണശൗചമശേഷതീർത്ഥം. 15
സംപൂജ്യ ദേവർഷിവര്യമൃഷിഃ പുരാണോ
നാരായണോ നരസഖോ വിധിനോദിതേന
വാണ്യാഭിഭാഷ്യ മിതയാമൃതമിഷ്ടയാ തം
പ്രാഹ, പ്രഭോ ഭഗവതേ കരവാമഹേ കിം?'' 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 69

നാരദപരീക്ഷ

ശ്രീശുകൻ പറഞ്ഞു

ഏകനായ് ഭൗമനെക്കൊന്നു കൃഷ്ണൻ ബഹു-
സ്ത്രീകളെയങ്ഗീകരിച്ചു രമിപ്പതായ്
നാരദൻ കേട്ടദ്ഭുതാധീനനായത്തു
നേരേ നിരീക്ഷിക്കുവാനാഗ്രഹിച്ചിതു. 1
''ഏകകാലത്തു താനേകദേഹത്തിനാ-
ലേകൻ വധൂഷോഡശസഹസ്രത്തെയും
പാണിഗ്രഹണംകഴിച്ചതുമെങ്ങനെ-
യാണു വെവ്വേറേ ഗൃഹത്തിൽവച്ചദ്ഭുതം!'' 2
ഈമട്ടിലുൽസുകനായ് മുനി പുഷ്പിതാ-
രാമങ്ങൾതോറുമുപവനൗഘത്തിലും
ചാരുവിഹങ്ഗസ്വനം കലർന്നീടുമ-
ദ്വാരാവതി കാണുവാനായ്ത്തിരിച്ചിതു. 3
അംബുജ,മാമ്പൽ കല്ഹാരപുഷ്പങ്ങളും
ചെമ്മേ വിരിഞ്ഞുമിന്നും തടാകങ്ങളിൽ
അന്നം കുളക്കോഴിയെന്നിപ്പതത്രികൾ-
ളെന്നുമുച്ചത്തിൽ നിനദിച്ചിടുന്നതായ് 4
വെള്ളികൊണ്ടും നൽസ്ഫടികമരതക-
ക്കല്ലുകൾകൊണ്ടുമാരമ്യമായ് തീർത്തതായ്
സ്വർണ്ണരത്നോപകരണസംപൂർണ്ണമായ്
മിന്നും ബഹുനവപ്രാസാദമാർന്നതായ് 5
എല്ലാ ജനത്തിനും സഞ്ചരിച്ചീടുവാ-
നുള്ള വിശാലമാം രാജമാർഗ്ഗങ്ങളും
എങ്ങുമടിച്ചുവാരിശ്ശുചിയാക്കിയോ-
രങ്ങാടികൾ ചത്വരങ്ങളും ചേർന്നതായ്
അന്നഭവനങ്ങൾ ശാലകൾ ദേവതാ-
മന്ദിരവൃന്ദമിവയാൽ മനോജ്ഞമായ്
മുറ്റങ്ങൾ നാട്ടുവഴികൾ കോലായ്കളും
മുറ്റുമടിച്ചുതളിച്ചിട്ടിരിപ്പതായ്
ചേലായ്ച്ചലിക്കും പതാകകളും ധ്വജ-
ജാലവുമാതപവാരണംചെയ്‌വതായ് 6
മിന്നീടുമദ്വാരകാനഗരംതന്നി-
ലിന്ദ്രാദിദിക്പാലരർച്ചിച്ചിടുന്നതായ്
വിശ്വകർമ്മാവു നിജകരകൗശലം
നിശ്ശേഷമായ് പ്രദർശിപ്പിച്ചിരിപ്പതായ്
മങ്ഗലദേവതാരങ്ഗമായീടുമാ-
ശാർങ്ഗിതന്നന്തഃപുരത്തിൽക്കടന്നിതു. 7
ശ്രീഹരിതൻ പതിനാറായിരം പ്രിയാ-
ഗേഹങ്ങളാൽ സമലംകൃതമായിടും
ഒന്നിൽ സുരമുനിയായിടും നാരദൻ
ചെന്നുകരേറിനാനുൽസുകചിത്തനായ്. 8
വിദ്രുമസ്തംഭങ്ങ,ളിന്ദ്രനീലങ്ങളാൽ
ഭിത്തികൾ, വൈഡൂര്യനിർമ്മിതമുത്തരം
വൃത്തിയായക്ഷയകാന്തികലർന്നിടും
ശുദ്ധതലങ്ങളുമൊത്തതായ് കണ്ടിതു. 9
നന്മണിമാലകൾ തൂക്കിയിട്ടാ വിശ്വ-
കർമ്മാവു നേരേ വിതാനിച്ചതാമതിൽ
ദന്തരചിതമായ് രത്നഖചിതമാ-
യന്തമറ്റുള്ള ശയനാസനങ്ങളും. 10
നല്ല വസ്ത്രങ്ങളും തൊപ്പി കുപ്പായങ്ങ-
ളുല്ലസദ്രത്നകർണ്ണാഭരണങ്ങളും
പൂണ്ട പുരുഷരും താലിയണിഞ്ഞിടും
വേണ്ടപോലും ദാസിമാരുമുണ്ടങ്ങതിൽ. 11
എപ്പൊഴും രത്നദീപങ്ങളിൽനിന്നെഴും
നൽപ്രകാശത്താൽ തമോഹീനമാമതിൻ-
ചിത്രവലഭികൾതോറും മയിലുകൾ
തത്ര കുങ്കലൃപ്പുക ജാലകംവഴി
ചാലേ വെളിക്കു വരുന്നതു കണ്ടതു-
നീലാംബുദമെന്നു ശങ്കിച്ചു മുത്തോടും
പീലികൾ നന്നായ് വിടർത്തിയുച്ചസ്വനം
ചേലായുയർത്തിയാടിക്കളിക്കുന്നിതേ. 12
ആ സദനത്തിൽ സമാനഗുണരൂപ-
വേഷവയസ്സുകളാർന്നിടുമായിരം
കിങ്കരിമാരോടുകൂടിയാ ഗേഹിനി
തങ്കപ്പിടിയെഴും വെൺചാമരത്തിനാൽ
വീശും കുളിർകാറ്റുമേറ്റു ശയിക്കുമ-
ക്കേശവനെക്കണ്ടു ദേവമുനീശ്വരൻ. 13
സർവ്വധർമ്മങ്ങളും രക്ഷിക്കുമീശരിൽ
സർവ്വപ്രധാനൻ ഭഗവാൻ ജനാർദ്ദനൻ
നാരദനെക്കണ്ടു ശയ്യയിൽനിന്നുടൻ
പാരാതെഴുന്നേറ്റു പൊൽക്കിരീടാഭമാം
മൂർദ്ധാവിനാലാനമിച്ചു പാദങ്ങളിൽ
ബദ്ധാഞ്ജലിയായ് സ്വപീഠമേറ്റീടിനാൻ. 14
മാമുനിതൻ കാൽ കഴുകിച്ചു തജ്ജല-
മാമോദപൂർവ്വം ശിരസ്സിൽ ധരിച്ചിതു
ലോകത്തിലേറ്റം ഗുരുതരനായ് സാധു-
ലോകപതിയാകുമാരുടെ നാമമാം
ബ്രഹ്മണ്യദേവനെന്നെങ്ങും ജഗത്തിതിൽ
സമ്മത,മാരുടെ കാൽകഴുകുംജലം
തീർത്ഥങ്ങളിൽവച്ചു ശുദ്ധമാം തീർത്ഥമാ-
ദൈത്യാരിദേവനിതേറ്റവും യോഗ്യമാം. 15
മുന്നം നരസഖനായി നാരായണ-
നെന്നപേരാർന്നു പിറന്ന പുരാണർഷി
ദേവർഷിവര്യനെ ശാസ്ത്രവിധിപോലെ-
യീവിധമർച്ചിച്ചമൃതസമാനമായ്
പൂതമാമല്പവാക്കാൽ കുശലോക്തിക-
ളോതി''ബ്ഭഗവൻ മഹാപ്രഭോ! മാമുനേ!
അങ്ങേയ്ക്കിദാനീമിവൻ ചെയ്യിടേണ്ടതാം
സംഗതിയെ''ന്തെന്നു ചോദിച്ചു സാദരം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാരദ ഉവാച

''നൈവാദ്ഭുതം ത്വയി വിഭോഽഖിലലോകനാഥേ
മൈത്രീ ജനേഷു സകലേഷു ദമഃ ഖലാനാം
നിഃശ്രേയസായ ഹി ജഗത്സ്ഥിതിരക്ഷണാഭ്യാം
സ്വൈരാവതാര ഉരുഗായ വിദാമ സുഷ്ഠു. 17
ദൃഷ്ടം തവാങ്ഘ്രിയുഗളം ജനതാപവർഗ്ഗം
ബ്രഹ്മാദിഭിർഹൃദി വിചിന്ത്യമഗാധബോധൈഃ
സംസാരകൂപപതിതോത്തരണാവലംബം
ധ്യായംശ്ചരാമ്യനുഗൃഹാണ യഥാസ്മൃതിഃ സ്യാത്.'' 18

തതോഽന്യദാവിശദ് ഗേഹം കൃഷ്ണപത്ന്യാഃ സ നാരദഃ
യോഗേശ്വരേശ്വരസ്യാങ്ഗ യോഗമായാവിവിത്സയാ. 19
ദീവ്യന്തമക്ഷൈസ്തത്രാപി പ്രിയയാ ചോദ്ധവേന ച
പൂജിതഃ പരയാ ഭക്ത്യാ പ്രത്യുത്ഥാനാസനാദിഭിഃ. 20
പൃഷ്ട,''ശ്ചാവിദുഷേവാസൗ കദാഽഽയാതോ ഭവാ''നിതി
''ക്രിയതേ കിം നു പൂർണ്ണാനാമപൂർണ്ണൈരസ്മദാദിഭിഃ.'' 21
അഥാപി ബ്രൂഹി, ''നോ ബ്രഹ്മൻ! ജന്മൈതച്ഛോഭനം കുരു''
സ തു വിസ്മിത ഉത്ഥായ തൂഷ്ണീമന്യദഗാദ്ഗൃഹം. 22
തത്രാപ്യചഷ്ട ഗോവിന്ദം ലാളയന്തം സുതാഞ്ശിശൂൻ
തതോഽന്യസ്മിൻ ഗൃഹേഽപശ്യന്മജ്ജനായ കൃതോദ്യമം. 23
ജുഹ്വന്തം ച വിതാനാഗ്നീൻ യജന്തം പഞ്ചഭിർമ്മഖൈഃ
ഭോജയന്തം ദ്വിജാൻ ക്വാപി ഭുഞ്ജാനമവശേഷിതം. 24
ക്വാപി സന്ധ്യാമുപാസീനം ജപന്തം ബ്രഹ്മ വാഗ്യതം
ഏകത്ര ചാസിചർമ്മാഭ്യാം ചരന്തമസിവർത്മസു. 25
അശ്വൈർഗ്ഗജൈ രഥൈഃ ക്വാപി വിചരന്തം ഗദാഗ്രജം
ക്വചിച്ഛയാനം പര്യങ്കേ സ്തൂയമാനം ച വന്ദിഭിഃ. 26
മന്ത്രയന്തം ച കസ്മിംശ്ചിന്മന്ത്രിഭിശ്ചോദ്ധവാദിഭിഃ
ജലക്രീഡാരതം ക്വാപി വാരമുഖ്യാബലാവൃതം. 27
കുത്രചിദ്ദ്വിജമുഖ്യേഭ്യോ ദദതം ഗാഃ സ്വലംകൃതാഃ
ഇതിഹാസപുരാണാനി ശൃണ്വന്തം മങ്ഗലാനി ച. 28
ഹസന്തം ഹാസ്യകഥയാ കദാചിത് പ്രിയയാ ഗൃഹേ
ക്വാപി ധർമ്മം സേവമാനമർത്ഥകാമൗ ച കുത്രചിത്. 29
ധ്യായന്തമേകമാസീനം പുരുഷം പ്രകൃതേഃ പരം
ശുശ്രൂഷന്തം ഗുരൂൻ ക്വാപി കാമൈർഭോഗൈഃ സപര്യയാ. 30
കുർവ്വന്തം വിഗ്രഹം കൈശ്ചിത്, സന്ധിം ചാന്യത്ര കേശവം,
കുത്രാപി സഹ രാമേണ ചിന്തയന്തം സതാം ശിവം. 31
പുത്രാണാം ദുഹിതൄണാം ച കാലേ വിധ്യുപയാപനം
ദാരൈർവ്വരൈസ്തത്സദൃശൈഃ കല്പയന്തം വിഭൂതിഭിഃ. 32
പ്രസ്ഥാപനോപാനയനൈരപത്യാനാം മഹോത്സവാൻ
വീക്ഷ്യ യോഗേശ്വരേശസ്യ യേഷാം ലോകാ വിസിസ്മിരേ. 33
യജന്തം സകലാൻ ദേവാൻ ക്വാപി ക്രതുഭിരൂർജ്ജിതൈഃ
പൂർത്തയന്തം ക്വചിദ്ധർമ്മം കൂപാരാമമഠാദിഭിഃ. 34
ചരന്തം മൃഗയാം ക്വാപി ഹയമാരുഹ്യ സൈന്ധവം
ഘ്നന്തം തതഃ പശൂൻ മേധ്യാൻ പരീതം യദുപുങ്ഗവൈഃ. 35
അവ്യക്തലിങ്ഗം പ്രകൃതിഷ്വന്തഃപുരഗൃഹാദിഷു
ക്വചിച്ചരന്തം യോഗേശം തത്തദ്ഭാവബുഭുത്സയാ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാരദൻ പറഞ്ഞു

''സർവ്വലോകേശാ! വിഭോ! തിരുമേനിതൻ-
സർവ്വജനമൈത്രി ദുർജ്ജനദണ്ഡവും
അദ്ഭുതമല്ല, ജഗത്സ്ഥിതിപാലന-
തത്പരനായ് ഭവദുഃഖം ശമിപ്പിച്ചു
മോക്ഷമേകീടുവാനായിദ്ധരിത്രിയിൽ
സ്വേച്ഛയാലങ്ങുന്നവതരിച്ചൂ ധ്രുവം. 17
ബോധമഗാധമായാളുമജാദ്യരാൽ
ചേതസ്സുതന്നിൽ നിതാന്തം വിചിന്ത്യമായ്
സംസാരകൂപപതിതോദ്ധരണത്തി-
നാശ്രയഭൂതമായ് മോക്ഷപദപ്രദാം
ത്വത്പാദയുഗ്മമീക്ഷിച്ചേനതിനെ ഞാ-
നെപ്പൊഴും ധ്യാനിച്ചു സഞ്ചരിക്കുന്നിതേ.
തത്സ്മൃതിയെന്നിൽസ്സദാ നിലനില്ക്കുവാൻ
പദ്മാപതേ! മാമനുഗ്രഹിച്ചീടുക!'' 18
യോഗീശ്വരർക്കുമധീശ്വരൻതന്നുടെ-
യോഗമായാവിലാസങ്ങൾ കണ്ടീടുവാൻ
പിന്നെ മുനീശ്വരനന്യഹരിവധൂ-
മന്ദിരം തന്നിൽക്കടന്നുകൂടീടിനാൻ. 19
പത്നീസമേതനായിട്ടുബ്ഭവനത്തി-
ലുദ്ധവനൊത്തു ചൂതാടുന്ന മാധവൻ
നാരദനെക്കണ്ടെഴുന്നേറ്റെതിരേറ്റു
പാരാതെയാസനമേകിയർച്ചിച്ചിതു. 20
ഒന്നുമറിയാത്തവണ്ണമട്ടു ചോദിച്ചു:
''വന്നതെപ്പോൾ കുറേനേരമായോ മുനേ!
എന്താണു സാധിച്ചിടേണ്ടതു പൂർണ്ണനാം
നിന്തിരുമേനിക്കപൂർണ്ണരായോരിവർ? 21
ബ്രഹ്മൻ! ഭവദിഷ്ടമെന്തെന്നു ചൊല്ലിയി-
ജ്ജന്മം സുശോഭനമാക്കു''കെന്നോതവേ
ഒന്നും പറയാതെ വിസ്മയത്തോടുട-
നന്യഗൃഹത്തിൽ പ്രവേശിച്ചു മാമുനി. 22
പുത്രരെ ലാളിച്ചുകൊണ്ടിരുന്നീടുമ-
ദ്ദൈത്യാരി ദേവനെക്കണ്ടാനവിടെയും.
വേറൊരു ഗേഹം ഗമിച്ചാൻ മുനി തത്ര-
ശൗരിയെദ്ദർശിച്ചു മജ്ജനോദ്യുക്തനായ്. 23
പിന്നെഗ്ഗൃഹമൊന്നിലഗ്നിഹോത്രം കഴി-
ക്കുന്നതു,മന്യഭവനത്തിലച്യുതൻ
പഞ്ചമഹാമഖത്താൽ യജിക്കുന്നതു-
മഞ്ചാതെ മറ്റൊരു മന്ദിരം പൂകവേ
ഭൂദേവരെബ്ഭുജിപ്പിച്ചു ശേഷിച്ചതു
സാദരം താൻ ഭുജിക്കുന്നതും കണ്ടിതു. 24
മന്ത്രം ജപിക്കുന്നൊരിടത്തു മൗനമായ്,
സന്ധ്യയെ മറ്റൊരിടത്തു വന്ദിക്കുന്നു.
വാളും പരിചയുമായ് നടന്നങ്ങൊ-
രാലയംതന്നിൽ പയറ്റാചരിക്കുന്നു. 25
തേരിലൊരേടത്തപരത്ര വാജിമേൽ
വേറൊരുദിക്കിൽച്ചരിക്കുന്നിതാനമേൽ.

വന്ദിവൃന്ദസ്തുതനായൊരു മന്ദിരം-
തന്നിൽ മഞ്ചത്തിൽ സുഖമായ്
ശയിപ്പുതേ. 26
ഉദ്ധവൻതൊട്ടു തൻ മന്ത്രിപ്രധാനരു-
മൊത്തൊരു ഗേഹത്തിൽ മന്ത്രിച്ചിടുന്നിതു.
വാരാങ്ഗനാവൃതനായങ്ങൊരിടത്തു
നീരലീലാലോലനായിട്ടു കണ്ടിതു. 27
ഏകവസതിയിൽ കേശവൻ ഭൂഷിത-
ഗോഗണത്തെ ദ്വിജന്മാർക്കേകുന്നിതു.
പിന്നെപ്പുരാണേതിഹാസങ്ങൾ കേട്ടുകൊ-
ണ്ടന്യനിലയനംതന്നിൽ മേവുന്നിതു. 28
കാന്തയോടൊത്തു വിനോദങ്ങൾ ചൊന്നതി-
സന്തോഷമാർന്നിരിക്കുന്നൊരു വീടതിൽ.
അർത്ഥകാമങ്ങളാളുന്നൊരേടത്തില-
ന്യത്ര ധർമ്മത്തെയുപാസിച്ചിടുന്നിതേ. 29
ഏകനാകും പരമാത്മാവിനെപ്പുന-
രേകത്ര നല്ലപോൽ ധ്യാനിച്ചിരിപ്പിതേ.
കാമഭോഗങ്ങളെയേകിയേകത്ര നി-
ഷ്കാമം ഗുരുജനപൂജനം ചെയ്‌വിതേ. 30
പോരാടിടുന്നു ചിലരോടൊരിടത്തു,
വേറെയൊരിടത്തു സന്ധി പാലിക്കുന്നു.
രാമനോടൊത്തൊരിടത്തു പാരം ജഗത്-
ക്ഷേമചിന്താപരനായിരിക്കുന്നിതേ. 31
പുത്രർക്കനുരൂപമാരാം വധുക്കളെ
പുത്രികൾക്കൊത്തിണങ്ങും വരന്മാരെയും
ചേർത്തിടും കാര്യങ്ങൾ ചിന്തിച്ചുമങ്ങൊരു
പത്തനത്തിൽത്തൻ പ്രിയതമായുക്തനായ്
ദമ്പതിമാർക്കു കൊടുത്തയയ്ക്കേണ്ടതാം
സമ്പത്തിനെക്കുറിച്ചോർത്തുമിരുന്നിതു. 32
പുത്രിമാരെക്കൂട്ടിവിട്ടീടുക, ചില-
ഭർത്തൃജനങ്ങളെയാനയിച്ചീടുക,
ഇത്തരമുള്ള യോഗേശ്വരാധീശ്വരാ-
പത്യോത്സവം കണ്ടു വിസ്മയിച്ചാൻ മുനി. 33
വിഷ്ണുവരെ ശ്രേഷ്ഠയജ്ഞങ്ങളാലൊരു-
മന്ദിരംതന്നിൽ യജിക്കുന്നു മാധവൻ.
ആരാമകൂപതടാദികളാൽ ധർമ്മ-
പൂരണമന്യത്ര സാധിച്ചിടുന്നിതേ. 34
ഏകത്ര സിന്ധുദേശാശ്വത്തിലേറീട്ടു-
പോകുന്നതും മൃഗയാവിനോദത്തിനായ്
ശുദ്ധമൃഗങ്ങളെ യാദവന്മാരുമായ്
മൃത്യുവക്ത്രത്തിലണപ്പതും കണ്ടിതു. 35
അന്തഃപുരങ്ങളിൽ മന്ദിരൗഘത്തിലും
സ്വന്തം പ്രജകൾക്കിടയിലും ഗൂഢനായ്
ഏകനായ്ത്തദ്രഹസ്യങ്ങൾ ധരിക്കുവാൻ
യോഗേശ്വരൻ സഞ്ചരിപ്പതും കണ്ടിതു. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥോവാച ഹൃഷീകേശം നാരദഃ പ്രഹസന്നിവ
യോഗമായോദയം വീക്ഷ്യ മാനുഷീമീയുഷോ ഗതിം. 37

''വിദാമ യോഗമായാസ്തേ ദുർദ്ദർശാ അപി മായിനാം
യോഗേശ്വരാത്മൻ! നിർഭാതാ ഭവത്പാദനിഷേവയാ. 38

അനുജാനീഹി മാം, ദേവ, ലോകാംസ്തേ യശസാഽഽപ്ലുതാൻ
പര്യടാമി തവോദ്ഗായംല്ലീലാം ഭുവനപാവനീം.'' 39

ശ്രീഭഗവാനുവാച

ബ്രഹ്മൻ! ധർമ്മസ്യ വക്താഹം കർത്താ തദനുമോദിതാ
തച്ഛിക്ഷയംല്ലോകമിമമാസ്ഥിതഃ പുത്ര മാ ഖിദഃ. 40

ശ്രീശുക ഉവാച

ഇത്യാചരന്തം സദ്ധർമ്മാൻ പാവനാൻ ഗൃഹമേധിനാം
തമേവ സർവ്വഗേഹേഷു സന്തമേകം ദദർശ ഹ. 41

കൃഷ്ണസ്യാനന്തവീര്യസ്യ യോഗമായാമഹോദയം
മുഹുർദൃഷ്ട്വാ ഋഷിരഭൂദ്വിസ്മിതോ ജാതകൗതുകഃ. 42

ഇത്യർത്ഥകാമധർമ്മേഷു കൃഷ്ണേന ശ്രദ്ധിതാത്മനാ
സമ്യക് സഭാജിതഃ പ്രീതസ്തമേവാനുസ്മരൻ യയൗ. 43

ഏവം മനുഷ്യപദവീമനുവർത്തമാനോ
നാരായണോഽഖിലഭവായ ഗൃഹീതശക്തിഃ
രേമേഽങ്ഗ ഷോഡശസഹസ്രവരാങ്ഗനാനാം
സവ്രീഡസൗഹൃദനിരീക്ഷണഹാസജുഷ്ടഃ. 44

യാനീഹ വിശ്വവിലയോദ്ഭവവൃത്തിഹേതുഃ
കർമ്മാണ്യനന്യവിഷയാണി ഹരിശ്ചകാര
യസ്ത്വങ്ഗ! ഗായതി ശൃണോത്യനുമോദതേ വാ
ഭക്തിർഭവേദ്ഭഗവതി ഹ്യപവർഗ്ഗമാർഗ്ഗേ. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണഗാർഹസ്ഥ്യദർശനം നാമ ഏകോനസപ്തതിതമോഽധ്യായഃ

സപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

അഥോഷസ്യുപവൃത്തായാം കുക്കുടാൻ കൂജതോഽശപൻ
ഗൃഹീതകണ്ഠ്യഃ പതിഭിർമ്മാധവ്യോ വിരഹാതുരാഃ. 1

വയാംസ്യരോരുവൻ കൃഷ്ണം ബോധയന്തീവ വന്ദിനഃ
ഗായത്സ്വലിഷ്വനിദ്രാണി മന്ദാരവനവായുഭിഃ. 2

മുഹൂർത്തം തം തു വൈദർഭീ നാമൃഷ്യദതിശോഭനം
പരിരംഭണവിശ്ലേഷാത് പ്രിയബാഹ്വന്തരം ഗതാ. 3

ബ്രാഹ്മേ മുഹൂർത്തേ ഉത്ഥായ വാര്യുപസ്പൃശ്യ മാധവഃ
ദധ്യൗ പ്രസന്നകരണ ആത്മാനം തമസഃ പരം. 4

ഏകം സ്വയംജ്യോതിരനന്യമവ്യയം
സ്വസംസ്ഥയാ നിത്യനിരസ്തകല്മഷം
ബ്രഹ്മാഖ്യമസ്യോദ്ഭവനാശഹേതുഭിഃ
സ്വശക്തിഭിർല്ലക്ഷിതഭാവനിർവൃതിം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനുഷവേഷം ധരിച്ചീടുമാ രമാ-
ജാനിതന്മായാപ്രഭാവങ്ങളീവിധം

കണ്ടു മന്ദസ്മിതംപൂണ്ടസ്സുരമുനി
കൊണ്ടാടിയേവം ഭഗവാനൊടോതിനാൻ: 37

"മായയെപ്പാട്ടിലാക്കീടുമജാദ്യാദി-
തേയർക്കുപോലുമറിയാനസാദ്ധ്യമാം

നിന്തിരുമായാപ്രഭാവം ഭവത്പദ-
സന്തതസേവയാൽ ഞങ്ങളറിയുന്നു. 38

ദേവാ! ഭവാനിങ്ങനുജ്ഞതന്നീടുക
പാവനമാകും ഭവത്കീർത്തിരാശിയിൽ

മുങ്ങിയ ലോകങ്ങളെശ്ശുദ്ധിയാക്കീടു-
മങ്ങേക്കഥ പാടിയെങ്ങും നടക്കുവൻ!" 39

ശ്രീഭഗവാൻ പറഞ്ഞു

ധർമ്മനിർമ്മാതാവു ധർമ്മോപദേഷ്ടാവു
ധർമ്മപ്രചാരതുഷ്ടാത്മാവുമായ ഞാൻ

ബ്രഹ്മൻ! ജനശിക്ഷണാർത്ഥം ഗൃഹാശ്രമ-
മിമ്മട്ടിലാർന്നതിൽ മോഹിക്കൊലാ സുതാ! 40

ശ്രീശുകൻ പറഞ്ഞു

ശുദ്ധമായീടും ഗൃഹസ്ഥാശ്രമികരംതൻ
സദ്ധർമ്മമേവമനുഷ്ഠിച്ചു വാണിടും

ഏകനെത്തന്നെ സമസ്തഗേഹത്തിലും
നാകമുനി കണ്ടു വിസ്മയിച്ചീടിനാൻ. 41

അന്തമററുള്ള വീര്യംപെടും കൃഷ്ണന്റെ
ചിന്ത്യമല്ലാത്ത മഹാപ്രഭാവങ്ങളെ

പിന്നെയും പിന്നെയും പാർത്തു കൗതുഹല-
മാർന്നതിവിസ്മയമഗ്നനായാൻ മുനി. 42

ധർമ്മാർത്ഥകാമങ്ങളിൽ ശ്രദ്ധയാളുമ-
ബ്രഹ്മസ്വരൂപനാൽ സത്കൃതനായ് പരം

സന്തുഷ്ടനാം മുനിയുള്ളിൽ മുകുന്ദനെ-
ച്ചിന്തിച്ചുകൊണ്ടസ്ഥലം വിട്ടുപോയിതേ. 43

ഈവിധം മാനുഷരീതിയനുസരി-
ച്ചാ വിഭു ലോകാഭ്യുദയത്തിനായ് സ്വയം

പേറും പലവിധശക്തിയോടും പതി-
നാറായിരം ശ്രേഷ്ഠകാമിനിമാരുടെ

സപ്രേമലജ്ജാസ്മിതകടാക്ഷങ്ങളാ-
ലെപ്പൊഴും സേവിതനായ് രമിച്ചീടിനാൻ. 44

ലോകസൃഷ്ടിസ്ഥിതിസംഹാരഹേതുവാം
ശ്രീകൃഷ്ണനാന്നോരസാദ്ധ്യകർമ്മങ്ങളെ

കേൾക്കയോ ചൊല്ലുയോ കേട്ടു മോദിക്കയോ
നീക്കമെന്യേ ചെയ്തിടുന്നവനക്ഷണം

മോക്ഷപദമായ് വിളങ്ങുമദ്ദേവനി-
ലക്ഷയമായിടും ഭക്തി ഭവിച്ചിടും. 45

അദ്ധ്യായം 70

ഭഗവദ്ദിനചര്യ—നാരദദൗത്യം

ശ്രീശുകൻ പറഞ്ഞു

പിന്നെ പ്രഭാതം സമീപിച്ചിടുന്നള-
വന്യൂനഭർത്തൃകണ്ഠാശ്ലേഷമാർന്നിടും

ഗോവിന്ദപത്നിമാർ തദ്വിയോഗം പാർത്തു
കൂവുന്ന കോഴികളെശ്ശപിച്ചീടിനാർ. 1

മന്ദാരകാനനവാതപ്രചോദിത-
മിന്ദിന്ദിരഗണം ഗാനം തുടങ്ങവേ

നിദ്രാവിഹീനവിഹഗങ്ങളും വന്ദികളു-
ക്കൊത്തു ശബ്ദിച്ചുണർത്തുന്നു മുകുന്ദനെ. 2

വല്ലഭബാഹുമദ്ധ്യസ്ഥിതയായിടും
മല്ലാക്ഷി രുക്മിണിക്കാശ്ലേഷവിശ്ലഥം

അല്പൽ വളർത്തുകയാലാ ക്ഷണമാത്ര-
തെല്ലും സഹിപ്പാനശക്തയായ്ത്തീർന്നിതേ. 3

ബ്രാഹ്മമാകുംമുഹൂർത്തത്തിലെഴുന്നേററു
നന്മട്ടു കൈകാൽ കഴുകിജ്ജനാർദ്ദനൻ

സുപ്രസന്നാന്തരംഗത്താൽ,തമസ്സിനു-
മപ്പുറത്തപ്രതിമം പ്രകാശിപ്പതായ്. 4

നാശരഹിതമായേകമായിസ്സ്വയം
ഭാസ്യമായന്യമൊന്നില്ലാതിരിപ്പതായ്

എന്നുമവിദ്യതൻ ബന്ധം നിരസിച്ചി-
ട്ടന്നതായിത്രിലോകം തീർത്തഴിപ്പതിൽ

താവും സ്വശക്തികളാലെ കാണപ്പെടും
ഭാവത്തൊടും നിർവൃതിയൊടും ചേർന്നതായ്

ബ്രഹ്മമെന്നുള്ള നാമത്തിൽ വിളങ്ങിടു-
മാത്മാവിനെപ്പരം ധ്യാനിച്ചിരുന്നിതേ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥാപ്ലുതോഽംഭസ്യമലേ യഥാവിധി
ക്രിയാകലാപം പരിധായ വാസസീ
ചകാര സന്ധ്യോപഗമാദി സത്തമോ
ഹുതാനലോ ബ്രഹ്മ ജജാപ വാഗ്യതഃ. 6

ഉപസ്ഥായാർക്കമുദ്യന്തം തർപ്പയിത്വാഽഽത്മനഃ കലാഃ
ദേവാനൃഷീൻ പിതൄൻ വൃദ്ധാൻ വിപ്രാനഭ്യർച്ച്യ ചാത്മവാൻ. 7

ധേനൂനാം രുക്മശൃംഗീണാം സാധ്വീനാം മൗക്തികസ്രജാം
പയസ്വിനീനാം ഗൃഷ്ടീനാം സവത്സാനാം സുവാസസാം. 8

ദദൗ രൂപ്യഖുരാഗ്രാണാം ക്ഷൗമാജിനതിലൈഃ സഹ
അലംകൃതേഭ്യോ വിപ്രേഭ്യോ ബദ്വം ബദ്വം ദിനേ ദിനേ. 9

ഗോവിപ്രദേവതാവൃദ്ധഗുരൂൻ ഭൂതാനി സർവ്വശഃ
നമസ്കൃത്യാത്മസംഭൂതീർമ്മംഗലാനി സമസ്പൃശത്. 10

ആത്മാനം ഭൂഷയാമാസ നരലോകവിഭൂഷണം
വാസോഭിർഭൂഷണൈഃ സ്വീയൈർദ്ദിവ്യസ്രഗനുലേപനൈഃ. 11

അവേക്ഷ്യാജ്യം തഥാഽഽദർശം ഗോവൃഷദ്വിജദേവതാഃ
കാമാംശ്ച സർവ്വവർണ്ണാനാം പൗരാന്തഃപുരചാരിണാം
പ്രദാപ്യ പ്രകൃതീഃ കാമൈഃ പ്രതോഷ്യ പ്രത്യനന്ദത. 12

സംവിഭജ്യാഗ്രതോ വിപ്രാൻ സ്രക്താംബൂലാനുലേപനൈഃ
സുഹൃദഃ പ്രകൃതീർദ്ദാരാനുപായുങ്ക്ത തതഃ സ്വയം. 13

താവത് സൂത! ഉപാനീയ സ്യന്ദനം പരമാദ്ഭുതം
സുഗ്രീവാദ്യൈർഹയൈര്യുക്തം പ്രണമ്യാവസ്ഥിതോഽഗ്രതഃ. 14

ഗൃഹീത്വാ പാണിനാ പാണീ സാരഥേസ്തമഥാരുഹത്
സാത്യക്യുദ്ധവസംയുക്തഃ പൂർവ്വാദ്രിമിവ ഭാസ്കരഃ. 15

ഈക്ഷിതോഽന്തഃപുരസ്ത്രീണാം സവ്രീഡപ്രേമവീക്ഷിതൈഃ
കൃച്ഛ്റാദ്വിസൃഷ്ടോ നിരഗാജ്ജാതഹാസോ ഹരൻ മനഃ. 16

സുധർമ്മാഖ്യാം സഭാം സർവ്വൈർവൃഷ്ണിഭിഃ പരിവാരിതഃ
പ്രാവിശദ്യന്നിവിഷ്ടാനാം ന സന്ത്യംഗ ഷഡൂർമ്മയഃ. 17

തത്രോപവിഷ്ടഃ പരമാസനേ വിഭു-
ർബ്ബഭൗ സ്വഭാസാ കകുഭോഽവഭാസയൻ
വൃതോ നൃസിംഹൈര്യദുഭിര്യദൂത്തമോ
യഥോഡുരാജോ ദിവി താരകാഗണൈഃ. 18

തത്രോപമന്ത്രിണോ രാജൻ! നാനാഹാസ്യരസൈർവിഭും
ഉപതസ്ഥുർന്നടാചാര്യാ നർത്തക്യസ്താണ്ഡവൈഃ പൃഥക്. 19

മൃദംഗവീണാമുരജവേണുതാളദരസ്വനൈഃ
നനൃതുർജ്ജഗുസ്തുഷ്ടുവുശ്ച സൂതമാഗധവന്ദിനഃ. 20

തത്രാഹുർബ്രാഹ്മണാഃ കേചിദാസീനാ ബ്രഹ്മവാദിനഃ
പൂർവ്വേഷാം പുണ്യയശസാം രാജ്ഞാം ചാകഥയൻ കഥാഃ. 21

തത്രൈകഃ പുരുഷോ രാജന്നാഗതോഽപൂർവ്വദർശനഃ
വിജ്ഞാപിതോ ഭഗവതേ പ്രതീഹാരൈഃ പ്രവേശിതഃ. 22

സ നമസ്കൃത്യ കൃഷ്ണായ പരേശായ കൃതാഞ്ജലിഃ
രാജ്ഞാമാവേദയദ്ദുഃഖം ജരാസന്ധനിരോധജം. 23

''യേ ച ദിഗ്വിജയേ തസ്യ സന്നതിം ന യയുർന്നൃപാഃ
പ്രസഹ്യ രുദ്ധാസ്തേനാസന്നയുതേ ദ്വേ ഗിരിവ്രജേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുദ്ധജലത്തിൽ മുങ്ങിക്കുളിച്ചിട്ടഥ
വസ്ത്രദ്വയമാർന്നു സന്ധ്യാർച്ചനാദിയാം
നിത്യകൃത്യങ്ങളും വിധിപോൽ കഴിച്ചുട-
നുത്തുങ്ഗഭക്തിപുരസ്സരം മുക്തിദൻ
മൗനംവരിച്ചാശ്രയാശനെ ഹോമിച്ചു
താനേയിരുന്നു ഗായത്രി ജപിച്ചിതേ. 6
പിന്നെയുദയാർക്കനർഘ്യം സമർപ്പിച്ചു
തന്നംശഭൂതരാം വിണ്ണവന്മാരെയും
സ്വന്തം പിതൃക്കളേയും മുനിമാരെയു-
മന്തണരേയുമാരാധിച്ചിതാത്മവാൻ. 7
സത്സ്വഭാവംചേർന്നു പാലേറെയൊന്നു സ-
വത്സങ്ങളായ് കടിഞ്ഞൂലുപെററുള്ളതായ്
കൊമ്പും കുളമ്പും സുവർണ്ണവും വെള്ളിയു-
മിമ്പമാമ്മാറു പൊതിഞ്ഞിരിക്കുന്നതായ്
നമ്മണിമാലകളും ശുഭ്രവസ്ത്രങ്ങളും
നന്മട്ടണിഞ്ഞു ശോഭിക്കും പശുക്കളെ
ചാലേ സഹസ്രം പതിമൂന്നൊടെൺപത്തി-
നാലുമെണ്ണംവീതമെന്നും രമാധവൻ
ക്ഷൗമാജിനതിലോപേതം വിഭൂഷിത-
ഭൂമീസുരർക്കു ദാനംകഴിച്ചീടിനാൻ. 8-9
ഗോവിപ്രദേവതാവൃദ്ധഗുരുഭൂത-
സർവ്വത്തെയും ശരിക്കാനമിച്ചിട്ടുടൻ
സാദരം സ്പർശിച്ചു കേശവനാത്മവി-
ഭൂതികളാകും ശുഭപദാർത്ഥങ്ങളെ. 10
മർത്ത്യലോകത്തിന്നലങ്കാരമാം നിജ-
മൂർത്തിയിൽച്ചാരുവസ്ത്രങ്ങളും വിഭൂഷകളും
ദിവ്യമാല്യം കുറിക്കൂട്ടിതെല്ലാമണി-
ഞ്ഞവ്യയൻ പാരം തെളിഞ്ഞുവിളങ്ങിനാൻ. 11
നിത്യവും മങ്ഗലവസ്തുസന്ദർശനം
ശാസ്ത്രോക്തമാകയാൽ പിന്നെപ്പരൻപുമാൻ
ആജ്യം പശു കാള കണ്ണാടി ദേവത
പൂജ്യദ്വിജനെയും ദർശനംചെയ്തിതു.
പൗരരുമന്തഃപുരസ്ഥരുമിച്ഛിക്കു-
മോരോന്നുമൗചിത്യപൂർവ്വം കൊടുപ്പിച്ചു
തൻപ്രജാവൃന്ദത്തിനാകമാനം കാമ-
സമ്പൂർത്തിചേർത്തു സന്തോഷമാർന്നീടിനാൻ. 12
മുന്നം ദ്വിജർക്കഥ തോഴർക്കുടൻ പ്രജാ-
വൃന്ദത്തിനുമഥ കാന്താജനത്തിനും
ചന്ദനം മാല താംബൂലമെന്നീവക
നന്ദിച്ചു നല്കീട്ടു താനും ഗ്രഹിച്ചിതേ. 13
എല്ലാവരേയുമീമട്ടു മോദിപ്പിച്ചു
മല്ലാരിയൂണും കഴിഞ്ഞിരുന്നീടവേ
ശൈബ്യം വലാഹകം സുഗ്രീവവും മേഘ-
പുഷ്പമിപ്പേരുകളാളുമശ്വങ്ങളെ
നന്നായിണക്കിയതാം നിജാത്യദ്ഭുത-
സ്യന്ദനമെത്തിച്ചു വന്ദിച്ചു സാരഥി. 14
കൂപ്പിനിന്നീടുമദ്ദേശരാളിതൻ കരം
ക്ഷിപ്രം നിജപാണിയാൽ പിടിച്ചിട്ടുടൻ
ഉദ്ധവസാത്യകിമാരൊത്തു തേരതിൽ,
മിത്രനുദയാദ്രിയിൽ കണക്കേറിനാൻ. 15
അന്തഃപുരസ്ത്രീജനത്തിൻ ത്രപാപ്രേമ-
ബന്ധുരവീക്ഷയാൽ ബദ്ധനായ്ച്ചെററിട-
നിന്നു, പിന്നെപ്പണിപ്പെട്ടു വിമുക്തനായ്
മന്ദഹാസത്തിനാൽ തന്മനസ്സാകവേ
നേരേയപഹരിച്ചിട്ടുവിളംബിതം
തേരു നടത്തിച്ചു നിർഗ്ഗമിച്ചാൻ ഹരി. 16
എല്ലാ യദുക്കളും ചൂഴും സുധർമ്മയെ-
ന്നുള്ള സഭയിലണഞ്ഞിതു സത്വരം.
ഉത്തമമാമസ്സഭയിലെത്തുന്നവർ-
ക്കത്തലും ദാഹവും ക്ഷുത്തും വിമോഹവും
എത്തിടുന്നില്ല ജരാമരണങ്ങളും
ചിത്രം ഷഡൂർമ്മിവിരഹിതം ശോഭനം. 17
ആ സഭയിൽ പരമാസനത്തിൽ സ്വന്ത-
ഭാസ്സിനാലെട്ടുദിക്കും വിളക്കിപ്പരൻ
യാദവശ്രേഷ്ഠർ ചൂഴന്നുമിന്നീ നഭോ-
വീഥിയിൽ താരാവൃതൻ ചന്ദ്രനെന്നപോൽ. 18
അസ്സദസ്സിങ്കൽ വിനോദകലാഭിജ്ഞർ
ഹാസ്യരസപ്രയോഗങ്ങളുംകൊണ്ടും തഥാ
നർത്തകിമാരും നടാചാര്യരും നൃത്യ-
വാദ്യകൊണ്ടും സമർച്ചിച്ചിതു കൃഷ്ണനെ. 19
വീണാമൃദങ്ഗമുരജതാലങ്ങളും
വേണുശങ്ഖങ്ങളും നന്നായ് നദിപ്പിച്ചു
ചോടുകളുംവച്ചും സ്തുതികളെച്ചൊല്ലിയും
പാടിയും സേവിച്ചു സൂതവന്ദ്യാദികൾ. 20
ആശീർവ്വചനപുരസ്സരം തത്രസ്ഥ-
ഭൂസുരന്മാർ ചിലർ മന്ത്രങ്ങളോതിനാർ.
വാദികളും പുണ്യവാന്മാരാം പുരാതന-
മേദിനീനാഥർതൻ വൃത്തങ്ങളും വാഴ്ത്തിനാർ. 21
ഏകദാ മുൻപു കണ്ടീടാത്തതായിട്ടു-
മാകൃതിയാളുമൊരുത്തനങ്ങെത്തിനാൻ.
ദ്വാരപാലന്മാരറിയിച്ചനുവാദ-
പൂർവ്വമവനെയണച്ചു കൃഷ്ണാന്തികം. 22
പാദത്തിൽവീണു പരേശനെയാനമി-
ച്ചാദരവോടു കൈക്കൂപ്പിനിന്നിട്ടവൻ
പാപിയാമജ്ജരാസന്ധനാൽ ബദ്ധരാം
ഭൂപതിമാർതന്നഴലറിയിച്ചിതേ. 23
''ദിഗ്വിജയത്തിലവനെ നമിക്കാത്ത
പൃഥ്വീശരിങ്ങുണ്ടിരുപതിനായിരം
ദുഷ്ടനീ ഞങ്ങളെയെല്ലാം ഗിരിവ്രജ-
ക്കോട്ടതന്നിൽബ്ബലാൽ ബന്ധിച്ചി-
രിപ്പിതേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണ, കൃഷ്ണാപ്രമേയാത്മൻ, പ്രപന്നഭയഭഞ്ജന!
വയം ത്വാം ശരണം യാമോ ഭവഭീതാഃ പൃഥഗ്ധിയഃ. 25

ലോകോ വികർമ്മനിരതഃ കുശലേ പ്രമത്തഃ
കർമ്മണ്യയം ത്വദുദിതേ ഭവദർച്ചനേ സ്വേ
യസ്താവദസ്യ ബലവാനിഹ ജീവിതാശാം
സദ്യഃ ഛിനത്ത്യനിമിഷായ നമോസ്തു തസ്മൈ. 26

ലോകേ ഭവാൻ ജഗദിനഃ കലയാവതീർണ്ണഃ
സദ്രക്ഷണായ ഖലനിഗ്രഹണായ ചാന്യഃ
കശ്ചിത് ത്വദീയമതിയാതി നിദേശമീശ!
കിം വാ ജനഃ സ്വകൃതമൃച്ഛതി തന്ന വിദ്മഃ. 27

സ്വപ്നായിതം നൃപസുഖം പരതന്ത്രമീശ!
ശശ്വദ്ഭയേന മൃതകേന ധുരം വഹാമഃ
ഹിത്വാ തദാത്മനി സുഖം ത്വദനീഹലഭ്യം
ക്ലിശ്യാമഹേ/തികൃപണാസ്തവ മായയേഹ. 28

തന്നോ ഭവാൻ പ്രണതശോകഹരാങ്ഘ്രിയുഗ്മോ
ബദ്ധാൻ വിയുങ്ക്ഷ്വ മഗധാഹ്വയകർമ്മപാശാത്
യോ ഭൂഭുജോ/യുതമതങ്ഗജവീര്യമേകോ
ബിഭ്രദ്രുരോധ ഭവനേ മൃഗരാഡിവാവീഃ. 29

യോ വൈ ത്വയാ ദ്വിനവകൃത്വ ഉദാത്തചക്ര-
ഭഗ്നോ മൃധേ ഖലു ഭവന്തമനന്തവീര്യം
ജിത്വാ നൃലോകനിരതം സകൃദൂഢദർപ്പോ
യുഷ്മത്പ്രജാ രുജതി നോ/ജിത തദ്വിധേഹി.'' 30

ദൂത ഉവാച

ഇതി മാഗധസംരുദ്ധാ ഭവദ്ദർശനകാങ്ക്ഷിണഃ
പ്രപന്നാഃ പാദമൂലം തേ, ദീനാനാം ശം വിധീയതാം. 31

ശ്രീശുക ഉവാച

രാജദൂതേ ബ്രുവത്യേവം ദേവർഷിഃ പരമദ്യുതിഃ
ബിഭ്രത് പിങ്ഗജടാഭാരം പ്രാദുരാസീദ്യഥാ രവിഃ. 32

തം ദൃഷ്ട്വാ ഭഗവാൻ കൃഷ്ണഃ സർവ്വലോകേശ്വരേശ്വരഃ
വവന്ദ ഉത്ഥിതഃ ശീർഷ്ണാ സസഭ്യഃ സാനുഗോ മുദാ. 33

സഭാജയിത്വാ വിധിവത് കൃതാസനപരിഗ്രഹം
ബഭാഷേ സൂനൃതൈർവാക്യൈഃ ശ്രദ്ധയാ തർപ്പയൻ മുനിം. 34

''അപി സ്വിദദ്യ ലോകാനാം ത്രയാണാമകുതോഭയം
നനു ഭൂയാൻ ഭഗവതോ ലോകാൻ പര്യടതോ ഗുണഃ. 35

ന ഹി തേ/വിദിതം കിഞ്ചില്ലോകേഷ്വീശ്വരകർത്തൃഷു
അഥ പൃച്ഛാമഹേ യുഷ്മാൻ പാണ്ഡവാനാം ചികീർഷിതം.'' 36

ശ്രീനാരദ ഉവാച

ദൃഷ്ട്വാ മയാ തേ ബഹുശോ ദുരത്യയാ
മായാ വിഭോ! വിശ്വസൃജശ്ച മായിനഃ
ഭൂതേഷു ഭൂമംശ്ചരതഃ സ്വശക്തിഭി-
ർവ്വഹ്നേരിവ ഛന്നരുചോ ന മേ/ദ്ഭുതം. 37

തവേഹിതം കോ/ർഹതി സാധു വേദിതും
സ്വമായയേദം സൃജതോ നിയച്ഛതഃ
യദ്വിദ്യമാനാത്മതയാവഭാസതേ
തസ്മൈ നമസ്തേ സ്വവിലക്ഷണാത്മനേ! 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രമേയാത്മകാ! കൃഷ്ണാ! നിജാശ്രിത-
ക്ലേശയേം തീർത്തു രക്ഷിക്കും ജഗത്പതേ!
ഞങ്ങടാം ഭവഭീതർ ഭേദധീയുള്ളവ-
രങ്ങേശ്ശരണം ഗമിക്കുന്നിതീശ്വരാ! 25
എത്രനാളോളം പ്രമത്തമാം ലോകം നി-
ഷിദ്ധകർമ്മങ്ങളിൽ താത്പര്യമാർന്നഹോ!
അങ്ങുന്ന കല്പിച്ച താവകാരാധനാ-
മങ്ഗലകർമ്മങ്ങളാചരിപ്പീലയോ,
അത്രനാളോളവും തജ്ജീവിതാശയെ
നിത്യമനിമേഷനായ്ക്കാലരൂപനായ്
നിസ്തുലശക്തനാമങ്ങു ഖണ്ഡിക്കുന്നു,
ഭക്തിയോടങ്ങയെ ഞങ്ങടാം നമിപ്പൂതേ. 26
ലോകേശനാം ഭവാൻ സാധുജനങ്ങളെ-
യാകവേ രക്ഷിപ്പതിനും ഖലന്മാരെ
വീതശങ്കം മുടിപ്പാനുമായ് ഭൂമിയിൽ
ജാതനായെന്നറിഞ്ഞീടുന്നു ഞങ്ങളും.
ഹേ പ്രഭോ! മറ്റൊരാരാം നിന്തിരുമേനിതൻ
കല്പന ലംഘിച്ചു വാഴട്ടെയെന്നതോ?
സ്വന്തം ക്രിയാഫലജാലം ഭുജിക്കട്ടെ
താന്താങ്ങളെന്നോ? മനസ്സിലാക്കാൻ പണി. 27
ഈശാ! നിനയ്ക്കിലീ രാജസുഖം വെറും
മോശമാണസ്വതന്ത്രം സ്വപ്നസന്നിഭം.
എപ്പൊഴും പേടിച്ചിടേണ്ടുന്നതും മൃത-
കല്പവുമായീടുമീ ശരീരത്തിനാൽ
തുച്ഛമായീടുമീ രാജസുഖം പര-
മിച്ഛിച്ചു ഞങ്ങടാം ദാരാത്മപുത്രാദിയാം
ഭാരം വഹിക്കുന്നു, നിഷ്കാമയോഗീന്ദ്ര-
ഹീരസംപ്രാപ്യമാമാത്മസുഖത്തെയും
സന്ത്യജിച്ചീ ലുബ്ധർ നിന്മായയാൽ ഭവ-
സിന്ധുവിൽ നീന്തുന്നു, നിൻപാദമേ ഗതി. 28
പത്തുസഹസ്രം മദഗജത്തിൻ ബല-
മൊത്തിടുമേതവനേകനായ് ഭൂപരാം
ഞങ്ങളെത്തന്മന്ദിരത്തിലക്കേസരി-
പുങ്ഗവൻ മേഷസമൂഹത്തെയെന്നപോൽ
കെട്ടിയിങ്ങിട്ടിരിക്കുന്നു, നതജന-
കഷ്ടത തീർക്കും പദാബ്ജമാളും ഭവാൻ
സത്വരം ഹ്ത്തലിഞ്ഞമ്മഗധാവനീ-
ഭൃത്തുതൻ പാശത്തിൽനിന്നുദ്ധരിക്കണേ! 29
ചക്രപാണേ! പതിനേഴുവട്ടം ഭവ-
ദ്വിക്രമത്താൽത്തോററു പാഞ്ഞൊരാ മാഗധൻ
പിന്നീടു മാനുഷനാട്യത്തിലാസക്തി-
യാർന്നവനായൊരുവട്ടമിളയ്ക്കയാൽ
വെന്നെന്നു ഭാവിച്ചതീവഗർവിഷ്ഠനായ്
തിണ്ണം തദീയപ്രജകളാം ഞങ്ങളെ
പാരമുപദ്രവിക്കുന്നിതജിത! കേടാം
കാര്യങ്ങടാം പാർത്തങ്ങു വേണ്ടതു ചെയ്യുക.'' 30

ദൂതൻ പറഞ്ഞു

ഏവമാമാഗധനാലെ നിരുദ്ധരും
താവകദർശനേച്ഛുക്കളുമാമവർ
ത്വത്പാദമൂലത്തെയാശ്രയിച്ചീടുന്നു
ക്ഷിപ്രമദ്ദീനർക്കഭയമേകീടണേ. 31

ശ്രീശുകൻ പറഞ്ഞു

ഇമ്മട്ടിലാ രാജദൂതൻ കഥിക്കവേ,
ബ്രഹ്മതേജസ്സാർന്ന പിങ്ഗജടാഭരം
ആവഹിച്ചീടിന ദേവർഷി നാരദ-
നാവിർഭവിച്ചാൻ ദിനകരനെന്നപോൽ. 32
മാമുനിയെസ്സ്വർലോകേശ്വരേശ്വര-
നാ മുകുന്ദൻ കണ്ടെഴുന്നേററുടൻ മുദാ
സഭ്യരോടും തന്നനുചരന്മാരൊടു-
മൊപ്പം നിജശിരസ്സാലെ നമിച്ചി[illegible] 33
ശാസ്ത്രവിധിക്കൊത്തു സൽക്കരിച്ചു[illegible]-
മേററിയാ ദേവമുനീന്ദ്രനെ മാധവൻ
ശ്രദ്ധയോടും നന്മധുരവാക്യങ്ങളാ-
ലത്യന്തസന്തുഷ്ടനാക്കിക്കഥിച്ചിതേ. 34
''ഇപ്പോഴുലകു മൂന്നിങ്കലും ഭീതിയൊ-
രല്പവുമാക്കുമില്ലല്ലോ? മഹാമുനേ!
പാരു ചുററിസ്സഞ്ചരിക്കുമവിടുന്നു-
കാരണമായുണ്ടു പാരം പ്രയോജനം. 35
ഈശസൃഷ്ടങ്ങളാം ലോകങ്ങളിൽ ഭവാൻ
ഭേഷായ് ധരിക്കാതെയില്ലൊരു കാര്യവും
ചോദിച്ചിടുന്നേനതിനാലെ പാണ്ഡവ-
രേതു കാര്യത്തിനൊരുങ്ങുന്നുവെന്നതും.'' 36

നാരദൻ പറഞ്ഞു

ബ്രഹ്മാവിനും നിജ മായനിമിത്തമായ്
സമ്മോഹമേകാൻ പടുവായ് സ്വശക്തിയാൽ
എന്നും സമസ്തഭൂതൗഘസഞ്ചാരിയായ്
വഹ്നിമട്ടിൽ മറന്നഭാസ്സാം ഭവാനുടെ
ദുർല്ലംഘ്യമായാബലം പലവാറു ഞാൻ
നല്ലപോൽ കാൺകയാലദ്ഭുതമില്ല മേ. 37
ഹേ വിഭോ! നിന്തിരുമേനിതന്നിങ്ഗിത-
മാവതില്ലാർക്കും ശരിയായറിഞ്ഞിടാൻ
മിഥ്യയാം പാരിതു നിന്നുടെ മായതൻ
ശക്തിയാലുള്ളതുപോലെ തോന്നിക്കുന്നു.
നിശ്ചയിച്ചാർക്കുമറിഞ്ഞുകൂടാതുള്ളൊ-
രച്ഛാത്മകനാം ഭവാനു നമസ്കൃതി. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവസ്യ യഃ സംസരതോ വിമോക്ഷണം
ന ജാനതോഽനർത്ഥവഹാച്ഛരീരതഃ
ലീലാവതാരൈഃ സ്വയശഃപ്രദീപകം
പ്രാജ്വാലയത്ത്വാ തമഹം പ്രപദ്യേ. 39

അഥാപ്യാശ്രാവയേ, ബ്രഹ്മ, നരലോകവിഡംബനം
രാജ്ഞഃ പൈതൃഷ്വസ്രേയസ്യ ഭക്തസ്യ ച ചികീർഷിതം. 40

യക്ഷ്യതി ത്വാം മഖേന്ദ്രേണ രാജസൂയേന പാണ്ഡവഃ
പാരമേഷ്ഠ്യകാമോ നൃപതിസ്തദ്ഭവാനനുമോദതാം. 41

തസ്മിൻ ദേവ ക്രതുവരേ ഭവന്തം വൈ സുരാദയഃ
ദിദൃക്ഷവഃ സമേഷ്യന്തി രാജാനശ്ച യശസ്വിനഃ. 42

ശ്രവണാത് കീർത്തനാദ്ധ്യാനാത് പൂയന്തേഽന്തേവസായിനഃ
തവ ബ്രഹ്മമയസ്യേശ കിമുതേക്ഷാഭിമർശിനഃ. 43

യസ്യാമലം ദിവി യശഃ പ്രഥിതം രസായാം
ഭൂമൗ ച തേ ഭുവനമങ്ഗള ദിഗ്വിതാനം
മന്ദാകിനീതി ദിവി ഭോഗവതീതി ചാധോ
ഗങ്ഗേതി ചേഹ ചരണാംബു പുനാതി വിശ്വം. 44

ശ്രീശുക ഉവാച

തത്ര തേഷ്വാത്മപക്ഷേഷ്വഗൃഹ്ണത്സു വിജിഗീഷയാ
വാചഃ പേശൈഃ സ്മയൻ ഭൃത്യമുദ്ധവം പ്രാഹ കേശവഃ. 45

''ത്വം ഹി നഃ പരമം ചക്ഷുഃ സുഹൃന്മന്ത്രാർത്ഥതത്ത്വവിത്
തഥാത്ര ബ്രൂഹ്യനുഷ്ഠേയം ശ്രദ്ദധ്മഃ കരവാമ തത്.'' 46

ഇത്യുപാമന്ത്രിതോ ഭർത്രാ സർവ്വജ്ഞേനാപി മുഗ്ദ്ധവത്
നിദേശം ശിരസാഽഽധായ ഉദ്ധവഃ പ്രത്യഭാഷത. 47

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
ഉത്തരാർദ്ധേ ഭഗവദ്യാനവിചാരേ സപ്തതിതമോഽധ്യായഃ

ഏകസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഇത്യുദീരിതമാകർണ്യ ദേവർഷേരുദ്ധവോഽബ്രവീത്
സഭ്യാനാം മതമാജ്ഞായ കൃഷ്ണസ്യ ച മഹാമതിഃ. 1

ഉദ്ധവ ഉവാച

യദുക്തമൃഷിണാ ദേവ! സാചിവ്യം യക്ഷ്യതസ്ത്വയാ
കാര്യം പൈതൃഷ്വസ്രേയസ്യ രക്ഷാ ച ശരണൈഷിണാം. 2

യഷ്ടവ്യം രാജസൂയേന ദിക്ചക്രജയിനാ വിഭോ!
അതോ ജരാസുതജയ ഉഭയാർത്ഥോ മതോ മമ. 3

അസ്മാകം ച മഹാനർത്ഥോ ഹ്യേതേനൈവ ഭവിഷ്യതി
യശശ്ച തവ ഗോവിന്ദ, രാജ്ഞോ ബദ്ധാൻ വിമുഞ്ചതഃ. 4

സ വൈ ദുർവ്വിഷഹോ രാജാ നാഗായുതസമോ ബലേ
ബലിനാമപി ചാന്യേഷാം ഭീമം സമബലം വിനാ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നുമനത്ഥമുണ്ടാക്കുന്ന ദേഹത്തിൽ-
നിന്നു മോചിക്കേണ്ട മാർഗ്ഗമറിയാതെ

സംസാരമഗ്നനായീടുന്ന ജീവനൊ-
രാശ്വാസമായ് സ്വലീലാവതാരങ്ങളാൽ

സ്വന്തയശോദീപമുജ്ജ്വലിപ്പിക്കുന്ന
നിന്തിരുമേനിയെയാശ്രയിക്കുന്നു ഞാൻ. 39

എങ്കിലും മാനുഷലോകവിഡംബനം
തങ്കിടും ബ്രഹ്മസ്വരൂപനാമങ്ങയെ

സ്വന്തം പിതൃഷ്വസാവിൻ തനയാഗ്ര്യനായ്
നിന്തിരുമേനിതൻ ഭക്തപ്രമുഖ്യനാം

ചൊല്പേറുമദ്ധമ്മപുത്രമഹീപതി-
ക്കുള്ളോരഭീപ്സിതം ഞാൻ ധരിപ്പിച്ചിടാം. 40

മന്നിലുത്കൃഷ്ടപദവിയിച്ഛിച്ചിടും
മന്നൻ യുധിഷ്ഠിരനദ്ധ്വരമുഖ്യമാം

രാജസൂയത്തിനാൽ നിന്തിരുമേനിതൻ
പൂജനമിച്ഛിപ്പു മോദിക്കണം ഭവാൻ. 41

ആ വരയാഗത്തിലങ്ങയെക്കാണ്മവാൻ
ദേവാദികളും യശസ്വികളായിടും

മന്നവന്മാരും വരുമതിനാൽ ഭവ-
ത്സന്നിധാനത്താലനുഗ്രഹിച്ചീടണം. 42

ബ്രഹ്മസ്വരൂപനാമങ്ങേച്ചരിതങ്ങൾ
ചെമ്മേ ശ്രവിക്കയും കീർത്തനംചെയ്കയും

ധ്യാനിക്കയും ചെയ്കിലേതു ചണ്ഡാലനും
നൂനം പരിശുദ്ധനായ് ഭവിക്കുന്നിതു.

നേരിട്ടു കാൺകയും സ്പർശിക്കയും ചെയ്വ-
വോരുടെ സംശുദ്ധി പിന്നെയോതേണമോ? 43

ലോകശുഭപ്രദാ! ഭൂനാകപാതാള-
ലോകങ്ങളിൽ ദിക്കുകൾക്കലങ്കാരമായ്

നിർമ്മലമായി പ്രഥിതമാം നിൻ പുകൾ
നന്മട്ടു ശുദ്ധമാക്കുന്നിതു പാരിടം.

വിണ്ണിൽ മന്ദാകിനിയെന്നും രസാതലം-
തന്നിലബ് ഭോഗവതിയെന്നുമൂഴിയിൽ

ഗങ്ഗയെന്നും സുപ്രസിദ്ധമായ്ത്തീർന്നുള്ളൊ-
രങ്ങേച്ചരണാംബു ലോകശുദ്ധിപ്രദം. 44

ശ്രീശുകൻ പറഞ്ഞു

ആ സഭയിൽ കൃഷ്ണപക്ഷത്തിലുള്ളവ-
രാസകലം ജരാസന്ധനെ വെല്ലുവാൻ

പോകണമാദ്യമെന്നോതവേ പുഞ്ചിരി-
തൂകിബ് ഭഗവാൻ കമലവിലോചനൻ

ഭൃത്യപ്രധാനനാമുദ്ധവനോടുട-
നിത്ഥം മധുരവചസ്സുകളോതിനാൻ: 45

''അങ്ങാണു ഞങ്ങൾക്കു മുഖ്യമായുള്ള ക-
ണ്ണങ്ങുതാൻ മന്ത്രാത്ഥതത്ത്വവിജ്ഞാനിയും

ബന്ധുവും മററാരുമല്ലതിനാലിവി-
ടെന്താണു വേണ്ടതു ചൊല്ലുതു ചെയ്തിടാം.'' 46

എല്ലാമറിഞ്ഞവനെങ്കിലും മൂഢനെ-
ന്നുള്ളമട്ടിൽ സ്വാമിയീമട്ടുരയ്ക്കവേ,

തൽക്കല്പനയെശ്ശിരസ്സുകൊണ്ടാവഹി-
ച്ചിക്കണക്കുദ്ധവനുത്തരമോതിനാൻ. 47

അദ്ധ്യായം 71

കൃഷ്ണന്റെ ഇന്ദ്രപ്രസ്ഥയാത്ര

ശ്രീശുകൻ പറഞ്ഞു

നാരദഗീരിതു കേട്ടും സഭാസ്ഥിത-
ന്മാരുടെയും ഭഗവാന്റെയുമിങ്ഗിതം

പാർത്തും മഹാബുദ്ധിമാനാകമുദ്ധവ-
നത്യന്തതുഷ്ടനായീവിധമോതിനാൻ: 1

ഉദ്ധവൻ പറഞ്ഞു

''ദേവാ! ഭവത്പിതൃസോദരീപുത്രനാം
ഭൂവരൻ രാജസൂയം നടത്തുന്നതിൽ

അങ്ങു സഹായിച്ചിടേണ്ടതാണാശ്രിത-
ക്കെങ്ങുമഭയം കൊടുക്കേണ്ടതല്ലയോ? 2

എല്ലാമവിടുന്നറിയുവോനെങ്കിലും
ചൊല്ലാമിതിലെന്നഭിമതം സ്പഷ്ടമായ്.

ദിഗ്വിജയത്തിനു ശക്തനാം ഭൂപനേ-
യൊക്കു മഹാരാജസൂയം നടത്തുവാൻ

ആകയാൽ മാഗധമന്നവനെജ്ജയി-
ച്ചാകിലിരുകാര്യവും സാദ്ധ്യമായതായ്. 3

നമ്മൾക്കിതുകൊണ്ടുതന്നെ വൻകാര്യങ്ങൾ
ചെമ്മേ ഭവിക്കുമയേ ജീവരക്ഷകാ!

കെട്ടിയിട്ടീടും നൃപരേയഴിച്ചങ്ങു
വിട്ടാൽ ഭവാനു വദ്ധിച്ചിടും കീർത്തിയും. 4

നാഗായുതതുല്യശക്തിയാന്നീടുമാ
മാഗധനോടു ബലത്തിൽ സമാനനായ്

ഭീമനേയുള്ളു മററുള്ള ബലികളാ-
ലാമല്ല തദ്ബാഹുവീര്യം സഹിക്കുവാൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വൈരഥേ സ തു ജേതവ്യോ മാ ശതാക്ഷൗഹിണീയുതഃ
ബ്രഹ്മണ്യോഽഭ്യർത്ഥിതോ വിപ്രൈർന്ന പ്രത്യാഖ്യാതി
കർഹിചിത്. 6

ബ്രഹ്മവേഷധരോ ഗത്വാ തം ഭിക്ഷേത വൃകോദരഃ
ഹനിഷ്യതി ന സന്ദേഹോ ദ്വൈരഥേ തവ സന്നിധൗ. 7

നിമിത്തം പരമീശസ്യ വിശ്വസർഗ്ഗനിരോധയോഃ
ഹിരണ്യഗർഭഃ ശർവ്വശ്ച കാലസ്യാരൂപിണസ്തവ. 8

ഗായന്തി തേ വിശദകർമ്മ ഗൃഹേഷു ദേവ്യോ
രാജ്ഞാം സ്വശത്രുവധമാത്മവിമോക്ഷണം ച
ഗോപ്യശ്ച കുഞ്ജരപതേർജ്ജനകാത്മജായാഃ
പിത്രോശ്ച ലബ്ധശരണാ മുനയോ വയം ച. 9

ജരാസന്ധവധഃ കൃഷ്ണ! ഭൂര്യർത്ഥായോപകല്പതേ
പ്രായഃ പാകവിപാകേന തവ ചാഭിമതഃ ക്രതുഃ. 10

ശ്രീശുക ഉവാച

ഇത്യുദ്ധവവചോ രാജൻ! സർവ്വതോഭദ്രമച്യുതം
ദേവർഷിര്യദുവൃദ്ധാശ്ച കൃഷ്ണശ്ച പ്രത്യപൂജയൻ. 11

അഥാദിശ്യ പ്രയാണായ ഭഗവാൻ ദേവകീസുതഃ
ഭൃത്യാൻ ദാരുകജൈത്രാദീനനുജ്ഞാപ്യ ഗുരൂൻ വിഭുഃ. 12

നിർഗ്ഗമയ്യാവരോധാൻ സ്വാൻ സസുതാൻ സപരിച്ഛദാൻ
സങ്കർഷണമനുജ്ഞാപ്യ യദുരാജം ച ശത്രുഹൻ!
സൂതോപനീതം സ്വരഥമാരുഹദ് ഗരുഡധ്വജം. 13

തതോ രഥദ്വിപഭടസാദിനായകൈഃ
കരാളയാ പരിവൃത ആത്മസേനയാ
മൃദങ്ഗഭേര്യാനകശങ്ഖഗോമുഖൈഃ
പ്രഘോഷഘോഷിത്ककുഭോ നിരാക്രമത്. 14

നൃവാജികാഞ്ചനശിബികാഭിരച്യുതം
സഹാത്മജാഃ പതിമനു സുവ്രതാ യയുഃ
വരാംബരാഭരണവിലേപനസ്രജഃ
സുസംവൃതാ നൃഭിരസിചർമ്മപാണിഭിഃ. 15

നരോഷ്ട്രഗോമഹിഷഖരാശ്വതര്യനഃ-
കരേണുഭിഃ പരിജനവാരയോഷിതഃ
സ്വലങ്കൃതാഃ കടകുടികംബളാംബരാ-
ദ്യുപസ്കരാ യയുരധിയുജ്യ സർവ്വതഃ. 16

ബലം ബൃഹദ്ധ്വജപടഛത്രചാമരൈ-
ർവ്വരായുധാഭരണകിരീടവർമ്മഭിഃ
ദിവാംശുഭിസ്തുമുലരവം ബഭൗ രവേ-
ര്യഥാർണ്ണവഃ ക്ഷുഭിതതിമിങ്ഗിലോർമ്മിഭിഃ. 17

അഥോ മുനിര്യദുപതിനാ സഭാജിതഃ
പ്രണമ്യ തം ഹൃദി വിദധദ്വിഹായസാ
നിശമ്യ തദ്വ്യവസിതമാഹൃതാർഹണോ
മുകുന്ദസന്ദർശനനിർവൃതേന്ദ്രിയഃ. 18

രാജദൂതമുവാചേദം ഭഗവാൻ പ്രീണയൻ ഗിരാ:
''മാ ഭൈഷ്ട ദൂത! ഭദ്രം വോ, ഘാതയിഷ്യാമി മാഗധം.'' 19

ഇത്യുക്തഃ പ്രസ്ഥിതോ ദൂതോ യഥാവദവദന്നൃപാൻ
തേഽപി സന്ദർശനം ശൗരേഃ പ്രത്യൈക്ഷൻ യന്മുമുക്ഷവഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വന്ദ്വയുദ്ധംകൊണ്ടുതന്നെയാ ദുഷ്ടനെ
വെന്നീടണമവനക്ഷൗഹിണിയൊടും
വന്നാൽ മുടിക്കാനവയെയശേഷമി-
സ്സന്ദർഭമോർത്താലനുചിതമായ്‌വരും.
മാർഗ്ഗമൊന്നുണ്ടതിനോതാമത്തും, ദ്വിജ-
ഭക്തനത്രേയവൻ വിപ്രരർത്ഥിക്കുകിൽ
ഒന്നും നിഷേധിക്കമാറില്ലൊരിക്കലു-
മെന്നതു സർവ്വവിദിതം ജഗത്പതേ! 6
ഭീമസേനൻ വിപ്രവേഷംധരിച്ചു പോയ്
സാമമായ് ദ്വന്ദ്വരണമിരന്നീടണം
നിശ്ചയം ത്വത്സന്നിധിയിലവനെയ-
ജ്ജന്യത്തിലാശുഗനന്ദനൻ കൊന്നിടും. 7
കാലാന്തകനായ് നൃപനായീശനായ്
ലാലസിച്ചീടും തിരുമേനിതന്നുടെ
പാരിൻ രചനാനിരോധകർമ്മങ്ങളിൽ
കാരണം മാത്രമാം, ധാതാവുമീശനും. 8
സീതാവിമുക്തി പിതൃമോചനം ഗജ-
നാഥവിമോചനമാദി നിൻ ലീലകൾ
അങ്ങേശ്ശരണം ഗമിച്ച മുനികളും
ഞങ്ങളും ഗോപികളും പാടിടുന്നപോൽ
മാഗധബദ്ധരാം മേദിനീനാഥർതൻ-
സ്ത്രീകളും തദ്ഭവനങ്ങളിൽ നിത്യവും
''ഉണ്ണീ, കരയാല്ല മാഗധനെക്കൊന്നു
നിന്നച്ഛനെ വിടുവിച്ചിടും നന്ദജൻ.''
ഈ രീതിയിൽ നിൻ പരാക്രമമദ്ഭുതമാം
താരാട്ടിനാലുറക്കുന്നു കുഞ്ഞുങ്ങളെ. 9
ഏറെ പ്രയോജനമുണ്ടു നമുക്കിഹ
ഘോരനാം മാഗധനെ വധിക്കുന്നതിൽ
കർമ്മപരിപാകമൂലമായിമ്മഖം
സമ്മതമാം തീർച്ചയായുമങ്ങേയ്ക്കുമേ.'' 10

ശ്രീശുകൻ പറഞ്ഞു

സർവ്വതോഭദ്രമായ് മാററമില്ലാത്തതായ്
ഭവ്യപ്രദമാകുമുദ്ധവവാക്കുകൾ
ദേവർഷിയും യദുവൃദ്ധരും കൃഷ്ണനു-
മേവരുമങ്ങഭിനന്ദിച്ചു വേണ്ടപോൽ. 11
കാര്യനിപുണൻ ഭഗവാനനന്തരം
ദാരുകജൈത്രാദിഭൃത്യഗണത്തൊടായ്
യാത്രയ്ക്കൊരുങ്ങുവാനാജ്ഞയേകിദ്ദേശി-
കോത്തമന്മാരോടനുജ്ഞ വാങ്ങീടിനാൻ. 12
ഭൃത്യപരിച്ഛദോപേതം പ്രിയകളെ-
പ്പുത്രരൊത്തേററിപ്പലേ വാഹനങ്ങളിൽ
മന്നവനാമുഗ്രസേനനോടും ഹലി-
തന്നോടും യാത്രയ്ക്കനുമതി വാങ്ങിനാൻ.
പിന്നെ രഥേഭസേന, കാലാൾപ്പട,യശ്വ-
സൈന്യമിവയുടെ സേനാനിസഞ്ചയം
അംഗസംരക്ഷകസൈന്യമിവ ചൂഴ്ന്നു
ശാർങ്ഗി, സൂതൻ കൊണ്ടുവന്നൊരു തേരതിൽ
ഭേരീമൃദംഗാനകശംഖഗോമുഖ-
പൂരദ്ധ്വനിയോടു യാത്രയായീടിനാൻ. 13–14
വാളും പരിചയും കയ്യിലാളും പട-
യാളികൾ ചൂഴ്ന്നു, മനുഷ്യർ വഹിച്ചിടും
ഡോളപല്ലക്കാദി യാനങ്ങളിൽ പട്ടു-
ചേല വിഭൂഷണമാലകൾ ചന്ദനം
എന്നിവ നന്നായണിഞ്ഞൊരസ്സുവ്രതാ-
വൃന്ദം പതിയെയനുഗമിച്ചീടിനാർ. 15
നന്നായലംകൃതമാരായ കിങ്കരീ-
സന്ദോഹവും വേശ്യമാരുമവർക്കേഴും
പുത്തനാം പല്ലുടിലംബരകംബളാ-
ദ്യുത്തമവസ്തുക്കളെല്ലാം വഹിച്ചിടും
പോത്തൊട്ടകം കാള കോവർകഴുതയും
മർത്ത്യർ ശകടം കരേണുവിവയൊടും
നാലുഭാഗത്തുനിന്നും വന്നൊരുമിച്ചു
ചീളെന്നു പിൻപേ ഗമിച്ചുതുടങ്ങിനാർ. 16
അച്യുതസൈന്യം കടകം കൊടികളു-
മച്ഛതരങ്ങളാം വെഞ്ചാമരങ്ങളും
പൊക്കിപ്പിടിച്ച വിശിഷ്ടായുധങ്ങളു-
മുത്കൃഷ്ടഭൂഷാകിരീടങ്ങൾ ചട്ടകൾ
എന്നിവ പൂണ്ടിനാംശുക്കളാൽ ക്ഷുബ്ധമാ-
യുന്നതമാകും തിമിംഗിലരാജിയാൽ
പൊങ്ങും തരംഗങ്ങളാർന്നു തുംഗധ്വനി-
തങ്ങും ജലധിക്കുതുല്യം ലസിച്ചിതു. 17
മുന്നേ യദുനായകനാലെ സത്കൃതൻ
വിണ്ണോർമുനി, തത്പരിശ്രമമീക്ഷിച്ചു
നന്ദിച്ചുടൻ ഭഗവാനെ നമിച്ചു തത്-
സന്ദർശനത്താൽ സമസ്തേന്ദ്രിയത്തിനും
സൗഖ്യംപരം സമാർജ്ജിച്ചു തദ്ധ്യാനസം-
യുക്തനായാകാശമാർഗ്ഗം ഗമിച്ചിതേ. 18
ദൂതനോടായഥ കൃഷ്ണൻ പരൻപുമാ-
''നേതും ഭയംവേണ്ട നിങ്ങൾക്കു മംഗലം,
മാഗധനെ വധിപ്പിക്കുവ''നെന്നു ചൊ-
ന്നേകിനാൻ മോദം മധുരവാക്യങ്ങളാൽ. 19
ദൂതനതു കേട്ടു പോയന്നൃപാലരോ-
ടോതിയവരെസ്സമാശ്വസിപ്പിച്ചിതു.
ആരിൽനിന്നാശിച്ചിതാ നൃപർ മുക്തിയാ-
ശൗരിതൻ ദർശനം കാത്തു വാണീടിനാർ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആനർത്തസൗവീരമരൂംസ്തീർത്വാ വിനശനം ഹരിഃ
ഗിരീൻ നദീരതീയായ പുരഗ്രാമവ്രജാകരാൻ. 21
തതോ ദൃഷദ്വതീം തീർത്വാ മുകുന്ദോഽഥ സരസ്വതീം
പഞ്ചാലാനഥ മത്സ്യാംശ്ച ശക്രപ്രസ്ഥമഥാഗമത്. 22
തമുപാഗതമാകർണ്യ പ്രീതോ ദുർദ്ദർശനം നൃണാം
അജാതശത്രുർന്നിരഗാത് സോപാധ്യായഃ സുഹൃദ്വൃതഃ. 23
ഗീതവാദിത്രഘോഷേണ ബ്രഹ്മഘോഷേണ ഭൂയസാ
അഭ്യയാത് സ ഹൃഷീകേശം പ്രാണാഃ പ്രാണമിവാദൃതഃ. 24
ദൃഷ്ട്വാ വിക്ലിന്നഹൃദയഃ കൃഷ്ണം സ്നേഹേന പാണ്ഡവഃ
ചിരാദ്ദൃഷ്ടം പ്രിയതമം സസ്വജേഽഥ പുനഃ പുനഃ. 25

ദോർഭ്യാം പരിഷ്വജ്യ രമാഽമലാലയം
മുകുന്ദഗാത്രം നൃപതിർഹതാശുഭഃ
ലേഭേ പരാം നിർവൃതിമശ്രുലോചനോ
ഹൃഷ്യത്തനുർവ്വിസ്മൃതലോകവിഭ്രമഃ. 26
തം മാതുലേയം പരിരഭ്യ നിർവൃതോ
ഭീമഃ സ്മയൻ പ്രേമജവാകുലേന്ദ്രിയഃ
യമൗ കിരീടീ ച സുഹൃത്തമം മുദാ
പ്രവൃദ്ധബാഷ്പാഃ പരിരേഭിരേഽച്യുതം. 27

അർജ്ജുനേന പരിഷ്വക്തോ യമാഭ്യാമഭിവാദിതഃ
ബ്രാഹ്മണേഭ്യോ നമസ്കൃത്യ വൃദ്ധേഭ്യശ്ച യഥാർഹതഃ. 28
മാനിതോ മാനയാമാസ കുരുസൃഞ്ജയകൈകയാൻ
സൂതമാഗധഗന്ധർവ്വാ വന്ദിനശ്ചോപമന്ത്രിണഃ. 29
മൃദങ്ഗശങ്ഖപടഹവീണാപണവഗോമുഖൈഃ
ബ്രാഹ്മണാശ്ചാരവിന്ദാക്ഷം തുഷ്ടുവുർന്നനൃതുർജ്ജഗുഃ. 30
ഏവം സുഹൃദ്ഭിഃ പര്യസ്തഃ പുണ്യശ്ലോകശിഖാമണിഃ
സംസ്തൂയമാനോ ഭഗവാൻ വിവേശാലംകൃതം പുരം. 31

സംസിക്തവർത്മ കരിണാം മദഗന്ധതോയൈ-
ശ്ചിത്രധ്വജൈഃ കനകതോരണപൂർണ്ണകുംഭൈഃ
മൃഷ്ടാത്മഭിർന്നവദുകൂലവിഭൂഷണസ്ര-
ഗ്ഗന്ധൈർന്നൃഭിര്യുവതിഭിശ്ച വിരാജമാനം. 32
ഉദ്ദീപ്തദീപബലിഭിഃ പ്രതിസദ്മജാല-
നിര്യാതധൂപരുചിരം വിലസത്പതാകം
മൂർദ്ധന്യഹേമകലശൈ രജതോരുശൃങ്ഗൈ-
ർജ്ജുഷ്ടം ദദർശ ഭവനൈഃ കുരുരാജധാമ. 33
പ്രാപ്തം നിശമ്യ നരലോചനപാനപാത്ര-
മൗത്സുക്യവിശ്ലഥിതകേശദുകൂലബന്ധാഃ
സദ്യോ വിസൃജ്യ ഗൃഹകർമ്മ പതീംശ്ച തല്പേ
ദ്രഷ്ടും യയുര്യുവതയഃ സ്മ നരേന്ദ്രമാർഗ്ഗം. 34
തസ്മിൻ സുസങ്കുല ഇഭാശ്വരഥദ്വിപദ്ഭിഃ
കൃഷ്ണം സഭാര്യമുപലഭ്യ ഗൃഹാധിരൂഢാഃ
നാര്യോ വികീര്യ കുസുമൈർമ്മനസോപഗുഹ്യ
സുസ്വാഗതം വിദധുരുത്സ്മയവീക്ഷിതേന. 35
ഊചുഃ സ്ത്രിയഃ പഥി നിരീക്ഷ്യ മുകുന്ദപത്നീ-
സ്താരാ യഥോഡുപസഹാഃ കിമകാര്യമൂഭിഃ
യച്ചക്ഷുഷാം പുരുഷമൗലിരുദാരഹാസ-
ലീലാവലോകകലയോത്സവമാതനോതി. 36

തത്ര തത്രോപസങ്ഗമ്യ പൗരാ മങ്ഗലപാണയഃ
ചക്രുഃ സപര്യാം കൃഷ്ണായ ശ്രേണീമുഖ്യാ ഹതൈനസഃ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആനർത്തസൗവീരദേശങ്ങളും മരു–
സ്ഥാനങ്ങളും കടന്നാശു ദാമോദരൻ
കുരുക്ഷേത്രത്തിലെത്തിയവിടെനി–
ന്നഗ്രശൈലങ്ങൾ നദികൾ പുരങ്ങളും
ഗ്രാമവ്രജങ്ങളുമാകരവൃന്ദവും
സാമോദമോരോന്ന പിന്നിട്ടു പോയിതേ. 21
പിന്നെ ദൃഷദ്വതിയെന്നും സരസ്വതി–
യെന്നും കഥിക്കും നദികൾ കടന്നുടൻ
പാഞ്ചാലമാത്സ്യരാജ്യങ്ങളതിക്രമി–
ച്ചഞ്ചാതണഞ്ഞിതിന്ദ്രപ്രസ്ഥപട്ടണം. 22
മർത്ത്യദുർദർശനനാകും മുകുന്ദന–
ണഞ്ഞെത്തിയതായ്ക്കേട്ടു തുഷ്ടനായ് ധർമ്മജൻ
ദേശികനോടുമവിളംബിതം സുഹൃ–
ദ്രാശിയോടും പുറപ്പെട്ടു ചെന്നീടിനാൻ. 23
ഗീതവാദ്യങ്ങൾതൻ ഘോഷത്തോടും പൂത–
വേദഘോഷത്തോടുംകൂടി യുധിഷ്ഠിരൻ
പ്രാണനെയിന്ദ്രിയവൃന്ദംവിധം രമാ–
ജാനിയെച്ചെന്നെതിരേററു ഗമിച്ചിതേ. 24
ഒട്ടേറെനാൾകൊണ്ടു കാണാതിരുന്ന ത–
ന്നിഷ്ടനെക്കണ്ടതിസ്നേഹംനിമിത്തമായ്
അത്യന്തമാർദ്രഹൃദയനായ് ധർമ്മജൻ
കെട്ടിപ്പിടിച്ചിതു പിന്നെയുംപിന്നെയും. 25
ഇന്ദിരതൻ പരിശുദ്ധനികേതമാം
നന്ദജാങ്ഗം രണ്ടുകൈകൾകൊണ്ടും നൃപൻ
നന്നായ്പ്പുണർന്നശുഭങ്ങൾ നശിപ്പിച്ചു
കണ്ണിൽനിന്നാനന്ദബാഷ്പം ചൊരിഞ്ഞുടൻ
കോൾമയിർക്കൊണ്ടു ലോകഭ്രമം വിസ്മരി–
ച്ചാ മഹാനാർന്നാൻ പരമമാം നിർവൃതി. 26
ആ മാതുലേയനെയാലിങ്ഗനംചെയ്തു
ഭീമനും നിർവൃതനായി സ്മിതത്തോടും
പ്രേമവേഗത്തിനാൽ വിക്ഷുഭിതേന്ദ്രിയ–
സ്തോമനായാൻ, നകുലൻ സഹദേവനും.
അർജ്ജുനൻതാനുമാനന്ദാശ്രു വാർത്തുകൊ–
ണ്ടച്യുതനെപ്പരിരംഭണംചെയ്തിതു. 27
ഇന്ദ്രാത്മജാശ്ലേഷവും യമന്മാരുടെ
സന്നതിയും സ്വീകരിച്ചശേഷം ഹരി
ദാനം യഥായോഗ്യമാചരിച്ചാൻ ദ്വിജ–
ർക്കാനമിച്ചാൻ വിനയത്തോടും വൃദ്ധരെ. 28
കേകയസൃഞ്ജയന്മാരും കുരുക്കളും
ശ്രീകൃഷ്ണനെക്കൂപ്പിയങ്ങോട്ടുമാവിധം.
ഗന്ധർവ്വമാഗധവന്ദികൾ സൂതോപ–
മന്ത്രിമാരും മഹീദേവഗണങ്ങളും
വേണുമൃദങ്ഗപടഹഝല്ലഗോമുഖ–
വീണാപണവശങ്ഖാദിവാദ്യാന്വിതം
പാടിപ്പരമപുമാനെ സ്തുതിച്ചുകൊ–
ണ്ടാടിയാടിപ്പിന്നെ നൃത്തവും ചെയ്തിതു. 29-30
മായമറേറവം സുഹൃജ്ജനതാവൃത–
നായി സ്തുതനാകുമപ്പുണ്യകീർത്തിമാൻ
നന്നായലങ്കാരമാർന്നിടുമപ്പുരം
തന്നിൽ പ്രമുദിതനായ് പ്രവേശിച്ചിതേ. 31
മത്തേഭദാനാംബു വീണു നനഞ്ഞുള്ള
വിസ്തൃതമാർഗ്ഗങ്ങൾ ചിത്രധ്വജങ്ങളും
പൂർണ്ണകുംഭങ്ങളും പൊൻതോരണങ്ങളും
മിന്നും സമലംകൃതഭവനങ്ങളും
പുത്തനാം വസ്ത്രവിഭൂഷണമാല്യങ്ങൾ
ശുദ്ധദേഹങ്ങളിലേലുമാണുങ്ങളും
താരുണ്യമാർന്ന പെണ്ണുങ്ങളും തിങ്ങുമ–
ച്ചാരുപുരത്തിൽ കടന്നാൻ മുരാന്തകൻ. 32
വീടുകൾതോറും ജ്വലിച്ചിടും ദീപങ്ങ–
ളോടും ബലികളോടും ചേർന്നു രമ്യമായ്
ജാലകജാലത്തിലൂടെ വമിച്ചിടും
ചേലാർന്ന ധൂപങ്ങളാലെ മനോജ്ഞമായ്
മിന്നും കൊടിക്കൂറകൾ പാറി, മൗലിയിൽ
പൊന്നിൻകലശങ്ങളാർന്ന,തിൻ താഴെയായ്
ചാരുരജതശൃങ്ഗങ്ങൾ ചേർന്നേററവു–
മാരമ്യമാം മന്ദിരങ്ങളിയന്നിടും
കൗരവരാജാവുതൻ നിവാസം കരേ
ദൂരത്തുനിന്നുതാൻ കണ്ടീടിനാൻ വിഭു. 33
മാനവലോകേക്ഷണപാനപാത്രമാ–
മാ നന്ദജൻ വന്നതായ്ക്കേട്ടു നാരിമാർ
പൊന്തുമൗത്സുക്യംനിമിത്തമായ് കുന്തള–
ബന്ധവുമമ്മടിക്കുത്തും ശിഥിലമായ്.
വീട്ടുപണിവിട്ടു, ശയ്യയാളും നിജ
ഭർത്തൃജനത്തെയും സന്ത്യജിച്ചത്വരം
സുന്ദരനാം ഭഗവാനെ വീക്ഷിക്കുവാൻ
വന്നീടിനാർ രാജപാതയിൽ സാദരം. 34
ആനതേരാളശ്വമെന്നുള്ള നാലിനം
സേനകൾ തിങ്ങുമപ്പാതയിലൂടവ
മാധവൻ പ്രേയസിമാരുമായ് പോവതു
സൗധാഗ്രസംസ്ഥവധൂടികൾ കണ്ടുടൻ
പൂക്കൾചൊരിഞ്ഞു പുണർന്നു ഹൃത്താൽ സ്മിത–
യുക്തേക്ഷണത്താൽകുശലമോതീടിനാർ. 35
ചന്ദ്രനോടൊത്ത താരങ്ങളെയെന്നപോൽ
നന്ദജദാരങ്ങളെ രാജവീഥിയിൽ
നാരിമാർ കണ്ടിപ്പുരുഷോത്തമൻ നിജ
വാരുററ ഹാസലീലാവീക്ഷണങ്ങളാൽ
സന്തതമുത്സവം ചേർക്കുന്നിവ,ർക്കിതി–
നെന്താമിവർ ചെയ്ത പുണ്യമെന്നോതിനാർ. 36
അങ്ങങ്ങു മങ്ഗലവസ്തുക്കളാവഹി–
ച്ചെങ്ങും പുരജനംചേർന്നു നിഷ്പാപരായ്
മങ്ഗലദേവതാകാന്താർച്ചനം സംഘ–
പുങ്ഗവർ ഭങ്ഗമററാചരിച്ചീടിനാർ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തഃപുരജനൈഃ പ്രീത്യാ മുകുന്ദഃ ഫുല്ലലോചനൈഃ
സസംഭ്രമൈരഭ്യുപേതഃ പ്രാവിശദ്രാജമന്ദിരം. 38
പൃഥാ വിലോക്യ ഭ്രാത്രേയം കൃഷ്ണം ത്രിഭുവനേശ്വരം
പ്രീതാത്മോത്ഥായ പര്യങ്കാത് സസ്നുഷാ പരിഷസ്വജേ. 39
ഗോവിന്ദം ഗൃഹമാനീയ ദേവദേവേശമാദൃതഃ
പൂജായാം നാവിദത് കൃത്യം പ്രമോദോപഹതോ നൃപഃ. 40
പിതൃഷ്വസുർഗ്ഗുരുസ്ത്രീണാം കൃഷ്ണശ്ചക്രേഽഭിവാദനം
സ്വയം ച കൃഷ്ണയാ, രാജൻ, ഭഗിന്യാ ചാഭിവന്ദിതഃ. 41
ശ്വശ്ര്വാ സംചോദിതാ കൃഷ്ണാ കൃഷ്ണപത്നീശ്ച സർവ്വശഃ
ആനർച്ച രുക്മിണീം സത്യാം ഭദ്രാം ജാംബവതീം തഥാ. 42
കാളിന്ദീം മിത്രവിന്ദാം ച ശൈബ്യാം നാഗ്നജിതീം സതീം
അന്യാശ്ചാഭ്യാഗതാ യാസ്തു വാസഃസ്രങ്മണ്ഡനാദിഭിഃ. 43
സുഖം നിവാസയാമാസ ധർമ്മരാജോ ജനാർദ്ദനം
സസൈന്യം സാനുഗാമാത്യം സഭാര്യം ച നവം നവം. 44
തർപ്പയിത്വാ ഖാണ്ഡവേന വഹ്നിം ഫാല്ഗുനസംയുതഃ
മോചയിത്വാ മയം യേന രാജ്ഞേ ദിവ്യാ സഭാ കൃതാ. 45
ഉവാസ കതിചിന്മാസാൻ രാജ്ഞഃ പ്രിയചികീർഷയാ
വിഹരൻ രഥമാരുഹ്യ ഫാല്ഗുനേന ഭടൈർവൃതഃ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണസ്യേന്ദ്രപ്രസ്ഥഗമനം നാമ ഏകസപ്തതിതമോഽധ്യായഃ

ദ്വിസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഏകദാ തു സഭാമധ്യ ആസ്ഥിതോ മുനിഭിർവൃതഃ
ബ്രാഹ്മണൈഃ ക്ഷത്രിയൈർവൈശ്യൈർഭ്രാതൃഭിശ്ച യുധിഷ്ഠിരഃ. 1
ആചാര്യൈഃ കുലവൃദ്ധൈശ്ച ജ്ഞാതിസംബന്ധിബാന്ധവൈഃ
ശൃണ്വതാമേവ ചൈതേഷാമാഭാഷ്യേദമുവാച ഹ. 2

യുധിഷ്ഠിര ഉവാച

ക്രതുരാജേന ഗോവിന്ദ! രാജസൂയേന പാവനീഃ
യക്ഷ്യേ വിഭൂതീർഭവതസ്തത്സമ്പാദയ നഃ പ്രഭോ. 3
ത്വത്പാദുകേ അവിരതം പരി യേ ചരന്തി
ധ്യായന്ത്യഭദ്രനശനേ ശുചയോ ഗൃണന്തി
വിന്ദന്തി തേ, കമലനാഭ, ഭവാപവർഗ്ഗ-
മാശാസതേ യദി ത ആശിഷ ഈശ നാന്യേ. 4
തദ്ദേവദേവ! ഭവതശ്ചരണാരവിന്ദ-
സേവാനുഭാവമിഹ പശ്യതു ലോക ഏഷഃ
യേ ത്വാം ഭജന്തി ന ഭജന്ത്യുത വോഭയേഷാം
നിഷ്ഠാം പ്രദർശയ വിഭോ കുരുസൃഞ്ജയാനാം. 5
ന ബ്രഹ്മണഃ സ്വപരഭേദമതിസ്തവ സ്യാത്
സർവ്വാത്മനഃ സമദൃശഃ സ്വസുഖാനുഭൂതേഃ
സംസേവതാം സുരതരോരിവ തേ പ്രസാദഃ
സേവാനുരൂപമുദയോ ന വിപര്യയോഽത്ര. 6

ശ്രീഭഗവാനുവാച

സമ്യഗ്വ്യവസിതം രാജൻ, ഭവതാ ശത്രുകർശന!
കല്യാണീ യേന തേ കീർത്തിർലോകാ നനു ഭവിഷ്യതി. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫല്ലനേത്രങ്ങളാന്നന്തഃപുരസ്ത്രീകരം
മല്ലനിഷൂദനൻതന്നെസ്സസംഭ്രമം

ചെന്നെതിരേററതിപ്രീതിപൂർവ്വം നൃപ-
മന്ദിരത്തിൽ പ്രവേശിപ്പിച്ചു സാദരം. 38

കന്തിയും ഭ്രാത്രേയനാം ത്രിലോകേശനെ-
യന്തികത്തിൽക്കണ്ടു സന്തുഷ്ടചിത്തയായ്

മഞ്ചത്തിൽനിന്നെഴുനേററാ സ്നേഷയോടു-
മഞ്ചാതെ ചെന്നു പിടിച്ചു തലോടിനാൾ. 39

ദേവദേവേശനാം ഗോവിന്ദനെത്തന-
താവാസഗേഹത്തിലാനയിച്ചക്ഷണം

മോദപയോധിയിൽ മുങ്ങിയച്ചാക്രമ-
ബോധമെന്യേ നിന്നു സാദരം ധർമ്മജൻ. 40

നന്ദജനപ്പിതൃസോദരിയാം കന്തി-
തന്നെയുമന്യഗുരുപത്നിമാരെയും

വന്ദിച്ചുകൊണ്ടാൻ സഹജ സുഭദ്രയും
വന്ദനംചെയ്തിതു കൃഷ്ണനെ കൃഷ്ണയും. 41

കന്തിയാൽ പ്രേരിത പാഞ്ചാലനന്ദിനി
ബന്ധുവാം കൃഷ്ണന്റെ ഭാര്യമാരായിടും

രുക്മിണി, ഭാമ, യാജാംബവതി, ശൈബ്യ-
നാഗജിതി, മിത്രവിന്ദ, കളിന്ദജ,

ഭദ്ര തുടങ്ങിയ സാദ്ധ്വീമണികളെ
വസ്ത്രാദിയാൽ സമാരാധിച്ചു
വേണ്ടപോൽ. 42-43

മന്നവനാകും യുധിഷ്ഠിരൻ, മാധവൻ-
തന്നെയും സൈന്യത്തെയും മന്ത്രിമാരെയും

നാരിമാരേയുമനുചരന്മാരെയു-
മോരോ പുതിയ പുതിയ വിധങ്ങളാൽ

ആരാധനംചെയ്തു നാളിൽ നാളിൽ സുഖ-
മേറും വിധത്തിലങ്ങാവസിപ്പിച്ചിതേ. 44

ഇന്ദ്രാത്മജനൊത്തു ഖാണ്ഡവകാനനം
സംദഹിപ്പിച്ചഗ്നിദേവനു സംതൃപ്തി-

കൈവരുത്തിച്ചാ വനത്തിലകപ്പെട്ടു
ചാവാൻതുടങ്ങും മയനെ മോചിപ്പിച്ചു

പിന്നവനെക്കൊണ്ടു ദിവ്യമാകും സഭ-
യൊന്നു രചിപ്പിച്ചുരചന നല്കിനാൻ. 45

പിന്നെക്കുറേമാസമങ്ങു കൃഷ്ണൻ ധർമ്മ-
നന്ദനൻതൻ ഹിതം പാർത്തു വസിച്ചിതു.

തേരിലേറിപ്പാർത്ഥനൊത്തട്ടിനങ്ങളിൽ
വീരഭടർ ചൂഴ്ന്നു താൻ വിഹരിച്ചിതു. 46

അദ്ധ്യായം 72

ജരാസന്ധവധം

ശ്രീശുകൻ പറഞ്ഞു

അന്നൊരുനാളിൽ സഭാമദ്ധ്യസംസ്ഥനായ്
മന്നൻ യുധിഷ്ഠിരൻ ശ്രീഹരിതന്നോടായ്

ആരണക്ഷത്രിയവൈശ്യരും മാമുനി-
മാരും സഹോദരന്മാരുമാചാര്യരും

ബന്ധുക്കളും കലവൃദ്ധരും ജ്ഞാതിസം-
ബന്ധികളും കേട്ടിരിക്കവേ ചൊല്ലിനാൻ. 1-2

യുധിഷ്ഠിരൻ പറഞ്ഞു

ജീവസംരക്ഷകാ! നിന്തിരുമേനിതൻ
പാവനാംശങ്ങളാമിന്ദ്രാദ്യമർത്ത്യരെ

അദ്ധ്വരശ്രേഷ്ഠമാം രാജസൂയത്തിനാൽ
ദൈത്യരിപോ! യജിപ്പാൻ കൊതിക്കുന്നു
ഞാൻ.

സർവ്വസമർത്ഥനായീടുമവിടുന്നു
നിർവിഘ്നമായതു സാദ്ധ്യമാക്കീടണം. 3

എപ്പൊഴും ത്വത്പാദുകാപരിചര്യയി-
ലേപ്പെട്ടിടുകയോ ദുഷ്ടനാശനം

ഉന്നി നിൻനാമങ്ങളം കീർത്തിക്കയോ ചെയ്തി-
ടുന്നവൻ സംസാരമുക്തനായ് ത്തീർന്നിടും.

എന്നതല്ലശ് ശുദ്ധമാനസൻതന്നാശ-
യൊന്നാകെയാശു സാധിക്കയുംചെയ്തിടും. 4

ആകയാൽ ദേവദേവാ! ഭവത്സേവക-
ഭാഗധേയം കണ്ടിടട്ടെ ജനാവലി

ത്വദ്ഭക്തരും ഭക്തിഹീനരുമായവ-
രെപ്പൊഴുമാളും സ്ഥിതിഭേദമങ്ങുതാൻ

ഇപ്പോഴം കുരുസൃഞ്ജയന്മാർക്കു നല്ലപോൽ
ചിത്പുരുഷാ! പ്രകാശിപ്പിച്ചീടേണമേ. 5

ബ്രഹ്മമായിസ്സമദൃക്കായ് സമസ്തഭൂ-
താത്മാവുമായ് സ്വരൂപാനന്ദസംസ്ഥനാം

അങ്ങേക്കൊരിക്കലുമില്ല, താ,നന്യനെ-
ന്നിങ്ങനെയുള്ളൊരു ഭേദധീയേതുമേ.

എന്നാലുമങ്ങേപ്രസാദം സുരദ്രുമ-
സന്നിഭം സേവകന്മാരിൽ ഫലിച്ചിടും. 6

ശ്രീഭഗവാൻ പറഞ്ഞു

ശത്രുവിമർദ്ദനാ! രാജൻ! ഭവൽശ്രമം
യുക്ത,മിതിനാൽപ്പലരുമങ്ങേപ്പകം. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷീണാം പിതൃദേവാനാം സുഹൃദാമപി നഃ പ്രഭോ!
സർവ്വേഷാമപി ഭൂതാനാമീപ്സിതഃ ക്രതുരാഡയം. 8
വിജിത്യ നൃപതീൻ സർവ്വാൻ കൃത്വാ ച ജഗതീം വശേ
സംഭൃത്യ സർവ്വസംഭാരാനാഹരസ്വ മഹാക്രതും. 9
ഏതേ തേ ഭ്രാതരോ, രാജൻ, ലോകപാലാംശസംഭവാഃ
ജിതോഽസ്മ്യാത്മവതാ തേഽഹം ദുർജ്ജയോ യോഽകൃതാത്മഭിഃ. 10
ന കശ്ചിന്മത്പരം ലോകേ തേജസാ യശസാ ശ്രിയാ
വിഭൂതിഭിർവാഭിഭവേദ്ദേവോഽപി കിമു പാർത്ഥിവഃ. 11

ശ്രീശുക ഉവാച

നിശമ്യ ഭഗവദ്ഗീതം പ്രീതഃ ഫുല്ലമുഖാംബുജഃ
ഭ്രാതൄൻ ദിഗ്വിജയേഽയുങ്ക്ത വിഷ്ണുതേജോപബൃംഹിതാൻ.12
സഹദേവം ദക്ഷിണസ്യാമാദിശത് സഹ സൃഞ്ജയൈഃ
ദിശി പ്രതീച്യാം നകുല,മുദീച്യാം സവ്യസാചിനം
പ്രാച്യാം വൃകോദരം മത്സ്യൈഃ കേകയൈഃ സഹ മദ്രകൈഃ. 13
തേ വിജിത്യ നൃപാൻ വീരാ ആജഹ്രുർദ്ദിഗ്ഭ്യ ഓജസാ
അജാതശത്രവേ ഭൂരി ദ്രവിണം, നൃപ, യക്ഷ്യതേ. 14
ശ്രുത്വാജിതം ജരാസന്ധം നൃപതേർദ്ധ്യായതോ ഹരിഃ
ആഹോപായം തമേവാദ്യ ഉദ്ധവോ യമുവാച ഹ. 15
ഭീമസേനോഽർജ്ജുനഃ കൃഷ്ണോ ബ്രഹ്മലിങ്ഗധരാസ്ത്രയഃ
ജഗ്മുർഗ്ഗിരിവ്രജം താത, ബൃഹദ്രഥസുതോ യതഃ. 16
തേ ഗത്വാഽഽതിഥ്യവേലായാം ഗൃഹേഷു ഗൃഹമേധിനം
ബ്രഹ്മണ്യം സമയാചേരൻ രാജന്യാ ബ്രഹ്മലിങ്ഗിനഃ. 17
''രാജൻ! വിദ്ധ്യതിഥീൻ പ്രാപ്താനർത്ഥിനോ ദൂരമാഗതാൻ
തന്നഃ പ്രയച്ഛ, ഭദ്രം തേ, യദ്വയം കാമയാമഹേ. 18
കിം ദുർമ്മർഷം തിതിക്ഷൂണാം? കിമകാര്യമസാധുഭിഃ?
കിം ന ദേയം വദാന്യാനാം? കഃ പരഃ സമദർശിനാം? 19
യോഽനിത്യേന ശരീരേണ സതാം ഗേയം യശോ ധ്രുവം
നാചിനോതി സ്വയം കല്പഃ സ വാച്യഃ ശോച്യ ഏവ സഃ. 20
ഹരിശ്ചന്ദ്രോ രന്തിദേവ ഉഞ്ഛവൃത്തിഃ ശിബിർബ്ബലിഃ
വ്യാധഃ കപോതോ ബഹവോ ഹ്യധ്രുവേണ ധ്രുവം ഗതാഃ.''21

ശ്രീശുക ഉവാച

സ്വരൈരാകൃതിഭിസ്താംസ്തു പ്രകോഷ്ഠൈർജ്ജ്യാഹതൈരപി
രാജന്യബന്ധൂൻ വിജ്ഞായ ദൃഷ്ടപൂർവ്വാനചിന്തയത്. 22
''രാജന്യബന്ധവോ ഹ്യേതേ ബ്രഹ്മലിങ്ഗാനി ബിഭ്രതി
ദദാമി ഭിക്ഷിതം തേഭ്യ ആത്മാനമപി ദുസ്ത്യജം. 23
ബലേർന്നു ശ്രൂയതേ കീർത്തിർവിതതാ ദിക്ഷ്വകല്മഷാ
ഐശ്വര്യാദ്ഭ്രംശിതസ്യാപി വിപ്രവ്യാജേന വിഷ്ണുനാ. 24
ശ്രിയം ജിഹീർഷതേന്ദ്രസ്യ വിഷ്ണവേ ദ്വിജരൂപിണേ
ജാനന്നപി മഹീം പ്രാദാദ്വാര്യമാണോഽപി ദൈത്യരാട്. 25
ജീവതാ ബ്രാഹ്മണാർത്ഥായ കോഽന്വർത്ഥഃ ക്ഷത്രബന്ധുനാ
ദേഹേന പതമാനേന നേഹതാ വിപുലം യശഃ.'' 26
ഇത്യുദാരമതിഃ പ്രാഹ, കൃഷ്ണാർജ്ജുനവൃകോദരാൻ
''ഹേ വിപ്രാ! വ്രിയതാം കാമോ ദദാമ്യാത്മശിരോഽപി വഃ.''
27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മഹായാഗമൃഷികൾക്കുമപ്പിതൃ-
സ്തോമത്തിനും ത്വത്സുഹൃത്തുകൾക്കും പ്രഭോ!
മന്നിൽപ്പെട്ടും സർവ്വഭൂതജാലത്തിനു-
മൊന്നുപോലേററം പ്രിയപ്രദം മന്നവാ! 8
മേദിനീപാലരെയൊക്കെ വെന്നൂഴിയെ-
സ്സ്വാധീനമാക്കിസ്സമസ്തപദാർത്ഥവും
സംഭരിച്ചിട്ടീ മഹാദ്ധ്വരത്തെബ്‌ഭവാ-
നമ്പോടനുഷ്ഠിച്ചുകൊൾക യുധിഷ്ഠിരാ! 9
ഇബ്‌ഭവത്സോദരർ ലോകപാലാംശത്തി-
ലുദ്‌ഭൂതരായവരെന്നോർക്ക ധർമ്മജാ!
എന്നുമജിതേന്ദ്രിയരാലജയ്യനായ്
മിന്നുമെന്നേ വെന്നിതങ്ങു ജിതേന്ദ്രിയൻ. 10
എന്നാശ്രിതനെയിമ്മന്നിലൊരുത്തനു-
മുന്നതൈശ്വര്യതേജഃപ്രഭാവങ്ങളും
സൈന്യയശഃശ്രീകളുംകൊണ്ടു വെന്നിടാ
വിണ്ണവർപോലും, നൃവരർ പിന്നെന്തുവാൻ? 11

ശ്രീശുകൻ പറഞ്ഞു

ഈവിധം കൃഷ്ണവാക്യം കേട്ടു തുഷ്ടനായ്
ഭൂവരൻ ഫുല്ലമുഖാരവിന്ദാഢ്യനായ്
മാധവാനുഗ്രഹവർദ്ധിതശക്തരാം
സോദരരെദ്ദിഗ്ജയത്തിനയച്ചിതു. 12
തെക്കുദിക്കിൽസ്സഹദേവനെസ്സൃഞ്ജയ-
മുഖ്യരോടും പടിഞ്ഞാറുദിക്കിന്നഥ
മത്സ്യരോടൊത്തു നകുലനേയും തഥാ
സത്സേവ്യനായിടുമന്നരനായകൻ
ഉത്തരദിക്കിന്നു കേകയന്മാരൊത്തു
പാർത്ഥനേയും കിഴക്കൻദിക്കിലേക്കഥ
മദ്രകന്മാരൊത്തു വാതാത്മജനെയും
സത്വരമങ്ങു നിയോഗിച്ചയച്ചിതു. 13
ശൂരരായീടുമവർ ബലത്താൽ നൃപ-
ന്മാരെസ്സഹസാ ജയിച്ചധികം ധനം
ദിക്കുകളിൽനിന്നു രാജസൂയത്തിനു-
ദ്യുക്തനാം ഭൂപനു കൊണ്ടുവന്നേകിനാർ. 14
വെന്നതില്ലജ്ജരാസന്ധമഹീശനെ-
യെന്നു കേട്ടാലോചനാമഗ്നനായിടും
മന്നനോടാദ്യനാം ശ്രീഹരിയുദ്ധവൻ-
ചൊന്നോരുപായം കഥിച്ചിതു വിസ്മയം! 15
ഭീമനുമിന്ദ്രാത്മജനും മുകുന്ദനും
ഭൂമീസുരവേഷധാരികളായുടൻ
മാഗധൻ വാഴും ഗിരിവ്രജപത്തനം
പൂകീടിനാൻ വിളംബംവിനാ ഭൂപതേ! 16
ബ്രാഹ്മണഭക്തൻ ജരാസന്ധഭൂമിപൻ
നമ്മട്ടതിഥികൾക്കിഷ്ടമേകീടവേ
പൃഥ്വീസുരചിഹ്നമാളുമക്ഷത്രിയ -
രെത്തിയർത്ഥിച്ചാർ വിനയപുരസ്സരം. 17

''അർത്ഥികൾ ഞങ്ങൾ ദൂരത്തുനിന്നിങ്ങു വ-
ന്നെത്തിയോരങ്ങേയതിഥികളാം നൃപാ!
ഞങ്ങളാശിപ്പതു തന്നീടണം ഭവാ-
നങ്ങേയ്ക്കുതിനാലുളവായിടും ശുഭം. 18
ഉണ്ടോ സഹനശീലർക്കൊന്നസഹ്യമാ-
യുണ്ടോ ഖലന്മാർക്കു ചെയ്യരുതാത്തതും?
ഉണ്ടോ വദാന്യർക്കു നല്കാൻ കഴിയാത്ത-
തുണ്ടോ സമദർശനർക്കു വിരോധിയും? 19
എല്ലാററിനും സ്വയം ശേഷിയുള്ളോൻ നാശ-
മുള്ള ദേഹംകൊണ്ടു സജ്ജനഗേയമാം
ശാശ്വതകീർത്തി നേടീടാതിരിക്കുകിൽ
നിശ്ചയം നിന്ദ്യനവൻ പരം ശോച്യനാം. 20
സത്യനിഷ്ഠൻ ഹരിശ്ചന്ദ്രൻ, ശിബി, യുഞ്ഛാ-
വൃത്തിയാൽ ജീവിച്ച മുദ്ഗലൻ വ്യാധനും
രന്തിദേവൻ, കപോതം, ബലിതൊട്ടവ-
രന്തമാളും ശരീരത്തെയുപേക്ഷിച്ചു
സുസ്ഥിരമാകും പദവിയാന്നെന്നുള്ള
വൃത്തമങ്ങും കേട്ടിരിക്കുമല്ലോ നൃപാ!'' 21

ശ്രീശുകൻ പറഞ്ഞു

''ആകൃതിയും, സ്വരവും ഞാൺതഴമ്പുകൾ
കൈകളിലുള്ളതും പാർക്കുകമൂലമായ്
ക്ഷത്രിയരാണിവർ മുൻപു ഞാൻ കണ്ടതാ-
യോർത്തിടുന്നു''ണ്ടെന്നു ചിന്തിച്ചു മാഗധൻ 22
''ഭൂസുരരല്ലിവർ ക്ഷത്രിയർ ഭൂസുര-
വേഷം ധരിച്ചവർ നിശ്ചയ,മെങ്കിലും
ദുസ്ത്യജമാം മമ പ്രാണനെക്കൂടെ വ-
ന്നർത്ഥിക്കുകിൽ കൊടുക്കാൻ മടിക്കില്ല
ഞാൻ. 23
വിപ്രവേഷംപൂണ്ട വാമനനായ് ഭൂതി-
യെപ്പേരുമേകിയ ദൈത്യരാജൻ ബലി
നേടിയ നിർമ്മലകീർത്തി ദിക്കൊക്കെയും
പാടേ പരന്നതായ് കേൾക്കപ്പെടുന്നിതേ. 24
ഇന്ദ്രനുവേണ്ടിയൈശ്വര്യം ഹരിക്കുവാൻ
ചിന്തിച്ചു വിപ്രവേഷത്തിൽ മഹാവിഷ്ണു
വന്നതാണെന്നറിഞ്ഞിട്ടുടൻ ദേശികൻ
മന്നിവനേകരുതെന്നു തടുക്കിലും
ഭൂമി മുഴുവൻ മഹാബലിയേകിനാൻ
വാമനമൂർത്തി,ക്കതെന്തു വദാന്യത! 25
വിപ്രാർത്ഥമീ നശ്യദേഹമുപേക്ഷിച്ചു
നൽപുകൾ നേടാതിരുന്നിടും ക്ഷത്രിയർ
ജീവിച്ചവനിയിൽ വാഴുന്നതു തീരെ-
യാവശ്യമില്ലാത്തതെന്നു തോന്നുന്നു മേ.'' 26
ഏവമുദാരമതി ജരാസന്ധനു-
മ്പൂവിലുറച്ചവരോടു ചൊല്ലീടിനാൻ:
''എന്താണഭീഷ്ടം വരിക്കുവിൻ വിപ്രരേ!
എൻ തലപോലും തരാൻ മടിക്കില്ല ഞാൻ.'' 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

''യുദ്ധം നോ ദേഹി, രാജേന്ദ്ര, ദ്വന്ദ്വശോ യദി മന്യസേ
യുദ്ധാർത്ഥിനോ വയം പ്രാപ്താ രാജന്യാ,നാന്ന–
കാങ്ക്ഷിണഃ. 28
അസൗ വൃകോദരഃ പാർത്ഥസ്തസ്യ ഭ്രാതാർജ്ജുനോ ഹ്യയം
അനയോർമ്മാതുലേയം മാം കൃഷ്ണം ജാനീഹി തേ രിപും.'' 29
ഏവമാവേദിതോ രാജാ ജഹാസോച്ചൈഃ സ്മ മാഗധഃ
ആഹ ചാമർഷിതോ, ''മന്ദാ, യുദ്ധം തർഹി ദദാമി വഃ. 30
ന ത്വയാ ഭീരുണാ യോത്സ്യേ യുധി വിക്ലവചേതസാ
മഥുരാം സ്വപുരീം ത്യക്ത്വാ സമുദ്രം ശരണം ഗതഃ. 31
അയം തു വയസാƒതുല്യോ, നാതിസത്ത്വോ, ന മേ സമഃ
അർജ്ജുനോ ന ഭവേത് യോദ്ധാ, ഭീമസ്തുല്യബലോ മമ.'' 32
ഇത്യുക്ത്വാ ഭീമസേനായ പ്രാദായ മഹതീം ഗദാം
ദ്വിതീയാം സ്വയമാദായ നിർജ്ജഗാമ പുരാദ്ബഹിഃ. 33
തതഃ സമേ ഖലേ വീരൗ സംയുക്താവിതരേതരൗ
ജഘ്നതുർവജ്രകല്പാഭ്യാം ഗദാഭ്യാം രണദുർമ്മദൗ. 34
മണ്ഡലാനി വിചിത്രാണി സവ്യം ദക്ഷിണമേവ ച
ചരതോഃ ശുശുഭേ യുദ്ധം നടയോരിവ രംഗിണോഃ. 35
തതശ്ചടചടാശബ്ദോ വജ്രനിഷ്പേഷസന്നിഭഃ
ഗദയോഃ ക്ഷിപ്തയോ, രാജൻ, ദന്തയോരിവ ദന്തിനോഃ. 36

തേ വൈ ഗദേ ഭുജജവേന നിപാത്യമാനേ
അന്യോന്യതോƒംസകടിപാദകരോരുജത്രൂൻ
ചൂർണ്ണീബഭൂവതുരുപേത്യ യഥാർക്കശാഖേ
സംയുധ്യതോർദ്വിരദയോരിവ ദീപ്തമന്യോഃ. 37
ഇത്ഥം തയോഃ പ്രഹതയോർഗ്ഗദയോർനൃവീരൗ
ക്രുദ്ധൗ സ്വമുഷ്ടിഭിരയഃസ്പർശൈരപിഷ്ടാം
ശബ്ദസ്തയോഃ പ്രഹരതോരിഭയോരിവാസീ–
ന്നിർഘാതവജ്രപരുഷസ്തലതാഡനോത്ഥഃ. 38

തയോരേവം പ്രഹരതോഃ സമശിക്ഷാബലൗജസോഃ
നിർവ്വിശേഷമഭൂദ് യുദ്ധമക്ഷീണജവയോർനൃപ. 39
ഏവം തയോർമ്മഹാരാജ! യുദ്ധ്യതോഃ സപ്തവിംശതിഃ
ദിനാനി നിരഗംസ്തത്ര സുഹൃദ്വന്നിശി തിഷ്ഠതോഃ 40
ഏകദാ മാതുലേയം വൈ പ്രാഹ, രാജൻ, വൃകോദരഃ
''ന ശക്തോƒഹം ജരാസന്ധം നിർജ്ജേതും യുധി മാധവ.'' 41
ശത്രോർജ്ജന്മമൃതീ വിദ്വാൻ ജീവിതം ച ജരാകൃതം
പാർത്ഥമപ്യായയൻ സ്വേന തേജസാ ചിന്തയദ്ധരിഃ. 42
സഞ്ചിന്ത്യാരിവധോപായം ഭീമസ്യാമോഘദർശനഃ
ദർശയാമാസ വിടപം പാടയന്നിവ സംജ്ഞയാ. 43
തദ്വിജ്ഞായ മഹാസത്ത്വോ ഭീമഃ പ്രഹരതാം വരഃ
ഗൃഹീത്വാ പാദയോഃ ശത്രും പാതയാമാസ ഭൂതലേ. 44
ഏകം പാദം പദാƒƒക്രമ്യ ദോർഭ്യാമന്യം പ്രഗൃഹ്യ സഃ
ഗുദതഃ പാടയാമാസ ശാഖാമിവ മഹാഗജഃ. 45
ഏകപാദോരുവൃഷണകടിപൃഷ്ഠസ്തനാംസകേ
ഏകബാഹ്വക്ഷിഭ്രൂകർണ്ണേ ശകലേ ദദൃശുഃ പ്രജാഃ. 46
ഹാഹാകാരോ മഹാനാസീന്നിഹതേ മഗധേശ്വരേ
പൂജയാമാസതുർഭീമം പരിരഭ്യ ജയാച്യുതൗ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

''അങ്ങനെയങ്ങു വിചാരിക്കുകിൽ ദ്വന്ദ്വ-
സങ്ഗരം ഞങ്ങൾക്കു തന്നീടണം ഭവാൻ

ക്ഷത്രിയരാം ഞങ്ങൾ യുദ്ധമിച്ഛിച്ചിവി-
ടെത്തി മറ്റൊന്നിനുമായല്ല വന്നതും. 28

കുന്തീസുതനിവൻ ഭീമ,നിവനവൻ-
തൻ തമ്പിയർജ്ജുന,നീ ഞാനിവരുടെ

മാതുലേയൻ തവ ശത്രുവാം കൃഷ്ണനാം
ബോധിച്ചുകൊൾക ജരാസന്ധഭൂപതേ!'' 29

എന്നുകേട്ടുച്ചം ചിരിച്ചു കോപത്തോടു
ചൊന്നാ,''നതെന്നാലതാകട്ടെ മന്ദരേ! 30

പോരിൽ ഭയന്നോടിടുന്ന നീയോ മഹാ-
ഭീരു, നിന്നോടടരാടുകയില്ല ഞാൻ.

എന്നെബ് ഭയന്നു നീ ചെന്നു വാരാന്നിധി-
തന്നിലഭയംഗമിച്ചവനല്ലയോ? 31

അല്പശക്തൻ പാർത്ഥനോർത്താൽ വയസ്സിലു-
മൊപ്പമല്ലെന്നോടു നില്ക്കയില്ലാജിയിൽ.

ഭീമൻ സമബലമുള്ളവനാണവ-
നാമെങ്കിൽ ഞാനവനോടടരാടിടാം.'' 32

എന്നു പറഞ്ഞു മഹത്തായിടും ഗദ-
യൊന്നു ഭീമന്നു കൊടുത്തു വേറൊന്നു താൻ

പാണിയിലാൻറു ജരാസന്ധനാ രാജ-
ധാനിയിൽനിന്നു പുറത്തേക്കു വന്നിതു. 33

പിന്നെസ്സമനിരപ്പുള്ള പടക്കളം-
തന്നിലിറങ്ങിയസ്സംഗരദുർമ്മദർ

വജ്രോപമാനഗദകളാലൂക്കോടു
തർജ്ജനംചെയ്താർ പരസ്പരം ക്രുദ്ധരായ്. 34

രങ്ഗസ്ഥരാം നടന്മാരിരുപേർകണ-
ക്കങ്ങു വലത്തുമിടത്തുമായ് ചിത്രമാം

മണ്ഡലാകാരം ചരിക്കുമാ വീരർതൻ
ജന്യമതീവ ശോഭിച്ചിതു ഭൂപതേ! 35

രണ്ടു ഗജങ്ങടെ കൊമ്പുകൾ മുട്ടിയി-
ട്ടുണ്ടായിടുംപോൽ ചടചടാനിഃസ്വനം

രണ്ടുപേരും ഗദകൊണ്ടടിച്ചീടവേ
കൊണ്ടലിൻഗർജ്ജനംമട്ടിലുയർന്നിതേ. 36

ഹസ്തവേഗത്തോടുമാപതിച്ചീടുവോ-
രത്തുങ്ഗമാമഗ്ഗദകൾ പരസ്പരം

ക്രുദ്ധരായീടുമവരുടെ തോൾ, കരം
പത്തിടുപ്പിത്യാദി ദേഹഭാഗങ്ങളിൽ

തട്ടിത്തകർന്നു പൊടിയാ,യെതിർത്തിടും
ഹസ്തിദ്വയത്തിലെരുക്കിൻവടികൾപോൽ. 37

ഇമ്മട്ടിലഗ്ഗദ രണ്ടും പൊടിഞ്ഞള-
വമ്മഹാവീര,രിരിമ്പിനുതുല്യമാം

മുഷ്ടി ചുരുട്ടിയിടിച്ചു പരസ്പരം,
മത്തഗജദ്വയം തുമ്പിക്കരങ്ങളാൽ

തമ്മിലടിക്കവേയുണ്ടാമിടിക്കരൽ-
തന്മട്ടെഴുമുഗ്രശബ്ദമുണ്ടാക്കിനാർ. 38

തുല്യമായഭ്യാസ,മോജസ്സു ശക്തിയു-
മുള്ളോരവരീവിധമടരാടവേ

അല്പവും ക്ഷീണമുണ്ടായതില്ലാക്രമേ-
യദ്ഭുതംതാൻ നിർവിശേഷമായ്ത്തീർന്നിതു. 39

നിത്യവും രാവിൽ സുഹൃത്തുക്കളെന്നപോൽ
പാർത്തും, പകലിക്കണക്കു പോരാടിയും

വായുതനയനും മാഗധഭൂപനും
പോയിതോരാതിരുപത്തേഴു രാപ്പകൽ. 40

മാതുലേയൻ മാധവനോടൊരുനാളി-
ലോതിനാൻ ഭീമ,''നയേ, ഭക്തവത്സലാ!

ഊക്കനാമിജ്ജരാസന്ധനെ വെല്ലുവാൻ
ശക്തിയെനിക്കേതുമില്ലെന്നതോർക്കണം.'' 41

ശത്രുവിൻ ജന്മമരണങ്ങളും ജരാ-
ദത്തമാം ജീവിതത്തേയുമറിഞ്ഞിടും

ചിത്പുമാൻ സ്വപ്രഭാവത്തിനാൽ ഭീമനു
കെല്പു വർദ്ധിപ്പിച്ചു ചിന്തിച്ചു വേണ്ടപോൽ 42

കണ്ണനമോഘദൃക്കാശു രിപുവധ-
ത്തിന്നൊരുപായവും കണ്ടുവച്ചിട്ടുടൻ

പാരാതൊരു തരുശാഖ രണ്ടായ് കീറി
മാരുതപുത്രനെക്കാട്ടീടിനാൻ നൃപാ! 43

വിക്രമനും ഗദായുദ്ധവിദ്വാനുമാം
ചൊല്ലേറ്റാണ്ട ഭീമനുപായം ധരിച്ചുടൻ

ശത്രുവിൻ പാദങ്ങൾ രണ്ടും ഗ്രഹിച്ചാശു
പൃഥ്വിയിൽ വീഴ്ത്തിപ്പദയുഗളത്തിനാൽ. 44

തത്പദമൊന്നിൽ ചവിട്ടിയുറപ്പിച്ചു
കെല്പോടു മറ്റേപ്പദമിരുകൈകളാൽ

ശീഘ്രം പിടിച്ചങ്ങു കീറിയിട്ടീടിനാ-
നൂക്കൻ, ഗജം പന ചീന്തിയിടുംവിധം. 45

ലോകരൊരുകാലൊരുകൈയൊരു തുട-
യേകവൃഷണമൊരു കടി പൃഷ്ഠവും

ഏകസ്തനമേകകണ്ണുമൊരു ചില്ലി-
യേകാക്ഷിയുമൊത്തു കണ്ടു ഖണ്ഡദ്വയം. 46

മാഗധനാഹതനായളവങ്ങു ഹാ-
ഹാകാരമെങ്ങും മുഴങ്ങീ മഹത്തരം.

ഭീമനെയാലിങ്ഗനംചെയ്തു വാഴ്ത്തിനാ-
രാ മുരവൈരിയുമർജ്ജുനനും പരം. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഹദേവം തത്തനയം ഭഗവാൻ ഭൂതഭാവനഃ
അഭ്യഷിഞ്ചദമേയാത്മാ മഗധാനാം പതിം പ്രഭുഃ
മോചയാമാസ രാജന്യാൻ സംരുദ്ധാ മാഗധേന യേ. 48

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാദ്ധേ
ജരാസന്ധവധോ നാമ ദ്വിസപ്തതിതമോഽധ്യായഃ

ത്രിസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

അയുതേ ദ്വേ ശതാന്യഷ്ടൗ ലീലയാ യുധി നിർജ്ജിതാഃ
തേ നിർഗ്ഗതാ ഗിരിദ്രോണ്യാം മലിനാ മലവാസസഃ. 1
ക്ഷുത്ക്ഷാമാഃ ശുഷ്കവദനാഃ സംരോധപരികർശിതാഃ
ദദൃശുസ്തേ ഘനശ്യാമം പീതകൗശേയവാസസം. 2
ശ്രീവത്സാങ്കം ചതുർബ്ബാഹും പദ്മഗർഭാരുണേക്ഷണം
ചാരുപ്രസന്നവദനം സ്ഫുരന്മകരകുണ്ഡലം, 3
പദ്മഹസ്തം ഗദാശംഖരഥാംഗൈരുപലക്ഷിതം
കിരീടഹാരകടകകടിസൂത്രാംഗദാഞ്ചിതം, 4
ഭ്രാജദ്വരമണിഗ്രീവം നിവീതം വനമാലയാ
പിബന്ത ഇവ ചക്ഷുർഭ്യാം ലിഹന്ത ഇവ ജിഹ്വയാ, 5
ജിഘ്രന്ത ഇവ നാസാഭ്യാം രംഭന്ത ഇവ ബാഹുഭിഃ
പ്രണേമുർഹതപാപ്മാനോ മൂർദ്ധഭിഃ പാദയോർഹരേഃ. 6
കൃഷ്ണസന്ദർശനാഹ്ലാദധ്വസ്തസംരോധനക്ലമാഃ
പ്രശശംസുർഹൃഷീകേശം ഗീർഭിഃ പ്രാഞ്ജലയോ നൃപാഃ. 7

രാജാന ഊചുഃ

നമസ്തേ ദേവദേവേശ! പ്രപന്നാർത്തിഹരാവ്യയ!
പ്രപന്നാൻ പാഹി നഃ കൃഷ്ണ! നിർവ്വിണ്ണാൻ ഘോര-
സംസൃതേഃ. 8
നൈനം നാഥാനസൂയാമോ മാഗധം മധുസൂദന!
അനുഗ്രഹോ യദ്ഭവതോ രാജ്ഞാം രാജ്യച്യുതിർവിഭോ. 9
രാജ്യൈശ്വര്യമദോന്നദ്ധോ ന ശ്രേയോ വിന്ദതേ നൃപഃ
ത്വന്മായാമോഹിതോ നിത്യാ മന്യതേ സമ്പദോഽചലാഃ. 10
മൃഗതൃഷ്ണാം യഥാ ബാലാ മന്യന്ത ഉദകാശയം
ഏവം വൈകാരികീം മായാമയുക്താ വസ്തു ചക്ഷതേ. 11

വയം പുരാ ശ്രീമദനഷ്ടദൃഷ്ടയോ
ജിഗീഷയാസ്യാ ഇതരേതരസ്പൃധഃ
ഘ്നന്തഃ പ്രജാഃ സ്വാ അതിനിർഘൃണാഃ പ്രഭോ
മൃത്യും പുരസ്ത്വാവിഗണയ്യ ദുർമ്മദാഃ. 12
ത ഏവ കൃഷ്ണാദ്യ ഗഭീരരംഹസാ
ദുരന്തവീര്യേണ വിചാലിതാഃ ശ്രിയഃ
കാലേന തന്വാ ഭവതോഽനുകമ്പയാ
വിനഷ്ടദർപ്പാശ്ചരണൗ സ്മരാമ തേ. 13
അഥോ ന രാജ്യം മൃഗതൃഷ്ണിരൂപിതം
ദേഹേന ശശ്വത് പതതാ രുജാം ഭുവാ
ഉപാസിതവ്യം സ്പൃഹയാമഹേ വിഭോ!
ക്രിയാഫലം പ്രേത്യ ച കർണ്ണരോചനം. 14

തം നഃ സമാദിശോപായം യേന തേ ചരണാബ്ജയോഃ
സ്മൃതിര്യഥാ ന വിരമേദപി സംസരതാമിഹ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെസ്സഹദേവനാം തത്തനുജന-
മ്മന്നഭിഷേകംകഴിച്ചു കൊടുത്തുടൻ

മാഗധബദ്ധരാമാ മഹീപാലരെ-
യാകെ മോചിപ്പിച്ചിതപ്രമേയൻ ഹരി. 48

അദ്ധ്യായം 73

രാജസൂയം—ജരാസന്ധബദ്ധനൃപമോചനം

ശ്രീശുകൻ പറഞ്ഞു

മാഗധനാൽ ഗിരിദ്രോണിയിൽ സംബദ്ധ-
രാകമിരുപതിനായിരത്തെണ്ണൂറു

മന്നരെല്ലെന്നു ഭഗവാൻ വിട്ടവിക്കെ,
നന്നായ് വിശപ്പും മുഷിഞ്ഞ വസ്ത്രങ്ങളും

വാടിവരണ്ട മുഖവും ചെളിപററി
മൂടിമെലിഞ്ഞ തനുവുമിയന്നവർ

വന്നു വെളിക്കു കണ്ടാർ ഘനശ്യാമള-
വർണ്ണനായ് പീതവാസസ്സാം മുകുന്ദനെ. 1-2

നാലുകരങ്ങളും ശ്രീവത്സചിഹ്നവും
ലോലമനോജ്ഞകർണ്ണാഭരണങ്ങളും

സാരസഗർഭാരുണേക്ഷണദ്വന്ദ്വവും
ചാരുപ്രസന്നവദനാരവിന്ദവും

ഒത്തു പദ്മം ഗദ ശംഖവും ചക്രവും
ഹസ്തങ്ങളിലാന്നു, ഹാരം, കിരീടവും

പൊന്നിൻകടകം കടിസൂത്രമങ്ഗദ-
മെന്നിവ ചേർന്നു കണ്ഠത്തിലക്കൗസ്തുഭം

പൂണ്ടു വനമാലയാണ്ടു മുകുന്ദനെ-
ക്കണ്ടു ഹതാഘരായാരവരേവരും.

നേത്രജിഹ്വാകരനാസകംകൊണ്ടുടൻ
തദ്രൂപമാധുരിയാസ്വദിച്ചിപ്പോൽ

ചിത്പൂരുഷപദാബ്ജങ്ങളിൽ മൗലിയാ-
ലല്പേതരഭക്തിപൂർവം നമിച്ചിതേ. 3-6

മാധവദർശനാഹ്ലാദത്തിനാൽ ബന്ധ-
നോദിതക്ഷീണമശേഷമററന്നൃപർ

അഞ്ജലികൂപ്പിനിന്നാ ഹൃഷീകേശനെ
മഞ്ജുളവാക്യങ്ങളാൽ പ്രശംസിച്ചിതേ. 7

രാജാക്കന്മാർ പറഞ്ഞു

"അവ്യയാ! ദേവദേവേശാ! നമസ്തുതി;
നിർവിണ്ണരാം ശരണാഗതർ ഞങ്ങളെ

ഘോരഭവാബ്ധിയിൽനിന്നും പ്രപന്നാർത്തി-
ഹാരിൻ! ഭവാൻ പരിപാലിച്ചിടേണമേ. 8

ഹേ മധുസൂദനാ! ഞങ്ങൾക്കസൂയയി-
ല്ലാ മാഗധനോടു തെല്ലുപോലും വിഭോ!

ഭൂവരന്മാർക്കു രാജ്യഭ്രംശമൊന്നുതാൻ
താവകാനുഗ്രഹസിദ്ധിക്കു കാരണം. 9

രാജ്യവുമൈശ്വര്യവും മൂലമായ് മദം-
വാച്ച ഭൂപാലനിൽ ശ്രേയസ്സു ചേർന്നിടാ

നിന്തിരുമേനിതൻ മായയാൽ മോഹിച്ചു
സാന്തസമ്പത്തവർ നിത്യമെന്നോർത്തുപോം.10

കാനലിനെജ്ജലസ്ഥാനമായ് കുട്ടികൾ
കാണുന്നപോലെ വിവേകമില്ലാത്തവർ

രൂപാദിയാം വിഷയങ്ങളായ് മാറീടു-
മാ ഭവന്മായയെക്കാണ്മൂ യഥാർത്ഥമായ്. 11

ശ്രീമദത്താൽ നഷ്ടദൃഷ്ടികളായ് ഞങ്ങൾ
ഭൂമിയടക്കുവാൻ മുൻപാശ മൂത്തഹോ!

അന്യോന്യമെന്നും കലഹിച്ചു കാരുണ്യ-
മെന്നിയേ സ്വപ്രജാസഞ്ചയത്തെക്കൊന്നു

മുന്നിൽ വാഴും മൃത്യുരൂപനാമങ്ങയെ
ഗണ്യമാക്കാതെ മദിച്ചുകഴിഞ്ഞിതു. 12

ശൗരേ! ഗഭീരവേഗംപൂണ്ടവാര്യമാം
വീര്യമാളും തവ കാലമാം മൂർത്തിയാൽ

ശ്രീയുമഹന്തയു,മങ്ങനുകമ്പയാ,-
ന്നീയിളാനാഥരിൽനിന്നു ഹരിക്കയാൽ

ഇപ്പൊഴുതെങ്കിലുമീവിധം ഞങ്ങൾക്കു
തത്പദാബ്ജം സ്മരിക്കാനിടയായിതു. 13

എപ്പൊഴുതും നശിപ്പീടുന്നതായ് രുജ-
സ്സുത്പത്തിഭൂവായ് മൃഗതൃഷ്ണമട്ടെഴും

മൂർത്തിയാൽ സേവനയോഗ്യമാം രാജ്യവും
മൃത്യുശേഷം കർണ്ണപീയൂഷമായ്പരം

കർമ്മഫലമായ് ലഭിച്ചിടും സ്വർഗ്ഗവും
ചിന്മയാ! തെല്ലുമിച്ഛിച്ചിടുന്നില്ലിവർ. 14

ഇങ്ങിദാനീം ജന്മമൃത്യുദുഃഖാബ്ധിയിൽ
മുങ്ങിക്കിടക്കുമീ ഞങ്ങൾക്കൊരിക്കലും

നിന്തിരുപ്പാദസ്മരണം വിടായ്വതി-
ന്നെന്താണുപായമതു ചൊല്ലിടേണമേ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണായ വാസുദേവായ ഹരയേ പരമാത്മനേ
പ്രണതക്ലേശനാശായ ഗോവിന്ദായ നമോ നമഃ. 16

ശ്രീശുക ഉവാച

സംസ്തൂയമാനോ ഭഗവാൻ രാജഭിർമ്മുക്തബന്ധനൈഃ
താനാഹ കരുണസ്താത ശരണ്യഃ ശ്ലക്ഷ്ണയാ ഗിരാ. 17

ശ്രീഭഗവാനുവാച

അദ്യപ്രഭൃതി വോ, ഭൂപാ, മയ്യാത്മന്യഖിലേശ്വരേ
സുദൃഢാ ജായതേ ഭക്തിർബ്ബാഢമാശംസിതം തഥാ. 18
ദിഷ്ട്യാ വ്യവസിതം, ഭൂപാ, ഭവന്ത ഋതഭാഷിണഃ
ശ്രിയൈശ്വര്യമദോന്നാഹം പശ്യ ഉന്മാദകം നൃണാം. 19
ഹൈഹയോ നഹുഷോ വേനോ രാവണോ നരകോഽപരേ
ശ്രീമദാദ്ഭ്രംശിതാഃ സ്ഥാനാദ്ദേവദൈത്യനരേശ്വരാഃ. 20
ഭവന്ത ഏതദ്വിജ്ഞായ ദേഹാദ്യുത്പാദ്യമന്തവത്
മാം യജന്തോഽധ്വരൈര്യുക്താഃ പ്രജാ ധർമ്മേണ രക്ഷഥ. 21
സന്തന്വന്തഃ പ്രജാതന്തൂൻ സുഖം ദുഃഖം ഭവാഭവൗ
പ്രാപ്തം പ്രാപ്തം ച സേവന്തോ മച്ചിത്താ വിചരിഷ്യഥ. 22
ഉദാസീനാശ്ച ദേഹാദാവാത്മാരാമാ ധൃതവ്രതാഃ
മയ്യാവേശ്യ മനഃ സമ്യങ് മാമന്തേ ബ്രഹ്മ യാസ്യഥ. 23

ശ്രീശുക ഉവാച

ഇത്യാദിശ്യ നൃപാൻ കൃഷ്ണോ ഭഗവാൻ ഭുവനേശ്വരഃ
തേഷാം ന്യയുങ്ക്ത പുരുഷാൻ സ്ത്രിയോ മജ്ജനകർമ്മണി. 24
സപര്യാം കാരയാമാസ സഹദേവേന ഭാരത
നരദേവോചിതൈർവ്വസ്ത്രൈർഭൂഷണൈഃ സ്രഗ്വിലേപനൈഃ. 25
ഭോജയിത്വാ വരാന്നേന സുസ്നാതാൻ സമലംകൃതാൻ
ഭോഗൈശ്ച വിവിധൈര്യുക്താംസ്താംബൂലാദ്യൈർനൃപോ-
ചിതൈഃ. 26
തേ പൂജിതാ മുകുന്ദേന രാജാനോ മൃഷ്ടകുണ്ഡലാഃ
വിരേജുർമ്മോചിതാഃ ക്ലേശാത് പ്രാവൃഡന്തേ യഥാ ഗ്രഹാഃ. 27
രഥാൻ സദശ്വാനാരോപ്യ മണികാഞ്ചനഭൂഷിതാൻ
പ്രീണയ്യ സൂനൃതൈർവ്വാക്യൈഃ സ്വദേശാൻ പ്രത്യയാപയത്. 28
ത ഏവം മോചിതാഃ കൃച്ഛ്റാത് കൃഷ്ണേന സുമഹാത്മനാ
യയുസ്തമേവ ധ്യായന്തഃ കൃതാനി ച ജഗത്പതേഃ. 29
ജഗദുഃ പ്രകൃതിഭ്യസ്തേ മഹാപുരുഷചേഷ്ടിതം
യഥാന്വശാസദ് ഭഗവാംസ്തഥാ ചക്രുരതന്ദ്രിതാഃ. 30
ജരാസന്ധം ഘാതയിത്വാ ഭീമസേനേന കേശവഃ
പാർത്ഥാഭ്യാം സംയുതഃ പ്രായാത് സഹദേവേന പൂജിതഃ. 31
ഗത്വാ തേ ഖാണ്ഡവപ്രസ്ഥം ശങ്ഖാൻ ദധ്മുർജ്ജിതാരയഃ
ഹർഷയന്തഃ സ്വസുഹൃദോ, ദുർഹൃദാം ചാസുഖാവഹാഃ. 32
തച്ഛ്റുത്വാ പ്രീതമനസ ഇന്ദ്രപ്രസ്ഥനിവാസിനഃ
മേനിരേ മാഗധം ശാന്തം, രാജാ ചാപ്തമനോരഥഃ. 33
അഭിവന്ദ്യാഥ രാജാനം ഭീമാർജ്ജുനജനാർദ്ദനാഃ
സർവ്വമാശ്രാവയാഞ്ചക്രുരാത്മനാ യദനുഷ്ഠിതം. 34
നിശമ്യ ധർമ്മരാജസ്തത് കേശവേനാനുകമ്പിതം
ആനന്ദാശ്രുകലാം മുഞ്ചൻ പ്രേമ്ണാ നോവാച കിഞ്ചന. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണാദ്യാഗമനേ ത്രിസപ്തതിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാസുദേവാ! പരമാത്മൻ! ഹരേ! കൃഷ്ണ!
ക്ലേശം പ്രണതക്കൊഴിക്കും മഹാപ്രഭോ!
ദേവകീനന്ദനാ! ദേവദേവാ! വിഭോ!
ഗോവിന്ദ! ഞങ്ങൾ നമസ്കരിക്കുന്നിതേ. 16

ശ്രീശുകൻ പറഞ്ഞു

ബന്ധനമുക്തരാമന്നരപാലരാൽ
പന്തിയായേവം സ്തുതനായ് ശരണ്യനാം
കാരുണ്യമൂർത്തി ഭഗവാൻ മനോഹര-
ഗീരുകളാലവരോടരുളീടിനാൻ. 17

ശ്രീഭഗവാൻ പറഞ്ഞു

എല്ലാററിനുമീശനായുമാത്മാവായു-
മുല്ലസിച്ചീടുമീയെന്നിൽ നൃപേന്ദ്രരേ!
ഇന്നുതൊട്ടിച്ഛപോൽ നിങ്ങൾക്കുദിച്ചിടു-
മുന്നതമായിടും ഭക്തിയസംശയം. 18
മന്നവരേ! നിങ്ങൾ ചൊന്നതു നേരുതാൻ,
നന്നിതേതാകിലും നിങ്ങടെ നിശ്ചയം.
വാച്ചിടും ശ്രീയാൽ മദമാന്ന മാനുഷർ
സ്വേച്ഛാപ്രവൃത്തിയാലുന്മത്തരായിടും. 19
ഭൂനാഥരാകും നഹുഷനും ഹൈഹയൻ
താനും നരകനും രാവണൻ വേനനും
മററു നരസുരദൈത്യേശരും മദം
മുററുകമൂലമധഃപതിച്ചീടിനാർ. 20
ഉത്പാദ്യദേഹാദിയും നാശമുള്ളതെ-
ന്നുൾപ്പൂവിൽ നിങ്ങൾ ധരിച്ചപ്രമത്തരായ്
എന്നെ യജിക്കുവിൻ യജ്ഞങ്ങളാൽ, പ്രജാ-
വൃന്ദത്തെ ധർമ്മപ്രകാരം ഭരിക്കുവിൻ. 21
സത്പുത്രരെജ്ജനിപ്പി,ച്ചനുവാസര-
മുദ്ഭൂതമാം സുഖദുഃഖങ്ങളും തഥാ
വൃദ്ധിക്ഷയങ്ങളുമൊപ്പം ഭുജിച്ചെന്നി-
ലുൾത്താരുറപ്പിച്ചു സഞ്ചരിച്ചീടുവിൻ. 22
കായാദിയിൽ പററലററും ദൃഢവ്രത-
രായുമാത്മാരാമരായുമെന്നിൽ ദൃഢം
മാനസമൂന്നി പ്രയാസമെന്യേയവ-
സാനമായ് ബ്രഹ്മമാമെന്നോടു ചേരുവിൻ. 23

ശ്രീശുകൻ പറഞ്ഞു

ലോകേശനാം ഭഗവാൻ ഹരിയീവിധം
ഭൂകാന്തരോടുപദേശിച്ചനന്തരം
തത്സ്നാനകർമ്മസഹായത്തിനായ് ബഹു
ദാസദാസീജനത്തേ നിയോഗിച്ചിതു. 24
പിന്നെ രാജോചിതവസ്ത്രവിഭൂഷണ-
ചന്ദനമാലാകലാപങ്ങളാലുടൻ
വേണ്ടും സപര്യയവക്കു നടത്തിച്ചു-
കൊണ്ടാൻ സഹദേവനെക്കൊണ്ടു മാധവൻ. 25
സ്നാനം കഴിഞ്ഞലങ്കാരങ്ങളാന്ന ഭൂ-
ജാനിമാരെബ്ഭുജിപ്പിച്ചു മിഷ്ടാന്നമായ്
ഭൂപയോഗ്യങ്ങൾ താംബൂലാദിയാം വിവി-
ധോപഭോഗ്യങ്ങളുമേകിച്ചു വേണ്ടപോൽ. 26
കുണ്ഡലശോഭിതരന്നരപാലകർ
കൃഷ്ണാച്ചിതരായി ദുഃഖവിമുക്തരായ്
പാരം വിളങ്ങിനാർ വർഷകാലം കഴി-
ഞ്ഞേററെത്തെളിഞ്ഞ സൂര്യാദിഗ്രഹങ്ങൾ-
പോൽ. 27
രത്നസുവർണ്ണവിഭൂഷിതഗാത്രരായ്
കൃഷ്ണമധുരവാക്യങ്ങളാൽ പ്രീതരാം
മന്നരെ സ്വന്തദേശങ്ങളിൽ വിട്ടിതു
കണ്ണൻ സദശ്വയുതസ്യന്ദനങ്ങളിൽ. 28
ഏററം മഹാമനസ്സാകിയ കൃഷ്ണനാ-
ലത്തലിൽനിന്നവരേവം വിമുക്തരായ
തദ്രൂപവും തത്ക്രിയകളും ഭക്തിയോ-
ടോത്തു തദ്ധ്യാനത്തൊടും ഗമിച്ചീടിനാർ. 29
പന്നഗശായിതൻ ചേഷ്ടിതമാകെയ-
മ്മന്നവർ തത്പ്രജാവൃന്ദത്തൊടോതിനാർ.
പിന്നെബ്ഭഗവദനുശാസനങ്ങളെ-
യൊന്നും വിടാതാചരിക്കയും ചെയ്തിതേ. 30
ഭീമനെക്കൊണ്ടു കൊല്ലിച്ചു ജരാസന്ധ-
ഭൂമിപനെ,സ്സഹദേവനാൽ സാദരം
പൂജിതനായ്, പാർത്ഥരോടൊത്തു ചേർന്നുടൻ
മാജാനിദേവൻ തിരിച്ചുപോയീടിനാൻ. 31
ദുഷ്ടക്കു ദുഃഖദന്മാരായ് സുഹൃജ്ജന-
തുഷ്ടിദരായ് ജിതവൈരികളാമവർ
ഖാണ്ഡവപ്രസ്ഥപുരിയിൽ പ്രവേശിച്ചു
മൂന്നുപേരും മുദാ ശംഖങ്ങളൂതിനാർ. 32
അപ്പുരവാസികളെല്ലാമതു കേട്ടു
നിർഭരപ്രീതമനസ്സരായ് മാഗധൻ
മൃത്യുവക്ത്രത്തിലായെന്നുറച്ചാർ; ധർമ്മ-
പുത്രൻ സഫലമനോരഥനായിതു. 33
ഭീമാർജ്ജുനകേശവന്മാരനന്തരം
ഭൂമിപനെച്ചെന്നു വന്ദിച്ചു സാദരം
സ്വന്തം പ്രവൃത്തികൾ വിസ്തരിച്ചൊക്കെയും
സന്തോഷമോടു പറഞ്ഞുകേൾപ്പിച്ചിതു. 34
ഉത്തമപൂരുഷൻ കാണിച്ച കാരുണ്യ-
വൃത്താന്തമാകർണ്ണനംചെയ്തു ധർമ്മജൻ
പ്രേമംനിമിത്തമാനന്ദാശ്രു തൂകിയൊ-
ട്ടൂമകണക്കു മിണ്ടാതിരുന്നീടിനാൻ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുഃസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

ഏവം യുധിഷ്ഠിരോ രാജാ ജരാസന്ധവധം വിഭോഃ
കൃഷ്ണസ്യ ചാനുഭാവം തം ശ്രുത്വാ പ്രീതസ്തമബ്രവീത്. 1

യുധിഷ്ഠിര ഉവാച

യേ സ്യുസ്ത്രൈലോക്യഗുരവഃ സർവേ ലോകമഹേശ്വരാഃ
വഹന്തി ദുർല്ലഭം ലബ്ധ്വാ ശിരസൈവാനുശാസനം. 2
സ ഭവാനരവിന്ദാക്ഷോ ദീനാനാമീശമാനിനാം
ധത്തേഽനുശാസനം ഭൂമംസ്തദത്യന്തവിഡംബനം. 3
ന ഹ്യേകസ്യാദ്വിതീയസ്യ ബ്രഹ്മണഃ പരമാത്മനഃ
കർമ്മഭിർവർദ്ധതേ തേജോ ഹ്രസതേ ച യഥാ രവേഃ. 4
ന വൈ തേഽജിത! ഭക്താനാം മമാഹമിതി മാധവ!
ത്വം തവേതി ച നാനാധീഃ പശൂനാമിവ വൈകൃതാ. 5

ശ്രീശുക ഉവാച

ഇത്യുക്ത്വാ യജ്ഞിയേ കാലേ വവ്രേ യുക്താൻ സ ഋത്വിജഃ
കൃഷ്ണാനുമോദിതഃ പാർത്ഥോ ബ്രാഹ്മണാൻ ബ്രഹ്മവാദിനഃ. 6
ദ്വൈപായനോ ഭരദ്വാജഃ സുമന്തുർഗ്ഗൗതമോഽസിതഃ
വസിഷ്ഠശ്ച്യവനഃ കണ്വോ മൈത്രേയഃ കവഷസ്ത്രിതഃ. 7
വിശ്വാമിത്രോ വാമദേവഃ സുമതിർജ്ജൈമിനിഃ ക്രതുഃ
പൈലഃ പരാശരോ ഗർഗ്ഗോ വൈശമ്പായന ഏവ ച. 8
അഥർവ്വാ കശ്യപോ ധൗമ്യോ രാമോ ഭാർഗ്ഗവ ആസുരിഃ
വീതിഹോത്രോ മധുച്ഛന്ദാ വീരസേനോഽകൃതവ്രണഃ. 9
ഉപഹൂതാസ്തഥാ ചാന്യേ ദ്രോണഭീഷ്മകൃപാദയഃ
ധൃതരാഷ്ട്രഃ സഹസുതോ വിദുരശ്ച മഹാമതിഃ. 10
ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാഃ ശൂദ്രാ യജ്ഞദിദൃക്ഷവഃ
തത്രേയുഃ സർവ്വരാജാനോ രാജ്ഞാം പ്രകൃതയോ, നൃപ. 11
തതസ്തേ ദേവയജനം ബ്രാഹ്മണാഃ സ്വർണ്ണലാംഗലൈഃ
കൃഷ്ട്വാ തത്ര യഥാമ്നായം ദീക്ഷയാഞ്ചക്രിരേ നൃപം. 12
ഹൈമാഃ കിലോപകരണാ വരുണസ്യ യഥാ പുരാ
ഇന്ദ്രാദയോ ലോകപാലാ വിരിഞ്ചഭവസംയുതാഃ. 13
സഗണാഃ സിദ്ധഗന്ധർവ്വാ വിദ്യാധരമഹോരഗാഃ
മുനയോ യക്ഷരക്ഷാംസി ഖഗകിന്നരചാരണാഃ. 14
രാജാനശ്ച സമാഹൂതാ രാജപത്ന്യശ്ച സർവ്വശഃ
രാജസൂയം സമീയുഃ സ്മ രാജ്ഞഃ പാണ്ഡുസുതസ്യ വൈ. 15
മേനിരേ കൃഷ്ണഭക്തസ്യ സൂപപന്നമവിസ്മിതാഃ
അയാജയൻ മഹാരാജം യാജകാ ദേവവർച്ചസഃ
രാജസൂയേന വിധിവത് പ്രാചേതസമിവാമരാഃ. 16
സൗത്യേ ഹന്യവനീപാലോ യാജകാൻ സദസസ്പതീൻ
അപൂജയൻ മഹാഭാഗാൻ യഥാവത് സുസമാഹിതഃ. 17
സദസ്യാഗ്ര്യാർഹണാർഹം വൈ വിമൃശന്തഃ സഭാസദഃ
നാധ്യഗച്ഛന്നനൈകാന്ത്യാത് സഹദേവസ്തദാബ്രവീത്. 18
''അർഹതി ഹ്യച്യുതഃ ശ്രൈഷ്ഠ്യം ഭഗവാൻ സാത്വതാം പതിഃ
ഏഷ വൈ ദേവതാഃ സർവ്വാ ദേശകാലധനാദയഃ. 19
യദാത്മകമിദം വിശ്വം ക്രതവശ്ച യദാത്മകാഃ
അഗ്നിരാഹുതയോ മന്ത്രാഃ സാംഖ്യം യോഗശ്ച യത്പരഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 74

രാജസൂയം—ശിശുപാലവധം

ശ്രീശുകൻ പറഞ്ഞു

ഏവം ജരാസന്ധഹത്യയും കൃഷ്ണാനു-
ഭാവവും കേട്ടോതി തുഷ്ട്യാ യുധിഷ്ഠിരൻ. 1

യുധിഷ്ഠിരൻ പറഞ്ഞു

ഇന്ദ്രാദി ദിക്പാലകരും ജഗത്ത്രയ-
വന്ദ്യരാമസ്സനകാദിഗുരുക്കളും
ഭാവൽക്കദുർല്ലഭശാസനം മൗലിയി-
ലാവഹിക്കുന്നിതു മോദപുരസ്സരം. 2

ഈശാഭിമാനികളെങ്കിലും സന്തതം
ക്ലേശിച്ചുമരുമീ ഞങ്ങടെ ശാസനം
നിന്തിരുമേനി കൈക്കൊൾകയെന്നുള്ളതു
ചിന്തിക്കുകിൽ വെറും നാട്യമെന്നേവരൂ. 3

ഏകനായദ്വയനായ് പരബ്രഹ്മമായ്
ലോകസമസ്തഭൂതാത്മാവുമായിടും
നിന്മഹാതേജസ്സു മാർത്താണ്ഡരശ്മിപോൽ
കർമ്മങ്ങൾകൊണ്ടു വദ്ധിക്കാ, കുറഞ്ഞിടാ. 4

ആക്ഷമജയ്യനാം മാധവാ! താവക-
ഭക്തർക്കു പാക്കിൽ മൃഗങ്ങൾക്കിണങ്ങിടും
ഞാനെൻെറ, നീ നിൻെറയെന്നവിധമുള്ള
നാനാത്വഭാവനയില്ല ജഗത്പതേ! 5

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ ചൊല്ലി യാഗോചിതകാലത്തു
ശാർങ്ഗിയാലങ്ങനുമോദിതനായ് നൃപൻ
യുക്തരായ്വേദജ്ഞരാകുമൃത്വിഗ്ദ്വിജ-
മുഖ്യരെത്താൻ ക്രിയകൾക്കു വരിച്ചിതു. 9

ഗൗതമൻ, ദ്വൈപായനൻ, ഭരദ്വാജനും
വീതിഹോത്രൻ, കശ്യപൻ, ച്യവനൻ, ത്രിതൻ,
കണ്വ,നസിതൻ, വസിഷ്ഠ,നഥ മധു-
ഛന്ദസ്സു, പൈലൻ, കവഷൻ, പരാശരൻ,
ധൗമ്യൻ, സുമതി, വിശ്വാമിത്ര,നാസുരി
ജൈമിനിയും ക്രതുവും വീരസേനനും
വാമദേവൻ, വൈശമ്പായനൻ, ഭാർഗ്ഗവ-
രാമൻ, സുമന്തു, മൈത്രേയ,നഥർവ്വാവു
ഗർഗ്ഗ,നകൃതവ്രണൻതൊട്ടു മാമുനി-
മുഖ്യരെ നാനാതരം ക്രിയകൾക്കുടൻ
ധർമ്മജന്മാവു വിളിച്ചു പിന്നെ ദ്രോണ-
ഭീഷ്മകൃപാചാര്യരേയും ക്ഷണിച്ചിതു.
പുത്രരൊത്തന്ധനൃപനെയും ബുദ്ധിമാൻ
ക്ഷത്താവിനേയുമന്യന്മാർ പലരെയും. 7–10

സന്മതേ! യാഗസന്ദർശനേച്ഛുക്കളാം
ബ്രാഹ്മണക്ഷത്രിയവൈശ്യരും ശൂദ്രരും
സാമന്തരും തത്പ്രകൃതികളും മറ-
റ്റുള്ളാമോദമോടപ്പുരത്തിലെത്തീടിനാർ. 11

പിന്നെയബ്ഭൂസുരർ പൊന്നിൻകലപ്പയാൽ
നന്നായ് ക്രതുഭൂവുഴുതസ്ഥലത്തിലായ്
വേദവിധികളെയാദരിച്ചുധർമ്മ-
ജാതനൃപനെയിരുത്തിനാർ ദീക്ഷയിൽ. 12

പണ്ടു വരുണാദ്ധ്വരത്തിലെപ്പോൽ പൊന്നു-
കൊണ്ടു തീർത്തുള്ള പാത്രങ്ങളാണാകവേ.
ഇന്ദ്രാദിദിക്പാലകരും വിരിഞ്ചനും
ചന്ദ്രചൂഡൻഭഗവാനും ഗണങ്ങളും
സിദ്ധഗന്ധർവ്വർ, മഹോരഗസംഘവും
വിദ്യാധരയക്ഷരക്ഷസ്സമൂഹവും
കിന്നരചാരണർ പക്ഷികൾ മാമുനി-
വൃന്ദവുമാഹൂതരായി നൃപാലനാൽ.
മന്നവന്മാരും നൃപപത്നിമാരുമ-
ങ്ങെണ്ണമെന്യേ ദിക്കിലൊക്കെയും നിന്നുടൻ
ശ്രീപതിഭക്തനും പാണ്ഡുസുതനുമാം
ഭൂപൻെറ രാജസൂയത്തിനെത്തീടിനാർ.
എല്ലാം സമുചിതമായിരിക്കുന്നുവെ-
ന്നല്ലാതെയദ്ഭുതപ്പെട്ടതില്ലാരുമേ. 13–15

ദേവസമാനാഭയാന്നിട്ടും യാജകർ
പൂർവ്വം സുരന്മാർ വരുണനെയെന്നപോൽ
രാജസൂയത്താൽ വിധിപോലെയമ്മഹാ-
രാജാവിനെ യജിപ്പിച്ചിതു പാർത്ഥിവാ! 16

സോമരസത്താൽ യജിക്കും ദിനങ്ങളിൽ
ഭൂമീശനൃത്വിഗ്ഗണത്തെയും സഭ്യരാം
സാധുക്കളേയും സമാഹിതചിത്തനായ്
സാദരമച്ചനംചെയ്യാൻ വിധിപ്പടി. 17

യോഗ്യപുരുഷർനിറഞ്ഞ സദസ്സിൽനി-
ന്നഗ്ര്യപൂജയ്ക്കാരെ വയ്ക്കണമെന്നഥ
സഭ്യരശേഷം വിചാരനിമഗ്നരാ-
യപ്പോൾ സഹദേവനോതിനാനീവിധം: 18

''സാത്വതന്മാർതൻ പതി ഭഗവാൻ കൃഷ്ണ-
നത്തമസ്ഥാനാർഹനായ് വിളങ്ങുന്നിതു.
വിത്തവും കാലദേശങ്ങളുമോരുകി-
ലിദ്ദേഹമാം സർവ്വദേവതാവൃന്ദവും. 19

ലോകമിതൊക്കെയിലാരുടെ രൂപമാം,
യാഗാത്മകനായ് പ്രശോഭിപ്പതാരിഹ,
മന്ത്രാഹുതി, സാങ്ഖ്യയോഗങ്ങളഗ്നിയും
സന്തതമാരെ സമാശ്രയിക്കുന്നിതു; 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏക ഏവാദ്വിതീയോഽസാവൈതദാത്മ്യമിദം ജഗത്
ആത്മനാഽഽത്മാശ്രയഃ സഭ്യാഃ സൃജത്യവതി ഹന്ത്യജഃ. 21
വിവിധാനീഹ കർമ്മാണി ജനയൻ യദവേക്ഷയാ
ഈഹതേ യദയം സർവ്വഃ ശ്രേയോ ധർമ്മാദിലക്ഷണം. 22
തസ്മാത് കൃഷ്ണായ മഹതേ ദീയതാം പരമാർഹണം
ഏവം ചേത് സർവ്വഭൂതാനാമാത്മനശ്ചാർഹണം ഭവേത്. 23
സർവ്വഭൂതാത്മഭൂതായ കൃഷ്ണായാനന്യദർശിനേ
ദേയം ശാന്തായ പൂർണ്ണായ ദത്തസ്യാനന്ത്യമിച്ഛതാ.'' 24
ഇത്യുക്ത്വാ സഹദേവോഽഭൂത് തൂഷ്ണീം കൃഷ്ണാനുഭാവവിത്
തച്ഛ്രുത്വാ തുഷ്ടുവുഃ സർവ്വേ സാധു സാധ്വിതി സത്തമാഃ. 25
ശ്രുത്വാ ദ്വിജേരിതം രാജാ ജ്ഞാത്വാ ഹാർദ്ദം സഭാസദാം
സമർഹയദ്ധൃഷീകേശം പ്രീതഃ പ്രണയവിഹ്വലഃ. 26
തത്പാദാവവനിജ്യാപഃ ശിരസാ ലോകപാവനീഃ
സഭാര്യഃ സാനുജാമാത്യഃ സകുടുംബോഽവഹന്മുദാ. 27
വാസോഭിഃ പീതകൗശേയൈർഭൂഷണൈശ്ച മഹാധനൈഃ
അർഹയിത്വാശ്രുപൂർണ്ണാക്ഷോ നാശകത് സമവേക്ഷിതും. 28
ഇത്ഥം സഭാജിതം വീക്ഷ്യ സർവ്വേ പ്രാഞ്ജലയോ ജനാഃ
''നമോ, ജ''യേതി നേമുസ്തം നിപേതുഃ പുഷ്പവൃഷ്ടയഃ. 29

ഇത്ഥം നിശമ്യ ദമഘോഷസുതഃ സ്വപീഠാ-
ദുത്ഥായ കൃഷ്ണഗുണവർണ്ണനജാതമന്യുഃ
ഉത്ക്ഷിപ്യ ബാഹുമിദമാഹ സദസ്യമർഷീ
സംശ്രാവയൻ ഭഗവതേ പരുഷാണ്യഭീതഃ. 30

''ഈശോ ദുരത്യയഃ കാല ഇതി സത്യവതീ ശ്രുതിഃ
വൃദ്ധാനാമപി യദ്ബുദ്ധിർബ്ബാലവാക്യൈർവിഭിദ്യതേ. 31
യൂയം പാത്രവിദാം ശ്രേഷ്ഠാ മാ മന്ധ്വം ബാലഭാഷിതം
സദസസ്പതയഃ സർവ്വേ കൃഷ്ണോ യത് സമ്മതോഽർഹണേ. 32
തപോവിദ്യാവ്രതധരാൻ ജ്ഞാനവിധ്വസ്തകല്മഷാൻ
പരമർഷീൻ ബ്രഹ്മനിഷ്ഠാംല്ലോകപാലൈശ്ച പൂജിതാൻ. 33
സദസ്പതീനതിക്രമ്യ ഗോപാലഃ കുലപാംസനഃ
യഥാ കാകഃ പുരോഡാശം സപര്യാം കഥമർഹതി? 34
വർണ്ണാശ്രമകുലാപേതഃ സർവ്വധർമ്മബഹിഷ്കൃതഃ
സ്വൈരവർത്തീ ഗുണൈർഹീനഃ സപര്യാം കഥമർഹതി? 35
യയാതിനൈഷാം ഹി കുലം ശപ്തം സദ്ഭിർബ്ബഹിഷ്കൃതം
വൃഥാപാനരതം ശശ്വത്സപര്യാം കഥമർഹതി? 36
ബ്രഹ്മർഷിസേവിതാൻ ദേശാൻ ഹിത്വൈതേഽബ്രഹ്മവർച്ചസം
സമുദ്രം ദുർഗ്ഗമാശ്രിത്യ ബാധന്തേ ദസ്യവഃ പ്രജാഃ.'' 37
ഏവമാദീന്യഭദ്രാണി ബഭാഷേ നഷ്ടമംഗലഃ
നോവാച കിഞ്ചിദ്ഭഗവാൻ യഥാ സിംഹഃ ശിവാരുതം. 38
ഭഗവന്നിന്ദനം ശ്രുത്വാ ദുഃസഹം തത് സഭാസദഃ
കർണ്ണൗ പിധായ നിർജ്ജഗ്മുഃ ശപന്തശ്ചേദിപം രുഷാ. 39
നിന്ദാം ഭഗവതഃ ശൃണ്വംസ്തത്പരസ്യ ജനസ്യ വാ
തതോ നാപൈതി യഃ സോഽപി യാത്യധഃ സുകൃതാച്ച്യുതഃ. 40
തതഃ പാണ്ഡുസുതാഃ ക്രുദ്ധാ മത്സ്യകൈകയസൃഞ്ജയാഃ
ഉദായുധാഃ സമുത്തസ്ഥുഃ ശിശുപാലജിഘാംസവഃ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകനായദ്വയനായ് വിളങ്ങുന്നതാ
ശ്രീകാന്തനാം ഭഗവാൻ വാസുദേവനാം.
ലോകസ്വരൂപനുമാത്മാശ്രയനുമീ
ശ്രീകൃഷ്ണനാണെന്നറിക സദസ്യരേ!
ഇദ്ദേഹമിജ്ജഗത്താത്മാവിനാൽത്തീർത്തു
കാത്തവസാനമഴിക്കുന്നിതാകവേ. 21
ആരുടെ വീക്ഷണത്താൽ വിവിധം കർമ്മ-
പൂരം സഫലങ്ങളായ് ഭവിക്കുന്നുവോ,
പാരിതു ധർമ്മാദിലക്ഷണയുക്തമായ്-
ത്തീരുന്നതിനുമാരാണൊരു കാരണം, 22
അമ്മഹാത്മാവായ കൃഷ്ണനായ്ക്കൊണ്ടുതാൻ
സമ്മോദമോടഗ്ര്യപൂജ നടത്തുവിൻ
അമ്മട്ടിലായാലഖിലഭൂതത്തെയു-
മാത്മാവിനേയും സമർച്ചിച്ചതായ്വരും. 23
ശാന്തനായിപ്പരിപൂർണ്ണനായ് സർവ്വഭൂ-
താന്തഃസ്ഥിതനായ് വിളങ്ങുമിക്കൃഷ്ണനായ്
ദാനത്തിനുള്ളോരനന്തഫലങ്ങളെ
ശൗനിക്കുവോർ ദാനമേകിടേണ്ടുന്നതാം.'' 24
ദൈത്യാരിമാഹാത്മ്യവിജ്ഞൻ സഹദേവ-
നിത്ഥം ചൊല്ലി മൗനംഭജിച്ചീടിനാൻ.
എന്നതു കേട്ടുടൻ സത്തുക്കളേവരും
നന്നുനന്നെന്നങ്ങവനെപ്പുകഴ്ത്തിനാർ. 25
ഇമ്മട്ടിലസ്സഹദേവവാക്യങ്ങളെ
സമ്മതിച്ചന്തണരും കഥിച്ചീടവേ
സഭ്യർക്കിതിലെഴും ഹാർദ്ദഭാവം ധരി-
ച്ചുൾപ്രീതിയോടും പ്രണയവിവശനായ്
അഗ്രാസനത്തിലിരുത്തി മുകുന്ദനെ
സത്കരിച്ചർച്ചനംചെയ്തിതു ധർമ്മജൻ. 26
ശ്രീകൃഷ്ണപാദാംബുജങ്ങൾ കഴുകിയ
ലോകപരിപാവനമായിടും ജലം
താനും സഹജരും മന്ത്രിമാരും പത്നി-
താനും കുടുംബവുമാർന്നിതു മൗലിയിൽ. 27
പീതാംബരങ്ങളെടുത്തു വഴിപോലെ
മാധവനെദ്ധരിപ്പിച്ചു ധർമ്മാത്മജൻ
ഏററം വിലപെറുമാഭരണങ്ങളും
മററുമണിയിച്ചധികമോദത്തിനാൽ
കണ്ണുനിറകയാലമ്മോഹനരൂപ-
സന്ദർശനത്തിനശക്തനായ്ത്തീർന്നിതു. 28
ഈവിധം സത്കൃതനാകും ഭഗവാനെ-
യേവരും കണ്ടു കൈകൂപ്പി ''നമിച്ചിടാ-
മങ്ങു ജയിച്ചാലു''മെന്നുച്ചമോതിയി-
ട്ടങ്ങു നമിച്ചു, പൊഴിഞ്ഞിതു പൂമഴ. 29
അപ്പോൾ നിജാസനംവിട്ടു ചേദീശ്വരൻ
ക്ഷിപ്രമെഴുന്നേററു കൈയുയർത്തിപ്പരം
കൃഷ്ണഗുണഗണവർണ്ണനം കേൾക്കയാൽ
തീക്ഷ്ണരുട്ടാർന്നു സഭയിലഭീതനായ്
പാരം പരുഷാക്ഷരങ്ങളിയന്നിടും
ഗീരുകളാൽ ഭഗവാനെ ഹസിച്ചിതു. 30
''എല്ലാററിനും ശക്തിയുണ്ടു കാലത്തിന-
തുല്ലംഘ്യമല്ലെന്നു ചൊൽവതു നേരുതാൻ
അല്ലെങ്കിലെങ്ങനെ വൃദ്ധധീ, കുട്ടികൾ
ചൊല്ലുന്ന പേവാക്കുകളിൽ ഭ്രമിച്ചിടും? 31
ഹേ സഭാമുഖ്യരേ! പാത്രജ്ഞരാം നിങ്ങ-
ളീ സഹദേവകുമാരന്റെ വാക്കുകൾ
കേട്ടിവിടഗ്ര്യപൂജാർഹനായ് കൃഷ്ണനെ-
യേററിയർച്ചിപ്പതനുവദിച്ചീടൊലാ. 32
വിദ്യാവ്രതങ്ങൾ തപസ്സെന്നിതുകളാൽ
സിദ്ധമാമാത്മബോധത്തിനാൽ കല്മഷം
ധ്വസ്തമാക്കി ബ്രഹ്മസാക്ഷാൽകൃതിയാർന്നു
വർത്തിപ്പവരായ് ജഗത്പാലരാലുമേ
അർച്ചിതരായിസ്സദസ്സിൽ വിളങ്ങിടും
സ്വച്ഛമുനികളെത്തള്ളിക്കുലഘ്നനാം
ഗോപാലനെങ്ങനെയർച്ചനയ്ക്കർഹനാം
കാകൻ പുരോഡാശഭാഗത്തിനെന്ന-
പോൽ. 33-34
വർണ്ണാശ്രമകുലഹീനനായ് ധർമ്മവു-
മെന്നിയേ തോന്ന്യാസമായി നടന്നിടും
നിർഗ്ഗുണനായിരിക്കുന്നവനെങ്ങനെ-
യഗ്ര്യപൂജയ്ക്കർഹനായിബ്ഭവിച്ചിടും? 35
ഇപ്പരിഷയ്ക്കെഴും വംശം യയാതിയാൽ
ശപ്തവും സത്തുക്കളെല്ലാം ത്യജിച്ചതും.
മദ്യപാനാസക്തവുമാണതിൽ ജന്മ-
മെത്തിയോനാരാദ്ധ്യനാവതുമെങ്ങനെ? 36
ബ്രഹ്മർഷിസേവിതദേശങ്ങൾ തള്ളിയാ-
ബ്രഹ്മവർച്ചസ്സററ വാരിധിദുർഗ്ഗത്തിൽ
ഇത്തസ്കരന്മാർ കടന്നുകൂടിപ്പരം
മർദ്ദിച്ചിടുന്നു നിതാന്തം ജനങ്ങളെ.'' 37
എന്നിപ്രകാരമധികമഭദ്രങ്ങൾ
ചൊന്നീടിനാൻ നഷ്ടമംഗലനാമവൻ
ജംബുകശബ്ദം ശ്രവിച്ച സിംഹംകണ-
ക്കമ്മുകുന്ദൻ കേട്ടു മിണ്ടാതിരുന്നിതേ. 38
ദുസ്സഹമാമബ്ഭഗവദ്വിനിന്ദന-
മസ്സഭാവാസികളേവരും കേട്ടുടൻ
കാതുകൾ പൊത്തിക്കഠിനകോപത്തോടു
ചേദീശനെശ്ശപിച്ചസ്സഭ വിട്ടിതു. 39
ആരെങ്കിലും ഭഗവാനെയോ സേവക-
ന്മാരെയോ നിന്ദനംചെയ്കിലതിദ്രുതം
അസ്ഥലം വിട്ടു പോകാത്തവൻ തൻപുണ്യ-
മൊട്ടുക്കൊടുങ്ങിയധഃപതിക്കുന്നിതേ. 40
പാണ്ഡവരും മാത്സ്യകേകയസൃഞ്ജയ-
വൃന്ദവും ക്രുദ്ധരായിശ്ശിശുപാലനെ
കൊന്നീടുവാനായുധങ്ങൾ പൊക്കിപ്പിടി-
ച്ചുന്നതവീര്യം കലർന്നെഴുന്നേററിതേ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതശ്ചൈദ്യസ്ത്വസംഭ്രാന്തോ ജഗൃഹേ ഖഡ്ഗചർമ്മണീ
ഭർത്സയൻ കൃഷ്ണപക്ഷീയാൻ രാജ്ഞഃ സദസി, ഭാരത! 42
താവദുത്ഥായ ഭഗവാൻ സ്വാൻ നിവാര്യ സ്വയം രുഷാ
ശിരഃ ക്ഷുരാന്തചക്രേണ ജഹാരാപതതോ രിപോഃ. 43
ശബ്ദഃ കോലാഹലോഽപ്യാസീച്ഛിശുപാലേ ഹതേ മഹാൻ
തസ്യാനുയായിനോ ഭൂപാ ദുദ്രുവുർജ്ജീവിതൈഷിണഃ. 44
ചൈദ്യദേഹോത്ഥിതം ജ്യോതിർവാസുദേവമുപാവിശത്
പശ്യതാം സർവ്വഭൂതാനാമുൽക്കേവ ഭുവി ഖാച്ച്യുതാ. 45
ജന്മത്രയാനുഗുണിതവൈരസംരബ്ധയാ ധിയാ
ധ്യായംസ്തന്മയതാം യാതോ ഭാവോ ഹി ഭവകാരണം. 46
ഋത്വിഗ്ഭ്യഃ സസദസ്യേഭ്യോ ദക്ഷിണാം വിപുലാമദാത്
സർവ്വാൻ സംപൂജ്യ വിധിവച്ചക്രേഽവഭൃഥമേകരാട്. 47
സാധയിത്വാ ക്രതും രാജ്ഞഃ കൃഷ്ണോ യോഗേശ്വരേശ്വരഃ
ഉവാസ കതിചിന്മാസാൻ സുഹൃദ്ഭിരഭിയാചിതഃ. 48
തതോഽനുജ്ഞാപ്യ രാജാനമനിച്ഛന്തമപീശ്വരഃ
യയൗ സഭാര്യഃ സാമാത്യഃ സ്വപുരം ദേവകീസുതഃ. 49
വർണ്ണിതം തദുപാഖ്യാനം മയാ തേ ബഹുവിസ്തരം
വൈകുണ്ഠവാസിനോർജ്ജന്മ വിപ്രശാപാത് പുനഃ പുനഃ. 50
രാജസൂയാവഭൃഥ്യേന സ്നാതോ രാജാ യുധിഷ്ഠിരഃ
ബ്രഹ്മക്ഷത്രസഭാമധ്യേ ശുശുഭേ സുരരാഡിവ. 51
രാജ്ഞാ സഭാജിതാഃ സർവ്വേ സുരമാനവഖേചരാഃ
കൃഷ്ണം ക്രതും ച ശംസന്തഃ സ്വധാമാനി യയുർമ്മുദാ. 52
ദുര്യോധനമൃതേ പാപം കലിം കുരുകുലാമയം
യോ, ന സേഹേ ശ്രിയം സ്ഫീതാം ദൃഷ്ട്വാ പാണ്ഡുസുതസ്യ
താം. 53
യ ഇദം കീർത്തയേദ്വിഷ്ണോഃ കർമ്മ ചൈദ്യവധാദികം
രാജമോക്ഷം വിതാനം ച സർവ്വപാപൈഃ പ്രമുച്യതേ. 54

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ശിശുപാലവധോ നാമ ചതുഃസപ്തതിതമോഽധ്യായഃ

പഞ്ചസപ്തതിതമോഽധ്യായഃ

രാജോവാച

അജാതശത്രോസ്തം ദൃഷ്ട്വാ രാജസൂയമഹോദയം
സർവ്വേ മുമുദിരേ, ബ്രഹ്മൻ, നൃദേവാ യേ സമാഗതാഃ. 1
ദുര്യോധനം വർജ്ജയിത്വാ രാജാനഃ സർഷയഃ സുരാഃ
ഇതി ശ്രുതം, നോ ഭഗവംസ്തത്ര കാരണമുച്യതാം. 2

ഋഷിരുവാച

പിതാമഹസ്യ തേ യജ്ഞേ രാജസൂയേ മഹാത്മനഃ
ബാന്ധവാഃ പരിചര്യായാം തസ്യാസൻ പ്രേമബന്ധനാഃ. 3
ഭീമോ മഹാനസാധ്യക്ഷോ, ധനാധ്യക്ഷഃ സുയോധനഃ,
സഹദേവസ്തു പൂജായാം, നകുലോ ദ്രവ്യസാധനേ; 4
ഗുരുശുശ്രൂഷണേ ജിഷ്ണുഃ, കൃഷ്ണഃ പാദാവനേജനേ,
പരിവേഷണേ ദ്രുപദജാ, കർണ്ണോ ദാനേ മഹാമനാഃ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോഴം വിഭ്രമമെന്നിയേ ചേദിപൻ
കെല്പോട വാളും ധരിച്ച പരിചയും

ഉത്പലനേത്രപക്ഷീയരെയാകവേ
നിർഭരം ഭർത്സിച്ചുകൊണ്ട നിന്നീടിനാൻ. 42

അക്ഷണമബ് ഭഗവാനെഴുനേററു തൻ–
പക്ഷത്തിലുള്ള ജനത്തെ നിരോധിച്ചു

ക്രുദ്ധനായ്ത്താനേ,യെതിക്കമരാതിത–
ന്നുത്തമാങ്ഗം ഹരിച്ചാൻ സ്വചക്രത്തിനാൽ.
43

അപ്പോളവിടത്തിലുണ്ടായിതു മഹാ–
ശബ്ദകോലാഹല,മേററവും ഭീതരായ്

ജീവിതേച്ഛുക്കളായ് മണ്ടീടിനാർ ചൈദ്യ–
ഭൂവരപക്ഷനൃപതികളാകവേ. 44

ചൈദ്യദേഹോത്ഥിതമായിടും ജ്യോതിസ്സു
സത്വരം സർവ്വജനങ്ങളും കാൺകവേ,

അച്യുതനിൽ പ്രവേശിച്ചു നേരേ, നഭോ–
വിച്യുതമാം കൊള്ളിമീൻ ഭുവി–
ലെന്നപോൽ. 45

മൂന്നു ജന്മങ്ങളിലൊന്നിനൊന്നേറിട്ട–
മുന്നതവൈരധീയോട്ട മുകുന്ദനെ

ധ്യാനിക്കയാൽ തത്സ്വരൂപനായാനവൻ
ധ്യാനദാർഢ്യം ധ്യേയസാരൂപ്യമേകിടും. 46

ഇങ്ങനെ വിഘ്നമൊഴിക്കയാലാ മഖം
മങ്ഗലമായ് പൂർത്തിയാക്കീടിനാൻ നൃപൻ

ഋത്വിക്കുകൾക്കും സദസ്യക്കുമന്ത്യമായ്
പൃഥ്വീശ്വരൻ ഭൂരിദക്ഷിണ നല്കിനാൻ.

ഏവരേയും സമച്ചിച്ചേകരാട്ടന്നൃ–
ദേവൻ കഴിച്ചാനവഭൃഥസ്നാനവും. 47

യോഗേശ്വരേശൻ ഭഗവാൻ നൃപാലൻെറ
യാഗമീവണ്ണം നടത്തിച്ചു ഭവ്യമായ്

തത്സുഹൃത്തുക്കളാലത്ഥിതനായ്ക്കുറേ–
മാസങ്ങൾകൂടിയിവിടെ വസിച്ചിതേ. 48

പിന്നെയും തന്നെപ്പിരിയുവാൻ വൈമുഖ്യ–
മാന്ന നൃപനെപ്പണിപ്പെട്ടൊരുവിധം

സമ്മതിപ്പിച്ചു സഭാര്യനായ് മന്ത്രിക–
ദംബത്തൊടും സ്വപുരം ഗമിച്ചാൻ ഹരി. 49

ഭൂസുരശാപംനിമിത്തമായ് വൈകുണ്ഠ–
വാസികളാകും ജയവിജയക്കിഹ

ജന്മം ഭവിച്ച കഥ വിസ്തരിച്ചു ഞാൻ
ചെമ്മേ കഥിച്ചിതു മുന്നം മഹീപതേ. 50

മന്നവൻ രാജസൂയാധ്വരമീവിധം
പൂർണ്ണമാക്കിച്ചെയ്തവഭൃഥസ്നാനവും

പൃഥ്വീസുരക്ഷത്രിയപൂർണ്ണമാം സഭാ–
മദ്ധ്യത്തിലിന്ദ്രനെപ്പോലെ വിളങ്ങിനാൻ. 51

പിന്നെയബ് ഭൂപനാൽ സത്കൃതരായിടും
വിണ്ണവരും നരഖേചരവർഗ്ഗവും

ഏവരുമേററവും സന്തുഷ്ടചിത്തരായ്
ശ്രീവാസുദേവഭഗവാനെയും തഥാ

യാഗത്തെയും പ്രശംസിച്ചുകൊണ്ടങ്ങു പോയ്
പൂകീടിനാരുടൻ സ്വസ്വനികേതനം. 52

പാപിഷ്ഠനായ് കലിതന്നംശമായ്ക്കുരു–
ഭൂപാന്വയാമയമായി വത്തിച്ചിടും

ദുര്യോധനനെന്നി വദ്ധിച്ച പാണ്ഡവൈ–
ശ്വര്യത്തിലാക്കുമുണ്ടായില്ലസഹ്യത. 53

ചൈദ്യവധാദി മുകുന്ദകർമ്മങ്ങളും
പൃഥ്വീശനിർമ്മോചനവും വിശിഷ്ടമാം

രാജസൂയാദ്ധ്വരവും പ്രകീർത്തിക്കുവോൻ
രാജൻ! സമസ്തദുരിതനിർമ്മുക്തനാം. 54

അദ്ധ്യായം 75

ദുര്യോധനസ്ഥലജലഭ്രാന്തി

രാജാവു പറഞ്ഞു

ബ്രഹ്മജ്ഞമൌലേ! അജാതാരിയായിടും
ധർമ്മജന്മാവു കഴിച്ച വരിഷ്ഠമാം

രാജസൂയത്തിൽ സമാഗതരാകിയ
രാജപ്രഭുക്കളും മർത്ത്യരമർത്ത്യരും

അമ്മഹായാഗമഹോദയം വീക്ഷിച്ചു
സമ്മോദമാന്നതായല്ലയോ ചൊന്നതും. 1

എന്താണു കാരണം ദുര്യോധനന്നതിൽ
സന്തോഷമേലായ്വതിന്നു മഹാമുനേ! 2

ശ്രീശുകൻ പറഞ്ഞു

അങ്ങേപ്പിതാമഹനാമമ്മഹീശൻെറ
മങ്ഗലയജ്ഞത്തിലുററവരേവരും

പ്രേമനിബദ്ധരായോരോ പണികളിൽ
സീമാധികപ്രയത്നം തുടങ്ങീടിനാർ. 3

സദ്യ നടത്തുവാൻ മാരുതനന്ദനൻ
തത്ര ധനാദ്ധ്യക്ഷനായിസ്സുയോധനൻ

ആഗതാച്ചയ്ക്കു സഹദേവനും ധനം
ശേഖരിപ്പാനായ് നകുലനും നിന്നിതു. 4

സജ്ജനശുശ്രൂഷ നേരേ നടത്തുവാ–
നജ്ജുനൻ കാൽകഴുകിക്കുവാൻ കൃഷ്ണനും

കണ്ണൻ കൊടുപ്പിനും പാഞ്ചാലനന്ദിനി
തന്നെ വിളമ്പിനുമേപ്പെട്ടിരുന്നിതു. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുയുധാനോ വികർണ്ണശ്ച ഹാർദ്ദിക്യോ വിദുരാദയഃ
ബാഹ്ലീകപുത്രാ ഭൂര്യാദ്യാ യേ ച സന്തർദ്ദനാദയഃ. 6
നിരൂപിതാ മഹായജ്ഞേ നാനാകർമ്മസു തേ തദാ
പ്രവർത്തന്തേ സ്മ രാജേന്ദ്ര! രാജ്ഞഃ പ്രിയചികീർഷവഃ. 7
ഋത്വിക്സദസ്യബഹുവിത്സു സുഹൃത്തമേഷു
സ്വിഷ്ടേഷു സൂനൃതസമർഹണദക്ഷിണാഭിഃ
ചൈദ്യേ ച സാത്വതപതേശ്ചരണം പ്രവിഷ്ടേ
ചക്രുസ്തതസ്ത്വവഭൃഥസ്നപനം ദ്യുനദ്യാം. 8
മൃദങ്ഗശങ്ഖപണവധുന്ധുര്യാനകഗോമുഖാഃ
വാദിത്രാണി വിചിത്രാണി നേദുരാവഭൃഥോത്സവേ. 9
നർത്തക്യോ നനൃതുർഹൃഷ്ടാ, ഗായകാ യൂഥശോ ജഗുഃ
വീണാവേണുതലോന്നാദസ്തേഷാം സ ദിവമസ്പൃശത്. 10
ചിത്രധ്വജപതാകാഗ്രൈരിഭേന്ദ്രസ്യന്ദനാർവ്വഭിഃ
സ്വലംകൃതൈർഭടൈർഭൂപാ നിര്യയൂ രുക്മമാലിനഃ. 11
യദുസൃഞ്ജയകാംബോജകുരുകേകയകോസലാഃ
കമ്പയന്തോ ഭുവം സൈന്യൈര്യജമാനപുരഃസരാഃ. 12
സദസ്യർത്വിഗ്ദ്വിജശ്രേഷ്ഠാ ബ്രഹ്മഘോഷേണ ഭൂയസാ
ദേവർഷിപിതൃഗന്ധർവ്വാസ്തുഷ്ടുവുഃ പുഷ്പവർഷിണഃ. 13
സ്വലംകൃതാ നരാ നാര്യോ ഗന്ധസ്രഗ്ഭൂഷണാംബരൈഃ
വിലിമ്പന്ത്യോഽഭിഷിഞ്ചന്ത്യോ വിജഹ്രുർവിവിധൈ-
രസൈഃ. 14
തൈലഗോരസഗന്ധോദഹരിദ്രാസാന്ദ്രകുങ്കുമൈഃ
പുംഭിർല്ലിപ്താഃ പ്രലിമ്പന്ത്യോ വിജഹ്രുർവ്വരയോഷിതഃ. 15
ഗുപ്താ നൃഭിർന്നിരഗമന്നുപലബ്ധുമേത-
ദ്ദേവ്യോ യഥാ ദിവി വിമാനവരൈർന്നൃദേവ്യഃ
താ മാതുലേയസഖിഭിഃ പരിഷിച്യമാനാഃ
സവ്രീഡഹാസവികസദ്വദനാ വിരേജുഃ. 16
താ ദേവരാനുത സഖീൻ സിഷിചുർദൃതീഭിഃ
ക്ലിന്നാംബരാ വിവൃതഗാത്രകുചോരുമധ്യാഃ
ഔത്സുക്യമുക്തകബരാച്ച്യവമാനമാല്യാഃ
ക്ഷോഭം ദധുർമ്മലധിയാം രുചിരൈർവിഹാരൈഃ. 17
സ സമ്രാഡ് രഥമാരൂഢഃ സദശ്വം രുക്മമാലിനം
വ്യരോചത സ്വപത്നീഭിഃ ക്രിയാഭിഃ ക്രതുരാഡിവ. 18
പത്നീസംയാജാവഭൃഥ്യൈശ്ചരിത്വാ തേ തമൃത്വിജഃ
ആചാന്തം സ്നാപയാഞ്ചക്രുർഗ്ഗങ്ഗായാം സഹ കൃഷ്ണയാ. 19
ദേവദുന്ദുഭയോ നേദുർന്നരദുന്ദുഭിഭിഃ സമം
മുമുചുഃ പുഷ്പവർഷാണി ദേവർഷിപിതൃമാനവാഃ. 20
സസ്നുസ്തത്ര തതഃ സർവ്വേ വർണ്ണാശ്രമയുതാ നരാഃ
മഹാപാതക്യപി യതഃ സദ്യോ മുച്യേത കില്ബിഷാത്. 21
അഥ രാജാഹതേ ക്ഷൗമേ പരിധായ സ്വലംകൃതഃ
ഋത്വിക്സദസ്യവിപ്രാദീനാനർച്ചാഭരണാംബരൈഃ. 22
ബന്ധുജ്ഞാതിനൃപാൻ മിത്രസുഹൃദോഽന്യാംശ്ച സർവ്വശഃ
അഭീക്ഷ്ണം പൂജയാമാസ നാരായണപരോ നൃപഃ. 23
സർവ്വേ ജനാഃ സുരരുചോ മണികുണ്ഡലസ്ര-
ഗുഷ്ണീഷകഞ്ചുകദുകൂലമഹാർഘ്യഹാരാഃ
നാര്യശ്ച കുണ്ഡലയുഗാളകവൃന്ദജുഷ്ട-
വക്ത്രശ്രിയഃ കനകമേഖലയാ വിരേജുഃ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്തമനും, യുയുധാനൻ, വികർണ്ണനും
ഹാർദ്ദിക്യനും വിദുരാദികളും തഥാ
സന്തർദ്ദനാദ്യരാം ബാഹ്ലീകപുത്രരും
ബന്ധുരയജ്ഞത്തിൽ നാനാക്രിയകളിൽ
മന്നവനാകുമധർമ്മജന്മാവിനാൽ
മുന്നമേതന്നെ നിയമിതരായിതേ,
ഭൂവല്ലഭഹിതകാരികളാമവ-
രേവരും നേരേയതെല്ലാം നടത്തിനാർ. 6–7
ജ്ഞാനികളൃത്വിക്കുകളും സദസ്യരും
മാനനീയോത്തമമിത്രജനങ്ങളും
സൂനൃതവാക്യങ്ങൾകൊണ്ടുമലങ്കാര-
ദാനം ബഹുദക്ഷിണയിവയാലുമേ
അർച്ചിതന്മാരായിരിക്കവേ, ചേദിപ-
നച്യുതസാരൂപ്യമുക്തി ലഭിക്കവേ
ദേവനദിയിൽ യുധിഷ്ഠിരമന്നവൻ
നിർവ്വഹിച്ചാനങ്ങവഭൃഥസ്നാനവും. 8
ആനകശംഖമൃദംഗധുന്ധുര്യാദി
നാനാതരമാം വിചിത്രവാദ്യങ്ങൾതൻ
സ്വാനങ്ങളെങ്ങും മുഴങ്ങിയവഭൃഥ-
സ്നാനമഹോത്സവവേളയിൽ ഭൂപതേ! 9
നൃത്തമാടീ മുദാ നർത്തകീസഞ്ചയ-
മൊത്തു പാടീടിനാർ ഗായകസംഘവും.
വേണുവീണാതലവാദ്യോച്ചനാദങ്ങൾ
വാനവലോകമതിലുമെത്തീ തദാ. 10
ചിത്രധ്വജാഗ്രങ്ങളിൽ കൊടിക്കൂറകൾ
തത്തും ചതുരംഗസേനയോടൊത്തഥ
സ്വർണ്ണമാലാലംകൃതരായ് വിളങ്ങിന
മന്നവരെല്ലാം തിരിച്ചുപോയീടിനാർ. 11
കൗരവകേകയസൃഞ്ജയകാംബോജ-
വീരരും കോസലന്മാരും യദുക്കളും
സ്വാമിയെ മുൻനിർത്തിയാത്മസേനായുതം
ഭൂമിയെച്ചഞ്ചലിപ്പിച്ചു ഗമിച്ചിതേ. 12
ഋത്വിക്കുകൾ സദസ്യന്മാർ തുടങ്ങിയ
പൃഥ്വീസുരശ്രേഷ്ഠർ വേദഘോഷത്തൊടും
നിർഗ്ഗമിച്ചാർ, പിതൃഗന്ധർവ്വദേവാദി-
മുഖ്യർ പൂമാരിപൊഴിച്ചു പുകഴ്ത്തിനാർ. 13
നാരികളും നരന്മാരുമച്ചന്ദന-
ച്ചാറും സുവസ്ത്രമാല്യാഭരണങ്ങളും
കാമമണിഞ്ഞു വിവിധരസങ്ങളി-
ലാമഗ്നരായിക്കളിച്ചുപുളച്ചിതേ. 14
എണ്ണ, തൈര്, ചന്ദനം, കുങ്കുമച്ചാർ, മഞ്ഞ-
ളെന്നിവ ചേർന്നുള്ള മംഗലദ്രാവകം
പൂരുഷന്മാർ വാരി മെയ്യിൽ പുരട്ടവേ
വാരനാരീജനം തേച്ചുകുളിച്ചിതു. 15
വാനിൽ വിമാനങ്ങളിൽ സ്വർസ്ത്രീകൾപോൽ
സ്നാനോത്സവം കാണുവാൻ നൃപപത്നിമാർ
മർത്ത്യർ വഹിച്ചിട്ടും യാനങ്ങളിലേറി-
യത്യന്തമോദമോടാഗമിച്ചീടിനാർ.
മാതുലേയൻ കൃഷ്ണനും കൂട്ടകാരുമ-
ശ്ശാതോദരികളെസ്സേചനംചെയ്തിതു
അപ്പോൾ ത്രപാഹാസ്യഫുല്ലമുഖികളാ-
യപ്പദ്മലോചനമാർ വിരാജിച്ചിതേ. 16
ഭർത്തൃസഹോദരന്മാരെസ്സുഖരേയ-
മാ സ്ത്രീകൾ സേചനംചെയ്തു യന്ത്രങ്ങളാൽ.
തദ്വസനങ്ങൾ നനഞ്ഞു മെയ്യോടൊട്ടി
മദ്ധ്യവുമൂരുക്കളുമക്കുചങ്ങളും
പ്രത്യക്ഷമായ്ക്കാണുമാറും, ശ്രമത്തിനാൽ
മൂർദ്ധാവിൽനിന്നുമഴിഞ്ഞു പൂമാലകൾ
ഭൂമിയിൽ വീണും കളികൾ തുടന്നവർ
കാമുകന്മാരുടെ ചിത്തം കവർന്നിതു. 17
സമ്രാട്ടു ധർമ്മജൻ സ്വർണ്ണമാല്യങ്ങളാൽ
നന്മട്ടലംകൃതനായ് സദശ്വങ്ങളെ
പൂട്ടിയ തേരിൽ പ്രിയയൊത്തു കർമ്മസം-
യുക്തനാം യജ്ഞരാട്ടെന്നപോൽ മിന്നിനാൻ. 18
പത്നീയുതനാം നൃപതിയെക്കൊണ്ടഥ
പത്നീസംയാജമഭൃഥകർമ്മവും
ഋത്വിക്കുകളാചമനവും സ്നാനവും
ശുദ്ധഗംഗാംബുവിൽത്താൻ നടത്തിച്ചിതു. 19
മർത്ത്യരോടൊപ്പമമർത്ത്യരും ദുന്ദുഭീ-
വാദ്യമേളങ്ങളുയർത്തീ ഗുരുതരം.
വിണ്ണവരുമൃഷിമാരും പിതൃമർത്ത്യ-
വൃന്ദവും പൂമാരിതൂകിനാർ തുഷ്ടരായ്. 20
വർണ്ണാശ്രമോപേതരാം സർവ്വമർത്ത്യരു-
മന്നേരമന്നദിതന്നിൽക്കുളിച്ചിതു.
പാതകിയും ദ്രുതം പാപവിമുക്തനായ്
പൂതാശയനായ് ഭവിക്കുമതൊന്നിനാൽ. 21
പിന്നെ നൃപൻ രണ്ടു കോടിമുണ്ടും ധരി-
ച്ചന്യനഭൂഷണാലംകൃതനായ് പരം
ഋത്വിഗ്ദ്വിജക്കും സദസ്യക്കുമാകെസ്സു-
വസ്ത്രാഭരണങ്ങളേകിയർച്ചിച്ചിതേ. 22
ജ്ഞാതികളാം ബന്ധുഭൂപതിമാരെയും
സാദരം മിത്രസുഹൃന്നികരത്തെയും
അന്യരാമെല്ലാവരേയും ഹരിഭക്ത-
നന്നൃപൻ സത്കരിച്ചീടിനാൻ
വേണ്ടപോൽ. 23
വിണ്ണവർക്കൊപ്പം വിളങ്ങുമവർ, രത്ന-
കുണ്ഡലം, മാല, തലപ്പാ,വുട്ടപ്പിവ
മന്നവൻ നന്ദിച്ചരുളിയതൊക്കെയും
നന്നായണിഞ്ഞു ശോഭിച്ചു മുന്നേതിലും.
പെണ്ണുങ്ങളും കുണ്ഡലങ്ങൾ കുറുനിര-
യെന്നിവയാലേ മുഖശ്രീയിരട്ടിച്ച
പൊന്നരഞ്ഞാണമണിഞ്ഞിട്ടനുപമം
മന്നവമൗലേ! പരിലസിച്ചീടിനാർ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥർത്വിജോ മഹാശാലാ സദസ്യാ ബ്രഹ്മവാദിനഃ
ബ്രഹ്മക്ഷത്രിയവിട്ശൂദ്രാ രാജാനോ യേ സമാഗതാഃ. 25

ദേവർഷിപിതൃഭൂതാനി ലോകപാലാഃ സഹാനുഗാഃ
പൂജിതാസ്തമനുജ്ഞാപ്യ സ്വധാമാനി യയുർന്നൃപ. 26

ഹരിദാസസ്യ, രാജർഷേ, രാജസൂയമഹോദയം
നൈവാതൃപ്യൻ പ്രശംസന്തഃ പിബൻ മർത്ത്യോഽമൃതം യഥാ. 27

തതോ യുധിഷ്ഠിരോ രാജാ സുഹൃത്സംബന്ധിബാന്ധവാൻ
പ്രേമ്ണാ നിവാസയാമാസ കൃഷ്ണം ച ത്യാഗകാതരഃ. 28

ഭഗവാനപി തത്രാങ്ഗ ന്യവാത്സീത്തത്പ്രിയങ്കരഃ
പ്രസ്ഥാപ്യ യദുവീരാംശ്ച സാംബാദീംശ്ച കുശസ്ഥലീം. 29

ഇത്ഥം രാജാ ധർമ്മസുതോ മനോരഥമഹാർണ്ണവം
സുദുസ്തരം സമുത്തീര്യ കൃഷ്ണേനാസീദ്ഗതജ്വരഃ. 30

ഏകദാന്തഃപുരേ തസ്യ വീക്ഷ്യ ദുര്യോധനഃ ശ്രിയം
അതപ്യദ്രാജസൂയസ്യ മഹത്ത്വം ചാച്യുതാത്മനഃ. 31

യസ്മിൻ നരേന്ദ്രദിതിജേന്ദ്രസുരേന്ദ്രലക്ഷ്മീ-
ർന്നാനാ വിഭാന്തി കില വിശ്വസൃജോപക്ലൃപ്താഃ
താഭിഃ പതീൻ ദ്രുപദരാജസുതോപതസ്ഥേ
യസ്യാം വിഷക്തഹൃദയഃ കുരുരാഡതപ്യത്. 32

യസ്മിംസ്തദാ മധുപതേർമ്മഹിഷീസഹസ്രം
ശ്രോണീഭരേണ ശനകൈഃ ക്വണദങ്ഘ്രിശോഭം
മധ്യേ സുചാരുകുചകുങ്കമശോണഹാരം
ശ്രീമന്മുഖം പ്രചലകുണ്ഡലകുന്തളാഢ്യം. 33

സഭായാം മയക്ലൃപ്തായാം ക്വാപി ധർമ്മസുതോഽധിരാട്
വൃതോഽനുജൈർബ്ബന്ധുഭിശ്ച കൃഷ്ണേനാപി സ്വചക്ഷുഷാ. 34

ആസീനഃ കാഞ്ചനേ സാക്ഷാദാസനേ മഘവാനിവ
പാരമേഷ്ഠ്യശ്രിയാ ജുഷ്ടഃ സ്തൂയമാനശ്ച വന്ദിഭിഃ. 35

തത്ര ദുര്യോധനോ മാനീ പരീതോ ഭ്രാതൃഭിർന്നൃപ!
കിരീടമാലീ ന്യവിശദസിഹസ്തഃ ക്ഷിപൻ രുഷാ. 36

സ്ഥലേഽഭ്യഗൃഹ്ണാദ്വസ്ത്രാന്തം, ജലം മത്വാ സ്ഥലേഽപതത്,
ജലേ ച സ്ഥലവദ്ഭ്രാന്ത്യാ, മയമായാവിമോഹിതഃ. 37

ജഹാസ ഭീമസ്തം ദൃഷ്ട്വാ സ്ത്രിയോ നൃപതയോഽപരേ
നിവാര്യമാണാ അപ്യങ്ഗ! രാജ്ഞാ കൃഷ്ണാനുമോദിതാഃ. 38

സ വ്രീഡിതോഽവാഗ്വദനോ രുഷാ ജ്വലൻ
നിഷ്ക്രമ്യ തൂഷ്ണീം പ്രയയൗ ഗജാഹ്വയം
ഹാഹേതി ശബ്ദഃ സുമഹാനഭൂത് സതാ-
മജാതശത്രുർവ്വിമനാ ഇവാഭവത്
ബഭൂവ തൂഷ്ണീം ഭഗവാൻ ഭുവോ ഭരം
സമുജ്ജിഹീർഷുർഭ്രമതി സ്മ യദ്ദൃശാ. 39

ഏതത്തേഽഭിഹിതം രാജൻ! യത് പൃഷ്ടോഽഹമിഹ ത്വയാ
സുയോധനസ്യ ദൗരാത്മ്യം രാജസൂയേ മഹാക്രതൗ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ദുര്യോധനമാനഭങ്ഗോ നാമ പഞ്ചസപ്തതിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെക്കലീനരാമൃത്വിക്കുകളും, സഭ-
തന്നിലെഴും വേദവാദിമഹീസുരർ
തത്രസമാഗതരാം മഹീപാലകർ
പൃഥ്വീസുരക്ഷത്രിയവൈശ്യശൂദ്രരും
ദേവർഷി ഭൂതപിതൃക്കളും സഹാനുഗ-
ദേവേന്ദ്രമുഖ്യജഗത്പാലസംഘവും
അർച്ചിതരായന്നൃപനോടു യാത്രയും-
പൃച്ഛിച്ചു പോയിതേ സ്വസ്വ-
ഗേഹങ്ങളിൽ. 25-26

നാരായണപരനായ രാജാവിന്റെ-
യീ രാജസൂയമഹോദയത്തെപ്പരം
എത്ര വാഴ്ത്തീട്ടുമലമ്മതിവന്നീല
മർത്ത്യർക്കു പീയൂഷഭക്തിയിലെന്നപോൽ. 27

മന്നവനാം ധർമ്മജന്മാവനന്തരം
തന്നുടെ മിത്രസംബന്ധിജനത്തെയും
കണ്ണനേയും പ്രേമവായ്പാൽ പിരിയുന്ന
ഖിന്നതയാലങ്ങു താമസിപ്പിച്ചിതേ. 28

ധർമ്മജൻതൻ ഹിതകാരിയാം മാധവൻ
സാംബാദ്യരേയും യദുവരന്മാരെയും
ദ്വാരകയ്ക്കായി മടക്കിയയച്ചു തൻ-
ദാരങ്ങളോടൊത്തവിടെ വസിച്ചിതേ. 29

ഇത്ഥമാ രാജർഷി ധർമ്മജന്മാവു ദു-
ുസ്തരമായ മനോരഥസാഗരം
ദൈത്യാരിദേവസഹായംനിമിത്തമാ-
യുത്തരിച്ചാവസിച്ചാൻ നിർവ്വിചാരനായ്. 30

അച്യുതാത്മാവാകുമന്നൃപൻതന്നുടെ
മെച്ചമേറീടുമന്തഃപുരഭൂതിയും
ആര്യമാം രാജസൂയത്തിൻ മഹത്ത്വവും
ദുര്യോധനൻ കണ്ടൊരുനാൾ തപിച്ചിതേ. 31

ദാനവശില്പി മയൻ തീർത്തൊരീ രാജ-
ധാനി നരേന്ദ്രദൈത്യേന്ദ്രസുരേശ്വരർ
മേവും പുരങ്ങളിലാളുമൈശ്വര്യങ്ങൾ
സർവ്വവും പൂണ്ടുന്നു, പാഞ്ചാലനന്ദിനി
ഇത്തരമൈശ്വര്യവൃദ്ധിയിൽ മഗ്നയായ്
ഭർത്തൃസംസേവനമാചരിക്കുന്നിതു.
ഇങ്ങനെ ചിന്തിച്ചസൂയയാലക്കുരു-
പുങ്ഗവനേററം പരിതപിച്ചീടിനാൻ. 32

ഉന്നതശ്രോണിതൻ ഭാരംനിമിത്തമായ്
മന്ദം ചരിപ്പവർനൂപുരങ്ങൾക്കെഴും
അഞ്ചിതശബ്ദത്തൊടാഭയാളും പദം
തഞ്ചുന്നവർ കൃശമദ്ധ്യമിയന്നവർ
കുങ്കുമപങ്കംപുരണ്ട കുചങ്ങളിൽ
തങ്കിച്ചുവന്ന ഹാരങ്ങളണിഞ്ഞവർ
ചഞ്ചലത്കുണ്ഡലകുന്തളസംയുതർ
മഞ്ജുളാസ്യാബ്ജോല്ലസിതരുമായിടും
ഉത്പലനേത്രപത്നീസഹസ്രത്തെയു-
മപ്പോൾ സുയോധനൻ തത്ര കണ്ടീടിനാൻ. 33

അന്നൊരുനാൾ മയനിർമ്മിതമാം സഭ-
തന്നിൽ സഹജരും ബാന്ധവവൃന്ദവും
കണ്ണനാം ഭഗവാൻ മുകുന്ദനും ചൂഴ്ന്നിടും
മന്നോരിൽ മന്നനായീടും യുധിഷ്ഠിരൻ
സാർവ്വഭൗമാഖിലസമ്പത്സമേതനായ്
സർവ്വവന്ദിവ്രാതസംസ്തുതനായ് പരം
സ്വർണ്ണസിംഹാസനംതന്നിൽ സ്ഥിതിചെയ്തു
വിണ്ണവർകോനെന്നപോലെ വിളങ്ങി-
നാൻ. 34-35

പൊന്നിൻകിരീടവും നന്മണിമാലയും
നന്നായണിഞ്ഞു ഗർവ്വിഷ്ഠൻ സുയോധനൻ
ഉന്നതമാം തൻ പ്രഭാവമവരേയു-
മൊന്നു കാട്ടാൻ ഖഡ്ഗപാണിയായ് തന്നുടെ
ഭ്രാതാക്കളോടൊത്തു രക്ഷിജനങ്ങളെ
ക്രോധിച്ചു ഭർത്സിച്ചു ചെന്നങ്ങുകേറിനാൻ. 36

വിശ്വാതിശായിയാമസ്സഭാവൈശിഷ്ട്യ-
മാശ്ചര്യപൂർവ്വം നടന്നുകണ്ടീടവേ,
ശുദ്ധതലം ജലസ്ഥാനമെന്നോർത്തുടൻ
വസ്ത്രം തെറുത്തുപിടിച്ചു നടന്നിതു
അമ്മയൻതൻ മായയാലെ മോഹിച്ചഥ
ചെമ്മേ സ്ഥലഭ്രാന്തിമൂലമായക്ഷണം
വെള്ളത്തിലങ്ങു മറിഞ്ഞുവീണീടിനാൻ
ഭള്ളേററമാർന്ന ദുര്യോധനമന്നവൻ. 37

ഭീമനും കാമിനിമാർകളുമന്യരാം
ഭൂമീധവരുമതു നിരീക്ഷിച്ചുടൻ
ധർമ്മജന്മാവു വിലക്കിയിട്ടും കൃഷ്ണ-
സമ്മോദിതരായുറക്കെച്ചിരിച്ചിതേ. 38

ലജ്ജിച്ചുടൻ തലതാഴ്ത്തി രോഷത്തിനാ-
ലുജ്ജ്വലൻമട്ടിലിറങ്ങി മിണ്ടാതവൻ
ഹസ്തിനത്തിങ്കലേക്കാശു പോയീടിനാൻ
സത്തുക്കളെച്ചും മുഴക്കി ഹാഹാരവം.
ധർമ്മജൻ കുണ്ഠിതംപൂണ്ടു മനസ്സിനൊ-
രുന്മേഷമില്ലാത്തമട്ടിലിരുന്നിതേ.
തൻ കടാക്ഷത്താൽ സുയോധനനീ ഭ്രമ-
മങ്കുരിപ്പിച്ച ഭഗവാൻ മുരാന്തകൻ
മന്നിൻ ഭരം കുറച്ചീടുവാനുൾത്താരി-
ലുന്നുന്നവനായി മൗനംഭജിച്ചിതേ. 39

ഹേ നൃപാ! രാജസൂയത്തിൽ സുയോധനൻ-
താനസന്തുഷ്ടനാവാനെന്തു കാരണം
എന്ന ചോദ്യത്തിനു തന്മനോദോഷമാ-
ണെന്നുള്ള സംഗതിയിങ്ങനെ ചൊല്ലിനേൻ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷട്സപ്തതിതമോ/ധ്യായഃ

ശ്രീശുക ഉവാച
അഥാന്യദപി കൃഷ്ണസ്യ ശൃണു കർമ്മാദ്ഭുതം നൃപ,
ക്രീഡാനരശരീരസ്യ യഥാ സൗഭപതിർഹതഃ. 1
ശിശുപാലസഖഃ സാല്വോ രുക്മിണ്യുദ്വാഹ ആഗതഃ
യദുഭിർന്നിർജ്ജിതഃ സങ്ഖ്യേ ജരാസന്ധാദയസ്തഥാ. 2
സാല്വഃ പ്രതിജ്ഞാമകരോച്ഛൃണ്വതാം സർവ്വഭൂഭുജാം,
''അയാദവീം ക്ഷ്മാം കരിഷ്യേ പൗരുഷം മമ പശ്യത.'' 3
ഇതി മൂഢഃ പ്രതിജ്ഞായ ദേവം പശുപതിം പ്രഭും
ആരാധയാമാസ, നൃപ, പാംസുമുഷ്ടിം സകൃദ്ഗ്രസൻ. 4
സംവത്സരാന്തേ ഭഗവാനാശുതോഷ ഉമാപതിഃ
വരേണച്ഛന്ദയാമാസ സാല്വം ശരണമാഗതം. 5
ദേവാസുരമനുഷ്യാണാം ഗന്ധർവ്വോരഗരക്ഷസാം
അഭേദ്യം കാമഗം വവ്രേ സ യാനം വൃഷ്ണിഭീഷണം. 6
തഥേതി ഗിരിശാദിഷ്ടോ മയഃ പരപുരഞ്ജയഃ
പുരം നിർമ്മായ സാല്വായ പ്രാദാത്സൗഭമയസ്മയം. 7
സ ലബ്ധ്വാ കാമഗം യാനം തമോധാമ ദുരാസദം
യയൗ ദ്വാരാവതീം സാല്വോ വൈരം വൃഷ്ണികൃതം സ്മരൻ. 8
നിരുദ്ധ്യ സേനയാ സാല്വോ മഹത്യാ ഭരതർഷഭ!
പുരീം ബഭഞ്ജോപവനാന്യുദ്യാനാനി ച സർവ്വശഃ. 9
സഗോപുരാണി ദ്വാരാണി പ്രാസാദാട്ടാലതോളികാഃ
വിഹാരാൻ സ വിമാനാഗ്ര്യാന്നിപേതുഃ ശസ്ത്രവൃഷ്ടയഃ. 10
ശിലാ ദ്രുമാശ്ചാശനയഃ സർപ്പാ ആസാരശർക്കരാഃ
പ്രചണ്ഡശ്ചക്രവാതോ/ഭൂദ്രജസാ//ച്ഛാദിതാ ദിശഃ. 11
ഇത്യർദ്ദ്യമാനാ സൗഭേന കൃഷ്ണസ്യ നഗരീ ഭൃശം
നാഭ്യപദ്യത ശം രാജംസ്ത്രിപുരേണ യഥാ മഹീ. 12
പ്രദ്യുമ്നോ ഭഗവാൻ വീക്ഷ്യ ബാധ്യമാനാ നിജാഃ പ്രജാഃ
''മാ ഭൈ''ഷ്ടേത്യഭ്യധാദ്വീരോ രഥാരൂഢോ മഹായശാഃ. 13
സാത്യകിശ്ചാരുദേഷ്ണശ്ച സാംബോ/ക്രൂരഃ സഹാനുജഃ
ഹാർദ്ദിക്യോ ഭാനുവിന്ദശ്ച ഗദശ്ച ശുകസാരണൗ. 14
അപരേ ച മഹേഷ്വാസാ രഥയൂഥപയൂഥപാഃ
നിര്യയുർദ്ദംശിതാ ഗുപ്താ രഥേഭാശ്വപദാതിഭിഃ. 15
തതഃ പ്രവവൃതേ യുദ്ധം സാല്വാനാം യദുഭിഃ സഹ
യഥാസുരാണാം വിബുധൈസ്തുമുലം ലോമഹർഷണം. 16
താശ്ച സൗഭപതേർമ്മായാ ദിവ്യാസ്ത്രൈ രുക്മിണീസുതഃ
ക്ഷണേന നാശയാമാസ നൈശം തമ ഇവോഷ്ണഗുഃ. 17
വിവ്യാധ പഞ്ചവിംശത്യാ സ്വർണ്ണപുങ്ഖൈരയോമുഖൈഃ
സാല്വസ്യ ധ്വജിനീപാലം ശരൈഃ സന്നതപർവ്വഭിഃ. 18
ശതേനാതാഡയത്സാല്വമേകൈകേനാസ്യ സൈനികാൻ
ദശഭിർദ്ദശഭിർന്നേതൄൻ വാഹനാനി ത്രിഭിസ്ത്രിഭിഃ. 19
തദദ്ഭുതം മഹത്കർമ്മ പ്രദ്യുമ്നസ്യ മഹാത്മനഃ
ദൃഷ്ട്വാ തം പൂജയാമാസുഃ സർവ്വേ സ്വപരസൈനികാഃ. 20
ബഹുരൂപൈകരൂപം തദ്ദൃശ്യതേ ന ച ദൃശ്യതേ
മായാമയം മയകൃതം ദുർവ്വിഭാവ്യം പരൈരഭൂത്. 21
ക്വചിദ്ഭൂമൗ, ക്വചിദ്വ്യോമ്നി, ഗിരിമൂർദ്ധ്നി, ജലേ ക്വചിത്
അലാതചക്രവദ്ഭ്രാമ്യത്സൗഭം തദ്ദുരവസ്ഥിതം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 76

സാല്വയുദ്ധം

ശ്രീശുകൻ പറഞ്ഞു
മന്നവാ! മർത്ത്യശരീരം ധരിച്ചിട്ടും
കണ്ണന്റെ മറ്റൊരത്യദ്ഭുതകർമ്മവും
ചൊല്ലീടുവൻ ഭവാനോടു കേട്ടീടുക
സാല്വനൃപനെ വധിച്ചതാണക്കഥ. 1
വൈദർഭിതൻ വിവാഹത്തിനെത്തീടിന
ചേദിമഹീശസുഹൃത്തായ സാല്വനെ
വെന്നിതു യാദവന്മാരജ്ജരാസന്ധ-
മന്നൻമുതൽപേരെയെന്നപോലാജിയിൽ. 2
''ക്ഷോണിയെ യാദവഹീനമാക്കീടുവൻ
കാണുവിൻ നിങ്ങളീയെന്നുടെ പൗരുഷം.''
എന്നന്യപന്മാരശേഷവും കേൾക്കവേ
ചൊന്നാൻ ശപഥവും സാല്വമഹീപതി. 3
ഏവമമ്മൂഢൻ പ്രതിജ്ഞകഴിച്ചുടൻ
സർവസമർത്ഥനാം ശ്രീശംഭുദേവനെ
നിത്യമൊരുപിടി മണ്ണുമാത്രം തിന്നു
ഭക്തിപൂർവം സമാരാധനംചെയ്തിതേ. 4
ക്ഷിപ്രപ്രസാദി ഭഗവാനുമേശ്വരൻ
സുപ്രീതനായ് വന്നു വർഷാന്തവേളയിൽ
കില്ലററു വേണ്ട വരത്താൽ പ്രപന്നനാം
സാല്വനെയ്പ്പൂർണ്ണനാക്കീടിനാൻ. 5
ദേവാസുരക്കും, നരക്കും ഭുജങ്ഗഗ-
ന്ധർവരക്ഷോഗണങ്ങൾക്കുമഭേദ്യമായ്
കാമഗമായ് വൃഷ്ണിഭീഷണമായൊരു
ഭീമമാം യാനമവൻ വരിച്ചീടിനാൻ. 6
ആട്ടെ നിനക്കിതിരിക്കട്ടെയെന്നുടൻ
രാട്ടിനോടോതിയരിപുരം വെൽവതായ്
ലോഹങ്ങളാൽ മയൻ തീർത്ത സൗഭാഖ്യമാം
മാഹാത്മ്യമാളും പുരം ഹരനേകിനാൻ. 7
കാമഗമായി ദുരാസദമായ്ത്തമോ-
ധാമമാമപ്പുരം കിട്ടിയമാത്രയിൽ
നേരേ യദുജനവൈരം സ്മരിച്ചവൻ
ദ്വാരാവതിയിലേക്കായ്പ്പുറപ്പെട്ടിതേ. 8
പാരിച്ച സേനയോടൊത്തുതാൻ സത്വരം
ദ്വാരാവതിയെ നിരോധിച്ചുകൊണ്ടവൻ
ആരാമരാജിയുപവനപൂരവും
തീരെ നശിപ്പിച്ചിതു ഭരതർഷഭാ! 9
മന്ദിരഗോപുരദ്വാരങ്ങളും സൗധ-
വൃന്ദവും ക്രീഡാഗൃഹങ്ങളുമാകവേ
ചെന്നങ്ങിടിച്ചുതകർത്താൻ വിമാനത്തിൽ-
നിന്നു ശരവർഷവും ചൊരിഞ്ഞീടിനാൻ. 10
വൃക്ഷങ്ങളാം വൻകല്ലിടിത്തീഭുജഗങ്ങളും
രൂക്ഷതരമാം ശിലാമാരിയും പരം
വീണു ഭുവിൽച്ചുഴൽക്കാററടിച്ചോർന്നമേ
കാണാതെയായ്പ്പൊടിമൂടിദിക്കൊക്കെയും. 11
ഇത്ഥമസ്സൗഭവിമാനത്തിനാൽ കൃഷ്ണ-
പത്തനമേററവും മർദ്ദിതമാകവേ
മുന്നം പുരപീഡിതമായ മേദിനി-
യെന്നവണ്ണം സൗഖ്യഹീനമായ്ത്തീർന്നിതു. 12
ശൗരീസമാനനായ് കീർത്തിമാനായ് പരം
ധീരനായീടുമപ്രദ്യുമ്നനക്ഷണം
സ്വപ്രജാസങ്കടം കണ്ടൊരു തേരേറി-
''യല്ലവും പേടിച്ചിടായ്‌വി'' നെന്നോതി-
നാൻ. 13
സാത്യകിയും ചാരുദേഷ്ണൻ ഗദൻ സാംബ-
ഹാർദ്ദിക്യർ ഭാനുബിംബൻ ശുകൻ സാരണൻ
സാനുജനക്രൂരനന്യവില്ലാളികൾ
നാനാരഥാദിസംഘാധിപപാലരും
ആന തേർ കാലാൾ തുരങ്ഗമിവ ചേർന്ന
സേനയോടൊത്തു ബഹിർഗ്ഗമിച്ചീടിനാൻ.
14-15
പിന്നെസ്സുരാസുരർതമ്മിൽ തുമുലമായ്
മുന്നമുണ്ടായ രണത്തോടുതുല്യമായ്
ഘോരമായ് രോമാഞ്ചമാക്കുമുണ്ടാംവിധം
പോരു നടത്തീയവനോടു യാദവർ
സാല്വനൃപതിതൻ മായകൾ പ്രദ്യുമ്ന-
നെല്ലാം നശിപ്പിച്ചു ദിവ്യാസ്ത്രശക്തിയാൽ
രാത്രിയിലുണ്ടായിടുമിരുട്ടാകവേ
മാർത്താണ്ഡനംശുക്കളാലെന്നപോലവേ. 17
പൊൻപിടിയാർന്നിട്ടിരിമ്പുമുനയാളു-
മമ്പിരുപത്തഞ്ചുകൊണ്ടക്കുമാരകൻ
വേഗത്തിലസ്സാല്വഭൂപസൈന്യങ്ങൾത-
ന്നേകാധിപനെ മുറിപ്പെടുത്തീടിനാൻ. 18
നൂറു ശരത്താൽ മുറിച്ചിതു സാല്വനെ
ഓരോന്നുകൊണ്ടു തത്സൈനികന്മാരെയും
ഖണ്ഡിതമായ് പതുപ്പത്തിനാൽ സാരഥി-
വൃന്ദവും മുമ്മൂന്നിനാൽ വാഹനൗഘവും. 19
പ്രദ്യുമ്നവീരന്റെയീ മഹദദ്ഭുത-
കൃത്യം സ്വപക്ഷത്തിലുള്ള ജനങ്ങളും
ശത്രുപക്ഷക്കാരുമേവരും വീക്ഷിച്ചു
വാഴ്ത്തിപ്പരം ബഹുമാനിച്ചു സത്വരം. 20
മായാപടുവാം മയൻ വിരചിച്ചതാ-
മീയൊരു യാനം ചിലപ്പോളനേകമാം
കാണുകയില്ല ചിലസമയത്തിതു
മാനസത്താലും വിഭാവ്യമല്ലേതുമേ. 21
ഭുവിലൊരിക്ക,ലൊരിക്കലാകാശത്തു,
പർവതശൃങ്ഗത്തിലാം ചിലവേളയിൽ
വെള്ളത്തിലെന്നാമൊരിക്കലീമട്ടു തീ-
ക്കൊള്ളിപോൽച്ചുററിത്തിരിയുമീ വാഹനം
എങ്ങും സ്ഥിരസ്ഥിതിയെന്നിയേ സർവ്വത്ര
ഭങ്ഗമിയലാതെ കാണുമാറായിതു. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്ര യത്രോപലക്ഷ്യേത സസൗഭഃ സഹസൈനികഃ
സാല്വസ്തതസ്തതോഽമുഞ്ചൻ ശരാൻ സാത്വതയൂഥപാഃ. 23
ശരൈരഗ്ന്യർക്കസംസ്പർശൈരാശീവിഷദുരാസദൈഃ
പീഡ്യമാനപുരാനീകഃ സാല്വോഽമുഹ്യത് പരേരിതൈഃ. 24
സാല്വാനീകപശസ്ത്രൗഘൈർവൃഷ്ണിവീരാ ഭൃശാർദ്ദിതാഃ
ന തത്യജൂ രണം സ്വം സ്വം ലോകദ്വയജിഗീഷവഃ. 25
സാല്വാമാത്യോ ദ്യുമാൻ നാമ പ്രദ്യുമ്നം പ്രാക് പ്രപീഡിതഃ
ആസാദ്യ ഗദയാ മൗർവ്യാ വ്യാഹത്യ വ്യനദദ് ബലീ. 26
പ്രദ്യുമ്നം ഗദയാ ശീർണ്ണവക്ഷഃസ്ഥലമരിന്ദമം
അപോവാഹ രണാത് സൂതോ ധർമ്മവിദ്ദാരുകാത്മജഃ. 27
ലബ്ധസംജ്ഞോ മുഹൂർത്തേന കാർഷ്ണിഃ സാരഥിമബ്രവീത്,
''അഹോ അസാധ്വിദം സൂത, യദ്രണാന്മേഽപസർപ്പണം. 28
ന യദൂനാം കുലേ ജാതഃ ശ്രൂയതേ രണവിച്യുതഃ
വിനാ മത്ക്ലീബചിത്തേന സൂതേന പ്രാപ്തകില്ബിഷാത്. 29
കിം നു വക്ഷ്യേഽഭിസങ്ഗമ്യ പിതരൗ രാമകേശവൗ
യുദ്ധാത് സമ്യഗപക്രാന്തഃ പൃഷ്ടസ്തത്രാത്മനഃ ക്ഷമം. 30
വ്യക്തം മേ കഥയിഷ്യന്തി ഹസന്ത്യോ ഭ്രാതൃജാമയഃ
ക്ലൈബ്യം കഥം കഥം വീര! തവാന്യൈഃ കഥ്യതാം മൃധേ.'' 31

സാരഥിരുവാച

ധർമ്മം വിജാനതാഽഽയുഷ്മൻ! കൃതമേതന്മയാ വിഭോ!
സൂതഃ കൃച്ഛ്റഗതം രക്ഷേദ്രഥിനം സാരഥിം രഥീ. 32
ഏതദ്വിദിത്വാ തു ഭവാൻ മയാപോവാഹിതോ രണാത്
ഉപസൃഷ്ടഃ പരേണേതി മൂർച്ഛിതോ ഗദയാ ഹതഃ. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
സാല്വയുദ്ധേ ഷട്സപ്തതിതമോഽധ്യായഃ

സപ്തസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

സ തൂപസ്പൃശ്യ സലിലം ദംശിതോ ധൃതകാർമ്മുകഃ
''നയ മാം ദ്യുമതഃ പാർശ്വം'', വീരസ്യേത്യാഹ സാരഥിം. 1
വിധമന്തം സ്വസൈന്യാനി ദ്യുമന്തം രുക്മിണീസുതഃ
പ്രതിഹത്യ പ്രത്യവിധ്യന്നാരാചൈരഷ്ടഭിഃ സ്മയൻ. 2
ചതുർഭിശ്ചതുരോ വാഹാൻ സൂതമേകേന ചാഹനത്
ദ്വാഭ്യാം ധനുശ്ച കേതും ച ശരേണാന്യേന വൈ ശിരഃ. 3
ഗദസാത്യകിസാംബാദ്യാ ജഘ്നുഃ സൗഭപതേർബ്ബലം
പേതുഃ സമുദ്രേ സൗഭേയാഃ സർവ്വേ സംച്ഛിന്നകന്ധരാഃ. 4
ഏവം യദൂനാം സാല്വാനാം നിഘ്നതാമിതരേതരം
യുദ്ധം ത്രിണവരാത്രം തദഭൂത്തുമുലമുല്ബണം. 5
ഇന്ദ്രപ്രസ്ഥം ഗതഃ കൃഷ്ണ ആഹൂതോ ധർമ്മസൂനുനാ
രാജസൂയേഽഥ നിർവൃത്തേ ശിശുപാലേ ച സംസ്ഥിതേ. 6
കുരുവൃദ്ധാനനുജ്ഞാപ്യ മുനീംശ്ച സസുതാം പൃഥാം
നിമിത്താന്യതിഘോരാണി പശ്യൻ ദ്വാരവതീം യയൗ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്ങെങ്ങു സൗഭവിമാനത്തൊടും സൈന്യ-
സങ്ഗതനായിട്ടു കണ്ടിതു സാല്വനെ
അങ്ങങ്ങുടനടനസ്ത്രം തുരുതുരെ
മങ്ങാതെ വിട്ടിതു യാദവവീരരും. 23

അക്കാഗ്നിസന്നിഭസ്പർശമിയന്നതാ-
യുഗ്രമാം കാളകൂടംമട്ടസഹ്യമാം
യാദവമുക്തശരനികരത്തിനാൽ
ബാധിതനായ് മോഹമാന്നു സൗഭാധിപൻ 24

സാല്വസേനാധിപശല്യങ്ങളേല്ക്കയാ-
ലല്ലലസഹ്യമായീടിലും വൃഷ്ണികൾ
ഒന്നുകിൽ മന്നതല്ലെങ്കിൽ വിണ്ണെന്നൊരു
നിർണ്ണയത്താൽ പിന്തിരിഞ്ഞതില്ലാരുമേ. 25

പീഡനം മുൻപുമപ്രദ്യുമ്നനിലണ-
ച്ചീടിന സാല്വമന്ത്രീന്ദ്രൻ ദ്യുമാൻ ബലി
കാരിരിമ്പിൻഗദകൊണ്ടവനെ ദ്രുതം
ചാരത്തണഞ്ഞടിച്ചിട്ടലറീടിനാൻ. 26

ഘോരഗദാഹതിയേററു വക്ഷഃസ്ഥലം
കീറി മോഹിക്കെയരിംദമനായിടും
പ്രദ്യുമ്നനെദ്ധർമ്മവിജ്ഞനാം ദാരുക-
പുത്രസൂതൻ രണഭൂ വിട്ടൊഴിച്ചിതു. 27

മാത്രകഴിഞ്ഞു ബോധംവീണപോതില-
പ്രദ്യുമ്നനോതിനാൻ സാരഥിതന്നോടായ്:
''യുദ്ധക്കളംവിട്ടു ദൂരത്തിലെത്തിച്ച
കൃത്യമിതേററമനുചിത''മെന്നുടൻ. 28

''ഭീരുവായുള്ളൊരു സാരഥിമൂലമായ്
തീരാക്കളങ്കമിയന്ന ഞാനെന്നിയേ
യാദവവംശജനായിട്ടൊരുത്തനെ-
ബ്ഭൂതലത്തിൽക്കാണുകില്ലതു നിർണ്ണയം. 29

യുദ്ധത്തിൽനിന്നുമപകടമേററോടി-
യെത്തിയ ഞാനെൻ പിതൃജനസന്നിധി
എന്തായ് രണമെന്നു ചോദിക്കുമായള-
വെന്തോന്നു ചൊല്ലിടും യോഗ്യ-
തയില്ലാത്തതായ്. 30

പിന്തിരിഞ്ഞാജിയിലോടിയോരെന്നെയാ
സ്വന്തസഹോദരകാന്തമാർ കാണവേ
പോരിലങ്ങേദ്ധൈര്യമെങ്ങോട്ടു പോയെന്നു
പാരം ഹസിച്ചുടൻ ചോദിച്ചിടും ദൃഢം.'' 31

സാരഥി പറഞ്ഞു

ധർമ്മത്തെ നേരേയറിഞ്ഞുതാനീവിധം
കർമ്മമായുഷ്മൻ! മുറയ്ക്കനുഷ്ഠിച്ച ഞാൻ
സ്വാമിയാപന്നനാംവേളയിൽ സൂതനു-
മാമട്ടു സൂതനെ സ്വാമിയും കാക്കണം. 32

ശത്രുഗദയാൽ ഹതനായവശത-
മെത്തിബ്ഭവാൻ മൂർച്ഛിതനായിരിക്കയാൽ
യുദ്ധധർമ്മത്തെയറിഞ്ഞിട്ടുതന്നെയാ-
ണിത്രദൂരം പിന്തിരിച്ചതു ഞാൻ വിഭോ! 33

അദ്ധ്യായം 77

സാല്വവധം

ശ്രീശുകൻ പറഞ്ഞു

പ്രദ്യുമ്നനാശു കൈകാലുകൾ നല്ലപോൽ
ശുദ്ധമാക്കിച്ചട്ടയിട്ടാന്നു ചാപവും
''സത്വരമെന്നെ ദ്യുമാൻതന്നരികത്തി-
ലെത്തിക്ക''യെന്നു തേരാളിയോടോതിനാൻ. 1

തന്നുടെ സൈന്യത്തെ നഷ്ടമാക്കും ദ്യുമാൻ-
തന്നേക്കു പാഞ്ഞെത്തി രുക്മിണീനന്ദനൻ
പെട്ടെന്നു വിൽപൂട്ടിയെട്ടു ക്ഷുരമ്പുകൾ
വിട്ടക്ഷണത്തിൽ പ്രതിക്രിയചെയ്തിതു. 2

എന്നതിൽ നാലിനാലശ്വങ്ങൾ നാലിനെ-
ക്കൊന്നു, വേറൊന്നിനാൽ സാരഥിതന്നെയും,
പിന്നൊന്നിനാൽ ദ്യുമാൻതൻ കയ്യിലെ വില്ലു
ഭിന്നമാക്കീട്ടുടൻ മറെറാരസ്ത്രത്തിനാൽ
തദ്ധ്വജം വീഴ്ത്തി,യൊരമ്പുകൊണ്ടാശു ത-
ദുത്തമാങ്ഗത്തെയും ഛേദിച്ചുവീഴ്ത്തിനാൻ. 3

സാത്യകിസാംബഗദാദിയദുവീരർ
സത്വരം സാല്വസൗഭസ്ഥിതസേനയെ
അമ്പുകൾ വിട്ടു തലകളറുത്തറു-
ത്തംഭോധിതന്നില വീഴ്ത്തീടിനാരക്ഷണം. 4

അന്യോന്യമീവിധം സംഹരിക്കുന്നൊരു
ജന്യമസ്സാല്വനും യാദവന്മാരുമായ്
അത്യന്തഭീകരമായിത്തുടന്നിരു-
പത്തേഴനാം നീണ്ടുനിന്നു കുരൂദ്വഹാ! 5

ധർമ്മജാതൻ ക്ഷണിച്ചീടുകമൂലമാ-
യമ്മുരവൈരിയിന്ദ്രപ്രസ്ഥപട്ടണം
പൂകി നലമൊടു രാജസൂയാഭിധ-
യാഗം വെടിപ്പായ് നടത്തിച്ചു, ചൈദ്യനെ
കൊന്നിട്ടവിടെക്കുറേനാൾ വസിക്കവേ,
ദുർന്നിമിത്തങ്ങൾ പലതു നിരീക്ഷിച്ചു
കുന്തി, പാഞ്ചാലി, സുഭദ്രേ, മുനീശ്വരർ,
ബന്ധുക്കളാം കുരുവൃദ്ധരിവർക്കെഴും
സമ്മതം വാങ്ങിച്ചുകൊണ്ടവിളംബിതം
ചെമ്മേ നിജപുരത്തിന്നു പോന്നീടി-
നാൻ. 6–7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഹ, ''ചാഹമിഹായാത ആര്യമിശ്രാഭിസങ്ഗതഃ
രാജന്യാശ്ചൈദ്യപക്ഷീയാ നൂനം ഹന്യുഃ പുരീം മമ.'' 8
വീക്ഷ്യ തത് കദനം സ്വാനാം നിരൂപ്യ പുരരക്ഷണം
സൗഭം ച സാല്വരാജം ച ദാരുകം പ്രാഹ കേശവഃ. 9
''രഥം പ്രാപയ മേ സൂത, സാല്വസ്യാന്തികമാശു വൈ
സംഭ്രമസ്തേ ന കർത്തവ്യോ മായാവീ സൗഭരാഡയം.'' 10
ഇത്യുക്തശ്ചോദയാമാസ രഥമാസ്ഥായ ദാരുകഃ
വിശന്തം ദദൃശുഃ സർവ്വേ സ്വേ പരേ ചാരുണാനുജം. 11
സാല്വശ്ച കൃഷ്ണമാലോക്യ ഹതപ്രായബലേശ്വരഃ
പ്രാഹരത് കൃഷ്ണസൂതായ ശക്തിം ഭീമരവാം മൃധേ. 12
താമാപതന്തീം നഭസി മഹോല്കാമിവ രംഹസാ
ഭാസയന്തീം ദിശഃ ശൗരിഃ സായകൈഃ ശതധാച്ഛിനത്. 13
തം ച ഷോഡശഭിർവിദ്ധ്വാ ബാണൈഃ സൗഭം ച ഖേ ഭ്രമത്
അവിധ്യച്ഛരസന്ദോഹൈഃ ഖം സൂര്യ ഇവ രശ്മിഭിഃ. 14
സാല്വഃ ശൗരേസ്തു ദോഃ സവ്യം സശാർങ്ഗം ശാർങ്ഗധന്വനഃ
ബിഭേദ ന്യപതദ്ധസ്താത് ശാർങ്ഗ,മാസീത്തദദ്ഭുതം. 15
ഹാഹാകാരോ മഹാനാസീദ് ഭൂതാനാം തത്ര പശ്യതാം
വിനദ്യ സൗഭരാഡുച്ചൈരിദമാഹ ജനാർദ്ദനം. 16
''യത്ത്വയാ മൂഢ, നഃ സഖ്യുർഭ്രാതുർഭാര്യാ ഹൃതേക്ഷതാം
പ്രമത്തഃ സ സഭാമധ്യേ ത്വയാ വ്യാപാദിതഃ സഖാ. 17
തം ത്വാദ്യ നിശിതൈർബാണൈരപരാജിതമാനിനം
നയാമ്യപുനരാവൃത്തിം യദി തിഷ്ഠേർമമാഗ്രതഃ.'' 18

ശ്രീഭഗവാനുവാച

''വൃഥാ ത്വം കത്ഥസേ മന്ദ! ന പശ്യസ്യന്തികേഽന്തകം
പൗരുഷം ദർശയന്തി സ്മ ശൂരാ ന ബഹുഭാഷിണഃ.'' 19
ഇത്യുക്ത്വാ ഭഗവാൻ സാല്വം ഗദയാ ഭീമവേഗയാ
തതാഡ ജത്രൗ സംരബ്ധഃ സ ചകമ്പേ വമന്നസൃക്. 20
ഗദായാം സന്നിവൃത്തായാം സാല്വസ്ത്വന്തരധീയത
തതോ മുഹൂർത്ത ആഗത്യ പുരുഷഃ ശിരസാച്യുതം
ദേവക്യാ പ്രഹിതോഽസ്മീതി നത്വാ പ്രാഹ വചോ രുദൻ. 21
''കൃഷ്ണ! കൃഷ്ണ! മഹാബാഹോ! പിതാ തേ പിതൃവത്സല!
ബദ്ധ്വാപനീതഃ സാല്വേന, സൗനികേന യഥാ പശുഃ.'' 22
നിശമ്യ വിപ്രിയം കൃഷ്ണോ മാനുഷീം പ്രകൃതിം ഗതഃ
വിമനസ്കോ ഘൃണീ സ്നേഹാദ്ബഭാഷേ പ്രാകൃതോ യഥാ. 23
''കഥം രാമമസംഭ്രാന്തം ജിത്വാജേയം സുരാസുരൈഃ
സാല്വേനാല്പീയസാ നീതഃ പിതാ മേ ബലവാൻ വിധിഃ.'' 24
ഇതി ബ്രുവാണേ ഗോവിന്ദേ സൗഭരാട് പ്രത്യുപസ്ഥിതഃ
വസുദേവമിവാനീയ കൃഷ്ണം ചേദമുവാച സഃ. 25
''ഏഷ തേ ജനിതാ താതോ യദർത്ഥമിഹ ജീവസി
വധിഷ്യേ വീക്ഷതസ്തേഽമുമീശശ്ചേത് പാഹി ബാലിശ.'' 26
ഏവം നിർഭർത്സ്യ മായാവീ ഖഡ്ഗേനാനകദുന്ദുഭേഃ
ഉത്കൃത്യ ശിര ആദായ ഖസ്ഥം സൗഭം സമാവിശത്. 27

തതോ മുഹൂർത്തം പ്രകൃതാവുപപ്ലുതഃ
സ്വബോധ ആസ്തേ സ്വജനാനുഷങ്ഗതഃ
മഹാനുഭാവസ്തദബുദ്ധ്യദാസുരീം
മായാം സ സാല്വപ്രസൃതാം മയോദിതാം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ആര്യനാം ജ്യേഷ്ഠനോടൊന്നിച്ചു ഞാൻ യാഗ-
കാര്യത്തിനായ് ക്ഷണിച്ചിങ്ങു വന്നീടിനേൻ
ചൈദ്യവധത്തിനാലേററവും ക്രുദ്ധരാം
ശത്രുക്കൾ മാമകന്യൂനതനപത്തനം
നിശ്ചയമായി നശിപ്പിച്ചുകാണു''മെ-
ന്നച്യുതൻ താനേ കഥിക്കയും ചെയ്തിതു. 8
സ്വപ്രജാസങ്കടത്തേയുമസ്സൗഭമാ-
മദ്ഭുതയാനത്തെയും തദധീശനാം
സാല്വനൃപനെയും കണ്ടു കൃഷ്ണൻ പുര-
പാലനം ചിന്തിച്ചു സൂതനോടോതിനാൻ: 9
''തേരു നീ സാല്വസമീപത്തിലേക്കുതാൻ
പാരാതെ നേരേ നടത്തുക സാരഥേ!
സംഭ്രമിച്ചീടായ്ക മായേശനാകുമീ
സൗഭാധിപനെബ്ഭയപ്പെട്ടിടേണ്ട നീ.'' 10
അക്കല്പന കേട്ടു ദാരുകൻ സാല്വന്റെ
നേർക്കു തെളിച്ചാൻ ഗരുഡാങ്കിതം രഥം.
സ്വന്തജനങ്ങളും ശത്രുക്കളും കണ്ടി-
തന്തികമെത്തുന്ന പത്രീന്ദ്രനെത്തദാ. 11
മിക്കവാറും ചത്തൊടുങ്ങിയ സേനതൻ
മുഖ്യനാം സാല്വൻ ഭഗവാനെ വീക്ഷിച്ചു
ഉത്കടശബ്ദം പുറപ്പെടുവിച്ചിടും
ശക്ത്യായുധം വൃഥാ വിട്ടിതു സൂതനിൽ. 12
ഉല്കപോൽ ശീഘ്രം നഭസ്സിൽച്ചരിപ്പതായ്
ദിക്കുകളെ പ്രകാശിപ്പിച്ചിടുന്നതാം
മായാമയമാകുമാ വേലിനെശ്ശത-
മായി നുറുക്കിനാനമ്പുകളാൽ ഹരി. 13
ഷോഡശബാണങ്ങൾകൊണ്ടഥ സാല്വനെ-
പ്പാടനംചെയ്തു വിയത്തിൽച്ചരിച്ചിടും
യാനത്തെ,യസ്ത്രങ്ങളാലെ മൂടീടിനാൻ
വാനത്തെയംശുക്കളാലർക്കനെന്നപോൽ. 14
സാല്വനശ്ശാർങ്ഗധനുസ്സോടുകൂടിയ
മല്ലാരിതന്നിടംകൈ വിഭേദിച്ചുടൻ
വില്ലു നിലത്തു പതിപ്പിച്ചു കാണിക-
ളെല്ലാമതു കണ്ടു വിസ്മയിച്ചീടിനാർ. 15
കഷ്ടശബ്ദം ജനരാശി മുഴക്കവേ-
യട്ടഹാസത്തോടും സാല്വനോതീടിനാൻ: 16
''മൂഢാ! തവ സോദരസ്ഥാനഭൂതനാ-
മീടേറുമശ്ശിശുപാലന്റെ ഭാര്യയെ
തത്സുഹൃത്തുക്കളാം ഞങ്ങളും കാൺകവേ-
യസ്സഭാമദ്ധ്യത്തിൽവച്ചു ഹരിച്ചു നീ
യുദ്ധസ്തുതിയററു വാണൊരത്തോഴനെ-
സ്സത്വരം കൊല്ലുകയും ചെയ്തതില്ലയോ? 17
ഞാനപരാജിതനാരാലുമെന്നഭി-
മാനിച്ചിടുന്ന നീയെന്മുന്നിൽ നില്ക്കുകിൽ
ശസ്ത്രങ്ങളാൽപ്പുനരാവൃത്തിഹീനമാ-
മസ്ഥലത്തേക്കയച്ചീടുവനാശു ഞാൻ.'' 18

ശ്രീഭഗവാൻ പറഞ്ഞു

''മന്ദാ, വൃഥാ പുലമ്പുന്നു, നീ ചാരത്തു
വന്നിടും മൃത്യുവെക്കാണുന്നതില്ലഹോ!
വീരർ പരാക്രമംകാട്ടുവതെന്നിയേ
വീരവാദംചെയ്യുമാറില്ല തെല്ലുമേ.'' 19
എന്നു ചൊന്നിട്ടതിവേഗമാളും ഗദ-
തന്നാലവന്റെ പിരടിക്കടിച്ചിതു.
ഘോരമത്താഡനമേററു സാല്വൻ കടും-
ചോര കവിട്ടി വിറച്ചിതു ദേഹവും. 20
ആ ഗദ വീണ്ടും ഭഗവത്സമീപത്തി-
ലാഗമിച്ചീടവേ കണ്ടീല സാല്വനെ.
ഏകപുമാൻ തദാ ശ്രീകൃഷ്ണസന്നിധി-
പൂകിപ്പദതാരിൽ വീണു നമിച്ചുടൻ
''ദേവകീദേവിതൻ ദൂതനാം ഞാ''നെന്നു-
താവിലചിത്തനായ്ച്ചൊല്ലിക്കരഞ്ഞിതു. 21
''ഹേ കൃഷ്ണ! കൃഷ്ണ! വീരാ! പിതൃവത്സലാ,
ഹാ കഷ്ട!മസ്സൗഭരാട്ടു നിന്നച്ഛനെ
ആശു പിടിച്ചുകെട്ടിക്കൊണ്ടുപോയിതു
മേഷത്തെയങ്ങു കശാപ്പുകാരൻവിധം.'' 22
മാനുഷഭാവമിയന്നീടുമാ രമാ-
ജാനിയീയപ്രിയവാക്യങ്ങൾ കേട്ടുടൻ
വ്യാകുലഹൃത്തായ് കരുണാർദ്രനായ് പരം
പ്രാകൃതൻമട്ടു സസ്നേഹം കഥിച്ചിതു: 23
''ഉമ്പരാലും ദൈത്യരാലുമജയ്യനായ്
സംഭ്രമഹീനനാം ജ്യേഷ്ഠനെ വെന്നുടൻ
തുച്ഛനാകും സാല്വനെങ്ങനെ കൊണ്ടുപോ-
യച്ഛനെ, ഹാ! വിധിവൈഭവമദ്ഭുതം.'' 24
ഗോവിന്ദനേവം കഥിക്കവേ, സൗഭരാ-
ട്ടാവിർഭവിച്ചു വസുദേവതുല്യനാം
ഏകനെത്തന്മുന്നിൽ നിർത്തിസ്സമീപിച്ചു
ശ്രീകൃഷ്ണനെക്കാട്ടിയോതിനാനീവിധം: 25
''ആർക്കുവേണ്ടീട്ടു നീ ജീവിച്ചിടുന്നിഹ
നോക്കീടുകാ നിൻ ജനകനാണീയിവൻ
കണ്ടുകൊൾകിക്ഷണം കൊല്ലുമിവനെ ഞാ-
നുണ്ടു ബലം നിനക്കെങ്കിൽത്തടുക്കുക.'' 26
എന്നു പറഞ്ഞു തൻ വാളെടുത്താനക-
ദുന്ദുഭിതൻ തല കൊയ്തെടുത്തിട്ടുടൻ
മായാപടുവവനാകാശസംസ്ഥിത-
മായീടുമാ വിമാനത്തിലേറീടിനാൻ. 27
താതനെക്കൊന്നതു കാൺകയാൽ തെല്ലിട
ബോധസ്വരൂപനെന്നാലും ജനാർദ്ദനൻ
മർത്ത്യസാധാരണമാമത്തലാർന്നിതു,
പാർത്താനതു സാല്വമായയെന്നക്ഷണം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന തത്ര ദൂതം ന പിതുഃ കളേബരം
പ്രബുദ്ധ ആജൗ സമപശ്യദച്യുതഃ
സ്വാപ്നം യഥാ ചാംബരചാരിണം രിപും
സൗഭസ്ഥമാലോക്യ നിഹന്തുമുദ്യതഃ. 29

ഏവം വദന്തി രാജർഷേ ഋഷയഃ കേ ച നാന്വിതാഃ
യത് സ്വവാചോ വിരുധ്യേത നൂനം തേ ന സ്മരന്ത്യുത. 30

ക്വ ശോകമോഹൗ സ്നേഹോ വാ ഭയം വാ യേഽജ്ഞസംഭവാഃ
ക്വ ചാഖണ്ഡിതവിജ്ഞാനജ്ഞാനൈശ്വര്യസ്ത്വഖണ്ഡിതഃ. 31

യത്പാദസേവോർജ്ജിതയാഽഽത്മവിദ്യയാ
ഹിന്വന്ത്യനാദ്യാത്മവിപര്യയഗ്രഹം
ലഭന്ത ആത്മീയമനന്തമൈശ്വരം
കുതോ നു മോഹഃ പരമസ്യ സദ്ഗതേഃ. 32

തം ശസ്ത്രപൂഗൈഃ പ്രഹരന്തമോജസാ
സാല്വം ശരൈഃ ശൗരിരമോഘവിക്രമഃ
വിദ്ധ്വാച്ഛിനദ്വർമ്മ ധനുഃ ശിരോമണിം
സൗഭം ച ശത്രോർഗ്ഗദയാ രുരോജ ഹ. 33

തത് കൃഷ്ണഹസ്തേരിതയാ വിചൂർണ്ണിതം
പപാത തോയേ ഗദയാ സഹസ്രധാ
വിസൃജ്യ തദ് ഭൂതലമാസ്ഥിതോ ഗദാ-
മുദ്യമ്യ സാല്വോഽച്യുതമഭ്യഗാദ് ദ്രുതം. 34

ആധാവതഃ സഗദം തസ്യ ബാഹും
ഭല്ലേന ഛിത്വാഥ രഥാങ്ഗമദ്ഭുതം
വധായ സാല്വസ്യ ലയാർക്കസന്നിഭം
ബിഭ്രദ് ബഭൗ, സാർക്ക ഇവോദയാചലഃ. 35

ജഹാര തേനൈവ ശിരഃ സകുണ്ഡലം
കിരീടയുക്തം പുരുമായിനോ ഹരിഃ
വജ്രേണ വൃത്രസ്യ യഥാ പുരന്ദരോ;
ബഭൂവ ഹാഹേതി വചസ്തദാ നൃണാം. 36

തസ്മിൻ നിപതിതേ പാപേ സൗഭേ ച ഗദയാ ഹതേ
നേദുർദ്ദുന്ദുഭയോ, രാജൻ, ദിവി ദേവഗണേരിതാഃ
സഖീനാമപചിതിം കുർവ്വൻ ദന്തവക്ത്രോ രുഷാഭ്യഗാത്. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
സൗഭവധോ നാമ സപ്തസപ്തതിതമോഽധ്യായഃ

അഷ്ടസപ്തതിതമോഽധ്യായഃ

ശ്രീശുക ഉവാച

ശിശുപാലസ്യ സാല്വസ്യ പൗണ്ഡ്രകസ്യാപി ദുർമ്മതിഃ
പരലോകഗതാനാം ച കുർവ്വൻ പാരോക്ഷ്യസൗഹൃദം. 1

ഏകഃ പദാതിഃ സംക്രുദ്ധോ ഗദാപാണിഃ പ്രകമ്പയൻ
പദ്ഭ്യാമിമാം മഹാരാജ! മഹാസത്ത്വോ വ്യദൃശ്യത. 2

തം തഥാഽഽയാന്തമാലോക്യ ഗദാമാദായ സത്വരഃ
അവപ്ലുത്യ രഥാത് കൃഷ്ണഃ സിന്ധും വേലേവ പ്രത്യധാത്. 3

ഗദാമുദ്യമ്യ കാരൂഷോ മുകുന്ദം പ്രാഹ ദുർമ്മദഃ
''ദിഷ്ട്യാ ദിഷ്ട്യാ ഭവാനദ്യ മമ ദൃഷ്ടിപഥം ഗതഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വപ്നപദാർത്ഥം പ്രബുദ്ധൻവധം, ഹരി–
യപ്പിതൃദേഹവും തേരാളിതന്നെയും

കണ്ടീല, സൗഭസ്ഥനായുടൻ സാല്വനെ–
ക്കണ്ടു ഹനിപ്പതിനായ് മുതിർന്നീടിനാൻ. 29

ധർമ്മജരാജസൂയത്തിനു രാമന്റെ
സമ്മതം വാങ്ങിബ്ഭഗവാൻ ഗമിച്ചതായ്

മുന്നമേ ചൊന്നിട്ടു രോഹിണീപുത്രനോ–
ടൊന്നിച്ചു നിർഗ്ഗമിച്ചെന്നായനന്തരം

പൂർവാപരവിരോധത്തെ സ്മരിക്കാതെ
നിർവചിക്കുന്നിതു മാമുനിമാർ ചിലർ. 30

ബോധവിഹീനർതൻ ശോകമോഹങ്ങളും
ഭീതിയും സ്നേഹവുമെങ്ങോർത്തുകാണുകിൽ

പൂർണ്ണനായ് ജ്ഞാനവിജ്ഞാനവിഭൂതിക–
ളാർന്നു വിളങ്ങിടുമീശ്വരനെങ്ങുതാൻ? 31

ആരുടെ പാദാബ്ജസേവയാൽ പുഷ്ടമായ്–
ത്തീരുമാത്മജ്ഞാനമാളുന്ന സജ്ജനം

നശ്യശരീരാത്മബുദ്ധി നശിപ്പിച്ചു
ശാശ്വതാത്മസ്വരൂപം ധരിക്കുന്നുവോ

അങ്ങനെയുള്ള സൽപ്രാപ്യനാകും പര–
നെങ്ങനെ വിഭ്രമം സംഗതമായിടും? 32

ശസ്ത്രചയംകൊണ്ടതുലബലത്തോടും
ശത്രുക്കളെ പ്രഹരിക്കുമസ്സാല്വനെ

ദണ്ഡിച്ചു ചട്ടയും വില്ലും കിരീടവും
കണ്ണൻ തകർത്താൻ ഗദകൊണ്ടു സൗഭവും. 33

നന്ദജതീക്ഷ്ണഗദാഹതിയേററുടൻ
ചൂർണ്ണമായ് സൗഭം സമുദ്രത്തിൽ വീണിതു.

മന്നിലിറങ്ങിഗ്ഗദയുമെടുത്തു കാർ–
വർണ്ണന്റെനേർക്കുടൻ പാഞ്ഞടുത്താനവൻ. 34

തന്നേർക്കു പാഞ്ഞെത്തുമായവൻതൻ ഗദ–
യാർന്ന കൈ, യമ്പിനാൽ ഖണ്ഡിച്ചു മാധവൻ

തദ്വധത്തിന്നു കല്പാന്തമാർത്താണ്ഡനോ–
ടൊത്തദ്ഭുതപ്രഭയാളും സുദർശനം

കൈക്കൊണ്ടധികം വിളങ്ങീയുളിവണ്ണ–
നക്കനോടൊത്തുദയാചലമെന്നപോൽ. 35

മായാപടുവാമവൻതൻ സകുണ്ഡല–
മായ ശിരസ്സു കിരീടത്തോടൊത്തുടൻ,

വൃത്രോത്തമാംഗത്തെ വജ്രത്തിനാൽ വജ്രി–
മട്ടു, ചക്രത്താൽ ഹരിച്ചീടിനാൻ ഹരി.

അപ്പോഴും ജനങ്ങളിൽനിന്നു ഹാഹാരവ–
മല്ലേതരമായ് മുഴങ്ങിയെല്ലാടവും. 36

ഭൂവരാ! പാപിഷ്ഠനായിടും സാല്വനെ–
യീവിധം കൃഷ്ണൻ ഹനിച്ചു സൗഭാഖ്യമാം

തദ്വിമാനം നശിപ്പിക്കവേ ദുന്ദുഭീ–
വാദ്യഘോഷംമുഴക്കീടിനാർ വിണ്ണവർ.

പ്രത്യുപകാരം സുഹൃത്തിനു ചെയ്യുവാ–
നെത്തിനാൻ ദന്തവക്ത്രൻ പരം ക്രുദ്ധനായ്. 37

അദ്ധ്യായം 78

ദന്തവക്ത്രവധം—ബലദേവതീർത്ഥയാത്ര

ശ്രീശുകൻ പറഞ്ഞു

മന്നവമൗലേ! മൃതരാം ശിശുപാല–
പൗണ്ഡ്രകസാല്വനൃപക്കു പരോക്ഷമായ്

ഇഷ്ടകൃത്യം നിർവഹിക്കുവാനേകനായ്
ദുഷ്ടമതിയായ് ബൃഹത്തനുവാമൊരാൾ

ക്രുദ്ധനായ് ഭൂമികുലുക്കി നടന്നങ്ങു
സത്വരം ചെല്ലുന്നതു കണ്ടു കേശവൻ. 1-2

നേരേയണയുമദ്ദന്തവക്ത്രാഖ്യനെ–
ച്ചാരത്തു കൃഷ്ണൻ നിരീക്ഷിച്ചു സത്വരം

തേരിൽനിന്നും ഗദയാർന്നു താഴെച്ചാടി
വാരിധിയെത്തീരതുല്യം തടുത്തിതു. 3

ദുർമ്മതി, തൻഗദ പൊക്കിപ്പിടിച്ചുട–
നിമ്മട്ടു ചിന്മയനോടു ചൊല്ലീടിനാൻ:

''നിന്നെ ലഭിച്ചുമദ്ദൃഷ്ടിപഥത്തിലി–
ന്നെന്നതെന്നുന്നതഭാഗധേയം ദൃഢം. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം മാതുലേയോ നഃ കൃഷ്ണ! മിത്രധ്രുങ്മാം ജിഘാംസസി
അതസ്ത്വാം ഗദയാ മന്ദ! ഹനിഷ്യേ വജ്രകല്പയാ. 5
തർഹ്യാനൃണ്യമുപൈമ്യജ്ഞ, മിത്രാണാം മിത്രവത്സലഃ
ബന്ധുരൂപമരിം ഹത്വാ വ്യാധിം ദേഹചരം യഥാ.'' 6
ഏവം രൂക്ഷൈസ്തുദൻ വാക്യൈഃ കൃഷ്ണം തോത്രൈരിവ ദ്വിപം
ഗദയാതാഡയന്മൂർദ്ധ്നി സിംഹവദ്വ്യനദച്ച സഃ. 7
ഗദയാഭിഹതോഽപ്യാജൗ ന ചചാല യദൂദ്വഹഃ
കൃഷ്ണോഽപി തമഹൻ ഗുർവ്വ്യാ കൗമോദക്യാ സ്തനാന്തരേ. 8
ഗദാനിർഭിന്നഹൃദയ ഉദ്വമൻ രുധിരം മുഖാത്
പ്രസാര്യ കേശബാഹ്വങ്ഘ്രീൻ ധരണ്യാം ന്യപതദ്വ്യസുഃ. 9
തതഃ സൂക്ഷ്മതരം ജ്യോതിഃ കൃഷ്ണമാവിശദദ്ഭുതം
പശ്യതാം സർവ്വഭൂതാനാം യഥാ ചൈദ്യവധേ നൃപ! 10
വിദൂരഥസ്തു തദ്ഭ്രാതാ ഭ്രാതൃശോകപരിപ്ലുതഃ
ആഗച്ഛദസിചർമ്മഭ്യാമുച്ഛ്വസംസ്തജ്ജിഘാംസയാ. 11
തസ്യ ചാപതതഃ കൃഷ്ണശ്ചക്രേണ ക്ഷുരനേമിനാ
ശിരോ ജഹാര, രാജേന്ദ്ര, സകിരീടം സകുണ്ഡലം. 12
ഏവം സൗഭം ച സാല്വം ച ദന്തവക്ത്രം സഹാനുജം
ഹത്വാ ദുർവ്വിഷഹാനന്യൈരീഡിതഃ സുരമാനവൈഃ. 13
മുനിഭിഃ സിദ്ധഗന്ധർവൈർവിദ്യാധരമഹോരഗൈഃ
അപ്സരോഭിഃ പിതൃഗണൈര്യക്ഷൈഃ കിന്നരചാരണൈഃ. 14
ഉപഗീയമാനവിജയഃ കുസുമൈരഭിവർഷിതഃ
വൃതശ്ച വൃഷ്ണിപ്രവരൈർവിവേശാലംകൃതാം പുരീം. 15
ഏവം യോഗേശ്വരഃ കൃഷ്ണോ ഭഗവാൻ ജഗദീശ്വരഃ
ഈയതേ പശുദൃഷ്ടീനാം നിർജ്ജിതോ ജയതീതി സഃ. 16
ശ്രുത്വാ യുദ്ധോദ്യമം രാമഃ കുരൂണാം സഹ പാണ്ഡവൈഃ
തീർത്ഥാഭിഷേകവ്യാജേന മധ്യസ്ഥഃ പ്രയയൗ കില. 17
സ്നാത്വാ പ്രഭാസേ സന്തർപ്പ്യ ദേവർഷിപിതൃമാനവാൻ
സരസ്വതീം പ്രതിസ്രോതം യയൗ ബ്രാഹ്മണസംവൃതഃ. 18
പൃഥൂദകം, ബിന്ദുസരസ്ത്രിതകൂപം, സുദർശനം,
വിശാലം, ബ്രഹ്മതീർത്ഥം, ച ചക്രം, പ്രാചീം സരസ്വതീം. 19
യമുനാമനു യാന്യേവ ഗംഗാമനു ച ഭാരത.
ജഗാമ നൈമിഷം യത്ര ഋഷയഃ സത്രമാസതേ. 20
തമാഗതമഭിപ്രേത്യ മുനയോ ദീർഘസത്രിണഃ
അഭിനന്ദ്യ യഥാന്യായം പ്രണമ്യോത്ഥായ ചാർച്ചയൻ. 21
സോർച്ചിതഃ സപരീവാരഃ കൃതാസനപരിഗ്രഹഃ
രോമഹർഷണമാസീനം മഹർഷേഃ ശിഷ്യമൈക്ഷത. 22
അപ്രത്യുത്ഥായിനം സൂതമകൃതപ്രഹ്വണാഞ്ജലിം
അധ്യാസീനം ച താൻ വിപ്രാംശ്ചുകോപോദ്വീക്ഷ്യ
മാധവഃ. 23
''യസ്മാദസാവിമാൻ വിപ്രാനധ്യാസ്തേ പ്രതിലോമജഃ
ധർമ്മപാലാംസ്തഥൈവാസ്മാൻ വധമർഹതി ദുർമ്മതിഃ. 24
ഋഷേർഭഗവതോ ഭൂത്വാ ശിഷ്യോഽധീത്യ ബഹൂനി ച
സേതിഹാസപുരാണാനി ധർമ്മശാസ്ത്രാണി സർവ്വശഃ. 25
അദാന്തസ്യാവിനീതസ്യ വൃഥാ പണ്ഡിതമാനിനഃ
ന ഗുണായ ഭവന്തി സ്മ നടസ്യേവാജിതാത്മനഃ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാതുലപുത്രനാം ഹേ കൃഷ്ണ! നീ മഹാ-
പാതകി, ബാന്ധവദ്രോഹിയസംശയം.
മന്ദാ! മമ നിധനേച്ഛുവാം നിന്നെ ഞാൻ
കൊന്നിടും വജ്രോപമഗദയാലുടൻ. 5
ബന്ധുഭാവംപെടും ശത്രുവാകും നിന-
ക്കന്തം ശരീരസ്ഥരോഗത്തിനെന്നപോൽ
മന്ദമതേ! സുഹൃദ്വത്സലനായ ഞാ-
നിന്നിമിഷംതന്നെ ചേർത്തു, മാററംവിനാ
മാമകബന്ധുജനത്തോടെനിക്കുള്ള
ഭീമമാകും കടം വീട്ടീടുവൻ ദൃഢം.'' 6
തോട്ടിയും കുന്തവുംകൊണ്ടാനയെയെന്ന-
മട്ടിൽ കഠിനവാക്യങ്ങളാൽ കൃഷ്ണനെ
ശല്യപ്പെടുത്തി മൂർദ്ധാവിൽ ഗദകൊണ്ടു
തല്ലീട്ടു സിംഹനാദം മുഴക്കീടിനാൻ. 7
ദന്തവക്ത്രൻതൻ ഗദാപ്രഹരം മുര-
ഹന്താവിനെച്ചലിപ്പിച്ചില്ല തെല്ലുമേ.
ശ്രീമാധവനവൻതന്മാറിലുക്കോടു
കൗമോദകീഗദകൊണ്ടടിച്ചീടിനാൻ. 8
ഘോരമാമുഗ്ഗദാതാഡനമേററുടൻ
ചോര കവിട്ടിത്തകന്നു കൈകാലുകൾ
കേശവും ചിന്നി നിഷ്പ്രാണനായാ ഖല-
നാശു ധരാതലത്തിൽ പതിച്ചീടിനാൻ. 9
പിന്നെയച്ചൈദ്യവധത്തിലെപ്പോലെതാൻ
മന്നവാ! സൂക്ഷ്മതമം മഹസ്സൊന്നുടൻ
തച്ഛരീരത്തിൽനിന്നച്യുതദേവനി-
ലുടൻചേർന്നിതെല്ലാവരും നോക്കിനില്ക്കവേ. 10
പെട്ടെന്നു തത്സോദരനാം വിദൂരഥൻ
ജ്യേഷ്ഠവധത്താൽ നെടുവീർപ്പുവിട്ടുടൻ
വാളും പരിചയും കൈക്കൊണ്ടു കൃഷ്ണനെ-
ച്ചീളെന്നു കൊല്ലുവാനിച്ഛിച്ചടുത്തിതു. 11
മിന്നും കിരീടവും കുണ്ഡലദ്വന്ദ്വവു-
മാന്നു നേക്കെത്തുമവൻെറ ശിരസ്സുടൻ
മൂർച്ചയേറീടിന ചക്രായുധത്തിനാൽ
വിച്ഛേദനംചെയ്തിതശ്രമം ശ്രീഹരി. 12
അന്യക്സഹ്യമാം സൗഭത്തെയും സാല്വ-
മന്നനേയും ദന്തവക്ത്രനേയും തഥാ
തത്സോദരനെയും കൊന്നീവിധം ഹരി
സംസ്തുതനായാൻ നരസുരസംഘത്തിനാൽ. 13
സിദ്ധഗന്ധർവ്വരും മാമുനിവൃന്ദവും
വിദ്യാധരന്മാരുമപ്സരഃസ്ത്രീകളും
കിന്നരചാരണയക്ഷപിതൃക്കളും
നന്നായ് വിജയം സ്തുതിച്ചു ഗാനംചെയ്തു
പൂമാരിതൂകി യദുക്കളാലാവൃതൻ
ശ്രീമാധവൻ ഭൂഷിതം പുരം പൂകിനാൻ. 14–15
ലോകേശനായ് ഷഡ്ഗുണപരിപൂർണ്ണനായ്
യോഗഫലപ്രദനാം മധുസൂദനൻ
അജ്ഞജനങ്ങൾതൻ ദൃഷ്ടിയിൽ തോന്നുന്നു
നിർജ്ജിതനെന്നും വിജയിയെന്നും വൃഥാ. 16
കൗരവന്മാർ പാണ്ഡുനന്ദനന്മാരുമായ്
പോരിനൊരുങ്ങുന്നതായ്ക്കേട്ടുടൻ ഹലി
തീർത്ഥയാത്രയ്ക്കെന്നമട്ടിൽപ്പുരം വിട്ടു
യാത്രയായാനൊരുപക്ഷവുമെന്നിയേ. 17
സ്നാനംകഴിച്ചാപ്രഭാസമതിൽപ്പിതൃ-
മാനവദേവർഷിമാരെ വേണ്ടുംവിധം
തർപ്പണംചെയ്തു ഗമിച്ചാൻ ദ്വിജരൊടും
ക്ഷിപ്രം സരസ്വതീവാഹിന്യഭിമുഖം. 18
ആദ്യം പൃഥൂദകം, ബിന്ദുസരസ്സു,പി-
ന്നാത്രിതകൂപം, വിശാലം, സുദർശനം,
ബ്രഹ്മതീർത്ഥം, ചക്രതീർത്ഥം, കിഴക്കോട്ടു
ചെമ്മേയൊഴുകും സരസ്വതീവാഹിനി,
ഗംഗായമുനാനദികളെന്നിത്തരം
മംഗലസ്ഥാനങ്ങൾതോറും ചരിച്ചുടൻ
സന്ദർശനസ്നാനസന്തർപ്പണാദിക-
ളന്വഹം സാധിച്ചു കല്മഷമെന്നിയേ
മാമുനിമാർ മഹായാഗംനടത്തിടും
നൈമിഷാരണ്യാശ്രമത്തിലെത്തീടിനാൻ.
19–20
ദീർഘസത്രം തുടങ്ങീടും മഹർഷിമാർ
ശീഘ്രമെഴുന്നേററെതിരേററു രാമനെ
നന്ദിച്ചു ശാസ്ത്രപ്രകാരം നമസ്കരി-
ച്ചന്യൂനമാരാധനംചെയ്തു വേണ്ടപോൽ. 21
സാനുചരം സത്കൃതനായ് വരാസന-
സ്ഥാനമലങ്കരിച്ചീടും ഹലായുധൻ
ആ സഭതന്നിലിരുന്നീടുമാ രോമ-
ഹർഷണനാം മുനിശിഷ്യനെ നോക്കിനാൻ. 22
ആഗതനാം തന്നെ മാനിച്ചു വേണ്ടപോൽ
സ്വാഗതമോതിസ്സമുച്ചെയ്തീടാതെ
മേദിനീദേവരോടൊപ്പമങ്ങേറിയാ
സൂതനിരിപ്പതു കണ്ടു കോപിച്ചിതേ. 23
''ദുർമ്മതിയായ് പ്രതിലോമജനാമിവൻ
ധർമ്മസംരക്ഷകർ ഭൂമീസുരരെയും
നമ്മെയും കൂസാതെയുന്നതസ്ഥാനത്തി-
ലിമ്മട്ടിലേറിയിരിക്കയാൽ വധ്യനാം. 24
വ്യാസഭഗവാൻെറ ശിഷ്യനായ്ത്തീർന്നിതി-
ഹാസങ്ങളും പുരാണങ്ങളശേഷവും
നാനാതരബഹുധർമ്മശാസ്ത്രങ്ങളു-
മൂനമെന്യേ പഠിച്ചുള്ളൊരു പണ്ഡിതൻ
താനെന്നു മാനിച്ചദാന്തഹൃദന്തനായ്
നാണമില്ലാതെ ഞെളിഞ്ഞിരിപ്പോരിവൻ
അഭ്യസനത്തിൻ ഗുണമററൊരു നട-
നൊപ്പം വെറും വേഷധാരിയെന്നേവരൂ.
25–26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതദർത്ഥോ ഹി ലോകേഽസ്മിന്നവതാരോ മയാ കൃതഃ
വധ്യാ മേ ധർമ്മധ്വജിനസ്തേ ഹി പാതകിനോഽധികാഃ.'' 27

ഏതാവദുക്ത്വാ ഭഗവാൻ നിവൃത്തോഽസദ്വധാദപി
ഭാവിത്വാത്തം കുശാഗ്രേണ കരസ്ഥേനാഹനത് പ്രഭുഃ. 28

ഹാഹേതി വാദിനഃ സർവ്വേ മുനയഃ ഖിന്നമാനസാഃ
ഊചുഃ സങ്കർഷണം ദേവ, ''മധർമ്മസ്തേ കൃതഃ പ്രഭോ! 29

അസ്യ ബ്രഹ്മാസനം ദത്തമസ്മാഭിര്യദുനന്ദന!
ആയുശ്ചാത്മാക്ലമം താവദ്യാവത് സത്രം സമാപ്യതേ. 30

അജാനതൈവാചരിതസ്ത്വയാ ബ്രഹ്മവധോ യഥാ
യോഗേശ്വരസ്യ ഭവതോ നാമ്നായോഽപി നിയാമകഃ. 31

യദ്യേതദ്ബ്രഹ്മഹത്യായാഃ പാവനം ലോകപാവന!
ചരിഷ്യതി ഭവാംല്ലോകസങ്ഗ്രഹോഽനന്യചോദിതഃ.'' 32

ശ്രീഭഗവാനുവാച

കരിഷ്യേ വധനിർവ്വേശം ലോകാനുഗ്രഹകാമ്യയാ
നിയമഃ പ്രഥമേ കല്പേ യാവാൻ സ തു വിധീയതാം. 33

ദീർഘമായുർബ്ബതൈതസ്യ സത്ത്വമിന്ദ്രിയമേവ ച
ആശാസിതം യത്തദ്ബ്രൂത, സാധയേ യോഗമായയാ. 34

ഋഷയ ഊചുഃ

അസ്ത്രസ്യ തവ വീര്യസ്യ മൃത്യോരസ്മാകമേവ ച
യഥാ ഭവേദ്വചഃ സത്യം തഥാ രാമ! വിധീയതാം. 35

ശ്രീഭഗവാനുവാച

ആത്മാ വൈ പുത്ര ഉത്പന്ന ഇതി വേദാനുശാസനം
തസ്മാദസ്യ ഭവേദ്വക്താ ആയുരിന്ദ്രിയസത്ത്വവാൻ. 36

കിം വഃ കാമോ മുനിശ്രേഷ്ഠാ! ബ്രൂതാഹം കരവാണ്യഥ
അജാനതസ്ത്വപചിതിം യഥാ മേ ചിന്ത്യതാം ബുധാഃ. 37

ഋഷയ ഊചുഃ

ഇല്വലസ്യ സുതോ ഘോരോ ബല്വലോ നാമ ദാനവഃ
സ ദൂഷയതി നഃ സത്രമേത്യ പർവ്വണി പർവ്വണി. 38

തം പാപം ജഹി, ദാശാർഹ, തന്നഃ ശുശ്രൂഷണം പരം
പൂയശോണിതവിണ്മൂത്രസുരാമാംസാഭിവർഷിണം. 39

തതശ്ച ഭാരതം വർഷം പരീത്യ സുസമാഹിതഃ
ചരിത്വാ ദ്വാദശ മാസാംസ്തീർത്ഥസ്നായീ വിശുദ്ധ്യസേ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ബലദേവചരിത്രേ ബല്വലവധോപക്രമോ നാമ
അഷ്ടസപ്തതിതമോഽധ്യായഃ

ഏകോനാശീതിതമോഽധ്യായഃ

ശ്രീശുക ഉവാച

തതഃ പർവ്വണ്യുപാവൃത്തേ പ്രചണ്ഡഃ പാംസുവർഷണഃ
ഭീമോ വായുരഭൂദ്രാജൻ, പൂയഗന്ധസ്തു സർവ്വശഃ. 1

തതോഽമേധ്യമയം വർഷം ബല്വലേന വിനിർമ്മിതം
അഭവദ്യജ്ഞശാലായാം സോഽന്വദൃശ്യത ശൂലധൃക്. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മം വഴിപോലെ പാലിച്ചുകൊള്ളുവാ-
നിമ്മന്നിടത്തിലവതരിച്ചോരു ഞാൻ

ധർമ്മിഷ്ഠവേഷമാർന്നുള്ള പാപിഷ്ഠർത-
ന്നുന്മൂലനാശം വരുത്തേണ്ടവൻ ദൃഢം.'' 27

ഇത്രമാത്രം താൻ കഥിച്ചിട്ടുസദ്ധ്യ-
കൃത്യനിവൃത്തനെന്നാലും വിധിബലാൽ

തൻ കരസംസ്ഥകശാഗ്രത്തിനാലുടൻ
സങ്കർഷണൻപ്രഭു കൊന്നിതു സൂതനെ. 28

ഖിന്നമനസ്സരായ് മാമുനിമാരൊക്കെ-
''യന്യായമത്യന്തകഷ്ടമയി പ്രഭോ!

എന്തൊരധർമ്മമാണിപ്രവർത്തിച്ചതാ-
ഹന്ത! ഭവാ''നെന്നു രാമനോടോതിനാർ. 29

''ഹേ! യദുനന്ദനാ! കേളിവന്നായ് ഞങ്ങ-
ളീയദ്ധ്വരം സമാപിച്ചിടുംനാൾവരെ

ആയുസ്സുമക്ഷീണതയുമത്യുത്തമ-
മായിടും ബ്രഹ്മാസനവും കൊടുത്തിതു. 30

സംഗതി ലേശമിതോരായ്കമൂലമാ-
മങ്ങിദ്വിജവധമിന്നാചരിച്ചതും.

യോഗേശനാകും ഭവാനെയൊരിക്കലു-
മാഗമപ്രോക്തവിധികൾ ബാധിച്ചിടാ. 31

എങ്കിലും ലോകപരിപാവനാ! ഭവാൻ
ശങ്കയററിബ്രഹ്മഹത്യയ്ക്കു തക്കതാം

പ്രായശ്ചിത്തം പരപ്രേരണകൂടാതെ
ചെയ്യുകിലായതു ലോകോപകാരമാം.'' 32

ശ്രീഭഗവാൻ പറഞ്ഞു

വിഷ്ടപാനുഗ്രഹത്തിന്നനുഷ്ഠിച്ചിടാം
പെട്ടെന്നു ഞാൻ വേണ്ടവണ്ണം പ്രതിവിധി.

ഇസ്സംഗതിക്കുത്തമവിധിയെന്തെന്നു
നിശ്ചയിച്ചിക്ഷണം നിങ്ങൾ കഥിക്കുവിൻ! 33

ശക്തി, ദീർഘായുസ്സ്, സത്ത്വം, പ്രവൃത്തിസാ-
മർത്ഥ്യമെന്നല്ല പിന്നെന്തുതാനാകിലും

നിങ്ങളിച്ഛിപ്പതു ചൊൽവി,നതൊക്കെ ഞാ-
നിങ്ങിവന്നേകിടാമെൻ യോഗശക്തിയാൽ. 34

ഋഷികൾ പറഞ്ഞു

അസ്ത്രത്തിനും, ഭവദീയവീര്യത്തിനും
മൃത്യുവിനും പിന്നെയസ്മദ്വചസ്സിനും

ഭംഗംവരാതിരിക്കുംവിധം വേണ്ടപോ-
ലങ്ങു ചെയ്യേണ്ടീടണ,മായതുപോരുമേ. 35

ശ്രീഭഗവാൻ പറഞ്ഞു

പുത്രനായ്ത്താൻതന്നെയാണു ജനിപ്പതെ-
ന്നത്രേ ശ്രുതിവച,സ്സായതിനാലിനി

ശക്തി,യായുസ്സ്, സാമർത്ഥ്യമിവയൊത്തു
വക്താവുമാകുമിവനുടെ നന്ദനൻ. 36

പ്രായശ്ചിത്തത്തിലനഭിജ്ഞനാമെനി-
ക്കായതു വേണ്ടപോൽ ചിന്തിച്ചു
ചൊല്ലുവിൻ. 37

ഋഷികൾ പറഞ്ഞു

ഇല്വലപുത്രനായ് ബല്വലനെന്നു പേ-
രുള്ളൊരു ദാനവൻ വാവുതോറും വന്നു

ഞങ്ങടെ സത്രം ദൂഷിപ്പിച്ചിടുന്നതു
ഞങ്ങൾക്കസഹ്യമായ്ത്തീർന്നിരിക്കുന്നിതേ. 38

നിത്യമവൻ യാഗശാലയിൽ വിൺമൂത്ര-
മത്സ്യമാംസാദി ചൊരിയുന്നു ചോരയും.

പാപിയവനെബ്ഭവാനുടൻ സംഹരി-
ച്ചാപത്തൊഴിച്ചു രക്ഷിക്കുക ഞങ്ങളെ. 39

ഭക്തിയുക്തം പിന്നെയങ്ങിബ്ഭരതോർവ്വി-
യൊക്കെയും പന്ത്രണ്ടുമാസങ്ങൾകൊണ്ടിനി

തീർത്ഥാടനംചെയ്തു ചുററിച്ചരിക്കുക
ശുദ്ധനായി,സ്സർവ്വപാപവിമുക്തനാം. 40

അദ്ധ്യായം 79

ബലദേവതീർത്ഥയാത്ര—ബല്വലവധം

ശ്രീശുകൻ പറഞ്ഞു

മന്നവാ! പിന്നെ വാവിൻനാൾ പൊടി
പാററി-
യന്യൂനദുർഗ്ഗന്ധമെങ്ങും പരത്തിടും

ഊററമാകും കൊടുങ്കാററസ്ഥലത്തങ്ങു
ചുററിയടിച്ചുതുടങ്ങീ പഴേപടി. 1

യാഗശാലയ്ക്കുകം ബല്വലനിർമ്മിത-
മാകുമമേദ്ധ്യമയമാരി പെയ്തിതേ.

ശൂലം ധരിച്ചു പിന്നീടവനേവക്ഷ-
മാലക്ഷിതനായ് ഭവിച്ചു ധരാപതേ! 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം വിലോക്യ ബൃഹത്കായം ഭിന്നാഞ്ജനചയോപമം
തപ്തതാമ്രശിഖാശ്മശ്രും ദംഷ്ട്രോഗ്രഭ്രുകുടീമുഖം. 3
സസ്മാര മുസലം രാമഃ പരസൈന്യവിദാരണം
ഹലം ച ദൈത്യദമനം തേ തൂർണ്ണമുപതസ്ഥതുഃ. 4
തമാകൃഷ്യ ഹലാഗ്രേണ ബല്വലം ഗഗനേചരം
മുസലേനാഹനത് ക്രുദ്ധോ മൂർദ്ധ്നി ബ്രഹ്മദ്രുഹം ബലഃ. 5
സോഽപതദ്ഭുവി നിർഭിന്നലലാടോഽസൃക് സമുത് സൃജൻ
മുഞ്ചന്നാർത്തസ്വരം ശൈലോ യഥാ വജ്രഹതോഽരുണഃ. 6
സംസ്തുത്യ മുനയോ രാമം പ്രയുജ്യാവിതഥാശിഷഃ
അഭ്യഷിഞ്ചൻ മഹാഭാഗാ വൃത്രഘ്നം വിബുധാ യഥാ. 7
വൈജയന്തീം ദദുർമ്മാലാം ശ്രീധാമാമ്ലാനപങ്കജാം
രാമായ വാസസീ ദിവ്യേ ദിവ്യാന്യാഭരണാനി ച. 8
അഥ തൈരഭ്യനുജ്ഞാതഃ കൗശികീമേത്യ ബ്രാഹ്മണൈഃ
സ്നാത്വാ സരോവരമഗാദ്യതഃ സരയൂരാസ്രവത്. 9
അനുസ്രോതേന സരയൂം പ്രയാഗമുപഗമ്യ സഃ
സ്നാത്വാ സന്തർപ്യ ദേവാദീൻ ജഗാമ പുലഹാശ്രമം. 10
ഗോമതീം ഗണ്ഡകീം സ്നാത്വാ വിപാശാം ശോണ ആപ്ലുതഃ
ഗയാം ഗത്വാ പിതൄനിഷ്ട്വാ ഗങ്ഗാസാഗരസങ്ഗമേ. 11
ഉപസ്പൃശ്യ മഹേന്ദ്രാദ്രൗ രാമം ദൃഷ്ട്വാഭിവാദ്യ ച
സപ്തഗോദാവരീം വേണാം പമ്പാം ഭീമരഥീം തതഃ. 12
സ്കന്ദം ദൃഷ്ട്വാ യയൗ രാമഃ ശ്രീശൈലം ഗിരിശാലയം
ദ്രവിഡേഷു മഹാപുണ്യം ദൃഷ്ട്വാദ്രിം വേങ്കടം പ്രഭുഃ. 13
കാമകോഷ്ണീം പുരീം കാഞ്ചീം കാവേരീം ച സരിദ്വരാം
ശ്രീരങ്ഗാഖ്യം മഹാപുണ്യം യത്ര സന്നിഹിതോ ഹരിഃ. 14
ഋഷഭാദ്രിം ഹരേഃ ക്ഷേത്രം ദക്ഷിണാം മഥുരാം തഥാ
സാമുദ്രം സേതുമഗമന്മഹാപാതകനാശനം. 15
തത്രായുതമദാദ്ധേനൂർബ്രാഹ്മണേഭ്യോ ഹലായുധഃ
കൃതമാലാം താമ്രപർണ്ണീം മലയം ച കുലാചലം. 16
തത്രാഗസ്ത്യം സമാസീനം നമസ്കൃത്യാഭിവാദ്യ ച
യോജിതസ്തേന ചാശീർഭിരനുജ്ഞാതോ ഗതോഽർണ്ണവം
ദക്ഷിണം തത്ര കന്യാഖ്യാം ദുർഗ്ഗാം ദേവീം ദദർശ സഃ 17
തതഃ ഫാല്ഗുനമാസാദ്യ പഞ്ചാപ്സരസമുത്തമം
വിഷ്ണുഃ സന്നിഹിതോ യത്ര സ്നാത്വാസ്പർശ്ഗവായുതം. 18
തതോഽഭിവ്രജ്യ ഭഗവാൻ കേരളാംസ്തു ത്രിഗർത്തകാൻ
ഗോകർണ്ണാഖ്യം ശിവക്ഷേത്രം സാന്നിധ്യം യത്ര ധൂർജ്ജടേഃ. 19
ആര്യാം ദ്വൈപായനീം ദൃഷ്ട്വാ ശൂർപ്പാരകമഗാദ് ബലഃ
താപീം പയോഷ്ണീം നിർവിന്ധ്യാമുപസ്പൃശ്യാഥ ദണ്ഡകം. 20
പ്രവിശ്യ രേവാമഗമദ്യത്ര മാഹിഷ്മതീ പുരീ
മനുതീർത്ഥമുപസ്പൃശ്യ പ്രഭാസം പുനരാഗമത്. 21
ശ്രുത്വാ ദ്വിജൈഃ കഥ്യമാനം കുരുപാണ്ഡവസംയുഗേ
സർവ്വരാജന്യനിധനം ഭാരം മേനേ ഹൃതം ഭുവഃ. 22
സ ഭീമദുര്യോധനയോർഗ്ഗദാഭ്യാം യുധ്യതോർമ്മൃധേ
വാരയിഷ്യൻ വിനശനം ജഗാമ യദുനന്ദനഃ. 23
യുധിഷ്ഠിരസ്തു തം ദൃഷ്ട്വാ യമൗ കൃഷ്ണാർജ്ജുനാവപി
അഭിവാദ്യാഭവംസ്തൂഷ്ണീം കിം വിവക്ഷുരിഹാഗതഃ. 24
ഗദാപാണീ ഉഭൗ ദൃഷ്ട്വാ സംരബ്ധൗ വിജയൈഷിണൗ
മണ്ഡലാനി വിചിത്രാണി ചരന്താവിദമബ്രവീത്. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭിന്നാഞ്ജനചയതുല്യബൃഹത്കായ-
മാന്നതിതപ്തതാമ്രോപമകേശവും
ശ്മശ്രുവും ദംഷ്ട്രാഭയങ്കരഭ്രൂ കുടീ-
രൂക്ഷമുഖവുമായ് പ്രത്യക്ഷനായിതേ. 3
ശത്രുസൈന്യംമുടിക്കും മുസലത്തെയും
ദൈത്യസംഹാരചണമാം ഹലത്തെയും
സംസ്മരിച്ചാൻ ബലനക്ഷണമായവ
തന്മുന്നിലോടിയണഞ്ഞുനിന്നൂ നൃപാ! 4
ആകാശചാരിയാമബ്ബലചലൻതന്നെ-
യാകർഷണംചെയ്തു തൻ ഹലാഗ്രത്തിനാൽ
ക്രുദ്ധനായബ്ഭൂസുരദ്രോഹിയെ ഹലി
മൂർദ്ധാവിലാഞ്ഞടിച്ചാൻ മുസലത്തിനാൽ. 5
അത്താഡനത്താൽത്തല തകർന്നിട്ടവൻ
രക്തമധികമുത്സർജ്ജിക്കുമൂലമായ്
ശോണവർണ്ണംപൂണ്ട ദീനസ്വരത്തോടും
ക്ഷോണിയിൽ വീണിതു വജ്രാഹതാദ്രി-
പോൽ. 6
ഇത്ഥമവനെ നിഹനിച്ച രാമനെ,
വൃത്രഹന്താവിനെ വിണ്ണവരെന്നപോൽ,
നന്നായ് സ്തുതിച്ചമോഘാശീർവ്വചസ്സുകൾ
ചൊന്നഭിഷേകംകഴിച്ചു മഹർഷിമാർ. 7
ഇന്ദിരാധാമമായ് വാടാത്ത പങ്കജം-
ചേർന്നതാകും വൈജയന്തിയാം മാലയും
ദിവ്യാഭരണങ്ങളും തഥാ രണ്ടതി-
ദിവ്യവസ്ത്രങ്ങളും രാമനു നല്കിനാർ. 8
അമ്മുനിമാരാലനുജ്ഞാതനായ്ബ്ബലൻ
ബ്രാഹ്മണരോടൊത്തു കൗശികീവാരിയിൽ
സ്നാനംകഴിച്ചു സരയൂനദീജനി-
സ്ഥാനമായീടും സരോവരമെത്തിനാൻ. 9
അന്നദീതീരംവഴിയായ് പ്രയാഗയിൽ
ചെന്നു കളിച്ചാൻ സുരവന്ദ്യനാം ഹലി
ദേവാദികൾക്കു സന്തർപ്പണമാചരി-
ച്ചാവിർമുദാ പുലഹാശ്രമം പൂകിനാൻ. 10
ഗോമതിയിൽ ഗണ്ഡകിയിൽ വിപാശയി-
ലാ മഹാൻ ശോണയിലും മുഴുകീടിനാൻ.
പിന്നെഗ്ഗയയിൽ പിതൃയജനംചെയ്തു
ചെന്നിതു ഗംഗാബ്ധിസംഗസ്ഥലമതിൽ.
അങ്ങുപസ്പർശിച്ചുടൻ മഹേന്ദ്രാചല- [11
ശൃംഗസ്ഥനാം ഭൃഗുരാമനെ വന്ദിച്ചു.
സപ്തഗോദാവരി ഭീമരഥി വേണ
പമ്പയിവയിലും സ്നാനംകഴിച്ചിതു. 12
പിന്നെ പ്രഭു തിരുച്ചെന്തൂരിലെത്തിയ-
സ്കന്ദനക്ലൃപ്തഗിരിശനിവാസമാം
ശ്രീശൈലമാൻ ദർശിച്ചിതാ ദ്രാവിഡ-
ദേശമഹാപുണ്യവെങ്കടപർവ്വതം 13
കാമദം കാഞ്ചീപുരവും നദികളിൽ
പ്രാമുഖ്യമാളുന്ന കാവേരിയും തഥാ
അത്യന്തപുണ്യദമായ് വിഷ്ണുസാന്നിദ്ധ്യ-
മൊത്തിടും ശ്രീരംഗനാഥവും പൂകിനാൻ. 14
പിന്നെ വിഷ്ണ്വാവാസമാമൃഷഭാദ്രിയു-
മാന്നിതു തെക്കേ മധുരയുമങ്ങനെ
വൻ പാപമേതുമപ്പാടേ മുടിച്ചിടു-
മംഭോധിസംബന്ധിസേതുവും പുക്കിതു. 15
തത്ര പതിനായിരം ഗോക്കളെബ്ബലൻ
ധാത്രീസുരന്മാർക്കു ദാനമായേകിനാൻ.
പ്രാപിച്ചിതു കൃതമാലയും താമ്രവ-
ർണ്ണ്യാഭിധകല്യ മലയകുലാദ്രിയും. 16
തത്ര വസിക്കുമഗസ്ത്യനെ വന്ദിച്ചു
പത്തിൽ നമിച്ചു തദാശിസ്സുമേറ്റവൻ
ചെന്നു തത്സമ്മതത്തോടു തെക്കേക്കടൽ-
തന്നിലകന്യയാം ദുർഗ്ഗയെക്കണ്ടിനാൻ. 17
പിന്നെ പ്രസിദ്ധമനന്തപുരംതന്നിൽ
വന്നു മഹാവിഷ്ണുസന്നിധിസംസ്ഥമാം
ഉത്തമപഞ്ചാപ്സരസ്സിൽ മുങ്ങിബ്ബല-
ഭദ്രനയുതഗോദാനം നടത്തിനാൻ. 18
അങ്ങുനിന്നും പോയ് ത്രിഗർത്തങ്ങളെന്നു പേർ-
പൊങ്ങിടും കേരളദേശം ഗമിച്ചുടൻ
ശ്രീകണ്ഠസാന്നിദ്ധ്യമൊത്തു ശോഭിച്ചിടും
ഗോകർണ്ണമെത്തീ ഭഗവാൻ ഹലായുധൻ. 19
ദ്വീപത്തിൽ വാണിടും ദുർഗ്ഗയെ ദർശിച്ചു
പ്രാപിച്ചു ശൂർപ്പാരകക്ഷേത്രമീശ്വരൻ.
താപി, പയോഷ്ണി, നിർവ്വിന്ധ്യയിതുകളിൽ
ശ്രീപതിസോദരൻ സ്നാനംകഴിച്ചഥ
ദണ്ഡകകാനനം പൂകി മാഹിഷ്മതീ-
മന്നിലൊഴുകുന്ന രേവയിൽ മഗ്നനായ്
ചെന്നു മനുതീർത്ഥമാടി പ്രഭാസത്തിൽ
വന്നിതു പിന്നെയും വിശ്വാസപൂർവ്വകം. 20-21
പാണ്ഡവകൗരവയോധനത്തിൽ സർവ്വ-
മന്നവന്മാരും മൃതിവശം ചേർന്നതായ്
ഭൂമീസുരന്മാരിൽനിന്നറിഞ്ഞബ്ബല-
രാമൻ നിനച്ചാൻ ധരാഭരം തീർന്നതായ്. 22
'ഭീമദുര്യോധനഭീമഗദാരണം
നാമുടൻ ചെന്നു മുടക്കുവ'നീവിധം
ഏത്തിലുറപ്പിച്ചതിദ്രുതമക്കുരു-
ക്ഷേത്രമെത്തീടിനാൻ രോഹിണീനന്ദനൻ. 23
ധർമ്മാത്മജാതനും കൃഷ്ണനും പാർത്ഥനു-
മമ്മഹാത്മാവിനെക്കണ്ടഭിവന്ദിച്ചു.
എന്തോന്നു ചൊല്ലുവാനാണിങ്ങു വന്നതെ-
ന്നന്തർഭയംപൂണ്ടു മിണ്ടാതെ മേവിനാർ. 24
ക്രുദ്ധരായ് നേട്ടമിച്ഛിച്ചു കൈയിൽ ഗദ-
യൊത്തു വിചിത്രവൃത്തത്തിൽ ചരിച്ചിടും
ഭീമസുയോധനന്മാരെ നിരീക്ഷിച്ചു
രാമനീവണ്ണമവരോടു ചൊല്ലിനാൻ: 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''യുവാം തുല്യബലൗ വീരൗ ഹേ രാജൻ! ഹേ വൃകോദര!
ഏകം പ്രാണാധികം മന്യേ, ഉതൈകം ശിക്ഷയാധികം. 26
തസ്മാദേകതരസ്യേഹ യുവയോഃ സമവീര്യയോഃ
ന ലക്ഷ്യതേ ജയോഽന്യോ വാ വിരമത്വഫലോ രണഃ.'' 27
ന തദ്വാക്യം ജഗൃഹതുർബദ്ധവൈരൗ നൃപാർത്ഥവത്
അനുസ്മരന്താവന്യോന്യം ദുരുക്തം ദുഷ്കൃതാനി ച. 28
ദിഷ്ടം തദനുമന്വാനോ രാമോ ദ്വാരവതീം യയൗ
ഉഗ്രസേനാദിഭിഃ പ്രീതൈർജ്ഞാതിഭിഃ സമുപാഗതഃ. 29
തം പുനർനൈമിഷം പ്രാപ്തമൃഷയോഽയാജയൻ മുദാ
ക്രത്വംഗം ക്രതുഭിഃ സർവൈർനിവൃത്താഖിലവിഗ്രഹം. 30
തേഭ്യോ വിശുദ്ധവിജ്ഞാനം ഭഗവാൻ വ്യതരദ്വിഭുഃ
യേനൈവാത്മന്യദോ വിശ്വമാത്മാനം വിശ്വഗം വിദുഃ. 31
സ്വപത്ന്യാവഭൃഥസ്നാതോ ജ്ഞാതിബന്ധുസുഹൃദ്വൃതഃ
രേജേ സ്വജ്യോത്സ്നയേവേന്ദുഃ സുവാസാഃ സ്വലംകൃതഃ. 32
ഈദൃഗ്വിധാന്യസംഖ്യാനി ബലസ്യ ബലശാലിനഃ
അനന്തസ്യാപ്രമേയസ്യ മായാമർത്ത്യസ്യ സന്തി ഹി. 33
യോഽനുസ്മരേത രാമസ്യ കർമ്മാണ്യദ്ഭുതകർമ്മണഃ
സായം പ്രാതരനന്തസ്യ വിഷ്ണോഃ സ ദയിതോ ഭവേത്. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ ബലദേവതീർത്ഥയാത്രാനിരൂപണം നാമ ഏകോനാശീതിതമോഽധ്യായഃ

അശീതിതമോഽധ്യായഃ

രാജോവാച

ഭഗവൻ, യാനി ചാന്യാനി മുകുന്ദസ്യ മഹാത്മനഃ
വീര്യാണ്യനന്തവീര്യസ്യ ശ്രോതുമിച്ഛാമഹേ, പ്രഭോ! 1
കോ നു ശ്രുത്വാസകൃദ് ബ്രഹ്മന്നുത്തമശ്ലോകസത്കഥാഃ
വിരമേത വിശേഷജ്ഞോ വിഷണ്ണഃ കാമമാർഗ്ഗണൈഃ. 2
സാ വാഗ് യയാ തസ്യ ഗുണാൻ ഗൃണീതേ
കരൗ ച തത്കർമ്മകരൗ മനശ്ച
സ്മരേദ്വസന്തം സ്ഥിരജംഗമേഷു
ശൃണോതി തത്പുണ്യകഥാഃ സ കർണ്ണഃ. 3
ശിരസ്തു തസ്യോഭയലിംഗമാനമേ-
ത്തദേവ യത് പശ്യതി തദ്ധി ചക്ഷുഃ
അംഗാനി വിഷ്ണോരഥ തജ്ജനാനാം
പാദോദകം യാനി ഭജന്തി നിത്യം. 4

സൂത ഉവാച

വിഷ്ണുരാതേന സംപൃഷ്ടോ ഭഗവാൻ ബാദരായണിഃ
വാസുദേവേ ഭഗവതി നിമഗ്നഹൃദയോഽബ്രവീത്. 5

ശ്രീശുക ഉവാച

കൃഷ്ണസ്യാസീത് സഖാ കശ്ചിദ്ബ്രാഹ്മണോ ബ്രഹ്മവിത്തമഃ
വിരക്ത ഇന്ദ്രിയാർത്ഥേഷു പ്രശാന്താത്മാ ജിതേന്ദ്രിയഃ. 6
യദൃച്ഛയോപപന്നേന വർത്തമാനോ ഗൃഹാശ്രമീ
തസ്യ ഭാര്യാ കുചൈലസ്യ ക്ഷുത്ക്ഷാമാ ച തഥാവിധാ. 7
പതിവ്രതാ പതിം പ്രാഹ മ്ലായതാ വദനേന സാ
ദരിദ്രാ സീദമാനാ സാ വേപമാനാഭിഗമ്യ ച. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''മാരുതേ! മന്നവാ! നിങ്ങൾ സമബലം
ചേരുന്ന വീരാഗ്ര്യരെന്നതു നിർണ്ണയം

എന്നാലുമേറുമേകന്നങ്ഗശക്തിയു-
മന്യന്നഭ്യാസബലവുമെന്നോർപ്പു ഞാൻ. 26

ആകയാൽ തുല്യബലരായ നിങ്ങളി-
ലേകനിതിൽ തോൽവിയോ ജയമോ ലവം

കാണപ്പെടുന്നില്ല നിഷ്ഫലമീ രണം
കാണിയും വൈകാതെ നിങ്ങൾ
നിറുത്തുവിൻ.'' 27

ദുഷ്ടത്യദ്വാക്യപൂരമന്നസ്മരി-
ച്ചുൾക്കാമ്പിലന്യോന്യവൈരം മുഴുത്തിടും

ആ രണ്ടുപേരും ബലഭദ്രരാമന്റെ
സാരവചസ്സുകൾ കേട്ടതില്ലേതുമേ. 28

കാലദോഷം താനതെന്നോർത്താരക്കാമ-
പാലനുടൻ ദ്വാരകാപുരം പ്രാപിച്ചു

പ്രീതരും ജ്ഞാതികളുമാകുമുഗ്രസേ-
നാദികളോടൊത്തുചേർന്നു വസിച്ചിതു. 29

തീർത്ഥങ്ങളാറാടി നൈമിശം പ്രാപിച്ചു
ശുദ്ധനായ് യുദ്ധനിവൃത്തനായെത്തിയ

യജ്ഞാങ്ഗനാമവനേ മുനിമാർ സർവ്വ-
യജ്ഞങ്ങൾകൊണ്ടും യജിപ്പിച്ചു തുഷ്ടരായ്. 30

തന്നിലീ വിശ്വവും തന്നെ വിശ്വത്തിലും
നന്നായ് നിരീക്ഷിപ്പതിന്നുതകുംവിധം

ശ്രേഷ്ഠവിശുദ്ധവിജ്ഞാനമവർക്കഥ
പുഷ്ടമോദം ഭഗവാൻ വിഭു നല്കിനാൻ. 31

തൻ കാന്തയോടൊത്തവഭൃഥസ്നാതനായ്
സങ്കർഷണൻ ബന്ധുമിത്രസുഹൃജ്ജനം

ചൂഴ്ന്നു സുവസ്ത്രനായ് നന്നായലംകൃതി-
യാർന്നു മിന്നീ ഗോക്കളൊലിന്ദുവെന്നപോൽ. 32

അപ്രമേയൻ ബലശാലിയനന്തനാ-
മദ്ഭുതമായാനരൻ ഭഗവാൻ ബലൻ

ഇത്തരത്തിൽ ചെയ്തൊരാ മഹത്കർമ്മങ്ങ-
ളൊട്ടല്ലിനിയുമനേകമുണ്ടാം നൃപാ! 33

ആശ്ചര്യകർമ്മിയായീശ്വരനായാദി-
ശേഷാംശമായിടും ശ്രീബലഭദ്രന്റെ

കർമ്മങ്ങൾ സന്ധ്യതോറും സ്മരിക്കുന്നവ-
നമ്മഹാവിഷ്ണുവിൻ സന്തോഷപാത്രമാം. 34

അദ്ധ്യായം 80

കുചേലവൃത്തം

രാജാവു പറഞ്ഞു

സീമാവിഹീനപരാക്രമിയായിടും
കാർമുകിൽവർണ്ണൻ ഭഗവാന്റെയന്യമാം
വീര്യചരിതങ്ങളുമിന്നു കേൾക്കുവാൻ
പാരം കൊതിക്കുന്നു മന്മാനസം പ്രഭോ! 1

ബ്രഹ്മൻ! വിഷയഭോഗങ്ങളന്വേഷിച്ചു
മന്മഥബാണങ്ങൾകൊണ്ടു ദുഃഖിച്ചിടും
സാരജ്ഞനായിടുമേതു മർത്ത്യൻ, പല-
വാറവും ശ്രീഹരിതൻ ചരിതങ്ങളെ

കേട്ടിട്ടതിൽനിന്നു, സംതൃപ്തനായ് പിന്നെ
വിട്ടുമാറീടുകമെന്നതുണ്ടായിടും? 2

തദ്ഗുണൗഘം പ്രകീർത്തിച്ചിടും വാക്കുതാൻ
വാക്കു, തദ്ദാസ്യപ്രവൃത്തികൾ ചെയ്തിടും

കൈകൾതാൻ കയ്യുകൾ, സ്ഥാവരജംഗമ-
മാകെ നിറഞ്ഞ ഭഗവാനെയോർത്തിടും

ഹൃത്തുതാൻ ഹൃത്തു. തത്പുണ്യചരിതങ്ങൾ
കേട്ടിടും കാതുതാൻ കാതും മുനീശ്വരാ! 3

തത്സ്ഥിരാചരമൂർത്തികളേയേതു-
ശീർഷം നമിക്കില്ലതു ശീർഷമല്ലതാൻ.

തല്ലിങ്ഗദർശനമേലാത്ത കണ്ണു ക-
ണ്ണല്ല, നിരന്തരം നാരായണന്റെയും

ഭക്തരുടേയും പദതീർത്ഥമാളുവാ-
നെത്തിടാത്തോരങ്ഗമങ്ഗവുമല്ലതാൻ. 4

സൂതൻ പറഞ്ഞു

വിഷ്ണുരാതന്റെയീപ്രശ്നത്തിനുത്തരം
വിഷ്ണുനിമഗ്നഹൃത്തായ് ശുകൻ ചൊല്ലിനാൻ. 5

ശ്രീശുകൻ പറഞ്ഞു

ശാന്തനായ് ബ്രഹ്മജ്ഞസത്തമനായ്
വിജി-
തേന്ദ്രിയനായി വിഷയവിരക്തനായ്

ചെന്താമരക്കണ്ണനേററം സുഹൃത്തായൊ-
രന്തണനുണ്ടായിരുന്നു നരേശ്വരാ! 6

കൈക്കൽ വരുന്നതുകൊണ്ടു നാൾ പോക്കിനാ-
നക്കുചേലൻ ഗൃഹസ്ഥാശ്രമസംസ്ഥനായ്

ക്ഷുത്താൽക്കൃശയായ തത്പത്നിയുമവ-
നൊത്തവളായി വിളങ്ങീ ഗുണങ്ങളാൽ. 7

പട്ടിണിമൂലം ചടച്ച ദാരിദ്ര്യത്തൊ-
ടേറുതോറങ്ഗം വിറച്ച ഭർത്താവിനെ

വാടിവരണ്ട മുഖം കനിച്ചാനമി-
ച്ചാടലോടസ്തുതി ചൊല്ലിനാളീവിധം: 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''നനു ബ്രഹ്മൻ! ഭഗവതഃ സഖാ സാക്ഷാച്ഛ്രിയഃ പതിഃ
ബ്രഹ്മണ്യശ്ച ശരണ്യശ്ച ഭഗവാൻ സാത്വതർഷഭഃ. 9
തമുപൈഹി മഹാഭാഗ! സാധൂനാം ച പരായണം
ദാസ്യതി ദ്രവിണം ഭൂരി സീദതേ തേ കുടുംബിനേ. 10
ആസ്തേഽധുനാ ദ്വാരവത്യാം ഭോജവൃഷ്ണ്യന്ധകേശ്വരഃ
സ്മരതഃ പാദകമലമാത്മാനമപി യച്ഛതി
കിം ന്വർത്ഥകാമാൻ ഭജതോ നാത്യഭീഷ്ടാൻ ജഗദ്ഗുരുഃ.'' 11
സ ഏവം ഭാര്യയാ വിപ്രോ ബഹുശഃ പ്രാർത്ഥിതോ മുദ്ദ
''അയം ഹി പരമോ ലാഭ ഉത്തമശ്ലോകദർശനം.'' 12
ഇതി സഞ്ചിന്ത്യ മനസാ ഗമനായ മതിം ദധേ
''അപ്യസ്ത്യുപായനം കിഞ്ചിദ്ഗൃഹേ, കല്യാണി, ദീയതാം.''
13
യാചിത്വാ ചതുരോ മുഷ്ടീൻ വിപ്രാൻ പൃഥുകതണ്ഡുലാൻ
ചൈലഖണ്ഡേന താൻ ബദ്ധ്വാ ഭർത്രേ പ്രാദാദുപായനം. 14
സ താനാദായ വിപ്രാഗ്ര്യഃ പ്രയയൗ ദ്വാരകാം കില
''കൃഷ്ണസന്ദർശനം മഹ്യം കഥം സ്യാ''ദിതി ചിന്തയൻ. 15
ത്രീണി ഗുല്മാന്യതീയായ തിസ്രഃ കക്ഷാശ്ച സദ്വിജഃ
വിപ്രോഽഗമ്യാന്ധകവൃഷ്ണീനാം ഗൃഹേഷ്വച്യുതധർമ്മിണാം. 16
ഗൃഹം ദ്വ്യഷ്ടസഹസ്രാണാം മഹിഷീണാം ഹരേർദ്വിജഃ
വിവേശൈകതമം ശ്രീമദ്ബ്രഹ്മാനന്ദം ഗതോ യഥാ. 17
തം വിലോക്യാച്യുതോ ദൂരാത് പ്രിയാപര്യങ്കമാസ്ഥിതഃ
സഹസോത്ഥായ ചാഭ്യേത്യ ദോർഭ്യാം പര്യഗ്രഹീന്മുദാ. 18
സഖ്യുഃ പ്രിയസ്യ വിപ്രർഷേരങ്ഗസങ്ഗാതിനിർവൃതഃ
പ്രീതോ വ്യമുഞ്ചദബ്ബിന്ദൂൻ നേത്രാഭ്യാം പുഷ്കരേക്ഷണഃ. 19
അഥോപവേശ്യ പര്യങ്കേ സ്വയം സഖ്യുഃ സമർഹണം
ഉപഹൃത്യാവനിജ്യാസ്യ പാദൗ പാദാവനേജനീഃ. 20
അഗ്രഹീച്ഛിരസാ രാജൻ! ഭഗവാംല്ലോകപാവനഃ
വ്യലിമ്പദ്ദിവ്യഗന്ധേന ചന്ദനാഗരുകുങ്കുമൈഃ. 21
ധൂപൈഃ സുരഭിഭിർമിത്രം പ്രദീപാവലിഭിർമ്മുദാ
അർച്ചിത്വാഽഽവേദ്യ താംബൂലം ഗാം ച സ്വാഗതമബ്രവീത്. 22
കുചൈലം മലിനം ക്ഷാമം ദ്വിജം ധമനിസന്തതം
ദേവീ പര്യചരത് സാക്ഷാച്ചാമരവ്യജനേന വൈ. 23
അന്തഃപുരജനോ ദൃഷ്ട്വാ കൃഷ്ണേനാമലകീർത്തിനാ
വിസ്മിതോഽഭൂദതിപ്രീത്യാ അവധൂതം സഭാജിതം. 24
''കിമനേന കൃതം പുണ്യമവധൂതേന ഭിക്ഷുണാ
ശ്രിയാ ഹീനേന ലോകേഽസ്മിൻ ഗർഹിതേനാധമേന ച. 25
യോഽസൗ ത്രിലോകഗുരുണാ ശ്രീനിവാസേന സംഭൃതഃ
പര്യങ്കസ്ഥാം ശ്രിയം ഹിത്വാ പരിഷ്വക്തോഽഗ്രജോ യഥാ.''
26
കഥയാഞ്ചക്രതുർഗ്ഗാഥാഃ പൂർവ്വാ ഗുരുകുലേ സതോഃ
ആത്മനോ ലളിതാ രാജൻ! കരൗ ഗൃഹ്യ പരസ്പരം. 27
ശ്രീഭഗവാനുവാച
അപി ബ്രഹ്മൻ! ഗുരുകുലാദ്ഭവതാ ലബ്ധദക്ഷിണാത്
സമാവൃത്തേന ധർമ്മജ്ഞ! ഭാര്യോഢാ സദൃശീ ന വാ. 28
പ്രായോ ഗൃഹേഷു തേ ചിത്തമകാമവിഹതം തഥാ
നൈവാതിപ്രീയസേ വിദ്വൻ ധനേഷു വിദിതം ഹി മേ. 29
കേചിത് കുർവ്വന്തി കർമ്മാണി കാമൈരഹതചേതസഃ
ത്യജന്തഃ പ്രകൃതീർദൈവീര്യഥാഹം ലോകസങ്ഗ്രഹം. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ബ്രഹ്മൻ! ഭഗവൻ! ഭവത്സഖൻ പ്രത്യക്ഷ-
ലക്ഷ്മീമണാളനും ബ്രാഹ്മണഭക്തനും
ഭക്തസംരക്ഷകനും ശരണാർഹനും
നിത്യൻ ഭഗവാനുമാണില്ല സംശയം. 9
ഹേ മഹാഭാഗ! ഭവാൻ സാധുഗമ്യനാ-
മാമഹാത്മാവിനെയൊന്നു പോയ് കാണണം
പാരം തളർന്ന കുടുംബിയാമങ്ങേയ്ക്കു
ധാരാളമായ് ധനം തന്നിടുമപ്പൊഴേ. 10
വൃഷ്ണി ഭോജാന്ധകൎക്കൊക്കെയുമീശനാം
കൃഷ്ണനിപ്പോൾ ദ്വാരകയിൽ വസിക്കുന്നു.
തത്പാദപദ്മം സ്മരിച്ചു ഭജിക്കുവോ-
ൎക്കപ്പൊഴേയദ്ദേഹമാത്മാവുമേകിടും.
അത്രയ്ക്കഭീഷ്ടമല്ലാത്ത കാമാർത്ഥങ്ങൾ
പേൎത്തും ജഗദ്ഗുരുവേകാതിരിക്കുമോ?'' 11
ഭാര്യയീവണ്ണം മൃദുലമായിബ്ബഹു-
വാരമഭ്യർത്ഥിക്കമൂലമാ ബ്രാഹ്മണൻ
ഉത്തമശ്ലോകനെക്കാണാനവസരം
സിദ്ധിച്ചതോർത്തതിസന്തുഷ്ടചിത്തനായ്,
പോകാനുറച്ചുടൻ ചൊല്ലിനാൻ, ''മംഗലേ-
യേകണമെന്തെങ്കിലും നീയുപായനം.'' 12-13
എന്നു കേട്ടോടിനടന്നു ഭൂദേവരോ-
ടന്നിരന്നാർന്നതാം നാലുപിടിയവൽ
കൊണ്ടുവന്നിട്ടു കാഴ്ചദ്രവ്യമായ്ത്തുണി-
ത്തുണ്ടിൽ പൊതിഞ്ഞു വരനെയേല്പിച്ചിതു. 14
മേദിനീദേവനതു വാങ്ങി, ''യെങ്ങനെ
സാധിച്ചിടുമെനിക്കക്കൃഷ്ണദർശനം?''
ഇങ്ങനെ ചിന്തിച്ചുകൊണ്ടു നടന്നുപോ-
യങ്ങവൻ ദ്വാരകാപട്ടണമെത്തിനാൻ. 15
മൂന്നു ഗുല്മങ്ങളുമത്രയും വീഥിയും
പിന്നിട്ടു വിപ്രസഹിതമബ്ഭൂസുരൻ
നാരായണാരാധകാഗമ്യനിസ്തുല-
ചാരുവൃഷ്ണ്യന്ധകഗേഹങ്ങൾ പൂകിനാൻ. 16
പത്തുമാറും സഹസ്രം കൃഷ്ണപത്നിമാർ
പാർത്തീടുമാലയങ്ങൾക്കു മദ്ധ്യസ്ഥമാം
അമ്മഹാലക്ഷ്മീഗൃഹം കരേറി ദ്വിജൻ
ബ്രഹ്മസൗഖ്യം സ്വദിപ്പോൻവിധമായിതേ. 17
തൻപ്രിയാമഞ്ചതലത്തിലിരുന്നിടും
തമ്പുരാൻ ദൂരെവച്ചേ നിജതോഴനെ
കണ്ടെഴുന്നേറ്റോടിയെത്തിയെതിരേറ്റു
രണ്ടു കൈകൊണ്ടും പിടിച്ചണച്ചാൻ മുദാ. 18
തുംഗമാം സൗഹൃദമാർന്ന വിപ്രർഷിത-
ന്നംഗസംഗത്താൽ പരം നിർവൃതൻ ഹരി
സന്തുഷ്ടനായ് പദ്മനേത്രങ്ങളിൽനിന്നു-
മന്തരാ ഹൎഷാശ്രുബിന്ദുക്കൾ പൊഴിച്ചിതേ. 19

പിന്നെ മഞ്ചത്തിലിരുത്തിസ്സഖനെ താൻ-
തന്നെ കാഴ്ചദ്രവ്യമർപ്പിച്ചു തത്പദം
നന്നായ്ക്കഴുകിയപ്പാദതീർത്ഥം മൗലി-
തന്നിലാർന്നാൻ ഭഗവാൻ ലോകപാവനൻ.
ചന്ദനം, കുങ്കുമം, ഗോരോചനയിവ
ചേർന്ന കുറിക്കൂട്ടു ചാർത്തിച്ചു മേനിയിൽ. 20-21
ദീപസുരഭിധൂപങ്ങളാൽ മിത്രത്തെ-
യാപൂർണ്ണമോദമർച്ചിച്ചു താംബൂലവും
ഗോവിനെയും സമർപ്പിച്ചു വേണ്ടുംമട്ടു
ഗോവിന്ദനോതിനാൻ സ്വാഗതവാക്കുകൾ. 22
കീറപ്പഴന്തുണി പേറി ഞരമ്പെഴു-
ന്നേറെച്ചടച്ചെല്ലുമുന്തിയിരുന്നിടും
ആ മലിനാംഗനാം ഭൂസുരനെച്ചാരു-
ചാമരംകൊണ്ടുടൻ ദേവി വീശീടിനാൾ. 23
മോദിച്ചുമലയാത്മസ്വാമിയാം കൃഷ്ണനാൽ
സാദരം സത്കൃതനായവധൂതനാം
അന്തണശ്രേഷ്ഠനെയന്തഃപുരജനം
കണ്ടുടനാശ്ചര്യമഗ്നരായീടിനാർ. 24
''ശ്രീയററവധൂതനായ് ഭിക്ഷുവായ് നിത്യ-
മീയുലകിൽപരം ഗർഹിതനായിടും
ഈയധമൻ മുൻപനുഷ്ഠിച്ച പുണ്യമെ-
ന്തായിടാമീ ഭാഗ്യസിദ്ധിക്കു തക്കതായ്. 25
മൂവുലകിൻ ഗുരുവാം ശ്രീനിവാസനി-
ങ്ങീവിധം സത്കരിച്ചഗ്രജതുല്യമായ്
മഞ്ചസ്ഥയാം താർമകളെയുമോർക്കാതെ
നെഞ്ചിലണച്ചു പുണർന്നതു വിസ്മയം!'' 26
രണ്ടുപേരും കൈകൾ കോർത്തുപിടിച്ചവർ
പണ്ടു ഗുരുകുലം വാഴുന്നവേളയിൽ
ഉണ്ടായ പൂർവ്വകഥകളശേഷവും
സന്തോഷമോടു പറഞ്ഞിരുന്നീടിനാർ. 27

ശ്രീഭഗവാൻ പറഞ്ഞു

ദക്ഷിണയേകിസ്സമാവർത്തനത്തൊടും
ശിക്ഷ നിറുത്തിഗ്ഗുരുകുലം വിട്ടുടൻ
അങ്ങു സദൃശയായീടുന്ന പത്നിയെ-
യംഗീകരിച്ചിതോ മിത്രമേ ഇല്ലയോ? 28
ഗേഹങ്ങളിൽ ത്വന്മനസ്സു കാമത്തിനാ-
ലാഹതമല്ലെന്നതും, വെറും തുച്ഛമാം
വിത്താദിയിലനാസക്തമെന്നുള്ളതും
വിദ്വന്മണേ! ഞാൻ ധരിച്ചിരിക്കുന്നിതേ. 29
കാമങ്ങളാൽ ഹതമാനസരാകാതെ
മാമകമായയെസ്സന്ത്യജിച്ചെപ്പൊഴും
ഞാൻ ലോകസംഗ്രഹത്തിന്നെന്നപോൽ-ച്ചിലർ
ലീലയായ്ക്കർമ്മങ്ങൾ ചെയ്യുന്നു തോഴരേ! 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കച്ചിദ്ഗുരുകുലേ വാസം, ബ്രഹ്മൻ! സ്മരസി നൗ യതഃ
ദ്വിജോ വിജ്ഞായ വിജ്ഞേയം തമസഃ പാരമശ്നുതേ. 31

സ വൈ സത്കർമ്മണാം സാക്ഷാദ്ദ്വിജാതേരിഹ സംഭവഃ
ആദ്യോഽങ്ഗ യത്രാശ്രമിണാം യഥാഹം ജ്ഞാനദോ ഗുരുഃ. 32

നന്വർത്ഥകോവിദാ ബ്രഹ്മൻ! വർണ്ണാശ്രമവതാമിഹ
യേ മയാ ഗുരുണാ വാചാ തരന്ത്യഞ്ജോ ഭവാർണ്ണവം. 33

നാഹമിജ്യാപ്രജാതിഭ്യാം തപസോപശമേന വാ
തുഷ്യേയം സർവ്വഭൂതാത്മാ ഗുരുശുശ്രൂഷയാ യഥാ. 34

അപി നഃ സ്മര്യതേ ബ്രഹ്മൻ! വൃത്തം നിവസതാം ഗുരൗ
ഗുരുദാരൈശ്ചോദിതാനാമിന്ധനാനയനേ ക്വചിത്. 35

പ്രവിഷ്ടാനാം മഹാരണ്യമപർത്തൗ സുമഹദ്ദ്വിജ
വാതവർഷമഭൂത്തീവ്രം നിഷ്ഠുരാഃ സ്തനയിത്നവഃ. 36

സൂര്യശ്ചാസ്തം ഗതസ്താവത് തമസാ ചാവൃതാ ദിശഃ
നിമ്നം കൂലം ജലമയം ന പ്രാജ്ഞായത കിഞ്ചന. 37

വയം ഭൃശം തത്ര മഹാനിലാംബുഭി-
ർന്നിഹന്യമാനാ മുഹുരംബുസംപ്ലവേ
ദിശോഽവിദന്തോഽഥ പരസ്പരം വനേ
ഗൃഹീതഹസ്താഃ പരിബഭ്രിമാതുരാഃ. 38

ഏതദ്വിദിത്വാ ഉദിതേ രവൗ സാന്ദീപനിർഗ്ഗുരുഃ
അന്വേഷമാണോ നഃ ശിഷ്യാനാചാര്യോഽപശ്യദാതുരാൻ. 39

''അഹോ ഹേ പുത്രകാ, യൂയമസ്മദർത്ഥേഽതിദുഃഖിതാഃ
ആത്മാ വൈ പ്രാണിനാം പ്രേഷ്ഠസ്തമനാദൃത്യ മത്പരാഃ. 40

ഏതദേവ ഹി സച്ഛിഷ്യൈഃ കർത്തവ്യം ഗുരുനിഷ്കൃതം
യദ്വൈ വിശുദ്ധഭാവേന സർവ്വാർത്ഥാത്മാർപ്പണം ഗുരൗ. 41

തുഷ്ടോഽഹം ഭോ ദ്വിജശ്രേഷ്ഠാഃ സത്യാഃ സന്തു മനോരഥാഃ
ഛന്ദാംസ്യയാതയാമാനി ഭവന്ത്വിഹപരത്ര ച.'' 42

ഇത്ഥംവിധാന്യനേകാനി വസതാം ഗുരുവേശ്മസു
ഗുരോരനുഗ്രഹേണൈവ പുമാൻ പൂർണ്ണഃ പ്രശാന്തയേ.'' 43

ബ്രാഹ്മണ ഉവാച

കിമസ്മാഭിരനിർവൃത്തം ദേവദേവ ജഗദ്ഗുരോ!
ഭവതാ സത്യകാമേന യേഷാം വാസോ ഗുരാവഭൂത്. 44

യസ്യച്ഛന്ദോമയം ബ്രഹ്മ ദേഹ ആവപനം വിഭോ!
ശ്രേയസാം തസ്യ ഗുരുഷു വാസോഽത്യന്തവിഡംബനം. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ശ്രീദാമചരിതേ അശീതിതമോഽധ്യായഃ

ഏകാശീതിതമോഽധ്യായഃ

ശ്രീശുക ഉവാച

സ ഇത്ഥം ദ്വിജമുഖ്യേന സഹ സങ്കഥയൻ ഹരിഃ
സർവ്വഭൂതമനോഽഭിജ്ഞഃ സ്മയമാന ഉവാച തം. 1

ബ്രഹ്മണ്യോ ബ്രാഹ്മണം കൃഷ്ണോ ഭഗവാൻ പ്രഹസൻ പ്രിയം
പ്രേമ്ണാ നിരീക്ഷണേനൈവ പ്രേക്ഷൻ ഖലു സതാം ഗതിഃ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരൊരാളിൽനിന്നറിയേണ്ടതൊക്കെയും
നേരേ ധരിച്ചിരുംപോക്കുന്നുവോ ദ്വിജൻ

അദ്ദേശികൻെറ സവിധത്തിൽ നാം രണ്ടു-
മൊത്തു വസിച്ചതങ്ങിപ്പൊഴോക്കുന്നുവോ? 31

ഈയുലകിൽ ജനനത്തിനു കാരണ-
നായ ജനകനാണാദ്യനാം ദേശികൻ.

ബ്രാഹ്മണാദികൾ സത്കർമ്മം പഠിപ്പിക്കു-
മമ്മഹാനത്രേ ദ്വിതീയഗുരുത്തമൻ.

ജ്ഞാനോപദേശമതുളിടും ദേശികൻ
ഞാനെന്നപോലെ സാക്ഷാൽ
ഗുരുതന്നെയാം. 32

മന്നിലാചാര്യനാമെൻെറയുപദേശ-
മാന്നു സുഖമായ് ഭവാബ്ധി കടക്കുവോർ

വർണ്ണാശ്രമികളിൽവച്ചർത്ഥകോവിദ-
രെന്നതിൽ സന്ദേഹമില്ല സുഹൃത്തമാ! 33

സർവ്വഭൂതാന്തരാത്മാവായിടുന്ന ഞാ-
നുർവ്വീസുരാ! ഗുരുസേവകൊണ്ടെന്നപോൽ

പ്രീതനായീടാ തപസ്സുപശാന്തിയും
ജാതിമാഹാത്മ്യവും യാഗവുംകൊണ്ടുമേ. 34

ഭൂമിദേവാ! നാം ഗുരുകുലത്തിൽ പണ്ടു
താമസിക്കെഗ്ഗുരുപത്നിയയയ്ക്കയാൽ

അന്നൊരുനാളിൽ വിറകിനായ് പോയതും
വന്ന ദുഃഖാനുഭവവുമോക്കുന്നുവോ? 35

ഘോരവിപിനത്തിൽ നാം കടന്നീടിന-
നേരമകാലത്തിലത്യന്തതീവ്രമാം

കാററും മഴയുമിടിമിന്നലുകള-
മേററം ഭയങ്കരമായ്ത്തുടന്നില്ലയോ? 36

സൂര്യനമപ്പോളെരിഞ്ഞടങ്ങീ പരം
ക്രൂരിരുൾകൊണ്ടു മൂടീ ദിക്കശേഷവും

വെള്ളം നിറഞ്ഞിട്ടു കണ്ടും കുഴികളും
തെല്ലും തിരിച്ചറിയാൻ കഴിയാതെയായ്. 37

ഘോരമാം കാററും മഴയുമേററിട്ടു നാം
പാരം പരവശരായ് നീരൊഴുക്കേഴും

അക്കാട്ടിൽ നാം കൈകൾ കോർത്തുപിടിച്ചലം
ദുഃഖിച്ചു ദിക്കറിയാതെ ചുററീലയോ? 38

ഇക്കഥയങ്ങറിഞ്ഞക്കോദയത്തോടു
ചിക്കെന്നു ശിഷ്യരാം നമ്മെയന്വേഷിച്ചു

വന്നു സാന്ദീപനിയാം ഗുരു നമ്മളെ
ഖിന്നരായ്ക്കണ്ടു കഥിച്ചതോക്കുന്നുവോ? 39

''പുത്രരേ! ഞങ്ങൾക്കുവേണ്ടീട്ടു നിങ്ങളീ-
യത്തലതുലം സഹിച്ചുവല്ലോ ബത!

പ്രാണികൾക്കൊക്കെയുമേററം പ്രിയം ദേഹ-
മാണതും തള്ളിയാം നിങ്ങൾ സേവിച്ചതും. 40

സർവ്വാർത്ഥസാധകമാം ശരീരത്തെയും
ഗുർവ്വർത്ഥമായി വിശുദ്ധഭാവത്തോടും

അർപ്പിച്ചിടുന്നതുതന്നെയാണോക്കുകി-
ലെപ്പൊഴുമുത്തമശിഷ്യൻെറ ദക്ഷിണ. 41

തുഷ്ടനായേൻ ദ്വിജശ്രേഷ്ഠരേ! നിങ്ങളി,-
ലിഷ്ടസമൃദ്ധി വരട്ടെ നിങ്ങൾക്കു മേൽ

ഛന്ദസ്സുകൾ മറക്കാതെയിരിക്കട്ടെ-
യെന്നുമിഹപരലോകങ്ങളിൽ ശുഭം.'' 42

ഇങ്ങനെ നാം ഗുരുവേശ്മത്തിൽ വാണനാൾ
സംഗതിയേറെ നടന്നതോക്കുന്നുവോ?

ദേശികാനുഗ്രഹമൊന്നിനാൽത്താൻ പുമാ-
നാശു പൂർണ്ണത്വവും ശാന്തിയും നേടിടും. 43

ബ്രാഹ്മണൻ പറഞ്ഞു

ദേവദേവാ! ജഗദാചാര്യ! ഞങ്ങൾക്കു
കേവലം സത്യസങ്കല്പൻ ഭവാനുമായ്

കൂടിഗ്ഗുരുകുലവാസമുണ്ടാകയാൽ
നേടേണ്ടതെന്തിരിക്കുന്നു ചിന്തിക്കുകിൽ? 44

അങ്ങേശ്ശരീരമിതാഗമരൂപവും
മംഗലത്തിൻ ജന്മഭൂവുമല്ലോ ഹരേ!

ഹേ വിഭോ! ദേശികമന്ദിരത്തിൽ ഭവാ-
നാവസിച്ചെന്നതു ലോകബോധ്യത്തിനാം. 45

അദ്ധ്യായം 81

കുചേലവൃത്തം—തുടർച്ച

ശ്രീശുകൻ പറഞ്ഞു

ഉർവ്വീസുരശ്രേഷ്ഠനുമായിതേവിധം
പൂർവ്വകഥാപ്രസംഗംചെയ്തിരിക്കവേ

സർവ്വഹൃദയജ്ഞനായ് ദ്വിജഭക്തനായ്
സർവ്വദാ സാധുഗതിയാകുമാ വിഭു

പ്രേമനിരീക്ഷണംകൊണ്ടുസ്സുഹൃത്തിനെ-
ക്കാമം കടാക്ഷിച്ചു സസ്മിതം
ചൊല്ലിനാൻ: 1-2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'കിമുപായനമാനീതം ബ്രഹ്മൻ! മേ ഭവതാ ഗൃഹാത്
അണ്വപ്യുപാഹൃതം ഭക്തൈഃ പ്രേമ്ണാ ഭൂര്യേവ മേ ഭവേത്
ഭൂര്യപ്യഭക്തോപഹൃതം ന മേ തോഷായ കല്പതേ. 3
പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയച്ഛതി
തദഹം ഭക്ത്യുപഹൃതമശ്നാമി പ്രയതാത്മനഃ.'' 4
ഇത്യുക്തോഽപി ദ്വിജസ്തസ്മൈ വ്രീഡിതഃ പതയേ ശ്രിയഃ
പൃഥുകപ്രസൃതിം, രാജൻ, ന പ്രായച്ഛദവാങ്മുഖഃ. 5
സർവ്വഭൂതാത്മദൃക് സാക്ഷാത് തസ്യാഗമനകാരണം
വിജ്ഞായാചിന്തയ''ന്നായം ശ്രീകാമോ മാഭജത് പുരാ. 6
പത്ന്യാഃ പതിവ്രതായാസ്തു സഖാ പ്രിയചികീർഷയാ
പ്രാപ്തോ മാമസ്യ ദാസ്യാമി സമ്പദോഽമർത്ത്യദുർല്ലഭാഃ.'' 7
ഇത്ഥം വിചിന്ത്യ വസനാച്ചീരബദ്ധാൻ ദ്വിജന്മനഃ
സ്വയം ജഹാര, ''കിമിദ''മിതി പൃഥുകതണ്ഡുലാൻ. 8
''നന്വേതദുപനീതം മേ പരമപ്രീണനം, സഖേ,
തർപ്പയന്ത്യങ്ഗ മാം വിശ്വമേതേ പൃഥുകതണ്ഡുലാഃ.'' 9
ഇതി മുഷ്ടിം സകൃജ്ജഗ്ധ്വാ ദ്വിതീയാം ജഗ്ധുമാദദേ
താവച്ഛ്റീർജ്ജഗൃഹേ ഹസ്തം തത്പരാ പരമേഷ്ഠിനഃ. 10
''ഏതാവതാലം വിശ്വാത്മൻ! സർവ്വസമ്പത്സമൃദ്ധയേ
അസ്മിംല്ലോകേഽഥവാമുഷ്മിൻ പുംസസ്ത്വത്തോഷകാരണം.'' 11
ബ്രാഹ്മണസ്താം തു രജനീമുഷിത്വാഽച്യുതമന്ദിരേ
ഭുക്ത്വാ പീത്വാ സുഖം മേനേ ആത്മാനം സ്വർഗ്ഗതം യഥാ. 12
ശ്വോഭൂതേ വിശ്വഭാവേന സ്വസുഖേനാഭിവന്ദിതഃ
ജഗാമ സ്വാലയം, താത, പഥ്യനുവ്രജ്യ നന്ദിതഃ. 13
സ ചാലബ്ധ്വാ ധനം കൃഷ്ണാന്ന തു യാചിതവാൻ സ്വയം
സ്വഗൃഹാൻ വ്രീഡിതോഽഗച്ഛന്മഹദ്ദർശനനിർവൃതഃ. 14
''അഹോ ബ്രഹ്മണ്യദേവസ്യ ദൃഷ്ടാ ബ്രഹ്മണ്യതാ മയാ
യദ്ദരിദ്രതമോ ലക്ഷ്മീമാശ്ലിഷ്ടോ ബിഭ്രതോരസി. 15
ക്വാഹം ദരിദ്രഃ പാപീയാൻ ക്വ കൃഷ്ണഃ ശ്രീനികേതനഃ
ബ്രഹ്മബന്ധുരിതി സ്മാഹം ബാഹുഭ്യാം പരിരംഭിതഃ. 16
നിവാസിതഃ പ്രിയാജുഷ്ടേ പര്യങ്കേ ഭ്രാതരോ യഥാ
മഹിഷ്യാ വീജിതഃ ശ്രാന്തോ വാലവ്യജനഹസ്തയാ. 17
ശുശ്രൂഷയാ പരമയാ പാദസംവാഹനാദിഭിഃ
പൂജിതോ ദേവദേവേന വിപ്രദേവേന ദേവവത്. 18
സ്വർഗ്ഗാപവർഗ്ഗയോഃ പുംസാം രസായാം ഭുവി സമ്പദാം
സർവ്വാസാമപി സിദ്ധീനാം മൂലം തച്ചരണാർച്ചനം. 19
അധനോഽയം ധനം പ്രാപ്യ മാദ്യന്നുച്ചൈർന്ന മാം സ്മരേത്
ഇതി കാരുണികോ നൂനം ധനം മേഽഭൂരി നാദദാത്.'' 20
ഇതി തച്ചിന്തയന്നന്തഃ പ്രാപ്തോ നിജഗൃഹാന്തികം
സൂര്യാനലേന്ദുസങ്കാശൈർവിമാനൈഃ സർവ്വതോ വൃതം. 21
വിചിത്രോപവനോദ്യാനൈഃ കൂജദ്ദ്വിജകുലാകുലൈഃ
പ്രോത്ഫുല്ലകമുദാംഭോജകല്ഹാരോത്പലവാരിഭിഃ. 22
ജുഷ്ടം സ്വലംകൃതൈഃ പുംഭിഃ സ്ത്രീഭിശ്ച ഹരിണാക്ഷിഭിഃ
''കിമിദം കസ്യ വാ സ്ഥാനം? കഥം തദിദമിത്യഭൂത്?'' 23
ഏവം മീമാംസമാനം തം നരാ നാര്യോഽമരപ്രഭാഃ
പ്രത്യഗൃഹ്ണൻ മഹാഭാഗം ഗീതവാദ്യേന ഭൂയസാ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''സമ്മാനമായെനിക്കെന്തൊരുപായനം
ബ്രഹ്മൻ! ഗൃഹത്തിൽനിന്നങ്ങു കൊണ്ടന്നതും
അല്പമെന്തെങ്കിലും സ്നേഹപൂർവം ഭക്ത-
രർപ്പിക്കിലായതെനിക്കു വൻപിച്ചതാം.
ഭക്തിവിഹീനൻ വളരെയേകീടിലു-
മൊക്കുകില്ലെൻ പ്രസാദത്തെ നേടീടുവാൻ. 3
ആരൊരാൾ ഭക്തിപുരസ്സരം പത്രമോ
നീരോ ഫലമോ കുസുമമോ നല്കിലും
ശാന്തനവൻ ഭക്തിയോടേകുമാവക
സന്തുഷ്ടനായാസ്വദിക്കുന്നു ഞാൻ.'' 4
ഇങ്ങനെ ശാർങ്ഗിയങ്ങോട്ടു ചോദിക്കിലും
മങ്ങിത്തലതാഴ്ത്തി നാണിച്ചിരുന്നിടും
വിപ്രനക്കക്ഷത്തിൽനിന്നുമവൽപ്പൊതി-
യുത്പലാക്ഷന്നേടുത്തേകിയതില്ലഹോ! 5
സർവ്വഭൂതാന്തർഗ്ഗതജ്ഞനധോക്ഷജ-
നർവ്വീസുരാഗമനോദ്ദേശവിജ്ഞനായ്
ചിന്തിച്ചി, ''തദ്ധേച്ഛയോടല്ല മുന്നമീ-
യന്തണനെന്നെബ്ഭജിച്ചതു നിശ്ചയം. 6
സാധ്വിയാം പത്നിതൻ നിർബ്ബന്ധവാക്കുകൾ
കേട്ടും സമാദരിച്ചാഗതനായതാം.
വിണ്ണവർക്കും ലഭിക്കാത്ത സമ്പത്തുക-
ളിന്നിമ്മഹീസുരന്നേകുന്നതുണ്ടു ഞാൻ.'' 7
ഇത്ഥമാലോചിച്ചു, ചീവരംതന്നിലാ-
ബദ്ധമവലരി, ''യെന്തിതിങ്ങേകിട്ടു''
എന്നു പറഞ്ഞു മുകുന്ദനാ വിപ്രനിൽ-
നിന്നു ബലമായ് പിടിച്ചുവാങ്ങീടിനാൻ. 8
''എന്നെപ്പരം പ്രസാദിപ്പിപ്പതാമിതു
തന്നീടുവാനെന്തിനാണു മടിച്ചതും
ഇന്നീയവലരി ലോകസ്വരൂപനാ-
മെന്നെയതീവ സംതൃപ്തനാക്കുന്നിതേ.'' 9
എന്നു കഥിച്ചാപ്പൃഥുകമൊരുപിടി
തിന്നു രണ്ടാമതും വാരാൻ തുടങ്ങവേ,
ഭർത്തൃകരത്തിൽപ്പിടിച്ചീടിനാൾ പ്രേമ-
യുക്തയായ്ച്ചാരത്തു നിന്നിടുമിന്ദിര. 10
''വിശ്വാത്മകാ! ഭവത്പ്രീതിനിമിത്തമീ-
വിശ്വത്തിലുമൊരുപക്ഷേ പരത്തിലും
വർദ്ധിതൈശ്വര്യമീ ഭക്താഗ്രഗണ്യനു
സിദ്ധിക്കുവാനിത്രമാത്രം മതി, വിഭോ!'' 11
അന്നത്തെ രാത്രിയവിടെയബ്ഭൂസുര-
നന്നപാനാദി കഴിച്ചതിസൗഖ്യമായ്
ആവസിച്ചാൻ; വിചാരിച്ചുപോയീ സ്വയം
ദേവലോകത്തു വസിക്കയാണെന്നുതാൻ. 12
പിറ്റേന്നുഷസ്സിലെഴുന്നേറ്റു ലോകാഭി-
വൃദ്ധിപ്രദനായ് വിളങ്ങും രമാപതി
വന്ദിച്ചനുയാത്രചെയ്തു വാക്യങ്ങളാൽ
നന്ദിതനാക്കിഗ്ഗൃഹത്തിലയച്ചിതേ. 13
ഏകീല കൃഷ്ണൻ ധനമത്തുമൂലമായ്
സ്വീകരിച്ചില്ല, ചോദിച്ചില്ല ലജ്ജയാൽ.
ആശാവശതയാൽ പീഡിതനായ് മഹ-
ദ്ദർശനനിർവൃതനായ് നടന്നാൻ ദ്വിജൻ. 14
''വിപ്രനെദ്ദേവനെന്നെന്നും മുരാരിത-
ന്നദ്ഭുതമാം ദ്വിജഭക്തി കണ്ടേനഹോ!
മാറിൽ മഹാലക്ഷ്മി വാഴുമദ്ദേഹമി-
ദ്ദാരിദ്ര്യമൂർത്തിയെക്കെട്ടിപ്പിടിച്ചിതേ. 15
എങ്ങു ദരിദ്രനും പാപിയുമായ ഞാൻ?
മങ്ഗലദേവതാവല്ലഭനെങ്ങുവാൻ?
ബ്രാഹ്മണവംശജനെന്നു നിനച്ചുതാ-
നമ്മഹാൻ രണ്ടു കൈകൊണ്ടും പുണർന്നതും. 16
ഭാര്യതൻ മഞ്ചത്തിലെന്നെപ്പിടിച്ചങ്ങു
ശൗരിയിരുത്തി, സ്സഹജനെയെന്നപോൽ,
മാർഗ്ഗശ്രമം ശമിപ്പിക്കുവാനെന്നെയാ
രുക്മിണിയെക്കൊണ്ടുതന്നെ വീശിച്ചിതേ 17
ശ്രേഷ്ഠോപചാരങ്ങൾ കാൽ തടവീടുക
തൊട്ടു ശുശ്രൂഷകളാലെന്നെ വേണ്ടപോൽ
ബ്രഹ്മണ്യദേവനാം ദേവദേവൻ ഹരി
നന്മട്ടിലർച്ചി, ച്ചിതീശനെയെന്നപോൽ. 18
മേദിനീപാതാളഭൂതികൾക്കും സ്വർഗ്ഗ-
ഭൂതിയപവർഗ്ഗമെന്നിവയ്ക്കൊക്കെയും
തത്പദപങ്കജസേവനംതന്നെയാ-
ണെപ്പൊഴും കാരണമാർക്കുമീസ്സൃഷ്ടിയിൽ. 19
നിസ്വനിവൻ ധനംമൂലം മദിച്ചുഖി-
ലേശനാം തന്നെ സ്മരിക്കയില്ലെന്നോർത്തു
എന്നിൽപ്പരം കരുണാകുലനാകയാൽ
തന്നില്ലെനിക്കു ധനമക്കൃപാനിധി.'' 20
അന്തണനന്തരങ്ഗത്തിലിതൊക്കെയും
ചിന്തിച്ചു മന്ദം നടന്നുചെന്നീടിനാൻ
പാവകാർക്കേന്ദുസ്വാഭമാം വിമാനങ്ങളാ-
ലാവൃതമാം തൻ നിലയത്തിനന്തികം. 21
നാനാവിഹഗസ്വനാകുലമാകുമു-
ദ്യാനമുപവനമെന്നിവചേർന്നതായ്
ഫുല്ലകല്ഹാരകുമുദോത്പലാബ്ജങ്ങ-
ളുല്ലസിക്കുന്ന സരസ്സുകൾ ചൂഴ്വതായ്. 22
ഭൂഷായലങ്കാരമാർന്ന പുരുഷരും
യോഷമാരും ചേർന്നു പാരം ലസിച്ചീടും
തുംഗഗേഹം ക''ണ്ടിവിടെയിതാരുടേ-
തെങ്ങനെ വന്നെ''ന്നു വിസ്മയിച്ചീടിനാൻ. 23
ഇങ്ങനെ ചിന്തിച്ചുഴന്നുനിന്നീടുമാ-
മങ്ഗലാത്മാവിനെദ്ദേവസമാനരാം
സ്ത്രീകളും പൂരുഷന്മാരുമെതിരേറ്റു
സ്വീകരിച്ചീടിനാർ വാദ്യമേളത്തോടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിമാഗതമാകർണ്യ പത്‌നീ ഹർഷാതിസംഭ്രമാ
നിശ്ചക്രാമ ഗൃഹാത്തൂർണ്ണം രൂപിണീ ശ്രീരിവാലയാത്. 25

പതിവ്രതാ പതിം ദൃഷ്ട്വാ പ്രേമോത്കണ്ഠാശ്രുലോചനാ
മീലിതാക്ഷ്യനമദ്ബുദ്ധ്യാ, മനസാ പരിഷസ്വജേ. 26

പത്നീം വീക്ഷ്യ വിസ്ഫുരന്തീം ദേവീം വൈമാനികീമിവ
ദാസീനാം നിഷ്കകണ്ഠീനാം മദ്ധ്യേ ഭാന്തീം സ വിസ്മിതഃ. 27

പ്രീതഃ സ്വയം തയാ യുക്തഃ പ്രവിഷ്ടോ നിജമന്ദിരം
മണിസ്തംഭശതോപേതം മഹേന്ദ്രഭവനം യഥാ. 28

പയഃഫേനനിഭാഃ ശയ്യാ, ദാന്താ രുക്മപരിച്ഛദാഃ
പര്യങ്കാ ഹേമദണ്ഡാനി ചാമരവ്യജനാനി ച. 29

ആസനാനി ച ഹൈമാനി മൃദൂപസ്തരണാനി ച
മുക്താദാമവിലംബീനി വിതാനാനി ദ്യുമന്തി ച. 30

സ്വച്ഛസ്ഫടികകുഡ്യേഷു മഹാമാരകതേഷു ച
രത്നദീപാൻ ഭ്രാജമാനാൻ ലലനാരത്നസംയുതാഃ. 31

വിലോക്യ ബ്രാഹ്മണസ്തത്ര സമൃദ്ധീഃ സർവ്വസമ്പദാം
തർക്കയാമാസ നിർവ്വ്യഗ്രഃ സ്വസമൃദ്ധിമഹൈതുകീം. 32

''നൂനം ബതൈതന്മമ ദുർഭഗസ്യ
ശശ്വദ്ദരിദ്രസ്യ സമൃദ്ധിഹേതുഃ
മഹാവിഭൂതേരവലോകതോഽന്യോ
നൈവോപപദ്യേത യദൂത്തമസ്യ. 33

നന്വബ്രുവാണോ ദിശതേ സമക്ഷം
യാചിഷ്ണവേ ഭൂര്യപി ഭൂരിഭോജഃ
പർജ്ജന്യവത്തത് സ്വയമീക്ഷമാണോ
ദാശാർഹകാണാമൃഷഭഃ സഖാ മേ. 34

കിഞ്ചിത് കരോത്യുർവ്വപി യത് സ്വദത്തം
സുഹൃത്കൃതം ഫല്ഗ്വപി ഭൂരികാരീ
മയോപനീതം പൃഥുകൈകമുഷ്ടിം
പ്രത്യഗ്രഹീത് പ്രീതിയുതോ മഹാത്മാ. 35

തസ്യൈവ മേ സൗഹൃദസഖ്യമൈത്രീ
ദാസ്യം പുനർജ്ജന്മനി ജന്മനി സ്യാത്
മഹാനുഭാവേന ഗുണാലയേന
വിഷജ്ജതസ്തത്പുരുഷപ്രസംഗഃ. 36

ഭക്തായ ചിത്രാ ഭഗവാൻ ഹി സമ്പദോ
രാജ്യം വിഭൂതീന്ന സമർത്ഥയത്യജഃ
അദീർഘബോധായ വിചക്ഷണഃ സ്വയം
പശ്യൻ നിപാതം ധനിനാം മദോദ്ഭവം.'' 37

ഇത്ഥം വ്യവസിതോ ബുദ്ധ്യാ ഭക്തോഽതീവ ജനാർദ്ദനേ
വിഷയാഞ്ജായയാ ത്യക്ഷ്യൻ ബുഭുജേ നാതിലമ്പടഃ. 38

തസ്യ വൈ ദേവദേവസ്യ ഹരേര്യജ്ഞപതേഃ പ്രഭോഃ
ബ്രാഹ്മണാഃ പ്രഭവോ ദൈവം ന തേഭ്യോ വിദ്യതേ പരം. 39

ഏവം സ വിപ്രോ ഭഗവത്സുഹൃത്തദാ
ദൃഷ്ട്വാ സ്വഭൃത്യൈരജിതം പരാജിതം
തദ്ധ്യാനവേഗോദ്ഗ്രഥിതാത്മബന്ധന-
സ്തദ്ധാമ ലേഭേഽചിരതഃ സതാം ഗതിം. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭർത്താവു വന്നിരിക്കുന്നെന്നു കേട്ടട-
ങ്ങാത്തൊരു തോഷത്തോടും വിഭ്രമത്തോടും

തത്പത്നി, രൂപംധരിച്ചോരു ലക്ഷ്മിപോ-
ലബ്ഭവനത്തിൽനിന്നാശു വന്നീടിനാൾ. 25

വല്ലഭനേ നിരീക്ഷിച്ചസ്സതീമണി
ഫുല്ലമാം രാഗത്തിനാലശ്രുനേത്രയായ്

കണ്ണുമടച്ചു സങ്കല്പത്തിനാൽ നമി-
ച്ചന്യൂനമായ് മനസ്സാൽ പുണർന്നീടിനാൾ. 26

ഭൂഷിതസർവ്വാങ്ഗികളായ് വിളങ്ങിടും
ദാസീജനത്തിൻനടുവിൽ സ്വകാന്തയെ

വൈമാനികിയായ ദേവിയെപ്പോലെയ-
ബ്ഭൂമീസുരൻ കണ്ടു വിസ്മയപ്പെട്ടിതേ. 27

സന്തുഷ്ടനായി സ്വയം പ്രിയായുക്തനായ്-
പ്പൊന്തും മണിസ്തംഭവൃന്ദമിണങ്ങിടും

സുന്ദരമാം നിജമന്ദിരം പൂകിനാ-
നിന്ദ്രഭവനത്തെയെന്നതുപോലവേ. 28

പൊൻകോപ്പുകളിയന്നീടുന്ന ദന്തപ-
ര്യങ്കങ്ങളാം വെൺനുരയൊത്ത നൽശ്ശയ്യകൾ

പൊന്നിൻപിടികളിണങ്ങിടും ചാമര-
വൃന്ദം, മൃദുലവിരിപ്പുകളാർന്നിടും

സ്വർണ്ണാസനങ്ങളും ഹാരാദിയാൽപരം
മിന്നും വിശിഷ്ടതരവിതാനങ്ങളും, 29–30

ശുദ്ധസ്ഫടികമരതകനിർമ്മിത-
ഭിത്തികളിൽ ജ്വലദ്രത്നദീപങ്ങളും

തത്സവിധം സഞ്ചരിച്ചിടും സ്ത്രീകളു-
മൈശ്വര്യവൃദ്ധി സമസ്തവുമിങ്ങനെ

തത്ര കണ്ടവ്യഗ്രനായിട്ടഹൈതുക-
വൃദ്ധിയെപ്പററിയാലോചിച്ചിതദ്വിജൻ.31–32

''എന്നും ദരിദ്രനും ദുർഭാഗ്യവാനുമാ-
മെന്നുടെയീയുന്നതിക്കുള്ള കാരണം

മററൊന്നുമല്ല, സമസ്തവിഭൂതിയു-
മൊത്ത കൃഷ്ണൻതൻ കൃപാകടാക്ഷം ദൃഢം. 33

ദാശാർഹമുഖ്യനും ഭൂരിഭോക്താവുമാം
കേശവൻ മത്സുഹൃ,ത്തത്ഥികൾക്കെപ്പൊഴും

ഭൂരിനല്കീടിലുമല്പമായേ മന-
താരിൽക്കരുതിട്ടു പിന്നെപ്പരംപുമാൻ

മുൻപേ പറയാതെയാണു കൊടുപ്പതു-
മംഭോദമട്ടിൽക്കടാക്ഷത്തോടും സ്വയം. 34

എന്നല്ല തന്നിലൊരല്പമർപ്പിച്ചീടു-
മെന്നാലതു വലുതായും ഗണിച്ചിടും.

ഞാൻ കൊണ്ടുചെന്നോരൊരുപിടിക്കററവ-
ലങ്ഗീകരിച്ചാനതിപ്രീതിയോടുതാൻ. 35

ആ വിഭുവിൻ പ്രജയാകുമെനിക്കു മദ്-
ഭാവിയാം ജന്മങ്ങളിലുമദ്ദേവനിൽ

മൈത്രിയും സഖ്യവും സൗഹൃദം ദാസ്യവും
സിദ്ധിച്ചു വർദ്ധിച്ചിടട്ടെ ദിനംപ്രതി

സദ്ഗുണകേദാരമാകുമശ്ശൗരിതൻ
ഭക്തരുമായുളവാകട്ടെ സങ്ഗമം. 36

സർവ്വസമ്പത്തിനുമീശൻ ഹരി, ധന-
ഗർവ്വമധഃപതിപ്പിക്കുമെന്നോർക്കയാൽ

ദീർഘമാം ബോധംവെടിഞ്ഞ തദ്ഭക്തരിൽ
ചേർക്കാ ദൃഢം ധനരാജ്യവിഭൂതികൾ.'' 37

ഉത്തമവിഷ്ണുഭക്തൻ കുചേലദ്വിജ-
നിത്ഥം ധിഷണയാൽച്ചിന്തിച്ചുറപ്പിച്ചു

താനേ വിഷയസുഖേച്ഛ വെടിഞ്ഞുദാ-
സീനനായ് ഭാര്യയോടൊത്തു കഴിച്ചിതേ. 38

സ്വാമിയും യജ്ഞപതിയും പ്രഭുവുമാം
ശ്രീമുകുന്ദനു മഹീദേവർതാൻ പരം

ദൈവതവും പ്രഭുക്കന്മാരു,മില്ല ഭൂ-
ദേവരിലും കവിഞ്ഞൊന്നും ജഗത്തിതിൽ. 39

അച്ചുഹൃത്തദ്ധരാദേവനജിതനാ-
മച്യുതൻ ഭക്തക്കധീനനെന്നുള്ളതു

നിശ്ചയിച്ചങ്ങു തദ്ധ്യാനവേഗത്തിനാൽ
നിശ്ശേഷമായഹങ്കാരം നശിപ്പിച്ചു

സജ്ജനപ്രാപ്യമായുല്ലസിക്കും തദീ-
യോച്ചപദത്തെയചിരാലണഞ്ഞിതേ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതദ് ബ്രഹ്മണ്യദേവസ്യ ശ്രുത്വാ ബ്രഹ്മണ്യതാം നരഃ
ലബ്ധഭാവോ ഭഗവതി കർമ്മബന്ധാദ്വിമുച്യതേ. 41

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
പൃഥുകോപാഖ്യാനം നാമ ഏകാശീതിതമോഽധ്യായഃ

ദ്വ്യശീതിതമോഽധ്യായഃ

ശ്രീശുക ഉവാച

അഥൈകദാ ദ്വാരവത്യാം വസതോ രാമകൃഷ്ണയോഃ
സൂര്യോപരാഗഃ സുമഹാനാസീത് കല്പക്ഷയേ യഥാഃ. 1

തം ജ്ഞാത്വാ മനുജാ, രാജൻ, പുരസ്താദേവ സർവ്വതഃ
സമന്തപഞ്ചകം ക്ഷേത്രം യയുഃ ശ്രേയോവിധിത്സയാ. 2

നിഃക്ഷത്രിയാം മഹീം കുർവ്വൻ രാമഃ ശസ്ത്രഭൃതാം വരഃ
നൃപാണാം രുധിരൗഘേണ യത്ര ചക്രേ മഹാഹ്രദാൻ. 3

ഈജേ ച ഭഗവാൻ രാമോ യത്രാസ്പൃഷ്ടോഽപി കർമ്മണാ
ലോകസ്യ ഗ്രാഹയന്നീശോ യഥാന്യോഽഘാപനുത്തയേ. 4

മഹത്യാം തീർത്ഥയാത്രായാം തത്രാഗൻ ഭാരതീഃ പ്രജാഃ
വൃഷ്ണയശ്ച തഥാക്രൂരവസുദേവാഹുകാദയഃ. 5

യയുർഭാരത തത് ക്ഷേത്രം സ്വമഘം ക്ഷപയിഷ്ണവഃ
ഗദപ്രദ്യുമ്നസാംബാദ്യാഃ സുചന്ദ്രശുകസാരണൈഃ
ആസ്തേഽനിരുദ്ധോ രക്ഷായാം കൃതവർമ്മാ ച യൂഥപഃ. 6

തേ രഥൈർദ്ദേവധിഷ്ണ്യാഭൈർഹയൈശ്ച തരളപ്ലവൈഃ
ഗജൈർന്നദദ്ഭി രഭ്രാഭൈർന്നൃഭിർവിദ്യാധരദ്യുഭിഃ 7

വ്യരോചന്ത മഹാതേജാഃ പഥി കാഞ്ചനമാലിനഃ
ദിവ്യസ്രഗ്വസ്ത്രസന്നാഹാഃ കളത്രൈഃ ഖേചരാ ഇവ. 8

തത്ര സ്നാത്വാ മഹാഭാഗ! ഉപോഷ്യ സുസമാഹിതാഃ
ബ്രാഹ്മണേഭ്യോ ദദുർദ്ധേനൂർവാസഃസ്രഗ്രുക്മമാലിനീഃ. 9

രാമഹ്രദേഷു വിധിവത് പുനരാപ്ലുത്യ വൃഷ്ണയഃ
ദദുഃ സ്വന്നം ദ്വിജാഗ്ര്യേഭ്യഃ കൃഷ്ണേ നോ ഭക്തിരസ്ത്വിതി. 10

സ്വയം ച തദനുജ്ഞാതാ വൃഷ്ണയഃ കൃഷ്ണദേവതാഃ
ഭുക്ത്വോപവിവിശുഃ കാമം സ്നിഗ്ദ്ധച്ഛായാങ്ഘ്രി-
പാങ്ഘ്രിഷു. 11

തത്രാഗതാംസ്തേ ദദൃശുഃ സുഹൃത്സംബന്ധിനോ നൃപാൻ
മത്സ്യോശീനരകൗസല്യവിദർഭകുരുസൃഞ്ജയാൻ
കാംബോജകൈകയാൻ മദ്രാൻ കുന്തീനാനർത്തകേരളാൻ. 12

അന്യാംശ്ചൈവാത്മപക്ഷീയാൻ പരാംശ്ച ശതശോ നൃപ!
നന്ദാദീൻ സുഹൃദോ ഗോപാൻ ഗോപീശ്ചോത്കണ്ഠിതാ-
ശ്ചിരം. 13

അന്യോന്യസന്ദർശനഹർഷരംഹസാ
പ്രോത്ഫുല്ലഹൃദ്വക്ത്രസരോരുഹശ്രിയഃ
ആശ്ലിഷ്യ ഗാഢം നയനൈഃ സ്രവജ്ജലാ
ഹൃഷ്യത്ത്വചോ രുദ്ധഗിരോ യയുർമ്മുദം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൗരിതൻ ബ്രാഹ്മണഭക്തി സവിസ്തര-
മീരണംചെയ്‌വതാമിക്കഥ കേട്ടിടും

മർത്ത്യനുണ്ടാകും ഹരിഭക്തിയാവഴി
സിദ്ധിച്ചിടും കർമ്മബന്ധവിമുക്തിയും. 41

അദ്ധ്യായം 82

കുരുക്ഷേത്രത്തിൽ വൃഷ്ണിഗോപസമാഗമം

ശ്രീശുകൻ പറഞ്ഞു

രാമനും കൃഷ്ണനും ദ്വാരകയിൽ സുഖം
താമസിച്ചീടുന്നകാലത്തിലേകദാ

ഘോരകല്പാന്തകാലത്തിലെപ്പോലൊരു
സൂര്യഗ്രഹണമുണ്ടായി മഹത്തരം. 1

മർത്ത്യരെല്ലാമിതു മുൻപേയറിഞ്ഞിട്ട
തദ്ദോഷശാന്തി വരുത്തുവാനിച്ഛയാൽ

'അഞ്ചാതെ സത്കർമ്മമാളാൻ സമന്താദി-
പഞ്ചകക്ഷേത്രത്തിൽ വന്നുചേർന്നീടിനാർ. 2

ശസ്ത്രഭൃത്തുക്കളിൽ മുൻപനാം ഭാർഗ്ഗവൻ
പൃഥ്വിയെയക്ഷത്രയാക്കിച്ചരിക്കവേ

ധാത്രീശരക്തധരിയാൽ ഹ്രദോച്ചയം
തീർത്തീടിനാൻ കുരുക്ഷേത്രമായോരിതിൽ. 3

ഈശനാമബ്ഭഗവാൻ രാമനോക്കിലി-
ല്ലംശവും കർമ്മസംബന്ധമെന്നാകിലും

ലോകബോദ്ധ്യത്തിനായ് സാമാന്യനെ-
പ്പോലെ
യാഗം കഴിച്ചാൻ ദുരിതശാന്തിക്കിഹ. 4

ഇക്കാലമിബ്ഭാരതത്തിൽപ്പെട്ടും പല-
ദിക്കിൽനിന്നും തത്ര വന്നുകൂടീ ജനം.

അക്രൂരനാഹുകനും വസുദേവാദി
മുഖ്യയദുക്കളുമങ്ങു ചെന്നീടിനാർ. 5

പ്രദ്യുമ്നസാംബഗദാദ്യരും തത്പാപ-
മുക്തിക്കു വേണ്ടികുരുക്ഷേത്രമെത്തിനാർ.

ദ്വാരകാരക്ഷയ്ക്കനിരുദ്ധനശ്ശുക-
സാരണചാരുചന്ദ്രാദിസമേതനായ്

തത്ര വസിച്ചീടിനാൻ, കൃതവർമ്മാവു
പാർത്തിവ സൈന്യാധിനാഥനായും നൃപാ! 6

ഏറ്റെസ്സുരവിമാനാഭമാം സ്യന്ദന-
പൂരം, തരംഗചപലാശ്വസഞ്ചയം,

ശബ്ദിക്കുമബ്ദങ്ങളൊക്കും ഗജങ്ങളും,
വിദ്യാധരാഭകലരും, പദാതിയും, 7

ചേർന്നു തേജസ്വികൾ യാദവർ പൊന്മാല-
യാർന്നു ദിവ്യാംബരമാലാവിശിഷ്ടരായ്

ഭാര്യമാരോടൊത്തു മാർഗ്ഗങ്ങളിൽ സുര-
ന്മാരെന്നപോലെ വിളങ്ങിനാരേററവും. 8

അമ്മഹാഭാഗർ സമാഹിതരായ്ത്തത്ര
ചെമ്മേ കുളിച്ചുപവാസവ്രതാന്വിതം

പൂമാല, പൊന്മാല, വസ്ത്രവുംപൂണ്ട ഗോ-
സ്തോമത്തെ വിപ്രർക്കു ദാനമായേകിനാർ. 9

പിറേറന്നു രാമഹ്രദത്തിലാ വൃഷ്ണികൾ
മുററും വിധിയൊത്തു മുങ്ങിക്കുളിച്ചുടൻ

കൃഷ്ണനിൽ ഭക്തി ഭവിക്കണമെന്നുന്നി-
യന്നം ദ്വിജന്മാർക്കരുളിനാർ മിഷ്ടമായ്. 10

കൃഷ്ണനെ ദൈവതമാക്കിബ്ഭജിച്ചിടും
വൃഷ്ണികൾ തദ്വിജാനുജ്ഞാതരായഥ

ഭക്ഷിച്ചു നല്ല തണലിയന്നീടുമാ
വൃക്ഷമൂലങ്ങളിൽച്ചെന്നിരുന്നാർ സുഖം. 11

കണ്ടിതു പിന്നെയവിടെവച്ചായവർ
പണ്ടേ സുഹൃദ്ബന്ധുവർഗ്ഗത്തിലുംപ്പെട്ടും

മത്സ്യനശീനരൻ കേകയകാംബോജ-
കൗസല്യരാനർത്തരും കുരുസൃഞ്ജയർ

മദ്രേശർ കേരളകുന്തിവിദർഭേശ-
രിത്യാദി നാനാനരാധിപന്മാരെയും. 12

പിന്നെയും സ്വന്തപക്ഷത്തിൽപെട്ടും പല-
മന്നവരേയും സുഹൃത്തുക്കളായിട്ടും

നന്ദാദ്യരേയും ചിരവിരഹത്തിനാൽ
ഖിന്നകളാം ഗോപിമാരെയും കണ്ടിതേ. 13

അന്യോന്യദർശനഹർഷവേഗത്തിനാൽ
നന്നായ് വികസിതമാം മുഖാബ്ജത്തോടും

ഹൃത്തോടുമൊത്തു ഗാഢംപുണർന്നശ്രുക്കളും-
വാർത്തു രോമാഞ്ചമണിഞ്ഞു സർവാംഗവും

ഒന്നും കഥിക്കാൻ കഴിയാത്തവണ്ണമാ
നന്ദാമൃതാംബുധിതന്നിലാറാടിനാർ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രിയശ്ച സംവീക്ഷ്യ മിഥോഽതിസൗഹൃദ-
സ്മിതാമലാപാങ്ഗദൃശോഽഭിരേമിരേ
സ്തനൈഃ സ്തനാൻ കുങ്കുമപങ്കരൂഷിതാൻ
നിഹത്യ ദോർഭിഃ പ്രണയാശ്രുലോചനാഃ. 15
തതോഽഭിവാദ്യ തേ വൃദ്ധാൻ യവിഷ്ഠൈരഭിവാദിതാഃ
സ്വാഗതം കുശലം പൃഷ്ട്വാ ചക്രുഃ കൃഷ്ണകഥാ മിഥഃ. 16
പൃഥാ ഭ്രാതൄൻ സ്വസൄർവീക്ഷ്യ തത്പുത്രാൻ പിതരാവപി
ഭ്രാതൃപത്നീർമ്മുകുന്ദം ച ജഹൗ സങ്കഥയാ ശുചഃ. 17

കുന്ത്യുവാച

ആര്യ ഭ്രാതരഹം മന്യേ ആത്മാനമകൃതാശിഷം
യദ്വാ ആപത്സു മദ്വാർത്താം നാനുസ്മരഥ സത്തമാഃ. 18
സുഹൃദോ ജ്ഞാതയഃ പുത്രാ ഭ്രാതരഃ പിതരാവപി
നാനുസ്മരന്തി സ്വജനം യസ്യ ദൈവമദക്ഷിണം. 19

വസുദേവ ഉവാച

അംബ, മാസ്മാനസൂയേഥാ ദൈവക്രീഡനകാൻ നരാൻ
ഈശസ്യ ഹി വശേ ലോകഃ കുരുതേ കാര്യതേഽഥവാ. 20
കംസപ്രതാപിതാഃ സർവ്വേ വയം യാതാ ദിശം ദിശം
ഏതർഹ്യേവ പുനഃ സ്ഥാനം ദൈവേനാസാദിതാഃ സ്വസഃ. 21

ശ്രീശുക ഉവാച

വസുദേവോഗ്രസേനാദ്യൈര്യദുഭിസ്തേഽർച്ചിതാ നൃപാഃ
ആസന്നച്യുതസന്ദർശപരമാനന്ദനിർവൃതാഃ. 22
ഭീഷ്മോ ദ്രോണോഽംബികാപുത്രോ ഗാന്ധാരീ സസുതാ തഥാ
സദാരാഃ പാണ്ഡവാഃ കുന്തീ സൃഞ്ജയോ വിദുരഃ കൃപഃ. 23
കുന്തിഭോജോ വിരാടശ്ച ഭീഷ്മകോ നഗ്നജിന്മഹാൻ
പുരുജിദ്ദ്രുപദഃ ശല്യോ ധൃഷ്ടകേതുഃ സകാശിരാട്. 24
ദമഘോഷോ വിശാലാക്ഷോ മൈഥിലോ മദ്രകേകയൗ
യുധാമന്യുഃ സുശർമ്മാ ച സസുതാ ബാഹ്ലികാദയഃ. 25
രാജാനോ യേ ച രാജേന്ദ്ര! യുധിഷ്ഠിരമനുവ്രതാഃ
ശ്രീനികേതം വപുഃ ശൗരേഃ സസ്ത്രീകം വീക്ഷ്യ വിസ്മിതാഃ. 26
അഥ തേ രാമകൃഷ്ണാഭ്യാം സമ്യക് പ്രാപ്തസമർഹണാഃ
പ്രശശംസുർമ്മുദാ യുക്താ വൃഷ്ണീൻ കൃഷ്ണപരിഗ്രഹാൻ. 27
അഹോ ഭോജപതേ! യൂയം ജന്മഭാജോ നൃണാമിഹ
യത് പശ്യഥാസകൃത് കൃഷ്ണം ദുർദ്ദർശമപി യോഗിനാം. 28
യദ്വിശ്രുതിഃ ശ്രുതിനുതേദമലം പുനാതി
പാദാവനേജനപയശ്ച വചശ്ച ശാസ്ത്രം
ഭൂഃ കാലഭർജ്ജിതഭഗാപി യദങ്ഘ്രിപദ്മ-
സ്പർശോത്ഥശക്തിരഭിവർഷതി നോഽഖിലാർത്ഥാൻ. 29
തദ്ദർശനസ്പർശനാനുപഥപ്രജല്പ-
ശയ്യാസനാശനസയൗനസപിണ്ഡബന്ധഃ
യേഷാം ഗൃഹേ നിരയവർത്മനി വർത്തതാം വഃ
സ്വർഗ്ഗാപവർഗ്ഗവിരമഃ സ്വയമാസ വിഷ്ണുഃ. 30

ശ്രീശുക ഉവാച

നന്ദസ്തത്ര യദൂൻ പ്രാപ്താൻ ജ്ഞാത്വാ കൃഷ്ണപുരോഗമാൻ
തത്രാഗമദ്വൃതോ ഗോപൈരനഃസ്ഥാർത്ഥൈർദിദൃക്ഷയാ. 31
തം ദൃഷ്ട്വാ വൃഷ്ണയോ ഹൃഷ്ടാസ്തനവഃ പ്രാണമിവോത്ഥിതാഃ
പരിഷസ്വജിരേ ഗാഢം ചിരദർശനകാതരാഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രീകളുമന്യോന്യമീക്ഷിച്ച രാഗാതി-
രേകസ്മിതേക്ഷണത്തോടു മോദാശ്രുവാൽ

കുങ്കുമപങ്കമണിഞ്ഞു ശോഭിക്കുമ-
ക്കൊങ്കക്കുടങ്ങൾ നനച്ചു പരസ്പരം

ഗാഢഗാഢം പരിരംഭണം ചെയ്തഥ
തേടീടിനാർ പരമാനന്ദനിർവൃതി. 15

പിന്നെച്ചെറിയവർ വന്ദിച്ചു വൃദ്ധരെ
തന്നിലിളയവരോടേററു വന്ദനം.

സ്വാഗതമോതിക്കുശലങ്ങൾ ചോദിച്ചു
ശ്രീകൃഷ്ണലീലാവിശേഷങ്ങളോതിനാർ. 16

ഭ്രാതാക്കളേയുമസ്സോദരിമാരെയും
സോദരഭാര്യമാരേയുമവൾക്കേഴും

ഉണ്ണികളേയും പിതൃജനത്തേയുമ-
ക്കണ്ണനേയും കുന്തി കണ്ടഴലാററിനാൾ 17

കുന്തി പറഞ്ഞു

ആര്യാ! സഹോദരാ! ഞാനാണു ഭൂമിയിൽ
തീരെസ്സുകൃതമില്ലാത്തവൾ, നിശ്ചയം.

ശ്രേഷ്ഠരാം നിങ്ങളാപത്തിലുമെൻ കഥ-
യൊട്ടും സ്മരിക്കുകയില്ലെന്നുവന്നിതേ. 18

ആർക്കു ദൈവം പ്രതികൂലം ജഗത്തിതി-
ലോർക്കുകയില്ലവനെ സ്വജനങ്ങളും

ജ്ഞാതികളും സുഹൃത്തുക്കളും പുത്രരും
ഭ്രാതാക്കളും താതമാതാക്കൾപോലുമേ. 19

വസുദേവൻ പറഞ്ഞു

ഈശ്വരൻതൻ കളിക്കോപ്പുകളായൊരു
ശേഷിയുമില്ലാത്ത മർത്ത്യരാം ഞങ്ങളെ

സോദരീ! കുററപ്പെടുത്തരുതേ സർവ്വ-
ഭൂതങ്ങളും തദ്വശഗതമല്ലയോ?

ചെയ്യുന്ന കർമ്മങ്ങളീശേച്ഛപോൽ ജനം,
ചെയ്യിക്കയാമംബ! പക്ഷേ,യധീശ്വരൻ. 20

ഞങ്ങളക്കംസൻെറ ഹിംസയാൽ ഭീതരാ-
യെങ്ങുമീയൂഴിയിലോടിനടന്നിതു.

ഉത്തമേ! ദൈവസഹായംനിമിത്തമായ്
സ്വസ്ഥാനമെത്തിയതീയിടെമാത്രമാം. 21

ശ്രീശുകൻ പറഞ്ഞു

ആ നൃപരേവരും ശ്രീവസുദേവോഗ്ര-
സേനാദ്യരാൽ സത്കൃതരായി വേണ്ടപോൽ

അച്യുതസന്ദർശനത്തിനാലേററവു-
മുച്ചമായീടുമാനന്ദമാർന്നീടിനാർ. 22

ഭീഷ്മരും ദ്രോണരുമംബികാപുത്രനു-
മാത്മജരോടൊത്തു ഗാന്ധാരിയും തഥാ

ഭാര്യാന്വിതരായ പാണ്ഡുതനൂജരു-
മാര്യയാം കുന്തി, കൃപരും, വിദുരരും,

കാശിരാജൻ, കുന്തിഭോജനും, കേകയാ-
ധീശർ, ദമഘോഷസൃഞ്ജയഭൂപരും

മന്നവൻ മൈഥിലൻ, ഭീഷ്മകനും, യുധാ-
മന്യു, സുധർമ്മാവു, മദ്രാധിനാഥനും,

നന്ദനയുക്തരാം ബാഹ്ലികാദ്യന്മാരു-
മെന്നല്ല ധർമ്മജനൊത്തവിടെത്തിയ

മന്നരെല്ലാം ഭാര്യമാരൊത്ത കൃഷ്ണൻെറ
സൗന്ദര്യമീക്ഷിച്ചു വിസ്മയപ്പെട്ടിതു. 23-26

അങ്ങവർ പിന്നെബ്ബലഭദ്രനാലുമ-
ശ്ശാർങ്ഗിയാലും സത്കൃതരായി
വേണ്ടപോൽ

കൃഷ്ണനാമാശ്രയത്തോടു വാണീടുമാ
വൃഷ്ണികളെയതിയായ് പ്രശംസിച്ചിതേ. 27

''ഭോജപതേ! മന്നിൽ മാനുഷജാതിയിൽ
ഹാ! ജന്മസാഫല്യമാർന്നവർ നിങ്ങൾതാൻ

യോഗീശ്വരർക്കുമദൃശനായീടുമാ
ശ്രീകാന്തനെസ്സദാ നിങ്ങൾ കാണുന്നിതേ. 28

ആരുടെ കീർത്തി വേദസ്തുതമായലം
പാരിടം പാവനമാക്കുന്നു നല്ലപോൽ

ആരുടെ കാൽ കഴുകും ജലവും ശാസ്ത്ര-
ഗീരുകളും ശുചിയാക്കുന്നു പാർത്തലം

കാലാഹതവീര്യയാകിലുമാക്ഷ്മ
ശ്രീലപാദാബ്ജസമാഗമത്താൽ ധര

ശേഷികലർന്നു നമുക്കു വേണ്ടുന്നവ-
യീഷലെന്യേ ചൊരിഞ്ഞീടുന്നു പൂർവ്വം. 29

ഹന്ത! യുഷ്മദ്ഭാഗ്യമമ്മഹത്മാവുതൻ
സന്ദർശനം സ്പർശനം സഹയാനവും

സംഭാഷണമുണ്ണിരിപ്പു കിടപ്പുമ-
സ്സംബന്ധഭാവവും നിങ്ങൾക്കു സിദ്ധമായ്.

സ്വർഗ്ഗാപവർഗ്ഗവിരമൻ ഹരി, ഭവ-
മാർഗ്ഗഗർ നിങ്ങടെവീട്ടിൽ വാഴ്വൂ സ്വയം.''30

ശ്രീശുകൻ പറഞ്ഞു

വന്നു കൃഷ്ണൻ യാദവന്മാരുമായവി-
ടെന്നറിഞ്ഞു നായരോടൊത്തു നന്ദനും

നാനാപദാർത്ഥങ്ങളും ശകടങ്ങളി-
ലാനയിച്ചെത്തിനാനങ്ങു ദിദൃക്ഷയാൽ. 31

നന്ദനെക്കണ്ടതിതുഷ്ടരാം വൃഷ്ണികൾ
തന്നങ്ഗകങ്ങളാ പ്രാണനെയാന്നപോൽ

വേഗമെണീററു ചിരവിയോഗത്തിനാൽ
ശോകം സ്ഫുരിപ്പിച്ചു പുല്കീ പരസ്പരം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസുദേവഃ പരിഷ്വജ്യ സംപ്രീതഃ പ്രേമവിഹ്വലഃ
സ്മരൻ കംസകൃതാൻ ക്ലേശാൻ പുത്രന്യാസം ച ഗോകുലേ. 33

കൃഷ്ണരാമൗ പരിഷ്വജ്യ പിതരാവഭിവാദ്യ ച
ന കിഞ്ചനോചതുഃ പ്രേമ്ണാ സാശ്രുകണ്ഠൗ, കുരൂദ്വഹ! 34

താവാത്മാസനമാരോപ്യ ബാഹുഭ്യാം പരിരഭ്യ ച
യശോദാ ച മഹാഭാഗാ സുതൗ വിജഹതുഃ ശുചഃ. 35

രോഹിണീ ദേവകീ ചാഥ പരിഷ്വജ്യ വ്രജേശ്വരീം
സ്മരന്ത്യൗ തത്കൃതാം മൈത്രീം ബാഷ്പകണ്ഠ്യൗ സമൂചതുഃ. 36

''കാ വിസ്മരേത വാം മൈത്രീമനിവൃത്താം, വ്രജേശ്വരി!
അവാപ്യാപ്യൈന്ദ്രമൈശ്വര്യം യസ്യാ നേഹ പ്രതിക്രിയാ. 37

ഏതാവദൃഷ്ടപിതരൗ യുവയോഃ സ്മ പിത്രോഃ
സംപ്രീണനാഭ്യുദയപോഷണപാലനാനി
പ്രാപ്യോഷതുർഭവതി പക്ഷ്മ ഹ യദ്വദക്ഷ്ണോ-
ന്ന്യസ്താവകുത്ര ച ഭയൗ, ന സതാം പരഃ സ്വഃ.'' 38

ശ്രീശുക ഉവാച

ഗോപ്യശ്ച കൃഷ്ണമുപലഭ്യ ചിരാദഭീഷ്ടം
യത്പ്രേക്ഷണേ ദൃശിഷു പക്ഷ്മകൃതം ശപന്തി
ദൃഗ്ഭിർഹൃദീകൃതമലം പരിരഭ്യ സർവ്വാ-
സ്തദ്ഭാവമാപുരപി നിത്യയുജാം ദുരാപം. 39

ഭഗവാംസ്താസ്തഥാഭൂതാ വിവിക്ത ഉപസങ്ഗതഃ
ആശ്ലിഷ്യാനാമയം പൃഷ്ട്വാ പ്രഹസന്നിദമബ്രവീത്. 40

''അപി സ്മരഥ നഃ സഖ്യഃ സ്വാനാമർത്ഥചികീർഷയാ
ഗതാംശ്ചിരായിതാഞ്ഛത്രുപക്ഷക്ഷപണചേതസഃ. 41

അപ്യവധ്യായഥാസ്മാൻ സ്വിദകൃതജ്ഞാവിശങ്കയാ
നൂനം ഭൂതാനി ഭഗവാൻ യുനക്തി വിയുനക്തി ച. 42

വായുര്യഥാ ഘനാനീകം തൃണം തൂലം രജാംസി ച
സംയോജ്യാക്ഷിപതേ ഭൂയസ്തഥാ ഭൂതാനി ഭൂതകൃത്. 43

മയി ഭക്തിർഹി ഭൂതാനാമമൃതത്വായ കല്പതേ
ദിഷ്ട്യാ യദാസീന്മത്സ്നേഹോ ഭവതീനാം മദാപനഃ. 44

അഹം ഹി സർവ്വഭൂതാനാമാദിരന്തോ/ന്തരം ബഹിഃ
ഭൗതികാനാം യഥാ ഖം വാർഭൂർവായുർജ്യോതിരങ്ഗനാഃ. 45

ഏവം ഹ്യേതാനി ഭൂതാനി ഭൂതേഷ്വാത്മാ//ത്മനാ തതഃ
ഉഭയം മയ്യഥ പരേ പശ്യതാഭാതമക്ഷരേ.'' 46

ശ്രീശുക ഉവാച

അധ്യാത്മശിക്ഷയാ ഗോപ്യ ഏവം കൃഷ്ണേന ശിക്ഷിതാഃ
തദനുസ്മരണധ്വസ്തജീവകോശാസ്തമധ്യഗൻ. 47

''ആഹുശ്ച തേ നളിനനാഭപദാരവിന്ദം
യോഗേശ്വരൈർഹൃദി വിചിന്ത്യമഗാധബോധൈഃ
സംസാരകൂപപതിതോത്തരണാവലംബം
ഗേഹഞ്ജുഷാമപി മനസ്യുദിയാത് സദാ നഃ.'' 48

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
വൃഷ്ണിഗോപസങ്ഗമോ നാമ ദ്വ്യശീതിതമോ/ധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കംസശല്യങ്ങളും ഗോഷ്ഠത്തിലുണ്ടിതൻ–
ന്യാസവുമോർത്തുടനാനകദുന്ദുഭി

പ്രേമപരവശനായ് പുണർന്നീടിനാൻ
കാമമശ്ലോകലാധീശനാം നന്ദനെ. 33

രാമകൃഷ്ണന്മാർ പിതാക്കളെക്കണ്ടുടൻ
പ്രേമബാഷ്പാൽപ്പരം ബാഷ്പാകുലാക്ഷരായ്

ഗദ്ഗദത്താലൊരുവാക്കും പുറത്തേക്കു
നിർഗ്ഗമിക്കാതെയായ് മിണ്ടാതെനിന്നിതേ. 34

ഭാഗ്യവതിയാം യശോദയപ്പുത്രരെ–
ശ്ശീഘ്രം മടിയിൽ പിടിച്ചിരുത്തീടിനാൾ.

രണ്ടു കൈകൊണ്ടുമാശ്ലേഷിച്ചു മോദാശ്രു–
കൊണ്ടവരെയഭിഷേകം കഴിച്ചിതേ. 35

രോഹിണീദേവകിമാർ വ്രജനാഥയെ
ബാഹുയുഗങ്ങളാലാലിംഗനംചെയ്തു.

തത്കൃതമൈത്രിയെസ്സംസ്മരിച്ചീവിധ–
വാക്കുകൾ കണ്ഠമിടറിക്കഥിച്ചിതേ. 36

''ഹേ വ്രജനായികേ! നിങ്ങടെ സൗഹൃദം
ഭുവിതിലേതൊരുനാരി മറന്നിടും?

ശക്രവിഭൂതികളാകെയേകീടിലും
തക്കതാം നിഷ്കൃതിയായതിനായിടാ. 37

മാതാപിതാക്കളെക്കാണാത്തൊരീയാത്മ–
ജാതരെ രണ്ടുമേ പെററപ്പൊഴേ ഞങ്ങൾ

നിങ്ങളിലർപ്പിച്ചു പോളകൾ കൺകളെ–
യെങ്ങനെയോ തഥാ ലാളിച്ചുപോററിയും

അഭ്യുദയത്തെ വളർത്തിയും നിങ്ങള–
ങ്ങെപ്പൊഴും കാത്തുസൂക്ഷിച്ചുമിരിക്കയാൽ

നിർഭയരായവർ വാണു, സത്തുക്കളിൽ
നില്പതില്ലല്ലോ സ്വപരഭേദം സതീ!'' 38

ശ്രീശുകൻ പറഞ്ഞു

ഏറെനാളായിട്ടു കാണാതിരിക്കുമ–
ക്കാറൊളിവർണ്ണനെക്കണ്ടു ഗോപീജനം

കണ്ണിനിമകളെത്തീർത്തവനെശ്ശുചി–
ച്ഛന്നയനങ്ങളാലാലിംഗനംചെയ്തു

എപ്പൊഴും ചേർന്നിരിക്കുന്നവർക്കും പര–
മപ്രാപ്യനാം ഹരിതൻ ഭാവമാർന്നിതേ. 39

ആമട്ടിലായൊരവരെയേകാന്തത്തി–
ലാ മുകുന്ദൻ ചെന്നു പുല്കിയനാമയം

ചോദിച്ചശേഷം സുമന്ദഹാസത്തൊടു–
മോതീടിനാൻ മധുരോക്തികളീവിധം: 40

''മത്സഖിമാരേ! സ്വജനാർത്ഥകൃത്യത്തി–
ലുത്സുകരായ് ശത്രുനാശോദ്യതരുമായ്

ഏറെനാളായ് വന്നു കാണാനവസരം–
ചേരാത്ത ഞങ്ങളെ നിങ്ങളോർക്കുന്നുവോ? 41

മങ്കമാരേ! ഞങ്ങൾ നന്ദികെട്ടോരെന്നു
ശങ്കിച്ചിടുന്നുവോ നിങ്ങളബദ്ധമായ്

പ്രാണികളെത്തമ്മിലൊന്നിച്ചുചേർപ്പതും
കാണാത്തമട്ടകററുന്നതുമീശനാം. 42

വാരിദം, പഞ്ഞി, പൊടി, പുല്ലിതുകളെ
മാരുതനെന്നപോൽ, സൃഷ്ടികർത്താവജൻ

ഭൂതജാലത്തെ യോജിപ്പിക്കയും പിന്നെ
വീതശങ്കം വേർപിരിക്കയും ചെയ്‌വുതേ. 43

എന്നിൽപ്പരാനുരാഗം പ്രാണിവർഗ്ഗത്തി–
നെന്നുമമൃതത്തിനായിബ്ഭവിപ്പിതേ.

ഭാഗ്യവശാൽ നിങ്ങളെന്നോടു ചേരുവാൻ
തക്കവിധം രാഗമാർന്നതു ശോഭനം. 44

ഭൂമ്യാദിഭൂതങ്ങളാലെ വിനിർമ്മിത–
മാമിച്ചരാചരഭൂതസർവ്വത്തിനും

ആദിമദ്ധ്യാന്തങ്ങളുള്ളും പുറവുമെൻ
പ്രീതിധാമങ്ങളേ! ഞാനെന്നതോർക്കുവിൻ. 45

ഭൂതജാലങ്ങളപ്പഞ്ചഭൂതങ്ങളി–
ലാദിമദ്ധ്യാന്തരൂപത്തിൽ വർത്തിക്കുന്നു.

ഭോക്താവു ജീവനപ്പഞ്ചഭൂതങ്ങളി–
ലൊക്കെയും വ്യാപിച്ചിരിക്കുന്നിതെപ്പൊഴും.

ജീവഗണവുമിബ്ഭൂതസമൂഹവും
സർവ്വത്തിനുമധിഷ്ഠാനമായ് മിന്നിടും

പൂർണ്ണനാമെന്നിലിരിപ്പതു കാണുവി–
നന്യമായൊന്നുമില്ലെന്നു ധരിക്കുവിൻ.'' 46

ശ്രീശുകൻ പറഞ്ഞു

ഈവിധം കൃഷ്ണനാലദ്ധ്യാത്മശിക്ഷണം
കൈവരുത്തപ്പെട്ട ഗോപികളേവരും

തച്ചിന്തനത്തിനാലാത്മാവരണത്തെ
വിച്ഛിന്നമാക്കിയവനെയറിഞ്ഞിതു. 47

''ജ്ഞാനികളായിടും യോഗീശ്വരന്മാർക്കു
മാനസംതന്നിൽ സതതം വിചിന്ത്യമായ്

ഘോരസംസാരാന്ധമഗ്നർക്കതിൽനിന്നു–
മേറുവാനേകാവലംബനമായിടും

തത്പദാബ്ജം പദ്മനാഭാ! വിളങ്ങണ–
മുൾപ്പൂവിലെന്നവർ ചൊല്ലുകയും ചെയ്തിതു.'' 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്ര്യശീതിതമോഽധ്യായഃ

ശ്രീശുക ഉവാച

തഥാനുഗൃഹ്യ ഭഗവാൻ ഗോപീനാം സ ഗുരുർഗ്ഗതിഃ
യുധിഷ്ഠിരമഥാപൃച്ഛത് സർവ്വാംശ്ച സുഹൃദോഽവ്യയം. 1
ത ഏവം ലോകനാഥേന പരിപൃഷ്ടാഃ സുസത്കൃതാഃ
പ്രത്യൂചുർഹൃഷ്ടമനസസ്തത്പാദേക്ഷാഹതാംഹസഃ. 2
''കുതോഽശിവം ത്വച്ചരണാംബുജാസവം
മഹന്മനസ്തോ മുഖനിഃസൃതം ക്വചിത്
പിബന്തി യേ കർണ്ണപുടൈരലം, പ്രഭോ
ദേഹംഭൃതാം ദേഹകൃദസ്മൃതിച്ഛിദം. 3
ഹിത്വാഽഽത്മധാമവിധുതാത്മകൃതത്ര്യവസ്ഥ-
മാനന്ദസംപ്ലവമഖണ്ഡമകുണ്ഠബോധം.
കാലോപസൃഷ്ടനിഗമാവന ആത്തയോഗ-
മായാകൃതിം പരമഹംസഗതിം നതാഃ സ്മ '' 4

ഋഷിരുവാച

ഇത്യുത്തമശ്ലോകശിഖാമണിം ജനേ-
ഷ്വഭിഷ്ടുവത്സ്വന്ധകകൗരവസ്ത്രിയഃ
സമേത്യ ഗോവിന്ദകഥാ മിഥോഽഗൃണം-
സ്ത്രിലോകഗീതാഃ ശൃണു വർണ്ണയാമി തേ. 5

ദ്രൗപദ്യുവാച

ഹേ വൈദർഭ്യച്യുതോ ഭദ്രേ! ഹേ ജാംബവതി! കൗസലേ!
ഹേ സത്യഭാമേ! കാളിന്ദി! ശൈബ്യേ! രോഹിണി!
ലക്ഷ്മണേ! 6
ഹേ കൃഷ്ണപത്ന്യ! ഏതന്നോ ബ്രൂത വോ ഭഗവാൻ സ്വയം
ഉപയേമേ യഥാ ലോകമനുകുർവ്വൻ സ്വമായയാ. 7

രുക്മിണ്യുവാച

ചൈദ്യായ മാർപ്പയിതുമുദ്യതകാർമുകേഷു
രാജസ്വജേയഭടശേഖരിതാംഘ്രിരേണുഃ
നിന്യേ മൃഗേന്ദ്ര ഇവ ഭാഗമജാവിയൂഥാത്
തച്ഛ്രീനികേതചരണോഽസ്തു മമാർച്ചനായ. 8

സത്യഭാമോവാച

യോ മേ സനാഭിവധതപ്തഹൃദാ തതേന
ലിപ്താഭിശാപമപമാർഷ്ടുമുപാജഹാര
ജിത്വർക്ഷരാജമഥ രത്നമദാത് സ തേന
ഭീതഃ പിതാദിശത മാം പ്രഭവേഽപി ദത്താം. 9

ജാംബവത്യുവാച

പ്രാജ്ഞായ ദേഹകൃദമും നിജനാഥദേവം
സീതാപതിം ത്രിണവഹാന്യമുനാഭ്യയുദ്ധ്യത്
ജ്ഞാത്വാ പരീക്ഷിത ഉപാഹരദർഹണം മാം
പാദൗ പ്രഗൃഹ്യ മണിനാഹമമുഷ്യ ദാസീ. 10

കാളിന്ദ്യുവാച

തപശ്ചരന്തീമാജ്ഞായ സ്വപാദസ്പർശനാശയാ
സഖ്യോപേത്യാഗ്രഹീത് പാണിം യോഽഹം
തദ്ഗൃഹമാർജ്ജനീ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 83

കൃഷ്ണഭാര്യാവിവാഹവർണ്ണന

ശ്രീശുകൻ പറഞ്ഞു

ഗോപീജനപ്രാപ്യനും തദ്ഗുരുവുമാം
ശ്രീപതിയാശിസ്സുവക്തുളിട്ടുടൻ

ധർമ്മജനോടും സുഹൃത്തുക്കളോടുമായ്–
ച്ചെമ്മേ കുശലങ്ങളോതിനാൻ സാദരം. 1

അക്കണക്കജ്ജഗദീശനാൽ പൃഷ്ടരായ്
സത്കൃതരാമവർ ഹൃഷ്ടതമാകവേ

തത്പാദദർശനംമൂലം ഹനിച്ചുട-
നിപ്രകാരം കഥിച്ചീടിനാർ തുഷ്ടരായ്: 2

''ചൊല്ലേറിടും മഹാന്മാർതൻ മുഖംവഴി
വല്ലപ്പൊഴും പുറത്തേക്കു വരുന്നതായ്

ദേഹികൾക്കെല്ലാം ശരീരത്തിനാലെഴും
മോഹമശേഷം നശിപ്പിച്ചിടുന്നതാം

നിന്തിരുമേനിതൻ പാദാംബുജാസവം
സന്തോഷപൂർവ്വം ശ്രവണപുടങ്ങളാൽ

നന്നായ് നുകർന്നു കഴിപ്പോർക്കു പിന്നെങ്ങു-
നിന്നുളവാകുമമംഗലം. 3

ബുദ്ധികൃതമാമവസ്ഥാത്രയത്തെയു-
മസ്തമിപ്പിച്ചാത്മധാമത്തിനാൽ പരം

ആനന്ദരൂപനായച്ഛേദ്യനായ് ശുദ്ധ-
ജ്ഞാനിയായ്ക്കാലഗതിയാൽ നശിച്ചതാം

ആഗമപ്രോക്തകർമ്മങ്ങളെ രക്ഷിച്ചു
ലോകത്തു മര്യാദയെ നിലനിർത്തുവാൻ

യോഗമായാശരീരത്തെ സ്വയം ഭവാൻ
സ്വീകരിച്ചേറ്റം പരിലസിക്കുന്നിതേ.

എന്നും പരമഹംസൗഘഗതിയായി
മിന്നും ഭവാനെ നമിക്കുവോരാണിവർ.'' 4

ഋഷി പറഞ്ഞു

ഉത്തമശ്ലോകശിഖാമണിയായിടും
ദൈത്യാരിദേവനെയേവരുമീവിധം

പാരം സ്തുതിക്കവേയന്ധകകൗരവ-
നാരീജനങ്ങൾ, മുപ്പാരിലും ഗേയമാം

ഗോവിന്ദചാരുകഥകൾ പാടീടിനാർ;
ഞാൻ വിസ്തരിച്ചതും നിങ്ങളോടോതിടാം. 5

ദ്രൗപതി പറഞ്ഞു

രുക്മിണീ! ഭാമേ! കളിന്ദജേ! കൗസലേ!
ലക്ഷ്മണേ! മിത്രവിന്ദേ! ജാംബവൽസുതേ!

രോഹിണീ! ഭദ്രേ! ഹരിവല്ലഭകളേ!
ശ്രീഹരി നിങ്ങളെ ലോകാനുകാരിയായ്

വേളികഴിച്ചതുമെങ്ങനെ? മായയാ-
ലാളിമാരേ! ഞങ്ങളോടു കഥിക്കുവിൻ! 6–7

രുക്മിണി പറഞ്ഞു

എന്നെശ്ശിശുപാലനേകുവാനായ് നൃപ-
മണ്ഡലം വില്ലുകളും പൊക്കി നിന്നീടവേ

നേരേയജയ്യഭടപടലിക്കണി-
ഹാരമാം പാദരജസ്സാളുമമ്മഹാൻ

കേസരിവര്യൻ സ്വഭാഗത്തെയാ മേഷ-
രാശിയിൽനിന്നും ഹരിച്ചങ്ങു പോംവിധം

കൊണ്ടുപോന്നാനെന്നെ,യാ രമേശന്റെ കാൽ-
ത്തളിരെന്നെന്നുമെന്നുളളിൽ ഭവിക്കണം. 8

സത്യഭാമ പറഞ്ഞു

സോദരഹത്യയാലുൾത്തപിച്ചീടുമെൻ-
താതൻ പരത്തിയ ദുഷ്കീർത്തി തീർക്കുവാൻ

ജാംബവാനേ വെന്നു രത്നം ഹരിച്ചുട-
നെൻ പിതാവിന്നങ്ങു കൊണ്ടുചെന്നേകിനാൻ.

പിന്നെബ്ഭയന്നിപ്രഭുവിനേകീ പിതാ-
വന്യനായ് നിശ്ചയിച്ചീടിനോരെന്നെയും. 9

ജാംബവതി പറഞ്ഞു

താതനിദ്ദേഹത്തിനെ നിജസ്വാമിയാം
സീതാപതിയെന്നറിയാതിരുപത്തും

ഏഴും ദിവസം തുടർന്നു പോരാടിനാൻ
പാഴിൽ, ബലം പരീക്ഷിച്ചുനോക്കീട്ടുടൻ

കാലുപിടിച്ചങ്ങു കാഴ്ചയായ്‌വെച്ചിതു
ശ്രീലസദ്രത്നവും കന്യയാമെന്നെയും.

എന്നതുമൂലമായ് തോഴീജനങ്ങളേ!
എന്നുമപ്പുണ്ഡരീകാക്ഷനു ദാസി ഞാൻ. 10

കാളിന്ദി പറഞ്ഞു

ദുശ്ചരമാം തപം തത്പദസ്പർശന-
മിച്ഛിച്ചു ഞാനാചരിച്ചതറിഞ്ഞുടൻ

ഇഷ്ടനൊത്തെത്തിയെൻ പാണിപിടിച്ചെന്നു-
തൊട്ടച്യുതഗേഹദാസിയായ്ത്തീർന്നു
ഞാൻ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിത്രവിന്ദോവാച

യോ മാം സ്വയംവര ഉപേത്യ വിജിത്യ ഭൂപാൻ
നിന്യേ ശ്വയൂഥഗമിവാത്മബലിം ദ്വിപാരിഃ
ഭ്രാതൄംശ്ച മേഽപകുരുതഃ സ്വപുരം ശ്രിയൗക-
സ്തസ്യാസ്തു മേഽനുഭവമങ്ഘ്ര്യവനേജനത്വം. 12

സത്യോവാച

സപ്തോക്ഷണോഽതിബലവീര്യസുതീക്ഷ്ണശൃങ്ഗാൻ
പിത്രാ കൃതാൻ ക്ഷിതിപവീര്യപരീക്ഷണായ
താൻ വീരദുർമ്മദഹനസ്തരസാ നിഗൃഹ്യ
ക്രീഡൻ ബബന്ധ ഹ യഥാ ശിശവോഽജതോകാൻ. 13
യ ഇത്ഥം വീര്യശുല്കാം മാം ദാസീഭിശ്ചതുരങ്ഗിണീം
പഥി നിർജ്ജിത്യ രാജന്യാൻ നിന്യേ തദ്ദാസ്യമസ്തു മേ. 14

ഭദ്രോവാച

പിതാ മേ മാതുലേയായ സ്വയമാഹൂയ ദത്തവാൻ
കൃഷ്ണേ കൃഷ്ണായ തച്ചിത്താമക്ഷൗഹിണ്യാ സഖീജനൈഃ. 15
അസ്യ മേ പാദസംസ്പർശോ ഭവേജ്ജന്മനി ജന്മനി
കർമ്മഭിർഭ്രാമ്യമാണായാ യേന തച്ഛ്രേയ ആത്മനഃ. 16

ലക്ഷ്മണോവാച

മമാപി രാജ്ഞ്യച്യുതജന്മകർമ്മ
ശ്രുത്വാ മുഹുർന്നാരദഗീതമാസ ഹ
ചിത്തം മുകുന്ദേ കില പദ്മഹസ്തയാ
വൃതഃ സുസംമൃശ്യ വിഹായ ലോകാൻ. 17
ജ്ഞാത്വാ മമ മതം, സാധ്വി, പിതാ ദുഹിതൃവത്സലഃ
ബൃഹത്സേന ഇതി ഖ്യാതസ്തത്രോപായമചീകരത്. 18
യഥാ സ്വയംവരേ രാജ്ഞി മത്സ്യഃ പാർത്ഥേപ്സയാ കൃതഃ
അയം തു ബഹിരാച്ഛന്നോ ദൃശ്യതേ സ ജലേ പരം. 19
ശ്രുത്വൈതത് സർവ്വതോ ഭൂപാ ആയയുർമ്മത്പിതുഃ പുരം
സർവ്വാസ്ത്രശസ്ത്രതത്ത്വജ്ഞാഃ സോപാധ്യായാഃ സഹസ്രശഃ. 20
പിത്രാ സമ്പൂജിതാഃ സർവേ യഥാവീര്യം യഥാവയഃ
ആദദുഃ സശരം ചാപം വേദ്ധും പർഷദി മദ്ധിയഃ. 21
ആദായ വ്യസൃജൻ കേചിത് സജ്യം കർത്തുമനീശ്വരാഃ
ആകോഷ്ഠം ജ്യാം സമുത്കൃഷ്യ പേതുരേകേഽമുനാ ഹതാഃ. 22
സജ്യം കൃത്വാ പരേ വീരാ മാഗധാംബഷ്ഠചേദിപാഃ
ഭീമോ ദുര്യോധനഃ കർണ്ണോ നാവിന്ദംസ്തദവസ്ഥിതിം. 23
മത്സ്യാഭാസം ജലേ വീക്ഷ്യ ജ്ഞാത്വാ ച തദവസ്ഥിതിം
പാർത്ഥോ യത്തോഽസൃജദ്ബാണം നാച്ഛിനത് പസ്പൃശേ
പരം. 24
രാജന്യേഷു നിവൃത്തേഷു ഭഗ്നമാനേഷു മാനിഷു
ഭഗവാൻ ധനുരാദായ സജ്യം കൃത്വാഥ ലീലയാ. 25
തസ്മിൻ സന്ധായ വിശിഖം മത്സ്യം വീക്ഷ്യ സകൃജ്ജലേ
ഛിത്വേഷുണാപാതയത്തം സൂര്യേ ചാഭിജിതി സ്ഥിതേ. 26
ദിവി ദുന്ദുഭയോ നേദുർജ്ജയശബ്ദയുതാ ഭുവി
ദേവാശ്ച കുസുമാസാരാൻ മുമുചുർഹർഷവിഹ്വലാഃ. 27
തദ്രങ്ഗമാവിശമഹം കളനൂപുരാഭ്യാം
പദ്ഭ്യാം പ്രഗൃഹ്യ കനകോജ്ജ്വലരത്നമാലാം
നൂത്നേ നിവീയ പരിധായ ച കൗശികാഗ്ര്യേ
സവ്രീഡഹാസവദനാ കബരീധൃതസ്രക്. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിത്രവിന്ദ പറഞ്ഞു

ശ്രീനിവാസൻ മത്സ്വയംവരവേളയിൽ
നാനാനൃപരെയും മത്സോദരരെയും
വെന്നു ശുനകൗഘമദ്ധ്യസ്ഥമായിട്ടും
തന്നോഹരി ഹരിയെന്നകണക്കിനെ
എന്നെയുമാന്നു പോന്നാൻ; തത്പദമെനി-
ക്കെന്നും കഴുകവാൻ ഭാഗ്യം ഭവിക്കണം. 12

സത്യ പറഞ്ഞു

മന്നവവീര്യം പരീക്ഷിച്ചു വേണമെൻ-
കന്യകാദാനമെന്നച്ഛനുറച്ചു ഹ
വമ്പിച്ച വീര്യബലങ്ങളും കൂർത്തുള്ള
കൊമ്പുകളുംപൂണ്ടു പാരം മദിച്ചതായ്
വീരഗവ്വത്തെ ഹരിക്കുന്നതായ്ക്കാത്തു-
പോരുമക്കാളകളേഴിനേയും ബലാൽ
പൊന്നും മദം തീർത്തു ലീലയായമ്മഹാൻ
ബന്ധിച്ചു മേഷശിശുക്കളെക്കട്ടിപോൽ. 13
അങ്ങനെ വീര്യമാകുന്ന ശുല്ക്കത്തൊടീ-
യങ്ഗനയെച്ചതുരങ്ഗിണിയായിട്ടും
സേനയോടും ദാസിമാരൊടും മാർഗ്ഗത്തിൽ
നാനാനൃപരെജ്ജയിച്ചാനയിച്ചൊരു
മായാമയനാം രമാകാമുകനു ഞാ-
നായുരന്തം ദാസിയായ് ഭവിച്ചീടണം. 14

ഭദ്ര പറഞ്ഞു

മാതുലപുത്രനാം ശ്രീകൃഷ്ണനിൽത്തന്നെ
ചേതസ്സുറപ്പിച്ചിരുന്നൊരെന്നേ മുദാ
താതനദ്ദേഹത്തിനെ വിളിച്ചേകിനാൻ
സാദരം തോഴീജനസൈന്യസംയുതം. 15
ഏതിനാൽ ജീവന്നു കൈവല്യമാളുവാൻ
സാധിക്കുമാ ഹരിപാദസംസ്പർശനം
കർമ്മങ്ങളിൽ ഭ്രമിച്ചീടുമെനിക്കേതു
ജന്മത്തിലും ഭവിച്ചീടട്ടെ പാർത്ഥീ! 16

ലക്ഷ്മണ പറഞ്ഞു

അല്ലയോ രാജ്ഞീ! പലപ്പൊഴും നാരദൻ
ചൊല്ലിബ്ഭഗവജ്ജനനകർമ്മങ്ങളെ
കേട്ടു മന്മാനസം ലോകത്തെയാകവേ
വിട്ടു ലക്ഷ്മീവൃതനാകും മുകുന്ദനെ
ഈഷലെന്യേ പരിചിന്തനം ചെയ്തതിൻ-
ശേഷം തദാസക്തമായതു ഭാഗ്യമായ്. 17
സാദ്ധ്വീ! ബൃഹത്സേനനെന്നു വിഖ്യാതനും
പുത്രിയിൽ പാരം പ്രിയനുമാം മൽപ്പിതാ
മന്മനം നേരേ മനസ്സിലാക്കീട്ടതി-
നമ്മതിമാനൊരുപായം നിനച്ചിതു. 18
അല്ലയോ രാജ്ഞീ! സ്വയംവരത്തിൽത്തവ-
വല്ലഭനെജ്ജനനായ് വരാൻ നിൻ പിതാ
ഇല്ലിച്ചൊരു മത്സ്യയന്ത്രമത്യുച്ചത്തിൽ
വെച്ചപോലൊന്നു ചമച്ചു മത്താതനും
ആച്ഛന്നമത്രേ വെളിക്കതു, നല്ലപോൽ
വീക്ഷിച്ചിടാം തത്പ്രതിബിംബ-
മംബുവിൽ. 19
ഈ വാർത്ത കേട്ടെട്ടുദിക്കിലുംനിന്നുടൻ
സർവ്വശസ്ത്രാസ്ത്രതത്ത്വജ്ഞരാം മന്നവർ
താതപുരിയിൽ സഹസ്രകണക്കിനാ-
യാതരായാർ തത്തദാചാര്യസംയുതം. 20
വീര്യം വയസ്സിവ നോക്കിയർച്ചിച്ചിതു
നേരേ പിതാവന്നൃപന്മാരെയൊക്കെയും.
പിന്നെസ്സദസ്സിൽ മുറയ്ക്കവരെന്നിലു-
ള്ളുന്നിയാന്നീടിനാർ വില്ലും ശരങ്ങളും. 21
വില്ലു വലിച്ചുപൂട്ടാനും ബലമേതു-
മില്ലാതെ താഴെവച്ചങ്ങു പോയാർ ചിലർ.
മററുചിലർ ഞാൺ വലിച്ചു കോഷ്ഠംവരെ-
യെത്തിച്ചശക്തരായ്ത്താഴെപ്പതിച്ചിതേ. 22
കർണ്ണനും ഭീമനും ദുര്യോധനൻതാനു-
മന്യരാം മാഗധാംബഷ്ഠചേദീശരും
വില്ലു വലിച്ചുകെട്ടീടിലും സാധിച്ചി-
തില്ല ലക്ഷ്യത്തെ വീക്ഷിക്കാനവർക്കഹോ. 23
വെള്ളത്തിൽ മത്സ്യപ്രതിച്ഛായ കണ്ടുടൻ
വില്ലു വലിച്ചുപൂട്ടീട്ടുടനർജ്ജുനൻ
വിട്ടീടിനാൻ ശരമായതിൽ ചെന്നൊന്നു
തൊട്ടിട്ടു ഭേദിച്ചിടാതതു പോയിതു. 24
മന്നവരെല്ലാം സ്വഗർവ്വം വെടിഞ്ഞതി-
നിന്ദിതരായി മടങ്ങവേ ശ്രീഹരി
മന്ദമണഞ്ഞു കളിയായ് ശരാസന-
മാന്നതിൽ ഞാണു വലിച്ചു കെട്ടീടിനാൻ. 25
അമ്പു തൊടുത്തു മത്സ്യച്ഛായ നീരിലൊ-
ന്നമ്പോടു നോക്കി വലിച്ചുവിട്ടീടിനാൻ.
അക്കനഭിജിന്മുഹൂർത്തത്തിൽ നില്ക്കവേ
ചിക്കെന്നതിനെ നിലംപതിപ്പിച്ചിതു. 26
ദുന്ദുഭീനാദം മുഴങ്ങിയാകാശത്തു
മന്നിൽ ജയജയശബ്ദവുമാവിധം
വിണ്ണവർ മോദവിവശരായക്ഷണം
മന്ദാരസൂനങ്ങളും വാരിച്ചൊരിഞ്ഞിതു. 27
പുത്തനായ് രണ്ടു വസ്ത്രങ്ങളും നിവർത്തുടു-
ത്തുത്തമാങ്ഗത്തിലണിഞ്ഞു പൂമാലയും
മന്ദസ്മിതംതൂകി ലജ്ജയാലാനന-
മൊന്നു കുനിച്ചു നിനച്ചു മുകുന്ദനെ
ചാരുനാദംപെടും കാൽച്ചിലമ്പാർന്ന കാൽ-
ത്താരുകളാൽ മെല്ലെ മെല്ലെ നടന്നു ഞാൻ
സ്വർണ്ണോജ്ജ്വലന്മണിമാല കരങ്ങളി-
ലാർന്നു സ്വയംവരവേദിയണഞ്ഞിതു 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉന്നീയ വക്ത്രമുരുകുന്തളകുണ്ഡലത്വിഡ്
ഗണ്ഡസ്ഥലം ശിശിരഹാസകടാക്ഷമോക്ഷൈഃ
രാജ്ഞോ നിരീക്ഷ്യ പരിതഃ ശനകൈർമ്മുരാരേ-
രംസേƒനുരക്തഹൃദയാ നിദധേ സ്വമാലാം. 29

താവന്മൃദങ്ഗപടഹാഃ ശങ്ഖഭേര്യാനകാദയഃ
നിനേദുർനടനർത്തക്യോ നനൃതുർഗ്ഗായകാ ജഗുഃ. 30

ഏവം വൃതേ ഭഗവതി മയേശേ നൃപയൂഥപാഃ
ന സേഹിരേ, യാജ്ഞസേനി, സ്പർദ്ധന്തോ ഹൃച്ഛയാതുരാഃ. 31

മാം താവദ്രഥമാരോപ്യ ഹയരത്നചതുഷ്ടയം
ശാർങ്ഗമുദ്യമ്യ സന്നദ്ധസ്തസ്ഥാവാജൗ ചതുർഭുജഃ. 32

ദാരുകശ്ചോദയാമാസ കാഞ്ചനോപസ്കരം രഥം
മിഷതാം ഭൂഭുജാം രാജ്ഞി മൃഗാണാം മൃഗരാഡിവ. 33

തേƒന്വസജ്ജന്ത രാജന്യാ നിഷേദ്ധും പഥി കേചന
സംയത്താ ഉദ്ധൃതേഷ്വാസാ ഗ്രാമസിംഹാ യഥാ ഹരിം. 34

തേ ശാർങ്ഗച്യുതബാണൗഘൈഃ കൃത്തബാഹ്വങ്ഘ്രി-
കന്ധരാഃ
നിപേതുഃ പ്രധനേ കേചിദേകേ സന്ത്യജ്യ ദുദ്രുവുഃ. 35

തതഃ പുരീം യദുപതിരത്യലംകൃതാം
രവിച്ഛദധ്വജപടചിത്രതോരണാം
കുശസ്ഥലീം ദിവി ഭുവി ചാഭിസംസ്തുതാം
സമാവിശത്തരണിരിവ സ്വകേതനം. 36

പിതാ മേ പൂജയാമാസ സുഹൃത്സംബന്ധിബാന്ധവാൻ
മഹാർഹവാസോƒലങ്കാരൈഃ ശയ്യാസനപരിച്ഛദൈഃ. 37

ദാസീഭിഃ സർവ്വസമ്പദ്ഭിർഭടേഭരഥവാജിഭിഃ
ആയുധാനി മഹാർഹാണി ദദൗ പൂർണ്ണസ്യ ഭക്തിതഃ. 38

ആത്മാരാമസ്യ തസ്യേമാ വയം വൈ ഗൃഹദാസികാഃ
സർവ്വസങ്ഗനിവൃത്ത്യാദ്ധാ തപസാ ച ബഭൂവിമ. 39

മഹിഷ്യ ഊചുഃ

ഭൗമം നിഹത്യ സഗണം യുധി തേന രുദ്ധാ
ജ്ഞാത്വാഥ നഃ ക്ഷിതിജയേ ജിതരാജകന്യാഃ
നിർമ്മുച്യ സംസൃതിവിമോക്ഷമനുസ്മരന്തീഃ
പാദാംബുജം പരിണിനായ യ ആപ്തകാമഃ. 40

ന വയം, സാധ്വി, സാമ്രാജ്യം സ്വാരാജ്യം ഭൗജ്യമപ്യുത
വൈരാജ്യം പാരമേഷ്ഠ്യം ച ആനന്ത്യം വാ ഹരേഃ പദം. 41

കാമയാമഹ ഏതസ്യ ശ്രീമത്പാദരജഃ ശ്രിയഃ
കുചകുങ്കുമഗന്ധാഢ്യം മൂർദ്ധ്നാ വോഢും ഗദാഭൃതഃ. 42

വ്രജസ്ത്രിയോ യദ്വാഞ്ഛന്തി പുളിന്ദ്യസ്തൃണവീരുധഃ
ഗാവശ്ചാരയതോ ഗോപാഃ പാദസ്പർശം മഹാത്മനഃ. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
ഉത്തരാർദ്ധേ ത്ര്യശീതിതമോƒധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാർകുന്തളം ചൂഴ്ന്ന കണ്ണുവിഭൂഷണ-
ശ്രീകമാം ഗണ്ഡങ്ങളാന്നീടുമാനനം

ഒന്നുയർത്തി സ്മിതശീതളമാം കട-
ക്കണ്ണുകളാൽ ചുററുമീക്ഷിച്ചു ഭൂപരെ.

പിന്നെയനുരക്തചിത്ത ഞാനമ്മാല
മന്ദം മുകുന്ദഗളത്തിലപ്പിച്ചിതേ. 29

അപ്പോൾ മൃദങ്ഗപടഹശങ്ഖങ്ങളും
ശബ്ദിച്ചു ഭേര്യാനകാദിവാദ്യങ്ങളും

നത്തനംചെയ്തു നടന്മാർ നടികളും
ചിത്തമലിക്കുന്ന പാട്ടുകൾ പാടിനാർ. 30

ഈവിധം ദ്രൗപദീ! ഞാനഖിലേശനെ-
ക്കൈവരിച്ചീടവേ കാമാത്തരായ് പരം

സ്പർദ്ധ വർദ്ധിച്ചു സഹിക്കരുതാതെയ-
പ്പൃഥ്വീശ്വരന്മാരെതിക്കാൻ മുതിന്നിതു. 31

എന്നെ നാലശ്വരത്നങ്ങളിണങ്ങിടും
സ്യന്ദനമേററിയാശ്ശാർങ്ഗധനുസ്സോടും

സന്നദ്ധനായ്ച്ചതുർബാഹുവാം ദേവകീ-
നന്ദനനാം ഭഗവാൻ നിലകൊണ്ടിതു! 32

ചാരത്തു നോക്കിനിന്നീടും നൃപന്മാരെ-
യാരെയും സിംഹം മൃഗങ്ങളെയെന്നപോൽ

തീരെ വകവച്ചിടാതെയപ്പൊന്നണി-
ത്തേരു നടത്തിനാൻ വീരനാം ദാരുകൻ. 33

ഗ്രാമസിംഹങ്ങളാ സിംഹത്തെയെന്നപോൽ
ഭൂമീപതികൾ ഹരിയെത്തടുക്കുവാൻ

അസ്ത്രചാപങ്ങളും പൊക്കിയനുഗമി-
ച്ചദ്ധ്വാവിലദ്ധ്വാനമേററമാന്നീടിനാർ. 34

ശാർങ്ഗചാപച്യുതബാണഗണങ്ങളാ-
ലങ്ഗങ്ങൾ കൈകാലുകളും ഗളങ്ങളും

അററവരിൽച്ചിലർ താഴെ വീണീടിനാർ,
മററുചിലർ പോരുപേക്ഷിച്ചു മണ്ടിനാർ. 35

പിന്നെബ്ഭഗവാൻ മുകുന്ദൻ ദിനേശനെ-
ച്ഛന്നമാക്കും കൊടിതോരണപങ്ക്തിയാൽ

നന്നായലംകൃതമായി വിണ്ണിങ്കലും
മന്നിലും കീത്തിതമായ് പ്രശോഭിച്ചിടും

ദ്വാരകാപട്ടണംതന്നിൽ പ്രവേശിച്ചു,
സൂര്യൻ സ്വകേതനം പ്രാപിച്ചിടുംവിധം. 36

മത്താതനേററം വിലയേറുമാസന-
വസ്ത്രഭൂഷോപകരണശയ്യാദികൾ

ബാന്ധവക്കും സുഹൃത്സംബന്ധികൾക്കുമായ്
സന്തുഷ്ടനായേകിയച്ചനംചെയ്തിതേ. 37

ആനതേരശ്വം പദാതിയും ചേന്നിടും
സേനകൾ സർവ്വസമ്പന്നമാർ ദാസികൾ

ശ്രേഷ്ഠായുധങ്ങളും പൂർണ്ണനാകും മധു-
ദ്വിട്ടിനായ് ഭക്ത്യാ പിതാവു കൊടുത്തിതു. 38

സങ്ഗമെല്ലാം വിട്ടു നിത്യം തപസ്സുചെ-
യ്തീങ്ങനെ ഞങ്ങളുമേ സതീരത്നമേ!

ആത്മാവിലെന്നും രമിച്ചു ലസിച്ചിടും
പദ്മനാഭൻതൻ ഗൃഹദാസ്യമാന്നിതേ. 39

മഹിഷികൾ പറഞ്ഞു

ദിഗ്ജയത്തിങ്കൽ നരകനീ ഞങ്ങളെ-
ക്കൈക്കലാക്കി സ്വപുരത്തിലെത്തിച്ചഹോ

ബദ്ധരാക്കിപ്പീഡയേല്പിക്കവേ, ഞങ്ങ-
ളോത്താർ ഭവമോചനമപ്പദാംബുജം.

ആപ്തകാമൻ ഭഗവാനതറിഞ്ഞെത്തി
ദൈത്യനെക്കൊന്നുടൻ ഞങ്ങളെ വേട്ടിതു. 40

ഗോപാലരും ചെടിക്കൂട്ടം തൃണങ്ങളും
ഗോപിമാരും പുളിന്ദസ്ത്രീജനങ്ങളും

ഗോക്കളെ മേച്ചു ചരിക്കും മഹാനാകു-
മക്കീയലും പദസ്പർശമാശിപ്പിതോ

ഞങ്ങളും ഹേ സാദ്ധ്വി! ലക്ഷ്മീസ്തനങ്ങളിൽ
തങ്ങിന കുങ്കുമത്തിൻമണമാന്നിടും

അബ്ഭഗവത്പദപാംസുക്കൾ മൗലിയി-
ലെപ്പൊഴും ചൂടുവാനിച്ഛിപ്പതെന്നിയേ

ചക്രവത്തിത്വമോ ശക്രസാമ്രാജ്യമോ
മുഖ്യമായ് രണ്ടും കലന്നിടും സ്ഥാനമോ

ആ വിരാട്ടിൻ പദമോ പാരമേഷ്ഠ്യമോ
ശ്രീവിഷ്ണുലോകമോ ലേശമാശിച്ചിടാ. 41-43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുരശീതിതമോഽധ്യായഃ

ശ്രീശുക ഉവാച

ശ്രുത്വാ പൃഥാ സുബലപുത്ര്യഥ യാജ്ഞസേനീ
മാധവ്യഥ ക്ഷിതിപപത്ന്യ ഉത സ്വഗോപ്യഃ
കൃഷ്ണേഽഖിലാത്മനി ഹരൗ പ്രണയാനുബന്ധം
സർവ്വാ വിസിസ്മ്യുരലമശ്രുകലാകലാക്ഷ്യഃ. 1

ഇതി സംഭാഷമാണാസു സ്ത്രീഭിഃ സ്ത്രീഷു, നൃഭിർനൃഷു
ആയയുർമ്മുനയസ്തത്ര കൃഷ്ണരാമദിദൃക്ഷയാ. 2

ദ്വൈപായനോ നാരദശ്ച ച്യവനോ ദേവലോഽസിതഃ
വിശ്വാമിത്രഃ ശതാനന്ദോ ഭരദ്വാജോഽഥ ഗൗതമഃ. 3

രാമഃ സശിഷ്യോ ഭഗവാൻ വസിഷ്ഠോ ഗാലവോ ഭൃഗുഃ
പുലസ്ത്യഃ കശ്യപോഽത്രിശ്ച മാർക്കണ്ഡേയോ ബൃഹസ്പതിഃ. 4

ദ്വിതസ്ത്രിതശ്ചൈകതശ്ച ബ്രഹ്മപുത്രാസ്തഥാംഗിരാഃ
അഗസ്ത്യോ യാജ്ഞവല്ക്യശ്ച വാമദേവാദയോഽപരേ. 5

താൻ ദൃഷ്ട്വാ സഹസോത്ഥായ പ്രാഗാസീനാ നൃപാദയഃ
പാണ്ഡവാഃ കൃഷ്ണരാമൗ ച പ്രണേമുർവിശ്വവന്ദിതാൻ. 6

താനാനർച്ചുര്യഥാ സർവ്വേ സഹരാമോഽച്യുതോഽർച്ചയത്
സ്വാഗതാസനപാദ്യാർഘ്യമാല്യധൂപാനുലേപനൈഃ. 7

ഉവാച സുഖമാസീനാൻ ഭഗവാൻ ധർമ്മഗുപ്തനുഃ
സദസസ്തസ്യ മഹതോ യതവാചോഽനുശൃണ്വതഃ. 8

ശ്രീഭഗവാനുവാച

അഹോ വയം ജന്മഭൃതോ ലബ്ധം കാർത്സ്നേ്യന തത്ഫലം
ദേവാനാമപി ദുഷ്പ്രാപം യദ്യോഗേശ്വരദർശനം. 9

കിം സ്വല്പതപസാം നൄണാമർച്ചായാം ദേവചക്ഷുഷാം
ദർശനസ്പർശനപ്രശ്നപ്രഹ്വപാദാർച്ചനാദികം? 10

ന ഹ്യമ്മയാനി തീർത്ഥാനി, ന ദേവാ മൃച്ഛിലാമയാഃ
തേ പുനന്ത്യുരുകാലേന ദർശനാദേവ സാധവഃ. 11

നാഗ്നിർന്ന സൂര്യോ ന ച ചന്ദ്രതാരകാ
ന ഭൂർജ്ജലം ഖം ശ്വസനോഽഥ വാങ്മനഃ
ഉപാസിതാ ഭേദകൃതോ ഹരന്ത്യഘം
വിപശ്ചിതോ ഘ്നന്തി മുഹൂർത്തസേവയാ. 12

യസ്യാത്മബുദ്ധിഃ കുണപേ ത്രിധാതുകേ
സ്വധീഃ കളത്രാദിഷു ഭൗമ ഇജ്യധീഃ
യത്തീർത്ഥബുദ്ധിഃ സലിലേ ന കർഹിചി-
ജ്ജനേഷ്വഭിജ്ഞേഷു സ ഏവ ഗോഖരഃ. 13

ശ്രീശുക ഉവാച

നിശമ്യേത്ഥം ഭഗവതഃ കൃഷ്ണസ്യാകുണ്ഠമേധസഃ
വചോ ദുരന്വയം വിപ്രാസ്തൂഷ്ണീമാസൻ ഭ്രമദ്ധിയഃ. 14

ചിരം വിമൃശ്യ മുനയ ഈശ്വരസ്യേശിതവ്യതാം
ജനസംഗ്രഹ ഇത്യൂചുഃ സ്മയന്തസ്തം ജഗദ്ഗുരും. 15

മുനയ ഊചുഃ

യന്മായയാ തത്ത്വവിദുത്തമാ വയം
വിമോഹിതാ വിശ്വസൃജാമധീശ്വരാഃ
യദീശിതവ്യായതി ഗൂഢ ഈഹയാ
അഹോ വിചിത്രം ഭഗവദ്വിചേഷ്ടിതം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 84

ഋഷിഭഗവത്സ്തുതി—വസുദേവയാഗം

ശ്രീശുകൻ പറഞ്ഞു

കൃഷ്ണയോടായ് സ്വവിവാഹവിശേഷങ്ങൾ
കൃഷ്ണദാരങ്ങൾ കഥിച്ചതക്കുന്തിയും

ഗാന്ധാരി മാധവി ഗോപികമാർ നൃപ-
കാന്തകൾതൊട്ടുള്ള നാരികളേവരും

കേട്ടദ്ഭുതപ്പെട്ടഖിലാത്മകങ്കലത്—
കൃഷ്ണരാഗത്തൊടു മോദാശ്രുവാർത്തിതേ. 1

നാരിമാർതമ്മിലും പൂരുഷർതമ്മിലു—
മോരോന്നിവണ്ണം പറഞ്ഞിരുന്നീടവേ,

രാമകൃഷ്ണന്മാരെ ദർശിക്കുവാനുടൻ
മാമുനിമാർ മുദാ തത്ര വന്നീടിനാർ. 2

വ്യാസൻ, ബൃഹസ്പതി, നാരദൻ, ഗൗതമൻ,
കൗശികൻ, കശ്യപ,നങ്ഗിര,സ്സത്രിയും

ദേവലൻ, യാജ്ഞവല്ക്യൻ, പുലസ്ത്യൻ, ഭൃഗു—
വാ വാമദേവൻ, ശതാനന്ദ,നേകതൻ

മാർക്കണ്ഡപുത്രൻ, പരശുരാമൻ, ശിഷ്യ—
വർഗ്ഗം, ഭരദ്വാജനും, സനകാദ്യരും

പിന്നെ വസിഷ്ഠൻ, ദ്വിതൻ, ച്യവനൻ, ത്രിത—
നെന്നല്ലസിത,നഗസ്ത്യനും ഗാലവൻ. 3-5

എന്നീ വരിഷ്ഠമുനീന്ദ്രരുമൊട്ടേറെ—
യന്യരാം മാമുനിമാരുമെത്തീടിനാർ.

മുന്നണിയിൽ സ്ഥിതിചെയ്യും മഹീന്ദ്രരും
പാണ്ഡവന്മാരുമാ രാമനും കൃഷ്ണനും

ലോകസമാരാദ്ധ്യരാമവരെക്കണ്ടു
വേഗത്തിലങ്ങെഴുന്നേറ്റു നമിച്ചിതേ. 6

അന്യരെപ്പോലെതാൻ രാമസമേതനാം
കണ്ണനും ചെന്നു കുശലമോതിപ്പരം

ആസനപാദ്യാർഘ്യധൂപദീപങ്ങളും
വാസനദ്രവ്യവുമേകിയർച്ചിച്ചിതേ. 7

ധർമ്മഗോപ്താവാം ഭഗവാൻ ജനാർദ്ദനൻ
മെല്ലേ സുഖാസീനരാമവരോടുടൻ

നിശ്ശബ്ദമായി മഹത്തായ് വിളങ്ങിടു—
മസ്സഭ കേൾക്കവേയേവം കഥിച്ചിതു.

ശ്രീഭഗവാൻ പറഞ്ഞു

ഞങ്ങൾ ജനിച്ചവരെന്നിനിച്ചൊന്നിടാം,
സങ്ഗതമായീ ജനിഫലം നിർണ്ണയം.

ലബ്ധമായ് ഞങ്ങൾക്കിദാനീം സുരക്കുമേ
ദുഷ്പ്രാപ്യമായിടും യോഗീന്ദ്രദർശനം. 9

അല്പതപസ്സാചരിച്ചാ പ്രതിമയിൽ
നിർഭരം ദേവതാധീയാളുമാൾക്കിഹ

നിങ്ങൾതൻ ദർശനസ്പർശനഭാഷണ—
സങ്ഗമാരാധനകൾക്ക സാധിക്കുമോ? 10

തീർത്ഥം ജലമയമല്ലയോ മൃച്ഛിലാ—
മൂർത്തികൾ പാർക്കിൽ ദേവന്മാരുമല്ലയോ

എന്നാലിവയാൽ പരിശുദ്ധി നേടുവാൻ
ചെന്നീടുമൊട്ടേറെനാളെന്നു നിർണ്ണയം.

ആവിധമായിടാ സാധുക്കൾ സർവ്വവും
പാവനമാക്കുന്നു ദർശനമാത്രയിൽ. 11

വഹ്നി, സൂര്യൻ, ചന്ദ്രതാരങ്ങൾ, നീരവും
മന്നു, വായ്വാകാശവാങ്മാനസങ്ങളും

ഭിന്നഭാവത്താലുപാസകൻതൻ ഭവ—
ഖിന്നത പോക്കുവാൻ ശക്തങ്ങളല്ലതാൻ.

തത്ത്വോപദേശത്തിനാൽ പണ്ഡിതോത്കരം
മാത്രനേരംകൊണ്ടു പാപം ഹരിപ്പിതേ. 12

വാതപിത്തശ്ലേഷ്മരൂപങ്ങളാം മൂന്നു
ധാതുക്കളാളും ജഡത്തെയാത്മാവെന്നും

കാന്താതനയാദിസർവ്വവസ്തുക്കളും
സ്വന്തമാണെന്നുമിയലുന്ന ബുദ്ധിയും

മണ്ണിലും കല്ലിലും ദേവതാചിന്തയും
തണ്ണീരു തീർത്ഥമെന്നുള്ള വിചാരവും

മുററി വിശുദ്ധിചേർപ്പോർ ബുധരെന്ന ധീ—
യററു വാണീടുവോൻ ഗോഖരതുല്യനാം. 13

ശ്രീശുകൻ പറഞ്ഞു

ഉന്നതധീയാം ഭഗവാൻ ഹരിതൻ ദു—
രന്വയമാമീ വചസ്സുകൾ കേട്ടുടൻ

മാനസം നന്നായ് ഭ്രമിച്ചുമഹീസുരർ
മൗനംഭജിച്ചങ്ങിരുന്നാർ മഹീപതേ! 14

എല്ലാമതാതിൻ നിലയ്ക്കു മര്യാദയെ—
യുല്ലംഘനംചെയ്തിടാതെ നിറുത്തിടും

ഈശനാം കൃഷ്ണനനീശനായ് ഭാവിപ്പ—
താശ്ചര്യപൂർവ്വം ചിരം ചിന്തചെയ്തഥ

നിശ്ചയമായ് ലോകരക്ഷയിതെന്നുറ—
ച്ചുജ്ജഗദാചാര്യനോടു ചൊല്ലീടിനാർ. 15

മുനിമാർ പറഞ്ഞു

വിഷ്ടപം സൃഷ്ടിപ്പവർക്കുമധീശരായ്
തത്ത്വവിത്തുക്കളിലുത്തമരായിടും

ഞങ്ങളും നിന്തിരുമേനിതന്മായയാൽ
മങ്ങിമയങ്ങി മോഹിക്കുന്നിതേററവും.

അങ്ങുന്നു കേവലം മർത്ത്യകൃത്യങ്ങളിൽ
സങ്ഗതനായ് സഞ്ചരിക്കുന്നു ഗൂഢമായ്

അത്യദ്ഭുതംതാൻ ഭഗവദ്വിചേഷ്ടിതം
പാർത്താലതാർക്കും ധരിക്കാവതല്ലഹോ! 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനീഹ ഏതദ്ബഹുധൈക ആത്മനാ
സൃജത്യവത്യത്തി ന ബധ്യതേ യഥാ
ഭൗമൈർഹി ഭൂമിർബ്ബഹുനാമരൂപിണീ
അഹോ വിഭൂമ്നശ്ചരിതം വിഡംബനം. 17
അഥാപി കാലേ സ്വജനാഭിഗുപ്തയേ
ബിഭർഷി സത്ത്വം ഖലനിഗ്രഹായ ച
സ്വലീലയാ വേദപഥം സനാതനം
വർണ്ണാശ്രമാത്മാ പുരുഷഃ പരോ ഭവാൻ. 18
ബ്രഹ്മ തേ ഹൃദയം ശുക്ലം തപഃസ്വാധ്യായസംയമൈഃ
യത്രോപലബ്ധം സദ്വ്യക്തമവ്യക്തം ച തതഃ പരം. 19
തസ്മാദ്ബ്രഹ്മകുലം ബ്രഹ്മൻ! ശാസ്ത്രയോനേസ്ത്വമാത്മനഃ
സഭാജയസി സദ്ധാമ തദ്ബ്രഹ്മണ്യാഗ്രണീർഭവാൻ. 20
അദ്യ നോ ജന്മസാഫല്യം വിദ്യായാസ്തപസോ ദൃശഃ
ത്വയാ സങ്ഗമ്യ സദ്ഗത്യാ യദന്തഃ ശ്രേയസാം പരഃ. 21
നമസ്തസ്മൈ ഭഗവതേ കൃഷ്ണായാകുണ്ഠമേധസേ
സ്വയോഗമായയാച്ഛന്നമഹിമ്നേ പരമാത്മനേ. 22
ന യം വിദന്ത്യമീ ഭൂപാ ഏകാരാമാശ്ച വൃഷ്ണയഃ
മായാജവനികാച്ഛന്നമാത്മാനം കാലമീശ്വരം. 23
യഥാ ശയാനഃ പുരുഷ ആത്മാനം ഗുണതത്ത്വദൃക്
നാമമാത്രേന്ദ്രിയാഭാതം ന വേദ രഹിതം പരം. 24
ഏവം ത്വാ നാമമാത്രേഷു വിഷയേഷ്വിന്ദ്രിയേഹയാ
മായയാ വിഭ്രമച്ചിത്തോ ന വേദ സ്മൃത്യുപപ്ലവാത്. 25
തസ്യാദ്യ തേ ദദൃശിമാങ്ഘ്രിമഘൗഘമർഷ-
തീർത്ഥാസ്പദം ഹൃദി കൃതം സുവിപക്വയോഗൈഃ
ഉത്സിക്തഭക്ത്യുപഹതാശയജീവകോശാ
ആപുർഭവദ്ഗതിമഥോऽനുഗൃഹാണ ഭക്താൻ. 26

ശ്രീശുക ഉവാച

ഇത്യനുജ്ഞാപ്യ ദാശാർഹം ധൃതരാഷ്ട്രം യുധിഷ്ഠിരം
രാജർഷേ! സ്വാശ്രമാൻ ഗന്തും മുനയോ ദധിരേ മനഃ. 27
തദ്വീക്ഷ്യ താനുപവ്രജ്യ വസുദേവോ മഹായശാഃ
പ്രണമ്യ ചോപസംഗൃഹ്യ ബഭാഷേദം സുയന്ത്രിതഃ. 28

വസുദേവ ഉവാച

നമോ വഃ സർവ്വദേവേഭ്യ ഋഷയഃ ശ്രോതുമർഹഥ
കർമ്മണാ കർമ്മനിർഹാരോ യഥാ സ്യാന്നസ്തദുച്യതാം. 29

നാരദ ഉവാച

''നാതിചിത്രമിദം വിപ്രാ വസുദേവോ ബുഭുത്സയാ
കൃഷ്ണം മത്വാർഭകം യന്നഃ പൃച്ഛതി ശ്രേയ ആത്മനഃ. 30
സന്നികർഷോ ഹി മർത്ത്യാനാമനാദരണകാരണം
ഗാങ്ഗം ഹിത്വാ യഥാന്യാംഭസ്തത്രത്യോ യാതി ശുദ്ധയേ. 31
യസ്യാനുഭൂതിഃ കാലേന ലയോത്പത്ത്യാദിനാസ്യ വൈ
സ്വതോऽന്യസ്മാച്ച ഗുണതോ ന കുതശ്ചന രിഷ്യതി. 32
തം ക്ലേശകർമ്മപരിപാകഗുണപ്രവാഹൈ-
രവ്യാഹതാനുഭവമീശ്വരമദ്വിതീയം
പ്രാണാദിഭിഃ സ്വവിഭവൈരുപഗൂഢമന്യോ
മന്യേത സൂര്യമിവ മേഘഹിമോപരാഗൈഃ.'' 33
അഥോചുർമ്മുനയോ രാജന്നാഭാഷ്യാനകദുന്ദുഭിം
സർവ്വേഷാം ശൃണ്വതാം രാജ്ഞാം തഥൈവാച്യുതരാമയോഃ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകനായ് നിഷ്ക്രിയനാത്മാവനേകമായ്
ലോകമിതു തീർത്തു കാത്തഴിക്കുന്നിതു
മണ്ണിനാൽ ഭൂമി ബഹുനാമരൂപങ്ങ-
ളാർന്നു വിളങ്ങുംവിധം ബന്ധമെന്നിയേ.
അദ്ഭുതമത്രേ വിഭുവിൻ വിചേഷ്ടിത-
മെപ്പൊഴുതും ദുർവിഭാവ്യം വിഡംബനം. 17
എങ്കിലും സ്വപ്രജാരക്ഷയ്ക്കുമാ ഖല-
സംഘഹാനിക്കുമതതുകാലങ്ങളിൽ
ശുദ്ധസത്വാകൃതിപൂണ്ട തിരുമേനി
നിത്യം നിജ സദാചാരകൃത്യങ്ങളാൽ
വർണ്ണാശ്രമശ്രദ്ധയാർന്നു നിലനിറു-
ത്തുന്നു സനാതനമാർഗ്ഗത്തെ ലീലയായ്. 18
കാരണകാര്യരൂപത്തിലെങ്ങും ലസി-
പ്പോരു പരബ്രഹ്മവസ്തുവെ വേണ്ടപോൽ
ഇന്ദ്രിയനിഗ്രഹം വേദപാഠം തപ-
സ്സെന്നിവമൂലമായ് സാക്ഷാൽക്കരിപ്പതാം.
അന്തണവംശമങ്ങേക്കെഴും ശുദ്ധമാ-
മന്തരംഗംതന്നെ സന്ദേഹമില്ലതിൽ. 19
ആകയാൽ ബ്രഹ്മൻ! സമസ്തത്തിനും ഹേതു-
വാകും ഭവാനെ വെളിവാക്കിടും ശ്രുതി
ബ്രാഹ്മണാധീനമെന്നുള്ളതിനാൽ ഭവാൻ
ബ്രാഹ്മണഭക്താഗ്രഗണ്യനായ്ത്തീർന്നിതു. 20
ശ്രേയസ്സിനെല്ലാം പരമമാകും സീമ-
യായിട്ടമങ്ങേ സമാഗമംമൂലമായ്
ഇന്നു സഫലമായ്വന്നു ഞങ്ങൾക്കെഴും
കണ്ണും തപസ്സുമാ വിദ്യയും ജന്മവും. 21
പൂർണ്ണനായിബ്ഭഗവാനായ് സ്വമായയാൽ
ഛന്നമാഹാത്മ്യവാനായഖിലജ്ഞനായ്
ആനന്ദരൂപനാമപ്പരമാത്മാവെ-
യാനമിച്ചീടുന്നു ഞങ്ങൾ വിനീതരായ്. 22
ഈശനായ് മായായവനികാഛന്നനായ്
വിശ്വാത്മകനുമായ് കാലസ്വരൂപനാം
അങ്ങേശ്ശരിയായറിയുന്നതില്ലട-
ത്തങ്ങിരുന്നിട്ടും നൃപരും യദുക്കളും. 23
നിദ്രയിൽ കാണും ഗുണപദാർത്ഥങ്ങളെ
സത്യമെന്നായുന്നിടുന്നിതുറങ്ങുവോൻ
മിഥ്യയെന്നോ മാനസേന്ദ്രിയൗഘങ്ങളാൽ
വിദ്യോതിതങ്ങളെന്നോ ധരിപ്പീലവൻ.
അപ്രകാരംതാൻ തദന്യനാം തന്നെയും
തദ്ഭിന്നനെന്നുമറിയുന്നതില്ലഹോ! 24
ഇങ്ങനെ നാമമാത്രങ്ങളാകും വിഷ-
യങ്ങളിലെ ക്രിയാരൂപയാം മായയാൽ
വിഭ്രാന്തചിത്തനായ് ബോധം നശിക്കയാൽ
ചിത്പുമാനാകും ഭവാനെയറിഞ്ഞിടാ. 25
തീർത്ഥപദമായ് ദുരിതസമൂഹത്തെ-
യസ്തമാക്കും പാകമാർന്ന യോഗത്തിനാൽ
ഏത്തിൽ യതികളുറപ്പിച്ചിട്ടും ഭവത്-
പത്തിങ്ങു ഞങ്ങളീക്ഷിച്ചിതു നല്ലപോൽ.
ഭക്തിവായ്പാൽ ജീവകോശം മറച്ചിട്ട-
മുത്കടാജ്ഞാനാവരണം നശിപ്പിച്ചു
തദ്ഗതിയാർന്നോർ പലപേ,രിവരെയും
ഭക്തരാക്കീട്ടങ്ങനുഗ്രഹിക്കേണമേ. 26

ശ്രീശുകൻ പറഞ്ഞു

മാമുനിമാരീവിധം കഥിച്ചിട്ടുടൻ
ശ്രീമുകുന്ദൻ, ധൃതരാഷ്ട്രൻ, യുധിഷ്ഠിരൻ
എന്നിവരോടനുവാദവും വാങ്ങീട്ടു
തന്നാശ്രമങ്ങളിൽ പോവാനൊരുങ്ങിനാർ. 27
പുണ്യവാനാം വസുദേവനതു കണ്ടു
ചെന്നന്തികത്തിലവരെ നമിച്ചുടൻ
അത്യന്തഭക്തി വിനയപുരസ്സര-
മിത്തരം വാക്കുകളോതിനാൻ ഭൂപതേ! 28

വസുദേവൻ പറഞ്ഞു

സർവ്വദേവാധിനാഥസ്ഥാനഭൂതരാം
സർവ്വമുനികളേയും നമിക്കുന്നു ഞാൻ.
കർമ്മനാശം ഭവിച്ചീടുവാനേതേതു
കർമ്മങ്ങളാണു ചെയ്യേണ്ടതെന്നോതുവിൻ. 29

നാരദൻ പറഞ്ഞു

''വിപ്രേന്ദ്രരേ! വസുദേവൻ മുകുന്ദനെ-
യർഭകനായിഗ്ഗണിച്ചുകൊണ്ടിങ്ങനെ
ശ്രേയസ്സരണിയറിയുവാൻ നമ്മളോ-
ടായിതു ചോദിച്ചതിൽ വേണ്ട വിസ്മയം. 30
മർത്ത്യർക്കു സാധാരണമായ് സമീപസ്ഥ-
വസ്തുവിലുണ്ടായിടുന്നുണ്ടനാദരം.
ഗംഗാസലിലാന്തികത്തിൽ വാഴുന്നവ-
നങ്ങിങ്ങു ശുദ്ധിക്കലയുന്നമാതിരി. 31
കാലഗതിമൂലമായോ ജഗത്തുത-
ന്നാലയോത്പത്തികളാലോ തനിയെയോ
അന്യനാലോ ഗുണംമൂലമോയേതവൻ-
തന്നനുഭൂതി നശിക്കുന്നതില്ലയോ, 32
ക്ലേശം, ക്രിയ, പരിപാകം, തഥാ ഗുണ-
രാശിപ്രവാഹമിവ ഹനിക്കാത്തതാം
നാനാവിഭൂതിയിയന്നീടുമീശനായ്-
ത്താനെന്നിയേയന്യനില്ലാതെ മിന്നിടും
അദ്വയനാമബ്ഭഗവാൻ മുകുന്ദനെ
തദ്വിഭവങ്ങളാം പ്രാണാദിയാൽ പരം
മിത്രനെ മേഘഹിമോപരാഗങ്ങൾപോൽ
പേർത്തും മറപ്പതായോർപ്പൂ സാധാരണർ.'' 33
മാമുനിമാർതമ്മിലേവം കഥിച്ചഥ
രാമകൃഷ്ണന്മാരുമന്നരപാലരും
കേൾക്കവേയാനകദുന്ദുഭിതന്നെയും
നോക്കിയവരുളീടിനാരീവിധം: 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കർമ്മണാ കർമ്മനിർഹാര ഏഷ സാധു നിരൂപിതഃ
യച്ഛ്രദ്ധയാ യജേദ്വിഷ്ണും സർവ്വയജ്ഞേശ്വരം മഖൈഃ. 35

ചിത്തസ്യോപശമോഽയം വൈ കവിഭിഃ ശാസ്ത്രചക്ഷുഷാ
ദർശിതഃ സുഗമോ യോഗോ ധർമ്മശ്ചാത്മമുദാവഹഃ. 36

അയം സ്വസ്ത്യയനഃ പന്ഥാ ദ്വിജാതേർഗൃഹമേധിനഃ
യച്ഛ്രദ്ധയാഽഽപ്തവിത്തേന ശുക്ലേനേജ്യേത പൂരുഷഃ. 37

വിത്തൈഷണാം യജ്ഞദാനൈർ, ഗൃഹൈർദ്ദാരസുതൈഷണാം,
ആത്മലോകൈഷണാം ദേവ, കാലേന വിസൃജേദ് ബുധഃ
ഗ്രാമേ ത്യക്തൈഷണാഃ സർവ്വേ യയുർധീരാസ്തപോവനം. 38

ഋണൈസ്ത്രിഭിർദ്വിജോ ജാതോ ദേവർഷിപിതൄണാം, പ്രഭോ
യജ്ഞാധ്യയനപുത്രൈസ്താന്യനിസ്തീര്യ ത്യജൻ പതേത്. 39

ത്വം ത്വദ്യ മുക്തോ ദ്വാഭ്യാം വൈ ഋഷിപിത്രോർമ്മഹാമതേ
യജ്ഞൈർദ്ദേവർണ്ണമുന്മുച്യ നിർഋണോഽശരണോ ഭവ. 40

വസുദേവ! ഭവാൻ നൂനം ഭക്ത്യാ പരമയാ ഹരിം
ജഗതാമീശ്വരം പ്രാർച്ചഃ സ യദ്വാം പുത്രതാം ഗതഃ.'' 41

ശ്രീശുക ഉവാച

ഇതി തദ്വചനം ശ്രുത്വാ വസുദേവോ മഹാമനാഃ
താനൃഷീനൃത്വിജോ വവ്രേ മൂർധ്നാഽഽനമ്യ പ്രസാദ്യ ച. 42

ത ഏനമൃഷയോ രാജൻ! വൃതാ ധർമ്മേണ ധാർമ്മികം
തസ്മിന്നയാജയൻ ക്ഷേത്രേ മഖൈരുത്തമകല്പകൈഃ. 43

തദ്ദീക്ഷായാം പ്രവൃത്തായാം വൃഷ്ണയഃ പുഷ്കരസ്രജഃ
സ്നാതാഃ സുവാസസോ രാജൻ! രാജാനഃ സുഷ്ഠ്വലംകൃതാഃ. 44

തന്മഹിഷ്യശ്ച മുദിതാ നിഷ്കകണ്ഠ്യഃ സുവാസസഃ
ദീക്ഷാശാലാമുപാജഗ്മുരാലിപ്താ വസ്തുപാണയഃ. 45

നേദുർമൃദങ്ഗപടഹശങ്ഖഭേര്യാനകാദയഃ
നനൃതുർന്നടനർത്തക്യസ്തുഷ്ടുവുഃ സൂതമാഗധാഃ
ജഗുഃ സുകണ്ഠ്യോ ഗന്ധർവ്വ്യഃ സങ്ഗീതം സഹഭർത്തൃകാഃ. 46

തമഭ്യഷിഞ്ചൻ വിധിവദക്തമഭ്യക്തമൃത്വിജഃ
പത്നീഭിരഷ്ടാദശഭിഃ സോമരാജമിവോഡുഭിഃ. 47

താഭിർദുകൂലവലയൈർഹാരനൂപുരകുണ്ഡലൈഃ
സ്വലംകൃതാഭിർവിബഭൗ ദീക്ഷിതോഽജിനസംവൃതഃ 48

തസ്യർത്വിജോ, മഹാരാജ, രത്നകൗശേയവാസസഃ
സസദസ്യാ വിരേജുസ്തേ യഥാ വൃത്രഹണോദ്ധ്വരേ. 49

തദാ രാമശ്ച കൃഷ്ണശ്ച സ്വൈഃ സ്വൈർബന്ധുഭിരന്വിതൗ
രേജതുഃ സ്വസുതൈർദ്ദാരൈർജ്ജീവേശൗ സ്വവിഭൂതിഭിഃ. 50

ഈജേഽനുയജ്ഞം വിധിനാ അഗ്നിഹോത്രാദിലക്ഷണൈഃ
പ്രാകൃതൈർവ്വൈകൃതൈര്യജ്ഞൈർദ്രവ്യജ്ഞാനക്രി–
യേശ്വരം. 51

അഥർത്വിഗ്ഭ്യോഽദദാത് കാലേ യഥാമ്നാതം സ ദക്ഷിണാഃ
സ്വലംകൃതേഭ്യോഽലംകൃത്യ ഗോഭൂകന്യാ മഹാധനാഃ. 52

പത്നീസംയാജാവഭൃഥ്യൈശ്ചരിത്വാ തേ മഹർഷയഃ
സസ്നൂ രാമഹ്രദേ വിപ്രാ യജമാനപുരഃസരാഃ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കർമ്മഫലപ്രദനാം ഹൃഷീകേശനെ
ചെമ്മേ ഫലാശ വെടിഞ്ഞു യാഗങ്ങളാൽ
ശ്രദ്ധയോടു, യജിക്കുന്നതുതന്നെയാ-
ണത്തമമാപായമക്കർമ്മമൊട്ടുങ്ങുവാൻ. 35
ചിത്തോപശാന്തിക്കു പൂർവ്വകവീശ്വരർ
ശാസ്ത്രദൃഷ്ടനേത്രംകൊണ്ടു കണ്ടോരുപായവും
ആയതുതന്നെയാണാത്മമോദാവഹ-
മായ സുഗമമാം ധർമ്മവും സന്മതേ! 36
ക്ഷേമം ഗൃഹസ്ഥദ്വിജാതിക്കുമാളവാ-
നീ മാർഗ്ഗമാണേററമുത്തമമോർക്കുകിൽ
ശുദ്ധമായ് നേടിയ വിത്തത്തിനാലവർ
ശ്രദ്ധയോടച്ചനംചെയ്യണമീശനെ. 37
ദാനയജ്ഞങ്ങളാൽ മർത്ത്യൻ ധനാഗ്രഹം
താനേ വെടിയണം, പുത്രദാരാദിയിൽ
നന്നായ് രമി,ച്ചതിൽനിന്നും വിരസത-
യാന്നിട്ടതിലുമനാസക്തനാകണം.
സ്വർഗ്ഗവും കാലത്തിനാൽ നാശമുള്ളതെ-
ന്നുമംക്കാമ്പിലോത്തു തദാശയും തള്ളണം.
സ്വാനുഭവത്തിനാലും തഥാ ശാസ്ത്രവി-
ജ്ഞാനത്തിനാലും വെടിഞ്ഞേഷണത്രയം
ആരണ്യമാർന്നു തപസ്സാചരിക്കുന്ന
ധീരരാം വിദ്വജ്ജനങ്ങളശേഷവും. 38
വിണ്ണോരൃഷികൾ പിതൃക്കളിവക്കെഴും
മൂന്നൃണത്തോടു ജനിക്കുന്നു ഭൂസുരൻ
അദ്ധ്വരൗഘത്താലമർത്ത്യഗണത്തിനും-
മദ്ധ്യയനത്താലൃഷിസഞ്ചയത്തിനും
പുത്രരാലപ്പിതൃക്കൾക്കുമെഴും കടം
തീർത്തിടാത്തോനങ്ങധഃപതിക്കുന്നിതേ. 39
വീട്ടിയിരിപ്പു പിതൃക്കൾക്കുമങ്ങൃഷി-
ശ്രേഷ്ഠക്കുമുള്ള കടങ്ങൾ ധീമാൻ ഭവാൻ.
യാഗങ്ങളാൽ വിണ്ണവർതൻ കടംകൂടി
വേഗമൊഴിച്ചു ഭവനം ത്യജിക്ക നീ. 40
ഹേ വസുദേവാ! ഭവാൻ ഭക്തിസംയുതം
ശ്രീവിഷ്ണുവിനെബ്ഭജിച്ചിരിപ്പു ദൃഢം
തത്ഫലമേകവാനാണജ്ജഗത്പതി
തവ പുത്രനായിജ്ജനിച്ചിരിക്കുന്നതും.'' 41

ശ്രീശുകൻ പറഞ്ഞു

ഇത്ഥം മുനീശ്വരവാക്കുകൾ കേട്ടവ-
ക്കുൾത്തട്ടിൽ മോദം വളർത്തി നമിച്ചുടൻ
അദ്ധ്വരത്താലമർത്ത്യർണ്ണവും തീർപ്പതി-
നൃത്വിക്കുകളായവരെ വരിച്ചിതേ. 42
ധാർമ്മികനാം വസുദേവനെക്കൊണ്ടവർ
ധർമ്മപ്രകാരമവിടത്തിൽവച്ചുതാൻ
ഉത്കൃഷ്ടമായിടും നാനാമഖങ്ങളാൽ
ചിക്കെന്നുപിന്നെ യജിപ്പിച്ചു വേണ്ടപോൽ. 43

പ്രീതനായങ്ങവൻ ദീക്ഷ തുടങ്ങവേ
സ്നാതരായ് ശുഭ്രവസ്ത്രാലംകൃതരുമായ്
താമരമാലയുമിട്ടെത്തി വൃഷ്ണികൾ
ഭൂമീശരും സുവസ്ത്രാഢ്യരായ് ശാലയിൽ. 44
താലികൾകെട്ടിസ്സുചേല ധരിച്ചു പൂ-
ണ്ടാലേപനവും വസുദേവപത്നിമാർ
അച്ഛനാദ്രവ്യങ്ങളാർന്നു സന്തുഷ്ടരാ-
യച്ചുമാമദ്ധ്വരശാല പൂകീടിനാർ. 45
പൊങ്ങീ മൃദംഗപടഹഭേര്യാനക-
ശംഖാദിവാദ്യഘോഷങ്ങളെങ്ങും തദാ.
നൃത്തമാടീ നടന്മാരും നടികളും,
വാഴ്ത്തി സ്തുതിച്ചിതു മാഗധർ സൂതരും.
നല്ല കണ്ഠംപെട്ടും ഗന്ധർവ്വനാരിമാർ
വല്ലഭന്മാരുമായൊത്തു പാടീടിനാർ. 46
കണ്ണിൽ മഷിയിട്ടു ദേഹമശേഷവും
വെണ്ണപൂശീട്ടിരിക്കും വസുദേവനെ
തദ്ഭാര്യമാരാം പതിനെട്ടുപേരോടു-
മൊപ്പമൃക്ഷാനവിതസോമനെയെന്നപോൽ,
നന്ദിതരായിട്ടൃത്വിഗ്ദ്വിജാവലി
പിന്നെ നന്നായഭിഷേകംകഴിച്ചിതു. 47
പട്ടുവസ്ത്രങ്ങൾ വളകൾ ഹാരങ്ങളും
തിളിട്ടാന്നിടും നൂപുരകുണ്ഡലങ്ങളും
നന്നായണിഞ്ഞെഴും പത്നിമാരൊത്തലം
മിന്നീ യജിനാംബരനവൻ ദീക്ഷിതൻ. 48
ഋത്വിഗ്ദ്വിജന്മാരഖിലരുമൊന്നുപോൽ
വൃത്രഹന്താവിൻ മഖങ്ങളിലെന്നപോൽ
തത്സദസ്യാന്വിതരായ് രത്നകൗശേയ-
വസ്ത്രവിഭൂഷിതരായ് വിളങ്ങിനാർ. 49
സ്വന്തവിഭൂതികൾപൂണ്ടു താന്താങ്ങൾതൻ
ബാന്ധവഭാര്യാതനയസമന്വിതം
ജീവജാലേശരാം രാമകൃഷ്ണന്മാരു-
മാ വേളയിൽപരം ലാലസിച്ചീടിനാർ. 50
നിത്യവുമഗ്നിഹോത്രാദിയാം ചിഹ്നങ്ങ-
ളൊത്തതാം പ്രാകൃതവൈകൃതയാഗങ്ങൾ
ചെമ്മേ വിധിക്കനുഷ്ഠിച്ചു ബോധദ്രവ്യ-
കർമ്മേശനാം ഭഗവാനെ യജിച്ചിതു. 51
പിന്നെ ക്രിയാവസാനത്തിൽ വസുദേവർ
നന്നായലംകൃതരൃത്വിക്കുകൾക്കുടൻ
പൊന്നും വിലപെറും മന്നും പശുഗണം
കന്യാജനത്തെയും നല്കീ വിധിപ്പടി. 52
ഭാര്യമാരോടൊത്തവഭൃഥസ്നാനവും
നേരേ കഴിച്ചു യജമാനനാമവൻ
മാമുനിമാരാം ദ്വിജന്മാരുമൊത്തഥ
രാമഹ്രദത്തിലും സ്നാനംകഴിച്ചിതു. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്നാതോഽലങ്കാരവാസാംസി വന്ദിഭ്യോഽദാത്തഥാ സ്ത്രിയഃ
തതഃ സ്വലംകൃതോ വർണ്ണാനാശ്വഭ്യോഽന്നേന പൂജയത്. 54
ബന്ധൂൻ സദാരാൻ സസുതാൻ പാരിബർഹേണ ഭൂയസാ
വിദർഭകോസലകുരൂൻ കാശികേകയസൃഞ്ജയാൻ. 55
സദസ്യർത്ത്വിക്സുരഗണാൻ നൃഭൂതപിതൃചാരണാൻ
ശ്രീനികേതമനുജ്ഞാപ്യ ശംസന്തഃ പ്രയയുഃ ക്രതും. 56
ധൃതരാഷ്ട്രോഽനുജഃ പാർത്ഥാ ഭീഷ്മോ ദ്രോണഃ പൃഥാ യമൗ
നാരദോ ഭഗവാൻ വ്യാസഃ സുഹൃത്സംബന്ധിബാന്ധവാഃ. 57
ബന്ധൂൻ പരിഷ്വജ്യ യദൂൻ സൗഹൃദാത് ക്ലിന്നചേതസഃ
യയുർവിരഹകൃച്ഛ്റേണ സ്വദേശാംശ്ചാപരേ ജനാഃ. 58
നന്ദസ്തു സഹ ഗോപാലൈർബൃഹത്യാ പൂജയാർച്ചിതഃ
കൃഷ്ണരാമോഗ്രസേനാദ്യൈർന്യവാത്സീദ് ബന്ധുവത്സലഃ. 59
വസുദേവോഽഞ്ജസോത്തീര്യ മനോരഥമഹാർണ്ണവം
സുഹൃദ്‌വൃതഃ പ്രീതമനാ നന്ദമാഹ കരേ സ്പൃശൻ. 60

വസുദേവ ഉവാച

ഭ്രാതരീശകൃതഃ പാശോ നൃണാം യഃ സ്നേഹസംജ്ഞിതഃ
തം ദുസ്ത്യജമഹം മന്യേ ശൂരാണാമപി യോഗിനാം. 61
അസ്മാസ്വപ്രതികല്പേയം യത് കൃതാജ്ഞേഷു സത്തമൈഃ
മൈത്ര്യർപ്പിതാഽഫലാ വാപി ന നിവർത്തേത കർഹിചിത്. 62
പ്രാഗകല്പാച്ച കുശലം ഭ്രാതർവോ നാചരാമ ഹി
അധുനാ ശ്രീമദാന്ധാക്ഷാ ന പശ്യാമഃ പുരഃ സതഃ. 63
മാ രാജ്യശ്രീരഭൂത് പുംസഃ ശ്രേയസ്കാമസ്യ മാനദ!
സ്വജനാനുത ബന്ധൂൻ വാ ന പശ്യതി യയാന്ധദൃക്. 64

ശ്രീശുക ഉവാച

ഏവം സൗഹൃദശൈഥില്യചിത്ത ആനകദുന്ദുഭിഃ
രുരോദ തത്കൃതാം മൈത്രീം സ്മരന്നശ്രുവിലോചനഃ. 65
നന്ദസ്തു സഖ്യുഃ പ്രിയകൃത് പ്രേമ്ണാ ഗോവിന്ദരാമയോഃ
അദ്യ ശ്വ ഇതി മാസാംസ്ത്രീൻ യദുഭിർമ്മാനിതോഽവസത്. 66
തതഃ കാമൈഃ പൂര്യമാണഃ സവ്രജഃ സഹബാന്ധവഃ
പരാർദ്ധ്യാഭരണക്ഷൗമനാനാനർഘ്യപരിച്ഛദൈഃ. 67
വസുദേവോഗ്രസേനാഭ്യാം കൃഷ്ണോദ്ധവബലാദിഭിഃ
ദത്തമാദായ പാരിബർഹം യാപിതോ യദുഭിര്യയൗ. 68
നന്ദോ ഗോപാശ്ച ഗോപ്യശ്ച ഗോവിന്ദചരണാംബുജേ
മനഃക്ഷിപ്തം പുനർഹർത്തുമനീശാ മഥുരാം യയുഃ. 69
ബന്ധുഷു പ്രതിയാതേഷു വൃഷ്ണയഃ കൃഷ്ണദേവതാഃ
വീക്ഷ്യ പ്രാവൃഷമാസന്നാം യയുർദ്വാരവതീം പുനഃ. 70
ജനേഭ്യഃ കഥയാഞ്ചക്രുര്യദുദേവമഹോത്സവം
യദാസീത്തീർത്ഥയാത്രായാം സുഹൃത്സന്ദർശനാദികം. 71

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
തീർത്ഥയാത്രാനുവർണ്ണനം നാമ ചതുരശീതിതമോഽധ്യായഃ

പഞ്ചാശീതിതമോഽധ്യായഃ

ശ്രീബാദരായണിരുവാച

അഥൈകദാഽഽത്മജൗ പ്രാപ്തൗ കൃതപാദാഭിവന്ദനൗ
വസുദേവോഽഭിനന്ദ്യാഹ പ്രീത്യാ സങ്കർഷണാച്യുതൗ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വന്ദികൾക്കായ് സ്നാതനാമവൻ ഭാമിനീ–
വൃന്ദമൊത്തേകിനാൻ വസ്ത്രഭൂഷാദികൾ
അന്നവും നല്കിനാൻ ശ്വാക്കൾവരെസ്സുവ്–
വർണ്ണത്തിലുൾപ്പെടും ജീവികൾക്കാകവേ. 54
കാന്താതനയരോടൊത്തവിടെത്തിയ
ബന്ധുക്കളാം വിദർഭാധിപൻ കോസലൻ
കാശിഭൂപൻ കുരുസൃഞ്ജയകേകയാ-
ധീശരാദ്യുതപിക്കൾ സഭാവാസികൾ
ദേവമനുഷ്യപിതൃഭൂതചാരണ–
രീവിധമുള്ള സകലവർഗ്ഗത്തിനും
സമ്മാനമേകിയർച്ചിച്ചാനവർ കൃഷ്ണ–
സമ്മതം വാങ്ങി പ്രശംസിച്ചു പോയിതു.
55-56

അംബികാപുത്രൻ വിദുരനും പാർത്ഥനും
ധർമ്മജൻ ഭീമനും കുന്തി ഭീഷ്മദ്രോണർ
നാരദൻ വ്യാസൻ നകുലസഹദേവർ
കൂറാർന്ന മിത്രസ ബന്ധിബന്ധുക്കളും
ബന്ധുക്കളാകും യദുക്കളെസ്സൗഹൃദ–
ബന്ധത്തിനാൽ ഗാഢമാലിങ്ഗനം ചെയ്തു
ചിത്തമലിഞ്ഞു വിയോഗമാലാലശ്രു-
വാർത്തുപോയാർ സ്വസ്വദേശത്തിലന്യരും.
57–58

ബന്ധുപ്രിയനായ നന്ദനെയും ഗോപ-
വൃന്ദത്തെയും സത്കരിച്ചിതു കേമമായ്
പിന്നെയവർ കൃഷ്ണരാമോഗ്രസേനാദ്യ-
രൊന്നിച്ചവിടെസ്സുഖം വസിച്ചീതേ. 59
ഇത്ഥമങ്ങാ വസുദേവൻ മനോരഥ–
വാരിധി കടന്നു സുഹൃദ്‌വ്രതനായലം
തുഷ്ടമനസ്കനായ് പാണിപിടിച്ചുകൊ–
ണ്ടിഷ്ടനാകും നന്ദഗോപനോടോതിനാൻ. 60

വസുദേവൻ പറഞ്ഞു

സോദരാ! സ്നേഹമെന്നേവരും ചൊല്ലുവ–
തേതൊന്നതു മനുഷ്യർക്കു നിനക്കുകിൽ
ഈശകൃതപാശമാണതൊഴിക്കുവാ–
നീശനാകാ മഹാവീരനും യോഗിയും. 61
സത്തമർ നിങ്ങൾ, കൃതഘ്നരാം ഞങ്ങളിൽ
ചേർത്തൊരീ മൈത്രി ഫലഹീനയാകിലും
എത്രയോ നാൾ കഴിഞ്ഞിട്ടുമൊരിക്കലു–
മസ്തമിക്കുന്നതില്ലല്ലോ സുഹൃത്തമാ! 62
മുന്നമശക്തിയാൽ നിങ്ങൾക്കു സാഹായ്യ-
മൊന്നുമേ ഞങ്ങൾ ചെയ്തില്ലതു നിശ്ചയം.
ഇന്നോ ധനമദാന്ധാക്ഷികളാൽ ഞങ്ങൾ
മുന്നിലെഴും സജ്ജനങ്ങളെക്കണ്ടിടാ. 63
ശ്രേയോഭിലാഷി പുരുഷനേതും രാജ്യ–
ശ്രീയാവഹിച്ചീടരുതതുമൂലമായ്
അന്ധരാകുമവൻ സ്വന്തജനത്തെയും
ബന്ധുക്കളെയുമറിയാതെയായിടും. 64

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ സൗഹൃദത്താലാർദ്രമാമന്ത–
രങ്ഗമാർന്നീടും വസുദേവനക്ഷണം
മുമ്പു ചെയ്തോരുപകാരമോരോന്നമോ–
ർത്തൻപോടു കണ്ണീരൊഴുക്കിക്കരഞ്ഞിതേ. 65
സ്നേഹിതർതൻ ഹിതകാരിയാം നന്ദനും
ശ്രീഹരിസീരപാണീപ്രേമവായ്പിനാൽ
ഇന്നാട്ടെ നാളെയാട്ടെന്നിങ്ങനെ യാത്ര–
യന്നന്നു മാററി മാസം മൂന്നു പോയിതു. 66
പിന്നെയൊരുദിനം നന്ദനുമാ ബന്ധു–
വൃന്ദത്തിനും വ്രജവാസീജനത്തിനും
ശ്രീവസുദേവോഗ്രസേനോദ്ധവബല–
ഗോവിന്ദമുഖ്യരാം വൃഷ്ണിപ്രധാനികൾ
ശ്രേഷ്ഠങ്ങളാം രത്നവസ്ത്രഭൂഷാദിയും
മററുമസംഖ്യമനർഘവസ്തുക്കളും
സംഭാവനചെയ്തതെല്ലാമെടുപ്പിച്ചു
മുൻപേയകമ്പടിക്കാരോടുകൂടവേ
സമ്പ്രീതനായ് നന്ദഗോപനവിടെനി–
ന്നൻപോടുമാനായരൊത്തു തിരിച്ചിതു. 67-68
നന്ദനുമന്യഗോപന്മാരുമാ വ്രജ–
സുന്ദരിമാരും ഹരിപദാബ്ജങ്ങളിൽ
അർപ്പിച്ച മാനസം വീണ്ടെടുത്തീടുവാൻ
കെല്പിയലാതെ മഥുരയ്ക്കു പോയിതേ. 69
കൃഷ്ണനെദ്ദൈവതമാക്കിയർച്ചിച്ചിടും
വൃഷ്ണികൾ ബന്ധുക്കളെല്ലാം മടങ്ങവേ
വർഷകാലം സമീപിച്ചിരിക്കുന്നതു
ദർശിച്ചുടൻ ദ്വാരകാപുരി പൂകിനാർ. 70
യാദവേശാദ്യരാലത്തീർത്ഥയാത്രയിൽ
സാധിതമാം സുഹൃത്സന്ദർശനാദിയാം
ചാരുമഹോത്സവവൃത്താന്തമാ വൃഷ്ണി–
വീരർ പറഞ്ഞുകേൾപ്പിച്ചു ജനങ്ങളെ. 71

അദ്ധ്യായം 85

ദേവകീമൃതപുത്രദർശനം

ശ്രീശുകൻ പറഞ്ഞു

പിന്നീടൊരിക്കൽ സമീപമെത്തിപ്പാദ–
വന്ദനംചെയ്തു നിന്നീടുമപ്പുത്രരെ
നന്ദിച്ചു പുണ്യവാനാനകദുന്ദുഭി
ചൊന്നാനവരോടു തുഷ്ടനായീവിധം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനീനാം സ വചഃ ശ്രുത്വാ പുത്രയോർധാമസൂചകം
തദ്വീര്യൈർജ്ജാതവിശ്രംഭഃ പരിഭാഷ്യാഭ്യഭാഷത. 2

''കൃഷ്ണ! കൃഷ്ണ! മഹായോഗിൻ! സങ്കർഷണ! സനാതന!
ജാനേ വാമസ്യ യത് സാക്ഷാത് പ്രധാനപുരുഷൗ പരൗ. 3

യത്ര യേന യതോ യസ്യ യസ്മൈ യദ്യദ്യഥാ യദാ
സ്യാദിദം ഭഗവാൻ സാക്ഷാത് പ്രധാനപുരുഷേശ്വരഃ. 4

ഏതന്നാനാവിധം വിശ്വമാത്മസൃഷ്ടമധോക്ഷജ!
ആത്മനാനുപ്രവിശ്യാത്മൻ! പ്രാണോ ജീവോ ബിഭർഷ്യജഃ. 5

പ്രാണാദീനാം വിശ്വസൃജാം ശക്തയോ യാഃ പരസ്യ താഃ
പാരതന്ത്ര്യാദ്വൈസാദൃശ്യാദ്ദ്വയോശ്ചേഷ്ടൈവ ചേഷ്ടതാം. 6

കാന്തിസ്തേജഃ പ്രഭാ സത്താ ചന്ദ്രാഗ്ന്യർക്കർക്ഷവിദ്യുതാം
യത് സ്ഥൈര്യം ഭൂഭൃതാം ഭൂമേർവൃത്തിർഗ്ഗന്ധോ൨ർത്ഥതോ
ഭവാൻ. 7

തർപ്പണം പ്രാണനമപാം ദേവത്വം താശ്ച തദ്രസഃ
ഓജഃ സഹോ ബലം ചേഷ്ടാ ഗതിർവ്വായോസ്തവേശ്വര! 8

ദിശാം ത്വമവകാശോ൨സി ദിശഃ ഖം സ്ഫോട ആശ്രയഃ
നാദോ വർണ്ണസ്ത്വമോങ്കാര ആകൃതീനാം പൃഥക്കൃതിഃ. 9

ഇന്ദ്രിയം ത്വിന്ദ്രിയാണാം ത്വം ദേവാശ്ച തദനുഗ്രഹഃ
അവബോധോ ഭവാൻ ബുദ്ധേർജ്ജീവസ്യാനുസ്മൃതിഃ സതീ. 10

ഭൂതാനാമസി ഭൂതാദിരിന്ദ്രിയാണാം ച തൈജസഃ
വൈകാരികോ വികല്പാനാം പ്രധാനമനുശായിനാം. 11

നശ്വരേഷ്വിഹ ഭാവേഷു തദസി ത്വമനശ്വരം
യഥാ ദ്രവ്യവികാരേഷു ദ്രവ്യമാത്രം നിരൂപിതം. 12

സത്ത്വം രജസ്തമ ഇതി ഗുണാസ്തദ്വൃത്തയശ്ച യാഃ
ത്വയ്യദ്ധാ ബ്രഹ്മണി പരേ കല്പിതാ യോഗമായയാ. 13

തസ്മാന്ന സന്ത്യമീ ഭാവാ യർഹി ത്വയി വികല്പിതാഃ
ത്വം ചാമീഷു വികാരേഷു ഹ്യന്യദാ൨വ്യാവഹാരികഃ. 14

ഗുണപ്രവാഹ ഏതസ്മിന്നബുധാസ്ത്വഖിലാത്മനഃ
ഗതിം സൂക്ഷ്മാമബോധേന സംസരന്തീഹ കർമ്മഭിഃ. 15

യദൃച്ഛയാ നൃതാം പ്രാപ്യ സുകല്പാമിഹ ദുർല്ലഭാം
സ്വാർത്ഥേ പ്രമത്തസ്യ വയോ ഗതം ത്വന്മായയേശ്വര! 16

അസാവഹം മമൈവൈതേ ദേഹേ ചാസ്യാന്വയാദിഷു
സ്നേഹപാശൈർന്നിബധ്നാതി ഭവാൻ സർവ്വമിദം ജഗത്. 17

യുവാം ന നഃ സുതൗ സാക്ഷാത് പ്രധാനപുരുഷേശ്വരൗ
ഭൂഭാരക്ഷത്രക്ഷപണേ അവതീർണ്ണൗ തഥാ൨൨ത്ഥ ഹ. 18

തത്തേ ഗതോ൨സ്മ്യരണമദ്യ പദാരവിന്ദ-
മാപന്നസംസൃതിഭയാപഹമാർത്തബന്ധോ!
ഏതാവതാലമലമിന്ദ്രിയലാലസേന
മർത്ത്യാത്മദൃക് ത്വയി പരേ യദപത്യബുദ്ധിഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദനപ്രാഭവസൂചകമാം മുനി
വൃന്ദവചസ്സുകൾ കേട്ടും തനൂജർതൻ-
വീര്യങ്ങൾ കണ്ടുമവരിൽ മതിപ്പാർന്നു
പേരുവിളിച്ചവരോടു ചൊല്ലീടിനാൻ: 2
''കൃഷ്ണ! കൃഷ്ണാ! മഹായോഗിൻ! ബലഭദ്ര!
വിഷ്ണ്വംശഭൂതരാം നിങ്ങളിരുവരും
പാരിൻ സ്വരൂപമായീടും പ്രധാനരാം
പൂരുഷരീശ്വരരെന്നറിയുന്നു ഞാൻ. 3
ഏതൊന്നു പാരിതിൻ ഹേതു കർത്താവുമാ-
മേതൊന്നിൽനിന്നിതുളവായിരിപ്പതും,
ഏതവരൊനോടുള്ള സംബന്ധഹേതുവാൽ
ചൈതന്യയുക്തമായ്ത്തീർന്നിതിപ്പാരിടം,
ആരുടെ ലീലകൾക്കാണിതു നിർമ്മിച്ച-
താരിതിനെ പ്രവർത്തിപ്പിച്ചിടുന്നതും
പാരിനെയേവം ചലിപ്പിച്ചിടുന്നതിൽ
കാര്യമെന്തൊന്നാണു സിദ്ധിച്ചിടുന്നതും,
ഏതുവിധമാണിതുദ്ഭവിപ്പിക്കുന്ന-
തേതുകാലത്താണിതൊക്കെയുമോർക്കുകിൽ
ഈശൻ പ്രധാനപുരുഷനെന്നീവിധം
ഭാസിക്കുമാ നിന്തിരുമേനിതന്നെയാം. 4
ദേവമനുഷ്യപശുപക്ഷിവൃക്ഷാദി-
ഭാവം ബഹുവിധമാളുമിപ്പാരിടം
ശ്രീനിവാസൻ ഭവാനാത്മാവതാമധി-
ഷ്ഠാനത്തിലല്ലോ നിലനിറുത്തുന്നതും.
തന്നാൽ വിരചിതമാമിതിലങ്ങുതാൻ-
തന്നെയന്തര്യാമിയായി പ്രവേശിച്ചു
കേവലം ജന്മരഹിതൻ ഭവാനതിൻ-
ജീവനും പ്രാണനുമായ് ഭരിക്കുന്നിതേ. 5
പ്രാണാദിനാം ലോകസൃഷ്ടിവസ്തുക്കളിൽ
കാണുന്ന ശക്തി പരൻപുമാൻതൻെറയാം
ചേതനാചേതനവസ്തുക്കൾ രണ്ടിനും
സ്വാതന്ത്ര്യമില്ല സാദൃശ്യവുമില്ലതാൻ.
ആകയാൽ പ്രാണാദിയും ക്രിയാശക്തിമ-
ത്താകുവതീശ്വരപ്രേരണകൊണ്ടുതാൻ. 6
ചന്ദ്രാർക്കതാരാഗ്നിവിദ്യുത്തുകൾക്കെഴും
കാന്തിതേജഃപ്രകാശങ്ങൾ സദ്ഭാവവും
പർവ്വതസ്ഥൈര്യവും ഭൂവൃത്തിഗന്ധവും
സർവ്വം യഥാർത്ഥത്തിൽ നിന്തിരുമേനിതാൻ. 7
നീരസന്തർപ്പണപ്രാണനശക്തിയും
നീരങ്ങളും തദ്രസവുമോജസ്സതും
അന്തഃകരണസാമർത്ഥ്യവും, പ്രാണനിൽ
സന്ധിച്ചിടും ബലം, വ്യാപാരദാക്ഷ്യവും,
മാരുതസഞ്ചാരവും നിനച്ചീടുകിൽ
നാരായണാ! ഭഗവൻ! ഭവാൻതാൻ ദൃഢം. 8
ദിക്കുകൾ തന്നവകാശമാകാശവും,
ദിക്കുകളും ഗഗനാശ്രയശബ്ദവും,
തദ്വ്യക്തരൂപനാദം വർണ്ണമോങ്കാര-
ശബ്ദവും, രൂപങ്ങളെ വേർതിരിപ്പതാം
ഇന്ദ്രിയങ്ങൾക്കിന്ദ്രിയവു,മതേവിധ-
മിന്ദ്രിയാധിഷ്ഠാനദേവതാരാജിയും
ബുദ്ധിക്കെഴുമവബോധവും ജീവൻെറ
സത്യമായീടുമനുസ്മൃതിയും ഭവാൻ. 9–10
ഭൂതാദിതാമസാഹന്തയുമിന്ദ്രിയ-
ഹേതുവാം തൈജസാഹങ്കാരവും തഥാ
ഭൂതാദി കാരണമാകും സുരന്മാർക്കു-
ഹേതു വൈകാരികസാത്ത്വികാഹന്തയും
നാനാവിധമെഴും ജീവഗണത്തിൻ പ്ര-
ധാനവും നിന്തിരുമേനിതാൻ നിശ്ചയം. 11
നാശമിയലും പദാർത്ഥങ്ങളിൽ നാശ-
മേശാത്തതേതൊന്നതങ്ങുതാൻ നിർണ്ണയം.
പൊന്നുമണ്ണിത്യാദിയാൽത്തീർത്ത വസ്തുക്കൾ-
തന്നാമരൂപങ്ങൾ നഷ്ടമായീടിലും
പിന്നെയുമായവ ശേഷിച്ചിടുന്നതു-
തന്നെയിതിന്നൊരുദാഹരണം പരം. 12
സത്ത്വാദിയാകും ഗുണങ്ങളുമമ്മഹ-
ത്തത്ത്വാദിയാം പരിണാമഭേദങ്ങളും
സാക്ഷാൽ പരബ്രഹ്മമൂർത്തിയാമങ്ങയി-
ലീഷലെന്യേ യോഗമായയാൽ കല്പിതം. 13
എപ്പൊഴീ ഭാവങ്ങളങ്ങയിൽ കല്പിത-
മപ്പോളവയുള്ളതായ്ത്തോന്നിടുന്നിതു.
ഇല്ലന്യവേളയി,ലീ വികാരങ്ങളി-
ലില്ലങ്ങുമേ, ഭവാനവ്യാവഹാരികൻ. 14
സത്ത്വാദിയാം ത്രിഗുണത്തിൻെറയിപ്രവാ-
ഹത്തിലഖിലാത്മകനായ് വിളങ്ങിടും
അങ്ങേസ്സൂസൂക്ഷ്മഗതിയറിയാത്തവൻ
മൂഢന്നു കർമ്മങ്ങൾമൂലം ഭവാബ്ധിയിൽ. 15
അല്ലയോ നാഥാ! സമർത്ഥമായേററവും
ദുർല്ലഭമാം മർത്ത്യദേഹം യദൃച്ഛയായ്
സിദ്ധിച്ചു നിന്തിരുമായയാൽ സ്വാർത്ഥത്തിൽ
മത്തനായ് ഹന്ത വയസ്സു പാഴാക്കിനേൻ. 16
ഞാനെന്നുമെൻെറയെന്നും ശരീരാദ്യഭി-
മാനമാർന്നീടുമീ ലോകത്തെയാകവേ
നിന്തിരുമേനിയാ സ്നേഹപാശത്തിനാൽ
ബന്ധിച്ചിടുന്നു നിതാന്തം ജഗത്പതേ! 17
ഞങ്ങടെ നന്ദനന്മാരല്ലിരുവരും
നിങ്ങളസ്സാക്ഷാൽ പ്രധാനപുരുഷേശർ
ഭൂഭാരഭൂതനൃപരേ ഹനിക്കുവാ-
നുദ്ഭൂതരെന്നങ്ങു ചൊല്ലിനാൻ സ്പഷ്ടമായ്. 18
ആകയാലാപന്നരായവർതൻ ഭവ-
ശോകം ഹരിക്കും ഭവത്പദപങ്കജം
ആർത്തബന്ധോ! ശരണം ഗമിക്കുന്നു ഞാൻ,
പേർത്തും പരനായ നിന്തിരുമേനിയിൽ
പുത്രധീയോ നശിക്കുന്നതാകും ശരീ-
രത്തിലാത്മാവെന്ന ബുദ്ധിയോ ചെററുമേ
എത്തീടരുതിന്ദ്രിയങ്ങളിലാഗ്രഹ-
മിത്രോളവും മതി മേലിലുണ്ടാകൊലാ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്തുതീഗൃഹേ നന്ദ ജഗാദ ഭവാനജോ നൗ
സംജജ്ഞ ഇത്യനുയുഗം നിജധർമ്മഗുപ്ത്യൈ
നാനാതനൂർഗ്ഗഗനവദ്വിദധജ്ജഹാസി
കോ വേദ ഭൂമ്ന ഉരുഗായ വിഭൂതിമായാം.'' 20

ശ്രീശുക ഉവാച
ആകർണ്യേത്ഥം പിതുർവാക്യം ഭഗവാൻ സാത്വതർഷഭഃ
പ്രത്യാഹ പ്രശ്രയാനമ്രഃ പ്രഹസൻ ശ്ലക്ഷ്ണയാ ഗിരാ. 21

ശ്രീഭഗവാനുവാച
വചോ വഃ സമവേതാർത്ഥം താതൈതദുപമന്മഹേ
യന്നഃ പുത്രാൻ സമുദ്ദിശ്യ തത്ത്വഗ്രാമ ഉദാഹൃതഃ. 22
അഹം യൂയമസാവാര്യ ഇമേ ച ദ്വാരകൗകസഃ
സർവ്വേഽപ്യേവം, യദുശ്രേഷ്ഠ, വിമൃശ്യാഃ സചരാചരം. 23
ആത്മാ ഹ്യേകഃ സ്വയംജ്യോതിർന്നിത്യോഽന്യോ നിർഗ്ഗുണോ
ഗുണൈഃ
ആത്മസൃഷ്ടൈസ്തത്കൃതേഷു ഭൂതേഷു ബഹുധേയതേ. 24
ഖം വായുർജ്ജ്യോതിരാപോ ഭൂസ്തത്കൃതേഷു യഥാശയം
ആവിസ്തിരോഽല്പഭൂര്യേകോ നാനാത്വം യാത്യസാവപി. 25

ശ്രീശുക ഉവാച
ഏവം ഭഗവതാ, രാജൻ, വസുദേവ ഉദാഹൃതം
ശ്രുത്വാ വിനഷ്ടനാനാധീസ്തൂഷ്ണീം പ്രീതമനാ അഭൂത്. 26
അഥ തത്ര, കുരുശ്രേഷ്ഠ, ദേവകീ സർവ്വദേവതാ
ശ്രുത്വാഽഽനീതം ഗുരോഃ പുത്രമാത്മജാഭ്യാം സുവിസ്മിതാ. 27
കൃഷ്ണരാമൗ സമാശ്രാവ്യ പുത്രാൻ കംസവിഹിംസിതാൻ
സ്മരന്തീ കൃപണം പ്രാഹ വൈക്ലബ്യാദശ്രുലോചനാ. 28

ദേവക്യുവാച
രാമ! രാമാപ്രമേയാത്മൻ! കൃഷ്ണ! യോഗേശ്വരേശ്വര!
വേദാഹം വാം വിശ്വസൃജാമീശ്വരാവാദിപൂരുഷൗ. 29
കാലവിധ്വസ്തസത്ത്വാനാം രാജ്ഞാമുച്ഛാസ്ത്രവർത്തിനാം
ഭൂമേർഭാരായമാണാനാമവതീർണ്ണൗ കിലാദ്യ മേ. 30
യസ്യാംശാംശാംശഭാഗേന വിശ്വോത്പത്തിലയോദയാഃ
ഭവന്തി കില വിശ്വാത്മംസ്തം ത്വാദ്യാഹം ഗതിം ഗതാ. 31
ചിരാന്മൃതസുതാദാനേ ഗുരുണാ കില ചോദിതൗ
ആനിന്യഥുഃ പിതൃസ്ഥാനാദ് ഗുരവേ ഗുരുദക്ഷിണാം. 32
തഥാ മേ കുരുതം കാമം യുവാം യോഗേശ്വരേശ്വരൗ
ഭോജരാജഹതാൻ പുത്രാൻ കാമയേ ദ്രഷ്ടുമാഹൃതാൻ. 33

ഋഷിരുവാച
ഏവം സഞ്ചോദിതൗ മാത്രാ രാമഃ കൃഷ്ണശ്ച ഭാരത!
സുതലം സംവിവിശതുര്യോഗമായാമുപാശ്രിതൗ. 34
തസ്മിൻ പ്രവിഷ്ടാവുപലഭ്യ ദൈത്യരാഡ്
വിശ്വാത്മദൈവം സുതരാം തഥാഽഽത്മനഃ
തദ്ദർശനാഹ്ലാദപരിപ്ലുതാശയഃ
സദ്യഃ സമുത്ഥായ നനാമ സാന്വയഃ. 35
തയോഃ സമാനീയ വരാസനം മുദാ
നിവിഷ്ടയോസ്തത്ര മഹാത്മനോസ്തയോഃ
ദധാര പാദാവവനിജ്യ തജ്ജലം
സവൃന്ദ ആബ്രഹ്മ പുനദ്യദംബു ഹ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജന്മരഹിതനായീടും ഭവാൻ ഭവ-
ധർമ്മരക്ഷയ്ക്കു യുഗംതോറുമിങ്ങനെ
അങ്ഗീകരിക്കമാറുണ്ടവതാരമെ-
ന്നങ്ങു ചൊല്ലീ പേറ്ററയിൽവച്ചെന്നോടായ്
നാനാതരം രൂപമാന്നും വെടിഞ്ഞുമാ-
വാനമട്ടൊന്നിനോടും ബന്ധമെന്നിയേ
ഭാനിച്ചിടുമുരുഗായാ! ഭവാന്റെയ
ന്യൂനമായാശക്തിയാരുമറിഞ്ഞിടാ.'' 20

ശ്രീശുകൻ പറഞ്ഞു

ഭക്തപാലാഗ്ര്യൻ ഭഗവാൻ ജനാർദ്ദന-
നിക്കണക്കപ്പിതൃവാക്യങ്ങൾ കേട്ടുടൻ
പാരം വിനയാനതനായ് സ്മിതത്തോടും
ചാരുമൃദുലവചസ്സുകളോതിനാൻ. 21

ശ്രീഭഗവാൻ പറഞ്ഞു

അച്ഛാ! തനൂജരാം ഞങ്ങളെപ്പററിയ-
ങ്ങിച്ചൊന്ന വാസ്തവതത്ത്വവചസ്സുകൾ
ബുദ്ധിയാൽ നന്നായ് നിരൂപിതമായതു-
മർത്ഥസമ്പൂർണ്ണവുമെന്നതു നിർണ്ണയം. 22
ഞാനുമീ ജ്യേഷ്ഠനും നിങ്ങളും ദ്വാരകാ-
സ്ഥാനനിവാസീജനങ്ങളുമേവരും
നാനാചരാചരജാലങ്ങളും ബ്രഹ്മ-
മാണെന്നു ചിന്തിച്ചിടേണം യദൂത്തമാ! 23
ഏകനുമവ്യയനും സ്വയംഭാസ്യനു-
മാകുമാത്മാവു ഗുണഹീനനെങ്കിലും
തന്നാൽ വിരചിതമായ ഭൂതങ്ങളി-
ലന്യനായ് നാശമിയലുവോൻമട്ടിലും
നാനാതരസ്വരൂപത്തോടുകൂടിയും
കാണപ്പെടുന്നതു വാസ്തവമല്ലതാൻ. 24
പഞ്ചഭൂതങ്ങളാൽ നിർമ്മിതമാമിപ്ര-
പഞ്ചത്തിലാളുമുപാധികൾക്കുള്ളതാം
ഏററക്കുറച്ചിലിനൊത്തേകനാത്മാവു
പ്രത്യക്ഷനല്പനപ്രത്യക്ഷനും മഹാൻ.
ഈവിധഭേദങ്ങളാന്നു ബഹ്വാകൃതി
താവുന്നതായിട്ടു കാണപ്പെടുന്നിതേ.'' 25

ശ്രീശുകൻ പറഞ്ഞു

ഭൂവാസവാ! ഭഗവാൻ ഹരി ദൃഷ്ടാന്ത-
പൂർവ്വമരുളിയ വാക്കുകൾ കേട്ടുടൻ
ആനകദുന്ദുഭി നാനാത്വധീയററു
ജ്ഞാനിയായ് മൗനംഭജിച്ചിരുന്നാൻ മുദാ. 26
ഭൂപതേ! പിന്നൊരുനാൾ സർവ്വദേവതാ-
രൂപിണിയായി വിളങ്ങുമദ്ദേവകി
മൃത്യുവശനാം ഗുരുസുതനെസ്സത്വര
സത്വരം കൊണ്ടുവന്നേകിയാചാര്യനു
ചിത്തത്തിലത്യന്തമോദമിയററിയ
വർത്തമാനം കേട്ടു വിസ്മയപ്പെട്ടിതു. 27
കംസൻ വധിച്ച തൻ പുത്രരെസ്സംസ്മരി-
ച്ചക്ഷണം തദ്ദർശനാശ വർദ്ധിക്കയാൽ
അത്തലാൽ ബാഷ്പം ചൊരിഞ്ഞുകൊണ്ടസ്തുതി-
യിത്തരം രാമകൃഷ്ണന്മാരൊടോതിനാൾ. 28

ദേവകി പറഞ്ഞു

അപ്രമേയാത്മൻ! ബലഭദ്രരാമ! കേൾ
കെല്ലെഴും യോഗേശ്വരേശ്വരാ! കേശവാ!
വിശ്വസ്രഷ്ടാക്കളാമീശ്വരർക്കും നിങ്ങ-
ളീശ്വരന്മാരെന്നറിഞ്ഞിട്ടുണ്ടിവൾ. 29
കാലം ബലം നശിപ്പിച്ചവരും ശാസ്ത്ര-
വേല ലംഘിച്ചു നടന്നിട്ടുന്നോരുമായ്
മന്നിനു ഭാരമായ്ത്തീർന്ന മഹീശരെ-
ക്കൊന്നീടുവാൻ നിങ്ങളെന്നിൽ ജനിച്ചവർ. 30
ആദ്യാ! പുരുഷൻ ഭവാനുടെയംശമാ-
ണോർത്താൽത്തദീയാംശമാകുന്നു മായയും
മായാംശമല്ലോ ഗുണങ്ങൾ, ഗുണങ്ങളാ-
ലീയുലകുണ്ടായി നിന്നൊടുങ്ങുന്നിതേ.
വിശ്വമൂർത്തേ! ഞാനുമത്തിരുമേനിയേ-
യാശ്രയമാക്കിയണഞ്ഞിരിക്കുന്നിതാ. 31
മുന്നം ചിരകാലമായ് മൃതനാം ഗുരു-
നന്ദനനേ നിങ്ങളാചാര്യവാക്കിനാൽ
കാലാലയത്തിൽനിന്നാനയിച്ചക്ഷണം
ചാലവേ ദേശികദക്ഷിണ നല്കിനാർ. 32
യോഗേശ്വരേശരാം നിങ്ങളിങ്ങാവിധ-
മേകവിനെന്നഭിലാഷവുമിക്ഷണം
കംസൻ വധിച്ച മത്പുത്രരെക്കാണ്മതി-
നാശിച്ചിടുന്നു ഞാനൊന്നു കാണിക്കുവിൻ. 33

ഋഷി പറഞ്ഞു

ഈമട്ടിലമ്മയാൽ പ്രേരിതരാം ബല-
രാമനും കൃഷ്ണനും താമസമെന്നിയേ
ഈശ്വരമായയെയാശ്രയിച്ചപ്പോൾ പ്ര-
വേശിച്ചിതു സുതലത്തിൽ നരേശ്വരാ! 34
കൊണ്ടൽനേർവർണ്ണനേയും ഹലിതന്നെയും
കണ്ടു മഹാബലിപൂണ്ടു മോദം പരം
വിശ്വത്തിനെന്നവിധത്തിലാത്മാവിനു-
മീശ്വരന്മാരാകുമാ രണ്ടുപേരെയും
തദ്ദർശനാഹ്ലാദചിത്തനായാസനം
വിട്ടെഴുന്നേററു നമിച്ചാൻ കുലത്തോടും. 35
രണ്ടുപേർക്കും ശ്രേഷ്ഠമായീടുമാസനം
കൊണ്ടുവന്നിട്ടിരുത്തി പ്രേമപൂർവ്വകം
അമ്മഹാത്മാക്കൾതൻ കാലു കഴുകിത്ത-
ദംബു ശിരസ്സിൽ ധരിച്ചു കുലത്തൊടും
ബ്രഹ്മാവുതൊട്ടു സകലലോകത്തെയും
നിർമ്മലമാക്കുന്നതാണ ജ്ജലം ദൃഢം. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമർഹയാമാസ സ തൗ വിഭൂതിഭി-
ർമ്മഹാർഹവസ്ത്രാഭരണാനുലേപനൈഃ
താംബൂലദീപാമൃതഭക്ഷണാദിഭിഃ
സ്വഗോത്രവിത്താത്മസമർപ്പണേന ച. 37
സ ഇന്ദ്രസേനോ ഭഗവത്പദാംബുജം
ബിഭ്രന്മുഹുഃ പ്രേമവിഭിന്നയാ ധിയാ
ഉവാച ഹാനന്ദജലാകുലേക്ഷണഃ
പ്രഹൃഷ്ടരോമാ നൃപ ഗദ്ഗദാക്ഷരം. 38

ബലിരുവാച

നമോഽനന്തായ ബൃഹതേ നമഃ കൃഷ്ണായ വേധസേ
സാംഖ്യയോഗവിതാനായ ബ്രഹ്മണേ പരമാത്മനേ. 39
ദർശനം വാം ഹി ഭൂതാനാം ദുഷ്പ്രാപം ചാപ്യദുർല്ലഭം
രജസ്തമഃസ്വഭാവാനാം യന്നഃ പ്രാപ്തൗ യദൃച്ഛയാ. 40
ദൈത്യദാനവഗന്ധർവ്വാഃ സിദ്ധവിദ്യാധ്രചാരണാഃ
യക്ഷരക്ഷഃപിശാചാശ്ച ഭൂതപ്രമഥനായകാഃ. 41
വിശുദ്ധസത്ത്വധാമ്ന്യദ്ധാ ത്വയി ശാസ്ത്രശരീരിണി
നിത്യം നിബദ്ധവൈരാസ്തേ വയം ചാന്യേ ച താദൃശാഃ. 42
കേചനോദ്ബദ്ധവൈരേണ ഭക്ത്യാ കേചന കാമതഃ
ന തഥാ സത്ത്വസംരബ്ധാഃ സന്നികൃഷ്ടാഃ സുരാദയഃ. 43
ഇദമിത്ഥമിതി പ്രായസ്തവ യോഗേശ്വരേശ്വര!
ന വിദന്ത്യപി യോഗേശാ യോഗമായാം, കുതോ വയം? 44
തന്നഃ പ്രസീദ നിരപേക്ഷവിമൃഗ്യ യുഷ്മത്
പാദാരവിന്ദധിഷണാന്യഗൃഹാന്ധകൂപാത്
നിഷ്ക്രമ്യ വിശ്വശരണാങ്ഘ്ര്യുപലബ്ധവൃത്തിഃ
ശാന്തോ യഥൈക ഉത സർവ്വസഖൈശ്ചരാമി. 45
ശാധ്യസ്മാനീശിതവ്യേശ, നിഷ്പാപാൻ കുരു നഃ പ്രഭോ
പുമാൻ യച്ഛ്രദ്ധയാഽഽതിഷ്ഠംശ്ചോദനായാ വിമുച്യതേ. 46

ശ്രീഭഗവാനുവാച

''ആസൻ മരീചേഃ ഷട് പുത്രാ ഊർണ്ണായാം പ്രഥമേഽന്തരേ
ദേവാഃ കം ജഹസുർവ്വീക്ഷ്യ സുതാം യഭിതുമുദ്യതം. 47
തേനാസുരീമഗൻ യോനിമധുനാവദ്യകർമ്മണാ
ഹിരണ്യകശിപോർജ്ജാതാ നീതാസ്തേ യോഗമായയാ. 48
ദേവക്യാ ഉദരേ ജാതാ രാജൻ! കംസവിഹിംസിതാഃ
സാ താഞ്ഛോചത്യാത്മജാൻ സ്വാംസ്ത ഇമേഽധ്യാസതേഽ-
ന്തികേ. 49
ഇത ഏതാൻ പ്രണേഷ്യാമോ മാതൃശോകാപനുത്തയേ
തതഃ ശാപാദ്വിനിർമ്മുക്താ ലോകം യാസ്യന്തി വിജ്വരാഃ. 50
സ്മരോദ്ഗീഥഃ പരിഷ്വങ്ഗഃ പതങ്ഗഃ ക്ഷുദ്രഭൃദ് ഘൃണീ
ഷഡിമേ മത്പ്രസാദേന പുനര്യാസ്യന്തി സദ്ഗതിം.'' 51
ഇത്യുക്ത്വാ താൻ സമാദായ ഇന്ദ്രസേനേന പൂജിതൗ
പുനർദ്വാരവതീമേത്യ മാതുഃ പുത്രാനയച്ഛതാം. 52
താൻ ദൃഷ്ട്വാ ബാലകാൻ ദേവീ പുത്രസ്നേഹസ്നുതസ്തനീ
പരിഷ്വജ്യാങ്കമാരോപ്യ മൂർദ്ധ്ന്യജിഘ്രദഭീക്ഷ്ണശഃ. 53
അപായയത്സ്തനം പ്രീതാ സുതസ്പർശപരിപ്ലുതാ
മോഹിതാ മായയാ വിഷ്ണോര്യയാ സൃഷ്ടിഃ പ്രവർത്തതേ. 54
പീത്വാമൃതം പയസ്തസ്യാഃ പീതശേഷം ഗദാഭൃതഃ
നാരായണാങ്ഗസംസ്പർശപ്രതിലബ്ധാത്മദർശനാഃ. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെയനല്പങ്ങളാം വസ്ത്രഭൂഷകൾ
ചന്ദനാലേപനം പീയൂഷഭക്ഷണം
തന്നുടെ വംശം ശരീരം ധനോത്കര-
മെന്നിവയർപ്പിച്ചു പൂജിച്ചു സാദരം. 37
ഉന്നതപ്രേമാർദ്രമാനസനായുട-
നിന്ദ്രസേനൻ ഭഗവത് പദാംഭോരുഹം
പിന്നെയും ധ്യാനിച്ചു രോമാഞ്ചഗാത്രനായ്
കണ്ണീരൊഴുക്കിക്കഥിച്ചാൻ സഗദ്ഗദം. 38

ബലി പറഞ്ഞു

പാരം ബൃഹദ്രൂപമാളുമനന്താവ-
താരമൂർത്തിക്കായ് നമസ്കരിക്കുന്നു ഞാൻ.
ലോകമഖിലം നിയന്ത്രിച്ചു മിന്നിടും
ശ്രീകൃഷ്ണദേവനായ്ക്കൊണ്ടു നമസ്കൃതി.
യോഗങ്ങൾ സാംഖ്യമിവ വിസ്തരിപ്പതാ-
യേകമായിപ്പരമാത്മാവതായിടും
സാക്ഷാൽ പരബ്രഹ്മവസ്തുവിനായ്ക്കൊണ്ടു-
മിക്ഷണമീ ഞാൻ നമസ്കരിക്കുന്നിതേ. 39
ഭൂതജാലത്തിനു നിങ്ങളെക്കാണുവാ-
നേതുമെളുപ്പമല്ലെന്നിരുന്നീടിലും
ഞങ്ങൾക്കതിപ്പോൾ സുലഭമായ്ത്തീർന്നിതു
നിങ്ങൾക്കെഴും കരുണാതിരേകത്തിനാൽ.
പാരം രജസ്തമോമൂർത്തികൾ ഞങ്ങടെ
ചാരത്തു നിങ്ങൾ യദൃച്ഛയാ വന്നിതേ. 40
ദൈത്യദനുജാതയക്ഷവിദ്യാധര-
സിദ്ധഗന്ധർവ്വപിശാചരക്ഷസ്സുകൾ
ചാരണർ ഭൂതപ്രമഥഗണാധിപ-
ന്മാരുമീ ഞങ്ങളും താദൃശരന്യരും
ശുദ്ധസത്വസ്ഥാനഭൂതനായിശ്ശാസ്ത്ര-
മൂർത്തിയാമങ്ങേയ്ക്കു നിത്യശത്രുക്കളാം. 41-42
വൈരാനുചിന്തയും കാമവുംമൂലമായ്
ശൗരേ! ഭവത്സന്നിധാനമെത്തീ ചിലർ
അത്രവേഗത്തിലണവതില്ലങ്ങയിൽ
സത്വഗുണവേഗമാളുമമർത്ത്യരും. 43
യോഗേശ്വരേശ! നിന്മായയെപ്പാർത്തിടാ
യോഗേശരും, പിന്നറിവതെങ്ങട്ടിവർ? 44
ഒന്നിലുമാഗ്രഹമില്ലാത്ത യോഗീന്ദ്ര-
രന്വേഷണംചെയ്യുമങ്ങേപ്പദാംബുജം
ഞങ്ങൾക്കൊരാശ്രയമായിബ്ഭവിക്കുവാ-
നങ്ങുന്നിദാനീമനുഗ്രഹിക്കേണമേ.
ദുഃഖദഗേഹാന്ധകൂപത്തിൽനിന്നാശു
നിർഗ്ഗമിച്ചൊന്നുകിൽ വിശ്വരക്ഷയ്ക്കായി
നില്ക്കും തരുക്കൾതന്മൂലം സമാശ്രയി-
ച്ചൊക്കുന്ന ജീവികയാന്നു കഴിച്ചിടാം.
അല്ലെങ്കിലെല്ലാററിലും സമഭാവന-
യുള്ള പരമഹംസന്മാരുമായ്ച്ചേർന്നു
ശാന്തമായ് ജീവിച്ചിടാമതിനായുടൻ
നിന്തിരുമേനി കടാക്ഷിച്ചിടേണമേ. 45
ഈശിതവ്യന്മാർക്കുമീശ്വരാ! ഹേ പ്രഭോ!
ശാസിച്ചുകൊള്ളുക ഞങ്ങളെ വേണ്ടപോൽ
നിഷ്പാപരാക്കിയനുഗ്രഹിച്ചീടുക
ത്വത്പദസേവനം ചോദനാമോചനം. 46

ശ്രീഭഗവാൻ പറഞ്ഞു

''ഒന്നാംമനുവിന്റെ കാലത്തിലൂർണ്ണയിൽ-
ത്തീർന്നു മരീചിമുനിക്കാറുനന്ദനർ.
തന്മകളോടു സമാഗമമിച്ഛിച്ച
ബ്രഹ്മാവിനെയവർ പാരം ഹസിച്ചിതു. 47
ദൈത്യരാജാവാം ഹിരണ്യകശിപുവിൻ
പുത്രരായപ്പാപകർമ്മത്തിനാലവർ
ജാതരായീടിനാരാസുരീയോനിയിൽ
നീതരായാർ യോഗമായയാൽ പിന്നവർ. 48
ദേവകീമാതിൽ ജനിച്ചാരവരെയ-
ബ്ഭ്രവരൻ ഭോജാധിപൻ വധിച്ചീടിനാൻ
ദേവകിയമ്മ കേഴുന്നിതവർമൂല-
മാവസിക്കുന്നിതാ നിൻ സമീപത്തവർ. 49
കൊണ്ടുപോകുന്നുണ്ടിവരെയിപ്പോൾ ഞങ്ങ-
ളിണ്ടലമ്മാതാവിനുള്ളതകററുവാൻ.
പിന്നെയിവർ ശാപമുക്തരായിദ്ദുഃഖ-
മെന്നിയേ ദേവലോകത്തിലണഞ്ഞിടും. 50
മത്പ്രസാദത്താൽ സ്മരനുദ്ഗീഥനു-
മപ്പരിഷ്വങ്ഗൻ ഘൃണിയും പതങ്ഗനും
ക്ഷുദ്രഭൃത്തിത്തരം നാമമാർന്നോരിവർ
മുക്തിപദം ഗമിച്ചീടുമസംശയം.'' 51
ഇക്കണക്കോതിയാ രാമനും കൃഷ്ണനും
സത്കൃതരായി മഹാബലിയാൽ പരം.
മാതൃസവിധമപ്പുത്രരെയാനയി-
ച്ചാദരപൂർവ്വം സമർപ്പണംചെയ്തിതേ. 52
ബാലകരെക്കണ്ടു വാത്സല്യവായ്പിനാൽ
പാലൊഴുകും മുലയാളുമദ്ദേവകി
ആലിങ്ഗനംചെയ്തെടുത്തു മടിയേററി
മൗലിയിൽ ചുംബിച്ചു പിന്നെയും
പിന്നെയും. 53
നന്ദനസ്പർശനംമൂലമൊഴുകിടും
സ്തന്യമാളും സാധ്വിമാർമണി ദേവകി
ഈ വിശ്വമാകവേ നിർമ്മിച്ചിടുന്നതാം
ശ്രീവിഷ്ണുമായയാൽ മോഹിതചിത്തയായ്
സന്തോഷവാരാന്നിധിയിൽ നിമഗ്നയായ്
സ്വന്തം സുതരെ മുലകുടിപ്പിച്ചിതേ. 54
മായേശപാനാവശിഷ്ടമാമപ്പയഃ-
പീയൂഷമാർന്നും തദങ്ഗസംസ്പർശനം
ഏററുമടികൂടി പൂർവ്വജന്മസ്മൃതി
തെററന്നവർക്കാറുപേർക്കുമുദിച്ചിതേ. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ നമസ്കൃത്യ ഗോവിന്ദം ദേവകീം പിതരം ബലം
മിഷതാം സർവ്വഭൂതാനാം യയുർധാമ ദിവൗകസാം. 56

തം ദൃഷ്ട്വാ ദേവകീദേവീ മൃതാഗമനനിർഗ്ഗമം
മേനേ സുവിസ്മിതാ മായാം കൃഷ്ണസ്യ രചിതാം, നൃപ. 57

ഏവംവിധാന്യദ്ഭുതാനി കൃഷ്ണസ്യ പരമാത്മനഃ
വീര്യാണ്യനന്തവീര്യസ്യ സന്ത്യനന്താനി, ഭാരത. 58

സൂത ഉവാച

യ ഇദമനുശൃണോതി ശ്രാവയേദ്വാ മുരാരേ–
ശ്ചരിതമമൃതകീർത്തേർവർണ്ണിതം വ്യാസപുത്രൈഃ
ജഗദഘഭിദലം തദ്ഭക്തസത്കർണ്ണപൂരം
ഭഗവതി കൃതചിത്തോ യാതി തത്ക്ഷേമധാമ. 59

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
മൃതാഗ്രജാനയനം നാമ പഞ്ചാശീതിതമോഽധ്യായഃ

ഷഡശീതിതമോഽധ്യായഃ

രാജോവാച

ബ്രഹ്മൻ! വേദിതുമിച്ഛാമഃ സ്വസാരം രാമകൃഷ്ണയോഃ
യഥോപയേമേ വിജയോ യാ മമാസീത് പിതാമഹീ. 1

ശ്രീശുക ഉവാച

അർജ്ജുനസ്തീർത്ഥയാത്രായാം പര്യടന്നവനീം പ്രഭുഃ
ഗതഃ പ്രഭാസമശൃണോന്മാതുലേയീം സ ആത്മനഃ. 2

ദുര്യോധനായ രാമസ്താം ദാസ്യതീതി ന ചാപരേ
തല്ലിപ്സുഃ സ യതിർഭൂത്വാ ത്രിദണ്ഡീ ദ്വാരകാമഗാത്. 3

തത്ര വൈ വാർഷികാൻ മാസാനവാത്സീത് സ്വാർത്ഥസാധകഃ
പൗരൈഃ സഭാജിതോഽഭീക്ഷ്ണം രാമേണാജാനതാ ച സഃ. 4

ഏകദാ ഗൃഹമാനീയ ആതിഥ്യേന നിമന്ത്ര്യ തം
ശ്രദ്ധയോപഹൃതം ഭൈക്ഷ്യം ബലേന ബുഭുജേ കില. 5

സോഽപശ്യത്തത്ര മഹതീം കന്യാം വീരമനോഹരാം
പ്രീത്യുത്ഫുല്ലേക്ഷണസ്തസ്യാം ഭാവക്ഷുബ്ധം മനോ ദധേ. 6

സാപി തം ചകമേ വീക്ഷ്യ നാരീണാം ഹൃദയംഗമം
ഹസന്തീ വ്രീഡിതാപാംഗീ തന്ന്യസ്തഹൃദയേക്ഷണാ. 7

താം പരം സമനുധ്യായന്നന്തരം പ്രേപ്സുരർജ്ജുനഃ
ന ലേഭേ ശം ഭ്രമച്ചിത്തഃ കാമേനാതിബലീയസാ. 8

മഹത്യാം ദേവയാത്രായാം രഥസ്ഥാം ദുർഗ്ഗനിർഗ്ഗതാം
ജഹാരാനുമതഃ പിത്രോഃ കൃഷ്ണസ്യ ച മഹാരഥഃ. 9

രഥസ്ഥോ ധനുരാദായ ശൂരാംശ്ചാരുന്ധതോ ഭടാൻ
വിദ്രാവ്യ ക്രോശതാം സ്വാനാം സ്വഭാഗം മൃഗരാഡിവ. 10

തച്ഛ്രുത്വാ ക്ഷുഭിതോ രാമഃ പർവ്വണീവ മഹാർണ്ണവഃ
ഗൃഹീതപാദഃ കൃഷ്ണേന സുഹൃദ്ഭിശ്ചാനുശാമ്യത. 11

പ്രാഹിണോത് പാരിബർഹാണി വരവധ്വോർമ്മുദാ ബലഃ
മഹാധനോപസ്കരേഭരഥാശ്വനരയോഷിതഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അച്യുതനേയുമദ്ദേവകിതന്നെയു-
മച്ഛനേയും ബലനേയും നമിച്ചഥ
എല്ലാവരും നോക്കിനില്ക്കവേ സത്വരം
സ്വർല്ലോകധാമത്തിലേക്കു പോയീടിനാർ. 56

ചത്തവർ വന്നതും സ്വർഗ്ഗം ഗമിച്ചതും
ശുദ്ധമനസ്സായാം ദേവകി കണ്ടുടൻ
അത്യന്തമദ്ഭുതപ്പെട്ടിതശേഷവും
ദൈത്യാരിതൻ മായയെന്നോർത്തു മന്നവാ! 57

തുല്യമില്ലാത്തോരു വീര്യങ്ങളാണേററ-
മുല്ലസിക്കും പരമാത്മസ്വരൂപനാം
മല്ലാരിതന്നീദൃശവിസ്മയകഥാ-
തല്ലജങ്ങൾക്കു കണക്കില്ല ഭൂപതേ! 58

സൂതൻ പറഞ്ഞു

നിത്യയശസ്വിയാം വാസുദേവന്റെയീ-
വൃത്തം വിശദമായോതിനാൻ ശ്രീശുകൻ
ഇക്കഥ ലോകം വിശുദ്ധമാക്കുന്നതും
ഭക്തജനകർണ്ണഭൂഷയുംതാൻ ദൃഢം.

ആരിതു കേൾക്കയോ ചൊല്ലുയോ ചെയ്യുമ-
പ്പൂരുഷൻ ക്ഷിപ്രം ഭഗവാൻ മുകുന്ദനിൽ
ചിത്തമുറപ്പിച്ചു ഭക്താഗ്രഗണ്യനായ്
നിത്യമാം തത്ക്ഷേമധാമമണഞ്ഞിടും. 59

അദ്ധ്യായം 86

സുഭദ്രാഹരണം, ശ്രുതദേവാനുഗ്രഹം

രാജാവു പറഞ്ഞു

ബ്രഹ്മജ്ഞ മാമുനേ! മത്പിതൃമാതാവു-
മംബുജാക്ഷനും ഹലിക്കും സഹജയും
ശ്രീധാമവുമാം സുഭദ്രയെയർജ്ജുന-
നേതുവിധത്തിൽ വേട്ടെന്നരുൾചെയ്ക മേ. 1

ശ്രീശുകൻ പറഞ്ഞു

തീർത്ഥയാത്രയ്ക്കായ്ത്തിരിച്ചൂഴി ചുററിയ
പാർത്ഥൻ പ്രഭാസതീർത്ഥസ്ഥാനമെത്തവേ
ചൊല്ലെഴും മാതുലപുത്രി സുഭദ്രതൻ
കല്യാണവാർത്ത കേൾക്കാനിടയായിതു. 2

രാമനവളെസ്സുയോധനന്നേകുവാൻ
കാമിപ്പതന്യർ വിസമ്മതിക്കുന്നതായ്
കേട്ടു തൽപ്രാപ്ത്യേച്ഛു പാർത്ഥൻ ത്രിദണ്ഡിയാം
ശ്രേഷ്ഠസന്ന്യാസിയായ് ദ്വാരകപൂകിനാൻ. 3

സ്വാർത്ഥപൂർത്തിക്കായ് മഴക്കാലമത്രയും
പാർത്തീടിനാനപ്പുരത്തിലിന്ദ്രാത്മജൻ.
ആരെന്നറിയാതവനെയാ രാമനും
പൗരരുമാരാധനംചെയ്തു വേണ്ടപോൽ. 4

അങ്ങനെ വാഴുന്ന കാലമാ യാദവ-
പുംഗവൻ രാമനദ്ദിവ്യനെയേകദാ
ശ്രദ്ധയോടും ക്ഷണിച്ചാതിഥ്യമേകുവാൻ
പത്തനത്തിൽക്കൊണ്ടുപോയശിപ്പിച്ചിതു. 5

തത്ര കണ്ടാനവൻ വീരജനങ്ങൾതൻ-
ചിത്തം കവരുന്ന പൂജ്യയാം കന്യയെ
തോഷപ്രഫുല്ലാക്ഷനാമവൻതന്മനം
യോഷാമണിയിൽപ്പതിഞ്ഞു പുതഞ്ഞിതേ. 6

നാരീജനഹൃദയംഗമനാകുമാ-
വീരനേക്കണ്ടവൾ മന്ദഹാസത്തോടും
ലജ്ജാകടാക്ഷങ്ങളോടും ദൃഢമുറ-
പ്പിച്ചിതവനിൽ മനം നയനങ്ങളും. 7

എപ്പോഴുമപ്പുഷ്കലാക്ഷിയെദ്ധ്യാനിച്ചു
തൽപ്രാപ്തിയിച്ഛിച്ചു തക്കവും പാർത്തഴം
പാർത്ഥനനംഗപരിഭ്രാന്തനാകയാൽ
ചിത്തസുഖം തോന്നിയില്ല തത്പൂജയിൽ. 8

പാരിച്ച ദേവയാത്രോത്സവം കാണുവാൻ
തേരിൽ പുരനിർഗ്ഗതയാം സുഭദ്രയെ
ശൗരിയുടേയും പിതൃജനത്തിന്റെയും
പ്രേരണയോടും ഹരിച്ചിതു ഫല്ഗുനൻ. 9

തേരിലിരുന്നർജ്ജുനനെതിരിട്ടിടും
വീരഭടരെത്തുരത്തിശ്ശരങ്ങളാൽ
ക്രോശിച്ചിടും സ്വജനത്തെഗ്ഗണിക്കാതെ
കേസരിമട്ടിൽ സ്വഭാഗം ഹരിച്ചിതേ. 10

എന്നതു കേട്ടു വാവിൻനാളിലംബുധി-
യെന്നപോൽ ക്ഷുബ്ധനാം രോഹിണീപുത്രനെ
നന്ദജനും സുഹൃത്തുക്കളും തത്പദ-
ദ്വന്ദ്വം നമിച്ചു സുശാന്തനാക്കീടിനാർ. 11

രാമൻ മുദിതനായ് ദമ്പതിമാർക്കഥ
സീമയെന്യേ ധനം സാധനസഞ്ചയം
ഹസ്തിരഥാശ്വങ്ങൾ ദാസദാസീഗണ-
മിത്യാദിയെല്ലാമയച്ചുകൊടുത്തിതു. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

കൃഷ്ണസ്യാസീദ്ദ്വിജശ്രേഷ്ഠഃ ശ്രുതദേവ ഇതി ശ്രുതഃ
കൃഷ്ണൈകഭക്ത്യാ പൂർണ്ണാർത്ഥഃ ശാന്തഃ കവിരലമ്പടഃ. 13
സ ഉവാസ വിദേഹേഷു മിഥിലായാം ഗൃഹാശ്രമീ
അനീഹയാഽഽഗതാഹാര്യനിർവ്വർത്തിതനിജക്രിയഃ. 14
യാത്രാമാത്രം ത്വഹരഹർദ്ദൈവാദുപനമത്യുത
നാധികം താവതാ തുഷ്ടഃ ക്രിയാശ്ചക്രേ യഥോചിതാഃ. 15
തഥാ തദ്രാഷ്ട്രപാലോഽങ്ഗ ബഹുലാശ്വ ഇതി ശ്രുതഃ
മൈഥിലോ നിരഹമ്മാന ഉഭാവപ്യച്യുതപ്രിയൗ. 16
തയോഃ പ്രസന്നോ ഭഗവാൻ ദാരുകേണാഹൃതം രഥം
ആരുഹ്യ സാകം മുനിഭിർവ്വിദേഹാൻ പ്രയയൗ പ്രഭുഃ. 17
നാരദോ വാമദേവോഽത്രിഃ കൃഷ്ണോ രാമോഽസിതോഽരുണിഃ
അഹം ബൃഹസ്പതിഃ കണ്വോ മൈത്രേയശ്ച്യവനാദയഃ. 18
തത്ര തത്ര തമായാന്തം പൗരാ ജാനപദാ, നൃപ,
ഉപതസ്ഥുഃ സാർഗ്ഘ്യഹസ്താ ഗ്രഹൈഃ സൂര്യമിവോദിതം. 19

ആനർത്തധന്വകുരുജാങ്ഗലകങ്കമത്സ്യ-
പാഞ്ചാലകുന്തിമധുകേകയകോസലാർണ്ണാഃ
അന്യേ ച തന്മുഖസരോജമുദാരഹാസ-
സ്നിഗ്ദ്ധേക്ഷണം, നൃപ, പപുർദ്ദൃശിഭിർ നൃനാര്യഃ. 20
തേഭ്യഃ സ്വവീക്ഷണവിനഷ്ടതമിസ്രദൃഗ്ഭ്യഃ
ക്ഷേമം ത്രിലോകഗുരുരർത്ഥദൃശം ച യച്ഛൻ
ശൃണ്വൻ ദിഗന്തധവളം സ്വയശോഽശുഭഘ്നം
ഗീതം സുരൈർന്നൃഭിരഗാച്ഛനകൈർവ്വിദേഹാൻ. 21

തേഽച്യുതം പ്രാപ്തമാകർണ്യ പൗരാ ജാനപദാ നൃപ!
അഭീയുർമ്മുദിതാസ്തസ്മൈ ഗൃഹീതാർഹണപാണയഃ. 22
ദൃഷ്ട്വാ ത ഉത്തമശ്ലോകം പ്രീത്യുത്ഫുല്ലാനനാശയാഃ
കൈർദ്ധൃതാഞ്ജലിഭിർന്നേമുഃ ശ്രുതപൂർവ്വാംസ്തഥാ മുനീൻ. 23
സ്വാനുഗ്രഹായ സംപ്രാപ്തം മന്വാനൗ തം ജഗദ്ഗുരും
മൈഥിലഃ ശ്രുതദേവശ്ച പാദയോഃ പേതതുഃ പ്രഭോഃ. 24
ന്യമന്ത്രയേതാം ദാശാർഹമാതിഥ്യേന സഹ ദ്വിജൈഃ
മൈഥിലഃ ശ്രുതദേവശ്ച യുഗപത് സംഹതാഞ്ജലീ. 25
ഭഗവാംസ്തദഭിപ്രേത്യ ദ്വയോഃ പ്രിയചികീർഷയാ
ഉഭയോരാവിശദ്ഗേഹമുഭാഭ്യാം തദലക്ഷിതഃ. 26
ശ്രോതുമപ്യസതാം ദൂരാൻ ജനകഃ സ്വഗൃഹാഗതാൻ
ആനീതേഷ്വാസനാഗ്ര്യേഷു സുഖാസീനാൻ മഹാമനാഃ. 27
പ്രവൃദ്ധഭക്ത്യാ ഉദ്ധർഷഹൃദയാസ്രാവിലേക്ഷണഃ
നത്വാ തദങ്ഘ്രീൻ പ്രക്ഷാള്യ തദപോ ലോകപാവനീഃ. 28
സകുടുംബോ വഹൻ മൂർദ്ധ്നാ പൂജയാഞ്ചക്ര ഈശ്വരാൻ
ഗന്ധമാല്യാംബരാകല്പധൂപദീപാർഗ്ഘ്യഗോവൃഷൈഃ. 29
വാചാ മധുരയാ പ്രീണന്നിദമാഹാന്നതർപ്പിതാൻ
പാദാവങ്കഗതൗ വിഷ്ണോഃ സംസ്പൃശഞ്ഛനകൈർമ്മുദാ. 30

രാജോവാച

''ഭവാൻ ഹി സർവ്വഭൂതാനാമാത്മാ സാക്ഷീ സ്വദൃഗ്വിഭോ
അഥ നസ്ത്വത്പദാംഭോജം സ്മരതാം ദർശനം ഗതഃ. 31
സ്വവചസ്തദൃതം കർത്തുമസ്മദ്ദൃഗ്ഗോചരോ ഭവാൻ
യദാത്ഥൈകാന്തഭക്താൻ മേ നാനന്തഃ ശ്രീരജഃ പ്രിയഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ശാന്തനായി ശ്രുതദേവനെന്നായ് പുക-
ളേന്തി മുകുന്ദനിലേകാഗ്രഭക്തിയാൽ
പൂർണ്ണാത്ഥനായ് സ്പൃഹാഹീനനായ്
സത്കവി-
രത്നമായുണ്ടായിരുന്നൊരു ഭൂസുരൻ. 13
വിത്താർജ്ജനശ്രമമെന്യേ യദൃച്ഛയായ്
സിദ്ധിപ്പതുകൊണ്ടു വൃത്തികഴിച്ചവൻ
പാർത്താൻ വിദേഹങ്ങളിലെ മിഥിലയാം
പത്തനത്തിൽ ഗൃഹസ്ഥാശ്രമചര്യയിൽ. 14
ദേഹം നിലനിറുത്തുന്നതിനായ് മാത്ര-
മാഹാരമെന്നും ലഭിക്കും യദൃച്ഛയാ
കിട്ടിടാ കൂടുതലായൊന്നു,മായതിൽ-
ത്തുഷ്ടനായാന്റാൻ ഗൃഹോചിതവൃത്തികൾ. 15
ആവിധംതാൻ ഹരിഭക്തനായ് ഞാനെന്ന
ഭാവംവെടിഞ്ഞു ധരാഭരവാഹിയായ്
ഉണ്ടായിരുന്നു ബഹുലാശ്വനെന്നു പേർ-
കൊണ്ടിടും മൈഥിലനാമൊരു ഭൂപനും. 16
രണ്ടാളിലും ഭഗവാൻ മുകുന്ദൻ പ്രീതി-
പൂണ്ടു മുനിഗണത്തോടുചേർന്നേകദാ
ദാരുകാനീതമാം തേരിൽക്കരേയേറി
നേരേ വിദേഹരാജ്യത്തേക്കു പോയിതു. 17
ശ്രീനാരദൻ, വാമദേവനു,മത്രിയും,
വാനോർഗുരുവാം ബൃഹസ്പതി,രാമനും,
ഞാനു,മസിതനും, കണ്വനു,മാരുണി-
താനു,മദ്വൈപായന,ച്യവനാദ്യരും
മൈത്രേയനും പോയിരുന്നിതന്നാളില-
ദ്ദൈത്യാരിദേവനോടൊത്തങ്ങു കൂടവേ. 18
ചെല്ലുന്ന ദിക്കിലവിടവിടെപ്പൗര-
രെല്ലാം ജനപദസംസ്ഥരുമൊത്തുടൻ
സത്കരിച്ചാർ ഗ്രഹസംയുക്തനാമുദ-
യാർക്കനെപ്പോൽ ഭഗവാനെയൎഘ്യാദിയാൽ.
19
ആനൎത്തധന്വകുരുജാംഗലകങ്ക-
മത്സ്യപാഞ്ചാലങ്ങൾ കുന്തിമധുക്കളും
കേകയം കോസലർണ്ണങ്ങളുമാം മഹീ-
ഭാഗങ്ങളിലെയുമാവാധമന്യമാം
രാഷ്ട്രങ്ങളിലെയും പെണ്ണുമാണും മധു-
ഭിത്തിൻ മനോഹരമന്ദഹാസാഢ്യമായ്
മിന്നീടുമാനനപങ്കജം പിന്നെയും
പിന്നെയും കണ്ണുകളാൽ നുകർന്നീടിനാർ. 20
തൻകടാക്ഷങ്ങളാൽ തന്നയനങ്ങളിൽ
തങ്കമിരുട്ടകററീട്ടജ്ജഗദ്ഗുരു
വാസ്തവജ്ഞാനമരുളിയശുഭങ്ങ-
ളസ്തമിപ്പിച്ചു ദിക്കെല്ലാം വിളക്കിടും
തൻ പുകളമ്പരും മൎത്ത്യരും പാടുവ-
തൻപോടു കേട്ടു വിദേഹത്തിലെത്തിനാൻ. 21
വന്നിരിക്കുന്നു ഭഗവാൻ ജനാർദ്ദന-
നെന്നു കേട്ടിട്ടുപുരഗ്രാമവാസികൾ
തുഷ്ടരായ് പൂജോപദാൎത്ഥങ്ങളുമാർന്നു
പെട്ടെന്നു വന്നെതിരേററു ഗമിച്ചിതേ. 22
ഉത്തമശ്ലോകനെക്കണ്ടാനനങ്ങളും
ചിത്തവും പാരം വികാസമിയന്നവർ
ശൗരിയേയും മുമ്പു കേട്ടുള്ളോരാമുനി-
മാരെയും പാണികൾ കൂപ്പി നമിച്ചിതേ. 23
ലോകഗുരുവിഹ നമ്മൾക്കനുഗ്രഹ-
മേകുവാനാഗമിച്ചെന്നു നിനച്ചിടും
മൈഥിലനും ശ്രുതദേവനുമാ പ്രഭു-
പാദാംബുജങ്ങളിൽ വീണു വണങ്ങിനാർ. 24
ചാരത്തിരുവരും കൈകൂപ്പിനിന്നൊരേ-
നേരത്തതിഥിയായ് സ്വസ്വഗേഹങ്ങളിൽ
മാമുനിമാരൊത്തെഴുന്നള്ളിടേണമെ-
ന്നാ മുരശാസനൻതന്നെ ക്ഷണിച്ചിതേ. 25
രണ്ടർത്ഥനകളും സ്വീകരിച്ചാ വിഭു
രണ്ടുപേൎക്കും ഹിതംചെയ്യുവാനിച്ഛയാൽ
രണ്ടായ്ച്ചമഞ്ഞിരുപേരുമറിയാതെ
രണ്ടിടത്തും ചെന്നിതേകകാലത്തുതാൻ. 26
ദുഷ്ടജനങ്ങൾക്കു കേൾക്കാനുമാകാത്ത-
മട്ടതിദൂരസ്ഥരാം മുനിമാരൊടും
തൻനിലയത്തിൽ ഭഗവാൻ ജനാർദ്ദനൻ
വന്നതു പാർത്തജ്ജനകൻ മഹാമതി!
ശ്രേഷ്ഠാസനങ്ങൾ കൊടുത്തിരുത്തിസ്സുഖം
പുഷ്ടമാം ഭക്തിയാലുള്ളം നിറഞ്ഞെഴും
മോദാശ്രു തൂകി നമിച്ചു തത്പാദങ്ങൾ
സാദരം താനേ കഴുകി,ജ്ജഗത്ത്രയം
ശുദ്ധമാക്കീടുമാ നീരം സകുടുംബ-
മുത്തമാംഗത്തിൽ ധരിച്ചിട്ടനന്തരം
ചന്ദനമാല്യാംബരധൂപദീപങ്ങൾ
മിന്നുന്ന ഭൂഷകൾ ഗോവൃഷഭാദിയും
മുൻപിൽ സമൎപ്പിച്ചു ലോകേശ്വരന്മാരെ-
യമ്പോടുമാരാധനംചെയ്തു വേണ്ടപോൽ. 27-29
പിന്നെസ്സുഖമായ ഭക്ഷണമേകിയും
നന്ദിവാക്യങ്ങൾ കഥിച്ചുമെല്ലാരെയും
തുഷ്ടരാക്കിബ്ഭഗവത്പദം തന്മടി-
യേററി മെല്ലെത്തലോടിക്കഥിച്ചാൻ നൃപൻ. 30

രാജാവു പറഞ്ഞു

''സൎവ്വത്തിനും സാക്ഷിയും സ്വയം ഭാസ്യനും
സൎവ്വഭൂതാത്മാവുമല്ലോ ഭവാൻ വിഭോ!
അങ്ങേപ്പദാംബുജം നിത്യം സ്മരിച്ചിടും
ഞങ്ങൾക്കു ദൎശനമേകിയിപ്പോൾ ഭവാൻ. 31
'ലോകേശനും ശ്രീയുമാദിശേഷൻതാനു-
മേകാന്തഭക്തരേക്കാളിഷ്ടരല്ല മേ.'
ഇത്തരമങ്ങുന്നു ചൊന്ന വചസ്സുകൾ
സത്യമാക്കാനിങ്ങെഴുന്നള്ളിയെന്നതാം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോ നു ത്വച്ചരണാംഭോജമേവംവിദ്വിസൃജേത് പുമാൻ
നിഷ്കിഞ്ചനാനാം ശാന്താനാം മുനീനാം യസ്ത്വമാത്മദഃ. 33

യോഽവതീര്യ യദോർവ്വംശേ നൃണാം സംസരതാമിഹ
യശോ വിതേനേ തച്ഛാന്ത്യൈ ത്രൈലോക്യവൃജിനാപഹം. 34

നമസ്തുഭ്യം ഭഗവതേ കൃഷ്ണായാകുണ്ഠമേധസേ
നാരായണായ ഋഷയേ സുശാന്തം തപ ഈയുഷേ. 35

ദിനാനി കതിചിദ്, ഭൂമൻ, ഗൃഹാൻ നോ നിവസ ദ്വിജൈഃ
സമേതഃ പാദരജസാ പുനീഹീദം നിമേഃ കുലം.'' 36

ഇത്യുപാമന്ത്രിതോ രാജ്ഞാ ഭഗവാംല്ലോകഭാവനഃ
ഉവാസ കുർവ്വൻ കല്യാണം മിഥിലാനരയോഷിതാം. 37

ശ്രുതദേവോഽച്യുതം പ്രാപ്തം സ്വഗൃഹാഞ്ജനകോ യഥാ
നത്വാ മുനീൻ സുസംഹൃഷ്ടോ ധുന്വൻ വാസോ നനർത്ത ഹ. 38

തൃണപീഠബൃസീഷ്വേതാനാനീതേഷൂപവേശ്യ സഃ
സ്വാഗതേനാഭിനന്ദ്യാങ്ഘ്രീൻ സഭാര്യോഽവനിജേ മുദാ. 39

തദംഭസാ, മഹാഭാഗ, ആത്മാനം സഗൃഹാന്വയം
സ്നാപയാഞ്ചക്ര ഉദ്ധർഷോ ലബ്ധസർവ്വമനോരഥഃ. 40

ഫലാർഹണോശീരശിവാമൃതാംബുഭി-
ർമൃദാ സുരഭ്യാ തുളസീകുശാംബുജൈഃ
ആരാധയാമാസ യഥോപപന്നയാ
സപര്യയാ സത്ത്വവിവർദ്ധനാന്ധസാ. 41

സ തർക്കയാമാസ കുതോ മമാന്വഭൂദ്
ഗൃഹാന്ധകൂപേ പതിതസ്യ സങ്ഗമഃ
യഃ സർവ്വതീർത്ഥാസ്പദപാദരേണുഭിഃ
കൃഷ്ണേന ചാസ്യാത്മനികേതഭൂസുരൈഃ. 42

സൂപവിഷ്ടാൻ കൃതാതിഥ്യാഞ്ഛ്രുതദേവ ഉപസ്ഥിതഃ
സഭാര്യസ്വജനാപത്യ ഉവാചാങ്ഘ്ര്യഭിമർശനഃ. 43

ശ്രുതദേവ ഉവാച

നാദ്യ നോ ദർശനം പ്രാപ്തഃ പരം പരമപൂരുഷഃ
യർഹീദം ശക്തിഭിഃ സൃഷ്ട്വാ പ്രവിഷ്ടോ ഹ്യാത്മസത്തയാ. 44

യഥാ ശയാനഃ പുരുഷോ മനസൈവാത്മമായയാ
സൃഷ്ട്വാ ലോകം പരം സ്വാപ്നമനുവിശ്യാവഭാസതേ. 45

ശൃണ്വതാം ഗദതാം ശശ്വദർച്ചതാം ത്വാഭിവന്ദതാം
നൃണാം സംവദതാമന്തർഹൃദി ഭാസ്യമലാത്മനാം. 46

ഹൃദിസ്ഥോഽപ്യതിദൂരസ്ഥഃ കർമ്മവിക്ഷിപ്തചേതസാം
ആത്മശക്തിഭിരഗ്രാഹ്യോഽപ്യന്ത്യുപേതഗുണാത്മനാം. 47

നമോഽസ്തു തേഽധ്യാത്മവിദാം പരാത്മനേ
അനാത്മനേ സ്വാത്മവിഭക്തമൃത്യവേ
സകാരണാകാരണലിങ്ഗമീയുഷേ
സ്വമായയാസംവൃതരുദ്ധദൃഷ്ടയേ. 48

സ ത്വം ശാധി സ്വഭൃത്യാൻ നഃ കിം ദേവ കരവാമ ഹേ
ഏതദന്തോ നൃണാം ക്ലേശോ യദ് ഭവാനക്ഷിഗോചരഃ. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാന്തരായ് നിഷ്കിഞ്ചനരാം മുനികൾക്ക
നിന്തിരുമേനിയാത്മപ്രദനെന്നതു
നേരേയറിഞ്ഞ പുരുഷൻ ഭവത്പദ–
സാരസമെങ്ങനെ സന്ത്യജിക്കും പ്രഭോ! 33
യാദവവംശത്തിലേതു മഹാത്മാവു
ജാതനായ് സംസാരമഗ്നരാം മർത്ത്യരെ
മുക്തരാക്കാനായ് ത്രിലോകപാപാപഹം
തത്കീർത്തിപുഞ്ജം പരത്തി ദിക്കെങ്ങുമേ. 34
ഏവമകുണ്ഠധീയായ് പ്രശോഭിക്കുമാ–
ശ്രീവാസുദേവനായ്ക്കൊണ്ടു നമസ്കൃതി.
പാരം പ്രശാന്തതപസ്സാചരിച്ചിടും
നാരായണർഷിയെ ഞാൻ നമിക്കുന്നിതേ. 35
ഭൂമീസുരവരന്മാരുമൊത്തങ്ങുന്ന
താമസിക്കേണമിവിടെക്കുറച്ചുനാൾ
തൃക്കാലടിപ്പൊടിയാലന്നിമിയുടെ–
യുത്കൃഷ്ടവംശം പരിശുദ്ധമാക്കുക.'' 36
ഈവിധം ഭൂപനാലർത്ഥിതനായ് ജഗത്–
ഭാവനനാകും ഭഗവാൻ രമാധവൻ
കല്യാണമമ്മിഥിലാപുരവാസികൾ–
ക്കെല്ലാമരുളിയവിടെ വസിച്ചിതു. 37
ആ ശ്രുതദേവനും ഭൂപനെപ്പോലെതാ–
നച്യുതനും മുനിമാരും നിജാലയം
എത്തിയതിൽപരം തുഷ്ടനായ് മേല്പോട്ടു
വസ്ത്രമെറിഞ്ഞങ്ങു ചാടിക്കളിച്ചിതേ. 38
ദർഭയും മുഞ്ഞയുംകൊണ്ടു ചമച്ച നൽ–
പ്പുല്പായ്കളിലങ്ങിരുത്തിയദ്ധന്യരെ
ഭാര്യയോടുംകൂടിയത്യന്തതുഷ്ടനായ്
നേരേയവരുടെ കാൽ കഴുകീടിനാൻ. 39
അമ്മഹാഭാഗൻ കുടുംബമടക്കം ത–
ദംബുവിനാലഭിഷേകംകഴിച്ചിതു
കിട്ടുവാനുള്ളതഖിലവും കിട്ടിയ–
മട്ടിലതീവസന്തുഷ്ടിയാർന്നീടിനാൻ. 40
പിന്നെ ഫലങ്ങളർച്ചാപദാർത്ഥങ്ങളും
ചന്ദനം പുഷ്പങ്ങൾ ധൂപദീപങ്ങളും
രാമച്ചശീതളനീരും തുളസിയും
താമര, ഗന്ധമാല്യം മുത്തു ദർഭയും
ഇത്യാദി വസ്തുക്കൾകൊണ്ടും യദൃച്ഛയാ
സിദ്ധിക്കുമർച്ചാപദാർത്ഥങ്ങളാലുമേ
സത്ത്വവിവൃദ്ധനാന്നത്തിനാലും തെളി–
ഞ്ഞാദ്വിജനർച്ചനംചെയ്തിതെല്ലാരെയും. 41
''ഗേഹാന്ധകൂപത്തിലാപതിച്ചോരെനി–
ക്കാഹന്ത! കൃഷ്ണനോടും തത്സ്വരൂപത്തെ
ഹൃത്തിൽ ധരിച്ചുലകം പദധൂളിയാൽ
ശുദ്ധമാക്കീടുമിബ്ഭൂസുരന്മാരൊടും
സങ്ഗമമെങ്ങനെ സിദ്ധിച്ചു''വെന്നുള്ള
സങ്ഗതിയോർത്തു ശങ്കാകുലനായിതേ. 42
സത്കാരമേറ്റവരാസനസംസ്ഥരായ്
സൗഖ്യമായങ്ങിരുന്നീടവേയദ്വിജൻ
ഭാര്യാസുതബന്ധുയുക്തനായ് ശ്രീകൃഷ്ണ–
ചാരുപാദങ്ങൾ തലോടിക്കഥിച്ചിതേ. 43

ശ്രുതദേവൻ പറഞ്ഞു

പാർത്താൽ പരമപുരുഷനാമങ്ങിന്നു
മാത്രമല്ലെങ്ങൾക്കു ദർശനംതന്നതും
ഇപ്പാരിടം നിജശക്തിയാൽ തീർത്തിതി–
ലുൾപ്രവേശിച്ചോരു നാൾമുതൽക്കുള്ളതാം. 44
സുപ്തനായോൻ ഭവന്മായാമയമാക–
മുൾപ്പൂവിനാൽ സ്വപ്നലോകം ചമച്ചതിൽ
ഉൾപ്പുകി നന്നായ് വിളങ്ങുംവിധം ഭവാൻ
നിൽപ്പൂ പദാർത്ഥവും ചൈതന്യവുമായി. 45
അങ്ങേച്ചരിതങ്ങൾ കേൾക്കയും ചൊല്ലുക–
മങ്ങയെ വന്ദിക്കയും സമർച്ചിക്കയും
തമ്മിൽപ്പറഞ്ഞറിയിക്കയും ചെയ്തിടും
നിർമ്മലന്മാർക്കുള്ളിലാവസിപ്പൂ ഭവാൻ. 46
ഹൃത്തിൽ സ്ഥിതനെന്നിരിക്കിലും കർമ്മവി–
ക്ഷിപ്തചിത്തർക്കതിദൂരസ്ഥിതൻ ഭവാൻ
സത്കഥാകീർത്തനാദ്യങ്ങളാൽ മാനസ–
സംസ്കാരമാർന്നുള്ളവർക്കന്തികസ്ഥനാം.
ആത്മരൂപത്തെയഹങ്കാരമാദിയാ–
മാത്മശക്തിപ്രകരത്താലറിഞ്ഞിടാ. 47
ആത്മവിത്തുക്കൾക്കനാത്മാവുമപ്പര–
മാത്മാവുമങ്ങുതാനില്ലൊരു സംശയം.
ഞാനെന്നു ദേഹാദിതന്നിൽപ്പരമഭി–
മാനിക്കുവോർക്കു ഭവാൻ മൃത്യുരൂപനും
ദുഃഖസുഖരൂപനായാത്മഭിന്നനായ്
നില്ക്കും പ്രപഞ്ചസ്വരൂപനുംതന്നെയാം.
കാരണകാര്യങ്ങൾ രണ്ടുമുപാധിയായ്
നേരേ വരിച്ചവറ്റിൻ നിയന്താവുമായ്
നിന്തിരുമേനിയുഭയലിങ്ഗാഢ്യനായ്
ബന്ധമതിലേതുമെന്യേ വിളങ്ങുന്നു
നിന്തിരുമായ മറച്ചിടും ജ്ഞാനദൃ–
ക്കേന്തുവോർക്കങ്ങയെക്കാണ്മാൻ കഴിഞ്ഞിടാ. 48
അങ്ങുന്നിദാനീം സ്വഭൃത്യരായീടിന
ഞങ്ങളെശ്ശാസിച്ചുകൊൾക വേണ്ടുംവിധം.
എന്താണടിയങ്ങൾ വേണ്ടതെന്നുള്ളതും
നിന്തിരുമേനി കനിഞ്ഞു കല്പിക്കണം
ഏതൊന്നു സിദ്ധമായീടിൽ മനുഷ്യനു
ഖേദലേശം പിന്നെയുണ്ടാവതില്ലയോ
നിന്തിരുമേനിക്കുടയൊരദ്ദർശനം
ഹന്ത! ലഭിച്ചു ഞാൻ ദുഃഖനിർമ്മുക്തനായ്. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

തദുക്തമിത്യുപാകർണ്യ ഭഗവാൻ പ്രണതാർത്തിഹാ
ഗൃഹീത്വാ പാണിനാ പാണിം പ്രഹസംസ്തമുവാച ഹ. 50

ശ്രീഭഗവാനുവാച

ബ്രഹ്മംസ്തേഽനുഗ്രഹാർത്ഥായ സംപ്രാപ്താൻ വിദ്ധ്യമൂൻ മുനീൻ
സഞ്ചരന്തി മയാ ലോകാൻ പുനന്തഃ പാദരേണുഭിഃ. 51
ദേവാഃ ക്ഷേത്രാണി തീർത്ഥാനി ദർശനസ്പർശനാർച്ചനൈഃ
ശനൈഃ പുനന്തി കാലേന തദപ്യർഹത്തമേക്ഷയാ. 52
ബ്രാഹ്മണോ ജന്മനാ ശ്രേയാൻ സർവ്വേഷാം പ്രാണിനാമിഹ
തപസാ വിദ്യയാ തുഷ്ട്യാ കിമു മത്കലയാ യുതഃ. 53
ന ബ്രാഹ്മണാന്മേ ദയിതം രൂപമേതച്ചതുർഭുജം
സർവ്വവേദമയോ വിപ്രഃ സർവ്വദേവമയോ ഹ്യഹം. 54
ദുഷ്പ്രജ്ഞാ അവിദിത്വൈവമവജാനന്ത്യസൂയവഃ
ഗുരും മാം വിപ്രമാത്മാനമർച്ചാദാവിജ്യദൃഷ്ടയഃ. 55
ചരാചരമിദം വിശ്വം ഭാവാ യേ ചാസ്യ ഹേതവഃ
മദ്രൂപാണീതി ചേതസ്യാധത്തേ വിപ്രോ മദീക്ഷയാ. 56
തസ്മാദ്ബ്രഹ്മർഷീനേതാൻ, ബ്രഹ്മൻ! മച്ഛ്രദ്ധയാർച്ചയ
ഏവം ചേദർച്ചിതോഽസ്മ്യദ്ധാ നാന്യഥാ ഭൂരിഭൂതിഭിഃ. 57

ശ്രീശുക ഉവാച

സ ഇത്ഥം പ്രഭുണാഽഽദിഷ്ടഃ സഹകൃഷ്ണാൻ ദ്വിജോത്തമാൻ
ആരാധ്യൈകാത്മഭാവേന മൈഥിലശ്ചാപ സദ്ഗതിം. 58
ഏവം സ്വഭക്തയോ രാജൻ! ഭഗവാൻ ഭക്തഭക്തിമാൻ
ഉഷിത്വാഽഽദിശ്യ സന്മാർഗ്ഗം പുനർദ്വാരവതീമഗാത്. 59

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ശ്രുതദേവാനുഗ്രഹോ നാമ ഷഡശീതിതമോഽദ്ധ്യായഃ

സപ്താശീതിതമോഽദ്ധ്യായഃ

പരീക്ഷിദുവാച

ബ്രഹ്മൻ! ബ്രഹ്മണ്യനിർദ്ദേശ്യേ നിർഗ്ഗുണേ ഗുണവൃത്തയഃ
കഥം ചരന്തി ശ്രുതയഃ സാക്ഷാത് സദസതഃ പരേ. 1

ശ്രീശുക ഉവാച

ബുദ്ധീന്ദ്രിയമനഃപ്രാണാൻ ജനാനാമസൃജത് പ്രഭുഃ
മാത്രാർത്ഥം ച ഭവാർത്ഥം ച ആത്മനേഽകല്പനായ ച. 2
സൈഷാ ഹ്യുപനിഷദ്ബ്രാഹ്മീ പൂർവ്വേഷാം പൂർവ്വജൈർധൃതാ
ശ്രദ്ധയാ ധാരയേദ്യസ്താം ക്ഷേമം ഗച്ഛേദകിഞ്ചനഃ. 3
അത്ര തേ വർണ്ണയിഷ്യാമി ഗാഥാം നാരായണാന്വിതാം
നാരദസ്യ ച സംവാദമൃഷേർന്നാരായണസ്യ ച. 4
ഏകദാ നാരദോ ലോകാൻ പര്യടൻ ഭഗവത്പ്രിയഃ
സനാതനമൃഷിം ദ്രഷ്ടും യയൗ നാരായണാശ്രമം. 5
യോ വൈ ഭാരതവർഷേഽസ്മിൻ ക്ഷേമായ സ്വസ്തയേ നൃണാം
ധർമ്മജ്ഞാനശമോപേതമാകല്പാദാസ്ഥിതസ്തപഃ. 6
തത്രോപവിഷ്ടമൃഷിഭിഃ കലാപഗ്രാമവാസിഭിഃ
പരീതം പ്രണതോഽപൃച്ഛദിദമേവ കുരൂദ്വഹ! 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു

ഇത്ഥം തദ്ദക്തം ശ്രവിച്ച ഭക്താവലി-
ക്കത്തലകററും ഭഗവാൻ ജനാർദ്ദനൻ

കൈക്കു പിടിച്ചു ചിരിച്ചുകൊണ്ടബ്ഭക്ത-
മുഖ്യനാം ഭൂസുരനോടരുളീടിനാൻ. 50

ശ്രീഭഗവാൻ പറഞ്ഞു

അങ്ങയെ നേരേയനുഗ്രഹിച്ചീടുവാ-
നിങ്ങിവൻ വന്നെന്നറിക വിപ്രോത്തമാ!

പാടേ ജഗത്പരിശുദ്ധിയോത്തെന്നോടു
കൂടിയിവർ സഞ്ചരിക്കുന്നിതെങ്ങുമേ. 51

ദർശനസ്പർശനാരാധനാദ്യങ്ങളാൽ
സംശുദ്ധി മന്ദമായ് കാലക്രമത്തിലേ

ചേർക്കു സുരതമക്ഷേത്രതീർത്ഥങ്ങളും;
ശീഘ്രമിപ്പൂജ്യർ പരിശുദ്ധി ചേർത്തിടും. 52

പ്രാ ികളിൽവെച്ചു ജന്മത്തിനാൽ ശ്രേഷ്ഠ-
നാണു മഹീസുരൻ; വിദ്യ, തപോബലം

സന്തോഷമെന്നിവയാൽ മത്കലായുത-
നന്തണൻതന്നെയതൃത്തമൻ നിർണ്ണയം.

പിന്നെ മദ്ഭക്താഗ്ര്യനു കൂടിയാണവ-
നെന്നുവന്നാൽത്തന്മഹിമ ചൊല്ലേണമോ! 53

മാമകമാം ചതുർബ്ബാഹുരൂപത്തിലും
പ്രേമമെനിക്കില്ല വിപ്രരിലെന്നപോൽ

സർവ്വവേദസ്വരൂപൻ ധരണീസുരൻ
സർവ്വദേവാത്മകനായതു ഞാനമാം. 54

പാരമസൂയയേലുന്ന ദുർബുദ്ധികൾ
കാര്യമോരാതെ ബിംബാദിയിൽ പൂജ്യത-

ഭാവിച്ചു ഞാനും ഗുരുവുമാത്മാവുമാം
ഭൂവിണ്ണവരെയവമതിക്കുന്നിതേ. 55

ഭൂസുരൻ മദ്ദർശനത്താൽ ചരാചര-
വിശ്വവും തന്മൂലഭാവങ്ങളും സദാ

മാമകരൂപങ്ങളെന്നുതാൻ മാനസ-
ഭൂമികയിൽ ധരിക്കുന്നു ധരാസുരാ! 56

എന്നതിനാൽ ഭവാനെന്നിലെശ്രദ്ധപോൽ-
ത്തന്നെ പൂജിക്കുകിബ്രഹ്മഷിമാരെയും

എങ്കിലേ മത്പൂജയാകു ശരിക്കത-
ല്ലെങ്കിലില്ലാ ഭൂരിഭൂതിയാലും ഫലം. 57

ശ്രീശുകൻ പറഞ്ഞു

ഇപ്രകാരം പ്രഭുവാലുപദിഷ്ടനാം
വിപ്രനമമ്മിഥിലാമഹീപാലനും

ഏകാത്മഭാവമാന്നച്യുതസംയുത-
രാകും മുനികളെയച്ച്ച്ചു ഭക്തരായ്. 58

ഭക്തർതൻ ഭക്തൻ ഭഗവാൻ ഹൃഷീകേശ-
നിക്കണക്കാ രണ്ടു ഭക്തമുഖ്യർക്കുമേ

വേദമാർഗ്ഗം ധരിപ്പിച്ചൊട്ടനാരം പാർത്തു
മോക്ഷസമന്വിതം ദ്വാരക പൂകിനാൻ. 59

അദ്ധ്യായം 87

ശ്രുതിഗീത

രാജാവു പറഞ്ഞു

ബ്രഹ്മജ്ഞമാമുനേ! കാരണാകാരണ-
സംബന്ധമററനിർദ്ദേശ്യമായ് മിന്നിടും

നിർഗ്ഗുണബ്രഹ്മത്തിലേതുമട്ടിൽ പ്രവ-
ർത്തിക്കും ഗുണവൃത്തിയാലും ശ്രുതിഗണം. 1

ശ്രീശുകൻ പറഞ്ഞു

ഈശ്വരൻ, തന്നിലടങ്ങിയ താം ജീവ-
രാശികൾ പാരം വിഷയാനുഭവത്തിനും

ധാർമ്മികകർമ്മാചരണത്തിനും പുണ്യ-
കർമ്മങ്ങളാൽ സ്വർഗ്ഗസൗഖ്യലാഭത്തിനും

തീർത്തിതു തൽക്കല്പനാനിവൃത്തിക്കുമായ്
ബുദ്ധീന്ദ്രിയങ്ങളും പ്രാണനും ചിത്തവും. 2

ബ്രഹ്മപ്രതിപാദകമീയുപനിഷ-
ത്തുണ്മയിൽപ്പൂർവ്വജപൂർവ്വജരാൽ ധൃതം.

നമ്മട്ടിതു ധരിച്ചീടുവോർ സർവ്വവും
ചെമ്മേ വെടിഞ്ഞുടൻ മോക്ഷമാളുന്നിതേ. 3

നാരദൻതാനുമാ നാരായണർഷിയും
നേരേ നടത്തിയ സംവാദരൂപമായ്

നാരായണപരമായിടുമിഗ്ഗാഥ
നേരായ് ഭവാനോടരുളാമിതിന്നു ഞാൻ. 4

ലോകങ്ങൾ ചുററിച്ചരിച്ചൊരുനാളിലാ
ഭാഗവതാഢ്യനാം ദേവമുനീശ്വരൻ

താനേ പുരാണനാം നാരായണർഷിയെ-
ക്കാണുവാനായ് ബദര്യാശ്രമം പൂകിനാൻ. 5

ഭാരതഭൂമിയിലാളും ജനങ്ങൾതൻ-
ഭൂരിസുഖത്തിനും സ്വാസ്ഥ്യത്തിനും പരം

ധർമ്മശമജ്ഞാനയുക്തമാകും തപം
നന്മട്ടിലാകല്പമാരനുഷ്ഠിച്ചുവോ, 6

അങ്ങുകലാപമാം ഗ്രാമത്തിലെ മുനി-
പുംഗവർ ചൂഴുമാ നാരായണർഷിയെ

നാരദൻ നേരേ നമിച്ചു ചോദിച്ചിതു
സാരമായീടുമിച്ചോദ്യം മഹീപതേ! 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മൈ ഹ്യവോചദ്ഭഗവാനൃഷീണാം ശൃണ്വതാമിദം
യോ ബ്രഹ്മവാദഃ പൂർവേഷാം ജനലോകനിവാസിനാം. 8

ശ്രീഭഗവാനുവാച

സ്വായംഭുവ, ബ്രഹ്മസത്രം ജനലോകേഽഭവത് പുരാ
തത്രസ്ഥാനാം മാനസാനാം മുനീനാമൂർധ്വരേതസാം. 9
ശ്വേതദ്വീപം ഗതവതി ത്വയി ദ്രഷ്ടും തദീശ്വരം
ബ്രഹ്മവാദഃ സുസംവൃത്തഃ ശ്രുതയോ യത്ര ശേരതേ
തത്ര ഹായമഭൂത് പ്രശ്നസ്ത്വം മാം യമനുപൃച്ഛസി. 10
തുല്യശ്രുതതപഃശീലാസ്തുല്യസ്വീയാരിമധ്യമാഃ
അപി ചക്രുഃ പ്രവചനമേകം ശുശ്രൂഷവോഽപരേ. 11

സനന്ദന ഉവാച

സ്വസൃഷ്ടമിദമാപീയ ശയാനം സഹ ശക്തിഭിഃ
തദന്തേ ബോധയാഞ്ചക്രുസ്തല്ലിംഗൈഃ ശ്രുതയഃ പരം. 12
യഥാ ശയാനം സമ്രാജം വന്ദിനസ്തത്പരാക്രമൈഃ
പ്രത്യൂഷേഽഭ്യേത്യ സുശ്ലോകൈർബോധയന്ത്യനുജീവിനഃ. 13

ശ്രുതയ ഊചുഃ

[1] ജയ ജയ ജഹ്യജാമജിത! ദോഷഗൃഭീതഗുണാം
ത്വമസി യദാത്മനാ സമവരുദ്ധസമസ്തഭഗഃ
അഗജഗദോകസാമഖിലശക്ത്യവബോധക! തേ
ക്വചിദജയാഽഽത്മനാ ച ചരതോഽനുചരേന്നിഗമഃ. 14
[2] ബൃഹദുപലബ്ധമേതദവയന്ത്യവശേഷതയാ
യത ഉദയാസ്തമയൌ വികൃതേർമൃദി വാഽവികൃതാത്
അത ഋഷയോ ദധുസ്ത്വയി മനോവചനാചരിതം
കഥമയഥാ ഭവന്തി ഭുവി ദത്തപദാനി നൃണാം. 15
[3] ഇതി തവ സൂരയസ്ത്ര്യധിപതേഽഖിലലോകമല-
ക്ഷപണകഥാമൃതാബ്ധിമവഗാഹ്യ തപാംസി ജഹുഃ
കിമുത പുനഃ സ്വധാമവിധുതാശയകാലഗുണാഃ
പരമ ഭജന്തി യേ പദമജസ്രസുഖാനുഭവം. 16
[4] ദൃതയ ഇവ ശ്വസന്ത്യസുഭൃതോ യദി തേഽനുവിധാ
മഹദഹമാദയോഽണ്ഡമസൃജൻ യദനുഗ്രഹതഃ
പുരുഷവിധോഽന്വയോഽത്ര ചരമോഽന്നമയാദിഷു യഃ
സദസതഃ പരം ത്വമഥ യദേഷ്വവശേഷമൃതം. 17
[5] ഉദരമുപാസതേ യ ഋഷിവർത്മസു കൂർപ്പദൃശഃ
പരിസരപദ്ധതിം ഹൃദയമാരുണയോ ദഹരം
തത ഉദഗാദനന്ത തവ ധാമ ശിരഃ പരമം
പുനരിഹ യത് സമേത്യ ന പതന്തി കൃതാന്തമുഖേ. 18

ശ്രുതിഗീതയിലെ ഓരോ പദ്യത്തിന്റേയും സാരാംശം ഉൾക്കൊള്ളിച്ചുകൊണ്ട് 'ശ്രീധരീയ'വ്യാഖ്യാനത്തിൽ വ്യാഖ്യാതാവ് എഴുതിച്ചേർത്ത ശ്ലോകങ്ങളാണ് താഴെ ചേർക്കുന്നത്:

1 ജയജയാജിത ജഹ്യഗജങ്ഗമാ
വൃതിമജാമുപനീതമൃഷാഗുണാം
നഹി ഭവന്തമൃതേ പ്രഭവന്ത്യമീ
നിഗമഗീതഗുണാർണ്ണവതാ തവ.

2 ദ്രുഹിണവഹ്നിരവീന്ദ്രമുഖാമരാ
ജഗദിദം ന ഭവേത് പൃഥഗുത്ഥിതം
ബഹുമുഖൈരപി മന്ത്രഗണൈരജ-
സ്ത്വമുരുമൂർത്തിരതോ വിനിഗദ്യസേ.

3 സകലദേവഗണേരിതസദ്ഗുണ-
സ്ത്വമിതി സർവ്വമനീഷിജനാ രതാഃ
ത്വയി സുഭദ്രഗുണശ്രവണാദിഭി-
സ്തവ പദസ്മരണേന ഗതക്ലമാഃ.

4 നരവപുഃ പ്രതിപദ്യ യദി ത്വയി
ശ്രവണവർണ്ണനസംസ്മരണാദിഭിഃ
നരഹരേ ന ഭജന്തി നൃണാമിദം
ദൃതിവദുച്ഛ്വസിതം വിഫലം തതഃ.

5 ഉദരാദിഷു യഃ പുംസാം ചിന്തിതോ മുനിവർത്മഭിഃ
ഹന്തി മൃത്യുഭയം ദേവോ ഹൃദ്ഗതം തമുപാസ്മഹേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പണ്ടു ജനലോകവാസികൾ പൂവ്ജ-
ക്കുണ്ടായതാം ബ്രഹ്മവാദത്തെയീവിധം
മാമുനിമാരേവരും കേട്ടിരിക്കവേ-
യാ മഹാൻ നാരദനോടരുളീടിനാൻ. 8

ശ്രീഭഗവാൻ പറഞ്ഞു

ബ്രഹ്മാത്മജാ! ജനലോകത്തുവച്ചൊരു
ബ്രഹ്മസത്രം പണ്ടവിടെ വസിച്ചിടും
ബ്രഹ്മമനോജാതരൂർദ്ധ്വരേതസ്സക-
ളമ്മുനിമാർ കേമമായി നടത്തിനാർ. 9
ശ്വേതേശനെക്കാണ്മതിന്നു ഭവാൻ പോയ-
പോതിലാണാ വാദമങ്ങു നടന്നതും
അന്നവിടെച്ചെയ്ത ചോദ്യമത്രേ ഭവാ-
നെന്നോടു ചോദിച്ചതിപ്പോൾ സുരമുനേ! 10
എല്ലാവരും തുല്യമായറിവുള്ളവർ
തുല്യതപശ്ശീലസമ്പത്തിയന്നവർ
ശത്രുസുഹൃത്തുദാസീനനെന്നീ ഭേദ-
ബുദ്ധിയില്ലാത്ത മുനികളെന്നാകിലും
ഏകനെ വാചികനാക്കി മററുള്ളവ-
രാകെയതു കേട്ടുകൊണ്ടിരുന്നീടിനാർ. 11

സനന്ദനൻ പറഞ്ഞു

തന്നാൽ വിരചിതം സവ്പദാത്ഥവും
തന്നിലടക്കി സ്വശക്തികളോടൊത്തു
നിദ്രചെയ്യും പരനെ പ്രളയാന്തത്തി-
ലെത്തി സ്തുതിയാൽ ശ്രുതികളുണത്തിനാർ. 12
നിദ്രാണനാം ചക്രവത്തിയെ വന്ദികൾ
നിത്യം പ്രഭാതത്തിലെത്തി വിനീതരായ്
നിസ്തുലമാം തത്പരാക്രമകൃത്യങ്ങൾ
വിസ്തരം വാഴ്ത്തിയുണത്തുന്നമാതിരി. 13
നിത്യമജിതാ! ജയിക്ക, ജയിക്ക നീ
ദൈത്യഹന്താവേ! ചരാചരരൂപമാം-
മൂത്തി ധരിക്കമിജ്ജീവരാശിക്കെഴും
നിത്യസുഖസ്വരൂപത്തെ മറച്ചലം
ദോഷമവസ്ഥളവാക്കും ഗുണങ്ങളെ-
യീഷലററങ്ഗീകരിച്ചിരിക്കുന്നൊരു
മായയെ നിന്തിരുമേനി മോചിപ്പിക്ക
സ്വായത്തമങ്ങേയ്ക്കഖിലവിഭൂതിയും
ജീവിജാലത്തിന്നുണവേകിടും ദേവ-
ദേവാ! ഭവാനൊഴിഞ്ഞാരിതിനോരുകിൽ?
എങ്ങും പ്രകൃതിപുരുഷാന്വിതം മിന്നു-
മങ്ങേച്ചിലെടുത്തു വാഴ്ത്തിടുന്നു ശ്രുതി. 14
കാണപ്പെടുന്നൊരീ ബ്രഹ്മരൂപം തിരു-
മേനിതാ,നെല്ലാമൊടുങ്ങും ലയത്തിലും
മണ്ണിനാൽ തീത്ത പാത്രങ്ങൾ നശിച്ചങ്ങു
മണ്ണായിടുംവിധമങ്ങു ശേഷിക്കുന്നു.
നിവ്വികാരൻ തിരുമേനിയിൽനിന്നുതാ-
നീ വികാരങ്ങളെല്ലാമുളവാവതും,
വാങ്മനോവ്യാപാരമായതിനാലൃഷി-
പുങ്ഗവരെന്നും നടത്തുന്നിതങ്ങയിൽ
മണ്ണിലും കല്ലിലും മുള്ളിലും കാലടി-
യൂന്നുന്നതെല്ലാം ധരയിലാണെന്നപോൽ
നാനാഭിധാനത്തിൽ മത്ത്യർ ഭജിക്കിലും
നൂനം ഭവാനെയെന്നല്ലാതെ വന്നിടാ. 15
സത്ത്വാദിമായാഗുണത്രയാധീശ്വരാ!
വിദ്വജ്ജനം ലോകശുദ്ധിദമായിടു-
ന്വത്കഥാപീയൂഷവാദ്ധിയിൽ മഗ്നരായ്
ദുഃഖമശേഷമകററിയനന്തരം
ദ്വേഷരാഗാദിയും മൃത്യുജരാദിയും
സ്വസ്വരൂപപ്രകാശത്താൽ നശിപ്പിച്ചു
നിത്യസുഖാനുഭവസ്ഥാനമത്യര-
മെത്തുന്നു, തൽകഥയെന്തിനു ചൊല്ലണം? 16
മാനുഷരങ്ങേബ്ഭജിക്കുകിലായവർ
നൂനം ശ്വസിക്കുന്നവരെന്നു ചൊന്നിടാം.
അല്ലെങ്കിലോ കേവലം തോൽത്തുരുത്തിക്കു
തുല്യമായേ വിചാരിക്കാവൂ നിണ്ണയം.
സൃഷ്ടിഹേതുക്കളായീടും മഹദഹം-
തത്ത്വങ്ങളേതൊരുവൻതന്നനുഗ്രഹാൽ
അണ്ഡം രചിച്ചോ, പുരുഷനായിട്ടവ-
തന്നിൽ പ്രവേശിച്ചവയ്ക്കുണർവുണ്ടാക്കി
അന്നമയാദികോശങ്ങളിലൂടംച്ചേന്നു
നിന്നു ചൈതന്യമവററിന്നുളവാക്കി
പിന്നെയവ നശിക്കുമ്പൊഴും കേടേതു-
മെന്നിയേയന്ത്യനായ് ശേഷിപ്പതാരുവാൻ,
സ്ഥൂലസൂക്ഷ്മങ്ങളെ വിട്ടുനിന്നീടുമ-
ക്കാലാത്മകൻ ഭവാൻ സത്യമാം വസ്തുതാൻ. 17
ആ മുനിമാഗ്ഗങ്ങളിൽ സ്ഥൂലദശികൾ
മാമുനിമാർ ചിലർ നിന്തിരുമേനിയെ
ധ്യാനിച്ചിടുന്നു മണിപൂരകചക്ര-
സ്ഥാനത്തിലെന്നുമേകാഗ്രമനസ്കരായ്
ആരുണിമാരെന്നു വിഖ്യാതരാം മുനി-
മാരുപാസിപ്പൂ ഹൃദയത്തിലങ്ങയെ.
ഹൃത്തിൽനിന്നും ഭവച്ഛ്രേഷ്ഠപദമാക-
മുത്തമാങ്ഗത്തിൽ സുഷുമ്നയിലൂടവേ
പ്രാണനെയേററിശ്ശരീരം ത്യജിച്ചിടും
മാനവൻ മൃത്യുചക്രത്തിൽ ഗമിച്ചിടാ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 സ്വകൃതവിചിത്രയോനിഷു വിശന്നിവ ഹേതുതയാ
തരതമതശ്ചകാസ്യനലവത് സ്വകൃതാനുകൃതിഃ
അഥ വിതഥാസ്വമൂഷ്വവിതഥം തവ ധാമ സമം
വിരജധിയോ/നുയന്ത്യഭിവിപണ്യവ ഏകരസം. 19
7 സ്വകൃതപുരേഷ്വമീഷ്വബഹിരന്തരസംവരണം
തവ പുരുഷം വദന്ത്യഖിലശക്തിധൃതോംശകൃതം
ഇതി നൃഗതിം വിവിച്യ കവയോ നിഗമാവപനം
ഭവത ഉപാസതേ/ങ്ഘ്രിമഭവം ഭുവി വിശ്വസിതാഃ. 20
8 ദുരവഗമാത്മതത്ത്വനിഗമായ തവാത്തതനോ-
ശ്ചരിതമഹാമൃതാബ്ധിപരിവർത്തപരിശ്രമണാഃ
ന പരിലഷന്തി കേചിദപവർഗ്ഗമപീശ്വര തേ
ചരണസരോജഹംസകുലസങ്ഗവിസൃഷ്ടഗൃഹാഃ. 21
9 ത്വദനുപഥം കുലായമിദമാത്മസുഹൃത്പ്രിയവ-
ച്ചരതി തഥോന്മുഖേ ത്വയി ഹിതേ പ്രിയ ആത്മനി ച
ന ബത രമന്ത്യഹോ അസദുപാസനയാ//ത്മഹനോ
യദനുശയാ ഭ്രമന്ത്യുരുഭയേ കുശരീരഭൃതഃ. 22
10 നിഭൃതമരുന്മനോ/ക്ഷദൃഢയോഗയുജോ ഹൃദി യ-
ന്മുനയ ഉപാസതേ തദരയോ/പി യയുഃ സ്മരണാത്
സ്ത്രിയ ഉരഗേന്ദ്രഭോഗഭുജദണ്ഡവിഷക്തധിയോ
വയമപി തേ സമാഃ സമദൃശോ/ങ്ഘ്രിസരോജസുധാഃ. 23
11 ക ഇഹ നു വേദ ബതാവരജന്മലയോ/ഗ്രസരം
യത ഉദഗാദൃഷിര്യമനു ദേവഗണാ ഉഭയേ
തർഹി ന സന്ന ചാസദുഭയം ന ച കാലജവഃ
കിമപി ന തത്ര ശാസ്ത്രമവകൃഷ്യ ശയീത യദാ. 24
12 ജനിമസതഃ സതോ മൃതിമുതാത്മനി യേ ച ഭിദാം
വിപണമൃതം സ്മരന്ത്യുപദിശന്തി ത ആരുപിതൈഃ
ത്രിഗുണമയഃ പുമാനിതി ഭിദാ യദബോധകൃതാ
ത്വയി ന തതഃ പരത്ര സ ഭവേദവബോധരസേ. 25
13 സദിവ മനസ്ത്രിവൃത്ത്വയി വിഭാത്യസദാമനുജാത്
സദഭിമൃശന്ത്യശേഷമിദമാത്മതയാ//ത്മവിദഃ
ന ഹി വികൃതിം ത്യജന്തി കനകസ്യ തദാത്മതയാ
സ്വകൃതമനുപ്രവിഷ്ടമിദമാത്മതയാവസിതം. 26
14 തവ പരി യേ ചരന്ത്യഖിലസത്ത്വനികേതതയാ
ത ഉത പദാ//ക്രമന്ത്യവിഗണയ്യ ശിരോ നിർഋതേഃ
പരിവയസേ പശൂനിവ ഗിരാ വിബുധാനപി താം-
സ്ത്വയി കൃതസൗഹൃദാഃ ഖലു പുനന്തി ന യേ വിമുഖാഃ. 27

---

6 സ്വനിർമ്മിതേഷു കാര്യേഷു താരതമ്യവിവർജ്ജിതം
സർവ്വാനുസ്യൂതസന്മാത്രം ഭഗവന്തം ഭജാമഹേ.

7 ത്വദംശസ്യ മമേശാന ത്വന്മായാകൃതബന്ധനം
ത്വദങ്ഘ്രിസേവാമാദിശ്യ പരാനന്ദ നിവർത്തയ.

8 ത്വത്കഥാമൃതപാഥോധൗ വിഹരന്തോ മഹാമുദഃ
കുർവ്വന്തി കൃതിനഃ കേചിച്ചതുർവ്വർഗ്ഗം തൃണോപമം.

9 ത്വയ്യാത്മനി ജഗന്നാഥേ മന്മനോ രമതാമിഹ
കദാ മമേദൃശം ജന്മ മാനുഷം സംഭവിഷ്യതി.

10 ചരണസ്മരണം പ്രേമ്ണാ തവ ദേവ സുദുർല്ലഭം
യഥാ കഥഞ്ചിൽ നൃഹരേ മമ ഭൂയാദഹർന്നിശം.

11 ക്വാഹം ബുദ്ധ്യാദിസംരുദ്ധഃ ക്വ ച ഭൂമന്മഹസ്തവ
ദീനബന്ധോ ദയാസിന്ധോ ഭക്തിം മേ നൃഹരേ ദിശ.

12 മിഥ്യാതർക്കസുകർക്കശേരിതമഹാ-
വാദാന്ധകാരാന്തര-
ഭ്രാമ്യന്മന്ദമതേരമന്ദമഹിമം-
സ്ത്വജ്ഞാനവർത്മാസ്ഫുടം
ശ്രീമന്മാധവ വാമന ത്രിനയന
ശ്രീശങ്കര ശ്രീപതേ
ഗോവിന്ദേതി മുദാ വദന്മധുപതേ
മുക്തഃ കദാ സ്യാമഹം.

13 യത്സത്ത്വതഃ സദാ ഭാതി ജഗദേതദസത്സ്വതഃ
സദാഭാസമസത്യസ്മിൻ ഭഗവന്തം ഭജാമ തം.

14 തപന്തു താപൈഃ പ്രപതന്തു പർവ്വതാ-
ദടന്തു തീർത്ഥാനി പഠന്തു ചാഗമാൻ
യജന്തു യാഗൈർവ്വിവദന്തു വാദൈ-
ർഹരിം വിനാ നൈവ മൃതിം തരന്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താനുളവാക്കിയ നാനാവിധമായ
യോനികളിൽക്കാരണത്വംനിമിത്തമായ്

എന്നുമനുപ്രവിഷ്ടൻതന്നെയോയെന്നു
തോന്നുംവിധം പ്രവേശിച്ച തിരുമേനി

ആശ്രയാശൻ വിറകിൻതരഭേദത്തെ-
യാശ്രയിച്ചേറിക്കുറഞ്ഞു മിന്നുന്നപോൽ

കാരണമാം ശരീരോപാധികളൊക്കൊത്തു
നേരേ പലവിധം ശോഭിച്ചിടുന്നിതേ.

ആകയാൽ സത്യമല്ലാത്ത ദേഹാദിയി-
ലേകരസമായ് സമമായ് യഥാർത്ഥമാം

നിന്തിരുമേനിതൻ രൂപം വഴിപോലെ
ചിന്തിച്ചറിയുന്നു നിർമ്മലമാനസർ. 19

തന്നാൽ കൃതമാം ശരീരങ്ങളിൽ മറ-
വെന്നിയേയുള്ളും പുറവുമായ് വ്യാപിച്ചു

മിന്നിടും ജീവനെസ്സർവശക്തൻ ഭവാൻ
തന്നംശമാക്കി സൃജിച്ചെന്നു ചൊൽവുതേ.

മന്നിൽ മനീഷികളൊക്കെയും ജീവനെ
നന്നായ് വിവേചിച്ചറിഞ്ഞിട്ടഭേദമായ്

വേദോക്തകർമ്മാർപ്പണസ്ഥാനമാം ഭവത്-
പാദത്തെ വിശ്വാസമോടുപാസിപ്പിതേ. 20

ദുർഗ്രഹമാം ഭവത്തത്ത്വം ജനങ്ങളെ
വ്യക്തമായിദ്ധരിപ്പിക്കുവാനിച്ഛയാൽ

ഓരോ ശരീരം ധരിക്കും ഭവാനുടെ
ചാരുചരിതാംബുധിയിൽ നിമഗ്നരായ്

അന്യപരിശ്രമമെല്ലാമുപേക്ഷിച്ചു
നിന്നങ്ഘ്രിപങ്കജഹംസസങ്ഗത്തിനാൽ

സന്താനഭാര്യാധനസദനാദിയും
സന്ത്യജിപ്പൂ മുക്തിയേയും ചിലർ വിഭോ! 21

അങ്ങയെയർച്ചിപ്പതിന്നുള്ളതാകുമീ-
യംഗം പ്രിയൻ ബന്ധുവാത്മാവുമെന്നപോൽ

സ്വാധീനമായ് ലഭിച്ചിട്ടും നരനിഷ്ട-
ദാതാവുമാത്മാവുമുന്മുഖൻതാനുമാം

നിന്തിരുമേനിയിലാരമിച്ചീടാത്ത-
തെന്തൊരു കഷ്ടമാഹന്ത ചിന്തിക്കുകിൽ

ദേഹാദികളുടെ സേവനത്താലവ-
നാഹനിക്കുന്നിതാത്മാവിനെ നിർണ്ണയം. 22

പ്രാണേന്ദ്രിയമനസ്സംയമസംയുതർ
നാനാദൃഢയോഗയുക്തർ മുനീശ്വരർ

ഹൃത്തിലുപാസിച്ചിടും വസ്തുവിൽത്തന്നെ-
യെത്തിനാർ ശത്രുക്കളും സ്മരണത്തിനാൽ

സർപ്പേന്ദ്രദേഹസമാനഭുജദണ്ഡ-
നിർഭരാശ്ലേഷം കൊതിച്ചിടും സ്ത്രീകളും

തൃക്കഴൽനീർത്താർമധുവുണ്ടിടും സമ-
ദൃക്കുകളാം ഞങ്ങളുമങ്ങേക്കു തുല്യമാം. 23

ആദ്യനാമങ്ങയെപ്പിന്നെയുണ്ടായവർ
പാർത്തീടിലിങ്ങറിയുന്നില്ല വിസ്മയം

രണ്ടുവിധം സുരന്മാരും വിധാതാവു-
മുണ്ടായതങ്ങയിൽനിന്നുമത്രേ, ഭവാൻ

എല്ലാമടക്കിശ്ശയിക്കവേ കാലവു-
മില്ല ശാസ്ത്രം സത്തസത്തും ശരീരവും. 24

സത്തിൻ വിനാശ,മസത്തിൻ സമുദ്ഭവം
ശുദ്ധമാമാത്മാവിലെബ്ഭേദകല്പനം

കർമ്മഫലവ്യവഹാരസമർത്ഥന-
മിമ്മട്ടു നാനാവിധത്തിൽ മതാധിപർ

ശിഷ്യർക്കുപദേശമേകുന്നതൊക്കെയും
നിശ്ചയമായി ഭ്രമംകൊണ്ടുതന്നെയാം.

ഇപ്രകാരംതന്നെയാണു പുരുഷനിൽ
കല്പിച്ചിടുന്ന ഗുണത്രയഭേദവും

എന്നാൽ ഭവാനെയറിയായ്കകാരണം-
തന്നെയാണീവിധം ഭേദം ഭവിപ്പതും.

ജ്ഞാനഘനമായ്ത്തമസ്സിൽനിന്നന്യമായ്
ഭാനിച്ചിടും വസ്തുവയിതു ബാധിയാ. 25

ചിത്തസങ്കല്പസംസൃഷ്ടം ത്രിഗുണസം-
യുക്തമീ ലോകമസത്തായിരിപ്പിതേ

സത്താം ഭവാനിലധിഷ്ഠിതമാകയാൽ
മർത്ത്യാദിയുംപ്പടെയാളും പ്രപഞ്ചവും

സത്തെന്നപോൽ വിളങ്ങുന്നു, നിഖിലാത്മ-
വിത്തുക്കളാത്മതയാൽ നിനപ്പൂ തഥാ.

സ്വർണ്ണ,മതിനുടെ രൂപഭേദത്തിലും
സ്വർണ്ണമായ്ത്തന്നെ വിളങ്ങിടുംപോലവേ

ആത്മകൃതമായനുപ്രവിഷ്ടം ജഗ-
ത്താത്മാവുതാനെന്നു നിശ്ചിതമായിതു. 26

സർവ്വഭൂതാത്മഭാവത്തൊടാരങ്ങയെ
നിർവ്വിശങ്കം പരിസേവിച്ചിടുന്നവോ

തീരെഗ്ഗണിക്കാത്ത മൃത്യുവെ മൂർദ്ധാവി-
ലേറിച്ചവിട്ടിക്കടക്കുന്നിതേയവർ.

ത്വദ്വിമുഖൻ ബുധനാകിലും വാക്കിനാൽ
ബദ്ധനാക്കുന്നു മൃഗത്തിനെപ്പോൽ ഭവാൻ

ത്വത്പ്രേമസമ്പന്നരേററം പരിശുദ്ധ-
രെപ്പൊഴുമന്യരേയും ശുദ്ധരാക്കുവോർ

അല്ലാതെയുള്ളോർ സ്വയമേ മലിനരു-
മെല്ലാവരെയും ദൂഷിപ്പിക്കുവോരുമാം. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15 ത്വമകരണഃ സ്വരാഡഖിലകാരകശക്തിധര-
സ്തവ ബലിമുദ്വഹന്തി സമദന്ത്യജയാനിമിഷാഃ
വർഷഭുജോഽഖിലക്ഷിതിപതേരിവ വിശ്വസൃജോ
വിദധതി യത്ര യേ ത്വധികൃതാ ഭവതശ്ചകിതാഃ. 28

16 സ്ഥിരചരജാതയഃ സ്യുരജയോത്ഥനിമിത്തയുജോ
വിഹര ഉദീക്ഷയാ യദി പരസ്യ വിമുക്ത തതഃ
ന ഹി പരമസ്യ കശ്ചിദപരോ ന പരശ്ച ഭവേദ്
വിയത ഇവാപദസ്യ തവ ശൂന്യതുലാം ദധതഃ. 29

17 അപരിമിതാ ധ്രുവാസ്തനുഭൃതോ യദി സർവ്വഗതാ-
സ്തർഹി ന ശാസ്യതേതി നിയമോ ധ്രുവ നേതരഥാ
അജനി ച യന്മയം തദവിമുച്യ നിയന്തൃ ഭവേത്
സമമനുജാനതാം യദമതം മതദുഷ്ടതയാ. 30

18 ന ഘടത ഉദ്ഭവഃ പ്രകൃതിപൂരുഷയോരജയോ-
രുഭയയുജാ ഭവന്ത്യസുഭൃതോ ജലബുദ്ബുദവത്
ത്വയി ത ഇമേ തതോ വിവിധനാമഗുണൈഃ പരമേ
സരിത ഇവാർണ്ണവേ മധുനി ലില്യുരശേഷരസാഃ. 31

19 നൃഷു തവ മായയാ ഭ്രമമമീഷ്വവഗത്യ ഭൃശം
ത്വയി സുധിയോഽഭവേ ദധതി ഭാവമനുപ്രഭവം
കഥമനുവർത്തതാം ഭവഭയം തവ യദ്ഭ്രുകുടിഃ
സൃജതി മുഹുസ്ത്രിണേമിരഭവച്ഛരണേഷു ഭയം. 32

20 വിജിതഹൃഷീകവായുഭിരദാന്തമനസ്തുരഗം
യ ഇഹ യതന്തി യന്തുമതിലോലമുപായഖിദഃ
വ്യസനശതാന്വിതാഃ സമവഹായ ഗുരോശ്ചരണം
വണിജ ഇവാജ സന്ത്യകൃതകർണ്ണധരാ ജലധൗ. 33

21 സ്വജനസുതാത്മദാരധനധാമധരാസുരഥൈ-
സ്ത്വയി സതി കിം നൃണാം ശ്രയത ആത്മനി സർവ്വരസേ
ഇതി സദജാനതാം മിഥുനതോ രതയേ ചരതാം
സുഖയതി കോ ന്വിഹ സ്വവിഹതേ സ്വനിരസ്തഭഗേ. 34

22 ഭുവി പുരുപുണ്യതീർത്ഥസദനാന്യൃഷയോ വിമദാ-
സ്ത ഉത ഭവത്പദാംബുജഹൃദോഽഘഭിദങ്ഘ്രിജലാഃ
ദധതി സകൃന്മനസ്ത്വയി യ ആത്മനി നിത്യസുഖേ
ന പുനരുപാസതേ പുരുഷസാരഹരാവസഥാൻ. 35

---

15 അനിന്ദ്രിയോഽപി യോ ദേവഃ സർവ്വകാരക-
ശക്തിധൃക്
സർവ്വജ്ഞഃ സർവ്വകർത്താ ച സർവ്വസേവ്യം നമാമി തം.

16 ത്വദീക്ഷണവശക്ഷോഭമായാബോധിതകർമ്മഭിഃ
ജാതാൻ സംസരതഃ ഖിന്നാൻ നൃഹരേ പാഹി നഃ
പിതഃ

17 അന്തര്യന്താ സർവ്വലോകസ്യ ഗീതഃ
ശ്രുത്യാ യുക്ത്യാ ചൈവമേവാവസേയഃ
യഃ സർവ്വജ്ഞഃ സർവ്വശക്തിർനൃസിംഹഃ
ശ്രീമന്തം തം ചേതസൈവാവലംബേ.

18 യസ്മിന്നുദ്യദ്വിലയമപി യദ്
ഭാതി വിശ്വം ലയാദൗ
ജീവോപേതം ഗുരുകരുണയാ
കേവലാത്മാവബോധേ
അത്യന്താന്തം വ്രജതി സഹസാ
സിന്ധുവത്സിന്ധുമധ്യേ
മധ്യേ ചിത്തം ത്രിഭുവനഗുരും
ഭാവയേ തം നൃസിംഹം.

19 സംസാരചക്രക്രകചൈർവ്വിദീർണ്ണ-
മുദീർണ്ണനാനാഭവതാപതപ്തം
കഥഞ്ചിദാപന്നമിഹ പ്രപന്നം
ത്വമുദ്ധര ശ്രീനൃഹരേ നൃലോകം.

20 യദാ പരാനന്ദഗുരോ ഭവത്പദേ
പദം മനോ മേ ഭഗവംല്ലഭേത
തദാ നിരസ്താഖിലസാധനശ്രമഃ
ശ്രയേയ സൗഖ്യം ഭവതഃ കൃപാതഃ.

21 ഭജതോഹി ഭവാൻ സാക്ഷാൽപരമാനന്ദചിദ്ഘനഃ
ആത്മൈവ കിമതഃ കൃത്യം തുച്ഛദാരസുതാദിഭിഃ.

22 മുഞ്ചന്നങ്ഗ തദങ്ഗസങ്ഗമനിശം
ത്വാമേവ സഞ്ചിന്തയൻ
സന്തഃ സന്തി യതോ യതോ ഗതമദാ-
സ്താനാശ്രമാനാവസൻ
നിത്യം തന്മുഖപങ്കജാദ്വിഗളിത-
ത്വത്പുണ്യഗാഥാമൃത-
സ്രോതഃസംപ്ലവസംപ്ലുതോ നരഹരേ!
ന സ്യാമഹം ദേഹഭൃത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താനേ വിളങ്ങുന്നവനായ്ക്കരണവി-
ഹീനനായ് സവ്ഭ്രതാക്ഷബലാഢ്യനാം

നിന്തിരുമേനിക്കവിദ്യാസമേതരാം
വിണ്ടലവാസികൾ വിശപസ്രഷ്ടാക്കളും

സാമന്തർ ചക്രവത്തിക്കെന്നപോൽ ബലി-
സ്തോമം സമപ്പിച്ചു ഭക്ഷിച്ചിടുന്നിതേ.

അങ്ങയെപ്പേടിച്ചു കല്പനയൊക്കെയും
ഭങ്ഗിയായിട്ടിവർ നിർവ്വഹിപ്പൂ സദാ. 28

മായാവിഭിന്നാ! വിമുക്താ! ഭവാനുടെ
മായയോടൊത്തുള്ള കണ്ടുനക്രീഡയിൽ

ഉത്ഥനിമിത്തയുക്തങ്ങളാം കമ്മങ്ങ-
ളൊത്തു ചരസ്ഥിരജീവികൾ ജാതരാം.

ശൂന്യസദൃശനായാകാശതുല്യനാ-
യുന്നതകാരുണ്യവാനായദൃശ്യനാം

അങ്ങേക്കു പരനായും പരനായുമി-
ല്ലെങ്ങുമൊരുത്തനുമെന്നതു വിശ്രുതം. 29

നിത്യരായ് സവ്ഗതരായസങ്ഖ്യരായ്
വത്തിച്ചിടുന്നു ജീവാത്മാക്കളെങ്കിലോ

ശാസിപ്പതിന്നും നിയന്ത്രിപ്പതിന്നുമൊ-
രീശനവക്കെങ്ങുമില്ലെന്നുവന്നിടും.

ഭേഷായറിഞ്ഞെന്നു ചൊല്ലുവോരും ജ്ഞാന-
ദോഷത്തിനാലറിയാതെയിരിപ്പതായ്

കാരണതപത്താൽ സമസ്തത്തിലും ചേന്നു
പാരം വിളങ്ങും തിരുമേനിയിൽനിന്നു

മായാകൃതോപാധിയുക്തം തപദംശങ്ങ-
ളായിജ്ജനിച്ചു ജീവാത്മാക്കളാകവേ

സംസാരമഗ്നരാമായവരെബ്ഭവാൻ
ശാസിച്ചലിവാന്നവിദ്യ നശിപ്പിച്ചു

തന്നിയന്താവായ് വിളങ്ങുന്നുവെന്നതു
നന്നായ് ധരിച്ചിരിക്കുന്നിതു ഞങ്ങളും. 30

ജന്മരഹിതപ്രകൃതി പുരുഷക്കു
ജന്മം ഘടിച്ചിടുന്നില്ല രണ്ടിന്റെയും

സങ്ഗമത്താലെ നീപ്പോളകളെന്നപോ-
ലങ്ങുളവാകുന്നു ജീവികളൊക്കെയും

എന്നതുമൂലം പരമനാമങ്ങയിൽ
ഭിന്നഗുണനാമയുക്തരായ് പ്രാണികൾ

ആലയിപ്പൂ തേനിലെല്ലാ രസങ്ങളും
പോലെയുമബ്ധിയിലാറുകൾപോലെയും. 31

നിന്തിരുമേനിതൻ മായയാൽ സംസാര-
ബന്ധഭ്രമം നരന്മാക്കു ഭവിപ്പതായ്

നേരേയറിഞ്ഞു ബുധന്മാരഭയനാം
ശൗരേ! ഭവാനിൽ പരമമാം ഭക്തിയെ

പിന്നെയും കൈവരിച്ചീടുന്നു, നിൻഭക്ത-
വൃന്ദത്തിനു ഭവഭീതിയുണ്ടായിടാ.

ആകയാൽ നിന്തിരുമേനിതൻ ഭ്രൂകുടി-
യാകും ത്രിചക്രമാളുന്ന കാലത്തിനെ

തപത്പദപങ്കജമാശ്രയിക്കാത്തവ-
നെപ്പൊഴും പേടിച്ചുതന്നെ വാഴുന്നിതേ. 32

ജന്മരഹിതാ! ഗുരുചരണാംബുജം
ചെമ്മേ സമാശ്രയിക്കാതതിലോലമായ്

ഇന്ദ്രിയപ്രാണങ്ങൾ വെന്നവരാലും നി-
യന്ത്രിക്കുവാൻ കഴിയാതെയിരിപ്പതായ്

ദാന്തതയററ ചിത്താശപത്തെ വെല്ലാൻ നി-
താന്തം ശ്രമിപ്പോർ വ്യസനനിമഗ്നരായ്

കണ്ണധാരാപേതരാകും വണിക്കുക-
ളണ്ണവത്തിൽപോലിവിടെയുഴന്നിടും. 33

സച്ചിദാനന്ദസപരൂപനാകും ഭവാ-
നാശ്രിതക്കാത്മപ്രദനെന്നിരിക്കവേ

പുത്രൻ ഗൃഹം ബന്ധുഗേഹം ധനം ഭാര്യ
പൃഥപീരഥാസുക്കളാലുമെന്തേ ഫലം?

സദപസ്ഥവെയറിയാതെ മിഥുനങ്ങൾ
രത്യാദി മായാസുഖത്തിൽ മോഹിപ്പൂ‌തേ.

താനേ ഹതമായ് സപഭാവേനതാൻ സാര-
ഹീനമായീടുമിസ്സംസാരസിന്ധുവിൽ

പാത്തുകണ്ടാലെന്തൊരത്ഥമാണുള്ളതു
മത്ത്യനെ വാസ്തവത്തിൽ സുഖിപ്പിക്കു-
വാൻ. 34

പാപഹപാദാംബുയുക്തരായ് നിന്തിരു-
ശ്രീപദപദ്മം ഭജിപ്പവരായിടും

മാമുനിമാർ മദഹീനരാ,ണെങ്കിലും
ഭൂമിയിലെപ്പുണ്യതീത്ഥമുപാസിപ്പൂ.

നിത്യസുഖനമാത്മാവുമാമങ്ങയെ-
ച്ചിത്താംബുജത്തിലൊരിക്കൽ സ്മരിക്കുവോർ

പിന്നെപ്പുരുഷസാരത്തെ ഹരിച്ചിടും
മന്ദിരത്തേയുപാസിച്ചിടാ നിണ്ണയം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

23 സത ഇദമുത്ഥിതം സദിതി ചേന്നനു തർക്കഹതം
വ്യഭിചരതി ക്വ ച ക്വ ച മൃഷാ ന തഥോഭയയുക്
വ്യവഹൃതയേ വികല്പ ഇഷിതോഽന്ധപരമ്പരയാ
ഭ്രമയതി ഭാരതീ ത ഉരുവൃത്തിഭിരുക്ഥജഡാൻ. 36
24 ന യദിദമഗ്ര ആസ ന ഭവിഷ്യദതോ നിധനാ-
ദനുമിതമന്തരാ ത്വയി വിഭാതി മൃഷൈകരസേ
അത ഉപമീയതേ ദ്രവിണജാതിവികല്പപഥൈ-
ർവ്വിതഥമനോവിലാസമൃതമിത്യവയന്ത്യബുധാഃ. 37
25 സ യദജയാ ത്വജാമനുശയീത ഗുണാംശ്ച ജുഷൻ
ഭജതി സരൂപതാം തദനു മൃത്യുമപേതഭഗഃ
ത്വമുത ജഹാസി താമഹിരിവ ത്വചമാത്തഭഗോ
മഹസി മഹീയസേഽഷ്ടഗുണിതേഽപരിമേയഭഗഃ. 38
26 യദി ന സമുദ്ധരന്തി യതയോ ഹൃദി കാമജടാ
ദുരധിഗമോഽസതാം ഹൃദി ഗതോഽസ്മൃതകണ്ഠമണിഃ
അസുതൃപയോഗിനാമുഭയതോഽപ്യസുഖം ഭഗവ-
ന്നനപഗതാന്തകാദനധിരൂഢപദാദ് ഭവതഃ. 39
27 ത്വദവഗമീ ന വേത്തി ഭവദുത്ഥശുഭാശുഭയോർ-
ഗുണവിഗുണാന്വയാംസ്തർഹി ദേഹഭൃതാം ച ഗിരഃ
അനുയുഗമന്വഹം സഗുണ ഗീതപരമ്പരയാ
ശ്രവണഭൃതോ യതസ്ത്വമപവർഗ്ഗഗതിർമ്മനുജൈഃ. 40
28 ദ്യുപതയ ഏവ തേ ന യയുരന്തമനന്തതയാ
ത്വമപി യദന്തരാണ്ഡനിചയാ നനു സാവരണാഃ
ഖ ഇവ രജാംസി വാന്തി വയസാ സഹ യച്ഛ്രുതയ-
സ്ത്വയി ഹി ഫലന്ത്യതന്നിരസനേന ഭവന്നിധനാഃ. 41

ശ്രീഭഗവാനുവാച
ഇത്യേതദ് ബ്രഹ്മണഃ പുത്രാ ആശ്രുത്യാത്മാനുശാസനം
സനന്ദനമഥാനർച്ചുഃ സിദ്ധാ ജ്ഞാത്വാഽഽത്മനോ ഗതിം. 42
ഇത്യശേഷസമാമ്നായപുരാണോപനിഷദ്രസഃ
സമുദ്ധൃതഃ പൂർവ്വജാതൈർവ്യോമയാനൈർമ്മഹാത്മഭിഃ. 43
ത്വം ചൈതദ്, ബ്രഹ്മദായാദ, ശ്രദ്ധയാഽഽത്മാനുശാസനം
ധാരയംശ്ചര ഗാം കാമം കാമാനാം ഭർജ്ജനം നൃണാം. 44

---

23 ഉദ്ഭൂതം ഭവതഃ സതോപി ഭുവനം
സന്നൈവ സർപ്പഃ സ്രജഃ
കുർവ്വത് കാര്യമപീഹ കൂടകനകം
വേദോപി നൈവം പരഃ
അദ്വൈതം തവ സത് പരം തു പരമാ-
നന്ദം പദം തന്മുദാ
വന്ദേ സുന്ദരമിന്ദിരാനുത ഹരേ
മാ മുഞ്ച മാമാനതം.

24 മുകുടകുണ്ഡലകങ്കണകിങ്കിണീ-
പരിണതം കനകം പരമാർത്ഥതഃ
മഹദഹംകൃതിഖപ്രമുഖം തഥാ
നരഹരേർന്ന പരം പരമാർത്ഥതഃ.

25 നൃത്യന്തീ തവ വീക്ഷണാങ്ഗണഗതാ
കാലസ്വഭാവാദിഭി-
ർഭാവാൻ സത്ത്വരജസ്തമോഗുണമയാ-
നുന്മീലയന്തീ ബഹൂൻ
മാമാക്രമ്യ പദാ ശിരസ്യതിഭരം
സമ്മർദ്ദയന്ത്യാതുരം
മായാ തേ ശരണം ഗതോസ്മി നൃഹരേ
ത്വാമേവ താം വാരയ.

26 ദംഭന്യാസമിഷേണ വഞ്ചിതജനം
ഭോഗൈകചിന്താതുരം
സംമുഹ്യന്തമഹർന്നിശം വിരചിതോ-
ദ്യോഗക്ലമൈരാകുലം
ആജ്ഞാലംഘിനമജ്ഞമജ്ഞജനതാ
സമ്മാനനാസമ്മദം
ദീനാനാഥ ദയാനിധാന പരമാ-
നന്ദ പ്രഭോ പാഹി മാം.

27 അവഗമം തവ മേ ദിശ മാധവ
സ്ഫുരതി യന്ന സുഖാസുഖസങ്ഗമഃ
ശ്രവണവർണ്ണനഭാവമഥാപി വാ
നഹി ഭവാമി യഥാ വിധികിങ്കരഃ.

28 ദ്യുപതയോ വിദുരന്തമനന്ത തേ
ന ച ഭവാന്ന ഗിരഃ ശ്രുതിമൗലയഃ
ത്വയി ഫലന്തി യതോ നമ ഇത്യതോ
ജയജയേതി ഭജേ തവ തത്പദം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്തിൽനിന്നുത്ഥിതമായ ജഗത്തിതു
സത്തായ് ഭവിക്കുന്നുവെന്നു വന്നീടുകിൽ

യുക്തിക്കു ചേരുന്നതല്ല, ചിലേടത്തു
വ്യക്തം വ്യഭിചരിക്കുന്നു, ചില ദിക്കിൽ

മിഥ്യയായും ഭവിക്കുന്നു തഥാ രണ്ടി-
ടത്തുമൊരുപോലെ യോജിപ്പതായിടാ.

അന്ധപരമ്പരയാ നിലനില്ക്കുമി-
ഭ്രാന്തിയുമിഷ്ടം വ്യവഹൃതിക്കോർക്കുകിൽ. 36

നാനാവിധവൃത്തിയാലും ഭവദീയ-
വാണി കർമ്മത്തിലതിശ്രദ്ധയാർന്നിടും

ചിന്താവിഹീനരാം മന്ദമതികൾത-
ന്നന്തരംഗത്തെ ഭ്രമിപ്പിച്ചിടുന്നിതേ.

ഇപ്രപഞ്ചം ഭവിച്ചില്ല സൃഷ്ടിക്കുമു-
മ്പുദ്ഭവിപ്പീല കല്പത്തിനുശേഷവും

മദ്ധ്യകാലത്തിങ്കൽമാത്രം വിളങ്ങുന്നു
മിഥ്യയായ് കേവലനാം തിരുമേനിയിൽ.

എന്നതിനാൽ ദ്രവ്യജാതിഭേദങ്ങളെ
നന്നായുപമിച്ചഖിലശാസ്ത്രങ്ങളും

ചൊന്നതുമൂലം പ്രപഞ്ചമില്ലാത്തതാ-
ണെന്നു ധരിപ്പാൻ പ്രയാസമില്ലേതുമേ.

നേരറ്റൊരീമനഃഭ്രാന്തിയെസ്സത്യമെ-
ന്നോർക്കുന്നവൻ മഹാമൂഢനത്രേ ദൃഢം. 37

ജീവനവിദ്യയാലാകൃഷ്ടനാകയാൽ
സേവിച്ചിടുന്നു ഗുണങ്ങളെ,യായവൻ

താനേ സരൂപതയാർന്നു പതിക്കുന്നി-
താനന്ദമറ്റുടൻ സംസാരവാർദ്ധിയിൽ.

പാമ്പു പടം ത്യജിക്കുംവിധം, മായയെ
വൻഭൂതിമാൻ ഭവാൻ സന്ത്യജിക്കുന്നിതു.

ഏതുമാകും പരിച്ഛേദ്യമല്ലാതുള്ള
ഭൂതികളാർന്നിടും നിന്തിരുമേനിയെ

എട്ടുവിധത്തിലിയലും വിഭൂതിയും
വിട്ടു പൂജിക്കുന്നു ഭക്തജനോത്കരം. 38

ഈശാ! ഭഗവൻ! യതികൾ, മനസ്സിലെ-
യാശ വേരോടെ പറിച്ചെറിയായ്കിലോ

സത്തുക്കളല്ലാത്തവർതൻ മനസ്സിലും
നിത്യവും സുസ്ഥിരമായ് നിവസിച്ചിടും

ദുർല്ലഭനോമങ്ങവർക്കു ഗളംതന്നി-
ലുല്ലസിപ്പോരസ്മൃതമണിതാൻ ദൃഢം.

ഭോഗസന്തൃപ്തിവന്നോൻ ശ്രമിക്കുമോ-
യോഗികൾക്കന്തികത്തിൽ സ്ഥിതിചെയ്തീടും

മൃത്യുവിനേയുമജ്ഞാതപദംപെടും
സത്താം ഭവാനെയുമെപ്പോഴും പേടിയാം. 39

അങ്ങേയറിയുവോരന്ദ്യനിമിത്തമായ്
സംഗതമാം പുണ്യപാപകർമ്മങ്ങളാൽ

വന്നുകൂടും സുഖദുഃഖങ്ങളെയറി-
യുന്നതില്ലെന്നല്ല, ദേഹഭൃത്തുക്കളെ

ഉന്നിച്ചമച്ച വിധിനിഷേധങ്ങളു-
മെന്നുമവർക്കൊരു ബാധകമായിടാ.

ഓരോ യുഗത്തിലും സത്സമ്പ്രദായാനു-
സാരം ശ്രവണംവഴിക്കു ഹൃത്താരതിൽ

അങ്ങയെ ധാരണംചെയ്യും മനുജക്ക-
ഭംഗം ഭവാൻ മോക്ഷദായകൻതന്നെയാം. 40

നിന്തിരുമേനിതന്നന്തം ധരിപ്പതി-
ല്ലിന്ദ്രാദികളുമനന്തതമൂലമായ്

സ്വാന്തമാം സീമ ഭവാനും ധരിപ്പതി-
ല്ലന്തരംഗത്തി,ലേഴാവരണം പെടും

അണ്ഡസമൂഹങ്ങൾ കാലചക്രത്തൊടു
ചേർന്നു ചുഴലുന്ന വാനിൽപ്പൊടികൾപോൽ.

ആഗമവും നശ്യമാം പദാർത്ഥങ്ങളെ-
യാകെയതല്ലതല്ലെന്നു നിഷേധിച്ചു

വാങ്മാനസങ്ങൾക്കഗോചരനായിടു-
മങ്ങയിൽച്ചെന്നവസാനിച്ചിടുന്നിതേ. 41

ശ്രീഭഗവാൻ പറഞ്ഞു

സാദരമാത്മപ്രബോധകമാം ശ്രുതി-
ഗീതയേവം ബ്രഹ്മനന്ദനർ കേട്ടുടൻ

സിദ്ധരായാത്മാവുതൻ ഗതി നല്ലപോൽ
പാർത്തു സനന്ദനൻതന്നെയർച്ചിച്ചിതു. 42

സർവ്വപുരാണവേദോപനിഷത്സാര-
മീവിധം പൂർവ്വജന്മാരുമകാമരും

വ്യോമചരരുമായീടും സനകാദി-
മാമുനിമാരാൽ സമുദ്ധൃതമായ്പ്പുരാ. 43

ബ്രഹ്മദായാദാ! സമസ്തകാമത്തെയു-
മുന്മൂലനംചെയ്യുമീയുപദേശവും

ശ്രദ്ധയോടും ധരിച്ചിട്ടു യഥാകാല-
മിദ്ധരയെങ്ങും ഭവാൻ ചരിച്ചീടുക. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുക ഉവാച

ഏവം സ ഋഷിണാഽഽദിഷ്ടം ഗൃഹീത്വാ ശ്രദ്ധയാഽഽത്മവാൻ
പൂർണ്ണഃ ശ്രുതധരോ രാജന്നാഹ വീരവ്രതോ മുനിഃ. 45

നാരദ ഉവാച

''നമസ്തസ്മൈ ഭഗവതേ കൃഷ്ണായാമലകീർത്തയേ
യോ ധത്തേ സർവ്വഭൂതാനാമഭവായോശതീഃ കലാഃ.'' 46

ഇത്യാദ്യമൃഷിമാനമ്യ തച്ഛിഷ്യാംശ്ച മഹാത്മനഃ
തതോഽഗാദാശ്രമം സാക്ഷാത് പിതുർദ്വൈപായനസ്യ മേ. 47

സഭാജിതോ ഭഗവതാ കൃതാസനപരിഗ്രഹഃ
തസ്മൈ തദ്വർണ്ണയാമാസ നാരായണമുഖാച്ഛ്റുതം. 48

ഇത്യേതദ്വർണ്ണിതം, രാജൻ, യന്നഃ പ്രശ്നഃ കൃതസ്ത്വയാ
യഥാ ബ്രഹ്മണ്യനിർദ്ദേശ്യേ നിർഗ്ഗുണേഽപി മനശ്ചരേത്. 49

യോഽസ്യോത്പ്രേക്ഷക ആദിമധ്യനിധനേ യോഽവ്യക്ത-
ജീവേശ്വരോ
യഃ സൃഷ്ട്വേദമനുപ്രവിശ്യ ഋഷിണാ ചക്രേ പുരഃ ശാസ്തി താഃ
യം സമ്പദ്യ ജഹാത്യജാമനുശയീ സുപ്തഃ കുലായം യഥാ
തം കൈവല്യനിരസ്തയോനിമഭയം ധ്യായേദജസ്രം ഹരിം. 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
നാരദനാരായണസംവാദേ വേദസ്തുതിർന്നാമ സപ്താശീതിതമോഽധ്യായഃ

അഷ്ടാശീതിതമോഽധ്യായഃ

രാജോവാച

ദേവാസുരമനുഷ്യേഷു യേ ഭജന്ത്യശിവം ശിവം
പ്രായസ്തേ ധനിനോ ഭോജാ ന തു ലക്ഷ്മ്യാഃ പതിം ഹരിം. 1

ഏതദ്വേദിതുമിച്ഛാമഃ സന്ദേഹോഽത്ര മഹാൻ ഹി നഃ
വിരുദ്ധശീലയോഃ പ്രഭ്വോർവിരുദ്ധാ ഭജതാം ഗതിഃ. 2

ശ്രീശുക ഉവാച

ശിവഃ ശക്തിയുതഃ ശശ്വത് ത്രിലിങ്ഗോ ഗുണസംവൃതഃ
വൈകാരികസ്തൈജസശ്ച താമസശ്ചേത്യഹം ത്രിധാ. 3

തതോ വികാരാ അഭവൻ ഷോഡശാമീഷു കഞ്ചന
ഉപധാവൻ വിഭൂതീനാം സർവ്വാസാമശ്നുതേ ഗതിം. 4

ഹരിർഹി നിർഗ്ഗുണഃ സാക്ഷാത് പുരുഷഃ പ്രകൃതേഃ പരഃ
സ സർവ്വദൃഗുപദ്രഷ്ടാ തം ഭജൻ നിർഗ്ഗുണോ ഭവേത്. 5

നിവൃത്തേഷ്വശ്വമേധേഷു രാജാ യുഷ്മത്പിതാമഹഃ
ശൃണ്വൻ ഭഗവതോ ധർമ്മാനപൃച്ഛദിദമച്യുതം. 6

സ ആഹ ഭഗവാംസ്തസ്മൈ പ്രീതഃ ശുശ്രൂഷവേ പ്രഭുഃ
നൃണാം നിഃശ്രേയസാർത്ഥായ യോഽവതീർണ്ണോ യദോഃ കുലേ. 7

ശ്രീഭഗവാനുവാച

യസ്യാഹമനുഗൃഹ്ണാമി ഹരിഷ്യേ തദ്ധനം ശനൈഃ
തതോഽധനം ത്യജന്ത്യസ്യ സ്വജനാ ദുഃഖദുഃഖിതം. 8

സ യദാ വിതഥോദ്യോഗോ നിർവ്വിണ്ണഃ സ്യാദ്ധനേഹയാ
മത്പരൈഃ കൃതമൈത്രസ്യ കരിഷ്യേ മദനുഗ്രഹം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീശുകൻ പറഞ്ഞു
നാരായണർഷിതന്നീയുപദേശത്തെ
നേരേ ധരിച്ചാത്മസാക്ഷാൽക്കൃതിയാർന്നു
വീരവ്രതൻ പരിപൂർണ്ണൻ ശ്രുതധരൻ
നാരദനാത്മവാൻ ചൊല്ലിനാനീവിധം. 45

നാരദൻ പറഞ്ഞു
''ലോകസമസ്തഭൂതങ്ങളേയും ഭവ–
ശോകത്തിൽനിന്നു സമുദ്ധരിച്ചീടുവാൻ
ചേതോഹരാംശാവതാരങ്ങളാർന്നിടും
മാധവനാം ഭഗവാനു നമസ്കൃതി.'' 46
ഈമട്ടിലാദ്യനായീടും മുനിയെയു–
മാമഹാത്മാവുതൻ ശിഷ്യഗണത്തെയും
ആ മുനിയാനമിച്ചെൻപിതാവാം വ്യാസ–
മാ മുനിതന്നാശ്രമത്തിലെത്തീടിനാൻ. 47
സത്കരിച്ചബ് ഭഗവാൻ വ്യാസനേകിടു–
മുത്കൃഷ്ടമാമാസനത്തിലിരുന്നുടൻ
നാരായണർഷിയരുളിയതൊക്കെയും
നേരേ വിവരിച്ചു കേൾപ്പിച്ചു നാരദൻ. 48
ഭൂശാസിതാവേ! ഗുണാതീതമായനി–
ർദ്ദേശ്യമാകും ബ്രഹ്മവസ്തുവിലെങ്ങനെ
മാനസം ചെല്ലുമെന്നുള്ള ചോദ്യത്തിനു
ഞാനേവമുത്തരം ചൊല്ലി സവിസ്തരം. 49
ലോകം രചിക്കുവാനാരാദ്യമുന്നിയോ
ലോകം രചിച്ചു കാത്താരഴിക്കുന്നുവോ,
സൃഷ്ടിസ്ഥിതിലയകാലങ്ങളിൽ ജഗ–
ത്തൊട്ടുക്കു തിങ്ങിവിളങ്ങുന്നതേതവൻ,,
ജീവസമൂഹമവ്യക്തമിവററിനെ–
യേവനാം നേരേ നിയന്ത്രിച്ചിടുന്നതും,
സൃഷ്ടിച്ചു ലോകമന്തര്യാമിയായതി–
ലൊട്ടുക്കനുപ്രവേശിച്ചു വപുസ്സുകൾ
നിർമ്മിച്ചിടുന്നതാ,രായവയെപ്പിന്നെ
നന്മട്ടു ശാസിച്ചിടുന്നതുമാരുവാൻ,
സുപ്തൻ സ്വദേഹത്തെ വിസ്മരിക്കുന്നതി–
നൊപ്പമായ് ജീവനുമാരായ് ഭവിച്ചുടൻ
മായയെ വിട്ടിട്ടു മുക്തനാകുന്നുവോ
സായുജ്യദാനത്തിനാൽ ഭവസങ്കടം
ഭക്തജനത്തിനു തീർക്കുമഭയനാ–
മക്കൃഷ്ണനെസ്സദാ ധ്യാനിച്ചിടുന്നു ഞാൻ. 50

അദ്ധ്യായം 88

വൃകാസുരനാശം—രുദ്രമോചനം

രാജാവു പറഞ്ഞു
ദേവാസുരനരന്മാരിൽ ചിലരങ്ങു
സേവിപ്പതേ ഭോഗഹീനൻ മഹേശനെ
അക്കൂട്ടർ മിക്കതും സമ്പന്നരും ഭോഗ–
സൗഖ്യയുതരുമായ്ക്കാണപ്പെടുന്നിതു.
അകാണെക്കല്പ്യ രമാജാനിതന്നുടെ
ഭക്തജനത്തിൻ സ്ഥിതി യോഗിനായകാ! 1
പാരം വിരുദ്ധശീലംപെടുമീശ്വര–
ന്മാരാമവരെബ് ഭജിക്കുവോർക്കും ഫലം
നേരേ വിപരീതമായ്ക്കാണ്മതിൽ ശങ്ക–
യേറുന്നു ഞങ്ങൾക്കതങ്ങു തീർത്തീടണം. 2

ശ്രീശുകൻ പറഞ്ഞു
ശക്തിയോടെപ്പൊഴും ചേർന്നു ലിങ്ഗത്രയ–
യുക്തനായ് മായാഗുണാവൃതനായ്പ്പരം
സത്ത്വം രജസ്സു തമസ്സിഗ്ഗുണങ്ങളിൽ
സംസ്ഥിതമായിടും സാത്ത്വികം രാജസം
താമസമിമ്മൂന്നുമട്ടഹങ്കാരത്തോ–
ടാ മഹാദേവൻ വിളങ്ങുന്നു സർവ്വദാ. 3
സാത്ത്വികാഹംകൃതിതന്നിൽനിന്നുണ്ടായി
ചിത്ത,മാ രാജസംതന്നിൽനിന്നിട്ടഥ
പത്തിന്ദ്രിയങ്ങളും, താമസം തന്നിൽനി–
ന്നുത്ഥിതമായിതു പഞ്ചഭൂതങ്ങളും.
ദിക്കു വാതം, സൂര്യനശ്വിനീദേവക–
ളഗ്നിയും പാശിയുപേന്ദ്രനുമിന്ദ്രനും
മിത്രനും ബ്രഹ്മാവുമെന്നിവരാണു കേൾ
പത്തിന്ദ്രിയങ്ങൾതൻ ദേവതകൾ നൃപാ!
ശക്തിപോലിദ്ദേവതകളാരാധക–
ർക്കൊക്കെയരുളുന്നു സർവ്വവിഭൂതിയും. 4
നിർഗ്ഗുണനാകും ഭഗവാൻ മഹാവിഷ്ണു
പാക്കിൽ പ്രകൃതിയിൽനിന്നു വിഭിന്നനും
സാക്ഷാൽ പുമാനും സമസ്തം സമീപത്തു
സാക്ഷിയായ് വീക്ഷിക്കുവോനുമത്രേ സദാ.
അബ് ഭഗവാനെബ് ഭജിക്കുന്ന മാനുഷൻ
ക്ഷിപ്രം ഗുണാതീതനായിബ് ഭവിച്ചിടും. 5
അശ്വമേധാദ്ധ്വരം നേരേ കഴിച്ചഥ
വിശ്വപ്രസിദ്ധനാം യുഷ്മത്പിതാമഹൻ
ധർമ്മഗ്രഹണേച്ഛുവായിബ് ഭഗവാനൊ–
ടിമ്മാതിരിതന്നെ ചോദിച്ചു സാദരം. 6
മർത്ത്യർക്കു നിഃശ്രേയസത്തിനായ് യാദവ–
ഗോത്രത്തിൽ വന്നവതാരമിയന്നിടും
ദൈത്യാരിയാം ഭഗവാൻ ശ്രവണശ്രദ്ധ–
മെത്തുമബ് ഭൂപനോടോതിനാൻ തുഷ്ടനായ്. 7

ശ്രീഭഗവാൻ പറഞ്ഞു
ആർക്കു ഞാനാശിസ്സരുളുവാനോർക്കുമാ
പോക്കുമവൻെറ ധനം മെല്ലെമെല്ലെ ഞാൻ
നിർദ്ധനനായ് ദുഃഖദുഃഖിതനാകുമാ
മർത്ത്യനെസ്സന്ത്യജിക്കും സ്വജനങ്ങളും, 8
നിർദ്ധനനാമവൻ വീണ്ടും ധനത്തിനാ–
യത്യന്തയത്നം തുടരുവതാകെ ഞാൻ
വ്യർത്ഥമാക്കും തദാ മദ്ഭക്തരൊത്തവൻ
വർത്തിക്കു,മപ്പോളനുഗ്രഹിക്കുന്നു ഞാൻ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ് ബ്രഹ്മ പരമം സൂക്ഷ്മം ചിന്മാത്രം സദനന്തകം
അതോ മാം സുദുരാരാധ്യം ഹിത്വാന്യാൻ ഭജതേ ജനഃ. 10

തതസ്ത ആശുതോഷേഭ്യോ ലബ്ധരാജ്യശ്രിയോദ്ധതാഃ
മത്താഃ പ്രമത്താ വരദാൻ വിസ്മരന്ത്യവജാനതേ. 11

ശ്രീശുക ഉവാച

ശാപപ്രസാദയോരീശാ ബ്രഹ്മവിഷ്ണുശിവാദയഃ
സദ്യഃശാപപ്രസാദോഽങ്ഗ ശിവോ ബ്രഹ്മാ ന ചാച്യുതഃ. 12

അത്ര ചോദാഹരന്തീമമിതിഹാസം പുരാതനം
വൃകാസുരായ ഗിരിശോ വരം ദത്ത്വാഽഽപ സങ്കടം. 13

വൃകോ നാമാസുരഃ പുത്രഃ ശകുനേഃ പഥി നാരദം
ദൃഷ്ട്വാഽഽശുതോഷം പപ്രച്ഛ ദേവേഷു ത്രിഷു ദുർമ്മതിഃ. 14

സ ആഹ, ''ദേവം ഗിരിശമുപാധാവാശു സിദ്ധ്യസി
യോഽല്പാഭ്യാം ഗുണദോഷാഭ്യാമാശു തുഷ്യതി കുപ്യതി. 15

ദശാസ്യബാണയോസ്തുഷ്ടഃ സ്തുവതോർവ്വന്ദിനോരിവ
ഐശ്വര്യമതുലം ദത്ത്വാ തത ആപ സുസങ്കടം.'' 16

ഇത്യാദിഷ്ടസ്തമസുര ഉപാധാവത് സ്വഗാത്രതഃ
കേദാര ആത്മക്രവ്യേണ ജുഹ്വാനോഽഗ്നിമുഖം ഹരം. 17

ദേവോപലബ്ധിമപ്രാപ്യ നിർവ്വേദാത് സപ്തമേഽഹനി
ശിരോഽവൃശ്ചത് സ്വധിതിനാ തത്തീർത്ഥക്ലിന്നമൂർദ്ധജം. 18

തദാ മഹാകാരുണികഃ സ ധൂർജ്ജടി-
ര്യഥാ വയം ചാഗ്നിരിവോത്ഥിതോഽനലാത്
നിഗൃഹ്യ ദോർഭ്യാം ഭുജയോർന്ന്യവാരയത്
തത്സ്പർശനാദ്ഭൂയ ഉപസ്കൃതാകൃതിഃ. 19

തമാഹ ചാങ്ഗാലമലം വൃണീഷ്വ മേ
യഥാഭികാമം വിതരാമി തേ വരം
പ്രീയേയ തോയേന നൃണാം പ്രപദ്യതാ-
മഹോ ത്വയാഽഽത്മാ ഭൃശമർദ്ദ്യതേ വൃഥാ. 20

ദേവം സ വവ്രേ പാപീയാൻ വരം ഭൂതഭയാവഹം
യസ്യ യസ്യ കരം ശീർഷ്ണി ധാസ്യേ സ മ്രിയതാമിതി. 21

തച്ഛ്രുത്വാ ഭഗവാൻ രുദ്രോ ദുർമ്മനാ ഇവ, ഭാരത,
ഓമിതി പ്രഹസംസ്തസ്മൈ ദദേഽഹേരമൃതം യഥാ. 22

ഇത്യുക്തഃ സോഽസുരോ നൂനം ഗൗരീഹരണലാലസഃ
സ തദ്വരപരീക്ഷാർത്ഥം ശംഭോർമ്മൂർദ്ധ്നി കിലാസുരഃ
സ്വഹസ്തം ധാതുമാരേഭേ സോഽബിഭ്യത് സ്വകൃതാച്ഛിവഃ. 23

തേനോപസൃഷ്ടഃ സംത്രസ്തഃ പരാധാവൻ സവേപഥുഃ
യാവദന്തം ദിവോ ഭൂമേഃ കാഷ്ഠാനാമുദഗാദുദക്. 24

അജാനന്തഃ പ്രതിവിധിം തൂഷ്ണീമാസൻ സുരേശ്വരാഃ
തതോ വൈകുണ്ഠമഗമദ് ഭാസ്വരം തമസഃ പരം. 25

യത്ര നാരായണഃ സാക്ഷാന്ന്യാസിനാം പരമാ ഗതിഃ
ശാന്താനാം ന്യസ്തദണ്ഡാനാം യതോ നാവർത്തതേ ഗതഃ. 26

തം തഥാ വ്യസനം ദൃഷ്ട്വാ ഭഗവാൻ വൃജിനാർദ്ദനഃ
ദൂരാത് പ്രത്യുദിയാദ്ഭൂത്വാ വടുകോ യോഗമായയാ. 27

മേഖലാജിനദണ്ഡാക്ഷൈസ്തേജസാഗ്നിരിവ ജ്വലൻ
അഭിവാദയാമാസ ച തം കുശപാണിർവിനീതവത്. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്കൃഷ്ടമായതിസൂക്ഷ്മമായ് സത്തമായ്
ചിത്കാതലായ് പരിച്ഛേദ്യമല്ലാത്തതാം
ബ്രഹ്മത്തെയന്ത്യമേ കാട്ടുകയുള്ള ഞാൻ
തന്മൂലമായിട്ടുരാരാധ്യനായിടും
എന്നെബ്ഭജിക്കാതെ ചെന്നു നിത്യം ജന-
മന്യദേവന്മാരെയർച്ചിച്ചിടുന്നിതേ. 10
ക്ഷിപ്രപ്രസാദികളാമസുരന്മാരൊ-
ടല്ലേതരരാജ്യഭൃതികളാന്നവർ
ദുർമ്മാർഗ്ഗചാരികളായി പ്രമത്തരായ്
ചെമ്മേ വരപ്രദാതാക്കളെക്കൂടിയും
സത്വരം വിസ്മരിക്കുന്നെന്നു മാത്രമ-
ല്ലെത്രയും നിന്ദിക്കയും ചെയ്തിടുന്നിതേ. 11

ശ്രീശുകൻ പറഞ്ഞു

ശാപം പ്രസാദമിവയ്ക്കു സമർത്ഥർതാൻ
ശ്രീപതിയും വിധിയും മഹാദേവനും
എന്നാൽ ശിവനുമജനും പ്രസാദിച്ചി-
ടുന്നു ശീഘ്രം, തഥാ മോദിച്ചിടാ ഹരി. 12
ആയതിനങ്ങയോടായിപ്പുരാതന-
മായീടുമീയിതിഹാസം കഥിച്ചിടാം
ശങ്കരൻ വേണ്ടുംവരം വൃകന്നേകീട്ടു
സങ്കടത്തിൽപ്പെട്ടിടേണ്ടതായ് വന്നിതേ. 13
ദുർമ്മതിയായിശ്ശകുനിജനാം വൃകൻ
ചെമ്മേ വഴിയിലൊരിക്കൽ സുരർഷിയെ
കണ്ടു ചോദിച്ചാൻ ത്രിമൂർത്തികളിൽ മാത്ര-
കൊണ്ടു മോദിപ്പവനാരെന്നശങ്കിതം. 14
അല്പഗുണത്തിനാൽ ക്ഷിപ്രപ്രസാദിയാ-
യല്പദോഷത്തിനാൽ ക്രുദ്ധനുമായിടും
ശങ്കരനെച്ചെന്നുപാസിച്ചിടുക നീ
ശങ്കയില്ലാശു ഫലസിദ്ധി കൈവരും. 15
വന്ദിച്ചു വാഴ്ത്തിന ബാണൻ ദശാനന-
നെന്നിവരിൽപ്പരം പെട്ടെന്നു തുഷ്ടനായ്
ധാരാളമൈശ്വര്യമേകിയൊടുക്കമെ-
ക്കാരണത്താലവർ ദുഃഖിതരായിതു. 16
നാരദവാക്കിതു കേട്ടു വൃകാസുരൻ
പാരാതെ കേദാരഘട്ടം പ്രവേശിച്ചു
മാംസം സ്വദേഹത്തിൽനിന്നുമറുത്തെടു-
ത്താശ്രയാശൻതന്നെയുജ്ജ്വലിപ്പിച്ചതിൽ-
ഹോമിച്ചു വഹ്നിമുഖനായ് വിളങ്ങിടും
കാമാരിദേവനെയർച്ചനംചെയ്തിതു. 17
ഇക്കണക്കാറുനാൾ ഹോമിച്ചുവെങ്കിലും
മുക്കണ്ണദേവൻ വെളിപ്പെട്ടിടായ്കയാൽ
ഉത്തമാങ്ഗച്ഛേദനത്തിനേഴാംദിനം
തീർത്ഥനിമഗ്നനായ് വാളെടുത്തീടിനാൻ. 18
അപ്പോൾ മഹാകാരുണികനാം ധൂർജ്ജടി
ക്ഷിപ്രമനലങ്കൽനിന്നുമുദ്ഭൂതനായ്
വഹ്നിമട്ടുജ്ജ്വലനായി നമ്മെപ്പോലെ
ചെന്നിരുകൈകളാൽ തത്കരം രണ്ടിലും
കാരുണ്യപൂർവ്വം പിടിച്ചു മാററീടിനാൻ
ഘോരകൃത്യംതന്നിൽനിന്നുമദ്ദൈത്യനെ.
തത്സ്പർശനത്താൽ വൃകശരീരം പരം
കെല്പാർന്നു പൂർവ്വസ്ഥിതിയിലായ്ത്തീർന്നിതു. 19
പൂജ്യാ! മതി മതി, വാങ്ങിച്ചുകൊൾക നീ-
യിച്ഛപോലുള്ള വരങ്ങൾ തരുന്നു ഞാൻ
ഭക്തജനങ്ങൾ വെറും ജലം നല്കിലും
കൈക്കൊണ്ടു ശീഘ്രം പ്രസാദിച്ചിടുന്നു ഞാൻ.
കഷ്ടം! വൃകാ! നീ വൃഥാ ശരീരത്തെയി-
മ്മട്ടു ദുഃഖിപ്പിക്കരുതെന്നു ചൊല്ലിനാൻ. 20
ആരുടെ മൗലിയിൽ ഞാൻ കരം വയ്ക്കുമ-
പ്പൂരുഷനക്ഷണം ചത്തുവീണീടണം
എന്നീവിധം ജന്തുഭീകരമാം വരം-
തന്നെ ചോദിച്ചാൻ മഹാപാപിയാമവൻ. 21
എന്നതുകേട്ടൊട്ടുനേരം വിഷണ്ണനായ്
നിന്നശേഷം മന്ദഹാസപുരസ്സരം
അങ്ങനെതന്നെ വരം കൊടുത്തീടിനാൻ
ഗങ്ഗാധരൻ സുധ പാമ്പിനേകുന്നപോൽ. 22
ഏവം വരം ലഭിച്ചീടവേ ദൈത്യന-
പ്പാർവ്വതിയെ ഹരിപ്പാനാഗ്രഹിച്ചിതു.
ആ വരമൊന്നു പരീക്ഷിച്ചുനോക്കുവാൻ
മാരാരിതൻ മൗലിയിൽത്തന്നെ തൻകരം
വയ്ക്കുവാനായടുത്തീടുന്നതു കണ്ടു
മുക്കണ്ണനേററവും ഭീതനായോടിനാൻ. 23
ദൈത്യനും പിന്നാലെയെത്തിനാൻ വേപഥു-
ഗാത്രനായ് ശ്രീശിവൻ മന്നിലും വിണ്ണിലും
പത്തു ദിഗന്തങ്ങളിലുമോടിക്കിത-
ച്ചുത്തരദിക്കിലൂടങ്ങു പാഞ്ഞീടിനാൻ. 24
ബ്രഹ്മാദികളീ വിപത്തിൻപ്രതിവിധി-
കാണ്മാൻ കഴിയാതെ മൗനംഭജിച്ചിതു.
പിന്നെശ്ശിവൻ തമോബാധ തീണ്ടീടാതെ
മിന്നുമാ വൈകുണ്ഠലോകമണഞ്ഞിതേ. 25
ഹിംസാവിഹീനരായ് ശാന്തരായുള്ള സം-
ന്യാസിമാർതൻ ഗതിയായി ലസിച്ചിടും
സാക്ഷാൽ ഭഗവാൻ ഹരി തത്ര മേവുന്നു
തത്സവിധം ഗതന്നില്ല പുനർജ്ജനി. 26
ആർത്തനാം ഗൗരീശനെക്കണ്ടുടൻ വൃജി-
നാർദ്ദനൻ ശ്രീഹരി, തൻ യോഗമായയാൽ
ബ്രഹ്മചാരീവേഷമാർന്നു ദൂരത്തുനി-
ന്നമ്മഹാദുഷ്ടന്റെനേർക്കു ചെന്നീടിനാൻ. 27
ദണ്ഡമജിനം ജപമാല മേഖല-
യെന്നിവപൂണ്ടുജ്ജ്വലദഗ്നിയെന്നപോൽ
മിന്നിക്കുശപാണിയായായിസ്സവിനയം
നിന്നു വന്ദിച്ചു ചൊന്നീടിനാനീവിധം: 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

ശാകുനേയ, ഭവാൻ വ്യക്തം ശ്രാന്തഃ കിം ദൂരമാഗതഃ
ക്ഷണം വിശ്രമ്യതാം പുംസ ആത്മായം സർവ്വകാമധുക്. 29
യദി നഃ ശ്രവണായാലം യുഷ്മദ്വ്യവസിതം, വിഭോ,
ഭണ്യതാം പ്രായശഃ പുംഭിർധൃതൈഃ സ്വാർത്ഥാൻ സമീഹതേ. 30

ശ്രീശുക ഉവാച

ഏവം ഭഗവതാ പൃഷ്ടോ വചസാമൃതവർഷിണാ
ഗതക്ലമോഽബ്രവീത്തസ്മൈ യഥാപൂർവ്വമനുഷ്ഠിതം. 31

ശ്രീഭഗവാനുവാച

''ഏവം ചേത്തർഹി തദ്വാക്യം ന വയം ശ്രദ്ദധീമഹി
യോ ദക്ഷശാപാത് പൈശാച്യം പ്രാപ്തഃ പ്രേത–
പിശാചരാട്. 32
യദി വസ്തത്ര വിശ്രംഭോ, ദാനവേന്ദ്ര, ജഗദ്ഗുരൗ
തർഹ്യങ്ഗാശു സ്വശിരസി ഹസ്തം ന്യസ്യ പ്രതീയതാം. 33
യദ്യസത്യം വചഃ ശംഭോഃ കഥഞ്ചിദ്ദാനവർഷഭ!
തദൈനം ജഹ്യസദ്വാചം ന യദ്വക്താനൃതം പുനഃ.'' 34
ഇത്ഥം ഭഗവതശ്ചിത്രൈർവചോഭിഃ സ സുപേശലൈഃ
ഭിന്നധീർവിസ്മൃതഃ ശീർഷ്ണി സ്വഹസ്തം കുമതിർവ്യധാത്. 35
അഥാപതദ് ഭിന്നശിരാ വജ്രാഹത ഇവ ക്ഷണാത്
ജയശബ്ദോ നമഃശബ്ദഃ സാധുശബ്ദോഽഭവദ്ദിവി. 36
മുമുചുഃ പുഷ്പവർഷാണി ഹതേ പാപേ വൃകാസുരേ
ദേവർഷിപിതൃഗന്ധർവ്വാ മോചിതഃ സങ്കടാച്ഛിവഃ. 37
മുക്തം ഗിരിശമഭ്യാഹ ഭഗവാൻ പുരുഷോത്തമഃ
''അഹോ, ദേവ, മഹാദേവ, പാപോഽയം സ്വേന
പാപ്മനാ. 38
ഹതഃ കോ നു മഹത്സ്വീശ ജന്തുർവ്വൈ കൃതകില്ബിഷഃ
ക്ഷേമീ സ്യാത് കിമു വിശ്വേശേ കൃതാഗസ്കോ ജഗദ്ഗുരൗ. 39
യ ഏവമവ്യാകൃതശക്ത്യുദന്വതഃ
പരസ്യ സാക്ഷാത് പരമാത്മനോ ഹരേഃ
ഗിരിത്രമോക്ഷം കഥയേച്ഛൃണോതി വാ
വിമുച്യതേ സംസൃതിഭിസ്തഥാരിഭിഃ. 40

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
രുദ്രമോക്ഷണം നാമ അഷ്ടാശീതിതമോഽധ്യായഃ

ഏകോനനവതിതമോഽധ്യായഃ

ശ്രീശുക ഉവാച

സരസ്വത്യാസ്തടേ, രാജൻ, ഋഷയഃ സത്രമാസത
വിതർക്കഃ സമഭൂത്തേഷാം ത്രിഷ്വധീശേഷു കോ മഹാൻ? 1
തസ്യ ജിജ്ഞാസയാ തേ വൈ ഭൃഗും ബ്രഹ്മസുതം, നൃപ,
തജ്ജ്ഞപ്ത്യൈ പ്രേഷയാമാസുഃ സോഽഭ്യഗാദ്ബ്രഹ്മണഃ
സഭാം. 2
ന തസ്മൈ പ്രഹ്വണം സ്തോത്രം ചക്രേ സത്ത്വപരീക്ഷയാ
തസ്മൈ ചുക്രോധ ഭഗവാൻ പ്രജ്വലൻ സ്വേന തേജസാ. 3
സ ആത്മന്യുത്ഥിതം മന്യുമാത്മജായാത്മനാ പ്രഭുഃ
അശീശമദ്യഥാ വഹ്നിം സ്വയോന്യാ വാരിണാഽഽത്മഭൂഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

എന്തിനായ് വന്നിത്ര ദൂരത്തില,ങ്ങതി-
ശ്രാന്തനായല്ലോ ശകുനീസുതാ! ഭവാൻ

അല്പമിനി വിശ്രമിക്കുക, ദേഹികൾ-
ക്കെപ്പൊഴുതും കാമസാധകം ദേഹമാം. 29

ഞങ്ങൾക്കു കേൾക്കാവതെങ്കിൽ ഭവാൻ വന്ന
സങ്ഗതി സുസ്പഷ്ടമോതിയാലും പ്രഭോ!

മിക്കവാറും ജനം കാര്യങ്ങൾ കാണ്മതു
യുക്തപൂരുഷരോടൊത്താണു പാരിതിൽ. 30

ശ്രീശുകൻ പറഞ്ഞു

ഇക്കണക്കമ്പ് ഭഗവാൻതൻ സുധാവർഷി-
വാക്യങ്ങൾ കേട്ടു ഗതക്ലമനായവൻ

രുദ്രനോടായ് വരമാർന്നതും തന്നുടെ-
യുദ്യമവും വിസ്തരിച്ചു കഥിച്ചിതു. 31

ശ്രീഭഗവാൻ പറഞ്ഞു

കാര്യമിതാണെങ്കിലാ രുദ്രവാക്കത്ര-
കാര്യമായ് ഞങ്ങൾ കരുതുന്നതില്ല കേൾ.

ദക്ഷശാപത്തിനാൽ പ്രേതപിശാചികാ-
ധ്യക്ഷനായ് തദ്വൃത്തിയാർന്നു വാഴ്വൂ
ഹരൻ. 32

പാരിൻ ഗുരുവാം മഹേശ്വരൻതൻ ഗീരു
നേരായ്‌വരുമെന്നു ശങ്ക തോന്നീടുകിൽ

ആയാസമെന്നിയേ സ്വന്തമാം മൂർദ്ധാവിൽ
നീയിക്ഷണം കരംവച്ചു നോക്കീടുക. 33

രുദ്രവചനം പരീക്ഷിച്ചുനോക്കേണ്ട-
തെത്രയുമാവശ്യമാണു ദൈത്യേശ്വരാ!

കള്ളമെന്നാലവന്നേകണം നീ ശിക്ഷ
ചൊല്ലരുതിന്നിയാരോടുമേ പൊയ്യവൻ. 34

ഇമ്മട്ടിലാക്കും ഭ്രമമേകിടുന്നതായ്
രമ്യങ്ങളാം ഭഗവദ്വചനങ്ങളാൽ

ഭിന്നധീയായ് സ്മൃതിയററൊരാ ദുർബുദ്ധി
തന്നുടെ മൂർദ്ധാവിൽ വച്ചീടിനാൻ കരം. 35

പെട്ടെന്നിടിയേററവനെന്നപോൽത്തല-
പൊട്ടിത്തകർന്നു പതിച്ചാൻ വൃകാസുരൻ.

കേട്ടിതു വിണ്ണിൽ ജയജയശബ്ദവും
കൂട്ടമായ്‌സ്സാധുനമശ്ശബ്ദപൂരവും. 36

ഏവമപ്പാപി വൃകൻ ഹതനാകവേ
ദേവഗന്ധർവപിതൃക്കളൃഷികളും

ധാരാളമായിച്ചൊരിഞ്ഞു മലർമാരി
മാരാരി ദുഃഖവിമുക്തനായ്ത്തീർന്നിതു. 37

സങ്കടമുക്തനാം ശങ്കരനോടുടൻ
കിങ്കരദാസൻ ഭഗവാൻ കഥിച്ചിതു.

ഹേ പരമേശാ! ഖലനാമിവൻ നിജ-
പാപത്തിനാൽ ഹതനായിദാനീമഹോ!

സാധുക്കളിൽ പാപകൃത്യങ്ങളാർന്നിട്ടു-
മേതൊരു ജന്തുവിന്നുണ്ടായിടും സുഖം?

ലോകഗുരുവായ് വിളങ്ങിടുമങ്ങയോ-
ടാഗസ്സിയന്നവൻ തൻകഥയെന്തുവാൻ? 38–39

അവ്യാകൃതശക്തിവാരാന്നിധാനമാ-
യവ്യയനായ് പരമാത്മാവുമാം ഹരി

മുക്കണ്ണർതന്നഴൽപോക്കിയോരിക്കഥ
കേൾക്കയും ചൊല്ലയും ചെയ്യുന്ന പൂരുഷൻ

ഘോരസംസാരദുഃഖങ്ങളിലും തഥാ
വൈരിവൃന്ദത്തിലുംനിന്നു വിമുക്തനാം. 40

അദ്ധ്യായം 89

ത്രിമൂർത്തിമാഹാത്മ്യപരീക്ഷ—
സന്താനഗോപാലം

ശ്രീശുകൻ പറഞ്ഞു

പൃഥ്വീപതീന്ദ്രാ! സരസ്വതീതീരത്തു
സത്രമനുഷ്ഠിച്ചു മുന്നമൃഷീശ്വരർ

മൂർത്തികൾ മൂവരിലാരാം മഹാനെന്നു
തത്ര പരസ്പരം വാദമുണ്ടായിതു. 1

ഉണ്മയറിഞ്ഞിടാനാശ വളർന്നവർ
ബ്രഹ്മസുതനാം ഭൃഗുമുനിശ്രേഷ്ഠനെ

ആരാഞ്ഞു നേരറിഞ്ഞെത്താനയച്ചിതു,
നേരേയജസഭ പൂകീടിനാൻ ഭൃഗു. 2

സത്വപരീക്ഷണത്തിന്നായ് വിരിഞ്ചനെ-
ക്കീർത്തിച്ചതില്ല നമിച്ചുമില്ലമ്മുനി.

സ്വന്തതേജസ്സിനാലുജ്ജ്വലനായജൻ
ശാന്തനാമമ്മുനിയോടു കോപിച്ചിതു. 3

പുത്രൻെറനേർക്കുള്ളിലുണ്ടായ കോപം സ്വ-
ബുദ്ധിയാൽ ശക്തനായീടും പിതാമഹൻ

വഹ്നിയെ തജ്ജന്യവാരിയാലെന്നപോൽ
നന്നായ് ശമിപ്പിച്ചുകൊണ്ടാൻ ദ്രുതം സ്വയം. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ കൈലാസമഗമത് സ തം ദേവോ മഹേശ്വരഃ
പരിരബ്ധും സമാരേഭ ഉത്ഥായ ഭ്രാതരം മുദാ. 5

നൈച്ഛത്ത്വമസ്യുത്പഥഗ ഇതി ദേവശ്ചുകോപ ഹ
ശൂലമുദ്യമ്യ തം ഹന്തുമാരേഭേ തിഗ്മലോചനഃ. 6

പതിത്വാ പാദയോർദ്ദേവീ സാന്ത്വയാമാസ തം ഗിരാ
അഥോ ജഗാമ വൈകുണ്ഠം യത്ര ദേവോ ജനാർദ്ദനഃ. 7

ശയാനം ശ്രിയ ഉത്സങ്ഗേ പദാ വക്ഷസ്യതാഡയത്
തത ഉത്ഥായ ഭഗവാൻ സഹ ലക്ഷ്മ്യാ സതാം ഗതിഃ
സ്വതല്പാദവരുഹ്യാഥ നനാമ ശിരസാ മുനിം. 8

ആഹ, ''തേ സ്വാഗതം, ബ്രഹ്മൻ, നിഷീദാത്രാസനേ ക്ഷണം;
അജാനതാമാഗതാൻ വഃ ക്ഷന്തുമർഹഥ നഃ പ്രഭോ. 9

അതീവ കോമളൗ, താത, ചരണൗ തേ മഹാമുനേ!''
ഇത്യുക്ത്വാ വിപ്രചരണൗ മർദ്ദയൻ സ്വേന പാണിനാ. 10

''പുനീഹി സഹലോകം മാം ലോകപാലാംശ്ച മദ്ഗതാൻ
പാദോദകേന ഭവതസ്തീർത്ഥാനാം തീർത്ഥകാരിണാ. 11

അദ്യാഹം ഭഗവംല്ലക്ഷ്മ്യാ ആസമേകാന്തഭാജനം
വത്സ്യത്യുരസി മേ ഭൂതിർഭവത്പാദഹതാംഹസഃ.'' 12

ശ്രീശുക ഉവാച

ഏവം ബ്രുവാണേ വൈകുണ്ഠേ ഭൃഗുസ്തന്മന്ദ്രയാ ഗിരാ
നിർവൃതസ്തർപ്പിതസ്തൂഷ്ണീം ഭക്ത്യുത്കണ്ഠോഽശ്രുലോചനഃ. 13

പുനശ്ച സത്രമാവ്രജ്യ മുനീനാം ബ്രഹ്മവാദിനാം
സ്വാനുഭൂതമശേഷേണ, രാജൻ, ഭൃഗുരവർണ്ണയത്. 14

തന്നിശമ്യാഥ മുനയോ വിസ്മിതാ മുക്തസംശയാഃ
ഭൂയാംസം ശ്രദ്ദധുർവിഷ്ണും യതഃ ശാന്തിര്യതോഽഭയം. 15

ധർമ്മഃ സാക്ഷാദ്യതോ ജ്ഞാനം വൈരാഗ്യം ച തദന്വിതം
ഐശ്വര്യം ചാഷ്ടധാ യസ്മാദ്യശശ്ചാത്മമലാപഹം. 16

മുനീനാം ന്യസ്തദണ്ഡാനാം ശാന്താനാം സമചേതസാം
അകിഞ്ചനാനാം സാധൂനാം യമാഹുഃ പരമാം ഗതിം. 17

സത്ത്വം യസ്യ പ്രിയാ മൂർത്തിർബ്രാഹ്മണാസ്ത്വിഷ്ടദേവതാഃ
ഭജന്ത്യനാശിഷഃ ശാന്താ യം വാ നിപുണബുദ്ധയഃ. 18

ത്രിവിധാകൃതയസ്തസ്യ രാക്ഷസാ അസുരാഃ സുരാഃ
ഗുണിന്യാ മായയാ സൃഷ്ടാഃ സത്ത്വം തത്തീർത്ഥസാധനം. 19

ശ്രീശുക ഉവാച

ഏവം സാരസ്വതാ വിപ്രാ നൃണാം സംശയനുത്തയേ
പുരുഷസ്യ പദാംഭോജസേവയാ തദ്ഗതിം ഗതാഃ. 20

സൂത ഉവാച

ഇത്യേതന്മുനിതനയാസ്യപദ്മഗന്ധ-
പീയൂഷം ഭവഭയഭിത് പരസ്യ പുംസഃ
സുശ്ലോകം ശ്രവണപുടൈഃ പിബത്യഭീക്ഷ്ണം
പാന്ഥോഽധ്വഭ്രമണപരിശ്രമം ജഹാതി. 21

ശ്രീശുക ഉവാച

ഏകദാ ദ്വാരവത്യാം തു വിപ്രപത്ന്യാഃ കുമാരകഃ
ജാതമാത്രോ ഭുവം സ്പൃഷ്ട്വാ മമാര കില, ഭാരത! 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെബ്ഭൃഗുമുനി ചെന്നു കൈലാസത്തി-
ലന്നേരമപ്പരമേശനെഴുന്നേററു
സോദരനേയെന്നമട്ടമ്മഹർഷിയെ
മോദപൂർവ്വം പുണർന്നീടാൻ മുതിർന്നിതു. 5
എന്നെത്തൊഴേകണ്ട നീ സാധുമാർഗ്ഗത്തിൽ-
നിന്നു തെററിസ്സഞ്ചരിപ്പവനാകയാൽ.
എന്നു ഭൃഗുമുനി ചൊല്ലവേ രുഷ്ടനായ്
കണ്ണുകളും ചുവപ്പിച്ചു മഹേശ്വരൻ
ശൂലമുയർത്തിപ്പിടിച്ചമ്മഹർഷിയെ-
ക്കാലപുരത്തിലയയ്ക്കാനൊരുങ്ങിനാൻ. 6
ദാക്ഷായണിയുടൻ പാദങ്ങളിൽ വീണു
ത്ര്യക്ഷനെഗ്ഗിരിനാൽ ശാന്തനാക്കീടിനാൾ.
പിന്നെ ജഗന്നാഥൻ വാണിടും വൈകുണ്ഠ-
മാർന്നാനവിളംബമമ്മുനിപുംഗവൻ. 7
പാലാഴിമങ്കതന്നങ്കമതിൽത്തല
ചാലവേ വച്ചു ശയിക്കും മുകുന്ദനെ
മാറിടത്തിൽത്തൊഴിച്ചാൻ പദത്താൽ മുനി
നാരായണൻ രമയൊത്തെഴുന്നേററുടൻ
സ്വർണ്ണപര്യങ്കത്തിൽനിന്നിറങ്ങിത്തല
നന്നായ്ക്കുനിച്ചു നമസ്കരിച്ചീടിനാൻ. 8
''സ്വാഗതം ബ്രഹ്മൻ! ഭവാനിവിടാസനം
പൂകിയിരുന്നൊട്ടു വിശ്രമിച്ചീടുക.
ങ്ങളാഗമിപ്പതറിയാതെ വാണൊരു
ഞങ്ങടെ തെററു പൊറുത്തുകൊള്ളേണമേ. 9
ബ്രഹ്മൻ! ഭവന്മൃദുപാദസരോജമി-
സ്സമ്മർദ്ദനത്തിനാൽ വേദനിച്ചില്ലയോ?''
എന്നു ചൊന്നമ്മഹീദേവപാദങ്ങളെ-
ത്തന്നുടെ കൈയാൽത്തലോടിനാൻ
മെല്ലവേ. 10
''ഗംഗാദിതീർത്ഥങ്ങളും ശുദ്ധമാക്കിടു-
മങ്ങേപ്പദക്ഷാളനാംബുവാലെന്നെയും
എന്നിലിരിക്കും സമസ്ത ജഗത്പാല-
വൃന്ദത്തെയുമങ്ങു ശുദ്ധമാക്കേണമേ. 11
ഇന്നു ഞാൻ ലക്ഷ്മിതന്നേകാന്തപാത്രമായ്-
ത്തീർന്നു ഭവത്പദസംസ്പർശനത്തിനാൽ
പാവനമാം മമ മാറിടം വിട്ടിനി-
പ്പോവില്ലൊരിക്കലുമായവൾ നിശ്ചയം.'' 12

ശ്രീശുകൻ പറഞ്ഞു

വൈകുണ്ഠലോകേശനാം ഭഗവാൻെറയീ-
യാകമ്രമാകും ഗഭീരവാക്യങ്ങളാൽ
ആനന്ദനിർവൃതനായ് ഭക്തിവായ്പിനാൽ
മാനസമുത്കണ്ഠിതമായ് നയനാംബു
നിഷ്ഫലം തൂകിയൊന്നും കഥിച്ചീടുവാൻ
ശക്തിയില്ലാതെ മൗനംഭജിച്ചാൻ മുനി. 13
പിന്നെബ്ഭൃഗുമുനി വേദവാദിദ്വിജ-
മണ്ഡലസത്രത്തിലെത്തിയതിദ്രുതം
ചൊന്നാൻ തനിക്കനുഭൂതങ്ങളായവ-
യൊന്നും വിടാതെയവരോടനുക്രമം. 14
ആശ്ചര്യമോടതു കേട്ട മഹർഷിമാർ
നിശ്ചയിച്ചാർ മഹാൻ ശ്രീവിഷ്ണുവെന്നുതാൻ
ആരാണു ശാന്തിനിധാനമായ് മിന്നുവ-
താരാണഭയവും ശ്രീഹരിയെന്നിയേ. 15
ആരിൽനിന്നാണോ യഥാർത്ഥമാം ധർമ്മവും
വൈരാഗ്യവുമതോടഷ്ടവിഭൂതിയും
ജ്ഞാനവുമാത്മമലാപഹമാകുമ-
ന്യൂനയശസ്സും ഭവിക്കുന്നു പാരിതിൽ. 16
ശാന്തരായിസ്സുധീകളായ് ബ്രഹ്മത്തി-
ലന്തഃകരണമുറപ്പിച്ചു ഹിംസയെ
സന്ത്യജിച്ചൊന്നിലുമാഗ്രഹമെന്നിയേ
സന്തതം സാധുജനാനുഗ്രഹത്തിനായ്
സഞ്ചരിച്ചീടുന്ന സാധുക്കളാം മുനി-
സഞ്ചയത്തിൻ പരമാം ഗതിയാരുതാൻ. 17
ശുദ്ധമാം സത്വഗുണത്തെ പ്രിയമാം സ്വ-
മൂർത്തിയായാരു ധരിച്ചിരിക്കുന്നുവോ,
ആക്കിഷ്ടദേവത വിപ്രന്മാം, ശാന്തരായ്
നിഷ്കിഞ്ചനരായ് നിപുണമാം ധീയെഴും
പണ്ഡിതന്മാരന്യദേവതാരാജിയെ
ഗണ്യമാക്കാതെ ഭജിക്കുന്നതാരെയോ, 18
ദൈത്യാരിയാമബ്ഭഗവാനു മുഖ്യമായ്
മൂർത്തികൾ മൂന്നുതരത്തിലാണുള്ളതും.
ഒന്നു തമോഗുണമുഖ്യരാം രാക്ഷസർ
പിന്നെ രജഃപ്രധാനന്മാരസുരരും
സത്വഗുണാധികന്മാർ സുരന്മാരുമെ-
ന്നിത്ഥം,മതിൽത്തീർത്ഥഹേതുകം സത്വമാം. 19

ശ്രീശുകൻ പറഞ്ഞു

ഇത്ഥം സരസ്വതീതീരത്തു വാണിടും
പൃഥ്വീസുരന്മാർ, മനുഷ്യർതൻ സംശയം
തീർത്തീടുവാൻ പരീക്ഷിച്ചാ സ്വഭൂവിൻെറ
കാൽത്തളിർ സേവിച്ചു സദ്ഗതിയാർന്നിതു. 20

സൂതൻ പറഞ്ഞു

വ്യാസസുതാസ്യാംബുജഗളദ്ഗന്ധ പീ-
യൂഷമായ് സംസാരഭീതി ഹരിപ്പതായ്
പുണ്യകരമാകുമീ ഹരിസത്കഥ
കർണ്ണപാത്രങ്ങളാൽപ്പാരം നുകർന്നിടും
പാന്ഥൻ ഭവാധ്വഭ്രമണപരിശ്രമം
സന്ത്യജിച്ചീടുന്നു ഭൂസുരശ്രേഷ്ഠരേ! 21

ശ്രീശുകൻ പറഞ്ഞു

ദ്വാരാവതിയിലൊരുനാളൊരു വിപ്ര-
ഭാര്യ പെററപ്പൊഴേ ചത്തുപോയീ ശിശു. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപ്രോ ഗൃഹീത്വാ മൃതകം രാജദ്വാര്യുപധായ സഃ
ഇദം പ്രോവാച വിലപന്നാതുരോ ദീനമാനസഃ. 23

''ബ്രഹ്മദ്വിഷഃ ശഠധിയോ ലുബ്ധസ്യ വിഷയാത്മനഃ
ക്ഷത്രബന്ധോഃ കർമ്മദോഷാത് പഞ്ചത്വം മേ ഗതോഽർഭകഃ. 24

ഹിംസാവിഹാരം നൃപതിം ദുഃശീലമജിതേന്ദ്രിയം
പ്രജാ ഭജന്ത്യഃ സീദന്തി ദരിദ്രാ നിത്യദുഃഖിതാഃ.'' 25

ഏവം ദ്വിതീയം വിപ്രർഷിസ്തൃതീയം ത്വേവമേവ ച
വിസൃജ്യ സ നൃപദ്വാരി താം ഗാഥാം സമഗായത. 26

താമർജ്ജുന ഉപശ്രുത്യ കർഹിചിത് കേശവാന്തികേ
പരേതേ നവമേ ബാലേ ബ്രാഹ്മണം സമഭാഷത. 27

''കിംസ്വിദ്ബ്രഹ്മംസ്ത്വന്നിവാസേ ഇഹ നാസ്തി ധനുർദ്ധരഃ
രാജന്യബന്ധുരേതേ വൈ ബ്രാഹ്മണാഃ സത്ര ആസതേ. 28

ധനദാരാത്മജാപൃക്താ യത്ര ശോചന്തി ബ്രാഹ്മണാഃ
തേ വൈ രാജന്യവേഷേണ നടാ ജീവന്ത്യസുംഭരാഃ. 29

അഹം പ്രജാംവാം, ഭഗവൻ, രക്ഷിഷ്യേ ദീനയോരിഹ
അനിസ്തീർണ്ണപ്രതിജ്ഞോഽഗ്നിം പ്രവേക്ഷ്യേ ഹതകല്മഷഃ.'' 30

ബ്രാഹ്മണ ഉവാച

സങ്കർഷണോ വാസുദേവഃ പ്രദ്യുമ്നോ ധന്വിനാം വരഃ
അനിരുദ്ധോഽപ്രതിരഥോ ന ത്രാതും ശക്നുവന്തി യത്. 31

തത് കഥം നു ഭവാൻ കർമ്മ ദുഷ്കരം ജഗദീശ്വരൈഃ
ചികീർഷസി ത്വം ബാലിശ്യാത് തന്ന ശ്രദ്ദധ്മഹേ വയം. 32

അർജ്ജുന ഉവാച

''നാഹം സങ്കർഷണോ, ബ്രഹ്മൻ, ന കൃഷ്ണഃ കാർഷ്ണിരേവ ച
അഹം വാ അർജ്ജുനോ നാമ, ഗാണ്ഡീവം യസ്യ വൈ ധനുഃ. 33

മാവമംസ്ഥാ മമ, ബ്രഹ്മൻ, വീര്യം ത്ര്യംബകതോഷണം
മൃത്യും വിജിത്യ പ്രധനേ ആനേഷ്യേ തേ പ്രജാം, പ്രഭോ.'' 34

ഏവം വിശ്രംഭിതോ വിപ്രഃ ഫാല്ഗുനേന, പരന്തപ,
ജഗാമ സ്വഗൃഹം പ്രീതഃ പാർത്ഥവീര്യം നിശാമയൻ. 35

പ്രസൂതികാല ആസന്നേ ഭാര്യായാ ദ്വിജസത്തമഃ
''പാഹി പാഹി പ്രജാം മൃത്യോ''രിത്യാഹാർജ്ജുനമാതുരഃ. 36

സ ഉപസ്പൃശ്യ ശുച്യംഭോ നമസ്കൃത്യ മഹേശ്വരം
ദിവ്യാന്യസ്ത്രാണി സംസ്മൃത്യ സജ്യം ഗാണ്ഡീവമാദദേ. 37

ന്യരുണത് സൂതികാഗാരം ശരൈർന്നാനാസ്ത്രയോജിതൈഃ
തിര്യഗൂർദ്ധ്വമധഃ പാർത്ഥശ്ചകാര ശരപഞ്ജരം. 38

തതഃ കുമാരഃ സംജാതോ വിപ്രപത്ന്യാ രുദൻ മുഹുഃ
സദ്യോഽദർശനമാപേദേ സശരീരോ വിഹായസാ. 39

തദാഽഽഹ വിപ്രോ വിജയം വിനിന്ദൻ കൃഷ്ണസന്നിധൗ
''മൗഢ്യം പശ്യത മേ യോഽഹം ശ്രദ്ദധേ ക്ലീബകത്ഥനം. 40

ന പ്രദ്യുമ്നോ നാനിരുദ്ധോ ന രാമോ ന ച കേശവഃ
യസ്യ ശേകുഃ പരിത്രാതും കോഽന്യസ്തദവിതേശ്വരഃ. 41

ധിഗർജ്ജുനം മൃഷാവാദം ധിഗാത്മശ്ലാഘിനോ ധനുഃ
ദൈവോപസൃഷ്ടം യോ മൗഢ്യാദാനിനീഷതി ദുർമ്മതിഃ.'' 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദീനനാമാരണനേററവുമാതുര-
മാനസനായിക്കരഞ്ഞുകൊണ്ടക്ഷണം
നേരേ മൃതബാലനെയെടുത്തന്നൃപ-
ദ്വാരഭൂവെത്തിക്കിടത്തിയോതീടിനാൻ: 23
''ഭൂസുരദ്വേഷിയായ് വഞ്ചനയിൽപ്പര-
മാസക്തനായ് വിഷയൈഷിയായ്
ലുബ്ധനായ്
സ്വന്തം പ്രജാക്ഷേമമധീയറെറഴും ക്ഷത്ര-
ബന്ധുവിൻ കർമ്മദോഷംമൂലമായഹോ!
പെററിട്ടു ഭൂസ്പർശമേറെറാരുമാത്രയിൽ
ചത്തുപോയീ കഷ്ട! മെന്നുടെ ബാലകൻ. 24
ദുശ്ശീലനായ് പരദ്രോഹവിനോദത്തി-
ലുത്സുകനായജിതേന്ദ്രിയനായിടും
മന്നനെ നമ്പും പ്രജകൾ ദരിദ്രരു-
മുന്നതദുഃഖനിമഗ്നരുമാം ദൃഢം.'' 25
വിപ്രർഷിയിങ്ങനെ രണ്ടുമൂന്നല്ലയെ-
ട്ടർഭകന്മാരെ നൃപാലയവാതിലിൽ
കൊണ്ടുവന്നങ്ങു കിടത്തി മുന്നേക്കണ-
ക്കിണ്ടലുൾക്കൊള്ളുമപ്പല്ലവി പാടിനാൻ. 26
ഒൻപതാം ബാലൻ മരിച്ചപ്പൊഴും ദ്വിജൻ
മുൻപോൽ മുകുന്ദാന്തികത്തിലണഞ്ഞുടൻ
വൻപിച്ച മാലാൽ പ്രലപിപ്പതു കേട്ടു
ജംഭാരിപുത്രനാ വിപ്രനോടോതിനാൻ: 27
''കഷ്ടം! കരയുന്നതെന്തിനു ഭൂസുര-
ശ്രേഷ്ഠാ! ഭവന്നിവാസസ്ഥാനമാമിതിൽ
വില്ലാർന്നിടും ക്ഷത്രബന്ധുക്കളിലാരു-
മി,ല്ലിവർ ക്ഷത്രിയന്മാരല്ല പാർക്കുകിൽ
സത്രദ്വിജന്മാർകണക്കിവിടെപ്പൊഴും
വ്യർത്ഥമായിക്കൂട്ടർ കൂടിയിരിപ്പിതേ. 28
ക്ഷത്രിയൻ ജീവിച്ചിടും സ്ഥലത്താരണർ
പുത്രകളത്രധനാദിയൊത്തേററവും
അത്തലാർന്നാൽ, ക്ഷത്രവേഷം നടന്മട്ടു
വൃത്തിക്കവൻ ധരിക്കുന്നോവൻ മാത്രമാം. 29
ദീനരാം നിങ്ങൾക്കിനിജ്ജനിച്ചീടുമ-
സ്സൂനുവിനെക്കാത്തുതന്നിടുന്നുണ്ടു ഞാൻ
ഇമ്മൽപ്രതിജ്ഞ ഞാൻ ലംഘിക്കിലോ ഹത-
കല്മഷനായുടനഗ്നിയിൽച്ചാടുവേൻ.'' 30

ബ്രാഹ്മണൻ പറഞ്ഞു

ദൈത്യാരിയും സീരി ധന്വിമാർമുൻപനാം
പ്രദ്യുമ്നനും വീരനാമനിരുദ്ധനും
ഏതൊന്നിനെപ്പരിപാലിച്ചുകൊള്ളുവാ-
നേതുമേ ശേഷിയില്ലാത്തവരായിതോ, 31
ലോകേശരാലുമസാദ്ധ്യമാമക്കർമ്മ-
മേകനായെങ്ങനെ നീ സാദ്ധ്യമാക്കിടും?
മൗഢ്യത്തിനാലതിനിച്ഛിച്ചിടുന്നു നീ-
യൊട്ടുമേ വിശ്വാസമില്ല ഞങ്ങൾക്കിതിൽ. 32

അർജ്ജുനൻ പറഞ്ഞു

''സീരിയുമല്ല ഞാൻ കൃഷ്ണനുമല്ല കേൾ
വീരനാം പ്രദ്യുമ്നനുമല്ല ഭൂസുരാ!
ഗാണ്ഡീവമെന്ന ധനുസ്സു ധരിച്ചിടും
വിണ്ണവർകോന്മകനർജ്ജുനനാണു ഞാൻ. 33
ബ്രാഹ്മണാ! മുക്കണ്ണനെത്തുഷ്ടനാക്കിയ
മന്മഹാവീര്യമവമതിക്കായ്ക്കെടോ!
അന്തകനെപ്പോരിൽ വെന്നു ഭവാനുടെ
സന്തതിയെക്കൊണ്ടുവന്നു തന്നീടുവൻ.'' 34
അങ്ങേപ്പിതാമഹനാകും കിരീടിയാ-
ലിങ്ങനെ വിശ്രംഭിതനാം മഹീസുരൻ
പാർത്ഥപരാക്രമം കേട്ടു തോഷിച്ചു തൻ-
പത്തനത്തിൽച്ചെന്നു പാർത്തിതു സൗഖ്യമായ്.
35
പിന്നെയും ഗർഭം ധരിച്ചു വിപ്രാംഗന,
വന്നടുത്തു പ്രസവത്തിന്റെ കാലവും.
''മൃത്യുവിൽനിന്നെൻ പ്രജയെ രക്ഷിക്കുകെ''-
ന്നാർത്തനായ്പ്പാർത്ഥനോടോതിനാൻ
ഭൂസുരൻ. 36
അർജ്ജുനൻ പെട്ടെന്നു ശുദ്ധമാമംബുവിൽ
മജ്ജനംചെയ്തു നമിച്ചു മഹേശനെ
മാനസംതന്നിൽ സ്മരിച്ചു ദിവ്യാസ്ത്രങ്ങൾ
ഞാണു ബന്ധിച്ചു ഗാണ്ഡീവമെടുത്തിതേ. 37
നാനാസ്ത്രമന്ത്രം ജപിച്ചു ശരങ്ങളാ-
ലൂനമെന്യേ കീഴ്മേൽ വിലങ്ങത്തിലും
സൂതികാഗേഹം നിരോധിച്ചു ചുററിനും
വീതശങ്കം ശരകൂടം ചമച്ചിതേ. 38
പിന്നെ പ്രസവിച്ചു വിപ്രാംഗന, സുതൻ
പിന്നെയും പിന്നെയും ക്രന്ദിച്ചുകൊണ്ടുടൻ
ആകാശമാർഗ്ഗത്തിലൂടെ സദേഹനായ്
വേഗത്തിലങ്ങു പോയി മറഞ്ഞിതേ. 39
സത്വരം കൃഷ്ണസമീപമെത്തി ദ്വിജൻ
പാർത്ഥനെപ്പാരമാക്ഷേപിച്ചു ചൊല്ലിനാൻ:
''കഷ്ടം! നപുംസകത്തിന്റെ വികത്ഥനം
കേട്ടു നേരെന്നോർത്ത ഞാനെത്ര ഭോഷനാം! 40
പ്രദ്യുമ്നനും ബലഭദ്രനും കൃഷ്ണനു-
മുദ്യമിച്ചിട്ടുമസാദ്ധ്യമായ്ത്തീർന്നതാം
അർഭകരക്ഷണത്തിന്നന്യനീശ്വര-
നിപ്പാരിലാരിരിക്കുന്നു നിനയ്ക്കുകിൽ? 41
മിഥ്യാവിവാദിയാമർജ്ജുനനേ ഹസി-
ക്കട്ടെയവനീനിവാസികളേവരും.
നിന്ദിച്ചിടട്ടെയങ്ങാത്മപ്രശംസക-
ക്കൊന്നാമനാകുമവന്റെ ചാപത്തെയും
ഉന്നുന്നു ദുർമ്മതിയീശൻ നിഹനിച്ചൊ-
രുണ്ണിയെയജ്ഞതയാലാനയിക്കുവാൻ.'' 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ശപതി വിപ്രർഷൗ വിദ്യാമാസ്ഥായ ഫാല്ഗുനഃ
യയൗ സംയമനീമാശു യത്രാസ്തേ ഭഗവാൻ യമഃ. 43

വിപ്രാപത്യമചക്ഷാണസ്തത ഐന്ദ്രീമഗാത് പുരീം
ആഗ്നേയീം നൈരൃതീം സൗമ്യാം വായവ്യാം വാരുണീമഥ
രസാതലം നാകപൃഷ്ഠം ധിഷ്ണ്യാന്യന്യാന്യുദായുധഃ. 44

തതോഽലബ്ധദ്വിജസുതോ ഹ്യനിസ്തീർണ്ണപ്രതിശ്രുതഃ
അഗ്നിം വിവിക്ഷുഃ കൃഷ്ണേന പ്രത്യുക്തഃ പ്രതിഷേധതാ. 45

''ദർശയേ ദ്വിജസൂനൂംസ്തേ മാവജ്ഞാത്മാനമാത്മനാ
യേ തേ നഃ കീർത്തിം വിമലാം മനുഷ്യാഃ സ്ഥാപയിഷ്യന്തി.''
46

ഇതി സംഭാഷ്യ ഭഗവാനർജ്ജുനേന സഹേശ്വരഃ
ദിവ്യം സ്വരഥമാസ്ഥായ പ്രതീചീം ദിശമാവിശത്. 47

സപ്ത ദ്വീപാൻ സപ്ത സിന്ധൂൻ സപ്തസപ്തഗിരീനഥ
ലോകാലോകം തഥാതീത്യ വിവേശ സുമഹത്തമഃ. 48

തത്രാശ്വാഃ ശൈബ്യസുഗ്രീവമേഘപുഷ്പബലാഹകാഃ
തമസി ഭ്രഷ്ടഗതയോ ബഭൂവുർഭരതർഷഭ! 49

താൻ ദൃഷ്ട്വാ ഭഗവാൻ കൃഷ്ണോ മഹായോഗേശ്വരേശ്വരഃ
സഹസ്രാദിത്യസങ്കാശം സ്വചക്രം പ്രാഹിണോത് പുരഃ. 50

തമസ്സുഘോരം ഗഹനം കൃതം മഹ-
ദ്വിദാരയദ്ഭൂരിതരേണ രോചിഷാ
മനോജവം നിർവ്വിവിശേ സുദർശനം
ഗുണച്യുതോ രാമശരോ യഥാ ചമൂഃ. 51

ദ്വാരേണ ചക്രാനുപഥേന തത്തമഃ
പരം പരം ജ്യോതിരനന്തപാരം
സമശ്നുവാനം പ്രസമീക്ഷ്യ ഫാല്ഗുനഃ
പ്രതാഡിതാക്ഷോഽപിദധേഽക്ഷിണീ ഉഭേ. 52

തതഃ പ്രവിഷ്ടഃ സലിലം നഭസ്വതാ
ബലീയസൈജദ്ബൃഹദൂർമ്മിഭൂഷണം
തത്രാദ്ഭുതം വൈ ഭവനം ദ്യുമത്തമം
ഭ്രാജന്മണിസ്തംഭസഹസ്രശോഭിതം. 53

തസ്മിൻ മഹാഭീമമനന്തമദ്ഭുതം
സഹസ്രമൂർദ്ധന്യഫണാമണിദ്യുഭിഃ
വിഭ്രാജമാനം ദ്വിഗുണോല്ബണേക്ഷണം
സിതാചലാഭം ശിതികണ്ഠജിഹ്വം. 54

ദദർശ തദ്ഭോഗസുഖാസനം വിഭും
മഹാനുഭാവം പുരുഷോത്തമോത്തമം
സാന്ദ്രാംബുദാഭം സുപിശംഗവാസസം
പ്രസന്നവക്ത്രം രുചിരായതേക്ഷണം. 55

മഹാമണിവ്രാതകിരീടകുണ്ഡല-
പ്രഭാപരിക്ഷിപ്തസഹസ്രകുന്തളം
പ്രലംബചാർവ്വഷ്ടഭുജം സകൗസ്തുഭം
ശ്രീവത്സലക്ഷ്മം വനമാലയാ വൃതം. 56

സുനന്ദനന്ദപ്രമുഖൈഃ സ്വപാർഷദൈ-
ശ്ചക്രാദിഭിർമ്മൂർത്തിധരൈർന്നിജായുധൈഃ
പുഷ്ട്യാ ശ്രിയാ കീർത്ത്യജയാഖിലർദ്ധിഭി-
ർന്നിഷേവ്യമാണം പരമേഷ്ഠിനാം പതിം. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മർഷിയീവിധം ഭർത്സിക്കവേ പാർത്ഥ-
നംബരസഞ്ചാരവിദ്യയെയാർന്നുടൻ

ആ യമധർമ്മനിരുന്നരുളീടുന്ന
സംയമനീപട്ടണത്തിൽക്കടന്നിതേ. 43

ഭൂസുരപുത്രനെയത്ര കാണായ്കയാൽ
വാസവപത്തനം പാവകസ്ഥാനവും

പാശി നിരൃതി സമീരണം സോമനും
വാസമാളും സദനങ്ങളുമാവിധം

പാതാളവും വിണ്ണുമന്യസ്ഥലങ്ങളും
ശോധനചെയ്യാനുദായുധനർജ്ജുനൻ. 44

എങ്ങും ദ്വിജാത്മജനേ ലഭിക്കായ്കയാൽ
മങ്ങി പ്രതിജ്ഞ പാലിക്കാത്ത ഫല്ഗുനൻ

അഗ്നിയിൽച്ചാടാൻ തുടങ്ങവേ ശ്രീഹരി
കൈക്കുപിടിച്ചു തടുത്തരുളീടിനാൻ: 45

''കാട്ടിത്തരാം ദ്വിജപുത്രരെ ഞാൻ നിന-
ക്കൊട്ടുമാത്മാവിനെ നിന്ദിക്കൊലാ സ്വയം

നമ്മെ നിന്ദിക്കുവോർതാനുറപ്പിച്ചീടു-
മിമ്മന്നിൽ നമ്മുടെ നിർമ്മലകീർത്തിയെ.'' 46

എന്നു പറഞ്ഞുടനർജ്ജുനനോടൊത്തു
തന്നുടെ ദിവ്യരഥത്തിലാസീനനായ്

അച്യുതനാകും ഭഗവാനനന്തരം
പശ്ചിമദിക്കുനോക്കിഗ്ഗമിച്ചീടിനാൻ. 47

ദ്വീപങ്ങളേഴുമവയിലെയേഴു
ഭൂഭൃത്തുകളുമേഴംഭോനിധികളും

പിന്നെ ലോകാലോകവും കടന്നപ്പുറ-
ത്തുന്നതമാകും തമസ്സിലണഞ്ഞിതു. 48

സുഗ്രീവശൈബ്യവലാഹകമേഘപു-
ഷ്പാഖ്യങ്ങളാം തേർക്കുതിരകൾ നാലിനും

അന്ധകാരത്തിനാൽ കണ്ണുകാണാതെയായ്
പന്ഥാവു തെറ്റിഗ്ഗമിക്കുമെന്നായിതു. 49

എന്നതു കണ്ടു ലോകേശാധിനാഥനായ്
മിന്നും ഭഗവാൻ മധുസൂദനൻ തദാ

അർക്കസഹസ്രപ്രകാശമാളും നിജ-
ചക്രത്തെ മുൻപേ പറഞ്ഞയച്ചീടിനാൻ. 50

അത്യന്തഭീകരമായിഗ്ഗഹനമായ്
വിസ്തീർണ്ണമാമന്ധകാരത്തെയേറ്റവും

വർദ്ധിതഭാസ്സാർപ്പിളർന്നു രാമാസ്ത്രമ-
ശ്ശത്രുക്കളിൽപോലെ പാഞ്ഞു സുദർശനം. 51

ചക്രം ഗമിച്ച മാർഗ്ഗത്തിലൂടത്തമ-
ശ്ചക്രത്തിനപ്പുറമാദ്യന്തമെന്നിയേ

തിങ്ങീടുമപ്പരംജ്യോതിസ്സു കണ്ടുട-
നങ്ങക്ഷി രണ്ടുമടച്ചാൻ ധനഞ്ജയൻ. 52

പിന്നെബ്ബലിഷ്ഠമാം കാറ്റാൽ ചലിച്ചിടു-
മുന്നതമാമൂർമ്മിഭൂഷകളാർന്നിടും

അംബുധി കണ്ടാ,നതിൻനടുക്കേറ്റവും
വന്മഹസ്സാർന്നു തെളുതെളെ മിന്നിടും

മന്ദിരം കണ്ടാൻ മണിസ്തംഭമായിരം-
ചേർന്നദ്ഭുതകരകാന്തിചിന്നുന്നതായ്. 53

അപ്പുരംതന്നിലതിഭീമമായ്പ്പര-
മുൾഭയംചേർക്കും സഹസ്രഫണങ്ങളിൽ

തങ്ങുന്ന രത്നപ്രഭയാലിരട്ടിച്ച-
സംഖ്യകലർന്നതിതീക്ഷ്ണങ്ങളായിടും

കണ്ണുകളാർന്നു, സിതാചലശുഭ്രത-
ചേർന്നു ജിഹ്വാളിയും കണ്ഠപ്രദേശവും

ചാലവേ ശുദ്ധമാം നീലനിറംപൂണ്ടു
ലാലസിച്ചീടുമനന്തനെക്കണ്ടിതു. 54

ശേഷശരീരസുഖാസനയുക്തനായ്
ശേഷിമാനായനുഭാവസമേതനായ്

ഉത്തമപൂരുഷക്ദത്തംസമായ് വാരി-
ദത്തിൻനിറത്തിൽ വിളങ്ങുന്നവനുമായ്

മഞ്ഞനിറപ്പട്ടു സുപ്രസന്നാനനം
കഞ്ജദലായതചാരുനേത്രങ്ങളും 55

മിന്നും മണികൾ പതിച്ച കിരീടത്തിൽ
നിന്നുമക്കുണ്ഡലദ്വന്ദ്വത്തിൽനിന്നുമേ

ചിന്തിടും കാന്തി പരന്നിടതിങ്ങിടും
കുന്തളം മുട്ടോളമെത്തും കരാഷ്ടകം

കൗസ്തുഭരത്നവും ശ്രീവത്സലക്ഷ്മവും
ഒത്തു വനമാലയുംപൂണ്ടു ഭംഗിയിൽ. 56

നന്ദസുനന്ദാദി പാർഷദരും മൂർത്തി-
യാർന്ന സുദർശനാദ്യായുധജാലവും

പുഷ്ടിയും ശ്രീ,ജയ,കീർത്തിയിപ്പേരുക-
ളൊത്തിടും ദേവതമാരു,മണിമാദി

എട്ടു വിഭൂതിയും സേവിച്ചിടും പര-
മേഷ്ഠികൾനായകനക്ഷികൾ ലക്ഷ്യനായ്. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വവന്ദ ആത്മാനമനന്തമച്യുതോ
ജിഷ്ണുശ്ച തദ്ദർശനജാതസാധ്വസഃ
താവാഹ ഭൂമാ പരമേഷ്ഠിനാം പ്രഭു-
ർബ്ബദ്ധാഞ്ജലീ സസ്മിതമൂർജ്ജയാ ഗിരാ. 58
''ദ്വിജാത്മജാ മേ യുവയോർദിദൃക്ഷുണാ
മയോപനീതാ ഭുവി ധർമ്മഗുപ്തയേ
കലാവതീർണ്ണാവവനേർഭരാസുരാൻ
ഹത്വേഹ ഭൂയസ്ത്വരയേതമന്തി മേ. 59

പൂർണ്ണകാമാവപി യുവാം നരനാരായണാവൃഷീ
ധർമ്മമാചരതാം സ്ഥിത്യൈ ഋഷഭൗ ലോകസംഗ്രഹം.'' 60

ഇത്യാദിഷ്ടൗ ഭഗവതാ തൗ കൃഷ്ണൗ പരമേഷ്ഠിനാ
ഓമിത്യാനമ്യ ഭൂമാനമാദായ ദ്വിജദാരകാൻ. 61

ന്യവർത്തതാം സ്വകം ധാമ സംപ്രഹൃഷ്ടൗ യഥാഗതം
വിപ്രായ ദദതുഃ പുത്രാൻ യഥാരൂപം യഥാവയഃ. 62

നിശാമ്യ വൈഷ്ണവം ധാമ പാർത്ഥഃ പരമവിസ്മിതഃ
യത്കിഞ്ചിത് പൗരുഷം പുംസാം മേനേ കൃഷ്ണാനുകമ്പിതം. 63

ഇതീദൃശാന്യനേകാനി വീര്യാണീഹ പ്രദർശയൻ
ബുഭുജേ വിഷയാൻ ഗ്രാമ്യാനീജേ ചാത്യൂർജ്ജിതൈർമ്മഖൈഃ. 64

പ്രവവർഷാഖിലാൻ കാമാൻ പ്രജാസു ബ്രാഹ്മണാദിഷു
യഥാകാലം യഥൈവേന്ദ്രോ ഭഗവാൻ ശ്രൈഷ്ഠ്യമാസ്ഥിതഃ. 65

ഹത്വാ നൃപാനധർമ്മിഷ്ഠാൻ ഘാതയിത്വാർജ്ജുനാദിഭിഃ
അഞ്ജസാ വർത്തയാമാസ ധർമ്മം ധർമ്മസുതാദിഭിഃ. 66

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ദ്വിജകുമാരാനയനം നാമ ഏകോനനവതിതമോഽധ്യായഃ

നവതിതമോഽധ്യായഃ

ശ്രീശുക ഉവാച

സുഖം സ്വപുര്യാം നിവസൻ ദ്വാരകായാം ശ്രിയഃ പതിഃ
സർവ്വസമ്പത്സമൃദ്ധായാം ജുഷ്ടായാം വൃഷ്ണിപുങ്ഗവൈഃ. 1

സ്ത്രീഭിശ്ചോത്തമവേഷാഭിർന്നവയൗവനകാന്തിഭിഃ
കന്ദുകാദിഭിർഹർമ്മ്യേഷു ക്രീഡന്തീഭിസ്തഡിദ്ദ്യുഭിഃ. 2

നിത്യം സങ്കുലമാർഗ്ഗായാം മദച്യുദ്ഭിർമ്മതങ്ഗജൈഃ
സ്വലങ്കൃതൈർഭടൈരശ്വൈ രഥൈശ്ച കനകോജ്ജ്വലൈഃ. 3

ഉദ്യാനോപവനാഢ്യായാം പുഷ്പിതദ്രുമരാജിഷു
നിർവ്വിശദ്ഭൃങ്ഗവിഹഗൈർന്നാദിതായാം സമന്തതഃ. 4

രേമേ ഷോഡശസാഹസ്രപത്നീനാമേകവല്ലഭഃ
താവദ്വിചിത്രരൂപോഽസൗ തദ്ഗൃഹേഷു മഹർദ്ധിഷു. 5

പ്രോത്ഫുല്ലോത്പലകഹ്ലാരകുമുദാംഭോജരേണുഭിഃ
വാസിതാമലതോയേഷു കൂജദ്ദ്വിജകുലേഷു ച. 6

വിജഹാര വിഗാഹ്യാംഭോ ഹ്രദിനീഷു മഹോദയഃ
കുചകുങ്കുമലിപ്താങ്ഗഃ പരിരബ്ധശ്ച യോഷിതാം. 7

ഉപഗീയമാനോ ഗന്ധർവ്വൈർമ്മൃദങ്ഗപണവാനകാൻ
വാദയദ്ഭിർമ്മുദാ വീണാം സൂതമാഗധവന്ദിഭിഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തഹീനാത്മാവിനെ സ്വയം കൃഷ്ണന-
മന്തരങ്ഗത്തിൽ ഭയത്തൊടു പാർത്ഥനും

വന്ദിച്ചിതു, ബഹുധാതുപ്രഭൂതവായി
മിന്നുമബ്ഭ്രമാവു, സന്നിധിയിൽക്കുപ്പി-

നില്ക്കുമവരോടു മന്ദസ്മിതപൂർവ്വ-
മിക്കണക്കൂർജ്ജിതവാക്കുകളോതിനാൻ: 58

''ഭൂതലത്തിൽ ധർമ്മരക്ഷയ്ക്കു മത്കലാ-
ഭൂതരായിപ്പിറന്നീടിന നിങ്ങളെ

രണ്ടുപേരേയും നിരീക്ഷിക്കുവാനാശ-
കൊണ്ടിങ്ങു കൊണ്ടുപോന്നേൻ ദ്വിജപുത്രരെ.

ഭൂമിക്കു ഭാരമായ്ത്തീർന്നിരിക്കും ദൈത്യ-
ഭൂമിപരെക്കൊന്നു വേഗമിങ്ങെത്തുവിൻ. 59

ഉത്തമരായ് നരനാരായണാഭിധ-
യൊത്തിണങ്ങീടും മഹർഷിപ്രധാനരായ്

സമ്പൂർണ്ണകാമരാം നിങ്ങളിരുപേരു-
മൻപാർന്നു മര്യാദയേ നിലനിർത്തുവാൻ

ലോകസംരക്ഷണത്തിന്നു സമുചിത-
മാകുമധർമ്മത്തെയാചരിച്ചീടുവിൻ.'' 60

ഇപ്രകാരം ഭഗവാൻ പരമേഷ്ഠിതൻ-
കല്പന രണ്ടുപേരും കേട്ടു സാദരം

ഓമെന്നു മൂളിയദ്ധാമാവിനെ നമി-
ച്ചാ മഹീദേവാർഭകരെ വാങ്ങീടിനാർ. 61

തുഷ്ടരായ്വന്നതുപോലെതാനങ്ങവർ
സ്വസ്ഥാനമെത്തി വയോരൂപശീലാദി

കാലാനുസാരമായൊത്തിണങ്ങീടുമ-
ബ്ബാലകന്മാരെ ദ്വിജനു കൊടുത്തിതേ. 62

ശ്രീവിഷ്ണുധാമത്തെ നേരേ നിരീക്ഷിച്ചു
ദേവാധിപാത്മജനദ്ഭുതാധീനനായ്

ലോകത്തിലേതൊരുവന്റെയും പൗരുഷം
ശ്രീകാന്തകാരുണ്യയുക്തമെന്നോർത്തിതേ. 63

ശ്രീകൃഷ്ണനേവം വിവിധവീര്യങ്ങളെ
ലോകർക്കു കാട്ടിക്കൊടുത്തു നിരന്തരം

ഭോഗങ്ങളെല്ലാം ഭുജിക്കയുമൂർജ്ജിത-
യാഗങ്ങൾകൊണ്ടു യജിക്കയുംചെയ്തിതു. 64

ബ്രാഹ്മണാദിപ്രജാകാമങ്ങൾ പാകാരി-
തന്മട്ടതാതുകാലത്തു വർഷിച്ചിതു.

ഇങ്ങനെ സർവ്വാച്ഛനായോഗ്യമാകുമ-
ത്തുംഗപദത്തിൽ മുകുന്ദൻ വിളങ്ങിനാൻ. 65

ദുഷ്ടനൃപരേ ഹനിച്ചു താനേ പുന-
രൊട്ടുപേരേ വധിപ്പിച്ചു പാർത്ഥാദ്യരാൽ

ധർമ്മസുതാദിനൃപശ്രേഷ്ഠരെക്കൊണ്ടു
ധർമ്മം നടത്തിച്ചിതേ ഭഗവാൻ ഹരി. 66

അദ്ധ്യായം 90

കൃഷ്ണമഹിഷീ-യദുവംശവിവരണം—രതിവാക്യം

ശ്രീശുകൻ പറഞ്ഞു

ശ്രീവല്ലഭനാം ഭഗവാൻ ഹൃഷീകേശ-
നാവൃഷ്ണിപുങ്ഗവരാവസിക്കുന്നതായ്
സമ്പത്സമൃദ്ധമാം ദ്വാരകയിൽ സുഖം
സമ്പൂർണ്ണമോദപുരസ്സരം വാണിതു. 1

ഉത്തമവേഷത്തൊടും നവയൗവന-
മൊത്തതുലശ്രീകലർന്ന ഹർമ്മ്യങ്ങളിൽ
പന്തടി, നർത്തനം, ചിത്തം ഹരിച്ചിടും
ചിന്തുപാട്ടിത്യാദി ലീലയാൽച്ചുഴവും
മിന്നൽപ്പിണറുകൾപോൽ ചലിച്ചീടുന്ന
സുന്ദരിമാരാൽ സുസേവിതമപ്പുരം. 2

പൊട്ടി മദനീരൊഴുകും മതങ്ഗജ-
ക്കൂട്ടത്തിനാലും ഭടാളിയാലും പരം
വാജികളാലും കനകോജ്ജ്വലരഥ-
രാജിയാലും പൂർണ്ണമെപ്പൊഴും പാതകൾ. 3

ധാരാളമാരാമപങ്ക്തിയുപവന-
പൂരവുമെങ്ങും കലർന്നു മനോജ്ഞമായ്
പുഷ്പിതവൃക്ഷങ്ങൾ പററിപ്പറവകൾ
ഷട്പദവൃന്ദവും ശബ്ദിച്ചിരുന്നിതു. 4

ഷോഡശസാഹസ്രകാന്താജനത്തിനും-
കൂടിയൊരേ വല്ലഭനാം ജനാർദ്ദനൻ
അത്രയും ചിത്രരൂപംപൂണ്ടവരോടു-
മൊത്തു രമിച്ചാൻ തദ്ഗൃഹഗേഹങ്ങളിൽ. 5

ഓരോ ഗൃഹത്തിലുമുള്ളതാം വാപികൾ
സാരസ,മുത്പലം, കല്ഹാര,മാമ്പലും
നേരേ വികസിച്ചുതിർക്കും പൊടികളാൽ
സൗരഭ്യമാർന്ന സലിലത്തൊടും തഥാ
ചാരുനിനദംകലരും വിഹംഗമ-
പൂരത്തൊടും വിരാജിച്ചിതു നിസ്തുലം. 6

മുററും മഹത്താമുദയമിയന്നിടും
ശത്രുകുലാന്തകൻ ദേവകീനന്ദനൻ
ഭാമിനിമാർതൻ കുചകുങ്കുമം നിജ-
കോമളാങ്ഗങ്ങളിലാർന്നവരൊത്തുടൻ
ചാരുതരമാം തടാകങ്ങളിലെഴും
നീരിലിറങ്ങിക്കളിച്ചീടിനാൻ ഭൃശം. 7

വീണാമൃദങ്ഗപണവാനകാദിയ-
ന്യൂനം പ്രയോഗിച്ചിടുന്ന ഗന്ധർവ്വരും
വന്ദികൾ മാഗധസൂതസന്ദോഹവും
സന്നിധിചേർന്നു സമയോചിതങ്ങളാം
വർണ്ണനകൊണ്ടു ഭഗവാൻ മുകുന്ദനെ
നന്ദിച്ചു കീർത്തിച്ചുകൊണ്ടിരുന്നാർ പരം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിച്യമാനോഽച്യുതസ്താഭിഃസന്തീഭിഃ സ്മ രേചകൈഃ
പ്രതിസിഞ്ചൻ വിചിക്രീഡേ യക്ഷീഭിര്യക്ഷരാഡിവ. 9
താഃ ക്ലിന്നവസ്ത്രവിവൃതോരുകുചപ്രദേശാഃ
സിഞ്ചന്ത്യ ഉദ്ധൃതബൃഹത്കബരപ്രസൂനാഃ
കാന്തം സ്മ രേചകജിഹീരിഷയോപഗുഹ്യ
ജാതസ്മരോത്സവലസദ്വദനാ വിരേജുഃ. 10
കൃഷ്ണസ്തു തത്സ്തനവിഷജ്ജിതകുങ്കുമസ്രക്
ക്രീഡാഭിഷങ്ഗധുതകുന്തളവൃന്ദബന്ധഃ
സിഞ്ചൻ മുഹുര്യുവതിഭിഃ പ്രതിഷിച്യമാനോ
രേമേ കരേണുഭിരിവേഭപതിഃ പരീതഃ. 11
നടാനാം നർത്തകീനാം ച ഗീതവാദ്യോപജീവിനാം
ക്രീഡാലങ്കാരവാസാംസി കൃഷ്ണോഽദാത്തസ്യ ച സ്ത്രിയഃ. 12
കൃഷ്ണസ്യൈവം വിഹരതോ ഗത്യാലാപേക്ഷിതസ്മിതൈഃ
നർമ്മക്ഷ്വേലിപരിഷ്വങ്ഗൈഃ സ്ത്രീണാം കില ഹൃതാ ധിയഃ. 13
ഊചുർമ്മുകുന്ദൈകധിയോഽ*ഗിര ഉന്മത്തവജ്ജഡം
ചിന്തയന്ത്യോഽരവിന്ദാക്ഷം താനി മേ ഗദതഃ ശൃണു. 14

മഹിഷ്യ ഊചുഃ

കുരരി, വിലപസി ത്വം വീതനിദ്രാ ന ശേഷേ
സ്വപിതി ജഗതി രാത്ര്യാമീശ്വരോ ഗുപ്തബോധഃ
വയമിവ സഖി കച്ചിദ്ഗാഢനിർഭിന്നചേതാ
നളിനനയനഹാസോദാരലീലേക്ഷിതേന. 15
നേത്രേ നിമീലയസി നക്തമദൃഷ്ടബന്ധു-
സ്ത്വം രോരവീഷി കരുണം ബത ചക്രവാകി
ദാസ്യം ഗതാ വയമിവാച്യുതപാദജുഷ്ടാം
കിം വാ സ്രജം സ്പൃഹയസേ കബരേണ വോഢും. 16
ഭോ ഭോഃ സദാ നിഷ്ടനസേ ഉദന്വ-
ന്നലബ്ധനിദ്രോഽധിഗതപ്രജാഗരഃ
കിം വാ മുകുന്ദാപഹൃതാത്മലാഞ്ഛനഃ
പ്രാപ്താം ദശാം ത്വം ച ഗതോ ദുരത്യയാം. 17
ത്വം യക്ഷ്മണാ ബലവതാസി ഗൃഹീത ഇന്ദോ
ക്ഷീണസ്തമോ ന നിജദീധിതിഭിഃ ക്ഷിണോഷി
കച്ചിന്മുകുന്ദഗദിതാനി യഥാ വയം ത്വം
വിസ്മൃത്യ ഭോഃ സ്ഥഗിതഗീരുപലക്ഷ്യസേ നഃ. 18
കിന്ത്വാചരിതമസ്മാഭിർമ്മലയാനില, തേഽപ്രിയം
ഗോവിന്ദാപാങ്ഗനിർഭിന്നേ ഹൃദീരയസി നഃ സ്മരം. 19
മേഘ, ശ്രീമംസ്ത്വമസി ദയിതോ യാദവേന്ദ്രസ്യ നൂനം
ശ്രീവത്സാങ്കം വയമിവ ഭവാൻ ധ്യായതി പ്രേമബദ്ധഃ
അത്യുത്കണ്ഠഃ ശബലഹൃദയോഽസ്മദ്വിധോ ബാഷ്പധാരാഃ
സ്മൃത്വാ സ്മൃത്വാ വിസൃജസി മുഹുർദുഃഖദസ്തത്പ്രസങ്ഗഃ. 20
പ്രിയരാവപദാനി ഭാഷസേ
മൃതസഞ്ജീവികയാനയാ ഗിരാ
കരവാണി കിമദ്യ തേ പ്രിയം
വദ മേ വല്ഗിതകണ്ഠ കോകില! 21
ന ചലസി ന വദസ്യുദാരബുദ്ധേ,
ക്ഷിതിധര ചിന്തയസേ മഹാന്തമർത്ഥം
അപി ബത വസുദേവനന്ദനാങ്ഘ്രിം
വയമിവ കാമയസേ സ്തനൈർവിധർത്തും. 22

* 'ഗിര' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തോററു ജലക്രീഡയിൽ ഞങ്ങളോടെന്ന–
മട്ടിൽച്ചിരിച്ചു ജലംതെററിവീഴ്ത്തീടും
നാരീജനത്തെയങ്ങോട്ടുമതുപോലെ
നീരം തെറിപ്പിച്ചു പീച്ചാങ്കുഴലിനാൽ
യക്ഷികളോടൊത്തു യക്ഷരാജൻവിധം
മോക്ഷദനാമബ്ഭഗവാൻ കളിച്ചിതേ. 9
വസ്ത്രമശേഷം നനഞ്ഞടിഞ്ഞുരുക്കാം
മുത്തണിക്കൊങ്കകളും ദശ്നീയമായ്
വെള്ളം തെറിപ്പിച്ചു വീണ്ടും ചുരുണ്ടുനീ–
ണ്ടുള്ള വാർകുന്തലഴിഞ്ഞുപൊഴിഞ്ഞലർ
പീച്ചാങ്കുഴൽ കൈക്കലാക്കുവാനാന്നിട്ട–
മിച്ചുയാൽക്കാന്തനെയാലിംഗനംചെയ്തു
കാമവികാരസ്സുരന്മുഖാബ്ജത്തോടും
വാമാമണികളത്യന്തം വിളങ്ങിനാർ. 10
തത്സ്തനകുങ്കുമപങ്കാക്തമാം മാല
വിസ്തൃതോരസ്സിൽ ധരിച്ചും നിരന്തരം
ക്രീഡയിലുള്ളോരഭിനിവേശത്തിനാൽ
പാടേ മുടിക്കെട്ടഴിഞ്ഞുമടിക്കടി
നീരം പരം തെററിവീഴ്ത്തിയുമന്നാരി–
മാരാൽ പ്രതിഷിച്യമാനനായും ഹരി
സ്വന്തം കരിണീഗണത്തോടിടചേന്ന
ദന്തീന്ദ്രനെന്നകണക്കേ രമിച്ചിതേ. 11
നത്തകികാംക്കും നടനിവഹത്തിനും
നൃത്തഗീതാദ്യോപജീവിജനത്തിനും
ദൈത്യാരിയും പത്നിമാരും കൊടുത്തിതു
മുത്താന്ന ലീലോചിതവസ്ത്രഭൂഷകാം. 12
ഇമ്മട്ടു നിത്യം വിഹരിച്ചിടും ഹരി–
തന്മൃദുഭാഷണം, നോട്ടം, സ്മിതം, ഗതി
നമ്മകപടോക്തിയാലിംഗനമിവ–
യമ്മാനിനീജനചിത്തം ഹരിച്ചപോൽ. 13
നന്ദജാതൈകമതികളായീടുമ–
സ്സുന്ദരിമാർ വെറുമുന്മത്തരെന്നപോൽ,
അന്തരംഗത്തിലരവിന്ദനേത്രനെ–
ച്ചിന്തിച്ചു ചിന്താരഹിതരായോതിനാർ
ആയതുവിധമെന്നിൽനിന്നും നിങ്ങളും
മായംകലരാതെ കേട്ടുകൊണ്ടീടുവിൻ. 14

മഹിഷികൾ പറഞ്ഞു

ഹേ കുരരീ! നീയൊരുത്തിയുറങ്ങാതെ
ഹാ! കരയുന്നു, ശയിക്കുന്നതുമില്ല
ഗുപ്തബോധൻ കണവൻ സഖീ! രാത്രിയിൽ
സുപ്തനത്രേ; നീയുമീ ഞങ്ങളെന്നപോൽ
നാളീകനേത്രന്റെ മന്ദഹാസോദാര–
ലീലേക്ഷണങ്ങളാൽ നിർഭിന്നചിത്തയോ? 15
ചക്രവാകീ! രാവിലിഷ്ടനെക്കാണാതെ
ദുഃഖിച്ചു കണ്ണുപൂട്ടിക്കരയുന്നു നീ
കഷ്ടമീ ഞങ്ങളെപ്പോലെ ദാസ്യത്തിലാ–
പ്പെട്ടു മുകുന്ദപാദസ്പർശമാന്നിടും
മാല കബരിയിൽ ചൂടുവാനായി നീ
ചാലവേയാഗ്രഹിച്ചീടുന്നുവോ പ്രിയേ! 16
അംഭോനിധേ! നിദ്രവന്നിടാതെപ്പൊഴും
ഗംഭീരനായ നീ ജാഗ്രദവസ്ഥയെ
കൈക്കൊണ്ടുറക്കെ നിലവിളിച്ചീടുന്നു
ദുഃഖാത്തരാകിയ ഞങ്ങളെപ്പോലെതാൻ,
നീയും മുകുന്ദാഹൃതാത്മചിഹ്നാന്വിത–
നായിദ്ദുരത്യയാവസ്ഥയിലായിതോ? 17
ഇന്ദോ! ഭവാൻ ബലിയാം രാജയക്ഷ്മാവു
വന്നു പിടിക്കയാലേററവും ക്ഷീണനായ്
കാന്തിയാലേതും നശിപ്പിച്ചിടുന്നിതി–
ല്ലന്ധകാരത്തെയീ ഞങ്ങളെപ്പോലവേ.
ശ്രീകൃഷ്ണവാഗ്ലംഘനത്തെ സ്മരിച്ചുള്ള
ശോകംനിമിത്തമോ മൗനംഭജിപ്പു നീ?
ഞങ്ങളോടൊത്തു നിലാവിൽക്കളിക്കുവാ–
നിങ്ങു വരാമെന്നരുളിയിരുന്നവൻ
അങ്ങനെ ചെയ്യായ്കയാലെ തത്സേവന–
ഭംഗം ഭവിച്ചു നിനക്കും ശരിശരി. 18
ചൊല്ലുകൊണ്ടീടുന്ന മലയാനിലാ! ഞങ്ങ–
ളപ്രിയമങ്ങേയ്ക്കു ചെയ്തതെന്തായിടാം?
ശ്രീനിവാദഃസക്ഷണഭിന്നമാം ഞങ്ങടെ
മാനസം മന്മഥപ്രേരിതമാക്കി നീ. 19
ശ്രീമൻ! പയോദമേ! നീ യാദവേന്ദ്രനു
സീമാധികപ്രിയസ്നേഹിതൻ നിർണ്ണയം.
ഞങ്ങളെപ്പോലെതാൻ പ്രേമനിബദ്ധനാ–
യങ്ങും മുകുന്ദനെ ധ്യാനിച്ചിടുന്നിതു.
അത്യന്തമുത്കണ്ഠയോടെങ്ങളെപ്പോലെ–
യോർത്തോർത്തു കണ്ണുനീരും പൊഴിക്കുന്നിതു.
തൽക്കഥ കേൾക്കുകയെന്നുള്ളതെപ്പൊഴു–
മുൽക്കടദുഃഖപ്രദംതാനസംശയം. 20
ആകമ്രകണ്ഠമിയന്നിടുമല്ലയോ
കോകിലമേ! മൃതസഞ്ജീവികയായ
ഇഷ്ടവാക്യങ്ങളാൽ കൃഷ്ണനെപ്പോലെതാൻ
സുഷ്ഠുവായ് സംഭാഷണംചെയ്യിടുന്നു നീ.
ഞങ്ങളിപ്പോളതിന്നെന്തുപകാരമാ–
ണങ്ങേയ്ക്കു ചെയ്യേണ്ടതെന്നു ചൊല്ലീടുക. 21
കൊണ്ടാടിടേണ്ടും മതിയാന്ന ശൈലമേ!
മിണ്ടുന്നതില്ല ചലിപ്പതുമില്ല നീ
ചിന്തിച്ചിടുന്നോ മഹാപുമർത്ഥത്തെ നീ
സന്താപഹാരിയാം ശ്രീഹരിതന്നുടെ
ശ്രീലപദാബ്ജം കുചങ്ങളിൽ ഞങ്ങളെ–
പ്പോലെ ധരിപ്പാൻ കൊതിച്ചിടുന്നോ ബത? 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുഷ്യദ്ദ്രദാഃ കരശിതാ, ബത, സിന്ധുപത്ന്യഃ
സംപ്രത്യപാസ്തകമലശ്രിയ ഇഷ്ടഭർത്തുഃ
യദ്വദ്വയം മധുപതേഃ പ്രണയാവലോക-
മപ്രാപ്യ മുഷ്ടഹൃദയാഃ പുരുകർശിതാഃ സ്മ. 23
ഹംസ സ്വാഗത,മാസ്യതാം പിബ പയോ,
ബ്രൂഹ്യങ്ഗ, ശൗരേഃ കഥാം,
ദൂതം ത്വാം നു വിദാമ കച്ചിദജിതഃ,
സ്വസ്ത്യാസ്ത ഉക്തം പുരാ
കിം വാ നശ്ചലസൗഹൃദഃ സ്മരതി തം
കസ്മാദ്ഭജാമോ വയം
ക്ഷൗദ്രാലാപയ കാമദം ശ്രിയമൃതേ
സൈവൈകനിഷ്ഠാ സ്ത്രിയാം. 24
ഇതീദൃശേന ഭാവേന കൃഷ്ണേ യോഗേശ്വരേശ്വരേ
ക്രിയമാണേന മാധവ്യോ ലേഭിരേ പരമാം ഗതിം. 25
ശ്രുതമാത്രോഽപി യഃ സ്ത്രീണാം പ്രസഹ്യാകർഷതേ മനഃ
ഉരുഗായോരുഗീതോ വാ പശ്യന്തീനാം കുതഃ പുനഃ. 26
യാഃ സമ്പര്യചരൻ പ്രേമ്ണാ പാദസംവാഹനാദിഭിഃ
ജഗദ്ഗുരും ഭർത്തൃബുദ്ധ്യാ താസാം കിം വർണ്യതേ തപഃ. 27
ഏവം വേദോദിതം ധർമ്മമനുതിഷ്ഠൻ സതാം ഗതിഃ
ഗൃഹം ധർമ്മാർത്ഥകാമാനാം മുഹുശ്ചാശ്രയത് പദം. 28
ആസ്ഥിതസ്യ പരം ധർമ്മം കൃഷ്ണസ്യ ഗൃഹമേധിനാം
ആസൻ ഷോഡശസാഹസ്രം മഹിഷ്യശ്ച ശതാധികം. 29
താസാം സ്ത്രീരത്നഭൂതാനാമഷ്ടൗ യാഃ പ്രാഗുദാഹൃതാഃ
രുക്മിണീപ്രമുഖാ രാജംസ്തത്പുത്രാശ്ചാനുപൂർവശഃ. 30
ഏകൈകസ്യാം ദശ ദശ കൃഷ്ണോഽജീജനദാത്മജാൻ
യാവത്യ ആത്മനോ ഭാര്യാ അമോഘഗതിരീശ്വരഃ. 31
തേഷാമുദ്ദാമവീര്യാണാമഷ്ടാദശ മഹാരഥാഃ
ആസന്നുദാരയശസസ്തേഷാം നാമാനി മേ ശൃണു. 32
പ്രദ്യുമ്നശ്ചാനിരുദ്ധശ്ച ദീപ്തിമാൻ ഭാനുരേവ ച
സാംബോ മധുർബൃഹദ്ഭാനുശ്ചിത്രഭാനുർവൃകോഽരുണഃ. 33
പുഷ്കരോ വേദബാഹുശ്ച ശ്രുതദേവഃ സുനന്ദനഃ
ചിത്രബാഹുർവിരൂപശ്ച കവിർന്യഗ്രോധ ഏവ ച. 34
ഏതേഷാമപി, രാജേന്ദ്ര, തനുജാനാം മധുദ്വിഷഃ
പ്രദ്യുമ്ന ആസീത് പ്രഥമഃ പിതൃവദ്രുക്മിണീസുതഃ. 35
സ രുക്മിണോ ദുഹിതരമുപയേമേ മഹാരഥഃ
തസ്മാത് സുതോഽനിരുദ്ധോഽഭൂന്നാഗായുതബലാന്വിതഃ. 36
സ ചാപി രുക്മിണഃ പൗത്രീം ദൗഹിത്രോ ജഗൃഹേ തതഃ
വജ്രസ്തസ്യാഭവദ്യസ്തു മൗസലാദവശേഷിതഃ. 37
പ്രതിബാഹുരഭൂത്തസ്മാത് സുബാഹുസ്തസ്യ ചാത്മജഃ
സുബാഹോഃ ശാന്തസേനോഽഭൂച്ഛതസേനസ്തു തത്സുതഃ. 38
ന ഹ്യേതസ്മിൻ കുലേ ജാതാ അധനാ അബഹുപ്രജാഃ
അല്പായുഷോഽല്പവീര്യാശ്ച അബ്രഹ്മണ്യാശ്ച ജജ്ഞിരേ. 39
യദുവംശപ്രസൂതാനാം പുംസാം വിഖ്യാതകർമ്മണാം
സങ്ഖ്യാ ന ശക്യതേ കർത്തുമപി വർഷായുതൈർ,നൃപ. 40
തിസ്രഃ കോട്യഃ സഹസ്രാണാമഷ്ടാശീതിശതാനി ച
ആസൻ യദുകുലാചാര്യാഃ കുമാരാണാമിതി ശ്രുതം. 41
സങ്ഖ്യാനം യാദവാനാം കഃ കരിഷ്യതി മഹാത്മനാം
യത്രായുതാനാമയുതലക്ഷേണാസ്തേ സ ആഹുകഃ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇഷ്ടത്തോവാം മധുരാട്ടതൻ പ്രിയ-
ദൃഷ്ടി ലഭിക്കാതെ തോഴിമാരേ! നമ്മരം
എങ്ങനെയാഹൃതചിത്തകളായ് പര-
മങ്ഗം മെലിഞ്ഞാഭയററവരായിതോ,
അങ്ങനെതന്നെയിസ്സിന്ധുദാരങ്ങളും
മങ്ങിക്കൃശതരമായ ഗാത്രത്തോടും
ശുഷ്കഹ്രദങ്ങളാന്നംബുജകാന്തിയും
നിശ്ശേഷമററുതാൻ കാണപ്പെടുന്നിതേ. 23

ഹംസമേ! സ്വാഗത,മാസീനനായ്പ്പയ-
സ്സാസ്വദിച്ചോത്തുക മാധവൻതൻ കഥ.
നീയവൻതൻ ദൂതനെന്നു തോന്നുന്നുണ്ട-
ജ്ജനവൻ സുഖമായിരിക്കുന്നുവോ?
മുമ്പവൻ ഞങ്ങളോടോതിയതോക്കമോ
കമ്പിതമത്രേയവനുടെ സൗഹൃദം.
എന്തിനവനെബ്ഭജിക്കുന്നതീ ഞങ്ങ-
ളന്തികംതന്നിലക്കാമദനേ ദൂതം
ക്ഷുദ്രദൂതാ! നീ കമലയെക്കൂടാതെ-
യെത്തിച്ചതന്നാലുപകാരമായിടും.
നാരിമാരിൽപ്പാരിലേകഭർത്തൃവ്രത-
ധാരിണിയായുള്ളതായവരം മാത്രമോ? 24

യോഗേശ്വരേശനാം കൃഷ്ണനിലീവിധ-
മേകാന്തഭാവമിയന്നു ശോഭിച്ചിടും
മാധവപത്നിമാരേവരും പ്രാപിച്ചി-
താധിവിഹീനം പരമമാകും പദം. 25

ഉത്തമഗായകനും സ്വഭക്താളിയാൽ
നിത്യമനുഗീതവൃത്തനുമാമവൻ
ആരാൽ ശ്രുതമാത്രനായിടുംമാത്രയിൽ
നാരിമാർ ചിത്തം ബലാൽ ഹരിച്ചീടുകിൽ
നേരേ നിരീക്ഷിച്ചിട്ടുമ്പോളിയന്നിടും
കാര്യം വിശേഷിച്ചു ചൊല്ലണോ വല്ലതും? 26

പ്രേമാന്വിതം പാദസംവാഹനാദിയാ-
ലാമോദപൂർവ്വകം ഭർത്തൃഭാവത്തോടും
ലോകഗുരുവിനേ ശുശ്രൂഷചെയ്തോര-
സ്ത്രീകൾക്കെഴും തപസ്സാക്കമവർണ്ണ്യമാം. 27

വേദോദിതമാം ഗൃഹധർമ്മമീവിധം
സാധുഗതിയാം ഭഗവാൻ രമാധവൻ
പാരിൽ ജനങ്ങൾക്കു പിന്നെയും പിന്നെയും
നേരേയനുഷ്ഠിച്ചു കാട്ടിക്കൊടുത്തിതു. 28

ഗേഹാശ്രമമുഖ്യധർമ്മത്തെയാന്നിടും
ശ്രീഹരിക്കാത്മമഹിഷീജനങ്ങളായ്
ഷോഡശസാഹസ്രകത്തോടൊരുനൂറു
കൂടുമെണ്ണത്തോളമുണ്ടായിരുന്നിതു. 29

സ്ത്രീരത്നഭൂതകളായീടുമന്നാരി-
മാരിലാ രുക്മിണിതൊട്ടവരെട്ടുതാൻ
മുഖ്യ,മവരെയും തത്സുതന്മാരെയും
വ്യക്തമായ് മുൻപേ മുറയ്ക്കു കഥിച്ചു ഞാൻ. 30

ഈശനായിസ്സഫലഗതിയായിടും
കേശവനോരോരു ഭാമിനിമാരിലും
അത്യന്തമുത്തമന്മാരാം പത്തുപ്പത്തു
പുത്രരെവീതം ക്രമാൽ ജനിപ്പിച്ചിതു. 31

ഉദ്ദാമവീര്യമിയലുമക്കൂട്ടരിൽ
നിസ്തുലകീർത്തിമാന്മാർ പതിനെട്ടുപേർ
മന്നിൽ മഹാരഥന്മാരായ് ഭവിച്ചിതു
തന്നാമധേയങ്ങളും കേട്ടുകൊള്ളുക. 32

പ്രദ്യുമ്നനുമനിരുദ്ധനും ദീപ്തിമാൻ,
ചിത്രഭാനു, ബൃഹദ്ഭാനുവും, ഭാനുവും
പുഷ്കരൻ, സാംബൻ, മധു, വേദബാഹുവും
ന്യഗ്രോധനും, ശ്രുതദേവൻ, വൃത്രപനും,
പിന്നെക്കവിയു,മരുണൻ, വൃകനും, സു-
നന്ദനനും, ചിത്രഭാനുവുമെന്നിതാം. 33–34

മാധവനന്ദനന്മാരിലാ രുക്മിണീ-
ജാതനാം പ്രദ്യുമ്നനൊന്നാമനായിതു. 35

താതസമാനനും ശക്തനുമാമവൻ
പ്രീതനായ് രുക്മീതനൂജയെ വേട്ടിതു.
ഉണ്ടായി നാഗായുതബലംപൂണ്ട പേ-
രാണ്ടനിരുദ്ധനെന്നായവന്നാത്മജൻ. 36

രുക്മിതൻ ദൗഹിത്രനാമനിരുദ്ധനും
രുക്മീതനയാതനയയെ വേട്ടിതു.
അത്തനവിയിൽ ജാതനായി വജ്രൻ മൗസ-
ലത്തിൽനിന്നായവൻ ശേഷിച്ചു ഭൂപതേ! 37

തത്തനയൻ പ്രതിബാഹു,വവനുടെ
പുത്രൻ സുബാഹു,വവന്നു തനൂജനായ്
ശാന്തസേനൻ ജാതനാ,യാനവനുടെ
സന്താനമത്രേ ശ്രുതസേനനെന്നവൻ. 38

ഇക്കുലംതന്നിൽ ദരിദ്രരും, ബ്രഹ്മണ്യ-
ഭക്തിവിഹീനരും, ഭൂരിസന്താനങ്ങൾ
ഇല്ലാത്തവരുമായാരുമുദ്ഭൂതരാ-
യില്ലെന്നറിഞ്ഞീടുക ധരാവല്ലഭാ! 39

വിഖ്യാതകർമ്മാക്കളാകുമീ യാദവ-
സത്കുലജാതർതൻ സംഖ്യ ഗണിക്കുവാൻ
പാക്കിൽ പതിനായിരമാണ്ടുകൊണ്ടുമേ
ശക്യമല്ലാക്കുമെന്നോക്ക കുരൂദ്വഹാ! 40

യാദവവംശജബാലകക്ക്ഷര-
ബോധമുണ്ടാക്കിയ ദേശികന്മാരുടെ
എണ്ണവും മുക്കോടിലക്ഷമെൺപത്തിയെ-
ട്ടെന്നു കേൾക്കപ്പെട്ടിരിക്കുന്നു മന്നവാ! 41

ഏതു കലത്തിലയുതലക്ഷത്തിനു
നേതൃത്വമുഗ്രസേനൻ നിർവ്വഹിച്ചുവോ
ആ യദുവംശമഹാന്മാരുടെ സംഖ്യ
മായമററാക്കും കഥിക്കാൻ കഴിഞ്ഞിടാ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാസുരാഹവഹതാ ദൈതേയാ യേ സുദാരുണാഃ
തേ ചോത്പന്നാ മനുഷ്യേഷു പ്രജാ ദൃപ്താ ബബാധിരേ. 43
തന്നിഗ്രഹായ ഹരിണാ പ്രോക്താ ദേവാ യദോഃ കുലേ
അവതീർണ്ണാഃ കുലശതം തേഷാമേകാധികം, നൃപ. 44
തേഷാം പ്രമാണം ഭഗവാൻ പ്രഭുത്വേനാഭവദ്ധരിഃ
യേ ചാനുവർത്തിനസ്തസ്യ വവൃധുഃ സർവ്വയാദവാഃ. 45
ശയ്യാസനാടനാലാപക്രീഡാസ്നാനാദികർമ്മസു
ന വിദുഃ സന്തമാത്മാനം വൃഷ്ണയഃ കൃഷ്ണചേതസഃ. 46

തീർത്ഥം ചക്രേ നൃപോനം യദജനി യദുഷു
സ്വഃസരിത്പാദശൗചം
വിദ്വിട്സ്നിഗ്ദ്ധാഃ സ്വരൂപം യയുരജിതപരാ
ശ്രീര്യദർത്ഥേഽന്യയത്നഃ
യന്നാമാമങ്ഗലഘ്നം ശ്രുതമഥ ഗദിതം
യത്കൃതോ ഗോത്രധർമ്മഃ
കൃഷ്ണസ്യൈതന്ന ചിത്രം ക്ഷിതിഭരഹരണം
കാലചക്രായുധസ്യ. 47

ജയതി ജനനിവാസോ ദേവകീജന്മവാദോ
യദുവരപരിഷത്സ്വൈർദോർഭിരസ്യന്നധർമ്മം
സ്ഥിരചരവൃജിനഘ്നഃ സുസ്മിതശ്രീമുഖേന
വ്രജപുരവനിതാനാം വർദ്ധയൻ കാമദേവം. 48

ഇത്ഥം പരസ്യ നിജവർത്മരിരക്ഷയാഽത്ത-
ലീലാതനോസ്തദനുരൂപവിഡംബനാനി
കർമ്മാണി കർമ്മകഷണാനി യദൂത്തമസ്യ
ശ്രൂയാദമുഷ്യ പദയോരനുവൃത്തിമിച്ഛൻ. 49

മർത്ത്യസ്തയാനുസവമേധിതയാ മുകുന്ദ-
ശ്രീമത്കഥാശ്രവണകീർത്തനചിന്തയൈതി
തദ്ധാമ ദുസ്തരകൃതാന്തജവാപവർഗ്ഗം
ഗ്രാമാദ്വനം ക്ഷിതിഭുജോഽപി യയുര്യദർത്ഥാഃ. 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ശ്രീകൃഷ്ണചരിതാനുവർണ്ണനം നാമ നവതിതമോഽധ്യായഃ

ഇതി ദശമസ്കന്ധസ്യോത്തരാർദ്ധഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാസുരായോധനത്തിൽ മുന്നം മൃത-
ദേവാരിസംഘം മനുഷ്യരായിട്ടഥ
വന്നു ജനിച്ചു ഗർവ്വിഷ്ഠരായിജ്ജന-
വൃന്ദത്തെ നന്നായുപദ്രവിച്ചീടിനാർ. 43
ആദിതേയന്മാ,രവരെ വധിക്കുവാൻ
യാദവവംശത്തിൽ വിഷ്ണുവാൽ പ്രോക്തരായ്
കാശ്യപിതന്നിൽ ജനിച്ചാരവരുടെ
വംശമുണ്ടിന്നു നൂറ്റൊന്നു മഹീപതേ! 44
തത്പ്രഭവം തത്പ്രമാണവുമായുട-
നുദ്ഭവിച്ചാൻ ശ്രീഹരിയുമിബ്ഭൂമിയിൽ
തത് പാർഷദയാദവന്മാർക്കശേഷവു-
മൊപ്പം ധനധാന്യവൃദ്ധി ഭവിച്ചിതു. 45
കൃഷ്ണനിൽത്തന്നെ മനസ്സുറപ്പിച്ചുള്ള
വൃഷ്ണികൾ ശയ്യാസനാടനാലാപങ്ങൾ
ക്രീഡനം സ്നാനമിത്യാദി കർമ്മങ്ങളിൽ-
ക്കൂടീട്ടുമാത്മാവിനെയറിഞ്ഞീലഹോ! 46
ശ്രേയോനിധേ! യാദവരിലേതൊന്നുള-
വായതു ഗംഗാസരിത്പാദശൗചമാം
തീർത്ഥത്തെയും താഴ്ത്തിവെച്ചുവോ,യേതിന്റെ
ശത്രുമിത്രൗഘം സ്വരൂപത്തെയാർന്നുവോ,
അന്യരെല്ലാം ശ്രമിക്കുന്നതേതൊന്നിനാ,-
ണിന്ദിരയെന്നുമേതൊന്നിലാസക്തയോ,
ഏതിന്റെ നാമം ശ്രവിക്കയോ ചൊല്ലുയോ
ചെയ്കാലകല്മഷമമംഗലമാകവേ
അക്കാലചക്രമാം കൃഷ്ണനിബ്ഭൂവിനു
വാച്ചും ഭരം ഹരിച്ചെന്നതു ചിത്രമോ? 47

സർവ്വജനങ്ങളിലും നിവസിക്കുവോൻ
ദേവകീജാതവിവാദസമന്വിതൻ
തൻ പാണികളാലധർമ്മം ഹനിച്ചിടും
വൻപൻ യദുവരപാർഷദസംയുതൻ
പാരിൽച്ചരസ്ഥിരഭൂതവൃന്ദങ്ങളിൽ-
ച്ചേരും ദുരിതങ്ങൾ ദൂരീകരിപ്പവൻ
മന്ദസ്മിതശ്രീമുഖാബ്ജത്തിനാൽ വ്രജ-
സുന്ദരിമാർക്കും പുരസ്ത്രീജനത്തിനും
മന്മഥനേ മനതാരിൽ വളർത്തുമ-
ച്ചിന്മയൻ കൃഷ്ണൻ വിജയിച്ചിടുന്നിതേ. 48
ഏവം നിജമാർഗ്ഗസംരക്ഷണേച്ഛയാൽ
കൈവരിച്ചോരു ലീലാവിഗ്രഹത്തൊടും
ചേരും പരൻപുരുഷൻതന്റെ കാലാനു-
സാരങ്ങളായ്ക്കർമ്മവിദ്ധ്വംസകങ്ങളാം
കർമ്മങ്ങളേ ശ്രവിച്ചീടണം തച്ചര-
ണാംബുജപ്രാപ്തിക്കഭിലഷിക്കുന്നവൻ. 49
മുക്തിദനാം ശ്രീഹരിതന്നനുപദ-
വൃദ്ധി കലർന്നിടും നിർമ്മലമാം കഥ
കീർത്തിക്ക, കേൾക്കുക, ചിന്തനംചെയ്യുകെ-
ന്നിത്തരം കൃത്യങ്ങളാലെ,യലംഘ്യമാം
മൃത്യുവേഗം ലേശമേശാത്ത തത്പദ-
മെത്തിടാം മർത്ത്യനു സംശയമില്ലതിൽ.
മന്നവന്മാരുമതിനായ് സമസ്തവും
സംന്യസിച്ചന്ത്യം വനം ഗമിച്ചീടിനാർ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാദശസ്കന്ധഃ

പ്രഥമോഽധ്യായഃ

ശ്രീബാദരായണിരുവാച

കൃത്വാ ദൈത്യവധം കൃഷ്ണഃ സരാമോ യദുഭിർവൃതഃ
ഭുവോഽവതാരയദ് ഭാരം ജവിഷ്ഠം ജനയൻ കലിം. 1

യേ കോപിതാഃ സുബഹു പാണ്ഡുസുതാഃ സപത്നൈർ-
ദുർദ്യൂതഹേലനകചഗ്രഹണാദിഭിസ്താൻ
കൃത്വാ നിമിത്തമിതരേതരതഃ സമേതാൻ
ഹത്വാ നൃപാൻ നിരഹരത് ക്ഷിതിഭാരമീശഃ. 2

ഭൂഭാരരാജപൃതനാ യദുഭിന്നിരസ്യ
ഗുപ്തൈഃ സ്വബാഹുഭിരചിന്തയദപ്രമേയഃ
മന്യേഽവനേർന്നനു ഗതോഽപ്യഗതോ ഹി ഭാരം
യദ്യാദവം കുലമഹോ അവിഷഹ്യമാസ്തേ. 3

നൈവാന്യതഃ പരിഭവോഽസ്യ ഭവേത് കഥഞ്ചി-
ന്മത്സംശ്രയസ്യ വിഭവോന്നഹനസ്യ നിത്യം
അന്തഃകലിം യദുകുലസ്യ വിധായ വേണു-
സ്തംബസ്യ വഹ്നിമിവ, ശാന്തിമുപൈമി ധാമ. 4

ഏവം വ്യവസിതോ, രാജൻ, സത്യസങ്കല്പ ഈശ്വരഃ
ശാപവ്യാജേന വിപ്രാണാം സംജഹ്രേ സ്വകുലം വിഭുഃ. 5

സ്വമൂർത്ത്യാ ലോകലാവണ്യനിർമ്മുക്ത്യാ ലോചനം നൃണാം
ഗീർഭിസ്താഃ സ്മരതാം ചിത്തം പദൈസ്താനീക്ഷതാം ക്രിയാഃ. 6

ആച്ഛിദ്യ കീർത്തിം സുശ്ലോകാം വിതത്യ ഹ്യഞ്ജസാ നു കൗ
തമോഽനയാ തരിഷ്യന്തീത്യഗാത് സ്വം പദമീശ്വരഃ. 7

രാജോവാച

ബ്രഹ്മണ്യാനാം വദാന്യാനാം നിത്യം വൃദ്ധോപസേവിനാം
വിപ്രശാപഃ കഥമഭൂദ് വൃഷ്ണീനാം കൃഷ്ണചേതസാം. 8

യന്നിമിത്തഃ സ വൈ ശാപോ യാദൃശോ, ദ്വിജസത്തമ!
കഥമേകാത്മനാം ഭേദ ഏതത് സർവ്വം വദസ്വ മേ. 9

ശ്രീശുക ഉവാച

ബിഭ്രദ്വപുഃ സകലസുന്ദരസന്നിവേശം
കർമ്മാചരൻ ഭുവി സുമങ്ഗലമാപ്തകാമഃ
ആസ്ഥായ ധാമ രമമാണ ഉദാരകീർത്തിഃ
സംഹർത്തുമൈച്ഛത കുലം സ്ഥിതകൃത്യശേഷഃ. 10

കർമ്മാണി പുണ്യനിവഹാനി സുമങ്ഗലാനി
ഗായജ്ജഗത്കലിമലാപഹരാണി കൃത്വാ
കാലാത്മനാ നിവസതാ യദുദേവഗേഹേ
പിണ്ഡാരകം സമഗമൻ മുനയോ നിസൃഷ്ടാഃ. 11

വിശ്വാമിത്രോഽസിതഃ കണ്വോ ദുർവ്വാസാ ഭൃഗുരങ്ഗിരാഃ
കശ്യപോ വാമദേവോഽത്രിർവസിഷ്ഠോ നാരദാദയഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാദശസ്കന്ധം

അദ്ധ്യായം 1.

യദുബാലരിൽ ഋഷിശാപം

ശ്രീശുകൻ പറഞ്ഞു

ഭഗവാൻ കൃഷ്ണൻ ബലരാമനോടൊത്തു യദു-
നികരാവൃതനായിദ്ദൈത്യസംഹാരംചെയ്തു
ഏററവും ബലവേഗമാർന്നിടും കലഹം, സം-
സൃഷ്ടിച്ചു ധരാഭാരമാകവേ നശിപ്പിച്ചാൻ. 1
കള്ളച്ചൂതാട്ട,മവഹേളനം, പാഞ്ചാലിത-
ന്നല്ലണിപ്പുരികുന്തലഴിക്കയിത്യാദിയാം
ദുഷ്കൃത്യങ്ങളാൽ ശത്രുജനങ്ങൾ വീണ്ടുംവീണ്ടു-
മുത്കടം കോപിപ്പിച്ച പാണ്ഡുനന്ദനന്മാരെ
നിമിത്തമാക്കിയിരുപക്ഷത്തും ചേർന്ന നൃപ-
സമുദായത്തെയടക്കളത്തിൽ നശിപ്പിച്ചു
സമസ്തലോകേശനാം ഭഗവാൻ മുകുന്ദനി-
ക്ഷമതൻ ഭാരം ഹരിച്ചീടിനാൻ നൃപോത്തമാ! 2
ഭൂമിക്കു ഭാരമായ ഭൂപന്മാരെയും സൈന്യ-
സ്തോമവും സ്വന്തബാഹുഗുപ്തരാം യദുക്കളാൽ
ഹനിപ്പിച്ചപ്രമേയൻ ഭഗവാൻ വിചാരിച്ചാ-
നിനിയും ഭൂമിഭാരം നിശ്ശേഷമററില്ലെന്നായ്.
തീർന്നുപോയ്ക്കുറേയൊക്കെയെങ്കിലു-
മവിഷഹ്യ-
മിന്നീ യാദവാന്വയമിരിക്കുന്നല്ലോ ചിത്രം! 3
എന്നെയാശ്രയിച്ചെന്നുമൈശ്വര്യസമൃദ്ധിയാ-
ലുന്നതാഹങ്കാരമാർന്നിരിക്കുമിതിനോർത്താൽ
അന്യരിൽനിന്നുമൊരുവിധവും നാശം വരാ,
പിന്നെയോ മുളങ്കാട്ടിന്നഗ്നിയെന്നുള്ളമട്ടിൽ,
ഞാൻതന്നെയന്തഃഛിദ്രം യദുവംശത്തിൽ
ചേർത്തു
ശാന്തി കൈവരിക്കുവേൻ ധാമവും
ഗമിക്കുവേൻ. 4
ഇത്തരം നിശ്ചയിച്ചു സർവ്വാന്തര്യാമിയായി
സത്യസങ്കല്പനായ ഭഗവാൻ ശ്രീനിവാസൻ
വിപ്രശാപലക്ഷത്താൽ സ്വകുലം മടിയെന്യേ-
യപ്പാടേയൊടുക്കിനാൻ മന്നവാ! നിഷ്പ്ര-
യാസം. 5
ലോകലാവണ്യം വെറും നിസ്സാരമാക്കി-
ത്തീർക്കും
സ്വാകാരമാഹാത്മ്യത്താൽ മർത്ത്യലോചന-
ത്തേയും
വാക്കുകൾകൊണ്ടവറെറ സ്മരിപ്പോർ
ചിത്തത്തെയും
തൃക്കാൽകളാലവയെക്കാണ്മോർതൻ
കർമ്മത്തെയും
ആകർഷിച്ചീയൂഴിയിൽ കീർത്തിപ്പോരുടെ
പാപ-
മാകവേ നശിപ്പിക്കും കീർത്തിയെ വിസ്തരിച്ചും
അതിനാൽ തമോരൂപമാകുമജ്ഞാനത്തെയി-
ക്ഷിതിവാസികൾ മേലിൽക്കടന്നീടു-
ട്ടെയെന്നായ്,
ഉൾത്താരിൽ സങ്കല്പിച്ചും സമസ്തേശ്വരനാകു-
മുത്തമപുമാൻ കൃഷ്ണൻ സ്വസ്ഥാനം പ്രാപി-
ച്ചതു. 6–7

രാജാവു പറഞ്ഞു

ബ്രാഹ്മണഭക്തന്മാരും ദാനശീലരും നിത്യം
ബ്രഹ്മജ്ഞവര്യന്മാരെയുപാസിച്ചീടുവോരും
കൃഷ്ണനിൽ ചിത്തമർപ്പിച്ചവരുമായീടുമാ-
വൃഷ്ണികൾക്കേതുമട്ടിലുണ്ടായി വിപ്രശാ- 8
എന്തായിരുന്നു ശാപമായതു സംഭവിപ്പാ-
നെന്തു കാരണമേകമാനസന്മാരായിട്ടും
യാദവന്മാർക്കു തമ്മിൽ നാശഹേതുവാം ശണ്ഠ-
യേതൊരുവിധം ജാതമായിതു വിപ്രോത്തമാ! 9

ശ്രീശുകൻ പറഞ്ഞു

പൂർണ്ണസൗന്ദര്യമോലുംതല്ലമാകാരഭംഗി-
യാർന്നമിബ്ഭൂമിയിൽത്തൻ ധാമത്തിലാ-
വസിച്ചും
മംഗലകർമ്മങ്ങളെയാചരിച്ചാരമിച്ചും
തുംഗോദാരോദ്യൽക്കീർത്തിപൂണ്ടാപ്തകാമനായി.
അല്പമാം കൃത്യം ശേഷിപ്പവനായ് നിജവംശ-
മപ്പാടേസംഹരിക്കാനിച്ഛിച്ചാനഖിലേശൻ. 10
പുണ്യവർദ്ധകങ്ങളായ് മംഗലപ്രദങ്ങളാ-
യനൃനം കീർത്തിപ്പോർക്കു കലിദോഷഘ്നങ്ങളാം
ശ്രേഷ്ഠകർമ്മങ്ങൾ ചെയ്തു യദുദേവാലയത്തിൽ
പാർത്തിടും കാലാത്മാവാം ഭഗവാൻ
വാസുദേവൻ
ഉത്തമമുനിമാരെപ്പിന്നീടപ്പിണ്ഡാരക-
തീർത്ഥസ്ഥാനത്തിലേക്കായ് പ്രേരിപ്പിച്ചു-
യച്ചിതു. 11
വിശ്വാമിത്രനും കണ്വനസിതൻ, വസിഷ്ഠനും
കശ്യപൻ വാമദേവൻ ഭൃഗുവും ദുർവ്വാസസ്സും
അത്രി, ദേവർഷിയാകും നാരദ,നങ്ഗിരസ്സെ-
ന്നിത്യാദി മാമുനീന്ദ്രരുടനങ്ങെത്തീടിനാർ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രീഡന്തസ്താനുപവ്രജ്യ കുമാരാ യദുനന്ദനാഃ
ഉപസങ്ഗൃഹ്യ പപ്രച്ഛുരവിനീതാ വിനീതവത്. 13

തേ വേഷയിത്വാ സ്ത്രീവേഷൈഃ സാംബം ജാംബവതീസുതം
''ഏഷാ പൃച്ഛതി വോ വിപ്രാ അന്തർവ്വത്ന്യസിതേക്ഷണാ. 14

പ്രഷ്ടും വിലജ്ജതീ സാക്ഷാത് പ്രബ്രൂതാമോഘദർശനാഃ
പ്രസോഷ്യന്തീ പുത്രകാമാ കിം സ്വിത് സഞ്ജനയിഷ്യതി?'' 15

ഏവം പ്രലബ്ധാ മുനയസ്താനൂചുഃ കുപിതാ, നൃപ!
''ജനയിഷ്യതി വോ മന്ദാ മുസലം കുലനാശനം.'' 16

തച്ഛ്രുത്വാ തേഽതിസന്ത്രസ്താ വിമുച്യ സഹസോദരം
സാംബസ്യ ദദൃശുസ്തസ്മിൻ മുസലം ഖല്വയസ്മയം. 17

''കിം കൃതം മന്ദഭാഗ്യൈർന്നഃ കിം വദിഷ്യന്തി നോ ജനാഃ''
ഇതി വിഹ്വലിതാ ഗേഹാനാദായ മുസലം യയുഃ. 18

തച്ചോപനീയ സദസി പരിമ്ലാനമുഖശ്രിയഃ
രാജ്ഞ ആവേദയാഞ്ചക്രുഃ സർവ്വയാദവസന്നിധൗ. 19

ശ്രുത്വാഽമോഘം വിപ്രശാപം ദൃഷ്ട്വാ ച മുസലം നൃപ!
വിസ്മിതാ ഭയസന്ത്രസ്താ ബഭൂവുർദ്വാരകൗകസഃ. 20

തച്ചൂർണ്ണയിത്വാ മുസലം യദുരാജഃ സ ആഹുകഃ
സമുദ്രസലിലേ പ്രാസ്യല്ലോഹം ചാസ്യാവശേഷിതം. 21

കശ്ചിന്മത്സ്യോഽഗ്രസീല്ലോഹം ചൂർണ്ണാനി തരളൈസ്തതഃ
ഉഹ്യമാനാനി വേലായാം ലഗ്നാന്യാസൻ കിലൈരകാഃ. 22

മത്സ്യോ ഗൃഹീതോ മത്സ്യഘ്നൈർജ്ജാലേനാന്യൈഃ സഹാർണ്ണവേ
തസ്യോദരഗതം ലോഹം സ ശല്യേ ലുബ്ധകോഽകരോത്. 23

ഭഗവാൻ ജ്ഞാതസർവ്വാർത്ഥ ഈശ്വരോഽപി തദന്യഥാ
കർത്തും നൈച്ഛത് വിപ്രശാപം കാലരൂപ്യന്വമോദത. 24

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച

ഗോവിന്ദഭുജഗുപ്തായാം ദ്വാരവത്യാം കുരൂദ്വഹ!
അവാത്സീന്നാരദോഽഭീക്ഷ്ണം കൃഷ്ണോപാസനലാലസഃ. 1

കോ നു രാജന്നിന്ദ്രിയവാൻ മുകുന്ദചരണാംബുജം
ന ഭജേത് സർവ്വതോ മൃത്യുരുപാസ്യമമരോത്തമൈഃ. 2

തമേകദാ തു ദേവർഷിം വസുദേവോ ഗൃഹാഗതം
അർച്ചിതം സുഖമാസീനമഭിവാദ്യേദമബ്രവീത്. 3

വസുദേവ ഉവാച

ഭഗവൻ, ഭവതോ യാത്രാ സ്വസ്തയേ സർവ്വദേഹിനാം
കൃപണാനാം യഥാ പിത്രോരുത്തമശ്ലോകവർത്മനാം. 4

ഭൂതാനാം ദേവചരിതം ദുഃഖായ ച സുഖായ ച
സുഖായൈവ ഹി സാധൂനാം ത്വാദൃശാമച്യുതാത്മനാം. 5

ഭജന്തി യേ യഥാ ദേവാൻ ദേവാ അപി തഥൈവ താൻ
ഛായേവ കർമ്മസചിവാഃ സാധവോ ദീനവത്സലാഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിടെക്കളിക്കുന്ന യാദവബാലന്മാർ, ത-
ത്സവിധം ജാംബവതീപുത്രനാം സാംബൻ-
തന്നെ
സ്ത്രീവേഷം ചമയിച്ചുനിറുത്തി നമിച്ചോതി-
യീവിധമവിനീതരെങ്കിലും വിനീതർ-
പോൽ. 13
''അല്ലയോ വിപ്രന്മാരേ! ഗർഭിണിയായീടുമി-
ക്കല്യാണഗാത്രി ഭവാന്മാരോടു ചോദിക്കുന്നു.
നേരിട്ടു ചോദിക്കുവാൻ ലജ്ജയാൽ മടിക്കുന്ന
പേറടുത്തിരിക്കുന്ന പുത്രേച്ഛുവായോരിവരം
പെററിടും കുട്ടിയെന്തെന്നറിഞ്ഞീടുവാനാശ
മുററുന്നിതമോഘദർശനരാം നിങ്ങൾ
ചൊൽവിൻ.'' 14-15
ഈവിധമപഹാസപാത്രരാം മഹർഷിമാ-
രേവരും കോപിഷ്ഠരായക്കുമാരന്മാരോടായ്
''മടയന്മാരേ! നിങ്ങൾക്കുടയ വംശം പാടേ
മുടിക്കുമുലക്കയെപ്പെറ്റിടു''മെന്നു ചൊന്നാർ. 16
അതു കേട്ടവരും സന്ത്രസ്തരായ് സാംബൻ
തന്റെ-
യുദരവസ്ത്രം പെട്ടെന്നഴിച്ചുനോക്കിയപ്പോൾ
ശരിയായ് മുനീന്ദ്രോക്തിപോലെതാനതി-
ലങ്ങൊ-
രിരുമ്പുലക്ക കണ്ടു വിസ്മയംപൂണ്ടീടിനാർ. 17
''എന്താണു മന്ദഭാഗ്യർ നമ്മളിച്ചെയ്തതിപ്പോ-
ഴെന്തെല്ലാം നമ്മേപ്പററി ജനങ്ങളോതീടുമോ.''
എന്നീവിധത്തിലേററം ദുഃഖിച്ചു മുസലത്തെ
യാന്നവർ തന്മന്ദിരം പ്രാപിച്ചീടിനാർ
വേഗം. 18
ആ മുസലത്തെപ്പിന്നെസ്സദസ്സിൽക്കൊണ്ടുചെന്നു
ഭൂമീശനോടായ് സർവ്വയാദവന്മാരും കേൾക്കെ
മങ്ങിന മുഖത്തോടുകൂടിയക്കുമാരന്മാർ
സംഗതി നടന്നതുപോലൊക്കെയറിയിച്ചാർ.
19
നിഷ്ഫലമായീടാത്ത ഭൂസുരശാപം കേട്ടു
മുല്ലാടിരുന്നീടുമാ മുസലം സന്ദർശിച്ചും
ദ്വാരകാനിവാസികളദ്ഭുതസ്തബ്ധരായി-
പ്പാരിച്ച ഭീതിമൂലം വേപഥുഗാത്രരായാർ. 20
യാദവരാജാവാകുമുഗ്രസേനനശ്ശാപ-
ബാധയേല്ക്കായ്‌വാനായ മുസലം നല്ലപോലെ
രാകിപ്പൊടിപ്പിച്ചതും ശേഷിച്ച ഖണ്ഡവും ഹേ
ഭൂകാന്താ! വാരാശിയിലപ്പൊഴേയെ-
റിയിച്ചാൻ. 21
പിന്നെയാ ലോഹഖണ്ഡം വിഴുങ്ങിയൊരു
മത്സ്യം,
ചൂർണ്ണരാശിയെ,ത്തിരയടിച്ചു കരയ്ക്കേററി
തീരത്തിലവ പററിപ്പിടിച്ചു മുളച്ചുട-
നേരകതൃണങ്ങളായ് ഭവിച്ചുപോലും നൃപാ! 22

കടലിൽ വലയിട്ടു മീൻപിടുത്തക്കാർ പിടി-
ച്ചെടുത്ത മത്സ്യങ്ങളിൽപെട്ടൊരാ മീനത്തെയും
ഒരു വേടന വിററാ,രായവനതിനേയ-
ങ്ങറുത്തു കീറിയപ്പോളാലോഹഖണ്ഡം കിട്ടി.
എടുത്തു മുനമ്പൊന്നു പണിയിപ്പിച്ചായതു
ഘടിപ്പിച്ചിണക്കിനാൻ തന്നസ്ത്രംതന്നിൽ
നേരേ. 23
ശ്രീകൃഷ്ണനെല്ലാമറിഞ്ഞീടിലും സമർത്ഥശ-
നാകിലും വിപ്രശാപമന്യഥാകരിക്കുവാൻ
ഇച്ഛിച്ചില്ലെന്നതുതന്നല്ലക്കാലസ്വരൂപനാ-
മച്യുതനനുമോദിക്കുകയും ചെയ്തീടിനാൻ. 24

അദ്ധ്യായം 2

നാരദവസുദേവനിമിനവയോഗിസംവാദങ്ങൾ ഭാഗവതധർമ്മം

ശ്രീശുകൻ പറഞ്ഞു

ശ്രീകൃഷ്ണഭഗവാൻതൻ ദോർദ്ദണ്ഡച്ഛായതന്നിൽ
ഹേ കുരുശ്രേഷ്ഠാ! നന്നായ്‌പുലന്നു
പോരുന്നതാം
ദ്വാരകാപുരംതന്നിൽ ഗോവിന്ദസേവാർത്ഥൻ
നാരദമഹാമുനി വസിച്ചാൻ പലേകുറി. 1
മന്നിതിലെങ്ങുംതന്നെ മൃത്യുവിന്നധീനനായ്
മന്നവാ! ജിതേന്ദ്രിയനായീടുമേതൊരുത്തൻ
നിഖിലസുരേശർക്കുമാരാധ്യമായിടും ശ്രീ-
മുകുന്ദപാദാംബുജം ഭജിക്കാതിരുന്നിടും? 2
ഒരിക്കൽത്തൻ ഗൃഹത്തിലാഗതനായീടിന
സുരർഷിതന്നെപ്പൂജിച്ചിരുത്തിസ്സൽക്കരിച്ചു
നമസ്കരിച്ചുനേരേ സമ്മാന്യൻ വസുദേവൻ
സുമതേ! വിനീതനായ് ചോദിച്ചാനി-
പ്രകാരം. 3

വസുദേവൻ പറഞ്ഞു

പിതാക്കന്മാരുടേയുമുത്തമശ്ലോകഭക്ത-
പ്രധാനന്മാരുടേയും സഞ്ചാരമെന്നപോലെ
ഭഗവൻ! ഭവദീയയാത്രയും ദുഃഖാർത്തരാ-
മഖിലദേഹികൾക്കും സ്വസ്തിക്കായു-
ള്ളതല്ലോ. 4
ദേവവ്യാപാരം സുഖംപോലെ ദുഃഖവും സർവ്വ-
ജീവിക്കുമേകു,ന്നെന്നാലച്യുതാത്മാക്കളാകും
അങ്ങയെപ്പോലെയുള്ള സാധുക്കൾതൻ-
പ്രവൃത്തി-
യെങ്ങുമേവർക്കും സുഖംമാത്രംതാനരുളുന്നു. 5
ഇങ്ങോട്ടാരേതുമട്ടു ഭജിക്കുന്നുവോ സുര-
രങ്ങോട്ടുമതേവിധം ഭജിപ്പോരെന്നാകയാൽ
ഛായപോൽക്കർമ്മത്തോടു സംബന്ധി-
ച്ചിരിക്കുന്നി-
തായവർ, സാധുക്കളോ ദീനവത്സലരല്ലോ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മംസ്തഥാപി പൃച്ഛാമോ ധർമ്മാൻ ഭാഗവതാംസ്തവ
യാൻ ശ്രുത്വാ ശ്രദ്ധയാ മർത്ത്യോ മുച്യതേ സർവ്വതോഭയാത്. 7

അഹം കില പുരാനന്തം പ്രജാർത്ഥോ ഭുവി മുക്തിദം
അപൂജയം, ന മോക്ഷായ, മോഹിതോ ദേവമായയാ. 8

യഥാ വിചിത്രവ്യസനാദ് ഭവദ്ഭിർവിശ്വതോഭയാത്
മുച്യേമ ഹ്യഞ്ജസൈവാദ്ധാ തഥാ നഃ ശാധി സുവ്രത. 9

ശ്രീശുക ഉവാച

രാജന്നേവം കൃതപ്രശ്നോ വസുദേവേന ധീമതാ
പ്രീതസ്തമാഹ ദേവർഷിർഹരേഃ സംസ്മാരിതോ ഗുണൈഃ. 10

നാരദ ഉവാച

സമ്യഗേതദ്വ്യവസിതം ഭവതാ സാത്വതർഷഭ!
യത് പൃച്ഛസേ ഭാഗവതാൻ ധർമ്മാംസ്ത്വം വിശ്വഭാവനാൻ. 11

ശ്രുതോഽനുപഠിതോ ധ്യാത ആദൃതോ വാനുമോദിതഃ
സദ്യഃ പുനാതി സദ്ധർമ്മോ ദേവ വിശ്വദ്രുഹോഽപി ഹി. 12

ത്വയാ പരമകല്യാണഃ പുണ്യശ്രവണകീർത്തനഃ
സ്മാരിതോ ഭഗവാനദ്യ ദേവോ നാരായണോ മമ. 13

അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം
ആർഷഭാണാം ച സംവാദം വിദേഹസ്യ മഹാത്മനഃ. 14

പ്രിയവ്രതോ നാമ സുതോ മനോഃ സ്വായംഭുവസ്യ യഃ
തസ്യാഗ്നീധ്രസ്തതോ നാഭിരൃഷഭസ്തത്സുതഃ സ്മൃതഃ. 15

തമാഹുർവാസുദേവാംശം മോക്ഷധർമ്മവിവക്ഷയാ
അവതീർണ്ണം സുതശതം തസ്യാസീത് ബ്രഹ്മപാരഗം. 16

തേഷാം വൈ ഭരതോ ജ്യേഷ്ഠോ നാരായണപരായണഃ
വിഖ്യാതം വർഷമേതദ്യന്നാമ്നാ ഭാരതമദ്ഭുതം. 17

സ ഭുക്തഭോഗാം ത്യക്ത്വേമാം നിർഗ്ഗതസ്തപസാ ഹരിം
ഉപാസീനസ്തത്പദവീം ലേഭേ വൈ ജന്മഭിസ്ത്രിഭിഃ. 18

തേഷാം നവ നവദ്വീപപതയോഽസ്യ സമന്തതഃ
കർമ്മതന്ത്രപ്രണേതാര ഏകാശീതിർദ്വിജാതയഃ. 19

നവാഭവൻ മഹാഭാഗാ മുനയോ ഹ്യർത്ഥശംസിനഃ
ശ്രമണാ വാതരശനാ ആത്മവിദ്യാവിശാരദാഃ. 20

കവിർഹരിരന്തരിക്ഷഃ പ്രബുദ്ധഃ പിപ്പലായനഃ
ആവിർഹോത്രോഽഥ ദ്രുമിളശ്ചമസഃ കരഭാജനഃ. 21

ത ഏതേ ഭഗവദ്രൂപം വിശ്വം സദസദാത്മകം
ആത്മനോഽവ്യതിരേകേണ പശ്യന്തോ വ്യചരൻ മഹീം. 22

അവ്യാഹതേഷ്ടഗതയഃ സുരസിദ്ധസാധ്യ-
ഗന്ധർവ്വയക്ഷനരകിന്നരനാഗലോകാൻ
മുക്താശ്ചരന്തി മുനിചാരണഭൂതനാഥ-
വിദ്യാധരദ്വിജഗവാം ഭുവനാനി കാമം. 23

ത ഏകദാ നിമേഃ സത്രമുപജഗ്മുര്യദൃച്ഛയാ
വിതായമാനമൃഷിഭിരജനാഭേ മഹാത്മനഃ. 24

താൻ ദൃഷ്ട്വാ സൂര്യസങ്കാശാൻ മഹാഭാഗവതാൻ നൃപഃ
യജമാനോഽഗ്നയോ വിപ്രാഃ സർവ്വ ഏവോപതസ്ഥിരേ. 25

വിദേഹസ്താനഭിപ്രേത്യ നാരായണപരായണാൻ
പ്രീതഃ സംപൂജയാഞ്ചക്രേ ആസനസ്ഥാൻ യഥാർഹതഃ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമ്മട്ടിലാ,ണെങ്കിലും ബ്രഹ്മജ്ഞാ! ഭാഗവത-
ധർമ്മങ്ങൾ ഭവാനോടു ചോദിച്ചീടുന്നു ഞങ്ങൾ
ശ്രദ്ധയോടതു കേട്ടിട്ടാണല്ലോ മോചിപ്പതു
മർത്ത്യരാകവേ സർവ്വവിധഭീതിയിൽനിന്നും. 7
പണ്ടു ഞാൻ സന്തതിക്കായ് മുക്തിദൻ
ഭഗവാനെ
വേണ്ടപോൽ ഭക്തിപൂർവ്വം പൂജിച്ചുവല്ലോ മുനേ!
ഈശ്വരമായാമോഹബാധിതനാകമൂലം
ശാശ്വതമോക്ഷത്തിനായർച്ചിച്ചതില്ല കഷ്ടം. 8
വിവിധദുഃഖയുക്തസർവ്വഭീതിയിൽനിന്നും
ജവത്തിലെമ്മട്ടായാൽ സത്യമായ്
മോചിക്കുമോ
ആവിധം ശാസിച്ചാലും ദീനരാമീ ഞങ്ങളെ
സുവ്രതനായീടുന്ന നിന്തിരുവടിയിപ്പോൾ. 9

ശ്രീശുകൻ പറഞ്ഞു

ബുദ്ധിമാൻ വസുദേവനീവിധം ചെയ്ത
ചോദ്യം
സത്വരം ഹരിവീര്യസ്തുതിചേർത്തതുമൂലം
അത്യന്തം തുഷ്ടനായി നാരദനമർത്ത്യർഷി-
യിത്തരമവനോടു ചൊല്ലിനാൻ മഹീപതേ! 10

നാരദൻ പറഞ്ഞു

ലോകമാകവേ പരിപാവനമാക്കുന്നതാം
ഭാഗവതാഖ്യധർമ്മമഖിലം ശ്രദ്ധാപൂർവ്വം
ഹരിഭക്താഗ്ര്യാ! ഭവാൻ ചോദിച്ചീടുകമൂലം
പരിചോടെനിക്കുള്ളിലുത്സാഹം പെരുകുന്നു. 11
ചൊല്ലുകയോ സ്മരിക്കയോ നിത്യമാദരിക്കയോ
പാകംപോൽ ധ്യാനിക്കയോ സന്തോഷി-
ക്കയോ ചെയ്യിൽ
തദ്ധർമ്മം ദേവവിശ്വദ്രോഹശീലരെപ്പോലും
സത്വരം പരിശുദ്ധരാക്കുന്നു തർക്കമില്ല. 12
കേൾക്കയോ കീർത്തിക്കയോ ചെയ്യുകിൽ
പുണ്യംചേർക്കു-
മാഖ്യകളാലും പരമാനന്ദസ്വരൂപനാം
ശ്രീനാരായണഭഗവാനെയങ്ങിപ്പോഴെന്റെ
മാനസത്തിങ്കൽ സ്മരിപ്പിച്ചതു നന്നുതന്നെ. 13
പണ്ടൃഷഭജന്മാരും നിമിഭൂപനും തമ്മി-
ലുണ്ടായ സംവാദം ഞാനങ്ങയോടി-
പ്പോഴോതാം. 14
സ്വായംഭുവാഖ്യമനുനന്ദനൻ പ്രിയവ്രത-
നായവനുദ്ഭവിച്ചിതാഗ്നീധ്രനെന്ന പുത്രൻ
നന്ദനനവനുണ്ടായ് നാഭിനാമകഭൂപൻ
മന്നവനൃഷഭൻതത്പുത്രനാണെന്നും കേൾപ്പൂ 15
അവനെ മോക്ഷധർമ്മമരുളാൻ ധരിത്രിയി-
ലവതരിച്ച വാസുദേവാംശമെന്നു ചൊൽവൂ.
വേദമാം വാരാശിതൻ കര കണ്ടവരായി
ജാതരായിതു പിന്നെയവനു നൂറാത്മജർ. 16

അവരിൽ ജ്യേഷ്ഠൻ വിഷ്ണ്വേകാശ്രയൻ
ഭരതൻതാ-
നവന്റെ നാമത്താലിബ്ഭൂഖണ്ഡം
സുപ്രസിദ്ധം. 17
ഭരതനേറെക്കാലം രാജ്യപാലനംചെയ്തി-
ദ്ധര സന്ത്യജിച്ചു നിർഗ്ഗതനായ് തപസ്സിനാൽ
ഹരിപൂജനംചെയ്തു മൂന്നു ജന്മങ്ങൾകൊണ്ടു
ശരിയായ് ഭഗവാങ്കൽ സായൂജ്യം
പ്രാപിച്ചിതു. 18
പിന്നെയുള്ളവരിൽവച്ചൊൻപതുപേരിദ്ധരാ-
ഖണ്ഡത്തിൻ ചുററുമുള്ള നവദ്വീപങ്ങൾക്കെല്ലാം
മന്നവന്മാരായ്ത്തീർന്നു ശിഷ്ടരായോരി-
ലെൺപ-
ത്തൊന്നുപേർ കർമ്മമാർഗ്ഗപരരാം ദ്വിജരായർ. 19
ബാക്കിയൊൻപതു പേരും മനനശീലരും വൻ-
ഭാഗ്യവാന്മാരും വസനാദിയിലശ്രദ്ധരും
അദ്ധ്യാത്മവിജ്ഞന്മാരും സത്യവസ്തുവെപ്പററി
വിസ്തരിച്ചീടുവോരുമായിരുന്നിതു ഭൂപാ! 20
കവിയും ഹരിതാനു,മന്തരിക്ഷനും, പിന്നെ
പ്രബുദ്ധൻതാനും പിപ്പലായന,-
നാവിർഹോത്രൻ,
ദ്രമിളൻ, ചമസനും, കരഭാജനനുമെ-
ന്നമലാത്മാക്കളാകുമവർതൻ നാമങ്ങളാം. 21
അവരേവരും സ്ഥൂലസൂക്ഷ്മസ്വരൂപമാമി-
ബ്ഭുവനമാത്മാവിൽനിന്നഭിന്നമായി മിന്നും
ഭഗവത്സ്വരൂപമാണെന്നു വീക്ഷിച്ചുകൊണ്ടു
സുഖമായ് ഭുവിലെങ്ങും ചുററിസ്സഞ്ചരി-
ച്ചിതു. 22
സുരചാരണസിദ്ധസാദ്ധ്യഗന്ധർവ്വയക്ഷ-
നരഗോസർപ്പമൃഗപക്ഷികൾ ഭൂതാധിപർ
കിന്നരർ വിദ്യാധരരെന്നല്ല മാമുനിമാ-
രെന്നിവർക്കുള്ള സർവ്വലോകത്തുമിഷ്ടംപോലെ
മാർഗ്ഗവിഘ്നങ്ങളേതുമെന്നിയേ യാതൊന്നിലു-
മാഗ്രഹമില്ലാത്തവരായവർ സഞ്ചരിച്ചാർ. 23
അവരേകദാ, മഹാത്മാവാകും നിമിഭൂപ-
പ്രവരനജനാഭനാമകവർഷംതന്നിൽ
മഹർഷിശ്രേഷ്ഠരെക്കൊണ്ടദ്ധ്വരം നടത്തിക്കും
മഹിതസത്രശാലയെത്തിനാർ യദൃച്ഛയായ്. 24
രവിസന്നിഭന്മാരായ് ഭക്തമുഖ്യന്മാരാകു-
മവരെക്കണ്ടപ്പൊഴേയഗ്നികൾ യജമാനൻ
വിപ്രരുമെഴുന്നേററു തത്സമീപത്തു ചെന്നി-
ട്ടുൾപ്പൂവിൽ ഭക്തിപൂർവ്വം വന്ദിച്ചുനിന്നീ-
ടിനാർ. 25
അവരെ നാരായണപരന്മാരെന്നന്നിമി-
നൃവരൻ നിശ്ചയിച്ചിട്ടത്യന്തം തുഷ്ടനായി
ശ്രേഷ്ഠമാം പീഠങ്ങളിലിരുത്തി യോഗ്യമാകും-
മട്ടിൽത്താൻ സത്കരിച്ചു സാദരം
പൂജിച്ചിതു. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താൻ രോചമാനാൻ സ്വരുചാ ബ്രഹ്മപുത്രോപമാൻ നവ
പപ്രച്ഛ പരമപ്രീതഃ പ്രശ്രയാവനതോ നൃപഃ. 27

വിദേഹ ഉവാച

മന്യേ ഭഗവതഃ സാക്ഷാത് പാർഷദാൻ വോ മധുദ്വിഷഃ
വിഷ്ണോർഭൂതാനി ലോകാനാം പാവനായ ചരന്തി ഹി. 28

ദുർല്ലഭോ മാനുഷോ ദേഹോ ദേഹിനാം ക്ഷണഭങ്ഗുരഃ
തത്രാപി ദുർല്ലഭം മന്യേ വൈകുണ്ഠപ്രിയദർശനം. 29

അത ആത്യന്തികം ക്ഷേമം പൃച്ഛാമോ ഭവതോഽനഘാഃ
സംസാരേഽസ്മിൻ ക്ഷണാർദ്ധോഽപി സത്സങ്ഗഃ
ശേവധിർന്നൃണാം.

ധർമ്മാൻ ഭാഗവതാൻ ബ്രൂത യദി നഃ ശ്രുതയേ ക്ഷമം
യൈഃ പ്രസന്നഃ പ്രപന്നായ ദാസ്യത്യാത്മാനമപ്യജഃ. 31

ശ്രീനാരദ ഉവാച

ഏവം തേ നിമിനാ പൃഷ്ടാ വസുദേവ മഹത്തമാഃ
പ്രതിപൂജ്യാബ്രുവൻ പ്രീത്യാ സസദസ്യർത്വിജം നൃപം. 32

കവിരുവാച

മന്യേഽകുതശ്ചിദ്ഭയമച്യുതസ്യ
പാദാംബുജോപാസനമത്ര നിത്യം
ഉദ്വിഗ്നബുദ്ധേരസദാത്മഭാവാ-
ദ്വിശ്വാത്മനാ യത്ര നിവർത്തതേ ഭീഃ. 33

യേ വൈ ഭഗവതാ പ്രോക്താ ഉപായാ ഹ്യാത്മലബ്ധയേ
അഞ്ജഃ പുംസാമവിദുഷാം വിദ്ധി ഭാഗവതാൻ ഹി താൻ. 34

യാനാസ്ഥായ നരോ, രാജൻ, ന പ്രമാദ്യേത കർഹിചിത്
ധാവൻ നിമീല്യ വാ നേത്രേ ന സ്ഖലേന്ന പതേദിഹ. 35

കായേന വാചാ മനസേന്ദ്രിയൈർവ്വാ
ബുദ്ധ്യാഽഽത്മനാ വാനുസൃതസ്വഭാവാത്
കരോതി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയേത്തത്. 36

ഭയം ദ്വിതീയാഭിനിവേശതഃ സ്യാ-
ദീശാദപേതസ്യ വിപര്യയോഽസ്മൃതിഃ
തന്മായയാതോ ബുധ ആഭജേത്തം
ഭക്ത്യൈകയേശം ഗുരുദേവതാത്മാ. 37

അവിദ്യമാനോഽപ്യവഭാതി ഹി ദ്വയോ
ധ്യാതുർധിയാ സ്വപ്നമനോരഥൗ യഥാ
തത് കർമ്മസങ്കല്പവികല്പകം മനോ
ബുധോ നിരുന്ധ്യാദഭയം തതഃ സ്യാത്. 38

ശൃണ്വൻ സുഭദ്രാണി രഥാങ്ഗപാണേ-
ർജ്ജന്മാനി കർമ്മാണി ച യാനി ലോകേ
ഗീതാനി നാമാനി തദർത്ഥകാനി
ഗായൻ വിലജ്ജോ വിചരേദസങ്ഗഃ. 39

ഏവം വ്രതഃ സ്വപ്രിയനാമകീർത്ത്യാ
ജാതാനുരാഗോ ദ്രുതചിത്ത ഉച്ചൈഃ
ഹസത്യഥോ രോദിതി രൗതി ഗായ-
ത്യുന്മാദവന്നൃത്യതി ലോകബാഹ്യഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വപ്രഭയാലേ ശോഭിപ്പവരായ് ബ്രഹ്മാത്മജ-
ക്കൊപ്പമായല്ലേതരപ്രഭാവമിയന്നിടും
അന്നവയോഗിമാരെ വിനയപൂർവ്വം നമി-
ച്ചുന്നതപ്രീതിയോടും ചോദിച്ചാൻ
നിമിഭൂപൻ. 27

വിദേഹൻ പറഞ്ഞു

മധുകൈടഭന്മാരെ വധിച്ച സാക്ഷാൽ മധു-
പതിതൻ പാർഷദന്മാർ നിങ്ങളെന്നോർത്തിടു-
ന്നേൻ.
ഉലകം ശുദ്ധമാക്കാൻ ശ്രീവിഷ്ണുഭക്തോത്തമർ
പലരും സഞ്ചരിപ്പതായെങ്ങും സുപ്രസിദ്ധം. 28
ദേഹികൾക്കെല്ലാം ക്ഷണം നശിച്ചുപോമീ-
മർത്ത്യ-
ദേഹം ദുർല്ലഭമായേ സിദ്ധിച്ചീടുകയുള്ളൂ
അതിലും ദുർല്ലഭംതാൻ വൈകുണ്ഠപ്രിയരാകു-
മതുലമഹാത്മാക്കൾതൻ പ്രിയസന്ദർശനം. 29
അതിനാൽ നിഷ്പാപരേ! ആത്യന്തികക്ഷേമ-
ത്തിൻ
ഗതി ചോദിച്ചിടുന്നു ഭവാന്മാരോടു ഞങ്ങൾ.
ക്ഷണമെങ്കിലും മഹത്സംഗമം മനുഷ്യർക്കു
നിനയ്ക്കിൽ നിധിതുല്യംതന്നെയീ സംസാ-
രത്തിൽ. 30
ഏതിനാൽ പ്രസന്നനായ് ശരണാഗതർക്കജൻ
സാദരം തന്നാത്മാവുകൂടെയും കൊടുക്കുന്നു,
മുഖ്യമബ്ഭാഗവതധർമ്മങ്ങൾ കേട്ടീടുവാൻ
തക്കവർ ഞങ്ങളെങ്കിലുപദേശിക്കേണമേ. 31

ശ്രീനാരദൻ പറഞ്ഞു

ഈവിധം നിമിഭൂപൻ ചോദിച്ചസമയത്തു
ഹേ വാസുദേവാ! പരം മഹാത്മാക്കളാമവർ
അതിപ്രീതരായൃത്വിക് ഭൂസുരസദസ്യസം-
യുതനാം ഭൂപാലനെ മാനിച്ചു കഥിച്ചിതേ. 32

കവി പറഞ്ഞു

എപ്പോഴും നശിക്കുന്ന ശരീരമാത്മാവെന്നു
കല്പിച്ചു ഭയപ്പെട്ട ബുദ്ധിയോടിരുന്നിടും
മർത്ത്യർക്കു ഭീതിയെങ്ങുനിന്നുമേയെത്താത്തതാം
കൃത്യം ശ്രീഹരിപാദസേവയെന്നോ-
ർക്കുന്നു ഞാൻ. 33
അറിവില്ലാത്തവർക്കു വേഗത്തിലാത്മാവിനെ-
യറിവാനായിച്ചില മാർഗ്ഗങ്ങൾ ഭഗവാൻതാൻ
വിവരിച്ചരുളീട്ടുണ്ടേററവും ഹിതങ്ങളാ-
മവയെബ്ഭാഗവതധർമ്മങ്ങളെന്നു കാൺമിൻ! 34

ശ്രീഹരിപാദാർച്ചനമനുഷ്ഠിച്ചീടും മനുജൻ
മോഹത്താലൊരിക്കലും പ്രമാദം പ്രാപിച്ചീടാ
കണ്ണുകളടച്ചവനോടുന്നതായാൽക്കൂടി
തെന്നിവീഴുകയില്ല കുണ്ടിലും പതിക്കില്ല. 35
കായമോ വാക്കോ മാനസേന്ദ്രിയങ്ങളോ-
കൊണ്ടോ
ധീയാലോ സ്വാത്മാവാലോ സ്വസ്വശീലാ-
നുസാരം
നേരേയേതേതു ചെയ്യുമായതൊക്കെയും പരം-
പൂരുഷന്നായിക്കൊണ്ടു സമർപ്പിക്കുകവേണം.
36
ഈശ്വരൻതന്നോടതിവൈമുഖ്യമാർന്നീടുവോ-
നീശമായയാലുണ്ടാം സ്വരൂപസ്മൃതിക്ഷയം
അതിനാൽ വിപരീതബുദ്ധിയുമുദിച്ചിടു-
മിതരമൊന്നുണ്ടെന്ന തോന്നലാൽ ഭീയുമുണ്ടാം.
അതിനാൽ ഗുരുദേവതാത്മാക്കൾ മൂന്നി-
ലൊന്നിൽ
ബുധനീശനെയേകഭക്തിയാൽ സേവി-
ക്കണം. 37
രണ്ടെന്നതില്ലാത്തതാണെങ്കിലും ധ്യാതാവുതൻ
സ്വന്തമാം സങ്കല്പത്തിൻ ശക്തികാരണമായി
സ്വപ്നംപോലെയും മനോരഥസന്നിഭമായു-
മുദ്ഭാസിക്കുന്നിതുള്ളമട്ടിലെന്നതേയുള്ളൂ.
അതുമൂലമായ് കർമ്മസങ്കല്പവികല്പക-
മതിയെ നല്ലവണ്ണം നിയന്ത്രിക്കണം ധീമാൻ.
അങ്ങനെ ചെയ്യുന്നീടുന്ന മർത്ത്യനു ഭയത്തിനു
സംഗതിവരികയില്ലെങ്ങുനിന്നുമേ
തെല്ലും. 38
കേൾപ്പോർക്കു പുരുഷാർത്ഥസാധകങ്ങളായ് ശുഭം
ചേർപ്പതാം ഭഗവാന്റെ ജന്മങ്ങൾ കർമ്മങ്ങളും
ലോകത്തു കീർത്തിച്ചിടും തന്നാമധേയങ്ങളു-
മാകർണ്ണനംചെയ്തഥ പാടിയും വിലജ്ജനായ്
സംഗമൊന്നിലും ഭവിക്കാതെയുമിപ്പാരിട-
മെങ്ങുമേ മങ്ങീടാതെ ചുററിസ്സഞ്ചരിക്കണം. 39
ഇത്തരം വ്രതമുള്ളോൻ പ്രിയമാമീശനാമ-
കീർത്തനംകൊണ്ടുണ്ടാകുമനുരാഗത്തിൻ വായ്പാൽ
മാനസം ദ്രവിച്ചുച്ചം ചിലപ്പോൾ ചിരിക്കുന്നു.
ദീനനായ് കേണീടുന്നു, വാവിട്ടു കരയുന്നു,
പാടുന്നു പിന്നെ ഭ്രാന്തൻമട്ടു, ലോകത്തുനിന്നും
പാടേ ബഹിർഭൂതനായ് നർത്തനം
ചെയ്യുന്നീടുന്നു. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖം വായുമഗ്നിം സലിലം മഹീം ച
ജ്യോതീംഷി സത്ത്വാനി ദിശോ ദ്രുമാദീൻ
സരിത്സമുദ്രാംശ്ച ഹരേഃ ശരീരം
യത് കിഞ്ച ഭൂതം പ്രണമേദനന്യഃ. 41
ഭക്തിഃ പരേശാനുഭവോ വിരക്തി-
രന്യത്ര ചൈഷ ത്രിക ഏകകാലഃ
പ്രപദ്യമാനസ്യ യഥാശ്നതഃ സ്യു-
സ്തുഷ്ടിഃ പുഷ്ടിഃ ക്ഷുദപായോऽനുഘാസം. 42
ഇത്യച്യുതാങ്ഘ്രിം ഭജതോऽനുവൃത്ത്യാ
ഭക്തിർവിരക്തിർഭഗവത്പ്രബോധഃ
ഭവന്തി വൈ ഭാഗവതസ്യ രാജം-
സ്തതഃ പരാം ശാന്തിമുപൈതി സാക്ഷാത്. 43

രാജോവാച
അഥ ഭാഗവതം ബ്രൂതേ യദ്ധർമ്മോ യാദൃശോ നൃണാം
യഥാ ചരതി യദ്ബ്രൂതേ യൈർല്ലിങ്ഗൈർഭഗവത്പ്രിയഃ. 44

ഹരിരുവാച
സർവ്വഭൂതേഷു യഃ പശ്യേദ് ഭഗവദ്ഭാവമാത്മനഃ
ഭൂതാനി ഭഗവത്യാത്മന്യേഷ ഭാഗവതോത്തമഃ. 45
ഈശ്വരേ തദധീനേഷു ബാലിശേഷു ദ്വിഷത്സു ച
പ്രേമമൈത്രീകൃപോപേക്ഷാ യഃ കരോതി സ മധ്യമഃ. 46
അർച്ചായാമേവ ഹരയേ പൂജാം യഃ ശ്രദ്ധയേഹതേ
ന തദ്ഭക്തേഷു ചാന്യേഷു സ ഭക്തഃ പ്രാകൃതഃ സ്മൃതഃ. 47
ഗൃഹീത്വാപീന്ദ്രിയൈരർത്ഥാൻ യോ ന ദ്വേഷ്ടി ന ഹൃഷ്യതി
വിഷ്ണോർമ്മായാമിദം പശ്യൻ സവൈ ഭാഗവതോത്തമഃ. 48
ദേഹേന്ദ്രിയപ്രാണമനോധിയാം യോ
ജന്മാപ്യയക്ഷുദ്ഭയതർഷകൃച്ഛ്റൈഃ
സംസാരധർമ്മൈരവിമുഹ്യമാനഃ
സ്മൃത്യാ ഹരേർഭാഗവതപ്രധാനഃ. 49
ന കാമകർമ്മബീജാനാം യസ്യ ചേതസി സംഭവഃ
വാസുദേവൈകനിലയഃ സ വൈ ഭാഗവതോത്തമഃ. 50
ന യസ്യ ജന്മകർമ്മഭ്യാം ന വർണ്ണാശ്രമജാതിഭിഃ
സജ്ജതേऽസ്മിന്നഹംഭാവോ ദേഹേ വൈ സ ഹരേഃ പ്രിയഃ. 51
ന യസ്യ സ്വഃ പര ഇതി വിത്തേഷ്വാത്മനി വാ ഭിദാ
സർവ്വഭൂതസമഃ ശാന്തഃ സ വൈ ഭാഗവതോത്തമഃ. 52
ത്രിഭുവനവിഭവഹേതവേऽപ്യകുണ്ഠ-
സ്മൃതിരജിതാത്മസുരാദിഭിർവിമൃഗ്യാത്
ന ചലതി ഭഗവത്പദാരവിന്ദാ-
ല്ലവനിമിഷാർദ്ധമപി യഃ സ വൈഷ്ണവാഗ്ര്യഃ. 53
ഭഗവത ഉരുവിക്രമാങ്ഘ്രിശാഖാ-
നഖമണിചന്ദ്രികയാ നിരസ്തതാപേ
ഹൃദി കഥമുപസീദതാം പുനഃ സ
പ്രഭവതി ചന്ദ്ര ഇവോദിതേऽർക്കതാപഃ. 54
വിസൃജതി ഹൃദയം ന യസ്യ സാക്ഷാ-
ദ്ധരിരവശാഭിഹിതോऽപ്യഘൗഘനാശഃ
പ്രണയരശനയാ ധൃതാങ്ഘ്രിപദ്മഃ
സ ഭവതി ഭാഗവതപ്രധാന ഉക്തഃ. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ദ്വിതീയോऽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകാശം,വായു,വഹ്നി,ജലം,ജ്യോതിസ്സ-
കം, ദിഗ്-
ഭാഗങ്ങൾ, ധര, തരുവർഗ്ഗവും, ജന്തുക്കളും,
ആളുകളംഭോധികളിത്യാദി ഭൂതസർവം
വേറെന്നോരാതെ ഹരിരൂപമായ്
ധ്യാനിക്കണം. 41

ഈശനെയാലംബമായ് പ്രാപിക്കും മനുഷ്യന്ന
നിശ്ചലഭക്തി പിന്നെപ്പരേശാനുഭൂതിയും
അന്യമാം ഭോഗങ്ങളിൽ പൂർണ്ണമാം വിരക്തിയു-
മെന്നിവ മൂന്നുമൂണുകഴിക്കുന്നവനോർത്താൽ
ഉരുളയോരോന്നിനുമുദരസന്തൃപ്തിയും
പരിതോഷവും തഥാ വിശപ്പുശമിക്കലും
ഏകകാലത്തുതന്നെയുണ്ടായീടുന്നമട്ടിൽ
പാകത്തിൽ കൈവന്നിടുമെന്നതിൽ
തർക്കമില്ല. 42

ശ്രീകൃഷ്ണാങ്ഘ്രികളേവം ക്രമത്തിൽ ഭജിച്ചീടും
ഭാഗവതന്നു ഭക്തി,വൈരാഗ്യ,മീശബോധം
എന്നിവയചഞ്ചലം ഭവിച്ചീടുന്നുണ്ടതു-
മെന്നിയേ സാക്ഷാൽ മോക്ഷപദവും
ലഭിക്കുന്നു. 43

രാജാവു പറഞ്ഞു

ഭാഗവതന്മാരുടെ ധർമ്മമേതെന്നു ചൊല്ലു
ലോകർക്കിടയ്ക്കാചാരമെങ്ങനെയവർക്കെന്നും
ഭാഷണസ്വഭാവവുമീശ്വരപ്രിയനുള്ള
ലക്ഷണമെന്തെന്നതും ചൊന്നാലുമനുക്രമം. 44

ഹരി പറഞ്ഞു

സർവ്വഭൂതൗഘത്തിലുമൊന്നുപോൽ ഭഗവാൻ-
തൻ-
ഭാവവുമെന്നപോലസ്സമസ്തഭൂതത്തെയും
ഭഗവാനിലും നേരേ കണ്ടറിഞ്ഞിരിക്കുവോൻ,
പുകൾപെററിടും മഹാഭാഗവതോത്തമൻതാൻ.
45

ഈശനി,ലീശവശംഗതരി,ലജ്ഞന്മാരിൽ,
ദ്വേഷിപ്പോരിലും ക്രമാൽ പ്രേമവും മിത്രത്വവും
കൃപയുമുപേക്ഷയുമേതൊരു മർത്ത്യൻ കാട്ടും
നൃപതേ!യവനത്രേ മദ്ധ്യമൻ ഭക്തന്മാരിൽ. 46

അച്യുതഭക്തരേയുമന്യന്മാരെയുമേതു-
മർച്ചിച്ചീടാതെ വെറും, ഹരിബിംബത്തിൽ-
മാത്രം
ശ്രദ്ധയോടാരാധനംചെയ്തു വർത്തിച്ചീടുന്ന
മർത്ത്യനെപ്പറയുന്നു പ്രാകൃതഭക്തനെന്നായ്. 47

വിഷയങ്ങളെയിന്ദ്രിയങ്ങളാൽ ഗ്രഹിക്കിലു-
മശേഷം സന്തോഷവും ദ്വേഷവുമാക്കില്ലതിൽ
വിശ്വത്തെ വിഷ്ണുമായാമയമെന്നാരു കാണ്മൂ,
നിശ്ചയ,മവനത്രേ ഭാഗവതപ്രധാനൻ. 48

തനു,വിന്ദ്രിയം, പ്രാണൻ, മനസ്സു, ധീ,-
യിവററിൻ
ജനിനാശങ്ങൾ, വിശ,പ്പാംഭയം, തൃഷ്ണ,
കൃച്ഛ്റം,
ഇബ്ഭവധർമ്മങ്ങളാൽ ശ്രീഹരിസ്മൃതിമൂല-
മല്പവും മോഹിക്കാത്തോൻ ഭാഗവതാഗ്രേ-
സരൻ. 49

കാമകർമ്മങ്ങളുടെ ബീജമാം പുണ്യപാപ-
സ്തോമമങ്കുരിക്കാത്തതാരുടെ മനസ്സിലോ
ശ്രീവാസുദേവനാകും ദേവനിലനാരത-
മാവസിച്ചീടുമവനുത്തമഭക്തനത്രേ. 50

വർണ്ണ,മാശ്രമം,ജാതി, ജനനം, പ്രവൃത്തിയെ-
ന്നൊന്നുകൊണ്ടുമീ മെയ്യിൽ ഞാനെന്റെ-
യെന്ന ഭാവം
തോന്നീടാതിരിപ്പവൻ ശ്രീഹരിഭക്തന്മാരി-
ലൊന്നാമൻതന്നെയതിൽ സന്ദേഹമില്ല
തെല്ലും. 51

വിത്തം മെയ്യിത്യാദിയാം വസ്തുവിൽ നിജപര-
ബുദ്ധിയൊട്ടുമേ കലന്നീടാതെയെല്ലാപ്പൊഴും
സമസ്തഭൂതത്തിലും തുല്യനായ് പ്രശാന്തനാ-
യമരുന്നവൻതന്നെ ഭഗവദ്ഭക്താഗ്രിമൻ. 52

അജിതേന്ദ്രിയന്മാരാമമർത്ത്യരാരാഞ്ഞിടു-
മജിതൻ, ഭഗവാൻതൻ പാദാംഭോജ-
ത്തിൽനിന്നും
അകുണ്ഠസ്മൃതിയായിട്ടാരൊരുമാത്രയും ത്രി-
ജഗദൈശ്വര്യം സർവ്വം ലഭിച്ചീടിലുമേതും
ചലിക്കാതിരിക്കു,മാ മർത്ത്യമാണിക്യമത്രേ-
യുലകിൽ വൈഷ്ണവന്മാർക്കുത്തംസം
പൃഥ്വീപതേ! 53

ഭഗവാൻതന്റെയുരുവിക്രമാങ്ഘ്രിതൻ
ശാഖാ-
നഖരരത്നങ്ങൾതൻ കാന്തിചന്ദ്രികയാലേ
സന്താപമകന്നുള്ള ഭക്തമാനസംതന്നിൽ,
ചന്ദ്രോദയത്തിലർക്കതാപമെന്നതുപോലെ,
എങ്ങനെ വീണ്ടും രാഗദ്വേഷാദിമാലിന്യങ്ങൾ
സംഗമിച്ചീടുമെന്നു ചിന്തിക്ക മഹാരാജൻ! 54

പ്രേമമാം പാശത്തിനാൽ ഹൃദയം നിജപാദ-
താമരസത്തിൽ ബന്ധിച്ചഖിലപാപങ്ങളും
പാടേയൊടുക്കും വാസുദേവനെയേററം കഷ്ട-
പ്പാടിലും വെടിയാതെ തന്നാമധേയംതന്നെ
ഉച്ചരിച്ചിരിപ്പവൻ ഭക്തപ്രധാനനെന്നു
നിശ്ചയിച്ചിരിക്കുന്നു നിഖിലശാസ്ത്രങ്ങളും. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയോഽധ്യായഃ

രാജോവാച

പരസ്യ വിഷ്ണോരീശസ്യ മായിനാമപി മോഹിനീം
മായാം വേദിതുമിച്ഛാമോ ഭഗവന്തോ ബ്രുവന്തു നഃ. 1

നാനുതൃപ്യേ ജുഷൻ യുഷ്മദ്വചോ ഹരികഥാമൃതം
സംസാരതാപ*നിഷ്ടപ്തോ മർത്ത്യസ്തത്താപഭേഷജം. 2

അന്തരിക്ഷ ഉവാച

ഏഭിർഭൂതാനി ഭൂതാത്മാ മഹാഭൂതൈർമ്മഹാഭുജ
സസർജ്ജോച്ചാവചാന്യാദ്യഃ സ്വമാത്രാത്മപ്രസിദ്ധയേ. 3

ഏവം സൃഷ്ടാനി ഭൂതാനി പ്രവിഷ്ടഃ പഞ്ചധാതുഭിഃ
ഏകധാ ദശധാഽഽത്മാനം വിഭജൻ ജുഷതേ ഗുണാൻ. 4

ഗുണൈർഗ്ഗുണാൻ സ ഭുഞ്ജാന ആത്മപ്രദ്യോതിതൈഃ പ്രഭുഃ
മന്യമാന ഇദം സൃഷ്ടമാത്മാനമിഹ സജ്ജതേ. 5

കർമ്മാണി കർമ്മഭിഃ കുർവ്വൻ സനിമിത്താനി ദേഹഭൃത്
തത്തത് കർമ്മഫലം ഗൃഹ്ണൻ ഭ്രമതീഹ സുഖേതരം. 6

ഇത്ഥം കർമ്മഗതീർഗ്ഗച്ഛൻ ബഹ്വഭദ്രവഹാഃ പുമാൻ
ആഭൂതസംപ്ലവാത് സർഗ്ഗപ്രളയാവശ്നുതേഽവശഃ. 7

ധാതൂപപ്ലവ ആസന്നേ വ്യക്തം ദ്രവ്യഗുണാത്മകം
അനാദിനിധനഃ കാലോ ഹ്യവ്യക്തായാപകർഷതി. 8

ശതവർഷാ ഹ്യനാവൃഷ്ടിർഭവിഷ്യത്യുല്ബണാ ഭുവി
തത്കാലോപചിതോഷ്ണാർക്കോ ലോകാ സ്ത്രീൻ
പ്രതപിഷ്യതി. 9

പാതാളതലമാരഭ്യ സങ്കർഷണമുഖാനലഃ
ദഹന്നൂർദ്ധ്വശിഖോ വിഷ്വഗ്വർദ്ധതേ വായുനേരിതഃ. 10

സാംവർത്തകോ മേഘഗണോ വർഷതി സ്മ ശതം സമാഃ
ധാരാഭിർഹസ്തിഹസ്താഭിർലീയതേ സലിലേ വിരാട്. 11

തതോ വിരാജമുത്സൃജ്യ വൈരാജഃ പുരുഷോ നൃപ!
അവ്യക്തം വിശതേ സൂക്ഷ്മം നിരിന്ധന ഇവാനലഃ. 12

വായുനാ ഹൃതഗന്ധാ ഭൂഃ സലിലത്വായ കല്പതേ
സലിലം തദ്ധൃതരസം ജ്യോതിഷ്ട്വായോപകല്പതേ. 13

ഹൃതരൂപം തു തമസാ വായൗ ജ്യോതിഃ പ്രലീയതേ
ഹൃതസ്പർശോഽവകാശേന വായുർന്നഭസി ലീയതേ,
കാലാത്മനാ ഹൃതഗുണം നഭ ആത്മനി ലീയതേ. 14

ഇന്ദ്രിയാണി മനോ ബുദ്ധിഃ സഹ വൈകാരികൈർന്നൃപ
പ്രവിശന്തി ഹ്യഹങ്കാരം സ്വഗുണൈരഹമാത്മനി. 15

ഏഷാ മായാ ഭഗവതഃ സർഗ്ഗസ്ഥിത്യന്തകാരിണീ
ത്രിവർണ്ണാ വർണ്ണിതാസ്മാഭിഃ കിം ഭൂയഃ ശ്രോതുമിച്ഛസി? 16

രാജോവാച

അഥൈതാമൈശ്വരീം മായാം ദുസ്തരാമകൃതാത്മഭിഃ
തരന്ത്യഞ്ജഃ സ്ഥൂലധിയോ, മഹർഷ, ഇദമുച്യതാം. 17

---

* 'നിസ്തപ്ത' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

നിമിനവയോഗിസംവാദം—മായാതരണമാർഗ്ഗം

രാജാവു പറഞ്ഞു

നിയന്താവായിപ്പരംപൂരുഷനായി മായാ–
പ്രയോഗസമർത്ഥരെക്കൂടിയും മോഹിപ്പിക്കും
ഹരിതന്നത്യദ്ഭുതകരമാം മായയ്ക്കുള്ള
ശരിയാം സ്വരൂപം ഞങ്ങളറിയാനാശിക്കുന്നു. 1
പ്രപഞ്ചദുഃഖത്തിനാൽ സന്തപിക്കുന്ന മർത്ത്യ–
സ്വഭാവിയായീടും ഞാൻ തത്താപൗഷധമായി
ഭാസുരഹരികഥാസുധയാം യുഷ്മദ്വച–
സ്സാ സേവിച്ചിട്ടു മതിവരുന്നില്ലെനിക്കേതും. 2

അന്തരിക്ഷൻ പറഞ്ഞു

ആദ്യനായ് ഭൂതാത്മാവായതിശക്തനാം
ഹരി–
യാദ്യകാലത്തിമ്മഹാഭൂതരാശിയെക്കൊണ്ടു
ജീവികൾതൻ പുമർത്ഥസിദ്ധിയെ ലക്ഷ്യമാക്കി
വൈവിധ്യംകലരുന്ന ഭൂതസഞ്ചയം
തീർത്താൻ. 3
ഈവിധം പഞ്ചഭൂതനിർമ്മിതങ്ങളായിടും
സർവഭൂതൗഘത്തിലും വസിച്ചിട്ടാത്മാവിനെ
ഒന്നായും ജ്ഞാനേന്ദ്രിയകർമ്മേന്ദ്രിയങ്ങൾമട്ടിൽ
പിന്നെപ്പത്തായും ഭാഗിച്ചവയിൽ പ്രവേശിച്ചു
ശബ്ദാദിഗുണവിഷയങ്ങളെ ശ്രോത്രാദിയാ–
ലബ്ഭഗവാൻതാനനുഭവിച്ചീടുന്നു ഭൂപാ! 4
ആ പ്രഭുവാത്മദ്യോതിതങ്ങളാം ഗുണങ്ങളാ–
ലെപ്പൊഴും വിഷയങ്ങൾ ഭുജിക്കുന്നവനായി
സൃഷ്ടമാം ശരീരത്തെയാത്മാവാണെന്നു ചിന്തി-
ച്ചേററമാസക്തിയതിലുള്ളവനായ് ഭവിപ്പൂ. 5
കർമ്മേന്ദ്രിയങ്ങൾകൊണ്ടു വാസനയ്ക്കൊ–
ത്തവണ്ണം
കർമ്മങ്ങൾ ചെയ്തു സുഖദുഃഖാത്മകങ്ങളാകും
തത്തത്കർമ്മൗഘഫലമനുഭവിച്ചു ദേഹ–
ഭൃത്തായ ജീവൻ ഭ്രമിക്കുന്നിതു
സംസാരത്തിൽ. 6
അതീവദുഃഖങ്ങളെയുണ്ടാക്കും കർമ്മങ്ങൾതൻ
ഗതിയിൽപെട്ടു ജീവനത്യന്തം ദീനനായി
പ്രളയകാലംവരെജ്ജനനമരണങ്ങ–
ളളവററനുഭവിച്ചീടുന്നു മഹീപതേ! 7
ഇമ്മഹാഭൂതങ്ങൾതൻ വിനാശമടുക്കുമ്പോൾ
സൂക്ഷ്മവും സ്ഥൂലവുമായ്ക്കണ്ടിടും
കാര്യത്തിനെ
ആദ്യന്തമററകാലമവ്യക്തത്തിങ്കലേക്കായ്
പൃഥ്വീശാ! ബലമായിട്ടാകർഷിക്കുന്നുവല്ലോ. 8
ദുസ്സഹമായിശ്ശതവത്സരം നിലനില്ക്കും
വർഷമില്ലായ്മവന്നു ഭൂമിയിലുണ്ടായിടും.
അക്കാലത്തഭിവൃദ്ധി കൈക്കൊണ്ടു
തീക്ഷ്ണോഷ്ണനാ–
യർക്കൻ ത്രിലോകത്തെയുമേററവും
തപിപ്പിക്കും. 9
ആദിശേഷാസ്യത്തിൽനിന്നുത്ഥിതനാകും
വിഷ–
വീതിഹോത്രനുമൂർദ്ധ്വശിഖനായ് സമീരന്റെ
സഹായത്തോടുകൂടിപ്പാതാളംമുതൽ ചുററും
ദഹിപ്പിച്ചസഹ്യനായുജ്ജ്വലിച്ചുയർന്നീടും 10
സംവർത്തകാലാംബുദപടലം പിന്നെ നൂറു
സംവത്സരം ഗജത്തിൻതുമ്പിക്കൈവണ്ണംവരും
സലിലധാരകൊണ്ടു വർഷിക്കുമപ്പോൾത്തന്നെ
വിലയം ഗമിച്ചിടും ബ്രഹ്മാണ്ഡമാ–
ജലത്തിൽ. 11
വൈരാജപുമാൻതാനും വിലയിക്കുവാൻ
പിന്നെ–
പ്പാരാതെ നിജ വിരാഡ്രൂപത്തെയുപേക്ഷിച്ചു
കാഷ്ഠങ്ങളെല്ലാം കത്തിയെരിഞ്ഞടങ്ങും വഹ്നി-
മട്ടിൽ പ്രവേശിക്കുന്നു സൂക്ഷ്മമാ–
മവ്യക്തത്തിൽ. 12
മാരുതാഹൃതഗന്ധയാകിയ ധരിത്രിയും
നീരമായ്ത്തീരാൻ യോഗ്യയായ്
ഭവിച്ചീടുന്നിതു.
വായുവിനാലേ രസം ഹരിക്കപ്പെട്ടമ്ലം
തോയവും ജ്യോതിസ്സായി മാറുവാനർഹമാകും.
13
ഇരുട്ടാൽ ഹൃതരൂപനായിടും വഹ്നിതാനും
വിരവോടനിലങ്കലാലയിച്ചീടുന്നിതു.
അവകാശത്താലപഹൃതസ്പർശനനാകും
പവനൻ പിന്നെ വിലയിക്കുന്നിതാകാശ–
കാലസ്വരൂപഹൃതഗുണമാമാകാശവു– [ത്തിൽ.
മാലയിക്കുന്നു താമസാഹങ്കാരത്തിൽ തഥാ. 14
ബുദ്ധിയുമിന്ദ്രിയങ്ങൾ മനസ്സും ദേവന്മാരോ–
ടൊത്തഹങ്കാരമാകും തത്ത്വത്തെ പ്രാപിക്കുന്നു.
പിന്നെ സ്വഗുണങ്ങളൊത്തഹങ്കാരവും ചെന്നു
മന്നവാ മഹത്തത്ത്വംതന്നിലും ലയിക്കുന്നു. 15
വിഷ്ണുപസൃഷ്ടിസ്ഥിതിസംഹാരഹേതുവായി
സത്ത്വാദിത്രിവർണ്ണയാം വിഷ്ണുമായയെയേവം
അരുളിച്ചെയ്തു ഞങ്ങളിനിയുമെന്തെങ്കിലു–
മറിയാനിച്ഛിക്കുകിൽ ചോദിക്ക
പറഞ്ഞീടാം. 16

രാജാവു പറഞ്ഞു

അകൃതാത്മാക്കൾക്കെല്ലാം ദുസ്തരയാകുമീശ–
പ്രകൃതിതന്നേ വെറും സ്ഥൂലധീയായുള്ളവൻ
സുഖമായ്ക്കടക്കേണ്ടും മാർഗ്ഗത്തെയറിയാനു–
ത്സുകനാമെന്നോടതു ചൊന്നാലും മാമുനീന്ദ്രാ!
17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രബുദ്ധ ഉവാച

കർമ്മാണ്യാരഭമാണാനാം ദുഃഖഹത്യൈ സുഖായ ച
പശ്യേത് പാകവിപര്യാസം മിഥുനീചാരിണാം നൃണാം. 18
നിത്യാർത്തിദേന വിത്തേന ദുർല്ലഭേനാത്മമൃത്യുനാ
ഗൃഹാപത്യാപ്തപശുഭിഃ കാ പ്രീതിഃ സാധിതൈശ്ചലൈഃ. 19
ഏവം ലോകം പരം വിദ്യാന്നശ്വരം കർമ്മനിർമ്മിതം
സതുല്യാതിശയധ്വംസം യഥാ മണ്ഡലവർത്തിനാം. 20
തസ്മാദ് ഗുരും പ്രപദ്യേത ജിജ്ഞാസുഃ ശ്രേയ ഉത്തമം
ശാബ്ദേ പരേ ച നിഷ്ണാതം ബ്രഹ്മണ്യുപശമാശ്രയം. 21
തത്ര ഭാഗവതാൻ ധർമ്മാൻ ശിക്ഷേദ്ഗുർവ്വാത്മദൈവതഃ
അമായയാനുവൃത്ത്യാ യൈസ്തുഷ്യേദാത്മാ//ത്മദോ ഹരിഃ. 22
സർവ്വതോ മനസോ/സങ്ഗമാദൗ സങ്ഗം ച സാധുഷു
ദയാം മൈത്രീം പ്രശ്രയം ച ഭൂതേഷ്വദ്ധാ യഥോചിതം. 23
ശൗചം തപസ്തിതിക്ഷാം ച മൗനം സ്വാധ്യായമാർജ്ജവം
ബ്രഹ്മചര്യമഹിംസാം ച സമത്വം ദ്വന്ദ്വസംജ്ഞയോഃ. 24
സർവ്വത്രാത്മേശ്വരാന്വീക്ഷാം കൈവല്യമനികേതതാം
വിവിക്തചീരവസനം സന്തോഷം യേനകേനചിത്. 25
ശ്രദ്ധാം ഭാഗവതേ ശാസ്ത്രേ/നിന്ദാമന്യത്ര ചാപി ഹി
മനോവാക്കായദണ്ഡം ച സത്യം ശമദമാവപി. 26
ശ്രവണം കീർത്തനം ധ്യാനം ഹരേരദ്ഭുതകർമ്മണഃ
ജന്മകർമ്മഗുണാനാം ച തദർത്ഥേ/ഖിലചേഷ്ടിതം. 27
ഇഷ്ടം ദത്തം തപോ ജപ്തം വൃത്തം യച്ചാത്മനഃ പ്രിയം
ദാരാൻ സുതാൻ ഗൃഹാൻ പ്രാണാൻ യത് പരസ്മൈ നിവേദനം.
28
ഏവം കൃഷ്ണാത്മനാഥേഷു മനുഷ്യേഷു ച സൗഹൃദം
പരിചര്യാം ചോഭയത്ര മഹത്സു നൃഷു സാധുഷു. 29
പരസ്പരാനുകഥനം പാവനം ഭഗവദ്യശഃ
മിഥോ രതിർമ്മിഥസ്തുഷ്ടിർന്നിവൃത്തിർമ്മിഥ ആത്മനഃ. 30
സ്മരന്തഃ സ്മാരയന്തശ്ച മിഥോ/ഘൗഘഹരം ഹരിം
ഭക്ത്യാ സഞ്ജാതയാ ഭക്ത്യാ ബിഭ്രത്യുത്പുളകാം തനും. 31

കചിദ്രുദന്ത്യച്യുതചിന്തയാ കചി-
ദ്ധസന്തി നന്ദന്തി വദന്ത്യലൗകികാഃ
നൃത്യന്തി ഗായന്ത്യനുശീലയന്ത്യജം
ഭവന്തി തൂഷ്ണീം പരമേത്യ നിർവൃതാഃ. 32

ഇതി ഭാഗവതാൻ ധർമ്മാൻ ശിക്ഷൻ ഭക്ത്യാ തദുത്ഥയാ
നാരായണപരോ മായാമഞ്ജസ്തരതി ദുസ്തരാം. 33

രാജോവാച

നാരായണാഭിധാനസ്യ ബ്രഹ്മണഃ പരമാത്മനഃ
നിഷ്ഠാമർഹഥ നോ വക്തും യൂയം ഹി ബ്രഹ്മവിത്തമാഃ. 34

പിപ്പലായന ഉവാച

സ്ഥിത്യുദ്ഭവപ്രളയഹേതുരഹേതുരസ്യ
യത് സ്വപ്നജാഗര സുഷുപ്തിഷു സദ്ബഹിശ്ച
ദേഹേന്ദ്രിയാസുഹൃദയാനി ചരന്തി യേന
സഞ്ജീവിതാനി തദവേഹി പരം നരേന്ദ്ര. 35
നൈതന്മനോ വിശതി വാഗുത ചക്ഷുരാത്മാ
പ്രാണേന്ദ്രിയാണി ച യഥാനലമർച്ചിഷഃ സ്വാഃ
ശബ്ദോ/പി ബോധകനിഷേധതയാ//ത്മമൂല-
മർത്ഥോക്തമാഹ യദൃതേ ന നിഷേധസിദ്ധിഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രബുദ്ധൻ പറഞ്ഞു

ദുഃഖശാന്തിക്കും സുഖം നേടാനുമായിക്കർമ്മ–
പ്രക്രമം വീണ്ടുമാനും ദാമ്പത്യം സ്വീകരിച്ചും
ഇരിക്കും മനുഷ്യർക്കും വിപരീതമായത്രേ
വരുന്ന ഫലമെന്നു കാണണം നല്ലവണ്ണം. 18
നിത്യദുഃഖദമായി ദുർല്ലഭമായിപ്പക്ഷേ
സിദ്ധമാകിലുമാത്മവിനാശം ചേർക്കുന്നതാം
വിത്തവും ചലങ്ങളാം പത്തനകളത്രാപ്ത–
പുത്രപശ്വാദിയുംകൊണ്ടുണ്ടാകും
പ്രീതിയെന്തേ? 19

ഇങ്ങനെ കർമ്മലബ്ധം പരലോകവും പാർക്കിൽ
ഭങ്ഗമേതളവിലും സംഭവിച്ചീടാവതും
ഖണ്ഡമണ്ഡലാധീശരാജസൗഖ്യംകണക്കേ
തന്നെ തുല്യാതിശയനാശങ്ങളുള്ളതും താൻ. 20
ആകയാൽ വരിഷ്ഠമാം ശ്രേയസ്സാശിക്കുന്നവ–
നാഗമം പരബ്രഹ്മമിവയിൽ നിഷ്ണാതനും
ഉപശാന്തനുമായി വിളങ്ങുമാചാര്യനെ
സപദി വിനീതനായ്
പ്രാപിച്ചീടുകവേണം. 21

അവിടെഗ്ഗുരുവിനെ ദൈവവുമാത്മാവുമായ്
സവിശേഷമായ് ഭാവിച്ചർച്ചിച്ചു നിർമ്മായമായ്
ജഗദീശ്വരൻ കൃഷ്ണൻ പ്രീതനായ്ത്തീരാനുള്ള
ഭഗവദ്ധർമ്മങ്ങളെപ്പഠിച്ചീടണം നേരേ. 22
ആദ്യമായ് മനസ്സങ്ഗം സമസ്തത്തിലുംനിന്നു
മാററണം പിന്നെസ്സാധുസങ്ഗവും ഭൂതങ്ങളിൽ
കാരുണ്യം വണക്കവും മൈത്രിയും
യഥാർത്ഥമായ്
ചേരുമാറാചാര്യനിൽനിന്നുമഭ്യസിക്കണം. 23
പിന്നെത്തിതിക്ഷ തപസ്സാർജ്ജവം ശൗചം മൗനം
ദ്വന്ദ്വത്തിൽ സമത്വവും സ്വാദ്ധ്യായ–
മഹിംസയും
ബ്രഹ്മചര്യവുമെല്ലാററിങ്കലുമീശനാകു–
മാത്മാവെക്കണ്ടീടുക, തോഷ,മേകാന്തവാസം.
അനികേതനസ്ഥിതി, മരത്തോലുടുക്കുക–
യനിശം ഭാഗവതശാസ്ത്രത്തിൽ പരം ശ്രദ്ധ
അന്യശാസ്ത്രനിന്ദനം, മനോവാക്കായങ്ങടെതൻ
ദണ്ഡനം, സത്യം, ശമം, ദമവും ശീലിക്കണം.
24-26

അദ്ഭുതകർമ്മാവാകും ഭഗവാൻ മുകുന്ദൻത–
ന്നുദ്ഭവകർമ്മഗുണാകർണ്ണനകീർത്തനങ്ങൾ
തദ്ധ്യാനം തദർത്ഥമാം സമസ്തവ്യാപാരവും
സദ്വ്രതാനുഷ്ഠാനവും വേദോക്തയാഗാദിയും
കാന്തമാർ സന്താനങ്ങൾ പ്രാണങ്ങൾ
ഗേഹങ്ങളു–
മെന്തെല്ലാം തനിക്കിഷ്ടമായതുണ്ടവയെല്ലാം
പരനാം പൂരുഷന്നായർപ്പിക്കയെന്നിതെല്ലാം
ശരിയാം ഭാഗവതധർമ്മമെന്നറിഞ്ഞാലും.
27–28

ഇങ്ങനെ രക്ഷിതാവുമാത്മാവും നിരന്തരം
ശാർങ്ഗിയെന്നോർത്തുതന്നെ വാണീടും
ജനങ്ങളിൽ
മൈത്രിയും ചരാചരം രണ്ടിലും വിശേഷിച്ചു
മർത്ത്യരിലതിലുപരം സജ്ജനങ്ങളിൽപ്പിന്നെ
എല്ലാവരിലുംമീതേ ഭാഗവതന്മാരിലും
നല്ലപോലാരാധനമാചരിക്കയും വേണം. 29
അന്യോന്യം കൃഷ്ണയശഃകഥനം തമ്മിൽത്തമ്മി–
ലന്യൂനരതി, പരസ്പരസന്തോഷം തഥാ
അന്യോന്യം മനസ്സിനു നിവൃത്തിയെന്നി–
തെല്ലാം
നിർണ്ണയം മെല്ലെ വന്നു ഭവിച്ചുകൊള്ളുമല്ലോ.30
അഘൗഘവിധ്വംസനൻ ഹരിയെ സ്മരിപ്പിച്ചു–
മകമേ സംസ്മരിച്ചും വാഴുകമൂലം സദാ
സാധനഭക്തിയാലേ ജാതമാം പ്രേമഭക്തി–
ഹേതുവാൽ പുളകിതഗാത്രനായ് ഭവിക്കുന്നു.31
അലൗകികന്മാരായോർ ചിലപ്പോൾ–
ക്കരയുന്നി–
തളിവർണ്ണനെയോർത്തു ചിരിപ്പൂ ചിലനേരം
നന്ദിച്ചീടുന്നു നൃത്തംചെയ്യുന്നു പാടീടുന്നു
ചൊന്നിടുന്നീശലീലയഭിനയിച്ചീടുന്നു.
പരമപദം പ്രാപിച്ചതുലിതാനന്ദത്തെ–
ബ്ഭരിക്കുന്നവരായിബ്ഭജിച്ചീടുന്നു മൗനം.32
ഈവിധം ഭാഗവതധർമ്മങ്ങളഭ്യസിച്ചു
കൈവരും ഭക്തിമൂലം വിഷ്ണുതത്പരനായി
കടപ്പാൻ പ്രയാസമാം മായയേയൊരുഞൊടി–
യിടകൊണ്ടതിസുഖമാമ്മാറു കടക്കുന്നു. 33

രാജാവു പറഞ്ഞു

നാരായണാഭിഖ്യവും പരമാത്മാവുമാകും
പാരമാർത്ഥ്യമാം ബ്രഹ്മവസ്തുവേക്കുറിച്ചിനി
ബ്രഹ്മജ്ഞമുഖ്യന്മാരാം നിങ്ങൾ ഞങ്ങളോടിഹ
നന്മട്ടിലരുളിച്ചെയ്യീടുവാനർഹരല്ലോ. 34

പിപ്പലായനൻ പറഞ്ഞു

ജഗദുത്പത്തിസ്ഥിതിലയഹേതു–
വായഹൈ–
തുകമായ് ജാഗ്രത്സ്വപ്നസുഷുപ്തികളിൽ ചേർന്നും
എന്നാലായവയോടു സംബന്ധമില്ലാതെയു–
മിന്ദ്രിയദേഹപ്രാണഹൃദയങ്ങളാൽ നിത്യം
തത്തദ്വ്യാപാരങ്ങളെയോരോന്നും നടത്തുന്ന
വസ്തുവെപ്പരംതത്ത്വമെന്നറിഞ്ഞാലും
ഭവാൻ. 35
അനലൻതന്നെ സ്ഫുലിങ്ഗങ്ങളെന്നപോൽ
പ്രാണൻ
മനസ്സു വാക്കു കണ്ണു ബുദ്ധിയിന്ദ്രിയങ്ങളും
ഇതിനേ ശോഭിപ്പിക്കുന്നില്ല ശബ്ദബ്രഹ്മവു–
മതല്ലതല്ലെന്നങ്ങു നിഷേധിച്ചിട്ടുമർത്ഥാൽ
കഥിച്ചുമാത്മമൂലബ്രഹ്മത്തെബ്ബോധിപ്പിക്കു–
ന്നതിനെക്കൂടാതില്ല നിഷേധത്തിനു സിദ്ധി.36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്ത്വം രജസ്തമ ഇതി ത്രിവൃദേകമാദൗ
സൂത്രം മഹാനഹമിതി പ്രവദന്തി ജീവം
ജ്ഞാനക്രിയാർത്ഥഫലരൂപതയോരുശക്തി
ബ്രഹ്മൈവ ഭാതി സദസച്ച തയോഃ പരം യത്. 37

നാത്മാ ജജാന ന മരിഷ്യതി നൈധതേഽസൗ
ന ക്ഷീയതേ സവനവിദ്വ്യഭിചാരിണാം ഹി
സർവ്വത്ര ശശ്വദനപായ്യുപലബ്ധിമാത്രം
പ്രാണോ യഥേന്ദ്രിയബലേന വികല്പിതം സത്. 38

അണ്ഡേഷു പേശിഷു തരുഷ്വവിനിശ്ചിതേഷു
പ്രാണോ ഹി ജീവമുപധാവതി തത്ര തത്ര
സന്നേ യദിന്ദ്രിയഗണേഽഹമി ച പ്രസുപ്തേ
കൂടസ്ഥ ആശയമൃതേ തദനുസ്മൃതിർന്നഃ. 39

യർഹ്യബ്ജനാഭചരണൈഷണയോരുഭക്ത്യാ
ചേതോമലാനി വിധമേദ്ഗുണകർമ്മജാനി
തസ്മിൻ വിശുദ്ധ ഉപലഭ്യത ആത്മതത്ത്വം
സാക്ഷാദ്യഥാമലദൃശോഃ സവിതൃപ്രകാശഃ. 40

രാജോവാച

കർമ്മയോഗം വദത നഃ പുരുഷോ യേന സംസ്കൃതഃ
വിധൂയേഹാശു കർമ്മാണി നൈഷ്കർമ്മ്യം വിന്ദതേ പരം. 41

ഏവം പ്രശ്നമൃഷീൻ പൂർവ്വമപൃച്ഛം പിതുരന്തികേ
നാബ്രുവൻ ബ്രഹ്മണഃ പുത്രാസ്തത്ര കാരണമുച്യതാം. 42

ആവിർഹോത്ര ഉവാച

കർമ്മാകർമ്മവികർമ്മേതി വേദവാദോ ന ലൗകികഃ
വേദസ്യ ചേശ്വരാത്മത്വാത് തത്ര മുഹ്യന്തി സൂരയഃ. 43

പരോക്ഷവാദോ വേദോഽയം ബാലാനാമനുശാസനം
കർമ്മമോക്ഷായ കർമ്മാണി വിധത്തേ ഹ്യഗദം യഥാ. 44

നാചരേദ്യസ്തു വേദോക്തം സ്വയമജ്ഞോഽജിതേന്ദ്രിയഃ
വികർമ്മണാ ഹ്യധർമ്മേണ മൃത്യോർമ്മൃത്യുമുപൈതി സഃ. 45

വേദോക്തമേവ കുർവ്വാണോ നിഃസങ്ഗോഽർപ്പിതമീശ്വരേ
നൈഷ്കർമ്മ്യാം ലഭതേ സിദ്ധിം രോചനാർത്ഥാ ഫലശ്രുതിഃ. 46

യ ആശു ഹൃദയഗ്രന്ഥിം നിർജ്ജിഹീർഷുഃ പരാത്മനഃ
വിധിനോപചരേദ്ദേവം തന്ത്രോക്തേന ച കേശവം. 47

ലബ്ധാനുഗ്രഹ ആചാര്യാത് തേന സന്ദർശിതാഗമഃ
മഹാപുരുഷമഭ്യർച്ചേന്മൂർത്ത്യാഭിമതയാഽഽത്മനഃ. 48

ശുചിഃ സമ്മുഖമാസീനഃ പ്രാണസംയമനാദിഭിഃ
പിണ്ഡം വിശോധ്യ സന്ന്യാസകൃതരക്ഷോഽർച്ചയേദ്ധരിം. 49

അർച്ചാദൗ ഹൃദയേ ചാപി യഥാലബ്ധോപചാരകൈഃ
ദ്രവ്യക്ഷിത്യാത്മലിങ്ഗാനി നിഷ്പാദ്യ പ്രോക്ഷ്യ
ചാസനം. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിയിലേകമെന്നും സത്തെന്നുമസത്തെന്നു-
മേതിനെ ത്രിഗുണസംഘാതമാം ത്രിവൃത്തെന്നും
സൂത്രാത്മാവെന്നും മഹദഹംതത്ത്വങ്ങളെന്നും
കീർത്തിച്ചീടുന്നു ജീവനെന്നുമേ തത്ത്വജ്ഞന്മാർ,
കാര്യകാരണങ്ങൾക്കു രണ്ടിനും ഹേതുവായി
ഭൂരിശക്ത്യുപേതമായീടുമിബ്രഹ്മമത്രേ
ബോധം, പ്രവൃത്തി, സുഖദുഃഖങ്ങൾ, സമസ്തമാം
ഭൂതങ്ങളെന്നീമട്ടിൽ വിളങ്ങീടുന്നതെങ്ങും. 37
ആത്മാവു ജനിക്കുന്നില്ലന്തരിച്ചീടുന്നുമി-
ല്ലാത്മാവിന്നില്ല വൃദ്ധിനാശവുമൊരിക്കലും.
വന്നുപോയിരിക്കുന്ന കാലത്തിന്നവസ്ഥകൾ
നന്നായറിഞ്ഞു ബോധമാത്രമായ് ശോഭി-
പ്പതായ്
അന്തമററതായ് സത്താം ബ്രഹ്മത്തെ
പ്രാണന്നൊപ്പ-
മിന്ദ്രിയബലത്തിനാൽ പലതായ്
വികല്പിപ്പൂ. 38
അണ്ഡജജരായുജങ്ങളിലും മഹീരുഹ-
സന്ദോഹത്തിലും പിന്നെയവി-
നിശ്ചിതങ്ങളാം
സ്വേദജങ്ങളിലുമങ്ങങ്ങോരോ വപുസ്സിലും
സാദരമനുഗമിക്കുന്നു ജീവനെ പ്രാണൻ.
ഇന്ദ്രിയഗണം സന്നമാകയുമഹങ്കാര-
മന്തരങ്ഗത്തിൽ നന്നായ് വിലയിക്കയും
ചെയ്യെ
കൂടസ്ഥനാകുമീശൻ തന്നുപാധികളൊന്നും
കൂടാതെ മിന്നുമപ്പോൾ തത്സ്മൃതി
നമുക്കുണ്ടാം. 39
ദൈത്യാരിപദാപ്തിയിലിച്ഛയാൽ വദ്ധിച്ചിടും
ഭക്തിയാൽ ഗുണകമ്മജന്യമാം മനോമലം
ഹനിച്ചീടുമ്പോൾ ശുദ്ധചിത്തത്തിലാത്മ-
തത്ത്വ-
മനുഭൂതമാം ശുദ്ധനേത്രങ്ങൾക്കക്കാഭപോൽ. 40

രാജാവു പറഞ്ഞു

ഏതിനാൽ സുസംസ്കൃതൻ പുമാനീ
ജന്മത്തിനാൽ
ബാധയെന്നിയേ പാപകമ്മങ്ങൾ നശിപ്പിച്ചു
നിഷ്കാമകമ്മപ്രാപ്യനായിടും പരാത്മാവേ
ശീഘ്രത്തിൽ പ്രാപിച്ചീടുമക്കമ്മയോഗം
ചൊൽക. 41
പിതൃസന്നിധിയിൽവച്ചിച്ചോദ്യം മുന്നം
ധാതൃ-
സുതരാമൃഷികളോടായി ഞാൻ ചോദിച്ചതിൽ
അവരുത്തരമൊന്നും ചൊന്നില്ലതെന്തെന്നതു-
മിവനോടരുളിച്ചെയ്യേണമേ
നിങ്ങളിപ്പോൾ. 42

ആവിർഹോത്രൻ പറഞ്ഞു

കമ്മവുമകമ്മവും വികമ്മമെന്നിങ്ങനെ
കമ്മത്തെ മൂന്നായ് വേദം വിഭജിച്ചിരിക്കുന്നു.
ലൗകികമല്ല വേദവാക്യങ്ങളൈശ്വരംതാ-
നാകയാൽ വിദ്വാന്മാരുമായതിൽ
മോഹിക്കുന്നു. 43
പരോക്ഷവാദമാകുമീ വേദമജ്ഞന്മാരെ
ശരിയായനുശാസിച്ചീടുവാനുള്ളതത്രേ.
കമ്മമോചനത്തിനായ് വിധിച്ചിരിക്കുന്നിതു
കമ്മങ്ങ,ളൗഷധങ്ങൾ ഗദാത്തന്നെന്ന-
പോലെ.
സ്വരൂപമറിയാത്തോരജിതേന്ദ്രിയനാകും
പുരുഷൻ വേദോക്തമാം കമ്മങ്ങൾ
ചെയ്യീടായ്കിൽ
തദനു വികമ്മിയായ്ത്തന്മൂലമധമ്മിയായ്
മൃതിയിൽനിന്നും വരിക്കുന്നിതു
മൃതിയെത്താൻ. 45
വിഷയാസക്തിയെന്യേ വേദോക്തകമ്മം
മശങ്കമീശാർപ്പണമായനുഷ്ഠിക്കുന്നവൻ [മാത്ര-
നിഷ്കാമകർമ്മങ്ങൾതൻ സിദ്ധിയെ പ്രാപി-
ക്കുന്നു
സത്കർമ്മപ്രോത്സാഹനത്തിന്നത്രേ
ഫലശ്രുതി. 46
ചിച്ഛായയിലുണ്ടായ്വന്നോരഹന്താബന്ധമാകും
ചിജ്ജഡഗ്രന്ഥി വേഗം ഖണ്ഡിപ്പാനു-
ന്നിടുന്നോൻ
തന്ത്രോക്തമാർഗ്ഗങ്ങളെയനുസരിച്ചും ദീന-
ബന്ധുവാം ഭഗവാൻ ശ്രീകൃഷ്ണനെ-
പ്പൂജിക്കണം. 47
ഗുരുദേവനിൽനിന്നുമാശിസ്സാന്നാ മഹാത്മാ-
വരുളും വേദസാരമന്ത്രോപദേശത്തൊടും
തനിക്കേററവുമിഷ്ടമായോരു വിഗ്രഹത്തെ-
യനുധ്യാനിച്ചർച്ചനംചെയ്യണം ഭഗവാനെ. 48
ശുദ്ധനായ് ബിംബത്തിൽ സന്മുഖനാ-
യിരുന്നുത-
ന്മൂത്തിയെ പ്രാണായാമാദ്യങ്ങളാൽ
ശുചിയാക്കി
അങ്ഗന്യാസത്താൽ ദേഹരക്ഷചെയ്യെല്ലാ
നാളും
ഭങ്ഗിയായാരാധിക്ക ശാർങ്ഗിയാം
ഭഗവാനെ. 49
ബിംബാദിയിലും ഹൃത്തുതന്നിലും സമുചിത-
മാംമട്ടു കിട്ടുമുപചാരസാധനങ്ങളാൽ
ഇരുന്നീടേണ്ടും പീഠം ദ്രവ്യങ്ങൾ വിഗ്രഹം സ്വ-
ശരീരത്തെയും നന്നായ് പ്രോക്ഷണം
ചെയ്യീടണം. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാദ്യാദീനുപകല്പ്യാഥ സന്നിധാപ്യ സമാഹിതഃ
ഹൃദാദിഭിഃ കൃതന്യാസോ മൂലമന്ത്രേണ ചാർച്ചയേത്. 51

സാങ്ഗോപാങ്ഗാം സപാർഷദാം താം താം മൂർത്തിം സ്വമന്ത്രതഃ
പാദ്യാർഘ്യാചമനീയാദ്യൈഃ സ്നാനവാസോവിഭൂഷണൈഃ. 52

ഗന്ധമാല്യാക്ഷതസ്രഗ്ഭിർധൂപദീപോപഹാരകൈഃ
സാങ്ഗം സംപൂജ്യ വിധിവത് സ്തവൈഃ സ്തുത്വാ നമേദ്ധരിം. 53

ആത്മാനം തന്മയം ധ്യായൻ മൂർത്തിം സംപൂജയേദ്ധരേഃ
ശേഷാമാധായ ശിരസി സ്വധാമ്‌ന്യുദ്വാസ്യ സത്കൃതം. 54

ഏവമഗ്ന്യർക്കതോയാദാവതിഥൗ ഹൃദയേ ച യഃ
യജതീശ്വരമാത്മാനമചിരാന്മുച്യതേ ഹി സഃ. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

രാജോവാച

യാനി യാനീഹ കർമ്മാണി യൈര്യൈഃ സ്വച്ഛന്ദജന്മഭിഃ
ചക്രേ കരോതി കർത്താ വാ ഹരിസ്താനി ബ്രുവന്തു നഃ. 1

ദ്രുമിള ഉവാച

യോ വാ അനന്തസ്യ ഗുണാനനന്താ-
നനുക്രമിഷ്യൻ സ തു ബാലബുദ്ധിഃ
രജാംസി ഭൂമേർഗ്ഗണയേത് കഥഞ്ചിത്
കാലേന നൈവാഖിലശക്തിധാമ്നഃ. 2

ഭൂതൈര്യദാ പഞ്ചഭിരാത്മസൃഷ്ടൈഃ
പുരം വിരാജം വിരചയ്യ തസ്മിൻ
സ്വാംശേന വിഷ്ടഃ പുരുഷാഭിധാന-
മവാപ നാരായണ ആദിദേവഃ. 3

യത്കായ ഏഷ ഭുവനത്രയസന്നിവേശോ
യസ്യേന്ദ്രിയൈസ്തനുഭൃതാമുഭയേന്ദ്രിയാണി
ജ്ഞാനം സ്വതഃ ശ്വസനതോ ബലമോജ ഈഹാ
സത്ത്വാദിഭിഃ സ്ഥിതിലയോദ്ഭവ ആദികർത്താ. 4

ആദാവഭൂച്ഛതധൃതീ രജസാസ്യ സർഗ്ഗേ
വിഷ്ണുഃ സ്ഥിതൗ ക്രതുപതിർദ്വിജധർമ്മസേതുഃ
രുദ്രോഽപ്യയായ തമസാ പുരുഷഃ സ ആദ്യ
ഇത്യുദ്ഭവസ്ഥിതിലയാഃ സതതം പ്രജാസു. 5

ധർമ്മസ്യ ദക്ഷദുഹിതര്യജനിഷ്ട മൂർത്ത്യാം
നാരായണോ നര ഋഷിപ്രവരഃ പ്രശാന്തഃ
നൈഷ്കർമ്മ്യലക്ഷണമുവാച ചചാര കർമ്മ
യോഽദ്യാപി ചാസ്ത ഋഷിവര്യനിഷേവിതാങ്ഘ്രിഃ. 6

ഇന്ദ്രോ വിശങ്ക്യ മമ ധാമ ജിഘൃക്ഷതീതി
കാമം ന്യയുങ്ക്ത സഗണം സ ബദര്യുപാഖ്യം
ഗത്വാപ്സരോഗണവസന്തസുമന്ദവാതൈഃ
സ്ത്രീപ്രേക്ഷണേഷുഭിരവിധ്യദതന്മഹിജ്ഞഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാദോദകാദ്യങ്ങളും കൊണ്ടുവന്നരികിൽവ-
ച്ചാദരപൂർവ്വം പിന്നെയേകാഗ്രചിത്തനായി
ഹൃദയാദിയാൽ കൃതന്യാസനായ് മൂലമന്ത്രം
പതിവായ് ജപിച്ചുകൊണ്ടർച്ചനം-
ചെയ്തീടണം. 51

സാങ്ഗോപാംഗങ്ങളോടും പാർഷദഗണ
ത്തൊടും
സങ്ഗതന്മാരായീടുമോരോ മൂർത്തികളേയും
ഓരോരുത്തർക്കും വിധിച്ചിട്ടുള്ള മന്ത്രങ്ങളാൽ
നേരേ പാദ്യാർഘ്യാചമനീയാദിയാലും തഥാ
വസ്ത്രഭൂഷാലങ്കാരഗന്ധപുഷ്പാക്ഷതാദി-
വസ്തുക്കൾ ധൂപം ദീപം നൈവേദ്യമിവയാലും
വിധിപോലാരാധിച്ചു ഹരിയെ സ്തോത്രം
ചൊല്ലി
സ്തുതിച്ചു വേണ്ടുംവിധം നമസ്കരിച്ചീ-
ടണം. 52-53

തന്നെത്തന്മയമായി ധ്യാനിച്ചു ഹരിബിംബം
നന്നായർച്ചനംചെയ്തു നിർമ്മാല്യമെല്ലാംതന്നെ
ശിരസ്സിൽ ധരിച്ചു തൻ ഹൃത്തിലോ
ബിംബത്തിലോ
ഹരിയേ ലയിപ്പിച്ചു പൂജയെസ്സമർപ്പിക്ക. 54

ഇതുപോലഗ്നി സൂര്യൻ ജലംതൊട്ടവററിലു-
മതിഥിവൃന്ദത്തിലുമന്തരങ്ഗത്തിങ്കലും
ഈശനാമാത്മാവിനെ യജിച്ചീടുന്ന മർത്ത്യൻ
സംസാരദുഃഖത്തിൽനിന്നാശു മോചിക്കും
ദൃഢം.
ഗഹനമാമിക്കർമ്മവിഭാഗം ബാലൻ ഭവാൻ
ഗ്രഹിക്കില്ലെന്നു ചിന്തിച്ചന്നവർ
ചൊന്നില്ലത്രേ. 55

അദ്ധ്യായം 4

നിമിനവയോഗി സംവാദം—അവതാരവിവരണം

രാജാവു പറഞ്ഞു

ശ്രീകൃഷ്ണൻ സ്വതന്ത്രമാമേതേതുജന്മങ്ങളാൽ
ലോകത്തിലേതുവിധകർമ്മങ്ങൾ മുമ്പു ചെയ്തു
ഇക്കാലം ചെയ്യുന്നതും മേലിൽച്ചെയ്യേക്കാവതു-
മൊക്കെയും ഞങ്ങളോടു ഭവാന്മാർ
ചൊല്ലീടണം. 1

ദ്രമിളൻ പറഞ്ഞു

അനന്തൻ മുകുന്ദൻതന്നനന്തഗുണങ്ങളെ
ഗണിക്കാൻ തുനിയുന്നോൻ മടയനെന്നേ വരൂ,
മന്നിലെപ്പൊടിയെല്ലാമേറെനാൾ ശ്രമിക്കകി-
ലെണ്ണിടാം ഹരിഗുണമെണ്ണിയാലൊടുങ്ങിടാ. 2

തന്നാൽ സൂക്ഷ്മമാം പഞ്ചഭൂതങ്ങൾകൊണ്ടു
വിരാ-
ട്ടെന്നുള്ള പുരം രചിച്ചായതിൽ നിജാംശത്താൽ
പ്രവേശിച്ചാദിദേവനായിടും നാരായണൻ
നൃവരശ്രേഷ്ഠ! പുരുഷാഭിധാനനായ്-
ത്തീർന്നാൻ. 3

ആരുടെ ശരീരത്തിൽ സ്ഥിതമീ ജഗത്ത്രയ-
മാരുടെയിന്ദ്രിയങ്ങൾകൊണ്ടു ദേഹികൾ-
ക്കെല്ലാം
ഉണ്ടായി കർമ്മജ്ഞാനേന്ദ്രിയങ്ങൾ, തദപേക്ഷ-
കൊണ്ടെന്യേ സ്വതേയറിവുള്ളതുമാർക്കതാനോ
ആർക്കെഴും പ്രാണങ്ങൾനിന്നാകുമോ ശരീരികൾ-
ക്കുൾക്കമോജസ്സും ദേഹചേഷ്ടയും ഭവിപ്പതും
സത്ത്വാദിഗുണങ്ങളാലിപ്രപഞ്ചത്തെത്തീർത്തു
കാത്തഴിക്കവാൻ ഹേതുവാദികർത്താവപ്പുമാൻ. 4

ബ്രഹ്മാവായാദ്യം രജോഗുണത്താൽ പ്രപഞ്ച-
ത്തിൻ-
നിർമ്മിതിക്കേപ്പെടുന്നു പിന്നെ യോഗേശനായി
ബ്രാഹ്മണധർമ്മസേതുവായിടും വിഷ്ണുവായി
ചെമ്മേ സംരക്ഷിക്കുന്നു, രുദ്രനായ് തമ-
സ്സിനാൽ
മുടിക്കുന്നേവമാദിപുരുഷൻ പ്രജാളിയിൽ
തുടർന്നീടുന്നു സൃഷ്ടിസ്ഥിതിനാശങ്ങളെന്നും. 5

ധർമ്മഭാര്യയായ് ദക്ഷപുത്രിയാം മൂർത്തിതന്നിൽ
സന്മതേ! പ്രശാന്തനമൃഷിവര്യനമാകും
നരനാരായണർഷിയെന്ന പേർപുകഴ്ന്നിടു-
മിരു മൂർത്തിയായ് മന്നിലവതാരത്തെയാർന്നു
നൈഷ്കർമ്മ്യചിഹ്നകർമ്മോപായങ്ങളുപദേശി-
ച്ചൊക്കവേയനുഷ്ഠിച്ചു കാട്ടിനാനജ്ഞർക്കീശൻ
ഇരിപ്പുണ്ടിന്നും മഹർഷീശ്വരസംസേവിത-
ചരണനായീടുമാ നാരായണർഷി മന്നിൽ. 6

തൻപദം ഹരിച്ചീടുമദ്ദേഹമെന്ന ശങ്ക-
യുമ്പർകോനുണ്ടായ് ക്കാമദേവനെസ്സംഘ-
ത്തൊടും
നാരായണർഷി തപസ്സാചരിച്ചിരുന്നിടും
പേരാളും ബദര്യാഖ്യാശ്രമത്തിലയച്ചിതു.
പുഷ്പബാണനും ക്ഷിപ്രമസ്ഥലത്തെത്തി
ത്തെന്ന-
ലപ്സരസ്ത്രീസഞ്ചയം, വസന്തമിവകൊണ്ടും
ഉത്പലാക്ഷീകടാക്ഷബാണവർഷങ്ങളാലു-
മേല്പിച്ചാൻ പ്രഹരം തന്മാഹാത്മ്യമറിയാതെ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിജ്ഞായ ശക്രകൃതമക്രമമാദിദേവഃ
പ്രാഹ പ്രഹസ്യ ഗതവിസ്മയ ഏജമാനാൻ
''മാ *ഭൈഷ്ട ഭോ മദന മാരുത ദേവവധ്വോ
ഗൃഹ്ണീത നോ ബലിമശൂന്യമിമം കുരുധ്വം.'' 8

ഇത്ഥം ബ്രുവത്യഭയദേ നരദേവ ദേവാഃ
സവ്രീഡനമ്രശിരസഃ സഘൃണം തമൂചുഃ
''നൈതദ്വിഭോ, ത്വയി പരേഽവികൃതേ വിചിത്രം
സ്വാരാമധീരനികരാനതപാദപദ്മേ. 9

ത്വാം സേവതാം സുരകൃതാ ബഹവോഽന്തരായാഃ
സ്വൗകോ വിലങ്ഘ്യ പരമം വ്രജതാം പദം തേ
നാന്യസ്യ ബർഹിഷി ബലീൻ ദദതഃ സ്വഭാഗാൻ
ധത്തേ പദം ത്വമവിതാ യദി വിഘ്നമൂർദ്ധ്നി. 10

ക്ഷുത്തൃട്ത്രികാലഗുണമാരുതജൈഹ്വ്യശൈശ്ന്യാ-
നസ്മാനപാരജലധീനതിതീര്യ കേചിത്
ക്രോധസ്യ യാന്തി വിഫലസ്യ വശം പദേ ഗോ-
ർമ്മജ്ജന്തി ദുശ്ചരതപശ്ച വൃഥോത്സൃജന്തി.'' 11

ഇതി പ്രഗൃണതാം തേഷാം സ്ത്രിയോഽത്യദ്ഭുതദർശനാഃ
ദർശയാമാസ ശുശ്രൂഷാം സ്വർച്ചിതാഃ കുർവ്വതീർവിഭുഃ. 12

തേ ദേവാനുചരാ ദൃഷ്ട്വാ സ്ത്രിയഃ ശ്രീരിവ രൂപിണീഃ
ഗന്ധേന മുമുഹുസ്താസാം രൂപൗദാര്യഹതശ്രിയഃ. 13

താനാഹ ദേവദേവേശഃ പ്രണതാൻ പ്രഹസന്നിവ
''ആസാമേകതമാം വൃങ്ധ്വം സവർണ്ണാം സ്വർഗ്ഗഭൂഷണാം.'' 14

ഓമിത്യാദേശമാദായ നത്വാ തം സുരവന്ദിനഃ
ഉർവ്വശീമപ്സരഃശ്രേഷ്ഠാം പുരസ്കൃത്യ ദിവം യയുഃ. 15

ഇന്ദ്രായാനമ്യ സദസി ശൃണ്വതാം ത്രിദിവൗകസാം
ഊചുർന്നാരായണബലം ശക്രസ്തത്രാസ വിസ്മിതഃ. 16

ഹംസസ്വരൂപ്യവദദച്യുത ആത്മയോഗം,
ദത്തഃ കുമാര ഋഷഭോ ഭഗവാൻ പിതാ നഃ
വിഷ്ണുഃ ശിവായ ജഗതാം കലയാവതീർണ്ണ-
സ്തേനാഹൃതാ മധുഭിദാ ശ്രുതയോ ഹയാസ്യേ. 17

ഗുപ്തോഽപ്യയേ മനുരിലൗഷധയശ്ച മാത്സ്യേ
ക്രൗഡേ ഹതോ ദിതിജ ഉദ്ധരതാംഭസഃ ക്ഷ്മാം
കൗർമ്മേ ധൃതോഽദ്രിരമൃതോന്മഥനേ സ്വപൃഷ്ഠേ,
ഗ്രാഹാത് പ്രപന്നമിഭരാജമമുഞ്ചദാർത്തം. 18

സംസ്തുന്വതോഽബ്ധിപതിതാഞ്ഛ്രമണാനൃഷീംശ്ച
ശക്രം ച വൃത്രവധതസ്തമസി പ്രവിഷ്ടം
ദേവസ്ത്രിയോഽസുരഗൃഹേ പിഹിതാ അനാഥാ
ജഘ്നേഽസുരേന്ദ്രമഭയായ സതാം നൃസിംഹേ. 19

ദേവാസുരേ യുധി ച ദൈത്യപതീൻ സുരാർത്ഥേ
ഹത്വാന്തരേഷു ഭുവനാന്യദധാത് കലാഭിഃ
ഭൂത്വാഥ വാമന ഇമാമഹരദ്ബലേഃ ക്ഷ്മാം
യാച്ഞാച്ഛലേന സമദാദദിതേഃ സുതേഭ്യഃ. 20

* 'ഭൈഷ്ടിഭോ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശക്രനാൽ കൃതമായൊരക്രമമാദിദേവ-
നൊക്കെയുമറിഞ്ഞതിശാന്തമായ് കൃപാകുലം
ചിരിച്ചു ചൊന്നാൻ ഭയത്രസ്തരാമവരോടായ്,
''സ്മരസമ്രാട്ടേ! സുരസ്ത്രീകളേ! മന്ദാനിലാ!
ഭീതി കൈവെടിഞ്ഞീടിൻ വന്നീടിനാ-
ശ്രമത്തി-
ലാതിഥ്യം ഞങ്ങളേകുന്നവയെ സ്വീകരി-
പ്പിൻ.'' 8
അഭയപ്രദൻ ദേവനീവിധം കഥിച്ചപ്പോ-
ത്രപയാൽ തലതാഴ്ത്തിയനങ്ഗാദ്യമർത്ത്യൗഘം
കാരുണ്യശീലനാമദ്ദേവനോടോതീ, ''വിഭോ!
ധീരാത്മാരാമാനതപദാബ്ജധരാ ഹരേ!
പരനായ് നിർവ്വികാരനായീടും ഭവാനിലി-
ത്തരമാം ക്ഷമയേതുമദ്ഭുതമല്ലയല്ലോ! 9
ഭവൽക്കഭക്തന്മാരായ് സ്വർഗ്ഗനിസ്പൃഹ-
ന്മാരായ്
താവകം പരം പദം പ്രാപിക്കുന്നവർക്കെല്ലാം
ഭവിക്കുമേവം ദേവപീഡനം, സ്വഭാഗമാം
ഹവിസ്സഗ്നിയിലപ്പിച്ചീടുവോർക്കില്ലിശ്ശല്യം.
അങ്ങുന്ന രക്ഷിതാവായിരിക്കിലീ വിഘ്നങ്ങ-
ളെങ്ങുമേ ഭവദ്ഭക്തർ ചവുട്ടിമെതിക്കുന്നു. 10
അന്യന്മാർ ചിലർ ദാഹം വിശപ്പു ശീതോ-
ഷ്ണങ്ങൾ
തെന്നലും മാരി, നാരീസേവനം നാവിൻരസം
എന്നിവയല്ലാലംബമായപാരവാരാന്നിധി-
യെന്നമട്ടിരിക്കുന്ന വിഘ്നോരാമീ ഞങ്ങളെ
വെന്നിട്ടും വിഫലമാം ക്രോധത്തിന്നധീനരായ്
ചെന്നു ഗോഷ്പദപ്രായകുണ്ഡിൽ വീണടിയുന്നു.
കഷ്ടപ്പെട്ടവർ നേടിവച്ചിരിക്കും തപസ്സും
കഷ്ടമേ പ്രയോജനശൂന്യമായ്ക്കളയുന്നു.'' 11
ഈവിധം സ്തുതിക്കുമപ്പവമ്പൻതൊട്ടോർക്കാദി-
ദേവനാം വിഭുവുടനതീസുന്ദരിമാരായ്
സർവ്വാങ്ഗവിഭൂഷിതരായിസ്സ്വപരിചര്യ-
നിർവ്വഹിച്ചീടും ബഹുസ്ത്രീകളെക്കാട്ടീടിനാൻ.12
ഇന്ദിരയ്ക്കൊക്കും രൂപം ധരിച്ചു വിളങ്ങുമ-
ത്തനാങ്ഗീമണിമാരെക്കണ്ടിട്ടു കാമാദികൾ
തദ്രൂപൗദാര്യങ്ങളാൽ നിഹതപ്രഭരായി-
ത്തദ്ദേഹസുഗന്ധത്താൽ മോഹിതരായിത്തീ-
ന്നാർ. 13
ദേവദേവേശനാമബ്ഭഗവാൻ മന്ദസ്മിത-
പൂർവ്വകമോതീടിനാൻ നമിക്കുമവരോടായ്:
''സമോദം സവർണ്ണയായ് സ്വർഗ്ഗഭൂഷണ-
യായോ-
രമലാങ്ഗിയെ നിങ്ങൾ കൈക്കൊൾവിനി-
തിൽനിന്നും.'' 14
''അങ്ങനെതന്നെ''യെന്നക്കല്പന സമാദരി-
ച്ചങ്ഗനാമാണിക്യമായപ്പരോമുഖ്യയാകും
ഉർവ്വശിതന്നെക്കൈക്കൊണ്ടവളേ മുൻനടത്തി
സർവ്വാസഭ്രവണങ്ങാർ ദേവാധിനാഥ-
ഭൃത്യർ. 15
ഉമ്പർകോൻതന്നെഴുപ്പിസ്സഭയിൽ ദേവന്മാർ-
തൻ
മുമ്പാകെ നാരായണശക്തിയെയറിയിച്ചാർ.
ശക്രനാ വാർത്ത കേട്ടു വിസ്മയനിമഗ്നനാ-
യുൾക്കാമ്പിൽ ഭയപ്പെട്ടു സഭയിൽ സ്ഥിതി
ചെയ്താൻ. 16
അച്യുതനനന്തരം ഹംസസ്വരൂപം ധരി-
ച്ചച്ചതുർമ്മുഖന്നുപദേശിച്ചിതാത്മജ്ഞാനം.
ഭുവനക്ഷേമത്തിനായ് ദത്താത്രേയനായ് പുന-
രവതരിച്ചാൻ വിഷ്ണുഭഗവാൻ സ്വാംശത്തി-
നാൽ.
സനൽക്കുമാരനായിജ്ജനിച്ചശേഷമസ്സ-
ജ്ജനകഭഗവാനാമൃഷഭനായ് പിറന്നാൻ.
തദനന്തരം ഹയഗ്രീവനായ് വേദം കട്ട-
ദിതിജൻതന്നെക്കൊന്നാ ശ്രുതികൾ
വീണ്ടെടുത്താൻ. 17
മത്സ്യമായ് പ്രളയത്തിൽ പിറന്നു മനുവിനെ
രക്ഷിച്ചാൻ മഹിയേയുമൗഷധീവർഗ്ഗത്തെയും.
വരാഹാവതാരത്തിൽ സലിലംതന്നിൽനിന്നും
ധരയെയുയർത്തവേ ദിതിനന്ദനനാകും
ഹിരണ്യാക്ഷനെക്കൊന്നാൻ പീയൂഷ-
മഥനത്തി-
ലൊരു കൂർമ്മമായബ്ധിമഗ്നമാം പർവ്വതത്തെ
പൃഷ്ഠത്താൽ താങ്ങീ പിന്നെ നക്രവക്ത്രത്തി-
ലക-
പ്പെട്ടു ദുഃഖിക്കും ഗജശ്രേഷ്ഠനെ രക്ഷിച്ചിതു. 18
പിന്നെ വാർദ്ധിയിൽ വീണു കരയേറുവാൻ
കഴി-
വെന്നിയേ സ്തുതിച്ചീടുമൃഷിവര്യന്മാരെയും
വൃത്രഹത്യയാലന്ധകാരത്തിലകപ്പെട്ട
വൃത്രാരിയേയും ബലാലസുരാലയംതന്നിൽ
ഇട്ടടച്ചോരനാഥദേവനാരികളേയും
വിഷ്ടപേശ്വരൻ രക്ഷിച്ചീടിനാനപ്പോഴപ്പോൾ.
നരസിംഹമായ് വന്നു സാധുക്കൾക്കഭയത്തെ-
യരുളാനസുരേന്ദ്രൻതന്നെസ്സംഹരിച്ചിതു. 19
ദേവാസുരായോധനംതന്നിൽ വിഘ്നോരിൽ-
ഭാവമാന്നസുരാധിനാഥരെയശേഷവും [സ്സഹ-
മുടിച്ചു മന്വന്തരംതോറുമംശാവതാര-
മെടുത്തു ജഗത്ത്രയപാലനംചെയ്തീടിനാൻ.
പിന്നെ വാമനനായിബ്ബലിയിൽനിന്നു
യാച്ഞാ-
യെന്ന ഭാവത്തിലപഹരിച്ചിജ്ജഗത്ത്രയം
അദിതീസുതന്മാർക്കായരുളീടിനാൻ ഭക്ത-
ഹൃദയനിവാസിയാം ഭഗവാൻ ശ്രീനിവാസൻ.
20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഃക്ഷത്രിയാമകൃത ഗാം ച ത്രിഃസപ്തകൃത്വോ
രാമസ്തു ഹൈഹയകുലാപ്യയഭാർഗ്ഗവാഗ്നിഃ
സോഽബ്ധിം ബബന്ധ ദശവക്ത്രമഹൻ സലങ്കം
സീതാപതിർജ്ജയതി ലോകമലഘ്നകീർത്തിഃ. 21
ഭൂമേർഭരാവതരണായ യദുഷ്വജന്മാ
ജാതഃ കരിഷ്യതി സുരൈരപി ദുഷ്കരാണി
വാദൈർവിമോഹയതി യജ്ഞകൃതോഽതദർഹാൻ
ശൂദ്രാൻ കലൗ ക്ഷിതിഭുജോ ന്യഹനിഷ്യദന്തേ. 22
ഏവംവിധാനി കർമ്മാണി ജന്മാനി ച ജഗത്പതേഃ
ഭൂരീണി ഭൂരിയശസോ വർണ്ണിതാനി, മഹാഭുജ. 23

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

രാജോവാച

ഭഗവന്തം ഹരിം പ്രായോ ന ഭജന്ത്യാത്മവിത്തമാഃ
തേഷാമശാന്തകാമാനാം കാ നിഷ്ഠാഽവിജിതാത്മനാം? 1

ചമസ ഉവാച

മുഖബാഹൂരുപാദേഭ്യഃ പുരുഷസ്യാശ്രമൈഃ സഹ
ചത്വാരോ ജജ്ഞിരേ വർണ്ണാ ഗുണൈർവിപ്രാദയഃ പൃഥക്. 2
യ ഏഷാം പുരുഷം സാക്ഷാദാത്മപ്രഭവമീശ്വരം
ന ഭജന്ത്യവജാനന്തി സ്ഥാനാദ്ഭ്രഷ്ടാഃ പതന്ത്യധഃ 3
ദൂരേ ഹരികഥാഃ കേചിദ്ദൂരേ ചാച്യുതകീർത്തനാഃ
സ്ത്രിയഃ ശൂദ്രാദയശ്ചൈവ തേഽനുകമ്പ്യാ ഭവാദൃശാം. 4
വിപ്രോ രാജന്യവൈശ്യൗ ച ഹരേഃ പ്രാപ്താഃ പദാന്തികം
ശ്രൗതേന ജന്മനാഥാപി മുഹ്യന്ത്യാമ്നായവാദിനഃ 5
കർമ്മണ്യകോവിദാഃ സ്തബ്ധാ മൂർഖാഃ പണ്ഡിതമാനിനഃ
വദന്തി ചാടുകാൻ മൂഢാ യയാ മാധ്വ്യാ ഗിരോത്സുകാഃ. 6
രജസാ ഘോരസങ്കല്പാഃ കാമുകാ അഹിമന്യവഃ
ദാംഭികാ മാനിനഃ പാപാ വിഹസന്ത്യച്യുതപ്രിയാൻ. 7
വദന്തി തേഽന്യോന്യമുപാസിതസ്ത്രിയോ
ഗൃഹേഷു മൈഥുന്യപരേഷു ചാശിഷഃ
യജന്ത്യസൃഷ്ടാന്നവിധാനദക്ഷിണം
വൃത്ത്യൈ പരം ഘ്നന്തി പശൂനതദ്വിദഃ. 8
ശ്രിയാ വിഭൂത്യാഭിജനേന വിദ്യയാ
ത്യാഗേന രൂപേണ ബലേന കർമ്മണാ
ജാതസ്മയേനാന്ധധിയഃ സഹേശ്വരാൻ
സതോഽവമന്യന്തി ഹരിപ്രിയാൻ ഖലാഃ. 9
സർവ്വേഷു ശശ്വത്തനുഭൃത്സ്വവസ്ഥിതം
യഥാ ഖമാത്മാനമഭീഷ്ടമീശ്വരം
വേദോപഗീതം ച ന ശൃണ്വതേഽബുധാ
മനോരഥാനാം പ്രവദന്തി വാർത്തയാ. 10
ലോകേ വ്യവായാമിഷമദ്യസേവാ
നിത്യാസ്തു ജന്തോർന്ന ഹി തത്ര ചോദനാ
വ്യവസ്ഥിതിസ്തേഷു വിവാഹയജ്ഞ-
സുരാഗ്രഹൈരാസു നിവൃത്തിരിഷ്ടാ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹൈഹയവംശ്യരാകും ദുഷ്ടഭൂപരെയാകെ
സംഹരിക്കുവാൻപോന്ന ഭാർഗ്ഗവകലാഗ്നിയാം
പരശുരാമൻ പിന്നെയിരുപത്തൊന്നുവട്ടം
ധരയെയക്ഷത്രിയയാക്കിനാനതിൽപ്പിന്നെ
സീതാവല്ലഭനായിട്ടബ്ധി ബന്ധിച്ചു ലങ്കാ–
നാഥനെ ലങ്കയോടും ഹനിച്ചു ജയിക്കുന്നു. 21

ജന്മാദിരഹിതനിധരണീഭാരം തീർപ്പാൻ
നിർമ്മലയദുവംശജാതനായ് സുരരാലും
ദുഷ്കരങ്ങളാം പല കൃത്യങ്ങൾ ചെയ്യും മേലിൽ
യോഗ്യതയെന്യേ യജ്ഞംചെയ്‌വോരെ
ബുദ്ധനായി
യുക്തിയാൽ മോഹിപ്പിക്കും കലിയില–
വസാനം,
കൽക്കിയായധർമ്മിഷ്ഠഭൂപരെയെല്ലാം കൊല്ലും. 22

വർണ്ണിച്ചേൻ ദീർഘബാഹോ! ഭൂരികീർത്തി–
മാനാകും
പുണ്ഡരീകാക്ഷബഹുജന്മകർമ്മങ്ങളേവം. 23

അദ്ധ്യായം 5

നിമിനവയോഗിസംവാദം—ഭക്തിശൂന്യഗതി—പൂജാനിരൂപണം

രാജാവു പറഞ്ഞു

ആത്മവിത്തമന്മാരേ! ഏതൊരുജനം പര–
മാത്മാവാംപദ്മാലയാകാന്തനെബ്ഭജിപ്പീല
അവിജിതാത്മാക്കളായശാന്തകാമന്മാരാ–
മവർതൻ സ്ഥിതിയേതുവിധമമെന്നോതി–
യാലും. 1

ചമസൻ പറഞ്ഞു

ആ വിരാൾപുരുഷന്റെ മുഖം കൈ തുട പാദ–
മീവകയങ്ഗങ്ങളിൽനിന്നു വെവ്വേറേ ക്രമാൽ
സത്ത്വാദിഗുണങ്ങളുമാശ്രമങ്ങളുമൊത്തു
പൃഥ്വീദേവാദി നാലു വർണ്ണങ്ങളുണ്ടായിതു. 2

ആരാരീ വർഗ്ഗങ്ങളിൽ സ്വാത്പത്തിഭൂവാം
സാക്ഷാൽ
പുരുഷൻതന്നെബ്ഭജിച്ചീടാതെയിരിക്കുമോ
അവരേവരും സ്ഥാനഭ്രഷ്ടന്മാരായിപ്പാര–
മവശന്മാരായധഃപതിച്ചീടുന്നു നൂനം. 3

ചിലരായതിൽ ഹരിചരിതം കേൾക്കാ–
ത്തോരും
ചിലരച്യുതനാമം കീർത്തിക്കാത്തവരുംതാൻ.
സ്ത്രീകളും ശൂദ്രാദ്യരുമാ സംഘംതന്നിലുണ്ടെ–
ന്നാകിൽ താദൃശക്കവരനുകമ്പാർഹരത്രേ. 4

വിപ്രനും രാജന്യനും വൈശ്യനും ചതുർവ്വേദ–
കല്പിതകർമ്മങ്ങൾക്കു യോഗ്യമാം ജന്മത്തിനാൽ
മാധവപാദാന്തികപ്രാപ്തരാണെന്നാകിലും
വേദവാദികളായി മോഹിച്ചിടുന്നു കഷ്ടം! 5

കർമ്മത്തിലസമർത്ഥന്മാരായിഗ്ഗർവ്വിഷ്ഠരായ്
വന്മൂർഖരായിപ്പണ്ഡിതാഭിമാനികളാകും
അമ്മൂഢർ വിൺസുഖങ്ങളോരോന്നു–
മൗത്സുക്യത്തോ–
ടോർമ്മിച്ചു തേന്നുന്നിടും വേദമോതിക്കഴിപ്പു. 6

മുററിന രജസ്സിനാൽ ഘോരസങ്കല്പന്മാരു–
മേററവും വിഷയേച്ഛ വദ്ധിച്ചു കേഴുവോരും
പാമ്പിനുട്ടതിക്രോധമാർന്നീടുന്നവരും വൻ–
ദാംഭികന്മാരും സ്വയം യോഗ്യരായ് ഭാവി–
പ്പോരും
പാപകർമ്മങ്ങൾതന്നെ ചെയ്‌വോരുമായിട്ടവർ
ശ്രീപതിഭക്തന്മാരെ നിന്ദിച്ചീടുന്നു പാരം. 7

സ്ത്രീസുഖം ശ്രേഷ്ഠമെന്നായവരോർക്കുന്നു, ഗൃഹ–
സ്ഥാശ്രമസ്ഥിതരായി സ്ത്രീകളെയുപാസിപ്പു.
അന്യോന്യമരുളുന്നിതാശിസ്സു ദക്ഷിണയു–
മന്നദാനവുമെന്യേ യാഗങ്ങൾ യജിക്കുന്നു.
പിന്നെ സ്വവൃത്തിക്കായി മൃഗവൃന്ദത്തെയെന്നും
കൊന്നിടുന്നിതേയതിൻ വൻപാപ–
മറിയാതെ. 8

സമ്പത്തും ത്യാഗം, വിദ്യ, സൗന്ദര്യ,മാധി–
പത്യം,
വമ്പിച്ച ബന്ധുബലം, കൈയൂക്ക, കർമ്മദാക്ഷ്യം,
എന്നിവമൂലം മദിച്ചന്ധബുദ്ധികളായി
നിന്ദിക്കുന്നീശനേയും തദ്ഭക്തരേയും ഖലർ. 9

എപ്പൊഴുമാകാശംപോൽ സമസ്തദേഹികൾക്കു–
മുൾപ്പൂവിൽ സ്ഥിതനായി വേദവർണ്ണിതനായി
പ്രേമസ്ഥാനമായ് സർവ്വാത്മാവാകുമീശൻതന്നെ
ഹാ! മൂഢജനരാശിയറിയുന്നില്ല കഷ്ടം!
ഓരോ മനോരഥത്തിൽ മുഴുകിത്തത്സംബന്ധ–
കാര്യങ്ങൾ ചൊല്ലിക്കാലം പഴുതേ–
കഴിക്കുന്നു. 10

മന്നിൽ സ്ത്രീസംഗം, മാംസഭോജനം, മദ്യപാന–
മെന്നിവ പ്രകൃത്യാതാൻ ജന്തുക്കൾക്കെല്ലാ–
മുണ്ടാം.
തെല്ലുമേയതിൽ പിന്നെ പ്രേരണ വേണ്ടാ–
യ്കയാൽ
കല്യാണം, യജ്ഞം, സൗത്രാമണ്യമെന്നിതു–
കളാൽ
മെല്ലെയീ ദോഷത്രയംതന്നിൽനിന്നെല്ലാരെയും
കില്ലെന്യേ മാററാൻ ചില നിയമം വച്ചു
മുന്നം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനം ച ധർമ്മൈകഫലം യതോ വൈ
ജ്ഞാനം സവിജ്ഞാനമനുപ്രശാന്തി
ഗൃഹേഷു യുഞ്ജന്തി കളേബരസ്യ
മൃത്യും ന പശ്യന്തി ദുരന്തവീര്യം. 12

യദ്ഘ്രാണഭക്ഷോ വിഹിതഃ സുരായാ-
സ്തഥാ പശോരാലഭനം ന ഹിംസാ
ഏവം വ്യവായഃ പ്രജയാ ന രത്യാ
ഇമം വിശുദ്ധം ന വിദുഃ സ്വധർമ്മം. 13

യേ ത്വനേവംവിദോഽസന്തഃ സ്തബ്ധാഃ സദഭിമാനിനഃ
പശൂൻ ദ്രുഹ്യന്തി വിസ്രബ്ധാഃ പ്രേത്യ ഖാദന്തി തേ ച താൻ. 14

ദ്വിഷന്തഃ പരകായേഷു സ്വാത്മാനം ഹരിമീശ്വരം
മൃതകേ സാനുബന്ധേഽസ്മിൻ ബദ്ധസ്നേഹാഃ പതന്ത്യധഃ. 15

യേ കൈവല്യമസംപ്രാപ്താ യേ ചാതീതാശ്ച മൂഢതാം
ത്രൈവർഗ്ഗികാ ഹ്യക്ഷണികാ ആത്മാനം ഘാതയന്തി തേ. 16

ഏത ആത്മഹനോഽശാന്താ അജ്ഞാനേ ജ്ഞാനമാനിനഃ
സീദന്ത്യകൃതകൃത്യാ വൈ കാലധ്വസ്തമനോരഥാഃ. 17

ഹിത്വാത്യായാസരചിതാ ഗൃഹാപത്യസുഹൃച്ഛ്രിയഃ
തമോ വിശന്ത്യനിച്ഛന്തോ വാസുദേവപരാങ്മുഖാഃ. 18

രാജോവാച

കസ്മിൻ കാലേ സ ഭഗവാൻ കിം വർണ്ണഃ കീദൃശോ നൃഭിഃ
നാമ്നാ വാ കേന വിധിനാ പൂജ്യതേ തദിഹോച്യതാം. 19

കരഭാജന ഉവാച

കൃതം ത്രേതാ ദ്വാപരം ച കലിരിത്യേഷു കേശവഃ
നാനാവർണ്ണാഭിധാകാരോ നാനൈവ വിധിനേജ്യതേ. 20

കൃതേ ശുക്ലശ്ചതുർബ്ബാഹുർജ്ജടിലോ വല്കലാംബരഃ
കൃഷ്ണാജിനോപവീതാക്ഷാൻ ബിഭ്രദ്ദണ്ഡകമണ്ഡലൂ. 21

മനുഷ്യാസ്തു തദാ ശാന്താ നിർവൈരാഃ സുഹൃദഃ സമാഃ
യജന്തി തപസാ ദേവം ശമേന ച ദമേന ച. 22

ഹംസഃ സുപർണ്ണോ വൈകുണ്ഠോ ധർമ്മോ യോഗേശ്വരോഽമലഃ
ഈശ്വരഃ പുരുഷോഽവ്യക്തഃ പരമാത്മേതി ഗീയതേ. 23

ത്രേതായാം രക്തവർണ്ണോഽസൗ ചതുർബ്ബാഹുസ്ത്രിമേഖലഃ
ഹിരണ്യകേശസ്ത്രയ്യാത്മാ സ്രുക്സ്രുവാദ്യുപലക്ഷണഃ. 24

തം തദാ മനുജാ ദേവം സർവ്വദേവമയം ഹരിം
യജന്തി വിദ്യയാ ത്രയ്യാ ധർമ്മിഷ്ഠാ ബ്രഹ്മവാദിനഃ. 25

വിഷ്ണുര്യജ്ഞഃ പൃശ്നിഗർഭഃ സർവ്വദേവ ഉരുക്രമഃ
വൃഷാകപിർജ്ജയന്തശ്ച ഉരുഗായ ഇതീര്യതേ. 26

ദ്വാപരേ ഭഗവാഞ്ഛ്യാമഃ പീതവാസാ നിജായുധഃ
ശ്രീവത്സാദിഭിരങ്കൈശ്ച ലക്ഷണൈരുപലക്ഷിതഃ. 27

തം തദാ പുരുഷം മർത്ത്യാ മഹാരാജോപലക്ഷണം
യജന്തി വേദതന്ത്രാഭ്യാം പരം ജിജ്ഞാസവോ, നൃപ. 28

''നമസ്തേ വാസുദേവായ നമഃ സങ്കർഷണായ ച
പ്രദ്യുമ്നായാനിരുദ്ധായ തുഭ്യം ഭഗവതേ നമഃ. 29

നാരായണായ ഋഷയേ പുരുഷായ മഹാത്മനേ
വിശ്വേശ്വരായ വിശ്വായ സർവ്വഭൂതാത്മനേ നമഃ.'' 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനം നിശ്ചയമായ് ധർമ്മൈകഫലമത്രേ,
വിനിയോഗിക്കാനുള്ളതല്ലത്രേ കണ്ടമാനം.
പ്രത്യക്ഷാനുഭൂതിയോടൊത്തിടും വിവേകവും
സത്വരം പ്രശാന്തിയുമേതിനാൽ സിദ്ധിക്കുമോ,
വിത്തത്തെയാവഴിക്കു ചെലവാക്കാതെ വെറും-
ക്ഷുദ്രകാര്യങ്ങൾക്കായ്ത്താനുപയോഗി-
ച്ചിടുന്നു.
ശരീരത്തിന്നുള്ളതായ് ദുരന്തവീര്യംപെടും
മരണത്തിനെയവർ കാണുന്നതില്ല കഷ്ടം! 12
മദ്യമാംസപ്രാണികളെയേ പാടുള്ളൂ, പശുഹത്യ
വിധ്യനുരോധം ചെയ്യാം, പാടില്ല വേറേവിധം.
അതുപോൽ സ്ത്രീസങ്ഗവും പുത്രലാഭത്തി-
നെന്യേ
രതിക്കായൊരിക്കലും ചെയ്യരുതെന്നീവിധം
വേദത്തിൽ വിധിച്ചത്രേ ശുദ്ധമാം സ്വധർമ്മമെ-
ന്നേതുമേ ജനരാശിയറിയുന്നില്ല കഷ്ടം! 13
ഈവിധമറിവെന്യേ സത്കർമ്മമെല്ലാം ചിലർ
കൈവിട്ടസത്തുക്കളായ് ഭാവിച്ചു ഗർവിഷ്ഠരായ്
വിശ്വാസത്തോടും ചെയ്വു ഗോവധ,മക്കൂട്ടരേ
നിശ്ചയം പ്രാണിജാലം ഭക്ഷിക്കും മരിക്കു-
മ്പോൾ. 14
തന്നുടെ ദേഹത്തിലും മറ്റെല്ലാദേഹത്തിലു-
മെന്നുമാവസിക്കും ശ്രീഹരിയെ ദ്വേഷി-
ക്കുവോൻ
ശവതുല്യമായ് സാനുബന്ധമാമീദേഹത്തി-
ലവബദ്ധമാം സ്നേഹത്തോടധഃപതിക്കുന്നു. 15
കൈവല്യം പ്രാപിച്ചീടാത്തവരാ,യെന്നാൽ
മൂഢ-
ഭാവത്തെക്കടന്നോരായ് ത്രൈവർഗ്ഗികന്മാരായി
ആത്മജ്ഞാനാർത്ഥം ശ്രമം ചെയ്യാതിരിക്കും
ചില-
രാത്മാവേ നശിപ്പിച്ചു വീഴുന്നു നരകത്തിൽ. 16
ആത്മദ്രോഹികളാകുമിക്കൂട്ടരശാന്തരായ്
കർമ്മത്തിലജ്ഞരായി ജ്ഞാനമാനികളായി
കാലാകാലത്തു ചെയ്തീടേണ്ടതു ചെയ്യാത്തോ-
രായ്
കാലവിധ്വസ്തമനോരഥരായ്ത്തളരുന്നു. 17
ഹരിയിൽ പരാങ്മുഖരായവർ കഷ്ടപ്പെട്ടു
ചിരകാലമായ് തേടിവച്ചുള്ള ധനങ്ങളും
ബാന്ധവഗേഹപുത്രകളത്രൈശ്വര്യാദിയും
സന്ത്യജിച്ചിച്ഛിക്കാത്ത തമസ്സിൽ പതി-
ക്കുന്നു. 18

രാജാവു പറഞ്ഞു

ഏതേതു കാലത്തിലപ്പ്ഭഗവാനേതു വർണ്ണ,-
മേതേതു രൂപ,മേതുപേരെന്നും, മനുഷ്യരാൽ
ഏതൊരുപ്രകാരത്തിലാരാധനീയനെന്നും
പ്രീതിപൂർവ്വകമിപ്പോളരുളിച്ചെയ്യേണമേ. 19

കരഭാജനൻ പറഞ്ഞു

കൃതാദിയാകും ചതുര്യുഗത്തിലോരോന്നിലും
ദിതിജവൈരി സാക്ഷാൽ ഭഗവാൻ
വാസുദേവൻ
ഓരോരോ നിറം രൂപം നാമവും ധരിച്ചവ-
താരമാളുന്നു, പൂജാവിധവും വിവിധംതാൻ. 20
കൃതയുഗത്തിൽ ശുക്ലവർണ്ണവും നാലുകൈയും
ചിതമാം ജപമാല, വല്ക്കലം, പൂണുനൂലും
ദണ്ഡവും, കമണ്ഡലു, ജടകൾ, കൃഷ്ണാജിന-
മെന്നിവ, ധരിപ്പൂത്രേ ഭഗവദവതാരം. 21
അക്കാലം മർത്ത്യരെല്ലാം ശാന്തരും നിർവൈരരും
ദുഃഖഹീനരുമെല്ലാവരേയും സ്നേഹിപ്പോരും
സമദർശനന്മാരുമായിടും, തപം, ശമം,
ദമമെന്നിവയാലേയീശനെ യജിക്കുന്നു. 22
ഹംസൻ, സുപർണ്ണൻ, ധർമ്മം, വൈകുണ്ഠൻ
യോഗേശ്വര-
നീശ്വരൻ പുരുഷനമമലനവ്യക്തനും
പരമാത്മാവുമെന്നിത്തരമാം നാമങ്ങളാൽ
പരിചിൽ ഭഗവാനെജ്ജനങ്ങൾ
കീർത്തിക്കുന്നു. 23
ത്രേതയിൽ ഭഗവാനെ നാലു കൈകളുംപൂണ്ടു
വേദത്രയത്തിൽ വർണ്ണിച്ചീടും സ്വരൂപത്തോടും
സ്രുക്സ്രുവാദ്യപചിഹ്നധരനായ് പീതവർണ്ണം
കൈക്കൊള്ളും കേശത്തോടും രക്തവർണ്ണനായ്
കാണ്മൂ. 24
നരന്മാരെല്ലാമപ്പോൾ സർവ്വദേവസ്വരൂപൻ
ഹരിയെധർമ്മിഷ്ഠരായാഗമാദ്ധ്യേതാക്കളായ്
വേദത്തിൻവിധിക്കൊത്തതായിടുംകർമ്മങ്ങളെ-
യേതുമേ തെറ്റാതനുഷ്ഠിച്ചു പൂജിച്ചിടുന്നു. 25
ശ്രീവിഷ്ണു യജ്ഞൻ പൃശ്നിഗർഭനുമുരുക്രമൻ
ശ്രീവൃഷാകപിയുരുഗായനും ജയന്തനും
സർവ്വദേവനുമെന്നീവിധത്തിൽ പലപേരി-
ലുർവ്വിയിലന്നേവരും കീർത്തിപ്പു ഭഗവാനെ.26
ദ്വാപരയുഗംതന്നിൽ ശ്യാമളവർണ്ണനായി
ശ്രീപതി പീതാംബരധാരിയായ്
സ്വശസ്ത്രനായ്
ശ്രീവത്സാദ്യങ്കങ്ങളോടൊപ്പമായ് കൗസ്തുഭാദി
സർവലക്ഷണങ്ങളും കലർന്നു ശോഭിക്കുന്നു. 27
ഹേ നൃപാ! മഹാരാജചിഹ്നനാമാ ദേവനെ
മാനവരർച്ചിക്കുന്നു വേദതന്ത്രങ്ങളാലേ. 28
''വാസുദേവനായിടുമങ്ങേയ്ക്കു നമസ്കാരം
ഹേ സങ്കർഷണദേവാ! ഭവാനു നമസ്കാരം.
പ്രദ്യുമ്നനാമങ്ങേയ്ക്കെൻ നമസ്കാരമനി-
രുദ്ധനായീടും തിരുമേനിക്കു നമസ്കാരം. 29
നാരായണർഷിക്കായും മഹാത്മാവായി മിന്നും
പൂരുഷന്നായും വിശ്വാധീശ്വരന്നായിക്കൊണ്ടും
സർവ്വഭൂതാത്മാവിനായ്ക്കൊണ്ടുമെൻ നമസ്കാരം
സർവ്വലോകസ്വരൂപൻ ഭവാനു നമസ്കാരം.''30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ദ്വാപര ഉർവ്വീശ! സ്തുവന്തി ജഗദീശ്വരം
നാനാതന്ത്രവിധാനേന കലാവപി യഥാ ശൃണു. 31
കൃഷ്ണവർണ്ണം ത്വിഷാ കൃഷ്ണം സാങ്ഗോപാങ്ഗാസ്ത്രപാർഷദം
യജ്ഞൈഃ സങ്കീർത്തനപ്രായൈര്യജന്തി ഹി സുമേധസഃ. 32

''ധ്യേയം സദാ പരിഭവഘ്നമഭീഷ്ടദോഹം
തീർത്ഥാസ്പദം ശിവവിരിഞ്ചിനുതം ശരണ്യം
ഭൃത്യാർത്തിഹം പ്രണതപാലഭവാബ്ധിപോതം
വന്ദേ മഹാപുരുഷ! തേ ചരണാരവിന്ദം. 33
ത്യക്ത്വാ സുദുസ്ത്യജസുരേപ്സിതരാജ്യലക്ഷ്മീം
ധർമ്മിഷ്ഠ ആര്യവചസാ യദഗാദരണ്യം
മായാമൃഗം ദയിതയേപ്സിതമന്വധാവദ്
വന്ദേ മഹാപുരുഷ! തേ ചരണാരവിന്ദം.'' 34

ഏവം യുഗാനുരൂപാഭ്യാം ഭഗവാൻ യുഗവർത്തിഭിഃ
മനുജൈരിജ്യതേ, രാജൻ, ശ്രേയസാമീശ്വരോ ഹരിഃ. 35
കലിം സഭാജയന്ത്യാര്യാ ഗുണജ്ഞാഃ സാരഭാഗിനഃ
യത്ര സങ്കീർത്തനേനൈവ സർവ്വഃ സ്വാർത്ഥോഽഭിലഭ്യതേ. 36
ന ഹ്യതഃ പരമോ ലാഭോ ദേഹിനാം ഭ്രാമ്യതാമിഹ
യതോ വിന്ദേത പരമാം ശാന്തിം നശ്യതി സംസൃതിഃ. 37
കൃതാദിഷു പ്രജാ, രാജൻ, കലാവിച്ഛന്തി സംഭവം
കലൗ ഖലു ഭവിഷ്യന്തി നാരായണപരായണാഃ. 38
ക്വചിത് ക്വചിന്മഹാരാജ! ദ്രവിഡേഷു ച ഭൂരിശഃ
താമ്രപർണ്ണീ നദീ യത്ര കൃതമാലാ പയസ്വിനീ. 39
കാവേരീ ച മഹാപുണ്യാ പ്രതീചീ ച മഹാനദീ
യേ പിബന്തി ജലം താസാം മനുജാ മനുജേശ്വര!
പ്രായോ ഭക്താ ഭവിഷ്യന്തി വാസുദേവേഽമലാശയാഃ. 40

ദേവർഷിഭൂതാപ്തനൃണാം പിതൄണാം
ന കിങ്കരോ നായമൃണീ ച, രാജൻ,
സർവ്വാത്മനാ യഃ ശരണം ശരണ്യം
ഗതോ മുകുന്ദം പരിഹൃത്യ കർത്തം. 41
സ്വപാദമൂലം ഭജതഃ പ്രിയസ്യ
ത്യക്താന്യഭാവസ്യ ഹരിഃ പരേശഃ
വികർമ്മ യച്ചോത്പതിതം കഥഞ്ചി-
ദ്ധുനോതി സർവ്വം ഹൃദി സന്നിവിഷ്ടഃ. 42

നാരദ ഉവാച

ധർമ്മാൻ ഭാഗവതാനിത്ഥം ശ്രുത്വാഥ മിഥിലേശ്വരഃ
ജായന്തേയാൻ മുനീൻ പ്രീതഃ സോപാദ്ധ്യായോ ഹ്യപൂജയത്.
തതോഽന്തർദ്ധിരേ സിദ്ധാഃ സർവ്വലോകസ്യ പശ്യതഃ [43
രാജാ ധർമ്മാനുപാതിഷ്ഠന്നവാപ പരമാം ഗതിം. 44
ത്വമപ്യേതാൻ, മഹാഭാഗ, ധർമ്മാൻ ഭാഗവതാൻ ശ്രുതാൻ
ആസ്ഥിതഃ ശ്രദ്ധയാ യുക്തോ നിഃസങ്ഗോ യാസ്യസേ പരം.
യുവയോഃ ഖലു ദമ്പത്യോര്യശസാ പൂരിതം ജഗത് [45
പുത്രതാമഗമദ്യദ്വാം ഭഗവാനീശ്വരോ ഹരിഃ. 46
ദർശനാലിങ്ഗനാലാപൈഃ ശയനാസനഭോജനൈഃ
ആത്മാ വാം പാവിതഃ കൃഷ്ണേ പുത്രസ്നേഹം പ്രകുർവ്വതോഃ. 47

വൈരേണ യം നൃപതയഃ ശിശുപാലപൗണ്ഡ്ര-
സാല്വാദയോ ഗതിവിലാസവിലോകനാദ്യൈഃ
ധ്യായന്ത ആകൃതധിയഃ ശയനാസനാദൗ
തത്സാമ്യമാപുരനുരക്തധിയാം പുനഃ കിം. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം ദ്വാപരത്തിൽ ജഗദീശ്വരനാകും
ദേവനെ സ്തുതിക്കുന്ന കലിയിങ്കലുമേവം
നാനാതരത്തിലുള്ള തന്ത്രത്തിൻവിധികളെ
മാനിച്ചു വാഴ്ത്തിപ്പാരം സ്തുതിപ്പൂ ധരാപതേ! 31
അങ്ഗം കറുത്തെങ്കിലും കാന്തിയാലകൃഷ്ണനാ-
യങ്ഗോപാങ്ഗാസ്ത്രപരിഷദൌഘമൊ-
ത്തിണങ്ങും
വിധുവെബ്ഭക്തിപൂർവ്വം നിതാന്തം സങ്കീർത്തന-
പ്രധാനയാഗങ്ങളാൽ വിദ്വാന്മാരർച്ചിക്കുന്നു. 32
''മഹാപുരുഷാ! നതപാലകാ! പരാഭവം
നിഹനിപ്പതായ് സദാ ധ്യാനിക്കത്തക്കതായി
അഭീഷ്ടദമാകുന്നതായ്ത്തീർത്ഥത്തിൻ ജന്മഭൂവായ്
ത്രിപുരവൈരിതാനുമജനും സ്തുതിപ്പതായ്
ഭൃത്യാർത്തിഹരമായിശ്ശരണ്യമായിസ്സംസാ-
രാബ്ധിപോതമാം ഭവത്പാദാബ്ജം
വന്ദിക്കുന്നു. 33
ദുസ്ത്യജമായിസ്സുരേപ്സിതമാം രാജ്യശ്രീയെ-
സ്സത്വരം പിതൃവാക്കാൽ ത്യജിച്ചു ധർമ്മപ്പടി
ഏതൊരു പാദം മഹാരണ്യത്തിൽച്ചരിച്ചു പി-
ന്നേതു തൃപ്പാദം പ്രിയപ്രേയസിയിച്ഛിക്കയാൽ
മായാമാനിനെയനുഗമിച്ചോ മഹാപുമാ-
നായിടും ഭവാന്റെയപ്പാദാബ്ജം
വന്ദിക്കുന്നു.'' 34
ഈമട്ടു യുഗോചിതനാമരൂപങ്ങൾകൊണ്ടു
ഭൂമിയിലോരോ യുഗത്തിങ്കലുമുള്ള മർത്ത്യർ
സമസ്തശ്രേയസ്സും സ്വഭക്തന്മാർക്കേകീടുവാൻ
സമർത്ഥൻ ഭഗവാനെയർച്ചനം ചെയ്തീടുന്നു. 35
ഏതൊരുയുഗത്തിലോ സങ്കീർത്തനത്താൽ മാത്രം
സ്വാധീനമായീടുന്നു സമസ്താഭീഷ്ടങ്ങളും
അക്കലിയുഗത്തിനെ ബഹുമാനിപ്പൂ സാര-
ഭാക്കുകളാകും ഗുണഗ്രാഹികൾ മഹാത്മാക്കൾ. 36
ഇബ്ഭവസാഗരത്തിൽ ഭ്രമിക്കും ദേഹി-
കൾക്കി-
ല്ലിപ്പാരിലിതിനേക്കാൾ ശ്രേഷ്ഠമായൊന്നു
കിട്ടാൻ
ഇതിനാലുത്കൃഷ്ടമാം ശാന്തിയെ പ്രാപിച്ചീടു-
മതുമല്ലില്ലാതെയായീടുന്നു സംസാരവും. 37
കൃതാദിയുഗങ്ങളിൽ ജനിച്ച ജനാവലി
കൊതിക്കുന്നുണ്ടു കലിയുഗത്തിൽ
ജന്മത്തിനായ്
അച്യുതഭഗവാനിൽ ദൃഢമാം ഭക്തിയുള്ളോർ
നിശ്ചയമായിക്കലിയുഗത്തിൽ ജനിച്ചീടും. 38
കൃതമാലയും താമ്രപർണ്ണിയും പയസ്വിനീ-
നദിയുമൊഴുകിടും ദ്രാവിഡദേശങ്ങളിൽ
ചിലെടത്തെല്ലാം ഹരിഭക്തന്മാരേറെയുണ്ടാം
സ്ഥലമാഹാത്മ്യത്താലെന്നറിക ഭൂപാലകാ! 39
പുണ്യദായകങ്ങളാം കാവേരിപ്രതീചിയായ്
ധന്യയാം മഹാനദിയെന്നിവയിലെജ്ജലം
പാനംചെയ്തീടും ജനം മിക്കതും പരിശുദ്ധ-
മാനസരായി വിഷ്ണുഭക്തരായ്ഭവിച്ചീടും. 40
ദേവർഷികൾക്കും ഭൂതാവലിക്കും പിതൃക്കൾക്കും
ഭൂവരാ! ഹരിഭക്തൻ കടക്കാരനല്ലേതും
അതിഥികൾക്കും തീരെക്കിങ്കരനല്ല, ശുദ്ധ-
മതിയാമപ്പുരുഷൻ സമസ്തം സന്ത്യജിച്ചു
സർവാത്മഭാവത്തൊടും ശരണ്യനായീടുമാ
ശ്രീവിഷ്ണുഭഗവാനെയാശ്രയിച്ചിരിപ്പിതേ. 41
അന്യഭാവത്തെ വിട്ടു തന്നുടെ പാദമൂലം-
തന്നെ സേവിക്കും നിജഭക്തന്മാർക്കൊരുപക്ഷേ,
വല്ലതും കർമ്മദോഷം സംഭവിക്കുന്നാകിലും
മല്ലാരി മനോവാസിയായതു തീർത്തിടുന്നു. 42

നാരദൻ പറഞ്ഞു

ഈവിധം ഭാഗവതധർമ്മങ്ങളാ വിദേഹ-
ഭൂവരൻ ശ്രവിച്ചിട്ടജ്ജയന്തീപുത്രന്മാരാം
ആ മുനിശ്രേഷ്ഠന്മാരെയുപാധ്യായന്മാരൊത്തു
സാമോദം വിധിപോലെ പൂജനം
ചെയ്തീടിനാൻ. 43
സിദ്ധരാമാ യോഗികൾ ലോകരെല്ലാരും
കാൺകെ-
യസ്ഥലത്തന്തർദ്ധാനംചെയ്തിതു ഭാഗ്യരാശേ!
നിമിയും ഭാഗവതധർമ്മങ്ങളനുഷ്ഠിച്ചു
ക്രമത്തിൽ പരമമാം ഗതിയെ പ്രാപിച്ചിതു. 44
അല്ലയോ മഹാഭാഗാ! ഭവാനുമിപ്പോൾക്കേട്ട
നല്ലോരു ഭാഗവതധർമ്മങ്ങൾ ശ്രദ്ധാപൂർവ്വം
ആസക്തിരഹിതനായനുഷ്ഠിച്ചനായാസ-
മാസാദിച്ചീടും പരംപദത്തെയസംശയം. 45
ജഗത്ത്രിതയത്തിനുമീശനായ് വിളങ്ങീടും
ഭഗവാൻ കൃഷ്ണൻ ഭവത്പുത്രനായതുമൂലം
ദമ്പതിമാരായിടും നിങ്ങടെ പുരുകീർത്തി
സമ്പ്രതി ലോകമെങ്ങും നിറഞ്ഞു
കഴിഞ്ഞിതു. 46
കണ്ണനിൽ പുത്രസ്നേഹമർപ്പിച്ചു വാഴും നിങ്ങൾ-
തന്നന്തരങ്ഗവും തദ്ദർശനമാലിങ്ഗനം
ഭാഷണം കിടപ്പിരിപ്പശനമിവമൂലം
സംശുദ്ധമായിത്തീർന്നു സംശയമേതുമില്ല. 47
സാല്വപൌണ്ഡ്രകശിശുപാലാദിഭൂപാലന്മാ-
രെല്ലാരുമാരേപ്പരം വൈരാനുബദ്ധരായി
ഇരിക്കുമ്പൊഴും കിടക്കുമ്പൊഴും നോക്കുമ്പൊഴും
ചരിക്കുമ്പൊഴും കഥിക്കുമ്പൊഴുമെന്നുവേണ്ടാ
എല്ലാനേരവും മനംവച്ചുതാൻ ധ്യാനിച്ചു ത-
ത്തുല്യമാമവസ്ഥയെ വേഗത്തിൽ പ്രാപി-
ച്ചവോ,
അബ്ഭഗവാനിലേറ്റമനുരക്തമായിടു-
മുൾപ്പൂവു ചേർത്തീടുവോൻ തൻകാര്യം
ചൊല്ലേണമോ? 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാപത്യബുദ്ധിമകൃഥാഃ കൃഷ്ണേ സർവ്വാത്മനീശ്വരേ
മായാമനുഷ്യഭാവേന ഗൂഢൈശ്വര്യേ പരേഽവ്യയേ. 49
ഭൂഭാരാസുരരാജന്യഹന്തവേ ഗുപ്തയേ സതാം
അവതീർണ്ണസ്യ നിർവൃത്യൈ യശോ ലോകേ വിതന്യതേ. 50

ശ്രീശുക ഉവാച
ഏതച്ഛ്രുത്വാ മഹാഭാഗോ വസുദേവോഽതിവിസ്മിതഃ
ദേവകീ ച മഹാഭാഗാ ജഹതുർമ്മോഹമാത്മനഃ. 51
ഇതിഹാസമിമം പുണ്യം ധാരയേദ്യഃ സമാഹിതഃ
സ വിധൂയേഹ ശമലം ബ്രഹ്മഭൂയായ കല്പതേ. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

ശ്രീശുക ഉവാച
അഥ ബ്രഹ്മാഽഽത്മജൈർദ്ദേവൈഃ പ്രജേശൈരാവൃതോഽഭ്യഗാത്
ഭവശ്ച ഭൂതഭവ്യേശോ യയൗ ഭൂതഗണൈർവൃതഃ. 1
ഇന്ദ്രോ മരുദ്ഭിർഭഗവാനാദിത്യാ വസവോഽശ്വിനൗ
ഋഭവോഽങ്ഗിരസോ രുദ്രാ വിശ്വേ സാധ്യാശ്ച ദേവതാഃ. 2
ഗന്ധർവ്വാപ്സരസോ നാഗാഃ സിദ്ധചാരണഗുഹ്യകാഃ
ഋഷയഃ പിതരശ്ചൈവ സവിദ്യാധരകിന്നരാഃ
ദ്വാരകാമുപസംജഗ്മുഃ സർവ്വേ കൃഷ്ണദിദൃക്ഷവഃ. 3
വപുഷാ യേന ഭഗവാൻ നരലോകമനോരമഃ
യശോ വിതേനേ ലോകേഷു സർവ്വലോകമലാപഹം. 4
തസ്യാം വിഭ്രാജമാനായാം സമൃദ്ധായാം മഹർദ്ധിഭിഃ
വ്യചക്ഷതാവിതൃപ്താക്ഷാഃ കൃഷ്ണമദ്ഭുതദർശനം. 5
സ്വർഗ്ഗോദ്യാനോപഗൈർമ്മാല്യൈശ്ഛാദയന്തോ യദൂത്തമം
ഗീർഭിശ്ചിത്രപദാർത്ഥാഭിസ്തുഷ്ടുവുർജ്ജഗദീശ്വരം. 6

ദേവാ ഊചുഃ
''നതാഃ സ്മ തേ നാഥ! പദാരവിന്ദം
ബുദ്ധീന്ദ്രിയപ്രാണമനോവചോഭിഃ
യച്ചിന്ത്യതേഽന്തർഹൃദി ഭാവയുക്തൈ-
ർമ്മുമുക്ഷുഭിഃ കർമ്മമയോരുപാശാത്. 7
ത്വം മായയാ ത്രിഗുണയാഽഽത്മനി ദുർവ്വിഭാവ്യം
വ്യക്തം സൃജസ്യവസി ലുമ്പസി തദ്ഗുണസ്ഥഃ
നൈതൈർഭവാനജിത കർമ്മഭിരജ്യതേ വൈ
യത് സ്വേ സുഖേഽവ്യവഹിതേഽഭിരതോഽനവദ്യഃ. 8
ശുദ്ധിർന്നൃണാം ന തു തഥേഡ്യ ദുരാശയാനാം
വിദ്യാശ്രുതാധ്യയനദാനതപഃക്രിയാഭിഃ
സത്ത്വാത്മനാമൃഷഭ! തേ യശസി പ്രവൃദ്ധ-
സച്ഛ്രദ്ധയാ ശ്രവണസംഭൃതയാ യഥാ സ്യാത്. 9
സ്യാന്നസ്തവാങ്ഘ്രിരശുഭാശയധൂമകേതുഃ
ക്ഷേമായ യോ മുനിഭിരാർദ്രഹൃദോഹ്യമാനഃ
യഃ സാത്വതൈഃ സമവിഭൂതയ ആത്മവദ്ഭി-
ർവ്യൂഹേഽർച്ചിതഃ സവനശഃ സ്വരതിക്രമായ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശനായ് സർവ്വാത്മാവായ് മായാമർത്ത്യന്റെ
മട്ടി-
ലീശത്വം മറച്ചു നിർവ്വികാരനായി മിന്നും
പരമാത്മാവാകും ശ്രീകൃഷ്ണനെ നിങ്ങൾ വെറു-
മൊരു നന്ദനനെന്നു കരുതാതെയൊരിക്കലും. 49

ഭൂഭാരഭൂതാസുരഭൂപസംഹാരത്തിനും
താപിതസാധുജനരക്ഷയ്ക്കുമായ് പിറന്നോൻ
തന്നുടെ മാഹാത്മ്യത്തെക്കീർത്തിപ്പോ-
ക്കാനന്ദത്തി-
നെന്നുമേ നിജകീർത്തി പരത്തീടുന്നു പാരിൽ.50

ശ്രീശുകൻ പറഞ്ഞു

മഹാഭാഗരാം വസുദേവദേവകിമാര-
മ്മഹർഷീശ്വരവാക്യമിങ്ങനെ കേട്ടു പാരം
അദ്ഭുതപ്പെട്ടശേഷമവർക്കുണ്ടായ മോഹ-
മെപ്പേരുമുൾപ്പൂവിൽനിന്നപ്പൊഴേയുപേക്ഷി-
ച്ചാർ. 51

പുണ്യമായ് പുരാതനമാകുമീയിതിഹാസ-
മുന്നതശ്രദ്ധാപൂർവ്വമേതവൻ ധരിക്കുമോ
അമ്മഹാനീ ജന്മംതാൻ കല്മഷം നശിപ്പിച്ചു
ബ്രഹ്മപ്രാപ്തിക്കു പരം യോഗ്യനായ്
ഭവിക്കുന്നു. 52

അദ്ധ്യായം 6

അജാദിപ്രാർത്ഥന—ഉദ്ധവവാക്യം

ശ്രീശുകൻ പറഞ്ഞു

പിന്നെ,ത്തൻ തനൂജരും പ്രജേശന്മാരും സുര-
വൃന്ദവും ചൂഴന്നജൻ ദ്വാരകപൂകീടിനാൻ.
ഭൂതഭവ്യേശനാകും മുക്കണ്ണൻഭഗവാനും
ഭൂതസംഘാവൃതനായങ്ങെഴുന്നള്ളീടിനാൻ. 1

മരുത്തുക്കളോടൊത്തു ഭഗവാൻ മഹേന്ദ്രനും
ഹരിദശ്വന്മാരശ്വിവസുക്കളെ,ഭൃഭുക്കളും
രുദ്രന്മാർ ബൃഹസ്പതി വിശ്വേദേവന്മാർ പിന്നെ
സാദ്ധ്യസഞ്ചയവും വന്നസ്ഥലത്തൊത്തു-
ചേർന്നാർ. 2

ഗന്ധർവ്വാപ്സരസ്സുകൾ നാഗന്മാർ സിദ്ധന്മാരു-
മന്തമെന്നിയേ വിദ്യാധരകിന്നരന്മാരും
ചാരണഗുഹ്യകന്മാരൃഷികൾ പിതൃക്കളും
ദ്വാരകതന്നിൽ വാസുദേവനെക്കാണ്മാൻ
വന്നാർ. 3

ഭഗവാൻ നരലോകചേതോഹാരിയായ് വന്നു
സകലലോകപാപാപഹമാം യശസ്സിനെ
ഏതൊരു തനുകൊണ്ടാണല്ലോ പരത്തിയ-
താ ദേഹമൊന്നു കാണ്മാൻ കാമിച്ചാർ
ദേവന്മാരും. 4

സുന്ദരങ്ങളാം നാനാഭോഗസാധനങ്ങളാൽ
പൂർണ്ണമായ് ശോഭിച്ചീടുമച്ചാരുപുരിതന്നിൽ
അദ്ഭുതസന്ദർശനൻ ശ്രീകൃഷ്ണഭഗവാനെ
തൃപ്തിയാകാത്ത നയനങ്ങളാൽക്കണ്ടീടിനാർ. 5

സ്വർഗ്ഗോദ്യാനത്തിൽ നിന്നാനയിച്ച
മാല്യങ്ങളാൽ
ശാർങ്ഗിതൻ കളേബരം മൂടമാറണിയിച്ചു
ഭാവഗൗരവംപൂണ്ട വാക്യങ്ങളാലേ ഭക്ത്യാ
ദേവോത്തമന്മാരവരീവിധം സ്തുതിചെയ്താർ. 6

ദേവന്മാർ പറഞ്ഞു

അല്ലയോ നാഥാ! കർമ്മമയോരു
പാശത്തിൽനി-
ന്നുള്ള മോചനമിച്ഛിച്ചീടുന്ന ഭക്തന്മാരാൽ
മാനസമദ്ധ്യത്തിങ്കൽ ധ്യാനിക്കപ്പെടും ഭവത്-
ശോണാഭം പാദാംബുജമത്യന്തഭക്തിപൂർവ്വം
ബുദ്ധീന്ദ്രിയങ്ങൾ ചിത്തം പ്രാണനെ-
ന്നിവകൊണ്ടു
ദൈത്യഘാതകാ! നമസ്കരിക്കുന്നിതാ ഞങ്ങൾ.7

അജിതാ തിരുമേനിയവിദ്യയ്ക്കെഴും സത്വ-
രജസ്തമോഗുണങ്ങൾ നിയന്ത്രിച്ചിരുന്നഥ
മായയാൽ, ദുർവിഭാവ്യം മഹദാദിപ്രപഞ്ച-
മായാസമെന്യേ തന്നിൽ തീർത്തു കാത്തഴിക്കുന്നു.
എന്നാൽ നിന്തിരുവടിയീ പ്രവൃത്തികൾമൂലം
നിർണ്ണയം ബാധിതനായ് ഭവിക്കുന്നതുമില്ല.
അനവദ്യനാം ഭവാനവ്യവഹിതമാകും
തനതാനന്ദം തന്നിലാരമിക്കുന്നുവല്ലോ. 8

സത്വാത്മാക്കളിൽവച്ചു മുൻപനാമങ്ങേയ്ക്കുള്ള-
കീർത്തിയിൽ ഹൃത്തിരുത്തിക്കേൾക്കയാ-
ലുണ്ടായിടും
പ്രവൃദ്ധസച്ഛ്രദ്ധയാലേതൊരുവിധം ശുദ്ധി-
ഭവിക്കും മാനസത്തി,നാവിധമുള്ള ശുദ്ധി
ദുരാശയർക്കു ദാനാദ്ധ്യയനവിദ്യാശ്രുതാ-
ദ്ധ്വരങ്ങൾകൊണ്ടും കിട്ടാ തപസ്സുകൊണ്ടും
ദൃഢം. 9

മുനിമാർ പരംപദം പ്രാപിക്കാനാർദ്രമാകും
മനസ്സാൽ വഹിപ്പതായാത്മജ്ഞയാദവന്മാർ
സ്വർല്ലോകം കടന്നു വൈകുണ്ഠത്തിലെ-
ത്താനും ത്വ-
ത്തുല്യമാം വിഭൂതികൾ കൈവന്നീടുന്നതിന്നും
വാസുദേവാദിചതുർവ്യൂഹത്തിൽ സന്ധ്യതോറു-
മീഷലന്യെല്ലാനാളുമാരാധിച്ചീടുന്നതാം
ഭാസുരഭവദങ്ഘ്രി ഞങ്ങൾതന്നമംഗല-
വാസനകൾക്കു ധൂമകേതുവായ് ഭവിക്കണം. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യശ്ചിന്ത്യതേ പ്രയതപാണിഭിരധ്വരാഗ്നൗ
ത്രയ്യാ നിരുക്തവിധിനേശ! ഹവിർഗൃഹീത്വാ
അധ്യാത്മയോഗ ഉത യോഗിഭിരാത്മമായാം
ജിജ്ഞാസുഭിഃ പരമഭാഗവതൈഃ പരീഷ്ടഃ. 11
പര്യുഷ്ടയാ തവ വിഭോ! വനമാലയേയം
സംസ്പർദ്ധിനീ ഭഗവതീ പ്രതിപത്നിവച്ഛ്രീഃ
യഃ സുപ്രണീതമമുയാർഹണമാദദന്നോ
ഭൂയാത് സദാങ്ഘ്രിരശുഭാശയധൂമകേതുഃ. 12
കേതുസ്ത്രിവിക്രമയുതസ്ത്രിപതത്പതാകോ
യസ്തേ ഭയാഭയകരോ/സുരദേവചമ്വോഃ
സ്വർഗ്ഗായ സാധുഷു ഖലേഷ്വിതരായ ഭൂമൻ!
പാദഃ പുനാതു ഭഗവൻ! ഭജതാമഘം നഃ. 13
നസ്യോതഗാവ ഇവ യസ്യ വശേ ഭവന്തി
ബ്രഹ്മാദയസ്തനുഭൃതോ മിഥുരർദ്ദ്യമാനാഃ
കാലസ്യ തേ പ്രകൃതിപൂരുഷയോഃ പരസ്യ
ശം നസ്തനോതു ചരണഃ പുരുഷോത്തമസ്യ. 14
അസ്യാസി ഹേതുരുദയസ്ഥിതിസംയമാനാ-
മവ്യക്തജീവമഹതാമപി കാലമാഹുഃ
സോ/യം ത്രിണാഭിരഖിലാപചയേ പ്രവൃത്തഃ
കാലോ ഗഭീരരയ ഉത്തമപൂരുഷസ്ത്വം. 15
ത്വത്തഃ പുമാൻ സമധിഗമ്യ യയാ/സ്യ വീര്യം
ധത്തേ മഹാന്തമിവ ഗർഭമമോഘവീര്യഃ
സോ/യം തയാനുഗത ആത്മന ആണ്ഡകോശം
ഹൈമം സസർജ്ജ ബഹിരാവരണൈരുപേതം. 16
തത്തസ്ഥുഷശ്ച ജഗതശ്ച ഭവാനധീശോ
യന്മായയോത്ഥഗുണവിക്രിയയോപനീതാൻ
അർത്ഥാഞ്ജുഷന്നപി ഹൃഷീകപതേ! ന ലിപ്തോ
യേ/ന്യേ സ്വതഃ പരിഹൃതാദപി ബിഭ്യതി സ്മ. 17
സ്മായാവലോകലവദർശിതഭാവഹാരി-
ഭ്രൂമണ്ഡലപ്രഹിതസൗരതമന്ത്രശൗണ്ഡൈഃ
പത്ന്യസ്തു ഷോഡശസഹസ്രമനങ്ഗബാണൈ-
ര്യസ്യേന്ദ്രിയം വിമഥിതും കരണൈർന്ന വിഭ്വ്യഃ. 18
വിഭ്വ്യസ്തവാമൃതകഥോദവഹാസ്ത്രിലോക്യാഃ
പാദാവനേജസരിതഃ ശമലാനി ഹന്തും
ആനുശ്രവം ശ്രുതിഭിരങ്ഘ്രിജമങ്ഗസങ്ഗൈ-
സ്തീർത്ഥദ്വയം ശുചിഷദസ്ത ഉപസ്പൃശന്തി. 19

ബാദരായണിരുവാച

ഇത്യഭിഷ്ടൂയ വിബുധൈഃ സേശഃ ശതധൃതിർഹരിം
അഭ്യഭാഷത ഗോവിന്ദം പ്രണമ്യാംബരമാശ്രിതഃ. 20

ബ്രഹ്മോവാച

ഭൂമേർഭാരാവതാരായ പുരാ വിജ്ഞാപിതഃ പ്രഭോ
ത്വമസ്മാഭിരശേഷാത്മംസ്തത്തഥൈവോപപാദിതം. 21
ധർമ്മശ്ച സ്ഥാപിതഃ സത്സു സത്യസന്ധേഷു വൈ ത്വയാ
കീർത്തിശ്ച ദിക്ഷു വിക്ഷിപ്താ സർവ്വലോകമലാപഹാ. 22
അവതീര്യ യദോർവ്വംശേ ബിഭ്രദ്രൂപമനുത്തമം
കർമ്മാണ്യുദ്ദാമവൃത്താനി ഹിതായ ജഗതോ/കൃഥാഃ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്വരാഗ്നികൾ മുൻപിൽ നിരുക്തരീത്യാ
വേദം
കീർത്തിച്ചഞ്ജലികൂപ്പി വണങ്ങി ഹവിസ്സേന്തി
യാഗകൃത്തുകൾ ചിന്തിക്കുന്നതേതിനെ;ജ്ഞാന-
യോഗസ്ഥന്മാരായാത്മമായാജിജ്ഞാസുക്കളാം
യോഗികൾ നിരന്തരം ധ്യാനിപ്പതേതൊ-
ന്നിനെ,
ഭാഗവതന്മാർ സദാ പൂജിപ്പതേതിനേയോ, 11
ഇന്ദിരാഭഗവതി സപത്നിമട്ടിൽ സ്പർദ്ധി-
ക്കുന്നുവോ എന്നു തോന്നുംവിധത്തിൽ
വിളങ്ങീടും
വനമാലയാൽ ഭക്തജനങ്ങൾ ചെയ്യും പൂജ-
യനുവാസരമങ്ഗീകരിച്ചുകൊൾവതേതോ
ചാരുവാമപ്പദാബ്ജം ഞങ്ങടെ ദുർവാസനാ-
പൂരത്തിനെല്ലാമൊഴമഗ്നിയായ്ഭവിക്കണം. 12
മൂന്നടിയാന്നതായി സ്വർന്നദിയാം പതാക-
ചേർന്ന യാതൊന്നു ജയധ്വജമായ്ഭവിച്ചുവോ,
ദിതിജസൈന്യങ്ങളിൽ ഭീതിയും സുരസേനാ-
വിതതിക്കഭയവുമരുളീടുന്നതേതോ,
സാധുസൗഖ്യവും, ഖലദുഃഖവും ചേർക്കുമാത്വത്-
പാദാബ്ജം പരിശുദ്ധരാക്കണമീ ഞങ്ങളെ. 13
അന്യോന്യമർത്ത്യമാനന്മാരാമീ ബ്രഹ്മാദ്യരു-
മെന്നുമസ്വതന്ത്രരായാരുടെയധീനത്തിൽ
നാസികാപാശബദ്ധഗോക്കൾക്കുതുല്യം പാര-
വശ്യത്തോടെല്ലാനാളും വർത്തിച്ചുവരുന്നുവോ,
കാലസ്വരൂപനായി പ്രകൃതിപുരുഷർക്കും
മേലായി സ്ഥിതിചെയ്യും പുരുഷോത്തമനായി
പരിശോഭിക്കും തിരുമേനിക്കുള്ളൊരപ്പാദ-
സരോജം ഞങ്ങൾക്കെന്നുമേകട്ടെ
പുരുസൗഖ്യം. 14
പ്രകൃതി, ജീവൻ, മഹത്തത്ത്വമെന്നിതുകൾക്കും
സുകൃതിഗമ്യൻ ഭവാൻ നിയന്താവെന്നു ചൊൽവൂ
അതിനാലുലകത്തിന്നുദ്ഭവനാശങ്ങൾക്കും
സ്ഥിതിക്കും ഭവാൻതന്നെ ഹേതുവായ്-
ഭവിക്കുന്നു.
ചാതുർമ്മാസ്യങ്ങളാകും മൂന്നു നാഭികളൊത്തു-
മേതിനും നാശംചേർത്തും ഗംഭീരവേഗത്തോടും
വിലസീടുമക്കാലമുത്തമപൂമാനായി
വിളങ്ങും ഭവാനത്രേ സന്ദേഹമില്ല തെല്ലും. 15
അങ്ങയിൽനിന്നും വീര്യം പുരുഷൻ
പ്രാപിച്ചിട്ടു
സങ്ഗതമാകുമക്കാലമോഘവീര്യവാനായ്
ജഗത്തിൻ ബീജംമട്ടിലിരിക്കും മഹാനെത്തൻ
പ്രകൃതിയോടു ചേർപ്പു പിന്നെയമ്മഹത്തത്ത്വം
ആ ശക്തിയൊത്തു തന്നിൽനിന്നു
പൊന്മയമണ്ഡ-
കോശം രചിച്ചു സപ്താവരണസമന്വിതം. 16

ഇന്ദ്രിയപതേ! ഭവന്മായയാലുദ്ഭൂതമാ-
മിന്ദ്രിയപ്രവൃത്തിയാൽ സമീപം പ്രാപിച്ചിട്ടും
വിഷയങ്ങളെ ബ്ഭവാനനുഭവിച്ചീടില്ല-
മശേഷമവററയെ സ്പർശിക്കുന്നില്ലയല്ലോ.
അവിദ്യാവശന്മാരാമന്യജീവന്മാരെല്ലാ-
മവശം ഭീതരത്രേ വിഷയബാധയാലേ.
അതു കാരണമായിച്ചരാചരങ്ങൾക്കെല്ലാ-
മധീശനായുള്ളതു നിന്തിരുവടിയത്രേ. 17
മന്ദഹാസത്തിൻ ഭൂരിവിലാസം ചേർന്ന കട-
ക്കൺനോട്ടങ്ങളാൽ പ്രകാശിതമാം ഭാവംമൂലം
ചേതോഹാരിയായീടും ഭ്രൂ ചലനത്തി-
നാൽ സം-
ചോദിതങ്ങളാം ചാതുസ്വരതാലാപങ്ങളാൽ
പ്രഗല്ഭങ്ങളാമനങ്ഗാസ്ത്രസഞ്ചയംകൊണ്ടും
പ്രകടകാമകലാചേഷ്ടിതങ്ങളെക്കൊണ്ടും
ഭാര്യമാർ പതിനാറായിരവും യതിച്ചിട്ടു-
മാരുടെ മാനസത്തെയിളക്കാനൊത്തില്ലയോ,
18
അത്തിരുമേനിക്കെഴും പീയൂഷമധുരമാം
ശുദ്ധസത്കഥാനീരമാവഹിച്ചൊഴുകീടും
കീർത്തിനിമ്നഗാളിയും പാദക്ഷാളനത്തിൽനി-
ന്നുത്ഥിതനദികളും ത്രൈലോക്യപാപങ്ങളെ.
നിശ്ശേഷം നശിപ്പിക്കാൻ ശക്തിയുള്ളവയെന്നു
വിശ്രുതം, ശ്രവണത്താൽ വേദതീർത്ഥവും തഥാ
ശരീരസങ്ഗത്തിനാൽ പാദതീർത്ഥവും ശുദ്ധി-
കരങ്ങളെന്നാകയാൽ സേവിപ്പൂ വിവേകികൾ.
19

ബാദരായണി പറഞ്ഞു

ബ്രഹ്മാവു ശിവനോടും ദേവന്മാരോടുംകൂടി-
യിമ്മട്ടിൽ സ്തുതിചെയ്തു നമിച്ചു ഗോവിന്ദനെ
അംബരമവലംബമാക്കി നിന്നനന്തരം
ചിന്മയനായീടുമബ്ഭഗവാനോടു ചൊന്നാൻ.
20

ബ്രഹ്മാവു പറഞ്ഞു

ഹേ പ്രഭോ! സമസ്താത്മൻ! ഞങ്ങൾ
പണ്ടങ്ങയോടാ-
യഭ്യർത്ഥിച്ചിതു ഭൂമിഭാരത്തെത്തീർത്തീടുവാൻ
അഖിലലോകേശനാമവിടുന്നതുപോലെ
സകലം സാധിപ്പിച്ചുതന്നിതു ദയാപൂർവ്വം. 21
ധർമ്മത്തെസ്സത്യസന്ധന്മാരാം സജ്ജനങ്ങളിൽ
നന്മട്ടിലുറപ്പിച്ചു നിന്തിരുമേനി പിന്നെ
അഞ്ജസാ സർവ്വലോകപാപഘ്നമാകും ഭവ-
ന്മഞ്ജുളകീർത്തിപുഞ്ജംപരത്തി പാരിലെങ്ങും. 22
അതിശ്രേഷ്ഠമാം രൂപം ധരിച്ചു യദുവംശ-
മതിൽവന്നവതരിച്ചുത്കടവീര്യങ്ങളെ
പ്രകാശിപ്പിച്ചു നാനാതരങ്ങൾ കർമ്മങ്ങളും
ജഗത്തിൻഹിതത്തിനായനുഷ്ഠിച്ചിരിക്കുന്നു. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാനി തേ ചരിതാനീശ! മനുഷ്യാഃ സാധവഃ കലൗ
ശൃണ്വന്തഃ കീർത്തയന്തശ്ച തരിഷ്യന്ത്യഞ്ജസാ തമഃ. 24
യദുവംശേ/വതീർണ്ണസ്യ ഭവതഃ പുരുഷോത്തമ!
ശരച്ഛതം വ്യതീയായ പഞ്ചവിംശാധികം പ്രഭോ. 25
നാധുനാ തേ/ഖിലാധാര! ദേവകാര്യാവശേഷിതം
കുലം ച വിപ്രശാപേന നഷ്ടപ്രായമഭൂദിദം. 26
തതഃ സ്വധാമ പരമം വിശസ്വ യദി മന്യസേ
സലോകാംല്ലോകപാലാൻ നഃ പാഹി വൈകുണ്ഠകിങ്കരാൻ. 27

ശ്രീശുക ഉവാച

സംസ്തുതോ ഭഗവാനിത്ഥം വിബുധൈഃ പദ്മജാദിഭിഃ
പ്രതിനന്ദ്യാഹ താൻ, രാജൻ, മായാമനുജ ഈശ്വരഃ. 28

ശ്രീഭഗവാനുവാച

അവധാരിതമേതന്മേ യദാത്ഥ വിബുധേശ്വര!
കൃതം വഃ കാര്യമഖിലം ഭൂമേർഭാരോ/വതാരിതഃ. 29
തദിദം യാദവകുലം വീര്യശൗര്യശ്രിയോദ്ധതം
ലോകം ജിഘൃക്ഷദ്രുദ്ധം മേ വേലയേവ മഹാർണ്ണവഃ. 30
യദ്യസംഹൃത്യ ദൃപ്താനാം യദൂനാം വിപുലം കുലം
ഗന്താസ്മ്യനേന ലോകോ/യമുദ്വേലേന വിനങ്ക്ഷ്യതി. 31
ഇദാനീം നാശ ആരബ്ധഃ കുലസ്യ ദ്വിജശാപതഃ
യാസ്യാമി ഭവനം ബ്രഹ്മന്നേതദന്തേ തവാനഘ! 32

ശ്രീശുക ഉവാച

ഇത്യുക്തോ ലോകനാഥേന സ്വയംഭൂഃ പ്രണിപത്യ തം
സഹ ദേവഗണൈർദ്ദേവഃ സ്വധാമ സമപദ്യത. 33
അഥ തസ്യാം മഹോത്പാതാൻ ദ്വാരവത്യാം സമുത്ഥിതാൻ
വിലോക്യ ഭഗവാനാഹ യദുവൃദ്ധാൻ സമാഗതാൻ. 34

ശ്രീഭഗവാനുവാച

ഏതേ വൈ സുമഹോത്പാതാ വ്യുത്തിഷ്ഠന്തീഹ സർവ്വതഃ
ശാപശ്ച നഃ കുലസ്യാസീദ്ബ്രാഹ്മണേഭ്യോ ദുരത്യയഃ. 35
ന വസ്തവ്യമിഹാസ്മാഭിർജ്ജിജീവിഷുഭിരാര്യകാഃ
പ്രഭാസം സുമഹത്പുണ്യം യാസ്യാമോ/ദ്യൈവ മാ ചിരം. 36
യത്ര സ്നാത്വാ ദക്ഷശാപാദ് ഗൃഹീതോ യക്ഷ്മണോഡുരാട്
വിമുക്തഃ കില്ബിഷാത് സദ്യോ ഭേജേ ഭൂയഃ കലോദയം. 37
വയം ച തസ്മിന്നാപ്ലുത്യ തർപ്പയിത്വാ പിതൄൻ സുരാൻ
ഭോജയിത്വോശിജോ വിപ്രാൻ നാനാഗുണവതാന്ധസാ. 38
തേഷു ദാനാനി പാത്രേഷു ശ്രദ്ധയോപ്ത്വാ മഹാന്തി വൈ
വൃജിനാനി തരിഷ്യാമോ ദാനൈർന്നൗഭിരിവാർണ്ണവം. 39

ശ്രീശുക ഉവാച

ഏവം ഭഗവതാ//ദിഷ്ടാ യാദവാഃ കുലനന്ദന!
ഗന്തും കൃതധിയസ്തീർത്ഥം സ്യന്ദനാൻ സമയൂയുജൻ. 40
തന്നിരീക്ഷ്യോദ്ധവോ, രാജൻ! ശ്രുത്വാ ഭഗവതോദിതം
ദൃഷ്ട്വാരിഷ്ടാനി ഘോരാണി നിത്യം കൃഷ്ണമനുവ്രതഃ. 41
വിവിക്ത ഉപസങ്ഗമ്യ ജഗതാമീശ്വരേശ്വരം
പ്രണമ്യ ശിരസാ പാദൗ പ്രാഞ്ജലിസ്തമഭാഷത. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വച്ചരിതങ്ങൾ സാധുചിത്തർ കീർത്തിച്ചും
കേട്ടു-
മശ്രമം കടന്നിടും കലിയിലജ്ഞാനാന്ധ്യം. 24
പുരുഷോത്തമാ! യദുവംശജൻ ഭവാനു നൂ-
റ്ററിരുപത്തഞ്ചു കഴിഞ്ഞിരിപ്പൂ
വയസ്സിപ്പോൾ. 25
വിപ്രശാപത്താൽ നഷ്ടപ്രായമായ് ഭവത്കുല-
മിപ്പോൾ ശേഷിക്കുന്നില്ല ദേവകാര്യവും
ഭ്രമൻ! 26
അതിനാൽ വിചാരിക്കുന്നെങ്കിലുത്കൃഷ്ടമാകും
സ്വധാമം പ്രാപിച്ചാലുമിനി നിന്തിരുമേനി.
കിങ്കരന്മാരാകമീ ലോകപാലന്മാരെയും
സങ്കടം തീർത്തു രക്ഷിച്ചീടുക ലോകത്തെയും. 27

ശ്രീശുകൻ പറഞ്ഞു

ഈവിധം പദ്മജാദിസുരരാൽ സ്തുതനാകും
ശ്രീവിഷ്ണുസർവ്വേശ്വരൻ മായാമാനുഷൻ ദേവൻ
അവരെപ്പാരം പ്രതിനന്ദിച്ചു ചൊല്ലിടിനാൻ
നൃവരശിഖാമണേ! തെളിവോടിപ്രകാരം. 28

ശ്രീഭഗവാൻ പറഞ്ഞു

വിബുധേശ്വരാ! ഭവാൻ പറഞ്ഞതശേഷവു-
മിവനും മുന്നേതന്നെ ധരിച്ചിരിക്കുന്നിതു.
നിങ്ങടെ കാര്യമെല്ലാം സാധിച്ചുകഴിഞ്ഞു ഞാൻ
തുങ്ഗമായീടും ധരാഭാരവും തീർത്തിരിപ്പൂ. 29
എങ്കിലും വീര്യം, ശൗര്യം, തേജസ്സെന്നിവമൂലം
ഹുങ്കൃതിയിയന്നുമീ ഭുവനം നശിപ്പിക്കാൻ
ഇച്ഛിച്ചുമിരിക്കുമീ യാദവാനപായത്തി-
ന്നച്യുതൻ ഞാൻ നില്ക്കയാണബ്ധിക്കു
തീരംപോലെ. 30
ദൃപ്തരാം യദുക്കളാംതൻ വലുതായീടും വംശം
ധ്വസ്തമാക്കീടാതെ ഞാൻ വന്നിടാമെന്നുവച്ചാൽ
മര്യാദ തെററി നടന്നീടുമീ യാദവന്മാർ
പാരിതു പാടേ നശിപ്പിച്ചിടും തക്കമില്ല. 31
ആരണശാപംമൂലമിപ്പൊഴീ വംശനാശ-
മാരംഭിച്ചിട്ടുണ്ടതിൻ പര്യവസാനത്തിൽ ഞാൻ
അനഘാ! ഭവദീയമായിടും ധാമംതന്നി-
ലണഞ്ഞീടുവനേതും കാലതാമസമെന്യേ. 32

ശ്രീശുകൻ പറഞ്ഞു

ലോകനാഥനാലേവമുക്തനാം സ്വയംഭൂവും
നാകികളൊത്തു നമിച്ചെത്തിനാൻ നിജധാമം.
33
ദ്വാരകാപുരംതന്നിൽ പിന്നെ ദുർല്ലക്ഷണങ്ങ-
ളോരോന്നു കണ്ടു ഭയപ്പെട്ടു തൻസമീപത്തിൽ
വന്നുനിന്നീടും യദുവൃദ്ധന്മാരോടായുടൻ
ചൊന്നിതു ഭഗവാൻ ശ്രീമാധവനിപ്രകാരം. 34

ശ്രീഭഗവാൻ പറഞ്ഞു

ഇവിടെയെങ്ങും മഹാഘോരമാമുത്-
പാതങ്ങൾ
ഭവിച്ചുകാണുന്നല്ലോ, ഭൂസുരന്മാരിൽനിന്നും
ആക്രമേ തടുക്കാവതല്ലാത്ത ശാപംകൂടി-
യിക്കാലമിക്കുലത്തിൽ നേരിട്ടിരിക്കുന്നിതു. 35
ജീവിച്ചിരിക്കാനാശയാളുന്ന നമ്മളാരു-
മാവസിക്കരുതിനിയിവിടെയാര്യന്മാരേ!
അത്യന്തം പുണ്യപ്രദമായിടും പ്രഭാസമാം
തീർത്ഥത്തിൽ പോകാം നമുക്കേവക്കുമ-
വിളംബം. 36
ദക്ഷൻെറ ശാപത്തിനാൽ ക്ഷയരോഗത്താൽ-
ക്ലിഷ്ടൻ
നക്ഷത്രനാഥൻ ചന്ദ്രനങ്ങതിൽ സ്നാനംചെയ്തു
ദുഷ്കൃതമശേഷവും ഹനിച്ചു കലോദയം
ചിക്കെന്നു വീണ്ടും കൈക്കൊണ്ടധികം
ശോഭിക്കുന്നു. 37
നമ്മളുമതിൽ സ്നാനംചെയ്തു ദേവന്മാരെയും
ചെമ്മേ പിതൃക്കളേയും തർപ്പണംചെയ്തശേഷം
നാനാഗുണങ്ങൾ ചേരുമന്നത്താൽ യോഗ്യ-
ന്മാരാം
ക്ഷോണീവാനവന്മാരെബ്ഭുജിപ്പിക്കുക
വേണം. 38
സത്പാത്രങ്ങളിൽ പിന്നെയേററവും
ശ്രദ്ധയോടു-
മർപ്പിച്ചിടേണം മഹാദാനങ്ങൾ വേണ്ടുംവിധം
അതിനാൽ ദുരിതൗഘം നമുക്കു തരിച്ചീടാ-
മുദധി തോണിയേറിക്കടക്കുന്നതുപോലെ. 39

ശ്രീശുകൻ പറഞ്ഞു

കല്പനയിതു കേട്ടു യാദവന്മാരശേഷം
ക്ഷിപ്രമാ പ്രഭാസമാം തീർത്ഥത്തിലെത്തീടു-
വാൻ
തേരുകളെല്ലാം പൂട്ടിസ്സർവ്വസാധനങ്ങളും
പാരാതെ ശേഖരിച്ചു യാത്രയ്ക്കായൊരു-
ങ്ങിനാർ. 40
നിത്യവും ഭഗവാൻെറ പിന്നാലേ നടന്നീടു-
മുദ്ധവൻ ഭക്താഗ്രിമനീയൊരുക്കങ്ങൾ പാർത്തും
ഭഗവദ്വചനങ്ങൾ കേട്ടുമേററവും ഭയാ-
നകങ്ങളായീടുമുത്പാതങ്ങൾ നിരീ-
ക്ഷിച്ചും, 41
ഏകാന്തസ്ഥലംതന്നിൽ വിഷ്വപേശന്മാർക്കീശ-
നാകുമബ്ഭഗവാൻെറ പാദാരവിന്ദങ്ങളിൽ
ശിരസ്സുകൊണ്ടു നമസ്കരിച്ചിട്ടതിഭക്ത്യാ
കരങ്ങൾ രണ്ടും കൂപ്പിനിന്നേവം ചൊന്നീ-
ടിനാൻ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദ്ധവ ഉവാച

ദേവദേവേശ! യോഗേശ! പുണ്യശ്രവണകീർത്തന!
സംഹൃത്യൈതത് കുലം നൂനം ലോകം സന്ത്യക്ഷ്യതേ ഭവാൻ.
വിപ്രശാപം സമർത്ഥോഽപി പ്രത്യഹന്ന യദീശ്വരഃ. 43
നാഹം തവാങ്ഘ്രികമലം ക്ഷണാർദ്ധമപി കേശവ!
ത്യക്തും സമുത്സഹേ നാഥ! സ്വധാമ നയ മാമപി. 44
തവ വിക്രീഡിതം കൃഷ്ണ! നൃണാം പരമമംഗലം
കർണ്ണപീയൂഷമാസ്വാദ്യ ത്യജത്യന്യസ്പൃഹാം ജനഃ. 45
ശയ്യാസനാടനസ്ഥാനസ്നാനക്രീഡാശനാദിഷു
കഥം ത്വാം പ്രിയമാത്മാനം വയം ഭക്താസ്ത്യജേമഹി. 46
ത്വയോപഭുക്തസ്രഗ്ഗന്ധവാസോഽലങ്കാരചർച്ചിതാഃ
ഉച്ഛിഷ്ടഭോജിനോ ദാസാസ്തവ മായാം ജയേമഹി. 47
*വാതാശനാ യ ഋഷയഃ ശ്രമണാ ഊർദ്ധ്വമന്ഥിനഃ
ബ്രഹ്മാഖ്യം ധാമ തേ യാന്തി ശാന്താഃ സംന്യാസിനോഽമലാഃ. 48
വയം ത്വിഹ, മഹായോഗിൻ, ഭ്രമന്തഃ കർമ്മവർത്മസു
ത്വദ്വാർത്തയാ തരിഷ്യാമസ്താവകൈർദ്ദുസ്തരം തമഃ. 49
സ്മരന്തഃ കീർത്തയന്തസ്തേ കൃതാനി ഗദിതാനി ച
ഗത്യുത്സ്മിതേക്ഷണക്ഷ്വേളി യന്നൃലോകവിഡംബനം. 50

ശ്രീശുക ഉവാച

ഏവം വിജ്ഞാപിതോ, രാജൻ, ഭഗവാൻ ദേവകീസുതഃ
ഏകാന്തിനം പ്രിയം ഭൃത്യമുദ്ധവം സമഭാഷത. 51

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ ഷഷ്ഠോഽധ്യായഃ

സപ്തമോഽധ്യായഃ

ശ്രീഭഗവാനുവാച

യദാത്ഥ മാം, മഹാഭാഗ, തച്ചികീർഷിതമേവ മേ
ബ്രഹ്മാ ഭവോ ലോകപാലാഃ സ്വർവാസം
മേഽഭികാങ്ക്ഷിണഃ. 1
മയാ നിഷ്പാദിതം ഹ്യത്ര ദേവകാര്യമശേഷതഃ
യദർത്ഥമവതീർണ്ണോഽഹമംശേന ബ്രഹ്മണാർത്ഥിതഃ. 2
കുലം വൈ ശാപനിർദ്ദഗ്ധം നങ്ക്ഷ്യത്യന്യോന്യവിഗ്രഹാത്
സമുദ്രഃ സപ്തമേഽഹ്ന്യേതാം പുരീം ച പ്ലാവയിഷ്യതി. 3
യര്ഹ്യേവായം മയാ ത്യക്തോ ലോകോഽയം നഷ്ടമംഗലഃ
ഭവിഷ്യത്യചിരാത് സാധോ! കലിനാപി നിരാകൃതഃ. 4
ന വസ്തവ്യം ത്വയൈവേഹ മയാ ത്യക്തേ മഹീതലേ
ജനോഽധർമ്മരുചിർഭദ്ര! ഭവിഷ്യതി കലൗ യുഗേ. 5
ത്വം തു സർവ്വം പരിത്യജ്യ സ്നേഹം സ്വജനബന്ധുഷു
മയ്യാവേശ്യ മനഃ സമ്യക് സമദൃഗ്വിചരസ്വ ഗാം. 6
യദിദം മനസാ വാചാ ചക്ഷുർഭ്യാം ശ്രവണാദിഭിഃ
നശ്വരം ഗൃഹ്യമാണം ച വിദ്ധി മായാമനോമയം. 7
പുംസോഽയുക്തസ്യ നാനാർത്ഥോ ഭ്രമഃ സ ഗുണദോഷഭാക്
കർമ്മാകർമ്മവികർമ്മേതി ഗുണദോഷധിയോ ഭിദാ. 8
തസ്മാദ്യുക്തേന്ദ്രിയഗ്രാമോ യുക്തചിത്ത ഇദം ജഗത്
ആത്മനീക്ഷസ്വ വിതതമാത്മാനം മയ്യധീശ്വരേ. 9

* 'വാതരശനാ' ഇതി ച പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദ്ധവൻ പറഞ്ഞു

യോഗേശാ! ദേവദേവാധീശ്വരാ! കേൾ-
ക്കുവോക്ക-
മാകവേ പുണ്യമേകും കീർത്തനമാളും വിഭോ!
സമസ്തശക്തൻ ഭവാൻ വിപ്രശാപം ഹനിക്കാൻ
സമർത്ഥനല്ലാത്തമട്ടിരിപ്പതീക്ഷിക്കുമ്പോൾ
ഇക്കുലം സംഹരിച്ചു ലോകത്തെ ത്യജിക്കുവാ-
നാഗ്രഹിക്കുന്നുണ്ടങ്ങെന്നുള്ളതു തീർച്ചതന്നെ. 43
ക്ഷണാർദ്ധംപോലുമങ്ങേപ്പദാബ്ജം വിട്ടി-
രിപ്പാ-
നെനിക്കിന്നില്ലയല്ലോ കേശവാ! ശേഷി
ലേശം.
അല്ലയോ നാഥാ! ഭവാൻ സ്വധാമം പൂകീടുകിൽ
തള്ളരുതെന്നെക്കൂടിക്കൊണ്ടുപോയീട-
വേണം. 44
പുരുമങ്ഗലമായികർണ്ണപീയൂഷമാക-
മരിയോരങ്ങേയ്ക്കുഴം ലീലാകർമ്മങ്ങളെന്നും
മന്നിടനിവാസികൾക്കനവഹമാസ്വദിച്ചി-
ട്ടന്യമാമാഗ്രഹങ്ങളാകവേ ത്യജിക്കുന്നു. 45
നടക്കുമ്പൊഴുമിരിക്കുമ്പൊഴുമുണ്ണുമ്പൊഴും
കിടക്കുമ്പൊഴും കളികുളിതൊട്ടുവററിലും
പ്രത്യഹം പ്രേമാത്മാവാം ഭവാനെസ്സേവിച്ചിടും
ഭക്തരാം ഞങ്ങളങ്ങേയെങ്ങനെ വെടി-
ഞ്ഞിടും? 46
ഭവാനണിഞ്ഞ മാല, ചന്ദനം, വസ്ത്രം, ഭൂഷ-
യിവയാലെല്ലാനാളും ഭൂഷിതന്മാരും പരം
ഉച്ഛിഷ്ടഭോക്താക്കളുമായീടുമീ ദാസന്മാർ
നിശ്ചയമായി ഭവന്മായയെക്കടക്കുന്നു. 47
വാതാശരൃഷീശരൂർദ്ധ്വരേതസ്സുകളും
പൂതചിത്തരായ് ശാന്തരായ സംന്യാസിമാരും
കല്മഷമശേഷവും നിർമ്മൂലം നശിപ്പിച്ചു
ബ്രഹ്മാഖ്യമായീടും ത്വദ്ധാമത്തെ പ്രാപി-
ക്കുന്നു. 48
ഞങ്ങളോ മഹായോഗിൻ! കർമ്മമാർഗ്ഗങ്ങ-
ളിൽത്താ-
നിങ്ങു നിത്യവും ഭ്രമിക്കുന്നവരെന്നാകിലും
നിന്തിരുഭക്തരോടു ചേർന്നങ്ങേ വാർത്ത ചൊല്ലി-
സ്സന്തരിച്ചീടുന്നു ദുസ്തരയാം ത്വന്മായയെ. 49
അഞ്ചിതങ്ങളാമങ്ങേ വാക്യങ്ങൾ കർമ്മങ്ങളും
സഞ്ചാരം, സ്മിതം, നോട്ടം, വിനോദമിത്യാ-
ദിയാം
മനുഷ്യനാട്യങ്ങളെക്കീർത്തനംചെയ്തും വീണ്ടു-
മനുസ്മരിച്ചും കടന്നീടുന്നിതവിദ്യയെ. 50

ശ്രീശുകൻ പറഞ്ഞു

ഭൂവരാ! സ്വാഭിലാഷമീവിധമറിയിക്കെ
ദേവകീദേവീസുതൻ ഭഗവാനേകാന്തിയും
ഭൃത്യനും സുഹൃത്തുമാമുദ്ധവൻതന്നോടായി-
ട്ടിത്തരം വചനങ്ങളരുളിച്ചെയ്തീടിനാൻ. 51

അദ്ധ്യായം 7

ഭഗവാന്റെ ഉദ്ധവോപദേശം—ഇരുപത്തിനാലു ഗുരുക്കന്മാർ

ശ്രീഭഗവാൻ പറഞ്ഞു

അല്ലയോ മഹാഭാഗനായീടുമുദ്ധവാ! നീ
ചൊല്ലിയതുള്ളതാണു, ഞാനതിനാഗ്രഹിപ്പൂ.
ബ്രഹ്മാവും മഹേശനും ലോകപാലകന്മാരും
നിർമ്മായമിച്ഛിപ്പൂ മദ്വൈകുണ്ഠലോകവാസം. 1
ധാതാവപേക്ഷിക്കയാൽ ഭൂഭാരം ഹരിക്കുവാൻ
ജാതനായ് രാമനൊത്തു സാധിച്ചേൻ
ദേവകാര്യം. 2
വംശവും ശാപത്തിനാൽ നഷ്ടപ്രായമായ്-
ത്തമ്മിൽ
വാശിയായ് ശണ്ഠയിട്ടു മുഴുവൻ നശിച്ചിടും.
ഇന്നുതൊട്ടേഴാംനാളിൽ ദ്വാരകാപട്ടണത്തെ
നിർണ്ണയം പാരാവാരം കടന്നുകേറി മുക്കും. 3
എപ്പൊഴീ ലോകമെന്നാൽ ത്യക്തമായ്-
ഭവിച്ചീടു-
മപ്പൊഴേയതു നഷ്ടമങ്ഗലമായിത്തീരും.
ദുഷ്ടനായീടും കലിതന്നാലേയാക്രമിക്ക-
പ്പെട്ടതായ്ഭവിച്ചീടുമെന്നതിൽ തർക്കമില്ല. 4
ഉലകം ഞാനപേക്ഷിച്ചീടുമ്പോളാരംഭിക്കും
കലിതൻ കാലം, ലോകരധർമ്മാസക്തരാകും
അക്കാലത്തിവിടെ നീ നിവസിച്ചെന്നാലതു
ദുഃഖഹേതുകമാകും നിനക്കെന്നോർക്ക
സാധോ! 5
ബാന്ധവസ്വജനസൗഹൃദത്തെപ്പാടേ തള്ളി-
യന്തരങ്ഗത്തെയെന്നിൽ സമർപ്പിച്ചിട്ടു നീയും
സമദർശനനായിസ്സന്താപലേശമെന്യേ
ക്ഷമയിലെങ്ങും ചുററിസ്സഞ്ചരിച്ചാലും
സുഖം. 6
ചേതസ്സു, വാക്കു, നേത്രം, കർണ്ണമിത്യാദി-
യാലേ-
യേതൊന്നു ഗ്രഹിക്കപ്പെട്ടീടുന്നുണ്ടതു സർവ്വം
നശ്വരമായി മനോമയമായിരിക്കയാൽ
നിശ്ചയിച്ചീടുക നീയതിനേ മായയെന്നായ്. 7
മാനസമടക്കാത്ത പുരുഷൻ ഭ്രമിക്കുന്നു
നാനാർത്ഥങ്ങളിൽ, ഗുണദോഷഭാക്കത്രേയവൻ.
അവനു മൂന്നുവിധം ഭേദങ്ങൾ കർമ്മത്തിനു
ഭവിപ്പൂ കർമ്മാകർമ്മവികർമ്മങ്ങളെന്നേവം. 8
അതിനാലിന്ദ്രിയങ്ങളടക്കി മനസ്സിനെ-
യൊതുക്കിയീലോകത്തെയാത്മാവിൽ
കണ്ടിട്ടു നീ
വിതതാത്മാവേപ്പിന്നെയഖിലേശ്വരനായി
സ്ഥിതിചെയ്തീടുന്നൊരീയെന്നിലും
കണ്ടുകൊൾക. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനവിജ്ഞാനസംയുക്ത ആത്മഭൂതഃ ശരീരിണാം
ആത്മാനുഭവതുഷ്ടാത്മാ നാന്തരായൈർവിഹന്യതേ. 10
ദോഷബുദ്ധ്യോഭയാതീതോ നിഷേധാന്ന നിവർത്തതേ
ഗുണബുദ്ധ്യാ ച വിഹിതം ന കരോതി യഥാർഭകഃ. 11
സർവ്വഭൂതസുഹൃച്ഛാന്തോ ജ്ഞാനവിജ്ഞാനനിശ്ചയഃ
പശ്യൻ മദാത്മകംവിശ്വം ന വിപദ്യേത വൈ പുനഃ. 12

ശ്രീശുക ഉവാച

ഇത്യാദിഷ്ടോ ഭഗവതാ മഹാഭാഗവതോ നൃപ!
ഉദ്ധവഃ പ്രണിപത്യാഹ തത്ത്വജിജ്ഞാസുരച്യുതം. 13

ഉദ്ധവ ഉവാച

യോഗേശ! യോഗവിന്യാസ! യോഗാത്മൻ! യോഗസംഭവ!
നിഃശ്രേയസായ മേ പ്രോക്തസ്ത്യാഗഃ സന്ന്യാസലക്ഷണഃ. 14
ത്യാഗോഽയം ദുഷ്കരോ, ഭൂമൻ, കാമാനാം വിഷയാത്മഭിഃ
സുതരാം ത്വയി സർവ്വാത്മന്നഭക്തൈരിതി മേ മതിഃ. 15

സോഽഹം മമാഹമിതി മൂഢമതിർവിഗാഢ-
സ്ത്വന്മായയാ വിരചിതാത്മനി സാനുബന്ധേ
തത്ത്വഞ്ജസാ നിഗദിതം ഭവതാ യഥാഹം
സംസാധയാമി ഭഗവന്നനുശാധി ഭൃത്യം. 16

സത്യസ്യ തേ സ്വദൃശ ആത്മന ആത്മനോഽന്യം
വക്താരമീശ! വിബുധേഷ്വപി നാനുചക്ഷേ
സർവ്വേ വിമോഹിതധിയസ്തവ മായയേശ!
ബ്രഹ്മാദയസ്തനുഭൃതോ ബഹിരർത്ഥഭാവാഃ. 17

തസ്മാദ്ഭവന്തമനവദ്യമനന്തപാരം
സർവ്വജ്ഞമീശ്വരമകുണ്ഠവികുണ്ഠധിഷ്ണ്യം
നിർവ്വിണ്ണധീരഹമു ഹ വൃജിനാഭിതപ്തോ
നാരായണം നരസഖം ശരണം പ്രപദ്യേ. 18

ശ്രീഭഗവാനുവാച

പ്രായേണ മനുജാ ലോകേ ലോകതത്ത്വവിചക്ഷണാഃ
സമുദ്ധരന്തി ഹ്യാത്മാനമാത്മനൈവാഽശുഭാശയാത്. 19
ആത്മനോ ഗുരുരാത്മൈവ പുരുഷസ്യ വിശേഷതഃ
യത് പ്രത്യക്ഷാനുമാനാഭ്യാം ശ്രേയോഽസാവനുവിന്ദതേ. 20
പുരുഷത്വേ ച മാം ധീരാഃ സാംഖ്യയോഗവിശാരദാഃ
ആവിസ്തരാം പ്രപശ്യന്തി സർവ്വശക്ത്യുപബൃംഹിതം. 21
ഏകദ്വിത്രിചതുഷ്പാദോ ബഹുപാദസ്തഥാഽപദഃ
ബഹ്വ്യഃ സന്തി പുരഃ സൃഷ്ടാസ്താസാം മേ പൗരുഷീ പ്രിയാ. 22
അത്ര മാം മാർഗ്ഗയന്ത്യദ്ധാ യുക്താ ഹേതുഭിരീശ്വരം
ഗൃഹ്യമാണൈർഗ്ഗുണൈർലിംഗൈരഗ്രാഹ്യമനുമാനതഃ. 23
അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം
അവധൂതസ്യ സംവാദം യദോരമിതതേജസഃ. 24
അവധൂതം ദ്വിജം കഞ്ചിച്ചരന്തമകുതോഭയം
കവിം നിരീക്ഷ്യ തരുണം യദുഃ പപ്രച്ഛ ധർമ്മവിത്. 25

യദുരുവാച

കുതോ ബുദ്ധിരിയം ബ്രഹ്മന്നകർത്തുഃ സുവിശാരദാ
യാമാസാദ്യ ഭവാംല്ലോകേ വിദ്വാംശ്ചരതി ബാലവത്. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനവിജ്ഞാനങ്ങളൊത്താത്മാനന്ദവേദ്യപൂ-
മാനസനായിദ്രോഹി സുഹൃദാത്മാവുമായി
പരിശോഭിക്കുന്നവനന്തരായങ്ങളാലി-
പരിശോഭിക്കുന്നവനന്തരായങ്ങളാലി-
ഞ്ഞൊരുകാലവും ഹാനിഭവിക്കുന്നില്ല നൂനം. 10
ഞ്ഞൊരുകാലവും ഹാനിഭവിക്കുന്നില്ല നൂനം.
ദേവത്വത്തെക്കടന്നവനെങ്കിലും നിഷേധത്തിൽ-
നിന്നവൻ നിവർത്തിപ്പു ദോഷധീയാലല്ലതും.
അർഭകനെന്നപോലെ ഹിതമാചരിക്കുന്നി-
തെപ്പൊഴുമത്ര ഗുണബുദ്ധിമൂലവുമല്ല. 11
ജ്ഞാനവിജ്ഞാനങ്ങളാൽ നിശ്ചയധീയായ്
ശാന്ത-
മാനസനായിസ്സർവഭൂതബന്ധുവാം ജ്ഞാനി
വിശ്വത്തെ മദ്രൂപമായ്ക്കാണുന്നി, തവൻ
വീണ്ടും
നിശ്ചയം ജനിമൃതിവിപത്തു വരില്ലേടോ. 12

ശ്രീശുകൻ പറഞ്ഞു

ശ്രീകൃഷ്ണൻ തന്നാലേവമാദിഷ്ടനായീടിന
ഭാഗവതാഗ്രേസരനുദ്ധവൻ ഭഗവാനെ
നമസ്കരിച്ചശേഷം തത്ത്വങ്ങൾ ധരിക്കുവാ-
നമിതാഭിലാഷത്തോടീവിധം
ചൊല്ലീടിനാൻ. 13

ഉദ്ധവൻ പറഞ്ഞു

യോഗാത്മൻ! യോഗേശ്വരാ! യോഗ-
വിന്യാസദേവാ!
യോഗസംഭവാ! മമ മോക്ഷലാഭത്തിനായി
സന്ന്യാസചിഹ്നമാകും ത്യാഗത്തെ-
ത്തിരുമേനി-
യെന്നോടിദാനീമലിവാർന്നരുൾ ചെയ്തു-
വല്ലോ. 14
വിഷയാസക്തമാകും മാനസമാളുവോർക്കീ-
വിഷയത്യാഗം പാർക്കിൽ ദുഷ്കരം മഹാത്മാവേ!
സർവാത്മൻ! ഭവദ്ഭക്തിഹീനന്മാർക്കേറ്റു പാരം
ദുർവഹമാകുമെന്നായ്ത്തോന്നുന്നിതെ-
നിക്കുള്ളിൽ. 15
ഭഗവൻ! ഭവന്മായാകല്പിതമാകും ഭാര്യ,
മക്കൾ, നിത്യാദി ബന്ധമിയലും ശരീരത്തിൽ
ഞാനെൻെറയെന്നിത്തരം സ്നേഹത്താൽ
ബദ്ധനാമീ
ഞാനങ്ങു കല്പിച്ചോരസ്സംന്യാസചിഹ്നത്യാഗം
എങ്ങനെയായാലെളുതായിട്ടു സാധിക്കുമെ-
ന്നങ്ങുന്നിബ്ഭൃത്യനോടായരുളിച്ചെയ്യേ-
ണമേ. 16
നാശഹീനനായാത്മരൂപനായ് ശോഭിച്ചീടു-
മീശ്വരാ! ഭവത്തത്ത്വം നീയെന്യേ വിണ്ണോ-
രിലും
അറിവോരാരുമില്ല, ധാതാവാദികൾപോലും
ശരീരം നിത്യമെന്നു കാണ്മൂ, നിന്മായാ-
വശാൽ. 17
അതിനാൽ ദുഃഖതപ്തനായ ഞാനനാസക്ത-
മതിയായിപ്പോളനവദ്യനായ് സർവജ്ഞനായ്
കാലദേശങ്ങളില്ലാത്തവനായീശനായി-
ക്കാലം ബാധിച്ചിടാത്ത വികുണ്ഠലോകമാളും
നരസഖാവാം നാരായണനായ് വിളങ്ങിടും
തിരുമേനിയെയിതാ ശരണംപ്രാപി-
ക്കുന്നു. 18

ശ്രീഭഗവാൻ പറഞ്ഞു

ലോകതത്ത്വത്തിൽ വിചക്ഷണരാം
മനുഷ്യരീ-
ലോകത്തിൽ സ്വന്തം ബുദ്ധികൊണ്ടുതാനാ-
ത്മാവിനെ
അശുഭാശയംതന്നിൽനിന്നു സാമാന്യമായി
വിഷമമേത്തുമെന്യേയുദ്ധരിപ്പതായ് കേൾപ്പൂ.
തനിക്കു ഹിതാഹിതമുപദേശിക്കും ഗുരു [19
തനതാത്മാവുതന്നെ, വിശേഷബുദ്ധിമാനായ്
തത്ത്വാർത്ഥവിത്തായിടും പുരുഷൻവിശേഷിച്ചും
പ്രത്യക്ഷാനുമാനങ്ങൾകൊണ്ടു നേടുന്നു മോക്ഷം.
മർത്ത്യജന്മത്തിൽ സാംഖ്യം യോഗമെന്നിതു [20
രണ്ടി-
ലെത്രയും സമർത്ഥരായ് ധീരരാം പുരുഷന്മാർ
എല്ലാ ശക്തികളാലും പൂർണ്ണനായീടുമെന്നെ
നല്ലപോൽത്തെളിവായിത്തന്നെ വീക്ഷി-
ച്ചിടുന്നു. 21
ഒന്നുരണ്ടഥ മൂന്നുനാലെന്നിങ്ങനെ പാദ-
മാർന്നും കാലില്ലാതെയും ജന്തുക്കളെണ്ണമെന്യേ
സൃഷ്ടിക്കപ്പെട്ടിട്ടുണ്ടിങ്ങവയിലെനിക്കേറ്റ-
മിഷ്ടമിമ്മനുഷ്യവർഗ്ഗത്തെയെന്നോർത്തീടുക. 22
ഈശനായ ഗ്രാഹ്യനാമെന്നെയിങ്ങാത്മചിന്താ-
പേശലർ ഗ്രാഹ്യമാണു ഗുണകർമ്മങ്ങൾകൊണ്ടും
ലക്ഷണാനുമാനങ്ങൾകൊണ്ടുമേ മർത്ത്യമെയ്യിൽ
വീക്ഷിപ്പാൻ നിരന്തരം സാക്ഷാത്തായ്-
ത്തിരയുന്നു. 23
എന്നതിന്നനുപമതേജസ്വിയാകും യദു-
മന്നനുമവധൂതൻതാനുമായ് പണ്ടൊരിക്കൽ
ഉണ്ടായ സംഭാഷണരൂപമാമിതിഹാസ-
മിണ്ടലാററുവാനുദാഹരിക്കാം കേട്ടുകൊൾക. 24
അവധൂതനായ്പരം യുവാവായ് ഭയഹീന-
മവനിയെങ്ങും ചുററിച്ചരിക്കും കവീന്ദ്രനാം
ഒരു വിപ്രനെക്കണ്ടു ധർമ്മജ്ഞനാകും യദു-
നരപാലകൻ ചോദിച്ചീടിനാനിപ്രകാരം. 25

യദു പറഞ്ഞു

അല്ലയോ ബ്രഹ്മൻ! ഭവാനകർത്താവെന്നാ-
കിലും
ദുർല്ലഭമാമിബ്ബുദ്ധിയെങ്ങനെ സിദ്ധിച്ചിതു?
ഈ തരം ബുദ്ധിപൂണ്ടു വിദ്വാനാകിലുമൊരു
പൈതൽപോലങ്ങുന്നെങ്ങും സഞ്ചരിക്കുന്നു-
വല്ലോ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രായോ ധർമ്മാർത്ഥകാമേഷു വിവിത്സായാം ച മാനവാഃ
ഹേതുനൈവ സമീഹന്തേ ആയുഷോ യശസഃ ശ്രിയഃ. 27

ത്വം തു കല്പഃ കവിർദ്ദക്ഷഃ സുഭഗോഽമൃതഭാഷണഃ
ന കർത്താ നേഹസേ കിഞ്ചിജ്ജഡോന്മത്തപിശാചവത്. 28

ജനേഷു ദഹ്യമാനേഷു കാമലോഭദവാഗ്നിനാ
ന തപ്യസേഽഗ്നിനാ മുക്തോ ഗങ്ഗാംഭഃസ്ഥ ഇവ ദ്വിപഃ. 29

ത്വം ഹി നഃ പൃച്ഛതാം, ബ്രഹ്മന്നാത്മന്യാനന്ദകാരണം
ബ്രൂഹി സ്പർശവിഹീനസ്യ ഭവതഃ കേവലാത്മനഃ. 30

ശ്രീഭഗവാനുവാച

യദുനൈവം മഹാഭാഗോ ബ്രഹ്മണ്യേന സുമേധസാ
പൃഷ്ടഃ സഭാജിതഃ പ്രാഹ പ്രശ്രയാവനതം ദ്വിജഃ. 31

ബ്രാഹ്മണ ഉവാച

സന്തി മേ ഗുരവോ, രാജൻ, ബഹവോ ബുദ്ധ്യുപാശ്രിതാഃ
യതോ ബുദ്ധിമുപാദായ മുക്തോഽടാമീഹ, താൻ ശൃണു. 32

പൃഥിവീ വായുരാകാശമാപോഽഗ്നിശ്ചന്ദ്രമാ രവിഃ
കപോതോഽജഗരഃ സിന്ധുഃ പതങ്ഗോ മധുകൃദ്ഗജഃ. 33

മധുഹാ ഹരിണോ മീനഃ പിങ്ഗലാ കുരരോഽർഭകഃ
കുമാരീ ശരകൃത് സർപ്പ ഊർണ്ണനാഭിഃ സുപേശകൃത്. 34

ഏതേ മേ ഗുരവോ രാജംശ്ചതുർവ്വിംശതിരാശ്രിതാഃ
ശിക്ഷാ വൃത്തിഭിരേതേഷാമന്വശിക്ഷമിഹാത്മനഃ. 35

യതോ യദനുശിക്ഷാമി യഥാ വാ നാഹുഷാത്മജ!
തത്തഥാ പുരുഷവ്യാഘ്ര! നിബോധ കഥയാമി തേ. 36

ഭൂതൈരാക്രമ്യമാണോഽപി ധീരോ ദൈവവശാനുഗൈഃ
തദ്വിദ്വാന്ന ചലേന്മാർഗ്ഗാദന്വശിക്ഷം ക്ഷിതേർവ്രതം. 37

ശശ്വത്പരാർത്ഥസർവ്വേഹഃ പരാർത്ഥൈകാന്തസംഭവഃ
സാധുഃ ശിക്ഷേത ഭൂഭൃത്തോ നഗശിഷ്യഃ പരാത്മതാം. 38

പ്രാണവൃത്ത്യൈവ സന്തുഷ്യേന്മുനിർന്നൈവേന്ദ്രിയപ്രിയൈഃ
ജ്ഞാനം യഥാ ന നശ്യേത നാവകീര്യേത വാങ്മനഃ. 39

വിഷയേഷ്വാവിശൻ യോഗീ നാനാധർമ്മേഷു സർവ്വതഃ
ഗുണദോഷവ്യപേതാത്മാ ന വിഷജ്ജേത വായുവത്. 40

പാർത്ഥിവേഷ്വിഹ ദേഹേഷു പ്രവിഷ്ടസ്തദ്ഗുണാശ്രയഃ
ഗുണൈർന്ന യുജ്യതേ യോഗീ ഗന്ധൈർവ്വായുരിവാത്മദൃക്. 41

അന്തർഹിതശ്ച സ്ഥിരജങ്ഗമേഷു
ബ്രഹ്മാത്മഭാവേന സമന്വയേന.
വ്യാപ്ത്യാവ്യവച്ഛേദമസങ്ഗമാത്മനോ
മുനിർന്നഭസ്ത്വം വിതതസ്യ ഭാവയേത്. 42

തേജോഽബന്നമയൈർഭാവൈർമ്മേഘാദ്യൈർവ്വായുനേരിതൈഃ
ന സ്പൃശ്യതേ നഭസ്തദ്വത് കാലസൃഷ്ടൈർഗ്ഗുണൈഃ പുമാൻ. 43

സ്വച്ഛഃ പ്രകൃതിതഃ സ്നിഗ്ദ്ധോ മാധുര്യസ്തീർത്ഥഭൂർന്നൃണാം
മുനിഃ പുനാത്യപാം മിത്രമീക്ഷോപസ്പർശകീർത്തനൈഃ. 44

തേജസ്വീ തപസാ ദീപ്തോ ദുർദ്ധർഷോദരഭാജനഃ
സർവ്വഭക്ഷ്യോഽപി യുക്താത്മാ നാദത്തേ മലമഗ്നിവത്. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനങ്ങൾ സാധാരണധർമ്മാർത്ഥകാമപ്രാപ്തി-
ക്കനുയോജ്യങ്ങളാകും വിഷയങ്ങളിൽ നിത്യം
പ്രവർത്തിപ്പതായുസ്സു യശസ്സൈശ്വര്യമെന്നു-
ള്ളവയെസ്സമ്പാദിപ്പാനുള്ള വാഞ്ഛയാലത്രേ.27
ശക്തനും വിദ്വാനും സുന്ദരനും സുധാഭാഷി-
മുഖ്യനും സമർത്ഥനുമായിരുന്നിട്ടും ഭവാൻ
ഉന്മത്തൻ ജഡൻ പിശാചെന്നിവരെന്നപോലെ
കർമ്മങ്ങൾ ചെയ്യുന്നതില്ലിച്ഛിക്കുന്നതുമില്ല. 28
കാമലോഭങ്ങളാകും വനവഹ്നിയിൽ ജന-
സ്തോമമമാപ്പെട്ടു ദഹിച്ചീടവേയതിൽനിന്നും
മുക്തനാം ഭവാൻ ഗങ്ഗാവാഹിനീസലില-
ത്തിൽ
മഗ്നനാമാനമട്ടിൽ സാനന്ദം വിഹരിപ്പൂ. 29
കേവലാത്മാവായാശ വിഷയങ്ങളിലെന്യേ
മേവിടും ബ്രഹ്മൻ! ഭവാനിന്നനുഭവിപ്പതാം
ആനന്ദത്തിനു ഹേതുവെന്തെന്നതറിഞ്ഞീടാൻ
ഞാനിച്ഛിക്കുന്നു, ഭവാൻ വിശദം
കഥിച്ചാലും. 30

ശ്രീഭഗവാൻ പറഞ്ഞു

മതിമാനായി ദ്വിജഭക്തനാം യദുഭൂപൻ
നതിചെയ്തോതുങ്ങിസ്സത്കരിച്ചു ചോദിക്കവേ
തുഷ്ടനായ് മഹാഭാഗനാകുമാ മഹീദേവ-
ശ്രേഷ്ഠനദ്ദേഹത്തിനോടീവിധമരുൾ-
ചെയ്താൻ. 31

ബ്രാഹ്മണൻ പറഞ്ഞു

ധരണീശ്വരാ! ബുദ്ധികൊണ്ടു ഞാനനേകം
സദ്-
ഗുരുക്കന്മാരെയങ്ഗീകരിച്ചിട്ടുണ്ടു കേൾക്ക.
അവരിൽനിന്നുമാർന്നോരറിവിൻ സഹായത്താ-
ലവനീതലത്തിൽ ഞാൻ മുക്തനായ് നടക്കുന്നു.
ഭൂമിയും, സമീരണ,നാകാശം, നീര,മഗ്നി, [32
സോമ,നർക്കൻ, കപോതം, പെരുമ്പാ,മ്പാഴി,
പാററ,
ഭൃങ്ഗവും, മാതങ്ഗം, തേനെടുപ്പോൻ, മാൻ,
മത്സ്യവും,
പിങ്ഗലയാമങ്ഗന, കുരരപ്പക്ഷി, ബാലൻ,
കന്യക, ശരം തീർപ്പോൻ, പന്നഗം, ചിലന്തിയും
പിന്നെയാ വേട്ടാളനുംതന്നെയിഗ്ഗുരു-
ക്കന്മാർ. 33 34
ഞാനവരിരുപത്തിനാലുപേരുടെ വൃത്തി
കാണവേ വേണ്ട പാഠം പഠിച്ചുകൊണ്ടീ-
ടിനേൻ. 35
ഏതേതു വിധമാരിൽനിന്നെല്ലാമഭ്യസിച്ചെ-
ന്നോതുന്നേൻ കേൾക്ക നാഹുഷാത്മജാ!
പുരുഷേന്ദ്രാ! 36
പ്രാരബ്ധവശംഗതരായീടും ജനങ്ങൾതൻ
ഘോരമാം പീഡനങ്ങളേല്ക്കിലും വിദ്വാ-
നായോൻ
ധർമ്മമാർഗ്ഗത്തിൽനിന്നുമണുവും ചലിക്കായ്-
വാൻ
ചെമ്മേ ഞാനഭ്യസിച്ചേൻ ധരിത്രിക്കെഴും
വ്രതം. 37
നല്ലവനെല്ലായ്പ്പൊഴും പരാർത്ഥം പ്രവൃത്തിക-
ളെല്ലാമേ ചെയ്യുമവനന്യനുവേണ്ടി മാത്രം
ഉണ്ടായിട്ടുള്ളവൻതാനെന്നതു പർവ്വതത്തെ-
ക്കണ്ടു നല്ലപോൽ നരൻ പഠിച്ചീടുകവേണം.38
അന്യാധീനത്തിൽ വർത്തിച്ചീടേണ്ട സമ്പ്രദായം
നന്നായഭ്യസിക്കണം പാദപശിഷ്യനായും
ഏതു വൃത്തിയാൽ ജ്ഞാനം നശിക്കാതിരി-
ക്കുമോ,
ചേതസ്സും വാക്കും തീരെച്ചലിക്കാതിരിക്കുമോ,
താദൃശപ്രാണവൃത്ത്യാ മാമുനി തോഷിക്കണ-
മേതുമേയതിന്ദ്രിയപ്രീതിയാലല്ല വേണ്ടു. 39
അശങ്കം യോഗിയെല്ലാദിക്കിലുമുള്ള നാനാ-
വിഷയഭോഗങ്ങളിൽ വ്യാപൃതനായീടിലും
ഗുണങ്ങളേയും തഥാ ദോഷങ്ങളേയുമോരാ-
തനിലന്മട്ടിൽ പററലററു സഞ്ചരിക്കണം. 40
പാർത്ഥിവമാകും ശരീരങ്ങളിൽ പ്രവേശിച്ചു
പൃഥ്വിയിൽ ദേഹധർമ്മയുക്തനായിരിക്കിലും
ആത്മദൃക്കായീടുന്ന യോഗിയീ ദേഹധർമ്മ-
മാത്മാവിനുള്ളതല്ലെന്നുറച്ചു വസിക്കണം.
വായുവോടിപ്പാഠവും പഠിച്ചുകൊണ്ടേൻ ഗന്ധം
സ്വീയമായുള്ളതല്ല വായുവിന്നൊരിക്കലും. 41
ദേഹാന്തർഗ്ഗതൻ മുനി, ജങ്ഗമസ്ഥിരങ്ങൾതൻ
വ്യൂഹത്തിൽ ചേർന്നിരിക്കും സർവ്വാത്മ-
ഭാവത്താലും
അശേഷവ്യാപ്തികൊണ്ടും വിതതാത്മാ-
വാർന്നിട്ടു-
മസങ്ഗം പരിച്ഛിന്നത്വാഭാവമിവമൂലം
ആകാശസമാനത ഭാവിച്ചീടുക വേണ-
മാകാശമഖണ്ഡവും സങ്ഗഹീനവുമല്ലോ. 42
കാലസൃഷ്ടങ്ങളാകും ത്രിഗുണങ്ങളിൽ ജന്മ-
മേലുന്നതായി വഹ്നിജലാന്നമയങ്ങളാം
വപുസ്സുകളാൽ ജീവൻ സ്പർശിക്കപ്പെടുന്നില,
നഭസ്സു വാതനീതമേഘങ്ങളാലെന്നപോൽ. 43
സ്വച്ഛനും സ്വഭാവത്താൽ സ്നിഗ്ദ്ധനും മധുരമാ-
യുച്ചരിച്ചീടുവോനും മാനുഷസംപൂജ്യനും
തീർത്ഥാംബുസമനുമാം മാമുനിയരീക്ഷാസ്പർശ-
കീർത്തനങ്ങളാൽ പരിശുദ്ധമാക്കുന്നു ലോകം.44
തേജസ്വിയായിത്തപോദീപ്തനായ്-
ക്കക്ഷിയാകും
ഭാജനമാർന്നു സർവ്വാശനനായ് ദുർദ്ധർഷനായ്
ചിത്തമാത്മാവിൽ നന്നായടക്കിയിരുന്നിടും
മർത്ത്യനഗ്നിപോൽ ഗ്രഹിക്കുന്നതില്ല-
ശുദ്ധിയെ. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്വചിച്ഛന്നഃ ക്വചിത് സ്പഷ്ട ഉപാസ്യഃ ശ്രേയ ഇച്ഛതാം
ഭുങ്ക്തേ സർവ്വത്ര ദാതൄണാം ദഹൻ പ്രാഗുത്തരാശുഭം. 46

സ്വമായയാ സൃഷ്ടമിദം സദസല്ലക്ഷണം വിഭുഃ
പ്രവിഷ്ട ഈയതേ തത്തത്സ്വരൂപോഽഗ്നിരിവൈധസി. 47

വിസർഗ്ഗാദ്യാഃ ശ്മശാനാന്താ ഭാവാ ദേഹസ്യ നാത്മനഃ
കലാനാമിവ ചന്ദ്രസ്യ കാലേനാവ്യക്തവർത്മനാ. 48

കാലേന ഹ്യോഘവേഗേന ഭൂതാനാം പ്രഭവാപ്യയൗ
നിത്യാവപി ന ദൃശ്യേതേ ആത്മനോഽഗ്നേര്യഥാർച്ചിഷാം. 49

ഗുണൈർഗ്ഗുണാനുപാദത്തേ യഥാകാലം വിമുഞ്ചതി
ന തേഷു യുജ്യതേ യോഗീ ഗോഭിർഗ്ഗാ ഇവ ഗോപതിഃ. 50

ബുധ്യതേ സ്വേ ന ഭേദേന വ്യക്തിസ്ഥ ഇവ തദ്ഗതഃ
ലക്ഷ്യതേ സ്ഥൂലമതിഭിരാത്മാ ചാവസ്ഥിതോഽർക്കവത്. 51

നാതിസ്നേഹഃ പ്രസങ്ഗോ വാ കർത്തവ്യഃ ക്വാപി കേനചിത്
കുർവ്വൻ വിന്ദേത സന്താപം കപോത ഇവ ദീനധീഃ. 52

കപോതഃ കശ്ചനാരണ്യേ കൃതനീഡോ വനസ്പതൗ
കപോത്യാ ഭാര്യയാ സാർദ്ധമുവാസ കതിചിത് സമാഃ. 53

കപോതൗ സ്നേഹഗുണിതഹൃദയൗ ഗൃഹധർമ്മിണൗ
ദൃഷ്ടിം ദൃഷ്ട്യാങ്ഗമങ്ഗേന ബുദ്ധിം ബുദ്ധ്യാ ബബന്ധതുഃ. 54

ശയ്യാസനാടനസ്ഥാനവാർത്താക്രീഡാശനാദികം
മിഥുനീഭൂയ വിസ്രബ്ധൗ ചേരതുർവനരാജിഷു. 55

യം യം വാഞ്ഛതി സാ രാജംസ്തർപ്പയന്ത്യനുകമ്പിതാ
തം തം സമനയത് കാമം കൃച്ഛ്രേണാപ്യജിതേന്ദ്രിയഃ. 56

കപോതീ പ്രഥമം ഗർഭം ഗൃഹ്ണന്തീ കാല ആഗതേ
അണ്ഡാനി സുഷുവേ നീഡേ സ്വപത്യുഃ സന്നിധൗ സതീ. 57

തേഷു കാലേ വ്യജായന്ത രചിതാവയവാ ഹരേഃ
ശക്തിഭിർദ്ദുർവിഭാവ്യാഭിഃ കോമളാങ്ഗതനൂരുഹാഃ 58

പ്രജാഃ പുപുഷതുഃ പ്രീതൗ ദമ്പതീ പുത്രവത്സലൗ
ശൃണ്വന്തൗ കൂജിതം താസാം നിർവൃതൗ കളഭാഷിതൈഃ. 59

താസാം പതത്രൈഃ സുസ്പർശൈഃ കൂജിതൈർമ്മുഗ്ദ്ധചേഷ്ടിതൈഃ
പ്രത്യുദ്ഗമൈരദീനാനാം പിതരൗ മുദമാപതുഃ. 60

സ്നേഹാനുബദ്ധഹൃദയാവന്യോന്യം വിഷ്ണുമായയാ
വിമോഹിതൗ ദീനധിയൗ ശിശൂൻ പുപുഷതുഃ പ്രജാഃ. 61

ഏകദാ ജഗ്മതുസ്താസാമന്നാർത്ഥം തൗ കുടുംബിനൗ
പരിതഃ കാനനേ തസ്മിന്നർത്ഥിനൗ ചേരതുശ്ചിരം. 62

ദൃഷ്ട്വാ താംല്ലുബ്ധകഃ കശ്ചിദ്യദൃച്ഛാതോ വനേചരഃ
ജഗൃഹേ ജാലമാതത്യ ചരതഃ സ്വാലയാന്തികേ. 63

കപോതശ്ച കപോതീ ച പ്രജാപോഷേ സദോത്സുകൗ
ഗതൗ പോഷണമാദായ സ്വനീഡമുപജഗ്മതുഃ. 64

കപോതീ സ്വാത്മജാൻ വീക്ഷ്യ ബാലകാഞ്ജാലസംവൃതാൻ
താനഭ്യധാവത് ക്രോശന്തീ ക്രോശതോ ഭൃശദുഃഖിതാ. 65

സാസകൃത്സ്നേഹഗുണിതാ ദീനചിത്താജമായയാ
സ്വയം ചാബധ്യത ശിചാ ബദ്ധാൻ പശ്യന്ത്യപസ്മൃതിഃ. 66

കപോതശ്ചാത്മജാൻ ബദ്ധാനാത്മനോഽപ്യധികാൻ പ്രിയാൻ
ഭാര്യാം ചാത്മസമാം ദീനോ വിലലാപാതിദുഃഖിതഃ. 67

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷന്നനായ്ച്ചിലദിക്കിൽ സ്പഷ്ടനായും ചിലേട-
ത്തന്യൂനതരശ്രേയസ്സിച്ഛിപ്പോർക്കുപാസ്യനായ്
ദാതാക്കളുടെ ഭൂതഭാവിപാപങ്ങൾ മുനി
വീതിഹോത്രൻപോൽ ധ്വംസിച്ചശിപ്പൂ
ലഭ്യമേതും. 46

വിഭുവാമാത്മാവുതാൻ സദസന്മയമാമീ
പ്രപഞ്ചം സ്വമായയാൽത്തീർത്തതിൽ
പ്രവേശിച്ചു
വിറകിലഗ്നിയെന്നവിധത്തിൽ സത്രൂപനായ്
വിരാജിപ്പതായ്ക്കാണ്മൂ തത്തദ്രൂപത്തിൽ-
ത്തന്നെ. 47

ഉദ്ഭവംമുതൽ മൃത്യുപര്യന്തമോരോ ഭാവ-
മസ്പഷ്ടഗതിയാളും കാലത്താലുണ്ടാവതു
മെയ്യല്ലത്രേ,യാത്മാവിന,ല്ലഭിവൃദ്ധിക്ഷയങ്ങ-
ളൊക്കെയും കലകൾക്കാണിന്ദുവിനല്ലെന്ന-
പോൽ. 48

ഓഘവേഗത്തിൽപ്പായും കാലത്താൽ
ഭൂതാവലി-
ക്കാകെ നാശോത്പത്തികളെപ്പൊഴും
ഭവിക്കിലും
അർച്ചിസ്സുകൾക്കെന്നിയേയഗ്നിക്കു കാണുന്നില്ലീ
നശ്വരാവസ്ഥയതുപോലെയാണാത്മാവിനും.
കാലത്തിന്നനുസരിച്ചിന്ദ്രിയഗ്രാമംമൂല- [49
മാളുന്ന വിഷയങ്ങൾ, മോചിച്ചീടുന്നു പിന്നെ.
അവയിലെങ്ങും യോഗി സങ്ഗിക്കുന്ന-
തേയില്ല
വിവസ്വാനംശുക്കളാൽ ജലത്തെയെന്ന-
പോലെ. 50
സലിലാദിയിൽ പ്രതിബിംബിക്കും
ഭാനുമാനെ-
പ്പലതായ് സ്ഥൂലദൃഷ്ടിയറിയുംപോലെയത്രേ,
നാനോപാധികനാകുമാത്മാവും വിഭിന്നനായ്
ഭാനിപ്പതെന്ന തത്ത്വമക്കനിൽ-
നിന്നറിഞ്ഞേൻ. 51
അതിസ്നേഹമോ ക്രമാധികസങ്ഗമോ സമു-
ചിതമായിരിക്കയില്ലോർക്കുകിലാർക്കുമെങ്ങും
വിപരീതമായിവയാർന്നീടിൽ ദീനനായി-
ക്കപോതംമട്ടിൽ പരം ദുഃഖിക്കാനിടയാകും.52
അരണ്യംതന്നിലൊരു മരത്തിൽ ക്കൂടുണ്ടാക്കി-
ക്കുറേനാൾ കപോതിയോടൊത്തു വാണാൻ
കപോതം. 53
സ്നേഹത്താലവർ മനം ബന്ധിച്ചു പരസ്പരം
ഗേഹധർമ്മങ്ങളാർന്നു, കണ്ണിനെക്കണ്ണിനോടും
ബുദ്ധിയെബുദ്ധിയോടും ദേഹത്തെദ്ദേഹത്തോടു-
മത്യന്തം ബദ്ധമാക്കിസ്സുഖമായ്-
പാർത്തീടിനാർ. 54
അന്യോന്യം വിശ്വാസമാർന്നീടുമമ്മിഥുനങ്ങ-
ളൊന്നിച്ചു ദിനംപ്രതി കാനനങ്ങളിലെല്ലാം

കിടപ്പിരിപ്പു, കേളി, ഭാഷണം, സ്ഥലംമാറ-
മടനാശനവിനോദങ്ങളുമനുഷ്ഠിച്ചാർ. 55
അനുകമ്പാർഹയായി നിസ്തുലലാളനങ്ങ-
ളനുഭവിച്ചു സുഖിച്ചാവസിക്കും കപോതി
ആശിപ്പതെന്താകിലുമേതുകഷ്ടം സഹിച്ചു-
മാശു കൊണ്ടുവന്നേകമജിതേന്ദ്രിയനവൻ. 56
സതിയാമവളാദ്യഗർഭം ധരിച്ചു കാല-
ഗതിയിൽക്കൂട്ടിലിട്ടാൾ മുട്ടകൾ കാന്താന്തികം.
57
ദുർവിഭാവ്യമാം വിഷ്ണുശക്തിയാൽ നിർമ്മിച്ചുള്ള
സർവ്വാവയവങ്ങളും കോമളരോമങ്ങളും
സുന്ദരശരീരവുമൊത്ത കുഞ്ഞുങ്ങൾ കാലം
വന്നപ്പോളാ മുട്ടകൾ പൊട്ടിയുദ്ഭവിച്ചിതു. 58
പുത്രവത്സലരായിട്ടത്യന്തം പ്രീതരാമാ-
പ്പത്രികൾ കുഞ്ഞുങ്ങളെ വളർത്തി വേണ്ടുംവിധം.
തൽക്കളനാദം കേട്ടും മധുരാലാപംകൊണ്ടു-
മക്കാലമവർ പരം സുഖിച്ചു വാണീടിനാർ. 59
തുഷ്ടരാം കുഞ്ഞുങ്ങൾതൻ മൃദുവാം ചിറകുകൾ
സുഷ്ഠുവാം ശബ്ദം, മുഗ്ദ്ധചേഷ്ടിത,മെതിരേല്ക്കൽ
എന്നിവനിമിത്തമായാ മാതാപിതാക്കന്മാർ
നന്ദിച്ചു പരമാനന്ദാബ്ധിയിലാറാടിനാർ. 60
അതിയായീശമായാമോഹിതരായിട്ടീന-
മതികളായിച്ചിത്തം സ്നേഹപാശത്തിനാലേ
ദൃഢമായ് പൂർവ്വാധികം ബന്ധിച്ചു പരസ്പരം
തുടർന്നക്കുഞ്ഞുങ്ങളെ ലാളിച്ചു പോറ്റീടിനാർ.61
ഒരുനാൾ കുട്ടികൾക്കു ഭക്ഷണം തിരഞ്ഞു സ-
ഞ്ചരിച്ചാരവർ ചിരം വനത്തിൽ നാലുപാടും.
നീഡത്തിൻചാരത്താളുമക്കുഞ്ഞുങ്ങളെയൊരു
വേടനീക്ഷിച്ചു വശാൽ വലയിൽക്കുരു-
ക്കിനാൻ. 62-63
എപ്പൊഴും പ്രജാപാലനോൽസുകരായി-
പ്പോയോ-
രപ്പറവകളിരതേടിക്കൊണ്ടങ്ങുചെന്നാർ. 64
വലയിൽപ്പെട്ടു നിജകുട്ടികൾ കരയുന്ന-
തലഘുദുഃഖത്തോടും കണ്ടുടനക്കപോതി
വിലപിച്ചുകൊണ്ടാത്മനാശത്തെച്ചിന്തി-
ക്കാതാ-
വലയിൽപ്പറന്നുചെന്നക്ഷണം വീണീ-
ടിനാൾ. 65
ഈശമായയാൽ സ്നേഹബദ്ധയായടിക്കടി-
യാശു വർദ്ധിച്ചുവന്ന ദുഃഖത്തിൽ നിമഗ്നയായ്
ബദ്ധരായ്ക്കുഞ്ഞുങ്ങളെക്കണ്ടിട്ടും സ്മൃതി തീരെ-
യറ്റിട്ടബ്ബന്ധനത്തിൽ പെട്ടുപോയ്
കപോതിയും. 66
അക്കപോതമോ തന്റെയാത്മാതിപ്രിയമെഴു-
മക്കുഞ്ഞുങ്ങളുമാത്മതുല്യയാം ഭാര്യതാനും
വലയിലകപ്പെട്ടു കിടക്കുന്നതായ്ക്കണ്ടു
വിലപിച്ചിതു പാരമസഹ്യദുഃഖത്തിനാൽ. 67

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അഹോ! മേ പശ്യതാപായമല്പപുണ്യസ്യ ദുർമ്മതേഃ
അതൃപ്തസ്യാകൃതാർത്ഥസ്യ ഗൃഹസ്ത്രൈവർഗ്ഗികോ ഹതഃ. 68
അനുരൂപാനുകൂലാ ച യസ്യ മേ പതിദേവതാ
ശൂന്യേ ഗൃഹേ മാം സന്ത്യജ്യ പുത്രൈഃ സ്വര്യാതി സാധുഭിഃ. 69
സോഽഹം ശൂന്യേ ഗൃഹേ ദീനോ മൃതദാരോ മൃതപ്രജഃ
ജിജീവിഷേ കിമർത്ഥം വാ വിധുരോ ദുഃഖജീവിതഃ.'' 70
താംസ്തഥൈവാവൃതാഞ്ഛിഭിഃ മൃത്യുഗ്രസ്താൻ വിചേഷ്ടതഃ
സ്വയം ച കൃപണഃ ശിക്ഷു പശ്യന്നപ്യബുധോഽപതത്. 71
തം ലബ്ധ്വാ ലുബ്ധകഃ ക്രൂരഃ കപോതം ഗൃഹമേധിനം
കപോതകാൻ കപോതീം ച സിദ്ധാർത്ഥഃ പ്രയയൗ ഗൃഹം. 72
ഏവം കുടുംബ്യശാന്താത്മാ ദ്വന്ദ്വാരാമഃ പതത്രിവത്
പുഷ്ണൻ കുടുംബം കൃപണഃ സാനുബന്ധോഽവസീദതി. 73
യഃ പ്രാപ്യ മാനുഷം ലോകം മുക്തിദ്വാരമപാവൃതം
ഗൃഹേഷു ഖഗവത് സക്തസ്തമാരൂഢച്യുതം വിദുഃ. 74

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

ബ്രാഹ്മണ ഉവാച
സുഖമൈന്ദ്രിയകം, രാജൻ, സ്വർഗ്ഗേ നരക ഏവ ച
ദേഹിനാം യദ്യഥാ ദുഃഖം തസ്മാന്നേച്ഛേത തദ് ബുധഃ. 1
ഗ്രാസം സുമൃഷ്ടം വിരസം മഹാന്തം സ്തോകമേവ വാ
യദൃച്ഛയൈവാപതിതം ഗ്രസേദാജഗരോഽക്രിയഃ. 2
ശയീതാഹാനി ഭൂരീണി നിരാഹാരോഽനുപക്രമഃ
യദി നോപനമേദ്ഗ്രാസോ മഹാഹിരിവ ദിഷ്ടഭുക്. 3
ഓജഃസഹോബലയുതം ബിഭ്രദ്ദേഹമകർമ്മകം
ശയാനോ വീതനിദ്രശ്ച നേഹേതേന്ദ്രിയവാനപി. 4
മുനിഃ പ്രസന്നഗംഭീരോ ദുർവ്വിഗാഹ്യോ ദുരത്യയഃ
അനന്തപാരോ ഹ്യക്ഷോഭ്യഃ സ്തിമിതോദ ഇവാർണ്ണവഃ. 5
സമൃദ്ധകാമോ ഹീനോ വാ നാരായണപരോ മുനിഃ
നോത്സർപ്പേത ന ശുഷ്യേത സരിദ്ഭിരിവ സാഗരഃ. 6
ദൃഷ്ട്വാ സ്ത്രിയം ദേവമായാം തദ്ഭാവൈരജിതേന്ദ്രിയഃ
പ്രലോഭിതഃ പതത്യന്ധേ തമസ്യഗ്നൗ പതങ്ഗവത്. 7

യോഷിദ്ധിരണ്യാഭരണാംബരാദി-
ദ്രവ്യേഷു മായാരചിതേഷു മൂഢഃ
പ്രലോഭിതാത്മാ ഹ്യുപഭോഗബുദ്ധ്യാ
പതങ്ഗവന്നശ്യതി നഷ്ടദൃഷ്ടിഃ. 8

സ്തോകം സ്തോകം ഗ്രസേദ്ഗ്രാസം ദേഹോ വർത്തേത യാവതാ
ഗൃഹാനഹിംസന്നാതിഷ്ഠേദ്വൃത്തിം മാധുകരീം മുനിഃ. 9
അണുഭ്യശ്ച മഹദ്ഭ്യശ്ച ശാസ്ത്രേഭ്യഃ കുശലോ നരഃ
സർവ്വതഃ സാരമാദദ്യാത് പുഷ്പേഭ്യ ഇവ ഷട്പദഃ. 10
സായന്തനം ശ്വസ്തനം വാ ന സങ്ഗൃഹ്ണീത ഭിക്ഷിതം
പാണിപാത്രോദരാമത്രോ മക്ഷികേവ ന സങ്ഗ്രഹീ. 11
സായന്തനം ശ്വസ്തനം വാ ന സങ്ഗൃഹ്ണീത ഭിക്ഷുകഃ
മക്ഷികാ ഇവ സങ്ഗൃഹ്ണൻ സഹ തേന വിനശ്യതി. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''കഷ്ടം! ഞാനല്പപുണ്യൻ, ദുർമ്മതി,
തൃപ്തിഹീന-
നൊട്ടുമേ ചെയ്യേണ്ടതു ചെയ്യാത്ത വെറും മൂഢൻ.
ഹാ! നഷ്ടപ്പെട്ടുവല്ലോ ധർമ്മാർത്ഥകാമങ്ങൾതൻ-
സ്ഥാനമാം ഗൃഹാശ്രമമെനിക്കു നിമിഷത്താൽ.
അനിരൂപിണിയായിപ്പതിദേവതയായി- [68
ട്ടനുകൂലയുമാകുമെൻ പ്രിയപ്രാണേശ്വരി
ശൂന്യഗേഹത്തിലെന്നെ ത്യജിച്ചു സാധുപുത്ര-
രൊന്നിച്ചു വിണ്ണേറുന്നു, കാണ്മിനെൻ
കഷ്ടസ്ഥിതി! 69

മക്കളും പ്രേയസിയും മരിച്ചു ദീനനായി
ദുഃഖജീവിതം നിത്യം നയിക്കുന്നവനായി
ആരുമില്ലാത്ത വീട്ടിൽ ജീവിച്ചിരിക്കുവാനും-
ത്താരിൽ ഞാനാഗ്രഹിച്ചീടുന്നതുമെ-
ന്തിനാവോ!'' 70

ആ വലകളിൽപ്പെട്ടു കിടന്നു പിടഞ്ഞേററം
ജീവാപായത്തിലായിജ്ജായയും കുഞ്ഞുങ്ങളും
കേണീടുന്നതു നേരേ കണ്ടിട്ടുമജ്ഞനായി
ദീനനാമപ്പക്ഷിയും വലയിൽച്ചാടിവീണാൻ.
71

ഗൃഹസ്ഥാശ്രമിയാകുമാ മാടപ്രാവിനേയും
ഗൃഹിണിയേയും പോതങ്ങളേയും
കിട്ടിയപ്പോൾ
ക്രൂരനാം വേടൻ പരം തുഷ്ടനായവരെറയും
പേറിക്കൊണ്ടാശു നിജനിലയം പൂകീടിനാൻ.
72

ഈവിധം സുഖദുഃഖമഗ്നനായതൃപ്തനായ്
മേവിടും ഗൃഹസ്ഥനിപ്പക്ഷിക്കു സമാനനായ്
കുടുംബം പോഷിപ്പിച്ചുമതിലാസക്തിവാച്ചു-
മടിയേ നശിക്കുന്നു ഭാര്യാപുത്രാദിയോടും. 73
ഏതവൻ നിർവ്വാണത്തിൻ തുറന്ന വാതിലാകും
സാധുവാം മർത്ത്യജന്മം കിട്ടീട്ടുമിപ്പക്ഷിപോൽ
സദനാസക്തനാക,മവനെയാരൂഢനാ-
യതിനുശേഷം പതിച്ചവനെന്നോതുന്നിതേ. 74

അദ്ധ്യായം 8

ഉദ്ധവോപദേശം— അവധൂതനവഗുരുവിവരണം

ബ്രാഹ്മണൻ പറഞ്ഞു

നാകലോകത്തിങ്കലും നരകത്തിലുമിന്ദ്രി-
യാഗതസുഖം ദേഹിക്കേതുമട്ടുണ്ടാകുമോ
ദുഃഖവുമക്കണക്കുണ്ടവിടെയതുമൂല-
മുൾക്കാമ്പിലിച്ഛിക്കരുതതിനെയ-
റിവുള്ളോൻ. 1
യാദൃച്ഛികോപലബ്ധം കബളമസ്വാദ്യമോ
സ്വാദ്യമോ കൂടുതലോ കുറവോ ഗണിക്കാതെ
വ്യാപാരവിഹീനനായ് പെരുമ്പാമ്പിനെ-
പ്പോലെ
ചാപല്യമെന്യേ വിഴുങ്ങീടുകതന്നെ നല്ലൂ. 2
വന്നുചേർന്നിടുന്നില്ല ഭക്ഷണം വശാൽച്ചാര-
ത്തെന്നാകി,ലജഗരമെന്നപോലദൃഷ്ടത്തെ
അനുഭവിച്ചുകൊണ്ടു നിരാഹാരനായേറെ-
ദിനരാത്രങ്ങളൊപ്പം ശയിച്ചീടണം യോഗി. 3
ഓജസ്സു, മനശ്ശക്തി, ദേഹശക്തിയുമാർന്നു
രാജിതശരീരമാവഹിച്ചു ശയിച്ചീടും
വീതനിദ്രനാം യോഗിയിന്ദ്രിയവാനെങ്കിലും
യാതൊരു കർമ്മത്തിലുമേർപ്പെടാതിരിക്കണം. 4
നിശ്ചലജലാബ്ധിപോൽ പ്രസന്നഗംഭീരനായ്
സ്വച്ഛനായഗമ്യനായനതിക്രമ്യനായി
അനന്തപാരനായിട്ടക്ഷോഭ്യനായി വേണം
മുനിയായീടും മഹാനിരുന്നീടേണ്ടതെന്നും. 5
സമൃദ്ധകാമനാട്ടെ കാമമററവനാട്ടെ
സമർത്ഥൻ മുനി നദീസംഗത്താലബ്ധിമട്ടിൽ
അഹങ്കരിക്കാതെയുമേററക്കുറച്ചിലററും
മഹാവിഷ്ണുവിൽ മനംവച്ചിരിക്കണം സദാ. 6
ദേവമായപോൽ സ്ത്രീയെ കണ്ടജിതേന്ദ്രിയൻ
തദ്-
ഭാവങ്ങൾമൂലമേററം മോഹിതചിത്തനായി
വഹ്നിയിൽ പതംഗങ്ങളെന്നതുപോലെ
വേഗം
ചെന്നന്ധംതമസ്സതിൽ വീണടിഞ്ഞീടുന്നിതു. 7
മായാനിർമ്മിതങ്ങളാം സുവർണ്ണം, ഭൂഷ, വസ്ത്രം
സ്ത്രീയാദിവസ്തുക്കളിൽ മൂഢനായുള്ള മർത്ത്യൻ
ഭോഗബുദ്ധിയാലത്യാസക്തനായ്
നഷ്ടദൃക്കായ്
വേഗത്തിൽ പാററപോലെ പതിച്ചു
നശിക്കുന്നു. 8
എത്രയുംകൊണ്ടു തൻെറ ശരീരം നിലനിർത്താ-
നൊത്തിടുമത്രയ്ക്കല്പമാഹാരംമാത്രം മുനി
ഗൃഹസ്ഥാശ്രമികളെയുപദ്രവിച്ചീടാതെ
ഗ്രഹിച്ചു മധുകരവൃത്തിയാചരിക്കണം. 9
ഭ്രമരമെന്നും പുഷ്പവൃന്ദത്തിൽനിന്നെന്നപോൽ
സമർത്ഥനാകും മർത്ത്യൻ ചെറുതും ബൃഹത്തുമാം
ശാസ്ത്രവൃന്ദത്തിൽനിന്നുമെല്ലാററിൻ്റെയും സാരം
മാത്രമേയാർന്നിടാവൂ ഭൃംഗമാണതിൽ ഗുരു. 10
ഭിക്ഷാന്നം നാളത്തേക്കോ സായംകാലത്തി-
ലേക്കോ
സൂക്ഷിച്ചുവച്ചീടൊലാ, ഭക്ഷണം വാങ്ങീടുവാൻ
പാണിയാം ഭാജനവുമായതു സൂക്ഷിക്കുവാൻ
ക്ഷോണീശാ! വയറാകും പാത്രവുമത്രേ
വേണ്ടു. 11
മക്ഷിക മധുമട്ടി,ലന്നം സംഗ്രഹിച്ചിടും
ഭിക്ഷുകനതിനെപ്പോൽ നാശത്തെ
പ്രാപിക്കുന്നു. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദാപി യുവതീം ഭിക്ഷുർന്ന സ്പൃശേദ്ദാരവീമപി
സ്പൃശൻ കരീവ ബധ്യേത കരിണ്യാ അങ്ഗസങ്ഗതഃ. 13

നാധിഗച്ഛേത് സ്ത്രിയം പ്രാജ്ഞഃ കർഹിചിന്മൃത്യുമാത്മനഃ
ബലാധികൈഃ സ ഹന്യേത ഗജൈരന്യൈർഗ്ഗജോ യഥാ. 14

ന ദേയം നോപഭോഗ്യം ച ലുബ്ധൈര്യദ്ദുഃഖസഞ്ചിതം
ഭുങ്ക്തേ തദപി തച്ചാന്യോ മധുഹേവാർത്ഥവിന്മധു. 15

സുദുഃഖോപാർജ്ജിതൈർവ്വിത്തൈരാശാസാനാം ഗൃഹാശിഷഃ
മധുഹേവാഗ്രതോ ഭുങ്ക്തേ യതിർവൈ ഗൃഹമേധിനാം. 16

ഗ്രാമ്യഗീതം ന ശൃണുയാദ്യതി,ർവനചരഃ ക്വചിത്
ശിക്ഷേത ഹരിണാദ്ബദ്ധാന്മൃഗയോർഗ്ഗീതമോഹിതാത്. 17

നൃത്യവാദിത്രഗീതാനി ജുഷൻ ഗ്രാമ്യാണി യോഷിതാം
ആസാം ക്രീഡനകോ വശ്യ ഋഷ്യശൃങ്ഗോ മൃഗീസുതഃ. 18

ജിഹ്വയാതിപ്രമാഥിന്യാ ജനോ രസവിമോഹിതഃ
മൃത്യുമൃച്ഛത്യസദ്ബുദ്ധിർമ്മീനസ്തു ബഡിശൈര്യഥാ. 19

ഇന്ദ്രിയാണി ജയന്ത്യാശു നിരാഹാരാ മനീഷിണഃ
വർജ്ജയിത്വാ തു രസനം തന്നിരന്നസ്യ വർദ്ധതേ. 20

താവജ്ജിതേന്ദ്രിയോ ന സ്യാദ്വിജിതാന്യേന്ദ്രിയഃ പുമാൻ
ന ജയേദ്രസനം യാവജ്ജിതം സർവ്വം ജിതേ രസേ. 21

പിങ്ഗളാ നാമ വേശ്യാഽഽസീദ്വിദേഹനഗരേ പുരാ
തസ്യാ മേ ശിക്ഷിതം കിഞ്ചിന്നിബോധ നൃപനന്ദന! 22

സാ സ്വൈരിണ്യേകദാ കാന്തം സങ്കേത ഉപനേഷ്യതീ
അഭൂത് കാലേ ബഹിർദ്വാരി ബിഭ്രതീ രൂപമുത്തമം. 23

മാർഗ്ഗ ആഗച്ഛതോ വീക്ഷ്യ പുരുഷാൻ പുരുഷർഷഭ!
താഞ്ഛുൽക്കദാൻ വിത്തവതഃ കാന്താൻ മേനേഽർത്ഥകാമുകാ. 24

ആഗതേഷ്വപയാതേഷു സാ സങ്കേതോപജീവിനീ
''അപ്യന്യോ വിത്തവാൻ കോഽപി മാമുപൈഷ്യതി ഭൂരിദഃ.'' 25

ഏവം ദുരാശയാ ധ്വസ്തനിദ്രാ ദ്വാര്യവലംബതീ
നിർഗ്ഗച്ഛന്തീ പ്രവിശതീ നിശീഥം സമപദ്യത. 26

തസ്യാ വിത്താശയാ ശുഷ്യദ്വക്ത്രായാ ദീനചേതസഃ
നിർവ്വേദഃ പരമോ ജജ്ഞേ ചിന്താഹേതുഃ സുഖാവഹഃ. 27

തസ്യാ നിർവ്വിണ്ണചിത്തായാ ഗീതം ശൃണു യഥാ മമ
നിർവ്വേദ ആശാപാശാനാം പുരുഷസ്യ യഥാ ഹ്യസിഃ. 28

ന ഹ്യങ്ഗാജാതനിർവ്വേദോ ദേഹബന്ധം ജിഹാസതി
യഥാ വിജ്ഞാനരഹിതോ മനുജോ മമതാം നൃപ! 29

പിങ്ഗളോവാച

അഹോ മേ മോഹവിതതിം പശ്യതാവിജിതാത്മനഃ
യാ കാന്താദസതഃ കാമം കാമയേ യേന ബാലിശാ. 30

സന്തം സമീപേ രമണം രതിപ്രദം
വിത്തപ്രദം നിത്യമിമം വിഹായ
അകാമദം ദുഃഖഭയാധിശോക-
മോഹപ്രദം തുച്ഛമഹം ഭജേഽജ്ഞാ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തടികൊണ്ടുണ്ടാക്കിയതാകിലും സ്ത്രീരൂപത്തെ-
ത്തൊട്ടുവാൻപാടില്ല കാൽകൊണ്ടുപോലുമേ
ഭിക്ഷു

അഥവാ തൊട്ടീടുകിൽ കരിണീദേഹസങ്ഗ-
മതിനാൽ കരിയെന്ന കണക്കേ ബദ്ധ-
നായ്പ്പോം. 13

അറിവുള്ളവനൊരുകാലവും തന്മൃത്യുവാ-
യിരിക്കും തന്വങ്ഗിയെ പ്രാപി-
ച്ചീടരുതല്ലോ.

ആനസ്സു ഗജവൃന്ദത്തിങ്കൽനിന്നെന്നപോലെ
ഹാനി നേരിടും ബലമേറിടുവോരിൽ-
നിന്നും. 14

ആർക്കുമേയേകാതെയുമനുഭവിക്കാതെയും
ദുഃഖിച്ചു സമ്പാദിച്ച ധനത്തെ മറ്റൊരുത്തൻ
ലക്ഷണജ്ഞനാം മധുഹാരകൻ തേനെന്നപോ-
ലക്ഷണം കൈക്കലാക്കീട്ടനുഭവിക്കുന്നിതേ. 15
ഗൃഹസ്ഥാശ്രമസുഖമാഗ്രഹിച്ചാവസിക്കും
ഗൃഹമേധികൾ കഷ്ടംസഹിച്ചു സമ്പാദിക്കും
വിത്തത്താലുണ്ടാക്കിടും വസ്തുക്കൾ, മധു, മധു-
ഹൃത്തുമട്ടാദ്യം യതി ഭുജിപ്പതായ് പ്രസിദ്ധം.16
കാനനചാരിയാകും സംന്യാസി തീരെ ഗ്രാമ്യ-
ഗാനത്തെക്കേട്ടീടൊലാ, വേടന്റെ പാട്ടു കേട്ടു
താനേ മോഹിച്ചുചെന്നു വലയിലകപ്പെട്ട
മാനിൽനിന്നിസ്സങ്ഗതിയഭ്യസിക്കേ-
ണ്ടതല്ലോ. 17

അങ്ഗനമാർതൻ ഗാനനൃത്യാദ്യങ്ങളാലൃശ്യ-
ശൃങ്ഗനങ്ങവക്കൊരു കളിപ്പാവയായ്ത്തീ-
ന്നാൻ. 18

ബലമേറീടും നാവിൻ തൃപ്തിക്കായ് രസമാളും
പല സാധനങ്ങളുമിച്ഛിക്കുമവിവേകി
ചൂണ്ടലുകളാൽ മത്സ്യമെന്നതുപോലെ മൃതി-
യാണ്ടിടുന്നതിനാലേ മത്സ്യവും ഗുരുവത്രേ. 19
ആഹാരമുപേക്ഷിച്ചു മരുവും മനീഷിക്കു
ജിഹ്വയല്ലാത്തോരിന്ദ്രിയങ്ങളെ വേഗം
വെല്ലാം.

നിരന്നനായുള്ളോനു നാവിന്റെ രസതൃഷ്ണ
നരനായകാ! വർദ്ധിക്കെന്നിയേ ശമിച്ചീടാ. 20
മറ്റിന്ദ്രിയത്തെയെല്ലാം തെറ്റെന്നു ജയിച്ചവ-
നെത്രനാൾ രസനയെജ്ജയിക്കാതിരിക്കുമോ,
അന്നോളമവൻ ജിതേന്ദ്രിയനാവില്ല, ജിഹ്വ-
യൊന്നിനെ വെന്നെന്നാകിൽ സമസ്തം
വെന്നതായി. 21

പണ്ടു പിങ്ഗലയെന്നു പേരെഴുമൊരു വേശ്യ-
യുണ്ടായിരുന്നു ഭൂപാ! വിദേഹനഗരത്തിൽ
അവളിൽനിന്നുമല്പമൊന്നു ഞാൻ പഠിച്ചതു-
മിവിടെബ്ഭവാനോടു കഥിക്കാം
കേട്ടുകൊൾക. 22

സ്വൈരിണിയാകുമാ സ്ത്രീയൊരുനാൾ
സുരൂപനാ-
യൊരു മർത്ത്യനെക്കുറിസ്ഥലത്തേക്കാന-
യിക്കാൻ
മെത്തുമാശയോടലംകൃതയായവനെയും
കാത്തു രാത്രിയിൽ പടിവാതില്ക്കൽ വന്നു
നിന്നാൾ. 23

വഴിയേ പോകുമോരോ മർത്ത്യരേ
നോക്കി''ട്ടിവ
ന്നഴക,ണ്ടവൻ ധനി,യെനിക്കു തരും പണം''
ഇങ്ങനെയോരോ വിചാരങ്ങളിൽ
മുങ്ങിനിന്നാ-
ളങ്ങനെയത്ഥാശയാലക്കുലടാലലാമം. 24
വ്യഭിചാരത്താലുപജീവനംകഴിക്കുവോ-
രഭിസാരികയവൾ വന്നവർ പോയീടുമ്പോൾ
വന്നിടുമിനിയേകൻ തന്നിടും ധനമെനി-
ക്കെന്നെ പ്രാപിക്കുമെന്നു ചിന്തിച്ചു നില്ക്കും
വീണ്ടും. 25

ഈവിധം ദുരാശയാൽ നിദ്രയെന്നിയേയവ-
ളാ വാതില്പടിതന്നിലൊട്ടേറെനേരം നിന്നും
പിന്നെയുമകത്തേക്കു നടന്നും പുറത്തേക്കു
വന്നുമന്നർദ്ധരാത്രിവരെയ്ക്കുമുഴന്നിതു. 26
വിത്താശനിമിത്തമായ് വദനം പാരം വര-
ണ്ടത്തലുൾത്തിങ്ങീടുമപ്പുംശ്ചലിക്കക്ഷണത്തിൽ
പുരുസൗഖ്യദമായിച്ചിന്താനിദാനമായി-
പ്പരമമായീടുന്ന വൈരാഗ്യമുദിച്ചിതു. 27
നിർവ്വിണ്ണമാനസയാമവൾ പാടിയ ഗാന-
മുർവ്വീശാ! ഭവാനെന്നിൽനിന്നിപ്പോൾ
കേട്ടുകൊൾക.

പുരുഷൻതന്റെയാശാപാശത്തിനോർത്തീടുകിൽ
പരമനിർവ്വേദം താൻ വാളതിനില്ല വാദം. 28
വിവേകമില്ലാത്തവൻ മമത്വം വിടാത്തപോ-
ലവിരക്തനും വിടാനിച്ഛിക്കാ ദേഹബന്ധം.29

പിങ്ഗല പറഞ്ഞു

കഷ്ട!മൊരറുതിയറ്റീടുമെൻ മോഹം
കാണ്മിൻ!
സ്പഷ്ടമെൻ ചിത്തമടക്കാത്തതാണതിൻഹേതു.
ഈ മൂഢ, നിസ്സാരനാം കാന്തനിൽനിന്നും മമ
കാമപൂരണത്തിനായാശിപ്പതാശ്ചര്യംതാൻ! 30
നാശഹീനനായുള്ളിലിരുന്നു രമിപ്പിക്കും
ശാശ്വതരമണനായൈശ്വര്യപ്രദനായി
രതിദാതാവായീടുമവനേയുപേക്ഷിച്ചി-
ട്ടധമനായിക്കാമമേകുവാനശക്തനായ്
ഭീരുത, ദുഃഖം, ശോകം, മോഹവും വളർത്തും നി-
സ്സാരനെയജ്ഞയാം ഞാനാശ്രയിക്കുന്നു
കഷ്ടം! 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹോ മയാ$\mathcal{S}\mathcal{S}$ത്മാ പരിതാപിതോ വൃഥാ
സാങ്കേത്യവൃത്ത്യാതിവിഗർഹ്യവാർത്തയാ
സ്ത്രൈണാന്നരാദ്യാർത്ഥതൃഷോ$\mathcal{S}$നുശോച്യാത്
ക്രീതേന വിത്തം രതിമാത്മനേച്ഛതീ. 32
യദസ്ഥിഭിർന്നിർമ്മിതവംശവംശ്യ-
സ്ഥൂണം ത്വചാ രോമനഖൈഃ പിനദ്ധം
ക്ഷരന്നവദ്വാരമഗാരമേതദ്
വിൺമൂത്രപൂർണ്ണം മദുപൈതി കാന്യാ. 33
വിദേഹാനാം പുരേ ഹ്യസ്മിന്നഹമേകൈവ മൂഢധീഃ
യാന്യമിച്ഛന്ത്യസത്യസ്മാദാത്മദാത് കാമമച്യുതാത്. 34
സുഹൃത് പ്രേഷ്ഠതമോ നാഥ ആത്മാ ചായം ശരീരിണാം
തം വിക്രീയാത്മനൈവാഹം രമേ$\mathcal{S}$നേന യഥാ രമാ. 35
കിയത് പ്രിയം തേ വ്യഭജൻ കാമാ യേ കാമദാ നരാഃ
ആദ്യന്തവന്തോ ഭാര്യായാ ദേവാ വാ കാലവിദ്രുതാഃ. 36
നൂനം മേ ഭഗവാൻ പ്രീതോ വിഷ്ണുഃ കേനാപി കർമ്മണാ
നിർവ്വേദോ$\mathcal{S}$യം ദുരാശായാ യന്മേ ജാതഃ സുഖാവഹഃ. 37
മൈവം സ്യുർമ്മന്ദഭാഗ്യായാഃ ക്ലേശാ നിർവ്വേദഹേതവഃ
യേനാനുബന്ധം നിർഹൃത്യ പുരുഷഃ ശമമൃച്ഛതി. 38
തേനോപകൃതമാദായ ശിരസാ ഗ്രാമ്യസങ്ഗതാഃ
ത്യക്ത്വാ ദുരാശാഃ ശരണം വ്രജാമി തമധീശ്വരം. 39
സന്തുഷ്ടാ ശ്രദ്ദധത്യേതദ്യഥാലാഭേന ജീവതീ
വിഹരാമ്യമുനൈവാഹമാത്മനാ രമണേന വൈ. 40
സംസാരകൂപേ പതിതം വിഷയൈർമ്മുഷിതേക്ഷണം
ഗ്രസ്തം കാലാഹിനാ$\mathcal{S}\mathcal{S}$ത്മാനം കോ$\mathcal{S}$ന്യസ്ത്രാതുമധീശ്വരഃ. 41
ആത്മൈവ ഹ്യാത്മനോ ഗോപ്താ നിർവ്വിദ്യേത യദാഖിലാത്
അപ്രമത്ത ഇദം പശ്യേദ് ഗ്രസ്തം കാലാഹിനാ ജഗത്. 42

ബ്രാഹ്മണ ഉവാച

ഏവം വ്യവസിതമതിർദ്ദുരാശാം കാന്തതർഷജാം
ഛിത്വോപശമമാസ്ഥായ ശയ്യാമുപവിവേശ സാ. 43
ആശാ ഹി പരമം ദുഃഖം നൈരാശ്യം പരമം സുഖം
യഥാ സഞ്ഛിദ്യ കാന്താശാം സുഖം സുഷ്വാപ പിങ്ഗളാ. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ അഷ്ടമോ$\mathcal{S}$ധ്യായഃ

നവമോ$\mathcal{S}$ധ്യായഃ

ബ്രാഹ്മണ ഉവാച

പരിഗ്രഹോ ഹി ദുഃഖായ യദ്യത്പ്രിയതമം നൃണാം
അനന്തം സുഖമാപ്നോതി തദ്വിദ്വാൻ യസ്ത്വകിഞ്ചനഃ. 1
സാമിഷം കുരരം ജഘ്നുർബ്ബലിനോ യേ നിരാമിഷാഃ
തദാമിഷം പരിത്യജ്യ സ സുഖം സമവിന്ദത. 2
ന മേ മാനാവമാനൗ സ്തോ ന ചിന്താ ഗേഹപുത്രിണാം
ആത്മക്രീഡ ആത്മരതിർവിചരാമീഹ ബാലവത്. 3
ദ്വാവേവ ചിന്തയാ മുക്തൗ പരമാനന്ദ ആപ്ലുതൗ
യോ വിമുഗ്ദ്ധോ ജഡോ ബാലോ യോ ഗുണേഭ്യഃ പരം ഗതഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രീയിലാശയും ധനതൃഷ്ണയുമാന്ന ദയ–
നീയനാം മനുഷ്യനിൽനിന്നഹോ
വിത്തത്തെയും
കാശിനു വിററുപോയ മെയ്കൊണ്ടു രതിയേയു–
മാശിച്ചുകഴിയുവോളേതൊരു നാരി പാരിൽ?
അത്യന്തം നിന്ദ്യമാകുമന്യപൂരുഷസങ്ഗ–
വൃത്തിയങ്ഗീകരിച്ചു വാണീടുമാ ഞാനിഹ
വ്യത്ഥമായിത്രനാളും ദുഃഖിപ്പിച്ചിതേ മമ–
ചിത്തത്തെയതോക്കുകിലത്യന്തം കഷ്ടം!
കഷ്ടം! 32
അസ്ഥികൾകൊണ്ടു തൂണും മോന്തായം
കഴുക്കോലും
തീർത്തു തോൽ, നഖം, രോമമിവയാൽ മേഞ്ഞു
മൂടി
മലമൂത്രങ്ങൾ നിറഞ്ഞൊഴുകും നവദ്വാരം
കലരും ദേഹഗേഹം ഞാനൊഴി–
ഞ്ഞാരിച്ചീക്കും? 33
ആനന്ദസ്വരൂപനായാത്മദനായി നാശ–
ഹീനനായ് വിളങ്ങീടും ഹൃഷീകേശനെയെന്യേ
അന്യനെയാഗ്രഹിക്കുമസതിയായുള്ള ഞാ–
നെന്യേയില്ലൊരു മൂഢയീ മിഥിലാപുര–
ത്തിൽ. 34
ദേഹികൾക്കെല്ലാവക്കും സുഹൃത്തും ശ്രദ്ധപ്രേമ–
ഗേഹവും രക്ഷിതാവുമീയാത്മാവത്രേ ദൃഢം.
ഈ മേനിയപ്പിച്ചു ഞാനവനെത്തീറു വാങ്ങി
ശ്രീമഹാലക്ഷ്മിമട്ടിലവനൊത്താരമിപ്പൻ. 35
ഉത്പത്തിനാശങ്ങളും കാലവിഭ്രമങ്ങളു–
മെപ്പൊഴും കാമങ്ങൾക്കും കാമദർ നരന്മാക്കും
വിൺവാസികൾക്കുപോലുമുണ്ടല്ലോ
ഭാര്യയ്ക്കു പി–
ന്നെവ്വണ്ണമെത്രയ്ക്കുവർ ഭാഗിച്ചനല്ലം പ്രിയം? 36
ഏതോ മത്പൂർവ്വപുണ്യമൊന്നിനാലെന്റെനേരേ
പ്രീതനായ് ഭഗവാൻ ശ്രീമുകുന്ദൻ തക്മില്ല.
ദുർവ്വിഷയാസക്തയാമെനിക്കിസ്സുഖാവഹ–
നിർവ്വേദമുണ്ടാകുവാനിടയില്ലല്ലെന്നാകിൽ. 37
ഏതിനാൽ ദേഹബന്ധം വെടിഞ്ഞൊരുത്തൻ
ശമം
സാദരം പ്രാപിക്കുമാ വൈരാഗ്യമുണ്ടാകുവാൻ
ഹേതുവാം കദനങ്ങൾ ഭാഗ്യഹീനയാമെനി–
ക്കേതുമേ കൈവന്നീടാനല്ലെങ്കിൽ
സാധിക്കുമോ? 38
എനിക്കക്കൃപാത്മാവു ചെയ്തൊരീയുപകാരം
വിനയത്തൊടും മമ മൗലിയാൽ സ്വീകരിച്ചു
വിഷയോദ്ഭവങ്ങളാം ദുരാശയൊക്കെത്തള്ളി
ഹൃഷീകേശനെത്തന്നെ ശരണം
പ്രാപിക്കുന്നേൻ. 39
കിട്ടീടുന്നതിൽ തോഷിച്ചപ്പരമാത്മാവെന്യേ
മറെറാരു സുഖസ്ഥാനമില്ലെന്നുറപ്പിച്ചു ഞാൻ
ശ്രദ്ധയോടാത്മാവാമബ്ഭർത്താവിനോടു ചേൻ
നിത്യവും രമിക്കുവൻ, മാററമില്ലിതിനേതും. 40
സംസാരാന്ധുവിൽ വീണു വിഷയവൃന്ദങ്ങളാ–
ലക്ഷികൾ കാഴ്ചയററു കാലാഹിഗ്രസ്തനായ
ജീവനെ രക്ഷിപ്പാനായ് ഭഗവാൻ ഹരിയെന്യേ–
യേവനുണ്ടധീശ്വരനായിഹ മറെറാരുത്തൻ? 41
എപ്പൊഴോ വിരക്തനായപ്രമത്തനായ് കാല–
സപ്പഗ്രസ്തമായിട്ടീ ലോകത്തെക്കണ്ടീടുമോ,
അപ്പോഴപ്പരമാത്മരൂപനാമാത്മാവുതാൻ
ഗോപ്താവായ് ഭവിച്ചീടും സമസ്തജീവിക്കുമേ. 42
ബ്രാഹ്മണൻ പറഞ്ഞു
ഈവിധം മാനസത്തിലുറച്ചു ഭർത്താവിനെ–
ക്കൈവരിക്കണമെന്ന ദുരാശയശേഷവും
അന്തരങ്ഗത്തിൽനിന്നും തുടച്ചുമാററീട്ടവൾ
ശാന്തചിത്തയായ് സ്വന്തം ശയ്യയിൽ
ശയിച്ചിതേ. 43
ആശയാണാക്കുമതിദുഃഖമുണ്ടാക്കും ശത്രു–
വാശയില്ലായ്മയത്രേ പരമസുഖാസ്പദം
പിങ്ഗലയാമങ്ഗന കാന്താശ
കൈവെടിഞ്ഞു–
ത്തുങ്ഗമാം സൗഖ്യത്തൊടും കിടന്നങ്ങുറങ്ങി–
നാൾ. 44

അദ്ധ്യായം 9

ഉദ്ധവോപദേശം: ചതുർവിംശദ്ഗുരുക്കന്മാർ— യദുസമാധാനപ്രാപ്തി

ബ്രാഹ്മണൻ പറഞ്ഞു
മത്ത്യക്കശേഷമതിപ്രിയമായുണ്ടേതേതു–
വസ്തുക്കളതൊക്കെയും കൈക്കൊൾവതാണു
ദുഃഖം
അക്കാര്യം ധരിച്ചൊന്നുമങ്ഗീകരിക്കാതുള്ള
നിഷ്കിഞ്ചനന്നനന്തമാനന്ദം പ്രാപിച്ചീടാം. 1
മാംസത്തോടെത്തീടുന്ന കുരരത്തിനെക്കണ്ടു
മാംസലുബ്ധരാം ചില ബലിഷ്ഠവിഹംഗങ്ങൾ
ഉപദ്രവിച്ചീടവേയാമിഷമുപേക്ഷിച്ചു
സപദിയപ്പക്ഷിയും സൗഖ്യത്തെ പ്രാപിച്ചിതു.
എനിക്കു മാനാവമാനങ്ങളില്ലാസ്ഥാനവും
തനയന്മാരുമുള്ളോക്കുള്ള ചിന്ത[illegible]ല്ല
എപ്പൊഴുമാത്മാവിൽത്താൻ
ക്രീഡിച്ചുമാനന്ദിച്ചു–
മിപ്പാരിലെങ്ങുമേ ഞാൻ ചരിപ്പൂ ബാലനെ–
പ്പോൽ. 2–3
ആനന്ദലീനന്മാരും ചിന്താഹീന[illegible]ായി–
ക്കാണുന്നു[illegible]ണ്ടുപേരേമാത്രമീ ലോകത്തു ഞാൻ.
അതിലൊന്നറിവററ ബാലനൊന്നഗ്ഗുണങ്ങൾ–
ക്കതീതനാമീശനെ പ്രാപിച്ച വിവേകിയും. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കദാചിത് കുമാരീ ത്വാത്മാനം വൃണാനാൻ ഗൃഹമാഗതാൻ
സ്വയം താനർഹയാമാസ ക്വാപി യാതേഷു ബന്ധുഷു. 5

തേഷാമഭ്യവഹാരാർത്ഥം ശാലീൻ രഹസി പാർത്ഥിവ!
അവഘ്നന്ത്യാഃ പ്രകോഷ്ഠസ്ഥാശ്ചക്രുഃ ശങ്ഖാഃ സ്വനം
മഹത്. 6

സാ തജ്ജുഗുപ്സിതം മത്വാ മഹതീ വ്രീഡിതാ തതഃ
ബഭഞ്ജൈകൈകശഃ ശങ്ഖാൻ ദ്വൗ ദ്വൗ പാണ്യോരാ-
ശേഷയത്. 7

ഉഭയോരപ്യഭൂദ്ഘോഷോ ഹ്യവഘ്നന്ത്യാഃ സ്മ ശങ്ഖയോഃ
തത്രാപ്യേകം നിരഭിദദേകസ്മാന്നാഭവദ്ധ്വനിഃ. 8

അന്വശിക്ഷമിമം തസ്യാ ഉപദേശമരിന്ദമ!
ലോകാനനുചരന്നേതാൻ ലോകതത്ത്വവിവിത്സയാ. 9

വാസേ ബഹൂനാം കലഹോ ഭവേദ്വാർത്താ ദ്വയോരപി
ഏക ഏവ ചരേത്തസ്മാത് കുമാര്യാ ഇവ കങ്കണഃ. 10

മന ഏകത്ര സംയുജ്യാജ്ജിതശ്വാസോ ജിതാസനഃ
വൈരാഗ്യാഭ്യാസയോഗേന ധ്രിയമാണമതന്ദ്രിതഃ. 11

യസ്മിൻ മനോ ലബ്ധപദം യദേത-
ച്ഛനൈഃ ശനൈർമ്മുഞ്ചതി കർമ്മരേണൂൻ
സത്ത്വേന വൃദ്ധേന രജസ്തമശ്ച
വിധൂയ നിർവ്വാണമുപൈത്യനിന്ധനം. 12

തദൈവമാത്മന്യവരുദ്ധചിത്തോ
ന വേദ കിഞ്ചിദ്ബഹിരന്തരം വാ
യഥേഷുകാരോ നൃപതിം വ്രജന്ത-
മിഷൗ ഗതാത്മാ ന ദദർശ പാർശ്വേ. 13

ഏകചാര്യനികേതഃ സ്യാദപ്രമത്തോ ഗുഹാശയഃ
അലക്ഷ്യമാണ ആചാരൈർമ്മുനിരേകോഽല്പഭാഷണഃ. 14

ഗൃഹാരംഭോഽതിദുഃഖായ വിഫലശ്ചാധ്രുവാത്മനഃ
സർപ്പഃ പരകൃതം വേശ്മ പ്രവിശ്യ സുഖമേധതേ. 15

ഏകോ നാരായണോ ദേവഃ പൂർവ്വസൃഷ്ടം സ്വമായയാ
സംഹൃത്യ കാലകലയാ കല്പാന്ത ഇദമീശ്വരഃ. 16

ഏക ഏവാദ്വിതീയോഽഭൂദാത്മാധാരോഽഖിലാശ്രയഃ
കാലേനാത്മാനുഭാവേന സാമ്യം നീതാസു ശക്തിഷു
സത്ത്വാദിഷ്വാദിപുരുഷഃ പ്രധാനപുരുഷേശ്വരഃ. 17

പരാവരാണാം പരമ ആസ്തേ കൈവല്യസംജ്ഞിതഃ
കേവലാനുഭവാനന്ദസന്ദോഹോ നിരുപാധികഃ. 18

കേവലാത്മാനുഭാവേന സ്വമായാം ത്രിഗുണാത്മികാം
സംക്ഷോഭയൻ സൃജത്യാദൗ തയാ സൂത്രമരിന്ദമ! 19

താമാഹുസ്ത്രിഗുണവ്യക്തിം സൃജന്തീം വിശ്വതോമുഖം
യസ്മിൻ പ്രോതമിദം വിശ്വം യേന സംസരതേ പുമാൻ. 20

യഥോർണ്ണനാഭിർഹൃദയാദൂർണ്ണാം സന്തത്യ വക്ത്രതഃ
തയാ വിഹൃത്യ ഭൂയസ്താം ഗ്രസത്യേവം മഹേശ്വരഃ. 21

യത്ര യത്ര മനോ ദേഹീ ധാരയേത് സകലം ധിയാ
സ്നേഹാദ്ദ്വേഷാദ്ഭയാദ്വാപി യാതി തത്തത്സരൂപതാം. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരുനാൾ കന്യകയ്ക്കു കല്യാണമാലോചിക്കാ-
നൊരു ഗേഹത്തിൽ കറച്ചാളുകൾ ചെന്നീടി-
നാർ.

തത്കാലം തദ്ബന്ധുക്കളാരുമങ്ങില്ലായ്കയാൽ
സത്കാരമക്കന്യകതന്നെ ചെയ്യേണ്ടിവന്നു. 5
ഊണവർക്കൊരുക്കുന്ന വെമ്പലിലേകാന്തത്തി-
ലേണാക്ഷിയവൾ താനേ നെല്ലു കുത്തിയനേരം
തത്കരയുഗളത്തിലണിഞ്ഞ ശങ്ഖവള-
യൊക്കവേ കൂട്ടിമുട്ടിയൊച്ചപൊങ്ങിച്ചു
പാരം. 6

കലസ്ത്രീയവൾക്കതു കറവായ്ത്തോന്നി നാണം
കലന്നു മെല്ലെ വളയോരോന്നായൂരിവച്ചാൾ.
ഈരണ്ടു വളയോരോ കൈയിലും ശേഷിപ്പിച്ചു
വാരിജവിലോചന ബാക്കിയൊക്കെയുമൂരി. 7
നെല്ലു പിന്നെയും കുത്തിയപ്പൊഴും ശബ്ദമുണ്ടായ്
മെല്ലെയോരോന്നുകൂടിയൂരിയിട്ടോരോന്നാക്കി
രണ്ടെണ്ണം തമ്മിൽ മുട്ടാനില്ലാതായതുമൂല-
മുണ്ടായില്ലതിൽപിന്നെ നിഃസ്വനമൊട്ടും-
തന്നെ. 8

ലോകതത്ത്വത്തെയറിഞ്ഞീടുവാനിച്ഛിച്ചുല-
കാകവേ ചുററിച്ചരിച്ചീടുന്ന കൂട്ടത്തിൽ ഞാൻ
അവളിൽനിന്നീയുപദേശവും സ്വീകരിച്ചേ-
നവനീപതേ! രാഗാദ്യരിസൂദനാ! ധീര! 9
വളരെജ്ജനം ചേൎന്നു വസിച്ചാലുണ്ടായിടും
കലഹം, രണ്ടാൾ മാത്രമായാലും വാദമുണ്ടാം
ആകയാൽ കുമാരിതൻ കങ്കണമെന്നപോലെ
ഏകനായിട്ടുതന്നെ കഴിഞ്ഞീടുകവേണം. 10
ശ്വാസത്തെജ്ജയിച്ചുടനാസനം വെന്നു ചിത്ത-
മീഷലറെറാന്നിൽത്തന്നെ സംയോജിപ്പിച്ചീ-
ടേണം.
മടി കൈവിട്ടു വീണ്ടും വൈരാഗ്യാഭ്യാസ-
യോഗം
തുടൎന്നു ചിത്തം തീരെച്ചലിക്കാതാക്കീടണം.11
മാനസമേതൊന്നിനെയാശ്രയിച്ചാണോ കൎമ്മ-
രേണുരാശിയെ മെല്ലെ മെല്ലവേ മോചിപ്പിച്ചു
വൎദ്ധിച്ച സത്ത്വത്തിനാലന്യമാം ഗുണം രണ്ടു-
മസ്തമിപ്പിച്ചു, വിറകെരിഞ്ഞു തീൎന്നതാകും
വഹ്നിയെന്നതുപോലെ, ശാന്തിയെ പ്രാപി-
പ്പതു,
നിൎണ്ണയമായതല്ലോ ഭഗവത്പരം പദം. 12
മാനസമേവം പരമാത്മാവിലുറപ്പിപ്പോൻ
കാണുന്നതില്ലകത്തും പുറത്തുമുള്ളതൊന്നും
ശരകൃത്താ ജോലിയിൽ ശ്രദ്ധയാൽ മുന്നിൽ
കൂടി-
യരചൻ ഗമിച്ചിട്ടുമറിയാതിരുന്നപോൽ. 13
അന്യസാഹായ്യംവെടിഞ്ഞേകനായ്
നികേതന-
മൊന്നുമെന്നിയേയാചാരങ്ങളാലജ്ഞേയനായ്

അപ്രമത്തനായ്, ഗുഹാശയനായല്പവാക്കാ-
യെപ്പൊഴും മുനിയഹിയെന്നപോൽ
ചരിക്കണം. 14
നശ്വരദേഹത്തിനായ് ഗേഹനിൎമ്മാണയത്നം
ക്ലേശമുണ്ടാക്കുന്നതും നിഷ്പ്രയോജനവുംതാൻ
അന്യനിൎമ്മിതമാകും മന്ദിരം പ്രവേശിച്ചു
പന്നഗം സുഖമായി വസിച്ചീടുന്നുവല്ലോ. 15
മായാശക്തിയാൽ മുന്നം തന്നാലേ വിനി-
ൎമ്മിത-
മായ ലോകത്തെക്കാലകലയാൽ കല്പാന്ത-
ത്തിൽ
സംഹരിച്ചീശനാകും ശ്രീനാരായണൻ നിജ-
മാഹാത്മ്യം ദ്യോതിപ്പിക്കും കാലത്തിൻ
ബലത്തിനാൽ
സത്ത്വാദിഗുണങ്ങൾക്കു സമത്വം
സിദ്ധിക്കവേ-
യദ്വിതീയൻ സമസ്താവലംബനാത്മാധാരൻ
പുരുഷൻ പ്രധാനമെന്നിവയ്ക്കു നേതാവാദി-
പുരുഷനേകൻമാത്രമായ് ശോഭിച്ചി-
രുന്നിതു. 16–17
പരരാം ബ്രഹ്മാദ്യൎക്കും ജീവന്മുക്തന്മാരായി-
ച്ചരിക്കുമപരൎക്കും സംപ്രാപ്യസ്ഥാനമായി
കൈവല്യമെന്ന സംജ്ഞകൊണ്ടു
കീൎത്തിതനായി
കേവലാനുഭവികസാന്ദ്രാനന്ദവുമായി
യാതൊരുവിധമുപാധികളുമെന്യേ നാശ-
ഭീതിയും തെല്ലില്ലാതബ്ഭഗവാനിരിക്കുന്നു.18
സ്വീയാനുഭാവത്തിനാൽ ത്രിഗുണാത്മികയായ
മായയെ ക്ഷോഭിപ്പിച്ചിട്ടവളെക്കൊണ്ടു പിന്നെ
ആദികാലത്തു വിഷ്ണുഭഗവാൻ മഹത്തത്ത്വ-
മേതുമായാസമെന്യേ നിൎമ്മിപ്പിച്ചീടുന്നിതു. 19
വിശ്വത്തെ നാനാമട്ടിൽ സൃഷ്ടിച്ചീടുന്നതായോ-
രിശ്ശക്തിക്കഭിധാനം ത്രിഗുണവ്യക്തിയെന്നാം.
അതിലാണിപ്രപഞ്ചം കോൎക്കപ്പെട്ടിരിപ്പതു-
മതിനാലത്രേ ജീവൻ സംസാരം പ്രാപി-
പ്പതും. 20
ചിലന്തിയുള്ളിൽനിന്നും മുഖത്തിലൂടെ നൂലു
വലിച്ചു വല കെട്ടിയായതിൽ വിഹരിച്ചു
പിന്നെയുമകത്തേക്കന്നൂലുകൾ വലിക്കുന്നി-
തെന്നപോലീശ്വരൻെറ സൃഷ്ട്യാദി ധരിച്ചു
ഞാൻ. 21
ഏതേതു സാധനത്തിൽ ദേഹി, മാനസം
ധീയാൽ
പ്രീതിയോ വിദ്വേഷമോ ഭീതിയോ
നിമിത്തമായ്
പൂൎണ്ണമായുറപ്പിക്കും തത്തത്സ്വരൂപത്തെത്താൻ
നിൎണ്ണയം പ്രാപിക്കുന്നിതായവൻ
മഹീപതേ! 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കീടഃ പേശസ്കൃതം ധ്യായൻ കുഡ്യാം തേന പ്രവേശിതഃ
യാതി തത്സാത്മതാം രാജൻ! പൂർവ്വരൂപമസന്ത്യജൻ. 23
ഏവം ഗുരുഭ്യ ഏതേഭ്യ ഏഷാ മേ ശിക്ഷിതാ മതിഃ
സ്വാത്മോപശിക്ഷിതാം ബുദ്ധിം ശൃണു മേ വദതഃ പ്രഭോ! 24
ദേഹോ ഗുരുർമ്മമ വിരക്തിവിവേകഹേതു-
ർബ്ബിഭ്രത് സ്മ സത്ത്വനിധനം സതതാർത്ത്യുദർക്കം
തത്ത്വാന്യനേന വിമൃശാമി യഥാ തഥാപി
പാരക്യമിത്യവസിതോ വിചരാമ്യസംഗഃ. 25
ജായാത്മജാർത്ഥപശുഭൃത്യഗൃഹാപ്തവർഗ്ഗാൻ
പുഷ്ണാതി യത്പ്രിയചികീർഷയാ വിതന്വൻ
സ്വാന്തേ സകൃച്ഛ്രമവരുദ്ധധനഃ സ ദേഹഃ
സൃഷ്ട്വാസ്യ ബീജമവസീദതി വൃക്ഷധർമ്മാ. 26
ജിഹ്വൈകതോഽമുമപകർഷതി കർഹി തർഷാ
ശിശ്നോഽന്യതസ്ത്വഗുദരം, ശ്രവണം കുതശ്ചിത്
ഘ്രാണോഽന്യതശ്ചപലദൃക് ക്വ ച കർമ്മശക്തി-
ർബ്ബഹ്വ്യഃ സപത്ന്യ ഇവ ഗേഹപതിം ലുനന്തി. 27
സൃഷ്ട്വാ പുരാണി വിവിധാന്യജയാഽഽത്മശക്ത്യാ
വൃക്ഷാൻ സരീസൃപപശൂൻ ഖഗദംശമത്സ്യാൻ
തൈസ്തൈരതുഷ്ടഹൃദയഃ പുരുഷം വിധായ
ബ്രഹ്മാവലോകധിഷണം മുദമാപ ദേവഃ. 28
ലബ്ധ്വാ സുദുർല്ലഭമിദം ബഹുസംഭവാന്തേ
മാനുഷ്യമർത്ഥദമനിത്യമപീഹ ധീരഃ
തൂർണ്ണം യതേത ന പതേദനുമൃത്യു യാവ-
ന്നിഃശ്രേയസായ വിഷയഃ ഖലു സർവ്വതഃ സ്യാത്. 29
ഏവം സഞ്ജാതവൈരാഗ്യോ വിജ്ഞാനാലോക ആത്മനി
വിചരാമി മഹീമേതാം മുക്തസംഗോഽനഹംകൃതിഃ. 30
ന ഹ്യേകസ്മാദ്ഗുരോർജ്ഞാനം സുസ്ഥിരം സ്യാത് സുപുഷ്കലം
ബ്രഹ്മൈതദദ്വിതീയം വൈ ഗീയതേ ബഹുധർഷിഭിഃ. 31

ശ്രീഭഗവാനുവാച

ഇത്യുക്ത്വാ സ യദും വിപ്രസ്തമാമന്ത്ര്യ ഗഭീരധീഃ
വന്ദിതോഽഭ്യർത്ഥിതോ രാജ്ഞാ യയൗ പ്രീതോ യഥാഗതം. 32
അവധൂതവചഃ ശ്രുത്വാ പൂർവേഷാം നഃ സ പൂർവ്വജഃ
സർവ്വസംഗവിനിർമ്മുക്തഃ സമചിത്തോ ബഭൂവ ഹ. 33

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ നവമോഽധ്യായഃ

ദശമോഽധ്യായഃ

ശ്രീഭഗവാനുവാച

മയോദിതേഷ്വവഹിതഃ സ്വധർമ്മേഷു മദാശ്രയഃ
വർണ്ണാശ്രമകുലാചാരമകാമാത്മാ സമാചരേത്. 1
അന്വീക്ഷേത വിശുദ്ധാത്മാ ദേഹിനാം വിഷയാത്മനാം
ഗുണേഷു തത്ത്വധ്യാനേന സർവ്വാരംഭവിപര്യയം. 2
സുപ്തസ്യ വിഷയാലോകോ ധ്യായതോ വാ മനോരഥഃ
നാനാത്മകത്വാദ്വിഫലസ്തഥാ ഭേദാത്മധീർഗ്ഗുണൈഃ. 3
നിവൃത്തം കർമ്മ സേവേത പ്രവൃത്തം മത്പരസ്ത്യജേത്
ജിജ്ഞാസായാം സമ്പ്രവൃത്തോ നാദ്രിയേത് കർമ്മചോദനാം. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചുമരിന്നുള്ളിൽത്തന്നെപ്പൂകില്ല വേട്ടാളനെ-
സ്സമഭിധ്യാനംചെയ്തു കീടം സ്വപൂർവ്വരൂപം
വിടാതെ വേട്ടാളന്റെ രൂപത്തിലാകുംവിധം
തുടരുമീശധ്യാനം സാരൂപ്യമണച്ചിടും. 23

ഈവിധമിഗ്ഗുരുക്കന്മാരിൽനിന്നോരോ സാര-
മാവിഷ്കരിച്ചു മമ ബുദ്ധിയിലുറപ്പിച്ചേൻ.
എന്മെയ്യിൽനിന്നുതന്നെ ഞാൻ പഠിച്ചതുമിനി-
സ്സന്മതേ! ഭവാനോടു പറയാം കേട്ടുകൊൾക. 24

വൈരാഗ്യം വിവേകമെന്നിവയ്ക്കു ഹേതുവായി
ഭൂരിസങ്കടത്തോടുകൂടിയതായിസ്സദാ
ജനനമരണങ്ങളാവഹിച്ചിരിക്കുമീ-
ത്തനുവുമെനിക്കോർത്താലാചാര്യൻതന്നെ-
യല്ലോ.

ശരീരസഹായത്താൽ, ശരിയായുള്ള തത്ത്വം
തിരയുന്നവനാണെന്നാകിലുമാ ദേഹത്തെ
അന്യസമ്പത്തെന്നുന്നിയതിനോടൊട്ടും ചേർച്ച-
യെന്നിയേ മന്നിലെങ്ങും സഞ്ചരിച്ചീട-
ന്നിതു. 25

പണിപ്പെട്ടുണ്ടാക്കിയ ധനസഞ്ചയത്തോടും
മനുജനേതൊന്നിനെ പ്രീണിപ്പിക്കുവാനാണോ
ജായാസുതാത്ഥഭൃത്യബന്ധുഗോഗേഹങ്ങളെ-
യായപോൽ സമ്പാദിച്ചു വളർത്തീടുന്നു നിത്യം,
അത്തനുവവസാനം പാദപമെന്നമട്ടിൽ
വിത്തിഹ സൃഷ്ടിച്ചിട്ടു നശിച്ചുപോകുന്നിതു. 26

ജിഹ്വയൊരിടത്തേക്കും ശിശ്നം വേറിടത്തേക്കും
ദാഹവും ക്ഷുത്തുമന്യപന്ഥാവുകളിലേക്കും
കുക്ഷിയും ത്വക്കും കർമ്മശക്തിയും കാതു ചല-
ദക്ഷിയും മൂക്കും വേറേയോരോരോ
ദിക്കിലേക്കും
ഇവനേ വലിച്ചിഴച്ചുപദ്രവിക്കുന്നിതേ
ഭവനപ്രധാനിയെ ബഹുപത്നിമാർപോലെ.27

പാദപം, പാമ്പു, പശു, പറവ, മത്സ്യമശ-
കാദിയും നാനാപുരപൂരവും സൃഷ്ടിച്ചിട്ടും
തൃപ്തനാകാതെയജൻ ബ്രഹ്മദർശനയോഗ്യ-
ബുദ്ധിക്കാസ്പദം പുരുഷാങ്ഗം തീർത്താമോ-
ദിച്ചാൻ. 28

അനേകജന്മശേഷം കഷ്ടിച്ചു ലഭിപ്പതാ-
യനിത്യമാണെങ്കിലും മോക്ഷദായകമാകും
ഇന്നരജന്മം ലഭിച്ചീടിലും സദാ മൃത്യു
ചേർന്ന മെയ്യ് വീഴുംമുൻപേ മുക്തിക്കായതി-
വേഗം
ബുദ്ധിമാൻ ശ്രമിക്കാഞ്ഞാൽ കഷ്ടമാം;
ഭോഗസൗഖ്യം
പാർത്തീടിൽ ജന്തുരാശിക്കൊക്കെയു-
മുള്ളതല്ലോ. 29

ഇത്തരം വൈരാഗ്യമാർന്നാത്മജ്ഞാനപ്രകാശം
സിദ്ധിച്ചിട്ടസങ്ഗനായാത്മാവിൽ
സ്ഥിതനായി
ഞാനെന്നഭാവമേതുമെന്നിയേ ധരിത്രിയിൽ-
ത്താനേ ഞാൻ ചുററിസ്സഞ്ചരിക്കുന്നു
ധരാപതേ! 30

ഒരു ദേശികങ്കൽനിന്നാർന്നീടുമറിവിനി-
ല്ലുറപ്പു, പാർത്താലതു പരിപൂർണ്ണവുമല്ല.
അദ്വയബ്രഹ്മമാമീ ലോകംതാൻ ഗുരുവെന്നു
കീർത്തിച്ചീടുന്നു ബഹുവിധത്തിലൃഷീശ്വരർ.31

ശ്രീഭഗവാൻ പറഞ്ഞു

അഗാധബുദ്ധിമാനായീടുമബ്ഭൂദേവനി-
പ്രകാരം യദുവിനോടരുളിച്ചെയ്തശേഷം
യാത്രയുംചൊല്ലി നൃപവന്ദനനമസ്കാര-
പാത്രമായ് സന്തോഷിച്ചു വന്നപോൽ
പോയീടിനാൻ. 32

ഞങ്ങടെ പൂർവ്വന്മാർക്കും പൂർവ്വജനാമന്നൃപ-
പുങ്ഗവനവധൂതവാക്കുകൾ കേട്ടശേഷം
സകലബന്ധവിനിർമ്മുക്തനായ്
ബ്രഹ്മത്തിൽത്താ-
നകതാരുറപ്പിച്ചു സമചിത്തനായ് വാണാൻ. 33

അദ്ധ്യായം 10

സംസാരനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

ഞാനരുൾചെയ്തതാമീ സ്വധർമ്മങ്ങളിൽ
നന്നായ്
മാനസമുറപ്പിച്ചുമെന്നെത്താനാശ്രയിച്ചും
അകാമാത്മാവായെന്നും വർണ്ണാശ്രമാചാരങ്ങൾ
നികാമം വിഘ്നമെന്യേയനുഷ്ഠിക്കുകവേണം. 1

വിശുദ്ധാത്മാവായവൻ വിഷയാസക്തിയാലു-
മശുദ്ധാശയന്മാർതൻ സമസ്തകർമ്മങ്ങൾക്കും
വിപരീതമായ്‌വരും ഫലത്തെയാത്മബുദ്ധി-
യുപയോഗിച്ചു ചിന്തിച്ചീടണം നല്ലപോലെ.2

ധ്യാതാവിൻ സങ്കല്പവുമുറങ്ങീടുന്നവൻതൻ
സാധനനിരീക്ഷയും നിഷ്ഫലം നാനാത്വത്താൽ.
അതുപോൽ ഗുണകാര്യമർത്ത്യദേഹാദിമൂല-
മുദിക്കും ശരീരാത്മബുദ്ധിയും വ്യർത്ഥമത്രേ. 3

എപ്പൊഴും സേവിക്കണം നിവൃത്തകർമ്മങ്ങളെ
മത്പരനായി ത്യജിച്ചീടണം കാമ്യകർമ്മം.
തത്ത്വജിജ്ഞാസുവായിക്കർമ്മപ്രേരകമാകും
ശ്രുത്യന്തർവിധിയേതുമാദരിക്കായ്കവേണം. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യമാനഭീക്ഷ്ണം സേവേത നിയമാൻ മത്പരഃ ക്വചിത്
മദഭിജ്ഞം ഗുരും ശാന്തമുപാസീത മദാത്മകം. 5

അമാന്യമത്സരോ ദക്ഷോ നിർമ്മമോ ദൃഢസൗഹൃദഃ
അസത്വരോഽർത്ഥജിജ്ഞാസുരനസൂയുരമോഘവാക്. 6

ജായാപത്യഗൃഹക്ഷേത്രസ്വജനദ്രവിണാദിഷു
ഉദാസീനഃ സമം പശ്യൻ സർവ്വേഷ്വർത്ഥമിവാത്മനഃ. 7

വിലക്ഷണഃ സ്ഥൂലസൂക്ഷ്മാദ്ദേഹാദാത്മേക്ഷിതാ സ്വദൃക്
യഥാഗ്നിർദ്ദാരുണോ ദാഹ്യാദ്ദാഹകോഽന്യഃ പ്രകാശകഃ. 8

നിരോധോത്പത്ത്യണുബൃഹന്നാനാത്വം തത്കൃതാൻ ഗുണാൻ
അന്തഃപ്രവിഷ്ട ആധത്ത ഏവം ദേഹഗുണാൻ പരഃ. 9

യോഽസൗ ഗുണൈർവ്വിരചിതോ ദേഹോഽയം പുരുഷസ്യ ഹി
സംസാരസ്തന്നിബന്ധോഽയം പുംസോ വിദ്യാച്ഛിദാത്മനഃ. 10

തസ്മാജ്ജിജ്ഞാസയാഽഽത്മാനമാത്മസ്ഥം കേവലം പരം
സങ്ഗമ്യ നിരസേദേതദ്വസ്തുബുദ്ധിം യഥാക്രമം. 11

ആചാര്യോഽരണിരാദ്യഃ സ്യാദന്തേവാസ്യുത്തരാരണിഃ
തത്സന്ധാനം പ്രവചനം വിദ്യാസന്ധിഃ സുഖാവഹഃ. 12

വൈശാരദീ സാതിവിശുദ്ധബുദ്ധി–
ർധുനോതി മായാം ഗുണസംപ്രസൂതാം
ഗുണാംശ്ച സന്ദഹ്യ യദാത്മമേതത്
സ്വയം ച ശാമ്യത്യസമിദ്യഥാഗ്നിഃ. 13

അ''ഥൈഷാം കർമ്മകർത്തൄണാം ഭോക്തൄണാം സുഖദുഃഖയോഃ
നാനാത്വമഥ നിത്യത്വം ലോകകാലാഗമാത്മനാം. 14

മന്യസേ സർവ്വഭാവാനാം സംസ്ഥാ ഹ്യൗത്പത്തികീ യഥാ
തത്തദാകൃതിഭേദേന ജായതേ ഭിദ്യതേ ച ധീഃ.'' 15

ഏവമപ്യങ്ഗ സർവ്വേഷാം ദേഹിനാം ദേഹയോഗതഃ
കാലാവയവതഃ സന്തി ഭാവാ ജന്മാദയോഽസകൃത്. 16

അത്രാപി കർമ്മണാം കർത്തുരസ്വാതന്ത്ര്യം ച ലക്ഷ്യതേ
ഭോക്തുശ്ച ദുഃഖസുഖയോഃ കോ ന്വർത്ഥോ വിവശം ഭജേത്. 17

ന ദേഹിനാം സുഖം കിഞ്ചിദ്വിദ്യതേ വിദുഷാമപി
തഥാ ച ദുഃഖം മൂഢാനാം വൃഥാഹങ്കരണം പരം. 18

യദി പ്രാപ്തിം വിഘാതം ച ജാനന്തി സുഖദുഃഖയോഃ
തേഽപ്യദ്ധാ ന വിദുര്യോഗം മൃത്യുർന്ന പ്രഭവേദ്യഥാ. 19

കോ ന്വർത്ഥഃ സുഖയത്യേനം കാമോ വാ മൃത്യുരന്തികേ
ആഘാതം നീയമാനസ്യ വധ്യസ്യേവ ന തുഷ്ടിദഃ. 20

ശ്രുതം ച ദൃഷ്ടവദ്ദുഷ്ടം സ്പർദ്ധാസൂയാത്യയവ്യയൈഃ
ബഹ്വന്തരായകാമത്വാത് കൃഷിവച്ചാപി നിഷ്ഫലം. 21

അന്തരായൈരവിഹതോ യദി ധർമ്മഃ സ്വനുഷ്ഠിതഃ
തേനാപി നിർജ്ജിതം സ്ഥാനം യഥാ ഗച്ഛതി തച്ഛൃണു. 22

ഇഷ്ട്വേഹ ദേവതാ യജ്ഞൈഃ സ്വർല്ലോകം യാതി യാജ്ഞികഃ
ഭുഞ്ജീത ദേവവത്തത്ര ഭോഗാൻ ദിവ്യാൻ നിജാർജ്ജിതാൻ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മത്പരനായിസ്സേവിച്ചീടണം യമങ്ങളെ-
യെപ്പോഴും, ചിലവേളയന്നിയമങ്ങളേയും
മദഭിജ്ഞനായ് പരം ശാന്തനായ് മദ്രൂപനായ്
സ്ഥിതനാമാചാര്യനെയുപാസിക്കുകവേണം. 5
ദക്ഷനായമാനിയായ് മത്സരവിഹീനനാ-
യക്ഷയസ്നേഹവാനായസൂയാപേതനായി
അർത്ഥജിജ്ഞാസുവായി മമത്വം ത്യജിച്ചോനാ-
യത്വരനായമോഘവാക്കുമായിരിക്കണം. 6
ഭാമിനി, പുത്രൻ, ഭൂമി, ബന്ധുക്കൾ, ഗേഹം, ധന-
സ്തോമ,മെന്നെല്ലാററിലും സ്വപ്രയോജനം പാക്കിൽ
തുല്യമാണെന്നുള്ളതു കണ്ടുദാസീനനായി-
ട്ടുള്ളം മദഭിമുഖമാക്കി വത്തിച്ചിടേണം. 7
സ്ഥൂലവും സൂക്ഷ്മവുമാം ദേഹത്തിൽ നിന്നുകൊണ്ടു
ചാലവേ കാണുവോനും സ്വാത്മകമാകുമാത്മാ
ദഹനയോഗ്യമാകും വിറകിൽനിന്നുമതു
ദഹിപ്പിപ്പതും നന്നായ് വിളങ്ങുന്നതുമാകും
വഹ്നിയെന്നപോൽ ഭിന്നലക്ഷണസംയുക്തനു-
മന്യനുമാണെന്നറിഞ്ഞീടുക യദൂത്തമാ! 8
നിരോധം, സമുത്ഭവം, വലിപ്പം, ചെറുപ്പമി-
ത്തരമാം ഭേദങ്ങളും തത്കൃതധർമ്മങ്ങളും
ധരിച്ചീടുന്ന വഹ്നി,യതുപോലന്തഃസ്ഥനായ്
പരമാത്മാവും ദേഹഗുണങ്ങൾ ധരിക്കുന്നു. 9
ഈശ്വരമായാഗുണനിർമ്മിതമായിരിക്കും
നശ്യമാം ദേഹമാത്മാവെന്നധീ, ജീവാത്മാവിൽ
സംസാരമുണ്ടാക്കുന്നി, തതിനെസ്സമൂലമായ്
സംഛേദിക്കുന്നിതാത്മവിദ്യ സന്ദേഹമില്ല. 10
അതിനാൽ ജിജ്ഞാസയാൽ ശരീരസ്ഥിതനായി-
ട്ടതിശുദ്ധനായ് ദേഹഭിന്നനാമാത്മാവിനെ
ശരിയായ് ധരിച്ചിട്ടീയനിത്യവസ്തുക്കളിൽ
പരമാത്മമാം ബുദ്ധി വിടണം യഥാക്രമം. 11
ദേശികൻ കീഴ്ഭാഗത്തെയരണി,മേലത്തേത-
ശ്ശിഷ്യനും, തന്മന്ഥനമുപദേശവുമത്രേ.
അറിവോ, തത്സംയോഗജന്യമായതിസൗഖ്യ-
കരമായിരിക്കുമാ വഹ്നിയുംതന്നെയല്ലോ. 12
അനഘൻ ശിഷ്യൻ നേടുമീ വിശുദ്ധമാം ജ്ഞാനം
ഗുണപ്രസൂതയാകും മായയെ നശിപ്പിപ്പൂ.
ഗുണങ്ങളേയും ദഹിപ്പിച്ചതീ ലോകരൂപ-
ഗുണനാശത്താൽ വിറകററെഴുമഗ്നിപോലെ
ശമിച്ചീടുന്നു താനേ, സർവ്വാത്മഭാവമാകും
വിമുക്തിയിതാണെന്നു ധരിച്ചീടുദ്ധവാ! നീ.13
എന്നാൽ, ''കർമ്മങ്ങൾ ചെയ്യുന്നവരായ് സുഖദുഃഖ-
ബന്ധത്തെയനുഭവിച്ചീടുന്ന ജീവന്മാർക്കു
നാനാത്വമുണ്ടു, ലോകം, കാലം,മാത്മാവു, ശാസ്ത്ര-
മീ നാലുവസ്തുക്കൾക്കും നിത്യത ഭവിക്കുന്നു. 14
പദാർത്ഥസ്ഥിതി,യതിൻ ജന്മത്തി-നൊത്തിരിക്കും-
വിധത്തിൽ ധീയും തത്തദാകൃതിഭേദംപോലെ
ഉദ്ഭവിക്കുന്നു പിന്നെബ്ഭേദി-ച്ചീടുന്നുമുണ്ടെ''-
ന്നിപ്രകാരം ചിലർക്കുണ്ടാകാമഭിപ്രായം. 15
എന്നിരുന്നാലും സർവ്വജീവികും ശരീരത്തോ-
ടൊന്നുചേർന്നിരിക്കയാൽക്കാലാവയവങ്ങളാൽ
ഉദ്ഭവമരണാദിഭാവങ്ങൾ ഭവിക്കുന്നു-
ണ്ടെപ്പോഴുമെന്നു സമ്മതിക്കാതെ തരമുണ്ടോ?16
ഇക്കണക്കിലും കർമ്മകൃത്തായിസ്സുഖദുഃഖ-
ഭോക്താവാം ജീവനസ്വതന്ത്രനായ്ത്തന്നെ കാൺമൂ
നിത്യവും പരാധീനനായി വത്തിക്കുന്നവ-
നത്തലല്ലാതെ സൗഖ്യമെങ്ങനെയുണ്ടായിടും?17
പണ്ഡിതന്മാരായാലും ദേഹമുള്ളവർക്കാർക്കും
മന്നിതിലല്പംപോലും ലഭിക്കുന്നില്ല സൗഖ്യം.
മൂഢന്മാരായവർക്കുമാവിധമെല്ലാപ്പോഴു-
മാടലാ,ണഹങ്കാരം നിഷ്പ്രയോജനമത്രേ. 18
സൗഖ്യപ്രാപ്തിക്കും ദുഃഖനിരോധത്തിനുമുള്ള
മാർഗ്ഗങ്ങളേതാനും പേരറിയുന്നുണ്ടെങ്കിലും
മൃത്യുവെജ്ജയിക്കുവാൻ ശക്തമാകുമാ സത്യ-
വിദ്യയക്കൂട്ടരും ചെററിയുന്നില്ല നൂനം. 19
അന്തകനന്തികത്തിലെത്തിനോരിവനേയി-
ങ്ങെന്തൊരത്ഥമോ പിന്നെക്കാമമോ സുഖിപ്പിക്കും?
കൊലസ്ഥലത്തിലേക്കു കൊല്ലുവാൻ കൊണ്ടുപോകും
കൊലപ്പുള്ളിക്കെന്നപോലിവനുമില്ല സൗഖ്യം. 20
നിത്യം നാം കേൾക്കും വിണ്ണും, കാണുമീ ലോകംപോൽത്താൻ
സ്പദ്ധയുമസൂയയുമത്യയവ്യയങ്ങളും
വദ്ധിച്ചു ദുഷിച്ചതായ് കാമങ്ങൾക്കെല്ലാം വിഘ്ന-
മെത്തുന്നതാകയാലേ കൃഷിപോൽ നിഷ്ഫലംതാൻ. 21
അന്തരായങ്ങൾമൂലം മുടക്കം നേരിടാതെ
സന്തതം സുകൃതങ്ങളനുഷ്ഠിച്ചാർജ്ജിച്ചതാം
പുണ്യലോകവും നശിച്ചീടുന്നവിധവും ഞാൻ
ചൊന്നിടാം ശ്രദ്ധാപൂർവ്വമുദ്ധവാ! കേട്ടുകൊൾക.
ഇവിടെ യാഗങ്ങളാൽ സുരരേ യജിച്ചീടു- [22
ന്നവനാ സ്വർഗ്ഗലോകം പ്രവേശിച്ചതിൽപ്പിന്നെ
തന്നാലാർജ്ജിതങ്ങളാം ദിവ്യഭോഗങ്ങളെല്ലാം
വിണ്ണവർമദ്ധ്യേ സുഖമായനുഭവിക്കുന്നു. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വപുണ്യോപചിതേ ശുഭ്രേ വിമാന ഉപഗീയതേ
ഗന്ധർവൈർവിഹരൻ മദ്ധ്യേ ദേവീനാം ഹൃദ്യവേഷധൃക്. 24

സ്ത്രീഭിഃ കാമഗയാനേന കിങ്കിണീജാലമാലിനാ
ക്രീഡൻ ന വേദാത്മപാതം സുരാക്രീഡേഷു നിർവൃതഃ. 25

താവത് പ്രമോദതേ സ്വർഗ്ഗേ യാവത് പുണ്യം സമാപ്യതേ
ക്ഷീണപുണ്യഃ പതത്യർവ്വാഗനിച്ഛൻ കാലചാലിതഃ. 26

യദ്യധർമ്മരതഃ സങ്ഗാദസതാം വാഽജിതേന്ദ്രിയഃ
കാമാത്മാ കൃപണോ ലുബ്ധഃ സ്ത്രൈണോ ഭൂതവിഹിംസകഃ. 27

പശൂനവിധിനാഽഽലഭ്യ പ്രേതഭൂതഗണാൻ യജൻ
നരകാനവശോ ജന്തുർഗ്ഗത്വാ യാത്യുല്ബണം തമഃ 28

കർമ്മാണി ദുഃഖോദർക്കാണി കുർവ്വൻ ദേഹേന തൈഃ പുനഃ
ദേഹമാഭജതേ തത്ര കിം സുഖം മർത്ത്യധർമ്മിണഃ? 29

ലോകാനാം ലോകപാലാനാം മദ്ഭയം കല്പജീവിനാം
ബ്രഹ്മണോഽപി ഭയം മത്തോ ദ്വിപരാർദ്ധപരായുഷഃ. 30

ഗുണാഃ സൃജന്തി കർമ്മാണി ഗുണോഽനുസൃജതേ ഗുണാൻ
ജീവസ്തു ഗുണസംയുക്തോ ഭുങ്ക്തേ കർമ്മഫലാന്യസൗ. 31

യാവത് സ്യാദ്ഗുണവൈഷമ്യം താവന്നാനാത്വമാത്മനഃ
നാനാത്വമാത്മനോ യാവത് പാരതന്ത്ര്യം തദൈവ ഹി. 32

യാവദസ്യാസ്വതന്ത്രത്വം താവദീശ്വരതോ ഭയം
യ ഏതത് സമുപാസീരംസ്തേ മുഹ്യന്തി ശുചാർപ്പിതാഃ. 33

കാല ആത്മാഽഽഗമോ ലോകഃ സ്വഭാവോ ധർമ്മ ഏവ ച
ഇതി മാം ബഹുധാ പ്രാഹുർഗുണവ്യതികരേ സതി. 34

ഉദ്ധവ ഉവാച

ഗുണേഷു വർത്തമാനോഽപി ദേഹ ജേഷ്വനപാവൃതഃ
ഗുണൈർന്ന ബദ്ധ്യതേ ദേഹീ ബദ്ധ്യതേ വാ കഥം വിഭോ! 35

കഥം വർത്തേത വിഹരേത് കൈർവാ ജ്ഞായേത ലക്ഷണൈഃ
കിം ഭുഞ്ജീതോത വിസൃജേച്ഛയീതാസീത യാതി വാ. 36

ഏതദച്യുത! മേ ബ്രൂഹി പ്രശ്നം പ്രശ്നവിദാം വര!
നിത്യമുക്തോ നിത്യബദ്ധ ഏക ഏവേതി മേ ഭ്രമഃ. 37

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഭഗവദുദ്ധവസംവാദേ ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

ശ്രീഭഗവാനുവാച

ബദ്ധോ മുക്ത ഇതി വ്യാഖ്യാ ഗുണതോ മേ, ന വസ്തുതഃ
ഗുണസ്യ മായാമൂലത്വാന്ന മേ മോക്ഷോ ന ബന്ധനം. 1

ശോകമോഹൗ സുഖം ദുഃഖം ദേഹോത്പത്തിശ്ച മായയാ
സ്വപ്നോ യഥാഽഽത്മനഃ ഖ്യാതിഃ സംസൃതിർന്ന തു വാസ്തവീ. 2

വിദ്യാവിദ്യേ മമ തനൂ വിദ്ധ്യുദ്ധവ! ശരീരിണാം
മോക്ഷബന്ധകരീ ആദ്യേ മായയാ മേ വിനിർമ്മിതേ. 3

ഏകസ്യൈവ മമാംശസ്യ ജീവസ്യൈവ മഹാമതേ!
ബന്ധോഽസ്യാവിദ്യയാനാദിർവ്വിദ്യയാ ച തഥേതരഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുരസ്ത്രീജനമധ്യത്തതികോമളരൂപം—
ധരിച്ചു വിഹരിച്ചു പുണ്യത്താൽ സമ്പാദിച്ച
ശുഭ്രമാം വിമാനത്തിൽ സ്ഥിതനായ്
ഗന്ധർവ്വർ ചൂഴ്—
ന്നെപ്പൊഴും സ്വാപദാനം ഗാനം—
ചെയ്‌വതു കേൾക്കാം. 24
കാമഗമായനഘരത്നമൗലിയായ് മിന്നും
വ്യോമയാനത്തിൽ സുരസുന്ദരിമാരുമായി
അമരാരാമങ്ങളിൽക്കളിച്ചു പാരം സുഖി—
ച്ചമരാ,മറിയുകയില്ല തന്നധഃപാതം. 25
എന്നു താൻ ചെയ്ത പുണ്യമൊടുങ്ങുമന്നാൾവരെ
വിണ്ണിലിങ്ങനെ സുഖഭോഗമാർന്നാനന്ദിക്കാം.
പുണ്യക്ഷയത്തിൽ കാലമവനെയ—
നിച്ഛയുവാ—
ണെന്നിരിക്കിലും തള്ളിത്താഴത്തു
വീഴ്ത്തുന്നിതേ. 26
ദുഷ്ടസങ്ഗത്താലജിതേന്ദ്രിയനായിക്കാമ—
ദുഷ്ടാത്മാവായധർമ്മരതനായ് ക്ലേശഭൃവായ്
ലുബ്ധനായ് സ്ത്രീജിതനായ് ഭൂതദ്രോഹിയുമാകു—
മപ്പുമാൻതന്നവസ്ഥയെന്തു ഞാൻ ഹന്ത!
ചൊൽവൂ. 27
പശുഗണത്തെ വിധിപ്രകാരമെന്യേ ഹിംസി—
ച്ചശുഭഭൂതപ്രേതവർഗ്ഗത്തെയാരാധിച്ചു
അസ്വതന്ത്രനാം ദേഹി നരകം പ്രവേശിച്ചു
ദുസ്സഹമാകുമന്ധംതമസ്സിൽ പതിക്കുന്നു. 28
ഇമ്മട്ടു മേന്മേൽ ദുഃഖം വർദ്ധിപ്പിച്ചീടുന്നതാം
കർമ്മങ്ങൾ ചെയ്തമതുമൂലമായ് വീണ്ടും വീണ്ടും
ശരീരം സ്വീകരിച്ചും മരിച്ചുമുഴന്നിടും
ശരീരിക്കോർത്തീടുകിലെന്തൊരു സുഖമുള്ളു? 29
കല്പകാലായുസ്സുകൾ വസിക്കും ലോകങ്ങൾക്കു—
മല്പമുണ്ടെന്നെപ്പടി ലോകപാലകന്മാർക്കും
ദ്വിപരാർദ്ധമാം പരായുസ്സെഴുമാത്മഭൂവു—
മപരക്കൊപ്പമെന്നെബ്ഭയന്നു വാണീടുന്നു. 30
ഇന്ദ്രിയഗണം സൃഷ്ടിച്ചീടുന്നു കർമ്മങ്ങളെ—
യിന്ദ്രിയങ്ങളെഗ്ഗുണം പ്രേരണചെയ്തീടുന്നു.
ജീവനോ, നിത്യമിന്ദ്രിയങ്ങളിലഭിമാന—
മാവഹിച്ചിഹ കർമ്മഫലങ്ങൾ ഭുജിക്കുന്നു. 31
എന്നോളം ഗുണങ്ങൾക്കു വിഷമഭാവമുണ്ടാ—
മന്നോളമാത്മാവിനു നാനാത്വമുണ്ടായിടും.
നാനാത്വം നശിച്ചീടാതിരിക്കുന്നതുവരെ
നൂനമാത്മാവിനസ്വാതന്ത്ര്യവും നിലനില്ക്കും. 32
അസ്വതന്ത്രതയെത്രനാൾ നില്ക്കുമത്രകാല—
മീശ്വരൻ തന്നിൽനിന്നു ഭീതിയുണ്ടായിരിക്കും.
ആരിഹ ഗുണപരിണാമങ്ങളാകും ദേഹ—
ഭാര്യാപുത്രാർത്ഥാദിയാം ലോകത്തെ—
സ്സേവിക്കുമോ,
അവർക്കു ദുഃഖത്തിനുമേൽ ദുഃഖമെന്നല്ലാതെ
ഭവിച്ചീടുകയില്ലിങ്ങൊരുകാലവും സൗഖ്യം. 33

ഗുണങ്ങൾ സമ്മേളിക്കുമവസരത്തിലെന്നെ
ജനങ്ങൾ കാല,മാത്മാ,വാഗമം, ലോകം,ധർമ്മം
സ്വഭാവമെന്നിങ്ങനെ ചൊല്ലുന്നു ബഹുവിധം;
പ്രപഞ്ചം വാസ്തവത്തിൽ ഭിന്നമല്ലെ—
ന്നിൽനിന്നും. 34

ഉദ്ധവൻ പറഞ്ഞു

ദേഹികൾ ഗുണങ്ങളിൽ വർത്തിക്കിലേതു—
മട്ടിൽ
ദേഹജങ്ങളാം കർമ്മങ്ങളിൽനിന്നൊഴിഞ്ഞീടും?
കർമ്മങ്ങൾക്കാത്മാവിനെബ്ബന്ധിക്കാൻ
കെല്പില്ലെങ്കി—
ലെമ്മട്ടിലാത്മാവിനുണ്ടായിടും ബന്ധമാദ്യം?
ബദ്ധമുക്തന്മാരുടെ ലക്ഷണമവിടുന്നു [35
വിസ്തരിച്ചിവനോടായുപദേശിക്കേണമേ!
എങ്ങനെ വിഹരിക്കും, വ്യാപാരിക്കുമക്കൂട്ട—
രെങ്ങനെയറിഞ്ഞീടുമവരേ ലക്ഷണത്താൽ?
കിടപ്പിരിപ്പു തഥാ ഭക്ഷണം വിസർജ്ജനം
നടപ്പെന്നിത്യാദിയുമേതുമട്ടായിരിക്കും? 36
അച്യുതാ! പ്രശ്നവിജ്ഞാ! ഭഗവൻ! ഭവാനിപ്പോ—
ളിജ്ജനത്തിനു വായ്ക്കും സന്ദേഹം തീർക്കേണമേ.
നിത്യബദ്ധനും നിത്യമുക്തനുമായിരിക്കാ—
നൊത്തിടുമൊരുത്തനെന്നുള്ളതിൽ
സംശയം മേ. 37

അദ്ധ്യായം 11

ഉദ്ധവോപദേശം—ബദ്ധമുക്തവിവരം, ഭക്തലക്ഷണം

ശ്രീഭഗവാൻ പറഞ്ഞു

മുക്തനും ബദ്ധനുമെന്നൊക്കെയും വ്യവഹാരം
മദ്ഗുണംനിമിത്തമാണില്ലതു യഥാർത്ഥത്തിൽ
ഗുണകാരണം മായയെന്നിരിക്കുകമൂല—
മെനിക്കില്ലേതും ബന്ധം മോക്ഷവും യദൂ—
ശോകമോഹങ്ങൾ സുഖദുഃഖങ്ങൾ [ത്തമാ! 1
ദേഹോത്പത്തി—
യാകവേ മായമൂലമുളവാകുന്നതല്ലോ.
സ്വപ്നമെങ്ങനെ ബുദ്ധിതൻ വിവർത്തനമാകു—
മപ്പോലെ സംസാരവും സത്യത്തിലുള്ളതല്ല. 2
ആദ്യമേയുള്ളതായിദ്ദേഹികൾക്കെല്ലാം ബന്ധ—
മുക്തികളേകുന്നതായ് മന്മായാകൃതങ്ങളാം
അവിദ്യ വിദ്യയേവം ഭിന്നശക്തികൾ രണ്ടു
ഭവിക്കുന്നുണ്ടെനിക്കെന്നറിഞ്ഞീടുദ്ധവാ! നീ. 3
ഹേ മഹാമതേ! ഭക്തരത്നമേ! ഏകമാകും
മാമകകലയാമീ ജീവാത്മാവിനുതന്നെ
അവിദ്യകൊണ്ടനാദിബന്ധവും വിദ്യകൊണ്ടു
ഭവിച്ചീടുന്നു പാർത്താൽ മോക്ഷവും
യാദവേന്ദ്രാ! 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ ബദ്ധസ്യ മുക്തസ്യ വൈലക്ഷണ്യം വദാമി തേ
വിരുദ്ധധർമ്മിണോസ്താത, സ്ഥിതയോരേകധർമ്മിണി. 5

സുപർണ്ണാവേതൗ സദൃശൗ സഖായൗ
യദൃച്ഛയൈതൗ കൃതനീഡൗ ച വൃക്ഷേ
ഏകസ്തയോഃ ഖാദതി പിപ്പലാന്ന-
മന്യോ നിരന്നോഽപി ബലേന ഭൂയാൻ. 6

ആത്മാനമന്യം ച സ വേദ വിദ്വാ-
നപിപ്പലാദോ, ന തു പിപ്പലാദഃ
യോഽവിദ്യയാ യുക് സ തു നിത്യബദ്ധോ
വിദ്യാമയോ യഃ സ തു നിത്യമുക്തഃ. 7

ദേഹസ്ഥോഽപി ന ദേഹസ്ഥോ വിദ്വാൻ സ്വപ്നാദ്യഥോത്ഥിതഃ
അദേഹസ്ഥോഽപി ദേഹസ്ഥഃ കുമതിഃ സ്വപ്നദൃഗ്യഥാ. 8

ഇന്ദ്രിയൈരിന്ദ്രിയാർത്ഥേഷു ഗുണൈരപി ഗുണേഷു ച
ഗൃഹ്യമാണേഷ്വഹം കുര്യാന്ന വിദ്വാൻ യസ്ത്വവിക്രിയഃ. 9

ദൈവാധീനേ ശരീരേഽസ്മിൻ ഗുണഭാവ്യേന കർമ്മണാ
വർത്തമാനോഽബുധസ്തത്ര കർത്താസ്മീതി നിബദ്ധ്യതേ. 10

ഏവം വിരക്തഃ ശയന ആസനാടനമജ്ജനേ
ദർശനസ്പർശനഘ്രാണഭോജനശ്രവണാദിഷു 11

ന തഥാ ബദ്ധ്യതേ വിദ്വാംസ്തത്ര തത്രാദയൻ ഗുണാൻ
പ്രകൃതിസ്ഥോഽപ്യസംസക്തോ യഥാ ഖം സവിതാനിലഃ. 12

വൈശാരദ്യേക്ഷയാസങ്ഗശിതയാ ഛിന്നസംശയഃ
പ്രതിബുദ്ധ ഇവ സ്വപ്നാന്നാനാത്വാദ്വിനിവർത്തതേ. 13

യസ്യ സ്യുർവ്വീതസങ്കല്പാഃ പ്രാണേന്ദ്രിയമനോധിയാം
വൃത്തയഃ സ വിനിർമ്മുക്തോ ദേഹസ്ഥോഽപി ഹി തദ്ഗുണൈഃ. 14

യസ്യാത്മാ ഹിംസ്യതേ ഹിംസ്രൈര്യേന കിഞ്ചിദ്യദൃച്ഛയാ
അർച്ച്യതേ വാ ക്വചിത്തത്ര ന വ്യതിക്രിയതേ ബുധഃ. 15

ന സ്തുവീത ന നിന്ദേത കുർവ്വതഃ സാധ്വസാധു വാ
വദതോ ഗുണദോഷാഭ്യാം വർജ്ജിതഃ സമദൃങ് മുനിഃ. 16

ന കുര്യാന്ന വദേത് കിഞ്ചിന്ന ധ്യായേത് സാധ്വസാധു വാ
ആത്മാരാമോഽനയാ വൃത്ത്യാ വിചരേജ്ജഡവന്മുനിഃ. 17

ശബ്ദബ്രഹ്മണി നിഷ്ണാതോ ന നിഷ്ണായാത് പരേ യദി
ശ്രമസ്തസ്യ ശ്രമഫലോ ഹ്യധേനുമിവ രക്ഷതഃ. 18

ഗാം ദുഗ്ദ്ധദോഹാ,മസതീം ച ഭാര്യാം,
ദേഹം പരാധീനമസത്പ്രജാം ച,
വിത്തം ത്വതീർത്ഥീകൃത,മങ്ഗ! വാചം
ഹീനാം മയാ, രക്ഷതി ദുഃഖദുഃഖീ. 19

യസ്യാം ന മേ പാവനമങ്ഗ കർമ്മ
സ്ഥിത്യുദ്ഭവപ്രാണനിരോധമസ്യ
ലീലാവതാരേപ്സിതജന്മ വാ സ്യാ-
ദ്വന്ധ്യാം ഗിരം താം ബിഭൃയാന്ന ധീരഃ. 20

ഏവം ജിജ്ഞാസയാപോഹ്യ നാനാത്വഭ്രമമാത്മനി
ഉപാരമേത വിരജം മനോ മയ്യർപ്പ്യ സർവ്വഗേ. 21

യദ്യനീശോ ധാരയിതും മനോ ബ്രഹ്മണി നിശ്ചലം
മയി സർവ്വാണി കർമ്മാണി നിരപേക്ഷഃ സമാചര. 22

ശ്രദ്ധാലുർമ്മേ കഥാഃ ശൃണ്വൻ സുഭദ്രാ ലോകപാവനീഃ
ഗായന്നനുസ്മരൻ കർമ്മ ജന്മ ചാഭിനയൻ മുഹുഃ. 23

മദർത്ഥേ ധർമ്മകാമാർത്ഥാനാചരൻ മദപാശ്രയഃ
ലഭതേ നിശ്ചലാം ഭക്തിം മയ്യുദ്ധവ! സനാതനേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ, ഞാനൊരേ ധർമ്മമുള്ളതാം ശരീരത്തിൽ
സ്ഥിതരായ് ഭിന്നധർമ്മമാർന്നീടുന്നവരായി
ബദ്ധമുക്തന്മാരാകും ജീവേശന്മാർക്കുള്ളതാം
വ്യത്യസ്തലക്ഷണങ്ങളോതുന്നേൻ
ശിഷ്യോത്തമാ! 5
ഇഷ്ടരായ് തുല്യന്മാരാം രണ്ടു പക്ഷികളാല്യ-
വൃക്ഷത്തിൽക്കൂടുകെട്ടിപ്പാർത്തിരു,ന്നതിലേകൻ
തിന്നുന്നിതതിൻ പഴം, മററവനൊന്നുംതന്നെ
തിന്നുന്നതില്ലെങ്കിലും ശക്തിയാലവൻ മുമ്പൻ.
പിപ്പലഫലം തിന്നാത്തവനും വിദ്വാനുമാ-
മപ്പക്ഷിയറിയുന്നു തന്നെയുമന്യനേയും.
നേരേമറിച്ചു മററേതറിയുന്നില്ലവിദ്യ-
ചേരുവോൻ നിത്യബദ്ധൻ, വിദ്യാവാൻ
നിത്യമുക്തൻ. 6–7
വിദ്വാൻ സ്വപ്നത്തിൽനിന്നുമുത്ഥിതൻമട്ടിൽ
ദേഹ-
സംസ്ഥിതനെന്നാകിലും ദേഹസംസ്ഥിതനല്ല.
അറിവററവൻ സ്വപ്നം കാണുമവനെന്നപോലെ
ശരീരസ്ഥിതനല്ലെന്നാകിലും ശരീരസ്ഥൻ. 8
ഗുണകാര്യേന്ദ്രിയങ്ങൾ ഗുണകാര്യങ്ങളാകു-
മനേകവിധവിഷയങ്ങളെ ഗ്രഹിക്കുമ്പോൾ
വിവേകിയതൊന്നും താൻ ചെയ്‌വതാ-
യറിയുന്നി-
ല്ലവനെപ്പൊഴും നിർവ്വികാരനായ് വിളങ്ങുന്നു.9
ദൈവത്തിന്നധീനമായിടുമിശ്ശരീരത്തി-
ലാവസിക്കുവോരജ്ഞൻ ഗുണജന്യങ്ങളാകും
കർമ്മങ്ങൾക്കെല്ലാം കർത്താവാണു
താനെന്ന ധീയാൽ
സംബദ്ധനായിബ്‌ഭവിച്ചീടുന്നു മഹാമതേ!10
വിരക്തനായിട്ടേവമടനം സ്നാനം കിട-
പ്പിരിപ്പു സന്ദർശനം ഭോജനം സ്പർശം ഘ്രാണം
ശ്രവണമെന്നിവററിലൊക്കെയും ഗുണമനു-
ഭവിക്കുന്നവനായി പ്രകൃതിസ്ഥനാകിലും
വിദ്വാനസംസക്തനായാകാശം സമീരനും
മിത്രനുമെന്നമട്ടിൽ ബന്ധമററുല്ലസിപ്പൂ 11–12
അസങ്ഗതീവ്രത്വവും വൈശാരദ്യവും ചേർന്നു
വിശുദ്ധാലോകനത്താൽ സന്ദേഹവിഹീ-
നനായ്
നിദ്രയിൽനിന്നുണർന്നോൻമട്ടു നാനാത്വത്തിൽ
നി-
ന്നുദ്ധവാ! നിവർത്തിക്കപ്പെടുന്നു
വിദ്വാനായോൻ. 13
ബുദ്ധി, പ്രാണേന്ദ്രിയങ്ങൾ,
മാനസമെന്നിവററിൻ
വൃത്തികൾ സങ്കല്പങ്ങളററതായുള്ളതാക്കോ
അവൻ തൻഗുണങ്ങളാലേതുമേ ബദ്ധനായി-
ബ്‌ഭവിക്കാ ശരീരസ്ഥനെന്നുതാ-
നിരിക്കിലും. 14

സ്വദേഹം ദുഷ്ടജന്തുസങ്കലം ഹിംസിക്കട്ടെ,
യദൃച്ഛയാലേ വന്നങ്ങൊരുവനർച്ചിക്കട്ടെ,
രണ്ടു സന്ദർഭത്തിലും ബുധനായീടുവോനി-
ല്ലുണ്ടായീടുന്നതില്ല യാതൊരു വികാരവും. 15
ഏകനോതീടുന്നതോ ചെയ്‌വതോ നല്ല കാര്യ-
മാകട്ടെ തീയതാട്ടെയവനെ വാഴ്ത്താതെയും
നിന്ദനംചെയ്യാതെയും ഗുണദോഷങ്ങളററു
മിന്നിടും സമദൃക്കായുള്ളവൻ മുനിയല്ലോ. 16
ഒന്നുമേ ചെയ്യാതെയും ചൊല്ലീടാതെയും നല്ല-
തെന്നോ ദുഷിച്ചതെന്നോ വിചാരിച്ചീടാതെയും
ജഡവൃത്തികളാർന്നിട്ടാത്മാരാമനായ് മുനി
തടവെന്നിയേ ജീവന്മുക്തനായ്ച്ചരിക്കണം.17
വേദത്തിൽ നിഷ്ണാതനാണെങ്കിലും ബ്രഹ്മം-
തന്നി-
ലേതുമേ ലയിക്കാതെയിരുന്നീടുന്നതാകിൽ
അവൻെറ പരിശ്രമം പാലില്ലാപ്പശുവിനെ-
യവനംചെയ്യുവോൻെറ യത്നംപോൽ
വിഫലംതാൻ. 18
ഉദ്ധവാ! പാൽകറവ കഴിഞ്ഞ ഗോവിനേയും
സാദ്ധ്വിയല്ലാതിരിക്കും വല്ലഭയേയും തഥാ
പരാധീനമാം നിജശരീരത്തെയും ഗുണം
തരിമ്പും കലരാത്ത തൻെറ സന്തതിയേയും
സത്പാത്രസമർപ്പിതമല്ലാത്ത ധനത്തെയു-
മല്ലവും മത്കീർത്തനം ചേരാത്ത വാക്കിനേയും
ഏതവനുപാസിക്കുമപ്പുമാൻ നിരന്തരം
ഖേദത്തിന്നടിക്കടി പാത്രമായ് ഭവിക്കുന്നു. 19
ശുദ്ധമായ് ജഗത്സൃഷ്ടിസ്ഥിത്യന്താധാരമാ-
മെൻ
കൃത്യമോ, ലീലാവതാരാദ്ഭുതചരിത്രമോ
ചേരാത്ത വെറും വന്ധ്യയായീടുമഗ്ഗീരിനെ
ധീരനായീടും പുമാൻ ഭരിച്ചീടരുതേതും. 20
ഈവിധം ജിജ്ഞാസയാലാത്മനാനാത്വഭ്രമം
കൈവിട്ടു രജോഗുണാപേതമായിരുന്നിടും
മാനസം സർവ്വാത്മാവാമെന്നിൽ സമർപ്പിച്ചിട്ടു
നാനാവ്യാപാരങ്ങളിൽനിന്നു
പിന്തിരിയേണം. 21
ബ്രഹ്മമാമെന്നിൽച്ചിത്തം നിശ്ചലമുറപ്പിക്കാൻ
സന്മതേ! തെല്ലുമില്ല സാമർത്ഥ്യമെന്നാകിലോ
ലേശവും ഫലാപേക്ഷയെന്നിയേ കർമ്മമെല്ലാ-
മീശനായിടുമെന്നിലർപ്പിച്ചു ചെയ്യേടണം. 22
ശ്രദ്ധയുള്ളവൻ ശുഭപ്രദമായ് ലോകശുദ്ധി-
ചേർത്തിടും മച്ചരിത്രം കേൾക്കയും സ്മരിക്കയും
ഗാനംചെയ്കയും മമ ജന്മകർമ്മങ്ങൾ സദാ
സാനന്ദമഭിനയിക്കുകയും, വേണ്ടതത്രേ. 23
ഉദ്ധവാ! മററാരെയുമാശ്രയിച്ചീടാതെ മ-
ദർത്ഥമായ് ധർമ്മകാമാർത്ഥങ്ങളാം പുമർത്ഥങ്ങൾ
സമാചരിച്ചു സനാതനനായീടുമെന്നി-
ലമന്ദം നിശ്ചഞ്ചലഭക്തി നേടുന്നിതവൻ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്സങ്ഗലബ്ധയാ ഭക്ത്യാ മയി മാം യ ഉപാസിതാ
സ വൈ മേ ദർശിതം സദ്ഭിരഞ്ജസാ വിന്ദതേ പദം. 25

ഉദ്ധവ ഉവാച

സാധുസ്തവോത്തമശ്ലോക, മതഃ കീദൃഗ്വിധഃ പ്രഭോ
ഭക്തിസ്ത്വയ്യുപയുജ്യേത, കീദൃശീ സദ്ഭിരാദൃതാ? 26

ഏതന്മേ പുരുഷാധ്യക്ഷ! ലോകാധ്യക്ഷ! ജഗത്പ്രഭോ!
പ്രണതായാനുരക്തായ പ്രപന്നായ ച കഥ്യതാം. 27

ത്വം ബ്രഹ്മ പരമം വ്യോമ പുരുഷഃ പ്രകൃതേഃ പരഃ
അവതീർണ്ണോഽസി ഭഗവൻ! സ്വേച്ഛോപാത്തപൃഥഗ്വപുഃ. 28

ശ്രീഭഗവാനുവാച

കൃപാലുരകൃതദ്രോഹസ്തിതിക്ഷുഃ സർവ്വദേഹിനാം
സത്യസാരോഽനവദ്യാത്മാ സമഃ സർവ്വോപകാരകഃ. 29

കാമൈരഹതധീർദാന്തോ മൃദുഃ ശുചിരകിഞ്ചനഃ
അനീഹോ മിതഭുക് ശാന്തഃ സ്ഥിരോ മച്ഛരണോ മുനിഃ. 30

അപ്രമത്തോ ഗഭീരാത്മാ ധൃതിമാഞ്ജിതഷഡ്ഗുണഃ
അമാനീ മാനദഃ കല്പോ മൈത്രഃ കാരുണികഃ കവിഃ. 31

ആജ്ഞായൈവം ഗുണാൻ ദോഷാൻ മയാദിഷ്ടാനപി സ്വകാൻ
ധർമ്മാൻ സന്ത്യജ്യ യഃ സർവ്വാൻ മാം ഭജേത സ സത്തമഃ. 32

ജ്ഞാത്വാജ്ഞാത്വാഥ യേ വൈ മാം യാവാന്യശ്ചാസ്മി യാദൃശഃ
ഭജന്ത്യനന്യഭാവേന തേ മേ ഭക്തതമാ മതാഃ. 33

മല്ലിങ്ഗമദ്ഭക്തജനദർശനസ്പർശനാർച്ചനം
പരിചര്യാ സ്തുതിഃ പ്രഹ്വഗുണകർമ്മാനുകീർത്തനം. 34

മത്കഥാശ്രവണേ ശ്രദ്ധാ മദനുധ്യാനമുദ്ധവ!
സർവ്വലാഭോപഹരണം ദാസ്യേനാത്മനിവേദനം. 35

മജ്ജന്മകർമ്മകഥനം മമ പർവ്വാനുമോദനം
ഗീതതാണ്ഡവവാദിത്രഗോഷ്ഠീഭിർമ്മദ്ഗൃഹോത്സവഃ. 36

യാത്രാ, ബലിവിധാനം, ച സർവ്വവാർഷികപർവ്വസു
വൈദികീ താന്ത്രികീ ദീക്ഷാ മദീയവ്രതധാരണം. 37

മമാർച്ചാസ്ഥാപനേ ശ്രദ്ധാ സ്വതഃ സംഹത്യ ചോദ്യമഃ
ഉദ്യാനോപവനാക്രീഡപുരമന്ദിരകർമ്മണി. 38

സംമാർജ്ജനോപലേപാഭ്യാം സേകമണ്ഡലവർത്തനൈഃ
ഗൃഹശുശ്രൂഷണം മഹ്യം ദാസവദ്യദമായയാ 39

അമാനിത്വമദംഭിത്വം കൃതസ്യാപരികീർത്തനം
അപി ദീപാവലോകം മേ നോപയുഞ്ജ്യാന്നിവേദിതം. 40

യദ്യദിഷ്ടതമം ലോകേ യച്ചാതിപ്രിയമാത്മനഃ
തത്തന്നിവേദയേന്മഹ്യം തദാനന്ത്യായ കല്പതേ. 41

സൂര്യോഽഗ്നിർബ്രാഹ്മണോ ഗാവോ വൈഷ്ണവഃ ഖം മരുജ്ജലം
ഭൂരാത്മാ സർവ്വഭൂതാനി, ഭദ്ര, പൂജാപദാനി മേ. 42

സൂര്യേ തു വിദ്യയാ ത്രയ്യാ ഹവിഷാഗ്നൗ യജേത മാം
ആതിഥ്യേന തു വിപ്രാഗ്ര്യേ ഗോഷ്വങ്ഗ യവസാദിനാ. 43

വൈഷ്ണവേ ബന്ധുസത്കൃത്യാ ഹൃദി ഖേ ധ്യാനനിഷ്ഠയാ
വായൗ മുഖ്യധിയാ തോയേ ദ്രവ്യൈസ്തോയപുരസ്കൃതൈഃ. 44

സ്ഥണ്ഡിലേ മന്ത്രഹൃദയൈർഭോഗൈരാത്മാനമാത്മനി
ക്ഷേത്രജ്ഞം സർവ്വഭൂതേഷു സമത്വേന യജേത മാം. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്സങ്ഗലബ്ധമാകുംമത്പരഭക്തിയാലേ
ചിത്സ്വരൂപനാമെന്നെയേതവനുപാസിപ്പൂ
അപ്പുമാൻ സജ്ജനങ്ങൾ കാണിച്ചുകൊടുക്കുന്ന
മത്പദം നിഷ്പ്രയാസം പ്രാപിക്കും
തർക്കമില്ല. 25

ഉദ്ധവൻ പറഞ്ഞു
ഉത്തമശ്ലോകാ! പ്രഭോ! ഭവത്സമ്മതന്മാരാം
സത്തുക്കളേതുമട്ടിലുള്ളവരെന്നു ചൊൽക.
സജ്ജനാദൃതമായ് നിന്തിരുമേനിയിലുപ-
യുജ്യമാം ഭക്തിയേതുവിധത്തിലുള്ളതെന്നും. 26
പുരുഷർഷഭാ! വിഷ്ടപാദ്ധ്യക്ഷാ! ജഗത്പ്രഭോ!
ശരണംഗമിച്ചനുരക്തനായ് നമിച്ചീടും
എനിക്കായിട്ടുണ്ടിദാനീമങ്ങിക്കാര്യങ്ങളെല്ലാം
കനിവാർന്നുരചെയ്യവേണമേ ദയാനിധേ! 27
ഭഗവൻ! ബ്രഹ്മമാമങ്ങാകാശംപോലസങ്ഗൻ
പ്രകൃതിവിട്ടുമിന്നും പരനാംപുമാനുംതാൻ
സ്വേച്ഛയാൽ പ്രത്യേകമാം സ്വരൂപമൊ-
ന്നെടുത്തി-
ങ്ങച്യുതൻ ഭവാനവതരിച്ചിരിക്കുന്നിതേ. 28

ശ്രീഭഗവാൻ പറഞ്ഞു
കാരുണ്യമുള്ളോൻ, ദ്രോഹംചെയ്യാത്തവൻ,
ശാന്ത-
നാരിലും സഹിക്കുന്നോൻ, സത്യംതാൻ
സാരമായോൻ
അനവദ്യാത്മാ, സമൻ, സമസ്തോപകാരക-
നനീഹൻ, കാമങ്ങളാലഹതബുദ്ധി, ദാന്തൻ,
അനഭിമാനി, മൃദു, ശുചി, സുസ്ഥിരൻ, പടു-
വനിശമെന്നെത്തന്നെയാശ്രയിച്ചവൻ, കവി,
അല്പഭക്ഷകൻ, മുനി, യമാനി, യഗാധാത്മാ-
വപ്രമത്തനും ധീരൻ, ഷഡൂർമ്മികളെ
വെന്നോൻ
മാനദൻ, മൈത്രൻ, കൃപാധീനനായ്
പ്രവർത്തിപ്പോ-
നീ നാനാഗുണമാളും സാധു മത്സമ്മതൻ-
താൻ 29-31
ഞാനെത്രമാത്രമുള്ളോ, നേതൊരു തരക്കാരൻ,
ഞാനേതുമട്ടിലുള്ള രൂപത്തെദ്ധരിക്കുവോൻ
എന്നറിഞ്ഞായീടട്ടെയറിഞ്ഞീടാതെയാട്ടെ-
യനന്യാവലംബമില്ലെന്നുള്ളുറപ്പോടു കൂടി
എന്നെബ്ഭജിക്കുന്നവരെൻ ഭക്തതമന്മാർതാ-
നെന്നതിൽ സന്ദേഹമില്ലെന്നതാനെന്റെ
പക്ഷം. 32-33
ദർശിക്ക മല്ലിങ്ഗവും ഭക്തന്മാരെയും പിന്നെ
സ്പർശിക്ക, പൂജിക്കുക, പരിചര്യകൾ ചെയ്ക
സ്തുതിക്ക, വണങ്ങുക, ഗുണകർമ്മങ്ങളെന്നും
കഥിക്കമെത്കൃത്യങ്ങൾ കേൾപ്പതിൽ ശ്രദ്ധവയ്ക്കു
താത്പര്യപൂർവ്വമെന്നെയെപ്പൊഴും ധ്യാനിക്ക
മർപ്പിക്ക കിട്ടുന്നവയാകവേയെനിക്കായി [സ-
ദാസൻതാനെന്നുറച്ചു തന്നെയും തനിക്കുള്ള-
താസകലവുമെനിക്കായ്‌വച്ചു
നമിക്കുക. 34-35
എന്നവതാരലീലാകർമ്മങ്ങൾ പാടീടുക-
യെന്നുടെ ജന്മാഷ്ടമിദിവസം കൊണ്ടാടുക
നൃത്തഗീതാദിവാദ്യഘോഷങ്ങൾ വിദ്വത്സദ-
സ്സിത്തരം ചേർത്തുത്സവം ഘോഷിക്ക മത്-
ക്ഷേത്രത്തിൽ. 36
എഴുന്നള്ളത്തു പൂജയാണ്ടിലും വാവട്ടക്കും-
പൊഴുതിൽ വേദമന്ത്രവിധികൾക്കൊത്തദീക്ഷ
ഏകാദശ്യാദിവ്രതചര്യകൾ, മദർച്ചനം
പാകത്തിൽ സംസ്ഥാപിച്ചീടുന്നതിലേററം-
ശ്രദ്ധ
താനേയും ചേർന്നുദ്യാനോപകാനനാക്രീഡാ-
സ്ഥാനമന്ദിരപുരവരങ്ങൾ നിർമ്മിക്കുക. 37-38
അടിച്ചുവാരി നന്നായ്ത്തളിച്ചു കോലമിട്ടു
വെടിപ്പാക്കുക കോവിൽ, കപടമേതുമെന്യേ
എനിക്കായിട്ടുണ്ടു ദാസഭാവം കൈക്കൊണ്ടു
പാരം
വിനയപൂർവ്വം സവ്കൃത്യവുമനുഷ്ഠിക്ക. 39
അനഭിമാനിത്വവും കപടമില്ലായ്മയും
തനിയേ തൽകൃത്യത്തെ ശ്ലാഘിക്കാതിരിക്കയും
അന്യദേവാരാധനംചെയ്തതാം ദീപംപോലു-
മെന്നുടെയർച്ചനയ്ക്കായുപയോഗിക്കായ്കയും. 40
ഏതേതുണ്ടുലകത്തിലേററവും ശ്രേഷ്ഠമായി
സാധകന്നേററതിപ്രിയങ്ങളായിട്ടുണ്ടോ
അതെല്ലാമെനിക്കായി നിവേദിക്കണമതു
നിതാന്തമനന്തമാം ഫലങ്ങളുളവാക്കും. 41
സൂര്യനുമഗ്നി, വിപ്രർ, പശുക്കൾ, വൈഷ്ണ-
വന്മാർ,
മാരുതൻ, ജലം, വ്യോമ,മാത്മാവു, ധരിത്രിയും
സർവ്വഭൂതങ്ങളും മത്പൂജാസ്ഥാനങ്ങളെന്നും
ഗവാംശഹീനാ! ഭക്തസത്തമാ! ധരിപ്പാലും. 42
സൂര്യനിൽ വേദംകൊണ്ടുമഗ്നിയിൽ
ഹവിസ്സാലു-
മാ,രണജാതിതന്നിലാതിഥ്യത്താലും,
ഗോവിൽ
തൃണാദി സാധനങ്ങൾകൊണ്ടും ശ്രീഹരിഭക്ത-
ജനത്തിൽ ബന്ധുവൃന്ദസത്കാരങ്ങളെക്കൊണ്ടും
ഹൃദയാകാശംതന്നിൽ സുസ്ഥിരധ്യാനംകൊണ്ടു-
മതുപോലനിലങ്കൽ പ്രാണധീകൊണ്ടും പിന്നെ
സലിലംതന്നിൽ ജലസംയുക്തമായ നാനാ-
വിലസൽ പ്രസൂനാദികൊണ്ടുമാരാ-
ധിക്കണം. 43-44
ശുദ്ധമന്ത്രങ്ങളാലേ നിലത്തും ഭോഗപരി-
പാടികളാലേ നിജദേഹസ്ഥജീവങ്കലും
സമഭാവനകൊണ്ടു ജീവിസഞ്ചയത്തിലും
സമർച്ചിക്കണം സർവ്വസാക്ഷിയായീടുമെന്നെ.45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധിഷ്ണ്യേഷ്വേഷ്വിതി മദ്രൂപം ശങ്ഖചക്രഗദാംബുജൈഃ
യുക്തം ചതുർഭുജം ശാന്തം ധ്യായന്നർച്ചേത് സമാഹിതഃ. 46
ഇഷ്ടാപൂർത്തേന മാമേവം യോ യജേത സമാഹിതഃ
ലഭതേ മയി സദ്ഭക്തിം മത്സ്മൃതിഃ സാധുസേവയാ. 47
പ്രായേണ ഭക്തിയോഗേന സത്സങ്ഗേന വിനോദ്ധവ!
നോപായോ വിദ്യതേ സധ്ര്യങ്പ്രായണം ഹി സതാമഹം. 48
അഥൈതത്പരമം ഗുഹ്യം ശൃണ്വതോ യദുനന്ദന!
സുഗോപ്യമപി വക്ഷ്യാമി ത്വം മേ ഭൃത്യഃ സുഹൃത് സഖാ. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഏകാദശോऽധ്യായഃ

ദ്വാദശോऽധ്യായഃ

ശ്രീഭഗവാനുവാച

ന രോധയതി മാം യോഗോ ന സാംഖ്യം ധർമ്മ ഏവ ച
ന സ്വാധ്യായസ്തപസ്ത്യാഗോ നേഷ്ടാപൂർത്തം ന ദക്ഷിണാ. 1
വ്രതാനി യജ്ഞഃ ഛന്ദാംസി തീർത്ഥാനി നിയമാ യമാഃ
യഥാവരുന്ധേ സത്സങ്ഗഃ സർവ്വസങ്ഗാപഹോ ഹി മാം. 2
സത്സങ്ഗേന ഹി ദൈതേയാ യാതുധാനാ മൃഗാഃ ഖഗാഃ
ഗന്ധർവ്വാപ്സരസോ നാഗാഃ സിദ്ധാശ്ചാരണഗുഹ്യകാഃ. 3
വിദ്യാധരാ, മനുഷ്യേഷു വൈശ്യാഃ ശൂദ്രാഃ സ്ത്രിയോऽന്ത്യജാഃ
രജസ്തമഃപ്രകൃതയസ്തസ്മിംസ്തസ്മിൻ യുഗേऽനഘ! 4
ബഹവോ മത്പദം പ്രാപ്താസ്ത്വാഷ്ട്രകായാധവാദയഃ
വൃഷപർവ്വാ ബലിർബ്ബാണോ മയശ്ചാഥ വിഭീഷണഃ. 5
സുഗ്രീവോ ഹനുമാനൃക്ഷോ ഗജോ ഗൃധ്രോ വണിക്പഥഃ
വ്യാധഃ കുബ്ജാ, വ്രജേ ഗോപ്യോ, യജ്ഞപത്ന്യസ്തഥാപരേ. 6
തേ നാധീതശ്രുതിഗണാ നോപാസിതമഹത്തമാഃ
അവ്രതാऽതപ്തതപസഃ സത്സങ്ഗാന്മാമുപാഗതാഃ. 7
കേവലേന ഹി ഭാവേന ഗോപ്യോ ഗാവോ നഗാ മൃഗാഃ
യേऽന്യേ മൂഢധിയോ നാഗാഃ സിദ്ധാ മാമീയുരഞ്ജസാ. 8
യം ന യോഗേന സാംഖ്യേന ദാനവ്രതതപോऽധ്വരൈഃ
വ്യാഖ്യാസ്വാധ്യായസന്ന്യാസൈഃ പ്രാപ്നുയാദ്യത്നവാനപി. 9

രാമേണ സാർദ്ധം മഥുരാം പ്രണീതേ
ശ്വാഫൽക്കിനാ മയ്യനുരക്തചിത്താഃ
വിഗാഢഭാവേന ന മേ വിയോഗ-
തീവ്രാധയോऽന്യം ദദൃശുഃ സുഖായ. 10
താസ്താഃ ക്ഷപാഃ പ്രേഷ്ഠതമേന നീതാ
മയൈവ വൃന്ദാവനഗോചരേണ
ക്ഷണാർദ്ധവത്താഃ പുനരങ്ഗ, താസാം
ഹീനാ മയാ കല്പസമാ ബഭൂവുഃ. 11
സാ നാവിദൻ മയ്യനുഷങ്ഗബദ്ധ-
ധിയഃ സ്വമാത്മാനമദസ്തഥേദം
യഥാ സമാധൗ മുനയോऽബ്ധിതോയേ
നദ്യഃ പ്രവിഷ്ടാ ഇവ നാമരൂപേ. 12
മത്കാമാ രമണം ജാരമസ്വരൂപവിദോऽബലാഃ
ബ്രഹ്മ മാം പരമം പ്രാപുഃ സങ്ഗാച്ഛതസഹസ്രശഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇസ്ഥാനങ്ങളിൽ ഗദാപങ്കജശങ്ഖചക്ര–
യുക്തമായ്ച്ചതുഷ്പാണിയായതിശാന്തമാകും
മാമകസ്വരൂപത്തെയേകാഗ്രചിത്തനായി
ഹേ മഹാമതേ! ധ്യാനംചെയ്തുകൊണ്ടേച്ചി–
ക്കണം. 46

ഏവമേകാഗ്രഹൃത്തായിഷ്ടാപൂർത്തങ്ങളാലേ–
യേവനർച്ചിക്കുമെന്നെയവന്നു സത്സങ്ഗത്താൽ
സദ്ഭക്തിയെന്നിലേറി മത്സ്മൃതിയൊരി–
ക്കലു–
മല്ലവും വിട്ടുമാറാതിരിക്കും സാധുബുദ്ധേ! 47

ഉദ്ധവാ! സാമാന്യമായ്ഭക്തിയോഗവുംപിന്നെ
സത്തുക്കളോടുള്ളതാം സങ്ഗമംതാനുമെന്യേ
ഉത്തമോപായം വേറേയില്ലൊന്നുമെന്നി–
ലെത്താൻ.
സത്തുക്കൾക്കെല്ലാം പ്രാപ്യസ്ഥാനമീ ഞാൻ–
താനല്ലോ. 48

അത്യന്തം രഹസ്യമാണിനി ഞാൻ
ചൊല്ലീടുന്ന–
തെത്രയും ശ്രദ്ധവച്ചു കേട്ടാലുമുദ്ധവാ! നീ!
ഭൃത്യനും സുഹൃത്തും മത്സഖാവുമാകും നിന്നോ–
ടെത്രമേൽ രഹസ്യവും മറച്ചുവയ്ക്കുമോ ഞാൻ? 49

അദ്ധ്യായം 12

ഉദ്ധവോപദേശം—സത്സങ്ഗമഹിമ, പ്രപഞ്ചവൃക്ഷകഥനം

ശ്രീഭഗവാൻ പറഞ്ഞു

യോഗവും സാംഖ്യം ധർമ്മം, തപസ്സും,
സ്വാദ്ധ്യായവും,
ത്യാഗവു,മിഷ്ടാപൂർത്തം, ദക്ഷിണയെന്നീവക
ഒന്നുമേയെന്നെ വശത്താക്കുവാൻ ശക്തങ്ങള–
ല്ലെന്നതു മമ ഭക്താഗ്രേസരാ! ധരിക്ക നീ. 1

യാഗങ്ങൾ, മന്ത്രങ്ങളും, ശൗചങ്ങൾ തീർത്ഥങ്ങള–
മേകാദശ്യാദിവ്രതചര്യകൾ യമങ്ങളും
സമസ്തസങ്ഗാപഹമായിടും
സത്സങ്ഗത്തിൻ–
സമമായെന്നെ വശവർത്തിയാക്കീടാ ദൃഢം. 2

യാതുധാനന്മാർ സിദ്ധഗന്ധർവാപ്സരസ്സുകൾ
ദൈതേയചാരണന്മാർ ഗുഹ്യകർ സർപ്പങ്ങളും
വിദ്യാധരന്മാർ നരന്മാരിൽ വൈശ്യന്മാർ
സ്ത്രീകൾ
ശൂദ്രന്മാരന്ത്യജന്മാർ ഖഗങ്ങൾ മൃഗങ്ങളും
രജസ്തമസ്സ്വഭാവമിയലും പലപേരും
സുജനസങ്ഗത്തിനാലതാതു യുഗങ്ങളിൽ
പരമമാകും പദം പ്രാപിച്ചിട്ടുണ്ടെന്നതു
ധരിച്ചീടുക പാപരഹിതാ! സുഹൃത്തമാ! 3-4

വൃത്രനും പ്രഹ്ളാദനും വൃഷപർവാവു ബലി
ഗൃദ്ധ്രനും വിഭീഷണൻ മയനും ബാണൻതാനും
ജാംബവാൻ ഹനുമാനും സുഗ്രീവൻ ഗജേന്ദ്രനും
കുബ്ജയും തുലാധരൻ ഗോകുലനാരിമാരും
ദീക്ഷിതപത്നിമാരും മററനേകരും സ്വയം
സാക്ഷാലീശ്വരനാകുമെന്നെ സംപ്രാപിച്ചിതു.
വേദമഭ്യസിച്ചില്ല, ചെയ്തില്ല മഹത്സേവ–
യേതുമാചരിച്ചില്ല തപസ്സും വ്രതങ്ങളും.
എന്നിട്ടുമിവരെല്ലാം സജ്ജനസമാഗമ–
മൊന്നിനാൽ മത്പദത്തിലെത്തിച്ചേർന്നി–
രിക്കുന്നു. 5–7

സാധുസങ്ഗമജാതകേവലഭക്തിമൂലം
പൂതമാനസമാരാം ഗോപികാജനങ്ങളും
മൃഗങ്ങൾ വൃക്ഷങ്ങളും മൂഢധീനാഗപശു–
നികരം സിദ്ധന്മാരുമെന്നോടു ചേർന്നിരിപ്പു. 8

യോഗസാംഖ്യങ്ങൾ വേദപഠനം തപോവ്രത–
യാഗദാനങ്ങൾ വ്യാഖ്യാഭേദങ്ങൾ
സന്ന്യാസവും
ഒന്നുകൊണ്ടുമേയെത്ര പ്രയത്നപ്പെട്ടീടിലു–
മെന്നെ പ്രാപിച്ചീടുവാനാക്കുമേ സാധിച്ചീടാ.

അക്രൂരൻ വന്നിട്ടെന്നെ മഥുരാപുരംതന്നിൽ
ചിക്കെന്നു രാമനൊത്തു കൂട്ടിക്കൊണ്ടങ്ങു
പോകെ
എന്നിലത്യന്തരക്തചിത്തരാം ഗോപസ്ത്രീക–
ളന്യൂനപ്രേമഭാരംനിമിത്തമസഹ്യമാം
വിരഹാഗ്നിയിൽ വെന്തിട്ടെന്നെയെന്നിയേ
സുഖ–
കരമായ് മറെറാന്നുമേ കണ്ടതില്ലല്ലോ സഖേ!
വൃന്ദാവനത്തിൽ പ്രിയതമനായിടുമെന്നോ–
ടൊന്നുചേർന്നർദ്ധക്ഷണമെന്നപോൽ നയിച്ചതാം
ഓരോ രാത്രിയുമന്നെപ്പിരിഞ്ഞനേരത്തവ–
ർക്കോരോ കല്പങ്ങളായിത്തന്നെ
തോന്നിച്ചുവല്ലോ. 9–11

എന്നിലെസ്സങ്ഗംമൂലം ബദ്ധചിത്തരാമവർ
തന്നങ്ഗത്തെയുമത്തുമിതുമെന്നതുമേതും
യതികൾ സമാധിയിൽപോലെയുമാഴിയാളും
നദികൾ നാമരൂപംമട്ടിലു,മറിഞ്ഞില്ല. 12

രമിപ്പിച്ചീടും ജാരനെന്ന ബുദ്ധിയാലെന്നിൽ
ഭ്രമിച്ചു മത്സ്വരൂപമറിയാതിരുന്നോരാം
കേവലം സ്ത്രീകൾ പരബ്രഹ്മമാമെന്നിൽ–
ച്ചേർന്നി–
തീവിധമേറെപ്പേർ സത്സങ്ഗത്താലെന്നിൽ
ചേർന്നാർ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാത്ത്വമുദ്ധവോത്സൃജ്യ ചോദനാം പ്രതിചോദനാം
പ്രവൃത്തം ച നിവൃത്തം ച ശ്രോതവ്യം ശ്രുതമേവ ച. 14
മാമേകമേവ ശരണമാത്മാനം സർവ്വദേഹിനാം
യാഹി സർവ്വാത്മഭാവേന മയാ സ്യാ ഹ്യകുതോഭയഃ. 15

ഉദ്ധവ ഉവാച

സംശയഃ ശൃണ്വതോ വാചം തവ യോഗേശ്വരേശ്വര!
ന നിവർത്തത ആത്മസ്ഥോ യേന ഭ്രാമ്യതി മേ മനഃ. 16

ശ്രീഭഗവാനുവാച

സ ഏഷ ജീവോ വിവരപ്രസൂതിഃ
പ്രാണേന ഘോഷേണ ഗുഹാം പ്രവിഷ്ടഃ
മനോമയം സൂക്ഷ്മമുപേത്യ രൂപം
മാത്രാ സ്വരോ വർണ്ണ ഇതി സ്ഥവിഷ്ഠഃ. 17
യഥാനലഃ ഖേഽനിലബന്ധുരൂഷ്മാ
ബലേന ദാരുണ്യധിമഥ്യമാനഃ
അണുഃ പ്രജാതോ ഹവിഷാ സമിധ്യതേ
തഥൈവ മേ വ്യക്തിരിയം ഹി വാണീ. 18
ഏവം ഗദിഃ കർമ്മ ഗതിർവ്വിസർഗ്ഗോ ഘ്രാണോ രസോ ദൃക് സ്പർശഃ ശ്രുതിശ്ച
സങ്കല്പവിജ്ഞാനമഥാഭിമാനഃ സൂത്രം രജഃസത്ത്വതമോവികാരഃ. 19
അയം ഹി ജീവസ്ത്രിവൃദബ്ജയോനി-
രവ്യക്ത ഏകോ വയസാ സ ആദ്യഃ
വിശ്ലിഷ്ടശക്തിർബ്ബഹുധേവ ഭാതി
ബീജാനി യോനിം പ്രതിപദ്യ യദ്വത്. 20
യസ്മിന്നിദം പ്രോതമശേഷമോതം പടോ യഥാ തന്തുവിതാനസംസ്ഥഃ
യ ഏഷ സംസാരതരുഃ പുരാണഃ കർമ്മാത്മകഃ പുഷ്പഫലേ പ്രസൂതേ. 21
ദ്വേ അസ്യ ബീജേ ശതമൂലസ്ത്രിനാളഃ
പഞ്ചസ്കന്ധഃ പഞ്ചരസപ്രസൂതിഃ
ദശൈകശാഖോ ദ്വിസുപർണ്ണനീഡ-
സ്ത്രിവല്ക്കലോ ദ്വിഫലോഽർക്കം പ്രവിഷ്ടഃ. 22
അദന്തി ചൈകം ഫലമസ്യ ഗൃധ്രാ ഗ്രാമേചരാ ഏകമരണ്യവാസാഃ
ഹംസാ യ ഏകം ബഹുരൂപമിജ്യൈർമ്മായാമയം വേദ സ വേദ-
വേദം. 23
ഏവം ഗുരൂപാസനയൈകഭക്ത്യാ വിദ്യാകുഠാരേണ ശിതേന ധീരഃ
വിവൃശ്ച്യ ജീവാശയമപ്രമത്തഃ സമ്പദ്യ ചാത്മാനമഥ ത്യജാസ്ത്രം. 24

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ ദ്വാദശോഽധ്യായഃ

ത്രയോദശോഽധ്യായഃ

ശ്രീഭഗവാനുവാച

സത്ത്വം രജസ്തമ ഇതി ഗുണാ ബുദ്ധേർന്ന ചാത്മനഃ
സത്ത്വേനാന്യതമൗ ഹന്യാത്സത്ത്വം സത്ത്വേന ചൈവ ഹി. 1
സത്ത്വാദ്ധർമ്മോ ഭവേദ്വൃദ്ധാത് പുംസോ മദ്ഭക്തിലക്ഷണഃ
സാത്ത്വികോപാസയാ സത്ത്വം തതോ ധർമ്മഃ പ്രവർത്തതേ. 2
ധർമ്മോ രജസ്തമോ ഹന്യാത് സത്ത്വവൃദ്ധിരനുത്തമഃ
ആശു നശ്യതി തന്മൂലോ ഹ്യധർമ്മ ഉഭയേ ഹതേ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനാലുദ്ധവാ! നീ ശ്രുതിസ്മൃത്യുക്തങ്ങളാം
വിധികളും പ്രവൃത്തിനിവൃത്തിമാർഗ്ഗങ്ങളും
ശ്രുതശ്രോതവ്യങ്ങളും ത്യജിച്ചു സർവ്വദേഹി-
സ്ഥിതാത്മാവായിട്ടേകനായീടുമെന്നെത്തന്നെ
സർവ്വാത്മഭാവത്തോടും ശരണംപ്രാപിച്ചാലും
സർവ്വദാ മദ്യുക്തനായ് ഭീതിയററിരുന്നാലും.
14-15

ഉദ്ധവൻ പറഞ്ഞു

യോഗേശ്വരേശാ! ഭവാൻ ചൊന്നൊരീ
വചനങ്ങ-
ളാകവേ കേട്ടിട്ടുമെൻ മാനസസന്ദേഹങ്ങൾ
തീരുന്നതില്ലായതുമൂലമായെൻെറ ചിത്തം
കാരുണ്യവാരാന്നിധേ! ഭ്രമിച്ചീടുന്നു പാരം. 16

ശ്രീഭഗവാൻ പറഞ്ഞു

ആധാരചക്രജന്മസ്ഥാനയുക്തനാം ജീവൻ
നാദമാർന്നീടും പ്രാണനോടൊത്തു മൂലാധാരം
പ്രവേശിച്ചിട്ടു മനോമയമാം സൂക്ഷ്മരൂപ-
മവാപിച്ചതിൽ പിന്നെ മാത്രകൾ, സ്വരം,
വർണ്ണം,
ഇത്തരമോരോന്നായി ക്രമത്തിൽ മാറിമാറി-
യുദ്ധവാ! സ്ഥൂലരൂപനായിട്ടു ഭവിക്കുന്നു. 17
ആകാശസ്ഥിതമാകുമൂഷ്മരൂപമാമഗ്നി
ശാഖിയിൽ ബലമായി മഥിക്കപ്പെടുന്നതായ്
പവനസഹായത്താലണുപ്രായത്തിലായി
ഹവിസ്സാൽ വർദ്ധിപ്പിക്കപ്പെടുന്നതെങ്ങനേയോ
അപ്പോലെയീ വാണിയുമെൻ വ്യക്തരൂപ-
മെന്നാ-
യുരംപ്പുവിലുദ്ധവാ! നീയുറപ്പിക്കുക നേരേ. 18
ഈവിധം സംഭാഷണം സഞ്ചാരം വിസർജ്ജനം
കേവലം രസം കർമ്മം ദൃഗ്ജ്ഞാനം സ്പർശം
ശ്രുതി
പ്രാണധാരണം സത്ത്വരജസ്തമോവികാരം
ഘ്രാണവുമഹങ്കാരം സങ്കല്പവിജ്ഞാനവും
ഇക്കാണപ്പെട്ടീടുന്ന സമസ്തപ്രപഞ്ചവും
ചിത്കാമ്പായിരിക്കുമെൻ സ്ഥൂല-
സ്വരൂപമത്രേ. 19
ആദ്യനായവ്യക്തനായബ്ജയോനിയായ്
വേദ-
വേദ്യനായേകനായി ത്രിഗുണാശ്രയനാകും
ഈ ജീവൻ കാലത്തിനാൽ വിശ്ലിഷ്ട-
ശക്തിയായി
രാജിപ്പൂ, വിളഭൂവിൽ വിത്തുപോൽ
പലതായി. 20

എന്നി,ലോതപ്രോതങ്ങളായ തന്തുവിൽ വസ്ത്ര-
മെന്നപോൽ, പുരാണമായ് കർമ്മസ്വരൂപമാകും
ഇബ്ഭവവൃക്ഷം വേണ്ടവിധത്തിൽ പുഷ്പിപ്പെട്ടു
പുഷ്പിച്ചു ഫലങ്ങളെയുദ്ഭവിപ്പിക്കുന്നിതു. 21
ഇതിന്നു രണ്ടു വിത്തു, മൂന്നു തോൽ, മൂന്നു നാളം,
പതിനൊന്നു കൊ,മ്പഞ്ചു കവരം, രണ്ടു കായും,
ഏറെ വേരുമായ്, പഞ്ചരസയോനിയായ്
സൂര്യ-
പര്യന്തമെത്തുന്നിതു ദ്വിപക്ഷിനീഡ-
ത്തൊടും. 22
ഇതിൻെറ പഴമൊന്നഗ്രാമീണഗൃദ്ധ്രങ്ങളും
സ്വദിക്കുന്നൊന്നു വനചാരികൾ ഹംസങ്ങളും.
നാനാരൂപമായ് മായാമയമായേകമായി-
ബ്ഭാനിക്കുമീ വൃക്ഷത്തെയാചാര്യാനു-
ഗ്രഹത്താൽ
ഏതു പൂരുഷനറിഞ്ഞീടുന്നു ശരിയായി,
വേദത്തെയവനത്രേ മനസ്സിലാക്കുന്നതും. 23
ഇക്കണക്കാചാര്യനെയുപാസിച്ചാളമേക-
ഭക്തിയെക്കൊണ്ടും ശിതവിദ്യാകുഠാരംകൊണ്ടും
അപ്രമത്തനായ് ധീരചിത്തനായ്
ലിംഗദേഹം
കെല്പോടു ഖണ്ഡിച്ചാത്മരൂപനായ്
ശസ്ത്രം തള്ളൂ. 24

അദ്ധ്യായം 13

ഉദ്ധവോപദേശം—ബ്രഹ്മസനകസംവാദം

ശ്രീഭഗവാൻ പറഞ്ഞു

സത്ത്വം രജസ്സു തമസ്സീ മൂന്നു ഗുണങ്ങളും
ബുദ്ധിയുടേതുതന്നെയാത്മാവിനുള്ളതല്ല.
സത്ത്വമാം ഗുണത്തിനാലന്യമാം ഗുണം രണ്ടും
വിധ്വസ്തമാക്കീടണം സത്ത്വത്താൽ
സത്ത്വത്തെയും. 1
വർദ്ധിച്ച സത്ത്വംതന്നിൽനിന്നിഹ പുരുഷനു
സിദ്ധിപ്പൂ മദ്ഭക്തിതൻ ലക്ഷണമാകും ധർമ്മം.
സാത്ത്വികസാധനോപയോഗത്താൽ
സത്ത്വഗുണം
സിദ്ധമാമതിൽനിന്നു ധർമ്മവും ഭവിക്കുന്നു. 2
സത്ത്വത്തിൽനിന്നു വർദ്ധിച്ചീടുമാ ശ്രേഷ്ഠധർമ്മം
ധ്വസ്തമാക്കുന്നിതന്യഗുണങ്ങൾ രണ്ടിനേയും.
അതുകൾ നശിച്ചീടിൽ തന്മൂലമുണ്ടായിടു-
മധർമ്മം പാടേ ശീഘ്രം നശിക്കും തർക്കമില്ല. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗമോഽപഃ പ്രജാ ദേശഃ കാലഃ കർമ്മ ച ജന്മ ച
ധ്യാനം മന്ത്രോഽഥ സംസ്കാരോ ദശൈതേ ഗുണഹേതവഃ. 4
തത്തത് സാത്ത്വികമേവൈഷാം യദ്യദ് വൃദ്ധാഃ പ്രചക്ഷതേ
നിന്ദന്തി താമസം തത്തദ്രാജസം തദുപേക്ഷിതം. 5
സാത്ത്വികാന്യേവ സേവേത പുമാൻ സത്ത്വവിവൃദ്ധയേ
തതോ ധർമ്മസ്തതോ ജ്ഞാനം യാവത് സ്മൃതിരപോഹനം. 6
വേണുസങ്ഘർഷജോ വഹ്നിർദ്ദഗ്ധ്വാ ശാമ്യതി തദ്വനം
ഏവം ഗുണവ്യത്യയജോ ദേഹഃ ശാമ്യതി തത്ക്രിയഃ. 7

ഉദ്ധവ ഉവാച

വിദന്തി മർത്ത്യാഃ പ്രായേണ വിഷയാൻ പദമാപദാം
തഥാപി ഭുഞ്ജതേ കൃഷ്ണ! തത് കഥം ശ്വഖരാജവത്? 8

ശ്രീഭഗവാനുവാച

അഹമിത്യന്യഥാബുദ്ധിഃ പ്രമത്തസ്യ യഥാ ഹൃദി
ഉത്സർപ്പതി രജോ ഘോരം തതോ വൈകാരികം മനഃ. 9
രജോയുക്തസ്യ മനസഃ സങ്കല്പഃ സവികല്പകഃ
തതഃ കാമോ ഗുണധ്യാനാദ്ദുഃസഹ സ്യാദ്ധി ദുർമ്മതേഃ. 10
കരോതി കാമവശഗഃ കർമ്മാണ്യവിജിതേന്ദ്രിയഃ
ദുഃഖോദർക്കാണി സമ്പശ്യൻ രജോവേഗവിമോഹിതഃ. 11
രജസ്തമോഭ്യാം യദപി വിദ്വാൻ വിക്ഷിപ്തധീഃ പുനഃ
അതന്ദ്രിതോ മനോ യുഞ്ജൻ ദോഷദൃഷ്ടിർന്ന സജ്ജതേ. 12
അപ്രമത്തോഽനുയുഞ്ജീത മനോ മയ്യർപ്പയഞ്ഛനൈഃ
അനിർവ്വിണ്ണോ യഥാകാലം ജിതശ്വാസോ ജിതാസനഃ. 13
ഏതാവാൻ യോഗ ആദിഷ്ടോ മച്ഛിഷ്യൈഃ സനകാദിഭിഃ
സർവ്വതോ മന ആകൃഷ്യ മയ്യദ്ധാഽഽവേശ്യതേ യഥാ. 14

ഉദ്ധവ ഉവാച

യദാ ത്വം സനകാദിഭ്യോ യേന രൂപേണ കേശവ!
യോഗമാദിഷ്ടവാനേതദ്രൂപമിച്ഛാമി വേദിതും. 15

ശ്രീഭഗവാനുവാച

പുത്രാ ഹിരണ്യഗർഭസ്യ മാനസാഃ സനകാദയഃ
പപ്രച്ഛുഃ പിതരം സൂക്ഷ്മാം യോഗസ്യൈകാന്തികീം ഗതിം. 16

സനകാദയ ഊചുഃ

ഗുണേഷ്വാവിശതേ ചേതോ ഗുണാശ്ചേതസി ച പ്രഭോ!
കഥമന്യോന്യസംത്യാഗോ മുമുക്ഷോരതിതിതീഷോഃ. 17

ശ്രീഭഗവാനുവാച

ഏവം പൃഷ്ടോ മഹാദേവഃ സ്വയംഭൂർഭൂതഭാവനഃ
ധ്യായമാനഃ പ്രശ്നബീജം നാഭ്യപദ്യത കർമ്മധീഃ. 18
സ മാമചിന്തയദ്ദേവഃ പ്രശ്നപാരതിതീർഷയാ
തസ്യാഹം ഹംസരൂപേണ സകാശമഗമം തദാ. 19
ദൃഷ്ട്വാ മാം ത ഉപവ്രജ്യ കൃത്വാ പാദാഭിവന്ദനം
ബ്രഹ്മാണമഗ്രതഃ കൃത്വാ പപ്രച്ഛുഃ ''കോ ഭവാ''നിതി. 20
ഇത്യഹം മുനിഭിഃ പൃഷ്ടസ്തത്ത്വജിജ്ഞാസുഭിസ്തദാ
യദവോചമഹം തേഭ്യസ്തദുദ്ധവ! നിബോധ മേ. 21
''വസ്തുനോ യദ്യനാനാത്വമാത്മനഃ പ്രശ്ന ഈദൃശഃ
കഥം ഘടേത വോ വിപ്രാ വക്തുർവ്വാ മേ ക ആശ്രയഃ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്ത്രം, നീർ, ജനം, ദേശം സംസ്കാരം കാലം
ജന്മം
കൃത്യവും ധ്യാനം മന്ത്രം ഗുണഹേതുക്കൾ
പത്താം. 4
അതിൽവച്ചറിവുള്ളോരേതിനെ പ്രശംസിക്കു-
മതു സാത്ത്വികം നിന്ദിപ്പതു താമസവും താൻ.
സത്തുക്കളേതിനെസ്സന്ത്യജിച്ചീടുന്നിതായ-
തത്രേ രാജസമെന്നും ധരിച്ചുകൊണ്ടാലും നീ. 5
മർത്ത്യനിസ്സത്ത്വവൃദ്ധിക്കുതകുംമട്ടിലുള്ള
വസ്തുക്കളെത്താനുപാസിക്കണമതുമൂലം,
ധർമ്മവുമതിൽനിന്നും ജ്ഞാനവുമായുരന്ത-
മോർമ്മയുമഭിമാനനാശവുമുണ്ടായിടും. 6
മുളകൾതമ്മിൽ കൂട്ടിമുട്ടിയിട്ടുണ്ടായിടും
ജ്വലനനാവനത്തെദ്ദഹിപ്പിച്ചടങ്ങുംപോൽ
അന്യോന്യം ഗുണസങ്ഗജാതമാം ശരീരവു-
മന്യൂനം കർമ്മംചെയ്തുകഴിഞ്ഞാൽ ശമിക്കുന്നു. 7

ഉദ്ധവൻ പറഞ്ഞു

ഹേ കൃഷ്ണാ! വിഷയങ്ങളാപത്കരങ്ങളെ-
ന്നായ്
ലോകരിൽ ഭൂരിഭാഗമറിയുന്നെന്നാകിലും
കഴുത, പട്ടി,യാടെന്നിവയെപ്പോലെ വീണ്ടും
വിഷയങ്ങളെത്തന്നെയെങ്ങനെ ഭുജിക്കുന്നു? 8

ശ്രീഭഗവാൻ പറഞ്ഞു

ഉന്മത്തന്നവനന്യനാണെന്ന ബുദ്ധിയുള്ളി-
ലുണ്മയായ് വ്യാപിക്കുംപോൽ,
ഘോരമാം രജോഗുണം
സത്ത്വാംശമായീടുന്ന മനസ്സിൽ പരന്നഭി-
വൃദ്ധമായ് ഭവിക്കുന്നെന്നറിക മഹാമതേ! 9
മാനസം രജോഗുണയുക്തമായ്ത്തീർന്നീടുമ്പോൾ
താനേയുദിക്കും ചില സങ്കല്പവികല്പങ്ങൾ
അതിനാൽ, ദൃഢഗുണധ്യാനംനിമിത്തമീ ദുർ-
മ്മതിക്കുണ്ടാകും നൂനം ദുസ്സഹമാകും കാമം. 10
അജിതേന്ദ്രിയനായിക്കാമത്തിന്നധീനനായ്
രജോവേഗത്തിനാലേ മോഹിച്ചു വിഷയങ്ങൾ
ദുഃഖോദർക്കങ്ങളെന്നുതന്നെ കണ്ടറിഞ്ഞിട്ടും
തർക്കമെന്നിയേ കർമ്മം ചെയ്യുന്നു നിരന്തരം. 11
വിവേകി രജസ്തമോവിക്ഷിപ്തധീയാകിലും
ലവവും മടിയെന്യേ പിന്നെയുമാത്മാവിങ്കൽ
മനസ്സു യോജിപ്പിച്ചും വിഷയദോഷങ്ങളെ
നിനച്ചും സക്തനാകാ വിഷയങ്ങളിൽ
തെല്ലും. 12
അപ്രമത്തനായനിർവ്വിണ്ണനായാസനങ്ങ-
ളെപ്പേരും വെന്നു ജിതശ്വാസനായ് യഥാകാലം
മാനസം മെല്ലെമെല്ലെയെന്നിൽ
സമർപ്പിച്ചുകൊ-
ണ്ടൂനമെന്നിയേ നേരേ യോഗത്തെ-
ശ്ശീലിക്കണം. 13

എല്ലാറ്റിൽനിന്നും മനമാകർഷിച്ചെന്നിൽത്തന്നെ
നല്ലപോലുറപ്പിച്ചു വസ്തുതാം യോഗമെന്നായ്
മാമകാന്തേവാസികളായിടും സനകാദി-
മാമുനിമാരോടു ഞാനുപദേശിച്ചു മുന്നം. 14

ഉദ്ധവൻ പറഞ്ഞു

ഏതൊരു കാലത്തിങ്കലേതൊരുരൂപംധരി-
ച്ചോതിയങ്ങവർക്കതെന്നുള്ളതും
ചൊല്ലിയാലും. 15

ശ്രീഭഗവാൻ പറഞ്ഞു

ബ്രഹ്മാവുതന്മാനസപുത്രരാം സനകാദി-
ബ്രഹ്മജ്ഞർ യോഗത്തിന്റെ സൂക്ഷ്മമായീടും ഗതി
ധരിച്ചീടുവാനേററമാശിച്ചു പിതാവു ത-
ന്നരികിൽച്ചെന്നുനിന്നു ചോദിച്ചാരി-
പ്രകാരം. 16

സനകാദികൾ പറഞ്ഞു

അല്ലയോ മഹാപ്രഭോ! മനസ്സിൽ ഗുണങ്ങളും
ചെല്ലുന്നു, ഗുണങ്ങളിൽ മനസ്സുമെല്ലാഴ്പ്പൊഴും
ഭവാബ്ധി കടക്കുവാനിച്ഛിക്കും മുമുക്ഷുവി-
ന്നിവററിൻ വേർപാടേതുവിധത്തിൽ
സാധിച്ചീടാം? 17

ശ്രീഭഗവാൻ പറഞ്ഞു

ഭൂതഭാവനനായിത്തേജസ്സ്വരൂപനാകും
ധാതാവിച്ചോദ്യം കേട്ടു വളരെദ്ധ്യാനിച്ചിട്ടും
കർമ്മത്താൽ ബുദ്ധിപാരമിളകിപ്പോകയാലേ
തന്മാനസത്തിലതിന്നുത്തരമുദിച്ചീല. 18
അദ്ദേഹമിപ്രശ്നാബ്ധിക്കക്കരെപററീടുവാൻ
ചിത്തത്തിലെന്നെദ്ധ്യാനിച്ചീടിനാൻ
ഭക്തിപൂർവ്വം.
അപ്പോൾ ഞാനൊരു ഹംസരൂപം
ധരിച്ചു വേഗ-
മപ്പദ്മജാന്തികത്തിൽച്ചെന്നങ്ങു
നിന്നീടിനേൻ. 19
സനകാദികളപ്പോളെന്നെക്കണ്ടന്തികത്തി-
ലണഞ്ഞു നമസ്കാരംചെയ്തഥ ധാതാവിനെ
മുൻനിർത്തിക്കൊണ്ടു, ''ഭവാനാ''രെന്നു
ചൊല്ലിയാലു-
മെന്നതിവിനീതരായെന്നോടു ചോദിച്ചിതു. 20
തത്ത്വജിജ്ഞാസുക്കളാം മാമുനിമാരാലേവം
പൃഷ്ടനായ് തുഷ്ടനാം ഞാനന്നേരമവർക്കായി
പറഞ്ഞുകൊടുത്തതാമാ യോഗമെന്നിൽനിന്നു-
മറിഞ്ഞുകൊൾക നീയുമുദ്ധവാ! ശ്രദ്ധാപൂർവ്വം. 21
''ആത്മവസ്തുവിന്നില്ല നാനാത്വമെന്നാകിലോ
ബ്രാഹ്മണശ്രേഷ്ഠന്മാരേ! നിങ്ങൾ ചോദിച്ച
ചോദ്യം
സങ്ഗതമല്ല വക്താവാമെനിക്കാരാശ്രയം
നിങ്ങളോർക്കുവിനാത്മാവേകനല്ലെന്നോ
ഭാവം? 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചാത്മകേഷു ഭൂതേഷു സമാനേഷു ച വസ്തുതഃ
കോ ഭവാനിതി വഃ പ്രശ്നോ വാചാരംഭോ ഹ്യനർത്ഥകഃ. 23

മനസാ വചസാ ദൃഷ്ട്യാ ഗൃഹ്യതേഽന്യൈരപീന്ദ്രിയൈഃ
അഹമേവ ന മത്തോഽന്യദിതി ബുധ്യധ്വമഞ്ജസാ. 24

ഗുണേഷ്വാവിശതേ ചേതോ ഗുണാശ്ചേതസി ച പ്രജാഃ
ജീവസ്യ ദേഹ ഉഭയം ഗുണാശ്ചേതോ മദാത്മനഃ. 25

ഗുണേഷു ചാവിശച്ചിത്തമഭീക്ഷ്ണം ഗുണസേവയാ
ഗുണാശ്ച ചിത്തപ്രഭവാ മദ്രൂപ ഉഭയം ത്യജേത്. 26

ജാഗ്രത് സ്വപ്നഃ സുഷുപ്തം ച ഗുണതോ ബുദ്ധിവൃത്തയഃ
താസാം വിലക്ഷണോ ജീവഃ സാക്ഷിത്വേന വിനിശ്ചിതഃ.27

യർഹി സംസൃതിബന്ധോഽയമാത്മനോ ഗുണവൃത്തിദഃ
മയി തുര്യേ സ്ഥിതോ ജഹ്യാത് ത്യാഗസ്തദ്ഗുണചേതസാം.28

അഹങ്കാരകൃതം ബന്ധമാത്മനോഽർത്ഥവിപര്യയം
വിദ്വാൻ നിർവിദ്യ സംസാരചിന്താം തുര്യേ സ്ഥിത-
സ്ത്യജേത്. 29

യാവന്നാനാർത്ഥധീഃ പുംസോ ന നിവർത്തേത യുക്തിഭിഃ
ജാഗർത്ത്യപി സ്വപന്നജ്ഞഃ സ്വപ്നേ ജാഗരണം യഥാ. 30

അസത്ത്വാദാത്മനോഽന്യേഷാം ഭാവാനാം തത്കൃതാ ഭിദാ
ഗതയോ ഹേതവശ്ചാസ്യ മൃഷാ സ്വപ്നദൃശോ യഥാ. 31

യോ ജാഗരേ ബഹിരനുക്ഷണധർമ്മിണോഽർത്ഥാൻ
ഭുങ്ക്തേ സമസ്തകരണൈർഹൃദി തത്സദൃക്ഷാൻ
സ്വപ്നേ സുഷുപ്ത ഉപസംഹരതേ സ ഏകഃ
സ്മൃത്യന്വയാത്ത്രിഗുണവൃത്തിദൃഗിന്ദ്രിയേശഃ. 32

ഏവം വിമൃശ്യ ഗുണതോ മനസസ്ത്ര്യവസ്ഥാ
മന്മായയാ മയി കൃതാ ഇതി നിശ്ചിതാർത്ഥാഃ
സംഛിദ്യ ഹാർദ്ദമനുമാനസദുക്തി തീക്ഷ്ണ-
ജ്ഞാനാസിനാ ഭജത, മാഖിലസംശയാധിം. 33

ഈക്ഷേത വിഭ്രമമിദം മനസോ വിലാസം
ദൃഷ്ടം വിനഷ്ടമതിലോലമലാതചക്രം
വിജ്ഞാനമേകമുരുധേവ വിഭാതി മായാ
സ്വപ്നസ്ത്രിധാ ഗുണവിസർഗ്ഗകൃതോ വികല്പഃ. 34

ദൃഷ്ടിം തതഃ പ്രതിനിവർത്ത്യ നിവൃത്തതൃഷ്ണ-
സ്തൂഷ്ണീം ഭവേന്നിജസുഖാനുഭവോ നിരീഹഃ
സന്ദൃശ്യതേ ക്വ ച യദീദമവസ്തുബുദ്ധ്യാ
ത്യക്തം ഭ്രമായ ന ഭവേത് സ്മൃതിരാനിപാതാത്. 35

ദേഹം ച നശ്വരമവസ്ഥിതമുത്ഥിതം വാ
സിദ്ധോ ന പശ്യതി യതോഽധ്യഗമത് സ്വരൂപം
ദൈവാദപേതമുത ദൈവവശാദുപേതം
വാസോ യഥാ പരികൃതം മദിരാമദാന്ധഃ. 36

ദേഹോഽപി ദൈവവശഗഃ ഖലു കർമ്മ യാവത്
സ്വാരംഭകം പ്രതിസമീക്ഷത ഏവ സാസുഃ
തം സപ്രപഞ്ചമധിരൂഢസമാധിയോഗഃ
സ്വാപ്നം പുനർന്ന ഭജതേ പ്രതിബുദ്ധവസ്തുഃ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചഭൂതങ്ങളെല്ലാശ്ശരീരത്തിലും സമം
തഞ്ചുമ്പോൾ ഭവാനാരാണെന്നുള്ള യുഷ്മ-
ച്ചോദ്യം
ആരംഭിച്ചപ്പൊഴേതാനത്ഥശൂന്യമായിട്ട
തീരുന്നു ഭൗതികമാം ധമ്മമാക്കില്ലാതുള്ള? 23
മനോവാങ്നേത്രാദിയാമിന്ദ്രിയങ്ങളാലനു-
ദിനവും ഗ്രഹിപ്പതു ഞാൻതന്നെ മറ്റൊന്നല്ല.
എന്നിൽനിന്നന്യമായി യാതൊന്നുമില്ലെന്നതു
നന്നായ്ച്ചിന്തിച്ചു നിങ്ങൾ ധരിക്കിൻ
വിപ്രന്മാരേ! 24
അല്ലയോ പുത്രന്മാരേ! ചിത്തം ത്രിഗുണത്തിലും
കില്ലെന്യേ പ്രവേശിപ്പൂ ഗുണങ്ങൾ
ചിത്തത്തിലും
ചിത്തവും ഗുണങ്ങളുമൊത്തുചേരുന്നംശമായ്
വത്തിക്കുന്നതു ജീവോപാധിയാം ലിംഗ-
ദേഹം. 25
ഗുണത്രയത്തിൽ ഗതമായിടും മനം സദാ
ഗുണസേവയാൽ വദ്ധിച്ചീടുന്നു, ഗുണങ്ങളും
ചിത്തത്തിൽനിത്യമഭിവൃദ്ധിയെ പ്രാപിക്കുന്നു;
മദ്രൂപനായിട്ടുപേക്ഷിക്കണം രണ്ടിനേയും. 26
ജാഗ്രത്തും സുഷുപ്തിയും സ്വപ്നവും ഗുണത്രയം
ചേക്കുന്ന ബുദ്ധിവ്യാപാരങ്ങളാ,ണിവയ്ക്കെഴും
ലക്ഷണമില്ലാതുള്ള ജീവനെസ്സാക്ഷിയായി
നിശ്ചയിച്ചിരിക്കുന്നു വിദ്വാന്മാർ വിപ്ര-
ന്മാരേ! 27
ഇബ്ഭവബന്ധമത്രേ ജീവനു ഗുണവൃദ്ധി-
ചേപ്പതു തന്മൂലമായവസ്ഥാതീതനാകും
എന്നിൽ സംസ്ഥിതനായസ്സംസാരം
ത്യജിക്കണ-
മെന്നതുതന്നെയല്ലോ ഗുണമാനസത്യാഗം. 28
എന്നുമേയഹങ്കാരകൃതമാം ബന്ധമാത്മാ-
വിന്നെതിർഫലമേകുമെന്നറിഞ്ഞിരുന്നീടും
വിദ്വാൻ വൈരാഗ്യമാന്നു സാക്ഷിയായീട്-
മെന്നിൽ
സംസ്ഥിതനായിബ്ഭവചിന്തയെ
ത്യജിക്കണം. 29
പുരുഷൻ നാനാത്വധീ, യുക്തിയാൽ
സംഹരിക്കാ-
തിരിക്കുന്നതുവരെയജ്ഞാനിയായോരവൻ
ഉണന്നിരുന്നീടിലും സുപ്തനായ് സ്വപ്നകാല-
ത്തണയും ജാഗരണം തന്നിൽപ്പോൽ
വത്തിക്കുന്നു. 30
ആത്മാവെയൊഴിച്ചന്യങ്ങൾക്കുള്ള
മിഥ്യാത്വത്താ-
ലാത്മാവിന്നവ നിശ്ചിച്ചീടുന്ന ലോകങ്ങളും
തദ്ബീജകമ്മങ്ങളുമെന്ന ഭേദങ്ങളെല്ലാം
സ്വപ്നപ്രതീതിപോലെ മിഥ്യയായ്
ഭവിക്കുന്നു. 31

ജാഗ്രത്തിലേവൻ സദാ വികാരമാളും വിഷ-
യോത്കരം നിജേന്ദ്രിയവൃന്ദത്താൽ പുറമേയും;
സ്വപ്നത്തിലതിന്നൊത്ത വിഷയങ്ങളെയെല്ലാ-
മുൾപ്പൂവികല്പമനുഭവിച്ചു സുഷുപ്തിയിൽ
സമസ്തം തന്നിൽത്തന്നെ ലയിപ്പിച്ചനുഭൂതി-
നിമിത്തമെങ്ങും വ്യാപ്തമായിടും സ്മൃതിയാലേ
ത്രിഗുണവൃത്തികളും കണ്ടുകൊണ്ടിരിക്കുമാ
നിഖിലേന്ദ്രിയനാഥനീയാത്മാവേകനത്രേ. 32
ഇമ്മട്ടു വിമശിച്ചു ഹൃത്തിൻ മൂന്നവസ്ഥയ-
മെന്മായയാലേയെന്നിൽ നിശ്ചിച്ചതെന്ന
തത്ത്വം
നിശ്ചിതമാക്കിയനുമാനസദ്വാക്യങ്ങളാൽ
മൂച്ചയേറിയതായ വിവേകഖഡ്ഗത്തിനാൽ
സകല സന്ദേഹവും സമൂലം സംഛേദിച്ചി-
ട്ടകതാരിങ്കലെന്നെബ്ഭജിച്ചീടുവിൻ
നിങ്ങൾ. 33
ഈ ലോകം പാക്കിൽ മനോവിലാസഭ്രമമെന്നും
ലോലമാം തീക്കൊള്ളിപോൽ നശ്യവുമെന്നും
കാൺക.
ഏകവിജ്ഞാനം പലതെന്നപോൽ മൂന്നായിഹ
പാകത്തിൽ നല്ലവണ്ണം പ്രകാശിച്ചിടുന്നിതു.
ഗുണങ്ങൾനിമിത്തം സംസൃഷ്ടമായ് വികല്പമാം
കിനാവിനൊപ്പം മായയാലെല്ലാം കല്പിതം-
താൻ. 34
നാനാരൂപത്തിൽ കാണുമീ പ്രപഞ്ചത്തിൽ-
നിന്നും
താനേ സ്വദൃഷ്ടിയെപ്പിൻവലിച്ചു തൃഷ്ണവിട്ടു
സ്വരൂപാനന്ദമനുഭവിക്കുന്നവനായി
നിരീഹനായി മൗനിയായിരുന്നീടവേണം.
ചിലപ്പോളൊരുവേള കാണപ്പെട്ടെന്നാകിലും
ചലമെന്നുള്ള ധീയാൽ ത്യക്തമാമിപ്രപഞ്ചം
പിന്നെ ഭ്രമിപ്പിക്കയില്ലവനെ സ്മരണയും
നിന്നിടും ശരീരത്തിൻ പതനകാലത്തോളം. 35
ഇരിക്കുകയോ നശ്യം സ്വദേഹം നില്ക്കയോയെ-
ന്നറിയുന്നില്ല സിദ്ധൻ സ്വരൂപം പ്രാപി-
ക്കയാൽ.
പ്രാരബ്ധത്തിനാൽ ദേഹം പോവതും വരുവതു-
മോരുന്നില്ലവൻ മദ്യമദാന്ധൻ വസ്ത്രത്തെ-
പ്പോൽ. 36
സ്വാരംഭഹേതുവാകും കമ്മമെത്രനാളുണ്ടാം
പ്രാരബ്ധാധീനമാകും ശരീരമത്രകാലം
ജീവനെദ്ധരിക്കുന്നു, സമാധിയോഗത്തിനാൽ;
കേവലം വസ്തുജ്ഞാനം ശരിയായ് സിദ്ധി-
ച്ചവൻ
സ്വപ്നസന്നിഭമായിസ്സപ്രപഞ്ചമാം മെയ്യി-
ലുൾപ്രവേശിക്കയില്ല വീണ്ടുമെന്നറി-
ഞ്ഞാലും. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മയൈതദുക്തം വോ വിപ്രാ! ഗുഹ്യം യത് സാംഖ്യയോഗയോഃ
ജാനീത മാഽഽഗതം യജ്ഞം യുഷ്മദ്ധർമ്മവിവക്ഷയാ. 38

അഹം യോഗസ്യ സാംഖ്യസ്യ സത്യസ്യർത്തസ്യ തേജസഃ
പരായണം ദ്വിജശ്രേഷ്ഠാഃ ശ്രിയഃ കീർത്തേർദ്ദമസ്യ ച. 39

മാം ഭജന്തി ഗുണാഃ സർവ്വേ നിർഗ്ഗുണം നിരപേക്ഷകം
സുഹൃദം പ്രിയമാത്മാനം സാമ്യാസങ്ഗാദയോഽഗുണാഃ.'' 40

ഇതി മേ ഛിന്നസന്ദേഹാ മുനയഃ സനകാദയഃ
സഭാജയിത്വാ പരയാ ഭക്ത്യാഽഗൃണത സംസ്തവൈഃ. 41

തൈരഹം പൂജിതഃ സമ്യക് സംസ്തുതഃ പരമർഷിഭിഃ
പ്രത്യേയായ സ്വകം ധാമ പശ്യതഃ പരമേഷ്ഠിനഃ. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ത്രയോദശോഽധ്യായഃ

ചതുർദ്ദശോഽധ്യായഃ

ഉദ്ധവ ഉവാച

വദന്തി കൃഷ്ണ! ശ്രേയാംസി ബഹൂനി ബ്രഹ്മവാദിനഃ
തേഷാം വികല്പപ്രാധാന്യമുതാഹോ ഏകമുഖ്യതാ. 1

ഭവതോദാഹൃതഃ സ്വാമിൻ! ഭക്തിയോഗോഽനപേക്ഷിതഃ
നിരസ്യ സർവ്വതഃ സങ്ഗം യേന ത്വയ്യാവിശേന്മനഃ. 2

ശ്രീഭഗവാനുവാച

കാലേന നഷ്ടാ പ്രളയേ വാണീയം വേദസംജ്ഞിതാ
മയാഽഽദൗ ബ്രഹ്മണേ പ്രോക്താ ധർമ്മോ യസ്യാം മദാത്മകഃ. 3

തേന പ്രോക്താ ച പുത്രായ മനവേ പൂർവ്വജായ സാ
തതോ ഭൃഗ്വാദയോഽഗൃഹ്ണൻ സപ്ത ബ്രഹ്മമഹർഷയഃ. 4

തേഭ്യഃ പിതൃഭ്യസ്തത്പുത്രാ ദേവദാനവഗുഹ്യകാഃ
മനുഷ്യാഃ സിദ്ധഗന്ധർവ്വാഃ സവിദ്യാധരചാരണാഃ. 5

കിന്ദേവാഃ കിന്നരാ നാഗാ രക്ഷഃകിമ്പുരുഷാദയഃ
ബഹ്വ്യസ്തേഷാം പ്രകൃതയോ രജഃസത്ത്വതമോഭുവഃ. 6

യാഭിർഭൂതാനി ഭിദ്യന്തേ ഭൂതാനാം മതയസ്തഥാ
യഥാപ്രകൃതി സർവ്വേഷാം ചിത്രാ വാചഃ സ്രവന്തി ഹി. 7

ഏവം പ്രകൃതിവൈചിത്ര്യാദ്ഭിദ്യന്തേ മതയോ നൃണാം
പാരമ്പര്യേണ കേഷാഞ്ചിത് പാഖണ്ഡമതയോഽപരേ. 8

മന്മായാമോഹിതധിയഃ പുരുഷാഃ പുരുഷർഷഭ!
ശ്രേയോ വദന്ത്യനേകാന്തം യഥാകർമ്മ യഥാരുചി. 9

ധർമ്മമേകേ യശശ്ചാന്യേ കാമം സത്യം ദമം ശമം
അന്യേ വദന്തി സ്വാർത്ഥം വാ ഐശ്വര്യം ത്യാഗഭോജനം
കേചിദ്യജ്ഞതപോദാനം വ്രതാനി നിയമാൻ യമാൻ. 10

ആദ്യന്തവന്ത ഏവൈഷാം ലോകാഃ കർമ്മവിനിർമ്മിതാഃ
ദുഃഖോദർക്കാസ്തമോനിഷ്ഠാഃ ക്ഷുദ്രാനന്ദാഃ ശുചാർപ്പിതാഃ. 11

മയ്യർപ്പിതാത്മനഃ സഭ്യ നിരപേക്ഷസ്യ സർവ്വതഃ
മയാഽഽത്മനാ സുഖം യത്തത് കുതഃ സ്യാദ്വിഷയാത്മനാം. 12

അകിഞ്ചനസ്യ ദാന്തസ്യ ശാന്തസ്യ സമചേതസഃ
മയാ സന്തുഷ്ടമനസഃ സർവ്വാഃ സുഖമയാ ദിശഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപ്രരേ! സാംഖ്യയോഗത്തിങ്കലുമപ്രകാരം
മദ്ഭക്തിയോഗത്തിലും ഗുഹ്യമായതൊ-
ന്നുണ്ടോ
ധർമ്മജിജ്ഞാസുക്കളാം നിങ്ങൾക്കതരുളീടാൻ
ചെമ്മേ യിങ്ങാഗമിച്ച ഞാൻ മഹാവിഷ്ണു-
വത്രേ. 38
യോഗവും സത്യം ധർമ്മം തപസ്സു കീർത്തി
സാംഖ്യ-
യോഗവും സമ്പത്തുംകൊണ്ടിവിടെയോരാ-
രെല്ലാം
ഏതൊരുപദം പ്രാപിച്ചീടുവാനാശിക്കുന്ന
വാദമില്ലപ്പദം ഞാനാണെന്നു ധരിക്കുവിൻ. 39
ഗുണഹീനനായ് നിരപേക്ഷനായ് സുഹൃത്തായി
പ്രണയനിധാനമായാത്മാവുമാകുമെന്നെ
അഗുണങ്ങളാം സാമ്യമസംഗം മുതലായ
സകലഗുണങ്ങളും ഭജിച്ചീടുന്നു നിത്യം.'' 40
ഇത്ഥമെൻ സന്ദേശത്താൽ സന്ദേഹമററ സന-
കാദ്യരുത്കൃഷ്ടമാകും ഭക്തിയോഗത്താലെന്നെ
വേണ്ടപോൽ സത്കരിച്ചു നാനാപദാനങ്ങ-
ളും-
ക്കൊണ്ടിടും സ്തോത്രങ്ങളാൽ കീർത്തനം
ചെയ്തീടിനാർ. 41
പരമർഷികളാകുമവരാൽ വിധിക്കൊത്തു
പരിപൂജിതനും സംസ്തുതനുമാകുമീ ഞാൻ
ബ്രഹ്മാവു കാൺകെത്തന്നെ മാമകമാകും ധാമം
നിർമ്മലാത്മാവേ! പ്രാപിച്ചെന്നതങ്ങ-
റിഞ്ഞാലും. 42

അദ്ധ്യായം 14

ഉദ്ധവോപദേശം—ഭക്തിയോഗവിവരണം

ഉദ്ധവൻ പറഞ്ഞു

ഹേ കൃഷ്ണാ! ശ്രേയോവസ്തുഗണത്തെപ്പല-
തായി-
ട്ടാഗമജ്ഞന്മാരരുൾചെയ്യുന്നതെല്ലാംതന്നെ
ഇഷ്ടാനുസാരം പ്രാധാന്യത്തെയഹിക്കുന്നതോ?
ശ്രേഷ്ഠതയതിനേതിനെങ്കിലുമുണ്ടെന്നതോ? 1
സ്വാമിൻ! നിന്തിരുമേനി സർവ്വസംഗവും
വിട്ടു-
കാമാഭ്യർത്ഥന കലർന്നീടാത്ത ഭക്തിയോഗം
ഇപ്പോളുദാഹരിച്ചാ,നങ്ങയിൽച്ചിത്തം നേരേ-
യെപ്പോഴും ചേർത്തീടുമാ യോഗംതാനല്ലേ
ശ്രേഷ്ഠം? 2

ശ്രീഭഗവാൻ പറഞ്ഞു

കാലത്താൽ പ്രളയത്തിൽ നഷ്ടമാമാഗമത്തെ
നാലാസ്യനോടു ചൊന്നേൻ ലോകസൃഷ്ട്യാ-
രംഭത്തിൽ
ആയതിലെന്നിൽ ചിത്തതാരുറപ്പിച്ചീടേണ്ട-
തായിടും മുഖ്യധർമ്മം സ്ഥിതിചെയ്തിടുന്നിതേ.3
ബ്രഹ്മാവാ വേദവാക്യം തത്പൂർവ്വപുത്രനാകു-
മമ്മനുവിനായ് നേരേയുപദേശിച്ചീടിനാൻ.
പിന്നെയങ്ങു ഭൃഗുതൊട്ട സപ്തബ്രഹ്മർഷി-
വൃന്ദവും വഴിപോലെ ധരിച്ചുകൊണ്ടീടിനാർ.4
ആ പ്രജാപതികളിൽനിന്നാഗമോക്തങ്ങളെ
തത്പുത്രന്മാരാം സുരാസുരഗുഹ്യകന്മാരും
സിദ്ധന്മാർ കിംദേവന്മാർ ഗന്ധർവ്വർ
ചാരണന്മാർ
മർത്ത്യർ കിമ്പുരുഷന്മാർ നാഗങ്ങൾ രക്ഷസ്സുകൾ
കിന്നരർതൊട്ടുള്ളോരും പഠിച്ചാർ,
ത്രിഗുണത്തിൽ
നിന്നുണ്ടാം സ്വഭാവങ്ങളവർക്കും വിവിധമാം.
ഏതു വാസനകളാൽ പ്രാണികൾ ഭേദിക്കുന്നു,
ഭൂതരാശിതൻ ധീയുമാവിധം ഭേദിച്ചിടും.
മതിഭേദത്തിനൊത്തു വേദാർത്ഥത്തെയും പല-
വിധമോരോരുത്തരും വ്യാഖ്യാനിക്കുന്നു നൂനം.
ഇത്തരം ഭിന്നമാകും വാസനാനിമിത്തമായ്
മർത്ത്യബുദ്ധിയും ഭേദിച്ചീടുന്നു,ണ്ടതിൽച്ചിലർ
പാരമ്പര്യത്തിനാലും ചിലർ പാഖണ്ഡവർഗ്ഗ-
പ്രേരണയാലും വേദവിരുദ്ധമതമാന്നാർ. 5-8
മന്മായാവിമോഹിതബുദ്ധികളായി മർത്ത്യർ
കർമ്മാനുസാരമായും സ്വന്തമാം രുചിക്കൊത്തും
ശ്രേയസ്സുകളും പലവിധത്തിലെന്നായ്
സ്വാഭി-
പ്രായത്തെ നല്ലവണ്ണം പ്രകാശിപ്പിക്കുന്നിതേ.9
ചിലർ ധർമ്മത്തിനേയുമന്യന്മാർ കീർത്തിയേയും
ചിലർ കാമത്തിനേയും ചിലർ
സത്യത്തിനേയും
ദമമൈശ്വര്യം ശമമെന്നിവയേയും ചിലർ
പുമർത്ഥങ്ങളായ്ത്തന്നെ വ്യവഹരിക്കുന്നിതേ.
10
പാർത്താൽ തൽഫലങ്ങളായ് സിദ്ധിക്കും
ലോകങ്ങളു-
മാദ്യന്തയുക്തങ്ങളും കർമ്മനിർമ്മിതങ്ങളും
തമോനിഷ്ഠങ്ങളും മേന്മേലഴലേകുന്നതും
വിമോഹകരങ്ങളും തുച്ഛസൗഖ്യദങ്ങളും
കദനഹേതുക്കളാമീർഷ്യാദിവൃത്തികളാൽ
നിതാന്തം വ്യാപിക്കപ്പെട്ടവയുമത്രേ നൂനം. 11
സകലം ത്യജിച്ചെന്നിലുള്ളുറപ്പിക്കുവോൻതൻ
സുഖമെങ്ങനെ കിട്ടും വിഷയാത്മാക്കൾ-
ക്കോർക്കിൽ? 12
ദാന്തനായ് സമധീയായൊന്നുമേ
വേണ്ടാത്തോനായ്
ശാന്തനായെന്നിൽ നേരേ മാനസമുറപ്പിക്കും
ഭക്തനേതൊരുദിക്കിൽച്ചെന്നാലുമവിടെല്ലാ-
മത്യാനന്ദത്തിനല്ലാതതലിന്നിടയുണ്ടോ? 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന പാരമേഷ്ഠ്യം ന മഹേന്ദ്രധിഷ്ണ്യം
ന സാർവ്വഭൗമം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ
മയ്യർപ്പിതാത്മേച്ഛതി മദ്വിനാന്യത്. 14

ന തഥാ മേ പ്രിയതമ ആത്മയോനിന്ന ശങ്കരഃ
ന ച സങ്കർഷണോ ന ശ്രീർന്നൈവാത്മാ ച യഥാ ഭവാൻ. 15

നിരപേക്ഷം മുനിം ശാന്തം നിർവൈരം സമദർശനം
അനുവ്രജാമ്യഹം നിത്യം പൂയേയേത്യങ്ഘ്രിരേണുഭിഃ. 16

നിഷ്കിഞ്ചനാ മയ്യനുരക്തചേതസഃ
ശാന്താ മഹാന്തോഽഖിലജീവവത്സലാഃ
കാമൈരനാലബ്ധധിയോ ജുഷന്തി യത്
തന്നൈരപേക്ഷ്യം ന വിദുഃ സുഖം മമ. 17

ബാധ്യമാനോഽപി മദ്ഭക്തോ വിഷയൈരജിതേന്ദ്രിയഃ
പ്രായഃ പ്രഗല്ഭയാ ഭക്ത്യാ വിഷയൈർന്നാഭിഭൂയതേ. 18

യഥാഗ്നിഃ സുസമൃദ്ധാർച്ചിഃ കരോത്യേധാംസി ഭസ്മസാത്
തഥാ മദ്വിഷയാ ഭക്തിരുദ്ധവൈനാംസി കൃത്സ്നശഃ. 19

ന സാധയതി മാം യോഗോ ന സാംഖ്യം ധർമ്മ ഉദ്ധവ!
ന സ്വാധ്യായസ്തപസ്ത്യാഗോ യഥാ ഭക്തിർമ്മമോർജ്ജിതാ. 20

ഭക്ത്യാഹമേകയാ ഗ്രാഹ്യഃ ശ്രദ്ധയാഽഽത്മാ പ്രിയഃ സതാം
ഭക്തിഃ പുനാതി മന്നിഷ്ഠാ ശ്വപാകാനപി സംഭവാത്. 21

ധർമ്മഃ സത്യദയോപേതോ വിദ്യാ വാ തപസാന്വിതാ
മദ്ഭക്ത്യാപേതമാത്മാനം ന സമ്യക് പ്രപുനാതി ഹി. 22

കഥം വിനാ രോമഹർഷം, ദ്രവതാ ചേതസാ വിനാ,
വിനാഽഽനന്ദാശ്രുകലയാ, ശുദ്ധ്യേദ് ഭക്ത്യാ വിനാഽഽശയഃ. 23

വാഗ് ഗദ്ഗദാ, ദ്രവതേ യസ്യ ചിത്തം,
രുദത്യഭീക്ഷ്ണം, ഹസതി ക്വചിച്ച
വിലജ്ജ ഉദ്ഗായതി നൃത്യതേ ച,
മദ്ഭക്തിയുക്തോ ഭുവനം പുനാതി. 24

യഥാഗ്നിനാ ഹേമ മലം ജഹാതി
ധ്മാതം പുനഃ സ്വം ഭജതേ ച രൂപം,
ആത്മാ ച കർമ്മാനുശയം വിധൂയ
മദ്ഭക്തിയോഗേന ഭജത്യഥോ മാം. 25

യഥാ യഥാഽഽത്മാ പരിമൃജ്യതേഽസൗ
മത്പുണ്യഗാഥാശ്രവണാഭിധാനൈഃ
തഥാ തഥാ പശ്യതി വസ്തു സൂക്ഷ്മം
ചക്ഷുര്യഥൈവാഞ്ജനസംപ്രയുക്തം. 26

വിഷയാൻ ധ്യായതശ്ചിത്തം വിഷയേഷു വിഷജ്ജതേ
മാമനുസ്മരതശ്ചിത്തം മയ്യേവ പ്രവിലീയതേ. 27

തസ്മാദസദഭിധ്യാനം യഥാ സ്വപ്നമനോരഥം
ഹിത്വാ മയി സമാധത്സ്വ മനോ മദ്ഭാവഭാവിതം. 28

സ്ത്രീണാം സ്ത്രീസങ്ഗിനാം സങ്ഗം ത്യക്ത്വാ ദൂരത ആത്മവാൻ
ക്ഷേമേ വിവിക്ത ആസീനശ്ചിന്തയേന്മാമതന്ദ്രിതഃ. 29

ന തഥാസ്യ ഭവേത് ക്ലേശോ ബന്ധശ്ചാന്യപ്രസങ്ഗതഃ
യോഷിത്സങ്ഗാദ്യഥാ പുംസോ യഥാ
തത്സങ്ഗിസങ്ഗതഃ. 30

ഉദ്ധവ ഉവാച

യഥാ ത്വാമരവിന്ദാക്ഷ! യാദൃശം വാ യദാത്മകം
ധ്യായേന്മുമുക്ഷുരേതന്മേ ധ്യാനം മേ വക്തുമർഹസി. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാതാവിൻ പദത്തെയോ മാഹേന്ദ്രസ്ഥാന-
ത്തെയോ
പാതാളേശത്വത്തെയോ യോഗസിദ്ധിക-
ളേയോ
ജനനമില്ലായ്മയോ മറ്റു വല്ലതിനേയോ
മനതാരെന്നിലർപ്പിച്ചീടുവോനിച്ഛിച്ചിടാ. 14
എനിക്കു ഭവാൻ പ്രിയതമനാണെത്രത്തോളം
നിനക്കിലത്രത്തോളം ബ്രഹ്മാവോ ഗിരീശനോ
കാമപാലനോ ലക്ഷ്മീദേവിയോ മന്മൂർത്തിയോ
സീമാതിഗ്ഗുണരാശേ! പ്രിയപ്പെട്ടവരല്ല. 15
ശാന്തനായ് നിർവ്വൈരനായപേക്ഷാ-
വിഹീനനായ്
ചിന്താശീലനായ് സമദൃക്കാകും മദ്ഭക്തനെ
ഞാനനുഗമിക്കുന്നു ലോകത്തെയവൻ പാദ-
രേണുക്കളാലേ പരിശുദ്ധമാക്കീടുന്നിതു. 16
നിഷ്കിഞ്ചനന്മാരായിട്ടെന്നിലേററവുമനു-
രക്തരായ് കാമഹീനധീവൃത്തിയുക്തന്മാരായ്
ശാന്തരാം സർവ്വജീവവത്സലർ മഹാത്മാക്ക-
ളെന്തൊരുവിധമായ മത്സുഖം പ്രാപിക്കുമോ,
അപേക്ഷയുപേക്ഷിച്ചിട്ടുള്ളതാമാ സുഖത്തെ-
യപരനല്പംപോലുമറിയുന്നില്ലയല്ലോ. 17
അജിതേന്ദ്രിയനായ മദ്ഭക്തൻ വിഷയൗഘ-
രുജാബാധിതനായി വന്നാലും കാലക്രമാൽ
വദ്ധിച്ചുവന്നീടുന്ന ഭക്തിയാൽ വിഷയാശ-
യത്യന്തമുപദ്രവംചെയ്യയില്ലാ ഭക്തനെ. 18
കത്തിക്കാളുന്ന വഹ്നി വിറകിൻകൂട്ടമെല്ലാ-
മെത്രവേഗത്തിൽച്ചുട്ടു ചാമ്പലാക്കീടുന്നുവോ,
അക്കണക്കെന്നിലുള്ള ഭക്തിയും
പാപൗഘത്തെ-
യൊക്കെയുദ്ധവാ! ശീഘ്രം ഭസ്മമാക്കീടുന്നിതു.
19
യോഗസ്വാദ്ധ്യായസാംഖ്യദാനധർമ്മവ്രതാദി-
യാകർഷിക്കുന്നില്ലെന്നെ പ്രബല-
ഭക്തിക്കൊപ്പം. 20
ശ്രദ്ധായുക്തമാം ശുദ്ധഭക്തിയാൽ സജ്ജനങ്ങൾ-
ക്കിഷ്ടനുമാത്മാവുമായീടും ഞാൻ ഗ്രാഹ്യനത്രേ.
ജന്മത്താൽ ചണ്ഡാളരായ്ത്തീർന്നവരെയുംകൂടി
നിർമ്മലരാക്കീടുന്നു മന്നിഷ്ഠമാകും ഭക്തി. 21
സത്യകാരുണ്യോപേതമായ ധർമ്മമോ, തപോ-
യുക്തമായിരുന്നിടും വിദ്യയോ, നല്ലപോലെ
ശുദ്ധമാക്കീടുന്നില്ല മദ്ഭക്തി ചേർന്നീടാത്ത
ചിത്തത്തെയെന്നു ധരിച്ചീടുക ഭക്തോത്തമാ! 22
രോമമയിർക്കൊള്ളാതെയും ഹൃത്തലി-
ഞ്ഞീടാതെയും
പ്രേമാധിക്യത്താലാനന്ദാശ്രുക്കൾ തൂവാതെയും
എങ്ങനെ പരിശുദ്ധമായ്ഭവിച്ചീടുമന്ത-
രംഗമെന്നങ്ങു നേരേ ചിന്തിച്ചു
നോക്കീടുക. 23
വാക്കുകളിടറീടും, മാനസം ദ്രവിച്ചീടും,
മിക്കനേരവും കേഴും, ചിലപ്പോൾ ചിരിച്ചീടും,
വിലജ്ജനായിപ്പിന്നെയുച്ചത്തിൽ
ഗാനംചെയ്യും,
ചിലപ്പോൾ നൃത്തംചെയ്യും മാമകഭക്തിയുക്തൻ
അവൻ സ്വപാദാംബുജരജസ്സിൻ
സംഗമത്താൽ
ഭുവനം പാടേ പരിപാവനമാക്കുന്നിതേ. 24
സ്വർണ്ണമഗ്നിയിൽച്ചുട്ടു കറകൾ കളഞ്ഞിട്ടു
പിന്നെയും തപ്തമായി സ്വരൂപം
പ്രാപിക്കുംപോൽ
ആത്മാവും മദ്ഭക്തിയാൽ കർമ്മവാസനയെല്ലാം
നിർമ്മൂലം നശിപ്പിച്ചിട്ടെന്നോടു ചേർന്നീടുന്നു. 25
മദ്ഗാഥ കേട്ടീടുക, കീർത്തിക്ക മുതലായ
സത്കൃത്യങ്ങളാൽ ചിത്തമാലിന്യ-
മെത്രത്തോളം
തുടച്ചു വെടിപ്പാക്കുമത്തോതിൽ ജ്ഞാനവും സു-
സ്ഫുടമായ് വരും, നേത്രമഞ്ജനം-
കൊണ്ടെന്നപോൽ. 26
വിഷയങ്ങളെസ്സേവിക്കുന്നവർതന്മാനസം
വിഷയങ്ങളിൽത്തന്നെ ബലമായുറയ്ക്കുന്നു.
എന്നെയനുസ്മരിക്കും മദ്ഭക്തനുടെ ചിത്ത-
മെന്നിൽത്താൻ ലയിക്കുന്നെന്നറിഞ്ഞീ-
ടുദ്ധവാ! നീ. 27
അതിനാൽ സ്വപ്നമനോരഥങ്ങളെന്നമട്ടിൽ
സ്ഥിതമാമസദ്വസ്തുഗണത്തെഗ്ഗണിക്കാതെ
മദ്ഭാവസംശുദ്ധമാം മാനസമെന്നിൽത്തന്നെ-
യർപ്പിച്ചുകൊൾക നീയും മദ്ഭക്ത-
ശിരോമണേ! 28
നാരീവർഗ്ഗത്തിനോടുമവരോടിടകൂടും
പൂരുഷന്മാരോടുമേ സംസർഗ്ഗം സന്ത്യജിച്ചു
സാദരം സുഖം തരുമേകാന്തസ്ഥലത്തിരു-
ന്നേതുമേ മടിയെന്യേ ധ്യാനിച്ചീടണമെന്നെ.
29
പുമാനു യോഷിത്സംഗംകൊണ്ടും
തത്സംഗിസംഗം
നിമിത്തമായും ക്ലേശബന്ധങ്ങളെന്തുണ്ടാം
അക്കണക്കിനു മാലും ബന്ധവുമവന്നന്യ-
ഭോഗ്യസംഗമത്തിനാൽ സംഭവിക്കില്ല
നൂനം. 30
ഉദ്ധവൻ പറഞ്ഞു
എങ്ങനെയേതു ചിഹ്നമൊത്തോരു രൂപം-
തന്നി-
ലങ്ങയെ ധ്യാനിക്കേണം മോക്ഷാർത്ഥി
പദ്മേക്ഷണാ?
ഇന്നെനിക്കുപദേശിച്ചീടണം ധ്യാനയോഗ-
മെന്നുമേയതിനർഹൻതാനല്ലോ
ഭവാനോർക്കിൽ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

സമ ആസന ആസീനഃ സമകായോ യഥാസുഖം
ഹസ്താവുത്സങ്ഗ ആധായ സ്വനാസാഗ്രകൃതേക്ഷണഃ. 32

പ്രാണസ്യ ശോധയേന്മാർഗ്ഗം പൂരകുംഭകരേചകൈഃ
വിപര്യയേണാപി ശനൈരഭ്യസേന്നിർജ്ജിതേന്ദ്രിയഃ. 33

ഹൃദ്യവിച്ഛിന്നമോങ്കാരം ഘണ്ടാനാദം ബിസോർണ്ണവത്
പ്രാണേനോദീര്യ തത്രാഥ പുനഃ സംവേശയേത് സ്വരം. 34

ഏവം പ്രണവസംയുക്തം പ്രാണമേവ സമഭ്യസേത്
ദശകൃത്വസ്ത്രിഷവണം മാസാദർവ്വാഗ് ജിതാനിലഃ. 35

ഹൃത്പുണ്ഡരീകമന്തഃസ്ഥമൂർദ്ധ്വനാളമധോമുഖം
ധ്യാത്വോർദ്ധ്വമുഖമുന്നിദ്രമഷ്ടപത്രം സകർണ്ണികം. 36

കർണ്ണികായാം ന്യസേത് സൂര്യസോമാഗ്നീനുത്തരോത്തരം
വഹ്നിമധ്യേ സ്മരേദ്രൂപം മമൈതദ്ധ്യാനമങ്ഗളം. 37

സമം പ്രശാന്തം സുമുഖം ദീർഘചാരുചതുർഭുജം
സുചാരുസുന്ദരഗ്രീവം സുകപോലം ശുചിസ്മിതം. 38

സമാനകർണ്ണവിന്യസ്തസ്ഫുരന്മകരകുണ്ഡലം
ഹേമാംബരം ഘനശ്യാമം ശ്രീവത്സശ്രീനികേതനം. 39

ശങ്ഖചക്രഗദാപദ്മവനമാലാവിഭൂഷിതം
നൂപുരൈർവ്വിലസത്പാദം കൗസ്തുഭപ്രഭയാ യുതം. 40

ദ്യുമത്കിരീടകടകകടിസൂത്രാങ്ഗദായുതം
സർവ്വാങ്ഗസുന്ദരം ഹൃദ്യം പ്രസാദസുമുഖേക്ഷണം. 41

സുകുമാരമഭിധ്യായേത് സർവ്വാങ്ഗേഷു മനോ ദധത്
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യോ മനസാഽഽകൃഷ്യ തന്മനഃ
ബുദ്ധ്യാ സാരഥിനാ ധീരഃ പ്രണയേന്മയി സർവ്വതഃ. 42

തത്സർവ്വവ്യാപകം ചിത്തമാകൃഷ്യൈകത്ര ധാരയേത്
നാന്യാനി ചിന്തയേദ് ഭൂയഃ സുസ്മിതം ഭാവയേന്മുഖം. 43

തത്ര ലബ്ധപദം ചിത്തമാകൃഷ്യ വ്യോമ്നി ധാരയേത്,
തച്ച ത്യക്ത്വാ മദാരോഹോ ന കിഞ്ചിദപി ചിന്തയേത്. 44

ഏവം സമാഹിതമതിർമ്മാമേവാത്മാനമാത്മനി
വിചഷ്ടേ മയി സർവ്വാത്മൻ ജ്യോതിർജ്ജ്യോതിഷി
സംയുതം. 45

ധ്യാനേനേത്ഥം സുതീവ്രേണ യുഞ്ജതോ യോഗിനോ മനഃ
സംയാസ്യത്യാശു നിർവ്വാണം ദ്രവ്യജ്ഞാനക്രിയാഭ്രമഃ. 46

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ചതുർദ്ദശോഽധ്യായഃ

പഞ്ചദശോഽധ്യായഃ

ശ്രീഭഗവാനുവാച

ജിതേന്ദ്രിയസ്യ യുക്തസ്യ ജിതശ്വാസസ്യ യോഗിനഃ
മയി ധാരയതശ്ചേത ഉപതിഷ്ഠന്തി സിദ്ധയഃ. 1

ഉദ്ധവ ഉവാച

കയാ ധാരണയാ കാസ്വിത് കഥംസ്വിത് സിദ്ധിരച്യുത!
കതി വാ സിദ്ധയോ ബ്രൂഹി യോഗിനാം സിദ്ധിദോ
ഭവാൻ. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു

സമമാമാസനത്തിൽ നിവന്നു ശരീരത്തെ
സമമാക്കിയും കൈകളുത്സങ്ഗംതന്നിൽ
നന്നായ്
പിണച്ചുവെച്ചും നാസികാഗ്രത്തിൽ
മിഴിയിണ-
യണച്ചങ്ങിരിക്കണം ധ്യാനം ശീലിപ്പോൻ
സുഖം. 32
പൂരകകുംഭകങ്ങൾ രേചകമിവയാലേ
നേരേതാൻ ശോധിക്കണം പ്രാണ-
സഞ്ചാരമാർഗ്ഗം.
പിന്നെയിപ്രാണായാമം വിജിതേന്ദ്രിയനായി
മന്ദമായ് വിപരീതരീതിക്കും ശീലിക്കണം.33
ഹൃദയംതന്നിലവിച്ഛിന്നമായ്ബ്ബിസന്തുലൊ-
ത്തതിസൂക്ഷ്മമായ് മണിനാദംപോൽ
ഹൃദ്യമാകും
പ്രണവം പ്രാണനെക്കൊണ്ടല്ലാല്പം
മേല്പോട്ടേററി-
യണച്ചു ഹൃദയത്തിലാലയിപ്പിച്ചീടണം. 34
ഈവിധം സന്ധ്യാവേള മൂന്നിലും പത്തുപ്പത്തു
പ്രാവശ്യം പ്രണവത്തെ ധ്യാനിച്ചി-
പ്രാണായാമം
നല്ലപോലഭ്യസിക്കിലൊരുമാസത്തിനുള്ളിൽ
വെല്ലുവാൻ കഴിഞ്ഞിടും പ്രാണനെ-
യസംശയം. 35
ഊദ്ധ്വനാളമായധോമുഖമായന്തഃസ്ഥമാം
ചിത്തപദ്മത്തെയൂദ്ധ്വമുഖമായ് വിടന്നതായ്
എട്ടിതളുള്ളതായിക്കർണ്ണികായുക്തമായും
സ്പഷ്ടമായ് ഭാവിച്ചുതാൻ
ധ്യാനിച്ചുറപ്പിക്കണം. 36
കർണ്ണികതന്നിലുത്തരോത്തരം സൂര്യൻ സോമൻ
വഹ്നിയീ ദേവന്മാരെ വിന്യസിച്ചീടവേണം.
വഹ്നിമദ്ധ്യത്തിൽ പിന്നെ ധ്യാനമങ്ഗലകര-
മെന്നുടെ രൂപമങ്ഗപ്രത്യങ്ഗം
ധ്യാനിക്കണം. 37
സമമായ് പ്രശാന്തമാം സുമുഖം, തിളങ്ങുന്ന
വിമലാക്ഷികൾ മനോഹരമാം മന്ദഹാസം
സുകപോലങ്ങൾ സമകർണ്ണവിന്യസ്തസ്സ്വര-
ന്മകരകുണ്ഡലങ്ങൾ, സുനാസ, കംബുകണ്ഠം,
ശങ്ഖചക്രാബ്ജഗദാലസത്തായ്
വനമാലാ-
ലങ്കൃതമായുരുണ്ടു നീണ്ടുള്ള ചതുർഭുജം
ശ്രീവത്സശ്രീധാമമായ് കൗസ്തുഭച്ഛവിചേരും
മാർവ്വിടം ഹേമാംബരം മേഘശ്യാമളവർണ്ണം
മിന്നുന്ന പൊൽക്കിരീടം വളകളരഞ്ഞാണം
സ്വർണ്ണാങ്ഗദങ്ങൾ പൊന്നിൻ
കാൽച്ചിലമ്പണിപ്പാദം
ഈമട്ടു സർവ്വാങ്ഗസുന്ദരമായ് ഹൃദ്യമാകും
മാമകരൂപമഭിമുഖമായ് ധ്യാനിക്കണം.
ഇന്ദ്രിയൗഘത്തെയതിൻ വിഷയങ്ങളിൽനിന്നു
മന്ദമായ് മനസ്സാൽ പിന്തിരിച്ചാ മനസ്സിനെ
സാരഥിയാകും ധീയാൽ സർവ്വവസ്തുവിൽനിന്നും
ധീരനാകർഷിച്ചെന്നിലുറപ്പിക്കുകവേണം.
38–42
സർവ്വാങ്ഗം വ്യാപിച്ചിരുന്നീടുന്ന മാനസത്തെ
ചൊവ്വേയാകർഷിച്ചൊന്നിൽ നിറുത്തീടുക
വേണം
പിന്നെ മറെറാന്നിനേയും ധ്യാനിച്ചീടൊലാ മമ
മന്ദഹാസാഞ്ചിതമാമാനനത്തിനെയെന്യേ. 43
ആസ്യത്തിൽ മാത്രമുറച്ചിരിക്കും
ചിത്തത്തെയാ-
കർഷിച്ചു ചിദ്വ്യോമത്തിൽ നിറുത്തിയതി-
നേയും
സന്ത്യജിച്ചെന്നെസ്സമാശ്രയിച്ചു മറെറാന്നുമേ
ചിന്തിച്ചീടാതെയിരുന്നീടണം ഭക്താഗ്രിമാ!44
നിർവ്വാദമെന്നംശമായിരിക്കുമാത്മാവിനെ
സർവ്വാത്മാവായും സ്വാത്മാവായിട്ടും
മിന്നുമെന്നിൽ
ചാലവേ കണ്ടീടുന്നു ജ്യോതിസ്സിൽ
ജ്യോതിസ്സെന്ന-
പോലവേ സമാഹിതമതിയായ് മമ ഭക്തൻ.45
ഈവിധം തീവ്രമാകും ധ്യാനത്താൽ
മാനസത്തെ
കൈവല്യപദത്തോടു യോജിപ്പിച്ചിടും യോഗി
കാണുവോൻ കാണപ്പെടാവുന്നതു കാഴ്ചയെന്നീ
മാനസഭ്രമം വിട്ടു നിർവ്വാണം പ്രാപിക്കുന്നു. 46

അദ്ധ്യായം 15

ഉദ്ധവോപദേശം—യോഗസിദ്ധിനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

ഇന്ദ്രിയങ്ങളെയെല്ലാം ജയിച്ചും മാനസത്തെ-
യെന്നിൽത്താനുറപ്പിച്ചും ശ്വാസത്തെയടക്കിയും
ലക്ഷ്യത്തിൽനിന്നും തെററാതിരിക്കും
യോഗീന്ദ്രന്മാ-
ർക്കക്ഷണമന്തികത്തിലെത്തുന്നു
സിദ്ധിയെല്ലാം. 1

ഉദ്ധവൻ പറഞ്ഞു

സിദ്ധികളെത്രമട്ടേതേതു ധാരണകളാൽ
സിദ്ധിക്കുമതുകളിലോരോന്നും ഹൃഷീകേശാ!
യോഗികൾക്കെല്ലാം സിദ്ധി
പാകത്തിനരുളീടും
ഹേ കൃഷ്ണാ! ഭവാനതുമെന്നോടു ചൊന്നീടണം.2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാനുവാച

സിദ്ധയോഽഷ്ടാദശ പ്രോക്താ ധാരണായോഗപാരഗൈഃ
താസാമഷ്ടൗ മത്പ്രധാനാ ദശൈവ ഗുണഹേതവഃ. 3

അണിമാ മഹിമാ മൂർത്തേർലഘിമാ പ്രാപ്തിരിന്ദ്രിയൈഃ
പ്രാകാശ്യം ശ്രുതദൃഷ്ടേഷു ശക്തിപ്രേരണമീശിതാ. 4

ഗുണേഷ്വസങ്ഗോ വശിതാ യത്കാമസ്തദവസ്യതി
ഏതാ മേ സിദ്ധയഃ സൗമ്യ, അഷ്ടാവൗത്പത്തികാ മതാഃ. 5

അനൂർമ്മിമത്ത്വം ദേഹേഽസ്മിൻ ദൂരശ്രവണദർശനം
മനോജവഃ കാമരൂപം പരകായപ്രവേശനം. 6

സ്വച്ഛന്ദമൃത്യുർദ്ദേവാനാം സഹക്രീഡാനുദർശനം
യഥാസങ്കല്പസംസിദ്ധിരാജ്ഞാപ്രതിഹതാഗതിഃ. 7

ത്രികാലജ്ഞത്വമദ്വന്ദ്വം പരചിത്താദ്യഭിജ്ഞതാ
അഗ്ന്യർക്കാംബുവിഷാദീനാം പ്രതിഷ്ടംഭോഽപരാജയഃ. 8

ഏതാശ്ചോദ്ദേശതഃ പ്രോക്താ യോഗധാരണസിദ്ധയഃ
യയാ ധാരണയാ യാ സ്യാദ്യഥാ വാ സ്യാന്നിബോധ മേ. 9

ഭൂതസൂക്ഷ്മാത്മനി മയി തന്മാത്രം ധാരയേന്മനഃ
അണിമാനമവാപ്നോതി തന്മാത്രോപാസകോ മമ. 10

മഹത്യാത്മന്മയി പരേ യഥാസംസ്ഥം മനോ ദധത്
മഹിമാനമവാപ്നോതി ഭൂതാനാം ച പൃഥക് പൃഥക്. 11

പരമാണുമയേ ചിത്തം ഭൂതാനാം മയി രഞ്ജയൻ
കാലസൂക്ഷ്മാർത്ഥതാം യോഗീ ലഘിമാനമവാപ്നുയാത്. 12

ധാരയൻ മയ്യഹംതത്ത്വേ മനോ വൈകാരികേഽഖിലം
സർവ്വേന്ദ്രിയാണാമാത്മത്വം പ്രാപ്തിം പ്രാപ്നോതി മന്മനാഃ. 13

മഹത്യാത്മനി യഃ സൂത്രേ ധാരയേന്മയി മാനസം
പ്രാകാശ്യം പാരമേഷ്ഠ്യം മേ വിന്ദതേഽവ്യക്തജന്മനഃ. 14

വിഷ്ണൗ ത്ര്യധീശ്വരേ ചിത്തം ധാരയേത് കാലവിഗ്രഹേ
സ ഈശിത്വമവാപ്നോതി ക്ഷേത്രക്ഷേത്രജ്ഞചോദനാം. 15

നാരായണേ തുരീയാഖ്യേ ഭഗവച്ഛബ്ദശബ്ദിതേ
മനോ മയ്യാദധദ്യോഗീ മദ്ധർമ്മാ വശിതാമിയാത്. 16

നിർഗ്ഗുണേ ബ്രഹ്മണി മയി ധാരയൻ വിശദം മനഃ
പരമാനന്ദമാപ്നോതി യത്ര കാമോഽവസീയതേ. 17

ശ്വേതദ്വീപപതൗ ചിത്തം ശുദ്ധേ ധർമ്മമയേ മയി
ധാരയൻ ശ്വേതതാം യാതി ഷഡൂർമ്മിരഹിതോ നരഃ. 18

മയ്യാകാശാത്മനി പ്രാണേ മനസാ ഘോഷമുദ്വഹൻ
തത്രോപലബ്ധാ ഭൂതാനാം ഹംസോ വാചഃ ശൃണോത്യസൗ. 19

ചക്ഷുസ്ത്വഷ്ടരി സംയോജ്യ ത്വഷ്ടാരമപി ചക്ഷുഷി
മാം തത്ര മനസാ ധ്യായൻ വിശ്വം പശ്യതി സൂക്ഷ്മദൃക്. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവാൻ പറഞ്ഞു
സിദ്ധികളം പതിനെട്ടാ,ണുണ്ട ധാരണകള-
മത്രയുമെന്നു യോഗപാരഗർ പറയുന്നു.
അവയിലെട്ടെണ്ണം മത്പ്രാപ്തിപ്രധാനം
ശേഷി-
ച്ചവയസ്സത്ത്വാദിതൻ വൃദ്ധിയിലുണ്ടാവതാം. 3
അണിമ, മഹിമയും, ലഘിമയിവയാൽ മെ-
യ്യുണുവും വലിയതും ലഘുവുമാക്കാവതാം.
പ്രാപ്തി,യിന്ദ്രിയസുഖമിച്ഛയ്ക്കൊത്താളാനെഴം
പ്രാപ്തിതാൻ, പിന്നെയിഹലോകത്തും
പരത്തിലും
സമസ്തം ദർശിക്കയും കേൾക്കയും ചെയ്തീടുവാൻ
സമർത്ഥമാക്കുന്നതാം പ്രാകാശ്യമെന്ന സിദ്ധി.
അന്യരെക്കൊണ്ടുമെന്തും ചെയ്യിക്കാൻ
കെല്പുണ്ടാക്കി-
ടുന്നതീശിതം, ഗുണാസങ്ഗമത്രേ വശിത്വം.
കാമങ്ങളെല്ലാമുടൻ സാധിപ്പിച്ചീടുന്നതാം
കാമാവസായിതയെന്നിവതാനെട്ടു
സിദ്ധി. 4-5
ക്ഷുദ്ദാഹാദികളില്ലാതിരിക്ക, ദൂരെയുള്ള-
തത്രയും കാൺക കേൾക്ക ചരിക്ക മനോജവം,
സ്ത്രീയുക്തസുരക്രീഡാദർശന,മാജ്ഞ, പര-
കായപ്രവേശ,മെങ്ങും തടവററീടും ഗതി,
ഇച്ഛിച്ചപേലെയേതു രൂപവും ധരിക്കുക,
സ്വച്ഛന്ദമൃതി, പിന്നെസ്സ്വപ്നസങ്കല്പലാഭം,
ത്രികാലജ്ഞത്വം, ദ്വന്ദ്വബാധയില്ലാതിരിക്ക,
നികാമം പരമാനസാദിയിലഭിജ്ഞത,
തീ, വിഷം, സൂര്യൻ, നീരമിവയെ
സ്തംഭിപ്പിക്കൽ,
തോൽവിയില്ലായ്മയെല്ലാം സിദ്ധിയിൽ-
പ്പെട്ടതത്രേ. 6-8
യോഗധാരണസിദ്ധി മിക്കതും ചുരുക്കത്തിൽ
നീ കേട്ടുവല്ലോ നേരേയായതിലോരോന്നുമേ
ഏതു ധാരണയാലേയെങ്ങനെയുണ്ടാമെന്നു
ബോധിച്ചുകൊൾക നീയും, ചൊല്ലുന്നു
വേണ്ടുംവിധം. 9
അതിസൂക്ഷ്മാത്മാവാകുമെന്നിൽത്തന്മാത്രമാകും
മതിയെ നല്ലവണ്ണമുറപ്പിക്കുകവേണം.
തന്മൂലമണിമയായീടുന്ന മത്സിദ്ധിയെ
തന്മാത്രോപാസകനാമായവൻ പ്രാപിക്കുന്നു.10
മഹത്തത്ത്വോപാധിയായ് മഹാത്മാവാകു-
മെന്നിൽ
മഹത്തത്ത്വാംശമാകും മാനസമുറപ്പിച്ചാൽ
മഹിമാസിദ്ധിയുണ്ടാ,മിതിന്നു വേറേവേറേ
മഹ്യാദിഭൂതങ്ങളെ ധ്യാനിച്ചീടിലും പോരും.11
ഭൂതൗഘപരമാണു സ്വരൂപനാകുമെന്നിൽ
ചേതസ്സു യോജിപ്പിച്ചുകൊണ്ടിരുന്നീടും യോഗി
കാലത്തിൻ സൂക്ഷ്മാംശസ്വരൂപമായിരുന്നീടു-
മാ ലഘിമാവായിടും സിദ്ധിയെ
പ്രാപിച്ചിടും. 12
സാത്ത്വികാഹന്താതത്ത്വോപാധിയായീടു-
മെന്നിൽ
ചിത്തത്തെസ്സമഗ്രമായുറപ്പിച്ചീടുന്നവൻ
മന്മനസ്സായിസ്സമസ്തേന്ദ്രിയഫലത്തിൻെറയു-
മാത്മാപപ്രാപ്തിയാകും പ്രാപ്തിയെ
പ്രാപിക്കുന്നു. 13
മഹത്തത്ത്വസ്വരൂപസൂത്രാത്മാവാകുമെന്നി-
ലിഹത്തിലേതൊരുത്തൻ മാനസമുറപ്പിക്കും
അപ്പുമാനവ്യക്തജസൂത്രാത്മാവായീടുമെ-
ന്നദ്ഭുതകരപ്രഭം പ്രാകാശ്യം പ്രാപിക്കുന്നു. 14
ഉപാധിത്രയത്തിനുമീശനായ് കാലാത്മാവായ്
പ്രപഞ്ചം പാടേ വ്യാപിച്ചിരിക്കുമെന്നിൽ
ചിത്തം
ഉറപ്പിക്കുവോൻ സർവ്വദേഹജീവന്മാരെയും
ശരിയായ് പ്രേരിപ്പിക്കുമീശിത്വം
പ്രാപിക്കുന്നു. 15
തുരീയാഭിഖ്യനായിബ് ഭഗവച്ഛബ്ദത്തിനാ-
ലരുളപ്പെട്ടപോരും ശ്രീനാരായണനാകും
എന്നിലുള്ളുറപ്പിക്കും യോഗി മദ്ധർമ്മാവായി-
ട്ടന്യൂനം വശിത്വത്തെ വശത്തിലാക്കുന്നിതേ.16
നിർഗ്ഗുണബ്രഹ്മമായോരെന്നിൽ നിർമ്മലമാകു-
മുൾക്കാമ്പുറപ്പിക്കുവോൻ പരമാനന്ദമാളും.
ഇസ്ഥിതിയെത്തും യോഗിക്കില്ലൊരു
കാമങ്ങളും
കീർത്തിപ്പതുണ്ടിതിൻ പേർ കാമാവസായി-
യെന്നായ്. 17
ശ്വേതദ്വീപേശനായിശ്ശുദ്ധനായ്
ധർമ്മാത്മാവായ്
ദ്യോതിക്കുമെന്നിൽച്ചിത്തമുറപ്പിച്ചീടുന്നവൻ
ശ്വേതത്വം ഗമിച്ചീടു,മവനെബ്ബാധിക്കയി-
ല്ലേതുമേ ഷഡൂർമ്മികളെന്നതുമറിഞ്ഞാലും. 18
സമഷ്ടിപ്രാണനായി നഭോരൂപനാമെന്നിൽ
നിമഗ്നം നിനാദത്തെച്ചിത്തത്താലാവഹിക്കും
ജീവനീ മഹാകാശംതന്നിലുദ്ഭവിച്ചിടും
സർവ്വശബ്ദങ്ങളേയും കേൾക്കുന്നു
സുവ്യക്തമായ്. 19
സൂര്യനിൽ നേത്രത്തെയും നേത്രത്തിൽ
സൂര്യനേയും
സംയോജിപ്പിച്ചിട്ടതിലെന്നെ മാനസത്തി-
നാൽ
ധ്യാനിച്ചീടുന്ന സൂക്ഷ്മദൃക്കാകും മഹാപുമാൻ
കാണുന്നു വിശ്വത്തിലെസ്സർവ്വസാധനങ്ങളും.20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനോ മയി സുസംയോജ്യ ദേഹം തദനു വായുനാ
മദ്ധാരണാനുഭാവേന തത്രാത്മാ യത്ര വൈ മനഃ. 21
യദാ മന ഉപാദായ യദ്യദ്രൂപം ബുഭൂഷതി
തത്തദ് ഭവേന്മനോരൂപം മദ്യോഗബലമാശ്രയഃ. 22
പരകായം വിശൻ സിദ്ധ ആത്മാനം തത്ര ഭാവയേത്
പിണ്ഡം ഹിത്വാ വിശേത് പ്രാണോ വായുഭൂതഃ
ഷഡംഘ്രിവത്. 23
പാർഷ്ണ്യാഽഽപീഡ്യ ഗുദം, പ്രാണം ഹൃദുരഃകണ്ഠമൂർദ്ധസു
ആരോപ്യ ബ്രഹ്മരന്ധ്രേണ, ബ്രഹ്മ, നീത്വോത്സൃജേത്തനും. 24
വിഹരിഷ്യൻ സുരാക്രീഡേ മത്സ്ഥം സത്ത്വം വിഭാവയേത്
വിമാനേനോപതിഷ്ഠന്തി സത്ത്വവൃത്തീഃ സുരസ്ത്രിയഃ. 25
യഥാ സങ്കല്പയേദ്ബുദ്ധ്യാ യദാ വാ മത്പരഃ പുമാൻ
മയി സത്യേ മനോ യുഞ്ജംസ്തഥാ തത് സമുപാശ്നുതേ. 26
യോ വൈ മദ്ഭാവമാപന്ന ഈശിതുർവ്വിശിതുഃ പുമാൻ
കുതശ്ചിന്ന വിഹന്യേത തസ്യ ചാജ്ഞാ യഥാ മമ. 27
മദ്ഭക്ത്യാ ശുദ്ധസത്ത്വസ്യ യോഗിനോ ധാരണാവിദഃ
തസ്യ ത്രൈകാലികീ ബുദ്ധിർജ്ജന്മമൃത്യൂപബൃംഹിതാ. 28
ഉദാസീനേ മയി പരേ പ്രകൃതേർഗ്ഗുണവൃത്തിഷു
ചിന്തയേദ്ധാരയേച്ചേതോ ദ്വന്ദ്വൈർന്നൈവാഭിഭൂയതേ. 29
സർവ്വഭൂതഹൃദിസ്ഥം മാം ആത്മാനം സർവ്വസാക്ഷിണം
ധാരയേദാത്മനശ്ചിത്തം പരേഷാം പരിപശ്യതി. 30
അഗ്ന്യാദിഭിർന്നഹന്യേത മുനേര്യോഗമയം വപുഃ
മദ്യോഗശ്രാന്തചിത്തസ്യ, യാദസാമുദകം യഥാ. 31
മദ്വിഭൂതീരഭിധ്യായൻ ശ്രീവത്സാസ്ത്രവിഭൂഷിതാഃ
ധ്വജാതപത്രവ്യജനൈഃ സ ഭവേദപരാജിതഃ. 32
ഉപാസകസ്യ മാമേവം യോഗധാരണയാ മുനേഃ
സിദ്ധയഃ പൂർവ്വകഥിതാ ഉപതിഷ്ഠന്ത്യശേഷതഃ. 33
ജിതേന്ദ്രിയസ്യ ദാന്തസ്യ ജിതശ്വാസാത്മനോ മുനേഃ
മദ്ധാരണാം ധാരയതഃ കാ സാ സിദ്ധിഃ സുദുർല്ലഭാ. 34
അന്തരായാൻ വദന്ത്യേതാ യുഞ്ജതോ യോഗമുത്തമം
മയാ സമ്പദ്യമാനസ്യ കാലക്ഷപണഹേതവഃ. 35
ജന്മൗഷധിതപോമന്ത്രൈര്യാവതീരിഹ സിദ്ധയഃ
യോഗേനാപ്നോതി താഃ സർവ്വാ നാന്യൈര്യോഗഗതിം
വ്രജേത്. 36
സർവ്വാസാമപി സിദ്ധീനാം ഹേതുഃ പതിരഹം പ്രഭുഃ
അഹം യോഗസ്യ സാംഖ്യസ്യ ധർമ്മസ്യ ബ്രഹ്മവാദിനാം. 37
അഹമാത്മാഽന്തരോ ബാഹ്യോഽനാവൃതഃ സർവ്വദേഹിനാം
യഥാ ഭൂതാനി ഭൂതേഷു ബഹിരന്തഃ സ്വയം തഥാ. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
പഞ്ചദശോഽധ്യായഃ

ഷോഡശോഽധ്യായഃ

ഉദ്ധവ ഉവാച

ത്വം ബ്രഹ്മ പരമം സാക്ഷാദനാദ്യന്തമപാവൃതം
സർവ്വേഷാമപി ഭാവാനാം ത്രാണസ്ഥിത്യപ്യയോദ്ഭവഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സിനെയും പിന്നെശ്ശരീരത്തെയുമതി-
ന്നനുസരിച്ചുതന്നെ ചരിക്കും പ്രാണനേയും
എന്നിൽച്ചേർത്തുള്ളതാം മദ്ധാരണാ-
വൈഭവത്താൽ
തന്നന്തരങ്ഗമെത്തുന്നിടത്തു മെയ്യുമെത്തും. 21
എന്നുടെ യോഗശക്തിയാശ്രയിക്കുവോനെ
പ്പോഴും-
തന്നുടെ മനസ്സററിങ്ങേതേതു രൂപമാലാൻ
ഇച്ഛിക്കുമപ്പോഴാ മനസ്സതാതുരൂപങ്ങളെ
നിശ്ചയമായിദ്ധരിച്ചിടുന്നു യദൂത്തമാ! 22
പരകായപ്രവേശമാഗ്രഹിച്ചീടും സിദ്ധൻ
പരിചിൽ ജീവനെയാ ദേഹത്തിൽ
ധ്യാനിക്കണം
പ്രാണൻ വണ്ടുപോൽ, ദേഹം ത്യജിച്ചു
വായുവായി
ഘ്രാണേന്ദ്രിയത്തിലൂടെയാ മെയ്യിൽ
പ്രവേശിക്കും. 23
കതികാൽകൊണ്ടു ഗുദം നല്ലപോലടച്ചഥ
ഹൃദയം, മാറ, ഗളം, ശിരസ്സിസ്ഥാനങ്ങളിൽ
പ്രാണനെയേററി ബ്രഹ്മരന്ധ്രത്തിലൂടെ ബ്രഹ്മ-
സ്ഥാനത്തെ പ്രാപിപ്പിച്ചിട്ടുപേക്ഷിക്കണം
ദേഹം. 24
അമരാരാമംതന്നിൽക്കളിപ്പാനിച്ഛിച്ചെന്നി-
ലമർന്നീടുന്ന സത്ത്വഗുണത്തെ ധ്യാനിക്കുമ്പോൾ
തന്നന്തികത്തിൽ സത്ത്വവൃത്തികളാകും സുര-
സുന്ദരീവൃന്ദം വ്യോമയാനങ്ങളേറിയെത്തും. 25
മത്പരൻ പുമാൻ ധീയാൽ സത്യരൂപനാമെ-
ല്ലാംപ്പൂർത്തിച്ചേർത്തു സങ്കല്പിച്ചീടുന്നുവോ [നി]-
മാനസമപ്പൊഴേയതായിത്താൻ പരിണമി-
ച്ചുനമററവന്നേകമഖിലാഭീഷ്ടങ്ങളും. 26
വശിയായയീശിതാവായ് മദ്ഭാവം പ്രാപിച്ചിടും
വിശിഷ്ടപുരുഷന്നു യാതൊന്നിൽനിന്നുമെങ്ങും
നേരിടുന്നില്ല വിഘ്നമാ മഹാൻതൻ കല്പന-
യോരുകിലെൻ കല്പനതന്നെ സന്ദേഹമില്ല. 27
മദ്ഭക്തിയാലേയന്തഃകരണം ശുദ്ധമാക്കി-
യെപ്പൊഴും ധാരണാവിത്തായിരുന്നിടും
യോഗി
ജനനമൃതി ജ്ഞാനം ചേർന്നിടും ത്രികാലധീ-
യനിശമാന്നു പരിശോഭിച്ചിടുന്നു! പാരം. 28
പ്രകൃതിക്കെഴും ഗുണവ്യാപാരങ്ങളിൽനിന്നു-
മകന്നുദാസീനനായിരിക്കുമെന്നിൽച്ചിത്തം
ചിന്തിച്ചുറപ്പിച്ചിടും പൂരുഷൻ ബന്ധങ്ങളാൽ
സന്തപ്തനാകില്ലൊരുകാലത്തും തക്കമില്ല. 29
അഖിലഭൂതചിത്തസ്ഥിതനായാത്മാവായി-
സ്സകലത്തിനും സാക്ഷിയായ് വിളങ്ങീടു-
മെന്നിൽ
മാനസമുറപ്പിക്കും സംയമിക്കന്യചിത്തം
കാണുവാൻ കഴിഞ്ഞീടുമാവൃതിയേതുമെന്യേ.30

മാമകധ്യാനത്തിനാൽ മാനസലയം വന്ന
മാമുനീന്ദ്രൻതൻ യോഗമയമായിടും ദേഹം
ജ്വലനൻ ദഹിപ്പിക്കയില്ല യാദസ്സുകൾക്കു
സലിലമെന്നപോലാണതിന്നഗ്ന്യാദി-
സർവം. 31
ശ്രീവത്സശസ്ത്രാദിയാൽ ഭൂഷിതങ്ങളാമെന്റെ
സർവാവതാരരൂപമോരോന്നും ഛത്രം കൊടി-
ചാമരമിവയൊടും ധ്യാനംചെയ്യുവോൻ സാർവ-
ഭൗമനെന്നപോൽ മിന്നുമപരാജിതനായി. 32
യോഗധാരണകളാലെന്നേയുപാസിച്ചിടും
യോഗിതൻ വശത്തിലാതിച്ചൊന്ന സിദ്ധി-
യെല്ലാം. 33
ഇന്ദ്രിയങ്ങളെ വെന്നു ദാന്തനായ് മാനസത്തോ-
ടൊന്നിച്ചാപ്രാണനേയും തന്നുടെ വശത്താക്കി
മാമകധാരണയെ ധാരണംചെയ്തിരിക്കു-
മാമുനിക്കെത്തിടാത്ത സിദ്ധിവല്ലതുമുണ്ടോ?34
ഉത്കൃഷ്ടയോഗത്തിനാലെന്നോടു ചേർന്നീടുവാ-
നാഗ്രഹിച്ചിരുന്നീടുന്നവനിസ്സിദ്ധിയെല്ലാം
വിഘ്നകാരികളെന്നും കാലയാപനത്തിനു
തക്കവയെന്നും വിദ്വജ്ജനങ്ങൾ പറയുന്നു. 35
ജന്മ,ഔഷധം, മന്ത്രം, തപ,സ്സെന്നിവമൂല-
മിമ്മന്നിലേതുതരം സിദ്ധികൾ ഭവിച്ചിടും
അതെല്ലാം യോഗംകൊണ്ടും പ്രാപിക്കാം
സാലോക്യമെ-
ന്നതു നിഷ്കാമഭക്തികൊണ്ടെന്യേ
സിദ്ധിച്ചിടാ. 36
സമസ്തസിദ്ധികൾക്കും ഹേതുവും രക്ഷിതാവും
സമസ്തേശനും ഞാനാം മുക്തിക്കും ജ്ഞാനത്തിനും
വേദോപദേഷ്ടാക്കൾക്കും സമസ്തധർമ്മത്തിനും
സാധുസഞ്ചയത്തിനും രക്ഷകൻ ഞാൻ-
തന്നെയാം. 37
സർവദേഹിക്കുമന്തരാത്മാവായീടുന്ന ഞാ-
നാവൃതിയെന്യേ ബഹിർഭാഗത്തും സ്ഥിതി
ചെയ്വൂ.
ഭൂതങ്ങൾക്കകം പുറമേതുമട്ടിരിക്കുന്നു
ഭൂതങ്ങള,പ്രകാരം ഞാൻ സ്വയമിരിപ്പൂതേ. 38

അദ്ധ്യായം 16

ഉദ്ധവോപദേശം—ഭഗവദവിഭൂതിവർണ്ണനം

ഉദ്ധവൻ പറഞ്ഞു

മറവററതായനാദ്യന്തമായ് വിളങ്ങീടും
പരമമാകും ബ്രഹ്മം നിന്തിരുവടിയത്രേ.
ഉലകിനെല്ലാററിനുമുദ്ഭവം രക്ഷ നാശം
നിലനില്പീ നാലിനും സ്ഥാനവുമങ്ങുതന്നെ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉച്ചാവചേഷു ഭൂതേഷു ദുർജ്ഞേയമകൃതാത്മഭിഃ
ഉപാസതേ ത്വാം ഭഗവൻ! യാഥാതഥ്യേന ബ്രാഹ്മണാഃ. 2

യേഷു യേഷു ച ഭാവേഷു ഭക്ത്യാ ത്വാം പരമർഷയഃ
ഉപാസീനാഃ പ്രപദ്യന്തേ സംസിദ്ധിം തദ്വദസ്വ മേ. 3

ഗൂഢശ്ചരസി ഭൂതാത്മാ ഭൂതാനാം ഭൂതഭാവന!
ന ത്വാം പശ്യന്തി ഭൂതാനി പശ്യന്തം മോഹിതാനി തേ. 4

യാഃ കാശ്ച ഭൂമൗ ദിവി വൈ രസായാം
വിഭൂതയോ ദിക്ഷു മഹാവിഭൂതേ!
താ മഹ്യമാഖ്യാഹ്യനുഭാവിതാസ്തേ
നമാമി തേ തീർത്ഥപദാങ്ഘ്രിപദ്മം. 5

ശ്രീഭഗവാനുവാച

ഏവമേതദഹം പൃഷ്ടഃ പ്രശ്നം പ്രശ്നവിദാം വര!
യുയുത്സുനാ വിനശനേ സപത്നൈരർജ്ജുനേന വൈ. 6

ജ്ഞാത്വാ ജ്ഞാതിവധം ഗർഹ്യമധർമ്മം രാജ്യഹേതുകം
തതോ നിവൃത്തോ ഹന്താഹം ഹതോഽയമിതി ലൗകികഃ. 7

സ തദാ പുരുഷവ്യാഘ്രോ യുക്ത്യാ മേ പ്രതിബോധിതഃ
അഭ്യഭാഷത മാമേവം യഥാ ത്വം രണമൂർദ്ധനി. 8

അഹമാത്മോദ്ധവാമീഷാം ഭൂതാനാം സുഹൃദീശ്വരഃ,
അഹം സർവ്വാണി ഭൂതാനി തേഷാം സ്ഥിത്യുദ്ഭവാപ്യയഃ. 9

അഹം ഗതിർഗ്ഗതിമതാം, കാലഃ കലയതാമഹം
ഗുണാനാം ചാപ്യഹം സാമ്യം, ഗുണിന്യൗത്പത്തികോ
ഗുണഃ. 10

ഗുണിനാമപ്യഹം സൂത്രം, മഹതാം ച മഹാനഹം,
സൂക്ഷ്മാണാമപ്യഹം ജീവോ, ദുർജ്ജയാനാമഹം മനഃ. 11

ഹിരണ്യഗർഭോ വേദാനാം, മന്ത്രാണാം പ്രണവസ്ത്രിവൃത്
അക്ഷരാണാമകാരോഽസ്മി, പദാനി ഛന്ദസാമഹം. 12

ഇന്ദ്രോഽഹം സർവ്വദേവാനാം, വസൂനാമസ്മി ഹവ്യവാട്,
ആദിത്യാനാമഹം വിഷ്ണു, രുദ്രാണാം നീലലോഹിതഃ. 13

ബ്രഹ്മർഷീണാം ഭൃഗുരഹം, രാജർഷീണാമഹം മനുഃ
ദേവർഷീണാം നാരദോഽഹം, ഹവിർദ്ധാന്യസ്മി ധേനുഷു. 14

സിദ്ധേശ്വരാണാം കപിലഃ, സുപർണ്ണോഽഹം പതത്ത്രിണാം,
പ്രജാപതീനാം ദക്ഷോഽഹം, പിതൄണാമഹമര്യമാ. 15

മാം വിദ്ധ്യുദ്ധവ! ദൈത്യാനാം പ്രഹ്ലാദമസുരേശ്വരം,
സോമം നക്ഷത്രൗഷധീനാം, ധനേശം യക്ഷരക്ഷസാം. 16

ഐരാവതം ഗജേന്ദ്രാണാം, യാദസാം വരുണം പ്രഭും,
തപതാം ദ്യുമതാം സൂര്യം, മനുഷ്യാണാം ച ഭൂപതിം. 17

ഉച്ചൈഃശ്രവാസ്തുരംഗാണാം, ധാതൂനാമസ്മി കാഞ്ചനം,
യമഃ സംയമതാം ചാഹം, സർപ്പാണാമസ്മി വാസുകിഃ. 18

നാഗേന്ദ്രാണാമനന്തോഽഹം, മൃഗേന്ദ്രഃ ശൃങ്ഗിദംഷ്ട്രിണാം
ആശ്രമാണാമഹം തുര്യോ, വർണ്ണാനാം പ്രഥമോഽനഘ. 19

തീർത്ഥാനാം സ്രോതസാം ഗങ്ഗാ, സമുദ്രഃ സരസാമഹം,
ആയുധാനാം ധനുരഹം, ത്രിപുരഘ്നോ ധനുഷ്മതാം. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉച്ചനീചങ്ങളാകും ഭൂതങ്ങളിൽ സംസ്കാര–
വിച്യുതിയാർന്നവർക്ക ദുർജ്ഞേയനാകുമങ്ങേ
നിഗമജ്ഞരാം മഹീദേവന്മാരശേഷവും
ഭഗവൻ! വേണ്ടുംവിധമുപാസിച്ചീടുന്നിതേ. 2
ഏതേതു വസ്തുക്കളിലായീടുമങ്ങേ നിത്യ–
മാദരവോടുകൂടി ശ്രേഷ്ഠരാം മഹർഷികൾ
സേവിച്ചു പരമമാം സിദ്ധിയെ പ്രാപിപ്പതു
ഹേ വിഭോ! ഭവാനതുമെന്നോടു ചൊന്നീടണം.
ഭൂതഭാവനാ! സർവ്വഭൂതാത്മാവാകും ഭവാൻ
ഭൂതാന്തർഭാഗത്തു സഞ്ചരിപ്പൂ ഗൂഢനായി.
ത്വന്മായാമോഹിതങ്ങളാകിയ ഭൂതങ്ങളോ
കാണ്മീല സർവ്വം കണ്ടുകൊണ്ടിരിക്കും
ഭവാനെ. 3–4
ഹേ മഹാവിഭൂതേ! യിബ്ഭൂവിലും
സ്വർഗ്ഗത്തിലു–
മാമട്ടു പാതാളത്തും സമസ്തദിക്കിങ്കലും.
ഏതേതുതരം സിദ്ധി യോജിപ്പിച്ചുവോ ഭവാൻ
മോദമോടെന്നോടവയാകവേ കഥിച്ചാലും.
നിന്തിരുതീർത്ഥപദപാദപങ്കജദ്വയം
സന്തതം ഭക്തിപൂർവ്വം നമസ്കരിക്കുന്നു ഞാൻ. 5
ശ്രീഭഗവാൻ പറഞ്ഞു
ഉദ്ധവാ! പ്രശ്നവിജ്ഞാഗ്രേസരാ! ഭവാന്റെയി
ച്ചോദ്യങ്ങളം മുൻപെന്നോടക്കുരുക്ഷേത്രത്തിൽ
വച്ചു
കുരുക്കളോടു പോരിന്നാരംഭിച്ചോരുനേരം
കിരീടി ചോദിച്ചതുതന്നെ മദ്ഭക്താഗ്രിമാ! 6
രാജ്യാർത്ഥമുള്ള ബന്ധുസംഹാരമധർമ്മവും
ത്യാജ്യവും വിനിന്ദ്യവുമെന്നതു,മിവൻ ഹതൻ,
ഞാൻ ഹന്താവെന്ന ലോകരീതിയും ധരിച്ചുട–
നാഹവംതന്നിൽനിന്നുമർജ്ജുനൻ പിൻ–
തിരിഞ്ഞാൻ. 7
പുരുഷവ്യാഘ്രമാകുമവനെ യുക്തിപൂർവ്വം
ധരിപ്പിച്ചേനിതൊട്ടും നന്നല്ലെന്നന്നേരം ഞാൻ
യുദ്ധമദ്ധ്യത്തിൽവച്ചു ഫല്ഗുനനെന്നോടായി-
ട്ടുദ്ധവാ! നിന്നെപ്പോലെ ചെയ്തിതു
സംഭാഷണം. 8
ഇക്കാണും ഭൂതരാശിക്കൊക്കെയാത്മാവും സുഹൃ-
ന്മുഖ്യനും നിയന്താവും ഞാനെന്നു ധരിച്ചാലും.
സമസ്തഭൂതങ്ങളും തത്സ്ഥിതിലയോ–
ത്പത്തി–
നിമിത്തമായ് നിലകൊൾവതും ഞാൻ–
തന്നെയാം. 9
ഇബ്ഭവാർണ്ണവംതന്നിൽ സഞ്ചരിച്ചീടുവോർ–
തൻ
പ്രാപ്യസ്ഥാനവും വശ്യശക്തരിൽക്കാ–
ലാത്മാവും
ഗുണത്രയത്തിൻ സാമ്യാവസ്ഥയും, ഗുണിവസ്തു-
ഗണത്തിൻ നൈസർഗ്ഗികഗുണവുമീ ഞാനത്രേ.
സത്ത്വാദി ഗുണോപാധിയുക്തരായിരി–
പ്പോരിൽ
സൂത്രമാണു ഞാൻ,മഹത്തുക്കളിൽ മഹത്തത്ത്വം,
പാരം സൂക്ഷ്മങ്ങളായവയിൽ ജീവനാം
ഞാൻ;
തീരെ ദുർജ്ജയവസ്തുഗണത്തിൽ മനസ്സും
ഞാൻ 10–11
വേദോപദേഷ്ടാക്കളിൽ ബ്രഹ്മാവാണു ഞാൻ,
മന്ത്ര–
വ്രാതത്തിൽ മൂന്നു മാത്രയാളുമോങ്കാരവും ഞാൻ.
അക്ഷരഗണത്തിൽ ഞാനകാരം,
ഛന്ദസ്സിൻ സ–
മുച്ചയം തന്നിൽപ്പദാവലിയുമിവനത്രേ. 12
സർവ്വദേവന്മാരിൽവച്ചിന്ദ്രൻ ഞാൻ, വസു–
ക്കളിൽ
ഹവ്യവാഹന,നാദിത്യന്മാരിൽ വിഷ്ണുവും
ഞാൻ.
രുദ്രന്മാർക്കിടയ്ക്കു ഞാൻ നീലലോഹിതനെന്നു–
മുദ്ധവാ! ഭവാൻ നേരേ ധരിച്ചുകൊണ്ടീടുക. 13
ബ്രഹ്മർഷിമാരിൽ ഭൃഗു, രാജർഷിമാരിൽ മനു,–
വമ്മട്ടിലമർത്ത്യർഷിവൃന്ദത്തിൽ നാരദൻ ഞാൻ.
ധേനുവൃന്ദത്തിൽക്കാമധേനു ഞാൻ,
സിദ്ധേശരിൽ
ജ്ഞാനിയാം കപിലർഷി, പക്ഷിവർഗ്ഗത്തിൽ–
ത്താർക്ഷ്യൻ.
ദിതിജസമൂഹത്തിൽ ദൈത്യേന്ദ്രൻ പ്രഹ്ലാദനും,
പിതൃവർഗ്ഗത്തിൽ മുഖ്യനര്യമാവുമീ
ഞാനാം. 14–15
നക്ഷത്രൗഷധികളിൽ സോമനും, പ്രജേശരിൽ
ദക്ഷനും,യക്ഷരക്ഷോഗണത്തിൽ കുബേരനും.
ഗജേന്ദ്രന്മാരിലൈരാവതവും, ജലജന്തു–
വ്രജത്തിൽ പ്രഭുപാശി, ദ്യുതിയും ചൂടുമേകും
വസ്തുസഞ്ചയത്തിൽവച്ചർക്കനും, മനുഷ്യരിൽ
പൃഥ്വീനായകനും ഞാൻതന്നെ ഭക്താ–
ഗ്രേസരാ! 16–17
തുരഗങ്ങളിലുച്ചൈശ്രവസ്സും, ധാതുക്കൾതൻ
നിരയിൽ സുവർണ്ണവും, സംയമമാളുവോരിൽ
യമനും, സർപ്പങ്ങളിൽ വാസുകിതാനും, നാഗ–
സമുദായത്തിലാദിശേഷനും ഞാൻതന്നെ കേൾ
ദംഷ്ട്രികൾ ശൃങ്ഗികളെന്നിവയിൽ
സിംഹമാം ഞാ–
നാശ്രമങ്ങളിൽവച്ചു ഞാനല്ലോ സന്ന്യാസവും.
വർണ്ണങ്ങൾ നാലിൽ ദ്വിജജാതിയും, തീർത്ഥ–
ങ്ങളിൽ
സ്വർന്നദി, ജലാശയവൃന്ദത്തിൽ സമുദ്രവും,
ആയുധങ്ങളിൽ വില്ലും, വില്ലരിൽ ത്രിപുരഘ്ന–
നായിടും ഹരനുമീ ഞാൻതന്നെ യദൂ–
ത്തമാ! 18–20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധിഷ്ണ്യാനാമസ്മ്യഹം മേരുർഗ്ഗഹനാനാം ഹിമാലയഃ
വനസ്പതീനാമശ്വത്ഥ, ഓഷധീനാമഹം യവഃ. 21

പുരോധസാം വസിഷ്ഠോഽഹം, ബ്രഹ്മിഷ്ഠാനാം ബൃഹസ്പതിഃ
സ്കന്ദോഽഹം സർവ്വസേനാന്യാ,മഗ്രണ്യാം ഭഗവാനജഃ. 22

യജ്ഞാനാം ബ്രഹ്മയജ്ഞോഽഹം, വ്രതാനാമവിഹിംസനം,
വായ്വഗ്ന്യർക്കാംബുവാഗാത്മാ, ശുചീനാമപ്യഹം ശുചിഃ. 23

യോഗാനാമാത്മസംരോധോ, മന്ത്രോഽസ്മി വിജിഗീഷതാം,
ആന്വീക്ഷികീ കൗശലാനാം, വികല്പഃ ഖ്യാതിവാദിനാം. 24

സ്ത്രീണാം തു ശതരൂപാഹം, പുംസാം സ്വായംഭുവോ മനുഃ,
നാരായണോ മുനീനാം ച, കുമാരോ ബ്രഹ്മചാരിണാം. 25

ധർമ്മാണാമസ്മി സന്ന്യാസഃ ക്ഷേമാണാമബഹിർമ്മതിഃ
ഗുഹ്യാനാം സൂനൃതം മൗനം, മിഥുനാനാമജസ്ത്വഹം. 26

സംവത്സരോഽസ്മ്യനിമിഷാ,മൃതൂനാം മധുമാധവൗ,
മാസാനാം മാർഗ്ഗശീർഷോഽഹം, നക്ഷത്രാണാം തഥാഭിജിത്. 27

അഹം യുഗാനാം ച കൃതം, ധീരാണാം ദേവലോഽസിതഃ
ദ്വൈപായനോഽസ്മി വ്യാസാനാം, കവീനാം കാവ്യ
ആത്മവാൻ. 28

വാസുദേവോ ഭഗവതാം, ത്വം തു ഭാഗവതേഷ്വഹം,
കിമ്പൂരുഷാണാം ഹനുമാൻ, വിദ്യാധ്രാണാം സുദർശനഃ. 29

രത്നാനാം പദ്മരാഗോഽസ്മി, പദ്മകോശഃ സുപേശസാം,
കുശോഽസ്മി ദർഭജാതീനാം, ഗവ്യമാജ്യം ഹവിഃഷ്വഹം. 30

വ്യവസായിനാമഹം ലക്ഷ്മീഃ, കിതവാനാം ഛലഗ്രഹഃ,
തിതിക്ഷാസ്മി തിതിക്ഷൂണാം, സത്ത്വം സത്ത്വവതാമഹം. 31

ഓജഃ സഹോ ബലവതാം, കർമ്മാഹം വിദ്ധി സാത്ത്വതാം,
സാത്ത്വതാം നവമൂർത്തീനാമാദിമൂർത്തിരഹം പരാ. 32

വിശ്വാവസുഃ പൂർവ്വചിത്തിർഗ്ഗന്ധർവ്വാപ്സരസാമഹം
ഭൂധരാണാമഹം സ്ഥൈര്യം ഗന്ധമാത്രമഹം ഭുവഃ. 33

അപാം രസശ്ച പരമസ്തേജിഷ്ഠാനാം വിഭാവസുഃ,
പ്രഭാ സൂര്യേന്ദുതാരാണാം, ശബ്ദോഽഹം നഭസഃ പരഃ. 34

ബ്രഹ്മണ്യാനാം ബലിരഹം, വീരാണാമഹമർജ്ജുനഃ,
ഭൂതാനാം സ്ഥിതിരുത്പത്തിരഹം വൈ പ്രതിസങ്ക്രമഃ. 35

ഗത്യുക്ത്യുത്സർഗ്ഗോപാദാനമാനന്ദസ്പർശലക്ഷണം
ആസ്വാദശ്രുത്യവഘ്രാണമഹം സർവ്വേന്ദ്രിയേന്ദ്രിയം. 36

പൃഥിവീ വായുരാകാശ ആപോ ജ്യോതിരഹം മഹാൻ
വികാരഃ പുരുഷോഽവ്യക്തം രജഃ സത്ത്വം തമഃ പരം
അഹമേതത് പ്രസംഖ്യാനം ജ്ഞാനം തത്ത്വവിനിശ്ചയഃ. 37

മയേശ്വരേണ ജീവേന ഗുണേന ഗുണിനാ വിനാ
സർവ്വാത്മനാപി സർവ്വേണ ന ഭാവോ വിദ്യതേ ക്വചിത്. 38

സംഖ്യാനം പരമാണൂനാം കാലേന ക്രിയതേ മയാ,
ന തഥാ മേ വിഭൂതീനാം സൃജതോഽണ്ഡാനി കോടിശഃ. 39

തേജഃ ശ്രീഃ കീർത്തി,രൈശ്വര്യം ഹ്രീസ്ത്യാഗഃ സൗഭഗം ഭഗഃ
വീര്യം, തിതിക്ഷാ, വിജ്ഞാനം, യത്ര യത്ര സ മേംഽശകഃ. 40

ഏതാസ്തേ കീർത്തിതാഃ സർവ്വാഃ സംക്ഷേപേണ വിഭൂതയഃ
മനോവികാരാ ഏവൈതേ യഥാ വാചാഭിധീയതേ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്താഗ്ര്യാ! വാസസ്ഥാനഗണത്തിൽ മഹാമേരു,
ശൃംഗങ്ങൾക്കിടയിൽ ഞാൻ ഹിമവാൻ
പർവ്വതേന്ദ്രൻ.
പാദപവർഗ്ഗത്തിൽ ഞാനശ്വത്ഥ,മൗഷധത്തിൻ
വ്രാതത്തിൽ യവമെന്ന ധാന്യവും ഞാൻ–
താനല്ലോ. 21
പുരോഹിതന്മാരിൽ ഞാൻ വസിഷ്ഠൻ,
ബ്രഹ്മിഷ്ഠരിൽ
സുരാചാര്യനാം ബൃഹസ്പതിയും
ഞാൻതന്നെയാം.
സേനാനികളിൽ സ്കന്ദ,നഗ്രണിമാരിൽവച്ച്
ഞാനത്രേ ഭഗവാനാമജനെന്നതുമോർക്ക. 22
നാനായജ്ഞത്തിൽ ബ്രഹ്മയജ്ഞവും
വ്രതങ്ങളിൽ
പ്രാണിഹിംസനം ത്യജിച്ചിരിക്കയെന്നുള്ളതും
ശുദ്ധിവസ്തുക്കളിൽത്തീ,യർക്കൻ കാററപ്പൃഗീരെ–
ന്നിത്രയ്ക്കുമിയന്നിടും രൂപവും ഞാൻ–
തന്നെയാം. 23
യോഗാംഗങ്ങളിൽ മനമൊതുക്കും
സമാധിയാം
യോഗവും, വിജയേച്ഛുജനമന്ത്രവും തഥാ
ഖ്യാതിവാദികൾക്കുള്ള സന്ദേഹമതു,മാത്മ–
ബോധദായകമാകും വിദ്യയും
ഞാൻതന്നെയാം. 24
കമനിമാരിൽ ശതരൂപയും, പുമാന്മാരി–
ലമലൻ സ്വായംഭുവമനുവും ഞാനാണു കേൾ.
മുനിവൃന്ദത്തിൽ നാരായണനും ബ്രഹ്മചാരി–
ഗണത്തിൽ സനൽക്കുമാരാഖ്യനാം മുനിയും
ഞാൻ. 25
സകലധർമ്മങ്ങളിൽവച്ച് ഞാൻ സന്ന്യാസമാം,
സുഖരാശിയിലഹമബഹിർമ്മതിയത്രേ.
രഹസ്യകാര്യങ്ങളിൽ മൗനവും സൂനൃതവു–
മഹംതാൻ, മിഥുനസഞ്ചയത്തിൽ ബ്രഹ്മാവും
ഞാൻ. 26
നിമേഷമററവയിൽ വത്സരം, മാസങ്ങളി–
ലാ മാർഗ്ഗശീർഷ,മൃതുഗണത്തിൽ വസന്തവും.
നക്ഷത്രങ്ങളിലഭിജിത്തും, യുഗം നാലിൽ
വച്ചാദിയുഗമാകും കൃതവും ഞാൻതന്നെയാം.
ധീരരിൽ ദേവലാസിതന്മാരും, കവീശ്വര–
ന്മാരിൽവച്ചുശനസ്സും, വ്യാസരിൽ
ദ്വൈപായനൻ. 27–28
ചൊല്ലെഴുന്ന വിദ്യാധരവൃന്ദത്തിൽ സുദർശനൻ,
ഭക്തമുഖ്യരിൽ നീയും ഞാൻതന്നെ ഭേദമില്ല.
ഭഗവാന്മാരിൽ വാസുദേവനും കിംപുരുഷ–
നികരംതന്നിൽ ഹനുമാനുമീ ഞാനാണു കേൾ.
29
മണിചയത്തിൽ പദ്മരാഗവും ചാരുവസ്തു–
ഗണത്തിൽ സരസിജകോശവുമിവനല്ലോ.
തൃണവർഗ്ഗത്തിൽ ദർഭപ്പുല്ലു ഞാൻ, ഹോമദ്രവ്യ–
ഗണത്തിൽ പശുവിൻനെയ്യായതുമിവനത്രേ.
വ്യവസായികൾക്കെഴും കൃത്യങ്ങൾതൻ
ഫലശ്രീ–
യിവൻതാൻ, വഞ്ചകന്മാർക്കിയലും ചൂതാട്ടവും,
ക്ഷമാശീലന്മാർക്കെഴും ക്ഷമയും, ബലിഷ്ഠരി–
ലമരുമൂക്കും, ശക്തർക്കിയലുമോജസ്സതും,
ഭക്തരാം നവമൂർത്തികൾക്കെഴുമാദിശ്രേഷ്ഠ–
മൂർത്തിയും ഭക്തന്മാർതൻ കർമ്മവും
ഞാൻതന്നെയാം. 30–32
ഗന്ധർവ്വന്മാരിൽ വിശ്വാവസുവുമപ്സരസ്സിൻ–
വൃന്ദത്തിൽവെച്ച് പൂർവ്വചിത്തിയുമിവനത്രേ.
അദ്രിതൻ സ്ഥിരത്വവും മേദിനിതൻ ഗന്ധവു–
മുദ്ധവാ! ഞാൻതന്നെയാണെന്നതു ധരിച്ചാലും.
ജലത്തിൻ പരമമാം രസവും, തേജിഷ്ഠരിൽ
ജ്വലനൻതാനും, സൂര്യതാരേന്ദുക്കളിൽ ഭാസ്സും,
നഭസ്സിൻ പരമമാം ശബ്ദവും, വിപ്രഭക്തി–
പ്രഭാവന്മാരിൽ ബലി, വീരരിൽ പാർത്ഥനും
ഞാൻ.
ഭൂതജാലത്തെത്തീർത്തു കാത്തഴിച്ചീടുന്നതും
ഭൂതഭാവനനായ ഞാനാണെന്നുറച്ചു നീ. 33–35
യാനവും, വചനവു,മുത്സർഗ്ഗ,മുപാദാന,–
മാനന്ദം, സ്പർശനത്തിൻ ലക്ഷണ,മാസ്വാദവും
ശ്രുതിയുമവഘ്രാണം, സമസ്തേന്ദ്രിയേന്ദ്രിയം
ക്ഷിതിയും, ജലം, ജ്യോതി,സ്സുഹന്ത,
മഹത്തത്ത്വം
അനഘം പരമാത്മജ്ഞാന,മീശ്വരൻ, ജീവൻ
ഗുണിയും ഗുണം ജഡം ചേതനമെന്നീവിധം
നാനാഭേദത്തിൽക്കാണും സമസ്തഭാവങ്ങളും
ഞാനത്രേയെന്നെക്കൂടാതൊന്നുമി–
ല്ലൊരേടത്തും. 36–38
പരമാണുവിൻ സംഖ്യ കുറച്ചുകാലംകൊണ്ടു
പരിശ്രമിച്ചാൽ പക്ഷേ ഗണിക്കാവതാ–
മെന്നാൽ
കോടിക്കണക്കിൽ ബ്രഹ്മാണ്ഡങ്ങളെ
സൃഷ്ടിക്കുമെൻ
കേടററ വിഭൂതികളെണ്ണുവാനാർക്കുമാകാ. 39
ശ്രീ, ഭാഗ്യം, ലജ്ജ, വീര്യം, പ്രഭാവം, ധനം,
ത്യാഗം,
സൗഭഗം, സഹിഷ്ണുത, മാഹാത്മ്യം,
സുവിജ്ഞാനം
എന്നിച്ചൊന്നവയെങ്ങെങ്ങുണ്ടവയശേഷവു–
മെന്നുടെ വിഭൂതികളെന്നു നീ ധരിച്ചാലും. 40
നിന്നോടു ചുരുക്കത്തിലീ വിഭൂതികളെല്ലാം
ചൊന്നേനീവിധ,മിവ യഥാർത്ഥം ചിന്തി–
ക്കുകിൽ
മാനസവികാരങ്ങളാണു വാക്കുകൾകൊണ്ടോ–
ന്നുനമെന്നിയേ വ്യവഹരിക്കാവതാകയാൽ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാചം യച്ഛ, മനോ യച്ഛ, പ്രാണാൻ യച്ഛേന്ദ്രിയാണി ച
ആത്മാനമാത്മനാ യച്ഛ, ന ഭൂയഃ കല്പസേഽധ്വനേ. 42

യോ വൈ വാങ്മനസീ സമ്യഗസംയച്ഛൻ ധിയാ യതിഃ
തസ്യ വ്രതം തപോ ദാനം സ്രവത്യാമഘടാംബുവത്. 43

തസ്മാന്മനോവചഃപ്രാണാൻ നിയച്ഛേന്മത്പരായണഃ
മദ്ഭക്തിയുക്തയാ ബുദ്ധ്യാ തതഃ പരിസമാപ്യതേ. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഷോഡശോഽധ്യായഃ

സപ്തദശോഽധ്യായഃ

ഉദ്ധവ ഉവാച

യസ്ത്വയാഭിഹിതഃ പൂർവ്വം ധർമ്മസ്ത്വദ്ഭക്തിലക്ഷണഃ
വർണ്ണാശ്രമാചാരവതാം സർവ്വേഷാം ദ്വിപദാമപി. 1

യഥാനുഷ്ഠീയമാനേന ത്വയി ഭക്തിർന്നൃണാം ഭവേത്
സ്വധർമ്മേണാരവിന്ദാക്ഷ! തത് സമാഖ്യാതുമർഹസി. 2

പുരാ കില മഹാബാഹോ! ധർമ്മം പരമകം പ്രഭോ!
യത്തേന ഹംസരൂപേണ ബ്രഹ്മണേഽഭ്യാത്ഥ മാധവ. 3

സ ഇദാനീം സുമഹതാ കാലേനാമിത്രകർശന!
ന പ്രായോ ഭവിതാ മർത്ത്യലോകേ പ്രാഗനുശാസിതഃ. 4

വക്താ കർത്താവിതാ നാന്യോ ധർമ്മസ്യാച്യുത! തേ ഭുവി
സഭായാമപി വൈരിഞ്ച്യാം യത്ര മൂർത്തിധരാഃ കലാഃ. 5

കർത്രാവിത്രാ പ്രവക്ത്രാ ച ഭവതാ മധുസൂദന!
ത്യക്തേ മഹീതലേ ദേവ! വിനിഷ്ടം കഃ പ്രവക്ഷ്യതി. 6

തത്ത്വം നഃ സർവ്വധർമ്മജ്ഞ! ധർമ്മസ്ത്വദ്ഭക്തിലക്ഷണഃ
യഥാ യസ്യ വിധീയേത തഥാ വർണ്ണയ മേ പ്രഭോ! 7

ശ്രീശുക ഉവാച

ഇത്ഥം സ്വഭൃത്യമുഖ്യേന പൃഷ്ടഃ സ ഭഗവാൻ ഹരിഃ
പ്രീതഃ ക്ഷേമായ മർത്ത്യാനാം ധർമ്മാനാഹ സനാതനാൻ. 8

ശ്രീഭഗവാനുവാച

ധർമ്മ്യ ഏഷ തവ പ്രശ്നോ നൈഃശ്രേയസകരോ നൃണാം
വർണ്ണാശ്രമാചാരവതാം തമുദ്ധവ! നിബോധ മേ. 9

ആദൗ കൃതയുഗേ വർണ്ണോ നൃണാം ഹംസ ഇതി സ്മൃതഃ
കൃതകൃത്യാഃ പ്രജാ ജാത്യാ തസ്മാത് കൃതയുഗം വിദുഃ. 10

വേദഃ പ്രണവ ഏവാഗ്രേ ധർമ്മോഽഹം വൃഷരൂപധൃക്
ഉപാസതേ തപോനിഷ്ഠാ ഹംസം മാം മുക്തകില്ബിഷാഃ. 11

ത്രേതാമുഖേ മഹാഭാഗ! പ്രാണാന്മേ ഹൃദയാത്ത്രയീ
വിദ്യാ പ്രാദുരഭൂത്തസ്യാ അഹമാസം ത്രിവൃന്മഖഃ 12

വിപ്രക്ഷത്രിയവിട്ശൂദ്രാ മുഖബാഹൂരുപാദജാഃ
വൈരാജാത് പുരുഷാജ്ജാതാ യ ആത്മാചാരലക്ഷണാഃ. 13

ഗൃഹാശ്രമോ ജഘനതോ ബ്രഹ്മചര്യം ഹൃദോ മമ
വക്ഷഃസ്ഥാനാദ്വനേ വാസോ ന്യാസഃ ശീർഷ്ണി
സംസ്ഥിതഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സം, പ്രാണൻ, വാക്കെന്നിവയെയടക്കുക,
താനേ ബുദ്ധിയെബ്ബുദ്ധികൊണ്ടു സംയമം–
ചെയ്യു,
എന്നീമട്ടുള്ള യോഗി, സംസാരസരണിയിൽ
പിന്നെസ്സഞ്ചരിക്കുകയില്ല നിശ്ചയംതന്നെ. 42
ഏതൊരു സന്ന്യാസിയോ ബുദ്ധിയാൽ
വാക്കിനേയും
ചേതസ്സിനേയും നേരേയടക്കാതിരിക്കുമോ
അവന്റെ തപസ്സും തന്നിയമം ദാനങ്ങളും
ജവത്തിൽ ചോർന്നുപോകുമാമകുംഭാംബുമട്ടിൽ.
അതിനാൽ, മനം പ്രാണൻ വചസ്സും
മദ്ഭക്തിസം–
യുതയാം ധീയാലെന്നെയാശ്രയമാക്കിപ്പുമാൻ
അടക്കീടണം പിന്നെയവനു കൃത്യമൊന്നും
തുടർന്നു ചെയ്യേണ്ടതായ് ശേഷിക്കുന്നില്ല
നൂനം. 43-44

അദ്ധ്യായം 17

ഉദ്ധവോപദേശം—വർണ്ണാശ്രമധർമ്മനിരൂപണം

ഉദ്ധവൻ പറഞ്ഞു

വർണ്ണാശ്രമാചാരസംയുക്തക്കും മനുഷ്യരായ്
വന്നിങ്ങു പിറന്നവർക്കേവർക്കുമൊരുപോലെ
ത്വദ്ഭക്തിലക്ഷണത്തോടൊത്തിടും ധർമ്മം
പാടേ
കല്പകാലാരംഭത്തിൽക്കഥിച്ചുവല്ലോ ഭവാൻ. 1
എങ്ങനെ ചെയ്യപ്പെട്ടും സ്വധർമ്മംമൂലം മർത്ത്യ–
ർക്കങ്ങയിൽ ശരിയായ ഭക്തിയുദ്ഭവിക്കുമോ,
തണ്ടാർദലാക്ഷാ! കൊണ്ടൽനേർവർണ്ണാ!
ഭവാനതും
വേണ്ടുന്നവിധമെന്നെദ്ധരിപ്പിച്ചിടേണമേ. 2
ഹേ മഹാബാഹോ! പ്രഭോ! മാധവാ! ഭവാൻ
പണ്ടു
കോമളഹംസരൂപം കൈക്കൊണ്ടു വഴിപോലെ
ബ്രഹ്മാവിനോടായേതൊരുത്കൃഷ്ടധർമ്മമാണോ
സമ്മോദപുരസ്സരം നിർമ്മായം കഥിച്ചതും, 3
ശത്രുഹന്താവേ! മുൻപു ഭവാനാലുക്തമായി
മർത്ത്യന്മാർ പരമ്പരവഴിക്കു പഠിച്ചതാം
അദ്ധർമ്മം കാലമേറെക്കഴിഞ്ഞുപോകയാലി–
ദ്ധാത്രിയിലിപ്പോളില്ലാതായിതു മിക്കവാറും. 4
എവിടെയാഗമങ്ങളും മൂർത്തിയാന്നുല്ലസിപ്പ–
തവിടെ—ബ്രഹ്മസഭതന്നിലങ്ങയെയെന്യേ
ധർമ്മവക്താവും രക്ഷാകർത്താവും കർത്താവുമായ്–
ക്കാണ്മതില്ലന്യനെ,യിബ്ഭുവിലാരുള്ള
പിന്നെ? 5
കർത്താവും രക്ഷിതാവുമുപദേഷ്ടാവുമാമ–
ങ്ങിദ്ധാത്രി സന്ത്യജിച്ചു പോയീടുംസമയത്തിൽ
ഹേ ദേവാ! വിനഷ്ടമായീടുമിദ്ധർമ്മങ്ങളെ–
യേതൊരാളുണ്ടോതുകിലുപദേശിച്ചീടുവാൻ? 6
അതിനാൽ സർവ്വധർമ്മമർമ്മജ്ഞനാകും ഭവാൻ
മതിയിൽ ഭവദ്ഭക്തിയുറപ്പിച്ചിടും ധർമ്മം
ഏതവനേതുരീതിക്കാണങ്ങു നിശ്ചയിച്ചി–
തോതണമാവിധംതാനെന്നോടു സവിസ്തരം. 7

ശ്രീശുകൻ പറഞ്ഞു

ഇത്തരം നിജഭൃത്യമുഖ്യനാമുദ്ധവൻതൻ–
ചോദ്യത്താൽ ഭഗവാൻ ശ്രീനിവാസൻ
തുഷ്ടനായി
മനുഷ്യർക്കെല്ലാം ക്ഷേമം കൈവരുത്തുവാൻ
സനാ–
തനമാം ധർമ്മമേവമരുളിച്ചെയ്തീടിനാൻ. 8

ശ്രീഭഗവാൻ പറഞ്ഞു

ഉദ്ധവാ! നിന്റെ ചോദ്യം
ധർമ്മ്യമായിരിക്കുന്നു
നിത്യവും വർണ്ണാശ്രമാചാരങ്ങളനുഷ്ഠിക്കും
മർത്ത്യർക്കു മുക്തി ചേർക്കത്തക്കതാമിതിനുള്ളോ–
രുത്തരമെന്നിൽനിന്നും ശ്രദ്ധിച്ചു
കേട്ടുകൊൾക. 9
ആദിയിൽ കൃതയുഗാരംഭകാലത്തു മർത്ത്യ–
ജാതിയെ ഹംസമെന്നു നിശ്ചയം ചെയ്തിരുന്നു.
അന്നത്തെ മർത്ത്യർ ജാത്യാ കൃതകൃത്യരായിരു–
ന്നെന്നതുമൂലം കൃതയുഗമെന്നറിയുന്നു. 10
ആദിയിൽ ശബ്ദബ്രഹ്മരൂപമാം പ്രണവംതാൻ
വേദം, ഞാനത്രേ വൃഷാകൃതിയായിട്ടും ധർമ്മം.
പാപഹീനരായ്ത്തപോനിഷ്ഠരാം ജനം ഹംസ–
രൂപനാമെന്നെസ്സേവിച്ചിരുന്നാരനാരതം. 11
ത്രേതാരംഭത്തിൽ പ്രാണചലനം
നിമിത്തമെൻ–
ചേതസ്സിൽനിന്നുമൃക്കു യജുസ്സു സാമമെന്നായ്
മൂന്നവയവത്തോടും ജാതമായ് വേദ,മതിൽ–
നിന്നും ത്രിവിധയജ്ഞരൂപനാം
ഞാനുമുണ്ടായ്. 12
വിപ്രൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രനെന്നീ
വർണ്ണങ്ങ–
ളുദ്ഭവിച്ചിതു വിരാൾപുരുഷൻതന്നിൽനിന്നും.
ഭൂസുരൻ മുഖത്തിലും, ക്ഷത്രിയൻ ഭുജത്തിലും,
വൈശ്യനൂരുവിൽ, ശൂദ്രൻ ചരണത്തിലും
നിന്നും
മന്നിതിൽ താന്താങ്ങൾതന്നാചാരലക്ഷണങ്ങ–
ളാർന്നീടുന്നവരായിജ്ജനിച്ചു മഹാഭാഗാ! 13
ഗൃഹസ്ഥാശ്രമം മമ ജഘനംതന്നിൽനിന്നും
മഹാത്മൻ! ബ്രഹ്മചര്യം ഹൃദയംതന്നിൽനിന്നും
വനവാസാശ്രമം മദ്വക്ഷഃസ്ഥലത്തിൽനിന്നും
ജനിച്ചു സന്ന്യാസമെന്നുത്തമാങ്ഗത്തിൽ–
, നിന്നും. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണാനാമാശ്രമാണാം ച ജന്മഭൂമ്യനുസാരിണീഃ
ആസൻ പ്രകൃതയോ നൄണാം നീചൈർന്നീചോത്തമോ-
ത്തമൈഃ. 15

ശമോ ദമസ്തപഃ ശൗചം സന്തോഷഃ ക്ഷാന്തിരാർജ്ജവം
മദ്ഭക്തിശ്ച ദയാ സത്യം ബ്രഹ്മപ്രകൃതയസ്ത്വിമാഃ. 16

തേജോ ബലം ധൃതിഃ ശൗര്യം തിതിക്ഷൗദാര്യമുദ്യമഃ
സ്ഥൈര്യം ബ്രഹ്മണ്യതൈശ്വര്യം ക്ഷത്രപ്രകൃതയസ്ത്വിമാഃ. 17

ആസ്തിക്യം ദാനനിഷ്ഠാ ച അദംഭോ ബ്രഹ്മസേവനം
അതുഷ്ടിരർത്ഥോപചയൈർവ്വൈശ്യപ്രകൃതയസ്ത്വിമാഃ. 18

ശുശ്രൂഷണം ദ്വിജഗവാം ദേവാനാം ചാപ്യമായയാ
തത്ര ലബ്ധേന സന്തോഷഃ ശൂദ്രപ്രകൃതയസ്ത്വിമാഃ. 19

അശൗചമനൃതം സ്തേയം നാസ്തിക്യം ശുഷ്കവിഗ്രഹഃ
കാമഃ ക്രോധശ്ച തർഷശ്ച സ്വഭാവോഽന്തേവസായിനാം. 20

അഹിംസാ സത്യമസ്തേയമകാമക്രോധലോഭതാ
ഭൂതപ്രിയഹിതേഹാ ച ധർമ്മോഽയം സാർവ്വവർണ്ണികഃ. 21

ദ്വിതീയം പ്രാപ്യാനുപൂർവ്വ്യാജ്ജന്മോപനയനം ദ്വിജഃ
വസൻ ഗുരുകുലേ ദാന്തോ ബ്രഹ്മാധീയീത ചാഹൂതഃ. 22

മേഖലാജിനദണ്ഡാക്ഷബ്രഹ്മസൂത്രകമണ്ഡലൂൻ
ജടിലോഽധൗതദദ്വാസോഽരക്തപീഠഃ കുശാൻ ദധത്. 23

സ്നാനഭോജനഹോമേഷു ജപോച്ചാരേ ച വാഗ്യതഃ
നച്ഛിന്ദ്യാന്നഖരോമാണി കക്ഷോപസ്ഥഗതാന്യപി. 24

രേതോ നാവകിരേജ്ജാതു ബ്രഹ്മവ്രതധരഃ സ്വയം
അവകീർണ്ണേഽവഗാഹ്യാപ്സു യതാസുസ്ത്രിപദീം ജപേത്. 25

അഗ്ന്യർക്കാചാര്യഗോവിപ്രഗുരുവൃദ്ധസുരാഞ്ഛുചിഃ
സമാഹിത ഉപാസീത സന്ധ്യേ ച യതവാഗ് ജപൻ. 26

ആചാര്യം മാം വിജാനീയാന്നാവമന്യേത കർഹിചിത്
ന മർത്ത്യബുദ്ധ്യാസൂയേത സർവ്വദേവമയോ ഗുരുഃ. 27

സായം പ്രാതരുപാനീയ ഭൈക്ഷ്യം തസ്മൈ നിവേദയേത്
യച്ചാന്യദപ്യനുജ്ഞാതമുപയുഞ്ജീത സംയതഃ. 28

ശുശ്രൂഷമാണ ആചാര്യം സദോപാസീത നീചവത്
യാനശയ്യാസനസ്ഥാനൈർന്നാതിദൂരേ കൃതാഞ്ജലിഃ. 29

ഏവംവൃത്തോ ഗുരുകുലേ വസേദ്ഭോഗവിവർജ്ജിതഃ
വിദ്യാ സമാപ്യതേ യാവദ് ബിഭ്രദ്വ്രതമഖണ്ഡിതം. 30

യദ്യസൗ ഛന്ദസാം ലോകമാരോക്ഷ്യൻ ബ്രഹ്മവിഷ്ടപം
ഗുരവേ വിന്യസേദ് ദേഹം സ്വാധ്യായാർത്ഥം ബൃഹദ്വ്രതഃ. 31

അഗ്നൗ ഗുരാവാത്മനി ച സർവ്വഭൂതേഷു മാം പരം
അപൃഥഗ്ധീരുപാസീത ബ്രഹ്മവർച്ചസ്വ്യകല്മഷഃ. 32

സ്ത്രീണാം നിരീക്ഷണസ്പർശസംലാപക്ഷ്വേളനാദികം
പ്രാണിനോ മിഥുനീഭൂതാനഗൃഹസ്ഥോഽഗ്രതസ്ത്യജേത്. 33

ശൗചമാചമനം സ്നാനം സന്ധ്യോപാസനമാർജ്ജവം
തീർത്ഥസേവാ ജപോഽസ്പൃശ്യാഭക്ഷ്യാസംഭാഷ്യവർജ്ജനം. 34

സർവ്വാശ്രമപ്രയുക്തോഽയം നിയമഃ കുലനന്ദന!
മദ്ഭാവഃ സർവ്വഭൂതേഷു മനോവാക്കായസംയമഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണാശ്രമങ്ങൾക്കെല്ലാം ജന്മസ്ഥാനാനുസാരം
ഭിന്നമായ് നീചാചാരംനിമിത്തം നീചങ്ങളും
ഉത്തമാചാരങ്ങളാലുത്തമങ്ങളുമായി
വർത്തിക്കും പ്രകൃതികൾ മനുഷ്യർക്കുണ്ടായിതു.15
ശമവും ദമവും സന്തോഷവും ശുചിത്വവും
ക്ഷമയുമൃജുത്വവും തപസ്സും കാരുണ്യവും
ഉണ്മയുമെന്നിലുററ ഭക്തിയുമെന്നിതെല്ലാം
ബ്രാഹ്മണജാതിക്കെഴും സ്വഭാവമറിഞ്ഞാലും!16
ശൗര്യവും സഹിഷ്ണുത തേജസ്സു ധൃതി ശക്തി
സ്ഥൈര്യവുമൗദാര്യവും വൃദ്ധമാമൈശ്വര്യവും
ഉദ്യമം, ബ്രാഹ്മണരിൽ ഭക്തി,യെന്നിവയെല്ലാം
ക്ഷത്രിയപ്രകൃതികളെന്നതു ധരിച്ചാലും. 17
ആസ്തിക്യം, ദാനനിഷ്ഠ,യദംഭം, സ്ഥിരത്വവു-
മർത്ഥാഭിവൃദ്ധിയിങ്കൽ സംതൃപ്തിയില്ലായ്മയും
ഭൂസുരന്മാരെസ്സേവിക്കുകയുമെന്നിതെല്ലാം
വൈശ്യവർഗ്ഗത്തിന്നെഴും സ്വഭാവങ്ങളെ-
ന്നോർക്ക. 18
ബ്രാഹ്മണരേയും ദേവന്മാരേയും ഗോക്കളേയും
നിർമ്മായം ശുശ്രൂഷിക്ക ലഭിപ്പതെന്താകിലും
അത്യന്തം സന്തോഷിക്കയെന്നിവയത്രേ
പാർത്താൽ
ശൂദ്രജാതിസ്വഭാവമെന്നോർക്ക യദുശ്രേഷ്ഠാ! 19
ശുദ്ധിയില്ലായ്മ, കള്ളംചൊല്ലുക, ചോരവൃത്തി,
നാസ്തിക്യ,മകാരണകലഹം, കാമം, ക്രോധം,
അത്യാശയെന്നിത്രയുമെത്രയോ നീചന്മാരായ്
വർത്തിക്കും പഞ്ചമന്മാർക്കിയലും ശീലമല്ലോ 20
സത്യവും കാമക്രോധലോഭങ്ങളില്ലായ്മയു-
മസ്തേയമഹിംസയും ജീവികൾക്കെല്ലാററിനും
ഹിതവും പ്രിയവുമായുള്ളതാചരിക്കയു-
മിതെല്ലാം വേണ്ടതത്രേ സമസ്ത-
വർണ്ണങ്ങൾക്കും. 21
ക്രമത്തിൽ ദ്വിജൻ പ്രാപിച്ചീടുന്ന രണ്ടാംജന്മ-
സമമാം പൂണുലിടൽ കഴിഞ്ഞിട്ടിന്ദ്രിയങ്ങൾ
അടക്കിഗ്ഗുരുകുലവാസമാർന്നാചാര്യാജ്ഞ-
യടവേയനുസരിച്ചഭ്യസിക്കണം വേദം. 22
ദണ്ഡാക്ഷം പൂണുൽ മൃഗത്തോൽ ജലപാത്രം
ജട-
യെന്നിവയെല്ലാമാർന്നു പല്ലുതേച്ചീടാതെയും
വസനം നനച്ചുടുക്കാതെയും ചായംതേച്ച
മിനുസംവരുത്താത്ത പീഠത്തിലിരിക്കണം. 23
മൗനമായ് സാധിക്കണം, ഭോജനവിസർജ്ജന-
സ്നാനഹോമങ്ങൾ ജപമെന്നിവയെല്ലാനാളും.
കളഞ്ഞീടൊലാ കക്ഷം ഗുഹ്യമിസ്ഥാനങ്ങളി-
ലുളവാം രോമങ്ങളെ, നഖവും മുറിക്കൊലാ. 24
അറിഞ്ഞു ശുക്ലം സ്ഖലിപ്പിക്കൊലാ
ബ്രഹ്മചാരി-
യൊരിക്കൽപോലും, വല്ലവിധവും
സ്ഖലിക്കുകിൽ
വെള്ളത്തിൽ മുങ്ങിക്കുളിച്ചിട്ടുടൻ പ്രാണായാമം
നല്ലപോൽ ചെയ്തശേഷം ഗായത്രി
ജപിക്കണം. 25
അഗ്ന്യർക്കാചാര്യസുരഗോവൃദ്ധവിപ്രരേയു-
മക്കണക്കുപൂജ്യന്മാരെയുമാരാധിച്ചു
ശുദ്ധനായ് മൗനിയായേകാഗ്രചിത്തനായ് ജപ-
മൊത്തുപാസിച്ചീടണം രണ്ടു സന്ധ്യക-
ളേയും. 26
ഞാനെന്നുതന്നെ വിചാരിക്കണമാചാര്യനെ
മാനിച്ചീടാതെയിരുന്നീടരുതൊരിക്കലും.
കേവലം മർത്ത്യനെന്ന ധീവച്ചു വീക്ഷിക്കൊലാ
സർവദേവസ്വരൂപനാചാര്യൻ തർക്കമില്ല. 27
സായങ്കാലത്തുമുഷസ്സിങ്കലുമുപാനീത-
മായതും വശാൽ കിട്ടുന്നതുമാം ഭിക്ഷാന്നത്തെ
ഗുരുവിനായി നിവേദിക്കണം, തദാജ്ഞയാൽ
പുരു സംയതനായിബ്ഭുജിച്ചീടണം താനും.28
താണവൻ താനെന്നുള്ള ഭാവത്തിലാചാര്യനെ
താനേ ശുശ്രൂഷണങ്ങളെപ്പൊഴും ചെയ്തുകൊണ്ടു
സ്ഥിതി, വിശ്രമം, യാനം, ശയനമെന്നിവറ്റി-
ലതിദൂരത്തിലെന്യേ കൈകൂപ്പി-
സ്സേവിക്കണം. 29
ഈവിധം പ്രവർത്തിച്ചും ഭോഗാശയുപേക്ഷിച്ചും
നിർവിഘ്നം ബ്രഹ്മചര്യവ്രതത്തെയനുഷ്ഠിച്ചും
സ്വവിദ്യാഭ്യസനം സംപൂർത്തിയാകുംവരെയ്ക്കും
നിവസിക്കണം ഗുരുകുലത്തിൽ ബ്രഹ്മചാരി.30
ഛന്ദഃസ്ഥാനമാം ബ്രഹ്മലോകത്തിലേറീടുവാൻ
തന്നകതാരിലാശയുദിച്ചീടുന്നതാകിൽ
വേദാഭ്യാസാർത്ഥം നിജദേഹമാജീവനാന്തം
സാദരമാചാര്യനായർപ്പിച്ചീടുകവേണം. 31
ബ്രഹ്മതേജസ്വിയായിബ്ഭേദധീയേതുമെന്യേ
കല്മഷവിഹീനനായഗ്നിയിലാത്മാവിലും
ദേശികങ്കലും, സർവ്വഭൂതസന്ദോഹത്തിലു-
മീശ്വരനാകുമെന്നെയുപാസിക്കുകവേണം. 32
നാരീദർശനസ്പർശസല്ലാപാദികളെല്ലാം
തീരെ വർജ്ജിച്ചീടണമാ നിത്യബ്രഹ്മചാരി.
മിഥുനീഭൂതരാകുമൊരു ജന്തുക്കളേയും
സതതബ്രഹ്മചാരി കാണായ്വാൻ
ശ്രദ്ധിക്കണം. 33
ശുദ്ധിയാചമനവും സന്ധ്യോപാസനം സ്നാനം
തീർത്ഥസേവനം പരമാർത്ഥചിന്തനം, ജപം
എന്നിവയാർന്നു ഭാഷണാശനസ്പർശനങ്ങൾ-
ക്കൊന്നിനും കൊള്ളരുതാത്തവയും
ത്യജിക്കണം. 34
കുലനന്ദനാ! മനം ശരീരം വാക്കെന്നിവ
ബലമായടക്കാനും ഭൂതരാശിയിലെല്ലാം
മദ്ഭാവം ദർശിപ്പാനുമുള്ളൊരീ നിയമങ്ങ-
ളെപ്പോഴുമാർന്നീടേണ്ടതാം സമസ്താശ്രമികളും. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ബൃഹദ്വ്രതധരോ ബ്രാഹ്മണോഽഗ്നിരിവ ജ്വലൻ
മദ്ഭക്തസ്തീവ്രതപസാ ദഗ്ധകർമ്മാശയോഽമലഃ. 36

അഥാനന്തരമാവേക്ഷ്യൻ യഥാ ജിജ്ഞാസിതാഗമഃ
ഗുരവേ ദക്ഷിണാം ദത്ത്വാ സ്നായാദ്ഗുർവനുമോദിതഃ. 37

ഗൃഹം വനം വോപവിശേത് പ്രവ്രജേദ്വാ ദ്വിജോത്തമഃ
ആശ്രമാദാശ്രമം ഗച്ഛേന്നാന്യഥാ മത്പരശ്ചരേത്. 38

ഗൃഹാർത്ഥീ സദൃശീം ഭാര്യാമുദ്വഹേദജുഗുപ്സിതാം
യവീയസീം തു വയസാ യാം സവർണ്ണാമനുക്രമാത്. 39

ഇജ്യാധ്യയനദാനാനി സർവ്വേഷാം ച ദ്വിജന്മനാം
പ്രതിഗ്രഹോഽധ്യാപനം ച ബ്രാഹ്മണസ്യൈവ യാജനം. 40

പ്രതിഗ്രഹം മന്യമാനസ്തപസ്തേജോയശോനുദം
അന്യാഭ്യാമേവ ജീവേത ശിലൈർവ്വാ ദോഷദൃക് തയോഃ. 41

ബ്രാഹ്മണസ്യ ഹി ദേഹോഽയം ക്ഷുദ്രകാമായ നേഷ്യതേ
കൃച്ഛ്റായ തപസേ ചേഹ പ്രേത്യാനന്തസുഖായ ച. 42

ശിലോഞ്ഛവൃത്ത്യാ പരിതുഷ്ടചിത്തോ
ധർമ്മം മഹാന്തം വിരജം ജുഷാണഃ
മയ്യർപ്പിതാത്മാ ഗൃഹ ഏവ തിഷ്ഠ-
ന്നാതിപ്രസക്തഃ സമുപൈതി ശാന്തിം. 43

സമുദ്ധരന്തി യേ വിപ്രം സീദന്തം മത്പരായണം
താനുദ്ധരിഷ്യേ ന ചിരാദാപദ്ഭ്യോ നൗരിവാർണ്ണവാത്. 44

സർവ്വാഃ സമുദ്ധരേദ്രാജാ പിതേവ വ്യസനാത് പ്രജാഃ
ആത്മാനമാത്മനാ ധീരോ യഥാ ഗജപതിർഗ്ഗജാൻ. 45

ഏവംവിധോ നരപതിർവ്വിമാനേനാർക്കവർച്ചസാ
വിധൂയേഹാശുഭം കൃത്സ്നമിന്ദ്രേണ സഹ മോദതേ. 46

സീദൻ വിപ്രോ വണിഗ്വൃത്ത്യാ പണ്യൈരേവാപദം തരേത്
ഖഡ്ഗേന വാഽഽപദാക്രാന്തോ, ന ശ്വവൃത്ത്യാ കഥഞ്ചന. 47

വൈശ്യവൃത്ത്യാ തു രാജന്യോ ജീവേന്മൃഗയയാഽഽപദി
ചരേദ്വാ വിപ്രരൂപേണ, ന ശ്വവൃത്ത്യാ കഥഞ്ചന. 48

ശൂദ്രവൃത്തിം ഭജേദ്വൈശ്യഃ ശൂദ്രഃ കാരുകടക്രിയാം
കൃച്ഛ്റാന്മുക്തോ ന ഗർഹ്യേണ വൃത്തിം ലിപ്സേത കർമ്മണാ. 49

വേദാധ്യായസ്വധാസ്വാഹാബല്യന്നാദ്യൈര്യഥോദയം
ദേവർഷിപിതൃഭൂതാനി മദ്രൂപാണ്യന്വഹം യജേത്. 50

യദൃച്ഛയോപപന്നേന ശുക്ലേനോപാർജ്ജിതേന വാ
ധനേനാപീഡയൻ ഭൃത്യാൻ ന്യായേനൈവാഹരേത്
ക്രതൂൻ. 51

കുടുംബേഷു ന സജ്ജേത ന പ്രമാദ്യേത് കുടുംബ്യപി
വിപശ്ചിന്നശ്വരം പശ്യേദദൃഷ്ടമപി ദൃഷ്ടവത്. 52

പുത്രദാരാപ്തബന്ധൂനാം സങ്ഗമഃ പാന്ഥസങ്ഗമഃ
അനുദേഹം വിയന്ത്യേതേ സ്വപ്നോ നിദ്രാനുഗോ യഥാ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈവിധം ബൃഹദ്വ്രതധരനാം ധരാസുരൻ
പാവകൻമട്ടുജ്ജ്വലിച്ചുഗ്രമാം തപസ്സിനാൽ
കർമ്മവാസനകളെയശേഷം ദഹിപ്പിച്ചു
നിർമ്മലചിത്തനായെൻ ഭക്തനായ്-
ഭവിച്ചീടും. 36

ആഗമമഭ്യസിച്ചിട്ടടുത്ത ഗൃഹാശ്രമം-
പൂകുവാനിച്ഛിച്ചുടൻ ശക്തിക്കുതക്കവണ്ണം
ഗുരുദക്ഷിണയേകിത്തദനുഗ്രഹം വാങ്ങി-
പ്പുരിചിൽക്കുളിക്കണം തദനുവാദത്തോടും. 37

ഉത്തമദ്വിജന്നഥ ഗൃഹസ്ഥാശ്രമത്തെയോ
പദ്ധതിക്കൊത്തു വാനപ്രസ്ഥമോ
സന്ന്യാസമോ
സ്വീകരിച്ചീടാമെന്നാൽ ക്രമത്തിലന്യാശ്രമം
പൂകുക ന,ന്നീ വിധി ഭക്തനെബ്ബാധിച്ചീടാ. 38

അനിന്ദ്യയായിത്തന്നിൽക്കുറഞ്ഞ വയസ്സാന്നു
തനിക്കു തുല്യയായിസ്സവർണ്ണയായിരിക്കും
ജായയേ വിധിക്കൊത്തു വിവാഹംകഴിക്കണം
മായമെന്നിയേ ഗൃഹസ്ഥാശ്രമമിച്ഛി-
ക്കുവോൻ. 39

അദ്ധ്വരാദ്ധ്യയനങ്ങൾ ദാനവും ദ്വിജന്മാക്കൾ-
ക്കത്രയും വേണ,മെന്നാൽ ദാനം സ്വീകരി-
ക്കാനും
വേദാധ്യാപനത്തിനും യജിക്കുന്നതിനുമാ
മേദിനീസുരക്കല്ലാതില്ലധികാരമാക്കും. 40

ദാനസ്വീകാരം നിജപ്രഭാവയശസ്തപോ-
ഹാനികാരണമെന്നു ചിന്തിപ്പോ,നന്യങ്ങളാം
രണ്ടു വൃത്തികൾകൊണ്ടു ജീവിക്കാ,മതിൽ
ദോഷം-
കണ്ടീടുന്നവൻ ശിലവൃത്തിയാൽ
ജീവിക്കണം. 41

വിപ്രന്റെ ദേഹം വെറും തുച്ഛമാം സുഖങ്ങളിൽ
തത്പരമായീടേണ്ടത,ല്ലതീലോകത്തിങ്കൽ
കൃച്ഛ്റമാം തപോനിഷ്ഠയായിട്ടും മൃതിശേഷ-
മുച്ചസൗഖ്യാനുഭവത്തിന്നുമായുള്ളതത്രേ. 42

ശിലവൃത്തിയുമുഞ്ഛവൃത്തിയുംകൊണ്ടു തുഷ്ടി-
കലരും ചിത്തമാന്നു രജസ്സു തീണ്ടാത്തതാം
ധർമ്മത്തെസ്സേവിച്ചെന്നിൽ മാനസം സമർപ്പിച്ചു
ചെമ്മേ തന്മന്ദിരത്തിൽ വസിച്ചുകൊണ്ടുതന്നെ
അതിയായാശ തുച്ഛവിഷയസുഖങ്ങളിൽ
പതിയാത്തവനായിശ്ശാന്തിയെ പ്രാപി-
ക്കണം. 43

മത്പരായണനായിത്തളന്നു കിടന്നിടും
വിപ്രനെസ്സമുദ്ധരിച്ചീടുന്ന ജനങ്ങളെ
ക്ഷിപ്രമേതാപത്തിലും നി,ന്നർണ്ണവത്തിൽ-
നിന്നും
കപ്പലെന്നതുപോലെ കടത്തിവിടുന്നു ഞാൻ. 44

മക്കളെയച്ഛനെന്നവിധത്തിൽ പ്രജാളിയെ-
യൊക്കെയും നരപാലൻ രക്ഷിച്ചീടേണ്ടതത്രേ.
ധീരനാം ഗജനാഥൻ വാരണങ്ങളെപ്പോല-
ദ്ധാരണംചെയ്തീടണമാത്മാവെയാത്മാവി-
നാൽ. 45

ഇമ്മട്ടിലുള്ള മന്നൻ ദോഷങ്ങൾ നശിപ്പിച്ചി-
ജ്ജന്മത്തിൽത്തന്നെയർക്കനെന്നപോൽ
മിന്നുന്നതാം
വിമാനമേറിച്ചെന്നു ദേവേന്ദ്രനോടുകൂടി-
സ്സമമായിരുന്നുകൊണ്ടാനന്ദിക്കുന്നു പാരം. 46

ക്ലിഷ്ടനാം വിപ്രൻ വൈശ്യവ്യാപാരം-
കൊണ്ടോ, ക്രയ-
വസ്തുക്കൾകൊണ്ടോ വിപത്സന്ധിയെ-
കടക്കണം.
ഖഡ്ഗോപജീവിയായും തീർന്നിടാമെന്നാൽ
തീരെ
കൈക്കൊണ്ടീടരുതൊരുമട്ടിലും
ശ്വാനവൃത്തി. 47

ക്ഷത്രിയൻ വൈശ്യവൃത്തി കൈക്കൊണ്ടോ
വേട്ടയാലോ
പൃഥ്വീസുരന്റെ വൃത്തിമൂലമോ വിപത്തിങ്കൽ
ജീവിച്ചീടണ,മെന്നാലവനും നീചവൃത്തി
കൈവരിക്കരുതൊരുകാലത്തുമൊന്നു-
കൊണ്ടും. 48

വൈശ്യനാപത്തിലങ്ഗീകാര്യമാം
ശൂദ്രവൃത്തി,-
യാശാരിപ്പണി,പായ്നെയ്ത്തിത്യാദി ശൂദ്രന്നുമാം.
കഷ്ടത്തിൽനിന്നു മോചിച്ചീടുവോൻ
നിന്ദ്യകർമ്മ-
മിഷ്ടമായ് സ്വീകരിച്ച കാലത്തെക്കഴി-
ക്കൊലാ. 49

വേദാദ്ധ്യയനഹോമശ്രാദ്ധബല്യന്നാദിയാൽ
സാദരം മദീയമാം മൂർത്തികളാമൃഷീന്ദ്രർ
ദേവന്മാർ പിതൃഭൃതവർഗ്ഗങ്ങൾ മനുഷ്യരെ-
ന്നീവിധമെല്ലാരെയുമന്വഹം യജിക്കണം. 50

ഭൃത്യരെശ്ശുദ്ധാർജ്ജിതധനമോ വശാൽവരു-
മർത്ഥമോകൊണ്ടു രക്ഷിച്ചിട്ടു വേണം
യജിക്കാൻ. 51

കുടുംബങ്ങളിലരുതാസക്തി, കുടുംബിയാ-
യിടുന്ന പുരുഷനും പ്രമാദിക്കരുതേതും.
വാനുലകവും പാർത്താലീലോകംപോലെ നശ്യ-
മാണെന്നു കണ്ടീടണം പണ്ഡിതനായുള്ളവൻ. 52

ഭാര്യാപുത്രാപ്തബന്ധുസങ്ഗമം പാർത്താൽ
യാത്ര-
ക്കാരുടെ ചേർച്ചയെന്നവിധമേ ഗണിക്കേണ്ടു.
നിദ്രയെയനുസരിച്ചീയലും സ്വപ്നംമട്ടിൽ
സത്വരം ദേഹംപ്രതി വേർപെട്ടുപോക-
ന്നിതു. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്ഥം പരിമൃശന്മുക്തോ ഗൃഹേഷ്വതിഥിവദ്വസൻ
ന ഗൃഹൈരനുബദ്ധ്യേത നിർമ്മമോ നിരഹങ്കൃതഃ. 54
കർമ്മഭിർഗൃഹമേധീയൈരിഷ്ട്വാ മാമേവ ഭക്തിമാൻ
തിഷ്ഠേദ്വനം വോപവിശേദ് പ്രജാവാൻ വാ പരിവ്രജേത്. 55
യസ്ത്വാസക്തമതിർഗ്ഗേഹേ പുത്രവിത്തൈഷണാതുരഃ
സ്ത്രൈണഃ കൃപണധീർമൂഢോ മമാഹമിതി ബദ്ധ്യതേ. 56
''അഹോ മേ പിതരൗ വൃദ്ധൗ ഭാര്യാബാലാത്മജാഽഽത്മജാഃ
അനാഥാ മാമൃതേ ദീനാഃ കഥം ജീവന്തി ദുഃഖിതാഃ.'' 57
ഏവം ഗൃഹാശയാക്ഷിപ്തഹൃദയോ മൂഢധീരയം
അതൃപ്തസ്താനനുദ്ധ്യായൻ മൃതോഽന്ധം വിശതേ തമഃ. 58

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
സപ്തദശോഽധ്യായഃ

അഷ്ടാദശോഽധ്യായഃ

ശ്രീഭഗവാനുവാച

വനം വിവിക്ഷുഃ പുത്രേഷു ഭാര്യാം ന്യസ്യ സഹൈവ വാ
വന ഏവ വസേച്ഛാന്തസ്തൃതീയം ഭാഗമായുഷഃ. 1
കന്ദമൂലഫലൈർവന്യൈർമ്മേദ്ധ്യൈർവൃത്തിം പ്രകല്പയേത്
വസീത വല്ക്കലം വാസസ്തൃണപർണ്ണാജിനാനി ച. 2
കേശരോമനഖശ്മശ്രുമലാനി ബിഭൃയാദ്ദതഃ
ന ധാവേദപ്സു മജ്ജേത ത്രികാലം, സ്ഥണ്ഡിലേശയഃ. 3
ഗ്രീഷ്മേ തപ്യേത പഞ്ചാഗ്നീൻ വർഷാസ്വാസാരഷാഡ്ജലേ
ആകണ്ഠമഗ്നഃ ശിശിര ഏവം വൃത്തസ്തപശ്ചരേത്. 4
അഗ്നിപക്വം സമശ്നീയാത് കാലപക്വമഥാപി വാ
ഉലൂഖലാശ്മകുട്ടോ വാ ദന്തോലൂഖല ഏവ വാ. 5
സ്വയം സഞ്ചിനുയാത് സർവ്വമാത്മനോ വൃത്തികാരണം
ദേശകാലബലാഭിജ്ഞോ നാദദീതാന്യദാഹൃതം. 6
വന്യൈശ്ചരുപുരോഡാശൈർന്നിർവ്വപേത് കാലചോദിതാൻ
ന തു ശ്രൗതേന പശുനാ മാം യജേത വനാശ്രമീ. 7
അഗ്നിഹോത്രം ച ദർശ്ശശ്ച പൂർണ്ണമാസശ്ച പൂർവ്വവത്
ചാതുർമ്മാസ്യാനി ച മുനേരാമ്നാതാനി ച നൈഗമൈഃ. 8
ഏവം ചീർണ്ണേന തപസാ മുനിർദ്ധമനിസന്തതഃ
മാം തപോമയമാരാദ്ധ്യ ഋഷിലോകാദുപൈതി മാം. 9
യസ്ത്വേതത് കൃച്ഛ്റതശ്ചീർണ്ണം തപോ നിഃശ്രേയസം മഹത്
കാമായാല്പീയസേ യുഞ്ജ്യാദ് ബാലിശഃ കോഽപരസ്തതഃ. 10
യദാസൗ നിയമേഽകല്പോ ജരയാ ജാതവേപഥുഃ
ആത്മന്യഗ്നീൻ സമാരോപ്യ മച്ചിത്തോഽഗ്നിം സമാ-
വിശേത്. 11
യദാ കർമ്മവിപാകേഷു ലോകേഷു നിരയാത്മസു
വിരാഗോ ജായതേ സമ്യങ്ന്യസ്താഗ്നിഃ പ്രവ്രജേത്തതഃ. 12
ഇഷ്ട്വാ യഥോപദേശം മാം ദത്ത്വാ സർവ്വസ്വമൃത്വിജേ
അഗ്നീൻ സ്വപ്രാണ ആവേശ്യ നിരപേക്ഷഃ പരിവ്രജേത്. 13
വിപ്രസ്യ വൈ സന്ന്യസതോ ദേവാ ദാരാദിരൂപിണഃ
വിഘ്നാൻ കുർവ്വന്ത്യയം ഹ്യസ്മാനാക്രമ്യ സമിയാത് പരം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്ഥം വിചാരിച്ചു വിഷയനിർമ്മുക്തനായ്
സദ്മത്തിലതിഥിയെന്നതുപോൽ നിവസിച്ചു
അഹങ്കാരാപേതനായ് മമതയുമുപേക്ഷിച്ചു
ഗൃഹിണീപുത്രാദ്യരാൽ ബദ്ധനാകാതെ വാഴ്ക.
ഭക്തനോ, ഗൃഹികൾക്കു വിധിച്ച കർമ്മങ്ങളാൽ
നിത്യവുമെന്നെത്തന്നെ യജിച്ചു വേണ്ടുംവിധം
സന്താനസംയുക്തനായ് വസിച്ചീടുക പിന്നെ-
ക്കാന്താരം ഗമിക്കയോ സന്ന്യസിക്കയോ
ചെയ്യാം. 54–55
ആരൊരാൾ മന്ദിരത്തിലാസക്തധീയായ് പുത്ര-
ന്മാരിലും ധനത്തിലുമധികമാസക്തനായ്
വർത്തിക്കു,മവൻ സ്ത്രീകൾക്കധീനനായി ദുഃഖ-
ബുദ്ധിയായ് മൂഢനായിബ്ബദ്ധനാം മമതയാൽ.
''കഷ്ടമെൻ പിതാവുമെൻ മാതാവും
വൃദ്ധരായി
കെട്ടിയോൾ വെറും ചെറുകുട്ടികളോടു
ചേർന്നോൾ.
സൂനുക്കളെല്ലാം ദീനരനാഥർ ദുഃഖിതന്മാർ
ഞാനില്ലാതിവർ കാലമെങ്ങനെകഴി-
ച്ചീടും?'' 56–57
ഇത്തരം ഗൃഹാശയാലത്യന്തം തരളിത-
ചിത്തനായ് മൂഢധീയാമായവനതൃപ്തനായ്
അവരെ സ്മരിച്ചുകൊണ്ടന്തകാലയംതന്നിൽ
പ്രവേശിച്ചഹോ! മഹാനരകം ഭുജിക്കുന്നു. 58

അദ്ധ്യായം 18

ഉദ്ധവോപദേശം—വർണ്ണാശ്രമ ധർമ്മനിരൂപണം—തുടർച്ച

ശ്രീഭഗവാൻ പറഞ്ഞു
വനവാസത്തിനായിക്കാമിപ്പോൻ
കളത്രത്തെ-
ത്തനയന്മാരിൽ ഭരമേല്പിച്ചോ തന്റെക്കൂടെ
കാനനം നയിച്ചോ തന്നായുസ്സിൽ മൂന്നാംഭാഗം
സാനന്ദം കാട്ടിൽ കഴിച്ചീടണം ശാന്തനായി. 1
വനത്തിൽ കിട്ടും ശുദ്ധഫലമൂലാദ്യങ്ങളാൽ
ദിനവൃത്തികൾ സാധിച്ചീടണം, മൃഗത്തോലോ
ഇലയോ പുല്ലോ തുന്നിച്ചേർത്തതോ മരത്തിന്റെ
തൊലിയോ ഗുഹ്യഭാഗം മറയ്ക്കാൻ ധരിക്കണം. 2
കളയിക്കൊലാ മുടി, മുറിച്ചീടൊലാ നഖം,
വളർത്തീടണം താടിരോമങ്ങൾ, ദന്തങ്ങളെ
വെളുപ്പിക്കൊലാ, സന്ധ്യ മൂന്നിലും
മേൽ തേക്കാതെ
കുളിച്ചീടണം മുങ്ങി, നിലത്തു ശയിക്കണം. 3
ഗ്രീഷ്മത്തിൽ പഞ്ചാഗ്നിതൻ മദ്ധ്യത്തിൽ
സ്ഥിതിചെയ്തും
വർഷകാലത്തു മഴ മുഴുവൻ മെയ്യിലേറ്റും
ആകണ്ഠം സലിലത്തിൽ ശീതകാലത്തുനിന്നും
വ്യാകുലഹീനം തപസ്സാചരിക്കുകവേണം. 4
വഹ്നിയിൽ കിഴങ്ങുകൾ ചുട്ടിട്ടോ കാലപക്വ-
ധാന്യങ്ങളുരലിലോ കല്ലിലോ കുത്തിയിട്ടോ
അല്ലെങ്കിലതുകളെപ്പല്ലുകൾകൊണ്ടുതന്നെ
നല്ലപോലുമികളഞ്ഞോട്ടത്തോ ഭക്ഷിക്കണം. 5
സുഖമായ് ദേഹശക്തിയുക്തനായ്
വർത്തിക്കുവോൻ
സ്വകവൃത്തിക്കു വേണ്ട സർവസാധനങ്ങളും
താനേ നേടണ,മാപത്കാലത്തിലല്ലാതന്യ-
നാനയിച്ചീടുന്നവയങ്ഗീകരിച്ചീടൊലാ. 6
വന്യങ്ങൾ ചരുപുരോഡാശങ്ങൾവശാൽ
കൊണ്ടു-
വന്നീടുവോരെ വാനപ്രസ്ഥൻ സത്കരി-
ക്കണം.
വേദോക്തവിധിയനുസരിച്ചു പശുഹിംസ
ചെയ്യെന്നെയൊരിക്കലുമാരാധിക്കരുതല്ലോ. 7
തർപ്പണമഗ്നിഹോത്രം സംക്രമം ചാതുർമ്മാസ്യ-
മിപ്പടിയുള്ള സർവ്വകർമ്മവും പണ്ടേപ്പോലെ
വാനപ്രസ്ഥനാം മുനിയാചരിക്കണമെന്നു-
താനാഗമജ്ഞരെല്ലാം നിശ്ചയിച്ചിരിക്കുന്നു. 8
ഈമട്ടു തപസ്സിനാൽ ഞരമ്പെഴുന്നീടിന
മാമുനി തപോമയനായിരുന്നീടുമെന്നെ
ശരിയായർച്ചിച്ചൃഷിലോകത്തെത്തള്ളിവന്നി-
ട്ടൊരുമിച്ചിടുമെന്നോടെന്നതിൽ തർക്കമില്ല. 9
പണിപ്പെട്ടാർജ്ജിച്ചതായ് മഹത്താം
മോക്ഷസ്ഥാന-
മണയ്ക്കുന്നതായിടുമിത്തപസ്സോർത്തീടുകിൽ
അല്പീയസ്സായീടിന വിഷയസുഖങ്ങൾക്കായ്
നിഷ്ഫലമുപയോഗിക്കുന്നവൻ മൂഢനത്രേ. 10
ജരബാധിച്ചു ദേഹം വിറച്ചു നിത്യകർമ്മാ-
ചരണത്തിനു തീരെയസമർത്ഥനാം യോഗി
ഹൃദയംതന്നിൽ നന്നായഗ്നിയെയാരോപിച്ചു
ചിതാഗ്നിതന്നിലെന്നെ സ്മരിച്ചു പൂകീടണം. 11
കർമ്മത്തിൻഫലങ്ങളായ് നരകലോകത്തോടു
സാമ്യതവഹിക്കുമിബ്ഭുവനങ്ങളിൽ പരം
വിരക്തിയെപ്പോഴുണ്ടാമക്ഷണമഗ്നിഹോത്രം
പരിത്യജിച്ചു സന്ന്യാസാശ്രമം വരിക്കണം. 12
നിരപേക്ഷനായാചാര്യോപദേശപ്രകാരം
ഹരിയാമെന്നെ യജിച്ചിട്ടഥ സർവ്വസ്വവും
ഋത്വിക്കിനരുളി സ്വപ്രാണനിലഗ്നികളെ-
യദ്ധ്യാവേശിപ്പിച്ചുടൻ സംന്യാസം
വരിക്കണം. 13
സന്ന്യസിക്കുവാനാശിച്ചീടിന ഭൂദേവനു
വിണ്ണവർ കളത്രാദി രൂപങ്ങളാൻവന്നു
''നമ്മേയതിക്രമിച്ചിട്ടിവനപ്പുറം പദം
ചെമ്മേ പൂക''മെന്നോർത്തു
വിഘ്നങ്ങളുണ്ടാക്കിടും. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബിഭൃയാച്ചേന്മുനിർവാസഃ കൗപീനാച്ഛാദനം പരം,
ത്യക്തം ന ദണ്ഡപാത്രാഭ്യാമന്യത് കിഞ്ചിദനാപദി. 15

ദൃഷ്ടിപൂതം ന്യസേത് പാദം, വസ്ത്രപൂതം പിബേജ്ജലം,
സത്യപൂതാം വദേദ് വാചം, മനഃപൂതം സമാചരേത്. 16

മൗനാനീഹാനിലായാമാ ദണ്ഡാ വാഗ്ദേഹചേതസാം
ന ഹ്യേതേ യസ്യ സന്ത്യങ്ഗ! വേണുഭിർന്ന ഭവേദ്യതിഃ. 17

ഭിക്ഷാം ചതുർഷു വർണ്ണേഷു വിഗർഹ്യാൻ വർജ്ജയംശ്ചരേത്,
സപ്താഗാരാനസംക്ലൃപ്താംസ്തുഷ്യേല്ലബ്ധേന താവതാ. 18

ബഹിർജ്ജലാശയം ഗത്വാ തത്രോപസ്പൃശ്യ വാഗ്യതഃ
വിഭജ്യ പാവിതം ശേഷം ഭുഞ്ജീതാശേഷമാഹൃതം. 19

ഏകശ്ചരേന്മഹീമേതാം നിഃസങ്ഗഃ സംയതേന്ദ്രിയഃ
ആത്മക്രീഡ ആത്മരത ആത്മവാൻ സമദർശനഃ. 20

വിവിക്തക്ഷേമശരണോ മദ്ഭാവവിമലാശയഃ
ആത്മാനം ചിന്തയേദേകമഭേദേന മയാ മുനിഃ. 21

അന്വീക്ഷേതാത്മനോ ബന്ധം മോക്ഷം ച ജ്ഞാനനിഷ്ഠയാ
ബന്ധ ഇന്ദ്രിയവിക്ഷേപോ മോക്ഷ ഏഷാം ച സംയമഃ. 22

തസ്മാന്നിയമ്യ ഷഡ്വർഗ്ഗം മദ്ഭാവേന ചരേന്മുനിഃ
വിരക്തഃ ക്ഷുദ്രകാമേഭ്യോ ലബ്ധ്വാഽഽത്മനി സുഖം മഹത്. 23

പുരഗ്രാമവ്രജാൻ സാർത്ഥാൻ ഭിക്ഷാർത്ഥം പ്രവിശംശ്ചരേത്
പുണ്യദേശസരിച്ഛൈലവനാശ്രമവതീം മഹീം. 24

വാനപ്രസ്ഥാശ്രമപദേഷ്വഭീക്ഷ്ണം ഭൈക്ഷ്യമാചരേത്
സംസിദ്ധ്യത്യാശ്വസംമോഹഃ ശുദ്ധസത്ത്വഃ ശിലാന്ധസാ. 25

നൈതദ്വസ്തുതയാ പശ്യേദ്ദൃശ്യമാനം വിനശ്യതി
അസക്തചിത്തോ വിരമേദിഹാമുത്ര ചികീർഷിതാത്. 26

യദേതദാത്മനി ജഗന്മനോവാക്പ്രാണസംഹതം
സർവ്വം മായേതി തർക്കേണ സ്വസ്ഥസ്ത്യക്ത്വാ ന തത്
സ്മരേത്. 27

ജ്ഞാനനിഷ്ഠോ വിരക്തോ വാ മദ്ഭക്തോ വാഽനപേക്ഷകഃ
സലിങ്ഗാനാശ്രമാംസ്ത്യക്ത്വാ ചരേദവിധിഗോചരഃ. 28

ബുധോ ബാലകവത് ക്രീഡേത്, കുശലോ ജഡവച്ചരേത്,
വദേദുന്മത്തവദ്വിദ്വാൻ, ഗോചര്യാം നൈഗമശ്ചരേത്. 29

വേദവാദരതോ ന സ്യാന്ന പാഖണ്ഡീ ന ഹൈതുകഃ
ശുഷ്കവാദവിവാദേ ന കഞ്ചിത് പക്ഷം സമാശ്രയേത്. 30

നോദ്വിജേത ജനാദ്ധീരോ, ജനം ചോദ്വേജയേന്ന തു,
അതിവാദാംസ്തിതിക്ഷേത, നാവമന്യേത കഞ്ചന,
ദേഹമുദ്ദിശ്യ പശുവദ്വൈരം കുര്യാന്ന കേനചിത്. 31

ഏക ഏവ പരോ ഹ്യാത്മാ ഭൂതേഷ്വാത്മന്യവസ്ഥിതഃ
യഥേന്ദുരുദപാത്രേഷു ഭൂതാന്യേകാത്മകാനി ച. 32

അലബ്ധ്വാ ന വിഷീദേത കാലേ കാലേഽശനം ക്വചിത്,
ലബ്ധ്വാ ന ഹൃഷ്യേദ്ധൃതിമാനുഭയം ദൈവതന്ത്രിതം. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്ന്യാസി വസ്ത്രം നിജകൗപീനം മറയ്ക്കുന്ന-
വണ്ണമേ ധരിക്കേണ്ടൂ പാത്രവും ദണ്ഡുമെന്യേ
മറ്റൊന്നുമാപത്തില്ലാതിരിക്കും സമയത്തിൽ
ചെറുതുമേ സ്വീകരിക്കാൻ പാടില്ലെന്നത്രേ
വിധി. 15
ദൃഷ്ടിയാൽ ശോധിച്ചിടത്തടികൾ വച്ചീടണം
വസ്ത്രത്താൽ ശുദ്ധിചെയ്ത സലിലം കുടിക്കണം
സത്യത്താൽ ശുദ്ധമായ വാക്കോതിടേണം,
ഹൃത്തിൽ
നിർദ്ദോഷമെന്നു തോന്നും കൃത്യമാ-
ചരിക്കണം. 16
അനീഹ, മൗനം, പ്രാണായാമമെന്നിത്രിദണ്ഡ-
മനഘാ! വേണം മെയ്യും വാക്കിനും മനസ്സിനും.
എന്നിവയെന്യേ വെറും മുക്കവരമാം മുള-
യൊന്നെന്നും ചുമക്കുവോൻ സന്ന്യാസി-
യാകാ നൂനം. 17
നാലു വർണ്ണത്തിലുംനിന്നതീവനിന്ദ്യന്മാരോ-
ടാളാതെ സഞ്ചരിച്ചു വാങ്ങുകവേണം ഭിക്ഷ.
നിർണ്ണയിച്ചീടാതുള്ളോരേഴു ഗേഹത്തിൽനിന്നു-
മാന്നുകൊള്ളണം ലഭിപ്പതിലും തൃപ്തിവേണം.
വെളിക്കെങ്ങാനുമുള്ള ജലാശയത്തിലാളും
ജലത്താലുപസ്പർശംചെയ്തു സംശുദ്ധമാക്കി
ആനീതം ഭിക്ഷ പങ്കിട്ടാഗതന്മാർക്കു നല്കി
മൗനിയായ് ബാക്കിഭാഗം മുഴുവൻ
ഭുജിക്കണം. 18–19
സങ്ഗമറ്റിന്ദ്രിയങ്ങളടക്കിയാത്മാവിൽത്താൻ
സംക്രീഡിച്ചനാരതം രമിക്കുന്നവനായി
മാനസം വശത്താക്കിസ്സമദർശനനായി-
ത്താനേയിദ്ധരിത്രിയിൽ സഞ്ചരിക്കണം
മുനി. 20
ആരുമില്ലാത്ത സുഖസ്ഥലത്തിലിരുന്നെന്നെ
നേരേ ചിന്തിച്ചു ചിത്തം ശുദ്ധമാക്കിയശേഷം
മുനിയേകാത്മാവിനെയെന്നിൽനിന്ന-
ഭിന്നനായ്
നിനച്ചു നിരന്തരം ധ്യാനിച്ചീടുകവേണം. 21
ജ്ഞാനനിഷ്ഠയാലാത്മബന്ധനിർവ്വാണങ്ങളെ-
ത്താനേ പര്യാലോചനചെയ്യണം
വേണ്ടുംവിധം.
ഇന്ദ്രിയചാഞ്ചല്യമായീടുന്നു ബന്ധം, പിന്നെ-
ത്തന്നിയന്ത്രണമത്രേ മോക്ഷവും സൂക്ഷ്മ-
മോർക്കിൽ. 22
അതിനാൽ, ചിത്തത്തെയും പഞ്ചേന്ദ്രി-
യങ്ങളേയു-
മൊതുക്കി ക്ഷുദ്രങ്ങളാം വിഷയങ്ങളിൽനിന്നും
വിരക്തനായിത്തന്നിലുള്ളതാം മഹത്സുഖം
വരിച്ചു മദ്ഭാവനായ് സഞ്ചരിക്കണം മുനി. 23
പുരഗ്രാമൗഘത്തിലും ജനതാമദ്ധ്യത്തിലും
ചരിച്ചു ഭിക്ഷയേറ്റു പുണ്യസ്ഥാനങ്ങളാകും

ദേശങ്ങൾ സരിത്തുകൾ കാടുകൾ പർവ്വതങ്ങ-
ളാശ്രമങ്ങളും ചുറ്റിസ്സഞ്ചരിക്കുകവേണം. 24
വാനപ്രസ്ഥാശ്രമങ്ങൾതോറും ചെന്നടിക്കടി
താനെടുക്കണം ഭിക്ഷ,യാ ശുദ്ധശിലാന്നത്താൽ
ശുദ്ധാന്തഃകരണനായ് സമ്മോഹവിഹീനനായ്
സത്വരം മോക്ഷം പ്രാപിച്ചീടുന്നു നൂനം മുനി.
കാണുന്നതൊന്നും പരമാർത്ഥമായുള്ളതെന്നു
കാണരുതെല്ലാം ക്ഷണാൽ നശിച്ചീടുന്നതത്രേ.
ആകയാലിഹപരലോകചിന്തനത്തിൽനി-
ന്നാകെയാ യോഗി വേഗം വിരമിക്കു-
കവേണം. 25–26
മാനസം പ്രാണൻ വചസ്സെന്നിവ ചേർന്നതായി
ഭാനിക്കുമിപ്രപഞ്ചമാത്മാവിൽ മായയാലേ
തോന്നിപ്പതെന്നു യുക്തികൊണ്ടുറച്ചെല്ലാം തള്ളി
പിന്നെസ്സ്വാസ്ഥ്യനാമവനിതൊന്നും
സ്മരിക്കൊലാ. 27
അനപേക്ഷനോ ജ്ഞാനനിഷ്ഠനോ വിഷയാശ-
യണവും ബാധിച്ചീടാത്തവനോ മദ്ഭക്തനോ
ആയിടും മുനിവിധിനിഷേധങ്ങൾക്കതീത-
നായിസ്സലിങ്ഗാശ്രമംവിട്ടു സഞ്ചരിക്കണം.
ജ്ഞാനി സംസാരിച്ചിടും [28
ഭ്രാന്തനെപ്പോൽ, മാനാവ-
മാനചിന്തനമെന്യേ കളിക്കും ബാലനെപ്പോൽ.
വേദാർത്ഥം ധരിക്കിലും വിധിയും നിഷേധവു-
മാദരിക്കാതെയവൻ ഗോചര്യയാചരിക്കും. 29
വേദവാദാസക്തനും പാഖണ്ഡപക്ഷീയനും
ഹേതുവാദിയുമായിത്തീരരുതൊരിക്കലും.
ശുഷ്കമാം വാദപ്രതിവാദത്തിലൊരു പക്ഷം
നില്ക്കരുതതു പാർത്താൽ നിഷ്പ്രയോജനമത്രേ. 30
ബുദ്ധിമാൻ വെറുക്കൊല്ലാ ജനത്തെജ്ജന-
ങ്ങൾതൻ
ഹൃത്തിലും തന്നെപ്പററി വെറുപ്പുണ്ടാക്കീടൊലാ.
നിന്ദാവാക്കുകളെല്ലാം സഹിച്ചീടണം, താനു-
മന്യരെ നിന്ദിക്കൊലാ, നശ്യമാം ശരീരത്തെ
ഉന്നിക്കേവലം മൃഗമെന്നതുപോലെതന്നെ-
യന്യരിൽ വൈരംവച്ചുകൊണ്ടിരിക്ക-
രുതേതും. 31
ഏകനായ് സർവ്വഭൂതജാലത്തിൽനിന്നു ഭിന്ന-
നാകുമാത്മാവു തന്നിൽത്തന്നെ
സംസ്ഥിതനല്ലോ.
ഒരേനേരത്തു പല ജലപാത്രത്തിൽ ചന്ദ്രൻ
പരിപൂർണ്ണനായ് പരിലസിക്കുന്നതുപോലെ
സർവ്വഭൂതൗഘത്തിലുമേകനായീടുമാത്മാ-
വാവസിച്ചീടുന്നു സമ്പൂർണ്ണനായെന്നേവേണ്ടൂ.32
ഒട്ടുമേ ഭക്ഷ്യം ചിലകാലത്തു ചിലെടത്തു
കിട്ടായ്കിൽ ഖേദിക്കയും കിട്ടുകിൽ മോദിക്കയും
ധീരനായീടുന്നവൻ ചെയ്യരുതിതു രണ്ടും
പ്രാരബ്ധകർമ്മഗതിക്കൊത്തു വന്നീടുന്നതാം. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഹാരാർത്ഥം സമീഹേത·യുക്തം തത് പ്രാണധാരണം
തത്ത്വം വിമൃശ്യതേ തേന തദ്വിജ്ഞായ വിമുച്യതേ. 34

യദൃച്ഛയോപപന്നാന്നമദ്യാച്ഛ്റേഷ്ഠമുതാപരം
തഥാ വാസസ്തഥാ ശയ്യാം പ്രാപ്തം പ്രാപ്തം ഭജേന്മുനിഃ. 35

ശൗചമാചമനം സ്നാനം ന തു ചോദനയാ ചരേത്,
അന്യാംശ്ച നിയമാൻ ജ്ഞാനീ യഥാഹം ലീലയേശ്വരഃ. 36

ന ഹി തസ്യ വികല്പാഖ്യാ യാ ച മദ്വീക്ഷയാ ഹതാ
ആദേഹാന്താത് ക്വചിത് ഖ്യാതിസ്തതഃ സമ്പദ്യതേ മയാ. 37

ദുഃഖോദർക്കേഷു കാമേഷു ജാതനിർവ്വേദ ആത്മവാൻ
അജിജ്ഞാസിതമദ്ധർമ്മോ ഗുരും മുനിമുപാവ്രജേത്. 38

താവത് പരിചരേദ് ഭക്തഃ ശ്രദ്ധാവാനനസൂയകഃ
യാവദ് ബ്രഹ്മ വിജാനീയാന്മാമേവ ഗുരുമാദൃതഃ. 39

യസ്ത്വസംയതഷഡ്വർഗ്ഗഃ പ്രചണ്ഡേന്ദ്രിയസാരഥിഃ
ജ്ഞാനവൈരാഗ്യരഹിതസ്ത്രിദണ്ഡമുപജീവതി. 40

സുരാനാത്മാനമാത്മസ്ഥം നിഹ്നുതേ മാം ച ധർമ്മഹാ
അവിപക്വകഷായോഽസ്മാദമുഷ്മാച്ച വിഹീയതേ. 41

ഭിക്ഷോർധർമ്മഃ ശമോഽഹിംസാ തപ ഈക്ഷാ വനൗകസഃ
ഗൃഹിണോ ഭൂതരക്ഷേജ്യാ ദ്വിജസ്യാചാര്യസേവനം. 42

ബ്രഹ്മചര്യം തപഃ ശൗചം സന്തോഷോ ഭൂതസൗഹൃദം
ഗൃഹസ്ഥസ്യാപ്യൃതൗ ഗന്തുഃ സർവ്വേഷാം മദുപാസനം. 43

ഇതി മാം യഃ സ്വധർമ്മേണ ഭജൻ നിത്യമനന്യഭാക്
സർവ്വഭൂതേഷു മദ്ഭാവോ മദ്ഭക്തിം വിന്ദതേഽചിരാത്। 44

ഭക്ത്യോദ്ധവാനപായിന്യാ സർവ്വലോകമഹേശ്വരം
സർവ്വോത്പത്ത്യപ്യയം ബ്രഹ്മ കാരണം മോപയാതി സഃ. 45

ഇതി സ്വധർമ്മനിർണ്ണിക്തസത്ത്വോ നിർജ്ഞാതമദ്ഗതിഃ
ജ്ഞാനവിജ്ഞാനസമ്പന്നോ നചിരാത് സമുപൈതി മാം. 46

വർണ്ണാശ്രമവതാം ധർമ്മ ഏഷ ആചാരലക്ഷണഃ
സ ഏവ മദ്ഭക്തിയുതോ നിഃശ്രേയസകരഃ പരഃ. 47

ഏതത്തേഽഭിഹിതം, സാധോ, ഭവാൻ പൃച്ഛതി യച്ച മാം
യഥാ സ്വധർമ്മസംയുക്തോ ഭക്തോ മാം സമിയാത് പരം. 48

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
അഷ്ടാദശോഽധ്യായഃ

ഏകോനവിംശോഽധ്യായഃ

ശ്രീഭഗവാനുവാച

യോ വിദ്യാശ്രുതസമ്പന്ന ആത്മവാൻ നാനുമാനികഃ
മായാമാത്രമിദം ജ്ഞാത്വാ ജ്ഞാനം ച മയി സന്ന്യസേത്. 1

ജ്ഞാനിനസ്ത്വഹമേവേഷ്ടഃ സ്വാർത്ഥോ ഹേതുശ്ച സമ്മതഃ
സ്വർഗ്ഗശ്ചൈവാപവർഗ്ഗശ്ച നാന്യോഽർത്ഥോ മദൃതേ പ്രിയഃ. 2

ജ്ഞാനവിജ്ഞാനസംസിദ്ധാഃ പദം ശ്രേഷ്ഠം വിദുർമ്മമ
ജ്ഞാനീ പ്രിയതമോഽതോ മേ ജ്ഞാനേനാസൗ ബിഭർത്തി മാം. 3

തപസ്തീർത്ഥം ജപോ ദാനം പവിത്രാണീതരാണി ച
നാലം കുർവ്വന്തി താം സിദ്ധിം യാ ജ്ഞാനകലയാ കൃതാ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ഷണപദാർത്ഥത്തിനായി പ്രവർത്തിക്കണം
ഭിക്ഷുക,നാവശ്യംതാൻ പ്രാണധാരണമാക്കും.
അതിനാലല്ലോ തത്ത്വമാരാഞ്ഞറിഞ്ഞു ജനി-
മൃതിദുഃഖത്തിൽനിന്നു മോചിച്ചിടുന്നു ദേഹി.
നല്ലതാകിലും തീയതാകിലും യദൃച്ഛയായ്
തെല്ലന്നം ലഭിപ്പതു ഭുജിച്ചീടണം മുനി.
ആവിധം വസ്ത്രങ്ങളും ശയ്യയുമപ്പോഴപ്പോൾ
കൈവരുന്നതു കൈക്കൊണ്ടിടണം
മടിയെന്യേ. 34-35
സ്നാനശൗചാചമനാദ്യങ്ങളാം കർമ്മങ്ങളെ
ജ്ഞാനിയാചരിക്കണം പ്രേരണയില്ലാ-
തെതാൻ.
ലീലയായ്ച്ചിലനേരമീശനാം ഞാനെന്നതു-
പോലന്യനിയമങ്ങൾക്കൂടിയാചരിക്കണം. 36
ഇല്ലവനൊട്ടുംതന്നെ ഭേദധീ നശിച്ചുപോ-
യുള്ളതാകവേയെന്നെ ധ്യാനിക്കനിമിത്തമായ്.
ചിലെടത്താ പ്രതീതി ശരീരനാശംവരെ
നിലനിന്നാലുമവനെന്നിൽത്താൻ
ചേർന്നുകൊള്ളും. 37
ദുഃഖോദർക്കങ്ങളാകും വിഷയങ്ങളെപ്പാർത്തു
ചിക്കെന്നു നിർവിണ്ണനായീടിലുമദ്ധർമ്മത്തെ
അറിയാതിരുന്നീടുമാത്മവാൻ പ്രശാന്തനാം
ഗുരുവര്യനെ പ്രാപിച്ചീടണം മടിയാതെ. 38
ഭക്തിയുമനസൂയയാശീലവും നൽശ്രദ്ധയു-
മൊത്തവൻ, ഞാനായിത്താനിരിക്കു-
മാചാര്യനെ
വിനയത്തോടുക്കൂടിശ്ശുശ്രൂഷിക്കണം സദാ
തനിക്കു സാക്ഷാത്കാരം സിദ്ധിക്കും-
നാൾവരെയ്ക്കും. 39
വിഷയവൈരാഗ്യവും ജ്ഞാനവും നേടീടാതെ-
യസംയതേന്ദ്രിയാന്തരംഗനായിഞ്ഞേതവൻ
ജീവനോപായമായിസ്സന്ന്യാസം ധരിക്കുന്നു
ദേവന്മാരെയും തന്നെത്തന്നെയുമാത്മസ്ഥനാം
എന്നെയും ധർമ്മഹന്താവാമവൻ വഞ്ചിക്കുന്നു.
തന്നെയല്ലവിപക്വകഷായനായോരവൻ
പിന്നെയീലോകത്തിലും പരലോകത്തിലും
നി-
ന്നെന്നേക്കും ഭ്രഷ്ടനായി നഷ്ടനായ്ത്തീരും
ദൃഢം. 40-41
ശമവുമഹിംസയും ഭിക്ഷുവിനും, തപസ്സും
സമസ്തപരമാർത്ഥചിന്തയും വനസ്ഥനും
യാഗവും പ്രാണിവൃന്ദരക്ഷയും ഗൃഹസ്ഥനും
തൻഗുരുസേവ ബ്രഹ്മചാരിക്കും മുഖ്യധർമ്മം. 42
സന്തുഷ്ടി തപോവൃത്തി ശൗചവും മദ്ഭക്തിയും
ജന്തുസ്നേഹവുമെല്ലാവർക്കുമുണ്ടാകേണ്ടതാം
ഋതുസ്നാതയാം നിജപത്നിയെ ഗൃഹാശ്രമ-
സ്ഥിതനു സംഗമിക്കാമെന്നതേയുള്ളു
ഭേദം. 43
ഈവിധമേതൊരുത്തനെപ്പോഴുമനന്യചിന്ത
കൈവിട്ടു സ്വധർമ്മത്താൽ സർവ്വഭൂതൗഘത്തിലും
ഞാനിരിപ്പതായ് വീക്ഷിച്ചീയെന്നെ-
ബ്ഭജിക്കുന്നു
നൂനമക്ഷണമവൻ ഭവിപ്പൂ മദ്ഭക്തനായ്. 44
ഉദ്ധവാ! മന്നിശ്ചലഭക്തിയാൽ പ്രപഞ്ചത്തിൽ
സൃഷ്ട്യന്തസ്ഥിതിഹേതുഭൂതനായ് നിയന്താവായ്
പരബ്രഹ്മമായ് പരിലസിക്കുമെന്നിൽ ചേർന്നു
പരമാനന്ദമനുഭവിക്കുന്നിതേയവൻ. 45
ഇത്തരം സ്വധർമ്മത്താൽ ശുദ്ധാന്തഃകരണനായ്
മത്തത്ത്വവിത്തായ് ജ്ഞാനവിജ്ഞാന-
സമ്പന്നനാം
ആ ഭക്തശിരോമണി കാലതാമസമെന്യേ
പ്രാപിച്ചീടുന്നു നൂനം ഭക്തദാസനാമെന്നെ. 46
വർണ്ണാശ്രമസ്ഥർക്കേഴമാചാരലക്ഷണങ്ങൾ
ചേർന്നിടും ധർമ്മിതാ,ണത് കൃഷ്ണമാമീ ധർമ്മം
മദ്ഭക്തിയുക്തമായിപ്പരമം പുരുഷാർത്ഥ-
മുദ്ഭവിപ്പിക്കുന്നതാണെന്നു നീ ധരിച്ചാലും.47
സ്വധർമ്മയുക്തൻ ഭക്തൻ പരനാമെന്നിലേതു
വിധത്തിലെത്തുമെന്ന ചോദ്യത്തിനിതു
ചൊന്നേൻ. 48

അദ്ധ്യായം 19

ഉദ്ധവോപദേശം — ജ്ഞാനസാധനത്യാഗം,
യമാദിവിവരണം

ശ്രീഭഗവാൻ പറഞ്ഞു

നിതരാം വിദ്യാശ്രുതധരനായാത്മതത്ത്വ-
നിധിയായ് പരോക്ഷധീ കടന്നു
ലാലസിപ്പോൻ
ഇപ്രപഞ്ചത്തെ വെറും മായയാണെന്നു കണ്ടി-
ട്ടപ്പൊഴേയാ ജ്ഞാനവും സമർപ്പിക്കണ-
മെന്നിൽ. 1
ജ്ഞാനിക്കു ഞാനാണേററം പ്രിയപ്പെട്ടവൻ,
സ്വർഗ്ഗ-
സ്ഥാനവും കാരണവും ഫലവും നിർവ്വാണവും
ഞാനെന്ന ദൃഢബോധംമൂലമായെന്നിലെന്യേ
ക്ഷോണിയിൽപ്രിയമവന്നില്ല മറ്റൊന്നിങ്കലും.
ജ്ഞാനവിജ്ഞാനസിദ്ധന്മാരെന്റെയുൽകൃഷ്ടമാം
സ്ഥാനത്തെയറിയുന്നു,ണ്ടവരാ
ജ്ഞാനത്തിനാൽ
ഭരിക്കുന്നെന്നെയതുകാരണം യഥാർത്ഥമാ-
മറിവുള്ളവനത്രേയെനിക്കേററവുമിഷ്ടൻ. 2-3
തപസ്സുകൊണ്ടും തീർത്ഥജപദാനങ്ങൾകൊണ്ടു-
മപരങ്ങളാം പരിശുദ്ധകർമ്മങ്ങൾകൊണ്ടും
സിദ്ധിക്കയില്ല നൂനം വിവേകകലമൂല-
മെത്തേണ്ടതായീടുമീയുത് കൃഷ്ടമായ സിദ്ധി. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാദ് ജ്ഞാനേന സഹിതം ജ്ഞാത്വാ സ്വാത്മാനമുദ്ധവ!
ജ്ഞാനവിജ്ഞാനസമ്പന്നോ ഭജ മാം ഭക്തിഭാവിതഃ. 5

ജ്ഞാനവിജ്ഞാനയജ്ഞേന മാമിഷ്ട്വാ//ത്മാനമാത്മനി
സർവ്വയജ്ഞപതിം മാം വൈ സംസിദ്ധിം മുനയോ/ഗമൻ. 6

ത്വയ്യുദ്ധവാശ്രയതി യസ്ത്രിവിധോ വികാരോ
മായാന്തരാ//പതതി നാദ്യപവർഗ്ഗയോര്യത്
ജന്മാദയോ/സ്യ യദമീ തവ തസ്യ കിം സ്യു–
രാദ്യന്തയോര്യദസതോ/സ്തി തദേവ മദ്ധ്യേ. 7

ഉദ്ധവ ഉവാച

ജ്ഞാനം വിശുദ്ധം വിപുലം യഥൈത–
ദ്വൈരാഗ്യവിജ്ഞാനയുതം പുരാണം
ആഖ്യാഹി വിശ്വേശ്വര! വിശ്വമൂർത്തേ!
ത്വദ്ഭക്തിയോഗം ച മഹദ്വിമൃഗ്യം. 8

താപത്രയേണാഭിഹതസ്യ ഘോരേ
സന്തപ്യമാനസ്യ ഭവാധ്വനീശ!
പശ്യാമി നാന്യച്ഛരണം തവാങ്ഘ്രി–
ദ്വന്ദ്വാതപത്രാദമൃതാഭിവർഷാത്. 9

ദഷ്ടം ജനം സമ്പതിതം ബിലേ/സ്മിൻ
കാലാഹിനാ ക്ഷുദ്രസുഖോരുതർഷം
സമുദ്ധരൈനം കൃപയാ//പവർഗ്ഗ്യൈ–
ർവ്വചോഭിരാസിഞ്ച, മഹാനുഭാവ! 10

ശ്രീഭഗവാനുവാച

ഇത്ഥമേതത് പുരാ രാജാ ഭീഷ്മം ധർമ്മഭൃതാം വരം
അജാതശത്രുഃ പപ്രച്ഛ സർവ്വേഷാം നോ/നുശൃണ്വതാം. 11

നിവൃത്തേ ഭാരതേ യുദ്ധേ സുഹൃന്നിധനവിഹ്വലഃ
ശ്രുത്വാ ധർമ്മാൻ ബഹൂൻ പശ്ചാന്മോക്ഷധർമ്മാനപൃച്ഛത. 12

താനഹം തേ/ഭിധാസ്യാമി ദേവവ്രതമുഖാച്ഛ്രുതാൻ
ജ്ഞാനവൈരാഗ്യവിജ്ഞാനശ്രദ്ധാഭക്ത്യുപബൃംഹിതാൻ. 13

നവൈകാദശ പഞ്ച ത്രീൻ ഭാവാൻ ഭൂതേഷു യേന വൈ
ഈക്ഷേതാഥൈകമപ്യേഷു തജ്ജ്ഞാനം മമ നിശ്ചിതം. 14

ഏതദേവ ഹി വിജ്ഞാനം ന തഥൈകേന യേന യത്
സ്ഥിത്യുത്പത്ത്യപ്യയാൻ പശ്യേദ്ഭാവാനാം
ത്രിഗുണാത്മനാം. 15

ആദാവന്തേ ച മദ്ധ്യേ ച സൃജ്യാത് സൃജ്യം യദന്വിയാത്
പുനസ്തത്പ്രതിസംക്രാമേ യച്ഛിഷ്യേത തദേവ സത്. 16

ശ്രുതിഃ പ്രത്യക്ഷമൈതിഹ്യമനുമാനം ചതുഷ്ടയം
പ്രമാണേഷ്വനവസ്ഥാനാദ്വികല്പാത് സ വിരജ്യതേ. 17

കർമ്മണാം പരിണാമിത്വാദാവിരിഞ്ചാദമംഗലം
വിപശ്ചിന്നശ്വരം പശ്യേദദൃഷ്ടമപി ദൃഷ്ടവത്. 18

ഭക്തിയോഗഃ പുരൈവോക്തഃ പ്രീയമാണായ തേ/നഘ!
പുനശ്ച കഥയിഷ്യാമി മദ്ഭക്തേഃ കാരണം പരം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനാൽ ജ്ഞാനം പൂർണ്ണമാംവിധമാത്മാ–
നിതരാമറിഞ്ഞനുഭൂതിയാലനവേലം |വിനെ
ശാസ്ത്രവിജ്ഞാനത്തൊടും ഭക്തിയാൽ
സമ്പൂർണ്ണനാ–
യുദ്ധവാ! നിത്യമെന്നെസ്സേവിച്ചുകൊൾക
നീയും. 5
സമസ്തയജ്ഞേശനായാത്മാവായീടുമെന്നെ
ക്രമത്തിൽ ജ്ഞാനവിജ്ഞാനാദ്ധ്വരത്തിനാൽ
നിത്യം
സ്വാത്മാവിൽത്തന്നെ നേരേ യജിച്ചതുതൃത്–
കൃഷ്ടമാം
സദ്ഗതിയിലണഞ്ഞിതു പല മാമുനിമാരും. 6
ഉദ്ധവാ! നിന്നെദ്ദേഹ,മിന്ദ്രിയവൃന്ദം, മന–
സ്സിത്തരം മൂന്നു ഭേദമാശ്രയിച്ചിരിക്കുന്നു.
മായയാണാ വികാരമാദ്യവുമന്ത്യത്തിലു–
മായതി,ല്ലിടക്കാലത്തുണ്ടെന്നു തോന്നീടുന്നു.
അസത്തായിടും ദേഹമുണ്ടാകുന്നതിൻമുൻപും
നശിച്ചശേഷവും നീ നശിക്കാതിരിക്കുന്നു.
എപ്പൊഴോ ഭവിക്കട്ടെ ജന്മാദിവികാരങ്ങ–
ളപ്പൊഴുതതുമൂലം നിനക്കെന്തൊരു ഹാനി?
ആദികാലത്തുമന്ത്യകാലത്തും യഥാർത്ഥത്തി–
ലേതുണ്ടായിരുന്നതേ മദ്ധ്യകാലത്തുമുള്ളു. 7

ഉദ്ധവൻ പറഞ്ഞു

വിശേശ്വരാ! വിശ്വമൂർത്തേ! വിശുദ്ധിഹേതു–
വായി
വിസ്തൃതമായ് വിരാഗവിജ്ഞാന–
സംയുക്തമായ്
പുരാണമാമിജ്ഞാനയോഗവും മഹാജനം
തിരയേണ്ടതാം ഭവദ്ഭക്തിയോഗവും നേരേ
വിപുലമായിട്ടെന്നോടരുളാനകതാരിൽ
കൃപയുണ്ടായീടണമെന്നപേക്ഷിക്കുന്നു ഞാൻ. 8
താപത്രയത്താലഭിഹതനായ് ഭവമാർഗ്ഗം
പ്രാപിച്ചു സന്തപിക്കുന്നവനു പാർത്തീടുകിൽ
അമൃതം വർഷിക്കും ത്വച്ചരണച്ഛത്രത്തോടു
സമമായന്യാശ്രയം കാണ്മീല ഞാനീശ്വരാ! 9
ചലമാം സുഖത്തിലത്യാസക്തനായി ഘോരാ–
ബിലത്തിൽ വീണു കാലസർപ്പത്തിൻ കടിയേറ്റു
കിടക്കുമിജ്ജനത്തെക്കൃപയാൽ
നിർവ്വാണത്തെ–
ക്കൊടുക്കും വാഗവർഷത്താലുദ്ധരിച്ചീടേണമേ. 10

ശ്രീഭഗവാൻ പറഞ്ഞു

ധർമ്മിഷ്ഠന്മാരിൽ ശ്രേഷ്ഠനായീടും
ഭീഷ്മരോടായ്
ധർമ്മജൻ പണ്ടു ഞങ്ങളെല്ലാരും കേട്ടിരിക്കെ
ധർമ്മങ്ങളെല്ലാം നേരേ ധരിക്കാനാഗ്രഹിച്ചി–
ട്ടിമ്മട്ടിലുള്ള ചോദ്യംതന്നെ
ചോദിച്ചീടിനാൻ. 11

ഭാരതയുദ്ധം കഴിഞ്ഞീടവേ ബന്ധുഹത്യ–
കാരണം ദുഃഖിച്ചിടുമജാതശത്രുഭൂപൻ
ഭീഷ്മരിൽനിന്നും പലധർമ്മങ്ങളും കേട്ടശേഷം
മോക്ഷധർമ്മത്തെപ്പറ്റിയൊടുവിൽ ചോദിച്ചിതു.
ജ്ഞാനവിജ്ഞാനശ്രദ്ധാവൈരാഗ്യഭക്ത്യാ–
ഢ്യമായ്
ഞാനന്നു ദേവവ്രതവിതന്നാനനത്തിൽനിന്നും
ശ്രവിച്ചതായീടുമാ മോക്ഷധർമ്മങ്ങളെല്ലാം
ഭവാനോടിപ്പോളുരുളീടുന്നു കേട്ടുകൊൾക.
12–13
സത്തമാ! പ്രകൃതിയും പുരുഷൻ മഹദഹം–
തത്ത്വങ്ങളും തന്മാത്രകളഞ്ചുമെന്നീയൊൻപതും
ജ്ഞാനേന്ദ്രിയങ്ങളഞ്ചും കർമ്മേന്ദ്രിയങ്ങളഞ്ചും
മാനസമൊന്നും ചേർന്നതായുള്ള പതിനൊന്നും
സത്ത്വാദിഗുണം മൂന്നും പഞ്ചഭൂതങ്ങളഞ്ചു–
മിത്തരമിരുപത്തിയെട്ടു തത്ത്വങ്ങളേയും
സമസ്തഭൂതത്തിലു,മിവയിലെല്ലാററിലും
സമമായൊന്നിനേയുമേതിനാൽ കണ്ടീടുമോ
ജ്ഞാനമെന്നുള്ളതതുതന്നെയാണെന്നു മുന്നേ–
താനിവൻ സ്വയമായി നിർണ്ണയിച്ചിരിക്കുന്നു.
14
ഏകമാമേതൊന്നിനാലേതുമട്ടനുഗത–
മായ്ക്കണ്ടോ തഥാ കാണാതിരിക്ക
വിജ്ഞാനമാം.
ഉദ്ഭവം സ്ഥിതിനാശമെന്നിവ
ഗുണങ്ങൾക്കാ–
ണെപ്പൊഴുമെന്നുള്ളതും കാണണം നല്ലപോലെ.
15
ആദികാലത്തുമന്ത്യത്തിങ്കലും മദ്ധ്യത്തിലു–
മേതൊന്നോ കാര്യത്തിൽനിന്നെപ്പൊഴും
കാര്യത്തിനെ
അനുഗമിച്ചുമതിൻ പരിണാമത്തിങ്കലു–
മനിശം യാതൊന്നാമോ ശേഷിപ്പതതു
സത്താം. 16
പ്രത്യക്ഷമനുമാനമൈതിഹ്യം ശ്രുതിയുമെ–
ന്നിത്തരം പ്രമാണങ്ങൾ നാലിലുംനിന്നു കാര്യം
മിഥ്യയാണവസ്ഥിതിയില്ലാത്തതെന്നും കണ്ടു
ബുദ്ധിമാൻ വിരമിപ്പൂ ഭേദബുദ്ധിയിൽ–
നിന്നും. 17
കർമ്മങ്ങൾക്കെല്ലാം നാശഭാവമുള്ളതുകൊണ്ടു
ബ്രഹ്മലോകാദ്യദൃഷ്ടലോകങ്ങൾ സമസ്തവും
കാണപ്പെടുന്നതാമീ ലോകംപോൽ നശിക്കുന്ന–
താണെന്നുമശുഭങ്ങളെന്നും കാണണം ബുധൻ.
18
അനഘാ! ഭക്തിയോഗം ഞാനരുൾചെയ്തുവല്ലോ
പ്രണയനിധാനമാം നിന്നോടു മുന്നേതന്നെ.
ഇനിയും ചൊല്ലിത്തരാമെന്നിലേറവും ഭക്തി
നിനക്കുറച്ചീടുന്ന മാർഗ്ഗങ്ങൾ വേണ്ടുംവിധം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധാമൃതകഥായാം മേ, ശശ്വന്മദനുകീർത്തനം,
പരിനിഷ്ഠാ ച പൂജായാം, സ്തുതിഭിഃ സ്തവനം മമ, 20
ആദരഃ പരിചര്യായാം, സർവ്വാംഗൈരഭിവന്ദനം,
മദ്ഭക്തപൂജ്യാഭ്യധികാ, സർവ്വഭൂതേഷു മന്മതിഃ. 21
മദർത്ഥേഷ്വംഗചേഷ്ടാ ച, വചസാ മദ്ഗുണേരണം,
മയ്യർപ്പണം ച മനസഃ സർവ്വകാമവിവർജ്ജനം. 22
മദർത്ഥേഽർത്ഥപരിത്യാഗോ ഭോഗസ്യ ച സുഖസ്യ ച
ഇഷ്ടം ദത്തം ഹുതം ജപ്തം മദർത്ഥം യദ്വ്രതം തപഃ. 23
ഏവം ധർമ്മൈർമ്മനുഷ്യാണാമുദ്ധവാത്മനിവേദിനാം
മയി സഞ്ജായതേ ഭക്തിഃ കോഽന്യോഽർത്ഥോഽസ്യാവ-
ശിഷ്യതേ. 24
യദാഽഽത്മന്യർപ്പിതം ചിത്തം ശാന്തം സത്ത്വോപബൃംഹിതം
ധർമ്മം ജ്ഞാനം സവൈരാഗ്യമൈശ്വര്യം ചാഭിപദ്യതേ. 25
യദർപ്പിതം തദ്വികല്പ ഇന്ദ്രിയൈഃ പരിധാവതി
രജസ്വലം ചാസന്നിഷ്ഠം ചിത്തം വിദ്ധി വിപര്യയം. 26
ധർമ്മോ മദ്ഭക്തികൃത് പ്രോക്തോ ജ്ഞാനം ചൈകാത്മ്യദർശനം
ഗുണേഷ്വസംഗോ വൈരാഗ്യമൈശ്വര്യം ചാണിമാദയഃ. 27

ഉദ്ധവ ഉവാച

യമഃ കതിവിധഃ പ്രോക്തോ നിയമോ? വാഽരികർശന!
കഃ ശമഃ കോ ദമഃ കൃഷ്ണ! കാ തിതിക്ഷാ ധൃതിഃ പ്രഭോ! 28
കിം ദാനം കിം തപഃ ശൗര്യം കിം സത്യമൃതമുച്യതേ
കസ്ത്യാഗഃ കിം ധനം ചേഷ്ടം കോ യജ്ഞഃ കാ ച ദക്ഷിണാ. 29
പുംസഃ കിംസ്വിദ്ബലം ശ്രീമൻ! ഭഗോ ലാഭശ്ച കേശവ!
കാ വിദ്യാ ഹ്രീഃ പരാ കാ ശ്രീഃ കിം സുഖം ദുഃഖമേവ ച. 30
കഃ പണ്ഡിതഃ കശ്ച മൂർഖഃ കഃ പന്ഥാ ഉത്പഥശ്ച കഃ
കഃ സ്വർഗ്ഗോ നരകഃ കിംസ്വിത് കോ ബന്ധുരുത കിം
ഗൃഹം. 31
ക ആഢ്യഃ കോ ദരിദ്രോ വാ കൃപണഃ കഃ ക ഈശ്വരഃ
ഏതാൻ പ്രശ്നാൻ മമ ബ്രൂഹി വിപരീതാംശ്ച സത്പതേ! 32

ശ്രീഭഗവാനുവാച

അഹിംസാ, സത്യ,മസ്തേയ,മസംഗോ, ഹ്രീ,രസഞ്ചയഃ
ആസ്തിക്യം, ബ്രഹ്മചര്യം, ച മൗനം, സ്ഥൈര്യം,
ക്ഷ,മാഭയം. 33
ശൗചം, ജപ,സ്തപോ, ഹോമഃ, ശ്രദ്ധാഽഽതിഥ്യം, മദർച്ചനം,
തീർത്ഥാടനം, പരാർത്ഥേഹാ, തുഷ്ടി,രാചാര്യസേവനം. 34
ഏതേ യമാഃ സനിയമാ ഉഭയോർദ്വാദശ സ്മൃതാഃ
പുംസാമുപാസിതാസ്താത! യഥാകാമം ദുഹന്തി ഹി. 35
ശമോ, മന്നിഷ്ഠതാ, ബുദ്ധേർദ്ദമ, ഇന്ദ്രിയസംയമഃ
തിതിക്ഷാ ദുഃഖസമ്മർഷോ, ജിഹ്വോപസ്ഥജയോ ധൃതിഃ. 36
ദണ്ഡന്യാസഃ പരം ദാനം, കാമ,ത്യാഗ,സ്തപഃ സ്മൃതം,
സ്വഭാവവിജയഃ ശൗര്യം, സത്യം, ച സമദർശനം. 37
ഋതം ച സൂനൃതാ വാണീ കവിഭിഃ പരികീർത്തിതാ,
കർമ്മസ്വസംഗമഃ ശൗചം, ത്യാഗഃ, സന്ന്യാസ ഉച്യതേ. 38
ധർമ്മ ഇഷ്ടം ധനം നൄണാം യജ്ഞോഽഹം ഭഗവത്തമഃ
ദക്ഷിണാ ജ്ഞാനസന്ദേശഃ പ്രാണായാമഃ പരം ബലം. 39
ഭഗോ മ ഐശ്വരോ ഭാവോ, ലാഭോ മദ്ഭക്തിരുത്തമഃ
വിദ്യാഽഽത്മനി ഭിദാബാധോ, ജുഗുപ്സാ ഹ്രീരകർമ്മസു. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മത്കഥാമൃതം സദാ ശ്രദ്ധയോടാസ്വദിക്ക,
വ്യാഖ്യാനില്ലെൻ ചരിത്രമന്യരെക്കേൾ–
പ്പിക്കുക,
നിത്യവും മത്പൂജയിൽ സ്ഥൈര്യസ്വഭാവം,
പിന്നെ
സ്തോത്രങ്ങൾ ഗാനംചെയ്യയെന്നതും
മുഖ്യമത്രേ. 20
പരിചര്യയിലത്യാദരവും, സമസ്തമാം
ശരീരാങ്ഗങ്ങളാലുമഭിവന്ദനങ്ങളും,
ഏതിലും ശ്രേഷ്ഠമാം മദ്ഭക്തപൂജയും, സർവ്വ–
ഭൂതജാലത്തിലും മന്മതിയും വേണ്ടതല്ലോ. 21
എനിക്കായുള്ള ദേഹവ്യാപാരം, വാക്കിനാൽ
മദ്–
ഗുണങ്ങൾ കീർത്തിക്കുക, മാനസസമർപ്പണം,
സകലകാമങ്ങളും സന്ത്യജിച്ചീടുകെന്നീ–
യഖിലഗുണങ്ങളും ഭക്തനു വേണ്ടതത്രേ. 22
പകുത്തെനിക്കായ് ധനം നീക്കിവയ്ക്കുക, ഭോഗ–
സുഖവുമുപേക്ഷിക്ക, യാഗങ്ങൾ യജിക്കുക
ഹോമദാനങ്ങൾ തപോമന്ത്രോപവാസാദിയെ–
ന്നീമട്ടിലെല്ലാമെനിക്കായിട്ടു നടത്തുക. 23
ഈവിധം ധർമ്മങ്ങളാലെനിക്കായാത്മാവിനെ
സർവ്വാത്മഭാവത്തോടുമർപ്പിച്ചവനുടൻതാൻ
എന്നിലുന്നതഭക്തിയുണ്ടാകും പിന്നെയവ–
ന്നന്യമായ് സാധിക്കേണ്ടതായില്ല
കാര്യമൊന്നും. 24
സത്ത്വാഭിവൃദ്ധമായി പ്രശാന്തമായീടുന്ന
ചിത്തമാത്മാവിലെപ്പോളർപ്പിതമായീടുമോ
അന്നേരംതന്നെ നിജധർമ്മവും വൈരാഗ്യത്തോ–
ടന്വിതം ജ്ഞാനവും സ്വായത്തമാ–
മൈശ്വര്യവും. 25
എപ്പൊഴോ വികല്പത്തിൽ മനമർപ്പിതമായി
നിഷ്ഫലമിന്ദ്രിയസംയുക്തമായ് ചുററിയോടും
അപ്പൊഴേ രജസ്സേറിയസത്തിൽ നിഷ്ഠയോടും
ദുഷ്പ്രവൃത്തികൾ ചെയ്തിട്ടധഃപതിക്കുന്നിതേ. 26
ഭക്തിയീയെന്നിൽ ജാതമാകുവതത്രേ ധർമ്മ–
മൊക്കെയുമൊന്നായിട്ടു കാണുന്നതത്രേ ജ്ഞാനം
ഗുണസങ്ഗത്തെ വിട്ടു വാഴ്വതു വിരാഗത–
യണിമാദികൾ തന്നെയൈശ്വര്യമെന്നും
ചൊൽവൂ. 27

ഉദ്ധവൻ പറഞ്ഞു

എത്രമാതിരി യമമുണ്ടായി പ്രഭോ! പുന–
രെത്രമാതിരിയുണ്ടു നിയമം നിഖിലാത്മൻ!
ശമ,മെന്താണു കൃഷ്ണാ! സഹനശീലം പിന്നെ
ദമമെന്നതുമെന്തു? ധൃതിയുമെന്തു? ചൊല്ലു. 28
ത്യാഗവും ശൗര്യം തപസ്സൂനൃതവും സത്യം
ദാനം
യാഗമുത്കൃഷ്ടധനമിവററിൻ രൂപമെന്തേ?
എന്താണു പുരുഷനു വിദ്യയും ബലം ശ്രീയു–
മെന്താണു ഭാഗ്യം ലാഭം സുഖവും മാല്യം ഹ്രീയും
പണ്ഡിതൻ, മൂർഖൻ, ബന്ധു, സന്മാർഗ്ഗം,
ദുർമ്മാർഗ്ഗവും
മന്ദിരം, നരകം, വിണ്ണിവററിൻ
ചിഹ്നങ്ങളും? 29–31
ആഢ്യൻ, ദരിദ്രൻ, ലുബ്ധ,നീശനെന്നിവരേതു–
മട്ടുകാരെന്നിങ്ങനെയുള്ള കാര്യങ്ങളേയും
ഇവയ്ക്കു വിപരീതമായിട്ടുള്ളവയേയു–
മവിടുന്നിപ്പോളെന്നോടരുളിച്ചെയ്യേണമേ 32

ശ്രീഭഗവാൻ പറഞ്ഞു

സത്യമസ്തേയം, ക്ഷമ,യസങ്ഗ,മഹിംസയു–
മാസ്തികൃം, വിഷയസങ്കല്പമില്ലായ്മ, ലജ്ജ,
സുസ്ഥിരസ്ഥിതി മൗന,മഭയം, ബ്രഹ്മചര്യം,
ശ്രദ്ധ,യാതിഥ്യം, ശൗചം, തപസ്സ്,മദർച്ചനം
പരോത്കർഷേച്ഛ, ഹോമം, ജപവും
തീർത്ഥാടനം
ഗുരുദേവാരാധനം, തുഷ്ടി,യെന്നിവയെ
യമവും നിയമവുംതന്നെയാം പന്ത്രണ്ടീതു
വിമലധർമ്മങ്ങളീരണ്ടിലുമുൾപ്പെടുന്നു.
ശരിയായിദ്ധർമ്മങ്ങളാചരിക്കും പുമാന്മാ–
ർക്കരികിലിവ സർവ്വാഭീഷ്ടവുമെത്തിക്കുന്നു.
എന്നിൽത്താൻ മതിസ്ഥൈര്യമാർന്നിരിപ്പതാം
മിന്ദ്രിയസംഘാതസംയമമാകുന്നു ദമം. [ശമ–
തിതിക്ഷ ദുഃഖങ്ങളെസ്സഹിക്കയെന്നുള്ളതും
ധൃതി, നാവുപസ്ഥമെന്നിവയെ
വെൽവതുംതാൻ. 33–36
പരോപദ്രവത്യാഗംതാൻ മുഖ്യദാനം, കാമം
പരിത്യജിപ്പതത്രേ തപസ്സും നിശ്ചിതംതാൻ.
സ്വഭാവവിജയമെന്നുള്ളതുതന്നെ ശൗര്യം
പ്രപഞ്ചഭൂതങ്ങളിൽ സമദർശനം സത്യം. 37
സൂനൃതവാക്കാണൃതം, കർമ്മത്തിലസങ്ഗമ–
മാണു ശൗചവും ചിന്തിച്ചീടുകിൽ ഭക്താഗ്രിമാ!
ഫലത്തെയുപേക്ഷിക്കയെന്നതാം ത്യാഗമെന്നു–
മുലകിൽ കീർത്തിക്കുന്നിതുദ്ധവാ! ശുദ്ധബുദ്ധേ!
ഹിതമാം മുതൽ മർത്ത്യർക്കേവർക്കും ധർമ്മം [38
പാർത്താൽ
മതിമൻ! ശുദ്ധജ്ഞാനദാനം ദക്ഷിണയത്രേ.
ജ്ഞാനവൈരാഗ്യങ്ങൾ സമ്പൂർണ്ണമായിരിക്കുമീ
ഞാനത്രേ യജ്ഞം, പ്രാണായാമമാം
പരം ബലം. 39
ഐശ്വര്യവീര്യയശഃശ്രീജ്ഞാനവിരാഗതാ–
സാശ്രയനായിട്ടെന്നെപ്പോലെയാവതാം ഭാഗ്യം
ഭേദധീയറുന്നതു താൻ വിദ്യ, നിന്ദ്യകർമ്മാ–
നാദരം ലജ്ജ,യെന്നിൽ ഭക്തിയാം
ശ്രേഷ്ഠലാഭം. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീർഗ്ഗുണാ നൈരപേക്ഷ്യാദ്യാഃ, സുഖം ദുഃഖസുഖാത്യയഃ
ദുഃഖം കാമസുഖാപേക്ഷാ, പണ്ഡിതോ ബന്ധമോക്ഷവിത്. 41
മൂർഖോ ദേഹാദ്യഹംബുദ്ധിഃ പന്ഥാ മന്നിഗമഃ സ്മൃതഃ
ഉത്പഥശ്ചിത്തവിക്ഷേപഃ സ്വർഗ്ഗഃ സത്ത്വഗുണോദയഃ. 42
നരകസ്തമ ഉന്നാഹോ, ബന്ധുർഗ്ഗുരുരഹം സഖേ!
ഗൃഹം ശരീരം മാനുഷ്യം, ഗുണാഢ്യോ ഹ്യാഢ്യ ഉച്യതേ. 43
ദരിദ്രോ യസ്ത്വസന്തുഷ്ടഃ കൃപണോ യോഽജിതേന്ദ്രിയഃ
ഗുണേഷ്വസക്തധീരീശോ ഗുണസംഗോ വിപര്യയഃ. 44
ഏത, ഉദ്ധവ, തേ പ്രശ്നാഃ സർവ്വേ സാധു നിരൂപിതാഃ
കിം വർണ്ണിതേന ബഹുനാ ലക്ഷണം ഗുണദോഷയോഃ
ഗുണദോഷദൃശിർദ്ദോഷോ ഗുണസ്തൂഭയവർജ്ജിതഃ. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഏകോനവിംശോഽധ്യായഃ

വിംശതിതമോഽധ്യായഃ

ഉദ്ധവ ഉവാച

വിധിശ്ച പ്രതിഷേധശ്ച നിഗമോ ഹീശ്വരസ്യ തേ
അവേക്ഷതേഽരവിന്ദാക്ഷ! ഗുണം ദോഷം ച കർമ്മണാം. 1
വർണ്ണാശ്രമവികല്പം ച പ്രതിലോമാനുലോമജം
ദ്രവ്യദേശവയഃ കാലാൻ സ്വർഗ്ഗം നരകമേവ ച. 2
ഗുണദോഷഭിദാദൃഷ്ടിമന്തരേണ വചസ്തവ
നിഃശ്രേയസം കഥം നൄണാം നിഷേധവിധിലക്ഷണം. 3
പിതൃദേവമനുഷ്യാണാം വേദശ്ചക്ഷുസ്തവേശ്വര!
ശ്രേയസ്ത്വനുപലബ്ധേഽർത്ഥേ സാധ്യസാധനയോരപി. 4
ഗുണദോഷഭിദാദൃഷ്ടിർന്നിഗമാത്തേ ന ഹി സ്വതഃ
നിഗമേനാപവാദശ്ച ഭിദായാ ഇതി ഹ ഭ്രമഃ. 5

ശ്രീഭഗവാനുവാച

യോഗാസ്ത്രയോ മയാ പ്രോക്താ നൃണാം ശ്രേയോവിധിത്സയാ
ജ്ഞാനം കർമ്മ ച ഭക്തിശ്ച നോപായോഽന്യോഽസ്തി
കുത്രചിത്. 6
നിർവ്വിണ്ണാനാം ജ്ഞാനയോഗോ ന്യാസിനാമിഹ കർമ്മസു
തേഷ്വനിർവ്വിണ്ണചിത്താനാം കർമ്മയോഗസ്തു കാമിനാം. 7
യദൃച്ഛയാ മത്കഥാദൗ ജാതശ്രദ്ധസ്തു യഃ പുമാൻ
ന നിർവ്വിണ്ണോ നാതിസക്തോ ഭക്തിയോഗോഽസ്യ
സിദ്ധിദഃ. 8
താവത് കർമ്മാണി കുർവ്വീത ന നിർവ്വിദ്യേത യാവതാ
മത്കഥാശ്രവണാദൗ വാ ശ്രദ്ധാ യാവന്ന ജായതേ. 9
സ്വധർമ്മസ്ഥോ യജൻ യജ്ഞൈരനാശീഃ കാമ ഉദ്ധവ!
ന യാതി സ്വർഗ്ഗനരകൗ യദ്യന്യന്ന സമാചരേത്. 10
അസ്മിംല്ലോകേ വർത്തമാനഃ സ്വധർമ്മസ്ഥോഽനഘഃ ശുചിഃ
ജ്ഞാനം വിശുദ്ധമാപ്നോതി മദ്ഭക്തിം വാ യദൃച്ഛയാ. 11
സ്വർഗ്ഗിണോഽപ്യേതമിച്ഛന്തി ലോകം നിരയിണസ്തഥാ
സാധകം ജ്ഞാനഭക്തിഭ്യാമുഭയം തദസാധകം. 12
ന നരഃ സ്വർഗ്ഗതിം കാങ്ക്ഷേന്നാരകീം വാ വിചക്ഷണഃ
നേമം ലോകം ച കാങ്ക്ഷേത ദേഹാവേശാത്
പ്രമാദ്യതി. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖദുഃഖങ്ങളും കടന്നിരിപ്പതത്രേയോർത്താൽ
സുഖം, നിരപേക്ഷാദിഗ്ഗുണങ്ങളലങ്കാരം,
കാമസൗഖ്യങ്ങളെല്ലാമാശിപ്പതല്ലോ ദുഃഖം,
പ്രേമധാമമേ! ബന്ധമോക്ഷവിത്തത്രേ
വിദ്വാൻ. 41
ഞാനെന്ന ദേഹാദിയിൽ ബുദ്ധിയുള്ളവൻ മൂർഖ-
നാ,ണെന്നെ പ്രാപിപ്പതു പന്ഥാവും
തന്നെയല്ലോ.
ചിത്തവിക്ഷേപമെന്നതാകുന്നു ദുഷ്ടമാർഗ്ഗം,
സത്ത്വത്തിന്നാവിർഭാവം ദേവ-
ലോകവുംതന്നെ. 42
നരകം തമോവൃദ്ധി, ബന്ധുവോ ജ്ഞാനപ്രദ-
ഗുരുരൂപനാം ഞാൻതാൻ, മർത്ത്യദേഹമാം
ഗേഹം.
ഗുണാഢ്യനാഢ്യ,നസന്തുഷ്ടനായോൻ ദരിദ്രൻ,
ഗുണാസങ്ഗധീയീശ,നജിതേന്ദ്രിയൻ
ശോച്യൻ,
ഗുണസങ്ഗമമൊന്നാണീശ്വരഭാവത്തിന്നു
നിനയ്ക്കിൽ വിപരീതമായതെന്നതു-
മോർക്ക. 43-44
ഉദ്ധവാ! ഭാഗവതസത്തമാ! ഭവാന്റെയീ-
ച്ചോദ്യങ്ങളെല്ലാം നല്ലപോലെതാൻ
നിരൂപിച്ചേൻ.
എന്തിനാണേറെഗ്ഗുണദോഷവർണ്ണനം, രണ്ടും
ചിന്തിപ്പതല്ലോ ദോഷം, ത്യജിക്ക
ഗുണവുംതാൻ. 45

അദ്ധ്യായം 20

ഉദ്ധവോപദേശം — ജ്ഞാനകർമ്മഭക്തി യോഗാധികാരിഭേദം

ഉദ്ധവൻ പറഞ്ഞു

താമരസാക്ഷാ! വിധിനിഷേധഭേദം
പാർത്താൽ
സ്വാമി കല്പിച്ചിട്ടുള്ള വേദത്തിലുള്ളതല്ലോ.
ദോഷകർമ്മങ്ങളേയും ഗുണകർമ്മങ്ങളേയും
ഭേഷായ് വേർതിരിച്ചതിൽ
പ്രതിപാദിച്ചിരിപ്പൂ. 1
നിതരാം വർണ്ണഭേദമാശ്രമഭേദങ്ങളും
പ്രതിലോമജാതാനുലോമജഭേദങ്ങളും
ദ്രവ്യവും ദേശം, കാലം, വയസ്സും, നരകവും
ദിവ്യസ്വർഗ്ഗവുമതിൽ നിശ്ചയിച്ചിരിക്കുന്നു. 2
മതിയിൽ ഗുണദോഷഭേദദൃക്കില്ലെന്നാകിൽ
വിധിനിഷേധചിഹ്നസംയുതമായിരിക്കും
അങ്ങേ വചസ്സെങ്ങനെ നിലനിന്നിടും, മർത്ത്യ-
ക്കെങ്ങനെ നിഃശ്രേയസമായതു
സാധിപ്പിക്കും? 3
പ്രത്യക്ഷാദിയാം പ്രമാണങ്ങളാലറിഞ്ഞീടാൻ
സാധ്യമല്ലാതിരിക്കും ശ്രേയസ്സു നേടീടുവാൻ
ഈശ്വരാ! പിതൃക്കൾക്കും സുരർക്കും മനുഷ്യർക്കും
ചക്ഷുസ്സായിരിപ്പതു ഭാവത്കശ്രുതിയല്ലോ. 4
കേശവാ! ഭവാനുടെ വേദത്തിൽനിന്നും ഗുണം
ദോഷമീവിധം ഭേദദൃഷ്ടിയുണ്ടാകുന്നിതു.
സ്വതേയുണ്ടായതല്ല, വേദത്തിന്നപവാദ-
മതുമായതിനാൽത്താനെന്നതാം ഭ്രമഹേതു. 5
ശ്രീഭഗവാൻ പറഞ്ഞു
ജ്ഞാനവും, കർമ്മം, ഭക്തിയിങ്ങനെ മൂന്നു
യോഗം
മാനവശ്രേയസ്സിനായ് ഞാനരുൾചെയ്തിരിപ്പൂ.
അന്യമാമുപായമില്ലെങ്ങുമായതിനെന്നു
ധന്യാത്മൻ! ഭവാൻ ധരിച്ചീടുക ദൃഢമായി. 6
എന്നതിൽവച്ചു കർമ്മവിരക്തരായിക്കർമ്മം
സന്ന്യസിച്ചവർക്കെല്ലാം ജ്ഞാനയോഗവും
തഥാ
കർമ്മത്തിൽ വിരാഗതവരാത്ത കാമികൾക്കു
കർമ്മയോഗവും സിദ്ധിദായകംതാനുദ്ധവാ!
മത്കഥാനാമകീർത്തനാദിയിൽ വശാലനു-
രക്തനായത്യാസക്തിയെന്യേയനിർവ്വിണ്ണനായ്
ഇരിക്കും പുരുഷനു സർവസിദ്ധികളേയു-
മരുളീടുന്നു ഭക്തിയോഗവും ഭക്തോത്തമാ! 8
എന്നോളം വിരക്തനായ്തീർന്നീടുന്നില്ല മർത്ത്യ-
നെന്നോളം ശ്രദ്ധിച്ചീടാ മച്ചരിതാദ്യങ്ങളിൽ
അന്നോളമവൻ കർമ്മംചെയ്തുകൊണ്ടിരുന്നീടു-
മെന്നതിൽ സന്ദേഹമില്ലേതുമേ യാദവേന്ദ്രാ! 9
ഫലാശയേതുമെന്യേ സ്വധർമ്മസ്ഥിതനായി-
പ്പലയാഗങ്ങൾകൊണ്ടുമീയെന്നെയാരാധിച്ചു
അന്യമാമൊന്നുംതന്നെയാചരിക്കാതിരിക്കും
ധന്യനില്ലല്ലോ നാകം നരകമെന്നതൊന്നും. 10
ഇപ്പാരിൽ സ്വധർമ്മത്തിൽനിന്നു
തെററാതെ പാപ-
മല്പവുമിയലാതെ ശുദ്ധനായ് വർത്തിക്കുവോൻ
നിർമ്മലജ്ഞാനത്തെയോ മാമകഭക്തിയേയോ
സന്മതേ! പ്രാപിച്ചീടും വിചാരി-
ക്കാതെതന്നെ. 11
ഹരിഭക്തിയും ജ്ഞാനയോഗവുംകൊണ്ടെളുപ്പം
പരമം പദമെത്താനൊത്തിടുമീ ലോകത്തെ
നരകനാകലോകവാസികൾ കൊതിക്കുന്നെ-
ന്നറിക മോക്ഷസാധകങ്ങളല്ലാ ലോകങ്ങൾ.12
അറിവുള്ളവൻ സ്വർഗ്ഗലോകത്തിലേക്കോ
പിന്നെ
നരകലോകത്തേക്കോ പോകുവാനി-
ച്ഛിക്കൊലാ.
ഈ ലോകത്തെയുമാശിക്കരുതു, ദേഹാവേശം-
മൂലമാണീയബദ്ധംപററുന്നതഖിലർക്കും. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതദ്വിദ്വാൻ പുരാ മൃത്യോരഭവായ ഘടേത സഃ
അപ്രമത്ത ഇദം ജ്ഞാത്വാ മർത്ത്യമപ്യർത്ഥസിദ്ധിദം. 14

ഛിദ്യമാനം യമൈരേതൈഃ കൃതനീഡം വനസ്പതിം
ഖഗഃ സ്വകേതമുത്സൃജ്യ ക്ഷേമം യാതി ഹ്യലമ്പടഃ. 15

അഹോരാത്രൈശ്ഛിദ്യമാനം ബുദ്ധ്വാഽഽയുർഭയവേപഥുഃ
മുക്തസങ്ഗഃ പരം ബുദ്ധ്വാ നിരീഹ ഉപശാമ്യതി. 16

നൃദേഹമാദ്യം സുലഭം സുദുർല്ലഭം
പ്ലവം സുകല്പം ഗുരുകർണ്ണധാരം
മയാനുകൂലേന നഭസ്വതേരിതം
പുമാൻ ഭവാബ്ധിം ന തരേത് സ ആത്മഹാ. 17

യദാഽഽരംഭേഷു നിർവ്വിണ്ണോ വിരക്തഃ സംയതേന്ദ്രിയഃ
അഭ്യാസേനാത്മനോ യോഗീ ധാരയേദചലം മനഃ. 18

ധാര്യമാണം മനോ യർഹി ഭ്രാമ്യദാശ്വനവസ്ഥിതം
അതന്ദ്രിതോഽനുരോധേന മാർഗ്ഗേണാത്മവശം നയേത്. 19

മനോഗതിം ന വിസൃജേജ്ജിതപ്രാണോ ജിതേന്ദ്രിയഃ
സത്ത്വസമ്പന്നയാ ബുദ്ധ്യാ മന ആത്മവശം നയേത്. 20

ഏഷ വൈ പരമോ യോഗോ മനസഃ സങ്ഗ്രഹഃ സ്മൃതഃ
ഹൃദയജ്ഞത്വമന്വിച്ഛൻ ദമ്യസ്യേവാർവ്വതോ മുഹുഃ. 21

സാംഖ്യേന സർവ്വഭാവാനാം പ്രതിലോമാനുലോമതഃ
ഭവാപ്യയാവനുധ്യായേന്മനോ യാവത് പ്രസീദതി. 22

നിർവ്വിണ്ണസ്യ വിരക്തസ്യ പുരുഷസ്യോക്തവേദിനഃ
മനസ്ത്യജതി ദൗരാത്മ്യം ചിന്തിതസ്യാനുചിന്തയാ. 23

യമാദിഭിര്യോഗപഥൈരാന്വീക്ഷിക്യാ ച വിദ്യയാ
മമാർച്ചോപാസനാഭിർവ്വാ നാന്യൈര്യോഗ്യം സ്മരേന്മനഃ. 24

യദി കുര്യാത് പ്രമാദേന യോഗീ കർമ്മ വിഗർഹിതം
യോഗേനൈവ ദഹേദംഹോ നാന്യത്തത്ര കദാചന. 25

സ്വേ സ്വേഽധികാരേ യാ നിഷ്ഠാ സ ഗുണഃ പരികീർത്തിതഃ
വിപര്യയസ്തു ദോഷഃ സ്യാദുഭയോരേഷ നിശ്ചയഃ. 26

കർമ്മണാം ജാത്യശുദ്ധാനാമനേന നിയമഃ കൃതഃ
ഗുണദോഷവിധാനേന സങ്ഗാനാം ത്യാജനേച്ഛയാ. 27

ജാതശ്രദ്ധോ മത്കഥാസു നിർവ്വിണ്ണഃ സർവ്വകർമ്മസു
വേദ ദുഃഖാത്മകാൻ കാമാൻ പരിത്യാഗേഽപ്യനീശ്വരഃ. 28

തതോ ഭജേത മാം പ്രീതഃ ശ്രദ്ധാലുർദൃഢനിശ്ചയഃ
ജുഷമാണശ്ച താൻ കാമാൻ ദുഃഖോദർക്കാംശ്ച ഗർഹയൻ. 29

പ്രോക്തേന ഭക്തിയോഗേന ഭജതോ മാസകൃന്മുനേഃ
കാമാ ഹൃദയ്യാ നശ്യന്തി സർവ്വേ മയി ഹൃദി സ്ഥിതേ. 30

ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവ്വസംശയാഃ
ക്ഷീയന്തേ ചാസ്യ കർമ്മാണി മയി ദൃഷ്ടേഽഖിലാത്മനി. 31

തസ്മാന്മദ്ഭക്തിയുക്തസ്യ യോഗിനോ വൈ മദാത്മനഃ
ന ജ്ഞാനം ന ച വൈരാഗ്യം പ്രായഃ ശ്രേയോ ഭവേദിഹ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇക്കാര്യമറിഞ്ഞവൻ പുരുഷാർത്ഥങ്ങൾ നേടാൻ
യുക്തമെന്നാലും ദേഹം നശ്യമാണെന്നു കണ്ടു
മരണത്തിനുമുമ്പേയപ്രമത്തനായവൻ
പരിചിൽ മോക്ഷത്തിനായ്
ശ്രമിച്ചീടേണ്ടതത്രേ. 14
അന്തകസമന്മാരാം തക്ഷന്മാർ മുറിപ്പതായ്
സ്വന്തമാശ്രയമാക്കിക്കൂടുവച്ചിരിപ്പതാം
വൃക്ഷത്തെ വെടിഞ്ഞതിലാസക്തി-
യേതുമെന്യേ-
യക്ഷണം പക്ഷി പോയി ക്ഷേമത്തെ
പ്രാപിക്കുന്നു. 15
കാലാംഗങ്ങളാം രാവും പകലുമായുസ്സിനെ
നാളുകൾതോറും ക്രമാൽ ഛേദിക്കുന്നതു പാർത്തു
പേടിച്ചു വിറച്ചുകൊണ്ടൊട്ടുമേ മെയ്യിൽ
സക്തി-
കൂടാതെ ദേഹഭിന്നനായീടുമാത്മാവിനെ
നല്ലതുപോലറിഞ്ഞിട്ടനീഹനായിട്ടുടൻ
കില്ലെന്യേയുപശമം പ്രാപിച്ചീടുന്നു
വിദ്വാൻ. 16
സ്വാധീനസ്ഥിതമായ് സുദുർല്ലഭമായിബ്ബലോ-
പേതമായാചാര്യനാം നാവികൻ നയിപ്പതായ്
ആദിമൂലമായ് ഞാനാം ഹിതമാരുതനാലേ
നീതമാം നരദേഹത്തോണിയെ ലഭിച്ചിട്ടും
ഒരുവൻ സംസാരാബ്ധി കടക്കുന്നില്ലെന്നാല-
പ്പുരുഷനാത്മാവിനെ ഹനിക്കുന്നവനത്രേ 17
യോഗിയാരംഭങ്ങളെയെപ്പോഴാം വെറുത്തു വി-
രാഗനാകുന്നതപ്പോൾ വിജിതേന്ദ്രിയനായി
അഭ്യാസത്തിനാൽ മനം ചഞ്ചലഹീനമാക്കി-
യപ്രമേയനാമെന്നിലുറപ്പിക്കണം നേരേ. 18
മാനസമുറപ്പിക്കുന്നാകിലും ചിലനേരം
താനേ മറ്റൊന്നിലേക്കു ചലിച്ചീടുന്നതായാൽ
മെല്ലവേ വല്ലവാറും വശത്താക്കുകവേണ-
മല്ലെന്നാലൊന്നിങ്കലുമുറയ്ക്കാതായിപ്പോകും. 19
മാനസത്തിന്റെ ഗതി നിരോധിക്കണം
ബലാൽ
പ്രാണനെജ്ജയിച്ചിന്ദ്രിയങ്ങളെ നിയന്ത്രിച്ചു
സത്ത്വമാം ഗുണം വദ്ധിച്ചീടിന ബുദ്ധികൊണ്ടു
ചിത്തത്തെസ്സാവധാനം സ്വാധീനമാക്കീടണം.
ഇത്തരം മാനസത്തെ സ്വാധീനമാക്കീടുന്ന-
തുത്തമയോഗമെന്നു നിശ്ചയിച്ചിരിക്കുന്നു.
പിണക്കക്കാരനായിട്ടമ്യനാമശ്വത്തിന്റെ
മനസ്സിൻഗതിയറിഞ്ഞിട്ടൊക്കെ വിട്ടും പിന്നെ
അടിച്ചും കടിഞ്ഞാണു പിടിച്ചും
സ്വാധീനത്തിൽ-
പെടുത്തുംവിധം വശത്താക്കണം
ചിത്തത്തെയും. 20-21
തത്ത്വജ്ഞാനത്താൽ സർവ്വവസ്തുവിന്റെയും
മസ്തുവുമനുലോമപ്രതിലോമക്രമത്തിൽ [ജന്മ-
മാനസം തെളിയുന്നതെപ്പോഴാണപ്പോൾവരെ-
യുന്നമെന്നിയേ ചിന്തിച്ചീടണമനാരതം. 22
ദുഃഖദവിഷയങ്ങൾ വെറുത്ത വിരക്തനു-
മുക്തമവധിയുമായ പൂരുഷൻതന്മാനസം
ചിന്തിതത്തിന്റെയനുചിന്തയാൽ ദുരാത്മത
സന്ത്യജിച്ചീടുന്നിതു യാദവശിഖാമണേ! 23
യമവും നിയമംതൊട്ടവയും ചേർന്ന യോഗ-
ക്രമങ്ങളാന്വീക്ഷികീവിദ്യയെന്നിവകൊണ്ടും
മാമകോപാസനാദികൊണ്ടുമർച്ച്യനാമെന്നെ-
യാമൂലം ധ്യാനിക്കണമല്ലാതെയില്ല മാർഗ്ഗം. 24
പ്രമാദാൽ നിന്ദ്യകർമ്മം യോഗിചെയ്യില പാപം
സമസ്തം ചുട്ടീടണം യോഗത്താലതേ വേണ്ടൂ.
സ്വാധികാരത്തിൽപെടും നിയമം ഗുണം,
വിപ-
രീതമായതു ദോഷമെന്നു നിർണ്ണയിച്ചിതു. 26
സ്വതേതാനശ്ശുദ്ധങ്ങളായ കർമ്മങ്ങളേയു-
മതുകൾക്കെഴും സംഗമത്തെയും
സന്ത്യജിപ്പാൻ
ഇച്ഛയാൽ ഗുണദോഷചിന്തനംചെയ്തു തീർത്തു-
വച്ചിതു നിയമങ്ങൾ പണ്ടേതാൻ വേണ്ടും-
വിധം. 27
മത്കഥകളിൽ ശ്രദ്ധവച്ചുയും കർമ്മങ്ങളെ-
യൊക്കെയും വെറുക്കയും വിഷയസമൂഹങ്ങൾ
ദുഃഖരൂപങ്ങളെന്നു കണ്ടിട്ടുമുപേക്ഷിക്കാൻ
ശക്തനല്ലാതെ തീർന്നീടുകയും ചെയ്യുന്നവൻ. 28
തുടർന്നു കാമങ്ങളെസ്സേവിപ്പോനെന്നാകിലും
ദൃഢനിശ്ചയത്തോടും പ്രീതനായ്
ശ്രദ്ധാലുവായ്
ദുഃഖോദർക്കങ്ങളെന്നു നിശ്ചയിച്ചവററയെ-
ദ്ധിക്കരിച്ചെന്നെബ്ഭജിച്ചീടണം
നിരന്തരം. 29
പ്രോക്തമാം ഭക്തിയോഗംകൊണ്ടെന്നെ-
ബ്ഭജിച്ചിടും
ഭക്തനാം മുനിതന്റെ മനസ്സിലിരുന്നു ഞാൻ
ഹൃദയജാതങ്ങളാം സർവ്വകാമങ്ങളേയു-
മതിവേഗത്തിൽത്തന്നെയുദ്ധവാ!
നശിപ്പിക്കും. 30
നിഖിലാത്മാവാമെന്നെ ഹൃദയസരോജത്തിൽ
പ്രകടമായിക്കാണുന്നേരം തന്മനോഗ്രന്ഥി
അററുപോയിടും, സർവ്വസംശയങ്ങളും തീരും
തെററെന്നു കർമ്മങ്ങളും നശിച്ചുപോകുന്നിതു. 31
അതിനാൽ മദ്ഭക്തനായെന്നിലുള്ളുറപ്പിക്കും
യതിക്കു പുമാനെയും പ്രകൃതിയേയുംപററി
അറിവോ വിഷയവൈരാഗ്യമോ
വേണമെന്നി-
ല്ലു ഭക്തിയാൽത്തന്നെ ഭവിക്കും
ശ്രേയസ്സുകരം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത് കർമ്മഭിര്യത്തപസാ ജ്ഞാനവൈരാഗ്യതശ്ച യത്
യോഗേന ദാനധർമ്മേണ ശ്രേയോഭിരിതരൈരപി. 33

സർവ്വം മദ്ഭക്തിയോഗേന മദ്ഭക്തോ ലഭതേഽഞ്ജസാ
സ്വർഗ്ഗാപവർഗ്ഗം മദ്ധാമ കഥഞ്ചിദ്യദി വാഞ്ഛതി. 34

ന കിഞ്ചിത് സാധവോ ധീരാ ഭക്താ ഹ്യേകാന്തിനോ മമ
വാഞ്ഛന്ത്യപി മയാ ദത്തം കൈവല്യമപുനർഭവം. 35

നൈരപേക്ഷ്യം പരം പ്രാഹുർന്നിഃശ്രേയസമനല്പകം
തസ്മാന്നിരാശിഷോ ഭക്തിർന്നിരപേക്ഷസ്യ മേ ഭവേത്. 36

ന മയ്യേകാന്തഭക്താനാം ഗുണദോഷോദ്ഭവാ ഗുണാഃ
സാധൂനാം സമചിത്താനാം ബുദ്ധേഃ പരമുപേയുഷാം. 37

ഏവമേതാൻ മയാഽഽദിഷ്ടാനനുതിഷ്ഠന്തി മേ പഥഃ
ക്ഷേമം വിന്ദന്തി മത്സ്ഥാനം യദ്ബ്രഹ്മ പരമം വിദുഃ. 38

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
വിംശതിതമോഽധ്യായഃ

ഏകവിംശതിതമോഽധ്യായഃ

ശ്രീഭഗവാനുവാച

യ ഏതാൻ മത്പഥോ ഹിത്വാ ഭക്തിജ്ഞാനക്രിയാത്മകാൻ
ക്ഷുദ്രാൻ കാമാംശ്ചലൈഃ പ്രാണൈർജ്ജുഷന്തഃ സംസരന്തി തേ. 1

സ്വേ സ്വേഽധികാരേ യാ നിഷ്ഠാ സ ഗുണഃ പരികീർത്തിതഃ
വിപര്യയസ്തു ദോഷഃ സ്യാദുഭയോരേഷ നിശ്ചയഃ. 2

ശുദ്ധ്യശുദ്ധീ വിധീയേതേ സമാനേഷ്വപി വസ്തുഷു
ദ്രവ്യസ്യ വിചികിത്സാർത്ഥം ഗുണദോഷൗ ശുഭാശുഭൗ. 3

ധർമ്മാർത്ഥം വ്യവഹാരാർത്ഥം യാത്രാർത്ഥമിതി ചാനഘ!
ദർശിതോഽയം മയാഽഽചാരോ ധർമ്മമുദ്വഹതാം ധുരം. 4

ഭൂമ്യംബ്വഗ്ന്യനിലാകാശാ ഭൂതാനാം പഞ്ച ധാതവഃ
ആബ്രഹ്മസ്ഥാവരാദീനാം ശാരീരാ ആത്മസംയുതാഃ. 5

വേദേന നാമരൂപാണി വിഷമാണി സമേഷ്വപി
ധാതുഷൂദ്ധവ! കല്പ്യന്ത ഏതേഷാം സ്വാർത്ഥസിദ്ധയേ. 6

ദേശകാലാദിഭാവാനാം വസ്തൂനാം മമ സത്തമ!
ഗുണദോഷൗ വിധീയേതേ നിയമാർത്ഥം ഹി കർമ്മണാം. 7

അകൃഷ്ണസാരോ ദേശാനാമബ്രഹ്മണ്യോഽശുചിർഭവേത്
കൃഷ്ണസാരോഽപ്യസൗവീരകീകടാസംസ്കൃതേരിണം. 8

കർമ്മണ്യോ ഗുണവാൻ കാലോ ദ്രവ്യതഃ സ്വത ഏവ വാ
യതോ നിവർത്തതേ കർമ്മ സ ദോഷോഽകർമ്മകഃ സ്മൃതഃ. 9

ദ്രവ്യസ്യ ശുദ്ധ്യശുദ്ധീ ച ദ്രവ്യേണ വചനേന ച
സംസ്കാരേണാഥ കാലേന മഹത്വാല്പതയാഥവാ. 10

ശക്ത്യാശക്ത്യാഥവാ ബുദ്ധ്യാ സമൃദ്ധ്യാ ച യദാത്മനേ
അഘം കുർവ്വന്തി ഹി യഥാ ദേശാവസ്ഥാനുസാരതഃ. 11

ധാന്യദാർവ്വസ്ഥിതന്തൂനാം രസതൈജസചർമ്മണാം
കാലവായ്വഗ്നിമൃത്തോയൈഃ പാർത്ഥിവാനാം യുതായുതൈഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മങ്ങൾകൊണ്ടും ജ്ഞാനവൈരാഗ്യ-
തപോദാന-
ധർമ്മങ്ങൾകൊണ്ടുമന്യശ്രേയോ-
മാർഗ്ഗങ്ങൾകൊണ്ടും
ലഭ്യമാം സ്വർഗ്ഗം മോക്ഷം മാമകവൈകുണ്ഠവും
മദ്ഭക്തൻ പ്രാപിക്കുവാൻ വിചാരിച്ചീ-
ട്ടുന്നാകിൽ
ഭക്തിയോഗത്തിനാൽത്താനായാസ-
മേതുമെന്യേ
കൈക്കലാമതൊക്കെയുമെന്നതിൽ ശങ്കവേണ്ടാ.
സദാചാരത്താൽ മനം ശുദ്ധമായ്ക്കാമമെന്യേ
ഹൃദയമെന്നിൽ സ്ഥിരമർപ്പിക്കും മത്സേവകർ
ഞാനേകും പുനർജ്ജന്മഹീനമാം മോക്ഷത്തെയും
മാനസംതന്നിൽ തെല്ലുമിച്ഛിക്കുന്നില്ല-
യല്ലോ. 33-35

ഒന്നിലുമില്ലപേക്ഷയെന്നുള്ളോരവസ്ഥയെ
പണ്ഡിതലോകം ശ്രേഷ്ഠശ്രേയസ്സെന്നോ-
തുന്നിതു.
അതിനാൽ വിഷയാശയററ നിരപേക്ഷകൻ
മദീയാതുലസ്നേഹഭാജനമായ്ബ്ഭവിക്കും. 36
സമചിത്തരായെന്നിലേകാന്തഭക്തന്മാരാ-
യമേയമായി ബുദ്ധിക്കെത്താത്തോരച്യുതത്തിനെ
പ്രാപിച്ച സാധുക്കൾക്കു ഗുണദോഷജപുണ്യ-
പാപങ്ങൾ ലേശംപോലുമില്ലെന്നു ധരി-
ച്ചാലും. 37
ഞാനരുൾചെയ്തതാമീയെന്മാർഗ്ഗങ്ങളെയേതു
മാനവൻ ശരിയായിട്ടനുസരിക്കുന്നുവോ
പരമക്ഷേമമാമെൻ സ്ഥാനമെത്തുന്നിതവൻ
പരബ്രഹ്മത്തിനേയും ശരിയായറിയുന്നു. 38

അദ്ധ്യായം 21

ഉദ്ധവോപദേശം — ജ്ഞാനാനധികാരിനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

ഭക്തിജ്ഞാനങ്ങൾ കർമ്മമിമ്മൂന്നുമാമെൻ
ശ്രേഷ്ഠ-
മാർഗ്ഗങ്ങളുപേക്ഷിച്ചിട്ടെപ്പോഴും ചലിച്ചീടും
ഇന്ദ്രിയങ്ങൾക്കു വശംഗതരായ്ക്കാമങ്ങളെ-
സ്സന്തതം സേവിക്കുവോർ സംസാരം
പ്രാപിക്കുന്നു. 1
സ്വാധികാരത്തിൽ പെട്ടതായിടും നിയമങ്ങ-
ളേതേതുണ്ടതൊക്കെയും ഗുണമെന്നോതിടുന്നു.
വിരുദ്ധമായുള്ളതാം നിയമമേതും ദോഷ-
കരവുമെന്നാം ഗുണദോഷനിർണ്ണയമാക്ക. 2
തുല്യങ്ങളെന്നാകിലും സാധനങ്ങളിൽ തില്പം
നല്ലതുമേതെന്നുണ്ടാം ശങ്കയില്ലാതെയാക്കാൻ
ശുദ്ധ്യശുദ്ധികളേയും ഗുണദോഷങ്ങളേയു-
മുദ്ധവാ! വിധിച്ചിതു ശുഭാശുഭങ്ങളേയും. 3
ധർമ്മാർത്ഥം ശുദ്ധ്യശുദ്ധികളേയും വ്യവഹാരം
നന്മട്ടു നിർവ്വഹിക്കാൻ ഗുണദോഷങ്ങളേയും
ലോകയാത്രയ്ക്കായ് ശുഭാശുഭങ്ങളേയുമിങ്ങു
പാകത്തിനൊത്തു പണ്ടേ നിശ്ചയിച്ചിരിപ്പു
ഞാൻ. 4
ധർമ്മധുരാവഹിക്കുന്നവർക്കിപ്പരിപാടി
നിർമ്മലമതേ! നേരേ കാണിച്ചുകൊടുത്തു ഞാൻ.
വിരിഞ്ചൻമുതൽ സ്ഥാവരാന്തമാം ഭൂതങ്ങൾ
ശരീരമശേഷവും പഞ്ചഭൂതങ്ങളാലേ [തൻ
നിർമ്മിതമായിട്ടുള്ളതാണെന്നുമാത്മാവുമായ്
സംബന്ധിച്ചിരിപ്പതാണെന്നതും ധരിക്കണം. 5
തുല്യങ്ങളാകും സർവ്വഭൂതസഞ്ചയത്തിലും
തുല്യങ്ങളല്ലാതുള്ള രൂപങ്ങൾ നാമങ്ങളും
കല്പിച്ചേനാഗമത്താൽ, പുരുഷാർത്ഥത്തെയവ-
രെല്ലേപ്പേരും സാധിപ്പിക്കാനിച്ഛയാലച്ഛ-
ബുദ്ധേ! 6
കാലദേശാദിയാകും സമസ്തഭാവങ്ങൾക്കും
ചാലവേ കർമ്മങ്ങൾതൻ നിയമത്തിനുവേണ്ടി
വിധിച്ചിരിക്കുന്നിതു ഗുണദോഷങ്ങളെന്നു-
മതിബുദ്ധിമാനാകുമുദ്ധവാ! ധരിക്ക നീ. 7
ഭൂസുരന്മാരും കൃഷ്ണസാരവുമില്ലാതുള്ള
ദേശങ്ങളെല്ലാംതന്നെ ശുദ്ധിഹീനങ്ങളത്രേ.
കൃഷ്ണസാരമാം മൃഗമുള്ളതെന്നിരിക്കിലും
വിഷ്ണുഭക്താഗ്രേസരാ! കീകടാഭിധമായി
സാധുസഞ്ചയവാസമററതായ്സുസംസ്കാരാ-
പേതമായൂഷരമാം ദേശവുമശുദ്ധമാം. 8
സാധനപൂർത്തികൊണ്ടോ സ്വതേതന്നെയോ
കർമ്മം
ചെയ്തിടാൻ യോഗ്യകാലം ശുഭമാം കാലമത്രേ.
കർമ്മത്തിന്നനുചിതമായിടും കാലത്തിനു
സന്മതേ! ചൊല്ലീടുന്നിതശുഭകാലമെന്നും. 9
ഒരു വസ്തുവിനന്യപദാർത്ഥംകൊണ്ടും പരി-
ഷ്കരണംകൊണ്ടും കാലവചസ്സെന്നിവകൊണ്ടും
വലുതും ചെറിയതുമെന്നുള്ള ഭേദംകൊണ്ടു-
മുലകിലശുദ്ധിയും ശുദ്ധിയുമുണ്ടാകുന്നു. 10
ശക്തിയുമശക്തിയും ബുദ്ധിയും ദ്രവ്യാദിസ-
മൃദ്ധിയുംമൂലമുണ്ടാം ശുദ്ധിയുമശുദ്ധിയും,
ദേശാവസ്ഥാനുസാരം മാത്രമേ ശൗചവിധി-
യാചരിക്കേണ്ടൂ, ദോഷമതിനാലില്ല നൂനം. 11
ധാന്യം, നൂൽ, മര, മെല്ലും ക്ഷീരാദിദ്രവദ്രവ്യ-
വൃന്ദവും, സ്വർണ്ണംതൊട്ട ലോഹങ്ങൾ,
മൃഗത്തോലും
മണ്ണു, തീ, കാലം, കാററു, സലിലമെന്നിവക
ചേർന്നീടാതെയും ചേർന്നും ശുദ്ധ്യശുദ്ധി-
കളുണ്ടാം. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമേധ്യലിപ്തം യദ്യേന ഗന്ധം ലേപം വ്യപോഹതി
ഭജതേ പ്രകൃതിം യസ്യ തച്ഛൗചം താവദിഷ്യതേ. 13

സ്നാനദാനതപോഽവസ്ഥാവീര്യസംസ്കാരകർമ്മഭിഃ
മത്സ്മൃത്യാ ചാത്മനഃ ശൗചം ശുദ്ധഃ കർമ്മാചരേദ് ദ്വിജഃ. 14

മന്ത്രസ്യ ച പരിജ്ഞാനം കർമ്മശുദ്ധിർമ്മദർപ്പണം
ധർമ്മഃ സമ്പദ്യതേ ഷഡ്ഭിരധർമ്മസ്തു വിപര്യയഃ. 15

ക്വചിദ്ഗുണോഽപി ദോഷഃ സ്യാദ്ദോഷോഽപി വിധിനാ
ഗുണഃ
ഗുണദോഷാർത്ഥനിയമസ്തദ്ഭിദാമേവ ബാധതേ. 16

സമാനകർമ്മാചരണം പതിതാനാം ന പാതകം
ഔത്പത്തികോ ഗുണഃ സങ്ഗോ ന ശയാനഃ പതത്യധഃ. 17

യതോ യതോ നിവർത്തേത വിമുച്യേത തതസ്തതഃ
ഏഷ ധർമ്മോ നൃണാം ക്ഷേമഃ ശോകമോഹഭയാപഹഃ. 18

വിഷയേഷു ഗുണാധ്യാസാത് പുംസഃ സങ്ഗസ്തതോ ഭവേത്
സങ്ഗാത്തത്ര ഭവേത് കാമഃ കാമാദേവ കലിർനൃണാം. 19

കലേർദുർവ്വിഷഹഃ ക്രോധസ്തമസ്തമനുവർത്തതേ
തമസാ ഗ്രസ്യതേ പുംസശ്ചേതനാ വ്യാപിനീ ദ്രുതം. 20

തയാ വിരഹിതഃ സാധോ ജന്തുഃ ശൂന്യായ കല്പതേ
തതോഽസ്യ സ്വാർത്ഥവിഭ്രംശോ മൂർച്ഛിതസ്യ മൃതസ്യ ച. 21

വിഷയാഭിനിവേശേന നാത്മാനം വേദ നാപരം
വൃക്ഷജീവികയാ ജീവൻ വ്യർത്ഥം ഭസ്ത്രേവ യഃ ശ്വസൻ. 22

ഫലശ്രുതിരിയം നൄണാം ന ശ്രേയോ രോചനം പരം
ശ്രേയോ വിവക്ഷയാ പ്രോക്തം യഥാ ഭൈഷജ്യരോചനം. 23

ഉത്പത്ത്യൈവ ഹി കാമേഷു പ്രാണേഷു സ്വജനേഷു ച
ആസക്തമനസോ മർത്ത്യാ ആത്മനോഽനർത്ഥഹേതുഷു. 24

നതാനവിദുഷഃ സ്വാർത്ഥം ഭ്രാമ്യതോ വൃജിനാധ്വനി
കഥം യുഞ്ജ്യാത് പുനസ്തേഷു താംസ്തമോ വിശതോ ബുധഃ. 25

ഏവം വ്യവസിതം കേചിദവിജ്ഞായ കുബുദ്ധയഃ
ഫലശ്രുതിം കുസുമിതാം ന വേദജ്ഞാ വദന്തി ഹി. 26

കാമിനഃ കൃപണാ ലുബ്ധാഃ പുഷ്പേഷു ഫലബുദ്ധയഃ
അഗ്നിമുഗ്ദ്ധാ ധൂമതാന്താഃ സ്വം ലോകം ന വിദന്തി തേ. 27

ന തേ മാമങ്ഗ ജാനന്തി ഹൃദിസ്ഥം യ ഇദം യതഃ
ഉക്ഥശസ്ത്രാ ഹ്യസുതൃപോ യഥാ നീഹാരചക്ഷുഷഃ. 28

തേ മേ മതമവിജ്ഞായ പരോക്ഷം വിഷയാത്മകാഃ
ഹിംസായാം യദി രാഗഃ സ്യാദ്യജ്ഞ ഏവ ന ചോദനാ. 29

ഹിംസാവിഹാരാ ഹ്യാലബ്ധൈഃ പശുഭിഃ സ്വസുഖേച്ഛയാ
യജന്തേ ദേവതാ യജ്ഞൈഃ പിതൃഭൂതപതീൻ ഖലാഃ. 30

സ്വപ്നോപമമമും ലോകമസന്തം ശ്രവണപ്രിയം
ആശിഷോ ഹൃദി സങ്കല്പ്യ ത്യജന്ത്യർത്ഥാൻ യഥാ വണിക്. 31

രജഃസത്ത്വതമോനിഷ്ഠാ രജഃസത്ത്വതമോജുഷഃ
ഉപാസത ഇന്ദ്രമുഖ്യാൻ ദേവാദീൻ ന തഥൈവ മാം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാലിന്യംചേർന്നിരിക്കും പദാർത്ഥമേതൊ-
ന്നിനാൽ
ചേലായി ദുർഗ്ഗന്ധം വിട്ടൊന്നിടും സ്വന്തരൂപം,
ആയതപ്പദാർത്ഥത്തെ സംശുദ്ധമാക്കീടുന്ന-
തായിടും വസ്തുവെന്നു ചൊല്ലുന്നിതെല്ലാവരും.
13
സ്നാനദാനങ്ങൾ, തപസ്സ്,വയസ്സ്, സംസ്കാരമ-
ന്യൂനവീര്യവുംകൊണ്ടുമെന്നിലെബ് ഭക്തി-
കൊണ്ടും
ശുദ്ധിയാത്മാവിനു സംഭവിപ്പൂ ധരാസുരൻ
ശുദ്ധനായ്ത്തന്നെ കർമ്മമാചരിക്കുകവേണം. 14
മന്ത്രത്തിനതു നേരേ ധരിപ്പതത്രേ ശുദ്ധി,-
യന്തരമില്ല മദീയാർപ്പണം കർമ്മശുദ്ധി.
കർത്താവു, കാലം, ദേശം, പദാർത്ഥം, മന്ത്രം, കർമ്മ-
മിത്ഥമാറൊത്താൽ ധർമ്മ,മല്ലാത്തതധർമ്മമാം.15
ചിലേടങ്ങളിൽ വിധിഗ്ഗുണമായിട്ടും മററു-
ചിലേടത്തതു ദോഷമായിട്ടും ഭവിക്കുന്നു.
അതിനാൽ, ഗുണദോഷവിഭേദം മിത്ഥ്യയെന്നു-
ള്ളതിനു മറെറാന്നുമേ തെളിവാവശ്യമില്ല. 16
തുല്യമായിട്ടും കർമ്മാചരണം പതിതനെ-
ത്തെല്ലുമേ പതിപ്പിക്കുന്നില്ലതു തീർച്ചതന്നെ.
മുന്നേതാനധഃപാതം ഭവിച്ചു കിടക്കുവോൻ
പിന്നെയും പതിക്കുകയെന്നുള്ളതില്ലയല്ലോ.17
മദ്യപാനത്താലധഃപതിക്കുമെന്നുള്ളതു
മദ്യപാനിയെയേതും ബാധിച്ചീടുന്നതില്ല.
അതിനാൽ, ഗുണദോഷവിഭേദം താന്താങ്ങൾ-
തൻ
സ്ഥിതിയിൽനിന്നുയർത്താൻതന്നെയാ-
ണെല്ലാരെയും.
മർത്ത്യനേതേതിൽനിന്നും നിവർത്തിച്ചീടുന്നതു-
ണ്ടതത്തിലതാതുമായ് ബന്ധവും വിട്ടിടുന്നു.
മർത്ത്യനിദ്ധർമ്മം ക്ഷേമപ്രദവും ശോകമോഹ-
ഭീത്യാദി ദോഷഹാനി വരുത്തുന്നതുമത്രേ. 18
വിഷയങ്ങളിൽ ഗുണമുണ്ടെന്നു തോന്നീട്ടത്രേ-
യശങ്കമവയുമായ് സങ്ഗമിപ്പതു മർത്ത്യൻ.
സങ്ഗമംമൂലമായിക്കാമവുമതിൽനിന്നു
സങ്ഗതമായീടുന്നു ശണ്ഠയും കൂടെക്കൂടെ. 19
കലിയിൽനിന്നും പുമാനസഹ്യമാകും ക്രോധ-
മുളവാ,മതിനെത്താൻ തമസ്സെന്നോതുന്നിതു.
തമസ്സിൻ വ്യാപ്തിമൂലം മർത്ത്യനു ചിന്തിക്കുവാൻ
സമർത്ഥമായ ബുദ്ധി നശിച്ചുപോകുന്നിതു. 20
ന്യായവുമന്യായവുമറിയും ചിന്താശക്തി
പോയീടിൽ സമസ്തവുമവന്നു പോയതത്രേ.
അതിനാൽ മൂർച്ഛയാർന്നു മൃതപ്രായനാമവ-
ന്നതിയായ് പുരുഷാർത്ഥവിനാശം ഭവിക്കുന്നു.21
ഏതവൻ വിഷയാത്യാസക്തിയാൽ
ജഡത്തെയും
ചൈതന്യത്തെയും തിരിച്ചറിയാതിരിക്കുമോ,
തരുജീവിതംമട്ടു നിഷ്പ്രയോജനമായ്ത്തോൽ-
ത്തുരുത്തിക്കൊപ്പം ശ്വസിച്ചിങ്ങവൻ
ജീവിക്കുന്നു. 22
മർത്ത്യനീ ഫലശ്രുതി പരമശ്രേയസ്സിനു
യുക്തമ,ല്ലഭിരുചിയുണ്ടാക്കാൻ കല്പിച്ചതാം.
മരുന്നു കുടിക്കുവാനോരോന്നു കുഞ്ഞുങ്ങളോ-
ടുരയ്ക്കുംവിധം ശ്രേയസ്സിച്ഛിച്ചു ചൊന്നതത്രേ.23
ജനനംതൊട്ടേ തനിക്കനർത്ഥകരങ്ങളാ-
മനന്തകാമത്തിലും പ്രാണപോഷണത്തിലും
സ്വന്തമാം ജനത്തിലും മാനുഷനാസക്തമാ-
മന്തരങ്ഗത്തോടു സംയുതനായ് ഭവിക്കുന്നു.24
തനിക്കു ഗുണം ചേർക്കും കാര്യങ്ങളറിയാതെ-
യനിശം പാപാധ്വാവിൽ ഭ്രമിക്കുന്നവരായി
നതരായജ്ഞാനാന്ധകാരത്തിലണഞ്ഞവ-
രതിൽത്താൻ കിടന്നോട്ടെയെന്നുവയ്ക്കുമോ
ബുധൻ? 25
ഈവിധമാന്തരമാം സിദ്ധാന്തമറിയാതെ
കേവലം ദുർബുദ്ധികളായിടും ചിലരഹോ!
പുഷ്പസന്നിഭമാക്കിക്കഥിപ്പൂ ഫലശ്രുതി-
യപ്പോലെ കഥിച്ചിടാ വേദവിത്തമരാരും. 26
ദീനരായ്ക്കാമികളായത്യന്തം ലുബ്ധന്മാരായ്
ന്യൂനത്തിൽ ഫലധീയാർന്നഗ്നിസാധ്യങ്ങളാകും
കർമ്മങ്ങൾ ചെയ്തു ധൂമമാർഗ്ഗത്തിൽ പ്രവേശിച്ചി-
ട്ടാത്മതത്ത്വത്തെയേതുമറിയാതുഴലുന്നു. 27
കർമ്മസാധനത്തൊടും പ്രാണപോഷണത്തി-
നായ്
നന്മട്ടു യത്നിച്ചീടുമിക്കൂട്ടരന്ധന്മാരായ്
ലോകഹേതുവും ലോകരൂപനുമാകുമെന്നെ
ഹാ! കാണുന്നീല ഏത്തിലിരിക്കുന്നവ-
നെന്നായ്. 28
മൂഢരാമിവർ വിഷയാശയാലസ്പഷ്ടമാ-
യീടുമെന്മതം ധരിച്ചീടാതെ കർമ്മംചെയ്വൂ.
ഹിംസ യാഗത്തിലാകാമെന്നുവച്ചതു ഹിംസാ-
വാസനകളെ മെല്ലെയില്ലാതാക്കുവാനത്രേ. 29
തൻസുഖത്തിനായ്പ്പശുവൃന്ദത്തെ-
ക്കൃപാഹീനം
ഹിംസിച്ചു വിഹരിക്കും ഖലന്മാരെല്ലാവരും
പിതൃക്കളേയും സുരന്മാരെയും യാഗങ്ങൾകൊ-
ണ്ടതിമോദത്തോടെന്നുമാരാധിച്ചിടുന്നിതു. 30
സ്വപ്നസന്നിഭമായ് സ്സത്യത്തിലില്ലാത്തതായ്
കേൾപ്പാനായ് സുഖമുള്ള പരലോകത്തിനേയും
ഗുണഭോഗങ്ങളേയും മനസ്സിൽ സങ്കല്പിച്ചു
വണിക്കിൻകണക്കവർ ത്യജിപ്പൂ ധനമെല്ലാം.
സത്ത്വവും രജസ്സുമത്തമസ്സുമിയന്നിടും
മർത്ത്യരിഗ്ഗുണം മൂന്നുമാർന്നിടുമിന്ദ്രാദ്യരെ
നിത്യവുമുപാസിച്ചുവരുന്നുണ്ടപ്രകാരം
ശ്രദ്ധയോടാരാധനംചെയ്യുന്നില്ലെന്നെ നൂനം.
31–32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇഷ്ട്വേഹ ദേവതാ യജ്ഞൈർഗ്ഗത്വാ രംസ്യാമഹേ ദിവി
തസ്യാന്ത ഇഹ ഭൂയാസ്മ മഹാശാലാ മഹാകുലാഃ. 33

ഏവം പുഷ്പിതയാ വാചാ വ്യാക്ഷിപ്തമനസാം നൃണാം
മാനിനാം ചാതിസ്തബ്ധാനാം മദ്വാർത്താപി ന രോചതേ. 34

വേദാ ബ്രഹ്മാത്മവിഷയാസ്ത്രികാണ്ഡവിഷയാ ഇമേ
പരോക്ഷവാദാ ഋഷയഃ പരോക്ഷം മമ ച പ്രിയം. 35

ശബ്ദബ്രഹ്മ സുദുർബ്ബോധം പ്രാണേന്ദ്രിയമനോമയം
അനന്തപാരം ഗംഭീരം ദുർവിഗാഹ്യം സമുദ്രവത്. 36

മയോപബൃംഹിതം ഭൂമ്നാ ബ്രഹ്മണാനന്തശക്തിനാ
ഭൂതേഷു ഘോഷരൂപേണ ബിസേഷൂർണ്ണേവ ലക്ഷ്യതേ. 37

യഥോർണ്ണനാഭിർഹൃദയാദൂർണ്ണാമുദ്വമതേ മുഖാത്
ആകാശാദ്ഘോഷവാൻ പ്രാണോ മനസാ സ്പർശരൂപിണാ. 38

ഛന്ദോമയോ/മൃതമയഃ സഹസ്രപദവീം പ്രഭുഃ
ഓങ്കാരാദ്വ്യഞ്ജിതസ്പർശസ്വരോഷ്മാന്തഃസ്ഥഭൂഷിതാം. 39

വിചിത്രഭാഷാവിതതാം ഛന്ദോഭിശ്ചതുരുത്തരൈഃ
അനന്തപാരാം ബൃഹതീം സൃജത്യാക്ഷിപതേ സ്വയം. 40

ഗായത്ര്യുഷ്ണിഗനുഷ്ടുപ് ച ബൃഹതീ പങ്ക്തിരേവ ച
ത്രിഷ്ടുബ്ജഗത്യതിച്ഛന്ദോ ഹ്യത്യഷ്ട്യതിജഗദ്വിരാട്. 41

കിം വിധത്തേ കിമാചഷ്ടേ കിമനൂദ്യ വികല്പയേത്
ഇത്യസ്യാ ഹൃദയം ലോകേ നാന്യോ മദ്വേദ കശ്ചന. 42

മാം വിധത്തേ/ഭിധത്തേ മാം വികല്പ്യാപോഹ്യതേ ത്വഹം
ഏതാവാൻ സർവ്വവേദാർത്ഥഃ ശബ്ദ ആസ്ഥായ മാം ഭിദാം
മായാമാത്രമനൂദ്യാന്തേ പ്രതിഷിധ്യ പ്രസീദതി. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഏകവിംശതിതമോ/ധ്യായഃ

ദ്വാവിംശതിതമോ/ധ്യായഃ

ഉദ്ധവ ഉവാച

കതി തത്ത്വാനി വിശ്വേശ! സംഖ്യാതാന്യൃഷിഭിഃ പ്രഭോ!
നവൈകാദശ പഞ്ച ത്രീണ്യാത്ഥ ത്വമിഹ ശുശ്രുമ. 1

കേചിത് ഷഡ്വിംശതിം പ്രാഹുരപരേ പഞ്ചവിംശതിം
സപ്തൈകേ നവ ഷട് കേചിച്ചത്വാര്യേകാദശാപരേ. 2

കേചിത് സപ്തദശ പ്രാഹുഃ ഷോഡശൈകേ ത്രയോദശ
ഏതാവത്ത്വം ഹി സംഖ്യാനാമൃഷയോ യദ്വിവക്ഷയാ
ഗായന്തി പൃഥഗായുഷ്മന്നിദം നോ വക്തുമർഹസി. 3

ശ്രീഭഗവാനുവാച

യുക്തം ച സന്തി സർവ്വത്ര ഭാഷന്തേ ബ്രാഹ്മണാ യഥാ
മായാം മദീയാമുദ്ഗൃഹ്യ വദതാം കിം നു ദുർഘടം. 4

നൈതദേവം യഥാ//ത്ഥ ത്വം യദഹം വച്മി തത്തഥാ
ഏവം വിവദതാം ഹേതും ശക്തയോ മേ ദുരത്യയാഃ. 5

യാസാം വ്യതികരാദാസീത് വികല്പോ വദതാം പദം
പ്രാപ്തേ ശമദമേ/പ്യേതി വാദസ്തമനുശാമ്യതി. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''യാഗങ്ങളനുഷ്ഠിച്ചു സുരരെ പ്രീണിപ്പിച്ചു
നാകലോകത്തു ചെന്നു രമിക്കും ചിരം ഞങ്ങൾ.
പിന്നെയുമീ മനുഷ്യലോകത്തുതന്നെ വന്നി-
ട്ടുന്നതഭവനത്തിൽസത്കുലത്തിൽ
ജനിക്കും.'' 33

ഇത്തരം പുഷ്പതുല്യമായിട്ടും വേദോക്തിയാൽ
ചിത്തചാഞ്ചല്യമാർന്നു ദേഹാഭിമാനത്തോടും
അതിഗർവിഷ്ഠന്മാരായവർക്കെൻ വാർത്തപോലും
മതിയിലൊട്ടും രുചികരമായ് ഭവിച്ചീടാ. 34
ബ്രഹ്മത്തെയാത്മാവെന്നായ് പ്രതിപാദിച്ചിടുന്നു
സന്മതേ! മൂന്നു കാണ്ഡമാളുമീയാഗമങ്ങൾ.
മുനിവാക്യങ്ങളോർക്കിൽ പരോക്ഷവാദങ്ങളാ-
ണെനിക്കുമേററം പ്രിയമത്തരം വാദമത്രേ 35
അന്തമററാഴിമട്ടിലത്യന്താഗാധമായ് പ്രാ-
ണേന്ദ്രിയമനോമയമായേററം ദുർഗ്രാഹ്യമാം
ശബ്ദബ്രഹ്മത്തെ നേരേ മനസ്സിലാക്കീടുവാ-
നെപ്പൊഴും പ്രയാസമിങ്ങേറുന്നതത്രേ
പാക്കിൽ. 36
അനന്തശക്തിയാർന്നിട്ടെങ്ങുമേ വ്യാപിച്ചീടു-
മനാദിബ്രഹ്മമാം ഞാൻ സമസ്തഭൂതത്തിലും
ബിസങ്ങൾക്കുള്ളിൽ നൂൽപോൽ
നാദസ്വരൂപമായി
വസിക്കുന്നെന്നു വിദ്വജ്ജനങ്ങളറിയുന്നു. 37
ചിലന്തിയുള്ളിൽനിന്നുമാനനംവഴി നൂലു
വെളിക്കു വലിക്കുമ്പോൾ നാദരൂപനാം
പ്രാണൻ
ചിദാകാശത്തിൽനിന്നും സ്പർശരൂപമാം മന-
മതിലൂടവേ വാക്കു നിർമ്മിച്ചുകൊണ്ടീടുന്നു. 38
വേദരൂപനും മോക്ഷാത്മകനും പ്രഭുവുമാം
ധാതാവോങ്കാരംതന്നിൽനിന്നഭിവ്യഞ്ജിപ്പതാം
സ്വരങ്ങളന്തസ്ഥങ്ങളൂഷ്മാക്കൾ സ്പർശങ്ങളി-
ത്തരമക്ഷരങ്ങളാലലങ്കരിക്കപ്പെട്ടും. 39
അനേകവിധമാർഗ്ഗമിയലും വചസ്സിനെ-
യനഘാ! നിർമ്മിച്ചിടുന്നെന്നതു ധരിച്ചാലും.
വൈദികം ലൗകികമെന്നിങ്ങനെ നാനാവിധ-
ഭേദമാർന്നതും, നന്നാലക്ഷരങ്ങളാൽ ക്രമാൽ
വൃദ്ധമാം ഛന്ദസ്സുകം ചേർന്നതും നിർണ്ണയിപ്പാൻ
സാദ്ധ്യമല്ലാത്തമട്ടിലേററവും ബൃഹത്തുമാം
വാക്കിനെബ്ഭഗവാൻതാൻ സ്വയമായ്
സൃഷ്ടിക്കയു-
മക്കണക്കതിനെസ്സംഹരിക്കുകയും ചെയ്വൂ 40
ഛന്ദസ്സുകളിലിരുപത്തിനാലക്ഷരങ്ങൾ
ചേർന്നതു ഗായത്രീതാൻ നന്നാലക്ഷരം ക്രമാൽ
വർദ്ധിച്ചുഷ്ണിക്ക, മനുഷ്ടുപ്പ്,ഥ ബൃഹതിയും
പംക്തിയും, ത്രിഷ്ടുപ്പും ജഗതിയെന്നുള്ളതും
അതിച്ഛന്ദസ്സത്യഷ്ടിയതിജഗതി പിന്നെ
അതിവിരാട്ടുമേവമനേകം ഛന്ദസ്സുണ്ടാം. 41
എന്താണീ വാഗ്രൂപമാം വേദംചെയ്യുന്നതെന്നു-
മെന്തിനെയതുപിന്നെ ദ്യോതിപ്പിക്കുന്നുവെന്നും
എന്തിനായ് വിധിനിഷേധങ്ങൾ
കല്പിച്ചുവെന്നു-
മാന്തരാർത്ഥത്തെ ഞാനേയറിയുന്നുള്ളു
പാരിൽ. 42
യാഗരൂപനായെന്നെത്തന്നെയാം കല്പിപ്പതു-
മേകാന്തഭക്തർക്കെന്നും ജ്ഞാനത്രേയുപാസ്യനും.
ഭേദമീയെന്നിൽക്കാട്ടി ഞാൻതന്നെ
നിഷേധിപ്പൂ,
വേദവേദ്യമെൻറപക്ഷം നിന്നു ഭേദങ്ങളെല്ലാം
മായാമാത്രങ്ങളെന്നു കാണിച്ചു തള്ളിസ്സത്യ-
മായെന്നെക്കാട്ടിത്തരുന്നതുതാൻ വേദസാരം. 43

അദ്ധ്യായം 22

ഉദ്ധവോപദേശം—തത്ത്വസംഖ്യാനിരൂപണം

ഉദ്ധവൻ പറഞ്ഞു

അല്ലയോ പ്രഭോ! സമസ്തേശ്വരാ!
തത്ത്വസംഖ്യ
ചൊല്ലിയതൃഷീന്ദ്രരും നാനാവിധത്തിലല്ലോ.
ഒമ്പതും പതിനൊന്നും അഞ്ചും മൂന്നുമെന്നിവി-
ടമ്പോടു തത്ത്വസംഖ്യ ഭവാൻ ചൊല്ലിയും
കേട്ടു. 1
ഇരുപത്താറാണെന്നും ചിലപേർ, വേറേ ചില-
രിരുപത്തഞ്ചാണെന്നും, ചിലരേഴെന്നും, ചിലർ
ഒൻപതാണെന്നും, പിന്നെയാറെന്നും
നാലാണെന്നും
കമ്പമെന്നിയേ പതിനൊന്നെന്നും പറയുന്നു. 2
പതിനാറെന്നും ചിലർ പതിനേഴെന്നും പിന്നെ
പതിമൂന്നെന്നും ഭിന്നഭിന്നമായ് ച്ചൊല്ലുന്നതും
എന്തൊരുദ്ദേശത്തിലാണെന്നതുമവിടുന്നു
സന്തോഷപൂർവ്വം ചൊല്ലിസ്സന്ദേഹം
തീർക്കേണമേ. 3

ശ്രീഭഗവാൻ പറഞ്ഞു

യുക്തിയുക്തങ്ങളത്രേ ബ്രഹ്മജ്ഞരാകുമൃഷി-
മുഖ്യർതൻ വചസ്സുകളൊക്കെയും, തർക്കമില്ല.
ഭേദങ്ങൾക്കെല്ലാമാദിമൂലമാമെന്മായയെ-
യാദരിച്ചോതുവോർതൻ ഭേദവും ഘടിപ്പതാം. 4
''ഞാൻ പറഞ്ഞതുതന്നെ ശരിയായിരിപ്പതു,
നീ പറഞ്ഞതു ശരിയല്ലെ''ന്നു വാദമെല്ലാം
ആർക്കുമേ കടക്കാവതല്ലാത്ത മന്മായതൻ
ശക്തികാരണമായിബ്ഭവിപ്പതെന്നോർക്കണം.
ഗുണസമ്മേളനത്താലുളവാം ഭേദബുദ്ധി- [5
യണവും നിലനില്ലാ ശമദമപ്രാപ്തിയിൽ.
അന്യോന്യമുണ്ടായിട്ടും വാദവും പ്രതിവാദ-
മെന്നതുമതോടൊപ്പം നശിച്ചുപോകുന്നിതു. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരസ്പരാനുപ്രവേശാത് തത്ത്വാനാം പുരുഷർഷഭ!
പൗർവ്വാപര്യപ്രസംഖ്യാനം യഥാ വക്തുർവിവക്ഷിതം. 7

ഏകസ്മിന്നപി ദൃശ്യന്തേ പ്രവിഷ്ടാനീതരാണി ച
പൂർവ്വസ്മിൻ വാ പരസ്മിൻ വാ തത്ത്വേ തത്ത്വാനി സർവ്വശഃ. 8

പൗർവ്വാപര്യമതോഽമീഷാം പ്രസംഖ്യാനമഭീപ്സതാം
യഥാ വിവിക്തം യദ്വക്ത്രം ഗൃഹ്ണീമോ യുക്തിസംഭവാത്. 9

അനാദ്യവിദ്യായുക്തസ്യ പുരുഷസ്യാത്മവേദനം
സ്വതോ ന സംഭവാദന്യസ്തത്ത്വജ്ഞോ ജ്ഞാനദോ ഭവേത്. 10

പുരുഷേശ്വരയോരത്ര ന വൈലക്ഷണ്യമണ്വപി
തദന്യകല്പനാപാർത്ഥാ ജ്ഞാനം ച പ്രകൃതേർഗ്ഗുണഃ. 11

പ്രകൃതിർഗ്ഗുണസാമ്യം വൈ പ്രകൃതേർന്നാത്മനോ ഗുണാഃ
സത്ത്വം രജസ്തമ ഇതി സ്ഥിത്യുത്പത്ത്യന്തഹേതവഃ. 12

സത്ത്വം ജ്ഞാനം രജഃ കർമ്മ തമോഽജ്ഞാനമിഹോച്യതേ
ഗുണവ്യതികരഃ കാലഃ സ്വഭാവഃ സൂത്രമേവ ച. 13

പുരുഷഃ പ്രകൃതിർവ്യക്തമഹങ്കാരോ നഭോഽനിലഃ
ജ്യോതിരാപഃ ക്ഷിതിരിതി തത്ത്വാന്യുക്താനി മേ നവ. 14

ശ്രോത്രം ത്വഗ്ദർശനം ഘ്രാണോ ജിഹ്വേതി ജ്ഞാനശക്തയഃ
വാക്പാണ്യുപസ്ഥപായ്വങ്ഘ്രികർമ്മാണ്യങ്ഗോഭയം
മനഃ. 15

ശബ്ദഃ സ്പർശോ രസോ ഗന്ധോ രൂപം ചേത്യർത്ഥജാതയഃ
ഗത്യുക്ത്യുത്സർഗ്ഗശില്പാനി കർമ്മായതനസിദ്ധയഃ. 16

സർഗ്ഗാദൗ പ്രകൃതിർഹ്യസ്യ കാര്യകാരണരൂപിണീ
സത്ത്വാദിഭിർഗ്ഗുണൈർധത്തേ പുരുഷോഽവ്യക്ത ഈക്ഷതേ. 17

വ്യക്താദയോ വികുർവ്വാണാ ധാതവഃ പുരുഷേക്ഷയാ
ലബ്ധവീര്യാഃ സൃജന്ത്യണ്ഡം സംഹതാഃ പ്രകൃതേർബ്ബലാത്. 18

സപ്തൈവ ധാതവ ഇതി തത്രാർത്ഥാഃ പഞ്ച ഖാദയഃ
ജ്ഞാനമാത്മോഭയാധാരസ്തതോ ദേഹേന്ദ്രിയാസവഃ. 19

ഷഡിത്യത്രാപി ഭൂതാനി പഞ്ച ഷഷ്ഠഃ പരഃ പുമാൻ
തൈര്യുക്ത ആത്മസംഭൂതൈഃ സൃഷ്ട്വേദം സമുപാവിശത്. 20

ചത്വാര്യേവേതി തത്രാപി തേജ ആപോഽന്നമാത്മനഃ
ജാതാനി തൈരിദം ജാതം ജന്മാവയവിനഃ ഖലു. 21

സംഖ്യാനേ സപ്തദശകേ ഭൂതമാത്രേന്ദ്രിയാണി ച
പഞ്ച പഞ്ചൈകമനസാ ആത്മാ സപ്തദശഃ സ്മൃതഃ. 22

തദ്വത് ഷോഡശസംഖ്യാനേ ആത്മൈവ മന ഉച്യതേ
ഭൂതേന്ദ്രിയാണി പഞ്ചൈവ മന ആത്മാ ത്രയോദശ. 23

ഏകാദശത്വ ആത്മാസൗ മഹാഭൂതേന്ദ്രിയാണി ച
അഷ്ടൗ പ്രകൃതയശ്ചൈവ പുരുഷശ്ച നവേത്യഥ. 24

ഇതി നാനാപ്രസംഖ്യാനം തത്ത്വാനാമൃഷിഭിഃ കൃതം
സർവ്വം ന്യായ്യം യുക്തിമത്ത്വാദ് വിദുഷാം കിമശോഭനം? 25

ഉദ്ധവ ഉവാച

പ്രകൃതിഃ പുരുഷശ്ചോഭൗ യദ്യപ്യാത്മവിലക്ഷണൗ
അന്യോന്യാപാശ്രയാത് കൃഷ്ണ! ദൃശ്യതേ ന ഭിദാ തയോഃ
പ്രകൃതൗ ലക്ഷ്യതേഹ്യാത്മാ പ്രകൃതിശ്ച തഥാഽഽത്മനി. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ത്വങ്ങളും പരസ്പരമനപ്രവേശിക്കയാൽ
വക്താവു ചൊൽവൂ തത്ത്വസംഖ്യയെ
വിവക്ഷപോൽ. 7
ഒന്നാകം ഹേതുതത്ത്വം തന്നിലക്കാര്യങ്ങളാ-
മന്യതത്ത്വങ്ങളുടെ സന്നിവേശംനിമിത്തം
ഒന്നെന്നോ പലതെന്നോ തത്ത്വസംഖ്യയെ-
ച്ചൊന്നാൽ,
പണ്ഡിതലോകം ചെറ്റും വിഗണിക്കുകയില്ല. 8
അതിനാൽ, തത്ത്വങ്ങളുംതൻ കാര്യ-
കാരണത്തെയു-
മതുപോലവസ്തുള്ള സംഖ്യയുമിച്ഛിക്കുവോർ
എമ്മട്ടു കഥിച്ചാലും യുക്തിയുള്ളതുകൊണ്ടു
നമ്മളമതൊക്കെയും സ്വീകരിച്ചീടുന്നിതേ. 9
അനാദിയായ മായ ചേരുന്ന പുരുഷന്നു
തനിയേയുളവായീടുന്നതില്ലാത്മജ്ഞാനം.
തത്ത്വജ്ഞനാകുമന്യൻ ജ്ഞാനപ്രദാനത്തിനാ-
യെത്തണ,മല്ലാതെയില്ലതിനു മററു മാർഗ്ഗം. 10
ജീവേശക്കില്ല ഭേദം, നിരത്ഥം ചിലർ ഭേദം
ചൊൽവുതേ, വിവേകവും പ്രകൃതിജന്യമത്രേ.
ഇവരേ വേറുവേറായ് ഗണിക്കപ്പെടുന്നതു-
മിവിടെ യോജിച്ചിടാ നിരത്ഥമെന്നേ
വേണ്ടു. 11
പ്രകൃതിയെന്നുള്ളതു ഗുണസാമ്യമാണോക്കി-
ലഖിലസൃഷ്ടിസ്ഥിതി സംഹാരഹേതുവാകും
സത്ത്വാദിഗുണത്രയമാത്മാവിനുള്ളതല്ല-
തുംത്താരിൽ ധരിക്ക നീ പ്രകൃതിക്കുള്ള-
തെന്നായ്. 12
സത്ത്വത്തെ ജ്ഞാനമെന്നും രജസ്സു കമ്മമെന്നു-
മുദ്ധവാ! തമോഗുണമജ്ഞാനമെന്നും ചൊൽവൂ
അന്യോന്യം ഗുണങ്ങളെച്ചേപ്പതീശനാം കാലം
പിന്നെ സ്വഭാവംതന്നെ സൂത്രമെന്നും
കഥിപ്പൂ. 13
പുരുഷൻ, പ്രകൃതിയും, വ്യക്തിയു,മഹങ്കാരം,
പരമാകാശം, വായു, തീ, ജലം, ഭൂമിയേവം
ഒൻപതു തത്ത്വമെന്നു സംഗ്രഹമായിട്ടു ഞാൻ
മുമ്പേതാനരുളുംചെയ്തിട്ടുണ്ടെന്നു ധരിച്ചാലും. 14
ശ്രോത്രം ത്വക്കക്ഷി നാവു നാസയുമെന്നി-
ജ്ഞാന-
ശക്തികം, വാക്ക, കൈകാൽ, പായുവു,-
മുപസ്ഥവും,
എന്നിക്കമ്മേന്ദ്രിയങ്ങളുഭയാത്മകമായി-
ത്തീന്ന മാനസ,മേവം പതിനൊന്നത്രേ
തത്ത്വം. 15
ശബ്ദവും സ്പർശം രൂപം രസം ഗന്ധവുമഞ്ചു-
മപ്പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങളെന്നോക്ക
കഥനം ഗമനവും ശില്പങ്ങളും വിസർജ്ജന-
മിതുകളെല്ലാം ചൊൽവൂ കമ്മേന്ദ്രിയാത്ഥ-
ങ്ങളായ്. 16

കാര്യകാരണാത്മികപ്രകൃതി ധരിക്കുന്ന
പാരിൻെറ സൃഷ്ട്യാദിയിൽ സത്ത്വാദി
ഗുണത്രയം
പുരുഷനവ്യക്തസ്വരൂപനായ് നിന്നുകൊണ്ടു
ശരിയായവീക്ഷാവ്യാപാരത്തെയും നടത്തുന്നു. 17
മഹത്തത്ത്വാദിയാകം തത്ത്വങ്ങളും
പുരുഷേക്ഷാ-
മഹത്ത്വത്തിനാൽ വീര്യമിയന്നു തമ്മിൽ ചേൻറു
രൂപാന്തരത്തെയാൻറു പ്രകൃതിശക്തിയാലേ
ഹേ ഭാഗവതോത്തമാ! ബ്രഹ്മാണ്ഡം
സൃഷ്ടിക്കുന്നു. 18
ആകാശാദിയാം പഞ്ചഭൂതങ്ങ,ളറി,വിവ-
ഞ്ചേകാലംബമാമാത്മാവിങ്ങനെ തത്ത്വമേഴായ്
ചൊന്നതും ശരിതന്നെയായതിൽനിന്നു ദേഹ-
മിന്ദ്രിയം പ്രാണനിവയുണ്ടായെന്നറിഞ്ഞാലും.
പഞ്ചഭൂതങ്ങളേയും പരനാം പുമാനെയും [19
സഞ്ചയിച്ചാറു തത്ത്വമുണ്ടായി, പരൻപുമാൻ
അവയോടൊത്തുചേൻറിപ്രപഞ്ചമുളവാക്കി
പ്രവേശിച്ചതിലെന്ന പക്ഷവും ശരിതന്നെ. 20
തീയും വെള്ളവും ഭൂവുമാത്മാവിൽനിന്നുണ്ടായി
കാര്യമാം ജഗത്തിവമൂലമായുളവായി.
ഇപ്പക്ഷം പാർത്തീടുകിലാത്മാവിനേയും ചേർത്തു
കല്പിച്ചു നാലുതത്ത്വം സൃഷ്ടിക്കു ഹേതുവായി. 21
പഞ്ചതന്മാത്ര, പഞ്ചേന്ദ്രിയങ്ങൾ മനസ്സാത്മാ-
വഞ്ചുഭൂതങ്ങളേവം പതിനേഴെന്നുമാവാം. 22
തത്ത്വങ്ങൾ പതിനാറെന്നുള്ളതിലാത്മാവിങ്കൽ
ചിത്തത്തെയുംപ്പെടുത്തിയെന്നതേ ഭേദമുള്ളു.
ധരാദിയഞ്ചു പഞ്ചേന്ദ്രിയങ്ങൾ, ചിത്തം,
ജീവൻ,
പരമാത്മാവീവിധം പതിമൂന്നുമാം തത്ത്വം. 23
പതിനൊന്നെന്നുള്ളതിലാത്മാവും,
പഞ്ചേന്ദ്രിയം,
തദനു പഞ്ചമഹാഭൂതവുമുംപ്പെടുന്നു.
പ്രകൃതിയെട്ടിനോടു പുരുഷനെയും ചേർത്തു
നിഗദിക്കുന്ന തത്ത്വമൊൻപതായിട്ടും
ചിലർ. 24
ഇങ്ങനെ തത്ത്വസംഖ്യ ഋഷിമാർ പലേവിധം
സങ്കല്പിച്ചിരിക്കുന്ന യുക്തിയുള്ളതുമൂലം
ന്യായവുമായീടുന്നു, വിദ്വാന്മാക്കശോഭന-
മായിട്ടെന്തിരിക്കുന്നു, സവ്വവും സ്വീകാര്യം-
താൻ. 25
ഉദ്ധവൻ പറഞ്ഞു
ഭിന്നചിഹ്നങ്ങളാലും പ്രകൃതിപുരുഷന്മാ-
ക്കന്യോന്യാശ്രയത്തിനാൽ ഭേദമില്ലെന്നു
കാൺമൂ
പ്രകൃതിയാത്മാവിലുമെന്നപോലാത്മാവത-
പ്രകൃതിയിലും ചേൻറു കാണുന്നി-
തെല്ലായ്പ്പൊഴും. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം മേ പുണ്ഡരീകാക്ഷ! മഹാന്തം സംശയം ഹൃദി
ഛേത്തുമർഹസി സർവ്വജ്ഞ! വചോഭിർന്നയനൈപുണൈഃ. 27
ത്വത്തോ ജ്ഞാനം ഹി ജീവാനാം പ്രമോഷസ്തേ/ത്ര ശക്തിതഃ
ത്വമേവ ഹ്യാത്മമായായാ ഗതിം വേത്ഥ ന ചാപരഃ. 28

ശ്രീഭഗവാനുവാച

പ്രകൃതിഃ പുരുഷശ്ചേതി വികല്പഃ പുരുഷർഷഭ!
ഏഷ വൈകാരികഃ സർഗ്ഗോ ഗുണവ്യതികരാത്മകഃ. 29
മമാങ്ഗ! മായാഗുണമയ്യനേകധാ
വികല്പബുദ്ധീശ്ച ഗുണൈർവിധത്തേ
വൈകാരികസ്ത്രിവിധോ/ധ്യാത്മമേക-
മഥാധിദൈവമധിഭൂതമന്യത്. 30
ദൃഗ്രൂപമാർക്കം വപുരത്ര രന്ധ്രേ
പരസ്പരം സിദ്ധ്യതി യഃ സ്വതഃ ഖേ
ആത്മാ യദേഷാമപരോ യ ആദ്യഃ
സ്വയാനുഭൂത്യാഖിലസിദ്ധസിദ്ധിഃ
ഏവം ത്വഗാദി ശ്രവണാദി ചക്ഷു-
ർജ്ജിഹ്വാദി നാസാദി ച ചിത്തയുക്തം. 31
യോ/സൗ ഗുണക്ഷോഭകൃതോ വികാരഃ
പ്രധാനമൂലാന്മഹതഃ പ്രസൂതഃ
അഹം ത്രിവൃന്മോഹവികല്പഹേതു-
ർവ്വൈകാരികസ്താമസ ഐന്ദ്രിയശ്ച. 32
ആത്മാ പരിജ്ഞാനമയോ വിവാദോ
ഹ്യസ്തീതി നാസ്തീതി ഭിദാർത്ഥനിഷ്ഠഃ
വ്യർത്ഥോ/പി നൈവോപരമേത പുംസാം
മത്തഃ പരാവൃത്തധിയാം സ്വലോകാത്. 33

ഉദ്ധവ ഉവാച

ത്വത്തഃ പരാവൃത്തധിയഃ സ്വകൃതൈഃ കർമ്മഭിഃ പ്രഭോ!
ഉച്ചാവചാൻ യഥാ ദേഹാൻ ഗൃഹ്ണന്തി വിസൃജന്തി ച. 34
തന്മമാഖ്യാഹി ഗോവിന്ദ! ദുർവിഭാവ്യമനാത്മഭിഃ
ന ഹ്യേതത് പ്രായശോ ലോകേ വിദ്വാംസഃ സന്തി
വഞ്ചിതാഃ. 35

ശ്രീഭഗവാനുവാച

മനഃ കർമ്മമയം നൄണാമിന്ദ്രിയൈഃ പഞ്ചഭിര്യുതം
ലോകാല്ലോകം പ്രയാത്യന്യ ആത്മാ തദനുവർത്തതേ. 36
ധ്യായൻ മനോ/നു വിഷയാൻ ദൃഷ്ടാൻ വാനുശ്രുതാനഥ
ഉദ്യത് സീദത് കർമ്മതന്ത്രം സ്മൃതിസ്തദനുശാമ്യതി. 37
വിഷയാഭിനിവേശേന നാത്മാനം യത് സ്മരേത് പുനഃ
ജന്തോർവൈ കസ്യചിദ്ധേതോർമൃത്യുരത്യന്തവിസ്മൃതിഃ. 38
ജന്മ ത്വാത്മതയാ പുംസഃ സർവ്വഭാവേന ഭൂരിദ!
വിഷയസ്വീകൃതിം പ്രാഹുര്യഥാ സ്വപ്നമനോരഥഃ. 39
സ്വപ്നം മനോരഥം ചേത്ഥം പ്രാക്തനം ന സ്മരത്യസൗ
തത്ര പൂർവ്വമിവാത്മാനമപൂർവ്വം ചാനുപശ്യതി. 40
ഇന്ദ്രിയായനസൃഷ്ട്യേദം ത്രൈവിധ്യം ഭാതി വസ്തുനി
ബഹിരന്തർഭിദാഹേതുർജ്ജനോ/സജ്ജനകൃദ്യഥാ. 41
നിത്യദാ ഹ്യങ്ഗ ഭൂതാനി ഭവന്തി ന ഭവന്തി ച
കാലേനാലക്ഷ്യവേഗേന സൂക്ഷ്മത്വാത്തന്ന ദൃശ്യതേ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുണ്ഡരീകാക്ഷാ! മമ മനസ്സിലീവിധത്തിൽ
സന്ദേഹമുള്ളതെല്ലാം തത്ത്വജ്ഞനാകും ഭവാൻ
യുക്തിപൂർവ്വകങ്ങളാം വാക്യങ്ങൾകൊണ്ടിദാനീം
ചിക്കെന്നു പരിഹരിച്ചീടുവാനർഹനല്ലോ. 27
അങ്ങയിൽനിന്നുമങ്ങേശക്തിയിൽനിന്നുമത്രേ
തങ്ങുന്നതറിവുമിങ്ങറിവുകേടുമാർക്കും.
നിന്തിരുമായാഗതി നിന്തിരുവടിക്കെന്യേ
ചിന്തിച്ചാലന്യർക്കറിഞ്ഞീടുവാനരുതല്ലോ. 28

ശ്രീഭഗവാൻ പറഞ്ഞു

പ്രകൃതിപുരുഷന്മാർക്കന്തരമുണ്ടു പാരം,
പ്രകൃതികാര്യങ്ങളാം ദേഹാദിയനേകമാം.
പുരുഷനേകൻ വികാരാപേതൻ, പ്രകൃതിയോ
പെരുകും വികാരമാർന്നീടുവോളെല്ലായ്പ്പോഴും.
സത്ത്വാദിഗുണങ്ങൾതന്നന്യോന്യമേളനത്താൽ
സൃഷ്ടിസ്വരൂപംതന്നെ വികാരോച്ചയമല്ലോ. 29
ഗുണരൂപിണി മമ മായ, തദ്ഗുണങ്ങളാൽ
പിണയ്പ്പൂ ഭേദബുദ്ധി, വിവിധഭേദത്തെയും
ഈ ഭേദം മൂന്നുവിധ,മദ്ധ്യാത്മമാദ്യത്തേതു
പില്പാടങ്ങധിഭൂതമിതരമധിദൈവം. 30
ദൃക്കുതാനദ്ധ്യാത്മം കേൾ രൂപമാണധിഭൂതം
ദൃഗ്ഗോളസ്ഥമാം സൂര്യദൈവതമധിദൈവം.
ഈവിധം മൂന്നുമട്ടായന്യോന്യാശ്രയത്തോടും
താവീടുമിതുകളെ പ്രകാശിപ്പിക്കുന്നതായ്,
ഹൃദയാകാശംതന്നിൽ സ്വയമേ ശോഭിപ്പതാ-
യിതുകൾക്കാദിമൂലമാകുമാത്മാവുമൂലം
സ്വതേ സിദ്ധിച്ചതാകുമനുഭൂതിയാൽ സർവ്വ-
വിധമാം വസ്തുക്കൾതൻ പ്രാപ്തിയുമുണ്ടാകുന്നു.
ഈവണ്ണം ത്വഗാദിയും നേത്രശ്രോത്രങ്ങൾ
നാസ-
നാവുതൊട്ടുള്ളവയും ചിത്തത്തോടൊത്തിരിപ്പൂ.
നിരപേക്ഷനാമാത്മാവാ പ്രകൃതിയിൽനിന്നും
പരനായെല്ലായ്പ്പോഴും പരിലസിക്കുന്നിതേ. 31
പ്രധാനമൂലം ചേർന്ന മഹത്തത്ത്വത്തിൽനിന്നു-
മുദിച്ചു ഭേദം ഗുണക്ഷോഭകാരണമായി.
സാത്ത്വികം രാജസവും താമസമേവമിത്ത്രൈ-
വിധ്യഭേദത്തിൻ ഹേതുവഹന്തതന്നെയല്ലോ. 32
പദാർത്ഥനിഷ്ഠമാമിബ്ഭേദവും തദന്യനായ്
സ്ഥിതനാമാത്മാവുമുണ്ടെന്നുമില്ലെന്നുമുള്ള
വിവാദമാത്മാവിനെയറിഞ്ഞീടായ്കകൊണ്ടാ-
ണിവിടെപ്പുമാന്മാർക്കു ഭവിപ്പതുദ്ധവാ! കേൾ.
നിരർത്ഥമെന്നാകിലും സ്വരൂപമാകമെന്നെ
വെറുക്കുന്നവർക്കിതു ശമിക്കയില്ല നൂനം. 33

ഉദ്ധവൻ പറഞ്ഞു

ഹേ പ്രഭോ! ഭവദ്ഭക്തിഹീനന്മാർ
സ്വകർമ്മത്താ-
ലെപ്പോഴും നാനാമട്ടിലിരിക്കും ശരീരങ്ങൾ
അംഗീകരിക്കയും സന്ത്യജിക്കുകയും
ചെയ്വ-
തെങ്ങനെയെന്നതറിഞ്ഞീടുവാനിച്ഛിപ്പു
ഞാൻ. 34
ഗോവിന്ദാ! ഭവന്മായാമോഹിതരാകയാലി-
ബ്ഭൂവാസിജനം മിക്കവാറുമിതറിഞ്ഞിടാ.
അനാത്മാക്കൾക്കു പാരം ദുർജ്ഞേയമായീടുമി-
തെനിക്കായിപ്പോൾ ഭവാനരുളിച്ചെ-
യ്തീടണം. 35

ശ്രീഭഗവാൻ പറഞ്ഞു

പഞ്ചേന്ദ്രിയങ്ങളോടു സംയുതമായി മർത്ത്യ-
സഞ്ചയകർമ്മത്തിൻ സ്വരൂപമായീടും മനം
ഒന്നിൽനിന്നന്യലോകത്തേക്കായിപ്പോകുന്നു,
തദ്-
ഭിന്നനാമാത്മാവനുവർത്തിപ്പൂ മനസ്സിനെ. 36
കർമ്മങ്ങൾക്കധീനമായിരിക്കും മനസ്സഥ
കാണ്മതും കേൾപ്പതുമാം വിഷയങ്ങളെപ്പററി
ധ്യാനംചെയ്തവസാനം പ്രത്യക്ഷമായി നേരേ
കാണുന്നതായ വിഷയങ്ങളിലത്യാശയാൽ
പൂർവ്വാനുഭൂതവിഷയങ്ങളിലെഴും സ്മൃതി
സർവ്വവും നശിച്ചതായ്ത്തീരുന്നു
യാദവേശാ! 37
ഈവിധം വിഷയാഭിനിവേശത്തിനാൽ മനം
പൂർവ്വദേഹത്തെത്തീരെ സ്മരിക്കാതിരുന്നിടും.
ചിന്തിക്കിലാത്യന്തികമായീടുമാ വിസ്മൃതി
ജന്തുവിൻ മൃത്യുവെന്നു പറയപ്പെടുന്നിതു. 38
ഭൂരിദാതാവേ! പുമാൻ പൂർവ്വദേഹം ത്യജിച്ചു
വേറൊന്നു ദൃഢമാകുമാത്മഭാവനയോടും
സ്വീകരിച്ചീടുന്നതു ജനനമെന്നും ചൊൽവൂ
ലോകരാകവേ സ്വപ്നമനോരഥങ്ങൾമട്ടിൽ. 39
ഏവമാ സ്വപ്നത്തിലും മനോരാജ്യത്തിലും
പോൽ
ജീവൻ സ്വപൂർവ്വദേഹം ലേശവുമോർത്തീടാതെ
അപ്പോളേതിനെക്കാണുമതിനെയപൂർവ്വം പോൽ
താത്പര്യത്തോടു വീക്ഷിച്ചീടുന്നെന്നറി-
ഞ്ഞാലും. 40
ഉള്ളതില്ലാത്തതായുമില്ലാത്തതുള്ളതായു-
മുള്ളത്തിൽ തോന്നീടുവാൻ മാനസംതന്നെ
ഹേതു
ഇന്ദ്രിയനാഥനാകും മനസ്സിൻ തോന്നൽമൂലം
സ്വന്തമാത്മാവിൽ മൂന്നുവിധമാം ഭേദമുണ്ടായ്
ഇല്ലാത്തതീക്ഷിപ്പോനായ് ജീവാത്മാ
ബാഹ്യത്തിലു-
മുള്ളിലും ഭേദഭാക്കായ് ഭവിച്ചു ദുഃഖിക്കുന്നു. 41
നിമിഷംതോറും ഭൂതജാലങ്ങളുണ്ടായ് നാശം-
ഗമിച്ചീടുന്നു, കാണാനാകാത്ത വേഗമാളും
കാലത്തിൻബലംമൂലമതിസൂക്ഷ്മതയാലീ
മാലോകരറിയുന്നില്ലക്കാര്യമെന്നേ വേണ്ടു. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാർച്ചിഷാം സ്രോതസാം ച ഫലാനാം വാ വനസ്പതേഃ
തഥൈവ സർവ്വഭൂതാനാം വയോഽവസ്ഥാദയഃ കൃതാഃ. 43

സോഽയം ദീപോഽർച്ചിഷാം യദ്വത് സ്രോതസാം തദിദം ജലം
സോഽയം പുമാനിതി നൃണാം മൃഷാ ഗീർധീർമൃഷായുഷാം. 44

മാ സ്വസ്യ കർമ്മബീജേന ജായതേ സോഽപ്യയം പുമാൻ
മ്രിയതേ വാമരോ ഭ്രാന്ത്യാ യഥാഗ്നിർദ്ദാരുസംയുതഃ. 45

നിഷേകഗർഭജന്മാനി ബാല്യകൗമാരയൗവനം
വയോമദ്ധ്യം ജരാ മൃത്യുരിത്യവസ്ഥാസ്തനോർന്നവ. 46

ഏതാ മനോരഥമയീർഹ്യന്യസ്യോച്ചാവചാസ്തനൂഃ
ഗുണസങ്ഗാദുപാദത്തേ ക്വചിത് കശ്ചിജ്ജഹാതി ച. 47

ആത്മനഃ പിതൃപുത്രാഭ്യാമനുമേയൗ ഭവാപ്യയൗ
ന ഭവാപ്യയവസ്തൂനാമഭിജ്ഞോ ദ്വയലക്ഷണഃ. 48

തരോർബ്ബീജവിപാകാഭ്യാം യോ വിദ്വാൻ ജന്മസംയമൗ
തരോർവിലക്ഷണോ ദ്രഷ്ടാ ഏവം ദ്രഷ്ടാ തനോഃ പൃഥക്. 49

പ്രകൃതേരേവമാത്മാനമവിവിച്യാബുധഃ പുമാൻ
തത്ത്വേന സ്പർശസമ്മൂഢഃ സംസാരം പ്രതിപദ്യതേ. 50

സത്ത്വസങ്ഗാദൃഷീൻ ദേവാൻ രജസാസുരമാനുഷാൻ
തമസാ ഭൂതതിര്യക്ത്വം ഭ്രാമിതോ യാതി കർമ്മഭിഃ. 51

നൃത്യതോ ഗായതഃ പശ്യൻ യഥൈവാനുകരോതി താൻ
ഏവം ബുദ്ധിഗുണാൻ പശ്യന്നനീഹോഽപ്യനുകാര്യതേ. 52

യഥാംഭസാ പ്രചലതാ തരവോഽപി ചലാ ഇവ
ചക്ഷുഷാ ഭ്രാമ്യമാണേന ദൃശ്യതേ ഭ്രമതീവ ഭൂഃ. 53

യഥാ മനോരഥധിയോ വിഷയാനുഭവോ മൃഷാ
സ്വപ്നദൃഷ്ടാശ്ച, ദാശാർഹ! തഥാ സംസാര ആത്മനഃ. 54

അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന്ന നിവർത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേഽനർത്ഥാഗമോ യഥാ. 55

തസ്മാദുദ്ധവ! മാ ഭുങ്ക്ഷ്വ വിഷയാനസദിന്ദ്രിയൈഃ
ആത്മാഗ്രഹണനിർഭാതം പശ്യ വൈകല്പികം ഭ്രമം. 56

ക്ഷിപ്തോഽവമാനിതോഽസദ്ഭിഃ പ്രലബ്ധോഽസൂയിതോഽഥ വാ
താഡിതഃ സന്നിബദ്ധോ വാ വൃത്ത്യാ വാ പരിഹാപിതഃ. 57

നിഷ്ഠ്യുതോ മൂത്രിതോ വാജ്ഞൈർബ്ബഹുധൈവം പ്രകമ്പിതഃ
ശ്രേയസ്കാമഃ കൃച്ഛ്റഗത ആത്മനാഽഽത്മാനമുദ്ധരേത്. 58

ഉദ്ധവ ഉവാച

യഥൈവമനുബുദ്ധ്യേയം വദ നോ വദതാം വര!
സുദുസ്സഹമിമം മന്യ ആത്മന്യസദതിക്രമം. 59

വിദുഷാമപി വിശ്വാത്മൻ! പ്രകൃതിർഹി ബലീയസീ
ഋതേ ത്വദ്ധർമ്മനിരതാൻ ശാന്താംസ്തേ ചരണാലയാൻ. 60

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ദ്വാവിംശതിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമസ്തജന്തുജാലശരീരങ്ങളുമാളും
ക്രമവുമവസ്ഥയും വയസ്സുമെല്ലാമോർക്കിൽ
വഹ്നിജ്വാലകൾ തരുഫലങ്ങളൊഴുക്കുക-
യെന്നിവയോടു പാരം സാദൃശ്യം വഹിക്കുന്നു.
43

ജ്വലനജ്വാലകൾക്കും ജലപ്രവാഹത്തിനും
തുലനംനിമിത്തമായാദീപമതുതന്നെ
അത്തണ്ണീരിത്തണ്ണീർതാനെന്നെല്ലാം ചൊല്ലും-
വിധം
മിഥ്യതാനിവനവൻ താനെന്ന വാക്കും
ധീയും. 44

കർമ്മത്താലുണ്ടാം ജനിമൃതികൾ ശരീരത്തിൻ-
ധർമ്മമാ,ണല്ലാതാത്മധർമ്മമല്ലോരിക്കലും
കർമ്മബീജത്താൽ മൃത്യുരഹിതൻ പുമാനെങ്ങും
ജന്മമാർന്നിടുന്നില്ല മരിക്കുന്നതുമില്ല.
മരത്തിൽ പിടിപെട്ട പാവകനെന്നപോലെ
വെറുതേ ഭ്രാന്തികൊണ്ടു തോന്നുന്നു
നശിച്ചതായ്. 45

ഗർഭപ്രവേശ,മഭിവൃദ്ധി, ജന്മവും ബാല്യ-
മപ്പുറം കൗമാരവും യൗവനം മദ്ധ്യപ്രായം
വാർദ്ധക്യം മൃതിയേവമൊമ്പതുണ്ടവസ്ഥക-
ളുദ്ധവാ! ശരീരത്തിനെന്നതു സിദ്ധമല്ലോ. 46

ഈയവസ്ഥകൾ ജീവൻ ഗുണസങ്ഗമ-
ത്തിനാൽ
സ്വീയമായ് സ്വീകരിപ്പൂ, ദേഹാഭിമാനമിതു
ഈശാനുഗ്രഹത്തിനാൽ സദ്ഗുരുലാഭംമൂലം
നാശത്തെ പ്രാപിപ്പതാണേവനുമൊരുകാലം.47

താതനും തനയനും ശ്രാദ്ധാദികർമ്മങ്ങളും
ജാതകർമ്മാദികളും താനാചരിച്ചവണ്ണം
തനിക്കും താതൻ ചെയ്തതാത്മജൻ ചെയ്യേണ്ടതും
നിനച്ചു ജനിമൃതിയുണ്ടെന്നതൂഹിക്കുന്നു.
തനുവിൻ ധർമ്മം നേരേയറിയുമാത്മാവിനു
ജനനമരണങ്ങളില്ലെന്നും ധരിക്കണം. 48

വിത്തിൻെറ വിപാകത്തിൽനിന്നു
വൃക്ഷത്തിൻെറയു-
ല്പത്തിനാശങ്ങളുടെ ദൃക്സാക്ഷിയാകും വിദ്വാൻ
തരുവിൽനിന്നു ഭിന്നചിഹ്നനായന്യനായും
വരുംപോൽ ശരീരസ്ഥജീവനും ദ്രഷ്ടാവത്രേ. 49

ഈവിധമാത്മാവിനെ പ്രകൃതിതന്നിൽനിന്നു
വേർവിട്ടുള്ളവനെന്നായറിഞ്ഞീടാത്ത മൂഢൻ
ശബ്ദാദിസത്യമെന്നോർത്തതിലാസക്തനായി
നിത്യവും സംസാരത്തെ പ്രാപിച്ചിട്ടുഴലുന്നു.50

സത്ത്വസങ്ഗത്താലൃഷിമാരായും സുരരായു-
മുദ്ധവാ! രജസ്സങ്ഗാൽ ദൈത്യമാനുഷരായും
തമോവൃദ്ധിയാൽ തിര്യഗ്ഭൂതങ്ങളായും കർമ്മ-
ഭ്രമമാർന്നീടും പുമാൻ ഭവിച്ചീടുന്നുവല്ലോ. 51

നർത്തകരെയും പാട്ടുകാരെയും വീക്ഷിച്ചിട്ടും
മർത്ത്യനാ സംഘക്കാരെയനുകരിക്കുംവിധം
ബുദ്ധിതൻ ഗുണങ്ങളെക്കാണുമാത്മവൃത്താന്തം
കൃത്യഹീനനെന്നാലുമനുകരിക്കുന്നിതേ. 52

ഇളകിക്കൊണ്ടിരിക്കും ജലത്താൽ മരങ്ങളു-
മിളകുന്നതായ്ത്തോന്നും, ഭ്രമിച്ചുകൊണ്ടിരിക്കും
കണ്ണുകാരണമായിബ്ഭൂമിയും കറങ്ങുന്നോ
എന്നു സന്ദേഹം തോന്നാറുണ്ടല്ലോ
സാധാരണ. 53

ദാശാർഹവംശ്യാ! മനോരാജ്യത്തിൽ
ബുദ്ധിക്കെഴും
വൈഷയികാനുഭൂതിയെന്നതും സ്വപ്നങ്ങളും
അസത്യമാകുംവിധമാത്മാവിൻ സംസാരവു-
മസംഭവ്യമെന്നതു ധരിക്ക ഭക്തോത്തമാ! 54

വിഷയങ്ങളെദ്ധ്യാനംചെയ്തീടുമിവനില്ല
വിഷയമെന്നങ്ങിരുന്നീടിലും സ്വപ്നത്തിലെ
അനർത്ഥാനുഭൂതിപോൽ നിവർത്തിച്ചീടുന്നില്ല
ജനിയും മൃതിയുമാം സങ്കടം സുഹൃത്തമാ! 55

അതിനാലസത്താകുമിന്ദ്രിയവൃന്ദത്തിനാൽ
മതിമൻ! ഭുജിക്കൊലാ വിഷയങ്ങളെബ്ഭവാൻ
വികല്പത്തിനാൽ തോന്നും സുഖദുഃഖങ്ങളെല്ലാ-
മകലുമാത്മജ്ഞാനമുണ്ടായാലെന്നോർക്ക നീ. 56

അസജ്ജനങ്ങളാക്ഷേപിക്കട്ടെ, നിന്ദിക്കട്ടെ,
ഹസിച്ചീടട്ടെ, പാരമസൂയപ്പെട്ടിടട്ടെ,
അടിച്ചോടിച്ചിടട്ടെ, പിടിച്ചുകെട്ടീടട്ടെ,
ചൊടിച്ചു കാലക്ഷേപമാർഗ്ഗവും മുട്ടിക്കട്ടെ,
മലമൂത്രങ്ങൾ വീഴ്ത്തീടട്ടെ, തുപ്പട്ടെ, മററു-
പല കഷ്ടതകളും ചേർക്കട്ടെയെന്താകിലും
ശ്രേയസ്സിനിച്ഛിച്ചീടും ധീരനാം പുരുഷൻ സ്വ-
ധീയാലുദ്ധരിക്കണം സ്വയമായാ-
ത്മാവിനെ. 57–58

ഉദ്ധവൻ പറഞ്ഞു

ത്വദ്ഭക്തിരതരായി ത്വത്പാദാശ്രയ-
ന്മാരാ-
യത്യന്തം ശാന്തന്മാരായവരെയൊഴിക്കുകിൽ
പണ്ഡിതന്മാർക്കുപോലുമീയസജ്ജനപീഡാ-
നിന്ദനാദികൾ പാരമസഹ്യമെന്നോർക്കുന്നേൻ.
ഉപദേശാർഹാഗ്രിമാ! സ്വഭാവം പാർത്തു-
കാൺകിൽ
പ്രബലമായിട്ടുള്ളതല്ലയോ പിന്നെങ്ങനെ
ദുർജ്ജനാതിക്രമത്തെസ്സഹിക്കു,മതിൻ മാർഗ്ഗ-
മിജ്ജനങ്ങളോടരുൾചെയ്താലുമഖിലേശാ!
59-60

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രയോവിംശതിതമോഽധ്യായഃ

ബാദരായണിരുവാച

സ ഏവമാശംസിത ഉദ്ധവേന
ഭാഗവതമുഖ്യേന ദാശാർഹമുഖ്യഃ
സഭാജയൻ ഭൃത്യവചോ മുകുന്ദ-
സ്തമാബഭാഷേ ശ്രവണീയവീര്യഃ. 1

ശ്രീഭഗവാനുവാച

ബാർഹസ്പത്യ! സ വൈ നാത്ര സാധുർവൈ ദുർജ്ജനേരിതൈഃ
ദുരുക്തൈർഭിന്നമാത്മാനം യഃ സമാധാതുമീശ്വരഃ. 2
ന തഥാ തപ്യതേ വിദ്ധഃ പുമാൻ ബാണൈഃ സുമർമ്മഗൈഃ
യഥാ തുദന്തി മർമ്മസ്ഥാ ഹ്യസതാം പരുഷേഷവഃ. 3
കഥയന്തി മഹത് പുണ്യമിതിഹാസമിഹോദ്ധവ!
തമഹം വർണ്ണയിഷ്യാമി നിബോധ സുസമാഹിതഃ. 4
കേനചിദ് ഭിക്ഷുണാ ഗീതം പരിഭൂതേന ദുർജ്ജനൈഃ
സ്മരതാ ധൃതിയുക്തേന വിപാകം നിജകർമ്മണാം. 5
അവന്തിഷു ദ്വിജഃ കശ്ചിദാസീദാഢ്യതമഃ ശ്രിയാ
വാർത്താവൃത്തിഃ കദര്യസ്തു കാമീ ലുബ്ധോഽതികോപനഃ. 6
ജ്ഞാതയോഽതിഥയസ്തസ്യ വാങ്മാത്രേണാപി നാർച്ചിതാഃ
ശൂന്യാവസഥ ആത്മാപി കാലേ കാമൈരനർച്ചിതഃ. 7
ദുഃശീലസ്യ കദര്യസ്യ ദ്രുഹ്യന്തേ പുത്രബാന്ധവാഃ
ദാരാ ദുഹിതരോ ഭൃത്യാ വിഷണ്ണാ നാചരൻ പ്രിയം. 8
തസ്യൈവം യക്ഷവിത്തസ്യ ച്യുതസ്യോഭയലോകതഃ
ധർമ്മകാമവിഹീനസ്യ ചുക്രുധുഃ പഞ്ചഭാഗിനഃ. 9
തദവധ്യാനവിസ്രസ്തപുണ്യസ്കന്ധസ്യ ഭൂരിദ!
അർത്ഥോഽപ്യഗച്ഛന്നിധനം ബഹ്വായാസപരിശ്രമഃ. 10
ജ്ഞാതയോ ജഗൃഹുഃ കിഞ്ചിത് കിഞ്ചിദ്ദസ്യവ ഉദ്ധവ!
ദൈവതഃ കാലതഃ കിഞ്ചിദ് ബ്രഹ്മബന്ധോർ
നൃപാർത്ഥിവാത്. 11
സ ഏവം ദ്രവിണേ നഷ്ടേ ധർമ്മകാമവിവർജ്ജിതഃ
ഉപേക്ഷിതശ്ച സ്വജനൈശ്ചിന്താമാപ ദുരത്യയാം. 12
തസ്യൈവം ധ്യായതോ ദീർഘം നഷ്ടരായസ്തപസ്വിനഃ
ഖിദ്യതോ ബാഷ്പകണ്ഠസ്യ നിർവ്വേദഃ സുമഹാനഭൂത്. 13
സ ചാഹേദമഹോ കഷ്ടം വൃഥാഽഽത്മാ മേഽനുതാപിതഃ
ന ധർമ്മായ ന കാമായ യസ്യാർത്ഥായാസ ഈദൃശഃ. 14
പ്രായേണാർത്ഥാഃ കദര്യാണാം ന സുഖായ കദാചന
ഇഹ ചാത്മോപതാപായ മൃതസ്യ നരകായ ച. 15
യശോ യശസ്വിനാം ശുദ്ധം ശ്ലാഘ്യാ യേ ഗുണിനാം ഗുണാഃ
ലോഭഃ സ്വല്പോഽപി താൻ ഹന്തി, ശ്വിത്രോ
രൂപമിവേപ്സിതം. 16
അർത്ഥസ്യ സാധനേ സിദ്ധേ ഉത്കർഷേ രക്ഷണേ വ്യയേ
നാശോപഭോഗ ആയാസസ്ത്രാസശ്ചിന്താ ഭ്രമോ നൃണാം. 17
സ്തേയം ഹിംസാനൃതം ദംഭഃ കാമഃ ക്രോധഃ സ്മയോ മദഃ
ഭേദോ വൈരമവിശ്വാസഃ സംസ്പർദ്ധാ വ്യസനാനി ച. 18
ഏതേ പഞ്ചദശാനർത്ഥാ ഹ്യർത്ഥമൂലാ മതാ നൃണാം
തസ്മാദനർത്ഥമർത്ഥാഖ്യം ശ്രേയോഽർത്ഥീ ദൂരതസ്ത്യജേത്. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 23

ഉദ്ധവോപദേശം—ഭിക്ഷുചരിതം

ശ്രീശുകൻ പറഞ്ഞു

അച്യുതഭക്താഗ്ര്യനാമുദ്ധവനീവിധത്തിൽ
വൃഷ്ണിക്കെ ശ്രവണീയഭൂരിവീര്യവാനാകും
ദാശാർഹവംശമുഖ്യൻ ഭഗവാൻ മുകുന്ദനാ-
ദാസവാക്യത്തെയഭിനന്ദിച്ചു ചൊന്നാനേവം. 1

ശ്രീഭഗവാൻ പറഞ്ഞു

ദുഷ്ടന്മാരുടെ കടുംദുർവാക്യങ്ങളാൽ മുറി-
പ്പെട്ടിടും ഹൃദയത്തെസ്സമാധാനപ്പെടുത്താൻ
സാമർത്ഥ്യമിയന്നിടും സാധുക്കളാരുംതന്നെ-
യീ മന്നിലിപ്പോഴില്ല,ഹേ ബൃഹസ്പതിശിഷ്യാ!
ഖലൗഘകടുവാക്യശരങ്ങൾ മർമ്മങ്ങളെ- [2
ത്തുളച്ചീടുന്നതേതുവിധമാ,ണത്രത്തോളം
വേദനയനുഭവിക്കുന്നില്ല, മർമ്മമമ്പാൽ
ഭേദിക്കപ്പെട്ടും പുമാനെന്നതിൽ തർക്കമില്ല. 3
ഉദ്ധവാ! മഹത്തായിപ്പുണ്യദമാമിപ്പുരാ-
വൃത്തത്തെയിതിലേക്കു ഭവാനോടായിദാനീം
വിസ്തരിച്ചോതീടുവനേകാഗ്രചിത്തനായി-
ശ്ശ്രദ്ധിച്ചു കേട്ടുകൊൾക യാദവമുക്താമണേ!
4
ദുഷ്ടക്കൂട്ടത്താലവമാനിതനായിട്ടൊരു
ശിഷ്ടനാം ധീരഭിക്ഷു തൻകർമ്മപരിപാകം
ഓർത്തോർത്തു പാടിയതാണീയിതിഹാസമെന്നു-
മോർത്തുകൊള്ളുക ഭക്തപ്രധാനനാകും ഭവാൻ. 5
ധനവൃദ്ധിയാൽ പരമാഢ്യനായ്ക്കാമിയായി-
ട്ടനിശം കൃഷ്യാദിയിൽ വ്യാപൃതനായിപ്പരം
ക്ഷുദ്രനായ് കോപിഷ്ഠനായ് ലുബ്ധനാമൊരു
വിപ്രൻ
പാർത്തിരുന്നിതു മുന്നമവന്തിരാജ്യത്തിങ്കൽ. 6
സ്വന്തബന്ധുക്കളേയുമതിഥിജനത്തെയും
സന്തോഷിപ്പിച്ചില്ലവൻ വാക്കുകൾകൊണ്ടു-
പോലും
ശൂന്യമാം സ്വഗേഹത്തിലവനും കാലങ്ങളി-
ലാന്നിരുന്നില്ല വേണ്ടും കാമങ്ങളൊന്നുംതന്നെ.
ക്ഷുദ്രനായ് ദുശ്ശീലനാമദ്വിജൻ തൻപത്നിയും
പുത്രരും ബന്ധുക്കളും ഭൃത്യരും വിഷണ്ണരായ്
തത്പ്രിയമാചരിച്ചതില്ലെന്നുതന്നെയല്ല
വിപ്രിയചിത്തരായി ദ്രോഹവും
ചെയ്തീടിനാർ. 7–8
ധനദസമ്പന്നനായ് ധർമ്മഹീനനായ്ക്കാമാ-
ദ്യനുഭൂതിയുമെന്യേ രണ്ടുലോകത്തുനിന്നും,
ഭ്രഷ്ടനാമവനുടെയവകാശികളഞ്ചു-
മേററവും ക്രുദ്ധരായിബ്ഭവിച്ചു ഭക്താഗ്രിമാ! 9
അമർത്ത്യപിതൃഭൂതമനുഷ്യർഷികളീ
പ്രമുഖാവകാശികൾ കോപിച്ച കാരണത്താൽ
നഷ്ടപുണ്യനായീടുമവന്റെ ധനമെല്ലാം
പെട്ടെന്നു നശിച്ചിതു, ശിഷ്ടമായ് ശ്രമംമാത്രം.
ജ്ഞാതികൾ കുറേ,ക്കുറേക്കള്ളന്മാർ,
കുറച്ചൊക്കെ-
ബ്ഭൂതങ്ങൾ, കുറേ നാട്ടാ,രൊട്ടൊക്കെ
നൃപാലനും
കൈക്കലാക്കീട്ടുധരാദേവന്റെ സമ്പത്തുക-
ളൊക്കെയും നഷ്ടമായിബ്ഭവിച്ചെന്നതേ
വേണ്ടു. 10–11
എല്ലാസ്സമ്പത്തും തുലഞ്ഞപ്പോൾ സ്വജനങ്ങളും
തള്ളിനാർ ധർമ്മകാമഹീനനാമാ വിപ്രനെ
സന്തപ്തനായോരവനപാരമാകും ചിന്താ-
സിന്ധുവിൻ തുംഗമാകും തരംഗങ്ങളിൽ
വീണാൻ. 12
ഈവിധം മുതലെല്ലാം നശിച്ചുപോയമൂലം
വൈവശ്യമാർന്നു പാരം ദുഃഖിച്ചു കഷ്ടത്തിലായ്
കണ്ണുനീർ വാർത്തുമിടനെഞ്ഞു പൊട്ടിയും വീണ്ടും
തന്നുടെ കർമ്മദോഷം ചിന്തിച്ചു സന്തപിച്ചും
ഏറെനാൾ കഴിച്ചുകൂട്ടീടവേയൊരിക്കലീ-
യാരണനുണ്ടായതിശ്ലാഘ്യമാം വിരാഗത. 13
''കഷ്ട! മാഹന്ത കഷ്ട! മേററവും പണിപ്പെട്ടു
വിത്തമാർജ്ജിച്ചേൻ ധർമ്മം ചെറ്റുമേ ചെയ്തതില്ല.
ഞാനുമാന്നില്ല വേണ്ടുംകാമങ്ങൾവെറുതേയെൻ-
മേനിയും തപിപ്പി''ച്ചെന്നിങ്ങനെ
വിലപിച്ചാൻ. 14
''ക്ഷുദ്രന്മാരുടെ ധനം മിക്കതുമൊരിക്കലും
പൃഥ്വിയിൽ സുഖത്തിന,ല്ലാത്മാവിൻ
ദുഃഖത്തിനും
മരണശേഷം നരകാനുഭൂതിക്കുമായി-
പ്പരിണമിച്ചീടുന്നുണ്ടെന്നതിൽ തർക്കമില്ല. 15
കീർത്തിമാന്മാർക്കുള്ള സംശുദ്ധമാം കീർത്തിയേയും
സത്തമന്മാർതൻ മഹാസദ്ഗുണഗണത്തേയും
അല്പമാം ലോഭംപോലും ഹനിപ്പൂ വെള്ളക്കുഷ്ഠ-
മെപ്പൊഴും മനോഹരരൂപത്തെയെന്നപോലെ.
അർത്ഥമാർജ്ജിക്കുമ്പൊഴും സിദ്ധമായീടുമ്പൊഴും
വർദ്ധിക്കുമ്പൊഴും പാലിക്കുമ്പൊഴും
വ്യയത്തിലും
നാശോപഭോഗത്തിലും പ്രയാസം, ഭയം, ചിന്ത,
ക്ലേശം, സംഭ്രമ,മിവ മാനുഷർക്കുണ്ടാകുന്നു. 16–17
കളവു, നുണ, ഹിംസ, വഞ്ചന, കാമം, ക്രോധ,–
മലഘുഗർവം,സ്പർദ്ധ, വിവേകമില്ലായ്മയും
ഭേദബുദ്ധിയുമവിശ്വാസവും മാത്സര്യവും
ചൂതാട്ടം പിന്നെ മദ്യപാനവുമഹന്തയും
ഇപ്പതിനഞ്ചു ദോഷം മർത്ത്യനു വിത്തംമൂല-
മുദ്ഭവിച്ചീടുമെന്നു, നിശ്ചയിച്ചിരിക്കുന്നു.
അതിനാലർത്ഥമെന്നു പേരുള്ളോരനർത്ഥത്തെ
സുദൂരം ത്യജിക്കണം ശ്രേയസ്സു
കാംക്ഷിപ്പവൻ. 18–19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭിദ്യന്തേ ഭ്രാതരോ ദാരാഃ പിതരഃ സുഹൃദസ്തഥാ
ഏകാസ്നിഗ്ദ്ധാഃ കാകിണിനാ സദ്യഃ സർവ്വേഽരയഃ കൃതാഃ. 20

അർത്ഥേനാല്പീയസാ ഹ്യേതേ സംരബ്ധാ ദീപ്തമന്യവഃ
ത്യജന്ത്യാശു സ്പൃധോ ഘ്നന്തി സഹസോത്സൃജ്യ സൗഹൃദം. 21

ലബ്ധ്വാ ജന്മാമരപ്രാർത്ഥ്യം മാനുഷ്യം തദ്ദ്വിജാഗ്ര്യതാം
തദനാദൃത്യ യേ സ്വാർത്ഥം ഘ്നന്തി യാന്ത്യശുഭാം ഗതിം. 22

സ്വർഗ്ഗാപവർഗ്ഗയോർദ്വാരം പ്രാപ്യ ലോകമിമം പുമാൻ
ദ്രവിണേ കോഽനുഷജ്ജേത മർത്ത്യോഽനർത്ഥസ്യ ധാമനി. 23

ദേവർഷി പിതൃഭൂതാനി ജ്ഞാതീൻ ബന്ധൂംശ്ച ഭാഗിനഃ
അസംവിഭജ്യ ചാത്മാനം യക്ഷവിത്തഃ പതത്യധഃ. 24

വ്യർത്ഥയാർത്ഥേഹയാ വിത്തം പ്രമത്തസ്യ വയോ ബലം
കുശലാ യേന സിധ്യന്തി ജരഠഃ കിം നു സാധയേ? 25

കസ്മാത് സംക്ലിശ്യതേ വിദ്വാൻ വ്യർത്ഥയാർത്ഥേഹയാഽസകൃത്
കസ്യചിന്മായയാ നൂനം ലോകോഽയം സുവിമോഹിതഃ. 26

കിം ധനൈർദ്ധനദൈർവ്വാ കിം കാമൈർവ്വാ കാമദൈരുത
മൃത്യുനാ ഗ്രസ്യമാനസ്യ കർമ്മഭിർവ്വോത ജന്മദൈഃ. 27

നൂനം മേ ഭഗവാംസ്തുഷ്ടഃ സർവ്വദേവമയോ ഹരിഃ
യേന നീതോ ദശാമേതാം നിർവ്വേദശ്ചാത്മനഃ പ്ലവഃ. 28

സോഽഹം കാലാവശേഷേണ ശോഷയിഷ്യേഽങ്ഗമാത്മനഃ
അപ്രമത്തോഽഖിലസ്വാർത്ഥേ യദി സ്യാത് സിദ്ധ ആത്മനി. 29

തത്ര മാമനുമോദേരൻ ദേവാസ്ത്രിഭുവനേശ്വരാഃ
മുഹൂർത്തേന ബ്രഹ്മലോകം ഖട്വാങ്ഗഃ സമസാധയത്.'' 30

ശ്രീഭഗവാനുവാച

ഇത്യഭിപ്രേത്യ മനസാ ഹ്യാവന്ത്യോ ദ്വിജസത്തമഃ
ഉന്മുച്യ ഹൃദയഗ്രന്ഥീൻ ശാന്തോ ഭിക്ഷുരഭൂന്മുനിഃ. 31

സ ചചാര മഹീമേതാം സംയതാത്മേന്ദ്രിയാനിലഃ
ഭിക്ഷാർത്ഥം നഗരഗ്രാമാനസങ്ഗോഽലക്ഷിതോഽവിശത്. 32

തം വൈ പ്രവയസം ഭിക്ഷുമവധൂതമസജ്ജനാഃ
ദൃഷ്ട്വാ പര്യഭവൻ, ഭദ്ര, ബഹ്വീഭിഃ പരിഭൂതിഭിഃ. 33

കേചിത് ത്രിവേണും ജഗൃഹു,രേകേ പാത്രം കമണ്ഡലും
പീഠം ചൈകേഽക്ഷസൂത്രം ച, കന്ഥാം ചീരാണി കേചന. 34

പ്രദായ ച പുനസ്താനി ദർശിതാന്യാദദുർമ്മുനേഃ
അന്നം ച ഭൈക്ഷ്യസമ്പന്നം ഭുഞ്ജാനസ്യ സരിത്തടേ. 35

മൂത്രയന്തി ച പാപിഷ്ഠാഃ ഷ്ഠീവന്ത്യസ്യ ച മൂർദ്ധനി
യതവാചം വാചയന്തി താഡയന്തി ന വക്തി ചേത്. 36

തർജ്ജയന്ത്യപരേ വാഗ്ഭിഃ ''സ്തേനോഽയ''മിതി വാദിനഃ
ബധ്നന്തി രജ്ജ്വാ തം കേചിദ് ''ബധ്യതാം''
''ബധ്യതാ'' മിതി. 37

ക്ഷിപന്ത്യേകേഽവജാനന്ത ''ഏഷ ധർമ്മധ്വജഃ ശഠഃ
ക്ഷീണവിത്തഃ ഇമാം വൃത്തിമഗ്രഹീത് സ്വജനോജ്ഝിതഃ.'' 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാര്യയും ഭ്രാതാക്കളും പിതാക്കളിഷ്ടന്മാരും
ഭൂരിസ്നേഹത്താലേകപ്രാണന്മാരായുള്ളോരും
കാകിണിയെന്ന തുച്ഛസാധനത്തിനുവേണ്ടി
വേഗത്തിൽ ശത്രുക്കളായ് കലഹിക്കുന്നു തമ്മിൽ.
അച്ഛനമ്മമാർപോലുമല്പസാധനംമൂല-
മുച്ചമാംവിധം ക്ഷോഭിച്ചുജ്ജ്വലത്
ക്രോധത്തൊടും
സ്പർദ്ധയും വദ്ധിച്ചു തത്സൗഹൃദമുപേക്ഷിച്ചി-
ട്ടത്യന്തമുപദ്രവംചെയ്യുന്നു പരസ്പരം. 20-21
ത്രിദശരാലും പ്രാർത്ഥനീയമാം മർത്ത്യജന്മ-
മതിലും വിശേഷിച്ചു വിപ്രത്വം ലഭിച്ചിട്ടും
അതിനെയാദരിച്ചേതവൻ തൻകാര്യത്തെ
ഹതമാക്കുന്നിതവൻ നരകംപ്രാപിക്കുന്നു. 22
സ്വർഗ്ഗമോക്ഷങ്ങൾക്കെഴും വാതിലാമിശ്ശരീരം
കൈക്കലായിട്ടും മർത്ത്യനായീടുമേതൊരുത്തൻ
അനർത്ഥങ്ങൾക്കശേഷം സ്ഥാനമായിരിക്കുമീ
ധനത്തിൽ സീമാധികമാസക്തനായീടുമോ, 23
ദേവർഷി പിതൃഭൂതജ്ഞാതിസംബന്ധികൾക്കു-
മാവിധമാത്മാവിനും മററവകാശികൾക്കും
പങ്കിട്ടുകൊടുക്കാതെ ധനവുംവച്ചു കാത്തു
തങ്കമായക്ഷവിത്തനധഃപതിക്കുന്നിതേ. 24
വ്യർത്ഥമാമർത്ഥാർജ്ജനംകൊണ്ടാളും
ക്ലേശത്തിനാൽ
സ്വാർത്ഥത്തെ മറന്നുക്കവിത്തമായുസ്സുമെല്ലാം
നശിച്ചു വൃദ്ധനായ് ഞാൻ സാധിപ്പതെന്താ-
ണിനി
കുശലർ വേണ്ടതെല്ലാം ധനത്താൽ സാധി-
ക്കുന്നു. 25
അർത്ഥമില്ലാത്തതാകുമർത്ഥാർജ്ജനശ്രമത്താൽ
വ്യർത്ഥമായെല്ലാപ്പോഴും വിദ്വാനും ദുഃഖിപ്പതേ.
വിശ്വമിതാകെയാരോ ഒരുവൻ തൻ മായയാൽ
നിശ്ചയമായി മോഹമഗ്നമായിരിക്കുന്നു. 26
മൃത്യുവിൻ വദനത്തിൽപ്പെട്ടവനർത്ഥംകൊണ്ടോ
വിത്തമേകീടുവോനെക്കൊണ്ടോ
കാമങ്ങളാലോ
കാമദന്മാരെക്കൊണ്ടോ ജനനപ്രദങ്ങളാം
കർമ്മങ്ങൾകൊണ്ടോ പാർത്താൽ വല്ലതും
ഫലമുണ്ടോ? 27
ഈവിധമവസ്ഥയിലിവനേയെത്തിപ്പിച്ച
സർവ്വദേവതാമയൻ ഭഗവാൻ മഹാവിഷ്ണു
എൻനേക്കു തുഷ്ടനായിബ്ഭവിച്ചു നൂനം,
സംസാ-
രാർണ്ണവം കടക്കുവാൻ വൈരാഗ്യമല്ലോ
തോണി. 28
ഞാനിനി ജീവിച്ചിരുന്നീടുകിലായുശ്ശേഷം
മാനസംതന്നിൽ സദാ തുഷ്ടിയാന്നവനായി
ജന്മസാഫല്യത്തിനുവേണ്ടിയപ്രമത്തനായ്
നിർമ്മായമീശ്ശരീരമുഴിഞ്ഞുവച്ചീടുവൻ. 29

അതിനാൽ മൂപ്പാരിനുമീശരാം സുരരെന്നെ-
യതിയായനുമോദിച്ചനുഗ്രഹിച്ചീടട്ടെ.
ഖട്വാംഗൻ മുന്നമേകമുഹൂർത്തനേരംകൊണ്ടുത്-
കൃഷ്ടമായീടും ബ്രഹ്മപദത്തെ പ്രാപിച്ചിതു.''
30

ഭഗവാൻ പറഞ്ഞു

ഈവിധം നിശ്ചയിച്ചിട്ടവന്തിദ്വിജശ്രേഷ്ഠൻ
ദുർവ്വിഷയാശവിട്ടു ശാന്തനായ് മുനിയായി
മാനസഗ്രന്ഥി പാടേയുന്മൂലച്ഛേദംചെയ്തു
ദീനത വെടിഞ്ഞൊരു ഭിക്ഷുവായ്ത്തീർന്നീടിനാൻ.
മാനസേന്ദ്രിയങ്ങളെയടക്കിയാ ബ്രാഹ്മണൻ
താനേയിദ്ധരിത്രിയിൽ ചുററിസ്സഞ്ചരിച്ചിതു.
അറിയപ്പെടാതനാസക്തനായവൻ പിന്നെ
പുരഗ്രാമൗഘത്തിലും ഭിക്ഷയ്ക്കായ്
പ്രവേശിച്ചാൻ. 31-32
അവധൂതനായ് പടുവൃദ്ധനായ് ഭിക്ഷുവാകു-
മവനെക്കണ്ടിട്ടസജ്ജനങ്ങളൊത്തുകൂടി
കളിയാക്കിയും പല നിന്ദ്യകർമ്മങ്ങളാലേ
വളരെശ്ശല്യംചെയ്തും പരിഭവിപ്പിച്ചിതേ. 33
ഇരന്നു ലഭിച്ചതാമന്നമൊരാററിൻകര-
യ്ക്കിരുന്നു ഭുജിക്കുമമ്മാമുനിതൻ ത്രിദണ്ഡം
ചിലരും, പാത്രം മററുചിലരും, ജപമാല
ജലഭാജനം തുണിസ്സഞ്ചിയും മരത്തോലും
ചിലരും കയ്യിലാക്കിത്തിരിച്ചേകുവാൻ നീട്ടു-
ന്നളവിലതു ലഭിച്ചീടുമെന്നോർത്തസ്സാധു
വാങ്ങുവാൻ തൻപാണികൾ നീട്ടുമ്പോ-
ളേകാതെ പിൻ-
വാങ്ങിനിന്നപഹസിച്ചീടിനാരഖ്-
ഖലന്മാർ. 34-35
വീഴ്ത്തിനാർ പിന്നമ്മഹാപാപികൾ മൂത്രം
മെയ്യിൽ
മൂർദ്ധാവിൽത്തന്നെ നീചം കാക്കിച്ചു-
തുപ്പീടിനാർ.
സംസാരിപ്പിച്ചു യതവാക്കാകുമമ്മഹാനെ
സംസാരിച്ചീടാത്തപ്പോളടിച്ചാരടിക്കടി. 36
''കള്ളനാണിവ''നെന്നു ചൊന്നീടുന്നതിൽ-
ച്ചിലർ
ഭള്ളുചൊല്ലീട്ടു പേടിപ്പിക്കുന്നു വേറേചിലർ
''പെട്ടെന്നു പിടിച്ചങ്ങു കെട്ടുവിനി-
വനെ''യെ-
ന്നൊട്ടുപേർ കയർകൊണ്ടു കെട്ടുന്നു ചില-
പോതിൽ. 37
''സ്വത്തെല്ലാം നശിക്കയാൽ സ്വജനം
തള്ളിയപ്പോ-
ളിത്തൊഴിൽ ഗത്യന്തരമില്ലാഞ്ഞു കൈക്കൊ-
ണ്ടിവൻ
ധർമ്മധ്വജനായ് നടിപ്പോൻ വഞ്ചകൻ മഹാശഠ''-
നിമ്മട്ടു ചിലരധിക്ഷേപിച്ചു നിന്ദിക്കുന്നു. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''അഹോ ഏഷ മഹാസാരോ ധൃതിമാൻ ഗിരിരാഡിവ
മൗനേന സാധയത്യർത്ഥം ബകവദ്ദൃഢനിശ്ചയഃ.'' 39

ഇത്യേകേ വിഹസന്ത്യേനമേകേ ദുർവ്വാതയന്തി ച
തം ബബന്ധുർന്നിരുരുധുര്യഥാ ക്രീഡനകം ദ്വിജം. 40

ഏവം സ ഭൗതികം ദുഃഖം ദൈവികം ദൈഹികം ച യത്
ഭോക്തവ്യമാത്മനോ ദിഷ്ടം പ്രാപ്തം പ്രാപ്തമബുധ്യത. 41

പരിഭൂത ഇമാം ഗാഥാമഗായത നരാധമൈഃ
പാതയദ്ഭിഃ സ്വധർമ്മസ്ഥോ ധൃതിമാസ്ഥായ സാത്ത്വികീം. 42

ദ്വിജ ഉവാച

നായം ജനോ മേ സുഖദുഃഖഹേതു-
ർന്ന ദേവതാഽഽത്മാ ഗ്രഹകർമ്മകാലഃ
മനഃ പരം കാരണമാമനന്തി
സംസാരചക്രം പരിവർത്തയേദ്യത്. 43

മനോ ഗുണാൻ വൈ സൃജതേ ബലീയ-
സ്തതശ്ച കർമ്മാണി വിലക്ഷണാനി
ശുക്ലാനി കൃഷ്ണാന്യഥ ലോഹിതാനി
തേഭ്യഃ സവർണ്ണാഃ സൃതയോ ഭവന്തി. 44

അനീഹ ആത്മാ മനസാ സമീഹതാ
ഹിരണ്മയോ മത്സഖ ഉദ്വിചഷ്ടേ
മനഃ സ്വലിങ്ഗം പരിഗൃഹ്യ കാമാൻ
ജുഷൻ നിബദ്ധോ ഗുണസങ്ഗതോഽസൗ. 45

ദാനം സ്വധർമ്മോ നിയമോ യമശ്ച
ശ്രുതം ച കർമ്മാണി ച സദ്വ്രതാനി
സർവ്വേ മനോനിഗ്രഹലക്ഷണാന്താഃ
പരോ ഹി യോഗോ മനസഃ സമാധിഃ. 46

സമാഹിതം യസ്യ മനഃ പ്രശാന്തം
ദാനാദിഭിഃ കിം വദ തസ്യ കൃത്യം
അസംയതം യസ്യ മനോ വിനശ്യത്
ദാനാദിഭിശ്ചേദപരം കിമേഭിഃ. 47

മനോവശേഽന്യേ ഹ്യഭവം സ്മ ദേവാ
മനശ്ച നാന്യസ്യ വശം സമേതി
ഭീഷ്മോ ഹി ദേവഃ സഹസഃ സഹീയാൻ
യുഞ്ജ്യാദ്വശേ തം സ ഹി ദേവദേവഃ. 48

തം ദുർജ്ജയം ശത്രുമസഹ്യവേഗ-
മരുന്തുദം തന്ന വിജിത്യ കേചിത്
കുർവ്വന്ത്യസദ്വിഗ്രഹമത്ര മർത്ത്യൈ-
ർമ്മിത്രാണ്യുദാസീനരിപൂൻ വിമൂഢാഃ. 49

ദേഹം മനോമാത്രമിമം ഗൃഹീത്വാ
മമാഹമിത്യന്ധധിയോ മനുഷ്യാഃ
ഏഷോഽഹമന്യോഽയമിതി ഭ്രമേണ
ദുരന്തപാരേ തമസി ഭ്രമന്തി. 50

ജനസ്തു ഹേതുഃ സുഖദുഃഖയോശ്ചേത്
കിമാത്മനശ്ചാത്ര ഹ ഭൗമയോസ്തത്
ജിഹ്വാം ക്വചിത് സംദശതി സ്വദദ്ഭി-
സ്തദ്വേദനായാം കതമായ കുപ്യേത്. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഇക്കള്ളൻ മഹാശക്തൻ മലപോലുറച്ചവൻ
കൊക്കിനെപ്പോലെ ദൃഢനിശ്ചയത്തോടുകൂടി

മൗനിയായിരുന്നു തൻകാര്യം സാധിച്ചിടുന്നു
ഹീനനാമിവൻതന്റെ ചരിതമത്ഭുതം
താൻ.'' 39

ഇങ്ങനെ പരിഹസിച്ചീടുന്നു ചിലർ, ചില-
രങ്ങടുത്തധോവായുവിടുന്നു തന്മേനിയിൽ,

അമ്മഹീസുരൻതന്നെക്കളിക്കോപ്പെന്നമട്ടിൽ
ചെമ്മേ തടഞ്ഞുവച്ചു പിന്നെയും ബന്ധി-
ക്കുന്നു. 40

ഈവിധം ഭൗതികവും ശാരീരികവുമായും
ദൈവികമായും വന്നുചേർന്നിടും ദുഃഖമെല്ലാം

പ്രാരബ്ധഫലമായ്ത്താനനുഭവിക്കേണ്ടതെ-
ന്നാരണശ്രേഷ്ഠനറിഞ്ഞീടിനാൻ
നല്ലപോലെ. 41

പിന്നീടു തള്ളിയിട്ടും ദുഃഖിപ്പിച്ചെന്നാലുമ-
ഖന്യാഗ്ര്യൻ സത്ത്വഗുണവൃദ്ധിയാലുണ്ടായതാം

ചിത്തധീരതയാന്നു നിജധർമ്മത്തിൽത്തന്നെ
സംസ്ഥിതനായിപ്പിന്നെയീ ഗാഥ ഗാനം-
ചെയ്യാൻ. 42

ഭിക്ഷുഗീത

ദ്വിജൻ പറഞ്ഞു

എൻസുഖദുഃഖങ്ങൾക്കീ ലോകമോ
ദേവന്മാരോ
ഈശനോ കാലമോ മൽപ്രാരബ്ധകർമ്മങ്ങളോ

അർക്കാദിഗ്രഹങ്ങളോ കാരണമ,ല്ലിബ്ഭവ-
ചക്രത്തെത്തിരിക്കുന്ന മനംതാൻ
പരംഹേതു. 43

കെല്ലേറും മനം ഗുണദോഷങ്ങൾ കല്പിച്ചിട്ട-
ന്നദ്ഭുതമായീടുന്നിതവയിൽനിന്നും പിന്നെ,

ശുക്ലലോഹിതകൃഷ്ണവർണ്ണങ്ങളാളും ഭിന്ന-
ലക്ഷണമിയന്നിടും കർമ്മങ്ങളസംഖ്യമായ്.

അക്കർമ്മങ്ങടെ ഗതിക്കൊത്തിഹ ശരീരികൾ-
ക്കൊക്കെയും സുഖദുഃഖദ്വന്ദ്വങ്ങൾ
ഭവിക്കുന്നു. 44

ആഗ്രഹസങ്കലമായീടിന മനസ്സോടു
യുക്തനാകിലുമാത്മാവസംഗനായിത്തന്നെ

വിദ്യാശക്തിയാലത്യുന്നതനായ് ശോഭിക്കുന്നു;
നിത്യമെൻനിയന്താവുമപ്പരമാത്മാവുതാൻ.

ജീവനാമെന്നിൽബ്ഭവം ചേർക്കുന്ന
മനസ്സിനെ-
ക്കൈവരിച്ചതിന്നുടെ ഗുണസംഗംനിമിത്തം

ബന്ധിക്കപ്പെട്ടവനായഖിലകാമങ്ങളു-
മന്തമററനുഭവിക്കുകയും ചെയ്യുന്നു ഞാൻ. 45

ദാനം സ്വധർമ്മം യമം നിയമം വേദാഭ്യാസം
നാനാകർമ്മങ്ങൾ മുഖ്യവ്രതങ്ങളെന്നിതെല്ലാം

മാനസം നിരോധിപ്പാനുദ്ദേശിച്ചുള്ളതത്രേ,
മാനസസമാധാനം പരമാം യോഗമല്ലോ. 46

മാനസം പ്രശാന്തവും സമാഹിതവുമെങ്കിൽ
ദാനാദികൊണ്ടവനു സാധിപ്പാനെന്തോന്നുള്ളൂ?

അടങ്ങാത്തതുമോജസ്സററതുമാകും ചിത്ത-
മുടയ മർത്ത്യന്നെന്താണിവയാൽ
പ്രയോജനം? 47

സുരവൃന്ദവുമിന്ദ്രിയൗഘവും മാനസത്തിൻ-
വരുതിയിൽത്താൻ, മനമന്യാധീനവുമല്ല.

ബലിഷ്ഠന്മാരിലേററം ബലിയായ്
ഭീഷ്മനായി-
ച്ചലിക്കും മനോദേവൻ ദേവദേവൻതാൻ ദൃഢം

അവനേ വശംവദനാക്കിടും മനുഷ്യനീ-
യവനിതന്നിൽപ്പിന്നെയാരെയും
വെല്ലാനില്ല. 48

അസഹ്യവേഗനായി മർമ്മച്ഛേദിയായ്
വെൽവാ-
നശക്യനായീടുമശ്ശത്രുവെജ്ജയിക്കാതെ

മൂഢന്മാർ ചിലരിഹ ബന്ധുശത്രൂദാസീന-
രോടിടഞ്ഞസത്താകുമാഹവം നടത്തുന്നു. 49

അറിവില്ലാത്ത മർത്ത്യർ മനഃകല്പിതമാകും
ശരീരം ഞാനെന്റെയെന്ന ... ക്കെയും
സ്വീകരിച്ച

ഇതു ഞാ,നതോ പരനെന്ന ഭേദഭ്രമത്താൽ
സതതമപാരാന്ധകാരത്തിലുഴലുന്നു. 50

ജനംതാൻ സുഖദുഃഖകാരണമെന്നാണെങ്കിൽ,
തനുവിനെന്യേ ഹാനിയാത്മാവിനില്ലയല്ലോ.

സ്വന്തമാം ദന്തംകൊണ്ടു രസന മുറിഞ്ഞേററം
നൊന്തിടുന്നെങ്കിലതിന്നാരോടു
കോപിക്കണം? 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖസ്യ ഹേതുര്യദി ദേവതാസ്തു
കിമാത്മനസ്തത്ര വികാരയോസ്തത്
യദങ്ഗമങ്ഗേന നിഹന്യതേ ക്വചിത്
ക്രുദ്ധ്യേത കസ്മൈ പുരുഷഃ സ്വദേഹേ. 52

ആത്മാ യദി സ്യാത് സുഖദുഃഖഹേതുഃ
കിമന്യതസ്തത്ര നിജസ്വഭാവഃ
ന ഹ്യാത്മനോഽന്യദ്യദി തന്മൃഷാ സ്യാത്
ക്രുദ്ധ്യേത കസ്മാന്ന സുഖം ന ദുഃഖം. 53

ഗ്രഹാ നിമിത്തം സുഖദുഃഖയോശ്ചേത്
കിമാത്മനോഽജസ്യ ജനസ്യ തേ വൈ
ഗ്രഹൈർഗ്രഹസ്യൈവ വദന്തി പീഡാം
ക്രുദ്ധ്യേത കസ്മൈ പുരുഷസ്തതോഽന്യഃ. 54

കർമ്മാസ്തു ഹേതുഃ സുഖദുഃഖയോശ്ചേത്
കിമാത്മനസ്തദ്ധി ജഡാജഡത്വേ
ദേഹസ്ത്വചിത് പുരുഷോഽയം സുപർണ്ണഃ
ക്രുദ്ധ്യേത കസ്മൈ ന ഹി കർമ്മമൂലം. 55

കാലസ്തു ഹേതുഃ സുഖദുഃഖയോശ്ചേത്
കിമാത്മനസ്തത്ര തദാത്മകോഽസൗ?
നാഗ്നേഹി താപോ ന ഹിമസ്യ തത് സ്യാത്
ക്രുദ്ധ്യേത കസ്മൈ ന പരസ്യ ദ്വന്ദ്വം. 56

ന കേനചിത് ക്വാപി കഥഞ്ചനാസ്യ
ദ്വന്ദ്വോപരാഗഃ പരതഃ പരസ്യ
യഥാഹമഃ സംസൃതിരൂപിണഃ സ്യാ–
ദേവം പ്രബുദ്ധോ ന ബിഭേതി ഭൂതൈഃ. 57

ഏതാം സ ആസ്ഥായ പരാത്മനിഷ്ഠാ–
മധ്യാസിതാം പൂർവ്വതമൈർമ്മഹർഷിഭിഃ
അഹം തരിഷ്യാമി ദുരന്തപാരം
തമോ മുകുന്ദാങ്ഘ്രിനിഷേവയൈവ. 58

ശ്രീഭഗവാനുവാച

നിർവ്വിദ്യ നഷ്ടദ്രവിണോ ഗതക്ലമഃ
പ്രവ്രജ്യ ഗാം പര്യടമാന ഇത്ഥം
നിരാകൃതോഽസദ്ഭിരപി സ്വധർമ്മാ–
ദകമ്പിതോഽമും മുനിരാഹ ഗാഥാം. 59

സുഖദുഃഖപ്രദോ നാന്യഃ പുരുഷസ്യാത്മവിഭ്രമഃ
മിത്രോദാസീനരിപവഃ സംസാരസ്തമസഃ കൃതഃ. 60

തസ്മാത് സർവ്വാത്മനാ താത നിഗൃഹാണ മനോ ധിയാ
മയ്യാവേശിതയാ യുക്ത ഏതാവാൻ യോഗസങ്ഗ്രഹഃ. 61

യ ഏതാം ഭിക്ഷുണാ ഗീതാം ബ്രഹ്മനിഷ്ഠാം സമാഹിതഃ
ധാരയൻ ശ്രാവയൻ ശൃണ്വൻ ദ്വന്ദ്വൈർന്നൈവാഭിഭൂയതേ. 62

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ത്രയോവിംശതിതമോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സങ്കടഹേതുവിന്ദ്രിയാവാസിദേവന്മാരാ-
ണെങ്കിലാത്മാവിനെന്തു വികാരങ്ങൾ-
ക്കെന്നിയേ
ഒരങ്ഗമന്യാങ്ഗത്താൽ നശിക്കപ്പെട്ടിടു-
മ്പോൾ
പുരുഷൻ സ്വാങ്ഗത്തിലേതങ്ഗത്തോടീ-
ഷ്യപ്പെടും? 52

ശോകസൗഖ്യങ്ങളുടെ കാരണമാത്മാവെങ്കി-
ലാകട്ടെ,യതാത്മാവിൻസ്വഭാവം തന്നെയല്ലോ.

അന്യനിൽനിന്നുണ്ടാകാനൊന്നുമില്ലാത്മാ-
വല്ലാ-
തന്യമായൊന്നുമേയി,ല്ലുണ്ടെന്നു തോന്നീടു-
കിൽ,

അതു മിഥ്യതാൻ, സുഖമില്ല ദുഃഖവുമില്ലെ-
ന്നതിനാൽ പിന്നെയാരോടമർഷം
കാണിച്ചിടും? 53

ഗ്രഹങ്ങൾമൂലം സുഖദുഃഖങ്ങളെങ്കിൽ, ജന്മ-
രഹിതനാത്മാവിനു ദോഷമെന്തിരിക്കുന്നു?

അതിനാൽ, ഗ്രഹങ്ങൾക്കുതന്നെയാം
പീഡയെന്നു
മതിമാന്മാരാം ജ്യോതിശ്ശാസ്ത്രജ്ഞരരുളുന്നു.

അവയിൽനിന്നു ഭിന്നനായിടും പുരുഷന്നീ-
യവനിതന്നിൽ കോപിച്ചീടുവാനാരി-
രിപ്പൂ? 54

കർമ്മമാം സുഖദുഃഖഹേതുവെന്നാകിലാട്ടെ,
കർമ്മമില്ലല്ലോ ജഡാജഡഭാവത്തിലെന്യേ.

ആത്മാവിനതുകൊണ്ടുമുണ്ടാകാനില്ല ഹാനി-
യാത്മാവു ചിത്സ്വരൂപൻ, ദേഹമോ വെറും
ജഡം.

ഓരുമ്പോളാമുറസ്സു കർമ്മത്തിനില്ല മൂല-
മാരോടു പിന്നെയതുകാരണം
കോപിക്കണം? 55

മാലിനും സുഖത്തിനും കാരണമായുള്ളതു
കാലമാണെങ്കിലെന്താ,ണാത്മാവു
കാലാത്മകൻ

വഹ്നിതൻ ചൂടും മഞ്ഞിൻ തണുപ്പും തദംശങ്ങൾ-
ക്കൊന്നിനും ദോഷമായിത്തീരുമാറില്ലയല്ലോ.

ബന്ധങ്ങളൊന്നും പരമാത്മാവു തനിക്കില്ല-
യെന്നിരിക്കവേ മന്യുവാരോടു കാട്ടീടണം? 56

ആരാലുമൊരിക്കലും പ്രകൃതിതന്നിൽനിന്നു
വേറായിരിക്കുമാത്മാവിന്നൊരുവിധത്തിലും

ഇല്ലല്ലോ സുഖദുഃഖസംബന്ധമില്ലാത്തത-
ങ്ങുള്ളതായ്ത്തോന്നിക്കുന്നതഹന്തയത്രേ
പാർക്കിൽ.

ഭൂതങ്ങളാലേ ബാധ ബോധവാനുണ്ടായിടാ
ഭീതിക്കില്ലവകാശമേതുമേയതുമൂലം. 57

പണ്ടു പണ്ടേ മഹർഷിമാരെല്ലാം സ്വീകരിച്ചു-
കൊണ്ടോരിപ്പരമാത്മനിഷ്ഠയങ്ഗീകരിച്ചു

കൊണ്ടൽവർണ്ണാങ്ഘ്രിസേവകൊണ്ടുതന്നെ
ഞാൻ കര-
കണ്ടീടാത്തതാം തമസ്സിന്ധുവെസ്സന്തരിപ്പൻ.58

ശ്രീഭഗവാൻ പറഞ്ഞു

തന്മുതലെല്ലാം നഷ്ടമാകിലും ഗതക്ലേശ-
മമ്മുനി വൈരാഗ്യമാർന്നക്ഷണം സന്ന്യസിച്ചു

പൃഥ്വിയിൽ ചരിച്ചു ദുർജ്ജനത്തിൽനിന്നുപീഡ-
യെത്തീട്ടും ധർമ്മംവിടാതീ ഗാഥ
പാടീടിനാൻ. 59

പുമാനു സുഖദുഃഖദ്വന്ദ്വങ്ങൾ ചേർക്കുന്നതു
സ്വമനഃഭ്രാന്തിയത്രേ,യന്യനല്ലൊരിക്കലും.

ബന്ധുശത്രൂദാസീനരൂപമാം സംസാരത്തെ
സന്ധിപ്പിച്ചീടുന്നതിങ്ങജ്ഞാനംതന്നെ
നൂനം. 60

അതിനാലെന്നിൽ ശിഷ്യാ! എത്തുറ-
പ്പിച്ചു മന-
മതിനെഢീയാൽ നിഗ്രഹിപ്പതാം
യോഗസാരം. 61

സന്ന്യാസി ഗാനംചെയ്തോരീഗാഥ പരബ്രഹ്മ-
സന്നിഷ്ഠയോടു നന്നായ് ധരിച്ചു കേൾപ്പി-
ക്കയും

കേൾക്കയുംചെയ്തു നിജമാനസം സ്വാധീനത്തി-
ലാക്കീടുന്നവൻ ബന്ധബാധിതനാകാ ദൃഢം. 62

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുർവ്വിംശതിതമോഽധ്യായഃ

ശ്രീഭഗവാനുവാച

അഥ തേ സംപ്രവക്ഷ്യാമി സാംഖ്യം പൂർവ്വൈർവ്വിനിശ്ചിതം
തദ്വിജ്ഞായ പുമാൻ സദ്യോ ജഹ്യാദ് വൈകല്പികം ഭ്രമം. 1

ആസീജ്ജ്ഞാനമഥോ ഹ്യർത്ഥ ഏകമേവാവികല്പിതം
യദാ വിവേകനിപുണാ ആദൗ കൃതയുഗേഽയുഗേ. 2

തന്മായാഫലരൂപേണ കേവലം നിർവ്വികല്പിതം
വാങ്മനോഽഗോചരം സത്യം ദ്വിധാ സമഭവദ്ബൃഹത്. 3

തയോരേകതരോ ഹ്യർത്ഥഃ പ്രകൃതിഃ സോഭയാത്മികാ
ജ്ഞാനം ത്വന്യതമോ ഭാവഃ പുരുഷഃ സോഽഭിധീയതേ. 4

തമോ രജഃ സത്ത്വമിതി പ്രകൃതേരഭവൻ ഗുണാഃ
മയാ പ്രക്ഷോഭ്യമാണായാഃ പുരുഷാനുമതേന ച. 5

തേഭ്യഃ സമഭവത് സൂത്രം മഹാൻ സൂത്രേണ സംയുതഃ
തതോ വികുർവ്വതോ ജാതോ യോഽഹങ്കാരോ വിമോഹനഃ. 6

വൈകാരികസ്തൈജസശ്ച താമസശ്ചേത്യഹം ത്രിവൃത്
തന്മാത്രേന്ദ്രിയമനസാം കാരണം ചിദചിന്മയഃ. 7

അർത്ഥസ്തന്മാത്രികാജ്ജജ്ഞേ താമസാദിന്ദ്രിയാണി ച
തൈജസാദ്ദേവതാ ആസന്നേകാദശ ച വൈകൃതാത്. 8

മയാ സഞ്ചോദിതാ ഭാവാഃ സർവ്വേ സംഹത്യകാരിണഃ
അണ്ഡമുത്പാദയാമാസുർമ്മമായതനമുത്തമം. 6

തസ്മിന്നഹം സമഭവമണ്ഡേ സലിലസംസ്ഥിതൗ
മമ നാഭ്യാമഭൂത് പദ്മം വിശ്വാഖ്യം തത്ര ചാത്മഭൂഃ. 10

സോഽസൃജത്തപസാ യുക്തോ രജസാ മദനുഗ്രഹാത്
ലോകാൻ സപാലാൻ വിശ്വാത്മാ ഭൂർഭുവഃ സ്വരിതി
ത്രിധാ. 11

ദേവാനാമോക ആസീത് സ്വർ,ഭൂതാനാം ച ഭുവഃ പദം,
മർത്ത്യാദീനാം ച ഭൂർലോകഃ സിദ്ധാനാം ത്രിതയാത്
പരം. 12

അധോഽസുരാണാം നാഗാനാം ഭൂമേരോകോഽസൃജത് പ്രഭുഃ
ത്രിലോക്യാം ഗതയഃ സർവ്വാഃ കർമ്മണാം ത്രിഗുണാത്മനാം. 13

യോഗസ്യ തപസശ്ചൈവ ന്യാസസ്യ ഗതയോഽമലാഃ
മഹർജ്ജനസ്തപഃ സത്യം ഭക്തി യോഗസ്യ മദ്ഗതിഃ. 14

മയാ കാലാത്മനാ ധാത്രാ കർമ്മയുക്തമിദം ജഗത്
ഗുണപ്രവാഹ ഏതസ്മിന്നുന്മജ്ജതി നിമജ്ജതി. 15

അണുർബൃഹത് കൃശഃ സ്ഥൂലോ യോ യോ ഭാവഃ പ്രസിധ്യതി
സർവ്വോഽപ്യുഭയസംയുക്തഃ പ്രകൃത്യാ പുരുഷേണ ച. 16

യസ്തു യസ്യാദിരന്തശ്ച സ വൈ മധ്യം ച തസ്യ സൻ
വികാരോ വ്യവഹാരാർത്ഥോ യഥാ തൈജസപാർത്ഥിവാഃ. 17

യദുപാദായ പൂർവ്വസ്തു ഭാവോ വികുരുതേഽപരം
ആദിരന്തോ യദാ യസ്യ തത് സത്യമഭിധീയതേ. 18

പ്രകൃതിർഹ്യസ്യോപാദാനമാധാരഃ പുരുഷഃ പരഃ
സതോഽഭിവ്യഞ്ജകഃ കാലോ ബ്രഹ്മ തത് ത്രിതയം ത്വഹം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 24

ഉദ്ധവോപദേശം—സാംഖ്യയോഗം—മനോമോഹനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

ഇനി ഞാൻ പൂർവ്വാചാര്യനിശ്ചിതം സാംഖ്യ-
ശാസ്ത്രം
നിനക്കായുപദേശിച്ചീടുന്നു കേട്ടുകൊൾക.
പുമാനായതു നേരേ ധരിച്ച വികല്പജ-
ഭ്രമമൊക്കെയും പെട്ടെന്നുപേക്ഷിച്ചീടുന്നിതു. 1
ആദിയിൽ പ്രളയത്തിലഖിലപദാർത്ഥവും
ഭേദമറ്റേകമാകുമറിവായിരുന്നിതു.
കൃതമാം യുഗത്തിലും വിവേകനിപുണന്മാ-
രുദിച്ച സമയത്തിജ്ഞാനമുണ്ടായിരുന്നു. 2
ഏകമായ് വികല്പിക്കപ്പെടാത്തതായി മനോ-
വാഗഗോചരമായിസ്സത്യമായ് സ്ഥിതിചെയ്യും
ആ ബ്രഹ്മം ജഡമെന്നും ചിത്തെന്നും രണ്ടുമട്ടിൽ
സംഭവിച്ചിതു ദൃശ്യം ദ്യോതകമെന്നിങ്ങനെ. 3
ഒന്നതിൽ ചിജ്ജഡങ്ങൾ ചേർന്നതാം
പ്രകൃതി, മ-
റ്റൊന്നു ചൈതന്യമതിൽ ചൈതന്യം
പുരുഷൻതാൻ. 4
പുരുഷാഖ്യനാമെന്നാൽ പ്രക്ഷോഭ്യമാനയായി-
ട്ടിരിക്കും പ്രകൃതിയിൽനിന്നുണ്ടായ് ഗുണത്രയം.
അവയിൽനിന്നും സൂത്രമെന്നാഖ്യയാർന്ന തത്ത്വം
ഭവിച്ചിതതിനോടു ചേർന്നുണ്ടായ് മഹത്തത്ത്വം
വികൃതമാകുമതിൽനിന്നഥ വിമോഹന-
പ്രകൃതിയെഴുമഹംതത്ത്വവും ജാതമായി. 5-6
സാത്ത്വികം രാജസവും താമസമെന്നായഹം-
തത്ത്വവും മൂന്നുവിധമായിട്ടു ഭവിച്ചിതു.
ജഡചിന്മയമഹങ്കാരം തന്മാത്രേന്ദ്രിയ-
പടലം മാനസമെന്നിവയ്ക്കു ഹേതുവത്രേ. 7
ശബ്ദാദിഹേതുവാകും താമസാഹങ്കാരത്തി-
ന്നുദ്ഭൂതമായീ പഞ്ചഭൂതങ്ങളനന്തരം
രാജസാഹങ്കാരത്തിന്നേകാദശേന്ദ്രിയങ്ങൾ
സംജാതമായി സാത്ത്വികാഹങ്കാരത്തിൽ-
നിന്നും
പതിനൊന്നിന്ദ്രിയാധിഷ്ഠാനദേവതകളാ-
യുദിച്ചു ദിനേശവരനിശേശമാരുതാദ്യർ. 8
എന്നാൽ പ്രേരിതങ്ങളാമിസ്സ്വഭാവങ്ങള-
മൊന്നിച്ചുചേർന്നു കർമ്മനിരതങ്ങളായഥ
മത്പ്രിയോത്തമസ്ഥാനമായീടും ബ്രഹ്മാ-
ണ്ഡത്തെ-
യുദ്ഭവിപ്പിച്ചെന്നതു ധരിക്ക മഹാമതേ! 9
സലിലസ്ഥിതമാകുമണ്ഡത്തിൽ സ്ഥിതി-
ചെയ്തോ-
നളവായെൻ നാഭിയിൽനിന്നു വിശ്വാഖ്യം
പദ്മം
അപ്പങ്കജത്തിൽനിന്നും പിന്നെയപ്പിതാമഹ-
നുദ്ഭൂതനായീടിനാൻ മദ്ഭക്തോത്തംസമേ!
കേൾ. 10
ലോകാത്മാവായീ ബ്രഹ്മാവെന്നനുഗ്രഹാത്താല-
വ്യാകുലം രജോഗുണയുക്തനായ്ത്തപശ്ശക്ത്യാ
ലോകപാലരോടൊത്തു സൃഷ്ടിച്ചാൻ ഭൂവും ഭുവർ-
ല്ലോകവും സ്വർഗ്ഗമെന്നും ത്രിവിധം
ലോകങ്ങളെ. 11
ദിവിഷത്തുകൾ വിണ്ണും, ഭൂതപ്രേതാദിയെല്ലാം
ഭുവർല്ലോകവും, മർത്ത്യർ മഹിയും സ്ഥാനമാക്കി
സിദ്ധന്മാർക്കീ സ്ഥാനങ്ങൾ മൂന്നിനും
മീതേയായി
വർത്തിക്കും മഹർല്ലോകമാസ്ഥാനമായി-
ത്തീർന്നു. 12
വിധാതാവസുരർക്കും ഭുജങ്ഗങ്ങൾക്കും ഭുവി-
ന്നധോഭാഗത്തിൽ സ്ഥാനം സൃഷ്ടിച്ചുകൊടു-
ത്തിതു.
ത്രിഗുണജാതങ്ങളാം സമസ്തകർമ്മങ്ങൾക്കും
ജഗത്ത്രയത്തിൽ സദ്ഗതിയും ഭവിക്കുന്നു. 13
യോഗവും തപസ്സും സന്ന്യാസവും കൊണ്ടു മഹർ-
ല്ലോകവും ജനലോകം തപോലോകവും ക്രമാൽ
സത്യലോകവുമത്താം ഭക്തിയോഗം-
നിമിത്ത-
മെന്നെത്തന്നെ താനിക്കുള്ള വൈകുണ്ഠലോ-
കത്തല്ലോ. 14
കാലരൂപനും ഫലദാതാവുമാകുമീ ഞാൻ
മൂലമായ്ക്കർമ്മയുക്തമാകുമീ പ്രാണിജാലം
ഗൗണപ്രവാഹരൂപമാകുമിപ്രപഞ്ചത്തിൽ
വീണു മുങ്ങിയും വീണ്ടും പൊങ്ങിയും
കിടക്കുന്നു. 15
ചെറുതും വൻപിച്ചതും കൃശം സ്ഥൂലവുമെന്നി-
ത്തരത്തിൽ പദാർത്ഥങ്ങളേതെല്ലാമുണ്ടോ
പാരിൽ
ശരിയായവയെല്ലാം പ്രകൃതിപുമാന്മാരോ-
ടൊരുമിച്ചിരിപ്പവയെന്നു നീ ധരിച്ചാലും. 16
ഒരു സാധനത്തിന്റെയാദിയായന്തമായു-
മിരിപ്പതേതൊന്നതേ മദ്ധ്യവുമായിരിക്കൂ.
മണ്ണു പൊന്നിവകൊണ്ടു നിർമ്മിക്കും പദാർത്ഥ-
ളെന്നപോൽ വികാരവും വ്യവഹാരത്തിനത്രേ.
ഏതിനെയാശ്രയിച്ചാം മഹത്തത്ത്വാദിയന്യ-
ഭൂതജാലത്തെയെല്ലാം മുറയ്ക്കു സൃഷ്ടിപ്പതും
ഏതൊന്നാണാദ്യന്തങ്ങളില്ലാതെയിരിപ്പതു
വാദമില്ലതുതന്നെ സത്യമായുള്ള വസ്തു. 17-18
കാണപ്പെടുന്നതെല്ലാം കാര്യരൂപമായുള്ള-
താണിവയ്ക്കാദി, മൂലം പ്രകൃതി,യധിഷ്ഠാനം
പരനാം പുമാൻ, ദ്യോതിപ്പിപ്പതു കാലവും താൻ;
ശരിയായിതു മൂന്നും ബ്രഹ്മമാം ഞാനെ-
ന്നോർക്ക 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗഃ പ്രവർത്തതേ താവത് പൗർവാപര്യേണ നിത്യശഃ
മഹാൻ ഗുണവിസർഗ്ഗാർത്ഥഃ സ്ഥിത്യന്തോ യാവദീക്ഷണം. 20
വിരാണ്മയാഽഽസാദ്യമാനോ ലോകകല്പവികല്പകഃ
പഞ്ചത്വായ വിശേഷായ കല്പതേ ഭുവനൈഃ സഹ. 21
അന്നേ പ്രലീയതേ മർത്ത്യ,മന്നം ധാനാസു ലീയതേ,
ധാനാ ഭൂമൗ പ്രലീയന്തേ, ഭൂമിർഗ്ഗന്ധേ പ്രലീയതേ. 22
അപ്സു പ്രലീയതേ ഗന്ധ, ആപശ്ച സ്വഗുണേ രസേ,
ലീയതേ ജ്യോതിഷി രസോ, ജ്യോതീ രൂപേ പ്രലീയതേ. 23
രൂപം വായൗ, സ ച സ്പർശേ, ലീയതേ സോഽപി ചാംബരേ,
അംബരം ശബ്ദതന്മാത്ര, ഇന്ദ്രിയാണി സ്വയോനിഷു. 24
യോനിർവൈകാരികേ സൗമ്യ! ലീയതേ മനസീശ്വരേ
ശബ്ദോ ഭൂതാദിമപ്യേതി ഭൂതാദിർമ്മഹതി പ്രഭുഃ. 25
സ ലീയതേ മഹാൻ സ്വേഷു ഗുണേഷു ഗുണവത്തമഃ
തേഽവ്യക്തേ സംപ്രലീയന്തേ തത് കാലേ ലീയതേഽവ്യയേ. 26
കാലോ മായാമയേ ജീവേ ജീവ ആത്മനി മയ്യജേ
ആത്മാ കേവല ആത്മസ്ഥോ വികല്പാപായലക്ഷണഃ. 27
ഏവമന്വീക്ഷമാണസ്യ കഥം വൈകല്പികോ ഭ്രമഃ
മനസോ ഹൃദി തിഷ്ഠേത വ്യോമ്നീവാർക്കോദയേ തമഃ. 28
ഏഷ സാംഖ്യവിധിഃ പ്രോക്തഃ സംശയഗ്രന്ഥിഭേദനഃ
പ്രതിലോമാനുലോമാഭ്യാം പരാവരദൃശാ മയാ. 29

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ചതുർവ്വിംശതിതമോഽധ്യായഃ

പഞ്ചവിംശതിതമോഽധ്യായഃ

ശ്രീഭഗവാനുവാച

ഗുണാനാമസമിശ്രാണാം പുമാൻ യേന യഥാ ഭവേത്
തന്മേ പുരുഷവര്യേദമുപധാരയ ശംസതഃ. 1
ശമോ ദമസ്തിതിക്ഷേക്ഷാ തപഃ സത്യം ദയാ സ്മൃതിഃ
തുഷ്ടിസ്ത്യാഗോഽസ്പൃഹാ ശ്രദ്ധാ ഹ്രീർദയാദിഃ
സ്വനിർവൃതിഃ. 2
കാമ ഈഹാ മദസ്തൃഷ്ണാ സ്തംഭ ആശീർഭിദാ സുഖം
മദോത്സാഹോ യശഃപ്രീതിർഹാസ്യം വീര്യം ബലോദ്യമഃ. 3
ക്രോധോ ലോഭോഽനൃതം ഹിംസാ യാച്ഞാ ദംഭഃ ക്ലമഃ കലിഃ
ശോകമോഹൗ വിഷാദാർത്തീ നിദ്രാഽഽശാ ഭീരനുദ്യമഃ. 4
സത്ത്വസ്യ രജസശ്ചൈതാസ്തമസശ്ചാനുപൂർവശഃ
വൃത്തയോ വർണ്ണിതപ്രായാഃ സന്നിപാതമഥോ ശൃണു. 5
സന്നിപാതസ്ത്വഹമിതി മമേത്യുദ്ധവ! യാ മതിഃ
വ്യവഹാരഃ സന്നിപാതോ മനോമാത്രേന്ദ്രിയാസുഭിഃ. 6
ധർമ്മേ ചാർത്ഥേ ച കാമേ ച യദാസൗ പരിനിഷ്ഠിതഃ
ഗുണാനാം സന്നികർഷോഽയം ശ്രദ്ധാരതിധനാവഹഃ. 7
പ്രവൃത്തിലക്ഷണേ നിഷ്ഠാ പുമാൻ യർഹി ഗൃഹാശ്രമേ
സ്വധർമ്മേ ചാനുതിഷ്ഠേത ഗുണാനാം സമിതിർഹി സാ. 8
പുരുഷം സത്ത്വസംയുക്തമനുമീയാച്ഛമാദിഭിഃ
കാമാദിഭീ രജോയുക്തം ക്രോധാദ്യൈസ്തമസാ യുതം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുൻപുമുൻപുണ്ടായവ പിതാവു പുത്രനെന്ന
സമ്പ്രദായത്തിൽ പിൻപുള്ളവയ്ക്കു ഹേതുക്കളായ്
ജീവാനുഗ്രഹത്തിനായാരംഭിച്ചൊരീ സൃഷ്ടി-
യാവർത്തിച്ചീടുന്നിതേ സ്ഥിത്യന്തകാലം-
വരെ. 20

നാനാഭേദങ്ങളോടുകൂടിയ വിരാഡ്പുമാൻ
താനുമാലയിക്കുന്ന ലോകങ്ങളെത്തീയെന്നിൽ
പഞ്ചഭൂതങ്ങളെല്ലാം നാനാത്വം നശിച്ചുടൻ
പഞ്ചത്വം പ്രാപിക്കുവാൻ യോഗ്യമായ്
ഭവിക്കുന്നു. 21

ശരീരമന്നത്തിലു,മന്നമദ്ധാന്യത്തിലും,
ധരയിൽ ധാന്യങ്ങളും, ധരണി ഗന്ധത്തിലും;
22

ഗന്ധമപ്പിലും, ജലം തദ്ഗുണരസത്തിലു-
മന്തരിക്കുന്നു രസം തീയിൽ,ത്തീ-
രൂപത്തിലും. 23

രൂപമാ മാരുതങ്കൽ, മാരുതൻ സ്പർശത്തിലും
പ്രാപിപ്പൂ ലയം, സ്പർശമാകാശത്തിലും,വ്യോമം
ശബ്ദതന്മാത്രതന്നി,ലിന്ദ്രിയഗണം ലയം
സാധിപ്പൂ തത്തദധിഷ്ഠാനദേവന്മാരിലും. 24

ഇന്ദ്രിയദേവതാളി ലയിച്ചീടുന്നു പിന്നെ-
യിന്ദ്രിയനാഥനും തദ്യോനിയുമാം മനസ്സിൽ
മാനസം സാത്ത്വികാഹങ്കാരംതന്നിലും ശബ്ദം
താനേ താമസാഹന്തതന്നിലു,മതുപോലെ,
പ്രഭുവാമഹങ്കാരത്രിതയം ജാഡ്യാംശങ്ങൾ
ഉപദി നീക്കി മഹാൻതന്നിലും
വിലയിപ്പൂ. 25

ഗുണവത്തമനാകുമാമഹത്തത്ത്വം നിജ-
ഗുണൗഘത്തിലു,മവയവ്യക്തത്തിലും തഥാ
അവ്യക്തം പിന്നെയുപരതിഭാവത്തെയാളു-
മവ്യയമാകും കാലംതന്നിലുമാലയിപ്പൂ. 26

കാലമാമായാമയൻ ജീവനിൽ, ജീവൻ ലയ-
മേലുന്നിതങ്ങാത്മാവുമജനുമാമെന്നിലും
ഉദ്ഭവനാശങ്ങൾതൻ സീമയായേകനായി-
ട്ടുദ്ഭാസിച്ചീടുമാത്മാവാത്മാവിൽ
സ്ഥിതിചെയ്‌വൂ. 27

ഈവിധം ചിന്തിക്കുവോൻതന്നുള്ളിൽ
മനസ്സിൻെറ-
യാ വികല്പഭ്രമത്തിന്നെങ്ങനെയുണ്ടാം സ്ഥാനം?
ആദിത്യനുദിച്ചീടുന്നളവിലന്ധകാര-
ബാധയാകാശംതന്നിലല്പവുമുണ്ടാകുമോ? 28

ഹേതുകാര്യജ്ഞനാം ഞാൻ പ്രതി-
ലോമാനുലോമ-
രീതിയിൽ ചുരുക്കത്തിലിദാനീം ഭവാനോടായ്
സംശയഗ്രന്ഥിയെല്ലാം സമൂലം നശിപ്പിക്കു-
മീ സാംഖ്യവിധികളെയരുളിച്ചെയ്തീ-
ടിനേൻ. 29

അദ്ധ്യായം 25

ഉദ്ധവോപദേശം—ഗുണവൃത്തിനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

പുരുഷർഷഭ! ഗുണത്രയത്തിൻ കലപ്പില്ലാ-
തിരുന്നീടുന്ന ഗുണമോരോന്നും ധരിച്ചിട്ടും
പുരുഷനേതുമട്ടിലിരിക്കുമെന്നുള്ളതു-
മുരച്ചീടുന്നു കേട്ടു ധരിച്ചുകൊള്ളൂ ഭവാൻ. 1

തിതിക്ഷ, ശമം, ദമം, തപസ്സ്, സത്യം, ത്യാഗം,
സ്മൃതി,യസ്പൃഹ, തുഷ്ടി, കാരുണ്യം,
തത്ത്വചിന്ത,
ദാനശീലവും, ശ്രദ്ധ,ലജ്ജയു,മാത്മാവില-
ന്യനമാം നിർവൃതിയും സാത്ത്വിക-
ലക്ഷണങ്ങൾ. 2

ആശയും, ഗർവ്വം, യത്നം, ദർപ്പവു,മതൃപ്തിയു-
മാശിസ്സ്, രണോത്സാഹം സുഖവും, ഭേദധീയും
സതതം ബലോദ്യമം വീര്യവും ഹാസ്യശീലം
സ്തുതി പ്രീതിയും രജോഗുണവൃത്തികളത്രേ. 3

ക്രോധവും, ലോഭം, കള്ളംചൊല്ലുക,യന്യന്മാർക്കു
ബാധചേർക്കുക, യാച്ഞ, ദംഭവും, ക്ലമം, നിദ്ര
അനുശോചനം, ഭ്രമം, വിഷാദ,മാർത്തി,ശങ്ക-
യനുദ്യമം, ഭീ,യാശ,യിവയാം താമസങ്ങൾ. 4

സത്ത്വം, രജസ്സ്, തമസ്സിഗ്ഗുണത്രിതയത്തിൻ
വൃത്തികൾ മുറയ്ക്കോതീ, കലച്ച് ചൊല്ലാമിനി.5

ഞാനെന്നുമെൻേറതെന്നുമുള്ളതാം വിചാരവും
മാനസപ്രാണേന്ദ്രിയവിഷയവ്യാപാരവും
ഗുണസങ്കലനത്താലുദ്ഭവിച്ചീടുന്നതായ്
പ്രണയനിധേ! ഭക്തപ്രവരാ! ധരിച്ചാലും. 6

ശരിയായ് ധർമ്മത്തിലുമർത്ഥത്തിൽ കാമത്തിലും
പരിനിഷ്ഠനായിരുന്നീടിന പുമാനെന്നും
വിത്താർജ്ജനത്തിലാശ, രതിയും, ശാസ്ത്രങ്ങളിൽ
ശ്രദ്ധയുമുണ്ടായിടും, ഗുണമേളനത്തിനാൽ. 7

കർമ്മലക്ഷണഗൃഹസ്ഥാശ്രമനിഷ്ഠയും സ്വ-
ധർമ്മസ്ഥൈര്യവുമതുമൂലമായ് പുമാനുണ്ടാം. 8

ശമാദിഗുണമാർന്നോൻ സത്ത്വാഢ്യനെന്നും
കാമം
ക്രമാതിരേകം കാണ്മോൻ രജഃപ്രധാനനെന്നും
അമിതമായി ക്രോധം കലർന്നിരുന്നീടുവോൻ
തമഃപ്രധാനനെന്നുമൂഹിച്ചറിഞ്ഞീടണം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദാ ഭജതി മാം ഭക്ത്യാ നിരപേക്ഷഃ സ്വകർമ്മഭിഃ
തം സത്ത്വപ്രകൃതിം വിദ്യാത് പുരുഷം സ്ത്രീയമേവ വാ. 10

യദാ ആശിഷ ആശാസ്യ മാം ഭജേത സ്വകർമ്മഭിഃ
തം രജഃപ്രകൃതിം വിദ്യാദ്ധിംസാമാശാസ്യ താമസം. 11

സത്ത്വം രജസ്തമ ഇതി ഗുണാ ജീവസ്യ നൈവ മേ
ചിത്തജാ യൈസ്തു ഭൂതാനാം സജ്ജമാനോ നിബധ്യതേ. 12

യദേതരൗ ജയേത് സത്ത്വം ഭാസ്വരം വിശദം ശിവം
തദാ സുഖേന യുജ്യേത ധർമ്മജ്ഞാനാദിഭിഃ പുമാൻ 13

യദാ ജയേത്തമഃ സത്ത്വം രജഃ സങ്ഗം ഭിദാ ബലം
തദാ ദുഃഖേന യുജ്യേത കർമ്മണാ യശസാ ശ്രിയാ. 14

യദാ ജയേദ്രജഃ സത്ത്വം, തമോ, മൂഢം, ലയം, ജഡം
യുജ്യേത ശോകമോഹാഭ്യാം നിദ്രയാ ഹിംസയാഽഽശയാ. 15

യദാ ചിത്തം പ്രസീദേത ഇന്ദ്രിയാണാം ച നിർവൃതിഃ
ദേഹേഽഭയം മനോഽസങ്ഗം തത് സത്ത്വം വിദ്ധി
മത്പദം. 16

വികുർവ്വൻ ക്രിയയാ ചാധീരനിർവൃത്തിശ്ച ചേതസാം
ഗാത്രാസ്വാസ്ഥ്യം മനോ ഭ്രാന്തം രജ ഏതൈർന്നിശാമയ. 17

സീദച്ചിത്തം വിലീയേത ചേതസോ ഗ്രഹണേഽക്ഷമം
മനോ നഷ്ടം തമോ ഗ്ലാനിസ്തമസ്തദുപധാരയ. 18

ഏധമാനേ ഗുണേ സത്ത്വേ ദേവാനാം ബലമേധതേ
അസുരാണാം ച രജസി തമസ്യുദ്ധവ! രക്ഷസാം. 19

സത്ത്വാജ്ജാഗരണം വിദ്യാ,ദ്രജസാ സ്വപ്നമാദിശേത്
പ്രസ്വാപം തമസാ ജന്തോസ്തുരീയം ത്രിഷു സന്തതം. 20

ഉപര്യുപരി ഗച്ഛന്തി സത്ത്വേന ബ്രാഹ്മണാജനാഃ
തമസാഽധോഽധ ആമുഖ്യാദ്രജസാന്തരചാരിണഃ. 21

സത്ത്വേ പ്രലീനാഃ സ്വര്യാന്തി നരലോകം രജോലയാഃ
തമോലയാസ്തു നിരയം യാന്തി മാമേവ നിർഗ്ഗുണാഃ. 22

മദർപ്പണം നിഷ്ഫലം വാ സാത്ത്വികം നിജകർമ്മ തത്
രാജസം ഫലസങ്കല്പം ഹിംസാപ്രായാദി താമസം. 23

കൈവല്യം സാത്ത്വികം ജ്ഞാനം രജോ വൈകല്പികം ച യത്
പ്രാകൃതം താമസം ജ്ഞാനം മന്നിഷ്ഠം നിർഗ്ഗുണം സ്മൃതം. 24

വനം തു സാത്ത്വികോ വാസോ ഗ്രാമോ രാജസ ഉച്യതേ
താമസം ദ്യൂതസദനം മന്നികേതം തു നിർഗ്ഗുണം. 25

സാത്ത്വികഃ കാരകോഽസങ്ഗീ രാഗാന്ധോ രാജസഃ സ്മൃതഃ
താമസഃ സ്മൃതിവിഭ്രഷ്ടോ നിർഗ്ഗുണോ മദപാശ്രയഃ 26

സാത്ത്വിക്യാധ്യാത്മികീ ശ്രദ്ധാ, കർമ്മശ്രദ്ധാ തു രാജസീ,
താമസ്യധർമ്മേ യാ ശ്രദ്ധാ, മത്സേവായാം തു നിർഗ്ഗുണാ. 27

പഥ്യം പൂതമനായസ്തമാഹാര്യം സാത്ത്വികം സ്മൃതം,
രാജസം ചേന്ദ്രിയപ്രേഷ്ഠം, താമസം ചാർത്തിദാഽശുചി. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വകർമ്മങ്ങളാലെന്നെയപേക്ഷാവിഹീനനാ-
യകളങ്കിതം ഭക്തിപൂർവ്വകമുപാസിക്കും
പുരുഷൻതാനും സ്ത്രീയും സത്ത്വമാംഗുണ-
ത്തിനാൽ
പരിഭ്രഷ്ടിതരെന്നും മനസ്സിലാക്കീടണം. 10
വിഷയസുഖേച്ഛയാൽ സ്വകർമ്മങ്ങളാലെന്നെ
വിശുദ്ധമതേ! ഭജിച്ചീടുവോൻ രജോഗുണൻ.
അന്യനില്വപദ്രവം ചേർപ്പതിനുന്നിയാണ-
തെന്നാകിലവൻ തമോഗുണയുക്തനുമത്രേ. 11
സത്ത്വവും രജസ്സഥ തമസ്സിഗ്ഗുണം മൂന്നും
ചിത്തജങ്ങളും ജീവൻേറതുമാ,ണെൻെറയല്ല.
സർവ്വദാ ഭോഗങ്ങളോടൊന്നിച്ചുചേർന്നിരിക്കും
ജീവനേയുള്ളൂ ഗുണബന്ധനമെനിക്കില്ല. 12
ശുദ്ധമായ് ഭാസുരമായ് ശാന്തമാം സത്ത്വഗുണ-
മെത്തവ്വിൽ രജസ്തമോഗുണദ്വയത്തെ വെൽവൂ
പുരുഷൻ സുഖത്തൊടും ധർമ്മജ്ഞാനാദിയോടും
പരിചിൽ പരം രഞ്ജിച്ചത്തവ്വിൽ
ശോഭിപ്പിടും. 13
രജസ്സു സത്ത്വത്തെയും തമോഗുണത്തിനേയും
വിജയിക്കുമ്പോൾ വിഷയാസക്തി, ഭേദബുദ്ധി,
ശക്തിയും പ്രവൃത്തിയും കീർത്തിയുമൈശ്വര്യവും
ദുഃഖവുമൊത്തുചേർന്നു പുരുഷൻ കാണപ്പെടും. 14
തമസ്സു മററു രണ്ടു ഗുണത്തെജ്ജയിച്ചിടും-
സമയം ശോകം മോഹം സംഭ്രമമുറക്കവും
അന്യോപദ്രവകരപ്രവൃത്തിയത്യാശയു-
മൊന്നിച്ചുചേർന്നിണങ്ങിപ്പൂമാനെക്കാണു-
ന്നിതു. 15
മനസ്സിൻ പ്രസന്നത, യിന്ദ്രിയനിയന്ത്രണം
തനുനാശത്തിൽ ഭയമില്ലായ്മ, യനാസക്തി
ഇത്രയും സിദ്ധിക്കുകിലെന്നിലെത്തിച്ചീടുമ-
സ്സത്ത്വമാംഗുണമഭിവൃദ്ധമായെന്നോർക്കണം. 16
ചപലബുദ്ധിയായി മാനസേന്ദ്രിയങ്ങളെ-
യുപശമിപ്പിച്ചിടാതോരോരോ കർമ്മങ്ങളാൽ
എപ്പൊഴും വികാരമാർന്നംഗത്തിനസ്വാസ്ഥ്യവു-
മുൾപ്പൂവിൻഭ്രമവുമാം രജസ്സിൻലക്ഷണങ്ങൾ.
17
തളർന്നു പാരം വിവേചനത്തിനൊട്ടും ശക്തി-
കലർന്നിടാതെ ഏറ്റു ലയിച്ചു, മനം കെട്ടു,
തമസ്സും വിഷാദവും വർദ്ധിച്ചുകണ്ടീടുമ്പോൾ
തമസ്സാം ഗുണമെന്നുമുദ്ധവാ! ധരിച്ചാലും. 18
സത്ത്വമായീടും ഗുണം വർദ്ധിക്കിൽ സുരന്മാർക്കും,
വൃദ്ധമാം രജോഗുണമെന്നാകിലസുരർക്കും,
തമസ്സിൻ വൃദ്ധിയിങ്കൽ രാക്ഷസവൃന്ദത്തിനും
ക്രമാതീതമായ് ശക്തി വർദ്ധിച്ചുവന്നീടുന്നു. 19
സത്ത്വാധിക്യത്തിൽ ജാഗ്രത്തായിടുമവസ്ഥയും
വർദ്ധിതരജസ്സിനാൽ സ്വപ്നാവസ്ഥയും തഥാ
തമസ്സാൽ സുഷുപ്തിയും ചൊല്ലീടാമീമൂന്നിലും
സമമായ് സദാ വ്യാപ്തമായതു തുരീയമാം. 20
സത്ത്വത്താൽ വിപ്രനായി മേന്മേലുയർന്നുയർന്നു
സത്യലോകമെത്തുന്നു; തമസ്സാൽത്താണുതാണു
ശാഖികൾവരെ നാനാവിധമാം യോനിതോറും
പൂകുന്നു, രജസ്സിനാൽ മനുഷ്യലോകത്തെയും. 21
സത്ത്വത്തിൽ മരിച്ചവർ നാകവും രജോഗുണ-
വൃദ്ധിയിൽ മൃതരായോർ മാനവലോകത്തിലും
തമസ്സിൽ ചത്തീടുവോർ നരകലോകത്തിലും
ഗമിപ്പൂ, ഗുണാതീതരെന്നെയും പ്രാപിക്കുന്നു.22
എന്നിൽ സമർപ്പിച്ചതായ് ഫലാശയി-
ല്ലാത്തതായ്
മിന്നും സ്വധർമ്മാചാരം സത്ത്വത്തിൽ-
നിന്നുണ്ടായി.
ഫലസങ്കല്പകർമ്മം രജസ്സിൽനിന്നും, ഹിംസ-
കലരും കർമ്മം തമോഗുണത്തിൽനിന്നും
ജാതം. 23
കേവലസംബന്ധിയാം ബോധം സാത്ത്വി-
കമെന്നും
വൈവിധ്യഭേദജ്ഞാനം രാജസമെന്നും പിന്നെ
നിന്ദ്യം പ്രാകൃതജ്ഞാനം തമസ്സംബന്ധിയെന്നും
മന്നിഷ്ടമാകും ജ്ഞാനം നിർഗ്ഗുണമെന്നും
സ്മൃതം. 24
വനംതാൻ സാത്ത്വികമാം നിവാസസ്ഥാനം,
രജോ-
ഗുണസംബന്ധിയാകും നികേതം പുരമല്ലോ.
ദ്യൂതമന്ദിരമത്രേ താമസവാസസ്ഥാനം
പൂതമാം മത്ക്ഷേത്രംതാൻ ഗുണാതീത-
നഭീഷ്ടം. 25
സത്ത്വപ്രേരിതൻ സംഗഹീനനായ് കർമ്മം
ചെയ്യു-
ന്നുദ്ധവാ! രജോഗുണൻ രാഗാന്ധനായും, തഥാ
താമസൻ സ്മൃതിഭ്രഷ്ടനായിട്ടും, ഗുണാതീതൻ
സ്വാമിയാമെന്നെയവലംബിച്ചും
പ്രവർത്തിപ്പൂ. 26
ആദ്ധ്യാത്മികിയാം ശ്രദ്ധ സാത്ത്വികി-
യല്ലോ, കർമ്മ-
ശ്രദ്ധ രാജസിയത്രേ, യധർമ്മംതന്നിലേറും
ശ്രദ്ധ താമസിതാനും, മത്സേവനത്തിൽ ശ്രദ്ധ
വർദ്ധിച്ചുവരുന്നതു ഗുണാതീതയുമല്ലോ. 27
പത്ഥ്യമായ് സംശുദ്ധമായ് പ്രയാസമെന്യേ
കിട്ടും
വസ്തുവിലെഴും പ്രിയം സാത്ത്വികമെന്നു
ചൊൽവൂ
രസസാധനപ്രീതി രാജസം, ദുഃഖം ചേർക്കു-
മശുദ്ധവസ്തുക്കളിൽ താത്പര്യം
താമസംതാൻ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാത്ത്വികം സുഖമാത്മോത്ഥം, വിഷയോത്ഥം തു രാജസം,
താമസം മോഹദൈന്യോത്ഥം, നിർഗ്ഗുണം മദപാശ്രയം. 29
ദ്രവ്യം, ദേശഃ, ഫലം, കാലോ, ജ്ഞാനം, കർമ്മ, ച കാരകഃ
ശ്രദ്ധാവസ്ഥാ//കൃതിർന്നിഷ്ഠാ ത്രൈഗുണ്യഃ സർവ്വ ഏവ ഹി.30
സർവ്വേ ഗുണമയാ ഭാവാഃ പുരുഷാവ്യക്തധിഷ്ഠിതാഃ
ദൃഷ്ടം ശ്രുതമനുധ്യാതം ബുദ്ധ്യാ വാ പുരുഷർഷഭ! 31
ഏതാഃ സംസൃതയഃ പുംസോ ഗുണകർമ്മനിബന്ധനാഃ
യേനേമേ നിർജ്ജിതാഃ സൗമ്യ! ഗുണാ ജീവേന ചിത്തജാഃ
ഭക്തിയോഗേന മന്നിഷ്ഠോ മദ്ഭാവായ പ്രപദ്യതേ. 32
തസ്മാദ്ദേഹമിമം ലബ്ധ്വാ ജ്ഞാനവിജ്ഞാനസംഭവം
ഗുണസങ്ഗം വിനിർധൂയ മാം ഭജന്തു വിചക്ഷണാഃ. 33
നിഃസങ്ഗോ മാം ഭജേദ്വിദ്വാനപ്രമത്തോ ജിതേന്ദ്രിയഃ
രജസ്തമശ്ചാഭിജയേത് സത്ത്വസംസേവയാ മുനിഃ.
സത്ത്വം ചാഭിജയേദ്യുക്തോ നൈരപേക്ഷ്യേണ ശാന്തധീഃ.
34–35
സമ്പദ്യതേ ഗുണൈർമ്മുക്തോ ജീവോ ജീവം വിഹായ മാം
ജീവോ ജീവവിനിർമ്മുക്തോ ഗുണൈശ്ചാശയസംഭവൈഃ
മയൈവ ബ്രഹ്മണാ പൂർണ്ണോ ന ബഹിർന്നാന്തരശ്ചരേത്. 36

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
പഞ്ചവിംശതിതമോ൫ധ്യായഃ

ഷഡ്വിംശതിതമോ൫ധ്യായഃ

ശ്രീഭഗവാനുവാച

മല്ലക്ഷണമിമം കായം ലബ്ധ്വാ മദ്ധർമ്മ ആസ്ഥിതഃ
ആനന്ദം പരമാത്മാനമാത്മസ്ഥം സമുപൈതി മാം. 1
ഗുണമയ്യാ ജീവയോന്യാ വിമുക്തോ ജ്ഞാനനിഷ്ഠയാ
ഗുണേഷു മായാമാത്രേഷു ദൃശ്യമാനേഷ്വവസ്തുതഃ
വർത്തമാനോ൫പി ന പുമാൻ യുജ്യതേ൫വസ്തുഭിർഗ്ഗുണൈഃ. 2
സങ്ഗം ന കുര്യാദസതാം ശിശ്നോദരതൃപാം ക്വചിത്
തസ്യാനുഗസ്തമസ്യന്ധേ പതത്യന്ധാനുഗാന്ധവത്. 3
ഐളഃ സമ്രാഡിമാം ഗാഥാമഗായത ബൃഹച്ഛ്രവാഃ
ഉർവ്വശീവിരഹാന്മുഹ്യൻ നിർവ്വിണ്ണഃ ശോകസംയമേ. 4
ത്യക്ത്വാ//ത്മാനം വ്രജന്തീം താം നഗ്ന ഉന്മത്തവന്നൃപഃ
വിലപന്നന്വഗാ"ജ്ജായേ ഘോരേ തി""ഷ്ഠേതി വിക്ലവഃ. 5
കാമാനതൃപ്തോ൫നുജുഷൻ ക്ഷുല്ലകാൻ വർഷയാമിനീഃ
ന വേദ യാന്തീർന്നായാന്തീരുർവ്വശ്യാകൃഷ്ടചേതനഃ. 6

ഐള ഉവാച

അഹോ മേ മോഹവിസ്താരഃ കാമകശ്മലചേതസഃ
ദേവ്യാ ഗൃഹീതകണ്ഠസ്യ നായുഃഖണ്ഡാ ഇമേ സ്മൃതാഃ. 7
നാഹം വേദാഭിനിർമ്മുക്തഃ സൂര്യോ വാഭ്യുദിതോ൫മുയാ
മുഷിതോ വർഷപൂഗാനാം ബതാഹാനി ഗതാന്യുത. 8
അഹോ മേ ആത്മസമ്മോഹോ യേനാത്മാ യോഷിതാം കൃതഃ
ക്രീഡാമൃഗശ്ചക്രവർത്തീ നരദേവശിഖാമണിഃ. 9
സപരിച്ഛദമാത്മാനം ഹിത്വാ തൃണമിവേശ്വരം
യാന്തീം സ്ത്രിയം ചാന്വഗമം നഗ്ന ഉന്മത്തവദ് രുദൻ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാത്ത്വികസൗഖ്യമാത്മാനുഭവംതന്നിൽനിന്നു
സിദ്ധിപ്പൂ, വൈഷയികം രാജസസൗഖ്യമത്രേ.
ദൈന്യമോഹങ്ങളാംവഴി വരുന്ന തമസ്സൗഖ്യ-
മെന്നെയാശ്രയിപ്പതാം ഗുണാതീതനു സൗഖ്യം.
പദാർത്ഥം, ദേശം, കാല,മറി,വാകൃതി, ഫലം
സ്ഥിതിഭേദവും, ശ്രദ്ധ, നിഷ്ഠ, കർമ്മവുമെല്ലാം
സത്ത്വാദിഗുണത്രയംതന്നിൽനിന്നുണ്ടാവതെ-
ന്നുദ്ധവാ! യദുകുലസത്തമാ! ധരിച്ചാലും. 29-30
പ്രകൃതിപുമാന്മാർതൻ ബന്ധമാന്നീടും വസ്തു-
വഖിലം കാണുന്നതും കേൾപ്പതും ധ്യാനിപ്പതും
പുരുഷർഷഭാ! ഗുണരൂപങ്ങളാണെന്നതു-
മറിഞ്ഞീടണമല്ലാതില്ലൊന്നുമിജ്ജഗത്തിൽ. 31
പുരുസൗമ്യസ്വഭാവാ! ഗുണകർമ്മങ്ങളാലേ
വിരചിതങ്ങളാമിപ്പുരുഷസംസാരങ്ങൾ,
ചിത്തജഗുണങ്ങൾ താ,നിവയെജ്ജയിക്കുവാ-
നൊത്തിടും ശക്തിയേതു ജീവനു ഭവിക്കുമോ,
മദ്ഭക്തിയോഗത്തിനാൽ മന്നിഷ്ഠനായോരവൻ
മദ്ഭാവമായിബ്ഭവിച്ചീടുവൻതാ
യോഗ്യനത്രേ. 32
അതിനാലാത്മസാക്ഷാത്കാരജ്ഞാനങ്ങൾ
നേടാ-
നുതകുമിശ്ശരീരം പ്രാപിച്ച വിവേകികൾ
ജയിക്കട്ടസങ്ഗരായെന്നെയെന്നുമേ വിദ്വാൻ
വിജിതഹൃത്തായ് മത്തനാകാതെ സങ്ഗമററും.
സത്ത്വസേവയാൽ രജസ്തമസ്സുകളെ മുനി-
സത്തമൻ പാടേ വെന്നു നിരപേക്ഷകമാകും
സത്ത്വത്താൽ ശാന്തധീയായ് മാനസമടക്കിയ-
സ്സത്ത്വത്തിനേയും പിന്നെ ജയിച്ചീടണം
നേരേ. 33-35
ചിത്തജഗുണങ്ങളാം സത്ത്വാദിതന്നിൽനിന്നു
മുക്തനായിട്ടു ലിങ്ഗദേഹത്തെക്കടന്നീടും
ജീവനാ ലിങ്ഗദേഹംകൂടെയുമുപേക്ഷിച്ചു
കേവലബ്രഹ്മമാകുമീയെന്നെ പ്രാപിക്കുന്നു.
പരബ്രഹ്മമാമെന്നാൽ പൂർണ്ണനജ്ജീവൻ പിന്നെ-
ച്ചരിക്കേണ്ടതില്ലന്തർഭാഗത്തും വെളിക്കുമേ. 36

അദ്ധ്യായം 26

ഉദ്ധവോപദേശം—വിഷയവൈരാഗിസ്തുതി, ഐളകഥ

ശ്രീഭഗവാൻ പറഞ്ഞു

എന്നെ നേക്കറിഞ്ഞീടാൻ പാത്രമാമീ
ശരീര-
മാന്നു മദ്ധർമ്മത്തിങ്കലാസ്ഥിതനായിപ്പുമാൻ
തന്നുള്ളിൽ സ്ഥിതിചെയ്യുമാനന്ദരൂപനാക-
മെന്നെസ്സംപൂർണ്ണമായി പ്രാപിപ്പു
നിഷ്പ്രയാസം. 1

ഗുണരൂപയാം ജീവ. പാധിയാൽ
വിമോചിതൻ
മനുജൻ വെറും മായാമാത്രങ്ങൾ ഗുണങ്ങളിൽ
സ്ഥിതനെങ്കിലും ജ്ഞാനനിഷ്ഠയാൽ
യഥാർത്ഥമ-
ല്ലതെന്നുകണ്ടു ഗുണസങ്ഗമം വിട്ടിരിപ്പൂ. 2
ഉദരശിശ്നങ്ങളെമാത്രം സംതൃപ്തമാക്കാൻ
മുതിരുമസത്തുക്കളോടുള്ള സമാഗമം
പരിത്യജിക്കാത്തവനന്ധന്റെ പിൻപേ പോകും
കുരുടൻകണക്കന്ധംതമസ്സിൽ പതിച്ചിടും. 3
സാർവ്വഭൗമനായേററം കീർത്തനീയനാമൈള-
നുർവ്വശീവിയോഗത്താൽ മോഹിതനായിപ്പാരം
പിന്നെയക്കദനത്തിൽനിന്നു മോചിതനായ്
നിർ-
വിണ്ണനായ് ഭവിച്ചിട്ടിഗ്ഗാഥയെപ്പാ-
ടീടിനാൻ. 4
തന്നെയും തള്ളിപ്പോകുമപ്സരവേശ്യാന്ത്രിതൻ-
പിന്നാലേ നഗ്നനായി വിവശനായമ[illegible]
''എന്നോമൽപ്രിയേ! ഘോരേ! നില്ല-
നി''ല്ലെന്നായ് ഭ്രാന്ത-
നെന്നപോൽ വിലപിച്ചുകൊണ്ടനു-
ഗമിച്ചിതേ. 5
എപ്പൊഴും തുച്ഛങ്ങളാം വിഷയങ്ങളെസ്സേവി-
ച്ചല്പവും തൃപ്തിയെന്യേയവളാൽ ഹൃതഹൃത്താ[illegible]
മന്നവനറിയാതെപോയിതു, പോയും വന്നും
പിന്നെയും ചേന്ന ബഹുരാത്രികൾ
വർഷങ്ങളും. 6

ഐളൻ പറഞ്ഞു

കാമകശ്മലവശവർത്തിയാം ചിത്തമാള-
മീ മമ മോഹത്തിൻെറ വലിപ്പമദ്ഭുതംതാൻ
ഉർവ്വശീദേവിതന്നാൽ ഗൃഹീതഗളനായി-
ട്ടീ വിടൻ സ്മരിച്ചതില്ലായുസ്സിന്നംശങ്ങളെ. 7
മാർത്താണ്ഡനുദിച്ചതോ പോയ്മറഞ്ഞതോ
ചെററും
സത്യത്തിൽ ഞാനറിഞ്ഞില്ലവളിൽ
ഭ്രമിക്കയാൽ
നിഷ്ഫലമായ്ക്കഴിഞ്ഞു വളരെദ്ദിവസങ്ങ-
ളല്പധീയാകുമീ ഞാനറിഞ്ഞില്ലഹോ! കഷ്ടം! 8
ചക്രവർത്തിയുമാത്മരൂപനും നരദേവ-
ശക്രനുമായിപ്പരിലസിച്ച ഞാനീവിധം
നാരീജനത്തിൻ ക്രീഡാമൃഗമായ്ത്തീന്ന കാര്യ-
മോരുകിലെന്നാത്മസമ്മോഹമെന്തോതീ-
ടേണ്ടു? 9
മന്നവപരിച്ഛദയുക്തനായ് ശാസിതാവാ-
മെന്നെപ്പുല്ലെന്നപോലെ തള്ളിപ്പോമന്നാരിയെ
നഗ്നനായ് നാണമെന്യേയുന്മത്തനെന്നമട്ടു-
ദ്വിഗ്നനായ്ക്കരഞ്ഞുകൊണ്ടാഹന്ത!
പിന്തുടന്നേൻ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുതസ്തസ്യാനുഭാവഃ സ്യാത് തേജ ഈശത്വമേവ വാ
യോഽന്വഗച്ഛംസ്ത്രിയം യാന്തീം ഖരവത് പാദതാഡിതഃ. 11

കിം വിദ്യയാ കിം തപസാ കിം ത്യാഗേന ശ്രുതേന വാ
കിം വിവിക്തേന മൗനേന സ്ത്രീഭിര്യസ്യ മനോ ഹൃതം. 12

സ്വാർത്ഥസ്യാകോവിദം ധിങ്മാം മൂർഖം പണ്ഡിതമാനിനം
യോഽഹമീശ്വരതാം പ്രാപ്യ സ്ത്രീഭിർഗ്ഗോഖരവജ്ജിതഃ. 13

സേവതോ വർഷപൂഗാൻ മേ ഉർവ്വശ്യാ അധരാസവം
ന തൃപ്യത്യാത്മഭൂഃ കാമോ വഹ്നിരാഹുതിഭിര്യഥാ. 14

പുംശ്ചല്യാപഹൃതം ചിത്തം കോ ന്വന്യോ മോചിതും പ്രഭുഃ
ആത്മാരാമേശ്വരമൃതേ ഭഗവന്തമധോക്ഷജം. 15

ബോധിതസ്യാപി ദേവ്യാ മേ സൂക്തവാക്യേന ദുർമ്മതേഃ
മനോഗതോ മഹാമോഹോ നാപയാത്യജിതാത്മനഃ. 16

കിമേതയാ നോഽപകൃതം രജ്ജ്വാ വാ സർപ്പചേതസഃ
രജ്ജുസ്വരൂപാവിദുഷോ യോഽഹം യദജിതേന്ദ്രിയഃ. 17

ക്വായം മലീമസഃ കായോ ദൗർഗ്ഗന്ധ്യാദ്യാത്മകോഽശുചിഃ
ക്വ ഗുണാഃ സൗമനസ്യാദ്യാ ഹ്യധ്യാസോഽവിദ്യയാ കൃതഃ. 18

പിത്രോഃ കിം സ്വം നു ഭാര്യായാഃ സ്വാമിനോഽഗ്നേഃ
ശ്വഗൃധ്രയോഃ
കിമാത്മനഃ കിം സുഹൃദാമിതി യോ നാവസീയതേ. 19

തസ്മിൻ കളേബരേഽമേധ്യേ തുച്ഛനിഷ്ഠേ നിഷജ്ജതേ
അഹോ സുഭദ്രം സുനസം സുസ്മിതം ച മുഖം സ്ത്രിയഃ. 20

ത്വങ്മാംസരുധിരസ്നായുമേദോമജ്ജാസ്ഥിസംഹതൗ
വിണ്മൂത്രപൂയേ രമതാം കൃമീണാം കിയദന്തരം? 21

അഥാപി നോപസജ്ജേത സ്ത്രീഷു സ്ത്രൈണേഷു ചാർത്ഥവിത്
വിഷയേന്ദ്രിയസംയോഗാന്മനഃ ക്ഷുഭ്യതി നാന്യഥാ. 22

അദൃഷ്ടാദശ്രുതാദ്ഭാവാന്ന ഭാവ ഉപജായതേ
അസംപ്രയുഞ്ജതഃ പ്രാണാൻ ശാമ്യതി സ്തിമിതം മനഃ. 23

തസ്മാത് സങ്ഗോ ന കർത്തവ്യഃ സ്ത്രീഷു സ്ത്രൈണേഷു
ചേന്ദ്രിയൈഃ
വിദുഷാം ചാപ്യവിശ്രബ്ധഃ ഷഡ്വർഗ്ഗഃ കിമു മാദൃശാം? 24

ശ്രീഭഗവാനുവാച

ഏവം പ്രഗായൻ നൃപദേവദേവഃ
സ ഉർവ്വശീലോകമഥോ വിഹായ
ആത്മാനമാത്മന്യവഗമ്യ മാം വൈ
ഉപാരമജ്ജ്ഞാനവിധൂതമോഹഃ. 25

തതോ ദുഃസങ്ഗമുത്സൃജ്യ സത്സു സജ്ജേത ബുദ്ധിമാൻ
സന്ത ഏതസ്യ ഛിന്ദന്തി മനോ വ്യാസങ്ഗമുക്തിഭിഃ. 26

സന്തോഽനപേക്ഷാ മച്ചിത്താഃ പ്രശാന്താഃ സമദർശിനഃ
നിർമ്മമാ നിരഹങ്കാരാ നിർദ്വന്ദ്വാ നിഷ്പരിഗ്രഹാഃ. 27

തേഷു നിത്യം മഹാഭാഗ! മഹാഭാഗേഷു മത്കഥാഃ
സംഭവന്തി ഹിതാ നൄണാം ജുഷതാം പ്രപുനന്ത്യഘം. 28

താ യേ ശൃണ്വന്തി ഗായന്തി ഹ്യനുമോദന്തി ചാദൃതാഃ
മത്പരാഃ ശ്രദ്ദധാനാശ്ച ഭക്തിം വിന്ദന്തി തേ മയി. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോയീടുമത്തനപിയെത്തത്പാദ-
താഡിതൻതാ-
നായിരുന്നിട്ടുമൊരു ഗർദ്ദഭമെന്നപോലെ
പിന്നെയുമനുഗമിച്ചീടിനോരെനിക്കെങ്ങാ-
ണുന്നതമാഹാത്മ്യവുമോജസ്സുമീശത്വവും. 11
സ്ത്രീകളാൽ ഹൃതചിത്തനായിടും പൂരുഷൻതൻ
ത്യാഗമോ വ്രതങ്ങളോ വിവിക്തനിവാസമോ
വിദ്യയോ ശ്രുതങ്ങളോ വാങ്നിയന്ത്രണം-
താനോ
പാർത്തീടിലൊന്നുതന്നെ സഫലങ്ങളായ്-
ത്തീരാ. 12
പണ്ഡിതമാനിയായി മൂർഖനായ് പുരുഷാർത്ഥ-
മെന്തെന്നതറിയാത്ത ഞാനേറ്റം നിന്ദാർഹൻതാൻ.
ഈശ്വരോന്നതസ്ഥാനം സംപ്രാപിച്ചതിൻ-
ശേഷം
വേശ്യാസ്ത്രീവശനായേൻ ഗോഖരതുല്യം
കഷ്ടം! 13
ഉർവ്വശിയുടെയധരാമൃതമനാരതം
സേവിച്ചിരുന്നീടുമെന്നുള്ളിലുണ്ടാകും കാമം
വഹ്നിയിൽ നെയ്യൊഴിച്ചാലെന്നപോലഭി-
വൃദ്ധി-
യാർന്നതല്ലാതെ തെല്ലും ശമനംപ്രാപിച്ചീല. 14
വേശ്യയാലപഹൃതമായിടും മനസ്സിനെ-
യാശു മോചിപ്പിക്കുവാനാത്മാരാമേശനായി
ഈടുറ്റോരധോക്ഷജനായിടും ഭഗവാനെ-
ക്കൂടാതെമറ്റേതവൻ സമർത്ഥനിജ്ജഗത്തിൽ? 15
ദേവിയുർവ്വശിയെന്നെയുപദേശിച്ചീടിനാൾ
നേർവഴി യഥാർത്ഥമാം വാക്കുകൾകൊണ്ടെ-
ങ്കിലും
ബുദ്ധിശൂന്യനായജിതേന്ദ്രിയനായീടുമെൻ-
ചിത്തത്തിൽ മെത്തും മോഹം
വിട്ടുമാറുന്നില്ലെന്നെ. 16
ചിന്തിക്കിലവളെന്തു പിഴച്ചു, ഞാനിന്ദ്രിയ-
വൃന്ദത്തെ വെല്ലാഞ്ഞതിനവളോ കുറ്റക്കാരി?
പാശത്തെപ്പാമ്പെന്നോർത്തു സംഭ്രമിച്ചവനോടു
പാശം വല്ലതും പിഴചെയ്യുവോ
പാർത്തിടുകിൽ? 17
ദുഷിച്ചു നാറുന്നതായ് മലിനമായിത്തീരെ-
യശുദ്ധമായീടുമിശ്ശരീരമെങ്ങു പാർക്കിൽ?
സൗമനസ്യാദ്യങ്ങളാം ഗുണങ്ങളെങ്ങു? മായാ-
വ്യാമോഹത്തിനാൽ കൃതമധ്യാസമത്രേ സർവ്വം.
ദേഹത്തിന്നവകാശി മാതാവോ ജനകനോ [18
ഗേഹിനിതാനോ തീയോ സ്വാമിയോ
തോഴന്മാരോ
നായ്നരി കഴുകൻതൊട്ടുള്ള ജന്തുക്കളോ, താൻ-
താനോ നിർണ്ണയിക്കുവാൻ പ്രയാസമായിരിപ്പൂ.
അമേധ്യപാത്രമായിട്ടത്യന്തമശുദ്ധമായ് [19
കൃമികളായോ ചാരമായിട്ടോ മാറുന്നതാം

കമനീകമനീയദേഹത്തിൽ സുനാസികാ-
സമലങ്കൃതമാകും കോമളാസ്യത്തിൽനിന്നും
ചൊരിയും മന്ദഹാസമേറ്റവും മനോജ്ഞമാ-
യിരിക്കുന്നെന്നോർത്തതിലാസക്ത-
നാകുന്നഹോ! 20
അസ്ഥിയും ചർമ്മം മാംസം ഞരമ്പു മജ്ജ വസ
രക്തവുമൊത്തു ലാലാവിൺമൂത്രസ്ഥാനമാകും
അഴക്കാം ദേഹത്തിലാനന്ദിക്കും മനുഷ്യനും
പുഴവുംതമ്മിൽ ഭേദമെന്തുള്ള ചിന്തിക്കുകിൽ? 21
ഇന്ദ്രിയവൃന്ദം നാനാവിഷയങ്ങളിൽച്ചെന്നു
ചേർന്നിട്ടാം ക്ഷോഭിപ്പതു മാനസമല്ലാതല്ല.
ആകയാൽ കാര്യജ്ഞാനമുള്ളവൻ സ്ത്രീകളോടും
സ്ത്രീകാമുകന്മാരൊടും സംസർഗ്ഗംചെയ്തീടൊലാ.
കണ്ടിടാത്തതും കേൾക്കാത്തതുമാം പദാർത്ഥങ്ങൾ
കൊണ്ടുണ്ടായിടാ ക്ഷോഭം മനസ്സിന്നൊരി-
ക്കലും.
ഇന്ദ്രിയങ്ങളെത്തീരെ പ്രയോഗിക്കാത്തവൻ ത-
ന്നന്തരംഗത്തിൽ സദാ ശാന്തതകൂടിക്കൊൾവൂ.
അതിനാൽ, സ്ത്രീകളോടും സ്ത്രീവശംഗതരോടും
മതിമാൻ സമാഗമം സന്ത്യജിക്കണം പാടേ.
ഇന്ദ്രിയചിത്തങ്ങളെ വിശ്വസിക്കാവതല്ല
പണ്ഡിതന്മാർക്കും പിന്നെ മത്കഥയെന്തു
ചൊൽവൂ? 22-24

ശ്രീഭഗവാൻ പറഞ്ഞു

ഈവിധമുത്കൃഷ്ടമാം പാട്ടുപാടിക്കൊണ്ടഥ
ഭൂവരദേവദേവനുർവ്വശീലോകം തള്ളി
ആത്മാവേ നിയന്ത്രിക്കുമാത്മാവാമെന്നെയറി-
ഞ്ഞുണ്ടേമാഹം വിവേകത്താൽ വിട്ടുപരതി-
യാർന്നാൻ. 25
അതിനാൽ ദുർജ്ജനസംസർഗ്ഗത്തെയുപേക്ഷിച്ചു
മതിമാൻ നേടീടണം സജ്ജനസമാഗമം
നല്ലവർ സാരമാകും ഗീരുകൾകൊണ്ടിവൻെറ-
യുള്ളാർന്ന വൈഷയികാസക്തിയെ
ഛേദിക്കുന്നു. 26
സത്തുക്കൾ മച്ചിത്തരും നിരപേക്ഷകന്മാരു-
മത്യന്തം ശാന്തന്മാരും ഭേദധീവിഹീനരും
ഞാനെന്നുമെൻേറതെന്നുമില്ലാതെയെല്ലാം
തുല്യം
കാണുന്നവരും സർവ്വം സന്ത്യജിച്ചവരുംതാൻ.
ഹേ മഹാഭാഗാ! ഭാഗ്യപൂർണ്ണരാമക്കൂട്ടരിൽ [27
മാമകകഥാമൃതമെപ്പൊഴും സംഭവിക്കും
അതിനെസ്സേവിച്ചിടും നരന്മാരുടെ പാപ-
വിതതി നശിച്ചവർ ശുദ്ധരായ്ത്തീരുന്നിതു.
28
ഞാനല്ലാതാരുമില്ലെന്നുറപ്പിച്ചെന്നിൽബ്ബഹു-
മാനമാർന്നതിശ്രദ്ധാപൂർവ്വമെൻ ചരിതങ്ങൾ
ശ്രവിച്ചും ഗാനംചെയ്തുമനുമോദിച്ചുമെന്നി-
ലവരത്യുത്കൃഷ്ടമാം ഭക്തിയെ പ്രാപിക്കുന്നു. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തിം ലബ്ധവതഃ സാധോ! കിമന്യദവശിഷ്യതേ
മയ്യനന്തഗുണേ ബ്രഹ്മണ്യാനന്ദാനുഭവാത്മനി? 30
യഥോപശ്രയമാണസ്യ ഭഗവന്തം വിഭാവസും
ശീതം ഭയം തമോഽപ്യേതി സാധൂൻ സംസേവതസ്തഥാ. 31
നിമജ്ജ്യോന്മജ്ജതാം ഘോരേ ഭവാബ്ധൗ പരമായനം
സന്തോ ബ്രഹ്മവിദഃ ശാന്താ നൗർദൃഢേവാപ്സു മജ്ജതാം. 32
അന്നം ഹി പ്രാണിനാം പ്രാണ ആർത്താനാം ശരണം ത്വഹം
ധർമ്മോ വിത്തം നൃണാം പ്രേത്യ സന്തോഽർവ്വാഗ് ബിഭ്യേ-
ഽതോഽരണം. 33
സന്തോ ദിശന്തി ചക്ഷൂംഷി ബഹിരർക്കഃ സമുത്ഥിതഃ
ദേവതാ ബാന്ധവാഃ സന്തഃ സന്ത ആത്മാഹമേവ ച. 34
വൈതസേനസ്തതോഽപ്യേവമുർവ്വശ്യാ ലോകനിഃസ്പൃഹഃ
മുക്തസങ്ഗോ മഹീമേതാമാത്മാരാമശ്ചചാര ഹ. 35

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഷഡ്വിംശതിതമോഽധ്യായഃ

സപ്തവിംശതിതമോഽധ്യായഃ

ഉദ്ധവ ഉവാച

ക്രിയായോഗം സമാചക്ഷ്വ ഭവദാരാധനം പ്രഭോ!
യസ്മാത്ത്വാം യേ യഥാർച്ചന്തി സാത്വതാഃ സാത്വതർഷഭ! 1
ഏതദ്വദന്തി മുനയോ മുഹുർന്നിഃശ്രേയസം നൃണാം
നാരദോ ഭഗവാൻ വ്യാസ ആചാര്യോഽങ്ഗിരസഃ സുതഃ. 2
നിഃസൃതം തേ മുഖാംഭോജാദ്യദാഹ ഭഗവാനജഃ
പുത്രേഭ്യോ ഭൃഗുമുഖ്യേഭ്യോ ദേവ്യൈ ച ഭഗവാൻ ഭവഃ. 3
ഏതദ്വൈ സർവ്വവർണ്ണാനാമാശ്രമാണാം ച സമ്മതം
ശ്രേയസാമുത്തമം മന്യേ സ്ത്രീശൂദ്രാണാം ച മാനദ! 4
ഏതത് കമലപത്രാക്ഷ! കർമ്മബന്ധവിമോചനം
ഭക്തായ ചാനുരക്തായ ബ്രൂഹി വിശ്വേശ്വരേശ്വര! 5

ശ്രീഭഗവാനുവാച

ന ഹ്യന്തോഽനന്തപാരസ്യ കർമ്മകാണ്ഡസ്യ ചോദ്ധവ!
സംക്ഷിപ്തം വർണ്ണയിഷ്യാമി യഥാവദനുപൂർവ്വശഃ. 6
വൈദികസ്താന്ത്രികോ മിശ്ര ഇതി മേ ത്രിവിധോ മഖഃ
ത്രയാണാമീപ്സിതേനൈവ വിധിനാ മാം സമർച്ചയേത്. 7
യദാ സ്വനിഗമേനോക്തം ദ്വിജത്വം പ്രാപ്യ പൂരുഷഃ
യഥാ യജേത മാം ഭക്ത്യാ ശ്രദ്ധയാ തന്നിബോധ മേ. 8
അർച്ചായാം സ്ഥണ്ഡിലേഽഗ്നൗ വാ സൂര്യേ വാപ്സു ഹൃദി
ദ്വിജേ
ദ്രവ്യേണ ഭക്തിയുക്തോഽർച്ചേത് സ്വഗുരും മാമമായയാ. 9
പൂർവ്വം സ്നാനം പ്രകുർവ്വീത ധൗതദന്തോഽങ്ഗശുദ്ധയേ
ഉഭയൈരപി ച സ്നാനം മന്ത്രൈർമൃദ്ഗ്രഹണാദിനാ. 10
സന്ധ്യോപാസ്ത്യാദി കർമ്മാണി വേദേനാചോദിതാനി മേ
പൂജാം തൈഃ കല്പയേത് സമ്യക് സങ്കല്പഃ കർമ്മപാവനീം. 11
ശൈലീ ദാരുമയീ ലൗഹീ ലേപ്യാ ലേഖ്യാ ച സൈകതീ
മനോമയീ മണിമയീ പ്രതിമാഷ്ടവിധാ സ്മൃതാ. 12
ചലാചലേതി ദ്വിവിധാ പ്രതിഷ്ഠാ ജീവമന്ദിരം
ഉദ്വാസാവാഹനേ ന സ്തഃ സ്ഥിരായാമുദ്ധവാർച്ചനേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്തഗുണങ്ങളാന്നാനന്ദാനുഭവത്തിൻ
തനിസ്വരൂപമാളും, ബ്രഹ്മമായീടുമെന്നിൽ
പരമപ്രേമം ലഭിച്ചിരിക്കും സാധുവിന്നി-
ദ്ധരണിതന്നിലൊന്നും ശേഷിക്കുന്നില്ല
നൂനം. 30

വീതിഹോത്രനെസ്സമാശ്രയിച്ചു വാഴുവോനു
ശീതവും കൂരിരുട്ടും ഭയവും നശിക്കുംപോൽ,
സാധുസഞ്ചയത്തെസ്സംസേവിക്കും മനുഷ്യനി-
ങ്ങേതൊരുവിധമെഴും ഭീതിയും
നശിച്ചുപോം. 31

ഘോരസംസാരാബ്ധിയിൽ മുഴുകിക്കിടപ്പോർക്കു
നീരനിമ്മഗ്നന്മാർക്കു തോണിപോലെല്ലാപ്പൊഴും
ബ്രഹ്മജ്ഞന്മാരായ് വിഷയാശകളററിരിക്കു-
മമ്മഹാത്മാക്കൾ പരമാശ്രയമായീടുന്നു. 32

പ്രാണികൾക്കെല്ലാം ബലമന്നമാ,-
ണാർത്തന്മാർക്കു
ഞാനാണാശ്രയം, മർത്ത്യർ മരിച്ചുചെല്ലുന്നേരം
ധമ്മമേ രക്ഷിച്ചിട്ടു, സംസാരസമുദ്രത്തിൽ
നിമ്മഗ്നനായവന്നാലംബനം സത്തുക്കൾതാൻ.
33

ഉദിതസൂര്യൻ ബഹിർഭാഗത്തിൽ കിരണങ്ങൾ
വിതറുംവിധം നേത്രം നൽകുന്നു സജ്ജനങ്ങൾ.
ദേവതകളും ബന്ധുജനവും ജീവാത്മാവും
കേവലൻ ഞാനും സജ്ജനങ്ങളാണില്ല ഭേദം.34

പുരൂരവസ്സാം നൃപനുർവ്വശീദശനേച്ഛ
പരിത്യജിച്ചു മുക്തസങ്ഗനായനന്തരം
ധരണീതലമെങ്ങുമാത്മാരാമനായ് ച്ചുററി-
ച്ചരിച്ചീടിനാൻ ബഹുവിസ്മയം
പാർത്തുകാൺകിൽ. 35

അദ്ധ്യായം 27

ഉദ്ധവോപദേശം—പൂജാനിരൂപണം

ഉദ്ധവൻ പറഞ്ഞു

സാധുരക്ഷകാ! പ്രഭോ! ഭവാനെയെപ്രകാര-
മേതേതുവസ്തുക്കളാലച്ചിപ്പൂ ഭക്താവലി.
അങ്ങയേയാരാധനംചെയ്യുമാ ക്രിയാമാഗ്ഗം
ഭങ്ഗിയായെന്നോടങ്ങുന്നരുളിച്ചെയ്തീടണം. 1
നാരദ,നങ്ഗിരസ്സിൻപുത്രനാം സുരാചാര്യൻ,
പാരാശര്യാദ്യരെന്നീ മുനീന്ദ്രർ മർത്ത്യക്കെല്ലാം
അത്യന്തം ശ്രേയസ്കരമാമിതിന്നനേകമാം
പദ്ധതി പലേവിധം ചൊല്ലുന്നു വീണ്ടും
വീണ്ടും. 2
പരമേഷ്ഠിയാം ദേവൻ ഭൃഗ്വാദിപുത്രർക്കായും
പരമേശ്വരൻ പിന്നെപ്പാർവ്വതീദേവിക്കായും
തവമുഖാബ്ജത്തിൽനിന്നും ഗളിതമായീടിന
നിർമ്മലപൂജാവിധിയുപദേശിച്ചുവല്ലോ. 3
സമസ്തവർണ്ണാശ്രമസ്ത്രീശൂദ്രന്മാർക്കും ശ്രേയ-
സ്കരവും സമ്മതവുമതുതാനെന്നോർക്കുന്നേൻ. 4
അംബുജവിലോചനാ! വിശേശ്വരാധീശ്വരാ!
കർമ്മബന്ധത്തെ ഛേദിച്ചീടുന്നതാമീ മാർഗ്ഗം
ഭക്തനും പരമനുരക്തനുമാകുമെന്നോ-
ടിക്കാലമുപദേശിച്ചീടണം കാരുണ്യാബ്ധേ! 5

ശ്രീഭഗവാൻ പറഞ്ഞു

ഉദ്ധവാ! മമ പൂജാക്രമത്തെ വിവരിക്കും
പദ്ധതിയവസാനമില്ലാത്തതെന്നാകയാൽ
ഏററവും ചുരുക്കമായ് വേണ്ടുന്നവിധം മറ-
തെററാതെ വർണ്ണിച്ചിടാം ശ്രദ്ധിച്ചു
കേട്ടുകൊൾക. 6
വൈദികം താന്ത്രികവും മിശ്രമവുമെന്നു മൂന്നു-
മാതിരിയുണ്ടുദ്ധവാ! മാമകപൂജാക്രമം.
സാധകന്നിതിലേതുമാർഗ്ഗത്തിലാണോ രുചി
ചേതസ്സിലുണ്ടാവതാവിധത്തിലച്ചിക്കണം. 7
പുരുഷൻ സ്വവർണ്ണത്തിലുക്തമായിരിക്കുമ-
ദ്ധരണീദേവത്വത്തെ പ്രാപിച്ചു ഭക്തിപൂർവ്വം
ശ്രദ്ധായുക്തനായെന്നെയച്ചിപ്പതേതുമട്ടെ-
ന്നുദ്ധവാ! ഭവാനോടു ചൊല്ലുന്നു കേട്ടുകൊൾക 8
നിലത്തോ ബിംബത്തിലോ തീയിലോ
സൂര്യങ്കലോ
സലിലത്തിലോ മനംതന്നിലോ വിപ്രങ്കലോ
ഫലാശയെന്യേ സ്വന്തം ഗുരുവാമെന്നെ-
ബ്ഭക്ത്യാ
കളങ്കംവിട്ടു പൂജാദ്രവ്യത്താലച്ചിക്കണം. 9
ആദിയിൽപ്പല്ലുതേച്ചു ദേഹശുദ്ധിക്കായ്
സ്നാനം
ചെയ്തഥ വേദതന്ത്രമന്ത്രങ്ങൾകൊണ്ടും പിന്നെ
മൃത്തുതൊട്ടവകൊണ്ടും ദേഹാന്തഃകരണസം-
ശുദ്ധി കൈവരുമാറു കുളിച്ചീടണം വീണ്ടും. 10
വേദത്താൽ നിയമിതമായീടും സന്ധ്യാവന്ദ-
നാദി കർമ്മങ്ങൾ ചെയ്തു ശുദ്ധസങ്കല്പത്തോടും
സമസ്തകർമ്മങ്ങളും സംശുദ്ധമാക്കീടുവാൻ
സമർത്ഥമാകും മമ പൂജയാചരിക്കണം. 11
ശിലയോ ലേപനമോ ദാരുവോ
ലോഹമോകൊ-
ണ്ടുളവാക്കീടുന്നതും വരച്ചുചമച്ചതും,
മണലാൽ തീർത്തുള്ളതും മനസ്സാൽ കല്പിതവും
മണിനിർമ്മിതവുമായ് ബിംബമുണ്ടെട്ടു-
മട്ടിൽ. 12
പ്രതിമയാകും ജീവമന്ദിരമുണ്ടു രണ്ടു-
വിധത്തിൽച്ചലമെന്നുമചലമെന്നുമായി.
സ്ഥിരപ്രതിഷ്ഠതന്നിലുപാസനാവാഹന-
പരിപാടികളൊന്നുമാവശ്യമില്ല തെല്ലും. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്ഥിരായാം വികല്പഃ സ്യാത് സ്ഥണ്ഡിലേ തു ഭവേദ്ദ്വയം
സ്നപനം ത്വവിലേപ്യായാമന്യത്ര പരിമാർജ്ജനം. 14
ദ്രവ്യൈഃ പ്രസിദ്ധൈർമ്മദ്യാഗഃ പ്രതിമാദിഷ്വമായിനഃ
ഭക്തസ്യ ച യഥാലബ്ധൈർഹൃദി ഭാവേന ചൈവ ഹി. 15
സ്നാനാലങ്കരണം പ്രേഷ്ഠമർച്ചായാമേവ തൂദ്ധവ!
സ്ഥണ്ഡിലേ തത്ത്വവിന്യാസോ വഹ്നാവാജ്യപ്ലുതം
ഹവിഃ. 16
സൂര്യേ ചാഭ്യർഹണം പ്രേഷ്ഠം സലിലേ സലിലാദിഭിഃ
ശ്രദ്ധയോപാഹൃതം പ്രേഷ്ഠം ഭക്തേന മമ വാര്യപി. 17
ഭൂര്യപ്യഭക്തോപഹൃതം ന മേ തോഷായ കല്പതേ
ഗന്ധോ ധൂപഃ സുമനസോ ദീപോഽന്നാദ്യം ച കിം പുനഃ? 18
ശുചിഃ സംഭൃതസംഭാരഃ പ്രാഗ്ദർഭൈഃ കല്പിതാസനഃ
ആസീനഃ പ്രാഗുദഗ്വാർച്ചേദർച്ചായാമഥ സമ്മുഖഃ. 19
കൃതന്യാസഃ കൃതന്യാസാം മദർച്ചാം പാണിനാ മൃജേത്
കലശം പ്രോക്ഷണീയം ച യഥാവദുപസാധയേത്. 20
തദദ്ഭിർദ്ദേവയജനം ദ്രവ്യാണ്യാത്മാനമേവ ച
പ്രോക്ഷ്യ പാത്രാണി ത്രീണ്യദ്ഭിസ്തൈസ്തൈർദ്രവ്യൈശ്ച
സാധയേത്. 21
പാദ്യാർഘ്യാചമനീയാർത്ഥം ത്രീണി പാത്രാണി ദൈശികഃ
ഹൃദാ ശീർഷ്ണാഥ ശിഖയാ ഗായത്ര്യാ ചാഭിമന്ത്രയേത്. 22
പിണ്ഡേ വായ്വഗ്നിസംശുദ്ധേ ഹൃത്പദ്മസ്ഥാം പരാം മമ
അണ്വീം ജീവകലാം ധ്യായേന്നാദാന്തേ സിദ്ധഭാവിതാം. 23
തയാഽഽത്മഭൂതയാ പിണ്ഡേ വ്യാപ്തേ സംപൂജ്യ തന്മയഃ
ആവാഹ്യാർച്ചാദിഷു സ്ഥാപ്യ ന്യസ്താംഗം മാം
പ്രപൂജയേത്. 24
പാദ്യോപസ്പർശാർഹണാദീനുപചാരാൻ പ്രകല്പയേത്
ധർമ്മാദിഭിശ്ച നവഭിഃ കല്പയിത്വാഽഽസനം മമ. 25
പദ്മമഷ്ടദളം തത്ര കർണ്ണികാകേസരോജ്ജ്വലം
ഉഭാഭ്യാം വേദതന്ത്രാഭ്യാം മഹ്യം തൂഭയസിദ്ധയേ. 26
സുദർശനം പാഞ്ചജന്യം ഗദാസീഷുധനുർഹലാൻ
മുസലം കൗസ്തുഭം മാലാം ശ്രീവത്സം ചാനുപൂജയേത്. 27
നന്ദം സുനന്ദം ഗരുഡം പ്രചണ്ഡം ചണ്ഡമേവ ച
മഹാബലം ബലം ചൈവ കുമുദം കുമുദേക്ഷണം. 28
ദുർഗ്ഗാം വിനായകം വ്യാസം വിഷ്വക്സേനം ഗുരൂൻ സുരാൻ
സ്വേ സ്വേ സ്ഥാനേ ത്വഭിമുഖാൻ പൂജയേത്
പ്രോക്ഷണാദിഭിഃ. 29
ചന്ദനോശീരകർപ്പൂരകുങ്കുമാഗുരുവാസിതൈഃ
സലിലൈഃ സ്നാപയേന്മന്ത്രൈർന്നിത്യദാ വിഭവേ സതി. 30
സ്വർണ്ണഘർമ്മാനുവാകേന മഹാപുരുഷവിദ്യയാ
പൗരുഷേണാപി സൂക്തേന സാമഭീ രാജനാദിഭിഃ. 31
വസ്ത്രോപവീതാഭരണപത്രസ്രഗ്ഗന്ധലേപനൈഃ
അലങ്കുർവ്വീത സപ്രേമ മദ്ഭക്തോ മാം യഥോചിതം. 32
പാദ്യമാചമനീയം ച ഗന്ധം സുമനസോഽക്ഷതാൻ
ധൂപദീപോപഹാര്യാണി ദദ്യാന്മേ ശ്രദ്ധയാർച്ചകഃ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാളഗ്രാമത്തിലെന്യേയസ്ഥിര-
ബിംബങ്ങളി-
ലില്ല കല്പിക്കാനൊന്നും, സ്ഥണ്ഡിലയ്ക്കുണ്ടു
രണ്ടും
ലേപ്യമല്ലാത്തതിങ്കൽ മുഖ്യമാണഭിഷേക-
മപ്പപ്പോൾ തുടയ്ക്കുകപോരുമേയിതരങ്ങൾ. 14
ശാസ്ത്രപ്രസിദ്ധങ്ങളായ്ക്കാലദേശങ്ങൾ-
ക്കൊത്തു
സിദ്ധിക്കും വസ്തുക്കളാൽ കപടഹീനം ഭക്തൻ
എന്നെയർച്ചിച്ചീടണമർച്ചനം മാനസത്തി-
ലെന്നാകിൽ സങ്കല്പിക്കും പദാർത്ഥങ്ങളാൽ
പോരും. 15
ഉദ്ധവാ! ബിംബത്തിൽത്താൻ
സ്നാനാലങ്കരണങ്ങ-
ളുത്തമം, സ്ഥണ്ഡിലത്തിൽ തത്ത്വസ്ഥാപനം-
കൊണ്ടും
വഹ്നിയിൽ ഘൃതാപ്ലുതഹവിസ്സിനാലും രവി-
തന്നിലർഘ്യാദിയാലും നീരിൽ നീരാദി-
കൊണ്ടും
എന്നെസ്സശ്രദ്ധമാരാധിക്കണം മമ ഭക്തൻ
തന്നിട്ട നീരും പാരമെന്നെ പ്രസാദിപ്പിക്കെ,
ചന്ദനപുഷ്പധൂപദീപനൈവേദ്യാദിയാ-
ലെന്നെയർച്ചിച്ചാലുള്ള സന്തോഷമെന്തു
ചൊൽവൂ!
അല്പവും ഭക്തിയില്ലാത്തുള്ളവനേറെയൊക്കെ-
യർപ്പിച്ചീടിലുമതിൽ സന്തോഷിക്കുന്നില്ല
ഞാൻ. 16–18
ശുദ്ധനായ് മുൻപേതന്നെ പൂജാസാധനങ്ങളെ-
ച്ചേർത്തു ദർഭകൾകൊണ്ടു നിർമ്മിച്ചോരാസന-
ത്തിൽ
വിഗ്രഹത്തിലോ പൂർവ്വദിക്കിലോ വടക്കോട്ടോ
നോക്കി നേരേയിരുന്നുവേണമർച്ചിപ്പതെന്നെ.
19
അങ്ഗന്യാസാദി കഴിച്ചാ പ്രതിമയെപ്പിന്നെ
ഭങ്ഗിയായ്ത്തുടയ്ക്കണം സ്വന്തഃകൈകൊണ്ടു-
തന്നെ
പൂർണ്ണനീരമാം കുംഭം പ്രോക്ഷണജലപാത്ര-
മെന്നിവ വേണ്ടുംവിധം സംസ്കരിക്കയും
വേണം. 20
ആ ജലംകൊണ്ടു പിന്നെത്തന്നുടെ ശരീരവും
പൂജാസ്ഥാനവും ശുദ്ധമാക്കണം ദ്രവ്യങ്ങളും
പാദ്യാർഘ്യാചമനീയവിധിക്കു വേണ്ട മൂന്നു-
പാത്രത്തെ ദൂർവ്വ,വിഷ്ണുക്രാന്തിയും ലവങ്ഗവും
ജാതി, ചന്ദനം പുഷ്പമുണക്കലരിതൊട്ടു
സാധനങ്ങളും നീരുംകൊണ്ടു സംസ്കരിക്കണം.
21
പാദ്യാർഘ്യാചമനീയ,നീരപൂർണ്ണമിമ്മൂന്നു
പാത്രത്തെ ഹൃന്മന്ത്രവും ശിരോമന്ത്രവുംകൊണ്ടും
പിന്നെയഗ്ഗായത്രിയും ശിഖാമന്ത്രവുംകൊണ്ടും
നന്നായിട്ടാമന്ത്രിക്കവേണമെന്നറിഞ്ഞാലും. 22
വാതാഗ്നികളാൽ ശുദ്ധമാക്കിയ ശരീരത്തിൽ
ചേതഃപദ്മത്തിലിരിക്കുന്നതായ് നാദാന്ത-
ത്തിൽ
സിദ്ധന്മാർ നിത്യം ധ്യാനിക്കുന്നതായണുവായ-
തൃത്തമമാമെൻ ജീവകലയെ ധ്യാനിക്കണം.23
ആത്മാവായ്ഭവിച്ചോരക്കലയിൽ വ്യാപ്തമാക-
മാത്മദേഹത്തിലെന്നെ വേണ്ടപോലാരാധിച്ച
തന്മയപ്പെട്ട ബിംബാദ്യങ്ങളിലാവാഹിച്ച
നന്മട്ട സംസ്ഥാപിച്ച മന്ത്രംകൊണ്ട-
ർച്ചിക്കണം. 24
ധർമ്മാദികൊണ്ടും നവശക്തികൾകൊണ്ടും പീഠം
ചെമ്മേ കല്പിച്ചിട്ടതിൽ കേസരോല്ലസത്തായി
എട്ടിതളാളും പദ്മം കല്പിച്ചിട്ടിരുമട്ട
സിദ്ധികൾക്കായി വേദം തന്ത്രമെന്നിവരണ്ടാൽ
പാദ്യാർഘ്യാചമനാദിയൊക്കെയുമെനിക്കായി
ശ്രദ്ധിച്ചു ഭക്തിപൂർവ്വം സമർപ്പിക്കുക-
വേണം. 25–26
സുദർശനാഖ്യം ചക്രം പാഞ്ചജന്യമാം ശങ്ഖം
ഗദ വാളമ്പും വില്ല മുസലം ഹലത്തേയും
പൂർവ്വദിക്കുതൊട്ടെട്ടുദിക്കിലായർച്ചിക്കണം
ശ്രീവത്സം വനമാലകൗസ്തുഭമിവയേയും. 27
നന്ദനം സുനന്ദനും പ്രചണ്ഡൻ, ചണ്ഡൻതാനും
പിന്നെയമ്മഹാബലൻ കുമുദേക്ഷണൻ,ബലൻ,
കുമുദനെന്നീയെട്ട വിഷ്ണുപാർഷദരേയും
ക്രമത്തിൽ ദിക്കെട്ടിലും, ഗരുഡൻ മുൻഭാഗത്തും,
ദുർഗ്ഗയും വിനായകൻ വ്യാസൻ വിഷ്വക്സേനനും
ദിക്കു നാലിലും, ഗുരുവിടത്തും, ദിക്പാലകർ
തത്പദങ്ങളിലും, ശ്രീവിഷ്ണ്വഭിമുഖരെന്നു
കല്പിച്ചു പൂജിക്കണം പ്രോക്ഷണാ-
ദികളാലേ. 28–29
ചന്ദനം രാമച്ചവുമകിലും കർപ്പൂരവു-
മെന്നിവയാലേ ഗന്ധമയമാം ജലംകൊണ്ടും
മന്ത്രങ്ങൾകൊണ്ടുമെന്നെയഭിഷേചിച്ചീടണം
സന്തുഷ്ടിയോടും നിത്യം വിഭവമുള്ളപക്ഷം. 30
സ്വർണ്ണഘർമ്മാനുവാകമന്ത്രത്രയങ്ങൾകൊണ്ടും
മന്ദതയെന്യേ മഹാപുരുഷവിദ്യകൊണ്ടും
പുരുഷസൂക്തംകൊണ്ടും രാജനാദികളാക-
മുരുസാമങ്ങൾകൊണ്ടുമഭിമന്ത്രിച്ചീടണം. 31
മദ്ഭക്തൻ പ്രേമപൂർവ്വം വസന,മുപവീതം,
സ്വപ്രഭാഭരണങ്ങൾ, തുളസീമാല, ഗന്ധം
ഇത്യാദി വസ്തുക്കളാലുചിതമാകുംവിധം
നിത്യവുമെൻ വിഗ്രഹമലങ്കരിച്ചീടണം. 32
പാദ്യ,മാചമനീയം, ചന്ദനം, പൂ,വക്ഷതം
ശുദ്ധനൈവേദ്യം ധൂപദീപങ്ങളെന്നിതെല്ലാം
അർച്ചകൻ ദിനംപ്രതിയത്യന്തംശ്രദ്ധയോടു-
മച്യുതനാകുമെന്നിൽ ദാനമായർപ്പിക്കണം. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുഡപായസസർപ്പീംഷി ശഷ്കുല്യാപൂപമോദകാൻ
സംയാവദധിസൂപാംശ്ച നൈവേദ്യം സതി കല്പയേത്. 34

അഭ്യങ്ഗോന്മർദ്ദനാദർശദന്തധാവാഭിഷേചനം
അന്നാദ്യഗീതനൃത്യാദി പർവ്വണി സ്യുരുതാന്വഹം. 35

വിധിനാ വിഹിതേ കുണ്ഡേ മേഖലാഗർത്തവേദിഭിഃ
അഗ്നിമാധായ പരിതഃ സമൂഹേത് പാണിനോദിതം. 36

പരിസ്തീര്യാഥ പര്യുക്ഷേദന്വാധായ യഥാവിധി
പ്രോക്ഷണ്യാഽഽസാദ്യ ദ്രവ്യാണി പ്രോക്ഷ്യാഗ്നൗ ഭാവയേത
മാം. 37

തപ്തജാംബൂനദപ്രഖ്യം ശങ്ഖചക്രഗദാംബുജൈഃ
ലസച്ചതുർഭുജം ശാന്തം പദ്മകിഞ്ജൽകവാസസം. 38

സ്ഫുരത്കിരീടകടകകടിസൂത്രവരാങ്ഗദം
ശ്രീവത്സവക്ഷസം ഭ്രാജത്കൗസ്തുഭം വനമാലിനം. 39

ധ്യായന്നഭ്യർച്ച്യ ദാരൂണി ഹവിഷാഭിഘൃതാനി ച
പ്രാസ്യാജ്യഭാഗാവാഘാരൗ ദത്ത്വാ ചാജ്യപ്ലുതം ഹവിഃ. 40

ജുഹുയാന്മൂലമന്ത്രേണ ഷോഡശർച്ചാവദാനതഃ
ധർമ്മാദിഭ്യോ യഥാന്യായം മന്ത്രൈഃ സ്വിഷ്ടകൃതം ബുധഃ. 41

അഭ്യർച്ച്യാഥ നമസ്കൃത്യ പാർഷദേഭ്യോ ബലിം ഹരേത്
മൂലമന്ത്രം ജപേദ്ബ്രഹ്മ സ്മരന്നാരായണാത്മകം. 42

ദത്ത്വാഽഽചമനമുച്ഛേഷം വിഷ്വക്സേനായ കല്പയേത്
മുഖവാസം സുരഭിമത് താംബൂലാദ്യമഥാർഹയേത്. 43

ഉപഗായൻ ഗൃണൻ നൃത്യൻ കർമ്മാണ്യഭിനയൻ മമ
മത്കഥാഃ ശ്രാവയൻ ശൃണ്വൻ മുഹൂർത്തം ക്ഷണികോ
ഭവേത്. 44

സ്തവൈരുച്ചാവചൈഃ സ്തോത്രൈഃ പൗരാണൈഃ
പ്രാകൃതൈരപി
സ്തുത്വാ പ്രസീദ ഭഗവന്നിതി വന്ദേത ദണ്ഡവത്. 45

ശിരോ മത്പാദയോഃ കൃത്വാ ബാഹുഭ്യാം ച പരസ്പരം
പ്രപന്നം പാഹി മാമീശ! ഭീതം മൃത്യുഗ്രഹാർണ്ണവാത്. 46

ഇതി ശേഷാം മയാ ദത്താം ശിരസ്യാധായ സാദരം
ഉദ്വാസയേച്ചേദുദ്വാസ്യം ജ്യോതിർജ്ജ്യോതിഷി തത് പുനഃ. 47

അർച്ചാദിഷു യദാ യത്ര ശ്രദ്ധാ മാം തത്ര ചാർച്ചയേത്
സർവ്വഭൂതേഷ്വാത്മനി ച സർവ്വാത്മാഹമവസ്ഥിതഃ. 48

ഏവം ക്രിയായോഗപഥൈഃ പുമാൻ വൈദികതാന്ത്രികൈഃ
അർച്ചന്നുഭയതഃ സിദ്ധിം മത്തോ വിന്ദത്യഭീപ്സിതാം. 49

മദർച്ചാം സംപ്രതിഷ്ഠാപ്യ മന്ദിരം കാരയേദ്ദൃഢം
പുഷ്പോദ്യാനാനി രമ്യാണി പൂജായാത്രോത്സവാശ്രിതാൻ. 50

പൂജാദീനാം പ്രവാഹാർത്ഥം മഹാപർവ്വസ്വഥാന്വഹം
ക്ഷേത്രാപണപുരഗ്രാമാൻ ദത്ത്വാ മത്സാർഷ്ടിതാമിയാത്. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിത്തവാനെന്നാൽ ഭക്തൻ ശർക്കര പാൽ നെയ്യിവ-
ചേർത്ത പായസം രുചികരമോദകങ്ങളും
തൈരിൽ വേവില്ലതാം ഗോധൂമാന്നമിത്യാദിയാം
ചാരുനൈവേദ്യങ്ങളാൽ നിവേദിക്കുകവേണം. 34

എണ്ണയാടുക, വാകചാർത്തുക, കാട്ടീടുക
കണ്ണാടി, മുഖം ശുദ്ധിചെയ്യുക, വൃത്തിയായി
പഞ്ചാമൃതാഭിഷേകം കഴിക്ക, നാനാഭോജ്യ-
സഞ്ചയം കല്പിക്കുക, ഭജനം നൃത്തം ഗീതം
എന്നിവ കഴിവുണ്ടെന്നാകിൽ നിത്യവു,മില്ല-
തെന്നാകിൽ വാവുതോറുമെങ്കിലും വേണ്ടതത്രേ. 35

വിധിപ്രകാരംതന്നെ മേഖല, ഗർത്തം, വേദി-
യിത്തുകളൊത്തു തീർത്ത കുണ്ഡത്തിൽ ജ്വലനനെ
കത്തിജ്ജ്വലിപ്പിച്ചേററം വ്യാപിപ്പോരളവതിൻ
ചുററിനും നിന്നു കയ്യാൽ മദ്ധ്യത്തിൽ കൂട്ടീടണം. 36

ദർഭകൊണ്ടതു പിന്നെപ്പരത്തിശ്ശുദ്ധമാമൊ-
ട്ടപ്പതിൽത്തളിച്ചുടൻ ജ്വലിപ്പിക്കണം വീണ്ടും.
ഉദ്ധരണിയാൽ ഹോമദ്രവ്യങ്ങളെടുത്തഗ്നി-
മദ്ധ്യത്തിൽ പ്രോക്ഷിച്ചെന്നെ നന്നായി ധ്യാനിക്കണം. 37

ചക്രശംഖാബ്ജഗദാലാലസച്ചതുർഭുജ-
യുക്തനായ്ത്തപ്തസ്വർണ്ണസമാനപ്രഭനായി
അബ്ജകേസരവസ്ത്രധരനായ് ശാന്തനായി
വിസ്ഫുരത്കിരീടവും സുവർണ്ണാംഗദങ്ങളും
അരഞ്ഞാൺ കങ്കണങ്ങൾ പ്രോല്ലസത് കൗസ്തുഭവും
ധരിച്ചു മാറിടത്തിൽ ശ്രീവത്സചിഹ്നമാളും
വനമാലിയാമെന്നെദ്ധ്യാനിച്ചർച്ചിച്ചു നെയ്യിൽ
നനച്ച സമിത്തുകളഗ്നികുണ്ഡത്തിലിട്ടു
നെയ്യൊഴിച്ചുജ്ജ്വലിപ്പിച്ചാജ്യഭാഗം ഹവിസ്സും
കയ്യോടേ സമർപ്പിക്കവേണമീയെനിക്കായി.
പതിനാറൃക്കു ചേരും പുരുഷസൂക്തംകൊണ്ടും
തദനു മൂലമന്ത്രംതൊട്ടു മന്ത്രങ്ങൾകൊണ്ടും
ന്യായപ്രകാരം ധർമ്മാദികൾക്കായഭീഷ്ടദ-
നായിടുമഗ്നിയേയും ഹോമിച്ചീടണം വിദ്വാൻ. 38–41

അഗ്നിയെയനന്തരം നമിച്ചു പാർഷദന്മാർ-
ക്കൊക്കെയും ബലി തൂവിപ്പിന്നെ നാരായണൻ തൻ-
സ്വരൂപം പരബ്രഹ്മം ധ്യാനിച്ചു മൂലമന്ത്രം
പരിചിൽ ജപിക്കണം മദ്ഭക്തൻ പലേകുറി. 42

ആചമനീയമേകി വിഷ്വക്സേനനായുട-
നാചരിക്കുകവേണമുച്ഛേഷസമർപ്പണം.
വാസനയുള്ളതാകും താംബൂലാദിയാം മുഖ-
വാസസാധനങ്ങളുമർപ്പിച്ചു പൂജിക്കണം. 43

ചാരത്തിരുന്നു ഗാനംചെയ്കയും കീർത്തിക്കയും
ഭൂരിമോദത്താൽ നൃത്തംവയ്ക്കയും മത്കർമ്മങ്ങൾ
ഓരോന്നുമഭിനയിക്കുകയും മല്ലീലകൾ
നേരേ കേൾക്കയും വേണം ബദ്ധപ്പാടേതുമെന്യേ. 44

നാനാവിധങ്ങളായിപ്പുരാണസ്ഥിതങ്ങളാ-
യൂനമെന്നിയേ ദേശഭാഷയിലുള്ളതാകും
സ്തോത്രങ്ങൾ ചൊല്ലി വാഴ്ത്തീബ്ഭഗവാൻ പ്രസാദിക്കെ-
ന്നർത്ഥിച്ചു ദണ്ഡംപോലെ വീണു വന്ദിച്ചിടേണം. 45

ശിരസ്സെൻ പാദങ്ങളിലണച്ചപ്പാദങ്ങളിൽ
കരങ്ങൾ രണ്ടുകൊണ്ടും പിടിച്ചു സമസ്തേശാ!
അതിഭീതനായ് ശരണാഗതനാകുമെന്നെ
മൃതിയാം സിന്ധുവിൽനിന്നുദ്ധരിച്ചീടേണമേ! 46

ഇത്തരമർത്ഥിച്ചിട്ടു ലബ്ധമാം പ്രസാദത്തെ-
യത്യന്താദരത്തോടും ശിരസ്സിൽ ധരിച്ചഥ
ഉദ്വാസിക്കേണ്ടതെങ്കിലേകഭാവനയോടു-
മുദ്വാസിക്കുകവേണം ജ്യോതിസ്സിൽ ജ്യോതിസ്സുപോൽ. 47

ബിംബാദികളിലേതിലായിടുമത്യാദരം
നിർമ്മലഭക്തനെന്നെയതിലർച്ചിച്ചാൽ മതി
സർവ്വാത്മാവായിടും ഞാൻ സമസ്തഭൂതത്തിലും
സർവ്വകാലവും സ്ഥിതിചെയ്യുന്നിതാത്മാവിലും. 48

ഇമ്മട്ടു ബഹുവിധം വേദത്തിൽ തന്ത്രത്തിലും
കാണ്മതാം ക്രിയായോഗംതന്നിൽ യുക്തമാമൊന്നാൽ
എന്നെസ്സമർച്ചിക്കുവോനിഹത്തിൽ പരത്തിലു-
മെന്നിൽനിന്നാർജ്ജിക്കുന്നു വിഹിതസിദ്ധിയെല്ലാം. 49

ക്ഷേത്രത്തെ വെടിപ്പായി പണിചെയ്യിച്ചിട്ടതിൽ
ശാസ്ത്രപ്രകാരം പ്രതിഷ്ഠിക്കണം മമ ബിംബം
ഭാസുരോദ്യാനങ്ങളും നിർമ്മിച്ചു പൂജ,യാത്ര-
യുത്സവമിത്യാദിക്കു വയ്ക്കണം യോഗ്യന്മാരെ. 50

നിത്യനൈമിത്തികങ്ങൾക്കുള്ളതാം പൂജാദികൾ
പ്രത്യഹമെന്യേ ചെയ്യാൻ നിലങ്ങ,ളങ്ങാടികൾ
ഗ്രാമങ്ങൾ പുരങ്ങളും ദാനമായേകീടുവോൻ
കാമ്യമാം മത്സമാനഭൂതിയെ പ്രാപിച്ചിടും. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതിഷ്ഠയാ സാർവ്വഭൗമം സദ്മനാ ഭുവനത്രയം
പൂജാദിനാ ബ്രഹ്മലോകം ത്രിഭിർമ്മത്സാമ്യതാമിയാത്. 52
മാമേവ നൈരപേക്ഷ്യേണ ഭക്തിയോഗേന വിന്ദതി
ഭക്തിയോഗം സ ലഭത ഏവം യഃ പൂജയേത മാം. 53
യഃ സ്വദത്താം പരൈർദ്ദത്താം ഹരേത സുരവിപ്രയോഃ
വൃത്തിം സ ജായതേ വിഡ്ഭുഗ്വർഷാണാമയുതായുതം. 54
കർത്തുശ്ച സാരഥേർഹേതോരനുമോദിതുരേവ ച
കർമ്മണാം ഭാഗിനഃ പ്രേത്യ ഭൂയോ ഭൂയസി തത് ഫലം. 55

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
സപ്തവിംശതിതമോഽധ്യായഃ

അഷ്ടാവിംശതിതമോഽധ്യായഃ

ശ്രീഭഗവാനുവാച

പരസ്വഭാവകർമ്മാണി ന പ്രശംസേന്ന ഗർഹയേത്
വിശ്വമേകാത്മകം പശ്യൻ പ്രകൃത്യാ പുരുഷേണ ച. 1
പരസ്വഭാവകർമ്മാണി യഃ പ്രശംസതി നിന്ദതി
സ ആശു ഭ്രശ്യതേ സ്വാർത്ഥാദസത്യഭിനിവേശതഃ. 2
തൈജസേ നിദ്രയാഽഽപന്നേ പിണ്ഡസ്ഥോ നഷ്ടചേതനഃ
മായാം പ്രാപ്നോതി മൃത്യും വാ തദ്വന്നാനാർത്ഥദൃക് പുമാൻ. 3
കിം ഭദ്രം കിമഭദ്രം വാ ദ്വൈതസ്യാവസ്തുനഃ കിയത്
വാചോദിതം തദനൃതം മനസാ ധ്യാതമേവ ച. 4
ഛായാപ്രത്യാഹ്വയാഭാസാ ഹ്യസന്തോഽപ്യർത്ഥകാരിണഃ
ഏവം ദേഹാദയോ ഭാവാ യച്ഛന്ത്യാമൃത്യുതോ ഭയം. 5
ആത്മൈവ തദിദം വിശ്വം സൃജ്യതേ സൃജതി പ്രഭുഃ
ത്രായതേ ത്രാതി വിശ്വാത്മാ ഹ്രിയതേ ഹരതീശ്വരഃ. 6
തസ്മാന്ന ഹ്യാത്മനോഽന്യസ്മാദന്യോ ഭാവോ നിരൂപിതഃ
നിരൂപിതേയം ത്രിവിധാ നിർമ്മൂലാ ഭാതിരാത്മനി
ഇദം ഗുണമയം വിദ്ധി ത്രിവിധം മായയാ കൃതം. 7
ഏതദ്വിദ്വാൻ മദുദിതം ജ്ഞാനവിജ്ഞാനനൈപുണം
ന നിന്ദതി ന ച സ്തൗതി ലോകേ ചരതി സൂര്യവത്. 8
പ്രത്യക്ഷേണാനുമാനേന നിഗമേനാത്മസംവിദാ
ആദ്യന്തവദസജ്ജ്ഞാത്വാ നിഃസംഗോ വിചരേദിഹ. 9

ഉദ്ധവ ഉവാച

നൈവാത്മനോ ന ദേഹസ്യ സംസൃതിർദ്രഷ്ടൃദൃശ്യയോഃ
അനാത്മസ്വദൃശോരീശ! കസ്യ സ്യാദുപലഭ്യതേ. 10
ആത്മാവ്യയോഽഗുണഃ ശുദ്ധഃ സ്വയംജ്യോതിരനാവൃതഃ
അഗ്നിവദ്ദാരുവദചിദ്ദേഹഃ കസ്യേഹ സംസൃതിഃ. 11

ശ്രീഭഗവാനുവാച

യാവദ്ദേഹേന്ദ്രിയപ്രാണൈരാത്മനഃ സന്നികർഷണം
സംസാരഃ ഫലവാംസ്താവദപാർത്ഥോഽപ്യവിവേകിനഃ. 12
അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന്ന നിവർത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേഽനർത്ഥാഗമോ യഥാ. 13
യഥാ ഹ്യപ്രതിബുദ്ധസ്യ പ്രസ്വാപോ ബഹ്വനർത്ഥഭൃത്
സ ഏവ പ്രതിബുദ്ധസ്യ ന വൈ മോഹായ കല്പതേ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതിഷ്ഠകൊണ്ടു സാർവ്വഭൗമത്വത്തെയും, ക്ഷേത്ര-
മതിനാൽത്രിലോകേശത്വത്തെയു, മച്ഛാദിയാൽ
ബ്രഹ്മാവിൻ ലോകത്തെയുമിമ്മട്ടു നാ-
മൊന്നിച്ചാകി-
ലമ്മഹാൻ പ്രാപിക്കുന്നു മത്സദൃശത്വത്തെയും. 52
നിരപേക്ഷമാം ഭക്തിയോഗത്താലെന്നെത്തന്നെ
പരിചിൽ പ്രാപിക്കുന്നു യാതൊരാളപ്രകാരം
നിത്യവുമെന്നെപ്പൂജിച്ചീടുന്നിതപ്പുമാനു
സിദ്ധിച്ചീടുന്നു വേഗം മദ്ഭക്തിയോഗം
നൂനം. 53
പരനേകിയതാട്ടെ, സ്വദത്തമാട്ടെ ധരാ-
സുരൻതൻെറയോ സുരൻതൻ്റെയോ വൃത്തിമാർഗ്ഗം
ഏതവൻ ഹരിച്ചീടുമയുതായുതമാണ്ട-
പ്പാതകി മലംതിന്നുംജന്തുവായ് ജനിച്ചിടും. 54
കർത്താവും സഹായിയും ഹേതുഭൂതനുമത്ര-
പാർത്തു സന്തോഷിച്ചീടും പുമാനും മേല്ലുമേലേ
തത്ഫല,മതിൽ പങ്കുകൊണ്ടതിന്നനുസരി-
ച്ചൊപ്പമെല്ലാരുമനുഭവിക്കും മൃതിശേഷം. 55

അദ്ധ്യായം 28

ഉദ്ധവോപദേശം—ജ്ഞാനയോഗനിരൂപണം

ശ്രീഭഗവാൻ പറഞ്ഞു

അന്യസ്വഭാവത്തെയുമന്യകർമ്മങ്ങളേയും
നിന്ദിച്ചീടൊലാ, വാഴ്ത്തിച്ചൊല്ലുകയും
ചെയ്തീടൊലാ.
പ്രകൃതിപുരുഷന്മാർ ചമച്ചും വിശ്വമേകാ-
ത്മകമായ്ത്തന്നെ പുമാൻ നിരീക്ഷിക്കുക-
വേണം. 1
പരസ്വഭാവത്തെയും പരൻെറ കർമ്മത്തെയും
പരിഹസിക്കുവോനും പ്രശംസിച്ചീടുവോനും
സത്വരമസത്താകുമഭിനിവേശത്തിനാൽ
സ്വാർത്ഥത്തിൽനിന്നും സ്വയം ഭ്രഷ്ടനായ്-
ഭവിക്കുന്നു. 2
നിദ്രയിലിന്ദ്രിയൗഘം സ്തബ്ധമാകവേ ജീവൻ
നഷ്ടചേതനനായി സ്വപ്നാവസ്ഥയോ പക്ഷേ,
മൃതിസാമ്യാവസ്ഥയോ പ്രാപിപ്പൂ നാനാർത്ഥങ്ങ-
ളുന്മതമായ്ക്കാണുവോൻതൻ സ്ഥിതിയു-
മീവിധംതാൻ. 3
സത്യത്തിലില്ലാത്തതാം ദ്വൈതത്തിൽ
നിരൂപിച്ചാ-
ലുത്തമമായതെന്തോ നികൃഷ്ടമായതെന്തോ
വാക്കിനാൽ വചിപ്പതും ചിത്തത്താൽ
ധ്യാനിപ്പതു-
മൊക്കെയും മിഥ്യതന്നെ സന്ദേഹമേതുമില്ല. 4
പ്രതിബിംബവും പ്രതിദ്ധ്വനിയും രജ്ജുസർപ്പ-
മതിഭ്രാന്തിയും മററും മിഥ്യതാനെന്നാകിലും
വ്യവഹാരത്തിലുണ്മയെന്നു തോന്നിക്കുംവിധം
ഭവിച്ച ദേഹാദികാം ചാവോളം ഭീതിചേർപ്പൂ. 5
ആകയാലിപ്രപഞ്ചം, പ്രഭുവും നിയന്താവും
ലോകാത്മാവുമായ് പരിലസിക്കുമാത്മാവുതാൻ.
സ്രഷ്ടാവും സൃഷ്ടിക്കേണ്ടും പദാർത്ഥങ്ങളും രക്ഷാ-
കർത്താവും രക്ഷിക്കേണ്ടും ഭൂതസന്ദോഹങ്ങളും
നശിപ്പിക്കപ്പെടുന്ന സാധനങ്ങളും സർവ്വം
നശിപ്പിച്ചീടുവോനുമേകനാമാത്മാവത്രേ. 6
അതിനാലന്യനാകുമാത്മാവിൽനിന്നുമന്യ-
പദാർത്ഥം നിരൂപിതമല്ലെന്നു ധരിക്ക നീ.
ത്രിവിധമാത്മാവിങ്കൽ കണ്ടിടുമിപ്രതീതി-
യവിദ്യാകൃതം ഗുണരൂപമാണെന്നോർക്കണം. 7
എന്നാലുക്തമീജ്ഞാനമനുഭൂതിയിൽപ്പെട്ടോൻ
നിന്ദിക്കില്ലൊന്നിനെയും പ്രശംസിക്കയുമില്ല.
സമസ്തത്തിലും സമസ്വഭാവനായിസ്സൂര്യ-
സമാനനായിട്ടവൻ ചരിപ്പൂ പാരിലെങ്ങും. 8
പ്രത്യക്ഷമനുമാനമാത്മജ്ഞാനവും പിന്നെ
ശ്രുത്യുക്തികളുംകൊണ്ടി പ്രപഞ്ചം സമസ്തവും
ആദ്യന്തമിയന്നതുമസത്യമാണെന്നതും
പാർത്തസങ്ഗനായ് പാരിൽ സഞ്ചരിക്കണം
വിദ്വാൻ. 9

ഉദ്ധവൻ പറഞ്ഞു

ഈശ്വരാ! സർവ്വസാക്ഷിയായീടുമാത്മാവിനു
സംസാരമുണ്ടാകുവാൻ മാർഗ്ഗമില്ലൊന്നുകൊണ്ടും
ജഡമായിരിക്കുമീശ്ശരീരത്തിനുമിതു
ഘടിക്കുന്നില്ല പിന്നെസ്സംസാരമാർക്കു,
ചൊല്ലു. 10
അഗുണനനാവൃതനവ്യയൻ ശുദ്ധസത്വ-
പ്രകാശകനുമാകുമാത്മാവു വഹ്നിമട്ടും
ശരീരം മരംപോലെ ചൈതന്യമില്ലാതെയു-
മിരിക്കുന്നളവിഹ സംസാരമാർക്കു പാർക്കിൽ. 11

ശ്രീഭഗവാൻ പറഞ്ഞു

ശരീരേന്ദ്രിയപ്രാണസങ്ഗ,മാത്മാ-
വിനേതു-
വരെയാണന്നോളവും സംസാരമുള്ളതായി
അറിവില്ലാത്ത മർത്ത്യന്നർത്ഥമില്ലാത്തതാണെ-
ന്നിരുന്നീടിലും വൃഥാ തോന്നീടു-
മെന്നോർക്കണം. 12
അർത്ഥമില്ലാത്തതാണെന്നാകിലും വിഷയത്തെ-
ച്ചിത്തത്തിലെന്നും ധ്യാനംചെയ്യുവോൻ
സ്വപ്നത്തിങ്കൽ
നാനാസാധനങ്ങളെ നിരർത്ഥം കാണുംവിധം
ജ്ഞാനമില്ലാത്തവനു സംസാരം ഭവിക്കുന്നു. 13
ഉണർന്നീടാത്തവനു നാനാവിധത്തിലുള്ളോ-
രനർത്ഥങ്ങളെ സ്വപ്നമുണ്ടാക്കുന്നവയെല്ലാം
ഉണർന്നീടുമ്പോഴോ മിഥ്യയെന്നനുഭവപ്പെടും-
കണക്കേ സംസാരവും ജ്ഞാനിക്കു
മിഥ്യയത്രേ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശോകഹർഷഭയക്രോധലോഭമോഹസ്പൃഹാദയഃ
അഹങ്കാരസ്യ ദൃശ്യന്തേ ജന്മമൃത്യുശ്ച നാത്മനഃ. 15

ദേഹേന്ദ്രിയപ്രാണമനോഽഭിമാനോ
ജീവോഽന്തരാത്മാ ഗുണകർമ്മമൂർത്തിഃ
സൂത്രം മഹാനിത്യുരുധേവ ഗീതഃ
സംസാര ആധാവതി കാലതന്ത്രഃ. 16

അമൂലമേതദ് ബഹുരൂപരൂപിതം
മനോവചഃപ്രാണശരീരകർമ്മ
ജ്ഞാനാസിനോപാസനയാ ശിതേന
ഛിത്വാ മുനിർഗ്ഗാം വിചരത്യതൃഷ്ണഃ. 17

ജ്ഞാനം വിവേകോ നിഗമസ്തപശ്ച
പ്രത്യക്ഷമൈതിഹ്യമഥാനുമാനം
ആദ്യന്തയോരസ്യ യദേവ കേവലം
കാലശ്ച ഹേതുശ്ച തദേവ മദ്ധ്യേ. 18

യഥാ ഹിരണ്യം സ്വകൃതം പുരസ്താത്
പശ്ചാച്ച സർവ്വസ്യ ഹിരണ്മയസ്യ
തദേവ മദ്ധ്യേ വ്യവഹാര്യമാണം
നാനാപദേശൈരഹമസ്യ തദ്വത്. 19

വിജ്ഞാനമേതത്ത്രിയവസ്ഥമംഗ
ഗുണത്രയം കാരണകാര്യകർത്തൃ
സമന്വയേന വ്യതിരേകതശ്ച
യേനൈവ തുര്യേണ തദേവ സത്യം. 20

ന യത്പുരസ്താദുത യന്ന പശ്ചാ-
ന്മദ്ധ്യേ ച തന്ന വ്യപദേശമാത്രം
ഭൂതം പ്രസിദ്ധം ച പരേണ യദ്യത്
തദേവ തത് സ്യാദിതി മേ മനീഷാ. 21

അവിദ്യമാനോഽപ്യവഭാസതേ യോ
വൈകാരികോ രാജസസർഗ്ഗ ഏഷഃ
ബ്രഹ്മ സ്വയം ജ്യോതിരതോ വിഭാതി
ബ്രഹ്മേന്ദ്രിയാർത്ഥാത്മവികാരചിത്രം. 22

ഏവം സ്ഫുടം ബ്രഹ്മവിവേകഹേതുഭിഃ
പരാപവാദേന വിശാരദേന
ഛിത്വാഽഽത്മസന്ദേഹമുപാരമേത
സ്വാനന്ദതുഷ്ടോഽഖിലകാമുകേഭ്യഃ. 23

നാത്മാ വപുഃ പാർത്ഥിവമിന്ദ്രിയാണി
ദേവാ ഹ്യസുർവായുർ ജലം ഹുതാശഃ
മനോഽന്നമാത്രം ധിഷണാ ച സത്ത്വ-
മഹംകൃതിഃ ഖം ക്ഷിതിരർത്ഥസാമ്യം. 24

സമാഹിതൈഃ കഃ കരണൈർഗ്ഗുണാത്മഭിർ-
ഗുണോ ഭവേന്മത്സുവിവിക്തധാമ്നഃ
വിക്ഷിപ്യമാണൈരുത കിം നു ദൂഷണം
ഘനൈരുപേതൈർവിഗതൈ രവേഃ കിം. 25

യഥാ നഭോ വായ്വനലാംബുഭൂഗുണൈ-
ർഗ്ഗതാഗതൈർവ്വർത്തുഗുണൈർന്ന സജ്ജതേ
തഥാക്ഷരം സത്ത്വരജസ്തമോമലൈ-
രഹംമതേഃ സംസൃതിഹേതുഭിഃ പരം. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശോകഹർഷഭീക്രോധലോഭമോഹസ്പൃഹാദി–
യാകവേയഹങ്കാരധർമ്മങ്ങളെന്നിരിക്കെ

ജന്മവും മരണവുമില്ലാത്തൊരാത്മാവിന–
ങ്ങെമ്മട്ടിൽ സംസാരസംബന്ധം
സംഭവിച്ചിടും. 15

മാനസപ്രാണേന്ദ്രിയശരീരങ്ങളിലഭി–
മാനിയായ് ഗുണകർമ്മമൂർത്തിയായ്
സ്ഥിതിചെയ്യും

ആന്തരാത്മാവെ, ജീവൻ, സൂത്രാത്മാ,
മഹാനേവ–
മന്തരമെന്യേ പല നാമത്തിൽ കീർത്തിക്കുന്നു. 16

മാനസപ്രാണവചഃകായങ്ങൾകൊണ്ടു നിത്യം
നാനാതരത്തിലുള്ള കർമ്മങ്ങൾ ചെയ്യിപ്പതായ്

വേരില്ലാത്തതായ് ബഹുരൂപത്തിൽ മിന്നു
മഹ–
ങ്കാരവൃക്ഷത്തെയുപാസനയാൽ മൂർച്ഛയേറും

വിവേകാസിയാൽ ഖണ്ഡിച്ചാശയററവനായി–
ട്ടവനീതലമെങ്ങും സഞ്ചരിക്കുന്നു മുനി. 17

ജ്ഞാനവും വകതിരിച്ചറിവും വേദം തപം
സ്വാനുഭൂതിയുമുപദേശാനുമാനങ്ങളും

എന്നിവയെല്ലാംകൊണ്ടുമാദ്യന്തങ്ങളിലുള്ള–
തൊന്നത്രേ മദ്ധ്യത്തിലും കാണുവാൻ
ന്യായമുള്ളൂ.

ആദികാരണമായും കാലസ്വരൂപമായും
ദ്യോതിച്ചീടുന്നതതുതന്നെയാം ഭക്തോത്തമാ! 18

സ്വർണ്ണമാദ്യവും, നാനാഭൂഷണാകൃതിയാർന്നു
കുണ്ഡലവലയാദിനാമധേയങ്ങൾപൂണ്ടു

മിന്നിടും മദ്ധ്യകാലത്തിങ്കലു, മന്ത്യത്തിലും,
സ്വർണ്ണംതാ, നക്കണക്കാം പ്രപഞ്ചത്തിനു
ഞാനും. 19

മൂന്നവസ്ഥകളൊത്തു സത്ത്വാദിഗുണത്രയ–
മാർന്നു, കാരണം കാര്യം കർത്താവീ മൂന്നുമട്ടിൽ

ഇരിക്കുമീ വിജ്ഞാനം തുര്യമാമേതൊന്നിനോ–
ടൊരുമിച്ചിരുന്നും വേർപിരിഞ്ഞും വിളങ്ങുന്നു,

സത്യമായീടും വസ്തുവതുതന്നെയാണെന്ന–
തുൾത്താരിലുറപ്പിച്ചുകൊള്ളണമുദ്ധവാ! നീ. 20

ഏതിൽനിന്നന്യവസ്തു ജാതമായ് പ്രകാശിക്കും
ഹേതുവാമാ വസ്തുതാനുള്ളതു യഥാർത്ഥത്തിൽ.

ആദ്യവുമന്ത്യത്തിലുമില്ലാത്തതാകിലോർത്താൽ
മദ്ധ്യകാലത്തുമില്ലെന്നുള്ളതിൽത്തർക്കമില്ല.

ഉണ്ടെന്നു തോന്നീടുകിൽ കേവലം നാമംമാത്ര–
മുണ്ടെന്നേ ഗണിക്കേണ്ടതുള്ളവെന്നാ–
ണെന്മതം. 21

വികാരജന്യസൃഷ്ടി വാസ്തവമല്ലെങ്കിലും
പ്രകാശിക്കുന്നു രജോഗുണത്തിന്നുണ്ടായതായ്

തന്മാത്രേന്ദ്രിയമനഃപഞ്ചഭൂതങ്ങൾ ചേർന്നു
കാണുമതാം ജഗച്ചിത്രം, തന്മൂലം
ബ്രഹ്മംതന്നെ. 22

സ്പഷ്ടമായേവം ബ്രഹ്മം വിവേചിച്ചറി–
ഞ്ഞീടാൻ
പററീടും പ്രമാണത്താൽ പരാപവാദത്താലും

വിശാരദാചാര്യനെക്കൊണ്ടും സ്വസന്ദേഹങ്ങ–
ളശേഷമില്ലാതാക്കി സ്വാനന്ദസന്തുഷ്ടനായ്

സമസ്തമാശിച്ചീടുമിന്ദ്രിയാദിയിൽനിന്നു–
മമന്ദമുപരമിച്ചീടണം വിദ്വാനായോൻ. 23

ഭൂവികാരമാം ദേഹം പ്രാണനുമിന്ദ്രിയങ്ങൾ
ദേവതാഗണം നഭസ്സപ്പഗ്നി ഭൂമിതാനും

ബുദ്ധി മാനസം ചിത്തം പ്രകൃതിയഹങ്കാരം
ശബ്ദാദിവിഷയങ്ങളിവയുമാത്മാവല്ല. 24

ഇന്ദ്രിയങ്ങളെയുള്ളിലടക്കിയിരിക്കിലും
സന്തതം വിഷയങ്ങൾക്കായി വിട്ടിരിക്കിലും

നേരേ മത്സ്വരൂപത്തെയറിവോനവയെക്കൊ–
ണ്ടോരുകിൽ ഗുണമെന്തു, ദോഷവുമെന്തുള്ളതും?

ചാരത്തോ ദൂരസ്ഥലംതന്നിലോ
സ്ഥിതിചെയ്യും
വാരിദങ്ങളാലെന്തു മാർത്താണ്ഡനോർത്തു–
കാൺകിൽ. 25

വായ്വഗ്നിജലഭൂമീഗുണങ്ങളോടും വന്നു–
പോയീടുന്നതാമൃതുഗുണങ്ങളോടും തീരെ–

ച്ചേരാത്ത നഭസ്സുപോലഹംതത്ത്വത്തിൽനിന്നു
വേറായിരിക്കും ബ്രഹ്മം സംസാരഹേതുക്കളാം

സത്ത്വാദിഗുണത്രയകജ്ജളങ്ങളുമായി–
ട്ടുദ്ധവാ! സങ്ഗമേതുമെന്നിയേ
വർത്തിക്കുന്നു. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാപി സങ്ഗഃ പരിവജ്ജനീയോ
ഗുണേഷു മായാരചിതേഷു താവത്
മദ്ഭക്തിയോഗേന ദൃഢേന യാവദ്
രജോ നിരസ്യേത മനഃകഷായഃ. 27
യഥാഽഽമയോഽസാധുചികിത്സിതോ നൃണാം
പുനഃ പുനഃ സന്തുദതി പ്രരോഹൻ
ഏവം മനോഽപക്വകഷായകമ്മ-
കുയോഗിനം വിധ്യതി സവ്വസങ്ഗം. 28
കുയോഗിനോ യേ വിഹിതാന്തരായൈ-
ർമ്മനുഷ്യഭൂതൈസ്ത്രിദശോപസൃഷ്ടൈഃ
തേ പ്രാക്തനാഭ്യാസബലേന ഭൂയോ
യുഞ്ജന്തി യോഗം ന തു കമ്മതന്ത്രം. 29
കരോതി കമ്മ ക്രിയതേ ച ജന്തുഃ
കേനാപ്യസൗ ചോദിത ആനിപാതാത്
ന തത്ര വിദ്വാൻ പ്രകൃതൗ സ്ഥിതോഽപി
നിവൃത്തതൃഷ്ണഃ സ്വസുഖാനുഭൂത്യാ. 30
തിഷ്ഠന്തമാസീനമുത വ്രജന്തം
ശയാനമുക്ഷന്തമദന്തമന്നം
സ്വഭാവമന്യത് കിമപീഹ മാന-
മാത്മാനമാത്മസ്ഥമതിന്ന വേദ. 31
യദി സ്മ പശ്യത്യസദിന്ദ്രിയാത്ഥം
നാനാനുമാനേന വിരുദ്ധമന്യത്
ന മന്യതേ വസ്തുതയാ മനീഷീ
സ്വാപ്നം യഥോത്ഥായ തിരോദധാനം. 32
പൂവ്വം ഗൃഹീതം ഗുണകമ്മചിത്ര-
മജ്ഞാനമാത്മന്യവിവിക്തമങ്ഗ
നിവത്തതേ തത് പുനരീക്ഷയൈവ
ന ഗൃഹ്യതേ നാപി വിസൃജ്യ ആത്മാ. 33
യഥാ ഹി ഭാനോരുദയോ നൃചക്ഷുഷാം
തമോ നിഹന്യാന്ന തു സദ്വിധത്തേ
ഏവം സമീക്ഷാ നിപുണാ സതീ മേ
ഹന്യാത്തമിസ്രം പുരുഷസ്യ ബുദ്ധേഃ. 34
ഏഷ സ്വയംജ്യോതിരജോഽപ്രമേയോ
മഹാനുഭൂതിഃ സകലാനുഭൂതിഃ
ഏകോഽദ്വിതീയോ വചസാം വിരാമേ
യേനേഷിതാ വാഗസവശ്ചരന്തി. 35
ഏതാവാനാത്മസംമോഹോ യദ്വികല്പസ്തു കേവലേ
ആത്മന്നൃതേ സ്വമാത്മാനമവലംബോ ന യസ്യ ഹി. 36
യന്നാമാകൃതിഭിർഗ്രാഹ്യം പഞ്ചവണ്ണമബാധിതം
വ്യത്ഥേനാപ്യത്ഥവാദോഽയം ദ്വയം പണ്ഡിതമാനിനാം. 37
യോഗിനോഽപക്വയോഗസ്യ യുഞ്ജതഃ കായ ഉത്ഥിതൈഃ
ഉപസഗ്ഗൈർവിഹന്യേത തത്രായം വിഹിതോ വിധിഃ. 38
യോഗധാരണയാ കാംശ്ചിദാസനൈദ്ധാരണാന്വിതൈഃ
തപോമന്ത്രൗഷധൈഃ കാംശ്ചിദുപസഗ്ഗാൻ വിനിദ്ദഹേത്. 39
കാംശ്ചിന്മമാനുധ്യാനേന നാമസങ്കീത്തനാദിഭിഃ
യോഗേശ്വരാനുവൃത്ത്യാ വാ ഹന്യാദശുഭദാന്മരനൈഃ. 40
കേചിദ്ദേഹമിമം ധീരാഃ സുകല്പം വയസി സ്ഥിരം
വിധായ വിവിധോപായൈരഥ യുഞ്ജന്തി സിദ്ധയേ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാലും മാനസത്തിൻ കലക്കം രജോഗുണ-
മെന്നിവ ദൃഢമായ മദ്ഭക്തിയോഗത്തിനാൽ

എന്നോളം നിരസിക്കപ്പെടാതെയിരുന്നിടു-
മന്നോളം മായാഗുണസങ്ഗമം വർജ്ജനീയം.26

യുക്തമാം ചികിത്സകൾ ചെയ്യീടാത്തുള്ള രോഗം
മർത്ത്യനെ വീണ്ടും പുണ്ടു ദുഃഖിപ്പിച്ചിടുംവിധം

അപക്വമായി വിഷയാശ വർദ്ധിച്ചു കർമ്മ-
നിപുണമായിസ്സർവ്വസങ്ഗമമിയന്നിടും

മനസ്സു കുയോഗിയെ കളത്രാദിയിൽ വീണ്ടു-
മനുരാഗം വളർത്തി വഴിതെററിച്ചിടുന്നു. 28

നിയതമമർത്ത്യരാൽ പ്രേരിതരായിച്ചേർപ്പു
കുയോഗികൾക്കു വിഘ്നം ഭാര്യാ-
പുത്രാദ്യർ മർത്ത്യർ

വീണ്ടുമായവർ പൂർവ്വജന്മാഭ്യാസത്തിൻബലം-
കൊണ്ടഭ്യസിപ്പൂ യോഗം കർമ്മതന്ത്രത്തെയല്ല.
29

ബോധമില്ലാത്തുള്ളവനേതോ ഒന്നിനാൽപരം
ചോദിതനായി മൃതിപര്യന്തം കർമ്മംചെയ്യു

വികാരാധീനനായിക്കഴിവൂ വിവേകിയോ
പ്രകൃതിസ്ഥനെന്നാലും സ്വാനന്ദാനുഭൂതിയാൽ

ആശ നിശ്ശേഷമററാനാകയാൽ കർമ്മങ്ങളി-
ലാസക്തിയുക്തനായിബ്ഭവിക്കുന്നി-
ല്ലയല്ലോ. 30

ചരിക്കുമ്പൊഴും ശയിക്കുമ്പൊഴുമൊരേടത്ത-
ങ്ങിരിക്കുംസമയത്തും വിസർജ്ജിച്ചിടുമ്പൊഴും

അശിക്കുമ്പൊഴും മററുവല്ലതും ചെയ്യുമ്പൊഴു-
മശേഷമറിഞ്ഞിടാ ദേഹത്തെയാത്മ-
സ്ഥിതൻ. 31

അസത്തുക്കളായിടുമിന്ദ്രിയാർത്ഥത്തെയെല്ലാ-
മശങ്കം കാണുന്നവനെങ്കിലും വിദ്വാനായോൻ

അനുമാനത്താലാത്മാഭിന്നമാമന്യവസ്തു-
ഗണത്തെ യഥാർത്ഥത്തിലുള്ളതായ്
ഗണിച്ചീടാ. 32

കിനാവിൽക്കണ്ടു മായും സാധനങ്ങളെയെല്ലാ-
മുണർന്നീടുവോൻ മിഥ്യയെന്നായി-
ഗ്ഗണിക്കുംപോൽ,

ജ്ഞാനോദയത്തിൻമുമ്പു ഗുണകർമ്മങ്ങളാലേ
നാനാവിധത്തിൽ സ്പഷ്ടമാകാതെയാത്മാ-
വിങ്കൽ

ഉണ്ടായിരുന്നതാകുമജ്ഞാനം ജ്ഞാനോദയം
കൊണ്ടുതാൻ മെല്ലെയില്ലാതായിടുന്നിതു
പൂജ്യാ! 33

ഒന്നുമേ കൈക്കൊൾകയും സന്ത്യജിക്കയും-
ചെയ്യു-
യെന്നതില്ലവികാരിയായീടുമാത്മാവോർത്താൽ
ആദിത്യോദയം മർത്ത്യലോചനങ്ങളെപ്പാരം
ബാധിക്കുമിരുട്ടിനെ ഹനിക്കുമെന്നല്ലാതെ
പദാർത്ഥങ്ങളെയുളവാക്കിടുന്നില്ലയല്ലോ. 34
അതുപോലെൻ വിശുദ്ധനിപുണ-
സാക്ഷാത്കാരം
പുരുഷബുദ്ധി പാരം മറച്ചിരിക്കും തമോ-
ഭരത്തെ നിശ്ശേഷമായ് ഹനിക്കുന്നെന്നേയുള്ളു.
ഇവനപ്രമേയനും സ്വയംജ്യോതിസ്സും ജന്മം
ഭവിക്കാതിരിപ്പോനും മഹദൈശ്വര്യവാനും
ഏകനും രണ്ടാമതാമൊന്നോടു ചേരാത്തോനു-
മാകുന്നു നാദാന്തത്തിൽ വിളങ്ങുവോനുമത്രേ.
ഇവന്റെ സംപ്രേരണകാരണമായിട്ടത്രേ
പ്രവർത്തിച്ചീടുന്നതു വചസ്സും പ്രാണൻതാനും.35
കേവലാത്മാവിലില്ല വികല്പമേതും പിന്നെ-
യാവകയുണ്ടാവതു മനോവിഭ്രമത്താൽത്താൻ
സ്വന്തമാമാത്മാവിനെയാശ്രയിക്കാതെ
പിന്നെ-
യെന്താണൊരാലംബനം വികല്പത്തിനു
പാർത്താൽ. 36
'നാമരൂപങ്ങളാൽ സുഗ്രാഹ്യമാം പഞ്ചഭൂത-
വ്യാമിശ്രപ്രപഞ്ചമിതില്ലാത്തതൊന്നുമല്ല.'
ഇദ്വൈതകല്പനയാൽ വിദ്വന്മാനികൾ ചെയ്യു-
മർത്ഥവാദവുമർത്ഥമില്ലാത്തതായിക്കാണ്മൂ. 37
യോഗത്തെയഭ്യസിച്ചും പക്വതവന്നീടാത്ത
യോഗത്തോടൊത്തുമിരുന്നീടിന യോഗിക്കെഴും
ശരീരം രോഗങ്ങളാൽ പീഡിതമായാലതിൻ
പരിഹാരാർത്ഥം ചില വിധികൾ
കല്പിച്ചിതു. 38
ചില ബാധകൾ യോഗധാരണകൊണ്ടും മററു-
ചിലതു ധാരണാസ്വിതാസനങ്ങളെക്കൊണ്ടും
അന്യമാം ചില പീഡ,യൗഷധം, മന്ത്രം, തപ-
സ്സെന്നിവയാലും ഹനിച്ചീടണം
നിശ്ശേഷമായ്. 39
ചിലതെൻനാമമന്ത്രജപങ്ങൾകൊണ്ടും വേറേ
ചിലതു നിത്യമെന്നെദ്ധ്യാനിക്കുന്നതുകൊണ്ടും
യോഗേശ്വരാചാരങ്ങൾകൊണ്ടുമേ ദുഃഖപ്രദ-
രോഗങ്ങളശേഷവും നശിപ്പിക്കുകവേണം. 40
ചില ധീരന്മാർ നാനോപായങ്ങളാലിദ്ദേഹം
ബലിഷ്ഠമാക്കിയെന്നും താരുണ്യം
നിലനിർത്താൻ
സിദ്ധികളെല്ലാം നിജാധീനത്തിലാക്കാനായി
മാത്രമീ യോഗവിദ്യയഭ്യസിച്ചീടുന്നിതേ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന ഹി തത് കുശലാദൃത്യം തദായാസോ ഹ്യപാർത്ഥകഃ
അന്തവത്ത്വാച്ഛരീരസ്യ ഫലസ്യേവ വനസ്പതേഃ. 42
യോഗം നിഷേവതോ നിത്യം കായശ്ചേത് കല്പതാമിയാത്
തച്ഛ്രദ്ധ്യാന്ന മതിമാൻ യോഗമുത്സൃജ്യ മത്പരഃ. 43
യോഗചര്യാമിമാം യോഗീ വിചരൻ മദ്വ്യപാശ്രയഃ
നാന്തരായൈർവിഹന്യേത നിഃസ്പൃഹഃ സ്വസുഖാനുഭൂഃ. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
അഷ്ടാവിംശതിതമോഽധ്യായഃ

ഏകോനത്രിംശത്തമോഽധ്യായഃ

ഉദ്ധവ ഉവാച

സുദുസ്തരാമിമാം മന്യേ യോഗചര്യാമനാത്മനഃ
യഥാഞ്ജസാ പുമാൻ സിദ്ധ്യേത് തന്മേ ബ്രൂഹ്യഞ്ജസാച്യുത! 1
പ്രായശഃ പുണ്ഡരീകാക്ഷ യുഞ്ജന്തോ യോഗിനോ മനഃ
വിഷീദന്ത്യസമാധാനാന്മനോനിഗ്രഹകർശിതാഃ. 2
അഥാത ആനന്ദദുഘം പദാംബുജം
ഹംസാഃ ശ്രയേരന്നരവിന്ദലോചന
സുഖം നു, വിശ്വേശ്വര, യോഗകർമ്മഭി-
സ്ത്വന്മായയാമീ വിഹതാ ന മാനിനഃ. 3
കിം ചിത്രമച്യുത തവൈതദശേഷബന്ധോ
ദാസേഷ്വനന്യശരണേഷു യദാത്മസാത്ത്വം
യോഽരോചയത് സഹമൃഗൈഃ സ്വയമീശ്വരാണാം
ശ്രീമത്കിരീടതടപീഡിതപാദപീഠഃ. 4
തം ത്വാഖിലാത്മദയിതേശ്വരമാശ്രിതാനാം
സർവ്വാർത്ഥദം സ്വകൃതവിദ്വിസൃജേത കോ നു
കോ വാ ഭജേത് കിമപി വിസ്മൃതയേഽനുഭൂത്യൈ
കിം വാ ഭവേന്ന തവ പാദരജോജുഷാം നഃ. 5
നൈവോപയന്ത്യപചിതിം കവയസ്തവേശ
ബ്രഹ്മായുഷാപി കൃതമൃദ്ധമുദഃ സ്മരന്തഃ
യോഽന്തർബ്ബഹിസ്തനുഭൃതാമശുഭം വിധുന്വ-
ന്നാചാര്യചൈത്യവപുഷാ സ്വഗതിം വ്യനക്തി. 6

ശ്രീശുക ഉവാച

ഇത്യുദ്ധവേനാത്യനുരക്തചേതസാ
പൃഷ്ടോ ജഗത്ക്രീഡനകഃ സ്വശക്തിഭിഃ
ഗൃഹീതമൂർത്തിത്രയ ഈശ്വരേശ്വരോ
ജഗാദ സപ്രേമമനോഹരസ്മിതഃ. 7

ശ്രീഭഗവാനുവാച

ഹന്ത തേ കഥയിഷ്യാമി മമ ധർമ്മാൻ സുമങ്ഗലാൻ
യാൻ ശ്രദ്ധയാഽഽചരൻ മർത്ത്യോ മൃത്യും ജയതി ദുർജ്ജയം. 8
കുര്യാത് സർവ്വാണി കർമ്മാണി മദർത്ഥം ശനകൈഃ സ്മരൻ
മയ്യർപ്പിതമനശ്ചിത്തോ മദ്ധർമ്മാത്മമനോരതിഃ. 9
ദേശാൻ പുണ്യാനാശ്രയേത മദ്ഭക്തൈഃ സാധുഭിഃ ശ്രിതാൻ
ദേവാസുരമനുഷ്യേഷു മദ്ഭക്താചരിതാനി ച. 10
പൃഥക് സത്രേണ വാ മഹ്യം പർവ്വയാത്രാമഹോത്സവാൻ
കാരയേദ്ഗീതനൃത്യാദ്യൈർമ്മഹാരാജവിഭൂതിഭിഃ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃക്ഷത്തിൻഫലമെന്നപോലവേ ശരീരവു-
മക്ഷണം നശിക്കുന്നതാണെന്ന കാരണത്താൽ

അത്ഥമില്ലാത്തതാകമിത്തരം പരിശ്രമ-
മുത്തമജനാവലിക്കാദരണീയമല്ല. 42

എപ്പൊഴം യോഗമുറയഭ്യസിപ്പോൻെറ കായം
കെല്ലേററമാന്നീടിലും ബുദ്ധിമാനായോരവൻ

ആ പ്രയത്നത്തെ ത്യജിച്ചായതിൽ ശ്രദ്ധവിട്ട
മത്പരനായിജ്ജന്മം സഫലമാക്കീടണം. 43

ധന്യമീ യോഗചര്യയനുഷ്ഠിച്ചെന്നെയെന്യേ-
യന്യനെയാശ്രയിക്കാതിരുന്നീടുന്ന യോഗി

നിസ്പൃഹനായി നിജാനന്ദാനുഭവസ്ഥനാ-
യല്ലവും വിഘ്നങ്ങളാൽ പീഡിതനാകാ
നൂനം. 44

അദ്ധ്യായം 29

ഉദ്ധവോപദേശം—ഭക്തിയോഗനിരൂപണം,
ഉദ്ധവയാനം

ഉദ്ധവൻ പറഞ്ഞു

ഈ യോഗക്രമം മനോജയത്തിൽ
ശക്തിഹീന-
നായോനു ദുഷ്കരമെന്നെനിക്കു തോന്നീടുന്നു.

പുരുഷന്നെളുതായിസ്സാധിക്കാവുന്ന മാർഗ്ഗം
ശരിയായ് ധരിക്കുമാറെന്നോടു ചൊന്നീടണം. 1

പുണ്ഡരീകാക്ഷാ! മനസ്സടക്കാൻ യോഗീന്ദ്രന്മാർ
നന്നായിപ്പരിശ്രമംചെയ്തിട്ടും മിക്കവാറും

അക്കാര്യം സാധിക്കുവാനൊക്കാതെ നിരന്തര-
മുത്കടദുഃഖവാരാന്നിധിയിൽ മുഴുകുന്നു. 2

അതിനാൽ, വിവേകികളാനന്ദം വഷിക്കുമാ
ത്വദീയപാദാംബുജം സുഖമായാശ്രയിപ്പൂ.

അവരെബ് ഭവന്മായ മോഹിപ്പിച്ചിടുന്നില്ല,
ഭുവനേശ്വരാ! കമ്മനിപുണരെന്നായ് സ്വയം

അഭിമാനിക്കുന്നവരേവരും ത്വന്മായയാ-
ലഭിഹനിക്കപ്പെടുന്നവർതാനംബുജാക്ഷാ! 3

സ്വയമീശ്വരന്മാരായിരിപ്പോക്കെഴം മണി-
മയകിരീടം ചേരും പാദപീഠങ്ങളാളും

അങ്ങുന്നു സഖ്യംചെയ്തു മൃഗങ്ങളോടുപോല്വ,-
മങ്ങനെ സവ്വലോകബന്ധുവാം ഭവാനേവം

അനന്യാശ്രയന്മാരായവരിലാന്നീടുമീ-
യനുകമ്പയിലെന്താണച്യുതാ!
വിസ്മയിപ്പാൻ. 4

സകലാത്മാവായ് സവ്വപ്രിയനായാശ്രിതന്മാ-
ക്കഖിലാത്ഥദനായിസ്സവ്വശക്തനായ് മിന്നും

അങ്ങയെബ് ഭവത്പരാക്രമങ്ങളറിയുന്നോ-
നെങ്ങനെ സന്ത്യജിക്കു,മൈശ്വര്യത്തിനായ്-
പ്പിലർ

ഇതരദേവന്മാരെബ് ഭജിപ്പു വിഭൂതിക-
ളധികമായാലവർ മറന്നീടുന്നു കഷ്ടം!

ത്വത്പാദരജസ്സണിഞ്ഞീടുമീ ഞങ്ങൾ-
ക്കോത്താ-
ലിപ്പാരിലതിൽപരം ലഭിപ്പാൻ മറെറന്തുള്ളൂ? 5

ജന്തുജാലത്തിന്നന്തർഭാഗത്തും ബാഹ്യത്തില്വ-
മന്തര്യാമിയുമാചാര്യനുമായ് സ്ഥിതിചെയ്തു

തദ്ദോഷമെല്ലാം ഹനിച്ചാത്മാവിൻ-
സ്വരൂപത്തെ
വിദ്യോതിപ്പിക്കുമങ്ങേയ്ക്കുള്ളൊരുക്കടം തീപ്പാൻ

വിദ്വാന്മാരജായുസ്സുകൊണ്ടുമേ സാധിക്കില്ലെ-
ന്നോത്തു തജ്ജീവിതത്തെബ് ഭവാനിലർപ്പി
ക്കുന്നു. 6

ശ്രീശുകൻ പറഞ്ഞു

അത്യന്തമനുരക്തചിത്തനാമബ് ഭൃത്യനാൽ
പൃഷ്ടനായ് ജഗത്താകും കളിക്കോപ്പോടുകൂടി

സ്വശക്തിയാലേ മൂത്തി മൂന്നാളുമീശ്വരേശൻ
വിശുദ്ധപ്രേമത്തോടു സസ്മിതം
ചൊന്നാനേവം. 7

ശ്രീഭഗവാൻ പറഞ്ഞു

ശ്രദ്ധാസംയുതം മത്ത്യനനുഷ്ഠിച്ചീടുന്നാകിൽ
മൃത്യുവെജ്ജയിപ്പതായ് മങ്ഗലതരങ്ങളാം

എന്നുടെ ധമ്മങ്ങളെസ്സന്തോഷപുരസ്സരം
നിന്നോടായരുളിച്ചെയ്തീടുന്നു കേട്ടുകൊൾക. 8

സങ്കല്പവികല്പങ്ങളെന്നിലർപ്പിച്ചു വീത-
ശങ്കമെൻ ധമ്മങ്ങളിലേററവും രതിയോടും

മെല്ലെനല്ലപോലെന്നെസ്സരിച്ചുകൊണ്ടുവേണ-
മെല്ലാക്കമ്മങ്ങളേയുമാചരിച്ചീടേണ്ടതും. 9

എന്നുടെ ഭക്തന്മാരാം സാധുക്കളാവസിക്കും
പുണ്യപ്രദേശങ്ങളെയാശ്രയിക്കണം നിത്യം.

ദേവദാനവമത്ത്യജാതിയിൽപ്പെട്ടിടും മത്-
സേവകന്മാർതൻ കമ്മമാചരിക്കയും
വേണം. 10

ഒന്നിച്ചോ തനിയേയോ ഗീതനൃത്യാദ്യങ്ങളാം
മന്നവവിഭൂതികളോടൊത്തു കൂടെക്കൂടെ

ഘോഷയാത്രകളെയും മഹോത്സവങ്ങളേയും
ഭേഷായിത്തോഷപൂവ്വം നടത്തീടുകവേണം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാമേവ സര്‍വ്വഭൂതേഷു ബഹിരന്തരപാവൃതം
ഈക്ഷേതാത്മനി ചാത്മാനം യഥാ ഖമമലാശയഃ. 12

ഇതി സര്‍വ്വാണി ഭൂതാനി മദ്ഭാവേന, മഹാദ്യുതേ,
സഭാജയന്‍ മന്യമാനോ ജ്ഞാനം കേവലമാശ്രിതഃ. 13

ബ്രാഹ്മണേ പുല്‍കസേ സ്തേനേ ബ്രഹ്മണ്യേഽര്‍ക്കേ സ്ഫുലിങ്ഗകേ
അക്രൂരേ ക്രൂരകേ ചൈവ സമദൃക് പണ്ഡിതോ മതഃ. 14

നരേഷ്വഭീക്ഷ്ണം മദ്ഭാവം പുംസോ ഭാവയതോഽചിരാത്
സ്പര്‍ദ്ധാസൂയാതിരസ്കാരാഃ സാഹങ്കാരാ വിയന്തി ഹി. 15

വിസൃജ്യ സ്മയമാനാന്‍ സ്വാന്‍ ദൃശം വ്രീഡാം ച ദൈഹികീം
പ്രണമേദ്ദണ്ഡവദ്ഭൂമാവാശ്വചാണ്ഡാലഗോഖരം. 16

യാവത് സര്‍വ്വേഷു ഭൂതേഷു മദ്ഭാവോ നോപജായതേ
താവദേവമുപാസീത വാങ്മനഃകായവൃത്തിഭിഃ. 17

സര്‍വ്വം ബ്രഹ്മാത്മകം തസ്യ വിദ്യയാഽഽത്മമനീഷയാ
പരിപശ്യന്നുപരമേത് സര്‍വ്വതോ മുക്തസംശയഃ. 18

അയം ഹി സര്‍വ്വകല്പാനാം സധ്രീചീനോ മതോ മമ
മദ്ഭാവഃ സര്‍വ്വഭൂതേഷു മനോവാക്കായവൃത്തിഭിഃ. 19

ന ഹ്യങ്ഗോപക്രമേ ധ്വംസോ മദ്ധര്‍മ്മസ്യോദ്ധവാണ്വപി
മയാ വ്യവസിതഃ സമ്യങ്നിര്‍ഗ്ഗുണത്വാദനാശിഷഃ. 20

യോ യോ മയി പരേ ധര്‍മ്മഃ കല്പ്യതേ നിഷ്ഫലായ ചേത്
തദായാസോ നിരര്‍ത്ഥഃ സ്യാദ് ഭയാദേരിവ, സത്തമ. 21

ഏഷാ ബുദ്ധിമതാം ബുദ്ധിര്‍മ്മനീഷാ ച മനീഷിണാം
യത് സത്യമനൃതേനേഹ മര്‍ത്ത്യേനാപ്നോതി മാമൃതം. 22

ഏഷ തേഽഭിഹിതഃ കൃത്സ്നോ ബ്രഹ്മവാദസ്യ സങ്ഗ്രഹഃ
സമാസവ്യാസവിധിനാ ദേവാനാമപി ദുര്‍ഗ്ഗമഃ. 23

അഭീക്ഷ്ണശസ്തേ ഗദിതം ജ്ഞാനം വിസ്പഷ്ടയുക്തിമത്
ഏതദ്വിജ്ഞായ മുച്യേത പുരുഷോ നഷ്ടസംശയഃ. 24

സുവിവിക്തം തവ പ്രശ്നം മയൈതദപി ധാരയേത്
സനാതനം ബ്രഹ്മഗുഹ്യം പരം ബ്രഹ്മാധിഗച്ഛതി. 25

യ ഏതന്മമ ഭക്തേഷു സംപ്രദദ്യാത് സുപുഷ്കലം
തസ്യാഹം ബ്രഹ്മദായസ്യ ദദാമ്യാത്മാനമാത്മനാ. 26

യ ഏതത് സമധീയീത പവിത്രം പരമം ശുചി
സ പൂയേതാഹരഹര്‍മ്മാം ജ്ഞാനദീപേന ദര്‍ശയന്‍. 27

യ ഏതച്ഛ്രദ്ധയാ നിത്യമവ്യഗ്രഃ ശൃണുയാന്നരഃ
മയി ഭക്തിം പരാം കുര്‍വ്വന്‍ കര്‍മ്മഭിര്‍ന്ന സ ബധ്യതേ. 28

അപ്യുദ്ധവ ത്വയാ ബ്രഹ്മ, സഖേ, സമവധാരിതം
അപി തേ വിഗതോ മോഹഃ ശോകശ്ചാസൗ മനോഭവഃ. 29

നൈതത്ത്വയാ ദാംഭികായ നാസ്തികായ ശഠായ ച
അശുശ്രൂഷോരഭക്തായ ദുര്‍വിനീതായ ദീയതാം. 30

ഏതൈര്‍ദ്ദോഷൈര്‍വിഹീനായ ബ്രഹ്മണ്യായ പ്രിയായ ച
സാധവേ ശുചയേ ബ്രൂയാദ്ഭക്തിഃ സ്യാച്ഛൂദ്രയോ-
ഷിതാം. 31

നൈതദ്വിജ്ഞായ ജിജ്ഞാസോര്‍ജ്ഞാതവ്യമവശിഷ്യതേ
പീത്വാ പീയൂഷമമൃതം പാതവ്യം നാവശിഷ്യതേ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വഭൂതങ്ങൾക്കുള്ളിൽ പുറത്തുമാത്മാവിലും
സർവ്വദാ നഭസ്സുപോൽ മറവററാത്മാവായി
സ്ഥിതിചെയ്തിട്ടമെന്നെത്തന്നെ കാണണം
ശുദ്ധ-
മതിയായ് മത്സേവകനേതൊരുസമയത്തും. 12
ഈവിധമേകജ്ഞാനമാശ്രയിച്ചവനായി-
സ്സർവ്വഭൂതൗഘത്തിലും ഞാനെന്ന ഭാവത്തൊടും
എന്നെത്താൻ ചിന്തിച്ചുകൊണ്ടേതുകാലത്തു-
മെന്നി-
ലുന്നതാദരവൊടും സ്ഥിതിചെയ്യണം പുമാൻ.
ആരണനന്ത്യജാതൻ ചോരനെന്നിവരിലും [13
സൂര്യനിൽ സ്ഫുലിംഗത്തിൽ ക്രൂരനായുള്ളോ-
ക്രൂരതയററോനിലും സമദൃക്കായുള്ളവൻ [നിലും
സൂരിശ്രേഷ്ഠനാണെന്നു സമ്മതംതന്നെയല്ലോ.
എപ്പൊഴും നരന്മാരിൽ മദ്ഭാവം ദർശിച്ചിട്ടു-
മപ്പുമാൻതന്നസൂയാനിന്ദാസ്പർദ്ധാദ്യങ്ങളാം
ദോഷങ്ങളശേഷവുമഹങ്കാരത്തോടൊപ്പ-
മാശു നഷ്ടമായീടുമെന്നതു തീർച്ചതന്നെ. 14-15
അപഹസിക്കും നിജബാന്ധവവൃന്ദത്തെയും
വപുശ്ചിന്തയാലുണ്ടാം ത്രപയും സന്ത്യജിച്ചു
ചണ്ഡാലനേയും ശ്വാനഗർദ്ദഭഗോക്കളേയും
ദണ്ഡംപോൽ മന്നിൽ വീണു
നമസ്കരിച്ചീടണം. 16
സകലഭൂതത്തിലും ഞാനധിവസിപ്പതാ-
യകമേയുറപ്പേതുനാൾവരെയുണ്ടായിടാ
അന്നോളം വാക്കു മനം ശരീരമിവററിനാ-
ലെന്നമീവിധമെന്നെയുപാസിക്കുകവേണം.17
ഇത്തരമുപാസിപ്പോനാത്മധ്യാനത്തിനാലേ
സിദ്ധമാം വിവേകത്താൽ ബ്രഹ്മമായ്ക്കാണ്മൂ
സർവ്വം
സന്ദേഹം സമസ്തവും നശിച്ചു യാഥാത്മ്യത്തെ
സന്ദർശിച്ചുടനുപരതിയെ പ്രാപിക്കുന്നു. 18
ഈവണ്ണം മറവെന്യേ കരണത്രയംകൊണ്ടും
സർവ്വഭൂതൗഘത്തിലും മദ്ഭാവം ദർശിച്ചീടും
മാർഗ്ഗമിതന്യമാകുമുപായങ്ങളെക്കാളു-
മുത്കൃഷ്ടമായിട്ടുള്ളതെന്നാണെന്നഭിപ്രായം. 19
നിഷ്കാമനായുള്ളോനു മാമകസേവാധർമ്മ-
മുൾക്കാമ്പിലാദിയിൽത്താനുറച്ചു വരുന്നിതു.
നിർഗ്ഗുണത്വത്താൽ പിന്നെയവന്നു നാശമേശാ-
നൊക്കുകയില്ലെന്നതുനിശ്ചയംതന്നെ-
യല്ലോ. 20
പരനാമെന്നിൽ ഫലകാംക്ഷയെന്നിയേ
നിരർത്ഥകർമ്മങ്ങളും ഫലദായകങ്ങളാം [ചെയ്യും
ഭയശോകാദിയിൽനിന്നുണ്ടാകും ശ്രമങ്ങളും
നിയതം ധർമ്മമായിബ്ഭവിച്ചീടുന്നവല്ലോ. 21
നിർവ്വികാരനായ് സത്യവസ്തുവായമൃതസ്വ-
ഭാവനാമെന്നെ മിഥ്യയായുള്ള
മർത്ത്യാങ്ഗത്താൽ

സാക്ഷാത്കരിക്കുന്നതാം ബുദ്ധിമത്തുക്കൾ-
ക്കെഴും
ബുദ്ധിയും മനീഷിമാർക്കിയലും മനീഷയും. 22
സുരൗഘത്തിനുപോലുമറിയാൻ പ്രയാസമാ-
യിരിക്കും സമസ്തമായീടുമീ വേദസാരം
വിസ്തൃതമായും പരം സംക്ഷേപമായുമിപ്പോ-
ളുദ്ധവാ! നിനക്കായി ഞാനുപദേശിച്ചിതു. 23
അത്യന്തം സ്പഷ്ടമായ യുക്തിയോടൊത്തിണങ്ങും
തത്ത്വജ്ഞാനത്തെ നിന്നോടോതിനേൻ
പലവട്ടം.
നന്നായിട്ടിതു ധരിച്ചീടുന്ന പുരുഷന്മാർ
സന്ദേഹമെല്ലാം തീർന്നു മുക്തരായ് ഭവിക്കുന്നു.24
അങ്ങു ചോദിച്ചതാമിച്ചോദ്യവുമതിന്നു ഞാൻ
ഭങ്ഗിയായ് വിവേചിച്ചു ചൊല്ലിയ
കാര്യങ്ങളും
ധരിച്ചാകിലും വേദഗുഹ്യമായ് ശാശ്വതമാം
പരബ്രഹ്മത്തെപ്പുമാൻ പ്രാപിച്ചിടുന്നു നൂനം.25
വേദോക്തിസാരമായോരിതിനെസ്സമ്പൂർണ്ണമാ-
യേതവൻ ഭക്തന്മാർക്കായുപദേശിച്ചീടുമോ
സുവ്യക്തമാത്മരൂപം കാണുവാനുള്ള ശക്തി
നിർവ്വ്യാജം സ്വമനസ്സാലവന്നു നല്കിടും ഞാൻ.26
പരമോത്കൃഷ്ടമായിപ്പവിത്രമായിശ്ശുദ്ധി-
കരമായിരിക്കുമിതനുവാസരമേവൻ
പഠിക്കുമാത്മജ്ഞാനദീപത്താലെന്നെക്കാട്ടി-
ക്കൊടുക്കുമവനേററം ശുദ്ധനായ്ഭവിക്കുന്നു. 27
ബദ്ധപ്പാടേതുമെന്യേയിതിനെയനാരതം
ശ്രദ്ധയായ്ശ്രവിച്ചുകൊണ്ടിരിക്കും പുരുഷനും
മത്പരയായ ഭക്തി കൈവന്നു സർവ്വകർമ്മ-
മുക്തനായ് ഭവിച്ചീടും സന്ദേഹമില്ല തെല്ലും. 28
ഇത്രയുംകൊണ്ടിദാനീമാത്മസ്വരൂപം നിന-
ക്കുദ്ധവാ! നല്ലവണ്ണം പ്രകാശിച്ചീടുന്നുവോ?
ചേതസ്സിൽനിന്നുണ്ടാകും മോഹവുമതുമൂലം
ജാതമാമീ ദുഃഖവും നശിച്ചോ, ചൊല്ലീടുക. 29
വഞ്ചകൻ നിരീശ്വരൻ ദാംഭികനവിനീത-
നഞ്ചിതം മച്ചരിത്രം കേൾക്കുവാനിച്ഛി-
ക്കാത്തോൻ
എന്നിവർക്കാർക്കുമേ നീയുപദേശിച്ചീടരു-
തുന്നതമായീടുമിത്തത്ത്വത്തെയൊട്ടുംതന്നെ. 30
ഈവക ദോഷമില്ലാത്തവർക്കും ദ്വിജഭക്തി
കൈവന്നവർക്കുമെന്നിലേററവും പ്രേമമാളും
സത്തുക്കളായവർക്കും ഭക്തരാം സ്ത്രീശൂദ്രർക്കും
ശ്രദ്ധാലുക്കൾക്കും നേരേ പറഞ്ഞുകൊടുക്ക
നീ. 31
അറിവാനാഗ്രഹിപ്പോനിത്തത്ത്വമറിഞ്ഞതിൻ-
പിറകേയറിയേണ്ടതായൊന്നും ശേഷിപ്പീല
സ്വാദേറുമമൃതത്തെപ്പാനംചെയ്യതിൽപ്പിന്നെ
യാതൊന്നും പേയമായിശ്ശേഷിക്കുന്നി-
ല്ലയല്ലോ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനേ കർമ്മണി യോഗേ ച വാർത്തായാം ദണ്ഡധാരണേ
യാവാനർത്ഥോ നൃണാം താത താവാംസ്തേഽഹം ചതുർവ്വിധഃ. 33

മർത്ത്യോ യദാ ത്യക്തസമസ്തകർമ്മാ
നിവേദിതാത്മാ വിചികീർഷിതോ മേ
തദാമൃതത്വം പ്രതിപദ്യമാനോ
മയാഽഽത്മഭൂയായ ച കല്പതേ വൈ. 34

ശ്രീശുക ഉവാച

സ ഏവമാദർശിതയോഗമാർഗ്ഗ-
സ്തദോത്തമശ്ലോകവചോ നിശമ്യ
ബദ്ധാഞ്ജലിഃ പ്രീത്യുപരുദ്ധകണ്ഠോ
ന കിഞ്ചിദൂചേഽശ്രുപരിപ്ലുതാക്ഷഃ. 35

വിഷ്ടഭ്യ ചിത്തം പ്രണയാവഘൂർണ്ണം
ധൈര്യേണ, രാജൻ, ബഹുമന്യമാനഃ
കൃതാഞ്ജലിഃ പ്രാഹ യദുപ്രവീരം
ശീർഷ്ണാ സ്പൃശംസ്തച്ചരണാരവിന്ദം. 36

ഉദ്ധവ ഉവാച

വിദ്രാവിതോ മോഹമഹാന്ധകാരോ
യ ആശ്രിതോ മേ തവ സന്നിധാനാത്
വിഭാവസോഃ കിം നു സമീപഗസ്യ
ശീതം തമോ ഭീഃ പ്രഭവന്ത്യജാദ്യ. 37

പ്രത്യർപ്പിതോ മേ ഭവതാനുകമ്പിനാ
ഭൃത്യായ വിജ്ഞാനമയഃ പ്രദീപഃ
ഹിത്വാ കൃതജ്ഞസ്തവ പാദമൂലം
കോഽന്യത് സമീയാച്ഛരണം ത്വദീയം. 38

വൃക്ണശ്ച മേ സുദൃഢഃ സ്നേഹപാശോ
ദാശാർഹവൃഷ്ണ്യന്ധകസാത്വതേഷു
പ്രസാരിതഃ സൃഷ്ടിവിവൃദ്ധയേ ത്വയാ
സ്വമായയാ ഹ്യാത്മസുബോധഹേതിനാ. 39

നമോഽസ്തു തേ, മഹായോഗിൻ, പ്രപന്നമനുശാധി മാം
യഥാ ത്വച്ചരണാംഭോജേ രതിഃ സ്യാദനപായിനീ. 40

ശ്രീഭഗവാനുവാച

ഗച്ഛോദ്ധവ, മയാഽഽദിഷ്ടോ ബദര്യാഖ്യം മമാശ്രമം
തത്ര മത്പാദതീർത്ഥോദേ സ്നാനോപസ്പർശനൈഃ ശുചിഃ. 41

ഈക്ഷയാളകനന്ദായാ വിധൂതാശേഷകല്മഷഃ
വസാനോ വല്ക്കലാന്യങ്ഗ വന്യഭുക് സുഖനിഃസ്പൃഹഃ. 42

തിതിക്ഷുർദ്വന്ദ്വമാത്രാണാം സുശീലഃ സംയതേന്ദ്രിയഃ
ശാന്തഃ സമാഹിതധിയാ ജ്ഞാനവിജ്ഞാനസംയുതഃ. 43

മത്തോഽനുശിക്ഷിതം യത്തേ വിവിക്തമനുഭാവയൻ
മയ്യാവേശിതവാക്ചിത്തോ മദ്ധർമ്മനിരതോ ഭവ 44
അതിവ്രജ്യ ഗതീസ്തിസ്രോ മാമേഷ്യസി തതഃ പരം.

ശ്രീശുക ഉവാച

സ ഏവമുക്തോ ഹരിമേധസോദ്ധവഃ
പ്രദക്ഷിണം തം പരിസൃത്യ പാദയോഃ
ശിരോ നിധായാശ്രുകലാഭിരാർദ്രധീ- 45
ർന്യഷിഞ്ചദദ്വന്ദ്വപരോഽപ്യപക്രമേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഛറിവു, കർമ്മം, യോഗം, കൃഷ്യാദിവൃത്തി,
നീതി-
യരുളും ശാസ്ത്രംതൊട്ടുള്ളവയാൽ മർത്ത്യർക്കെല്ലാം
പുമർത്ഥം നാലും നേടാൻ ചൊന്നതാം പ്രയോ-
ജനം
സമസ്തം നിനക്കുണ്ടാം മത്പ്രാപ്തികൊണ്ടു
മാത്രം. 33

മനുഷ്യനെപ്പോഴ് സർവ്വകർമ്മവും സന്ത്യജിച്ചി-
ട്ടെനിക്കായ് മാനസത്തെസ്സമർപ്പിച്ചീടുന്നുവോ,
അന്നേരമെനിക്കവനിഷ്ടനായ് മുക്തനായ്ത്തീ-
ന്നെന്നോടു ചേർന്നീടുവാൻ യോഗ്യനായ്-
ഭവിക്കുന്നു. 34

ശ്രീശുകൻ പറഞ്ഞു

ഇത്തരം യോഗമാർഗ്ഗം ദർശിപ്പിച്ചീടുന്നതാ-
മുത്തമശ്ലോകവാക്യം ശ്രവിച്ചു കൈകൾ കൂപ്പി
ഉദ്ധവൻ സന്തോഷത്താലശ്രുക്കൾ തൂകിയുപ-
രുദ്ധകണ്ഠനായൊന്നും മിണ്ടാതെ നില-
കൊണ്ടാൻ. 35

പ്രേമത്താൽ വിവശമാം മാനസം ധൈ-
ര്യത്തിനാ-
ലാ മഹാനുറപ്പിച്ചിട്ടഞ്ജലിബന്ധത്തോടും
തത്പാദസരോരുഹംതന്നിൽത്ത-
ന്നുത്തമാംഗ-
മർപ്പിച്ചിട്ടിപ്രകാരം കഥിച്ചീടിനാൻ
പിന്നെ. 36

എന്നെബ്ബാധിച്ചിരുന്ന മോഹാന്ധകാരം
ഭവത്-
സന്നിധാനത്താൽ പാടേ നശിച്ചിതാദിദേവാ!
വീതിഹോത്രാന്തികത്തിൽ സ്ഥിതിചെയ്തീടു-
വോനു
ശീതബാധയിൽ ഭീതിയുണ്ടാകുന്നില്ല
നൂനം. 37

അനുകമ്പാന്തരംഗനങ്ങിപ്പോൾ ഭൃത്യനാകു-
മെനിക്കു വിവേകമാം വെളിച്ചം തന്നുവല്ലോ.
കൃതജ്ഞനായീടുവോൻ ത്വത്പാദമൂലംതള്ളി-
യിതരമാമൊന്നിനെശ്ശരണം-
പ്രാപിക്കുമോ? 38

സൃഷ്ടിവൃദ്ധിക്കായങ്ങു, മായയാൽ വൃഷ്ണ്യന്ധക-
സാത്വതദാശാർഹരിലൊപ്പമായ്
വ്യാപിപ്പിച്ചു
ഉറപ്പിച്ചോരെൻ സ്നേഹപാശത്തെ ജ്ഞാനാ-
സിയാൽ
തിരുമേനിതാനിപ്പോൾ ഛേദിച്ചുകള-
ഞ്ഞിതു. 39

യോഗേശാ! ഭവത്പാദാംബുജത്തിൽനിന്നു
വിട്ടു-
പോകാത്ത രതിയെനിക്കെങ്ങനെയായാ-
ലുണ്ടാം
ആവിധമങ്ങുന്നിപ്പോളാശ്രിതനാകുമെന്നെ
ഹേ വിഭോ! ശാസിച്ചാലുമങ്ങേക്കു
നമസ്കാരം. 40

ശ്രീഭഗവാൻ പറഞ്ഞു

ഉദ്ധവാ! മമാദേശം കൈക്കൊണ്ടു ഭവാ-
നിപ്പോ-
ളെഴുന്നുക മടിക്കാതെ ബദര്യാശ്രമംതന്നിൽ
തത്ര മത് പാദതീർത്ഥോദകത്തിൽ സ്നാനംചെയ്തു
ശുദ്ധനായ്ഭവിക്ക നീയുപസ്പർശത്തിനാലും. 41

അളകനന്ദയെന്നുള്ള ദർശനത്തിനാൽ പാപ-
മലങ്ങൾ നശിപ്പിച്ചു മരത്തോലുടുത്തു നീ
സുഖത്തിലാശയെന്യേ വനത്തിൽനിന്നു കിട്ടും
വകകൾ ഭുജിച്ചുകൊണ്ടവിടെപ്പാർത്തീടുക. 42

ദ്വന്ദ്വങ്ങളെല്ലാം സഹിച്ചിന്ദ്രിയങ്ങളെ നന്നായ്
വെന്നു സൗശീല്യവാനായ് ബുദ്ധിയെയുറപ്പിച്ചു
അതിശാന്തനായ് ജ്ഞാനവിജ്ഞാനയുതം
സമാ-
ഹിതനായിരിക്ക നീയപ്പുണ്യാശ്രമം-
തന്നിൽ. 43

ഞാനുപദേശിച്ചവയോരോന്നും വിവിക്തമായ്
ധ്യാനിച്ചും ചിന്തചെയ്തും മനസ്സും
വാക്കുമെന്നിൽ
നന്നായുറപ്പിച്ചും മദ്ധർമ്മതത്പരനായി-
ട്ടെന്നിലെത്തീടും മൂന്നു ഗതിയും കടന്നു നീ. 44

ശ്രീശുകൻ പറഞ്ഞു

ഇങ്ങനെ ഭഗവാനാൽ കഥിതനാകും യദു-
പുംഗവൻ ഭേദബുദ്ധിവിട്ടവനെന്നാകിലും
ഹരിയെ പ്രദക്ഷിണംവച്ചു താനദ്ദേഹത്തെ-
പ്പിരിയേണ്ടതായ്‌വന്നപ്പോഴുള്ള സങ്കടത്താൽ
ആർദ്രചിത്തനായുത്തമാംഗം
തത്പാദങ്ങളിൽ
ചേർത്തുടൻ ബാഷ്പംകൊണ്ടു കഴിച്ചാന-
ഭിഷേകം. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഹൃത്ത്യജസ്നേഹവിയോഗകാതരോ
ന ശക്നുവംസ്തം പരിഹാതുമാതുരഃ
കൃച്ഛ്റം യയൗ മൂർധനി ഭർത്തൃപാദുകേ
ബിഭ്രന്നമസ്കൃത്യ യയൗ പുനഃ പുനഃ. 46
തതസ്തമന്തർഹൃദി സന്നിവേശ്യ
ഗതോ മഹാഭാഗവതോ വിശാലാം
യഥോപദിഷ്ടാം ജഗദേകബന്ധുനാ
തപഃ സമാസ്ഥായ ഹരേരഗാദ് ഗതിം. 47
യ ഏതദാനന്ദസമുദ്രസംഭൃതം
ജ്ഞാനാമൃതം ഭാഗവതായ ഭാഷിതം
കൃഷ്ണേന യോഗേശ്വരസേവിതാങ്ഘ്രിണാ
സച്ഛ്റദ്ധയാഽഽസേവ്യ ജഗദ്വിമുച്യതേ. 48
ഭവഭയമപഹന്തും ജ്ഞാനവിജ്ഞാനസാരം
നിഗമകൃദുപജഹ്രേ ഭൃങ്ഗവദ്വേദസാരം
അമൃതമുദധിതശ്ചാപായയദ്ഭൃത്യവർഗ്ഗാൻ
പുരുഷമൃഷഭമാദ്യം കൃഷ്ണസംജ്ഞം നതോഽസ്മി. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഏകോനത്രിംശത്തമോഽധ്യായഃ

ത്രിംശത്തമോഽധ്യായഃ

രാജോവാച

തതോ മഹാഭാഗവത ഉദ്ധവേ നിർഗ്ഗതേ വനം
ദ്വാരവത്യാം കിമകരോദ് ഭഗവാൻ ഭൂതഭാവനഃ. 1
ബ്രഹ്മശാപോപസംസൃഷ്ടേ സ്വകുലേ യാദവർഷഭഃ
പ്രേയസീം സർവ്വനേത്രാണാം തനും സ കഥമത്യജത്? 2
പ്രത്യാക്രഷ്ടും നയനമബലാ യത്ര ലഗ്നം ന ശേകുഃ
കർണ്ണാവിഷ്ടം ന സരതി തതോ യത് സതാമാത്മലഗ്നം
യച്ഛ്റീർവാചാം ജനയതി രതിം കിം നു മാനം കവീനാം
ദൃഷ്ട്വാ ജിഷ്ണോര്യുധി രഥഗതം യച്ച തത്സാമ്യമീയുഃ. 3

ഋഷിരുവാച

ദിവി ഭുവ്യന്തരിക്ഷേ ച മഹോത്പാതാൻ സമുത്ഥിതാൻ
ദൃഷ്ട്വാഽഽസീനാൻ സുധർമ്മായാം കൃഷ്ണഃ പ്രാഹ യദൂനിദം. 4

ശ്രീഭഗവാനുവാച

ഏതേ ഘോരാ മഹോത്പാതാ ദ്വാർവത്യാം യമകേതവഃ
മുഹൂർത്തമപി ന സ്ഥേയമത്ര നോ യദുപുങ്ഗവാഃ. 5
സ്ത്രിയോ ബാലാശ്ച വൃദ്ധാശ്ച ശങ്ഖോദ്ധാരം വ്രജന്ത്വിതഃ
വയം പ്രഭാസം യാസ്യാമോ യത്ര പ്രത്യക് സരസ്വതീ. 6
തത്രാഭിഷിച്യ ശുചയ ഉപോഷ്യ സുസമാഹിതാഃ
ദേവതാഃ പൂജയിഷ്യാമഃ സ്നപനാലേപനാർഹണൈഃ. 7
ബ്രാഹ്മണാംസ്തു മഹാഭാഗാൻ കൃതസ്വസ്ത്യയനാ വയം
ഗോഭൂഹിരണ്യവാസോഭിർഗ്ഗജാശ്വരഥവേശ്മഭിഃ. 8
വിധിരേഷ ഹ്യരിഷ്ടഘ്നോ മങ്ഗലായനമുത്തമം
ദേവദ്വിജഗവാം പൂജാ ഭൂതേഷു പരമോ ഭവഃ. 9
ഇതി സർവ്വേ സമാകർണ്ണ്യ യദുവൃദ്ധാ മധുദ്വിഷഃ
തഥേതി നൗഭിരുത്തീര്യ പ്രഭാസം പ്രയയുു രഥൈഃ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ദസ്ത്യജമാകമതിസ്നേഹത്താൽ വിയോഗജ-
മത്തൽ വഡിച്ചു പാരം കഷ്ടാവസ്ഥയിലായി
സ്വാമിതൻ പാദുകത്തെശ്ശിരസ്സിൽ
ധരിച്ചുകൊ-
ണ്ടാ മഹാൻ വീണ്ടും വീണ്ടും നമിച്ചു
ഗമിച്ചിതേ. 46
പിന്നെത്തൻ ഹൃദയാബ്ജമദ്ധ്യത്തിൽ
ഭഗവാനെ
നന്നായുറപ്പിച്ചുകൊണ്ടാ മഹാഭക്താഗ്രിമൻ
ബദര്യാശ്രമംതന്നിലെത്തീട്ടാ ജഗദ്ബന്ധു
കഥിച്ചപോലിരുന്നു വിഷ്ണുലോകം
ഗമിച്ചാൻ. 47
നിഖിലയോഗേശ്വരസേവിതപാദനാകും
ഭഗവാൻ ശ്രീകൃഷ്ണനാലുക്തമായുത് കൃഷ്ണമായ്
ആനന്ദാബ്ധിയിൽനിന്നു കടഞ്ഞെടുത്തതാമി-
ജ്ഞാനപീയൂഷം മർത്ത്യൻ സേവിച്ചു
മോചിക്കുന്നു. 48
ഭവഭീതിയെത്തീക്കാൻ ജ്ഞാനവിജ്ഞാന-
സത്തായ്
ഭവിച്ചതാകും വേദസാരവും പയോധിയെ
മഥിച്ചു സുധയും, തേൻ വണ്ടുപോൽ,
സംഗ്രഹിച്ചു
നീതരാം ഭൃത്യന്മാരെപ്പാനംചെയ്യിച്ചതാരോ
ആദ്യനുമുത് കൃഷ്ണനും കൃഷ്ണനാമാവും വേദ-
കൃത്തുമാമപ്പുമാനെ ഞാൻ നമസ്കരിക്കുന്നു. 49

അദ്ധ്യായം 30

യദുകുലവിനാശനിരൂപണം

രാജാവു പറഞ്ഞു

ഉദ്ധവൻ ഭക്തോത്തമൻ പിന്നെയക്കാ-
നനത്തിൽ
എത്തിച്ചേരവേ ദ്വാരാവതിയാം പുരിതന്നിൽ
ഭൂതരക്ഷകനായ ഭഗവാൻ കൃഷ്ണനെന്തു-
ചെയ്യെന്നുള്ളതു നേരേ ചൊല്ലുക, മഹാമുനേ! 1
സ്വവംശം മഹീസുരശാപപീഡിതമായി-
ബ്ഭവില്ലീടവേ യദുശ്രേഷ്ഠനാമമ്മുകുന്ദൻ
സമസ്തനേത്രങ്ങൾക്കും പ്രേമസ്ഥാനമാം നിജ
കമനീയാങ്ഗമേതുവിധമാം ത്യജിച്ചതും? 2
ഏതൊന്നിൽ പററിപ്പോയ കണ്ണുകൾ
വീണ്ടെടുക്കാ-
നേതുമേ ശേഷിയററോരായിതോ യോഷാജനം
ഏതൊന്നു കണ്ണുംവഴി സജ്ജനസമൂഹത്തിൻ-
ചേതസ്സിൽ പ്രവേശിച്ചിട്ടിളകാതുറച്ചുവോ
ഏതൊന്നു സത്കവീന്ദ്രവാക്യങ്ങൾക്കു-
ല്ലാസവു-
മാദരമാനങ്ങളും വളർത്തിയിരുന്നുവോ
യുദ്ധത്തിൽ പാർത്ഥരഥസ്ഥിതമാ-
മേതൊന്നിനെ-
പ്പാർത്താണോ മൃതരെല്ലാം സാരൂപ്യം
പ്രാപിച്ചതും
എങ്ങുമേ സർവ്വേന്ദ്രിയതർപ്പണംചെയ്യുമെല്ലാരാ
മങ്ഗലരൂപം ശ്രീശനെങ്ങനെ സന്ത്യജിച്ചു? 3

ഋഷി പറഞ്ഞു

വിണ്ണിലും മന്നിങ്കലുമന്തരിക്ഷത്തിങ്കലു-
മുന്നതോത്പാതങ്ങളെ വീക്ഷിച്ചു വാസുദേവൻ
സുധർമ്മാസഭതന്നിൽ സംസ്ഥിതരായീടുമാ-
യദുക്കളോടായുടനീവിധം ചൊല്ലീടിനാൻ. 4

ശ്രീഭഗവാൻ പറഞ്ഞു

യാദവശ്രേഷ്ഠന്മാരേ! യമകേതുക്കളായി
ഭീതിപ്രദങ്ങളാമീയത്ഭുതലക്ഷണങ്ങൾ
നേരിട്ടു കാണുകമൂലം മുഹൂർത്തനേരം പോലും
ദ്വാരകതന്നിൽ നമ്മൾ വസിച്ചീടരുതല്ലോ. 5
വൃദ്ധരും കുഞ്ഞുങ്ങളും സ്ത്രീകളുമിപ്രദേശം
വിട്ടു പോകട്ടെ ശങ്ഖോദ്ധാരതീർത്ഥത്തി-
ലേക്കായ്.
സരസ്വതീവാഹിനി പടിഞ്ഞാറോട്ടു പായും
പുരുപുണ്യപ്രഭാസം നമുക്കുമെത്തിച്ചേരാം. 6
അവിടെ സ്നാനംചെയ്തു പരിശുദ്ധന്മാരായി
നിവസിച്ചുപവസിച്ചേററവും ഭക്തിപൂർവ്വം
ചന്ദനംചാർത്തൽ പുഷ്പാർച്ചനങ്ങളഭിഷേക-
മെന്നിവയാലേ നന്നായ് പൂജിക്കാം
സുരന്മാരെ. 7
ശാന്തികർമ്മങ്ങളനുഷ്ഠിച്ചു നാം ഭക്തന്മാരാ-
മന്തണർക്കശ്വഗജസ്യന്ദനവേശ്മങ്ങളും
ധരയും സുവർണ്ണവും ഗോക്കളും വസ്ത്രങ്ങളു-
മരുളി വേണ്ടുംവിധമവരെപ്പൂജിക്കണം. 8
കല്യാണകരങ്ങളും കഷ്ടതകളെയെല്ലാ-
മില്ലാതെയാക്കുന്നതുമാണീസത്പ്രവൃത്തികൾ.
ദേവഗോദ്വിജപൂജ സമസ്തപ്രാണികൾക്കും
കൈവരുത്തുന്നിതത്യുത്കൃഷ്ടമാ-
മൈശ്വര്യങ്ങൾ. 9
യദുശ്രേഷ്ഠന്മാരെല്ലാം മധുസൂദനന്റെയി-
ച്ചതുരവാക്യം കേട്ടു രഥങ്ങളേറിച്ചെന്നു
തോണികളേറിക്കടൽ കടന്നാ പ്രഭാസമാം
സ്ഥാനത്തിലെത്തീടിനാരവിളംബിതം
നൃപ! 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മിൻ ഭഗവതാ//ദിഷ്ടം യദുദേവേന യാദവാഃ
ചക്രുഃ പരമയാ ഭക്ത്യാ സർവ്വശ്രേയോപബൃംഹിതം. 11
തതസ്തസ്മിൻ മഹാപാനം പപുർമ്മൈരേയകം മധു
ദിഷ്ടവിഭ്രംശിതധിയോ യദ്ദ്രവൈർഭ്രശ്യതേ മതിഃ. 12
മഹാപാനാഭിമത്താനാം വീരാണാം ദൃപ്തചേതസാം
കൃഷ്ണമായാവിമൂഢാനാം സങ്ഘർഷഃ സുമഹാനഭൂത്. 13
യുയുധുഃ ക്രോധസംരബ്ധാ വേലായാമാതതായിനഃ
ധനുർഭിരസിഭിർബ്ഭല്ലൈർഗ്ഗദാഭിസ്തോമരർഷ്ടിഭിഃ. 14
പതത്പതാകൈ രഥകുഞ്ജരാദിഭിഃ
ഖരോഷ്ട്രഗോഭിർമ്മഹിഷൈർന്നരൈരപി
മിഥഃ സമേത്യാശ്വതരൈഃ സുദുർമ്മദാ
നിഹഞ്ഛരൈർദ്ദദ്ഭിരിവ ദ്വിപാ വനേ. 15
പ്രദ്യുമ്നസാംബൗ യുധി രൂഢമത്സരാ-
വക്രൂരഭോജാവനിരുദ്ധസാത്യകീ
സുഭദ്രസങ്ഗ്രാമജിതൗ സുദാരുണൗ
ഗദൗ സുമിത്രാസുരഥൗ സമീയതുഃ. 16
അന്യേ ച യേ വൈ നിശഠോല്മുകാദയഃ
സഹസ്രജിച്ഛതജിദ്ഭാനുമുഖ്യാഃ
അന്യോന്യമാസാദ്യ മദാന്ധകാരിതാ
ജഘ്നുർമ്മുകുന്ദേന വിമോഹിതാ ഭൃശം. 17
ദാശാർഹവൃഷ്ണ്യന്ധകഭോജസാത്വതാ
മധ്വർബ്ബുദാ മാഥുരശൂരസേനാഃ
വിസർജ്ജനാഃ കുകുരാഃ കുന്തയശ്ച
മിഥസ്തുതസ്തേ/ഥ വിസൃജ്യ സൗഹൃദം. 18
പുത്രാ അയുധ്യൻ പിതൃഭിർഭ്രാതൃഭിശ്ച
സ്വസ്രീയദൗഹിത്രപിതൃവ്യമാതുലൈഃ
മിത്രാണി മിത്രൈഃ സുഹൃദഃ സുഹൃദ്ഭിർ-
ജ്ഞാതീംസ്ത്വഹൻ ജ്ഞാതയ ഏവ മൂഢാഃ. 19
ശരേഷു ക്ഷീയമാണേഷു ഭജ്യമാനേഷു ധന്വസു
ശസ്ത്രേഷു ക്ഷീയമാണേഷു മുഷ്ടിഭിർജ്ജഹ്രുരേരകാഃ. 20
താ വജ്രകല്പാ ഹ്യഭവൻ പരിഘാ മുഷ്ടിനാ ഭൃതാഃ
ജഘ്നുർദ്വിഷസ്തൈഃ കൃഷ്ണേന വാര്യമാണാസ്തു തം ച തേ. 21
പ്രത്യനീകം മന്യമാനാ ബലഭദ്രം ച മോഹിതാഃ
ഹന്തും കൃതധിയോ രാജന്നാപന്നാ ആതതായിനഃ. 22
അഥ താവപി സംക്രുദ്ധാവുദ്യമ്യ കുരുനന്ദന!
ഏരകാമുഷ്ടിപരിഘൗ ചരന്തൗ ജഘ്നതുര്യുധി. 23
ബ്രഹ്മശാപോപസൃഷ്ടാനാം കൃഷ്ണമായാവൃതാത്മനാം
സ്പർദ്ധാക്രോധഃ ക്ഷയം നിന്യേ വൈണവോ/ഗ്നിര്യഥാ വനം. 24
ഏവം നഷ്ടേഷു സർവ്വേഷു കുലേഷു സ്വേഷു കേശവഃ
അവതാരിതോ ഭുവോ ഭാര ഇതി മേനേ/വശേഷിതഃ. 25
രാമഃ സമുദ്രവേലായാം യോഗമാസ്ഥായ പൗരുഷം
തത്യാജ ലോകം മാനുഷ്യം സംയോജ്യാത്മാനമാത്മനി. 26
രാമനിര്യാണമാലോക്യ ഭഗവാൻ ദേവകീസുതഃ
നിഷസാദ ധരോപസ്ഥേ തുഷ്ണീമാസാദ്യ പിപ്പലം. 27
ബിഭ്രച്ചതുർഭുജം രൂപം ഭ്രാജിഷ്ണു പ്രഭയാ സ്വയാ
ദിശോ വിതിമിരാഃ കുർവ്വൻ വിധൂമ ഇവ പാവകഃ. 28
ശ്രീവത്സാങ്കം ഘനശ്യാമം തപ്തഹാടകവർച്ചസം
കൗശേയാംബരയുഗ്മേന പരിവീതം സുമങ്ഗലം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ങവർ കൃഷ്ണൻ ചൊന്നമട്ടതാൻ ശ്രേയസ്കര-
മങ്ഗലകർമ്മമെല്ലാം ഭംഗിയായനുഷ്ഠിച്ചാർ. 11

അവിടെവച്ചു ദൈവദോഷത്താൽ ബുദ്ധികെട്ടി-
ട്ടവരേവരും പിന്നെയുന്മാദംചേർക്കുന്നതാം

മൈരേയമദ്യം പാരമുത്സാഹത്തോടുകൂടി-
പ്പാരാതെ പാനംചെയ്താർ ധാരാളം
സ്വമേധയാ. 12

മാധവനുടെ മായാപ്രയോഗത്തിനാൽ മുന്നേ
ബോധനശക്തിയററു ഗർവ്വിഷ്ഠന്മാരാമവർ

കണക്കെന്നിയേ മദ്യം കുടിച്ചു മത്തന്മാരായ്
പിണങ്ങിപ്പരസ്പരം കലഹം തുടർന്നിതേ. 13

ക്രോധത്താൽ ക്ഷുബ്ധന്മാരായാതതായികളവർ
ബോധമററസ്സമുദ്രതീരത്തുവച്ചു തമ്മിൽ

വില്ല, വാൾ, ഭല്ലം, ഗദ, തോമരമിത്യാദിയാ-
യുള്ള ശസ്ത്രങ്ങളേന്തിച്ചെയ്തിതു ഘോരയുദ്ധം. 14

ഇളകും പതാകകൾചേർന്നിടും രഥങ്ങളും
വളരെഗ്ഗജങ്ങളും ഖരോഷ്ട്രഗോവൃന്ദവും

നരരുമശ്വതരമഹിഷങ്ങളും ചേർന്നു
കരികൾ വിപിനത്തിൽ ദന്തങ്ങൾ-
കൊണ്ടെന്നപോൽ

ശരാദ്യായുധങ്ങളാൽ ഹനിച്ചാരന്ധന്മാരായ്
പെരുകുമഹന്തയാൽ യദുക്കൾ പരസ്പരം. 15

വാഴുന്ന വാശിപൂണ്ടു സാംബപ്രദ്യുമ്നന്മാരു-
മക്രൂരഭോജരനിരുദ്ധസാത്യകിമാരും

സംഗ്രാമജിത്സുഭദ്രർ, സുമിത്രാസുരഥരും
സംഗ്രാമം സുദാരുണഗദരും തമ്മിൽ-
ച്ചെയ്താർ. 16

പിന്നെയുമന്യന്മാരായീടിന പലപേരും
ദ്വന്ദ്വയുദ്ധത്തിൽപ്പെട്ടാർ നിശഠോല്മുകാദ്യരും

സഹസ്രജിത്തു, ഭാനു, ശതജിത്തിത്യാദ്യരാം
മഹായോദ്ധാക്കളും ശ്രീകൃഷ്ണമോഹിതരായി.

മദത്താലന്ധന്മാരായങ്ങെത്തി പരസ്പര-
മതിഘോരമായടരാടിച്ചത്തൊടുങ്ങിനാർ. 17

സാത്വതവൃഷ്ണ്യന്ധകദാശാർഹഭോജന്മാരും
മധുർബ്ബുദന്മാർ ശൂരസേനന്മാർ മാഥുരന്മാർ

കുന്തികൾ വിസർജ്ജനർ കുകുരന്മാരും സ്നേഹ-
ബന്ധത്തെയുപേക്ഷിച്ചു ഘോരമായ്
പോരാടിനാർ. 18

തനയനച്ഛനോടുമനുജൻ ജ്യേഷ്ഠനോടു-
മനന്തരവൻ സ്വന്തം മാതുലനോടും തഥാ

പേരമ്മമക്കളെല്ലാം തത്പിതൃവ്യന്മാരൊടും
നേരേ സുഹൃജ്ജ്ഞാതികൾതമ്മിലും യുദ്ധം
ചെയ്താർ. 19

ഉള്ളതാമമ്പൊക്കെയുമൊടുങ്ങീടവേ വില്ലു-
മെല്ലാമൊടിഞ്ഞീടവേ മററായുധങ്ങളൊന്നും

ഇല്ലാതാകവേയവർ കൈകളിലങ്ങേരക-
പ്പുല്ലുകൾ പറിച്ചെടുത്തായുധമാക്കീടിനാർ. 20

പരിഘസമമുഷ്ടിതന്നിലത്തൃണാവലി
ഖരവജ്രായുധത്തിന്നൊപ്പമായ് ഭവിച്ചിതു.

അടിച്ചാരവയാലേയരാതികളേയതു
തടുത്ത ഭഗവാനെത്തന്നെയും താഡിച്ചിതേ. 21

ബുദ്ധിഹീനരാമവർ ബലരാമനെപ്പോലും
ശത്രുവായ് വിചാരിച്ചു വധിക്കുന്നതിനായി

ആതതായികളായിട്ടായുധങ്ങളുമേന്തി-
ബ്ബോധമററദ്ദേഹത്തിന്നെതിരേ പാഞ്ഞു-
ചെന്നാർ. 22

ആ രാമകൃഷ്ണന്മാരും ക്രുദ്ധരായനന്തര-
മേരകായുധങ്ങളെയുയർത്തിപ്പിടിച്ചെങ്ങും

പോർക്കളംതന്നിൽ നേരിട്ടവരെയശേഷവും
ചിക്കെന്നു പ്രഹരങ്ങളേല്പിച്ചാരടിക്കടി. 23

ബ്രാഹ്മണശാപംമൂലമാപത്തിൽപെട്ടച്യുതൻ-
തന്മായ മറച്ചിടും ധീയാളുമവക്കേഴും

സ്പർദ്ധാതിക്രോധം കുലം മുടിച്ചു വേണുകാന-
നോത്ഥിതൻ വൈശ്വാനരൻ വനത്തെയെന്ന-
പോലെ. 24

ഈവിധം നിജകുലമാകവേ നശിച്ചപ്പോൾ
ഭുവിതിൻ ഭാരമല്പമവശേഷിച്ചുള്ളതും

ഇല്ലാതെയായതായി ലോകത്രയാധീശനാം
മല്ലാരിഭഗവാൻ തന്നുള്ളത്തിൽ വിചാരി-
ച്ചാൻ. 25

കടൽത്തീരത്തിലാത്മധ്യാനരൂപമാം യോഗ-
മെടുത്തിട്ടാത്മാവിനെയാത്മാവിൽ
യോജിപ്പിച്ചു

ധരിച്ചിരുന്നതാകും മാനുഷശരീരത്തെ
പരിത്യജിച്ചീടിനാൻ ഭഗവാൻ ബലരാമൻ. 26

രാമനിര്യാണം കണ്ടു ഭഗവാൻ വാസുദേവ-
നാൽമരച്ചോട്ടിൽച്ചെന്നു മൗനമായ്
സ്ഥിതിചെയ്താൻ. 27

ഭ്രാജിഷ്ണുവായ്ത്തനിക്കു മാത്രമായുള്ളതാകും
തേജസ്സാൽ പുകയററ പാവകനെന്നപോലെ

ദിക്കുകൾ വിളക്കിത്തൻ ചതുർബ്ബാഹുസ്വരൂപം
കൈക്കൊണ്ടങ്ങിരുന്നിതു ഭഗവാൻ
ചക്രപാണി. 28

ഘനശ്യാമളമായി ശ്രീവത്സാങ്കിതമായി
കനലിൽച്ചുട്ട പൊന്നിൻകാന്തിയെക്കവെന്നേറ്റം

ഭംഗിയാർന്നീടും രണ്ടു പട്ടു ചുററിയതായി
മങ്ഗലപ്രദമായി വിളങ്ങീ തച്ഛരീരം. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുന്ദരസ്മിതവക്ത്രാബ്ജം നീലകുന്തളമണ്ഡിതം
പുണ്ഡരീകാഭിരാമാക്ഷം സ്ഫുരന്മകരകുണ്ഡലം. 30
കടിസൂത്രബ്രഹ്മസൂത്രകിരീടകടകാങ്ഗദൈഃ
ഹാരനൂപുരമുദ്രാഭിഃ കൗസ്തുഭേന വിരാജിതം. 31
വനമാലാപരീതാങ്ഗം മൂർത്തിമദ്ഭിർനിജായുധൈഃ
കൃത്വോരൗ ദക്ഷിണേ പാദമാസീനം പങ്കജാരുണം. 32
മുസലാവശേഷായഃഖണ്ഡകൃതേഷുർലുബ്ധകോ ജരാ
മൃഗാസ്യാകാരം തച്ചരണം വിവ്യാധ മൃഗശങ്കയാ. 33
ചതുർഭുജം തം പുരുഷം ദൃഷ്ട്വാ സ കൃതകില്ബിഷഃ
ഭീതഃ പപാത ശിരസാ പാദയോരസുരദ്വിഷഃ. 34
''അജാനതാ കൃതമിദം പാപേന, മധുസൂദന,
ക്ഷന്തുമർഹസി പാപസ്യ ഉത്തമശ്ലോക മേഽനഘ. 35
യസ്യാനുസ്മരണം നൄണാമജ്ഞാനധ്വാന്തനാശനം
വദന്തി തസ്യ തേ, വിഷ്ണോ, മയാഽസാധു കൃതം, പ്രഭോ! 36
തന്മാശു ജഹി വൈകുണ്ഠ പാപ്മാനം മൃഗലുബ്ധകം
യഥാ പുനരഹം ത്വേവം ന കുര്യാം സദതിക്രമം. 37
യസ്യാത്മയോഗരചിതം ന വിദുർവിരിഞ്ചോ
രുദ്രാദയോഽസ്യ തനയാഃ പതയോ ഗിരാം യേ
ത്വന്മായയാ പിഹിതദൃഷ്ടയ ഏതദഞ്ജഃ
കിം തസ്യ തേ വയമസദ്ഗതയോ ഗൃണീമഃ.'' 38

ശ്രീഭഗവാനുവാച

''മാ ഭൈർജ്ജരേ, ത്വമുത്തിഷ്ഠ, കാമ ഏഷ കൃതോ ഹി മേ
യാഹി ത്വം മദനുജ്ഞാതഃ സ്വർഗ്ഗം സുകൃതിനാം പദം.'' 39
ഇത്യാദിഷ്ടോ ഭഗവതാ കൃഷ്ണേനേച്ഛാശരീരിണാ
ത്രിഃ പരിക്രമ്യ തം നത്വാ വിമാനേന ദിവം യയൗ. 40
ദാരുകഃ കൃഷ്ണപദവീമന്വിച്ഛന്നധിഗമ്യ താം
വായും തുളസികാമോദമാഘ്രായാഭിമുഖം യയൗ. 41
തം തത്ര തിഗ്മദ്യുഭിരായുധൈർവൃതം
ഹ്യശ്വത്ഥമൂലേ കൃതകേതനം പതിം
സ്നേഹപ്ലുതാത്മാ നിപപാത പാദയോ
രഥാദവപ്ലുത്യ സബാഷ്പലോചനഃ. 42
''അപശ്യതസ്ത്വച്ചരണാംബുജം പ്രഭോ
ദൃഷ്ടിഃ പ്രണഷ്ടാ തമസി പ്രവിഷ്ടാ
ദിശോ ന ജാനേ ന ലഭേ ച ശാന്തിം
യഥാ നിശായാമുഡുപേ പ്രണഷ്ടേ.'' 43
ഇതി ബ്രുവതി സൂതേ വൈ രഥോ ഗരുഡലാഞ്ഛനഃ
ഖമുത്പപാത, രാജേന്ദ്ര, സാശ്വധ്വജ ഉദീക്ഷത. 44
തമന്വഗച്ഛൻ ദിവ്യാനി വിഷ്ണുപ്രഹരണാനി ച
തേനാതിവിസ്മിതാത്മാനം സൂതമാഹ ജനാർദ്ദനഃ. 45
''ഗച്ഛ ദ്വാരവതീം, സൂത, ജ്ഞാതീനാം നിധനം മിഥഃ
സങ്കർഷണസ്യ നിര്യാണം ബന്ധുഭ്യോ ബ്രൂഹി മദ്ദശാം. 46
ദ്വാരകായാം ച ന സ്ഥേയം ഭവദ്ഭിശ്ച സ്വബന്ധുഭിഃ
മയാ ത്യക്താം യദുപുരീം സമുദ്രഃ പ്ലാവയിഷ്യതി. 47
സ്വം സ്വം പരിഗ്രഹം സർവ്വേ ആദായ പിതരൗ ച നഃ
അർജ്ജുനേനാവിതാഃ സർവ്വ ഇന്ദ്രപ്രസ്ഥം ഗമിഷ്യഥ. 48
ത്വം തു മദ്ധർമ്മമാസ്ഥായ ജ്ഞാനനിഷ്ഠ ഉപേക്ഷകഃ
മന്മായാരചിതമേതാം വിജ്ഞായോപശമം വ്രജ.'' 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുന്ദരവദനാരവിന്ദനായ് നീലകേശ-
മണ്ഡിതനായബ്ജാക്ഷനായ് മീനകുണ്ഡ-
ലനായ്. 30
അരഞ്ഞാൺ, പൂണൂൽ, സ്ഫുരത്കിരീടം,
വളകൾ, നൂ-
പുരങ്ങൾ, ഹാരങ്ങൾ, തോൾവളകൾ,
കൗസ്തുഭവും
അണിഞ്ഞു വനമാലപ്പിണഞ്ഞ ദേഹത്തോടും
തനുവാർന്നീടും തനതായുധവൃന്ദം ചൂഴ്ന്നും
വലത്തേത്തുടയിന്മേൽ പങ്കജാരുണകാന്തി
കലരുമിടത്തുകാലേററിവച്ചിരുന്നിതേ. 31-32
ഇരിമ്പുലക്കയ്ക്കെഴും ശേഷിച്ച ഖണ്ഡംകൊണ്ടു
ശരമുണ്ടാക്കിയോരു ജരാനാമകവ്യാധൻ
മൃഗാസ്യാകൃതിയാളും ഭഗവത്പാദം കണ്ടു
മൃഗമെന്നോർത്തു നേരേയമ്പെയ്തു മുറിച്ചിതു. 33
ചതുർബ്ബാഹുവായ് മിന്നുമക്കൃഷ്ണഭഗവാനെ-
ക്കൃതപാപനാമവൻ കണ്ടതിഭീതനായി
ദിതിജപ്രദ്വേഷിതൻ ചരണാംബുജങ്ങളിൽ
പതിച്ചു ചാർത്തീ നിജമൗലിയിൽ തന്മധൂളി.34
''ഉത്തമശ്ലോകാ! മധുസൂദനാ! ശുദ്ധാത്മാവേ!-
യത്യന്തമജ്ഞാനിയും പാപകർത്താവുമാകും
ഞാനറിയാതെ ചെയ്തുപോയൊരീയപരാധം
താനേ നിന്തിരുവടി പൊറുത്തുകൊ-
ള്ളേണമേ. 35
മാനുഷർക്കശേഷവുമേതൊരുവൻതന്നനു-
ധ്യാനമജ്ഞാനതമോഹരമായ്ക്കീർത്തിക്കുന്നു
അത്തിരുമേനിക്കുതാനഹിതമയി പ്രഭോ!
ഇത്തവ്വിലാചരിച്ചുപോയി ഞാനറിയാതെ. 36
തന്മൂലം പാപകൃത്തും മൃഗഹന്താവുമാകു-
മിമ്മൂഢൻ സജ്ജനാതിക്രമത്തെയിപ്രകാരം
ഒരുനാളിലുമിനിച്ചെയ്യാതിരിക്കത്തക്ക-
തരത്തിൽ ശിക്ഷിച്ചാലുമെന്നെയിക്ഷണം
വിഭോ! 37
നിന്തിരുമേനിക്കെഴും മാഹാത്മ്യം ബ്രഹ്മാവിനു-
മന്തകാരികൾക്കും വേദകർത്താക്കൾ മുനിമാർക്കും
ലേശവുമറിഞ്ഞീടാൻ ശേഷിയില്ലല്ലോ ജഗ-
ദീശ്വരാ! ത്വന്മായതന്നേത്രങ്ങൾ മറയ്ക്കയാൽ
അത്യന്തം പാപിഷ്ഠരാം മാദൃശരായോർക്കതു
വിസ്തരിച്ചോതീടുവാനെങ്ങനെ
സാധിച്ചിടും?'' 38
ശ്രീഭഗവാൻ പറഞ്ഞു
''പേടിച്ചീടായ്ക ജരാവ്യാധാ! നീയെഴുന്നേല്ക്കു-
കാടൽതേടായ്ക നീയിച്ചെയ്തതെന്നിച്ഛയത്രേ
ആകയാൽ സുകൃതിസുഗമ്യമായ് വിളങ്ങുമാ
നാകലോകത്തിലേക്കുതന്നെ നീ
പോയീടുക.'' 39
ലീലാവിഗ്രഹൻ കൃഷ്ണനീവിധം കല്പിച്ചിടും
വേളയിൽ ഭഗവാനെ മൂന്നുരു വലംവച്ചു
നമസ്കരിച്ചശേഷം വിമാനമേറി വേട-
നമർത്ത്യലോകത്തിലേക്കമന്ദം
പോയീടിനാൻ. 40
ദാരുകൻ കൃഷ്ണമാർഗ്ഗമാരാഞ്ഞു നടക്കുമ്പോൾ
ചാരത്തായ് തുളസീസുഗന്ധമാവഹിച്ചെത്തും
മാരുതന്നെതിരായിപ്പാരാതെ പോയിപ്പുരം-
പുരുഷനിരുന്നരുളീടുമസ്ഥലം കണ്ടാൻ. 41
സ്ഫാരാഭയാളുമായുധാളി ചൂഴ്ന്നശ്വത്ഥമാം
ഭൂരുഹമൂലത്തിങ്കൽ സ്ഥിതനാം സ്വസ്വാമിയെ
കണ്ടുടൻ സ്നേഹാപ്ളുതഹൃത്തായിക്കണ്ണീർ-
വാർത്തു-
കൊണ്ടു തേർവിട്ടു ചാടിപ്പതിച്ചാൻ
തത്പദത്തിൽ. 42
''അല്ലയോ പ്രഭോ! ഭവത്പാദാരവിന്ദം
കാണാ-
തുള്ള മദ്ദൃഷ്ടി നഷ്ടപ്പെട്ടു കൂരിരുട്ടിലായ്
ഇരവിൽ സുധാകരൻ മറഞ്ഞാലേതുമട്ടി-
ലറിയും ദിക്കു, വല്ല ശാന്തിയുമുണ്ടോ
പിന്നെ?'' 43
സൂതനീവിധം കഥിച്ചീടവേ താർക്ഷ്യചിഹ്ന-
കേതുവുമശ്വങ്ങളുമൊത്തു ചേർന്നിണങ്ങിടും
സ്യന്ദനം ദ്യോവിലേക്കു തനിയേ പൊങ്ങുന്നതു
മന്നവമൗലേ! യവൻ വീക്ഷിച്ചു
വിസ്മയിച്ചാൻ. 44
അനുഗമിച്ചിതപ്പോൾ ഭഗവദ്ദിവ്യായുധ-
ഗണവുമത്തേരിനെയതുകണ്ടപാരമായ്
അദ്ഭുതപ്പെട്ടുനില്ക്കും സൂതനോടോതീടിനാ-
നാ പ്രഭു ജനാർദ്ദനഭഗവാനിപ്രകാരം: 45
''ഹേ സൂതാ! പൊയ്ക്കൊള്ളുക ദ്വാരകയി-
ലേക്കുതാ-
നാശു നീ സങ്കർഷണമൃതിയും മദ്വൃത്തവും
ജ്ഞാതികൾതന്നന്യോന്യവധവും
ബന്ധുക്കളോ-
ടോതുക മടിയാതെയേതുമേ വൈകിക്കേണ്ട.46
നിങ്ങൾ ബാന്ധവരോടുമൊത്തിനിയ-
പ്പുരത്തിൽ
ഭംഗിയല്ലിരിപ്പതു പോകണമുടൻതന്നെ
ഞാനുപേക്ഷിച്ചതാകുമാ യദുപട്ടണത്തെ-
യീനിമിഷത്തിൽക്കടൽകേറി മുക്കീടും
നൂനം. 47
എല്ലാരുമവരവർക്കുള്ള സാധനങ്ങളെ
യെല്ലാമേയെടുത്തസ്മത്പിതാക്കന്മാരുമായി
പാർത്ഥസംരക്ഷണത്തിലിന്ദ്രപ്രസ്ഥാഭിധാന-
പത്തനംതന്നിലെത്തിച്ചേരുവിനതിവേഗം. 48
നീയെന്റെ ധർമ്മമാർന്നു സമസ്തം സന്ത്യജിച്ചു
മായാകല്പിതമിതെന്നറിഞ്ഞു ശാന്തിനേടു.'' 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്തസ്തം പരിക്രമ്യ നമസ്കൃത്യ പുനഃ പുനഃ
തത്പാദൗ ശീർഷ്ണ്യുപാധായ ദുർമ്മനാഃ പ്രയയൗ പുരീം. 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ത്രിംശത്തമോഽധ്യായഃ

ഏകത്രിംശത്തമോഽധ്യായഃ

ശ്രീശുക ഉവാച
അഥ തത്രാഗമദ് ബ്രഹ്മാ ഭവാന്യാ ച സമം ഭവഃ
മഹേന്ദ്രപ്രമുഖാ ദേവാ മുനയഃ സപ്രജേശ്വരാഃ. 1

പിതരഃ സിദ്ധഗന്ധർവ്വാ വിദ്യാധരമഹോരഗാഃ
ചാരണാ യക്ഷരക്ഷാംസി കിന്നരാപ്സരസോ ദ്വിജാഃ. 2

ദ്രഷ്ടുകാമാ ഭഗവതോ നിര്യാണം പരമോത്സുകാഃ
ഗായന്തശ്ച ഗൃണന്തശ്ച ശൗരേഃ കർമ്മാണി ജന്മ ച. 3

വവൃഷുഃ പുഷ്പവർഷാണി വിമാനാവലിഭിർന്നഭഃ
കുർവ്വന്തഃ സങ്കുലം, രാജൻ, ഭക്ത്യാ പരമയാ യുതാഃ. 4

ഭഗവാൻ പിതാമഹം വീക്ഷ്യ വിഭൂതീരാത്മനോ വിഭുഃ
സംയോജ്യാത്മനി ചാത്മാനം പദ്മനേത്രേ ന്യമീലയത്. 5

ലോകാഭിരാമാം സ്വതനും ധാരണാധ്യാനമംഗളം
യോഗധാരണയാഽഽഗ്നേയ്യാ ദഗ്ദ്ധ്വാ ധാമാവിശത് സ്വകം. 6

ദിവി ദുന്ദുഭയോ നേദുഃ പേതുഃ സുമനസശ്ച ഖാത്
സത്യം ധർമ്മോ ധൃതിർഭൂമേഃ കീർത്തിഃ ശ്രീശ്ചാനു തം യയുഃ. 7

ദേവാദയോ ബ്രഹ്മമുഖ്യാ ന വിശന്തം സ്വധാമനി
അവിജ്ഞാതഗതിം കൃഷ്ണം ദദൃശുശ്ചാതിവിസ്മിതാഃ. 8

സൗദാമന്യാ യഥാഽഽകാശേ യാന്ത്യാ ഹിത്വാഭ്രമണ്ഡലം
ഗതിർന്ന ലക്ഷ്യതേ മർത്ത്യൈസ്തഥാ കൃഷ്ണസ്യ ദൈവതൈഃ. 9

ബ്രഹ്മരുദ്രാദയസ്തേ തു ദൃഷ്ട്വാ യോഗഗതിം ഹരേഃ
വിസ്മിതാസ്താം പ്രശംസന്തഃ സ്വം സ്വം ലോകം യയുസ്തദാ. 10

രാജൻ, പരസ്യ തനുഭൃജ്ജനനാപ്യയേഹാ
മായാവിഡംബനമവേഹി യഥാ നടസ്യ
സൃഷ്ട്വാഽഽത്മനേദമനുവിശ്യ വിഹൃത്യ ചാന്തേ
സംഹൃത്യ ചാത്മമഹിനോപരതഃ സ ആസ്തേ. 11

മർത്ത്യേന യോ ഗുരുസുതം യമലോകനീതം
ത്വാം ചാനയച്ഛരണദഃ പരമാസ്ത്രദഗ്ദ്ധം
ജിഗ്യേഽന്തകാന്തകമപീശമസാവനീശഃ
കിം സ്വാവനേ സ്വരനയന്മൃഗയും സദേഹം. 12

തഥാപ്യശേഷസ്ഥിതിസംഭവാപ്യയേ-
ഷ്വനന്യഹേതുര്യദശേഷശക്തിധൃക്
നൈച്ഛത് പ്രണേതും വപുരത്ര ശേഷിതം
മർത്ത്യേന കിം സ്വസ്ഥഗതിം പ്രദർശയൻ. 13

യ ഏതാം പ്രാതരുത്ഥായ കൃഷ്ണസ്യ പദവീം പരാം
പ്രയതഃ കീർത്തയേദ് ഭക്ത്യാ താമേവാപ്നോത്യനുത്തമാം. 14

ദാരുകോ ദ്വാരകാമേത്യ വസുദേവോഗ്രസേനയോഃ 15
പതിത്വാ ചരണാവസ്രൈർന്ന്യഷിഞ്ചത് കൃഷ്ണവിച്യുതഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാരുകനതുകേട്ടശ്ശൗരിയെ വലംവച്ചു
പാരാതെ വീണ്ടും വീണ്ടും നമിച്ചു
തത്പാദങ്ങളം
ശിരസ്സിൽ സ്പർശിച്ചേററം മാനസവ്യഥയോടും
ത്വരിതം ദ്വാരവതീപുരിക്കായ്
പോയീടിനാൻ. 50

അദ്ധ്യായം 31

ഭഗവത്സ്വർഗ്ഗാരോഹണം

ശ്രീശുകൻ പറഞ്ഞു

പിന്നെയന്നടിക്കടി ധാതാവും ഭവാനിയോ-
ടൊന്നിച്ചു മഹേശനമിന്ദ്രാദിദേവന്മാരും
സമസ്തപ്രജാപതിമാരൊത്തു മുനിമാരു-
മമന്ദമെത്തിച്ചേന്നാരത്തീത്ഥസ്ഥാനംതന്നിൽ. 1

പിതൃദേവന്മാർ സിദ്ധഗന്ധവ്വവിദ്യാധരർ
ക്ഷിതിദേവന്മാരപ്സരസ്സുകളം ചാരണന്മാർ
യക്ഷരക്ഷസ്സുകളും കിന്നരർ മഹോരഗർ
പക്ഷിവൃന്ദവും കൃഷ്ണനിര്യാണമുദവീക്ഷിപ്പാൻ
ആശിച്ചുബ്ഭഗവാൻെറ ജന്മകമ്മങ്ങളെല്ലാം
ഭേഷായി വാഴ്ത്തിപ്പാടി സോത്സാഹ-
മെത്തിച്ചേന്നാർ. 2–3

ആകാശം വ്യോമയാനവൃന്ദത്താൽ മറച്ചിട്ടു
നാകികരം ഭക്തിപൂവ്വം ചൊരിഞ്ഞാർ
മലർമാരി. 4

വിഭുവാം ഭഗവാനാ ബ്രഹ്മാവിനേയും നിജ-
വിഭൂതിഗണത്തെയും കണ്ടുകൊണ്ടാത്മാവിങ്കൽ
മാനസം യോജിപ്പിച്ചു പത്മലോചനങ്ങളെ
താനേതാൻ നിമീലനംചെയ്തിതു മെല്ലെ
മെല്ലെ. 5

ലോകാഭിരാമമായിദ്ധ്യാനധാരണായോഗ്യ-
മാകം സ്വശരീരത്തെ, യോഗികരം
ചെയ്യുമ്പോലെ,
യോഗപാവകൻതങ്കൽ ദഹിപ്പിച്ചീടാതെതാൻ
പൂകിനാൻ ഭഗവാൻ സ്വവൈകുണ്ഠ-
ദിവ്യധാമം. 6

ദുന്ദുഭീധ്വാനം വിണ്ണിൽ മുഴങ്ങീ,യാകാശത്തു-
നിന്നു പൂമഴ വീണു, മേദിനിതന്നിൽനിന്നും
സത്യധമ്മങ്ങളം ധൃതികീത്തിയുമൈശ്വര്യവു-
മുത്തമപുരുഷനോടൊത്തങ്ങു മറഞ്ഞിതേ. 7

ബ്രഹ്മാദിദേവമുഖ്യരാരുമേ ദശിച്ചതി-
ല്ലമ്മഹാത്മാവു നിജധാമത്തെ പ്രാപിച്ചതും
അറിയാനാക്കമാകാതിരിക്കും ഗതിയാളം
ഹരിയേയങ്ങങ്ങൊരു തേജഃപുഞ്ജമായ്-
ക്കണ്ടാർ. 8

മേഘമണ്ഡലം വിട്ടുപോകുന്ന മിന്നലിൻെറ-
യാകാശഗതി മത്ത്യനറിയാത്തതുപോലെ
ശ്രീകൃഷ്ണഗതിയും തന്നെകാന്തഭക്തക്കെന്യേ
നാകത്തിൽ വാഴുവോക്കറിയാനസാധ്യമാം. 9

വിധിരുദ്രാദ്യന്മാരും ശ്രീനിവാസൻതൻ
യോഗ-
ഗതി കണ്ടതുലമാമാശ്ചര്യത്തോടുകൂടി
അതിനെ പ്രശംസിച്ചു താന്താങ്ങളക്കുള്ള
ലോകം-
പ്രതി നിർഗ്ഗതരായാരക്ഷണം ക്ഷമാധവാ! 10

മനുജക്കിടയ്ക്കങ്ങുപരനാം ഭഗവാൻത-
ന്നനന്തജനിമൃതിവ്യാപാരലീല പാക്കിൽ
നടൻേറതെന്നപോലെ മന്നവാ! വെറും മായാ-
വിഡംബനംതാനെന്നു മനസ്സിലാക്കിയാലും.
താനേയിപ്രപഞ്ചത്തെത്തീത്തതിൽ
പ്രവേശിച്ചും
നാനാലീലകരം കാട്ടിയൊടുക്കമൊടുക്കിയും
ആത്മമാഹാത്മ്യംമൂലമൊന്നിലും
സങ്ഗമെന്യേ
പത്മനാഭനേസ്സമസ്തേശ്വരൻ ലാലസിപ്പു. 11

ആരിങ്ങന്തകപുരംതന്നിൽനിന്നുമഗ്ഗുരു-
ദാരകൻതന്നെ മത്ത്യദേഹത്തോടാനയിച്ചോ,
ശരണപ്രദനേതുഭഗവാൻ ബ്രഹ്മാസ്ത്രത്താ-
ലെരിഞ്ഞുപൊരിഞ്ഞുള്ളോരങ്ങയെ
രക്ഷിച്ചവോ,
അന്തകാന്തകനെയും വെന്നതാരാരു പിന്നെ
സ്വന്തദേഹത്തോടൊത്തു വേടനെ
വിണ്ണിലേററി,
അത്രമേൽ പ്രഭാവമൊത്തുല്ലസിക്കുമക്കൃഷ്ണ-
മൂത്തിയങ്ങസമത്ഥനാകുമോ സ്വരക്ഷയിൽ. 12

അനന്യഹേതുവായിസ്സമസ്തം തീത്തുകാത്താ-
ഹനിച്ചു സവ്വശക്തിധരനായിരിക്കിലും
സ്വന്തമെയ്യിങ്ങു ശേഷിപ്പിക്കുവാനിച്ഛിച്ചതി-
ല്ലെന്തുതാനിഹ മത്ത്യദേഹത്താൽ പ്രയോജനം?
ഭക്തക്കായ് സ്വസ്ഥഗതികാട്ടിക്കൊടുപ്പാനത്രേ
തത്തനുവോടുകൂടിബ്ഭഗവാൻ മറഞ്ഞതും. 13

രാവിലേയെഴുന്നേററു സംയതനായി വാസു-
ദേവൻതന്നുത്കൃഷ്ടമാം ഗതിയെയേവൻ
ഭക്ത്യാ
കീത്തിച്ചീടുന്നു നിത്യമപ്പുമാൻ പ്രാപിച്ചീടു-
മുത്തമഗതിതന്നെ, സന്ദേഹമേതുമില്ല. 14

പാരാതെയദ്വാരകാനഗരംതന്നിലെത്തി-
ദ്ദാരുകനുഗ്രസേനവസുദേവന്മാരുടെ
പാദാബ്ജങ്ങളിൽ വീണു കൃഷ്ണവിശ്ലേഷദുഃഖ-
ജാതാശ്രുക്കളാൽ നന്നായ്ക്കഴിച്ചാനഭി-
ഷേകം. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഥയാമാസ നിധനം വൃഷ്ണീനാം കൃത്സ്നശോ, നൃപ,
തച്ഛ്രുത്വോദ്വിഗ്നഹൃദയാ ജനാഃ ശോകവിമൂർച്ഛിതാഃ. 16

തത്ര സ്മ ത്വരിതാ ജഗ്മുഃ കൃഷ്ണവിശ്ലേഷവിഹ്വലാഃ
വ്യസവഃ ശേരതേ യത്ര ജ്ഞാതയോ ഘ്നന്ത ആനനം. 17

ദേവകീ രോഹിണീ ചൈവ വസുദേവസ്തഥാ സുതൗ
കൃഷ്ണരാമാവപശ്യന്തഃ ശോകാർത്താ വിജഹുഃ സ്മൃതിം. 18

പ്രാണാംശ്ച വിജഹുസ്തത്ര ഭഗവദ്വിരഹാതുരാഃ
ഉപഗുഹ്യ പതീംസ്താത ചിതാമാരുരുഹുഃ സ്ത്രിയഃ. 19

രാമപത്ന്യശ്ച തദ്ദേഹമുപഗുഹ്യാഗ്നിമാവിശൻ
വസുദേവപത്ന്യസ്തദ്ഗാത്രം, പ്രദ്യുമ്നാദീൻ ഹരേഃ സ്നുഷാഃ
കൃഷ്ണപത്ന്യോഽവിശന്നഗ്നിം രുക്മിണ്യാദ്യാസ്തദാത്മികാഃ. 20

അർജ്ജുനഃ പ്രേയസഃ സഖ്യുഃ കൃഷ്ണസ്യ വിരഹാതുരഃ
ആത്മാനം സാന്ത്വയാമാസ കൃഷ്ണഗീതൈഃ സദുക്തിഭിഃ. 21

ബന്ധൂനാം നഷ്ടഗോത്രാണാമർജ്ജുനഃ സാമ്പരായികം
ഹതാനാം കാരയാമാസ യഥാവദനുപൂർവ്വശഃ. 22

ദ്വാരകാം ഹരിണാ ത്യക്താം സമുദ്രോഽപ്ലാവയത് ക്ഷണാത്
വർജ്ജയിത്വാ മഹാരാജ ശ്രീമദ്ഭഗവദാലയം. 23

നിത്യം സന്നിഹിതസ്തത്ര ഭഗവാൻ മധുസൂദനഃ
സ്മൃത്യാശേഷാശുഭഹരം സർവ്വമംഗളമംഗളം. 24

സ്ത്രീബാലവൃദ്ധാനാദായ ഹതശേഷാൻ ധനഞ്ജയഃ
ഇന്ദ്രപ്രസ്ഥം സമാവേശ്യ വജ്രം തത്രാഭ്യഷേചയത്. 25

ശ്രുത്വാ സുഹൃദ്വധം രാജന്നർജ്ജുനാത്തേ പിതാമഹാഃ
ത്വാം തു വംശധരം കൃത്വാ ജഗ്മുഃ സർവ്വേ മഹാപഥം. 26

യ ഏതദ്ദേവദേവസ്യ വിഷ്ണോഃ കർമ്മാണി ജന്മ ച
കീർത്തയേച്ഛ്രദ്ധയാ മർത്ത്യഃ സർവ്വപാപൈഃ പ്രമുച്യതേ. 27

ഇത്ഥം ഹരേർഭഗവതോ രുചിരാവതാര-
വീര്യാണി ബാലചരിതാനി ച ശന്തമാനി
അന്യത്ര ചേഹ ച ശ്രുതാനി ഗൃണൻ മനുഷ്യോ
ഭക്തിം പരാം പരമഹംസഗതൗ ലഭേത. 28

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ
ഏകത്രിംശത്തമോഽധ്യായഃ

സമാപ്തോഽയമേകാദശസ്കന്ധഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനുശേഷം വൃഷ്ണിവംശത്തിൻ നാശവൃത്തം
കഥിച്ചാനതു കേട്ട ജനങ്ങളെല്ലാമപ്പോൾ
ഉദ്വിഗ്നചിത്തരായി വർദ്ധിച്ച ദുഃഖത്തിനാൽ
പൃഥ്വിയിൽ ബോധമററു പതിച്ചെന്നതേ
വേണ്ടു. 16

പിന്നെ ശ്രീവാസുദേവവിയോഗത്തിനാൽ
പരം
ഖിന്നമാനസരായ് തജ്ജ്ഞാതികളശേഷവും
ശിരസ്സിലടിച്ചുകൊണ്ടാത്മബന്ധുക്കളെല്ലാം
മരിച്ചുകിടന്നീടും സ്ഥലത്തേക്കോടിച്ചെ-
ന്നാർ. 17

രോഹിണീദേവകിമാർ വസുദേവനും ശോക-
മോഹിതരായിത്തത്ര പുത്രരെക്കാണായ്ക-
യാൽ. 18

വെടിഞ്ഞാർ പ്രാണങ്ങളെ, നാരികൾ
കാന്തന്മാർത-
ന്നുടലാശ്ലേഷിച്ചുടൻ ചിതയിൽച്ചാടീടി-
നാർ. 19

രാമപത്നിമാർ രാമാങ്ഗത്തെയും വസുദേവ-
ഭാമിനീജനം വസുദേവൻതൻ ദേഹത്തെയും
നന്ദജസ്നുഷകൾ തദ്ബ്ഭർത്തൃകായ-
ങ്ങളേയും
നന്നായിപ്പുണർന്നുടൻ ചാടിനാരുടന്തടി.

കൃഷ്ണദാരങ്ങളാകും രുക്മിണിതൊട്ടുള്ളവർ
കൃഷ്ണനെയുള്ളിലൂന്നിയഗ്നിയിൽച്ചാടീ-
ടിനാർ. 20

ഫല്ഗുനൻ, തനിക്കേററമിഷ്ടനും സഖാവുമാ-
മക്കൃഷ്ണഭഗവാൻതൻ വിയോഗവഹ്നിതന്നിൽ
നീറും തന്മാനസത്തെ കൃഷ്ണോപദിഷ്ടമാകും
സാരവാക്യങ്ങൾകൊണ്ടു സമാധാനിപ്പി-
ച്ചിതു. 21

വംശവിച്ഛേദംവന്നോരാം ബന്ധുക്കൾതൻ
ശേഷക്രിയാദി പാർത്ഥൻ വഴിപോൽ
നടത്തിനാൻ. 22

ഹരി കൈവെടിഞ്ഞോരന്നഗരം, തന്മന്ദിര-
വരമൊന്നൊഴിഞ്ഞെല്ലാം വാരാശിയാഴ്ത്തി
നീരിൽ. 23

അങ്ങെന്നുമുണ്ടു ഹരിസാന്നിദ്ധ്യം സന്മങ്ഗല-
മങ്ഗലമതിൻ സ്മൃതി സമസ്താശുഭാപഹം. 24

ശേഷിച്ച വൃദ്ധരേയും ചെറുകുട്ടികളേയും
യോഷമാരെയും പാർത്ഥൻ കൂട്ടിക്കൊണ്ടങ്ങു
പോയി
ഇന്ദ്രപ്രസ്ഥത്തിലെത്തി വജ്രനെയവിടത്തിൽ
മന്നവനാക്കിക്കഴിച്ചീടിനാനഭിഷേകം. 25

ധരേശാ! ഭവത്പിതാമഹന്മാർ സുഹൃദ്വധം
കിരീടി ചൊല്ലിക്കേട്ടു ഭവാനെത്തന്നെ പിന്നെ
വംശത്തിൻ കർത്താവായി നിശ്ചയിച്ചെല്ലാവരു
മീഷലെന്നിയേ മഹാപ്രസ്ഥാനമാചരി-
ച്ചാർ. 26

ദേവദേവനായ് മഹാവിഷ്ണുവാം ഭഗവാൻറെ-
യീവിധമുള്ള ജന്മകർമ്മങ്ങളേതു മർത്ത്യൻ
ശ്രദ്ധയോടൊത്തു കീർത്തിച്ചീടുമോ സർവ്വപാപ-
മുക്തനായ്ബ്ഭവിച്ചീടുമായവൻ തർക്കമില്ല.
27

ഹരിതൻ മനോജ്ഞമാമീയവതാരവീര്യ-
ചരിതത്തെയുമേററമാനന്ദപ്രദമായി
പ്രസിദ്ധമാകും ബാലലീലകളേയും പാടി
പ്രശംസിച്ചിടും നരനിഹത്തിൽ പരത്തിലും
പരമഹംസഗമ്യസ്ഥാനമായ് വിളങ്ങും ത-
ച്ചരണങ്ങളിലുണ്ടാം പരമഭക്തി നൂനം. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാദശസ്കന്ധഃ

പ്രഥമോഽധ്യായഃ

രാജോവാച

സ്വധാമാനുഗതേ കൃഷ്ണേ യദുവംശവിഭൂഷണേ
കസ്യ വംശോഽഭവത് പൃഥ്വ്യാമേതദാചക്ഷ്വ മേ, മുനേ. 1

ശ്രീശുക ഉവാച

യോഽന്ത്യഃ പുരഞ്ജയോ നാമ *ഭാവ്യോ ബാർഹദ്രഥോ നൃപ!
തസ്യാമാത്യസ്തു ശുനകോ ഹത്വാ സ്വാമിനമാത്മജം. 2
പ്രദ്യോതസംജ്ഞം രാജാനം കർത്താ യത് പാലകഃ സുതഃ
വിശാഖയൂപസ്തത്പുത്രോ ഭവിതാ രാജകസ്തതഃ. 3
നന്ദിവർദ്ധനസ്തത്പുത്രഃ പഞ്ച പ്രദ്യോതനാ ഇമേ
അഷ്ടത്രിംശോത്തരശതം ഭോക്ഷ്യന്തി പൃഥിവീം നൃപാഃ. 4
ശിശുനാഗസ്തതോ ഭാവ്യഃ കാകവർണ്ണസ്തു തത്സുതഃ
ക്ഷേമധർമ്മാ തസ്യ സുതഃ ക്ഷേത്രജ്ഞഃ ക്ഷേമധർമ്മജഃ. 5
വിധിസാരഃ സുതസ്തസ്യാജാതശത്രുർഭവിഷ്യതി
ദർഭകസ്തത്സുതോ ഭാവീ ദർഭകസ്യാജയഃ സ്മൃതഃ. 6
നന്ദിവർദ്ധന ആജേയോ മഹാനന്ദിഃ സുതസ്തതഃ
ശിശുനാഗാ ദശൈവൈതേ ഷഷ്ട്യുത്തരശതത്രയം. 7
സമാ ഭോക്ഷ്യന്തി പൃഥിവീം കുരുശ്രേഷ്ഠ, കലൌ നൃപാഃ
മഹാനന്ദിസുതോ, രാജൻ, ശൂദ്രീഗർഭോദ്ഭവോ ബലീ. 8
മഹാപദ്മപതിഃ കശ്ചിന്നന്ദഃ ക്ഷത്രവിനാശകൃത്
തതോ നൃപാ ഭവിഷ്യന്തി ശൂദ്രപ്രായാസ്ത്വധാർമ്മികാഃ. 9
സ ഏകച്ഛത്രാം പൃഥിവീമനുല്ലങ്ഘിതശാസനഃ
ശാസിഷ്യതി മഹാപദ്മോ ദ്വിതീയ ഇവ ഭാർഗ്ഗവഃ. 10
തസ്യ ചാഷ്ടൌ ഭവിഷ്യന്തി സുമാല്യപ്രമുഖാഃ സുതാഃ
യ ഇമാം ഭോക്ഷ്യന്തി മഹീം രാജാനഃ സ്മ ശതം സമാഃ. 11
നവ നന്ദാൻ ദ്വിജഃ കശ്ചിത് പ്രപന്നാനുദ്ധരിഷ്യതി
തേഷാമഭാവേ ജഗതീം മൌര്യാ ഭോക്ഷ്യന്തി വൈ കലൌ. 12
സ ഏവ ചന്ദ്രഗുപ്തം വൈ ദ്വിജോ രാജ്യേഽഭിഷേക്ഷ്യതി
തത്സുതോ വാരിസാരസ്തു തതശ്ചാശോകവർദ്ധനഃ. 13
സുയശാ ഭവിതാ തസ്യ സങ്ഗതഃ സുയശഃ സുതഃ
ശാലിശൂകസ്തതസ്തസ്യ സോമശർമ്മാ ഭവിഷ്യതി. 14
ശതധന്വാ തതസ്തസ്യ ഭവിതാ തദ്ബൃഹദ്രഥഃ
മൌര്യാ ഹ്യേതേ ദശ നൃപാഃ സപ്തത്രിംശച്ഛതോത്തരം
സമാ ഭോക്ഷ്യന്തി പൃഥിവീം കലൌ, കുരുകുലോദ്വഹ. 15
ഹത്വാ ബൃഹദ്രഥം മൌര്യം തസ്യ സേനാപതിഃ കലൌ
പുഷ്പമിത്രസ്തു ശുങ്ഗാഹ്വഃ സ്വയം രാജ്യം കരിഷ്യതി
അഗ്നിമിത്രസ്തതസ്തസ്മാത് സുജ്യേഷ്ഠോഽഥ ഭവിഷ്യതി. 16
വസുമിത്രോ ഭദ്രകശ്ച പുളിന്ദോ ഭവിതാ തതഃ
തതോ ഘോഷഃ സുതസ്തസ്മാദ്വജ്രമിത്രോ ഭവിഷ്യതി. 17

* 'ഭവിഷ്യോ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാദശസ്കന്ധം

അദ്ധ്യായം 1

കലികാലനൃപപരമ്പര

രാജാവു പറഞ്ഞു

കൃഷ്ണൻ യദുവംശഭൂഷണൻ വൈകുണ്ഠ-
ധിഷ്ണ്യത്തിലേക്കു ഗമിക്കവേ ഭൂമിയിൽ

ആരുടെ വംശം ഭവിച്ചുവെന്നുള്ളതു
നേരേയരുളംചെയ്കയെന്നോടു മാമുനേ! 1

ശ്രീശുകൻ പറഞ്ഞു

രാജൻ! ബൃഹദ്രഥവംശത്തിലേയന്ത്യ-
രാജനായീടും പുരഞ്ജയസംജ്ഞനെ

തന്മന്ത്രിയാകും ശുനകൻ ഹനിച്ചു ത-
ദാത്മജൻ പ്രദ്യോതനെബ്ഭൂപനാക്കിടും.

തത്പുത്രനാമളകന്നു വിശാഖയൂ-
പാഭിധൻ പുത്രനാം തത്സുതൻ രാജകൻ. 2-3

തത്തനയൻ നന്ദിവർദ്ധനനായിടു-
മിത്ഥമിപ്രദ്യോതനാദികളൈവരും

നൂററിമുപ്പത്തെട്ടു വർഷമിബ്ഭൂതലം
പോററും ശരിയായരീതിയിൽ മന്നവാ! 4

പിന്നെയുളവായിടും നന്ദിവർദ്ധന-
നന്ദനനായിശ്ശിശുനാഗനെന്നവൻ

തത്പുത്രനായ് കാകവർണ്ണനെന്നുള്ളവ-
നുദ്ഭവിച്ചീടും കുരുവംശനായകാ!

തത്പുത്രനായിടും ക്ഷേമധർമ്മാവിൽനി-
ന്നുദ്ഭൂതനായിടും ക്ഷേത്രജ്ഞനാമകൻ. 5

ക്ഷേത്രജ്ഞപുത്രൻ വിധിസാരനായിടും
പുത്രനവനിലജാതശത്രുവാഖ്യനും

ദർഭകനാമകനത്രേ തദാത്മജൻ
തത്പുത്രനായിട്ടജയനും ജാതനാം. 6

തത്സുതനായ് ഭവിക്കും നന്ദിവർദ്ധനൻ
തത്സുതനായ് മഹാനന്ദിയും തീർന്നിടും.

ഈവിധമശ്ശിശുനാഗൻമുതൽ പത്തു-
ഭൂവരർ മുന്നൂററുപതുവത്സരം

രാജ്യപരിപാലനംചെയ്തിടും കുരു-
പൂജ്യാ! മഹാനന്ദിപുത്രനായ് ശൂദ്രിയിൽ

ക്ഷത്രിയവംശവിനാശകൃത്തായ് മഹാ-
ശക്തിമാനായ് നന്ദസംജ്ഞയാൽ ഖ്യാതനായ്

ഉദ്ഭവിക്കും മഹാപദ്മസൈന്യേശനാ-
യദ്ഭുതവിക്രമനനേകൻ കലിയിങ്കൽ

അന്നുമുതൽക്കുള്ള മന്നർ ശൂദ്രപ്രായ-
രെന്നല്ല ധർമ്മവിഹീനരായും വരും. 7-9

ഒററക്കുടക്കീഴനുല്ലംഘിതാജ്ഞനായ്
പൃഥ്വി മഹാപദ്മവാനാകുമന്നൃപൻ

കാത്തിടും രണ്ടാമനാം ഭാർഗ്ഗവൻവിധം
കീർത്തി ദിഗന്തങ്ങളിൽ പരത്തിപ്പരം. 10

പുത്രരവന്നുളവാകും സുമാല്യാദ്യ-
രെട്ടുപേർ നൂറാണ്ടവർ ഭരിക്കും ധര. 11

വിശ്വസ്തരാം നവനന്ദർതന്നുന്മൂല-
നാശം വരുത്തിടും പിന്നെയൊരാരണൻ.

ആ മന്നർതന്നഭാവത്തിൽക്കലിയിലി-
ബ്ഭൂമിയടക്കി മൗര്യന്മാർ ഭരിച്ചിടും. 12

ചാണക്യനാമാദ്വിജൻ ചന്ദ്രഗുപ്തനെ
ക്ഷോണീശനാക്കിക്കഴിക്കുമഭിഷേകം.

തത്പുത്രനാം വാരിസാര,നവനിൽനി-
ന്നുദ്ഭവിച്ചീടുമശോകാദിവർദ്ധനൻ

തത്തനയൻ സുയശസ്സുമവന്നെഴും
പുത്രനായ് സങ്ഗതനും തത്തനൂജനായ്

ശാലിശൂകാഖ്യനും തത്സുതനായ് നര-
പാലകാ! സോമശർമ്മാവും ഭവിച്ചിടും. 13-14

തത്സുതനായ് ശതധന്വാവുദിച്ചിടും
തത്സുതനായി ബൃഹദ്രഥഭൂപനും

നൂററിമുപ്പത്തേഴുവർഷം കലിയിലി-
പ്പത്തുമൗര്യാരചരൂഴി പാലിച്ചിടും. 15

പിന്നടക്കും ഭൂ ബൃഹദ്രഥനെക്കൊന്നു
സൈന്യേശനാം ശുങ്ഗപുഷ്പമിത്രാഭിധൻ.

അഗ്നിമിത്രൻ തത്തനയനാം സുജ്യേഷ്ഠ-
നെന്നവൻ തത്സുതനായിബ്ഭവിച്ചിടും. 16

തത്തനയൻ വസുമിത്രനാം തത്സുതൻ
ഭദ്രകാഖ്യൻ തത്തനയൻ പുളിന്ദനാം.

പിന്നെപ്പുളിന്ദനിൽനിന്നുമുണ്ടാം ഘോഷ-
നെന്നവൻ തത്സുതനായ് വജ്രമിത്രനും. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ ഭാഗവതസ്തസ്മാദ്ദേവഭൂതിരിതി ശ്രുതഃ
ശുംഗാ ദശൈതേ ഭോക്ഷ്യന്തി ഭൂമിം വർഷശതാധികം. 18
തതഃ കണ്വാനിയം ഭൂമിര്യാസ്യത്യല്പഗുണാൻ, നൃപ
ശുംഗം ഹത്വാ ദേവഭൂതിം കണ്വോഽമാത്യസ്തു കാമിനം
സ്വയം കരിഷ്യതേ രാജ്യം വസുദേവോ മഹാമതിഃ. 19
തസ്യ പുത്രസ്തു ഭൂമിത്രസ്തസ്യ നാരായണഃ സുതഃ
നാരായണസ്യ ഭവിതാ സുശർമ്മാ നാമവിശ്രുതഃ. 20
കാണ്വായനാ ഇമേ ഭൂമിം ചത്വാരിംശച്ച പഞ്ച ച
ശതാനി ത്രീണി ഭോക്ഷ്യന്തി വർഷാണാം ച കലൗ യുഗേ. 21
ഹത്വാ കാണ്വം സുശർമ്മാണം തദ്ഭൃത്യോ വൃഷലോ ബലീ
ഗാം ഭോക്ഷ്യത്യന്ധ്രജാതീയഃ കഞ്ചിത്കാലമസത്തമഃ. 22
കൃഷ്ണനാമാഥ തദ്ഭ്രാതാ ഭവിതാ പൃഥിവീപതിഃ
ശ്രീശാന്തകർണ്ണസ്തത്പുത്രഃ പൗർണ്ണമാസസ്തു തത്സുതഃ. 23
ലംബോദരസ്തു തത്പുത്രസ്തസ്മാച്ചിബിലകോ നൃപഃ
മേഘസ്വാതിശ്ചിബിലകാദടമാനസ്തു തസ്യ ച. 24
അനിഷ്ടകർമ്മാ ഹാലേയസ്തലകസ്തസ്യ ചാത്മജഃ
പുരീഷഭീരുസ്തത്പുത്രസ്തതോ രാജാ സുനന്ദനഃ. 25
ചകോരോഽ*നവമോ യത്ര ശിവസ്വാതിരരിന്ദമഃ
തസ്യാപി ഗോമതീപുത്രഃ പുരീമാൻ ഭവിതാ തതഃ. 26
മേദഃശിരാഃ ശിവസ്കന്ദോ യജ്ഞശ്രീസ്തത്സുതസ്തതഃ
വിജയസ്തത്സുതോ ഭാവ്യശ്ചന്ദ്രവിജ്ഞഃ സലോമധിഃ. 27
ഏതേ ത്രിംശന്നൃപതയശ്ചത്വാര്യബ്ദശതാനി ച
ഷട്പഞ്ചാശച്ച പൃഥിവീം ഭോക്ഷ്യന്തി, കുരുനന്ദന. 28
സപ്താഭീരാ ആവഭൃത്യാ ദശ ഗർദ്ദഭിനോ നൃപാഃ
കങ്കാഃ ഷോഡശ ഭൂപാലാ ഭവിഷ്യന്ത്യതിലോലുപാഃ. 29
തതോഽഷ്ടൗ യവനാ ഭാവ്യാശ്ചതുർദ്ദശ തുരുഷ്കകാഃ
ഭൂയോ ദശ ഗുരുണ്ഡാശ്ച മൗനാ ഏകാദശൈവ തു. 30
ഏതേ ഭോക്ഷ്യന്തി പൃഥിവീം ദശവർഷശതാനി ച
നവാധികാം ച നവതിം മൗനാ ഏകാദശ ക്ഷിതിം. 31
ഭോക്ഷ്യന്ത്യബ്ദശതാന്യംഗ ത്രീണി തൈഃ സംസ്ഥിതേ തതഃ
കിലികിലായാം നൃപതയോ ഭൂതനന്ദോഽഥ വംഗിരിഃ. 32
ശിശുനന്ദിശ്ച തദ്ഭ്രാതാ യശോനന്ദിഃ പ്രവീരകഃ
ഇത്യേതേ വൈ വർഷശതം ഭവിഷ്യന്ത്യധികാനി ഷട്. 33
തേഷാം ത്രയോദശ സുതാ ഭവിതാരശ്ച ബാഹ്ലികാഃ
പുഷ്പമിത്രോഽഥ രാജന്യോ ദുർമ്മിത്രോഽസ്യ തഥൈവ ച. 34
ഏകകാലാ ഇമേ ഭൂപാഃ സപ്താന്ധ്രാഃ സപ്ത കോസലാഃ
വിദൂരപതയോ ഭാവ്യാ നിഷധാസ്തത ഏവ ഹി. 35
മാഗധാനാം തു ഭവിതാ വിശ്വസ്ഫൂർജ്ജിഃ പുരഞ്ജയഃ
കരിഷ്യത്യപരോ വർണ്ണാൻ പുളിന്ദയദുമദ്രകാൻ. 36
പ്രജാശ്ചാബ്രഹ്മഭൂയിഷ്ഠാഃ സ്ഥാപയിഷ്യതി ദുർമ്മതിഃ
വീര്യവാൻ ക്ഷത്രമുത്സാദ്യ പദ്മവത്യാം സ വൈ പുരി
അനുഗംഗാമാപ്രയാഗം ഗുപ്താം ഭോക്ഷ്യതി മേദിനീം. 37
സൗരാഷ്ട്രാവന്ത്യാഭീരാശ്ച ശൂരാ അർബ്ബുദമാളവാഃ
വ്രാത്യാ ദ്വിജാ ഭവിഷ്യന്തി ശൂദ്രപ്രായാ ജനാധിപാഃ. 38
സിന്ധോസ്തടം ചന്ദ്രഭാഗാം കൗന്തീം കാശ്മീരമണ്ഡലം
ഭോക്ഷ്യന്തി ശൂദ്രാ വ്രാത്യാദ്യാ മ്ലേച്ഛാശ്ചാബ്രഹ്മവർച്ചസഃ. 39

---

* 'ബഹവോ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗവതൻ തത്തനയനാ,മുദ്ഭൃത-
നാകുമവന്നഥ ദേവഭൃത്യാഖ്യനും

ശൃങ്ഗരാമിപ്പത്തു ഭൂപർ ധരിത്രിയെ-
ബ്ഭംഗ്യാ ഭരിക്കും ശതാബ്ദാധികം നൃപാ! 18

പിന്നെയത്യല്പഗുണയുതരായിടും
കണ്വവംശീയർ ഭരിച്ചിടും മേദിനി.

ശൃങ്ഗജനായ്ക്കാമിയാം ദേവഭൂതിയെ
തുങ്ഗമതിയുമമാത്യനുമായിടും

കണ്വവംശ്യൻ വസുദേവൻ നിഹനിച്ചു
മന്നിതു താൻതന്നെ പാലിച്ചു വാണിടും. 19

ഭൂമിത്രനത്രേ വസുദേവനന്ദനൻ
ഭൂമീശാ! നാരായണനാണു തത്സുതൻ.

നാരായണൻെറ മകൻ സുശർമ്മാവെന്നു
പേരായവൻ പാരിലെങ്ങും സുവിശ്രുതൻ. 20

കാണ്വായനർ കലികാലത്തു കാക്കുമീ
മന്നു മുന്നൂററിനാല്പത്തഞ്ചു വത്സരം. 21

തദ്ഭൃത്യനും ബലീകാഖ്യനുമാന്ധ്രവം-
ശോദ്ഭൂതനും മഹാദുഷ്ടനുമായിടും

ശൂദ്രനേകൻ കാണ്വനാം സുശർമ്മാവിനു
മൃത്യുചേർത്തൊട്ടുകാലം പൃഥ്വി കാത്തിടും. 22

പിന്നീടു തത്സഹജൻ കൃഷ്ണനാമകൻ
മന്നവനാകുമവൻെറ തനൂജനായ്

ശ്രീശാന്തകർണ്ണനും തത്പുത്രനായ്പ്പൗർണ്ണ-
മാസനുമിങ്ങനെ ലംബോദരാഖ്യനും

പിന്നെച്ചിബിലകൻ പിന്നെ മേഘസ്വാതി-
പിന്നടമാനനനിഷ്ടകർമ്മാവഥ

ഹാലേയസംജ്ഞൻ, തലക,നനന്തരം
പാലെപ്പുരീഷഭീരവാഖ്യയിയന്നവൻ.

പിന്നെസ്സുനന്ദനൻ പിന്നെച്ചകോരനും
പിന്നീടനവമൻ പിന്നെശ്ശിവസ്വാതി

പിന്നെയരിംദമൻതാനഥ ഗോമതി
പിന്നെപ്പുരീമാനിതിനാമമാളുവോൻ.

പിന്നീടു മേദശിരസ്സു ശിവസ്കന്ദൻ
പിന്നെയജ്ഞശ്രീ വിജയാഭിധാനനും

ചന്ദ്രവിജ്ഞാഖ്യൻ സലോമധീയിങ്ങനെ
മന്നവർ മുപ്പതും പുത്രക്രമത്തിനു

പൃഥ്വി നാന്നൂററിയൻപത്താറുവത്സരം
കാത്തു സംരക്ഷിച്ചിടും കുരുനന്ദനാ! 23–28

ആഭീരരാമാവഭൃത്യാഖ്യരേഴുപേർ
ഭൂഭൃത്തുകൾ, പത്തു ഗർദ്ദഭിമാരഥ

കങ്കർ പതിനാറുപേരീ നൃപർ വിഷ-
യങ്ങളിലത്യന്തലുബ്ധരായ്ത്തീർന്നിടും. 29

പിന്നെ യവനരായേഴു ഭൂപാലരും
പിന്നെത്തുലുക്കർ പതിന്നാലു മന്നരും

പത്തു ഗുരുംഡരും പിന്നെപ്പതിനൊന്നു
പൃഥ്വീപതികൾ മൗനന്മാരുമായിടും. 30

തൊണ്ണൂററിയൊമ്പതോടായിരം വത്സരം
മന്നുമൗനേതരരിബ്ഭൂപർ കാത്തിടും.

നൂററിമൂന്നാണ്ടു പതിനൊന്നുമൗനരും
പൃഥ്വി കാക്കും പിന്നെ മററൊരു സംഘവും

ധന്യാ! കിലികിലാപത്തനത്തിൽ ഭൂത-
നന്ദനും വങ്ഗിരിയും ശിശുനന്ദിയും

തദ്ഭ്രാതാവാം യശോനന്ദി, പ്രവീരക-
നിബ്ഭൂപതികൾ നൂററാറാണ്ടു കാത്തിടും.
31–33

ബാഹ്ലീകരാം പതിമൂന്നു സുതരവ-
ർക്കൊപ്പാദകാരികളായിബ്ഭവിച്ചിടും.

പിന്നീടു പുഷ്പമിത്രാഖ്യൻ നൃപനായി
വന്നിടും തത്സുതൻ ദുർമ്മിത്രസംജ്ഞനാം. 34

ഏഴാന്ധ്രർ, കൗശലരേഴും നിഷധരും
വാഴുമപ്പോൾത്താൻ വിദൂരപതികളും. 35

പിന്നെ വിശ്വസ്ഫൂർത്തിയെന്നും പുരഞ്ജയ-
നെന്നുമുണ്ടാം രണ്ടു മാഗധഭൂമിപർ.

പിന്നെപ്പുളിന്ദയദുമദ്രകന്മാരെ-
യൊന്നായ് സവർണ്ണരാക്കീടും പുരഞ്ജയൻ. 36

ദുർബ്ബുദ്ധിയാമവൻ ബ്രാഹ്മണാദിത്രിവ-
ർണ്ണോദ്ഭൂതരല്ലാത്തവർക്കൃദ്ധി ചേർത്തിടും

ക്ഷത്രിയവംശം നശിപ്പിച്ചിടും പദ്മ-
വത്യാഖ്യയാം പുരി വാണപ്പരാക്രമി.

ആഗങ്ഗാദ്വാരപ്രയാഗയാം മേദിനി-
യാകെയടക്കിബ്ഭരിച്ചിടുമായവൻ. 37

സൗരാഷ്ട്രശൂരാർബ്ബുദാവന്തിമാളവാ-
ഭീരാദിരാജ്യങ്ങളിൽ വാണിടും ദ്വിജർ

ശൂദ്രസമരായ് ജനാവലിക്കീശരായ്
വ്രാത്യരായും ഭവിച്ചീടും കുരൂദ്വഹാ! 38

സിന്ധുനദീതടം കൗന്തി കാശ്മീരവും
ചന്ദ്രഭാഗാസരിൽപ്രാന്തപ്രദേശവും

ശ്രുത്യാചരണവിഹീനരായ് സംസ്കാര-
മററെഴും മ്ലേച്ഛശൂദ്രാദ്യർ ഭരിച്ചിടും. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുല്യകാലാ ഇമേ, രാജൻ, മ്ലേച്ഛപ്രായാശ്ച ഭൂഭൃതഃ
ഏതേഽധർമ്മാനൃതപരാഃ ഫല്ഗുദാസ്തീവ്രമന്യവഃ. 40
സ്ത്രീബാലഗോദ്വിജഘ്നാശ്ച പരദാരധനാദൃതാഃ
ഉദിതാസ്തമിതപ്രായാ അല്പസത്ത്വാല്പകായുഷഃ. 41
അസംസ്കൃതാഃ ക്രിയാഹീനാ രജസാ തമസാഽഽവൃതാഃ
പ്രജാസ്തേ ഭക്ഷയിഷ്യന്തി മ്ലേച്ഛാ രാജന്യരൂപിണഃ. 42
തന്നാഥാസ്തേ ജനപദാസ്തച്ഛീലാചാരവാദിനഃ
അന്യോന്യതോ രാജഭിശ്ച ക്ഷയം യാസ്യന്തി പീഡിതാഃ. 43

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
പ്രഥമോഽധ്യായഃ

ദ്വിതീയോഽധ്യായഃ

ശ്രീശുക ഉവാച
തതശ്ചാനുദിനം ധർമ്മഃ സത്യം ശൗചം ക്ഷമാ ദയാ
കാലേന ബലിനാ, രാജൻ, നങ്ക്ഷ്യത്യായുർബ്ബലം സ്മൃതിഃ. 1
വിത്തമേവ കലൗ നൄണാം ജന്മാചാരഗുണോദയഃ
ധർമ്മന്യായവ്യവസ്ഥായാം കാരണം ബലമേവ ഹി. 2
ദാമ്പത്യേഽഭിരുചിർഹേതുർമ്മായൈവ വ്യാവഹാരികേ
സ്ത്രീത്വേ പുംസ്ത്വേ ച ഹി രതിർവിപ്രത്വേ സൂത്രമേവ ഹി. 3
ലിംഗമേവാശ്രമഖ്യാതാവന്യോന്യാപത്തികാരണം
അവൃത്ത്യാ ന്യായദൗർബ്ബല്യം പാണ്ഡിത്യേ ചാപലം വചഃ. 4
അനാഢ്യതൈവാസാധുത്വേ, സാധുത്വേ ദംഭ ഏവ തു,
സ്വീകാര ഏവ ചോദ്വാഹേ, സ്നാനമേവ പ്രസാധനം. 5
ദൂരേ വാര്യയനം തീർത്ഥം, ലാവണ്യം കേശധാരണം,
ഉദരംഭരതാ സ്വാർത്ഥഃ സത്യത്വേ ധാർഷ്ട്യമേവ ഹി. 6
ദാക്ഷ്യം കുടുംബഭരണം, യശോഽർത്ഥേ ധർമ്മസേവനം,
ഏവം പ്രജാഭിർദുഷ്ടാഭിരാകീർണ്ണേ ക്ഷിതിമണ്ഡലേ. 7
ബ്രഹ്മവിട്ക്ഷത്രശൂദ്രാണാം യോ ബലീ ഭവിതാ നൃപഃ
പ്രജാ ഹി ലുബ്ധൈ രാജന്യൈർന്നിർഘൃണൈർദ്ദസ്യുധർമ്മഭിഃ. 8
ആച്ഛിന്നദാരദ്രവിണാ യാസ്യന്തി ഗിരികാനനം
ശാകമൂലാമിഷക്ഷൗദ്രഫലപുഷ്പാഷ്ടിഭോജനാഃ 9
അനാവൃഷ്ട്യാ വിനങ്ക്ഷ്യന്തി ദുർഭിക്ഷകരപീഡിതാഃ
ശീതവാതാതപപ്രാവൃഡ്ഹിമൈരന്യോന്യതഃ പ്രജാഃ. 10
ക്ഷുത്തൃഡ്ഭ്യാം വ്യാധിഭിശ്ചൈവ സന്തപ്സ്യന്തേ ച ചിന്തയാ
ത്രിംശദ്വിംശതിവർഷാണി പരമായുഃ കലൗ നൃണാം. 11
ക്ഷീയമാണേഷു ദേഹേഷു ദേഹിനാം കലിദോഷതഃ
വർണ്ണാശ്രമവതാം ധർമ്മേ നഷ്ടേ വേദപഥേ നൃണാം. 12
പാഖണ്ഡപ്രചുരേ ധർമ്മേ ദസ്യുപ്രായേഷു രാജസു
ചൗര്യാനൃതവൃഥാഹിംസാനാനാവൃത്തിഷു വൈ നൃഷു. 13
ശൂദ്രപ്രായേഷു വർണ്ണേഷു ഛാഗപ്രായാസു ധേനുഷു
ഗൃഹപ്രായേഷ്വാശ്രമേഷു യൗനപ്രായേഷു ബന്ധുഷു. 14
അണുപ്രായാസ്വോഷധീഷു ശമീപ്രായേഷു സ്ഥാസ്നുഷു
വിദ്യുത്പ്രായേഷു മേഘേഷു ശൂന്യപ്രായേഷു സദ്മസു. 15
ഇത്ഥം കലൗ ഗതപ്രായേ ജനേ തു ഖരധർമ്മിണി
ധർമ്മത്രാണായ സത്ത്വേന ഭഗവാനവതരിഷ്യതി. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഷ്ടവസ്തുക്കൾ കൊടുപ്പോ,രധർമ്മിഷ്ഠർ,
മ്ലേച്ഛതുല്യന്മാ,രനൃതപരായണർ,
ഉത്കടക്രോധവശന്മാരുമാമിവ-
രൊക്കെയൊരേകാലമൂഴി പാലിച്ചിടും. 40
പെണ്ണുങ്ങളേയും മഹീസുരന്മാരെയു-
മുണ്ണികളേയും പശുക്കളേയും സമം
ഹിംസിച്ചിടും പരവിത്തദാരങ്ങളെ-
യാശിച്ചിടും ക്ഷണത്തിൽ തുഷ്ടരായിടും.
പെട്ടെന്നു കോപിക്കയുംചെയ്യുമായവ-
രൊട്ടാകെയല്പസത്വായുസ്സുകളുമാം. 41
സംസ്കാരഹീനരായ് വർണ്ണാശ്രമവൃത്തി
ധിക്കരിപ്പോരായ് രജസ്തമോപൂർണ്ണരായ്
മ്ലേച്ഛരാമിന്നൃപത്രൂപർ ജനങ്ങളെ
രക്ഷിച്ചിടാതെ ഭക്ഷിച്ചിടും സർവ്വദാ. 42
നാഥരായീടുമവർതൻ പ്രകൃതങ്ങൾ
ചെയ്തികൾ ചൊല്ലുകളൊക്കെയൊട്ടപ്പവർ
തദ്ദേശവാസികളന്യോന്യമോ രാജ-
മർദ്ദനത്താലോ ക്ഷയിച്ചവരും നൃപ! 43

അദ്ധ്യായം 2

കലികാലവർണ്ണന

ശ്രീശുകൻ പറഞ്ഞു

പിന്നെക്കലികാലശക്തിനിമിത്തമാ-
യൊന്നിനൊന്നെന്നും ക്ഷമ, ദയ, സത്യവും
ധർമ്മം, ധൃതി, ബല,മായുസ്സ്, ശൗചവും
ചെമ്മേ കുറഞ്ഞുകുറഞ്ഞുവരും നൃപാ! 1
മർത്ത്യർക്കു ജന്മവുമാചാരവുംകൊണ്ടു
സിദ്ധമാകേണ്ടും ഗുണങ്ങൾക്കു കാരണം
വിത്തമെന്നാം, ന്യായധർമ്മങ്ങളാകവേ
ശക്തൻെറ ഭാഗത്തുതാനെന്നുവന്നിടും. 2
ദാമ്പത്യബന്ധത്തിനന്യോന്യതാത്പര്യ-
സമ്പുഷ്ടിയും, ക്രയവിക്രയത്തിൽ പരം
വഞ്ചനയും, സ്ത്രീത്വപുംസ്ത്വങ്ങൾ രണ്ടിനും
പഞ്ചായുധായോധനനിപുണത്വവും,
ബ്രാഹ്മണത്വത്തിനു പൂണനൂലുംതന്നെ-
യിമ്മന്നിൽ മാനദണ്ഡം കലിയിൽ ദൃഢം. 3
ആശ്രമനിർണ്ണയത്തിൽ തോൽ ത്രിദണ്ഡാദി-
യുച്ചപദത്തിനു വസ്ത്രഭൂഷാദിയും,
ദാനലോപം ന്യായദുർബലതയ്ക്കും, നി-
ദാനമാം പാണ്ഡിതിക്കായിബ്ബഹുഭക്തിയും. 4
ആഡംബരംതന്നെയുത്കൃഷ്ടതയ്ക്കു,മ-
നാഢ്യത മാത്രമാം സാധുതയ്ക്കും തഥാ,
സ്വീകരണംതാൻ വിവാഹത്തിനും, കുളി-
യാകും ശുചിത്വത്തിനും പ്രമാണം നൃപാ! 5
ദൂരജലാശയം തീർത്ഥമായും, കേശ-
ധാരണം സൗന്ദര്യമായും,. വയർപേററൽ
ഉത്കൃഷ്ടമാം പുരുഷാർത്ഥമായും, ചതി-
യൊക്കവേ സത്യമായിട്ടും ഗണിച്ചിടും. 6
മർത്ത്യസാമർത്ഥ്യം കുടുംബം ഭരിപ്പതാം,
കീർത്തിക്കുവേണ്ടിയാം ധർമ്മസംസേവനം,
ഈമട്ടു പാരം ദുഷിക്കും ജനങ്ങളാൽ
ഭൂമണ്ഡലം പരം വ്യാപ്തമായ്ത്തീർന്നിടും.
ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രർക്കിട-
യ്ക്കിമ്മന്നിടത്തിൽ ബലവാൻ നൃപാലനാം.
ചോരരും നിർദ്ദയന്മാരുമാം മന്നവർ
ഭാര്യമാരേയും ധനസഞ്ചയത്തെയും
ഒന്നായപഹരിച്ചീടുകയാൽ പ്രജാ-
വൃന്ദം ഗിരികാനനങ്ങളണഞ്ഞിടും. 7-9
കാലത്തിൽ വർഷമില്ലാതെ ദുർഭിക്ഷത-
മൂലമായ് മൂലഫലങ്ങളോ പൂക്കളോ
അഷ്ടിയോ മാംസമോ തേനോ ദലങ്ങളോ
കിട്ടുന്നവ ഭുജിച്ചും ഭുജിക്കാതെയും
ശീതവാതാതപപേമാരി മഞ്ഞിവ
ഹേതുവായേവം പരസ്പരമേവരും
രാജകരപീഡിതരായ് നശിക്കുന്നു
രാജൻ! കലികാലമാനുഷരാകവേ. 10
ചിന്തയും പൈദാഹവും വ്യാധിയുംകൊണ്ടു
സന്തപിക്കും കലികാലത്തു മാനവർ
ഇപ്പാരിലന്നൊരിരുപത്തു മുപ്പതി-
ലപ്പുറമാക്കുമായുസ്സുമുണ്ടായ്‌വരാ. 11
ദേഹികളെല്ലാം കലിദോഷഹേതുവാൽ
ദേഹം മെലിഞ്ഞു നീളംകുറഞ്ഞും വരും
വർണ്ണാശ്രമാചാരയുക്തരാം മാനുഷർ-
തന്നുടെ വൈദികധർമ്മം നശിച്ചുപോം. 12
പാഖണ്ഡധർമ്മമധികമാകും നൃപ-
രാകെ ദസ്യുപ്രായരായിബ്ഭവിച്ചിടും.
കള്ളമസത്യവാദം വൃഥാ ഹിംസതൊ-
ട്ടുള്ള നാനാവിധവൃത്തി വർദ്ധിച്ചിടും. 13
വർണ്ണികൾ ശൂദ്രസമാനരാകും, ധേനു-
വൃന്ദങ്ങൾ മേഷസദൃശങ്ങളായ്‌വരും.
മന്ദിരപ്രായമാമാശ്രമം, ബാന്ധവ-
മെന്നതു യോനിസംബന്ധപ്രധാനമാം. 14
ഓഷധിജാലമണുപ്രായമാം, മഹാ-
വൃക്ഷങ്ങളെല്ലാം ശമീസമാനങ്ങളാം
മേഘങ്ങളിൽ മിന്നൽ വർദ്ധിച്ചുവന്നീടു,-
മാഗാരമാകവേ ശൂന്യമട്ടായിടും. 15
ഇത്ഥം കലിമൂത്തു മർത്ത്യർ കഴുതകൾ-
മട്ടാകവേ ധർമ്മരക്ഷാർത്ഥമീശ്വരൻ
സത്വരൂപത്തോടവതരിച്ചീടുമി-
പ്പൃഥ്വിതന്നിൽ കലികാലാന്തസന്ധിയിൽ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചരാചരഗുരോർവിഷ്ണോരീശ്വരസ്യാഖിലാത്മനഃ
ധർമ്മത്രാണായ സാധൂനാം ജന്മകർമ്മാപനുത്തയേ. 17

ശംഭളഗ്രാമമുഖ്യസ്യ ബ്രാഹ്മണസ്യ മഹാത്മനഃ
ഭവനേ വിഷ്ണുയശസഃ കല്കിഃ പ്രാദുർഭവിഷ്യതി. 18

അശ്വമാശുഗമാരുഹ്യ ദേവദത്തം ജഗത്പതിഃ
അസിനാ സാധുദമനമഷ്ടൈശ്വര്യഗുണാന്വിതഃ. 19

വിചരന്നാശുനാ ക്ഷോണ്യാം ഹയേനാപ്രതിമദ്യുതിഃ
നൃപലിങ്ഗച്ഛദോ ദസ്യൂൻ കോടിശോ നിഹനിഷ്യതി. 20

അഥ തേഷാം ഭവിഷ്യന്തി മനാംസി വിശദാനി വൈ
വാസുദേവാങ്ഗരാഗാതിപുണ്യഗന്ധാനിലസ്പൃശാം
പൗരജാനപദാനാം വൈ ഹതേഷ്വഖിലദസ്യുഷു. 21

തേഷാം പ്രജാവിസർഗ്ഗശ്ച സ്ഥവിഷ്ഠഃ സംഭവിഷ്യതി
വാസുദേവേ ഭഗവതി സത്ത്വമൂർത്തൗ ഹൃദി സ്ഥിതേ. 22

യദാവതീർണ്ണോ ഭഗവാൻ കല്കിർധർമ്മപതിർഹരിഃ
കൃതം ഭവിഷ്യതി തദാ പ്രജാസൂതിശ്ച സാത്ത്വികീ. 23

യദാ ചന്ദ്രശ്ച സൂര്യശ്ച തഥാ തിഷ്യബൃഹസ്പതീ
ഏകരാശൗ സമേഷ്യന്തി തദാ ഭവതി തത് കൃതം. 24

യേഽതീതാ വർത്തമാനാ യേ ഭവിഷ്യന്തി ച പാർത്ഥിവാഃ
തേ ത ഉദ്ദേശതഃ പ്രോക്താ വംശീയാഃ സോമസൂര്യയോഃ. 25

ആരഭ്യ ഭവതോ ജന്മ യാവന്നന്ദാഭിഷേചനം
ഏതദ്വർഷസഹസ്രം തു ശതം പഞ്ചദശോത്തരം. 26

സപ്തർഷീണാം തു യൗ പൂർവൗ ദൃശ്യേതേ ഉദിതൗ ദിവി
തയോസ്തു മദ്ധ്യേ നക്ഷത്രം ദൃശ്യതേ യത് സമം നിശി. 27

തേനൈത ഋഷയോ യുക്താസ്തിഷ്ഠന്ത്യബ്ദശതം നൃണാം
തേ ത്വദീയേ ദ്വിജാഃ കാലേ അധുനാ ചാശ്രിതാ മഘാഃ. 28

വിഷ്ണോർഭഗവതോ ഭാനുഃ കൃഷ്ണാഖ്യോഽസൗ ദിവം ഗതഃ
തദാവിശത് കലിർലോകം പാപേ യദ്രമതേ ജനഃ. 29

യാവത് സ പാദപദ്മാഭ്യാം സ്പൃശന്നാസ്തേ രമാപതിഃ
താവത് കലിർവൈ പൃഥിവീം പരാക്രാന്തും ന ചാശകത്. 30

യദാ ദേവർഷയഃ സപ്ത മഘാസു വിചരന്തി ഹി
തദാ പ്രവൃത്തസ്തു കലിർദ്വാദശാബ്ദശതാത്മകഃ. 31

യദാ മഘാഭ്യോ യാസ്യന്തി പൂർവാഷാഢാം മഹർഷയഃ
തദാ നന്ദാത് പ്രഭൃത്യേഷ കലിർവൃദ്ധിം ഗമിഷ്യതി. 32

യസ്മിൻ കൃഷ്ണോ ദിവം യാതസ്തസ്മിന്നേവ തദാഹനി
പ്രതിപന്നം കലിയുഗമിതി പ്രാഹുഃ പുരാവിദഃ. 33

ദിവ്യാബ്ദാനാം സഹസ്രാന്തേ ചതുർത്ഥേ തു പുനഃ കൃതം
ഭവിഷ്യതി യദാ നൄണാം മന ആത്മപ്രകാശകം. 34

ഇത്യേഷ മാനവോ വംശോ യഥാ സംഖ്യായതേ ഭുവി
തഥാ വിട്ശൂദ്രവിപ്രാണാം താസ്താ ജ്ഞേയാ യുഗേ യുഗേ. 35

ഏതേഷാം നാമലിങ്ഗാനാം പുരുഷാണാം മഹാത്മനാം
കഥാമാത്രാവശിഷ്ടാനാം കീർത്തിരേവ സ്ഥിതാ ഭുവി. 36

ദേവാപിഃ ശന്തനോർഭ്രാതാ മരുശ്ചേക്ഷ്വാകവംശജഃ
കലാപഗ്രാമ ആസാതേ മഹായോഗബലാന്വിതൗ. 37

താവിഹൈത്യ കലേരന്തേ വാസുദേവാനുശിക്ഷിതൗ
വർണ്ണാശ്രമയുതം ധർമ്മം പൂർവ്വവത് പ്രഥയിഷ്യതഃ 38

കൃതം ത്രേതാ ദ്വാപരം ച കലിശ്ചേതി ചതുർയ്യുഗം
അനേന ക്രമയോഗേന ഭുവി പ്രാണിഷു വർത്തതേ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശ്വരനായിസ്സമസ്തചരാചര-
ദേശികനായഖിലാത്മകനാം ഹരി

കല്ക്കിയായ് ധർമ്മസംത്രാണത്തിനും സാധു-
വർഗ്ഗങ്ങൾതൻ ജന്മകർമ്മക്ഷതിക്കുമായ്

ശംഭലഗ്രാമേശനായ് മഹാത്മാക്കളിൽ
മുൻപനായ് വിഷ്ണുയശസ്സെന്നു പേരെഴും

ധന്യനായീടും മഹീസുരശ്രേഷ്ഠൻെറ
മന്ദിരംതന്നിലവതാരമാർന്നിടും. 17–18

നിസ്തുലതേജസ്സിയന്നുമഷ്ടൈശ്വര്യ-
യുക്തഗുണങ്ങളിണങ്ങിയും മിന്നിടും

ലോകനാഥൻ ശീഘ്രഗാമിയായ് ദുഷ്ടരെ-
യാകെയടക്കുന്ന ദേവദത്താഖ്യമാം

വാജിമേലേറിധരണിയെങ്ങും ചുററി
രാജവേഷക്കള്ളരെത്തീർത്തരിഞ്ഞിടും. 19–20

ഏവമരാതിനിരയെയരിഞ്ഞുകൊ-
ണ്ടാ വാസുദേവൻ ചരിച്ചിടുംവേളയിൽ

തദ്ദേഹലേപനപുണ്യഗന്ധാനില-
നേററു പുരഗ്രാമവാസികൾ ശുദ്ധരാം. 21

സത്യസ്വരൂപൻ ഭഗവാനെയെപ്പൊഴും
ഹൃത്തിൽ പ്രതിഷ്ഠിച്ചിരിക്കുമവർക്കഥ

സന്തതിവർഗ്ഗമടിക്കടിയേതുമൊ-
രന്തരമെന്നിയേ വർദ്ധിച്ചുവന്നിടും. 22

ധർമ്മസംരക്ഷകനാം ഭഗവാൻ ഹരി-
യിമ്മന്നിലെപ്പോളവതരിച്ചീടുമോ

അപ്പോൾക്കൃതയുഗാരംഭമാമന്നുതൊ-
ട്ടുദ്ഭവിക്കും സത്ത്വപൂർണ്ണപ്രജോച്ചയം. 23

ചന്ദ്രനും സൂര്യനും പൂയവും വ്യാഴവു-
മൊന്നിച്ചൊരുരാശിയിൽ പ്രവേശിക്കവേ

ശോഭനമായ കൃതയുഗം ഭൂമിയിൽ
ഭൂപതേ! എത്തിടും, ഭൂതകാലത്തിലും

വർത്തമാനത്തിലും ഭാവിയിലും സോമ-
മാർത്താണ്ഡവംശജരായ ഭൂപാലരെ

എല്ലാവരേയും മുറയ്ക്കു ഭവാനോടു
ചൊല്ലിനേൻ സംക്ഷേപമായ്ക്കുരു-
പുംഗവാ! 24–25

താവകജന്മംമുതൽക്കു നന്ദാഭിഷേ-
കാവധി സംവത്സരമിത്രയെന്നതും

ഹേ രാജമൗലേ! പരിഗണിച്ചിട്ടുണ്ടു-
തോരായിരത്തിനൂററിപ്പതിനഞ്ചുതാൻ. 26

സപ്തർഷിമാരിലാകാശത്തിലാദ്യമായ്
പ്രത്യക്ഷമാകും പുലഹക്രതുക്കൾതൻ-

മധ്യം സമരേഖയിലൊരു താരകം
മർത്ത്യശതാബ്ദം ലസിക്കുന്നു രാത്രിയിൽ. 27

ആ ദ്വിജന്മാക്കിടയ്ക്കിപ്പോൾ ഭവത്കാലത്തു
വർത്തിപ്പതു മകനക്ഷത്രമാം നൃപാ! 28

വിഷ്ണുഭഗവത്പ്രകാശസ്വരൂപമാം
കൃഷ്ണൻതിരുവടിയെപ്പോൾ മറഞ്ഞുവോ

അപ്പോൾ ജനങ്ങളെപ്പാപത്തിലാഴ്ത്തുവാൻ
കെല്പേറിടും കലി വന്നു ബാധിച്ചിതു. 29

പൃഥ്വിയെ ലക്ഷ്മീമണാളപാദാംബുജ-
മുദ്ര പതിഞ്ഞു ലസിച്ചകാലംവരെ

ദുഷ്ടൻ കലിക്കു കടന്നാക്രമിക്കുവാ-
നൊട്ടും കരുത്തു കലരാതിരുന്നിതേ. 30

ദേവർഷികളേഴുപേരും മകത്തൊടും
ദ്യോവിൽച്ചരിച്ചുതുടങ്ങിയ നാൾമുതൽ

ആയിരത്തോടിരുനൂറു ദിവ്യാബ്ദങ്ങ-
ളായുസ്സെഴും കലി പീഡ തുടങ്ങിനാൻ. 31

സപ്തർഷികൾ മകംവിട്ടു പൂരാടത്തൊ-
ടൊത്തു ചരിക്കുമന്നന്ദകാലംമുതൽ

ഇക്കലി,യേററമഭിവൃദ്ധമായ് ക്ഷണം
മുക്കുമധർമ്മത്തിലിധരാമണ്ഡലം. 32

കൃഷ്ണൻ സ്വധാമം ഗമിക്കെ ക്രിയാബലം
ചേർന്നു കലിക്കെന്നഭിജ്ഞരോതുന്നിതു. 33

ദിവ്യസഹസ്രവർഷാവസാനത്തിലീ-
യുർവ്വിയിലന്ത്യയുഗം കഴിഞ്ഞീടവേ

മർത്ത്യചിത്താത്മപ്രകാശകമായുട-
നെത്തും കൃതയുഗം ധർമ്മവിവർദ്ധനം. 34

ഇമ്മനുവംശ്യഭൂപാലകാവസ്ഥക-
ളെമ്മട്ടിവിടെക്കഥിതമായോ നൃപാ!

ഓരോ യുഗത്തിലും വൈശ്യശൂദ്രദ്വിജ-
ന്മാരുടെ രീതിയുമാവിധംതന്നെയാം. 35

നാമചിഹ്നങ്ങളും മാഹാത്മ്യവും ചേർന്ന
ഭൂമിപന്മാർ കഥാമാത്രരായീടിലും

ഇന്നുമവരുടെ കീർത്തിയൊന്നിപ്പോൾഭൂമി-
തന്നിൽ നിലനിന്നിടുന്നു മഹീപതേ! 36

ശന്തനുഭ്രാതാവു ദേവാപി മേദിനീ-
കാന്തനാമിക്ഷ്വാകുവിൻ വംശജൻ മരു

എന്നിവർ യോഗബലത്താൽ വസിക്കുന്നി-
തിന്നും കലാപമാം ഗ്രാമത്തിൽ മന്നവാ! 37

വാസുദേവോപദേശത്തെ മാനിച്ചവ-
രാശു കലിയുഗാന്ത്യത്തിലിങ്ങെത്തിടും

വർണ്ണാശ്രമാന്വിതമായിടും ധർമ്മത്തെ
നന്നായി മുന്മട്ടിലയിൽപ്പരത്തിടും. 38

പ്രാണിവൃന്ദത്തെയധർമ്മധർമ്മങ്ങളി-
ലൂനമെന്യേ പ്രവർത്തിപ്പിച്ചുകൊണ്ടിഹ

എന്നും കൃതം, ത്രേത, ദ്വാപരയും കലി-
യെന്ന മുറയ്ക്കീ യുഗങ്ങൾ തുടർന്നിടും. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജന്നേതേ മയാ പ്രോക്താ നരദേവാസ്തഥാപരേ
ഭൂമൗ മമത്വം കൃത്വാന്തേ ഹിത്വേമാം നിധനം ഗതാഃ. 40
കൃമിവിഡ്ഭസ്മസംജ്ഞാന്തേ രാജനാമ്നോഽപി യസ്യ ച
ഭൂതധ്രുക് തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യതഃ. 41
കഥം സേയമഖണ്ഡാ ഭൂഃ പൂർവൈർമ്മേ പുരുഷൈർധൃതാ
മത്പുത്രസ്യ ച പൗത്രസ്യ മത്പൂർവ്വാ വംശജസ്യ വാ. 42
തേജോഽബന്നമയം കായം ഗൃഹീത്വാഽഽത്മതയാബുധാഃ
മഹീം മമതയാ ചോഭൗ ഹിത്വാന്തേഽദർശനം ഗതാഃ. 43
യേ യേ ഭൂപതയോ, രാജൻ, *ഭുഞ്ജന്തി ഭുവമോജസാ
കാലേന തേ കൃതാഃ സർവേ കഥാമാത്രാഃ കഥാസു ച. 44

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ദ്വിതീയോഽധ്യായഃ

തൃതീയോഽധ്യായഃ

ശ്രീശുക ഉവാച
ദൃഷ്ട്വാഽഽത്മനി ജയേ വ്യഗ്രാൻ നൃപാൻ ഹസതി ഭൂരിയം
''അഹോ മാ വിജിഗീഷന്തി മൃത്യോഃ ക്രീഡനകാ നൃപാഃ. 1
കാമ ഏഷ നരേന്ദ്രാണാം മോഘഃ സ്യാദ്വിദുഷാമപി
യേന ഫേനോപമേ പിണ്ഡേ യേഽതിവിശ്രംഭിതാ നൃപാഃ. 2
പൂർവം നിർജ്ജിത്യ ഷഡ്വർഗ്ഗം ജേഷ്യാമോ രാജമന്ത്രിണഃ
തതഃ സചിവപൗരാപ്തകരീന്ദ്രാനസ്യ കണ്ടകാൻ. 3
ഏവം ക്രമേണ ജേഷ്യാമഃ പൃഥ്വീം സാഗരമേഖലാം
ഇത്യാശാബദ്ധഹൃദയാ ന പശ്യന്ത്യന്തികേഽന്തകം. 4
സമുദ്രാവരണാം ജിത്വാ മാം വിശന്ത്യബ്ധിമോജസാ
കിയദാത്മജയസ്യൈതന്മുക്തിരാത്മജയേ ഫലം. 5
യാം വിസൃജ്യൈവ മനവസ്തത്സുതാശ്ച കുരൂദ്വഹ!
ഗതാ യഥാഗതം യുദ്ധേ താം മാം ജേഷ്യന്ത്യബുദ്ധയഃ. 6
മത്കൃതേ പിതൃപുത്രാണാം ഭ്രാതൄണാം ചാപി വിഗ്രഹഃ
ജായതേ ഹ്യസതാം രാജ്യേ മമതാബദ്ധചേതസാം. 7
'മമൈവേയം മഹീ കൃത്സ്നാ ന തേ മൂഢേ'തി വാദിനഃ
സ്പർദ്ധമാനാ മിഥോ ഘ്നന്തി മ്രിയന്തേ മത്കൃതേ നൃപാഃ. 8
പൃഥുഃ പുരൂരവാ ഗാധിർന്നഹുഷോ ഭരതോഽർജ്ജുനഃ
മാന്ധാതാ സഗരോ രാമഃ ഖട്വാംഗോ ധുന്ധുഹാ രഘുഃ. 9
തൃണബിന്ദുര്യയാതിശ്ച ശര്യാതിഃ ശന്തനുർഗ്ഗയഃ
ഭഗീരഥഃ കുവലയാശ്വഃ കകുത്സ്ഥോ നൈഷധോ നൃഗഃ. 10
ഹിരണ്യകശിപുർവൃത്രോ രാവണോ ലോകരാവണഃ
നമുചിഃ ശംബരോ ഭൗമോ ഹിരണ്യാക്ഷോഽഥ താരകഃ. 11
അന്യേ ച ബഹവോ ദൈത്യാ രാജാനോ യേ മഹേശ്വരാഃ
സർവേ സർവ്വവിദഃ ശൂരാഃ സർവ്വേ സർവജിതോഽജിതാഃ. 12
മമതാം മയ്യവർത്തന്ത കൃത്വോച്ചൈർമ്മർത്ത്യധർമ്മിണഃ
കഥാവശേഷാഃ കാലേന ഹ്യകൃതാർത്ഥാഃ കൃതാ വിഭോ.'' 13

കഥാ ഇമാസ്തേ കഥിതാ മഹീയസാം
വിതായ ലോകേഷു യശഃ പരേയുഷാം
വിജ്ഞാനവൈരാഗ്യവിവക്ഷയാ, വിഭോ,
വചോവിഭൂതിർന്ന തു പാരമാർത്ഥ്യം. 14

* 'ഭുഞ്ജതേ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇച്ചൊന്ന ഭൂപരുമന്യരും ഭൂമിയിൽ
വാച്ച മമത്വത്തൊടും ധരവിട്ടിതേ. 40

ആ രാജനാമം വഹിച്ച മെയ്യും, കൃമി
ഛാരം മലമീവിധം പലപേരിലായ്.

അത്തരം ദേഹം ഭരിപ്പാൻ ജനം ജന്തു-
വിദ്രോഹമാചരിക്കുന്നു തന്മൂലമായ്,

ഹന്ത! നരകത്തിൽ വീഴുന്നിതായവർ
സ്വന്തകാര്യത്തെയശേഷമോരാതെതാൻ. 41

മത്പൂർവ്വികന്മാർ ഭരിച്ചോരഖണ്ഡമാ-
മിബ്ഭൂവുറപ്പായെനിക്കു ലഭിച്ചപോൽ

മത്പുത്രപൗത്രപരമ്പരയ്ക്കും നില-
നില്പാനുപായമെന്തെന്നു ചിന്തിപ്പൂതേ. 42

വഹ്നിജലാന്നപരിണാമമാം തനു-
തന്നെയാം താനെന്നു തെററിദ്ധരിക്കയും

മന്നിൽ മമതയുറയ്ക്കുയും ചെയ്തജ്ഞർ
പിന്നെ രണ്ടും സന്ത്യജിച്ചു ചാവുന്നിതേ. 43

വീര്യത്തിനാൽ ഭൂവടക്കി വാഴും നൃപ-
വീരരെക്കാലം കഥാമാത്രരാക്കിടും. 44

അദ്ധ്യായം 3

ചതുര്യുഗവർണ്ണന

ശ്രീശുകൻ പറഞ്ഞു

തന്നെജ്ജയിക്കുവാൻ വ്യഗ്രതയാർന്നിടും
മന്നരെ വീക്ഷിച്ചു ഭൂമി ഹസിപ്പിതേ.

''കാലക്കളിക്കോപ്പുകളിവരെന്നെ വെ-
ന്നാളാൻ പെടുന്ന പാടെന്തിതു കഷ്ടമേ! 1

തണ്ണീരിലെ നുരയ്ക്കൊപ്പമാമീ മാംസ-
പിണ്ഡത്തിലുററ വിശ്വാസമാർന്നോരിവർ

പണ്ഡിതരാകിലുമീയിച്ഛ നിർവഹി-
ച്ചെന്നും സുഖിച്ചിങ്ങിരുന്നിട്ടാമെന്നതോ? 2

ഒന്നാമതാറിന്ദ്രിയങ്ങളേയും വെന്നു
പിന്നെ സ്വശത്രുമഹീപതിമാരെയും

തന്മന്ത്രിപൗരാപ്തചോരമാതങ്ഗാദി-
തമ്മെയും വെന്നാഴികാഞ്ചിയാമൂഴിയെ

കീഴടക്കാമെന്നു ഭാവിച്ചിരിക്കുമീ-
യൂഴിപർ കാണാ സമീപസ്ഥമൃത്യുവെ. 3–4

അബ്ധിപരീതയാമെന്നെ വെന്നീടിലും
തൃപ്തരാകാതെ ബലാൽ സമുദ്രത്തെയും

ബാധിപ്പു നിഷ്ഫലം ചിത്തജയത്തിനി-
തേതുമാകാ, തത്ഫലം മുക്തിയല്ലയോ? 5

ആദ്യമനുക്കളും തത്പുത്രരുമെന്നെ-
വിട്ടിട്ടു വന്നതുപോലെതാൻ പോയിതേ.

അത്ര മാഹാത്മ്യമെഴുമെന്നെയീ മൂഢ-
ബുദ്ധികൾ യുദ്ധത്തിൽ വെല്ലാൻ
കൊതിപ്പൂതേ. 6

രാജ്യമമത്വമുറച്ചു ദുർബുദ്ധികൾ
മജ്ജയാർത്ഥം ജനകൻ സുതൻ സോദരൻ

എന്നിവരോടുപോലും മഹാഘോരമാം
ജന്യം തുടരുന്നു വൈരാനുബദ്ധരായ്. 7

'എൻെറയാണിബ്ഭൂമിയാകെയൊരല്പവും
നിൻെറയല്ലെ'ന്നു പറഞ്ഞു പരസ്പരം

ശ്രുങിപിടിച്ചു ഞാൻമൂലമായ് ഭൂമിപർ
ശണ്ഠതുടർന്നങ്ങൊടുവൊടുങ്ങുന്നഹോ! 8

കീർത്തനീയൻ ഭരതൻ പൃഥു ഗാഥിയും
കാർത്തവീര്യാർജ്ജുനൻ രാമൻ കകുൽസ്ഥനും

ധുംധുഹാശര്യാതിഖട്വാങ്ഗനൈഷധർ
ശന്തനു മാന്ധാതൃനാമകനും ഗയൻ

പിന്നപ്പുരൂരവസ്സും സഗരൻ തൃണ-
വിന്ദു ഭഗീരഥനും നഹുഷൻ നൃഗൻ.

മന്നൻ യയാതി കുവലയാശ്വൻ രഘു-
വെന്നിവരും ലോകരാവണൻ രാവണൻ,

വൃത്രൻ ഹിരണ്യകശിപു, നമുചിയു-
മത്രഭൗമൻ ശംബരൻ ഹിരണ്യാക്ഷനും

താരകനും മററു ഭൂപാലരും ബഹു-
ശ്രുതരായ് സർവ്വശാസ്ത്രത്തിലും വിജ്ഞരായ്

എല്ലാം ജയിച്ചവരായ് മറെറാരുത്തരും
വെല്ലാത്ത മററുള്ള ദൈത്യഭൂപാലരും

എന്നിൽ മമത്വമിയന്നകൃതാർത്ഥരായ്-
ത്തന്നെ മരിച്ചിതു മർത്ത്യധർമ്മത്തിനാൽ.'' 9-13

ലോകമാകെക്കീർത്തി ചാർത്തി മരിച്ചൊരി-
ബ്ഭൂകാന്തരാം മഹാന്മാർതൻ കഥകളെ

ജ്ഞാനവൈരാഗ്യവിവക്ഷനിമിത്തമായ്
ഞാനങ്ങയോടരുളീടിനേനീവിധം.

എന്നാലിതു വാഗ്വിലാസമെന്നേ ഭവാ-
നെണ്ണേണ്ടു തത്ത്വസംബന്ധിയല്ലായ്കയാൽ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്തൂത്തമശ്ലോകഗുണാനുവാദഃ
സങ്ഗീയതേഽഭീക്ഷ്ണമമങ്ഗലഘ്നഃ
തമേവ നിത്യം ശൃണുയാദഭീക്ഷ്ണം
കൃഷ്ണേഽമലാം ഭക്തിമഭീപ്സമാനഃ. 15

രാജോവാച
കേനോപായേന, ഭഗവൻ, കലേർദോഷാൻ കലൌ ജനാഃ
വിധമിഷ്യന്ത്യുപചിതാംസ്തന്മേ ബ്രൂഹി യഥാ, മുനേ. 16
യുഗാനി യുഗധർമ്മാംശ്ച മാനം പ്രളയകല്പയോഃ
കാലസ്യേശ്വരരൂപസ്യ ഗതിം വിഷ്ണോർമ്മഹാത്മനഃ. 17

ശ്രീശുക ഉവാച
കൃതേ പ്രവർത്തതേ ധർമ്മശ്ചതുഷ്പാത്തജ്ജനൈർധൃതഃ
സത്യം ദയാ തപോ ദാനമിതി പാദാ വിഭോർനൃപ. 18
സന്തുഷ്ടാഃ കരുണാ മൈത്രാഃ ശാന്താ ദാന്താസ്തിതിക്ഷവഃ
ആത്മാരാമാഃ സമദൃശഃ പ്രായശഃ ശ്രമണാ ജനാഃ. 19
ത്രേതായാം ധർമ്മപാദാനാം തുര്യാംശോ ഹീയതേ ശനൈഃ
അധർമ്മപാദൈരനൃതഹിംസാസന്തോഷവിഗ്രഹൈഃ. 20
തദാ ക്രിയാതപോനിഷ്ഠാ നാതിഹിംസ്രാ ന ലമ്പടാഃ
ത്രൈവർഗ്ഗികാസ്ത്രയീവൃദ്ധാ വർണ്ണാ ബ്രഹ്മോത്തരാ, നൃപ. 21
തപഃസത്യദയാദാനേഷ്വർദ്ധം ഹ്രസതി ദ്വാപരേ
ഹിംസാതുഷ്ട്യനൃതദ്വേഷൈർദ്ധർമ്മസ്യാധർമ്മലക്ഷണൈഃ. 22
യശസ്വിനോ മഹാശീലാഃ സ്വാധ്യായാധ്യയനേ രതാഃ
ആഢ്യാഃ കുടുംബിനോ ഹൃഷ്ടാ വർണ്ണാഃ ക്ഷത്രദ്വിജോത്തരാഃ. 23
കലൌ തു ധർമ്മഹേതൂനാം തുര്യാംശോഽധർമ്മഹേതുഭിഃ
ഏധമാനൈഃ ക്ഷീയമാണോ ഹ്യന്തേ സോഽപി
വിനങ്ക്ഷ്യതി. 24
തസ്മിംല്ലുബ്ധാ ദുരാചാരാ നിർദ്ദയാഃ ശുഷ്കവൈരിണഃ
ദുർഭഗാ ഭൂരിതർഷാശ്ച ശൂദ്രദാശോത്തരാഃ പ്രജാഃ. 25
സത്ത്വം രജസ്തമ ഇതി ദൃശ്യന്തേ പുരുഷേ ഗുണാഃ
കാലസഞ്ചോദിതാസ്തേ വൈ പരിവർത്തന്ത ആത്മനി. 26
പ്രഭവന്തി യദാ സത്ത്വേ മനോബുദ്ധീന്ദ്രിയാണി ച
തദാ കൃതയുഗം വിദ്യാത് ജ്ഞാനേ തപസി യദ്രുചിഃ. 27
യദാ ധർമ്മാർത്ഥകാമേഷു ഭക്തിർഭവതി ദേഹിനാം
തദാ ത്രേതാ രജോവൃത്തിരിതി ജാനീഹി, ബുദ്ധിമൻ. 28
യദാ ലോഭസ്ത്വസന്തോഷോ മാനോ ദംഭോഽഥ മത്സരഃ
കർമ്മണാം ചാപി കാമ്യാനാം ദ്വാപരം തദ്രജസ്തമഃ. 29
യദാ മായാനൃതം തന്ദ്രാ നിദ്രാ ഹിംസാ വിഷാദനം
ശോകോ മോഹോ ഭയം ദൈന്യം സ കലിസ്താമസഃ സ്മൃതഃ. 30
യസ്മാത് ക്ഷുദ്രദൃശോ മർത്ത്യാഃ ക്ഷുദ്രഭാഗ്യാ മഹാശനാഃ
കാമിനോ വിത്തഹീനാശ്ച സ്വൈരിണ്യശ്ച
സ്ത്രിയോഽസതീഃ. 31
ദസ്യൂത്കൃഷ്ടാ ജനപദാ വേദാഃ പാഖണ്ഡദൂഷിതാഃ
രാജാനശ്ച പ്രജാഭക്ഷാഃ ശിശ്നോദരപരാ ദ്വിജാഃ. 32
അവ്രതാ വടവോഽശൗചാ ഭിക്ഷവശ്ച കുടുംബിനഃ
തപസ്വിനോ ഗ്രാമവാസാ ന്യാസിനോഽത്യർത്ഥലോലുപാഃ. 33
ഹ്രസ്വകായാ മഹാഹാരാ ഭൂര്യപത്യാ ഗതഹ്രിയഃ
ശശ്വത്കടുകഭാഷിണ്യശ്ചൗര്യമായോരുസാഹസാഃ. 34
പണയിഷ്യന്തി വൈ ക്ഷുദ്രാഃ കിരാടാഃ കൂടകാരിണഃ
അനാപദ്യപി മംസ്യന്തേ വാർത്താം സാധുജുഗുപ്സിതാം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എല്ലാത്തരമശുഭങ്ങളും പോക്കിടും
മല്ലാരിതൻ ഗുണവൃത്തം സുജനങ്ങൾ
പാടുന്നു നിത്യം ഹരിഭക്തിയിലാശ
കൂടുവോനെന്നുമതുതന്നെ കേൾക്കണം. 15

രാജാവു പറഞ്ഞു

ഇക്കലികാലത്തയേ ഭഗവൻ! ജന-
മുത്കടമാം കലിബാധയകററുവാൻ
എന്തൊരുപായമാണാചരിക്കേണ്ടതെ-
ന്നന്തരമെന്യേയരുൾചെയ്തിടേണമേ. 16
സർവ്വം നിയന്ത്രിച്ചിടും കാലരൂപനായ്
സർവ്വേശ്വരനാം ഹരിതൻ ഗതിയെയും
കല്പപ്രളയമാനങ്ങൾ യുഗങ്ങളും
കല്പിക്കണം യുഗധർമ്മങ്ങളും ഭവാൻ. 17

ശ്രീശുകൻ പറഞ്ഞു

സത്യം കരുണ തപോവൃത്തി, ദാനമെ-
ന്നിത്തരം നാലു പാദങ്ങളുമൊത്തുതാൻ
ധർമ്മം കൃതയുഗത്തിൽ പ്രവർത്തിച്ചിടും
നന്മട്ടതന്നു നിലനിറുത്തും ജനം. 18
സന്തുഷ്ടരും കൃപാലുക്കളും മൈത്രരും
ശാന്തരാത്മാരാമരായവർ ദാന്തരും
തുല്യദൃക്കും സഹിച്ചീടും സ്വഭാവവു-
മുള്ളവരും ശ്രമിപ്പോരുമാം മിക്കതും. 19
ത്രേതയിൽ ധർമ്മപാദങ്ങളിൽ നാലൊന്നു
ഭൂതലത്തിൽ മെല്ലെമെല്ലെക്കുറഞ്ഞിടും
കള്ള,മസന്തുഷ്ടി, വിഗ്രഹം, ഹിംസയെ-
ന്നുള്ളോരധർമ്മപാദങ്ങൾ കടന്നിടും. 20
അപ്പോൾ ജനങ്ങൾ ക്രിയാതപോനിഷ്ഠരു-
മല്പേതരഹിംസ ചെയ്യാത്തവരുമാം
ത്രൈവർഗ്ഗികരുമലമ്പടരും ത്രയീ-
പ്രാവീണ്യരും ഭൂരിപക്ഷദ്വിജരുമാം. 21
സത്യതപോദയാദാനങ്ങളാം ധർമ്മ-
പത്തുകൾ പാതി പോം ദ്വാപരയിൽത്തദാ
കള്ളമസന്തുഷ്ടി ഹിംസ വിദ്വേഷമെ-
ന്നുള്ളോരധർമ്മപാദങ്ങൾ കടന്നിടും. 22
ആഢ്യരായാഗമാഭ്യാസനിഷ്ണാതരായ്
ഹൃഷ്ടരായ് ക്ഷത്രദ്വിജോത്തരവർണ്ണരായ്
കീർത്തിമാന്മാരായ് സുശീലരായിക്കുടും-
ബസ്ഥരുമായിബ്ഭവിച്ചിടും മാനുഷർ. 23
എന്നാൽ കലിയിലോ ധർമ്മപാദങ്ങളി-
ലൊന്നുമാത്രമവശേഷിച്ചിടും നൃപാ!
അന്ത്യമതും വർദ്ധിതാധർമ്മഹേതുക്കൾ-
കൊണ്ടു കുറഞ്ഞുകുറഞ്ഞു നശിച്ചുപോം. 24

ലുബ്ധരും നിർദ്ദയരും ദുരാചാരരു-
മത്യാഗ്രഹികളും ദുർഭഗരും പരം
ശുഷ്കഹേതുക്കളാൽ വൈരാനുബദ്ധരും
മുക്കുവമുഖ്യരും ശൂദ്രരുമാം ജനം. 25
സത്ത്വം രജസ്സു തമസ്സിഗ്ഗുണത്രയം
മർത്ത്യനിൽ കാണപ്പെടുന്നു, കാലത്തിനാൽ
പ്രേരിതമായ്ത്തന്മനസ്സിലിതു യുഗം-
തോറും പരിവർത്തനംചെയ്തിടുന്നിതേ. 26
സത്ത്വഗുണത്തിലാ ബുദ്ധീന്ദ്രിയങ്ങളും
ചിത്തവുമെപ്പോൾ പരം പ്രകാശിച്ചിടും
എപ്പൊഴാം ജ്ഞാനതപോരുചിയുണ്ടാവ-
തപ്പോൾ കൃതയുഗമെന്നു ധരിക്കണം. 27
എപ്പൊഴാ ധർമ്മാർത്ഥകാമങ്ങളിൽപ്പരം
തത്പരരാകുന്നു ദേഹികളാകവേ
അപ്പോൾ രജോവൃത്തിയുക്തയാം ത്രേതയെ-
ന്നുൾപ്പൂവിൽ നേരേ ധരിക്ക മഹീപതേ! 28
മാന,മസന്തുഷ്ടി, ലോഭദംഭങ്ങള-
ന്യൂനമായ്ക്കാമ്യകർമ്മങ്ങളിൽ ശ്രദ്ധയും
ദർശിപ്പതെക്കാലമന്നു രജസ്തമോ-
മിശ്രമാകും ദ്വാപരയുഗമാണു കേൾ. 29
അത്ത,ലനൃത,മാലസ്യം, പൊളിചൊല്ലു
നിദ്ര, മോഹം, ഹിംസ, ഭീതി, വിഷാദവും
ദൈന്യവും ലോകത്തു സുവ്യക്തമാവതെ-
ന്നന്നു തമഃപ്രധാനം കലികാലമാം. 30
മാനവരന്നാളിൽ നിർദ്ധനരും ഭാഗ്യ-
ഹീനരും ക്ഷുദ്രദൃക്കാന്നവരും പരം
ഭൂരിഭോക്താക്കളും കാമികളും സ്ത്രീകൾ
ജാരരെത്തേടുന്ന പുംശ്ചലിമാരുമാം. 31
നാട്ടിലെല്ലാം ചോരർ മുഖ്യരാ,മാഗമ-
മൊട്ടുക്കു പാഷണ്ഡദൂഷിതമായിടും
ഭൂസുരർ ശിശ്നോദരാസക്തരാം ധരാ-
വാസവരെല്ലാം പ്രജാഭക്ഷരായിടും. 32
ശൗചവിഹീനരായവ്രതരാം വടു-
രാശി, കുടുംബികൾ തെണ്ടിനടന്നിടും
താപസന്മാർ ഗ്രാമവാസികളാ,മർത്ഥ-
ലാഭവിലോലരാം സന്ന്യാസിമാരുമേ. 33
ഹ്രസ്വാങ്ഗരായ് മഹാഭക്ഷകരായ് ലജ്ജ
നിശ്ശേഷമററവരായ്ബ്ബഹുപുത്രരായ്
അപ്രിയം ചൊല്ലുവോരായ് ചൗര്യസാഹസ-
നിർഭരമായായുതരാം വധൂടികൾ
നീചരായിക്കൂടകർമ്മികളായ് വണി-
ഗ്രാശി നടത്തും ക്രയവിക്രയങ്ങളെ
നിന്ദിതവൃത്തിയനാപത്തിലും സാധു-
വെന്നുതാനെന്നും കലികാലമാനുഷർ. 34-35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിം ത്യക്ഷ്യന്തി നിർദ്രവ്യം ഭൃത്യാ അപ്യഖിലോത്തമം
ഭൃത്യം വിപന്നം പതയഃ കൗലം ഗാശ്ചാപയസ്വിനീഃ. 36
പിതൃഭ്രാതൃസുഹൃജ്ജ്ഞാതീൻ ഹിത്വാ സൗരതസൗഹൃദാഃ
നനാന്ദൃസ്യാലസംവാദാ ദീനാഃ സ്ത്രൈണാഃ കലൗ നരാഃ. 37
ശൂദ്രാഃ പ്രതിഗ്രഹീഷ്യന്തി തപോവേഷോപജീവിനഃ
ധർമ്മം വക്ഷ്യന്ത്യധർമ്മജ്ഞാ അധിരുഹ്യോത്തമാസനം. 38
നിത്യമുദ്വിഗ്നമനസോ ദുർഭിക്ഷകരകർശിതാഃ
നിരന്നേ ഭൂതലേ രാജന്നനാവൃഷ്ടിഭയാതുരാഃ. 39
വാസോഽന്നപാനശയനവ്യവായസ്നാനഭൂഷണൈഃ
ഹീനാഃ പിശാചസന്ദർശാ ഭവിഷ്യന്തി കലൗ പ്രജാഃ. 40
കലൗ കാകിണികേഽപ്യർത്ഥേ വിഗൃഹ്യ ത്യക്തസൗഹൃദാഃ
ത്യക്ഷ്യന്തി ച പ്രിയാൻ പ്രാണാൻ ഹനിഷ്യന്തി സ്വകാനപി.
ന രക്ഷിഷ്യന്തി മനുജാഃ സ്ഥവിരൗ പിതരാവപി [41
പുത്രാൻ സർവ്വാർത്ഥകുശലാൻ ക്ഷുദ്രാഃ ശിശ്നോദരംഭരാഃ. 42

കലൗ ന രാജൻ ജഗതാം പരം ഗുരും
ത്രിലോകനാഥാനതപാദപങ്കജം
പ്രായേണ മർത്ത്യാ ഭഗവന്തമച്യുതം
യക്ഷ്യന്തി പാഖണ്ഡവിഭിന്നചേതസഃ. 43
യന്നാമധേയം മ്രിയമാണ ആതുരഃ
പതൻ സ്ഖലൻ വാ വിവശോ ഗൃണൻ പുമാൻ
വിമുക്തകർമ്മാർഗ്ഗള ഉത്തമാം ഗതിം
പ്രാപ്നോതി യക്ഷ്യന്തി ന തം കലൗ ജനാഃ. 44

പുംസാം കലികൃതാൻ ദോഷാൻ ദ്രവ്യദേശാത്മസംഭവാൻ
സർവ്വാൻ ഹരതി ചിത്തസ്ഥോ ഭഗവാൻ പുരുഷോത്തമഃ. 45
ശ്രുതഃ സങ്കീർത്തിതോ ധ്യാതഃ പൂജിതശ്ചാദൃതോഽപി വാ
നൃണാം ധുനോതി ഭഗവാൻ ഹൃത്സ്ഥോ ജന്മായുതാശുഭം. 46
യഥാ ഹേമ്നി സ്ഥിതോ വഹ്നിർദുർവ്വർണ്ണം ഹന്തി ധാതുജം
ഏവമാത്മഗതോ വിഷ്ണുര്യോഗിനാമശുഭാശയം. 47

വിദ്യാതപഃപ്രാണനിരോധമൈത്രീ-
തീർത്ഥാഭിഷേകവ്രതദാനജപ്യൈഃ
നാത്യന്തശുദ്ധിം ലഭതേഽന്തരാത്മാ
യഥാ ഹൃദിസ്ഥേ ഭഗവത്യനന്തേ. 48

തസ്മാത് സർവ്വാത്മനാ, രാജൻ, ഹൃദിസ്ഥം കുരു കേശവം
മ്രിയമാണോ ഹ്യവഹിതസ്തതോ യാസി പരാം ഗതിം. 49
മ്രിയമാണൈരഭിധ്യേയോ ഭഗവാൻ പരമേശ്വരഃ
ആത്മഭാവം നയത്യങ്ഗ സർവ്വാത്മാ സർവ്വസംശ്രയഃ. 50
കലേർദോഷനിധേ രാജന്നസ്തി ഹ്യേകോ മഹാൻ ഗുണഃ
കീർത്തനാദേവ കൃഷ്ണസ്യ മുക്തസങ്ഗഃ പരം വ്രജേത്. 51
കൃതേ യദ്ധ്യായതോ വിഷ്ണും ത്രേതായാം യജതോ മഖൈഃ
ദ്വാപരേ പരിചര്യായാം കലൗ തദ്ധരികീർത്തനാത്. 52

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
തൃതീയോഽധ്യായഃ

ചതുർത്ഥോഽധ്യായഃ

ശ്രീശുക ഉവാച
കാലസ്തേ പരമാണ്വാദിർദ്വിപരാർദ്ധാവധിർനൃപ!
കഥിതോ യുഗമാനം ച ശൃണു കല്പലയാവപി. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സര്വോത്തമനെന്നിരിക്കിലും സ്വാമിയെ
നിര്വിത്തനായിബ്ഭവിക്കിൽ സ്വഭൃത്യനും

ഉന്നതവംശജനെന്നിരുന്നാലും വി–
പന്നനാകും ഭൃത്യനെ യജമാനനും

ക്ഷീരവിഹീനയായീടിന ഗോവിനെ–
പ്പാരാതുടനസ്ഥനും സന്ത്യജിച്ചിടും. 36

അച്ഛൻ, സഹജൻ, സഖൻ, ജ്ഞാതിതന്നെയും
പച്ഛിച്ചു തള്ളി രതിസുഖേച്ഛുക്കളായ്

നാരീവശഗരായ്ബ്ഭാര്യാസഹജാത–
മാരോടിടപെട്ടു കഷ്ടത്തിലാം നരർ. 37

സന്ന്യാസിവേഷം ധരിച്ചു ശൂദ്രാന്വയ–
മെന്നും പ്രതിഗ്രഹം വാങ്ങി നടന്നിടും

ലേശവും ധര്മ്മമറിയാത്തവനുത്ത–
മാസനമേറി പ്രസംഗം തുടങ്ങിടും. 38

ക്ഷോണി നിര്ന്നയായ്ത്തീരവേയുദ്വിഗ്ന–
മാനസരായനാവൃഷ്ടിസംഭീതരായ്

ക്ഷാമവും ഭൂപതിഭോഗവും മൂലമായ്
സീമാധികം പീഡപൂണ്ടോരുതമാം ജനം. 39

ഉണ്ണാനുടുപ്പാൻ കിടപ്പാനണിയാനു–
മൊന്നുമില്ലാതെ വിഷയസുഖങ്ങളും

സ്നാനവുമെന്യേ പിശാചുക്കളെപ്പോലെ
മാനുഷവൃന്ദം കലിയിലലഞ്ഞിടും. 40

തുച്ഛപദാര്ത്ഥമാം കാകിണികാരണ–
മുച്ചമാ സൗഹൃദം വിട്ടു കലഹിച്ചു

സ്വപ്രിയപ്രാണൻ ത്യജിപ്പൂ സ്വജനത്തെ–
യെപ്പേരുമാഹന്ത കൊൽവൂ കലിനൃപർ. 41

ക്ഷുദ്രരായ് മൈഥുനസൗഖ്യവും ഭക്ഷണ–
മാധുരിയും മുഖ്യമാക്കീട്ടു മാനുഷർ

വൃദ്ധമാതാപിതാക്കന്മാരെയും സമ–
സ്താര്ത്ഥസമര്ത്ഥാത്മജരെയും പോററിടാ. 42

മന്നവേന്ദ്രാ! കലികാലത്തു പാഖണ്ഡ–
ഭിന്നഹൃദയരായ് പൂരുഷർ മിക്കതും

ലോകോത്തമാചാര്യനായി ത്രിലോകേശ–
രാകെ നമിക്കും പദാബ്ജമിയന്നിടും

അച്യുതനാം ഭഗവാനെയൊരിക്കല്പ–
മച്ചനംചെയ്യുകയെന്നതുണ്ടായിടാ. 43

മൃത്യുവട്ടത്തവൻ രോഗനിപീഡിതൻ
പത്തിടറിപ്പതിപ്പോൻ വിവശൻ പരം

ഇത്തരമുള്ളവരാരുടെ നാമങ്ങൾ
കീര്ത്തിച്ചു കര്മ്മാര്ഗ്ഗളത്തെയറുത്തുടൻ

ഉത്തമമായ പദവിയെ പ്രാപിച്ചി–
തദ്ദേവനെ യജിക്കാ കലിയിൽ ജനം. 44

ദേശപദാര്ത്ഥാത്മജാതം കലികൃത–
ദോഷം മനുഷ്യരിലുള്ളതശേഷവും

ചിത്തസ്ഥിതൻ ഭഗവാൻ പുരുഷോത്തമൻ
സത്വരം സംഹരിച്ചീടുന്നു പാര്ത്ഥിവാ! 45

കേൾക്ക കീര്ത്തിക്ക ചിന്തിക്ക പൂജിക്കുക
ഭക്ത്യാ നമിക്കുകെന്നുള്ള കൃത്യങ്ങളാൽ

മാനസവാസി ഭഗവാൻ രമാപതി
താനേ ഹനിക്കുന്നു ജന്മായുതാശുഭം. 46

സ്വര്ണ്ണസ്ഥനാം വഹ്നി ധാതുജമായ ദുര്–
വര്ണ്ണം ഹനിക്കുന്നതേതുവിധത്തിലോ

ആവിധമാത്മസ്ഥിതനാം മഹാവിഷ്ണു–
ദേവൻ ഹനിപ്പു യോഗീശാശുഭാശയം. 47

വിദ്യ, തപം, പ്രാണരോധവും മൈത്രിയും
തീര്ത്ഥാഭിഷേകവും ദാനവും മന്ത്രവും

അന്തഃകരണം പരം ശുദ്ധമാക്കുകി–
ല്ലന്തഃസ്ഥനാമഖണ്ഡൻ ഹരിയെന്നപോൽ. 48

എന്നതിനാൽ മുതിയുണ്ടെന്നതെപ്പോഴും
നന്നായ് നിനച്ചു സര്വ്വാത്മഭാവത്തൊടും

ഹൃത്തിലുറപ്പിക്ക വിഷ്ണുവിനേയതു
സിദ്ധമാക്കീടും പരമമാകും പദം. 49

സര്വ്വാശ്രയനായ് ജഗത്തിനാത്മാവുമായ്
സര്വ്വദാ മൃത്യുവട്ടത്ത ജനങ്ങളാൽ

സേവനയോഗ്യനാമപ്പരമേശ്വരൻ
കൈവരുത്തും സ്വരൂപപ്രാപ്തി നിര്ണ്ണയം. 50

ദോഷനിധിയാം കലിക്കുണ്ടൊരു ഗുണ–
മീശനാം കൃഷ്ണൻെറ കീര്ത്തനമൊന്നിനാൽ

സങ്ഗവിമുക്തരായിപ്പരമാത്മാവി–
ലങ്ങു ലയിച്ചിടാമക്കാലമൂഴിപാ! 51

ആദിയുഗമതിൽ ധ്യാനത്തിനാലുമ–
ത്രേതയിലദ്ധ്വരത്താലുമനന്തരം

ദ്വാപരയിൽ പൂജയാലുമുണ്ടാം ഫലം
പ്രാപിച്ചിടും കലിയിൽ കീര്ത്തനത്തിനാൽ. 52

അദ്ധ്യായം 4

കല്പലയസ്വരൂപവിവരണം

ശ്രീശുകൻ പറഞ്ഞു

പൃഥ്വീശ്വരാ! പരമാണുമുതൽ ദ്വിപ–
രാര്ദ്ധാന്തമാം കാലവും യുഗമാനവും

വിസ്തരിച്ചേനിനിക്കല്പലയസ്വരൂ–
പത്തെയും ചൊല്ലുവൻ ശ്രദ്ധിച്ചു കേൾക്കുക. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുര്യുഗസഹസ്രം ച ബ്രഹ്മണോ ദിനമുച്യതേ
സ കല്പോ യത്ര മനവശ്ചതുർദശ വിശാംപതേ! 2
തദന്തേ പ്രളയസ്താവാൻ ബ്രാഹ്മീ രാത്രിരുദാഹൃതാ
ത്രയോ ലോകാ ഇമേ തത്ര കല്പന്തേ പ്രളയായ ഹി. 3
ഏഷ നൈമിത്തികഃ പ്രോക്തഃ പ്രലയോ യത്ര വിശ്വസൃക്
ശേതേഽനന്താസനോ വിശ്വമാത്മസാത്കൃത്യ ചാത്മഭൂഃ. 4
ദ്വിപരാർദ്ധേ ത്വതിക്രാന്തേ ബ്രഹ്മണഃ പരമേഷ്ഠിനഃ
തദാ പ്രകൃതയഃ സപ്ത കല്പന്തേ പ്രളയായ വൈ. 5
ഏഷ പ്രാകൃതികോ, രാജൻ, പ്രളയോ യത്ര ലീയതേ
ആണ്ഡകോശസ്തു സങ്ഘാതോ വിഘാത ഉപസാദിതേ. 6
പർജ്ജന്യഃ ശതവർഷാണി ഭൂമൗ രാജൻ ന വർഷതി
തദാ നിരന്നേ ഹ്യന്യോന്യം ഭക്ഷമാണാഃ ക്ഷുധാർദ്ദിതാഃ. 7
ക്ഷയം യാസ്യന്തി ശനകൈഃ കാലേനോപദ്രുതാഃ പ്രജാഃ
സാമുദ്രം ദൈഹികം ഭൗമം രസം സാംവർത്തകോ രവിഃ
രശ്മിഭിഃ പിബതേ ഘോരൈഃ സർവ്വം നൈവ വിമുഞ്ചതി. 8
തതഃ സംവർത്തകോ വഹ്നിഃ സങ്കർഷണമുഖോത്ഥിതഃ
ദഹത്യനിലവേഗോത്ഥഃ ശൂന്യാൻ ഭൂവിവരാനഥ 9
ഉപര്യധഃ സമന്താച്ച ശിഖാഭിർവ്വഹ്നിസൂര്യയോഃ
ദഹ്യമാനം വിഭാത്യണ്ഡം ദഗ്ധഗോമയപിണ്ഡവത് 10
തതഃ പ്രചണ്ഡപവനോ വർഷാണാമധികം ശതം
പരഃ സാംവർത്തകോ വാതി ധൂമ്രം ഖം രജസാഽഽവൃതം. 11
തതോ മേഘകുലാന്യങ്ഗ ചിത്രവർണ്ണാന്യനേകശഃ
ശതം വർഷാണി വർഷന്തി നദന്തി രഭസസ്വനൈഃ. 12
തത ഏകോദകം വിശ്വം ബ്രഹ്മാണ്ഡവിവരാന്തരം
തദാ ഭൂമേർഗ്ഗന്ധഗുണം ഗ്രസന്ത്യാപ ഉദപ്ലവേ. 13
ഗ്രസ്തഗന്ധാ തു പൃഥിവീ പ്രളയത്വായ കല്പതേ
അപാം രസമഥോ തേജസ്താ ലീയന്തേഽഥ നീരസാഃ. 14
ഗ്രസതേ തേജസോ രൂപം വായുസ്തദ്രഹിതം തദാ
ലീയതേ ചാനിലേ തേജോ വായോഃ ഖം ഗ്രസതേ ഗുണം. 15
സ വൈ വിശതി ഖം രാജംസ്തതശ്ച നഭസോ ഗുണം
ശബ്ദം ഗ്രസതി ഭൂതാദിർന്നഭസ്തമനുലീയതേ
തൈജസശ്ചേന്ദ്രിയാണ്യങ്ഗ ദേവാൻ വൈകാരികോ
ഗുണൈഃ. 16
മഹാൻ ഗ്രസത്യഹങ്കാരം ഗുണാഃ സത്ത്വാദയശ്ച തം
ഗ്രസതേഽവ്യാകൃതം, രാജൻ, ഗുണാൻ കാലേന ചോദിതം. 17
ന തസ്യ കാലാവയവൈഃ പരിണാമാദയോ ഗുണാഃ
അനാദ്യനന്തമവ്യക്തം നിത്യം കാരണമവ്യയം. 18

ന യത്ര വാചോ ന മനോ ന സത്ത്വം
തമോ രജോ വാ മഹദാദയോഽമീ
ന പ്രാണബുദ്ധീന്ദ്രിയദേവതാ വാ
ന സന്നിവേശഃ ഖലു ലോകകല്പഃ. 19
സ സ്വപ്നജാഗ്രന്ന ച തത് സുഷുപ്തം
ന ഖം ജലം ഭൂരനിലോഽഗ്നിരർക്കഃ
സംസുപ്തവച്ഛൂന്യവദപ്രതർക്ക്യം
തന്മൂലഭൂതം പദമാമനന്തി. 20

ലയഃ പ്രാകൃതികോ ഹ്യേഷ പുരുഷാവ്യക്തയോര്യദാ
ശക്തയഃ സംപ്രലീയന്തേ വിവശാഃ കാലവിദ്രുതാഃ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷോണീപതേ! വിധാതാവിന്നൊരു പക-
ലാണു ചതുര്യുഗമായിരമായതു
കേളതത്രേയൊരു കല്പ,മതിൽപ്പതി-
ന്നാലു മനുക്കൾതൻ കാലം കഴിഞ്ഞിടും. 2
കല്പകാലം കഴിഞ്ഞാൽപ്പിന്നെയായതോ-
ടൊപ്പമായീടിന കാലം പ്രളയമാം
നാലാനനന്നതു രാത്രിയാം, മുപ്പാരു-
മാലയിക്കും പ്രളയത്തിലന്നാൾ നൃപാ! 3
ഇപ്രളയത്തിനെ നൈമിത്തികമെന്നു
കല്പിച്ചിടുന്നിതു; നാരായണനതിൽ
മുപ്പാരുമുള്ളിലാക്കിശ്ശയിപ്പൂ ശേഷ-
തല്പത്തി,ലാത്മഭൂ, താനും കിടന്നിടും. 4
ഇത്ഥമജന്റെയായുഷ്കാലമാം ദ്വിപ-
രാർദ്ധം കഴിഞ്ഞാൽ മഹാപ്രളയംവരും.
അപ്പോൾ വിലയം ഗമിച്ചീടുമായതിൽ
സപ്തപ്രകൃതികളും ധരണീശ്വരാ!
നാശഹേതുക്കളെടുത്തണഞ്ഞീടുമാ
രാശിയിൽ കാരണകാര്യസ്വരൂപമാം
ബ്രഹ്മാണ്ഡമേതിൽ വിലയിക്കുമായതു
സന്മതേ! പ്രാകൃതികാഖ്യപ്രളയമാം. 6
നൂറുവർഷം മഴപെയ്യാതെ മന്നിലാ-
ഹാരപദാർത്ഥങ്ങളൊന്നുമില്ലാതെയായ്
രൂക്ഷമാം ക്ഷുത്തിനാലക്കാലമാർത്തരായ്
ഭക്ഷിച്ചിടും ജനരാശി പരസ്പരം. 7
കാലപരിപീഡിതരായ് ജനം ക്ഷയ-
മാളും, പ്രളയാർക്കനുഗ്രകരങ്ങളാൽ
ശാരീരികം ഭൗമസാമുദ്രികം രസം
നേരേ വലിച്ചെടുക്കും, വിമോചിച്ചിടാ. 8
ആദിശേഷാസ്യോത്ഥിതമായനന്തരം
വാതവേഗത്തിനാലുജ്ജ്വലത്തായിടും
സാംവർത്തകാനലൻ, ശൂന്യങ്ങളാകുമ-
ബ്ഭ്രവിവരങ്ങൾ ദഹിപ്പിച്ചിടും നൃപാ! 9
മേലിലും കീഴിലും ചുററുമക്കാനല-
ജ്വാലകളേല്ക്കയാൽ ബ്രഹ്മാണ്ഡമാകവേ
നന്നായി വെന്തുടൻ ദഗ്ദ്ധമാം ചാണക-
പിണ്ഡത്തിനുതുല്യമായി വിളങ്ങിടും. 10
പിന്നെശ്ശതാധികം വർഷം പ്രളയപ്ര-
ചണ്ഡസമീരനടിച്ചിടും ശക്തിയായ്
നന്മട്ടു ധൂളിയാലാവൃതമാകുവോ-
രംബരവും ധൂമ്രവർണ്ണമിയന്നിടും. 11
എണ്ണമെന്യേ വാരിവാഹവൃന്ദം പല
വർണ്ണമിയന്നഥ നൂറുസംവത്സരം
ധാരയായ് വർഷിക്കുമുഗ്രശബ്ദത്തോടും
ഘോരമായ് ഗർജ്ജിക്കയും ചെയ്തിടും നൃപാ! 12
പിന്നെയണ്ഡാന്തർഗ്ഗതമായിടും ജഗ-
ത്തണ്ണീരിൽ മുങ്ങിയേകോദകമായിടും
അപ്പോൾ ധരണിതൻ ഗന്ധമാകും ഗുണ-
മപ്പാടു നീരമാകർഷിച്ചെടുത്തിടും. 13
നിർഗ്ഗന്ധഭൂമി ലയിച്ചിടുമംബുവിൽ
ശീഘ്രം ജലരസമഗ്നി ഗ്രസിച്ചിടും
നീരസമാകും സലിലം ലയിച്ചുടൻ
ചേരുന്നു വഹ്നിയിലെന്നറിഞ്ഞീടുക. 14
വഹ്നിതൻ രൂപം ഗ്രസിക്കുന്ന വായുവി-
ലന്നേരമഗ്നിയും താനേ ലയിച്ചിടും.
വായുഗുണം ഗ്രസിക്കുന്നു നഭസ്സുടൻ
വായുവാകാശത്തിലാലയിക്കുന്നിതേ. 15
താമസാഹംകൃതി പിന്നെ ഗ്രസിച്ചിടും
വ്യോമത്തിനുള്ളതാം ശബ്ദഗുണം നൃപാ!
ആകയാലായതിലാലയിച്ചീടുന്നി-
താകാശവും, പിന്നെ രാജസാഹംകൃതി
വൃത്തിയൊത്തിന്ദ്രിയൗഘത്തെ ഗ്രസിക്കുന്നു
സാത്ത്വികാഹംകൃതി ദേവഗണത്തെയും. 16
പിന്നെ മഹാ,നഹംതത്ത്വത്തിനെ, ഗ്രസി-
ക്കുന്നു സത്ത്വാദിഗുണങ്ങൾ മഹാനെയും
സത്ത്വാദിയെയഥ കാലപ്രചോദന-
മൊത്തുടനേ പ്രധാനം ഗ്രസിക്കുന്നിതേ. 17
കാലാദ്യംഗകങ്ങൾനിമിത്തം പരിണാമ-
മേലുന്നതില്ലാ പ്രധാനമൊരിക്കലും
അവ്യക്തവുമനാദ്യന്തവും നിത്യവു-
മവ്യയവും ഹേതുവുമാണതുർവ്വീപാ! 18
ഏതിൽ പ്രവേശിച്ചിടുന്നില്ല വാക്കുക-
ളേതൊന്നുമില്ല സത്ത്വാദിയും ചിത്തവും
ഈ മഹദാദിയും പ്രാണബുദ്ധീന്ദ്രിയ-
സ്തോമവുമി,ല്ലില്ല ദേവതാവൃന്ദവും
ലോകത്തു നമ്മൾ കണ്ടീടും വിധമിതി-
ന്നാകൃതിവൈശിഷ്ട്യവുമില്ല മന്നവാ! 19
സ്വപ്നവും ജാഗ്രത്തുമില്ല സുഷുപ്തിയു-
മപ്പനിലൻ ഭൂമിയഗ്നിയാകാശവും,
ശൂന്യവും സുപ്തിയുംപോലിതനൂഹ്യമായ്
മിന്നുന്നു സർവ്വത്തിനും മൂലഭൂതമായ്. 20
എക്കാലമോ പുരുഷാവ്യക്തശക്തിക-
ളൊക്കെയും കാലവേഗാലവശങ്ങളായ്
സംപ്രലയിച്ചീടു,മപ്പൊഴുതാണുപോൽ
സംഭവിക്കുന്നതും പ്രാകൃതികം ലയം. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധീന്ദ്രിയാർത്ഥരൂപേണ ജ്ഞാനം ഭാതി തദാശ്രയം
ദൃശ്യത്വാവ്യതിരേകാഭ്യാമാദ്യന്തവദവസ്തു യത്. 22
ദീപശ്ചക്ഷുശ്ച രൂപം ച ജ്യോതിഷോ ന പൃഥഗ്ഭവേത്
ഏവം ധീഃ ഖാനി മാത്രാശ്ച ന സ്യുരന്യതമാദൃതാത്. 23
ബുദ്ധേർജ്ജാഗരണം സ്വപ്നഃ സുഷുപ്തിരിതി ചോച്യതേ
മായാമാത്രമിദം, രാജൻ, നാനാത്വം പ്രത്യഗാത്മനി. 24
യഥാ ജലധരാ വ്യോമ്നി ഭവന്തി ന ഭവന്തി ച
ബ്രഹ്മണീദം തഥാ വിശ്വമവയവ്യുദയാപ്യയാത്. 25
സത്യം ഹ്യവയവഃ പ്രോക്തഃ സർവ്വാവയവിനാമിഹ
വിനാർത്ഥേന പ്രതീയേരൻ പടസ്യേവാംഗ തന്തവഃ. 26
യത് സാമാന്യവിശേഷാഭ്യാമുപലഭ്യേത സ ഭ്രമഃ
അന്യോന്യാപാശ്രയാത് സർവ്വമാദ്യന്തവദവസ്തു യത്. 27
വികാരഃ ഖ്യായമാനോഽപി പ്രത്യഗാത്മാനമന്തരാ
ന നിരൂപ്യോഽസ്ത്യണുരപി സ്യാച്ചേച്ചിത്സമ ആത്മവത്. 28
ന ഹി സത്യസ്യ നാനാത്വമവിദ്വാൻ യദി മന്യതേ
നാനാത്വം ഛിദ്രയോര്യദ്വജ്ജ്യോതിഷോർവ്വാതയോരിവ. 29

യഥാ ഹിരണ്യം ബഹുധാ സമീയതേ
നൃഭിഃ ക്രിയാഭിർവ്യവഹാരവർത്മസു
ഏവം വചോഭിർഭഗവാനധോക്ഷജോ
വ്യാഖ്യായതേ ലൗകികവൈദികൈർജ്ജനൈഃ. 30
യഥാ ഘനോഽർക്കപ്രഭവോഽർക്കദർശിതോ
ഹ്യർക്കാംശഭൂതസ്യ ച ചക്ഷുഷസ്തമഃ
ഏവം ത്വഹം ബ്രഹ്മഗുണസ്തദീക്ഷിതോ
ബ്രഹ്മാംശകസ്യാത്മന ആത്മബന്ധനഃ. 31
ഘനോ യദാർക്കപ്രഭവോ വിദീര്യതേ
ചക്ഷുഃ സ്വരൂപം രവിമീക്ഷതേ തദാ
യദാ ഹ്യഹങ്കാര ഉപാധിരാത്മനോ
ജിജ്ഞാസയാ നശ്യതി തർഹ്യനുസ്മരേത്. 32
യദൈവമേതേന വിവേകഹേതിനാ
മായാമയാഹങ്കരണാത്മബന്ധനം
ഛിത്വാച്യുതാത്മാനുഭവോഽവതിഷ്ഠതേ
തമാഹുരാത്യന്തികമംഗ സംപ്ലവം. 33

നിത്യദാ സർവ്വഭൂതാനാം ബ്രഹ്മാദീനാം പരന്തപ!
ഉത്പത്തിപ്രളയാവേകേ സൂക്ഷ്മജ്ഞാഃ സംപ്രചക്ഷതേ. 34
കാലസ്രോതോജവേനാശു ഹ്രിയമാണസ്യ നിത്യദാ
പരിണാമിനാമവസ്ഥാസ്താ ജന്മപ്രളയഹേതവഃ. 35
അനാദ്യന്തവതാനേന കാലേനേശ്വരമൂർത്തിനാ
അവസ്ഥാ നൈവ ദൃശ്യന്തേ വിയതി ജ്യോതിഷാമിവ. 36
നിത്യോ നൈമിത്തികശ്ചൈവ തഥാ പ്രാകൃതികോ ലയഃ
ആത്യന്തികശ്ച കഥിതഃ കാലസ്യ ഗതിരീദൃശീ. 37

ഏതാഃ കുരുശ്രേഷ്ഠ ജഗദ്വിധാതു-
ർന്നാരായണസ്യാഖിലസത്ത്വധാമ്നഃ
ലീലാകഥാസ്തേ കഥിതാഃ സമാസതഃ
കാർത്സ്ന്യേന നാജോഽപ്യഭിധാതുമീശഃ. 38
സംസാരസിന്ധുമതിദുസ്തരമുത്തിതീർഷോ-
ർന്നാന്യഃ പ്ലവോ ഭഗവതഃ പുരുഷോത്തമസ്യ
ലീലാകഥാരസനിഷേവണമന്തരേണ
പുംസോ ഭവേദ്വിവിധദുഃഖദവാർദ്ദിതസ്യ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധീന്ദ്രിയാത്മരൂപത്തിൽ തദാശ്രയ-
വസ്തുവായ് ജ്ഞാനം പ്രശോഭിച്ചിടുന്നിതേ.

അന്തവുമാദിയുമാന്റു കാണുന്നതായ്
സന്തതം ജ്ഞാനത്തെ വിട്ടിരിക്കാത്തതാം

യാതൊന്നുമേ സത്യമായുള്ളതല്ലെന്നു
ചേതസ്സിൽ നന്നായുറപ്പിച്ചുകൊള്ളുക. 22

ഭൂധവാ! ദീപവും നേത്രവും രൂപവും
ജ്യോതിസ്സിൽനിന്നു വേറിട്ടിരിക്കാത്തപോൽ

ബുദ്ധിയുമിന്ദ്രിയശബ്ദാദിയുമന്യ-
വസ്തുവാം സത്യത്തിൽനിന്നഭിന്നങ്ങളാം. 23

ജാഗ്രദവസ്ഥയും സ്വപ്നം സുഷുപ്തിയും
ബുദ്ധിയുടേതെന്നു കീർത്തിച്ചിടുന്നിതു

പ്രത്യഗാത്മാവിലീ നാനാത്വമെന്നതി-
ലർത്ഥമി,ല്ലെല്ലാമവിദ്യയാൽ കല്പിതം. 24

ദ്യോവിൽ മേഘങ്ങളുണ്ടാകയുമില്ലാതെ-
യാവുകയും ചെയ്‌വതെങ്ങനെയോ തഥാ

ചെമ്മേയവയവമാളും ജഗത്തിനെ
ബ്രഹ്മത്തിലാളുകൾ കല്പിച്ചിടുന്നിതേ. 25

കാരണമാകുമവയവി സത്യമാം,
കാര്യമവയവം മിഥ്യയത്രേ നൃപാ!

കാര്യമായീടും വസനമില്ലാതെതാൻ
കാരണമാകുന്ന നൂലിരിക്കുന്നിതേ. 26

സാമാന്യമായും വിശേഷമായും നമ്മൾ
കാണ്മതേതാന്നോ ഭ്രമമാണതു നൃപാ!

അന്യോന്യമാശ്രയിച്ചാദിയുമന്തവു-
മാന്റുള്ളതൊക്കെയവസ്തുവസംശയം. 27

ഇപ്രപഞ്ചം പ്രകാശിക്കിലും ബ്രഹ്മത്തി-
ലുൾപ്പെടാതില്ലിങ്ങണുവും നിനയ്ക്കുകിൽ

ഉണ്ടെങ്കിലായതു ചിത്സദൃശംതന്നെ
കണ്ടുകൊള്ളേണ്ടതാണേകസ്വരൂപമായ്. 28

സത്യത്തിലില്ല നാനാത്വ,മതുള്ളതാ-
യോർത്തിടുന്നുണ്ടവിവേകിയെന്നാലതും

തെന്നൽ, തേജസ്സ്, രന്ധ്രങ്ങളിവററയിൽ
ഭിന്നഭാവം നിരീക്ഷിപ്പതുപോലെതാൻ. 29

നാനാവിഭൂഷകളാക്കിയ പൊന്നിനു
മാനുഷർ ഭിന്നനാമങ്ങളോതുന്നപോൽ

ഗീരുകളാലേയധോക്ഷജനെപ്പല-
പേരിൽ വർണ്ണിക്കുന്നു ലൗകികവൈദികർ. 30

അർക്കജമായിത്തദംശുക്കളാൽ പ്രകാ-
ശിക്കുമക്കൊണ്ടലിനാംശമായീടിന

കണ്ണിനിരുട്ടായ്ബ്ഭവിച്ചിരിക്കുന്നതിൻ-
വണ്ണമാബ്രഹ്മഗുണമായിടുന്നതായ്

ബ്രഹ്മവിദ്യോതിതമാകുമഹംകൃതി
ബ്രഹ്മാംശകാത്മാവിനാവൃതിയായിടും. 31

സൂര്യകരപരിണാമമാകും ഘനം
സൂര്യകരങ്ങളാൽത്തന്നെ പിളക്കവേ

നേത്രം സ്വരൂപമാം മിത്രനെക്കാണുന്ന
മട്ടിലാത്മോപാധിയാകുമഹന്തയെ

ആത്മവിചാരത്തിനാൽ നശിപ്പിക്കുകി-
ലാത്മരൂപം സ്വയം സാക്ഷാൽക്കരിച്ചിടാം. 32

ഈ വിവേകായുധത്താലവിദ്യാകൃതം
സർവ്വമഹങ്കാരബന്ധവും ഛേദിച്ചു

പൂർണ്ണാത്മസാക്ഷാൽക്കൃതിയാന്റിരിക്കുക-
യെന്നതാത്യന്തികസംപ്ലവം കീർത്തിതം. 33

ബ്രഹ്മാദിസർവ്വഭൂതത്തിനും നിത്യവും
ജന്മപ്രളയങ്ങൾ ചൊൽവൂ മനീഷികൾ. 34

കാലവേഗത്താലനുപദം നാശത്തെ-
യാളുന്ന ദേഹാദിതന്നനിത്യസ്ഥിതി

ചെമ്മേ പരിണാമികളുടേതെന്നപോൽ
ജന്മനാശങ്ങളെക്കാണിച്ചിടുന്നിതേ. 35

ആദ്യന്തമററെഴും കാലമാമീശ്വര-
മൂർത്തിയാൽ വന്നിടും മാററത്തെയേതുമേ

ദ്യോവതിൽ ജ്യോതിർഗ്ഗണഗതിയെന്നപോ-
ലുർവ്വീനിവാസികൾ കാണുന്നതില്ലഹോ. 36

നിത്യനൈമിത്തികപ്രാകൃതികങ്ങളു-
മാത്യന്തികവുമായ് വന്നുചേരുന്നതാം

നാലുവിധ പ്രളയത്തെയും നേരിലി-
ക്കാലം ഭവാനോടു ഞാനരുളീടിനേൻ. 37

ലോകരചയിതാവായ് സർവ്വജീവിക-
ളാഗാരമാകും ഹരിയുടെ ലീലകൾ

നന്നെച്ചുരുക്കിക്കഥിച്ചേൻ ഭവാനോടു;
വർണ്ണിച്ചതാർക്കും കഥിക്കാൻ പ്രയാസമാം. 38

നാനാതരദുഃഖദാവാഗ്നിയാൽ ദഹ്യ-
മാനനായ് ദുസ്തരസംസാരവാർദ്ധിയെ

താണ്ടുവാനിച്ഛിച്ചിടും മാനവന്നു വൈ-
കുണ്ഠലീലാചരിതാസവസേവനം

എന്നതൊന്നെന്നിയേയന്യമാം തോണിയി-
മ്മന്നിടംതന്നിലില്ലെന്നു ധരിക്കണം. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാണസംഹിതാമേതാമൃഷിന്നാരായണോഽവ്യയഃ
നാരദായ പുരാ പ്രാഹ കൃഷ്ണദ്വൈപായനായ സഃ. 40
സ വൈ മഹ്യം, മഹാരാജ, ഭഗവാൻ ബാദരായണഃ
ഇമാം ഭാഗവതീം പ്രീതഃ സംഹിതാം വേദസമ്മിതാം. 41
ഏതാം വക്ഷ്യത്യസൗ സൂത ഋഷിഭ്യോ നൈമിഷാലയേ
ദീർഘസത്രേ കുരുശ്രേഷ്ഠ സംപൃഷ്ടഃ ശൗനകാദിഭിഃ. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ചതുർത്ഥോഽധ്യായഃ

പഞ്ചമോഽധ്യായഃ

ശ്രീശുക ഉവാച
അത്രാനുവർണ്ണ്യതേഽഭീക്ഷ്ണം വിശ്വാത്മാ ഭഗവാൻ ഹരിഃ
യസ്യ പ്രസാദജോ ബ്രഹ്മാ രുദ്രഃ ക്രോധസമുദ്ഭവഃ. 1
ത്വം തു, രാജൻ, മരിഷ്യേതി പശുബുദ്ധിമിമാം ജഹി
ന ജാതഃ പ്രാഗഭൂതോഽദ്യ ദേഹവത്ത്വം ന നങ്ക്ഷ്യസി. 2
ന ഭവിഷ്യസി ഭൂത്വാ ത്വം പുത്രപൗത്രാദിരൂപവാൻ
ബീജാങ്കുരവദ്ദേഹാദേർവ്യതിരിക്തോ യഥാനലഃ. 3
സ്വപ്നേ യഥാ ശിരശ്ഛേദം പഞ്ചത്വാദ്യാത്മനഃ സ്വയം
യസ്മാത് പശ്യതി ദേഹസ്യ തത ആത്മാ ഹ്യജോഽമരഃ. 4
ഘടേ ഭിന്നേ യഥാഽഽകാശ ആകാശഃ സ്യാദ്യഥാ പുരാ
ഏവം ദേഹേ മൃതേ ജീവോ ബ്രഹ്മ സമ്പദ്യതേ പുനഃ. 5
മനഃ സൃജതി വൈ ദേഹാൻ ഗുണാൻ കർമ്മാണി ചാത്മനഃ
തന്മനഃ സൃജതേ മായാ തതോ ജീവസ്യ സംസൃതിഃ. 6
സ്നേഹാധിഷ്ഠാനവർത്ത്യഗ്നിസംയോഗോ യാവദീയതേ
തതോ ദീപസ്യ ദീപത്വമേവം ദേഹകൃതോ ഭവഃ
രജഃസത്ത്വതമോവൃത്ത്യാ ജായതേഽഥ വിനശ്യതി. 7
ന തത്രാത്മാ സ്വയംജ്യോതിര്യോ വ്യക്താവ്യക്തയോഃ പരഃ
ആകാശ ഇവ ചാധാരോ ധ്രുവോഽനന്തോപമസ്തതഃ. 8
ഏവമാത്മാനമാത്മസ്ഥമാത്മനൈവാമൃശ, പ്രഭോ!
ബുദ്ധ്യാനുമാനഗർഭിണ്യാ വാസുദേവാനുചിന്തയാ. 9
ചോദിതോ വിപ്രവാക്യേന ന ത്വാം ധക്ഷ്യതി തക്ഷകഃ
മൃത്യവോ നോപധക്ഷ്യന്തി മൃത്യൂനാം മൃത്യുമീശ്വരം. 10
അഹം ബ്രഹ്മ പരം ധാമ ബ്രഹ്മാഹം പരമം പദം
ഏവം സമീക്ഷന്നാത്മാനമാത്മന്യാധായ നിഷ്കളേ. 11
ദശന്തം തക്ഷകം പാദേ ലേലിഹാനം വിഷാനനൈഃ
ന ദ്രക്ഷ്യസി ശരീരം ച വിശ്വം ച പൃഥഗാത്മനഃ. 12
ഏതത്തേ കഥിതം താത യഥാഽഽത്മാ പൃഷ്ടവാൻ, നൃപ,
ഹരേർവിശ്വാത്മനശ്ചേഷ്ടാം കിം ഭൂയഃ ശ്രോതുമിച്ഛസി? 13

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ബ്രഹ്മോപദേശോ നാമ പഞ്ചമോഽധ്യായഃ

ഷഷ്ഠോഽധ്യായഃ

സൂത ഉവാച
ഏതന്നിശമ്യ മുനിനാഭിഹിതം പരീക്ഷി-
ദ്വ്യാസാത്മജേന നിഖിലാത്മദൃശാ സമേന
തത്പാദമൂലമുപസൃത്യ നതേന മൂർദ്ധ്നാ
ബദ്ധാഞ്ജലിസ്തമിദമാഹ സ വിഷ്ണുരാതഃ. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗമതുല്യയായ് പൗരാണികിയായി
ഭാഗവതിയാകുമീ സംഹിത പുരാ

നാരായണമുനി നാരദനോടുമാ-
നാരദൻ ദ്വൈപായനനൊടുമമ്മഹാൻ

പിന്നെപ്പരിതുഷ്ടനായ് പ്രിയപുത്രനാ-
മെന്നൊടും നേരേയരുളിയതാം നൃപാ! 40–41

നൈമിശദീർഘസത്രത്തിലസ്സതനീ
ശ്രീമഹാവിഷ്ണുചരിതത്തെയിന്നിമേൽ

ശൗനകൻതൊട്ട മുനികളാൽ പൃഷ്ടനാ-
യൂനമെന്യേയുപദേശിച്ചിടും നൃപാ! 42

അദ്ധ്യായം 5

പരീക്ഷിത്സാന്ത്വനം

ശ്രീശുകൻ പറഞ്ഞു

ഏതൊരുവൻതൻ പ്രസാദത്തിൽനിന്നജൻ
ജാതനായ് ക്രോധത്തിൽനിന്നങ്ങു രുദ്രനും

വിശ്വസ്വരൂപനാമബ്ഭഗവാൻ ഹരി-
യിച്ചരിതത്തിൽ നിരന്തരം വർണ്ണിതൻ. 1

പൃഥ്വീപതേ! മൃതനാം ഭവാനെന്ന ഗോ-
ബുദ്ധിയുപേക്ഷിക്കുക ദേഹമെന്നപോൽ

അങ്ങു മുൻപില്ലാത്തവനായുടലിപ്പൊ-
ളങ്ഗീകരിച്ചവനല്ല, നശിച്ചിടാ. 2

അങ്ങു ജനിച്ചിട്ടു പുത്രപൗത്രാദ്യരാ-
യിങ്ങു ജനിപ്പീല ബീജാങ്കുരോപമം.

കാഷ്ഠവിഭിന്നനായീടുന്ന വഹ്നിതൻ-
മട്ടു ശരീരവിഭിന്നനെന്നോരുക. 3

സ്വപ്നത്തിലാത്മോത്തമാങ്ഗവിച്ഛേദന-
മെപ്രകാരം കാണുമാവിധംതാൻ നരർ

കാണ്മൂ തനുനാശ,മാത്മനാശത്തെയ,-
ല്ലാത്മാവജനമമരനുമാം നൃപാ! 4

കുംഭമുടഞ്ഞാലതിലെയാകാശവും
മുൻപത്തെമട്ടിലാകാശമാകുന്നപോൽ

ജീവൻ ശരീരനാശത്തിങ്കൽ വീണ്ടുമാ-
കേവലബ്രഹ്മമായ്ത്തന്നെ ഭവിച്ചിടും. 5

ദേഹങ്ങളേയും ഗുണങ്ങളേയും ക്രിയാ-
വ്യൂഹത്തെയും തീർപ്പിതാത്മാവിൽ മായയും

മായ സൃഷ്ടിപ്പൂ മനസ്സിനെ ജീവനു-
ണ്ടായി സംസാരം മനസ്സിൽനിന്നും നൃപ!

എണ്ണയുമതിൻെറയധിഷ്ഠാനമാം തിരി
വഹ്നിയിവയ്ക്കേഴും ബന്ധമെന്നോളവും. 6

നില്ക്കുമതുവരെദ്ദീപവും നിന്നിടു-
മക്കണക്കിൽ ദേഹനിർമ്മിതസംസൃതി.

സത്ത്വരജസ്തമോ വ്യാപാരമൂലമായ്
നിത്യമുണ്ടായി നശിക്കുന്നു പാർത്ഥിവാ! 7

സുസ്ഥിരനായ് സ്ഥൂലസൂക്ഷ്മവിഭിന്നനായ്
നിസ്തുലനായപരിച്ഛേദ്യനായ് സ്വയം

ദ്യോതിപ്പവനായ് നഭസ്സെന്നപോൽ സമ-
സ്താധാരമാകുമാത്മാവിനില്ലാ ക്ഷതി. 8

ഹേ പ്രഭോ! ദേഹാദിസംബന്ധിയായ് നിത്യ-
രൂപനായി സ്ഥിതിചെയ്യുമാത്മാവിനെ

ശ്രീനാഥസന്തതചിന്തനത്തോടനു-
മാനധീയാലേ വിമർശനംചെയ്യുക. 9

വിപ്രവാക്യപ്രേരിതനായ തക്ഷക-
നിപ്പോരം ഭവാനെ നശിപ്പിച്ചിടാ ദൃഢം.

മൃത്യുസമുദയമൃത്യുവാമീശനെ
മൃത്യുഹേതുക്കരം നശിപ്പിപ്പതെങ്ങനെ? 10

ഞാൻ പരംധാമമായീടുമാ ബ്രഹ്മമാം
ഞാൻ പരമോത്കൃഷ്ടമാം ബ്രഹ്മമീവിധം

നിഷ്കളാത്മാവിൽ മനസ്സുങ്ങുറപ്പിച്ചു
നോക്കിയാൽ കാകോളപൂർണ്ണവക്ത്രങ്ങളാൽ

കാലിൽക്കടിക്കുമത്തക്ഷകനാമക-
വ്യാളമോ താവകദേഹമോ ലോകമോ

ഒന്നുമെങ്ങും ഭവാനാത്മാവിൽനിന്നു വി-
ഭിന്നമായ്ക്കാണുകയില്ലതു നിർണ്ണയം. 11–12

അങ്ങു ചോദിച്ചപോൽ ചൊന്നേൻ ജഗന്മയൻ
ശാർങ്ഗിതൻ ലീലകരം, കേരംക്കേണ്ട-
തെന്തിനി? 13

അദ്ധ്യായം 6

പരീക്ഷിത്തിൻെറ മുതി—സർപ്പസത്രം—വേദഭാഗ:

സൂതൻ പറഞ്ഞു

വിശ്വാത്മകനാം ഭഗവാൻ മുകുന്ദനിൽ
ദർശനത്തോടും സമദൃഷ്ടിയായിടും

വ്യാസതനയമഹർഷിവരേണ്യനാൽ
ഭാഷിതമാമിതു വിഷ്ണുസംരക്ഷിതൻ

അപ്പരീക്ഷിന്നരപാലകൻ കേട്ടുടൻ
തത്പദമൂലത്തിൽ വീണു വിനീതനായ്

നന്നായ് നമസ്കരിച്ചഞ്ജലിബദ്ധനായ്-
നിന്നുകൊണ്ടിപ്രകാരം പറഞ്ഞീടിനാൻ: 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജോവാച

സിദ്ധോഽസ്മ്യനുഗൃഹീതോഽസ്മി ഭവതാ കരുണാത്മനാ
ശ്രാവിതോ യച്ച മേ സാക്ഷാദനാദിനിധനോ ഹരിഃ. 2

നാത്യദ്ഭുതമഹം മന്യേ മഹതാമച്യുതാത്മനാം
അജ്ഞേഷു താപതപ്തേഷു ഭൂതേഷു യദനുഗ്രഹഃ. 3

പുരാണസംഹിതാമേതാമശ്രൗഷ്മ ഭവതോ വയം
യസ്യാം ഖലൂത്തമശ്ലോകോ ഭഗവാനനുവർണ്യതേ. 4

ഭഗവംസ്തക്ഷകാദിഭ്യോ മൃത്യുഭ്യോ ന ബിഭേമ്യഹം
പ്രവിഷ്ടോ ബ്രഹ്മ നിർവ്വാണമഭയം ദർശിതം ത്വയാ. 5

അനുജാനീഹി മാം, ബ്രഹ്മൻ, വാചം യച്ഛാമ്യധോക്ഷജേ
മുക്തകാമാശയം ചേതഃ പ്രവേശ്യ വിസൃജാമ്യസൂൻ. 6

അജ്ഞാനം ച നിരസ്തം മേ ജ്ഞാനവിജ്ഞാനനിഷ്ഠയാ
ഭവതാ ദർശിതം ക്ഷേമം പരം ഭഗവതഃ പദം. 7

സൂത ഉവാച

ഇത്യുക്തസ്തമനുജ്ഞാപ്യ ഭഗവാൻ ബാദരായണിഃ
ജഗാമ ഭിക്ഷുഭിഃ സാകം നരദേവേന പൂജിതഃ. 8

പരീക്ഷിദപി രാജർഷിരാത്മന്യാത്മാനമാത്മനാ
സമാധായ പരം ദധ്യാവസ്പന്ദാസുര്യഥാ തരുഃ. 9

പ്രാക്കൂലേ ബർഹിഷ്യാസീനോ ഗംഗാകൂല ഉദങ്മുഖഃ
ബ്രഹ്മഭൂതോ മഹായോഗീ നിഃസംഗഃ ഛിന്നസംശയഃ. 10

തക്ഷകഃ പ്രഹിതോ വിപ്രാഃ ക്രുദ്ധേന ദ്വിജസൂനുനാ
ഹന്തുകാമോ നൃപം ഗച്ഛൻ ദദർശ പഥി കശ്യപം. 11

തം തർപ്പയിത്വാ ദ്രവിണൈർന്നിവർത്ത്യ വിഷഹാരിണം
ദ്വിജരൂപപ്രതിച്ഛന്നഃ കാമരൂപോഽദശന്നൃപം. 12

ബ്രഹ്മഭൂതസ്യ രാജർഷേർദ്ദേഹോഽഹിഗരളാഗ്നിനാ
ബഭൂവ ഭസ്മസാത് സദ്യഃ പശ്യതാം സർവ്വദേഹിനാം. 13

ഹാഹാകാരോ മഹാനാസീദ് ഭുവി ഖേ ദിക്ഷു സർവ്വതഃ
വിസ്മിതാ ഹ്യഭവൻ സർവ്വേ ദേവാസുരനരാദയഃ. 14

ദേവദുന്ദുഭയോ നേദുർഗ്ഗന്ധർവ്വാപ്സരസോ ജഗുഃ
വവൃഷുഃ പുഷ്പവർഷാണി വിബുധാഃ സാധുവാദിനഃ. 15

ജനമേജയഃ സ്വപിതരം ശ്രുത്വാ തക്ഷകഭക്ഷിതം
യഥാ ജുഹാവ സംക്രുദ്ധോ നാഗാൻ സത്രേ സഹ ദ്വിജൈഃ. 16

സർപ്പസത്രേ സമിദ്ധാഗ്നൗ ദഹ്യമാനാൻ മഹോരഗാൻ
ദൃഷ്ട്വേന്ദ്രം ഭയസംവിഗ്നസ്തക്ഷകഃ ശരണം യയൗ. 17

അപശ്യംസ്തക്ഷകം തത്ര രാജാ പാരീക്ഷിതോ ദ്വിജാൻ
ഉവാച ''തക്ഷകഃ കസ്മാന്ന ദഹ്യേതോരഗാധമഃ.'' 18

''തം ഗോപായതി, രാജേന്ദ്ര, ശക്രഃ ശരണമാഗതം
തേന സംസ്തംഭിതഃ സർപ്പസ്തസ്മാന്നാഗ്നൗ പതത്യസൗ.'' 19

പാരീക്ഷിത ഇതി ശ്രുത്വാ പ്രാഹർത്ത്വിജ ഉദാരധീഃ
സഹേന്ദ്രസ്തക്ഷകോ വിപ്രാ നാഗ്നൗ കിമിതി പാത്യതേ. 20

തച്ഛ്രുത്വാഽഽജുഹുവുർവ്വിപ്രാഃ സഹേന്ദ്രം തക്ഷകം മഖേ
''തക്ഷകാശു പതസ്വേഹ സഹേന്ദ്രേണ മരുത്വതാ.'' 21

ഇതി ബ്രഹ്മോദിതാക്ഷേപൈഃ സ്ഥാനാദിന്ദ്രഃ പ്രചാലിതഃ
ബഭൂവ സംഭ്രാന്തമതിഃ സവിമാനഃ സതക്ഷകഃ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജാവു പറഞ്ഞു

കാരുണ്യരാശിയാമങ്ങേയനുഗ്രഹം-
കാരണത്താൽ കൃതകൃത്യനായീടിനേൻ.
ആദ്യന്തരൂപൻ ഹരിതൻസ്വരൂപത്തെ
വിസ്തരിച്ചെന്നെ ശ്രവിപ്പിച്ചിതു ഭവാൻ. 2
അജ്ഞരായ്ത്താപത്രയതപ്തരായോരി-
ലച്യുതാത്മാക്കളാകും മഹാദിവ്യർതൻ
മെത്തുമനുഗ്രഹം സിദ്ധിച്ചിടുന്നതൊ-
രദ്ഭുതമായിക്കരുതുന്നതില്ല ഞാൻ. 3
അങ്ങയിൽനിന്നിപ്പുരാണമാം സംഹിത
ഞങ്ങളെല്ലാം നല്ലവണ്ണം ശ്രവിച്ചിതു.
ഉത്തമശ്ലോകൻ ഭഗവാൻ സ്വഭൂവിനെ
നിസ്തുലം വർണ്ണിച്ചിരിപ്പൂ ഭവാനതിൽ. 4
നിർഭയമായി നിർവാണമാം ബ്രഹ്മത്തെ-
യിപ്പോളെനിക്കു കാണിച്ചുതന്നൂ ഭവാൻ.
ആലയിച്ചേനതിലത്തക്ഷകാദിയാ-
ലേലും മൃതിയിൽ ഭയപ്പെടുന്നില്ല ഞാൻ. 5
ബ്രഹ്മൻ! സമസ്തമാം കാമങ്ങളിൽനിന്നു
നിർമ്മുക്തമാം മമ മാനസം കൃഷ്ണനിൽ
ചെമ്മേ ഗമിപ്പിച്ചുറപ്പിച്ചു വാക്കുകൾ
നന്മട്ടടക്കിയസൃക്കരം വിടുന്നു ഞാൻ.
ആയതിനെന്നെയനുവദിച്ചീടുവാ-
നായപേക്ഷിക്കുന്നു ഞാനിദാനീം മുനേ! 6
പ്രേമാസ്പദം പരമം ഭഗവത്പദം
മാമുനേ! കാണിച്ചുതന്നൂ ഭവാൻ മമ
ജ്ഞാനവിജ്ഞാനസന്നിഷ്ഠനിമിത്തമായ്
ഞാനൊഴിച്ചൂ മമാജ്ഞാനാന്ധകാരവും. 7

സൂതൻ പറഞ്ഞു

ഏവം കഥിക്കെബ്ഭഗവാൻ ശുകൻ നര-
ദേവന്നനുജ്ഞയരുളിയബ്ഭൂപനാൽ
നന്നായ് സമർച്ചിതനായ് ഭിക്ഷുവൃന്ദത്തോ-
ടൊന്നിച്ചവിടെനിന്നങ്ങു പോയീടിനാൻ. 8
പിന്നെ രാജർഷി പരീക്ഷിത്തു ബുദ്ധിയാൽ-
ത്തന്നുടെ മാനസത്തെ പ്രത്യഗാത്മാവിൽ
ലീനമാക്കിത്തരുവെന്നപോൽ നിശ്ചല-
പ്രാണനായ് ധ്യാനിച്ചു നിത്യമാം വസ്തുവെ. 9
ചൊല്ലൊണ്ടു മഗ്ഗങ്ഗതൻ കരയിൽ പരം
ദർഭ കിഴക്കുതുഞ്ചാക്കി വിരിച്ചതിൽ
ചിത്തസന്ദേഹംവെടിഞ്ഞു നിസ്സങ്ഗനാ-
യുത്തമയോഗീന്ദ്രനായ് ബ്രഹ്മഭൂതനായ്
ഉത്തരദിക്കുനോക്കി സ്ഥിതിചെയ്തിതു
ശുദ്ധമതിയാം പരീക്ഷിന്നൃപാലകൻ. 10
വിപ്രരേ! ക്രുദ്ധനാം ഭൂസുരനന്ദനൻ
കല്പിച്ചയച്ചോരു തക്ഷകൻ ഭൂപനെ
നിഗ്രഹിപ്പാനാഗ്രഹത്തോടു വന്നിടും
മാർഗ്ഗത്തിലീക്ഷിച്ചു കശ്യപനേയവൻ. 11
പൃഥ്വീശ്വരന്റെ വിഷമിറക്കീടുവാൻ
സത്വരം പോയീടുമാ വിഷഹാരിയെ
വിത്തം കൊടുത്തു മടക്കിയയച്ചുടൻ
മുത്താർന്നു കാമസ്വരൂപനാം തക്ഷകൻ
ബ്രാഹ്മണവേഷപ്രതിച്ഛന്നരൂപനായ്
ഭൂമീപതീന്ദ്രനെച്ചെന്നു ദംശിച്ചിതേ. 12
ബ്രഹ്മമായ് മിന്നുമാ രാജർഷിതൻ തനു-
വമ്മഹാസർപ്പവിഷാഗ്നിയിലക്ഷണം
വിസ്മയം സർവ്വജനങ്ങളും കാൺകവേ
ഭസ്മമായിബ്ഭവിച്ചെന്നറിഞ്ഞീടുവിൻ. 13
മന്നിലും വിണ്ണിലും ദിക്കുകൾ പത്തിലും-
നിന്നു ഹാഹാരവം പൊങ്ങീ മഹത്തരം.
ദേവാസുരർ മനുഷ്യാദ്യരുമാകവേ
ഹാ! വിസ്മയാംബുധിമഗ്നരായീടിനാർ. 14
ദുന്ദുഭീവൃന്ദം മുഴക്കീടിനാർ സുര-
വൃന്ദമങ്ങപ്സരോഗന്ധർവ്വർ പാടിനാർ.
സാധുവാദംചെയ്തുകൊണ്ടു മലർമാരി-
യാദരപൂർവ്വം ചൊരിഞ്ഞു വിബുധരും. 15
തക്ഷകൻ താതനെബ്ഭക്ഷിച്ചതായറി-
ഞ്ഞക്ഷണം ക്രുദ്ധനായിജ്ജനമേജയൻ
വിപ്രരോടൊത്തൊരു സത്രമാരംഭിച്ചു
സർപ്പഗണത്തെ ഹോമിച്ചു തുടങ്ങിനാൻ. 16
സർപ്പസത്രത്തിൽ സമിദ്ധാഗ്നിയിൽ മഹാ-
സർപ്പങ്ങളെല്ലാം ദഹിപ്പതു കണ്ടുടൻ
തക്ഷകൻ ഭീതനായ് ദേവേന്ദ്രനെയാത്മ-
രക്ഷണത്തിന്നായ് ശരണമണഞ്ഞിതേ. 17
തക്ഷകനെത്തത്ര കാണാതിരിക്കയാ-
ലക്ഷമേശൻ ദ്വിജരോടു ചോദിച്ചിതു:
"എന്തൊരു കാരണം സർപ്പാധമനവൻ
വെന്തു നീറാകായ്‌വതി"യെന്നു സത്വരം. 18
"തക്ഷകൻ ചെന്നാശ്രയിക്കയാലസ്സഹ-
സ്രാക്ഷനവന്നഭയംകൊടുത്തെന്നല്ല
സത്രവും സ്തംഭിതമാക്കിയതുമൂല-
മത്രേ പതിക്കാഞ്ഞതുമവനഗ്നിയിൽ." 19
എന്നതു കേട്ടു പരാക്രമിയാന്നൃപ-
"നിന്ദ്രനോടൊത്തിങ്ങവനെ യാഗാഗ്നിയിൽ
എന്തുകൊണ്ടാണു പതിപ്പിച്ചിടാഞ്ഞതെ"-
ന്നന്തണരോടു ചൊടിച്ചു ചോദിച്ചിതു. 20
മന്നവഗീരുകൾ കേ"ട്ടയേ തക്ഷകാ!
വന്നുവീഴു തീയിലിന്ദ്രനോടൊത്തു ..."
എന്നുള്ള മന്ത്രം ജപിച്ചു വിളിച്ചിതേ
ഇന്ദ്രനേയും തക്ഷകനേയുമാ ദ്വിജർ. 21
ഇങ്ങനെയാക്ഷേപപൂർവ്വമബ്ഭൂസുര-
രങ്ങു വിളിക്കയാൽ തക്ഷകൻതന്നൊടും
വ്യോമയാനത്തൊടും സ്ഥാനത്തുനിന്നുട-
നാ മഹേന്ദ്രൻ ചലിച്ചേററം ഭ്രമിച്ചിതു. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം പതന്തം വിമാനേന സഹതക്ഷകമംബരാത്
വിലോക്യാങ്ഗിരസഃ പ്രാഹ രാജാനം തം ബൃഹസ്പതിഃ. 23
''നൈഷ ത്വയാ, മനുഷ്യേന്ദ്ര, വധമർഹതി സർപ്പരാട്
അനേന പീതമമൃതമഥവാ അജരാമരഃ. 24
ജീവിതം മരണം ജന്തോർഗ്ഗതിഃ സ്വേനൈവ കർമ്മണാ
രാജംസ്തതോഽന്യോ നാന്യസ്യ പ്രദാതാ സുഖദുഃഖയോഃ. 25
സർപ്പചൗരാഗ്നിവിദ്യുദ്ഭ്യഃ ക്ഷുത്തൃഡ്വ്യാധ്യാദിഭിർന്നൃപഃ
പഞ്ചത്വമൃച്ഛതേ ജന്തുർഭുങ്ക്ത ആരബ്ധകർമ്മ തത്. 26
തസ്മാത് സത്രമിദം, രാജൻ, സംസ്ഥീയേതാഭിചാരികം
സർപ്പാ അനാഗസോ ദഗ്ധാ, ജനൈർദ്ദിഷ്ടം ഹി ഭുജ്യതേ.'' 27

സൂത ഉവാച

ഇത്യുക്തഃ സ തഥേത്യാഹ മഹർഷേർമ്മാനയൻ വചഃ
സർപ്പസത്രാദുപരതഃ പൂജയാമാസ വാക്പതിം. 28
സൈഷാ വിഷ്ണോർമ്മഹാമായാബാധ്യയാലക്ഷണാ യയാ
മുഹ്യന്ത്യസ്യൈവാത്മഭൂതാ ഭൂതേഷു ഗുണവൃത്തിഭിഃ. 29

ന യത്ര ദംഭീത്യഭയാ വിരാജിതാ
മായാഽഽത്മവാദേഽസകൃദാത്മവാദിഭിഃ
ന യദ്വിവാദോ വിവിധസ്തദാശ്രയോ
മനശ്ച സങ്കല്പവികല്പവൃത്തി യത്. 30
ന യത്ര സൃജ്യം സൃജതോഭയോഃ പരം
ശ്രേയശ്ച ജീവസ്ത്രിഭിരന്വിതസ്ത്വഹം
തദേതദുത്സാദിതബാധ്യബാധകം
നിഷിധ്യ ചോർമ്മീൻ വിരമേത് സ്വയം മുനിഃ. 31
പരം പദം വൈഷ്ണവമാമനന്തി ത-
ദ്യന്നേതി നേതീത്യതദുത്സിസൃക്ഷവഃ
വിസൃജ്യ ദൗരാത്മ്യമനന്യസൗഹൃദാ
ഹൃദോപഗുഹ്യാവസിതം സമാഹിതൈഃ. 32

ത ഏതദധിഗച്ഛന്തി വിഷ്ണോര്യത് പരമം പദം
അഹം മമേതിദൗർജ്ജന്യം ന യേഷാം ദേഹഗേഹജം. 33
അതിവാദാംസ്തിതിക്ഷേത നാവമന്യേത കഞ്ചന
ന ചേമം ദേഹമാശ്രിത്യ വൈരം കുർവ്വീത കേനചിത്. 34
നമോ ഭഗവതേ തസ്മൈ കൃഷ്ണായാകുണ്ഠമേധസേ
യത്പാദാംബുരുഹധ്യാനാത് സംഹിതാമധ്യഗാമിമാം. 35

ശൗനക ഉവാച

പൈലാദിഭിർവ്യാസശിഷ്യൈർവ്വേദാചാര്യൈർമ്മഹാത്മഭിഃ
വേദാശ്ച കതിധാ വ്യസ്താ ഏതത് സൗമ്യാഭിധേഹി നഃ. 36

സൂത ഉവാച

സമാഹിതാത്മനോ, ബ്രഹ്മൻ, ബ്രഹ്മണഃ പരമേഷ്ഠിനഃ
ഹൃദ്യാകാശാദഭൂന്നാദോ വൃത്തിരോധാദ്വിഭാവ്യതേ. 37
യദുപാസനയാ, ബ്രഹ്മൻ, യോഗിനോ മലമാത്മനഃ
ദ്രവ്യക്രിയാകാരകാഖ്യം ധൂത്വാ യാന്ത്യപുനർഭവം. 38
തതോഽഭൂത് ത്രിവൃദോങ്കാരോ യോഽവ്യക്തപ്രഭവഃ സ്വരാട്
യത്തല്ലിങ്ഗം ഭഗവതോ ബ്രഹ്മണഃ പരമാത്മനഃ. 39
ശൃണോതി യ ഇമം സ്ഫോടം സുപ്തശ്രോത്രേ ച ശൂന്യദൃക്
യേന വാഗ് വ്യജ്യതേ യസ്യ വ്യക്തിരാകാശ ആത്മനഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തക്ഷകനൊത്തു വിമാനത്തിൽ വിണ്ണിൽനി-
ന്നക്ഷണമിന്ദ്രൻ പതിപ്പതു കാൺകയാൽ
അങ്ഗിരസ്സിൻ സുതനാകും ബൃഹസ്പതി-
യങ്ങു ജനമേജയനോടു ചൊല്ലിനാൻ: 23
''മാനവേന്ദ്രാ! ഭവാനീ സർപ്പരാട്ടുതൻ
പ്രാണഹാനിക്കർഹനായിബ്ഭവിച്ചിടാ.
പീയൂഷമങ്ങു ഭുജിച്ചീടിനാനവ-
നായതിനാലജരാമരണൻ പ്രഭോ! 24
ജന്തുവിൻ ജീവിതവും ഗതിയന്നവും
സ്വന്തകർമ്മത്തെയനുസരിച്ചുള്ളതാം.
താന്താങ്ങൾക്കുടെ സുഖദുഃഖങ്ങൾക്കുതൻ ഹേതു
താന്താങ്ങളല്ലാതെയന്യനായ് വന്നിടാ. 25
സർപ്പാഗ്നിചോരവിദ്യുൽക്ഷുത്പിപാസക-
ളല്ലേതരവ്യാധിയിത്യാദിയാൽ പ്രാണി
നാശം ഗമിപ്പതായ്ക്കാണ്മതെല്ലാം ധരാ-
ധീശ്വരാ! പ്രാരബ്ധകർമ്മം ഭുജിക്കയാം. 26
എന്നതിനാലാഭിചാരികമീ സത്ര-
മിന്നു നിറുത്തുകയാം നന്നു മന്നവാ!
വെന്തിതനാഗസ്വാികൾ ബഹുഭോഗികൾ
ജന്തുക്കൾ കർമ്മഫലം ഭുജിപ്പു ദൃഢം.'' 27

സൂതൻ പറഞ്ഞു

ഏവം ബൃഹസ്പതിയാലുപദിഷ്ടനാം
ഭൂവരനാ വാക്കു മാനിച്ചുതാനുടൻ
അങ്ങനെതാനെന്നു സമ്മതിച്ചധ്വര-
മങ്ങു നിറുത്തിയർച്ചിച്ചാൻ മഹർഷിയെ. 28
നാശവിഹീനമാമേതൊരു ശക്തിയാൽ
സ്വാംശഭൂതപ്രാണിസഞ്ചയമാകവേ
മോഹിതരായിഗ്ഗുണവൃത്തികൾമൂല-
മാഹന്ത! ഹിംസിച്ചിടുന്നു പരസ്പരം.
ആയതു ലക്ഷണമറ്റെഴും ശ്രീവിഷ്ണു-
മായയാണെന്നു ധരിക്കുവിൻ വിപ്രരേ! 29
ദംഭിയിവനെന്ന തോന്നൽ പലപ്പൊഴും
സംഭവിച്ചീടുന്നതേതൊരു മർത്ത്യനിൽ
ആയവനിൽ ഭയം ലേശവുമെന്നിയേ
മായ കടക്കുന്നി,താത്മവാദങ്ങളാൽ.
നേരേ സ്വരൂപമറിയാൻ നിരന്തരം
പാരം പരിശ്രമിച്ചീടുന്നവരിലും
മായാഗുണാശ്രിതവാദങ്ങളില്ലാതെ
മായമകന്നു വസിക്കുന്നവരിലും
പിന്നെ വികല്പസങ്കല്പയുക്തം മനം
ശൂന്യമായോരിലുമില്ല മായാമയം. 30
സൃഷ്ടിക്കു കാരണമായിടും കർമ്മവും
സൃഷ്ടിവസ്തുക്കളും സൃഷ്ടിയാൽ പ്രാപ്യമാം
ദുഃഖസുഖങ്ങളുമെന്നിവ മൂന്നാടും
യുക്തനായീടുമഹംമയജീവനും
ഇല്ലാത്തതായ് ബാധ്യബാധകഭാവവു-
മില്ലാത്തതാണാത്മതത്ത്വം നിനയ്ക്കുകിൽ
നേരേയിതിനെദ്ധരിച്ചു മുനിയഹം-
കാരാദിയൂർമ്മികൾ കൈവിട്ടിരിക്കണം. 31
എന്നതാം വൈഷ്ണവമാകും പരംപദ-
മെന്നു പറയുന്നു മറ്റൊന്നിലും രതി
ഇല്ലാതെയന്യമായുള്ളതെല്ലാമത-
ല്ലല്ലെന്നു തള്ളി ദുരാത്മഭാവം വിട്ടു
ചാലെ സുസമാഹിതന്മാർ ഹൃദയത്തിനാ-
ലാലിങ്ഗനംചെയ്തതിനെ ഗ്രഹിപ്പതേ. 32
കേവലം ദേഹജഗേഹജമാമഹം-
ഭാവദൌരാത്മ്യമാക്കില്ലാതെയാകുമോ
ആയവൻ ശ്രീഹരിതൻ സമസ്തോത്കൃഷ്ട-
മായിടുമിപ്പദം പ്രാപിച്ചിടുന്നിതേ. 33
നിന്ദാവചനങ്ങളെന്നും ക്ഷമിക്കണം
നിന്ദിച്ചിടാതിരുന്നീടണമാരെയും
ഇശ്ശരീരത്തെസ്സമാശ്രയിച്ചിട്ടുള്ളിൽ
വച്ചുകൂടാ വൈരമാരിലുമല്പവും. 34
ആരുടെ തൃപ്പദധ്യാനത്തിനാലെ ഞാൻ
പേരാളുമിസ്സംഹിതയെദ്ധരിച്ചുവോ
സൂക്ഷ്മധീയാകുമാ വ്യാസമഹർഷിയെ-
യാത്മഭാവത്തിൽ നമസ്കരിക്കുന്നു ഞാൻ. 35

വേദോപവിഭജനകഥ

ശൗനകൻ പറഞ്ഞു

വ്യാസമുനീശ്വരശിഷ്യരായാഗമ-
ദേശികരാം മഹാത്മാക്കൾ പൈലാദികൾ
വേദത്തെയെത്രയായ്പ്പങ്കിട്ടുവെന്നതു
സാധോ! ഭവാൻ ഞങ്ങളോടരുളീടണം. 36

സൂതൻ പറഞ്ഞു

ബ്രഹ്മൻ! സമാഹിതനായ് പരമേഷ്ഠിയാം
ബ്രഹ്മാവുതൻ ഹൃന്നഭസ്സിൽനിന്നാദിയിൽ
നാദമുണ്ടായ് വൃത്തിരോധത്തിനാലനു-
ഭൂതമാണാക്കമതെന്നറിഞ്ഞീടുക. 37
ആരമണേന്ദ്രാ! തദുപാസനമൂലമായ്
കാരകദ്രവ്യകർമ്മാഖ്യങ്ങളായിടും
ആത്മമാലിന്യമൊഴിച്ചു നരർ പുനർ-
ജ്ജന്മരഹിതപദമിയലുന്നിതു. 38
നേരേയതിൽ നിന്നു മാത്ര മൂന്നലുമോ-
ങ്കാരമുണ്ടായിതവ്യക്തപ്രഭവമായ്
താനേ പരിലസിച്ചീടുന്നതാമതു-
താനപ്പരമാത്മചിഹ്നം മുനീശ്വരാ! 39
ശ്രുത്യദ്ദിക്കതൊന്നു കണ്ണും പ്രസുപ്തമാ-
മന്നേരവുമീ സ്വനം ശ്രവിക്കുന്നുവോ
ഏതിനാൽ വ്യഞ്ജിച്ചുന്നിതു വാക്കുക-
ളേതു സുസ്പഷ്ടമോ ഹൃദിഹായസ്സതിൽ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വധാമ്നോ ബ്രഹ്മണഃ സാക്ഷാദ്വാചകഃ പരമാത്മനഃ
സ സർവ്വമന്ത്രോപനിഷദ്വേദബീജം സനാതനം. 41
തസ്യ ഹ്യാസംസ്ത്രയോ വർണ്ണാ അകാരാദ്യാ ഭൃഗൂദ്വഹ!
ധാര്യന്തേ യൈസ്ത്രയോ ഭാവാ ഗുണനാമാർത്ഥവൃത്തയഃ. 42
തതോഽക്ഷരസമാമ്നായമസൃജദ് ഭഗവാനജഃ
അന്തഃസ്ഥോഷ്മസ്വരസ്പർശഹ്രസ്വദീർഘാദിലക്ഷണം. 43
തേനാസൗ ചതുരോ വേദാംശ്ചതുർഭിർവദനൈർവിഭുഃ
സവ്യാഹൃതീകാൻ സോങ്കാരാംശ്ചാതുർഹോത്രവിവക്ഷയാ. 44
പുത്രാനധ്യാപയത്താംസ്തു ബ്രഹ്മർഷീൻ ബ്രഹ്മകോവിദാൻ
തേ തു ധർമ്മോപദേഷ്ടാരഃ സ്വപുത്രേഭ്യഃ സമാദിശൻ. 45
തേ പരമ്പരയാ പ്രാപ്താസ്തത്തച്ഛിഷ്യൈർധൃതവ്രതൈഃ
ചതുര്യുഗേഷ്വഥ വ്യസ്താ ദ്വാപരാദൗ മഹർഷിഭിഃ. 46
ക്ഷീണായുഷഃ ക്ഷീണസത്ത്വാൻ ദുർമ്മേധാൻ വീക്ഷ്യ കാലതഃ
വേദാൻ ബ്രഹ്മർഷയോ വ്യസ്യൻ ഹൃദിസ്ഥാച്യുതചോദിതാഃ. 47
അസ്മിന്നപ്യന്തരേ, ബ്രഹ്മൻ, ഭഗവാംല്ലോകഭാവനഃ
ബ്രഹ്മേശാദ്യൈർലോകപാലൈര്യാചിതോ ധർമ്മഗുപ്തയേ. 48
പരാശരാത് സത്യവത്യാമംശാംശകലയാ വിഭുഃ
അവതീർണ്ണോ, മഹാഭാഗ, വേദം ചക്രേ ചതുർവ്വിധം. 49
ഋഗഥർവ്വയജുഃസാമ്നാംരാശീനുദ്ധൃത്യ വർഗ്ഗശഃ
ചതസ്രഃ സംഹിതാശ്ചക്രേ മന്ത്രൈർമ്മണിഗണാ ഇവ. 50
താസാം സ ചതുരഃ ശിഷ്യാനുപാഹൂയ മഹാമതിഃ
ഏകൈകാം സംഹിതാം ബ്രഹ്മന്നേകൈകസ്മൈ ദദൗ വിഭുഃ. 51
പൈലായ സംഹിതാമാദ്യാം ബഹ്വൃചാഖ്യാമുവാച ഹ
വൈശമ്പായനസംജ്ഞായ നിഗദാഖ്യം യജുർഗ്ഗണം. 52
സാമ്നാം ജൈമിനയേ പ്രാഹ തഥാ ഛന്ദോഗസംഹിതാം
അഥർവ്വാങ്ഗിരസീം നാമ സ്വശിഷ്യായ സുമന്തവേ. 53
പൈലഃ സ്വസംഹിതാമൂച ഇന്ദ്രപ്രമിതയേ മുനിഃ
ബാഷ്കലായ ച സോഽപ്യാഹ ശിഷ്യേഭ്യഃ സംഹിതാം
സ്വകാം. 54
ചതുർദ്ധാ വ്യസ്യ ബോധ്യായ യാജ്ഞവല്ക്യായ ഭാർഗ്ഗവ!
പരാശരായാഗ്നിമിത്രേ ഇന്ദ്രപ്രമിതിരാത്മവാൻ. 55
അധ്യാപയത് സംഹിതാം സ്വാം മാണ്ഡൂകേയമൃഷിം കവിം
തസ്യ ശിഷ്യോ ദേവമിത്രഃ സൗഭര്യാദിഭ്യ ഊചിവാൻ. 56
ശാകല്യസ്തത്സുതഃ സ്വാം തു പഞ്ചധാ വ്യസ്യ സംഹിതാം
വാത്സ്യമുദ്ഗലശാലീയഗോഖല്യശിശിരേഷ്വധാത്. 57
ജാതുകർണ്യശ്ച തച്ഛിഷ്യഃ സനിരുക്താം സ്വസംഹിതാം
ബലാകപൈജവൈതാലവിരജേഭ്യോ ദദൗ മുനിഃ. 58
ബാഷ്കലിഃ പ്രതിശാഖാഭ്യോ ബാലഖില്യാഖ്യസംഹിതാം
ചക്രേ ബാലായനിർഭജ്യഃ കാസാരശ്ചൈവ താം ദധുഃ. 59
ബഹ്വൃചാഃ സംഹിതാ ഹ്യേതാ ഏഭിർബ്രഹ്മർഷിഭിർധൃതാഃ
ശ്രുത്വൈതച്ഛന്ദസാം വ്യാസം സർവ്വപാപൈഃ പ്രമുച്യതേ. 60
വൈശമ്പായനശിഷ്യാ വൈ ചരകാധ്വര്യവോഽഭവൻ
യച്ചേരുർബ്രഹ്മഹത്യാംഹഃക്ഷപണം സ്വഗുരോർവ്രതം. 61
യാജ്ഞവല്ക്യശ്ച തച്ഛിഷ്യ ആഹ ''ഹാഹോ, ഭഗവൻ, കിയത്
ചരിതേനാല്പസാരാണാം ചരിഷ്യേഽഹം സുദുശ്ചരം.'' 62

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാക്ഷാൽ പരബ്രഹ്മവാചകമായ് പ്രണ–
വാശ്രയഭൂതമായിപ്പരാത്മാവുമായ്
സർവ്വമന്ത്രോപനിഷദ്ഗുഹ്യമാകുമി–
തുർവ്വീസുരേന്ദ്രാ! സനാതനംതന്നെയാം. 41
എന്നതിനുണ്ടകാരാദിയായീടുന്ന
മൂന്നു വർണ്ണങ്ങ,ളതുകളാണാശ്രയം
ഋഗ്യജുസ്സാമങ്ങളാം ത്രിവേദത്തിനും
സ്വർഗ്ഗം ക്ഷിതി ഭുവർല്ലോകമിവററിനും
സത്ത്വാദിയാകും ഗുണത്രയം, ജാഗ്രത്തു
തൊട്ടോരവസ്ഥാത്രയമിവയ്ക്കൊക്കെയും
സൃഷ്ടിച്ചു പിന്നെയവയിൽനിന്നും ഭൃഗു–
ശ്രേഷ്ഠാ! സ്വരങ്ങളൂഷ്മാക്കളന്തഃസ്ഥങ്ങളും
ഹ്രസ്വദീർഘപ്ലുതസ്പർശങ്ങളാദിയാം
ലക്ഷണമൊക്കും ലിപികളെ നാന്മുഖൻ.42–43
ഈ ലിപിസഞ്ചയത്താലുടനാ വിഭു
നാലാനനൻ ചാതുർഹോത്രവിവക്ഷയാൽ
നിർമ്മിച്ചിതോങ്കാരവ്യാഹൃതീയുക്തമായ്
നന്മട്ടു നാലുവേദങ്ങളെയും ക്രമാൽ. 44
ബ്രഹ്മർഷികളും ശ്രുതികോവിദരുമാം
തന്മക്കളെപ്പഠിപ്പിച്ചവയേയജൻ
ധർമ്മോപദേഷ്ടാക്കളൊമവർ പിന്നതു
ചെമ്മേ പഠിപ്പിച്ചു തത്സുതന്മാരെയും. 45
പിന്നീടവയെ വ്രതികളാം തച്ഛിഷ്യ–
രെന്നും പരമ്പരയായ് യുഗം നാലിലും
മന്നിൽ നിലനിറുത്തി ദ്വാപരാദിയി–
ലന്യൂനമായ് വിഭജിച്ചു മഹർഷിമാർ. 46
കാലംനിമിത്തമായുസ്സു കുറഞ്ഞനു–
വേലം ധൃതിയററുപോയ് മന്ദധീകളായ്
വർത്തിച്ചിടുന്ന ജനങ്ങളെക്കണ്ടാർദ്ര–
ചിത്തരാം ബ്രഹ്മർഷിമാർ ഹൃദയസ്ഥനാം
ശ്രീഹരിയാലെ സംപ്രേരിതരായ് വേദ–
സംഹിതയെല്ലാം വിഭജിച്ചതാം മുനേ! 47
ഇമ്മനുവിൻ കാലഘട്ടത്തിലും ശിവൻ
ബ്രഹ്മാവുതൊട്ടു ജഗത്പാലകരാലേ
ധർമ്മരക്ഷാർത്ഥമഭ്യർത്ഥിതനായിട്ടും
കല്മഷഹാരി ഭഗവാൻ ജനാർദ്ദനൻ
സത്ത്വഗുണസംയുതനായ് പരാശര–
പുത്രനായ് സത്യവതിയിൽനിന്നൂഴിയിൽ
ചാലവേ വന്നവതീർണ്ണനായാഗമം
നാലായ്പ്പകുത്തിതു ഭാഗ്യവാരാന്നിധേ!
48–49
ഋക്കഥർവ്വം യജുസ്സാമങ്ങളാമാഗ–
മോത്കരത്തെ വർഗ്ഗമാക്കിത്തിരിച്ചഥ
മന്ത്രങ്ങളാലേ മണികളെയെന്നപോൽ
ചന്തമായ് നിർമ്മിച്ചിതു നാലു സംഹിത. 50
പിന്നെച്ചതുരരാം നാലു ശിഷ്യാഗ്ര്യരെ–
ത്തന്നന്തികത്തിൽ വരുത്തിയിസ്സംഹിത
ഓരോന്നുമഭ്യസിപ്പിച്ചിതു വേണ്ടപോ–
ലോരോരുവരെയാ വ്യാസമുനീശ്വരൻ. 51
ബഹ്വൃചാഭിഖ്യമാമാദ്യത്തെയൃഗ്വേദ–
സംഹിത പൈലനേയും നിഗദാഖ്യമാം
ആ യജുശ്ശാഖ വൈശമ്പായനാഹ്വയ–
നായിട്ടും ശിഷ്യനേയും പഠിപ്പിച്ചിതു. 52
സാമാഗമങ്ങളുംതൻ ഛന്ദോഗസംഹിത
ജൈമിനിക്കായുമഥർവ്വാങ്ഗിരസിയാം
പേരെഴും സംഹിതയസ്സുമന്തുവാഭിധ–
ചേരും സ്വശിഷ്യനായും കഥിച്ചീടിനാൻ. 53
പൈലൻ സ്വസംഹിതയിന്ദ്രപ്രമിത്യാഖ്യ–
യാളുന്ന ശിഷ്യനും ബാഷ്കളാഖ്യനുമായ്
രണ്ടായ് പകുത്തുപദേശിച്ചു ബാഷ്കളൻ
വേണ്ടുന്നപോലതു തച്ഛിഷ്യരായിട്ടും
ബോധ്യൻ പരാശരനും യാജ്ഞവല്ക്യാഗ്നി–
മിത്രരുമിങ്ങനെ നാൽവർക്കു നല്കിനാൻ
ബുദ്ധിമാനിന്ദ്രപ്രമിതി പഠിപ്പിച്ചു
പുത്രനായ് സൂക്ഷ്മധീയാം മാണ്ഡുകേയനെ
തച്ഛിഷ്യനാം ദേവമിത്രനതു പിന്നെ–
യസ്സൗഭരിമുതൽപേർക്കും കൊടുത്തിതു. 54–56
മാണ്ഡുകേയാത്മജനായിട്ടും ശാകല്യ–
നെന്നവനായതഞ്ചായ് വിഭജിച്ചഥ
മുദ്ഗലൻ, ശാലിയൻ, വാത്സ്യൻ, ശിശിരനും
ഗോഖല്യനുമെന്ന ശിഷ്യർക്കു നല്കിനാൻ. 57
ശാകല്യശിഷ്യനാം ജാതുകർണ്ണ്യൻ നിജ–
ഭാഗം നിരുക്തസംയുക്തമാക്കീട്ടഥ
വൈതാലപൈജബലാകവിരജർക്കു
മോദിച്ചു നാലായ്പ്പകുത്തു കൊടുത്തിതു. 58
ബാഷ്കളിയശ്ശാഖയെല്ലാററിലുംനിന്നു
ചിക്കെന്നു ബാലഖില്യാഖ്യയിൽ സംഹിത
ഭേഷായി നിർമ്മിച്ചു ബാലായനിയെയും
കാസാരഭജ്യരേയും ധരിപ്പിച്ചിതു. 59
ഋക്കുകളും ധാരാളമാളുമിസ്സംഹിത–
യൊക്കെയും ബ്രഹ്മർഷികളഭ്യസിച്ചിതു.
ഇച്ഛന്ദോഭാഗങ്ങളും കേൾപ്പവരാകവേ–
യുച്ചമാം പാപങ്ങളിൽനിന്നു മുക്തരാം. 60
ശ്രേഷ്ഠവൈശമ്പായനശിഷ്യരായ് ചര–
കാദ്യർ ഗുരുബ്രഹ്മഹത്യാഘഹാരകം
സദ്വ്രതം നേരേയനുഷ്ഠിക്കയാലവ–
ർക്കൊത്തു ചരകാദ്ധ്വരികളെന്നാഹ്വയം. 61
മററൊരു ശിഷ്യനാം യാജ്ഞവല്ക്യൻ, ''ഗുരു–
ശ്രേഷ്ഠാ! പരം തുച്ഛമാമീ വ്രതങ്ങളാൽ
എന്തു ഫലം, ഞാൻ സുദുശ്ചരമാം വ്രതം
പന്തിയായാചരിക്കാ''മെന്നു ചൊല്ലിനാൻ.62

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്തോ ഗുരുരപ്യാഹ കുപിതോ, ''യാഹ്യലം ത്വയാ
വിപ്രാവമന്ത്രാ ശിഷ്യേണ മദധീതം ത്യജാ''ശ്വിതി. 63
ദേവരാതസുതഃ സോഽപിച്ഛർദ്ദിത്വാ യജുഷാം ഗണം
തതോ ഗതോഽഥ മുനയോ ദദൃശുസ്താൻ യജുർഗ്ഗണാൻ. 64
യജൂംഷി തിത്തിരാ ഭൂത്വാ തല്ലോലുപതയാഽഽദദുഃ
തൈത്തിരീയാ ഇതി യജുഃശാഖാ ആസൻ സുപേശലാഃ. 65
യാജ്ഞവല്ക്യസ്തതോ, ബ്രഹ്മൻ, ഛന്ദാംസ്യധിഗവേഷയൻ
ഗുരോരവിദ്യമാനാനി സൂപതസ്ഥേഽർക്കമീശ്വരം. 66

യാജ്ഞവല്ക്യ ഉവാച

ഓം നമോ ഭഗവതേ ആദിത്യായാഖിലജഗതാമാത്മസ്വരൂ-
പേണ കാലസ്വരൂപേണ ചതുർവ്വിധഭൂതനികായാനാം ബ്രഹ്മാദി-
സ്തംബപര്യന്താനാമന്തർഹൃദയേഷു ബഹിരപി ചാകാശ ഇവോപാ-
ധിനാവ്യവധീയമാനോ ഭവാനേക ഏവ ക്ഷണലവനിമേഷാവയ-
വോപചിതസംവത്സരഗണേനാപാമാദാനവിസർഗ്ഗാഭ്യാമിമാം ലോ-
കയാത്രാമനുവഹതി. 67

യദു ഹ വാവ, വിബുധർഷഭ, സവിതരദസ്തപത്യനുസവനമഹ-
രഹരാമ്നായവിധിനോപതിഷ്ഠമാനാനാമഖിലദുരിതവൃജിനബീജാവ-
ഭർജ്ജന ഭഗവതഃ സമഭിധീമഹി തപനമണ്ഡലം. 68

യ ഇഹ വാവ സ്ഥിരചരനികരാണാം നിജനികേതനാനാം മന
ഇന്ദ്രിയാസുഗണാനനാത്മനഃ സ്വയമാത്മാന്തര്യാമീ പ്രചോദയതി. 69

യ ഏവേമം ലോകമതികരാളവദനാന്ധകാരസംജ്ഞാജഗര-
ഗ്രഹഗിലിതം മൃതകമിവ വിചേതനമവലോക്യാനുകമ്പയാ പരമ-
കാരുണിക ഈക്ഷയൈവോത്ഥാപ്യാഹരഹരനുസവനം ശ്രേയസി
സ്വധർമ്മാഖ്യാത്മാവസ്ഥാനേ പ്രവർത്തയത്യവനിപതിരിവാസാധൂ-
നാം ഭയമുദീരയന്നടതി. 70

പരിത ആശാപാലൈസ്തത്ര തത്ര കമലകോശാഞ്ജലിഭിരുപ-
ഹൃതാർഹണഃ. 71

അഥ ഹ ഭഗവംസ്തവ ചരണനളിനയുഗളം ത്രിഭുവനഗുരുഭിർവ്വ-
ന്ദിതമഹമയാതയാമയജുഃകാമ ഉപസരാമീതി. 72

സൂത ഉവാച

ഏവം സ്തുതഃ സ ഭഗവാൻ വാജിരൂപധരോ ഹരിഃ
യജൂംഷ്യയാതയാമാനി മുനയേഽദാത് പ്രസാദിതഃ. 73
യജുർഭിരകരോച്ഛാഖാ ദശപഞ്ച ശതൈർവ്വിഭുഃ
ജഗൃഹുർവ്വാജസന്യസ്താഃ കാണ്വമാധ്യന്ദിനാദയഃ. 74
ജൈമിനേഃ സമഗസ്യാസീത് സുമന്തുസ്തനയോ മുനിഃ
സുന്വാംസ്തു തത്സുതസ്താഭ്യാമേകൈകാം പ്രാഹ സംഹിതാം. 75
സുകർമ്മാ ചാപി തച്ഛിഷ്യഃ സാമവേദതരോർമ്മഹാൻ
സഹസ്രസംഹിതാഭേദം ചക്രേ സാമ്നാം തതോ ദ്വിജഃ. 76
ഹിരണ്യനാഭഃ കൗസല്യഃ പൗഷ്യഞ്ജിശ്ച സുകർമ്മണഃ
ശിഷ്യൗ ജഗൃഹതുശ്ചാന്യ ആവന്ത്യോ ബ്രഹ്മവിത്തമഃ. 77
ഉദീച്യാഃ സാമഗാഃ ശിഷ്യാ ആസൻ പഞ്ചശതാനി വൈ
പൗഷ്യഞ്ജ്യാവന്ത്യയോശ്ചാപി താംശ്ച പ്രാച്യാൻ പ്രചക്ഷതേ.
ലൗഗാക്ഷിർമ്മാങ്ഗലിഃ കുല്യഃ കുസീദഃ കുക്ഷിരേവ ച [78
പൗഷ്യഞ്ജിശിഷ്യാ ജഗൃഹുഃ സംഹിതാസ്തേ ശതം ശതം. 79
കൃതോ ഹിരണ്യനാഭസ്യ ചതുർവ്വിംശതിസംഹിതാഃ
ശിഷ്യ ഊചേ സ്വശിഷ്യേഭ്യഃ ശേഷാ ആവന്ത്യ ആത്മവാൻ. 80

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
വേദശാഖാപ്രണയനം നാമ ഷഷ്ഠോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയതു കേട്ടു കുപിതനായി ഗുരു,
''നീയവമാനിച്ചിടുന്ന ഭൂദേവരെ
ആകയാലെന്നോടു നീ പഠിച്ചുള്ളവ-
യാകെ ത്യജിച്ചു പൊയ്ക്കൊൾക'' യെന്നോതി-
നാൻ. 63

ദേവരാതാത്മജനാമവനും ഗുരു-
ദേവനിൽനിന്നും പഠിച്ച യജുർഗ്ഗണം
ഛർദ്ദിച്ചശേഷം ഗമിച്ചാനവിടെനി-
ന്നതു്വവയേ മുനികൾ കണ്ടീടിനാർ. 64
മോഹനമാം യജുശ്ശാഖ കണ്ടേററവും
മോഹിച്ചു തിത്തിരിപ്പക്ഷികളായുടൻ
വന്നു കൊത്തിത്തിന്നിതമ്മുനിവൃന്ദമീ-
വണ്ണമുണ്ടായ് തൈത്തിരീയമാം ശാഖകൾ. 65
പിന്നെഗ്ഗുരുവിനു ലഭ്യമായീടാത്ത
ഛന്ദസ്സുകളേ ലഭിച്ചിടേണ്ടും വഴി
ആരാഞ്ഞു യാജ്ഞവല്ക്യൻതാനനന്തരം
സൂര്യനെ സ്തോത്രങ്ങളാൽ സ്തുതിച്ചീടിനാൻ. 66
ധാതാവുതൊട്ടു തൃണാന്തമാകും സർവ്വ-
ഭൂതജാലങ്ങളുൾക്കൊള്ളും ജഗത്തുതൻ
അന്തർഭാഗത്തിലാത്മസ്വരൂപത്തിലു-
മന്തരമെന്നിയേ ബാഹ്യഭാഗങ്ങളിൽ
കാലസ്വരൂപനായിട്ടുമുപാധികൾ
മൂലമായാവൃതിയെന്യേ നഭസ്സുപോൽ
അങ്ങേകനായ്ത്താൻ നിമേഷക്ഷണലവാ-
ദ്യങ്ഗങ്ങൾകൊണ്ടു പരിപുഷ്ടമായിടും
സംവത്സരസമൂഹത്താൽ ജലം പരം
കൈവരിച്ചും കൈവെടിഞ്ഞും നിരന്തരം
ആലോകനംചെയ്തിലീ ലോകയാത്രയെ-
ച്ചേലായി നിർവ്വഹിക്കുന്നിതു നിർണ്ണയം. 67
അല്ലയോ ദേവപ്രവരാ! ദിനേശ്വരാ!
എല്ലാ ദിവസവും സന്ധ്യ മൂന്നിങ്കലും
അങ്ങേബ്ഭജിക്കും ജനങ്ങളാർന്നീടുമു-
ത്തുങ്ഗദുരിതദുഃഖങ്ങളശേഷവും
ധ്വംസിച്ചിടുന്ന തപനദേവാ! ഭവദ്-
ഭാസിതമണ്ഡലം ധ്യാനിപ്പു ഞങ്ങളും. 68
ഭുവിതിലേവൻ സ്വദേഹങ്ങളിലെഴും
സ്ഥാവരജങ്ഗമമൂലത്തിൻ ജഡങ്ങളാം
മാനസപ്രാണേന്ദ്രിയങ്ങൾതൻ പ്രേരക-
നാ നിന്തിരുവടിയന്തരാത്മാവുതാൻ. 69
ആരൊരുവൻ താനതിഭീകരമുഖം-
ചേരുന്ന ക്രൂരിരുട്ടാം പെരുമ്പാമ്പിനാൽ
ഗ്രസ്തമായ്ച്ചത്തതാമീയുലകം കണ്ടു
ചിത്തമലിഞ്ഞനുകമ്പാനപേക്ഷയാൽ
നിത്യമെണീപ്പിച്ചു സന്ധ്യതോറും നിജ-
കൃത്യം സ്വധർമ്മത്തിനൊത്തനുഷ്ഠിച്ചലം

ശ്രേയസ്സിയലുന്ന ഭൂപതിമട്ടതി-
ഭീയും ഖലജനത്തിന്നു ചേർക്കുന്നിതു. 70
നാലുഭാഗത്തുമവിടവിടെജ്ജഗത്-
പാലകർ പദ്മമുകുളതുല്യങ്ങളാം
അഞ്ജലീരാജിയാലർച്ചനാസാധന-
പുഞ്ജമർപ്പിച്ചു ഭവാനെബ്ഭജിപ്പതേ. 71
എന്നതിനാൽ ഭഗവൻ! മറെറാരുത്തർക്കു-
മിന്നോളമജ്ഞാതമാകും യജുസ്സുകൾ
നന്നായ്ക്കൊതിച്ചു, ലോകത്രയാചാര്യരാൽ
വന്ദിതം ത്വത്പദാബ്ജം ഭജിക്കുന്നു
ഞാൻ. 72
ഏവം സ്തുതനായ് പ്രസാദിതനാമിന-
ദേവൻ കുതിരയായ്ച്ചെന്നു തദന്തികം
ആരുമറിയാത്തതാകും യജുസ്സുകൾ
നേരേയരുളിനാനാമുനിവര്യനായ്. 73
നൂറു യജുസ്സാൽ പതിനഞ്ചു ശാഖകൾ
പാരാതെ നിർമ്മിച്ചിതു പിന്നെയാ വിഭു
മുത്തൊടാ വാജസിനികളെക്കണ്വനും
മാദ്ധ്യന്ദിനാദികളും പഠിച്ചീടിനാർ. 74
സാമഗനാം ജൈമിനിക്കു സുമന്തുവു-
മാ മാമുനിക്കു സുന്വാനും ജനിച്ചിതു.
ആ മുനിമാർക്കിരുവർക്കുമായേകിനാൻ
ജൈമിനിയായതിൻ ശാഖയോരോന്നുമേ. 75
തച്ഛിഷ്യനായ് ബുദ്ധിമാനാം സുകർമ്മാവു-
മസ്സാമവേദതരുവിങ്കൽനിന്നഥ
തീർത്താനനവധി സംഹിത, കോസല-
രാഷ്ട്രനിവാസിഹിരണ്യനാഭാഖ്യനും
പൗഷ്യംജിയുമായ തച്ഛിഷ്യർ രണ്ടുപേർ
ഭേഷായതുകളെയഭ്യസിച്ചീടിനാർ.
പിന്നെയിതു പഠിച്ചാൻ ബ്രഹ്മവിത്തമ-
വൃന്ദാഗ്ര്യനാമൊരവന്തീദ്വിജേന്ദ്രനും. 76-77
പൗഷ്യംജിയാവന്ത്യനെന്നീ ദ്വിജർക്കഥ
ശിഷ്യരഞ്ഞൂറുപേർവീതം ഭവിച്ചിതു
ആയവരത്രേയുദീചിയിലെസ്സാമ-
ഗായകർ പ്രാച്യരെന്നും കഥിപ്പൂ ചിലർ. 78
പൗഷ്യംജിതൻ ശിഷ്യരായ്ത്തീർന്ന ലൗ-
ഗാക്ഷി,
കുക്ഷി, കല്യൻ, മാങ്ഗലിയും കുസീദനും
നൂറുനൂറുണ്ടാക്കി ശാഖകളേയവ-
രോരോരുവരുമിതിന്നു മഹാമുനേ! 79
പിന്നെ ഹിരണ്യനാഭൻെറ ശിഷ്യൻ കൃതൻ
ചൊന്നിതു ശിഷ്യർക്കിരുപത്തിനാലഥ
ആത്മവാനാവന്ത്യനങ്ങു ശേഷിച്ചവ-
യാത്മശിഷ്യന്മാരെയും പഠിപ്പിച്ചിതു. 80

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തമോഽധ്യായഃ

സൂത ഉവാച

അഥർവ്വവിത് സുമന്തുശ്ച ശിഷ്യമധ്യാപയത് സ്വകാം
സംഹിതാം സോഽപി പത്ഥ്യായ വേദദർശായ ചോക്തവാൻ. 1

ശൗക്ലായനിർബ്രഹ്മബലിർമ്മോദോഷഃ പിപ്പലായനിഃ
വേദദർശസ്യ ശിഷ്യാസ്തേ പത്ഥ്യശിഷ്യാനഥോ ശൃണു. 2

കുമുദഃ ശുനകോ, ബ്രഹ്മൻ, ജാജലിശ്ചാപ്യഥർവ്വവിത്
ബഭ്രുഃ ശിഷ്യോഽഥാങ്ഗിരസഃ സൈന്ധവായന ഏവ ച
അധീയേതാം സംഹിതേ ദ്വേ സാവർണ്യാദ്യാസ്തഥാപരേ. 3

നക്ഷത്രകല്പഃ ശാന്തിശ്ച കശ്യപാങ്ഗിരസാദയഃ
ഏതേ ആഥർവ്വണാചാര്യാഃ ശൃണു പൗരാണികാൻ, മുനേ. 4

ത്രയ്യാരുണിഃ കശ്യപശ്ച സാവർണ്ണിരകൃതവ്രണഃ
വൈശമ്പായനഹാരീതൗ, ഷഡ് വൈ പൗരാണികാ ഇമേ. 5

അധീയന്ത വ്യാസശിഷ്യാത് സംഹിതാം മത്പിതുർമ്മുഖാത്
ഏകൈകാമഹമേതേഷാം ശിഷ്യഃ സർവ്വാഃ സമധ്യഗാം. 6

കശ്യപോഽഹം ച സാവർണ്ണീ രാമശിഷ്യോഽകൃതവ്രണഃ
അധീമഹി വ്യാസശിഷ്യാച്ചതസ്രോ മൂലസംഹിതാഃ. 7

പുരാണലക്ഷണം, ബ്രഹ്മൻ, ബ്രഹ്മർഷിഭിർന്നിരൂപിതം
ശൃണുഷ്വ ബുദ്ധിമാശ്രിത്യ വേദശാസ്ത്രാനുസാരതഃ. 8

സർഗ്ഗോഽസ്യാഥ വിസർഗ്ഗശ്ച വൃത്തീരക്ഷാന്തരാണി ച
വംശോ വംശാനുചരിതം സംസ്ഥാ ഹേതുരപാശ്രയഃ. 9

ദശഭിർലക്ഷണൈര്യുക്തം പുരാണം തദ്വിദോ വിദുഃ
കേചിത് പഞ്ചവിധം, ബ്രഹ്മൻ, മഹദല്പവ്യവസ്ഥയാ. 10

അവ്യാകൃതഗുണക്ഷോഭാന്മഹതസ്ത്രിവൃതോഽഹമഃ
ഭൂതമാത്രേന്ദ്രിയാർത്ഥാനാം സംഭവഃ സർഗ്ഗ ഉച്യതേ. 11

പുരുഷാനുഗൃഹീതാനാമേതേഷാം വാസനാമയഃ
വിസർഗ്ഗോഽയം സമാഹാരോ ബീജാദ്ബീജം ചരാചരം. 12

വൃത്തിർഭൂതാനി ഭൂതാനാം ചരാണാമചരാണി ച
കൃതാ സ്വേന നൃണാം തത്ര കാമാച്ചോദനയാപി വാ. 13

രക്ഷാച്യുതാവതാരേഹാ വിശ്വസ്യാനു യുഗേ യുഗേ
തിര്യങ്മർത്ത്യർഷിദേവേഷു ഹന്യന്തേ യൈസ്ത്രയീദ്വിഷഃ. 14

മന്വന്തരം മനുർദ്ദേവാ മനുപുത്രാഃ സുരേശ്വരഃ
ഋഷയോഽംശാവതാരശ്ച ഹരേഃ ഷഡ്വിധമുച്യതേ. 15

രാജ്ഞാം ബ്രഹ്മപ്രസൂതാനാം വംശസ്ത്രൈകാലികോഽന്വയഃ
വംശാനുചരിതം തേഷാം വൃത്തം വംശധരാശ്ച യേ. 16

നൈമിത്തികഃ പ്രാകൃതികോ നിത്യ ആത്യന്തികോ ലയഃ
സംസ്ഥേതി കവിഭിഃ പ്രോക്താ ചതുർദ്ധാസ്യ സ്വഭാവതഃ. 17

ഹേതുർജ്ജീവോഽസ്യ സർഗ്ഗാദേരവിദ്യാ കർമ്മകാരകഃ
യം ചാനുശയിനം പ്രാഹുരവ്യാകൃതമുതാപരേ. 18

(തിരേകാന്വയോ യസ്യ ജാഗ്രത്സ്വപ്നസുഷുപ്തിഷു
മായാമയേഷു തദ് ബ്രഹ്മ ജീവവൃത്തിഷ്വപാശ്ര(യഃ) 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 7

വേദോപവിഭജനകഥ (തുടർച്ച)

സൂതൻ പറഞ്ഞു

തൻസംഹിതയഥർവ്വജ്ഞൻ സുമന്തുവും
ശിഷ്യൻ കബന്ധനെയഭ്യസിപ്പിച്ചവൻ
പത്ഥ്യനെന്നും വേദദർശനെന്നും നാമ-
മൊത്തിടും രണ്ടു ശിഷ്യന്മാർക്കു നല്കിനാൻ. 1
വേദദർശൻ നിജശാഖ ശൗക്ലായനി
മോദോപ്പൻ, ബ്രഹ്മബലി, പിപ്പലായനി
എന്ന ശിഷ്യർക്കു പകുത്തു നല്കീടിനാ-
നിന്നി ഞാൻ പത്ഥ്യശിഷ്യന്മാരെയോതിടാം.
ബ്രഹ്മൻ, കമുദൻ, ശുനകനും ജാജലി-
യിമ്മൂന്നുപേരഥർവ്വജ്ഞർ തച്ഛിഷ്യർതാൻ. 2
ബഭ്രുവെന്നും സൈന്ധവായനനെന്നുമായ്
ചൊല്ലൊണ്ടിടും രണ്ടു ശിഷ്യർക്കനന്തരം
ആങ്ഗിരസ്സാമശ്ശുനകൻ സ്വസംഹിത-
യങ്ങു പകുത്തു പഠിപ്പിച്ചു വേണ്ടപോൽ.
അസ്സൈന്ധവായനശിഷ്യർ സാവർണ്യാദ്യ-
രിശ്ശാഖയെ നലമോടു പഠിച്ചിതു. 3
നക്ഷത്രകല്പനമങ്ഗിരസൻ ശാന്തി
കശ്യപൻ തൊട്ടോരഥർവ്വഗുരുക്കളാം
ഇന്നിമേൽ മാമുനീന്ദ്രാ! പുരാണാചാര്യ-
വൃന്ദത്തെയും കേട്ടുകൊൾക പറഞ്ഞിടാം. 4
ഒന്നു വൈശമ്പായനൻതന്നെയാണു സാ-
വർണ്ണി പിന്നീടകൃതവ്രണൻ കശ്യപൻ
ഹാരീതനാമകൻ ത്രയ്യാരുണിയുമെ-
ന്നാറുപേരാണെന്നറിയുക മാമുനേ!
വ്യാസാന്തേവാസിയാം മത്പിതാവിന്നെഴു-
മാസ്യംവഴിയിവരാറുമിസ്സംഹിത
ഓരോന്നുമഭ്യസിച്ചാരവരോടവ
നേരേ പഠിച്ചു തച്ഛിഷ്യനായുള്ള ഞാൻ. 6
കശ്യപൻ, ഞാനഥ സാവർണിയും രാമ-
ശിഷ്യനകൃതവ്രണനെന്നു നാൽവരും
വ്യാസശിഷ്യങ്കൽനിന്നും മൂലസംഹിതാ-
രാശിയിൽനിന്നു നാലെണ്ണം പഠിച്ചിതു. 7
ബ്രാഹ്മണേന്ദ്രാ! പുരാണങ്ങൾതൻ ലക്ഷണം
ബ്രഹ്മർഷിമുഖ്യരാൽ മുന്നേ നിരൂപിതം.
ബുദ്ധിവച്ചങ്ങിനിക്കേട്ടുകൊള്ളു വേദ-
ശാസ്ത്രാനുസാരമതും ചൊല്ലിടുന്നു ഞാൻ. 8
സർഗ്ഗം വിസർഗ്ഗവും വൃത്തിയും രക്ഷണം
മന്വന്തരം വംശവംശ്യചരിത്രങ്ങൾ
സംസ്ഥയും ഹേതുവും മുക്തിയുമീവിധം
പത്തു ചിഹ്നം പുരാണജ്ഞർ ചൊല്ലുന്നിതു.
അല്പം മഹത്തീ വ്യവസ്ഥയോടും ചിലർ
കല്പിപ്പു ലക്ഷണമഞ്ചുവിധത്തിലും. 9-10

അവ്യാകൃതഗുണക്ഷോഭംനിമിത്തമാ-
യാവിർഭവിച്ച മഹാനിൽനിന്നുണ്ടായ
മൂന്നുവിധമഹങ്കാരങ്ങൾ ഭൂതജാ-
ലേന്ദ്രിയാർത്ഥങ്ങൾ തന്മാത്രകളീവക
ഉദ്ഭവിച്ചീടുംവിധത്തെ വർണ്ണിപ്പതു
വിപ്രോത്തമാ! സർഗ്ഗമെന്നറിഞ്ഞീടുക. 11
പേർത്തും പുമാനാലനുഗൃഹീതം മഹ-
ത്തത്ത്വാദിതന്നിൽ വിലയംഗമിച്ചതും
പൂർവ്വകർമ്മോച്ചയവാസനാരൂപമായ്
കാര്യരൂപത്തിലായ്ത്തീർന്നതുമായിടും
സർവ്വചരാചരപൂരവും വിത്തിൽനി-
ന്നുർവ്വീരുഹവുമതിന്നു വിത്തുംവിധം
എപ്പോഴുമങ്ങു പരമ്പരയായ് പ്രവ-
ഹിപ്പതുതന്നെ വിസർഗ്ഗം ദ്വിജോത്തമാ! 12
സഞ്ചരിക്കും ഭൂതരാശിക്കു മിക്കതും
സഞ്ചരിക്കാത്തവതന്നെയാഹാരമാം.
പിന്നെച്ചരിക്കുന്നവയുമാം ദുർല്ലഭ-
മെന്നാൽ നരനോ നിജ സ്വഭാവത്തിനും
കാമത്തിനും പ്രേരണയ്ക്കുമൊത്തെന്നുമീ
ഭൂമിയിൽ ജീവിച്ചിടും രീതി വൃത്തിതാൻ. 13
മർത്ത്യരമർത്ത്യർഷികൾ തിര്യക്കുക-
ളിത്തരം വർഗ്ഗത്തിലെല്ലായുഗത്തിലും
വിശ്വരക്ഷയ്ക്കുമസന്നിധനത്തിനു-
മച്യുതലീലാവതാരമാം രക്ഷ കേൾ. 14
വിണ്ണവരും മനുവും മനുപുത്രരു-
മിന്ദ്രനൃഷികളും വിഷ്ണുകലകളും
എന്നിവയാറുമൊന്നിച്ചു രാജ്യം ഭരി-
ക്കെന്നതു മന്വന്തരമായിടുന്നിതു. 15
ലോകേശജാതരാം മേദിനീപാലർതൻ
ത്രൈകാലികാന്വയം വംശ,മബ്ഭൂപരിൽ
പൃഥ്വീഭരം വഹിച്ചീടുന്നവരുടെ
വൃത്തമാകുന്ന വംശീയചരിത്രവും. 16
കാലം, ഗുണം, കർമ്മമെന്നു മൂന്നിന്നനു-
കൂലമായ് നൈമിത്തികം പ്രാകൃതികവും
നിത്യമാത്യന്തികമിന്നാലുമാതിരി-
യെത്തിടും ലോകനാശം സംസ്ഥയായിടും. 17
ലോകസൃഷ്ട്യാദിക്കു ഹേതുവവിദ്യതൻ
യോഗത്തിനാൽ പ്രവർത്തിക്കുന്ന ജീവനാം
അവ്യാകൃതവുമനുശയിയെന്നുമായ്
ജീവനു പേരുകൾ ചൊല്ലുന്നിതു ചിലർ. 18
മായാമയങ്ങളാം ജീവന്റെ വൃത്തിക-
ളായിടും ജാഗ്രത്സുഷുപ്തിസ്വപ്നങ്ങളിൽ
അന്വയവും വ്യതിരേകവുമേതിനു
ചേർന്നിടുമായതപാശ്രയം ബ്രഹ്മമാം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദാർത്ഥേഷു യഥാ ദ്രവ്യം സന്മാത്രം രൂപനാമസു
ബീജാദിപഞ്ചതാന്താസു ഹ്യവസ്ഥാസു യുതായുതം. 20
വിരമേത യദാ ചിത്തം ഹിത്വാ വൃത്തിത്രയം സ്വയം
യോഗേന വാ തദാത്മാനം വേദേഹായാ നിവർത്തതേ. 21
ഏവം ലക്ഷണലക്ഷ്യാണി പുരാണാനി പുരാവിദഃ
മുനയോഽഷ്ടാദശ പ്രാഹുഃ ക്ഷുല്ലകാനി മഹാന്തി ച. 22
ബ്രാഹ്മം പാദ്മം വൈഷ്ണവം ച ശൈവം ലൈങ്ഗം സഗാരുഡം
നാരദീയം ഭാഗവതമാഗ്നേയം സ്കാന്ദസംജ്ഞിതം. 23
ഭവിഷ്യം ബ്രഹ്മവൈവർത്തം മാർക്കണ്ഡേയം സവാമനം
വാരാഹം മാത്സ്യം കൗർമ്മം ച ബ്രഹ്മാണ്ഡാഖ്യമിതി ത്രിഷട്. 24
ബ്രഹ്മന്നിദം സമാഖ്യാതം ശാഖാപ്രണയനം മുനേഃ
ശിഷ്യശിഷ്യപ്രശിഷ്യാണാം ബ്രഹ്മതേജോവിവർദ്ധനം. 25

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
സപ്തമോഽധ്യായഃ

അഷ്ടമോഽധ്യായഃ

ശൗനക ഉവാച

സൂത, ജീവ ചിരം, സാധോ, വദ നോ, വദതാം വര,
തമസ്യപാരേ ഭ്രമതാം നൃണാം ത്വം പാരദർശനഃ. 1
ആഹുശ്ചിരായുഷമൃഷിം മൃകണ്ഡുതനയം ജനാഃ
യഃ കല്പാന്തേ ഉർവ്വരിതോ യേന ഗ്രസ്തമിദം ജഗത്. 2
സ വാ അസ്മത്കുലോത്പന്നഃ കല്പേഽസ്മിൻ ഭാർഗ്ഗവർഷഭഃ
നൈവാധുനാപി ഭൂതാനാം സംപ്ലവഃ കോഽപി ജായതേ. 3
ഏക ഏവാർണ്ണവേ ഭ്രാമ്യൻ ദദർശ പുരുഷം കില
വടപത്രപുടേ തോകം ശയാനം ത്വേകമദ്ഭുതം. 4
ഏഷ നഃ സംശയോ ഭൂയാൻ, സൂത, കൗതൂഹലം യതഃ
തം നശ്ഛിന്ധി, മഹായോഗിൻ, പുരാണേഷ്വപി സമ്മതഃ. 5

സൂത ഉവാച

പ്രശ്നസ്ത്വയാ മഹർഷേഽയം കൃതോ ലോകഭ്രമാപഹഃ
നാരായണകഥാ യത്ര ഗീതാ കലിമലാപഹാ. 6
പ്രാപ്തദ്വിജാതിസംസ്കാരോ മാർക്കണ്ഡേയഃ പിതുഃ ക്രമാത്
ഛന്ദാംസ്യധീത്യ ധർമ്മേണ തപഃസ്വാധ്യായസംയുതഃ. 7
ബൃഹദ്വ്രതധരഃ ശാന്തോ ജടിലോ വല്ക്കലാംബരഃ
ബിഭ്രത് കമണ്ഡലും ദണ്ഡമുപവീതം സമേഖലം. 8
കൃഷ്ണാജിനം സാക്ഷസൂത്രം കുശാംശ്ച നിയമർദ്ധയേ
അഗ്ന്യർക്കഗുരുവിപ്രാത്മസ്വർച്ചയൻ സന്ധ്യയോർഹരിം. 9
സായം പ്രാതഃ സ ഗുരവേ ഭൈക്ഷ്യമാഹൃത്യ വാഗ്യതഃ
ബുഭുജേ ഗുർവ്വനുജ്ഞാതഃ സകൃന്നോ ചേദുപോഷിതഃ. 10
ഏവം തപഃസ്വാധ്യായപരോ വർഷാണാമയുതായുതം
ആരാധയൻ ഹൃഷീകേശം ജിഗ്യേ മൃത്യും സുദുർജ്ജയം. 11
ബ്രഹ്മാ ഭൃഗുർഭവോ ദക്ഷോ ബ്രഹ്മപുത്രാശ്ച യേ പരേ
നൃദേവപിതൃഭൂതാനി തേനാസന്നതിവിസ്മിതാഃ. 12
ഇത്ഥം ബൃഹദ്വ്രതധരസ്തപഃസ്വാധ്യായസംയമൈഃ
ദധ്യാവധോക്ഷജം യോഗീ ധ്വസ്തക്ലേശാന്തരാത്മനാ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്ങനെ നാമരൂപങ്ങളാലും പദാ-
ർത്ഥങ്ങളിൽ സന്മാത്രമായ് ദ്രവ്യമാസ്ഥിതം
ആവിധം ഗർഭാദിതൊട്ടു മൃത്യന്തമായ്
സർവ്വദാ ചേർന്നുമെന്നാൽച്ചേർന്നിടാതെയും
സർവ്വവികാരാശ്രയമായിരുന്നിടും
നിർവ്വികാരബ്രഹ്മമത്രേയപാശ്രയം. 20
ഭക്തിയോഗത്തിനാൽ വൃത്തിത്രയം ത്യജി-
ച്ചെക്കാലമോ വിരമിപ്പൂ പുമാൻ സ്വയം
അക്കാലമാത്മാവിനെയറിയുന്നു സ്വ-
വ്യക്തം പ്രവൃത്തികളും വിട്ടിടുന്നിതു. 21
ഇപ്രകാരം ലക്ഷണലക്ഷ്യമായിടു-
മപ്പുരാണങ്ങൾ പതിനെട്ടുതാനെന്നു
കല്പിച്ചിതു മഹത്തല്പമീഭേദത്തോ-
ടൊപ്പം പുരാവിത്തുകളാം മുനീശ്വരർ. 22
ബ്രാഹ്മവും പാദ്മവും വാരാഹവൈഷ്ണവ-
ബ്രഹ്മവൈവർത്തങ്ങൾ ഗാരുഡം ശൈവവും
ശ്രീമഹാഭാഗവതവുമാഗ്നേയവും
വാമനം സ്കാന്ദം ഭവിഷ്യവും മാത്സ്യവും
കൗർമ്മമാർക്കണ്ഡേയനാരദീയങ്ങളും
ബ്രഹ്മാണ്ഡവും ലൈംഗവും തന്നെ
പേരുകൾ. 23–24
ഭൂസുരാ! വ്യാസമുനിയുടേയും ശിഷ്യ-
ശിഷ്യപ്രശിഷ്യർ തച്ഛിഷ്യരുടേയുമേ
ബ്രഹ്മതേജോവർദ്ധനം വേദശാഖതൻ-
നിർമ്മിതി ചൊന്നേൻ ഭവാനോടു
വേണ്ടപോൽ. 25

അദ്ധ്യായം 8

മാർക്കണ്ഡേയചരിതം

ശൗനകൻ പറഞ്ഞു

സൂതാ! ഭവാൻ ദീർഘകാലമിരിക്കുക
സാധോ! കഥനപടുശിരോരത്നമേ!
തീരെക്കരകണ്ടിടാത്തതാകും മഹാ-
ക്കൂരിരുട്ടിൽ ഭ്രമിച്ചീടും മനുഷ്യരെ
അങ്ങു കരയേററിടുന്ന ഹരികഥ
ഞങ്ങളോടിന്നിയും ചൊല്ലീടണം ഭവാൻ. 1
ഏവരുമമ്മൃകണ്ഡാത്മജനെച്ചിര-
ഞ്ജീവിയെന്നോതുന്നു, സർവ്വഭൂതങ്ങളും
നഷ്ടമാകും പ്രളയത്തിലുമിമ്മുനി
ശിഷ്ടനായ് ജീവിച്ചുപോ,ലതു സാദ്ധ്യമോ? 2
ഇക്കല്പകാലത്തുതാനുളവായിതാ
ഭാർഗ്ഗവശ്രേഷ്ഠനസ്സത്കുലംതന്നിലായ്
പിന്നെയിന്നോളം ഭവിച്ചതില്ലാ ഭൂത-
വൃന്ദത്തിനേതും പ്രളയവും സന്മതേ! 3
ലോകം മുഴുവനും മൂടിടുമബ്ധിയി-
ലേകനായി ഭ്രമിച്ചീടുമമ്മാമുനി
ആലിലതന്നിൽ ശയിച്ചീടുമദ്ഭുത-
ബാലസ്വരൂപനാമേകനെക്കണ്ടുപോൽ. 4
ഞങ്ങൾക്കിതിൽ ബലമായുണ്ടു സംശയം
മംഗലാത്മൻ! വളരുന്നിതൗത്സുക്യവും
സന്മാന്യയോഗിൻ! പുരാണജ്ഞനെന്നു സു-
സമ്മതനാമങ്ങു തീർക്കുകിസ്സംശയം. 5

സൂതൻ പറഞ്ഞു

ഹേ മഹർഷേ! ഭവത്പ്രശ്നമിതു ജഗത്-
ക്ഷേമദംതാൻ കലിദോഷവും പോക്കിടും
നാരായണകഥാഗാനത്തിനായതി-
ങ്ങാരാലവസരമുണ്ടാക്കിടുന്നിതേ. 6
വിപ്രകുലോചിതസംസ്കാരയുക്തനാ-
യപ്പിതാവിങ്കൽനിന്നഭ്യസിച്ചാഗമം
ധർമ്മത്തൊടൊത്തു തപസ്സദ്ധ്യയനവും
നന്മട്ടനുഷ്ഠിച്ചിതേ മൃകണ്ഡാത്മജൻ. 7
ശാന്തനായ്ത്തീവ്രവ്രതധരനായ് ജട-
യേന്തി മരത്തോലുടുത്തുപവീതവും
ദണ്ഡം കമണ്ഡലു മേഖലയെന്നിവ-
യാർന്നു വിളങ്ങിനാൻ ബ്രഹ്മചര്യത്തൊടും. 8
അക്ഷസൂത്രത്തോടുകൂടിയ മാൻതോലു-
മക്ഷമാലും ദർഭയെന്നിവയും പൂണ്ടു
അർക്കാഗ്നിദേശികഭൂസുരാത്മാക്കളി-
ലൊക്കെ ഹരിയെയർച്ചിച്ചാൻ ദ്വിസന്ധ്യ-
യിൽ. 9
സായമുഷസ്സെന്ന സന്ധ്യകൾ രണ്ടിലും
പോയേററു ഭിക്ഷ ഗുരുവിനർപ്പിച്ചിടും
ദേശികൻ ചൊൽകിലശിക്കുമൊരുകുറി
ലേശ,മല്ലെങ്കിലുപവാസമാർന്നിടും. 10
ഇപ്രകാരം തപസ്സ്വാദ്ധ്യായനിഷ്ഠയിൽ
തത്പരനായയുതായുതവത്സരം
ദൈത്യാരിതന്നെയാരാധിച്ചു ദുർജ്ജയ-
മൃത്യുവിനെജ്ജയിച്ചീടിനാനമ്മഹാൻ. 11
ബ്രഹ്മാ,വുമേശൻ, ഭൃഗുമുനി ദക്ഷനും
ബ്രഹ്മജാതന്മാരിതരരും മർത്ത്യരും
വിണ്ണവരും പിതൃദേവഭൂതങ്ങളു-
മുന്നതാശ്ചര്യനിമഗ്നരായീടിനാർ. 12
ഈവിധം നൈഷ്ഠികബ്രഹ്മചര്യം ധരി-
ച്ചാവസിച്ചാ യോഗി,യിന്ദ്രിയനിഗ്രഹം
അദ്ധ്യയനം തപസ്സെന്നിവയാൽ ക്ലേശ-
മസ്തമിപ്പിച്ചു ഹരിധ്യാനമാർന്നിതു. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈവം യുഞ്ജതശ്ചിത്തം മഹായോഗേന യോഗിനഃ
വ്യതീയായ മഹാൻ കാലോ മന്വന്തരഷഡാത്മകഃ. 14
ഏതത് പുരന്ദരോ ജ്ഞാത്വാ സപ്തമേഽസ്മിൻ കിലാന്തരേ
തപോവിശങ്കിതോ ബ്രഹ്മന്നാരേഭേ തദ്വിഘാതനം. 15
ഗന്ധർവ്വാപ്സരസഃ കാമം വസന്തമലയാനിലൗ
മുനയേ പ്രേഷയാമാസ രജസ്തോകമദൗ തഥാ. 16
തേ വൈ തദാശ്രമം ജഗ്മുർഹിമാദ്രേഃ പാർശ്വ ഉത്തരേ
പുഷ്പഭദ്രാ നദീ യത്ര ചിത്രാഖ്യാ ച ശിലാ, വിഭോ. 17
തദാശ്രമപദം പുണ്യം പുണ്യദ്രുമലതാഞ്ചിതം
പുണ്യദ്വിജകുലാകീർണ്ണം പുണ്യാമലജലാശയം. 18
മത്തഭ്രമരസങ്ഗീതം മത്തകോകിലകൂജിതം
മത്തബർഹിനടാടോപം മത്തദ്വിജകുലാകുലം. 19
വായുഃ പ്രവിഷ്ട ആദായ ഹിമനിർഝരശീകരാൻ
സുമനോഭിഃ പരിഷ്വക്തോ വവാവുത്തംഭയൻ സ്മരം. 20
ഉദ്യച്ചന്ദ്രനിശാവക്ത്രഃ പ്രവാളസ്തബകാളിഭിഃ
ഗോപദ്രുമലതാജാലൈസ്തത്രാസീത് കുസുമാകരഃ. 21
അന്വീയമാനോ ഗന്ധർവ്വൈർഗ്ഗീതവാദിത്രയൂഥകൈഃ
അദൃശ്യതാത്തചാപേഷു സ്വഃസ്ത്രീയൂഥപതിഃ സ്മരഃ. 22
ഹുത്വാഗ്നിം സമുപാസീനം ദദൃശുഃ ശക്രകിങ്കരാഃ
മീലിതാക്ഷം ദുരാധർഷം മൂർത്തിമന്തമിവാനലം. 23
നനൃതുസ്തസ്യ പുരതഃ സ്ത്രിയോഽഥോ ഗായകാ ജഗുഃ
മൃദങ്ഗവീണാപണവൈർവാദ്യം ചക്രുർമ്മനോരമം. 24
സന്ദധേഽസ്ത്രം സ്വധനുഷി കാമഃ പഞ്ചമുഖം തദാ
മധുർമ്മനോ രജസ്തോക ഇന്ദ്രഭൃത്യാ വ്യകമ്പയൻ. 25
ക്രീഡന്ത്യാഃ പുഞ്ജികസ്ഥല്യാഃ കന്ദുകൈ സ്തനഗൗരവാത്
ഭൃശമുദ്വിഗ്നമധ്യായാഃ കേശവിസ്രംസിതസ്രജഃ. 26
ഇതസ്തതോ ഭ്രമദ്ദൃഷ്ടേശ്ചലന്ത്യാ അനുകന്ദുകം
വായുർജ്ജഹാര തദ്വാസഃ സൂക്ഷ്മം ത്രുടിതമേഖലം. 27
വിസസർജ്ജ തദാ ബാണം മത്വാ തം സ്വജിതം സ്മരഃ
സർവ്വം തത്രാഭവന്മോഘമനീശസ്യ യഥോദ്യമഃ. 28
ത ഇത്ഥമപകുർവ്വന്തോ മുനേസ്തത്തേജസാ, മുനേ,
ദഹ്യമാനാ നിവവൃതുഃ പ്രബോധ്യാഹിമിവാർഭകാഃ. 29
ഇതീന്ദ്രാനുചരൈർ,ബ്രഹ്മൻ, ധർഷിതോഽപി മഹാമുനിഃ
യന്നാഗാദഹമോ ഭാവം ന തച്ചിത്രം മഹത്സു ഹി. 30
ദൃഷ്ട്വാ നിസ്തേജസം കാമം സഗണം ഭഗവാൻ സ്വരാട്
ശ്രുത്വാനുഭാവം ബ്രഹ്മർഷേർവിസ്മയം സമഗാത് പരം. 31
തസ്യൈവം യുഞ്ജതശ്ചിത്തം തപഃസ്വാധ്യായസംയമൈഃ
അനുഗ്രഹായാവിരാസീന്നരനാരായണോ ഹരിഃ. 32

തൗ ശുക്ലകൃഷ്ണൗ നവകഞ്ജലോചനൗ ചതുർഭുജൗ രൗരവവല്കലാംബരൗ
പവിത്രപാണീ ഉപവീതകം ത്രിവൃത് കമണ്ഡലും ദണ്ഡമൃജ്ജും ച
വൈണവം. 33

പദ്മാക്ഷമാലാമുത ജന്തുമാർജ്ജനം
വേദം ച സാക്ഷാത്തപ ഏവ രൂപിണൗ
തപത്തഡിദ്വർണ്ണപിശങ്ഗ*രോചിഷൗ
പ്രാംശൂ ദധാനൗ വിബുധർഷഭാർച്ചിതൗ. 34

തേ വൈ ഭഗവതോ രൂപേ നരനാരായണാവൃഷീ
ദൃഷ്ട്വോത്ഥായാദരേണോച്ചൈർന്നനാമാങ്ഗേന ദണ്ഡവത്. 35

* 'രോചിഷാ' ഇതി പാഠഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്ഥം മഹായോഗമഭ്യസിച്ചാത്മാവി-
ലുറത്താരുറപ്പിച്ചിരിക്കുന്ന യോഗിയാം
മാർക്കണ്ഡേയന്നാറുമന്വന്തരമായ
ദീർഘകാലം കഴിഞ്ഞെന്നു ധരിക്കണം. 14
ഇന്ദ്രനിക്കാര്യമറിഞ്ഞിട്ടു സപ്തമ-
മന്വന്തരത്തിൽ തപശ്ശങ്കിതനായി
ഏതുവിധവുമിതു മുടക്കീടുവാൻ
ചാതുര്യമോടും പ്രവൃത്തി തുടങ്ങിനാൻ. 15
ഗന്ധർവ്വ,രപ്സരസ്സ്ത്രീകൾ, മലയജ-
ഗന്ധവാഹൻ, കാമദേവൻ വസന്തവും
പിന്നെ രജസ്തോകലോഭമദങ്ങളും
ചേർന്ന സംഘത്തെ വിട്ടാൻ മുനീന്ദ്രാന്തികം. 16
തുങ്ഗഹിമാദ്രിതന്നുത്തരസാനുവിൽ
സങ്ഗതമാം പുഷ്പഭദ്രാസരിത്തുതൻ
തീരത്തു ചിത്രാഖ്യയാളും ശിലയുടെ
ചാരെത്തദാശ്രമത്തിൽ കടന്നാരവർ. 17
പുണ്യദ്രുമലതാമോഹനമായ്പരം
പുണ്യവിഹംഗമസഞ്ചയപൂർണ്ണമായ്
പുണ്യവിമലജലാശയോപേതമായ്
ഗണ്യതരമായിരുന്നു തദാശ്രമം. 18
മത്തഭ്രമരസങ്ഗീതത്തൊടും മദം-
മെത്തും കുയിലുകൾ കൂജനംചെയ്വതായ്
മത്തകേകീഗണനർത്തനരങ്ഗമായ്
മത്തദ്വിജൗഘാകുലമായിരുന്നിതു. 19
മഞ്ഞാറൊഴുക്കിൽനിന്നും ഹിമശീകര-
പുഞ്ജമാർന്നസ്സുമനസ്സുകളാൽ പരം
ആലിങ്ഗിതനായ് പരിമളവും വഹി-
ച്ചാ ലാക്കിലങ്ങെത്തി മന്ദസമീരണൻ
കാമവികാരം വളർത്തിയനാരത-
മാമന്ദിരപ്രാന്തമെങ്ങുമേ വീശിനാൻ. 20
വന്നു വസന്തം, നിശാരംഭമായുദി-
ച്ചിന്ദുവും, പല്ലവഗുച്ഛാവൃതങ്ങളാം
വല്ലീതരുക്കൾ ലതാനിലയങ്ങളു-
മെല്ലാം തഴച്ചുകാണപ്പെട്ടിതക്ഷണം. 21
പാട്ടുകാർ വാദ്യമേളക്കാരിവരോടു-
മൊത്തു ഗന്ധർവ്വസംഘാന്വിതനായുടൻ
വില്ലുമമ്പുംധരിച്ചപ്സരഃസ്ത്രീഗണ-
ത്തിലുജനാഥനായ്ക്കണ്ടിതു കാമനെ. 22
അഗ്നിയെ ഹോമിച്ചടങ്ങി മിഴിയട-
ച്ചഗ്നിയുടലാർന്നവന്മട്ടിരുന്നീടും
പാരം ദുരാധർഷനാമമ്മുനീന്ദ്രനെ
നേരേ നിരീക്ഷിച്ചു ദേവേന്ദ്രകിങ്കരർ. 23
ആയവൻമുന്നിലപ്സ്ത്രീകൾ നൃത്തംചെയ്തു,
ഗായകർ പാടി, മൃദങ്ഗപണവങ്ങൾ
വീണ മുതലായ വാദ്യവിശേഷങ്ങൾ
മാനസമോഹനമായ് പ്രയോഗിച്ചിതു. 24

പഞ്ചമുഖാസ്ത്രം തൊടുത്താൻ സ്വചാപത്തി-
ലഞ്ചമ്പനപ്പോൾ വസന്തലോഭാദ്യരാം
ശക്രഭൃത്യന്മാരുമമ്മാമുനീന്ദ്രന്റെ-
യുൾക്കാമ്പിളക്കും പണിയിലേർപ്പെട്ടിതു. 25
ഉത്തുങ്ഗചാരുസ്തനഭരത്താൽ പാര-
മുദ്വിഗ്നമധ്യയാമപ്പുഞ്ജികസ്ഥലി
പന്താടിയു,മഴിഞ്ഞും നിജകുന്തള-
ബന്ധം, പൊഴിഞ്ഞും ശിഖാമാലികാമലർ. 26
കന്ദുകത്തിൻപിൻപു പാഞ്ഞും ഭ്രമിക്കുമ-
ക്കണ്ണുകളാൽ കടാക്ഷങ്ങൾ വർഷിച്ചുമേ
സഞ്ചരിക്കെക്കാഞ്ചിപൊട്ടിസ്സുസൂക്ഷ്മമാ-
മഞ്ചിതവസ്ത്രം പവനൻ ഹരിച്ചിതേ. 27
അപ്പോൾ സഫലമായ് സങ്ഗതിയെ-
ക്കെല്ലോട്ടു വിട്ടാൻ മദനനുമമ്പുകൾ. [ന്നോർത്തു
ഈശാനുകൂലരഹിതോദ്യമംവിധം
മോശമായ്ത്താൻ കലാശിച്ചു പരിശ്രമം. 28
ഇത്തരമമ്മുനിതൻനേർക്കപകാര-
കൃത്തുകളാകുമവർ, തന്മഹസ്സിനാൽ
ചുട്ടുനീറീട്ടു സർപ്പത്തെയുണർത്തിയ
കുട്ടികൾമട്ടുടൻ വിട്ടുമാറീടിനാർ. 29
ശക്രന്റെ കിങ്കരരമ്മഹാനോടേവ-
മക്രമം കാട്ടീടിലും ശക്തനമ്മുനി
തെല്ലുമഹമ്മതിയററിരുന്നെന്നതി-
ലില്ലദ്ഭുതം, മഹാത്മാക്കളിവണ്ണമാം. 30
അണ്ടർകോൻ കാമനെത്തേജോവിഹീനനായ്
കണ്ടും ഗണയുതം, ബ്രഹ്മർഷിതന്നുടെ
വൻപ്രഭാവത്തെശ്രവിച്ചും പരംവിസ്മ-
യാംഭോധിതന്നിൽ നിമഗ്നനായീടിനാൻ. 31
അദ്ധ്യയനം, തപ,സ്സിന്ദ്രിയനിഗ്രഹ-
മിത്യാദിയാൽ മാനസം ലയിപ്പിച്ചെഴും
ആരണൻതന്നെയനുഗ്രഹിപ്പാൻ നര-
നാരായണർഷികളാവിർഭവിച്ചിതു. 32
നന്നാലു കൈകൾ വെളുപ്പും കറുപ്പുമാം
വർണ്ണം നവാംബുജചാരുതരാക്ഷികൾ
പാണികളിൽ പവിത്രങ്ങളും മൂന്നിഴ-
പ്പൂണുൽകളും മൃഗത്തോൽ മരത്തോൽകളും
കിണ്ടി, വളവററ വൈണവദണ്ഡവും
തണ്ടാർദലമാല, ജന്തുമാർജ്ജാംബരം
എന്നിവപൂണ്ടും ശ്രുതിധരരായ് സുര-
വൃന്ദാർച്ചിതരായ് തപസ്സുടലാർന്നവോ
എന്നു തോന്നിപ്പവരായ് ദീർഘകായരായ്
മിന്നലിനൊത്തുജ്ജ്വലിച്ചാരിരുവരും. 33-34
പുണ്ഡരീകാക്ഷസ്വരൂപങ്ങളായിടു-
മന്നരനാരായണർഷികളെക്കണ്ടു
ഉന്നതമാമാദരത്തോടെഴുന്നേററു
ദണ്ഡനമസ്കൃതിചെയ്താൻ മുനീശ്വരൻ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ തത്സന്ദർശനാനന്ദനിർവൃതാത്മേന്ദ്രിയാശയഃ
ഹൃഷ്ടരോമാശ്രുപൂർണ്ണാക്ഷോ ന സേഹേ താവുദീക്ഷിതും. 36

ഉത്ഥായ പ്രാഞ്ജലിഃ പ്രഹ്വ ഔത്സുക്യാദാശ്ലിഷന്നിവ
നമോ നമ ഇതീശാനൗ ബഭാഷേ ഗദ്ഗദാക്ഷരഃ. 37

തയോരാസനമാദായ പാദയോരവനിജ്യ ച
അർഹണേനാനുലേപേന ധൂപമാല്യൈരപൂജയത്. 38

സുഖമാസനമാസീനൗ പ്രസാദാഭിമുഖൗ മുനീ
പുനരാനമ്യ പാദാഭ്യാം ഗരിഷ്ഠാവിദമബ്രവീത്. 39

മാർക്കണ്ഡേയ ഉവാച

കിം വർണ്ണയേ തവ, വിഭോ, യദുദീരിതോഽസുഃ
സംസ്പന്ദതേ തമനു വാങ്മന ഇന്ദ്രിയാണി
സ്പന്ദന്തി വൈ തനുഭൃതാമജശർവ്വയോശ്ച
സ്വസ്യാപ്യഥാപി ഭജതാമസി ഭാവബന്ധുഃ. 40

മൂർത്തീ ഇമേ ഭഗവതോ ഭഗവംസ്ത്രീലോക്യാഃ
ക്ഷേമായ താപവിരമായ ച മൃത്യുജിത്യൈ
നാനാ ബിഭർഷ്യവിതുമന്യതനൂര്യഥേദം
സൃഷ്ട്വാ പുനർഗ്രസസി സർവ്വമിവോർണ്ണനാഭിഃ. 41

തസ്യാവിതുഃ സ്ഥിരചരേശിതുരങ്ഘ്രിമൂലം
യത്സ്ഥം ന കർമ്മഗുണകാലരുജഃ സ്പൃശന്തി
യദ്വൈ സ്തുവന്തി നിനമന്തി യജന്ത്യഭീക്ഷ്ണം
ധ്യായന്തി വേദഹൃദയാ മുനയസ്തദാപ്ത്യൈ. 42

നാന്യം തവാങ്ഘ്ര്യുപനയാദപവർഗ്ഗമൂർത്തേഃ
ക്ഷേമം ജനസ്യ പരിതോഭിയ ഈശ വിദ്മഃ
ബ്രഹ്മാ ബിഭേത്യലമതോ ദ്വിപരാർദ്ധധിഷ്ണ്യഃ
കാലസ്യ തേ കിമുത തത്കൃതഭൗതികാനാം. 43

തദ്വൈ ഭജാമ്യൃതധിയസ്തവ പാദമൂലം
ഹിത്വേദമാത്മച്ഛദി ചാത്മഗുരോഃ പരസ്യ
ദേഹാദ്യപാർത്ഥമസദന്ത്യമഭിജ്ഞമാത്രം
വിന്ദേത തേ തർഹി സർവ്വമനീഷിതാർത്ഥം. 44

സത്ത്വം രജസ്തമ ഇതീശ തവാത്മബന്ധോ
മായാമയാഃ സ്ഥിതിലയോദയഹേതവോഽസ്യ
ലീലാ ധൃതാ യദപി സത്ത്വമയീ പ്രശാന്ത്യൈ
നാന്യേ നൃണാം വ്യസനമോഹഭിയശ്ച യാഭ്യാം. 45

തസ്മാത്തവേഹ ഭഗവന്നഥ താവകാനാം
ശുക്ലാം തനും സ്വദയിതാം കുശലാ ഭജന്തി
യത് സാത്വതാഃ പുരുഷരൂപമുശന്തി സത്ത്വം
ലോകോ യതോഽഭയമുതാത്മസുഖം ന ചാന്യത്. 46

തസ്മൈ നമോ ഭഗവതേ പുരുഷായ ഭൂമ്നേ
വിശ്വായ വിശ്വഗുരവേ പരദൈവതായ
നാരായണായ ഋഷയേ ച നരോത്തമായ
ഹംസായ സംയതഗിരേ നിഗമേശ്വരായ. 47

യം വൈ ന വേദ വിതഥാക്ഷപഥൈർഭ്രമദ്ധീഃ
സന്തം സ്വഖേഷ്വസുഷു ഹൃദ്യപി ദൃക്പഥേഷു
തന്മായയാഽഽവൃതമതിഃ സ ഉ ഏവ സാക്ഷാ-
ദാദ്യസ്തവാഖിലഗുരോരുപസാദ്യ വേദം. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്ദ്ദശനത്തിനാലാനന്ദനിർവൃതി
ചിത്തവുമാത്മേന്ദ്രിയങ്ങളുമാന്നുടൻ

ഹൃഷ്ടരോമാവവനശ്രുപൂണ്ണാക്ഷനായ്
സ്പഷ്ടമവരെ വീക്ഷിക്കാനശക്തനായ്. 36

പിന്നെയെഴുന്നേററു കൂപ്പിത്തലകുനി-
ച്ചുന്നതൗത്സുക്യാൽ പുണന്നീടുവോൻവിധം

ഈശ്വരന്മാരേ! നമസ്സുനമസ്സെന്നു
തോഷിച്ചു ഭാഷിച്ചു ഗദ്ഗദപൂർവ്വകം. 37

ആസനം നല്കിയവക്കു തദങ്ഘ്രികാം
താൻ സ്വയം ക്ഷാളനംചെയ്തഹ്ണങ്ങളും

ലേപനധൂപമാല്യങ്ങളുംകൊണ്ടട-
നാ ഭഗവാന്മാരെയച്ചനംചെയ്തിതു. 38

ആസനത്തിൽ സുഖമാസീനരായ് പ്രസ-
ന്നാസ്യഭാവം കലന്നീടുമപ്പൂജ്യരെ

പിന്നെയും പാദപ്രണാമമനുഷ്ഠിച്ചു
ചൊന്നാനിതുവിധമമ്മൃകണ്ഡ്വാത്മജൻ. 39

മാക്കണ്ഡേയൻ പറഞ്ഞു

ഹേ വിഭോ! നിന്തിരുമേനിതൻ മേന്മയി-
പ്പാവത്തിനു ശേഷിയില്ല വണ്ണിക്കുവാൻ

പ്രാണനങ്ങേ പ്രേരണയാൽ പ്രവത്തിപ്പ-
താണതിനൊത്തീയെനിക്കും വിരിഞ്ചനും

ശവ്നുമെല്ലാശ്ശരീരിക്കുമുള്ളതാം
സവേന്ദ്രിയങ്ങളും വാങ്മാനസങ്ങളും

ത്വത്കൃപയാൽത്താൻ ചലിപ്പതാണെന്നല്ല
ഭക്താവലിക്കാത്മബന്ധുവുമങ്ങുതാൻ. 40

ഹേ! ഭഗവൻ! ഭവാൻതന്നുടെയീരണ്ടു
രൂപങ്ങളും ത്രിലോകത്തിൻ സുഖത്തിനും

ദുഃഖനിവാരണത്തിന്നും മൃതിയൊഴി-
വാക്കീടുവാനുമായുള്ളതുതാൻ ദൃഢം.

ലോകരക്ഷയ്ക്കായിതരസ്വരൂപങ്ങ-
ളാളുംവിധത്തിലീ രൂപവുമാന്നിഹ

നിന്തിരുമേനി ചിലന്തിയോടൊപ്പമാ-
യന്ത്യമഖിലം ഗ്രസിപ്പു വിശ്വംഭരാ! 41

ലോകപിതാവും സമസ്തനിയന്താവു-
മാകുമങ്ങേപ്പദമൂലം ഭജിപ്പു ഞാൻ.

ഏതിൽ സ്ഥിതിചെയ്യുവോനെത്തൊടുന്നതി-
ല്ലേതും ഗുണകമ്മകാലരജോമലം

വേദഹൃദയർ മുനികൾ യാതൊന്നിനെ
മോദാൽ സ്തുതിപ്പു നമിപ്പു ധ്യാനിപ്പു തേ,

അപ്പാദമൂലം ലഭിപ്പതിനായ്ത്തന്നെ
നിർഭരം ധ്യാനിച്ചിടുന്നു ഞാനും ഹരേ! 42

നാലുഭാഗത്തിലും നാശഭീയാന്നിട്ട-
മാളുകൾക്കൊക്കെയും മോക്ഷസ്വരൂപനാം

അങ്ങേപ്പദാംബുജമെന്നിയേ കാണ്മതി-
ല്ലെങ്ങുമേ ഞങ്ങളിതരം സുഖാസ്പദം.

രണ്ടു പരാദ്ധകാലത്തോളവുംതന്നെ
നീണ്ടുനില്ക്കും സ്ഥാനമാന്ന നാലാസ്യനും

കാലസ്വരൂപനാമങ്ങേബ്ഭയപ്പെട്ട-
മ്പോളെന്തു തത്കൃതവസ്തുക്കൾതൻ കഥ. 43

ആകയാലാത്മാവൃതിയായപാത്ഥമായ്
സ്തോകമായിച്ചിദനന്യമായ് സാന്തമാം

ഈ ശരീരാദിയുപേക്ഷിച്ചുടനാത്മ-
ദേശികനായ് പരനായ്യൃതബുദ്ധിയാം

അങ്ങേപ്പദപദ്മമൂലം ഭജിപ്പു ഞാൻ
സങ്ഗതമാമതിനാലഖിലാത്ഥവും. 44

ആത്മബന്ധോ! ഭവന്മായയാൽക്കല്പിതം
സത്ത്വരജസ്തമോമൂത്തിത്രയം ഭവാൻ

ലീലയായ് സൃഷ്ടിസ്ഥിതിലയഹേതുവായ്
ചാലവേ സർവ്വേശ്വരാ! ധരിച്ചീടിലും

മത്ത്യപ്രശാന്തിക്കു സത്ത്വപ്രധാനമീ
മൂത്തിതാൻ മററുള്ളവയല്ല വേണ്ടതും

അത്തൽ മോഹം ഭയമെന്നിവയേ മററു-
മൂത്തികളിൽനിന്നു സിദ്ധിച്ചിടൂ ദൃഢം. 45

ആകയാൽ ഹേ ഭഗവാനേ! പുനരിഹ
ലോകത്തു സദ്ബുദ്ധിയുള്ളവരേവരും

ചെമ്മേ ഭവത്സത്ത്വമൂത്തിയേയും ഭവ-
ത്സംബന്ധികളിൽത്ത്വദിഷ്ടരൂപത്തെയും

നിത്യം ഭജിക്കുന്നു സാത്വതരേവരും
സത്ത്വത്തെയീശസ്വരൂപമായ്ക്കാണ്മിതേ.

എന്തുമതിൽനിന്നഭയമാനന്ദവു-
മൊത്തു വൈകുണ്ഠവും, വേറേ ലഭിച്ചിടാ. 46

വിശ്വാത്മകനായ് ഭഗവത്പദാഹനായ്
വിശ്വഹിതോപദേഷ്ടാവായ് വിഭുവായി

സംയതവാക്കായ് നിഗമപ്രവത്തക-
നായിപ്പരദൈവതമായ് വിശുദ്ധനായ്

നാരായണനായ് നരോത്തമനായിട്ടും
പൂരുഷനായി നമസ്കരിക്കുന്നു ഞാൻ. 47

നിന്ദ്യവിഷയസുഖാനുഭൂതിക്കുള്ളൊ-
രിന്ദ്രിയമാഗ്ഗങ്ങളിൽ ഭ്രമിക്കും പുമാൻ

സ്വന്തം ഹൃദയേന്ദ്രിയങ്ങളിലും നേത്ര-
പന്ഥാക്കളിലുമസുക്കളിലും സദാ

ആവസിപ്പോനെത്തദീയമാം മായത-
ന്നാവരണത്താലറിയുന്നതില്ലഹോ! 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്ദർശനം നിഗമ ആത്മരഹഃപ്രകാശം
മുഹ്യന്തി യത്ര കവയോഽജപരാ യതന്തഃ
തം സർവ്വവാദവിഷയപ്രതിരൂപശീലം
വന്ദേ മഹാപുരുഷമാത്മനിഗൂഢബോധം. 49

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
അഷ്ടമോഽധ്യായഃ

നവമോഽധ്യായഃ

സൂത ഉവാച
സംസ്തുതോ ഭഗവാനിത്ഥം മാർക്കണ്ഡേയേന ധീമതാ
നാരായണോ നരസഖഃ പ്രീത ആഹ ഭൃഗൂദ്വഹം. 1

ശ്രീഭഗവാനുവാച
ഭോ ഭോ ബ്രഹ്മർഷിവര്യാസി സിദ്ധ ആത്മസമാധിനാ
മയി ഭക്ത്യാനപായിന്യാ തപഃസ്വാധ്യായസംയമൈഃ. 2
വയം തേ പരിതുഷ്ടാഃ സ്മ ത്വദ്ബൃഹദ്വ്രതചര്യയാ
വരം പ്രതീച്ഛ ഭദ്രം തേ വരദേശാദഭീപ്സിതം. 3

ഋഷിരുവാച
ജിതം തേ, ദേവദേവേശ, പ്രപന്നാർത്തിഹരാച്യുത,
വരേണൈതാവതാലം നോ യദ്ഭവാൻ സമദൃശ്യത. 4
ഗൃഹീത്വാജാദയോ യസ്യ ശ്രീമത്പാദാബ്ജദർശനം
മനസാ യോഗപക്വേന സ ഭവാൻ മേഽക്ഷിഗോചരഃ. 5
അഥാപ്യംബുജപത്രാക്ഷ, പുണ്യശ്ലോകശിഖാമണേ
ദ്രക്ഷ്യേ മായാം യയാ ലോകഃ സപാലോ വേദ സദ്ഭിദാം. 6

സൂത ഉവാച
ഇതീഡിതോഽർച്ചിതഃ കാമമൃഷിണാ ഭഗവാൻ, മുനേ
തഥേതി സ സ്മയൻ പ്രാഗാദ് ബദര്യാശ്രമമീശ്വരഃ. 7
തമേവ ചിന്തയന്നർത്ഥമൃഷിഃ സ്വാശ്രമ ഏവ സഃ
വസന്നഗ്ന്യർക്കസോമാംബുഭൂവായുവിയദാത്മസു
ധ്യായൻ സർവ്വത്ര ച ഹരിം ഭാവദ്രവ്യൈരപൂജയത്
ക്വചിത് പൂജാം വിസസ്മാര പ്രേമപ്രസരസംപ്ലുതഃ. 9
തസ്യൈകദാ, ഭൃഗുശ്രേഷ്ഠ, പുഷ്പഭദ്രാതടേ മുനേഃ
ഉപാസീനസ്യ സന്ധ്യായാം, ബ്രഹ്മൻ, വായുരഭൂന്മഹാൻ. 10

തം ചണ്ഡശബ്ദം സമുദീരയന്തം
ബലാഹകാ അന്വഭവൻ കരാളാഃ
അക്ഷസ്ഥവിഷ്ഠാ മുമുചുസ്തഡിദ്ഭിഃ
സ്വനന്ത ഉച്ചൈരഭിവർഷധാരാഃ. 11

തതോ വ്യദൃശ്യന്ത ചതുസ്സമുദ്രാഃ
സമന്തതഃ ക്ഷ്മാതലമാഗ്രസന്തഃ
സമീരവേഗോർമ്മിഭിരുഗ്രനക്ര-
മഹാഭയാവർത്തഗഭീരഘോഷാഃ. 12

അന്തർബ്ബഹിശ്ചാദ്ഭിരതിദ്യുഭിഃ ഖരൈഃ
ശതഹ്രദാഭീരുപതാപിതം ജഗത്
ചതുർവ്വിധം വീക്ഷ്യ സഹാത്മനാ മുനി-
ർജ്ജലാപ്ലുതാം ക്ഷ്മാം വിമനാഃ സമത്രസത്. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആക്കെഴമാത്മരഹസ്യപ്രകാശനം
ദുർഗ്ഗോചരമാം ശ്രുതികളിൽനിന്നു താൻ,

ബ്രഹ്മാദ്യരാം കവിശ്രേഷ്ഠർ യതിക്കിലും
സമ്മോഹിതരായ്ഭവിക്കുന്നതാരിലോ

ബോധമാത്മാവിനാൽ ഛന്നമാക്കിസ്സുവ്-
വാദവിഷയാനുകൂലസ്വഭാവനായ്

മിന്നീടുമമ്മഹാപൂരുഷനേയിവൻ
വന്ദിച്ചിടുന്നിതേ നന്ദിപുരസ്സരം. 49

അദ്ധ്യായം 9

മാർക്കണ്ഡേയചരിതം (തുടർച്ച)

സൂതൻ പറഞ്ഞു

ബുദ്ധിമാനായ മൃകണ്ഡുതനൂജനാൽ
സംസ്തുതൻ നാരായണർഷി നരസഖൻ

സന്തുഷ്ടനായിബ്ഭൃഗുവര്യനോടുടൻ
മന്ദസ്മിതത്തോടരുളിനാനീവിധം: 1

ശ്രീഭഗവാൻ പറഞ്ഞു

എന്നിലങ്ങേയ്ക്കുള്ള നിശ്ചലമാം ഭക്തി,-
യന്യൂനമാം തപ,സ്സിന്ദ്രിയനിഗ്രഹം

ചിത്തൈക്യ,മാഗമാധീതിയിത്യാദിയാൽ
സിദ്ധനായ്ത്തീർന്നു വിപ്രർഷിവര്യാ! ഭവാൻ. 2

അങ്ങേ ദൃഢബ്രഹ്മചര്യവ്രതത്തിനാൽ
ഞങ്ങളും സന്തുഷ്ടരായീ ദ്വിജസത്തമാ!

അങ്ങേയ്ക്കു ഭദ്രം വരദനാമെന്നിൽനി-
ന്നിങ്ഗിതംപോലെ വരങ്ങൾ വാങ്ങീടുക. 3

ഋഷി പറഞ്ഞു

ദേവദേവേശാ! പ്രപന്നാർത്തിനാശനാ!
ഹേ വിഭോ! പാർത്താലിതങ്ങേയ്ക്കു യുക്തമാം.

കാണിച്ചു തന്നു ഭവാൻ ത്വത്സ്വരൂപത്തെ
വേണമെന്നില്ലതിൽക്കൂടുതലായ് വരം. 4

ആക്കെഴും ശ്രീമത്പദാംബുരുഹം യോഗ-
പക്വമാം മാനസംകൊണ്ടജാദികൾ

കണ്ടു കൃതാർത്ഥരായീടുന്നിതബ്ഭവാൻ
വേണ്ടുംവിധമക്ഷിഗോചരനായി മേ. 5

എന്നാകിലും സരസീരുഹലോചനാ!
പുണ്യയശസ്വിജനൗഘശിഖാമണേ!

ഏതിനാൽ സന്മാത്രനാം തിരുമേനിയിൽ
ഭേദം സപാലമീലോകമീക്ഷിക്കുമോ

ഇല്ലാത്തതുള്ളതായ്ക്കാട്ടുമാ മായയെ
നല്ലപോലൊന്നു കാണ്മാൻ കൊതിക്കുന്നു
ഞാൻ. 6

സൂതൻ പറഞ്ഞു

ശൗനകമാമുനേ! യേവം മൃകണ്ഡുസ-
ന്താനത്തിനാൽ സമാരാധിതനീശ്വരൻ

മന്ദസ്മിതത്തോടതൊക്കും നിനക്കെന്നു
ചൊന്നശേഷം ബദര്യാശ്രമം പൂകിനാൻ. 7

പിന്നെ മാർക്കണ്ഡേയമാമുനിയങ്ങതു
പിന്നെയും പിന്നെയുമോർത്തുകൊണ്ടങ്ങനെ

തന്നാശ്രമത്തിൽ വസിച്ചു സൂര്യൻ, ശശി,
വഹ്നി, ഭൂവാകാശ,മാത്മാവു മാരുതൻ

എന്നിപ്പദങ്ങളിലും സർവ്വദിക്കിലു-
മെന്നും മുകുന്ദനെ ധ്യാനിച്ചു ഹൃത്തിനാൽ

കല്പിതമായ പദാർത്ഥങ്ങളെക്കൊണ്ടു
നിർഭരമർച്ചനംചെയ്തു വിധിപോലെ

പ്രേമപ്രവാഹപ്ലുതനായ് പലപ്പോഴും
ഹാ! മാനസാർച്ചനപോലും മറന്നിതേ. 8-9

സന്ധ്യയെ വന്ദിച്ചു പുഷ്പഭദ്രാനദി-
തൻ തടത്തിങ്കലമ്മാമുനിയേകദാ

സംസ്ഥിതനാകവേ ഭീകരമാമൊരു
വാത്യയുളവായി മാമുനിമാർമണേ! 10

ചണ്ഡശബ്ദത്തോടുമൂററമാം കാററൊടു-
മൊന്നിച്ചുടൻ കരാളാംബുവാഹാവലി

മിന്നൽകലർന്നു ഗർജ്ജിച്ചച്ചതണ്ടിന്റെ
വണ്ണമെഴും ജലധാര വർഷിച്ചിതേ. 11

കാറേററു പൊന്തും തരങ്ഗവൃന്ദത്തിനാൽ-
ച്ചുററും ധരയെ ഗ്രസിക്കുന്നതുകളായ്

ഉഗ്രനക്രങ്ങൾ ചുഴികൾ ഘോഷങ്ങളു-
മൊക്കെക്കൊണ്ടിടും നാലു വാരാശി കണ്ടിതേ. 12

ഉള്ളും പുറവും നഭസ്സുമതിക്രമി-
ച്ചുള്ള വെള്ളംകൊണ്ടുമുഗ്രങ്ങളായിടും

സൂര്യകരങ്ങളും മിന്നലുംകൊണ്ടുമി-
പ്പാരിടംതന്നോടുകൂടിച്ചതുർവിധം

സൃഷ്ടിവർഗ്ഗത്തോടുമേററം തപിപ്പതും
പൃഥ്വി സലിലാപ്ലുതയായിരിപ്പതും

നേരേ നിരീക്ഷിച്ചു ദുഃഖിതനായ് മുനി
പാരം ഭയന്നു വിറച്ചിരുന്നീടിനാൻ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈവമുദ്വീക്ഷത ഊർമ്മിഭീഷണഃ
പ്രഭഞ്ജനാഘൂർണ്ണിതവാർമ്മഹാർണ്ണവഃ
ആപൂര്യമാണോ വരിഷദ്ഭിരംബുദൈഃ
ക്ഷ്മാമപ്യധാദ്ദ്വീപവർഷാദ്രിഭിഃ സമം. 14

സക്ഷ്മാന്തരിക്ഷം സദിവം സഭാഗണം
ത്രൈലോക്യമാസീത് സഹ ദിഗ്ഭിരാപ്ലുതം
സ ഏക ഏവോർവ്വരിതോ മഹാമുനി-
ർബ്ബഭ്രാമ വിക്ഷിപ്യ ജടാ ജഡാന്ധവത്. 15

ക്ഷുത്തൃട്പരീതോ മകരൈസ്തിമിംഗിലൈ-
രുപദ്രുതോ വീചിനഭസ്വതാ ഹതഃ
തമസ്യപാരേ പതിതോ ഭ്രമൻ ദിശോ
ന വേദ ഖം ഗാം ച പരിശ്രമേഷിതഃ. 16

ക്വചിദ്ഗതോ മഹാവർത്തേ തരളൈസ്താഡിതഃ ക്വചിത്
യാദോഭിർഭക്ഷ്യതേ ക്വാപി സ്വയമന്യോന്യഘാതിഭിഃ. 17

ക്വചിച്ഛോകം ക്വചിന്മോഹം ക്വചിദ്ദുഃഖം സുഖം ഭയം
ക്വചിന്മൃത്യുമവാപ്നോതി വ്യാധ്യാദിഭിരുതാർദ്ദിതഃ. 18

അയുതായുതവർഷാണാം സഹസ്രാണി ശതാനി ച
വ്യതീയുർഭ്രമതസ്തസ്മിൻ വിഷ്ണുമായാവൃതാത്മനഃ. 19

സ കദാചിദ്ഭ്രമംസ്തസ്മിൻ പൃഥിവ്യാഃ കകുദി ദ്വിജഃ
ന്യഗ്രോധപോതം ദദൃശേ ഫലപല്ലവശോഭിതം. 20

പ്രാഗുത്തരസ്യാം ശാഖായാം തസ്യാപി ദദൃശേ ശിശും
ശയാനം പർണ്ണപുടകേ ഗ്രസന്തം പ്രഭയാ തമഃ. 21

മഹാമരകതശ്യാമം ശ്രീമദ്വദനപങ്കജം
കംബുഗ്രീവം മഹോരസ്കം സുനാസം സുന്ദരഭ്രുവം. 22

ശ്വാസൈജദലകാഭാതം കംബുശ്രീകർണ്ണദാഡിമം
വിദ്രുമാധരഭാസേഷച്ഛോണായിതസുധാസ്മിതം. 23

പദ്മഗർഭാരുണാപാംഗം ഹൃദ്യഹാസാവലോകനം
ശ്വാസൈജദ്വലിസംവിഗ്നനിമ്നനാഭിദലോദരം. 24

ചാർവ്വംഗുലിഭ്യാം പാണിഭ്യാമുന്നീയ ചരണാംബുജം
മുഖേ നിധായ വിപ്രേന്ദ്രോ ധയന്തം വീക്ഷ്യ വിസ്മിതഃ. 25

തദ്ദർശനാദ്വീതപരിശ്രമോ മുദാ
പ്രോത്ഫുല്ലഹൃത്പദ്മവിലോചനാംബുജഃ
പ്രഹൃഷ്ടരോമാദ്ഭുതഭാവശങ്കിതഃ
പ്രഷ്ടും പുരസ്തം പ്രസസാര ബാലകം. 26

താവച്ഛിശോർവ്വൈ ശ്വസിതേന ഭാർഗ്ഗവഃ
സോഽന്തഃശരീരം മശകോ യഥാഽവിശത്
തത്രാപ്യദോ ന്യസ്തമചഷ്ട കൃത്സ്നശോ
യഥാ പുരാമുഹ്യദതീവവിസ്മിതഃ. 27

ഖം രോദസീ ഭഗണാനദ്രിസാഗരാൻ
ദ്വീപാൻ സവർഷാൻ കകുഭഃ സുരാസുരാൻ
വനാനി ദേശാൻ സരിതഃ പുരാകരാൻ
ഖേടാൻ വ്രജാനാശ്രമവർണ്ണവൃത്തയഃ. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർക്കണ്ഡേയാഖ്യമുനീശ്വരനീവിധം
നോക്കിയിരിക്കെത്തിരനിരയാൽ പരം

ഭീകരമായിക്കൊടുങ്കാററിനാൽ ക്ഷുബ്ധ-
മാകും സലിലമിയലും മഹാംബുധി

ധാരയായ് വാരിദപൂരം ചൊരിഞ്ഞിടും
വാരി പരന്നു നിറഞ്ഞു ധരിത്രിയെ

ദ്വീപചയത്തോടും ഖണ്ഡഗണത്തോടും
ഭൂഭൃത്തുകളോടുംകൂടി മറച്ചിതേ. 14

ഭൂവിലും ദിക്കുകളിലും നഭസ്സിലും
ദേവലോകത്തുമിയലും സമസ്തവും

താരാദിഗോളഗണങ്ങളുംചേർന്നു മു-
പ്പാരും മുഴുകീ സലിലത്തിലക്ഷണം,

ഏകനായ് ശേഷിച്ചിതങ്ങുമഹാമുനി
മൂകാന്ധർപോൽജ്ജഡപ്രാറിബ്ഭ്രമിച്ചിതേ. 15

ദാഹം, വിശപ്പു, മകരതിമിങ്ഗില-
വ്യൂഹശല്യം, തരങ്ഗാനിലപീഡയും

ഏററമായ്ക്കൂരിരുട്ടിൽപ്പതിച്ചും, ശ്രമ-
പ്പെട്ടു തളർന്നും, ഭ്രമിച്ചു മഹാമുനി

മേദിനിയും ദിക്കുമാകാശവും വിണ്ണു-
മേതും തിരിച്ചറിയാതെയുഴന്നിതു. 16

വീണാനവൻ ചിലേടത്തു ചുഴികളിൽ
ദീനനായാൻ തിരത്തല്ലാൽ ചില ദിക്കിൽ

ജന്യമന്യോന്യമാളും ജലജന്തുക്കൾ
വന്നങ്ങു തിന്നുതുടങ്ങീയവയവം. 17

ആർത്തിതേടീടും ചിലപ്പോൾ മോഹിച്ചിടും
ചിത്തസുഖം ചിലനേരത്തു തോന്നിടും

ഭീതനാകും ചിലപ്പോൾ, ചിലപ്പോൾ രോഗ-
ബാധയാൽ പ്രാപിച്ചിടും മരണത്തെയും. 18

മായയാൽ മോഹിതാത്മാവായ് ഭ്രമിച്ചയു-
തായുതമാണ്ടമ്മുനിക്കു കഴിഞ്ഞുപോയ്. 19

ആ പ്രളയാംബുധിയിൽ ഭ്രമിക്കും മുനി-
യപ്പോൾ ധരോപരിസ്ഥാനത്തു നല്ലപോൽ

പല്ലവപുഷ്പഫലപൂർണ്ണമായ് പര-
മുല്ലസിച്ചീടുമൊരാൽമരം കണ്ടിതു. 20

ആയതിന്നീശാനകോണിലെക്കൊമ്പിലായ്
കായപ്രഭയോലിരുട്ടകററിപ്പാരം

ചാരുമരതകശ്യാമവർണ്ണം പ്രഭാ-
പൂരം വഴിഞ്ഞൊഴുകുന്ന മുഖാംബുജം

ശ്വാസചലിതാളകം, കംബുകണ്ഠം, സു-
നാസിക, വിസ്തൃതമാകുമുരഃസ്ഥലം

ശങ്ഖാഭമാം ശ്രവണങ്ങളിൽ മാതള-
പ്പൂങ്കോരകങ്ങൾ, പവിഴാധരാഭയാൽ

ഈഷദരുണമായ് പീയൂഷമെന്നപോൽ
ഭാസുരമായിടും ശുദ്ധമന്ദഹാസവും

ഹൃദ്യമാം ഹാസസഹിതാവലോകന-
മുദ്യത്സരോജഗർഭാരുണാപാങ്ഗവും

ആഴ്ന്നതും ശ്വാസചലിതവലിത്രയം
ചേർന്നതുമാം നാഭിയാലിലപോലവേ

മിന്നുമുദരമിവയൊത്തിണങ്ങിടും
സുന്ദരബാലൻ മനോജ്ഞാങ്ഗുലികളാൽ

ലാലസിക്കും രണ്ടു കൈകൾകൊണ്ടും മൃദു-
ലോലപദാബ്ജം മുഖത്തണച്ചങ്ങനെ

പാനവും ചെയ്തിലയിൽക്കിടക്കുന്നത-
ക്ഷോണീസുരൻ കണ്ടു വിസ്മയം
പൂണ്ടിതു. 21–25

തദ്ദർശനത്താൽ ഗതക്ലമനായ്പരം
മുത്താൽ വിടർന്നു ഹൃത്തും നയനങ്ങളും

ഹൃഷ്ടരോമാവായ് ദ്വിജേന്ദ്രനക്കുട്ടിയിൽ
ദൃഷ്ടമാമദ്ഭുതഭാവം നിമിത്തമായ്

ശങ്കിതനെന്നാകിലും ചിലതൊക്കെയ-
ശങ്കിതം ചോദിക്കുവാൻ സമീപിച്ചിതു. 26

ശ്വാസംവഴിക്കബ്ഭൃഗുവംശജാതനാം
ഭൂസുരനപ്പോളൊരു കൊതുകെന്നപോൽ

അശ്ശിശുവിന്നുള്ളിലേറിപ്പുഴേമട്ടു
വിശ്വമെല്ലാമവിടെ സ്ഥിതിചെയ്വതായ്

വീക്ഷിച്ചതുലിതവിസ്മയമഗ്നനാ-
യക്ഷണം പാരം വിമോഹിതനായിതേ. 27

അന്തരിക്ഷം, ഭൂമി,യാകാശവുമൃക്ഷ-
വൃന്ദവും, ദ്വീപഭൂഖണ്ഡശൈലാബ്ധികൾ

വാനവർ, ദാനവർ, ദേശങ്ങൾ, ദിക്കുകൾ,
കാനനരാജി, പുരാകരപൂരവും,

കർഷകവാസസ്ഥലങ്ങൾ, വ്രജങ്ങളും,
ദർശിച്ചു വൃത്തികൾ, വർണ്ണാശ്രമങ്ങളും. 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാന്തി ഭൂതാന്യഥ ഭൗതികാന്യസൗ
കാലം ച നാനായുഗകല്പകല്പനം
യത്കിഞ്ചിദന്യദ്വ്യവഹാരകാരണം
ദദർശ വിശ്വം സദിവാവഭാസിതം. 29
ഹിമാലയം പുഷ്പവഹാം ച താം നദീം
നിജാശ്രമം തത്ര ഋഷീനപശ്യത്
വിശ്വം വിപശ്യഞ്ഛ്വസിതാച്ഛിശോർവൈ
ബഹിർന്നിരസ്തോ ന്യപതല്ലയാബ്ധൗ. 30
തസ്മിൻ പൃഥിവ്യാഃ കകുദി പ്രരൂഢം
വടം ച തത്പർണ്ണപുടേ ശയാനം
തോകം ച തത്പ്രേമസുധാസ്മിതേന
നിരീക്ഷിതോഽപാങ്ഗനിരീക്ഷണേന. 31
അഥ തം ബാലകം വീക്ഷ്യ നേത്രാഭ്യാം ധിഷ്ഠിതം ഹൃദി
അഭ്യയാദതിസംക്ലിഷ്ടഃ പരിഷ്വക്തുമധോക്ഷജം. 32
താവത് സ ഭഗവാൻ സാക്ഷാദ്യോഗാധീശോ ഗുഹാശയഃ
അന്തർദ്ദധ ഋഷേഃ സദ്യോ യഥേഹാനീശനിർമ്മിതാ. 33
തമന്വഥ വടോ, ബ്രഹ്മൻ, സലിലം ലോകസംപ്ലവഃ
തിരോധായി ക്ഷണാദസ്യ സ്വാശ്രമേ പൂർവ്വവത് സ്ഥിതഃ. 34

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
മായാദർശനം നാമ നവമോഽധ്യായഃ

ദശമോഽധ്യായഃ

സൂത ഉവാച

സ ഏവമനുഭൂയേദം നാരായണവിനിർമ്മിതം
വൈഭവം യോഗമായായാസ്തമേവ ശരണം യയൗ. 1

മാർക്കണ്ഡേയ ഉവാച

പ്രപന്നോഽസ്മ്യംഘ്രിമൂലം തേ പ്രപന്നാഭയദം, ഹരേ!
യന്മായയാപി വിബുധാ മുഹ്യന്തി ജ്ഞാനകാശയാ. 2

സൂത ഉവാച

തമേവം നിഭൃതാത്മാനം വൃഷേണ ദിവി പര്യടൻ
രുദ്രാണ്യാ ഭഗവാൻ രുദ്രോ ദദർശ സ്വഗണൈർവൃതഃ. 3
അഥോമാ തമൃഷിം വീക്ഷ്യ ഗിരിശം സമഭാഷത
''പശ്യേമം, ഭഗവൻ, വിപ്രം നിഭൃതാത്മേന്ദ്രിയാശയം. 4
നിഭൃതോദഝഷവ്രാതം വാതാപായേ യഥാർണ്ണവം
കുർവ്വസ്യ തപസഃ സാക്ഷാത് സംസിദ്ധിം സിദ്ധിദോ
ഭവാൻ.'' 5

ശ്രീഭഗവാനുവാച

നൈവേച്ഛത്യാശിഷഃ ക്വാപി ബ്രഹ്മർഷിർമ്മോക്ഷമപ്യുത
ഭക്തിം പരാം ഭഗവതി ലബ്ധവാൻ പുരുഷേഽവ്യയേ. 6
അഥാപി സംവദിഷ്യാമോ ഭവാന്യേതേന സാധുനാ
അയം ഹി പരമോ ലാഭോ നൃണാം സാധുസമാഗമഃ. 7

സൂത ഉവാച

ഇത്യുക്ത്വാ തമുപേയായ ഭഗവാൻ സ സതാം ഗതിഃ
ഈശാനഃ സർവ്വവിദ്യാനാമീശ്വരഃ സർവ്വദേഹിനാം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂവാദിയാം മഹാഭൂതങ്ങളും, തത്കൃത-
ജീവലോകം പല കല്പയുഗങ്ങളെ

കല്പിച്ചിടും കാലവുമന്യമൊക്കെയു-
മുൾപ്പെട്ട സത്തുപോൽ മിന്നും ജഗത്തിനെ

കണ്ടാൻ, ഹിമാലയം, പുഷ്പവതിയാകു-
മന്നദി, തന്നാശ്രമം, തത്ര മേവിടും

മാമുനിമാരെയും നേരേ സവിശേഷ-
മാ മഹാനങ്ങനെ നോക്കിയിരിക്കവേ

ആ ശിശുവിൻ ശ്വസിതംവഴിയായ് വെളി-
ക്കാശു പതിച്ചീടിനാൻ പ്രളയാംബുവിൽ.
29-30

അണ്ഡപ്രളയജലത്തിലൊരേടത്തു
പൊങ്ങിയബ്ഭൂവിൽ നിന്നീടും വടത്തെയും

തത്പത്രശായി ശിശുവിനേയും കണ്ടു
തത്പ്രേമപീയൂഷസന്നിഭമായിടും

മന്ദസ്മിതത്തോടുകൂടിയതാം കട-
ക്കണ്ണിണയാലേ നിരീക്ഷിതനായ് മുനി. 31

പിന്നെയബ്ബാലനെ ക്ലിഷ്ടൻ മൃകണ്ഡുജൻ
നന്നായി വീക്ഷിച്ച നേത്രങ്ങളിലൂടെ

ഉള്ളിൽ പ്രതിഷ്ഠിക്കിലുമിന്ദ്രിയങ്ങൾക്കു
തെല്ലും വിഷയമാകാത്തൊരബ്ബാലനെ

ഒന്നു തലോടുവാനാശ വർദ്ധിക്കയാൽ
ചെന്നീടിനാൻ നേർക്കുടനവിളംബിതം. 32

യോഗേശ്വരനും ഗുഹാശയനും ഭുവ-
നൈകനിയന്താവുമായി വിളങ്ങിടും

സാക്ഷാൽ ഭഗവാൻ ഹരി മറഞ്ഞീടിനാ-
നക്ഷണമീശവിരോധിതന്നിച്ഛപോൽ. 33

വിശ്വപ്രളയവുമാലും സലിലവു-
മക്ഷണമങ്ങവനൊത്തു മറഞ്ഞിതേ.

സ്വന്തമാമാശ്രമംതന്നിൽ പഴയപോ-
ലന്തണശ്രേഷ്ഠനിരിപ്പുമായ് മാമുനേ! 34

അദ്ധ്യായം 10

മാർക്കണ്ഡേയചരിതം—തുടർച്ച

സൂതൻ പറഞ്ഞു

ആയവൻ നാരായണന്റെ നാനാതര-
മായാപ്രഭാവമനുഭവിച്ചീവിധം

ആ ദേവനെത്തന്നെയാശ്ര[illegible]നാൻ
ഭൂദേവമാമുനിവൃന്ദമാണിക്യമേ! 1

മാർക്കണ്ഡേയൻ പറഞ്ഞു

ഭക്താർത്തിഹാരിൻ പ്രപന്നാഭയപ്രദാ!
തൃക്കാലടി ശരണംഗമിക്കുന്നു ഞാൻ.

ജ്ഞാനോപമം വിളങ്ങും ഭവന്മായയാൽ
താനേ വിബുധരും മോഹിച്ചിടുന്നിതേ. 2

സൂതൻ പറഞ്ഞു

പാർവ്വതീയുക്തൻ ശിവൻ വൃഷഭോപരി
ദ്യോവിൽ സ്വഗണാവൃതനായ്ച്ചരിക്കവേ

ഏവം സമാഹിതചിത്തനായ് വാണീടു-
മാ വിപ്രനെക്കണ്ടു കൗതുകംപൂണ്ടിതു. 3

പിന്നെബ്ഭവാനിയാ മാമുനിയെക്കണ്ടു
തന്നുടെ ഭർത്താവിനോടു ചൊല്ലീടിനാൾ:

''നോക്കുകീശാ! മാനസേന്ദ്രിയാത്മാക്കളെ
നിശ്ചലമാക്കിയിരിക്കുമീ വിപ്രനെ. 4

മാരുതനില്ലാത്തനേരം ചലിക്കാത്ത
നീരവും മത്സ്യസമൂഹവും തിങ്ങിടും

അംബുധിപോലനങ്ങാതെയിരിക്കുമി-
ബ്രഹ്മർഷിതൻ തപഃപ്രാഭവം കാണുക.

സാക്ഷാത്കരിച്ചാലുമിത്തപസ്സിൻ ഫലം
ത്ര്യക്ഷ്യനാമങ്ങു സിദ്ധിപ്രദനല്ലയോ.'' 5

ശ്രീരുദ്രൻ പറഞ്ഞു

വിപ്രർഷിയാമിവനാശിസ്സുകളില്ല-
മല്പവുമില്ല മോക്ഷത്തിലും കാംക്ഷ കേൾ

നാശരഹിതനാം പൂരുഷനിൽപരം
ശാശ്വതഭക്തി ലഭിച്ചവനാണിവൻ. 6

എന്നാലുമീശ്വരീ! യിസ്സാധുവിനോടു
ചെന്നു സംഭാഷണംചെയ്തിട്ടു പോയിടാം.

സാധുസമാഗമമല്ലോ മനുഷ്യനീ
മേദിനീതന്നിൽ പരമലാഭം പ്രിയേ! 7

സൂതൻ പറഞ്ഞു

സർവ്വവിദ്യാസംപ്രവർത്തകാധീശനായ്
സർവ്വശരീരാന്തരങ്ഗനിവാസിയായ്

സത്തുക്കൾക്കെല്ലാം പരമോപകാരിയാം
രുദ്രഭഗവാനുമയോടിതോതീട്ടു

സാമോദമാ ദേവിയൊത്തു മാർക്കണ്ഡേയ-
മാമുനിശ്രേഷ്ഠാന്തികത്തിലെത്തീടിനാൻ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തയോരാഗമനം സാക്ഷാദീശയോർജ്ജഗദാത്മനോഃ
ന വേദ രുദ്ധധീവൃത്തിരാത്മാനം വിശ്വമേവ ച. 9
ഭഗവാംസ്തദഭിജ്ഞായ ഗിരീശോ യോഗമായയാ
ആവിശത്തദ്ഗുഹാകാശം വായുശ്ഛിദ്രമിവേശ്വരഃ. 10
ആത്മന്യപി ശിവം പ്രാപ്തം തഡിത്പിങ്ഗജടാധരം
ത്ര്യക്ഷം ദശഭുജം പ്രാംശുമുദ്യന്തമിവ ഭാസ്കരം 11
വ്യാഘ്രചർമ്മാംബരധരം ശൂലധനുരിഷ്വസിചർമ്മഭിഃ
അക്ഷമാലാഡമരുകകപാലാസിധനുഃ സഹ. 12
ബിഭ്രാണം സഹസാ ഭാതം വിചക്ഷ്യ ഹൃദി വിസ്മിതഃ
കിമിദം കുത ഏവേതി സമാധേർവ്വിരതോ മുനിഃ. 13
നേത്രേ ഉന്മീല്യ ദദൃശേ സഗണം സോമയാഽഽഗതം
രുദ്രം ത്രിലോകൈകഗുരും നനാമ ശിരസാ മുനിഃ. 14
തസ്മൈ സപര്യാം വ്യദധാത് സഗണായ സഹോമയാ
സ്വാഗതാസനപാദ്യാർഘ്യഗന്ധസ്രഗ്ധൂപദീപകൈഃ. 15
ആഹ, ''ത്വാത്മാനുഭാവേന പൂർണ്ണകാമസ്യ തേ വിഭോ
കരവാമ കിമീശാന യേനേദം നിർവൃതം ജഗത്. 16
നമഃ ശിവായ ശാന്തായ സത്ത്വായ പ്രമൃഡായ ച
രജോജുഷേഽപ്യഘോരായ നമസ്തുഭ്യം തമോജുഷേ.'' 17
സൂത ഉവാച
ഏവം സ്തുതഃ സ ഭഗവാനാദിദേവഃസതാം ഗതിഃ
പരിതുഷ്ടഃ പ്രസന്നാത്മാ പ്രഹസംസ്തമഭാഷത. 18
ശ്രീഭഗവാനുവാച
വരം വൃണീഷ്വ നഃ കാമം വരദേശാ വയം ത്രയഃ
അമോഘം ദർശനം യേഷാം മർത്ത്യോ യദ് വിന്ദതേഽമൃതം. 19
ബ്രാഹ്മണാഃ സാധവഃ ശാന്താ നിഃസങ്ഗാ ഭൂതവത്സലാഃ
ഏകാന്തഭക്താ അസ്മാസു നിർവൈരാഃ സമദർശിനഃ. 20
സലോകാ ലോകപാലാസ്താൻ വന്ദന്ത്യർച്ചന്ത്യുപാസതേ
അഹം ച ഭഗവാൻ ബ്രഹ്മാ സ്വയം ച ഹരിരീശ്വരഃ. 21
ന തേ മയ്യച്യുതേഽജേ ച ഭിദാമണ്വപി ചക്ഷതേ
നാത്മനശ്ച ജനസ്യാപി തദ്യുഷ്മാൻ വയമീമഹി. 22
ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാശ്ചേതനോജ്ഝിതാഃ
തേ പുനന്ത്യുരുകാലേന, യൂയം ദർശനമാത്രതഃ 23
ബ്രാഹ്മണേഭ്യോ നമസ്യാമോ യേഽസ്മദ്രൂപം ത്രയീമയം
ബിഭ്രത്യാത്മസമാധാനതപഃസ്വാധ്യായസംയമൈഃ. 24
ശ്രവണാദ്ദർശനാദ്വാപി മഹാപാതകിനോഽപി വഃ
ശുദ്ധ്യേരന്നന്ത്യജാശ്ചാപി കിമു സംഭാഷണാദിഭിഃ. 25
സൂത ഉവാച
ഇതി ചന്ദ്രലലാമസ്യ ധർമ്മഗുഹ്യോപബൃംഹിതം
വചോഽമൃതായനമൃഷിർന്നാതൃപ്യത് കർണ്ണയോഃ പിബൻ. 26
സ ചിരം മായയാ വിഷ്ണോർഭ്രാമിതഃ കർശിതോ ഭൃശം
ശിവവാഗമൃതധ്വസ്തക്ലേശപുഞ്ജസ്തമബ്രവീത്. 27
ഋഷിരുവാച
അഹോ ഈശ്വരലീലേയം ദുർവിഭാവ്യാ ശരീരിണാം
യന്നമന്തീശിതവ്യാനി സ്തുവന്തി ജഗദീശ്വരാഃ. 28
ധർമ്മം ഗ്രാഹയിതും പ്രായഃ പ്രവക്താരശ്ച ദേഹിനാം
ആചരന്ത്യനുമോദന്തേ ക്രിയമാണം സ്തുവന്തി ച. 29
നൈതാവതാ ഭഗവതഃ സ്വമായാമയവൃത്തിഭിഃ
ന ദുഷ്യേതാനുഭാവസ്തൈർമ്മായിനഃ കുഹകം യഥാ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധീവൃത്തിയാൽ സ്വന്തമാം ശരീരത്തെയും
സർവ്വലോകത്തെയും രോധിച്ചിരുന്നിട്ടും
യോഗീശമുഖ്യനറിഞ്ഞതില്ലേതുമാ
ലോകാത്മഭൂതർതന്നാഗമനം തദാ.
രുദ്രഭഗവാനതു ധരിച്ചാശുഗൻ
ഛിദ്രംവിധം തദ്ഗുഹാശയം പൂകിനാൻ. 9-10
മിന്നൽപോൽ പിംഗലമാം ജടയും മൂന്നു-
കണ്ണുകളും പത്തു ബാഹുക്കളുമാൎന്നു
പ്രാംശുവായഞ്ചിതോദ്യദ്ദിനനാഥസ-
ങ്കാശനായ് ഖട്വാംഗവും തോൽ ത്രിശൂലവും
രുദ്രാക്ഷമാല, കപാലം, ഡമരുക-
വാദ്യവും വാൾ വില്ലുമാൎന്നകതാരതിൽ
തുഷ്ടധികം ചിന്നി മിന്നും മഹേശനെ
സ്പഷ്ടം നിരീക്ഷിച്ചു വിസ്മിതനായ് മുനി
എന്തിതെവിടെനിന്നെന്നൊക്കെയുള്ളോരു
ചിന്തയൊടും സ്വസമാധിവിട്ടീ-
ടിനാൻ. 11-13
കണ്ണുവിടുത്തിസ്സുഗണമുമയൊത്തു
മിന്നും ത്രിജഗദ്ഗുരുവാം പുരാരിയെ
മാമുനിശ്രേഷ്ഠൻ നിരീക്ഷിച്ചു തത്പദ-
താമരസങ്ങളിൽ വീണു നമിച്ചിതേ. 14
പാർവ്വതിയൊത്തു ഗണാവൃതനായെഴും
ശർവ്വനായ് സ്വാഗതമോതി, വരാസനം
അൎഘ്യപാദ്യങ്ങൾ ധൂപങ്ങൾ ദീപങ്ങളും
സ്രക്ചന്ദനാദിയുംകൊണ്ടു പൂജിച്ചിതു. 15
ഹേ വിഭോ! ലോകമിതാരാലെയാനന്ദ-
നിർവൃതമോ പരം സ്വാനുഭാവത്തിനാൽ
സന്തതം, സംപൂൎണ്ണകാമനാമമ്പ്ഭവാ-
നെന്താണിവൻ വേണ്ടതെന്നു
ചൊല്ലീടിനാൻ. 16
''സത്വഗുണത്തിനാൽ വിഷ്ണുവായും, രജോ-
വൃദ്ധിയാലാത്മഭൂവായും, തമസ്സിനാൽ
രുദ്രനായും വിളങ്ങീടും പരബ്രഹ്മ-
മൂൎത്തേ! ശിവാ! ഭവാനായി നമസ്കൃതി.'' 17

സൂതൻ പറഞ്ഞു

ഈവിധം ബ്രഹ്മൎഷിയാൽ സ്തുതനായാദി-
ദേവനായ് സജ്ജനരക്ഷകനായിടും
അമ്പ്ഭഗവാൻ തുഷ്ടനായിച്ചിരിച്ചുകൊ-
ണ്ടിപ്രകാരം കഥിച്ചീടിനാൻ മാമുനേ! 18

ശ്രീഭഗവാൻ പറഞ്ഞു

ഇഷ്ടവരം വരിച്ചീടുക ഞങ്ങളോ-
ടൊട്ടും മടിക്കാതെ മാമുനിസത്തമാ!
ഞങ്ങൾ ത്രിമൂൎത്തികൾ സത്ഫലദൎശനർ
മങ്ങാതെയിഷ്ടവരം കൊടുത്തീടുവോർ. 19
മൎത്ത്യൎക്കമൃതമീ ഞങ്ങളിൽനിന്നാണു
സിദ്ധിച്ചിടുന്നതെന്നങ്ങറിഞ്ഞീടുക.
ഭൂസുരർ ശാന്തരും സാധുക്കളും തീരെ-
യാസക്തിയില്ലാത്തവരു,മീ ഞങ്ങളിൽ
ഏകാന്തഭക്തരും നിർവൈരരും മഹാ-
യോഗിൻ! സമദൎശനരുമാം നിൎണ്ണയം. 20
ഞാനുമജനും സമസ്തേശനാം ഹരി-
താനും സപാലകമാകുമീ ലോകവും
എല്ലാവരും ബ്രാഹ്മണരെ വന്ദിക്കുന്നു.
നല്ലപോൽ പൂജിച്ചു സേവിച്ചിടുന്നിതേ. 21
എന്നിലും ബ്രഹ്മാവിലും ശ്രീഹരിയിലു-
മന്യരിലും തനതാത്മാവിലുമവർ
ഭേദഭാവം കാണ്മതില്ലതിനാൽ ഞങ്ങൾ
സാദരം സേവിപ്പു വിപ്രരാം നിങ്ങളെ. 22
നീരമയമായ തീൎത്ഥവും ചേതന-
ചേരാത്ത ദേവതാവിഗ്രഹപൂരവും
സംശുദ്ധി പെട്ടെന്നു ചേൎത്തിടാ, ബ്രാഹ്മണൻ
ദൎശനമാത്രയിൽ പാവനമാക്കിടും. 23
വേദപാഠം, തപ,സ്സിന്ദ്രിയനിഗ്രഹം
ചേതഃപ്രശാന്തിയുംമൂലമായ് മുഖ്യമാം
വേദമയമാകുമസ്മത്സ്വരൂപം സ-
മോദം ധരിപ്പോരവൎക്കായ് നമസ്കൃതി. 24
നിങ്ങൾക്കെഴും സച്ചരിതം ശ്രവിക്കയോ
നിങ്ങളെക്കാൺകയോ ചെയ്യുകിലപ്പൊഴേ
അന്ത്യജരും മഹാപാപിഷ്ഠരും ശുദ്ധി-
യേന്തുകിൽ ഭാഷണാദിക്കെന്തയാം ഫലം? 25

സൂതൻ പറഞ്ഞു

ധൎമ്മരഹസ്യം പ്രകാശിച്ചിടുന്നതാ-
യിമ്മട്ടിലച്ചന്ദ്രമൗലി കഥിച്ചതാം
അസ്സുധാഗീരുകൾ കൎണ്ണങ്ങളിൽക്കൂടി-
യാസ്വദിച്ചിട്ടലംഭാവമാൎന്നില്ലൃഷി. 26
ശ്രീമഹാവിഷ്ണുവിൻ മായമൂലം ചിരം
ഭ്രാമിതനായതിക്ലിഷ്ടനാമദ്വിജൻ
മുക്കണ്ണദേവവചനാമൃതത്തിനാൽ
ദുഃഖമാകെശ്ശമിച്ചീവിധമോതിനാൻ: 27

ഋഷി പറഞ്ഞു

ആശ്ചര്യമത്രേ,യറിയാ ശരീരിക-
ളീശ്വരൻതൻ ദുർവ്വിഭാവ്യമാം ലീലകൾ
ലോകേശ്വരന്മാർ തദാജ്ഞാകരന്മാരെ
ഹാ കഷ്ട! മേററം സ്തുതിപ്പു നമിപ്പുതേ. 28
ധൎമ്മവക്താക്കളമാചരിക്കുന്നിതു
ധൎമ്മം, ശരീരികളെദ്ധരിപ്പിക്കുവാൻ
താദൃശരാമന്യരേയുമവരനു-
മോദിക്കുകയും സ്തുതിക്കയും ചെയ്തിടും. 29
ഈശമായാപ്രയോഗം തന്മഹത്വത്തി-
നീഷലും ദൂഷ്യമുണ്ടാക്കിടാ നിൎണ്ണയം,
ഐന്ദ്രികൻ കാട്ടും കപടപ്രയോഗങ്ങൾ
സ്വന്തമഹിമ കുറയ്ക്കാത്തപോലവേ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൃഷ്ട്വേദം മനസാ വിശ്വമാത്മനാനുപ്രവിശ്യ യഃ
ഗുണൈഃ കുർവ്വദ്ഭിരാഭാതി കർത്തേവ സ്വപ്നദൃഗ്യഥാ. 31

തസ്മൈ നമോ ഭഗവതേ ത്രിഗുണായ ഗുണാത്മനേ
കേവലായാദ്വിതീയായ ഗുരവേ ബ്രഹ്മമൂർത്തയേ. 32

കം വൃണേ നു പരം, ഭൂമൻ, വരം ത്വദ്വരദർശനാത്
യദ്ദർശനാത് പൂർണ്ണകാമഃ സത്യകാമഃ പുമാൻ ഭവേത്. 33

വരമേകം വൃണേഽഥാപി പൂർണ്ണാത് കാമാഭിവർഷണാത്.
ഭഗവത്യച്യുതാം ഭക്തിം തത്പരേഷു തഥാ ത്വയി. 34

സൂത ഉവാച

ഇത്യർച്ചിതോഽഭിഷ്ടുതശ്ച മുനിനാ സൂക്തയാ ഗിരാ
തമാഹ ഭഗവാഞ്ഛർവ്വഃ ശർവ്വയാചാഭിനന്ദിതഃ. 35

''കാമോ, മഹർഷേ, സർവ്വോഽയം ഭക്തിമാംസ്ത്വമധോക്ഷജേ
ആകല്പാന്താദ്യശഃ പുണ്യമജരാമരതാ തഥാ. 36

ജ്ഞാനം ത്രൈകാലികം, ബ്രഹ്മൻ, വിജ്ഞാനം ച
വിരക്തിമത്
ബ്രഹ്മവർച്ചസ്വിനോ ഭൂയാത് പുരാണാചാര്യതാസ്തു തേ.'' 37

സൂത ഉവാച

ഏവം വരാൻ സ മുനയേ ദത്ത്വാഗാത് ത്ര്യക്ഷ ഈശ്വരഃ
ദേവ്യൈ തത്കർമ്മ കഥയന്നനുഭൂതം പുരാമുനാ. 38

സോഽപ്യവാപ്തമഹായോഗമഹിമാ ഭാർഗ്ഗവോത്തമഃ
വിചരത്യധുനാപ്യദ്ധാ ഹരാവേകാന്തതാം ഗതഃ. 39

അനുവർണ്ണിതമേതത്തേ മാർക്കണ്ഡേയസ്യ ധീമതഃ
അനുഭൂതം ഭഗവതോ മായാവൈഭവമദ്ഭുതം. 40

ഏതത് കേചിദവിദ്വാംസോ മായാസംസൃതിമാത്മനഃ
അനാദ്യാവർത്തിതം നൄണാം കാദാചിത്കം പ്രചക്ഷതേ. 41

യ ഏവമേതദ്, ഭൃഗുവര്യ, വർണ്ണിതം
രഥാംഗപാണേരനുഭാവഭാവിതം
സംശ്രാവയേത് സംശൃണുയാദുതാവുഭൗ
തയോർന്ന കർമ്മാശയസംസൃതിർഭവേത്. 42

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ദശമോഽധ്യായഃ

ഏകാദശോഽധ്യായഃ

ശൗനക ഉവാച

അഥേമമർത്ഥം പൃച്ഛാമോ ഭവന്തം ബഹുവിത്തമം
സമസ്തതന്ത്രരാദ്ധാന്തേ ഭവാൻ ഭാഗവതതത്ത്വവിത്. 1

താന്ത്രികാഃ പരിചര്യായാം കേവലസ്യ ശ്രിയഃ പതേഃ
അംഗോപാംഗായുധാകല്പം കല്പയന്തി യഥാ ച യൈഃ. 2

തന്നോ വർണ്ണയ ഭദ്രം തേ ക്രിയായോഗം ബുഭുത്സതാം
യേന ക്രിയാനൈപുണേന മർത്ത്യോ യായാദമർത്ത്യതാം. 3

സൂത ഉവാച

നമസ്കൃത്യ ഗുരൂൻ വക്ഷ്യേ വിഭൂതീർവൈഷ്ണവീരപി
യാഃ പ്രോക്താ വേദതന്ത്രാഭ്യാമാചാര്യൈഃ പദ്മജാദിഭിഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വപ്നദ്രഷ്ടാവുമട്ടേതു ദേവൻ സ്വസ-
ങ്കല്പത്തിനാൽ പ്രവർത്തിക്കും ഗുണങ്ങളാൽ

വിശ്വരൂപം തീർത്തതിൽ ജീവസ്വരൂപത്തിൽ പ്ര-
വിഷ്ടനായ് കർത്താവുപോലെ മിന്നുന്നവോ, 31

കേവലനായി ത്രിഗുണസ്വരൂപനായ്
ജീവിലോകത്തിനാത്മാവും ഗുരുവുമായ്

അദ്വയനായ് ബ്രഹ്മമൂർത്തിയായ് മിന്നുമാ
രുദ്രഭഗവൻ! ഭവാനായ് നമസ്കൃതി. 32

അന്തകാരേ! ഭവദ്ദർശനമെന്നിയേ-
യെന്തിനെനിക്കന്യമായ വരം വിഭോ!

ത്വദ്ദർശനത്താൽ പുമാൻ പൂർണ്ണകാമനും
സത്യകാമൻതാനുമായ് ഭവിക്കുന്നിതു. 33

എന്നാകിലും കാമവർഷണനായ്പ്പരി-
പൂർണ്ണനാമങ്ങയോടൊന്നു വാങ്ങാം വരം.

ശാർങ്ഗിയിലും തഥാ തത്സേവകരിലു-
മങ്ങയിലും നിശ്ചലഭക്തിയേകണം. 34

സൂതൻ പറഞ്ഞു

മാമുനിയീവിധം ചാരുവാക്യങ്ങളാൽ
കാമം സ്തുതിച്ചു സമർച്ചനംചെയ്യവേ

പാർവ്വതിയാലഭിനന്ദിതനായുടൻ
ശർവ്വൻ, പ്രസന്നനായിങ്ങനെ ചൊല്ലിനാൻ. 35

''ഹേ മഹർഷേ! നീയധോക്ഷജഭക്തനാം
കാമമിതെല്ലാം നിനക്കു സാധിച്ചിടും.

പുണ്യയശസ്സുമജരാമരത്വവും
നിന്നിടുമങ്ങേയ്ക്കു കല്പകാലംവരെ. 36

പാരാതെ ത്രൈകാലികജ്ഞാനവും തഥാ
വൈരാഗ്യസംയുതമായ വിജ്ഞാനവും

ബ്രഹ്മതേജസ്വിയാമങ്ങേയ്ക്കു സിദ്ധമാം
ബ്രഹ്മൻ! പുരാണകർത്താവിൻ പദവിയും.'' 37

സൂതൻ പറഞ്ഞു

മാർക്കണ്ഡേയമുഖ്യമുനിക്കീ വരങ്ങളെ
മുക്കണ്ണനീശനരുളിഗ്ഗമിച്ചിതു

മുൻപിമ്മുനിതന്നനുഭൂതി, കർമ്മവും
ശംഭുദേവൻ തദാ ദേവിയോടോതിനാൻ. 38

ഉന്നതയോഗപ്രഭാവത്തൊടുകൂടി
മിന്നും ഭൃഗുകുലശ്രേഷ്ഠനാമമ്മുനി

ശ്രീകാന്തദേവന്റെയേകാന്തഭക്തനായ്
ലോകത്തിലിന്നും ചരിക്കുന്നു വാസ്തവം. 39

ഈമട്ടു ബുദ്ധിമാനായ മാർക്കണ്ഡേയ-
മാമുനിയാലനുഭൂതമായുള്ളതായ്

അദ്ഭുതമായാപ്രഭാവമിയന്നതാം
ചിത്പുമാൻതൻ കഥ വിസ്തരി-
ച്ചോതിനേൻ. 40

മാത്രകാലത്താൽ മൃകണ്ഡുതനൂജന
മാത്രമനുഭവപ്പെട്ടതാമീ ലയം

നേരേ ഭഗവാന്റെ മായതൻ സംസൃതി-
സാരം മനസ്സിലാക്കാത്തവരാം ചിലർ

ചൊല്ലുന്നതുണ്ടനാദ്യാവർത്തിതമിതു-
മില്ലാത്തതല്ലൊരു കാലമുണ്ടായതായ് 41

ഭാർഗ്ഗവവംശ്യ! ഞാൻ വർണ്ണിച്ചു ചൊന്നതായ്
ചക്രപാണീമഹിമാനമുൾക്കൊള്ളുവതാം

ഇക്കഥയെ ശ്രദ്ധയോടു കേൾപ്പിക്കയും
കേൾക്കുകയും ചെയ്തിടുന്നോർ കൃതാർത്ഥരാം

എന്നല്ലിരുവർക്കുമക്കർമ്മവാസനാ-
ജന്യമാം സംസാരബന്ധം ഭവിച്ചിടാ. 42

അദ്ധ്യായം 11

വിഷ്ണുവിഭൂതികഥനം—സൂര്യവിഭൂതിവർണ്ണനം

ശൗനകൻ പറഞ്ഞു

ഭാഗവതാഗ്രിമാ! തന്ത്രസിദ്ധാന്തങ്ങ-
ളാകവേയങ്ങറിയുന്നു വേണ്ടുംവിധം

എന്നതിനാലറിവേറും ഭവാനോടി-
തൊന്നു ചോദിക്കുന്നു ഞങ്ങൾ വിനീതരായ്. 1

ചിന്മാത്രനാം ശ്രീപതിതൻ സപര്യയിൽ
കർമ്മന്മാരായ തന്ത്രമാർഗ്ഗസ്ഥിതർ

അങ്ഗോപാങ്ഗങ്ങളും ശസ്ത്രഭൂഷാദിയു-
മെങ്ങനെ കല്പിപ്പതേതു തത്ത്വത്തിനാൽ?

ഏതുകർമ്മത്തിൻ നിപുണതമൂലമാ-
യാദിതേയത്വം നരനു ലഭിച്ചിടും?

ആ ക്രിയാമാർഗ്ഗമറിയുവാനാഗ്രഹം-
വാഴുമീ ഞങ്ങളോടോതണം തേ ശുഭം. 2–3

സൂതൻ പറഞ്ഞു

ആദിമാചാര്യരാം ധാതാവുതൊട്ടവർ
വേദമന്ത്രങ്ങളിൽച്ചൊല്ലിയപോലെതാൻ

മാമകദേശികന്മാരെ നമിച്ചുകൊ-
ണ്ടാ മഹാവിഷ്ണുവിഭൂതികളോതിടാം. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായാദ്യൈർന്നവഭിസ്തത്ത്വൈഃ സ വികാരമയോ വിരാട്
നിർമ്മിതോ ദൃശ്യതേ യത്ര സ്വചിത്കേ ഭുവനത്രയം. 5
ഏതദ്വൈ പൗരുഷം രൂപം, ഭൂഃ പാദൗ ദ്യൗഃ ശിരോ, നഭഃ
നാഭിഃ, സൂര്യോഽക്ഷിണീ, നാസേ വായുഃ, കർണ്ണൗ ദിശ പ്രഭോ. 6
പ്രജാപതിഃ പ്രജനനമപാനോ മൃത്യുരീശിതുഃ
തദ്ബാഹവോ ലോകപാലാ, മനശ്ചന്ദ്രോ, ഭ്രുവൗ യമഃ. 7
ലജ്ജോത്തരോഽധരോ ലോഭോ ദന്താ ജ്യോത്സ്നാ, സ്മയോ ഭ്രമഃ
രോമാണി ഭൂരുഹാ, ഭൂമ്നോ മേഘാഃ പുരുഷമൂർദ്ധജാഃ. 8
യാവാനയം വൈ പുരുഷോ യാവത്യാ സംസ്ഥയാ മിതഃ
താവാനസാവപി മഹാപുരുഷോ ലോകസംസ്ഥയാ. 9
കൗസ്തുഭവ്യപദേശേന സ്വാത്മജ്യോതിർബ്ബിഭർത്ത്യജഃ
തത്പ്രഭാ വ്യാപിനീ സാക്ഷാത് ശ്രീവത്സമുരസാ വിഭുഃ. 10
സ്വമായാം വനമാലാഖ്യാം നാനാഗുണമയീം ദധത്
വാസശ്ഛന്ദോമയം പീതം ബ്രഹ്മസൂത്രം ത്രിവൃത് സ്വരം. 11
ബിഭർത്തി സാംഖ്യം യോഗം ച ദേവോ മകരകുണ്ഡലേ
മൗലിം പദം പാരമേഷ്ഠ്യം സർവ്വലോകാഭയങ്കരം. 12
അവ്യാകൃതമനന്താഖ്യമാസനം യദധിഷ്ഠിതഃ
ധർമ്മജ്ഞാനാദിഭിര്യുക്തം സത്ത്വം പദ്മമിഹോച്യതേ. 13
ഓജഃസഹോബലയുതം മുഖ്യതത്ത്വം ഗദാം ദധത്
അപാം തത്ത്വം ദരവരം തേജസ്തത്ത്വം സുദർശനം. 14
നഭോനിഭം നഭസ്തത്ത്വമസിം ചർമ്മ തമോമയം
കാലരൂപം ധനുഃ ശാർങ്ഗം തഥാ കർമ്മമയേഷുധിം. 15
ഇന്ദ്രിയാണി ശരാനാഹുരാകൂതീരസ്യ സ്യന്ദനം
തന്മാത്രാണ്യസ്യഭിവ്യക്തിം മുദ്രയാർത്ഥക്രിയാത്മതാം. 16
മണ്ഡലം ദേവയജനം ദീക്ഷാ സംസ്കാര ആത്മനഃ
പരിചര്യാ ഭഗവത ആത്മനോ ദുരിതക്ഷയഃ. 17
ഭഗവാൻ ഭഗശബ്ദാർത്ഥം ലീലാകമലമുദ്വഹൻ
ധർമ്മം യശശ്ച ഭഗവാംശ്ചാമരവ്യജനേഽഭജത്. 18
ആതപത്രം തു വൈകുണ്ഠം ദ്വിജാ ധാമാകുതോഭയം
ത്രിവൃദ്വേദഃ സുപർണ്ണാഖ്യോ യജ്ഞം വഹതി പൂരുഷം. 19
അനപായിനീ ഭഗവതീ ശ്രീഃ സാക്ഷാദാത്മനോ ഹരേഃ
വിഷ്വക്സേനസ്തന്ത്രമൂർത്തിർവിദിതഃ പാർഷദാധിപഃ
നന്ദാദയോഽഷ്ടൗ ദ്വാഃസ്ഥാശ്ച തേഽണിമാദ്യാ ഹരേർ-
ഗുണാഃ. 20
വാസുദേവഃ സങ്കർഷണഃ പ്രദ്യുമ്നഃ പുരുഷഃ സ്വയം
അനിരുദ്ധ ഇതി, ബ്രഹ്മൻ, മൂർത്തിവ്യൂഹോഽഭിധീയതേ. 21
സ വിശ്വസ്തൈജസഃ പ്രാജ്ഞസ്തുരീയ ഇതി വൃത്തിഭിഃ
അർത്ഥേന്ദ്രിയാശയജ്ഞാനൈർഭഗവാൻ പരിഭാവ്യതേ. 22
അങ്ഗാപാങ്ഗായുധാകല്പൈർഭഗവാംസ്തച്ചതുഷ്ടയം
ബിഭർത്തി സ്മ ചതുർമ്മൂർത്തിർഭഗവാൻ ഹരിരീശ്വരഃ. 23
ദ്വിജർഷഭ സ ഏഷ ബ്രഹ്മയോനിഃ സ്വയംദൃക്
സ്വമഹിമപരിപൂർണ്ണോ മായയാ ച സ്വയൈതത്
സൃജതി ഹരതി പാതീത്യാഖ്യയാനാവൃതാക്ഷോ
വിവൃത ഇവ നിരുക്തസ്തത്പരൈരാത്മലഭ്യഃ. 24
ശ്രീകൃഷ്ണ കൃഷ്ണസഖ വൃഷ്ണ്യൃഷഭാവനിധ്രു-
ഗ്രാജന്യവംശദഹനാനപവർഗ്ഗവീര്യ
ഗോവിന്ദ ഗോപവനിതാവ്രജഭൃത്യഗീത-
തീർത്ഥശ്രവഃ ശ്രവണമങ്ഗല പാഹി ഭൃത്യാൻ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായാദിയൊൻപതു തത്ത്വങ്ങളാൽത്തീർത്ത-
തായിരിപ്പു സവികാരൻ വിരാൾപുമാൻ
ചേതനാധിഷ്ഠിതനാമവനിൽക്കാണ്മൂ
പൂതമതേ! ഭുവനങ്ങൾ മൂന്നും ക്രമാൽ. 5
മൂപ്പാരുതന്നെ വിരാഡ്രൂപ,മിദ്ധര
തത്പദദ്വന്ദ്വവും, ദ്യോവു ശിരസ്സുമാം,
അന്തരിക്ഷം നാഭി,യർക്കൻ നയനങ്ങൾ
ഗന്ധവാഹൻ നാസ, ദിക്കുകൾ കാതുകൾ. 6
ബ്രഹ്മാവു മേഢ്രവും മൃത്യുവപാനനും
തന്മഹാബാഹുക്കളെ ദിക്പാലരും തഥാ
മാനസം ചന്ദ്രൻ, പുരികദ്വയം യമൻ,
ചേണാർന്ന ഹാസം ഭ്രമഹേതു മായതാൻ.
ശാഖികൾ രോമങ്ങൾ, കേശരോമങ്ങളോ
മേഘങ്ങൾ, ദന്തങ്ങൾ ചന്ദ്രികതന്നെയാം.
ഭ്രമാവിവന്റെ മേലേച്ചുണ്ടുതാൻ ത്രപ
മാമുനേ! കേളധരം ലോഭമെന്നതാം. 7–8
എത്രയുണ്ടങ്ഗവിഭാഗം പുമാനിവി-
ടെത്രയുണ്ടാമാകൃതികൾ വലിപ്പവും
അത്രോളവുമിമ്മഹാപുമാനും ലോക-
സംസ്ഥയാൽ ദൈർഘ്യാദി കല്പിച്ചിടാവതാം. 9
ജന്മഹീനൻ ഭഗവാൻ കൗസ്തുഭാഖ്യയാൽ
സ്വാത്മസംശുദ്ധചൈതന്യം ധരിപ്പിതേ.
ആ വിഭു തത്പ്രഭയാൽ വ്യാപ്തമാം പ്രഭ
മാർവ്വിടത്തിൽ ധരിക്കുന്നു ശ്രീവത്സമായ്. 10
നാനാഗുണമയിയാം നിജ മായയെ-
ത്താനേ ധരിപ്പൂ വനമാലയായ് വിഭു.
ഛന്ദോമയം പീതവസ്ത്രമായിദ്ധരി-
ക്കുന്നു, പൂണുനൂലായ് ത്രിവൃത്പ്രണവത്തെയും. 11
ആവഹിക്കുന്നിതു സാംഖ്യവും യോഗവും
ദേവൻ മകരകുണ്ഡാഭരണങ്ങളായ്
സർവ്വാഭയദമാം ബ്രഹ്മലോകത്തിനെ
സർവ്വാത്മകൻ ധരിക്കുന്നു കിരീടമായ്. 12
താനാവസിക്കുമനന്താഖ്യമാസന-
മാണോർക്കിലവ്യാകൃതം തത്ത്വമെന്നതും
ജ്ഞാനധർമ്മാദിഗുണയുതസത്ത്വത്തെ-
യാണു സരസിജമെന്നു ചൊല്ലുന്നതും. 13
പിന്നെയോജസ്സു സഹസ്സുബലമിവ-
യ്യെന്നുമേയാസ്ഥാനമായ് മുഖ്യതത്ത്വമാം
പ്രാണൻ ഭഗവദ്ഗദതാൻ ജലതത്ത്വ-
മാണു ശങ്ഖം, മഹസ്തത്ത്വം സുദർശനം. 14
ആകാശതത്ത്വമാം ഖഡ്ഗം, തമോഗുണ-
മാകും പരിചയ,ക്കർമ്മബലം തൂണി
ശാർങ്ഗിയാം ദേവനക്കാലതത്ത്വത്തിനെ
ശാർങ്ഗാഖ്യമാം ധനുസ്സായും ധരിപ്പിതേ. 15

കേൾക്ക ശരങ്ങളായിന്ദ്രിയമെല്ലാം ക്രിയാ-
ശക്തി തേരായും പറയപ്പെടുന്നിതു.
തന്മാത്രകൾ രഥബാഹ്യരൂപങ്ങളും,
സന്മതേ! മുദ്രയാശിസ്സുമായ് കല്പിതം. 16
ആദിത്യമണ്ഡലം ദേവാർച്ചനപദം
സാധകദീക്ഷ സംസ്കാരവുമായിടും
പിന്നെയബ്ഭഗവത്പരിചര്യയെന്നതു-
തന്നെയാത്മാവിൻ ദുരിതവിനാശനം. 17
ലീലാകമലമായീശൻ ധരിക്കുന്നു
ചാലെ നിജഭഗശബ്ദാർത്ഥമെപ്പോഴും.
ചെമ്മേ വിഭു,ചാമരവ്യജനങ്ങളായ്
ധർമ്മത്തെയും കീർത്തിയെയും ധരിപ്പിതേ. 18
വൈകുണ്ഠമാകുമകുതോഭയം പദം
ശ്രീകാമുകൻ കുടയായിദ്ധരിക്കുന്നു.
മൂന്നു വേദത്തെഗ്ഗരുഡനായും യജ്ഞ-
മനഘം മൂർത്തിയായും ധരിക്കുന്നിതു. 19
പാർഷദവൃന്ദത്തിലൊന്നാമനായിടും
വിഷ്വക്സേനൻ തന്ത്രമൂർത്തിയായ് ഖ്യാതനാം.
എപ്പൊഴും വിഷ്ണുവിൽച്ചേർന്നിരുന്നീടുന്നൊ-
രബ്ഭഗവച്ഛക്തി പാലാഴിമകതാൻ.
നന്ദാദ്യരായിടും ദ്വാരപരെട്ടുപേർ
തന്നണിമാദിഗുണങ്ങളായ് കീർത്തിതം. 20
വാസുദേവൻ പുനസ്സങ്കർഷണൻ ധന്യ-
ഭൂസുരാ! പ്രദ്യുമ്നനനിരുദ്ധനും
നാരായണമൂർത്തികളായുപാസ്യരായ്
നേരേ വഹിക്കുന്നു മൂർത്തിവ്യൂഹാഹ്വയം. 21
അർത്ഥേന്ദ്രിയാശയജ്ഞാനങ്ങളാം നാലു-
വൃത്തികളാലേ വിശ്വൻ, തൈജസനഥ
പ്രാജ്ഞൻ, തുരീയനെന്നിപ്രകാരം നാലു
സംജ്ഞകളാൽ പരിഭാവനംചെയ്‌വതേ. 22
അങ്ഗോപാങ്ഗായുധഭൂഷകളോടൊത്ത
ശാർങ്ഗിദേവൻ ഭരിക്കുന്നിച്ചതുഷ്ടയം
ഏവം ചതുർമ്മൂർത്തിയായിടും ശ്രീഹരി
ജീവലോകത്തിൻ നിയന്താവധീശ്വരൻ. 23
താനേ പ്രകാശിച്ചിടുന്നവനായ് വേദ-
യോനിയായ് തന്മഹത്ത്വത്തിനാൽ പൂർണ്ണനാം
അബ്ഭഗവാൻ സ്വയം തന്നുടെ മായയാ-
ലിപ്പാരു നിർമ്മിച്ചു കാത്തഴിക്കുന്നിതു.
ആവൃതിഹീനമാം ജ്ഞാനമാർന്നീടുമ-
ദ്ദേവനാത്മാവെന്നു ഭക്തരറിയുന്നു. 24
പാർത്ഥസഖേ! കൃഷ്ണ! വൃഷ്ണികലോത്തമാ!
ഭൂദ്രോഹിഭൂപാലവംശവൈശ്വാനരാ!
ഗോവിന്ദ! ഗോപിമാരും വ്രജഭൃത്യരു-
മാവിർമ്മുദാ പരികീർത്തിച്ചിടും വിഭോ!
നിസ്തുലവീര്യാ! ശ്രവണസുഖപ്രദാ!
ഭൃത്യരാം ഞങ്ങളെപ്പാലിച്ചിടേണമേ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ ഇദം കല്യ ഉത്ഥായ മഹാപുരുഷലക്ഷണം
തച്ചിത്തഃ പ്രയതോ ജപ്ത്വാ ബ്രഹ്മവേദ ഗുഹാശയം. 26

ശൗനക ഉവാച

ശുകോ യദാഹ ഭഗവാൻ വിഷ്ണുരാതായ ശൃണ്വതേ
സൗരോ ഗണോ മാസി മാസി നാനാ വസതി സപ്തകഃ. 27
തേഷാം നാമാനി കർമ്മാണി സംയുക്താനാമധീശ്വരൈഃ
ബ്രൂഹി നഃ ശ്രദ്ദധാനാനാം വ്യൂഹം സൂര്യാത്മനോ ഹരേഃ. 28

സൂത ഉവാച

അനാദ്യവിദ്യയാ വിഷ്ണോരാത്മനഃ സർവ്വദേഹിനാം
നിർമ്മിതോ ലോകതന്ത്രോഽയം ലോകേഷു പരിവർത്തതേ. 29
ഏക ഏവ ഹി ലോകാനാം സൂര്യ ആത്മാഽഽദികൃദ്ധരിഃ
സർവ്വവേദക്രിയാമൂലമൃഷിഭിർബ്ബഹുധോദിതഃ. 30
കാലോ ദേശഃ ക്രിയാ കർത്താ കരണം കാര്യമാഗമഃ
ദ്രവ്യം ഫലമിതി, ബ്രഹ്മൻ, നവധോക്തോഽജയാ ഹരിഃ. 31
മധ്വാദിഷു ദ്വാദശസു ഭഗവാൻ കാലരൂപധൃക്
ലോകതന്ത്രായ ചരതി പൃഥഗ്ദ്വാദശഭിർഗ്ഗണൈഃ. 32
ധാതാ കൃതസ്ഥലീ ഹേതിർവാസുകീ രഥകൃന്മുനേ
പുലസ്ത്യസ്തുംബുരുരിതി മധുമാസം നയന്ത്യമീ. 33
അര്യമാ പുലഹോഽഥൗജാഃ പ്രഹേതിഃ പുഞ്ജികസ്ഥലീ
നാരദഃ കച്ഛനീരശ്ച നയന്ത്യേതേ സ്മ മാധവം. 34
മിത്രോഽത്രിഃ പൗരുഷേയോഽഥ തക്ഷകോ മേനകാ ഹഹാഃ
രഥസ്വന ഇതി ഹ്യേതേ ശുക്രമാസം നയന്ത്യമീ. 35
വസിഷ്ഠോ വരുണോ രംഭാ സഹജന്യസ്തഥാ ഹൂഹൂഃ
ശുക്രശ്ചിത്രസ്വനശ്ചൈവ ശുചിമാസം നയന്ത്യമീ. 36
ഇന്ദ്രോ വിശ്വാവസുഃ ശ്രോതാ ഏലാപത്രസ്തഥാങ്ഗിരാഃ
പ്രമ്ലോചാ രാക്ഷസോ വര്യോ നഭോമാസം നയന്ത്യമീ. 37
വിവസ്വാനുഗ്രസേനശ്ച വ്യാഘ്ര ആസാരണോ ഭൃഗുഃ
അനുമ്ലോചാ ശങ്ഖപാലോ നഭസ്യാഖ്യം നയന്ത്യമീ. 38
പൂഷാ ധനഞ്ജയോ വാതഃ സുഷേണഃ സുരുചിസ്തഥാ
ഘൃതാചീ ഗൗതമശ്ചേതി തപോമാസം നയന്ത്യമീ. 39

ക്രതുർവ്വർച്ചാ ഭരദ്വാജഃ പർജ്ജന്യഃ സേനജിത്തഥാ
വിശ്വ ഐരാവതശ്ചൈവ തപസ്യാഖ്യം നയന്ത്യമീ. 40
അഥാംശുഃ കശ്യപസ്താർക്ഷ്യ ഋതസേനസ്തഥോർവ്വശീ
വിദ്യുച്ഛത്രുർമ്മഹാശങ്ഖഃ സഹോമാസം നയന്ത്യമീ. 41
ഭഗഃ സ്ഫൂർജ്ജോഽരിഷ്ടനേമിരൂർണ്ണ ആയുശ്ച പഞ്ചമഃ
കർക്കോടകഃ പൂർവ്വചിത്തിഃ പുഷ്യമാസം നയന്ത്യമീ. 42
ത്വഷ്ടാ ഋചീകതനയഃ കംബലശ്ച തിലോത്തമാ
ബ്രഹ്മാപേതോഽഥ ശതജിദ്ധൃതരാഷ്ട്ര ഇഷംഭരാഃ. 43
വിഷ്ണുരശ്വതരോ രംഭാ സൂര്യവർച്ചാശ്ച സത്യജിത്
വിശ്വാമിത്രോ മഖാപേത ഊർജ്ജമാസം നയന്ത്യമീ. 44
ഏതാ ഭഗവതോ വിഷ്ണോരാദിത്യസ്യ വിഭൂതയഃ
സ്മരതാം സന്ധ്യയോർനൄണാം ഹരന്ത്യംഹോ ദിനേ ദിനേ. 45
ദ്വാദശസ്വപി മാസേഷു ദേവോഽസൗ ഷഡ്ഭിരസ്യ വൈ
ചരൻ സമന്താത്തനുതേ പരത്രേഹ ച സന്മതിം. 46
സാമർഗ്യജുർഭിസ്തല്ലിങ്ഗൈരൃഷയഃ സംസ്തുവന്ത്യമും
ഗന്ധർവ്വാസ്തം പ്രഗായന്തി നൃത്യന്ത്യപ്സരസോഽഗ്രതഃ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരുഷഃകാലത്തെണീററിമ്മഹാവിരാറ്റ-
പ്പൂരുഷചിഹ്നംകലരും വിഭൂതികറ
ശ്രദ്ധനായബ്ഭഗവാനിൽ മനംവച്ചു
കീർത്തിച്ചിടുമവൻ ബ്രഹ്മജ്ഞനായിടും. 26

സൂര്യവിഭൂതി

ശൗനകൻ പറഞ്ഞു

സപ്തഗണം മാറിമാറിയാദിത്യനോ-
ടൊപ്പം പ്രതിമാസവും ചരിക്കുന്നതായ്
ചൊന്നുവല്ലോ പരീക്ഷിത്തിനോടായ് ശുകൻ;
തന്നാഥരോടൊത്തു തന്നാമകമ്മങ്ങറ
സൂര്യാത്മകഹരിവ്യൂഹത്തിൽ ജിജ്ഞാസ-
യേറുന്ന ഞങ്ങളോടോതീടണം ഭവാൻ. 27–28

സൂതൻ പറഞ്ഞു

സവ്വദേഹിക്കുമാത്മാവായ് വിളങ്ങിടും
സവേശ്വരൻറയനാദിയാം മായയാൽ
നിമ്മിതനാം ലോകയാത്രാപ്രവത്തകൻ
ഘമ്മാംശു ചുററുന്നിതു ഭുവനങ്ങളിൽ. 29
ലോകത്തിനാദികത്താവുമാത്മാവുമാ-
മേകൻ ഹരിതന്നെയാണു ദിനേശ്വരൻ.
സവ്വാഗമക്രിയാമൂലമായ് സൂര്യനെ
നിവ്ചിപ്പൂ മുനിമാർ ബഹുരൂപനായ്. 30
കാലദേശാഗമകത്താക്കറ കാര്യവും
ചാലെക്കരണം ഫലം ദ്രവ്യവും ക്രിയ
ഈമട്ടിലൊമ്പതായ്ത്തീന്നിരിക്കുന്നതു
മാമുനേ! യേകനാം ശ്രീഹരിതന്നെയാം. 31
ചൈത്രാദി പന്ത്രണ്ടു മാസത്തിലും ലോക-
യാത്ര സാധിക്കുവാൻ കാലാത്മകൻ ഹരി
പന്ത്രണ്ടു ഭിന്നരൂപങ്ങറ പൂണ്ടുഗ്ഗണ-
വൃന്ദത്തെ മാററിച്ചരിപ്പൂ മാസംപ്രതി. 32
ധാതാവു സൂര്യൻ, കൃതസ്ഥലിയെന്നു പേ-
രോതിടുമപ്സരസ്ത്രീ, ഹേതിരാക്ഷസൻ
വാസുകി സപ്പം, രഥകൃത്തു യക്ഷൻ, പു-
ലസ്ത്യഷി തുംബുരുവെന്ന ഗന്ധവ്വനും
എന്നിവരൊത്താദ്യമാം മധുമാസത്തി-
ലന്യൂനമക്കരഥം നടത്തുന്നിതേ. 33
അര്യമാവക്കൻ പുലഹാഖ്യനാമൃഷി-
വര്യ,നഥൗജസ്സു യക്ഷൻ, പ്രഹേതിയാം
രാക്ഷസ,നപ്സരഃസ്ത്രീപുഞ്ജികസ്ഥലി
കച്ഛനീരൻ ഫണി, നാരദഗന്ധർവൻ
എന്നിവർ ചേൻ വൈശാഖമാസത്തിലി-
സ്യന്ദനം നേരേ നടത്തുന്നു മാമുനേ! 34
മിത്രനിനൻ പൗരുഷേയരക്ഷ,സ്സ്രഷി-
യത്രിയും പിന്നെ രഥസ്വനയക്ഷനും
മേനക, തക്ഷകൻ, ഹാ ഹാ ഗന്ധർവനു-
മാണു നയിപ്പതു ശുക്രമാസംതന്നിൽ. 35
അക്കൻ, വരുണൻ, വസിഷ്ഠഷി, രംഭയും
ശുക്രൻ ഫണി, സഹജന്യനാം യക്ഷനും
ചിത്രസ്വനരാക്ഷസൻ, ഹൂഹൂഗന്ധർവ-
നിത്രയുംപേർ നയിക്കുന്നിതാഷാഢത്തിൽ. 36
ഇന്ദ്രൻ, ദ്യുമണി, വിശ്വാവസുഗന്ധർവൻ
പന്നഗമേലാപത്രൻ, വര്യരാക്ഷസൻ
അങ്ഗിരസ്സാമൃഷി, പ്രമ്ലോച, ശ്രോതാവു-
മങ്ങു നഭസ്സിൽ നയിപ്പൂ രവിരഥം. 37
ഭാദ്രപദത്തിൽ ദിനേശൻ വിവസ്വാനു-
മൊത്തുഗ്രസേനനാസാരണനും ഭൃഗു
വ്യാഘ്ര,നനുമ്ലോച, ശങ്ഖപാലൻതാനു-
മക്കരഥത്തെ നിർവ്വിഘ്നം നയിപ്പിതേ. 38
പൂഷാവു സൂര്യൻ ധനഞ്ജയനാഗവും
രാക്ഷസൻ വാതൻ, സുഷേണഗന്ധർവ്വനും
ഗൗതമൻതാനും ഘൃതാചി സുരുചിയും
ഭേദമെന്യേ മാഘമാസം നയിപ്പതേ. 39
ഫാല്ഗുനംതന്നിലപ്പജ്ജന്യനാമക-
നക്കനും സേനജിത്തും ഭരദ്വാജനും
ഐരാവതഫണി, വർച്ചസ്സു വിശ്വനും
നേരേയിനയാത്ര നിർവഹിക്കുന്നിതു. 40
അംശുവാമംശുമാൻ, താർക്ഷ്യനാം യക്ഷനും
കശ്യപൻ വിദ്യുച്ഛത്രുവാഖ്യനുമർവശി
പിന്നെ മഹാശങ്ഖനാഗമൃതസേന-
ഗന്ധർവനും നയിപ്പൂ മാഗ്ഗശീഷ്ത്തിൽ. 41
പുഷ്യത്തിലക്കൻ ഭഗൻ, സ്ഫൂജ്ജ,നൂണ്ണനാം
യക്ഷനായുസ്സൃഷി, കാക്കോടകഫണി
അപ്സരസ്ത്രീപൂവ്ചിത്തി,യരിഷ്ട നേ-
മ്യാഭിധ രക്ഷസ്സുമൊത്തു നയിപ്പിതേ. 42
ത്വഷ്ടാവു സൂര്യൻ, തിലോത്തമയും ധൃത-
രാഷ്ട്രഗന്ധവ്വൻ ജമദഗ്നിയാമൃഷി
ബ്രഹ്മാപേതൻ, ശതജിത്തെന്ന യക്ഷനും
കംബളനുമാശ്വിനിയിൽ നയിപ്പതേ. 43
കാത്തികമാസത്തിലക്കനാം വിഷ്ണുവും
സത്യജിത്താം യക്ഷനപ്സരഃസ്ത്രീ രംഭ
അശ്വതരനാഗവും മഖാപേതനാം
രക്ഷസ്സു, കൗശികൻ സൂര്യവച്ചസ്സുമാം. 44
ശ്രീവിഷ്ണുരൂപമാമാദിത്യദേവൻറ-
യീവിധവുള്ള വിഭൂതികറ നിത്യവും
സന്ധ്യകറതോറും സ്മരിക്കുന്ന മത്ത്യനിൽ
സന്ധിച്ചിടും പാപമാകെ നശിച്ചിടും. 45
ആദിത്യനാററഗണങ്ങളോടുംകൂടി
ദ്വാദശമാസങ്ങളിലും ജഗത്തിതിൽ
ചുററും ചരിച്ചിട്ടിഹത്തിൽ പരത്തില-
മേററവും സത്ബുദ്ധിയുണ്ടാക്കിടുന്നിതേ. 46
തന്മഹിമാനം തെളിഞ്ഞുവിളങ്ങിടും
സാമമൃക്കുംയജുസ്സെന്ന വേദങ്ങളാൽ
വാഴ്ത്തുന്നൃഷികറ പാടീടുന്നു ഗന്ധർവർ,
നത്തനംചെയ്യുന്നിതപ്സരസ്ത്രീകളും. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉന്നഹ്യന്തി രഥം നാഗാ ഗ്രാമണ്യോ രഥയോജകാഃ
ചോദയന്തി രഥം പൃഷ്ഠേ നൈരൃതാ ബലശാലിനഃ. 48
വാലഖില്യാഃ സഹസ്രാണി ഷഷ്ടിർബ്രഹ്മർഷയോഽമലാഃ
പുരതോഽഭിമുഖം യാന്തി സ്തുവന്തി സ്തുതിഭിർവിഭും. 49
ഏവം ഹ്യനാദിനിധനോ ഭഗവാൻ ഹരിരീശ്വരഃ
കല്പേ കല്പേ സ്വമാത്മാനം വ്യൂഹ്യ ലോകാനവത്യജഃ. 50

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ആദിത്യവ്യൂഹവിവരണം നാമ ഏകാദശോഽധ്യായഃ

ദ്വാദശോഽധ്യായഃ

സൂത ഉവാച
നമോ ധർമ്മായ മഹതേ നമഃ കൃഷ്ണായ വേധസേ
ബ്രാഹ്മണേഭ്യോ നമസ്കൃത്യ ധർമ്മാൻ വക്ഷ്യേ സനാതനാൻ. 1
ഏതദ്വഃ കഥിതം വിപ്രാ വിഷ്ണോശ്ചരിതമദ്ഭുതം
ഭവദ്ഭിര്യദഹം പൃഷ്ടോ നരാണാം പുരുഷോചിതം. 2
അത്ര സങ്കീർത്തിതഃ സാക്ഷാത് സർവ്വപാപഹരോ ഹരിഃ
നാരായണോ ഹൃഷീകേശോ ഭഗവാൻ സാത്വതാം പതിഃ. 3
അത്ര ബ്രഹ്മ പരം ഗുഹ്യം ജഗതഃ പ്രഭവാപ്യയം
ജ്ഞാനം ച തദുപാഖ്യാനം പ്രോക്തം വിജ്ഞാനസംയുതം. 4
ഭക്തിയോഗഃ സമാഖ്യാതോ വൈരാഗ്യം ച തദാശ്രയം
പാരീക്ഷിതമുപാഖ്യാനം നാരദാഖ്യാനമേവ ച. 5
പ്രായോപവേശോ രാജർഷേർവിപ്രശാപാത് പരീക്ഷിതഃ
ശുകസ്യ ബ്രഹ്മർഷഭസ്യ സംവാദശ്ച പരീക്ഷിതഃ. 6
യോഗധാരണയോത്ക്രാന്തിഃ സംവാദോ നാരദാജയോഃ
അവതാരാനുഗീതം ച സർഗ്ഗഃ പ്രാധാനികോഽഗ്രതഃ. 7
വിദുരോദ്ധവസംവാദഃ ക്ഷത്തൃമൈത്രേയയോസ്തതഃ
പുരാണസംഹിതാപ്രശ്നോ മഹാപുരുഷസംസ്ഥിതിഃ. 8
തതഃ പ്രാകൃതികഃ സർഗ്ഗഃ സപ്ത വൈകൃതികാശ്ച യേ
തതോ ബ്രഹ്മാണ്ഡസംഭൂതിർവൈരാജഃ പുരുഷോ യതഃ. 9
കാലസ്യ സ്ഥൂലസൂക്ഷ്മസ്യ ഗതിഃ പദ്മസമുദ്ഭവഃ
ഭുവ ഉദ്ധരണേഽംഭോധേർഹിരണ്യാക്ഷവധോ യഥാ. 10
ഊർദ്ധ്വതിര്യഗവാക്സർഗ്ഗോ രുദ്രസർഗ്ഗസ്തഥൈവ ച
അർദ്ധനാരീനരസ്യാഥ യതഃ സ്വായംഭുവോ മനുഃ. 11
ശതരൂപാ ച യാ സ്ത്രീണാമാദ്യാ പ്രകൃതിരുത്തമാ
സന്താനോ ധർമ്മപത്നീനാം കർദ്ദമസ്യ പ്രജാപതേഃ. 12
അവതാരോ ഭഗവതഃ കപിലസ്യ മഹാത്മനഃ
ദേവഹൂത്യാശ്ച സംവാദഃ കപിലേന ച ധീമതാ. 13
നവബ്രഹ്മസമുത്പത്തിർദ്ദക്ഷയജ്ഞവിനാശനം
ധ്രുവസ്യ ചരിതം പശ്ചാത് പൃഥോഃ പ്രാചീനബർഹിഷഃ. 14
നാരദസ്യ ച സംവാദസ്തതഃ പ്രൈയവ്രതം ദ്വിജാഃ
നാഭേസ്തതോഽനുചരിതമൃഷഭസ്യ ഭരതസ്യ ച. 15
ദ്വീപവർഷസമുദ്രാണാം ഗിരിനദ്യുപവർണ്ണനം
ജ്യോതിശ്ചക്രസ്യ സംസ്ഥാനം പാതാളനരകസ്ഥിതിഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്പ്ഗണം വച്ചുകെട്ടുന്നിതു രഥ-
ക്കോപ്പുകൾ, യക്ഷരത്തേരിണക്കുന്നിതു.

കെല്പെഴും രാക്ഷസന്മാരാ രഥത്തിന്റെ
പില്പാട്ടു നിന്നു മുന്നോട്ടു തള്ളുന്നിതു. 48

ശുദ്ധമനസ്സരും ബ്രഹ്മർഷിമാരുമാം
ഷഷ്ടിസാഹസ്രകം ബാലഖില്യാഹ്വയർ

മുൻപേയെതിർമുഖമായ് സഞ്ചരിച്ചുകൊ-
ണ്ടിമ്പമായബ്ജഭഗവാനെ സ്തുതിപ്പിതേ. 49

ആദ്യന്തഹീനനജൻ ഭഗവാൻ ഹരി
കൃത്യമായീവിധം കല്പമോരോന്നിലും

ദ്വാദശമായ് ശരീരത്തെ വിഭജിച്ചു
ഖേദമൊഴിച്ചു പോററുന്നു ലോകങ്ങളെ. 50

അദ്ധ്യായം 12

ഭാഗവതസംഗ്രഹം

സൂതൻ പറഞ്ഞു

ശ്രേഷ്ഠമാം ധർമ്മത്തെ ഞാൻ നമിക്കുന്നിതു
വിഷ്ണുപകൃത്താം ഹരിക്കായ് നമസ്കൃതി.

ബ്രാഹ്മണരേയും നമിച്ചു സനാതന-
ധർമ്മങ്ങളെച്ചൊല്ലിടുന്നേനനുക്രമം. 1

വിപ്രരേ! നിങ്ങളെന്നോടു ചോദിച്ചപോ-
ലദ്ഭുതമായ് ശ്രവണോചിതമായിടും

ശ്രീമഹാവിഷ്ണുചരിതം ഭവാന്മാരൊ-
ടാമോദപൂർവ്വം വിവരിച്ചുചൊല്ലിനേൻ. 2

ഭാഗവതമിതിൽ സർവ്വപാപാപഹ-
നാകും ഭഗവാൻ മഹാവിഷ്ണുതന്നുടെ

ഭക്തവാത്സല്യാദിനാനാഗുണഗണ-
മൊക്കെയും കീർത്തിച്ചിരിക്കുന്നു വേണ്ടപോൽ.3

ലോകോദ്ഭവലയസ്ഥാനമായ് ഗുഹ്യമാ-
മേകം പരബ്രഹ്മവും സവിജ്ഞാനമാം

ജ്ഞാനവും ജ്ഞാനപ്രകാശകമാമുപാ-
ഖ്യാനവുമെന്നാലിതിലുക്തമായിതു. 4

ഭക്തിയോഗം തദാലംബനമായ വൈ-
രാഗ്യം പരീക്ഷിന്നൃപാലചരിത്രവും

നാരദാഖ്യാനവുമിപ്പുരാണംതന്നിൽ
നേരേ കഥിച്ചിരിക്കുന്നിതു മാമുനേ! 5

വിപ്രശാപത്തിനാലാസന്നമൃത്യുവാ-
മപ്പരീക്ഷിത്തുതൻ പ്രായോപവേശവും

ശ്രീശുകശ്രീവിഷ്ണുരാതസംവാദവും
ഭാഷിച്ചിതാദിമസ്കന്ധത്തിൽ മാമുനേ! 6

നാരദധാതൃസംവാദങ്ങളുമവ-
താരാനുഗീതവിരാഡ്സർഗ്ഗലീലകൾ

യോഗപ്രഭാവംനിമിത്തമായ് ജീവനു-
ണ്ടാകും ഗതിയും ദ്വിതീയത്തിൽ വർണ്ണിതം. 7

ഉദ്ധവക്ഷത്താക്കൾതൻ ഭാഷണങ്ങളും
ക്ഷത്തൃമൈത്രേയസംവാദവുമായതിൽ,

ക്ഷത്താവു ചെയ്ത പുരാണസംബന്ധമാം
ചോദ്യങ്ങളും ഭഗവത്സംസ്ഥിതിയതും. 8

പിന്നെ പ്രകൃതി ഗുണമേളനത്തിനാൽ-
ത്തീർന്ന സർഗ്ഗം മഹദാദിതത്ത്വങ്ങളും

തദ്വികാരങ്ങളുമായതിൽനിന്നണ്ഡ-
മുത്ഥിതമായതിലാവിരാഡ് ജന്മവും. 9

സ്ഥൂലസൂക്ഷ്മാങ്ഗകകാലസ്വരൂപവും
ചാലവേ നാഭിസരസിജോദ്ഭൂതിയും

അബ്ധിയിൽനിന്നും ധരയുദ്ധരിച്ചതും
കെല്പേറുമാ ഹിരണ്യാക്ഷനെക്കൊന്നതും. 10

മേലുകീഴും വിലങ്ങത്തിലും സഞ്ചരി-
ച്ചാളുന്ന ജീവിജാലത്തിൻ സമുദ്ഭവം

രുദ്രസംസൃഷ്ടിയുമർദ്ധനാരീനര-
സൃഷ്ടിയാൽ സ്വായംഭുവമനൂത്പത്തിയും. 11

നാരീമണീമാതൃകയായ് പ്രകൃത്യവ-
താരമാകും ശതരൂപതൻ ജന്മവും

ധർമ്മദാരങ്ങൾതൻ സന്തതികൾക്കെഴും
ജന്മം, പ്രജാപതി കർദ്ദമൻതൻ ജനി. 12

പിന്നെക്കപിലമഹാത്മാവുതൻ ജനു-
സ്സുന്നതബുദ്ധിമാനാമസ്സുതനൊടായ്

ദേവഹൂത്യാഖ്യയാം മാതാവുതന്നുടെ
സംവാദവും തൃതീയത്തിൽപെടുന്നിതേ. 13

പിന്നെ നവബ്രാഹ്മണപ്രജേശോദ്ഭവം
മുന്യഗ്രിമാ! ദക്ഷയാഗവിധ്വംസനം

ധന്യം ധ്രുവചരിതം പൃഥുവൃത്തവും
വർണ്ണിച്ചു നാലിൽ ബർഹിന്നാരദോക്തിയും

മന്നൻ പ്രിയവ്രതൻ, നാഭി, ഋഷഭനും
ധന്യൻ ഭരതനിവരുടെ വൃത്തവും

ദ്വീപാംബുധി ഗിരിവർഷങ്ങൾ, ഗങ്ഗാദി-
യാപഗാസന്ദോഹമെന്നിവററിൻ സ്ഥിതി

ജ്യോതിശ്ചക്രത്തിൻ സ്ഥിതിയും നരകവും
പാതാളവും പഞ്ചമത്തിൽ വർണ്ണിച്ചിതു. 14-16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദക്ഷജന്മ പ്രചേതോഭ്യസ്തത്പുത്രീണാം ച സന്തതിഃ
യതോ ദേവാസുരനരാസ്തിര്യങ്നഗഖഗാദയഃ. 17

ത്വാഷ്ട്രസ്യ ജന്മ നിധനം പുത്രയോശ്ച ദിതേർദ്വിജാഃ
ദൈത്യേശ്വരസ്യ ചരിതം പ്രഹ്രാദസ്യ മഹാത്മനഃ. 18

മന്വന്തരാനുകഥനം ഗജേന്ദ്രസ്യ വിമോക്ഷണം
മന്വന്തരാവതാരാശ്ച വിഷ്ണോർഹയശിരാദയഃ. 19

കൗർമ്മം ധാന്വന്തരം മാത്സ്യം വാമനം ച ജഗത്പതേഃ
ക്ഷീരോദമഥനം തദ്വദമൃതാർത്ഥേ ദിവൗകസാം. 20

ദേവാസുരമഹായുദ്ധം രാജവംശാനുകീർത്തനം
ഇക്ഷ്വാകുജന്മ തദ്വംശഃ സുദ്യുമ്നസ്യ മഹാത്മനഃ. 21

ഇളോപാഖ്യാനമത്രോക്തം തരോപാഖ്യാനമേവ ച
സൂര്യവംശാനുകഥനം ശശാദാദ്യാ നൃഗാദയഃ. 22

സൗകന്യം ചാഥ ശര്യാതേഃ കകുത്സ്ഥസ്യ ച ധീമതഃ
ഖട്വാംഗസ്യ ച മാന്ധാതുഃ സൗഭരേഃ സഗരസ്യ ച. 23

രാമസ്യ കൗസലേന്ദ്രസ്യ ചരിതം കില്ബിഷാപഹം
നിമേരംഗപരിത്യാഗോ ജനകാനാം ച സംഭവഃ. 24

രാമസ്യ ഭാർഗ്ഗവേന്ദ്രസ്യ നിഃക്ഷത്രകരണം ഭുവഃ
ഐളസ്യ സോമവംശസ്യ യയാതേർന്നഹുഷസ്യ ച. 25

ദൗഷ്യന്തേർഭരതസ്യാപി ശന്തനോസ്തത്സുതസ്യ ച
യയാതേർജ്ജ്യേഷ്ഠപുത്രസ്യ യദോർവംശോനുകീർത്തിതഃ. 26

യത്രാവതീർണ്ണോ ഭഗവാൻ കൃഷ്ണാഖ്യോ ജഗദീശ്വരഃ
വസുദേവഗൃഹേ ജന്മ തതോ വൃദ്ധിശ്ച ഗോകുലേ. 27

തസ്യ കർമ്മാണ്യപാരാണി കീർത്തിതാന്യസുരദ്വിഷഃ
പൂതനാസുപയഃപാനം ശകടോച്ചാടനം ശിശോഃ. 28

തൃണാവർത്തസ്യ നിഷ്പേഷസ്തഥൈവ ബകവത്സയോഃ
ധേനുകസ്യ സഹഭ്രാതുഃ പ്രലംബസ്യ ച സംക്ഷയഃ. 29

ഗോപാനാം ച പരിത്രാണം ദാവാഗ്നേഃ പരിസർപ്പതഃ
ദമനം കാളിയസ്യാഹേർമ്മഹാഹേർന്നന്ദമോക്ഷണം. 30

വ്രതചര്യാ തു കന്യാനാം യത്ര തുഷ്ടോഽച്യുതോ വ്രതൈഃ
പ്രസാദോ യജ്ഞപത്നീഭ്യോ വിപ്രാണാം ചാനുതാപനം. 31

ഗോവർദ്ധനോദ്ധാരണം ച ശക്രസ്യ സുരഭേരഥ
യജ്ഞാഭിഷേകം കൃഷ്ണസ്യ സ്ത്രീഭിഃ ക്രീഡാ ച രാത്രിഷു. 32

ശംഖചൂഡസ്യ ദുർബ്ബുദ്ധേർവ്വധോഽരിഷ്ടസ്യ കേശിനഃ
അക്രൂരാഗമനം പശ്ചാത് പ്രസ്ഥാനം രാമകൃഷ്ണയോഃ. 33

വ്രജസ്ത്രീണാം വിലാപശ്ച മഥുരാലോകനം തതഃ
ഗജമുഷ്ടികചാണൂരകംസാദീനാം ച യോ വധഃ. 34

മൃതസ്യാനയനം സൂനോഃ പുനഃ സാന്ദീപനേർഗ്ഗുരോഃ
മഥുരായാം നിവസതാ യദുചക്രസ്യ യത്പ്രിയം. 35

കൃതമുദ്ധവരാമാഭ്യാം യുതേന ഹരിണാ ദ്വിജാഃ
ജരാസന്ധസമാനീതസൈന്യസ്യ ബഹുശോ വധഃ. 36

ഘാതനം യവനേന്ദ്രസ്യ കുശസ്ഥല്യാ നിവേശനം
ആദാനം പാരിജാതസ്യ സുധർമ്മായാഃ സുരാലയാത്. 37

രുക്മിണ്യാ ഹരണം യുദ്ധേ പ്രമഥ്യ ദ്വിഷതോ ഹരേഃ
ഹരസ്യ ജൃംഭണം യുദ്ധേ ബാണസ്യ ഭുജകൃന്തനം. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെ പ്രചേതസ്സുകളിലൂടദ്ഭൂതനായ്
വന്ന ദക്ഷൻെറയും തത്പുത്രിമാരുടെ
സന്തതീസഞ്ചയത്തിൻെറയും വർണ്ണന-
മന്തമെന്യേ പിന്നെയക്കൂട്ടരിൽനിന്നു
ദേവാസുരനരതിര്യഗ്വിഹഗങ്ങ-
ളുവ്വീരുഹാദിയുമുണ്ടായിവന്നതും. 17
വൃത്രാസുരോത്പത്തി തന്നിധനത്തെയും
ഷഷ്ഠമാം സ്കന്ധത്തിൽ വർണ്ണിച്ചിരിപ്പുതേ.
പിന്നെദ്ദിതിസുതരാം ഹിരണ്യാക്ഷനും
മന്നൻ ഹിരണ്യകശിപുവുമായിട്ടും
ദൈത്യാധിപരുടെ വൃത്തവും പ്രഹ്ലാദ-
ഭക്തോത്തമൻതൻ ചരിതവുമേഴിലാം. 18
മന്വന്തരചരിതങ്ങളും ഗജാധിപൻ-
തന്നുടെ മോചനം മന്വന്തരങ്ങളിൽ
പൂണ്ടുള്ളതാമവതാരം ഹയഗ്രീവ-
നുണ്ടായതുമഥ കൂർമ്മവും മത്സ്യവും,
വാമനം ധാന്വന്തരമവതാരങ്ങളും
ശ്രീമഹാവിഷ്ണുഭഗവാനിയന്നതും
ചെമ്മേ സുരക്ഷ്മൃതത്തിനു പാലാഴി-
തന്മഥനം ദേവദാനവയുദ്ധവും
അഷ്ടമസ്കന്ധത്തിലുൾപ്പെട്ടിരിക്കുന്നു
കേട്ടുകൊൾകിന്നി നവമത്തിലുള്ളതും. 19-20
രാജവംശങ്ങൾതൻ വർണ്ണനമിക്ഷ്വാകു-
ഭൂജാനിതൻ ജനി, തദ്വംശവും തഥാ
സുദ്യുമ്നനെന്ന മഹാത്മാവിളയെന്നൊ-
രുത്തമസ്ത്രീയായ് ഭവിച്ച ചരിത്രവും
സൂര്യവംശോത്പത്തി, താരാചരിത്രവും
നേരേ ശശാദനൃഗമുഖവൃത്തവും, 21-22
ശര്യാതിതൻ കഥ, തത്സുതയായിട്ടും
മയ്യേൽമിഴിയാം സുകന്യതൻ വാർത്തയും
ബുദ്ധിമാനായ ഖട്വാംഗനും സൗഭരി
തത്ര മാന്ധാതാവുതാനും സഗരനും
കോസലേശൻ രാമനെന്നിവർതന്നഘ-
നാശനമാകിയ സച്ചരിതങ്ങളും
പിന്നെ നിമിനൃപൻ ദേഹം ത്യജിച്ചതും
ധന്യജനകനൃപാലചരിത്രവും. 23 24
ഭാർഗ്ഗവരാമൻ ധരണിയെയക്ഷത്ര-
യാക്കിയതും സോമവംശസംജാതരാം
ധന്യൻ പുരൂരവസ്സാ നഹുഷാഖ്യനാം
മന്നൻ യയാതിയിവരുടെ വൃത്തവും,
ദുഷ്യന്തപുത്രൻ ഭരതനും ശന്തനു
തൽസുതൻ ഭീഷ്മർ, യയാതിതൻ പുത്രരിൽ
ജ്യേഷ്ഠൻ യദു, യദുവംശ്യരിവക്കേഴും
വൃത്തങ്ങളും നവമത്തിൽ വർണ്ണിച്ചിതു. 25-26
വൃഷ്ണിവംശത്തിൽ ജഗദീശ്വരൻ വിഷ്ണു
കൃഷ്ണനാമത്തിൽ വസുദേവർതന്നുടെ
മന്ദിരംതന്നിലവതാരമാർന്നതും
നന്ദഗോഷ്ഠത്തിൽ വസിച്ചു വളർന്നതും. 27
അബ്ഭഗവാൻതന്നപാരമാം ലീലക-
ളെപ്പേരുമദ്ദശമത്തിലുൾപ്പെട്ടിട്ടും.
പൂതനാപ്രാണൻ മുലപ്പാലിനോടൊത്തു
മോദിച്ചു കുഞ്ഞായനാളിൽ കുടിച്ചതും. 28
ഉന്നതനാമശ്ശകടാസുരനെയും
പിന്നെത്തൃണാവർത്തനെയും ബകനെയും
വത്സാസുരൻതന്നെയും ധേനുകനെയും
തത്സോദരനെയും സംഹരിച്ചുള്ളതും. 29
ചുററിനും വ്യാപിച്ച ദാവാഗ്നിയിൽനിന്നു
പെട്ടെന്നു ഗോപവൃന്ദത്തെ രക്ഷിച്ചതും
കാളിയദർപ്പം ഹരിച്ചുള്ളതും മഹാ-
വ്യാളത്തിൽനിന്നു രക്ഷിച്ചതും നന്ദനെ. 30
ആനായകന്യാജനവ്രതചര്യയിൽ
താനേ ഭഗവാൻ പ്രസാദിച്ചുവെന്നതും
യജ്ഞദ്വിജപത്ന്യനുഗ്രഹലീലയു-
മജ്ഞവിപ്രന്മാക്കേഴമനുതാപവും. 31
ഗോവർദ്ധനാദ്രി കുടയായ്പിടിച്ചതും
ദേവേന്ദ്രനും കാമധേനുവും കൃഷ്ണനെ
ഗോവിന്ദനെന്നഭിഷേകംകഴിച്ചതും
രാവിലഗ്ഗോപികളോടു രമിച്ചതും. 32
ദുർബ്ബുദ്ധികളായ ശംഖചൂഡാരിഷ്ടർ
ദുർഭഗനാം കേശിയെന്നിവർതൻ വധം
ഗോകുലംതന്നിലക്രൂരാഗമം സീരി
ശ്രീകൃഷ്ണനുമായ് മഥുരയ്ക്കു പോയതും. 33
കണ്ണൻ പിരിഞ്ഞതിൽ ഗോപീജനങ്ങൾതൻ-
ക്രന്ദനം, മമ്മഥുരാപുരാലോകനം
തത്ര കുവലയാപീഡഗജത്തെയും
മുഷ്ടികചാണൂരമല്ലവരരെയും
കംസാദി ദുഷ്ടമഹീപതിമാരെയും
ഹിംസിച്ചതും മുൎസ്സിന്ദിരാവല്ലഭൻ. 34
സാന്ദീപനിഗുരുവിൻ മൃതപുത്രനെ-
പ്പെന്നുടൻ വീണ്ടുകൊണ്ടന്നു കൊടുത്തതും
മാധവനാ മഥുരാവാസവേളയിൽ
യാദവക്കെല്ലാം ഹിതമാചരിച്ചതും
ഉദ്ധവരോടും മഹാബലിയാം ബല-
ഭദ്രനോടും ചേർന്നു ലീലയായ് ശ്രീഹരി
പിന്നെപ്പലകുറിയജ്ജരാസന്ധൻെറ
സൈന്യത്തെയാകെ നശിപ്പിച്ചുവിട്ടതും. 35-36
ഘോരനാകും യവനേശനെക്കൊല്ലിച്ചു
ദ്വാരകതന്നിൽ യദുക്കളെ വാഴിച്ചു
പിന്നെസ്സുധർമ്മാസഭ പാരിജാതവും
വിണ്ണിൽനിന്നും ദ്വാർകയിലെത്തിച്ചതും. 37
തിരമാം പോരിലരാതികളെ വെന്നു
രുക്മിണിയെബ്ഭഗവാൻ കൊണ്ടുവന്നതും
മുക്കണ്ണനെപ്പോരിൽ വെന്നു ബാണാസുര-
മുഷ്ടടക്കിത്തത്കരങ്ങളരിഞ്ഞതും. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാഗ്ജ്യോതിഷപതിം ഹത്വാ കന്യാനാം ഹരണം ച യത്
ചൈദ്യപൌണ്ഡ്രകസാല്വാനാം ദന്തവക്ത്രസ്യ ദുർമ്മതേഃ. 39

ശംബരോ ദ്വിവിദഃ പീഠോ മുരഃ പഞ്ചജനാദയഃ
മാഹാത്മ്യം ച വധസ്തേഷാം വാരാണസ്യാശ്ച ദാഹനം. 40

ഭാരാവതരണം ഭൂമേർന്നിമിത്തീകൃത്യ പാണ്ഡവാൻ
വിപ്രശാപാപദേശേന സംഹാരഃ സ്വകുലസ്യ ച. 41

ഉദ്ധവസ്യ ച സംവാദോ വാസുദേവസ്യ ചാദ്ഭുതഃ
യത്രാത്മവിദ്യാ ഹ്യഖിലാ പ്രോക്താ ധർമ്മവിനിർണ്ണയഃ. 42

തതോ മർത്ത്യപരിത്യാഗ ആത്മയോഗാനുഭാവതഃ
യുഗലക്ഷണവൃത്തിശ്ച കലൌ നൄണാമുപപ്ലവഃ. 43

ചതുർവ്വിധശ്ച പ്രളയ ഉത്പത്തിസ്ത്രിവിധാ തഥാ
ദേഹത്യാഗശ്ച രാജർഷേർവിഷ്ണുരാതസ്യ ധീമതഃ. 44

ശാഖാപ്രണയനമൃഷേർമ്മാർക്കണ്ഡേയസ്യ സത്കഥാ
മഹാപുരുഷവിന്യാസഃ സൂര്യസ്യ ജഗദാത്മനഃ. 45

ഇതി ചോക്തം ദ്വിജശ്രേഷ്ഠാ യത്പൃഷ്ടോഽഹമിഹാസ്മി വഃ
ലീലാവതാരകർമ്മാണി കീർത്തിതാനീഹ സർവ്വശഃ. 46

പതിതഃ സ്ഖലിതശ്ചാർത്തഃ ക്ഷുത്ത്വാ വാ വിവശോ ബ്രുവൻ
ഹരയേ നമ ഇത്യുച്ചൈർമ്മുച്യതേ സർവ്വപാതകാത്. 47

സങ്കീർത്ത്യമാനോ ഭഗവാനനന്തഃ
ശ്രുതാനുഭാവോ വ്യസനം ഹി പുംസാം
പ്രവിശ്യ ചിത്തം വിധുനോത്യശേഷം
യഥാ തമോഽർക്കോഽഭ്രമിവാതിവാതഃ 48

മൃഷാ ഗിരസ്താ ഹ്യസതീരസത്കഥാ
ന കഥ്യതേ യദ് ഭഗവാനധോക്ഷജഃ
തദേവ സത്യം തദുഹൈവ മംഗളം
തദേവ പുണ്യം ഭഗവദ്ഗുണോദയം. 49

തദേവ രമ്യം രുചിരം നവം നവം
തദേവ ശശ്വന്മനസോ മഹോത്സവം
തദേവ ശോകാർണ്ണവശോഷണം നൃണാം
യദുത്തമശ്ലോകയശോഽനുഗീയതേ. 50

ന തദ്വചശ്ചിത്രപദം ഹരേര്യശോ
ജഗത്പവിത്രം പ്രഗൃണീത കർഹിചിത്
തദ്ധ്വാങ്ക്ഷതീർത്ഥം ന തു ഹംസസേവിതം
യത്രാച്യുതസ്തത്ര ഹി സാധവോഽമലാഃ. 51

സ വാഗ്വിസർഗ്ഗോ ജനതാഘസംപ്ലവോ
യസ്മിൻ പ്രതിശ്ലോകമബദ്ധവത്യപി
നാമാന്യനന്തസ്യ യശോഽങ്കിതാനി യ-
ച്ഛൃണ്വന്തി ഗായന്തി ഗൃണന്തി സാധവഃ. 52

നൈഷ്കർമ്മ്യമപ്യച്യുതഭാവവർജ്ജിതം
ന ശോഭതേ ജ്ഞാനമലം നിരഞ്ജനം
കുതഃ പുനഃ ശശ്വദഭദ്രമീശ്വരേ
ന ഹ്യർപ്പിതം കർമ്മ യദപ്യനുത്തമം. 53

യശഃശ്രിയാമേവ പരിശ്രമഃ പരോ
വർണ്ണാശ്രമാചാരതപഃശ്രുതാദിഷു
അവിസ്മൃതിഃ ശ്രീധരപാദപദ്മയോർ-
ഗുണാനുവാദശ്രവണാദിഭിർഹരേഃ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാഗ്ജ്യോതിഷമെന്ന പേരിൽ പുകഴ്ന്നീടും
രാജ്യത്തിനീശനായീടും നരകനെ
കൊന്നിട്ടു തത്ര നിബദ്ധരാകും രാജ-
കന്യകമാരെയശേഷം വരിച്ചതും
ചൈദ്യനും പൗണ്ഡ്രകസാല്വനൃപാലർ ദുർ-
ബ്ബുദ്ധിയാം ദന്തവക്ത്രൻ ശംബരൻ മുരൻ
പീഠൻ ദ്വിവിദനും പഞ്ചജനാദ്യരാം
മൂഢനൃപന്മാ,രിവരുടെ വിക്രമം. 39–40
തദ്വധം കാശീപുരം ദഹിപ്പിച്ചതും
വിസ്താരമായ് ദശമത്തിൽക്കഥിച്ചിതു.
പാണ്ഡവന്മാരെനിമിത്തമാക്കിദ്ധരാ-
മണ്ഡലഭാരമൊഴിച്ചശേഷം ഹരി
വിപ്രശാപാപദേശത്താൽ സ്വവംശവും
ക്ഷിപ്രമപ്പാടേ നശിപ്പിച്ചുവെന്നതും. 41
ഉദ്ധവനും വാസുദേവനും തങ്ങളി-
ലത്യദ്ഭുതകരമാം വിധമുണ്ടായ
സംവാദവൃത്തതിലാത്മസാക്ഷാത്കാര-
നിർവ്വഹണത്തിൻ സമസ്തമാർഗ്ഗങ്ങളും
വർണ്ണാശ്രമാദിസകലധർമ്മങ്ങളും
പിന്നെ സ്വയോഗാനുഭാവംനിമിത്തമായ്
തന്നുടെ ദേഹം ഭഗവാൻ ത്യജിച്ചതും
വർണ്ണിച്ചിരിക്കുന്നിതേകാദശമതിൽ. 42
പിന്നെ യുഗലക്ഷണവൃത്തിയും കലി-
തന്നിൽ ജനങ്ങൾക്കുളവാം വിനാശവും. 43
നാലുവിധം പ്രളയം, ത്രിവിധം പ്രാണി-
ജാലോദ്ഭവം, വിഷ്ണുഭക്തരിൽ മുഖ്യനായ്
ബുദ്ധിമാനായ് വിഷ്ണുദത്തനാമപ്പരീ-
ക്ഷിത്തുനൃപതി, തൻദേഹം ത്യജിച്ചതും.
ആഗമത്തിന്റെ വിഭാഗം മൃകണ്ഡുജ-
യോഗിവരൻതൻ കഥാവർണ്ണനങ്ങളും
പാരിനഖിലമാത്മാവായ് വിളങ്ങിടു-
മര്യമാവിൻ വ്യൂഹവിന്യാസമെന്നതും
ദ്വാദശസ്കന്ധത്തിലുൾപ്പെട്ടിരിക്കുന്നു
മേദിനീദേവാന്വയശ്രേഷ്ഠരേ! നിങ്ങൾ
ചാലവേ ചോദിച്ചവണ്ണമാശ്രീകൃഷ്ണ-
ലീലാവതാരകർമ്മങ്ങൾ
ചൊല്ലീടിനേൻ. 44–46
വീഴുകയോ കാലിടറുകയോ രുക്കിൽ
മാഴ്കയോ ചെയ്തിടുംസമയത്തിലും
പാരം വിവശനായെങ്കിലുമേതവൻ
ശൗരേ! ഭഗവൻ! ഭവാനു നമസ്തുതി
എന്നുറക്കെച്ചൊല്ലുമോ സർവ്വപാപത്തിൽ-
നിന്നുമവനുടൻ മുക്തനായ്ത്തീർന്നിടും. 47
ഈവിധം സങ്കീർത്തിതനായ് ശ്രവണാനു-
ഭാവനായച്ഛിന്നനായിടും ശ്രീഹരി
പൂരുഷാന്തഃകരണത്തിൽ പ്രവേശിച്ചു
സൂര്യൻ തമസ്സിനെയെന്നതുപോലെയും
വങ്കാററു മേഘങ്ങളെയെന്നമട്ടിലും
സങ്കടമാകെ നശിപ്പിച്ചിടുന്നിതേ. 48
ഏതൊന്നിലുൾപ്പെട്ടിടുന്നതില്ലീന്ദ്രിയാ-
തീതനായീടും ഭഗവാന്റെ ലീലകൾ
ഏതൊന്നസജ്ജനവർണ്ണനാപൂർണ്ണമാ-
ണോതിടാം കള്ളക്കഥയതപാർത്ഥമായ്.
ഏതു ചരിതം ഭഗവദ്ഗുണഗണോ-
പേതമായി പ്രശോഭിക്കുന്നു പാരിതിൽ
ആയതത്രേ സത്യ,മായതുതാൻ ശുഭ-
മായതുതന്നെയാം പുണ്യവും മാമുനേ! 49
ഉത്തമശ്ലോകയശസ്സു നിരന്തരം
കീർത്തിച്ചിടുന്നോനസ്സത്കൃതിതന്നെയാം
മാനവദുഃഖാബ്ധി ശുഷ്കമാക്കുന്നതും
മാനസത്തിന്നു മഹോത്സവവും മുനേ! 50
ചിത്രപദമൊത്ത വാക്കെങ്കിലും ജഗ-
ച്ഛുദ്ധിദമാം ഹരികീർത്തിയേ നല്ലപോൽ
വാഴ്ത്താത്തതെങ്കിൽ കൃതി കേവലം കാക-
തീർത്ഥമത്രേ ഹംസസേവിതമായിടാ.
ഏതൊന്നിലുണ്ടോ ഭഗവാൻ രമാപതി
സാധുജനങ്ങളും കാണുമതിൽസ്സദാ. 51
ഏറെപ്പിഴകളുണ്ടെങ്കിലും ശ്ലോകങ്ങൾ
തോറും ഭഗവദ്യശോദ്യോതകങ്ങളാം
നാമങ്ങൾ ചേരുകിലക്കൃതി സജ്ജനം
മാമുനേ! കേട്ടിടും പാടും പുകഴ്ത്തിടും. 52
നൈഷ്കർമ്മ്യമായി വിഷയങ്ങളോടു സം-
സർഗ്ഗമററുള്ളതാം ജ്ഞാനമാണെങ്കിലും
അച്യുതഭക്തിവിഹീനമെന്നാലതു
നിശ്ചയം വേണ്ടവിധത്തിൽ വിളങ്ങിടാ.
അത്യുത്തമമായ കർമ്മമെന്നാകിലും
നിത്യമതീശനിലർപ്പിച്ചിടായ്കിലോ
ഏററമഭദ്രമാണെന്നുള്ള സംഗതി
പ്രത്യേകമോതേണ്ടതുണ്ടോ മുനീശ്വരാ! 53
വർണ്ണാശ്രമോചിതാചാരങ്ങളും തപ-
സ്സുനൃതശാസ്ത്രാദ്ധ്യയനമിത്യാദിയാൽ
നശ്വരസമ്പത്തു കീർത്തിയും മാത്രമേ
വിശ്വത്തിലാർക്കും ലഭിച്ചിടൂ നിശ്ചയം.
ചിത്പൂരുഷഗുണകീർത്തനാകർണ്ണനം
തത്പാദപദ്മസ്മൃതി നിലനിർത്തിടും. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിസ്മൃതിഃ കൃഷ്ണപദാരവിന്ദയോഃ
ക്ഷിണോത്യഭദ്രാണി ശമം തനോതി ച
സത്ത്വസ്യ ശുദ്ധിം പരമാത്മഭക്തിം
ജ്ഞാനം ച വിജ്ഞാനവിരാഗയുക്തം. 55

യൂയം ദ്വിജാഗ്ര്യാ ബത ഭൂരിഭാഗാ
യച്ഛശ്വദാത്മന്യഖിലാത്മഭൂതം
നാരായണം ദേവമദേവമീശ-
മജസ്രഭാവാ ഭജതാവിവേശ്യ. 56

അഹം ച സംസ്മാരിത ആത്മതത്ത്വം
ശ്രുതം പുരാ മേ പരമർഷിവക്ത്രാത്
പ്രായോപവേശേ നൃപതേഃ പരീക്ഷിതഃ
സദസ്യൃഷീണാം മഹതാം ച ശൃണ്വതാം. 57

ഏതദ്വഃ കഥിതം വിപ്രാഃ കഥനീയോരുകർമ്മണഃ
മാഹാത്മ്യം വസുദേവസ്യ സർവ്വാശുഭവിനാശനം. 58

യ ഏവം ശ്രാവയേന്നിത്യം യാമം ക്ഷണമനന്യധീഃ
ശ്രദ്ധാവാൻ യോഽനുശൃണുയാത് പുനാത്യാത്മാനമേവ സഃ. 59

ദ്വാദശ്യാമേകാദശ്യാം വാ ശൃണ്വന്നായുഷ്യവാൻ ഭവേത്
പഠത്യനശ്നൻ പ്രയതസ്തതോ ഭവത്യപാതകീ. 60

പുഷ്കരേ മഥുരായാം ച ദ്വാരവത്യാം യതാത്മവാൻ
ഉപോഷ്യ സംഹിതാമേതാം പഠിത്വാ മുച്യതേ ഭയാത്. 61

ദേവതാ മുനയഃ സിദ്ധാഃ പിതരോ മനവോ നൃപാഃ
യച്ഛന്തി കാമാൻ ഗൃണതഃ ശൃണ്വതോ യസ്യ കീർത്തനാത്. 62

ഋചോ യജൂംഷി സാമാനി ദ്വിജോഽധീത്യാനുവിന്ദതേ
മധുകുല്യാ ഘൃതകുല്യാഃ പയഃകുല്യാശ്ച തത്ഫലം. 63

പുരാണസംഹിതാമേതാമധീത്യ പ്രയതോ ദ്വിജഃ
പ്രോക്തം ഭഗവതാ യത്തു തത്പദം പരമം വ്രജേത്. 64

വിപ്രോഽധീത്യാപ്നുയാത് പ്രജ്ഞാം രാജന്യോദധിമേഖലാം
വൈശ്യോ നിധിപതിത്വം ച ശൂദ്രഃ ശുദ്ധ്യേത പാതകാത്. 65

കലിമലസംഹതികാലനോഽഖിലേശോ
ഹരിരിതരത്ര ന ഗീയതേ ഹ്യഭീക്ഷ്ണം
ഇഹ തു പുനർഭഗവാനശേഷമൂർത്തിഃ
പരിപഠിതോഽനുപദം കഥാപ്രസംഗൈഃ. 66

തമഹമജമനന്തമാത്മതത്ത്വം
ജഗദുദയസ്ഥിതിസംയമാത്മശക്തിം
ദ്യുപതിഭിരജശക്രശങ്കരാദ്യൈർ-
ദുരവസിതസ്തവമച്യുതം നതോഽസ്മി. 67

ഉപചിതനവശക്തിഭിഃ സ്വ ആത്മ-
ന്യുപരചിതസ്ഥിരജംഗമാലയായ
ഭഗവത ഉപലബ്ധിമാത്രധാമ്നേ
സുരഋഷഭായ നമഃ സനാതനായ. 68

സ്വസുഖനിഭൃതചേതാസ്തദ്വ്യുദസ്താന്യഭാവോഽ-
പ്യജിതരുചിരലീലാകൃഷ്ടസാരസ്തദീയം
വ്യതനുത കൃപയാ യസ്തത്ത്വദീപം പുരാണം
തമഖിലവൃജിനഘ്നം വ്യാസസൂനും നതോഽസ്മി. 69

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ദ്വാദശസ്കന്ധാർത്ഥനിരൂപണം നാമ ദ്വാദശോഽധ്യായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീപതിപാദാംബുജസ്മരണം സർവ്വ-
പാപാപഹവും ശമദവുംതന്നെയാം

ഉൾക്കാമ്പുസംശുദ്ധമാക്കും പരമാത്മ-
ഭക്തിയും, വിജ്ഞാനവൈരാഗ്യയുക്തമാം

ജ്ഞാനവും താനേയതു ചേർക്കുമാക്കുമൊ-
ന്നുനമതിനില്ല ശൗനകമാമുനേ! 55

ഉത്തമവിപ്രരാം നിങ്ങളെല്ലാവരും
മർത്ത്യരിൽവച്ചു മഹാഭാഗ്യശാലികൾ

സർവ്വാത്മഭൂതനായാരാധനീയനായ്
സർവ്വത്തിനും കാരണനായദേവനായ്

ദേവനായീശനായീടും മുകുന്ദനെ
ഹേ വിപ്രരേ! ഹൃത്തിലാക്കി-
ബ്ഭജിക്കുവിൻ. 56

നിങ്ങളിപ്പോളാത്മതത്ത്വം സ്മരിക്കുവാൻ
സംഗതിയാക്കിയെനിക്കും ദ്വിജാഗ്ര്യരേ!

പണ്ടിപ്പരീക്ഷിത്തു നശനം ദീക്ഷിച്ചു-
കൊണ്ടു മരിക്കാനുറച്ചിരുന്നീടവേ

ഗംഗക്കരയിൽ മഹർഷികളേവരും
തിങ്ങിയിരുന്നു കേട്ടീടും സദസ്സതിൽ

ഞാനും പരമർഷിയാം മദ്ഗുരുവിൻെറ-
യാനനപദ്മത്തിൽനിന്നിതു കേട്ടതാം. 57

എപ്പൊഴും വാഴ്ത്തേണ്ടതാം മഹത്കർമ്മങ്ങ-
ളുൾപ്പെട്ടതായഭദ്രങ്ങളൊഴിപ്പതാം

ശ്രീവാസുദേവമഹിമാനമീവിധം
ഹേ വിപ്രരേ! നിങ്ങളോടു കഥിച്ചു ഞാൻ. 58

ഏവമനന്യധീയായതിശ്രദ്ധയോ-
ടേവനിതെന്നുമോ യാമമോ മാത്രയോ

കേൾക്കയോ കേൾപ്പിക്കയോ ചെയ്യുമായവൻ
തക്കമില്ലാത്മാവിനെശ്ശുദ്ധമാക്കിടും. 59

ഏകാദശിയിലോ ദ്വാദശിനാളിലോ
ഏകാന്തമായിതു കേൾക്കുന്ന മാനുഷൻ

ദീർഘായുഷ്മാനാ,മശിപ്പതിനുന്നമേ
ഭക്ത്യാ പഠിപ്പോൻ ദുരിതവിമുക്തനാം. 60

പുഷ്കരവും ദ്വാരകയും മഥുരയും
പുക്കുപവാസത്തൊടേകാഗ്രചിത്തനായ്

ഈ സംഹിതയെശ്ശരിയായ്പ്പഠിക്കുവോൻ
സംസാരഭീതിയിൽനിന്നു മോചിച്ചിടും. 61

ഭാഗവതകഥ ചൊല്ലുന്നവരിലു-
മേകാഗ്രധീയോടു കേൾക്കുന്നവരിലും

സിദ്ധപിതൃമനുഭൂപരൃഷികളു-
മർത്ത്യരും തുഷ്ടരായേകമഭീഷ്ടിതം. 62

ഋക്കും യജുസ്സാമസ്സാമവുമാം വേദ-
സൂക്തങ്ങളാൽ ദ്വിജന്മാർക്കു കൈവന്നിടും

മഞ്ജുളമാം മധുകല്യ, ഘൃതകല്യ
രഞ്ജിതമാം പയഃകല്യയുമായിടും,

സത്ഫലം ഭാഗവതസംഹിതാധിക-
തത്പരന്മാർക്കും ലഭിച്ചിടും നിർണ്ണയം. 63

വിപ്രനിതൈകാഗ്ര്യമായ്പ്പഠിച്ചെത്തുന്നി-
ത്തബ്ഭഗവത്പ്രോക്തമാം പരമംപദം. 64

ബ്രാഹ്മണൻ ഭാഗവതാദ്ധ്യയനത്തിനാൽ
ബ്രഹ്മസാക്ഷാത്കാരയോഗ്യനായ്ത്തീർന്നിടും

ക്ഷത്രിയനബ്ധികാഞ്ചീധരയ്ക്കീശനാം
ശൂദ്രൻ വിശുദ്ധനാം വൈശ്യൻ ധനേശനാം. 65

ദോഷം കലികൃതം ധ്വംസിച്ചിടുമഖി-
ലേശൻ ഹരിയെയിതരശാസ്ത്രങ്ങളിൽ

എപ്പൊഴും കീർത്തിച്ചിടുന്നില്ല നിശ്ചയ-
മിപ്രബന്ധത്തിൽ കഥാപ്രസംഗങ്ങളാൽ

ഓരോ പദത്തിലും സർവ്വസ്വരൂപനാം
നാരായണനെ വർണ്ണിച്ചിരിക്കുന്നിതേ. 66

വിഷ്ടപം സൃഷ്ടിച്ചു കാത്തഴിച്ചീടുവാൻ
പുഷ്ടബലം പൂണ്ടജനായനന്തനായ്

നാന്മുഖശംഭുശക്രാദിദേവേശരും
നന്നുട്ടറിയാത്ത മാഹാത്മ്യമാർന്നിടും

ശുദ്ധാത്മതത്ത്വമാമച്യുതസ്വാമിയെ
ഭൃത്യനാകും ഞാൻ നമസ്കരിക്കുന്നിതേ. 67

മേല്ക്കുമേൽ സംവൃദ്ധിയാർന്നിടുമൊമ്പതു-
ശക്തികളാൽ സ്വസ്വരൂപമതിൽത്തന്നെ

താനേ ചരാചരം തീർത്തവയ്ക്കായ്ച്ചിത-
സ്ഥാനങ്ങളും വിരചിച്ചു വിളങ്ങിടും

ജ്ഞാനമാത്രാത്മസ്വരൂപനായ് നിത്യനാം
വാനവാധീശ്വരന്നായി നമസ്കൃതി. 68

സ്വാനന്ദപൂർണ്ണനായന്യവിചാരങ്ങൾ
താനേയുപേക്ഷിച്ചവനെന്നിരിക്കിലും

ശ്രീകാന്തമോഹനലീലാവിധങ്ങളാ-
ലാകൃഷ്ടചിത്തനായ് രോമാഞ്ചയുക്തനായ്

കാരുണ്യവായ്പിനാൽ സർവ്വജഗദ്ദുഃഖ-
ഹാരകമായ് തത്ത്വദീപമായ് മിന്നിടും

ഭാസുരം ഭാഗവതം വിസ്തരിച്ചൊരാ
വ്യാസാത്മജനായ് നമസ്കരിക്കുന്നു ഞാൻ. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രയോദശോഽധ്യായഃ

സൂത ഉവാച

യം ബ്രഹ്മാ വരുണേന്ദ്രരുദ്രമരുതഃ സ്തുന്വന്തി ദിവ്യൈഃ സ്തവൈ-
ർവ്വേദൈഃ സാങ്ഗപദക്രമോപനിഷദൈർഗ്ഗായന്തി യം
സാമഗാഃ
ധ്യാനാവസ്ഥിതതദ്ഗതേന മനസാ പശ്യന്തി യം യോ-
ഗിനോ
യസ്യാന്തം ന വിദുഃ സുരാസുരഗണാ ദേവായ തസ്മൈ നമഃ. 1

പൃഷ്ഠേ ഭ്രാമ്യദമന്ദമന്ദരഗിരിഗ്രാവാഗ്രകണ്ഡൂയനാ-
ന്നിദ്രാലോഃ കമഠാകൃതേർഭഗവതഃ ശ്വാസാനിലാഃ പാന്തു വഃ
യത്സംസ്കാരകലാനുവർത്തനവശാദ്വേലാനിഭേനാംഭസാം
യാതായാതമതന്ദ്രിതം ജലനിധേർന്നാദ്യാപി വിശ്രാമ്യതി. 2

പുരാണസംഖ്യാസംഭൂതിമസ്യ വാച്യപ്രയോജനേ
ദാനം ദാനസ്യ മാഹാത്മ്യം പാഠാദേശ്ച നിബോധത. 3

ബ്രാഹ്മം ദശ സഹസ്രാണി, പാദ്മം പഞ്ചോനഷഷ്ടി ച
ശ്രീവൈഷ്ണവം ത്രയോവിംശച്ചതുർവ്വിംശതി ശൈവകം. 4

ദശാഷ്ടൗ ശ്രീഭാഗവതം, നാരദം പഞ്ചവിംശതിഃ
മാർക്കണ്ഡം നവ, വാഹ്നം ച ദശപഞ്ച ചതുഃശതം. 5

ചതുർദ്ദശ ഭവിഷ്യം സ്യാത്തഥാ പഞ്ചശതാനി ച
ദശാഷ്ടൗ ബ്രഹ്മവൈവർത്തം ലിങ്ഗമേകാദശൈവ തു. 6

ചതുർവ്വിംശതി വാരാഹമേകാശീതിസഹസ്രകം
സ്കാന്ദം ശതം തഥാ ചൈകം, വാമനം ദശ കീർത്തിതം. 7

കൗർമ്മം സപ്തദശാഖ്യാതം, മാത്സ്യം തത്തു ചതുർദ്ദശ,
ഏകോനവിംശത്സൗപർണ്ണം, ബ്രഹ്മാണ്ഡം ദ്വാദശൈവ തു. 8

ഏവം പുരാണസന്ദോഹശ്ചതുർല്ലക്ഷ ഉദാഹൃതഃ
തത്രാഷ്ടാദശസാഹസ്രം ശ്രീഭാഗവതമിഷ്യതേ. 9

ഇദം ഭഗവതാ പൂർവ്വം ബ്രഹ്മണേ നാഭിപങ്കജേ
സ്ഥിതായ ഭവഭീതായ കാരുണ്യാത് സമ്പ്രകാശിതം. 10

ആദിമധ്യാവസാനേഷു വൈരാഗ്യാഖ്യാനസംയുതം
ഹരിലീലാകഥാവ്രാതാമൃതാനന്ദിതസത്സുരം. 11

സർവ്വവേദാന്തസാരം യദ്ബ്രഹ്മാത്മൈകത്വലക്ഷണം
വസ്ത്വദ്വിതീയം തന്നിഷ്ഠം കൈവല്യൈകപ്രയോജനം. 12

പ്രൗഷ്ഠപദ്യാം പൗർണ്ണമാസ്യാം ഹേമസിംഹസമന്വിതം
ദദാതി യോ ഭാഗവതം സ യാതി പരമാം ഗതിം. 13

രാജന്തേ താവദന്യാനി പുരാണാനി സതാം ഗണേ
യാവദ് ഭാഗവതം നൈവ ശ്രൂയതേഽമൃതസാഗരം. 14

സർവ്വവേദാന്തസാരം ഹി ശ്രീഭാഗവതമിഷ്യതേ
തദ്രസാമൃതതൃപ്തസ്യ നാന്യത്ര സ്യാദ്രതിഃ ക്വചിത്. 15

നിമ്നഗാനാം യഥാ ഗങ്ഗാ ദേവാനാമച്യുതോ യഥാ
വൈഷ്ണവാനാം യഥാ ശംഭുഃ പുരാണാനാമിദം തഥാ. 16

ക്ഷേത്രാണാം ചൈവ സർവ്വേഷാം യഥാ കാശീ ഹ്യനുത്തമാ
തഥാ പുരാണവ്രാതാനാം ശ്രീമദ്ഭാഗവതം ദ്വിജാഃ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 13

നാനാപുരാണസംഖ്യാവിവരണം—ഭാഗവതശ്രവണഫലം

സൂതൻ പറഞ്ഞു

രുദ്രേന്ദ്രധാതൃമരുത്തുകൾ പാശിയും
വാഴ്ത്തുന്നതാരെയാം ദിവ്യസ്തവങ്ങളാൽ
അങ്ഗം പദം ക്രമം പിന്നെയുപനിഷ-
ത്തിങ്ങനെയുള്ള വിഭാഗങ്ങളൊപ്പെട്ടും
വേദങ്ങളെക്കൊണ്ടു സാദരം സാമഗർ
ഗീതങ്ങൾ ചൊല്ലിസ്തുതിക്കുന്നതാരെയാം
ധ്യാനത്തിനാൽ സ്ഥിരവും തദ്ഗതവുമാം
മാനസത്താൽക്കാണ്മതാരെയാം യോഗികൾ
ആരുടെ സീമയറിയാ സുരാസുര-
ന്മാരുമാ ദേവനെ ഞാൻ നമിക്കുന്നിതേ. 1
ഏതിൻ ചലനശക്ത്യംശാനുവർത്തനം
ഹേതുവാൽ ക്ഷോഭച്ചലത്തിലംഭോനിധി
ആന്ദോരമന്ദമാമംബുചലനമ-
തിന്നേവരെയ്ക്കും നിലനിന്നിടുന്നുവോ,
പൃഷ്ഠഭാഗത്തിൽ ഭ്രമിച്ചിടും മന്ദര-
ശ്രേഷ്ഠഗിരിതൻ ശിലാഗ്രസംസ്പർശനം
ഏററു കണ്ഡൂയനസൗഖ്യാനുഭൂതിയാൽ
മുററുമുറങ്ങുന്നവനെന്ന ഭാഷയിൽ
ഭാസിച്ച കൂർമ്മാകൃതി ഭഗവാന്റെയാ-
ശ്വാസവായുക്കൾ രക്ഷിക്കട്ടെ നിങ്ങളെ. 2
എത്ര പുരാണങ്ങളുണ്ടവയിൽ ശ്ലോക-
മെത്രയാണുണ്ടായ,തെങ്ങനെയാണവ,
എന്താണിതിൻ വിഷയോപയോഗങ്ങള-
മെന്തിതിൻ ദാനഫലങ്ങളെന്നുള്ളതും
അന്തമറേറാരിതിൻ പാഠമാഹാത്മ്യവും
പന്തിയായ് ഞാൻ കഥിച്ചീടാം
ശ്രവിക്കുവിൻ. 3
ബ്രാഹ്മപുരാണപദ്യം പതിനായിരം
പാദ്മമമ്പത്തിയയ്യായിരം പദ്യമാം
ശ്രീവൈഷ്ണവമിരുപത്തിമൂവായിരം,
ശൈവമിരുപത്തിനാലായിരവുമാം,
ഭാഗവതം പതിനെണ്ണായിരം പദ്യ,-
മാകെയിരുപത്തയ്യായിരം നാരദം,
മാർക്കണ്ഡമൊമ്പതിനായിരം, നാന്നൂറൊ-
ടൊക്കും സഹസ്ര, പതിനഞ്ചു വാഹ്നമാം,
പിന്നെബ്ഭവിഷ്യത്പുരാണമഞ്ഞൂറിനോ-
ടന്വിതമാം പതിന്നാലായിരം മുനേ!
ബ്രഹ്മവൈവർത്തം സഹസ്രം പതിനെട്ടു,
ചെമ്മേ സഹസ്രം പതിനൊന്നു ലൈങ്ഗവും,
വാരാഹമുണ്ടിരുപത്തിനാലായിര-
മാരണേന്ദ്രാ! സ്കാന്ദമെന്ന പുരാണമോ
എൺപത്തിയോരായിരത്തൊരുനൂറിനാൽ
സമ്പൂർണ്ണമാം, വാമനം പതിനായിരം,
കൗർമ്മപദ്യം പതിനേഴായിരമെന്നു
കാൺമൂ, സഹസ്രം പതിന്നാലു മാത്സ്യവും,
ഗാരുഡം പത്തൊൻപതായിരം, ബ്രഹ്മാണ്ഡ-
മോരണം ദ്വാദശസാഹസ്രകാന്തമായ്.
ഇപ്പതിനെട്ടു പുരാണത്തിലുംകൂടി-
യൊപ്പെട്ടും നാലുലക്ഷം പദ്യമീവിധം
എന്നതിൽ ഭാഗവതമാമിതിൽ പതി-
നെണ്ണായിരം പദ്യമെന്നു മുൻ ചൊല്ലിനേൻ.
4–9

ഭാഗവതശ്രവണഫലം

ആദിയിൽ നാഭിപദ്മസ്ഥിതനായ് ഭവ-
ഭീതനാം ബ്രഹ്മാവിനായി കൃപാവശാൽ
ഇപ്പുരാണം ഭഗവാൻ ശ്രീനിവാസനാ-
ലുദ്ഭാസിതമെന്നറിയുവിൻ വിപ്രരേ! 10
ആദിമദ്ധ്യാവസാനങ്ങളിൽ വൈരാഗ്യ-
മേതവനും ജനിപ്പിക്കും ചരിതങ്ങൾ
ചേർന്നു മുകുന്ദകഥാസുധയാലിതാ-
നന്ദമേററുന്നു സുരസജ്ജനാളിയിൽ. 11
ഒന്നുതാൻ ബ്രഹ്മവുമാത്മാവുമെന്നുള്ള
ചിഹ്നത്തൊടും സർവ്വവേദാന്തസാരമായ്
അദ്വിതീയം വസ്തുവിൽ നിഷ്ഠമാമിതു
മുക്തിയാം മുഖ്യലക്ഷ്യത്തിലെത്തിപ്പിതേ. 12
പ്രോഷ്ഠപദത്തിലോ പൗർണ്ണമിനാളിലോ
സുഷ്ഠുസുവർണ്ണസിംഹാസനം തീർത്തതിൽ
ഭാഗവതഗ്രന്ഥമർപ്പിച്ചു ദാനമാ-
യേകുവോൻ പ്രാപിച്ചിടും പരയാംഗതി. 13
എന്നിസ്സുധാബ്ധിയാം ഭാഗവതം കേട്ടി-
ട്ടന്നതില്ലദ്ദിവസംവരെ മാത്രമേ
അന്യപുരാണങ്ങളെല്ലാം വിളങ്ങിട്ടു
നിർണ്ണയം സജ്ജനസംഘങ്ങളിൽ മുനേ! 14
ഭാഗവതം സവ്വവേദാന്തസാരമെ-
ന്നാഗമജ്ഞന്മാരഖിലമോതുന്നിതേ,
ആകയാൽ, തദ്രസമാസ്വാദിപ്പോനിലു-
ണ്ടാകാ രതിയന്യമായതിലൊന്നിലും. 15
ആറുകളിൽ ഗങ്ഗയെങ്ങനെ വൈഷ്ണവ-
ന്മാരാം സുരന്മാരിലച്യുതനെങ്ങനെ
ശൈവഭക്തന്മാരിലേതുവിധം ശിവ-
നാവിധംതന്നെയിതും പുരാണങ്ങളിൽ. 16
ക്ഷേത്രസമൂഹത്തിലേതുമട്ടിൽ കാശി-
യത്യുത്തമമായ് പരിലസിക്കുന്നുവോ
അമ്മട്ടുതന്നെ പുരാണസമൂഹത്തി-
ലിമ്മഹാഭാഗവതവുമുത്കൃഷ്ടമാം. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമദ്ഭാഗവതം പുരാണമമലം
യദ്വൈഷ്ണവാനാം പ്രിയം
യസ്മിൻ പാരമഹംസ്യമേകമമലം
ജ്ഞാനം പരം ഗീയതേ
തത്ര ജ്ഞാനവിരാഗഭക്തിസഹിതം
നൈഷ്കർമ്മ്യമാവിഷ്കൃതം
തച്ഛൃണ്വൻ വിപഠൻ വിചാരണപരോ
ഭക്ത്യാ വിമുച്യേന്നരഃ. 18

കസ്മൈ യേന വിഭാസിതോഽയമതുലോ
ജ്ഞാനപ്രദീപഃ പുരാ
തദ്രൂപേണ ച നാരദായ മുനയേ
കൃഷ്ണായ തദ്രൂപിണാ
യോഗീന്ദ്രായ തദാത്മനാഥ ഭഗവ-
ദ്രാതായ കാരുണ്യത-
സ്തച്ഛുദ്ധം വിമലം വിശോകമമൃതം
സത്യം പരം ധീമഹി. 19

നമസ്തസ്മൈ ഭഗവതേ വാസുദേവായ സാക്ഷിണേ
യ ഇദം കൃപയാ കസ്മൈ വ്യാചചക്ഷേ മുമുക്ഷവേ. 20

യോഗീന്ദ്രായ നമസ്തസ്മൈ ശുകായ ബ്രഹ്മരൂപിണേ
സംസാരസർപ്പദഷ്ടം യോ വിഷ്ണുരാതമമൂമുചത്. 21

ഭവേ ഭവേ യഥാഭക്തിഃ പാദയോസ്തവ ജായതേ
തഥാ കുരുഷ്വ ദേവേശ നാഥസ്ത്വം നോ യതഃ പ്രഭോ. 22

നാമസങ്കീർത്തനം യസ്യ സർവ്വപാപപ്രണാശനം
പ്രണാമോ ദുഃഖശമനസ്തം നമാമി ഹരിം പരം. 23

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വാദശസ്കന്ധേ
ത്രയോദശോഽധ്യായഃ

സമാപ്തോഽയം ദ്വാദശസ്കന്ധഃ

ശ്രീമദ്ഭാഗവതം സമാപ്തം

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഐശ്വര്യവത്തായമലമായ് ശ്രീഹരി–
ദാസക്തിപ്രിയമായതേതൊന്നതാൻ
ഏതിൽ പരമഹംസപ്രാപണീയമാ–
യേതും വിഷയസംബന്ധമില്ലാത്തതായ്
അത്യന്തമുത്കൃഷ്ടമായ ദ്വിതീയമാം
വാസ്തവതത്ത്വം പ്രകാശിച്ചിട്ടുന്നുവോ
ചൊല്ലൊല്ലാളമമ്മഹാഭാഗവതത്തിൽ വൈ–
രാഗ്യഭക്തിജ്ഞാനസംയുക്തമായിട്ടും
നൈഷ്കർമ്മ്യമാവിഷ്കരിച്ചിരിക്കുന്നതു
കേൾക്കയും ശ്രദ്ധിച്ചതിനെപ്പറ്റിക്കയും
നിത്യവും ചിന്തിച്ചിട്ടകയും ചെയ്തിട്ടും
മർത്ത്യന്മ മുക്തി സിദ്ധിച്ചിടും ഭക്തിയാൽ. 18
നിഷ്പ്രതിമം ജ്ഞാനദീപമിതേതിനാൽ
കല്പാദിയിൽ ബ്രഹ്മദേവനുമാവഴി
നാരദനും തദനന്തരം വ്യാസനും
നേരേ തദാത്മജനായ യോഗീന്ദ്രനും
പിന്നെയബ്ഭക്താഗ്ര്യനാകും പരീക്ഷിത്തു
മന്നനും തത്തത്സ്വരൂപനായ് നിന്നു താൻ
മെത്തും കൃപയാൽ പ്രകാശിതമായിതോ
ശുദ്ധമായ് നിഷ്കല്മഷമായശോകമായ്
സത്യമാമപ്പരംതത്ത്വത്തെ ഞങ്ങളും
നിത്യവും ധ്യാനിച്ചിട്ടുന്നു മനസ്സിനാൽ. 19
ഏതൊരാളിസ്സംഹിതയെ മോക്ഷേച്ഛുവാം
ധാതാവിനായുപദേശിച്ചിതാദിയിൽ
ഐശ്വര്യപൂർണ്ണനായ് സാക്ഷിയായീടുമാ
വാസുദേവന്നായ് നമസ്കരിക്കുന്നിതേ. 20
ആരുതാൻ സംസാരഭോഗിയാൽ ദഷ്ടനാ–
യോരു പരീക്ഷിത്തിനെ മുക്തനാക്കിയോ,
യോഗിവരേണ്യനും ബ്രഹ്മസ്വരൂപനു–
മാകുമാ ശ്രീശുകനായി നമസ്തുതി. 21
യോഗേശ്വരാ! ഭവാൻ ഞങ്ങടെ രക്ഷിതാ–
വാകയാലീയിവക്കേതുജന്മത്തിലും
ഹേ പ്രഭോ! ത്വത്പാദപദ്മങ്ങളിൽ ഭക്തി–
യുദ്ഭൂതമാമ്മാറനുഗ്രഹിച്ചീടുക. 22
ആരുടെ നാമസങ്കീർത്തനത്താൽ സർവ്വ–
ഘോരദുരിതങ്ങളും നശിച്ചീടുമോ
ആരെ നമിച്ചാലഖിലദുഃഖങ്ങളും
വേരററു സൗഖ്യാനുഭൂതിയുണ്ടാകുമോ
നേരേ പരമേശ്വരനായ് വിളങ്ങുമാ–
നാരായണനെ നമസ്കരിക്കുന്നു ഞാൻ. 32

ശ്രീമദ്ഭാഗവതം സമാപ്തം

സമാപനം

ഭക്താവലീമൗലിഭൂഷണമായ് പര–
മുത്കൃഷ്ടമാമിപ്പുരാണമുക്താമണി
ഇക്കണക്കമ്മെയാം കൈരളീദേവിതൻ
തൃക്കാല്ക്കൽ വച്ചു നമസ്കരിക്കുന്നു ഞാൻ.
മത്കരസ്പർശനംമൂലമിതിൽക്കുറേ–
യൊക്കെയഴുക്കു പുരണ്ടുപോയീടിലും
സത്തുക്കളെല്ലാം പൊറുത്തു മമോദ്ദേശ–
ശുദ്ധിയോർത്തെന്നെയനുഗ്രഹിച്ചീടണം.
നാരായണാ! നരകാന്തകാ! നിർവ്വാണ–
കാരണാ! ശ്രീകൃഷ്ണമൂർത്തേ! നമസ്തുതി.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗവതം പ്രഥമപദ്യത്തിന്റെ സംക്ഷിപ്തവിവരണം

ജന്മാദ്യസ്യ യതോന്വയാദിതരതശ്ചാർത്ഥേഷ്വഭിജ്ഞഃ സ്വരാഡ്
തേനേ ബ്രഹ്മ ഹൃദായ ആദികവയേ മുഹ്യന്തി യത്സൂരയഃ
തേജോവാരിമൃദാം യഥാ വിനിമയോ യത്ര ത്രിസർഗ്ഗോऽമൃഷാ
ധാമ്നാ സ്വേന സദാ നിരസ്തകുഹകം സത്യം പരം ധീമഹി.

ഇതാണ് ഭാഗവതത്തിലെ മംഗലാചരണരൂപത്തിലുള്ള പ്രഥമപദ്യം. ഈ പദ്യത്തെ പല വ്യാഖ്യാതാക്കന്മാരും പലവിധത്തിലാണ വ്യാഖ്യാനിച്ചുകാണുന്നതു്. പൂജ്യപാദരായ ശ്രീധര സ്വാമികളുടെ വ്യാഖ്യാനമനുസരിച്ചാണ മിക്കവാറും ഈ ഭാഷാന്തരം നിർവ്വഹിച്ചിട്ടുള്ളതു്. അദ്ദേഹം അന്വയിച്ചു് അർത്ഥകല്പനം ചെയ്യുന്നതു് ഇപ്രകാരമാണ്: അസ്യജന്മാദി (ഇതിന്റെ—പ്രപഞ്ചത്തിന്റെ ഉത്പത്തി മുതലായതു്) അന്വയാത് (ഉപാദാനകാരണംകൊണ്ടും) ഇതരതഃ (വ്യതിരേകം ഹേതുവായിട്ടും) യതഃ ഭവതി (യാതൊന്നിൽനിന്നു ഭവിക്കുന്നുവോ) യഃ അർത്ഥേഷു അഭിജ്ഞഃ (യാവനൊരുത്തൻ പദാർത്ഥങ്ങളിൽ അറിവാകുന്ന രൂപത്തിൽ സ്ഥിതിചെയ്യുന്നുവോ) സ്വരാട്ടു് (യാവനൊരുത്തൻ സ്വയമേ പ്രകാശിക്കുന്നുവോ) ആദികവയേ ഹൃദാ ബ്രഹ്മ തേനേ (യാവനൊരുത്തൻ ഹൃദയംവഴി ബ്രഹ്മാവിനു വേദത്തെ പ്രകാശിപ്പിച്ചുവോ) യത് സൂരയഃ മുഹ്യന്തി (യാതൊന്നിൽ വിദ്വാന്മാരും ബ്രഹ്മാദികളും മോഹിക്കുന്നുവോ) തേജോവാരിമൃദാം വിനിമയോ യഥാ (അഗ്നി, ജലം, മണ്ണു് ഇവയുടെ വിനിമയം ഒന്നു മറ്റൊന്നാണെന്നു തോന്നുന്നതു് എങ്ങനെയോ അതുപോലെ) യത്ര ത്രിസർഗ്ഗോऽമൃഷാ (യാതൊന്നിൽ ത്രിഗുണസൃഷ്ടി മിഥ്യയല്ലാത്തതുപോലെയിരിക്കുന്നുവോ) സ്വേന ധാമ്നാ (സ്വന്തമാഹാത്മ്യത്താൽ) സദാ നിരസ്തകുഹകം (എപ്പോഴും മായയെ നിരസിച്ചും) സത്യം (നാശമില്ലാതെയും ഇരിക്കുന്ന) പരം (പരമേശ്വരനെ) ധീമഹി (ഞങ്ങൾ ധ്യാനിക്കുന്നു) സകല ചരാചരങ്ങൾക്കും ഉത്പത്തിസ്ഥാനമായി സർവ്വജ്ഞനായി സ്വയംപ്രകാശനായി ബ്രഹ്മാവിന്റെ ഹൃദയത്തിൽ സങ്കല്പശക്തിയാൽ വേദത്തെ പ്രകാശിപ്പിച്ചവനായി ബ്രഹ്മാദികളെപ്പോലും മോഹിപ്പിക്കുന്നവനായി കാനലിൽ ജലംപോലെയും മണ്ണാങ്കട്ടയിൽ അഗ്നിപോലെയും ത്രിഗുണസൃഷ്ടിസത്യമെന്നപോലെ തോന്നിക്കുന്നവനായി മായയെ അതിക്രമിച്ചും നാശമില്ലാതെയുമിരിക്കുന്ന പരമേശ്വരനെ ധ്യാനിക്കുന്നു എന്നു സാരം. ചരാചരാത്മകമായ സമഷ്ടിലോകവും അതിലടങ്ങിയ വ്യഷ്ടിലോകങ്ങളും ബ്രഹ്മത്തിന്റെ സ്ഥൂലസ്വരൂപമാണ്. സൂക്ഷ്മസ്വരൂപം ഓരോ വ്യക്തിയിലും ജ്ഞാനരൂപേണ പ്രവൃത്തികളിൽ ഏർപ്പെടുന്നതായി അനുഭവത്തിലുമിരിക്കുന്നു. അതിനാൽ ബ്രഹ്മസ്വരൂപമായിട്ടു ലോകത്തെ കാണുന്നതാണ് ശരിയായ കാഴ്ച. യാതൊന്നു് ഉപാദാനകാരണമായും നിമിത്തകാരണമായുമിരിക്കുന്നുവോ അതാണ ബ്രഹ്മമെന്നു പറയുന്ന വസ്തു. കാര്യദ്രവ്യം കാരണദ്രവ്യത്തിൽനിന്നും ഭിന്നമല്ല എന്നതു് അനുഭവസിദ്ധമാണ്. വസ്ത്രത്തിനു നൂലും ആഭരണത്തിനു സ്വർണ്ണവും ഉപാദാനകാരണം. ആ കാരണദ്രവ്യംതന്നെയാണ വസ്ത്രവും ആഭരണവും. വസ്ത്രാഭരണാദികളെ ഉണ്ടാക്കുന്ന ചാലിയൻ, തട്ടാൻ മുതലായവർ നിമിത്തകാരണങ്ങൾ. ലോകത്തിൽ സാധാരണ കാര്യദ്രവ്യങ്ങളുടെ ഉപാദാനകാരണവും നിമിത്തകാരണവും ഭിന്നമായിട്ടാണ കാണാറുള്ളതു്. എന്നാൽ ലോകനിർമ്മാണത്തിനുപയോഗപ്പെടുത്തിയിരിക്കുന്ന മഹദാദിതത്ത്വങ്ങളും നിർമ്മാതാവും ഭിന്നങ്ങളല്ല, ഒന്നുതന്നെയാണ്. ഇതാണ് ഈശ്വരസൃഷ്ടിയായ ലോകത്തിനും മനുഷ്യനിർമ്മിതങ്ങളായ കാര്യദ്രവ്യങ്ങൾക്കും തമ്മിലുള്ള വ്യത്യാസം. വസ്ത്രത്തെ നൂലായിട്ടും ആഭരണത്തെ സ്വർണ്ണമായിട്ടും നാമരൂപങ്ങളെ ഉപേക്ഷിച്ചു കാണുന്നതുപോലെ ലോകത്തെ ബ്രഹ്മമായിട്ടു കാണുന്നുവെങ്കിൽ അതിനെ സത്യദർശനമെന്നു പറയും. ഈ ബോധം പല കാരണങ്ങളാലും ഏവർക്കും ഒന്നുപോലെ ഉണ്ടാകുന്നില്ല. അതുകൊണ്ടു് ദേഹേന്ദ്രിയാദികളെ സത്യമെന്നു കരുതുന്നു. വാസ്തവബ്രഹ്മത്തെ കാണുന്നുമില്ല. ഇതിനു ഭ്രാന്തിജ്ഞാനമെന്നു പേർ. ''ഉണ്മയുണ്ടഗ്നി വെള്ളം മൃത്തുതൊട്ടവയ്ക്കെന്നുമുണ്മയില്ലവയ്ക്കെന്നും ഭിന്നമായ് തോന്നിപ്പതും.'' ചൂടുപിടിച്ച മണലിൽനിന്നു പൊങ്ങുന്ന ആവിയെ ദൂരെനിന്നു നോക്കുമ്പോൾ വെള്ളമാണെന്നു തോന്നും. അന്ധകാരമുള്ളപ്പോൾ ജലത്തെ സ്ഥലമെന്നു കരുതും. മരക്കുറ്റിയെ മനുഷ്യനെന്നു വിചാരിക്കും. കയറിനെ പാമ്പാണെന്നോർത്തു ഭയപ്പെടും. ഇതെല്ലാം ഭ്രാന്തിജ്ഞാനത്തിനുദാഹരണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളാണ്. യഥാർത്ഥബ്രഹ്മത്തെ തന്മയമായി കാണാതെ നാമരൂപാത്മകമായി കാണുന്നതിനാൽ ജീവലോകം ജനനമരണദുഃഖമനുഭവിക്കുന്നു. സംസാരദുഃഖനിവൃത്തിക്കു ഭ്രാന്തിജ്ഞാനം നശിച്ചു സത്യദർശനം സിദ്ധിക്കണം. അതിനു ലോകാതീതവും നാശമററതുമായ സത്യവസ്തുവെ—പരമേശ്വരനെ—ധ്യാനിക്കണമെന്നു ഭഗവാൻ വേദവ്യാസൻ മുമുക്ഷുക്കളെ അനുഗ്രഹിച്ചിരിക്കുന്നു.

ഭാരതം മുതലായ അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടും മനശ്ശാന്തി കിട്ടാതെ വിഷമിക്കുന്ന വ്യാസമഹർഷി ശ്രീ നാരദോപദേശമനുസരിച്ച് ഭഗവാൻ കൃഷ്ണന്റെ അവതാരലീലാവർണ്ണനരൂപത്തിലുള്ള ഭാഗവതം നിർമ്മിക്കാനിച്ഛിച്ച് ഹൃദയസ്ഥനായ ആ ദേവനെ മങ്ഗലാചരണപദ്യത്താൽ ധ്യാനിക്കുന്നതായി പ്രസ്താവിച്ചുകൊണ്ട് 'ബാലബോധിനീ'വ്യാഖ്യാതാവായ ശ്രീമദ് ഗിരിധരസ്വാമികൾ മറെറാരുവിധത്തിലാണ് അന്വയിച്ച് അർത്ഥകല്പനംചെയ്തിരിക്കുന്നതു്. ആദ്യസ്യ ജന്മ യതഃ ഭവതി (ആദ്യം ഉണ്ടായ ആകാശത്തിന്റെ ഉത്പത്തി യാതൊന്നിൽനിന്നു ഭവിച്ചുവോ) സത്യം പരം ധീമഹി (ആ പരമോത്കൃഷ്ടനായ ഈശ്വരനെ ഞങ്ങൾ ധ്യാനിക്കുന്നു) എന്ന അർത്ഥത്തിൽ പൂർവ്വപക്ഷസിദ്ധാന്തപക്ഷക്രമത്തിൽ അന്വയിച്ചു പ്രമാണങ്ങളെ ഉദ്ധരിച്ചു വിസ്തൃതമായി വ്യാഖ്യാനിച്ചിരിക്കുന്നു.

ഗൗഡകുലത്തിൽ ജനിച്ച വംശീധരനെന്ന പണ്ഡിതശ്രേഷ്ഠൻ ഈ മങ്ഗലാചരണപദ്യത്തെ നൂറുവിധത്തിൽ വ്യാഖ്യാനിച്ച് ശതവ്യാഖ്യ എന്ന പേരിൽ ഒരു ഗ്രന്ഥംതന്നെ രചിച്ചിട്ടുണ്ട്. അദ്ദേഹം സർവ്വദേവതാസ്വരൂപനായ സത്യമൂർത്തിയെ—പരമേശ്വരനെ—സമഷ്ടിയായി മങ്ഗലാചരണത്തിൽ സ്തുതിക്കുന്നതിൽ തൃപ്തിപ്പെടാതെ ഗ്രന്ഥാരംഭത്തിൽ ആദ്യമായി ഗണപതിയേയും സരസ്വതിയേയും ധ്യാനിക്കേണ്ടതു് ഒഴിച്ചുകൂടാൻപാടില്ലെന്നുള്ള അഭിപ്രായത്തിൽ തേനേ ആദി ധീമഹി (ഗജാകൃതിയിലുള്ള ദേവനായുള്ളോണ്ട് ആദ്യം ധ്യാനിക്കുന്നു) എന്നിങ്ങനെ അന്വയിച്ച് അർത്ഥം കല്പിക്കുന്നു. തേ എന്ന ഏകാക്ഷരത്തിന് ഗജമെന്നർത്ഥമുണ്ട്. തേനൻ=ഗജമുഖൻ, ഗജാകൃതിയുള്ളവൻ എന്നർത്ഥം. അടുത്തതായി കവയേ (കവിത്വസിദ്ധിക്കായി) സ്വരാഡ് ധീമഹി (സ്വരജ്ഞാനമുള്ള സാരസ്വതമഹസ്സിനെ ധ്യാനിക്കുന്നു) എന്നർത്ഥംകല്പിച്ചു സരസ്വതീസ്തുതിയും സാധിക്കുന്നു. അദ്ദേഹം ഏകാക്ഷരകോശവും നാനാർത്ഥകോശങ്ങളും ആശ്രയിച്ചു ചെയ്തിരിക്കുന്ന വ്യാഖ്യാനം പണ്ഡിതലോകത്തിനു ഹൃദയംഗമമാണെങ്കിലും സാധാരണക്കാർക്കു ദുർഗ്രാഹ്യവും അത്യന്താപേക്ഷിതമല്ലാത്തതുമാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല. 2-ം 3-ം പദ്യങ്ങൾ ഭാഗവതത്തിന്റെ മാഹാത്മ്യം സ്പഷ്ടമാക്കുന്നവയാണ്. ഭാഗവതത്തിൽ സജ്ജനങ്ങൾക്കുള്ള നിഷ്കപടമായ ധർമ്മം ഉപദേശിച്ചിരിക്കുന്നു എന്നും താപത്രയത്തെ നശിപ്പിക്കുന്ന വാസ്തവമായ ബ്രഹ്മതത്ത്വം ഇതിൽനിന്ന് എളുപ്പത്തിൽ ധരിക്കാൻ കഴിയുമെന്നും ഇതു കേൾക്കാനിച്ഛിക്കുന്ന പുണ്യവാന്മാരുടെ ഹൃദയത്തിൽ ഭഗവാൻ ഉടനേതന്നെ വന്നു കുടികൊള്ളുമെന്നും ഈശ്വരസാന്നിദ്ധ്യം പെട്ടെന്നുണ്ടാക്കാൻ കഴിയാത്ത മററു ശാസ്ത്രങ്ങൾ പഠിക്കുന്നതു നിഷ്പ്രയോജനമാണെന്നും 2-ാംപദ്യംകൊണ്ടും നിഗമകല്പതരുവിൽനിന്നു ശുകമുഖംവഴി ഫലരൂപത്തിൽ ഭൂമിയിൽ വീണ ഭാഗവതമാകുന്ന രസം സായുജ്യാവസ്ഥയിലും വീണ്ടും സേവിക്കുവിൻ എന്നു രസജ്ഞന്മാരെ സംബോധനംചെയ്ത് 3-ാംപദ്യത്താലും ഭഗവാൻ വേദവ്യാസൻ ഉദ്ബോധനം ചെയ്തിരിക്കുന്നു.

പരിഭാഷകൻ

(ശ്രീമദ്ഭാഗവതവും പാരായണവിധിയും 65-ാംപേജിലും സൂചിപ്പിച്ചിരിക്കുന്ന കഥകളുടെ വിവരണവും മന്ത്രങ്ങളുടെ അർത്ഥവും മററും ടിപ്പണം കഴിഞ്ഞും ചേർത്തിരിക്കുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടിപ്പണം

പേജ്	വരി A	വരി B	
81	7	—	അനുപേതൻ = ഏകൻ, ഉപനയനം ഇല്ലാത്തവൻ
81	—	13	ശ്രീകൃഷ്ണദേവാപ്തിസാധനം = ഭഗവത് പ്രാപ്തിക്കുള്ള സാധനം
83	—	25	ഏകാന്തശിഷ്യൻ = ഏകാന്തത്തിൽ ശ്രവണേച്ഛയുള്ള ശിഷ്യൻ
85	—	4	മിത്രതനയാതടം = കാളിന്ദീതീരം
87	—	30	കശ്മലം = പാപം, ദുഃഖം
91	11	—	ഛായാസ്വരൂപിണി = പ്രതിബിംബമാകുന്ന രൂപത്തോടുകൂടിയവരം
91	—	18	കഷ്ടമതരോഗബാധ = കഷ്ടമായ മതമാകുന്ന രോഗത്തിന്റെ ബാധ
95	17	—	കൃച്ഛ്റസാദ്ധ്യം = പണിപ്പെട്ട സാധിക്കേണ്ടതു്
95	39	—	ഹരിസ്വരം = സിംഹഗർജ്ജനം
97	17	—	കഥാധൃഷം = കഥാസാരം
101	6	—	പാദം = നാലിലൊരു ഭാഗം
101	—	27	മാഘമാസം = മകരമാസം
103	32	—	ഭാവൽക്ക നിർഗ്ഗുണരൂപം = അങ്ങയുടെ മായാഗുണമില്ലാത്ത രൂപം
107	24	—	പഞ്ചോഗ്രപാതകകൃത്തുകരം = പഞ്ചമഹാപാപം (1 പശുഹത്യ, 2 ബ്രാഹ്മണഹത്യ, 3 മോഷണം, 4 മദ്യപാനം, 5 കള്ളം പറയുക എന്നിവ) ചെയ്യുന്നവൻ
109	—	37	അത്യാഹിതം = ഏററവും അഹിതമായ കാര്യം
111	9	—	ശുകൻ = ഘൃതാചി ശുകവേഷത്തിൽ സഞ്ചരിക്കവേ വ്യാസൻ കണ്ടു മോഹിച്ചതിന്റെ ഫലമായി ജനിച്ച മഹർഷി
117	42	—	നിട്ടു് = ഇരുട്ടു്
119	23	—	തുട്ടു് = ദാഹം
119	—	19	പ്രോക്ഷണംചെയ്ക = തളിക്കുക
123	22	—	ഗീഷ്പതി = ദേവഗുരു
125	8	—	മനനം = വിചാരം
125	8	—	നിദിദ്ധ്യാസനം = ഇടവിടാതെയുള്ള ധ്യാനം
127	—	32	ഗൈരികധൂളി = ധാതുദ്രവ്യങ്ങളുടെ പൊടി
127	—	35	ആസ്തരണം = വിരിപ്പു്
131	—	28	ഉദ്യാപനം = വ്രതാവസാനകർമ്മം
141	1	—	ഓങ്കാരം = പരബ്രഹ്മവാചകം
141	20	—	വല്മീകം = പുററു്
143	2	—	അന്വയ...മുറയ്ക്കു് = ഉപാദാനകാരണവും നിമിത്തകാരണവുമാകുന്ന ഹേതുക്കളം വഴി
145	—	26	കർണ്ണധാരൻ = നാവികൻ
147	16	—	ജയം = വിജയം, ഗ്രന്ഥമെന്നും
147	—	4	നിഗദിക്ക = പറയുക
149	—	17	മഹത്തത്ത്വാദി = മഹദഹം തത്ത്വങ്ങളാൽ ഉണ്ടായ പഞ്ചതന്മാത്രകരം, കർമ്മേന്ദ്രിയങ്ങരം, ജ്ഞാനേന്ദ്രിയങ്ങരം, മനസ്സു് ഇങ്ങനെ 16
151	—	38	സ്വഭൂവു് = വിഷ്ണു
153	40	—	നടചര്യ = നടന്റെ വേഷംമാററം
155	—	16	വൈദികേ....പാരംഗതൻ = വേദങ്ങളൊഴിച്ചുള്ള പുരാണസമുദ്രങ്ങളുടെ കരകണ്ടവൻ
155	—	36	പരാവരജ്ഞൻ = ഭൂതഭാവിജ്ഞാനി
157	32	—	ബ്രഹ്മവർച്ചസ്യൻ = വേദാഭ്യാസം മുതലായവയാൽ ശോഭിക്കുന്നവൻ
159	14	—	പരാവരബ്രഹ്മം = കാര്യവും കാരണവുമായുള്ള വസ്തു
167	38	—	ഭവസിന്ധുപ്ലവം = സംസാരസമുദ്രം കടത്തുന്ന തോണി
169	—	26	സ്ഥാണുഭീതി = ശിവനിലുള്ള ഭയം
171	10	—	പ്രകൃതിവിഭിന്നൻ = മായയെ വിട്ടു നിൽക്കുന്നവൻ
171	41	—	ദഹ്യ...സഞ്ചയം = ദഹിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹം
173	34	—	ദ്രുപദാ...വാക്യാമൃതം = പാഞ്ചാലിയുടെ മുഖത്തുനിന്നതിന്ന വാക്കാകുന്ന അമൃതം
173	—	17	ജന്യ...മുത്തായിടും = രണശൂരന്മാരുടെ മൗലിഭൂഷണം
173	—	21	ശിബിരം = പടക്കുടിൽ
177	26	—	അകിഞ്ചനൻ = ത്യാഗി, ദരിദ്രൻ
179	19	—	ജിഷ്ണുപ്രിയൻ = അർജ്ജുനസഖാവു്
179	40	—	അജാതാരി = ശത്രുവില്ലാത്തവൻ
183	19	—	തത്ത്വ...പുംഗവൻ = തത്ത്വജ്ഞാനികളിൽ ശ്രേഷ്ഠൻ
183	—	24	സ്വന്തമാം പ്രതിജ്ഞ = യുദ്ധാരംഭത്തിൽ ആയുധമെടുക്കാതെയുള്ള സഹായം പാണ്ഡവർക്കു ഭഗവാൻ വാഗ്ദാനം ചെയ്തിരുന്നതു്
187	21	—	സർവ്വർത്തുഫലങ്ങരം = എല്ലാ ഋതുക്കളിലും ഫലങ്ങളുള്ളവ
189	—	11	ഉരരീകരിക്ക = സ്വീകരിക്ക
193	4	—	ഭോഗവതി = പാതാളനഗരം
193	13	—	അക്ഷതം = അരി, മലരു് മുതലായതു്
195	4	—	ആസനാശയങ്ങരം = ആസനങ്ങളും അന്തഃകരണങ്ങളും (ഭർത്താവു ദൂരസ്ഥലത്തു പോകുമ്പോരം സ്ത്രീകരം വ്രതധാരിണികളായിരിക്കണമെന്നും ശാസ്ത്രപ്രകാരമുള്ള വ്രതം വിട്ടെഴുനേററു എന്നു സാരം)
197	26	—	അമേയൻ = പരിച്ഛേദിക്കാൻ കഴിയാത്ത രൂപത്തോടുകൂടിയവൻ
199	29	—	കരദണ്ഡങ്ങരം = രാജഭോഗവും പിഴയും
201	—	3	അപ്രതിരോധ്യൻ = തടുക്കാനാകാത്തവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	B	
203	—	41	ന്യസ്തദണ്ഡൻ = ദണ്ഡനയമുപേക്ഷിച്ചവൻ
203	1	—	കർണ്ണധാരൻ = നാവികൻ
205	19	—	ഏഷണത്രയം = അർത്ഥം, പുത്രൻ, ഭാര്യ ഇവ മൂന്നും
205	38	—	അന്തരായം = വിഘ്നം
207	28	—	കാകോലൂകങ്ങൾ = കാകനും കൂമനും
207	44	—	നദം = ചെറുപുഴ
211	44	—	ഉപായനം = കാഴ്ചദ്രവ്യം
211	—	20	ത്രൈലോക്യഭൃതോദരം = മുപ്പാരിലുമുള്ള സർവ്വഭൂതരാശിയുടേയും വയർ
213	14	—	നാരാചൗഘം = അമ്പുകളുടെ കൂട്ടം
217	—	8	ചലായുസ്സകരം = ആയുസ്സിൽ സ്ഥിരതയില്ലാത്തവർ
219	4	—	ദ്രവ്യചയ...പൂജ = സാധനസമൂഹത്തിൻെറ രൂപത്തിലുള്ള പൂജ
219	27	—	വിഷ്ണുരാതൻ = വിഷ്ണു രക്ഷിച്ചവൻ
219	—	31	സുരാ...സൗഭാഗ്യം = ദേവന്മാരും പുകഴ്ത്തുന്ന തുല്യമില്ലാത്ത അഴക്
221	11	—	ദണ്ഡ്യ...ശക്തി = ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കാനുള്ള തടവററ ശക്തി
221	—	10	ഭാമാദി...സ്ഥൈര്യ = ഭാമ തുടങ്ങിയ മധുവംശത്തിലെ സ്ത്രീകളുടെ മനഃസ്ഥൈര്യം
221	—	31	രുദ്രപാ...ഹതാർത്ത = രുദ്രൻെറ പാദം കൊണ്ടുള്ള തൊഴിയാൽ ദുഃഖിക്കുന്നവരും
223	—	1	ധർമ്മാദ്ധ്വാവ് = ധർമ്മമാർഗ്ഗം
225	30	—	ലോഭാനൃതങ്ങൾ = ലോഭവും കള്ളം പറച്ചിലും
225	30	—	ചൗര്യം = കളവ്
227	—	22	ഭഗവത്...മദ്ധ്വാസവം = ഭഗവാൻെറ പാദാബ്ജങ്ങളിലെ മധുവാകുന്ന ആസവം
227	—	25	സ്വർഗ്ഗ...സൗഖ്യം = സ്വർഗ്ഗസുഖവും മോക്ഷസുഖവും
227	—	31	അവ്യാ...സീമ = അനന്തമായ കല്യാണഗുണങ്ങളുടെ അതിർത്തി
227	—	36	മഹിതോദാരം = ശ്രേഷ്ഠവും അഭീഷ്ടപ്രദവുമായതു്
229	3	—	കില്ബിഷം = പാപം
229	42	—	ആദേശിക്കുക = ആജ്ഞാപിക്കുക
229	—	17	രുരുചർമ്മ...വാസസ്സ് = രുരുവെന്ന മൃഗത്തിൻെറ ഉണങ്ങിയ തോൽ വസ്ത്രമായി ധരിച്ചവൻ
233	2	—	പുത്ര...തപ്തൻ = പുത്രൻ ചെയ്ത പാപകർമ്മത്തിൽ ദുഃഖിക്കുന്നവൻ
233	—	1	ഉത്ക്ഷോഭിതബ്രഹ്മവംശം = അധികം ക്ഷോഭിച്ച ബ്രാഹ്മണകുലം
233	—	2	ആശുശുക്ഷണി = അഗ്നി
233	—	12	മന്ദാകിനി = ഗംഗ
235	13	—	സുഖാസനാസീനൻ = സുഖമായ ആസനത്തിലിരിക്കുന്നവൻ
237	24	—	അഭി...വരേണ്യർ = ബ്രഹ്മജ്ഞാനികളായ ബ്രാഹ്മണശ്രേഷ്ഠന്മാർ

പേജ്	വരി A	B	
241	36	—	നിർഗ്ഗുണബ്രഹ്മനിഷ്ഠം = ഗുണബന്ധമില്ലാത്ത ബ്രഹ്മത്തിലുറപ്പിച്ചതു്
241	—	28	ബ്രഹ്മബീജം = ഓങ്കാരം
243	5	—	ധാരണ = നാഭിചക്രം നാസാഗ്രം മുതലായവയിൽ മനസ്സിനെ നിർത്തുക
243	35	—	ആവരണങ്ങൾ = പഞ്ചഭൂതവും മഹത്തത്ത്വവും അഹംതത്ത്വവും
243	—	11	ശീർഷസഹസ്രൻ = ആയിരം തലയുള്ളവൻ
245	—	10	അമോഘമാം ദൃക്ക് = സഫലമായ കണ്ണുള്ളവൻ
245	—	12	ശബ്ദബ്രഹ്മം = വേദം
247	12	—	വൈതരണി = ഒരു നരകം
249	23	—	ഉദാനൻ = ദശപ്രാണന്മാരിൽ ഒന്നു്
249	—	12	മൗകുന്ദം = മുകുന്ദനെസ്സംബന്ധിച്ചതു്
249	—	17	കല്പകാലായുസ്സകർ = കല്പകാലംവരെ ആയുസ്സുള്ളവർ
251	19	—	വിരഹിതോപാധി = ഉപാധിരഹിതനായിട്ടു്
251	26	—	സദ്യോമുക്തി = പെട്ടെന്നുള്ള മോക്ഷം
255	—	28	ശക്തിത്രയം = ബ്രഹ്മാവു്, വിഷ്ണു, ശിവൻ എന്ന മൂന്നു ശക്തികൾ
257	5	—	തുല്യാധികാ...ഭൂതി = തുല്യമായും അധികമായും പറയാനില്ലാത്ത ഐശ്വര്യം
257	22	—	ഹൂണന്മാർ = വെള്ളക്കാർ
257	24	—	ഖസർ ആന്ധ്രർ കങ്കന്മാർ = ഖസം ആന്ധ്രകങ്കം ഈ ദേശങ്ങളിൽ വസിക്കുന്നവർ—കിരാതൻ, പുളിന്ദൻ, പുല്ക്കസൻ, കാണി ഇതെല്ലാം കാട്ടാളജാതിയുടെ പിരിവുകളാകുന്നു.
257	24	—	യവനന്മാർ = ജോനകന്മാർ
257	32	—	വിതർക്ക്യാകൃതി = സംശയിക്കത്തക്ക ശരീരം ധരിക്കുന്നവൻ
257	—	22	ഗുണങ്ങൾ 16 = ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ, മനസ്സ് ഇവ ചേർന്നതു്
259	15	—	കരാമലകം = ഉള്ളംകൈയിലിരിക്കുന്ന നെല്ലിക്കാ
259	—	18	വികത്ഥനം = ആത്മപ്രശംസ
259	—	27	കൂടസ്ഥൻ = സർവ്വവ്യാപി, പരബ്രഹ്മം
259	31	—	പ്രഭഞ്ജനൻ = വായു
261	23	—	ദ്രഷ്ടാവിനും = ദർശിക്കുന്നവനും
261	—	19	സമഷ്ടി = സമൂഹം
261	—	20	വ്യഷ്ടി = വ്യക്തി
263	19	—	ഹവ്യം = ദേവന്മാരുടെ അന്നം
263	19	—	കവ്യം = പിതൃക്കളുടെ അന്നം
263	—	6	ഉപസ്ഥം = സ്ത്രീയോനി (പുരുഷയോനിക്കും പറയും)
263	—	25	സരീസൃപം = ഇഴജന്തു
265	2	—	മൃതിധർമ്മ...തിക്രാന്തൻ = മരണധർമ്മത്തെ അതിക്രമിച്ചവൻ
265	22	—	ത്രിലോകോദരസ്ഥം = ലോകത്രയത്തിനുള്ളിലുള്ളതു്
267	4	—	സ്വസ്വബുദ്ധ്യനുരൂപം = അവനവൻെറ ബുദ്ധിക്കൊത്തതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
267	—	24	മേധരൂപം = യജ്ഞരൂപം,
271	2	—	സാമജനാഥപാദം = ആനയുടെ കാല്
271	17	—	യാച്ഞ = യാചന
271	2	—	സാമജനാഥൻ = ഗജശ്രേഷ്ഠൻ
273	9	—	അർക്കജ = കാളിന്ദി
273	—	35	സ്വാഹാ സ്വധാ വഷഡ് = സ്വാഹാ, സ്വധാ, വഷഡ്—വേദവാക്യങ്ങൾ
275	14	—	സകാരക...ളെത്തിണങ്ങും = കർത്താവ്, കർമ്മം, കരണം എന്നിവ ചേർന്നത്
277	—	33	ആയുർമ്മാനം = ആയുസ്സിൻെറ അളവ്
277	—	46	ഭൂമിട്ട...ദ്വീപങ്ങൾ = പർവ്വതം, നദി, നക്ഷത്രം, സമുദ്രം, ദ്വീപം എന്നിവ
279	25	—	ഇഷ്ടാ...കർമ്മങ്ങൾ = വൈദികന്മാരുടെ ഇഷ്ടാകർമ്മവും സ്മാർത്തന്മാരുടെ പൂർത്തകർമ്മവും
279	—	24	സുഷുപ്തൻ = ഉറങ്ങുന്നവൻ
281	22	—	പഞ്ചക്ലേശം = അവിദ്യ, അസ്മിത (അഹങ്കാരം), രാഗം, ദ്വേഷം, അഭിനിവേശം എന്നിവ
281	—	29	നാലുതത്ത്വം = പ്രകൃതി, പുരുഷൻ, മഹത്തത്ത്വം, അഹംതത്ത്വമെന്നിവ
283	15	—	വേദഗർഭൻ = വേദങ്ങൾ ഉള്ളിൽ പ്രകാശിക്കുന്നവൻ
283	—	46	അന്വയം = കാര്യങ്ങളായ ശരീരാദികളിൽ കാരണത്വേന അനുവർത്തിക്കുന്നത്
283	—	46	വ്യതിരേകം = കാരണാവസ്ഥയിൽ ശരീരങ്ങളോട് ചേരാതിരിക്കുന്നത്
285	3	—	കല്പവികല്പങ്ങൾ = മഹാകല്പവും അവാന്തരകല്പങ്ങളും
287	—	35	ശിശ്നം = പുരുഷലിംഗം
289	—	8	ഉദ്ഭിജ്ജം = മുളച്ചുണ്ടാകുന്നത്
289	—	39	ഭഗവത്തമൻ = ഭഗവൽപദത്തിന് ഏററവുമർഹൻ
291	1	—	സവികല്പ...കല്പം = അവാന്തരകല്പത്തോടുകൂടിയ ബ്രഹ്മകല്പം
293	3	—	ഋദ്ധം = സമ്പൽസമൃദ്ധിയുള്ളത്
293	—	24	ഭീമപന്നകം = ഭീമനാകുന്ന സർപ്പം
293	—	27	ജിതാഖില...നിർജ്ജരൻ = എല്ലാ രാജാക്കന്മാരെയും ദേവന്മാരെയും ജയിച്ചവൻ
295	30	—	ആയതനം = ദേവാലയം, യജ്ഞസ്ഥലം
297	29	—	പ്രാക്തനജന്മം = പൂർവ്വജന്മം
297	—	18	അന്തഃകരണം...വിഭാഗം = ചിത്തം, അഹങ്കാരം, ബുദ്ധി, മനസ്സ് ഇവ നാലും ചേർന്നത് അന്തഃകരണം. അതിൻെറ ചതുർത്ഥവിഭാഗം മനസ്സ്
299	27	—	മർത്ത്യവിഡംബനം = മനുഷ്യനാട്യം
301	31	—	പക്ഷീശ്വരാംസ = ഗരുഡൻെറ തോൾ
303	—	5	സൂര്യതനയാതടവിപിനം = കാളിന്ദീതീരത്തുള്ള വനം
305	25	—	ശസ്ത്രഭൃത്തുക്കൾ = ആയുധധാരികൾ
305	—	1	തോഷലജ്ജാ...കടാക്ഷങ്ങൾ = തോഷവും ലജ്ജയും പ്രേമവും ചേർന്ന കടാക്ഷങ്ങൾ
309	18	—	പുഷ്ടസ...തതഗ്രീവൻ = വർദ്ധിച്ച സന്തോഷത്താൽ കുനിഞ്ഞ ശിരസ്സോടുകൂടിയവൻ
313	—	30	ക്ഷുല്ലസുഖദങ്ങൾ = തുച്ഛമായ സുഖത്തെ തരുന്നത്
317	—	20	ഉപജ്ഞാതാക്കൾ = ആദ്യം കണ്ടുപിടിച്ചവർ
317	—	36	ഭക്തജനാവനസ്ഥാനം = ഭക്തന്മാരുടെ രക്ഷാസ്ഥാനം
319	—	15	സുപ്തം = ഉറങ്ങുന്ന
321	3	—	ഏകം, ദശം, ത്രയം = ചൈതന്യത്തെ ഏകമായിട്ടും ക്രിയാശക്തിയെ പ്രാണാദികളും അവയുടെ വ്യാപാരങ്ങളും ഇങ്ങനെ പത്തായിട്ടും ആത്മശക്തിയെ ആദ്ധ്യാത്മികം, ആദിഭൗതികം, ആദിദൈവികം ഇങ്ങനെ മൂന്നായിട്ടും പ്രകാശിപ്പിച്ച
321	47	—	കണ്ഡൂയനം = ചൊറിച്ചിൽ
321	—	5	പായു = മലദ്വാരം
321	—	28	നാന്മുഖൻ ബുദ്ധിയിൽ വസിച്ചതായി 23-ാംപദ്യത്തിൽ വിവരിച്ചശേഷം ചിത്തത്തിൽ വസിച്ചതായിപ്പറഞ്ഞത് ബുദ്ധിയും ചിത്തവും അഭേദമായി കല്പിച്ചിട്ടാണ്
325	14	—	അദ്ധ്യാസം = ഒന്നിൽ മറെറാന്നിൻെറ തോന്നൽ
325	—	44	സാർത്ഥകം = പ്രയോജനമുള്ളത്
329	3	—	പ്രത്യഗാത്മാവ് = ജീവാത്മാവ്
329	6	—	ഉന്മീലനം = തുറക്കൽ
329	16	—	ഗേയാപദാനങ്ങൾ = ഗാനം ചെയ്യാൻ യോഗ്യമായ ഗുണങ്ങൾ
329	24	—	വ്രതി = വ്രതമനുഷ്ഠിക്കുന്നവൻ
333	19	—	വേദ...ശ്രീ = വേദങ്ങളാകുന്ന വണ്ടുകളുടെ ശോഭ
333	—	14	ബോധാ...വിഹീന = ജ്ഞാനമാകുന്ന അമൃതത്തിൻെറ പ്രവാഹത്താൽ മായ കൊണ്ടുള്ള തമോബാധയില്ലാത്തത്
333	—	30	ചിദാനന്ദരൂപം = ജ്ഞാനാനന്ദസ്വരൂപം
335	17	—	ദൈവാഹതൻ = ദൈവത്താൽ ഹനിക്കപ്പെട്ടവൻ
335	—	32	അപാവൃതം = മറവില്ലാത്തത്
339	1	—	മദാശ്രയവിദ്യ = എന്നെ ഉപാസിക്കുന്ന വിദ്യ
341	—	15	ആവരണം = മറവ്
343	17	—	ഗൗരം = വിചിത്രവർണ്ണവും ഒററക്കുളമ്പുള്ളതുമായ ഒരുജാതി മാൻ
343	18	—	അശ്വതരം = കോവർകഴുത
343	18	—	ശരഭം = എട്ടടിമാൻ
343	21	—	ശല്യകം = മുള്ളൻപന്നി
343	23	—	പഞ്ചാനനൻ = സിംഹം
343	23	—	ഗോധ = ഉടുമ്പ്
343	27	—	കങ്കം = പെരുംപരുന്ത്
343	27	—	ഭല്ലൂകം = ഉപദ്രവിക്കുന്ന ഒരുതരം പക്ഷി
343	—	11	ഗവയം = ഗോവിശേഷം (പശുവിൻെറ ആകൃതിയുള്ള ഒരു മൃഗം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
343	—	13	രുരു = കറുപ്പും ചാരവും നിറംചേൻ ഒരുതരം മാൻ
343	—	29	11-ാം അദ്ധ്യായം 3-ാം പദ്യസാരം = വ്യക്തനല്ലാത്ത കാലമാകുന്ന ഈശ്വരന്റെ, പരമാണുവിൽ വ്യാപിക്കുന്ന രൂപത്തെ സൂക്ഷ്മമെന്നും സ്ഥൂലപ്രപഞ്ചത്തിൽ വ്യാപിക്കുന്ന രൂപത്തെ സ്ഥൂലമെന്നും പറയുന്നു. കാലാംശത്തെ ഭഗവാൻ വേഗം കടന്നുപോകുന്നു എന്നു സാരം.
345	—	21	യുഗമാനം = യുഗത്തിന്റെ അളവു്
347	2	—	തദ്ബഹിർഭൂതം = ത്രൈലോക്യത്തിനു വെളിക്കുള്ളതു്
347	—	27	ദ്വിപരാർദ്ധാന്തം = രണ്ടു പരാർദ്ധത്തിന്റെയും അവസാനം
351	—	21	ചാതുർഹോത്രം = ഹോതാവു്, ഉദ്ഗാതാവു്, അദ്ധ്വര്യു, ബ്രഹ്മാവു് എന്നു പേരുള്ള നാലു തരക്കാർ നടത്തുന്ന കർമ്മം
351	—	33	പ്രാഗ്ദക്ഷി... പശ്ചിമോത്തരാസ്യങ്ങൾ = കിഴക്കും തെക്കും പടിഞ്ഞാറും വടക്കുമുള്ള മുഖങ്ങളിൽനിന്നു ക്രമത്തിൽ
353	25	—	ആന്വീക്ഷികി = ആത്മജ്ഞാനത്തെ പ്രതിപാദിക്കുന്ന ശാസ്ത്രം
353	25	—	വാർത്ത = ഉപജീവനത്തിനു കൃഷി തുടങ്ങിയ വ്യാപാരങ്ങളെ വിവരിക്കുന്നതു്
353	26	—	ദണ്ഡനീതി = പ്രജാപരിപാലനക്രമത്തെ വിവരിക്കുന്നതു്
353	28	—	വ്യാഹൃതി = വേദങ്ങളിൽനിന്നു പ്രജാപതി തിരഞ്ഞെടുത്ത ഭൂഃ ഭുവഃ സ്വഃ എന്ന മൂന്നു വാക്കുകൾ
353	—	19	യുക്തകൃതൻ = യുക്തമായതു ചെയ്യുന്നവൻ
355	5	—	ഉത്കൻ = അധികം താല്പര്യമുള്ളവൻ
357	—	30	സംദീപിത...മന്യു = ജ്വലിക്കുന്ന കടുത്ത ക്രോധം
357	—	34	തദ്രക്തപങ്കം = അവന്റെ ചോരയാകുന്ന ചെളി
359	16	—	ജുഹു = ഒരുതരം ഹോമപാത്രം
359	18	—	സ്രുവം = സ്വർണ്ണം, ചെമ്പു്, ചമത ഇവയിൽ ഒന്നുകൊണ്ടു തീർത്ത തവി
359	20	—	ഇഡ = ഹവിസ്സു് ഭക്ഷിക്കാനുള്ള പാത്രം
359	22	—	ഗ്രഹപാത്രം = ദേവന്മാരുടെ ഭാഗം വയ്ക്കാനുള്ള പാത്രം
359	21	—	പ്രാശിത്രം = ബ്രഹ്മാവിന്റെ ഭാഗം വയ്ക്കാനുള്ളതു്
359	22	—	ചർവണം = ചവയ്ക്കുക എന്നതു്
359	24	—	ദീക്ഷ = ഓരോ അവസരത്തിലുമുള്ള ഭഗവദവതാരം
359	24	—	ഉപസത്തു = മൂന്നു വിധത്തിലുള്ള യാഗം
359	26	—	പ്രായണീയം = ദീക്ഷകഴിഞ്ഞാലുടനെയുള്ള യാഗം
359	26	—	ഉദയനീയം = അവസാനം നടത്തുന്ന യാഗം
359	27	—	പ്രവർഗ്ഗ്യം = മഹാവീരമെന്ന കർമ്മം
359	28	—	സഭ്യാഗ്നി = ഹോമത്തിനുപയോഗിക്കുന്ന അഗ്നി
359	28	—	ആവസഥ്യാഗ്നി = ഉപാസനയ്ക്കുള്ള അഗ്നി
359	29	—	സപ്തധാതുക്കൾ = അഗ്നിഷ്ടോമം, അത്യഗ്നിഷ്ടോമം, ഉക്ഥം, ഷോഡശി, വാജപേയം, അതിരാത്രം, ആപ്തോര്യാമം എന്നിവ ഏഴും
361	—	14	മൃത്യുമൂർദ്ധാവു് = മരണത്തിന്റെ തല
363	2	—	ദഗ്ദ്ധ = ദഹിക്കപ്പെട്ടവൾ
363	19	—	ദുഃഖിതയാച്ന = ദീനന്മാരുടെ യാചന
367	14	—	നിദാഘേന്ദു = ഉഷ്ണകാലചന്ദ്രൻ
367	—	16	അജ്ഞാതയോനി = അറിയപ്പെടാത്ത ഉല്പത്തിസ്ഥാനത്തോടുകൂടിയവൻ
369	42	—	കരംബ = തുമ്പ
369	43	—	പുന്നാഗം = പുന്ന
369	—	1	അർണ്ണം = തേക്കുമരം
379	2	—	സത്ത്വനിധാനൻ = സ്വന്തഗുണത്തിനിരിപ്പിടമായവൻ
381	1	—	ദുരപത്യശങ്കാകുല = തന്റെ ഈ ദുഃസന്താനം ലോകരെ ഉപദ്രവിക്കുമെന്നുള്ള ശങ്കയാൽ ദുഃഖിക്കുന്നവൾ
381	11	—	ഉല്ക = കൊള്ളിമീൻ
381	23	—	ശുഷ്കപദ്മോൽക്കരം = ഉണങ്ങിയ താമരകളുടെ കൂട്ടം
381	29	—	ശിവാവർഗ്ഗം = പെൺകുറുനരിയുടെ വർഗ്ഗം
381	37	—	ഖരം = കഴുത
383	6	—	യാദോഗണം = മത്സ്യാദിജന്തുക്കളുടെ കൂട്ടം
387	—	24	അക്ഷജൻ = മൂക്കിൽനിന്നു ജനിച്ചവൻ
393	38	—	ഉന്മുഖമാകുക = അഭിമുഖീകരിക്കുക
401	25	—	യമങ്ങൾ = അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇവ
401	25	—	നിയമങ്ങൾ = ശൗചം, സന്തോഷം, തപസ്സു്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം
401	42	—	പ്രേയാൻ = ഭർത്താവു്
403	20	—	കാരണ്ഡവം = കുളക്കോഴി
403	22	—	ഗവയം = പശുവിന്റെ ആകൃതിയിലുള്ള ഒരു മൃഗം
403	23	—	ഗോപുച്ഛം = ഒരുജാതി കുരങ്ങു്
405	16	—	അന്യോന്യാവനം = തമ്മിൽത്തമ്മിലുള്ള രക്ഷ
407	5	—	കാശതൃണം = ആറുദർഭ
411	17	—	സുഗ്ഗവായു് = ചന്തമായി
413	19	—	ഫുല്ലകുമുദാഢ്യ = വികസിച്ച ആമ്പൽപ്പൂക്കളോടുകൂടിയവൻ
421	43	—	ഈശരതം = ഈശ്വരനിൽ രമിക്കുന്നതു്
425	—	19	ഭോക്തൃഭാവം = സുഖദുഃഖങ്ങളെ അനുഭവിക്കുന്ന അവസ്ഥ
427	—	25	സ്വാപം = ഉറക്കം
427	—	25	വിപര്യാസം = വിപരീതഭാവം
433	1	—	വിഷയൈഷി = വിഷയങ്ങളിൽ ആസക്തൻ
433	27	—	ബുദ്ധ്യവസ്ഥാനം നിവർത്തിച്ച = ബുദ്ധിയുടെ വ്യാപാരംമൂലമുണ്ടാകുന്ന ജാഗ്രത്സ്വപ്നസുഷുപ്തികളെ വിട്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	B	
433	47	—	ദ്രഷ്ടാവ് = ജാഗ്രദവസ്ഥയിൽ വിഷയങ്ങളെ ഇന്ദ്രിയങ്ങളിലൂടെ കാണുകയും കേൾക്കുകയും ചെയ്യുന്ന ജീവാത്മാവ്
437	—	5	ധ്യാതൃമനഃ...രേഖ = ധ്യാനിക്കുന്നവന്റെ മനച്ചാഞ്ചല്യമാകുന്ന ദോഷമാകുന്ന പർവ്വതത്തെ ഹനിക്കുന്ന വജ്രായുധരേഖ
435	—	36	പ്രത്യാഹാരം = വിഷയങ്ങളിൽനിന്ന് പിൻതിരിപ്പിച്ചുറപ്പിക്കുക
437	—	17	അതസികാസൂനം = ചണപ്പൂവ്
437	—	19	വ്യാലംബി = ഇഴഞ്ഞുകിടക്കുന്നതു്
441	—	37	സാർഷ്ട്യം = ഭഗവദൈശ്വര്യം പ്രാപിക്കുന്നതു്
441	—	37	സാമീപ്യം = ഭഗവാന്റെ സമീപവാസം ലഭിക്കുക എന്ന മുക്തി
441	—	37	സാരൂപ്യം = ഭഗവാനെപ്പോലെയുള്ള രൂപം പ്രാപിക്കുന്നതു്
441	—	37	ഏകത്വം = ഭഗവാനിൽ ലയിച്ച് ഒന്നാകുന്നതു്
443	23	—	വാതരഥയുക്തം = വായുവാകുന്ന വാഹനത്തോടുകൂടിയതു്
445	—	29	ഗൃഹി = ഗൃഹസ്ഥാശ്രമി
447	41	—	യാതനാദേഹം - മരണശേഷം നരകയാതന അനുഭവിക്കാനുള്ള ദേഹം
447	—	21	ദ്വിത്രിമുഹൂർത്തം = രണ്ടു മൂന്നു മുഹൂർത്തനേരം
447	—	10	കശ = ചമ്മട്ടി
449	—	30	വിറം = മലം
451	—	23	ദശമാസ്യൻ = പത്തുമാസം പ്രായമായവൻ
453	5	—	പൗഗണ്ഡം = ആറുമുതൽ പതിനാറു വയസ്സുവരെയുള്ള കാലം
459	—	10	അനീഹൻ = ഇച്ഛയററവൻ
461	36	—	കപിശം = കറുപ്പും വെള്ളയും ചേർന്ന നിറം
467	1	—	പ്ലാച്ചി = പ്ലാശ്. യോഗികൾ ഇതിന്റെ ഇല ഭക്ഷിക്കുന്നു
471	23	—	അഗ്നിഷ്വാത്തന്മാർ = അഗ്നിയിൽ പചിച്ച പുരോഡാശാദി സ്വീകരിക്കുന്നവർ
471	24	—	ബർഹിഷത്തുകൾ = ദൈത്യദാനവന്മാരുടെ പിതൃക്കൾ
471	24	—	ആജ്യപന്മാർ = ദർശം, ചാതുർമ്മാസ്യം മുതലായ കർമ്മങ്ങളുള്ള ദേവതകൾ
471	24	—	സൗമ്യന്മാർ = അഗ്നിഷ്ടോമാദി കർമ്മങ്ങളുള്ള ദേവതകൾ
473	9	—	വന്ദനോത്ഥാനാദി = വന്ദിക്ക, എഴുന്നേല്ക്കുക മുതലായ ആചാരങ്ങൾ
475	32	—	വാജപേയം = ബ്രാഹ്മണരും രാജാക്കന്മാരും അനുഷ്ഠിക്കുന്ന യാഗം
479	2	—	അപാവൃതൻ = ആവൃതി (മറവ്) ഇല്ലാത്തവൻ
481	—	31	അസു = ജീവൻ
485	—	28	ജഗദന്തകഹരം = ലോകത്തിന്റെ അന്തകനേയും ഹനിക്കുന്നതു്
485	—	29	അകുതോഭയൻ = നിർഭയൻ
487	—	19	സംവർത്തം = പ്രളയം
487	—	34	മകരോദരാസ്യർ = മകരമത്സ്യത്തിന്റേതുപോലെ വയറും മുഖവുമുള്ളവർ
487	—	46	അഗ്നീധ്രൻ = അഗ്നിമന്ത്രമുച്ചരിക്കുന്നവൻ
489	—	21	പാദപലതാഗുല്മങ്ങൾ = വൃക്ഷങ്ങൾ, ലതകൾ, പുൽത്തകിടികൾ എന്നിവ
489	—	22	കൂടം = കൊടുമുടി
489	—	23	കന്ദരം = ഗുഹ
489	—	26	കേകാരാവം = മയിലുകളുടെ ശബ്ദം
489	—	28	കളകണ്ഠം = കുയിൽ
491	1	—	മന്ദാരം = കല്പവൃക്ഷത്തിന്റെ വകഭേദം
491	1	—	സരളം = ഒരുതരം വൃക്ഷവിശേഷം
491	1	—	കോവിദാരം = കൊങ്ങമരം
491	2	—	പുന്നാഗം = പുന്ന
491	2	—	സാലം = തേന്മാവ്
491	2	—	താലം = കരിമ്പന
491	2	—	തമാലം = പച്ചിലമരം
491	2	—	ബകുളം = ഇലഞ്ഞി
491	3	—	അസനം = വേങ്ങ
491	3	—	നീപം = നീർക്കടമ്പ്
491	3	—	നാഗം = നാഗപ്പൂമരം
491	3	—	പാടലം = പാതിരിമരം
491	4	—	അർജ്ജുനം = മരുതുമരം
491	4	—	കദംബം = കടമ്പ്
491	5	—	സ്വർണ്ണം = സ്വർണ്ണനിറത്തിൽ പൂക്കളുള്ള ഒരു ചെടി
491	5	—	അർണ്ണം = എപ്പൊഴും ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ചെടി
491	5	—	ശതപത്രം = താമര
491	6	—	കുന്ദം = കുരുക്കുത്തിമുല്ല
491	6	—	കരവകം = വെങ്കറിഞ്ഞി
491	6	—	മാധവി = വസന്തത്തിൽ പൂക്കുന്ന ചെടി
491	6	—	ജാതി = പിച്ചകം
491	7	—	മല്ലിക = മുല്ല
491	7	—	കബ്ജം = മുള്ളുചേമന്തി
491	7	—	വീരം = രാമച്ചച്ചെടി
491	7	—	വേണുകം = മുള
491	9	—	ഭൂർജ്ജം = പൂവണക്ക്
491	9	—	ബ്ലാരം (പ്ലാരം) = ഇലയും തൊലിയും യോഗികൾ ഉപയോഗിക്കുന്ന ഒരു ചെടി
491	10	—	ഹിംഗു = കർപ്പൂരച്ചെടി
493	26	—	ഊർണ്ണനാഭി = ചിലന്തി
497	28	—	സ്തോത്രപക്ഷ... = സ്തോത്രങ്ങളാകുന്ന ചിറകുകളുള്ള ഗരുഡൻ (ഗരുഡന്റെ ചിറകിലെ ശബ്ദം ബൃഹദ്രഥന്തരങ്ങൾ എന്ന വേദസ്തുതികളാണെന്നു വേദവാക്യം)
497	37	—	കർണ്ണികാരം = കണിക്കൊന്ന
497	4	—	ഐഹിക...ദ്ധി = ഇഹലോകത്തിലും പരലോകത്തിലുമുള്ള ശ്രേയസ്സ്
499	8	—	വിഷയ...ഷ്ണാവേശം = വിഷയങ്ങളാകുന്ന മൃഗതൃഷ്ണയിലുമുള്ള ആഗ്രഹം
499	—	11	ശാന്തമേധം = പശുഹിംസ
499	—	25	മാനസമദഹസ്തി = മനസ്സാകുന്ന മദയാന
501	5	—	മൃഷ = അസത്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	B	
501	24	—	അദൃഷ്ടം=വിധി, ഭാഗ്യം
501	29	—	വിനിവ...ഗുണാത്മാവ്=നിർവർത്തിക്കപ്പെട്ട ഭ്രമങ്ങളോടും ഗുണങ്ങളോടും മനസ്സോടുംകൂടിയവൻ
503	—	41	ഊർദ്ധ്വരേതസ്സ് = ഇന്ദ്രിയനിഗ്രഹമുള്ളവൻ
501	—	38	സാമജവരൻ=ഗജശ്രേഷ്ഠൻ
506	46	—	താപാപനോദൻ=താപമില്ലാത്തവൻ
507	—	45	മാദൃശന്മാർ=എന്നെപ്പോലെയുള്ളവർ
509	10	—	നിഗമനിധാനം=വേദത്തിനിരിപ്പിടം
509	37	—	മൂന്നുമട്ടെഴും പ്രാണായാമം=പൂരകം, കുംഭകം, രേചകം
509	—	1	അരുണാ...ശോഭിതൻ=ചുവന്ന അധരത്തോടും കൺതടത്തോടും ശോഭിക്കുന്നവൻ
509	—	18	ചിത്താംബുജ...പത്തനത്തിൽ = ചിത്തമാകുന്ന താമരപ്പൂവിൻെറ നടുവിലുള്ള അല്ലിയാകുന്ന ഭവനത്തിൽ
509	—	41	ഭൂർജ്ജപത്രം=പൂവണക്കിൻെറ ഇല
509	—	42	ദർവീശായി=അനന്തനിൽ ശയിക്കുന്നവൻ
509	—	48	വനജഫലമൂലാശനൻ = വനത്തിലുണ്ടാകുന്ന കായും കിഴങ്ങും തിന്നുന്നവൻ
513	13	—	അംഗുഷ്ഠാഗ്രം=അവൻെറ കാൽപ്പെരുവിരലിൻെറ അററം
515	34	—	പുണ്യ...ഭാവം=പുണ്യവിശേഷം അവസാനിക്കുമ്പോൾ
515	—	12	സദസ...ദ്വിശിഷ്ടം=സത്തുക്കളും അസത്തുക്കളുമെന്ന വിശേഷത്തോടുകൂടിയതു്
515	—	25	വൃജിനം=പാപം
521	15	—	ചത്വരം=നാലുവഴി കൂടുന്ന സ്ഥലം
521	46	—	ഉല്പലം=നീലത്താമര
523	—	30	മേദസ്സ്=കൊഴുപ്പ്
527	—	39	വിഗ്രഹം=ശരീരം
529	—	23	സർവ്വഭൂത...ഭാവം=സകല ഭൂതജാലത്തിൻേറയും ആത്മാവാണെന്നുള്ള ഭാവത്തിൽ
529	—	34	ദുസ്ത്യജതമസ്സ്=ത്യജിപ്പാൻ പ്രയാസമുള്ള അജ്ഞാനം
531	24	—	അജ്ഞാന...പത്തനം = അവിദ്യയാലുണ്ടാക്കപ്പെട്ട സ്വപ്നത്തിൽക്കാണുന്ന ഗന്ധർവ്വനഗരം
535	—	20	ഈരണംചെയ്ക=പറയുക
537	21	—	രാജ്യധുര്=രാജ്യഭാരം
541	—	15	കാഷ്ഠം=വിറക്
541	—	16	കണ്ടകന്മാർ=ദുഷ്ടന്മാർ
545	31	—	ദസ്യുക്കൾ=കള്ളന്മാർ, അക്രമികൾ
547	35	—	ഗോഖഗങ്ങൾ=ഗോക്കളും പക്ഷികളും
547	—	1	സിതാതപത്രം=വെൺകൊററക്കുട
551	14	—	മാനദാതാവ്=ബഹുമാനിക്കുന്നവൻ
551	20	—	ഭാര്യയിൽ അർദ്ധാംഗസമപ്രതൻ = ഭാര്യ ശരീരാർദ്ധമാണെന്നു കരുതുന്നവൻ
551	—	14	ആജഗവധനുസ്സ്=ആട്ടിൻേറയും ഗോവിൻേറയും കൊമ്പുകൾകൊണ്ടുണ്ടാക്കിയ വില്ല്
557	—	24	നാക...സലിലം = ഇന്ദ്രൻ പെയ്യിക്കുന്ന മഴവെള്ളം
559	29	—	ആള=മട, പൊത്ത്
559	—	23	ഘോഷം=ഇടയക്കുടിൽ
559	—	24	വ്രജം=തൊഴുത്ത്
559	—	25	ആകരം=രത്നംവിളയുന്ന ഖനി
559	—	25	ഖേടം=ഉപഗ്രാമം
559	—	25	ഖർവടം=ചന്തസ്ഥലം
565	12	—	രാട്ട്=രാജാവ്
565	12	—	ഇഷ്ടി=യാഗം
565	12	—	സ്വിഷ്ടൻ=വേണ്ടുംവണ്ണം യജിക്കപ്പെട്ടവൻ
565	—	21	കൂടസ്ഥൻ=വികാരമില്ലാത്തവൻ
567	16	—	വിഷ്വക്സേനൻ=വിഷ്ണു
567	—	32	ഗുണസംഗ്രഹേച്ഛ=സകല ഭർത്തൃഗുണങ്ങളും തന്നിൽ സംഗ്രഹിക്കാനുള്ള ഇച്ഛ
569	—	34	പുഷ്പാക്ഷതങ്ങൾ=പൂവും മലർപ്പൊടിയും
571	—	16	മാംസളാംസം=തടിച്ച തോൾ
571	—	23	അനർഘദുകൂലം = വിലയേറിയ മഞ്ഞപ്പട്ട്
571	—	27	സ്നിഗ്ദ്ധതാര=പ്രകാശിക്കുന്ന കണ്മണി
571	—	35	കുംഭിനീജംഭാരാതി=ഭൂമിയിലെ ഇന്ദ്രൻ (രാജാവ്)
573	—	42	വർഗ്ഗസ്വ...നിമിത്തം=വർഗ്ഗത്തിനും സ്വർഗ്ഗത്തിനും മോക്ഷത്തിനും ഐക്യരൂപമായ കാരണത്താൽ
573	—	28	ഗുണകാർശ്യ...സാരം = ഗുണത്തിൻെറ ചെറുപ്പവും വലിപ്പവുമനുസരിച്ച്
573	—	33	മഖഭുക്കുകൾ=യാഗഭാഗം ഭുജിക്കുന്നവർ
577	1	—	ബ്രഹ്മക്ഷത്ര...പ്രവിഷ്ടൻ = ബ്രാഹ്മണരിൽ പ്രവേശിച്ച് വേദമാർഗ്ഗങ്ങളെ ഉറപ്പിക്കയും ക്ഷത്രിയരിൽ പ്രവേശിച്ച് പ്രജകളെ രക്ഷിക്കയും ചെയ്യുന്നവൻ
577	18	—	ഉദ്ഗതൻ...പ്രത്യാഹരിച്ചീടുവാൻ=മേല്പോട്ടുപോയ പ്രാണനെ തടഞ്ഞുനിർത്തുവാൻ
578	—	8	തീർത്ഥപാദാ...ത്വാദൃശന്മാർ = ശ്രീഹരിയുടെ പാദതീർത്ഥത്തെ ആശ്രയിച്ചിരിക്കുന്ന നിങ്ങളെപ്പോലുള്ളവരുടെ
579	—	8	പഞ്ചക്ലേശം=അവിദ്യ, അസ്മിത(ഞാനെന്നഭാവം), രാഗം, ദ്വേഷം, അഭിനിവേശം ഇവ
581	13	—	ക്ഷേത്രജ്ഞൻ = സ്ഥാവരജംഗമങ്ങളുടെയുള്ളിൽ ശരീരാദിഭാവങ്ങളെ അറിഞ്ഞും അവരുടെ ക്ഷയത്തിലും അഭിവൃദ്ധിയിലും ക്ലേശിച്ചും മോദിച്ചും പരതന്ത്രനായിരിക്കുന്ന ജീവൻ
581	28	—	പാദാംബുജപലാശവിലാസം = പാദപത്മങ്ങളുടെ ഇതളുകളാകുന്ന വിരലുകളുടെ ശോഭ
581	31	—	രിക്തധീകൾ=അവലംബമററ ബുദ്ധിയോടുകൂടിയവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
581	34	—	ഷഡ്വർഗ്ഗ ... പൂർണ്ണം=കാമ ക്രോധ ലോഭ മോഹ മദ മാത്സര്യങ്ങളാകുന്ന മുതലകൾ നിറഞ്ഞതു്
581	—	31	നിഷ്കൃതി=പ്രത്യപകാരം
585	—	3	അസ്പൃഹൻ=ആഗ്രഹമില്ലാത്തവൻ
585	44	—	ആപിക്ക=പ്രാപിക്ക
587	—	23	സമ്യക്കായ്=വഴിപോലെ
587	—	28	വിജയൈഷി=വിജയമിച്ഛിക്കുന്നവൻ
587	—	34	വൈന്യൻ=വേനനിൽനിന്നുണ്ടായവൻ
587	—	38	മഹന്മഹിമാനേ...=മഹാന്മാരുടെ മഹിമയെ സൂചിപ്പിക്കുന്നതു്
589	—	22	ആദിഷ്ടൻ=നിയമിക്കപ്പെട്ടവൻ
589	—	27	അയുതം=പതിനായിരം
591	10	—	നീലാ...ന്ദീവരങ്ങൾ=നീലരക്തവർണ്ണമുള്ള ഉല്പലങ്ങളും താമരപ്പൂക്കളും വെള്ളാമ്പലുകളും നീലത്താമരകളും
591	18	—	സാരസ...കം=താമരമൊട്ടിലെ പൊടികൾ
591	—	46	അതിരംഹസ്സ് = അതിസൂക്ഷ്മം, അതിവേഗം
591	—	8	അവ്യാകൃതം=കാര്യവസ്തുവേ അതിക്രമിച്ചിരിക്കുന്നതു്
593	41	—	സമസ്തേ...ഗുണാഞ്ജനം=എല്ലാ ഇന്ദ്രിയങ്ങളേയും ഏകകാലത്തിലാനന്ദിപ്പിക്കുന്നതു്
595	—	7	ജരായുജം=ജരായു എന്ന തൊലിയിൽ പൊതിഞ്ഞിരിക്കുന്ന ഗർഭത്തിൽനിന്നു ജനിക്കുന്നതു്
595	—	7	സ്വേദജം=വിയർപ്പിൽനിന്നുണ്ടാകുന്നതു്
595	—	7	ഉദ്ഭിജം=മുളച്ചുണ്ടാകുന്നതു്
597	29	—	ജ്ഞാന നൗ=ജ്ഞാനമാകുന്ന കപ്പൽ
597	—	29	കൂടധർമ്മം=വ്യാജത്തോടുകൂടിയ ധർമ്മം
599	16	—	പരിഘാട്ടാലങ്ങൾ=വാതിൽ, ഗോപുരം, യുദ്ധാവശ്യത്തിനു തയ്യാറാക്കിയ ശാല
599	34	—	ഹിമനിർഝരം=മഞ്ഞിൻെറ ഒഴുക്കു്
599	42	—	ദിവ്യദ്രുലതാഢ്യം=ദിവ്യങ്ങളായ വൃക്ഷലതകളോടുകൂടിയതു്
599	45	—	ആയാത=വന്നവൾ
599	—	4	സുശ്രോണിയാൾ=നല്ല കടിതടമുള്ളവൾ
599	—	7	ശ്യാമ=ശ്യാമളനിറമുള്ളവൾ (സുന്ദരി)
601	34	—	ഗ്രാമ്യകാമാർത്ഥി=സ്ത്രീസംഗം, രുചികരഭക്ഷണം മുതലായ ഗ്രാമ്യഭോഗങ്ങളാഗ്രഹിക്കുന്നവൻ
601	41	—	ആമുഷ്മിക = പരലോകത്തെ സംബന്ധിച്ച
601	—	3	ഋഷിദേവ...മാസ്പദം=ഋഷികൾ, ദേവന്മാർ, പിതൃക്കൾ. മർത്ത്യർ ഇവർക്കെല്ലാം ക്ഷേമത്തിനുള്ളതു്
601	—	25	വിഷയം=ദേശം, ഇന്ദ്രിയവിഷയമെന്നും
601	—	35	വിഭ്രാജിതദേശം=പ്രകാശസ്ഥാനം (ഒരു ദേശമെന്നും)
601	—	40	സൗരഭദേശം=സുഗന്ധം വമിക്കുന്നസ്ഥാനം
603	1	—	പിതൃഷ്ഠ=പിതൃക്കളെ വിളിക്കുന്ന മന്ത്രം വിവരിക്കുന്ന ശാസ്ത്രം
603	5	—	ദേവഹൂ=ദേവന്മാരെ വിളിക്കുന്ന മന്ത്രശാസ്ത്രം
603	—	19	പഞ്ചപ്രസ്ഥം=പഞ്ചേന്ദ്രിയങ്ങളുടെ വിഹരണസ്ഥാനം
6 5	—	33	വല്ഗുവാക്കു്=വക്രഗതിയുള്ള വാക്കു്
607	30	—	ജായാ...ധാനം=ജായയുടെ ഭുജമാകുന്ന തലയണ
607	—	34	പ്രജാഗരൻ=പ്രാണൻ
609	5	—	കാലാത്മജ=ജര
609	27	—	ഭയനാമകൻ=മൃത്യു (ഭയനാമകനായ മൃത്യുവെ യവനരാജാവായും ആധിവ്യാധികളെ യവനന്മാരായും കല്പിച്ചിരിക്കുന്നു)
609	—	13	പ്രജ്വാരൻ=വൈഷ്ണവജ്വരത്തിനു കല്പിച്ച പേർ
609	—	28	ഭൗമ...=ഭൂമിയിലുള്ള സുഖഭോഗസാധനങ്ങളാൽ ശ്രേഷ്ഠം
609	—	32	സാരഹീനൻ ബലമില്ലാത്തവൻ
611	3	—	യവന...സൈശ്വര്യൻ=യവനന്മാരും ഗന്ധർവ്വന്മാരുംകൂടി ഐശ്വര്യമെല്ലാം ഹരിച്ചവൻ
611	18	—	കാലജാർദ്ദിതം=കാലപുത്രിയാൽ പീഡിപ്പിക്കപ്പെട്ടതു്
611	—	1	ജാമിജാഭൃത്യന്മാർ=മകൻെറ ഭാര്യ, മകളുടെ ഭർത്താവും ഭൃത്യന്മാരും
611	—	2	പരിച്ഛദം=അകമ്പടിക്കാരും ആലവട്ടം, വെൺചാമരം, വെൺകൊററക്കുട മുതലായതും
611	—	25	വീരസൂ=വീരന്മാരെ പ്രസവിച്ചവൾ
613	4	—	തന്നെ സ്നേഹിക്കുന്ന സഖാവു്=ഈശ്വരൻ
613	17	—	പ്രമദോത്തമ=സ്ത്രീരത്നം
613	—	25	ഈക്ഷാരൂപമമ്മറ=ദർശനരൂപമായ ആതിരശ്ശീല
619	—	30	കൂമ്പരം=നുകത്തിലും തേരിലും വച്ചുകെട്ടുന്ന തടി
621	—	13	ശബ്ദബ്രഹ്മസിന്ധു=വേദമാകുന്ന സമുദ്രം
623	—	27	അപാർത്ഥങ്ങൾ = അർത്ഥമില്ലാത്തവ
623	—	30	ധൂമ്രധീകൾ = ബുദ്ധിക്കു ശുദ്ധിയില്ലാത്തവർ
625	30	—	അശ്രുതം = കേട്ടിട്ടില്ലാത്തതു്
627	1	—	അധ്യാസം = മിഥ്യാജ്ഞാനം (തെററിയ ആരോപണം)
629	16	—	യുഷ്മൽ = നിങ്ങളുടെ വെൺപുകൾ
631	—	14	അഗജാപതി = ശിവൻ
631	—	15	ദുശ്ശമ...വര്യൻ = ശമിക്കാൻ പ്രയാസമുള്ള സംസാരമാകുന്ന രോഗത്തിനു് വൈദ്യശ്രേഷ്ഠൻ
635	—	12	ഉപഹൂതൻ = വിളിക്കപ്പെട്ടവൻ
635	—	28	ദിവിഷദ്ഗണം = സുരസമൂഹം
637	—	12	ഗജസാഹ്വയം = ഹസ്തിനം എന്ന പേരുള്ളതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
643	3	—	സർവ്വജഗദ്...വിധ്വംസകം = എല്ലാ ലൗകികബന്ധങ്ങളേയും നശിപ്പിക്കുന്നത്
643	38	—	ആത്മതാദാത്മ്യം = ആത്മാവിൽ ലയിക്ക എന്നുള്ളത്
643	—	5	അവ്യാഹതം = നശിപ്പിക്കാൻ സാധിക്കാത്തത്
643	—	20	അർബ്ബുദം = ഒരുകോടി
647	—	2	നാരാചയുഗളം = കടാക്ഷങ്ങൾ എന്നു വിവക്ഷ
647	—	13	പദപഞ്ജരം = കാലാകുന്ന കൂട്
647	—	14	അരൂപസ്വനം = രൂപംകാണാൻ പാടില്ലാതെയുള്ള ശബ്ദം (ചിലമ്പൊലി)
647	—	19	അലാതോത്ഥമാമഗ്നി = തീക്കൊള്ളി ചുഴററുമ്പോൾ തോന്നുന്ന വൃത്താകാരമായ അഗ്നി (മഞ്ഞപ്പട്ട്)
647	—	21	ശൃംഗം = കൊടുമുടി (കുചം)
647	—	27	ശോണപരാഗം = ചുവന്ന പൊടി
647	—	42	മീനയുഗം = രണ്ടു മത്സ്യം (കണ്ണുകൾ)
647	—	42	ദ്വിജ...പ്രഭ = ദന്തങ്ങളുടെ അതിശോഭ
651	—	13	ഉപായനദ്രവ്യം = കാഴ്ചദ്രവ്യം
657	5	—	യതാത്മാക്കൾ = മനസ്സടക്കിയവർ
659	1	—	ഹംസോപമദേശികൻ = നീരിൽനിന്നു പാൽ തിരിച്ചെടുക്കുന്ന ഹംസത്തെപ്പോലെ ജഡത്തിൽനിന്നു ചൈതന്യത്തെ തിരിച്ചറിയുന്ന ഗുരു
659	2	—	അനുവൃത്തി = അനുസരണം
659	3	—	ദ്വന്ദ്വതിതിക്ഷ = സുഖദുഃഖാദി ദ്വന്ദ്വങ്ങളെ സഹിക്കാനുള്ള ശക്തി
659	12	—	ദേഹഗേഹാത്മധീ = ദേഹവും ഗേഹവും ആത്മാവാണെന്ന ബുദ്ധി
659	—	3	നിർമ്മന്യു = കോപമില്ലാത്തവൻ, ശാന്തൻ
661	—	17	തനുമാത്ര...യുക്തൻ = ശരീരം മാത്രമായ കുടുംബത്തോടുകൂടിയവൻ
661	—	29	വാടം = ഉദ്യാനം
661	—	29	ഖർവ്വാടം = പർവ്വതസമീപമുള്ള ഗ്രാമം
660	—	30	സേനാപദ....ദ്രികൾ = സേനാപദം, ആശ്രമം, സത്രം, ഗോപാലയം, തൊഴുത്ത്, അദ്രി എന്നിവ
661	—	33	ദൂയമാനൻ = പീഡിക്കപ്പെട്ടവൻ
663	—	9	പുരമാട...മാനസങ്ങളിൽ = പുരസ്ത്രീകളുടെ മനസ്സിൽ
663	22	—	ആജഗരവ്രതം = പെരുമ്പാമ്പിന്റെ ചര്യ
663	27	—	പുരീഷം = മലം
663	—	5	സിദ്ധ...സമ്പൂർണ്ണൻ = നാലു പുരുഷാർത്ഥങ്ങളും സിദ്ധിച്ച സമ്പൂർണ്ണനായവൻ
665	20	—	ശിലാഖണ്ഡ...വക്ത്രൻ = കൽക്കഷണങ്ങൾ നിറഞ്ഞ വായോടുകൂടിയവൻ
665	—	3	ഉപഹിതധീകർ = ദുഷിച്ച ബുദ്ധിയുള്ളവർ
665	—	31	ലോകാഖില...ഗണാചാര്യൻ = ലോകത്തിലുള്ള വേദങ്ങൾ, ശാസ്ത്രങ്ങൾ, ദേവന്മാർ, ബ്രാഹ്മണർ, പശുക്കൾ എന്നിവയുടെ ഗുരു
667	3	—	ക്ഷീരസോർമ്മി = ക്ഷീരസമായ തിരമാല
671	10	—	മക്ഷിക = ഈച്ച
671	37	—	പലാശം = ഇല
671	—	13	ഉദ്വിഗ്നൻ = മനസ്സു ഭ്രമിച്ചവൻ
673	—	17	പൂതമൃദുലസൂക്ഷ്മങ്ങൾ = ശുദ്ധവും മൃദുവും ചെറിയതുമായവ
673	19	—	അദ്ധ്വനപാത = തന്റെ ധനമായ ആമാൻകുട്ടി പോയ വഴി
673	29	—	ദാവാനലൻ = കാട്ടുതീ
675	28	—	കർമ്മബ...സമർത്ഥം = കർമ്മബന്ധത്തെ വേരോടെ നശിപ്പിക്കാൻ കഴിയുന്നത്
675	—	2	സമാവർത്തനം = പഠിത്തം കഴിഞ്ഞു ഗുരുകുലത്തിൽനിന്നു മടങ്ങിവരുമ്പോഴുള്ള കർമ്മം
675	—	13	വ്യാഹൃതി = ഉച്ചാരണം, ശബ്ദം
681	—	37	ഈശിതവ്യം = ശാസിക്കത്തക്കത്
685	—	9	അന്തർ...ഭാവം = അകവും പുറവുമെന്ന ഭാവം
685	—	11	മായാകൃതാന്തരാത്മാവാം മനസ്സ് = മായയാലുണ്ടായ മനസ്സ്
689	—	15	കർമ്മശീലാ...കാലാഖ്യ = കർമ്മം, സ്വഭാവം, ആശയം ദ്രവ്യം, കാലം എന്നിങ്ങനെയുള്ള പേരുകളോടുകൂടിയ
695	—	21	ദുർഗ്ഗദ്ധ്വാ = കോട്ടയുടെ വാതിൽ
695	—	35	ചിൽപു...മാർഗ്ഗം = ജ്ഞാനസ്വരൂപത്തോടുകൂടിയ ഗുരുവിന്റെ പാദപത്മത്തിലെ വണ്ടുകളുടെ (ഭക്തന്മാരുടെ) മാർഗ്ഗം
697	7	—	ദർശന...സങ്കല്പങ്ങൾ = കാണുക, തൊടുക, ആനന്ദിക്ക, കേൾക്ക, ശ്രമിക്കുക, മണക്കുക, സങ്കല്പിക്ക എന്നിവ
697	17	—	വൃകസൃഗാലാദികൾ = ചെന്നായ്, കുറുക്കൻ മുതലായവ
697	36	—	ബഹി...ധനം = ധനത്തെ പ്രാണനേക്കാളും സ്നേഹിക്കുന്നതുകൊണ്ടു പുറമേയുള്ള പ്രാണനെന്നു കല്പിച്ചിരിക്കുന്നു
697	47	—	വഹ്നിപുരീഷം = സ്വർണ്ണം
697	—	3	വഹ്നികാമൻ = തീ വേണമെന്നുള്ളവൻ
697	—	29	കാരസ്കര...തുണ്ഡാദി = കാഞ്ഞിരം, കാരകിൽ മുതലായവ
697	—	46	ആശുശുക്ഷണി = അഗ്നി
699	8	—	നഷ്ടാസു = പ്രാണൻ നഷ്ടപ്പെട്ടവൻ
699	27	—	ദന്ദശൂകങ്ങൾ = പാമ്പുകൾ
699	—	3	ശീതവാതാദ്യങ്ങൾ = ശീതക്കാററ് തുടങ്ങിയവ
699	—	3	ആധിദൈവികം = ദൈവഗത്യാ ഉണ്ടാകുന്നത്
699	—	4	ആധിഭൗതികം = ഭൂതജാലത്തിൽനിന്നു നേരിടുന്നത്
699	—	4	ആദ്ധ്യാത്മികം = ആത്മാവിൽ (തന്നിൽ) നിന്നു നേരിടുന്നത്
699	—	37	നിർന്നിമേഷാക്ഷൻ = അടയ്ക്കാത്ത കണ്ണുകളോടുകൂടിയവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
701	5	—	ശ്രൗതം = ശ്രുതിയിൽ (വേദത്തിൽ) ഉള്ളതു്
701	5	—	സ്മാർത്തം = സ്മൃതിയിലുള്ളതു്
701	18	—	രംസ്യൻ = രമിക്കുന്നവൻ
701	23	—	മൃത്യുഹസ്തി = മരണമാകുന്ന ആന
701	—	29	ആഷ്ഭേൻ = ഋഷഭന്റെ പുത്രൻ
701	—	40	പൂർണ്ണദയാ...വിഭൂതി = പൂർണ്ണമായ ദയാദൃഷ്ടിയെ ആശിക്കുന്ന പരിജനാദിയോടു കൂടിയ ഐശ്വര്യം
703	—	17	ആത്മവത്വാ...ലിംഗം = ആത്മജ്ഞാനം തുടങ്ങിയ ചിഹ്നം
703	—	22	ഇജ്യ = യാഗം
707	—	35	ഉപദേവവൃന്ദം = കിന്നരഗന്ധർവ്വാദികൾ
709	2	—	പുണ്യജനാംഗനമാർ = യക്ഷസ്ത്രീകൾ
709	7	—	ജാംബൂനദാഹ്വയം = ജാംബൂനദമെന്ന പേരുള്ളതു്
713	6	—	സൗരതയോഗ്യത = സുരതത്തിൽ താൽപര്യം
713	17	—	ആശ്രമമന്ദിരഭൂധരഗഹ്വരം = ആശ്രമം, ഗൃഹം, പർവ്വതം, ഗുഹ ഇവ
713	—	33	ആത്തതത്വഗണം = തന്റെ കല്യാണാദി ഗുണങ്ങൾ മൂർത്തിയായി ധരിക്കുന്ന സ്വന്തം തത്വഗണം
715	22	—	പ്രേമാകരാ...ധാരി = പ്രേമത്തിനു വിളഭൂമിയായ ശരീരം ധരിച്ചവൻ
719	—	3	സരീസൃപം = ഇഴജാതി
721	23	—	ലക്ഷിതാത്മാവ് = കാണപ്പെട്ട ആത്മാവോടുകൂടിയവൻ
721	27	—	ജീവസമുച്ചയാനുഗ്രഹം = ജീവജാലത്തിനനുഗ്രഹം
721	—	30	ദുർദൃശ്യതരം = ദൃശ്യമല്ലാത്തതു്
723	—	33	ഐശ്വര്യ...യോഗം = ഈശ്വരസംബന്ധമായ ഭക്തിയോഗം
727	—	7	പരിക്ഷിപ്തം = ചുററപ്പെട്ടതു്
727	—	33	രിക്തരജസ്തമോശീലർ = രജോഗുണത്തിന്റെയും തമോഗുണത്തിന്റെയും സ്വഭാവമില്ലാത്തവർ
729	6	—	അക്ഷം = ബലം
737	8	—	ഐന്ദ്രിയിൽ = കിഴക്കുദിക്കിൽ
737	19	—	അക്കരഥൈകചക്രം = അർക്കരഥത്തിന്റെ ഏകചക്രം. (പന്ത്രണ്ടു മാസങ്ങളെ ആരക്കാലുകളായും ആറു ഋതുക്കളെ നേമികളായും മൂന്നു ചാതുർമ്മാസ്യങ്ങളെ നാഭികളായും സൂര്യരഥത്തിന്റെയും ഏകചക്രത്തെ സംവത്സരമായും പറഞ്ഞിരിക്കുന്നു.)
737	31	—	നീഡം = ഇരിക്കാനുള്ള സ്ഥാനം
737	41	—	സന്മുഖൻ = അഭിമുഖൻ
737	—	1	അംഗുഷ്ഠ...കാരർ = പെരുവിരലിന്റെ മുട്ടുവരെ മാത്രം വലിപ്പമുള്ള ശരീരത്തോടുകൂടിയവർ
737	—	15	ഗവ്യൂതി = രണ്ടു കോശം (4 നാഴിക)
739	11	—	ഉച്ചാവചങ്ങൾ = ബഹുവിധങ്ങൾ ഏററക്കുറച്ചിലുള്ളവ
739	26	—	അബ്ദാംഗകങ്ങൾ = ആണ്ടിന്റെ അംശങ്ങൾ
739	—	25	ജഗദ്ധിതമൂർത്തി = ലോകത്തിനു ഹിതം ചെയ്യുന്ന മൂർത്തിയോടുകൂടിയതു്
741	—	4	ആജീവ്യൻ = ഉപജീവനത്തിനു സഹായിക്കുന്നവൻ
743	21	—	വാമേതരശ്രോണി = വലത്തേക്കടിതടം
743	31	—	തദ്വാമപാർശ്വാസ്ഥികൾ = അവന്റെ ഇടത്തുവശത്തെ അസ്ഥികൾ
743	7	—	നിശ്ശേഷദേവതാധിഷ്ണ്യം = എല്ലാവിധ ദേവതകളുടേയും വാസസ്ഥാനം
745	17	—	ഹംസഭാസ...വിഹംഗേശർ = അന്നം, കഴുകൻ, പരുന്തു്, ഗരുഡൻ തൊട്ട പക്ഷിശ്രേഷ്ഠർ
745	31	—	ദാനവകാദ്രവേയാളി = അസുരന്മാരുടേയും സർപ്പങ്ങളുടേയും കൂട്ടം
745	43	—	ചൈത്യം = ഈശ്വരാരാധനാസ്ഥലം
745	43	—	ചത്വരം = നാലുവഴി കൂടുന്ന സ്ഥലം, മിററം
745	5	—	വിവരാധി...ഹർമ്മ്യങ്ങൾ = വിലസ്വർഗ്ഗത്തിന്റെ അധിപന്മാരുടെ മേടകൾ
747	20	—	വികത്ഥനം = ആത്മപ്രശംസ
747	35	—	ഏകാന്തമന്ത്രവ്രതൻ = ഏകാന്തത്തിൽ ഗൂഢാലോചനയ്ക്കു വരിക്കപ്പെട്ടവൻ
751	29	—	മദാഘൂർണ്ണിതം = മദത്താൽ ചുഴന്നതു്
749	33	—	സംഹൃതാ...വേഗാത്മാവ് = അമർഷവും രോഷവും അടക്കിയ മനസ്സോടുകൂടിയവൻ
751	—	3	ഹലപൃഷ്ഠഭാഗനിവിഷ്ടം = കലപ്പയാകുന്ന ആയുധത്തിന്റെ പുറത്തുവച്ചിരിക്കുന്നതു്
751	—	24	ധ്രുവം = നാശമററതു്
751	—	24	അകൃതം = സ്വതേയുള്ളതു്
753	11	—	മാനുഷ...ധർമ്മം = മനുഷ്യന്റെ കർമ്മങ്ങളുടെ ഫലത്തോടുകൂടിയ പുണ്യധർമ്മം
753	27	—	വേദപ്രതിഷിദ്ധലക്ഷണം = വേദങ്ങളാൽ നിരോധിക്കപ്പെട്ട ലക്ഷണം
753	29	—	കർത്തൃവിസദൃശശ്രദ്ധ = കർമ്മംചെയ്യുന്നവന്റെ ശ്രദ്ധയുടെ വ്യത്യാസം
755	29	—	രുരു = സർപ്പത്തേക്കാൾ ഭയങ്കരമായ ഒരു ജന്തു
755	40	—	ക്രവ്യം = മാംസം
755	—	37	ഇക്ഷുഖണ്ഡം = കരിമ്പിൻകഷണം
763	8	—	പ്രകൃതി...വാസന = മായാഗുണങ്ങളിൽനിന്നു ജനിക്കുന്ന വാസന
763	13	—	ഗുണസൃഷ്ടപ്രവൃത്തി = ഗുണങ്ങൾ സൃഷ്ടിക്കുന്ന കർമ്മങ്ങളുടെ ഭിന്നമായ ഗതി
763	—	38	അഘവാൻ = പാപംചെയ്തവൻ
767	—	5	ധർമ്മാധർമ്മബിംബനം = ധർമ്മാധർമ്മങ്ങളെ തെളിച്ചുകാട്ടുന്നതു്
767	—	24	കലകൾ 16 = കർമ്മേന്ദ്രിയങ്ങൾ, ജ്ഞാനേന്ദ്രിയങ്ങൾ, ശബ്ദാദിവിഷയങ്ങൾ, മനസ്സ് എന്ന 16-ം ചേർന്നതു്
767	—	24	ശക്തികൾ 3 = സത്വാദിഗുണങ്ങൾ മൂന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
767	—	29	ഷഡ്വർഗ്ഗ = കാമക്രോധ ലോഭമോഹ മദമാത്സര്യങ്ങൾ
767	—	40	അദൃഷ്ടനിമിത്തം = വിധി, കാണപ്പെടാത്തത്
769	14	—	മധുമൈരേയം = പൈഷ്ടിയെന്ന ഒരുവക മദ്യം
771	30	—	സങ്കേതം = പുത്രാദികൾക്ക രാമൻ, കൃഷ്ണൻ എന്നിങ്ങനെ നിശ്ചയിക്കുന്ന നാമങ്ങൾ
771	35	—	സംദ്രഷ്ടൻ = ദംശിക്കപ്പെട്ടവൻ
771	—	20	സദ്ദർശനാനന്ദതുന്ദിലൻ = സജ്ജനദർശനത്താൽ ആനന്ദമഗ്നൻ
771	—	41	കജ്ജലം = അഴുക്ക്
777	2	—	ദാമങ്ങൾ = കയറുകൾ
777	15	—	ഊഹിതം = അഭിലാഷം
777	27	—	ഹരി = ദുഃഖങ്ങളെ ഹരിക്കുന്നവൻ
777	—	1	ഭഗവത്പ്രണീതം = ഭഗവാനാൽ നിശ്ചയിക്കപ്പെട്ടത്
779	17	—	ഹരിപാദാബ്ജം = ഹരിപാദമാകുന്ന താമരയിലെ മധു
783	—	31	ഒൻപതുവിധം = പ്രകൃതി, മഹത്തത്വം, അഹംതത്വം, പഞ്ചതന്മാത്ര, മനസ്സ് എന്നിവ ഒൻപത്
783	—	31	മൂന്നുമട്ട = സത്വാദിഗുണങ്ങളാകുന്ന മൂന്നു വിധം
785	—	21	പ്രസുപ്തംമട്ട് = ഉറങ്ങിയമട്ട്
803	1	—	ഭാസ്വരോഷസ്സ് = 5 നാഴിക പുലരുംവരെയുള്ള സമയം
803	2	—	ആസങ്ഗവം = 5 മുതൽ 10 നാഴിക പുലരുംവരെയുള്ള സമയം
803	—	5	പ്രാഹ്നം = 11 നാഴികമുതൽ 15 നാഴിക വരെ
803	—	5	മദ്ധ്യാഹ്നം = 16 മുതൽ 20 നാഴികവരെ
803	—	7	അപരാഹ്നം = 21 മുതൽ 25 നാഴിക വരെ
803	—	8	സായംകാലം = 26 മുതൽ 30 നാഴിക വരെ
803	—	9	പ്രദോഷം = രാത്രി 4 നാഴികവരെ
803	—	11	നിശാദ്ധം = 5 നാഴിക രാത്രിമുതൽ 14 നാഴിക രാത്രിവരെ
803	—	11	നിശീഥം = 15-ം 16-ം നാഴിക ഇരുട്ടുന്നതുവരെ
803	—	13	നിശാപരാദ്ധം = 17 നാഴികമുതൽ അരുണോദയംവരെ
803	—	15	പ്രത്യൂഷം = അരുണോദയം ആരംഭിക്കുന്ന സമയം
803	—	17	പ്രാതം = സൂര്യോദയം ഏററവും അടുത്തിരിക്കുന്ന സമയം
809	—	9	ചക്രക്ഷേപണദക്ഷൻ = ചക്രായുധം പ്രയോഗിക്കുന്നതിൽ സമർത്ഥൻ
827	—	47	വൈശ്വാനരൻ = അഗ്നി
829	11	—	ദിഗ്ദേവതാ...തൗജസ്സ് = ദിഗ്ദേവതകൾ ഓജസ്സു നശിപ്പിച്ചതായി
829	15	—	ആഹൂതൻ = വിളിക്കപ്പെട്ടവൻ

പേജ്	വരി A	വരി B	
833	4	—	പുരോഡാശം = സൂര്യനെ ആരാധിക്കാനുള്ള ചരു
833	11	—	വന്മോഹജസ്നേഹം = വലുതായ മോഹത്തിൽനിന്നുണ്ടായ സ്നേഹം
841	17	—	പണ്യാർഹസ്വർണ്ണാദി = വില്ക്കാനുള്ള പൊൻപാത്രങ്ങൾ, ആഭരണങ്ങൾ മുതലായവ
843	—	30	ഭക്തിശാ...ത്രൂപം = ഭക്തിശാസ്ത്രത്തിൽ വിവരിച്ചിരിക്കുന്ന രൂപം
849	—	4	അനകൻ = ഭർത്താവ്
849	40	—	അവഹേളനവാക്യം = നിന്ദാവാക്യം
857	8	—	മൃതപുത്ര = പുത്രൻ മരിച്ചവൾ
857	49	—	ഇന്ദ്രഹന്താവ് = ഇന്ദ്രനെ ഹനിക്കുന്നവൻ (ഇന്ദ്രനെ അനുഗമിക്കുന്നവനെന്നും)
861	38	—	ധനുമാസം = മാർഗ്ഗശീർഷമാസം
863	—	8	സ്ഥാലീപാകവിധി = വാവിന് ഗൃഹാശ്രമികൾ ആചരിക്കേണ്ട കർമ്മം
867	—	42	ഊഷൽ = സംശയം
871	33	—	ഖർവ്വടം = 400 വീടുള്ള പട്ടണം
871	—	42	അധ്യാസം = മിഥ്യാജ്ഞാനം
879	10	—	മേഘാവൃതാക്കൻ = മേഘത്താൽ മറയ്ക്കപ്പെട്ട സൂര്യൻ
883	40	—	സർവത്തുഭാവം = എല്ലാ ഋതുക്കളിലും എല്ലാ വൃക്ഷങ്ങളും പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന അവസ്ഥ
885	15	—	ഐഹികാ... = ഇഹത്തിലും പരത്തിലുമുള്ള നശ്വരഭോഗവസ്തുക്കളിലാഗ്രഹമില്ലാത്തവൻ
889	5	—	നാലു കാര്യങ്ങൾ = സാമ, ദാന, ഭേദ, ദണ്ഡങ്ങൾ
889	—	22	ദാന്തേന്ദ്രിയം = അടക്കമില്ലാത്ത ഇന്ദ്രിയം
885	—	13	ഹരികര...നിർവൃതി = ഭഗവത്കരസ്പർശംകൊണ്ടുള്ള ആനന്ദനിർവൃതി
889	—	32	അന്ധനീതാന്ധർ = അന്ധന്മാർ നയിക്കുന്ന അന്ധന്മാർ
893	9	—	ത്രിവർഗ്ഗം = ധർമ്മം, അർത്ഥം, കാമം
893	2'	—	ഊഹിതം = ഇഷ്ടം
893	49	—	ഐന്ദ്രിയകങ്ങൾ = ഇന്ദ്രിയസംബന്ധമായവ
895	—	9	പ്രത്യഗാത്മാകൃതി = പരമാനന്ദസ്വരൂപം
895	—	10	വ്യാപകവ്യാപ്യനാമാർഹൻ = വ്യാപകനെന്നും വ്യാപ്യനെന്നുമുള്ള പേരിനർഹൻ
899	11	—	ജന്മാദിഷൾഭാവം = ജനിക്കുക, ഇരിക്കുക, വളരുക, മാററംസംഭവിക്കുക, ക്ഷയിച്ചുതുടങ്ങുക, നശിക്കുക ഇങ്ങനെ ആറവസ്ഥ
899	—	5	ധീവൃത്തി... = ധീവൃത്തിയാകുന്ന പഴുതോടുകൂടിയത്
901	—	21	ആത്മാനുവർത്തി = ആത്മാവിനെ അനുഗമിക്കുന്നത്
905	9	—	അസി = വാള്
905	8	—	വിജൃംഭിതൗജസ്സ് = വർദ്ധിച്ച ഓജസ്സ്
907	26	—	കലിശാക്ഷതത്വക്ക് = വജ്രംകൊണ്ടും മുറിക്കാനാകാത്ത തൊലി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
907	38	—	രക്തലവാ...രാസ്യൻ = ചോരത്തുള്ളികൾകൊണ്ട് നനഞ്ഞു ചുവന്ന കഞ്ചിരോമങ്ങളുള്ള മുഖത്തോടുകൂടിയവൻ
907	—	17	സടോദ്ഭൂതവാതാഗതി = സടകളിൽ നിന്നുണ്ടായ കാററിൻെറ അടി
907	—	24	അലക്ഷിതാരാതി = ശത്രുക്കളെ കാണാത്തവൻ
911	32	—	പഞ്ചത = മരണം
911	—	8	ആമയം=ദുഃഖം, രോഗം
911	—	30	രോഷദുരാസദൻ = രോഷത്താൽ അടുക്കാൻപാടില്ലാത്തവൻ
913	11	—	കാലാഹിഭീതിഹരങ്ങൾ = കാലസർപ്പത്തിൽനിന്നുള്ള ഭയം ഹരിക്കുന്നവ
913	40	—	പന്ത്രണ്ടു ഗുണം = ധർമ്മം, സത്യം, ദമം, തപസ്സ്, മാത്സര്യമില്ലായ്മ, ഹ്രീ, തിതിക്ഷ, അസൂയയില്ലായ്മ, യജ്ഞം, ദാനം, ധൃതി, ശ്രുതം എന്നിവ
915	44	—	ഷോഡശാരം = കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും പഞ്ചഭൂതങ്ങളും
915	—	1	ചിച്ഛക്തി = ജ്ഞാനശക്തി
917	2	—	ഭവാബ്ധി = സംസാരമാകുന്ന കിണർ
919	2	—	ശിശ്നം = ലിംഗം
923	20	—	കുശലം = പുണ്യകർമ്മാചരണം
923	37	—	ഗതസ്പൃഹൻ = ആശയററവൻ
927	—	26	അഭിജിന്മുഹൂർത്തം = ഉത്രാടത്തിൻെറ ഒടുവിലത്തെ 15 നാഴികയും തിരുവോണത്തിൻെറ ആദ്യത്തെ 4 നാഴികയും ചേർന്ന മുഹൂർത്തം (പൂർണ്ണജയമുള്ള മുഹൂർത്തം)
931	23	—	പഞ്ചമഹായജ്ഞം = സ്വാദ്ധ്യായം (പാഠം), അഗ്നിഹോത്രം (ഹോമം), അതിഥിസൽക്കാരം, പിതൃതർപ്പണം, ഭൂതബലി (പശുപക്ഷ്യാദികൾക്കു തീററി കൊടുക്കൽ) ഇവ അഞ്ചും
931	—	18	അന്ത്യജാന്തേവസായികൾ = അന്ത്യജനും അന്തേവസായിയും സങ്കരജാതിയുടെ രണ്ടു പിരിവുകളാകുന്നു. അവരെ പ്രതിലോമജന്മാരെന്നും അനുലോമജന്മാരെന്നും പറയാറുണ്ട്. ഉയർന്നജാതി സ്ത്രീയിൽ താണജാതിപ്പുരുഷനു ജനിച്ചവൻ പ്രതിലോമജൻ. താണജാതി സ്ത്രീയിൽ ഉയർന്നജാതി പുരുഷനു ജനിച്ചവൻ അനുലോമജൻ
931	—	36	സർപ്പിഷ്കണം = നെയ്ത്തുള്ളി
931	—	36	വൈശ്വാനരൻ = അഗ്നി
939	16	—	അർത്ഥദൃക്ക് = പ്രയോജനം കാണുന്നവൻ
939	—	27	ഐകാത്മ്യം = ഏകാത്മാവെന്ന ഭാവം
941	3	—	ദൈവികകാലദേശാപ്തം = ദൈവികമായും ദേശകാലങ്ങളനുസരിച്ചും ലഭിക്കുന്നതു്
941	—	43	അയനം 2 = കർക്കടസംക്രാന്തിയും മകരസംക്രാന്തിയും
941	—	43	വിഷുവം 2 = മേടസംക്രാന്തിയും തുലാസംക്രാന്തിയും

പേജ്	വരി A	വരി B	
943	6	—	രാകയാം പൗർണ്ണമി = പൂർണ്ണചന്ദ്രനോടുകൂടിയ വെളുത്തവാവ്
943	7	—	അനുമതിയായ പൗർണ്ണമി = ന്യൂനചന്ദ്രനോടുകൂടിയതു്
945	—	43	കർമ്മനിരീഹർ = കർമ്മത്തിലാസക്തിയില്ലാത്തവർ
945	—	26	അനീഹ = ഇച്ഛയില്ലായ്മ
947	11	—	ആത്മാനാത്മചിന്ത = ആത്മാവേതു് അനാത്മാവേതെന്നുള്ള ചിന്ത
947	17	—	ദൈവഭൂതദുഃഖം = ദൈവികമായി ഭവിക്കുന്ന ദുഃഖം
947	38	—	ഷഡ്വർഗ്ഗസംയമം = കാമക്രോധാദികളെ അടക്കുന്നതു്
949	35	—	ഹിംസ്രം = ഹിംസ അധികരിച്ചതു്
949	35	—	ദ്രവ്യമയം = സാധനങ്ങളധികമുള്ളതു്
949	37	—	വൈശ്വദേവം = വിശ്വദേവന്മാർക്കായി ചെയ്യുന്നതു്
949	37	—	പൂർണ്ണമാസ്യം = ആഷാഢമാസത്തിലെ ശുക്ലപക്ഷം മുതൽ കാർത്തികമാസത്തിലെ പൗർണ്ണമിവരെ അനുഷ്ഠിക്കുന്ന വ്രതം
949	37	—	ചാതുർമ്മാസ്യം = കാർത്തിക, പൈങ്കുനി, ആടി ഈ മാസങ്ങളിൽ തുടങ്ങി നാലു മാസങ്ങൾകൊണ്ടവസാനിക്കുന്ന വ്രതം
949	38	—	ദർശം = കറുത്തവാവിലെ ശ്രാദ്ധം
949	—	4	വ്രീഹി = വരിനെല്ല്
951	—	40	കൈവല്യ... = മോക്ഷമാകുന്ന സുഖാനുഭവസ്വരൂപം
955	3	—	വിശ്വസൃക്കുകൾ = വിശ്വം സൃഷ്ടിക്കുന്നവർ
959	36	—	പാരിജാതം = കല്പവൃക്ഷവിശേഷം
959	36	—	പാടലം = പൂപ്പാതിരിമരം
959	37	—	പ്രിയാളം = മുതൾമരം
959	40	—	അർജ്ജുനം = മരുതുമരം
959	40	—	അരിഷ്ടം = വേപ്പ്
959	41	—	പ്ലക്ഷം = ഇത്തി
959	41	—	ഉദുംബരം = അത്തി
959	42	—	പ്ലാച്ചി = പ്ലാവിൻെറ വകഭേദം
959	42	—	സരളം = ചരളമരം
959	42	—	പിചുമന്ദം = വേപ്പിൻെറ വകഭേദം
959	43	—	കോവിദാരം = കൊങ്ങുമരം
959	43	—	പ്ലാരം = ഒരു വൃക്ഷവിശേഷം
959	45	—	ഭല്ലാതകം = ചേരുമരം
959	—	6	ഉല്പലം = ചെങ്ങഴിനീർപ്പൂവ്
959	—	6	ശതപത്രം = താമര
959	—	6	കൽഹാരം = സൗഗന്ധികപുഷ്പം
959	—	10	ദാത്യൂഹം = പരുന്തു്
959	—	10	സാരസം = വെള്ളിൽപക്ഷി
959	—	11	കോയഷ്ടി = കുളക്കോഴി (വെള്ളമുണ്ടി)
959	—	12	കാരണ്ഡവം = താമരക്കോഴി
959	—	19	കുരവകം=ചെങ്കുറിഞ്ഞി
959	—	19	ശിരീഷം=നെന്മേനിവാക
959	—	20	പുന്നാഗം=പുന്ന
959	—	20	ഇംഗുദം=ഓടൽമരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
959	—	20	കബ്ജകം=മുള്ളുചേമന്തി
959	—	21	നാഗം=നാഗവൃക്ഷം
959	—	21	ജാലകം=കടമ്പ്
959	—	21	സ്വർണ്ണയൂഥി=മഞ്ഞനിറമുള്ള മുല്ല
959	—	22	മാധവി=കുരുക്കുത്തിമുല്ല
959	—	22	കുടജം=കുടകപ്പാല
959	—	33	ഖഡ്ഗം=കാണ്ടാമൃഗം
959	—	33	വ്യാളം=ഹിംസിക്കുന്ന ഒരു ഭയങ്കര ജന്തു
959	—	39	ഗോപുച്ഛം=ഒരുതരം കുരങ്ങ്
959	—	39	സാലാ=മരപ്പട്ടി
959	—	39	വൃകം=ചെന്നായ്
961	—	22	പരമേശ്വരപാശഗ്രഹം = പരമേശ്വരന്റെ പാശമാകുന്ന മുതല
963	41	—	അലോബ്രഹ്മചര്യം=അസാധാരണമായ ബ്രഹ്മചര്യം
963	—	31	സമസ്ത...ഹേതു=ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണശക്തിയേകുന്നതിനു കാരണമായവൻ
965	—	2	നിഷേധാവധിഭൂതൻ=അസദവസ്തുക്കളെയെല്ലാം നിഷേധിച്ചശേഷം ശേഷിക്കുന്നവൻ
975	32	—	മേഢ്രം=ഗുഹ്യപ്രദേശം
975	—	12	പക്ഷ്മങ്ങൾ=ഇമകൾ
977	29	—	കേയൂരം=തോൾവള
979	—	9	വീരുത്ത്=കുററിച്ചെടി
979	—	40	സന്ധിവിഗ്രഹകാലവിത്ത് = സന്ധിക്കും യുദ്ധത്തിനും ഉചിതമായ കാലത്തെ അറിയുന്നവൻ
983	32	—	തച്ഛ്വാസശിഖാഹതപ്രഭർ=വാസുകിയുടെ ശ്വാസംതട്ടി ആഭയററവർ
991	2	—	അവ്യഭിചാരിഗുണങ്ങൾ = വിട്ടുപിരിയാത്ത സദ്ഗുണങ്ങൾ
991	—	19	ആയുർവ്വേദാഢ്യദൃക്ക് = ആയുർവ്വേദപ്രചരണത്തിൽ ദൃഷ്ടിയുള്ളവൻ
993	14	—	പാദസരം=കാൽച്ചിലമ്പ്
997	35	—	അരുണം=ഒരു വിഷജന്തു
1001	22	—	ദന്ദശൂകം=പാമ്പ്
1017	13	—	യുഗസാ സാഹസ്രപര്യന്തം = ആയിരം ചതുര്യുഗംകൊണ്ടവസാനിക്കുന്നത്
1019	34	—	സ്വരദാഹവനീയവഹ്നി = ഹോമകുണ്ഡത്തിൽ ജ്വലിപ്പിച്ച അഗ്നി
1019	—	26	ശൃംഗാടകം=നാലുവഴി കൂടുന്ന സ്ഥലം
1021	2	—	രത്നഹേമാ...ധ്വജങ്ങൾ = രത്നങ്ങളും പൊന്നുംകൊണ്ടു തീർത്ത കൊടിമരങ്ങൾ
1021	14	—	മാനികൾ=ഗർവ്വിഷ്ഠന്മാർ
1021	—	26	കാമരൂപം=ഇച്ഛിക്കുന്ന രൂപം
1023	—	29	ആവാസം=വാസസ്ഥാനം
1027	—	5	പ്രതിപദ്ദിനം=പ്രഥമ
1029	15	—	ഇന്ദ്രിയജന്യവിഷയൻ=ഇന്ദ്രിയങ്ങളിൽനിന്നുള്ള അറിവുകൊണ്ട് പ്രാപ്യനല്ലാത്തവൻ
1029	—	37	ത്രിവർഗ്ഗം=ധർമ്മം, അർത്ഥം, കാമം എന്നിവ
1033	—	36	ബ്രഹ്മസൂത്രം=പൂണുനൂൽ
1036	2	—	കൃഷ്ണാജിനം=കൃഷ്ണമൃഗത്തോൽ
1036	6	—	അക്ഷമാല=രുദ്രാക്ഷമാല
1039	24	—	ബാലിശധീ=ബാലന്റെ ബുദ്ധിയുള്ളവൻ
1039	25	—	സ്വാർത്ഥം=സ്വന്തകാര്യം (നാലാമത്തെ പുരുഷാർത്ഥമെന്നും)
1043	37	—	അനാഗസ്വി=അപരാധംചെയ്യാത്തവൻ
1043	—	25	അജിതൻ=ആരാലും ജയിക്കപ്പെടാത്തവൻ (വിഷ്ണു)
1043	—	46	ഭൂതേന്ദ്രിയ...വിശ്വം=ഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, അർത്ഥങ്ങൾ, ആശയങ്ങൾ, ജീവന്മാർ എന്നിവ ചേർന്ന ലോകം
1049	—	9	ചികീർഷിതം = പ്രവർത്തിപ്പാനുള്ള താല്പര്യം
1051	28	—	ഭ്രംശരൂപ...ചക്ഷുസ്സ് = ഭ്രംശരൂപത്തിലുള്ള ശ്രേഷ്ഠമായ കണ്ണ് (സമ്പത്തിന്റെ നാശത്തിലേ ജ്ഞാനദൃഷ്ടിയുണ്ടാകൂ എന്നു സാരം)
1051	—	1	ആവിഷ്കൃത...യുക്തൻ = ആവിഷ്കരിക്കപ്പെട്ട ന്യായവാദത്തോടുകൂടിയവൻ
1051	—	10	ദായാദദസ്യുക്കൾ=അവകാശികളായ തസ്കരന്മാർ
1051	—	33	പ്രലംബഭുജൻ = ദീർഘബാഹു
1061	10	—	കലശം = ജലം(കം)കൊണ്ടു ശോഭിക്കുന്നത്
1061	26	—	കടാഹം=കുട്ടകം
1067	24	—	വേദവാദീപരിഷത്ത്= ബ്രഹ്മജ്ഞരുടെ സഭ
1067	—	25	ഹോതൃസങ്കല്പവ്യത്യാസം = ഹോതാവിന്റെ വിപരീതസങ്കല്പം
1067	—	34	ദഗ്ദ്ധകില്ബിഷന്മാർ=പാപം നശിപ്പിച്ചവർ
1069	15	—	ശരാസം=വില്ല്
1071	—	29	മാനവൻ=മനുവിന്റെ പുത്രൻ
1073	—	10	പരമംവിദ്യ=അന്തർദ്ധാനവിദ്യ
1075	—	32	അദ്ധ്വഗൻ=വഴിപോക്കൻ
1079	—	5	ലോഷ്ടസദൃശം=മണ്ണാങ്കട്ടയ്ക്കു തുല്യം
1081	16	—	ആത്മ...ലോലം=തന്റെ ഭക്തനെ രക്ഷിക്കുന്നതിൽ താല്പര്യമുള്ളത്
1081	17	—	ശത്രുസംഹാരചണം=ശത്രുക്കളെ ഹനിക്കുന്നതിനു പാടവമുള്ളത്
1081	—	5	മാദ്ധ്യാഹ്നികം=മദ്ധ്യാഹ്നത്തിലെ കർമ്മം
1081	—	33	ഭ്രൂകുടീവക്രാസ്യൻ=ഭ്രൂകുടിയിൽ വക്രമായ മുഖത്തോടുകൂടിയവൻ
1087	—	35	ഹേതുവിവാദികൾ=ശുഷ്കവാദികൾ
1039	—	4	അഷ്ടകാശ്രാദ്ധം=സപ്തമി, അഷ്ടമി, നവമി, ത്രയോദശി ഈ നാളുകളിലെ ശ്രാദ്ധം
1089	—	5	പലലം=മാംസം
1089	—	10	ശശാമിഷം=മുയൽമാംസം
1089	—	41	ഉക്ഷം=കാള
1093	—	9	ഭൃംഗവ...ന്ദികൾ=വണ്ടുകളും പക്ഷികളുമാകുന്ന സ്തുതിപാഠകന്മാർ
1093	—	13	പരിച്ഛദം=അകമ്പടിക്കാരുംമററും
1093	—	22	അല്പിതം=അല്പമാക്കിച്ചെയ്യപ്പെട്ടത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1099	29	—	ഇന്ദ്രാഹൃതചിത്തർ = ഇന്ദ്രൻ മനസ്സിനെ ഹരിച്ചവർ
1099	—	25	പിതൃവ്യഖാതാധ്വാവ് = പിതൃസ്ഥാനീയരായ സഗരപുത്രന്മാരുണ്ടാക്കിയ വഴി
1101	—	42	സുരാപഗ = സ്വർന്ദി (ഗംഗ)
1103	—	33	അകൃതാ...ദ്വിജൻ = സന്താനം ജനിപ്പിച്ചു കൃതാർത്ഥനാകാത്ത ഭർത്താവായ വിപ്രനെ
1105	—	34	ഗുണങ്ങൾ = ഭോഗവിഷയങ്ങൾ
1109	25	—	വിപ്രയോഗാർത്ത = വിരഹത്താൽ ദുഃഖിക്കുന്നവൾ
1109	45	—	വളഭി = പ്രാസാദങ്ങളുടെ മുൻവശത്തുള്ള വാതിൽ
1109	45	—	വിടങ്കം = പ്രാവുകൾ മുതലായ പക്ഷികൾക്കിരിക്കാനുള്ള സ്ഥാനം
1109	—	18	വൃക്ഷഗിരിഗദേഷുക്കളാൽ = വൃക്ഷം, ഗിരി, ഗദ, അമ്പ് എന്നിവയാൽ
1111	5	—	ലോകരാവണൻ = ലോകത്തെ ഭയപ്പെടുത്തുന്നവൻ
1111	—	16	പുംശ്ചലി = വേശ്യ
1113	—	16	അദ്ധ്വര്യു = യജുർവ്വേദകർമ്മം ചെയ്യുന്നവൻ
1113	—	17	സാമഗൻ = സാമവേദം ചൊല്ലുന്നവൻ
1113	—	37	ന്യസ്തദണ്ഡാ...പാദൻ = ദണ്ഡനയം ഉപേക്ഷിച്ചവരുടെ മനസ്സിൽ കാലൂന്നുന്നവൻ
1115	—	11	നാക...ജുഷ്ടാംഘ്രി = നാകത്തിന്റേയും ധനത്തിന്റേയും അധിപന്മാരായ ഇന്ദ്രൻ, കുബേരൻ തൊട്ടവരുടെ കിരീടങ്ങളാൽ തഴുകപ്പെട്ട പാദങ്ങളോടുകൂടിയവൻ
1117	19	—	വിദ്രുമ...ദ്വാരങ്ങൾ = പവിഴത്താൽ നിർമ്മിക്കപ്പെട്ട വിഗ്രഹങ്ങളോടുകൂടിയ വാതിലുകൾ
1117	31	—	സ്വാരാമവീരാഗ്ര്യഗണ്യൻ = ആത്മാരാമന്മാരും ധീരരുമായവരിൽ ശ്രേഷ്ഠൻ
1123	—	34	വാമാളകാ...പ്രവാഹത്താൽ = സുന്ദരമായ കുറുനിരകളോടുകൂടിയ അവളുടെ മുഖത്തുനിന്നുള്ള സുഗന്ധത്തിന്റെ പ്രവാഹത്താൽ
1125	10	—	അങ്കുശവിദ്ധൻ = തോട്ടികൊണ്ടു പിളർക്കപ്പെട്ടവൻ
1125	—	42	അശ്മീഗർഭം = ആ അഗ്നിച്ചമതയുടെ അന്തർഭാഗം
1127	16	—	വചോരൂപപ്രണവം = വാഗ്രൂപത്തിലുള്ള ഓങ്കാരം
1129	1	—	രജസ്തമസ്തോമവൃതം = രജസ്തമോഗുണങ്ങളാൽ ചുററപ്പെട്ടതു്
1129	19	—	അവ്യാഹതേന്ദ്രിയവ്യാപാരങ്ങൾ = തടസ്സമില്ലാത്ത ഇന്ദ്രിയവ്യാപാരങ്ങൾ
1129	20	—	അവ്യയൗജഃശ്രീബലങ്ങൾ = നശിക്കാത്ത ഓജസ്സ്, ബലം, സൗന്ദര്യം എന്നിവ
1129	29	—	നിർഝരം = പ്രവാഹം (ഒഴുക്ക്)
1129	—	28	ദ്രുഷ്ടി = രണ്ടു വശത്തും മൂർച്ചയുള്ള വാൾ
1139	43	—	ഉഞ്ഛവൃത്തി = വഴിയിൽ വീണുകിടക്കുന്ന ധാന്യങ്ങൾ പെറുക്കിയെടുത്തു് ഉപജീവനം നടത്തുക
1139	—	25	പ്രജാവതി = സന്താനമുള്ളവൾ
1141	—	27	കാമാക്തചിത്തേന്ദ്രിയങ്ങൾ = കാമത്തിൽ മുഴുകിയ ചിത്തവും ഇന്ദ്രിയങ്ങളും
1143	3	—	അന്ധു = കിണറ്
1143	14	—	രേതസ്സ് = ശുക്ലം
1145	1	—	ദമ്പതീ...പ്രകാശകം = ദമ്പതികളുടെ സ്നേഹത്തിൽനിന്നു ജനിച്ചു് ദുഃഖത്തെ പ്രകാശിപ്പിക്കുന്നതു്
1147	—	12	ബദ്ധ = പതിമൂവായിരത്തി എൺപത്തിനാല്
1149	2	—	അഖ്യേതരാ...ദ്രവിണം = രാജാക്കന്മാരുടെ അളവററ ധനം
1149	33	—	ദ്വാജം = രണ്ടുപേരുകൂടി ജനിപ്പിച്ചവനെ
1149	33	—	ഭര = ഭരിച്ചാലും
1151	17	—	പിപാസ = പാനം ചെയ്യുവാനുള്ള ആശ
1153	26	—	ശരസ്തംബസ്ഥം = പുൽക്കൊടിയിൽ സ്ഥിതിചെയ്യുന്നതു്
1153	43	—	ഭാർമ്യർ = ഭാർമ്യാശ്വന്റെ വംശത്തിലുള്ളവർ
1157	31	—	ക്രിയാജ്ഞാനം = യജ്ഞാദികർമ്മങ്ങളിലുള്ള അറിവ്
1163	39	—	തദീയോപദേശാനുസാരം = ആ രണ്ടുപേരുടേയും ഉപദേശമനുസരിച്ച്
1171	30	—	ഗോപദപ്രായം = പശുവിന്റെ കുളമ്പിനു തുല്യം
1171	33	—	വിശ്രുത...തന്തു = സുപ്രസിദ്ധമായ കുരുക്കളുടേയും പാണ്ഡവന്മാരുടേയും കുലത്തിനു് ഏകസന്തതി
1171	—	38	കലികന്മഷധ്വംസി = കലിദോഷം ഹനിക്കുന്നതു്
1175	24	—	നരാദൻ = മനുഷ്യരെ ഭക്ഷിക്കുന്നവൻ
1175	45	—	ദാരുയോഗവിയോഗം = മരങ്ങളുമായുള്ള ചേർച്ചയും വേർപാടും
1175	48	—	ദുർവിഭാവ്യം = വിധി, വിഭാവന ചെയ്യാൻ കഴിയാത്തതു്
1179	20	—	സൂര്യവർച്ചസ്സ് = സൂര്യനെപ്പോലെ ശോഭയുള്ളവൻ
1179	—	31	ജ്ഞാനവഞ്ചകൻ = ജ്ഞാനം ഉള്ളിൽ മറച്ചുവച്ചു സംസാരിക്കുന്നവൻ
1179	—	32	ആവൃതാനലൻ = മറയ്ക്കപ്പെട്ട അഗ്നി
1181	3	—	അർത്ഥതന്ത്രം = പ്രയോജനം, ദേവന്മാരുടെ കാര്യസാദ്ധ്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശമസ്കന്ധം, അദ്ധ്യായം 3, മൂലശ്ലോകം 8, പേജ് 1184

കൃഷ്ണാവതാരസമയത്തെ ഗ്രഹനില

ഉച്ചസ്ഥാഃ ശശിഭൗമചാന്ദ്രിശനയോ,
ലഗ്നം വൃഷോ, ലാഭഗോ
ജീവഃ സിംഹതുലാലിഷു ക്രമവശാത്
പൂഷാശനോ രാഹവഃ
നൈഗനീഥഃ സമയോഷ്ടമീ ബുധദിനം
ബ്രഹ്മർക്ഷ മത്രക്ഷണേ
ശ്രീകൃഷ്ണാഭിധമംബുജേക്ഷണമഭൂ-
ദാവിഃപരം ബ്രഹ്മതത്.

ഗു		ച ല കേ	
	ഗ്ര	ഹ	
ക	നി	ല	ര
	രാ	ശു ശ	ബു

ബുധനാഴ്ച, രാത്രി, അഷ്ടമി തിഥി, രോഹിണി നാൾ

പേജ്	വരി A	വരി B	
1187	12	—	സുരഞ്ജകരജോരൂപം = ഇണക്കമുള്ള രജോഗുണപ്രധാനമായ രൂപം
1195	38	—	അധൃഷ്യൻ = അതിക്രമിക്കാനൊക്കാത്തവൻ
1195	41	—	സദക്ഷിണാദ്ധ്വരം = ദക്ഷിണയോടുകൂടിയ യാഗം
1195	—	42	സ്വസ്ത്യയനം = ശുഭപ്രാർത്ഥന
1197	19	—	വത്സതരവൃഷഭങ്ങൾ = പാൽകുടി മാറിയ പശുക്കുട്ടികളും കാളകളും
1197	—	3	സേചനംചെയ്ക = നനയ്ക്കുക
1199	—	2	ത്രിവർഗ്ഗം = ധർമ്മാർത്ഥകാമങ്ങൾ
1199	—	9	അദൃഷ്ടം = വിധി
1199	—	34	കംസപ്രേഷിത = കംസനയച്ചവർ
1201	—	34	സേതു = ചിറ (അണക്കെട്ട്)
1203	11	—	ഗോരജസ്സ് = പശുക്കളുടെ കുളമ്പുകളിലെ പൊടി
1205	—	10	അരതി = രാഗമില്ലായ്മ
1207	25	—	സ്വസ്ത്യയനം = സ്വസ്തിവാചകം
1207	—	20	കംസശംസിതൻ = കംസൻ പറഞ്ഞയച്ചവൻ
1209	20	—	ഹരനാരാചഭിന്നം = ശിവചാപത്താൽ ഭിന്നമായത്
1209	35	—	മുക്തഭീ = ഭയമററവൻ
1209	—	18	ജ്യോതിസ്തോമം = നക്ഷത്രാദിജ്യോതിസ്സുകളുടെ കൂട്ടം
1211	12	—	ഇന്ദ്രിയാ...ജ്ഞാനം = ഇന്ദ്രിയങ്ങളാൽ ഗ്രഹിപ്പാൻകഴിയാത്ത ജ്ഞാനം
1211	—	1	ദ്വിജാതി = ബ്രാഹ്മണനും ക്ഷത്രിയനും
1217	42	—	സ്തന്യപാനാസക്തൻ = മുലകുടിക്കാൻ കൊതിക്കുന്നവൻ
1217	—	29	ചോരണശങ്കിതാക്ഷൻ = കളവു ചെയ്തതിൽ ശങ്കിക്കപ്പെട്ട കണ്ണുകളോടുകൂടിയവൻ
1219	—	12	അർജ്ജുനം = മരുതുമരം
1221	3	—	ഗുഹ്യകർ = യക്ഷന്മാർ
1221	40	—	അഞ്ജനം = കണ്ണുതെളിക്കുന്ന സാധനം
1221	—	16	നിഷേധ്യന്മാർ = നിന്ദ്യന്മാർ
1221	—	23	അജ്ഞാനപ്ലുതർ = അജ്ഞാനത്തിൽ മുഴുകിയവർ
1221	—	26	സ്ഥാവരങ്ങൾ = വൃക്ഷാദികൾ (സഞ്ചരിരിക്കാത്തവ)
1223	3	—	ഉലൂഖലം = ഉരൽ
1223	30	—	പ്രകൃതി = മായ
1223	40	—	നിഹ്നതിചെയ്ക = മറയ്ക്കുക
1223	—	4	ഭവം = ഉത്ഭവം
1223	—	4	വിഭവം = മുക്തി
1223	—	29	അപഭ്രംശം = താഴ്ച
1227	18	—	ദിക്കാലതത്വാർത്ഥവിജ്ഞാനൻ = ഇന്നകാലത്ത് ഇന്നദേശത്ത് ഇന്നതുചെയ്യണമെന്നറിയുന്നവൻ
1227	21	—	ഉത്പാതങ്ങൾ = ആപല്ലക്ഷണങ്ങൾ
1229	23	—	കപിത്ഥം = വ്ളാരമെന്ന മരം
1229	—	10	മഹാബകഗ്രസിതൻ = വലിയ ബകത്താൽ വിഴുങ്ങപ്പെട്ടവൻ
1229	—	31	നാനാപദാനങ്ങൾ = പല ശ്രേഷ്ഠഗുണങ്ങൾ
1231	38	—	ശിക്യങ്ങൾ = ഉറികൾ
1233	24	—	സന്താനാസ്പൃക്കൾ = സന്താനമാകുന്ന ജീവനോടുകൂടിയവർ, ജീവനെക്കാൾ സന്താനത്തെ സ്നേഹിക്കുന്നവർ
1233	24	—	കുഹരം = ഗുഹ
1233	43	—	അജഗരാസ്യം = പെരുമ്പാമ്പിന്റെ വക്ത്രം (മുകളിലെ ചുണ്ട്)
1233	—	23	ദാവാഗ്നി...പ്രാണിവർഗ്ഗം = കാട്ടുതീയിൽ വെന്ത ജന്തുവർഗ്ഗം
1233	—	32	അസത്യായിതം = അസത്യമാക്കപ്പെട്ടത്
1235	1	—	സ്വകരച്യുതർ = തന്റെ കൈയിൽനിന്നു ചോർന്നുപോയവർ
1235	—	21	അജസ്രം = എപ്പൊഴും
1237	—	1	ഈശലീലാ...കീർത്തനങ്ങൾ = ഈശലീല കേൾക്കുക, ചിന്തിക്കുക, കഥിക്കുയെന്നിവ
1237	—	23	മധുപൗഘം = വണ്ടിൻകൂട്ടം
1237	—	24	പത്രിയൂഥം = പക്ഷിക്കൂട്ടം
1239	30	—	ഭയഭീകരൻ = ഭയത്തിനു ഭയമുണ്ടാക്കുന്നവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1239	35	—	ഗിരിദരീ...ഗഹ്വരങ്ങളിൽ = പർവ്വതം, കൃത്രിമഗുഹ, വള്ളിക്കുടിൽഗുഹ എന്നിവയിൽ
1239	—	10	വിശ്വവിത്ത് = വിശ്വത്തിലുള്ള സകലതുമറിയുന്നവൻ
1241	6	—	യാമനിയമം = ഓരോ യാമത്തിലും ഓരോന്നു ചെയ്യണമെന്ന നിയമം
1241	—	6	വ്രജോപകാനനം = വ്രജത്തിനടുത്തുള്ള ഉപകാനനം
1243	33	—	തമിസ്ര = ഇരുട്ടുള്ള രാത്രി
1243	34	—	ഖദ്യോതം = മിന്നാമിനുങ്ങ്
1243	—	6	ഭക്തവ്രജാ...പ്രദന്മാർ = ഭക്തോവലിക്കു പുരുഷാർത്ഥങ്ങളെല്ലാമേകുന്നവൻ
1243	—	38	അതന്നിരോ...ശ്രുതികൾ = ജഡവസ്തുക്കളെയെല്ലാം അതല്ലെന്നു നിഷേധിച്ചു ബ്രഹ്മത്തെക്കാണിക്കുന്ന വേദങ്ങൾ
1247	22	—	ദായാദൻ = അവകാശി
1251	32	—	വ്രജനി...പാത്രങ്ങളാലെ = ഗോഷ്ഠത്തിൽ വസിക്കുന്നവരുടെ ഇന്ദ്രിയങ്ങളാകുന്ന പാനപാത്രങ്ങളിലൂടെ
1251	—	1	ഘോഷം = ഗോകുലം
1251	—	38	ആസൂര്യപൂജ്യൻ = സൂര്യൻവരെയുള്ളവർക്കും പൂജ്യൻ
1255	37	—	മൃഗാളിദ്വിജാളീ = മൃഗം, വണ്ട്, പക്ഷി ഇവയുടെ കൂട്ടം
1255	—	36	കരജസംഗമം = നഖങ്ങളോടുള്ള ചേർച്ച
1257	6	—	അനുഗർ = പിൻപേ നടക്കുന്നവർ
1257	20	—	ചക്രം = ചക്രവാകപ്പക്ഷി
1257	20	—	ക്രൗഞ്ചം = അത്തിൽപക്ഷി
1259	1	—	ഖരം = കഴുത
1259	8	—	ഖരശബ്ദം = കഠിനശബ്ദം
1259	—	26	മുകുന്ദാ...സവം = മുകുന്ദന്റെ മുഖാബ്ജത്തിലെ മധു
1261	—	23	കാകോള...കലുഷിതം = കാകോളമെന്ന വിഷത്താൽ ദൂഷിച്ചത്
1263	7	—	വത്സതരികൾ = പാൽകുടി മാറിയ പശുക്കുട്ടികൾ
1263	38	—	അങ്കുശം = തോട്ടി
1263	38	—	അശനി = വജ്രായുധം
1265	—	24	ദന്തശൂകത്വം = സർപ്പമെന്ന അവസ്ഥ
1267	31	—	അപാര...ത്താൽ = സത്വാദിഗുണങ്ങളാൽ നിർമ്മിക്കപ്പെട്ട അളവററ അഭിമാനത്താൽ
1267	33	—	കൂടസ്ഥൻ = ഉപാധിസംബന്ധമായ വികാരമില്ലാത്ത ജീവാത്മാവ്
1267	33	—	ബഹുവാദാ...= അന്യോന്യവിരുദ്ധമായ എല്ലാ വാദങ്ങളേയുമനുസരിക്കുന്നവൻ
1269	30	—	അരവങ്ങൾ = സർപ്പങ്ങൾ
1271	—	22	ഹിരണ്യഭാസ്സ് = സ്വർണ്ണപ്രഭയുള്ളത്
1269	28	—	കാളിന്ദീ...ഹ്രദം = കാളിന്ദിയുടെ ദുർഗ്ഗമമായ ആഴമുള്ള ഹ്രദം
1273	—	8	ഇനാംശു = സൂര്യരശ്മി
1275	—	43	ക്ഷിതിഭൃത്ത് = പർവ്വതം
1277	33	—	ആജീവ്യം = ജീവിക്കാനുള്ള സാധനം

പേജ്	വരി A	വരി B	
1277	—	1	വനധൂമകേതു = വനത്തെ നശിപ്പിക്കുന്നത്
1279	33	—	ഗോക്കൾ = രശ്മികൾ
1279	—	41	ജലധാരാഹന്യമാനങ്ങൾ = ജലധാരകളാൽ ഹനിക്കപ്പെടുന്നവ
1281	6	—	നിർഗ്ഗുണം = ഞാണില്ലാത്തത്
1281	9	—	ഗുണരിക്തൻ = സത്വാദിഗുണങ്ങളുടെ ബന്ധമില്ലാത്തവൻ
1281	—	11	കന്ദം = കിഴങ്ങ്
1281	—	34	ഭൂതശാബല്യം = ഭൂതങ്ങളുടെ നാനാവർണ്ണം
1281	—	39	ഏഷണത്രയം = അർത്ഥേഷണം, ദാരേഷണം, പുത്രേഷണം
1283	—	7	ഐന്ദ്രിയാമോദകരം = ദശമം 20-ാം അദ്ധ്യായം 48-ാം ശ്ലോകത്തിൽ ഐന്ദ്രിയൈഃ എന്ന പദത്തിന് ജനങ്ങളുടെ ഇന്ദ്രിയങ്ങളേയും ഇന്ദ്രനേയും സന്തോഷിപ്പിക്കുന്നവ എന്നർത്ഥം. കാലാകാലങ്ങളിൽ ഇന്ദ്രൻ മഴപെയ്യിച്ച് ധാന്യങ്ങൾ വിളയിപ്പിച്ചുതരുന്നതിനാൽ ശരൽക്കാലത്തിൽ ആദ്യമായി പുത്തരി വച്ചുണ്ട് ഇന്ദ്രപ്രീതിക്കായി മഹോത്സവങ്ങളും ഹോമങ്ങളും മററും നടത്താറുണ്ട്. അതിന് ആഗ്രായണം എന്നു പേർ.
1285	4	—	കർണ്ണികാരം = കണിക്കൊന്ന
1285	—	6	കൃഷ്ണസാരം = കരിമാൻ
1285	—	32	പരിരംഭണം = ആലിംഗനം
1287	22	—	ചരദേഹികൾ = സഞ്ചരിക്കുന്ന ശരീരത്തോടുകൂടിയവർ
1287	34	—	നീവാരാന്നം = വരി, തിന, ചാമ മുതലായ ലഘുധാന്യങ്ങളുടെ ചോറ്
1287	—	1	തണ്ഡുലം = ഉണക്കലരി
1289	—	14	പ്രേഷ്ഠൻ = പ്രിയതമൻ
1289	—	34	ആദിഷ്ടർ = ആജ്ഞാപിക്കപ്പെട്ടവർ
1291	—	6	വേദവാദി...ന്മാർ = അർത്ഥം പഠിക്കാതെ വേദം ചൊല്ലുന്ന വിപ്രന്മാർ
1291	—	32	സൗത്രാമണി = യാഗത്തിൽ ഇന്ദ്രപ്രീതിക്കു ചെയ്യുന്ന കർമ്മം
1293	—	19	പ്രാജ്ഞൻ = സുഷുപ്തിസാക്ഷിയായ ആത്മാവ്
1295	4	—	നിഗമം = പ്രതിജ്ഞ, വേദം
1295	—	23	ഗൃഹാ...പാശം = ഗൃഹമെന്നു പേരുള്ള കാരാഗാരം
1297	1	—	പുരോഡാശം = ഹവിസ്സ്
1299	44	—	കുസീദം = പലിശയ്ക്കു പണം കൊടുക്കൽ
1299	—	21	സംയാവം = കോതമ്പും നെയ്യും പഞ്ചസാരയും ചേർത്തുണ്ടാക്കുന്ന ഒരു പലഹാരം
1301	20	—	കാമരൂപൻ = ഇഷ്ടംപോലെ രൂപം ധരിക്കുന്നവൻ
1305	1	—	സ്നേഹകാതരർ = സ്നേഹാധിക്യത്താൽ അവശരായവർ
1305	—	31	കപിത്ഥഫലോൽക്കരം = വ്ലാരമരങ്ങളുടെ കൂട്ടം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1307	—	20	ഗോചക്രശക്രൻ = ഗോവൃന്ദത്തിൻെറ ഇന്ദ്രൻ
1309	7	—	തജ്ജന്യാ...ഭാവങ്ങൾ = അതിൽനിന്ന് ജനിക്കുന്ന അറിവില്ലായ്മയുടെ ലക്ഷണമായി ഭവിക്കുന്നവ
1309	10	—	അധൃഷ്യ...ശോഭിതൻ = തടുക്കാൻ പാടില്ലാത്ത കാലരൂപത്തോടു ശോഭിക്കുന്നവൻ
1309	—	4	ധ്വസ്താഹംകൃതി = അഹങ്കാരം നശിച്ചവൻ
1311	—	29	അർത്ഥവാൻ = പുരുഷാർത്ഥത്തെ സാധിച്ചവൻ
1315	—	24	ഘോരസത്ത്വാസേവിത = ദുഷ്ടമൃഗങ്ങൾ വസിക്കുന്നത് (ദുഷ്ടമൃഗങ്ങളില്ലാത്തതെന്നും)
1315	—	24	അല്പിതഘോരരൂപ = ഈ അല്പ (ഈ രാത്രി) ഘോരരൂപയെന്നും അഘോരരൂപയെന്നും
1315	—	25	വ്രജംഗമ്യമല്പിഹസ്ഥേയം = ഗോകുലം ഗമ്യമെന്നും ഗമ്യമല്ല ഇവിടെ സ്ഥിതി ചെയ്യാമെന്നും
1317	—	1	ദുരവഗ്രഹരൂപകൻ = ഗ്രഹിപ്പാൻ പ്രയാസമുള്ള രൂപത്തോടുകൂടിയവൻ
1321	22	—	പ്ലക്ഷം = ഇത്തിമരം
1321	22	—	ന്യഗ്രോധം = പേരാൽ
1321	30	—	നാഗം = നാഗവൃക്ഷം
1321	30	—	കുരവകം = ചെൻകുറിഞ്ഞി
1321	30	—	പുന്നാഗം = പുന്നമരം
1321	40	—	യൂഥിക = അറവഴം
1321	—	20	കുന്ദസ്രക്ക് = കുരുക്കുത്തിമുല്ലപ്പൂമാല
1325	—	31	ആക്രീതദാസികൾ = പ്രതിഫലേച്ഛ കൂടാതെ സേവിക്കുന്നവർ
1325	—	33	ആശീ...ദൈത്യൻ = പാമ്പായിത്തീന്ന അഘാസുരൻ
1325	—	36	വൃഷമയാസുരപുത്രർ = വൃഷപുത്രനായ വത്സാസുരനും മയപുത്രനായ വ്യോമാസുരനും
1327	9	—	ശ്രീകരഗ്രഹം = ലക്ഷ്മിയുടെ കരംകൊണ്ടു പിടിച്ചതു്
1327	—	2	മാനസസ്പൃക്ക് = ഹൃദയസ്പൃശി
1329	9	—	സങ്കേതനർമ്മം = കുറിസ്ഥലത്തുവച്ചുള്ള വിനോദം
1329	—	34	പ്രാജ്ഞൻ = ബ്രഹ്മജ്ഞാനി, ഉപാധിരഹിതനായ ജീവാത്മാവ്
1331	4	—	വാലുകകൾ = ചെറിയ നീരൊഴുക്കുകൾ
1331	—	3	ആപ്തകാമന്മാർ = കാമസമ്പൂർത്തി കൈവന്നവർ
1331	—	43	ദുർജ്ജരശൃംഖല = പൊട്ടിക്കാൻ പ്രയാസമുള്ള ചങ്ങല
1335	—	9	പയോജാവരണം = മുലക്കച്ച
1335	—	9	ഇന്ദിന്ദിരങ്ങൾ = വണ്ടുകൾ
1335	—	19	അവരുദ്ധ = ശുക്ലത്തെ നിരോധിച്ചവൻ
1341	—	13	നിത്യവിദ്യുത്ത് = ലക്ഷ്മീദേവി
1343	—	18	നീവി = പുടവക്കെട്ട്
1345	19	—	അജാദി... = ബ്രഹ്മാദികളായ വൃദ്ധന്മാർ നമിക്കുന്ന പാദങ്ങളോടുകൂടിയവൻ
1345	25	—	ബദര...മുഖനായ് = ഈന്തപ്പഴംപോലെ പാണ്ഡുരമായ മുഖത്തോടുകൂടിയവൻ
1345	25	—	ദുരന്ത...താപം = ഘോരമായ പകലത്തെച്ചൂട്
1345	—	5	വിഷാണം = കൊമ്പ്
1349	19	—	ആനക...ജാതർ = രാമകൃഷ്ണന്മാർ
1349	25	—	ഉപായനോപേതം = കാഴ്ചദ്രവ്യങ്ങളോടുകൂടി
1349	—	34	ഹേഷിതം = കുതിരയുടെ കരച്ചിൽ
1351	—	25	ഹയം = കുതിര
1351	—	40	വീര്യശുല്കം = വീര്യമാകുന്ന മൂല്യം
1353	—	20	കണ്ഠീരവം = സിംഹം
1355	36	—	കാലവാ...ജന്തുജാലം = കാലമാകുന്ന നദി ഹരിച്ചുകൊണ്ടുപോകുന്ന ജന്തുജാലം
1355	—	26	സാത്വതാന്വയം = യദുകുലം
1357	—	33	ഹരിലിംഗദർശനം = ഭഗവൽപാദം പതിഞ്ഞ പാടിൻെറ കാഴ്ച
1359	—	5	മുഖവാസങ്ങൾ = മുഖത്തിനു സൗന്ദര്യം ഉണ്ടാക്കുന്നവ
1363	—	25	ധൂസരം = അല്പം മഞ്ഞനിറം ചേന്ന വെളുപ്പ് (ചാരനിറം)
1365	—	4	നതകന്ധരർ = ശിരസ്സു കുനിച്ചവർ
1365	—	30	ഈഷ...ഗുൽഫം = അല്പമുയന്ന കാലടി
1367	—	2	ത്രയീവിദ്യ = വേദവിദ്യ
1369	29	—	ഗർവ്വിത...മ്ലേച്ഛദീയാം = അഹങ്കാരികളായ മ്ലേച്ഛന്മാരോടു തുല്യരായ രാജാക്കന്മാരുടെ അന്തകൻ
1369	—	13	ദ്വന്ദ്വാരാമൻ = സുഖദുഃഖങ്ങളിൽ രമിക്കുന്നവൻ
1373	18	—	ശ്രേണീജനം = കച്ചവടക്കാർ
1373	22	—	വളഭി = മട്ടുപ്പാവ്
1373	22	—	ജാലമുഖ...തലങ്ങൾ = കിളിവാതിലുകളുടെ ദ്വാരങ്ങളിലുള്ള ശിലാതലങ്ങൾ
1373	27	—	രഥ്യാപണാങ്കണങ്ങൾ = വിശാലമായ രഥമാർഗ്ഗങ്ങളും അങ്ങാടികളും അങ്കണങ്ങളും
1375	1	—	രംഗകാരൻ = വസ്ത്രത്തിൽ അലങ്കാരങ്ങളെ ചേക്കുന്നവൻ
1375	17	—	ഉദ്വൃത്തന്മാർ = ദുഃസ്വഭാവികൾ
1377	—	23	മാല്യചന്ദനതാംബൂലാദികൾ = മാല, ചന്ദനം, താംബൂലം മുതലായ കാഴ്ചദ്രവ്യങ്ങൾ
1379	21	—	പ്രാഗല്ഭ്യം = ഭയസങ്കോചങ്ങളില്ലാത്ത ഭാവം
1381	7	—	ഭോജേശാഹൃതർ = കംസൻ ക്ഷണിച്ചവർ
1381	28	—	അംബഷ്ഠൻ = ആനക്കാരൻ
1379	35	—	കാലാന്തക...സന്നിഭൻ = കാലത്തിനും അന്തകയമനും (കാലാന്തകനും) തുല്യൻ
1385	5	—	വിധു = വിഷ്ണു
1387	32	—	ദുരാപം = പ്രാപിപ്പാൻ പ്രയാസമായതു്
1387	—	20	ശ്യേനൻ = പരുന്ത്
1389	22	—	സംസത്ത് = സദസ്സ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1389	38	—	അസത്തമാഗ്രഗണ്യൻ = ദുഷ്ടന്മാരിലഗ്രഗണ്യൻ
1389	—	11	വിശ്വാശ്രയൻ=വിശ്വത്തിനാശ്രയമായവൻ
1391	—	8	പൗഗണ്ഡം = അഞ്ചുവയസ്സുമുതൽ പതിനാറുവയസ്സുവരെയുള്ള കാലം
1393	15	—	ബലി = പൂജ, കപ്പം
1393	41	—	ശ്രീനിവാ...പാനംചെയ്തു = ഭഗവാന്റെ മനോജ്ഞമായ മുഖാബ്ജം കാണുകയും വചനാമൃതം കർണ്ണങ്ങളാൽ ആസ്വദിക്കുയും ചെയ്തു
1393	—	47	ഗായത്രം = ഗായത്രിമന്ത്രം മുഖ്യമാക്കിയുള്ള വ്രതം
1399	26	—	നികുഞ്ജം = വള്ളിക്കുടിൽ
1399	36	—	സ്മയം = ഗർവ്വം
1399	—	19	മാനദൻ=ബഹുമാനത്തെ ദാനംചെയ്യുന്നവൻ
1399	39	—	മുപ്പന = മൂന്നു പന
1401	—	16	ദീപദീപ്തരത്നങ്ങൾ = ദീപങ്ങളാൽ ശോഭിക്കുന്ന രത്നങ്ങൾ
1405	—	16	ചികുരം = തലമുടി
1413	—	3	സപ്രശ്രയം = വിനയത്തോടുകൂടി
1413	—	17	ശ്രുതം = ദേവലോകത്തേയും മറ്റും പററി ശ്രവിക്കുന്നതു്
1413	—	17	പ്രത്യക്ഷം = മനുജം, മൃഗം, പക്ഷി മുതലായ പല രൂപത്തിൽ കണ്ണിനു വിഷയമാകുന്നതു്
1421	—	35	അലാതചക്രം = വട്ടംചുഴലുന്ന തീക്കൊള്ളി
1423	24	—	നക്രചക്രം = മുതലയുടെ കൂട്ടം
1423	25	—	ഛിദ്യമാന...മാതംഗങ്ങൾ = ഛേദിക്കപ്പെടുന്ന മനുഷ്യർ, കുതിരകൾ, ആനകൾ എന്നിവ
1423	—	1	ആഹതവൈരി = ശത്രുക്കളെ കൊല്ലുന്നവൻ
1425	—	13	തത്ഭൂതി = അവരുടെ ഐശ്വര്യം
1425	—	18	പ്രത്യർപ്പണം=തിരിച്ചുകൊടുക്കൽ
1429	25	—	ഗഹ്വര...ധ്വാന്തം = ഗുഹയിലെ കൂരിരുട്ടു്
1431	—	9	ദമ്പതീ...യുക്തം = ദമ്പതീത്വത്താലുള്ള ആനന്ദത്തോടുകൂടിയ
1431	—	33	അകിഞ്ചനന്മാർ = സർവ്വവും ത്യജിച്ചവർ
1433	6	—	ആദ്ധ്യാത്മികാദി = ആദ്ധ്യാത്മം, ആധിഭൗതികം, ആധിദൈവികം എന്ന മൂന്നു വിധത്തിലുള്ള ദുഃഖം
1433	25	—	വൈഷയികാശ = വിഷയങ്ങളിലുള്ള ആശ
1433	—	20	കാളായവർണ്ണൻ = കായാമ്പൂനിറമുള്ളവൻ
1435	—	9	ഔദാര്യ...ശീലാദിയാൽ = ദാനശീലം, ലക്ഷണം, ബുദ്ധി, രൂപം, ശീലം ഇത്യാദിയാൽ
1435	—	17	അസിതാപാംഗിയാൾ = കറുത്ത കടമിഴിയോടുകൂടിയവൾ
1437	36	—	പൂർത്തം = വാപികൂപങ്ങൾ, ക്ഷേത്രങ്ങൾ, അന്നദാനമന്ദിരങ്ങൾ, പൂങ്കാവുകൾ എന്നിവ ഉണ്ടാക്കുക
1437	36	—	ഇഷ്ടം = വേദോക്തങ്ങളായ അഗ്നിഹോത്രാദികർമ്മങ്ങൾ
1437	36	—	ദത്തം = സത്പാത്രദാനം
1437	—	5	വീര്യശുല്ക്കാഢ്യ = വീര്യമാകുന്ന പണയത്തോടുകൂടിയവൾ
1439	—	35	ഭ്രാതൃ...പരിപ്ലുതൻ = സഹോദരിയോടുള്ള സ്നേഹത്തിൽ മുഴുകിയവൻ
1439	—	36	സ്മിതം = വർദ്ധിച്ചതു്
1441	16	—	വാമോരു = ഇടത്തെ തുട
1441	—	32	പ്രഗുപ്ത = നല്ലവണ്ണം സൂക്ഷിക്കപ്പെട്ടവൾ
1443	5	—	വിധിവിത്തമന്മാർ = ശാസ്ത്രവിധി അറിഞ്ഞവർ
1443	13	—	അംബുഗ...ദീപങ്ങൾ = ജലം, മണമുള്ള മലരു്, അഷ്ടഗന്ധപ്പുക, വിളക്കു് മുതലായവ
1443	19	—	ഗളസൂത്രം = ഗളത്തിൽ കെട്ടാനുള്ള മംഗല്യം കോർത്ത നൂലു്
1443	33	—	തലമുടിയിൽ ശങ്ക = തലമുടിയിൽ പ്രവേശിച്ചാൽ തിരിച്ചുവരാൻ സാധിക്കുമോ എന്നു സംശയിക്കുന്ന കണ്ണുകളോടുകൂടി
1443	38	—	ഉല്ലസൽ...യുക്തം = ശോഭിക്കുന്നതും ശബ്ദിക്കുന്നതുമായ കാൽച്ചിലമ്പോടുകൂടിയതു്
1443	—	11	പങ്കജകുഡ്മളം = താമരപ്പൂമൊട്ടു്
1445	6	—	വാഹം = വാഹനം
1445	18	—	സാദ്ധ്വസം = വിറയൽ
1445	30	—	ഉഷ്ണീഷം = തലപ്പാവു്
1445	33	—	പ്രകോഷ്ഠങ്ങൾ = കൈത്തണ്ടുകൾ
1445	34	—	ഉഷ്ട്രം = ഒട്ടകം
1445	—	30	സോദരീ...അസഹിഷ്ണു = സോദരിയുടെ രാക്ഷസരീതിയിലുള്ള വിവാഹം സഹിക്കാത്തവനായി
1449	26	—	അസത്വം = സത്തല്ലാത്ത അവസ്ഥ (ആത്മാവല്ലാതെ അന്യമൊന്നില്ലെന്നുള്ള സ്ഥിതി)
1451	—	33	കുരരി=കരയുന്നതുപോലെ ശബ്ദിക്കുന്ന ഒരു പക്ഷി
1453	—	29	അധോക്ഷജൻ = കൃഷ്ണൻ
1457	25	—	ഋക്ഷപ്രവരകഹരം = കപീന്ദ്രനായ ജാംബവാന്റെ ഗുഹ
1457	25	—	പ്രഭവിഷ്ണു = യജമാനൻ
1459	30	—	സമീചീനം = യോഗ്യമായ
1461	—	35	പ്രിയകൃത്തു് = ഹിതംചെയ്യുന്നവൻ
1465	42	—	ഗവയം = ആര്യമാൻ
1465	42	—	രുരു = കറുപ്പും ചാരവും നിറം കലർന്ന മാൻ
1465	43	—	ഖഡ്ഗം = കാണ്ടാമൃഗം
1465	43	—	ശല്യകം = മുള്ളൻപന്നി
1465	—	45	ശരാസം = വില്ലു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1469	—	5	ഉത്ഥ = ഉണ്ടായവ
1469	—	29	അയുതദൃഢമുരപാശങ്ങൾ = ഉറപ്പുള്ള പതിനായിരം മുരപാശങ്ങൾ
1471	5	—	കല്പാന്ത...ഭീഷണം = പ്രളയകാലത്തെ ഇടിനാദംപോലെ ഭയങ്കരമായ
1471	9	—	രോചിസ്സ് = പ്രഭ
1479	—	23	അജ്ഞാർച്ചിതപാദം = അജ്ഞന്മാർ പൂജിക്കുന്ന പാദമുള്ളവൾ
1479	—	23	ഗുണശീല = തുച്ഛമായ വിഷയസുഖങ്ങളെ ആശ്രിതൎക്കു നല്കുന്നവൾ
1479	—	28	ഗുണഭീതൻ = രജോഗുണപ്രധാനന്മാരായ ദുഷ്ടനൃപരുടെ സംഗമത്തിൽ ഭയന്നവൻ
1479	—	38	ദുർവിഭാവ്യം = ഊഹ്യമല്ലാത്തതു്
1481	22	—	അജേന്ദ്രാദ്യർ = ബ്രഹ്മാവു്, ഇന്ദ്രൻ തുടങ്ങിയവർ
1483	—	22	സൗരതസല്ലാപം = സുരതത്തെപ്പററിയുള്ള സംഭാഷണം
1485	17	—	നവസംഗ...ഗോത്സുകത = പുതിയ സംഗമത്തിൽ ഉദ്വേഗത്തോടുകൂടിയുള്ള ഉത്സാഹം
1487	32	—	അനക്ഷജ്ഞൻ = (അക്ഷം = ചൂതു്) ചൂതുകളിയിൽ ജ്ഞാനമില്ലാത്തവൻ
1489	17	—	വദാന്യൻ = കൊടുക്കുന്ന ശീലമുള്ളവൻ
1491	—	9	ഭുജ്യമാന = അനുഭവിക്കപ്പെടുന്നവൾ
1493	3	—	പോത്രി = പന്നി
1501	31	—	പൂൎത്തം = അന്യോപയോഗത്തിനു കിണറു്, കുളം മുതലായതു നിൎമ്മിക്ക
1501	38	—	പ്രതിഗ്രാഹി = ദാനം വാങ്ങിയവൻ
1503	26	—	ഉഷർബുധൻ = അഗ്നി
1503	—	3	വിഷ്ഠ = മലം
1503	—	13	അനുകാലം = കാലംതോറും
1505	—	24	ഭൂരുഹ...നിസൃത = വൃക്ഷങ്ങളുടെ പൊത്തിൽനിന്നൊഴുകുന്നവൾ
1505	—	38	ഘൎമ്മഹിമ...വക്ത്രാംബുജൻ വിയൎപ്പുതുള്ളികളാകുന്ന മഞ്ഞിൻകണങ്ങളാൽ ശോഭിക്കുന്ന മുഖാബ്ജത്തോടുകൂടിയവൻ
1507	3	—	ലാംഗലം = കലപ്പ
1509	17	—	മൗലിഭൂഷണജാലം = ശിരോലങ്കാരങ്ങളുടെ കൂട്ടം
1509	—	22	ധ്വസ്തപാപൻ = പാപത്തെ ഹനിച്ചവൻ
1509	—	42	താതഹന്തകവധരൂപം = താതനെ ഹനിച്ചവനെ ഹനിക്ക എന്ന രൂപത്തിലുള്ളതു്
1511	—	14	സഭാല...പംക്തി = സഭ, ആലയം, മാളിക, അങ്ങാടി ഇവയുടെ നിര
1511	—	15	അട്ടാലം = പടക്കുടിൽ
1511	—	16	ചന്ദ്രശാലാളി = നെല്പുര, മട്ടുപ്പാവു് ഇവയുടെ കൂട്ടം
1513	11	—	വേലാന്തികപ്രദേശം = തീരസ്ഥലങ്ങൾ
1513	—	20	സുനന്ദമുസലം = ബലരാമന്റെ ആയുധമായ കലപ്പയുടെ പേരു്
1513	—	36	നിസ്തരു = വൃക്ഷങ്ങളില്ലാത്തതു്
1515	21	—	അകാമ = കാമിക്കാത്തവൾ
1515	30	—	സംയതപ്രാണങ്ങൾ = അടക്കിയ പ്രാണങ്ങൾ
1515	37	—	ജന്യശൂരൻ = രണശൂരൻ
1521	—	14	കങ്കല്യം = കുങ്കുമം
1521	—	35	ബ്രഹ്മണ്യദേവൻ = ബ്രാഹ്മണഭക്തനായ ദേവൻ
1523	35	—	മജ്ജനോദ്യുക്തൻ = കുളിക്കാൻ ഭാവിക്കുന്നവൻ
1523	—	32	യോഗേശ്വ...ത്സവം = യോഗീശ്വരന്മാരുടെ അധീശ്വരന്റെ പുത്രോത്സവം
1523	—	39	മൃഗയാ = നായാട്ടു്
1525	—	14	മന്ദാര...പ്രചോദിതം = കല്പവൃക്ഷങ്ങൾ നിറഞ്ഞ വനത്തിൽനിന്നു വരുന്ന കാററിനാൽ പ്രേരിപ്പിക്കപ്പെട്ടതു്
1525	—	15	ഇന്ദിന്ദിരഗണം = വണ്ടിൻകൂട്ടം
1525	—	19	ആശ്ലേഷവിഘ്നം = ആലിംഗനത്തിനു വിഘാതം
1527	—	16	ഷഡൂൎമ്മിവിരഹിതം = അത്തൽ, ദാഹം, വിശപ്പു്, തളൎച്ച, ജര, മരണം ഇവ ആറും ഇല്ലാത്തതു്
1529	35	—	നതജനകഷ്ടത = ആശ്രിതദുഃഖം
1531	12	—	അഭീപ്സിതം = ആഗ്രഹം
1531	—	4	മന്ത്രാൎത്ഥതത്വവിജ്ഞാനി = ഗൂഢാലോചനകളുടെ തത്വങ്ങളറിഞ്ഞവൻ
1533	29	—	കൎമ്മപരിപാകമൂലം = ധൎമ്മപുത്രാദിരാജാക്കന്മാരുടെ പുണ്യകൎമ്മങ്ങളുടേയും ശത്രുരാജാക്കന്മാരുടെ ദുഷ്കൎമ്മങ്ങളുടേയും ഫലംമൂലം
1533	37	—	ഭൃത്യപരിച്ഛദോപേതം = ഭൃത്യരോടും അകമ്പടിയോടുംകൂടി
1535	31	—	വിക്ഷുഭിതേന്ദ്രിയസ്തോമൻ = ക്ഷോഭിച്ച ഇന്ദ്രിയങ്ങളോടുകൂടിയവൻ
1535	35	—	യമന്മാർ = നകുലസഹദേവന്മാർ
1535	—	23	മാനവ...പാത്രം = പുരുഷന്മാൎക്കുപോലും കണ്ടാൽ തൃപ്തിവരാത്തവിധമുള്ള രൂപവിശേഷമുള്ള
1537	5	—	ഭ്രാത്രേയൻ = സോദരപുത്രൻ
1539	—	38	വദാന്യത = ദാനശീലം
1541	8	—	മാതുലേയൻ = മാതുലപുത്രൻ
1541	27	—	തൎജ്ജനംചെയ്ക = അടിക്കുക
1541	—	21	അമോഘദൃക്കു് = സഫലമായ ദൃഷ്ടിയുള്ളവൻ
1543	30	—	ബന്ധനോദിതക്ഷീണം = ബന്ധനംനിമിത്തമുണ്ടായ ക്ഷീണം
1543	—	10	സാന്തസമ്പത്തു് = നാശമുള്ള സമ്പത്തു്
1543	—	28	മൃഗതൃഷ്ണ = മണക്കാട്ടിൽ വെയിലത്തുണ്ടാകുന്ന ജലഭ്രാന്തി
1549	22	—	നിർഗ്ഗുണൻ = സദ്ഗുണമില്ലാത്തവൻ (സത്വാദിഗുണബന്ധമില്ലാത്തവനെന്നും)
1549	—	29	ബ്രഹ്മവൎച്ചസ്സ് = ബ്രഹ്മതേജസ്സ്
1553	—	19	അവഭൃഥകൎമ്മം = യജ്ഞാവസാനകൎമ്മം
1555	—	45	മഞ്ജുളാ...ല്ലസിതം = മനോജ്ഞമായ മുഖപങ്കജത്താലുല്ലസിക്കുന്നതു്
1561	—	1	പുനരാവൎത്തിഹീനം = തിരിച്ചുവരാത്തതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1565	—	2	നിർജ്ജിതൻ = പരാജിതൻ
1565	—	34	പ്രതിലോമജൻ = താണജാതിയിൽ ജനിച്ചവൻ
1567	5	—	അസദ്വ...നിവൃത്തൻ = ദുഷ്ടനിഗ്രഹത്തിൽനിന്ന് ഒഴിഞ്ഞിരിക്കുന്നവൻ
1569	1	—	ഭിന്നാഞ്ജന....കായം = ഭേദിക്കപ്പെട്ട അഞ്ജനപർവ്വതംപോലെയുള്ള വലിയ ദേഹം
1573	29	—	ഗുല്മങ്ങൾ = രക്ഷാസൈന്യസ്ഥാനങ്ങൾ
1573	31	—	അഗമ്യർ = ഭഗവദ്ധർമ്മതല്പരർ
1573	—	20	ഗർഹിതൻ = നിന്ദ്യൻ
1573	—	42	ലോകസംഗ്രഹം = ലോകാനുഗ്രഹം
1575	—	6	ഗുർവ്വർത്ഥം = ഗുരുവിനുവേണ്ടി
1577	23	—	ചീവരം = കീറത്തുണി
1577	—	3	ആശാവശത = ആശകൊണ്ടുള്ള അവശത
1581	18	—	ഹ്രദോച്ചയം = ഹ്രദ(കഴി)ങ്ങളുടെ കൂട്ടം
1581	—	2	തരംഗ...സഞ്ചയം = തിരമാലകൾപോലെ ഇളകുന്ന കതിരകളുടെ കൂട്ടം
1583	—	24	കാലാഹതവീര്യ = കാലംകൊണ്ടു വീര്യം ക്ഷയിച്ചവൾ
1583	—	24	സ്വാർഗ്ഗാപ...വിരമൻ = സ്വർഗ്ഗത്തിന്റെയും മോക്ഷത്തിന്റെയും അവധിയായുള്ളവൻ
1583	—	38	ദിദൃക്ഷ = കാണുവാനുള്ള ആഗ്രഹം
1585	2	—	ന്യാസം = ഉപേക്ഷിക്കൽ
1585	20	—	നിഷ്കൃതി = പ്രത്യുപകാരം
1585	—	32	ആത്മാവരണം = ജീവോപാധിയായ അജ്ഞാനം
1591	23	—	ഗ്രാമസിംഹം = നായ്
1593	32	—	ധർമ്മഗോപ്താവ് = ധർമ്മസംരക്ഷകൻ
1599	42	—	ധനമദാന്ധാക്ഷികൾ = ധനമദത്താൽ കാണാൻ കഴിയാത്ത കണ്ണുകൾ
1601	39	—	നീരസന്തർപ്പ...ശക്തി = ജലത്തെ തൃപ്തിപ്പെടുത്താനും ജീവിക്കാനുമുള്ള ശക്തി
1605	43	—	ജീവിക = ഭക്ഷണപദാർത്ഥം
1605	—	3	ഈശിതവ്യന്മാർക്കമീശ്വരൻ = ശാസിക്കപ്പെടുവാൻ ഈശന്മാരായുള്ളവർ
1611	1	—	നിഷ്കിഞ്ചനർ = ഒന്നിലും ആശയില്ലാത്തവർ
1611	17	—	ജഗത്ഭാവനൻ = ലോകത്തെ രക്ഷിക്കുന്നവൻ
1611	—	20	കർമ്മവി...ചിത്തൻ = കർമ്മങ്ങളാൽ അങ്ങുമിങ്ങുമലയുന്ന മനസ്സോടുകൂടിയവൻ
1613	—	8	കാരണാ...സംബന്ധം = കാരണങ്ങളും കാര്യങ്ങളുമായ വസ്തുക്കളോടുള്ള സംബന്ധം
1613	—	17	തത്കല്പനാ... = അവന്റെ കല്പനനിമിത്തമുണ്ടായ ജനനമരണങ്ങളുടെ നിവൃത്തി
1615	8	—	ഊർദ്ധ്വരേതസ്സുകൾ = രേതസ്സിനെ ഊർദ്ധ്വഭാഗത്തു നയിച്ചവർ
1615	—	25	അണ്ഡം = ബ്രഹ്മാണ്ഡം
1615	—	27	അന്നമയാദികോശം = അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയമെന്ന പഞ്ചകോശങ്ങളിൽ
1615	—	35	മണിപൂരകചക്രസ്ഥാനം = ഹൃദയം
1617	18	—	അഭവം = സംസാരദുഃഖമൊഴിക്കുന്നതു്
1617	41	—	സർപ്പേന്ദ്ര...ശ്ലേഷം = അനന്തന്റെ ദേഹത്തിനു തുല്യമായ ബാഹുക്കൾകൊണ്ടുള്ള ആലിംഗനം
1619	1	—	കരണവിഹീനൻ = കർത്തൃത്വഭോക്തൃത്വമില്ലാത്തവൻ
1619	2	—	സർവ്വഭൂതാ...ബലാഢ്യൻ = സമസ്തഭൂതങ്ങളുടേയും ഇന്ദ്രിയബലത്തോടുകൂടിയവൻ
1619	11	—	ഉത്ഥനി...യുക്തങ്ങൾ = ഉണ്ടായ കാരണത്തോടുകൂടിയവ
1619	—	17	കർണ്ണധാരാപേതർ = അമരക്കാരനില്ലാത്തവർ
1619	—	23	സദ്വസ്തു = ഒരിക്കലും നശിക്കാത്ത വസ്തു
1621	38	—	അസ്മൃതമണി = സ്മരിക്കപ്പെടാത്ത രത്നം
1621	—	29	സനന്ദനൻ = സനകാദികളിൽ ഒരു മഹർഷി
1623	4	—	ശ്രുതധരൻ = ശ്രവണംചെയ്തു മറക്കാതെ ധരിക്കുന്നവൻ
1623	27	—	അവ്യക്തം = മൂലപ്രകൃതി
1623	43	—	ഭോഗഹീനൻ = സുഖാനുഭവങ്ങളെ ഉപേക്ഷിച്ചവൻ
1623	—	8	ലിംഗത്രയയുക്തൻ = സത്വാദിഗുണങ്ങളായ ലിംഗത്രയത്തോടുകൂടിയവൻ
1623	—	34	നിഃശ്രേയസം = മോക്ഷം
1625	—	39	വൃജി...നാർദ്ദനൻ = പാപം നശിപ്പിക്കുന്നവൻ
1625	—	43	മേഖല = അരഞ്ഞാൺ
1627	—	10	ആഗസ്സ് = അപരാധം
1627	—	11	അവ്യാ...ന്നിധാനം = മനസ്സിനും വാക്കിനും വിഷയമാകാത്ത ശക്തിയുടെ സമുദ്രം
1629	—	32	സ്വഭ്രവ് = വിഷ്ണു
1629	—	39	ഭവാദ്ധ്വ...പരിശ്രമം = സംസാരമാർഗ്ഗത്തിലുഴലാനുള്ള പരിശ്രമം
1631	—	13	വിശ്രംഭിതൻ = വിശ്വസിക്കപ്പെട്ടവൻ
1633	10	—	ഉദായുധൻ = ആയുധം ഉയർത്തിപ്പിടിച്ചവൻ
1635	19	—	പരമേഷ്ഠി = ഉത്കൃഷ്ടമായ സ്ഥാനത്തു വൈകുണ്ഠത്തിലിരിക്കുന്നവൻ
1635	—	25	തദ്ദൃഢഗേഹങ്ങൾ = അവരുടെ സുദൃഢമായ വീടുകൾ
1637	20	—	പ്രതിഷി...മാനൻ. = പകരം വെള്ളം തെറ്റി വീഴ്ത്തി നനയ്ക്കപ്പെട്ടവൻ
1637	40	—	ഗുപ്തബോധൻ = ബാഹ്യവിഷയബോധത്തെ ഉള്ളിലടക്കിയവൻ
1637	—	9	മുകുന്ദാ...ഹൃതാത്മ = സ്വന്തചിഹ്നങ്ങളായ ഗാംഭീര്യാദിയും കൗസ്തുഭാദിധനവിശേഷങ്ങളും മുകുന്ദനാൽ അപഹരിക്കപ്പെട്ടവൻ
1639	7	—	ശുഷ്കഹ്രദങ്ങൾ = ഉണങ്ങിയ വെള്ളക്കുഴികൾ
1639	31	—	പാദസംവാഹനാദി = കാൽ തടവുക മുതലായതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1639	—	1	സഫലഗതി = ഫലമുള്ള പ്രവേശനത്തോടുകൂടിയവൻ
1641	—	2	ദേവകീജാതവിവാദസമന്വിതൻ = ദേവകിയിൽ ജനിച്ചവനാണോ എന്ന സംശയത്തോടുകൂടിയവൻ
1643	16	—	സ്വന്തബാഹു...ഗുപ്തർ = തന്റെ ബാഹുവീര്യത്താൽ രക്ഷിക്കപ്പെട്ടവർ
1643	20	—	അവിഷഹ്യം = അസഹ്യം, തടയാൻ കഴിയാത്ത
1647	36	—	ഋഷഭജന്മാർ = ഋഷഭന്റെ പുത്രന്മാർ (നവയോഗികൾ)
1647	—	40	അഗ്നികൾ = ആഹവനീയാദികളായ അഗ്നിത്രയം
1647	—	20	ധ്യാതാവ് = ധ്യാനിക്കുന്നവൻ
1647	—	24	കർമ്മ...മതി = കർമ്മങ്ങളെ സങ്കല്പിക്കയും വികല്പിക്കയുംചെയ്യുന്ന മനസ്സ്
1651	8	—	പരേശാ... = ഈശ്വരനെപ്പററിയുള്ള ജ്ഞാനാനുഭവം
1653	16	—	പുമർത്ഥം = പുരുഷാർത്ഥം
1653	6	—	വിഷവീതിഹോത്രൻ = വിഷവഹ്നി
1655	13	—	ഖണ്ഡമ...സൗഖ്യം = സാമന്തരാജാക്കന്മാരുടെ സുഖം
1655	—	45	ശബ്ദബ്രഹ്മം = വേദം
1657	—	27	തന്ത്രോക്തമാർഗ്ഗം = പഞ്ചരാത്രം മുതലായ തന്ത്രശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നതു്
1659	3	—	മൂലമന്ത്രം = ഓം നമോ വാസുദേവായ എന്ന ദ്വാദശാക്ഷരമന്ത്രം
1663	3	—	ഭാർഗ്ഗവകലാഗ്നി = ഭാർഗ്ഗവകലത്തിലുണ്ടായ അഗ്നി
1665	37	—	കാല...മനോരഥർ = കാലത്താൽ മനോരഥം നശിപ്പിക്കപ്പെട്ടവർ
1669	27	—	ഭൂതഭവ്യേശൻ = ഉണ്ടായതിനും ഉണ്ടാകാൻപോകുന്നതിനുമീശൻ
1669	—	8	സ്വർഗ്ഗോ ... ആനയിച്ച = നന്ദനവനത്തിൽനിന്നു കൊണ്ടുവന്നവ
1669	—	14	കർമ്മ...പാശം = കർമ്മരൂപമായ ബലമുള്ള പാശം
1669	—	27	അവ്യവഹിതം = മറവില്ലാതെയിരിക്കുന്നതു്
1671	5	—	ആത്മമായാജിജ്ഞാസു = തന്റെ മായയെ അറിയാനിച്ഛിക്കുന്നവൻ
1679	—	13	താദൃശ പ്രാണവൃത്ത്യാ = അങ്ങനെയുള്ള മിതാഹാരംകൊണ്ടുള്ള കാലക്ഷേപം
1679	—	19	പാർത്ഥിവം = പൃഥ്വിയുടെ വികാരം
1681	—	17	ഓഘവേഗം = ഒഴുക്കിന്റെ വേഗം
1683	—	5	അദൃഷ്ടം = വിധി
1685	—	27	നിർവ്വിണ്ണമാനസ = രാഗമററ മനസ്സോടുകൂടിയവൾ
1685	—	31	നിർവ്വേദം = വൈരാഗ്യം
1687	27	—	കാലവിഭ്രമം = കാലംനിമിത്തം ഭ്രമിച്ച് ഓടുക എന്നതു്
1687	—	3	സംസാരാന്ധു = സംസാരമാകുന്ന കിണർ
1693	7	—	ആത്മജിജ്ഞാസു = പരമാത്മമറിയാനിച്ഛിക്കുന്നവർ
1693	—	36	അത്യയവ്യയം = ക്ഷയവും ക്രമേണയുള്ള നാശവും
1697	10	—	പിപ്പലഫലം = ആലിൻപഴം
1699	26	—	അനീഹൻ = ആശയില്ലാത്തവൻ
1699	27	—	അനഭിമാനി = ഗർവ്വമററവൻ
1699	29	—	അഗാധാത്മാ = ആഴമുള്ള ഹൃദയത്തോടുകൂടിയവൻ
1699	32	—	മാനദൻ = അന്യരെ ബഹുമാനിക്കുന്നവൻ
1699	32	—	മൈത്രൻ = മിത്രഭാവമുള്ളവൻ
1701	—	4	തുലാധരൻ = ധർമ്മവ്യാധൻ
1703	—	19	ശിതവിദ്യാകുഠാരം = മൂർച്ചയുള്ള വിദ്യയാകുന്ന കോടാലി
1705	35	—	ദുഃഖോദർക്കങ്ങൾ = അത്യന്തം ദുഃഖമുണ്ടാക്കുന്നവ
1705	42	—	അനിർവിണ്ണൻ = വിരക്തനല്ലാത്തവൻ
1705	—	39	പൃഷ്ടൻ = ചോദിക്കപ്പെട്ടവൻ
1713	44	—	ഹേമാംബരം = സ്വർണ്ണനിറമുള്ള വസ്ത്രം
1713	—	15	ചിദ്വ്യോമം = ചിദാകാശം
1719	9	—	ഭൂതഭാവനൻ = ഭൂതങ്ങളെ വർദ്ധിപ്പിക്കുന്നവൻ
1721	31	—	അബഹിർമ്മതി = ബഹിർമ്മതിയില്ലാത്തവൻ
1721	—	22	ഉപാദാനം = സ്വീകരിക്കൽ
1721	—	23	ആസ്വാദം = രസജ്ഞാനം
1721	—	24	ശ്രുതി = കേട്ടറിവു്
1721	—	24	അവഘ്രാണം = മണത്തറിവു്
1721	—	40	സൗഭഗം = സൗന്ദര്യം
1723	10	—	ആമകുംഭാംബു = ഓട്ടക്കുടത്തിലെ വെള്ളം
1723	—	26	വൃഷാകൃതി = നാലുപാദങ്ങളും ഊന്നിനില്ക്കുന്ന കാളയുടെ ആകൃതി
1725	26	—	പഞ്ചമന്മാർ = ചണ്ഡാലന്മാർ
1725	27	—	സത്യം = പരമാർത്ഥഭാഷണം
1725	28	—	അസ്തേയം = മോഷ്ടിക്കാതിരിക്കൽ
1725	36	—	അക്ഷം = രുദ്രാക്ഷമാല
1725	—	13	ഉപാനീതം = സമീപത്തു കൊണ്ടുവന്നതു്
1725	—	36	മിഥുനീഭൂതം = ആണും പെണ്ണുമായിച്ചേർന്നുള്ളതു്
1727	29	—	ശിലവൃത്തി = കൃഷിസ്ഥലത്തു വീണുകിടക്കുന്ന ധാന്യം പെറുക്കിയെടുത്തുപജീവിക്കൽ
1727	35	—	ഉഞ്ഛവൃത്തി = തെരുവുകളിൽ വീണുകിടക്കുന്ന ധാന്യം പെറുക്കിയെടുത്തു് ഉപജീവിക്കൽ
1731	12	—	അനീഹ = ആഗ്രഹമില്ലായ്മ
1733	—	26	വിദ്യാശ്രുതധരൻ = ശാസ്ത്രജ്ഞാനവും ശ്രവണവും സിദ്ധിച്ചവൻ
1735	8	—	ജ്ഞാനവിജ്ഞാനാധ്വരം = ശാസ്ത്രജ്ഞാനവും അനുഭവവുമാകുന്ന അധ്വരം
1735	35	—	ഘോരബിലം = ഭയങ്കരഗുഹ
1737	—	12	അസ്തേയം = മോഷ്ടിക്കാതിരിക്കുക
1737	—	13	ആസ്തിക്യം = ശാസ്ത്രവിശ്വാസം
1737	—	15	ശൗചം = ആന്തരമായും ബാഹ്യമായുമുള്ള ശുചിത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1737	—	15	മദച്ഛ്നം = എന്നെപ്പൂജിക്കൽ
1739	31	—	വിധിനിഷേധഭേദം = വേദത്തിൽ വിധിച്ചതും നിഷേധിച്ചതുമായ കർമ്മങ്ങളുടെ വ്യത്യാസം
1741	48	—	അനുലോമപ്രതിലോമക്രമം = മുകളിൽ നിന്നു താഴോട്ടും താഴെനിന്നു മേലോട്ടുമുള്ള ക്രമത്തിൽ
1741	—	4	ഉക്തവേദി = പറഞ്ഞതറിയുന്നവൻ (ഗുരൂപദേശം മാനിക്കുന്നവൻ)
1741	—	5	ദുരാത്മത = ദുർവിഷയാസക്തി
1741	—	8	ആന്വീക്ഷികി = തത്ത്വങ്ങളെ ആലോചിക്കാനുള്ള ആത്മവിദ്യ
1741	—	39	മനോഗ്രന്ഥി = വാസനക്കെട്ട്
1747	14	—	പ്രാണേന്ദ്രിയമനോമയം = പ്രാണൻ, ഇന്ദ്രിയങ്ങൾ, മനസ്സ് എന്നീ രൂപത്തിലുള്ളത്
1747	16	—	ശബ്ദബ്രഹ്മം = വേദം
1749	23	—	ഗുണസാമ്യം = സത്വാദിഗുണങ്ങൾ ഏറ്റക്കുറവില്ലാതെ സമനിലയിലിരിക്കുന്ന അവസ്ഥ
1749	—	34	പ്രകൃതിയെട്ട് = പ്രകൃതി, മഹത്തത്വം, അഹംതത്വം, പഞ്ചതന്മാത്ര ഇവ ചേർന്നത്
1751	18	—	അദ്ധ്യാത്മം = പഞ്ചേന്ദ്രിയം
1751	19	—	അധിദൈവം = ഇന്ദ്രിയാധിഷ്ഠാനദേവത
1767	—	20	വൈവിധ്യ... = ഭേദബുദ്ധിമൂലം വികല്പമായ അറിവ്
1767	—	21	പ്രാകൃതജ്ഞാനം = ആഹാരമൈഥുനാദിയെപ്പററിയുള്ള അറിവ്
1771	41	—	അധ്യാസം = തോന്നൽ
1773	—	15	വൈദികം = വേദവിധിക്കൊത്തത്
1773	—	15	താന്ത്രികം = തന്ത്രശാസ്ത്രപ്രകാരമുള്ളത്
1773	—	39	ലേപനം = കുറിക്കൂട്ട്
1773	—	47	ആവാഹനം = മന്ത്രംചൊല്ലി വിളിച്ചുവരുത്തൽ
1773	—	47	ഉദ്വാസനം = തിരിച്ചയയ്ക്കൽ
1775	3	—	സ്ഥണ്ഡിലം = ശുദ്ധിവരുത്തിയ സ്ഥലത്തു വരച്ചുണ്ടാക്കിയത്
1775	—	13	ധർമ്മാദി = ധർമ്മജ്ഞാനം, വൈരാഗ്യം, ഐശ്വര്യം എന്നിവ
1775	—	13	നവശക്തികൾ = വിമല, ഉൽക്കർഷിണി, ജ്ഞാനം, ക്രിയ, യോഗം,, പ്രഹ്വി, സത്യ, ഈശാന, അനുഗ്രഹ എന്ന ഒൻപത്
1775	—	37	സ്വർണ്ണഘർമ്മാനുവാകമന്ത്രം = 'സുവർണ്ണ'മെന്നും 'ഘർമ്മ'മെന്നും പരിവേദവേനം എന്നുമുള്ള മൂന്നു മന്ത്രം. ഇവ പാദ്യാർഘ്യാദി ഉപചാരങ്ങൾക്കുള്ള മന്ത്രങ്ങളാണ്
1775	—	38	മഹാപുരുഷവിദ്യ = ''ജിതം തേ പുണ്ഡരീകാക്ഷ! നമസ്തേ വിശ്വഭാവന! സുബ്രഹ്മണ്യ! നമസ്തേസ്തു മഹാപുരുഷ പൂർവ്വജ!''
1775	—	39	പുരുഷസൂക്തം = സഹസ്രശീർഷാഃ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാൽ എന്നത്
1775	—	39	രാജനാദി = ഇന്ദ്രാനരോനേമധിതാ ഹവാമന്തേ എന്ന് ഋക്കിൽ ഗാനം ചെയ്യപ്പെട്ടിരിക്കുന്ന സാമമന്ത്രം
1777	3	—	മോദകം = അപ്പം, അട മുതലായി പലഹാരവിശേഷം
1779	35	—	നാനാർത്ഥം = നാനാവിധമുള്ള സാധനം
1781	—	13	പരാപവാദം = ജഡവസ്തുവെ ചൈതന്യത്തിൽനിന്നു തള്ളിക്കളയാനുള്ള ഉപായം
1781	—	34	കജ്ജളം = ചെളി
1783	—	32	ധാരണ = അഷ്ടാംഗയോഗങ്ങളിൽ ഒന്ന് (നാഭിചക്രം, നാസാഗ്രം മുതലായവയിൽ മനസ്സ് നിർത്തുക)
1787	33	—	കരണത്രയം = മനസ്സ്, വാക്ക്, ശരീരം
1789	16	—	ഉപരുദ്ധകണ്ഠൻ = കണ്ഠമിടറുന്നവൻ
1789	—	32	മൂന്നുഗതി = പിതൃലോകവും സ്വർല്ലോകവും ബ്രഹ്മലോകവും
1791	—	16	യമകേതുക്കൾ = അന്തകന്റെ കൊടിമരങ്ങൾ
1793	18	—	അശ്വതരം = കോവർകഴുത
1793	—	20	വേണു...വൈശ്വാനരൻ = മുളങ്കാട്ടിലുണ്ടായ അഗ്നി
1793	—	36	ഭ്രാജിഷ്ണു = പ്രകാശസ്വഭാവമുള്ളവൻ
1795	14	—	മൃഗാസ്യാ... = മൃഗത്തിന്റെ മുഖംപോലെയുള്ള ആകൃതി
1797	—	21	ഗുരുദാരകൻ = ഗുരുപുത്രൻ
1799	21	—	നന്ദജസ്നുഷകൾ = ഭഗവാന്റെ പുത്രഭാര്യമാർ
1799	28	—	സമസ്താ... = എല്ലാ അശുഭങ്ങളേയും ഹനിക്കുന്നത്
1799	—	17	മഹാപ്രസ്ഥാനം = മടങ്ങിവരികയില്ലെന്ന നിശ്ചയമുള്ള യാത്ര
1801	4	—	ധിഷ്ണ്യം = വാസസ്ഥാനം
1801	—	6	മഹാപത്മവാൻ = വലിയ സംഖ്യയുള്ള സൈന്യത്തിനീശൻ
1801	—	11	നവനന്ദർ = നന്ദനേയും എട്ടു പുത്രന്മാരെയും ഉൾപ്പെടുത്തിയത്
1801	—	18	അശോകാദിവർദ്ധനൻ = അശോകമെന്ന വാക്ക് ആദിയിലുള്ള വർദ്ധനൻ (അശോകവർദ്ധനൻ)
1803	—	26	ഋദ്ധി = അഭിവൃദ്ധി
1803	—	34	വ്രാത്യർ = ഉപനയനമില്ലാത്തവർ
1805	—	31	പാഖണ്ഡധർമ്മം = നിരീശ്വരമതം
1805	—	40	ശമി = വഹ്നിച്ചമത
1805	—	42	ആഗാരം = ഭവനം
1807	4	—	ജന്മകർമ്മക്ഷതി = മോക്ഷം
1807	—	1	ആദ്വിജന്മാർ = പുലഹനും ക്രതുവും
1809	—	36	ജ്ഞാന...വിവക്ഷ = വിഷയസുഖം നിസ്സാരമെന്നും അതിൽനിന്നു വിരക്തനാകണമെന്നും ധരിപ്പിക്കയെന്നത്
1811	20	—	ദാന്തർ = അടക്കമുള്ളവർ
1811	29	—	ത്രൈവർഗ്ഗികർ = ധർമ്മാർത്ഥകാമങ്ങളായ മൂന്നു പുരുഷാർത്ഥങ്ങളെ മുഖ്യമായിക്കരുതുന്നവർ
1811	29	—	അലമ്പടർ = അത്യാസക്തിയില്ലാത്തവർ
1811	—	2	ദുർഭഗർ = ഭാഗ്യമില്ലാത്തവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി A	വരി B	
1811	—	8	പരിവത്തനം=പരക്കുക എന്നതു്
1811	—	31	ശിശ്നോദരാസക്തർ = സ്ത്രീസംഗത്തിലും ഭക്ഷണത്തിലും താല്പര്യമുള്ളവർ
1811	—	33	വട്ടരാശി=ബ്രഹ്മചാരിസംഘം
1811	—	39	ചൗര്യം=കളവു്
1811	—	41	കൂടകമ്മികൾ = കൃത്രിമമായ പ്രവൃത്തി ചെയ്യുന്നവർ
1813	12	—	പ്രതിഗ്രഹം=ദാനം
1813	28	—	സമസ്താത്ഥസമത്ഥാത്മജർ = പുരുഷാത്ഥങ്ങളെല്ലാം തേടാൻ സമത്ഥരായ പുത്രന്മാർ
1813	39	—	കമ്മാഗ്ഗളം=കമ്മമാകുന്ന ചങ്ങല
1813	—	10	ജന്മായുതാശ്രുഭം = പതിനായിരം ജന്മത്തിലുള്ള അശുഭം
1815	39	—	ആവൃതി=മറവു്
1819	23	—	ബീജാങ്കരോപമം=വിത്തും മുളയുമെന്ന പോലെ
1819	26	—	ആത്മോ....=തന്റെ ശിരച്ഛേദനം
1821	—	5	പ്രതിച്ഛന്നൻ = ബ്രാഹ്മണവേഷംകൊണ്ടു സ്വന്തരൂപം മറച്ചവൻ
1823	13	—	സപ്പാഗ്നി...പിപാസകം=സപ്പം, തീ, കള്ളൻ, ഇടിവെട്ടു്, വിശപ്പു്, ദാഹ മെന്നിവ
1829	5	—	കബന്ധൻ = ആ ശിഷ്യൻ കബന്ധൻ എന്ന പേരുള്ളവനെന്നു വിഷ്ണുപുരാണത്തിൽ പറയുന്നു
1829	—	30	ത്രൈകാലികാന്വയം = മൂന്നുകാലത്തിലുമുള്ള അന്വയം (ചേർച്ച)
1833	26	—	സുമനസ്സുകൾ = പുഷ്പങ്ങൾ (ദേവന്മാരെന്നും അത്ഥമുണ്ടു്)
1833	41	—	ദുർധഷൻ = ആരാലും അതിക്രമിക്കാൻ കഴിയാത്തവൻ
1833	—	37	വൈണവദണ്ഡം = മുള
1833	—	38	ജന്തുമാജ്ജാംബരം = കൊതുക്, ഈച്ച മുതലായവയെ ഓടിക്കാനുള്ള വസ്ത്രം
1835	10	—	അർഹണങ്ങൾ = പൂജാദ്രവ്യങ്ങൾ
1835	37	—	ഗുണകമ്മകാലരജോമലം = ഗുണങ്ങൾ, കമ്മങ്ങൾ, കാലഗതി ഇവകൊണ്ടുള്ള ദോഷം
1835	—	10	സ്തോകം = അല്പം
1835	—	10	ചിദനന്യം = അറിവിൽനിന്നന്യമല്ലാത്തതു്
1835	—	24	വാത്യ = കൊടുങ്കാററു്
1839	16	—	തരംഗാനിലപീഡ = തിരമാലകളുടേയും കാററിന്റേയും ഉപദ്രവം
1839	—	10	ഉദ്യത്...പാംഗവം = താമരപ്പൂവിന്റെ ഉള്ളിലുള്ള അരുണനിറം ചേന്ന കടക്കണ്ണുകൾ
1843	11	—	ഡമരു = കടുന്തുടി (ഹര എന്നു ശബ്ദിക്കുന്ന വാദ്യം)
1845	13	—	കാമവഷണൻ = കാമങ്ങളെ വർഷിക്കുന്നവൻ
1847	1	—	മായാദി ഒൻപതു തത്വം = മായ, സൂത്രാത്മാവു്, മഹത്തത്വം, അഹംതത്ത്വം, പഞ്ചതന്മാത്ര എന്നിവ
1847	27	—	ഛന്ദോമയം = ഛന്ദസ്സിന്റെ രൂപത്തിലുള്ള വേദം
1847	28	—	ത്രിവൃത്പ്രണവം = അകാരാദി മൂന്നു വണ്ണങ്ങളോടുകൂടിയ ഓങ്കാരം
1847	40	—	മഹസ്സത്തം = തേജോരൂപം
1847	—	4	മുദ്ര = അഭയമുദ്ര, വരമുദ്ര ഇങ്ങനെ രണ്ടു വിധം
1847	—	6	സാധകദീക്ഷ = ആത്മാവിന്റെ ഗുരൂപദേശം
1849	26	—	ചൈത്രാദി = മേടം തുടങ്ങിയ
1849	—	15	ഘൃതാചി = അപ്സരസ്ത്രീ
1851	—	15	സുരുചി = യക്ഷൻ
1851	—	10	ഭഗവൽസംസ്ഥിതി = പ്രളയകാലത്തിലെ ഭഗവാന്റെ തൂഷ്ണീഭാവം (മൗനം)
1851	—	31	നവബ്രാഹ്മണപ്രജേശോത്ഭവം = മരീച്യാദികളുടെ ഉത്ഭവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂചിപ്പിച്ചിരിക്കുന്ന കഥകളുടെ വിവരണവും മന്ത്രങ്ങളുടെ അർത്ഥവും മററും

പുറം 589 B, വരി 11 കഥാവിവരണം = സപ്തർഷികളുടെ സത്രത്തിൽ അവരുടെ ഭാര്യയെക്കണ്ട് അഗ്നിദേവൻ കാമസന്തപ്തനായി. അപ്പോഠം അഗ്നിയുടെ ഭാര്യയായ സ്വാഹാദേവി സപ്തർഷിമാരുടെ ഭാര്യയുടെ രൂപത്തിൽച്ചെന്ന് അഗ്നിയെ രമിപ്പിച്ച് ശുകിയുടെ സ്വരൂപത്തോടുകൂടെ ദർഭാഗ്രത്തിൽ രേതസ്സൊഴുക്കിപ്പോയി. ആ സ്വാഹയെ സപ്തർഷിമാരുടെ ഭാര്യയെന്ന നിലയിൽ അഗ്നി കാമിച്ചതുപോലെ ജനങ്ങഠം ശതദ്രുതിയെ കാമിച്ചുവെന്നു സാരം.

പുറം 718 B, വരി 4 മന്ത്രാർത്ഥം = ഐശ്വര്യാദി ഷഡ്ഗുണപരിപൂർണ്ണനും, മഹാപുരുഷനും സകല ഗുണങ്ങളേയും പ്രകാശിപ്പിക്കുന്നവനും ആക്കും തിരിച്ചറിയാൻ വയ്യാത്തവിധം അവ്യക്തനും അപരിച്ഛിന്നനുമായ ഭഗവാനു നമസ്കാരം.

പുറം 715 B, വരി 27 മന്ത്രാർത്ഥം = ധർമ്മമൂർത്തിയായി വിശുദ്ധാകൃതിയായി മനോമാലിന്യം ഹരിക്കുന്ന ഭഗവാനു നമസ്കാരം.

പുറം 715 B, വരി 31 മന്ത്രാർത്ഥം = സരസീരുഹാകൃതിയായി ലക്ഷ്മിക്കിരിപ്പിടമായി തേജസ്സിൻെറ തേജസ്സായി വജ്രതുല്യങ്ങളായ നഖങ്ങളും ദംഷ്ട്രകളുമുള്ള ഭഗവാനേ! കർമ്മഗ്രന്ഥി ദഹിപ്പിക്കണേ, തമോഭരം നശിപ്പിക്കണേ, അഭയം തരേണമേ.

പുറം 717 B, വരി 21 മന്ത്രാർത്ഥം = ഐശ്വര്യസമ്പൂർണ്ണനും ഇന്ദ്രിയപ്രേരകനും സർവ്വഗുണവിശേഷങ്ങളോട് വീക്ഷിക്കപ്പെടാവുന്ന രൂപത്തോടുകൂടിയവനും കർമ്മജ്ഞാനേന്ദ്രിയങ്ങഠം, അന്തഃകരണം ഇവയുടെ അധിപതിയും പഞ്ചഭൂതം, പതിനൊന്നിന്ദ്രിയങ്ങഠം ഇവയിൽ അംശത്തോടുകൂടിയവനും അന്നം, അമൃതം, ബലം, സൗന്ദര്യം ഇവയുടേയും കാമദേവൻെറയും സ്വരൂപത്തോടുകൂടിയവനും ആയ അങ്ങേക്ക് മനസ്സുകൊണ്ടും ശരീരം കൊണ്ടും നമസ്കാരം.

പുറം 719 A, വരി 33 മന്ത്രാർത്ഥം = ഭഗവാനും ഇന്ദ്രിയനിയന്താവും അന്തര്യാമിയും പ്രാണരൂപേണ സൂത്രാത്മാവും ഓജസ്സ്, സഹസ, ബലം ഇവയുടെ സ്വരൂപവുമായ മത്സ്യമൂർത്തിക്കു നമസ്കാരം.

പുറം 719 B, വരി 21 മന്ത്രാർത്ഥം = ഐശ്വര്യപൂർണ്ണനും കൂർമ്മമൂർത്തിയും സർവ്വസത്വഗുണമാകുന്ന വിശേഷത്തോടുകൂടിയവനും കാലപരിച്ഛേദരഹിതനും സർവ്വവ്യാപിയും സർവ്വാധാരഭൂതനുമായ ഭഗവാനു നമസ്കാരം.

പുറം 721 A, വരി 11 മന്ത്രാർത്ഥം = മന്ത്രങ്ങളാൽ യഥാർത്ഥമായി അറിയപ്പെടുന്നവനും യജ്ഞക്രതുസ്വരൂപനും അവയവങ്ങളിൽ മഹാധ്വരങ്ങളെ പ്രകാശിപ്പിക്കുന്നവനും കർമ്മങ്ങളുടെ പരിശുദ്ധഫലത്തെ നല്കുന്നവനും മൂന്നു യുഗത്തിലും യജ്ഞാവതാരസ്വരൂപത്തെ പ്രകാശിപ്പിക്കുന്നവനും ആയ ഭഗവാനു നമസ്കാരം.

പുറം 721 B, വരി 20 മന്ത്രാർത്ഥം = അജ്ഞാനത്തെ ഹരിക്കുന്ന യശസ്സോടുകൂടിയവനും ആര്യങ്ങളായ ലക്ഷണങ്ങളും ശീലവും വ്രതവുമുള്ളവനും ചിത്തത്തെ വിഷയങ്ങളിൽനിന്നു വശീകരിച്ചും ലോകത്തെ അനുസരിച്ചുമിരിക്കുന്നവനും സാധുഗുണങ്ങളുടെ പരമാവധിഭൂതനും ബ്രാഹ്മണഭക്തനും സൃഷ്ട്യാദി ലീലാസക്തനും മഹാപുരുഷനും മഹാത്മാവുമായ ഭഗവാനു നമസ്കാരം.

പുറം 723 B, വരി 7 മന്ത്രാർത്ഥം = ഇന്ദ്രിയങ്ങളുടെ നിയന്താവും ശരീരാദികളിൽ ഞാനെന്ന ഭാവമില്ലാതേയും സർവ്വാത്മഭാവേന തന്നെ ഭജിക്കുന്ന പരമഭക്തന്മാരുടെ ശാശ്വതധനമായും ഇരിക്കുന്നവനും ഋഷിശ്രേഷ്ഠനും സാരാസാരത്തെ തിരിച്ചറിയുന്ന പരമഹംസന്മാരുടെ ഗുരുഭൂതനും ആത്മാവിൽത്തന്നെ രമിക്കുന്നവനുമായ ഭഗവാനു നമസ്കാരം.

പുറം 729 B, വരി 30 മന്ത്രാർത്ഥം = അല്ലയോ വഹ്നേ! അങ്ങുന്നു പരബ്രഹ്മത്തിൻെറ പ്രത്യക്ഷസ്വരൂപനായ ഹവ്യവാഹനനാണല്ലോ. പരമപുരുഷൻെറ അംഗഭൂതന്മാരായ ദേവന്മാരുടെ പേരു പറഞ്ഞു ഞങ്ങഠം അങ്ങയിൽ സമർപ്പിക്കുന്ന ഹവ്യത്തെക്കൊണ്ടു സാക്ഷാൽ പരമപുരുഷനെ തൃപ്തിപ്പെടുത്തിയാലും. അംഗങ്ങളുടെ പേരു പറഞ്ഞു ഞങ്ങഠം അങ്ങയിൽ ഹോമിക്കുന്ന ദ്രവ്യങ്ങളെ അംഗിയായ പരബ്രഹ്മത്തിനായി അങ്ങുന്നു സമർപ്പിച്ചാലും.

പുറം 731 A, വരി 29 മന്ത്രാർത്ഥം = അല്ലയോ ജലങ്ങളേ! നിങ്ങളുടെ ഉല്പത്തിസ്ഥാനമായ പുരുഷനിൽ നിന്നുതന്നെ നിങ്ങഠംക്കു വീര്യം ലഭിച്ചിരിക്കുന്നതിനാൽ നിങ്ങളുടെ സ്വരൂപത്താൽത്തന്നെ മൂന്നു ലോകത്തിൽ വസിക്കുന്നവരേയും സകല പാപങ്ങളും തീർത്തു പരിശുദ്ധരാക്കേണമേ.

പുറം 731 B, വരി 27 മന്ത്രാർത്ഥം = യാതൊരുവൻ ചരാചരങ്ങളുടെ ഉള്ളിൽ പ്രവേശിച്ചു പ്രാണാദിവൃത്തികഠംകൊണ്ടു സകല ഭൂതങ്ങളേയും നിലനിറുത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നുവോ അവൻെറ അധീനത്തിലാണു സകല ലോകവുമെന്നതു സ്പഷ്ടമാകുന്നു. അന്തര്യാമിയും പ്രത്യക്ഷനുമായിരിക്കുന്ന ആ ഈശ്വരൻ ഞങ്ങളെ രക്ഷിക്കട്ടെ.

പുറം 733 A, വരി 23 മന്ത്രാർത്ഥം = വേദത്തിൽ വിധിക്കപ്പെട്ടിരിക്കുന്ന ഉത്കൃഷ്ടകർമ്മങ്ങളുടെ പരമഫലത്തിൻെറ സ്വരൂപം യാതൊരുവനോ യാതൊരുവനെ പ്രാപിക്കുന്നവർ ബ്രഹ്മത്തോട് ഐക്യം പ്രാപിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നവോ സൃഷ്ടിക്കായി മൂർത്തിഭേദം സ്വീകരിച്ചിരിക്കുന്നെങ്കിലും ബ്രഹ്മത്തിൽനിന്നു യാതൊരുവൻ വേർപെട്ടവനല്ലയോ ജനങ്ങൾ അർച്ചിക്കുന്ന ആ ഭഗവാനു നമസ്കാരം.

പുറം 747 B, വരി 35 കഥാസാരം = പണികൾ എന്നു പറയപ്പെടുന്ന അസുരന്മാർ അപഹരിച്ച ഗോവിനെ അന്വേഷിപ്പാൻ ഇന്ദ്രൻ ദേവശുനിയായ സരമയെ അയച്ചു. ഇന്ദ്രനോടു സന്ധി ഇച്ഛിച്ച പണികൾ നിന്റെ ആഗ്രഹമെന്താണെന്നു സരമയോടു ചോദിച്ചു. സരമ സന്ധിയാഗ്രഹിച്ചില്ല. ''ഹതോ ഇന്ദ്രേണ പണയഃശയദ്ധ്വം'' (പണികളായ നിങ്ങൾ ഇന്ദ്രനാൽ ഹതരായി ശയിച്ചുകൊൾവിൻ) എന്നു മാത്രം പറഞ്ഞു. അതുകേട്ടു പണികൾ ഭയപ്പെട്ടു എന്നുള്ള വൈദികകഥ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

പുറം 843 A, വരി 28 മന്ത്രാർത്ഥം = ബ്രഹ്മാദ്യരേയും നിയന്ത്രിക്കുന്ന പരമാത്മാവേ! ഷാഡ്ഗുണപരിപൂർണ്ണനും ലോകങ്ങളെ സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്നതിൽ മതിയായ അനുഭാവത്തോടുകൂടിയവനും ലക്ഷ്മീകാന്തനും ഭക്തപ്രധാനരാൽ സേവിക്കപ്പെടുന്ന ചരണാരവിന്ദത്തോടുകൂടിയവനും മഹാപുരുഷനുമായ അങ്ങേയ്ക്കു നമസ്കാരം.

പുറം 861 B, വരി 17 മന്ത്രാർത്ഥം = ഐശ്വര്യാദി ഗുണസമ്പൂർണ്ണനും പുരുഷോത്തമനും മഹാനുഭാവനും മഹാവിഭൂതിസ്വരൂപിണിയായ ശ്രീദേവിയുടെ ഭർത്താവുമായ നിന്തിരുവടിക്കും അങ്ങയുടെ പാർഷദന്മാരായ വിഷ്വക്സേനാദികൾക്കും പൂജയെ സമർപ്പിക്കുന്നേൻ എന്നു പൂജാമന്ത്രാർത്ഥം.

പുറം 861 B, വരി 30 മന്ത്രാർത്ഥം = ഭഗവാനും മഹാപുരുഷനും മഹാവിഭൂതിപതിയുമായ അങ്ങേക്കു സമർപ്പിക്കുന്നേൻ എന്നു്.

പുറം 883 B, വരി 19 മന്ത്രാർത്ഥം = ഏതൊരുവൻെറ അനുഗ്രഹം സിദ്ധിച്ചാൽ സംസാരഭീതിയില്ലയോ, വിഷയബന്ധത്തോടുകൂടാത്തതായ അനുഭവജ്ഞാനവും പരമാനന്ദവുമാകുന്ന സ്വരൂപത്തോടുകൂടിയും സർവ്വാഭീഷ്ടങ്ങളേയും നല്കുന്ന പരമോദാരനായും ഐശ്വര്യസ്വരൂപനായും സർവ്വത്ര പരിപൂർണ്ണനായുമിരിക്കുന്ന അങ്ങേക്കു നമസ്കാരം.

പുറം 971 B, വരി 11 ശാപകഥ = ഭഗവാൻ ദിവ്യമായ ഒരു പൂമാല ദുർവ്വാസസ്സിനു നല്കി. മഹർഷി അതു ദേവേന്ദ്രനു കൊടുത്തു. ഇന്ദ്രൻ ആ ഭഗവത്പ്രസാദത്തെ ആദരിക്കാതെ ഐരാവതത്തിൻെറ മസ്തകത്തിൽ വച്ചു. മത്തനായ ഐരാവതം അതു കാൽകൊണ്ടു ചവുട്ടിത്തേച്ചു. അപ്പോൾ മുനി ദേവേന്ദ്രനെ ശപിച്ചു.

പുറം 1025 B, വരി 1 മന്ത്രാർത്ഥം=ഹേ ഭൂമീദേവീ, പ്രാണികൾക്കു വസിപ്പാൻ സ്ഥാനമുണ്ടാക്കിക്കൊടുപ്പാനാഗ്രഹിച്ചു് ആദിവരാഹമൂർത്തി അങ്ങയെ രസാതലത്തിൽനിന്നുദ്ധരിച്ചിരിക്കുന്നു. നിന്തിരുവടിക്കു നമസ്കാരം. എൻെറ പാപത്തെ നിശ്ശേഷം നശിപ്പിക്കേണമേ.

പുറം 1655 B, വരി 45 ശബ്ദബ്രഹ്മ(വേദ)ത്തെപ്പററി ഒരു ലഘുവിവരണം: വേദം വെറും ശബ്ദരൂപമാകയാൽ വേദത്തെ ശബ്ദമെന്നും ബ്രഹ്മമെന്നും ശബ്ദബ്രഹ്മമെന്നും പറയുന്നു. ശബ്ദം സ്ഥൂലവും സൂക്ഷ്മവുമെന്നു രണ്ടുവിധം. അതിനാൽ ശബ്ദത്തിൻെറ സ്വരൂപം ധരിക്കാൻ പ്രയാസം. ആദ്യം ശബ്ദം പ്രാണസ്വരൂപമായി ഭവിച്ചു. അതിനു പരാ എന്നു പേർ. പിന്നീടു മനോരൂപമായി. അപ്പോൾ പശ്യന്തി എന്നു പേരായി. പിന്നീടു വാഗിന്ദ്രിയപ്രധാനമായി വാക്കിനെ പ്രകാശിപ്പിക്കുന്ന സ്ഥിതിയിലെത്തി ഇന്ദ്രിയമായി ഭവിച്ചു. ആ ശബ്ദത്തിനു മധ്യമ എന്നു പേർ. ശബ്ദം വാഗിന്ദ്രിയത്തിൽക്കൂടി പുറത്തേക്കു വരുമ്പോഴേ ശ്രോത്രവിഷയമാകുന്നുള്ളു. അപ്പോളതിനു വൈഖരി എന്നു പേർ. ഒരു ശരീരത്തിൽ പ്രാണനിരിക്കുന്ന അനുഭവം ഏവർക്കുമുണ്ടല്ലോ. സർവ്വദേഹത്തിലുമുള്ള പ്രാണനൊട്ടാകെ സമഷ്ടിപ്രാണനെന്ന് പറയും. ഈ പ്രാണൻ അപരിച്ഛേദ്യനാകയാൽ അവനെ അനന്തപാരൻ എന്നു പറയുന്നു. അതുകൊണ്ടു് ശബ്ദബ്രഹ്മത്തെ അനന്തപാരമെന്നും അറിയാൻ പ്രയാസമുള്ളതാകയാൽ സമുദ്രംപോലെ അഗാധമെന്നും പറയുന്നു.

പുറം 1775 B, വരി 13 നവശക്തിയെപ്പററിയുള്ള വിവരണം: നവശക്തികൾ = വിമല, ഉത്കർഷിണി, ജ്ഞാനം, ക്രിയ, യോഗം, പ്രഹ്വി, സത്യ, ഈശാന, അനുഗ്രഹം എന്ന ഒൻപതും. പീഠത്തിൻെറ കിഴക്കേഭാഗത്തു് അഗ്നികോൺ മുതൽ നാലു കോണുകളിൽ ധർമ്മാദി (ധർമ്മജ്ഞാനവൈരാഗൈ്യശ്വര്യങ്ങൾ) നാലിനേയും സ്ഥാപിച്ചശേഷം നടുവിൽ വിമലാദി നവശക്തികളെ പീഠത്തിൽ സ്ഥാപിക്കണം. ഇങ്ങനെ ഗുരൂപദേശമനുസരിച്ചു് ആസനം കല്പിച്ചശേഷം അതിൻെറ നടുവിൽ എട്ടിതളുള്ള പത്മത്തെ കല്പിക്കണം. അതിന്റെ മദ്ധ്യത്തിൽ എന്നെയും (ഭഗവാനെ) കല്പിച്ചു് ഉപചാരം സമർപ്പിക്കണം.

007312

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar